# ഋഗ്വേദം

## അർത്ഥസഹിതം

വി. ബാലകൃഷ്ണൻ
ആർ. ലീലാദേവി

# ഋഗ്വേദം

## അർത്ഥസഹിതം

**വി. ബാലകൃഷ്ണൻ & ആർ. ലീലാദേവി**

Copy right for the eBook edition of
Rig Veda Arthasahitam by V. Balakrishnan & R. Leeladevi

---

Attribution-NonCommercial-NoDerivs
CC BY-NC-ND

You are free: to Share — to copy, distribute and transmit the eBook without any modifications what so ever under the following conditions: Attribution — You must attribute the work, Noncommercial — You may not use this work for commercial purposes, and No Derivative Works — You may not alter, transform, or build upon this work. You are not free to make a printed edition of the book. This copy right is applicable only to the eBook edition permitted to be distributed through malayalamebooks.org.

# ഋഗ്വേദം അർത്ഥസഹിതം

## ഒന്നാം പതിപ്പിലെ ആമുഖം

ഋഗ്വേദത്തിന് ഒരു മതഗ്രന്ഥം, സാഹിത്യസൃഷ്ടി, പ്രാചീന ഭാരതീയരുടെ സാമുദായിക സ്ഥിതികളുടെയും മനോഭാവത്തെയും പ്രതിഫലിപ്പിക്കുന്ന ചരിത്രഗ്രന്ഥം, ഭാരതീയരുടെ സകല ചിന്താഗതികളുടെയും ഉറവിടം, മനുഷ്യരുടെ ഏറ്റവും പുരാതന സമ്പത്ത് എന്നീ വിവിധ നിലകളിൽ ഉള്ള സ്ഥാനം ലോകോത്തരമാണ്.

ഋഗ്വേദത്തിൽ പത്തു മണ്ഡലങ്ങളിലായി 1017 സൂക്തങ്ങളും 10472 ഋക്കുകളും അടങ്ങിയിരിക്കുന്നു. ബാലഖില്യമെന്നു പറയുന്ന 11 സൂക്തങ്ങൾ കൂടി ഉൾപ്പെടെ 10522 ഋക്കുകളാണുള്ളത്. ബാലഖില്യം ഋഗ്വേദത്തിന്റെ ഭാഗമായി കണക്കാക്കാത്തവരുമുണ്ട്.

ഋഗ്വേദത്തിലെ പത്തു മണ്ഡലങ്ങളിൽ രണ്ടു തൊട്ട് ഏഴു വരെയുള്ള മണ്ഡലങ്ങൾ ഓരോ ഋഷികുലത്താൽ രചിക്കപ്പെട്ടവയാണെന്നു കരുതുന്നു. രണ്ടാം മണ്ഡലം ഭാർഗ്ഗവ കുലത്തിന്റേതും, മൂന്നാമത്തേത് വിശ്വാമിത്രകുലത്തിന്റേതും, നാലാമത്തേത് വാമദേവ ന്റേതും, അഞ്ചാമത്തേത് അത്രിയുടെയും, ആറാമത്തേത് ഭരദ്വാജന്റേതും, ഏഴാമത്തേത് വസിഷ്ഠന്റേതുമാകുന്നു. എട്ടാം മണ്ഡലത്തിൽ അൻപതു സൂക്തങ്ങൾ കണ്വകുലം രചിച്ച താണ്. പത്താം മണ്ഡലത്തിനു മറ്റു മണ്ഡലങ്ങളുമായുള്ള ബന്ധം ശിഥിലമാണ്. ഇതിലെ സൂക്തങ്ങൾ പിൽക്കാലത്ത് ഉണ്ടായതാണെന്നു കരുതുന്നു. ഋഷികൾ ഹോമാദികർമ്മങ്ങൾ ക്കായി ഓരോ സമയത്തായി രചിച്ച സൂക്തങ്ങളെ പിൽക്കാലത്തു സംഭരിച്ചു ക്രമപ്പെടുത്തി യാണ് ഋഗ്വേദം എന്ന ഗ്രന്ഥം ഉണ്ടാക്കിയതെന്നു വിചാരിക്കാം. ഇങ്ങനെ സംഭരിച്ചു ക്രമപ്പെടുത്തിയതു വ്യാസനെന്നു പ്രസിദ്ധനായ ബാദരായണകൃഷ്ണനായിരുന്നു. വേദ വ്യാസൻ ജീവിച്ചത് ക്രിസ്തുവിനുമുൻപ് 1800നും 1500നും ഇടയ്ക്കാണെന്നു കരുതുന്നു. എന്നാൽ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന പാഠം അതല്ല. ബാദരായണകൃഷ്ണനുശേഷം ശാകല്യൻ ക്രമപ്പെടുത്തിയ പാഠം മാത്രമാണ് ഇന്നു ലഭ്യമാകുന്നത്. ഇതിനെ ശാകലശാഖ എന്നു പറയാം.

ഋഗ്വേദകാലത്തെപ്പറ്റി വിവിധ മതങ്ങൾ നിലവിലുണ്ട്. പൊതുവെ എല്ലാ പണ്ഡിത ന്മാരും സമ്മതിക്കുന്നത് ബി.സി. 2000ത്തിനു മുൻപ് ഋഗ്വേദമന്ത്രങ്ങൾ എല്ലാം രചിച്ചു കഴിഞ്ഞിരുന്നു എന്നതാണ്.

കൃഷ്ണദ്വൈപായനൻ വേദസംഹിത രൂപവൽക്കരിച്ചതോടെ എല്ലാ കാര്യത്തിലും ഒരു ചിട്ടപ്പെടുത്തൽ ഉണ്ടായി. അദ്ദേഹം ഓരോ ഋഷികുലത്തിലും നടപ്പിലിരുന്ന മന്ത്രങ്ങളെ സംഭരിച്ചു. ഹോമാദി വൈദിക കർമ്മങ്ങൾ തെറ്റു കൂടാതെ നടത്തുന്നതിനായി ഒരു ഐക്യരൂപ്യം വരുത്തി. വേദസംഹിത ഭാരതത്തിന്റെ ജീവിതരീതിയിലും സാഹിത്യത്തിലും

ഒരു നാഴികക്കല്ലാണ്. ഇവിടെനിന്നു വിപുലമായ വൈദികസാഅഹിത്യം വളർന്നു പന്തലിക്കുന്ന ചരിത്രം ആരംഭിക്കുന്നു.

വേദത്തെ പല വീക്ഷണകോണങ്ങളിൽനിന്നും നിരീക്ഷിയ്ക്കാവുന്നതുകൊണ്ട് ആദ്യകാലം മുതൽ തന്നെ പലതരത്തിലുള്ള വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. നൈരുക്തം, യാജ്ഞികം, വൈയാകരണം, ജ്യൗതിഷം, സാമ്പ്രദായികം, ആദ്ധ്യാത്മികം, ഐതിഹാസികം എന്നിങ്ങനെ ഏഴു തരത്തിൽ വേദവ്യാഖ്യാനം പ്രാചീനകാലം മുതൽ ഉണ്ടായി. എന്നാൽ ഇതിൽ പല രീതിയിലുള്ള വ്യാഖ്യാനങ്ങളും ലഭ്യമല്ലാതായി. സാമ്പ്രദായിക പ്രസ്ഥാനത്തിനു ഏറ്റവും ഒടുവിൽ കിട്ടിയത് സായണന്റെ വേദാർത്ഥപ്രകാശമാണ്.

വേദത്തിൽ കാണുന്നതെല്ലാം ആദ്ധ്യാത്മികമാണെന്നും മന്ത്രങ്ങൾ രഹസ്യാർത്ഥഗർഭങ്ങളാണെന്നും വാദിക്കുന്ന ഒരു പ്രസ്ഥാനം ഭാരതത്തിൽ പ്രാചീനകാലം മുതൽ ഉണ്ടായിരുന്നു. സാമ്പ്രദായികപ്രസ്ഥാനക്കാർ വ്യാഖ്യാനിച്ചിട്ടുള്ളതുപോലെയല്ല അർത്ഥമെന്നും ശരിയായ അർത്ഥം മനസ്സിലാക്കിയാൽ മാത്രമേ വേദത്തിൽ അടങ്ങിയിട്ടുള്ള ആദ്ധ്യാത്മിക തത്വങ്ങൾ പ്രകാശിതമാവുകയുള്ളൂ എന്നും ഈ കൂട്ടർ അഭിപ്രായപ്പെടുന്നു. ഈ ശാഖയുടെ അവസാനത്തെ കണ്ണി ശ്രീ അരവിന്ദഘോഷാണ്. 'വേദമന്ത്രങ്ങൾക്കു പരമ്പരയാ യാജ്ഞികമായ അർത്ഥം കല്പിച്ചിട്ടുള്ളത്, വേദത്തിന്റെ രഹസ്യാർത്ഥം മനസ്സിലാകാത്തതുകൊണ്ടാണെന്നും, ജ്ഞാനികളായ യോഗികൾക്ക് അനുഭവം കൊണ്ടുമാത്രം തെളിഞ്ഞു കാണുന്ന സൂക്ഷ്മാർത്ഥം അധിഭൗതികമല്ലെന്നും' അരവിന്ദഘോഷ് പറഞ്ഞിട്ടുണ്ട്. ആദ്ധ്യാത്മികവാദികൾ ഭൗതികയജ്ഞത്തേയും ആദ്ധ്യാത്മികയജ്ഞത്തേയും വേറെ വേറെ കണക്കാക്കുന്നു. അപ്പോൾ യജ്ഞഫലമായി ആഗ്രഹിക്കുന്നതു ലൗകികസമ്പത്തല്ല ബ്രഹ്മജ്ഞാനമാണെന്നു വന്നുകൂടുന്നു. ഋഗ്വേദമന്ത്രങ്ങളിൽ ഇങ്ങനെ ഒരു അർത്ഥം വ്യാഖ്യാനിക്കണമെങ്കിൽ അവയിൽ സ്തുതിക്കപ്പെടുന്ന ഇന്ദ്രൻ, അഗ്നി, മരുത്തുക്കൾ മുതലയവയുടെ പേരുകൾ തന്നെ മാറ്റി മറിക്കണം. ഈ പേരുകൊണ്ട് അറിയപ്പെടുന്ന ദേവന്മാരെയല്ല ഈ പേരു സൂചിപ്പിക്കുന്നത് എന്നും വന്നുകൂടുന്നു. മറ്റു വസ്തുക്കളും ഇതുപോലെ മാറിപ്പോകും. ഈ ഗൂഢഭാഷയുടെ വ്യാഖ്യാനം ഓരോരുത്തരും അവരുടെ ഇച്ഛാനുസരണം നടത്തിയിട്ടുണ്ട്.

ഋഗ്വേദത്തിനു വ്യാഖ്യാനം എഴുതുക അത്ര സുകരമല്ല. ഇതിൽ ഉപയോഗിച്ചിട്ടുള്ള പല വാക്കുകളുടെയും അർത്ഥം ഇപ്പോൾ നിലവിലില്ല. ആ വാക്കുകളിൽ അടങ്ങിയ അർത്ഥമോ, ആശയമോ മനസ്സിലാക്കാനും വിഷമമാണ്. 'ഋതം' എന്ന വാക്ക് ഋഗ്വേദത്തിൽ ധാരാളമായി വരുന്ന ഒന്നാണ്. ഇതിനു സത്യം, ജലം, പ്രജോല്പാദനം, രേതസ്സ്, യജ്ഞം തുടങ്ങി വളരെ അർത്ഥങ്ങൾ ഓരോ വ്യാഖ്യാതാക്കളും നല്കുന്നു. ഒരേ സൂക്തത്തിൽ 'ഋതം' ആവർത്തിച്ചുവന്നാൽ ഒരേ അർത്ഥമല്ല. വിഭിന്നങ്ങളായ അർത്ഥം വ്യാഖ്യാനിച്ചിരിക്കുന്നതായി കാണാം. ചുരുക്കത്തിൽ വ്യാഖ്യാതാവിന്റെ യുക്തിചിന്തയ്ക്ക് അനുസരണമായി അർത്ഥവ്യത്യാസം വരുന്നു. 'ഋത'ത്തിനു സത്യം എന്ന് ഒരാൾ അർത്ഥം കല്പിക്കുമ്പോൾ വേറൊരാൾ സത്യത്തിന്റെ അടിസ്ഥാനം യജ്ഞമായതുകൊണ്ട് യജ്ഞം എന്നർത്ഥം കല്പിക്കുന്നു. യജ്ഞത്തിന് അഗ്നി എന്നും അർത്ഥം കല്പിക്കാം. ഋതത്തെ ദേവന്മാർക്കുള്ള അപദാനമായി വേദത്തിൽ വർണ്ണിക്കുന്നു. അഗ്നി ഋതത്തിന്റെ ആദ്യപുത്രനാണ്. യജ്ഞബലത്താൽ ഋതത്തെ അഗ്നി വഹിക്കുന്നു. മിത്രാവരുണന്മാർ ഋതവർദ്ധകരാണ്. ഉഷസ്സ് ഋതപന്ഥാവിലൂടെ സഞ്ചരിക്കുന്നു. രാത്രിയും ഉഷസ്സും ഋതത്തിന്റെ മാതാക്കളാണ്. ഉഷസ്സിന്റെ അശ്വങ്ങൾ ഋതത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഇന്ദ്രൻ മനുഷ്യരെ ഋതപഥത്തിൽ

നയിക്കുന്നു. ഋതത്തിന്റെ അർത്ഥകല്പന ഓരോ വ്യാഖ്യാതാക്കളും ഓരോ വിധത്തിലാണ് നല്കുന്നത്. ആദ്ധ്യാത്മികവാദികൾ ഇതിനു മറ്റു ചില വ്യാഖ്യാനങ്ങളും നല്കിയിരിക്കുന്നു. ഇതിൽ ഏതു ശരി ഏത് തെറ്റ് എന്ന് ആർക്കാണു പറയാൻ കഴിയുക? ഓരോ ആചാര്യന്മാരുടെയും മതം ഇന്നത് എന്നേ പറയാൻ കഴിയൂ. ചുരുക്കത്തിൽ ഓരോ വ്യാഖ്യാനവും ആചാര്യനെ അനുസരിച്ച് വ്യത്യസ്തമായിരിക്കുന്നു.

പ്രാചീന ആചാര്യന്മാരുടെ വ്യാഖ്യാനങ്ങൾ നശിച്ചുപോയിക്കൊണ്ടിരുന്നു. ഈ കാലത്ത് ഭാരതത്തിലെത്തിയ യൂറോപ്യൻ ഗവേഷകർ അവരുടേതായ ചില സംഭാവനകൾ ഈ രംഗത്ത് നല്കുകയുണ്ടായി. ഭാരതത്തിലും ലോകത്തിൽ ആകെത്തന്നെയും വേദങ്ങളിലേയ്ക്കു ജനശ്രദ്ധയാകർഷിക്കാൻ ഈ പണ്ഡിതന്മാരുടെ പ്രവർത്തനം കാരണമായി. സ്വാമി ദയാനന്ദൻ വേദസൂക്തങ്ങൾക്കു 'സത്യാർത്ഥപ്രകാശം' എന്ന പുതിയ വ്യാഖ്യാനം എഴുതി. ശ്രീ അരവിന്ദൻ തുടങ്ങിയ ചിന്തകന്മാരും വേദചിന്തകളിലേയ്ക്കു മനുഷ്യചിന്തയെ തിരിച്ചുവിട്ടു. ഈ ആധുനികഘട്ടത്തിൽ പലരും വേദത്തെപ്പറ്റിയുള്ള ജ്ഞാനം നല്കുകയും വേദചിന്തകളിലേയ്ക്ക് ഭാരതീയർക്ക് പ്രേരണ നല്കുകയും ചെയ്തിട്ടുണ്ട്. മലയാളത്തിൽ ഋഗ്വേദത്തിന്റെ പരിഭാഷ ശ്രീ. വള്ളത്തോൾ കൊണ്ടുവരുമ്പോൾ ഭാരതീയഭാഷകളിൽ മറാഠിയിലും ഹിന്ദിയിലും മാത്രമേ പരിഭാഷയുണ്ടായിരുന്നുള്ളൂ. പദ്യഗദ്യമിശ്രിതമായ വിവർത്തനമായിരുന്നു മഹാകവിയുടെ വിവർത്തനം. മൂലത്തോടും ഗദ്യവ്യാഖ്യാനത്തോടും കൂടി മലയാളത്തിൽ ആദ്യമുണ്ടാകുന്നത് ഞങ്ങളുടെ ഈ വ്യാഖ്യാനമാണ്.

വേദത്തിന് രണ്ട് അർത്ഥം ഉണ്ടെന്ന് അധ്യാത്മികവാദികളും സമ്മതിക്കുന്നതാണ്. ഭൗതികമായി അതിന് ഒരു അർത്ഥമുണ്ട്. ഈ അധിഭൗതികമായ അർത്ഥത്തെ സായണ ഭാഷ്യം അനാവരണം ചെയ്യുന്നു. ഈ സായണഭാഷ്യത്തെ അവലംബിച്ച് അധിഭൗതികമയ ഒരു വ്യാഖ്യാനമാണ് ഇവിടെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

ഈ പരിഭാഷയുടെ നിർമ്മാണത്തിൽ പല ഭാഷകളിലുള്ള വിവിധ തരത്തിലുള്ള വ്യാഖ്യാനങ്ങൾ ഞങ്ങളുടെ പരിമിതമായ അറിവുവെച്ച് പരിശോധിക്കുകയുണ്ടായി. ആവയെ ഈ വ്യാഖ്യാനത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മഹാകവി വള്ളത്തോളിന്റെ ഋഗ്വേദസംഹിത ഈ വ്യാഖ്യാനത്തെ കൂടുതൽ സഹായിച്ചിട്ടുണ്ട്, അതിനോട് കടപ്പാടുണ്ട്. വേദമൂർത്തി തപോനിഷ്ഠ പണ്ഡിത ശ്രീരാംശർമ്മയുടെ വ്യാഖ്യാനത്തിനോടും ഈ വ്യാഖ്യാനത്തിനു കടപ്പാടുണ്ട്. മറ്റുള്ള വ്യാഖ്യാനങ്ങളേക്കാൾ ഇതിനെ കൂടുതൽ ആശ്രയിച്ച വിവരം ഇവിടെ തുറന്നു പറയുന്നത് കൂടുതൽ യുക്തമാണല്ലോ. മറ്റൊന്നു കൂടി, ആചാര്യന്മാരുടെ വ്യാഖ്യാനങ്ങൾ മലയാളഗദ്യത്തിലേക്കു പകർത്തിയതിൽ വന്നുപോയിട്ടുള്ള പിഴകൾ ഞങ്ങളുടേതാണ്. ആ പിഴകൾക്കു മാപ്പു ചോദിക്കുന്നു. മറ്റുള്ള ആചാര്യന്മാർ പറഞ്ഞുവെച്ചിട്ടുള്ള മലയാളവിവർത്തനം ചെയ്തതല്ലാതെ ഒരു വാക്കും ഞങ്ങൾ എഴുതിയിട്ടില്ലെന്നുള്ളത് ഒരു സത്യം മാത്രമാണ്.

മൂലം ചൊല്ലുന്നതിനു ചിഹ്നങ്ങൾ മാതൃകയായി ആദ്യത്തെ 200 പേജുകളിൽ നല്കിയിട്ടുണ്ട്. അവസാനം പദാർത്ഥവും അവശ്യം അറിഞ്ഞിരിക്കേണ്ട കഥകൾ തുടങ്ങിയവയും നല്കിയിരിക്കുന്നു[1].

30–8–1976 ഗ്രന്ഥകർത്താക്കൾ

[1] ഈ അനുബന്ധങ്ങളൊന്നും ഈ പതിപ്പിൽ ചേർക്കുവാൻ സാധിച്ചിട്ടില്ല.

# അദ്ധ്യായം 1

## അനുവാകം 1

## സൂക്തം 1

**ഋഷി മധുച്ഛന്ദാ    ദേവത അഗ്നി    ഛന്ദസ് ഗായത്രീ**

**1. അഗ്നിമീളേ പുരോഹിത യജ്ഞസ്യ ദേവമൃത്വിജം |**
**ഹോതാരം രത്നധാതമം ||**

അഗ്രണിയും, ദീപ്തിമാനും, യജ്ഞപുരോഹിതനും, ദേവദൂതനും രത്നയുക്തനുമായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു

**2. അഗ്നിഃപൂർവേഭിർഋഷിഭിരീഡ്യോ നൂതനൈരുത |**
**സ ദേവാം ഏഹ വക്ഷതി ||**

പ്രാചീന കാലത്ത് മഹർഷിമാർ ആരെ ഉപാസിച്ചിരുന്നു വോ, അവർ ഇപ്പോഴും ആരെ സ്തുതിക്കുന്നുവോ,ആ അഗ്നി യെ ദേവഗണങ്ങൾ യജ്ഞത്തിലേയ്ക്ക് ക്ഷണിക്കുന്നു.

**3. അഗ്നിനാ രയിമശ്നവത് പോഷമേവ ദിവേദിവേ |**
**യശസം വീരവത്തമം ||**

അഗ്നി ധനത്തെ നൽകുന്നവനും, പോഷകനും വീരത്വം പ്രദാനം ചെയ്യുന്നവനുമാകുന്നു.

**4. അഗ്നേ യം യജ്ഞമധ്വരം വിശ്വതഃ പരിഭൂരസി**
**സ ഇദ്ദേവേഷു ഗച്ഛതി ||**

ഹേ അഗ്നീ! നീ ഉപസ്ഥിതനായിരിക്കുന്ന യജ്ഞങ്ങളിൽ വിഘ്നുാകുന്നില്ല. ആ യജ്ഞം സ്വർഗ്ഗസ്ഥരായ ദേവഗണ ങ്ങളെ തൃപ്തരാക്കുന്നു.

**5. അഗ്നിർഹോതാ കവിക്രതുഃ സത്യശ്ചിത്ര ശ്രവസ്തമഃ |**
**ദേവോ ദേവേഭിരാ ഗമത് ||**

ഹേ അഗ്നീ! നീ ഹവിർവാഹകരും, ജ്ഞാനകർമ്മങ്ങളുടെ പ്രേരകരും അമരയശസ്വികളും ആയ ദേവതകളോടുകൂടി ഈ യജ്ഞസ്ഥലത്തേയ്ക്ക് എഴുന്നള്ളണേ.

**6. യദങ്ഗ ദാശുഷേ ത്വമഗ്നേ ഭദ്രം കരിഷ്യസി |**
**തവേത്തത് സത്യമങ്ഗിരഃ ||**

ഹേ അഗ്നീ! നീ ഹവിർദാതാവിനു നൻമവരുത്തുന്ന വനാകുന്നു. ഈ കർമ്മങ്ങൾ നിനക്കു തന്നെ പ്രാപ്ത മാകുന്നു.

**7. ഉപ ത്വാഗ്നേ ദിവേദിവേ ദോഷാവസ്തർ ധിയാവയം**
**നമോ ഭരന്ത ഏമസി ||**

ഹേ അഗ്നീ! ഞങ്ങൾ രാവും പകലും സ്വന്തം ബുദ്ധി യോടും ഹൃദയത്തോടുംകൂടി നമസ്കാരപൂർവ്വം നിന്നേ സമീപിക്കുന്നു.

**8. രാജന്തമധ്വരാണാം ഗോപാമൃതസ്യ ദീദിവിം |**
**വർധമാനം സ്വേ ദമേ ||**

ഹേ അഗ്നീ! നീ യജ്ഞത്തെ പ്രകടമാക്കുന്നവനും, സത്യ സംരക്ഷകനും സ്വയം പ്രകാശിതനും, സഹജമായി വികാ സം പ്രാപിക്കുന്നവനും ആകുന്നു.

**9. സ നഃ പിതേവ സൂനവേഗ്നേ സൂപായനോ ഭവ |**
**സചസ്വാ നഃ സ്വസ്തയേ ||**

ഹേ അഗ്നീ! പുത്രൻ പിതാവിൻെറയടുക്കൽ സ്വയമായി എത്തിച്ചേരുന്നതുപോലെ നീ ഞങ്ങൾക്ക് സുഗമമായി പ്രാപി ക്കാൻ സാധിക്കുന്നവനാകുന്നു. അതിനാൽ നീ ഞങ്ങൾക്ക് മംഗളദാതാവായിത്തീരണേ,

## സൂക്തം 2

**ഋഷി മധുച്ഛന്ദാ    ദേവത വായു, ഇന്ദ്രവായു, മിത്രവരുണർ ഛന്ദസ് ഗായത്രീ**

**1. വായവാ യാഹി ദർശതേമേ സോമാ അരംകൃതഃ |**
**തേഷാം പാഹി ശ്രുധീ ഹവം ||**

ഹേ പ്രിയദർശനനായ വായുവേ! നീ ഇവിടെ വരണേ നിനക്കുവേി സുസിദ്ധമായ സോമരസം വച്ചിരിക്കുന്നു. ഇതു പാനം ചെയ്തു ഞങ്ങളുടെ വചനങ്ങൾ ശ്രദ്ധിക്കണേ

**2. വായ ഉക്ഥേഭിർജരന്തേ ത്വാമച്ഛാ ജരി താരഃ |**
**സുതസോമാ അഹർവിദഃ ||**

ഹേ വായു! ഈ സോമരസം നിഷ്പന്നമാക്കിയെടുത്തു ഇതിൻെറ ഗുണങ്ങളറിയുന്ന സ്തോതാക്കൾ നിൻെറ ഗുണ ങ്ങളെ പാടി പുകഴ്ത്തി സ്തോത്രം ചെയ്യുന്നു.

**3.വായോ തവ പ്രപൃഞ്ചതി ധേനാ ജിഗാ തി ദാശുഷേ |**
**ഉരുചീ സോമപീതയേ ||**

ഹേ വായു! നിൻെറ സോമരഭിലാഷത്തോടു കൂടിയുള്ള മർമ്മസ്പർശിയായ വാണി, ദാതാവിനെ അതിവേഗം പ്രാപി ക്കുന്നു.

**4.ഇന്ദ്രവായൂ ഇമേ സുതാ ഉപ പ്രഭേിരാ ഗതം |**
**ഇന്ദ്രവോ വാമുശന്തി ഹി ||**

ഹേ ഇന്ദ്രാ, വായു! ഇവിടെ സോമരസം തയാറായിരി ക്കുന്നു. ഇത് നിങ്ങൾക്കുവേിയുള്ളതാണ്. അതിനാൽ അന്നാദികളോടുകൂടി ആഗതരാകുവിൻ.

**5.വായവിന്ദ്രശ്ച ചേതഥഃ സുതാനാം വാജിനീവസൂ |**
**താവാ യാതമുപ ദ്രവത് ||**

ഹേ വായു! ഹേ ഇന്ദ്രാ! നിങ്ങൾ അന്നത്തോടുകൂടിയ സോമം അറിയുന്നവരാകുന്നു. അതിനാൽ അതിവേഗം ഇവി ടേയ്ക്കാഗതരാകുവിൻ.

**6. വായവിന്ദ്രശ്ച സുന്വത ആ യാതമുപ നിഷ്കൃതം |**
**മക്ഷ്വി ത്ഥാ ധിയാ നരാ ||**

ഹേ വായു! ഇന്ദ്രാ! സംസ്കരിക്കപ്പെട്ടിരിക്കുന്ന ഈ സോമരസത്തിന്നടുത്തേയ്ക്ക് അതിവേഗം വരുവിൻ, നിങ്ങൾ രുപേരും ശുദ്ധമായ ഈ വസ്തുവിനെ സ്വീകരിക്കുവിൻ.

**7. മിത്രം ഹുവേ പൂതദക്ഷം വരുണം ച രിശാദസം |**
**ധിയം ഘ**
**്യതാചീം സാധന്താ ||**

പവിത്ര ബലവാനായ മിത്രനേയും ശത്രു സംഹാരകനായ വരുണനേയും ഞാനാഹ്വാനം ചെയ്യുന്നു. ഇവർ ജ്ഞാന ത്തേയും, കർമ്മത്തേയും പ്രേരിപ്പിക്കുന്നവരാകുന്നു.

**8. ഋതനേ മിത്രാവരുണാവൃതാവൃധാവൃതസ്പൃശാ |**
**ക്രതും ബൃഹന്തമാശാഥേ ||**

ഈ മിത്രനും വരുണനും സത്യത്തിൽക്കൂടി വൃദ്ധി പ്രാപി ക്കുന്ന സത്യസ്വരൂപരും, അതുപോലെ സത്യത്തിൽക്കൂടി വികാസം പ്രാപിക്കുന്ന യജ്ഞത്തെ സംപുഷ്ടമാക്കുന്നവ രുമാണ്.

**9. കവീ നോ മിത്രാവരുണാ തുവിജാതാ ഉരുക്ഷയാ |**
**ദക്ഷം ദധാതേ അപസം ||**

ഈ മിത്രനും വരുണനും മഹാശക്തിശാലികളും, എങ്ങും വ്യാപിച്ചിരിക്കുന്നവരും; ശക്തിയാൽ കർമ്മങ്ങൾക്ക് പ്രേരണ നൽകുന്നവരും എല്ലാ കർമ്മങ്ങളും അധികാരങ്ങളും അധീ നതയിലുള്ളവരുമാകുന്നു.

## സൂക്തം 3

**ഋഷി മധുച്ഛന്ദാ ദേവത അശ്വിനികൾ, ഇന്ദ്രൻ, വിശ്വ ദേവതകൾ, സരസ്വതി ഛന്ദസ് ഗായത്രി**

**1. അശ്വിനാ യജ്വരീരിഷോ ദ്രവത്പാണീ ശുഭസ്പതി |**
**പുരുഭുജാ ചനസ്യതം ||**

ഹേ, ആജാനുബാഹുക്കളോടുകൂടിയവരും, സൽക്കർമ്മ ങ്ങളുടെ സമ്പാദകരും, ദ്രുതഗതിയിൽ കാര്യങ്ങൾ നടത്തുന്ന വരുമായ അശ്വിനികളേ! നിങ്ങൾ ഈ യജ്ഞത്തിലെ അന്നം കൊു സംതൃപ്തരാകുവിൻ.

**2. അശ്വിനാ പുരുദംസസാ നരാ ശവീരയാ ധിയാ |**
**ധിഷ്ണ്യോ വനതം ഗിരഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ വിഭിന്നങ്ങളായ കർമ്മങ്ങൾ പൂർത്തീകരിക്കുന്നവരും, ധൈര്യവും ബുദ്ധിയുമുള്ളവരും ആകുന്നു. അതിനാൽ മനസ്സിരുത്തി ഞങ്ങളുടെ പ്രാർത്ഥന ശ്രദ്ധിക്കുവിൻ.

**3. ദസ്രാ യുവാകവഃ സുതാ നാസത്യാ വൃക്തബർഹിഷഃ |**
**ആ യാതം രുദ്രവർതനീ ||**

ഹേ ശത്രുസംഹാരകൻമാരായ വീരൻമാരേ! നിങ്ങൾ അസത്യങ്ങളിൽനിന്നും രക്ഷപ്പെട്ടവരും, ദുർഘടമാർഗ്ഗങ്ങ ളിൽ സഞ്ചരിക്കുന്നവരുമാണ്. ഈ അരിച്ചെടുത്ത സോമരസം പാനം ചെയ്യുവാനായി നിങ്ങൾ ഇവിടെ വന്നാലും.

**4. ഇന്ദ്രാ യാഹി ചിത്രഭാനോ സുതാ ഇമേ ത്വായവ |**
**അണ്വീഭിസ്തനാ പൂതാസഃ ||**

ഹേ കാന്തിമാനായ ഇന്ദ്രാ! പത്തുവിരലുകൾകൊ് പിഴി ഞ്ഞെടുക്കപ്പെട്ട പവിത്രമായ സോമരസത്തിനുവേി ഇവി ടെ വരണേ.

**5. ഇന്ദ്രാ യാഹി ധിയേഷിതോ വിപ്രജൂതഃസുതാവതഃ |**
**ഉപ ബ്രഹ്മാണി വാഘതഃ ||**

ഹേ ഇന്ദ്രാ! ഭക്തിയോടുകൂടി തയ്യാറാക്കപ്പെട്ട സോമര സത്തെ, അതു തയ്യാറാക്കിയ സ്തോതാവിൻെറ സ്തുതിക ളോടുകൂടി സ്വീകരിക്കണേ.

**6. ഇന്ദ്രാ യാഹി തൂതുജാന ഉപ ബ്രഹ്മാണി ഹരിവഃ |**
**സുതേ ദധിഷ്വ നശ്ചനഃ ||**

ഹേ അശ്വയുക്തനായ ഇന്ദ്രാ! നീ ഞങ്ങളുടെ പ്രാർത്ഥ നകൾ ശ്രവിക്കുന്നതിന് അതിവേഗം ഇവിടെ എത്തുകയും യജ്ഞത്തിൽ ഞങ്ങളുടെ ഹവിസ്സ് സ്വീകരിക്കുകയും ചെയ്യ ണേ.

**7. ഓമാസശ്ചർഷണീധൃതോ വിശ്വേ ദേവാസ ആ ഗത |**
**ദാശ്വാംസോ ദാശുഷഃ സുതം ||**

ഹേ വിശ്വദേവതകളേ! നിങ്ങൾ രക്ഷകരും, ധാരകരും, ദാതാക്കളും ആകുന്നു. അതിനാൽ ഈ ഹവിർദാതാവിൻെറ യജ്ഞത്തെ സ്വീകരിക്കുവിൻ.

**8. വിശ്വേ ദേവാസോ അപ്തുരഃ സുതമാ ഗന്ത തൂർണയഃ |**
**ഉസ്രാ ഇവ സ്വസരാണി ||**

ഹേ വിശ്വദേവതകളേ! നിങ്ങൾ കർമ്മവാൻമാരും അതി വേഗം പ്രവർത്തിക്കുന്നവരുമാകുന്നു. നിങ്ങൾ ജ്ഞാനം പ്രദാ നം ചെയ്യുന്നതിന് സൂര്യകിരണങ്ങൾക്കു സമാനമായി ആഗത രാകുവിൻ.

**9. വിശ്വേ ദേവാസോ അസ്രിധ ഏഹിമായാസോ അദ്രുഹഃ |**
**മേഘം ജുഷന്ത വഹ്നയഃ ||**

ഹേ വിശ്വദേവതകളേ! നിങ്ങൾ ആരാലും കൊല്ലപ്പെടാ ത്തവരും സമർത്ഥരും, നിർവൈരരും സുഖസാധകരുമാകു ന്നു. നിങ്ങൾ ഞങ്ങളുടെ യജ്ഞഹവിസ്സു സ്വീകരിക്കുവിൻ.

**10. പാവകാ നഃ സരസ്വതീ വാജേഭിർവാജിനീവതീ |**
**യജ്ഞം വഷ്ടു ധിയാവസുഃ ||**

ഹേ പവിത്രീകരിക്കുന്ന സരസ്വതീ! നീ ബുദ്ധിവഴിയായി അന്നവും ധനവും പ്രദാനം ചെയ്യുന്നവളാകുന്നു. ഞങ്ങളുടെ ഈ യജ്ഞം സഫലമാക്കു.

**11. ചോദയിത്രീ സൂനൃതാനാം ചേതന്തീ സുമതീനാം |**
**യജ്ഞം ദധേ സരസ്വതീ ||**

സത്യകർമ്മങ്ങളുടെ പ്രേരകയും, ഉത്തമബുദ്ധിപ്രസരിപ്പി ക്കുന്നവളുമായ ഈ സരസ്വതി നമ്മുടെ യജ്ഞം സ്വീകരി

ക്കുന്നവളാകുന്നു.

**12. മഹോ അർണഃ സരസ്വതി പ്ര ചേതയതി കേതുനാ |**
**ധിയോ വിശ്വാ വി രാജതി ||**

ഈ സരസ്വതി വിശാലമായ ജ്ഞാനസമുദ്രം പ്രകടമാക്കുന്നവളാകുന്നു. ഇവൾ ബുദ്ധിയെ ജ്ഞാനത്തിലേയ്ക്കാ നയിക്കുന്നു.

# അനുവാകം 2 സൂക്തം 4

**ഋഷി മധുഛന്ദാ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രീ**

**1. സുരൂപകൃത്നുമൂതയേ സുദുഘാമിവ ഗോദുഹേ |**
**ജുഹൂമസി ദ്യവിദ്യവി ||**

കറക്കുന്നതിനു പശുവിനെ വിളിക്കുന്നവനു തുല്യമായി സ്വന്തം രക്ഷക്കുവേി ഉത്തമകർമ്മാവായ ഇന്ദ്രനെ നാം ആഹ്വാനം ചെയ്യണം.

**2. ഉപ നഃ സവനാ ഗഹി സോമസ്യ സോമപാഃ പിബ |**
**ഗോദാ ഇദ്രേവതോ മദഃ ||**

ഹേ സോമപാനിയായ ഇന്ദ്രാ! സോമപാനത്തിനായി ഞങ്ങളുടെ യജ്ഞസ്ഥലത്തേയ്ക്ക് വരു. നിങ്ങൾ ഐശ്വര്യ വാനും പ്രസന്നനുമായി ഞങ്ങൾക്ക് ഗോക്കൾ മുതലായ ധനം പ്രദാനം ചെയ്യു.

**3. അഥാ തേ അന്തമാനാം വിദ്യാമ സുമതീനാം |**
**മാ നോ അതി ഖ്യ ആ ഗഹി ||**

നിൻെറ അന്തേവാസികളായ ബുദ്ധിമാൻമാരുടെ സഹായംകൊ് ഞങ്ങൾ നിന്നെ അറിയട്ടെ. നീ ഞങ്ങൾക്കെതി രാകരുത്. ഞങ്ങളെ പരിത്യജിക്കാതെ സ്വീകരിക്കൂ.

**4. പരേഹി വിഗ്രമസ്തൃതമിന്ദ്രം പൃഛാ വിപശ്ചിതം |**
**യസ്തേ സഖിഭ്യ ആ വരം ||**

ഹേ മനുഷ്യരേ! നിങ്ങൾ അപരാജിതനും, കർമ്മവാനു മായ ഇവൻെറ അടുക്കൽചെന്ന് സ്വന്തം ബന്ധുക്കൾക്കു വേി ശ്രേഷ്ഠഐശ്വര്യങ്ങൾ സ്വീകരിക്കുവിൻ.

**5. ഉത ബ്രുവന്തു നോ നിന്ദോ നിരന്യതശ്ചിദാരത |**
**ദധാനാ ഇന്ദ്ര ഇദ്ദുവഃ ||**

ഇന്ദ്രൻെറ ഉപാസകൻമാർ അവനെത്തന്നെ ഉപാസിച്ചു കൊ് അവൻെറ നിന്ദകൻമാരെ നാടിൻെറ അങ്ങേ അറ്റ ത്തേയ്ക്കു പലായനം ചെയ്യിക്കട്ടെ.

**6. ഉത നഃസുഭഗാം അരിർവോചേയുർദസ്മ കൃഷ്ടയഃ**
**സ്യാമേദിന്ദ്രസ്യ ശർമണി ||**

ഹേ ശത്രുനാശകനായ ഇന്ദ്രാ! നിന്നെ ആശ്രയിച്ച് വസി ക്കുന്നതു കാരണം ശത്രുക്കളും മിത്രങ്ങളും എല്ലാം ഞങ്ങളെ ഐശ്വര്യവാൻമാരാക്കിത്തീർക്കുന്നു.

**7. എമാശുമാശവേ ഭര യജ്ഞശ്രിയം നൃമാദനം |**
**പതയന്മന്ദയത് സഖം ||**

യജ്ഞത്തെ ശോഭിപ്പിക്കുന്നതും, ആനന്ദം നൽകുന്നതും, സന്തോഷദായകവും, യജ്ഞത്തെ സമ്പന്നമാക്കുന്നതുമായ സോമരസം ഇന്ദ്രനായി സമർപ്പിക്കുവിൻ.

**8. അസ്യ പീത്വാ ശതക്രതോ ഘനോ വൃത്രാണാമഭവഃ |**
**പ്രാവോ വാജേഷു വാജിനം ||**

ഹേ അനന്തയജ്ഞങ്ങളോടുകൂടിയ ഇന്ദ്രാ! ഈ സോമ പാനത്താൽ ശക്തനായിത്തീർന്ന നീ ദൈത്യൻമാരുടെ നാശ കനായിത്തീർന്നു. ഇതിൻെറ ശക്തിയാൽ തന്നെ നീ യുദ്ധ ങ്ങളിൽ സൈന്യങ്ങളെ സംരക്ഷിച്ചു.

**9. തം ത്വാ വാജേഷു വാജിനം വാജയാമഃ ശതക്രതോ |**
**ധനാനാമിന്ദ്ര സാതയേ ||**

ഹേ ശതക്രതുവായ ഇന്ദ്രാ! യുദ്ധങ്ങളിൽ ശക്തിപ്രദാനം ചെയ്യുന്ന നിനക്ക് ഐശ്വര്യലബ്ധിക്കായി ഞങ്ങൾ ഹവി ഷാന്നം കാഴ്ച സമർപ്പിക്കും.

**10. യോ രായോ വനിർമഹാന്ത്സുപാരഃ സുന്വതഃ സഖാ |**
**തസ്മാ ഇന്ദ്രായ ഗായത ||**

ധനരക്ഷകനും, ദുഃഖങ്ങളെ അകറ്റുന്നവനും, യജ്ഞം നട ത്തുന്നവരെ സ്നേഹിക്കുന്നവനുമായ ഇന്ദ്രനെ സ്തുതിക്കൂ.

# സൂക്തം 5

**ഋഷി മധുച്ഛന്ദാ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രീ**

**1. ആ ത്വേതാ നി ഷീദതേന്ദ്രമഭി പ്ര ഗായത |**
**സഖായഃ സ്തോമവാഹസഃ ||**

ഹേ ഇന്ദ്രനെ സ്തുതിക്കുന്ന മിത്രങ്ങളേ! ഇവിടെ വന്നി രിക്കുകയും ഇന്ദ്രൻെറ ഗുണഗണങ്ങളെ പാടിപുകഴ്ത്തു കയും ചെയ്യുവിൻ.

**2. പുരൂതമം പുരൂണാമീശാനം വാര്യാണാം |**
**ഇന്ദ്രം സോമേ സചാ സുതേ ||**

എല്ലാവരും ഒന്നായിച്ചേർന്ന് സോമരസം തയ്യാറാക്കുകയും ഇന്ദ്രനെ സ്തുതിക്കുകയും ചെയ്യുവിൻ.

**3. സഘാ നോ യോഗ ആ ഭുവത് സ രായേ സ പുരന്ധ്യാം |**
**ഗമദ് വാജേഭിരാ സ നഃ ||**

ആ ഇന്ദ്രൻ ആവശ്യത്തിനുള്ള ധനവും സൽബുദ്ധിയും നമുക്കു നൽകുകയും തൻെറ വിഭിന്നങ്ങളായ ശക്തികളോടു കൂടി നമ്മെ സഹായിക്കുകയും ചെയ്യട്ടെ.

**4. യസ്യ സംസ്ഥേ ന വൃണ്വതേ ഹരീ സമത്സു ശത്രവഃ |**
**തസ്മാ ഇന്ദ്രായ ഗായത ||**

ആരുടെ അശ്വബദ്ധമായ രഥത്തിനുമുമ്പിൽ ശത്രുക്കൾ ക്കുറച്ചു നിൽക്കുവാൻ കഴിയാതിരിക്കുന്നുവോ, ആ ഇന്ദ്ര ൻെറ ഗീതം ഗാനം ചെയ്യുവിൻ.

**5. സുതപാവ്നേ സുതാ ഇമേ ശുചയോ യന്തി വീതയേ |**
**സോമാസോ ദധ്യാശിരഃ ||**

ഈ ശോധിതമായ സോമരസം, സോമപാനിയായ ഇന്ദ്രന് പാനം ചെയ്യുന്നതിനുവേി സ്വതേ ലഭ്യമായിട്ടുള്ളതാണ്.

**6.ത്വം സുതസ്യ പീതയേ സദ്യോ വൃദ്ധോ അജായഥാഃ |**
**ഇന്ദ്ര ജ്യൈഷ്ഠ്യായ സുക്രതോ ||**

ഹേ ഉത്തമക്രതുവായ ഇന്ദ്രാ! നീ സോമപാനം വഴി ഉന്നതനായിത്തീരുന്നതിന് സദാ തൽപരനായിരിക്കുന്നു.

**7. ആ ത്വാ വിശന്ത്വാശവഃ സോമാസ ഇന്ദ്ര ഗിർവണഃ |**
**ശം തേ സന്തു പ്രചേതസേ ||**

ഹേ സ്തുത്യാ! ഈ സോമരസം നിന്റെ ശരീരത്തിൽ രമിക്കട്ടെ, നിനക്ക് പ്രസന്നത പ്രദാനം ചെയ്യട്ടെ. ജ്ഞാനികൾ നിനക്ക് സുഖദായകരാകട്ടെ.

**8. ത്വാം സ്തോമാ അവീവൃധൻ ത്വാമുക്ഥാ ശതക്രതോ |**
**ത്വാം വർധന്തു നോ ഗിരഃ ||**

ഹേ ശതകർമ്മാവായ ഇന്ദ്രാ! നീ സ്തോമത്താലും മുക്ഥ ത്താലുമെന്നതുപോലെ എന്റെ സ്തോത്രമയങ്ങളായ ഈ വാണികളിൽക്കൂടി പ്രതിഷ്ഠം പ്രാപിച്ച് വളരു.

**9. അക്ഷിതോതിഃ സനേദിമം വാജമിന്ദ്രഃ സഹസ്രിണം |**
**യസ്മിൻ വിശ്വാനി പൗംസ്യാ ||**

യാതൊരുത്തന്റെ സാമർത്ഥ്യത്തിൽ ഒരിക്കലും കുറവു ാകാതിരിക്കുന്നുവോ, യാതൊരുത്തനിൽ എല്ലാ ശക്തിക ളുടെയും സമാവേശമുായിരിക്കുന്നുവോ, ആ ഇന്ദ്രൻ ആ യിരങ്ങളെ പരിപാലിക്കുവാനുള്ള സാമർത്ഥ്യം നമുക്കു പ്രദാ നം ചെയ്യട്ടെ.

**10. മാ നോ മർതാ അഭിദ്രുഹൻ തനൂനാമിന്ദ്ര ഗിർവണഃ |**
**ഈശോ നോ യവയാ വധം ||**

ഹേ സ്തുത്യനായ ഇന്ദ്രാ! ഞങ്ങളുടെ ശരീരങ്ങൾ യാ തൊരു ശത്രുക്കളും ഹിംസിക്കാതിരിക്കട്ടെ, ആർക്കും ഞങ്ങ ളെ ഹിംസിക്കുവാൻ സാധിക്കാതിരിക്കട്ടെ നീ എല്ലാ പ്രകാര ത്തിലും സമർത്ഥനാണ്.

## സൂക്തം 6

**ഋഷി മധുച്ഛന്ദാ ദേവത ഇന്ദ്രൻ, മരുത്തുക്കൾ ഛന്ദസ് ഗായത്രീ**

**1. യുഞ്ജന്തി ബ്രധ്നമരുഷം ചരന്തം പരി തസ്ഥുഷഃ |**
**രോചന്തേ രോചനാ ദിവി ||**

സൂര്യരൂപത്തിൽ പ്രകാശിക്കുന്ന ഇന്ദ്രന്റെ അഹിംസ കമായ രൂപത്തോടു എല്ലാ പദാർത്ഥങ്ങളും ബന്ധിക്കപ്പെട്ടി രിക്കുന്നു. എല്ലാ ലോകങ്ങളിലേയും ജീവികളും ഇന്ദ്രനോട് ബന്ധപ്പെട്ടിരിക്കുന്നു.

**2. യുഞ്ജന്ത്യസ്യ കാമ്യാ ഹരീ വിപക്ഷസാ രഥേ |**
**ശോണോ ധൃഷ്ണൂ നൃവാഹസാ ||**

ഈ ഇന്ദ്രന്റെ രഥത്തിൽ, ശത്രുക്കളെ നശിപ്പിക്കുന്ന വീര പുരുഷൻമാരെ യുദ്ധസ്ഥലത്തേയ്ക്കുകൊു വരുന്ന ചുവ പ്പുവർണ്ണത്തോടുകൂടിയ കുതിരകൾ പൂട്ടപ്പെട്ടിരിക്കുന്നു.

**3. കേതും കൃണ്വന്നകേതവേ പേശോ മര്യാ അപേശസേ |**
**സമുഷദ്ഭിരജായഥാഃ ||**

ഹേ മനുഷ്യരേ! അജ്ഞാനികൾക്ക് ജ്ഞാനത്തെ നൽകി ക്കൊും, അസുന്ദരത്തെ സുന്ദരമാക്കിക്കൊും, ഈ സൂര്യരൂപനായ ഇന്ദ്രൻ കിരണങ്ങൾ വഴി പ്രകാശിക്കുന്നു.

**4. ആദഹ സ്വധാമനു പുനർഗർഭത്വമേരിരേ |**
**ദധാനാ നാമ യജ്ഞിയം ||**

അന്നപ്രാപ്തിക്കുള്ള ഇച്ഛയോടുകൂടി യജ്ഞോപയോ ഗികളായ മരുത്ഗണങ്ങൾ ജലത്തെ വീും മേഘങ്ങളിൽ ഗർഭവാസം ചെയ്യിച്ചുകൊിരിക്കുന്നു.

**5. വീളു ചിദാരുജത്നുഭിർഗുഹാ ചിദിന്ദ്ര വഹ്നിഭിഃ |**
**അവിന്ദ ഉസ്രിയാ അനു ||**

ഹേ ഇന്ദ്രാ! നീ ഉറപ്പേറിയ ദുർഗ്ഗഭേദകനാകുന്നു. നീ ഗുഹ യിൽ ഒളിപ്പിക്കപ്പെട്ടിരുന്ന ഗോക്കളെ മരുത്ഗണങ്ങളുടെ സഹായത്തോടുകൂടി വീടെുത്തു.

**6. ദേവയന്തോ യഥാ മതിമച്ഛാ വിദദ്വസും ഗിരഃ |**
**മഹാമനൂഷത ശ്രുതം ||**

ദേവത്വം പ്രാപിക്കണമെന്നുള്ള ഇച്ഛയോടുകൂടി സ്തുതി ക്കുന്നവർ ഐശ്വര്യവാൻമാരും ജ്ഞാനികളായ മരുത്വഗ ണങ്ങളെ തങ്ങളുടെ പ്രഖരബുദ്ധിയാൽ സ്തുതിക്കുന്നു.

**7.ഇന്ദ്രേണ സം ഹി ദൃക്ഷസേ സഞ്ജഗ്മാനോ അബിഭ്യുഷാ |**
**മന്ദൂ സമാനവർചസാ ||**

ഇന്ദ്രനോടൊന്നിച്ച് മരുത്ഗണങ്ങളെ ഞങ്ങൾക്ക് കാണാ റാകണമേ. ഇന്ദ്രന്റെ സഹഗാമികളായ ഈ മരുത്ഗണങ്ങൾ ഭയരഹിതരും പരസ്പരം തുല്യതേജസ്സോടുകൂടിയവരുമാണ്.

**8.അനവദ്യൈരഭിദ്യുഭിർമഖഃ സഹസ്വദർചതി |**
**ഗണൈരിന്ദ്രസ്യ കാമ്യൈഃ ||**

ഈ യജ്ഞത്തിൽ നിർദ്ദോഷരും യശസ്വികളുമായ മരുത് ഗണങ്ങളുടെ കൂട്ടുകാരനായ ഇന്ദ്രനെ സമർത്ഥൻ എന്നു കരു തി പൂജിക്കുന്നു.

**9. അതഃ പരിജ്മന്നാ ഗഹി ദിവോ വാ രോചനാദധി |**
**സമസ്മിന്നൃഞ്ജതേ ഗിരഃ ||**

എല്ലയിടങ്ങളിലും സഞ്ചരിക്കുന്ന മരുത്തുക്കളെ നിങ്ങൾ അന്തരീക്ഷത്തിൽനിന്നോ,ആകാശത്തിൽനിന്നോ, സൂര്യലോ കത്തുനിന്നോ ഇവിടെ വരുവിൻ. ഈ യജ്ഞത്തിൽ ഒന്നായി ക്കൂടിയിരിക്കുന്നവരെല്ലാവരും നിങ്ങളെ സ്തുതിക്കുന്നു.

**10. ഇതോ വാ സാതിമീമഹേ ദിവോ വാ പാർത്ഥിവാദധി |**
**ഇന്ദ്രം മഹോ വാ രജസഃ ||**

പൃഥ്വിയിൽനിന്നും, ആകാശത്തിൽനിന്നും, അന്തരീക്ഷ ത്തിൽ നിന്നും ധനം തരുന്നതിനുവേി ഞങ്ങൾ ഇന്ദ്രനോടു യാചിക്കുന്നു.

## സൂക്തം 7

**ഋഷി മധുച്ഛന്ദാ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രീ**

**1. ഇന്ദ്രമിദ് ഗാഥിനോ ബൃഹദിന്ദ്രമർക്കേഭിരർകിണഃ |**
**ഇന്ദ്രം വാണീരനൂഷത ||**

സാമഗായകൻമാരും വിദ്വാൻമാരും മന്ത്രങ്ങൾ വഴിയായി ഇന്ദ്രനെ പൂജിച്ചു. ഞങ്ങളും വാണിയാൽ ഇന്ദ്രനെ സ്തുതി ക്കുന്നു.

**2. ഇന്ദ്ര ഇദ്ധര്യോഃ സചാ സമ്മിശ്ല ആ വചോയുജാ |**
**ഇന്ദ്രോ വജ്രീ ഹിരണ്യയഃ ||**

ഇന്ദ്രൻ തന്റെ വചനത്താൽതന്നെ ര് അശ്വങ്ങളേയും ഒന്നിച്ചു രഥത്തിൽ പൂട്ടുന്നു. അവൻ വജ്രായുധം ധരിച്ചിരി ക്കുന്നവനും

സ്വർണ്ണസമാനം രൂപവാനുമാകുന്നു.

**3. ഇന്ദ്രോ ദീർഘായ ചക്ഷസ ആ സൂര്യ രോഹയദ്ദിവി |**
**വി ഗോഭിരദ്രിമൈരയത് ||**

വളരെ ദൂരംവരെ കാണുന്നതിനുവേി ഇന്ദ്രൻ സൂര്യനെ സ്ഥാപിച്ചു. അവൻെറ കിരണങ്ങൾ അന്ധകാരരൂപമാകുന്ന ദൈത്യനെ നശിപ്പിക്കുകയും ചെയ്തു.

**4. ഇന്ദ്ര വാജേഷു നോ വ സഹസ്രപ്രധനേഷു ച |**
**ഉഗ്ര ഉഗ്രഭിരൂതിഭിഃ ||**

ഹേ പ്രചണ്ഡ യോദ്ധാവായ ഇന്ദ്രാ! ആയിരക്കണക്കിനു ഭയങ്കര യുദ്ധങ്ങളിൽ നീ നിൻെറ രക്ഷാമാർഗ്ഗങ്ങളാൽ ഞ ങ്ങളെ രക്ഷിക്കൂ.

**5. ഇന്ദ്രം വയം മഹാധന ഇന്ദ്രമർഭേ ഹവാമഹേ |**
**യുജം വൃത്രേഷു വജ്രിണം ||**

നമ്മുടെ കൂട്ടുകാരുടെ രക്ഷയ്ക്കുവേി ഇന്ദ്രൻ വജ്രാ യുധം ധരിച്ചിരിക്കുന്നു.ആ ഇന്ദ്രൻ നമുക്ക് സമ്പത്തും, ഐശ്വ ര്യവും നൽകുന്നു.

**6. സ നോ വൃഷന്നമും ചരും സത്രാദാവന്നപാ വൃധി |**
**അസ്മഭ്യമപ്രതിഷ്കൃതഃ ||**

വീരനും ദാതാവുമായ ഇന്ദ്രാ! ഞങ്ങൾക്കുവേി ആ മേഘത്തെ ഛിന്നഭിന്നമാക്കൂ. നിങ്ങൾ ഒരിക്കലും ഞങ്ങളോട് ഇല്ല എന്നു പറഞ്ഞിട്ടില്ല.

**7. തുഞ്ജേ തുഞ്ജേ യ ഉത്തര സ്തോമാ**
**ഇന്ദ്രസ്യ വജ്രിണഃ |**
**ന വിന്ധേ അസ്യ സുഷ്ടുതിം ||**

വജ്രധരനായ ഇന്ദ്രൻെറ ദാനത്തിനു പറ്റിയ ഉപമ എനി ക്കൊരിടത്തും ലഭിച്ചിട്ടില്ല. ഈ ഇന്ദ്രനു വേവിധത്തിൽ ഞാൻ ഉത്തമ സ്തുതി ചെയ്യുന്നതെങ്ങിനെ!

**8. വൃഷാ യൂഥേവ വംസഗഃ കൃഷ്ടീരിയർത്യോജസാ |**
**ഈശാനോ അപ്രതിഷ്കുതഃ ||**

പശുക്കൂട്ടങ്ങളിൽ ചേർന്നു സഞ്ചരിക്കുന്ന കാളയ്ക്കു തുല്യം സർവ്വേശ്വരനായ ഇന്ദ്രൻ തൻെറ ശക്തിയാൽ മനു ഷ്യരെ പ്രേരിപ്പിക്കുന്നു.

**9. യ ഏകശ്ചർഷണീനാം വസൂനാമിരജ്യതി |**
**ഇന്ദ്രഃ പഞ്ച ക്ഷിതീനാം ||**

മനുഷ്യരുടേയും ഐശ്വര്യങ്ങളുടേയും യജമാനനായ ഇന്ദ്രൻ തന്നെയാണ് പഞ്ചഭൂവാസികളുടേയും ദേവൻ.

**10. ഇന്ദ്രം വോ വിശ്വതസ്പരി ഹവാമഹേ ജനേഭ്യഃ |**
**അസ്മാകമസ്തു കേവലഃ ||**

കൂട്ടുകാരേ നിങ്ങളുടെ നൻമയ്ക്കുവേി എല്ലാവരിലും അഗ്രപുരുഷനായ ഇന്ദ്രനെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. അവൻ നമ്മുടേതുമാത്രമാണ്.

## അനുവാകം 3 സൂക്തം 8

**ഋഷി മധുച്ഛന്ദാ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി**

**1. ഏന്ദ്ര സാനസിം രയിം സജിത്വാനം സദാസഹം |**
**വർഷിഷ്ഠമൂതയേ ഭര ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ ഉപഭോഗത്തിനുപയുക്തവും, വിജ യരക്ഷയ്ക്കു സമർത്ഥവുമായ സമ്പത്ത് പ്രദാനം ചെയ്യൂ.

**2. നി യേന മുഷ്ടിഹത്യയാ നി വൃതാ രുണധാമഹൈ |**
**ത്വോതാസോ ന്യർവതാ ||**

ഈ സമ്പത്തിൻെറ മഹിമയാൽ ശക്തരായ ഞങ്ങൾ മുഷ്ടി പ്രഹരത്താലും, നിന്നാൽ സംരക്ഷിക്കപ്പെടുന്ന അശ്വങ്ങളുടെ സഹായത്താലും സ്വന്തം ദേശത്തുനിന്നും ശത്രുക്കളെ അക റ്റിക്കളയും.

**3. ഇന്ദ്ര ത്വോതാസ ആ വയം വജ്രും ധനാ ദദീമഹി |**
**ജയേമ സം യുധി സ്പൃധഃ ||**

ഹേ ഇന്ദ്രാ! നിൻെറ സംരക്ഷണത്തിൽക്കൂടി ഉത്സാഹി തരായ ഞങ്ങൾ തീക്ഷ്ണങ്ങളായ ആയുധം ധരിച്ച് വിരോ ധികളുടെ മേൽ വിജയം വരിക്കും.

**4. വയം ശൂരേഭിരസ്തൃഭിരിന്ദ്ര ത്വയാ യുജാ വയം |**
**സാസഹ്യാമ പൃതന്യതഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ സമർത്ഥരായ വീരൻമാരുളള സേനാ യുക്തരായി, നിൻെറ സഹായത്തോടെ ഞങ്ങളുടെ ശത്രു ക്കളെ തോൽപ്പിക്കണം.

**5. മഹാൻ ഇന്ദ്രഃ പരശ്ച നു മഹിത്വമസ്തു വജ്രിണേ |**
**ദ്യൗർന പ്രഥിനാ ശവഃ ||**

ഇന്ദ്രൻ മഹാനും, സർവ്വശ്രേഷ്ഠനും, മഹിമയോടുകൂടി യവനുമാകുന്നു. ആ വജ്രധാരിയുടെ പരാക്രമം ആകാശം പോലെ വിശാലമാകുന്നു.

**6. സമോഹേ വാ യ ആശത നരസ്തോകസ്യ സനിതൗ |**
**വിപ്രാസോ വാ ധിയായവഃ ||**

രണക്ഷേത്രത്തിലേയ്ക്ക് പ്രയാണം ചെയ്യുന്നവരും, സന്താനങ്ങളേയും, ജ്ഞാനത്തേയും ആഗ്രഹിക്കുന്നവരും ആയ എല്ലാവരും ഇന്ദ്രനെ സ്തുതിച്ച് അഭീഷ്ടപ്രാപ്തിയു ാക്കുന്നു.

**7. യഃ കുക്ഷിഃ സോമപാതമഃ സമുദ്രഇവ പിന്വതേ |**
**ഉർവീരാപോ ന കാകുദഃ ||**

സോമപാനിയായ ഇന്ദ്രൻെറ ഐശ്വര്യം സമുദ്രംപോലെ വിശാലമാണ്. അത് ഉമിനീരുപോലെ സദാ ഏകരസത്തോടു കൂടിയിരിക്കുന്നു.

**8. ഏവാ ഹ്യസ്യ സൂനൃതാ വിരപ്ശീ ഗോമതീ മഹീ |**
**പക്വാ ശാഖാ ന ദാശുഷേ ||**

ഇന്ദ്രൻെറ മാധുര്യമുറുന്നതും, സത്യവും, ആയ വാണി വളരെയധികം ഗോധനം ദാനം ചെയ്യുന്നതും, പഴുത്ത ഫലങ്ങളോടുകൂടിയ ശാഖകൾക്കു തുല്യം പരിപൂർണ്ണ വുമാണ്.

**9. ഏവാ ഹി തേ വിഭൂതയ ഊതയ ഇന്ദ്ര മാവതേ |**
**സദ്യശ്ചിത് സന്തി ദാശുഷേ ||**

ഹേ ഇന്ദ്രാ! നിൻെറ സമാർത്ഥ്യം ഉപാസകനാകുന്ന എനിക്ക് രക്ഷാകാരിയും, അഭീഷ്ടദാനം നൽകുന്നതും ആ കുന്നു.

**10. ഏവാ ഹ്യസ്യ കാമ്യാ സ്തോമ ഉക്ഥം ച ശംസ്യാ |**
**ഇന്ദ്രായ സോമപീതയേ ||**

ഇന്ദ്രൻെറ ഗുണഗാനങ്ങളും സ്തുതികളും ഇന്ദ്രൻെറ സോമപാനത്തിനായി ഗാനം ചെയ്യപ്പെടുന്നു.

## സൂക്തം 9

**ഋഷി മധുച്ഛന്ദാ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രീ**

**1. ഇന്ദ്രേഹി മത്സ്യന്ധസോ വിശ്വേഭിഃസോമപർവഭിഃ |**
**മഹാം അഭിഷ്ടിരോജസാ ||**

ഹേ ഇന്ദ്രാ! ഇവിടെ ആഗതനാകൂ. സോമപാനത്താൽ സന്തുഷ്ടനാകൂ. നീ സ്വന്തം ശക്തിയാൽ പൂജനീയനാകൂ.

**2. ഏമേനം സൃജതാ സുതേ മന്ദിമിന്ദ്രായ മന്ദിനേ |**
**ചക്രിം വിശ്വാനി ചക്രയേ ||**

ഈ പ്രസന്നപ്രദമായ സോമത്തെ, എല്ലാക്കാര്യങ്ങളും പുരുഷാർത്ഥങ്ങളും നിർവ്വഹിക്കുന്നവനായ ഇന്ദ്രനുവേി തയ്യാറാക്കുവിൻ.

**3.മത്സ്വാ സുശിപ്ര മന്ദിഭിഃസ്തോമേഭിർവിശ്വചർഷണേ |**
**സചൈഷു സവനേഷ്വാ ||**

ഹേ സുന്ദരരൂപനും, സർവ്വേശ്വരനുമായ ഇന്ദ്രാ! ഈ സോമോത്സവത്തിലേയ്ക്ക് എഴുന്നള്ളി വരികയും സ്തോ ത്രങ്ങളാൽ പ്രസന്നനാകുകയും ചെയ്യണേ.

**4.അസൃഗ്രമിന്ദ്ര തേ ഗിരഃ പ്രതി ത്വാമുദഹാസത |**
**അജോഷാ വൃഷഭം പതിം ||**

ഹേ ഇന്ദ്രാ! നിനക്കുവേി നടത്തപ്പെട്ട എല്ലാ സ്തു തികളും നിന്നെ പ്രാപിച്ചിരിക്കുന്നു.

**5.സം ചോദയ ചിത്രമർവ്വാഗ്രാധ ഇന്ദ്ര വരേണ്യം |**
**അസദിത്തേ വിഭു പ്രഭു ||**

ഹേ ഇന്ദ്രാ! വിഭിന്നങ്ങളും ഉത്തമവും ആയ ഐശ്വര്യം ഞങ്ങൾക്ക് നൽകൂ. എന്തുകൊണ്ടെന്നാൽ നീ ഇവയുടെ യഥാർത്ഥത്തിലുള്ള യജമാനനാകുന്നു.

**6.അസ്മാൻത്സു തത്ര ചോദയേന്ദ്ര രായേ രഭസ്വതഃ |**
**തുവിദ്യുമ്ന യശസ്വതഃ ||**

ഹേ അനന്തഐശ്വര്യങ്ങളോടുകൂടിയവനായ ഇന്ദ്രാ! ബലവീര്യങ്ങളാൽ സമ്പന്നരായ പുരുഷൻമാർക്ക് കർമ്മ ങ്ങൾക്ക് ഉചിതമായ പ്രേരണ നൽകണേ.

**7. സം ഗോമദിന്ദ്ര വാജവദസ്മേ പൃഥു ശ്രവോ ബൃഹത് |**
**വിശ്വായുർധേഹ്യക്ഷിതം ||**

ഹേ ഇന്ദ്രാ! നീ, ഗോക്കൾ, ബലം, പൂർണ്ണ ആയുസ്സ്, അമരകീർത്തി മുതലായവ ഞങ്ങൾക്ക് പ്രദാനം ചെയ്യൂ.

**8. അസ്മേ ധേഹി ശ്രവോ ബൃഹദ് ദ്യമ്നംസഹസ്രസാതമം |**
**ഇന്ദ്ര താ രഥിനിരിഷഃ ||**

ഹേ ഇന്ദ്രാ! മഹത്തായ യശസ്സും, സഹസ്രക്കണക്കായ ധനവും, രഥപൂർണ്ണ ഐശ്വര്യവും ഞങ്ങൾക്കു നൽകൂ.

**9. വസോരിന്ദ്രം വസുപതീം ഗീർഭിർഗൃണന്ത ഋഗ്മിയം |**
**ഹോമ ഗന്താര മൂതയേ ||**

ഐശ്വര്യങ്ങളുടെ സ്വാമിയും സ്തുത്യനും ഗതിശീലനു മായ ഇന്ദ്രനെ നാം സ്തുതിപൂർവ്വം ധനരക്ഷക്കുവേി ആഹ്വാനം ചെയ്യുന്നു.

**10. സുതേസുതേ ന്യോകസേ ബൃഹദ് ബൃഹത ഏദരിഃ |**
**ഇന്ദ്രായ ശൂഷമർചതി ||**

സോമം സിദ്ധമാകുന്ന സ്ഥലത്തേയ്ക്ക് ഉപാസക ഗണം ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 10

**ഋഷി മധുച്ഛന്ദസ് ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്**

**1. ഗായന്തി ത്വാ ഗായത്രിണോ ർചന്ത്യർകമർകിണഃ |**
**ബ്രഹ്മാണസ്ത്വാ ശതക്രത ഉദ്വംശമിവ യേമിരേ ||**

ഹേ ശതകർമ്മാവായ ഇന്ദ്രാ! ഗായകൻമാർ നിൻെറ യശസ്സ് ഗാനം ചെയ്യുന്നു, പൂജിക്കുന്നവര നിന്നെ പൂജി ക്കുന്നു,സ്തുതിഗായകർ തങ്ങളുടെ സ്തുതികൾവഴി നിന്നെ ഉന്നതനാക്കുന്നു.

**2. യത്സാനോഃ സാനുമാരുഹദ് ഭൂര്യസ്പഷ്ട കർത്തവം |**
**തദിന്ദ്രോ അർഥം ചേതതി യൂഥേന വൃഷ്ണിരേജതി ||**

ഒരു സ്ഥലത്തുനിന്നും മഹൊരു സ്ഥലത്തേക്ക് മാറി പ്പോകുന്ന യജമാനൻെറ അഭീഷ്ടജ്ഞാതാവായ ഇന്ദ്രൻ മരുത് ഗണങ്ങൾ സഹിതം സ്തോത്രങ്ങളാൽ പ്രീതനായി യജ്ഞ ത്തിൽ വന്നു ചേരുന്നു.

**3. യുക്ഷ്വാ ഹി കേശി നാ ഹരീ വൃഷണാ കക്ഷ്യപ്രാ |**
**അഥാ ന ഇന്ദ്ര സോമപാ ഗിരാമുപശ്രുതിം ചര ||**

ഹേ സോമപാനിയായ ഇന്ദ്രാ! നിൻെറ രോമാവൃതമായ അശ്വങ്ങളെ രഥത്തിൽപൂട്ടി ഞങ്ങളുടെ സ്തുതികൾ ശ്രവി ക്കാൻ വരൂ.

**4. ഏഹി സ്തോമാം അഭി സ്വര ഭി ഗൃണീഹ്യാ രുവ |**
**ബ്രഹ്മ ച നോ വസോ സചേന്ദ്ര യജ്ഞം ച വർധയ ||**

ഹേ ഇന്ദ്രാ! ഇവിടെവന്ന് ഞങ്ങളുടെ സ്തുതികളെ അനു മോദിക്കൂ. ഞങ്ങളോടൊത്തു പാടുകയും, ഞങ്ങളുടെ പ്രവർ ത്തനങ്ങളെ അനുമോദിക്കുകയും ചെയ്ത് ഞങ്ങൾക്ക് വൃദ്ധി കാരമാകൂ.

**5. ഉക്ഥമിന്ദ്രായ ശംസ്യം വർധനം പുരുനിഷ്ഷിധേ |**
**ശക്രോ യഥാ സുതേഷുണോ രാരണത് സഖ്യേഷുച ||**

ശത്രുസംഹാരകനായ ഇന്ദ്രൻെറ വൃദ്ധിക്കുവേി സ്തോത്രങ്ങളാലപിക്കുവിൻ. ഈ സ്തുതികളാൽ അവൻ നമ്മുടെ മദ്ധ്യത്തിലെത്തി ഹർഷധ്വനി മുഴക്കട്ടെ.

**6.തമിത് സഖിത്വ ഈമഹേ തം രായേ തം സുവീര്യേ |**
**സ ശക്ര ഉത നഃ ശകദിന്ദ്രോ വസു ദയമാനഃ ||**

ഞങ്ങൾ മിത്രത്വത്തിനും, ധനപ്രാപ്തിക്കും, സാമർത്ഥ്യ ത്തിനും വേി ഇന്ദ്രനോടുതന്നെ യാചിക്കുന്നു. ആ ഇന്ദ്രൻ നമ്മെ ധനവാൻമാരും, ശക്തൻമാരുമാക്കി രക്ഷിക്കുന്നു.

**7.സുവിവൃതം സുനിരജമിന്ദ്ര ത്വാദാതമിദ് യശഃ |**
**ഗവാമപ വ്രജം വൃധി കൃണുഷ്വ രാധോ അദ്രിവഃ ||**

ഹേ ഇന്ദ്രാ! നീ നൽകിയ യശസ്സ് എല്ലാഭാഗത്തും വ്യാപി ച്ചിരിക്കുന്നു. ഹേ വജ്രായുധധാരീ! ഗോശാലകൾ തുറന്ന് ഞങ്ങൾക്ക് അസംഖ്യം ഗോധാനം പ്രാപ്തമാകൂ.

**8. നഹി ത്വാ രോദസീ ഉഭേ ഋഘായമാണമിന്വതഃ |**

**ജേഷഃ സ്വർവതീരൂപ; സം ഗാ അസ്മഭ്യം ധൂനുഹി ||**

ഹേ ഇന്ദ്രാ! ക്രോധിതാവസ്ഥയിൽ നിന്നെ ആകാശ ത്തിനും ഭൂമിക്കും വഹിക്കുവാൻ സാദ്ധ്യമല്ല. നീ ആകാശ ത്തിൽനിന്നു മഴ വർഷിക്കുകയും, ഞങ്ങൾക്ക് ഗോക്കളെ നൽകുകയും ചെയ്യൂ.

**9.ആശ്രുത്കർണ്ണ ശ്രുദീ ഹവം നൂ ചിദ്ദധിഷ്വ മേ ഗിരഃ |**
**ഇന്ദ്ര സ്തോമമിമം മമ കൃഷ്വാ യുജശ്ചിദന്തരം ||**

എല്ലവരുടേയും സ്തുതി ശ്രവിക്കുന്ന ഇന്ദ്രാ! എൻേറയും സ്തുതി ശ്രവിക്കൂ. ഈ സ്തുതിഗീതങ്ങൾ ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്യൂ. സ്തോത്രങ്ങളെ സ്വന്തം മിത്രങ്ങ ളേക്കാളുമുപരിയായി അംഗീകരിക്കൂ.

**10. വിദ്മാ ഹി ത്വാ വൃഷന്തമം വാജേഷു ഹവനശ്രുതം |**
**വൃഷന്തമസ്യ ഹൂമഹ ഊതിം സഹസ്രസാതമാം ||**

ഹേ ഇന്ദ്രാ! നീ മഹാപുരുഷാർത്ഥിയാണെന്ന് ഞങ്ങൾ അറിയുന്നു. യുദ്ധകാലങ്ങളിൽ നീ ഞങ്ങളുടെ സ്തുതികളെ ശ്രവിക്കുന്നു. ഹേ അഭീഷ്ടസാധകാ, ഞങ്ങളുടെ രക്ഷക്കു വേി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

**11.ആ തൂ ന ഇന്ദ്ര കൗശിക മന്ദസാനഃ സുതം പിബ |**
**നവ്യമായുഃ പ്ര സൂ തിര കൃധീ സഹസ്രസാമൃഷിം ||**

കൗശികപുത്രനായ ഹേ ഇന്ദ്രാ! ഈ പിഴിഞ്ഞെടുത്ത സോമം പാനം ചെയ്യുന്നതിന് ഇവിടെ വരണേ. എൻെറ ആയുസ്സിന് വൃദ്ധിയുാക്കി ഈ ഋഷിയെ ആയിരക്ക ണക്കായ സമ്പത്തുകളുടെ യജമാനനാക്കണേ.

**12. പരി ത്വാ ഗിർവണോ ഗിർ ഇമാ ഭവന്തു വിശ്വതഃ |**
**വൃദ്ധായമനു വൃദ്ധയോ ജുഷ്ടാ ഭവന്തു ജുഷ്ട യഃ ||**

ഹേ സ്തുത്യനായ ഇന്ദ്രാ! ഞങ്ങളുടെ ഈ സ്തുതികൾ നിൻെറ മുഴുവൻ വ്യാപിച്ചിരിക്കുന്നു. ദീർഘായുസ്സുള്ള നീ ഈ സ്തുതികളിൽ പ്രീതിയുള്ളവനായി ഭവിക്കൂ.

# സൂക്തം 11

**ഋഷി മധുച്ഛന്ദാ ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്**

**1. ഇന്ദ്രം വിശ്വാ അവീവൃധൻത്സമുദ്രവ്യചസം ഗിരഃ |**
**രഥീതമം രഥീനാം വാജാനാം സത്പതിം പതിം ||**

അന്തരീക്ഷത്തിനു സമാനം വിശാലനും, തേരാളികളിൽ ശ്രേഷ്ഠനും അന്നത്തിൻെറ സ്വാമിയും, ഉപാസകൻമാരുടെ സംരക്ഷകനുമായ ഇന്ദ്രനെ നമ്മുടെ സ്തോത്രങ്ങൾ വളർ ത്തണേ.

**2. സഖ്യേ ത ഇന്ദ്ര വാജിനോ മാ ഭേമ ശവസസ്പതേ |**
**ത്വാമഭി പ്ര ണോനുമോ ജേതാരമപരാജിതം ||**

ശക്തിയുടെ അധിനായകനായ ഇന്ദ്രാ! നിന്നോടുള്ള സഖ്യം ഞങ്ങളുടെ ഭയം അകറ്റി ഞങ്ങകെള ശക്തരാക്കി ത്തീർക്കട്ടെ. നീ എപ്പോഴും വിജയത്തെ പ്രാപിക്കുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**3. പൂർവ്വീരിന്ദ്രസ്യ രാതയോ ന വി ദസ്യന്ത്യൂതയഃ |**
**യദീ വാജസ്യ ഗോമതഃ സ്തോതൃഭ്യോ മംഹതേ മഘം ||**

ഇന്ദ്രൻെറ ദാനം വ്യഖ്യാതമാണ്. സ്തോത്രം ചെയ്യുന്ന വർക്ക് ഗോക്കൾ മുതലായ ധനങ്ങളും ശക്തിയും പ്രദാനം ചെയ്യുന്ന ഇന്ദ്രൻ സാധകൻമാർക്ക് നിരന്തരമായി ദാനം ചെയ്തുകൊിരിക്കുന്നു.

**4. പുരാം ഭിന്ദുർ യുവാ കവിരമിതൗജാ അജായത |**
**ഇന്ദ്രോ വിശ്വസ്യ കർമണോ ധർതാ വജ്രീ പുരുഷ്ടുതഃ ||**

ഇന്ദ്രൻ അസുരദുർഗ്ഗങ്ങൾ തകർക്കുന്നവനും, യുവാവും, മേധാവിയും, മഹാശക്തനും, കർമ്മങ്ങളനുഷ്ഠിക്കുന്നവനും, പ്രകാശിക്കുന്ന വജ്രായുധത്തോടുകൂടിയവനും ആയി പ്രത്യ ക്ഷപ്പെടുന്നു.

**5. ത്വം വലസ്യ ഗോമതൊ പാവരദ്രിവോ ബിലം |**
**ത്വാം ദേവാ അബിഭ്യുഷസ്തുജ്യമാനാസ ആവിഷുഃ ||**

ഹേ വജ്രായുധാ! വലൻെറ ഗുഹകൾ തുറന്ന് അതിൽ അപഹരിച്ച് ഒളിപ്പിച്ചിരുന്ന ഗോക്കൾക്ക് നീ സംരക്ഷണം നൽകി. പീഡിതരായിരുന്ന ദേവതകൾ നിന്നെ അഭയം പ്രാപിച്ചു.

**6. തവാഹം ശൂര രാതിഭിഃ പ്രത്യായം സിന്ധുമാവദന് |**
**ഉപാതിഷ്ഠന്ത ഗിർവണോ വിദുഷ്ടേ തസ്യ കാരവഃ ||**

ഹേ ഇന്ദ്രാ! നിഷ്പന്നമായ സോമത്തിൻെറ ഗുണം എല്ലാ വർക്കും പറഞ്ഞുകൊടുത്തു. നിൻെറ ധനദാനത്തിൻെറ പ്രഭാ വത്താൽ ഞാൻ വീും വന്നിരിക്കുന്നു. ഹേ സ്തുത്യനായ ഇന്ദ്രാ! നിൻെറ സാമീപ്യം ലഭിച്ചവരൊക്കെ നിന്നെ ശരിയായ രീതിയിൽ അറിയുന്നു.

**7. മായാഭിരിന്ദ്ര മായിനം ത്വം ശുഷ്ണമവാതിരഃ |**
**വിദുഷ്ടേ തസയ മേധിരാസ്തേഷാംശ്ര വാംസ്യത്തിര ||**

ഹേ ഇന്ദ്രാ! നിൻെറ മായയാൽ തന്നെ മായാവിയായ ശുഷ്ണൻെറ മേൽ വിജയം പ്രാപിചച്ചു. നിൻെറ ഈ മഹിമ അറിയുന്ന ബുദ്ധിമാൻമാരെ നീ ഐശ്വര്യസമ്പ ന്നരാക്കൂ.

**8. ഇന്ദ്ര മീശാനമോജസാഭി സ്തോമാ അനൂഷത |**
**സഹസ്രം യസ്യ രാതയ ഉത വാ സന്തി ഭൂയസീഃ ||**

സ്വന്തം ശക്തിയാൽ ലോകത്തിൻെറമേൽ ഭരണം നട ത്തുന്ന ഇന്ദ്രനെ സ്തോത്രകൻമാർ പാടിപ്പുകഴ്ത്തുന്നു. അ ദ്ദേഹം ആയിരത്തിലധികം പ്രകാരങ്ങളിലുള്ള ഐശ്വര്യങ്ങ ളുടെ ദാതാവാകുന്നു.

# സൂക്തം 12

**ഋഷി മേധാതിഥികണ്വൻ ദേവത അഗ്നി ഛന്ദസ് ഗായത്രീ**

**1. അഗ്നിം ദൂതം വൃണീമഹേ ഹോതാരം വിശ്വവേദസം |**
**അസ്യ യജ്ഞസ്യ സുക്രതും ||**

ദേവദൂതനും, ആഹ്വാനകർത്താവും, എല്ലാ ഐശ്വര്യങ്ങ ളുടേയും സ്വാമിയും, യജ്ഞത്തെ പരിപൂർണ്ണമാക്കുന്നവ നുമായ അഗ്നിയെ ഞങ്ങൾ വരിക്കുന്നു.

**2. അഗ്നിമഗ്നിം ഹവീമഭിഃ സദാ ഹവന്ത വിശ്പതിം |**
**ഹവ്യവാഹം പുരുപ്രിയം ||**

പ്രജാപാലകനും, ഹവിർവാഹകനും, അനേകംപേർ ഇഷ്ട പ്പെടുന്നവനുമായ അഗ്നിയെ യജമാനൻ മന്ത്രങ്ങൾ വഴി ആഹ്വാനം ചെയ്യുന്നു.

**3.അഗ്നേ ദേവാം ഇഹാ വഹ ജജ്ഞാനോ വൃക്ത ബർഹിഷേ**
**അസി ഹോതാ ന ഈഡ്യഃ ||**

ഹേ അഗ്നി! കുശ വിരിക്കുന്ന യജമാനനുവേി പ്രദീ പ്തനായ നീ ദേവതകളേ വിളിക്കൂ. എന്തുകൊന്നൊൽ നീ ഞങ്ങൾക്ക് വലിയ

പൂജനീയനാകുന്നു.

**4. താം ഉശതോ വി ബോധയ യദഗ്നേ യാസി ദൂത്യം |**
**ദേവൈരാ സത്സി ബർഹിഷി ||**

ഹേ അഗ്നി! നീ ദേവതകളുടെ ദൗത്യകർമ്മത്തിൽ നിയുക്തനായിരിക്കുന്നു, അതിനാൽ ഹവിസ് ആഗ്രഹിക്കുന്ന ദേവ കളെ വിളിക്കുകയും അവരോടുകൂടി ഈ കുശാസനത്തിൽ ഉപവിഷ്ടനാകുകയും ചെയ്യൂ.

**5. ഘൃതാഹവന ദീദിവഃ പ്രതി ഷ്മ രിഷതോ ദഹ |**
**അഗ്നേ ത്വം രക്ഷസ്വിനഃ ||**

കൂടുതൽ പ്രകാശിക്കുന്ന അഗ്നി! നീ ഘൃതത്താൽ കത്തി ജ്വലിച്ച് ഞങ്ങളുടെ ശത്രുക്കളെ ഭസ്മീകരിക്കൂ.

**6. അഗ്നിനാഗ്നിഃ സമിധ്യതേ കവിർഗൃഹപതിർയുവാ |**
**ഹവ്യവാങ് ജുഹ്വാസ്യഃ ||**

മേധാവിയും ഗൃഹരക്ഷകനും, ഹവിർവാഹകനും ജൂഹു യജ്ഞത്തിൽ ഹോമദ്രവ്യങ്ങൾ കോരിയെടുക്കുന്ന തവി യുടെ, ആകൃതിയിലുള്ള മുഖത്തോടുകൂടിയവനുമായ അഗ്നിയെ അഗ്നിയിൽതന്നെ പ്രോജ്വലിപ്പിക്കുന്നു.

**7. കവിമഗ്നിമുപ സ്തുഹി സത്യധർമാണമധ്വരേ |**
**ദേവമമീവചാതനം ||**

മേദാവിയും, സത്യനിഷ്ടനും, ശത്രുവിനാശകനുമായ അഗ്നിയെ യജ്ഞത്തിനടുത്തുനിന്ന് സ്തുതിക്കുവിൻ.

**8. യസ്ത്വാമഗ്നേ ഹവിഷ്പതിർദൂതം ദേവ സപര്യതി |**
**തസ്യ സ്മ പ്രാവിതാ ഭവഃ ||**

ഹേ അഗ്നി! നീ ദേവദൂതനുസേവനമനുഷ്ഠിക്കുന്ന യജ മാനന്റെ സംരക്ഷകനായിരിക്കൂ.

**9. യോ അഗ്നിംദേവവീതയെ ഹവിഷ്മാം ആവി വാസതി |**
**തസ്മൈ പാവക മൂളയ ||**

ഹേ അഗ്നി! ദേവൻമാർക്കുള്ള യജ്ഞത്തിൽ ആരാണോ നിന്റെ അടുത്തുവന്ന് ശുശ്രൂഷിക്കുന്നത് നീ അവന് മംഗളം നൽകൂ (അവനെ നീ സുഖിപ്പിക്കൂ)

**10. സ നഃ പാവക ദീദിവോ ഗ്നേ ദേവാം ഇഹാ |**
**ഉപ യജ്ഞം ഹവിശ്ച നഃ ||**

ഹേ പവിത്രാഗ്നി! നീ പ്രദീപ്തനായി ഞങ്ങളുടെ യജ്ഞ ത്തിൽ ഹവിസ് സ്വീകരിക്കുന്നതിനുവേി ദേവതകളെ ഇവിടെ കൊവരൂ.

**11. സ നഃ സ്തവാന ആ ഭര ഗായത്രേണ നവീയസാ |**
**രയിം വീരവതീമിഷം ||**

ഹേ അഗ്നി! നവീന സ്തോത്രങ്ങളാൽ സ്തുതിക്കപ്പെ ടുന്ന നീ ഞങ്ങൾക്ക് ധനവും, പുത്രൻമാരും, അന്നവും പ്രദാനം ചെയ്യണേ.

**12. അഗ്നേ ശുക്രേണ ശോചിഷ വിശ്വാഭിർദേവ ഹൂതിഭിഃ |**
**ഇമം സ്തോമം ജുഷസ്വ നഃ ||**

ഹേ അഗ്നി! നീ കാന്തിമാനും ദേവതകളെ വിളിക്കുന്ന തിൽ സമർത്ഥനുമാകുന്നു. ഞങ്ങളുടെ ഈ സ്തോത്രങ്ങൾ നീ സ്വീകരിക്കണേ.

# സൂക്തം 13

**ഋഷി മേധാതിഥികണ്വൻ ദേവത അഗ്നിപ്രഭൃതി**
**ഛന്ദസ് ഗായത്രീ**

**1. സുസമിദ്ധോ ന ആ വഹ ദേവാം അഗ്നേ ഹവിഷ്മതേ |**
**ഹോതഃ പാവക യക്ഷി ച ||**

ഹേ സമിതാഗ്വനായ അഗ്നിദേവാ, ഞങ്ങളുടെ യജമാ നനുവേി യജ്ഞത്തിൽ ദേവതകളെ വിളിച്ചുകൊവന്ന് അവർക്ക് പൂജനടത്തിക്കൂ.

**2. മധുമന്തം തനൂനപാദ് യജ്ഞം ദേവേഷു നഃ കവേ |**
**അദ്യാ കൃണുഹി വീതയേ ||**

ഹേ മേധാവിയായ അഗ്നി! നീ, ശരീരം രക്ഷിക്കുന്നവ നാകൂ. ഞങ്ങളുടെ യജ്ഞത്തെ ദേവതകൾ ഉപഭോഗം ചെയ്യുന്നതിനുവേി സ്വീകരിക്കട്ടെ.

**3. നരാശംസമിഹ പ്രിയമസ്മിൻ യജ്ഞ ഉപ ഹ്വയേ |**
**മധുജിഹ്വം ഹവിഷ്കൃതം ||**

മനുഷ്യർ പ്രശംസിക്കുന്ന പ്രിയ അഗ്നിയെ ഈ യജ്ഞ സ്ഥലത്തേയ്ക്ക് ഞാൻ വിളിക്കുന്നു. അവൻ മധുരമായ ജിഹ്വ യോടുകൂടിയവനും ഹവിസിനെ വഹിക്കുന്നവനുമാകുന്നു.

**4. അഗ്നേ സുഖതമേ രഥേ ദേവാം ഈളിത ആ വഹ |**
**അസി ഹോതാ മനുർഹിതഃ ||**

ഹേ ഞങ്ങൾ സ്തുതിക്കപ്പെടുന്ന അഗ്നി! കൂടുതൽ സുഖ മുള്ള രഥത്തിൽ ദേവതകളെ ഇവിടേയ്ക്ക് കൊവരൂ. നിന്നെ ഈ യജ്ഞത്തിൽ മനുഷ്യർ ഹോതാവായി നിയോ ഗിച്ചിരിക്കുന്നു.

**5. സ്തൃണീതബർഹിരാനുഷഗ്ഘൃതപൃഷ്ഠം മനീഷിണഃ |**
**യത്രാമൃതസ്യ ചക്ഷണം ||**

ഹേ ജ്ഞാനികളേ, പരസ്പരം ചേർത്തുവച്ചിട്ടുള്ള കുശ പ്പുല്ലിനെ ഘൃതപാത്രം വയ്ക്കുന്നതിനുവേി വിരിക്കുവിൻ.

**6. വി ശ്രയന്തമൃതാവൃധോ ദ്വാരോ ദേവീരസശ്ചതഃ |**
**അദ്യാ നൂനം ച യഷ്ഠവേ ||**

ഇന്ന് യജ്ഞം നടത്തുന്നവനുവേി യജ്ഞശാലയുടെ പ്രകാശകവാടം തുറക്കുവിൻ. ആ കവാടങ്ങൾ ഇനി അടയാതിരിക്കട്ടെ.

**7. നക്തോഷാസാ സുപേശസാസ്മിൻ യജ്ഞ ഉപഹ്വയേ |**
**ഇദം നോ ബർഹിരാസദേ ||**

മനോഹര രാത്രികളേയും പകലുകളേയും ഈ കുശാ സനത്തിലുപവിഷ്ഠരാകുന്നതിനുവേി ഞാൻ വിളിക്കുന്നു.

**8. താ സുജിഹ്വാ ഉപ ഹ്വയേ ഹോതാരാ ദൈവ്യാ കവീ |**
**യജ്ഞം നോ യക്ഷതാമിമം ||**

സുന്ദരങ്ങളായ ജിഹ്വകളോടുകൂടിയവരും, മേധാവികളു മായ രു ഹോതാക്കളേയും (അഗ്നി, സൂര്യൻ) യജ്ഞ ത്തിൽ യജനകർമ്മങ്ങൾക്കായി ഞാൻ വിളിക്കുന്നു.

**9. ഇളാ സരസ്വതീ മഹീ തിസ്രോ ദേവീർമയോ ഭുവഃ |**
**ബർഹിഃ സീദന്ത്വസ്രിധഃ ||**

ഇളാ, സരസ്വതി, മഹി ഈ മൂന്നു ദേവിമാരും സുഖം നൽകുന്നവരാകുന്നു. ഇവർ ഈ കുശാസനം സ്വീകരിക്കട്ടെ.

**10. ഇഹ ത്വഷ്ടാരമഗ്രിയം വിശ്വരൂപമുപ ഹ്വയേ |**
**അസ്മാകമസ്തു കേവലഃ ||**

ഞാൻ, അഗ്രഗണ്യനും, വിവിധരൂപങ്ങളോടുകൂടിയവ നായ ത്വഷ്ടാ (അഗ്നി)വിനെ ഈ യജ്ഞത്തിലേക്കാ ഹ്വാനം ചെയ്യുന്നു. അവൻ ഞങ്ങളുടേതുതന്നെ ആയിരിക്കണം.

**11. അവ സൃജാ വനസ്പതേ ദേവദേവേഭ്യോ ഹവിഃ |**
**പ്ര ദാതുരസ്തു ചേതനം ||**

ഹേ വനസ്പതിദേവാ, യജമാനനു ജ്ഞാനം നൽകുന്ന തിന് ദേവഗണങ്ങൾക്ക് ഹവിസിനെ സമർപ്പിക്കൂ.

**12. സ്വാഹാ യജ്ഞം കൃണോതനേന്ദ്രായ യജ്വനോ ഗൃഹേ |**
**തത ദേവാം ഉപ ഹ്വയേ ||**

ഹേ ഋത്വിജൻമാരേ! യജമാനന്റെ ഭവനത്തിൽ സ്വാഹാ എന്ന് ഉച്ചരിച്ചുകൊ് ഇന്ദ്രനുവേി യജ്ഞം നടത്തുവിൻ. ഈ യജ്ഞത്തിലേയ്ക്ക് ഞങ്ങൾ ദേവകളെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 14

**ഋഷി മേധാതിഥി കണ്വൻ ദേവത വിശ്വദേവൻമാർ**
**ഛന്ദസ് ഗായത്രീ**

**1. ഐഭിരഗ്നേ ദുവോ ഗിരോ വിശ്വേഭിഃസോമ പീതയേ |**
**ദേവേഭിര്യാഹി യക്ഷി ച ||**

ഹേ അഗ്നീ! ഈ ദേവതകളോടുകൂടി സോമരസം പാനം ചെയ്യാൻ വരൂ. ഞങ്ങളുടെ പൂജയും സ്തുതിയും നിങ്ങളെ പ്രാപിക്കട്ടെ. ഞങ്ങളുടെ യജ്ഞത്തില ദേവപൂജ നടക്കട്ടെ.

**2. ആ ത്വാ കണ്വാ അഹൂഷത് ഗൃണന്തി വിപ്രതേധിയഃ |**
**ദേവഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! നിന്നെ കണ്വവംശീയനെന്നു വിളിച്ചുവരുന്നു. ഇപ്പോഴും നിന്റെ ഗുണഗണങ്ങളെ പ്രകീർത്തിക്കുന്നു. നീ ദേവതകളോടുകൂടി ആഗതനാകൂ.

**3. ഇന്ദ്രവായു ബൃഹസ്പതിം മിത്രാഗ്നിം പൂഷണം ഭഗം |**
**ആദിത്യാൻ മാരുതം ഗണം ||**

ഇന്ദ്രൻ, വായു, ബൃഹസ്പതി, മിത്രൻ, അഗ്നി, പൂഷാ, ഭഗൻ, ദിത്യൻ, മരുത്ഗണം ഇവരെ ആഹ്വാനം ചെയ്യുന്നു.

**4. പ്ര വോ ഭ്രിയന്ത ഇന്ദവോ മത്സരാ മാദയിഷ്ണവഃ |**
**ദ്രപ്സാ മധ്വാശ്ചമൂഷദഃ ||**

പാത്രത്തിൽ ഇറ്റിച്ച് അടച്ചുവച്ചിരിക്കുന്ന പ്രസന്നതയും തൃപ്തിയും ഉാക്കുന്ന സോമരസം ഇവിടെയു്.

**5. ഈളതേ ത്വാമവസ്യവഃ കണ്വാസോ വൃക്തബർഹിഷഃ |**
**ഹവിഷ്മന്തോ അരങ്കൃതഃ ||**

കണ്വവംശീയനായ നിന്നോട് രക്ഷ യാചിച്ചുകൊ് കുശ പ്പുല്ലുകൾ വിരിച്ച് ഹവ്യാദിവസ്തുക്കളാൽ യുക്തമാക്കി നിന്നെ സ്തുതിക്കുന്നു.

**6. ഘൃതപൃഷ്ഠാ മനോയുജോ യേ ത്വാ വഹന്തി വഹ്നയഃ |**
**ആ ദേവാൻസോമപീതയേ ||**

നീ ആഗ്രഹിക്കുന്ന മാത്രയിൽ രഥത്തിൽ പൂട്ടിയിരിക്കുന്ന അശ്വങ്ങൾ നിന്നെ വഹിച്ചുകൊുപോകുന്നു. അങ്ങിനെ നിങ്ങൾ സോമപാനത്തിനായി ഇവിടേയ്ക്കാഗതനാകണേ.

**7. താന യജത്രാം ഋതാവൃധോ ഗ്നേ പത്നീവതസ്കൃധി |**
**മധ്വഃ സുജിഹ്വ പായയ ||**

ഹേ അഗ്നീ! പൂജ്യൻമാരും, യജ്ഞത്തെ വളർത്തുന്ന വരുമായ ദേവൻമാരെ പത്നീസമേതം മധുരമുള്ള സോമരസം പാനം ചെയ്യിക്കണേ.

**8. യേ യജത്രാ യ ഇഡ്യാസ്തേ പിബന്തു ജിഹ്വയാ |**
**മധോരഗ്നേ വഷട്കൃതി ||**

ഹേ അഗ്നീ! പൂജ്യരും, സ്തുത്യരുമായ ദേവഗണം നിന്റെ ജിഹ്വകൾവഴി മധുരരസത്തോടുകൂടിയ സോമം പാനം ചെയ്യണേ.

**9. ആകിം സൂര്യസ്യ രോചനാദ് വിശ്വാൻ ദേവാം ഉഷർബുധഃ |**
**വിപ്രോ ഹോതേഹ വക്ഷതി ||**

ഹേ മേധാവിയും അഗ്നിരൂപനുമായ ഹോതാവേ! പ്രഭാത ത്തിലുണരുന്നവരായ വിശ്വേദേവതകളെ സൂര്യമണ്ഡ ലത്തിൽനിന്നും വേർതിരിച്ച് ഇവിടെ കൂട്ടിക്കൊുവരണേ.

**10. വിശ്വേഭിഃ സോമ്യം മധ്വഗ്ന ഇന്ദ്രേണ വായുനാ |**
**പിബാ മിത്രസ്യ ധാമഭിഃ ||**

ഹേ അഗ്നീ! നിങ്ങൾ മിത്രന്റേയും, ഇന്ദ്രന്റേയും, വായു വിന്റെയും തേജസ്സോടുകൂടി സോമരസം പാനം ചെയ്യണേ.

**11. ത്വം ഹോതാ മനുർഹിതോ ഗ്നേ യജ്ഞേഷു സീദസി |**
**സേമം നോ അധ്വരം യജ ||**

യജ്ഞത്തിൽ വിരാജിച്ചുകൊിരിക്കണേ. അങ്ങിനെ യജ്ഞത്തെ സമ്പന്നമാക്കൂ.

**12. യുക്ഷ്വാ ഹ്യരുഷീ രഥേ ഹരിതോ ദേവ രോഹിതഃ |**
**താഭിർദേവാം ഇഹാവഹ ||**

ഹേ അഗ്നീ! നീ സ്വർണ്ണവർണ്ണത്തോടും, രക്തവർണ്ണ ത്തോടും കൂടിയ അശ്വങ്ങളെ സ്വന്തം രഥത്തിൽ പൂട്ടി ക്കൊ് ദേവതകളെ യജ്ഞത്തിലേയ്ക്കാനയിക്കൂ.

## സൂക്തം 15

**ഋഷി മേധാതിഥി കണ്വൻ ദേവത ഋതുപ്രഭൃതകൾ**
**ഛന്ദസ് ഗായത്രീ**

**1. ഇന്ദ്ര സോമം പിബ ഋതുനാ ത്വാ വിശന്ത്വിന്ദവഃ |**
**മത്സരാസസ്തദോകസഃ ||**

ഹേ ഇന്ദ്രാ, ഋതുസഹിതം സോമം പാനം ചെയ്യൂ. ഈ സോമം നിൻെറ ശരീരത്തിൽ പ്രവേശിച്ച് തൃപ്തിപ്പെടുത്തട്ടെ.

**2. മരുതഃ പിബത ഋതുനാ പോത്രാദ യജ്ഞം പുനീതന |**
**യൂയം ഹി ഷ്ഠാ സുദാനവഃ ||**

ഹേ മരുത് ഗണങ്ങളെ! ഋതുക്കളോടുകൂടി ഹോതാ വിൻെറ പാത്രത്തിൽനിന്നും സോമരസം പാനം ചെയ്യുവിൻ. മംഗളദായകരായ നിങ്ങൾ എൻെറ യജ്ഞം പവിത്രമക്കൂ.

**3. അഭി യജ്ഞം ഗൃണീഹി നോ ഗ്നാവോ നേഷ്ടഃ |**
**പിബ ഋതുന ത്വം ഹി രത്നധാ അസി ||**

ഹേ ത്വഷ്ടാവേ! പത്നീ സഹിതം ഞങ്ങളുടെ യജ്ഞത്തെ ശരിയായ രീതിയിൽ പ്രശംസിക്കുകയും, ഋതുക്കളോടുകൂടി സോമപാനം നടത്തുകയും ചെയ്യൂ. നീ തീർച്ചയായും രത്ന ങ്ങൾ നൽകുന്നവനാണ്.

**4. അഗ്നേ ദേവാം ഇഹാ വഹ സാദയാ യോനിഷു ത്രിഷു |**
**പരി ഭൂഷ പിബ ഋതുനാ ||**

ഹേ അഗ്നീ! ദേവതകളെ ഇവിടെകൊു വന്ന് യജ്ഞ സ്ഥാനത്തിൻെറ മൂന്നുഭാഗങ്ങളിലും ഇരുത്തൂ. അവരെ ആഭര ണങ്ങളണിഞ്ഞ് സോമപാനം ചെയ്യിക്കൂ.

**5. ബ്രാഹ്മണാദിന്ദ്ര രാധസഃ പിബ സോമമൃതും രനു |**
**തവേദ്ധി സഖ്യമസ്തൃതം ||**

ഹേ ഇന്ദ്രാ! ബ്രാഹ്മണാഛസിയുടെ പാത്രത്തിൽനിന്ന് ഋതുക്കളോടൊത്ത് നീ സോമരസം പാനം ചെയ്യണേ. എന്തു കൊന്നൊൽ നിങ്ങളുടെ മൈത്രീബന്ധം ഒരിക്കലും തകരുന്നില്ല.

**6. യുവം ദക്ഷം ധൃതവ്രത മിത്രാവരുണ ദൂളഭം |**
**ഋതുനാ യജ്ഞമാശാഥേ ||**

ദൃഢത്രക്കാരായ മിത്രാ, വരുണാ, നിങ്ങൾ രുപേരും കർമ്മങ്ങളിൽ മുഴുകി ഋതുക്കൾ സഹിതം ഞങ്ങളുടെ യജ്ഞത്തിൽ ആഗതരാകൂ.

**7. ദ്രവിണോദാ ദ്രവിണസോ ഗ്രാവഹസ്താസോ അധ്വരേ |**
**യജ്ഞേഷു ദേവമീളതേ ||**

ധനം ആഗ്രഹിക്കുന്ന യജമാനൻ സോമ തയ്യാറാക്കു ന്നതിനായി കല്ലുകൾ വഹിച്ചുകൊ് ധനദാതാവായ അഗ്നിയെ പൂജിക്കുന്നു.

**8. ദ്രവിണോദാ ദദാതു നോ വസൂനി യാനി ശൃണ്വിരേ |**
**ദേവേഷു താ വനാമഹേ ||**

ഹേ ദ്രവിണോദനായ അഗ്നീ! ഞങ്ങൾക്ക് അറിയപ്പെ ട്ടിട്ടുള്ള എല്ലാ സമ്പത്തുകളും നൽകൂ. ഞങ്ങൾ ആ ധനം ദേവനായി അർപ്പണം ചെയ്യുന്നു.

**9. ദ്രവിണോദാഃ പിപീഷതി ജുഹോത പ്ര ച തിഷ്ഠത |**
**നേഷ്ട്രാദൃതു ഭിരിഷ്യത ||**

ധനദാതാവായ അഗ്നി സോമപാനേഛ്തുവാണ്. അവന് ആഹുതി നൽകി സ്വന്തം സ്ഥാനത്തേയ്ക്ക് അതിവേഗം മടങ്ങിപ്പോരൂ. ഋതുക്കൾ സഹിതം നേഷ്ടാവിൻെറ പാത്ര ത്തിൽനിന്നും സോമപാനം ചെയ്യൂ. (നേഷ്ടാവ് ഒരു ഋത്വി ക്കിൻെറ പേര്)

**10. യത്ത്വാ തുരീയമൃതുഭിർദ്രവിണോദോ യജാമഹേ |**
**അധ സ്മാ നോ ദദിർഭവ ||**

ഹേ ധനദാതാവേ! ഋതുക്കൾ സഹിതം നിങ്ങൾക്ക് നാലാംപ്രാവശ്യവും അർപ്പണം ചെയ്യുന്നു. നീ ഞങ്ങൾ ക്കാവശ്യമുള്ള ധനം ദാനം ചെയ്യുന്നവനായിരിക്കൂ.

**11. അശ്വിനാ പിബതം മധു ദീദ്യഗ്നീ ശുചിവ്രത |**
**ഋതുനാ യജ്ഞവാഹസാ ||**

അഗ്നിയാൽ പ്രകാശിക്കുന്നവരും, നിയമങ്ങളിൽ ദൃഢത യോടുകൂടിയവരും, ഋതുക്കളോടുകൂടിയുള്ള യജ്ഞനിർവ്വാ ഹകരുമായ അശ്വിനീകുമാരൻമാരേ! മധുരമുള്ള ഈ സോമരസം പാനം ചെയ്യൂ.

**12. ഗാർഹപത്യേന സന്ത്യ ഋതുനാ യജ്ഞനീരസി |**
**ദേവാൻ ദേവയതേ യജ ||**

ഹേ ദാതാവായ അഗ്നീ! നിങ്ങൾ ഋതുക്കളോടുകൂടി ഭവന പാലകരും യജ്ഞനിർവ്വാഹകനുമായിരിക്കൂ. ദേവതകളുടെ പ്രീതിയാഗ്രഹിക്കുന്ന ഈ യജമാനനുവേി ദേവാർച്ചന ചെയ്യൂ.

## സൂക്തം 16

**ഋഷി ധോതിഥി കണ്വൻ ദേവത ഇന്ദ്രൻ**
**ഛന്ദസ് ഗായത്രീ**

**1. ആ ത്വാ വഹന്തു ഹരയോ വൃഷണം സോമപീതയേ |**
**ഇന്ദ്ര ത്വാ സൂരചക്ഷസഃ ||**

അഭീഷ്ടവർഷകനായ ഇന്ദ്രാ! നീ നിൻെറ പ്രകാശിത രൂപ ങ്ങളോടുകൂടിയ അശ്വങ്ങളെ സോമപാനത്തിനായി ഇവിടെ കൊുവരൂ.

**2. ഇമാ ധാനാ ഘൃതസ്നുവോ ഹരീ ഇഹോപ വക്ഷതഃ |**
**ഇന്ദ്രം സുഖതമേ രഥേ ||**

ഇന്ദ്രൻെറ രശ്വങ്ങളും അദ്ദേഹത്തെ മനോഹരമായ പള്ളിത്തേരിലിരുത്തി നെയ്യിൽ സ്നിഗ്ധമാക്കിയ ഭക്ഷണ ത്തിന്നടുക്കൽ കൊുവരൂ.

**3. ഇന്ദ്രം പ്രാതർഹവാമഹ ഇന്ദ്രം പ്രയത്യധ്വരേ |**
**ഇന്ദ്രം സോമസ്യ പീതയേ ||**

ഉഷഃ കാലത്തിൽ ഞങ്ങളിന്ദ്രനെ വിളിക്കുന്നു. യജ്ഞം

നടത്തുമ്പോൾ സോമപാനത്തിനായി ഇന്ദ്രനെ വിളിക്കുന്നു.

**4. ഉപ നഃ സുതമാ ഗഹി ഹരിഭിരിന്ദ്ര കേശിഭിഃ |**
**സുതേ ഹി ത്വാ ഹവാമഹേ ||**

ഹേ ഇന്ദ്രാ! നിൻെറ നീ കുഞ്ചിരോമങ്ങളോടുകൂടിയ അശ്വങ്ങൾസഹിതം നീ ഇവിടെ ആഗതനാകൂ. സോമരസം പിഴിഞ്ഞു തയ്യാറാക്കിയശേഷം ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

**5. സേമം നഃ സ്തോമമാ ഗഹ്യുപേദം സവനം സുതം |**
**ഗൗരോ ന തൃഷിതഃ പിബ ||**

ഹേ ഇന്ദ്രാ! ഈ സോമരസത്തിനുവേി ഞങ്ങളുടെ സ്തോത്രങ്ങളാൽ ഇവിടെ ആഗതനായി ദാഹിക്കുന്ന മൃഗ ത്തെപ്പോലെ സോമപാനം ചെയ്യൂ.

**6. ഇമേ സോമാസ ഇന്ദവഃ സുതാസോ അധി ബർഹിഷി |**
**താം ഇന്ദ്ര സഹസേ പിബ ||**

ഹേ ഇന്ദ്രാ! പരമ ശക്തിയോടുകൂടിയതും, നിഷ്പന്നവു മായ ഈ സോമരസം കുശാസനത്തിൽ വചച്ചിരിക്കുന്നു. അത് നീ ശക്തി വർദ്ധനവിനുവേി പാനം ചെയ്യണേ.

**7. അയം തേ സ്തോമോ അഗ്രിയോ**
**ഹൃദിസ്പൃഗസ്തു ശംതമഃ |**
**അഥാ സോമം സുതം പിബ ||**

ഹേ ഇന്ദ്രാ! ശ്രേഷ്ഠമായ സ്തോത്രങ്ങൾ മർമ്മസ്പർശി കളും സുഖത്തിന് കാരണഭൂതങ്ങളുമാണ്. നീ ഇതു ശ്രവിച്ച് പിഴിഞ്ഞെടുത്ത് ഈ സോമം അതിവേഗം പാനം ചെയ്യൂ.

**8. വിശ്വമിത്സവനം സുതമിന്ദ്രോ മദായ ഗഛതി |**
**ബ്യത്രഹാ സോമപീതയേ ||**

എവിടെ സോമം സംസ്കരിച്ചെടുക്കപ്പെടുന്നുവോ, അവിടേയ്ക്ക് സോമപാനത്തിനുവേി, അതിൽ നിന്നുല്പ ന്നമാകുന്ന ആനന്ദപ്രാപ്തിക്കുവേി ദുഷ്ടനാശകനായ ഇന്ദ്രൻ അവശ്യം വന്നുചേരുന്നു.

**9. സേമം നഃ കാമമാ പൃണ ഗോഭിർശ്വൈഃ ശതക്രതോ |**
**സ്തവാമ ത്വാ സ്വധ്യഃ ||**

മഹാശക്തനായ ഇന്ദ്രാ! ഗോക്കൾ, അശ്വങ്ങൾ മുതലായ ധനങ്ങളോടുകൂടി നീ ഞങ്ങളുടെ എല്ലാ അഭിലാഷങ്ങളേയും പൂർണ്ണമാക്കണേ ഞങ്ങൾ ഭക്തിയോടുകൂടി നിന്നെ സ്തുതി ക്കുന്നു.

## സൂക്തം 17

**ഋഷി മേധാഥികണ്വൻ ദേവത ഇന്ദ്രവരുണൻ**

**ഛന്ദസ് ഗായത്രീ**

**1. ഇന്ദ്രാവരുണയോരഹ സമ്രാജോരവ ആ വൃണേ |**
**താ നോ മൃളാതാ ഈദൃശേ ||**

സാമ്രാട്ടുകളായ ഇന്ദ്രനിൽനിന്നും വരുണനിൽനിന്നും ഞാൻ രക്ഷയാഗ്രഹിക്കുന്നു. അവർ രുപേരും ഞങ്ങളുടെ മേൽ കനിയണേ.

**2. ഗന്താരാ ഹി സ്ഥോവസേ ഹവം വിപ്രസ്യ മാവത |**
**ധർതാരാ ചർഷണീനാം ||**

മനുഷ്യരുടെ യജമാനൻമാരായ നിങ്ങൾ ബ്രാഹ്മണരായ ഞങ്ങളുടെ വിളികേട്ട് ഞങ്ങളുടെ രക്ഷക്കുവേി നിശ്ചയ മായും വരൂ.

**3. അനുകാമം തർപയേഥാമിന്ദ്രാവരുണ രായ |**
**താ വാം നേദിഷ്ഠമീമഹേ ||**

ഹേ ഇന്ദ്രാ! വരുണാ! ഞങ്ങളാഗ്രഹിക്കുന്ന ധനം നൽകി ഞങ്ങളെ സന്തുഷ്ടരാക്കൂ. ഞങ്ങൾ നിങ്ങളുടെ സാമീപ്യമാ ഗ്രഹിക്കുന്നു.

**4. യവാകു ഹി ശചീനാം യുവാകു സുമതീനാം |**
**ഭൂയാമ വാജദാവ നാം ||**

ശക്തിയും, സൽബുദ്ധിയും ലഭിക്കുന്നതിനുള്ള ആഗ്രഹ ത്തോടുകൂടി ഞങ്ങൾ നിങ്ങളെ അഭിലഷിക്കുന്നു. ഞങ്ങളെ അന്നദാനം ചെയ്യുന്നവരിൽ മുമ്പരാക്കൂ.

**5. ഇന്ദ്രഃ സഹസ്രദാവ്നാം വരുണഃ ശംസ്യാനാം |**
**ക്രതുർഭവത്യുക്ഥ്യഃ ||**

സഹസ്രക്കണക്കായ ധനദാതാക്കളിൽ ഇന്ദ്രൻതന്നെ ശ്രേഷ്ഠൻ. സ്തുതികൾ സ്വീകരിക്കുന്നവരിൽ വരുണൻ ശ്രേഷ്ഠനാകുന്നു.

**6. തയോരിദവസാ വയം സനേമ നി ച ധീമഹി |**
**സ്യ ദുത പ്രരേചനം ||**

അവരുടെ സഹായത്താൽ ഞങ്ങൾക്ക് ധനം ലഭിച്ച് അത് ഉപഭോഗം ചെയ്യണേ. ഈ ധനം പ്രചുരമായ പരിമാണത്തിൽ സഞ്ചിതമായിരിക്കണേ.

**7. ഇന്ദ്രാ വരുണ വാമഹം ഹുവേ ചിത്രായ രാധസേ |**
**അസ്മാൻത്സ്യ ജിഗ്യുഷസ്കൃതം ||**

ഹേ ഇന്ദ്രാ, വരുണാ! വിവിധതരത്തിലുള്ള സമ്പത്തു ക്കൾക്ക് വേി നിങ്ങളെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ഞങ്ങൾക്ക് ശരിയായ വിധത്തിൽ ജയം വരുത്തണേ.

**8. ഇന്ദ്രാവരുണ നൂ നു വാം സിഷാസന്തീഷു ധീഷ്വാ |**
**അസ്മഭ്യം ശർമ യഛതം ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങൾ രുപേരും സ്നേഹ ഭാവത്തോടുകൂടി ഞങ്ങൾക്ക് അഭയം പ്രദാനം ചെയ്യണേ.

**9. പ്ര വാമശ്നോതുസുഷ്ടുതിരിന്ദ്രാവരുണ യാം ഹുവേ |**
**യാമൃധാഥേ സധസ്തുതിം ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങൾക്കുവേി നടത്തപ്പെടുന്ന മനോഹരമായ എൻെറ സ്തുതികളെ നിങങ്ങൾ പുഷ്ടി പ്പെടുത്തുകയും അവയെ സ്വീകരിക്കുകയും ചെയ്യൂ.

## സൂക്തം 18

**ഋഷി മേധാതിഥി കണ്വൻ ദേവത ബ്രഹ്മണാസ്പതി**

**ഛന്ദസ് ഗായത്രീ**

**1. സോമാനം സ്വരണം കൃണുഹി ബ്രഹ്മണസ്പതേ |**
**കക്ഷീവന്തം യ ഔശിജഃ ||**

ഹേ ബ്രഹ്മണസ്പതേ! സോമരസ നിർമ്മാതാവായ എനിക്ക് ഉശിജൻെറ പുത്രനായ കക്ഷിവാനു തുല്യമായി പ്രസിദ്ധി പ്രദാനം ചെയ്യൂ.

**2. യോ രേവാൻ യോ അമീവഹാസുവിത് പുഷ്ടിവർധനഃ |**
**സ നഃ സിഷക്തു യസ്തുരഃ ||**

ധനവാനും, രോഗനാശകനും, ധനദാതാവും, പുഷ്ടി വർദ്ധകനും, അതിവേഗം ഫലം നൽകുന്നവനുമായ ബ്രഹ്മണ സ്പതി നമ്മുടെമേൽ കൃപചൊരിയട്ടെ.

**3. മാനഃ ശംസോ അരരുഷോ ധൂർത്തിഃ പ്രണങ് മർത്യസ്യ |
രക്ഷാ ണോ ബ്രഹ്മണസ്പതേ ||**

നാസ്തികന് ഞങ്ങളെ വശത്താക്കുവാൻ കഴിയാതെ വരണേ. മരണസ്വഭാവത്തോടുകൂടിയ ഞങ്ങൾ ഹിംസിക്ക പ്പെടാതിരിക്കണേ, അങ്ങിനെ ഹേ ബ്രഹ്മണസ്പതേ! ഞങ്ങളെ രക്ഷിക്കണേ.

**4. സ ഘാ വീരോ ന രിഷ്യതി യമിന്ദ്രോ ബ്രഹ്മണസ്പതിഃ |
സോമോ ഹിനോതി മർത്യം ||**

ഇന്ദ്രൻ, സോമൻ, ബ്രഹ്മണസ്പതി ഇവരിൽനിന്നും പ്രേരണ ലഭിച്ച മനുഷ്യൻ ഒരിക്കലും ദുഃഖിതനായിത്തീ രുന്നില്ല.

**5. ത്വം തം ബ്രഹ്മണസ്പതേ സോമം ഇന്ദ്രശ്ച മർത്യം |
ദക്ഷിണാ പാത്വംഹസഃ ||**

ഹേ ബ്രഹ്മണസ്പതേ! നീയും, സോമനും, ഇന്ദ്രനും, ദക്ഷിണയും ഈ മനുഷ്യനെ പാപങ്ങളിൽനിന്നും രക്ഷി ക്കണേ.

**6. സദസസ്പതിമദ്ഭുതം പ്രിയമിന്ദ്രസ്യ കാമ്യം |
സനിം മേധാമയാസിഷം ||**

അത്മുതരൂപനും, ഇന്ദ്രൻെറ പ്രിയനും പാലകനുമായ അഗ്നിയോട് ഞാൻ ധനവും,ബുദ്ധിയും യാചിക്കുന്നു.

**7. യസ്മാദൃതേ ന സിധ്യതി യജ്ഞോ വിപശ്ചിതശ്ചന |
സ ധീനാം യോഗമിന്വതി ||**

യാതൊരുത്തൻെറ കൃപ കൂടാതെ ജ്ഞാനിയുടെ യജ്ഞം പൂർണ്ണമാകാതിരിക്കുന്നുവോ, ആ അഗ്നി ഞങ്ങൾക്ക് ഉചിതപ്രേരണ നൽകണേ.

**8. ആ ദൃധ്നോതി ഹവിഷ്കൃതി പ്രാഞ്ചം കൃണോത്യ ധ്വരം |
ഹോത്രാ ദേവേഷു ഗച്ഛതി ||**

അഗ്നിതന്നെ ഹവിസ്സിനെ പ്രാപിച്ച് സമൃദ്ധമാക്കുകയും യജ്ഞത്തിന് വൃദ്ധിയു ാക്കുകയും ചെയയ്യുന്നു. അഗ്നി യജമാനൻെറ സ്തുതികൾ ദേവതകളെ അറിയിക്കുന്നു.

**9. നരാശംസ സുധൃഷ്ടമമപശ്യം സപ്രഥസ്തമം |
ദിവോ ന സദ്മമഖസം ||**

പ്രതാപിയും, വിഖ്യാതനും, യശസ്വിയും മനുഷ്യർ സ്തുതിക്കുന്നവനും പൂജിക്കുന്നവനുമായ അഗ്നിയെ ഞാൻ ദർശിച്ചു.

## സൂക്തം 19

**ഋഷി മേധാതിഥി കണ്വൻ ദേവത അഗ്നി, മരുത്
ഛന്ദസ് ഗായത്രീ**

**1. പ്രതി ത്യം ചാരുമധ്വരം ഗോപീഥായ പ്ര ഹൂയസേ |
മരുദ്ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ!സുശോഭിതമായ ഈ യജ്ഞത്തിൽ സോമരസം പാനം ചെയ്യൂ. നിന്നെ ഞാൻ ആഹ്വാനം ചെ യ്യുന്നു. മരുത്ഗണങ്ങളോടുകൂടി ഇവിടെ ആഗത നാകണേ.

**2. നഹി ദേവോ ന മർത്യോ മഹസ്തവ ക്രതും പരഃ |
മരുദഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! നിനക്കു സമാനമായി നിൻെറ ശക്തിയെ നേരിടുന്നവരായി ദേവതകളോ മനുഷ്യരോ ഇല്ല. നിങ്ങൾ മരുത്തുക്കളോടുകൂടി എഴുന്നള്ളണേ.

**3. യേ മഹോ രജസോ വിദുർവിശ്വേ ദേവാസോ അദ്രുഹഃ
മരുദ്ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! ആരോടും വൈരം പിലർത്താതിരിക്കുകയും, വിശാലമായ അന്തരീക്ഷത്തിൻെറ ജ്ഞാതാക്കളായിരിക്കു കയും ചെയ്യുന്ന മരുത്തുക്കളോടൊത്ത് നീ ഇവിടെ വരണേ.

**4. യേ ഉഗ്രാ അർകുമാനൃചുരനാദൃഷ്ടാസ ഓജസാ |
മരുദ ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! ഉഗ്രൻമാരും, ഓജസ്സാൽ അജയ്യരും, ശക്തൻ മാരും വൃഷ്ടിയുാക്കുന്നവരും സ്തോത്രങ്ങളാൽ സ്തുതി ക്കുന്നവരുമായ മരുത്തുക്കളോടുകൂടി നീ ഇവിടെ വരു.

**5. യേ ശുഭ്രാ ഘോരവർപസഃ സുക്ഷരൂസോ രിശാദസഃ |
മരുദ്ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! ശോഭായുക്തരും, ഉഗ്രരൂപം ധരിച്ചിരിക്കുന്ന വരും മഹാബുദ്ധിശാലികളും, ശത്രുക്കളുടെ സംഹാര കർത്താക്കളുമായിരിക്കുന്ന മരുദ്ഗണങ്ങളോടു കൂടി നീ വരു.

**6. യേ നാകസ്യാധി രോചനേ ദിവി ദേവാസ ആസതേ|
മരുദ്ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! സ്വർഗ്ഗത്തിൻെറ മുകളിൽ പ്രകാശിക്കുന്ന ലോകത്തിൽ അധിവസിക്കുന്ന മരുത്തുക്കളെ കൂട്ടിക്കൊ് നീ വരു.

**7. യേ ഈങ്ഖയന്തി പർവതാൻ തിരഃ സമുദ്രമർണവം |
മരുദ്ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! മേഘങ്ങളെ ഭരിക്കുന്നവരും ജലത്തെ സമു ദ്രത്തിൽ തിപ്പിക്കുന്നവരുമായ മരുത്തുക്കളോടുകൂടി നീ ഇങ്ങോട്ടുവരു.

**8. ആ യേ തന്വന്തി രശ്മിഭിസ്തിരഃ സമുദ്രമോജസാ |
മരുദ്ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! സുര്യകിരണങ്ങളോടുകൂടി എല്ലാ സ്ഥലത്തും വ്യാപിക്കുകയും സമുദ്രത്തെ ശക്തിപൂർവ്വം ഇളക്കിമറി ക്കുകയും ചെയ്യുന്ന മരുത്തുക്കളോടുകൂടി നീ വരു.

**9.അഭി ത്വാ പൂർവ പീതയേ സൃജാമി സോമ്യം മധു |
മരുദ്ഭിരഗ്ന ആ ഗഹി ||**

ഹേ അഗ്നീ! നിനക്ക് പാനം ചെയ്യുന്നതിനുവേ മധുര മേറിയ സോമരസം ഞാൻ തയ്യാറാക്കിയിരിക്കുന്നു. അതി നാൽ നീ മരുത്തുക്കളോടുകൂടി ഇവിടെ വരു.

# അദ്ധ്യായം 2

## അനുവാകം 5 സൂക്തം 20

**ഋഷി മേധാതിഥി കണ്വൻ ദേവത ഋഭുക്കൾ ഛന്ദസ്
ഗായത്രീ**

**1. അയം ദേവായ ജന്മനേ സ്തോമോ വിപ്രേഭിരാസയാ |
അകാരി രത്നധാതമഃ ||**

ഈ സ്തോത്രം വിദ്വാൻമാർ ഋഭുക്കൾക്കു (തപസ്സു ചെയ്തു ദേവത്വം പ്രാപിച്ചവർ) വേി രമണീയമായ ഛന്ദ സ്സിൽ രചിച്ചിരിക്കുന്നു.

**2. യ ഇന്ദ്രായ വചോയുജാ തതക്ഷുർമനസാ ഹരീ |**
**ശമീഭിർയജ്ഞമാശത ||**

ഇന്ദ്രനുവേി പറയുമ്പോൾ തന്നെ സ്വയം കെട്ടപ്പെട്ടു നിൽക്കുന്ന അശ്വങ്ങളെ മനസ്സിനാൽ സൃഷ്ടിചച്ച ഋഭുക്കൾ ഈ യജ്ഞത്തിൽ വന്നിരിക്കുന്നു.

**3. തക്ഷന്നാസത്യാഭ്യാം പരിജ്മാനം സുഖം രഥം |**
**തക്ഷന്ധേനും സബർദുഘാം ||**

അവർ അശ്വിനികുമാരൻമാർക്കുവേി സുഖപ്രദമായ രഥവും, പാലിൻെറ രൂപത്തിലുള്ള അമൃതം നൽകുന്ന ധേനു വിനേയും നിർമ്മിച്ചു.

**4. യുവാന പിതരാ പുനഃ സത്യമന്ത്രാ ഋജൂയവഃ |**
**ഋഭവോ വിഷ്ട്യക്രത ||**

സത്യാശയരും, സരളസ്വഭാവത്തോടുകൂടിയവരും, സ്നേഹിക്കുന്നവരും, നിസ്വാർത്ഥികളുമായ ഋഭുക്കൾ തങ്ങ ളുടെ മാതാപിതാക്കൾക്ക് വീും യൗവ്വനാവസ്ഥ നൽകി.

**5. സം വോ മദാസോ അഗ്മതേന്ദ്രേണ ച മരുത്വതാ |**
**ആദിത്യേഭിശ്ച രാജഭിഃ ||**

ഹേ ഋഭുക്കളേ! മരുത്വഗണങ്ങൾക്കും ആദിത്യൻമാർക്കും ഇന്ദ്രനോടൊത്തുളള നിങ്ങൾക്കുവേി ഈ സോമരസം തയ്യാറാക്കിയിരിക്കുന്നു.

**6. ഉത ത്യം ചമസം നവം ത്വഷ്ടുർദേവസ്യ നിഷ്കൃതം |**
**അകർത ചതുരഃ പുനഃ ||**

ത്വഷ്ടാവു നിർമ്മിച്ച പുതിയ ചമസത്തിൻെറ സ്ഥാനത്ത് ഋഭുക്കൾ നാലു ചമസങ്ങൾ നിർമ്മിച്ചു വചച്ചു.

(ചമസം=യജ്ഞപാത്രം, യജ്ഞത്തിനുള്ള തവി)

**7. തേ നോ രത്നാനി ധത്തന ത്രിരാ സാപ്താനി സുന്വതേ |**
**ഏകമേകം സുശസ്തിഭിഃ ||**

ഉത്തമമായ രീതിയിൽ സ്തുതിക്കപ്പെട്ട ഋഭുഗണങ്ങൾ ക്കും സോമം തയ്യാറാക്കുന്ന യജമാനന് ഴാരോന്നോരോന്നാ യി ഇരുപത്തൊന്നു രത്നങ്ങൾ പ്രദാനം ചെയ്യട്ടെ.

**8. അധാരയന്ത വഹ്നയോ ഭജന്ത സുകൃത്യയാ |**
**ഭാഗം ദേവേഷു യജ്ഞിയം ||**

ഋഭുഗണങ്ങൾ അനശ്വരമായ ആയുസ്സും ദേവതകളോ ടൊപ്പം യജ്ഞാംശവും പ്രാപിചച്ചു.

## സൂക്തം 21

**ഋഷി മേധാതിഥി കണ്വൻ ദേവത ഇന്ദ്രനും അഗ്നിയും**
**ഛന്ദസ് ഗായത്രീ**

**1. ഇഹേന്ദ്രാഗ്നീ ഉപ ഹ്വ യേ തയോരിത്സ്തോമമുശ്മസി |**
**താ സോമം സോമപാതമാ ||**

ഇന്ദ്രനേയും അഗ്നിയേയും ഈ യജ്ഞസ്ഥാനത്തേയ്ക്ക് ഞാൻ ആഹ്വാനം ചെയ്യുന്നു. അവരെ സ്തുതിച്ചുകൊ് ഞാൻ സോമപാനത്തിന് അവർ രുപേരോടും നിവേദനം ചെയ്യുന്നു.

**2. താ യജ്ഞേഷു പ്ര ശംസതേന്ദ്രാഗ്നീ ശുംഭതാ നരഃ |**
**താ ഗായത്രേഷു ഗായത ||**

ഹേ മനുഷ്യരേ! ഇന്ദ്രനേയും അഗ്നിയേയും സ്തുതി ക്കുവിൻ. അവരെ അലങ്കരിക്കുവിൻ, സക്തുതിക്കുവിൻ.

**3. താ മിത്രസ്യ പ്രശസ്തയ ഇന്ദ്രാഗ്നീ താ ഹവാമഹേ |**
**സോമപാ സോമപീതയേ ||**

ഇന്ദ്രനും അഗ്നിയും മിത്രതയാൽ പ്രശംസിക്കപ്പെടട്ടെ ഞാൻ ഇവരെ സോമപാനത്തിനുവേി ക്ഷണിക്കുന്നു.

**4. ഉഗ്രാ സന്താ ഹവാമഹ ഉപേദം സവനം സുതം |**
**ഇന്ദ്രാഗ്നീ ഏഹ ഗച്ഛതാം ||**

ഉഗ്രദേവനായ ഇന്ദ്രനേയും അഗ്നിയേയും സോമയാഗ ത്തിലേയ്ക്ക് ഞാൻ ആഹ്വാനം ചെയ്യുന്നു. രുപേരും ഇങ്ങോട്ടെഴുന്നള്ളൂ.

**5. താ മഹാന്താ സദസ്പതീ ഇന്ദ്രാഗ്നീ രക്ഷ ഉബ്ജതം |**
**അപ്രജാഃ സന്ത്വത്രിണഃ ||**

ഹേ മഹാൻമാരും, സദാരക്ഷകരുമായ ഇന്ദ്രാ! അഗ്നി! നിങ്ങൾ രുപേരും ദുഷ്ടൻമാരെ വശത്താക്കൂ. മനുഷ്യ ഭക്ഷികളായ ദൈത്യൻമാർ സന്താനരഹിതരായി ഭവിക്കട്ടെ.

**6. തേന സത്യേന ജാഗൃതമധി പ്രചേതുന്നേ പദേ |**
**ഇന്ദ്രാഗ്നീ ശർമ യച്ഛതം ||**

ഹേ ഇന്ദ്രാഗ്നീ! സത്യവും ചൈതന്യവും നിറഞ്ഞ ഈ യജ്ഞത്തിനുവേി ഉണർന്നിരുന്ന് ഞങ്ങൾക്കാശ്രയം നൽകൂ.

## സൂക്തം 22

**ഋഷി മേധാതിഥികണ്വൻ ദേവത അശ്വിനി തുടങ്ങിയവർ ഛന്ദസ് ഗായത്രീ**

**1. പ്രാതർയുജാ വി ബോധയാശ്വിനാവേഹ ഗച്ഛതാം |**
**അസ്യ സോമസ്യ പീതയേ ||**

ഹേ അഗ്നീ! പ്രഭാതത്തിൽ സചേതരാകുന്ന അശ്വിനി കുമാരൻമാരെ യജ്ഞത്തിനു വരുന്നതിനുവേി ഉണർത്തു.

**2. യാ സുരഥാ രഥീതമോഭാ ദേവാ ദിവിസ്പൃശാ |**
**അശ്വിനാ താ ഹവാമഹേ ||**

അവർ രുപേരും സുശോഭിത രഥയുക്തരായി അതിര ഥിയും ആകാശം സ്പർശിക്കുന്നവരും ആകുന്നു. ഞങ്ങൾ അവരെ ആഹ്വാനം ചെയ്യുന്നു.

**3. യാ വാം കശാ മധുമത്യശ്വിനാ സൂനൃതാവതീ |**
**തയാ യജ്ഞം മിമിക്ഷതം ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ രുപേരും മധുര തരവും പ്രിയപ്പെട്ടതും സത്യരൂപമാകുന്നതുമായ ചാട്ടയോ ടുകൂടി ആഗതരായി യജ്ഞസേചനം ചെയ്യണേ.

**4. നഹി വാമസ്തി ദൂരകേ യത്രാ രഥേന ഗച്ഛഥഃ |**
**അശ്വിനാ സോമിനോ ഗൃഹം ||**

ഹേ അശ്വിനികുമാരൻമാരേ! സോമത്തോടുകൂടിയ ജയ മാന ഭവനം നിങ്ങൾ പ്രയാണമാരംഭിച്ച വഴിയിൽനിന്നും അകലെയല്ല.

**5. ഹിരണ്യപാണിമൂതയേ സവിതാരമുപ ഹ്വയേ |**
**സ ചേത്താ ദേവതാ പദം ||**

ഞാൻ സ്വർണ്ണകരമുള്ള സൂര്യനെ ആഹ്വാനം ചെയ്യുന്നു. അവൻ യജമാനന് ഉചിതമായ പ്രേരണ പൽകും.

**6. അപാം നപാതമവസേ സവിതാരമുപ സ്തുഹി |**
**തസ്യ വ്രതാന്യുശ്മസി ||**

ജലം ആകർഷിക്കുന്ന സൂര്യനെ സംരക്ഷണത്തിനു വേി ആമന്ത്രണം ചെയ്തു യജ്ഞം നടത്തുവാൻ ഞങ്ങളാ ഗ്രഹിക്കുന്നു.

**7. വിഭക്താരം ഹവാമഹേ വസോശ്ചിത്രസ്യ രാധസഃ |**
**സവിതാരം നൃചക്ഷസം ||**

ധനൈശ്വര്യങ്ങൾ വീതിച്ചു കൊടുക്കുന്നവനും മനു ഷ്യരുടെ ദ്രഷ്ടാവും ആയ സൂരയനെ ആഹ്വാനം ചെയ്യുന്നു.

**8. സഖായ ആ നി ഷ്വദത സവിതാ സ്തോമ്യോ നു നഃ |**
**ദാതാ രാധാം സി ശുംഭതി ||**

ഹേ മിത്രങ്ങളേ! നിങ്ങൾ എല്ലാ സ്ഥാനങ്ങളിലുമിരുന്ന് ധനദാതാവായ സൂര്യനെ സ്തുതിക്കണേഭ അവൻ അത്യ ധികം പ്രശോഭിതനാകുന്നു.

**9. അഗ്നേ പത്നീരിഹാ വഹ ദേവാനാമുശ്തീരുപ |**
**ത്വഷ്ടാരം സോമ പീതയേ ||**

ഹേ അഗ്നി! അഭിലാഷവതികളായ ദേവപത്നികളെ യജ്ഞത്തിലേയ്ക്ക് കൊുവരൂ. സോമപാനതതത്തിനായി ത്വഷ്ടാവിനെ ഇവിടെ കൂട്ടിക്കൊുവരൂ.

**10. ആ ഗ്നാ അഗ്നാ ഇഹാവസേ ഹോത്രാം**
**യവിഷ്ഠ ഭാരതീം |**
**വരൂത്രീം ധിഷണാം വഹ ||**

ഹേ യുവാവസ്ഥ പ്രാപിച്ച അഗ്നി! ഞങ്ങളുടെ രക്ഷയ്ക്കു വേി ഹോത്രാ, ഭാരതി, വരുത്രി, ധിഷണാ മുലായ ദേവി കളെ ഇവിടെ കൊുവരൂ.

**11. അഭി നോ ദേവീരവസാ മഹഃ ശർമണാനൃപത്നീഃ |**
**അച്ഛിന്നപത്രാഃ സചന്താം ||**

വീരപത്നികളും ദ്രുതഗാമിനികളുമായ ദേവിമാർ അവ രുടെ രക്ഷണസാമർത്ഥ്വത്തോടുകൂടി നമുക്ക് ആശ്രയം നൽകട്ടെ.

**12. ഇഹേന്ദ്രാണീമുപ ഹ്വയേ വരുണാനീം സ്വസ്തയേ |**
**അഗ്നായീം സോമപീതയേ ||**

സ്വന്തം നൻമയ്ക്കുവേി ഇന്ദ്രാണിയേയും, വരുണ പത്നിയേയും അഗ്നിപത്നിയേയും ഞാൻ സോമരസം പാനം ചെയ്യുവാനായി വിളിക്കുന്നു.

**13. മഹീ ദ്യൈഃ പൃഥിവീചന ഇമം യജ്ഞം മിമിക്ഷതാം |**
**പിപൃതാം നോ ഭരീമഭിഃ ||**

മഹത്തായ ആകാശവും ഭൂമിയും യജ്ഞസേചനം ചെയ്യുവാനഭിലഷിച്ചുകൊ് നമുക്ക് രക്ഷയും പോഷണ സമാർത്ഥ്വവും പ്രദാനം ചെയ്യട്ടെ.

**14. തയോരിദ്ഘൃതവത്പയോ വിപ്രാ രിഹന്തി ധീതിഭിഃ |**
**ഗന്ധർവസ്യ ധ്രുവേ പദേ ||**

ആകാശത്തിൻേറയും ഭൂമിയുടേയും ഇടയ്ക്കുള്ള ഗന്ധർവ്വ ലോകത്തിൽ ജ്ഞാനികളായവർ ഭക്തിയോടുകൂടി നെയ്ക്കു തുല്യം ജലംപാനം ചെയ്യുന്നു.

**15. സ്യോനാ പൃഥിവി ഭവാനൃക്ഷരാ നിവേശനീ |**
**യച്ഛാ നഃ ശർമ സപ്രഥഃ ||**

ഹേ പൃഥ്വി! നീ സുഖദായിനിയും, ബാധാരഹിതയും, ഉത്തമ വാസസ്ഥാനം നൽകുന്നവളുമാണ്. ഞങ്ങൾക്ക് ആശ്രയം പ്രദാനം ചെയ്യണേ.

**16. അതോ ദേവാ അവന്തു നോ യതോ**
**വിഷ്ണുർവിച ക്രമേ |**
**പൃഥിവ്യാഃ സപ്ത ധാമഭിഃ ||**

വിഷ്ണു കാലടികൾവെച്ച സപ്തസ്ഥാനങ്ങളോടുകൂടിയ ഭൂമിദേവഗണങ്ങൾ നമ്മെ രക്ഷിക്കണേ.

**17. ഇദം വിഷ്ണുർവി ചക്രമേ ത്രേധാ നി ദധേ പദം |**
**സമൂഌഹമസ്യ പാംസുരേ ||**

വിഷ്ണു ഈ ലോകത്തെ മൂന്നു കാലടികളാൽ അള ന്നെടുത്തു. അദ്ദേഹതതത്തിൻെറ പൊടിപുര പാദങ്ങളിൽ നിന്നുതന്നെ പൂർണ്ണസൃഷ്ടി ഉറഞ്ഞുകിടക്കുന്നു.

**18. ത്രീണി പദാവി ചക്രമേ വിഷ്ണർഗോപാ അദാഭ്യഃ |**
**അതോ ധർമാണി ധാരയൻ ||**

എല്ലാവരുടേയും രക്ഷകനും, ആരിൽനിന്നും ചതി വേൽക്കാത്തവനും, നിയമപാലകനുമായ വിഷ്ണു മൂന്നു പാദങ്ങൾ അളന്നു.

**19. വിഷ്ണോഃ കർമാണി പശ്യത യതോ വ്രതാനി**
**പസ്പശേ |**
**ഇന്ദ്രസ്യ യുജ്യഃ സഖാ ||**

വിഷ്ണുവിൻെറ പരാക്രമത്തെ നോക്കൂ, അദ്ദേഹ ത്തിൻെറ ശക്തിയാൽ എല്ലാ നിയമങ്ങങ്ങളും സ്ഥിതി ചെ യ്യുന്നു. അദ്ദേഹം ഇന്ദ്രൻെറ കൂട്ടുകാരനും മിത്രവു മാകുന്നു.

**20. തദ്വിഷ്ണോഃ പരമം പദം സദാ പശ്യന്തി സൂരയഃ |**
**ദിവീവ ചക്ഷുരാതതം ||**

ആകാശത്തിൻെറ അനന്തതയിലേയ്ക്ക് നോക്കുന്ന കണ്ണുകൾ വിഷ്ണുവിൻെറ പരമപദം ദർശിക്കുവാനിച്ഛി ക്കുന്നു. ജ്ഞാനികൾ ആ പദത്തെ സദാ തങ്ങളുടെ ഹൃദ യത്തിൽ ദർശിക്കുന്നു.

**21. തദ്വിപ്രാസോ വിപന്യവോ ജാഗൃവാംസഃ സമിന്ധതേ |**
**വിഷ്ണോ ര്യത്പരമം പദം ||**

വിഷ്ണുവിൻെറ പരമോന്നതപദത്തെ സ്തുതിക്കുന്ന വരായ ജ്ഞാനികൾ ശരിയായ വിധതതത്തിൽ പ്രകാശിച്ചു കൊിരിക്കുന്നു.

## സൂക്തം 23

**ഋഷി മേധാതിഥികണ്വൻ ദേവത വായു ഛന്ദസ് ഗായത്രീ**

**1. തീവ്രാഃ സോമാസ ആ ഗഹ്യാശീർവന്തഃസുതാ ഇമേ |**
**വായോ താൻപ്രസ്ഥിതാൻപിബ ||**

ഹേ വയൂ! പാലുചേർത്തിട്ടുള്ളതും അരിച്ചെടുത്തതുമായ സോമരസം തയ്യാറാക്കിയിരിക്കുന്നു. അതിവേഗം വന്ന് ഇതു പാനം ചെയ്യൂ.

**2. ഉഭാ ദേവാ ദിവിസ്പൃശേന്ദ്രവായൂ ഹവാമഹേ |**
**അസ്യ സോമസ്യ പീതയേ ||**

ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന ഇന്ദ്രനേയും വായു ദേവനേയും സോമരസം പാനം ചെയയയ്യുന്നതിനുവേ ി ഞങ്ങളാഹ്വാനം ചെയ്യുന്നു.

**3. ഇന്ദ്രവായൂ മനോജുവാ വിപ്രാ ഹവന്ത ഊതയേ |**
**സഹസ്രാക്ഷാ ധിയസ്പതീ ||**

മനസ്സിനുതുല്യം വേഗതയുള്ളുവനും, സഹസ്രാക്ഷിക ളുള്ളവനും, കർമ്മശീലനുമായ ഇന്ദ്രനേയും വായുവിനേയും തങ്ങളുടെ രക്ഷയ്ക്കായി ജ്ഞാനികൾ വിളിക്കുന്നു.

**4. മിത്രം വയം ഹവാമഹേ വരുണം സോമപീതയേ |**
**ജജ്ഞാനാ പൂതദക്ഷസാ ||**

മിത്രനേയും വരുണനേയും സോമപാനത്തിനുവേ ി ഞങ്ങൾ വിളിക്കുന്നു. പവിത്രരും ശക്തരുമായ അവർ ഇങ്ങോ ട്ടെഴുന്നള്ളണേ.

**5. ഋതേന യാവൃതാവൃധാവൃതസ്യ ജ്യോതിഷസ്പതി |**
**താ മിത്രാവരുണാ ഹുവേ ||**

സത്യത്താൽ സത്യത്തെ വളർത്തുന്നവരും, പ്രകാശാധി പതികളുമായ മിത്രാവരുണൻമാരെ ഞാനാഹ്വാനം ചെയ്യുന്നു.

**6. വരുണഃ പ്രാവിതാ ഭുവൻമിത്രോ വിശ്വാഭിരൂതിഭിഃ |**
**കരതാം നഃ സുരാധസഃ ||**

വരുണൻ എൻെറ രക്ഷകനാകണേ, മിത്രനും എന്നെ രക്ഷിക്കണേ. ഇവർ രും നമെമമ്മ ധനവാൻമാരാക്കണേ.

**7. മരുത്വന്തം ഹവാമഹ ഇന്ദ്രമാ സോമപീതയേ |**
**സജൂർഗണേന തൃമ്പതു ||**

മരുത്തുക്കളോടുകൂടി ഇന്ദ്രനെ ഞങ്ങളാഹ്വാനം ചെയ്യുന്നു. അവർ സോമപാനത്തിനായി ഇവിടെ വന്നു തൃപ്തരാകട്ടെ.

**8. ഇന്ദ്രജേഷ്ഠാ മരുദ്ഗണാ ദേവാസഃ പൂഷരാതയഃ |**
**വിശ്വേ മമ ശ്രുതാ ഹവം ||**

പുഷാവ്ദാതാവും ഇന്ദ്രൻ ദാതാക്കളിൽ മുഖ്യനുമാണ്. ആ മരുദ്ഗണങ്ങൾ നമ്മുടെ ആഹ്വാനം ശ്രവിക്കണേ.

**9. ഹത വൃത്രം സുദാനവ ഇന്ദ്രേണ സഹസാ യുജാ |**
**മാ നോ ദുഃ ശംസ ഈശത ||**

ഹേ സുശോഭിതരും ദാനികളുമായ മരുത്തുക്കളേ! നിങ്ങൾ ശക്തനും സഹായകനുമായ ഇന്ദ്രനോടുകൂടി വൃതനെ നശിപ്പിക്കണേ. ഒരിക്കലും ദുഷ്ടനായ അവൻ ഞങ്ങ ളുടെ മേൽഭരണം നടത്താതിരിക്കണേ.

**10. വിശ്വാൻദേവാൻഹവാമഹേ മരുതഃ സോമപീതയേ |**
**ഉഗ്രാ ഹി പൃശ്നിമാതരഃ ||**

എല്ലാ മരുദ്ദേവൻമാരെയും സോമപാനത്തിനായി ഞങ്ങൾ വിളിക്കുന്നു. അവർ അതിശക്തരും ഭൂമിയുടെ സന്താനങ്ങളു മാകുന്നു.

**11. ജയതാമിവ തന്യതുർമരുതാമേതി ധൃഷ്ണയാ |**
**യച്ഛുഭം യാഥനാ നരഃ ||**

മാരുതൻമാരുടെ ഗർജ്ജനം വിജയനാദത്തിനു തുല്യമാണ്. അതിനിന്നും മനുഷ്യർക്കു മംഗളമുാകുന്നു.

**12. ഹസ്കരാദ്വിദ്യുതസ്പര്യതോ ജാതാ അവന്തു നഃ |**
**മരുതോ മൃളയന്തു നഃ ||**

വിദ്യുത്തിൻെറ പ്രകാശത്തിൽ പുഞ്ചിരിക്കുന്ന മുഖത്തു നിന്ന് (സൂര്യൻ) ഉത്ഭവിക്കുന്ന മരുത്ഗണം നമ്മുടെ രക്ഷക രായിരിക്കണേ. നമുക്കു മംഗളം വരുത്തണേ.

**13. ആ പൂഷഞ്ച ത്രബർഹിഷമാഘൃണേ ധരുണം ദിവഃ |**
**ആജാ നഷ്ടം യഥാ പശും ||**

ഹേ ദീപ്തിയുക്തനായ പൂഷാവേ! നഷ്ടപ്പെട്ടുപോയ പശുവിനെ അന്വേഷിച്ചു കുപിടിച്ച് കൊണ്ടുവരുന്നതു പോലെ നീ കുശയോടുകൂടിയതും, യജ്ഞാധാരകവുമായ സോമം കൊുവരണേ.

**14. പൂഷാ രാജാനമാഘൃണിരപഗൂള്ഹം ഗുഹാ ഹിതം |**
**അവിന്ദച്ചിത്രബർഹിഷം ||**

എല്ലാ ഭാഗങ്ങളിലും പ്രകാശിക്കുന്ന പൂഷാവ് ഗുഹയിൽ ഒളിച്ചിരിക്കുന്ന കുശായുക്തമായ സോമം കൊുവന്നി രിക്കുന്നു.

**15. ഉതോ സ മഹ്യമിന്ദുഭിഃ ഷഡ്യുക്താം അനുസേഷിധത് |**
**ഗോഭിര്യവം ന ചർകൃഷത് ||**

ആ പൂഷാവ് സുന്ദര ആറ് ഋതുക്കളെ കൃഷിക്കാരൻ യവം കൊയ്തെടുക്കുന്നതുപോലെ പ്രാപിച്ചുകൊി രിക്കട്ടെ.

**16. അംബയോ യന്ത്യധ്വഭിർജാമയോ അധ്വരീയതാം |**
**പൃഞ്ചതീർമധുനാ പയഃ ||**

യജ്ഞം നടത്തുവാനാഗ്രഹിക്കുന്നവരുടെ ബന്ധുരൂപക മാണ് ജലം. അത് ഗോക്കളിൽ ക്ഷീരം പുഷ്ടിപ്പെടുത്തി ക്കൊ് യജ്ഞമാർഗ്ഗത്തിൽക്കൂടി ചലിക്കുന്നു.

**17. അമൂര്യാ ഉപ സൂര്യേ യാഭിർവാ സൂര്യ സഹ |**
**താ നോ ഹിന്വന്ത്വധ്വരം ||**

ഏതൊരു ജലം സൂര്യനിൽ സ്ഥിതിചെയ്യുന്നുവോ അഥവാ സൂര്യൻ ഏതൊരു ജലത്തോടുകൂടിയായിരിക്കുന്നുവോ, ആ ജലം നമ്മുടെ യജ്ഞത്തെ സേചനം ചെയ്യട്ടെ.

**18. അപോ ദേവീരുപ ഹ്വയേ യത്ര ഗാവഃ പിബന്തി നഃ |**
**സിന്ധുഭ്യഃ കർത്വം ഹവിഃ ||**

നമ്മുടെ ഗോക്കൾ പാനം ചെയ്യുന്ന ജലം നാം വളരെ ഇഷ്ടപ്പെടുന്നു. പ്രവഹിച്ച് കൊിരിക്കുന്ന ആ ജലദേവിക്ക് ഹവിസ്സ് നൽകണം.

**19. അപ്സ്വന്തരമൃതമപ്സു ഭേഷജമപാമുത പ്രശസ്തയേ |**
**ദേവാ ഭവത വാജിനഃ ||**

ജലത്തിൽ അമൃതമു്. ജലത്തിൽ ഔഷധമു്. അതിനാൽ ജലത്തിൻെറ മഹിമ കീർത്തിക്കുവിൻ.

**20. അപ്സു മേ സോമോ അബ്രവീദന്തർവിശ്വാനി ഭേഷജ |**
**അഗ്നിം ച വിശ്വശംഭുവമാപശ്ച വിശ്വഭേഷജീഃ ||**

സോമൻ പറയുന്നതനുസരിച്ച് ജലം ഔഷധതത്വമാ കുന്നു.

അദ്ദേഹവും സുഖദാതാവായ അഗ്നിയും ആരോ ഗ്യദായകമായ ജലത്തിൻെറ ഗുണങ്ങൾ വർണ്ണിച്ചിരിക്കുന്നു.

**21. ആപഃ പൃണീത ഭേഷജം വരൂഥം തന്വേ മമ |**
**ജ്യോക് ച സൂര്യം ദൃശേ ||**

ഹേ ജലമേ! ചിരകാലം വരെ സൂര്യദർശനം നടത്തുന്ന തിനുവേി ആരോഗ്യവാനായിരിക്കുന്നതിന് ശരീരരക്ഷ കമായ ഔഷധം എൻെറ ദേഹത്ത് സ്ഥാപിക്കൂ.

**22. ഇദമാപഃ പ്ര വഹത യത്കിം ച ദുരിതം മയി |**
**യദ്വാഹമഭിദുദ്രോഹ യദ്വ ശേപ ഉതാനൃതം ||**

ജലമേ! എന്നിൽ സ്ഥിതമായിരിക്കുന്ന പാപം ഒഴുക്കി ക്കളയൂ. എൻെറ ദ്രോഹഭാവങ്ങളേയും, അപശബ്ദങ്ങ ളേയും, മിഥ്യാചരണത്തേയും പ്രതാഡനം ചെയ്യൂ.

**23. ആപോ അദ്യാന്വചാരിഷം രസേന സമഗസ്മഹി |**
**പയസ്വാനഗ്ന ആ ഗഹി തം മാ**
**സം സൃജ വർചസാ ||**

ഇന്നു ഞാൻ ജലത്തെ പ്രാപിച്ചിരിക്കുന്നു. അതെന്നെ രസയുക്തമാക്കിയിരിക്കുന്നു. ഹേ അഗ്നി! ജലസഹിതമായി വന്ന് എന്നെ തേജസ്സോടുകൂടിയവനാക്കണേ.

**24. സം മാഗ്നേ വർചസാ സൃജ സം പ്രജയാ സമായുഷാ |**
**വിദ്യുർമേ അസ്യ ദേവാ ഇന്ദ്രോ**
**വിദ്യാത്സഹ ഋഷിഭിഃ ||**

ഹേ അഗ്നീ! എന്നെ തേജസ്സോടുകൂടിയവനാക്കണേ. സന്താനങ്ങളാലും ആയുസ്സിനാലും യുക്തനാക്കണേ. ദേവഗണങ്ങളും, ഋഷിഗണങ്ങളും ഇന്ദ്രദേവനും എൻെറ സ്തവങ്ങളെ അറിയണേ.

## അനുവാകം 6 സൂക്തം 24

**ഋഷി ശുനശേപൻ ദേവത പ്രജാപതി, അഗ്നി, സവിതാവ്, വരുണൻ ഛന്ദസ് തൃഷ്ടുപ്, ഗായത്രീ**

**1. കസ്യ നൂനം കതമസ്യാമൃതാനാം മനാമഹേ ചാരു ദേവസ്യ നാമ |**
**കോ നോ മഹ്യാ അദിതയേ പുനർദാത്പിത രം ച ദൃശേയം മാതരം ച ||**

ഞാൻ ഏതു ദേവൻെറ മനോഹരമായ നാമം ഉച്ചരി ക്കണം? ആരെ സ്തുതിച്ചാലായിരിക്കാം എനിക്ക് മാതാ പിതാക്കളെ ദർശിക്കുന്നതിന് ഭൂമിയിൽ പ്രവേശനം ലഭി യ്ക്കുന്നത്.

**2. ഗ്നേർവയം പ്രഥമസ്യാമൃതാനാം മനാമഹേ ചാരു ദേവസ്യ നാമ |**
**സ നോ മഹ്യാ അദിതയേ പുനർദാത്പിതരം ച ദൃശേയം മാതരം ച ||**

അമരത്വം പ്രാപിച്ചിട്ടുളള ദേവതകളിൽ സർവ്വപ്രധാ നി യായ അഗ്നിയുടെ നാമോച്ചാരണം ചെയ്യാം. അവൻ എനിക്ക് ശ്രേഷ്ഠയായ ഭൂമിയെ നൽകുകയും ഞാൻ മാതാപി താക്കളെ കാണുകയും ചെയ്യണേ.

**3. അഭി ത്വാ ദേവ സവിതരിശാനം വാര്യാണാം |**
**സദാവൻഭാഗമീമഹേ ||**

ഹേ സതതസംരക്ഷണ സ്വഭാവത്തോടുകൂടിയവനും, ദാനസമ്പത്തുക്കളുടെ സ്വാമിയുമായ സവിതാദേവാ! നിന്നിൽ നിന്നും ഞങ്ങൾ എല്ലാ ഐശ്വര്യങ്ങളും പ്രതീക്ഷിക്കുന്നു.

**4. യശ്ചിദ്ധി ത ഇത്ഥാ ഭഗഃ ശശമാനഃ പുരാ നിദഃ |**
**അദ്വേഷോ ഹസ്തയോർദധേ ||**

ഹേ സൂര്യാ! സത്യവും, അനിത്യവും, സ്തുത്യവും, ദ്വേഷ രഹിതവും സേവനീയവുമായ ധനം നീ വഹിച്ചിരിക്കുന്നു.

**5. ഭഗഭക്തസ്യ തേ വയമുദശേമ തവാവസാ |**
**മൂർധാനം രായ ആരഭേ ||**

ഹേ ഐശ്വര്യവാനായ സൂര്യാ! അങ്ങയുടെ രക്ഷയിൽ ആശ്രിതൻമാരും നിൻെറ സേവകരുമായ ഞങ്ങൾ ഐശ്വര്യ സാധനകളിൽ വ്യാപൃതരായിരിക്കുന്നു. അങ്ങ് ഞങ്ങളെ രക്ഷിക്കണേ.

**6. നഹി തേ ക്ഷത്രം ന സഹോ ന മന്യും വയശ്ചനാമി പതയന്ത ആപുഃ |**
**നേമാ ആപോ അനിമിഷം ചരന്തീർന യേ വാതസ്യ പ്രഭിനന്ത്യഭ്വം ||**

ഹേവരുണാ! നിൻെറ അഖണ്ഡരാജ്യത്തും, ശക്തിയിലും ക്രോധത്തിലും ഈ പറന്നു നടക്കുന്ന പക്ഷക്ഷികൾക്കു പ്രവേശിക്കുവാൻ കഴിവില്ല. നിരന്തരം പ്രവഹിച്ചുകൊിരി ക്കുന്ന ജലത്തിൻെറ വേഗതതത്തിനും, വായുവിൻെറ പ്രബലമായ വേഗത്തിനും, നിൻെറ വേഗതയ്ക്കൊപ്പ മെത്താൻ സാധ്യമല്ല.

**7. അബുധ്നേ രാജാ വരുണോ വനസ്യോർധ്വം സ്തൂപം ദദതേ പൂതദക്ഷഃ |**
**നീചീനാഃ സ്ഥുരുപരി ബുധ്ന ഏഷാമസ്മേ അന്തർനിഹിതാഃ കേതവഃ സ്യുഃ ||**

പവിത്രനും പരാക്രമയുക്തനുമായ വരുണൻ ആകാശ ത്തിൻെറ മുകൾഭാഗത്ത് തേജസ്സമൂഹത്തെ സ്ഥാപിച്ചിരി ക്കുന്നു. ഈ തേജസ്സമൂഹത്തിൻെറ മുഖം അടിഭാഗത്തും ചുവട് മുകൾ ഭാഗത്തുമായി സ്ഥിതി ചെയ്യുന്നു. ഈ പ്രകാശം ഞങ്ങളുടെ അന്തർഭാഗത്ത് സ്ഥിരമായി കേതു (പ്രാണൻ, അടയാളം) വായി സ്ഥിതിചെയ്യണേ.

**8. ഉരും ഹി രാജാ വരുണശ്ചകാര സൂര്യായ പന്ഥാമന്വേതവാ ഉ |**
**അപദേ പാദാ പ്രതിധാതവേ കരുതാപവക്താ ഹൃദയാവിധശ്ചിത് ||**

വരുണൻ സൂര്യൻെറ ഗമനത്തിനായി വിസ്തൃതമായ മാർഗ്ഗം നിർമ്മിച്ചിരിക്കുന്നു. അതുപോലെ നിരാശ്രയമായ ആകാശത്തിൽ സൂര്യൻെറ പാദമുറപ്പിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തു. ആ വരുണൻ എൻെറ ഹൃദയത്തെ കഷ്ട പ്പെടുത്തുന്നതുവരെ എല്ലാം മാറ്റണമേ.

**9. ശതം തേ രാജൻഭിഷജഃ സഹസ്രമുർവ്വീ ഗഭീരാ സുമതിഷ്ടേ അസ്തു |**
**ബാധസ്വ ദൂരേ നിർഋതിം പരാചൈഃ കൃതം ചിദേനഃ പ്ര മുമുഗ്ധ്യസ്മത് ||**

ഹേ വരുണാ, അങ്ങയുടെ അടുക്കൽ അസംഖ്യം ഉപായ ങ്ങളുണ്ട്. അങ്ങയുടെ സൂക്ഷ്മബുദ്ധി ഗംഭീരവും അഗാധ വുമാണ്. അങ്ങ് പാപശക്തികളെ നശിപ്പിക്കൂ. ഞങ്ങൾ ചെയ്തുപോയ എല്ലാ പാപങ്ങളിൽനിന്നും ഞങ്ങളെ മോചിപ്പിക്കൂ.

**10. അമീ യ ഋക്ഷാ നിഹിതാസ ഉച്ചാ നക്തം ദദൃശ്രേകുഹ ചിദ്ദിവേയുഃ |
അദബ്ധാനി വരുണസ്യ വ്രതാനി വിചാകശച്ചന്ദ്രമാ നക്തമേതി ||**

ഈ നക്ഷത്രരൂപരായ സപ്തർഷികൾ രാത്രിയിൽ ഉന്നതസ്ഥാനങ്ങളിലിരിക്കുന്നതായി കാണുന്നു. അവർ പകൽ എവിടെ വിലീനരായിരിക്കുന്നു? ചന്ദ്രനും രാത്രിയിൽ പ്രകാ ശിച്ചുകൊ് ചലിക്കുന്നു. വരുണൻെറ നിയമങ്ങൾ അലംഘ്യങ്ങളാണ്.

**11. തത്ത്വാ യാമി ബ്രഹ്മണാ വന്ദമാനസ്തദാ ശാസ്തേ യജമാനോ ഹവിർഭിഃ
അഹേളമാനോ വരുണേഹ ബോധ്യുരുശംസ മാ ന ആയുഃ പ്ര മോഷീഃ**

ഹേ വരുണാ! മന്ത്രയുക്ത വാണി സ്തോത്രംകൊ് ഞാൻ നിന്നോടുതന്നെ യാചിക്കുന്നു. ഹവിസേസസ്സാടു കൂടിയ യജമാനനും ക്രോധിതനാകാത്ത നിന്നോട് പ്രാർത്ഥിച്ചുകൊ് ആയുസ്സ് യാചിക്കുന്നു.

**12. തദിന്നക്തം തദ്ദിവാ മഹ്യമാഹുസ്തദയം കേതോ ഹൃദ ആ വി ചഷ്ടേ |
ശുനഃ ശേപോ യമഹ്വദ്ഗൃഭീതഃ സോ അസ്മാൻ രാജാ വരുണോ മുമോക്തു ||**

ബന്ധനസ്ഥനായിരുന്ന ശുനശേപൻ വരുണനെ വിളി ച്ചിരുന്നു എന്ന കാര്യം രാവും പകലും എൻെറ ഹൃദയത്തിൽ ഉയർന്നുകൊിരിക്കുന്നു. അവൻ ശുനശേപനെ എന്ന പോലെ നമ്മെയും ബന്ധനത്തിൽനിന്ന് മോചിപ്പിക്കണേ.

**13. ശുനഃ ശേപോ ഹ്യഹ്വദ്ഗൃഭീതസ്രിഷ്വാദിത്യം ദ്രുപദേഷു ബദ്ധഃ |
അവൈനം രാജാ വരുണഃ സസൃജ്യാദ്വിദ്വാം അദബ്ധോ വി മുമോക്തു പാശാൻ ||**

പിടിക്കപ്പെട്ട മരത്തൂണിൽ മൂന്നുകെട്ടുകളാൽ ബന്ധി ക്കപ്പെട്ട ശുനശേപൻ അദിതിപുത്രനായ വരുണനെ ആഹ്വാനം ചെയ്തു. ആ വരുണൻ വിദ്വാനും ഒരിക്കലും ചതിക്കാത്തവനുമാണ്. അവൻ എൻെറ പാശങ്ങളറുത്ത് എന്നെ മുക്തനാക്കണേ.

**14. അവ തേ ഹേളോ വരുണ നമോഭിരവ യജ്ഞേഭിരീമഹേ ഹവിർഭിഃ |
ക്ഷയന്നസ്മഭ്യമസുര പ്രചേതാ രാജന്നേനാംസി ശിശ്രഥഃ കൃതാനി ||**

ഹേ വരുണാ! ഞങ്ങളുടെ സ്തുതിവചനംകൊ നിൻെറ ക്രോധം ശാന്തമാക്കട്ടെ. പ്രഖരബുദ്ധിയോടുകൂടിയ നീ ഞങ്ങളോടുകൂടി വസിച്ചു ഞങ്ങളുടെ പാപബന്ധങ്ങളെ അഴിച്ചു കളയട്ടെ.

**15. ഉദുത്തമം വരുണ പാശമസ്മദവാധമം വി മധ്യമം ശ്രഥായ |
അഥാ വയമാദിത്യ വ്രതേ തവാനാഗസോ അദിതയേസ്യാമ ||**

ഹേ വരുണാ, ഞങ്ങളുടെ മുകളിലും അടിയിലുമുള്ള പാശങ്ങളെ താഴേയ്ക്ക് വലിച്ചിട്ട് ഇടയ്ക്കുള്ള പാശതെതത്ത മുറിച്ചുകളയണേ. ഞങ്ങൾ അങ്ങയുടെ നിയമങ്ങളിൽക്കൂടി ചരിച്ചുകൊ് നിരപരാധരായിത്തീരണേ.

## സൂക്തം 25

**ഋഷി ശുനശേപൻ ദേവത വരുണൻ ഛന്ദസ് ഗായത്രീ**

**1. യച്ചിദ്ധി തേ വിശോ യഥാ പ്ര ദേവ വരുണ വ്രതം |
മിനീമസി ദ്യവിദ്യവി ||**

ഹേ വരുണാ! നിൻെറ വ്രതാനുഷ്ഠാനങ്ങൾ മനുഷ്യർ തെറ്റിക്കുന്നതുപോലെതന്നെ ഞങ്ങളും നിൻെറ നിയമാ ദികളെ ഉല്ലംഘിച്ചു കൊിരിക്കുന്നു.

**2. മാ നോ വധായ ഹത്നവേ ജിഹീളാനസ്യ രീരധഃ |
മ ഹൃണാനസ്യ മന്യവേ ||**

ഹേ വരുണാ! നിരാദരവു പ്രകടിപ്പിക്കുന്നവർക്കുള്ള ദണ്ഡനം ഹിംസയാണ്. ആ ദണ്ഡനം ഞങ്ങൾക്ക് തരരുതേ. ഞങ്ങളുടെമേൽ ക്രോധം ചൊരിയരുതേ.

**3. വി മൃളീകായ തേ മനേ രഥീരശ്വം ന സന്ദിതം |
ഗീർഭിർവരുണ സീമഹി ||**

ഹേ വരുണാ! സ്തുതികൾ വഴിയായി ഞങ്ങൾ നിൻെറ കൃപ ആഗ്രഹിക്കുന്നു. അശ്വപാലകൻ തൻെറ കുതിരയുടെ മുറിവുകൾ വച്ചുകെട്ടുന്നതുപോലെതന്നെയാണിത്.

**4. പരാ ഹി മേ വിമന്യവഃ പതന്തി വസ്യഇഷ്ടയേ |
വയോ ന വസതീരുപ ||**

കൂടുകളിലേയ്ക്ക് പറന്നുപോകുന്ന പക്ഷികൾക്കു തുല്യം ഞങ്ങളുടെ ക്രോധരഹിതമായ ബുദ്ധി ജീവനപ്രാപ്തിക്കു വേി പാഞ്ഞുനടക്കുന്നു.

**5. കദാ ക്ഷത്രശ്രിയം നരമാ വരുണം കരാമഹേ |
മൃളീകായോരു ചക്ഷസം ||**

അഖണ്ഡമായ ഐശ്വര്യത്തോടു കൂടിയവനും ദൂരദർശി യുമായ വരുണൻെറ കൃപാപ്രാപ്തിക്കുവേി ബലവാനും നേതാവും കൃപാദ്രഷ്ടാവുമായ വരുണനെ എപ്പോൾ കൂട്ടിക്കൊുവരും!

**6. തദിത്സമാനമാശാതേ വേനന്താന ന പ്ര യുച്ഛതഃ |
ധൃതവ്രതായ ദാശുഷേ ||**

ഹവിസ്സിനെ ആശിക്കുന്ന മിത്രനും വരുണനും നിഷ്ഠയു ള്ളവനായ യജമാനൻെറ സാധാരണമായ ഹവിസ്സിനെ പോലും ത്യജിക്കാറില്ല.

**7. വേദാ യോ വീനാം പദമന്തരീക്ഷേണ പതതാം |
വേദ നാവഃ സമുദ്രിയഃ ||**

ഹേ വരുണാ! അങ്ങ് പറന്ന് നടക്കുന്ന പക്ഷികളുടെ ആകാശമാർഗ്ഗങ്ങളേയും, സമുദ്രത്തിൽക്കൂടിയുള്ള നൗകാ മാർഗ്ഗങ്ങളേയും പൂർണ്ണമായറിയുന്നവനാകുന്നു.

**8. വേദ മാസോ ധൃതവ്രതോ ദ്വാദശ പ്രജാവതഃ |
വേദാ യ ഉപജായതേ ||**

ആ ധൃതവ്രതനായ വരുണൻ പ്രജകൾക്കുപയോഗമുള്ള പന്ത്രു മാസങ്ങളും അതുപോലെ പതിമൂന്നാമത്തെ അധി മാസത്തേയും അറിയുന്നു.

**9. വേദ വാതസ്യ വർതനിമുരോ ഋഷ്വസ്യ ബൃഹതഃ |**
**വേദാ യേ അദ്ധ്യാസതേ ||**

അദ്ദേഹം മൂർധാരൂപത്തിൽ സ്ഥിതിചെയ്യുന്നവനും, വിശാലനും, ഉന്നതനും, മഹാനുമായ വായുവിന്റെ മാർഗ്ഗം ശരിയായ വിധം അറിയുന്നു.

**10. നി ഷസാദ ധൃതവ്രതോ വരുണഃ പസ്ത്യാ സ്വാ |**
**സാമ്രാജ്യായ സുക്രതുഃ ||**

നിയമങ്ങളിൽ ഉറച്ചവനും സുന്ദരമായ പ്രജകളോടു കൂടി യവനുമായ വരുണൻ പ്രജകളിൽ സാമ്രാജ്യം സ്ഥാപിക്കുന്ന തിനായി വന്നിരുന്നു.

**11. അതോ വിശ്വാന്യദ്ഭുതാ ചികിത്വാം അഭി പശ്യതി |**
**കൃതാനി യാ ച കർത്വാ ||**

നടന്നിട്ടുള്ളവയും നടക്കുവാനിരിക്കുന്നവയുമായ എല്ലാ സംഭവങ്ങളും മേധാശക്തിയുള്ളവനായ ആ വരുണൻ തന്റെ സ്ഥാനത്തുനിന്ന് കാണുന്നു.

**12. സനോ വിശ്വാഹാ സുക്രതുരാദിത്യഃ സുപഥാ കരത് |**
**പ്ര ണ ആയൂംഷി താരിഷത് ||**

ആ ശ്രേഷ്ഠ ബുദ്ധിയായ വരുണൻ നമ്മെ സദാസുന്ദര മാർഗ്ഗങ്ങളിൽ നടത്തുകയും നമുക്ക് ദീർഘായുസ്സ് നൽകു കയും ചെയ്യണേ.

**13. വിഭ്രദ്ദ്രാപിം ഹിരണ്യയം വരുണോ വസ്തനിർണിജം|**
**പരി സ്പശോ നി ഷേദിര ||**

സ്വർണ്ണകവചത്താൽ അവൻ തന്റെ മർമ്മഭാഗങ്ങൾ പൊതിയുന്നു. അവന്റെ നാലുഭാഗത്തും വാർത്താവഹ കൻമാർ ഹാജരായിരിക്കുന്നു.

**14.ന യം ദിപ്സന്തി ദിപ്സവോ ന ദ്രുഹ്വാണോ ജനാനാം|**
**ന ദേവമഭിമാതയഃ ||**

യാതൊരുത്തനെ ശത്രുക്കൾക്ക് ചതിക്കുവാൻ കഴിയു ന്നില്ലയോ, വിദ്രോഹികൾ യാതൊരുത്തനെ ദ്രോഹിക്കു ന്നതിൽ വിജയം വരിക്കാതിരിക്കുന്നുവോ, ആ വരുണനെ ആർക്കും ശത്രുഭാവത്തോടുകൂടി വീക്ഷിക്കാൻ സാദ്ധ്യമല്ല.

**15. ഉത യോ മാനുഷേഷ്വാ യശശ്ചക്രേ അസാമ്യാ |**
**അസ്മാകമുദരേഷ്വാ ||**

മനുഷ്യർക്കുവേ അന്നം സൃഷ്ടിച്ച വരുണൻ നമ്മുടെ ഉദരത്തിൽ അതു സ്വീകരിക്കുന്നതിനുള്ള കഴിവും നൽകി യിരിക്കുന്നു.

**16. പരാ മേ യന്തി ധീതയോ ഗാവോ ന ഗവ്യൂതീരനു |**
**ഇഛന്തീരുരുചക്ഷസം ||**

ദൂരദർശിയായ വരുണനെ ആഗ്രഹിച്ചുകൊ് എന്റെ മനോവൃത്തികൾ മേച്ചിൽ സ്ഥലത്തേയ്ക്കുപോകുന്ന ഗോക്ക ളെപ്പോലെ എത്തിച്ചേരുന്നു.

**17. സം നു വോചാവഹൈ പുനര്യതോ മേ മധ്വാഭൃതം |**
**ഹോതേവ ക്ഷദസേ പ്രിയം ||**

എന്നാൽ തയ്യാറാക്കപ്പെട്ട മധുരഹവിസ്സ് അഗ്നിയെപ്പോലെ സന്തോഷമായി ഭക്ഷിക്കൂ. പിന്നീട് നമുക്കു രുപേർക്കും വാർത്താലാപം നടത്താം.

**18. ദർശം നു വിശ്വദർശതം ദർശംരഥമധി ക്ഷമി |**
**ഏതാ ജുഷത് മേ ഗിരഃ ||**

എല്ലാവരും ദർശിക്കേവനായ വരുണനെ അദ്ദേഹ ത്തിന്റെ രഥസഹിതം ഭൂമിയിൽ ഞാൻ കു. അവൻ എന്റെ പ്രാർത്ഥന സ്വീകരിച്ചിരിക്കണേ.

**19. ഇമം മേ വരുണ ശ്രുധീ ഹവമദ്യാ ച മൃളയ |**
**ത്വാമവസ്യുരാ ചകേ ||**

ഹേ വരുണാ! എന്റെ വിളികൾ ശ്രവിക്കൂ. ഇന്ന് എന്റെ മേൽ കൃപകാണിക്കൂ. എന്റെമേൽ കൃപചെയ്യുവാനാഗ്രഹി ക്കുന്ന നിന്നെ ഞാൻ ഉച്ചത്തിൽ വിളിക്കുന്നു.

**20. ത്വം വിശ്വസ്യ മേധിര ദിവശ്ച ഗ്മശ്ച രാജസി |**
**സ യാമനി പ്രതി ശ്രുധി ||**

ഹേ ജ്ഞാനിയായ വരുണാ! അങ്ങ് ആകാശത്തിന്റേയും ഭൂമിയുടേയും സ്വാമിയാകുന്നു. അങ്ങ് ഞങ്ങളുടെ ആഹ്വാന ത്തിന് മറുപടി നൽകൂ.

**21. ഉദുത്തമം മുമുഗ്ധി നോ വി പാശം മധ്യമം ചൃത |**
**അബാധമാനി ജീവസേ ||**

ഹേ വരുണാ! മുകളിലത്തെ പാശത്തെ വലിച്ചുമാറ്റൂ. ഇടയ് ക്കുള്ള പാശം മുറിച്ചുമാറ്റൂ. അടിയിലുള്ള പാശത്തേയും വലിച്ചുമാറ്റി ഞങ്ങളെ ജീവിക്കാനനുവദിക്കണേ.

# സൂക്തം 26

**ഋഷി ശുനശേഫൻ ദേവത അഗ്നി ഛന്ദസ് ഗായത്രീ**

**1. വസിഷ്വാ ഹി മിയേധ്യ വസ്ത്രാണ്യൂർജാം പതേ |**
**സേമം നോ അധ്വരം യജ ||**

ഹേ പൂജ്യനും, യോഗ്യനും, ബലവാനുമായ അഗ്നീ! നീ തേജസ്സോടുകൂടിയ വസ്ത്രം ധരിച്ച് ഞങ്ങളുടെ യജ്ഞം പൂർണ്ണമാക്കൂ.

**2. നി നോ ഹോതാ വരേണ്യഃ സദാ യവിഷ്ഠ മന്മഭിഃ |**
**അഗ്നേ ദിവിത്മതാ വചഃ ||**

ഹേ അഗ്നി! നീ സതത യുവാവും, ഉത്തമതേജസ്വി യുമാണ്. ഈ യജമാനന്റെ സ്തുതിവചനങ്ങളാൽ നി പ്രതിഷ്ഠിതനാകണേ.

**3. ആ ഹി ഷ്മാ സൂനവേ പിതാപിര്യജത്യാപയേ |**
**സഖാ സഖ്യേ വരേണ്യഃ ||**

ഹേ വരണീയനായ അഗ്നി! പിതാവ്പുത്രനും, സഹോദ രൻ സഹോദരനും, മിത്രം മിത്രത്തിനും വസ്തുക്കൾ നൽകു ന്നതുപോലെ നീ ഞങ്ങൾക്ക് ദാതാവായിരിക്കൂ.

**4. ആ നോ ബർഹി രിശാദസോ വരുണോ മിത്രോ അര്യമാ |**
**സീദന്തു മനുഷോ യഥാ ||**

ശത്രുക്കളെ നശിപ്പിക്കുന്നവനായ വരുണാ! മിത്രാ! അര്യമാ! മനുഷ്യർക്കു തുല്യം നിങ്ങൾ കുശാസനങ്ങളിൽ ഉപവിഷ്ടരാകൂ.

**5. പൂർവ്യ ഹോതരസ്യ നോ മന്ദസ്വ സഖ്യസ്യ ച |**
**ഇമാ ഉ ഷു ശ്രുധീ ഗിരഃ ||**

ഹേ പുരാതനനായ ഹോതാവേ! നീ ഈ യജ്ഞത്തേയും ഞങ്ങളേയും

മൈത്രീഭാവത്തോടെ കടാക്ഷിക്കൂ. ഞങ്ങളുടെ സ്തുതികളെ ശരിയായവിധം ശ്രവിക്കൂ.

**6. യച്ചിദ്ധി ശശ്വതാ തനാ ദേവന്ദേവം യജാമഹേ |**
**ത്വേ ഇദ് ധൂയതേ ഹവിഃ ||**

ഹേ അഗ്നീ! ദിവസംപ്രതി മറ്റുള്ള ദേവതകളെ സങ്കൽപ്പിച്ചു യജ്ഞം നടത്തുമ്പോഴും ഞങ്ങൾ നിനക്കു ഹവിസ്സ് നൽകുന്നു.

**7. പ്രിയോ നോ അസ്തു വിശ്പ തിഹോതാ**
**മന്ദ്രോ വരേണ്യഃ |**
**പ്രിയാഃ സ്വഗ്നയോ വയം ||**

പ്രജാപാലകനും ഹോതാവും വരണീയനുമായ അഗ്നി, നമുക്കു പ്രിയങ്കരനാകൂ. നമ്മളും ശോഭായുക്തരായി അദ്ദേഹ ത്തിനു പ്രിയപ്പെട്ടവരാകണേ.

**8. സ്വഗ്നയോ ഹി വാര്യം ദേവാസോ ദധിരേ ച നഃ |**
**സ്വഗ്നയോ മനാമഹേ ||**

ശോഭനാഗ്നികൾ സഹിതം, ദേവതകൾ നമുക്കുവേി ഹവിസ് വഹിച്ചിരിക്കുന്നതുപോലെ തന്നെ ഞങ്ങൾ ശോഭ നാഗ്നി യുക്തരായി നിന്നെ പൂജിക്കുന്നു.

**9. അഥാ ന ഉഭയേഷാമമൃത മർത്യാനാമ |**
**മിഥഃ സന്തു പ്രശസ്തയഃ ||**

മരണരഹിതനായ അഗ്നീ! നിൻേറയും, മരണസ്വഭാവ ത്തോടുകൂടിയ മനുഷ്യരുടേയും പ്രശംസായുക്തമായ വാണികൾ പരസ്പരം സ്നേഹമയമുള്ളവയായി ഭവിക്കണേ.

**10. വിശ്വേഭിരഗ്നേ അഗ്നിഭിരിമം യജ്ഞമിദം വചഃ |**
**ചനോ ധാഃ സഹസോ യഹോ ||**

ഹേ ബലപുത്രനായ അഗ്നീ, നീ എല്ലാ അഗ്നികളാലും യുക്തനായി ഞങ്ങളുടെ വാണികളാൽ സന്തുഷ്ടനാകണേ.

## സൂക്തം 27

**ഋഷി ശുനശേപൻ ദേവത അഗ്നി, വിശ്വദേവൻമാർ ഛന്ദസ് ഗായത്രി**

**1. അശ്വം ന ത്വാ വാരവന്തം വന്ദധ്യാഅഗ്നിം നമോഭിഃ |**
**ന മ്രാജന്തമധ്വരാണാം ||**

ഹേ അഗ്നീ! നീ തഴച്ചുവളർന്ന രോമങ്ങളോടുകൂടിയ അശ്വത്തിനു സമാനനാകുന്നു. യജ്ഞ സാമ്രാട്ടിനുതുല്യം പ്രതിഷ്ഠിതനായിരിക്കുന്ന അഗ്നിയെ സ്തുതികളാൽ പൂജിക്കുന്നതിനായി ഞാൻ ഉപസ്ഥിതനായിരിക്കുന്നു.

**2. സ ഘാ നഃ സൂനുഃ ശവസാ പൃഥുപ്രഗാമാ സുശേവഃ |**
**മീഢ്വാം അസ്മാകം ബഭൂയാത് ||**

ആ ബലപുത്രനും, വിശാലനും, ഗമനശക്തിയുള്ളവനും ശോഭനീയനും സുഖദാതാവും അഭീഷ്ടവർഷകനും ആയ അഗ്നി നമ്മുടേതായിരിക്കണേ.

**3. സ നോ ദൂരാച്ചാസാച്ചു നി മർത്യാദധായോഃ |**
**പാഹി സദമിദ്വിശ്വായുഃ ||**

എല്ലായിടത്തും സഞ്ചരിക്കുന്നവനായ അഗ്നീ! നീ ഞങ്ങളെ അടുത്തും അകലെയുമുള്ള എല്ലാ പാപശക്തി കളിൽനിന്നും രക്ഷിച്ചുകൊിരിക്കണേ.

**4. ഇമമൂ ഷു ത്വമസ്മാകം സനിം ഗായത്രം നവ്യാംസം |**
**അഗ്നേ ദേവേഷു പ്ര വോചഃ ||**

ഹേ അഗ്നീ! ഞങ്ങളുടെ ഈ ഹവിർദാനവും നവീന സ്തോത്രങ്ങളും ദേവതകളുടെ സന്നിധാനത്തിൽ ശരിയായ വിധം വർണ്ണിക്കണേ.

**5. ആ നോ ഭജ പരമേഷ്വാ വാജേഷു മധ്യമേഷു |**
**ശിക്ഷാ വസ്വോ അന്തമസ്യ ||**

ഹേ അഗ്നീ! ഞങ്ങളെ ഉത്തമലോകം പ്രാപിപ്പിക്കണേ. മദ്ധ്യലോകങ്ങളിൽ ഉാകുന്ന ഭക്ഷണങ്ങളിൽ ഞങ്ങളെ പങ്കുകാരാക്കുകയും അടുത്തതിലുള്ള ധനം ഞങ്ങൾക്ക് ദാനം ചെയ്യുകയും ചെയ്യണേ.

**7. യമഗ്നേ പൃത്സു മർത്യമവാ വാജേഷു യം ജൂനാഃ |**
**സ യന്താ ശശ്വതീരിഷഃ ||**

ഹേ അഗ്നീ! യുദ്ധങ്ങളിൽ ആര് നിന്നാൽ രക്ഷിക്ക പ്പെടുന്നുവോ, യുദ്ധങ്ങളിലേക്ക് ആര് പ്രേരിപ്പിക്കുന്നുവോ നശിക്കാത്ത ഐശ്വര്യങ്ങളെ പ്രാപിക്കുന്ന ആ മനുഷ്യൻ എപ്പോഴും നിനക്ക് വിധേയനായിരിക്കുന്നു.

**8. നകിരസ്യ സഹന്ത്യ പര്യേതാ കയസ്യചിത് |**
**വാജോ അസ്തി ശ്രവായ്യഃ ||**

ഹേ വിജയശീലാ! ആ പൂർവ്വോക്തമായ മനുഷ്യനെ ആർക്കും അധിനപ്പെടുത്തുവാൻ സാദ്ധ്യമല്ല. എന്തുകൊ ന്നൊൽ അവൻെറ ശക്തി വർണ്ണനാതീതമാണ്.

**9. സ വാജം വിശ്വചർഷണിരർവദ്ഭിരസ്തു തരുതാ |**
**വിപ്രേഭിരസ്തു സനിതാ ||**

ആ അഗ്നി മനുഷ്യരുടെ സ്വാമിയാകുന്നു. അവൻ നമ്മെ അശ്വങ്ങൾ വഴി യുദ്ധത്തിൽ വിജയിപ്പിക്കുകയും അതു പോലെ ജ്ഞാനം വഴി ധനം നൽകുകയും ചെയ്യുന്നു.

**10. ജരാബോധ തദ്വിവിഡ്ഢി വിശേവിശേ യജ്ഞിയായ |**
**സ്തോമം രുദ്രായ ദൃശീകം ||**

ഹേ സ്തുത്യർഹനായ അഗ്നീ! മനുഷ്യരുടെ പൂജ്യനായ രുദ്രനുവേി സുന്ദരമായ സ്തോത്രങ്ങളാലപിക്കുവാൻ ഞങ്ങൾക്കു പ്രേരണനൽകണേ.

**11. സ നോ മഹാം അനിമാനോ ധൂമകേതുഃ പുരുശ്ചന്ദ്രഃ |**
**ധിയേ വാജായ ഹിന്വതു ||**

ഈ അപരിമിത ധൂമ്രധ്വജമുള്ള അഗ്നി അത്യധികം പ്രകാ ശിക്കുന്നു. ഈ അഗ്നി ഞങ്ങൾക്കു ബുദ്ധിയും ബലവും പ്രദാനം ചെയ്യണേ.

**12. സ രേവാം ഇവ വിശ്പതിർ ദൈവ്യഃ കേതുഃ**
**ശൃണോതു നഃ |**
**ഉക്ഥൈരഗ്നിർബൃഹദ്ഭാനുഃ ||**

പ്രജാസംരക്ഷകനും ദേവതകളുമായി ബന്ധമുള്ളവനും ജ്ഞാനദാതാവും മഹാ പ്രകാശത്തോടു കൂടിയവനുമായ അഗ്നീ! നി ഞങ്ങളുടെ സ്തോത്രങ്ങൾ ഐശ്വര്യവാനു സമം ശ്രവിക്കണേ.

**13. നമോ മഹദ്ഭ്യോ നമോ അർഭകേഭ്യോ നമോ യുവഭ്യോ**
**നമ ആശിനേഭ്യഃ**
**യജാമ ദേവാന്യദശക് നവാമ മാ ജ്യായസഃ**

**ശംസമാ വ്യക്ഷിദേവ:**

വലിയവരും ചെറിയവരും യുവാക്കളും വൃദ്ധൻമാരുമായ എല്ലാവരേയും ഞങ്ങൾ നമസ്കരിക്കാം. ഞങ്ങൾ സമർത്ഥ രാകണേ, ദേവകളെ പൂജിക്കുന്നവരാകണേ, ഹേ ദേവഗ ണമേ, ഞാൻ എന്നെക്കാൾ വലിയവരായുള്ള എപ്പോഴും ആദരിക്കും.

## സൂക്തം 28

**ഋഷി ശുനശേപൻ ദേവത ഇന്ദ്രൻ, യജ്ഞ, സോമം ഛന്ദസ്സ് ഗായത്രീ, അനുഷ്ടുപ്**

**1. യത്ര ഗ്രാവാ പൃഥുബുധ്ന ഊർധ്വോ ഭവതി സോതവേ □**
**ഉലൂഖലസുതാനാമവേദ്വിന്ദ്ര ജൽഗുല: ||**

ഹേ ഇന്ദ്രാ! സോമലത ഇടിച്ചുപിഴിയുന്നതിനുവേ എവിടെ കല്ലുകൊുളള ഉലക്ക ഉയർത്തപ്പെടുന്നുവോ അവിടെ നിഷ്പന്നമാകുന്ന സോമം തുടർച്ചയായി പാനം ചെയ്യണേ.

**2. യത്ര നാര്യപച്യവമുപച്യവം ച ശിക്ഷതേ |**
**ഉലൂഖലസുതാനാമവേദ്വിന്ദ്ര ജൽഗുല: ||**

ഹേ ഇന്ദ്രാ! എവിടെ സ്ത്രീ സോമരസം തയ്യാറാക്കുന്ന തിനുവേ ഉലക്കപ്രയോഗം തുടരെത്തുടരെ നടത്തു ന്നുവോ, അങ്ങ് അവിടെ ചെന്ന് സോമരസം പാനം ചെയ്യണേ.

**5. യച്ചിദ്ധി ത്വം ഗൃഹേഗൃഹ ഉലൂഖലക യുജ്യസേ |**
**ഇഹ ദ്യുമത്തമം വദ ജയതാമിവ ദുന്ദുഭി: ||**

ഹേ ഉരലേ! നിന്നെ എല്ലാ വീടുകളിലും ഉപയോഗ ത്തിനുവേ വച്ചിരിക്കുന്നു. എന്നിരുന്നാലും ഞങ്ങളുടെ ഈ ഭവനത്തിൽ വിജയ ദുന്ദുഭിക്കു സമാനം നീ ശബ്ദമു ാക്കണേ.

**6. ഉത സ്മ തേ വനസ്പതേ വാതോ വി വാത്യഗ്രമിത് |**
**അഥോ ഇന്ദ്രായ പാതവേ സുനു സോമമുലൂഖല ||**

ഹേ ഉരലും ഉലക്കയുമായ വനസ്പതേ! വായു നിന്റെ മുമ്പിൽ പ്രത്യേക രീതിയിൽ സഞ്ചരിക്കുന്നു. ഹേ ഉരലേ! നീ ഇന്ദ്രനുപാനം ചെയ്യുവാൻ സോമം തയ്യാറാക്കൂ.

**7. ആയജീ വാജസാതമാ താ ഹ്യു ച്ചാ വിജർഭൃത: |**
**ഹരീ ഇവാന്ധാംസി വപ്സതാ ||**

മഹത്തായ ശക്തിനൽകുന്നതും, പൂജിക്കുവാൻ യോഗ്യ വുമായ ഈ ഉരലും ഉലക്കയും രും അന്നത്തിന് സേവന മനുഷ്ഠിച്ചുകൊ് ഇന്ദ്രാശ്വത്തെപ്പോലെ ഉച്ചസ്വരം പുറപ്പെടുവിക്കുന്നു.

**8. താ നോ അദ്യ വനസ്പതീ ഋഷ്വാവൃഷ്വേഭി സോതൃഭി: |**
**ഇന്ദ്രായ മധുമത്സുതം ||**

ഹേ ഉരലിന്റേയും ഉലക്കയുടേയും രൂപം ധരിച്ച വന സ്പതേ! നീ സോമം തയ്യാറാക്കുന്നവർക്കുവേ മധുര മയമായ സോമനീരിനെ ഇന്ദ്രനു വേ ഇടിച്ചുപിഴിയണേ

**9. ഉച്ഛിഷ്ടം ചംവോർഭര സോമം പവിത്ര ആ സൃജ |**
**നി ധേഹി ഗോരധി ത്വചി ||**

ഉരലാലും, ഉലക്കയാലും ഇടിച്ചുകൂട്ടപ്പെട്ട സോമത്തെ പാത്രത്തിൽ നിന്നും മാറ്റിപരിശുദ്ധമായ കുശമേൽവയ്ക്കു, അവശിഷ്ടം തുകൽ പാത്രത്തിലും വയ്ക്കുക.

## സൂക്തം 29

**ഋഷി ശുനശേവൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി**

**1. യച്ചിദ്ധി സത്യ സോമപാ അനാശസ്താ ഇവ സ്മസി |**
**ആ തൂ ന ഇന്ദ്ര ശംസയ ഗോഷ്വശ്വേഷു ശുഭ്രിഷു സഹസ്രേഷു തുവീമഘ ||**

ഹേ സത്യസ്വരൂപനും സോമപാനിയുമായ ഇന്ദ്രാ! ഞങ്ങൾ നിരാശയിൽ പതിച്ചവരായിത്തീർന്നിരിക്കുന്നു. എങ്കിലും നീ കൂടുതൽ സുന്ദരങ്ങളും തടിച്ചുകൊഴുത്തവയുമായ ആ യിര ക്കണക്കിന് ഗവാശ്വങ്ങൾ നൽകി ഞങ്ങളെ സന്തു ഷ്ടരാക്കണേ.

**2. ശിപ്രിന്വാജാനാം പതേ ശചീവസ്തവ ദംസനാ |**
**ആ തൂ ന ഇന്ദ്ര ശംസയ ഗോഷ്വശ്വേഷു ശുഭ്രിഷു സഹസ്രേഷു തുവീമഘ ||**

ഹേ ശക്തിമാനും സുന്ദരനാസികായുക്തനുമായ ഇന്ദ്രാ! നീ അനുഗ്രഹശീലനാണല്ലോ, നീ ഞങ്ങൾക്ക് ആയിരക്ക ണക്കിനു ഗോക്കളേയും അശ്വങ്ങളേയും ദാനമായി നൽകണേ.

**3. നി ഷ്വാപയാ മിഥൂദൃശാ സസ്താമബുദ്ധ്യമാനേ |**
**ആ തൂ ന ഇന്ദ്രശംസയ ഗോഷ്വശ്വേഷു ശുഭ്രിഷു സഹസ്രേഷു തുവീമഘ ||**

ഹേ ഇന്ദ്രാ! പരസ്പരം നോക്കിക്കൊിരിക്കുന്ന വിപത്തിനെ (ദാരിദ്ര്യത്തേയും, മിഥൂദൃശകൾ) അചേത നമാക്കണേ. അവർ ഒരിക്കലും ഉണരാതിരിക്കണേ. അസംഖ്യ ങ്ങളായ ഗവാശ്വങ്ങളാൽ നീ ഞങ്ങളെ പ്രശസ്തരാക്കണേ.

**4. സസന്തു ത്യാ അരാതയോ ബോധന്തു ശൂര രാതയ: |**
**ആ തൂ ന ഇന്ദ്ര ശംസയ ഗോഷ്വശ്വേഷു ശുഭ്രിഷു സഹശ്രേഷു തുവീമഘ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ ശത്രുക്കൾ ഉറങ്ങിക്കൊ ിരിക്കട്ടെ. മിത്രങ്ങൾ ജാഗരണ ശീലരാകട്ടെ. സഹസ്ര ക്കണക്കിന് ഗവാശ്വങ്ങൾ ദാനം ചെയ്ത് ഞങ്ങളെ പ്രശസ്ത രാക്കണേ.

**5. സമിന്ദ്ര ഗർദ്ദഭം മൃണ നുവന്തം പാപയാമുയാ |**
**ആ തൂ ന ഇന്ദ്ര ശംസയ ഗോഷ്വശ്വേഷു ശുഭ്രിഷു സഹസ്രേഷു തുവീമഘ ||**

ഹേ ഇന്ദ്രാ! കഴുതയെപ്പോലെ പാപപൂർണ്ണരായ ഞങ്ങ ളുടെ ശത്രുക്കളെ കൊന്നുകളയണേ. ഞങ്ങൾക്ക് സഹസ്രക്കണക്കിന് ഗോക്കളേയും അശ്വങ്ങളേയും പ്രദാനം ചെയ്യണേ.

**6. പതാതി കുണ്ഡൃണാച്യാ ദൂരം വാതോ വനാദധി |**
**ആ തൂ നാ ഇന്ദ്ര ശംസയ ഗോഷ്വശ്വേഷു ശുഭ്രിഷ് സഹസ്രേഷു തുവീമഘ ||**

കുടിലഗതിയോടുകൂടി വായു വനത്തിൽനിന്നും അക ന്നുപോകണേ നീ ഞങ്ങളുടെ ആയിരമായിരം ഗോക്കളു ടേയും ധനാദികളുടേയും ദാതാവായിരിക്കൂ.

**7. സർവം പരിക്രോശം ജഹി ജംഭയാ കൃകദാശ്വം |**

**ആ തൂ ന ഇന്ദ്ര ശംസയ ഗോഷ്വശ്വേഷു**
**ശുഭ്രിഷു സഹസ്രേഷു തുവീമഘ ||**

ഹേ ഇന്ദ്രാ! ഞങ്ങളെപ്പറ്റി അശുഭമായി ചിന്തിക്കുന്നവരെ വധിക്കണേ. ഹിംസകൻമാരെ നശിപ്പിക്കണേ. അസംഖ്യം ഗോക്കളേയും അശ്വങ്ങളേയും ഞങ്ങൾക്ക് നൽകണേ.

## സൂക്തം 30

**ഋഷി ശുനശേവൻ ദേവത ഇന്ദ്രൻ, ഉഷസ് ഛന്ദസ് ഗായത്രീ**

**1. ആ വ ഇന്ദ്രം ക്രിവിം യഥാ വാജയന്തഃ ശതക്രതും |**
**മംഹിഷ്ഠം സിഞ്ച ഇന്ദുഭിഃ ||**

ഹേ മനുഷ്യരേ! നിങ്ങളെ മഹാശക്തൻമാരാക്കിത്തീർ ക്കുവാനുള്ള അഭിവാഞ്ചയോടുകൂടി മഹാബലിയായ ഇന്ദ്രനെ, കുഴിയിൽ ജലം നിറയ്ക്കുന്നതുപോലെ ഞാൻ സോമനീരാൽ നിറയ്ക്കുന്നു.

**2. ശതം വാ യഃ ശുചീനാം സഹസ്രം വാ സമാശിരാം |**
**ഏദു നിമ്നം ന രീയതേ ||**

നിമ്നഗയായ ജലം പോലെ ആയിരം കുടങ്ങളിലുള്ള പാലിൽ ചേർക്കുന്നതിന് അസംഖ്യം കുടങ്ങളിൽ പവിത്ര മായ സോമരസം ഇന്ദ്രനു ലഭിക്കുമല്ലോ.

**3. സം യൻമദായ ശുഷ്മിണ ഏനാ ഹ്യസ്യോദരേ |**
**ന മുദ്രോ ന വ്യചോ ദധേ ||**

ജലത്തിനുവേി സമുദ്രം വിസ്തൃതമാകുന്നതുപോലെ ബലകാരിയായ സോമത്തിനുവേി ഇന്ദ്രൻ തൻെറ ഉദ രത്തെ വിസ്തൃതമാക്കുന്നു.

**4. അയമു തേ സമതസി കപോത ഇവ ഗർഭധിം |**
**വചസ്തച്ചിന്ന ഓഹസേ ||**

ഹേ ഇന്ദ്രാ! ഈ സോമം നിനക്കുവേിയുള്ളതാകുന്നു. നീ ഇതിനെ ആൺപ്രാവ് തൻെറ പ്രേയസിയെ പ്രാപിക്കു ന്നതുപോലെ പ്രേമത്തോടുകൂടി സ്വീകരിച്ചാലും. ഞങ്ങളുടെ വാണിയും എത്തിയിരിക്കുന്നു.

**5. സ്തോത്രം രാധാനാം പതേ ഗിർവാഹോ വീര യസ്യ തേ |**
**വിഭൂതിരസ്തു സൂനൃതാ ||**

ഹേ ധനേശ്വരാ! ആരുടെ മുഖങ്ങളിൽ നിൻെറ സ്തുതി മയമായ വാണിസ്ഥിതിചെയ്യുന്നുവോ, അവരുടെ സ്തുതി കളെ സ്വീകരിക്കുന്ന നീ അവരുടെ ഭവനങ്ങളിൽ ഐശ്വര്യം നിറയ്ക്കണേ അവരുടെ വാണി മധുരവും സത്യവുമായി ഭവിക്കണേ.

**6. ഊർധ്വസ്തിഷ്ഠാ ന ഊതയേ സ്മിന്വാജേ ശതക്രതോ |**
**സമന്യേഷു ബ്രവാവഹൈ ||**

ഹേ മഹാബലനായ ഇന്ദ്രാ! ഈ യുദ്ധത്തിൽ ഞങ്ങളുടെ രക്ഷയ്ക്കായി ഉയർന്നു നിൽക്കണേ. നമുക്കു,റു കൂട്ടർക്കും ശരിയായ രീതിയിൽ കൂടിയാലോചിക്കാം.

**7. യോഗേയോഗേ തവസ്തരം വാജേവാജേ ഹവാമഹേ |**
**സഖായ ഇന്ദ്രമൂതയേ ||**

ഹേ സഖാക്കളേ! നമുക്ക് എല്ലാക്കാര്യങ്ങളുടെയും ആരംഭ ത്തിൽ, യുദ്ധാരംഭത്തിൽ ഇന്ദ്രനെ ആഹ്വാനം ചെയ്യാം.

**8. ആ ഘാ ഗമദ്യദി ശ്രവത്സഹസ്രിണീഭിരൂതിഭിഃ |**
**വാജേഭിരുപ നോ ഹവം ||**

ഇന്ദ്രൻ നമ്മുടെ വിളികേട്ടാൽ അസംഖ്യം രക്ഷാസാധന ങ്ങളോടും ശക്തികളോടും കൂടി അവശ്യം വന്നുചേരും.

**9. അനു പ്രത്നസ്യൗകസോ ഹുവേ തുവിപ്രതിം നരം |**
**യം തേ പൂർവ്വം പിതാ ഹുവേ ||**

ഞാനെൻെറ അഗ്രണിയും, ശക്തിസ്വരൂപനുമായ ഇന്ദ്രനെ, പൂർവ്വജൻമാരെപോലെ വിളിക്കുന്നു, ഹേ ഇന്ദ്രാ! ഞങ്ങളുടെ പിതാക്കൻമാരും അങ്ങയെ വിളിച്ചിരുന്നു.

**10. തം ത്വാ വയം വിശ്വവാരാ ശാസ്മ ഹേ പുരുഹൂശ |**
**സഖേ വസോ ജരിതൃഭ്യഃ ||**

ഹേ വരണീയനായ ഇന്ദ്രാ അനേകരാൽ വിളിക്കപ്പെട്ടവ നായ നീ സ്തോത്രകനമാരുടെ ശരണാതാവും മിത്രവും ആകുന്നു. ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യാൻ അഭില ഷിക്കുന്നു.

**11.ആസ്മാകം ശിപ്രിണീനാം സോമപാഃ സോമപാവ നാം|**
**സഖേ വജ്രിന്ത് സഖീനാം ||**

ഹേ സോമപാനിയായ വജ്രധാരി ! സോമത്താൽ ബല വാനായ അങ്ങ് ഞങ്ങളുടെ മിത്രങ്ങളുടെ മിത്രമായിരിക്കണേ

**12.തഥാ തദസ്തു സോമപാഃ സഖേ വജ്രിന്തഥാ കൃണു |**
**യഥാ ത ഉശ്മസീഷ്ടയേ ||**

ഹേ സോമപായിയായ വജ്രധാരി! ഞങ്ങൾ സ്വന്തം അഭീഷ്ടങ്ങൾ നിമിത്തം നിന്നെതന്നെ എപ്പോഴും ധ്യാനിച്ചു കൊിരിക്കണേ എന്നുള്ള ഞങ്ങളുടെ അഭിലാഷം സാധിച്ചു തരു.

**13. രേവതീർനഃ സധമാദ ഇന്ദ്രേ സന്തു തുവിവാജാഃ |**
**ക്ഷുമന്തോ യാഭിർമദേമ ||**

ഇന്ദ്രൻ സന്തുഷ്ടനായിരിക്കുമ്പോൾ നമ്മുടെ ഗോക്കൾ; നാമധികം പുഷ്ടിപ്രാപിക്കുന്നതിനുവേി അധികം പാൽതരട്ടെ.

**14. ആ ഘ ത്വാവാൻത് മനാപ്തഃസ്തോതൃഭ്യോ ധൃഷ്ണവിയാനഃ |**
**ഋണോരക്ഷം ന ചക്രയോ ഃ ||**

ഹേ ഇന്ദ്രാ ! നിന്നോടു പ്രാർത്ഥിച്ചാൽ നീ ഞങ്ങൾക്ക്, ചക്രത്തിന് അച്ചുതുപോലെ ഭാഗ്യചക്രത്തെ കറക്കി ധനം നൽകുന്നു.

**15. ആ യദ്ദുവഃ ശതക്രതവാ കാമം ജരിതണാം |**
**ഋണോരക്ഷം ന ശചീഭിഃ ||**

ഹേ ഇന്ദ്രാ ! സാധകൻമാരുടെ സാധനകളും അഭിലാ ഷങ്ങളും അനുസരിച്ച് നീ ചക്രത്തിൻെറ അച്ചുതിനു തുല്യം അവരുടെ ദാരിദ്ര്യം മാറ്റികളയുന്നു.

**16. ശശ്വദിന്ദ്രഃ പോപ്രുഥദ്ഭിർജിഗായ നാനദദ്ഭിഃ ശാശ്വസദ്ഭിർധനാനി |**
**സ നോ ഹിരണ്യരഥം ദം സനാവാൻത്സ**
**നഃ സനിതാ സനയേ സ നോ ദാത് ||**

ഇന്ദ്രൻ എപ്പോഴും ശത്രുക്കളുടെ ധനം തൻെറ സ്ഫൂർ ത്തിയുക്ത അശ്വങ്ങളാൽ കീഴടക്കുന്നു അവൻ സ്നേഹാ തിരേകത്താൽ നമുക്ക്

സുവർണ്ണരഥം പ്രദാനം ചെയ്തി രിക്കുന്നു.

**17. ആശ്വിനാവശ്വാവത്യേഷാ യാതം ശവീരയാ |**
**ഗോമദ്ദസ്രാഹിരണ്യവത് ||**

ഹേ മഹാശക്തൻമാരായ അശ്വിനികുമാരൻമാരേ! നിങ്ങൾ അശ്വമാർഗ്ഗങ്ങളിൽകൂടി സ്വർണ്ണദിധനങ്ങളോടെ ഇവിടെ വരണേ

**18. സമാനയോ ജനോ ഹി വാം രഥോ ദസ്രാവർത്യ : |**
**സമുദ്രേ അശ്വിനേയതേ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ രുപേരും വേി കുതിരകളെ പൂട്ടിയ ഒരേരഥം തന്നെ ആകാശമാർഗ്ഗങ്ങളിൽ ക്കൂടി സഞ്ചരിക്കുന്നു, അതിനെ ആർക്കും നശിപ്പിക്കുവാൻ സാദ്ധ്യമല്ല

**19. ന്യ ധ്ന്യസ്യ മൂർധനി ചക്രം രഥസ്യേ യേമഥു : |**
**പരി ദ്യാമന്യദീയതേ ||**

ഹേ അശ്വിനികളേ! നിങ്ങൾ നിങ്ങളുടെ രഥത്തിൻെറ ഒരു ചക്രം പർവ്വത്തിൽ സ്ഥാപിച്ചിരിക്കുന്നു, മറ്റേ ചക്രം ആകാശ ത്തിൻെറ നാലു ഭാഗങ്ങളിലും കറങ്ങിനടക്കുന്നു.

**20. കുസ്ത ഉഷാഃ കധപ്രിയേ ഭൂജേ മർതോ അമർത്യേ**
**കം നക്ഷസേ വിഭാവരീ**

പാപങ്ങളേ നശിപ്പിക്കുന്ന ഉഷസ്സേ ! മരണധർമ്മമുള്ള ഏതു മനുഷ്യനാണ് നിൻെറ സുഖം പ്രാപിക്കുവാൻ കഴി യുന്നത്

**21. വയം ഹി തേ അമൻമഹ്യാന്താദാ പരാകാത് |**
**അശ്വേ ന ചിത്രേ അരുഷി ||**

ഹേ അശ്വത്തെപ്പോലെ ഗമിപ്പിക്കുന്നവളും; കാന്തമതി യുമായ ഉഷസ്സേ ക്രോധരഹിതയായ നിന്നെ തന്നെ ഞങ്ങൾ ക്ക് അടുത്തോ അകലയോ വച്ച് മനസ്സിലാക്കുവാൻ കഴിയു ന്നില്ല.

**22. ത്വം ത്യേഭിരാ ഗഹി വജേഭിർദുഹിതർദിവഃ |**
**അസ്മേരയിം നി ധാരായ ||**

ഹേ ആകാശസുതേ ! ഞങ്ങൾക്കാവശ്യമുള്ള മഹത്തായ ഐശ്വര്യമ സ്ഥാപിക്കുവാൻ കഴിവുള്ള ശക്തിയോടുകൂടി നീ ഇങ്ങോട്ടെഴുന്നെള്ളൂ.

## അനുവാകം സൂക്തം 31

**ഋഷി അംഗിരസ്സിൻെറ മകൻ ഹിരണ്യസ്തൂൻ. ദേവത അഗ്നി ഛന്ദസ് ത്രിഷ്ടപ്**

**1. ത്വമഗ്നേ പ്രഥമോ അങ്ഗിരാ ഋഷിർദേവോ ദേവാ**
**നാമഭവഃ ശിവഃ സഖാ |**
**തവ വ്യതേ കവയോ വിദ്മനാപസോ ജായന്ത മരുതോ**
**ഭ്രാജദൃഷ്ടയഃ ||**

ഹേ അഗ്നി! നീ ആദ്യത്തെ അംഗിരസ്സാണ് നീ ദേവവർഗ്ഗ ത്തിൻെറയും ഞങ്ങളുടേയും നന്മയാഗ്രഹിക്കുന്നവ നായമിത്രമായിരിക്കുന്നു. തിളങ്ങുന്ന ആയുധങ്ങളുള്ളവരായ മരുത് ഗണങ്ങൾ നിൻെറ കർമ്മങ്ങളിൽ നിന്നും പ്രത്യക്ഷ പ്പെട്ടു

**2. ത്വമഗ്നേ പ്രഥമോ അംഗിരസ്തമഃ കവിർ ദേവാനാം**
**പരി ഭൂഷസി വ്രതം |**
**വിഭൂർവിശ്വസ്മൈ ഭുവനായ മേധിരോ ദ്വിമാതാ**
**ശയുഃ തിധാ ചിദായവേ ||**

ഹേ അഗ്നി! നീ അംഗിരസ്സുകളിൽ ശ്രേഷ്ഠനും, പ്രഥമ നുമാകുന്നു, നീ ദേവതകളുടെ നിയമങ്ങളാൽ സുശോഭി തനാകുന്നു. ലോകവ്യാപകനും, രമ്മമാരോടുകൂടിയവ നുമായ നീ മനുഷ്യർക്കുവേി വിരാജിതനാകുന്നു.

**3. ത്വമഗ്നേ പ്രഥമോ മാതരിശാന ആവിർഭവ സുക്രതൂയാ**
**വിവസ്വതേ |**
**അരേജേതാം രോദസീ ഹോതൃവൂർയേ**
**സഘ്നോർ ഭാരമയജോ മഹോ വസോ ||**

ഹേ അഗ്നി! നീ സൽകർമ്മങ്ങൾ ആഗ്രഹിച്ചുകൊ് ജന്മമെടുത്തു. ഹോതാക്കൾ വരിച്ചതോടുകൂടി നിൻെറ ശക്തിയാൽ ആകാശവും ഭൂമിയും ഞെട്ടിവിറയ്ക്കുന്നു. അതിനാൽ നീ യജ്ഞത്തിൻെറ എല്ലാഭാരങ്ങളും വഹിച്ച് ദേവതകളെ രക്ഷിച്ചു.

**4. ത്വമഗ്നേ മനവേ ദ്യാമവാശയഃ പൂരൂരവസേ സുകൃർ,**
**തേ സുകൃത്തര : |**
**ശ്വാത്രേണ യത്പിംത്രോമുച്യസേ പര്യ്യാ ത്വാ**
**പൂർവമനയന്നാപരം പുന; ||**

ഹേ അഗ്നി! നീ ശ്രേഷ്ഠകർമ്മങ്ങളോടുകൂടിയവനാ കുന്നു. നീ മനു, പൂരൂരവസ്, ആദിയായ രാജാക്കൻമാർക്ക് സ്വർഗ്ഗത്തെപ്പറ്റി വിവരിച്ചുകൊടുത്തു. മാതൃഭൂതങ്ങളായ രുതടികഷണങ്ങളിൽ നിന്നും നീ ഉൽഭവിച്ചപ്പോൾ പൂർവ്വ ദിക്കിലേയ്ക്ക് നിന്നെക്കൂട്ടികൊുപോയി.

**5. ത്വമഗ്നേ വൃഷഭഃ പുഷ്ടിവർദ്ധന ഉദ്യതസ്രുചേ**
**ച ഭവസി ശ്രവായ്യഃ |**
**യ ആഹൂതിം പരി വേദാ വഷട് കൃതിമേ**
**കായുരഗ്രേ വിശ ആവിവാസസി ||**

ഹേ പോഷണശക്തിയോടുകൂടിയ അഗ്നി! ഹോമ ത്തിനുള്ള തവി കൈകളിലെടുത്തുകൊ് ഹവിർദാതാവ് നിന്നെ സ്തുതിക്കുകയും വഷട്കാർ സഹിതം ആഹൂതി നൽകുകയും ചെയ്യുന്നു. നീ പ്രധാനപുരുഷൻമാരായ ആ യജമാനൻമാരെ പ്രകാശിപ്പിക്കുന്നു.

**6. ത്വമഗ്നേ വൃജിനവർതിനിം നരം സക്മൻ**
**പിപർഷിവിദഥേ വിചർഷണേ |**
**യഃ ശൂരസാതാ പരിതക്ക്മ്യേധനേ**
**ദഭ്രേഭിശ്ചിത്സ മൃതാ ഹംസി യസഃ ||**

ഹേ വിശിഷ്ടനായ അഗ്നി! നീ പാപകർമ്മികളെ ഉദ്ധരി ക്കുന്നു. നീ യുദ്ധം നടന്നുകൊിരിക്കുമ്പോൾ എണ്ണത്തിൽ കുറവായ ധർമ്മഭടൻമാർ വഴി അസംഖ്യം പാപികളെ നശിപ്പിക്കുന്നു.

**7. ത്വം തമഗ്നേ അമൃതത്വ ഉത്തമേ മർതം മധാസി**
**ശ്രവസേ ദിവേ ദിവേ |**
**യസ്താതൃഷാണ ഉഭയായ ജന്മനേ മയഃ കൃണോഷി**
**പ്രയ ആ ച സൂരയ്യേ ||**

ഹേ അഗ്നി! നീ ദേവതകളും മനുഷ്യരും ഒന്നുപോലെ ആഗ്രഹിക്കുന്ന ആ അവിനാശിയായ പരമപദത്തെ, ആ സേവകനു നൽകുന്നു. നീ സ്വന്തം സാധകൻമാരെ അന്നവും ധനവും വഴി സുഖികളാക്കുന്നു.

**8. ത്വം നോ അഗ്നേ നയേ ധനാനാം യശസം കാരും**
**കൃണു ഹി സ്തവാനഃ |**
**ഋധ്യാമ കർമാപസാ നവേന ദേവൈർദ്യാവാ**
**പൃഥിവീ പ്രാവതം നഃ ||**

ഹേ അഗ്നീ! ഞങ്ങൾക്ക് ധനലാഭ യോഗ്യത നൽകൂ. സാധകൻമാരെ യശസ്വികളാക്കൂ. വർദ്ധിച്ച ഉത്സാഹ ത്തോടുകൂടി ഞങ്ങൾ യജ്ഞാദികർമ്മങ്ങൾ നടത്തും. ദേവ തകൾ സഹിതം ആകാശവും ഭൂമിയും ഞങ്ങളുടെ രക്ഷരാ യിരിക്കണേ.

**9. ത്വം നോ അഗ്നേ പിത്രോരുപസ്ത്യ ആ**
**ദേവോദേവേഷ്വനവദ്യ ജാഗൃവിഹി |**
**തനൂകൃദ് ബോധി ര്രമതിശ്ച കാരവേ ത്വം**
**കല്യാണ വസു വിശ്വമോപിഷേ ||**

ഹേ ദോഷകാരിയായ അഗ്നി! ദേവതകളിൽ വച്ച് ചൈത ന്യവാനായ നീ ആകാശത്തിൻേറയും ഭൂമിയുടേയും മദ്ധ്യേ സ്ഥിതിചെയ്യുന്ന ഞങ്ങളുടെ പുത്രനായിത്തീരണേ. ശാസകന് നന്മചെയ്യുന്നവനായ നീ അവന് സർവ്വവിധ ഐശ്വര്യങ്ങളും നൽകൂ.

**10 ത്വമഗ്നേ പ്രമതിസ്ത്വം പിതാസി നസ്ത്വമ**
**വയസ്കൃതതവ ജാമയോ വയം |**
**സം ത്വാ രായഃ ശതിനഃ സം സഹസ്രിണഃ സൂവീരം**
**യന്തി വ്രതപാമദാഭ്യ ||**

ഹേ അഗ്നീ! കൃപാകരനായ നിന്നെ ആർക്കും ചതി ക്കുവാൻ സാദ്ധ്യമല്ല. വീരയുക്തമായ ഗുണങ്ങളുടേയും ആയിരകണക്കിനു ധനത്തിൻെറ കർത്താവും ആകുന്നു.

**11. ത്വാമഗ്നേ പ്രഥമമായുമായവേ ദേവാ അകൃണ്വന്നഹൂ**
**ഷസ്യ വിശ്പതിം |**
**ഇളാമകൃണ്വന്മനുഷസ്യ ശാസനീ പിതുര്യത്**
**പുത്രോ മമകസ്യ ജായതേ ||**

ഹേ അഗ്നീ! നിന്നെ ദേവതകൾ മനുഷ്യരുടെ ഹിതങ്ങൾ നിറവേറ്റുന്നതിന് അവരുടെ രാജാവും സ്വാമിയുമാക്കി യിരിക്കുന്നു. എൻെറ പിതാവിൻെറ (അംഗിരസ്മഹർഷി) പുത്രനെന്ന രൂപത്തിൽ നീ ഉത്ഭവിച്ചപ്പോൾ ദേവതകൾ ഇളയെ മനുവിൻെറ ഉപദേശികയാക്കി.

**12. ത്വം നോ അഗ നേ തവ ദേവ പായഭിർമഗോനോ രക്ഷ**
**തൻവശ്ചവന്ദ്യാ |**
**ത്രാതാ തോകസ്യ തനയേ ഗവാമസ്യനിമേഷം**
**രക്ഷമാണസ്തവ വ്രതേ ||**

ഹേ തുല്യനായ അഗ്നീ! നിൻെറ കൃപയാൽ സമർ ത്ഥമായ ഞങ്ങളുടെ ശരീരങ്ങളെ പോഷിപ്പിക്കുകയും രക്ഷി ക്കുകയും ചെയ്യണേ. അവിലംബമായി ഞങ്ങളുടെ സന്താന ങ്ങളേയും മൃഗങ്ങളേയും രക്ഷിക്കേണമേ.

**13. ത്വമഗ്നേ യജ്യവേ പായുരന്ധരോ നിഷങ്ഗായ**
**ചതുരക്ഷ ഇധ്യസേ |**
**യോ രാതഹവ്യോ വൃകായ ധായസേ കീരേശ്ചിന്മന്ത്രം**
**മനസാ വനോഷി തം ||**

ഹേ അഗ്നീ! നീ പൂജികരുടെ രക്ഷകനാണ്. ആര് നിനക്ക് അഹിംസത ഹവിസ് നൽകുന്നുവോ, ആര് നിരസ്ത്ര നായിരിക്കുന്നുവോ അവനെ എല്ലാഭാഗത്തുനിന്നും നീ രക്ഷി ക്കേണമേ. നീ സ്വന്തം സാധകൻമാരുടെ ആഗ്രഹങ്ങളെ ശ്രദ്ധിച്ചുകൊിരിക്കുന്നു.

**14. ത്വമഗ്നേ ഉരുശംസായ വാഘതേ സ്പാർഹം**
**യദ്രേക്ണഃ പരമം വനോഷി തത് |**
**ആധ്രസ്യ ചിത് പ്രമതിരുച്യസേ പിമാ പ്ര**
**പാകം ശാസ്സി പ്രദിശോ വിദുഷ്ടരഃ ||**

ഹേ അഗ്നീ! നീ അഭീഷ്ടങ്ങളാകുന്ന ധനം ഋത്വിജന മാർക്കുവേി സാധിച്ചുകൊടുക്കുന്നു. നീ ദുർബ്ബലൻമാരുടെ പിതാവും മൂഢൻമാർക്ക് ജ്ഞാനം നൽകുന്നവനുമാകുന്നു.

**15. ത്വമഗ്നേ പ്രയതദക്ഷിണം നരം വർമേവ സയൗതം**
**പരിപാസി വിശ്വതഃ |**
**സ്വാദുക്ഷദ്മാ യോ വസതൗ**
**സ്യോനകൃജ്ജീവയാജം യജതേ സോപമാ ദിവഃ ||**

ഹേ അഗ്നീ! നീ ദക്ഷിണ നൽകുന്ന യജമാനനനെ സംബന്ധിച്ചിടത്തോളം കവചത്തിനു സമാനമായ രക്ഷക നാകുന്നു; ഏതൊരുത്തൻ സ്വഗൃഹത്തിൽ മധുരാഗ്നി ഹവിസ്സിനാൽ സും പകുന്നു യജ്ഞം നടത്തുന്നുവോ അവൻ സ്വർഗ്ഗീയസുഖത്തിൻെറ അവകാശിയായി ഭവിക്കുന്നു.

**16. ഇമാമഗ്നേ ശരണിം മീമൃഷോ ന ഇമമധ്വാനാം**
**യമഗാമദൂരാത് |**
**ആപിഃ പിതാ പ്രമതിഃ സോമ്യാനാം ഭൃമിര സ്യൃർഷി|**
**കൃനമർത്യാനാം ||**

ഹേ അഗ്നീ നീ ഞങ്ങളുടെ യജ്ഞത്തിലുായിട്ടുള്ള തെറ്റുകളെ ക്ഷമിക്കേണമേ കുമാർഗ്ഗങ്ങളിൽകൂടി വളരെ യധികം മുന്നോട്ടു പോന്നിട്ടുള്ളവരോടും ക്ഷമിക്കേണമേ, നീ സോമത്തോടുകൂടിയ യജമാനൻെറ ബന്ധുവും, പിതാവും, അവൻെറ മേൽ കൃപ ചൊരിയുന്നവനുമാണ്.

**17. മനുഷ്വ ഭഗേ അങ്ഗിരസ്വങ്ഗിരോ**
**യയാതിവത്സദനേ പൂർവവച്ഛുചേ |**
**അച്ഛ യാഹ്യാ വഹാ ദൈവ്യം ജനമാ സാദയ**
**ബർഹിഷി യക്ഷി ച പ്രിയം ||**

ഹേ അഗ്നീ! ഹേ അങ്ഗിരസ്സേ! നീ അത്യന്തം പവിത്ര മായ ഞങ്ങളുടെ യജ്ഞത്തെ സ്വീകരിക്കേണമേ പുരാതന കാലത്ത് മനു, അങ്ഗിരസ്സ്, യയാതി എന്നിവരുടെ യജ്ഞ ങ്ങളിൽ ആഗതരായിരുന്ന ദേവതകളെ വിളിച്ചു കൊുവന്ന് കശാസനത്തിലിരി അവരെ പൂജിക്കണേ.

**18. ഏതേനാഗ്നേ ബ്രഹ്മണാ വാവൃധസ്വ ശക്തീ**
**വാ യത്തേ ചകൃമാ വിദാ വാ |**
**ഉത പ്ര ണേഷ്യഭി വസ്യോ അസ്മാൻസം നഃ സൃജ**
**സുമത്യാ വാജവത്യാ ||**

ഹേ അഗ്നേ! ഈ മന്ത്രരൂപമായ സ്തുതികളിൽക്കൂടി വൃദ്ധിപ്രാപിക്കണേ, നിന്നാൽ തന്നെ ഈ സ്തുതിയും ശക്തിയും ജ്ഞാനവും ഞങ്ങൾ പ്രാപിച്ചിരിക്കുന്നു, നീ ഞങ്ങൾക്ക് മഹൈശ്വര്യങ്ങളും തീക്ഷണബുദ്ധിയും നൽകണേ.

## സൂക്തം 32

**ഋഷി ഹിരണ്യസ്തവൻ, ദേവൻ ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്**

**1. ഇന്ദ്രസ്യ നു വീര്യാണി പ്ര വോചം യാനി ചകാര പ്രഥമാനീ വജ്രീ |**
**അഹന്നഹി മന്വപസ്തതർദ പ്ര വക്ഷണാ അഭിനത് പർവതാനാം ||**

പൂർവ്വകാലത്തിൽ വജ്രധാരിയായ ഇന്ദ്രൻ നടത്തി യിരുന്ന പരാക്രമത്തെ ഞാൻ പറയുന്നു, ആദ്യം അദ്ദേഹം മേഘത്തേയും പിന്നീട് മഴയേയും തകർത്ത് പ്രവഹിച്ചു കൊിരുന്ന നദികൾക്കുവേി മാർഗ്ഗം സൃഷ്ടിച്ചു.

**2. അഹന്നഹിം പർവതേ ശിശ്രിയാണം ത്വഷ്ടാസ്മൈ വജ്രം സ്വര്യം തതക്ഷ |**
**വാശ്രാ ഇവ ധേനവഃ സ്യന്ദമാനാ അഞ്ജഃ സമുദ്രമവ ജഗ്മുരാപഃ ||**

ഈ ഇന്ദ്രനുവേി ത്വഷ്ടാവ് ശബ്ദകാരിയായ വജ്രം യുധം സൃഷ്ടിച്ചു. ഇന്ദ്രൻ അതുകൊ് പർവ്വതത്തിൽ തടഞ്ഞു നിന്നിരുന്ന മേഘത്തെ മർദ്ദിച്ച് ജലത്തെ ഒഴുക്കി. ആ ജലം അലറിക്കുതിച്ചു പായുന്ന ഗോക്കൾക്കുതുല്യം നേരെ കടലിലേയ്ക്ക് പാഞ്ഞുപോയി.

**3. വൃഷായമാണോ വൃണീത സോമം ത്രികദ്രുകേഷ്വപി ബത്സുതസ്യ |**
**ആ സായകം മഘവാദത്ത വജ്രമഹന്നേനം പ്രഥമ ജാമഹീനാം ||**

കാളയ്ക്ക് തുല്യം ആർത്തിയോടുകൂടി ഇന്ദ്രൻ സോമനീർ പാനം ചെയ്തു. ത്രുദുകത്തിന്റെ (മൂന്നുപ്രകാരത്തിലുള്ള) യജ്ഞങ്ങളിൽ അർപ്പിക്കപ്പെട്ട സോമവും പാനം ചെയ്തു. ധാനവശനായ ഇന്ദ്രൻ വജ്റം എടുത്ത് മേഘങ്ങളിൽ നിന്നു ജലത്തെ വർഷിപ്പിച്ചു.

**4. യദിന്ദ്രാഹൻ പ്രഥമജാമഹീനാമാന്മായിനാമമിനാഃ പ്രോത മായാം ഃ |**
**ആത്സൂര്യം ജനയന്ദ്യാമുഷാസം താദീത്നാ ശത്രും ന കിലാ വിവിത്സേ ||**

ഹേ! ഇന്ദ്രാ! നീ മേഘങ്ങളിൽ ആദ്യം ജനിച്ചവനെ വധിച്ച് മായാവികളേയും നശിപ്പിച്ചു. പിന്നീട് സൂര്യയേും ഉഷസ്സി നേയും, ആകാശത്തേയും പ്രകടമാക്കി. അപ്പോൾ യാതൊരു ശത്രുക്കളും അവശേഷിച്ചിരുന്നില്ല.

**5. അഹൻവൃത്രം വൃതതരം വ്യംസമിന്ദ്രോ വജ്രേണ മഹതാ വധേന |**
**സ്കന്ധാം സീപ കുലിശേനാ വിവൃക്ണാഹി ശയത ഉപപൃക് പൃഥിവ്യാഃ ||**

ഇന്ദ്രൻ ഘോരാന്ധകാരം പരത്തുന്ന വൃത്രാസുരനെ തന്റെ ഭീഷണമായ വജ്റായുധത്താൽ, കോടാലിയാൽ തടി മുറിക്കുന്നതുപോലെ വെട്ടിവീഴ്ത്തി. അപ്പോഴവൻ ഭൂമിയിൽ പതിച്ചു.

**6. അയോദ്ധ്യേവ ദുർമദ ആ ഹി ജുഹ്വേമഹാവീരം തുവി ബാധമൃജീഷം |**
**നാതാരീദസ്യ സമൃതിം വധനാം സം രുജാനാഃ പിപിഷ ഇന്ദ്രശത്രുഃ ||**

ദുരഹങ്കാരിയായ വൃത്രൻ മഹാബലവാനും, ശത്രുനാ ശകനും അത്യധികം വേഗതയോടുകൂടിയവനുമായ ഇന്ദ്രനെ, പുതുതായി ആയുധാഭ്യാസം നടത്തിയവനെ വിളിക്കുന്നതു പോലെ പോരിനു വിളിച്ചു. അപ്പോൾ ഇന്ദ്രൻ ഘോരജഹ കാഹളം മുഴക്കി. തൽക്കാരണത്താൽ വൃത്രൻ ഒഴുകിക്കൊ ിരുന്ന നദികളെ തകർത്തു.

**7. അപാദഹസ്തോ അപൃതന്യദിന്ദ്രമാസ്യ വജ്രമധി സാനൗ ജഘാന |**
**വൃഷ്ണോവധ്രിഃ പ്രതിമാനം ബുഭൂഷൻ പുരുത്രാ വൃത്രോ അശയദ്വ്യസ്ത ||**

കാലുകളും കൈകളും നഷ്ടപ്പെട്ട വൃത്രൻ ഇന്ദ്രനുമായി യുദ്ധം ചെയ്യാനുള്ള ആഗ്രഹം പ്രകടമാക്കി. ഇന്ദ്രൻ അവന്റെ തോളിൽ വജ്റം പ്രയോഗിച്ചു. അപ്പോൾ ആ ക്ഷതഗ്രസ്തൻ ധാരാശായിയായിത്തീർന്നു.

**8. നദം ന ഭിന്നമായ ശയാനം മനോ രുഹാണാ അതിയന്ത്യാപഃ |**
**യാശ്ചിദ്വധത്രാ മഹിനാ പരയതിഷ്ഠത്താസാമഹിം പത്സുതഃ ശീർബഭൂവ ||**

നദീതടങ്ങളെ മൂടിക്കൊ് ഒഴുകിപ്പോകുന്ന സന്തുഷ്ട യായ ജലം വൃത്രനെ കടന്നുപ്പോയി. തന്റെ ശക്തിയാൽ നദീജലത്തെ തടഞ്ഞു നിർത്തിയിരുന്ന വൃത്രൻ ഇപ്പോൾ അതിന്റെ അടിയിൽ ചേതനയറ്റുകിടന്നു.

**9. നീചാവയാ അഭവദ്വൃത്രപുത്രേന്ദ്രോ അസ്യാ അവ വധർജഭാര |**
**ഉത്തരാ സൂരധരഃ പുത്ര ആസീദ്ദാനുഃ സയേ സഹവത്സാ ന ധേനുഃ ||**

വൃത്രന്റെ മാതാവ് അവന്റെ രക്ഷയ്ക്ക് വേി അവന്റെ ദേഹത്തേ ആവരണം ചെയ്ത് കിടന്നു. എന്നാൽ ഇന്ദ്രന്റെ പ്രഹരമേറ്റപ്പോൾ മരിച്ച അവൾ വൃത്രനോടൊത്ത് കിടാവിനോടൊത്തുകിടക്കുന്ന ഗോവിനു തുല്യം നിശ്ശേഷ് ടയായി കിടന്നു.

**10. അതിഷ്ഠന്തീനാമനിവേശനാനാം കാഷ്ടാനാം മദ്ധ്യേ നിഹിതം ശരീരം |**
**വൃത്രസ്യ നിണ്യം വി ചരന്ത്യാപോ ദീർഘം തമ ആശയദിന്ദ്രശത്രുഃ ||**

അവിശ്രാന്തായ ജലമദ്ധ്യത്തിൽ പതിച്ച വൃത്രാസുരന്റെ ദേഹത്തേ ജലം അറിയുന്നു; അവൻ അനന്തമായ നിദ്രയിൽ ലീനനായിരുന്നു.

**11. ദാസപത്നീരഹിഗോപാ അതിഷ്ടന്നിരുദ്ധാ ആപഃ പണിനേവ ഗാവഃ |**
**അപാം ഹിലമപിഹിതം യദാസീദ്വൃത്രം ജഘ ന്വാം അപ തദ്വവാര ||**

പണികളുടെ ഗുഹകളിൽ ഗോക്കൾ ഒളിഞ്ഞിരിക്കപ്പെടു ന്നതുപോലെ ജലവും തടയപ്പെട്ടിരിക്കുന്നു. ഇന്ദ്രൻ വൃത്രനെ വധിച്ച് അതിന്റെ ദ്വാരം തുറന്നു.

**12. അശ്വ്യോ വാരോ അഭവസ്തദിന്ദ്ര സൃകേ യത്വാ പ്രത്യഹന്ദേവ ഏകഃ |**

**അജയോ ഗാ അജയഃ ശൂര സോമവാസൃജഃ സർതവേ**
**സപ്ത സിന്ധൂൻ ||**

ഹേ ഇന്ദ്രാ! വൃത്രൻ നിന്നെ പ്രഹരിച്ചപ്പോൾ നീ കുതിര വാലുപോലെയായിത്തീർന്നു. ഹേ വീരാ! നീ ഗോക്കളെയും സോമത്തേയും വീടെടുക്കുകയും സപ്തസാഗരങ്ങളെ പ്രവഹിപ്പിക്കുകയും ചെയ്തു.

**13. നാസ്മൈ വിദ്യുത് തന്യതുഃ സിഷേധ ന യാം**
**മിഹമകിരദ്ധ്രാദുനിം ച |**
**ഇന്ദ്രശ്ച യദ്യുയുധാതേ അഹിശ്ചോതാപരീഭ്യോ**
**മഘ വാ വി ജിഗ്യേ ||**

വൃത്രനാലയക്കപ്പെട്ട വിദ്യുത്തും, ഇടിയും, മിന്നലും, വർഷവും ഒന്നിനും ഇന്ദ്രനെ സ്പർശിക്കുവാൻ കഴിഞ്ഞില്ല. ആ യുദ്ധത്തിൽ ഇന്ദ്രൻ എല്ലാ പ്രകാരത്തിലും വിജയിച്ചു.

**14. അഹേര്യാതാരം കമപശ്യ ഇന്ദ്ര ഹൃദി യത്തേ ജഘ്നു**
**ഷോ ഭീരഗഛത് |**
**നവ ച യന്നവതിം ച സ്രവന്തീഃ ശ്യേനോ ന ഭീതോ**
**അതരോ രജാംസി ||**

ഹേ ഇന്ദ്രാ! നീ വൃത്രനെ കൊല്ലാൻ മറ്റാരെയാണ് ക ത്? അതുകാരണമല്ലേ നീ കഴുകനെപ്പോലെ തൊണ്ണു റ്റിയൊ മ്പത് നദികൾ കടന്നുപോയത്?

**15. ഇന്ദ്രോയതോ വസിതസ്യ രാജാ ശമസ്യ ചശ്രുങ്**
**ഗിണോ വജ്രബാഹുഃ |**
**സേദു രാജാ ക്ഷയതി ചർഷണീനാമരാന്ന നേമിഃ പരി താ**
**ബഭൂവ ||**

വജ്റധാരിയായ ഇന്ദ്രൻ എല്ലാ സ്ഥാപകജംഗമ ജീവി കളുടേയും സ്വാമിയുാകുന്നു. അവൻ തന്നെ മനുഷ്യരുടെ മേൽ ഭരണം നടത്തുന്നു. ചക്രകാലുകൾ തേരുരുൾ ച്ചുറ്റി നാൽ വഹിക്കപ്പെടുന്നതുപോലെ തന്നെ ഈ എല്ലാ സ്ഥാ വരജംഗമവസ്തുക്കൾക്കും ഇന്ദ്രൻ വ്യവസ്ഥിതി ഏർപ്പെടു ത്തിയിരിക്കുന്നു.

# അദ്ധ്യായം മൂന്ന്

## സൂക്തം 33

**ഋഷി ഹിരണ്യസ്തൂപൻ, ദേവത ഇന്ദ്രൻ,**
**ഛന്ദസ് ത്രിഷ്ടുപ്**

**1. ഏതായാമോപ ഗവ്യന്ത ഇന്ദ്രാസ്മാകും സു പ്രമതിം**
**വാവൃധാതി |**
**അനാമൃണാഃ കുവിഭാദസ്യ രായോ ഗവാം കേതം**
**പരമാവർജതേ നഃ ||**

ഗോക്കളെ ആഗ്രഹിക്കുന്നവരേ, വരുവിൻ, നമുക്ക് ഇന്ദ്രൻെറ സന്നിതിയിൽ ഹാജരാവാം. വിഘ്നനാശകനായ അവൻ നമ്മുടെ സമ്പത്ത് വർദ്ധിപ്പിക്കുകയും, നമുക്ക് ഗോക്കളോടുള്ള ആശ നിറവേറ്റിത്തരുകയും ചെയ്യും.

**2. ഉപേദഹം ധനദാമപ്രതീതം ജുജുഷഠാം ന ശ്യേനോ**
**വസതിം പതാമി |**
**ഇന്ദ്രം നമസ്യന്നുപമേഭിരർകൈർയ്യഃ**
**സ്തോതൃഭ്യോ ഹവ്യോ അസ്തി യാമന് ||**

യുദ്ധത്തിൽ ആരെ സ്തോതാവു വിളിക്കുന്നുവോ, ആ ഇന്ദ്രനെ ആർക്കും നേരിടുവാൻ കഴിവില്ല. ഞാൻ ധന ദാതാവായ ആ ഇന്ദ്രനെ ഉപയുക്ത സ്തോത്രങ്ങളാൽ പൂജിച്ചുകൊ് അഭിലാക്ഷം നിലനെർത്തുന്നു.

**3. നി സർവസേന ഇഷുധീം രസക്ത സമര്യോ ഗാ അജ**
**തി യസ്യ വഷ്ടി |**
**ചോഷ്കൂയമാണ ഇന്ദ്ര ഭൂരി വാമം മാ**
**പണിർഭൂരസ്മദധി പ്രവൃദ്ധ ||**

സൈന്യങ്ങളോടുകൂടിയ ഇന്ദ്രൻ സ്തോതാവിൻെറ പക്ഷ ത്തുനിന്നുകൊ് തൂണിരം മുറുക്കിയിരിക്കുന്നു. പ്രജകളുടെ സ്വാമിയായ ആ ഇന്ദ്രൻ ഗോക്കൾ ആദിയായ ധനം ജയിക്കുന്നതിൽ സമർത്ഥനാകുന്നു ഹേ ഇന്ദ്രാ! നീ ഞങ്ങളോട് വിനിമയം നടത്തുന്നവനാകരുതേ.

**4. വദീർഹി ദസ്യം ധനിനം ഘനേനം എകശ്ചരന്നു**
**പശാകേഭിരിന്ദ്ര |**
**ധനോരധി വിഷ്ണക്തേ വ്യായന്നയജ്വാനഃ**
**സനകാ പ്രേതിമിയുഃ ||**

ഹേ ഇന്ദ്രാ! സഹായകൻമാരായ മരുത്തുക്കളോടുകൂടി തൻെറ ഭീഷണമായ വജ്റത്താൽ നീ ധനചോരനായ വൃത്രനെ വധിച്ചു. അവൻെറ അനുചരൻമാർ യജ്ഞഹീനൻ മാരായ അവർ മരണം പ്രാപിച്ചു.

**5. പരാ ചിഛീർഷാ പവൃജുസ്ത ഇന്ദ്രായജ്വാനേ**
**യജ്വഭിഃ സ്പർധമാനാ |**
**പ്ര യദ്ദിവോ ഹരിവഃ സ്ഥാതരുഗ്രഃ നിരവ്രതാം അധമോ**
**രോദസ്യോഃ ||**

യജ്ഞാദികർമ്മങ്ങൾ നടത്തുന്നവരുടെ മുൻപിൽനിന്നും അയാജ്ത്തികർ പാഞ്ഞുപോയി. ഹേ അശ്വയുക്താ, യുദ്ധ ങ്ങളിൽ ഉറച്ചുനിന്നു പോരാടുന്നവനായ ഇന്ദ്രാ! നീ ആകാശ ത്തിലും ഭൂമിയിലും ഉായിരുന്ന എല്ലാ വ്രതഹീനൻമാ രേയും നാമാവിശേഷമാക്കി.

**6. അയുയുത്സന്നനവദയസ്യ സേനാമയാതായന്ത**
**ക്ഷിതയോ നവഗ്വാഃ |**
**വൃഷായുധോ ന വധ്രയോ നിരഷ്ടാഃ പ്രവിദ്**
**ഭിരിന്ദ്രാച്ചിതയന്ത ആയൻ ||**

അയജ്ഞികർ ആനിന്ദ്യനായ ഇന്ദ്രനോടു പടപൊരുതു വാൻ തയ്യാറായി. അപ്പോൾ വീരൻമാരുടെ മുൻപിൽ ഭീരു ക്കൾക്കുതുല്യം അവർ പരാജിതരായി.

**7. ത്വമേതാന്നുദതോ ജക്ഷതശ്ചായോധയോ രജസ ഇന്ദ്ര**
**പാരേ |**
**അവാദഹോ ദിവ ആ ദസ്യമുച്ചാ പ്ര സുന്വതഃ**
**സ്തുഖതഃ ശംസമാവഃ ||**

ഹേ ഇന്ദ്രാ! അങ്ങ് ചിരിക്കുകയും കരയുകയും ചെയ്തി രുന്ന വൃത്രാസുരനെ വധിച്ചു. ചോരനായ അവനെ ആകാശ ത്തുനിന്നും

ഉയർത്തി ചാമ്പലാക്കി താഴേക്കു പറപ്പിച്ചു. അന ന്തരം നീ സോമം പിഴിയുന്നവരുടെ സ്തുതികളിൽകൂടി ഷർഷം പ്രാപിച്ചു.

**8. ചക്രണാസഃ പരീണഹം പൃഥിവ്യാ ഹിരണ്യേന മണിനാ ശുംഭമാനാഃ |**
**ന ഹിന്വാനാസസ് തിതിരുസ്ത ഇന്ദ്രം പരി സ്പശോ അദദാത് സൂര്യേണ ||**

ആ വൃത്രൻമാർ ഭൂമിയെ മറച്ചു, സ്വർണ്ണരത്നാദികളാൽ യുക്തരായി. എന്നാൽ അവർക്ക് ഇന്ദ്രനെ ജയിക്കുവാൻ കഴിഞ്ഞില്ല. ഇന്ദ്രനവരെ സൂര്യനെകൊ് ഇല്ലാതാക്കി.

**9. പരി യദിന്ദ്ര രോദസീ ഉഭേ അബുഭോജീർമഹിനാ വിശ്വതഃ സീം |**
**മന്യമാനാം അഭി മന്യമാനൈർനിർബ്രഹ്മഭിരധ മോ**

ദസ്യുമിന്ദ്ര ||

ഹേ ഇന്ദ്രാ! നീ ആകാശത്തേയും ഭൂമിയേയും എല്ലാ ഭാഗ ത്തുനിന്നും ഉപഭോഗം ചെയ്തു. നീ സ്വന്തം അനുയായികൾ വഴി വിരോധികളെ കീഴടക്കി. മന്ത്രരൂപത്തിലുള്ള സ്തുതികൾ ശത്രുക്കളുടെമേൽ വിജയം പ്രാപിച്ചു.

10. ന യേ ദിവഃ പൃഥിവ്യാ അന്തമാപുർന മായാഭിർ ധനദാം പര്യഭൂവൻ |
യുജം വജ്രം വൃഷമശ്ചക്ര ഇന്ദ്രോ നിർജ്യോതിഷാ തമസോ ഗാ അദുക്ഷത് ||

മേഘത്തിന് ആകാശഭൂമികളുടെ അതിരുകളെ ഉല്ലംഘി ക്കുവാൻ കഴിഞ്ഞില്ല. ഗർജ്ജിച്ചുകൊിരുന്ന അന്ധകാരാദി കർമ്മങ്ങളാലും സൂര്യരൂപനായ ഇന്ദ്രനെ മറയ്ക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ഇന്ദ്രൻ തൻെറ വജ്റായുധത്താൽ മേഘത്തിൽ നിന്നും ജലത്തെ പശുവിനെ കറക്കുന്നതു പോലെ കറന്നെടുത്തു.

11. അനു സ്വധാമക്ഷരന്നാപോ അസ്യവർധത മദ്ധ്യ ആ നാവ്യനാം |
സ ധ്രീചീനേന മനസാ തമിന്ദ്ര രാജിഷ്ഠേന ഹന്മനാ ഹന്നഭി ദ്യൂന് ||

സ്വേച്ഛാനുസരണം പ്രവഹിച്ചുകൊിരുന്ന ജലത്തിൽ വ്യത്രൻ വളരുവാൻ തുടങ്ങി. അപ്പോൾ ഇന്ദ്രൻ അവനെ തൻെറ ശക്തിസാധനയാൽ വധിച്ചു.

12. ന്യാവിധ്യദിലീബിശസ്യ ദൃ‌ളഹാ വി ശൃങ്ഗിണമഭിനച്ചുഷ്ണമിന്ദ്ര |
യാവത്തരോ മഘവന്യാവദോജോ വജ്രേണ ശത്രുമവധീഃ പൃതന്യും ||

ഇന്ദ്രൻ ഭൂമിയിലെ ഗുഹയിൽ ഉറങ്ങികിടന്നിരുന്ന വൃത്രൻെറ കോട്ടതകർക്കുകയും കൊമ്പു തുടങ്ങിയവ ആയുധമാക്കിയവനേ കൊല്ലുകയും ചെയ്തു. ഹേ ധനവാ നായ ഇന്ദ്രാ! സ്വന്തം ബലവേഗത്താൽ ശത്രുവിനെ നശി പ്പിക്കു.

13. അഭി സിധ്മോ അജിഗാദസ്യ ശത്രുന്വിതിഗ്മേ ന വൃഷഭേണ പുരോ ഭേത് |
സം വജ്രേണാ സൃജദ് വൃത്രമിന്ദ്രഃ പ്ര സ്വാം മതിമതിര ച്ഛാശദാനഃ ||

ഇന്ദ്രൻെറ വജ്റായുധം ശത്രുക്കളെ ലക്ഷ്യമാക്കി പാഞ്ഞു. തീഷ്ണമായ വർഷജലത്താൽ അവരുടെ ദുർഗ്ഗങ്ങൾ തകർന്നുവീണു. ഇന്ദ്രൻ അവരെ വജ്രത്താൽ കൊന്നു സ്വയം സന്തുഷ്ടനായി.

14. ആവഃ കുൽസമിന്ദ്ര യസ്മിഞ്ചാകന പ്രാവോ യുധ്യന്തം വൃഷഭം ദശദ്യും |
ശഫച്യുതോ രേണുർനക്ഷത ദ്യാമച്ഛ്വൈത്രേയോ നൃഷാഹ്യായവ തസ്ഥൗ ||

ഹേ ഇന്ദ്രാ! നീ ഇഷ്ടപ്പെട്ടിരുന്ന കൽസനെ നീ രക്ഷിച്ചു. ദശായു എന്നു പേരുള്ള കാളയെ രക്ഷിച്ചു. അശ്വങ്ങളുടെ ഖുരപതനത്തിൽ നിന്നു ായ ധൂളിപടലങ്ങൾ ആകാശത്തെ മറച്ചുകഴിഞ്ഞപ്പോഴും നീ രണക്ഷേത്രത്തിൽ ഉറച്ചുനിന്നു.

15. ആവഃ ശമം വൃഷഭം തുഗ്ര്യാസു ക്ഷേത്രജേഷേ മഘവഞ്ഛ്വിത്ര്യം ഗാം |
ജ്യോക്ക് ചിദത്രതസ്ഥിവാംസോ അക്രഞ്ഛത്രൂ യതാ മധരാ വേദനാകഃ ||

ഹേ ഇന്ദ്രാ! ഭൂമിയുടെ ആഗ്രഹത്താൽ ജലത്തിലാു പോയ ശ്വൈത്രേയനെ നീ രക്ഷിച്ചു. ജലത്തിൽതന്നെ വസിച്ചുകൊ് വളരെക്കാലംവരെ യുദ്ധം ചെയ്തു കൊി രിക്കണേ. ശത്രു ഐശ്വര്യം നീ ജലത്തിലാഴ്ത്തി കളഞ്ഞു.

# സൂക്തം 34

ഋഷി ഹിരണ്യസ്തവൻ, ദേവത അശ്വികൾ, ഛന്ദസ് ജഗതി

1. ത്രിശ്ചിന്നോ അദ്യാ ഭവതം നവേദസാ വിഭൂർവാം യാമ ഉത രാതിരശ്വിനാ |
യുവോർഹി യന്ത്രം ഹിമ്യേവ വാസസോ ഭ്യായംസേന്യാ ഭവതം മനീഷിഭിഃ ||

ഹേ, മേധാവികളായ അവിനികളെ! ഇന്നിവിടെ മൂന്നു പ്രാവശ്യം വരണേ. നിങ്ങളുടെ മാർഗ്ഗങ്ങളും, ദാനവും രും വിസ്തൃതങ്ങളാണ്. മഞ്ഞിൽ വസ്ത്രങ്ങളുടെ സഹായം പോലെയാണ് ഞങ്ങൾക്ക് നിങ്ങളുടെ സഹായം. നിങ്ങൾ വിദ്വാൻമാരുടെ മദ്ധ്യത്തിൽകൂടി ഞങ്ങളെ പ്രാപിക്കുവിൻ.

2. ത്രയഃ പവയോ മധുവാഹനേ രഥേ സോമസ്യ ഭവനം മനു വിശ്വ ഇദ്വിദുഃ |
ത്രയഃ സ്കം ഭാസഃ സ്കഭിതാസ ആരഭേ തിർനക്തം യാഥാസ്ത്രിസ്രിർവശ്വിനാ ദിവാ ||

നിങ്ങളുടെ മധുരാന്നം വഹിക്കുന്ന തേരിന് മൂന്നു ചക്ര ങ്ങളു്, ചന്ദ്രൻെറ പ്രിയപത്നിയായ ഭവനയുടെ വിവാഹ സമയത്താണ് ദേവതകൾ ഇക്കാര്യം അറിഞ്ഞത്. അതിൽ സൗകര്യത്തിനുവേി മൂന്നു തൂണുകളും നാട്ടിട്ടു്. ഹേ അശ്വനീകുമാരൻമാരേ ! നിങ്ങളാരഥത്തിൽ മുമ്മൂന്നു പ്രാവശ്യം രാത്രിയിലും പകലും സഞ്ചരിക്കുന്നു.

**3. സമാനേ അഹന്ത്രിരവദ്യഗോഹനാ ത്രിരദ്യംയജ്ഞം മധുനാ മിമിക്ഷതം |**
**ത്രിവാജവതീരിഷോ അശ്വിനാ യുവം ദോഷം അസ്മഭ്യമുഷസശ്ച പിന്വതം ||**

ഹേ, ദോഷത്തെ ആവരണം ചെയ്യുന്ന അശ്വനീ കുമാരൻ മാരേ! നിങ്ങൾ പകൽ മൂന്നുത്തവണ യജ്ഞത്തെ മധുര രസ ത്താൽ സേചനം ചെയ്യൂ. കൂടാതെ പകലും രാത്രിയും മുമ്മൂ ന്നുപ്രാവശ്യം ഞങ്ങൾക്കുള്ള ഭക്ഷണം കൊവന്നുത്തരു.

**4. ത്രിർവർതിർയാതം ത്രിരനുവ്രതേ ജനേ ത്രിംഃ സുപ്രാവ്യേ ത്രേദേവ ശിക്ഷിതം |**
**ത്രിർനാന്ദ്യം വഹതമശ്വിനാ യുവം ത്രിഃ പൃക്ഷോ ആസ്മേ അക്ഷരേവ പിന്വതം ||**

ഹേ കുമാരദ്വയമേ! നിങ്ങൾ മൂന്നുപ്രാവശ്യം ഞങ്ങളുടെ ഭവനങ്ങളിൽ വരണേ, നിങ്ങൾ സ്വന്തം അനുയായി വൃന്ദത്തെ മൂന്നു തവണ സുരക്ഷിതരാക്കണമേ ഞങ്ങൾക്ക് മൂന്നു പ്രാവശ്യം സുഖദായകങ്ങായ വസ്തുക്കളും, ദിവ്യന്നങ്ങളും നൽകണേ.

**5. ത്രിർനോ രയിം വഹതമശ്വിനാ യുവം ത്രിർദേവ താതാ ത്രിരുതാവതം ധിയഃ |**
**ത്രംഃ സൗഭാഗത്വം ത്രിരുത ശ്രവാംസി നസ്രിഷ്ഠം വാം സൂരെ ദൂഹി താരുഹദ്രഥം ||**

ഹേ അശ്വദ്വയരേ! ഞങ്ങൾക്കു മൂന്നു പ്രാവശ്യം ധനം നൽകണേ, ഞങ്ങളുടെ പ്രവൃത്തികളെ മുന്നുപ്രാവശ്യം ദേവാ രാധനക്കുവേി പ്രേരിപ്പിക്കണേ. ഞങ്ങൾക്ക് സൗഭാഗ്യവും യശസ്സും മുമ്മൂന്നു പ്രാവശ്യം നൽകണേ. നിങ്ങളുടെ രഥ ത്തിൽ സൂര്യപുത്രി (ഉഷസ്സ്) കയറിയിരിക്കുന്നു.

**6. ത്രിർനോ അശ്വിനാ ദിവ്യാനി ഭേഷജാ ത്രിഃ പാർഥി വാനി ത്രിരു ദത്തമദ്ഭ്യഃ |**
**ഓമാനം ശംയോർമമാകായ സൂവേ ത്രിധാതു ശർമ വഹതം ശുഭതസ്പതീ ||**

ഹേ, അശ്വദ്വയരേ! രോഗവിനാശകാരികളായ ദിവ്യ ഔഷ ധങ്ങൾ ഞങ്ങൾക്കും മൂന്നുപ്രാവശ്യം തരണേ. ജലത്താൽ മൂന്നുപ്രാവശ്യം രോഗനാശം വരുത്തണേ. ഞങ്ങളുടെ സന്താ നങ്ങളെ രക്ഷിക്കുകയും സുഖം നൽകുകയും ചെയ്യണേ. എല്ലാസുഖങ്ങളും ത്രിഗുണ രൂപത്തിൽ പ്രധാനം ചെയ്യൂ.

**7. ത്രിർനോ അശ്വിനാ യജതാ ദിവേദിവേ പരി ത്രിധാതു പൃഥിവീമശായതം |**
**തിസ്രേ നാസത്യാ രഥ്യാ പരാവത ആത്മാവേ വാതഃ സ്വസരാണി ഗച്ഛതം ||**

ഹേ അശ്വിദ്വയരേ! നിങ്ങൾ നിത്യവും മൂന്നുപ്രാവശ്യം പൂജാർഹരാണ്. നിങ്ങൾ ഭൂമിയിൽ മൂന്നുത്തവണ മൂന്നടു ക്കുകളുള്ള കുശാസനത്തിൽ ഉറങ്ങു. ഹേ അസത്യ രഹിത രായ രഥികളെ! ആത്മാവ് ശരീരത്തെ പ്രാപിക്കുന്നതു പോലെ നിങ്ങൾ മൂന്നുപ്രാവശ്യം യജ്ഞത്തെ സ്വീക രിക്കണേ.

**8. ത്രിരശ്വി സിന്ധുഭിഃ സപ്തമാതൃഭിസ്രയ ആഹാവാ സ്ത്രേധാ ഹവിഷ്കൃതം |**
**തിസ്രഃ പൃഥിവീരുപരി പ്രവാ ദിവേ നാകം രക്ഷഥേ ദ്യുഭിരക്തുഭിർഹിതം ||**

ഹേ അശ്വിദ്വയരേ! സപ്തമാതൃഭൂതജലത്താൽ ഞങ്ങൾ മൂന്നുപ്രാവശ്യം സോമം ശുദ്ധമാക്കി. ഈ മൂന്നു കലശങ്ങൾ നിറക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ തന്നെ ഹവിസ്സും തയ്യാറാക്കിയിരിക്കുന്നു. നിങ്ങൾ ആകാശോപരി സഞ്ചരിച്ച് ത്രിലോകങ്ങളെയും സംരക്ഷിക്കുന്നു.

**9. ക്വത്രീ ചക്രാ ത്രിവൃതോ രഥസ്യ ക്വാത്രയോ വന്ധുരോ യേ സനീളാഃ |**
**കദാ യോഗോ വാജിനോ രാസഭസ്യ യേന യജ്ഞം നാസത്യോപയാഥം ||**

ഹേ അശ്വദ്വയരേ! നിങ്ങൾ ഏതുരഥം വഴി യജ്ഞത്തെ പ്രാപിക്കുന്നുവോ, ആ ത്രികോണ രഥത്തിൻെറ ചക്രങ്ങൾ മൂന്നും ഇവിടെ ഘടിപ്പിച്ചിരിക്കുന്നു? രഥത്തിൻെറ ആധാര ഭൂതങ്ങളായ ആ മൂന്നുത്തടി കഷണങ്ങളും എവിടെ? നിങ്ങ ളുടെ രഥത്തിൽ പൂട്ടിയിട്ടിരിക്കുന്ന ശക്തനായ ആ കഴുത എപ്പോൾ സംയുക്തമാക്കപ്പെടും?

**10. ആ നാസത്യാ ഗച്ഛതം ഹൂയതേ ഹവിർമധ്വ പിബതം മധുപേഭിരാസഭിഃ |**
**യുവോർഹി പൂർവം സവിതോഷസോ രഥമൃതായ ചിത്രം ഘൃതവന്തമിഷ്യതി ||**

ഹേ അശ്വിദ്വയരേ! വരുവിൻ ഞാൻ ഹവ്യം നൽകുന്നു. അതിനാൽ മധുപാനം നടത്തുന്ന മുഖത്തുകൂടി മധുരമായ ഹവിസ്സിനെ ഗ്രഹിച്ചാലും പുലർകാലത്തിനുമുമ്പ് സൂര്യൻ നിങ്ങളുടെ ഘൃതയുക്തമായ രഥത്തെ യജ്ഞത്തിലേക്കു വരുന്നതിനായി പ്രേരിപ്പിക്കുന്നു.

**11. ആ നാസത്യാ ത്രിഭിരേകാദശൈരിഹ ദേവേഭിര്യാതം മധു പേയമശ്വിനാ |**
**പ്രായുസ്താരിഷ്ടം നീ രപാംസി മൃക്ഷതം സേധതം ദ്വേഷോ ഭവതം സചഭൂവാ ||**

ആസത്യരഹിതരായ അശ്വികളേ! നിങ്ങൾ മുപ്പത്തിമൂന്നു ദേവതകളോടൊന്നിച്ച് മധുപാനത്തിനായി ഇവിടെ വരണേ. ഞങ്ങളുടെ ശത്രുക്കളെ എല്ലാം നശിപ്പിച്ച് ഞങ്ങളിൽ വസി ക്കണേ.

**12. ആ നോ അശ്വിനാ ത്രിവൃതാ രഥേനാർവാഞ്ചം രയിം വഹതം സുവീരം |**
**ശൃണ്വന്താ വാമവസേ ജോഹവീമി വൃധേ ച നോ ഭവതം വാജസാതൗ ||**

ഹേ അശ്വിനികളേ! ത്രികോണരഥം വഴിയായി, വീരൻ മാരാൽ യുക്തമായ ഐശ്വര്യം ഞങ്ങൾക്കായി കൊ വരണേ. നിങ്ങളെ ഞങ്ങൾ വിളിക്കുന്നുന്നു. യുദ്ധങ്ങളിൽ ഞങ്ങളുടെ ശക്തി വർദ്ധിപ്പിക്കണേ.

# സൂക്തം 35

**ഋഷി ഹിരണ്യസ്തൂപൻ, ദേവത അഗ്നി, മിത്രൻ, സവിതാവ്, ഛന്ദസ് ജഗതി, ത്രിഷ്ടുപ്, പംക്തി.**

**1. ഹ്വയാമ്യഗ്നിം പ്രഥമം സ്വസ്തയേ ഹ്വയാമി മിത്രാവരുണാവിഹാവസേ |**

**സവിതാരമൂതയേ ||**

അഗ്നിയേയും മിത്രനേയും വരുണനേയും ഞാൻ മംഗള ത്തിനായി വിളിക്കുന്നു. ജീവികൾക്ക് വിശ്രമം നൽകുന്ന രാത്രി യേയും, സൂര്യദേവനേയും രക്ഷയ്ക്കുവേി ഞാൻ വിളിക്കുന്നു.

**2. ആ കൃഷ്ണനേ രജസാ വർതമാനോ നിവേശയന്നമൃതം**
**മർത്യമ ച |**
**ഹിരണ്യയേന സവിതാ രഥേന ദേവോ യാതി ഭൂവനാനി**
**പശ്യൻ ||**

അന്ധകാരപൂർണ്ണമായ ആകാശത്തിൽകൂടി ഭ്രമണം ചെയ്തുകൊ്, ജീവികളിൽ ചൈതന്യം നിറക്കുന്ന സൂര്യൻ സ്വർണ്ണരഥത്തോടുകൂടി നമ്മെ പ്രാപിക്കുന്നു.

**3. യാതി ദേവഃ പ്രവതാ യാത്യുദ്വതാ യാതി ശുഭ്രാഭ്യം**
**യജതോ ഹരിഭ്യാം |**
**ആ ദേവോ യാതി സവിതാ പരാവതോ പവിശ്വാ ദുരിതാ**
**ബാധമാനഃ ||**

ആ സൂര്യദേവൻ താഴെയുള്ള മാർഗ്ഗളിൽക്കൂടിയും ഉയര ത്തിലുള്ള മാർഗ്ഗങ്ങളിൽകൂടിയും വെള്ളക്കുതിരകൾ പൂട്ട പ്പെട്ട രഥത്തിൽ എഴുന്നെള്ളുന്നു. അദ്ദേഹം അന്ധകാരത്തെ ഉൻമൂലനാശനം ച്ചെ്തുകൊ് വിദൂരത്തുനിന്നും ആഗത നാകുന്നു.

**4. അഭീവൃതം കൃശനൈർവിശ്വരൂപം ഹിരണ്യശമ്യം**
**യജതോ ഹൃഹന്തം |**
**ആസ്ഥാദ്രഥം സവിതാ ചിത്രഭാനുഃ കൃഷ്ണാ രജാംസി**
**തവിഷീം ദധാനഃ ||**

പൂജ്യനും അത്ഭുതരശ്മികളോടു കൂടിയവനുമായ സൂര്യൻ, അന്ധകാരയുക്തങ്ങളായ ലോഹകങ്ങൾക്കുവേി ശക്തിയെ വഹിക്കുന്നു. അദ്ദേഹം സ്വർണ്ണപണികളോടുകൂടി രഥത്തിൽ ആരോഹണം ചെയ്യുന്നു.

**5. വി ജനാഞ്ച്ഛ്യാവാഃ ശിതിപാദോ അഖയന്റഥം**
**ഹിരണ്യപ്രഉഗം വഹന്തഃ |**
**ശശ്വദ്വിശഃ സവിതുർദൈവ്യസ്യോപസ്ഥേ**
**വിശ്വാ ഭുവനാനി തസ്ഥുഃ ||**

ശ്വേതവർണ്ണത്തിലുള്ള ഇരിപ്പിടവും, സ്വർണ്ണനുകത്ത ുമുള്ള രഥത്തെ വലിച്ചുകൊ് സൂര്യാശ്വങ്ങൾ മനുഷ്യർക്കു പ്രകാശം നകുന്നു എല്ലാജീവികളും, എല്ലാ ലോകങ്ങളും സൂര്യൻെറ അങ്കത്തിൽ തന്നെ സ്ഥിതി ചെയ്യുന്നു.

**6. തിസ്രോ ദ്യാവഃ സവിതുർദ്വാ ഉപസ്ഥാം ഏകാ യമാസ്യ**
**ഭൂവനേ വിരാഷാട് |**
**ആണിം ന രഥ്യമമൃതാധി തസ്ഥുരിഹ ബ്രവീതു**
**യ ഉ തച്ചികേതത് ||**

മൂന്നുലോകങ്ങളുള്ളതിൽ ആകാശവും ഭൂമിയും സൂര്യൻെറ ഏറ്റവും സമീപത്തായി സ്ഥിതി ചെയ്യുന്നു. ഒരന്തരീക്ഷം യമലോകത്തിൻെറ കവാടരൂപമാകുന്നു രഥത്തിൻെറ ചക്രങ്ങൾ അവയുടെ അക്ഷകീലത്തെ ആശ്ര യിച്ചിരിക്കുന്നതുപോലെ എല്ലാ നക്ഷത്രളും സൂര്യനും അവ ലംബമാക്കി സ്ഥിതിചെയ്യുന്നു.

**7. വി സുപർണോ അന്തരിക്ഷാണ്യഖദ്ഗഭീരവേപാ**
**അസുരഃ സുനീഥഃ |**
**ക്വേ ഭാനീം സൂര്യഃ കശ്ചികേത കതമാം ദ്യാം**
**രശ്മിരസ്യാ തതാന ||**

ഗംഭീരമായ പ്രകമ്പത്തോടുകൂടിയവനും, പ്രാണയുക്ത നുമായ സൂര്യൻ അന്തരീക്ഷത്തെ പ്രകാശമാനമാക്കുന്നു. ആ സൂര്യൻ ഇപ്പോൾ (രാത്രിയിൽ) എവിടെ വസിക്കുന്നു? അവൻെറ കിരണങ്ങൾ ഏതാകാശത്തിൽ വ്യാപ്തമാ യിരിക്കുന്നു? ഇതെല്ലാം ആർക്കുപറയുവാൻ സാധിക്കും.

**8. അഷ്ടൗ വ്യഖ്യത്കകുഭഃ പൃഥിവ്യാസ്ത്രീ ധന്വ യോജ**
**നാ സപ്ത സിന്ധൂൻ |**
**ഹിരണ്യയാക്ഷഃ സവിതാ ദേവ ആഗാദ്ദധദ്രൂ**
**ഭാശു ഷേ വാര്യാണി ||**

സൂര്യൻ ഭൂമിയുടെ അഷ്ടദിക്കുകളേയും കൂട്ടിയോ ജിപ്പിക്കുന്ന ത്രിലോകങ്ങളെയും സപ്തസാഗരങ്ങളേയും പ്രകാശിപ്പിക്കുന്നു. ആ സുവർണ്ണനേത്രനായ സൂര്യൻ സാധ കന് ധനം നൽകുന്നതിനുവേി ഇവിടെ വരണേ.

**9. ഹിരണ്യപാണിഃ സവിതാ വിചർഷണിരുഭേ**
**ദ്യാവാപൃഥിവീ അന്തരീയതേ സ്വവാം യാത്വർവാങ് |**
**അപമീവാം ബാധതേ വേതി സൂര്യമഭി കൃഷ്ണനേ**
**രജസാ ദ്യാമധണോതി ||**

സുവർണ്ണഹസ്തങ്ങളോടുകൂടിയ സർവ ദ്രഷ്ടാ വായ സൂര്യൻ ആകാശത്തിൻെറയും ഭൂമിയുടേയും ഇടയിൽ കൂടി കടന്നുപോകുന്നു. അവൻ രോഗാദികളായ ബാധകളെ നശിപ്പിച്ച് അന്ധകാരനാശകമായ തേജസ്സോടു കൂടി ആകാശ ത്തേയ്ക്ക് വ്യാപിക്കുന്നു.

**10. ഹിരണ്യഹസ്തോ അസുരഃ സുനീഥ സുമൃളീകഃ**
**സ്വാവാം യാത്വർവാങ്ങ് |**
**അപനേ ധന്റക്ഷസോ യുതുധാനാന രാദ്ദേവാഃ**
**പ്രതിദോഷം ഗൃണാനഃ ||**

സുവർണ്ണഹസ്തനും, പ്രാണവാനും, ശ്രേഷ്ഠനും, കൃപാ ലുവും ഐശ്വര്യവാനുമായ സൂര്യൻ നമ്മുടെ മുമ്പിൽ വരണേ. ആ സൂര്യൻ എല്ലാ ദിവസവും രാക്ഷസൻമാരെ അമർച്ച വരുത്തികൊ് അവിടെ നില്ക്കണേ.

**11. യേ തേ പന്ഥാഃ സവിതഃ പൂർവ്യാസോ രേണവഃ**
**സുകൃതാ അന്തരീക്ഷേ |**
**തേഭിർനോ അദ്യ പഥിഭിഃ സുഗേഭീ രക്ഷാ ച നോ അധി ച**
**ബ്രൂഹി ദേവ ||**

ഹേ സൂര്യാ! ആകാശത്തിലുള്ള ധൂളരഹിതമായ നിൻെറ മാർഗ്ഗം പുരാതനവും സുനിർമ്മിതവുമാണ്. ആ മാർഗ ത്തിൽകൂടി ആഗതനായി ഞങ്ങളെ രക്ഷിക്കണേ. ഞങ്ങൾ ക്കനുകൂലമായ മാർഗ്ഗത്തെ ഉപദേശിച്ചു തരണേ.

# അനുവാകം 8 സൂക്തം 36

**ഋഷി ഘോരൻെറ മകൻ കണ്വൻ, ദേവത അഗ്നി,**
**ഛന്ദസ് ബൃഹതി**

**1. പ്ര വോ യഹ്വം പുരൂണാം വിശാം ദേവയതീനാം |**
**അഗ്നിം സൂക്തേഭിർവചോഭിരീമഹേ യം സീമിദന്യ ഈളതേ ||**

ഹേ മനുഷ്യരേ ! അസംഖ്യരായ നിങ്ങൾ ദേവതകളെ പ്രതീക്ഷിക്കുന്നു, നിങ്ങൾക്കുവേി ഞങ്ങൾ ഞങ്ങൾ മഹാ നായ അഗ്നിയെ സൂക്തവചനങ്ങൾ വഴി പ്രാർത്ഥന നടത്തുന്നു. മറ്റുള്ളവരും അദ്ദേഹത്തെ സ്തുതിക്കുന്നു.

**2. ജനാസോ അഗ്നിം ദധിരേ സഹോവൃധം ഹവിഷ്മന്തോ വിധേമ തേ|**
**സ ത്വം നോ അദ്യ സുമനാ ഇഹാവിതാ ഭവാ വാജേഷു സന്ത്യ ||**

മനുഷ്യർ ഏതുശക്തനായ അഗ്നിയെ വഹിച്ചിരിക്കു ന്നുവോ, ആ അഗ്നിയെ നമുക്ക് ഹവിസ്സിനാൽ തൃപ്തിപ്പെടു ത്താം. ദാനിയായവനേ നീ പ്രസന്നനായി ഈ യുദ്ധത്തിൽ ഞങ്ങളെ രക്ഷിക്കണേ.

**3. പ്ര ത്വാ ദൂതം വൃണീമഹേ ഹോതാരം വിശ്വവേദസം |**
**മഹസ്തേ സതോ വി ചരന്ത്യർചയോ ദിവി സ്പൃശന്തി ഭാനവഃ ||**

ഹേ സമ്പൂർണ്ണ ഐശ്വര്യവാ! ദേവദൂതാ! ഹോതാവേ! ഞങ്ങൾ നിന്നെ വരിക്കുന്നു മഹാനും സത്യരൂപനുമാകുന്നു അങ്ങയുടെ ജ്വാലാനാളങ്ങൾ ആകാശം വരെ ഉയരുന്നു.

**4. ദേവാസസ്ത്വാ വരുണോ മിത്രോ അര്യമാ സം ദൂതം പ്രത്നമിന്ധതേ |**
**വിശ്വം സോ അഗ്നേ ജയതി ത്വയാ ധനം യസ്തേ ദദാശ മർത്യഃ ||**

ഹേ അഗ്നീ! നീ പുരാണപുരുഷനേയും, വരുണനേയും, മിത്രനേയും ആര്യൻമാരേയും പ്രകാശിതരക്കുന്നു. നിനക്ക് ഹവസ്സു നൽകുന്നു സാധകൻ എല്ലാ സമ്പത്തും പ്രാപി ക്കുന്നു.

**5. മന്ദ്രോ ഹോതാ ഗൃഹപതിരഗ്നേ ദൂതോ വിശാമസി |**
**ത്വേ വിശ്വാ സംഗതാനി വ്രതാ ധ്രുവാ യാനി ദേവാ അകൃണ്വത ||**

ഹേ അഗ്നേ ! മനസ്സിനെ പ്രസന്നമാക്കുന്നവനും, പ്രജ കളുടെ സ്വാമിയും ഗൃഹപാലകനും ദേവദൂതനുമാകുന്നു ദേവതകളുടെ എല്ലാകർമ്മങ്ങളും നിന്നിൽ നിന്നും ലഭി ക്കുന്നു.

**6. ത്വേ ഇദഗ്നേ സുഭഗേ യവിഷ്ഠ്യ വിശ്വമാ ഹൂയതേ ഹവിഃ |**
**സ ത്വം നോ അദ്യ സുമനാ ഉതാപരം യക്ഷി ദേവാന്ത് സുവീര്യാ ||**

ഹേ യുവാവായ അഗ്നീ! നീ സൗഭാഗ്യശാലിയാകുന്നു. എന്തുകൊന്നൊൽ നിന്നിൽ തന്നെയാണ് എല്ലാ ഹവിസ്സു ക്കളും അർപ്പിക്കപ്പെടുന്നത് പ്രസന്നനായി ഇന്നും. മേലിലും ഞങ്ങൾക്ക്വേി പരാക്രമികളായ ദേവതകളെ പൂജി ക്കുന്നു.

**7. തം ഘേമിത്ഥാ നമസ്വിന ഉപ സ്വരാജമാസതേ |**
**ഹോത്രാഭിരഗ്നിം മനുഷഃ സമിന്ധതേ തിതിർവാംസോ അതി സ്രിധഃ ||**

നമസ്കരിക്കുന്ന വ്യക്തി സ്വയം പ്രകാശിതമായ അഗ്നിയ പൂജിക്കുന്നു. ശത്രുക്കളെ കടന്നുപ്പോകുന്ന മനു ഷ്യൻ സ്തുതികളാൽ അഗ്നിയെ പ്രദീപ്തമാക്കുന്നു.

**8. ഘ്നന്തോ വൃത്രമതരന്നോദസി അപ ഉരു ക്ഷയായ ചക്രിരേ|**
**ഭുവത് കണ്വേ വൃഷാ ദ്യുമ്ന്യാഹുതഃ ക്രന്ദദശ്വോ ഗവിഷ്ഠിഷു ||**

ദേവതകൾ പ്രഹരം നടത്തിപുത്രനെ ജയിക്കുകയും ത്രിലോകങ്ങൾക്കു വിസ്താരം കൂട്ടുകയും ചെയ്തു. അഭീ ഷ്ടവർഷകനും അഹൂതനുമായ അഗ്നി നീ ഞാനാകുന്നു കണ്വന് ഗോക്കൾ മുതലായ സമ്പത്തുക്കൾ പ്രദാനം ചെയ്യണേ.

**9. സം സീദസ്വ മഹാം അസി ശോചസ്വ ദേവവീതമഃ |**
**വി ധൂമമഗ്നേ അരുഷം മിയേധ്യ സൃജ പ്രശസ്ത ദർശതം ||**

ഹേ അഗ്നീ! വരൂ, വിരാജിക്കൂ. ദേവതകളെകൊു വരുന്ന നീ ചൈതന്യവാനാകൂ. മനോഹരമായ ലാലീമ കോലുന്ന സുന്ദരമായ ധൂമത്തെ പരത്തണേ.

**10. യം ത്വാ ദേവാസോ മനവേ ദധുരിഹ യജിഷ്ഠം ഹവ്യവാഹന|**
**യം കണ്വോ മേധ്യാതിഥിർധനസ്പൃതം യം വൃഷാ യമുപസ്തുതഃ ||**

ഹേ ഹവിർ വാഹകനായ അഗ്നേ! പൂജാർഹനായ നിന്നെ ദേവതകൾ മനുവിനുവേി ഈ ലോകത്തിൽ സ്ഥാപിച്ചു. ധനത്താൽ സന്തുഷ്ടനായ കണ്വനും, ഇന്ദ്രനും മറ്റുള്ള ദേവതകളും നിന്നെ സ്വീകരിച്ചു.

**11. യമഗ്നിം മേധ്യാതിഥിഃ കണ്വ ഈധ ഋതാദധി |**
**തസ്യ പ്രേഷോ ദീദിയുസ്തമിമാ ഋചസ്ത മഗ്നിം വർധ യാമസി ||**

ഏതൊരഗ്നിയെ മേധാതിഥിയും കണ്വനും യജ്ഞത്തി നായി പ്രോജ്വലിപ്പിച്ചുവോ, ആ അഗ്നി ദീപ്തിമാനാകുന്നു. ഈ മന്ത്രങ്ങൾ വഴിയായി ഞങ്ങളാ അഗ്നിയെ വളർത്തുന്നു.

**12. രായസ പൂർധി സ്വധാവോ സ്തി ഹി തേഗ്നേ ദേവേഷ്വാപ്യം |**
**ത്വം വാജസ്യ ശ്രുത്യസ്യ രാജസി സനോ മൃള ഹോം അസി ||**

ഹേ അന്നദാനിയായ അഗ്നേ! ഞങ്ങളുടെ ഭണ്ഡാഗാര ങ്ങൾ നിറയ്ക്കൂ. അങ്ങ് ദേവൻമാരുടെ മിത്രവും ഐശ്വര്യ ത്തിൻെറ സ്വാമിയുമാണല്ലോ. ഹേ മഹാത്മാവേ! ഞങ്ങളുടെ മേൽ കൃപ ചൊരിയണേ.

**13. ഊർധ്വ ഊ ഷു ണ ഊതയേ തിഷ്ഠാ ദേവോ ന സവിതാ |**
**ഊർധ്വോ വാജസ്യ സനിതാ യദഞ്ജിഭിർവാഘദ്ഭിർവിഹ്വയാമഹേ ||**

നീ ഞങ്ങളുടെ രക്ഷക്കുവേി ഉയർന്നു നിലകൊളളു. നീ അഖണ്ഡശക്തിയുടെ പ്രദാതാവാകുന്നു. ഞങ്ങൾ വിദ്വാൻമാരുടെ സഹായത്തോടുകൂടി അങ്ങയെ സ്തു തിക്കുന്നു.

**14. ഊർധ്വോ നഃ പാഹ്യംഹസോ നി കേതുനാ വിശ്വം സമത്രിണം ദഹ |**
**കൃധീ ന ഊർധ്വാഞ്ചരഥായ ജീവസേ വിദാ ദേവേഷു നോ ദുവഃ ||**

ഉന്നതനായ നീ, പാപങ്ങളിൽനിന്നും ഞങ്ങളെ രക്ഷി ക്കണേ. നരഭോജികളെ ഭസ്മമാക്കി, ഞങ്ങങ്ങളുടെ ജീവിത ത്തിനു പുരോഗതിയുാകുന്നതിനുവേി ഉന്നതങ്ങളി ലേക്കു ഉയർത്തൂ. ഞങ്ങളുടെ കാര്യങ്ങളെല്ലാം ദേവതക ളുടെ അടുക്കൽ നിവേദനം ചെയ്യണേ.

**15.പാഹിനോ അഗ്നേ രക്ഷസഃ പാഹി ധൂർതേര രാവ്ണഃ |**
**പാഹി രീഷത ഉത വാ ജിഘാംസതോ ബൃഹദ്ഭാനോ യവിഷ്ഠ്യ||**

ഹേ അഗ്നീ! ദൈത്യൻമാരിൽനിന്നും ഞങ്ങളെ രക്ഷി ക്കണേ. ദാനികളെ സംരക്ഷിക്കണേ. അങ്ങ് മഹാ ദീപ്തി മാനും, നിത്യയുവത്വമുള്ളവനും, ഹിംസകൻ മാരിൽനിന്നും രക്ഷിക്കുന്നവനുമാകുന്നു. ഞങ്ങളെ രക്ഷിക്കണേ.

**16. ഘനേവ വിഷ്വഗ്വി ജഹ്യരാവ്ണസ്തപുർജംഭയോ അസ്മധ്രുക് |**
**യോ മർത്യഃ ശിശീതേ അത്യക്തുഭിർമാ നഃ സരിപുരീശത||**

ഹേ അഗ്നിദേവാ! കഷ്ടപ്പെടുത്തുന്നവരേയും, ദാനം നൽകാത്തവരേയും വധിക്കണേ. ഞങ്ങളുടെ ശത്രുക്ക ളുടെയും, രാത്രിയിൽ ഞങ്ങൾക്കായി ആയുധങ്ങളുടെ മൂർച്ച കൂട്ടുന്നവരുടെയും ആധിപത്യം തടയണേ.

**17. അഗ്നിർവവ്നേ സുവീര്യമഗ്നിഃ കണ്വായ സൗഭഗം |**
**അഗ്നിഃ പ്രാവൻമിത്രോത മേധ്യാതിഥിമഗ്നിഃ സാതാ ഉപസ്തുതം ||**

അഗ്നീ! എനിക്കുവേി സൗഭാഗ്യം കാംക്ഷിച്ചു. അവൻ മേധാതിഥിയേയും, ഉപസ്തുതനേയും ധനപ്രാപ്തികൊ് രക്ഷിച്ചു.

**18. അഗ്നിനാ തുർവശം യദും പരാവത ഉഗ്രദേവം ഹവാമഹേ |**
**അഗ്നിർനയന്നവവാസ്ത്വം ബൃഹദ്രഥം തുർവീതിം ദിവ്യമേ സഹഃ ||**

തുർവസ്, യദു, ഉഗ്രദേവൻ ഇവരെ ഞാൻ അഗ്നിയോടു കൂടി ദൂരെനിന്നും വിളിക്കുന്നു. അവരേയും നാവസ്ത്വൻ, ബൃഹദ്രഥൻ, തുർവീതി എന്നിവരേയും നീ ഇങ്ങോട്ടു വിളിക്കൂ.

**19. നി ത്വാമഗ്നേ മനുർദധേ ജ്യോതിർജനായ ശശ്വതേ |**
**ദീദേഥ കണ്വ ഋതജാത ഉക്ഷിതോ യം നമസ്യന്തി കൃഷ്ടയഃ ||**

ഹേ ജോതിർമയനായ അഗ്നീ! നിന്നെ മനുഷ്യർക്കുവേി മനു സ്ഥാപിച്ചു. നീ യജ്ഞത്തിനുവേി പ്രത്യക്ഷനായി ഹവിസ്സിനാൽ തൃപ്തനാകുകയും സാധകൻ നിന്നെനമസ്ക രിക്കുകയും ചെയ്യുന്നു.

**20. ത്വേഷാസോ അഗ്നേരമവന്തോ അർചയോ ഭീമാസോ ന പ്രതീതയേ |**
**രക്ഷസ്വിനഃ സദമിദ്യാതുമാവതോ വിശ്വം സമത്രിണം ദഹ ||**

അഗ്നിയുടെ പ്രദീപ്തങ്ങളായ ജ്വാലകൾ ശക്തങ്ങളും ഉഗ്രങ്ങളുമാണ്. അവയെ നേരിടുവാൻ സാധ്യമല്ല. ഹേ അഗ്നേ! അങ്ങ് രാക്ഷസൻമാരെയും മനുഷ്യഭുക്കുകളേയും ഭസ്മമാക്കണേ.

## സൂക്തം 37

**ഋഷി ഘോരന്റെ മകൻ കണ്വൻ ദേവത മരുത്**
**ഛന്ദസ് ഗായത്രീ**

**1. ക്രീളം വഃ ശർധോ മാരുതമനർവാണം രഥേശുഭം |**
**കണ്വാ അഭി പ്രഗായത ||**

ഹേ കണ്വഗോത്രീയരായ മഹർഷിമാരേ! ക്രീഡായു ക്തരും, അഹിംസിതരുമായ മരുത്ഗണങ്ങൾ രഥത്തിൽ സുശോഭിതരായിരിക്കുന്നു. അവരെ നിങ്ങൾ സ്തുതി ക്കുവിൻ.

**2. യേ പൃഷതീഭിർഋഷ്ടിഭിഃ സാകം വാശീഭിരഞ്ജിഭിഃ |**
**അജായന്ത സ്വഭാനവഃ ||**

സ്വയം പ്രകാശിതരായ അവർ, ബിന്ദുച്ഛിന്നയുക്തവാ ഹനങ്ങളോടും, ആയുധങ്ങളോടും, കിലുങ്ങുന്ന ആഭരണ ങ്ങളോടും യുക്തരായി ഉത്ഭവിച്ചു.

**3. ഇഹേവ ശൃണ്വ ഏഷാം കശാ ഹസ്തേഷു യുദ്വദാൻ |**
**നി യാമഞ്ചിത്രമൃഞ്ജതേ ||**

അവരുടെ കരങ്ങളിലെ ചമ്മട്ടികളുടെ ശബ്ദങ്ങൾ കേൾ ക്കുന്നു. ഈ അത്ഭുതകരമായ ചമ്മട്ടി, യുദ്ധത്തിൽ ധീരത്വം വളർത്തുന്നതാകുന്നു.

**4. പ്ര വഃ ശർധായ ഘൃഷ്വയേ ത്വേഷദ്യുമ്നായശുഷ്മിണേ |**
**ദേവത്തം ബ്രഹ്മ ഗായത ||**

ആ മരുത്ഗണം നിങ്ങളുടെ ശക്തി വർദ്ധിപ്പിക്കുകയും നിങ്ങളെ യശ്വസികളാക്കിത്തീർക്കുകയും ചെയ്യും.

**5. പ്ര ശംസാ ഗോഷ്വഘ്ന്യംക്രീളം യച്ഛർധോ മാരുതം |**
**ജംഭേ രസസ്യ വാവൃധേ ||**

ക്ഷീരദായിനികളായ ഗോക്കളിൽ വൃഷഭസമാനം ക്രീഢ നടത്തുന്ന മരുത്ഗണങ്ങളെ നിങ്ങൾ സ്തുതിക്കുവിൻ. ആ പുഷ്ടി രൂപമായ രസം പാനം ചെയ്ത് അവർ വളർച്ച പ്രാപി ച്ചിരിക്കുന്നു. നിങ്ങൾ അവരെ വാഴ്ത്തുവിൻ.

**6. കോ വോ വർഷിഷ്ഠ ആ നരോ ദിവശ്ചഗ്മശ്ച ധൂതയഃ |**
**യത്സീമന്തം ന ധൂനുഥ ||**

ആകാശഭൂമികളെ പ്രകമ്പനം കൊള്ളിക്കുന്ന മരുത്തു ക്കളേ! നിങ്ങളിൽ ആരാണ് വലിയവൻ? നിങ്ങൾ വൃക്ഷ ശിഖരങ്ങൾക്കു സമാനമായി ലോകങ്ങളെ ഇളക്കിമറിക്കുന്നു.

**7. നി വോ യാമായ മാനുഷോ ദധ്ര ഉഗ്രായ മന്യവേ |**
**ജിഹീത പർവതോ ഗിരിഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ഗതിയിലും, ക്രോധ ത്തിലും ഭയഭീതരായ മനുഷ്യർ വീടുകൾക്ക് ഉറപ്പുള്ള തൂണു കൾ നാട്ടിയുറപ്പിച്ചിരിക്കുന്നു. നിങ്ങൾ മഹാപർവ്വതങ്ങളേയും വിറപ്പിക്കുന്നു.

**8. യേഷാമജ്മേഷു പൃഥിവീജുജുർവാം ഇവ വിശ്പതിഃ |**
**ഭിയായാമേഷു രേജതേ ||**

ആ മരുത്തുക്കളുടെ ഗതിവേഗത്തിൽ പൃഥ്വിവയസ്സൻ രാജാവിനെപ്പോലെ ഭയംകൊ് ഞെട്ടിവിറയ്ക്കുന്നു.

**9. സ്ഥിരം ഹി ജാനമേഷാം വയോ മാതുർനിരേതവേ |**
**യത്സീമനു ദ്വിതാ ശവഃ ||**

ഇവരുടെ ജൻമസ്ഥാനമായ ആകാശം സ്ഥിരമാണ്, ഇവരുടെ

മാതാപിതാവായ ആകാശത്തിൽ പക്ഷികളുടെ ഗതിയും നിർബാധമാണ്. ഇവരുടെ ശക്തി ഇരട്ടിയായി വ്യാപിച്ചുകൊിരിക്കുന്നു.

**10. ഉദു ത്യേ സൂനവോ ഗിരഃ കാഷ്ഠാ അജ്മേഷ്വത്നത |**
**വാശ്രാ അഭിജ്ഞു യാതവേ ||**

അന്തരീക്ഷത്തിൽ ഉത്ഭവിച്ചവരും വാഗ്ജനകരുമായ ആ മരുത്തുക്കൾ സഞ്ചരിക്കുന്നതിനുവേി ജലം വിസ്തീർണ്ണ മാക്കുന്നു. അപ്പോൾ അമറിക്കൊ് കുതിച്ചുപായുന്ന പശു ക്കളുടെ മുട്ടോളം ജലമുയരുന്നു.

**11. ത്യം ചിദ്ഘാ ദീർഘം പൃഥും മിഹോ നപാതമമൃധ്രം |**
**പ്ര ച്യാവയന്തി യാമഭിഃ ||**

ആ മരുത്ഗണങ്ങൾ ഗംഭീരങ്ങളായ മേഘസമൂഹത്തെ തങ്ങളുടെ ഗതിവേഗത്താൽ ഛിന്നഭിന്നമാക്കുന്നു.

**12. മരുതോ യദ്ധ വോ ബലം ജനാം അചുച്യവീതന |**
**ഗിരീംരചുച്യവീതന ||**

ഹേ മരുത്തുക്കളേ! നിങ്ങൾ സ്വന്തമായ ശക്തിയാൽ മനുഷ്യരെ കർമ്മങ്ങൾക്കായി പ്രേരിപ്പിച്ചു. നിങ്ങൾ തന്ന മേഘങ്ങളേയും പ്രവർത്തിപ്പിക്കുവരാകുന്നു.

**13. യദ്ധ യാന്തി മരുതഃ സം ഹ ബ്രവതേധ്വന്നാ |**
**ശൃണോതി കശ്ചിദേഷാം ||**

മരിത്ഗണങ്ങൾ സഞ്ചരിക്കുന്നു. മാർഗ്ഗമദ്ധ്യേ അവർ പര സ്പരം സംസാരിക്കുന്നു. അവരുടെ ശബ്ദം ആരോ ഒരാൾ ശ്രവിക്കുന്നു.

**14. പ്ര യാത ശീഭമാശുഭിഃ സന്തി കണ്വേഷു വോ ദുവഃ |**
**തത്രോ ഷു മാദയാധ്വൈ ||**

ഹേ മരുത്തുക്കളേ! വേഗതയേറിയ വാഹനങ്ങളിൽ അതി വേഗം വന്നാലും. ഇവിടെ കണ്വവംശിയരും മറ്റു വിദ്വാൻമാരും ഒന്നിച്ചുകൂടിയിട്ടു്. അവരിൽ നിങ്ങൾ സന്തുഷ്ഠരാകുവിൻ.

**15. അസ്തി ഹി ഷ്മാ മദായ വഃ സ്മസി ഷ്മാ വയമേഷാം |**
**വിശ്വം ചിദാഗുർജീവസേ ||**

ഹേ മരുത്തുക്കളേ! നിങ്ങളെ പ്രസാദിപ്പിക്കുന്നതിനായി ധാരാളം ഹവിസ്സ് തയ്യാറായിരിക്കുന്നു. ഞങ്ങൾ ആയു പ്രാപ്തിക്കു ഇവിടെ നിങ്ങളുടെമുമ്പിൽ ഹാജരായി പ്രാർത്ഥി ക്കുന്നു.

## സൂക്തം 38

**ഋഷി ഘോരൻെറ മകൻ കണ്വൻ ദേവത മരുത്**
**ഛന്ദസ് ഗായത്രീ**

**1. കദ്ധ നൂനം കധപ്രിയഃ പിതാ പുത്രം ന ഹസ്തയോഃ |**
**ദധിധ്വേ വൃക്തബർഹിഷഃ ||**

ഹേ സ്തുതികളെ ആഗ്രഹിക്കുന്ന മരുത്തുക്കളേ! നിങ്ങൾ ക്കായി ദർഭവിരിക്കപ്പെട്ടിരിക്കുന്നു. പിതാവ് പുത്രനെ വഹിക്കു ന്നതുപോലെ, നിങ്ങൾ എപ്പോൾ ഞങ്ങളെ വഹിക്കും?

**2. ക്വ നൂനം കദ്വോ അർഥം ഗന്താ ദിവോ ന പൃഥിവ്യാഃ |**
**ക്വ വോ ഗാവോ ന രണ്യന്തി ||**

ഹേമരുത്തുക്കളേ! ഇപ്പോൾ നിങ്ങളെവിടെയാകുന്നു? എന്തുകൊാണ് ആകാശത്തിൽകൂടി ചുറ്റിക്കറങ്ങുന്നത് ? നിങ്ങളുടെ ഗോക്കൾ നിങ്ങളെ വിളിക്കുന്നില്ലേ? എന്തുകൊ ാണ് ഭൂമിയിൽക്കൂടി നിങ്ങൾ സഞ്ചരിക്കാത്തത്?

**3. ക്വ വഃ സുമ്നാ നവ്യാംസി മരുതഃ ക്വ സുവിതാ |**
**ക്വോ വിശ്വാനി സൗഭഗാ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ അഭിനവമായ കൃപയും, ശുഭവും, സൗഭാഗ്യവും, എവിടെ?

**4. യദ്യൂയം പൃശ്നിമാതരോ മർതാസഃ സ്യാതന |**
**സ്തോതാ വോ അമൃതഃ സ്യാത് ||**

ഹേ ആകാശപുത്രൻമാരേ! നിങ്ങൾ മരണധർമ്മത്തോടു കൂടിയ പുരുഷൻമാരാണെങ്കിലും നിങ്ങളുടെ ഉപദേഷ്ടാക്കൾ അമരൻമാരും, ശത്രുക്കളാൽ ഒരിക്കലും നാശം ഭവിക്കാത്ത വരുമാണല്ലോ?

**5. മാ വോ മൃഗോ ന യവസേ ജരിതാ ഭൂതജോഷ്യഃ |**
**പഥാ യമസ്യ ഗാദുപ ||**

പുൽമൈതാനങ്ങളിൽനിന്നും മൃഗങ്ങൾ ആഹാരം സമ്പാദിക്കുന്നു. എന്നാൽ മൃഗത്തെ സംബന്ധിച്ചിടത്തോളം തൃണം അസേവനീയമല്ല, അതുപോലെതന്നെ ഉപദേഷ്ടാവും യമൻെറ മാർഗ്ഗത്തിൽ അകപ്പെടാതിരിക്കുന്നതിനായി സേവനം നടത്തിക്കൊിരിക്കണേ.

**6. മോ ഷു ണഃ പരാപരാ നിർഋതർദുർഹർണാ വധീത് |**
**പദീഷ്ഠ തൃഷ്ണയാ സഹ ||**

തുടർച്ചയായി സംഭവിച്ചുകൊിരിക്കുന്ന പാപങ്ങളുടെ ശക്തി ഞങ്ങളെ ഹിംസിക്കാതിരിക്കട്ടെ. അവ ഉണക്ക പ്പുല്ലുപോലെ കരിഞ്ഞു പോകട്ടെ.

**7. സത്യം ത്വേഷാ അമവന്തോ ധന്വഞ്ചിദാ രുദ്രിയാസഃ |**
**മിഹം കൃണ്വന്ത്യവാതാം ||**

കാന്തിമാനായ രുദ്രൻെറ പുത്രൻമാരായ മരുത്ഗണങ്ങൾ മരുഭൂമിയിലും വായുരഹിതമായി മഴ വർഷിപ്പിക്കുന്നു.

**8. വാശ്രേവ വിദ്യുന്മിമാതി വത്സം ന മാതാ സിഷക്തി |**
**യദേഷാം വൃഷ്ടിരസർജി ||**

അമറിക്കൊുനടക്കുന്ന ഗോവിനുതുല്യം ഇടിവെട്ടി മഴ പെയ്യുമ്പോഴും കിടാവിനെ സംരക്ഷിക്കുന്ന പശുവിനെ പ്പോലെ മൗനികളായി വിദ്യുത്മരുത്തുക്കളെ സേവിക്കുന്നു.

**9. ദിവാ ചിത്തമഃ കൃണ്വന്തി പർജന്യേനോദവാഹേന |**
**യത് പൃഥിവീം വ്യുന്ദന്തി ||**

ജലവർഷകങ്ങളായ മേഘങ്ങളാൽ മരുത്ഗണം പകലും അന്ധകാരം വ്യാപിപ്പിക്കുന്നു. ആ സമയത്ത് അവർ ഭൂമിയെ ജലസേചനം ചെയ്തു കുളിർപ്പിക്കുന്നു.

**10. അധ സ്വനാൻമരുതാം വിശ്വമാ സദ്മ പാർഥിവം |**
**അരേജന്ത പ്ര മാനുഷാഃ ||**

മരുത്തുക്കളുടെ ഗർജ്ജനത്താൽ ഭൂമിയിൽ നിർമ്മിക്കപ്പെ ട്ടിരിക്കുന്ന ഭവനങ്ങളും അതുപോലെ മനുഷ്യരും ഞെട്ടിവിറ യ്ക്കുന്നു.

**11. മരുതോ വീളുപാണിഭിശ്ചിത്രാ രോധസ്വതീരനു |**
**യാതേമഖിദ്രയാമഭിഃ ||**

ഹേ മരുത്ഗണമേ! നിങ്ങൾ, ഉറച്ച ഖുരങ്ങളുള്ളവയും, നിരന്തരം പാഞ്ഞുകൊിരിക്കുന്നവയുമായ അശ്വങ്ങളിൽ ഉജ്ജ്വലങ്ങളായ

നദികൾക്കു നേരെ വരുവിൻ.

**12. സ്ഥിരാ വഃ സന്തു നേമയോ രഥാ അശ്വാസ ഏഷാം |**
**സുസംസ്കൃതാ അഭീശവഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ചക്രങ്ങളുടെ ചുറ്റുപട്ടയും, രഥത്തിൻെറ അച്ചുതും, ഇരിപ്പിടവും ഉത്തമങ്ങളും, അതുപോലെ അശ്വങ്ങൾ അതിബലിഷ്ഠങ്ങളുമാകട്ടെ.

**13. അച്ഛാ വദാ തനാ ഗിരാ ജരായൈ ബ്രഹ്മണസ്പതിം |**
**അഗ്നിം മിത്രം ന ദർശതം ||**

മിത്രനുതുല്യം വേദരക്ഷകനായ അഗ്നിയെ മദ്ധ്യസ്ഥ നാക്കിക്കൊ് സ്തുതിവചനങ്ങൾ ഉച്ചരിക്കുവിൻ.

**14. മിമീഹി ശ്ലോകമാസ്യേ പർജന്യ ഇവ തതനഃ |**
**ഗായ ഗായത്രമുക്ഥ്യം ||**

സ്വന്തം മുഖത്തുനിന്നും സ്തോത്രവചനങ്ങളുച്ചരി ക്കുവിൻ. മേഘത്തിനുതുല്യം സ്തോത്രങ്ങളെ ഉയർത്തുവിൻ. ശാസ്ത്രപ്രോക്തങ്ങളായ സൂക്തങ്ങളാലപിക്കുവിൻ.

**15. വന്ദസ്വ മാരുതം ഗണം ത്വേഷം പനസ്യുമർകിണം |**
**അസ്മേ വൃദ്ധാ അസന്നിഹ ||**

കാന്തിമാനും, സ്തുത്യനും, സ്തുതികളാൽ യുക്തനു മായ മരുത്തിനെ സ്തുതിക്കുവിൻ. ആ മഹാത്മാവ് നമ്മുടെ കൂടെ വസിക്കട്ടെ.

## സൂക്തം 39

**ഋഷി ഘോരൻെറ മകൻ കണ്വൻ  ദേവത മരുത്**

**ഛന്ദസ് ഗായത്രീ ബൃഹതി**

**1. പ്ര യദിത്ഥാ പരാവതഃ ശോചിർന മാനമസ്യഥ |**
**ക്വ ക്രത്വാ മരുതഃ കസ്യ വർപസാ കം**
**യാഥ കം ഹ ധൂതയഃ ||**

ഇളകിവരുന്ന മരുത്തുക്കളേ! നിങ്ങൾ ബഹുദൂരെനിന്നും ധാരക്കു തുല്യം, നിങ്ങളുടെ തേജസ്സിനെ ഈ സ്ഥലത്തേ യ്ക്കെറിയുമ്പോൾ, നിങ്ങൾ ആരുടെ യജ്ഞംവഴി ആകർഷി ക്കപ്പെടുകയും ആരുടെ അടുക്കലേയ്ക്ക് പോകുകയും ചെയ്യുന്നു.

**2. സ്ഥിരാവഃ സൻത്വായുധാ പരാണുദേ വീളു ഉത**
**പ്രതിഷ്കഭേ |**
**യുഷമാകമസ്തു തവിഷീ പനീയസീ മാ മർത്യസ്യ മായിനഃ**
**||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ആയുധങ്ങൾ ശത്രുക്കളെ നിശ്ശേഷം നശിപ്പിക്കുന്നവയാകട്ടെ. ദൃഢതാപൂർവ്വം ശത്രുക്ക ളെ തടഞ്ഞുനിർത്തൂ. നിങ്ങളുടെ ശക്തി സ്തുതിക്കപ്പെടട്ടെ. കാപട്യമുള്ളവർക്ക് ഞങ്ങളുടെ പ്രശംസ ലഭിക്കാ തിരിക്കട്ടെ.

**3. പരാ ഹ യതസ്ഥിരം ഹഥ നരോ വർതയഥാ ഗുരു |**
**വി യാഥന വനിനഃപൃഥിവ്യാ വ്യാശാഃ പർവതാനാം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ വൃക്ഷങ്ങളെ നിലംപതി പ്പിച്ചും പാറകളെ തകിടംമറിച്ചും പൃഥ്വിയിലെ പുതുവൃക്ഷ ങ്ങളുടെ ഇടയിൽക്കൂടിയും പർവതങ്ങളെ പിളർന്നുകൊും കടന്നുപോകുന്നു.

**4. നഹി വഃ ശത്രുർവിവിദേ അധി ദ്യാവി ന ഭൂമ്യാംരിശാദസഃ**
**|**
**യുഷ്മാകമസ്തു തവിഷീ തനാ യുജാ രുദ്രാസോ നൂ**
**ചിദാധൃഷേ ||**

ശത്രുവിനാശകരായ മരുത്തുക്കളേ! ആകാശത്തിലും ഭൂമി യിലും നിങ്ങൾക്കു യാതൊരു ശത്രുക്കളുമില്ല. ഹേ രുദ്ര പുത്രൻമാരേ! നിങ്ങൾ ഒന്നുചേർന്ന് ശത്രുക്കളെ ദമനം ചെയ്യു ന്നതിനായി ശക്തി വർദ്ധിപ്പിക്കുവിൻ.

**5. പ്ര വേപയന്തി പർവതാൻവി വിഞ്ചന്തി വനസ്പതീൻ |**
**പ്രോ ആരത മരുതോ ദുർമദാ ഇവദേവാസഃ സർവയാ വിശാ**
**||**

മരുത്തുക്കൾ പർവതങ്ങളെ വിറപ്പിക്കുകയും, വൃക്ഷങ്ങളെ ഒന്നൊന്നായി പതിപ്പിക്കുകയും ചെയ്യുന്നു.  ഹേ മരുത്തു ക്കളേ! നിങ്ങൾ മദമത്തൻമാരെപ്പോലെ പ്രജാഗണങ്ങളോടു കൂടി മുന്നോട്ടുപോകുവിൻ.

**6. ഉപോ രഥേഷു പൃഷതീരയുഗ്ധ്വം പ്രഷ്ട്രിർ**
**വഹതിരോഹിതഃ |**
**ആ വോ യാമായ പൃഥിവീ ചിദശ്രോദർബീ**
**ഭയന്തമാനുഷാഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ പുള്ളിമാനുകളെ രഥ ത്തിൽകെട്ടുന്നു. ചുവന്ന മൃഗത്തെ ഏറ്റവും മുമ്പിലായി കെട്ടിയിരിക്കുന്നു. ഭൂമി നിങ്ങളെ പ്രതീക്ഷിക്കുകയും മനുഷ്യ രാകമാനം ഭയഭീതരായിരിക്കുകയും ചെയ്തിരിക്കുന്നു.

**7. ആ വോ മക്ഷൂ തനായ കം രുദ്രാ അവോ വൃണീമഹേ |**
**ഗന്താ നൂനം നോവസാ യഥാ പുരേത്ഥാ കണ്വായ വിഭ്യുഷേ**
**||**

ഹേ രുദ്രപുത്രരേ! സന്താനങ്ങളുടെ രക്ഷയ്ക്കായി ഞങ്ങൾ നിങ്ങളെ സ്തുതിക്കുന്നു. പു നിങ്ങൾ രക്ഷ യ്ക്കായി വന്നിരുന്നതുപോലെതന്നെ ഭയഭീതനായ  യജമാ നൻെറ അടുക്കലേയ്ക്ക് വന്നാലും.

**8. യുഷ്മേഷിതോ മരുതോ മർത്യേഷിത ആ യോ നോ**
**അഭ്വ ഈഷതേ |**
**വി തം യുയോത ശവസാ വ്യോജസാ വി**
**യുഷ്മാകാഭിരൂതിഭിഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളാലോ, മറ്റുള്ളവരാലോ അയ ക്കപ്പെട്ട ശത്രു ഞങ്ങളുടെ മുൻപിൽ വരുകയാണെങ്കിൽ നിങ്ങൾ സ്വന്തം ശക്തിയാലും, തേജസ്സാലും മറ്റു രക്ഷാസാ ധനങ്ങളാലും അവരെ അകറ്റിക്കളയൂ.

**9. അസാമി ഹി പ്രയജ്യവഃ കണ്വം ദദ പ്രചേതസഃ |**
**അസാമിഭിർമരുത ആ ന ഊതിഭിർഗന്ത**
**വൃഷ്ടിം നഃ വിദ്യുതഃ ||**

ഹേ പൂജനീയരും, മേധാവികളുമായ മരുത്തുക്കളേ! നിങ്ങൾ മണ്വനെ സമ്പൂർണ്ണ ഐശ്വര്യവാനാക്കിയിരിക്കുന്നു. വിദ്യുത് വർഷത്തോടുകൂടിച്ചേരുന്നതുപോലെ എല്ലാ രക്ഷാ വസ്തുക്കളോടുംകൂടി ഞങ്ങളിൽ വന്നുചേരുവിൻ.

**10. അസാഭ്യോജോ ബിഭൃഥാ സുദാനവോ സാമി ധൂത യഃ ശവഃ |**
**ഋഷിദ്വിഷേ മരുതഃ പരിമന്യവ ഇഷും ന സൃജതദ്വിഷം ||**

ഹേ മംഗളദായകരായ മരുത്ഗണമേ! നിങ്ങൾ അത്യധികം തേജസ്വികളാകുന്നു. ഹേ വിറപ്പിക്കുന്നവരേ! നിങ്ങൾ എല്ലാ ശക്തികളാലും യുക്തരാകുന്നു. അതിനാൽ ഋഷികളെ വിദ്വേഷിക്കുന്നവരുടെ മുമ്പിൽ സ്വന്തം ഉഗ്രതയെ പ്രേരിപ്പിക്കൂ.

## സൂക്തം 40

**ഋഷി കണ്വൻ ദേവത ബ്രഹ്മണസ്പതി ഛന്ദസ് ബൃഹതി, ത്രിഷ്ടുപ്**

**1. ഉത്തിഷ്ഠ ബ്രഹ്മണസ്പതേ ദേവയന്തസ്ത്വേമഹേ |**
**ഉപ പ്ര യന്തു മരുതഃ സുദാനവ ഇന്ദ്ര പ്രാശൂർഭവസ്പാ||**

ഹേ ബ്രഹ്മണസ്പതേ! ഉണരൂ, ദേവതകളേ ആഗ്ര ഹിക്കുന്ന ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. മംഗളദായകരായ മരുത്തുക്കളും ഞങ്ങളുടെ നികടത്തിൽ വരണേ. ഹേ ഇന്ദ്രാ! നീ അതിവേഗം ഇവിടേയ്ക്കാഗതനായാലും

**2. ത്വാമിദ്ധി സഹസസ്പുത്ര മർത്യ ഉപബ്രൂതേ ധനേ ഹിതേ |**
**സുവീര്യ മരുത ആ സ്വശ്വ്യം ദധീത യോ വ ആചകേ ||**

ഹേ ബലപുത്രനായ ബ്രഹ്മണസ്പതേ! ധനവാനായിക്ക ഴിഞ്ഞാൽ മനുഷ്യൻ മനോഹര കുതിരകളാലും, ശക്തിയാലും യുക്തമായ ഐശ്വര്യം പ്രാപിക്കുന്നു.

**3. നവൈപ്രതു ബ്രഹ്മസ്പതിഃ പ്ര ദേവ്യേതു സൂനൃതാ |**
**അച്ഛാ വീരം നര്യം പങ്ക്തിരാധസം ദേവാ യജ്ഞം നയന്തു നഃ ||**

ബ്രഹ്മണസ്പതി നമ്മെ സമീപിക്കട്ടെ. പ്രിയസത്യസ്വരൂപി ണിയായ വാണി നമ്മെ പ്രാപിക്കട്ടെ. ദേവഗണം പഞ്ചഹവ്യ യുക്തരായി നമ്മുടെ യാഗത്തിൽ മനുഷ്യനൻമയ്ക്കുവേി വന്നുചേരട്ടെ.

**4. യോ വാഘതേ ദദാതി സൂനരം വസു സധത്തേ അക്ഷിതി ശ്രവഃ |**
**തസ്മാ ഇളാം സുവീരാമാ യജാമഹേ സു പ്രതൂർതി മനേഹസം ||**

ഋത്വിജൻമാർക്ക് ശരിയായി ധനം നൽകുന്ന യജമാനനൻ അക്ഷയമായ യശസ്സു പ്രാപിക്കുന്നു. അയാൾക്കുവേി ശത്രുഹിംസകയും ആരാലും ഹിംസിക്കപ്പെടുവാൻ കഴിയാത്തവളുമായ ഇഡയെ ഞങ്ങൾ യജ്ഞത്തിലേയ്ക്ക് വിളിക്കുന്നു.

**5. പ്ര നൂനം ബ്രഹ്മണസ്പതിർമന്ത്രം വദത്യുക്ഥ്യം |**
**യസ്മിന്നിന്ദ്രോ വരുണോ മിത്രോ അര്യമാ ദേവാ ഓകാംസി ചക്രിരേ ||**

ബ്രഹ്മണസ്പതി എല്ലാ ശാസ്ത്രമന്ത്രങ്ങളും ഉച്ചരി ക്കുന്നു. ആ മന്ത്രങ്ങളിൽ ഇന്ദ്രൻ, അര്യമാ എന്നിവർ വാസം ചെയ്യുന്നു.

**6.തമിദ്വോചേമാ വിദഥേഷു ശംഭുവം മന്ത്രം ദേവാ അനേഹസം |**
**ഇമാം ച വാചം പ്രതിഹര്യഥാ നരോ വിശ്വേദ്വാമാവോ അശ്നവത് ||**

ഹേ ദേവഗണമേ! സുഖദായകവും, വിഘ്നാശകവുമായ മന്ത്രം ഞങ്ങൾ യജ്ഞത്തിൽ ഉച്ചരിക്കട്ടെ. ഹേ പുരുഷരേ! ഈ മന്ത്രരൂപമായ വാണി ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങളുടെ എല്ലാ സുന്ദരവചനങ്ങളും നിങ്ങൾക്കു ലഭിക്കട്ടെ.

**7. കോ ദേവയന്തമശ്നവജ്ജനം കോ വൃക്തബർഹിഷം |**
**പ്രപ്ര ദാശ്വാൻപസ്ത്യാഭിരസ്ഥിതാന്തർവാ വത്ക്ഷയം ദധേ ||**

ദേവതകളുടെ സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നവരുടെ അടു ക്കൽ അദ്ധാരുവരും? ദർഭമുറിക്കുന്നവന്റെ അടുക്കൽ ആരു വരും? ഹവിർദാതാവായ യജമാനൻ മറ്റു മനുഷ്യരോടുകൂടി മൃഗങ്ങങ്ങളും പുത്രാദികളും ഉള്ളതായ ഭവനത്തിലേക്ക് പോയിക്കഴിഞ്ഞിരിക്കുന്നു.

**8. ഉപ ക്ഷത്രം പൃഞ്ചീത ഹന്തി രാജഭിർഭയേ ചിത്സുക്ഷിതിം ദധേ |**
**നാസ്യ വർതാ ന തരുതാ മഹാധനേ നാർമേ അസ്തി വജ്രിണഃ ||**

ബ്രഹ്മണസ്പതി തന്റെ ശക്തി വർദ്ധിപ്പിച്ച് രാജാവി നോടുകൂടി ചേർന്നു ശത്രുക്കളെ നശിപ്പിക്കുന്നു. അദ്ദേഹം ഭയത്തിന്റെ സമയത്ത് സുഖം നൽകുന്നവനാകുന്നു. ആ വജ്രധാരി യുദ്ധത്തിൽ ആരാലും അമർത്തപ്പെടുന്നില്ല.

## സൂക്തം 41

**ഋഷി കണ്വൻ ദേവത ആദിത്യൻ ഛന്ദസ് ഗായത്രീ**

**1. യം രക്ഷന്തി പ്രചേതസോ വരുണോ മിത്രോ അര്യമാ |**
**നു ചിത്സ ദഭ്യതേ ജനഃ ||**

ഉത്കൃഷ്ഠജ്ഞാനികളായ വരുണനും,മിത്രനും അര്യ മായും ആരെ രക്ഷിക്കുന്നുവോ, ആ മനുഷ്യനെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല.

**2. യം ബാഹുതേവ പിപ്രതി പാന്തി മർത്യം രിഷഃ |**
**അരിഷ്ടഃ സർവ ഏധതേ ||**

സ്വന്തം കരങ്ങളാൽ വിഭിന്നങ്ങളായ ധനം നൽകുന്ന വരുണാദിദേവഗണങ്ങൾ ആരെ രക്ഷിക്കുന്നുവോ, അവരെ യാതൊരു ശത്രുക്കൾക്കും ഉപദ്രവിക്കാൻ സാധ്യമല്ല. മറിച്ച് അവർ എല്ലാ തുറകളിലും മുന്നേറുകയും ചെയ്യും.

**3. വിദുർഗാ വി ദ്വിഷഃ പുരോഘ്നന്തി രാജാന ഏഷാം |**
**നയന്തി ദുരിതാ തിരഃ ||**

വരുണാദികളായ ദേവതകൾ സാധകൻമാരുടെ എല്ലാ കഷ്ടതകളേയും നശിപ്പിക്കുന്നു. ശത്രുക്കളെ കൊല്ലുകയും, ദുഃഖങ്ങൾ അകറ്റുകയും ചെയ്യുന്നു.

**4. സുഗഃ പന്ഥാ അനൃക്ഷര ആദിത്യാസ ഋതം യതേ |**
**നാത്രാവഖാദോ അസ്തി വഃ ||**

ഹേ ആദിത്യാ! യജ്ഞത്തെ പ്രാപിക്കുന്നതിനുള്ള നിന്റെ മാർഗ്ഗങ്ങളിൽ യാതൊരു മുള്ളും ഉാവുകയില്ല. ഈ യജ്ഞ ത്തിൽ നിനക്കുള്ള ഹവിസ് രൂപമായ ഭോജനം ദുഷിച്ചതല്ല.

**5. യം യജ്ഞം നയഥാ നര ആദിത്യാ ഋജുനാ പഥാ |**

**പ്ര വഃ സ ധീതയേ നശത് ||**

ഹേ പുരുഷരേ! സരളവിധാനത്തോടുകൂടി നടത്തപ്പെടുന്ന ഈ യജ്ഞം നിങ്ങളെ പ്രാപിക്കട്ടെ.

**6. സ രത്നം മർത്യോ വസു വിശ്വം തോകമുത ത്മനാ |**

**അച്ഛാ ഗച്ഛത്യസ്തൃതഃ ||**

ഹേ ആദിത്യാ! നിൻെറ ഉപാസകൻ ആരാലും പരാജയപ്പെടുത്തപ്പെടുന്നില്ല. അവൻ ഉപഭോഗ്യങ്ങളായ ധനത്തേയും സന്താനങ്ങളേയും നേടുന്നു.

**7. കഥാ രാധാമ സഖായഃ സ്തോമം മിത്ര സ്യാര്യമ്ണഃ |**

**മഹി പ്സരോ വരുണസ്യ ||**

ഹേ മിത്രങ്ങളേ! മിത്രൻേറയും അര്യമായുടേയും സ്തോ്ര തങ്ങൾ നാമെങ്ങിനെ സാധന ചെയ്യും? വരുണൻെറ ഹവി സ്രൂപമായ ഭോജനം എപ്രകാരം നാം തയ്യാറാക്കും?

**8. മാ വോ ഘ്നന്തംമാ ശപന്തം പ്രതി വോചേ ദേവയന്തം |**

**സുമ്നൈരിദം ആ വിവാസേ ||**

ഹേ ദേവഗണമേ! യജമാനനെ ഹിംസിക്കുവാനാഗ്രഹി ക്കുന്നവരെ അഥവാ അയാളോട് കടുത്ത വചനങ്ങളുര ക്കുവരെപ്പറ്റി നിങ്ങളോട് പറയുന്നില്ല. ഞാനാകട്ടെ സ്തുതിവചനങ്ങളാൽ നിങ്ങളെ പ്രസന്നരാക്കുന്നു.

**9. ചതുരശ്ചിദ്ദദമാനാബ്ദിഭീയാദാ നിധാതോഃ |**

**ന ദുരുക്തായ സ്പൃഹയേത് ||**

നാലിനം ദുഷ്കർമ്മങ്ങൾ നടത്തുന്നവരെ വശത്താക്കു വാൻ ഭയപ്പെടണം. എന്നാൽ ദുർവചനം പറയുന്നവരുടെ അടുക്കൽ ഇരിക്കുവാനെ പാടില്ല.

## സൂക്തം 42

**ഋഷി കണ്വൻ  ദേവത പൂഷാവ്  ഛന്ദസ് ഗായത്രീ**

**1. സം പൂഷന്നധ്വനസ്തിര വ്യംഹോ വിമുചോ നപാത് |**

**സക്ഷ്വാ ദേവ പ്ര ണസ്പുരഃ ||**

ഹേ പൂഷാവേ! ഞങ്ങളെ ദുഃഖങ്ങളുടെ മറുകരക്കെത്തി ക്കുകയും ഞങ്ങളുടെ പാപങ്ങൾ നശിപ്പിക്കുകയും ചെയ്യണേ. നീ ഞങ്ങളുടെ മുൻഗാമിയായിരിക്കണേ.

**2. യോ നഃ പൂഷന്നഘോ വൃകോ ദുഃശേവ ആ ദിദേശതി |**

**അപ സ്മ തം പഥോ ജഹി ||**

ഹേ പൂഷാദേവാ ഹിംസകൻമാരും, ചൂതുകളിക്കുന്നവരും ഞങ്ങളുടെമേൽ ഭരണം നടത്തുവാനാഗ്രഹിക്കുന്നു എങ്കിൽ അവരെ ഞങ്ങളിൽനിന്നും അകറ്റിക്കളയണേ.

**3. അപ ത്യം പരിപന്ഥിനം മുഷീവാണം ഹുരശ്ചിതം |**

**ദൂരമധി സ്രുതേരജ ||**

മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നവരേയും, കൊള്ളക്കവർച്ചക്കാ രേയും കുടിലൻമാരായ ശത്രുക്കളേയും ഞങ്ങളുടെ വഴി കളിൽനിന്നും മാറ്റിക്കളയണേ.

**4. ത്വം തസ്യ ദ്വയാവിനോ ഘശംസസ്യ കസ്യ ചിത് |**

**പദാഭി തിഷ്ഠ തപുഷിം ||**

ഹേ പൂഷാവേ! നീ പാപങ്ങൾക്കു വളർച്ച നൽകുന്ന ക്രോധികളെ നിൻെറ പാദങ്ങളാൽ ചവിട്ടി മെതിക്കണേ.

**5. ആ തത്തേ ദസ്ര മന്തുമഃ പൂഷന്നവോ വൃണീമഹ |**

**യേന പിതൄനചോദയഃ ||**

ഹേ പൂഷാവേ! നിൻെറ സംരക്ഷണത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ആ രക്ഷ തന്നെ ഞങ്ങളുടെ പൂർവ്വ പിതാക്കളേയും രക്ഷിച്ചിരുന്നു.

**6. അധാ നോ വിശ്വസൗഭഗ ഹിരണ്യവാശീമത്തമ |**

**ധനാനി സുഷണാ കൃധി ||**

ഹേ പരമസൗഭാഗ്യശാലിയും, സ്വർണ്ണരഥത്തോടുകൂടി യവനുമായ പൂഷാദേവാ! ഞങ്ങൾക്ക് ധനം സമ്പാദിക്കു വാനുള്ള ശക്തി നൽകണേ.

**7. അതി നഃ സശ്ചതോ നയ സുഗാ നഃ സുപഥാ കൃണ |**

**പൂഷന്നിഹ ക്രതും വിദഃ ||**

ക്ലേശങ്ങളിൽ പതിച്ച ഞങ്ങളെ ശത്രുക്കളിൽനിന്നും അക റ്റണേ. ഞങ്ങളെ സരളമാർഗ്ഗാവലംബികളാക്കണേ. ഹേ പൂഷാവേ! ഞങ്ങൾക്ക് രക്ഷാശക്തി പ്രദാനം ചെയ്യണേ.

**8. അഭി സൂയവസം നയ ന നവജ്വാരോ അധ്വനേ |**

**പൂഷന്നിഹ ക്രതും വിദഃ ||**

എവിടെ കൃഷിക്കുപയുക്തമായ ഭൂമിയുോ, അവിടേ യ്ക്ക് ഞങ്ങളെ കൂട്ടിക്കൊുപോകണേ. വഴിമദ്ധ്യേ യാ തൊരു പുതിയ സങ്കടങ്ങളും ഉാകാതിരിക്കണേ. ഞങ്ങ ളുടെ രക്ഷയ്ക്കുവേി നീ ശക്തനാകണേ.

**9. ശഗ്ധി പൂർധി പ്ര യംസി ച ശിശീഹി പ്രാസ്യു ദരം |**

**പൂഷന്നിഹ ക്രതും വിദഃ ||**

ഹേ സമർത്ഥനായ പൂഷാവേ! ഞങ്ങൾക്ക് എല്ലാവിധ ധനവും നൽകണേ. ഞങ്ങളെ തേജസ്വികളാക്കണേ. ഞങ്ങ ളുടെ ഉദരപൂർത്തി വരുത്തണേ. ഞങ്ങൾക്കുവേി ശക്തി നൽകണേ.

**10. ന പൂഷണം മേഥാമസി സൂക്തൈരഭി ഗൃണീമസി |**

**വസൂനി ദസ്മമീമഹേ ||**

ഞങ്ങൾ പൂഷാ ദേവനെ നിന്ദിക്കുന്നില്ല. സ്തുതിക്കുന്നു. ഞങ്ങൾ ആ അത്ഭുതദേവനോട് ധനം യാചിക്കുന്നു.

## സൂക്തം 43

**ഋഷി കണ്വൻ ദേവത രുദ്രൻ, മിത്രൻ, വരുണൻ**

**ഛന്ദസ് ായത്രീ, അനുഷ്ടുപ്**

**1. കദ്രു ദ്രായ പ്രചേതസേ മീളഹുഷ്ടമായ തവ്യസേ |**

**വോചേമ ശന്തമം ഹൃദേ ||**

മഹാജ്ഞാനിയും, അഭീഷ്ടവർഷകനും, മഹാബലിയു മായ രുദ്രനുവേി സുഖകരമായ ഏതു സ്തുതികൾ പാടും?

**2. യഥാ നോ അദിതിഃ കരത്പശ്വേ നൃഭ്യോ യഥാഗവേ |**

**യഥാ തോകായ രുദ്രിയം ||**

ഭൂമി നമ്മുടെ മൃഗങ്ങൾക്കും മനുഷ്യർക്കും ഗോക്കൾക്കും സന്താനങ്ങൾക്കും രുദ്രസംബന്ധിയായ ഔഷധങ്ങൾ ഉൽപ്പാദിപ്പിക്കണേ.

**3. യഥാ നോ മിത്രോ വരുണോ യഥാ രുദ്രശ്ചികേതതി |**

**യഥാ വിശ്വേ സജോഷസഃ ||**

ഇതുകൊ് മിത്രനും, വരുണനും, രുദ്രദേവതയും അതു പോലെ തുല്യദേവതകളും നമ്മോടിഷ്ടമുള്ളവരായി ഭവിക്കണേ.

**4. ഗാഥപതിം മേധപതിം രുദ്രം ജലാഷഭേഷജം |**
**തച്ഛംയോഃ സുമ്നമീമഹേ ||**

ഞങ്ങൾ സ്തുതികളെ വളർത്തുന്നവനും, യജ്ഞങ്ങ ളുടെ സ്വാമിയും സുഖദായകങ്ങളായ ഔഷധിയുക്തനുമായ രുദ്രനിൽനിന്നും ആരോഗ്യവും സുഖവും യാചിക്കുന്നു.

**5.യഃ ശുക്ര ഇവ സൂര്യോ ഹിരണ്യമിവ രോചതേ |**
**ശ്രേഷ്ഠോ ദേവാനാം വസുഃ ||**

സൂര്യനെപ്പോലെ വെട്ടിത്തിളങ്ങുന്നവനും സ്വർണ്ണം പോലെ പ്രകാശിക്കുന്നവനുമായ ആ രുദ്രൻ ദേവതകളിൽ ശ്രേഷ്ഠനും ഐശ്വര്യങ്ങളുടെ സ്വാമിയുമാകുന്നു.

**6. ശം നഃ കരത്യർവതേ സുഗം മേഷായ മേഷ്യേ |**
**നൃഭ്യോ നാരിഭ്യോ ഗവേ ||**

നമ്മുടെ അശ്വങ്ങൾ, ആടുകൾ, ഗോക്കൾ മുതലായവ യ്ക്ക് ആ രുദ്രൻ നൻമ ചെയ്യുന്നവനാണ്.

**7. അസ്മേ സോമ ശ്രിയമധി നി ധേഹി ശതസ്യ നൃണാമ |**
**മഹി ശ്രവസ്തുവിനൃമ്ണം ||**

ഹേ സോമാ! മനുഷ്യരിൽ വ്യാപ്തമായ ഗുണങ്ങളെ പത്തിര ട്ടിയാക്കി വർദ്ധിപ്പിക്കണേ. ഞങ്ങൾക്ക് ശക്തി സഹിതമുള്ള മഹായശസ്സ് പ്രദാനം ചെയ്യണേ.

**8. മാ നഃ സോമ പരിബാധോ മാരാതയോ ജൂഹുരന്ത |**
**ആ ന ഇന്ദ്രോ വാജേ ഭജ ||**

സോമയാഗത്തിന് തടസ്സമുാക്കുന്ന ഞങ്ങൾക്ക് ദുഃഖം നൽകരുതേ. ശത്രുക്കൾ ഞങ്ങളെ ഉപദ്രവിക്കാതിരിക്കട്ടെ. ഹേ സോമാ! ഞങ്ങൾക്ക് ശക്തി പ്രദാനം ചെയ്യണേ.

**9. യാസ്തേ പ്രജാ അമൃതസ്യ പരസ്മിന്ധാമന്നൃതസ്യ |**
**മൂർധാ നാഭാ സോമ വേന ആഭൂഷന്തീഃ സോമ വേദഃ ||**

ഹേ സോമാ! നീ ഉന്നതസ്ഥാനത്തോടുകൂടിയവനാണ്. നീ ലോകത്തിൻെറ മൂർധാവുപോലെ നിൻെറ പ്രജകളെ സ്നേഹിക്കൂ. നിന്നെതന്നെ വിഭൂഷിതരാക്കുന്ന പ്രജകളെ അറിയുന്നവനായിത്തീരൂ.

# അനുവാകം 9 സൂക്തം 44

**ഋഷി കണ്വപുത്രൻ പ്രസ്ക്കണ്വൻ ദേവത അഗ്നി**
**ഛന്ദസ് ബൃഹതീ, ത്രിഷ്ടുപ്**

**1. അഗ്നേ വിവസ്വദുഷസശ്ചിത്രം രാധോ അമർത്യ |**
**ആ ദാശുഷേ ജാതവേദോ വഹാ ത്വമദ്യാ ദേവാം ഉഷർബുധഃ ||**

അവിനാശിയും സർവഭൂതങ്ങളുടേയും ജ്ഞാതാവായ അഗ്നി! നീ ഹവിർദാതാവിനുവേി വിഭിന്ന ഐശ്വര്യങ്ങളെ പ്രാപിപ്പിക്കൂ. അതുപോലെ പ്രഭാതകാലത്ത് ഉണരുന്നവനായ ദേവതകൾേയും ഇവിടെ കൂട്ടിക്കൊുവരണേ.

**2. ജുഷ്ടോ ഹി ദൂതോ അസി ഹവ്യവാഹനോഗ്നേ രഥീരധ്വരാണാം |**
**സജൂരശ്വിഭ്യാമുഷസാ സുവീര്യമസ്മേ ധേഹി ശ്രവോ ബൃഹത് ||**

ഹേ അഗ്നേ! വാസ്തവത്തിൽ നീ ദേവദൂതനും, ഹവിർ വാഹകനും, യജ്ഞത്തിൻെറ രഥരൂപവുമാകുന്നു. അങ്ങിനെ നീ അശ്വിനികുമാരൻമാരോടും ഉഷസ്സോടുംകൂടി പരാ ക്രമയുക്തമായി ഞങ്ങളെ ഐശ്വര്യവാൻമാരാക്കിത്തീർക്കൂ.

**3. അദ്യാ ദൂതം വൃണീമഹേ വസുമഗ്നിം പുരുപ്രിയം |**
**ധൂമകേതും ഭാഋജീകം വ്യുഷ്ടിഷു യജ്ഞാ നാമധ്വരശ്രിയം ||**

ധനവാനും, പ്രിയനും, ധൂമധ്വജനും, ഉഷക്കാലത്തിൽ പ്രശോഭിക്കുന്ന യജ്ഞങ്ങളിൽ യജ്ഞരൂപത്തിൽ സുശോ മിതനുമായ അഗ്നിയെ ഇന്നു ഞങ്ങൾ ദൗത്യകർമ്മങ്ങൾ ക്കായി നിയോഗിക്കുന്നു.

**4. ശ്രേഷ്ഠം യവിഷ്ഠമതിഥിം സ്വാഹുതം ജുഷ്ടം ജനായ ദാശുഷേ |**
**ദേവാം അച്ഛാ യാതവേ ജാതവേദസമഗ്നിമീളേ വ്യുഷ്ടിഷു ||**

നിത്യയുവത്വത്തോടുകൂടിയവനും, അതിഥിയും യജ മാനനുവേി സന്തുഷ്ടനാകുന്നവനും, സർവവഭൂത ങ്ങളുടേയും ജ്ഞാതാവുമായ അഗ്നിയെ ഞാൻ ഉഷക്കാല ത്തിൽ സ്തുതിക്കുന്നു.

**5. സ്തവിഷ്യാമി ത്വാമഹം വിശ്വസ്യാമൃത ഭോജന |**
**അഗ്നേ ത്രാതാരമമൃതം മിയേധ്യ യജിഷ്ഠം ഹവ്യവാഹന ||**

ഹേ അവിനാശിയും, പോഷകനും, ഹവിർവാഹകനും, പൂജ്യനുമായ അഗ്നേ! ഞാൻ രക്ഷകനായ നിന്നെ സ്തുതി ക്കുന്നു.

**6. സുശംസോ ബോധി ഗൃണതേ യവിഷ്ഠ്യ മധുജിഹ്വഃ സ്വാഹുതഃ |**
**പ്രസ്കണ്വസ്യ പ്രതിരന്നായുർജീവസേ നമസ്യാദൈവ്യം ജനം ||**

ഹേ യുവാവായ അഗ്നേ! നീ സ്തുത്യനും, മധുരജിഹ്വ യോടുകൂടിയവനും, സരളമായിപ്രാപ്യനുമാണ്. നീ സ്തോതാ വിൻെറ നേരെ ശ്രദ്ധപതിപ്പിക്കൂ. ആയുസ്സിനെ വർദ്ധിപ്പിച്ചു കൊ് ദേവതകളെ പൂജിക്കൂ.

**7. ഹോതാരം വിശ്വവേദസം സം ഹി ത്വാ വിശ ഇന്ധതേ |**
**സ ആ വഹ പുരുഹൂത പ്രചേതസോഗ്നേ ദേവാം ഇഹ ദ്രവത് ||**

ഹേ ഐശ്വര്യവാൻമാരേ! നിങ്ങളെ മനുഷ്യർ ഉത്തമമായ രീതിയിൽ പോജ്ജ്വലിപ്പിക്കുന്നു. നിങ്ങൾ വളരെ ജ്ഞാനി കളായ ദേവഗണങ്ങളെ ഈ സ്ഥലത്തുകൊുവരൂ.

**8. സവിതാരമുഷസമശ്വിനാ ഭഗമഗ്നിം വ്യുഷ്ടിഷു ക്ഷപഃ |**
**കണ്വാസസ്ത്വാ സുതസോമാസ ഇന്ധതേ ഹവ്യവാഹം സ്വധ്വര ||**

ഹേ യജ്ഞവാനായ അഗ്നേ! നീ പ്രഭാതകാലത്ത് അശ്വിനി കൾ, ഭഗൻ, സവിതാവ്, ഉഷസ്, അഗനി ഇവരെ ഇവിടെ കൊുവരണേ. സോമം നിഷ്പന്നമാക്കുന്ന യജമാനൻ, നീയാകുന്നു. ഹവിർവാഹകനെ പ്രദീപ്തമാക്കിക്കൊി രിക്കുന്നു.

**9. പതിർഹ്യധ്വരാണാമഗ്നേ ദൂതോ വിശാമസി |**

**ഉഷർബുധ ആ വഹ സോമപീതയേ ദേവാം അദ്യസ്വർദൃശഃ ||**

ഹേ അഗ്നി! നീ യജ്ഞത്തിൻെറ സ്വാമിയും പ്രജകളുടെ ദൂതനുമാകുന്നു. പ്രഭാതത്തിൻെറ ചൈതന്യത്തേയും പ്രകാശദർശികളായ ദേവഗണത്തേയും സോമപാനത്തിനായി ഇവിടെകൊുവരൂ.

**10. അഗ്നേ പൂർവാ അനൂഷസോ വിഭാവസോ ദീദേഥ വിശ്വദർശതഃ |**
**അസി ഗ്രാമേഷ്വവിതാ പുരോഹിതോ സി യജ്ഞേഷു മാനുഷഃ ||**

ഹേ അഗ്നീ! പ്രകാശരൂപനും ധനത്തിൻെറ സ്വാമിയുമാ യവനേ! എല്ലാവർക്കും ദർശനയോഗ്യനായ നീ പൂർവ്വകാല ത്തിലും ഉഷസ്സോടുകൂടി ജ്വലിച്ചുകൊിരുന്നു. മനുഷ്യഹി തത്തിനുവേി അങ്ങ് ഗ്രാമങ്ങളുടെ സംരക്ഷകനും, യജ്ഞത്തിൽ പുരോഹിതനുമായിരിക്കണേ.

**11. നീ ത്വാ യജ്ഞസ്യ സാധനമഗ്നേ ഹോതാരമൃത്വിജം |**
**മനുഷ്യദ്വേവ ധീമഹി പ്രചേതസം ജീരം ദൂതമമർത്യം ||**

ഹേ അഗ്നേ! നീ ദേവാർച്ചനയുടെ സാധനയും, ഹോ താവും, ഋത്വിജരിൽ ജ്ഞാനിയും വേഗതയേറിയ ദൂതനും അവിനാശിയുമാകുന്നു. മനുവിനെപ്പോലെ ഞങ്ങളും നിന്നെ സ്വഭവനങ്ങളിൽ സ്ഥാപിക്കുന്നു.

**12. യദ്ദേവാനാം മിത്രമഹഃ പുരോഹിതോന്തരോ യാസി ദൂത്യം |**
**സിന്ധോരിവ പ്രസ്വനിതാസ ഊർമ്മയോഗ്നേർ ഭ്രാജന്തേ അർചയഃ ||**

ഹേ മിത്രങ്ങളുടെ ഹിതൈഷിയായ അഗ്നേ! യജ്ഞത്തിൽ പുരോഹിതരൂപത്തോടുകൂടി നീ ദേവകർമ്മങ്ങളെ പ്രാപി ക്കുമ്പോൾ നിൻെറ ജ്വാലകൾ സമുദ്രത്തിലെ തിരമാല കൾപോലെ വേഗത്തോടും ധ്വനിയോടുംകൂടി പ്രകാശി ക്കുന്നു.

**13. ശ്രുധി ശ്രുത്കർണ വഹ്നിഭിർദേവൈരഗ്നേ സയാവഭിഃ |**
**ആ സീദന്തു ബർഹിഷി മിത്രോ അര്യമാ പ്രാത ര്യാവാണോ അധ്വരം ||**

ഹേ അഗ്നേ! ഞങ്ങളുടെ സ്തുതിവചനങ്ങൾ ശ്രവിക്കണേ. മിത്രൻ അര്യമാ പ്രഭാവത്തിലുണരുന്ന എല്ലാ ദേവതകളോടും കൂടി യജ്ഞത്തിലെ കുശാസനത്തിൽ വിരാജിക്കണേ.

**14. ശ്ര്യണ്വന്തു സ്തോമം മരുതഃ സുദാനവോഗ്നിജിഹ്വാ ഋതാവൃധഃ |**
**പിബതുസോമം വരുണോ ധൃതവ്രതോ ശ്വിഭ്യാമുഷസാ സജൂഃ ||**

മംഗലകാരിയായ അഗ്നീ ജിഹ്വയിൽക്കൂടി ഹവിസാസ്വദി ക്കുന്ന മരുത്ഗണം! നമ്മുടെ സ്തുതികൾ ശ്രവിക്കണേ. ദൃഢവ്രതനായ വരുണനും, അശ്വിനികളും ഉഷയോടുകൂടി സോമപാനം ചെയ്യട്ടെ.

# സൂക്തം 45

**ഋഷി പ്രസ്കണ്വൻ ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്**

**1. ത്വമഗ്നേ വസൂംരിഹ രുദ്രാം ആദിത്യാം ഉത |**
**യജാ സ്വധ്വരം ജനം മനുജാതം ഘൃതപ്രുഷു ||**

ഹേ അഗ്നേ! വസുക്കളെയും, രുദ്രാദിത്യൻമാരേയും ഈ യാഗത്തിൽ പൂജിക്കണേ. യജ്ഞയുക്തരായി ഘൃതാന്ന വർഷകരായ മനുപുത്രദേവതകളേയും പൂജിക്കണേ.

**2. ശ്രുഷ്ടീവാനോ ഹി ദാശുഷേ ദേവാ അഗ്നേ വിചേതസഃ |**
**താൻരോഹിദശ്വ ഗിർവണസ്രൂയസ്രീംശത മാ വഹ ||**

ഹേ അഗ്നേ! ജ്ഞാനികളായ ദേവഗണം ഹവീർദാതാ വിൻെറ സുഖം ആഗ്രഹിക്കുന്നു. നിങ്ങൾ രോഹിതാശ്വ ത്തോടുകൂടിയവനാണല്ലോ? ഹേ സ്തുത്യാ! ആ മുപ്പത്തി മൂന്നുദേവകളേയും ഇവിടെ കൂട്ടിക്കൊണ്ടുവരണേ.

**3. പ്രലയമേധദത്രീവഞ്ജാതവേദോ വിരൂപവത് |**
**അങ്ഗിരസ്വൻമഹിവ്രത പ്രസ്കണ്വസ്യ ശ്രുധീഹവം ||**

ഹേ മഹാകർമ്മവാനേ! സർവ്വജീവികളുടെയും ജ്ഞാതാ വായ അഗ്നീ! പ്രിയമേധൻേറയും അത്രിയുടേയും വിരൂപ ൻേറയും അംഗിരസിൻേറയും വിളികൾ കേട്ടിരുന്നതുപോലെ ഇപ്പോൾ പ്രസ്കണ്വൻെറ വിളിയും ശ്രവിക്കണേ.

**4. മഹികേരവ ഊതയേ പ്രിയമേധാ അഹൂഷത |**
**രാജന്തമധ്വരാണാമഗ്നിം ശുക്രേണ ശോചിഷാ ||**

മഹാപ്രകാശവാനായ അഗ്നി യജ്ഞവേദിയിൽ പ്രകാശിച്ചുകൊിരിക്കുന്നു. പ്രിയമേധൻെറ വംശക്കാർ തങ്ങ ളുടെ രക്ഷക്കായി അഗ്നിയെ വിളിച്ചിരുന്നു.

**5. ഘൃതാവഹന സന്ത്യോമാ ഉ ഷു ശ്രുധീ ഗിരഃ |**
**യാഭിഃ കണ്വസ്യ സൂനവോ ഹവന്തേവസേ ത്വാ ||**

ഹേ ഘൃതത്താൽ ഹവനം ചെയ്യപ്പെടുവാൻ യോഗ്യനും ദാതാവുമായ അഗ്നേ! കണ്വപുത്രൻമാർ ഏതെല്ലാം സ്തുതി കളാൽ തങ്ങളുടെ രക്ഷയ്ക്കുവേി നിന്നെ വിളിക്കുന്നുവോ, ആ സ്തുതികൾ ശ്രദ്ധയോടുകൂടി ശ്രവിച്ചാലും.

**6. താം ചി ശ്രവസ്തമ ഹവന്തേ വിക്ഷു ജന്തവഃ |**
**ശോചിഷ്കേശം പുരുപ്രിയാഗ്നേ ഹവ്യായ വോ ഹവേ ||**

ഹേ മഹാകീർത്തിമാനായ അഗ്നേ! നീ ബഹുജനപ്രിയ നാകുന്നു. പ്രകാശവാനായ നിന്നെ ഹവിസ്സിനുവേി ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**7. നിത്വാ ഹോതാരമൃത്വിജം ദധിരേ വസുവിത്തമം |**
**ശ്രുത്കർണം സപ്രഥസ്തമം വിപ്രാ അഗ്നേ ദിവിഷ്ടിഷു ||**

ഹേ അഗ്നേ! ഹോതാവേ, ഋത്വിജാ ധനദാതാവേ, വിഖ്യാതാ, സ്തുതി ശ്രവിക്കുന്നവനേ, ജ്ഞാനികൾ നിന്നെ സ്വർഗ്ഗപ്രാപ്തിക്കുവേി യജ്ഞത്തിൽ സ്ഥാപിച്ചിരിക്കുന്നു.

**8. ആ ത്വാ വിപ്രാ അചുച്യവുഃ സുതസോമാ അഭിപ്രയഃ |**
**ബൃഹദ്ഭാ ബിഭ്രതോ ഹവിരഗ്നേ മർതായദാശുഷേ ||**

ഹേ അഗ്നേ! നിഷ്പന്നമായ സോമവും ഹവിസ്സും ഉള്ള വരായ ജ്ഞാനികൾ നിന്നെ മരണധർമ്മാക്കളായ യജമാനൻ മാർക്കുവേി പ്രതിഷ്ഠിച്ചിരിക്കുന്നു.

**9. പ്രാതര്യാവ്ണഃ സഹസ്കൃത സോമപേയായസന്ത്യ |**

**ഇഹാദ്യ ദൈവ്യം ജനം ബർഹിരാ സാദയാ വസോ ||**

ഹേ ബലോൽപന്നമായ അഗ്നേ! നിങ്ങൾ ധനത്തിന്റെ ഉടയവനാകുന്നു. പ്രഭാതത്തിൽ വന്നുചേരുന്ന ദേവഗണ ത്തേയും കുശാസനങ്ങളിലിരുത്തി സോമപാനത്തിനു തയ്യാറാക്കണേ.

**10. അർവാഞ്ചം ദൈവ്യം ജനമഗ്നേ സഹൂതിഭിഃ |**
**അയം സോമഃ സുദാനവസ്തം പാത തിരോഅഹ്ന്യം ||**

ഹേ അഗ്നേ! പ്രത്യക്ഷരായ ദേവസമൂഹത്തെ സ്തുതി പൂർവ്വം പൂജിക്കൂ. ഹേ മംഗളദായകരായ ദേവഗണമേ! ഇതാ പിഴിഞ്ഞെടുത്ത സോമരസം ഇരിക്കുന്നു; ഇതു പാനം ചെയ്യൂ.

# സൂക്തം 46

**ഋഷി പ്രസ്കണ്വൻ ദേവത അശ്വിനികൾ**

**ഛന്ദസ് ഗായത്രീ**

**1. ഏഷോ ഉഷാ അപൂർവ്യാ വ്യുച്ഛതി പ്രിയാ ദിവഃ |**
**സ്തുഷേ വാമശ്വിനാ ബൃഹത് ||**

മുമ്പ് ഒരിക്കലും കാണപ്പെടാത്ത ഉഷസ് ആകാശത്തിൽ പ്രത്യക്ഷമായിരിക്കുന്നു. ഹേ അശ്വിനികളേ! ഞാനുള്ളഴിഞ്ഞ് നിങ്ങളെ സ്തുതിക്കുന്നു.

**2. യാ ദസ്രാ സിന്ധുമാതരാ മനോതരാ രയീണാം |**
**ധിയാ ദേവാ വസുവിദാ ||**

സമുദ്രത്തിൽനിന്നും ജനിച്ചവരും, മനസ്സിൽ നിന്നുതന്നെ ഐശ്വര്യത്തെ ഉൽപ്പാദിപ്പിക്കുന്നവരും ശ്രദ്ധയോടുകൂടി ധനം അറിയുന്നവരുമായവരെ ഞാൻ സ്തുതിക്കുന്നു.

**3. വച്യന്തേ വാം കകുഹാസോജൂർണായാമധി വിഷ്ടപി |**
**യദ്വാം രഥോ വിഭിഷ്പതാത് ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങളുടെ രഥം അന്തരീക്ഷത്തിൽക്കൂടി കടന്നുപോകുമ്പോൾ എല്ലാവരും നിങ്ങളെ സ്തുതിക്കുന്നു.

**4. ഹവിഷാ ജാരോ അപാം പിപർതി പപുരിർനരാ |**
**പിതാ കുടസ്യ ചർഷണിഃ ||**

ഹേ പുരുഷരേ! ജലത്തെ സ്നേഹിക്കുന്നവനും, ധന പൂരകനും, ഗൃഹപാലകനും ദ്രഷ്ടാവുമായ അഗ്നി ഞങ്ങളുടെ ഹവിസ്സിൽക്കൂടി നിങ്ങളെ പൂർണ്ണരാക്കുന്നു.

**5. ആദാരോ വാം മതീനാം നാസത്യാ മതവചസാ |**
**പാതം സോമസ്യ ധൃഷ്ണുയാ ||**

ഹേ മിഥ്യാത്വസഹിതരായ അശ്വിനികളേ! ആദരപൂർണ്ണ ങ്ങളായ ഞങ്ങളുടെ വചനങ്ങൾ ഗ്രഹിച്ചുകൊ്, സ്തുതി കളാൽ തയ്യാറാക്കപ്പെട്ട സോമരസം നിശ്ശങ്കം പാനം ചെയ്യൂ.

**6. യാ നഃ പീപരദശ്വിനാ ജ്യോതിഷ്മതീ തമസ്തിരഃ |**
**താമസ്മേ രാസാഥാമിഷം ||**

ഹേ അശ്വിനികളേ! പ്രകാശയുക്തവും, അന്ധകാരരഹി തവുമായ അന്നധനം ഞങ്ങളുടെ പോഷണാർത്ഥം പ്രധാനം ചെയ്യണേ.

**7. ആ നോ നാവാ മതീനാം യാതം പാരായ ഗന്തവേ |**
**യുഞ്ജാഥാമശ്വിനാ രഥം ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ സ്തുതികളാകുന്ന പ്രേമപൂർണ്ണമായ ബന്ധനത്താൽ ബന്ധിതനായ നിങ്ങൾ ഞങ്ങളെ ദുഃഖസമുദ്രത്തിന്റെ മറുകരയിലെത്തിക്കണേ. സ്വന്തം പേരിൽ അശ്വങ്ങളെ ബന്ധിക്കണേ.

**8. അരിത്രം വാം ദിവസ്പൃഥു തീർഥേ സിന്ധൂനാം രഥഃ |**
**ധിയാ യയുജ്ര ഇന്ദവഃ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ കപ്പൽ കടലിനേക്കാളും വിശാലമായതാണ്. സമുദ്രതീരത്ത് നിങ്ങളുടെരഥം നിൽക്കുന്നു. അതുപോലെതന്നെ ഇവിടെ സോമരസം തയ്യാ റായിരിക്കുന്നു.

**9. ദിവസ്കണ്വാസ ഇന്ദവോ വസു സിന്ധൂനാം പദേ |**
**സ്വം വവ്രിം കുഹ ധിത്സഥഃ ||**

ഹേ കണ്വവംശജരേ! സോമം ദിവ്യഗുണങ്ങളെ പ്രേമി ക്കുന്നു. സമുദ്രതീരത്ത് ഐശ്വര്യം സ്ഥിതിചെയ്യുന്നു. ഹേ അശ്വിനികളേ! നിങ്ങൾ സ്വന്തം സൗരൂപം എവിടെ സ്ഥാപി ക്കുവാനാഗ്രഹിക്കുന്നു?

**10. അഭൂദു ഭാ ഉ അംശവേ ഹിരണ്യം പ്രതി സൂര്യഃ |**
**വ്യഖ്യജ്ജിഹ്വയാസിതഃ ||**

ഉഷക്കാലത്തിൽ സൂര്യൻ സുവർണ്ണമയമായി പ്രകാശി ക്കുന്നു. അഗ്നി ശ്യാമവർണ്ണത്തോടുകൂടിയതായി തന്റെ ജ്വാലാരൂപമായ ജിഹ്വകളോട് കൂടി പ്രകടമാകുവാൻ തുടങ്ങി.

**11. അഭൂദു പാരമേതവേ പന്ഥാ ഋതസ്യ സാധുയാ |**
**അദർശി വി സ്രുതിർദിവഃ ||**

സൂര്യനു മറുകരകടക്കുന്നതിന് യജ്ഞരൂപം ഉത്തമ മാർഗ്ഗ മു്. അതിൽക്കൂടി കടന്നുപോകുന്ന കതിർ ആകാശ മാർഗ്ഗ ത്തിൽ കാണപ്പെടുന്നു.

**12. തത്തദിദശ്വിനോരവോ ജരിതാ പ്രതി ഭൂഷതി |**
**മദേ സോമസ്യ പിപ്രതോഃ ||**

സോമത്താൽ ആനന്ദപൂർണ്ണരായ അശ്വിനികളുടെ രക്ഷ സ്തോതാവ് കൂടെക്കൂടെ പ്രശംസിക്കട്ടെ.

**13. വാവസാനാ വിവസ്വതി സോമസ്യ പീത്യാ ഗിരാ |**
**മനുഷ്വച്ഛംഭൂ ആ ഗതം ||**

ഹേ പ്രകാശമയമായ ആകാശത്തിലെ നിവാസികളും സുഖദായകരുമായ അശ്വിനികളേ! മനുവിന്റെ പ്രാർത്ഥന കളാൽ അദ്ദേഹത്തിനുലഭ്യമായതുപോലെ ഞങ്ങളുടെ സ്തവനങ്ങളാൽ ഞങ്ങൾക്കും പ്രാപ്തരാകണേ.

**14. യുവോരുഷാ അനു ശ്രിയം പരിജ്മനോരുപാചരത് |**
**ഋതവനഥോ അക്തുഭിഃ ||**

ഹേ അശ്വിനികളേ! നാലുഭാഗങ്ങളിലും സഞ്ചരിച്ചുകൊിരിക്കുന്ന നിങ്ങളുടെ പ്രകാശത്തിന്റെ പിന്നിലായി ഉഷസ്സ് കറങ്ങിക്കൊിരിക്കുന്നു. നിങ്ങൾ രാത്രിയിൽ ഹവിസ്സാ ഗ്രഹിക്കുന്നവരാണല്ലോ?

**15. ഉഭാ പിബതമശ്വിനോഭാ നഃ ശർമ യച്ഛതാം |**
**അവിദ്രിയാഭിരൂതിഭിഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരും സോമപാനം ചെയ്തുകൊ് സ്വന്തം രക്ഷകളാൽ ഞങ്ങളെ സുഖിക ളാക്കണേ.

# അദ്ധ്യായം നാല്

# സൂക്തം 47

**ഋഷി പ്രസ്കണ്വൻ ദേവത അശ്വിനികൾ**

**ഛന്ദസ് ബൃഹതിപങ്ക്തി**

**1. അയം വാ മധുമത്തമഃ സുതഃ സോമ ഋതാവൃധാ |**
**തമശ്വിനാ പിബതം തിരോഅഹ്ന്യയം**
**ധത്തം രത്നാനി ദാശുഷേ ||**

ഹേ യജ്ഞവർദ്ധകരായ അശ്വിനികളേ! ഈ അത്യധികം മധുരരസമാർന്ന സോമരസം നിങ്ങൾക്കായി പിഴിഞ്ഞുാക്കി യതാണ്. ഇതുപാനം ചെയ്യുകയും ഹവിർദാതാവിന് രത്നാദികളായ ധനം ദാനം ചെയ്യുകയും ചെയ്യൂ.

**2. ത്രിബന്ധുരേണ ത്രിവൃതാ സുപേശസാ രഥേനാ യാതമശ്വിനാ |**
**കണ്വാസോ വാം ബ്രഹ്മ കൃണ്വന്ത്യധ്വരേ**
**തേഷാം സുശൃണുതം ഹവം ||**

ഹേ അശ്വിനികളേ! നിങ്ങളുടെ മൂന്നുതടികളാൽ യുക്ത മായ ത്രികോണാകാരമായ മനോഹര രഥത്തിൽ ഞങ്ങളെ കയറ്റണേ. ഈ കണ്വവംശജൻ തൻെറ യജ്ഞത്തിൽ മന്ത്ര യുക്തങ്ങളായ സ്തുതികൾ സമർപ്പിക്കുന്നു. അവയെ ശ്രദ്ധ യോടുകൂടി ശ്രവിക്കണേ.

**3. അശ്വിനാ മധുമത്തമം പാതം സോമമൃതാവൃധാ |**
**അഥാദ്യ ദസ്രാ വസു ബിഭ്രതാ രഥേ**
**ദാശ്വാംസമുപഗച്ഛതം ||**

ഹേ യജ്ഞവർദ്ധകരായ അശ്വിനികളേ! നിങ്ങൾ മധുര മൂറുന്ന സോമരസം പാനം ചെയ്യുവിൻ. അതിനുശേഷം നിങ്ങളുടെ രഥത്തിൽ ധനവും വഹിച്ചുകൊ് ഹവിർ ദാതാവിൻെറ അടുത്തേയ്ക്ക് വരണേ.

**4. ത്രിഷധസ്ഥേ ബർഹിഷി വിശ്വവേദസാ മധ്വായജ്ഞ മിമിക്ഷതം |**
**കണ്വാസോ വാം സുതസോമാ അഭിദ്യവോ**
**യുവാം ഹവന്തേ അശ്വിനാ ||**

ഹേ സർവ്വജ്ഞരായ അശ്വിനികളേ! മൂന്നുസ്ഥാനങ്ങളി വിരിച്ചിട്ടുള്ള കുശാസനത്തിൽ ഉപവിഷ്ടരായി മധുരരസമുള്ള തേനാൽ യജ്ഞത്തെ നനയ്ക്കുവിൻ. സ്വർഗ്ഗത്തെ ആശിച്ചു കൊ് സോമരസം നിഷ്പന്നമാക്കുന്ന കണ്വവംശജർ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**5. യാഭിഃ കണ്വമഭിഷ്ടിഭിഃ പ്രാവതം യവമശ്വിനാ |**
**താഭിഃ ഷ്വാസ്മാം അവതം ശുഭസ്പതീ**
**പാതം സോമൃമൃതാ വൃധാ ||**

ഹേ യജ്ഞവർദ്ധകരും, സൽക്കർമ്മങ്ങളെപോഷിപ്പിക്കു ന്നവരുമായ അശ്വിനികളേ! ഏതെല്ലാം രക്ഷാസാധനങ്ങളാൽ നിങ്ങൾ കണ്വനെ രക്ഷിച്ചിരുന്നുവോ, അവയാൽ ഞങ്ങ ളേയും രക്ഷിക്കണേ. നിങ്ങൾ ഈ സോമരസം പാനം ചെയ്യണേ.

**6. സുദാസേ ദസ്രാ വസു ബിഭ്രതാ രഥേ പൃക്ഷോ വഹതമശ്വിനാ |**
**രയിം സമുദ്രാദുത വാ ദിവസ്പർയസ്മേ**
**ധത്തം പുരുസ്പൃഹം ||**

ഹേ ഉഗ്രകർമ്മാക്കളായ അശ്വിനികളേ! നിങ്ങൾ രഥത്തിൽ അന്നവും ധനവും വഹിച്ചുകൊ് സുദാസ് എന്ന രാജാവിനു നൽകിയിട്ടു്. അപ്രകാരം അന്തരീക്ഷത്തിൽ നിന്നോ; അഥവാ ആകാശത്തിൽനിന്നോ ഞങ്ങൾ ആഗ്ര ഹിക്കുന്ന ധനം ഞങ്ങൾക്കുവേി കൊുവരണേ.

**7. യന്നാസത്യാ പരാവതി യദ്വാ സ്ഥേ അധി തുർവശേ |**
**അതോ രഥേന സുവൃതാ ന ആ ഗതം സ**
**കം സൂര്യസ്യ രശ്മിഭിഃ ||**

ഹേ അസത്യരഹിതരായ അശ്വിനികളേ! നിങ്ങൾ ദൂരെ യോ അഥവാ അടുത്തോ ഉള്ള സൂര്യകിരണങ്ങൾ സഹിതം, ചുറ്റിസഞ്ചരിക്കുന്ന രഥത്തിൽകൂടി ഞങ്ങളെ സമീപിക്കണേ.

**8. അർവാഞ്ചാ വാം സപ്തയോധ്വരശ്രിയോ വഹന്തു സവനേദുപ |**
**ഇഷം പൃഞ്ചന്ത സുകൃതേ സുദാനവ ആ**
**ബർഹിഃ സീദതം നരാ ||**

ഹേ പുരുഷരേ! യജ്ഞത്തിലേയ്ക്ക് പോകുന്ന അശ്വങ്ങൾ സോമയാഗത്തിലേയ്ക്ക് നിങ്ങളെ ഞങ്ങളുടെ മുമ്പിൽ കൂട്ടിക്കൊുവരട്ടെ. ശ്രേഷ്ഠകർമ്മങ്ങളോടുകൂടിയവനും ദാനിയുമായ യജമാനനെ ശക്തിയുക്തനാക്കി നിങ്ങൾ കുശാസനങ്ങളിൽ ആസനസ്ഥനാക്കിയാലും.

**9. തേന നാസത്യാ ഗതം രഥേന സൂർയത്വചാ |**
**യേന ശശ്വദൂഹഥുർദാശുഷേ വസു മധ്വഃ സോമസ്യ പീതയേ ||**

ഹേ അസത്യരഹിതരായ അശ്വിനികളേ! ഏതു രഥത്തിൽ ക്കൂടി നിങ്ങൾ ഹവിർദാതാവിന് നിരന്തരമായി ധനം നൽകി യിരുന്നുവോ, അതിൽക്കൂടിതന്നെ സോമപാനത്തിനായി ഇവിടേയ്ക്ക് എഴുന്നള്ളിയാലും.

**10. ഉക്ഥേഭിരർവാഗവസേ പുരുവസൂ അർകൈശ്ച നിഹ്വയാമഹേ |**
**ശശ്വത്കണ്വാനാ സദസി പ്രിയേ ഹി കം സോമം**
**ചപഥുരശ്വിനാ ||**

ഹേ ഐശ്വര്യശാലികളായ അശ്വിനികളേ! രക്ഷയ്ക്കു വേി തുടർച്ചയായി ഞങ്ങൾ സ്തോത്രങ്ങളാൽ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. കണ്വവംശക്കാരുടെ സമൂഹത്തിൽ നിങ്ങൾ സോമപാനം ചെയ്തുകൊിരുന്ന കാര്യം വളരെ പ്രസിദ്ധമാണ്.

# സൂക്തം 48

**ഋഷി പ്രസ്കണ്വൻ ദേവത ഉഷസ്സ് ഛന്ദസ് ബൃഹതി, പംക്തി**

**1. സഹ വാമേന ന ഉഷോ വ്യുച്ഛാ ദുഹിതർദിവഃ |**
**സഹ ദ്യുമ്നേ ബൃഹതാ വിഭാവരി രായാ ദേവി ദാസ്വതീ ||**

ആകാശപുത്രിയും അത്യധികംകീർത്തിമതിയുമായ ഉഷേ! ഞങ്ങൾക്ക് പ്രശംസായുക്തങ്ങളായ ഉപഭോഗ്യങ്ങ ളോടും യശസ് ലഭ്യമാക്കുന്ന ഐശ്വര്യങ്ങളോടും കൂടി നീ പ്രത്യക്ഷമാകണേ.

**2. അശ്വാവതീർഗോമ തീർവിശ്വസുവിദോ ഭൂരി ച്യവന്ത വസ്തവേ |**
**ഉദീരയ പ്രതി മാ സൂനൃതാ ഉഷശ്ചോദ രാധോമഘോനാം ||**

അശ്വങ്ങളോടും ഗോക്കളോടും കൂടിയവളും എല്ലാവരും അറിയുന്നവളും ആയ ഉഷ ഞങ്ങൾക്ക് നിരന്തരം പ്രാപ്ത മാകണേ. ഹേ ഉഷേ! എന്നെ പ്രിയങ്കരങ്ങളും സത്യങ്ങളുമായ കാര്യങ്ങൾ പറയുന്നവനാക്കുകയും എന്നെ ധനികനാക്കി ത്തീർക്കുകയും ചെയ്യണേ.

**3. ഉവാസോപാ ഉച്ഛാച്ച നു ദേവീ ജീരാ രഥാനാം |**
**യേ അസ്യാ ആചരണേഷു ദധ്രിരേ സമുദ്രേ ന ശ്രവസ്യവഃ ||**

ഉഷസ്സ് പും ഞങ്ങളുടെ അടുക്കൽ വസിച്ചിരുന്നു. അവൾ ഇന്നും പ്രത്യക്ഷയാകണേ. മുത്ത് ആശിക്കുന്നവൻ കടലിനെ ഉറ്റുനോക്കുന്നതുപോലെ അവളുടെ ആഗമനത്തെ ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നു.

**4. ഉഷോ യേ തേ പ്ര യാമേഷു യുഞ്ജ ജതേ മനോ ദാനായ സൂരയഃ |**
**അത്രാഹ തത്കണ്വ ഏഷാം കണ്വതമോ നാമ ഗൃണാതി നൃണാം ||**

ഹേഉഷേ! നിൻെറ വരവോടുകൂടിത്തന്നെ യാതൊരു സ്തോതാവ് ദാനം ആഗ്രഹിക്കുന്നുവോ, ആ പുരുഷൻെറ നാമം കണ്വൻമാരിലെ മഹാനായ കണ്വൻ വളരെയധികം പ്രശംസിക്കുന്നു.

**5. ആ ഘാ യോഷേവ സൂനര്യുഷാ യാതി പ്രഭുഞ്ജതീ |**
**ജരയന്തീ വൃജനം എദ്വദീയത ഉത്പാതയതി പക്ഷിണഃ ||**

ഉത്തമമായ മാർഗ്ഗങ്ങളിൽക്കൂടി ചരിച്ചുകൊ് ഗൃഹ സ്വാമിനിക്കുതുല്യം ഉഷ എല്ലാത്തിനേയും പരിപാലിക്കുന്നു. അവൾ നമ്രശീലൻമാരെ വൃദ്ധാവസ്ഥ പ്രാപിപ്പിക്കുന്നു. കാലു കളുള്ള ജീവികളെ കർമ്മത്തിൽ പ്രേരിപ്പിക്കുന്നു. പക്ഷികളെ പറപ്പിക്കുന്നു.

**6. വി യാ സൃജതി സമനു വ്യർഥിനഃ പദം ന വേത്യോദതീ |**
**വയോ നകിഷ്ടേ പപ്തിവാംസ ആസതേ വ്യുഷ്ടൗ വാജിനീവതി ||**

ഈ ഉഷ യുദ്ധങ്ങളിലേയ്ക്ക് പ്രേരിപ്പിക്കുകയും അതു പോലെ കർമ്മശീലൻമാരെ പ്രവൃത്യൻമുഖരായിത്തീർക്കു കയും ചെയ്യുന്നു. അവൾ സ്വയം വിശ്രമം അനുഭവിക്കു ന്നില്ല. ഹേ അന്നത്തോടുകൂടിയവളായ ഉഷേ! നിൻെറ ആഗമ നത്തോടുകൂടി പക്ഷികളും തങ്ങളുടെ കൂടുവിട്ടു പറന്നു പോകുന്നു.

**7. ഏഷായുക്ത പരാവതഃ സൂര്യസ്യോദയനാദധി |**
**ശതം രഥേഭിഃ സുഭഗോഷാ ഇയം വി യാത്യഭി മാനുഷാൻ ||**

ഇവൾ സൂര്യൻെറ ഉദയസ്ഥാനത്തോട് ദൂരദേശങ്ങളെ കൂട്ടിച്ചേർത്തു. സൗഭാഗ്യശാലിനിയായ ഈഉഷ നൂറു രഥ ങ്ങൾവഴിയായിമനുഷ്യലോകത്തിലേയ്ക്ക് വരുന്നു.

**8. വിശ്വമസ്യാ നാനാമ ചക്ഷസേ ജഗജ്ജ്യോതിഷ്കൃണോതി സൂനരീ |**
**അപ ദ്വേഷോ മഘോനീ ദുഹിതാ ദിവ ഉഷാ ഉച്ഛദപസ്രിധഃ ||**

എല്ലാ ലോകങ്ങളും ഇവളുടെ ദർശനത്തിനുവേി കനി യുന്നു. ഈ പ്രകാശവതി എല്ലാവർക്കും നല്ല മാർഗ്ഗം ഉപദേ ശിക്കുന്നു. ആകാശത്തിൻെറ പുത്രിയും ധനമുള്ളവളുമായ ഈ ഉഷ നമ്മുടെ വൈരികളേയും നമ്മെ വേദനിപ്പിക്കുന്ന വരേയും അകറ്റികളയട്ടെ.

**9. ഉഷ ആ ഭാഹി ദാനുനാ ചന്ദ്രേണ ദുഹിതർദിവഃ |**
**ആവഹന്തീ ഭൂര്യസ്മഭ്യം സൗഭഗം വ്യുച്ഛന്തീ ദിവിഷ്ടിഷു ||**

ഹേ ആകാശപുത്രി, ഉഷേ! ഞങ്ങളെ സൗഭാഗ്യശാലി കളാക്കി ഞങ്ങളുടെ യാഗങ്ങളിൽ പ്രത്യക്ഷയാകുകയും, ആനന്ദദായകമായ പ്രകാശത്താൽ സർവത്ര പ്രകാശംപര ത്തുകയും ചെയ്യൂ.

**10. വിശ്വസ്യ ഹി പ്രാണനം ജീവനം ത്വേ വി യദുച്ഛസി സൂനരി |**
**സാ നോ രഥേന ബൃഹതാ വിഭാവരി ശ്രുധി ചിത്രാമഘേഹവം ||**

ഞങ്ങളെ സുമാർഗ്ഗങ്ങളിൽകൂടി കൊുപോകുന്നവളായ ഉഷേ! നീ പ്രത്യക്ഷമാകുമ്പോൾതന്നെ നിൻെറ മഹത്വവും ജീവനും പ്രകടമാകുന്നു. കാന്തിമതിയും ധനികയുമായ നീ ഞങ്ങളുടെനേരെ രഥത്തിൽ ആഗതയായി ഞങ്ങളുടെ ആഹ്വാനം ശ്രവിക്കണേ.

**11. ഉഷോ വാജം ഹി വംസ്വ യശ്ചിത്രോ മാനുഷേ ജനേ |**
**തേനാ വഹ സുകൃതോ അധ്വരാം ഉപ യേ ത്വാം ഗൃണന്തി വഹ്നയേ ||**

ഹേ ഉഷേ! മനുഷ്യർക്കുവേി നീ വിഭിന്നങ്ങളായ അ ന്നം സ്വീകരിക്കൂ. ഹവിർദാതാക്കളുടെ സ്തുതികളാൽ അവ രെ സകർമ്മയുക്തരാക്കി യാഗങ്ങളിലേയ്ക്ക് പ്രേരിപ്പിക്കൂ.

**12. വിശ്വാന്ദേവാം ആ വഹ സോമപീതയേന്തരീക്ഷാ ദുഷസ്ത്വം |**
**സാസ്മാസു ധാ ഗോമദശ്വാവദുക്ഥ്യ മുഷോവാജം സുവീര്യം ||**

അല്ലയോ ഉഷസ്സേ! സോമപാനത്തിനായി അന്തരീ ക്ഷത്തിലുള്ള എല്ലാ ദേവകളേയും ഇവിടെ കൊുവരണേ. നീ ഞങ്ങൾക്ക് അശ്വഗോക്കളാൽ യുക്തമായ ധനവും വീര്യ മേറിയ അന്നവും ദാനം ചെയ്യൂ.

**13. യസ്യാ രുശന്തോ അർചയഃ പ്രതി ഭദ്രാ അദൃക്ഷത |**
**സാ നോ രയിം വിശ്വവാരം സുപേശസമുഷാ ദദാതു സുഗ്മ്യം ||**

ആരുടെ പ്രകാശിച്ചുകൊിരിക്കുന്ന കാന്തി മംഗള രൂപമായിരിക്കുന്നുവോ, ആ ഉഷ എല്ലാവർക്കും ഉപയുക്ത മായ ധനം നമുക്കു സുപ്രാപ്യമാക്കട്ടെ.

**14. യേ ചിദ്ധി ത്വാമൃഷയഃ പൂർവം ഊതയേ ജുഹൂരേവസേ മഹ |**
**സാ നഃ സ്തോമാം അഭി ഗൃണീഹി രാധസോഷഃ ശുക്രേണ ശോചിഷാ ||**

ഹേ പൂജനീയരേ! നീ ഞങ്ങളുടെ സ്തോത്രങ്ങൾക്കുള്ള മറുപടി യശസ്സും ധനവുമായി ദാനം ചെയ്യണേ. പ്രാചീന മഹർഷിമാരും നിന്നെ അന്നത്തിനും രക്ഷയ്ക്കുംവേി വിളിച്ചിരുന്നു.

**15. ഉഷോ യദദ്യ ഭാനുനാ വി ദ്വാരാവൃണവോ ദിവഃ |**
**പ്ര നോ യച്ഛതാദവൃകം പൃഥു ഛർദിഃ**
**പ്ര ദേവി ഗോമതീരിഷഃ ||**

ഹേ ഉഷേ! സ്വന്തമായ പ്രകാശത്താൽ നീ ആകാശ ത്തിന്റെ രു കവാടങ്ങളും തുറന്നിരിക്കുന്നു.നീ ഞങ്ങൾക്ക് ഹിംസാരഹിതമായ വലിയ ഭവനവും ഗോക്ക ളാൽ യുക്തമായ ദനവും പ്രദാനം ചെയ്യൂ.

**16. സം നോ രായാ ബൃഹതാ വിശ്വപേശസാ മിമിക്ഷ്വാ സമിഗാഭിരാ |**
**സം ദ്യുമ്നേന വിശ്വതുരോഷോ മഹി സം വാജൈർ വാജിനീവതി||**

ഹേ ഉഷേ! ഞങ്ങളെ ഐശ്വര്യങ്ങളോടും ഗോക്കളോടും കൂടി യുക്തരാക്കണേ. ഞങ്ങൾക്ക് ശത്രുക്കളെ നശിപ്പിക്കുന്ന തിനുള്ള പരാക്രമം നൽകി അന്നത്താൽ സമ്പന്നരാക്കണേ.

## സൂക്തം 49

**ഋഷി പ്രസ്കണ്വൻ ദേവത ഉഷസ്സ് ഛന്ദസ് അനുഷ്ടുപ്**

**1. ഉഷോ ഭദ്രേഭിരാ ഗഹി ദിവശ്ചിദ്രോ ചനാദധി |**
**വഹന്ത്വരുണപ്സവ ഉപ ത്വാ സോമിനോ ഗൃഹം ||**

ഹേ ഉഷേ! പ്രകാശമുള്ള ആകാശത്തിൽകൂടിയും ഉത്ത മമാർഗ്ഗങ്ങളിൽകൂടിയും വരൂ. സോമയാഗക്കാരന്റെ ഭവന ത്തിൽ ചുവന്നവർണ്ണങ്ങളോടുകൂടിയ അശ്വങ്ങൾ നിന്നെ കൊുവരട്ടെ.

**2. സുപേശസം സുഖം രഥം യമധ്യസ്ഥാ ഉഷസ്ത്വം |**
**തേനാ സുശ്രസം ജനം പ്രാവാദ്യ ദൂഹിതർദിവഃ ||**

ആകാശപുത്രിയായ ഉഷേ! നീ സുന്ദരവും സുഖദായക വുമായ രഥത്തിൽ വിരാജിക്കണേ. ഈ രഥത്തിൽ കയറി വന്നു യജമാനനെ രക്ഷിക്കണേ.

**3. വയശ്ചിത്തേ പതത്രിണോ ദ്വിപച്ചതുഷ്പദർജുനി |**
**ഉഷഃ പ്രാരന്നൃതൂരനു ദിവോ അന്തേഭ്യസ്പരി ||**

ഉജ്ജ്വലവർണ്ണങ്ങളുള്ള ഉഷേ! നീ വരുമ്പോൾതന്നെ മനുഷ്യരും, നാൽക്കാലികളും, പക്ഷികളും എല്ലാം ചരിക്കു വാൻ തുടങ്ങുന്നു.

**4. വ്യുച്ഛന്തീ ഹി രശ്മിഭിർവിശ്വമാഭാസി രോചനം |**
**താം ത്വാമുഷർവസൂയവോ ഗീർഭിഃ കണ്വാ അഹൂഷത ||**

ഹേ ഉഷേ! സ്വന്തം കിരണങ്ങളോടുകൂടി ഉദിക്കുന്ന നീ എല്ലാലോകങ്ങളേയും പ്രകാശിപ്പിക്കുന്നു. ധനാഗ്രഹത്തോ ടുകൂടി കണ്വവംശസ്തുതികളോടുകൂടി നിന്നെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 50

**ഋഷി പ്രസ്കണ്വൻ ദേവത സൂര്യൻ ഛന്ദസ് ഗായത്രീ**

**1. ഉദു ത്യം ജാതവേദസം ദേവം വഹന്തി കേതവഃ |**
**ദൃശേ വിശ്വായ സൂര്യം ||**

സർവ്വഭൂതങ്ങളുടേയും ജ്ഞാതാവും, പ്രകാശമാനുമായ സൂര്യനെ രശ്മികൾ ആകാശത്തിൽക്കൂടി വഹിച്ചുകൊ് സഞ്ചരിക്കുന്നു.

**2. അപ ത്യേ തായവോ യഥാ നക്ഷത്രാ യന്ത്യക്തുഭിഃ |**
**സൂരായ വിശ്വചക്ഷസേ ||**

സർവ്വദർശിയായ സൂര്യൻ പ്രത്യക്ഷമാകുമ്പോൾതന്നെ നക്ഷത്രാദികളെല്ലാം കള്ളൻമാരെപ്പോലെ ഓടിമറയുന്നു.

**3. അദൃശ്രമസ്യ കേതവോ വി രശ്മയോ ജനാം അനു |**
**ഭ്രജന്തോ അഗ്നയോ യഥാ ||**

സൂര്യന്റെ ധ്വജരൂപമാകുന്ന രശ്മികൾ കത്തിജ്വലിക്കുന്ന അഗ്നിക്കുതുല്യം മനുഷ്യർക്കു ദൃഷ്ടിഗോചരമാകുന്നു.

**4. തരണീർവിശ്വദർശതോ ജ്യോതിഷ്കൃദസി സൂർയ |**
**വിശ്വമാ ദാസി രോചനം ||**

ഹേ സൂര്യാ! നീ വേഗവാനും, എല്ലാവർക്കും ദർശന യോഗ്യനുമാകുന്നു. സ്വയം പ്രകാശിതനായ നീ അഖില ത്തേയും പ്രകാശിപ്പിക്കുന്നു.

**5. പ്രത്യങ് ദേവാനാം വിശഃ പ്രത്യങ്ങുദേഷി മാനുഷൻ |**
**പ്രത്യങ്വിശ്വം സ്വർദൃശേ ||**

സൂര്യാ! നീ ദേവഗണങ്ങളുടെയും, മനുഷ്യരുടെയും അതുപോലെ എല്ലാജീവികളുടെയും മുന്നിൽ പ്രകാശ ത്തോടുകൂടി പ്രത്യക്ഷപ്പെട്ട് ആകാശത്തിൽക്കൂടി ഗമനം ചെയ്യുന്നു.

**6. യേനാ പാവക ചക്ഷസാ ഭുരണ്യന്തം ജനാ അനു |**
**ത്വം വരുണ പശ്യസി ||**

ഹേ പവിത്രകാരകനായ വരുണാ! നീ ഏതു നേത്ര ങ്ങൾകൊ് മനുഷ്യരെ വീക്ഷിക്കുന്നുവോ ആ നേത്രങ്ങളെ ഞങ്ങൾ പ്രണമിക്കുന്നു.

**7. വി ദ്യാമേഷി രജസ്പൃഥ്വഹാ മിമാനോ അക്തുഭിഃ |**
**പശ്യഞ്ജന്മാനി സൂര്യ ||**

ഹേ സൂര്യാ! രാത്രികളെ പകലുകളിൽനിന്നും വേർപെടു ത്തിക്കൊ് വിസ്തൃതമായ ആകാശത്തിൽക്കൂടി നീ സഞ്ച രിക്കുന്നു.

**8. സപ്ത ത്വാ ഹരിതോ രഥേ വഹന്തി ദേവ സൂര്യ |**
**ശോചിഷ്കേശം വിചക്ഷണ ||**

ഹേ ദൂരദ്രഷ്ടാവായ സൂര്യാ! തേജോപൂർണ്ണങ്ങളായ രശ്മി കൾ സഹിതം രഥാരൂഢനായ നിന്നെ സ്പതാശ്വങ്ങൾ വഹിച്ചുകൊു പോകുന്നു.

**9. അയുക്ത സപ്ത ശുന്ധ്യുവഃ സൂരോ രഥസ്യ നപ്ത്യഃ |**
**താഭിര്യാതി സ്വയുക്തിഭിഃ ||**

സൂര്യരഥത്തിന്റെ പുത്രീരൂപമായി സ്വയം ചേർന്നിരി ക്കുന്ന സപ്താശ്വങ്ങളോടുകൂടിയ രഥത്തിൽ നീ ആകാശം നീളെ സഞ്ചരിക്കുന്നു.

**10. ഉദ്വയം തമസസ്പരി ജ്യോതിഷ്പശ്യന്ത ഉത്തരം |**
**ദേവം ദേവത്രാ സൂര്യമഗന്മ**
**ജ്യോതിരുത്തമം ||**

അന്ധകാരത്തിനുമുപരി വിസ്തൃതമായ പ്രകാശം പരത്തിക്കൊിരിക്കുന്ന ദേവതകളിൽ ശ്രേഷ്ഠനായ സൂര്യനെ നമുക്കു പ്രാപിക്കാം.

**11. ഉദ്യന്നദ്യ മിത്രമഹ ആരോഹന്നുത്തരാം ദിവം |**
**ഹൃദ്രോഗം മമ സൂര്യ ഹരിമാണം**

ച നാശയ ||

ഹേ മിത്രങ്ങളുടേയും മിത്രമായ സൂര്യാ! നീ ഉദിച്ച് ആകാശത്തിലുയർന്നുകൊ് എൻെറ ഹൃദയരോഗത്തേയും, പീത വർണ്ണത്തേയും നശിപ്പിക്കണേ.

12. ശുകേഷു മേ ഹരിമാസ്മം രോപസ്മാകാസു ദധ്മസി |
അഥോ ഹാരിദ്രവേഷു മേ ഹരിമാണം
നി ദധ്മസി ||

ഹേ സൂര്യാ! ഞാനെൻെറ മഞ്ഞ നിറത്തെ ശുകസാരിക കളാൽ സ്ഥാപിക്കുന്നു.

13. ഉദഗാദയമദിത്യോ വിശ്വേന സഹസാ സഹ |
ദ്വിഷന്തം മഹ്യം രന്ധയയോ അഹം
ദ്വിഷതേ രധം ||

ഈ സൂര്യൻ തൻെറ പൂർണ്ണതേജസ്സോടുകൂടി എല്ലാ രോഗങ്ങളും ശമിപ്പിക്കുവാൻ ഉദിക്കുന്നു. ഞാനാരോ ഗങ്ങളിൽ പതിക്കാതിരിക്കട്ടെ.

## അനുവാകം 10 സൂക്തം 51

ഋഷി അംഗിരസ്സിൻെറ പുത്രൻ സൂര്യൻ ഛന്ദസ് ജഗതി ത്യഷ്ടുഷ് ദേവത ഇന്ദ്രൻ

1. അഭി ത്യം മേഷം പുരുഹൂതമൃഗ്മിയമിന്ദ്രം
ഗീർഭിർമദതാ വസ്വോ അർണവം |
യസ്യ ദ്യാവോ ന വിചരന്തി മാനുഷാ ഭുജേ
മംഹിഷ്ഠ മഭി വിപ്രമർചത ||

ഹേ മനുഷ്യരേ! അനേകരാൽ വിളിക്കപ്പെടുന്നവനും സ്തു ത്യനും ധനസാഗരവും മഹാവീരനുമായ ഇന്ദ്രനെ പ്രസന്ന രാക്കുവിൻ. മനുഷ്യഹിതത്തിനായി ചെയ്യപ്പെട്ട അദ്ദേഹ ത്തിൻെറ കൃത്യങ്ങൾ പ്രസിദ്ധങ്ങളാണ്.നിങ്ങൾ ബുദ്ധി പൂർവ്വം അദ്ദേഹത്തെ തന്നെ പൂജിക്കുവിൻ.

2. അഭീമവന്വന്ത്സ്വഭിഷ്ടിമൂതയോന്തരിക്ഷപ്രാം തവി
ഷീഭിരാവൃതം |
ഇന്ദ്രം ഭക്ഷാസ ഋഭവോ മഭച്യുതം ശതക്രതും
ജവനീസുനൃതാരുഹത് ||

സഹായം നൽകുന്നവനും കർമ്മകുശലനും ഋഭുക്കളാൽ പൂജ്യനും, അത്യന്തം ശക്തനുമായ ഇന്ദ്രനെ സ്തുതിക്കുന്ന വരുടെ വാണി ബഹു കർമ്മാവായ ഇന്ദ്രനെ ഉത്സാഹ വർദ്ധകനാക്കിയിരിക്കുന്നു.

3. ത്വം ഗോത്രമങ്ഗിരോഭ്യോ വൃണോരപോതാത്രയേ
ശതദുരേഷു ഗാതുവിത് |
സസേന ചിദ്വിമദായാവഹോ വസ്വാജാവദ്രിം
വാവസാനസ്യ നർതയൻ ||

നിങ്ങങ്ങൾ അംഗിരസും അത്രിയും നിമിത്തമായി ഗോസമൂഹത്തെ കൊുവന്നു. സ്തോതാവായ വിമദനു വേ വജ്രായുധത്താൽ അന്നയുക്തമായ ധനം നൽകി അവനെ രക്ഷിച്ചു.

4. ത്വമപാമപിധാനാവൃണോരപാധാരയഃ പർക്തേ
ദാനുമദ്വസു |
വൃത്രം യദിന്ദ്രശവസാവധീരഹിമാദിത്സൂര്യം
ദിവ്യാരോഹയോദൃശേ ||

ഹേ ഇന്ദ്രാ! അങ്ങ് ജലം നിറഞ്ഞ മേഘം തുറന്നു. പർവ്വത ത്തിൽനിന്നും ധനം നേടുന്നതിനായി വൃതാസുരനെ വധിക്കു കയും സൂര്യനെ ദർശനത്തിനുവേ പ്രേരിപ്പിക്കുകയും ചെയ്തു.

5.ത്വം മായാഭിരപ മായിനോ ധമഃ സ്വദാഭിര്യേ അധി
ശുപ്താവജുഹ്വത |
ത്വം പിപ്രോർനൃമണഃ പ്രാരുജഃ പുരഃ പ്ര
ഋജി ശ്വാനം ദസ്യുഹത്യേഷ്വാവിഥ ||

ഹേ ഇന്ദ്രാ! ഏതൊരു രാക്ഷസൻ യജ്ഞത്തിൻെറ ഹവ്യ ദ്രവ്യങ്ങൾ ഭക്ഷിച്ചിരുന്നുവോ, ആ വഞ്ചകൻമാരെ നീ അകറ്റി ക്കളഞ്ഞു. നീ പ്രിചു എന്ന രാക്ഷസൻെറ കോട്ട തകർത്ത് യുദ്ധത്തിൽ അവരെ സംഹരിക്കുകയും ഋത്വിജമാരെ രക്ഷിക്കുകയും ചെയ്തു.

6. ത്വം കുത്സം ശുഷ്ണഹത്യേഷ്വാഭിഥാരന്ധയോ
തിഥിഗ്വായ ശംബരം |
മഹാന്തം ചിദർബുദം നി ക്രമീഃ പദാ സനാദേവ
ദസ്യുഹത്യായ ജജ്ഞിഷേ ||

ഹേ ഇന്ദ്രാ! നീ ശുഷ്ണനോടു യുദ്ധം ചെയ്ത് കുത്സനെ രക്ഷിച്ചു. ശംബരനെ അതിഥിഗ്വനാൽ പരാജിതനാക്കി. അർബുദാസുരനെ പാദങ്ങളാൽ ചവിട്ടിയരച്ചു. നീ രാക്ഷ സൻമാരെ നശിപ്പിക്കുന്നതിനായി ഉത്ഭവിച്ചിരിക്കുന്നു.

7.ത്വേ വിശ്വാതവിഷീ സധ്ര്യുയഗ്ധിതാ തവ രാഥഃ
സോമപീഥായ ഹർഷതേ |
തവ വജ്രശ്ചികിതേ ബാഹ്വോർഹിതോ
വൃശ്ചാ ശത്രോരവ വിശ്വാനി വൃഷ്ണ്യ ||

ഹേ ഇന്ദ്രാ! നീ സകലശക്തികളാലും പൂർണ്ണനാകുന്നു. സോമം പാനം ചെയ്തതു കാരണം നീ ഹർഷത്തോടുകൂടിയ വനായി കരങ്ങളിൽ വജ്രായുധവുമേന്തി ആഗതനാകുന്നു. ആ ആയുധത്താൽ തന്നെ ശത്രുക്കളുടെ എല്ലാ ശക്തി കളെയും നശിപ്പിക്കുന്നു.

8. വി ജാനീഹ്യാർയാന്യേ ച ദസ്യവോ ബർഹിഷ്മതേ
രന്ധയാ ശാസദവ്രതാൻ |
ശാകീ ഭവ യജമാനസ്യ ചേ ദിതാ വിശ്വേത്താ തേ
സധമാദേഷു ചാകന ||

ഹേ ഇന്ദ്രാ! അങ്ങ് കർമ്മികളേയും അകർമ്മികളേയും ശരിയായറിയുന്നു. കർമ്മഹീനൻമാരെ പോരിനുവിളിച്ചു കൊ് കാശാസനങ്ങൾ നിരത്തുന്നവരായ യജമാനൻമാരെ വശത്താക്കൂ. യജ്ഞാനുഷ്ഠാനത്തിൻെറ പ്രേരകനായ അങ്ങയെ ഞാനാഹ്വാനം ചെയ്യുന്നു.

9. അനുവ്രതായ രന്ധയന്നപവ്രതാനാഭൂഭിരിന്ദ്രഃ
ശ്നതയന്നനാഭുവഃ |
വൃദ്ധസ്യ ചിദ്വർധതോ ദ്യാമിനക്ഷതഃ സ്തവാനോ
വമ്രോ വി ജഘാന സംദിഹഃ ||

ഹേ ഇന്ദ്രാ! ഉശനൻ സ്തുതികളാൽ നിങ്ങളുടെ ശക്തി വർദ്ധിപ്പിച്ചു. ആ ശക്തി ആകാശത്തേയും ഭൂമിയേയും പ്രക മ്പനം കൊള്ളിച്ചു. ഷേ മനുഷ്യരുടെമേൽ കൃപയുള്ളവനേ! എല്ലാവിധത്തിലും പ്രസന്നനായി തോന്നലുാകുമ്പോൾ സ്വയം പൂട്ടപ്പെടുന്ന

അശ്വങ്ങളോടുകൂടി ഹവിസരൂപമാകുന്ന അന്നം സേവിക്കുന്നതിനുവേ ി ഇവിടെ ആഗതനാകണേ.

**11. മന്ദ ഷ്ഠ യദുശനേ കാവ്യേ സചാം ഇന്ദ്രോ വങ്കുതരാധി തിഷ്ഠതി |**
**ഉഗ്രോ യയിം നിരപഃ സ്രോതസാസൃജദ്വി ശുഷ്ണസ്യ ദൃംഹിതാ ഐരയത്പുരഃ ||**

ഉശ്നന്റെ സ്തുതികളാൽ സന്തുഷ്ടനായിത്തീർന്ന ഇന്ദ്രൻ വേഗമേറിയ അശ്വത്തിൻമേൽ ആരോഹിതനായി പിന്നീടദ്ദേഹം മേഘങ്ങളിൽനിന്നും പ്രവാഹരൂപമായ ജലത്തെ മോചിപ്പിക്കുകയും ശുഷ്ണന്റെ ദുർഗത്തെ നശിപ്പി ക്കുകയും ചെയ്തു.

**12. ആ സ്മാ രഥം വൃഷപാണേഷു തിഷ്ഠസി ശാര്യാ തസ്യ പ്രഭൃതാ യേഷു മന്ദ്യാ സേ |**
**ഇന്ദ്ര യഥാ സുതസോമേഷു ചാകനോനവാണം ശ്ലോകമാ രോഹസേ ദിവി ||**

ഹേ വീര്യവാനേ! നീ സോമം പാനം ചെയ്യുന്നതിനു വേ ി രഥാരൂഢനായിരിക്കുന്നു. നിന്നെ സന്തുഷ്ടനാക്കിയ സോമരസം ശര്യാതൻ തയ്യാറാക്കിയതായിരുന്നു. സോമം പിഴിഞ്ഞെടുക്കുന്നവർ എന്തെല്ലാം അഭിലഷിക്കുന്നുവോ, അതുപോലെതന്നെയുള്ള വിമല കീർത്തി നിങ്ങളെ പ്രാപിക്കുന്നു.

**13. അദദാ അർഭാം മഹതേ വചസ്യവേ കക്ഷീവതേ വൃചയാമിന്ദ്ര സുന്വതേ |**
**മേനാഭവോ വൃഷണശ്വസ്യ സുക്രതോ വിശ്വേത്താതേ സവനേഷു പ്രവാച്യാ ||**

ഹേ ഇന്ദ്രാ! നിന്നെ സ്തുതിച്ചിരുന്നവനായിരുന്ന രാജാ കുക്ഷീവാന് വൃചയാ എന്നുപേരുള്ള പത്നിയെ ദാനം ചെയ്തു. നീ സൽക്കർമ്മാവായ വൃഷണശ്വരാജാവിനുവേ ി വാണീരൂപം സ്വീകരിച്ചു. ഇക്കാര്യം ശരിയായ രീതിയിൽ പറയണേ.

**14. ഇന്ദ്രോ അശ്രായി സുധ്യോ നിരേകേ പജ്രേഷി സ്തോമോ ദുര്യോ ന യൂപഃ |**
**അശ്വായുർ ഗവ്യു രഥയുർവസൂയുരിന്ദ്ര ഇന്ദ്രായഃ ക്ഷയതി പ്രയന്താ ||**

അംഗിരസ് വംശിയരുടെ സ്തോത്രരൂപമാകുന്ന കുഴി കളിൽ നാട്ടപ്പെട്ട സ്തംഭത്തിനു സമാനം സ്ഥിരനായ ഇന്ദ്രൻ ഉത്തമമായ കർമ്മാനുഷ്ഠാനികൾക്ക് അശ്വങ്ങൾ, രഥങ്ങൾ, ഗോക്കൾ, എന്നിവയും അതുപോലെതന്നെ അവരിഷ്ടപ്പെടുന്ന മറ്റ്ഐശ്വര്യങ്ങളും ദാനം ചെയ്യുന്നു.

**15. ഇദം നമോ വൃഷഭായ സ്വരാജേ സത്യശുഷ്മായ തവസേ വാചി |**
**അസ്മിന്നിന്ദ്ര വൃജനേ സർവവീരാഃ സ്മത് സൂരിഭിസ്തവ ശർമൻത്സ്യാമ ||**

ഹേ ശ്രേഷ്ഠാ, പ്രകാശമാനനും, ബലവാനും, ഉന്നത സ്വഭാവത്തോടുകൂടിയവനുമായ നിനക്ക് ഞങ്ങളുടെ പ്രണാമം. ഹേ ഇന്ദ്രാ! ഈ യുദ്ധത്തിൽ ഞങ്ങളുടെ എല്ലാ സൈന്യങ്ങളോടും കൂടി അങ്ങയെ ശരണം പ്രാപിക്കുന്നു.

## സൂക്തം 52

**ഋഷി സവ്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. ത്യം സു മേഷം മഹയാ സ്വർവിദം ശതം യസ്യസുഭ്വഃ സാകമീരതേ |**
**അത്യം ന വാജം ഹവനസ്യദം രഥമേന്ദ്രം വ വൃത്യാമവസേ സുവൃക്തിഭിഃ ||**

സ്വർഗ്ഗത്തെ പ്രാപിപ്പിക്കുന്നവനായ ഇന്ദ്രനെ ശരിയാം വണ്ണം പൂജിക്കൂ. വേഗതയേറിയ അശ്വങ്ങളോടുകൂടിയ രഥത്തിൽ സ്തുതി ഗീതങ്ങളോടുകൂടി ഇന്ദ്രൻ വരുന്നു. ആഗ തനായ ഇന്ദ്രനെ ഞാൻ നമസ്കാരപൂർവ്വം സ്വാഗതം ചെയ്യുന്നു.

**2. സ പർവതോ ന ധരുണേഷ്വച്യുതഃ സഹസ്ര മൂതിസ്തവിഷീഷു വാവൃധേ |**
**ഇന്ദ്രോയദ്വൃത്രമവധീന്നദീവൃതമുബ്ജന്നർണാം സിജർഹൃഷാണോ അന്ധസാ ||**

ജലത്തിൽ പർവ്വതംപോലെ ഉറച്ചുനിന്നുകൊ് പ്രജകളുടെ രക്ഷയ്ക്കുവേ ി ജലത്തെ തടഞ്ഞുനിർത്തി ക്കൊിരുന്ന രാക്ഷസൻമാരെ ഇന്ദ്രൻ കൊന്നൊടു ക്കിയപ്പോൾ അത്യാധികം ബലിഷ്ഠനായിത്തീർന്നു.

**3. സ ഹി ദ്വാരോ ദ്വരിഷു വവ്ര ഊധനി ചന്ദ്രബുധ്നോ മദവൃദ്ധോ മനീഷിഭിഃ |**
**ഇന്ദ്രം തമഹ്വേ സ്വപസ്യയാ ധിയാ മംഹിഷ്ഠരാതിം സ ഹി പപ്രിരന്ധസഃ ||**

ഇന്ദ്രൻ ജലം തടഞ്ഞവരുടെമേൽ വിജയം പ്രാപിച്ചു.നീ ആകാശവ്യാപിയാണ്, നീ ആനന്ദത്തിന്റെ മൂലവും വിദ്വാൻ മാർ വഴി സോമരസത്താൽ വൃദ്ധി പ്രാപിക്കുകയും ചെയ്യുന്നു. ഞാൻ ആ മഹാദാതാവായ ഇന്ദ്രനെ അന്നത്തിനുവേ ി ആഹ്വാനം ചെയ്യുന്നു.

**4. ആ യം പൃണന്തി ദിവി സദ്മബർഹിഷഃ സമുദ്രം നേ സുഭ്വഃ സ്വാ അഭിഷ്ടയഃ |**
**തം വൃത്രഹത്യേ അനനുസ്ഥുരൂതയഃശുഷ്മാ ഇന്ദ്രമവാതാ അഹുതപ്സവഃ ||**

സമുദ്രത്തിൽ പതിക്കുന്ന നദികൾ അതിനെ നിറയ്ക്കു ന്നതുപോലെതന്നെ കുശമേൽ വയ്ക്കപ്പെട്ടിരിക്കുന്ന സോമ രസം ഇന്ദ്രനെ പൂർണ്ണനാക്കുന്നു. ശത്രുക്കളെ സംഹരിക്കുന്ന ആ ഇന്ദ്രൻ അവിചലരായ മരുത്തുക്കളേയും സഹായക രാക്കുന്നു.

**5. അഭി സ്വവൃഷ്ടിം മദേ അസ്യ യുധ്യതോ രഘ്വീരിവ പ്രവണേ സസ്രുരൂതയഃ |**
**ഇന്ദ്രോ യദാജ്രീവൃഷമാണോ അന്ധസാ ഭിനദ്വലസ്യ പരിധീം രിവ ത്രിതഃ ||**

അഭിമുഖമായി പ്രവഹിക്കുന്ന നദികൾക്കു സമാനം വൃത നുമായി യുദ്ധംനടത്തുന്ന ഇന്ദ്രനും സഹായകരായ മരുത്തു ക്കളും സോമത്തിന്റെ ആനന്ദം അനുഭവിക്കുന്നു. അപ്പോൾ വർദ്ധിതവീര്യനായ ഇന്ദ്രൻ അവന്റെ ദുർഗങ്ങൾ ഇടിച്ചു നിരപ്പാക്കി.

**6. പരീം ഘൃണാ ചരതി തിത്വിഷേ ശമോപോബ്യത്വീ രജസോ ബുധ്നമാശയത് |**
**വൃത്രസ്യയത് പ്രവണേ ദുർഗൃഭിശ്വനോനിജ ഘന്ധ ഹന്വോരിന്ദ്ര തന്യതും ||**

ഹേ ഇന്ദ്രാ! അങ്ങ് അത്യധികം തേജസ്വിയാകുന്നു. ശക്തി

യാലുത്തേജിതനായ അങ്ങ് വൃതൻെറ താടി യെല്ലിനുതാഴെ വജ്രം പ്രയോഗിച്ചു.

**7. ഹൃദം ന ഹി ത്വാ ന്യൃർഷന്തൂർമയോ ബ്രഹ്മാണീന്ദ്ര തവ യാനി വർധനാ |**
**ത്വഷ്ടാ ചിത്തേ യുജ്യം വാവൃധേശവസ്തതക്ഷ**
**വജ്രമഭിഭൂത്യോജസം ||**

ഹേ ഇന്ദ്രാ! പ്രവഹിക്കുന്ന ജലം ജലാശയത്തെ പ്രാപി ക്കുന്നതുപോലെ ഈ സ്തോത്രം നിന്നെ പ്രാപിക്കുന്നു. ത്വഷ്ട്വാവ് നിൻെറ ശക്തി വർദ്ധിപ്പിക്കുകയും വിജയ ശക്തി യോടുകൂടിയ നിൻെറ വജ്രായുധത്തെ നിർമ്മിക്കു കയും ചെയ്തു.

**8. ജഘന്വാം ഉഹരിഭിഃ സംഭൃതക്രതവിന്ദ്ര വൃതം മനുഷേ ഗാതുയന്നപഃ |**
**അയഛഥാ ബാഹ്വോർവജ്രമായസമധാരയോ**
**ദിവ്യാസൂര്യം ദൃശേ ||**

ഹേ ഇന്ദ്രാ! നീ അശ്വാരൂഢനായി മനുഷ്യർക്കുവേ വൃതനെ സംഹരിച്ചു. ആ സമയം ലോഹനിർമ്മിതമായ ആ വജ്രായുധം എടുത്തുകൊ് ഞങ്ങളുടെ ദർശനത്തിനായി സൂര്യനെ സ്ഥാപിച്ചു.

**9. ബൃഹത്സ്വശ്ചന്ദ്രമമ വദ്യദുക്ഥ്യ മകൃണ്വത ഭിയസാരോഹണം ദിവഃ |**
**യാമാനുഷപ്രധനാ ഇന്ദ്രമൂതയഃ സ്വർന്യഷാചോ മരുമോ**
**മദന്നനു ||**

ആനന്ദം നൽകുന്നതും, ബലയുക്തവും,സ്തുതിക്കുവാൻ യോഗ്യവുമായ സ്തോത്രങ്ങളെ മനുഷ്യർ വൃതനോടുള്ള ഭയത്തിൽനിന്നും രക്ഷപ്രാപിക്കുന്നതിനായി രചിച്ചു. അപ്പോൾ മനുഷ്യർക്കുവേ യുദ്ധം ചെയ്യുന്ന ഉപകാരി യായ ഇന്ദ്രനെ മരുത്തുക്കൾ സഹായിച്ചു.

**10. ദ്യൗശ്ചിദസ്യാമവാം അഹേഃ സ്വനാദയോയവീദ്ഭിയസാ വജ്ര ഇന്ദ്രതേ |**
**വൃതസ്യ യദ്ബദ്ബധാനസ്യ രോദസീ മദേ സുതസ്യ**
**ശവസാഭിനച്ഛിരഃ ||**

ഹേ ഇന്ദ്രാ! വൃതനോടുള്ള ഭയത്താൽ വിശാലമായ ആകാശം ഞെട്ടിവിറച്ചു. അപ്പോൾ സ്വന്തം വജ്രായുധത്താൽ നീ അവനെ കൊന്നുവീഴ്ത്തി.

**11. യദിന്നിന്ദ്ര പൃഥിവീ ദശഭുജിരഹാനി വിശ്വാ തതൃനന്ത കൃഷ്ടയഃ |**
**അത്രാഹ തേ മഘവൻവിശ്രുതം സഹോദ്യാ മനു**
**ശവസാ ബർഹണാ ഭുവത് ||**

ഹേ ഇന്ദ്രാ! ഈ ഭൂമി പത്തിരട്ടി ഭോഗ ഗുണങ്ങളോടു കൂടിയതും മനുഷ്യർ ഉത്തരോത്തരം അഭിവൃദ്ധിപ്രാപി ക്കുന്നവരുമാകട്ടെ. ഐശ്വര്യവാനേ! അങ്ങയുടെ പരാക്രമം ആകാശത്തിലും ഭൂമിയിലും സർവത്ര വ്യാപിക്കണേ.

**12. ത്വമസ്യ പാരെ രജസോ വ്യോമനഃ സ്വഭൂത്യോജ അവസേ ധൃഷൻമനഃ |**
**ചകൃഷേ ഭൂമിം പ്രതിമാനമോജസോപഃ സ്വഃ**
**പരിഭൂരേഷ്യാ ദിവം ||**

ഹേ നിർഭയനായ ഇന്ദ്രാ! നീ അന്തരീക്ഷോപരി വസിച്ചു കൊ് ഞങ്ങളുടെ രക്ഷയ്ക്കുവേ ഭൂമിയെ സൃഷ്ടിച്ചു. നീ ജലത്തിൻേറയും ജ്യോതിസ്സിൻേറയും പുഞ്ജമായ സ്വർഗ്ഗത്തിൽ വസിക്കുന്നു.

**13. ത്വം ഭുവഃ പ്രതിമാനം പൃഥിവ്യാ ഋഷ്വവീരസ്യ ബൃഹതഃ പതിർഭൂഃ |**
**വിശ്വമാപ്രാ അന്തരീക്ഷം മഹിത്വാ**
**സത്യമദ്ധാനകിരന്യസ്ത്വാവാൻ ||**

ഹേ ഇന്ദ്രാ! നീ ആകാശത്തിൻേറയും ഭൂമിയുടേയും പ്രതി ബിംബമാകുന്നു. നീ വീരൻമാരാൽ യുക്തനായ ആകാശ ത്തിൻെറ സ്വാമിയും അന്തരീക്ഷത്തെ പൂർണ്ണമാക്കുന്ന വനുമാകുന്നു. വാസ്തവത്തിൽ നിനക്കു തുല്യനായി മറ്റാരും തന്നെ ഇല്ല.

**14. ന യസ്യ ദ്യാവാപൃഥിവീ അനു വ്യചോ ന സിന്ധവോ രജസോ അന്തമാനശുഃ |**
**നോരു സ്വവൃഷ്ടിം മദേ അസ്യ യുധ്യത ഏകോ**
**അന്യച്ചകൃഷേ വിശ്വമാനുഷക് ||**

യാതൊരുത്തൻെറ തുലനം ആകാശത്തിനും ഭൂമിക്കും ചെയ്യുവാൻ സാധിക്കാതിരിക്കുന്നുവോ, അന്തരീക്ഷത്തിലെ ജലത്തിന് യാതൊരുത്തൻെറ സീമയെ പ്രാപിക്കുവാൻ സാധിക്കുന്നില്ലയോ, വൃതനുമായി യുദ്ധം ചെയ്യുന്ന യാതൊ രുത്തനെ തുലനം ചെയ്യുവാൻ സാധിക്കാതിരിക്കുന്നുവോ, ഹേ ഇന്ദ്രാ! ഈ എല്ലാ ജീവികളും നിനക്കുമാത്രം അധീനരാ യിരിക്കുന്നു.

**15. ആർച്ചന്നത്ര മരുതഃ സസ്മിന്നാജൗ വിശ്വേ ദേവാസോ അമദന്നനു ത്വാ |**
**വൃത്രസ്യ യദ്ഭൃഷ്ടിമതാ വധേന നി ത്വമിന്ദ്ര പ്രത്യാനം**
**ജഘന്ഥ ||**

ആ യുദ്ധത്തിൽ മരുത്തുക്കൾ അങ്ങയെ സ്തുതിക്കു കയും എല്ലാ ദേവതകളും ഹർഷിതരാകുകയും ചെയ്തു, അപ്പോൾ നീ വൃത്രൻെറ മുഖത്ത് വജ്രംകൊ് പ്രഹരിച്ചു.

# സൂക്തം 53

**ഋഷി സഹ്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രീ**

**1. ന്യൂ ഷു വാചം പ്ര മഹേ ഭരാമഹേ ഗിര ഇന്ദ്രായ സദനേ വിവസ്വതഃ |**
**നൂ ചിദ്ധി രത്നം സസതാമിവാവിദന്ന**
**ദുഷ്ടുതിർദ്രവിണോദേഷു ശസ്യതേ ||**

ഞങ്ങൾ ഇന്ദ്രനായിക്കൊ് മനോഹരങ്ങളായ സ്തോ ത്രങ്ങൾ ആലപിക്കുന്നു. ഉറങ്ങിക്കിടക്കുന്ന മനുഷ്യരുടെ ധനത്തിൽ അധികാരം നടത്തുന്നതുപോലെ ഇന്ദ്രൻ ദൈത്യൻമാരുടെ ധനം പിടിച്ചെടുത്തു. ധനദാതാവിനെ ഉത്തമമായ രീതിയിൽ സ്തുതിക്കുന്നു.

**2. ദുരോ അശ്വസ്യ ദുര ഇന്ദ്ര ഗോരസി ദുരോ യവസ്യ വസുന ഇനസ്പതിഃ |**
**ശിക്ഷാനരഃപ്രദിവോ അകാമകർശനഃ സഖാ**
**സഖിഭ്യസ്തമിദം ഗൃണീമസി ||**

നീ അശ്വങ്ങളുടേയും ഗോക്കളുടേയും ധനധാന്യാദികളു ടേയും ദാതാവാകുന്നു. നീ പ്രാചീനകാലം മുതൽ ദാനം ചെയ്തുകൊയേിരിക്കുന്നു. നീ ആർക്കും ആശാഭംഗം വരുത്തുന്നില്ല. മറിച്ച് മൈത്രീബന്ധം പുലർത്തുന്നവരുടെ മിത്രവുമാകുന്നു. ഞങ്ങൾ

അങ്ങയെ സ്തുതിക്കുന്നു.

**3. ശചീവ ഇന്ദ്ര പുരുകൃദ്യുമത്തമ തവേദിദമതിഭശ്ചേകിതേ വസു |**
**അതഃ സംഗൃഭ്യാഭിഭൂത ആ ഭര മാ ത്വായതോ ജരിതുഃ കാമമൂനയീഃ ||**

ഹേ ജ്ഞാനിയും, ബഹുകർമ്മാവും, ധനത്തെ പ്രകാശിപ്പിക്കുന്നവനുമായ ഇന്ദ്രാ! എല്ലാ സമ്പത്തും നിൻേറ തുതന്നെ എന്നുപറയുന്നു. അവ ഞങ്ങൾക്കുവേി കൊുവരു. അങ്ങയുടെ സ്തോതാക്കളുടെ അഭിലാഷം വ്യർത്ഥമാക്കരുതേ.

**4. ഏഭിർദ്യുഭിഃ സുമനാ ഏഭിരിന്ദുഭിർനിരുന്ധാനോ അമതിം ഗോഭിരശ്വിനാ |**
**ഇന്ദ്രേണ ദസ്യും ദരയന്ത ഇന്ദുഭിർയുതദ്വേഷസഃ സമിഷാ രഭേമഹി ||**

ഹേ ഇന്ദ്രാ! പ്രകാശിതമായ ഹവിസ്സിനാലും സോമ ത്താലും സന്തുഷ്ടനായ നീ ഗവാശ്വയുക്തമായ ധനം നൽകി ഞങ്ങളുടെദാരിദ്ര്യം അകറ്റണേ. ഞങ്ങളുടെ ശത്രുക്കളെ വധിച്ച് വിദ്വേഷരഹിതമായ ശക്തി ഞങ്ങൾക്കു നൽകൂ.

**5. സമിന്ദ്ര രായാ സമിഷാ രഭേമഹി സം വാജേഭിഃ പുരുശ്ചന്ദ്രൈരഭിദ്യുഭിഃ |**
**സം ദേവ്യാ പ്രമത്യാ വീരശുഷ്മയാ ഗോ അഗ്രയാശ്വാവത്യാ രഭേമഹി ||**

ഹേ ഇന്ദ്രാ! ഞങ്ങൾ അന്നധാനാദികളോടുകൂടി യവരാണേ. എല്ലാവരേയും സന്തുഷ്ടരാക്കുന്ന ശക്തിയാൽ യുക്തരാക്കൂ. വീര്യമേറിയ അശ്വങ്ങളും ഗോക്കളും പ്രാപി ക്കുന്നതിനുള്ള ഉത്തമബുദ്ധിയാൽ ഞങ്ങളെ സമ്പന്നരാക്കൂ.

**6. തേ ത്വാ മദാ അമദന്താനി വൃഷ്ണ്യാ തേ സോമാസോ വൃത്രഹത്യേഷു സത്പതേ |**
**യത കാരവേ ദശവൃത്രാണ്യപ്രതി ബർഹിഷ്മതേനി സഹസ്രാണി ബർഹയഃ ||**

സജ്ജനരക്ഷകനായ ഇന്ദ്രാ! വൃത്രനെ വധിച്ച യുദ്ധത്തിൽ സോമത്തിൽനിന്നും ഉത്ഭവിച്ച ആനന്ദം നിങ്ങളെ വളർത്തി. അപ്പോൾ യജമാനൻെറ സ്തുതികളോടുകൂടി പതിനായിരം ശത്രുക്കളെ അങ്ങ് സംഹരിച്ചു.

**7. യുധാ യുധമുപ ഘേദേഷി ധ്രഷ്ണുയാ പുരാ പുരം സമിദം ഹംസ്യോജസാ |**
**നമ്യാ യദിന്ദ്ര സഖ്യാ പരാവതി നിബർഹയോ നമുചിം നാമ മായിനം ||**

ഹേ ഇന്ദ്രാ! നീ യുദ്ധത്തിന് നിർഭയനായി പുറപ്പെടുന്നു. നീ ഓരോന്നോരോന്നായി എല്ലാ ദുർഗ്ഗങ്ങളേയും തകർ ക്കുന്നു. അങ്ങ് സ്വന്തം വജ്രായുധത്താൽ നമുചി എന്ന രാക്ഷ സനെ ദൂരദേശത്തുചെന്നു വധിച്ചു.

**8. ത്വം കരഞ്ജമുത പർണയം വധീസ്തേ ജിഷ്ഠയാതിഥിഗ്വസ്യ വർതനീ |**
**ത്വം ശതാ വങ്ഗൃദസ്യാഭിനത്പുരോനാനുദഃ പരിഷൂതാ ഋജിശ്വനാ ||**

ഹേ ഇന്ദ്രാ! അതുല്യദാനിയായ നീ അതിഥിഗ്വനുവേി കരംജൻ പർണ്ണ്യൻ എന്നീ ദൈത്യൻമാരെ തൻെറ അത്യ ധികം തിളക്കമേറിയ ആയുധത്താൽ നിഗ്രഹിച്ചു. നീ ഋതീ ശ്വന രാജാവിനെക്കൊ് വംഗൃദനെന്ന ദൈത്യനേയും പരാ ജയപ്പെടുത്തി.

**9. ത്വമേതാഞ്ജനരാജ്ഞോ ദ്വിർദശാബന്ധുനാ സുശ്രവസോപജഗ്മുഷഃ |**
**ഷഷ്ടിം സഹസ്രാ നവതിം നവ ശ്രുതോ നി ചക്രേണ രഥ്യാ ദുഷ്പദാവൃണക് ||**

ഹേ ഇന്ദ്രാ! നീ സുശ്രുവയോടു യുദ്ധത്തിനായി വന്നുചേർന്ന ഇരുപതു രാജാക്കൻമാരെ അവരുടെ അറുപതിനായിരത്തിതൊണ്ണൂറ്റൊൻപത് സഹചരൻമാർ സഹിതം രഥചക്രത്താൽ പലായനം ചെയ്യിച്ചു.

**10. ത്വമാവിഥ സുശ്രവസം തവോതിഭിസ്തവ ത്രാമഭിരിന്ദ്ര തൂർവയാണം |**
**ത്വമസ്മൈ കുൽസമതിഥിഗ്വമായും മഹേ രാജ്ഞേയൂനേ അരന്ധനായഃ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം രക്ഷാസാധനങ്ങളാൽ സുശ്രുവായേയും പോഷണസാധനങ്ങളാൽ തൂർവയാണ നേയും രക്ഷിച്ചു. നീ തന്നെ കുൽസൻ, അതിഥിഗ്വൻ, ആയു എന്നീ രാജാക്കൻമാരെ സുശ്രുവനധീനമാക്കി.

**11. യ ഉദ്യചീന്ദ്ര ദേഗോപാഃ സഖായസ്തേ ശിവതമാ അസാമ |**
**ത്വാം സ്തോഷമം ത്വയാ സുവീരാ ദ്രാഘീയ ആയുഃ പ്രതരം ദധാനാഃ ||**

ഹേ ഇന്ദ്രാ! ദേവതകളിൽ രക്ഷിതരായ ഞങ്ങൾ നിൻെറ മിത്രങ്ങളാകുന്നു. ഞങ്ങൾ ഭാവിയിലും സുഖമുള്ളവരാ യിത്തീരണേ. ഞങ്ങൾ അസംഖ്യം വീരൻമാരാൽ യുക്ത രായി ദീർഘായുസ്സോടുകൂടിയവരായി നിങ്ങളെ സ്തുതിച്ചു കൊിരിക്കുന്നവരായിരിക്കട്ടെ.

## സൂക്തം 54

**ഋഷി സവ്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി**

**1. മാ നോ അസ്മിന്മഘവൻപൃത്സ്വംഹസി നഹി തേ അന്തഃ ശവസഃ പരീണശേ |**
**അക്രന്ദയോ നദ്യോ രോരുവദ്വനാകുഥാ ന ക്ഷേ ണീർഭിയസാ സമാരത ||**

ഹേ മഹാനായ ഇന്ദ്രാ! ഈ കഷ്ടരൂപമായ യുദ്ധത്തിൽ ഞങ്ങളെ പ്രവൃത്തരാക്കരുതേ, നിൻെറ ശക്തി അനന്തമാണ്. നീ നദികളേയും ജലത്തേയും ശബ്ദയുക്തമാക്കി. അപ്പോൾ പൃഥ്വി എങ്ങനെ ഭയപ്പെടാതിരിക്കും?

**2. അർചാ ശക്രായ ശാകിനേ ശചീവതേ ശൃണ്വന്തമിന്ദ്രം മഹയഭി ന്ത്യ ഷ്ടുഹി |**
**യോ ധൃഷ്ണുനാ ശവസാ രോദസീ ഉഭേ വൃഷാ വൃഷത്വാ വൃഷാഭാ ന്യൂർജ്ജതേ||**

ഹേ മനുഷ്യരേ! സർവശക്തനും, ജ്ഞാനിയുമായ ഇന്ദ്രനെ നമസ്കരിക്കുവിൻ. സ്തുതികൾ ശ്രവിക്കുന്ന ഇന്ദ്രനെ ആദരപൂർവ്വം വാഴ്ത്തുവിൻ. അവൻ പ്രജകളിൽ ധനം വർഷിക്കുന്നവനും,

അതിശക്തിയാൽ ആകാശത്തേയും ഭൂമിയേയും പ്രശോഭിപ്പിക്കുന്നവനുമാണല്ലോ.

**3. അർചാ ദിവേ ബൃഹതേ ശൂഷ്യം വചഃ സ്വക്ഷത്രം യസ്യ ധൃഷതോ ധൃഷൻമനഃ |**
**സൃഹച്ഛ്രവാ അസുരോ ബർഹണാ കൃതഃ പുരോ ഹരിഭ്യം വൃഷഭോ രഥോ ഹി ഷഃ ||**

ആ മഹാശക്തനായ ഇന്ദ്രൻെറ മനസ്സ് ഭയരഹിതമാണ്. അദ്ദേഹത്തെ ആദരപൂർണ്ണങ്ങളായ വാക്കുകളാൽ സ്തുതി ക്കുവിൻ. അവൻ ശത്രുക്കളെ അകറ്റുന്നവനും, അഭീഷ്ടവർഷ കനുമാണ്.

**4. ത്വം ദിവോ ബൃഹതഃ സാനു കോപയോവ ത്മനാ ധൃഷതാ ശംബരം ഭിനത് |**
**യൻമായിനോ പ്രന്ദിനോ മന്ദിനാ വൃഷച്ഛിതം ഗഭസ്തിമശനിം പൃതന്യസി ||**

ഹേ ഇന്ദ്രാ! നീ ആകാശത്തിൻെറ മൂർധാവിനെ പ്രകമ്പനം കൊള്ളിക്കുകയും തൻെറ മഹാസാമർത്ഥ്യത്താൽ ശംബ രനെ വധിക്കുകയും ചെയ്തു. നീ നിസംശയമായി യുദ്ധ ത്തിൽ രാക്ഷസൻമാരെ കൊല്ലുന്നവനാണ്.

**5. നി യദ്വൃണക്ഷി ശ്വസനസ്യ മൂർധനി ശുഷ്ണസ്യ ചിദ്വ്രന്ദിനോ രോരുവദ്വനാ |**
**പ്രാചീനേന മനസാ ബർഹണാവതാ യദദ്യ ചിത്കൃണവഃ കസ്ത്വാ പരി ||**

ഹേ ഇന്ദ്രാ! നീ വായുവിന് മുകളിൽ ജലം ഗർജ്ജിക്കുന്ന തിനുവേ പ്രേരണ നൽകി. ശുഷ്ണനെ വധിച്ചു. നീ ഇതേ കാര്യങ്ങൾ ചെയ്യുവാൻ ഇപ്പോഴും ആഗ്രഹിക്കുന്നുങ്കെിൽ അതിനെ ആർക്കും തടയുവാൻ സാദ്ധ്യമല്ല.

**6. ത്വമാവിഥ നര്യം തുർവശം യദും ത്വം തുർവീതിം വയ്യ ശതക്രതോ |**
**ത്വം രഥമേതശം കൃത്വ്യേ ധനേ ത്വം പുരോ നവതിം ദംഭയോ നവ ||**

ഹേ ബഹുകർമ്മാവായ ഇന്ദ്രാ! നിങ്ങൾ പ്രജാനനൻ മാരുടെ ഹിതചിന്തകൻമാരായ തുർവശൻ, യദു, തുർവീതി എന്നിവരെ രക്ഷിച്ചു. നീ രഥത്തേയും അശ്വങ്ങളേയും രക്ഷിച്ചുകൊ് ശംബരൻെറ തൊണ്ണൂറ്റൊൻപത് കോട്ടകളും തകർത്തു.

**7. സ ഘാ രാജാ സത്പതിഃ ശൂശുവജ്ജനോ രാതഹവ്യഃ പ്രതി യഃ ശാസമിന്വതി |**
**ഉക്ഥാ വായോ അഭിഗൃണാതി രാധസാ ദാനുരസ്മാ ഉപരാ പിന്വതേ ദിവഃ ||**

ഹവിർദാതാവും നിയമത്തിൽക്കൂടി പരിചരിക്കുന്നവനു മായ മനുഷ്യൻ ഉത്തമപുരുഷൻമാരുടെ സ്വാമിയായി വളരുന്നു. മനോഹരസ്തുതികളുടെ ഗായകൻമാർക്കുവേി ആകാശത്തിൽനിന്നും ജലവർഷം ഉാകുന്നു.

**8. അസമം ക്ഷത്രമസമാ മനീഷാ പ്രസോമപാ അപസാ സന്തു നേമേ |**
**യേ ത ഇന്ദ്ര ദദുഷോ വർധയന്തി മഹി ക്ഷത്രം സ്ഥവിരം വൃഷ്ണ്യം ച ||**

സോമംപാനം ചെയ്യുന്നവനായ ഇന്ദ്രൻെറ ബലവും ബുദ്ധിയും തുലനം ചെയ്യുവാൻ സാദ്ധ്യമല്ല. ഹേ ഇന്ദ്രാ! നീ ദാനശീലത്തിൻെറ രാജ്യത്തേയും ബലത്തേയും വർദ്ധി പ്പിക്കുന്നവനാകുന്നു.

**9. തുഭ്യേദേതേ ബഹുലാ അദ്രിദുഗ്ധാശ്ചമൂഷദശ്ചമസാ ഇന്ദ്രപാനാഃ ച |**
**വ്യശ്നുഹി തർപയാ കാമമേഷാമഥ മനോ വസുദേയായ കൃഷ്വ ||**

ഹേ ഇന്ദ്രാ! കല്ലുകൊ് ഇടിച്ചു പിഴിഞ്ഞരിച്ചെടുത്ത സോമരസം ഇതാ ഇരിക്കുന്നു. ഇതിനെ ഉപഭോഗം ചെയ്യൂ. ഇത് നിനക്കുവേിയാണ്.നിൻെറ ആഗ്രഹം പൂർത്തി യാക്കിയതിനുശേഷം ഞങ്ങൾക്കു തരാനുള്ള കാര്യം ആലോ ചിക്കണേ.

**10. അപാമതിഷ്ഠദ്ധരുണഹ്വരം തമോന്തർവൃത്രസ്യ ജഠരേഷു പർവതഃ |**
**അഭീമിന്ദ്രോ നദ്യോ വവ്രിണാ ഹിതാ വിശ്വാ അനുഷ്ഠാഃ പ്രവണേഷു ജിഘ്നതേ ||**

ജലധാരകളെ തടയുന്ന അന്ധകാരം സ്ഥിരമായിരുന്ന പ്പോൾ, മേഘം വൃത്രൻെറ ഉദരത്തിലായിരുന്നപ്പോൾ ഇന്ദ്രൻ ആ ജലധാരകളെ നിമ്ന പ്രദേശത്തേയ്ക്ക് പ്രവഹിപ്പിച്ചു.

**11. സ ശേവൃധമധി ധാ ദ്യുമ്നമസ്മേ മഹി ക്ഷത്രം ജനാഷാളിന്ദ്ര തവ്യം |**
**രക്ഷാ ച നോ മഘോനഃ പാഹി സൂരീന്റായേ ച നഃ സ്വപത്യാ ഇഷേ ധാഃ ||**

ഹേ ഇന്ദ്രാ! സുഖവും, യശസ്സും മനുഷ്യരെ വശീഭൂത മാക്കുന്ന ഭരണവും, ശക്തിയും ഞങ്ങളിൽ സ്ഥാപിക്കണേ. നീ ഞങ്ങളുടെ പ്രമുഖജനത്തെ രക്ഷിച്ചുകൊ് ഐശ്വര്യം ഉത്തമസന്താനങ്ങൾ, ശക്തി എന്നിവ ഞങ്ങൾക്ക് നൽകണേ.

## സൂക്തം 55

**ഋഷി സവ്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി**

**1. ദിവശ്ചിദസ്യ വരിമാ വി പപ്രഥ ഇന്ദ്രം ന മഹ്നാപൃഥിവീ ചന പ്രതി |**
**ഭീമസ്തു വിഷ്മാഞ്ചർഷണിഭ്യ ആതപഃ ശിശീതേ വജ്രം തേജസേ ന വംസഗഃ ||**

ഇന്ദ്രൻെറ കീർത്തി എങ്ങും വ്യാപിച്ചിരിക്കുന്നു. ഭൂമി പോലും ഇവനു തുല്യമാകുന്നില്ല. വികരാളനും, ബലവാനും, വേദനിപ്പിക്കുന്നവനും ആയ ഇന്ദ്രൻ കാളയ്ക്കു തുല്യമായ വജ്രായുധത്താൽ മൂർച്ചകൂട്ടുന്നു.

**2. സോ അർണവോ ന നദ്യഃ സമുദ്രിയഃ പ്രതി ഗൃഭ്ണാതി വിശ്രിതാ വരീമഭിഃ |**
**ഇന്ദ്രഃ സോമസ്യ പീതയേ വൃഷായതേ സനാത്സയുധ്മ ഓജസാ പനസ്യതേ ||**

അന്തരീക്ഷവ്യാപിയായ ഇന്ദ്രൻ പ്രവഹിച്ചുകൊി രിക്കുന്ന ജലത്തെ സമുദ്രം നദികളിൽക്കൂടി തന്നിലേയ്ക്ക് ആകർഷിച്ചെടുക്കുന്നതുപോലെ പ്രഭാവത്തെ ഗ്രഹിക്കുന്നു. അവൻ സോമപാനത്തിനായി കാളയെപ്പോലെ പാഞ്ഞു വരുന്നു. അവിടെ ശക്തനായ ഇന്ദ്രൻ സ്തുതികളെ ആഗ്ര ഹിക്കുന്നു.

**3. ത്വം തമിന്ദ്ര പരവതം ന ഭോജസേ മഹോന്യമ്ണസ്യ ധർമണാമിരജ്യസി |**
**പ്ര വീര്യേണ ദേവതാതി ചേകിതേ വിശ്വസ്മാ ഉഗ്രഃ കർമണേ പുരോഹിതഃ ||**

ഹേ ഇന്ദ്രാ! നീ മേഘങ്ങളുടെസ്വാമിയും എല്ലാ സമ്പത്തു കളുടേയും ഉടമസ്ഥനും ആകുന്നു. നീ ശക്തൻമാരിൽ വലിയവനും വികരാള കർമ്മങ്ങളിൽ അഗ്രഗണ്യനുമാണ്.

**4. സ ഇദ്വനേ നമസ്യുഭിർവചസ്യതേ ചാരു ജനേഷി പ്രബ്രുവാണ ഇന്ദ്രിയം |**
**വൃഷാ ഛന്ദുർഭവതി ഹര്യതോ വൃഷാ ക്ഷേമേണ ധേനാം മഘവാ യദിന്വതി ||**

ആ ഇന്ദ്രൻ മനുഷ്യരിൽ വീര്യരൂപനും, പൂജകൻമാരിൽ സ്തുത്യനും പൂജനീയനും അഭീഷ്ടവർഷകനുമാകുന്നു. ഹവ്യദാതാവായ യജമാനൻ സ്തുതിവാക്യങ്ങളുച്ചരിക്കു മ്പോൾ അഭീഷ്ടപ്രദായകനായ ഇന്ദ്രൻ അവനെ യജ്ഞ തല്പരനാക്കുന്നു.

**5. സ ഇൻമഹാനി സമിഥാനി മജ്മനാ കൃണോതിയുധ മ ഓജസാ ജനേഭ്യഃ |**
**അധാ ചന ശ്രദ്ധതി ത്വിഷീമത ഇന്ദ്രായ വജ്രം നിഘനിഘ്നതേ വധം ||**

ആ വീരനായ ഇന്ദ്രൻ തന്നെ തൻെറ പവിത്രമായ ശക്തി യോടുകൂടി മനുഷ്യർക്കുവേ യുദ്ധം ചെയ്യുന്നു. മനുഷ്യ ഗണം വജ്രധാരിയായ ആ ഇന്ദ്രനെ ഭക്തിപൂർവ്വം നമസ്ക രിക്കുന്നു.

**6. സ ഹി ശ്രവസ്യുഃ സദനാനി കൃത്രിമാ ക്ഷ്മയാ വൃധാന ഓജസാ വിനാശയൻ |**
**ജ്യോതിംഷി കൃണ്വന്നവൃകാണി ജയ്യവേവ സുക്രതുഃ സർതവാ അപഃ സൃജത് ||**

യശസ്സിനെ ആഗ്രഹിക്കുന്നവനും ഉത്തമകർമ്മാവുമായ ഇന്ദ്രൻ അസുരൻമാരുടെ ആവാസസ്ഥാനങ്ങൾ നശിപ്പിച്ച് ആകാശത്തിലെ നക്ഷത്രങ്ങളുടെ മറവുകൾ വലിച്ചുമാറ്റി ജലം വർഷിച്ചു.

**7. ദാനായ മനഃ സോമപാവന്നസ്തു തേർവാഞ്ചാ ഹരീ വന്ദനശ്രുദാ കൃധി |**
**യമിഷ്ഠാസഃ സാരഥയോ യ ഇന്ദ്ര തേ ന ത്വാ കേതാ ആ ദഭ്നുവന്തി ഭൂർണയഃ ||**

ഹേ സോമപാനിയായ ഇന്ദ്രാ! നീ ദാനം ചെയ്യുന്നതിൽ മനസ്സു ചെലുത്തണേ. നീ സ്തുതികൾ ശ്രവിക്കുന്നു. സ്വന്തം അശ്വങ്ങളെ ഞങ്ങളുടെ മുമ്പിൽ കൊുവരണേ. നീ അശ്വവിദ്യയിൽ സമർത്ഥനായ സാരഥിയാണല്ലോ. അതിനാൽ നിനക്കു മാർഗ്ഗഭ്രംശം സംഭവിക്കുന്നില്ല.

**8. അപ്രക്ഷിതം വസു ബിഭർഷി ഹസ്തയോരഷാളഹം സഹസ്തന്വീ ശ്രുതോ ദധേ |**
**ആവൃതാസോ വതാസോ ന കർതൃഭിസ്തനൂഷു തേ ക്രതവ ഇന്ദ്ര ഭൂരയഃ ||**

ഹേ ഇദ്രാ! നിൻെറ ഇരുകരങ്ങളിലും അക്ഷയങ്ങളായ സമ്പത്തുകളു്. നിൻെറ ശരീരത്തിൽ മഹാശക്തി കുടി കൊള്ളുന്നു. സ്തുതിക്കുന്നവർ നിൻെറ ശക്തി വർദ്ധിപ്പി ച്ചിരിക്കുന്നു.

## സൂക്തം 56

**ഋഷി സവ്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ഏഷ പ്ര പൂർവീരവ തസ്യ ചമ്രിഷോത്യോ ന യോഷാമുദയംസ്ത ഭൂർവണിഃ |**
**ദക്ഷം മഹേ പായയതേ ഹിരണ്യയം രഥമാവൃത്യാ ഹരിയോഗമൃഭ്വസം ||**

ഈ ഇന്ദ്രൻ യജമാനൻെറ പാത്രത്തിലുള്ള സോമരസം പാനം ചെയ്യുവാനുള്ള ആഗ്രഹത്തോടുകൂടി ഉണരുന്നു. അവൻ തൻെറ രഥം നിറുത്തുസോമം പാനം ചെയ്യുന്നു.

**2. തം ഗൂർതയോ നേമന്നിഷഃ പരീണസഃ സമുദ്രം ന സംചരണേ സനിഷ്യവഃ |**
**പതിം ദക്ഷസ്യ വിദഥസ്യ നൂ സഹോ ഗിരിം ന വേനാ അധി രോഹ തേജസാ ||**

ഹവിർദാതാവായ യജമാനൻ ധനത്തിനുവേ സമുദ്രത്തിൽകൂടി സഞ്ചരിക്കുന്ന മനുഷ്യനെപ്പോലെ ശക്തനും യജ്ഞസ്വാമിയുമായ ഇന്ദ്രനെ സമീപിക്കുന്നു. ഹേ മനുഷ്യാ! നീയും അവനെ ആത്മബലത്താൽ പ്രാപിക്കൂ.

**3. സ തുർവണിർമഹാം അരേണു പൗംസ്യേഗിരേർഭൃഷ്ടിർന ഭ്രാജതേ തുജാ ശവഃ |**
**യേന ശുഷ്ണം മായിനമായസോ മദേ ദുധ്ര ആഭൂഷു രാമനന്നി ദാമനി ||**

ആ ദ്രുതവേഗനും മഹാനുമായ ഇന്ദ്രൻ യുദ്ധസമയത്ത് പർവ്വതശിഖരംപോലെ പ്രകാശിക്കുന്നു. ആ മഹാബലിതന്നെ മായാവിയായ ശുഷ്ണനെ ബന്ധനസ്ഥനാക്കിയിരുന്നു.

**4. ദേവീ യദി തവിഷീ ത്വാവൃധോതയ ഇന്ദ്രം സിഷക്ത്യുഷസം ന സൂര്യഃ |**
**യോ ധൃഷ്ണുനാ ശവസാ ബാധതേ തമ ഇയർതിരേണും ബൃഹദർഹരിഷ്വണിഃ ||**

ഹേ സ്തോതാവേ! സൂര്യൻ ഉഷസിനെ പ്രാപിക്കുന്നതു പോലെ നിന്നാൽ വർദ്ധിക്കപ്പെട്ട ശക്തി ഇന്ദ്രനെ പ്രാപി ക്കുന്നു. അപ്പോൾ ശത്രുമധ്യത്തിൽ ആർത്തനാദം ഉാ ക്കിച്ചുകൊ് ദുഷ്കർമ്മങ്ങളെ നശിപ്പിക്കുന്നു.

**5. വി യത്തിരോ ധരുണമച്യുതം രജോതിഷ്ഠിപോ ദിവ ആതാസു ബർഹണാ |**
**സ്വർമീ ഉഹേ യൻമദ ഇന്ദ്ര ഹർഷ്യാഹൻവൃത്രം നിരപാമൗബ്ജോ അർണവം ||**

ഹേ ഇന്ദ്രാ! നീ ആകാശദിക്കുകളിൽ ജലവാഹിയായ അന്തരിക്ഷം സ്ഥാപിച്ചു. സോമത്തിൽനിന്നുള്ള ആനന്ദം ലഭിച്ച നീ വൃത്രനെ വധിച്ച് ജലം നിമ്നഭാഗത്തേയ്ക്ക് പ്രവഹിപ്പിച്ചു.

**6. ത്വം ദിവോ ധരുണം ധിഷ ഓജസാ പൃഥിവ്യാ ഇന്ദ്ര ശെദനഷു മാഹിനഃ |**
**ത്വം സുതസ്യ മദേ അരിണാ അപോ വിവൃത്രസ്യ സമയാ പാഷ്യാരുജഃ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം ശക്തിയാൽ ആകാശ ത്തി ൻേറയും ഭൂമിയുടേയും ഇടയ്ക്ക് ജലം സ്ഥാപിച്ചു. നീ സോമ പാനം ചെയ്തുൻമത്തനായി ജലം മേഘങ്ങളിൽ നിന്നും മോചിപ്പിക്കുകയും പാഷാണദുർഗങ്ങളെ തകർക്കുകയും ചെയ്തു.

## സൂക്തം 57

**ഋഷി സവ്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. പ്ര മംഹിഷ്ഠായ ബൃഹതേ ബൃഹദ്രയേ സത്യശുഷ്മായ തവസേ മതിംഭരേ |**
**അപാമിവ പ്രവണേ യസ്യ ദുർധരം രാധോ വിശ്വായു ശവസേഽപാവൃതം ||**

അത്യന്തം ദാനിയും മഹാധനികനും പരാക്രമിയും വൃദ്ധി പ്രാപിച്ചിരിക്കുന്നവനുമായ ഇന്ദ്രനെ ഞാൻ നമസ്കരിക്കുന്നു. യാതൊരുത്തൻ ശക്തിക്കുവേി ഐശ്വര്യത്തെ പ്രകാശി പ്പിച്ചുവോ, അവൻെറ ജലപ്രവാഹസദൃശമായ ശക്തി ആർക്കും തടയുവാൻ സാദ്ധ്യമല്ല.

**2. അധ തേ വിശ്വമനു ഹാസദിഷ്ഠയ ആപോ നിമ്നേവ സവനാ ഹവിഷ്മതഃ |**
**യത്പർവതേ ന സമശീത ഹര്യത ഇന്ദ്രസ്യ വജ്രഃ ശ്നഥിതാ ഹിരണ്യ യഃ ||**

ഹേ ഇന്ദ്രാ! നിൻെറ മാരകമായ വജ്രായുധം പ്രഹരിക്കുന്ന സമയത്ത് ഉറങ്ങിക്കൊിരിക്കുന്നില്ല. ഈ ലോകം നിനക്കുവേിയുള്ള യജ്ഞകർമ്മങ്ങളിൽ വ്യാപൃതമായിരി ക്കുകയും ഹവിർദാതാവായ യജമാനൻ ഒഴിക്കുന്ന ജലം പോലെ നിൻെ്ര ശരണത്തിൽ എത്തുകയും ചെയ്തിരിക്കുന്നു.

**3. അസ്മൈ ഭീമായ നമസാ സമധ്വര ഉഷോ ന ശുഭ്ര ആ ഭരാ പനീയസേ |**
**യസ്യ ധാമ ശ്രവസേ നാമേന്ദ്രിയം ജ്യോതിരകാരി ഹരിതോ നായസേ ||**

ഹേ പ്രകാശവതിയായ ഉഷസ്സേ! ഈ സ്തുത്യനും വികരാ ളനുമായ ഇന്ദ്രനായി യജ്ഞങ്ങളിൽ നമസ്കരിച്ചുകൊ് ഹവിസ്സ് സമ്പാദിക്കണേ. ഈ ഇന്ദ്രൻെറ നാമവും ശക്തിയും കീർത്തിയും ശ്രവിക്കുന്നതിനായി രചിക്കപ്പെട്ടിരിക്കുന്നു.

**4. ഇമേ ത ഇന്ദ്ര തേ വയം പുരുഷ്ടുത ത്വാരഭ്യ ചരാമസി പ്രഭുവസോ |**
**നഹി ത്വദന്യോഗിർവണോ ഗിരഃ സഘത്ക്ഷോണീരിവ പ്രതി നോ ഹര്യ തദ്വചഃ ||**

അനേകരാൽ പൂജിതനായ ഇന്ദ്രാ! നിൻെറ ആശ്രയം സ്വീകരിക്കുന്നവരായ ഞങ്ങൾ നിൻേറതുതന്നെയാകുന്നു. നീ ഞങ്ങളുടെ സ്തുതികൾ പ്രാപിക്കുന്നവനാണല്ലോ. മറ്റാരും ഞങ്ങൾക്കില്ല. ഭൂമി അതിലെ ജീവികൾക്ക് ശര ണദാത്രിയായിരിക്കുന്നതുപോലെതന്നെ നീയും ഞങ്ങൾ ക്കഭയം നൽകണേ.

**5. ഭൂരി ത ഇന്ദ്ര വീര്യം തവ സ്മസ്യസ്യസ്തോതുർ മഘവൻകാമമാ പൃണ |**
**അനു തേ ദ്യൗർബൃഹതീ വീര്യം മമ ഇയം ച തേ പൃഥിവീ നേമ ഓജസേ ||**

ഹേ ധനസ്വാമിയായ ഇന്ദ്രാ! ഈ സ്തോതാവിൻെറ അഭീഷ്ടം പൂർണ്ണമാക്കൂ. നീ അത്യധികം ബലവാനാണല്ലോ. ആകാശം നിൻെറ ശക്തിയെ അംഗീകരിച്ചിരിക്കുന്നു. ഭൂമി നിൻെറ മുമ്പിൽ കുമ്പിട്ടുനിൽക്കുന്നു.

**6. തവം തമിന്ദ്ര പർവതം മഹാമുരുംവജ്രേണവജ്രിൻ പർവരശ്ച കർതിഥ |**
**അവാസൃജോ നിവൃതാഃ സർതവാ അപഃ സത്രാ വിശ്വം ദധിഷേ ഖേവലം സഹഃ ||**

ഹേ വജ്രായുധാ! നീ വിശാലനായിരിക്കുന്ന വൃത്ര (മേഘം) നെ ഖണ്ഡം ഖണ്ഡമാക്കി ജലം വർഷിക്കു വാനനൂ വദിച്ചു. നീ തീർച്ചയായും മഹാ ശക്തൻത ന്നെയാകുന്നു.

## അനുവാകം 11 സൂക്തം 58

**ഋഷി നോധാഗൗതമൻ ദേവത അഗ്നി ഛന്ദസ് ജഗതി**

**1. നൂ ചിത്സഹോജാ അമൃതോ നി തുന്ദതേ ഹോതാ യദ്ദൂതോ അഭവദ്വിവസ്വതഃ**
**വി സാധിഷ്ഠേഭിഃ പഥിഭിരജോ മമ ആ ദേവതാതാ ഹവിഷാ വിവാസതി**

ബലത്താൽ ഉത്ഭവിച്ച അവിനാശിയായ അഗ്നി ഒരിക്കലും സന്താപം നൽകുന്നില്ല. അവൻ യജമാനൻെറ ദൂതനും അതു പോലെ ഹോതാവും ആക്കപ്പെട്ടിരിക്കുന്നു. അവൻതന്നെ അന്തരീക്ഷത്തെ പ്രകടമാക്കുകയും അതുപോലെ യാഗ ങ്ങളിൽ ഹവ്യം വഴിയായി ദേവതകളെ സേവിക്കുകയും ചെയ്യുന്നു.

**2. ആ സ്വമദ്മ യുവമാനോ അജരസ്തൃഷ്വവിഷ്യന്ന തസേഷു തിഷ്ഠതി |**
**അത്യോ ന പൃഷ്ഠം പ്രുഷിതസ്യ രോചതേ ദിവോ ന സാനു സ്തനയന്നചിക്രദത് ||**

ജരാരഹിതനായ ഈ അഗ്നി ഹവിസ്സുകളെ ഏകീകരി ച്ചുതിന്നുകൊ് വിറകുകളിൽ പടർന്നുപിടിക്കുന്നു. ഇവൻെറ നെയ്യാൽ സ്നിഗ്ദ്ധമായ മുതുക് അശ്വത്തിൻെറ പുറംപോലെ പ്രകാശിക്കും. ഇവൻ ആകാശത്തിലെ മേഘ ഗർജ്ജനംപോലുള്ള ശബ്ദത്തോടുകൂടിയ ജ്വാലകളെ പ്രകടമാക്കും.

**3. ക്രാണാ രുദ്രേഭിർവസുഭിഃ പുരോഹിതോ ഹോതാനിഷത്തോ രയിഷാളമർത്യഃ |**
**രഥോന വിക്ഷ്വൃഞ്ജസാന ആയുഷു വ്യാനുഷഗ്വാര്യാ ദേവ ഋണ്വതി ||**

അമരനായ അഗ്നി രുദ്രൻെറയും വസുക്കളുടെയും സമ്മു ഖമായി സ്ഥാനംപിടിക്കുകയും യജ്ഞസ്ഥാനങ്ങളിൽ ഉപ സ്ഥിതനാകുകയും ചെയ്യുന്നു. പ്രകാശയുക്തനായ അഗ്നി യജമാനൻെറ സ്തുതികൾ ശ്രവിച്ച് മനുഷ്യർക്ക് തുടർ ച്ചയായി ധനം പ്രദാനം ചെയ്യുന്നു.

**4. വി വാതജൂതോ അതസേഷു തിഷ്ഠതേ വൃഥാ ജുഹൂഭിഃ സൃണ്യാ തുവിഷ്വണിഃ |**
**തൃഷു യദഗ്നേ വനിനോ വൃഷായസേ കൃഷ്ണം ത**

**ഏമ രുശദൂർഅജര ||**

ഹേ അഗ്നി! വായുവിൻെറ സംയോഗത്തോടുകൂടി അത്യ ധികം ശബ്ദവാനായി നീ അരിവാളിനു തുല്യമായ നാവുക ളാൽ മരങ്ങളിൽ പടർന്നുകയറുന്നു. ജരാരഹിതനും, ദീപ്തി മാനും ജ്വാലായുക്തനുമായ നീ വനവൃക്ഷങ്ങളിൽ വൃഷഭസമാനമായ ആചരണം അനുഷ്ഠിക്കുന്നു. നിൻെറ മാർഗ്ഗങ്ങൾ കറുത്തിരുളുന്നു.

**5. തപൂർജംഭോ വന ആ വാതചോദിതോ യൂഥേ ന സാഹ്വാം അവവാതി വംസഗഃ |**
**അഭിവ്രജന്നക്ഷിതം പാജസാ രജഃ സ്ഥാതുശ്ചരഥം ഭയതേ പതത്രിണഃ ||**

ജ്വാലാരൂപമായ താടിയോടുകൂടിയവനും, വിജേതാവു മായ നീ വായുവിനാൽ പ്രേരിതനായി വനങ്ങളിൽ നീന്തി ക്കൊിരിക്കുമ്പോൾ ഗോസമൂഹങ്ങളിൽ കടന്ന കാള ക്കൂട്ടനു സമാനമായിത്തീരുന്നു. അപ്പോൾ ആകാശവും ഭൂമിയും ഇളകുകയും ജീവജാലങ്ങളെല്ലാം ഞെട്ടിവി റയ്ക്കുകയും ചെയ്യുന്നു.

**6. ദധുഷ്ട്വ് ഭൃഗവോ മാനുഷേഷ്വാ രയിം ന ചാരും സുഹവം ജനേഭ്യഃ |**
**ഹോതാരമഗ്നേ അതിഥിം വരേണ്യം മിത്രം ന ശേവം ദിവ്യായ ജൻമനേ ||**

ഹേ അഗ്നി! മനുഷ്യരുടെ സുഖത്തിനായി ആഹ്വാനം ചെയ്യപ്പെട്ട ഹോതാവും, വരണീയനായ അതിഥിയും ദേവത കളുടെ മിത്രവുമായ നിന്നെ, ഭൃഗുക്കൾ മനുഷ്യരുടെ ഇടയിൽ സ്ഥാപിച്ചു.

**7. ഹോതാരം സപ്ത ജുഹ്വോ യജിഷ്ഠ യം വാഘതോ വൃണതേ അധ്വരേഷു |**
**അഗ്നിം വിശ്വേഷാമരതിം വസൂനാം സപര്യാമി പ്രയസാ യാമി രത്നം ||**

ആഹ്വാനകർത്താക്കൾ ഏഴ് ഋത്വിജ ശ്രേഷ്ഠൻമാരെയും അതുപോലെ ഹോതാവായ അഗ്നിയേയും യജ്ഞത്തിൽ വരിക്കുന്നു. അവരെ അന്നരൂപമായ ഹവിസിനാൽ സേവനം ചെയ്തുകൊ് രമണീയമായ രത്നത്തെ ഞാൻ യാചിക്കുന്നു.

**8. അഛിദ്രാ സൂനോ സഹസോ നോ അദ്യ സ്തോതൃഭ്യോ മിത്രമഹഃ ശർമ യച്ഛ |**
**അഗ്നേ ഗൃണന്തമംഹസ ഉരുഷ്യോർജോ നപാത്പൂർഭിരായസീഭിഃ ||**

ഹേ ബലപുത്രാ! ഹേ മിത്രങ്ങളെ സുഖിപ്പിക്കുന്ന അഗ്നി ഭഗവാനേ ഞങ്ങളാകുന്ന സ്തോതാക്കൾക്ക് ഉത്തമമായ ആശ്രയം നൽകുകയും പാപങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യു.

**9. ഭവാ വരൂഥം ഗൃണതേ വിഭാവോ ഭവാ മഘവൻമഘവദ്ഭ്യഃ ശർമ |**
**ഉരുഷ്യാഗ്നേ അംഹസോ ഗൃണന്തം പ്രാതർമ ക്ഷൂധിയാവസുർജഗമ്യാത് ||**

പ്രദീപ്തനേ! സ്തോതാവിന് ആശ്രയരൂപമായാലും, ധന വാൻമാർക്ക് ശരണം നൽകു. നീ പ്രഭാതകാലത്ത് അതി ശീഘ്രം ആഗതനായി എന്നെ പാപങ്ങളിൽനിന്നും രക്ഷി ക്കണേ.

## സൂക്തം 59

**ഋഷി നോധാഗൗതമൻ ദേവത വൈശ്വാരാഗ്നി**
**ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. വയാ ഇദഗ്നേ അഗ്നയസ്തേ അന്യേ ത്വേ വിശ്വേ അമൃതാ മാദയന്തേ |**
**വൈശ്വാനര നാഭിരസി ക്ഷിതീനാം സ്ഥൂണേവ ജനാം ഉപമിദ്യ യന്ഥ ||**

ഹേ അഗ്നിദേവാ! നീ ജ്വാലായുക്തനും, അമരനും, ദേവ തകളെ സന്തുഷ്ടനാക്കുന്നവനുമാണല്ലോ. നീ മനുഷ്യരിൽ നാഭിക്കുതുല്യമാണ്. നീ അവർക്ക് ഒരു സ്തംഭംപോലെ സഹായം നൽകുന്നു.

**2. മൂർധാ ദിവോ നാഭിരഗ്നിഃ പൃഥിവ്യാ അഥാഭവദരതാ രോദസ്യോഃ |**
**തം ത്വാ ദേവാസോജനയന്ത ദേവം വൈശ്വാനരജ്യോതിരിദാര്യായ ||**

അഗ്നി ആകാശത്തിൻെറ മൂർധാവും ഭൂമിയുടെ അധി പതിയുമാകുന്നു. എല്ലാ മനുഷ്യരിലും വ്യാപിച്ചിരിക്കുന്ന ആ അഗ്നിയെ ജ്യോതിസ്രൂപത്തോടുകൂടി ദേവതകൾ മനു ഷ്യരിൽ പ്രകടമാക്കി.

**3. ആ സൂര്യോ ന രശ്മയോ ധ്രുവാസോ വൈശ്വാനരേദ്യധിരേഗ്നാ വസൂനി |**
**യാ പർവതേഷ്വോഷധീഷ്വപ്സു യാ മാനുഷേഷ്വ സി തസ്യ രാജാ ||**

സൂര്യനിൽ സദാ നിലകൊള്ളുന്ന രശ്മികൾപോലെ ദേവഗണങ്ങൾ വൈശ്വാനരാഗ്നിയിൽ ധനം സ്ഥാപിച്ചച്ചു. അതിനാൽ പർവ്വതങ്ങളിലും ഔഷധികളിലും ജലത്തിലും മനുഷ്യരിലും സ്ഥിതിചെയ്യുന്ന സമ്പത്തുക്കളുടെ എല്ലാം സ്വാമി നീതന്നെയാകുന്നു.

**4. ബൃഹതീ ഇവ സൂനവേ രോദസീ ഗിരോ ഹോതാ മനുഷ്യോ ന ദക്ഷഃ |**
**സ്വർവതേ സത്യശുഷ്മായ പൂർവീർവൈശ്വാനരായ നൃതമായ യഹ്വീഃ ||**

ആകാശവും ഭൂമിയുംപോലെ സ്തുതികൾ വിശാലമാണ്. ഹോതാവായ അഗ്നി മനുഷ്യസമാനം ചതുരനും പ്രകാ ശിതനും ബലവാനുമാകുന്നു. ഹേ മനുഷ്യരേ! അദ്ദേഹ ത്തിനുവേ മഹാസ്തോത്രങ്ങളാലപിക്കുവിൻ

**5. ദിവശ്ചിത്തേ ബൃഹതോ ജാതവേദോ വൈശ്വാനര പ്ര രിരിചേ മഹിത്വം |**
**രാജാ കൃഷ്ടിനാമസി മാനുഷീണാം യുധാ ദേവേഭ്യോ വരിവശ്ചകർഥ ||**

ജീവികളുടെ ദാതാവും, മനുഷ്യരിൽ അധിവസിക്കുന്ന വനുമായ അഗ്നിദേവാ! നിൻെറ മഹിമ ആകാശത്തേ ത്തക്കാളും വിശാലമാണ്. നീ മനുവിനാൽ ഉൽപ്പാദിപ്പിക്ക പ്പെട്ട പ്രജകളുടെ സ്വാമിയാകുന്നു. നീയുദ്ധം ചെയ്ത് ധനം വീടെടുത്തു.

**6. പ്ര നൂ മഹിത്വം വൃഷഭസ്യ വോചം യം പൂരവോ വൃത്രഹണം സചന്തേ |**
**വൈശ്വാനരോ ദസ്യുമഗ്നിർജഘന്വാം അധൂനോത് കാഷ്ഠാ അവ ശംബരം ഭേത് ||**

ഞാൻ ആ പുരുഷശ്രേഷ്ഠൻെറ മഹിമ പുകഴ്ത്തുമ്പോൾ

വൃത്രനാശകനായ ആ വൈശ്വാനരാഗ്നി ജലചോരനെ വധിച്ചു. ദിക്കുകളെ വിറപ്പിച്ചു. ശംബരനെ മുറിച്ചിട്ടു.

**7. വൈശ്വാനരോ മഹിമ്നാ വിശ്വകൃഷ്ടിഭരദ്വാജേഷു യജതോ വിഭാവാ |**
**ശാതവനേയേ ശതിനീഭിരഗ്നിഃ പുരുണീഥേ ജരതേ സൂനൃതാവാൻ ||**

മനുഷ്യരുടെ സ്വാമിയും, മഹാപ്രകാശവാനും, പൂജ്യനും, സത്യവാണിയുക്തനുമായ വൈശ്വാനരാഗ്നി, ശതവതീപുത്ര നാലുംപുരണീഥനാലും സ്തുതിക്കപ്പെട്ടു.

# സൂക്തം 60

**ഋഷി നോധാഗൗതമൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്,പംക്തി**

**1. വഹ്നിം യശസം വിദഥസ്യ കേതും സുപ്രാവ്യം ദൂതം സദ്യോ അർഥം |**
**ദ്വിജാൻമാനം രയിമിവ പ്രശസ്തം രാതിം ഭരദ്ഭൃഗവേ മാതരിശ്വാ ||**

അഗ്രണിയും, യശസ്വിയും ദ്രുതഗാമീദൂതനും അരണി മഥനത്തിൽനിന്നും ജനിച്ചവനും ധനത്തിനുതുല്യം പ്രശംസി ക്കപ്പെടുന്നവനും ആയ അഗ്നിയെ ഭൃഗുവിൻെറ സമീപം കൊു വരട്ടെ.

**2. അസ്യ ശാസുരുഭയാസഃ സചന്തേ ഹവിഷ്മന്ത ഉശിജോ യേ ച മർതാഃ |**
**ദിവശ്ചിത്പൂർവോ ന്യസാദി ഹോതാപൃച്ഛ്യോ വിശ്പതിർവിക്ഷു വേധാഃ ||**

ജ്ഞാനികളും ഹവിർദാതാക്കളുമായ മനുഷ്യർ അഗ്നിയെ സേവിക്കുന്നു. പ്രജാപാലകനും ഫലവർഷകനുമായ അഗ്നി സൂര്യനേക്കാളും മുമ്പേ മനുഷ്യരിൽ സ്ഥാപിക്കപ്പെട്ടിരുന്നു.

**3. തം നവ്യസി ഹൃദ ആ ജായമാനമസ്മത്സുകീർതിർ മധുജിഹ്വമശ്യാഃ |**
**യമൃത്വിജോ വൃജനേ മാനുഷാസഃ പ്രയസ്വന്ത ആയവോ ജീജനന്ത ||**

ഹൃദയത്തിൽനിന്നും ഉത്ഭവിച്ച ആ മധുരജിഹ്വനായ അഗ്നിയെ നമ്മുടെ അഭിനവങ്ങളായ സ്തുതികൾ പ്രാപി ക്കട്ടെ. ഇതിനെ മനുവംശജർ ഹവിസ്സിൽ ഉത്ഭവിപ്പിച്ചു.

**4. ഉശിക്പാവകോ വസുർമാനുഷേഷു വരേണ്യോ ഹോതാധായി വിക്ഷു |**
**ദമൂനാ ഗൃഹപതിരദമ ആം അഗ്നിർഭുവദ്രയിപതീരയീണാഃ ||**

അവൻ മനുഷ്യരാൽ ഇച്ഛിക്കപ്പെടുന്നവനും പാവകനും ധനയുക്തനും പ്രജകളാൽ വരണീയനുമാകുന്നു. ഭവനങ്ങളെ രക്ഷിക്കുന്നവനായ ആ അഗ്നിനമ്മുടെ സമ്പത്തുകൾ അഭിവൃദ്ധിപ്പെടുത്തട്ടെ.

**5. തം ത്വാ വയം പതിമഗ്നേ രയീണാം പ്ര ശംസാമോ മതിഭിർഗോതമാസഃ |**
**ആശും ന വാജംഭരം മർജയന്തഃ പ്രാതർമക്ഷു ധിയാവസുർജഗമ്യാത് ||**

ഹേ അഗ്നീ! ഗൗതമവംശജരായ ഞങ്ങൾ ധനാധിപനും, അഗ്നിവാഹകനുമായ നിങ്ങളെ സ്തോത്രങ്ങളാൽ പൂജി ക്കുന്നു. അങ്ങ് ഉഷകാലത്തിൽ ഞങ്ങളെ സമീപിക്കണേ.

# സൂക്തം 61

**ഋഷി നോധാഗൗതമൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അസ്മാ ഇദു തവസേ തുരായ പ്രയോ ന ഹർമി സ്തോമം മാഹിനായ |**
**ഋചീഷമായാധ്രിഗവ ഓഹമിന്ദ്രായ ബ്രഹ്മാണി രാതതമാ ||**

വളർച്ച പ്രാപിച്ചവനായ, അതിവേഗം കാര്യങ്ങൾ നടത്തുന്നവനായ മന്ത്രങ്ങളിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന വനായ, കീർത്തിമാനായ ഇന്ദ്രനു അന്നത്തിനുസമാനമായ സ്തോത്രങ്ങൾ അർപ്പണം ചെയ്യുന്നു. അദ്ദേഹം എൻെറ ഹവിസ്സിനെ സ്വീകരിക്കട്ടെ.

**2. അസ്മാ ഇദു പ്രയഇവ പ്രയ യംസി ഭരാമ്യാങ്ഗുഷം ബാധേ സുവൃക്തി |**
**ഇന്ദ്രായ ഹൃദാ മനസാ മനീഷാ പ്രത്നായ പത്യേധിയോ മർജയന്ത ||**

ഞാൻ, ആ ഇന്ദ്രനുവേ ഹവിർയുക്തമായ സ്തോ ത്രങ്ങൾ അർപ്പിക്കുന്നു. ആ ശത്രുപീഡകനെ സ്തുതി ഗാനങ്ങളാൽ വാഴ്ത്തുന്നു. ഋഷിഗണങ്ങൾ ആ പ്രാചീന ഇന്ദ്രനെ ഉള്ളഴിഞ്ഞു വാഴ്ത്തുന്നു.

**3. അസ്മാ ഇദു ത്യമുപമം സ്വർഷാം ഭരാമ്യാങ്ഗുഷമാസ്യേന |**
**മംഹിഷ്ഠമച്ഛോക്തിഭിർമതീനാം സുവൃക്തിഭിഃ സൂരിംവാവൃധധ്യൈ ||**

വൃദ്ധി പ്രാപിച്ച ജ്ഞാനിയായ ഇന്ദ്രനെ ആകർഷിക്കുന്ന ഉപയോഗ്യമായ സ്തുതികൾ ഹൃദയാകർഷകമായ നാദ ത്തിൽ ഞാനാലപിക്കുന്നു.

**4. അസ്മാ ഇദു സ്തോമം സം ഹിനോമി രഥം ന തഷ്ടേവ തത്സിനായ |**
**ഗിരശ്ച ഗിർവാഹസേ സുവൃക്തീന്ദ്രായ വിശ്വമിന്വം മേധിരായ ||**

രഥനിർമ്മാണകൻ അതു തയ്യാറാക്കി അതിൻെറ ഉടമ സ്ഥൻെറ അടുക്കൽ കൊുചെല്ലുന്നതുപോലെതന്നെ ഞാൻ ജ്ഞാനിയായ ഇന്ദ്രനെ ആകർഷിക്കുന്നതിനായി ഈ സ്തോത്രം അവൻെറ സമീപത്തെത്തിക്കുന്നു.

**5. അസ്മാ ഇദു സപ്തിമിവ ശ്രവസ്യേന്ദ്രായാർക്കം ജൂഹ്വാ സമഞ്ജേ |**
**വീരം ദാനൗകസം വന്ദധ്യൈ പുരാം ശൂർതശ്രവസം ദർമാണം ||**

അശ്വങ്ങളെ രഥത്തോടുചേർക്കുന്നതുപോലെ യശ പ്രാപ്തിക്കുവേ ഇന്ദ്രനെ സ്തുതിക്കുന്നു. ഈ സ്തോ ത്രങ്ങൾ

ദുർഗ്ഗങ്ങളെ തകർക്കുന്നവനും ദാനശീലനും ഗുണ ഗാനയോഗ്യനും യശസ്വിയുമായ ഇന്ദ്രനെ പ്രാപിക്കട്ടെ.

**6. അസ്മാ ഇദു ത്വഷ്ടാ തക്ഷദ്വജ്രം സ്വപസ്തമം സ്വര്യം രണായ |**
**വൃത്രസ്യ ചിദ്വിദദ്യേന മർമ്മ തുജന്നീശാനസ്തുജതാ കിയേധഃ ||**

ത്വഷ്ടാവ് ഇന്ദ്രനുവേി കാര്യസാദ്ധ്യത്തിനുതകുന്ന ഘോരവും ശബ്ദയുക്തവുമായ വജ്രായുധം നിർമ്മിച്ചു. അതു കൊ് ഇന്ദ്രൻ വൃത്രൻെറ മർമ്മസ്ഥലം പിളർത്തു.

**7. അസ്യേദു മാതുഃ സവനേഷു സദ്യോ മഹഃ പിതും പപിവാഞ്ചാർവന്നാ|**
**മുഷായദ്വിഷ്ണുഃ പചതം സഹീയാന്വിധ്യദ്വരാഹം തിരോ അദ്രിമസ്താ ||**

ലോകത്തിൻെറ രചയിതാവ് ഇന്ദ്രന് മൂന്നഭിഷേകം നൽകി. അതിൽ അവൻ സോമം അതിവേഗം പാനം ചെയ്യുകയും, ഹവ്യത്തെ സേവിക്കുകയും ചെയ്തു. അസുരൻമാരുടെ ധനം തട്ടിയെടുത്ത ഇന്ദ്രൻ ലോകമെങ്ങും വ്യാപിച്ചി രിക്കുന്നു. വിജേതാവും, വജ്രധാരിയുമായ അദ്ദേഹം മേഘ ഭേദനം ചെയ്യുന്നവനാകുന്നു.

**8. അസ്മാ ഇദു ഗ്നാശ്ചിദ്ദേവപത്നീരിന്ദ്രായാർകമഹിഹത്യ ഊവുഃ |**
**പരി ദ്യാവാപൃഥിവീ ജഭ്ര ഉർവീ നാസ്യ തേ മഹിമാനം പരി ഷ്ടഃ ||**

വൃത്രവധം നടന്നപ്പോൾ ദേവപത്നിമാർ ഇന്ദ്രനെ സ്തു തിച്ചു. ഇന്ദ്രൻ ആകാശപൃഥ്വികളെ അതിക്രമണം ചെയ്തു. എന്നാൽ ആകാശത്തിനും ഭൂമിക്കും ഇന്ദ്രൻെറ മര്യാദയെ കടന്നുനിൽക്കുവാൻ കഴിഞ്ഞില്ല.

**9. അസ്യേദേവ പ്ര രിരിചേ മഹിത്വം ദിവസ്പൃഥിവ്യാഃ പര്യന്തരിക്ഷാത് |**
**സ്വരാളിന്ദ്രോ ദമ ആ വിശ്വഗൂർത്തഃ സ്വരിരമത്രോ വവക്ഷേ രണായ ||**

ആകാശം, ഭൂമി, അന്തരീക്ഷം എന്നിവയേക്കാളും ഇന്ദ്രൻ മഹത്വമുള്ളവനാണ്. സ്വയം പ്രകാശിതനും സർവ്വപ്രിയനും അതിരറ്റ ശക്തിയുള്ളവനുമായ ഇന്ദ്രൻ വൃദ്ധിയെ പ്രാപിച്ചിരിക്കുന്നു.

**10. അസ്യേദേവ ശവസാ ശുഷന്തംവി വൃശ്ചദ്വജ്രേണ വൃത്രമിന്ദ്രഃ |**
**ഗാ ന വ്രാണാ അവനീരമുഞ്ചദഭി ശ്രവോ ദാവനേ സചേതാഃ ||**

ഇന്ദ്രൻെറ ബലത്താൽ ക്ഷീണിതനായിരുന്ന വൃത്രൻ വജ്രായുധത്താൽ കൊല്ലപ്പെട്ടു. അനന്തരം ഗോക്കളെ അഴിച്ചു വിടുന്നതുപോലെ ജലം മുക്തമായി. ഹവിർദാതാവിന് ആ ഇന്ദ്രൻ അഭീഷ്ടങ്ങളായ അന്നം നൽകുന്നു.

**11. അസ്യേദു ത്വേഷസാ രന്ത സിന്ധവഃ പരി യദ്വജ്രേണ സീമയച്ഛത് |**
**ഈശാനകൃദ്ദാശുഷേ ദശസ്യന്തുർവീതയേ ഗാധം തുർവണിഃ കഃ ||**

ഇന്ദ്രൻെറ ദീപ്തിയാൽ നദികൾ സുശോഭിതമായി. എന്തുകൊന്നൊൽ അവൻ അവയെ സീമിതങ്ങളാക്കി നിർത്തി. ഹവിർദാതാവിന് ഐശ്വര്യത്തെ നൽകിയ ഇന്ദ്രൻ തുർവീതിക്ക് ഉചിതമായ സ്ഥാനം നൽകുകയും ചെയ്തു.

**12. അസ്മാ ഇദു പ്ര ഭരാ തൂതുജാനോ വൃത്രായ വജ്രമീശാനഃ കിയേധാഃ |**
**ഗാർന പർവ വി രദാ തിരശ്ചേഷ്യന്നർണാസ്യപാം ചർദ്ധ്യൈ ||**

അതിവേഗം പ്രവർത്തിക്കുന്നവനും, മഹാബലവാനും, ഇന്ദ്രരൂപനുമായ ഈശ്വരാ! നീ ഈ വൃത്രൻെറമേൽ വജ്രം എറിയുകയും അവൻെറ ഇണക്കുകളെ കശാപ്പുകാരൻ മൃഗത്തെ മുറിക്കുന്നതുപോലെ കഷണം കഷണമാ ക്കിയാലും.

**13. അസ്യേദു പ്ര ബ്രൂ ഹി പൂർവ്യാണി തുരസ്യ കർമാണി നവ്യ ഉക്ഥൈഃ |**
**യുധേ യദിഷ്ണാന ആയുധാന്യൃഘായമാണോ നിരിണാതി ശത്രൂൻ ||**

മനുഷ്യരേ! ഇന്ദ്രൻെറ പുരാതനപരാക്രമങ്ങളെ വർണിക്കൂ. അവൻ ഉത്തേജിതനായി അസ്ത്രങ്ങൾ പ്രയോഗിച്ച് ശത്രുക്കളെ പീഡിപ്പിക്കുന്നു.

**14. അസ്യേദു ഭിയാ ഗിരയശ്ച ദൃളഹാ ദ്യാവാ ച ഭൂമാജനുഷസ്തുജേതേ |**
**ഉപോ വേനസ്യ ജോഗുവാന ഓണിം സദ്യോ ഭുവദ്വീര്യ്രഅയ നോധാഃ ||**

പ്രത്യക്ഷനായ ഈ ഇന്ദ്രനോടുള്ള ഭയത്താൽ ഉറച്ച പർവതങ്ങളും, ആകാശവും ഭൂമിയും എല്ലാം വിറയ്ക്കുന്നു. നോധാ മഹർഷിക്ക് ഇന്ദ്രൻെറ സംരക്ഷണസാമർത്ഥ്യം വർണ്ണിച്ചതിൽനിന്നും ശക്തി പ്രാപിക്കുവാൻ കഴിഞ്ഞു.

**15. അസ്മാ ഇദു ത്യദനു ദായ്യേഷാമേകോ യദ്വന്നേ ഭൂരേരീശാനഃ |**
**പ്രൈതാശം സൂര്യേ പസ്പൃധാനം സൗവശ്വ്യേ സുഷ്വിമാവദിന്ദ്രഃ ||**

അത്യധികം ധനവാനായ ഇന്ദ്രൻ യാതൊന്നാഗ്രഹി ച്ചുവോ അതുതന്നെ അർപ്പണം ചെയ്യപ്പെട്ടു. സോമ സാധ കനായ ഏതശ ഋഷിയോടു സ്പർദ്ധിച്ച സ്വശ്വപുത്ര നായ സൂര്യനെ നീ പരാജയപ്പെടുത്തി.

**16. ഏവാ തേ ഹാരിയോജനാ സുവൃക്തീന്ദ്ര ബ്രഹ്മാണി ഗോതമാസോ അക്രൻ |**
**ഏഷു വിശ്വപേശസം ധിയം ധാഃ പ്രാതർമ ക്ഷുധിയാ വസുർജഗമ്യാത് ||**

രശ്മിങ്ങളെ പൂട്ടിയ രഥത്തോടു കൂടിയവനായ ഇന്ദ്രാ ഗൗതമഗോത്രക്കാർ നിന്നെ ആകർഷിക്കുന്നതിനുള്ള മന്ത്രരൂപസ്തുതികൾ നിർമ്മിച്ചിട്ട്. നീ പ്രഭാതകാലത്തിൽ ആഗതനായി ഞങ്ങൾക്ക് എല്ലാകർമ്മങ്ങളും ചെയ്യുന്നതി നുള്ള സൽബുധിപ്രദാനം ചെയ്യണേ.

# അദ്ധ്യായം അഞ്ച്

# സൂക്തം 62

**ഋഷി നോധാ ഗൗതമൻ ദേവത ഇന്ദ്രൻ ഛ ന്ദ സ് ത്രിഷ്ടുപ് പംക്തി**

**1. പ്ര മന്മഹേ ശവസാനായ ശൂഷ്മാങ്ഗൂഷ ഗിർവണസേ അങ്ഗിരസ്വിത് |**
**സുവൃക്തിഭിഃ സ്തുവത ഋഗ്മിയായാർചാമാരകം നരേ വിശ്രുതായ ||**

അംഗിരസ്സുകളെപ്പോലെ ഞങ്ങൾ ഇന്ദ്രനെ സ്തുതി ക്കുന്നു. ആകർഷകങ്ങളായ മന്ത്രങ്ങൾ നമുക്കുച്ചരിക്കാം.

**2. പ്ര വോ മഹേ മഹി നമോ ഭരധ്വമാങ്ഗൂഷ്യം ശവസാനായ സാമ |**
**യേനാ നഃ പൂർവേ പിതരഃ പദജ്ഞാ അർച്ചന്തോ അങ്ഗിരസോ ഗാ അവിന്ദൻ ||**

ഹേ മനുഷ്യരേ! മഹാനായ ഇന്ദ്രനെ നമസ്കരിക്കുവിൻ. യാതൊരുത്തനെ സ്തുതിച്ചതുകാരണം അംഗിരസ്സുകൾ ഗോക്കളെ നേടിയോ അദ്ദേഹത്തിൻെറ സ്തുതികൾ ഉച്ച സ്വരത്തിൽ ആലപിക്കുവിൻ.

**3. ഇന്ദ്രസ്യാങ്ഗിരസാം ചേഷ്ടൗ വിദൽസരമാ തനയായ ധാസിം |**
**ബൃഹസ്പതിർഭിനദദ്രീ വിദദ്ഗാഃ സമുസ്രിയാഭിർവാ വശന്ത നരഃ ||**

ഇന്ദ്രൻേറയും അംഗിരസ്സുകളുടേയും ആഗ്രഹത്താൽ സരമ തൻെറ സന്താനത്തിനുഅന്നം സമ്പാദിച്ചു. തുന്ദ്രൻ രാക്ഷസനെ വധിച്ചു. ഗോക്കളെ വീടെടുത്തു. അപ്പോൾ ദേവഗണം ഗോക്കളോടൊപ്പം ഹർഷനാദം മുഴക്കി.

**4. സ സുഷ്ടുഭാ സ സ്തുഭാ സപ്ത വിപ്രൈഃ സ്വരേണാദ്രിം സ്വര്യോ നവഗ്വൈഃ |**
**സരണ്യുഭിഃ ഫലിഗമിന്ദ്ര ശക്ര വലം രവേണാ ദരയോ ദശഗ്വൈഃ ||**

ഹേ ശക്തിമാനേ! ഉത്തമഗീതങ്ങളാൽ സ്തുതിക്ക പ്പെടുവാൻ യോഗ്യനായ അങ്ങ് ഒൻപതേ പത്തോ മാസ ക്കാലംകൊ് യജ്ഞം അവസാനിപ്പിച്ചവരായ സപ്തർഷി കളുടെ പ്രാർത്ഥന ശ്രവിച്ചു. അങ്ങയുടെ ശബ്ദത്താൽ പർവ്വ തങ്ങളും മേഘങ്ങളും വിറകൊു.

**5. ഗൃണാനോ അങ്ഗിരോഭിർദസ്മ വി വരുഷ സാ സൂര്യേണഗോഭിരന്ധഃ |**
**വി ഭൂമ്യാ അപ്രഥയ ഇന്ദ്ര സാനു ദിവോ രജ ഉപര മസ്തഭായഃ ||**

ഹേ വിചിത്രകർമ്മാവായ ഇന്ദ്രാ! നീഅംഗിരസ്സുകളുടെ സ്തുതികൾ ശ്രവിക്കുകയും ഉഷസ്സ്, സൂര്യൻ, രശ്മി എന്നിവ കൊ് അന്ധകാരത്തെമാറ്റി നീ ഭൂമിയിൽ പർവ്വത ങ്ങളെ വളർത്തുകയും ആകാശത്തിനുകീഴിൽ അന്തരീക്ഷത്തെ ഉറപ്പിക്കുകയും ചെയ്തു.

**6. തദു പ്രയക്ഷതമമസ്യ കർമ ദസ്മസ്യ ചാരുതമസ്തി ദ സഃ |**
**ഉപഹ്വരേ യദുപരാ അപിന്വൻമധ്വർണസോ നദ്യശ്ചതസ്രഃ ||**

നദികളെ ജലത്താൽ നിറച്ചുകൊുള്ള അത്ഭുത കർമാവായ ഇന്ദ്രൻെറ പ്രവൃത്തി അത്യന്തം പ്രശംസനീയ മാണ്

**7. ദ്വിതാ വി വവ്രേ സനജാ സനീളേ അയാസ്യഃ സ്തവമാനേഭിരർകൈഃ |**
**ഭാഗോ ന മേനേ പരമേ വ്യോമന്നധാരയദ്രോദസീ സുദംസാഃ ||**

ഋഷിമാരാൽ സ്തുതിക്കപ്പെടുന്ന ഇന്ദ്രൻ പരസ്പരം യോജിച്ചിരുന്ന പുരാതന ആകാശത്തേയും ഭൂമിയേയും വേർ പെടുത്തി. പിന്നീട് അവൻ ആകാശത്തിൽ സൂര്യനുസമാനം അവ രിനേയും രാക്കി ഉറപ്പിച്ചു നിറുത്തി.

**8. സനാദ്ദിവം പരി ഭൂമാ വിരൂപേ പുനർഭുവാ യുവതീ സ്വേഭിരേവൈഃ |**
**കൃഷ്ണേഭിരക്തോഷാ രുശദ്ഭിർവപൂർഭിരാ ചരതോ അന്യാന്യാ ||**

ശ്യാമവർണ്ണത്തോടുകൂടിയ രാത്രിയും ദീപ്തിയുക്ത ഉഷ സ്സും തുടർച്ചയായുള്ള തങ്ങളുടെ ഗതികളിൽനിന്ന് ഉത്മവി ക്കുകയും ആകാശത്തിൻേറയും ഭൂമിയുടേയും നാലുഭാഗ ങ്ങളിലായി പുരാതനകാലം മുതൽ ഭ്രമണം ചെയ്തു കൊി രിക്കുകയും ചെയ്യുന്നു.

**9.] സനേമി സഖ്യം സ്വപസ്യമാനഃ സൂനുർദാധാരശവസാ സുദംസാഃ |**
**ആമാസു ചിദ്ദധിഷേ പക്വമന്തഃ പയഃ കൃഷ്ണാസുരുശദ്രോഹണീഷു ||**

ഉത്തമകർമ്മാവും, മഹാശക്തനുമായ ഇന്ദ്രൻ യജമാനൻ മാരുമായി മൈത്രീബന്ധം സ്ഥാപിക്കുന്നു. ഹേ ഇന്ദ്രാ! അങ്ങ് അപരിപക്വമായ ഗോക്കളിൽ പോലും ക്ഷീരത്തെ സ്ഥാപി ക്കുന്നു. കറുത്തപശുക്കളിൽ വെളുപ്പുനിറമുള്ളപാൽ സ്ഥാപി ക്കുന്നു.

**10. സനാത്സനീളാ അവനീരവാതാ വ്രതാരക്ഷന്തേ അമൃതാഃ സഹോഭിഃ |**
**പുരു സഹസ്രാ ജനയോ ന പത്നീർദുവ സ്യന്തി സ്വസിരോ അഹ്രയാണം ||**

എപ്പോഴും ഒന്നായിക്കഴിയുന്ന വിരലുകൾ അനേകം കർ മ്മനുഷ്ഠിക്കുന്നു. ഈഎല്ലാ സഹോദരികളും ഗൃഹ പത്നിമാർക്ക് സമാനം ഇന്ദ്രനു സേവാകർമ്മങ്ങളനു ഷ്ഠിക്കുന്നു.

**11. സനായുവോ നമസാ നവ്യോ അർക്കൈർവസൂയവോ മതയോ ദസ്മ ദദ്രുഃ |**
**പതിം ന പത്നീരുശതീരുശന്തം സ്പൃശന്തി ത്വാ ശവ സാവൻമനീഷാഃ ||**

ഹേ അത്മുതകർമ്മാവേ! പ്രാചീനധർമ്മങ്ങളുടെ ആഗ്രഹ ങ്ങളോടുകൂടി അഭിനവങ്ങളായ സ്തോത്രങ്ങളാൽ ഋഷിഗണ ങ്ങൾ നിന്നെ ശാന്തനാക്കുന്നു. അഭിലാഷത്തോടെ പതിയെ പ്രാപിക്കുന്ന പത്നിയെപ്പോലെ ഈ സ്തുതികൾ നിന്നെ പ്രാപിക്കുന്നു.

**12. സനാദേവ തവ രായോ ഗഭസ്തൗ ന ക്ഷീയന്തേ**

**നോപദസ്യന്തി ദസ്മ |**
**ദ്യുമാം അസി ക്രതുമാം ഇന്ദ്ര ധീരഃ**
**ശിക്ഷാ ശചീവസ്തവ നഃ ശചീഭിഃ ||**

ഹേ വിചിത്രനായ ഇന്ദ്രാ! നിൻെറ സമ്പത്തിന് കുറവും, നാശവും സംഭവിക്കുന്നില്ല. നീ ദീപ്തിയുക്തനും ജ്ഞാന യുക്തനും ദൃഢവിചാരത്തോടുകൂടിയവനുമാകുന്നു. ഞങ്ങ ൾക്ക് ധനവും ശക്തിയും പ്രദാനം ചെയ്യു.

**13. സനായതേ ഗോതമ ഇന്ദ്ര നവ്യമതക്ഷദ്ബ്രഹ്മ ഹരിയോജനായ |**
**സുനീഥായ ന്വ ശവസാന നോധാഃ**
**പ്രാതർമക്ഷുധിയാവസുർജഗമ്യാത് ||**

ഹേ ഇന്ദ്രാ! പുതാണപുരുഷാ! അഗ്രണിയായ നീ രഥ ത്തിൽ അശ്വങ്ങളെ ചേർത്ത് ബന്ധിക്കുന്നു. ഗൗതമൻമാർ അഭിനവങ്ങളായ സ്തോത്രങ്ങൾ രചിച്ചിരിക്കുന്നു. പ്രഭാത ത്തിൽ അതിവേഗം എഴുന്നള്ളിയാലും.

# സൂക്തം 63

**ഋഷി നോധാഗൗതമൻ ദേവത ഇന്ദ്രൻ ഛ ന്ദ സ് പംക്തി**

**1. ത്വം മഹാം ഇന്ദ്രയോ ഹ ശുഷ്മൈർദ്യാവാ ജജ്ഞാനഃ പൃഥിവീ അമേ ധാഃ |**
**യദ്ധ തേ വിശ്വാ ഗിരയശ്ചിദഭ്വാ ഭിയാ ദൃളഹാസഃ കിരണാ നൈജൻ ||**

ഹേ ഇന്ദ്രാ! നീ മഹാനാകുന്നു. നീ പ്രത്യക്ഷമായപ്പോൾ തന്നെ ശക്തിയാൽ ആകാശത്തേയും ഭൂമിയേയും ധാരണം ചെയ്തു. അപ്പോൾ നിന്നോടുള്ളഭയം എല്ലാ ജീവികളും, മഹാപർവ്വതങ്ങളും കിരണങ്ങൾക്കു സമാനം വിറയ്ക്കുവാൻ തുടങ്ങി.

**2. ആ യദ്ധരീ ഇന്ദ്ര വിവ്രതാ വേരാ തേ വജ്രം ജരിതാ ബാഹ്വോർധാത് |**
**യേനാ വിഹര്യതക്രതോ അമിത്രാൻപുര ഇഷ്ണാസിപുരുഹൂത പൂർവീഃ ||**

ഹേ നിഷ്കാമാ! സ്തുത്യനായ ഇന്ദ്രാ! നീ സ്വന്തം അശ്വ ങ്ങളെ കൊവരുമ്പോൾ സ്തോതാവ് അങ്ങയുടെ കരങ്ങ ളിൽ വജ്രായുധം നൽകുന്നു. ആ ആയുധത്താൽ നീ ശത്രു ക്കളെ പ്രഹരിച്ച് അവരുടെ ദുർഗങ്ങളെ തകർക്കുന്നു.

**3. ത്വം സത്യ ഇന്ദ്ര ധൃഷ്ണുരേതാന്ത്വമൃഭുക്ഷാ നാര്യസ്ത്വംഷാട് |**
**ത്വം ശുഷ്ണം വൃജനേ പൃക്ഷ ആണൗ യൂനേ കുത്സായ ദ്യുമതേ സചാഹന് ||**

ഹേ സത്യസ്വരൂപനായ ഇന്ദ്രാ! നീ ശത്രുക്കളെ കീഴട ക്കുന്നവനും മഹാനുമാകുന്നു. മനുഷ്യരുടെ ഹിതാനുവർ ത്തിയായ വിജേതാവും നീ തന്നെയാണല്ലോ. നീ യുവാവായ കുത്സൻെറ സഹായിയായി യുദ്ധത്തിൽ ശുഷ്ണൻെറ വധം നിർവഹിച്ചു.

**4. ത്വം ഹ ത്യദിന്ദ്ര ചോദീഃ സഖാ വൃത്രം യദ്വജ്രിന്വൃഷ കുർമ്മന്നുമ്നാഃ |**
**യദ്ധ ശൂര വൃഷമണഃ പരാചൈർവി ദസ്യൂയോനാവ കൃതോ വൃഥാഷാട് ||**

ഹേ വീരകർമ്മാവായ വജ്രായുധാ! നീ മിത്രത്ത്വത്തെ നില നിർത്തുന്നു. വൃത്രനെ വധിച്ച് രാക്ഷസൻമാരെ അവരുടെ ഗൃഹസഹിതം നീ നശിപ്പിച്ചു.

**5. ത്വം ഹ ത്യദിന്ദ്രാരിംഷണ്യൻദൃളഹസ്യ ചിൻമർതാനാമജൂഷ്ടൗ |**
**വ്യസ്മദാ കാഷ്ഠാ അർവതേ വർഘനേവ വജ്രിഞ്ഛ്രഥിഹ്യാമിത്രാൻ ||**

ഹേ ഇന്ദ്രാ! നീ യജ്ഞരഹിതനായ മനുഷ്യനേപ്പോലും പീഡിപ്പിക്കുന്നില്ല. വജ്രധാരിയായ നീ ഞങ്ങളുടെ കുതിര കളുടെ ലക്ഷ്യത്തെ വിഘ്നരഹിതമാക്കണേ. മൂർച്ചയേറിയ വജ്രത്താൽ ഞങ്ങളുടെ ശത്രുക്കളുടെ വിനാശം വരുത്തണേ.

**6. ത്വാം ഹ ത്യദിന്ദ്രാർണസാതൗ സ്വർമീളഹേ നര ആജാഹവന്തേ |**
**തവ സ്വധാവ ഇയമാ സമര്യ ഊതിർവാജേഷ്വത സായ്യാ ഭൂത് ||**

ഹേ ഇന്ദ്രാ! ധനപ്രാപ്തിക്കും കീർത്തിക്കുംവേ മനു ഷ്യർ, യുദ്ധതതിൽ സഹായാർത്ഥം നിന്നെ ആഹ്വാനം ചെയ്യുന്നു. യുദ്ധരംഗത്ത് നിൻെറ സഹായം നിരന്തരം ലഭി ക്കുന്നു.

**7. ത്വം ഹ ത്യദിന്ദ്ര സപ്ത യുധ്യൻപുരോ വജ്രിൻപുരുകുത് സായ ദർദഃ |**
**വർഹിർന യത്സുദാസേ വൃഥാ വർഗ്ഗഹോ രാജന്വരിവഃ പൂരർവേ കഃ ||**

ഹേ വജ്രായുധാ! പുരുകുത്സനുവേ യുദ്ധം ചെയ്ത നീ സപ്തദുർഗ്ഗങ്ങളും തകർത്തു. നീ സുദാസനുവേ ശത്രുക്കളെ കുശപ്പുല്ലിനുസമാനം വെട്ടിവീഴ്ത്തി. പുരുരാജാ വിൻെറ ദാരിദ്ര്യം അകറ്റി അയാൾക്ക് ധനം നൽകി.

**8. ത്വം ത്യാം ന ഇന്ദ്ര ദേവ ചിത്രാമിഷമാപോ ന പീപയഃ യരിജ്മൻ |**
**യയാ ശൂര പ്രത്യസ്മഭ്യം യംസി ത്മനമൂർജം ന വിശ്വധ ക്ഷരധ്യൈ ||**

ഹേ ഇന്ദ്രാ! ജലത്തിനുതുല്യം വിഭിന്നങ്ങളായ അന്നങ്ങളെ അഭിവൃദ്ധിപ്പെടുത്തു. നീ ഞങ്ങൾക്കായി ജീവനും ശക്തിയും പ്രദാനം ചെയ്യുന്നു.

**9. അകാരി ത ഇന്ദ്ര ഗോതമേഭിർ ബ്രഹ്മണ്യോക്താ നമസാ ഹരിഭ്യാം |**
**സുപേശസം വാജമാഭരാ നഃ പ്രാതർമക്ഷു ധിയാവസുർജഗമ്യാത് ||**

ഹേ ഇന്ദ്രാ! ഗൗതമൻമാർ നിന്നെ മന്ത്രയുക്തങ്ങളായ സ്തുതികളാൽ ആരാധിച്ചു. നിൻെറ അശ്വങ്ങളേയും നമസ്ക രിച്ചു. നീ ഞങ്ങൾക്ക് ശ്രേഷ്ഠ ധനം നൽകി പ്രഭാതത്തിൽ അതിവേഗം ഇങ്ങോട്ടെഴുന്നള്ളു.

# സൂക്തം 64

ഋഷി നോധാഗൗതമൻ ദേവത ഇന്ദ്രൻ ഛ ന്ദ സ ് ജഗതി, ത്രിഷ്ടുപ്

1. വൃഷ്ണേ ശർദായ സുമഖായ വേധസേ നോധഃ
സുവൃക്തിം പ്ര ഭരാ മരുദ്ഭ്യഃ |
അപോ ന ധീരോ മനസാസുഹസ്തോ ഗിര
സമഞ്ജേ വിദഥേഷ്വാഭുവഃ ||

ഹേ നോധാ മഹർഷേ! പൗരുഷവാനും പൂജ്യനും ജ്ഞാനിയുമായ മരുത്തിനെ സ്തുതിച്ചാലും. കർമ്മവാനായ വ്യക്തി ജലതർപ്പണം ചെയ്യുന്നതുപോലെ തന്നെ ഞാൻ സ്തുതികൾ വർഷിക്കുന്നു.

2. തേ ജ ജ്ഞിരേ ദിവ ഋഷ്വാസ ഉക്ഷണോ രുദ്രസ്യ മര്യ
അസുരാ അരേപസഃ |
പാവകാസഃ ശുചയ; സൂര്യാ ഇവ സത്വാനോ ന
ദ്രപ്സിനോ ഘോരവർപസഃ ||

അവർ മഹത്തുക്കളും സമർത്ഥൻമാരും മരുത്തുക്കസുടെ പുത്രരും ആകുന്നു. അവർ പ്രാണവാൻമാരും, നിഷ്പാപരും പവിത്രകർത്താക്കളും സൂര്യനുതുല്യം തേജസ്വികളും ഉഗ്ര രൂപൻമാരുമാകുന്നു.

3. യുവാനാ രുദ്രാ അജരാ അഭോഗ്ഘനോ വവക്ഷുര
ധ്രിഗാവഃ പർവതാ ഇവ |
ദൃളഹാ ചിദ്വിശ്വാ ഭുവനാനി പാർഥിവാ പ്ര
ച്യാവയന്തി ദിവ്യാനി മജ്മനാ ||

യുവാക്കളും, അജരൻമാരും, ദാനം ചെയ്യാത്തവരെ ഹിംസിക്കുന്നവരും, അബാധ്യഗതിയായി ചലിക്കുന്നവരുമായ മരുതഗണം പർവ്വതങ്ങൾക്ക് തുല്യം മഹത്ത്വത്തോടു കൂടിയ വരായി തങ്ങളുടെ ശക്തിയാൽ ആകാശത്തിലും ഭൂമിയിലും ജനിച്ചിട്ടുളള എല്ലാ ജീവികളേയും വിറപ്പിക്കുന്നു.

4. ചിത്രൈരഞ്ജിഭിർവപുഷേ വ്യഞ്ജതേ വക്ഷഃസു
രുക്മാം അധി യേതിരേ ശുഭേ |
അംസേഷ്വേഷാം നി മിമൃക്ഷുർ ഋഷ്ടയഃസാകം
ജജ്ഞിരേസ്വധായ ദിവോ നരഃ ||

ശോഭയ്ക്കുവേ വിവിധാലംകാരങ്ങളാൽ അലംകരിക്ക പ്പെട്ടവരായ മരുത്ഗണങ്ങൾ സ്വർണ്ണാഭരണങ്ങൾ ധരിച്ചു. അവർ തോളിൽ അസ്ത്രങ്ങളും ധരിച്ച് സ്വയം ആകാശത്തിൽ പ്രത്യക്ഷരായി.

5. ഈശാനകൃതോ ധുനയോ രിശാദസോ
വാതാൻമിദ്യുത സ്തവിഷീഭിരക്രത |
ദുഹന്ത്യൂധർദിവ്യാനി ധൂതയോ ഭൂമിംപിന്വന്തി
പയസഃ പരിജ്രയഃ ||

ഐശ്വര്യദാതാക്കളും ശത്രുക്കളെ ഭയഭീതരാക്കുന്നവരും ഭക്ഷകരുമായ മരുത്തുക്കൾ തങ്ങളുടെ ശക്തിയാൽ വായു വിനേയും വിദ്യുത്തിനേയും പ്രകടമാക്കി. സർവ്വത്രഗമൗ ശീലരായ അവർ ആകാശസ്ഥിതമായ മേഘത്തെ കറന്ന് ഭൂമി യെസേചനം ചെയ്തു.

6. പിന്വന്ത്യപോ മരുതഃ സുദാനവഃ പയോ
ഘൃതവദ്വിദഥേഷ്വാഭുവഃ |
അത്യം ന മിഹേ വി നയന്തി വാജിനമുത്സം
ദുഹന്തിസ്തനയന്തമക്ഷിതം ||

കല്യാണകാരികളായ മരുത്ഗണം യജ്ഞത്തിൽ ഘൃത ത്തെ വെള്ളംപോലെ വർഷിക്കുന്നു. അശ്വതുല്യമായ മേഘ ത്തെ വർഷത്തിനുവേ പ്രേരിപ്പിക്കുകയും അതിനെ ദോഹ നം ചെയ്യുകയും ചെയ്യുന്നു.

7. മഹിഷാസോ മായിനശ്ചിത്രഭാനവോ ഗിരയോ ന
സ്വതവസോ രഘുഷ്യദഃ |
മൃഗാ ഇവ ഹസ്തിനഃ സ്വാദഥ വനാ
യദാരുണീഷു തവിഷീരയുഗ്ധ്വം ||

ഹേ മരുത്തുക്കളേ! മഹാജ്ഞാനികളായ നിങ്ങൾ ദീപ്ത യുക്തങ്ങളായ പർവ്വതങ്ങൾക്കുതുല്യം ഉന്നതരും ആനകൾ ക്കുതുല്യം വനത്തെ ഭക്ഷണമാക്കുന്നവരുമാകുന്നു.നിങ്ങൾ ചുവപ്പുവർണ്ണമുള്ള അഗ്നിക്ക് ശക്തി പ്രദാനം ചെയ്തിരി ക്കുന്നു.

8. സിംഹാ ഇവ നാനദതി പ്രചേതസഃ പിശാ ഇവ
സുപിശോ വിശ്വവേദസഃ |
ക്ഷപോ ജിന്വന്തഃ പൃഷതീഭിർഋഷ്ടിഭിഃ
സമിത്സബാധശവസാഹിമന്യവഃ ||

മഹാജ്ഞാനികളും മാൻപേടകളെപ്പോലെ സൗന്ദര്യ മുള്ളവരും സമസ്ത ഐശ്വര്യങ്ങളാൽ യുക്തരും അത്മുത ങ്ങളായ ആയുധങ്ങളാൽ സമ്പന്നരും പ്രജാപീഡകൻമാരുടെ അന്തകൻമാരും ആയ മരുത്ഗണങ്ങൾ സിംഹങ്ങളെപ്പോലെ ക്രോധത്താൽ ഗർജ്ജിക്കുന്നു.

9. രോദസീ ആ വദതാ ഗണശ്രിയോ നൃഷാചഃ ശൂരാഃ
ശവസാഹിമന്യവഃ |
ആ ബന്ധുരേഷ്വമതിർന ദർശതാ വിദ്യുന്ന
തസ്ഥൗമരുതോ രഥേഷു വഃ ||

ഹേ ഗതിശീശരായ വീരൻമാരേ! ഉപകാരകളേ! ശത്രുനാശ കരായ മരുത്തുക്കളേ! നിങ്ങൾ ക്രോധത്താൽ വർദ്ധിച്ചു ശക്തികയോടുകൂടി ആകാശത്തേയും ഭൂമിയേയും മാറ്റൊലി ക്കൊള്ളിക്കൂ. നിങ്ങളുടെ രഥത്തിൽ ചന്ദ്രികയ്ക്കുതുല്യം കാന്തിമതിയായ വിദ്യുത്രൂപിണീദേവ വിരാജിക്കുന്നു.

10. വിശ്വവേദസോ രയിഭിഃ സമോകസഃ സംമിശ്ലാസസ്ത
വിഷീഭിർവിരപ്ശിനഃ |
അസ്താര ഇഷും ദധിരേ ഗഭസ്ത്യോരനം
തശുഷ്മാവൃഷേഖാദയോ നരഃ ||

സമ്പൂർണ്ണഐശ്വര്യവാൻമാരും ശക്തരും ശത്രുവിനാശ കരും രണകുശലരുമായ മരുതതുക്കൾ ഇരുകരങ്ങളിലും ആയുധം ധരിച്ചിരിക്കുന്നു.

11. ഹിരണ്യയേഭിഃ പവിഭിഃ പയോവൃധ ഉജ്ജിഘ്നന്ത
ആപഥ്യോ ന പർവതാൻ |
മഖാ അയാസഃ സ്വസൃതോ ധ്രുവച്ചുതോ ദുധ്രകൃതോ
മരുതോ ഭ്രാജദൃഷ്ടയഃ ||

ജലത്തെ വർഷിപ്പിക്കുന്ന പൂജ്യരും ദ്രുതഗാമികളും അചല ങ്ങളായ വസ്തുക്കളെ ചലിപ്പിക്കുന്നവരും അബാധഗതി യുക്തരും ആയ മരുത്ഗണങ്ങൾ സ്വർണ്ണരഥത്തിൻെറ ചക്രങ്ങളാൽ മേഘങ്ങളെ ഉടയ്ക്കുന്നു.

12. ഘൃഷും പാവകം വനിനം വിചർഷണിം രുദ്രസ്യസൂനം

**ഹവസാ ഗൃണോമസി |**
**രജസ്തുരം തവസം മാരുതം ഗണമൃജിഷിണം**
**വൃഷണം സശ്ചതശ്രിയേ ||**

ശത്രുനാശകരും പതിതപാവനരും ബഹുകർമ്മാക്കളും രുദ്രപുത്രൻമാരുമായ മരുത്തുക്കളെ ഞങ്ങൾ സ്തുതിക്കുന്നു. ധൂളിപ്രേരകരും, വൃദ്ധിപ്രദരും, വീര്യവാൻമാരുമായ മരുത്തു ക്കളുടെ സന്നിധിയിൽ ധനത്തിനായി പോകുവിൻ.

**13. പ്ര നൂ സ മർതഃ ശവസാ ജനാം അതി ത സ്ഥൗ വ ഊതി മരുതോ യമാവത |**
**അർവദ്ഭിർവാജം ഭരതേ ധനാ നൃഭിരാപൃച്ഛ്യം ക്രതുമാ ക്ഷേതി പുഷ്യതി ||**

ഹേ മരുത്തുക്കളേ! നിങ്ങൾ രക്ഷിക്കപ്പെട്ട മനുഷ്യൻ എല്ലാ മനുഷ്യരേക്കാളും ശക്തനായിരിക്കുന്നു. അവൻ അശ്വ ങ്ങളാൽ അന്നവും മനുഷ്യരാൽ ധനവും സമ്പാദിച്ച് ഉത്തമ മായ യജ്ഞംവഴി സുഖം പ്രാപിക്കുകയും ചെയ്യുന്നു.

**14. ചർകൃത്യം മരുതഃ പൃത്സു ദുഷ്ടരം ദ്യുമന്തം ശുഷ്മം മഘവത്സുധത്തന |**
**ധനസ്പൃതമുക്ഥ്യം വിശ്വചർഷണീം തോകം പുഷ്യേമ തനയം ശതം ഹിമാഃ ||**

ഹേ മരുത്തുക്കളേ! കാര്യങ്ങളിൽ സമർത്ഥരും യുദ്ധ ങ്ങളിൽ അജയ്യരും ദീപ്തിമാൻമാരുമായ നിങ്ങൾ ഞങ്ങളിൽ ശക്തിയെ സ്ഥാപിക്കണേ. ഞങ്ങൾ സ്വന്തം പുത്രൻമാരെ നൂറുവർഷക്കാലം പരിപാലിക്കുന്നവരായിത്തീരണേ.

**15. നൂ ഷ്ഠിരം മരുതോ വീരവന്തമൃതീഷാഹം രയിമസ്മാസു ധത്ത |**
**സഹസ്രിണം ശതിനം ശൂശുവാസം പ്രാതർമ ക്ഷൂധിയാവസുർജഗമ്യാത് ||**

ഹേ മരുത്ഗണമേ! നിങ്ങൾ ഞങ്ങൾക്ക് സ്ഥായിയും, ശത്രുക്കളെ ജയിക്കുന്നതും ആയ കഴിവു നൽക ണേ.ഞങ്ങൾക്ക് ശതസഹസ്രം (ഒരു ലക്ഷം) സംഖ്യയിൽ ധനം നൽകണേ. നിങ്ങൾ പ്രഭാതത്തിൽ അതിവേഗം ഞങ്ങ ളെ സമീപിക്കണേ.

# അനുവാകം 12 സൂക്തം 65

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി**

**1. പശ്വാ ന തായും ഗുഹാ ചതന്തം നമോ യുജാനം നമോ വഹന്തം |**
**സജോഷാ ധീരാഃപദൈരനുഗ്മന്നുപ ത്വാ സീദന്വിശ്വേ യജത്രാഃ ||**

ഹേ അഗ്നേ! പശുക്കളെ മേയ്ക്കുന്നവരുടെ പിന്നിലായി സഞ്ചരിക്കുന്ന മനുഷ്യനു തുല്യം നിന്റെ പാദ ചിഹ്നങ്ങളിൽകൂടി ജ്ഞാനികളായ ദേവതകൾ ചരിക്കട്ടെ. നീ യജ്ഞം ധാരണം ചെയ്യുന്ന ദേവതകൾക്കു ഹവിസ്സ് കൊണ്ടുചെന്നു നൽകുന്നു. അതിനാൽ ദേവതകൾ നിന്നെ പ്രാപിക്കുന്നു.

**2. ഋതസ്യ ദേവാ അനുവ്രതാ ഗുർഭുവത് പരിഷ്ടിർദ്യൗർനഭൂമ |**
**വർധന്തീമാപഃ പന്വാ സുശിശ്വിമൃതസ്യ യോനാ ഗർഭേ സുജാതം ||**

ദേവഗണം അഗ്നിയെ അന്വേഷിച്ച് ഭൂമിയിൽവന്നു. അഗ്നി ജലഗർഭത്തിൽ ജനിക്കുകയും സ്തോത്രങ്ങളാൽ അഭിവൃദ്ധി പ്പെടുകയും ചെയ്തു.

**3. പുഷ്ടിർന രണ്വാ ക്ഷിതിരന പൃഥ്വീ ഗിരിർന ഭുജ്മക്ഷോദോ ന ശംഭു|**
**അത്യോ നാജ്മൻത്സർഗ പ്രതക്തഃ സിന്ധുർന ക്ഷോദഃ ഇനം വരാതേ ||**

അഗ്നി അഭീഷ്ടഫലങ്ങളുടെ ആശ്വാസംപോലെ രമണീ യവും, ഭൂമിക്കുതുല്യം വിസ്തൃതവും പർവ്വതത്തിനു തുല്യം ഭോജന ദാതാവും, ജലത്തിനു തുല്യം ശാന്തിപ്രദനും അശ്വ ത്തിനു തുല്യം അഗ്രണിയും സമുദ്രജലത്തിനു തുല്യം വിശാലവുമാകുന്നു. ഇവനെ ആർക്കുതടയുവാൻ കഴിയും?

**4. ജാമിഃ സിന്ധൂനാം ഭ്രാതേവ സ്വസ്രാമിഭ്യാന്ന രാജവനാന്യത്തിഃ |**
**യദ്വാതജൂതോ വനാ വ്യസ്ഥാദഗ്നിർഹ ദാതി രോമാപൃഥിവ്യാഃ ||**

സഹോദരി സഹോദരനെപ്പോലെ ജലത്തിന്റെ ഭ്രാതാവായ അഗ്നി രാജാവു ശത്രുക്കളെ എന്നപോലെ വനങ്ങളെ ഭക്ഷിക്കുന്നു. വായുവിന്റെ സംയോഗത്തോടുകൂടി വനങ്ങളിൽ വ്യാപിക്കുന്നു. അപ്പോൾ ഭൂമിയുടെ വനസ്പതി രൂപമായ രോമങ്ങളെ നിശേഷം നശിപ്പിച്ചുകളയുന്നു.

**5. ശ്വസിത്യപ്സു ഹസോം ന സീദൻ ക്രത്വാ ചേതിഷ്ഠോ വിശാമുഷർഭുത് |**
**സോമോ ന വേധാ ഋതപ്രജാതഃ പശുർന ശിശ്വാവ ഭുർഭൂരഭോഃ ||**

അഗ്നിജലത്തിൽ അരയന്നത്തിനുസമാനം പ്രാണധാരണം ചെയ്യുന്നു. ഉഷസിൽ ചൈതന്യവാനായി മനുഷ്യരെ ഉണർത്തുന്നു. സോമത്തിനുസമാനം ഔഷധികളെ വളർത്തുന്നു. ബാലകനുതുല്യം പ്രദീപ്തമാകുന്ന അഗ്നിവളർന്ന്, വിസ്തൃതമായ പ്രകാശത്തോടുകൂടിത്തീരുന്നു.

# സൂക്തം 66

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി**

**1. രയിർന ചിത്രാ സൂരോ ന സംദൃഗായുർന പ്രാണോനിത്യോ ന സൂനുഃ |**
**തകാ ന ഭൂർണിർവനാ സിഷക്തി പയോ ന ധേനുഃ ശുർചിർവിഭാവാ ||**

രമണീയനായ അഗ്നി ധനത്തിനുതുല്യം അത്ഭുതനും സൂര്യനു തുല്യം ദ്രഷ്ടാവും ജീവനുതുല്യം പ്രാണവാനും പുത്രനുതുല്യം നിത്യബാന്ധമുള്ളവനും അശ്വത്തിനു സമാനം ദ്രുഗാമിയും ഗോവിനുതുല്യം ഉപകാരിയും ആകുന്നു. അദ്ദേഹം തന്റെ ദീപ്തിയാൽ വനങ്ങളെ ഭസ്മീകരിക്കുന്നു.

2. ദാധാര ക്ഷേമമോകോ ന രണ്വോ യവോ ന
പക്വോജേതാ ജനാനാം |
ഋഷിർന സ്തുഭ്വാ വിക്ഷു പ്രശസ്തോ വാജീ ന
പ്രീതോ വയോ ദധാതി ||

അഗ്നിഗൃഹംപോലെ രമണീയനും, അന്നത്തിനുസമാനം പരിപക്വനും ഋഷികളെപ്പോലെ പ്രശംസിതനും, സ്തോതാവിനാൽ സ്തുത്യനുമാകുന്നു. അവൻ അശ്വത്തിനു സമാനം മഹാശക്തനുമാണ്.

3. ദുരോകശോചിഃ ക്രതുർന നിത്യോ ജായേവ യോനാ
വരം വിശ്വസ്മൈ |
ചിത്രോ യദഭ്രാട് ഛ്വേതോ ന വിക്ഷു രഥോ
ന രുക്മീ ത്വേഷഃ സമത്സു ||

ശ്രമസാധ്യനായ അഗ്നിതേജസ്വിയും യജ്ഞരൂപനിമാകുന്നു. അദ്ദേഹം സമർത്ഥയായ ഗൃഹിണിയെപ്പോലെ വീട്ടിൽ വസിക്കുമ്പോൾ പ്രജകളിൽ സൂര്യനെപ്പോലെ പ്രകാശിതനാകുന്നു.

4. സേനേവ ശൃഷ്ടാമം ദധാത്യസ്തുരന വിദ്യൻത്വേഷ
പ്രതീകാ |
യമോ ഹ ജാതോ യമോ ജനിത്വം ജാരഃ കനീനാം
പ്രതിർജനീനാം ||

സമർത്ഥരായ സേനകൾക്കു സമാനം ഭയഭീതനാക്കുന്നവനും അസ്ത്രധാരിയ്ക്കു തുല്യം ശക്തനും ദീപ്തിയുക്തമായ മുഖത്തോടുകൂടിയവനുമാകുന്നു. ജനിച്ചവയും ഭാവിയിൽ ജനിക്കുവാനുള്ളവയും എല്ലാം അഗ്നിരൂപം തന്നെയാണ്. അഗ്നി കന്യകമാരുടെകൗമര്യം അവസാനിപ്പിക്കുന്നവനും വിവാഹിതകളുടെ പതിയുമാകുന്നു. (സ്ത്രീകൾ ഗാർഹപത്യാഗ്നിയെ പതിയോടുകൂടി നിത്യം പൂജിക്കുന്നു, ഈ വീക്ഷണത്തിൽ അദ്ദേഹം പതിയെന്നുപറയപ്പെടുന്നു.)

5. തം വശ്ചരാഥാ വയം വസത്യാസ്തം ന ഗാവോ നക്ഷന്ത
ഇദ്ധം |
സിന്ധുർന ക്ഷോദഃപ്ര നീചീരൈനോന്നവന്ത
ഗാവഃ സ്വർദ്ദൃശീകേ ||

മൃഗത്തിൻേറയും (പശുവിൻെറ പാലും നെയ്യും) അന്നത്തിൻേറയും ആഹുതിയിൽനിന്നും പ്രദീപ്തമായ അഗ്നിയെ നമുക്കു പ്രാപിക്കാം. ആ അഗ്നി ഒഴുകുന്ന ജലംപോലെ ജ്വാലകളെ പ്രവഹിപ്പിക്കുന്നു. അദ്ദേഹത്തിൻെറ ദർശനീയങ്ങളായ കിരണങ്ങൾ ആകാശോപരി ഉയരുന്നു.

# സൂക്തം 67

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി**

1. വനേഷു ജായുർമർതേഷു മിത്രോ വൃണീതേ
ശ്രുഷ്ടിംരാജേവാജൂര്യം |
ക്ഷേമോ ന സാധുഃ ക്ര തുർന്ന ഭദ്രോ ഭുവത്സ്വാധീർ |
ഹോതാ ഹവ്യവാട് ||

സർവ്വഗുണസമ്പന്നനായ വീരപുരുഷനെ രാജാവു ബഹുമാനിക്കുന്നതുപോലെ തന്നെ വനങ്ങളിൽ ഉത്ഭവിച്ച ജയശീലനായ അഗ്നി യജമാനൻെറ മേൽ കൃപാവർഷം ചൊരിയുന്നു. ആ അഗ്നി ചതുരനുസമാനം അനുകൂലവും ജ്ഞാനത്തിനുതുല്യം മംഗളകാരിയുമായിരിക്കട്ടെ.

2. ഹസ്തേ ദധാനോ നൃമ്ണാ വിശ്വാന്യമേ
ദേവാന്ധാദ്ഗുഹാ നിഷീദൻ |
വിദന്തീമത്ര നരോ ധിയസ ഹൃദായതക്ഷാൻ
മന്ത്രാം അശംസൻ ||

അഗ്നി ഹവിസുകളെ കരങ്ങളിൽവഹിച്ച് ഗുഹാഹൃദയത്തിലിരുന്നു. ഇതിൻെറ പരിണാമ ഫലമായി ദേവതകൾ ഭയഭീതരായിത്തീർന്നു. ഈ ഗുഹാസ്ഥിതനായ അഗ്നിയെ ജ്ഞാനികൾ ഹൃദയത്തിൽനിന്നും ഉത്ഭവിച്ച സ്തുത്യോച്ചാരണം വഴി തിരിച്ചറിയുന്നു.

3. അജോ ന ക്ഷാം ദാധാര പൃഥിവീം തസ്തംഭ ദ്യാം
മന്ത്രേഭിഃ സത്യൈഃ |
പ്രിയാ പദാനി പശ്വോ നി പാഹി വിശ്വായുരഗ്നേ
ഗുഹാ ഗുഹം ഗാഃ ||

സൂര്യൻ ഭൂമിയെ വഹിക്കുന്നതുപോലെ അഗ്നി അന്തരീക്ഷത്തെ ധരിക്കുന്നു. അതുപോലെ തന്നെ സത്യസങ്കൽപ്പങ്ങളാൽ ആകാശത്തേയും ധാരണം ചെയ്തിരിക്കുന്നു. ഹേ അഗ്നി! നീ മൃഗങ്ങളുടെ ആവാസ സ്ഥാനത്തെ സംരക്ഷിക്കണേ. എല്ലാ ജീവികളുടെയും ആയുർരൂപമായി നീ ഗുഹയിൽക്കൂടി പ്രവേശിക്കണേ.

4. യ ഈം ചികേത ഗുഹാ ഭവന്തമാ യഃ സസാദ
ധാരാമൃതസ്യ |
വി യേ ചൃതാന്തൃറ്താ സപന്ത ആദിദ്വസൂനി
പ്ര വവാചാമൈ ||

ആര് ഗുഹാസ്ഥിതനായ അഗ്നിയെ തിരിച്ചറിയുന്നോ ആര് യജ്ഞാനുഷ്ഠാനങ്ങളിൽ അഗ്നിയെപ്രദീപ്തമാക്കുന്നോ ആ യജമാനന് അവൻ അതിവേഗം ധനം നൽകുന്നു.

5. വി യോ വീരുത്സുരോധൻമഹിത്വോത പ്രജാ
ഉത പ്രസൂഷ്വന്തഃ |
ചിതത്തിരപം ദമേ വിശ്വായുഃ സദ്മേവ
ധീരാഃ സംമായ ചക്രുഃ ||

യാതൊരഗ്നി ഔഷധികളിൽ തൻെറ ഗുണത്തെ സ്ഥാപിച്ചിരിക്കുന്നുയോവാ യാതൊരുതതത്തൻ ലതകളിൽ വിഭിന്നങ്ങളായ ഫലപുഷ്പാദികൾ പ്രകടമാക്കിയിരിക്കുന്നുവോ, ജ്ഞാനികളായവർ ജലത്തിൽ സ്ഥിതിചെയ്യുന്ന ആയുർരൂപമായ ആ അഗ്നിയെപൂജിച്ച് ശരണം പ്രാപിക്കുന്നു.

# സൂക്തം 68

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി**

1. ശ്രീണന്നു സ്ഥാദ്ദിവം ഭുരണ്യുഃ|
സ്ഥാതുശ്വരഥമക്തൂൻവ്യൂർണോത് |
പരിയദേഷാമേകോ വിശ്വേഷാം ഭുവദ്ദേവോ
ദേവാനാം മഹിത്വാ ||

ശീഘ്രം കാര്യങ്ങൾ നടത്തുന്ന അഗ്നി സ്ഥാവരജംഗമ വസ്തുക്കളെ

പരിപക്വമാക്കി ആകാശം പ്രാപിക്കുന്നു. അവിടെ രാത്രികളെ അന്ധകാരരഹിതമാക്കുന്നതു കാരണം മറ്റു ദേവതകളേക്കാൾ ഇവൻ അധികം മഹിമയുള്ളവനായിത്തീർന്നു.

**2. ആദിത്തേ വിശ്വേ ക്രതും ജൂഷന്ത ശുഷ്ക്കാദ്യദ്ദേവ ജീവോ ജനിഷ്ഠാഃ |**
**ഭജന്ത വിശ്വേ ദേവത്വം പാമ ഋതം |**
**സപന്തോ അമൃതമേവൈഃ ||**

ഹേ അഗ്നി! ഉണക്കത്തടികളുടെ ഘർഷണത്തിൽനിന്നും നീ ഉത്ഭവിച്ചു. അതിനുശേഷമാണ് എല്ലാ ദേവതകൾക്കും യജ്ഞത്തിൽവരാൻ സാധിച്ചത്.അവിനാശിയായ നിന്നെഅനുഗമിച്ചതിനാൽ അവർക്കെല്ലാം ദേവത്വം പ്രാപിക്കുവാൻ കഴിഞ്ഞു.

**3. ഋതസ്യ പ്രേഷാ ഋതസ്യധീതിര വിശ്വായുർ വിശ്വേ അപാംസി ചക്രുഃ |**
**യസ്തുഭ്യം ദാശാദ്യോ വാ തേ ശിക്ഷാത്തസ്മൈ ചി കിത്വാ ന്‌യിം ദയസ്വ ||**

എല്ലാ ജീവികളും അഗ്നിയുടെ പ്രേരണയാൽ യജ്ഞം നടത്തുന്നു.അഗ്നി തന്നെ വായുവാകുന്നു. വായുവിനുവേയും യജ്ഞം നടത്തുന്നു.അതറിഞ്ഞുകൊ് നീ ധനം പ്രദാനം ചെയ്യു.

**4. ഹോതാ നിഷത്തോ മനോരപത്യേ സ ചിന്ന്വാസാം പതീ രയീണാം |**
**ഇച്ഛന്ത രേതോ മിഥസ്തനൂഷു സം ജാനത സ്വൈർദക്ഷൈരമൂരാഃ ||**

മനുഷ്യരിൽ ഹോതാരൂപത്തിൽ വിരാജിക്കുന്ന അഗ്നിതന്നെ പ്രകളുടേയും ധനത്തിൻേറയും സ്വാമിയാകുന്നു. അവൻ നിങ്ങളുടെ ശക്തിയിൽ സന്താനോൽപ്പത്തി ആഗ്രഹിക്കുകയും സമർത്ഥമായി സന്താനയുക്തമാക്കുകയും ചെയ്തു.

**5. പിതുർന പുത്രാഃ ക്രതും ജൂഷന്ത ശ്രോഷന്യേ അസ്യശാസം തുരാസഃ |**
**വി രായ ഔർണോഹരഃ പുരുക്ഷുഃ പിപേശ നാകം സ്തൃഭിർദമൂനാഃ ||**

പിതാവിൻെറ കൽപ്പനകൾ മാനിക്കുന്ന പുത്രനെപ്പോലെ ആരെല്ലാം അഗ്നിയുടെ കൽപ്പനകൾ മാനിച്ചുവോ അവർക്കുവേി അന്നത്തിൻേറയും ധനത്തിൻേറയും ഭണ്ഡാരം അഗ്നി തുറന്നുകൊടുത്തു. യജ്ഞകർമ്മങ്ങളോടുകൂടിയ ഭവനങ്ങളിൽ ആ ശക്തനായ അഗ്നിതന്നെ നക്ഷത്രങ്ങളാൽ ആകാശം അലംകൃതമാക്കി.

# സൂക്തം 69

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി**

**1. ശുക്രഃ ശുശുക്വാം ഉഷോ ന ജാരഃ പപ്രാ സമീചീ ദിവോ ന ജ്യോതിഃ |**
**പരി പ്രജാതഃ ക്രത്വാ ബഭൂഥ ഭുവോ ദേവാനാം പിതാ പുത്രഃ സൻ ||**

ഉഷാപ്രേമിയായ സൂര്യനുസമാനം പ്രകാശിതനും, കാന്തിമാനുമായ നീ സൂര്യതുല്യമായ പ്രകാശത്താൽ ആകാശഭൂമികളെ പൂർണ്ണമാക്കുന്നു. ഹേ അഗ്നി! നീ ആവിർഭവിച്ചപ്പോൾതന്നെ വളർച്ചപ്രാപിച്ചവനായിത്തീർന്നു. നീ ദൂതരൂപത്താൽ ദേവതകളുടെ പുത്രസമാനനായിരുന്നിട്ടും ഹവിസ്സു നൽകി അവരുടെ പിതൃതുല്യനായിത്തീർന്നിരിക്കുന്നു.

**2. വേധാ അദൃപ്തോ അഗ്നിർവിജാനന്നൂധർന ഗോ നാം സ്വാദ്മ പിതൂനാം |**
**ജനേന ശേവ ആഹൂര്യഃ സൻമധ്യേ നിഷത്തോ രണ്വോദുരോണേ ||**

ബുദ്ധിമാനും, അഹങ്കാരരഹിതനും ഗോക്കളുടെ സ്തനത്തിനുസമാനം സ്വാദിഷ്ഠമായ അന്നത്തെ വർഷിപ്പിക്കുന്ന അഗ്നി, യജ്ഞകർമ്മങ്ങളനുഷ്ഠിക്കുന്നവരുടെവീടുകളിൽ വിളിക്കപ്പെടുമ്പോൾ വന്നുചേർന്ന് യജമാനനെ സുഖമുള്ളവനാക്കിത്തീർക്കുന്നു.

**3. പുത്രോ ന ജാതോ രണ്വോ ദുരോണേ വാജീ ന പ്രീതോ വിശോ വി താരീത് |**
**വിശോ യദഹ്വേ നൃഭിഃ സനീളാ അഗ്നിർ ദേവത്വാ വിശ്വാന്യശ്യാഃ ||**

വീട്ടിൽ ജനിച്ച പുത്രൻമാർക്കു തുല്യം സുഖദായകനായ അഗ്നി, വയറുനിറച്ചു തീറ്റനടത്തിയ അശ്വത്തെപ്പോലെ മനുഷ്യരെ ദുഃഖത്തിൻെറ മറുകരയെ്ക്കത്തിക്കുന്നു. ഞാൻ മനുഷ്യരോടുകൂടി യജ്ഞത്തിൽ വിശ്വദേവകളെ ആഹ്വാനം ചെയ്യുമ്പോൾ ഈ അഗ്നിതന്നെ എല്ലാ ദേവഭാവങ്ങളും പ്രാപിക്കുന്നു.

**4. നകിഷ്ട ഏതാ വ്രതാ മിനന്തി നൃഭ്യോ യദേഭ്യഃശ്രുഷ്ടിം ചകർഥ |**
**തത്തു തേ ദംസോ യദഹന്ത്സമാനൈർനൃഭിര്യർദ്യുക്തോ വിവേ രപാംസി ||**

ഹേ അഗ്നേ! ഏതെല്ലാം നിയമങ്ങളാൽ നിങ്ങൾ മനുഷ്യരെ സുഖികളാക്കിയോ, നിൻെറ ആ നിയമങ്ങൾ അലംഘ്യങ്ങളാണ്. നീ തന്നെ പാപരൂപമായ ദൈത്യനെ മനുഷ്യരുടെ സഹയോഗത്താൽ അടിച്ചോടിച്ചു.

**5. ഉഷോ ന ജാരോ വിഭാവോസ്രഃ സംജ്ഞാത രൂപശ്ചികേതദസ്മൈ |**
**ത്മനാ വഹന്തോ ദുരോ വ്യൃണ്വന്നവാത വിശ്വേ സ്വർദൃശീകേ ||**

ഉഷാ പ്രേമിയായ സൂര്യനു സമാനം പ്രകാശിക്കുന്നവനും, പ്രഖ്യാതനുമായ അഗ്നി എന്നെ അറിയട്ടെ. അഗ്നിയുടെ മനോ ഹരമായ ജ്വാലകൾ, ഹവിർവാഹകരായി യജ്ഞശാലയുടെ കവാടത്തെ തുറന്നു ആകാശമാർഗ്ഗത്തെ സ്വീകരിക്കുന്നു.

# സൂക്തം 70

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി**

**1. വനേമ പൂർവീരര്യോ മനീഷാ അഗ്നിഃ സുശോകോ വിശ്വാന്യശ്യാഃ |**
**ആ ദൈവ്യാനി വ്രതാ ചികിത്വാനാ മാനുഷസ്യജനസ്യ ജൻമ ||**

ഹേ മനുഷ്യരേ! വളരെ അന്നത്തെ ആശിക്കുന്ന നാം സ്തോത്രങ്ങൾ പഠിക്കട്ടെ. ഉത്തമപ്രകാശവാനായ അഗ്നീ! ദേവതകളുടെയും മനുഷ്യരുടെയും കാര്യങ്ങളേയും സൃഷ്ടിയുടെ രൂപതേതത്തയും അറിഞ്ഞുകൊ് എല്ലാത്തിലും വ്യാപിച്ചിരിക്കുന്നു.

**2. ഗർഭോ യോ അപാം ഗർഭോ വനാനാം ഗർഭശ്ച സ്ഥാതാം ഗർഭശ്ചരഥാം |**
**അദ്രൗ ചിദസ്മാ അന്തർദൂരോണേ വിശാം ന വിശ്വേ അമൃതഃ സ്വാധീഃ ||**

ഹേ അഗ്നീ! ജലം, വനം, സ്ഥാവരജംഗമങ്ങൾ ഇവയുടെ ബീജങ്ങളിൽ വിദ്യുമാനും അമരവും ധ്യാനയുക്തരായ ജീവികൾക്ക് ആത്മാവിനു തുല്യവുമായ നിന്നെ യജമാനൻെറ ഭവനത്തിലോ അഥവാ പർവ്വതത്തിലോ ഹവിസ് നൽകുന്നു.

**3. സ ഹി ക്ഷപാവാം അഗ്നീ രയീണാം ദാശദ്യോ അസ്മാ അരം സൂക്തൈഃ |**
**ഏതാ ചികിത്വോ ഭൂമാ നി പാഹി ദേവാനാം ജൻമ മർതാശ്ച വിദ്വാൻ ||**

രാത്രിയിൽ അഗ്നിയെ ഉത്തമമായി സ്തുതിക്കുന്നവർക്ക് ധനം നൽകുന്നു. ഹേ ചൈതന്യ ദേവനായ അഗ്നീ! നീ ദേവതകളേയും മനുഷ്യരേയും അറിഞ്ഞുകൊ് അവരുടെ രക്ഷകനാകു.

**4. വർധാന്യം പൂർവീഃ ക്ഷപോ വിരൂപാഃ |**
**സ്ഥാതുശ്ച രഥമൃതപ്രവീതം |**
**അരാധി ഹോതാ സ്വർനിഷത്തഃ**
**കൃണ്വന്വിശ്വാന്യപാംസി സത്യാ ||**

വിഭിന്നരൂപങ്ങളോടുകൂടിയ ഉഷസ്സും രാത്രിയും ഏതൊരഗ്നിയെ വളർത്തുന്നുവോ ആ അഗ്നി സ്ഥാവരവും ജംഗവുമായ എല്ലാ ജീവികൾക്കുംവേ് യജ്ഞത്തിൽ പ്രതിഷ്ഠിക്കപ്പെട്ട് ഉത്തമമായ കർമ്മാനുഷ്ഠാനങ്ങൾ ധവാരാ പ്രസന്നനാക്കപ്പെടുന്നു.

**5. ഗോഷു പ്രശസ്തിം വനേഷു ധിഷേ ഭരന്ത വിശ്വേ ബലിം സ്വർണഃ |**
**വി ത്വാ നരഃ പുരുത്രാ സപര്യൻപിതുർന ജിവ്രേർവി വേദോ ഭരന്ത ||**

ഹേ അഗ്നീ! അങ്ങയുടെ ഗുണം കിരണങ്ങളിലും നക്ഷത്രങ്ങളിലും സ്ഥാപിച്ചിരിക്കുന്നു. അവയെല്ലാം ഞങ്ങൾക്ക് പ്രകാശം നൽകുന്നു. മനുഷ്യർ വളരെക്കാലമായി അങ്ങയെ പൂജിച്ചുവരികയും വൃദ്ധപിതാവിൽനിന്നും പ്രാപിക്കുന്നതുപോലെ നിന്നിൽനിന്നും ധനം പ്രാപിചച്ചുകൊിരിക്കുകയും ചെയ്യുന്നു.

**6. സാധുർന ഗൃധ്നുരസ്തേവ ശൂരോ യാതേവ |**
**ഭീമസ്ത്വേഷഃ സമത്സു ||**

അഗ്നി പരോപകാരിക്കുസം ശുഭാഭിലാഷിയും ആയുധാഭ്യാസിക്കുസമം വീരനും വിധിയാളനുസമം വികരാളനും യുദ്ധരംഗത്ത് സാക്ഷാൽ തേജസ്വിയും ആകുന്നു.

# സൂക്തം 71

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി**

**1. ഉപ പ്ര ജിന്വന്നു ശതീരുശന്തം പതിം ന നിത്യം ജനയഃ സനീളാഃ |**
**സ്വസാരഃ ശ്യാവീമരുഷീമജുഷ്രഞ്ചിത്രമുച്ഛന്തീ മുഷസം ന ഗാവഃ ||**

പ്രേമപൂർണ്ണയായ പത്നി ഇഷ്ടപ്പെട്ട പതിയെ പ്രാപിക്കുന്നതുപോലെ ഒന്നിച്ചിരിക്കുന്ന അംഗുലികൾ അഗ്നിയെ പ്രസന്നമാക്കുന്നു. കറുപ്പും,മഞ്ഞയും അരുണവുമായ കിരണങ്ങൾ ഉഷസിനെ സേവിക്കുന്നതുപോലെ തന്നെ അംഗുലികൾ അഗ്നിക്കു സേവനമനുഷ്ഠിക്കുന്നു.

**2. വീളു ചിദ്ദൃളഹാ പിതരോ ന ഉക്ഥൈരദ്രിം രുന്നങ്ഗിരസോ രവേണ |**
**ചക്രുർദിവോ ബൃഹതോ ഗാതുമസ്മേ അഹഃ | സ്വർവിവിദുഃ കേതുമുസ്രാഃ ||**

ഞങ്ങളുടെ പിതൃക്കളായ അംഗിരസ്സുകൾ മന്ത്രങ്ങൾ വഴിയായി അഗ്നിയെ സ്തുതിക്കുകയും പണി അസുരനെ നാദത്താൽ തന്നെ നശിപ്പിക്കുകയും ചെയ്തു. അപ്പോൾ ആകാശവഴിയായും പകൽ ജ്യാതിരൂപനായ സൂര്യനേയും ധ്വജരൂപമായ കിരണങ്ങളേയും ഞങ്ങൾ പ്രാപിച്ചു.

**3. ദധന്നൃതം ധനയന്നസ്യ ധീതിമാദിദര്യോ ദിധിഷ്വോ വിഭൃത്രാഃ |**
**അതൃഷ്യന്തീരപസോ യന്ത്യച്ഛാ ദേവാഞ്ജന്മ | പ്രയസാ വർധയന്തീഃ ||**

അംഗിരസ്സുകൾ യജ്ഞാഗ്നിയെ കൈക്കൊള്ളുകയും അഗ്നിയെത്തന്നെ സാധനയുടെ ലക്ഷ്യമാക്കുകയും ചെയ്തു. പിന്നീട് മനുഷ്യർ അഗ്നിയെ പ്രതിഷ്ഠിക്കുകയും അതിനെ കൈക്കൊ് സേവാനിരതരായി അവരുടെ ഹവിസ്സുകൾ ദേവൻമാരെയും വൃദ്ധിയുള്ളവരാക്കി അഗ്നിയെ പ്രാപിക്കുകയും ചെയ്യുന്നു.

**4. മഥീദ്യദീം വിഭൃതോ മാതരിശ്വാ ഗൃഹേ ഗൃഹേ ശ്യേതോ ജേന്യോ ഭൂത് |**
**ആദിം രാജ്ഞേ ന സഹീയസേ സചാ സന്നാ ദൂത്യം ഭൃഗവാണോ വിവായ ||**

മാതരിശ്വാവു വഴി അഗ്നിയെകടഞ്ഞെടുത്തപ്പോൾ അത് ഉജ്ജ്വലജ്യോതിയോടുകൂടി എല്ലാ വീടുകളിലും പ്രത്യക്ഷമായി. പിന്നെ ദുർബലനായ രാജാവ് അതിശക്തനായ രാജാവിൻെറ അടുക്കൽ ദൂതനെ അയക്കുന്നതുപോലെ ഭൃഗുവിനുസമാനം മനുഷ്യർ ഈ അഗ്നിയെ ദൂതനാക്കി.

**5. മഹേ യത്പിത്രഇം രസം ദിവേ കരവ ത്സരത പൃശന്യശ്ചികിത്വാൻ |**
**സൃജദസ്താ ധൃഷതാ ദിദ്യുമസ്മൈ സ്വായാം ദേവോ ദുഹിതരി ത്വിഷിം ധാത് ||**

അപ്പോൾ ആ മഹാകർമ്മത്തെ അറിഞ്ഞ ദൈത്യാദികൾ പലായനം ചെയ്യുന്നു, ആ സമയം അഗ്നി തൻെറ പ്രദീപ്തങ്ങളായ ബാണങ്ങളെ അവരുടെമേൽ പ്രയോഗിക്കുന്നു. സൂര്യരൂപമായ ഉഷസ്സിൽ തേജസ്സിനെ സ്ഥാപിക്കുന്നു.

**6. സ്വ ആ യസ്തുഭ്യം ദമ ആ വിഭാതി നമോ വാ ദാശാദുശതോ അനു ദ്യൂൻ |**
**വർധോ അഗ്നേ വയോ അസ്യ ദ്വിബർഹായാസദ്രായ**

**സരഥം യം ജൂനാസി||**

ഹേ അഗ്നി! സ്വന്തം ഭവനത്തിൽ നിങ്ങളെ പ്രദീപ്തനാക്കുന്ന യാചകൻ നിങ്ങൾക്ക് ഹവിസ്സുരൂപമായ അന്നം നൽകുന്നു. നിങ്ങളിതിനെ സ്വന്തം ഇരട്ടിയായ ശക്തിയോടുകൂടി കൂട്ടിച്ചേർക്കുന്നു. നിങ്ങളുടെ പ്രേരണയാൽ യാതൊരു വ്യക്തി യുദ്ധത്തിനുപോകുന്നുവോ, അവൻ ധനം സമ്പാദിക്കുന്നു.

**7. അഗ്നിം വിശ്വാ അഭി വൃക്ഷഃ സചന്തേ സമുദ്രം ന സ്രവതഃ സപ്ത യഹ്വീഃ |**
**ന ജാമിഭിർവി ചികിതേ വയോ നോവിദാ ദേവേഷു പ്രമതിം ചികിത്വാൻ ||**

സപ്തനദികൾ സമുദ്രം പ്രാപിക്കുന്നതുപോലെ തന്നെ എല്ലാ ഹവിസ്സുകളും അഗ്നിയെ പ്രാപിക്കുന്നു. ഞങ്ങളുടെ അന്നത്തെ സംബന്ധികൾക്ക് പ്രാപിക്കാൻ കഴിയുന്നില്ല. അതിനാൽ ദേവതകളാൽ ഞങ്ങൾക്ക് പ്രചുരമായ ധനം നൽകണേ. (അങ്ങിനെയെങ്കിൽ ഞങ്ങളിതിനെ സംബന്ധികൾക്കും മറ്റുള്ളവർക്കും നൽകിക്കൊള്ളാം)

**8. ആ യദിഷേ നൃപതിം തേജ ആനട് ശുചി രേതോ നിഷിക്തം ദ്യൗരഭീകേ |**
**അഗ്നിഃ ശർധമനവദ്യം യുവാന സ്വാധ്യം ജനയത്സു ദയച്ച ||**

മനുഷ്യരുടെ സ്വാമിയായ അഗ്നി അന്നത്തിനായി തേജോയുക്തനായപ്പോൾ അവൻ ആകാശഗർഭത്തിൽ ബീജം പതിപ്പിച്ചു. അതിൽനിന്നും അനിന്ദ്യനും യുവാവും ഉത്തമകർമ്മാവുമായ മാരുതൻ ഉത്ഭവിച്ചു. അവനെ വൃഷ്ടിക്കുവേി പ്രേരിപ്പിച്ചു.

**9. മനോ ന യോധ്വനഃ സദ്യ എത്യേകഃ സൂത്രാ സൂരോവസ്വ ഈശേ |**
**രാജാനാ മിത്രാവരുണാ സുപാണി ഗോഷു പ്രിയമമൃതം രക്ഷാമാണാ ||**

മനോവേഗത്തോടുകൂടിയവരും ജ്ഞാനികളും ധനത്തിൻെറ സ്വാമികളും മനോഹരങ്ങളായ കരങ്ങളോടുകൂടിയവരുമായ മിത്രനും വരുണനും നമ്മുടെ ഗോക്കളിലെ ഉത്തമവും അമൃതതുല്യവുമായ പാലിനെ രക്ഷിക്കട്ടെ.

**10. മാ നോ അഗ്നേ സഖ്യാ പിത്ര്യാണി പ്ര മർഷിഷ്ഠാ അഭി വിദുഷ്കവിഃ സൻ |**
**നഭോ ന രൂപം ജരിമാ മിനാതി പുരാ തസ്യം അഭി ശസ്തേരധീഹി ||**

ഹേ അഗ്നി! സർവ്വജ്ഞാതാവും, ജ്ഞാനിയുമായ നീ നമ്മുടെ പൈതൃകമായ മിത്രത്വത്തെ മറക്കരുതേ. വാർദ്ധക്യം ഭീരുവിനെപ്പോലെവന്ന് ഞങ്ങളെ നശിപ്പിക്കുന്നു. അതിനാൽ അത് ഞങ്ങൾക്ക് വിനാശമാകാതിരിക്കട്ടെ. അതിനുമുമ്പായി നീ ഉപായം ചെയ്യണമേ.

# സൂക്തം 72

**ഋഷി പരാശരൻ ദേവത അഗ്നി ഛന്ദസ് പംക്തി ത്രിഷ്ടുപ്**

**1. നി കാവ്യാ വേധസഃ ശശ്വതസ്കർഹസ്തേ ദധാനോനര്യാ പരൂണി |**
**അഗ്നിർഭുവദ്രയിപതീ രയീണാം സത്രാ ചക്രാണോ അമൃതാനി വിശ്വാ ||**

മനുഷ്യരുടെ ഹിതാനുവർത്തിയായ അഗ്നി! വളരെയധികം ധനം കയ്യിലെടുത്തിരിക്കുന്നു. നീ വിധാതാവിൻെറ ജ്ഞാനത്തോടുകൂടി എല്ലാ രമണീയധനങ്ങളേയും ഉൽപ്പദിപ്പിച്ചുകൊ് ഐശ്വര്യങ്ങളുടെ അധിപതിയായിരിക്കുന്നു.

**2. അസ്മേ വത്സം പരഷന്തം ന വിന്ദന്നിച്ഛന്തോ വിശ്വേ അമൃതാ അമൂരഃ |**
**ശ്രമയുവഃ പദവ്യോ ധിയംധാസ്തസ്ഥു; പദേ പരമേ ചാർവഗ്നേഃ ||**

നമ്മുടെ പ്രിയനായ അഗ്നിയെ ആഗ്രഹമുായിരുന്നിട്ടും അമരൻമാരും സുമതികളുമായ ദേവതകൾ ശരിക്കു ഗ്രഹിച്ചില്ല. അപ്പോൾ അവർ ക്ഷീണിച്ച പാദങ്ങളാൽ നടന്ന്, ഭക്തിയോടുകൂടി അഗ്നിയുടെ ഇരിപ്പിടത്തിലെത്തി.

**3. തിസ്രോ യദഗ്നേ ശരദസ്ത്വാമിച്ഛുചിം ഘൃതേന ശുചയഃ സപര്യാൻ |**
**നാമാനി ചിദ്ദധിരേ യജ്ഞിയാന്യസൂദയന്ത തന്വഃ സുജാതാഃ ||**

ഹേ അഗ്നി! മരുത്തുക്കൾ മൂന്നുവർഷക്കാലം നിന്നെ തന്നെ പൂജിച്ചു. അപ്പോൾ അവൻ യജ്ഞയോഗനാമം ധരിച്ച് ഉച്ചദേവൻമാരിൽ ജനിക്കുകയും അമരത്വം പ്രാപിക്കുകയും ചെയ്തു.

**4. ആ രോദസീ ബൃഹതീ വേവിദാനാഃ പ്ര രുദ്രിയാ ജഭ്രിരേ യജ്ഞിയാസഃ |**
**വിദൻമർതോ നേമധിതാ ചികിത്വാനഗ്നിംപദേ പരമേ തസ്ഥിവാംസം ||**

മഹത്തായ ഭൂമിയേയും ആകാശത്തേയും വിളംബരം ചെയ്തുകൊ് പൂജ്യരായ മരുത്തുക്കൾ യോഗ്യമായ സ്തോത്രങ്ങൾ അഗ്നിക്കു കാഴ്ചവച്ചു. അപ്പോൾ അവർക്ക്ഉത്തമസ്ഥാനത്തിരിക്കുന്ന അഗ്നിയെ കാണാൻ കഴിഞ്ഞു.

**5. സംജാനാനാ ഉപ സീദന്നഭിജ്ഞുപത്നീവന്തോ നമസ്യം നമസ്യൻ |**
**രിരിക്വാംസസ്തന്വഃകൃണ്വത സ്വാഃ സഖാ സഖ്യുർ നിമിഷി രക്ഷമാണാഃ ||**

ദേവഗണങ്ങൾ ദത്തചിത്തരായി തങ്ങളുടെ പത്നീസമേതം മുട്ടുകുത്തിയിരുന്നവനെ പൂജിച്ചു. പിന്നീട് അഗ്നിയെ മിത്രമായി കരുതി സ്വയം ശോഷിതരായി യജ്ഞം നടത്തിതങ്ങളുടെ ശരീരം രക്ഷിച്ചു.

**6. ത്രിഃ സപ്ത യദ്ഗുഹ്യാനി ത്വേ ഇത് പദാവിദന്നിഹിതാ യജ്ഞിയാസഃ |**
**തേഭീ രക്ഷന്തേ അമൃതം സജോഷാഃ പശൂഞ്ജ സ്ഥാതൄഞ്ചരഥം ച പാഹി ||**

ഹേ അഗ്നി! നിന്നിൽ സ്ഥിതിചെയ്യുന്ന ഇരുപത്തൊന്നു യജ്ഞങ്ങളെ ദേവഗണങ്ങൾ പ്രാപിച്ചു. അവർ അവയാൽ സ്വയം രക്ഷിക്കപ്പെട്ടിരിക്കുന്നു. ഹേ അഗ്നി! നീ മൃഗങ്ങളേയും സ്ഥാവരജംഗമങ്ങളേയും സംരക്ഷിക്കൂ.

**7. വിദ്വാം അഗ്നേ വയുനാനി ക്ഷിതീനാം വ്യാനുഷക്**
**ചുരുധോ ജീവസേ ധാഃ |**
**അന്തർവിദ്വാം അധ്വനോ ദേവയാനാനതന്ദ്രോ**
**ദൂതോ അഭവാ ഹവിർവാട് ||**

ഹേ അഗ്നീ! മനുഷ്യരുടെ നടപടികളുടെ ജ്ഞാതാവായ നീ ജീവൻ കാരണമായി അന്നത്തെ സ്ഥാപിച്ചു. അതുപോലെ ദേവമാർഗ്ഗങ്ങളറിയുന്ന നീ നിരാലസ്യനായി ഹവിർവാഹക ദൂതനായിത്തീർന്നു.

**8. സ്വാധ്യോ ദിവ ആ സ്പത യുഹ്വീ രായോ ദൂരോ**
**വ്രയതജ്ഞാ അജാനൻ |**
**വിദദ്ഗവ്യം സരമാ ദൃളഹമൂർവം യേനാ നു കം**
**മാനുഷീ ഭോജതേ വിട് ||**

ഹേ അഗ്നീ! ശ്രദ്ധയോടുകൂടി സൃഷ്ടയുടെ നിയമങ്ങളെ അറിയുന്നവരായ ഋഷികൾ ആകാശത്തിൽനിന്നും ഉത്മവിക്കുന്ന സപ്തനദികളെ ധനത്തിൻെറ കവാടരൂപമായിക്കരുതി. നിൻെറ പ്രേരണയാൽ സരമഗോക്കളെ കുപിടിച്ചു. അവയിൽനിന്നും മനുഷ്യർക്കു പോഷണമുായി.

9. ആ യേ വിശ്വാ സ്വപത്യാനി തസ്ഥുഃകൃണ്വാ
നാസോ അമൃതത്വാ ഗാതും |
മഹ്നാ മഹദ്ഭിഃപൃഥിവീ ഭീ തസ്ഥേ മാതം പുത്രൈ
രദിതിർധായസേ വേഃ ||

ഹേ അഗ്നീ! യാതൊരുത്തൻ ഉത്തമകർമ്മളാൽ അമരതവം പ്രാപിക്കുവാൻ പ്രയിച്ചുവോ, അവരുടെ സൽക്കർമ്മങ്ങൾകൊുതന്നെ ഈ ഭൂമിമഹിമാപൂർവ്വം അതിൻെറ സ്ഥാനത്ത് സ്ഥിതിചെയ്യുന്നു.

**10. അധി ശ്രിയം നി ദധുശ്ചാരുമസ്മിന്ദിവോ യദക്ഷീ**
**അമൃതാ അകൃണ്വൻ |**
**അധ ക്ഷരന്തി സിന്ധവോ ന സൃഷ്ടാഃ പ്ര നീചീരഗ്നേ**
**അരുഷീരജ നൻ ||**

ദേവഗണം ഈ ലോകത്തിൽ മനോഹരമായ ശോഭ സ്ഥാപിക്കുകയും ആകാശത്തിന് രു നേത്രങ്ങങ്ങൾ നൽകുകയും ചെയ്തു. ഇതിനുശേഷമാണ് നദികൾപോലെ താഴോട്ടിറങ്ങുന്ന ഉഷസ്സിനെ മനുഷ്യർക്ക് അറിയുവാൻ കഴിഞ്ഞത്.

# സൂക്തം 73

**ഋഷി പരാശരൻ   ദേവത അഗ്നി     ഛന്ദസ് ത്രിഷ്ടുപ്**

**1. രയിർന യഃ പിതൃവിത്തോ വയോധാഃ**
**പുപ്രണീതിശ്ചികി തുഷോ ന ശാസുഃ |**
**സ്യോനശീരതിഥിർന പ്രിണാനോ ഹോതേവസദ്മ**
**വിധതോ വി താരീത് ||**

ഈ അഗ്നി പൈതൃകസമ്പത്തുപോലെ ദാനം ചെയ്യുന്നു. ജ്ഞാനികളെപ്പോലെ ഉപദേശം നൽകുന്നു. അതിഥിക്കുതുല്യം പ്രിയനും ഹോതാവിനുതുല്യം യജമാനൻെറ ഭവനം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

**2. ദേവോ ന യഃ സവിതാ സത്യമൻമാ ക്രത്വാ നി**
**പാതി വൃജനാനി വിശ്വാ |**
**പുരുപ്രശസ്തോ അമതിർന സത്യ ആത്മേവ**
**ശേവോ ദിധിഷായ്യോ ഭൂത് ||**

ജാജ്വല്യമാനനായ സൂര്യനുമാനം പ്രകാശിതനായ അഗ്നി തൻെറ കർമ്മങ്ങൾ ദ്വാരാരക്ഷകനാകുന്നു. മനുഷ്യർ പ്രശംസിക്കുന്നവനായ അവൻ പ്രകൃതിക്കുതുല്യം പരിവർത്തനങ്ങളോടുകൂടിയവനല്ല. അവൻ ആത്മാവിനു തുല്യം സന്തുഷ്ടനും യജമാനനാൽ വരിക്കപ്പെടുന്നവനുമാകുന്നു.

**3. ദേവോ ന യഃ പൃഥിവീം വിശ്വധായാ ഉപക്ഷേതി**
**ഹിതമിത്രോ ന രാജാ |**
**പുരഃ സദഃ ശർമസദോ ന വീരാ അനവദ്യാ**
**പതിജൂഷ്ഠേവ നാരീ ||**

ദീപ്തിമാനായ സൂര്യൻ മുമ്പിൽ ലോകത്തെ നിലനിർത്തുന്ന ൗ അഗ്നി അനുകൂലരായ അനുചരൻമാരാൽ സമ്പന്നനായ രാജാവിനെപ്പോലെ നിർഭയനാകുന്നു. എല്ലാ ജീവികളും അദ്ദേഹത്തിൻെറ പിതൃതുല്യമായ ആശ്രയത്തിൽ വസിക്കുന്നു. പ്രശംസിക്കപ്പെടുന്ന പതിവ്രതാനാരിക്കുതുല്യം ഈ അഗ്നി അഭിനന്ദിക്കപ്പെടുന്നു.

**4. തം ത്വാ നരോ ദമ ആ നിത്യമിദ്ധമഗ്നേ സചന്ത**
**ക്ഷിതിഷു ധ്രുവാസു |**
**അധി ദ്യുമ്നം നി ദധുഭൂര്യസ്മിൻഭവാ**
**വിശ്വായർധരുണോ രയീണാം ||**

ഹേ അഗ്നീ! ഉപദ്രവരഹിതമായ ഭവനങ്ങളിൽ മനുഷ്യർ നിന്നെ സേവിക്കുന്നു. ദേവതകൾ നിന്നിൽ അത്യധികമായ തേജസ്സിനെ നിറച്ചിരിക്കുന്നു. നീ അഖിലത്തിൻെറയും പ്രാണരൂപമാകുന്നു. ഞങ്ങൾക്ക് എല്ലാസമ്പത്തുകളും നൽകണേ.

**5. വി പൃക്ഷോ അഗ്നേ മഘവാനോ അശ്യുർവി സൂരയോ**
**ദദതോ വിശ്വമായുഃ |**
**സൻേമ വാജം സമിഥേഷ്വര്യോ ഭാഗം ദേവേഷു**
**ശ്രവസേ ദധാനാഃ ||**

ഹേ അഗ്നീ! സമ്പന്നനായ യജമാനൻ അന്നം സഭേരിക്കണേ. ഹവിർദാതാവ് പൂർണ്ണായുസ്സോടുകൂടിയവനാകണേ. യശസ്സിനുവേി ദേവതകൾക്ക് ഹവിസ്സിനെ നൽകി ഞങ്ങൾ യുദ്ധത്തിൽ ശത്രുവിൻെറ അന്നം പിടിച്ചെടുക്കണേ.

**6. ഋതസ്യ ഹി ധേനവോ വാവശാനാഃ സ്മദൂധ്നിഃ**
**പീപയന്ത ദ്യുഭക്താഃ |**
**പരാവതഃ സുമതിം ഭിക്ഷമാണാ വി സിന്ധവഃ**
**സമയാ സസ്രുദ്രു രദ്രിം ||**

നിത്യവും പാൽ തരുന്ന ഗോക്കൾ സന്തോഷപൂർവ്വം യാഗസ്ഥലത്ത് അഗ്നിയെ പാലിനാലഭിഷേകം ചെയ്യുന്നു. കല്യാണകാരിണികളായ നദികൾ പർവ്വതതികടത്തിൽ നിന്നും പ്രവഹിച്ച് അഗ്നിയുടെ മുമ്പിൽ നമ്രകളാകുന്നു.

**7. ത്വേ അഗ്നേ സുമതിം ഭിക്ഷമാണാ ദിവി ശ്രവോ ദധിരേ**
**യജ്ഞിയാസഃ |**
**നക്താ ച ചക്രുരുഷസാ വിരൂപേ കൃഷ്ണം ച**

**വർണമരുണം ച സം ധുഃ ||**

ഹേ അഗ്നി! കല്യാണകാരിയായ ബുദ്ധിയെ യാചിച്ചുകൊ് പൂജ്യരായ ദേവഗണങ്ങൾ നിന്നെ യശസ്വിയാക്കിയിരിക്കുന്നു. വിഭിന്നരൂപങ്ങളോടുകൂടിയ ധാത്രിയേയും ഉഷസിനേയും വിഭിന്നങ്ങളായ അനുഷ്ഠാനങ്ങൾക്കുവേി നിയോഗിച്ചിരിക്കുന്നു. ഇവയ്ക്കുരിനും കറുപ്പും അരുണവുമായ വർണ്ണങ്ങളാണുള്ളത്.

**8. യാൻറായേ മർതാൻത്സുഷൂദോ അഗ്നേ തേ സ്യാമ മഘവാനോ വയം ച |**
**ഛായേവ വിശ്വം ഭുവനം സിസക്ഷ്യാപപ്രുവാന്നോ ദസീ അന്തരീക്ഷഃ ||**

ഹേ അഗ്നി! നീ ആരെ ധനത്തിനുവേി പ്രേരിപ്പിക്കുന്നുവോ അവരും ഞങ്ങളും ധനികരാവണേ. നീ എല്ലാ ലോകങ്ങളോടുംകൂടി ഛായയ്ക്കുതുല്യം വസിക്കുന്നു. നീ തന്നെയാണ് ആകാശത്തേയും ഭൂമിയേയും അന്തരിക്ഷത്തേയും പൂർണ്ണമാക്കിയത്.

**9 . അർവദ്ഭിരഗ്നേ അർവതോ നൃഭിർനൃന്വീരൈർ വീരാന്വനുയാമാ ത്വോതാഃ |**
**ഈശാനാസഃ പിതൃവിത്തസ്യ രായോ വി സൂരയഃ ശതഹിമാ നോ അശ്യുഃ ||**

ഹേ അഗ്നി! നിൻെറ സംരക്ഷണത്താൽ രക്ഷിക്കപ്പെട്ടവരായ ഞങ്ങൾ പൈതൃകമായ ധനം പ്രാപിച്ചിരിക്കുന്നു. ഞങ്ങളുടെ അശ്വങ്ങളിൽനിന്നും ശത്രുക്കളുടെ അശ്വങ്ങളേയും മനുഷ്യരിൽനിന്നും മനുഷ്യരേയും യോദ്ധാവിൽനിന്നു യോദ്ധാവിനേയും മാറ്റിഹോതാവിനെ ശതായുഷ്മാനാക്കണേ.

**10. ഏതാ തേ അഗ്ന ഉചഥാനി വേദോ ജൂഷ്ടാനി സന്തു മനസേ ഹൃദേ ച |**
**ശകേമ രായഃ സുധുരോ യമം തേധി ശ്രവോ ദേവ ഭക്തം ദധാനാഃ ||**

ഹേ ജ്ഞാനിയായ അഗ്നി! ഈ സ്തോത്രങ്ങൾ അങ്ങയെ പ്രീതിപ്പെടുത്തണേ. ദേവതകൾ നൽകിയ ധനത്തെ വഹിച്ചുകൊ് ഞങ്ങൾ നിൻെറ രഥത്തിൽ ഇരിക്കട്ടെ.

# അനുവാകം 13 സൂക്തം 74

**ഋഷി രാഹുഗുണപുത്രൻ ഗൗതമൻ ദേവത അഗ്നി ഛന്ദസ് ഗായത്രീ**

**1. ഉപപ്രയന്തോ അധ്വരം മന്ത്രം വോചേമാഗ്നയേ |**
**ആരേ അസ്മേ ച ശൃണ്വതേ ||**

ദൂരെനിന്നുപോലും സ്തുതികൾ ശ്രവിക്കുന്ന അഗ്നിയെ യാഗസ്ഥലത്തിനു സമീപം ചെന്നു സ്തുതിക്കാം.

**2. യഃ സ്നീഹിതീഷു പൂർവ്യഃ സംജഗ്മാനാസു കൃഷ്ടിഷു |**
**അരക്ഷദ്ദാശുഷേ ഗയം ||**

ഹിംസകരായ പ്രജകൾ ഏകത്രിതരായിത്തീരുമ്പോൾ യജമാനൻെറ ഭവനം രക്ഷിക്കുന്ന അഗ്നിയെ നമുക്കു സ്തുതിക്കാം.

**3. ഉത ബ്രുവന്തു ജന്തവ ഉദഗ്നിർ വൃത്രഹാജനി |**
**ധനഞ്ജയോ രണേരണേ ||**

അഗ്നി ശത്രുനാശകനും യുദ്ധത്തിൽ ധനം ജയിച്ചെടുക്കുന്നവനുമാകുന്നു. അവൻെറ വിജയം ആഘോഷിക്കാം.

**4. യസ്യ ദൂതോ അസിക്ഷയേ വേഷി ഹവ്യാനി വീതയേ |**
**ദസ്മത്കൃണോഷ്യധ്വരം ||**

ഹേ അഗ്നി! ഏതുവീടിൻെറ ദൂതനായി നീ ദേവതകൾക്കുവേി ഹവിസിനെ വഹിക്കുന്നുവോ, ആ ഭവനത്തിൽ യജ്ഞം അഭീഷ്ടദായകമാക്കുന്നു.

**5. തമിത്സുഹവ്യമങ്ഗിര; സുദേവം സഹസോ യഹോ |**
**ജനാ ആഹുഃ സുബർഹിഷം ||**

ഹേ ശക്തിപുത്രനായ അഗ്നി! നീ യജമാനനെ സുന്ദരമായ ഹവിസിനാൽ യുക്തനും, സുന്ദരൻമാരായ ദേവതകളാലും സുന്ദരമായ യജ്ഞത്താലും പൂർണ്ണമാക്കുന്നു.

**6. ആ ച വഹാസി താം ഇഹ ദേവാം ഉപ പ്രശസ്തയേ |**
**ഹവ്യാ സുശ്ചന്ദ്ര വീതയേ ||**

സുഖദാതാവായ അഗ്നി! ആ ദേവതകളെ സ്തുതികൾ ശ്രവിക്കുന്നതിനും ഹവിസ് സ്വീകരിക്കുന്നതിനും വേി ഇവിടേയ്ക്കാനയിച്ചാലും.

**7. ന യോരുപബ്ദിരശ്വ്യഃ ശൃണ്വേ രഥസ്യ കച്ചന |**
**യദഗ്നേ യാസി ദൂത്യം ||**

ഹേ അഗ്നി! നീ ദൂതനായിപോകുമ്പോൾ നിൻെറ ഓടുന്ന രഥത്തിൻെറയും അശ്വങ്ങളുടേയും ശബ്ദം ശ്രവിക്കപ്പെടുന്നില്ല.

**8. ത്വോതോ വാജ്യഹ്രയോഭി പൂർവസ്മാദപരഃ |**
**പ്ര ദാശ്വാം അഗ്നേ അസ്ഥാത് ||**

ഹേ അഗ്നേ! ആദ്യം അരക്ഷിതനായിരുന്ന യജമാനൻ നിന്നാൽ രക്ഷിക്കപ്പെട്ടവനായതിനുശേഷം ബലയുക്തനും, സാഹസിയും ആയി അഭിവൃദ്ധി പ്രാപിക്കുന്നു.

**9. ഉത ദ്യുമത്സുവീര്യം ബൃഹദഗ്നേ വിവാസസി |**
**ദേവേഭ്യോ ദേവ ദാശുഷേ ||**

ഹേ അഗ്നി! നീ ഹവിർദാതാവിനുവേി മനോഹരമായ തേജസ്സും ബലവും ദേവതകളിൽനിന്നും പ്രാപിച്ചിരിക്കുന്നു.

# സൂക്തം 75

**ഋഷി ഗൗതമൻ ദേവത അഗ്നി ഛന്ദസ് ഗായത്രീ**

**1. ജുഷസ്വ സപ്രഥസ തമം വചോ ദേവപ്സരസ്തമം |**
**ഹവ്യാ ജുഹ്വാന ആസനി ||**

ഹേ അഗ്നി! വായിൽ ഹവിസ്സും വഹിച്ചുകൊ് ദേവതകളെ അത്യന്തം സന്തുഷ്ടരാക്കുന്ന ഞങ്ങളുടെ സ്തോത്രങ്ങൾ സ്വീകരിച്ചാലും

**2. അഥാ തേ അംഗിരസ്തമാഗ്നേ വേധസ്തമ പ്രിയം |**
**വോചേമ ബ്രഹ്മ സാനസി ||**

അംഗിരസുകളിൽ ശ്രേഷ്ഠനായ അഗ്നി! ഞങ്ങൾ ജ്ഞാനിയായ നിന്നെ സ്തുതിക്കുന്നു.

**3. കസ്തേ ജാമിർജനാനാമഗ്നേ കോ ദാശ്വധ്വരഃ |**
**കോ ഹ കസ്മിന്നസി ശ്രിതഃ ||**

ഹേ അഗ്നീ! മനുഷ്യരിൽ നിൻെറ ബന്ധുവാര്? നിന്നെ പൂജിക്കുന്നതാര്? നീ ആരാണ്? ആരുടെ ആശ്രിതനാണ്?

**4. ത്വം ജാമിർ ജനാനാമഗ്നേ മിത്രോ അസി പ്രിയഃ |**
**സഖാ സഖിഭ്യ ഈഡ്യഃ ||**

ഹേ അഗ്നീ! നീ എല്ലാ മനുഷ്യരുടെയും ബന്ധുവാകുന്നു.പൂജകരുടെ രക്ഷകനും, മിത്രങ്ങൾക്ക് സ്തുത്യനായ മിത്രവുമാകുന്നു.

**5. യജാനോ മിത്രാവരുണാ യജാ ദേവാം ഋതം ബൃഹത് |**
**അഗ്നേ യക്ഷി സ്വം ദമം ||**

ഹേ അഗ്നീ! നീ ഞങ്ങൾക്കുവേി മിത്രാവരുണൻമാരെയും മറ്റു ദേവകൾേയും പൂജിക്കൂ. തൻെറ യജ്ഞക്കാരുടെ ഭവനങ്ങളിൽ വസിക്കുകയും ചെയ്യൂ.

# സൂക്തം 76

**ഋഷി ഗൗതമൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. കാ ത ഉപേതിർമനസോ വരായ ഭവദഗ്നേ ശംതമാ**
**കാ മനീഷാ |**
**കോ വാ യജ്ഞൈഃ പരി ദക്ഷു ത ആപ |**
**കേന വാ തേ മനസാ ദാശേമ ||**

ഹേ അഗ്നീ! നിൻെറ മനസ്സിനെ സന്തുഷ്ടമാക്കുന്നതിന് നിൻെറ അടുക്കൽവന്ന് അങ്ങയെ സന്തുഷ്ടനാക്കുന്ന ഏതെല്ലാം സ്തുതികളാണ് ചെയ്യേത്. നിനക്കുയോഗ്യമായ യജ്ഞം ആരു ചെയ്യും? ഏതു ചിന്താഗതിയോടുകൂടി നിനക്ക് ഇവ സമർപ്പിക്കും.

**2. ഏഹ്യഗ്ന ഇഹ ഹോതാ നി ഷീഷദദിബ്ധഃ**
**സുപുരഎതാ ഭവാ നഃ |**
**അവതാം ത്വാ രോദസീ വിശ്വമിൻവേ യജാമഹേ**
**സൗമനസായ ദേവാൻ ||**

ഹേ അഗ്നീ! ഇവിടെ ഈ യജ്ഞത്തിൽ ഹോതാ രൂപത്തിൽ വിരാജിക്കൂ. നീ പീഡാരഹിതനായി ഞങ്ങളുടെ അഗ്രണിയായാലും. സർവ്വവ്യാപകമായ ആകാശവും പൃഥ്വിയും നിന്നെ രക്ഷിക്കട്ടെ. നീ ഞങ്ങൾക്ക് മഹാപ്രസാദം ലഭിക്കുന്നതിനായി ദേവാർച്ചന ചെയ്യൂ.

**3. പ്ര സു വിശ്വാൻന്നക്ഷസോ ധക്ഷ്യഗ്നേ ഭവാ**
**യജ്ഞാനാമഭിശസ്തി പാവാ |**
**അഥാ വഹ സോമപതിം ഹരിഭ്യാമാതിഥ്യമസ്മൈ**
**ചക്യമാ സുദാവ നേ ||**

ഹേ അഗ്നീ! രാക്ഷസൻമാരെ ദഹിപ്പിക്കൂ. ഹിംസകരിൽനിന്നു യജ്ഞത്തെ സംരക്ഷിക്കൂ. പിന്നീട് സോമസ്വാമിയായ ഇന്ദ്രനെ അശ്വങ്ങൾ സഹിതം ഞങ്ങളുടെ ആതിഥ്യത്തിനുവേി കൊുവരൂ.

**4. പ്രജാവതാ വചസാ വഹ്നിരാസാ ച ഹുവേ |**
**നി ച തത്സീഹ ദേവൈഃ |**
**വേഷി ഹോത്രമുത പോത്രം യജത്ര ബോധി**
**പ്രയന്തർജനിതർവസൂനാം ||**

നീയാകുന്ന അഗ്രണിയെ ഞാനാഹ്വാനം ചെയ്യുന്നു. നീ ദേവതകളോടുകൂടി യജ്ഞത്തിൽ വസിക്കുന്നു. ഹേ പൂജനീയാ, നീ ഹോതാവിൻെറയും പോതാവിൻെറയും കർമ്മങ്ങൾ ചെയ്യുന്നവനാകുന്നു. നീ ധനോൽപാദകനാകുന്നു. ധനത്തിനുവേി എൻെറമേൽ കൃപ ചൊരിയണേ.

**5. യഥാ വിപ്രസ്യ മനുഷോ ഹവിർഭിർദേവാം |**
**അജയഃ കവിഭിഃ കവിഃ സൻ |**
**ഏവോ ഹോതഃ സത്യതര ത്വമദ്യാഗ്നേ മന്ദ്രയാ |**
**ജൂഹ്വാ യജസ്വ ||**

ഹേ അഗ്നേ! നീ സത്യസ്വരൂപനും അതുപോലെ ഹോതാരൂപനുമാകുന്നു. നീ ഋഷികളോടുകൂടി ജ്ഞാനിയായ മനുവിൻെറ ഹവിസ്സുകൾ ദേവതകളെ ഏൽപ്പിച്ചിരുന്നു. അതിനാൽ പ്രസന്നത നൽകുന്ന ജൂഹു (ആഹുതിനൽകുന്നപാത്രം) വിൽനിന്നും ആഹുതി സ്വീകരിക്കണേ.

# സൂക്തം 77

**ഋഷി ഗൗതമൻ ദേവത അഗ്നി ഛന്ദസ് പംക്തി ത്രിഷ്ടുപ്**

**1. കഥാ ദാശേമാഗ്നയേ കാസ്മൈ ദേവജുഷ്ടോച്യതേ**
**ഭാമിനേ ഗീഃ |**
**യോ മർത്യേഷ്വമൃത ഋതാവാ ഹോതാ യജിഷ്ഠ**
**ഇത്കൃണോതി ദേവാൻ ||**

അഗ്നിക്ക് എപ്രകാരം ഹവിസ്സു നൽകുന്നോ ഏതൊരു ദേവപ്രിയമായ സ്തുതിയാണ് ആലപിക്കേത്? മരണസ്വഭാവത്തോടുകൂടിയ ഈ മനുഷ്യനുവേി ഉത്തമമായ യജ്ഞംനടത്തുന്നവൻ ദേവതകൾക്കായി യാഗം നടത്തുന്നു.

**2. യോ അധ്വരേഷു ശംതമ ഋതാവാ ഹോതാ**
**തമൂനമോഭിരാ കൃണദ്വം |**
**അഗ്നിര്യദ്വേർമർതായ ദേവാൻത്സ ചം ബോധാതി**
**മനസാ യജാതി ||**

യജ്ഞകർമ്മങ്ങൾ വഴിയായി അത്യന്തം സുഖദായകനും, യജ്ഞയുക്തനുമായ ഹോതാവിനെ നമിക്കുവിൻ. ദേവതകളുടെ അടുക്കലെത്തുന്ന അഗ്നി അവരെ അറിയുകയും ഹൃദയംഗമമായി അവരെ പൂജി,കുകയും ചെയ്യുന്നു.

**3. സ ഹി ക്രതുഃ സ മര്യഃ സ സാധുർമിത്രോ ന ഭൂദദ്ഭൂ**
**തസ്യ രഥീഃ |**
**തം മേധേഷു പ്രഥമം ദേവയന്തീർവിശ ഉപബ്രുവതേ**
**ദസ്മമാരീഃ ||**

അഗ്നിതന്നെ യജ്ഞവും യജമാനനും ആകുന്നു. നി തന്നെ ദിവ്യധനപ്രാപ്തമാക്കുന്ന മിത്രത്തിനുതുല്യം പരോപകാരിയും അതുപോലെതന്നെ ദേവതകളെ ഇഷ്ടപ്പെടുന്നവനുമാകുന്നു. യജ്ഞങ്ങളിൽ ആദ്യമായി ആ അത്ഭുതകർമ്മാവിനെ തന്നെ ആഹ്വാനം ചെയ്യുന്നു.

**4. സനോ നൃണാം നൃതമോ രിശാദാ അഗ്നിർഗിരോവസാ**
**വേതു ധീതിം |**
**തനാ ച യേ മഘവാനഃ ശവിഷ്ഠാ വാജപ്രസൂതാ**
**ഇഷയന്ത മൻമ ||**

മനുഷ്യരിൽ ശ്രേഷ്ഠനും ശത്രുഭക്ഷകനുമായ ആ അഗ്നി നമ്മുടെ

സ്തുതികൾ ആഗ്രഹിക്കും. മഹാ ഐശ്വര്യവാനായ അദ്ദേഹം ഐശ്വര്യങ്ങളെ പ്രേരിപ്പിക്കുന്നതിനായി നമ്മുടെ പൂജാദികളെ സ്വീകരിക്കണേ.

**5. ഏവാഗ്നിർഗോതമേഭിർഋതാവാ വിപ്രേഭിരസ്തോഷ്ട ജാതവേദാഃ |**
**സ ഏഷു ദ്യുമ്നം പീപയത്സ വാജം സ പുഷ്ടിം |**
**യാതി ജോഷമാ ചികിത്വാൻ ||**

യജ്ഞയുക്തനായ അഗ്നിയെ ഗൗതമൻമാർ സ്തുതിച്ചു എല്ലാ ജീവികളുടേയും ജ്ഞാതാവായ അഗ്നി യശസ്സും ധനവും വളർത്തി പോഷണശക്തി വർദ്ധിപ്പിച്ചു. ആ അഗ്നി തൻെറ സാധകൻെറ ഭക്തിയെ അറിഞ്ഞ് കൃപചെയ്യുന്നു.

# സൂക്തം 78

**ഋഷി ഗൗതമൻ ദേവത അഗ്നി ഛന്ദസ് ഗായത്രീ**

**1. അഭിത്വാ ഗോതമാ ഗിരാ ജാതവേദോ വിചർഷണേ |**
**ദ്യുമ്നൈരഭി പ്ര ണോനുമഃ ||**

ഹേ സർവ്വഭൂതങ്ങളുടേയും ജ്ഞാതാവും ദ്രഷ്ടാവുമായ അഗ്നി! ഗൗതമവംശജർ അത്യന്തം ഉജ്ജ്വലവും മധുരവുമായ സ്തുതിവചനങ്ങളാൽ അങ്ങയെ വാഴ്ത്തുന്നു.

**2. തമു ത്വാ ഗോതമോ ഗിരാ രായസ്കാമോ |**
**ദുവസ്യതി |**
**ദ്യുമ്നൈരഭി പ്രണോനുമഃ ||**

ധനം അഭിലഷിക്കുന്നവരായ ഗൗതമവംശക്കാർ നിന്നെ സ്തുതിക്കുന്നു. ഞങ്ങളും ഉജ്ജ്വലമന്ത്രങ്ങളാൽ നിന്നെ സ്തുതിക്കുന്നു.

**3. തമു ത്വാ വാജസാതമമംഗിരസ്വദ്ധവാമഹേ |**
**ദ്യുമ്നൈരഭി പ്ര ണോനുമഃ ||**

അന്നദാതാവായ അങ്ങയെ ഞങ്ങൾ അംഗിരസ്സുകൾക്കു തുല്യം ആഹ്വാനം ചെയ്യുകയും ഉജ്ജ്വലമന്ത്രങ്ങളോടുകൂടി നിന്നെ പൂജിക്കുകയും ചെയ്യുന്നു.

**4. തമു ത്വാ വൃത്രഹന്തമം യോ ദസ്യൂംരവധൂനുഷേ |**
**ദ്യുമ്നൈരഭി പ്ര ണോനുമഃ ||**

മനുഷ്യരുടെ ശത്രുക്കളെ വിറപ്പിക്കുന്ന വൃത്രനാശകനായ അഗ്നിയെ ഞങ്ങൾ മന്ത്രങ്ങൾവഴി നമസ്കരിക്കുന്നു.

**5. അവോചാമ രഹൂഗണാ അഗ്നയേ മധുമദ്വചഃ |**
**ദ്യുമ്നൈരഭി പ്ര ണോനുമഃ ||**

രാഹുഗണവംശജർ തേനൂറുന്ന സ്തുതികളാൽ അഗ്നിയെ പുകഴ്ത്തി. അതേ അഗ്നിക്കുവേി ഞങ്ങളും പ്രകാശിതങ്ങളായ മന്ത്രങ്ങളാൽ സ്തുതിക്കുന്നു.

# സൂക്തം 79

**ഋഷി ഗൗതമൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. ഹിരണ്യകേശോ രജസോ വിസാരേഹിർധു നിർവാത ഇവ ധ്രുജീമാൻ |**
**ശുചിഭ്രാജാ ഉഷസോ നവേദാ**
**യശസ്വതീരപസ്യുവോ ന സത്യാഃ ||**

ഫണം വിരിച്ചാടുന്ന സർപ്പത്തിനുതുല്യം, സുവർണ്ണകോശങ്ങളോടുകൂടിയവനും വായുവിനുതുല്യം വേഗവാനും അതുപോലെ ഉഷസ്സിൻെറ ജ്ഞാതാവുമാകുന്നു. അദ്ദേഹം കർത്തവ്യനിരതയായ മഹിളക്കുതുല്യം ശോഭിതനുമാണ്.

**2. ആ തേ സുപർണ്ണാ അമിനന്തം ഏവൈഃ കൃഷ്ണോ നോനാവ വൃഷഭോ യദീദം |**
**ശിവാഭിർന സ്മയമാനാഭിരാഗാത്പതന്തി മിഹഃ സ്ത നയന്ത്യഭ്രാ ||**

ഹേ അഗ്നി! കരിമുകിൽ രൂപരായ വൃഷഭങ്ങളുടെ ഗർജ്ജനത്തിനുസമാനം, പക്ഷയുക്തമായ നിൻെറ പ്രകാശം ലുപ്തമായിരിക്കുന്നു. അപ്പോൾ മംഗളകാരിണിയായ വൃഷ്ടി പുഞ്ചിരിച്ചെന്നതുപോലെ വർഷിക്കുവാൻ തുടങ്ങുകയും മേഘങ്ങളിൽ അങ്ങ് ഗർജ്ജിക്കുകയും ചെയ്തു.

**3. യദീമൃതസ്യ പയസാ പിയാനോ നയന്നൃതസ്യ പഥിഭീ രജിഷ്ഠൈഃ |**
**അര്യമാ മിത്രോ വരുണഃ പരിജ്മാ ത്വചം പൃഞ്ചന്ത്യു പരസ്യ യോനൗ ||**

യജ്ഞഹവ്യത്താൽ വൃദ്ധിപ്രാപിച്ച അഗ്നി സരളവർഗ്ഗത്തിൽകൂടി ദേവഗണത്തെ യജ്ഞത്തിങ്കലെത്തിക്കുന്നു. അപ്പോൾ അര്യമാ, വരുണൻ, മരുത്ത് എന്നിവർ ദിക്കുകളിൽ മേഘങ്ങളെ ഏകീകരിക്കുന്നു.

**4. അഗ്നേ വാജസ്യ ഗോമത ഈശാനഃ സഹസോ യഹോ |**
**അസ്മേ ധേഹി ജാതവോദാ മഹി ശ്രവഃ ||**

ബലപുത്രനായ അഗ്നി! അഖിലജീവജാലങ്ങളുടേയും ജ്ഞാതാവായ നീഗോ,ൾ മുതലായ സമ്പത്തുക്കളുടെ ഉടയവനും ഞങ്ങളെ യശസ്വികളാക്കുന്നവനുമാകുന്നു.

**5. സ ഇധാനോ വസു കവിരഗ്നിരീളേന്യോ ഗിരാ |**
**രേവദസ്മഭ്യം പൂർവണീക ദീദിഹി ||**

പ്രകാശവാനും ധനേശ്വരനും ജ്ഞാനിയുമായഅഗ്നി ഉത്തമവാണിയോടുകൂടിയ സ്തുതികളെ പ്രാപിക്കുന്നു. ഹേ ബഹുകർമ്മാവേ! ധനയുക്തനായി പ്രദീപ്തനായാലും.

**6. ക്ഷപോ രാജന്നുത ത്മനാഗ്നേ വസ്തോരുതോഷസഃ |**
**സ തിഗ്മജംഭ രക്ഷസോ ദഹ പ്രതി ||**

ഹേ തീക്ഷ്ണമായ നാടിയോടുകൂടിയവനേ! നീ സ്വയം പ്രകാശിതനായി രാത്രിയിലും പകലും ഉഷകാലതതത്തും ദൈത്യൻമാരെ ഭസ്മീകരിച്ചാലും.

**7. അവാ നോ അഗ്ന ഊതിഭിർഗായത്രസ്യ പ്രഭർമണി |**
**വിശ്വാസു ധീഷു വന്ദ്യ ||**

എല്ലാ കർമ്മങ്ങളിലും പൂജിക്കപ്പെടുന്ന അഗ്നി! ഞങ്ങളുടെ സ്തോത്ര നിവേദനങ്ങളാൽ ഞങ്ങളെ രക്ഷിക്കൂ.

**8. ആ നോ അഗ്നേ രയിം ഭര സത്രാസാഹം വരേണ്യം |**
**വിശ്വാസു പൃത്സുദുഷ്ടരം ||**

ഹേ അഗ്നി! ഞങ്ങൾക്കായി അന്യരാൽ അപഹരിക്കപ്പെടുവാൻ സാധ്യമില്ലാത്തതായ ധനം ദാനം ചെയ്യൂ.

**9. ആ നോ അഗ്നേ സുചേതുനാ രയിം വിശ്വായു**
**പോഷസം |**
**മാർഡീകം ധേഹി ജീവസേ ||**

ഹേ അഗ്നി! ഞങ്ങളുടെ ജീവിതത്തിൽ പൂർണ്ണസുഖം നൽകുന്നവനായ നീ പൂർണ്ണായുസ്സിനെ പോഷിപ്പിക്കുന്ന ധനം ഞങ്ങൾക്കായി നൽകു.

**10. പ്ര പൂതാസ്തിഗ്മശോചിഷേ വാചോ ഗോതമാഗ്നയേ |**
**ഭരസ്വ സുമ്നയുർഗിരഃ ||**

ഹേ ഗൗതമാ! സുഖേച്ഛയോടുകൂടി അതിതീക്ഷ്ണജ്വാലായുക്തനായ അഗ്നിയെ പവിത്രവചനസ്തുതികളാൽ സ്തുതിക്കൂ.

**11. യോ നോ അഗ്നേഭിദാസത്യന്തി ദൂരേ പദീഷ്ട സഃ |**
**അസ്മാകമിദ്വൃധേ ഭവ ||**

ഹേ അഗ്നേ! അടുത്തോ അകലെയോ ഉള്ള ആരെങ്കിലും ഞങ്ങളെ വശീകരിക്കാനാഗ്രഹിക്കുന്നുങ്കെിൽ അവരെ നിലംപതിപ്പിക്കൂ. നീ ഞങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നവനാകണേ.

**12. സഹസ്രാക്ഷോ വിചർഷണിരഗ്നീ രക്ഷാംസി സേധതി**
**|**
**ഹോതാ ഗൃണീത ഉക്ഥ്യഃ ||**

സഹസ്രാക്ഷനായ അഗ്നേ! നീ യശസ്വിയായ ഹോതാവും വിശേഷ ദൃഷ്ടിയോടുകൂടിയവനുമാകുന്നു. നീ രാക്ഷസൻമാരെ അകറ്റുന്നവനുമാകുന്നു. ഞങ്ങൾ നിന്നെ പൂജിക്കുന്നു.

# സൂക്തം 80

**ഋഷി ഗൗതമൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി**

**1. ഇത്ഥാ ഹി സോമ ഇന്മദേ ബ്രഹ്മാ ചകാര വർധനം |**
**ശവിഷ്ഠ വജ്രിന്നോജസാ പൃഥിവ്യാ നിഃ**
**ശശാഅഹി മർച്ചന്നനു സ്വരാജ്യം ||**

മഹാബലവാനായ ഇന്ദ്രാ! ഹർഷദായകമായ സോമത്തിൻെറ പ്രഭാവത്തിൽ സ്തോതാവ് പ്രശംസിച്ചു. നിങ്ങളാകുന്ന വജ്രധാരി സ്വശക്തിയാൽ വൃത്രനെ ദണ്ഡിച്ചു. നിങ്ങൾ സ്വരാജ്യത്തിൽ പ്രകാശിതനായി പ്രതിഷ്ഠിതനാകൂ.

**2. സ ത്വാമദദ്വൃഷാ മദഃ സോമഃ ശ്യേനാഭൃതം സുതഃ |**
**യേനാ വൃത്രം നിരദ്ഭ്യോ ജഗന്ഥ**
**വജ്രിന്നോജസാർചന്നനു സ്വരാജ്യം ||**

ഹേ വജ്രായുധാ! പെൺപരുന്തിനാൽ കൊുവരപ്പെട്ട നിഷ്പന്നവും ബലയുക്തവുമായ സോമം നിന്നെ ഹർഷയുക്തനും ബലവാനുമാക്കി. തൽഫൽമായി നീ വൃത്രനെ ജലത്തിൽനിന്നും വേർപെടുത്തി നശിപ്പിച്ചു. നീ സ്വരാജ്യത്തിൽ പ്രകാശിതനാകട്ടെ.

**3. പ്രേഹ്യ ഭീഹി ധൃഷ്ണഹി ന തേ വജ്രോ നി യംസതേ |**
**ഇന്ദ്ര നൃമ്ണം ഹി തേ ശവോ ഹനോ വൃത്രം ജയാ**
**അപോർപന്നനു സ്വരാജ്യം ||**

ഹേ ഇന്ദ്രാ! മുന്നേറുക, ശത്രുവിനെ നേരിടുക. നി നിർഭയനാണല്ലോ. നിൻെറ വജ്രത്തെ നേരിടുവാൻ ആർക്കും സാധ്യമല്ല. നിൻെറ വീര്യം തന്നെ ബലമാകുന്നു.

**4. നിരിന്ദ്ര ഭൂമ്യാ അധി വൃത്രം ജഘന്ഥ നിർദിവഃ |**
**സൃജാ മരുത്വതീരവ ജീവധന്യാ ഇമാ**
**അപോർച്ചന്നനു സ്വരാജ്യം ||**

നീ വൃത്രനെ ഭൂമിയിൽനിന്നും വലിച്ചുയർത്തി ആകാശത്തിൽവച്ച് വധിച്ചു. നീ ജീവരക്ഷകരായ മരുത്തുക്കളാൽ യുക്തമായ ജലം വർഷിക്കൂ. നീ സ്വയം പ്രകാശിതനാകൂ.

**5. ഇന്ദ്രോ വൃത്രസ്യ ദോധതഃ സാനും വജ്രേണ ഹീളിതഃ |**
**അഭിക്രമ്യാവ ജിഘ്നതേപഃ സർമായ ചോദന്നർ**
**ചന്നനു സ്വരാജ്യം ||**

ക്രോധിതനായിത്തീർന്ന ഇന്ദ്രൻ ഭയംകൊു വിറപൂു വൃത്രൻെറമേൽ പ്രഹരിക്കുകയും ജലം പ്രവഹിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. ആ ഇന്ദ്രൻ സ്വയം പ്രകാശിതനാകുന്നു.

**6. അധി സാനൗ നി ജിഘ്നതേ വജ്രേണ ശതപർവണാ**
**മന്ദാന ഇന്ദ്രോ അന്ധസഃ സഖിഭ്യോ**
**ഗാതുമീഛത്യർച്ചന്നനു സ്വരാജ്യം |**

സോമത്താൽ ആനന്ദിതനായ ഇന്ദ്രൻ വജ്രായുധത്താൽ വൃത്രൻെറ താടിയിൽ പ്രഹരിച്ചു. അവൻ മിത്രങ്ങൾക്കുവേി ധനം ആഗ്രഹിക്കുന്ന പ്രകാശമാനനാകുന്നു.ഭ

**7.ഇന്ദ്ര തുഭ്യമിദദ്രിവോനുത്തം വജ്രിന്വീര്യം |**
**യുദ്ധ ത്യം മായിനം മൃഗം തമു ത്വം**
**മായയാവധീര ചന്നനു സ്വരാജ്യം ||**

ഹേ വജ്രായുധാ! ശത്രുക്കളെ തിരസ്കരിക്കുന്ന പുരുഷാർത്ഥം നിൻേറതുതന്നെയാണ്.നീ തന്നെ മൃഗരൂപമായാവിയായ വൃത്രനെ വധിച്ചു. നീ സ്വയം പ്രകാശിതനാകുന്നു.

**8. വി തേ വജ്രാസോ അസ്ഥിരന്നവതിം നാവ്യാ അനു |**
**മഹത്ത ഇന്ദ്ര വീര്യം ബാഹ്വോസ്തേ ബലം**
**ഹിതമർച്ചന്നനു സ്വരാജ്യം ||**

ഹേ ഇന്ദ്രാ! തൊണ്ണൂറുനദികൾക്കു തുല്യം നിങ്ങളുടെ വജ്രായുധം വിസ്തൃതമാണ്. നിങ്ങളുടെ ബലം മഹത്താണ്. നിങ്ങളുടെ ഈഭുജങ്ങളും ബലിഷ്ഠങ്ങളാണ്. നീ പ്രകാശിതനാകട്ടെ.

**9. സഹസ്രം സാകമർചത പരി ഷ്ടോഭത വിംശതിഃ |**
**ശതൈനമന്വനോനവുരിന്ദ്രായ ബ്രഹ്മോദ്യത**
**മർചന്നനു സ്വരാജ്യം ||**

ഹേ മനുഷ്യരേ! നിങ്ങൾ ആയിരക്കണക്കിനാളുകൾ കൂട്ടംകൂടി ഇന്ദ്രനെ സ്തുതിക്കുവിൻ. ഇരുപതു സ്തോത്രങ്ങൾ ആലപിക്കുവിൻ. ഈ ഇന്ദ്രൻ അസംഖ്യംപേരാൽ സ്തുതിക്കപ്പെടുന്നവനാകുന്നു. ഋഷികൾ ഇന്ദ്രനായിക്കൊ് മന്ത്രരൂപസ്തുതികളെ മഹത്വീകരിച്ചിരിക്കുന്നു. അവൻ സ്വയം പ്രകാശിതനാണ്.

**10. ഇന്ദ്രോ വൃത്രസ്യ തവിഷീം നിരഹൻത്സഹസാ സഹഃ**
**മഹത്തദസ്യ പൗംസ്യം വൃത്രം ജഘന്വാം**
**അസൃജദർചന്നനു സ്വരാജപ്യം ||**

ഇന്ദ്രൻ വൃത്രൻെറ ശക്തി ക്ഷയിപ്പിച്ചു. തൻെറ സാഹസത്താൽ അവനെ സാഹസഹീനനാക്കി. വൃത്രനെ വധിച്ചത് ഇവൻെറ മഹാബലമാണ്. തൻെറ രാജ്യത്തിൽ ഇവൻ സ്വയം പ്രകാശിതനാണ്.

**11. ഇമേ ചിത്തവ മന്യവേ വേപേതേ ഭിയസാ മഹീ |**

**യദിന്ദ്ര വജ്രിന്നോജസാ വൃത്രം മരുത്വാം**
**അവധീരർച്ചന്നനു സ്വരാജ്യം ||**

ഹേ വജ്രായുധാ! നിന്നോടുള്ള ഭയത്താൽ ആകാശവും ഭൂമിയും പ്രകമ്പനംകൊള്ളുന്നു. നീ മരുത്തുക്കളുടെ സഹായത്തോടുകൂടി വൃത്രനെ വധിച്ചു.

**12. ന വേപസാ ന തന്യതേന്ദ്രം വൃത്രോ വി ബീഭയത് |**
**അഭ്യേനം വജ്ര ആയസഃ സഹസ്രഭൃഷ്ടിരായതാർ**
**ച്ചന്നനു സ്വരാജ്യം ||**

ആ വൃത്രന് ഇന്ദ്രനെ വിറപ്പിക്കുവാൻ കഴിഞ്ഞില്ല. ഗർജ്ജനം കൊും ഭയപ്പെടുത്തുവാൻ കഴിഞ്ഞില്ല. അവൻെറമേൽ ഇന്ദ്രൻെറ ലോഹവജ്രം പതിച്ചു.

**13. യദ്വൃത്രം തവ ചാശനിം വജ്രേണ സമയോധയഃ |**
**അഹിമിന്ദ്ര ജിഘാസതോ ദിവി തേ ബദ്ബധേ**
**ശവോ ർച്ചന്നനു സ്വരാജ്യം ||**

ഹേ ഇന്ദ്രാ! വൃത്രനാലെറിയപ്പെട്ട വജ്രം നീ തടുത്തപ്പോൾ അവനെ വധിക്കണമെന്നുള്ള ആശയോടുകൂടി തൻെറ ശക്തി ആകാശത്തിൽ സ്ഥാപിച്ചു.

**14. അഭിഷ്ടനേ തേ അദ്രിവോ യത്സ്ഥാ ജഗച്ച രേജതേ**
**ത്വഷ്ടാ ചിത്തവ മന്യവ ഇ വേവിജ്യതേ**
**ഭിയാർച്ചന്നനു സ്വരാജ്യം ||**

ഹേ വജ്രായുധാ! നിങ്ങളുടെ ഗർജനത്താൽ സ്ഥാവരജംഗമങ്ങളെല്ലാം വിറക്കുന്നു. ത്വഷ്ടാവുപോലും ഭയത്താൽ വിറക്കുന്നു. നീ സ്വന്തരാജ്യത്തെ പ്രകാശിക്കണേ.

**15. നഹി നു യാദധീമസീന്ദ്രം കോ വീര്യഅ പരഃ |**
**തസ്മിന്നൃമ്ണമുത ക്രതും ദേവാ ഓജാംസി**
**സം ദധുരർച്ചന്നനു സ്വരാജ്യം ||**

പപുരുഷാർത്ഥത്തിൽ ഇന്ദ്രനേക്കാൾ വലിയവനായി യാതൊരുത്തരുമില്ല. ദേവഗണം അയാളിൽ ജ്ഞാനനബലം, പുരുഷത്വം മുതലായവ സ്ഥാപിച്ചു.അദ്ദേഹം തൻെറ രാജ്യം സ്വയം പ്രകാശിപ്പിക്കുന്നു.

**16. യാമഥർവാ മനുഷ്പിതാ ദധ്യങ് ധിയമത്നത |**
**തസ്മിൻ ബ്രഹ്മാണി പൂർവഥേന്ദ്ര ഉക്ഥാ**
**സമഗ്മതാർച്ചന്നനു സ്വരാജ്യം ||**

അഥർവാവ്, പിതാമൻ, ദധ്യങ്ങൻ, മുതലായവർ ചെയ്തിരുന്ന യജ്ഞകർമ്മങ്ങളിലെ ഹവിസ്സുകളും സ്തുതികളും ഇന്ദ്രനിൽ ഏകത്രിതമായിരിക്കുന്നു.

# അദ്ധ്യായം ആറ്

## സൂക്തം 81

**ഋഷി ഗൗതമൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ബൃഹതി**

**1. ഇന്ദ്രോ മദായ വാവൃധേ ശവസേ വൃത്രഹാ നൃഭിഃ |**
**തമിൻമഹത്സ്വാജിഷുതേമർഭേ ഹവാമഹേ**
**സ വാജേഷു പ്ര നോവിഷത് ||**

വൃത്രനെ കൊല്ലുന്ന ഇന്ദ്രൻെറ പ്രസന്നതയിലും ബലത്തിലും മനുഷ്യർക്ക് വൃദ്ധിയുാകുന്നു.ചെറുതും വലുതുമായ യുദ്ധങ്ങളിൽ രക്ഷയ്ക്കായി ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**2. അസി ഹി വീര സേന്യോ സി ഭൂരി പരാദദിഃ |**
**അസി ഭദ്രസ്യ ചിദ്വൃധോ യജമാനായ**
**ശിക്ഷസി സന്വതേ ഭൂരി തേ വസു ||**

ധീരനായ ഇന്ദ്രാ! നിൻെറ സേന ശ്രേഷ്ഠവും അതുപോലെ നീ അത്യന്തം ധനദാതാവുമാകുന്നുവല്ലോ? നീ ചെറിയവരെ വലിയവരാക്കുന്നു. സോമനിരുാക്കുന്ന യജമാനനു നീ വളരെയധികം ധനം നൽകുന്നു.

**3. യദുദീരത ആജയോ ധൃഷ്ണവേ ധീയതേ ധനാ |**
**യുക്ഷ്വാ മദച്യുതാ ഹരീ കം ഹനഃ കം വസൗ**
**ദധോസ്മാം ഇന്ദ്ര വസൗ ദധഃ ||**

യുദ്ധത്തിൽ അഭയം നൽകുന്ന ഇന്ദ്രാ! നീ ര് അശ്വങ്ങളേയും രഥത്തോടു ചേർത്തുബന്ധിക്കൂ. നീ കൊല്ലുകയും ധനം നൽകുകയും ചെയ്യുന്നു ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യണേ.

**4. ക്രത്വാ മഹാം അനുഷ്വധം ഭീമ ആ വാവൃധേ ശവഃ |**
**ശ്രിയ ഋഷ്വാ ഉപാകയോർനിം ശിപ്രീ**
**ഹരിവാന്ദധേ ഹസ്തയോർവജ്രമായസം ||**

മഹാബുദ്ധിമാനും വികരാളനുമായ ഇന്ദ്രൻ തൻെറ ശക്തിയെ വർദ്ധിപ്പിക്കുകയും അശ്വയുക്തനായി ഇരുമ്പുവജ്രം കരങ്ങളിലെടുക്കുകയും ചെയ്തു.

**5. ആ പപ്രൗ പാർഥിവം രാജോ ബദ്ബധേ രോചനാ ദിവി |**
**ന ത്വാവാം ഇന്ദ്ര കശ്ചന ന ജാതോ ന ജനിഷ്യതേതി**
**വിശ്വം വവക്ഷിഥ ||**

ഇന്ദ്രൻ ഭൂമിയോടു ബന്ധമുള്ള അന്തരീക്ഷത്തെ പൂർണ്ണമാക്കുകയും ആകാശത്തിൽ നക്ഷത്രങ്ങളെ സ്ഥാപിക്കുകയും ചെയ്തു. ഹേ ഇന്ദ്രാ! ജനിച്ചതിലും ജനിക്കാതിരിക്കുന്നതിലും നിനക്കു സമമായി യാതൊരു ജീവിയുമില്ല. നീ അത്യധികം മഹാനാകുന്നു.

**6. യോ ആര്യോ മർതഭോജനം പരാദദാതി ദാശുഷേ |**
**ഇന്ദ്രോ അസ്മഭ്യം ശിക്ഷതു വി ഭജാ ഭൂരി തേ വസു**
**ഭക്ഷീയ തവ രാധസഃ ||**

യാതൊരിന്ദ്രൻ ഹവിർദാതാവിന് മനുഷ്യർക്കാവശ്യമുള്ള ഉപഭോഗവസ്തുക്കൾ നൽകിയോ, അവൻ നമുക്കും നൽകട്ടെ. ഹേ ഇന്ദ്രാ! നിൻെറ കൈവശം അനന്തമായ ധനമുല്ലോ. അവയെ വീതിക്കൂ. ഞാനും നിൻെറ ധനത്തിൻെറ പങ്കു വഹിക്കട്ടെ.

**7. മദേമദേ ഹി നോ ദദിര്യൂഥാ ഗവാമൃജൂക്രതുഃ |**
**സം ഗൃഭായ പുരൂ ശതോഭയാഹസ്ത്യാ വസു**
**ശിശീഹിരായ ആ ഭര ||**

സൽബുദ്ധിയുള്ളവനായ ഇന്ദ്രൻ നമുക്ക് ഗോക്കൾ ആദിയായ ധനം നൽകുന്നു. ഹേ ഇന്ദ്രാ! ഞങ്ങൾ ഇരുകരങ്ങളാലും ധനം സമ്പാദിക്കുന്നതിനുവേി ഞങ്ങളുടെ ബുദ്ധി തീക്ഷ്ണമാക്കിയാലും.

**8. മാദയസ്വ സുതേ സചാ ശവസേ ശൂര രാധസേ |**
**വിദ്മാ ഹി ത്വാ പുരൂവസുമുപ കാമാൻ**
**ത്സസൃജ്മ ഹേഥാ നോ വിതാ ഭവ ||**

ഹേ വീരനായ ഇന്ദ്രാ! സോമസിദ്ധിക്കുശേഷം നീ ധനത്തിനുവേ അതിൽനിന്നും ഹർഷം പ്രാപിക്കൂ. നീ വളരെയധികം കുബേരനാണെന്നും അംഗീകരിക്കപ്പെട്ടിരിക്കുന്നു. നീ ഞങ്ങളുടെ അഭിലാഷങ്ങളെ ശ്രദ്ധിച്ചുകൊ് രക്ഷിക്കണേ.

**9. ഏതേ ത ഇന്ദ്ര ജന്തവോ വിശ്വം പുഷ്യന്തി വാര്യം**
**അന്തർഹി ഖ്യോ ജനാനാമര്യോ വേദോ**
**അദാശുഷാം |**
**തേഷാം വോ വേദ ആ ഭര ||**

ഹേ ഇന്ദ്രാ! ഈ മനുഷ്യൻ നിനക്കു സ്വീകാര്യമായ പദാർത്ഥങ്ങളെ വളർത്തുന്നു. നീ ദാനം ചെയ്യാത്തവരുടെ സ്വത്തെല്ലാം ഞങ്ങൾക്കായി കൊ ുവന്നാലും.

# സൂക്തം 82

**ഋഷി ഗൗതമൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ജഗതി**

**1. ഉപോ ഷു ശൃൺഹി ഗിരോ മഘവൻമാതഥാ ഇവ**
**യദാ നഃ സൂനൃതാവതഃ കുര ആദർഥയാസ ഇദ്യോജാ |**
**ന്വിന്ദ്ര തേ ഹരീ ||**

ഹേ ധനാധിപനായ ഇന്ദ്രാ! നീ ഞങ്ങളുടെ സ്തുതികൾ നികടത്തിൽനിന്നും ശ്രവിക്കണേ. പൂർവ്വകാലത്തെപ്പോലെ തന്നെ സ്തുതികൾ ശ്രവിക്കുന്നവനായിരിക്കണേ. നീ സ്തുതികൾ ശ്രവിക്കുന്നതിൽ ഇച്‌ഛുകനുമാണല്ലോ. സ്വന്തം രഥത്തിൽ അശ്വങ്ങളോടുകൂടി ഇവിടേയ്ക്കാഗതനാകണേ.

**2. അക്ഷന്നമീമദന്ത ഹ്യവ പ്രിയാ അധൂഷത |**
**അസ്തോഷത സ്വഭാനവോ വിപ്രാ**
**നവിഷ്ഠയാ മതീ |**
**യോജാ ന്വിന്ദ്ര തേ ഹരീ ||**

പ്രിയരായ മനുഷ്യർ നിന്റെ പ്രസാദരൂപമായ സോമത്തെസേവിക്കുന്നു. ആനന്ദത്താലവർ ആടുവാൻ തുടങ്ങി. ജ്ഞാനികളായ മഹർഷിമാർ അഭിനവസ്തോത്രങ്ങൾ പാടി. ഹേ ഇന്ദ്രാ! രഥത്തിൽ അതിവേഗം അശ്വങ്ങളെ ചേർക്കൂ.

**3. സുസംദൃശം ത്വാ വയം മഘവന്വന്ദിഷീമഹി |**
**പ്ര നൂനം പൂർണവന്ധുരഃ സ്തുതോ യാഹി**
**വശാം അനു യോജാ ന്വിന്ദ്ര തേ ഹരീ ||**

ഹേ മഘവാൻ! നീയാകുന്ന കൃപാകരനെ ഞങ്ങൾ നമസ്കരിക്കുന്നു. സ്തുതികളാൽ പ്രസന്നനായി നീ ധനത്താൽ പൂർണ്ണമായ രഥവുമായി വരണേ.

**4. സ ഘാ തം വൃഷണം രഥമധിഷ്ഠാതി ഗോവിദം |**
**യഃ പാത്രം ഹാരിയോജനം പൂർണമിന്ദ്ര**
**ചികേതതി യോജാന്വിന്ദ്ര തേ ഹരീ ||**

അഭീഷ്ടവർഷകനും, ഗോക്കളെനൽകുന്നവനും, ധാന്യയുക്തനും സോമരസം ആഗ്രഹിക്കുന്നവനുമായ ഇന്ദ്രൻ രഥാരൂഢനായിവരട്ടെ.

**5. യുക്തസ്തേ അസ്തു ദക്ഷിണ ഉത സവ്യഃ ശതക്രതോ**
**തേന ജായാമുപ പ്രിയാം മന്ദാനോ**
**യാഹ്യാന്ധസോ**
**യോജാ ന്വിന്ദ്ര തേ ഹരീ ||**

ഹേ ഇന്ദ്രാ! നീ അത്യധികം ബലിഷ്ഠനാകുന്നു. നിന്റെ രഥത്തിന്റെ രുവശങ്ങളിലും രു കുതിരകൾ കെട്ടിയിരിക്കുന്നു. സോമത്താൽ തേജോയുക്തമായ രഥത്തിൽ അശ്വങ്ങളെ കെട്ടി തന്റെ പ്രിയപത്നിയുടെ സമീപത്തേയ്ക്ക് പോകൂ.

**6. യുനജ്മിതേ ബ്രഹ്മണാ കേശിനാ ഹരീ ഉപ |**
**പ്രയാഹി ദധിഷേ ഗർസ്ത്യോഃ**
**ഉത്ത്വാ സുതാസോ രഭസോ അമന്ദിഷുഃ**
**പുഷണ്വാന്വജ്രിൻത്സമു പത്ന്യാമദഃ ||**

ഹേ വജ്രായുധാ! ഞാൻ നിന്റെ രശ്വങ്ങളേയും സ്തോത്രങ്ങളോടുകൂടി രഥത്തിൽപൂട്ടുന്നു. നീ കരങ്ങളിൽ ചമ്മട്ടിയുമായി പുറപ്പെടൂ. സോമത്താൽ ഉൻമത്തനായി ഭാര്യയുടെ അടുത്തേയ്ക്ക് പോകൂ.

# സൂക്തം 83

**ഋഷി ഗൗതമൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. അശ്വാവതി പ്രഥമോ ഗോഷു ഗഛതി സുപ്രാ**
**വീരിന്ദ്ര മർത്യസ്തവോതിഭിഃ |**
**തമിത് പൃണക്ഷി വസുനാ ഭവീയസാ സിന്ധു**
**മാപോ യഥാഭിതോ വിചേതസഃ ||**

ഹേ ഇന്ദ്രാ! നീ രക്ഷിക്കുന്ന മനുഷ്യൻ ഗോക്കളോടുകൂടിയ ധനവാൻമാരിൽ പ്രമുഖനായിത്തീരുന്നു. ജലം എല്ലാ ഭാഗത്തുനിന്നും സമുദ്രത്തിൽചേരുന്നതുപോലെ പ്രധാന ധനികനെ തന്നെവീും ധനികനാക്കുന്നു.

**2. ആപോ ന ദേവീരുപ യന്തി ഹോത്രിയമവഃ**
**പശ്യന്തി വിതതം യഥാ രജഃ |**
**പ്രാചൈർദേവാസഃ പ്രണയന്തി ദേവയും**
**ബ്രഹ്മപ്രിയ ജോഷയന്തേ വരാ ഇവ ||**

ഹോതാവ് ചമസ് പാത്രത്താൽ ജലം എടുക്കുന്നതുപോലെ സ്തോതാവിനെ സ്നേഹിക്കുന്ന ദേവത ആകാശത്തിൽനിന്നും താഴോട്ടു നോക്കിക്കൊ് സാധകനെ പ്രാപിക്കുകയും കന്യകയെ പ്രേമിക്കുന്ന വരനുാ തുല്യം ഉത്തമമാർഗ്ഗത്തിലേയ്ക്കാനയിക്കുകയും ചെയ്യുന്നു.

**3. അധിദ്വയോരദധാ ഉക്ഥ്യം വചോഃ |**
**യതസ്രു പാ മിഥുനാ യാ സപര്യതഃ |**
**അസ യത്തോ വ്രതേ തേ ക്ഷേതി പുഷ്യതി ഭദ്രാ**
**ശക്തി യർജമാനായ സുന്വതേ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം ഭക്തരിൽ പ്രശംസായുക്തങ്ങളായ വചനങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ആ ഭക്തൻ നിങ്ങളുടെ നിയമങ്ങളിലുറച്ചുനിൽക്കുകയും വൃഷ്ടി പ്രാപിക്കുകയും ചെയ്യുന്നു.നിങ്ങൾ ആ സോമ നിർമ്മാതാവിന് മംഗലമയമായ ശക്തി ദാനം ചെയ്യുന്നു.

**4. ആദങ്ഗിരാഃ പ്രഥമം ദധിരേ വയ |**
**ഇദ്ധാഗ്നയഃ ശമ്യാ യേ സുകൃത്യയാ |**
**സർവ്വം പണേഃ സമവിന്ദന്ത ഭോജനമശ്വാവന്തം**
**ഗോമന്തമാ പശും നരഃ ||**

പ് അംഗിരസ്സുകൾ ഉത്തമമായ മാർഗ്ഗത്തിൽകൂടി അഗ്നി പ്രദീപ്തമാക്കി. അന്നരൂപമായ ഹവിസ്സ് സമ്പാദിക്കുകയും പിന്നീട് ഗോക്കളാൽ യുക്തമായ സമ്പത്തുനേടുകയും ചെയ്തു.

**5. യജ്ഞൈരഥർവാ പ്രഥമഃ പേഥസ്തതേ തതഃ |**
**സൂര്യോ വ്രതപാ വേന ആജാനി |**
**ആ ഗാ ആജദുശനാ കാവ്യഃ സചാ**
**യമസ്യജാതമമൃതം യജാമഹേ ||**

ആദ്യം അഥർവമഹർഷി സ്വർഗ്ഗമാർഗ്ഗത്തെ വെട്ടിത്തെളിച്ചു. പിന്നീട് സൂര്യരൂപനായ ഇന്ദ്രൻ പ്രത്യക്ഷമായി. അപ്പോൾ ഉശനനാൽ ഗോക്കൾ ആനയിക്കപ്പെട്ടു. നമുക്കു ശത്രുനാശകനായ ഇന്ദ്രനെ പൂജിക്കാം.

**6. ബർഹിർവാ യത്സ്വപത്യായ വൃജ്യതേർകോ വാ**
**ശ്ലോകമാഘോഷതേ ദിവി |**
**ഗ്രാവാ യരൂ വദതി കാരുരുക്ഥ്യ സ്തേ**
**സ്യദിന്ദ്രോഅഭിപിത്വേഷു രണ്യതി ||**

മഹായജ്ഞത്തിനുവേ ദർഭ മുറിക്കുമ്പോൾ സാധകഗണം സ്തോത്രങ്ങളാലപിക്കുന്നു. സോമലത ഇടിച്ചുകൂട്ടുന്ന അമ്മിക്കല്ല് സ്തോത്രോച്ചാരണം പോലെ ശബ്ദമുാക്കുന്നു. അപ്പോൾ ഇന്ദ്രൻ പ്രസന്നനാകുന്നു.

# സൂക്തം 84

**ഋഷി ഗൗതമൻ ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്, ഉഷ്ണകപംക്തി, ഗായത്രീ**

**1. അസാവി സോമ ഇന്ദ്രതേ ശിവിഷ്ഠ ധൃഷ്ണുവാ ഗഹി |**
**ആ ത്വാ പൃണക്ത്വിന്ദ്രിയം രജഃ സൂര്യോ ന**
**രശ്മിഭിഃ ||**

സർവ്വശക്തനായ ഇന്ദ്രാ! നിനക്കായി സോമരസം പിഴിയപ്പെട്ടിരിക്കുന്നു. നീ ശങ്കാരഹിതനായിവിടെ വന്നാലും. സൂര്യൻ തൻെറ കിരണങ്ങളാൽ ലോകത്തെ പ്രശോഭിപ്പിക്കുന്നതുപോലെ സോമത്തിൽനിന്നു ഉൽപ്പന്നമാകുന്ന ശക്തി നിന്നെ പൂർണ്ണമാക്കട്ടെ.

**2. ഇന്ദ്രമിദ്ധരീ വഹതോപ്രതിദൃഷ്ടശവസം |**
**ഋഷീണാം ച സ്തുതീരുപ യജ്ഞം ച**
**മാനുഷാണാം ||**

ആർക്കും വശംവദനാകാത്ത ഇന്ദ്രനെ അദ്ദേഹത്തിൻെറ അശ്വങ്ങൾ യജ്ഞത്തിൽ സ്തുതിച്ചുകൊിരിക്കുന്ന ഋഷിമാരുടെ സമീപംകൊു വന്നുചേർക്കുന്നു.

**3. ആ തിഷ്ഠ വൃത്രഹന്നൂഥം യുക്താ തേ ബ്രഹ്മണാ ഹരീ**
**|**
**അർവാചീനം സുതേ മനോ ഗ്രാവാ**
**കൃണോതു വഗ്നുനാ ||**

ഹേ വൃത്രനാശകനായ ഇന്ദ്രാ! സ്തോത്രങ്ങളാൽ രശ്വങ്ങളും രഥത്തിൽ ചേർക്കപ്പെട്ടിരിക്കുന്നു. നീ ആ രഥത്തിൽ കയറി സോമം ഇടിക്കുന്ന ശബ്ദത്താലാകർഷിതനായി ഇവിടെവന്നാലും.

**4. ഇമമിന്ദ്ര സുതം പിബ ജ്യേഷ്ഠമമർത്യം മദം |**
**ശുക്രസ്യ ത്വാഭ്യക്ഷരന്ധാരാ ഋത**
**സ്യ സാദനേ ||**

ഹേ ഇന്ദ്രാ! ഉത്തമവും, ഹർഷദായകവും നിഷ്പന്നവുമായ സോമരസം പാനം ചെയ്യു. ഈ യജ്ഞത്തിൽ സോമത്തിൻെറ ഉജ്ജ്വലമായ ധാര അങ്ങയുടെ നേർക്ക് പ്രവഹിക്കുന്നു.

**5. ഇന്ദ്രായ നൂനമർചതോക്ഥാനി ച ബ്രവീതന |**
**സുതാ അമത്സുരിന്ദവോ ജ്യേഷ്ഠം നമസ്യതാ**
**സഹഃ ||**

സ്തോത്രോച്ചാരണത്തോടുകൂടി ഇന്ദ്രനെ പൂജിക്കുവിൻ. നിഷ്പന്നമായ സോമരസത്താൽ ശക്തനായിത്തീർന്ന ഇന്ദ്രനെ പ്രണമിക്കൂ.

**6. നകിഷ്ട്വദ്രഥീതരോ ഹരീ യദിന്ദ്ര യച്ഛസേ |**
**നകിഷ്ട്വാനു മജ്മനാ നകിഃ**
**സ്വശ്വ ആനശേ ||**

ഹേ ഇന്ദ്രാ! കുതിരകളെ രഥത്തിൽ പൂട്ടുമ്പോൾ നിങ്ങളെത്തന്നെ സർവശ്രേഷ്ഠനായ തേരാളിയായി കാണപ്പെടുന്നു. യാതൊരു ശക്തനോ അഥവാ അശ്വരോഹിയോ നിനക്കു സമനായില്ല.

**7. യ ഏക ഇദ്വിദയതേ വസു മർതായ ദാശുഷേ |**
**ഈശാനോ അപ്രതിഷ്കുത**
**ഇന്ദ്രോ അങ്ഗ ||**

യാതൊരുത്തൻ ഏകനായിഹവിർദാതാവിന് ധനം നൽകുന്നതിൽ സമർത്ഥനായിരിക്കുന്നുവോ, ആ ഇന്ദ്രൻ ആരാലും പിൻതള്ളപ്പെടുന്നില്ല.

**8. കദാ മർതമരാധസം പദാ ക്ഷുമ്പമിവ സ്ഫുരത്|**
**കദാ നഃ ശുശ്രവദ്ഗിര ഇന്ദ്രോ അങ്ഗ് ||**

ദാനം നൽകാത്ത വ്യക്തിയെ ഇന്ദ്രൻ സർപ്പത്തിൻെറ പത്തി എന്നതുപോലെ എപ്പോൾ തകർക്കുമോ അപ്പോൾ ഇന്ദ്രൻ ഞങ്ങളുടെ സ്തുതികൾ ശ്രവിക്കും.

**9. യശ്ചിദ്ധി ത്വാ ബഹുഭ്യ ആ സുതാവാം ആവിവാസതി |**
**ഉഗ്രം തത്പത്യതേ ശവ ഇന്ദ്രോ അങ്ഗ ||**

അനേകം ജനങ്ങളിൽ ആര് സോമം പിഴിഞ്ഞെടുത്ത് ശ്രദ്ധഭക്തികളോടുകൂടി നിന്നെ പൂജിക്കുന്നുവോ, അവൻതന്നെ അനന്തമായ ബലം പ്രാപിക്കുന്നു. ഇന്ദ്രൻ അവനെ അവശ്യം ഉത്തമനാക്കും.

**10. സ്വാദോരിത്ഥാ വിഷൂവതോ മധ്വഃ പിബന്തി ഗൗര്യഃ |**
**യാ ഇന്ദ്രേണ സയാവരീർവൃഷ്ണാ മദന്തി**
**ശോഭസേ വസ്വീരനു സ്വരാജ്യം ||**

സ്വാദോടുകൂടിയതും ശരീരത്തെ രമിപ്പിക്കുന്നതുമായ മധുരസോമത്തെ വെളുത്ത ഗോക്കൾ സേവിക്കുന്നു. അവ ആനന്ദത്തിനുവേ ഇന്ദ്രനെ അനുഗമിച്ച് അവൻെറ ഭരണത്തിൽ വസിക്കുന്നു.

**11.** താ അസ്യ പൃശനായുവഃ സോമം ശ്രീണന്തി

പൃശ്നയഃ |
പ്രിയാ ഇന്ദ്രസ്യ ധേനവോ വജ്രം ഹിന്വന്തി
സായകം വസ്വീരനു സ്വരാജ്യം ||

ഇന്ദ്രൻെറ ആ പ്രിയപ്പെട്ടഗോക്കൾ സോമത്തിൽ തങ്ങളുടെ പാലുചേർത്തുകൊ്, അവൻെറ വജ്രായുധത്തിനു പ്രേരണ നൽകി അവിടെത്തന്നെ വസിക്കുന്നു.

**12. താ അസ്യ നമസാ സഹഃ സപര്യന്തി പ്രചേതസഃ |**
**വ്രതാന്യസ്യ സശ്ചിരേ പുരൂണി പൂർവചിത്തയേ**
**വസ്വീരനു സ്വരാജ്യം ||**

ശ്രേഷ്ഠമായ ജ്ഞാനത്താൽ യുക്തരായ ആ ഗോക്കൾ ഇന്ദ്രൻെറ ശക്തിയെ നമിച്ചുകൊ് അവൻെറ ആശ്രയത്തിൽ കഴിയുന്നു. അതുപോലെ അവൻെറ നിയമങ്ങളെ വിളംബരം ചെയ്യുകയും ചെയ്യുന്നു.

**13. ഇന്ദ്രോ ദധീചോ അസ്ഥഭിർവൃത്രാണ്യപ്രതിഷ്കുതഃ |**
**ജഘാന നവതീർനവ ||**

ശത്രുക്കളാൽ ഒരിക്കലും പരാജയപ്പെടാത്തവനായ ഇന്ദ്രൻദധീചിയുടെ അസ്ഥിയാൽ നിർമ്മിക്കപ്പെട്ട വജ്രായുധത്താൽ വൃത്രാദികളായി എണ്ണൂറുദേശം ദൈത്യൻമാരെ നിഹനിച്ചു.

**14. ഇച്ഛന്നശ്വസ്യ യച്ഛിരഃ പർവതേഷ്വപശ്രിതം |**
**തദ്വിദച്ഛര്യണാവതി ||**

അശ്വത്തിൻെറ ശിരസ്സ് ദൂരസ്ഥമായ പർവ്വതത്തിൽ പോയിവീണിരുന്നു. ഇന്ദ്രൻ അതിനെ ശർയ്യണാവാന സരോവരത്തിൽ കിടക്കുന്നതായി ക‍ു.

**15. അത്രാഹ ഗോരമന്വത നാമ ത്വഷ്ടുരപീച്യം |**
**ഇത്ഥാ ചന്ദ്രമസോ ഗൃഹേ ||**

ദേവതകൾ ചന്ദ്രഗൃഹത്തിൽ ഒളിഞ്ഞിരുന്ന ത്വഷ്ടാവിൻെറ തേജസ്സിനെ തിരിച്ചറിഞ്ഞു.

**16. കോ അദ്യ യുങ്ക്തേ ധുരി ഗാ ഋതസ്യ ശിമീവതോ**
**ഭാമിനോ ദുർഹൃണായൂൻ |**
**ആസന്നിഷൂൻഹൃത്സ്വസോ മയോഭൂന്യ ഏഷാം**
**ഭൃത്യാമൃണധത്സ ജീവാത് ||**

കർമ്മവീരനും, തേജായുക്തനും ക്രോധസമ്പന്നനുമായ ഇന്ദ്രൻെറ കുതിരകളെ ജോടിചേർക്കുവാൻ ഇന്നാരു്? ശത്രുവിൻെറ മാറിടം പിളർന്ന് മിത്രങ്ങൾക്ക് സുഖം നൽകുവാനാരാ്? ഇവരുടെ ശക്തി വർദ്ധിപ്പിച്ച് ദീർഘായുസ്സ് കൊടുപ്പിക്കുവാനാരു്?

**17. ക ഈഷതേ തുജ്യതേ കോ ബിഭായ കോ മംസതേ**
**സന്തമിന്ദ്രം കോ അന്തി |**
**കസ്തോകായ ക ഇഭായോത രായേധി ബ്രവത്തന്വേ**
**കോ ജനായ ||**

ആരുപോകുന്നു? ആരാണ് കഷ്ടം സഹിക്കുന്നത്? ഇന്ദ്രനെ ഭയപ്പെടുന്ന ആര്? ആരുസൽക്കരിക്കും? സമീപസ്ഥിതനായ ഇന്ദ്രനെ ആരറിയുന്നു? സന്താനങ്ങളുടേയും ഭൃത്യൻമാരുടേയും പരിജനങ്ങളുടേയും രക്ഷയ്ക്കു വേിഇന്ദ്രനോട് ആരഭയം യാചിക്കും?

**18. കോ അഗ്നിമീട്ടേ ഹവിഷാ ഘൃതേന സ്രുചാ യജാതാ**
**ഋതുഭിർധ്രുവേഭിഃ |**
**കസ്മൈ ദേവാ ആ വഹാനാശു ഹോമ കോ**
**മംസതേ വീതിഹോത്രഃ സുദേവഃ ||**

അരാണ് അഗ്നിയെ സ്തുതിക്കുന്നത്? ആരാണ് ഘൃതയുക്തമായ ഹവിസ്സോടുകൂടിയ ജ്ഞാനം നടത്തുന്നത്? ദേവതകൾ ആർക്കുവേി ധനം കൊവരുന്നു? ആരാണ് ദേവതകളോടുകൂടിയ ഇന്ദ്രനെ അറിയുന്നത്?

**19. ത്വമങ്ഗ പ്ര ശംസിഷോ ദേവഃ ശവിഷ്ഠ മർത്യം |**
**ന ത്വദന്യോ മഘവന്നസ്തി മർഡിതേന്ദ്ര**
**ബ്രവീമി തേ വ ചഃ ||**

ഹേ മഹാബലവാനായ ഇന്ദ്രാ! നീ മരണശീലരായ മനുഷ്യരുടെ ഉത്സാഹത്തെ വർദ്ധിപ്പിക്കുന്നില്ല. നീ ധൈര്യദാതാവാണല്ലോ? ഞാൻ നിന്നെസത്യവാണിയാൽ സ്തുതിക്കുന്നു.

**20. മാ തേ രാധാംസി മാ ത ഊതയോവസോസ്മാൻ**
**കദാ ചനാ ദഭൻ |**
**വിശ്വാ ച ന ഉപമിമീഹി മാനുഷ വസൂനി**
**ചർഷണിഭ്യാ ആ ||**

ഹേ ധനരൂപനായ ഇന്ദ്രാ! നിൻെറ ദാനങ്ങളിൽനിന്നും ഞങ്ങളൊരിക്കലും വഞ്ചിതരാകാതിരിക്കട്ടെ. നീ മനുഷ്യരുടെ ഹിതങ്ങൾ നിറവേറ്റുന്നവനാണല്ലോ. ഞങ്ങൾക്കായി എല്ലാ സമ്പത്തുകളും കൊവരൂ.

# അനുവാകം 14 സൂക്തം85

**ഋഷി ഗൗതമൻ ദേവത മരുത്തുക്കൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. പ്ര യേ ശുംഭന്തേ ജനയോ ന സപ്തയോ യാമന്നു**
**ദ്രസ്യ സൂനവഃ സുദംസസഃ |**
**രോദസീ ഹി മരുതശ്ചക്രിരേ വൃധേ മദന്തി വീരാ**
**വിദഥേഷു ഘൃഷ്വയഃ ||**

ദ്രുതഗാമികളും രുദ്രപുത്രൻമാരുമായ മരുത്തുക്കൾ യാതാസമയത്തും മഹിളകളേയും പൃഥ്വിയേയും അഭിവൃദ്ധിപ്പെടുത്തുന്നു. അവർ നമ്മുടെ യജ്ഞത്തിൽനിന്നും ആനന്ദം പ്രാപിക്കട്ടെ

**2. ത ഉക്ഷിതാസോ മഹിമാനമാശത ദിവി രുദ്രാസോ**
**അധി ചക്രിരേ സദഃ |**
**അർചന്തോ അർക്കം ജനയന്ത ഇന്ദ്രിയമധി**
**ശ്രിയോ ദധിരേ പൃശ്നിമാതരഃ ||**

മഹാൻമാരായ മരുത്തുക്കൾ മഹത്വമുള്ളവരാണ്. അവർ തങ്ങളുടെ ആസ്ഥാനം ആകാശത്തിൽ സ്ഥാപിച്ചു. ഇന്ദ്രനുവേി സ്തോത്രങ്ങളുച്ചരിച്ച് ശക്തിവരിച്ച ആ പൃഥ്വീപുത്രൻ ഐശ്വര്യം പ്രാപിച്ചു.

**3. ഗോമാതരോ യച്ഛുഭയന്തേ അഞ്ജിഭിസ്തനൂഷു**
**ശുഭ്രാ ദധിരേ വിരുക്മതഃ |**
**ബാധന്ത വിശ്വമഭിമാതിനമപ വർത്മാന്യേഷാ**

**മനു രീയതേ ഘൃതം||**

ആ പൃഥ്വിപുത്രൻമാരായ മരുത്തുക്കൾ ആഭരണവിഭൂഷിതരായി, ദീപ്തിയോടുകൂടിയവരായി ശത്രുക്കളെ സംഹരിക്കുന്നു. മേഘങ്ങളിൽ മഴപെയ്യിക്കുന്നു.

**4. വി യേ ഭ്രാജന്തേ സുമഖാസ ഋഷ്ടിഭിഃ |**
**പ്രച്യാവയന്തോയോ അച്യുതാ ചിദോജസാ |**
**മനോ ജൂവോ യൻമരുതോ രഥേഷ്വാ വൃഷ**
**വ്രതാസഃ പൃഷതീരയുഗ്ധ്വം ||**

സുയജ്ഞരായ ഈ മരുത്ഗണം തങ്ങളുടെ ആയുധങ്ങൾ പ്രകാശിപ്പിച്ച് പർവതങ്ങൾപോലുള്ള അചലവസ്തുക്കളെപ്പോലും അടിച്ചുതകർക്കുന്നതിനാൽ സമർത്ഥരാണ്. ഹേ മരുത്തുക്കളേ! നിങ്ങൾ മനോവേഗത്തോടുകൂടിയവരാണല്ലോ. വീരൻമാരായ നിങ്ങളുടെ രഥത്തിൽ പുള്ളിമാനുകളെ പൂട്ടിയിരിക്കുന്നു.

**5. പ്ര യദ്രഥേഷു പൃഷതീരയുഗ്ധ്വം വാജേ അദ്രിം**
**മരുതോ രംഹയന്തഃ |**
**ഉതാരുഷസ്യ വിഷ്യന്തി ധാരാശ്ചർ മേവോദഭിർവ്യുന്ദന്തി**
**ഭൂമ ||**

ഹേ മരുത്തുക്കളെ! നിങ്ങൾ യുദ്ധത്തിൽ വജ്രത്തെ പ്രേരിപ്പിച്ചുകൊ് മാനുകളെ രഥത്തിൽകെട്ടി സൂര്യനികടത്തിൽനിന്നും ജലത്തെ വർദ്ധിപ്പിക്കുമ്പോൾ പതിച്ചുകൊിരിക്കുന്ന ആ വൃഷ്ടി ഭൂമിയെ പരിപൂർണ്ണമായി ആർദ്രമാക്കുന്നു.

**6. ആ വോ വഹന്തു സപ്തയോ രഘുഷ്യദോ |**
**രഘുപത്വാനഃ പ്രജിഗാത ബാഹുഭിഃ സീ ദതാ**
**ബവർഹിരുരു വഃ സദസ്കൃതം മാദയധ്വം |**
**മരുതോ മധ്വോ അന്ധസഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളെ കുതിച്ചോടുന്ന അശ്വങ്ങൾ ഇവിടെ കൊുവരട്ടെ. കൈകളിൽ ധനവുമായി ഇവിടെ വന്നാലും. നിങ്ങൾക്കായി വിശാലമായ കുശാസനം ഇവിടെയു്. അതിലിരുന്നു മധുരമേറിയ സോമരസം പാനം ചെയ്യണേ.

**7. തേവർധന്ത സ്വതവസോ മഹിത്വനാ നാകം**
**തസ്ഥുതരു ചക്രിരേ സദഃ |**
**വിഷ്ണുര്യദ്ധാവദ്വൃഷണം മദച്യുതം വയോ ന**
**സീദനധി ബർഹിഷി പ്രിയേ ||**

സ്വന്തം ശക്തിയാൽ അഭിവൃദ്ധിപ്രാപിച്ച മരുത്ഗണം സ്വർഗ്ഗത്തിൽ വിശാലമായ സ്ഥാനം നിർമ്മിച്ചു കഴിഞ്ഞു. മനോരഥദാതാക്കളായ അവർ യജ്ഞം സംരക്ഷിക്കുന്നു.

**8. ശൂരാ ഇവേദ്യുയുധയോ ന ജഗ്മയഃ ശ്രവസ്യവോ ന**
**പൃതനാസു യേതിരേഃ**
**ഭയത്നേ വിശ്വാഭുവനാ മരുത്ഭയോ രാജാന**
**ഇവ ത്വേഷനം ദൃശോ നരഃ ||**

വീരൻമാരെപ്പോലെ ആക്രമണം നടത്തുന്നവരായ മരുത്തുക്കൾ യജ്ഞത്തിനായി വീരകർമ്മങ്ങൾ നടത്തുന്നു. ഇവരെ എല്ലാ ലോകങ്ങളും ഭയപ്പെടുന്നു. ഇവർ അത്യധികം തേജസ്വികളാണ്.

**9. ത്വഷ്ടാ യദ്വജ്രം സുകൃതം ഹിരണ്യയം സഹസ്രഭൃഷ്ടിം**
**സ്വപാ അവർതയത് |**
**ധത്ത ഇന്ദ്രോ നര്യപാംസി കർതവേഹൻവൃത്രം**
**നിരപാമൗബ്ജദർണവം ||**

മഹത് കർമ്മതായ ത്വഷ്ടാവ് സഹസ്രധാരകളോടുകൂടിയ വജ്രായുധം നിർമ്മിച്ചു. ഇന്ദ്രനതിനെ വീരകർമ്മങ്ങൾക്കായി ധരിച്ചു അതുകൊുതന്നെ വൃത്രനെ ഹനിച്ച് ജലത്തെ താഴേയ്ക്ക് വർഷിപ്പിച്ചു.

**10. ഊർധ്വം നുനുദ്രവതം ത ഓജസാ ദാദൃഹാണം**
**ചിദ്ബിഭിദുർവി പർവതം |**
**ധമന്തോ വാണം മരുതഃ സുദാനവോ മദേ**
**സോമസ്യരണ്യാനി ചക്രിരേ ||**

മരുത്തുക്കൾ തങ്ങളുടെ ശക്തിയാൽ ഭൂമിയിൽ സ്ഥിതമായിരുന്ന ജലം മുകളിലേയ്ക്ക് പ്രേരിപ്പിക്കുകയും കടുപ്പമേറിയ മേഘങ്ങളെ ഭേദിച്ച് ശബ്ദം മുഴക്കുകയും കല്യാകാരിയായ സോമത്തിന്റെ ശക്തിയാൽ അവർ അത്യുത്തമങ്ങളായ കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നു

**11. ജിഹ്മം നുനുദ്രേവതം തയാദിശാസിഞ്ജന്നുത്സം**
**ഗോതമായ തൃഷ്ണ്വജേ**
**ആ ഗച്ഛന്തീമവസാ ചിത്രഭാനവഃ കാമം വിപ്രസ്യ**
**തർപയന്ത ധാമഭിഃ**

മരുത്തുക്കൾ മേഘത്തെ തല്ലിത്തകർക്കുകയും ദാഹിച്ചിരുന്ന ഗൗതമൻമാർക്കുവേി കാളകൾ നിറക്കുകയും ചെയ്തു. അവർ രക്ഷക്കുവേി പോവുകയും മഹർഷികളെ സന്തുഷ്ടരാക്കുകയും ചെയ്തു.

**12. യാ വഃ ശർമ ശശമാനായ സന്തിത്രിധാരൂനിദാശുഷേ**
**യച്ഛതാധി |**
**അസ്മഭ്യം താനി മരുതോ വി യന്ത രയിം നോ**
**ധത്ത വൃഷണഃ സുവീരം ||**

ഹേ മരുത്തുക്കളേ! സ്തോതാവിനും, ഹവിർദാതാവിനും നിങ്ങൾ ഏതൊരിച്ഛയാൽ മൂന്നിരട്ടിയായ ഗുണങ്ങൾ നൽകുന്നുവോ, അത് ഞങ്ങൾക്ക് നൽകണേ. ഹേ വീരരേ! ഉത്തമസന്താനങ്ങളാൽ യുക്തമായ ധനം ഞങ്ങളെ ഏൽപ്പിക്കൂ.

# സൂക്തം 86

**ഋഷി ഗൗതമൻ ദേവത മരുത്തുക്കൾ ഛ ന്ദ സ ് ഗായത്രീ**

**1. മരുതോ യസ്യ ഹി ക്ഷയേ പഥാ ദിവോ വിമഹസഃ |**
**സ സുഗോപാതമോ ജനഃ ||**

ഹേ മഹാപുരുഷൻമാരേ! നിങ്ങൾ യാതൊരുത്തന്റെ ഭവനത്തിൽനിന്നും സോമപാനം നടത്തുന്നുവോ ആ പുരുഷൻ നിതാന്തരക്ഷകനാകുന്നു.

**2. യജ്ഞൈർവാ യജ്ഞവാഹസോ വിപ്രസ്യ വാ**
**മതീനാം |**
**മരുതഃ ശൃണുതാ ഹവം ||**

യജ്ഞത്തെ പൂർണ്ണമാക്കുന്ന മരുദ്ഗണമേ! ഞങ്ങളുടെ യജ്ഞത്തിലെ

സ്തുതികളെ ഗ്രഹിക്കണേ.

**3. ഉത വാ യസ്യ വാജിനോനു വിപ്രമതക്ഷത |**
**സ ഗന്താ ഗോമതി വ്രജേ ||**

ഹേ മരുത്തുക്കളേ! യാതൊരു യജമാനൻെറ ഋത്വിജനെ നിങ്ങൾ മഹർഷിയാക്കിയോ, ആ യജമാനൻ ഗോക്കളോടുകൂടിയവനായി ഭവിക്കുന്നു.

**4. അസ്യ വീരസ്യ ബർഹിഷി സുതഃ സോമോ ദിവിഷ്ടിഷു |**
**ഉക്ഥം മദശ്ച ശസ്യതേ ||**

യജ്ഞങ്ങളിൽ യാതൊരുത്തൻ മരുത്തുക്കൾക്കുവേി ദർഭയിൽ സോമരസം വച്ചേക്കുന്നോ അവൻെറ ഭവനത്തിൽ പ്രസന്നപ്രദമായ സ്തോത്രങ്ങൾ ആലപിക്കപ്പെടുന്നു.

**5. അസ്യ ശ്രോഷന്ത്വാ ഭുവോ വിശ്വാ യശ്ചർഷണീരഭി |**
**സൂരം ചിത്സസ്രൂ ഷീരിഷഃ ||**

ഹേ മരുത്തുക്കളേ! ഈശ്രേഷ്ഠനായ യജമാനൻെറ പ്രാർത്ഥന ശ്രവിച്ചാലും. ഞാനാകുന്ന സ്തോതാവും അവയിൽക്കൂടി അന്നത്തെ പ്രാപിക്കണേ.

**6. പൂർവീഭിർഹി ദദാശിമ ശരദ്ഭിർമരുതോ വയം |**
**അവോഭിശ്ചർഭണീനാം ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെരക്ഷണസാമർത്ഥ്യത്താൽ യുക്തരായ ഞങ്ങൾ വളരെക്കാലമായി ഹവിസ്സ് നൽകിക്കൊിരിക്കുന്നു.

**7. സുഭഗഃ സ പ്രയജ്യവോ മരുതോ അസ്തു മർത്യഃ |**
**യസ്യ പ്രയാംസി പർഷഥ ||**

ഹേ പൂജ്യരായ മരുത്തുക്കളേ! നിങ്ങൾ അന്നത്താൽ ഭാഗ്യശാലികളാക്കിയവർ, നിങ്ങളുടെ ഉപാസകരായിരിക്കട്ടെ.

**8. ശശമാനസ്യ വാ നരഃ സ്വേദസ്യ സത്യശവസഃ |**
**വിദാ കാമസ്യ വേനതഃ ||**

ഹേ സത്യബലത്തോടുകൂടിയ മരുത്തുക്കളേ! യജ്ഞത്തിനായുള്ള പരിശമത്താൽ ക്ഷണിച്ചശനാക്കിയ സ്തോതാവിൻെറ ആഗ്രഹങ്ങൾ പൂർണ്ണമായി അവൻെറ അഭീഷ്ടങ്ങൾ സാധിച്ചുകൊടുക്കൂ.

**9. യൂയം തത്സത്യശവസ ആവിഷ്കതർ മഹിത്വനാ |**
**വിധ്യതാ വിദ്യുതാ രക്ഷഃ ||**

അമോഘബലയുക്തരായ മരുത്തുക്കളേ! നിങ്ങൾ സ്വന്തം മഹത്വത്തോടുകൂടി ദൈത്യൻമാരെ സംഹരിക്കുന്ന പ്രസിദ്ധമായ ശക്തി പ്രകടമാക്കുവിൻ.

**10. ഗുഹതാ ഗുഹ്യം തമോ വി യാത വിശ്വമത്രിണം |**
**ജ്യോതിഷ്കർതാ യദുശ്മസി ||**

ഹേ മരുത്ഗണമേ! അന്ധകാരത്തെ ഒളിപ്പിക്കൂ. രാക്ഷസൻമാരെ ഓടിച്ച് പ്രകാശംപരത്തൂ. നിങ്ങളിൽനിന്നും അറിവിനെ യാചിക്കുന്നു.

# സൂക്തം 87

**ഋഷി ഗൗതമൻ ദേവത മരുത്തുക്കൾ ഛന്ദസ് ജഗതി**

**1. പ്രത്വക്ഷസഃ പ്രതവസോ വിരപ്ശിനോനാനതാ**
**അവിഥുരാ ഋജിഷിണഃ |**
**ജുഷ്ടതമാസോ നൃതമാസോ അഞ്ജിഭിർവ്യാ**
**നജ്രേ കേ ചുദ്രുസാ ഇവ സ്തൃഭിഃ ||**

മഹത്തുക്കളും, ബലിഷ്ഠരും വക്താക്കളും അപതിതരും നിർഭയരും പ്രിയങ്കരൻമാരുമായ മരുത്ഗണങ്ങൾ നക്ഷത്രങ്ങളാൽ അലങ്കരിക്കപ്പെട്ടവരായി പ്രഭാതകാലത്തിലെ ഉഷയെപ്പോലെ മനോഹരരായി കാണപ്പെടുന്നു.

**2. ഉപഹ്വരേഷു യദചിധ്വം യയിം വയ ഇവ മരുതഃ**
**കേന ചിത്പഥാ |**
**ശ്ചോയന്തി കോശാ ഉപ വോ രഥേഷ്വാ ഘൃതമുക്ഷതാ**
**മധുവർണമർചതേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ആകാശത്തിൻെറ കീഴ്ഭാഗത്തായി മേഘങ്ങളെ നിലനിർത്തിയിരിക്കുന്നു. നിങ്ങളുടെ രഥത്തിൽനിന്നു മഴത്തുള്ളികളെ പൊഴിച്ചുകൊ് ഉപാസകനെ മധുരജലത്താൽ കുളിർപ്പിക്കൂ.

**3. പ്രൈഷാമജ്മേഷു വിഥുരേവ രേജതേ ഭൂമിര്യാമേഷ**
**യദ്ധ യുഞ്ജതേ ശുഭേ |**
**തേ ക്രീളയോ ധുനയോ ഭ്രാജദൃഷ്ടയഃ സ്വയം**
**മഹിത്വം പനയന്ത ധൂതയഃ ||**

മരുത്തുക്കൾ യുദ്ധത്തിനായി പോയിക്കഴിയുമ്പോൾ ഭൂമിഭയത്താൽ വിറക്കുന്നു. ആ കളിക്കാർ, ഗർജ്ജനശീലൻമാർ, പ്രകാശിക്കുന്ന ആയുധങ്ങളോടുകൂടിയ മരുത്തുക്കൾ, വിജയംകാരണം പൂജിക്കപ്പെടുന്നു.

**4. സ ഹി സ്വസൃത്പൃഷദശ്വോ യുവാ ഗണോ യാ**
**ഈശാനസ്തവിഷീഭിരാവൃതഃ |**
**അസി സത്യ ഋണയാവാനേദ്യോസ്യാ ധിയഃ**
**പ്രാവിതാഥാ വൃഷാ ഗണഃ ||**

സ്വയം ചലിക്കുന്നവരും വിചിത്രങ്ങളായ അശ്വങ്ങളോടുകൂടിയവരുമായ മരുത്തുക്കൾ മഹാശക്തൻമാരാണ്. അവർ സത്യസ്വരൂപരും, പാപികളെ ഉദ്ധരിക്കുന്നവരും യജ്ഞത്തെ സംരക്ഷിക്കുന്നവരുമാണ്.

**5. പിതുഃ പ്രത്നസ്യ ജൻമനാ വദാമസി സോമസ്യ ജിഹ്വാ**
**പ്ര ജിഗാതി ചക്ഷസാ |**
**യദീമിന്ദ്രം ശമ്യൃക്വാണ ആശതാദിന്നാമാനി**
**യജ്ഞിയാനി ദധിരേ ||**

മരുത്തുക്കളുടെ ജൻമകഥ ഞങ്ങൾ പൂർവ്വൻമാരിൽനിന്നും മനസ്സിലാക്കി. സ്തുതിയോടുകൂടിയ മരുത്തുക്കൾ യുദ്ധത്തിൽ ഇന്ദ്രൻെറ സഹായികളായിരുന്നപ്പോൾ അവർ യജ്ഞത്തിനുയോഗ്യമായ വിലയും വഹിച്ചിരുന്നു.

**6. ശ്രിയസേ കം ഭാനുഭിഃ സം മിമിക്ഷിരേ തേ രശ്മി ഭിസ്ത**
**ഋക്വഭിഃ സുഖാദയഃ |**
**തേ വാശീമന്ത ഇഷ്മിണോ അഭീരവോ വിദ്രേ**
**പ്രിയസ്യ മാരുതസ്യ ധാമ്നഃ ||**

പ്രശോഭിതരായ ആ മരുത്തുക്കൾ സ്തോതാവിനുവേി മഴപെയ്യിക്കുവാനുള്ള ഇച്ഛയോടുകൂടി അതിവേഗം തങ്ങളുടെ പ്രിയസ്ഥാനത്തെ പ്രാപിക്കുന്നു.

# സൂക്തം 88

**ഋഷി ഗൗതമൻ ദേവത മരുത്തുക്കൾ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ആ വിദ്യുൻമദ്ഭിർമരതഃ സ്വർകൈ രഥേഭിര്യാതഃ ഋഷ്ടിമദ്ഭിരശ്വപർണൈഃ |**
**ആ വർഷിഷ്ഠയാ ന ഇഷാ വയോ ന പപ്തതാ സുമായാഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ മിന്നുന്ന ആയുധങ്ങളുമേന്തി പറക്കുന്ന അശ്വങ്ങളെ രഥത്തിൽ കെട്ടിവരുവിൻ. നിങ്ങളുടെ ബുദ്ധിമംഗളം ചെയ്യുന്നതാകുന്നു. വളരെയധികം അന്നവുമായി ഞങ്ങളെ പ്രാപിക്കണേ.

**2. തേരുണേഭിർവരമാ പിശങ്ഗൈഃ ശുഭേ കം യാന്തി രഥതൂർഭിരശ്വൈഃ |**
**രുക്മോ ന ചിത്രഃ സ്വധിതീവാൻപവ്യാ രഥസ്യജങ്ഘനന്ത ഭൂമ ||**

അവർ വിജയാശയോടുകൂടിയ അശ്വങ്ങളെ പായിച്ചുകൊുവരുന്ന അവരുടെ രഥം സ്വർണ്ണവർണ്ണത്തോടുകൂടിയതാണ്. അവർ ആയുധധാരികളാണ്. ആ രഥത്തിൻെറ ചക്രത്തിൻെറ കുറ്റിക്കാലുകളാൽ ഭൂമിയെ പിഴുതെറിയുന്നു.

**3. ശ്രീയേ കാ വോ അധി തനൂഷു വാശീർമേധാ വനാ ന കൃണ്വന്ത ഊർധ്വാ |**
**യുഷ്മഭ്യം കം മരുതഃ സുജാതാസ്തു വിദ്യുമ്നാസോ ധനയന്തേ അദ്രിം ||**

ഹേ മരുത്ഗണമേ! നിങ്ങൾ ആയുധങ്ങളാൽ സുശോഭിതരായി യജ്ഞങ്ങളെ വൃക്ഷങ്ങൾക്ക് തുല്യം ഉയർത്തുവിൻ. യജമാനൻ നിങ്ങളെ ആകർഷിക്കുന്നതിനുവേി സോമം ഇടിക്കുന്നകല്ല് ശബ്ദമുാക്കുന്നു.

**4. അഹാനി ഗൃധ്രാഃ പര്യാ വ ആഗുരി മാം ധിയം വാർകാര്യം ച ദേവീം |**
**ബഹ്മ കൃണ്വന്തോ ഗോതമാസോ അർക്കൈരൂർധ്വാനുനുദ്ര ഉത്സധിം പിബധ്യൈ ||**

ഹേ സ്തുതികൾ ഇഷ്ടപ്പെടുന്നവരേ! നിങ്ങളുടെ ശുഭദിനങ്ങൾ തിരിച്ചെത്തിയിരിക്കുന്നു. ഗൗതമൻമാർ സ്തുതികളോടുകൂടി പാനം ചെയ്യുന്നതിനുവേി മേഘരൂപമായ കൂപം യജ്ഞകർമ്മദ്വാരാമുകൾ ഭാഗത്തേയ്ക്ക് പ്രേരിപ്പിച്ചിരിക്കുന്നു.

**5. എതത്യന്ന യോജനമചേതി സസ്വർഹ യൻമരുതോ ഗോതമോ വഃ |**
**പശ്യൻഹിരണ്യചക്രാനയോദംഷ്ട്രാന്വിധാവതോ വരാഹൂൻ ||**

ഹേ മരുത്തുക്കളേ! ഈ പ്രസിദ്ധമായ സ്തോത്രത്തെ പു ഞങ്ങളിഞ്ഞിരുന്നില്ല. അതായിരുന്നു ഗൗതമമഹർഷി നിങ്ങൾക്കുവേി പാടിയിരുന്നത്.

**6. ഏഷ്യാ സ്യാ വോ മരുതാനുഭർത്രീ പ്രതി ഷ്ടോമതി മാധതോ ന വാണീ |**
**അസ്തോഭയദ്വൃഥാശാമനു സ്വധാം ഗഭസ്ത്യോഃ ||**

ഹേ മരുത്തുക്കളേ! എൻെറ നാവ് ഋഷിമാരുടെ വാണികളെ അനുകരിച്ച് നിങ്ങളെ സ്തുതിക്കുന്നു. ഇത് സ്വാഭാവികമായിത്തന്നെ നടത്തിക്കൊിരിക്കുന്നു.

# സൂക്തം 89

**ഋഷി ഗൗതമൻ ദേവത വിശ്വേദേവൻമാർ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതോദബ്ധാസോ അപരീമാസ ഉദ്ഭിദഃ |**
**ദേവാ നോ യഥാ സദാമിദ്വൃധേ അസന്നപ്രായുവോ രക്ഷിതാരോ ദിവേദിവേ ||**

അമരവും അപരാജിതവും വൃദ്ധിയുക്തവും കല്യാണകാരിയായ സങ്കൽപ്പങ്ങളേയും ഞങ്ങൾ പ്രാപിക്കണേ. ഇതുനു വിശ്വദേവതകൾ ഞങ്ങളുടെ രക്ഷകരായിരിക്കണേ.

**2. ദേവാനാം ഭദ്രാ സമുതിർഋജൂയതാം ദേവാനാം രാതിരഭി നോ നി വർതതാം |**
**ദേവാനാം സഖ്യമുപ സേദിമാ വയം ദേവാ ന ആയു പ്ര തിരന്തു ജീവസേ ||**

ദേവതകളുടെ ശ്രദ്ധയും ദാനവും നമ്മുടെ നേർക്കാകണേ. നമുക്കവരുടെ മിത്രങ്ങളാകുവാൻ യത്നിക്കാം. അവർ നമ്മുടെ ആയുസ്സിനെ വർദ്ധിപ്പിക്കണേ.

**3. താൻപൂർവയാ നിവിദാ ഹൂമഹേ വയം ഭഗം മിത്രമദിതിം ദക്ഷമസ്രിധം |**
**അര്യമണം വരുണം സോമമശ്വിനാ സരസ്വതി ന സുഭഗാ മയസ്കരത് ||**

ഭഗൻ, മിത്രൻ, അദിതി, ദക്ഷൻ, അര്യമാ, വരുണൻ, ചന്ദ്രൻ, അശ്വിനികൾ എന്നിവരെ പ്രാചീനസ്തുതികളാൽ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. അവരും സൗഭാഗ്യമരുളുന്ന സരസ്വതിയും ഞങ്ങൾക്ക് സുഖം പ്രദാനം ചെയ്യണേ.

**4. തന്നോ വാതോ മയോഭു വാതു ഭേഷജം തൻമാതാ പൃഥിവീ തത്പിതാ ദ്യൗഃ |**
**തദ്ഗ്രാവാണഃ സോമസുതോ മയോഭുവസ്തദശ്വിനാ ശൃണതം ധിഷ്ണ്യാ യുവം ||**

വായു നമുക്ക് സുഖദായകമായ ഔഷധികൾ നൽകണേ. മാതാവായ ഭൂമിയും പിതാവായ ആകാശവും സോമമിടിക്കുന്ന അമ്മിക്കല്ലും ആ ഔഷധികൾ കൊുവരണേ. ഹേ അശ്വിനീദേവകളേ! നിങ്ങൾ ഉന്നതപദവിയിലുള്ളവരാണല്ലോ. ഞങ്ങളുടെ പ്രാർത്ഥന ചെവിക്കൊള്ളണേ.

**5. തമീശാനം ജഗതസ്തസ്ഥുഷസ്പതിം ധിയഞ്ജി ന്വമവസേ ഹൂമഹേ വയം |**
**പൂഷാ നോ യഥാ വേദസാമസദ്വൃധേ രക്ഷിതാ**

**പായുരദബ്ധഃ സ്വസ്തയേ ||**

സ്ഥാവരജംഗമങ്ങളുടെ പാലകനും, ബുദ്ധിപ്രേരകരുമായ വിശ്വദേവതകളെ രക്ഷയ്ക്കായി നമുക്കു വിളിക്കാം. തൻമൂലം അഹിംസിതനായ പൂഷാവ് നമ്മുടെധനം വർദ്ധിപ്പിക്കുന്നവനും രക്ഷകനും ആയിരിക്കും.

**6. സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ സ്വസ്തി നഃ പൂഷാ വിശ്വേദേവാഃ |**
**സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ സ്വസ്തി നോബൃഹസ്പതിർദധാതു ||**

യശസ്വിയായ ഇന്ദ്രൻ മംഗളദായകനാകണേ. ധനയുക്തനായ പൂഷാവ് നൻമ ചെയ്യണേ. യാതൊരുത്തൻെറ രഥചക്രങ്ങളുടെ ഗതിയെ ആർക്കു തടയാന കഴിയുന്നില്ലയോ, ആ സൂര്യനും ബൃഹസ്പതിയു നമുക്കു നൻമകൾ വർഷിക്കണേ.

**7. പൃഷദശ്വാ മരുതഃ പൃശ്നിമാതരഃ ശുഭംയാവാനോ വിദഥേഷു ജഗ്മയഃ |**
**അഗ്നിജിഹ്വാ മനവഃ സൂരാചക്ഷസോ വിശ്വേ നോ ദേവാ അവസാ ഗമന്നിഹ ||**

വിചിത്രാശ്വങ്ങളാൽ മനോഹരമായ ഗതിയോടുകൂടി യജ്ഞത്തിൽവരുന്ന മരുത്ഗണങ്ങൾ, സൂര്യനുതുല്യം തേജസ്വിയായ മനുവും മറ്റെല്ലാ ദേവഗണവും തങ്ങളുടെ രക്ഷാവസ്തുക്കൾ സഹിതം ഇവിടേയ്ക്ക് എഴുന്നളളണേ.

**8. ഭദ്രം കർണേഭിഃ ശൃണുയാമ ദേവാ ഭദ്രം പശ്യേമാക്ഷഭിര്യജത്രാഃ |**
**സ്ഥിരൈരങ്ഗൈസ്തുഷ്ടുവാംസസ്തനൂഭിർവ്യ ശേമ ദേവഹിതം യദായുഃ ||**

പൂജ്യരായ ദേവഗണമേ! ഞങ്ങൾ കല്യാണപ്രദമായ വാക്കുകൾ ശ്രവിക്കണേ. ഞങ്ങളുടെ നേത്രങ്ങൾ നല്ലവയെ ദർശിക്കണേ. പുഷ്ടമായ ശരീരത്തിൽ ദേവതകൾ നിയതമാക്കപ്പെട്ടിട്ടുള്ള പൂർണ്ണായുസ്സിനെ ഉപഭോഗം ചെയ്യണേ.

**9. ശതമിന്നു ശരദോ അന്തിദേവാ യത്രാ നശ്ചക്രാ ജരസം തനൂനാം |**
**പുത്രാസോ യത്ര പിതരോ ഭവന്തി മാ നോ മധ്യാരീരിഷതായുർഗന്തോഃ ||**

ഹേ ദേവതകളേ! ഞങ്ങൾക്ക് വാർദ്ധക്യം ആകുമ്പോൾ ഏകദേശം ആറുവർഷങ്ങൾ കഴിയുന്നു. ആ സമയം ഞങ്ങളുടെ പുത്രൻമാരും പിതാക്കളായിത്തീരുന്നു. നിങ്ങൾ ഞങ്ങളെ അൽപായുസ്സോടുകൂടിയവരാക്കരുതേ.

**10. അദിതിർദ്യൗരദിതിരന്തരിക്ഷമദിതിർമാതാ സ പിതാ സ പുത്രഃ |**
**വിശ്വേ ദേവാ അദിതിഃ പഞ്ച ജനാ അദിതിർജാത മദിതിർജനിത്വം ||**

ആകാശം, അന്തരീക്ഷം, മാതാവ്, പിതാവ്, പുത്രൻ, എല്ലാ ജീവികളും ജനിച്ചവയും ജനിക്കാനിരിക്കുന്നവയും എല്ലാം തന്നെ അദിതിരൂപമാകുന്നു.

# സൂക്തം 90

**ഋഷി ഗൗതമൻ ദേവത വിശ്വദേവൻമാർ ഛന്ദസ് ജഗതി,ത്രിഷ്ടുപ്**

**1. ഋജൂനീതി നോ വരുണോ മിത്രോ നയതു വിദ്വാൻ |**
**അര്യമാ ദേവൈഃ സജോഷാഃ ||**

വരുണൻ, മിത്രൻ അതുപോലെ മറ്റു ദേവതകളോട് ചേർന്നുള്ള അര്യമാ ഇവരെല്ലാം നമ്മെ നേർവഴിക്കു നയിക്കട്ടെ.

**2. തേ ഹി വസ്വോ വസവാനാസ്തേ അപ്രമൂരാ മഹോഭിഃ |**
**വ്രതാ രക്ഷന്തേ വിശ്വാഹാ ||**

അവർ ധനം കൂടുതലായുള്ള ആരുടേയും കീഴ്പ്പെടാതെ നിയമങ്ങളിൽ ഉറച്ചുനിൽക്കുന്നു.

**3. തേ അസ്മഭ്യം ശർമ യംസന്നമൃതാ മർത്യേഭ്യഃ ച**
**വാധമാനാ അന ദ്വിഷഃ ||**

അമരത്വം പ്രാപിച്ച ദേവകൾ നമ്മുടെ ശത്രുക്കളെ നശിപ്പിക്കുകയും മരണശീലരായ മനുഷ്യരുടെ ആശ്രയദാതാക്കളായിരിക്കുകയും ചെയ്യട്ടെ.

**4. വി നഃ പഥഃ സുവിതായ ചിയന്ത്വിന്ദ്രോ മരുതഃ |**
**പൂഷാ ഭഗോ വന്ദ്യാസഃ ||**

ഇന്ദ്രൻ, മരുദ്ഗണം, പൂഷാവ്, ഭഗൻ എന്നീ സ്തുത്യരായ ദേവഗണങ്ങൾ നമ്മെ നല്ല മാർഗ്ഗങ്ങളിൽകൂടി നയിക്കണേ.

**5. ഉത നോ ധിയോഗോഅഗ്രാഃ പൂഷന്വിഷ്ണവേവയാവഃ |**
**കർതാ നഃ സ്വസ്തിമതഃ ||**

ഹേ പൂഷാവേ! ഉത്തമനായ വിഷ്ണു! ഞങ്ങളെ ഗോക്കൾ ലഭ്യമാകുന്ന കർമ്മങ്ങളനുഷ്ഠിക്കാൻ പ്രേരിപ്പിക്കണേ. നിങ്ങൾ ഞങ്ങൾക്ക് മംഗളദായകരായിരിക്കണേ.

**6. മധു വാതാ ഋതായതേ മധു ക്ഷരന്തി സിന്ധവഃ |**
**മാധ്വീർനഃ സന്ത്വോഷധീഃ ||**

യാഗം നടത്തുന്നവർക്കുവേി വായുവും, നദികളും, ഔഷധികളും മധു വർഷിക്കുന്നവയാകണേ.

**7. മധുനക്തമുതോഷസോ മധുമത്പാർഥിവം രജഃ |**
**മധു ദ്യൗരസ്തു നഃ പിതാ ||**

രാത്രിയും പകലും മധുരമയമാകണേ. സൂര്യൻ മധുവർഷം നടത്തണേ. ഗോക്കൾ നമുക്ക് മധുരമൂറുന്ന പാൽ നൽകണേ.

**8. മധുമാന്നോ വനസ്പതിർമധുമാം അസ്തു സൂര്യഃ |**
**മാധ്വീർഗാവോ ഭവന്തു നഃ ||**

വനസ്പതികൾ മധുരമുള്ളവയാകണേ. സൂര്യൻ മധുവർഷം നടത്തണേ. ഗോക്കൾ നമുക്ക് മധുരമൂറുന്ന പാൽ നൽകണേ.

**9. ശം നോ മിത്രഃ ശം വരുണഃ ശം നോ ഭവത്വര്യമാ |**
**ശംന ഇന്ദ്രോ ബൃഹസ്പതിഃ**
**ശംനോവിഷ്ണുരുരുക്രമഃ ||**

മിത്രനും, വരുണനും,, ഇന്ദ്രനും ബൃഹസ്പതിയും വിരാളമായ പാദങ്ങളോടുകൂടിയ വിഷ്ണുവും നമ്മുടെ സുഖസ്വരൂപൻമാരായി ഭവിക്കണേ.

# സൂക്തം 91

**ഋഷി ഗൗതമൻ ദേവത സോമൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്, ഗായത്രി**

**1. ത്വം സോമ പ്ര ചികിതോ മനീഷാ ത്വം രജിഷ്ഠമനു നേഷി പന്ഥാ |**
**തവ പ്രണീതി പിതരോ ന ഇന്ദോ ദേവേഷു | രത്നമഭജന്ത ധീരാഃ ||**

ഹേ സോമാ! ബുദ്ധിയിൽകൂടി നിന്നെ ഞങ്ങൾക്കറിയുവാൻ കഴിഞ്ഞു. നീ ഞങ്ങൾക്ക് മനോഹരങ്ങളായ മാർഗ്ഗങ്ങളുപദേശിച്ചു തന്നിരിക്കുന്നു. നിൻെറ നേതൃത്വത്തിൽ ഞങ്ങഗുടെ പിതൃക്കൾക്കും ദേവതകളിൽനിന്നും രമണീയമായ സുഖം പ്രാപിക്കുവാൻ കഴിഞ്ഞു.

**2. ത്വം സോമ ക്രതുഭിഃ സക്രതുർഭൂസ്ത്വം ദക്ഷൈഃ സുദക്ഷോ വിശ്വവേദാഃ |**
**ത്വം വൃഷാ വൃഷത്വേഭിർമഹിത്വാ | ദ്യുമ്നേഭിർ ദ്യുമ്ന്യഭവോ നൃചക്ഷാഃ ||**

ഹേ സോമാ! നീ ഉത്തമ ബുദ്ധിയോടുകൂടിയ എല്ലാ ധനങ്ങളാലും യുക്തനും മനോശക്തിയാൽ ചതുരനുമാണല്ലോ. നീ മനുഷ്യർക്ക് സൽബുദ്ധി നൽകുന്ന മഹിമയിൽ പുരുഷാർത്ഥ യുക്തനും തേജസ്വിയുമാകുന്നു.

**3. രാജ്ഞോ നു തേ വരുണസ്യ വ്രതാനി ബൃഹദ് ഗഭീരം തവ സോമ ധാമ |**
**ശുചിഷ്ട്വ മസി പ്രിയോ ന മിത്രോ ദക്ഷായ്യോ അര്യമേവാസി സോമ ||**

ഹേ സോമാ! വരുണൻെറ എല്ലാ നിയമങ്ങളും നിന്നിൽ നിഹിതമായിരിക്കുന്നു. നീ അത്യധികം തേജസ്വീയാണല്ലോ. നീ ഉത്തമനായ മിത്രത്തിനുതുല്യം പ്രിയങ്കരനും അര്യമയ്ക്കുതുല്യം വൃദ്ധികാരണനുമാണല്ലോ.

**4. യാ തേ ധാമാനി ദിവിയാ പൃഥിവ്യാം യാ പർവതേഷ്വോഷധീഷ്വപ്സു |**
**തേഭിർനോ വിശ്വൈഃ സുമനാ അഹേളൻ രാജന്ത് സോമ പ്രതി ഹവ്യാ ഗൃഭായ ||**

രാജാവായ സോമാ! ആകാശത്തിലും ഭൂമിയിലും പർവ്വതത്തിലും ജലത്തിലും സ്ഥിതിചെയ്യുന്ന നിൻെറ തേജസ്സോടുകൂടി ക്രോധരഹിതമായ മുദ്രയിൽ പ്രസന്നതയോടുകൂടി ഞങ്ങളുടെ ഹവിസ്സിനെ സ്വീകരിച്ചാലും.

**5. ത്വം സോമാസി സത്പതിസ്ത്വം രാജോത വൃത്രഹാ |**
**ത്വം ഭദ്രോ ക്രതുഃ ||**

ഹേ സോമാ! നീ ഉത്തമപുരുഷമാരുടെ പാലകനും, വൃത്രനാശകനും, ഉത്തമബലത്തിൻെറ സാക്ഷാത്കാരവുമാണ്.

**6. ത്വം ച സോമ നോ വശോ ജീവാതും ന മരാമഹേ |**
**പ്രിയസ്തോത്രോ വനസ്പതിഃ ||**

ഹേ സോമാ! പ്രിയസ്തോത്രങ്ങളാൽ യുക്തനായ വനരാജാ! നീ ഞങ്ങളുടെ ജീവിതത്തെ ഇഷ്ടപ്പെടുന്നുങ്കിൽ ഞങ്ങൾ മൃത്യുവിനെ പ്രാപിക്കുകയില്ല.

**7. ത്വം സോമ മഹേ ഭഗം ത്വം യൂന ഋതായതേ |**
**ദക്ഷം ദധാസി ജീവസേ ||**

ഹേ സോമാ! യജ്ഞാഭിലാഷിയായ യുവാവിനും, വൃദ്ധനും ജീവിതത്തിനുവേി താങ്കൾ ശക്തിധാരകനാകുന്നുവല്ലോ.

**8. ത്വം നഃ സോമ വിശ്വതോ രക്ഷാ രാജന്നഘായതഃ |**
**ന രിഷ്യേത്ത്വാവതഃ സഖാ ||**

ഹേ സോമാ! പാപിജനങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കണേ. നിൻെറ മിത്രങ്ങളായ ഞങ്ങൾ ഒരിക്കലും ദുഃഖിക്കാതിരിക്കട്ടെ.

**9. സോമ യാസ്തേ മയോഭുവ ഊതയഃ സനന്തി ദാശുഷേ |**
**താഭിർനോ വിതാ ഭവ ||**

ഹേ സോമാ! ഹവിർദാതാവിനെ സുഖിപ്പിക്കുന്ന രക്ഷാവസ്തുക്കളാൽ നീ ഞങ്ങളുടെ രക്ഷകനായിരിക്കൂ.

**10.ഇമം യജ്ഞമിദം വചോ ജൂജൂഷാണ ഉപാഗഹി |**
**സോമ ത്വം നോ വൃധേ മവ ||**

ഹേ സോമാ! ഈ യജ്ഞത്തിൽ ഞങ്ങളുടെ ഈ സ്തുതികൾ സ്വീകരിച്ച് ഞങ്ങളുടെ അഭിവൃദ്ധിക്കുവേി എഴുന്നള്ളണേ.

**11. സോമ ഗീർഭിഷ്ട്വാ വയം വർധയാമോ വചോവിദഃ |**
**സുമൃളീകോ ന ആ വിശ ||**

ഹേ സോമാ! സ്തുതിവചനങ്ങളുടെ ജ്ഞാതാവായ നിന്നെ ഞങ്ങൾ സ്തുതികളാൽ വാഴ്ത്തുന്നു. നീ കൃപയുള്ളവനായി ഞങ്ങളുടെ ശരീരങ്ങളിൽ പ്രവേശിക്കണേ.

**12. ഗിയസ്ഫാനോ അമീവഹാ വസു വിത്പുഷ്ടി വർധനഃ |**
**സമിത്രഃ സോമ നോ ഭവ ||**

ഹേ സോമാ! നീ ഞങ്ങളുടെ ധനം അഭിവൃദ്ധിപ്പെടുത്തുന്നവനും, രോഗനാശകനും, പുഷ്ടിദായകനും ഉത്തമമിത്രനുമായിരിക്കണേ.

**13. സോമ രാർന്ധി നോ ഹൃദി ഗാവോ നയവസേഷ്വാ |**
**മര്യ ഇവ സ്വ ഓക്യോ ||**

ഹേ സോമാ! ഗോക്കൾ പുൽക്കൂട്ടത്തിലും, മനുഷ്യർ ഭവനങ്ങളിലും രമിക്കുന്നതുപോലെ നീ ഞങ്ങളുടെ ഹൃദയങ്ങളിൽ രമിക്കണേ

**14. യഃ സോമ സഖ്യേ തവ രാരണദ്ദേവ മർത്യഃ |**
**തം ദക്ഷഃ സചതേ കവിഃ ||**

സോമാ! ഏതൊരു മനുഷ്യൻ നിൻെറ മിത്രത്വം ആഗ്രഹിക്കുന്നുവോ ജ്ഞാനിയും ശക്തനുമായ നീ അവൻെറ സഹാവായിരിക്കൂ.

**15. ഉരുഷ്യോ ണോ അഭിശസ്കോഃ സോമനിപാഹ്യംഹസ |**
**സഖാ സുശേവ ഏധി നഃ ||**

ഹേ സോമാ! ഞങ്ങളെ അപയശസ്സിൽനിന്നും രക്ഷിക്കണേ. പാപങ്ങളിൽനിന്നും രക്ഷിക്കണേ. നിങ്ങൾ ഞങ്ങളുടെ സുഖദായനായ മിത്രമായിരിക്കണേ.

**16. ആ പ്യായസ്വ സമേതു തേ വിശ്വതഃ സോമ വൃഷ്ണ്യം |**

**ഭവാ വാജസ്യ സങ്ഗഥേ ||**

ഹേ സോമാ! നീ വൃദ്ധി പ്രാപിക്കൂ. നീ വീര്യവാനാകൂ. യുദ്ധകാലം വരുമ്പോൾ ഞങ്ങളുടെ സഹായകനായിരിക്കൂ.

**17. ആ പ്യായസ്വ മദിന്തമ സോമ വിശ്വേമിരംശുഭിഃ |**
**ഭവഃ നഃ സുശ്രവസ്തുമഃ സഖാ വൃധേ ||**

സന്തുഷ്ടനാക്കുന്ന സോമാ! മനോഹരങ്ങളായ യശോരൂപങ്ങളായ രശ്മികളാൽ തേജസ്സോടുകൂടിയവനായിരിക്കൂ. നീ ഞങ്ങളുടെമിത്രമായിരുന്നുകൊ് സൽബുദ്ധിയിലേക്ക് ഞങ്ങളെ നയിക്കണേ.

**18. സം തേ പയ്യാംസി സമു യന്തു വാജാഃ സം**
**വൃഷ്ണ്യന്യമിഭമാതിഷാഹഃ |**
**ആപ്യായമാനോ അമൃതായ സോമ ദിവി**
**ശ്രവാംസ്യുത്തമാനി ധിഷ്വ ||**

ഹേ സോമാ! നീ ശത്രുക്കളെ വശത്താക്കുന്നു. നിന്നെ അന്നവും ബലവും വീര്യവും പ്രാപിക്കട്ടെ. അമരത്വത്തിൻെറ ഇച്ഛയിൽ വളർന്നുകൊിരിക്കുന്ന ആകാശത്തിനുതുല്യം ഉത്തമമായ യശസ്സ് നിന്നെ പ്രാപിക്കണേ.

**19. യാ തേ ധാമാനി ഹവിഷാ യജന്തി താ തേ വിശ്വാ**
**പരിഭൂരസ്തു യജ്ഞം |**
**ഗയസ്ഫാനഃ പ്രതരണഃ സുവീരോവീരഹാ പ്ര**
**ചരാ സോമ ദുര്യാൻ ||**

ഹേ സോമാ! നിൻെറ യാതൊരു തേജസ്സിനാൽ യജമാനൻ ഹവിസ്സ്ദ്വാരയജ്ഞം നടത്തുന്നുവോ; ആ എല്ലാ തേജസ്സുകളും ഞങ്ങളുടെ യജ്ഞത്തിൻെറ നാലുഭാഗത്തും വിരാജിക്കണേ. ധനത്തെ വൃദ്ധിപ്പെടുത്തുന്ന വീരയുക്തനും, സന്താനരക്ഷകനുമായ നീ ഞങ്ങളുടെ ഭവനങ്ങളിൽ അധിവസിക്കണേ.

**20. സോമോ ധേനും സോമോ അവർവന്തമാശും**
**സോമോവീരം കർമണ്യം ദദാതി |**
**സാദന്യം വിദഥ്യം സഭേയം പിതൃശ്രവണം യോ**
**ദദശദസ്മൈ ||**

ഗോക്കളേയും, അശ്വങ്ങളേയും നൽകുന്നവനും കർമകുശലനും ഗ്രഹകാര്യവിദഗ്ദ്ധനും യജ്ഞാധികാരിയും പിതൃക്കൾക്ക് യശസ്സിനെ നൽകുന്ന സോമന് ഹവിസ്സ് നൽകുന്നു.

**21. അഷാഢം യുത്സു പൃതനാസു പപ്രി**
**സ്വർഷാമപ്സാം വൃജനസ്യ ഗോപാം |**
**സാരേഷുജാം സുക്ഷിതിം സുശ്രവസം ജയന്തം**
**ത്വാമനുമദേമ സോമ ||**

ഹേ സോമാ! യുദ്ധത്തിൽ പ്രബലനും പാലകനും പ്രകാശദാതാവും ജലം വർഷിക്കുന്നവനും ശക്തി രക്ഷകനും, സ്തോത്രരൂപനും ഉത്തമമായ വാസസ്ഥലത്തോടുകൂടിയവനും യശസ്വിയും അജേയനും ആയിരിക്കുന്ന നിൻെറ ബലത്താൽ ഞങ്ങൾ സന്തുഷ്ടരാകണേ.

**22. ത്വമിമാ ഔഷധീഃ സോമ വിശ്വസ്തമപോ**
**അജനയസ്ത്വം ഗാഃ |**
**ത്വമാ തതന്ഥോർവന്തരിക്ഷഃ ത്വം ജ്യോതിഷാ വി**
**തമോ വവർഥ ||**

ഹേ സോമാ! നിങ്ങൾ ഔഷധികളേയും, ജലത്തേയും ഗോക്കളേയും സൃഷ്ടിച്ചു. അന്തരീക്ഷത്തെ നാലുഭാഗതതത്തും വ്യാപിപ്പിച്ച് വിശാലമാക്കുകയും അന്ധകാരത്തെ അകറ്റുകയും ചെയ്തു.

**23. ദേവേന നോ മനസാ ദേവ സോമ രായോ ഭാഗം**
**സഹസാവന്നഭി യുധ്യ |**
**മാ ത്വാ തനദീശിഷേ വീരസ്യോഭയോഭ്യഃ പ്ര**
**ചികിത്സാ ഗവിഷ്ഠൗ ||**

മഹാ ശക്തനായ സോമാ! ദിവ്യഹൃദയത്തോടുകൂടിയ നീ ഞങ്ങളുടെ ധനം ജയിച്ചുകൊുവരൂ. ഇക്കാര്യത്താൽ നിന്നെ ആർക്കും തടയുവാൻസാധ്യമല്ല. നീ ശക്തിയുടെ ഉടമയാണല്ലോ? യുദ്ധത്തിൽ രുപക്ഷത്തും ആരു മിത്രം ആരു ശത്രു എന്ന് മനസ്സിലാക്കൂ.

# സൂക്തം 92

**ഋഷി ഗൗതമൻ ദേവത ഉഷസ്സ് ഛന്ദസ് ജഗതി, ത്രിഷ്ടുപ്, പംക്തി**

**1. ഏതാ ഉ ത്യാ ഉഷസഃ കേതുമക്രത പൂർവേ അർധേ**
**രജസോ ഭാനുമഞ്ജതേ |**
**നിഷ്കൃണ്വാനാ ആയുധാനീവ ധൃഷ്ണവഃ പ്രതി**
**ഗാവോ രുഷീര്യന്തി മാതരഃ ||**

ഉഷസ്സുകൾ അന്തരീക്ഷത്തിൻെറ പൂർവ്വാർദ്ധത്തിൽ പ്രകാശം പരത്തിക്കൊ് സങ്കേതം പ്രകടിപപപ്പിക്കുന്നു. അരുണവർണ്ണത്തോടുകൂടിയ ഈ ഗോമാതാക്കൾ ആയുധധാരികളായ വീരൻമാർക്കുതുല്യം മുന്നേറിക്കൊിരിക്കുന്നു.

**2. ഉദപപ്തന്നരുണാ ഭാനവോ വൃഥാ സ്വായുജോ**
**അരുഷീർഗാ അയുക്ഷതഃ |**
**അക്രന്നുഷാസോ വയുനാനി പൂർവഥാ രുശന്തം**
**ഭാനുമരുഷീരശിശ്രയുഃ ||**

അരുണയുഷസ് ഉദയം ചെയ്തു. അവൾ ശുഭ്രങ്ങളായ ഗോക്കളെ രഥത്തിൽകെട്ടി. പതിവുപോലെ സ്ഥലങ്ങളെ സ്പഷ്ടമാക്കിക്കൊ് അവൾ വെട്ടിത്തിളങ്ങുന്നപ്രകാശത്തിൽ ലയിച്ചു.

**3. അർച്ചന്തി നാരീരപസോ ന വിഷ്ടിഭിഃ സമാനേന**
**യോജനേനാ പരാവതഃ |**
**ഇഷം വഹന്തീഃ സുകൃതേ സുദാനവേ വിശ്വേദഹ**
**യജമാനായ സുനവതേ ||**

സോമം പിഴിഞ്ഞെടുക്കുന്നവനും ഉത്തമകർമ്മാവും ദാനശീലനുമായ യജമാനനെ ദൂരെനിന്നും ആഗതരായ ഈ ഉഷസ് എല്ലാധനങ്ങളും കൊുവന്ന് കാര്യവസ്തുവായി പ്രഭാവതിയായിത്തീരുന്നു.

**4. അധി പേശാംസി വപതേ നൃതൂരിവാപോർണുതേ വക്ഷ**
**ഉസ്രേവ വർജഹം |**
**ജ്യോതിർവിശ്വസ്മൈ ഭുവനായ കൃണ്വതീ**
**ഗാവോ ന വജ്രം വ്യുസൂ ഷാ ആവർതമഃ ||**

ഒരു നർത്തകിയെപ്പോലെ ഉഷസ്സ് വിവിധരൂപങ്ങൾ ധരിക്കുകയും ഗോവിനുതുല്യം സ്തനംപ്രകടമാക്കുകയും ചെയ്യുന്നു. അവൾ

എല്ലാലോകങ്ങളേയും പ്രകാശത്താൽ നിറക്കുകയും അനന്ധന്ധകാരതെതത്ത നശിപ്പിക്കുകയും ചെയ്യുന്നു.

**5. പ്രത്യർചീ രൂശദസ്യാ അദർശി വി തിഷ്ഠതേ ബാധംതേ കൃഷ്ണമഭ്വം |**
**സ്വരും ന പേശോ വിദഥേഷ്വഞ്ജഞ്ചിത്രം ദിവോ ദുഹിതാ ഭാനുമശ്രേത് ||**

ഉഷസസസ്സിൻെറ പ്രകാശം സർവ്വത്രവ്യാപിച്ചുകൊിരിക്കുന്നു. അവൾ വിശാലമായ അന്ധകാരത്തെ അകറ്റിക്കളഞ്ഞു. ആകാശത്തിൻെ പുത്രിയായ ഉഷസ്സ് അത്മുതപ്രകാശത്താൽ യുക്തയായി.

**6. അതാരിഷ്മ തമസസ്പാരമസ്യോഷാ ഉച്ഛന്തീ വയുനാ കൃണോതി |**
**ശ്രീയേ ഛന്ദോ ന സ്മയതേ വിഭാതീ സുപ്രതീകാ സൗമനസായാജീഗഃ ||**

നാം അന്ധകാരത്തിൽനിന്നും പുറത്തുവന്നു. ഉഷസ്സ് എല്ലാസ്ഥലങ്ങളും സ്പഷ്ടമാക്കി. അവൾ പ്രകാശം പരത്തി സ്വച്ഛന്ദമായി പുഞ്ചിരിച്ചുകൊിരിക്കുന്നു. അവൾ ഹർഷിതയായി സുന്ദരമായ ഒരു സ്ത്രീക്ക് സമാനം ശോഭിക്കുന്നു.

**7. ഭാസ്വതീ നേത്രീ സൂനൃതാനാം ദിവഃ സ്തവേ ദുഹീതാഗോതമേഭിഃ |**
**പ്രജാവതോ നൃവതോ അശ്വബുധ്യാനുഷോഗോഅഗ്രാം ഉപ മാസി വാജാൻ ||**

പ്രിയസത്യവാണിക്കുനേരെ പ്രേരിപ്പിക്കുന്നവളും പ്രകാശിക്കുന്നവളുമായ ആകാശപുത്രി ഉഷസ്സ് ഗൗതമൻമാരിൽ സ്തുതിക്കപ്പെടുന്നു. ഹേ ഉഷസ്സേ! നീ ഞങ്ങൾക്ക് പുത്രർ, പൗത്രർ അശ്വങ്ങൾ ആദിയായ ഐശ്വര്യങ്ങൾ പ്രദാനം ചെയ്യണേ.

**8. ഉഷസ്തമശ്യാം യശസം സുവീരം ദാസപ്രവർഗം രയിമശ്വബുധ്യം |**
**സുദംസസാ ശ്രവസാ യാ വിഭാസി വാജപ്രസൂതാ സുഭഗേ ബൃഹന്തം ||**

ഉഷസ്സേ! നീ സൗഭാഗ്യവതിയാണ്. എനിയ്ക്ക് പുത്രൻമാരേയും, പൗത്രൻമാരേയും കുതിരകളേയും യുക്തമായ യശപൂർണ്ണധനത്തെ നൽകും അവ നിനക്കെപ്പോഴും വിധേയമായിരിക്കുന്നതാണല്ലോ.

**9. വിശ്വാനി ദേവീ ഭുവനാഭിചക്ഷ്യാ പ്രതീചി ചക്ഷുതുരവിയാ വി ഭാതി |**
**വിശ്വം ജീവം പരസേ ബോധയന്തീ വിശ്വസ്യ വാചമവിധൻമനായോഃ ||**

എല്ലാ ലോകങ്ങളേയും വീക്ഷിച്ചുകൊ് ഈ ദേവി പശ്ചിമാഭിമുഖമായി പ്രകാശിക്കുകയും എല്ലാ ജീവികൾക്കും കർമ്മചൈതന്യം നൽകുകയും ചെയ്യുന്നു. ഇവൾ ചിന്താശീലമുള്ള എല്ലാ ജീവികളുടേയും വാണി അറിയുന്നവളാകുന്നു.

**10. പുനഃ പുനർജായമാനാ പുരാണീ സമാനം വർണമഭി ശുംഭമാനാ |**
**ശ്വഘ്നീവ കൃതനുർവിജ ആമിനാനാ മർതസ്യ ദേവീ ജരയന്ത്യായുഃ ||**

വീും വീും പ്രകടമായി സമാനരൂപത്തിൽ എല്ലാ ഭാഗങ്ങളേയും പ്രശോഭിപ്പിക്കുന്ന ഈ ഉഷസ്സ് വേട സ്ത്രീപക്ഷികളെ കൊന്ന് അവയുടെ എണ്ണം കുറയ്ക്കുന്നതുപോലെ മരണശീലത്തോടുകൂടിയ ജീവികളുടെ ആയിസ്സിനെ കുറച്ചുകൊിരിക്കുന്നു.

**11. വ്യുർണ്വതി ദീവോ അന്താം അബോധ്യപ സ്വസാരം സുനുതര്യുയോതിഃ |**
**പ്രമിനതീ മനുഷ്യാ യുഗാനി യോഷാ ജാരസ്യ ചക്ഷസാ വി ഭാതി ||**

ഈ സ്ത്രീ ആകാശത്തിൻെറ സീമകളെ പ്രസ്പഷ്ടമാക്കുന്നവളാണ്. അവൾ തൻെറ സഹോദരി (രാത്രി)യെ ദൂരെവിടെയോ ഒളിപ്പിക്കുന്നു. യുഗങ്ങളായി മനുഷ്യരെ നശിപ്പിച്ചുകൊിരിക്കുന്ന അവൾ തൻെറ കാമുകദർശനത്താൽ ശോഭിക്കുന്നു.

**12. പശൂന്ന ചിത്രാ സുഭഗാ പ്രഥാനാ സിന്ധൂർന ക്ഷോദ ഉർവിയ വിശ്വൈത് |**
**അമിനതീ ദൈവ്യാനി വ്രതാനി സൂര്യസ്യ ചേതി രശ്മിഭിർദൃശാനാ ||**

ഉജ്ജ്വലവർണ്ണയും സൗഭാഗ്യശാലികളുമായ ഉഷസ്സ് പശുക്കളെപ്പോലെ വ്യാപ്തമായി, നദികൾക്കുതുല്യം പ്രവഹിക്കുന്നു. അവൾ ദേവതകളുടെ നിയമങ്ങളെ അവഹേളിക്കുന്നില്ല. സൂര്യകിരണങ്ങളിൽ അവൾ ദൃശ്യയാകുന്നു.

**13. ഉഷസ്തച്ചിത്രമാ ഭരാസ്മഭ്യം വാജിനീവതി |**
**യേന തോകം ച തനയം ച ധാമഹേ ||**

ഹേ ഉഷസ്സേ! നീ വളരെയധികം അന്നത്തോടുകൂടിയവളാണല്ലോ. ആ അത്മുതകരമായ അന്നത്തെ ഞങ്ങൾക്കായികൊവരു. അതുമൂലം ഞങ്ങളുടെ പുത്രപൗത്രാദികൾ പോഷിതരാകട്ടെ.

**14. ഉഷോ അദ്യേഹ ഗോമത്യശ്വാവതി വിഭാവരി |**
**രേവദസ്മേ വ്യുച്ഛ സൂനൃതാവതി ||**

ഗോക്കളാലും അശ്വങ്ങളാലും, പ്രകാശത്താലും, സത്യവാണിയാലും യുക്തയായ ഉഷേ! നീ ഞങ്ങൾക്കുവേിയ ധനവുമായി വരൂ.

**15. യുക്ഷ്വാ ഹി വാജിനീവത്യശ്വാം അദ്യാരുണാം ഉഷഃ |**
**അഥാ നോ വിശ്വാ സൗഭഗാന്യാ വഹ ||**

അന്നവതിയായ ഉഷേ! നീ അരുണാശ്വങ്ങളെ ഉപേക്ഷിച്ച് ഞങ്ങൾക്കുവേി സകലസൗഭാഗ്യങ്ങളും കൊവരുന്നവളാകണേ.

**16. അശ്വിനാ വർതിരസ്മദാ ഗോമദ്ദസ്രാ ഹിരണ്യവത് |**
**അർവാഗ്രഥം സമനസാ നി യച്ഛതം ||**

ഹേ അശ്വിനികളേ! നിങ്ങൾ ഏകമനസ്സുള്ളവരായി ഗോക്കളേയും അശ്വങ്ങളേയും നിറച്ചുകൊുള്ള നിങ്ങളുടെ രഥം ഞങ്ങളുടെ വീട്ടുവാതിൽക്കൽ നിർത്തുവിൻ.

**17. യാവിത്ഥാ ശ്ലോകമാ ദിവോ ജ്യോതിർജനായ ചക്രഥുഃ |**
**ആ ന ഊർജം വഹതമശ്വിനാ യുവം ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ ആകാശത്തുനിന്നും സ്തോത്രങ്ങൾ കൊവന്ന് മനുഷ്യരെ പ്രകാശിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഞങ്ങൾക്കുവേിയും ബലം കൊവരുന്നവരാകുന്നു.

**18. ഏഹ ദേവാ മയോഭുവാ ദസ്രാ ഹിരണ്യവർതനീ |**

**ഉഷർബുധോ വഹന്തു സോമപീതയേ ||**

സുവർണ്ണമാർഗ്ഗത്തോടുകൂടിയ സുഖദാതാക്കളും അത്ഭുതകർമ്മങ്ങൾ ചെയ്യുന്ന അശ്വിനികളെ ഉഷകാലത്തിൽ ചൈതന്യമുള്ളവരാക്കി അവരുടെ അശ്വങ്ങളെ സോമപാനാർത്ഥം ഇവിടെ കൊുവരണേ.

# സൂക്തം 93

**ഋഷി ഗൗതമൻ ദേവത അഗ്നിഷോമങ്ങൾ ഛ ന്ദ സ ് അനുഷ്ടുപ്, പംക്തി, ത്രിഷ്ടുപ്, ഗായത്രീ, ഉഷ്ണിക**

**1. അഗ്നീഷോമാവിമം സു മേ ശൃണതം വൃഷണാ ഹവം |**
**പ്രതി സൂക്താനി ഹര്യതം ഭവതം ദാശുഷേ മയഃ ||**

ഹേ പുരുഷാർത്ഥയുക്തനായ അഗ്നീ! സോമാ, നിങ്ങൾ രുപേരും എൻെറ ആഹ്വാനം ശ്രവിക്കുകയും എൻെറ മനോഹരവചനങ്ങളാൽ ഹർഷിതരാവുകയും ചെയ്യുവിൻ. ഞാനാകുന്ന ഹവിർദാതാവിനുവേി സുഖരൂപരാകണേ.

**2. അഗ്നീഷോമാ യോ അദ്യ വാമിദം വചഃ സപര്യതി |**
**തസ്മൈ ധത്തം സുവീര്യം ഗവാം പോഷം**
**സ്വശ്വ്യം ||**

ഹേ അഗ്നീ! ഹേ സോമാ! നിങ്ങൾ രുപേരുടേയും സന്നിധിയിൽ ഞാൻ നിവേദനം സമർപ്പിക്കുന്നു. നിങ്ങൾ ഉത്തമപുരുഷാർത്ഥം വഹിച്ച് മനോഹരങ്ങളായ അശ്വങ്ങൾേയും ഗോക്കളേയും ഞങ്ങൾക്ക് ദാനം ചെയ്യുവിൻ

**3. അഗ്നീഷോമാ യ ആഹുതിം യോ വാം ദാശാദ്ധ**
**വിഷ്കൃതിം |**
**സ പ്രജയാ സുവീര്യം വിശ്വമായുർവ്യശ്നവത് ||**

ഹേ അഗ്നീ! സോമാ! നിങ്ങൾക്ക് ഘൃതയുക്തമായ ഹവിസ്സ് നൽകുന്നവൻ സന്താനയുക്തനും വീര്യവാനും പൂർണ്ണായുസ്സോടുകൂടിയവനുമായി ഭവിക്കട്ടെ.

**4. അഗ്നീഷോമാ ചേതി തദ്വീര്യം വാം യദമുഷ്ണീതമവസം**
**പണിം ഗാഃ |**
**അവാതിരതം ബൃസയസ്യ ശേഷോവിന്ദതം**
**ജ്യോതിരേകം ബഹുഭ്യഃ ||**

ഹേ അഗ്നീ! സോമാ! നിങ്ങൾ രും ബലത്തിൽ പ്രസിദ്ധരാണല്ലോ. നിങ്ങൾ പണികളുടെ അന്നരൂപമായ ഗോക്കളെ പിടിച്ചെടുത്ത് ബൃസയനെ സംഹരിക്കുകയും അസംഖ്യങ്ങളായവർക്കുവേി പ്രകാശ (സൂര്യൻ) ത്തെ പ്രാപിക്കുകയും ചെയ്തു.

**5. യുവമേതാനി ദിവി രോചനാന്യഗ്നിശ്ച സോമ**
**സക്രതൂ അധത്തം |**
**യുവം സിന്ധൂംരഭിശസ്തേരവദ്യാദഗ്നീഷോമാവ**
**മുഞ്ചതം ഗൃഭീതാൻ ||**

ഹേ സോമാ! അഗ്നീ! നിങ്ങൾ രുപേരും ഒന്നുപോലെ പ്രവൃത്തിക്കുന്നവരാണല്ലോ? നിങ്ങൾ ആകാശത്തിൽ ജ്യോതിസ്സുകളെ സ്ഥാപിച്ചു. നിങ്ങൾ രുപേരുംകൂടി വൃത്രനിൽ നിന്നും നദികളെ മുക്തരാക്കി.

**6. ആന്യം ദിവോ മാതരിശ്വാ ജഭാരാമഥ്നാദന്യം പരി**
**ശ്യേനോ അദ്രേഃ |**
**അഗ്നീഷോമാ ബ്രഹ്മണാ വാവൃധാനോരും**
**യജ്ഞായ ചക്രഥുരു ലോകം ||**

ഹേ അഗ്നീ! സോമാ! നിങ്ങളിലൊരാളെ മാതരിശ്വാ (വായു) ആകാശത്തുനിന്നും കൊുവന്നു. ഒരാളെ കഴുകൻ പർവ്വതമുകളിൽനിന്നും കൊുവന്നു. സ്തോത്രങ്ങളെ വർദ്ധിപ്പിക്കുന്നവരായ നിങ്ങൾ യജ്ഞത്തിനുവേി ലോകത്തെ വിസ്തൃതമാക്കി.

**7. അഗ്നീഷോമാ ഹവിഷഃ പ്രസ്ഥിതസ്യ വീതം ഹരത്യം**
**വൃഷണാജുഷേഥാം |**
**സുശർമാണാ സ്വവസാ ഹി ഭൂതമഥാ ധത്തം**
**യജമാനായ ശം യോഃ ||**

വീര്യയുക്തരായ അഗ്നീ! സോമാ! നിങ്ങൾ ഞങ്ങളുടെ ഹവിസ്സുകൾ സ്വികരിച്ച് പ്രസന്നരായി ഞങ്ങളെ സുഖയുക്തരാക്കണേ. ഞങ്ങളാകുന്ന യജമാനൻമാരുടെ രോഗങ്ങളെല്ലാമകറ്റി ശക്തി പ്രദാനം ചെയ്താലും.

**8. യോ അഗ്നീഷോമാ ഹവിഷാസപര്യാദ്ദേവദ്രീചാ മനസാ**
**യോ ഘൃതേന |**
**തസ്യ വ്രതം രക്ഷതം പാതമംഹസോ വിശേ**
**ജനായ മഹി ശർമ യച്ഛതം ||**

ഹേ അഗ്നീ! സോമാ! യാതൊരുത്തൻ നിങ്ങളെ ഘൃതഹവിസിനാൽ ഹൃദയംഗമമായി പൂജിക്കുന്നുവോ അവൻെറ വ്രതത്തെ രക്ഷിക്കണേ. അവനെ പാപത്തിൽനിന്നു രക്ഷിക്കുകയും അവൻെറ കുടുംബത്തെ ശരണാഗതമാക്കുകയും ചെയ്യണേ.

**9. അഗ്നീഷോമാ സവേദസാ സഹൂതി വനതം ഗിരഃ |**
**സം ദേവത്രാ ബുഭൂവഥുഃ ||**

ഹേ അഗ്നീ! സോമാ! എല്ലാ ഐശ്വര്യങ്ങളോടുംകൂടിയ നിങ്ങൾ രും ദേവത്വത്താൽ യുക്തരാണല്ലോ. ഞങ്ങളുടെ സ്തുതികളെശ്രവിക്കണേ.

**10. അഗ്നീഷോമാവനേന വാം യോവാം ഘൃതേന ദാശതി |**
**തസ്മൈ ദീദയതം ബൃഹത് ||**

ഹേ അഗ്നീ! സോമാ! നിങ്ങൾ രുപേർക്കുമായി ഘൃതയുക്തമായ ഹവിസ്സ് നൽകുന്നവനുവേി നിങ്ങൾ ജാജ്ജ്വല്യമാനരാകണേ

**11. അഗ്നീഷോമാവിമാനിനോ യുവംഹവ്യാ ജൂജോഷതം |**
**ആ യാതമുപ നഃ സചാ ||**

ഹേ ാഗ്നീ! സോമാ! നിങ്ങൾ രുപേരും ഞങ്ങളുടെ ഹവിസ്സിനെ സ്വീകരിക്കണേ. ഞങ്ങളെ പ്രാപിക്കണേ.

**12. അഗ്നീഷോമാ പിപൃതമരവതോ ന ആ പ്യായന്താ**
**മുസ്രിയ ഹവ്യസൂദഃ |**
**അസ്മേ ബലാനി മഘവത്സു ധത്തം നൃണതം നോ**
**അധ്വരം ശൃഷ്ണിമന്തം ||**

ഹേ അഗ്നീ! സോമാ! നിങ്ങൾ രുപേരും ഞങ്ങളുടെ അശ്വങ്ങൾക്കുശക്തി നൽകണേ. ഹവിസ്സിനെ ഉൽപ്പാദിപ്പിക്കുന്ന ഞങ്ങളുടെ ഗോക്കൾ അഭിവൃദ്ധിപ്രാപിക്കണേ. ധനവാൻമാരായ ഞങ്ങൾക്ക് നിങ്ങൾ രുപേരും ശക്തി നൽകണേ. ഞങ്ങളുടെ യജ്ഞം മംഗളമയമാക്കണേ.

# അനുവാകം 15 സൂക്തം 94

**ഋഷി അംഗരസ്പുത്രൻ കുത്സൻ ദേവത അഗ്നി**

**ഛന്ദസ് ജഗതി, ത്രിഷ്ടുപ്, പംക്തി**

**1. ഇമം സ്തോമമർഹതേ ജാതവേദസേ രഥമിവ സം മഹേമാ മനീഷയാ |**

**ഭദ്രാ ഹി നഃ പ്രമതിരസ്യ സംസദ്യഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

ധനോൽപ്പാദകനും പൂജ്യനുമായ അഗ്നിദേവനുവേി രഥത്തെയെന്നപോലെ ബുദ്ധിയോടുകൂടി ഈ സ്തോത്രത്തിനു നമുക്കു മഹത്വം നൽകാം നമ്മുടെ സുബുദ്ധി കല്യാണകാരിണിയായിരിക്കണേ.

**2. യസ്മൈ ത്വമായജസേ സ സാധത്യനർവാ ക്ഷേതി ദധതേ സുവീര്യം |**

**സ തൂതാവ നൈനമശ്നോത്യം ഹതിരഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

ഹേ അഗ്നി! നീ ആർക്കുവേി അവൻെറ ദേവപൂജ നടത്തുന്നുവോ ആ അഭീഷ്ടം പൂർണ്ണമായിത്തീരുന്നു. ഉത്തമവീര്യയുക്തനായി അവൻ വളരുകയും ദാരിദ്ര്യരഹിതനായിത്തീരുകയും ചെയ്യുന്നു. അഗ്നേ! നിൻെറ മിത്രത്വം ലഭിച്ചാൽ ഞങ്ങൾ ദുഃഖിതരാകുകയില്ല.

**3. ശകേമ ത്വാ സമിധം സാധയാ ധിയസ്ത്വേ ദേവാ ഹവിരദന്ത്യാഹുതം |**

**ത്വമാദിത്യാം ആ വഹ താൻഹ്യുശ്മസ്യഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

ഹേ അഗ്നി! ഞങ്ങൾ നിന്നെ പ്രദീപ്തമാക്കുവാൻ കഴിവുള്ളവരാകണേ. ഞങ്ങളുടെ എല്ലാ കാര്യങ്ങങ്ങളും അങ്ങ് സാധിച്ചുതരൂ. നിനക്കായി അർപ്പിക്കപ്പെടുന്ന ഹവിസ്സുകൾ ദേവതകൾക്കു ലഭ്യമാകുന്നു. ഞങ്ങൾ ആദിത്യനെ ആഗ്രഹിക്കുന്നു, ആദിത്യനെ ഇവിടെകൊുവരണേ നിൻെറ മിത്രത ലഭിച്ച ഞങ്ങൾ ദുഃഖിതരാകാതിരിക്കണേ.

**4. ഭരാമേധ്മം കൃണവാമാ ഹവീംഷി തേ ചിതയന്തഃ പർവണാപർവണാ വയം |**

**ജിവാതവേ പ്രതരം സാധയാ ധിയോഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

ഹേ അഗ്നി! നിന്നെ ചൈതന്യവാനാക്കുവാൻ ഇന്ധനം ശേഖരിക്കാം. ഹവിസ്സിനെ സമ്പാദിക്കാം. നീ ഞങ്ങളെ കർമ്മവാൻമാരാക്കി ശ്രേഷ്ഠമായ ജീവിതത്തിലേയ്ക്ക് പ്രേരിപ്പിക്കണേ. നീയുമായുള്ള മൈത്രീബന്ധത്താൽ ഞങ്ങളൊരിക്കലും ദുഃഖിതരാകുന്നില്ല.

**5. വിശാം ഗോപാ അസ്യ ചരന്തി ജന്തവോ ദ്വിപച്ച യദുത ചതുഷ്പഭക്തുഭിഃ |**

**ചിത്രഃ പ്രകേത ഉഷസോ മഹാം അസ്യഗ്നേ സഖ്യേമാ രിഷാമാ വയം തവ ||**

ഇരുകാലികളും നാൽക്കാലികളുമായ പ്രജകളുടെ രക്ഷകരായ ഈ അഗ്നിദൂതൻമാർ രാത്രികാലങ്ങളിൽ സഞ്ചരിച്ചുകൊിരിക്കുന്നു. ഹേ അഗ്നി! നീ ഉഷസ്സിനു പ്രകാശം നൽകുന്ന മഹാനാകുന്നു. ഞങ്ങൾ അങ്ങയുടെ മിത്രങ്ങളായതിനാൽ പീഡിപ്പിക്കരുതേ.

**6. ത്വമധ്വര്യുരുത ഹോതാസി പൂർവ്യഃ പ്രശാസ്താ പോതാ ജനുഷാ പുരോഹിതഃ |**

**വിശ്വ വിദ്വാം ആർത്വിജ്യാ ധീര പുഷ്യഗ്യഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

ദൃഢചിന്തകനായ അഗ്നിദേവാ! നീ അധ്വര്യവും, പ്രാചീനഹോതാവും,പ്രശസ്താവും പോഷാവും ജൻമനാപുരോഹിതനുമാണല്ലോ. ഋത്വിജൻമാരുടെ എല്ലാ കർമ്മങ്ങളും അറിയുന്ന നീ കർമ്മങ്ങളെ പൂർത്തിയാക്കുന്നു. നിൻെറ മിത്രത്വം പ്രാപിച്ച ഞങ്ങൾ പീഡിതരാകുന്നില്ല.

**7. യോ വിശ്വതഃ സുപ്രതീകഃ സദൃങ്ങസി ദൂരേ ചിത്സന്തളിദിവാതി രോചസേ |**

**രംത്ര്യാശ്ചിദന്ധോ അതിദേവ പശ്യസ്യഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

ഹേ ദേവഗണമേ! സോമം പിഴിയുന്നവൻെറ രഥം മുന്നേറണേ. ഞങ്ങളുടെ സ്തോത്രങ്ങളാൽ പാപബുദ്ധികൾ നശിക്കണേ.

**8. പൂർവോ ദേവാ ഭവതു സുന്വതോ രഥോസ്മാകം ശംസോ അഭ്യസ്തു ദൂഢ്യഃ |**

**തദാ ജാനീതോത പുഷ്പ്യതാവചോഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

നീ ഞങ്ങളുടെ വചനങ്ങളാൽ മുന്നേറൂ. ഹേ അഗ്നേ! നിൻെറ മിത്രങ്ങളായ ഞങ്ങൾ ഒരിക്കലും ദുഃഖിതരാകുന്നില്ല.

**9. വധൈർദുഃ ശംസാം അപ ദൂഢ്യോ ജഹി ദൂരേ വായേ അന്തി വാ കേ ചിദത്രിണഃ |**

**അഥാ യജ്ഞായ ഗൃണതേ സുഗം കൃധ്യഗ്നേ സഖ്യേ സാ രിഷാമാ വയം തവ ||**

ഹേ അഗ്നി! യാതൊരു ഭക്ഷകനായ ദൈത്യൻ ദൂരത്തോ അടുത്തോ ആയിരിക്കട്ടെ. അവനേയും അതുപോലെ അപശബ്ദവക്താക്കളായ പാപികളെയും ആയുധത്താൽ ശ്വധിക്കുകയും സ്തോതാവിൻെറ യജ്ഞത്തിൽ സുഖമയമായ മാർഗ്ഗം നിർമ്മിക്കുകയും ചെയ്യൂ. ഞങ്ങൾ നിൻെറ മിത്രതയാൽ പീഡിതരാകാതിരിക്കണേ.

**10. യദയുക്ഥാ അരുഷാ രോഹിതാ രഥേ വാതജൂതാ വൃഷഭസ്യേവ തേ രവഃ |**

**ആദിന്വാസി വനിനോ ധൂമകേതുനാഗ്നേ സഖ്യേ മാ രിഷാമാ വയം തവ ||**

ഹേ അഗ്നി! നീ വായുവേഗത്തോടുകൂടിയ രോഹിതാശ്വങ്ങളെ രഥത്തിൽകെട്ടി കാളയെപ്പോലെ ശബ്ദമുാക്കുകയും ധൂമധ്വജമുള്ള രഥത്തെ വൃക്ഷങ്ങളുടെ നേരെ ഉയർത്തുകയും ചെയ്യുന്നു. ഞങ്ങൾ നിൻെറ മിത്രങ്ങളായതിനാൽ പീഡിതരാകാതിരിക്കണേ.

**11. അധ സ്വനാദുത ബിഭ്യുഃ പതത്രിണോ ദ്രപ്സായത്തേ യവസാദോ വ്യസ്ഥിരൻ |**

**സുഗം തത്തേ താവകേഭ്യോ രഥേഭ്യോഗ്നേ സംഖ്യേമാ രിഷാമാ വയം തവ ||**

ഹേ അഗ്നി! നിൻെറ ജ്വാലകൾ വനത്തിൽ വ്യാപിക്കുമ്പോൾ

പക്ഷിളും ഭയംകൊ് പറന്നുപോകുന്നു. ആ സമയം നിൻെറ രഥം നിർബാധം കടന്നുപോകുന്നു. നിൻെറ മിത്രങ്ങളായ ഞങ്ങൾ ഒരിക്കലും പീഡിതരാവാതിരിക്കണേ.

12. അയം മിത്രസ്യ വരുണസ്യ ധായസേവയാതാം
മരുതാം ഹേളോ അദ്ഭുതഃ |
മൃളാ സു നോ ഭൂത്വേഷാം മനഃ പുനരഗ്നേ സഖ്യേ
മാരിഷാമാ വയം തവ ||

ആ അഗ്നി മിത്രാവരുണൻമാരേ വഹിക്കുന്നതിൽ ശക്തനാണ്. താഴേയ്ക്കിറങ്ങിവരുന്ന മരുത്തുക്കളുടെ ക്രോധം ഭയാനകമാണ്.ഹേ അഗ്നി! കൃപചെയ്താലും, ഇവരുടെ മനസ്സിനെ ഞങ്ങൾക്കുവേി മംഗലദായകമാക്കിയാലും. നിൻെറ മിത്രത്വത്താൽ ഞങ്ങൾ ദുഃഖിതരാകാതിരിക്കണേ.

13. ദവോ ദേവാനമസി മിത്രോ അദ്ഭുതോ വസൂർവ
സൂനാമസി ചാരുരധ്വരേ |
ശർമൻത്സ്യാമ തവ സ്വപ്രഥസ്തമേഗ്നേ സഖ്യേ മാ
രിഷാ മാ വയം തവ ||

ഹേ അഗ്നേ! നീ ദേവകളുടെ മിത്രമാകുന്നുവല്ലോ. ധനവാനായ നീ യജ്ഞത്തിൽ ശോഭ പ്രാപിക്കുന്നു.ഞങ്ങൾ നിൻെറ ആശ്രയത്തിൽ വസിക്കണേ. ഒരിക്കലും പീഡിതരാകാതിരിക്കണേ.

14. തത്തേ ഭദ്രം യത്സമിദ്ധഃ സ്വേ ദമേ സോമഹുതോ
ജരസേ മൂളയത്തമഃ |
ദധാസി രത്ന ദ്രവിണം ച ദാശുഷേഗ്നേ സഖ്യേ |
മാ രിഷാമാ വയം തവ ||

ഹേ അഗ്നി! നീ കൃപാകാരനായി ഭവനങ്ങളിൽ പ്രദീപ്തനാകുന്നു. സോമംവഴിയായി ഹവിസ്സിനെ വഹിച്ച് സുഖമയമായ ശബ്ദം പുറപ്പെടുവിക്കുന്നു. നീ ഹവിർദാതാവിന് ധനവും, രത്നങ്ങളും നൽകുന്നു. ഞങ്ങൾ നിൻെറ മിത്രതയാൽ സുഖികളാകണേ.

15. യസ്മൈ ത്വം സുദ്രവിണോ ദദാശോ
നാഗാസ്ത്വമദിതേ സർവതാതാ |
യം ഭദ്രേണ ശവസാ ചോദയാസി പ്രജാവതാ
രാധസാ തേ സ്യാമ ||

സുന്ദരനും, ഐശ്വര്യരൂപനും അനന്തബലയുക്തനുമായ അഗ്നി! നീ ആരെ പാപകർമ്മങ്ങളിൽനിന്നും രക്ഷിക്കുന്നുവോ, ആരെ സന്തതിയുക്തമായ ധനം നൽകി അഭിവൃദ്ധിപ്പെടുത്തുന്നുവോ, അവർ ഞങ്ങളായിരിക്കണേ.

16. സ ത്വമഗ്നേ സൗഭഗത്വസ്യ വിദ്വാനസ്മാകമായുഃ പ്ര
തിരേഹ ദേവ |
തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധു;
പൃഥിവീ ഉത ദ്യൗഃ ||

ഹേ അഗ്നിദേവാ സർവ്വസൗഭാഗ്യങ്ങളുടെയും ജ്ഞാതാവായ ഞങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കണേ. മിത്രൻ, വരുണൻ, അദിതി സമുദ്രം ഭൂമി, ആകാശം എല്ലാം ഞങ്ങളുടെ ഈ പ്രാർത്ഥന പ്രശംസിക്കണേ.

# അദ്ധ്യായം ഏഴ്

# സൂക്തം 95

ഋഷി കുത്സൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി

1. ദ്വേ വിരൂപേ ചരതഃ സ്വർഥേ അന്യാന്യാ വത്സമുപ
ധാപയേതേ |
ഹരിരന്യസ്യാം ഭവതി സ്വധാവാഞ്ച്ഛുക്രോ
അന്യസ്യാം ദദൃശേ സുവർചാഃ ||

സദുദ്ദേശത്തോടുകൂടിയ ഭിന്നരൂപിണികളായ രു സ്ത്രീകൾ പോയ്ക്കൊിരിക്കുന്നു. അവർ പരസ്പരം, ഒരുത്തി മറ്റൊരുത്തിയുടെ കുഞ്ഞുങ്ങളെ പോഷിപ്പിക്കുന്നു. ഒരുത്തിയിൽനിന്നും സൂര്യൻ അന്നവും മറ്റവളിൽനിന്നും അഗ്നി സുന്ദരമായ ദീപ്തിയും പ്രാപിക്കുന്നു.

2. ദശേമം ത്വഷ്ടുർജനയന്ത ഗർഭമതന്ദ്രാസേ
യുവതയോ വിഭൃത്രം |
തിഗ്മാനീകം സ്വയശസം ജനേഷുവിരോചമാനം
പരിഷീം നയന്തി ||

ത്വഷ്ടാവിൻെറ ഈ കളിക്കുഞ്ഞുങ്ങളെ നിരാധാരരായ പത്തു യുവതികൾ (പത്തുവിരലുകൾ) പ്രകടനമാക്കുന്നു. തീക്ഷ്ണമുഖത്തോടുകൂടിയവനും, ലോകങ്ങളിൽ യശസ്സോടുകൂടിയവനും ദീപ്തിമാനുമായ ഇവനെ എല്ലാ ഭാഗത്തേക്കും കൂട്ടിക്കൊി പോകുന്നു.

3. ത്രീണി ജാനാ പരി ഭൂഷന്ത്യസ്യ സമുദ്ര ഏകം
ദിവ്യേകമപ്സു |
പൂർവാമനു പ്ര ദിശം പാർഥിവാനാമൃതൂ ( 
പശാസദ്ധി ദധാവനുഷ്ടു □□

മൂന്നു ജനനമാണ് ഈഅഗ്നിക്കുള്ളത്. ഒന്ന് സമുദ്രത്തിൽ, മറ്റൊന്ന് ആകാശത്തിൽ മൂന്നാമത്തേത് അന്തരീക്ഷത്തിൽ. സൂര്യരൂപനായ അഗ്നി ഋതുക്കളെ വിഭജിച്ച് ഭൂമിയിലെ ജീവികൾക്കുവേി പൂർവദിക്കിൽനിന്നും ക്രമപ്രകാരം ദിക്കുകളെ സൃഷ്ടിച്ചു.

4. ക ഇമം വോ നിണ്യമാ ചികേത വത്സോ
മാതൄർജനയത സ്വധാഭിഃ |
വഹ്വീനാം ഗർഭോ അപസാമുപസ്ഥാൻമഹാൻകവിർ
നിശ്ചരതി സ്വധാവാൻ ||

ഒളിച്ചിരിക്കുന്ന ഈ അഗ്നിയുടെ ദാതാവാര്? യാതൊരുത്തൻ പുത്രനായിരുന്നിട്ടും ഹവ്യാന്നംവഴി തൻെ മാതാവിന് ജൻമംനൽകുകയും യാതൊരുത്തൻ അനേകം ജലത്തിൻെറ ഗർഭരൂപമായി സമുദ്രത്തിൽനിന്നു പ്രകടമാകുകയും ചെയ്യുന്നവൻ ആരാണ്?

5. ആവിഷ്ട്യോ വർധതേ ചാരുരാസു ജിഹ്മനാമൂർധ്വഃ
സ്വയശാഉപസ്ഥേ |
ഉഭേ ത്വഷ്ടുർവിഭ്യതുർജായമാനാത് പ്രതീചീ സിംഹം
പ്രതി ജോഷയേതേ ||

ജലോൽപന്നമായ അഗ്നി യജ്ഞത്തോടുകൂടി പ്രകാശിച്ച് വളരുന്നു. ഇതിൻെറ ഉത്ഭവത്തോടുകൂടി ത്വഷ്ടാവിൻെറ രു പുത്രികളും

(അഗ്നിയുാക്കുന്നതിനുള്ള രു തടിക്കഷണം അഥവാ അരണി) ഭയഭീതികളായി ഈ സിംഹത്തിൻെറ പിന്നിൽനിന്നും സേവനമനുഷ്ഠിക്കുന്നു.

**6. ഉഭേ ഭദ്രേജോഷയേതേ ന മേനേ ഗാവോ ന വാശ്രാ ഉപ തസ്ഥുരേവൈഃ |**

**സ ദക്ഷാണാം ദക്ഷപതിർബഭൂവാഞ്ജന്തി യം ദക്ഷിണതോ ഹവിർഭിഃ ||**

സുന്ദരികളായ സ്ത്രീകളെപ്പോലെ ഈ ആകാശവും ഭൂമിയും ആ അഗ്നിയെ സേവനം ചെയ്യുന്നു. ആ അഗ്നി അത്യധിക ബലത്താൽ യുക്തനാകുന്നു. ഋത്വിജൻ ദക്ഷിണാഭിമുഖനായി നിന്നുകൊ് ഹവിസിനാൽ ഈ അഗ്നിക്ക് സേവനമനുഷ്ഠിക്കുന്നു.

**7. ഉദ്യംയമീതി സവിതേവ ബാഹു ഉഭേസിചൗ യയതത്തേ ഭീമ ഋഞ്ജൻ |**

**ഉച്ചക്രമത്കമജതേ സിമസ്മാന്നവാ മാതൃഭ്യോ വസനാ ജഹാതി ||**

ഈ അഗ്നി സൂര്യകിരണങ്ങൾക്ക് സമാനം തൻെറ ഭുജങ്ങളെ വ്യാപിപ്പിക്കുന്നു. ഈ വികരാളരൂപൻ ദിനരാത്രങ്ങളുടെ അതിരുകളിലെത്തി എല്ലാ വസ്തുക്കളിൽനിന്നും രസം വലിച്ചെച്ചടുത്ത് ജലരൂപമായ മാതാവിനുവേി ആ രസം വർഷിക്കുന്നു.

**8. ത്വേഷം രൂപം കൃണുത ഉത്തരം യത്സംപൃഞ്ചാനഃ സദനേ ഗോഭിരദ്ഭിഃ |**

**കവിർബുധ്നം പരി മർമൃജ്യതേ ധീഃ സാ ദേ വതാതാ സമിതിർബഭൂവ ||**

ജ്ഞാനിയായ അഗ്നി ജലവുമായിചേർന്ന് ഉജ്ജ്വലരൂപം ധരിക്കുന്നു. അദ്ദേഹം തൻെറ പ്രഭാപൂരത്താൽ അന്തരീക്ഷത്തെ തേജസ്കരിക്കുന്നു.

**9. ഉരു തേ ജ്രയഃ പര്യേതി ബുധ്നം വിരോചമാനം മഹിഷസ്യ ധാമ |**

**വിശ്വേഭിരഗ്നേ സ്വയശോഭിരിദ്ധോദബ്ദേഭിഃ വായുഭിഃ പാഹ്യസ്മാൻ ||**

ഹേ അഗ്നീ! നിൻെറ അത്യധികം പ്രകാശയുക്തമായ തേജസ്സ് അന്തരീക്ഷത്തിലെങ്ങും വ്യാപിക്കുന്നു. നീ അക്ഷയമായ ആ തേജസ്സിനാൽ ഞങ്ങളെ സംരക്ഷിക്കണേ.

**10. ധന്വൻത്സ്രോതഃ കൃണതേ ഗാതുമൂർമ ശുക്രൈരൂർമിഭിരഭി നക്ഷതി ക്ഷാം |**

**വിശ്വാ സനാനി ജഠരേഷു ധത്തേന്തർനവാസു ചരതി പ്രസൂഷു ||**

അഗ്നിക്ക് മരുഭൂമിയിലും ജലത്തെ പ്രവഹിപ്പിക്കുവാൻ കഴിയുന്നു. അവൻ ഭൂമിയെ അലകളാൽ യുക്തമാക്കുന്നു. എല്ലാ അന്നങ്ങളേയും വഹിക്കുകയും മാതൃഭൂതങ്ങളായ ഔഷധികളിൽ രമിക്കുകയും ചെയ്യുന്നു.

**11. ഏവാ നോ അഗ്നേ സമിധാ വൃധാനോ രേവത്പാവക ശ്രവസേ വി ഭാഹി |**

**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥ്വീ ഉത ദ്യൗഃ ||**

ഹേ പാവകാ! നീ ഇന്ധനത്താൽ വളർച്ച പ്രാപിച്ച് ധനപൂർണ്ണമായ യശസ്സിനാൽ പ്രദീപ്തമാകണേ. ഞങ്ങളുടെ സ്തുതികളെ മിത്രനും, വരുണനും അദിതിയും സമുദ്രവും ഭൂമിയും ആകാശവും അംഗീകരിക്കണേ.

# സൂക്തം 96

**ഋഷി കുത്സൻ  ദേവത അഗ്നി  ഛന്ദസ് ത്രിഷ്ടുപ്**

**1. സ പ്രത്നഥാ സഹസാ ജായമാനഃ സദ്യഃ കാവ്യാനി ബളധത്ത വിശ്വാ |**

**ആപശ്ച മിത്രം ധിഷണാ ച സാധന്ദേവാ അഗ്നിം ധാരയന്ദ്രവിണോദാം ||**

ശക്തിയായ തടിക്കഷണങ്ങളുടെ ഘർഷണത്തിൽനിന്നും പ്രത്യക്ഷനായ അഗ്നി പുരാതൻ എന്നതുപോലെ എല്ലാ ജ്ഞാനവും അതിവേഗം ഗ്രഹിച്ചു. ധനദായകനായ അഗ്നിയെ ജലവും, ഭൂമിയും മിത്രമാക്കുകയും ദേവഗണം ദൂതൻെറ രൂപത്തിൽ അദ്ദേഹത്തെ നിയുക്തമാക്കുകയും ചെയ്തു.

**2. സ പൂർവയാ നിവിദാ കാവ്യതായോരിമാഃ പ്രജാ അജനയൻമനൂനാം |**

**വിവസ്വതാ ചക്ഷസാദ്യാമപശ്ച ദേവാ അഗ്നിം ധാരയൻദ്രവിണോദാം ||**

അഗ്നി പ്രാചീനങ്ങളായ മനുക്കളുടെ സ്തുതിമന്ത്രങ്ങളാൽ പ്രജകളെ സൃഷ്ടിക്കുകയും ആകാശാന്തരീക്ഷങ്ങളെ തേജസ്സാൽ നിറയ്ക്കുകയും ചെയ്തു. ധനദാതാവായ ആ അഗ്നിയെ ദേവഗണങ്ങൾ ദൂതനായിട്ടംഗീകരിച്ചു.

**3. തമീളത പ്രഥമം യജ്ഞസാധം വിശ ആരീരാഹുത മൃഞ്ജസാനം |**

**ഊർജഃ പുത്രം ഭരതം സൃപ്രദാനും ദേവാ അഗ്നിം ധാരയൻദ്രവിണോദാം ||**

ഹേ മനുഷ്യരെ! യജ്ഞത്തെ പൂർണ്ണമാക്കുന്ന നിങ്ങൾ, ഹവിസ്സിനാൽ പൂജിക്കപ്പെടുന്നവനും, അഭീഷ്ടദായകനും, ബലപുത്രനും പാലകനും ധനദാതാവുമായ അഗ്നിയെ പ്രധാനരൂപത്തോടുകൂടി പൂജിക്കുവിൻ. ദേവഗണം ധനദാതാവായ ആ അഗ്നിയെ ദൂതനായംഗീകരിച്ചിരിക്കുന്നു.

**4. സ മാതരിശ്വാ പുരുവാരപുഷ്ടിർവിദ്ഗാതും തനയായ സ്വർവിത് |**

**വിശാം ഗോപാ ജനിതാ രോദസ്യോർദേവാ അഗ്നിം ധാരയൻദ്രവിണോദാം ||**

അനേകരാൽ വരണീയനും, പോഷകനും രക്ഷകനും, ആകാശപൃഥ്വികളുടെ ഉൽപത്തി കർത്താവുമായ മാതരിശ്വാഗ്നി സ്വർഗപഥം പ്രാപിച്ചിരിക്കുന്നു. ദേവഗണം ധനദാതാവായ ആ അഗ്നിയെതന്നെ ദൂതനായംഗീകരിച്ചിരിക്കുന്നു.

**5. നക്തോഷാസാ വർണമാമേമ്യാനേ ധാപയേതെ ശിശുമേകം സമീചി |**

**ദ്യാവാക്ഷാമാ രുക്മോ അന്തർവിഭാതി ദേവാ**

**അഗ്നിം ധാരയൻദ്രവിണോദാം ||**

ഒന്നുമറ്റൊന്നിൻെറ വർണ്ണരൂപാസ്തിത്വത്തെ തുടച്ചുമാറ്റിക്കൊ് ഉഷസ്സും രാത്രിയും ഒരു ശിശുവിനെ (അഗ്നിയെ) പാലിക്കുന്നു. ആ ശിശു ആകാശത്തിൻേറയും ഭൂമിയുടേയും ഇടയ്ക്ക് പ്രദീപ്തമാകുന്നു. അതിനെ ദേവകൾ വഹിക്കുന്നു.

**6. രായോ ബുധ്നഃ സംഗമനോ വസൂനാം യജ്ഞസ്യ കേതുർമൻമസാധനോ വേഃ |**
**അമൃതത്വം രക്ഷമാണാസ ഏനം ദേവാ അഗ്നിം ധാരയൻദ്രവിണോദാം ||**

ഈ ഐശ്വര്യകാരണരൂപനും, ധനസ്ഥാനനും, യജ്ഞത്തിൻെറ ധ്വജരൂപനുമായ അഗ്നി മനുഷ്യരുടെ അഭീഷ്ടങ്ങൾ സാധിക്കുന്നതിൽ സമർത്ഥനാണ്. അമരത്വരക്ഷകനായ ദേവകൾ ഇദ്ദേഹത്തെതന്നെ വഹിക്കുന്നു.

**7. നൂ ച പുരാ ച സദനം രയീണാം ജാതസ്യ ച ജായമാനസ്യ ച ക്ഷാം |**
**സതശ്ച ഗോപാം ഭവതശ്ച ഭൂരേർദേവാ അഗ്നിം ധാരയൻദ്രവിണോ ദാം ||**

ഇപ്പോഴും പും അഗ്നിതന്നെ ധനത്തിൻെറ ഉൽപ്പത്തിസ്ഥാനമാകുന്നു. ജനിച്ചതും, ജനിക്കുവാനിരിക്കുന്നതുമായ എല്ലാ ജീവികളുടേയും, രക്ഷകനും ധനദാതാവുമായ അഗ്നിയെ ദേവഗണം സ്വീകരിച്ചിരിക്കുന്നു.

**8. ദ്രവിണോദാ ദ്രവിണസസ്തുരസ്യ ദ്രുവിണോദാഃ സനരസ്യ പ്ര യംസത് |**
**ദ്രവി ണോദാ വീരവതീമിഷം നോ ദ്രവിണോദം രാസതേ ദീർഘമായുഃ ||**

ധനദാതാവായ അഗ്നി നമുക്കായി ധനം നൽകണേ. അവൻ നമുക്ക് വീരതായുക്തമായ ധനവും, സന്താനങ്ങളും അന്നം മുതലായവയോടുകൂടിയ ദീർഘായുസ്സും പ്രദാനം ചെയ്യണേ. (ഈ മന്ത്രം പുണ്യാഹത്തിനുള്ളതാണ്. ദീർഘായുസ്സ് പ്രാർത്ഥനയ്ക്കും ഉപയോഗിക്കുന്നു.)

**9. ഏവാ നോ അഗ്നേ സമിധാ വൃധാനോ രേവത് പാവക ശ്രവസേ വി ഭാഹി |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഹേ പാവകാ! ഞങ്ങളുടെ ഇന്ധനത്താൽ വൃദ്ധി പ്രാപിച്ച്, യശഃപൂർണ്ണനായി പ്രദീപ്തനാകണേ. ഞങ്ങളുടെ ഈപ്രാർത്ഥന മിത്രനും, വരുണനും, അദിതിയും സമുദ്രവും, പൃഥ്വിയും ആകാശവും അനുമോദിക്കണേ.

# സൂക്തം 97

**ഋഷി കുത്സൻ ദേവത അഗ്നി ഛന്ദസ് ഗായത്രീ**

**1. അപനഃ ശോശുചധഘമഗ്നേ ശുശുഗ്ധ്യാ രയിം |**
**അപ നഃ ശോശുചദഘം ||**

ഞങ്ങളുടെ പാപങ്ങൾ ഭസ്മമാക്കണേ, ഹേ അഗ്നി! നാലുപാടും ധനം പ്രകാശിപ്പിക്കണേ. ഞങ്ങളുടെ പാപങ്ങളെ നശിപ്പിക്കണേ.

**2. സുക്ഷേത്രിയാ സുഗാതുയാ വസൂയാ ച യജാമഹേ |**
**അപ നഃ ശോശുചദഘം ||**

ഞങ്ങൾ മനോഹരമായ വാസസ്ഥാനത്തിനും, മനോഹരമായ മാർഗ്ഗങ്ങൾക്കും, ശ്രേഷ്ഠമായ ധനത്തിനും വേി യജ്ഞംനടത്തുന്നു ഞങ്ങളുടെ പാപങ്ങളെ ഭസ്മമാക്കണേ.

**3. പ്ര യദ്ഭന്ദിഷ്ഠ ഏഷാം പ്രസ്മാസശ്ച സൂരയഃ**
**അപ നഃ ശോശുചദഘം**

സ്തുതിക്കുന്നവരിൽ മറ്റ് എല്ലാവരേയുംകാൾ ഞാൻ കൂടുതൽ മുൻപനാകണേ. ഞങ്ങളുടെ സ്തോതാക്കളും സ്തുതിക്കുന്നതിൽ മുൻപരാകണേ. ഞങ്ങളുടെ പാപങ്ങൾ ഭസ്മമാകട്ടെ.

**4. പ്ര യത്തേ അഗ്നേ സൂരയോ ജായേമഹി പ്ര തേ വയം |**
**അപ നഃ ശോശുചദഘം||**

ഹേ അഗ്നി! നിൻെറ സ്തോതാക്കളായ ഞങ്ങൾ സന്താനവാൻമാരാകണേ. ഞങ്ങളുടെ പാപങ്ങങ്ങൾ ഭസ്മമാകണേ.

**5. പ്ര യദഗ്നേഃ സഹസ്വാതോ വിശ്വതോ യന്തി ഭാനവ |**
**അപ നഃ ശോശുചദഘം ||**

അഗ്നിയുടെ ശത്രുവിജയികളായ ജ്വാലകൾ എല്ലാഭാഗത്തും ഉയരുന്നു. നമ്മുടെ പാപങ്ങൾ ഭസ്മമാകട്ടെ.

**6. ത്വം ഹി വിശ്വതോമുഖ വിശ്വതഃ പരിഭൂരസി |**
**അപ നഃ ശോശുചദഘം ||**

ഹേ സർവ്വപ്രമുഖനായ അഗ്നേ! നീ എല്ലാ സ്ഥാനങ്ങളിലും വ്യാപിക്കുന്നവനാകുന്നു. ഞങ്ങളുടെപാപങ്ങൾ കത്തി ചാമ്പലാകട്ടെ.

**7. ദ്വിഷോ നോവിശ്വതോ മുഖാതി നാവേവ പാരയ |**
**അപ നഃ ശോശുചദഘം ||**

ഹേ അഗ്നി! ഒരു വള്ളത്തെപ്പോലെ നീ ശത്രുക്കളിൽനിന്നും അക്കരെ കടത്തു. ഞങ്ങളുടെ പാപങ്ങൾ ഭസ്മമാകട്ടെ.

**8. സ നഃ സിന്ധുമിവ നാവയാതി വർഷ സ്വസ്തയേ |**
**അപ നഃ ശോശുചദഘം ||**

ഹേ അഗ്നി! സമുദ്രത്തിൽക്കൂടി മഴ കരക്കു പോകുന്നതുപോലെ നീ ഞങ്ങളെ ഹിംസകരിൽനിന്നു അക്കരയ്ക്ക് കൂട്ടിക്കൊു പോകണേ. ഞങ്ങളുടെ പാപങ്ങൾ എരിഞ്ഞു ചാമ്പലാകണേ.

# സൂക്തം 98

**ഋഷി കുത്സൻ ദേവത വൈശ്വാനരാ, അഗ്നി**
**ഛന്ദസ് ത്രിഷ്ടുപ്**

**1. വൈശ്വാനരസ്യ സുമതൗ സ്യാമ രാജാ ഹി കം ഭുവനാനാമഭിശ്രീഃ |**
**ഇതോ ജാതേ വിശ്വമിദം വി ചഷ്ടേ വൈശ്വാനരോ യതതേ സൂര്യേണ ||**

നമ്മുടെമേൽ വൈശ്വാനരാഗ്നിയുടെ കൃപയുാകണേ, അവൻ എല്ലാ ലോകങ്ങളുടേയും പാലകനാണല്ലോ. അവൻ സൂര്യനു തുല്യനാകുന്നു

**2. പൃഷ്ടോ ദിവി പൃഷ്ടോ അഗ്നിഃപൃഥിവ്യം പൃഷ്ടോ വിശ്വ ഓഷധീരാ വിവേശ |**

വൈശ്വാനരഃ സഹസാ പൃഷ്ഠോ അഗ്നിഃ സ നോ സ
രിഷഃ പാതു നക്തം ||

അഗ്നി ആകാശത്തിലും ഭൂമിയിലും പൂജനീയനാകുന്നു. അവൻ എല്ലാ ഔഷധികളിലും വ്യാപിച്ചിരിക്കുന്നു. ആ മഹാബലവാനായ വൈശ്വാനരാഗ്നി ഹിംസകൻമാരിൽനിന്നും നമ്മുടെദിനരാത്രങ്ങളെ രക്ഷിക്കണേ.

3. വൈശ്വാനര തവ തത്സത്യമസ്ത്വാസ്മാൻരായോ
മഘവാനഃ സചന്താം |
തന്നോ മിത്രോ വരുണോ മമഹന്താമദിതിഃ
സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||

ഹേ വൈശ്വാനരാഗ്നി! നീ കർമ്മങ്ങൾ സത്യമാകണേ, ഞങ്ങൾക്ക് ധനയുക്തമായ ഐശ്വര്യം ഉകണേ. മിത്രനും വരുണനും അദിതിയും സമുദ്രവും പൃഥ്വിയും ആകാശവും ഞങ്ങളുടെമേൽ കൃപചൊരിയണേ.

# സൂക്തം 99

ഋഷി മരീചിപുത്രൻ കശ്യപൻ ദേവത ജാതവേദാഗ്നി
ഛന്ദസ് ത്രിഷ്ടുപ്

1. ജാതവേദസേ സുനവാമ സോമമരാതീയതോ നി
ദഹാതി വേദഃ |
സ നഃ പർഷധതി ദുർഗാണി വിശ്വാ നാവേവ
സിന്ധുംദുരിമാത്യഗ്നിഃ ||

ധനോൽപ്പാദകനായ അഗ്നിക്കുവേി നമുക്കു സോമരസം തയ്യാറാക്കാം. ശത്രുക്കളുടെ ധനത്തെ അഗ്നി ഭസ്മമാക്കണേ. വള്ളം നദിക്കക്കരെകടത്തുന്നതുപോലെതന്നെ ഈ അഗ്നി നമ്മെ ദുഃഖങ്ങളുടെ അക്കരെ കടത്തുകയും നമ്മുടെ രക്ഷകനായിരിക്കുകയും ചെയ്യണേ.

# സൂക്തം 100

ഋഷി ഋജാശ്വം, അംബരീഷം, സഹദേവ, മായാമാൻ, സുരാധാ
ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്

1. സ യോ വൃഷാവൃഷ്ണ്യേഭിഃ സമോകാ മഹോ ദിവഃ
പൃഥിവ്യാശ്ചച സമ്രാട് |
സതീനസത്വാ ഹവ്യോ ഭരേഷു മരുത്വാന്നോ
ഭവത്വിന്ദ്ര ഊതീ ||

വീരനും പുരുഷാർത്ഥിയും ആകാശഭൂമികളുടെ സ്വാമിയും, ജലം വർഷിപ്പിക്കുന്നവനും, യുദ്ധത്തിൽ ആഹ്വാനം ചെയ്യപ്പെടുന്നവനുമായ ഇന്ദ്രൻ മരുത്തുക്കൾ സഹിതം നമ്മെ രക്ഷിക്കണേ.

2. യസ്യാനാപ്തഃ സൂര്യസ്യേവ യാമോ ഭരേഭരേ വൃത്രഹാ
ശുഷ്മോ അസ്തി |
വൃഷന്തമഃ സഖിഭിഃ സ്വേഭിരേവൈർമരുത്വാന്നോ
ഭവത്വിന്ദ്ര ഊതീ ||

സൂര്യനുതുല്യം മഹാഗതിയോടുകൂടിയവനും,ശക്തിയാൽ വൃത്രനെ സംഹരിച്ചവനും അത്യന്തം വീര്യവാനുമായ ഇന്ദ്രൻ മരുത്തുക്കൾ സഹിതം നമ്മുടെ രക്ഷകനായിരിക്കണേ.

3. ദിവോ ന യസ്യ രേതസോ ദുഘാനാഃ പന്ഥാസോ യന്തി
ശവസാപരീതാഃ |
തരദ്ദ്വേഷാഃ സാസഹിഃ പൗംസ്യേമിർമരുത്വാന്നോ
ഭവത്വിന്ദ്ര ഊതീ ||

യാതൊരുത്തൻെറ മാർഗ്ഗങ്ങൾ ആകാശത്തിൻെറ രോമങ്ങളെ ദോഹനം ചെയ്തുകൊ് (മഴയുടെ രൂപത്തിൽ) കടന്നുപോകുന്നുവോ ആ വിജയശീലനായ ഇന്ദ്രൻ തൻെറ ധൂളികളാൽ ശത്രുക്കളെ പതിപ്പിച്ചുകൊ് മരുത്തുക്കൾ സഹിതം നമ്മുടെരക്ഷകനായിരിക്കണേ.

4. സോ അംഗിരോഭിരംഗിരസ്തമോ ഭൂദ്വൃഷാ വൃഷഭിഃ
സഖിഭിഃ സഖാ സൻ |
ഋഗിമിഭിർഋഗ്മീ ഗാതുഭിർജ്യേഷ്ഠാമരുത്വാന്നോ
ഭവത്വിന്ദ്ര ഊതീ ||

ഇന്ദ്രൻ അംഗിരസ്സുകളിൽ പ്രധാനിയും വീരൻമാരിൽ ശ്രേഷ്ഠനും മിത്രങ്ങളിൽ മിത്രവും സ്തോതാക്കളിൽ സ്തോതാവും ഗായകരിൽ ഗായകനും ഇങ്ങനെ എല്ലാകാര്യത്തിലും എല്ലാവരിലും ശ്രേഷ്ഠനുമാകുന്നു.മരുത്തുക്കൾ സഹിതം അദ്ദേഹം നമ്മുടെരക്ഷകനാകട്ടെ.

5. സ സൂനുഭിർന രുദ്രേഭിഋഭ്വാ നൃഷാഹ്യേ സാസഹാം
അമിത്രാൻ |
സനീളേഭിഃ ശ്രവസ്യാനി തൂർവൻമരുത്വാന്നോ
ഭവത്വിന്ദ്ര ഊതീ ||

ദൂരസ്ഥിതനായി പ്രകാശിച്ചുകൊിരിക്കുന്നവൻ പുത്രൻമാരെപ്പോലെ തൻെറ കൂട്ടുകാരായ മരുത്തുക്കൾ സഹിതം യശസ്സിനുയോഗ്യമായ കർമ്മങ്ങളനിഷ്ഠിച്ചുകൊ് ശത്രുക്കളെ പരാജയപ്പെടുത്തി. ആ ഇന്ദ്രൻ മരുത്തുക്കൾ സഹിതം നമ്മെ രക്ഷിക്കണേ.

6. സ മന്യുഭീഃ സമദനസ്യ കർതാസ്മാകേഭിർനൃഭിഃ
സൂര്യം സനത് |
അസ്മിന്നഹൻത്സത പതിഃ പുരൂഹൂതോ
മരുത്വാന്നോ ഭവത്വിന്ദ്ര ഊതി ||

അഹങ്കാരികളുടെ നാശകനും,യുദ്ധകർമ്മങ്ങളിൽ പ്രവർത്തിക്കുന്നവനും, സമസ്തലോകങ്ങളുടേയും അധിനായകനുമായ ഇന്ദ്രൻ സൂര്യനെ പ്രാപിക്കട്ടെ. പാലകനും ആഹ്വാനം ചെയ്യപ്പെടുന്നവനുമായ ഇന്ദ്രൻ മരുത്തുക്കൾ സഹിതം നമ്മുടെ രക്ഷകനായി ഭവിക്കണേ.

7. തമൂതയോ രണയച്ഛൂരസാതൗതം ക്ഷേമസ്യ ക്ഷിതയഃ
കൃണ്വത ത്രാം |
സവിശ്വസ്യ കരുണസ്യേശ ഏകോ മരുത്വാന്നോ
ഭവത്വിന്ദ്ര ഊതീ ||

സഹായകരായ മരുത്തുക്കൾ ഇന്ദ്രനെ യുദ്ധത്തിൽ ഉത്തേജിപ്പിച്ചു. മനുഷ്യർ തങ്ങളുടെ സൗഭാഗ്യത്തിനുവേി ആരെ രക്ഷകനായംഗീകരിച്ചുവോ, ആര് ഏകനായിത്തന്നെ എല്ലാ കർമ്മങ്ങളുടേയും സ്വാമിയായിരിക്കുന്നുവോ ആ ഇന്ദ്രൻ നമ്മുടെ രക്ഷകനായിരിക്കണേ.

8.തമപ്സന്ത ശവസ ഉത്സവേഷു നരോ നരമവസേ

**തം ധനായ |**
**സോ അന്ധേ ചിത്തമസി**
**ജോതിർവിദൻമരുത്വാന്നോ ഭവത്വിന്ദ്ര ഊതീ ||**

യുദ്ധസമയത്ത് മനുഷ്യർ ധനത്തിനും രക്ഷയ്ക്കും വേി ഇന്ദ്രനെ വിളിക്കുന്നു. അവൻ അന്ധകാരത്തിലും പ്രകാശം പരത്തുന്നവനാകുന്നു. ആ ഇന്ദ്രൻ മരുത്തുക്കൾ സഹിതം നമ്മുടെ രക്ഷകനായിരിക്കണേ.

**9. സ** സവ്യേന യമതി വ്രാധതശ്ചിസ ദക്ഷിണേ സംഗൃദീതാ കൃതാനി |
സ കീരിണാ ചിത്സനിതാ ധനാനി മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ ||

ആ ഇന്ദ്രൻ ഇടത്തുകരത്താൽ ശത്രുക്കളെ തടുക്കുകയും വലത്തുകരത്താൽ യജമാനൻെറ ഹവിസിനെ സ്വീകരിക്കുകയും ചെയ്യുന്നു. അവൻ സ്തോതാവിനു ധനം നൽകുന്നു. മരുത്തുക്കളോടുകൂടി അവൻ നമ്മുടെ രക്ഷകനായിരിക്കണേ.

**10. സ ഗ്രാമേഭിഃ സനിതാ സ രഥേഭിർവിദേ വിശ്വാഭിഃ ക്രഷ്ടിഭിർന്വദ്യ|**
**സ പൗംസ്യേഭിരഭിഭൂരശസ്തീര മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ ||**

അവൻ തൻെറ സഹായകരോടുകൂടി ധനം സമ്പാദിക്കുന്നു. വൈരികളെ ശക്തിയാൽ വശീഭൂതരാക്കി മുന്നേറുന്ന ഇന്ദ്രൻ മരുത്തുക്കൾ സഹിതം നമ്മെ രക്ഷിക്കണേ.

**11. സ ജാമിഭിര്യത്സമജാതി മീളഹേജാമിഭിർവാ പുരൂഹുത ഏവൈഃ |**
**അപാം തോകസ്യ തനയസ്യ ജേഷേ മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ ||**

അനേകരാൽ ആഹൂതനായ ഇന്ദ്രൻ ബന്ധുക്കളോടും മറ്റുവ്യക്തികളോടുംകൂടി യുദ്ധയാത്ര നടത്തുന്നു. അപ്പോൾ അവൻ മരുത്തുക്കൾ സഹിതം നമ്മെ രക്ഷിക്കുന്നതിൽ തൽപരനായിരിക്കട്ടെ.

**12. സ വജ്രഭൃദ്ദസ്യുഹാ ഭീമ ഉഗ്രഃ സഹസ്രചേതാഃ ശതനീഥ ഋഭ്വാ |**
**ചമ്രീഷോ ന ശവസാ പഞ്ചജന്യോ മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ ||**

വജ്രധാരിയായ ഈ ഇന്ദ്രൻ ദൈത്യൻമാരുടെ സംഹാരകനും ഭയങ്കരനും പരാക്രമിയും അനേകരുടെമേൽ കൃപചൊരിയുന്നവനും, മാർഗ്ഗദർശകനും പ്രകാശമാനനും സോമനുതുല്യം പൂജനിയനുമാകുന്നു. അവൻ മരുത്തുക്കൾ സഹിതം നമ്മുടെ രക്ഷകനായിരിക്കട്ടെ.

**13. തസ്യ വജ്രഃ ക്രന്ദതി സ്മത്സ്വർഷാ ദിവോ ന ത്വേഷോ രവഥഃ ശിമീവാൻ |**
**തം സചന്തേ സനയസ്തം ധനാനി മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ ||**

ഇന്ദ്രൻെറ വെട്ടിത്തിളങ്ങുന്ന വജ്രായുധം ഘോരമായി ഗർജ്ജിക്കുന്നു. സ്തുതികളും ഐശ്വര്യവും അദ്ദേഹത്തിനുവേി സേവനമനുഷ്ഠിക്കുന്നു. മരുത്തുക്കൾ സഹിതം ആ ഇന്ദ്രൻ നമ്മെ രക്ഷിച്ചരുളണേ.

**14. യസ്യാജസ്രം ശവസാ മാനുക്ഥ്യം പരിഭുജദ്രോദസീ വിശ്വതഃ സീം |**
**സ പാരിഷത്ക്രതുർഭിർമന്ദസാനോ മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ||**

ആരുടെ ബലം ആകാശത്തേയും ഭൂമിയേയും പരിപാലനം ചെയ്യുന്നുവോ, അവൻ നമ്മുടെ യജ്ഞകർമ്മങ്ങളിൽ സന്തുഷ്ടനാവുകയും മരുത്തുക്കൾ സഹിതം നമ്മെ രക്ഷിക്കുകയും ചെയ്യണേ.

**15. ന യസ്യ ദേവാ ദേവതാ ന മർതാ ആപശ്ചന ശവസോ അന്തമാപുഃ |**
**സ പ്രരിക്വാ ത്വക്ഷസാ ക്ഷ്മോ ദിവശ്ച മരുത്വാന്നോ ഭവത്വിന്ദ്ര ഊതീ ||**

യാതൊരുത്തൻെറ ബലത്തിൻെറ അതിരുകൾ ദേവതകൾക്കോ മനുഷ്യർക്കോ ആർക്കും ദർശനീയമാകാതിരിക്കുന്നുവോ, അവൻ തൻെറ ബലത്താൽ ആകാശത്തേയും ഭൂമിയേക്കാളും മഹാനാകുന്നു. മരുത്തുക്കൾ സഹിതം അവൻ നമ്മെ രക്ഷിക്കണേ.

**16. രോഹിച്ഛ്യാവാ സമുദംശൂർലലാമീർദ്യുക്ഷാരായ ഋജ്രാശ്വസ്യ |**
**വൃഷണ്വന്തം ബിഭ്രതി ധൂർഷു രഥം മന്ദ്രാ ചികേത നാഹുഷീഷു വിക്ഷു ||**

അത്യന്തം സുന്ദരങ്ങളും രോഹിതശ്യാമ വർണ്ണങ്ങളുമായ അശ്വങ്ങൾ ധനത്തിനുവേി പുരുഷാർത്ഥിയായ ഇന്ദ്രൻെറ രഥത്തെ വലിച്ചുകൊ് സന്തോഷ സൂചകമായ ശബ്ദം പുറപ്പെടുവിക്കുന്നു. ഇന്ദ്രൻ ഋജാശ്വന് ധനദാനം ചെയ്യുന്നു.

**17. ഏതത്യത്തെ ഇന്ദ്ര വൃഷ്ണ ഉക്ഥം വാർഷാഗിരാ അഭി ഗൃണന്തി രാധാഃ |**
**ഋജ്രാശ്വഃ പ്രഷ്ഠിഭിരംബരീഷഃ സഹദേവോ ഭയമാനഃ സുരാധാഃ ||**

ഹേ ഇന്ദ്രാ! നിങ്ങൾക്കുവേി വൃഷാഗിരൻെറ പുത്രൻമാരായ ഋജാശ്വനും അംബരീഷനും സഹദേവനും ഭയമാനും സുരാധാവും ഈ പ്രസിദ്ധമായ സ്തോത്രങ്ങൾ ആലപിക്കുന്നു.

**18. ദസ്യൂഞ്ഛിമ്യൂശ്ച പുരൂഹുത ഏവൈർഹത്വാ പൃഥിവ്യാ ശർവാ നി ബർഹീത് |**
**സനത്ക്ഷേത്രം സഖിഭിഃ ശ്വിത്ന്യേഭിഃ സനത്സൂര്യ സനദപഃ സുവജ്രഃ ||**

അനേകരാൽ ആഹുതനായ ഇന്ദ്രൻ ഹിംസകൻമാരെ കൊന്നുവീഴ്ത്തി. ഉത്തമനായ ആ വജ്രായുധൻ മനുഷ്യരോടുകൂടി ഭൂമി, ജലം, സൂര്യൻ എന്നിവകളേയും സമ്പാദിച്ചു.

**19. വിശ്വാഹേന്ദ്രോ അധിവക്താ നോ അസ്ത്വപരിഹൃതാഃ സനുയാമ വാജം |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യഃ ||**

ഇന്ദ്രൻ നമ്മുടെ പക്ഷത്തെ ബലപ്പെടുത്തട്ടെ. ഞങ്ങൾ നേരായ

മാർഗ്ഗത്തിൽകൂടി അന്നം സമ്പാദിക്കണേ.

# സൂക്തം 101

**ഋഷി കുത്സൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. പ്ര മന്ദിനേ പിതുമദർചതാ വചോ യ കൃഷ്ണഗർഭാഃ നിരഹൻനൃജിശ്വനാ |**
**അവസ്യവോ വൃഷണം വജ്രദക്ഷിണം മരുത്വന്തം സഖ്യായ ഹവാമഹേ ||**

ഹേ മിത്രങ്ങളേ! ഈ പ്രസന്നനായ ഇന്ദ്രനുവേി അന്നയുക്തമായ സ്തുതികൾ അർപ്പിക്കൂ. യാതൊരുത്തൻ രാജാഋജിശ്വാവിനോടുകൂടി കൃഷ്ണ എന്ന ദൈത്യൻെറ പ്രജകളെ നശിപ്പിച്ചുവോ, ആ വജ്രധാരിയും, വീര്യവാനുമായ ഇന്ദ്രനെ മരുത്തുക്കൾ സഹിതം രക്ഷക്കായി ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. (ഈ മന്ത്രം ഗർഭിണികൾ കേട്ടാൽ ഗർഭപാതം ഉാകും എന്നുപറയുന്നു)

**2. യോ വ്യംസം ജാഹൃഷാണേന മന്യുനാ യഃ ശംബരംയോ അഹൻപിപ്രുമവ്രതം |**
**ഇന്ദ്രോ യഃ ശുഷ്ണമശുഷം ന്യാവ!ണങ്മരുത്വന്തം സഖ്യായ ഹവമഹേ ||**

ആര് തൻെ വർദ്ധിച്ചുയർന്ന ക്രോധത്താൽ പ്യംസൻ, ശംബരൻ, പപ്രു, ശുഷ്ണൻ എന്നി ദുഷ്ടൻമാരെ നശിപ്പിച്ചുവോ, ആ ഇന്ദ്രനെ ഞങ്ങൾ മരുത്തുക്കൾ സഹിതം വിളിക്കുന്നു.

**3. യസ്യ ദ്യാവാപൃഥിവീം പൗംസ്യം മഹദ്യസ്യ വ്രതേ വരുണോ യസ്യ സൂര്യഃ |**
**യസ്യേന്ദ്രസ്യ സിന്ധവഃ സശ്ചതി വ്രതം മരുത്വന്തം സഖ്യായ ഹവാമഹേ ||**

ആരുടെ ബലത്തോടുകൂടി ആകാശപൃഥ്വികൾ പ്രേരിതങ്ങളാകുന്നുവോ ആരുടെ നിയമത്തിൽ വരുണനും സൂര്യനും നദികളും സ്ഥിതിചെയ്യുന്നുവോ, ആ ഇന്ദ്രനെ മരുത്തുക്കൾ സഹിതം വിളിക്കുന്നു.

**4. യോ അശ്വാനാം യോ ഗവാം ഗോപതിർവശീ യ ആരിതഃ കർമണി കർമണി സ്ഥിരഃ |**
**വിളോശ്ചിദിന്ദ്രോ യോ അസുന്വതോ വധോ മരുത്വന്തം സഖ്യായ ഹവാമഹേ ||**

അശ്വങ്ങങ്ങളുടേയും ഗോക്കളുടേയും സ്വാമിയും പൂജനീയനും, കർമ്മങ്ങളിൽ സ്ഥിരതയുള്ളവനും സോമവിരോധികളായ ദുഷ്ടൻമാരുടെ ശത്രുവുമായ ഇന്ദ്രനെ മരുത്തുക്കൾ സഹിതം വിളിക്കുന്നു.

**5. യോ വിശ്വസം ജഗതഃ പ്രാണതസ്പതിര്യോ ബ്രഹ്മണേപ്രഥമോ ഗാ അവിന്ദത് |**
**ഇന്ദ്രോ യോ ദസ്യുംരധരാം അ വാതിരൻ മരുത്വന്തം സഖ്യായ ഹവാമഹേ ||**

യാതൊരുത്തൻ ഗതിമാനും,ശ്വാസധാരികളായ ജീവികളുടെ സ്വാമിയുമായിരിക്കുന്നുവോ, യാതൊരുത്തൻ ബ്രാഹ്മണരുടെഅപഹൃതങ്ങളായ ഗോക്കളെ വീടെുക്കുകയും ദുഷ്ടൻമാരെ നശിപ്പിക്കുകയും ചെയ്തുവോ ആ ഇന്ദ്രൻ മരുത്ഗണസഹിതം നമ്മുടെ മിത്രമായിരിക്കട്ടെ.

**6. യുഃ ശുരേഭിർഹവ്യോ യശ്ച ഭീരുഭിര്യോധാവദ്ഭിർ ഹൂയതേ യശ്ച ജിഗ്യുഭിഃ |**
**ഇന്ദ്രാ യം വിശ്വാ ഭുവനാഭി സംദധുർമരുത്വന്തം സഖ്യായ ഹവാമഹേ ||**

യാതൊരുത്തൻ വീരൻമാരാലും ഭീരുക്കളാലും വിളിക്കപ്പെടുന്നുവോ, യാതൊരുത്തൻ വിജേതാക്കളാലും, പലായനകർത്താക്കളാലും ആഹൂതനാകപ്പെടുന്നുവോ ആ ഇന്ദ്രനെ വിദ്വജ്ജനങ്ങൾ എല്ലാ ലോകങ്ങളുടേയും നാഥനായി മാനിക്കുന്നു. അദ്ദേഹം മരുത്തുക്കൾ സഹിതം നമ്മുടെ മിശ്രമായി ഭവിക്കട്ടെ.

**7. രുദ്രാണാമേതി പ്രദിശാ വിചക്ഷണോ രുദ്രേഭിര്യോഷാ തനുതേ പൃഥു ജ്രയഃ |**
**ഇന്ദ്രം മനീഷാ അഭ്യർചതി ശ്രുതം മരുത്വന്തം സഖ്യായ ഹവാമഹേ ||**

പ്രകാശമാനനായ ഇന്ദ്രൻ രുദ്രപുത്രൻമാരായ മരുത്തുക്കളുടെ സഹായത്തോടുകൂടി പ്രത്യക്ഷനായി തൻെ മഹത്വം കാണിക്കുന്നു. പ്രസിദ്ധനായ ആ ഇന്ദ്രനെ സ്തുതികൾ സേവനം ചെയ്യുന്നു. അദ്ദേഹം മരുത്തുക്കൾ സഹിതം നമ്മുടെ മിത്രമായി ഭവിക്കട്ടെ.

**8. യദ്വാ മരുത്വഃ പരമേ സധസ്ഥേ യദ്വാവമേ വൃജനേ മാദയാസേ |**
**അത ആ യാഹ്യധ്വരം നോ അച്ഛാ ത്വായാ ഹവിശ്ചകൃമാ സത്യരാധഃ ||**

മരുത്തുക്കളാൽ യുക്തനായ ഇന്ദ്രാ, അങ്ങ് മുകളിലോ താഴെയോ എവിടെയെങ്കിലുമായിരിക്കട്ടെ. അവിടെനിന്നും ഞങ്ങളുടെ യാഗസ്ഥാനത്തെ പ്രാപിക്കണേ. സത്യധനനായ അങ്ങേയ്ക്ക് ഞങ്ങൾ ഹവിസ്സ് നൽകുന്നു.

**9. ത്വായേന്ദ്ര സോമം സുഷുമാ സുദക്ഷത്വായാ ഹവിശ്ചകൃമാ ബ്രഹ്മവാഹഃ |**
**അധാ നിയുത്വഃ സഗണോ മരുദ്ഭിരസ്മിന്യജ്ഞേ |**
**ബർഹിഷി മാദയസ്വ ||**

ഹേ പരാക്രമീ! നിനക്കുവേിസോമം പിഴിഞ്ഞിരിക്കുന്നു. സ്തോത്രം വഴിയായി ഇതിനെ സ്വീകരിച്ചച്ചാലും. നിനക്കുവേി ഹവിസ്സ് കാത്തിരിക്കുന്നു. മരുത്തുക്കൾ സഹിതം കുശാസനത്തിൽ ആനന്ദിതനായിരുന്നാലും.

**10. മാദയസ്വ ഹരിഭിര്യേ ത ഇന്ദ്ര വി ഷ്യ സ്വ ശിപ്രേ വി സൃജസ്വ ധേനേ |**
**ആ ത്വാ സുശിപ്ര ഹരയോ വഹന്തുശൻഹവ്യാനി പ്രതി നോ ജുഷസ്വ ||**

ഹേ ഇന്ദ്രാ! സ്വന്തം അശ്വങ്ങളോടുകൂടി സന്തുഷ്ടനാകൂ. അങ്ങയുടെ താടിയെല്ലുകളും വായും തുറക്കൂ. മനോഹരമായ താടിയോടുകൂടിയ അങ്ങയെ അശ്വങ്ങൾ ഇവിടെ കൊുവരട്ടെ. ഞങ്ങളുടെമേൽ സന്തുഷ്ടനായി ഹവിസിനെ സ്വീകരിച്ചാലും.

**11. മരുത് സ്തോത്രസ്യ വൃജനസ്യ ഗോപാ വയമിന്ദ്രേണ**

**സനിയാമ വാജം |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ**
**സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

മരുത്തുക്കളോടുകൂടിയ ഇന്ദ്രനെ സ്തുതിക്കുന്നു. ഞങ്ങൾക്കു ഇന്ദ്രൻ വഴിയായി അന്നം ലംഘിക്കണേ. മിത്രനും വരുണനും അദിതിയും സമുദ്രവും ഭൂമിയും ആകാശവും ഞങ്ങൾക്കുവേി ഉദാരരായിരിക്കണേ.

# സൂക്തം 102

**ഋഷി കുത്സൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ഇമാം തേ ധിയം പ്ര ഭരേ മഹോ മഹീമസ്യ സ്തോത്രേ ധിഷണാ യത്ത ആനജേ |**
**തമുത്സവേ ച പ്രസവേ ച സാസഹിമിന്ദ്രം ദേവാസഃ ശവസാമദന്നനു ||**

ഹേ ഇന്ദ്രാ! ഞാൻ ഈ മഹാസ്തോത്രം അങ്ങേയ്ക്കുവേി നിവേദിക്കുന്നു. ഞങ്ങളുടെമേലുള്ള അങ്ങയുടെഅനുഗ്രഹം ഈ സ്തോത്രത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്ദ്രനോടുകൂടി ദേവഗണങ്ങൾ ആ വിജയോൽസവത്തിൽ സോമത്താൽ പുഷ്ടരായിരിക്കുന്നു.

**2. അസ്യ ശ്രവോ നദ്യഃ സപ്ത ബിഭ്രതി ദ്യാവാക്ഷാമാ പൃഥിവീ ദർശതം വപുഃ |**
**അസ്മേ സൂര്യാചന്ദ്രമസാഭിചക്ഷേ ശ്രദ്ധേ കമിന്ദ്ര ചരതോവിതർതുരം ||**

ഈ ഇന്ദ്രൻെറ യശസ്സിനെ സപ്തനദികളും രൂപത്തെ ആകാശവും ഭൂമിയും അന്തരീക്ഷവും വഹിക്കുന്നു. ഹേ ഇന്ദ്രാ! ഞങ്ങളുടെ ഹൃദയങ്ങളിൽ ഭക്തിജനിപ്പിക്കുന്നതിനായി സൂര്യനും ചന്ദ്രനും മാറിമാറി സഞ്ചരിക്കണേ.

**3. തം സ്മാ രഥം മഘവൻ പ്രാവ സാതയേ ജൈത്രം യം തേ അനുമദാമ സംഗമേ |**
**ആജാ ന ഇന്ദ്ര മനസാ പുരുഷ്ടുത ത്വായദ്ഭ്യോ മഘവഞ്ഛർമ യച്ഛ നഃ ||**

ഹേ ഇന്ദ്രാ! നീ വൈഭവയുക്തനായ വിജേതാവാകുന്നു. നിൻെറ രഥത്തെ രണഭൂമിയിൽ കാണുമ്പോൾ ഞങ്ങൾ ആനന്ദതുന്ദിലനാകുന്നു. ആ രഥത്തെ ധനപ്രാപ്തിക്കുവേി ഞങ്ങളുടെ അടുത്തേതത്തയ്ക്കയക്കൂ. നിന്നെ ഞങ്ങൾ വളരെയധികം സ്തുതിക്കുന്നു. ഞങ്ങൾ അങ്ങയുടെ ആശ്രയം പ്രാപിക്കണേ.

**4. വയം ജയേമ ത്വയാ യുജാ വൃതമസ്മാമകംശ മദുവാ ഭരേഭരേ |**
**അസ്മഭ്യാമിന്ദ്ര വരിവഃ സുഗംകൃധി പ്ര ശത്രൂണാം മഘവൻവൃഷ്ണ്യാ രുജ ||**

ഹേ ഐശ്വര്യശാലി! നിൻെറ സഹായകരായി ഞങ്ങൾ യുദ്ധം ചെയ്ത് ധനത്തെ സമ്പാദിക്കണേ. നീ ഞങ്ങളുടെ പക്ഷത്തെ രക്ഷിക്കൂ. ഞങ്ങൾ ധനം എളുപ്പത്തിൽ സമ്പാദിക്കുകയും ശത്രുക്കളുടെ ശക്തിയെ നശിപ്പിക്കുകയും ചെയ്യണേ.

**5. നാനാ ഹി ത്വാ ഹവമാനാ ജനാ ഇമേ ധനാനാം ധർതരവസാ വിപന്യവഃ |**
**അസ്മാകം സ്മാ രഥമാ തിഷ്ഠ സാതയേ ജൈത്രം ഹീന്ദ്ര നിഭൃതം മനസ്തവ ||**

ധനവാഹിയായ ഇന്ദ്രാ! രക്ഷയെ യാചിക്കുന്ന ഈ മനുഷ്യൻ നിന്നെ ഹാർദ്ദവമായി ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങൾക്ക് സമ്പത്തുാക്കുന്നതിനായി രഥത്തിൽ കയറൂ. നിൻെറ ഉറപ്പുള്ള മനസ്സ് വിജയം പ്രാപിക്കുന്നതിൽ സമർത്ഥമാണ്.

**6. ഗോജിതാ ബാഹു അമിതക്രതുഃ സിമ കർമൻ കർമഞ്ഛതമൂതിഃ ഖജങ്കരഃ**
**അകൽപ ഇന്ദ്രഃ പ്രതിമാനമോജ സാഥാ ജനാ വിഹ്വയന്തേ സിഷാസവഃ |**

ഇന്ദ്രൻെറ ഭുജങ്ങൾ അത്യന്തം ശക്തങ്ങളാണ് അദ്ദേഹം ഗോക്കളെ വീടെടുത്തു. ഇന്ദ്രൻ രക്ഷാ സാധനങ്ങളാൽ സമ്പന്നനും ബാധാരഹിതനും ശത്രുക്കളിൽ ഭീതിയുളവാക്കുന്നവനും, ബലസ്വരൂപനുമാകുന്നു. ധനാശയോടുകൂടി യാചകഗണം ഇദ്ദേഹത്തെ ആഹ്വാനം ചെയ്യുന്നു.

**7. ഉത്തേ ശതാൻമഘവന്നുച്ച ഭൂയസ ഉത്സാഹസ്രാദ്രിരിചേ കൃഷ്ടിഷ ശ്രവഃ |**
**അമാത്രം ത്വാ ധിഷണാ തിത്വഷേ മഹ്യധാ വൃത്രാണി ജിഘ്നസേ പുരന്ദര ||**

ഹേ ഐശ്വര്യയുക്തനായ ഇന്ദ്രാ! ഭവാൻെറ യശസ്സ് ആയിരക്കണക്കിനിരട്ടിയായി വ്യാപിച്ചിരിക്കുന്നു. നീ അഭേദ്യങ്ങളായ മാർഗ്ഗങ്ങളെ തകർക്കുന്നവനും അസീമബലത്തോടുകൂടിയവനുമാണല്ലോ? ദേവവാണി നിന്നെ പ്രകാശിപ്പിക്കുന്നു. ഇന്ദ്രാ! ശത്രുക്കളെ സംഹരിക്കൂ.

**8. ത്രിവിഷ്ടിധാതു പ്രതിമാനമോജസസ്തിസ്രോ ഭൂമീർനൃപതേ ത്രീണി രോചനാ |**
**അതീദം വിശ്വം ഭുവനം വവക്ഷിതാശത്രുരിന്ദ്രജാനുഷാ സനാദസി ||**

ഹേമനുഷ്യരുടെ സ്വാമി! നീ മൂന്നുലോകങ്ങളിലും മൂന്നുരൂപങ്ങളിൽ (സൂര്യൻ, വിദ്യുത്, അഗ്നി) വിരാജിക്കുന്നു. മുപ്പിരികയറുപോലെ ജീവികളുടെ ബലരൂപമാകുന്നു. നീ എല്ലാവരേക്കാളും മഹാനും ശത്രുരഹിതനും ആകുന്നു.

**9. ത്വാം ദേവേഷു പ്രഥമം ഹവാമഹേ ത്വം ബഭൂഥ പൃത നാസു സാസഹിഃ |**
**സേമം നഃ കാരുമുപമന്യുമുദ്ഭിദമിന്ദ്രഃ കൃണോതു പ്രസവേ രഥം പുരഃ ||**

ഹേ ഇന്ദ്രാ! ദേവകളിൽ പ്രമുഖനായിനിന്നെ ഞങ്ങളാഹ്വാനം ചെയയുന്നു. നീ സദാവിജയിയായിക്കൊിരിക്കുന്നു. ഈ സ്തോതാവിനു ബുദ്ധി നൽകി കർമ്മകുശലനാക്കണേ. രണക്ഷേത്രത്തിൽ നിൻെറ രഥത്തെ മുന്നോട്ടുനയിക്കൂ.

**10. ത്വം ജിഗേഥ ന ധനാ രുരോധിഥാർഭേഷ്വാജാ മഘവൻ മഹത്സു ച |**
**ത്വാമുഗ്രമവസേ സം ശിശീമസ്യഥാ ന ഇന്ദ്ര ഹവനേഷു ചോദയ ||**

ഹേ ഇന്ദ്രാ! നീ ചെറുതും വലുതുമായ യുദ്ധങ്ങളിൽ പരാജയമടയുന്നില്ല. നീ ജയിച്ചെടുത്ത ധനം സൂക്ഷിച്ചു വയ്ക്കാറുമില്ല. ഞങ്ങൾ സ്തുതികൾ വഴിയായി യുദ്ധാർത്ഥം നിന്നെ വിളിക്കുന്നു. നീ ഞങ്ങൾക്ക് ഉചിതമായ പ്രേരണ നൽകിയാലും.

**11 വിശ്വാഹേന്ദ്രോ അധിവക്താ നോ**
**അസ്ത്വപരിഹ്വൃതാഃ സനുയാമ വാജം |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ**
**പൃഥിവീ ഉത ദ്യൗഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ ഭാഗത്തു വസിക്കൂ. കുടിലബുദ്ധി രഹിതരായ ഞങ്ങൾ അന്നത്തെ ഉപഭോഗം ചെയ്യണേ. മിത്രനും, വരുണനും, അദിതിയും, സമുദ്രവും, ആകാശവും, ഭൂമിയും നമ്മുടെ നിവേദനം ശ്രദ്ധിക്കണേ.

# സൂക്തം 103

**ഋഷി കുത്സൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. തത്ത ഇന്ദ്രിയം പരമം പരാചൈരധാരയന്ത കവയഃ**
**പുരേദം |**
**ക്ഷമേദമന്യദ്ദിവ്യന്യദസ്യ സമീ പൃച്യതേ സമനേവ**
**കേതുഃ ||**

ഇന്ദ്രാ! അങ്ങയുടെപ്രസിദ്ധമായ സൂര്യരൂപവും ഉത്തമമായ ശക്തിയും ആകാശത്തിൽ സ്ഥിതിചെയ്യുന്നു. ഭൂമിയിൽ ഈ അഗ്നിരൂപമായ ബലത്തെ യജ്ഞരൂപത്തോടുകൂടി മഹർഷിമാർ വഹിച്ചിരിക്കുന്നു. ഈ രു ബലങ്ങളും ധ്വജങ്ങൾ പോലെ കൂടിച്ചേരുന്നു.

**2. സ ധാരയത്പൃഥിവീം പപ്രഥച്ച വജ്രേണ ഹത്വാ നിരപഃ**
**സസർജഃ |**
**അഹന്നഹിമഭിനദ്രൗഹിണം വ്യഹൻവ്യംസം മഘവാ**
**ശചീഭിഃ ||**

ഇന്ദ്രൻ ഭൂമിയെ വിശാലമാക്കി. വൃത്രനെ സംഹരിച്ച് മഴപെയ്യിച്ചു. അഹി, രോഹിണൻഎന്നീ അസുരൻമാരെ ഇല്ലാതാക്കി. വ്യാഹനെ കൊന്നു.

**3.** സ ജാ തൂഭർമാ ശ്രദ്ദധാന ഓജഃ പുരോ വിഭിന്ദന്നചരദ്വി
ദാസീഃ |
വിദ്വാന്വജ്രിന്ദസ്യവേ ഹേതിമസ്യാർയ്യം സഹോ
വർധയാ ദ്യുമ്നമിന്ദ്ര ||

വജ്രധാരിയായ ഇന്ദ്രൻ ശത്രുദുർഗ്ഗങ്ങൾ തകർക്കുവാനായി പോകുന്നു. ഇന്ദ്രാ! ദൈത്യൻമാരുടെ മേൽ വജ്രായുധം പതിപ്പിക്കണേ. ആര്യൻമാരുടെ ബലവും കീർത്തിയും വർദ്ധിപ്പിക്കണേ.

**4. തദൂചുഷേ മാനുഷേമാ യുഗാനി കീർത്തേന്യം മഘവാ**
**നാമ ബിഭ്രത് |**
**ഉപപ്രയന്ദസ്യുഹത്യായ വജ്രീ യദ്ധ സൂനുഃ**
**ശ്രവസേ നാമ ദധേ ||**

മനുഷ്യരിൽ കിർത്തിക്കാൻ യോഗ്യനായ മഘവാ നാമം സ്വീകരിച്ചുകൊ് ഇന്ദ്രൻ സാധകന്റെ ശത്രുക്കളെ സംഹരിച്ചതിൽനിന്നും ലഭിച്ച യശസ്സും ബലവും ധരിച്ചിട്ട്.

**5. തദസ്യേദം പശ്യതാ ഭൂരി പുഷ്ടം ശ്രദിന്ദ്രസ്യ ധത്തന**
**വീര്യായ |**
**സ ഗാ അവിന്ദത്സോ അവിന്ദദശ്വാൻത്സ ഓഷധീഃ**
**സോ അപഃ സനാനി ||**

ഹേ മനുഷ്യരേ! ഇന്ദ്രന്റെ പ്രസിദ്ധമായ പരാക്രമം നോക്കണേ. അവന്റെ ശക്തിയെ ആദരിക്കൂ. അവൻ ഗോക്കളേയും അശ്വങ്ങളേയും സമ്പാദിച്ചു. ഔഷധികളേയും ജലങ്ങളേയും വനങ്ങളേയും സമ്പാദിച്ചു.

**6. ഭൂമികർമണേ വൃഷഭായ വൃഷ്ണേ സത്യശുഷ്മായ**
**സുനവാമ സോമം |**
**യ ആദൃത്യാ പരിപന്ഥീവ സൂരോ യജ്വനോ**
**വിഭജന്നേതി വേദഃ ||**

നമുക്ക് ബഹുകർമ്മാവും ശ്രേഷ്ഠനും പുരുഷാർത്ഥിയും ശക്തനുമായ ഇന്ദ്രനുവേി സോമം പിഴിഞ്ഞെടുക്കാം. അവൻ അത്യാഗ്രഹികളും ദുഷ്കർമ്മികളുമായ ദുഷ്ടൻമാരുടെ ധനം തട്ടിയെടുത്ത് കർമ്മശീലരായ ഉനാസകൻമാർക്ക് വീതിച്ചു നൽകുന്നു.

**7. തദിന്ദ്ര പ്രേവ വീര്യം ചകർഥ യത്സസന്തം**
**വജ്രേണാബോധയോ ഹീം |**
**അനു ത്വാ പത്നീർഹൃഷിതം വയശ്ച വിശ്വേ**
**ദേവാസോ അമദന്നനു ത്വാ||**

ഹേ ഇന്ദ്രാ! നിദ്രയിലായിരുന്ന വൃത്രനെ വജ്രായുധത്താൽ തട്ടിയുണർത്തിയത് വാസ്തവത്തിൽ നിന്റെ പരമമായ ശൗര്യംതന്നെയാണ്. ആ സമയം നിന്നെ പുഷ്ടനായിക്ക ദേവൻമാർ തങ്ങളുടെ പത്നീസഹിതം അത്യധികം ആനന്ദിച്ചു.

**8. ശുഷ്ണം പിപ്രു കുയവം വൃത്രമിന്ദ്ര യദാവധീർവി**
**പുരഃ ശംബരസ്യ |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ**
**സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഹേ ഇന്ദ്രാ! നി ശുഷ്ണനേയും പിപ്രുവിനേയും കുയവനേയും വൃത്രനേയും വധിക്കുകയും ശംബരന്റെ കോട്ടകളെ തകർക്കുകയും ചെയ്തപ്പോൾ ഞങ്ങളുടെ പ്രാർത്ഥന സഫലമായി. മിത്രനും വരുണനും അദിതിയും സമുദ്രവും പൃഥ്വിയും ആകാശവും നമ്മുടെ പ്രാർത്ഥനകളെ അനുമോദിക്കണേ.

# സൂക്തം 104

**ഋഷി കുത്സൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. യോനിഷ്ട ഇന്ദ്ര നിഷദേ അകാരി തമാ നിഷീദ**
**സ്വാനോ നാർവാ |**
**വിമുച്യാ വയോവസായാശ്വാന്ദോഷാ വസ്തോർവ**
**ഹീയസഃ പ്രപിത്വേ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്കായി നിർമ്മിച്ച സ്ഥാനത്ത് രഥത്തിൽനിന്നും കുതിരകളെ അഴിച്ചുവിട്ടുകൊ് ഇരുന്നാലും. ആ കുതിരകൾ യജ്ഞാവസരങ്ങളിൽ രാവും പകലും നിന്റെ രഥം വലിച്ചുകൊ് പോകുന്നു.

**2. ഓ ത്യേ നര ഇന്ദ്രമൂതയേ ഗുർന്നൂ ചിത്താൻ ത്സദ്യോ**
**അധ്വനോ ജഗമ്യാത് |**

**ദേവാസോ മന്യും ദാസസ്യ ശ്ചമ്നന്തേ ന ആ**
**വക്ഷൻത്സുവിതായ വർണം ||**

ഹേ മനുഷ്യരേ! രക്ഷക്കുവേി ഇന്ദ്രൻെറ സമീപം പോകുവിൻ. അദ്ദേഹം ദുഷ്കർമ്മികളെ നശിപ്പിക്കും. മനുഷ്യജാതിക്ക് ഉത്തമമായ പുരോഗതിയുാകും.

**3. അവ ത്മനാ ഭരതേ കേതവേദാ അവ ത്മനാ ഭരതേ**
**ഫേനമുദൻ |**
**ക്ഷീരേണ സ്നാതഃകുയവസ്യ യോഷേ ഹതേ തേ**
**സ്യാതാം പ്രവേണേ ശിഫായാഃ ||**

ജലോപരിഫേനം സ്വയം ഉയരുന്നതുപോലെയാണ് ഇന്ദ്രൻെറ സഹായവും. കുയവാസുരൻെസ്ത്രീകൾ പാലിൽ കുളിക്കുന്നു. അവർ നദിയിലെ ആഴമേറിയ കയത്തിൽപോയി മുങ്ങിമരിക്കട്ടെ.

**4. യുയോപ നാഭിരുപരസ്യായോഃ പ്ര പൂർവാഭിസ്തിരതേ**
**രാഷ്ടി ശൂരഃ |**
**അഞ്ജസീ കാലിശീ വീരപത്നി പയോഹിന്വാനാ**
**ഉദഭിർഭരന്തേ ||**

ഇന്ദ്രനോടുള്ള അവരുടെ ബന്ധം ഭംഗപ്പെട്ടു. ശക്തിശാലിയായ ആ കുയവൻ കിഴക്കുള്ള നദികളുടെ അക്കരെ ഭരണം നടത്തിയിരുന്നു. അവൻെറ അംജസി, കുലിശി, വീരപന്തി എന്നീ നദികൾ ജലത്തോടുകൂടി ക്ഷീരവും കൊുപോകുന്നു.

**5. പ്രതി യത്സ്യാ നീഥാദർശി ദസ്യോരോകോ നാച്ഛാ**
**സദനം ജാനതീ ഗാത് |**
**അധ സ്മാനോ മഘവഞ്ചർകൃതാദിൻമാ നോ**
**മഘേവ നിഷ്ഷപീ പരാ ദാഃ ||**

തൊഴുത്തിനെ അറിയുന്ന ഗോക്കളെപ്പോലെ ദൈത്യൻമാർ ഞങ്ങളുടെ നിവാസസ്ഥലത്തേയ്ക്കുള്ള മാർഗ്ഗം ക ു കഴിഞ്ഞിരിക്കുന്നു. ഇന്ദ്രാ! ഞങ്ങളെ ഉടൻ രക്ഷിക്കൂ. കാമുകൻ ധനം വലിച്ചെറിയുന്നതുപോലെ ഞങ്ങളെ ഉപേക്ഷിക്കരുതേ.

**6. സ ത്വം ന ഇന്ദ്ര സൂര്യോ സോ അപ്സ്വനാഗാസ്ത്വ ആ**
**ഭജേ ജീവശംസേ |**
**മാന്തരാം ഭുജമ രീരിഷോ നഃ ശ്രദ്ധിതം തേ മഹത**
**ഇന്ദ്രിയായ ||**

ഹേ ഇന്ദ്രാ! ഞങ്ങളെ സൂര്യനേയും ജലത്തേയും സ്തുതിക്കുന്നവരും പാപരഹിതരുമാക്കണേ. നീ ഗർഭസ്ഥമായ ഞങ്ങളുടെ രക്ഷാസന്താനത്തെ നശിപ്പിക്കരുതേ. ഞങ്ങൾക്ക് അങ്ങയുടെ ശക്തിയിൽ പൂർണ്ണ വിശ്വാസമു്.

**7. അധാ മന്യേ ശ്രത്തേ അസ്മാ അധായി വൃഷാ ചോദസ്**
**മഹതേ ധനായ |**
**മാ നോ അകൃതേ പുരുഹൂത യോനാവിന്ദ്ര**
**ക്ഷുധ്യദ്ഭ്യോ വയ ആസുതിം ദാഃ ||**

അനേകരാൽ ആഹുതനായ ഇന്ദ്രാ! ഞാൻ നിൻെറ ബലത്തിൽ വിശ്വസിക്കുന്നു. നീ ഞങ്ങളെ മഹാശൈര്യങ്ങളിലേക്ക് നയിച്ചാലും. ഞങ്ങളെ അന്നവിഹീനമായ ഭവനത്തിലാക്കരുത്. നീ വിശപ്പുള്ളവർക്ക് തിന്നാനും കുടിക്കാനും കൊടുക്കണേ.

**8. മാ നോ വധീരിന്ദ്ര മാ പരാ ദാ മാ നഃ പ്രിയാ**
**ഭോജനാനി പ്ര മോഷീഃ |**
**ആൺഡാ മാ നോ മഘവഞ്ഛക്ര നിർഭേൻമാ**
**നഃ പാത്രാ ഭേത്സഹജാനുഷാണി ||**

സമർത്ഥനായ ഇന്ദ്രാ! ഞങ്ങളെ ഹിംസിക്കരുതേ. ഞങ്ങളെ ഉപേക്ഷിക്കരുതേ. ഞങ്ങളുടെ ഉപഭോഗ്യവസ്തുക്കൾ നശിപ്പിക്കരുതേ. ഞങ്ങളുടെ ഗർഭസ്ഥശിശുവിനെയും ഗർഭിണികളേയും നശിപ്പിക്കരുതേ.

**9. അർവാങേഹി സോമകാമം ത്വാഹുരയം സുതസ്തസ്യ**
**പിബാ മദായ |**
**ഉരുവ്യചാ ജഠര ആ വൃഷസ്വ പിതേവ**
**നഃ ശൃണുഹി ഹൂയമാനഃ ||**

സോമാഭിലാഷിയായ ഇന്ദ്രാ! ഞങ്ങളുടെ മുമ്പിൽ വരണേ. നിഷ്പന്നമായ സോമം വച്ചിരിക്കുന്നു. ഇതിനെ സന്തോഷത്തോടെ പാനം ചെയ്യണേ. ഒരു പിതാവിനെപ്പോലെ ഞങ്ങളുടെ സ്തുതികൾ ശ്രവിക്കണേ.

# സൂക്തം 105

**ഋഷി ത്വതനോ കുത്സനോ ദേവത വിശ്വേദേവൻമാർ**
**ഛന്ദസ് പംക്തി, ബൃഹതി, ത്രിഷ്ടുപ്**

**1. ചന്ദ്രമാ അപ്സ്വന്തരാ സുപർണോ ധാവതേ ദിവി |**
**ന വോ ഹൗരണ്യനേമയഃ പദം വിദന്തി വിദ്യുതോ**
**വിത്തം മേ അസ്യ രോദസീ ||**

ചന്ദ്രൻ അന്തരീക്ഷത്തിൽകൂടിയും സൂര്യൻ ആകാശത്തിൽകൂടിയും ചരിക്കുന്നു. ഹേ സ്വർണ്ണവർണ്ണയായ വിദ്യുത്തേ! മനുഷ്യൻ നിന്നെ കുപിടിക്കുന്നതിൽ അസമർത്ഥനാണ്. ഹേ ആകാശപൃഥ്വീ! ഞങ്ങളുടെ നിവേദനങ്ങൾ ശ്രവിക്കണേ.

**2. അർഥമിദ്വാ ഉ അർഥിന ആ ജായാ യുവതേ പതിം |**
**തുഞ്ജാതേ വൃഷ്ണ്യം പയഃ പരിദായ രസം**
**ദുഹേ വിത്തം മേ അസ്യ രോദസി ||**

ധനം ഇഛിക്കുന്നവൻ അതുനേടുന്നു. സ്ത്രീഭർത്താവിനെ പ്രാപിക്കുന്നു. അവർ രുപേരും ചേർന്ന് സന്താനങ്ങളെ പ്രാപിക്കുന്നു. ഹേ ആകാശപൃഥ്വീ! എൻെറ കഷ്ടപ്പാടുകളെ അറിയണേ.

**3. മോ ഷു ദേവാ അദഃ സ്വരവ പാദി ദിവസ്പരി |**
**മാ സോമ്യസ്യ ശംഭുവഃ ശൂനേ ഭൂമ കദാ ചന**
**വിത്തം മേ അസ്യ രോദസീ ||**

ഹേ ദേവഗണമേ! ആകാശോപരിയുള്ള ഈ ജ്യോതിസ്സ് നശിക്കാതിരിക്കണേ. സോമം പിഴിഞ്ഞെടുക്കുന്ന ഉത്തമൻമാരായ പുത്രൻമാരുടെ അഭാവം ഞങ്ങൾക്കൊരിക്കലും ഉാകാതിരിക്കണേ. ആകാശമേ! ഭൂമിയേ! ഞങ്ങളുടെ കഷ്ടതകളെ അറിയണമേ.

**4. യജ്ഞം പൃഛാമ്യവമം സ തദ്ദൂതോ വി വോചതി |**
**ക്വ ഋതം പൂർവ്യം ഗതം കസ്തദ്ബിഭർതി നൂതനോ**
**വിത്തം മേ അസ്യ രോദസീ ||**

ഞാൻ നിത്യയുവാവായ അഗ്നിയോടു ചോദിക്കുന്നു. ആ പുരാതന നിയമങ്ങളെല്ലാം എവിടെയെന്ന്? ആ ദേവദൂതൻ ഉത്തരം നൽകട്ടെ

ഏതുപുതി പുരുഷനാണ് അതു വച്ചിരിക്കുന്നത്. അകാശമേ ഭൂമിയേ! എൻെറ ദുഃഖങ്ങളെ അറിയണേ.

**5. അമീ യേ ദേവാഃ സ്ഥന ത്രിഷ്വാ രോചനേ ദിവഃ |**
**കദ്വ ഋതം കദനൃതം ക്വ പ്രത്നാ വ**
**ആഹുതിർവിത്തം മേ അസ്യ രോദസീ ||**

ഹേ ദേവഗണമേ! ഭാനുമാൻ പ്രകാശം തൂകുന്ന മൂന്നുലോകങ്ങളിലും നിങ്ങളുടെ നിയമം എന്താണ്? ആ നിയമങ്ങൾക്ക് വിപരിതമായി എന്തു്? നിങ്ങളുടെ പ്രാചിനാഹ്വാനം എവിടെപ്പോയി? ആകാശമേ ഭൂമിയേ എൻെറ ദുഃഖങ്ങളറിയണമേ.

**6. കദ്വ ഋതസ്യ ധർണസി കദ്വരുണസ്യ ചക്ഷണം |**
**കദര്യമണോ മഹസ്പഥാതി ക്രാമേമ ദൂഢ്യോ**
**വിത്തം മേ അസ്യ രോദസീ ||**

ദേവഗണമേ! ഞങ്ങളുടെ നിയമങ്ങളുടെ ആധാരമെന്ത്? വരുണൻെറ വ്യവസ്ഥകൾ എവിടെ? അര്യമ എപ്രകാരം ഞങ്ങളെ ദുഷ്ടരിൽനിന്നും രക്ഷിക്കും? ആകാശമേ! ഭൂമിയേ! ഞങ്ങളുടെ ദുഃഖം അറിയണമേ.

**7. അഹം സോ അസ്മി യഃ പുരാ സുതേ വദാമി**
**കാമി ചിത് |**
**തം നാ വ്യത്യാധ്യോ വൃകോ ന തൃഷ്ണജം മൃഗം**
**വിത്തം മേ അസ്യ രോദസീ ||**

ഞാൻ പൂർവ്വകാലത്ത് സോമം പിഴിഞ്ഞപ്പോൾ വളരെയധികം സ്തോത്രങ്ങൾ പാടി. ദാഹിക്കുന്ന മാൻപേടയെ ചെന്നായ് ഭക്ഷിക്കുന്നതുപോലെ എൻെറ മനസ്സിൻെറ വേദന എന്നെ കാർന്നുതിന്നുന്നു. ആകാശമേ ഭൂമിയേ എൻെറ കഷ്ടപ്പാടുകൾ ശ്രദ്ധിക്കണേ.

**8. സം മാ തപന്ത്യഭിതഃ സപത്നീരിവ പർശവഃ |**
**മൂഷോ ന ശിശ്നാ വ്യദന്തി മാധ്യഃ സ്തോതാരം**
**തേ ശതക്രതോ വിത്തം മേ അസ്യ രോദസി ||**

രു പത്നിമാർ പതിയെ ഉപദ്രവിക്കുന്നതുപോലെ കിണറിൻെറ ഭിത്തികൾഎന്നെ ഉപദ്രവിച്ചുകൊിരിക്കുന്നു. ഹേ ഇന്ദ്രാ! □എൻെറ മനസ്സിൻെറ വേദന എലികരളുന്നതുപോലെ എന്നെ വേദനിപ്പിക്കുന്നു. ആകാശഭൂമികളെ! എൻെറ ദുഃഖത്തെ അറിയണേ.

**9. അമീ യേ സപ്ത രശ്മയസ്തത്രാ മേ നാഭിരാതതാ |**
**ത്രിതസ്തദ്വേദാപ്ത്യഃ സ ജാമിത്വായ രേഭതി**
**വിത്തം മേ അസ്യ രോദസീ ||**

ഈ സൂര്യൻെറ സപ്തകിരണങ്ങളുമായി എൻെറ പിതൃക്കൾക്ക് സംബന്ധമു്. ഇക്കാര്യം ജലപുത്രനായ മിത്രനും അറിയുന്നു. അതിനാൽ അവൻ ആ കിരണങ്ങളെ സ്തുതിക്കുന്നു. ആകാശമേ ഭൂമിയേ എൻെറ കഷ്ടതകളറിയണേ.

**10. അമീ യേ പഞ്ചോക്ഷണോ മധ്യേ തസ്ഥുർമഹോദിവഃ**
**|**
**ദേവത്രാനു പ്രവാച്യം സധ്രീചീനാ നി വാവൃതുർ**
**വിത്തം മേ അസ്യ രോദസീ ||**

ആകാശത്തിൽ ഈ അഞ്ചു വീരൻമാർ (അഗ്നി, വായു, സൂര്യൻ, ഇന്ദ്രൻ, വിദ്യുത്) സ്ഥിതിചെയ്യുന്നു. ഇവരെല്ലാവരും ചേർന്ന് എന്നാൽ വിരചിതമായ ഈ സ്തൊത്രത്തെ ദേവതകളെ കേൾപ്പിച്ചിട്ട് മടങ്ങിവരണേ. ആകാശമേ! ഭൂമിയേ! എൻെറ ഈ ദുഃഖം അറിയണേ.

**11. സുപർണാ ഏത ആസതേ മധ്യ ആരോധനേ ദിവഃ |**
**തേ സേധന്തി പഥോ വൃകം തരന്തം യഹ്വതീരപോ**
**വിത്തം മേ അസ്യ രോദസീ ||**

സർവ്വവ്യാപിയായ സൂര്യൻ ആകാശത്തിലിരിക്കുന്നു. ഇവൻ അന്തരീക്ഷത്തെ കടന്ന് ചന്ദ്രനെ മാർഗ്ഗത്തിൽനിന്നും മാറ്റട്ടെ. ആകാശമേ! ഭൂമിയേ! ഇക്കാര്യം അറിയണേ.

**12. നവ്യം തദുക്ഥ്യം ഹിതം ദേവാസഃ സുപ്രവാചനം |**
**ഋതമർഷന്തി സിന്ധവഃ സത്യം താതാന സൂര്യോ**
**വിത്തം മേ അസ്യ രോദസീ ||**

ഹേ ദേവഗണമേ! ഈ നവീനസ്തോത്രം പ്രശംസായോഗ്യവും, ഹിതകരവും, മംഗളത്തെ ഉദ്ഘോഷിക്കുന്നതുമാണ്. നദികൾ ദേവതകളുടെ നിയമങ്ങൾ പാലിക്കുന്നു. സൂര്യൻ സത്യത്തിൻെറ പ്രചാരകനാകുന്നു. ആകാശമേ! ഭൂമിയേ! ഇക്കാര്യം ശ്രദ്ധിക്കണേ.

**13. അഗ്നേ തവ ത്യദുക്ഥ്യം ദേവേഷ്വസ്ത്യാപ്യം**
**സ നഃ സത്തോ മ ഷ്വാദാ ദേവാന്യക്ഷി വിദുഷ്ടരോ**
**വിത്തം മേ അസ്യ രോദസീ ||**

ഹേ അഗ്നി! ദേവതകളുമായുള്ള നിൻെറ ബന്ധുത്വം പ്രശംസിക്കത്തക്കതാണ്.നീ ഹോതാവിനെപ്പോലെ ഞങ്ങളുടെ യജ്ഞത്തിൽ ദേവതകളെ പൂജിക്കണേ. ആകാശമേ! ഭൂമിയേ! ഇക്കാര്യം കേൾക്കണേ.

**14. സത്തോ ഹോതാ മനുഷ്വദാ ദേവാം ദേവേഷു**
**വിദുഷ്ടരഃ |**
**അഗ്നിർഹവ്യാ സുഷൂദതി ദേവോ ദേവേഷു മേധിരോ**
**വിത്തം മേ അസ്യ രോദസീ ||**

മനുഷ്യർക്കുതുല്യം നമ്മുടെ യജ്ഞത്തിൽ ഹോതാരൂപത്തിൽ ജ്ഞാനിയായ അഗ്നി ദേവഗണങ്ങൾക്കുവേി ഹവിസ്സിനെ വഹിക്കണേ. ആകാശമേ! ഭൂമിയേ! എൻെറ ഇക്കാര്യം ശ്രദ്ധിക്കണേ.

**15. ബ്രഹ്മാ കൃണോതി വരുണോ ഗാതുവിദം തമീമഹേ |**
**വ്യൂർണോതി ഹൃദാ മതിം നവ്യോ ജായതാമൃതം**
**വിത്തം മേ അസ്യ രോദസീ ||**

മന്ത്രരൂപങ്ങളായ സ്തുതികൾ വരുണൻ രചിക്കുന്നു. ഞങ്ങൾ ആ സ്തുതികളാൽ അർച്ചന നടത്തുന്നു. ഹൃദയം വഴിയായി സ്തുതികളെ പറയുന്നു. അതിൽനിന്നും സത്യം പ്രകാശിക്കണേ. ഹേ ആകാശമേ! ഭൂമിയേ! ഞങ്ങളുടെ വചനം ശ്രദ്ധിക്കണേ.

**16. അസൗ യഃ പന്ഥാ ആദിത്യോ ദിവി പ്രവാച്യം കൃ തഃ |**
**ന സ ദേവാ അതിക്രമേ തം മർതാസോ ന പശ്യഥ വിത്തം**
**മേ അസ്യ രോദസീ ||**

ഹേ ദേവഗണമേ! ആകാശത്തിലെ പഥരൂപനായ സൂര്യൻ നിങ്ങൾക്കും സ്തുത്യർഹനാകുന്നു. അദ്ദേഹത്തെ ഉല്ലംഘിക്കാതിരിക്കുവിൻ. ഹേ മനുഷ്യരേ! നിങ്ങൾ അദ്ദേഹത്തിൻെറ ശക്തി അറിയുന്നില്ല. ആകാശമേ! ഭൂമിയേ! ഞങ്ങളുടെ കഷ്ടതകൾ അറിയണേ.

**17. ത്രിതഃകൂപേവഹിതോ ദേവാൻഹവത ഊതയേ |**
**തച്ചശുശ്രാവ**

**ബൃഹസ്പതികൃണ്വന്നംഹൂരണാദുത വിത്ത മേ അസ്യ രോദസീ ||**

കിണറ്റിൽ പതിച്ച ത്രിതൻ രക്ഷക്കുവേി ദേവകളെ വിളിച്ചു. ആ വിളി ബൃഹസ്പതി ശ്രവിക്കുകയും അവനെ പാപരൂപമായ കിണറ്റിൽനിന്നും രക്ഷിക്കുകയും ചെയ്തു. ഹേ ആകാശമേ! ഭൂമീ! നിങ്ങൾ എൻെറ ദുഃഖം ശ്രവിക്കണേ.

**18. അരുണോ മാ സുകൃദ്വൃകഃ പഥാ യന്തം ദദർശ ഹി |**
**ഉജ്ജിഹീതേ നീചായ്യാ തഷ്ടേവ പൃഷ്ട്യാമയി**
**വിത്തം മേ അസ്യ രോദസീ ||**

പുറത്തു വേദനയോടകൂടി നിൽക്കുന്നവനെപ്പോലെ നിന്നുകൊ് പ്രകാശയുകതനായ ചന്ദ്രൻ ആ മാർഗ്ഗത്തിൽകൂടി പോകുന്നത്, എനിക്ക് നിത്യവും ദർശനീയമായിരുന്നു. ഹേ ആകാശമേ! ഭൂമീ! നിങ്ങൾ എൻെറ വ്യഥ അറിയൂ.

**19. ഏനാങ്ഗൂ ഷേണ വയമിന്ദ്രവന്തോഭി ഷ്യാമ വൃജനേ സർവവീരാഃ |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ**
**സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഇന്ദ്രനാലും അതുപോലെ എല്ലാ വീരപുരുഷൻമാരാലും യുക്തരായി നാം ഈ സ്തോത്രങ്ങൾ വഴിയായി യുദ്ധത്തിൽ ശത്രുക്കളുടെമേൽ വിജയം വരിക്കട്ടെ. മിത്രനും വരുണനും അദിതിയും സമുദ്രവും ഭൂമിയും ആകാശവും നമ്മുടെ ഈ സ്തോത്രം അനുമോദിക്കണേ.

# അനുവാകം 16 സൂക്തം 106

**ഋഷി കുത്സൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, അനുഷ്ടുപ്**

**1. ഇന്ദ്രം മിത്രം വരുണമഗ്നിമൂതയേ മാരുതം ശർധോ അദിതിം ഹവാമഹേ |**
**രഥം ന ദുർഗാദ്വസവഃ സാദാനവോ**
**വിശ്വസ്മാന്നോ അംഹസോ നിഷ്പിപർതന ||**

ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി, മരുത്തുക്കൾ, അദിതി, എന്നിവരെ ഞാൻ രക്ഷയ്ക്കുവേി ആഹ്വാനം ചെയ്യുന്നു. ഹേ! മംഗളദായകരായ വസുക്കളേ! രഥത്തെ സങ്കീർണ്ണമാർഗ്ഗങ്ങളിൽകൂടി നയിക്കുന്നതുപോലെ നിങ്ങൾ എല്ലാ പാപങ്ങളിൽനിന്നു ഞങ്ങളെ മോചിപ്പിച്ച് ഞങ്ങളെ രക്ഷിക്കണേ.

**2. ത ആദിത്യാ ആ ഗതാ സർവതാതയേ ഭൂത ദേവാ വൃത്രതൂര്യേഷു ശംഭുവഃ |**
**രഥം ന ദുർഗാദ്വസവഃ സുദാനവോ**
**വിശ്വസ്മാന്നോ അംഹസോ നിഷ്പിപർതന ||**

ഹേ ആദിത്യാ! നീ ഞങ്ങളുടെ ആഗ്രഹപൂർത്തിക്കായി വന്നാലും. യുദ്ധങ്ങളിൽ ഞങ്ങളെ ദുഃഖിതരാക്കരുതേ. രഥം സങ്കീർണ്ണങ്ങളായ മാർഗ്ഗങ്ങളിൽകൂടി കൊുപോകുന്നതുപോലെ ഞങ്ങളെ പാപങ്ങളിൽനിന്നും മോചിപ്പിക്കണേ.

**3. അവന്തു നഃ പിതരഃ സുപ്രവാചനാ ഉത ദേവീ ദേവപുത്രേ ഋതവൃധാ |**
**രഥം ന ദുർഗാദ്വസവഃ സുദാനവോ**
**വിശ്വസ്മാന്നോ അഹംസോ പിഷ്പിപർതന ||**

യശസ്വികളായ പിത,ക്കളും യജ്ഞത്തെ വളർത്തുന്നവരായ ദേവമാതാക്കളും നമ്മുടെ രക്ഷകരായിരിക്കണേ. ഹേവസുക്കളേ! രഥത്തെ നയിക്കുന്നതുപോലെ പാപങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണേ.

**4. നരാശംസം വാജിനം വാജയന്നിഹ ക്ഷയദ്വീരം പൂഷണം സുമ്നൈരീമഹേ |**
**രഥം ന ദുർഗാദ്വസവഃ സുദാനവോ വിശ്വസ്മാന്നോ**
**അംഹസോ നിഷ്പിപർതന ||**

മനുഷ്യരാൽ സ്തുത്യനും ശക്തനുമായ അഗ്നിയെ പൂജിച്ചുകൊ് വീരൻമാരുടെ സ്വാമിയായ പൂഷാവിനെ നാം സ്തുതിക്കുന്നു. ഹേ മംഗളദായകരായ വസുക്കളേ! നിങ്ങൾ തേരിനെ നയിക്കുന്നതുപോലെ ഞങ്ങളെ പാപങ്ങളിൽനിന്നും മോചിപ്പിക്കണേ.

5. ബൃഹസ്പതേ സദമിന്നഃ സുഗം കൃധി ശം യോര്യത്തേ മനുർഹിതം തദീമഹേ |
രഥം ന ദുർഗാദ്വസവഃ സുദാനവോ വിശ്വസ്മാന്നോ
അംഹസോ നിഷ്പിപർതന ||

ഹേ ബൃഹസ്പതീ! ഞങ്ങൾക്ക് സുഖം നൽകൂ. അങ്ങ് മനുഷ്യരുടെരോഗങ്ങളും ഭയവും നിവാരണം ചെയ്യുന്നു. ഞങ്ങളും അതുതന്നെ ഇച്ഛിക്കുന്നു. ഹേ വസുക്കളേ! രഥത്തെ സങ്കീർണ്ണമാർഗ്ഗങ്ങളിൽകൂടി നയിക്കുന്നതുപോലെ പാപങ്ങളിൽനിന്നും ഞങ്ങളെ മോചിപ്പിക്കണേ.

**6. ഇന്ദ്രം കുത്സോ വൃത്രഹണം ശചീപതിം കാടേ നിബഌഹ ഋഷിരഹ്വദൂതയേ |**
**രഥം ന ദുർഗാദ്വസവഃ സുദാനവോ**
**വിശ്വസ്മാന്നോ അംഹസോ നിഷ്പിപർതന ||**

കിണറ്റിൽ പതിച്ച കുത്സ മഹർഷി വൃത്രഹന്താവും ശചീവതിയുമായ ഇന്ദ്രനെ വിളിച്ചു. ഹേ കല്യാണകാരികളായ വസുക്കളേ! നിങ്ങൾ ഞങ്ങളെ പാപങ്ങളിൽനിന്നും ഉദ്ധരിക്കണേ.

**7. ദേവൈർനോ ദേവ്യദിതിർനി പാതു ദേവസ്ത്രാതാ ത്രായതാമപ്രയുച്ഛൻ |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ**
**പൃഥിവീ ഉത ദ്യൗഃ ||**

ദേവതകൾ സഹിതം അദിതി നമ്മെ രക്ഷിക്കണേ. രക്ഷാസാധനങ്ങളാൽ യുക്തരായ ദേവഗണം ആലസ്യംവിട്ട് നമ്മെ രക്ഷിക്കണേ. മിത്രനും വരുണനും അദിതിയും സമുദ്രവും പൃഥ്വിയും ആകാശവും നമ്മുടെ ഈ പ്രാർത്ഥനയെ അനുമോദിക്കണേ.

# സൂക്തം 107

**ഋഷി കുത്സൻ ദേവത വിശ്വേദേവൻമാർ ഛന്ദസ് ത്രിഷ്ടുപ്**

**1. യജ്ഞോ ദേവാനാം പ്രത്യേതി സുമ്നമാദിത്യാസോ**

**ഭവതാ മൃളയന്തഃ |**

**ആ വോർവാചീ സുമതിർവവൃത്യാദം ഹോശ്ചിദ്യാ വരിവോവിത്തരാസത് ||**

നമ്മുടെ യജ്ഞം ദേവകൾ സ്വീകരിക്കണേ. ഹേ ആദിതേയരേ! ഞങ്ങളെ അനുഗ്രഹിക്കണേ. നിങ്ങൾ സനമനസ്സുള്ളവരായി ഞങ്ങളുടെ നേരെ തിരിയണേ. ഞങ്ങളുടെ ദാരിദ്ര്യം അകലുകയും ങൾക്ക് അമിതമായ സമ്പത്തു ാകുകയും ചെയ്യണേ.

**2. ഉപ നോ ദേവാ അവസാ ഗമന്ത്വങ്ഗിരസാം സാമഭിഃ സ്തൂയമാനാഃ |**

**ഇന്ദ്ര ഇന്ദ്രീയൈർമരുതോ മരുദ്ഭിരാദിത്യൈർനോ അദിതിഃ ശർമ യംസത് ||**

അംഗിരസ്സുകളാൽ പാടപ്പെട്ട സ്തുതികളാൽ ദേവഗണം നമ്മുടെ രക്ഷക്കായി ആഗതരാകണേ. ശകതക്തിയോടുകൂടി ഇന്ദ്രനും, വായുക്കളോടുകൂടി മരുത്തുക്കളും ആദിത്യൻമാരോടുകൂടി അദിതിയും നമുക്കാശ്രയം പ്രദാനം ചെയ്യണേ.

**3. തന്ന ഇന്ദ്രസ്തദ്വരുണസ്തദഗ്നിസ്തദര്യമാ തത്സവിതാ ചനോ ധാത് |**

**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഇന്ദ്രനും, വരുണനും, അഗ്നിയും, ആര്യമാവും, സൂര്യനും നമുക്കുവേി സുഖത്തെ വഹിക്കുന്നവരാകണേ. മിത്രനും വരുണനും അദിതിയും, സമുദ്രവും, ആകാശവും, പൃഥ്വിയും നമ്മുടെ പ്രാർത്ഥനകളെ അനുമോദിക്കണേ.

# സൂക്തം 108

**ഋഷി കുത്സൻ ദേവത ഇന്ദ്രനും അഗ്നിയുംഛ ന്ദ സ ് നിഷ്ടുപ്പ്പംക്തി**

**1. യ ഇന്ദ്രാഗ്നി ചിത്രതമോ രഥോ വാമഭി വിശ്വാനി ഭുവനാനി ചഷ്ടേ |**

**തേനാ യാതം സരഥം തസ്ഥിവാംസാഥാ സോമസ്യ പിബതം സുതസ്യ ||**

ഹേ ഇന്ദ്രാ! അഗ്നീ! നിങ്ങൾ രുപേരുടേയും അത്ഭുതകരമായ രഥം ലോകത്തെ മുഴുവൻ കാണുന്നു. അതിൻമേൽ കയറി നിങ്ങളിവിടെ വരികയും, പിഴിഞ്ഞെടുത്ത സോമരസം പാനം ചെയ്യുകയും ചെയ്യുവിൻ.

**2. യുവദിദം ഭുവനം വിശ്വമസ്ത്യരുവ്യചാ വരിമതാ ഗഭീരം | താവാം അയം പാതവേ**

**സോമോ അസ്ത്വരമിന്ദ്രാഗ്നി മനസേ യുവഭ്യാ ||**

ഹേ ഇന്ദ്രാ! അഗ്നീ! ഈ ലോകം ഗംഭീരമായും വിശാലമായും കാണപ്പെടുന്നതുപോലെ തന്നെ ഈ സേമാവും നിങ്ങൾക്കും പര്യാപ്തമായിത്തീരണേ.

**3. ചക്രാഥേ ഹി സധ്ര്യങാമ ഭദ്രം സധ്രീചീന വൃത്രഹണാ ഉത സ്ഥഃ |**

**താവീന്ദ്രാഗ്നീ സധ്ര്യഞ്ചാ നിഷദ്യാ വ!ഷ്ണഃ സോമസ്യ വൃഷണാ വൃഷേഥാം ||**

ഹേ വൃത്രനാശകനായ ഇന്ദ്രാ! അഗ്നീ! നിങ്ങൾ രുപേരും ഒരുമിച്ചാഗതരായി, ഒന്നിച്ചിരുന്ന് സോമപാനം ചെയ്യുവിൻ.

**4. സമിദ്ധേഷ്വഗ്നിഷ്വാനജാന യതസ്രുചാ ബർഹിരു തിസ്തിരാണാ |**

**തീവ്രൈഃ സോമൈഃ പരിഷക്തേഭിരർവാഗേന്ദ്രാഗ്നീ സൗമനസായയാതം ||**

ഹേ ഇന്ദ്രാ! അഗ്നീ! അഗ്നി ആളിക്കത്തുമ്പോൾ ഞങ്ങൾ രുപേർ ഹവിസ്സിനെ ഘൃതയുക്തമാക്കുകയും ദർഭ വിരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങൾ സ്വവമേന്തി നിൽക്കുന്നു. നിങ്ങൾ രുപേരും ആഗതരായി സോമപാനത്താൽ തൃപ്തരാകുവിൻ.

**5. യാനീന്ദ്രാഗ്നീ ചക്രഥുർവീര്യാണി യാനി രൂപാണ്യുത വൃഷ്ണ്യാനി |**

**യാ വാം പ്രത്നാനി സഖ്യാ ശിവാനി തേഭിഃ സോമസ്യ പിബതം സുതസ്യ ||**

ഹേ ഇന്ദ്രാ! അഗ്നീ! നിങ്ങൾ വിവിധങ്ങളായ വീരപ്രവൃത്തികൾ നടത്തുകയും വീരോചിതങ്ങളായ വേഷങ്ങൾ ധരിക്കുകയും ചെയ്തു. നിങ്ങളുമായുള്ള മൈത്രീബന്ധം കല്യാണകാരിയാണ്. നിങ്ങൾ ആമിത്രദാവത്തോടുകൂടി ആഗതരായി സോമം പാനം ചെയ്യു.

**6. യദബ്രവം പ്രഥമം വാം വൃണാനോയം സോമോ അസുരൈർനോ വിഹവ്യന്ന |**

**താം സത്യാം ശ്രദ്ധാമഭ്യാ ഹി യാതമഥാ സോമസ്യ പിബതം സുതസ്യ ||**

എൻെറ സങ്കൽപം നിങ്ങൾ രുപേരെയും സ്വീകരിച്ച് സോമത്താൽ തൃപ്തരാക്കണമെന്നുള്ളതായിരുന്നു. നിങ്ങളെൻെറ ഹാർദവമായ ഭക്തിയിൽ ശ്രദ്ധയുള്ളവരായി എഴുന്നള്ളണേ. ഈ സോമം പാനം ചെയ്താലും.

**7. യദിന്ദ്രാഗ്നി മദഥഃ സ്വേ ദുരോണേ യദ്ബ്രഹ്മണി രാജനി വാ യജത്രാ |**

**അതഃ പരി വൃഷണാവാ ഹി യാതമഥാ സോമസ്യ പിബതം സുതസ്യ ||**

ഹേ പൂജ്യരായ ഇന്ദ്രാഗ്നികളേ! നിങ്ങൾ ഏതൊരു യജമാനൻെറ ഭവനത്തിൽ പുഷ്ടരായിരിക്കുന്നുവോ, അവിടെനിന്നും എൻെറ അടുക്കൽ വന്നു സോമപാനം ചെയ്യണേ.

**8. യദീന്ദ്രാഗ്നീ യദുഷു തുർവശേഷു യദ്ദ്രുഹ്യുഷ്വനുഷു പൂരുഷു സ്ഥഃ |**

**അതഃ പരി വൃഷണാ വാ ഹി യാതമഥാ സോമസ്യ പിബത സുതസ്യ||**

ഹേ പൗരുഷയുക്തരായ ഇന്ദ്രാഗ്നികളേ നിങ്ങൾ യദുക്കളിലും തുർവ്വശരിലും, ദ്രുദ്യുക്കളിലും, പുരുഷരിലും വസിക്കുന്നു. അവിടെനിന്നു ആഗതരായി സോമം പാനം ചെയ്യുവിൻ.

**9. യദീന്ദ്രാഗ്നീ അവമസ്യാം പൃഥിവ്യാം മധ്യമസ്യാം പരമസ്യാമുത സ്ഥഃ |**

**അതഃ പരി വൃഷണാവാ ഹി യാതമഥാ സോമസ്യ**

**പിബത സുത്യ ||**

ഹേ വീര്യയുക്തരായ ഇന്ദ്രാഗ്നീ! നിങ്ങൾ നിമ്നമായ ഭൂമിയിലോ, അന്തരീക്ഷത്തിലോ ആകാശത്തിലോ വിരാജിതരാണെങ്കിൽ എൻെറ അടുക്കൽവന്ന് സോമപാനം ചെയ്യണേ.

**10. യദിന്ദ്രാഗ്നീ പരമസയം പൃഥിവ്യാം മധ്യമസ്യാമവമ സ്യാമുത സ്ഥഃ |**

**അതഃ പരി വൃഷണാവ ഹിയാതമഥാ സോമസ്യാ പിബതം സുതസ്യ ||`**

ഹേ ഇന്ദ്രാഗ്നീ! നിങ്ങൾ ഉന്നതമായ ഭൂമി ആദിയായ ലോകങ്ങളിലാണെങ്കിൽ ഇവിടെആഗതരായി സോമപാനം ചെയ്യണേ.

**11. യദിന്ദ്രാഗ്നീ ദിവി ഷ്ഠോ യത്പൃഥിവ്യാം യത്പർവതോഷ്വോഷധീഷ്വപ്സു |**

**അതഃ പരി വൃഷണാവാ ഹി യാതമഥാ സോമസ്യ പിബതം സുതസ്യ ||**

ഇന്ദ്രാഗ്നികളേ! നീ ആകാശപൃഥ്വികളിലോ പർവ്വതങ്ങളിലോ ഔഷധികളിലോ ജലാദികളിലോ. എവിടെയെങ്കിലുമോ ആയിരിക്കണേ. അവിടെനിന്നും എൻെറ അടുക്കൽവന്ന് സോമപാനം ചെയ്യണേ.

**12. യദിന്ദ്രാഗ്നീ ഉദിതാ സൂരയസ്യ മധ്യേ ദിവഃ സ്വധയാ മാദയേഥേ |**

**അതഃ പരീ വൃഷണാവാ ഹി യാതമഥാ സോമസ്യ പിബതം സുതസ്യ ||**

ഹേ ഇന്ദ്രാഗ്നീ! നീ ആകാശമദ്ധ്യത്തിൽ സൂര്യൻെറ കയറ്റത്തിനുശേഷം സ്വേഛാപൂർവ്വം വിശ്രമിച്ചുകൊിരിക്കുകയാണെങ്കിലും ഇവിടെവന്ന് ഈ സോമപാനം ചെയ്യണേ.

**13. ഏവേന്ദ്രാഗ്നീ പപിവാംസാ സുതസ്യ വിശ്വാസ്മഭ്യം സംജയതം ധനാനി |**

**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഹേ ഇന്ദ്രാഗ്നീ! നിഷ്പന്നമായ ഈസോമം പാനം ചെയ്ത് ധനവും കീഴടക്കു. മിത്രനും വരുണനും അദിതിയും സമുദ്രവും പൃഥ്വിയും ആകാശവും നമ്മുടെ പ്രാർത്ഥനകളെ അനുമോദിക്കണേ.

# സൂക്തം 109

**ഋഷി കുത്സൻ ദേവത ഇന്ദ്രനും അഗ്നിയുംഛ ന്ദ സ ് ത്രിഷ്ടുപ്**

**1. വി ഹ്യഖ്യം മനസാ വസ്യ ഇച്ഛന്നിന്ദ്രാഗ്നീ ജ്ഞാസ ഉത വാ സജാതാൻ |**

**നാന്യാ യുവത്പ്രമതിരസ്തി മഹ്യം സ വാം ധിയം വാജയന്തീമതക്ഷം ||**

ഹേ ഇന്ദ്രാഗ്നേ! സ്വന്തം നൻമയ്ക്കായി ഞാൻ എൻെറ ബാന്ധവൻമാരുടേയും നേരെനോക്കി എന്നാൽ നിങ്ങളെപോലെ കൃപാകാരൻമാരായി മറ്റാരേയും എനിക്കു ലഭിച്ചില്ല. ഞാൻ നിങ്ങളിഷ്ടപ്പെടുന്ന സ്തോത്രങ്ങൾ രചിച്ചിരിക്കുന്നു.

**2. അശ്രവം ഹി ഭൂരിദാവത്തരാ വാം വിജാമാതുരുത വാ ഘാ സ്യാലാത് |**

**അഥാ സോമസ്യ പ്രയതീ യുവഭ്യാമിന്ദ്രാഗ്നീ സ്തോമം ജനയാമി നവ്യം ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ അയോഗ്യരായ ജാമാതാക്കളേയും സ്യാലൻമാരേയുംകാൾ അധികമായി ധനം നൽകുന്നവരാകുന്നു. ഞാൻ നിങ്ങൾക്ക് സോമരസം കാഴ്ചവച്ചുകൊ് സ്തോത്രങ്ങൾ രചിക്കുന്നു.

**3. മാ ഛേദ്മ രശ്മീംരിതി നാധമാനാഃ പിതൃണാം ശക്തീരനുയച്ഛമാനാഃ ||**

**ഇന്ദ്രാഗ്നിഭ്യാ കം വൃഷണോ മദന്തി താ ഹ്യദ്രീ ധിഷണായാ ഉപസ്ഥേ ||**

സന്താനങ്ങളുടെ ചരടുകൾ അറ്റുപോകാതിരിക്കണേ. ഈ പ്രാർത്ഥനയോടുകൂടി പിതൃക്കളെ അനുകരിച്ച് വീര്യവാനായ ഇന്ദ്രനും അഗ്നിയും വഴിയായി സന്തുഷ്ടി പ്രാപിക്കുന്നതിന് സോമം ഇടിക്കുന്നതിനുപയോഗിക്കുന്ന ഈ കല്ല് സോമലതമേൽ പതിപ്പിക്കുന്നു.

**4. യുവാഭ്യാം ദേവി ധിഷണാ മദായേന്ദ്രാഗ്നീ സോമമുശതീ സുനോതി |**

**താവശ്വിനാ ഭദ്രഹസ്താ സുപാണി ആ ധാവതം മധുനാ പൃങ്ക്തമപ്സു ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങളുടെ ഹിതത്തിനുവേി ഈ സോമം ഇടിച്ചു പിഴിയുന്നു. മനോഹരങ്ങളും മംഗളരൂപങ്ങളുമായ കരങ്ങളോടുകൂടിയവരായ അശ്വിനികളേ! അതിവേഗം വന്നുചേരുവിൻ. സോമത്തെ മധുരജലത്തോടുയുക്തമാക്കണേ.

**5. യുവാമിന്ദ്രാഗ്നീ വസുനോ വിഭാഗേ തവസ്തമാ ശുശ്രവാ വൃത്രഹത്യേ|**

**താവാസദ്യാ ബർഹിഷി യജ്ഞേ അസ്മിൻപ്ര ചർഷിണീ മാദയേഥാം സുതസ്യ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ ധനം പങ്കുവെയ്ക്കുന്നതിലും ശത്രുക്കളെ സംഹരിക്കുന്നതിലും അത്യധികം സമർത്ഥരാകുന്നു. ഈ യജ്ഞത്തിൽ കുശാസനത്തിനനുസരിച്ച് പിഴിഞ്ഞെടുക്കുന്ന സോമരസത്തിൽ നിന്നുള്ള ആനന്ദം അനുഭവിച്ചാലും.

**6.പ്ര ചർഷിണിഭ്യഃ പൃതനാഹവേഷു പ്ര പൃഥിവ്യാ രിരിചാഥേ ദിവശ്ച |**

**പ്ര സിന്ധു ഭ്യഃ പ്ര ഗിരിഭ്യോ മഹിത്വാ പ്രേന്ദ്രിഗ്നീ വിശ്വാ ഭുവനാത്യന്യാ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ മനുഷ്യരേക്കാളുപരിയായി യുദ്ധത്തിൽ താഡനം ചെയ്യുന്നു. നിങ്ങൾ ഭൂമിയേക്കാളും, ആകാശത്തെക്കാളും മഹത്തുക്കളാകുന്നു. നിങ്ങൾ പർവ്വതങ്ങൾ, സമുദ്രങ്ങൾ അതുപോലെ മറ്റെല്ലാ ലോകങ്ങളെക്കാളും ഉപരിയുള്ളവരാകുന്നു.

**7. ആ ഭരതം ശിക്ഷിതം വജ്രബാഹൂ അസ്മാം ഇന്ദ്രാഗ്നീ അവതം ശചീഭിഃ |**

**ഇമേ നു തേ രശ്മിയഃ സൂര്യസ്യ യേഭിഃ സപിത്വം പിതരോ ന ആസൻ ||**

ഹേ വജ്രായുധാ ! ഹേ അഗ്നീ ! നിങ്ങൾ രുപേരും ഞങ്ങൾക്ക് ധനം കൊവന്നുതരണേ. നിങ്ങളുടെ ശക്തിയാൽ ഞങ്ങളെ സംരക്ഷിക്കണേ. ഈ സൂര്യകിരണങ്ങളെത്തന്നെയായിരുന്നു ഞങ്ങളുടെ പിതൃക്കളും പ്രാപിച്ചിരുന്നത്.

**8. പുരംദരാ ശിക്ഷിതം വജ്രഹസ്താസ്മാം ഇന്ദ്രാഗ്നീ**
**അവതം ഭരേഷു |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതി :**
**സിന്ധു പഥിവീ ഉത ദ്യൗഃ ||**

ദുർഗ്ഗഭജ്ഞകരായ ഇന്ദ്രാഗ്നികളേ! ഞങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റിത്തരൂ. യുദ്ധങ്ങളിൽ ഞങ്ങളെ രക്ഷിക്കൂ മിത്രനും, വരുണനും, ആദിതിയും, സമുദ്രവും, പൃഥ്വിയും, ആകാശവും ഞങ്ങളുടെ പ്രാർത്ഥനകളെ അനുമോദിക്കണേ.

# സൂക്തം 110

**ഋഷി കുത്സൻ, ദേവത ഋഭൂക്കൾ, ഛന്ദസ് ഗായത്രി, ത്രിഷ്ടുപ്.**

**1. തതം മേ അപസ്തദു തായതേ പുനഃ സ്വാദിഷ്ഠാ ധീതി**
**രുചഥായ ശസ്യതേ |**
**അയം സമുദ്ര ഇഹ വിശ്വദേവ്യഃ സ്വാഹാ കൃതസ്യ**
**സമുതൃപ്ണത ഋഭവഃ ||**

ഹേ ഋഭുക്കളേ ! ഞാൻ പു നടത്തിയിരുന്ന പൂജകൾ വീും ഇപ്പോൾ ചെയ്യുന്നു. നിനക്കുവേി സ്തോത്രോച്ചാരണം ചെയ്യുന്നു. സമുദ്രം പോലെ വിശാലമായ ഗുണത്തോടുകൂടിയ ഈ സോമം എല്ലാദേവതകൾക്കും വേിയുള്ളതാണ്. ഹോമം സ്വാഹായുക്തമാകുമ്പോൾ പാനം ചെയ്ത് അത്യന്തം തൃപ്തരാകണേ.

**2. ആഭോഗയം പ്ര യദിച്ഛന്ത ഐതനാപാകാഃ പ്രാഞ്ചോ**
**മമ കേ ചിദാപയഃ |**
**സൗധന്വനാ സശ്ചരിതസ്യ ഭൂമനാച്ഛത**
**സവിതുർദാ ശൂഷോ ഗൃഹം ||**

ഹേ സുധന്വാപുത്രരേ! നിങ്ങൾ സോമം ആഗ്രഹിച്ചു നടന്നപ്പോൾ സ്വന്തം മഹത്വത്താൽ സൂര്യഭവനത്തിൽ ചെന്നുച്ചേർന്നു.

**3. തത്സവിതാ വോ മൃതത്വാമാസുവദം ഗോഹ്യം യച്ഛ്റ**
**വയന്ത ഏതന |**
**ത്യം ചിച്ചമസമസുരസ്യ ഭക്ഷണമേകം സന്തമ**
**കൃണുതാ ചതുർവ്യയം ||**

ഹേ ഋഭുക്കളേ! സൂര്യൻ നിങ്ങൾക്ക് അമരത്വം പ്രദാനം ചെയ്തത് എന്തുകൊന്നാൽ നിങ്ങളാ പ്രകാശമാനൻെറമേൽ തങ്ങളുടെ ആഗ്രഹങ്ങൾ വ്യക്തമാക്കുകയും, ത്വഷ്ടാവിൻെറ സോമം ഭക്ഷിക്കുന്നതിനുള്ള ചമസത്തെ നാലായി വീതിക്കുകയും ചെയ്തു.

**4. വിഷ്ടവീ ശമീ തരണിത്വേന വാധതോ മർതാസഃ**
**സന്തോ അമൃതത്വമാനശുഃ |**
**സൗധന്വനാ ഋഭവഃ സൂരചക്ഷസ സംവത്സരേ**
**സമപൃച്യന്ത ധീതിഭിഃ ||**

മരണ സ്വഭാവരായിരുന്ന ഋഭുക്കൾ തങ്ങളുടെ നിരന്തരമായ കർമ്മങ്ങൾ വഴിയായി അമരത്വം പ്രാപിച്ചു. അവർ സൂര്യനുസമാനം തേജസ്വികളായി. വർഷം മുഴുവൻ യജ്ഞകർമ്മങ്ങളിലും സംയുക്തരായി.

**5. ക്ഷേത്രമിവ വി മമുസ്തേനേനം ഏകം പാത്രമൃഭവോ**
**ജേഹമാനം |**
**ഉപസ്തുതാ ഉപമം നാധമാനാ അമർത്യേഷു**
**ശ്രവ ഉച്ഛ മാനാഃ ||**

നികടസ്ഥരായി സ്തുതിക്കപ്പെട്ട ഋഭുക്കൾ ഉത്തമപദത്തെ യാചിച്ചുകൊ് ദേവത്വത്തെ ഇച്ഛിച്ചു. ഭൂമിയെ അളക്കുന്നതുപോലെ വീതിയുള്ള മുഖത്തോടുകൂടിയ പാത്രത്തെ അവർ അളന്നു.

**6 ആ മനീഷാമന്തരിക്ഷസ്യ നൃഭ്യഃ സ്രുചേവ ഘൃതം**
**ജൂഹവാമ വിദ്മനാ |**
**തരണിത്വായേ പിതുരസ്യ സശ്ചിര ഋഭവോ**
**വാജമരുഹന്ദിവോ രജഃ ||**

യജ്ഞത്തിൽ തവികൊ് ഘൃതം ഒഴിക്കുന്നതുപോലെ ഋഭുക്കളുടെ ജ്ഞാനം വജയായ സ്തുതി അർപ്പിക്കപ്പെടട്ടെ. ആ ഋഭുക്കൾ പിതാക്കൻമാരുടെ കർമ്മങ്ങളെ അനുകരിച്ച് ആകാശത്തിലെ അന്നത്തെ പ്രാപിച്ചു.

**7. ഋഭുർന ഇന്ദ്രാ; ശവസാ**
**നവീയാനനൃഭൂർവാജേഭിർവസു ഭിർവസുർദദി; |**
**യുഷ്മാകം ദേവാ അവസാഹനി പ്രിയേഭി**
**തിഷ്ഠേമ പൃത്സുതീരസസുന്വതാം ||**

ഋഭു തൻെറ ബലത്താൽ ഇന്ദ്രനു തുല്യനായി. അദ്ദേഹം ബലത്താൾ ധനം നൽകുന്നവനാകുന്നു. ഹേ ദേവഗണമേ ഞങ്ങൾ നിങ്ങളുടെരക്ഷയിൽ വസിച്ചുകൊ് സോമദ്രോഹികളായ ദുഷ്ടൻമാരെ പരാജിതരാക്കണേ.

**8. നിശ്ചർമണ ഋഭവോ ഗാമപിംശത സം വത്സേനാസൃജതാ**
**മാതരം പുനഃ |**
**സൗധന്വനാസഃ സ്വപസ്യയാ നരോ ജിവ്രി**
**യുവാനാ പീതരാകൃണോതന ||**

ഹേ ഋഭുക്കളേ! നിങ്ങൾ ചർമ്മം കൊ് ഗോക്കളെ നിർമ്മിച്ചു. കിടാവിനെ തള്ളയോടുചേർത്തു. സൽകർമ്മങ്ങളെ ആശിച്ചുകൊ് വൃദ്ധരായ മാതാപിതാക്കൾക്ക് യൗവനാവസ്ഥയെ നൽകി.

**9. വാജേഭിർനോ വാജസാതാവവിഢ്ഢ്യൃഭുമാം ഇന്ദ്ര**
**ചിത്രമാ ഭർഷി രാധഃ |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ**
**സിന്ധു പൃഥ്വീ ഉത ദ്യൗഃ ||**

ഹേ ഇന്ദ്രാ ! ഋഭുക്കളോടുക്കൂടി നീ യുദ്ധത്തിൽ സ്വന്തം ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും മാന്യമായ ധനത്തെ നൽകുകയും ചെയ്യും മിത്രൻ, വരുണൻ, അദിതി, സമുദ്രം, പൃഥ്വി, ആകാശം ഞങ്ങളുടെ പ്രാർത്ഥനകളെ അനുമോദിക്കണേ.

**സൂക്തം 111**

**ഋഷി കുത്സൻ, ദേവതീ ഋഭുക്കൾ ഛന്ദസ് ഗായത്രി, ത്രിഷ്ടുപ്**

**1. തക്ഷന്യഥം സുവൃതം വിദ്മനാപസസ്തക്ഷൻ ഹരീ**
**ഇന്ദ്രവാഹാ വൃഷണ്വസു |**

**തക്ഷൻ പിതൃഭ്യാമൃഭവോ യുവദ്വയസ്തക്ഷന്വത്സായ മാതരം സചാഭുവം ||**

ജ്ഞാനം വഴിയായി കർമ്മങ്ങളിൽ നിയുക്തരായ ഋഭുക്കൾ ഉത്തമമമായ രഥം നിർമ്മിച്ചു ഇന്ദ്രൻെറ ഈ ചുറ്റി സഞ്ചരിക്കുന്ന രഥത്തിനു വേി കുതിരകളെ നിർമ്മിച്ചു മാതാപിതാക്കൾക്കുവേി യുവാവസ്ഥയെ പ്രേരിപ്പിച്ചു. മൂരിക്കുട്ടിയോടുകൂടി വസിക്കുന്നതിനായി മാതാവിനേയും രചിച്ചു.

**2. ആ നോ യജ്ഞായ തക്ഷത ഋഭുമദ്വയഃ കൃത്വേ ദക്ഷായ സുപ്രജാവതീമിഷം |**
**യഥാ ക്ഷയാമസർവ്വവീരയാ വിശാ തന്നഃ ശർധായ ധാസഥാ സ്വിന്ദ്രിയം ||**

ഹേ ഋഭുക്കളേ! യജ്ഞകർമ്മങ്ങൾക്കായി ഞങ്ങൾക്ക് ആരോഗ്യം പ്രദാനം ചെയ്യു. കർമ്മങ്ങൾ അനുഷ്ടിക്കുന്നതിന് ശക്തിവേണം. അതിനാൽ ശ്രേഷ്ഠവും പ്രജായുക്തവുമായ അന്നത്തെ സൃഷ്ടിക്കൂ. ഹേ ! ഉത്തമബലമുള്ളവരേ ഞങ്ങൾക്കു വീരസന്താനങ്ങൾ നല്കണേ.

**3. ആ തക്ഷത സാതിമസ്മഭ്യമൃഭവഃ സാതിം രാധായ സാതിമർവതേ നരഃ |**
**സാതിം നോ ജൈത്രീം സം മഹേതവിശ്വഹാ ജാമിമജാമിം പൃതനാസു സക്ഷണിം ||**

ഹേ ഋഭുക്കളേ! ഞങ്ങൾക്കുവേിയും ഞങ്ങളുടെ രഥത്തിനുവേിയും ഞങ്ങളുടെ കുതിരകൾക്കുവേിയും അന്നധനാദികളെ ദാനം ചെയ്യേണമേ. ഞങ്ങൾക്ക് വിജയം നൽകുന്നവയും, ശത്രുക്കളെ അമർച്ച ചെയ്യുവാനുള്ളതുമായ രക്ഷാസാധനങ്ങൾ വർദ്ധിപ്പിച്ചുതരണേ.

**4. ഋഭുക്ഷണമിന്ദ്രമാ ഹുവ ഊതയ ഋഭുന്വാജന്മരുതഃ സോമപീതയേ |**
**ഉഭാ മിത്രാവരുണാ നൂനമശ്വിനാ തേ നോ ഹിന്വന്തു സാതയേ ധിയേ ജിഷേ ||**

എൻെറ രക്ഷയ്ക്കും അതുപോലെ സോമപാനത്തിനും വേി ഇന്ദ്രൻ, ഋഭുഗണം, മരുത്ഗണം,മിത്രൻ, വരുണൻ, അശ്വിനികൾ അവരെയെല്ലാം ഞാനാഹ്വാനം ചെയ്യുന്നു. അവർ ധനപ്രാപ്തിയ്ക്കും, ഉത്തമബുദ്ധിയ്ക്കും ജയലാഭത്തിനും വേിനമ്മെ പ്രേരിപ്പിക്കണേ.

**5. ഋഭുർരായ സം ശിശാതു സാതിം സമര്യ ജിദ്വാജോ അസ്മാം അവിഷ്ടു |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥിവി ഉത ദ്യൗഃ ||**

ഋഭുക്കൾ യുദ്ധത്തിനുവേി നമുക്ക് ധനം നൽകണേ, യുദ്ധങ്ങളെ വിജയിപ്പിക്കുന്ന വാജൻ നമ്മുടെ രക്ഷകനായിരിക്കണേ. മിത്രൻ, വരുണൻ, അദിതി, സമുദ്രം, പൃഥ്വി, ആകാശം എല്ലാം നമ്മുടെ ഈ പ്രാർത്ഥനയെ അനുമോദിക്കണേ

(ഋഭുഗണം ആദ്യം മനുഷ്യരായിരുന്നു. അംഗിരസ്സിൻെറ വംശത്തിൽ സുധത്തിന് ഋഭു, വിഭു, വാജൻ, എന്നീ മൂന്നുപുത്രൻമാരുായിരുന്നു. അവർ തങ്ങളുടെ മഹാകർമ്മങ്ങൾ വഴിയായി ദേവതകളായിത്തീർന്നു)

**സൂക്തം 112**

**ഋഷി കുത്സൻ, ദേവത ദ്യാവാ പൃഥ്വി. അഗ്നി അശ്വനി ഛന്ദസ് ജഗതി ത്രിഷ്ടുപ്**

**1. ഈളേ ദ്യാവാ പൃഥിവീ പൂർവചിത്തയേഗ്നിം ധർമം സുരുചം യാമന്നിഷ്ടയേ |**
**യാഭിർഭരേ കാരമംശായ ജിന്വഥസ്താഭിരു ഷു ഊതിഭിരശ്വിനാ ഗതം ||**

ചൈതന്യത്തിനുവേി ഞാൻ ആകാശത്തേയും ഭൂമിയേയും സ്തുതിക്കുന്നു. പിന്നീട് അശ്വിനികളെ അതിവേഗം കൊവരുന്നതിനായി കാന്തിയുക്തനായ അഗ്നിയെ സ്തുതിക്കുന്നു. ഹേ അശ്വിനികളേ! സംഗ്രാമത്തിൽ ധനം പിടിച്ചെടുത്ത് നൽകുന്ന രക്ഷാസാധനങ്ങളോടുകൂടി ഇവിടെ ആഗതരായാലും.

**2. യുവോർദാനായ സുഭരാ അസശ്ചതോ രഥമാ തസ്തുർവചസം ന മന്തവേ |**
**യാഭിർധിയോ വഥഃ കർമന്നിഷ്ടയേ താഭിരു ഷു ഊതിഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! എപ്രകാരം കർമ്മങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ വിദ്വാൻമാരുടെ ചുറ്റും കൂടുന്നതുപോലെ നിങ്ങളുടെ രഥത്തിനുചുറ്റും നിന്നുകൊ് സ്തോതാഗണം ഗാനയോഗ്യങ്ങളായ സ്തോത്രം ചെയ്തുകൊ് സ്ഥിരമായി നിൽക്കുന്നു. ഏതൊരു രക്ഷാസാധനങ്ങളെ അഭീഷ്ടസിദ്ധിക്കായി പ്രേരിപ്പിക്കുന്നുവോ, അവയോടുകൂടി ഇവിടെ വന്നുചേരുവിൻ.

**3. യുവം താസാം ദിവ്യസ്യ പ്രശാസനേ വിശാം ക്ഷയഥോ അമൃതസ്യ മജ്മനാ |**
**യാഭിർധേനുമസ്വം പിന്വഥോ നരാ താഭിരൂ ഷു ഊതിഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! നിങ്ങൾ ആകാശസ്ഥമായ അമൃതിൻെറ ബലത്താൽ പ്രജകളെ ഭരിക്കുന്നതിൽ സമർത്ഥരാണല്ലോ? ഏതുപായത്താൽ നിങ്ങൾ മച്ചിപശുക്കളിൽ ക്ഷീരം നിക്ഷേപിച്ചുവോ, അതോടൊത്ത് ഇവിടേയ്ക്കാഗതരായാലും.

**4. യാഭിഃ പരിജ്മാ തനയസ്യ മജ്മനാ ദ്വിമാതാ തൂർഷു തരണിർവിഭൂഷതി |**
**യാഭിസ്ത്രിമന്തുരഭവദ്വിചക്ഷണസ്താഭിരൂ ഷു ഊതിഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! ഏതുപായങ്ങളാൽ രു മാതാക്കളോടുകൂടിയ അഗ്നി പുത്രരൂപനായ യജമാനൻെറ കരബലത്തിൽനിന്നും ഉത്ഭവിച്ച് തേജസാൽ സുശോഭിതനായിത്തീർന്നുവോ, അതുപോലെ ഏതുപായങ്ങളാൽ കക്ഷീവാൻ മൂന്നു യജ്ഞങ്ങളുടെ ജ്ഞാതാവായ വിദ്വാനായിത്തീർന്നുവോ, ആ ഉപായങ്ങളോടുകൂടി ആഗതരാകണേ.

**5.യാഭീ രേഭം നിവൃതം സിതമദ്ഭ്യ ഉദ്വന്ദനമൈരയതം സ്വർദൃശേ |**
**യാഭിഃ കണ്വം പ്ര സിഷാസന്തമാവതം താഭിരൂ ഷു ഊതിഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! ഏതുപായങ്ങളാൽ കുണറ്റിൽ വീണ രേഭമഹർഷിയേയുമ വന്ദമഹർഷിയേയും രക്ഷിച്ചുവോ അതുപോലെ കണ്വമഹർഷിയേയാം രക്ഷിച്ചുവോ അവയോടുകൂടി ഇവിടെയും എഴുന്നള്ളണേ.

**6. യാഭിരന്തകം ജസമാനമാരാണേ ഭുജ്യം യാഭിരവ്യഥി**

ഭിർജിജിന്വഥു: |
യാഭി: കർകന്ധും വയ്യം ച ജിന്വഥസ്താഭിരൂ ഷു
ഊതിഭിരശ്വിനാ ഗതം ||

ഹേ അശ്വിനികളേ! ഏതുപായത്താലാണ് കുണറ്റിലെറിയപ്പെട്ട അന്തക മഹർഷിയെ രക്ഷിച്ചത് സമുദ്രത്തിൽ പതിച്ച ഭുജ്യനെ എങ്ങിനെ രക്ഷിച്ചുവോ, കർക്കന്ധുവിനേയും വയ്യനേയും എപ്രകാരം രക്ഷിച്ചുവോ ആ സാധനകളോടുകൂടി വന്നു ചേരണേ.

7. യാഭി: ശുചന്തിം ധനസാ സുഷുംസദം തപ്തം
ഘർമമോമ്യാവന്തമത്രയേ |
യാഭി: പൃശ്നിഗും പുരുകുത്സമാവതം താഭിരൂ
ഷു ഊതിഭിരശ്വിനാ ഗതം ||

ഹേ അശ്വിനികളേ! യാതൊരുസാധനങ്ങളാൽ ശുചന്തിക്ക് ഉത്തമമായ ധനവും നല്ല പാർപ്പിടവും നൽകിയോ, അത്രിയെ ദഹിപ്പിക്കുന്ന അഗ്നിയുടെ താപത്തിൽനിന്നും രക്ഷിച്ചുവോ, പൃശ്നിഗുവിനേയും പുരുകുത്സനേയും രക്ഷിച്ചുവോ, ആ സാധനകളോടുകൂടി വരണേ.

8. യാഭി: ശചീഭിർവൃഷണാ പരാവൃജം പ്രാന്ധം ശ്രോണം
ചക്ഷസ ഏതവേ കൃഥ: |
യാഭിർവർതികാ ഗ്രസിതാമമുഞ്ചതം താഭിരു ഷു
ഊതിഭിരശ്വിനാ ഗതം ||

ഹേ അശ്വിനികളേ! ഏതൊരു ശക്തിയാൽ അന്ധനും മുടന്തനുമായിരുന്ന പരാവൃജന് നേത്രങ്ങളും പാദങ്ങളും നൽകിയോ, ചെന്നായാൽ ഗ്രസിതനായ ബടേരിയെ ഏതൊരു സാധനത്താൽ രക്ഷിച്ചുവോ അവ സഹിതം ഇവിടേയ്ക്കാഗതരാകണേ.

9. യാഭി: സിന്ധു മധുമന്തമസശ്ചതം വസിഷ്ഠം യാഭി
രജരാവജിന്വതം |
യാഭി: കുത്സം ശ്രുതരാംനര്യമാവതം താഭിരു ഷു
ഊതിഭിരശ്വിനാ ഗതം ||

അജരരായ അശ്വിനികളേ! ഏതൊരു ശക്തിയാൽ നിങ്ങൾ മധുമയി നദിയെ പ്രവഹിപ്പിച്ചുവോ, ഏതൊരു ശക്തിയാൽ വശിഷ്ഠൻ, കുത്സൻ, ശ്രുതര്യൻ എന്നിവരെ രക്ഷിച്ചുവോ, അവയോടുകൂടി വന്നുചേർന്നാലും.

10. യാഭിർവിശ്പലാം ധനസാമദർവ്യം സഹസ്രമീളഹ
ആജാവജിന്വതം |
യാഭിർവശമശ്വ്യം പ്രേണിമാവതം താഭിരു ഷു
ഊതിഭിരശ്വിനാ ഗതം ||

അശ്വിനികളേ! ധനം ആഗ്രഹിച്ചിരുന്ന മുടന്തനായ വിശ്പലക്ക് അസംഖ്യം ധനം ചെലവാക്കേ യുദ്ധത്തിനു പോകുവാൻ ശക്തി നൽകിയോ, സ്തുതിച്ചുകൊിരുന്ന അശ്വരാജന്റെ പുത്രനായിരുന്ന വശമഹർഷിയെ രക്ഷിച്ചതെന്തുകൊാേ അവയോടുകൂടി ആഗതരാകണേ.

11. യാഭി: സുദാനൂ ഔശിജായ വണിജേ ദീർഘശ്രവസേ
മധു കോശോ അക്ഷരത് |
കക്ഷീവനതന്തം സ്തോതാരം യാഭിരാവതം
താഭിരൂ ഷു ഊതിഭിരശ്വനാ ഗതം ||

ഹേ കല്യാണകാരികളായ അശ്വിനികളേ! ഏതൊരു സാധനകളാൽ വണിക്കായ ഉശിജന്റെ പുത്രൻ ദീർഘശ്രവനുവേി മഴ പെയ്യിച്ചുവോ അതുപോലെ സ്തോതാവായ കക്ഷീവാനെ രക്ഷിച്ചുവോ അവയോടുകൂടി വന്നുചേരണേ.

12. യാഭീ രസാം ക്ഷോദസോദ്ഗ: പിപിന്വഥുരനശ്വം
യാഭീ രഥമാവതം ജിഷേ |
യാഭിസ്ത്രീശോക ഉസ്രിയാ ഉദാജത താഭിരൂ ഷു
ഔതിഭിരശ്വിനാ ഗതം ||

ഹേ അശ്വിനികളേ! ഏതൊരു സാധനങ്ങളാൽ നിങ്ങൾ നദീതടങ്ങളെ ജലപൂർണ്ണമാക്കിയോ, ഏതൊന്നിനാൽ അശ്വങ്ങളെകൂടാതെ രഥത്തെ വിജയത്തിലേയ്ക്ക് നയിച്ചുവോ, അതുപോലെ ത്രിശോകൻ ഗോക്കളെ നയിക്കുന്നതിൽ പ്രേരണ നേടിയോ, അവയോടൊത്ത് വന്നാലും.

13. യാഭി: സൂര്യു പരിയാഥ: പരാവതി മന്ധാതാരം
ക്ഷൈത്രപത്യേഷ്വാവതം |
യാഭിർവിപ്രം പ്ര ഭരദ്വാജമാവതം താഭിരൂ ഷു
ഊതിഭിരശ്വിനാ ഗതം ||

ഹേ അശ്വിനികളേ! ഏതൊരു സാധനകളാൽ ദൂർവർത്തിയായ സൂര്യനെ പ്രാപിച്ചുവോ, ഏതൊരുപായങ്ങളാൽ മന്ധാതാവായ ക്ഷേത്രപതിയെ സഹായിച്ചുവോ, ഭരദ്വാജനെ എപ്രകാരം രക്ഷിച്ചുവോ ആ സാധനകളോടൊത്ത് വരണേ.

14. യാഭിർമഹാമതിഥിഗ്വം കശോജുവം ദിവോദാസം
ശംബരഹത്യ ആവതം |
യാഭി: പൂർഭിദ്യേ ത്രസദസ്യുമാവതം താഭിരൂ ഷു
ഊതിഭിരശ്വിനാ ഗതം ||

അശ്വിനികളേ! ഏതൊരു രക്ഷായുധങ്ങളാൽ നിങ്ങൾ അഥിതിപ്രിയനായ ദിവോദാസനെ ശംബരനുമായുള്ള യുദ്ധത്തിൽ രക്ഷിച്ചുവോ, അതുപോലെ ത്രസദസ്യുവിനെ യുദ്ധത്തിൽ രക്ഷിച്ചുവോ ആ ഉപകരണങ്ങൾ സഹിതം വരണേ.

15. യാഭിർവമ്രം വിപിപാനമുപസ്തുതം കലിംയാദിർ
വിത്തജാനിം ദുവസ്യഥ: |
യാഭിർവ്യശ്വമുത പൃഥിമാവതം താഭിരൂ ഷു
ഊതി ഭിരശ്വിനാ ഗതം ||

അശ്വിനീ ദേവൻമാരേ! ഏതൊരു സാധനകളാൽ വമ്രമഹർഷിയേയും ഉപസ്തുതനേയും സ്ത്രീയെ ലഭിക്കുന്നതിന് കലിമഹർഷിയേയും സഹായിച്ചുവോ അതുപോലെ യാതൊന്നിനാൽ വ്യശ്വനേയും പൃഥിയേയും രക്ഷിച്ചുവോ ആ രക്ഷകളോടുകൂടി വരണേ.

16. യാദിർനരാ ശയവേ യാഭിരത്രയേ യാഭി: പുരാ
മനവേ ഗാതുമീഷഥു: |
യാഭഭി: ശാരീരാജതം സ്യൂമരശ്മയേ താഭിരൂ ഷു
ഊതിഭിരശ്വിനാ ഗതം ||

ഹേ അശ്വിനികളേ! ശയു, അത്രി, മനു ഇവർക്ക് യാതൊരു സാധനകളാൽ മാർഗ്ഗദർശനം നൽകിയോ അതുപോലെ സൂര്യരശ്മിയുടെ രക്ഷയ്ക്കായി ശത്രുവിന്റെമേൽ ബാണം പ്രയോഗിച്ചുവോ ആ സാധനകൾ സഹിതം വന്നുചേരണേ.

17. യാഭി: പഠർവാ ജഠരസ്യ മജ്മനാഗ്നിർനാദീദേച്ചിത

**ഇദ്ധോ അജ്മന്നാ |**
**യാഭിഃ ശര്യാതമവഥോ മഹാധനേ താഭിു ഷു**
**ഊതിഭിരശശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! ഏതൊരു ശക്തിസാധനത്താൽ തേജസമൂഹയുക്തമായ അഗ്നിതുല്യനായ പാർവാവിനെ യുദ്ധത്തിൽ പ്രകാശിപ്പിച്ചുവോ, അതുപോലെതന്നെ ശര്യാതനേയും യുദ്ധത്തിൽ രക്ഷിച്ചുവോ അവകളോടുകൂടി വന്നുചേരുവിൻ.

**18. യാഭിരംഗിരോ മനസാ നിരണ്യഥോഗ്രം ഗച്ഛഥോ**
**വിവരേ ഗോഅർണസഃ |**
**യാഭിർമനു ശ്രുരമിഷാ സമാവതം താഭിരൂ ഷു**
**ഊതിഭിരശ്വിനാ ഗതം ||**

ഹേ അംഗിരസ്സുകളേ! ഹേ അശ്വിനികളേ! ഏതൊരു രക്ഷാസാധനകളാൽ നിങ്ങൾ ഹർഷിതരായിരിക്കുന്നുവോ, യാതൊന്നിനാൽ പണികളാലപഹരിക്കപ്പെട്ട ഗോക്കളുടെ സ്ഥാനത്ത് എല്ലാ ദേവതകളുമായി മുന്നേറിയോ, യാതൊന്നിനാൽ മനുവിനെ അഗ്നിയാൽ പൂർണ്ണമാക്കിയോ അവയേടുകൂടി ഇവിടെയും വന്നുചേരണേ.

**19. യാഭിഃ പത്നീർവിമദായ ന്യൂഹഥുരാ ഘ വാ**
**യാഭിരരുണീരശിക്ഷതം |**
**യാഭിഃ സുദാസു ഊഹദുഃ സുദേവ്യാന്താഭിരൂ**
**ഷു ഊതിഭിരശ്വിനാ ഗതം ||**

അശ്വിനികുമാരൻമാരേ! യാതൊരു സാധനകളാൽ നിങ്ങൾ വിമദനെ പത്നീയുക്തനാക്കിയോ, മനുഷ്യർക്കുവേി അരുണവർണ്ണമായ ഉഷസ്സിനെ പ്രേരിപ്പിച്ചുവോ സുദാസന് ദിവ്യങ്ങളായ ധനം നൽകിയോ അവയോടുകൂടി വരണേ.

**20. യാഭിഃ ശംതാതി ഭവഥോ ദദാശുഷേ പൂജ്യം**
**യാഭിരവഥോ യാഭിരധ്രിഗും |**
**ഓമ്യാവതീം സുഭരാമൃതസ്തുഭം താഭിത ഷു**
**ഊതിഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! ഏതൊരു രക്ഷാസാധനങ്ങളാൽ നിങ്ങൾ ഹവിർദാതാവിന് സുഖം പ്രദാനം ചെയയയ്യുന്നുവോ, യജ്ഞത്തെ സംരക്ഷിക്കുന്നുവോ യാതൊന്നിനാൽ അധ്രിഗുവിന് ദേവാണിയും ഋതുവിന് പൂജജാസംരക്ഷണവും നൽകിയോ, ആ രക്ഷാസാധനങ്ങൾ സഹിതം ഇവിടെ വരണേ.

**21. യാഭിഃ കൃശാനുമസനേ ദുവസ്യഥോ ജവേ**
**യാഭിര്യൂനൊ അർവന്തമാവതം |**
**മധുപ്രിയം ഭരതോ യത്സരങ്ഭ്യസ്താഭിരൂ ഷു**
**ഊതിഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! യാതൊരു സാധനത്താൽ യുദ്ധത്തിൽ കൃണാനുവിനെ രക്ഷിക്കുകയും പുരുകുത്സൻെറ അശ്വത്തെ അതിവേഗം നടത്തുകയും, തേനീച്ചകൾക്ക് മധു നൽകുകയും ചെയ്തുവോ അവയോടുകൂടി വന്നാലും.

**22. യാഭിർനരം ഗോഷുയുധം നൃഷാഹ്യേ ക്ഷേത്രസ്യ**
**സാതാ തനയസ്യ ജിന്വദഃ |**
**യാഭീ രഥാം അവഥോ യാഭിരർവതസ്താഭിരൂ**
**ഷു ഔതിഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! യാതൊരു സാധനയാൽ ഗോക്കൾ ആദിയായ ധനത്തിനുവേി യുദ്ധത്തിൽ മനുഷ്യരെ രക്ഷിക്കുന്നുവോ, രഥത്തേയും,, അശ്വങ്ങളേയും രക്ഷിക്കുന്നുവോ, അവയോടുകൂടി ഇവിടെയും വരണേ.

**23. യാഭിഃ കുത്സമാർജൂനേയം ശതക്രതൂ പ്ര തുർവീതിം**
**പ്ര ച ദമീതീമാവതം |**
**യാഭിർധ്വസന്തിം പുരുഷന്തിമാവതം താഭിരൂ ഷു**
**ഊതിഭിരശ്വിനാ ഗതം ||**

മഹാബലികളായ അശ്വിനികളേ! യാതൊരു രക്ഷാ സാധനങ്ങളാൽ അർജൂനീ പുത്രനായ കുത്സൻ, തുർവീതി, ദഭീതി, ധ്വസന്തി, പുരുഷന്തി എന്നിവരെ നിങ്ങൾ രക്ഷിച്ചുവോ ആ സാധനകളോടുകൂടി വരണേ.

**24. അപ്നസ്വതീമശ്വിനാ വാചമസ്മേക്യതം നോ ദസ്രാ**
**വൃഷണാ മനീഷാം |**
**അദ്യൂത്യേവസേ നി ഹ്വയേ വാം വൃധേ ചനോ**
**ഭവതം വാജസാതൗ ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ വചനങ്ങളും ബുദ്ധിയും കർമ്മത്താൽ സംയുക്തമാക്കണേ. ഞാൻ നിഷ്കപടകർമ്മങ്ങളിൽ രക്ഷക്കുവേി നിങ്ങളെ ആഹ്വാനം ചെയ്യുന്നു. യുദ്ധത്തിൽ നിങ്ങൾ ഞങ്ങളെ സഹായിക്കണേ.

**25. ദ്യുദിരക്തുദിഃ പരി പാതമസ്മാനരിഷ്ഴേ ഭിരശ്വിനാ**
**സൗമഗേഭിഃ |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ**
**സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഹേ അശ്വിനികളേ! രാവും പകലും വിനാശരഹിതമായ സൗഭാഗ്യങ്ങളാൽ ഞങ്ങളെ എല്ലാ ഭാഗങ്ങളിൽനിന്നും രക്ഷിക്കണേ. മിത്രനും വരുണനും അദിതിയും സമുദ്രവും പൃഥ്വിയും ആകാശവും നമ്മുടെ പ്രാർത്ഥനകളെ അനുമോദിക്കണേ. (ത്വഷ്ടാവിൻെറ കന്യകയായ സരണ്യ, അശ്വരൂപം ധരിച്ച് അശ്വിനീകുമാരൻമാർക്ക് ജൻമം നൽകി. ആധിവ്യാധികളുടെ ദേവതകളായി ഇവരെ അംഗികരിച്ചിരിക്കുന്നു.)

# അദ്ധ്യായം എട്ട്

## സൂക്തം 113

**ഋഷി കുത്സൻ ദേവത ഉഷസ് ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1.ഇദം ശ്രേഷ്ഠം ജ്യോതിഷാം ജ്യോതിരാഗാച്ചിത്രഃ**
**പ്രകേതോ അജനിഷ്ട വിഭ്വാ |**
**യഥാ പ്രസൂതാ സവിതുഃ സവാംയ ഏവാ രാത്ര്യുഷസേ**
**യോനിമാരൈക് ||**

ജ്യോതിസ്സുകളാൽ ശ്രേഷ്ഠമായ ഈ ജ്യോതിസ്സ് പ്രത്യക്ഷമായി. അത്മുതപ്രകാശം എല്ലായിട ത്തും വ്യാപിച്ചു. രാത്രി എപ്രകാരം സൂര്യനുജൻമം നൽകിയിരുന്നുവോ, അതുപോലെതന്നെ

ഉഷസ്സിനുവേിയും സ്വന്തം സ്ഥാനം നൽകി.

**2. രുശദ്വത്സാ രുശതീ ശ്വേത്യാഗാദാരൈഗു കൃഷ്ണാ സദനാന്യസ്യാഃ |**
**സമാനബന്ധു അമൃതേ അനൂചീ ദ്യാവാ വർണം ചരത ആമിനാനേ ||**

ശ്വേതവർണ്ണത്തോടുകൂടിയ കിടാവിനെപ്പോലെ പ്രകാശിച്ചുകൊ് ഉഷസ്സ് വന്നുചേർന്നു. രാത്രി ഇവൾക്കുവേി സ്ഥാനം നൽകി. ഇവർ രും പരസ്പരം ബന്ധിതരായി അമരമായ ആകാശത്തിൽ ക്രമപൂർവ്വം ഗതിതുടർന്നുകൊ്, ഒന്ന് മറ്റൊന്നിൻെറ വർണ്ണത്തെ ഇല്ലാതാക്കുന്നു.

**3. സമാനോ അധ്വാ സ്വസ്രോരനന്തസ്തമന്യാന്യാ ചരതോ ദേവശിഷ്ടേ |**
**ന മേഥേത ന തസ്ഥതുഃ സമേകേ നക്തോഷാസാ സമനസാ വിരൂപേ ||**

ഈ രു സഹോദരിമാരുടേയും മാർഗ്ഗങ്ങൾ ഒന്നുതന്നെയാണ്. അതിൽകൂടി ദേവതകളുടെ പ്രേരണയാൽ ഇവർ തുടർച്ചയായി സഞ്ചരിച്ചുകൊിരിക്കുന്നു. ഏകമനസ്സുള്ളവരായ ഈ ഉഷസ്സും രാത്രിയും വിഭിന്ന വർണ്ണങ്ങളോടുകൂടിയവരും പരസ്പം ഏറ്റുമുട്ടാത്തവരുമാകുന്നു.

**4. ഭാസ്വതീ നേത്രീ സൂനൃതാനാമചേതി ചിത്രാ വിദുരോ ന ആവഃ |**
**പ്രാപ്ര്യാ ജഗദ്വ്യു നോ രായോ അഖ്യദുഷാ അജീഗർ ഭുവനാനി വിശ്വാ ||**

സ്തുതികളെ പ്രാപിച്ചു കാന്തിമതിയായ ഉഷസ്സ് ആഗതയായി. അവൾ നമുക്കുവേി കർമ്മക്ഷേത്രത്തിൻെറ വാതിലുകൾ തുറന്നിട്ടു. ലോകത്തെ കർമ്മങ്ങളിലേയ്ക്ക് പ്രേരിപ്പിച്ച് സമ്പത്തുകളെ പ്രകടമാക്കി അവൾ എല്ലാ ഭുവനങ്ങളേയും പ്രകാശത്താൽ പൂർണ്ണമാക്കി.

**5.ജിഹ്മശ്യ ചരിതവേ മഘോന്യാഭോഗയ ഇഷ്ടയേ രായ ഉത്വം |**
**ഭദ്രം പശദ്ഭ്യ ഉർവിയാ വിചക്ഷ ഉഷാ അജീഗർഭുവനാനി വിശ്വാ ||**

ചുരുുകൂടി ഉറങ്ങിയിരുന്നവരെ ഈ ധനേശ്വരിയായ ഉഷസ്സ് ചൈതന്യമുള്ളവരാകുന്നു. ഭോഗം, പൂജ, ധനം, ദൃഷ്ടി, ആരോഗ്യം എന്നിവകളാൽ അവൾ പ്രേരണ ചെലുത്തിക്കൊ് എല്ലാ ഭുവനങ്ങളേയും പ്രകാശത്താൽ നിറയ്ക്കുന്നു.

**6. ക്ഷത്രായ ത്വം ശ്രവസേ ത്വം മഹീയാ ഇഷ്ടയേ ത്വമർഥമിവ ത്വമിത്യൈ |**
**വിസദൃശാ ജീവിതാഭിപ്രചക്ഷ ഉഷാ അജീഗർഭുവനാനി വിശ്വാ ||**

ഭരണം, യശസ്സ്, യജ്ഞം, അപേക്ഷിതകാര്യങ്ങൾ, ജീവസന്ധാരണം എന്നിവകളിലേയ്ക്ക് മനുഷ്യരെ പ്രേരിപ്പിക്കുന്നവളായ ഉഷസ്സ് എല്ലാ ലോകങ്ങളുടെമേലും അധികാരം നടത്തുന്നു.

**7. ഏഷാ ദിവോ ദുഹിതാ പ്രത്യദർശി വ്യുഛന്തീ യുവതിഃ ശുക്രവാസാഃ |**
**വിശ്വസ്യേശാനാ പാർഥിവസ്യ വസ്വ ഉഷോ അദ്യേഹ സുഭഗേ വ്യയ്ഛ ||**

ഈ ഉജ്ജ്വലവസനയും യുവതിയുമായവൾ എല്ലാപാർഥിവ സമ്പത്തുകളുടേയും സ്വാമിനിയാകുന്നു. ആ ആകാശപുത്രി സൗഭാഗ്യത്തോടുകൂടി പൊട്ടിവിടരുന്നു. അവൾ ഇന്നിവിടെ വിരിയണേ.

**8. പരായതീനാമന്വേതി പാഥ ആയതീനാം പ്രഥമാ ശശ്വതീനാം |**
**വ്യുച്ഛന്തി ജീവമുദിരയന്ത്യുഷാ മൃതം കം ചന ബോധയന്തീ ||**

നിത്യവും വന്നുകൊിരിക്കുന്ന ഉഷസ്സുകളിൽ ഈ ഉഷസ്സ് കഴിഞ്ഞുപോയ ഉഷസ്സുകളുടെ മാർഗ്ഗങ്ങളിൽകൂടിതന്നെ ചലിക്കുന്നു.ജീവിതത്തിനു പ്രേരണ നൽകുന്നു. ഈ ഉഷസ്സ് മൃതനായവനുപോലും ചൈതന്യം പ്രദാനം ചെയ്യുന്നു.

**9. ഉഷോ യദഗ്നിം സമിധേ ചകർഥ വിയ സദാവശ്ച ക്ഷസാ സൂര്യസ്യ |**
**യൻമാനഷാന്യക്ഷമാണാം അജീഗരതദ്ദേവേഷു ചകൃഷേ ഭദ്രമഗ്നഃ ||**

ഹേ ഉഷസ്സേ! നീ ഹവിർദാതാവിനുവേി അഗ്നിയെ പ്രദീപ്തമാക്കുകയും സൂര്യപ്രകാശത്താൽ അന്ധകാരത്തെ നശിപ്പിക്കുകയും ചെയ്തു. യജ്ഞത്തിൽ വ്യാപൃതരായ മനുഷ്യർക്കുവേി പ്രകാശം നൽകണേ. നിങ്ങളുടെ ഈ പ്രവൃത്തി ദേവഗണങ്ങൾക്കും ഹിതകരമാകണേ.

**10. കിയാത്യാ യത്സമയാ ഭവാതി യാ വ്യൂഷുര്യാശ്ച നൂനം വ്യുച്ഛാൻ |**
**അനു പൂർവാഃ കൃപതേ വവശാനാ പ്രദീധ്യാനാ ജോഷമന്യാഭിരേതി ||**

കഴിഞ്ഞുപോയ ഉഷസ്സുകളും ഇപ്പോൾ ഉദിച്ചുകൊിരിക്കുന്ന ഉഷസ്സും നികടസ്ഥമായ ഉഷസ്സും എത്രനേരം നിലനിൽക്കും? കഴിഞ്ഞുപോയ ഉഷസ്സുകളെപ്പറ്റി ഇത്രയും ചിന്തിക്കുന്നവൾ വരുവാനിരിക്കുന്നതിനെപ്പറ്റി ഹർഷിതയാകുന്നു.

**11. ഈയേഷ്ടേ യേ പൂർവതരാമപശ്യന്വ്യുച്ഛന്തീ മുഷസം മർത്യാസഃ|**
**അസ്മാഭിരൂ നു പ്രതിചക്ഷ്യാഭൂദോ തേ യന്തി യേ അപരിഷു പശ്യാൻ ||**

യാതൊരുത്തർ പുരാതനമായ ഉഷസ്സുകൾ വികസിക്കുന്നതു ദർശിച്ചിരുന്നുവോ, അവർ മരിച്ചുകഴിഞ്ഞു. ഇപ്പോഴത്തെ ഉഷസ്സിനെ നാം ദർശിക്കുന്നു. ഇനി വരുവാനിരിക്കുന്ന ഉഷസ്സുകളെ മേലിൽ ജനിക്കുവാനിരിക്കുന്നവരും ദർശിക്കും.

**12. യാവയദ്ദ്വേഷാ ഋതപാ ഋതേജാഃ സുമ്നാവരീ സൂനൃതാ ഇരയന്തീ |**
**സുമങ്ഗലീർബിഭ്രതി ദേവവീതിമിഹാദ്യോഷഃ ശ്രേഷ്ഠതമാ വ്യുഛ ||**

ഹേ ഉഷസ്സേ! സത്യത്തെ പാലിക്കുന്നവളും, നിയമങ്ങളിൽ ഉറച്ചുനിൽക്കുന്ന സ്തുതികളുടെ പ്രേരകയും ദേവതകൾക്കുവേി ഹവിസ്സിനെ വഹിക്കുന്ന സർവ്വശ്രേഷ്ഠയായ നീ ഇന്നിവിടെ പ്രത്യക്ഷമാകണേ.

**13. ശശ്വത്പുരോഷ. വ്യുവാസാ ദേവ്യഥോ അധ്യേദം വ്യാവോ മഘോനീ |**
**അഥോ വ്യുച്ഛാദുത്തരം അനു ദ്യൂനജരാമൃതാ ചരതി സ്വധാഭിഃ ||**

പ്രാചീനകാലത്ത് ധനയുക്തനായ ഉഷസ്സ് പ്രകാടമായിരുന്നു ഇന്ന് ഈ ഉഷസ്സ് ലോകത്തെ പ്രകാശിതമാക്കുന്നു. ഭാവിയിലും, നീ വികസിക്കും. അജരയും അമരയുമായ ഈ ഉഷസ്സ് തന്നിഷ്ടമായി സഞ്ചരിക്കുന്നു.

**14. വ്യഞ്ജിഭിർദിവ ആതാസ്വദ്യൗദപ കൃഷ്ണാം നിർണിജം ദേവ്യാവഃ |**
**പ്രബോധായന്ത്യരുണേഭിരശ്വൈരോഷാ യാതി സുയുജാ രഥേന ||**

ഉഷസ്സ് അതിൻെറ തേജസ്സോടുകൂടി ആകാശത്തിൽ മിന്നിത്തെളിഞ്ഞു. അവൾ കൂരിരുട്ടിനെ അകറ്റിക്കളഞ്ഞു. ജീവികൾക്ക് ചൈതന്യം പകർന്നുകൊ് അവൾ അരുണാശ്വങ്ങളോടുകൂടിയ രഥത്തിലിരുന്നു കടന്നുപോകുന്നു.

**15. ആവഹന്തീ പോഷ്യാ വാര്യാണി ചിത്രം കേതും കൃണുതേ ചേകിതാനാ |**
**ഈയുഷീണാമുപമാ ശശ്വതീനാം വിഭാതീനാം പ്രഥമോഷാ വ്യശ്വൈത് ||**

പാലകയും അതുപോലെ വരണീയമായ ധനത്തെ നൽകുന്നവളുമായ ഈഉഷസ്സ് ജ്ഞാനത്തിൻെറ ഉജ്ജ്വലപ്രകാശം വിതറിക്കൊ് വിഗതയായ ഉഷസ്സുകളേക്കാളും അത്യധികം മഹത്വമുള്ളവളായിരിക്കുന്നു.

**16. ഉദീർധ്വംജീവോ അസുർന ആഗാദപ പ്രാഗാത്തമ ആ ജ്യോതിരേതി |**
**ആരൈക്പന്ഥാം യാതവേ സൂര്യയോഗൻമ യത്ര പ്രതിരന്ത ആയുഃ ||**

ഹേ മനുഷ്യരേ! ഉണരുവിൻ നമ്മുടെ എല്ലാവരുടേയും പ്രാണരൂപനായ സൂര്യൻ വന്നിരിക്കുന്നു. അന്ധകാരം അകന്നുപോയി ഉഷസ്സ് സൂര്യനുവേി വഴിയൊരുക്കി. നാം ആയുസ്സിനെ വളർത്തുന്ന സ്ഥാനത്തെത്തിയിരിക്കുന്നു.

**17. സ്യുമനാ വാച ഉദിയതിം വഹ്നിഃ സ്തവാനോ രേമ ഉഷസോ വിഭാതീഃ |**
**അദ്യാ തദുച്ഛ ഗൃണതേ മഘോന്യസ്മേ ആയുർനി ദിദീഹി പ്രജാവത് ||**

കാന്തിമതിയായ ഉഷസ്സിനെ സ്തുതിക്കുന്നവർ തെരഞ്ഞെടുത്ത വാക്കുകൾ പ്രയോഗിക്കുന്നു. ഹേ ഉഷസ്സേ! ഇന്ന് ആ സ്തോതാവിനുവേി പ്രത്യക്ഷയായി സന്തതീയുക്തമായ ആയുസ്സിനെ പ്രദാനം ചെയ്യണേ.

**18. യാ ഗോമതീരുഷസഃ സർവവീരാ വ്യുച്ഛന്തി ദാശുഷേ മർത്യായ |**
**വായോരിവ സൂനൃതാനാമുദർക്കേ താ അശ്വദാ അശ്നവത്സോമസുത്വാ ||**

ഗോധനത്തോടും വീരസന്താനങ്ങളോടും കൂടിയവളായ ഉഷസ്സ് ഹവിർദാതാവിനുവേി പ്രത്യക്ഷയാകുന്നു. സ്തുതികൾ പൂർണ്ണമായിക്കഴിയുമ്പോൾ സോമനിഷ്പന്ന കർത്താവ് അശ്വങ്ങളെ നൽകുന്ന ആ ഉഷസ്സിനെ വായുവേഗത്തോടുകൂടി പ്രാപിക്കുന്നു.

**19. മാതാ ദേവാനാമദിതേരനീകം യജ്ഞസ്യ കേതുർബൃഹതീ വാഭാഹി |**
**പ്രശസ്തികൃദ് ബ്രഹ്മണേ നോ വ്യുച്ഛാ നോ ജനേ ജനയ വിശ്വവാരേ ||**

ഹേ വരണീയയായ ഉഷേ! നീ ദേവമാതാവായ അദിതിയുടെ മുഖരൂപമായും യജ്ഞത്തിൻെറ ധ്വജരൂപവുമായി മാഹാത്മ്യത്തോടുകൂടി പ്രകാശിക്കണേ. നീ ഞങ്ങളുടെ മന്ത്രരൂപങ്ങളായ സ്തുതികളെ പ്രശംസിച്ചുകൊ് പ്രത്യക്ഷയാകുകയും ഞങ്ങളെ യശസ്വികളാക്കുകയും ചെയ്യണേ.

**20. യച്ചിത്രമപ്ന ഉഷസോ വഹന്തീജാനായ ശശമാനായ ഭദ്രം |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഉഷസ്സുകൾകൊു വരുന്ന ദിവ്യഗുണങ്ങൾ യജ്ഞകർത്താവിനും സ്തോതാവിനും മംഗളമയമായി ഭവിക്കണേ. മിത്രനും, വരുണനും , അദിതിയും സമുദ്രവും പൃഥ്വിയും ആകാശവും നമ്മുടെ ഈപ്രാർത്ഥനയെ അനുമോദിക്കണേ.

(ഉഷസ്സിൻെറ ആഗമനവേളയിൽ എല്ലാ മനുഷ്യരും ജോലികളിൽ വ്യാപൃതരാകുന്നതുാരണം അവളെ എല്ലാ ഭൗതീക സമ്പത്തുകളുടേയും സ്വാമിനിയായി കരുതുന്നു.)

# സൂക്തം 114

സൂക്തം 114 115 ഇവ ഗ്രാമത്തിന് സമുദായത്തിനുള്ള പ്രാർത്ഥനയാണ്.

**ഋഷി കുത്സൻ ദേവത രുദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ഇമാ രുദ്രായ തവസേ കപർദിനേ ക്ഷയദ്വീരായ പ്ര ഭരാമഹേ മതീഃ |**
**യഥാ ശമസദ്വിപദേ ചതുഷ്പദേ വിശ്വം പുഷ്ടംഗ്രാമേ അസ്മിന്നനാതുരം ||**

മഹാനും വീരൻമാരുടെ സ്വാമിയും ജടിലനുമായ രുദ്രനെ സ്തുതിക്കുന്ന ഇരുക്കാലികളും നാൽക്കാലികളും സുഖികളാകണേ. ഈ ഗ്രാമവാസികളായ എല്ലാ ജീവികളും രോഗരഹിതരായി പുഷ്ടി പ്രാപിക്കണേ.

**2. മൃളാ നോ രുദ്രോത നോ മയസ്കൃധി ക്ഷയദ്വീരായ നമസാ വിധേമ തേ |**
**യഛം ച യോശ്ച മനുരായേജേ പിതാ തദശ്യാമ തവ രുദ്ര പ്രണീതിഷു ||**

ഹേ രുദ്രാ! ദയ വിചാരിക്കൂ. സുഖം നൽകൂ. വീരൻമാരുടെ സ്വാമിയായ നിന്നെ ഞങ്ങൾ നമസ്കരിക്കുന്നു.

**3. അശ്യാമ തേ സുമതിം ദേവയജ്യയാ ക്ഷയദ്വീരസ്യ തവ രുദ്ര മീഢ്വഃ |**

**സുമ്നായന്നിദ്വിശോ അസ്മാകമാ**
**ചരാരിഷ്ടവീരാ ജുഹവാമ തേ ഹവിഃ ||**

ഹേ രുദ്രാ! ഞങ്ങൾ നിൻെറ ഉപാസകൻമാർ ദേവാർച്ചനകൾ വഴി, വീരൻമാരുടെ സ്വാമിയായ നിൻെറ ദയാദൃഷ്ടിക്കു പാത്രമാകണേ. നീ ഞങ്ങളുടെ സന്തതികൾക്ക് സുഖം നൽകണേ. ഹർഷിതാരായ വീരൻമാരോടു കൂടിയ ഞങ്ങൾ നിനക്ക് ഹവിസ് കാഴ്ചയായി സമർപ്പിക്കട്ടെ.

**4. ത്വേഷം വയം രുദ്രം യജ്ഞസാധം വാകും കവിമവസേ**
**നി ഹ്വയാമഹേ |**
**അഥാരേ അസ്മദ്ദൈവ്യം ഹേളോ അസ്യതു**
**സുമതിമി ദ്വയമസ്യാ വൃണീമഹേ ||**

ദീപ്തിമാനും, യജ്ഞം സ്വീകരിക്കുന്നവനും, കുടിലഗതിയോടുകൂടിയവനും, ജ്ഞാനിയുമായ രുദ്രനെ രക്ഷക്കുവേി ഞങ്ങളാഹ്വാനം ചെയ്യുന്നു. അവൻ ദേവതകളുടെ കോപത്തിന് നിവാരണമുാക്കട്ടെ. നമ്മൾ അവൻെറ അനുഗ്രഹം ആഗ്രഹിക്കുന്നു.

**5. ദിവോ വരാഹമരുഷം കപർദിനം ത്വേഷം രൂപം നമസാ**
**നിഹ്വയാമഹേ |**
**ഹസ്തേ ബിഭ്രൂദ്ഭേഷജാ വാര്യാണി ശർമ വർമ**
**ഛർദിരസ്മഭ്യം യംസത് ||**

ആകാശത്തിലെ ഘോരരൂപനും അരുണവർണ്ണനും ജടാധാരിയും മഹാതേജസ്വിയുമായ രുദ്രനെ നമസ്കാരപൂർവ്വം ഞങ്ങളാഹ്വാനം ചെയ്യുന്നു. അവൻ വരണീയങ്ങളായ ഔഷധങ്ങൾ കരങ്ങളിൽ വഹിച്ചച്ചുകൊ് നമ്മെ സുഖമുള്ളവരാക്കട്ടെ. അതുപോലെ തൻെറ രക്ഷാസാധനങ്ങളാൽ നിർഭയരാക്കുകയും ചെയ്യട്ടെ.

**6. ഇദം പിത്രേ മരുതാമുച്യതേ വചഃ സ്വാദോഃ സ്വാദീയോ**
**രുദ്രായ വർധനം |**
**രാസ്വാ ച നോ അമൃത മർതഭോജനം തമ്നേ**
**തോകായ തനയായ മൃള ||**

മരുത്തുക്കളുടെ ജനകനായ രുദ്രൻ നിമിത്തമായി ഈ മധുരസ്തോത്രത്തെ ഞങ്ങൾ ഉച്ചരിക്കുന്നു. ഹേ അവിനാശിയായ രുദ്രാ! ഞങ്ങൾക്ക് സോമനീയമായ പദാർത്ഥങ്ങൾ പ്രദാനം ചെയ്യൂ. നീ ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ദയവുള്ളവനായിരിക്കണേ.

**7. മാ നോ മഹാന്തമുത മാ നോ അർഭകം മാ ന**
**ഉക്ഷന്തമുത മാന ഉക്ഷിതം |**
**മാ നോ വധീഃ പിതരം മോത മാതരം മാ നഃ**
**പ്രിയാസ്തന്വോ രുദ്ര രീരിഷഃ ||**

ഹേ രുദ്രാ! ഞങ്ങളുടെ വൃദ്ധരും ബാലരും വൃദ്ധിയെ പ്രാപിക്കണേ. പുത്രൻമാരേയും യൗവനാവസ്ഥയിലുള്ളവരേയും മരിപ്പിക്കരുതേ ഞങ്ങളുടെ ശരീരങ്ങളെ പീഡിപ്പിക്കരുതേ.

**8. മാ നസ്തോക തനയേ മാ ന ആയൗ മാ നോ ഗോഷു**
**മാ നോ അശ്വേഷു രീരിഷഃ |**
**വീരാൻമാനോ രുദ്ര ഭാമിതോ വധീർഹവിഷ്മന്തഃ**
**സദാമിത്ത്വാ ഹവാമഹേ ||**

ഹേ രുദ്രാ! ഞങ്ങളുടെ സന്താനാദികളേയും ഭൃത്യാദികളേയും ഗോക്കളേയും അശ്വങ്ങളേയും കൊല്ലരുതേ. ഞങ്ങളുടെ വീരൻമാരുടെ നാശത്തിനായി നീ ക്രോധിക്കരുതേ. ഞങ്ങൾ സദാഹവിസ് നൽകിക്കൊ് നിന്നെ ആഹ്വാനം ചെയ്യുന്നു.

**9. ഉപ തേ സ്തോമാൻപശുവാ ഇവാകരം രാസ്വാ**
**പിതർമരുതാം സുമ്നയസ്മേ |**
**ഭദ്രാ ഹി തേ സുമതിർമൃളയത്തമാഥാ വയമവ**
**ഇത്തേ വൃണീമഹേ ||**

ഹേ മരുത്തുക്കളുടെ പിതാവായ രുദ്രാ! പശുപാലകൻ തൻെറ പശുക്കളെ സ്വാമിക്കു കാഴ്ചസമർപ്പിക്കുന്നതുപോലെ ഞാൻ നിനക്കുവേി സ്തോത്രങ്ങൾ കാഴ്ചസമർപ്പിച്ചു. നീ ഞങ്ങൾക്ക് സുഖം നൽകണേ. നിൻെറ ബുദ്ധി മംഗളദായിയാണല്ലോ? ഞങ്ങൾ നിന്നിൽനിന്നും രക്ഷ യാചിക്കുന്നു.

**10. ആരേ തേ ഗോഘ്നമുത പുരുഷഘ്നം ക്ഷയദ്വീര**
**സുമ്നമസ്മ തേ അസ്തു |**
**മൃളാ ച നോ അധി ച ബ്രൂഹി ദേവാധാ ച നഃ**
**ശർമ യഛ ദ്വിബർഹാഃ ||**

ഹേ വീരൻമാരുടെ സ്വാമിയായ രുദ്രാ! മൃഗങ്ങളേയും മനുഷ്യരേയും കൊല്ലുന്ന നിൻെറ ബാണങ്ങങ്ങൾ അകന്നുപോകണേ. ഞങ്ങളുടെമേൽ അവിടത്തെ കൃപയുായിരിക്കണേ. അങ്ങ് ഞങ്ങളുടെമേൽ കൃപയുള്ളവനായി ഞങ്ങളുടെ പക്ഷത്തിന് ആശ്രയം പ്രദാനം ചെയ്യണേ.

**11. അവോചാമ നമോ അസ്മാ അവസ്യവഃ ശൃണോതു**
**നോഹവം രുദ്രോ മരുത്വാൻ |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ**
**സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

രക്ഷയാഗ്രഹിച്ചുകൊ് രുദ്രനുനമസ്കാരം ഉാകട്ടെ എന്നുള്ള വചനം ഞങ്ങൾ ഉച്ചരിച്ചിരിക്കുന്നു. ആ രുദ്രൻ മരുത്ഗണങ്ങൾ സഹിതം നമ്മുടെ ആഹ്വാനം ശ്രവിക്കണേ. മിത്രനും വരുണനും അദിതിയും സമുദ്രവും പൃഥ്വിയും ആകാശവും നമ്മുടെ ഈ പ്രാർത്ഥനയെ അനുമോദിക്കണേ.

(ഈ സ്തോത്രത്തിൽ ഭഗവാൻെറ ഭീകരരൂപത്തെ രുദ്രനെന്നു വിശേഷിപ്പിക്കുന്നു, പുരാണങ്ങളിൽ രുദ്രനെ ശങ്കരനെന്ന് പറയുന്നു.)

# സൂക്തം 115

**ഋഷി കുത്സൻ ദേവത സൂര്യൻ ഛന്ദസ് ത്രിഷ്ടുപ്**

**1. ചിത്രം ദേവാനാമുദഗാദനീകം ചക്ഷുർമിത്രസ്യ**
**വരുണസ്യാഗ്നേഃ |**
**ആപ്രാ ദ്യാവാപൃഥിവീ അന്തരീക്ഷം സൂര്യ**
**ആത്മാ ജഗതസ്തസ്ഥുഷശ്ച ||**

ദേവഗണത്തിൻെറ വിചിത്രസുഖരൂപനും മിത്രൻ, വരുണൻ, അഗ്നി എന്നിവരുടെ നേത്രരൂപനുമായ സൂര്യൻ ഉദയം ചെയ്തിരിക്കുന്നു. സ്ഥാവരജംഗമങ്ങളുടെ പ്രാണരൂപമായ സൂര്യൻ ആകാശത്തേയും ഭൂമിയേയും അന്തരീക്ഷത്തേയും എല്ലാഭാഗത്തുനിന്നുംപ്രകാശിതമാക്കി.

**2. സൂര്യോ ദേവീമുഷസം രോചമാനാം മർയോ ന**

**യോഷാമഭ്യേതി പശ്ചാത് |**
**യത്രാ നരോ ദേവയന്തോ യുഗാനി വിതന്വതേ**
**പ്രതി ഭദ്രായ ഭദ്രം ||**

സ്ത്രീയുടെ പിന്നാലെ പോകുന്ന പുരുഷനെപ്പോലെ സൂര്യൻ കാന്തിമതിയായ ഉഷസ്സിൻെറ പിന്നാലെ ഗമിക്കുന്നു. ആ സമയം ഉപാസകഗണം യുഗങ്ങളോളം മംഗളകരമായ പ്രഭാവം പതിപ്പിക്കുന്നതിനുവേി കല്യാണപ്രദമായ യജ്ഞത്തെ വളർത്തുന്നു.

**3. ഭദ്രാ അശ്വാ ഹരിതഃ സൂരസ്യ ചിത്രാ ഏതഗ്വാ**
**അനുമാദ്യാസഃ |**
**നമസ്യന്തോ ദിവ ആ പൃഷ്ഠമ സ്ഥുഃ**
**പരിദ്യാവാപൃഥിവീ യന്തി സദ്യഃ ||**

കല്യാണസ്വരൂപനും സ്വർണ്ണവർണ്ണത്തോടുകൂടിയ പ്രകാശയുക്തമായ മാർഗ്ഗത്തിൽകൂടി ചരിക്കുന്നവനും, നിരന്തരം സ്തുതിക്കപ്പെടുന്നവനുമായ സൂര്യൻെറ അശ്വങ്ങൾ ആകാശത്തിന് പുറത്തുചാടിക്കയറുകയും അതേദിവസംതന്നെ ആകാശത്തേയും ഭൂമിയേയും ചുറ്റി വലം വയ്ക്കുകയും ചെയ്യുന്നു.

**4. തത്സൂര്യസ്യ ദേവത്വം തൻമഹിത്വം മധ്യാ കർതോർ**
**വിതതം സം ജഭാര |**
**യദേദയുക്ത ഹരിതഃ സധസ്ഥാദാദ്രാത്രീ**
**വാസസ്തനുതേ സിമസ്മൈ ||**

അന്ധകാരത്തെ മാറ്റുന്നത് സൂര്യൻെറ ദിവ്യകർമ്മമാകുന്നു. അവൻ തൻെറ സ്വർണ്ണക്കുതിരകളെ മാറ്റിക്കഴിയുമ്പോൾ രാത്രി അതിൻെറ കരിവസ്ത്രം വിതിർത്തിടുന്നു.

**5. തൻമിത്രസ്യ വരുണസ്യാഭിചക്ഷേ സൂര്യോ രൂപം**
**കൃണുതേ ദ്യോരുപസ്ഥേ |**
**അനന്തമന്യദ്രുശദസ്യ പാജഃ കൃഷ്ണമന്യദ്ധരിതഃ**
**സംഭരന്തി ||**

മിത്രനും വരുണനും കാണുന്നതിനുവേി സൂര്യൻ ആകാശത്തിൻെറ മടിത്തട്ടിൽ ആ പ്രസിദ്ധമായ രൂപം പ്രകടമാക്കുന്നു. ഇദ്ദേഹത്തിൻെറ സുവർണ്ണാശ്വങ്ങൾ തങ്ങളുടെ പ്രകാശയുക്തമായ ബലം പ്രത്യക്ഷമാക്കി അന്ധകാരത്തെ മറുഭാഗത്തേയ്ക്ക് തള്ളിമാറ്റുന്നു.

**6. അദ്യാ ദേവാ ഉദിതാ സൂര്യസ്യ നിരംഹസഃ പിപൃതാ**
**നിരവദ്യാത് |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ**
**സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഹേ ദേവകളേ! ഇന്ന് സൂര്യോദയമാകുമ്പോൾ ഞങ്ങളെ പാപകർമ്മങ്ങളിൽനിന്നും അപമാനങ്ങളിൽനിന്നും രക്ഷിക്കുവിൻ. മിത്രനും, വരുണനും, അദിതിും, സമുദ്രവും, പൃഥ്വിയും, ആകാശവും ഞങ്ങളുടെ ഈപ്രാർത്ഥനയെ അനുമോദിക്കണേ. (സൂര്യൻ, അദിതിപുത്രനായതിനാൽ ആദിത്യനെന്നു വിളിക്കപ്പെടുന്നു. കർമ്മം, കാലം പരിതസ്ഥിതി ഇവകൾക്കനുസരണമായി സൂര്യന് അനേകം നാമങ്ങൾ നൽകപ്പെട്ടിട്ടു്).

## അനുവാകം 17 സൂക്തം

## 116

ഇത് സൗരമന്ത്രങ്ങളിൽ പെട്ടതാണ്. ഇതിൽ ആദ്യമന്ത്രം എല്ലാ ആഹുതികൾക്കും ഹോമങ്ങൾക്കും ഉപയോഗിക്കുന്നതാണ്. വിശിഷ്ടമാണ്.

**ഋഷി കക്ഷീവാൻ ദേവത അശ്വിദ്വയർ ഛന്ദസ് ത്രിഷ്ടുപ്**

**1. നാസത്യാഭ്യഅം ബർഹിരിവ പ്ര വൃഞ്ജേ സ്തോമാം**
**ഇയർമ്യഭ്രിയേവ വാതഃ |**
**യാവർഭഗായ വിമദായ ജായാം സേനാജൂവാ**
**ന്യൂഹതു രഥേന ||**

സത്യസ്വരൂപനായ അശ്വിനികൾക്കായി സ്തോത്രങ്ങൾ തയ്യാറാക്കുകയും വായു മേഘജലത്തെ പ്രേരിപപപ്പിക്കുന്നതുപോലെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അശ്വിനികൾ വിമദൻെറ സ്ത്രീയെ സൈനിക പ്രവർത്തനത്താൽ അവൻെറയടുക്കൽ എത്തിച്ചു.

**2. വീളുപത്മഭിരാശുഹേമഭിർവാ ദേവാനാം വാ ജൂതിഭിഃ**
**ശാശദാനാ |**
**തദ്രാസഭോ നാസത്യാ സഹസ്രമാജാ യമസ്യ**
**പ്രധനേ ജിഗായ ||**

ഹേ അസത്യരഹിതരായ അശ്വിനികളേ! നിങ്ങൾ ബലപൂർവ്വം പറക്കുന്നവയും, ദ്രുതഗാമികളുമായ അശ്വങ്ങളാൽ ഉത്സാഹിതരായിരുന്നു. യമനുപ്രിയങ്കരമായ ആ യുദ്ധമത്സരത്തിൽ നിങ്ങളുടെ വാഹനം സഹസ്രങ്ങളുടെമേൽ വിജയം പ്രാപിച്ചു.

**3. തുഗ്രോ ഹ ഭുജ്യമശ്വിനോദമേഘേ രയിം ന**
**കശ്ചിൻമമൃവാം അവാഹാഃ |**
**തമൂഹഥുർനൗഭിരാത്മന്വതീഭിരന്തരിക്ഷപ്രദ്ഭിര**
**പോദകാഭിഃ ||**

ഹേ അശ്വിനികളേ! തുഗ്രൻ ഭുജ്യനെ, മരിച്ചവൻ ധനമുപേക്ഷിക്കുന്നതുപോലെ സമുദ്രത്തിലുപേക്ഷിച്ചു. നിങ്ങളവനെ സ്വന്തം അന്തരീക്ഷഗാമിനികളായ നൗകകളാൽ കൂട്ടിക്കൊു വരണേ.

**4. തിസ്രഃ ക്ഷപസ്ത്രിരഹാതിവ്രജദ്ഭിർനാസത്യാ**
**ഭുജ്യമൂഹഥഃ പതംഗൈഃ |**
**സമുദ്രസ്യ ധന്വന്നാർദ്രസ്യ പാരേ ത്രിഭീ രഥൈഃ**
**ശതപദ്ഭിഃ ഷളശ്വൈഃ ||**

അസത്യരഹിതരായ അശ്വിനികളേ! മൂന്നുരാവും മൂന്നുപകലുംവരെ ദ്രുതഗതിയോടുകൂടി സഞ്ചരിച്ച് രഥം വഴിയായി ഭുജ്യനെ സമുദ്രത്തിൻെറ അക്കരെയുള്ള ശുഷ്ക്കസ്ഥാനത്തുകൊുവന്നു.

**5. അനാരംഭണേ തദവീരയേഥാമനാസ്ഥാനേ അഗ്രഭണേ**
**സമുദ്രേ |**
**യദശ്വിനാ ഊഹദുർഭുജ്യുമസ്തം ശതാരിത്രാം**
**നാവമാതസ്ഥിവാംസം ||**

ഹേ അശ്വിനികളേ! നിരാധാരനായി കടലിൽ പതിച്ച ഭുജ്യനെ നൂറുപങ്കായത്തോടുകൂടി വള്ളത്തിൽ നിങ്ങൾ വീട്ടിലെത്തിച്ചു. ഇത് നിങ്ങളുടെഅത്യന്തം വീരസാഹസികമായ പ്രവൃത്തിയാണ്.

**6. യമശ്വിനാ ദദഥുഃ ശ്വേതമശ്വമഘാശ്വായു ശശ്വദിത്സ്വസ്തി|**
**തദ്വാം ദാത്രം മഹി കീർതന്യേം ഭൂത്പൈദ്വോ വാജീ സദമിദ്ധവ്യോ അര്യഃ ||**

ഹേ അശ്വിനികളേ! ദുഷ്ടക്കുതിരയോടുകൂടിയ രാജാ പേദുവിന്, നിങ്ങൾ വെള്ളക്കുതിരയെ പ്രദാനം ചെയ്തു. നിങ്ങളുടെ ഈമഹാദാനം പ്രശംസായോഗ്യം തന്നെ. ആ കുതിര എപ്പോഴും യുദ്ധങ്ങളിൽ വിജയിയായിക്കൊരിരിക്കുന്നു.

**7. യുവം നരാ സ്തുവതേ പജ്രിയായ കക്ഷീവതേ അരദതം പുരന്ധിം |**
**കാരോതരാച്ഛഫാദശ്വസ്യ വൃഷ്ണഃശതം കഭാം അസിഞ്ചതം സുരായാഃ ||**

ഹേ വീരൻമാരേ! നിങ്ങൾ സ്തുതിച്ചുകൊിരുന്ന കക്ഷീവാൻെറ ബുദ്ധി പ്രശസ്തമാക്കുകയും വീര്യമേറിയ അശ്വത്തിൻെറ ഖുരരൂപമായ കുഴിയിൽനിന്നും മഴ വർഷിപ്പിക്കുകയും ചെയ്തു.

**8. ഹിമേനാഗ്നിം ഘ്രംസമവാരയേഥാം പിതുമതീർമൂർ ജമസ്മാ അധത്തം |**
**ഋബീസേ അത്രിമശ്വിനാവനീതമുന്നിന്യുദഃ സർവഗണം സ്വസ്തി ||**

ഹേ അശ്വിനികളേ! നിങ്ങൾ കത്തിജ്വലിച്ച അഗ്നിയെ ശീതളജലത്താൽ ശാന്തമാക്കി അതിന് അന്നയുകതക്തമായ ബലം നൽകി നിങ്ങൾ അസുരൻമാരാൽ അന്ധകാരപൂർണ്ണമാക്കപ്പെട്ട വാരിധിയിൽ വീണുപോയ അത്രിയെ പ്രകാശത്തിലേയ്ക്ക് കൊുവന്നു.

**9. പരാവതം നാസത്യാനുദേഥാമുച്ചാബുധ്നം ചക്രഥുർജിഹ്മവാരം |**
**ക്ഷരന്നാപോ ന പായനായ രായേ സഹസ്രായ തൃഷ്യതേ ഗോതമസ്യ ||**

സത്യസ്വരൂപരായ അശ്വിനികളേ! നിങ്ങൾ മരുഭൂമിയിൽ ഗൗതമമഹർഷിയുടെ അടുത്തേക്ക് കിണറിനെ അയച്ചു. അതിൽനിന്നും ആയിരക്കണക്കിനു പിപാസുക്കൾക്ക് ജലം വർഷിപ്പിച്ചു.

**10. ജുജുരുഷോ നാസത്യോത വവ്രിം പ്രാമുഞ്ചതം ദ്രാപിമിവ ച്യവാനാത് |**
**പ്രാതിരതം ജഹിതസ്യായുർദസ്രാദിത്പതിമകൃണുതം കനീനാം ||**

സത്യസ്വരൂപരും വികരാളരുമായ അശ്വിനികളേ! നിങ്ങൾ വൃദ്ധനായ ച്യവനൻെറ വാർദ്ധക്യകവചത്തിനു സമാനം അഴിച്ചുമാറ്റുകയും ബന്ധുക്കളാൽ പരിത്യക്തനായ ഋഷിയുടെ ആയുസ് വർദ്ധിപ്പിച്ച് കന്യകമാരുടെ പതിയാക്കുകയും ചെയ്തുവല്ലോ.

**11. തദ്വാം നരാ ശംസ്യം രാധ്യംചാഭിഷ്ടിമന്നാസത്യാവരൂഥം |**
**യദ്വിദ്വാംസാ നിധിമിവാപഗൂളഹമുദ്ദർശതാ ദൂപദുർവന്ദനായ ||**

ഹേ മിഥ്യാരഹിതരായ അശ്വിനികളേ! അഭിലാഷയോഗ്യമായ നിങ്ങളുടെ രക്ഷണസാമർത്ഥ്യം പൂജനീയവും പ്രശംസനീയവുമാണല്ലോ. നിങ്ങൾ ഒളിച്ചുിരുന്ന നിധിയ്ക്കുതുല്യമായിരുന്ന വന്ദനനെ കിണറ്റിൽനിന്നും പുറത്തുകൊുവന്നു.

**12. തദ്വാം നരാ സനയേ ദംസ ഉഗ്രമാവിഷ്കൃണോമി തന്യതുർന വൃഷ്ടിം |**
**ദധ്യങ് ഹ യൻമധ്വാഥർവണോ വാമശ്വസ്യ ശീർഷ്ണാ പ്ര യദീമുവാച ||**

ഹേ വീരരേ! മേഘഗർജ്ജനം മഴയെ വർഷിക്കുന്നു. അതുപോലെ തന്നെ ഞാൻ നിങ്ങളുടെ ഉഗ്രകർമ്മങ്ങളെ പ്രകടമാക്കുന്നു. നിങ്ങൾക്കുവേി അഥർവാവിൻെറ പുത്രനായ ദധ്യങ്ഗൽ അശ്വത്തലകൊ് മധുവിദ്യ പഠിപ്പിച്ചു.

**13. അജോഹവീന്നാസത്യാ കരാ വാം മഹേ യാമൻ പുരുഭുജാ പുരന്ധിഃ |**
**ശ്രുതം തച്ഛാസുരിവ വധ്രിമത്യാ ഹിരണ്യഹസ്തമശ്വിനാവദത്തം ||**

അസംഖ്യങ്ങളുടെ പാലകരും നാസത്യരുമായ അശ്വിനികളേ! നിങ്ങളെ വധ്രിമതി ആഹ്വാനം ചെയ്തു. നിങ്ങൾ സന്തുഷ്ടരായി അവൾക്ക് ഹിരണ്യഹസ്തനെന്ന പുത്രനെ നൽകി.

**14. ആസ്നോ വൃകസ്യ വർതികാമഭീകേ യുവം നരാ നാസത്യാ മമുക്തം |**
**ഉതോ കവിം പുരുഭുജാ യുവം ഹ കൃപമാണമകൃണുതം വിചക്ഷേ ||**

നാസത്യരായ അശ്വിനികളേ! നിങ്ങൾ ബടേരിയെ (കാടയടിയാൻ പിട) ചെന്നായുടെ മുഖത്തുനിന്നും രക്ഷിക്കുകയും കരഞ്ഞുകൊിരുന്ന കണ്വന് കാഴ്ചശക്തി നൽകുകയും ചെയ്തു.

**15. ചരിത്രം ഹി വേരിവാച്ഛേദി പർണമാജാ ഖേലസ്യ പരിതക്മ്യായാം |**
**സദ്യോ ജംഘമായസീം വിശ്പലായൈ ധനേ ഹിതേ സർതവേ പ്രത്യധത്തം ||**

രാജാഖേലൻെറ പത്നിയുടെ പാദങ്ങൾ യുദ്ധത്തിൽ മുറിക്കപ്പെട്ടു. നിങ്ങൾ അവൾക്ക് നടക്കുന്നതിനുവേി ലോഹംകൊുള്ള പാദം നിർമ്മിച്ചുകൊടുത്തു.

**16. ശതം മേഷാൻവൃക്യേ ചക്ഷധാനമൃജ്രാശ്വം തം പിതാൻധം ചകാര |**
**തസ്മാ അക്ഷീ നാസത്യാ വിചക്ഷ ആധത്തം ദസ്രാ ഭിഷജാവനർവൻ ||**

നാസത്യരേ ദസ്രരേ! ചെന്നായ്ക്ക് നൂറാടുകളെ മുറിച്ചുകൊടുത്തതിൻെറ ശിക്ഷയായി ഋജാശ്വനെ അവൻെറ പിതാവ് ശപിച്ച് അന്ധനാക്കി. അവന് നിങ്ങൾ ശരിയായ കാഴ്ചയോടുകൂടിയ നേത്രങ്ങൾ നൽകി.

**17. ആ വാം രഥം ദുഹിതാ സൂരസ്യ കാർഷ്മേവാ തിഷ്ഠദർവതാ ജയന്തീ |**
**വിശ്വേ ദേവാ അന്വമന്യന്ത ഹൃദ്ഭിഃ സമുശ്രിയാ നാസത്യാ സചേഥേ ||**

ഹേ അശ്വിനികളേ! നിങ്ങൾ സൂര്യപുത്രിയെ പന്തയത്തിൽ ജയിച്ചു. അവൾ നിങ്ങളുടെ രഥത്തിൽകയറി ആ സമയം നിങ്ങളുടെ അശ്വങ്ങൾ അതിവേഗം പാഞ്ഞ് ഏറ്റവും മുന്നിലെ അതിർകുറ്റിൽ (ഓട്ടപന്തയത്തിലെ വിജയചിഹ്നം) എത്തിച്ചേർന്നു അപ്പോൾ ദേവഗണം നിങ്ങളെ അനുമോദിച്ചു.

**18. യദയാതം ദിവോദാസായ വരതിർഭരദ്വാ ജായാശ്വിനോ ഹയന്താ |**
**രേവദൂവാഹ സചനോ രഥോ വാം വൃഷമശ്ച ശിംശുമാരശ്ച യുക്താ ||**

ഹേ അശ്വിനികളേ! നിങ്ങൾ ദിവോദാസൻേറയും ഭരദ്വാജൻേറയും വീടുകളിൽ ചെന്നപ്പോൾ നിങ്ങളുടെ ഐശ്വര്യപൂർണ്ണമായ രഥത്തിൽ അന്നമുായിരുന്നു. ആ രഥത്തിൽ കാളയും മുതലയും പൂട്ടപ്പെട്ടിരുന്നു.

**19. രയിം സുക്ഷത്രം സ്വപത്യമായുഃ സുവീര്യം നാസത്യാ വഹന്താ |**
**ആ ജഹ്നാവീം സമനസോപ വാജൈസ്രീരഹ്നോ ഭാഗം ദധതീമയാതം ||**

നാസത്യരായ അശ്വിനികളേ! ഹവിർരൂപമായ അന്നത്തിൻെറ മൂന്നുഭാഗങ്ങളും നൽകിയ ജാഹ്നവിക്ക് നിങ്ങൾ സന്താനത്തെ നൽകുന്ന അന്നവും, രാജ്യയുക്തമായ ഐശ്വര്യവും, പുരുഷാർത്ഥയുക്തമായ ആയുസ്സും പ്രദാനം ചെയ്തു.

**20. പരിവിഷ്ടം ജാഹുഷം വിശ്വതഃ സീം സുഗേഭിർനക്ത മൂഹഥൂ രജോഭിഃ |**
**വിഭിന്ദുനാ നാസത്യാ രഥേന വി പർവതാം അജരയൂ അയാതം ||**

നാസത്യരും ജരാരഹിതരുമായ അശ്വിനികളേ! നിങ്ങൾ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട ജാഹുഷനെ രാത്രിക്കുരാത്രിതന്നെ സുഗമ്യമാർഗ്ഗങ്ങളിൽക്കൂടി എന്തും പിളർക്കുന്ന സ്വന്തം തേരിൽക്കയറ്റി പർവ്വതത്തിൻെറ മുകളിൽ എത്തിച്ചു.

**21. ഏകസ്യാ വസ്തോരാവതം രണായ വശമശ്വിനാ സനയേ സഹസ്രാ |**
**നിരഹതം ദുച്ഛനാ ഇന്ദ്രവന്താ പൃഥുശ്രവസോ വൃഷണാവരാതീഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഒരുദിവസം ആയിരം പണംവീതം ലഭിക്കുന്നവനാക്കി വശമഹർഷിയെ സഹായിച്ചു.പൃഥുശ്രവിസ്സിൻെറ ശത്രുക്കളെ ഇന്ദ്രനോടുകൂടിയ നിങ്ങൾ നശിപ്പിച്ചു.

**22. ശരസ്യ ചിദാർചത്കസ്യാവതാദാ നീചാദുച്ചാ ചക്രഥുഃ പാതവേ വാഃ |**
**ശയവേ ചിന്നാസത്യാ ശചീഭിർജസുരയേ സ്തര്യം പിപ്യഥുർഗാം ||**

ഹേ അശ്വിനികളേ! നിങ്ങൾ ഋചൽക്കൻെറ പുത്രനായ ശരൻെറ ദാഹം ശമിപ്പിക്കുന്നതിനായി ആഴമേറിയ കിണറ്റിലെ ജലം മുകളിൽകൊുവരികയും പരിക്ളാന്തനായ ശയുവിനുവേി പേറുനിന്ന പശുവിൽ കറവയുാക്കി പാൽ നിറയ്ക്കുകയും ചെയ്തു.

**23. അവസ്യതേ സ്തവതേ കൃഷ്ണിയായ ഋജൂയതേ നാസത്യാ ശചീഭിഃ |**
**പശും ന നഷ്ടമിവ ദർശനായ വിഷ്ണാപ്വം ദദഥുർവിശ്വകായ ||**

അശ്വിനികളേ! നിങ്ങളുടെ സഹായം ആഗ്രഹിച്ചവനായ കൃഷ്ണമഹർഷിയുടെ പുത്രനായ വിശ്വകന് നിങ്ങൾ സ്വകർമ്മത്താൽ നഷ്ടപ്പെട്ടുപോയ പുത്രൻ വിഷ്ണാവിനെ കാണാതായ ഗോപിനെ എന്നതുപോലെ കാണിച്ചുകൊടുത്തു.

**24. ദശ രാത്രീരശിവേനാ നവ ദ്യൂനവനദ്ധം ശ്നഥിത മപ്സ്വന്തഃ |**
**വിപ്രുതം രേഭമിദനി പ്രവൃക്തമുന്നിന്യഥുഃ സോമമിവ സ്രുവേണ ||**

ഹേ ഹേ അശ്വിനികളേ! സ്രുവംകൊ് സോമം കോരിയെടുക്കുന്നതുപോലെ, പത്തുരാവും ഒൻപതു പകലും പാശത്താൽ ബന്ധിതനായി ജലത്തിൽ കിടന്നിരുന്ന രേഭമഹർഷിയെ നിങ്ങൾ പൊക്കിയെടുത്തു.

**25. പ്ര വാം ദംസാംസ്യശ്വിനാവവോചമസ്യം പതിഃ സ്യാം സുഗവഃ സുവീരഃ |**

**ഉതപശ്യന്നശ്നുവന്ദീർഘമായുരസ്തവിവേജ്ജരിമാണം ജഗമ്യാം ||**

ഹേ അശ്വിനിദേവകളേ! ഞാൻ നിങ്ങളുടെ യശസ് ഗാനം ചെയ്യുന്നു. ഞാൻ സുന്ദരങ്ങളായ ഗോക്കളാലും വീരൻമാരാലും യുക്തനായി രാഷ്ട്രത്തിൻെറ തലവനായിത്തീരണേ. നേത്രങ്ങളാൽ സ്പഷ്ടമായി ദർശിച്ചുകൊും ദീർഘായുസ്സിനെ പ്രാപിച്ചുകൊും വൃദ്ധാവസ്ഥയിൽ പ്രവേശിക്കണേ.

# സൂക്തം 117

**ഋഷി കക്ഷീവാൻ ദേവത അശ്വിദ്വയർ ഛ ന്ദ സ് ത്രിഷ്ടുപ്**

**1. മധ്വഃ സോമസ്യാശ്വിനാ മദായ പ്രത്നോ ഹോതാവിവാസതേ വാം |**
**ബർഹിഷ്മതീ രാതിർവിശ്രിതാ ഗീരിഷാ യാതം നാസത്യോപ വാജൈഃ ||**

നാസത്യരായ8 അശ്വിനികളേ! പ്രാചീന ആഹ്വാതാവ് നിങ്ങളെ മധുരസോമത്താൽ സേചനം ചെയ്യുന്നു. ഹവിസ് കുശമേൽവച്ചിരിക്കുന്നു. സ്തുതികൾ ആലപിച്ചുകൊിരിക്കുന്നു. നിങ്ങൾ രുപേരും അന്നത്തോടും ബലത്തോടും കൂടി ഇവിടെ വന്നു ചേരണേ.

**2. യോ വാമശ്വിനാ മനസോ ജവീയാൻരഥഃ സ്വശ്വോ വിശ ആജിഗാതി |**
**യേന ഗച്ഛഥഃ സുകൃതോ ദുരോണം തേന നരാ വർതിരസ്മഭ്യം യാതം ||**

ഹേ അശ്വിനികളേ! മനോവേഗത്തോടുകൂടിയ അശ്വയുക്തമായ നിങ്ങളുടെരഥം ഉപാസകൻമാരുടെ അടുത്തേയ്ക്കെത്തുകയും നിങ്ങൾ യജമാനൻെറ ഭവനത്തെ പ്രാപിക്കുകയും ചെയ്യുന്നു.

അതിൽതന്നെ ഞങ്ങളുടെ ഭവനങ്ങളിലും ആഗതരാകുവിൻ.

**3. ഋഷിം നരാവംഹസഃ പാഞ്ചജന്യമൃബീസാദത്രിം മുഞ്ചഥോ ഗണേന |**
**മി നന്താ ദസ്യോരശിവസ്യ മായാ അനുപൂർവ്വം വൃഷണാ ചോദയന്താ ||**

ഹേ പുരാഷാർത്ഥികളായ അശ്വിനികളേ! ദൈത്യൻമാരുടെ ദുഃഖരൂപമായ മായയെ അകറ്റി നിങ്ങൾ ആയുസ്സുമുഴുവൻ പുജിച്ചുകൊിരുന്ന അത്രിയെ അന്ധകാരരൂപമാകുന്ന പാപസ്ഥാനത്തുനിന്നും കുടുംബസഹിതം മോചിപ്പിച്ചു.

**4. അശ്വം ന ഗുള്ളമഹമശ്വിനാ ദുരേവൈർഋഷിം നരാവൃഷണാ രേഭമപ്സു |**
**സം തം രിണീഥോ വിപ്രുതം ദംസോഭിർന വാം ജൂര്യന്തി പൂർവ്യാ കൃതാനി ||**

അശ്വിനികളേ! അശ്വങ്ങൾക്കുതുല്യം ദുഷ്ടരാൽ ജലത്തിലൊളിപ്പിക്കപ്പെട്ട, ഛിന്നഭിന്നമായ ശരീരത്തോടുകൂടിയ രേഭമഹർഷിയുടെ അവയവങ്ങളെ നിങ്ങൾ കൂട്ടിയോജിപ്പിച്ചു. നിങ്ങളുടെ പുരാതന കർമ്മങ്ങളിൽ ഒരിക്കലും ന്യൂനത സംഭവിക്കുന്നില്ല.

**5. സുഷുപ്വാംസം ന നിർഋതേരുപസ്ഥേ സൂര്യം ന ദസ്രാ തമസി ക്ഷിയന്തം |**
**ശുഭേ രുക്മം ന ദർശതം നിഖാതമുദൂപഥുരശ്വിനാ വന്ദനായ ||**

ഹേ അശ്വിനികളേ! മൃത്യുവിൻെറ അങ്കതലത്തിൽ ഉറങ്ങുന്നവനെപ്പോലെ, അന്ധകാരത്തിൽ ഒളിഞ്ഞിരിക്കുന്ന സൂര്യനെപ്പോലെ കുഴിച്ചെടുത്ത സ്വർണ്ണംപോലെ വന്ദന മഹർഷിയെ കൊവന്ന് നിങ്ങൾ സുശോഭിതനാക്കി.

**6. തദ്വാം നര ശംസ്യം പജ്രിയേണ കക്ഷീവതാ നാസത്യാ പരിജ്മൻ |**
**ശഫാദശ്വസ്യ വാജിനോ ജനായ ശതം കുംഭാം അസിഞ്ചതം മധൂനാം ||**

ഹേ അശ്വിനികളേ! നിങ്ങളുടെ സർവ്വത്ര വ്യാപിച്ചിരിക്കുന്നു. കർമ്മങ്ങൾ കക്ഷീവനാൽ പ്രശംസിക്കപ്പെടുന്നു. നിങ്ങൾ വേഗതയേറിയ അശ്വങ്ങളുടെ കുളമ്പടികളിൽനിന്നും മനുഷ്യർക്കാവശ്യമായ ജലം വർഷിപ്പിച്ചു.

**7. യുവം നരാ സ്തുവതേ കൃഷ്ണിയായ വിഷ്ണാപ്വം ദദഥുർവിശ്വകായ |**
**ഘോഷായൈ ചിത്പിതൃഷദേ ദുരോണേ പതിം ജൂര്യന്ത്യാ അശ്വിനാവദത്തം ||**

ഹേ അശ്വിനികളേ! നിങ്ങൾ സ്തോതാവായ വിശ്വകന് അയാളുടെ പുത്രനായ വിഷ്ണ്വാപനെ നൽകി. പിതൃഭവനത്തിൽ വൃദ്ധയായിക്കഴിഞ്ഞിരുന്ന ഘോഷയ്ക്ക് പതിയേയും പ്രദാനം ചെയ്തു.

**8. യുവം ശ്യാവായ രുശതീമദത്തം മഹഃ ക്ഷോണസ്യാശ്വിനാ കണ്വായ |**
**പ്രവാച്യം തദ്വൃഷണാ കൃതം വാം യന്നാർഷദായ ശ്രവോ അധ്യധത്തം ||**

ഹേ അശ്വിനികളേ! നിങ്ങൾ കറുത്തവർണ്ണത്തോടുകൂടയവനു കാന്തിമതിയും ഉന്നതകുലജാതയുമായവളെ പത്നിയായി നൽകി. കണ്വനു കാഴ്ച നൽകി. നൃഷത്തിൻെറ പുത്രന് നിങ്ങൾ ശ്രവണശക്തി നൽകി. നിങ്ങളുടെ ഈ കർമ്മങ്ങൾ പ്രശംസനീയംതന്നെ. ഹേ അശ്വിനികളേ! നിങ്ങൾ അനേകം രൂപങ്ങൾ ധരിക്കുന്നവരാണല്ലോ.

**9. പുരു വർപാസ്യശ്വിനാ ദധാനാ നി പേദവ ഊഹഥുരാശുമശ്വം |**
**സഹസ്രസാം വാജിനമപ്രതീതമഹിഹനം ശ്രവസ്യം തരുത്രം ||**

പേദുവിനുവേി വേഗമേറിയ അശ്വത്തെ നിങ്ങൾകൊുവന്നു. അത് ഒരിക്കലും പിൻമാറാത്തതും വളരെയധികം ധനം വഹിക്കുന്നതും ശത്രുക്കളുടെ ഇടയിൽ നിർഭയം കടന്നുചെന്ന് അവരെ സംഹരിക്കുന്നതിൽ സഹായിയും വിജയം നേടുന്നതിൽ സമർത്ഥവുമായിരുന്നു.

**10. ഏതാനിവാം ശ്രവസ്യാ സുദാനൂ ബ്രഹ്മാങ്ഗൂഷം സദനം രോദസ്യോഃ |**
**യദ്വാം പജ്രാസോ അശ്വിനാ ഹവന്തേ യാതമിഷാ ച വിദുഷേ ച വാം ||**

ഹേ കല്യാണകാരികളായ അശ്വിനികളേ! നിങ്ങളുടെ കർമ്മങ്ങൾ ശ്രവണയോഗ്യങ്ങളാണ്. വേദമന്ത്രതന്ത്രങ്ങൾ നിങ്ങളുടെ സ്തോത്രങ്ങളും ആകാശവും ഭൂമിയും വാസസ്ഥാനവുമാണല്ലോ? അംഗിരസുകൾ നിങ്ങളെ വിളിച്ചപ്പോൾ അന്നത്തോടും ബലത്തോടും കൂടി നിങ്ങൾ വരണേ.

**11. സൂനോർമാനേനാശ്വിനാ ഗൃണാനാ വാജം വിപ്രായ ഭൂരണാ രദന്താ |**
**അഗസ്ത്യേ ബ്രഹ്മണാ വാവൃധാനാ സംവിശ്പലാം നാസത്യാ രിണീതം ||**

ഹേ പാലന കർത്താക്കളേ! അശ്വിനിദേവകളേ! പുത്രനെപോലെ ഭക്തിയോടുകൂടി അഗസ്ത്യൻ നിങ്ങളെ സ്തുതിച്ചു. സ്തുതികളാൽ വൃദ്ധിപ്രാപിച്ച നിങ്ങൾ ജ്ഞാനിയായ ഭരദ്വാജന് അന്നവും വിശ്പലയ്ക്ക സ്വാസ്ഥ്യവും നൽകി.

**12. കുഹ യാന്താ സുഷ്ടുതിം കാവ്യസ്യ ദിവോ നപാതാ വൃഷണാ ശയുത്രാ |**
**ഹിരണ്യസ്യേവ കലശം നിഖാതമുദൂപഥുർദശമേ അശ്വിനാഹൻ ||**

ഹേഅശ്വിനികളേ! ശയുവിൻെറ രക്ഷകരും ശുകൻെറ കാവ്യങ്ങളായ സ്തുതി കേട്ടുപോയവരുമായ നിങ്ങൾ സ്വർണ്ണകലശത്തിനു സമാനം കുഴിച്ചിടപ്പെട്ടു രേഭനെ പത്താംനാൾ പൊക്കിയെടുത്തു.

**13. യുവം ച്യവാനമശ്വിനാ ജരന്തം പുനർയുവാനം ചക്രഥുഃ ശചീഭിഃ |**
**യുവോ രഥം ദുഹിതാ സൂര്യസ്യ സഹ ശ്രിയാ നാസത്യാവൃണീത ||**

ഹേ അശ്വിനികളേ! നിങ്ങൾ വൃദ്ധനായിരുന്ന ച്യവനെ യുവാവാക്കി. സൂര്യപുത്രി ശോഭായുക്തയായി നിങ്ങളെ വരിച്ചു.

**14. യുവം തുഗ്രായ പൂർവ്യേഭിരേവൈഃ**

പുനർമന്യാവഭവതം യുവാനാ |
യുവം ഭുജ്യംമർണസോ നിഃ സമുദ്രാദ്വി
ഭിരൂഹഥരജ്രേഭിരശ്വൈഃ ||

ഹേ അശ്വിനികളേ! ഉഗ്രൻ നിങ്ങളെ പുരാതന സ്തോത്രങ്ങളാൽ സ്മരിച്ചു. നിങ്ങൾ പക്ഷിവേഗത്തിൽ പറന്നുപോകുന്ന അശ്വങ്ങൾ ദ്വാരഭ്യജ്യുംവിനെ സമുദ്രത്തിൽനിന്നും കൊുവന്നു.

15. അജോഹവീദശ്വിനാ തൗഗ്ര്യോ വാം പ്രോളഹഃ
സമുദ്രമവ്യഥിർ ജഗന്വാൻ |
നിഷ്ഠമൂഹഥുഃ സുയുജാ രഥേന മനോജവസാ
വൃഷണാ സ്വസ്തി ||

ഹേ അശ്വിനികളേ! തുഗ്രപുത്രൻ സമുദ്രത്തിൽ മുങ്ങിയിട്ടും തുടർച്ചയായി നിങ്ങളെ ആഹ്വാനം ചെയ്തു. നിങ്ങൾ അവനെ വേഗമേറിയ രഥത്തിൽകൂടി കൊുവന്നുവല്ലോ.

16. അജോഹവീദശ്വിനാ വർതികാ വാമാസ്നോ
യത്സീമമുഞ്ചാതം വൃകസ്യ |
വിജയുഷാ യയദുഃ സാന്വദ്രേർജാതം വിഷ്വാചോ
അഹതം വിഷേണ |

ഹേ അശ്വിനികളേ! വർതിക നിങ്ങളെ ആഹ്വാനമ ചെയ്തു. നിങ്ങൾ അതിനെ ചെന്നായുടെ വായിൽനിന്നും രക്ഷിച്ചു. വിജയരഥത്തോടുകൂടി പർവ്വതമുകളിലെത്തി. നിങ്ങൾ വിഷ്വാക്കിൻെറ കുഞ്ഞിനെ വിഷയുക്തമായ ആയുധത്താൽ വധിച്ചു.

17. ശതം മേഷാൻവൃക്യേ മാമഹാനം തമഃ
പ്രണീതമശിവേന പിത്രാ |
ആക്ഷീ ഋജ്രാശ്വേ അശ്വിനാവ ധത്തം ജ്യോതിരന്ധായ
ചക്രഥുർവിചക്ഷേ ||

ഹേ അശ്വിനികളേ! തള്ളച്ചെന്നായ്ക്ക് നൂറു ആടുകളെ കൊടുത്ത ഋജശ്വനെ അവൻെറ പിതാവ് അന്ധനാനാക്കിത്തീർത്തു. നിങ്ങളവന് നേത്രങ്ങൾ നൽകി. അവയിൽ പ്രകാശം നിറച്ചു.

18. ശുനമന്ധായ ഭരമഹ്വയത്സാ വൃകീരശ്വിനാ വൃഷണാ
നരേതി |
ജാരഃ കനീന ഇവ ചക്ഷദാന ഋജ്രാശ്വഃ ശതമേകം
ച മേഷാൻ ||

വൃകി അന്ധനായ ഋജ്രാശ്വനുവേി പ്രാർത്ഥിച്ചു. ഋജ്രാശ്വൻ മൂഢത്വത്താൽ അമിതവ്യയിയായി തരുണനായ ജാരനുസമാനം ഒരുനൂറ്റിഒന്ന് ആടുകളെ എനിക്ക് മുറിച്ചുതന്നു.

19. മഹീ വാമൂതിരശ്വിനാ മയോ ഭൂരുത സ്രാമം
ധിഷ്ണ്യാ സം രിണീഥഃ |
അഥാ യവാമിദഹ്വയത് പുരന്ധിരാഗഛതം സീം
വൃഷണാവവോഭിഃ ||

ഹേ അശ്വിനികളേ! നിങ്ങൾ സുഖം നൽകുന്നതിൽ സമർത്ഥരാണല്ലോ. അംഗഹീനർക്ക് അംഗം നൽകുന്നവരാണല്ലോ. അതിനാൽ വിശ്മല നിങ്ങളെ വിളിച്ചു. അപ്പോൾ നിങ്ങളവളെ രക്ഷിച്ചു.

20. അധേനും ദന്നാ സ്തര്യ വിഷക്താമ പിന്വതം ശയവേ
അശ്വിനാ ഗാം |
യുവം ശചീഭിർവിമദായ ജായാം ന്യൂഹഥുഃ
പുരുമിത്രസ്യ യോഷാം ||

ഹേ അശ്വിനികളേ! നിങ്ങൾ ശയുവിനുവേി കറവുവറ്റിയ പശുവിനെ ക്ഷീരാന്വിതയാക്കി. നിങ്ങൾ പുരുമിത്രൻെറ പുത്രിയെ വിമദൻെറ ഭാര്യയാക്കി.

21. യവം വൃകേണാശ്വിനാ വപന്തേഷം ദുഹന്താ
മനുഷായ ദസ്രാ |
അഭി ദസ്യം ബകുരേണ ധമന്തോരു
ജ്യോതിശ്ചക്രഥുരാര്യായ ||

ഹേ അശ്വിനികളേ! നിങ്ങൾ വയലുഴുവിച്ച്, അന്നം അന്നം ഉൽപ്പാദിപ്പിച്ചു. വജ്രായുധത്താൽ ദൈത്യൻമാരെ നിഗ്രഹിച്ച് മനുഷ്യർക്ക് പരമമായ ഉപകാരം ചെയ്തു.

22. അഥർവണായശ്വിനാ ദധീചേശ്വ്യം ശിരഃ
പ്രത്യൈരയതം |
സ വാം മധു പ്ര വോചദൃതായന്ത്വാഷ്ട്രം
യദ്സ്രാവപികക്ഷ്യം വാം ||`

ഹേ അശ്വിനികളേ! നിങ്ങൾ അഥർവൻെറ പുത്രനായ ദധ്യൻെറ കുതിരയുടെ ശിരസിനെ കൂട്ടിയോജിപ്പിച്ചപ്പോൾ അവൻ ഇന്ദ്രനിൽനിന്നും പ്രാപിച്ച മധുവിദ്യ നിങ്ങളെ പഠിപ്പിച്ചു. ആ വിദ്യ നിങ്ങൾക്ക് അതിബലം നൽകുന്നതായിഭവിച്ചുവല്ലോ.

23. സദാ കവീ സുമതിമാ ചകേ വാം വിശ്വാ ധിയോ
അശ്വിനാ പ്രാവതം മേ |
അസ്മേ രയിം നാസത്യ ബൃഹന്തമപത്യസാചം
ശ്രുത്യം രരാഥാം ||

ഹേ അശ്വിനികളേ! ഞാൻ നിങ്ങളുടെ ദയയാചിക്കുന്നു. നിങ്ങളെൻെറ സംരക്ഷകരായിരിക്കു. ഞങ്ങൾക്ക് സന്താനങ്ങളും അനിന്ദ്യമായ ധനവും പ്രദാനം ചെയ്യണേ.

24. ഹിരണ്യഹസ്തമശ്വിനാ രരാണാ പുത്രം നരാ
വധ്രിമത്യാ അദത്തം |
ത്രിധാഹശ്യാവമശ്വിനാ വികസ്തമുജ്ജീവസ
ഐരയതം സുദാനൂ ||

ഹേ അശ്വിനികളേ! നിങ്ങൾ വധ്രിമതിക്ക് ഹിരണ്യഹസ്തൻ എന്ന പുത്രനെ നൽകി. നിങ്ങൾ മൂന്നു കഷണമാക്കപ്പെട്ട ശ്യാവ മഹർഷിയെ കൂട്ടിച്ചേർത്ത് ജീവൻ നൽകി.

25. ഏതാനി വാമശ്വിനാ വീര്യാണി പ്ര
പൂർവ്യാണ്യായവോ വോചന |
ബ്രഹ്മ കൃണ്വന്തോ വൃഷണാ യുവഭ്യാം സുവീരാസോ
വിദഥമാ വദേമ ||

ഹേ അശ്വിനികളേ! നിങ്ങളുടെ പ്രാചീനവീര കർമ്മങ്ങളെപ്പറ്റി പൂർവ്വൻമാർ പറഞ്ഞിട്ടു്. നിങ്ങളെ സ്തുതിച്ചുകൊ്, സുന്ദരൻമാരും, വീരൻമാരുമായ പുത്രൻമാരോടെ പൂജാകർമ്മങ്ങളിൽ മുഴുകുമാറാകണേ.

## സൂക്തം 118

ഋഷി കക്ഷീവാൻ ദേവത അശ്വിദ്വയർ ഛന്ദസ് ജഗതി, ത്രിഷ്ടുപ്

1. ആ വം രഥോ അശ്വിനാ ശ്യേനപത്വാ സുമൃളീകഃ സ്വവാം യാത്വർവാങ് |
യോ മർത്യസ്യ മനസോ ജവീയാന്ത്രിവന്ധുരോ വൃഷണാ വാതരംഹാഃ ||

ഹേ അശ്വിനികളേ! വജ്രത്തിനുതുല്യം പറക്കുന്ന പരമൈശ്വര്യത്തോടുകൂടിയ നിങ്ങളുടെ രഥം ഇവിടെ വരണേ. ഈ രഥം വായുവിൻെറ ഗതിയോടുകൂടിയതും അത്യധികം വേഗമുള്ളതുമാണല്ലോ.

2. ത്രിവന്ധുരേണ ത്രിവൃതാ രഥേന ത്രിചക്രേണ സുവൃതാ യാതമർവാക് |
പിന്വതം ഗാ ജിന്വതമർവതോ നോ വർധയമശ്വിനാ വീരമസ്മേ ||

അശ്വിനികളേ! നിങ്ങൾ മൂന്നുസ്തംഭങ്ങളോടുകൂടിയ രഥത്തിൽ ഇവിടെവരണേ. ഞങ്ങളുടെ ഗോക്കളെ പാലുള്ളവയാക്കണേ. അശ്വങ്ങളെ വേഗമേറിയവയാക്കണേ. വീരൻമാർക്കുന്നതി നൽകണേ.

3. പ്രവദ്യാമനാ സുവൃതാ രഥേന ദസ്രാവിമം ശൃണുതം ശ്ലോകമദ്രേഃ |
കിമങ്ഗ വാം പ്രത്യവർതി ഗമിഷ്ഠാഹുർവിപ്രാസോ അശ്വിനാ പുരാജാഃ ||

ഹേഅശ്വിനികളേ! ഇറങ്ങിവരുന്ന തേരിലിരുന്ന് സോമം ഇടിയ്ക്കുന്ന ശബ്ദം ശ്രവിക്കുവിൻ, പൂർവവവ്വൻമാർ നിങ്ങളെ ദാരിദ്ര്യവിനാശകരെന്നുപറഞ്ഞിരുന്നു.

4. ആ വാം ശ്യേനാസോ അശ്വിനാ വഹന്തു രഥേ യുക്താസ ആശവഃ പതങ്ഗാഃ |
യേ അപ്തുരോ ദിവ്യാസോ ന ഗൃധ്രാ അഭിപ്രയോ നാസത്യാ വഹന്തി ||

ഹേ അശ്വിനികളേ! ദ്രുതഗാമികളായ കുതിരകളാൽ യുക്തമായ രഥത്തിൽ നിങ്ങളിവിടെ വരുവിൻ. ഇത് ആകാശത്തിൽക്കൂടി പറക്കുന്ന കഴുകനു തുല്യം നിങ്ങളെ ഇവിടെ കൊുവരണേ.

5. ആ വാം രഥം യുവതിസ്തിഷ്ഠദത്ര ജുഷ്ട്വീ നരാ ദുഹിതാ സൂര്യസ്യ |
പരി വാമശ്വാ വപുഷഃ പതങ്ഗാ വയോ വഹന്ത്വരുഷാ അഭീകേ ||

ഹേ അശ്വിനികളേ! പ്രസന്നവദനയായ സൂര്യപുത്രി നിങ്ങളുടെ രഥത്തിൽ കയറിയിരുന്നു. ആ രഥത്തെ നിങ്ങൾ സഹിതം പക്ഷിരൂപരായ അരുണവർണ്ണാശ്വങ്ങൾ ഇവിടെകൊുവരണേ.

6. ഉദ്വന്ദനമൈരതം ദംസനാഭിരുദ്രേഭം ദസ്രാ വൃഷണാ ശചീഭിഃ |
നിഷ്ടൗഗ്ര്യം പാരയഥഃ സമുദ്രാത്പുനശ്ച്യവാനം ചക്രഥുര്യുവാനം ||

ഹേ ഉഗ്രകർമ്മാക്കളായ അശ്വിനികളേ! നിങ്ങൾ വന്ദനനെ ഉദ്ധരിച്ചു. രേഭനെ രക്ഷിച്ചു. ഉഗ്രപുത്രനെ സമുദ്രത്തിൽനിന്നും കൊുവരികയും ച്യവനന് യൗവ്വനാവസ്ഥ നൽകുകയും ചെയ്തു.

7. യുവമത്രയേ വനീതായ തപ്തമൂർജമോമാനമശ്വിനാവധത്തം |
യുവം കണ്വായാപിരിപ്തായ ചക്ഷുഃ പ്രത്യധത്തം സുഷ്ടുതിം ജുജുഷാണാ ||

അശ്വിനികളേ! നിങ്ങൾ ദഹിപ്പിക്കപ്പെട്ട അത്രിക്ക് സുഖം നൽകുന്ന അന്നം കൊടുത്തു. സ്തുതികൾ ശ്രവിക്കുന്ന നിങ്ങൾ കണ്വന് നേത്രങ്ങൾ നൽകി.

8. യുവം ധേനും ശയവേ നാധിതായാ പിന്വതമശ്വിനാ പൂർവ്യായ |
അമുഞ്ചതം വർതികാമംഹസോ നിഃ പ്രതി ജങ്ഘാം വിശ്പലായാ അധത്തം ||

ഹേ അശ്വിനിദേവകളേ! പ്രാർത്ഥിച്ചിരുന്ന ശയുവിൻെറ പശുവിനെ പാലുള്ളതാക്കി. വർത്തികയുടെ ദുഃഖം അകറ്റുകയും, വിശ്പലക്ക് കണങ്കാലു കൊടുത്ത് നടക്കുമാറാക്കുകയും ചെയ്തു

9. യുവം ശ്വേതം പേദവ ഇന്ദ്രജൂതമഹിഹനമശ്വിനാദത്തമശ്വം |
ജോഹൂത്രമര്യോ അഭിഭൂതിമുഗ്രം സഹസ്രസാം വൃഷണം വീഡ്വങ്ഗം ||

ഹേ അശ്വിനികളേ! നിങ്ങൾ പേദുവിന് ഇന്ദ്രനാൽ പ്രേരിതവും ശത്രുനാശകവും ഐശ്വര്യശാലിയും ശ്വേതനിറമുള്ളതുമായ അശ്വത്തെ ദാനം ചെയ്തു.

10. താ വാം നരാ സ്വവസേ സുജാതാ ഹവാമഹേ അശ്വിനാ നാധമാനാഃ |
ആ ന ഉപ വസുമതാ രഥേന ഗിരോ ജുഷാണാ സുവിതായ യാതം ||

ഹേ അശ്വിനികളേ! ഞങ്ങളുടെ രക്ഷയ്ക്കുവേി ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങൾ ഞങ്ങളുടെ സ്തുതികൾ സ്വീകരിച്ച് ധനയുക്തമായ രഥത്തോടുകൂടി ഞങ്ങളുടെ അടുക്കൽ വരണേ.

11. ആ ശ്യേനസ്യ ജവസാ നൂതനേനാസ്മേ യാതം നാസത്യാ സജോഷാഃ |
ഹവേ ഹി വാമശ്വിനാ രാതഹവ്യഃ ശശ്വത്തമായാ ഉഷസോ വ്യുഷ്ടൗ ||

അശ്വിനിദേവരേ! നിങ്ങൾ കഴുകൻെറ ഗതിയോടുകൂടി ഞങ്ങളുടെ അടുക്കൽ വരണേ. ീ ഉഷക്കാലത്തിൽ ഹവിസ്സും കരങ്ങളിലേന്തി നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

# സൂക്തം 119

ഋഷി കക്ഷീവാൻ ദേവത അശ്വിദ്വയർ ഛന്ദസ് ജഗതി

1. ആ വാം രഥം പുരുമായം മനോജുവം ജീരാശ്വം യജ്ഞിയം ജീവസേ ഹുവേ |
സഹസ്രകേതും വനിനം ശതദ്വസും ശ്രുഷ്ടീവാനം

**വരിവോധാമഭി പ്രയഃ ||**

ഹേ അശ്വിനികളേ! ജീവധാരണത്തിനുവേ നിങ്ങളുടെ ബുദ്ധിമത്തും വേഗമേറിയതും ഉത്തമങ്ങളും ആയ അശ്വങ്ങളാൽ പൂജിതവും ധ്വജായുക്തമായ സമ്പത്തുകളാൽ നിറഞ്ഞിരിക്കുന്നതുമായ രഥം ഹവിസ്സുകളുടെ നേരെഞ്ഞാനാകാർഷിക്കുന്നു.

**2. ഊർധ്വാ ധീതിഃ പ്രത്യസ്യ പ്രയാമന്യധായി**
**ശസ്മൻത്സമയന്ത ആ ദിശഃ |**
**സ്വദാമി ധർമം പ്രതി യന്ത്യൂതയ ആ വമൂർജാനി**
**രഥമശ്വിനാരുഹത് ||**

ഈ രഥം കടന്നുപോകുമ്പോൾ ഞങ്ങൾ മുകളിലേയ്ക്ക് നോക്കുന്നു. എല്ലാ ഭാഗങ്ങളിൽനിന്നും സ=തുതിൾ ഉയരുന്നു. ഞാൻ യജ്ഞഹവിസ്സുകളെ സ്വാദുപൂർണ്ണമാക്കുന്നു. ഋത്വിജൻമാർ ആ ഭാഗതേതത്തയ്ക്ക് പോയിരിക്കുന്നു. ഹേ അശ്വിനികളേ! നിങ്ങളുടെ രഥത്തിൽ സൂര്യപുത്രി കയറിയിരിക്കുന്നു.

**3. സം യൻമിഥഃ പസ്പൃധാനാസോ അഗ്മത ശുഭേ മഖാ**
**അമിതാ ജായവോ രണേ |**
**യുവോരഹ പ്രവണേ ചേകലതേ രഥോ യദശ്വിനാ**
**വഹഥഃ സൂരിമാ വരം ||**

ഹേ അശ്വിനികളേ! പരസ്പരം ഈർഷ്യാലുക്കളും എന്നാൽ പ്രസന്നചിത്തരുമായ വീരൻമാർ യുദ്ധത്തിൽ നിന്നുള്ള യശപ്രാപ്തിക്കുവേ ഒന്നിച്ചുകൂടിയിരിക്കുന്നു. അപ്പോൾ നിങ്ങളുടെ രഥം താഴേക്കിറങ്ങേിയിരിക്കുന്നു. അതിൽക്കൂടി സ്തോതൃവീരൻമാർക്കുവേ വരണീയമായ ധനം നിങ്ങൾ കൊുവരുന്നു.

**4. യുവം ഭുജ്യം ഭുരമാണം വിഭിരഗതം സ്വയുക്തിഭിർ**
**നിവഹന്താ പിതൃഭ്യ ആ |**
**യാസിഷ്ടം വർതിവ്യർഷണാ വിജേന്യൻ**
**ദിവോദാസായ മഹി ചേതി വാമവഃ ||**

ഹേ അശ്വിനികളേ! സമുദ്രത്തിലെ തിരമാലകളിലമർന്ന് നഷ്ടപ്രായനായ ഭുജ്യനെ നിങ്ങൾ സ്വയം പൂട്ടപ്പെടുന്ന അശ്വങ്ങൾ വഴിയായി കൂട്ടിക്കൊുപോയി. അവൻെറ വീട്ടിൽ പ്രവേശിപ്പിച്ചു. ദിവോദാസനു നിങ്ങൾ ചെയ്ത സഹായം വളരെ പ്രസിദ്ധമായിത്തന്നെയിരിക്കുന്നു.

**5. യുവോരശ്വിനാ വപുഷേ യുവായുജം രഥം വാണീ**
**വേമതുരസ്യം ശർധ്യം |**
**ആ വാം പതിത്വം സഖ്യായ ജഗ്മുഷീ യോഷാവൃണീത**
**ജേന്യാ യുവാം പതീ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ മനോഹരങ്ങളായ അശ്വങ്ങൾ സ്വയം പൂട്ടപ്പെട്ട് ശോഭിതമായ രഥത്തെ ലക്ഷ്യസ്ഥാനങ്ങളിലെത്തിക്കുന്നു. അപ്പോൾ സൂര്യപുത്രി (പന്തയപ്പെണ്ണ്) മൈത്രീഭാവത്തോടുകൂടി ആഗതയായി. നിങ്ങൾ എൻെറ പതിയാകുന്നു. എന്നുപറഞ്ഞുകൊ് നിങ്ങളെ വരിച്ചു.

**6. യുവം രേഭം പരിഷൂതേഷ്പരുരുഥോ ഹിമേന ഘർമം**
**പരിതപ്തമത്രയേ |**
**യുവം ശയോരവസം പിപ്യഥുർഗവി പ്ര ദീർഘേണ**
**വന്ദനസ്താര്യായുഷാ ||**

ഹേ അശ്വിനികളേ! നിങ്ങൾ രേഭനെ രക്ഷിച്ചു. അത്രിക്കുവേി അഗ്നിയെ ശീതള ജലത്താൽ ശാന്തമാക്കി. ശയുവിൻെറ ഗോവിനെ കറവയുള്ളതാക്കുകയും വന്ദനനു ദീർഘായുസ്സ് നൽകുകയും ചെയ്തു.

**7. യുവം വന്ദനം നിരഋതായ ജരണ്യം രഥം ന ദസ്രാ**
**കരണാ സമിന്വഥഃ |**
**ക്ഷേത്രാദാ വിപ്രം ജനഥോ വിപന്യയാ പ്ര**
**വാമത്ര വിധതേ ദംസനാ ഭുവത് ||**

ഹേ അശ്വിനികളേ! നിങ്ങൾ സ്വന്തം കൗശലത്താൽ വന്ദനരുടെ ജീർണ്ണശരീരത്തെ, രഥത്തെ എന്നപോലെ ശരിയാക്കി. സ്തുതികളാൽ പ്രസന്നരായ നിങ്ങൾ ഗർഭസ്ഥമായ ശിശുവിനെപ്പോലും ജ്ഞാനിയാക്കുന്നു. നിങ്ങളുടെ കർമ്മങ്ങൾ യജമാനനെ രക്ഷിക്കണേ.

**8. അഗച്ഛതം കൃപമാണം പരാവതി പിതുഃ സ്വസ്യത്യജസാ**
**നിബാധിതം |**
**സ്വർവതീരിത ഊതിര്യുവോരഹ ചിത്രം അഭീകേ**
**അഭവന്നഭിഷ്ടയഃ ||**

ഹേ അശ്വിനികളേ! ദൂരദേശത്ത് കരഞ്ഞുകൊിരുന്ന ഭുജ്യുവിൻെറ അടുക്കൽ നിങൾഫോയി. നിങ്ങളുടെ ദിവ്യരക്ഷകൾ അവിടെ ആശ്ചര്യകരമായി പ്രവർത്തിച്ചു.

**9. ഉത സ്യാ വാം മധുമൻമക്ഷികാരപൻമദേ സോമസ്യൗ**
**ശിജോ ഹുവന്യതി |**
**യുവം ദധീചോ മന ആ വിവാസഥോ ഥാ ശിരഃ**
**പ്രതി വാമശ്വ്യംവദത് ||**

ആ തേനീച്ചകൾ മധുരപലഹാരത്താൽ നിങ്ങളെ സ്തുതിച്ചു. കക്ഷിവാൻ സോമത്തിൻെ ആനന്ദത്തിനുവേി നിങ്ങളെ വിളിച്ചു. നിങ്ങൾ ദധ്യൻെറ മനസ്സിനെ ആകർഷിച്ച്, അവൻെറ മേൽവിരിച്ചിരുന്ന കുതിരത്തലയിൽനിന്നും മധുവിദ്യ അഭ്യസിച്ചു.

**10. യുവം പേദവേ പുരുവാരമശ്വിനാസ്പൃധാം ശ്വേതം**
**തരുതാരം ദുവസ്യഥഃ |**
**ശര്യൈരഭിദ്യും പൃതനാസു ദുഷ്ടരം ചർകൃത്യമിന്ദ്രമിവ**
**ചർഷണീസഹം ||**

അശ്വിനിദേവകളേ! നിങ്ങൾ പേദുവിനുവേി സംഗ്രാമത്തിൽ വിജയിക്കുന്നതും, സാമർത്ഥ്യമേറിയതും, വളരെപ്പേരാൽ അഭിലഷിക്കത്തക്കതും ശത്രുക്കളെ വശീകരിക്കുന്നതിൽ ഇന്ദ്രനു തുല്യം ശ്വേതവർണ്ണത്തോടുകൂടിയതുമായ അശ്വത്തെ പ്രദാനം ചെയ്തുവല്ലോ.

# സൂക്തം 120

**ഋഷി ഓശിക പുത്രൻ കക്ഷിവാൻ ദേവത അശ്വിനികൾ**
**ഛന്ദസ് ഗായത്രീ, ഉഷ്ണിക, അനുഷ്ടുപ്**

**1. കാ രാധദ്ധോത്രാശ്വിനാ വാം കോ വാം ജോഷ**
**ഉഭയോഃ | കഥാ വിധാത്യപ്രചേതാഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഏതു സ്തുതിയെ ആഗ്രഹിക്കുന്നു? നിങ്ങളെ ആർക്കു പ്രസന്നരാക്കുവാൻ കഴിയും? ദൂരജ്ഞാനിയായ

വ്യക്തിക്കു നിങ്ങളുടെ സാധന എപ്രകാരം നടത്തുവാൻ കഴിയും?

2. വിദ്വാംസാവിദ്ദുരഃ പൃച്ഛേദവിദ്വാനിത്ഥാപരോ അചേതാഃ | നൂ ചിന്നൂ മരാതാ അക്രൗ ||

അജ്ഞാനിയായ മനുഷ്യൻ ഈ വിദ്വാൻമാരിൽ നിന്നുതന്നെ സ്തുതികളുടേയും പൂജകളുടേയും വിധികൾ പഠിക്കണേ. ഈ അശ്വിനികുമാരൻമാരുടെ മുമ്പിൽ എല്ലാവരും അജ്ഞാനികൾ തന്നെയാണ്.ഇവർ മനുഷ്യരുടെമേൽ ശീഘ്രമായി കൃപചൊരിയുന്നു.

3. താ വിദ്വാംസാ ഹവാമഹേ വാം താ നോ വിദ്വാംസാ മൻമ വോചേതമദ്യ |
പാർചദ്ദയമാനോ യുവാകഃ ||

ഹേ അശ്വിനികളേ! നിങ്ങൾ വിദ്വാൻമാരെ തന്നെ ആഹ്വാനം ചെയ്യുന്നു. ഞങ്ങൾക്ക് സ്തുതിയോഗ്യങ്ങളായ മന്ത്രങ്ങൾ പറഞ്ഞുതരൂ. നിങ്ങൾക്ക് ഹവിസ്സ് നൽകുന്നവർ അത്യന്തം ഭക്തിയോടുകൂടി നമസ്കരിക്കുന്നു.

4.വി പൃഛാമി പാക്യാ ന ദേവാന്വഷൽകൃതസ്യാദ്ഭുതസ്യദസ്രാ |
പാതം ച സഹ്യസോ യുവം രഭ്യസോ നഃ ||

ഹേ അശ്വിനികളേ! ഞാനൊരു ബാലനെ പോലെ ദേവഗണങ്ങളോട് യജ്ഞസംബന്ധമായി ജിജ്ഞാസപ്രകടിപ്പിക്കുന്നു. അതിശക്തനിൽനിന്നും ഭയങ്കരവ്യക്തിയിൽനിന്നും നിങ്ങൾ ഞങ്ങളെ രക്ഷിക്കണേ.

5. പ്ര യാ ഘോഷേ ഭൃഗവാണേ ന ശോഭേ യയാ വാചായജതി പജ്രിയോ വാം |
പ്രൈഷയുർന വിദ്വാൻ ||

നിങ്ങളുടെ സ്തുതിരൂപവാണി ഭൃഗുവിനുസം ആചരിച്ച ഘോഷയുടെ പുത്രനിൽ സുശോഭിതമായി.അതുവഴി പജ്രവംശി നിങ്ങളെ സ്തുതിക്കുന്നു. ഈ വാണി ജ്ഞാനത്താൽ അത്യന്തം നിറഞ്ഞിരിക്കുന്നു.

6. ശ്രുതം ഗായത്രം തകവാനസ്യാഹം ചിദ്ധി രിരേഭാശ്വിനാ വാം |
ആക്ഷീ ശുഭസ്പതീ ദൻ ||

ഹേ അശ്വിനികളേ! എൻെറയൊരു സ്തുതിയെ ശ്രവിക്കുവിൻ. ഞാൻ നിങ്ങളെതന്നെ സ്തുതിച്ചിരിക്കുന്നു. നിങ്ങൾ അന്ധൻമാർക്കു നേത്രങ്ങള ദാനം ചെയ്യുന്നു. എൻെറ മനോരഥവും സഫലമാക്കണേ.

7. യുവം ഹ്യാസ്തം മഹോ രന്യുവം വാ യന്നിരതതംസതം |
താനോ വസൂ സുഗോപാ സ്യാതംപാതം നോ വൃകാദഘായോഃ ||

ഹേ അശ്വിനികളേ! നിങ്ങള വിസ്തൃതമായ ധനം നൽകുന്നു. ഞങ്ങളെ രക്ഷിക്കുകയും പാപകർമമമ്മികളായ മോഷ്ടാക്കളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുവിൻ.

8. മാ കസ്മൈ ധാധമഭ്യമിത്രിണേ നോ മാകുത്രാ നോ ഗൃഹഭ്യോ ധേനവോ ഗുഃ |
സ്ത നാഭുജോ അശിശ്വീഃ ||

ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളെ ശത്രുക്കളാൽ പരാജിതരാക്കരുതേ. പാലുതരുന്ന ഞങ്ങളുടെ ഗോക്കൾ കിടാവിൽനിന്നും അകന്നുപോകാതിരിക്കുകയും മറ്റുസ്ഥാനത്തെ പ്രാപിക്കാതിരിക്കുകയും ചെയ്യട്ടെ.

9. ദുഹീയൻമിത്രധിതയേ യുവാക രായേ ച നോ മിമീതം വാജവത്യൈ |
ഇഷേ ച നോ മിമീതം ധേനുമത്യൈ ||

ഹേ അശ്വിനികളേ! നിങ്ങളുടെ ഉപാസകൻമാർ മിത്രങ്ങളുടെ പ്രയോജനത്തിനുവേി നിങ്ങളോടു യാചിക്കണേ. നിങ്ങൾ ഞങ്ങളെ ബലത്താലും ധനത്താലും യുക്തരാക്കുവിൻ. അന്നത്തിൻേറയും ഗോക്കളുടേയും പ്രാപ്തിക്കുവേി സമർത്ഥരാക്കണേ.

10. അശ്വിനോരസനം രഥമനശ്വം വാജിനീവതോഃ |
തേനാഹം ഭൂരി ചാകന ||

ഞാൻ അശ്വിനികുമാരൻമാരിൽനിന്നു അശ്വങ്ങൾ കൂടാതെ ചലിക്കുന്ന രഥം അന്ന സഹിതം പ്രാപിചച്ചതുവഴി ഞാൻ മഹത്തായ ഐശ്വര്യപ്രാപ്തി ആശിക്കുന്നു.

11. അയം സമഹ മാ തനൂഹ്യാതേ ജനാം അനു |
സോമപേയം സുഖോ രഥഃ ||

ഹേ ധനയുക്തനായ രഥമേ! എന്നെ വളർത്തൂ. ഈ സുഖകാരിയായ രഥം സോമംപാനം ചെയ്യുവാൻ യോഗ്യമായ സ്ഥലങ്ങളിൽ എത്തി മനുഷ്യരെ പ്രാപിക്കുന്നു.

12. അധ സ്വപ്നസ്യ നിർവിദേഭുഞ്ജതശ്ച രേവതഃ |
ഉഭാ താ ബസ്രി നശ്യതഃ ||

പ്രഭാതകാലത്തെ സ്വപ്നവും സമ്പത്തിനെ ഉപഭോഗം ചെയ്യാത്ത ധനികനും ഉപേക്ഷാപാത്രമാണ്. ഇത് രും അതിവേഗം നശിക്കുന്നു.

# അനുവാകം 18 സൂക്തം 121

ഋഷി ഔശിജാ പുത്രൻ കക്ഷീവാൻ ദേവത വിശ്വേ ദേവതകൾ, ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്

1. കദിത്ഥാ നൄംഃ പാത്രം ദേവയതാം ശ്രവദ്ഗിരോ അങ്ഗിരസാം തുരണ്യൻ |
പ്ര യദാനഢ്വിശ ആ ഹർമ്യസ്യോരു ക്രംസതേ അധ്വരേ യജത്രഃ ||

മനുഷ്യരുടെ രക്ഷകനായ ഇന്ദ്രദേവൻ ഭക്തരായ അംഗിരസ്സുകളുടെ പ്രാർത്ഥന എപ്പോൾ ശ്രവിക്കും? അദ്ദേഹം ഗൃഹസ്ഥനായ യജമാനൻെറ എല്ലാ യജ്ഞകർത്താക്കളേയും തൻെറ എല്ലാഭാഗത്തും കാണുമ്പോൾ അത്യധികം ഉത്സാഹത്തോടുകൂടി അതിവേഗം പ്രകടനാകും.

2. സ്തംഭീദ്ധ ദ്യാം സ ധരുണം പ്രുഷായദൃഭുർവാജായ ദ്രവിണം നരോ ഗോഃ |
അനു സ്വജാം മഹിഷശ്ചക്ഷത വ്രാം മേനാമശ്വസ്യ പരി മാതരം ഗോഃ ||

ജ്ഞാനിയായ ആ വീരപുരുഷൻ ആകാശത്തെ ധാരണം ചെയ്തു. അന്നത്തിനുവേി ഗോക്കളെ പുഷ്ടിപ്പെടുത്തുകയും ധനത്തിനുവേി

ഭൂമിയെ നനക്കുകയും ചെയ്തു. അയാൾ തൻെറ മഹിമയാൽ ഉൽപ്പന്നമായ പ്രജകളുടെമേൽ കൃപയുള്ളവനായി അശ്വസ്ത്രീയെ ഭൂമിയുടെ മാതാവാക്കുകയും ചെയ്തു.

**3. നക്ഷദ്ധവമരുണീഃ പൂർവ്യം രാട് തുരോ വിശാമങ്ഗിര സാമനു ദ്യൂൻ |**
**തക്ഷദ്വജ്രം നിയതം തസ്തഭ്യദ്ദ്യാം ചതുഷ്പദേ നര്യായ ദ്വിപാദേ ||**

ഉഷസസസ്സിൻെറ സ്വാമിയായ ഇന്ദ്രൻ അംഗിരസ്സുകളുടെ ആഹ്വാനമനുസരിച്ച് നിത്യവും പോതാറുായിരുന്നു. അദ്ദേഹം ഹനനശീലത്തോടുകൂടിയ വജ്രായുധം പണിയിച്ചു. ഇരുകാലികൾക്കും നാൽക്കാലികൾക്കുമായി ആകാശം സ്ഥാപിച്ചു.

**4. അസ്യ മദേ സ്വര്യം ദാ ഋതായാപീവൃതമുസ്രിയാണാമ നീകം |**
**യദ്ധ പ്രസർഗേ ത്രികകുമ്നിവർദതപ ദ്രുഹോ മാനുഷസ്യ ദുരോ വഃ ||**

ഹേ ഇന്ദ്രാ! അങ്ങ് ഈസോമത്താൽ പുഷ്ടനായി ഗോക്കളുടെ ഈ സമൂഹത്തെ വാസ്തവത്തിൽ ദാനം ചെയ്തു. അങ്ങയുടെ ത്രികോണവജ്രം ശത്രുക്കളെ സംഹരിക്കുമ്പോൾ മനുഷ്യരെ പീഡിപ്പിക്കുന്ന പണികളുടെ വാതിലുകളെ ഗോക്കളെ രക്ഷപ്പെടുത്തുന്നതിനായി തുറന്നുകൊടുക്കുന്നു.

**5. തുഭ്യം പയോ യത്പിതരാവനീതാം രാധഃ സുരേതസ്തുരണേ ഭുരണ്യൂ |**
**ശുചി യത്തേ രേക്ണ ആജയന്ത സബർദുഘായാഃ പയ ഉസ്രിയായാഃ ||**

ശീഘ്രകാരിയായ ഇന്ദ്രനുവേി മാതാപിതാക്കളായ ആകാശവും ഭൂമിയും ഉൽപ്പാദനശക്തിയുക്തവും ബലപ്രദവുമായ പാൽകൊുവന്നിരുന്നു. ആ സമയം അമൃതരൂപമായ പാലോടുകൂടിയ ഗോവിൻെറ ക്ഷീരരൂപമായ ധനം നിങ്ങൾക്ക് കാഴ്ചവെക്കപ്പെട്ടിരുന്നു.

**6. അധ പ്ര ജജ്ഞേ തരണിർമമത്തു പ്ര രോച്യസ്യാ ഉഷസോ ന സൂരഃ |**
**ഇന്ദുര്യേഭിരാഷ്ട സ്വേദുഹവ്യൈഃ സ്രുവേണ സിഞ്ചഞ്ജരണാഭി ധാമ ||**

ദ്രുതഗാമിയും സൂര്യരൂപനുമായ ഇന്ദ്രൻ ഉഷസ്സിൻെറ സമീപം പ്രകാശിതനായി. പ്രകാശിക്കുന്ന ഹവിസസസ്സിനെസ്രുവം കൊ് കോരിയടെുത്ത് സോമസാധകൻമാരുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കുന്നതുപോലെ ഈശത്രു വിജയിയായ അവൻ ഞങ്ങളെ സന്തുഷ്ടനാക്കണേ.

**7. സ്വിധ്മാ യദ്വനധിതിരപസ്യാത്സൂരോ അധ്വരേ പരി രോധനാ ഗോഃ |**
**യദ്ധ പ്രഭാസി കൃത്വ്യാം അനു ദ്യൂനനർവിശേ പശ്വിഷേ തുരായ ||**

ഹേ ഇന്ദ്രാ! വിദ്വാൻമാരുടെ യജ്ഞത്തിൽ ഇന്ദ്രിയങ്ങളെ നിഗ്രഹിക്കുന്ന തേജസ്സ് നല്ലതുപോലെ പ്രകാശിക്കുന്നു. സാരഥി, മൃഗസംരക്ഷകൻ, അതിവേഗം കാര്യങ്ങൾ നടത്തുന്നവൻ തുടങ്ങിയ എല്ലാ ജീവികളും അവരവരുടെ കാര്യങ്ങൾ നടത്തുന്നു. ഇത് അങ്ങയുടെ കിരണദാനത്തിൻെറ പ്രതിഫലം തന്നെയാകുന്നു.

**8. അഷ്ടാ മഹോ ദിവ ആദോ ഹരീ ഇഹദ്യുമ്നാസാഹമഭി യോധാന ഉത്സം |**
**ഹരിം യത്തേ മന്ദിനം ദുക്ഷൻവൃധേ ഗോരഭസമദ്രിഭിർവാതാപ്യം ||**

ഹേ ഇന്ദ്രാ! പ്രകാശത്തെ മറക്കുന്ന കൂപത്തെ ഖണ്ഡനം ചെയ്യുന്നതിനുവേി നിങ്ങൾ വിസ്തൃതമായ ആകാശത്തിൽക്കൂടി എട്ടു കുതുരകളെ കൊുവന്നു. ആ സമയം സാധകൻമാർ നിങ്ങൾക്കുവേി പാലിൽ നനച്ച സോമത്തെ അമ്മിക്കല്ലാൽ ഇടിച്ചുപിഴിയും.

**9. ത്വമായസം പ്രതി വർതയോ ഗോർദിവോ അശ്മാനമുപനീതമൃഭ്വാ |**
**കുത്സായ യത്ര പുരുഹൂത വന്വഞ്ഛുഷ്ണമനന്തൈഃ പരിയാസി വധൈഃ ||**

അനേകരാൽ ആഹൂതനായ ഇന്ദ്രൻ ത്വഷ്ടാവിനാൽ പ്രയുക്തമായ ഇരുമ്പുവജ്രത്തെ ആകാശത്തിൽക്കൂടി എറിഞ്ഞു. ആ സമയം ശുഷ്ണനെ അസ്ത്രങ്ങളാൽ വലയം ചെയ്ത് കുത്സനെ രക്ഷിച്ചു.

**10. പുരാ യത്സുരസ്തമസോ അപീതേസ്തമദ്രിവഃ ഫാലിഗം ഹേതിമസ്യ |**
**ശുഷ്ണസ്യ ചിത്പരിഹിതം യദോജോ ദിവസ്പരി സുഗ്രഥിതം തദാദഃ ||**

ഹേ വജ്രായുധാ! സൂര്യൻ അന്ധകാരത്തിൽ മായുന്നതിനു മുമ്പായിതന്നെ വൃത്രൻെറ നേരെ വജ്രം പ്രയോഗിക്കൂ. ആകാശത്തിനു മുകളിലുള്ള ശുഷ്ണൻെറ (അനാവൃഷ്ടിയാകുന്ന ദൈത്യൻ) അഭേദ്യബലതെതത്ത തകർക്കൂ.

**11. അനു ത്വാ മഹീ പാജസീ അചക്രേ ദ്യാവാക്ഷാമാ മദതാമിന്ദ്ര കർമൻ |**
**ത്വം വൃത്രമാശയാനം സിരാസു മഹോ വജ്രേണ സിഷ്വപോ വരാഹും ||**

ഹേ ഇന്ദ്രാ! മഹത്തായ ആകാശവും ഭൂമിയും നിൻെറ വൃത്രവധകർമ്മത്താൽ വളരെ പുഷ്ടിപ്രാപിച്ചു. നീ ആ വരാഹത്തിനുസമാനം വൃത്രനെ തൻെറ ഘോരവജ്രത്താൽ കൊന്നു നിലത്തുവീഴ്ത്തി.

**12. ത്വമിന്ദ്ര നര്യോ യാം അവോ നൃന്തിഷ്ഠാ വാതസ്യ സുയുജോ വഹിഷ്ഠാൻ |**
**യം തേ കാവ്യ ഉശനാ മന്ദിനം ദാദ്വൃത്രഹണംപാര്യം തതക്ഷ വജ്രം ||**

ഹേ ഇന്ദ്രാ! നീ മനുഷ്യരുടെ ഹിതങ്ങളെ പാലിക്കുന്ന അശ്വങ്ങളുടെ പുറത്തുകയറൂ. കവിപുത്രനായ ഉശനൻ വൃത്രനാശകനായ വജ്രായുധം അങ്ങേക്ക് നൽകിയിരുന്നു. അതിനെ മൂർച്ചയുള്ളതാക്കൂ.

**13. ത്വം സൂരോ ഹരിതോ രാമയോ നൃൻഭരച്ചക്രമേതശോ നായമിന്ദ്ര |**
**പ്രാസ്യ പാരം നവതിം നാവ്യാനാമപി കർതമവർതയോ യജ്യൂൻ ||**

ഹേ ഇന്ദ്രാ! നീ സൂര്യൻെറ അരുണാശ്വങ്ങളെ തടഞ്ഞുനിർത്തി.

അവയ്ക്ക് തേരിന്റെ ചക്രങ്ങൾ ചലിപപപ്പിക്കുവാൻ കഴിഞ്ഞില്ല. അങ്ങ് അയജ്ഞികരേയും രാക്ഷസൻമാരേയും തൊണ്ണൂറു നദികൾക്കപ്പെപ്പുറം എറിഞ്ഞുവീഴ്ത്തി.

**14. ത്വം നോ അസ്യാ ഇന്ദ്ര ദുർഹണായാഃ പാഹി വജ്രിവോ ദുരിതാഭദീകേ |**
**പ്ര നോ വാജ ന്രഥ്യോ അശ്വബുധ്യാനിഷേ യന്ധിശ്രവസേ സൂനൃതായൈ ||**

ഹേ വജ്രായുധാ! നീ ഞങ്ങളുടെ നികടവർത്തിയായ, ദാരിദ്ര്യരൂപമായ പാപത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണേ. അന്നം, യശസ്സ്, സത്യവാണി രഥം അശ്വങ്ങൾ മുതലായവ ഞങ്ങൾക്ക് ദാനം ചെയ്യൂ.

**15. മാ സാ തേ അസ്മത്സുമതിർവി ദസദ്വാജ പ്രമഹഃ സമിഷോ വരന്ത |**
**ആ നോ ഭജ മഘവൻഗോഷ്വര്യോ മംഹിഷ്ഠാസ്തേ സധമാദഃ സ്യാമ ||**

ഹേ ബലങ്ങളുടെ കാരണഭൂതനും, പ്രതാപിയും ഐശ്വര്യവാനുമായ ഇന്ദ്രാ! ഞങ്ങളുടെമേലുള്ള അങ്ങയുടെ ദയാബുദ്ധിക്കുന്യൂനത സംഭവിക്കാതിരിക്കട്ടെ. ഞങ്ങളുടെ കൈവശം അന്നം നന്നായ ു ായിരിക്കണേ. ഞങ്ങൾക്ക് ഗോക്കളെ ദാനം ചെയ്യണേ. ഞങ്ങൾ അങ്ങയെ സ്തുതിച്ചുകൊ് അത്യധികം പ്രസന്നതയും പുഷ്ടിയും പ്രാപിക്കണേ.

# രാം അഷ്ടകം

# അദ്ധ്യായം 1

# അനുവാകം 1 സൂക്തം 122

**ഋഷി കക്ഷീവാൻ ദേവത വിശ്വേദേവകൾ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. പ്ര വഃ പാന്തം രഘുമന്യവോന്ധോ യജ്ഞം രുദ്രായ മീളഹൂഷേ ഭരധ്വം |**
**ദിവോ അസ്തോഷ്യസുരസ്യ വീരൈരിഷുധ്യേവ മരുതോ രോദസ്യോഃ ||**

ഹേ ദ്രുതഗാമികളായ മരുത്ഗണങ്ങളേ! ഞങ്ങൾ രുദ്രനുവേിഅന്നരൂപമായ ഹവിസ്സ് ദാനം ചെയ്യുന്നു. ഞാൻ ആകാശത്തിലെ വീരൻമാർ സഹിതം അവനെ സ്തുതിക്കുന്നു. അവൻ ആകാശത്തിലേയും ഭൂമിയിലേയും വീരൻമാർക്കു സമാനം അസ്ത്രം ധരിച്ച് ശത്രുക്കളെ നിരസ്ത്രരാക്കുന്നു.

**2. പത്നീവ പൂർവഹൂതിം വാവൃധധ്യാ ഉഷാസാനക്താ പുരുധാ വിദാനേ |**
**സ്തരീർനാത്കം വ്യുതം വസാനാ സൂര്യസ്യ ശ്രിയാ സുദൃശീ ഹിരണ്യൈഃ ||**

ഭർതതത്താവു വിളിക്കുമ്പോൾ അതിവേഗം വന്നുചേരുന്ന ഭാര്യയ്ക്ക് തുല്യം അഹോരാത്രം ദേവതകൾ നമ്മുടെ ആദ്യത്തെ വിളിക്കുതന്നെ എഴുന്നള്ളട്ടെ. രാത്രി ധൂമ്രവർണ വസ്ത്രങ്ങളോടുകൂടിയവളും ഉഷസ് സൂര്യകിരണയുക്തയും അത്യന്തം സുന്ദരിയായും കാണപ്പെടുന്നു.

**3. മമത്തു നഃ പരിജ്മാ വസർഹാ മമത്തു വാതോ അപാം വൃഷണ്വാൻ |**
**ശിശീതമിന്ദ്രാപർവതാ യുവം നസ്തന്നോ വിശ്വേ വരിവസ്യന്തു ദേവാഃ ||**

പകലോനായ സൂര്യൻ നമുക്ക് സന്തുഷ്ടി പ്രദാനം ചെയ്യുന്നവനായിഭവിക്കണേ. ജലവർഷകനായ വായു നമുക്കപ്രദനാകണേ. ഇന്ദ്രനും പർവ്വതവും നമ്മെ ഉത്സാഹിതരാക്കണേ. വിശ്വദേവതകൾ ഞങ്ങൾക്ക് ധനം ദാനം ചെയ്യണേ.

**4. ഉത ത്യാ മേ യശസാ ശ്വേതനായൈ വ്യന്താ പാന്തൗശിജോ ഹുവധ്യൈ |**
**( പ്രവോ നപാതമപാം കൃണുധ്വം പ്ര മാതരാ രിസ്പിനസ്യായോഃ ||**

ഹേ ഋത്വിജരേ! ഞാനാകുന്ന ഉശിജപുത്രനുവേി ഹവിർ ഭക്ഷകരും സ്തുത്യരുമായ അശ്വിനികുമാരൻമാരെ വിളിക്കണേ. ഹേ മനുഷ്യരേ! നിങ്ങൾ ജലപുത്രനെ പൂജിക്കുകയും സ്തോതാക്കളുടെ മാതൃഭൂമിയായ പൃഥ്വിയേയും ആകാശത്തേയും സ്തുതിക്കണേ.

**5. ആ വോ രുവണ്യമൗശിജോ ഹുവധ്യൈ ഘോഷേവ ശംസമർജുനസ്യ നംശേ |**
**പ്ര വഃ പൂഷ്ണേ ദാവന ആം അഛാ വോചേയ വസുതാതിമഗ്നേഃ ||**

ഹേ മനുഷ്യരേ! ഞാൻ, ഉശിപുത്രനായ കക്ഷിവാൻ, ഗർജ്ജനശീലനായ ഇന്ദ്രനെ നിങ്ങൾക്കുവേി ആഹ്വാനം ചെയ്യുന്നു. ഘോഷയെന്ന പെണ്ണ് രോഗശാന്തിക്കായി അശ്വിനികളെ വിളിച്ചതുപോലെ തന്നെ ഞാനും ചെയ്യുന്നു. ഞാൻ ദാനശീലനായ പൂഷാവിനെ സ്തുതിച്ചുകൊ് അഗ്നി സംബന്ധിയായ ധനം യാചിക്കുന്നു.

**6. ശ്രുതം മേ മിത്രാവരുണാ ഹവേമോത ശ്രുതം സദനേ വിശ്വതഃ സീം |**
**ശ്രോതു നഃ ശ്രോതുരാതിം സുശ്രോതുഃ സുക്ഷേത്രാ സിന്ധുരദ്ഭിഃ ||**

ഹേ മിത്രാ! വരുണാ! എന്റെ വിളി ശ്രവിക്കുവിൻ. യജ്ഞഗൃഹത്തിൽനിന്നും അതുപോലെ നാലുഭാഗത്തുനിന്നുമുള്ള എന്റെ ആഹ്വാനത്തെ ശ്രദ്ധിക്കുവിൻ. ഞങ്ങളുടെ വയലുകളിൽ ജലവർഷകനായ ദേവൻ മഴ പെയ്യിക്കണേ.

**7. സ്തുഷേ സ വാം വരുണ മിത്ര രാതിർഗവാം ശതാ പൃക്ഷയാമേഷു പജ്രേ |**
**ശ്രുതരഥേ പ്രിയരഥേ ദധാനാഃ സദ്യഃ പുഷ്ടിം നിരുന്ധാനാസോ അഗ്മൻ ||**

ഹേ മിത്രാ! വരുണാ! ഞാൻ നിന്നെ സ്തുതിക്കുന്നു. നീ പജ്രവംശനായ എനിയ്ക്ക് നൂറുഗോക്കളെ തരൂ. മനോഹരമായ തേരിൽ കയറി അതിവേഗം ഇവിടെവരുകയും എന്നെ പുഷ്ടനാക്കുകയും ചെയ്യണേ.

**8. അന്യ സ്തുഷേ മഹിമഘസ്യ രാധഃ സചാ സനേമ**

**നഹുഷഃ സുവീരാഃ |**
**ജനോ യഃ വജ്രേഭ്യോ വാജിനീവാനശ്വാവതോ**
**രഥിനോ മഹ്യം സൂരിഃ ||**

ഞാൻ ഈ മഹാവൈഭവശാലികളായ ദേവകളെ സ്തുതിക്കുന്നു. മനുഷ്യരായ ഞങ്ങൾ ഈ സുന്ദര ധനം ഉപഭോഗം ചെയ്യും. ആ ദേവതകൾ അംഗിരസ്സുകൾക്ക് വളരെയധികം അന്നവും എനിക്ക് അശ്വരഥാദികളോടുകൂടിയ ധനവും ദാനം ചെയ്യുന്നു.

**9. ജനോ യോ മിത്രാവരുണാവഭിധ്രുഗപോ ന വാം സുനോത്യക്ഷണായാധ്രുക് |**
**സ്വയം സ യക്ഷ്മം ഹൃദയേ നി ധത്ത ആപയദീം ഹോത്രാഭിർഋതാവാ ||**

ഹേ മിത്രാ! വരുണാ! ദ്രോഹിയായ യാതൊരുത്തൻ കുടിലതാപൂർവ്വം നിങ്ങൾക്കുവേിസോമം നിഷ്പന്നമാകുന്നില്ലയോ, അവൻ സ്വന്തം ഹൃദയത്തിൽ യക്ഷ്മാ രോഗത്തെ സ്വീകരിക്കുന്നു. യാതൊരുത്തൻ നിയമപൂർവ്വം ജീവിക്കുകയും നിങ്ങളെ സ്തുതിച്ചുകൊ് സോമം തയ്യാറാക്കുകയും ചെയ്യുന്നുവോ അവൻ നിങ്ങളുടെ കൃപാ പാത്രമായി ഭവിക്കുന്നു.

**10. സ വ്രാധതോ നഹുഷോ ദംസുജൂതഃ സർധസ്തരോ നരാം ഗുർത ശ്രവാഃ |**
**വിസൃഷ്ടരാതിര്യാതി ബാള്ഹസൃത്വാ വിശ്വാസു പൃത്സു സദമിച്ഛൂരഃ ||**

ആ വ്യക്തി ദാനവാനും, ബലവാനും ഉത്തമങ്ങളായ യജ്ഞങ്ങള നടത്തുന്നവനും ത്യാഗിയുമായിക്കൊ് ശത്രുക്കളെ പരാജിതരാക്കുകയും ഭീകരൻമാരായ മനുഷ്യരെപ്പോലും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നു.

**11. അധ ഗ്മന്താ നഹുഷോ ഹവം സുരേഃ ശ്രോതാ രാജാനോ അമൃതസ്യ മന്ദ്രാഃ |**
**നഭോജുവോ യന്നിരവസ്യ രാധഃ പ്രശസ്തയേ മഹിനാ രഥവതേ ||**

ഹേ ഹർഷദാതാക്കളായ അശ്വിനിദേവതകളേ! സ്തോതാവിൻെറ ആഹ്വാനങ്ങൾ ശ്രവിയ്ക്കണേ.നിങ്ങൾ ആകാശത്തിൽ അതിവേഗം സഞ്ചരിച്ച് വിളിക്കുന്നവർക്ക് മഹത്വപൂർണ്ണമായ ധനം നൽകുന്നു.

**12. ഏതം ശർധ ധാമ യസ്യ സൂരേരിത്യവോ ചന്ദശതയസ്യ നംശേ |**
**ദ്യുമ്നാനി യേഷു വസുമാതി രാരന്വിശ്വേ സന്വന്തു പ്രഭൃഥേഷു വാജം ||**

യാതൊരു സ്തോതാവ് പത്തുചമസങ്ങളിൽ വയ്ക്കപ്പെട്ടിരിക്കുന്ന സോമത്തിനുവേി ഞങ്ങളെ ആഹ്വാനം ചെയ്യുന്നുവോ, അവനുവേി ഞങ്ങൾ ശക്തിസംഭരിക്കും. ഇപ്രകാരം ദേവതകൾ അരുളിച്ചെയ്തു. ഈ ദേവതകളിൽനിന്നും യശസ്സും ധനവുംശോഭ പ്രാപിക്കുന്നു. ഈ ദേവകൾ നമ്മുടെ യജ്ഞങ്ങളിൽ അന്നം സേവിക്കണേ.

**13. മന്ദാമഹേ ദശതയസ്യ ധാസേർദ്വിര്യത്പഞ്ച ബിഭ്രതോ യന്ത്യന്നാ |**
**കിമിഷ്ടാശ്വ ഇഷ്ടരശ്മിരേത ഈശാനാസസ്തരുഷ ഋഞ്ജതേ നൄൻ ||**

ഋത്വിജൻ പത്തുചമസങ്ങളിൽ വയ്ക്കപ്പെട്ട സോമരൂപമായ അന്നത്താൽ പുഷ്ടനായിപോകുന്നു. ഇഷ്ടാശ്വങ്ങളോടും ഇഷ്ടരാശികളോടുംകൂടിയ മനുഷ്യൻ സ്വയം സമർത്ഥനാണോ? ആ ദേവൻമാർ തന്നെയാണ് ഈ മനുഷ്യരേയും അവിടെ വിജയശീലരായ കുതിരകളേയും നയിക്കുന്നത്.

**14. ഹിരണ്യകർണം മണിഗ്രീവമർണസ്തന്നോ വിശ്വേ വരിവസ്യന്തു ദേവാഃ |**
**അര്യോ ഗിരഃ സദ്യ ആ ജഗ്മുഷീരോസ്രശ്ചാ കന്തൂമയേഷ്വസ്മേ ||**

വിശ്വദേവകൾ നമുക്ക് കാതുളിൽ സ്വർണ്ണവും കഴുത്തിൽ മണികളും അണിഞ്ഞിരിക്കുന്ന സുശോഭിതരായ പുത്രൻമാരെ നൽകുന്നതിനാഗ്രഹിക്കണേ. ഉഷഃകാലത്തിൽ സ്തുതികളും ഹവിസ്സും സ്വീകരിക്കണേ.

**5. ചത്വാ രോ മാമശർശാരസ്യ ശിശ്വസ്ത്രയോ രാജ്ഞ ആയവസസ്യ ജിഷ്ണോഃ |**
**രഥോ വാം മിത്രാവരുണാ ദീർഘാപ്സാഃ സ്യൂമഗഭ്യുസ്തിഃ സൂരോ നാദ്യൗത് ||**

ഹേ മിത്രാ! വരുണാ! മശർശരാജാവിന് നാലും ആയവസരാജാവിന് മൂന്നും കുട്ടിക്കുതിരകളെ കിട്ടിയിരിക്കുന്നു. നിങ്ങളുടെ അതിമനോഹരമായ രഥം സൂര്യനെപ്പോലെ പ്രകാശിക്കുന്നു.

# സൂക്തം 123

**ഋഷി ദീർഘതമസിൻെറ പുത്രൻ കക്ഷീവാൻ ദേവത ഉഷസ് ഛന്ദസ് ത്രിഷ്ടുപ്**

**1. പൃഥൂ രഥോ ദക്ഷിണായാ അയോജ്യൈനം ദേവാസോ അമൃതാസോ അസ്ഥുഃ |**
**കൃഷ്ണാദുദസ്ഥാദര്യാ വിഹായാശ്ചികിത്സന്തീ മാനുഷായ ക്ഷയായ ||**

ദക്ഷിണാഭിമുഖമായി ഉഷസ്സിൻെറ രഥം കെട്ടപ്പെട്ടു. അമരനായ ദേവത അതിൽകയറി. രോഗങ്ങളെ നശിപ്പിക്കുന്ന ഉഷസ്സ് ആകാശത്തിൽ ഉത്ഥാനം ചെയ്തു.

**2. പൂർവാ വിശ്വസ്മാദ്ഭുവനാദബോധി ജയന്തീ വാജം ബൃഹതീ സനുത്രീ |**
**ഉച്ചാ വ്യഖ്യദ്യുവതിഃ പുനർഭൂരോഷാ അഗൻപ്രഥമാ പൂർവഹൂതാ ||**

ധനത്തെ വിജയിക്കുന്നവളായ ഉഷ, ഏറ്റവും മുമ്പേ ഉണർന്നു. അവൾ യുവതിയാണ്. കൂടെക്കൂടെ അവൾ പ്രകടമാകുന്നു. നമ്മുടെആഹ്വാനത്താൽ ഇവൾ ഏറ്റവും ആദ്യമായി ആഗമിക്കുന്നു.

**3. യദദ്യ ഭാഗം വിഭജാസി നൃഭ്യ ഉഷോ ദേവി മർത്യത്രാ സുജാതേ |**
**ദേവോ നോ അത്ര സവിതാ ദമൂനാ അനാഗസോ വോചതി സൂര്യായ ||**

ഉത്തമമായ രീതിയിൽ ഉദിക്കുന്ന ഉഷസ്സേ! നീ മനുഷ്യർക്ക് പ്രകാശത്തിൻേറയും അന്നത്തിൻേറയും ഭാഗം നൽകുന്നു. ദാനപ്രേരകദേവൻ, സൂര്യോദയമാകുമ്പോൾ നമ്മെ

പാപരഹിതരായിക്കരുതി സ്വീകരിക്കണേ.

**4. ഗധഹങ്ഗൃഹമഹനാ യാത്യഛാ ദിവേദിവേ അധി നാമാ ദധാനാ |**
**സിഷാസന്തീ ദ്യോനാ**
**ശശ്വദാഗാദഗ്രമഗ്രമിദ്ഭജതേ വസൂനാം ||**

നിത്യവും ഉഷസ്സ് തൻെറ മഹാരൂപത്തോടുകൂടി എല്ലാ വീടുകളിലും എത്തുന്നു. കാന്തിമതിയായ അവൾ എപ്പോഴും ധനം നൽകണമെന്നുള്ള ആഗ്രഹത്തോടുകൂടി ശ്രേഷ്ഠങ്ങളായ സമ്പത്തുകൾ വിതിച്ചുനൽകുന്നു.

**5. ഭഗസ്യ സ്വസാ വരുണസ്യ ജാമിരുഷഃ സൂനൃതേ പ്രഥമാ ജരസ്വ |**
**പശ്ചാ സ ഭധ്യാ യോ അഘസ്യ ധാതാ ജയേമ തം ദക്ഷിണയാ രഥേന ||**

ഹേ ദയാമയിയായ ഉഷേ! നീ ഭഗൻെറ (സൂര്യൻ) സഹോദരിയും, വരുണൻെറ പുത്രിയുമാണല്ലോ. നീ സ്തുതികളുടെ ധ്വനി ശ്രവിക്കണേ. പാപികളെ പിന്നിലേയ്ക്ക് തട്ടിമാറ്റൂ. അവരെ ഞങ്ങൾ നിന്നാൽ പ്രേരിതമായ രഥത്തോടുകൂടി പരാജിതരാക്കട്ടെ.

**6. ഉദീരതാം സുനൃതാ ഉത്പുരന്ധീരുദഗ്നയഃ ശുശുചാനാസോ അസ്ഥുഃ |**
**സ്പാർഹാ വസൂനി തമസാപഗു ഉഹാവിഷ്കൃണ്വന്ത്യുഷസോ വിഭാതീഃ ||**

നമ്മുടെ മുഖങ്ങൾ സ്തുതികൾ പാടട്ടെ. ബുദ്ധി ഉൻമുഖമാകട്ടെ. പ്രദീപക്തമാകുന്ന അഗ്നി വൃദ്ധിയെ പ്രാപിക്കട്ടെ. അത്യന്തം കാന്തിമതിയായ ഉഷസ്സ് അന്ധകാരത്തിൽ മറഞ്ഞിരിക്കുന്ന ധനത്തെ പ്രകടമാക്കട്ടെ.

**7. അപാന്യദേത്യഭ്യ ന്യുദേതി വിഷുരൂപേ അഹനീ സംചരേതേ |**
**പരിക്ഷിതോസ്തമോ അന്യാ ഗുഹാകരദ്യൗദുഷാഃ ശോശുചതാ രഥേന ||**

ഒന്നുമാറിക്കഴിഞ്ഞാൽ മറ്റൊന്നുവന്നുചേരുന്നു. ഭിന്നഭിന്നരൂപങ്ങോടുകൂടിയ രാവുകളും പകലുകളും ഗതിശീലങ്ങളായിരിക്കുന്നു. ഒന്ന് എല്ലാ വസ്തുക്കളേയും മറയ്ക്കുകയും മറ്റത് പ്രകാശമാനമായ രഥത്താൽ തെളിവാക്കുകയും ചെയ്യുന്നു.

**8. സദൃശീരദ്യ സദൃശീരിദു ശ്വോ ദീർഘം സചന്തേ വരുണസ്യ ധാമ |**
**അനവദ്യാസ്ത്രിംശതം യോജനാന്യേകൈകാ ക്രതും പരി യന്തി സദ്യഃ ||**

ഉഷസ്സ് ഇന്നത്തേതുപോലെതന്നെ ഇന്നലെയും ആയിരുന്നു. ഇവൾ വരുണൻെറ സ്ഥാനത്ത് വളരെദൂരെവരെ വസിക്കുന്നു. ഇവൾ മുപ്പതുദിനങ്ങളും ആകാശത്തെ വലയംചെയ്തു സഞ്ചരിക്കുന്നു. അതുപോലെ എല്ലാദിവസവും സ്വന്തം നിശ്ചിതസ്ഥാനത്തെ പ്രാപിക്കുകയും ചെയ്യുന്നു.

**9. ജാനത്യഹ്നഃ പ്രഥമസ്യ നാമ ശുക്രാ കൃഷ്ണാദജനിഷ്ട ശ്വിതീചീ |**
**ഋതസ്യ യോഷാ ന മിനാതി ധാമാഹരഹർനിഷ്കൃത മാചരന്തീ ||**

പകലിൻെറ ആരംഭകാലത്തെ അറിഞ്ഞുകൊ്, അന്ധകാരത്തിൽക്കൂടി പ്രകാശിച്ചുകൊ് ഉഷസസ്സ് ജനിക്കുന്നു. ഈ യുവതിപ്രതിദിനം നിശ്ചിതസ്ഥാനത്തെത്തുകയും അതുപേലെ നിയമങ്ങളെ ഒരിക്കലും ഉല്ലംഘിക്കാതിരിക്കുകയും ചെയ്യുന്നു.

**10.കന്യേവ തന്വാ ശാശദാനാം ഏഷി ദേവി ദേവമിയക്ഷമാണാ |**
**സംസ്മയമാനാ യുവതിഃ പുരസ്താദാവിർവക്ഷാംസി കൃണുഷേ വിഭാതീ ||**

അല്ലയോ ദേവീ! നീ കന്യകയ്ക്കുതുല്യം തൻെറ ശരീരത്തെ വികസിപ്പിച്ച് പ്രകാശമാനമായ സൂര്യനെ പ്രാപിക്കുന്നു. അനന്തരം യുവതിയെപ്പോലെ കാന്തിമതിയായ നീ പുഞ്ചിരിച്ചുകൊ് ഹൃദയത്തിൻെറ വാതിൽ തുറക്കുന്നു.

**11. സുസങ്കാശാ മാതൃമൃഷ്ടേവ യോഷാവിസ്തന്വം കൃണുഷേ ദൃശേകം |**
**ഭദ്രാ ത്വമുഷോ വിതരം വ്യുച്ഛ ന തത്തേ അന്യാ ഉഷസോ നശന്ത ||**

ഹേ ഉഷസ്സേ! മാതാവിനാൽ തൈലലേപനം ചെയ്യപ്പെട്ട് സ്വഛയായ കന്യകയേപ്പോലെ രൂപവതിയായ നീ സ്വന്തം ശരീരത്തെ വ്യക്തമാക്കുന്നു. ഹേ കല്യാണകാരിണീ! വിദൂരംവരെ പ്രകാശിതയാകൂ. കഴിഞ്ഞുപോയ ഉഷസ്സുകൾക്ക് ഇനി നിൻെറ കാന്തി പ്രാപിക്കുവാൻ സാധിക്കുകയില്ല.

**12. അശ്വാവതീഗോമതീർവിശ്വവാരാ യതമാനാ രശ്മിഭിഃ സൂര്യസ്യ |**
**പരാ ച യന്തി പുനരാ ച യന്തി ഭദ്രാ നാമ വഹമാനാ ഉഷാസഃ ||**

അശ്വങ്ങളാലും, യുക്തയും വരണീയയും സൂര്യകിരണങ്ങളോട് മത്സരിക്കുന്നവരുമായ ഉഷസ്സുകൾ കല്യാണകാരിയായ രൂപം ധരിച്ചുകൊ് കടന്നുപോകുകയും മടങ്ങിവരികയും ചെയ്യുന്നു.

**13. ഋതസ്യ രശ്മിമനുയച്ഛമാന ഭദ്രംഭദ്രം ക്രതുമസ്മാസു ധേഹി |**
**ഉഷോ നോ അദ്യ സുഹവാ വ്യഛാസ്മാസു രായോ മഘവത്സു ച സ്യുഃ ||**

അല്ലയോ ഉഷസ്സേ! ഋതുക്കളുടെ ചരടുവലിക്കനുസരണമായി ചലിച്ചുകൊ് ഞങ്ങൾക്ക് സൽബുദ്ധി പ്രദാനം ചെയ്യൂ. ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ആകാശത്തിൽനിന്നും ഭൂലോകത്തെ നിറക്കുകയും ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യുകയും ചെയ്യണേ.

# സൂക്തം 124

**ഋഷി കക്ഷീവാൻ ദേവത ഉഷസ്സ് ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഉഷാ ഉഛന്തീ സമിധാനേ അഗ്നാ ഉദ്യൻത്സൂര്യാ ഉർവിയാ ജ്യോതിരശ്രേത് |**
**ദേവോ നോ അത്ര സവിതാ ന്വർഥം പ്രാസാവീദ്**

**ദ്വിപത്പ്ര ചതിഷ്പദിത്യൈ ||**

അഗ്നി പ്രദീപ്തമാകുമ്പോൾ, ഉഷസ്സ് ആവിർഭവിക്കുമ്പോൾ സൂര്യൻ ഉദിക്കുമ്പോൾ എങ്ങും പ്രകാശം വ്യാപിക്കുന്നു. അപ്പോൾ സവിതാദേവൻ ഇരുകാലികളേയും നാൽക്കാലികളേയും കർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നു.

**2. അമിനതീ ദൈവ്യാനി വ്രതാനി പ്രമിനതീ മനുഷ്യാ യുഗാനി |**
**ഈയുഷീണാമുപമാ ശശ്വതീനാമായതീനാം പ്രഥമോഷാ വ്യദ്യൗത് ||**

ദേവനിയമങ്ങളിൽ ഉറച്ചുനിൽക്കുന്നവളും മനുഷ്യരെ ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുന്നവളും നിരന്തരം വിഗതമായിക്കൊണ്ടിരിക്കുന്നവളുമായ ഉഷസ്സ് പ്രത്യക്ഷയായി. ഭാവിയിൽ വരുവാനിരിക്കുന്ന ഉഷസ്സുകളിൽ ഈ ഒന്നാമത്തേവൾ പുഞ്ചിരിച്ചുകൊണ്ടിരിക്കുന്നു.

**3. ഏഷാ ദിവോ ദുഹിതാ പ്രത്യദർശി ജ്യോതിർവസാനാ സമനാ പുരസ്താത് |**
**ഋതസ്യ പന്ഥാമന്വേതി സാധു പ്രജാനതീവ ന ദിശോ മിനാതി ||**

ജ്യോതിർമയ വസനം ധരിച്ചിരിക്കുന്ന ഈ ആകാശപുത്രി അപ്രതീക്ഷിതമായി മുമ്പിൽ വന്നു നിലയുറപ്പിച്ചു. ഇവൾ നിയമങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് എല്ലാദിക്കുകളേയും അറിയുകയും അവയെ നഷ്ടപ്പെടാനനുവദിക്കാതിരിക്കുകയും ചെയ്യുന്നു.

**4. ഉപോ അദർശി ശുന്ധ്യുവോ ന വക്ഷോ നോധാ ഇവാവിരകൃത പ്രിയാണി |**
**അദ്മസന്ന സസതോ ബോധയന്തീ ശശ്വത്തമാഗത്പുനരേയുഷീണാം ||**

സൂര്യൻ തന്റെ വക്ഷസ്ഥലം പ്രകടിപ്പിക്കുന്നതുപോലെയും, നോധസ്സിന്റെ ഇഷ്ടവസ്തുക്കൾ നിർമ്മിക്കുന്നതുപോലും ഉഷസ്സ് സ്വയം പ്രടിപ്പിച്ചു. ഗൃഹനായിക ഏറ്റവും ആദ്യമായുണർന്ന് മറ്റെല്ലാവരേയും ഉണർത്തുന്നതുപോലെയും ഉഷസ്സ് വർത്തിക്കുന്നു.

**5. പൂർവേ അർധേ രജസോ അപ്ത്യസ്യ ഗവാം ജനിത്ര്യകൃത പ്ര കേതും |**
**വ്യുപ്രഥതേ വിതരം വരീയ ഓഭാ പൃണന്തീ പിത്രോരുപസ്ഥാ ||**

പുതുമകളെ ഉൽപ്പാദിപ്പിച്ച ഉഷസ്സ് അന്തരീക്ഷത്തിന്റെ മദ്ധ്യത്തിൽ ധ്വജരൂപമാകുന്ന തേജസ്സിനെ പ്രകടമാക്കി. അവൾ ആകാശവും ഭൂമിയുമാകുന്ന മാതാപിതാക്കളുടെ അങ്കതലത്തെ പൂർണ്ണമാക്കി സർവ്വത്ര വ്യാപിക്കുന്നു.

**6. എവേദേഷാ പുരുതമാ ദൃശേകം നാജാമിം ന പരി വൃണക്തി ജാമിം |**
**അരേപസാ തന്വാ ശാശദാനാ നാർഭാദീഷതേ ന മഹോ വിഭാതീ ||**

പ്രത്യക്ഷത്തിൽ മഹതിയായ ഈ ഉഷസ്സ് സ്വന്തമെന്നും അന്യമെന്നുമുള്ള ചിന്തകൂടാതെ എല്ലാവരേയും പ്രാപിക്കുന്നു. പാപരഹിതമായ ശരീരത്തോടുകൂടിയ അവൾ ചെറുതും വലുതുമായ യാതൊന്നിനേയും അകറ്റിക്കളയുന്നില്ല.

**7. അഭ്രാതേവ പുംസ ഏതി പ്രതീചീ ഗർതാരുഗിവ സനയേ ധനാനാം |**
**ജായേവ പത്യ ഉശതീ സുവാസാ ഉഷാ ഹസ്രേവ നി രിണീതേ അപ്സഃ ||**

സഹോദരനില്ലാത്ത സഹോദരിയെപ്പോലെ ഉഷസ്സ് പശ്ചിമാഭിമുഖമായി ചലിക്കുന്നു. ധനപ്രാപ്തിക്കുവേണ്ടി രഥാരൂഢനായവനെപ്പോലെ വിജയിനിയായി മനോഹര വസ്ത്രങ്ങളിഞ്ഞ ശോഭായുക്തയായ സരിയേപ്പോലെ അവൾ തന്റെ സ്വരൂപത്തെ പ്രകടമാക്കുന്നു.

**8. സ്വസാ സ്വസ്രേ ജ്യായസ്യൈ യോനിമാരൈഗപൈത്യസ്യാഃ പ്രതിചക്ഷ്യേവ |**
**വ്യുച്ഛന്തീ രശ്മിഭിഃ സൂര്യസ്യാഞ്ജ്യങ്ക്തേ സമനഗാ ഇവ വ്രാഃ ||**

രാത്രീരൂപയായ സഹോദരി തന്റെ മൂത്തസഹോദരിയായ ഉഷയ്ക്കുവേണ്ടി സ്ഥലം ഒഴിഞ്ഞുകൊടുത്തിട്ട് മാറുന്നു. ഉത്സവത്തിനുപോകുന്ന സ്ത്രീകളെപ്പോലെ ഉഷസ്സ് സൂര്യരശ്മികളാൽ തന്നെത്തന്നെ അലങ്കരിക്കുന്നു.

**9. ആസാം പൂർവാസാമഹസു സ്വസ്ണാമപരാ പൂർവാമഭ്യേതി പശ്ചാത് |**
**താഃ പ്രത്നവന്നവ്യസീർ നൂനമസ്മേ രേവദുച്ഛന്തു സുദിനാ ഉഷാസഃ ||**

സഹോദരികളായ ഇവർ ഒരുത്തിക്കുപിന്നിൽ മറ്റൊരുത്തി എന്ന കണക്കിന് നിത്യവും ചലിച്ചുകൊണ്ടിരിക്കുന്നു. പ്രാചീന ഉഷസ്സുകൾക്ക് തുല്യം നവീന ഉഷസ്സും പ്രകടമായി നമ്മെ ധനത്താൽ യുക്തരാക്കട്ടെ.

**10. പ്ര ബോധയോഷഃ പൃണതോ മഘോനി ബുദ്ധ്യമാനാഃ പണയഃ സസന്തു |**
**രേവദുച്ഛ മഘവദ്ഭ്യോ മഘോനി രേവത് സ്തോത്രേ സസൂനൃതേ ജാരയന്തീ ||**

ഹേ ധനവതിയായ ഉഷസ്സേ! നീ ദാനശീലൻമാരെ ചൈതന്യവാൻമാരാക്കണേ. ലോഭികൾ ഉറങ്ങിതന്നെ കഴിയട്ടെ. മനുഷ്യരുടെ ആയുസ്സിനെ കുറയ്ക്കുന്നവളായ നീ അവരെ ധനത്താൽ യുക്ത്തരാക്കുകയും, സ്തോതാവിനുവേണ്ടി ധനത്തോടുകൂടിയവളായി പ്രാപിക്കുകയും ചെയ്യണേ.

**11. അവേയമശ്വൈദ്യുവതിഃ പുരസ്താദ്യുങ്ക്തേ ഗവാമരുണാനാമനീകം |**
**വി നൂനമുച്ഛാദസതി പ്ര കേതുർഗൃഹം ഗൃഹമുപ തിഷ്ഠാതേ അഗ്നിഃ ||**

ഈ യുവതി പൂർവ്വദിക്കിൽ നിന്നും ഇറങ്ങിവരുന്നു. ഇവളുടെ രഥത്തിൽ അരുണവർണങ്ങളോടുകൂടിയ കാളകളെ പൂട്ടിയിട്ടിരിക്കുന്നു. ഇവൾ പുഞ്ചിരിക്കുവാൻ തുടങ്ങുമ്പോൾ പ്രകാശം പ്രാപിക്കുകയും എല്ലാ ഭവനങ്ങളിലും അഗ്നി പ്രകാശിക്കുകയും ചെയ്യുന്നു.

**12. ഉത്തേ വയശ്ചിദ്വസതേരപപ്തന്നരശ്ച യേ പിതുഭാജോ വ്യുഷ്ടൗ |**

**അമാ സതേ വഹസി ഭൂരി വാമമുഷോ ദേവി**
**ദാശുഷേ മര്‍ത്യായ ||**

ഹേ ഉഷസ്സേ! നിന്റെ ഉദയത്തോടുകൂടി പക്ഷികള്‍ നീഡങ്ങള്‍ വിട്ടുപോകുന്നു. മനുഷ്യരും അന്നത്തിനുവേി കര്‍മ്മങ്ങളില്‍ വ്യാപൃതരാകുന്നു. നീ ഹവിര്‍ദാതാവിന് അത്യധികം ധനം നല്‍കുന്നവളാണല്ലോ?

**13. അസ്തോഢ്വം സ്തോമ്യാ ബ്രഹ്മണാ മേ**
**വീവൃധധ്വമുശതീരുഷാസഃ |**
**യുഷ്മാകം ദേവീരവസാ സനേമ സഹസ്രിണം ച**
**ശതിനം ച വാജം ||**

ഹേ സ്തുതിക്കു പാത്രമായ ഉഷസ്സേ ! എന്റെ സ്തോത്രങ്ങള്‍ നിന്നെ സ്തുതിക്കട്ടെ. നീ വൃദ്ധിയെ പ്രാപിക്കുകയും നിന്റെ രക്ഷാസാധനങ്ങളാല്‍ നിര്‍ഭയരായി ഞങ്ങള്‍ അസംഖ്യം ധനം പ്രാപിക്കുകയും ചെയ്യണേ.

# സൂക്തം 125

**ഋഷി കുക്ഷിവാന്‍ ദേവത ദാനം ഛന്ദസ് ത്രിപുഷ്ടപ്, ജഗതി**

**1. പ്രാതാ രത്നം പ്രാതരിത്വാ ദധാതി തം ചികിത്വാന്‍**
**പ്രതിഗൃഹ്യാ നി ധത്തേ |**
**തേന പ്രജാ, വര്‍ധയമാന ആയൂ രായസ്പോഷേ**
**സചതേ സുവീരഃ ||**

ദാനശീലനായ വ്യക്തി പ്രഭാതത്തില്‍ തന്നെ ധനം ദാനം ചെയ്യുന്നു. വിദ്വാന്‍മാര്‍ അതു സ്വീകരിക്കുന്നു. അയാള്‍ ധനത്താല്‍ സന്താനത്തോടും ആയുസ്സോടും യുക്തനായി സുരക്ഷിതനായിത്തീരുന്നു.

**2. സുഗുതസത്സുഹിരണ്യഃ സ്വശ്വോ ബ്യഹദ്സ്മൈ വയ**
**ഇന്ദ്രോ ദധാതി |**
**യസ്ത്വായന്തം വസുനാ പ്രാതരിത്വോ**
**മുക്ഷിജയേവ പദിമുത്സി നാതി ||**

അയാള്‍ അസംഖ്യം ഗോക്കളാലും കുതിരകളാലും, സ്വര്‍ണ്ണത്താലും യുക്തനാകണേ. ഇന്ദ്രനു ആ ദാനിയ്ക്ക് മഹത്തായ സാമര്‍ത്ഥ്യം നല്‍കണേ. ഇന്ദ്രന്‍ പ്രഭാതത്തില്‍ത്തന്നെ ആഗതനായി അയാളെ ധനവാനാക്കണേ.

**3. ആയമദ്യ സുകൃതം പ്രാതരിച്ഛന്നിഷ്ടേ പുത്രം**
**വസുമതാ രഥേന |**
**അംശോഃ സുതം പായയ മത്സരസ്യ ക്ഷയദ്വീരം**
**വര്‍ധയ സൂനൃതാഭിഃ ||**

ഞാന്‍ ഇന്ന് മഹാകര്‍മ്മങ്ങളോടുകൂടിയ യജ്ഞം കാണുന്നതിനുവേി തേരില്‍ കയറി വന്നു. ഹേ യജമാനാ! നീ ബാലന്‍മാരുടെ സ്വാമിയായ ഇന്ദ്രനെ ഹര്‍ഷദായകമായ സോമനീരു കുടിപ്പിക്കുകയും സ്തുതിഗാനങ്ങളാല്‍ പ്രസന്നനാക്കുകയും ചെയ്യൂ.

**4. ഉപ ക്ഷരന്തി സിന്ധവോ മയോഭൂവ ഈജാനം ച**
**യക്ഷ്യമാണം ച ധേനവഃ |**
**പൃണന്തം ച ചപുരിം ച ശ്രവസ്യവോ ഘൃതസ്യ**
**ധാരാ ഉപ യന്തി വിശ്വതഃ ||**

കല്യാണകാരിണികളും, ഗോരൂപിണികളുമായ നദികള്‍ യജ്ഞത്തെ ആഗ്രഹിക്കുന്ന യജമാനന്റെ നികടത്തിലേയ്ക്ക് പ്രവഹിക്കുന്നു. യജ്ഞത്തെ ആഗ്രഹിക്കുന്ന ദാനിയ്ക്ക് എല്ലാഭാഗത്തുനിന്നും ഘൃതത്തിന്റെ ധാരകള്‍ ലഭ്യമാകുന്നു.

**5. നാകസ്യ പൃഷ്ഠേ അധി തിഷ്ഠതി ശ്രിതോ യഃ പൃണാതി**
**സ ഹ ദേവേഷു ഗച്ഛതി |**
**തസ്മാ ആപോ ഘൃകമര്‍ഷന്തി സിന്ധവസ്തസ്മാ**
**ഇയം ദക്ഷിണാ പിന്വതേ സദാ ||**

ദാനി സ്വര്‍ഗ്ഗത്തിലും സല്‍ക്കരിക്കപ്പെടുന്നു. അയാള്‍ ദേവതകളോടെ ചേര്‍ക്കപ്പെടുന്നു. നദികള്‍ അവനുവേി ജലരൂപമാകുന്ന ഘൃതം പ്രവഹിപ്പിക്കുന്നു. അവന്‍ നല്‍കുന്ന ദക്ഷിണ എപ്പോഴും വര്‍ദ്ധിച്ചുകൊിരിക്കും.

**6. ദക്ഷിണാപതാമിദിമാനി ചിത്രാ ദക്ഷിണാവതാരം ദിവി**
**സൂര്യാസഃ |**
**ദക്ഷിണാവന്തോ അമൃതം ഭജന്തേ ദക്ഷിണാവന്തഃ**
**പ്ര തിരന്ത ആയുഃ ||**

ദാനിയുടെ അടുക്കല്‍ വിഭിന്നങ്ങളായ ഐശ്വര്യങ്ങള്‍ നിലക്കൊള്ളുന്നു. ദാനിയ്ക്ക്വേി തന്നെയാണ് ആകാശത്തില്‍ സൂര്യന്‍ സ്ഥിതിചെയ്യുന്നത്. ദാനി തന്റെ ദാനരൂപമാകുന്ന അമൃതംകൊ് ദീര്‍ഘായുസ്സ് പ്രാപിക്കുന്നു.

**7. മാ പൃണന്തോ ദുതിരമേന ആരന്‍മാ ജാരിഷുഃ സൂരയഃ**
**സുപ്രതാസഃ |**
**അന്യസ്തേഷാം പരിധിരസ്തു**
**കശ്ചിദപൃണന്തമഭി സം യന്തു ശോകാഃ ||**

ദാനി ഒരിക്കലും ദുഃഖിക്കുന്നില്ല. അവനെ പാപം വലയം ചെയ്യുന്നില്ല. നിയമങ്ങളില്‍ ഉറച്ചു നില്‍ക്കുന്ന സ്തോതാവ് ക്ഷീണിതനാകുന്നില്ല. അവനില്‍ നിന്നും ഭിന്നനായ വ്യക്തി പാപത്തിനിരയാകുന്നു. എല്ലാ ശോകങ്ങളും ദാനഹീനനെ തന്നെ പ്രാപിക്കുന്നു.

# സൂക്തം 126

**ഋഷി കക്ഷീവാന്‍ ദേവത ഭാവ്യയനും രോമഗയും, ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്.**

**1. അമന്ദാന്‍സ്തോമാന്‍ പ്ര ഭരേ മനീഷാ സിന്ധാവധി**
**ക്ഷിയതോ ഭാവ്യസ്യ|**
**യോ മേ സഹസ്രമമിമീത സവാനതൂര്‍തോ രാജാ**
**ശ്രവ ഇച്ഛമാനഃ ||**

ഞാന്‍, സിന്ധു നദീതടങ്ങളില്‍ വസിക്കുന്ന രാജാ ഭാവയവ്യനുവേി ബുദ്ധി വഴിയായി സ്തോത്രങ്ങള്‍ കാഴ്ചയായി സമര്‍പ്പിക്കുന്നു. ഈ രാജാവ് യജ്ഞത്തിനുള്ള ആശയാല്‍ സഹസ്രം യജ്ഞാനുഷ്ഠാനങ്ങള്‍ നടത്തി.

**2. ശതം രാജ്ഞോ നാധമാനസ്യ നിഷ്ക്കാഞ്ഛതമശ്വാന്‍**
**പ്രിയതാന്‍സദ്യ ആദം |**
**ശതം കക്ഷീവാം അസുരസ്യ ഗോനാം ദിവി**

**ശ്രുവോ ജരമാ തതാന ||**

എനിയ്ക്ക് കക്ഷീവാൻ കാഴ്ചവെച്ച രാജാവിൻെറ നൂറു സ്വർണ്ണമാലകളും, നൂറുമനോഹരാശ്വങ്ങളും, നൂറുഗോക്കളും ഞാൻ സ്വീകരിച്ചു. ആ രാജാവിൻെറ യശസ്സ് ആകാശംവരെ വ്യാപിച്ചു കൊിരിക്കട്ടെ.

**3. ഉപ മാ ശ്യാവാഃ സ്വനയേന ദത്താ വധൂമന്തോ ദശ രഥാസോ അസ്ഥുഃ |**
**ഷഷ്ടിഃ സഹസ്രമനു ഗവ്യമാഗാത്സനത്കക്ഷീവാം അഭിപിത്വേ അഹ്നാം ||**

സ്വനയനാൽ നൽകപ്പെട്ട വിവിധവർണ്ണങ്ങളോടുകൂടിയ അശ്വങ്ങളും പത്തു രഥങ്ങളും എന്നെ പ്രാപിച്ചു. അറുപതിനായിരം ഗോക്കളും എനിക്കു കിട്ടി, അവയെല്ലാം ഞാനാകുന്ന കക്ഷീവാൻ സ്വീകരിച്ച് എൻെറ പിതാവിനു സമർപ്പിച്ചു

**4. ചത്വാരിംശദ്ദശരഥസ്യ ശോണാഃ സഹസ്രസ്യാഗ്രേ ശ്രേണിം നയന്തി |**
**മദച്യുതഃ കൃശനാവതോ അത്യാൻകക്ഷീവന്ത ഉദമൃക്ഷന്ത പജ്രാഃ ||**

ആയിരം ഗോക്കളുടെ പംക്തിയ്ക്കു മുമ്പിലായി പത്തുരഥങ്ങൾ നീങ്ങികൊിരുന്നു. സ്വർണ്ണാഭരണങ്ങളണിഞ്ഞ കുതിരകളെ കക്ഷീവാൻെറ പുത്രൻ തിരുമ്മുവാൻ തുടങ്ങി.

**5. പൂർവാമനു പ്രയതിമാദദേ വ സ്ത്രീന്യുക്താം അഷ്ടാവരിധായസോ ഗാഃ |**
**സുബന്ധവോ യേ വിശ്യാ ഇവ വ്രാ അനസ്വന്തഃ ശ്രവ ഐഷന്ത പജ്രാഃ ||**

ഹേ പജ്റവംശജരേ! ഞാൻ ആദ്യദാനത്തിനുശേഷം നിങ്ങൾക്കുവേി അശ്വങ്ങളെ കെട്ടിയ മൂന്നു രഥങ്ങളേയും എട്ട് ഗോക്കളേയും, കൊുവന്നിരിക്കുന്നു. കുടുംബക്കാരായ പജ്റവംശക്കാർ ശകടയുക്തരായി യശസ്സിനെ ആഗ്രഹിക്കുന്നവരാകട്ടെ.

**6. ആഗധിതാ പരിഗധിതാ യാ കുശീകേവ ജങ്ഗവേ |**
**ദദാതി മഹ്യം യാദുരീ യാശൂനാം ഭോജ്യാ ശതാ ||**

എൻെറ പത്നി സഹസ്വാമിനിയുടെ രൂപത്തിൽ എനിയ്ക്ക് (സ്വനയരാജാവ്)പല പ്രകാരതതത്തിലുള്ള ഭോഗങ്ങളും, ഐശ്വര്യങ്ങളും നൽകുന്നു. എന്നെ പ്രേമിക്കുന്നു ഈ സഹധർമ്മിണി പെറ്റ പെൺകീരിയെപ്പോലെ മുറുകെ പിടിക്കും.

**7. ഉപോപമേ പരാ മൃശ മാ മേ ഭദ്രാണി മന്യഥാഃ |**
**സർവാഹമസ്മി രോമശാ ഗന്ധാരിണാ മിവാവികാ ||**

(ഭാര്യ പറയുന്നു) അടുത്തുവന്ന് എന്നെ സ്പർശിക്കൂ. എന്നെ അല്പഅംഗത്തോടുകൂടിയവളായി കരുതരുത്. ഞാൻ ഗാന്ധാരരാജ്യത്തെ ചെമ്മരിയാടിനെപ്പോലെ രോമമുള്ളവളും എല്ലാ അവയവങ്ങളാലും പൂർണ്ണയുമാണ്. ഹേ പ്രിയതമാ! നീ എൻെറ എല്ലാ അവയവങ്ങളും പരീക്ഷിച്ചുനോക്കൂ. എൻെറ ഗുണങ്ങളേയും, അവയവങ്ങളെയും പറ്റി പൂർണ്ണമായി ചിന്തിക്കൂ നിങ്ങൾ എൻെറ അവയവങ്ങളെയും ഗുണങ്ങളെയും, ഗൃഹകാര്യങ്ങളെയും അല്പംപോലും ഹാനികരമായി കരുതരുതേ.

# സൂക്തം 127

**ഋഷി ദിവോദാസപുത്രൻ പരുച്ഛേവൻ ദേവത അഗ്നി ഛന്ദസ് അഷ്ടി, ശക്വരി**

**1. അഗ്നിം ഹോതാരം മന്യേ ദാസ്വന്തം വസും സൂനും സഹസോ ജാതവേദസം യ ഉർധ്വയാ സ്വധ്വരോ ദേവോ ദേവാച്യാ കൃപാ |**
**ഘൃതസ്യ വിഭ്രാഷ്ടിമനു വഷ്ടി ശോചിഷാ ജുഹ്വാ നസ്യ സർപിഷഃ ||**

ജൻമമെടുത്ത എല്ലാ ജീവികളുടേയും ജ്ഞാതാവും, ബലപുത്രനുമായ അഗ്നിയെ ദേവതകളെ അഹ്വാനം ചെയ്യുന്നവനായി ഞാൻ കരുതുന്നു. അവൻ യജ്ഞപ്രവർത്തകമായ ഘൃതത്തെ ജ്വാലകളാൽ അനുസരണം ചെയ്തു ദേവഗണത്തിനെറ കൃപകളെ പ്രാപിക്കുന്നു.

**2. യജിഷ്ഠം ത്വാ യജമാനാ ഹുവേമ ജ്യേഷ്ഠമങ്ഗി രസാം വിപ്രമനമഭിർവിപ്രേഭിഃ ശുക്ര മൻഷിഃ**
**പരിജ്മാനമിവ ദ്യം ഹോതാരം ചർഷണീനാം |**
**ശോചിഷ്കേശം വൃഷണം യമിമാ വിശഃ പ്രാവന്തു ജൂതയേ വിശഃ ||**

മേധാവിയും, പ്രദീപ്തനുമായ അഗ്നേ! അംഗിരസ്സുകളിൽ സർവ്വശ്രേഷ്ഠനായ നിന്നെ സ്തോത്രങ്ങളാൽ ആഹൂതമാക്കുന്നു. അവ നിൻെറ ജ്വാലരൂപമായ രോമങ്ങളാകുന്നു. നീ അഭീഷ്ടങ്ങളെ വർഷിച്ചുകൊ് ആകാശത്തിനുനേരെ കുതിക്കുന്നു. നിന്നെ മനുഷ്യർ രക്ഷയ്ക്കുവേി സ്വീകരിക്കുന്നു.

**3. സ ഹി പുരൂ ചിദോജസാ വിരുക്മതാ ദീദ്യാനോ ഭവതി ദ്രുഹന്തരഃ പരശുർന ദ്രുഹന്തരഃ**
**വീളു ചിദ്യസ്യ സമൃതൗ ശ്രുവദ്വനേവ യത്സ്ഥിരം |**
**നിഷ്ഷഹമാണോ യമതേ നായതേ ധന്വാസഹാ നായതേ ||**

പ്രചുണ്ഡരൂപത്തിൽ കത്തിജ്വലിക്കുന്ന ഈ അഗ്നി ശത്രുക്കളെ ഹനനം ചെയ്യുന്നു. അത്യന്തം ദൃഢമായ അതിൻെറ സ്പർശനത്താൽ എല്ലാം ഛിന്നഭിന്നമായിത്തീരുന്നു. തേജസ്വിയായ അഗ്നി ധനുർധരനുതുല്യം ഉറച്ചുനില്ക്കുന്നു, ഒരിക്കലും പിന്തിരിയുകയില്ല.

**4. ദൃളഹാ ചിദസ്മാ അനു ദുര്യഥാ വിദേ തേജിഷ്ഠാ ഭീരരണിഭിർഭാഷ്ട്യവസേ ഗ്നയേ ദാഷ്ട്യവസേ|**
**പ്ര യഃ പൂരൂണി ഗാഹതേ തക്ഷദ്വനേവ ശോചിഷാ |**
**സ്ഥിരാ ചിദന്നാ നി രിണാത്യോജസാ നി സ്ഥിരാണി ചിദോജസാ ||**

ഈ അഗ്നി ഏതുറപ്പുള്ളതിനേയും നശിപ്പിക്കുന്നു. ഹവിർദാതാവിനെ രക്ഷയ്ക്കായി ഹവിസ്സു നൽകുന്നു. ഈ ഹവിസ്സിനെ ഇവൻ വൃക്ഷത്തെ എന്നപോലെ തിന്നുതീർക്കുന്നു. ഇവൻ അന്നത്തെ തൻെറ ശക്തിയാൽ പാകപ്പെടുത്തുകയും, ഉറപ്പേകിയ വസ്തുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥനുമാകുന്നു.

**5. തമസ്യ പൃക്ഷമുപരാസു ധീമഹി നക്തം യഃ**
**സുദർശതരോ ദിവാതരാദ പ്രായുഷേ**
**ദിവാതരാത് |**
**ആദസ്യായുർഗ്ര ഭണവദ്വീളു ശർമ ന സൂനവേ |**
**ഭക്തമഭക്തമവോ വ്യന്തോ അജരാ അഗ്നയോ**
**വ്യന്തോ അജരാഃ ||**

നാം ഈ അഗ്നിയ്ക്ക് വേി അന്നം വഹിച്ചിരിക്കുന്നു. ഈ അഗ്നി രാത്രിയിൽ അധികം ദർശനീയമായിരിക്കുന്നു. ഇതിന് പകൽ പൂർണ്ണമായ പ്രകാശം പ്രകടിപ്പിക്കുവാൻ സാധിക്കുന്നില്ല. പിതാവു പുത്രനുശരണമായിരിക്കുന്നതു പോലെയാണ് ഇത് ആശ്രയദാതാവാകുന്നു. ഭക്തൻെറയും അനുഭക്തൻെറയും, എല്ലാവരുടേയും അന്നം ഭക്ഷിക്കുന്നു. ഹവിസ്സ് ഭക്ഷിക്കുന്ന ഈ അഗ്നി ഒരിക്കലും വൃദ്ധനാകുന്നില്ല.

**6. സ ഹി ശർധോ ന മാരുതം തുവിഷ്വണിരപ്നസ്വ**
**തീഷൂർവസ്വിഷ്ട നിരാത്തനാസ്വിഷ്ഠനിഃ |**
**അദദ്ധവ്യാന്യാദദിർയജ്ഞസ്യ കേതുരർഹണാ**
**അധ സ്മാസ്യ ഹർഷതോ ഹൃഷീവതോ വിശ്വേ**
**ജുഷന്ത പന്ഥാം നരഃ ശുഭേ ന പന്ഥാം ||**

മരുത്തുക്കൾക്കു സമാനം ഈ അഗ്നി വിളഭൂമിയിലും, മരുഭൂമിയിലും രിടത്തും യജ്ഞയോഗ്യമാണ്. ഇത് യജ്ഞത്തിൽ ധ്വജരൂപമായി ഹവിസ്സ് ഭക്ഷിക്കുന്നു. അഗ്നിയുടെ ഉത്തമമായ ഈ മാർഗ്ഗം അനുകരിച്ച് എല്ലാവരും ഇതിനെ പൂജിക്കണേ.

**7. ദ്വ താ യദീം കീസ്താസോ അഭിദ്യവോ നമസ്യന്ത**
**ഉപവോചന്ത ഭൃഗവോ മഥ്നന്തോ ദാശാഭൃഗവഃ |**
**അഗ്നിരീശേ വസൂനാം ശുചിര്യോ ധർണിരേഷാം**
**പ്രിയാം അപിംധീർവനിഷീഷ്ട മേധിര ആ**
**വനിഷീഷ്ട മേധിരഃ ||**

ഭൃഗുക്കൾ മുഖമുയർത്തി ഇദ്ദേഹത്തിൻെറ യശസ്സിനെ പാടിപുകഴ്ത്തിയപ്പോൾ അഗ്നിയുടെ സമീപം ചെന്ന് ഹവിസ്സ് നൽകിയപ്പോൾ ധനത്തിൻെറ സ്വാമിയായ അഗ്നി തൃപ്തനായി പ്രസന്നത ക്രടിപ്പിച്ചു.

**8. വിശ്വാ സാം ത്വാ വിശാം പതിം ഹവാമഹേ**
**സർവാസാം സമാനം ദമ്പതിംഭുജേ സുത്യഗിർ**
**വാഹസം ഭുജേ |**
**അതിഥിം മാനുഷാണാം പിതുർന യസ്യാസയാ |**
**അമീ ച വിസോ അമൃതാസ ആ വയോ ഹവ്യാ**
**ദേവേഷ്വാ വയഃ ||**

ഹേ പ്രജകളുടെ സ്വാമീ! പാലകനായ അഗ്നി! നിങ്ങളെ ധാരണം ചെയ്യുന്നതിനായി അഹ്വാനം ചെയ്യുന്നു. നിങ്ങൾ മനുഷ്യരുടെ അതിഥിയാണല്ലോ. പിതൃതുല്യനായ നിങ്കൽ നിന്നും മരണശീലരായ മനുഷ്യർ അമരത്വം പ്രാപിക്കുന്നു. നിങ്ങൾ ദേവതകൾക്ക് ഹവിസ്സ് രൂപമാകുന്ന ബലം എത്തിച്ചു കൊടുക്കുന്നു.

**9. ത്വമഗ്നേ സഹസാ സഹന്തമഃ ശുഷ്മിന്തമോ ജാ യ സേ**
**ദേവതാതയേ രയിർന ദേവതയേ**
**സുഷ്മിന്തമോ ഹി തേ മദോ ദ്യുമ്നിന്തക**
**ഉതക്രതുഃ |**
**അധ സ്മാ തേ പരി ചരന്ത്യജര ശ്രുഷ്ടീവാനോ**
**നാജര ||**

അല്ലയോ അഗ്നി നീ ദേവാർച്ചനയ്ക്കായി പ്രത്യക്ഷനായിരിക്കുന്നു നിൻെറ ഹർഷം തന്നെ ബലമാകുന്നു. ജ്ഞാനത്താലും നീ യശസ്വിയാകുന്നു. അല്ലയോ ജരാരഹിതാ! അതിനാൽ മനുഷ്യർ നിന്നെ ആരാധിക്കുന്നു.

**10. പ്ര വോ മഹേ സഹസാ സഹസ്വത ഉഷർബുദേ**
**പശുഷേ നാഗ്നയേ സ്തോമോ ബഭൂത്വഗ്നയേ |**
**പ്രതി യദീം ഹവിഷ്മന്വിശ്വാസു ക്ഷാസു**
**ജോഗുവേ |**
**അഗ്രേ രേഭോ ന ജരത ഋഷൂണാം ജൂർണിർ**
**ഹോത ഋഷൂണാം ||**

ഉപാസകരേ ! ശക്തിയാൽ വിജയിച്ചുരളുന്നവനും, പ്രഭാതത്തിൽ ഉണരുന്നവനും, ഉപകാരിയുമായ അഗ്നിയ്ക്ക്വേി നിങ്ങളുടെ വാണി സ്തോത്രങ്ങൾ ഉരവിടട്ടെ, സ്തുതിഗായകൻമാര യജമാനനെ പാടിപുകഴ്ത്തുന്നതുപോലെ ഹവിസ്സും വഹിച്ചുകൊ് അഗ്നിയെ സ്തുതിക്കുന്നു.

**11. സ നോ നേദിഷ്ടം ദദൃശാന ആ ഭരേഗ്നേ ദേവേഭിഃ**
**സചനാഃ സുചേതുനാ വഹോ രായഃ സുചേതുനാ**
**|**
**മഹി ശവിഷ്ഠ നസ്കൃധി സഞ്ചക്ഷേ ഭുജേ**
**അസ്യൈ**
**മഹി സ്തേരാതൃഭ്യോ മഘവൻത്സുവീര്യം**
**മഥീരുഗ്രോ നശവസാ ||**

ഹേ അഗ്നി! ദേവതളുടെ സ്നേഹിതനായ നീ ഞങ്ങളുടെ അടുക്കൽ വസിച്ചുകൊ് ഹിതകരമായ ധനം കൊവരണേ. ഈ ഭൂമിയിൽ ഭോഗങ്ങൾ അനുഭവിക്കുന്നതിനുള്ള സാമർത്ഥ്യം ഞങ്ങൾക്കു നൽകണേ. നിൻെറ സ്തോതാക്കളെ ബലത്താൽ യുക്തരാക്കണേ.

# സൂക്തം 128

**ഋഷി പരുച്ഛേലൻ. ദേവത അഗ്നി, ഛന്ദസ് ഉത് അഷ്ടി.**

**1. അയം ജായത മനുഷോ ധരീമണി ഹോതാ യജിഷ്ട**
**ഉശിജാമനു വ്രതമഗ്നിഃ സ്വമനു വ്രതം |**
**വിശ്വശ്രുഷ്ടിഃ സഖീയതേ യിരിവ ശ്രാഃസ്യതേ**
**അദബ്ധോ ഹോതാ നി ഷദദിളസ്പദേ പരിവീത**
**ഇളസ്പദേ||**

ഈ പൂജനീയ ഹോതാഗ്നി, മനുഷ്യർ അരണിയിൽ നിന്നും ഉത്ഭവിച്ച് സാധകൻമാരുടെ സാധകൻമാരുടെ എല്ലാ നിവേദനങ്ങളു ശ്രവിക്കുന്നു. അദ്ദേഹം യശസ്വികൾക്ക് ധനത്തിനും തുല്യനാകുന്നു. ഈ അഗ്നി ഒരിക്കലും പീഡിപ്പിക്കാത്തവനായ ഹോതാവിൻെറ രൂപത്തിൽ പൂജാസ്ഥാനത്തു വിരാജിക്കുന്നു.

**2. തം യജ്ഞ സാധമവി വാതായാമ സ്വജ്ഞത സ്വ**
**പഥാ നമസാഹവിഷ്മതാ ദേവതാതാഹ വിഷ്മതാ**

സ ന ഊർജാമുപാഭൃത്യയാ കൃപാ ന ജജൂര്യതി |
യം മാതരിശ്വാ മനവേ പരാവതോ ദേവം ഭാഃ
പരാപതഃ ||

ഞങ്ങൾ അത്യന്തം വിനായന്വിതനായി യജ്ഞാനുഷ്ഠാനങ്ങളിൽ ഘൃതാദുയുക്തമായ ഹവിസ്സ് കാഴ്ചയായി സമർപ്പിച്ച് അഗ്നി സ്തുക്കുന്നു. അവൻ നമ്മുടെ ഹവിസ്സിനെ സ്വീകരിച്ച് വളരട്ടെ.മാതരിശ്വാവ് അഗ്നിയെ ദൂരത്തുനിന്നും കൊവന്ന് വനത്തെ പ്രദീപ്തമാക്കുന്നതുപോലെ നമ്മുടെ യജ്ഞങ്ങളിലും ദൂരദേശത്തുനിന്നും അഗ്നിവന്നു ചേർന്ന് പ്രദീപ്തമാക്കണേ.

3. ഏവേന സദ്യഃ പര്യേതി പാർഥിവം മുഹർഗീ
രേതോ വൃഷഭഃ കനി ക്രദദ്ദധദ്രേതഃ കനിക്രദത് |
ശതം ചക്ഷാണോ അക്ഷഭിർദേവോ വനേഷു
തുർവണിഃ |
സദോ ദധാന ഉപരേഷു സാനുഷ്വഗ്നിഃ പരേഷു
സാനുഷൂ ||

സദാസ്തുത്യനും ഹവിസ്സ് യുക്തനും അഭീഷ്ടദാതാവും, സമർത്ഥനുമായ അഗ്നി യജ്ഞവേദിയുടെ നാലുഭാഗത്തും ശബ്ദമുാക്കികൊ് പ്രാപിക്കുന്നു. ആ അഗ്നി സ്തോത്രങ്ങൾ സ്വീകരിച്ചുകൊ് ഉത്തമമായ യജ്ഞത്തിൽ അതിവേഗം പ്രദീപ്തമാകുന്നു.

4. സ സുക്രതുഃ പുരോഹിതോ തോ ദമേദമേ ഗ്നിര്യജ്ഞ
സ്യാധ്വരസ്യ ചേതതി ക്രത്വാ യജ്ഞസ്യ ചേതതി |
ക്രത്വാ വേധാ ഇഷ്ടയതേ വിശ്വാ ജതാനി
പസ്പശേ
യതോ ഘൃതശ്രീരതിഥിരജായത വഹനിർവേധാ
അജായത ||

പുരോഹിതരൂപനായ അഗ്നി യജമാൻെറ ഭവനത്തിൽ, അവിനാശിയായ യജ്ഞത്തിൻെറ ജ്ഞതാവായിരിക്കുന്നു. അവൻ കർമ്മങ്ങളുടെ ഫലം നൽകുവാനുള്ള ആഗ്രഹത്തോടുകൂടി ഹവിസ്സിനെ സ്വീകരിക്കുന്നു. അവൻ അഥിതിരൂപത്തോടുകൂടി ഘൃതം ഭക്ഷിച്ചുകൊ് ഹവിർദാതാവിൻെറ അഭീഷ്ടങ്ങൾ സാധിച്ചുകൊടുക്കുന്നു.

5. ക്രത്വാ യദസ്യ തവിഷീഷു പൃഞ്ചതേ ഗ്നേ രവേണ
മരുതാം നഭോജ്യേഷിരായ ന ഭോജ്യാ |
സ ഹി ഷ്മാ ദാനമിന്വതി വസൂനാം ച മജ്മനാ |
സ നസ്ത്രാസതേ ദുരിതാഭിഹ്രുതഃ
ശംസാദഘാദഭിഹ്രുതഃ ||

മരുത്തുക്കൾ ഭക്ഷ്യദ്രവ്യങ്ങൾ ഒന്നിച്ചു കൂടുന്നതുപോലെ മനുഷ്യർ ഭഷ്യപദാർത്ഥങ്ങൾ എകീകരിച്ച് അഗ്നിയ്ക്ക് ഹവിസ്സായി നൽകുന്നു. അപ്പോൾ ആ അഗ്നിദാനപ്രേരിതനായി ഹവിർ ദാതാവിനെ പാപകർമ്മങ്ങളിൽ നിന്നും മോചിതനാക്കുന്നു.

6. വീശ്വോ വിഹായാ അരതിർവ സുർദധേ ഹസ്തേ
ദക്ഷിണേ തരണിർന ശിശ്രഥഛ്റവസ്യയാ ന
ശിശ്രഥത് |
വിശ്വസ്മാ ഇദിഷുധ്യ തേ ദേവത്രാ
ഹവ്യമോ ഹിഷേ |
വിശ്വസ്മാ ഇത്സുകൃതേ വാരമൃണ്വന്യഗ്നിർദ്വാരാ
വ്യർണ്വതി ||

അഖിലത്തിൻെറയും സ്വാമിയും അഗ്നിരൂപനുമായ അവൻ വലത്തുകരത്തിൽ ധനമെടുത്ത് പരോപകാരാർത്ഥം വിനിയോഗിക്കുന്നു. അദ്ദേഹം സ്തോതാവിൽനിന്നും ഹവിസ്സിനെ ദേവതകൾക്ക് എത്തിച്ചുകൊടുക്കുന്നു. സൽകർമ്മികൾക്ക് ഉത്തമമായ ധനഭണ്ഡാരത്തിൻെറ വാതിൽ തുറന്നുകൊടുക്കുന്നു.

7. സ മാനുഷേ വൃജനേ ശന്തമോ ഹിതോഗ്നിർയജ്ഞേഷു
ജേന്യോ ന വിശ്പതിഃ പ്രിയോ യണുഷു വിശ്പതിഃ |
സ ഹവ്യാ മാനുഷയാണാമിവാ കൃതാനി പത്യതേ
|
സ നസ്രാസതേ വരുണ സ്യ ധൂർതേർമഹോ
ദേവസ്യ ധൂർതേഃ ||

ആ അഗ്നി വേദിയിൽ രാജാവിനെപ്പോലെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അവൻ മനുഷ്യരുടെ സ്തുതികളോടുകൂടി നൽകുന്ന ഹവിസ്സുകളുടെ സ്വാമിയാകുന്നു. അവൻ നമ്മെ വരുണാദികളായ ദേവകളുടെ കോപത്തിൽ നിന്നും രക്ഷിക്കുന്നു.

8. അഗ്നിം ഹോതാരമീളതേ വസുധിതി പ്രിയം
ചേതിഷ്ഠമരതിം ന്യേരിരേ ഹവ്യവാഹം ന്യേരിരേ |
വിശ്വായും വിശ്വവേദസം ഹോതാരം യജതം
കവിം ദേവാസോ രണ്വമവസേ വസൂയവോ
ഗീർഭീ രണ്വം വസൂയവഃ ||

ധനവാഹകനും അത്യധികം ചൈതന്യയുക്തനും, പ്രിയഹോതാവുമായ അഗ്നിയെ യജമാനൻ പൂജിക്കുന്നു. എല്ലാത്തിൻേറയും പാണരൂപവും ധനേശനും, യജനയോഗ്യജ്ഞാനിയും ആയ ാഗ്നിയുടെ സമീപം എല്ലാ ദേവകളും ധനത്തെ ആഗ്രഹിക്കുന്നവരുടെ രക്ഷയ്ക്കായി വന്നുച്ചേരുന്നു.

# സൂക്തം 129

ഋഷി പരുഛേവൻ ദേവത ഇന്ദ്രൻ ഛന്ദസ് അഷ്ടി, ശക്വരി

1. യം ത്വം രഥമിന്ദ്ര മേധസാതയേ പാകാ സന്തമിഷിര
പ്രണയസി പ്രാനവദ്യ നയസി |
സദ്യശ്ചിത്തമഭിഷ്ഠയേ കരോ വശശ്ച വാജിനം
സാസ്മാകമനവദ്യ തുതുജാന വേധസാമിവാം
വാചം ന വേധസാം ||

ഹേ ശക്തനായ ഇന്ദ്രാ! നീ തടയപ്പെട്ട സ്വന്തം രഥം യജ്ഞത്തിലെത്തുന്നതിനുവേി മുന്നോട്ടു തെളിയിക്കുന്നു. നീ ഞങ്ങളെ രക്ഷിക്കണേ. ഞങ്ങൾക്ക് ശക്തി നൽകണേ. ഞങ്ങളുടെ വാണിയെ ജ്ഞാനികളുടെ വാണിക്കു തുല്യം ശ്രവിക്കുകയും ചെയ്യണേ.

2. സ ശ്രുധി യഃ സ്മാ പൃതനാസു കാസു ചിദ്ദക്ഷായ്യ
ഇന്ദ്ര ഭരഹൂതയേ നൃഭരസി പ്രതൂർതയേ ന,ഭിഃ
തരുതാ |
തമീശാനസാ ഇരധന്ത വാജിനം പൃക്ഷമത്യം ന
വാജിനം ||

ഹേ ഇന്ദ്രാ! യുദ്ധത്തിനു വിളിക്കുന്ന സമയം ശക്തി നൽകുന്നതിൽ നീ സമർഥനാകണേ. ബുദ്ധിമാൻമാരോടുകൂടി യജ്ഞത്തിനു പ്രേരിപ്പിക്കുന്നവനാകണേ. യുദ്ധത്തിനുവേി വേഗമേറിയ അശ്വത്തെ വിളിക്കുന്നതുപോലെ ഐശ്വര്യവാനായ സാധകൻ നിനക്കുവേി സാധനകൾ അനുഷ്ഠിക്കുന്നു.

**3. ഭസ്മോ ഹി ഷ്മാ വൃഷണം പിന്വസി ത്വചം കം**
**ചിദ്യാവീരരരും ശൂര മർത്യം പരിവൃഷക്ഷി മർത്യം |**
**ഇന്ദ്രോത തുഭ്യം തദ്ദിവേ തദ്രുദ്രായ സ്വയശസേ |**
**മിത്രായ വോചം വരുണായ സപ്രഥഃ സമൃളീ കായ സപ്രഥഃ**
**||**

ഹേ വീരാ! നീ ത്വക്ക്‌രൂപമായ മേഘത്തെ തകർക്കണേ. വിരോധികളുടെ അടുക്കൽ നീ പോകുന്നില്ല. ഞാൻ നിനക്കുവേിയും, ആകാശത്തിനുവേിയും, രുദ്രനുവേിയും, മിത്രനുവേിയും, വരുണനുവേിയും, പ്രസിദ്ധമായ സ്തോത്രം ആലപിക്കുന്നു.

**4. അസ്മകാം വ ഇന്ദ്രമുശ്മസീഷ്ടയേ സഖായം**
**വിശ്വായും പ്രാസഹം യുജം വാജേഷു പ്രാസഹം**
**യജം |**
**അസ്മാകം ബ്രഹ്മോതയേ വാ വൃത്സുഷു കാസു**
**ചിത് |**
**നഹി ത്വാ ശതുഃ സ്തതേ സ്തൃണോഷി യം വിശ്വം**
**ശതും സ്തൃണോഷി യം ||**

മനുഷ്യരേ ! നിങ്ങളുടെ രക്ഷയ്ക്കുവേി അഖിലത്തിൻെറയും പ്രാണരൂപനായഇന്ദ്രനോടു യാചിക്കുന്നു. ഹേ ഇന്ദ്രാ ! എല്ലാ യുദ്ധങ്ങളിലും ഞങ്ങളെ രക്ഷിക്കേണമേ നിൻെറ ശക്തി ഉല്ലംഘന യോഗ്യമല്ല. നീ എല്ലാശത്രുസമൂഹത്തിലും വ്യാപിക്കേണമേ.

**5. നി ഷൂ നമാതിമതിം കയസ്യ ചിത്തേ ജിഷ്ഠാഭിരര**
**ണിഭിരനോതിഭിരുഗ്രാതിഭിഃ |**
**നേഷി ണോ യഥാ പുരാനേനാഃശൂര മന്യസേ |**
**വിശ്വാനി പൂരോരപ പർഷി വഹ്നിരാസാ വഹ്നി**
**നോ അച്ഛ ||**

ഹേ ഉഗ്ര കർമ്മാവായ ഇന്ദ്രാ ! ശത്രുക്കളുടെ ദുരാഹങ്കാരം തകർക്കണേ. നിൻെറ രക്ഷസാധനങ്ങളാൽ ഉചിതമായ മാർഗ്ഗങ്ങളിൽ കൂടി കൊു പോകണേ. നീ പാപരഹിതനാണല്ലോ? മുന്നോടിയായി മനുഷ്യരുടെ പാപങ്ങൾ അകറ്റികളയണേ. നീ ഞങ്ങളുടെ അടുക്കൽത്തന്നെ വസിക്കണേ.

**6. പ്ര തദ്വോചേയം ഭവ്യായേന്ദവേ ഹവ്യേ ന യ**
**ഇഷവാനമനമ രേജതി രക്ഷോഹാ മനമ രേജതി |**
**സ്വയം സോ അസ്മദാ നിദോ വധൈരജേത**
**ദുർമതിം |**
**അവ സ്രവേദഘശംസോ വതരമവ ക്ഷുദ്രമിവ**
**സവേത്||**

ഞാൻ സോമനോടു പ്രാർത്ഥിക്കാം. ആ പ്രാർത്ഥന ഇന്ദ്രനെ വിളിക്കുന്നതിനു യോഗ്യമായ സ്തോത്രങ്ങൾക്കും പ്രേരണ നൽകുന്നു. അവൻ നിന്ദകരേയും, കുമിതികളേയും നമ്മിൽ നിന്നും അകറ്റണേ. പാപത്തിൻെറ സ്വാർത്ഥം നശിച്ച് നിലം പതിക്കുന്നു.

**7. വനേമ തയോത്രയാ ചിതന്ത്യാ വനേമ രയിം**
**തയിവഃ സുവീര്യം |**
**ദുർമനമാനം സുമന്തുഭിരേമിഷാ പൃചീമഹി |**
**ആ സത്യാഷിരിന്ദ്രം ദ്യുമ്നഹൂതിഭിയജത്രം**
**ദ്യുമ്നഹൂതിഭിഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ ഭക്തിപൂർവ്വം രമണീയവും, രക്ഷനൽകുന്നതും ആയ ധനം യാചിക്കുന്നു. മനോഹരങ്ങളായ സ്തോത്രങ്ങളാലും, ഹവിസ്സിനാലും അങ്ങയെ പ്രസന്നനാക്കുന്നു. സത്വത്തോടും, സൗഹാർദതയോടുംകൂടി ആഹ്വാനം ചെയ്തുകൊ് നിന്നെ പൂജിക്കുന്നു..

**8. പ്രപ്രാവോ അസ്മേ സ്വയശോഭിരൂതി പരി വർഗ**
**ഇന്ദ്രോ ദുർമതീനാം ദരീമന്ദുർമതീനാം |**
**സ്വയം സാ രിഷായൈ്യ യാ ന ഉപേഷ അത്രൈഃ |**
**ഹതേമസന്ന വക്ഷതി ക്ഷിപ്താ ജൂർണിർന**
**വക്ഷതി ||**

മനുഷ്യരേ! നിങ്ങളുടേയും ഞങ്ങളുടേയും രക്ഷകനായ ഇന്ദ്രൻ ദുർബുദ്ധികളെ അകറ്റണേ. അവരെ കീറിക്കളയട്ടെ. നമ്മുടെ നേരെ ദൈത്യൻമാർ എറിഞ്ഞിരിക്കുന്ന കുന്തങ്ങൾ മടങ്ങിച്ചെന്ന് അവരെതന്നെ സംഹരിക്കട്ടെ.

**9. ത്വം ന ഇന്ദ്ര രായാ പരീണാസാ യാഹി പഥാം**
**അനേഹസ പുരോ യാഹ്യരക്ഷസാ |**
**സചസ്വ നഃ പരാക ആ സചസ്വാസ്തമീക ആ |**
**പാഹി നോ ദൂരദാരദഭിഷ്ടിഭിഃ സദാ**
**പാഹ്യഭിഷ്ടിഭിഃ ||**

ഹേ ഇന്ദ്രാ! നീ ധനവുമായി ഞങ്ങളുടെ അടുക്കൽ വരണേ. നീ അങ്ങകലെയാണെങ്കിലും ഞങ്ങളോടൊത്തു വസിക്കണേ. ദൂരയോ, സമീപത്തോ എവിടെയെങ്കിലുമോ ആണെങ്കിലും ഞങ്ങളെ രക്ഷിക്കണേ.

**10. ത്വം ന ഇന്ദ്ര രായാ തരുഷസോ ഗ്രം ചിത്ത്വാ**
**മഹിമാ സക്ഷദവസേ മഹേ മിത്രം നാവസേ |**
**ഓജിഷ്ഠ ത്രാതരിവതാ രഥം കം ചിദമർത്യ |**
**അന്യമസ്മദ്രിരിഷേഃ കം ചിദദ്രിവോ രിരിക്ഷന്തം**
**ചിദദ്രിവഃ ||**

മഹാശക്തനും, പാലകനും, അമരനുമായ ഇന്ദ്രാ! നീ ധനസഹിതം ഞങ്ങളെ സമീപിക്കണേ, യശസ്സിനുവേി ശക്തി നൽകണേ. ഞങ്ങളുടെ ദ്രോഹികളെ പീഡിപ്പിക്കരുതേ.

**11. പാഹി ന ഇന്ദ്ര സുഷ്ടുത സിധോ വയാതാ**
**സദമിദ്ദുർമതീനാം ഭേവഃ സന്ദുർമതീനാം |**
**ഹന്താ പാപസ്യ രക്ഷസസ്ത്രാതാ വിപ്രസ്യ**
**മാവതഃ |**
**അധാ ഹി ത്വാ ജതിതാ ജീജനദ്വസോ**
**രക്ഷോഹണം ത്വാ ജീജനദ്വസോ ||**

ഹേ സ്തുത്യനായ ഇന്ദ്രാ! പാപികളെ പതിപ്പിക്കുന്നവനേ, ദൈത്യനാശകാ, സ്തോതാക്കളുടെ രക്ഷകാ, പീഡകളിൽനിന്നും ഞങ്ങളെ രക്ഷിക്കണേ ഹേധനേശാ!! വജ്റായുധാ ഇതിനെല്ലാം വേ

നീ പ്രത്യക്ഷനാകണേ.

## സൂക്തം 130

**ഋഷി പരുച്ഛേവൻ ദേവത ഇന്ദ്രൻ ഛന്ദസ് അഷ്ടി; ത്രിഷ്ടുപ്പ്**

1. **ഏന്ദ്രാ യാഹ്യൂപ നഃ പരാവതോ നായമച്ഛാ**
**വിദഥാനീവ സത്പതിരസ്തം രാജേവ സത്പതിഃ |**
**ഹവാമഹേ ത്വാ വയം പ്രയസ്വന്തഃ സുതേ സചാ**
**പുത്രാസോ ന പിതരം വാജസാതയേ മംഹിഷ്ഠം**
**വാജസാതയേ ||**

അഗ്നി യജ്ഞത്തെ പ്രാപിക്കുന്നതുപോലെ തന്നെ ഹേ ഇന്ദ്രാ! നീ വളരെ ദൂരെയാണെങ്കിൽ പോലും ഞങ്ങളുടെ അടുക്കൽ വന്നുചേരണേ. ഞങ്ങൾ സോമലത പിഴിഞ്ഞെടുത്ത രസവുമായി നിന്നെ ആഹ്വാനം ചെയ്യുന്നു. പുത്രൻ പിതാവിനെ വിളിക്കുന്നതുപോലെ ഞങ്ങൾ നിന്നെ വിളിക്കുന്നു.

2. **പിബാ സോമമിന്ദ്ര സുവാനമദ്രിഭിഃ കോശേന**
**സിക്തമവതം ന വംസഗസ്താതൃഷാണോ ന**
**വംസഗഃ |**
**മദായ ഹര്യരായ തേ തുവിഷ്ടമായ ധായസേ**
**ആ ത്വായ യച്ഛന്തു ഹരിതോ സൂര്യമഹാ വിശ്വേവ**
**സൂര്യം ||**

ഹേ ഇന്ദ്രാ! കല്ലുകൊടിച്ചു പിഴിഞ്ഞ ഈ സോമരസം പാനം ചെയ്യണേ. തോൽക്കുട്ട കൊ് തൊട്ടിയിൽ നിറച്ച വെള്ളം കാളപോലെയും ദാഹം മുഴുത്ത് ഓടിയെത്തിയവനെപോലെയും കുടിക്കണേ. ഇത് നിൻെറ കാന്തിയും ശക്തിയും പുഷ്ടിയും വർദ്ധിപ്പിക്കുന്നതാകും. അങ്ങയുടെ അശ്വങ്ങൾ സൂര്യൻെറ അശ്വങ്ങളെപ്പോലെ ഇവിടെ വന്നു ചേരട്ടെ.

3. **ആവിന്ദം ദിവോ നിഷിതം ഗുഹാ നിധം വേർന**
**ഗർഭം പരിവീതമശ്മന്യനന്തേ അന്തരശ്മയി |**
**വ്രജം വജ്രീ ഗവാമിവ സിഷാസന്നങ് ഗിരസ്തമഃ**
**|**
**അപാവൃണോദിഷു ഇന്ദ്രഃ പരിവൃതാ ദ്വാര ഇഷഃ**
**പതിവൃതാഃ ||**

അംഗിരസ്സുകളിൽ പ്രധാനിയായ ഇന്ദ്രൻ പവനൻെറ ഗുഹകളിൽ മറഞ്ഞിരുന്ന നിധികുംഭങ്ങൾ അന്വേഷിച്ചു കുപിടിച്ചു. അദ്ദേഹം ഗോക്കളുടെ തൊഴുത്തുതുറക്കുന്നതുപോലെ അവയെ തുറന്നു.

4. **ദാദൃഹാണോ പജ്രജമിന്ദ്രോ ഗമസ്ത്യോഃ**
**ക്ഷദ്മേവ**
**തിഗ്മമസനായ സം ശ്വദഹിഹത്യായ സം ശ്വത് |**
**സംവിവ്യാന ഓജസാ ശവോഭിരിന്ദ്ര മജ്മനാ |**
**തഷ്ടേവ വൃക്ഷം വനിനോ നി വൃശ്ചസി പരശ്വേവ**
**നി വൃശ്ചസി ||**

ഇന്ദ്രൻ വജ്രായുധത്തിനു നന്നായി മൂർച്ചക്കൂട്ടി ഹേ ഇന്ദ്രാ! നീ ശകക്തിയുക്തനായി ആവൃത്രനെ ആശാരി തടിയെ എന്നപ്പോലെ മുറിച്ചിടുന്നു.

5. **ത്വ വൃഥാ നദ്യ ഇന്ദ്ര സർതവേ ച്ഛാ**
**സമുദ്രമസൃജോ രഥാം ഇവ വാജയതോ രഥാം ഇവ |**
**ഇത ഊതീർയും ജത സമാനമർഥമക്ഷിതം |**
**ദേനൂരവി മനവേ വിശ്വദോഹസോ ജനായ**
**വിശ്വദോഹസഃ ||**

ഹേ ഇന്ദ്രാ! നീ നദികളെ സമുദ്രത്തിനുനേരെ രഥത്തെ എന്നപേലെ വിട്ടിരിക്കുന്നു. ഈ നദികൾക്ക് നാശം വരാതിരിക്കുന്നതിന് ധനം(ജലം)ത്തേ നൽകിയിരിക്കുന്നു. ഗോക്കൾ മനുഷ്യർക്ക് പുഷ്ഠി പ്രദമായ ധനം (പാൽ) നൽകുന്നതുപോലെ തന്നെയാണിത്.

6. **ഇമാം തേ വാചം വസൂയന്ത ആയവോ രഥം ന**
**ധീരഃ |**
**സ്വപാ അതക്ഷിഷുഃ സുമ്നായ ത്വാമതക്ഷിഷുഃ |**
**ശുഭന്തോ ഭജന്യം യഥാ വാജേഷു വിപ്ര വാജിനം**
**|**
**അത്യമിവ ശവസേ സാതയേ ധനാ വിശ്വാ ധനാനി**
**സാതയേ ||**

ഹേ ഇന്ദ്രാ! ധനേച്ഛക്കളായ മനുഷ്യർ നിനക്കായി സ്തോത്രങ്ങൾ രചിച്ചിരിക്കുന്നു. അതുപോലെ തന്നെ ചതുരനായ ശില്പി രഥം നിർമ്മിക്കുന്നു, അവൻ നിന്നെ അലങ്കരിക്കുന്നു, നിൻെറ അശ്വങ്ങളെ അലങ്കരിക്കുന്നു, ധനപ്രാപ്തിക്കുവേി അവരിതെല്ലാം ചെയ്യുന്നു.

7. **ഭിന്നത്പുരോ നവതിമിന്ദ്ര പൂരവേ ദിവോദാസായ**
**മഹി ദാശുഷേ നൃതോ വജ്രേണ ദാശുഷേ**
**നൃതോ**
**അതിഥി ഗ്വായ ശംബരം ഗിരേരുഗ്രാ അവാഭരത്**
**മഹോ ധനാനി ദയമാന ഓജസാ വിശ്വാ**
**ധനാന്യോജസാ ||**

ഹേ ഇന്ദ്രാ! നീ പുരുവിനും, ദിവോദാസനും വേി ശത്രു ദുർഗ്ഗങ്ങൾ തകർത്തു, തൻെറ തേജസ്സാൽ അതിഥിഗ്വന് മഹത്തായ ധനം നൽകുകയും, ശംബരനെ പർവ്വതമുകളിൽ നിന്നും തള്ളിയിടുകയും ചെയ്തു.

8. **ഇന്ദ്രഃ സമത്സു യജമാനമാര്യം പ്രാപദ്വിശേഷു**
**ശതമൂതിരാജിഷു സ്വർമീളഹേഷ്വാജിഷു |**
**മാനവേ ശാസദവ്രതാന്ത്വചം ക,ഷ്ണാമരന്ധയത് |**
**ദക്ഷന്ന വിശ്വം തതൃഷാണമോഷതി**
**ന്യർശസാനമോഷതി ||**

ഇന്ദ്രൻ തൻെറ സാധകനെ രക്ഷിച്ചു; വ്രതഹീനൻമാരെ ദണ്ഡനം ചെയ്തു. അദ്ദേഹം ദസ്യുക്കളേയും അത്യാഗ്രഹികളേയും നശിപ്പിക്കുന്നവനാകുന്നു.

9. **സൂരശ്ചത്രം പ്ര ബൃയജ്ജാത ഓജസാ പ്രിപിത്വേ**
**വാചമരുണോ മുഷായതീശാന ആ മുഷായതി |**
**ഉശനാ യത്പരാവതോ ജഗന്നൂതയേ കവേ |**
**സുമ്നാനി വിശ്വാ മനുഷേവ തൂർവണരഹാ**
**വിശ്വേവ തൂർവണിഃ ||**

സൂര്യനുദിച്ചപ്പോൾ പ്രകാശപുജ്ഞം വളർന്നു. അതിൻെറ അരുണിമ

പാപികളുടെ വാണിയെ തട്ടിമാറ്റി. ഹേ ഇന്ദ്രാ! നീ സ്നേഹത്തോടുതൂടി ദൂരെനിന്നും ഞങ്ങളുടെ രക്ഷയ്ക്കായി ഇവിടെ വന്നാലും. നീ അതിവേഗത്തിൽ എല്ലാ ധനങ്ങളും നൽകുന്നു.

**10. സ നോ നവ്യേഭിർവൃഷകർമന്നുക്ഥൈഃ പുരാം ദർതഃ പായുഭിഃ പാഹി ശഗ്മൈഃ |**
**ദിവോദാസേഭിരിന്ദ്ര സ്തവാനോ വാവൃധീഥാ അഹോഭിരിവ ദ്യൗഃ ||**

ഹേ ശത്രു ദുർഗ്ഗങ്ങളെ തകർക്കുന്ന ഇന്ദ്രാ! നീ പുതിയസ്തോത്രങ്ങളാലും അനുഷ്ടാനങ്ങളാലും, സഹായങ്ങളാലും, ഞങ്ങളെ രക്ഷിക്കണേ. ദിവോദാ സവംശക്കാരുടെ സ്തുതികളാൽ പകൽ സമയത്ത് ആകാശത്തിലുയരുന്ന സൂര്യനെപ്പോലെ നീ വൃദ്ധിയെ പ്രാപിക്കണേ.

## സൂക്തം 131

**ഋഷി പരുച്ഛേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് അഷ്ടി.**

**1. ഇന്ദ്രായ ഹി ദ്യൗരസുരോ അനമ്നതേന്ദ്രായ മഹീ പൃഥിവീ വരീമഭിർദ്യുമ്നസാതാ വരീമഭിഃ |**
**ഇന്ദ്രം വിശ്വേ സജോഷസോ ദേവാസോ ദധിരേ പുരഃ |**
**ഇന്ദ്രായ വിശ്വാ സവനാനി മാനുഷാ രതാനി സന്തു മാനുഷാ ||**

ഇന്ദ്രന്റെ മുന്നിൽ ആകാശം കുനിയുകയും, ഭൂമികുമ്പിടുകയും ചെയ്തു. യജമാനനൻ അന്നത്തിനുവേി കുമ്പിടുന്നു. എല്ലാ ദേവതകളും ഏകമതരായി ഇന്ദ്രനെ അഗ്രേസരനാക്കി. മനുഷ്യരാൽ നൽകപ്പെടുന്ന സോമയുക്തമായ ആഹൂതികൾ ഇന്ദ്രനെ പ്രാപിക്കണേ.

**2. വിശ്വേഷു ഹി ത്വാ സവനേഷു തുഞ്ജതേ സമാനമേകം വൃഷമണ്യവഃ പൃഥക് സ്വഃ സനിഷ്യവഃ പൃഥക് |**
**തം ത്വാ നാവം ന പർഷണിം ശൂഷസ്യ ധുരി ധീമഹി |**
**ഇന്ദ്രം ന യജ്ഞൈശ്ചിതയന്ത ആയവഃ സ്തോമേഭിരിന്ദ്രമായവഃ ||**

ഹേ ഇന്ദ്രാ! എല്ലാ സോമയാഗങ്ങളിലും യജമാനൻ എല്ലാവരുടേയും പ്രതിനിധിരൂപത്തിൽ നിനക്ക് ഹവിസ്സ് നൽകുന്നു. വള്ളത്തിൽ അക്കരകടത്തുന്നവനെപ്പോലെയുള്ള ഇന്ദ്രനെ യജ്ഞങ്ങൾ വഴിയായി ചൈതന്യമുള്ളവനാക്കി സൈന്യത്തിന്റെ മുൻപിലായി സ്ഥാപിക്കുന്നു. മനുഷ്യർ സ്തോത്രങ്ങളാൽ അവനെ സ്മരിക്കുന്നു.

**3. വി ത്വാ തതസ്രേ മിഥുനാ അവസ്യവോ വ്രജസ്യ സാതാ ഗവ്യസ്യ നിഃസൃജഃ സക്ഷന്ത ഇന്ദ്ര നിഃസൃജഃ |**
**യദ്ഗവ്യന്താ ദ്വാ ജനാ സ്വര്യന്താ സമൂഹസി |**
**ആവിഷ്കരിക്രദ്വൃഷണം സചാഭുവം വജ്രമിന്ദ്ര സചാഭുവം ||**

ഹേ ഇന്ദ്രാ! രക്ഷ ആഗ്രഹിക്കുന്ന ഗൃഹനാഥൻ തന്റെ പത്നിയോടൊത്ത് ഗോക്കളെ നേടുന്നതിനായി നിന്റെ നാലുഭാഗത്തും ഒന്നിച്ചുകൂടുന്നു. അവർക്ക് യജ്ഞാദികർമ്മങ്ങൾ വഴിയായി അഭീഷ്ടങ്ങൾ പ്രദാനം ചെയ്യണേ. നീ സന്തതസഹചാരിയായ വജ്രായുധം പ്രകടമാക്കിയിരിക്കുന്നു.

**4. വിദുഷ്ടേ അസ്യ വീര്യസ്യ പൂരവഃ പുരോ യദിന്ദ്ര ശാരദീരവാതിരഃ സാസഹാനോ അവാതിരഃ |**
**ശാസസ്തമിന്ദ്ര മർത്യമയജ്യും ശവസസ്പതേ |**
**മഹീമമുഷ്ണാഃ പൃഥിവീമിമാ അപോ മന്ദസാന ഇമാ അപഃ ||**

ഹേ ഇന്ദ്രാ! നിന്റെ പരാക്രമങ്ങൾ മനുഷ്യരറിയുന്നു. നീ യജ്ഞഹീനൻമാരുടെ കോട്ടകൾ നശിപ്പിച്ചു. നീ ശത്രുക്കളെയും നശിപ്പിച്ചിരിക്കുന്നു. നീ വിശാലമായ പൃഥ്വിയേയും ജലങ്ങളെയും കീഴടക്കിയിരിക്കുന്നു.

**5. ആദിത്തേ അസ്യ വീര്യസ്യ ചർകിരൻമദേഷു വൃഷന്നുശിജോ യദാവിഥ സഖീയതോ യദാവിഥ |**
**ചകർഥ കാരമേഭ്യഃ പൃതനാസു പ്രവന്തവേ |**
**തേ അന്യാമന്യാം നദ്യം സനിഷ്ണത ശ്രവസ്യന്തഃ സനിഷ്ണത ||**

ഹേ ഇന്ദ്രാ! സോമത്താലനന്ദം പ്രാപിച്ച് അഭീഷ്ടങ്ങൾ നൽകുന്നവനായിത്തീരണേ. സ്വന്തം സാധകൻമാരുടെ രക്ഷകനായിത്തീരണേ. യജമാനനുവേി യുദ്ധങ്ങളിൽ വ്യാപൃതനാകണേ. എല്ലാവരും നിന്നിൽ നിന്നും അപ്രാപ്തിയെ അഭിലക്ഷിക്കുന്നു.

**6. ഉതോ നോ അസ്യാ ഉഷസോ ജുജുഷേത ഹ്യർക്കസ്യ ബോധി ഹവിഷോ ഹവീമഭിഃ സ്വർഷാതാ ഹവീമഭിഃ |**
**യദിന്ദ്ര ഹന്തവേ മൃധോ വൃഷാ വജ്രിഞ്ചികേതസി |**
**ആ മേ അസ്യ വേധസോ നവീയസോ മന്മ ശ്രുധി നവീയസഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ പ്രഭാതകാലയജ്ഞത്തിലെ ഹവിസ്സിനെ സ്വീകരിക്കുകയും ഞങ്ങളുടെ സ്തുതികൾ ശ്രദ്ധിക്കുകയും ചെയ്യണേ. ഹേ വജ്റായുധാ! നീ ശത്രുക്കളുടെ സംഹാരരുദ്രനാകുന്നു. ഞാനാകുന്ന അസാധാരണ ബുദ്ധിയുള്ള മനോഹരങ്ങളായ സ്തോത്രങ്ങൾ ശ്രവിക്കണേ.

**7. ത്വം തമിന്ദ്ര വാവൃധാനോ അസ്മയുരമിത്രയന്തം തുവിജാത മർത്യം വജ്രേണ ശൂര മർത്യം**
**ജഹി യോ നോ അഘായതി ശൃണുഷ്വ സുശ്രവസ്തമഃ |**
**രിഷ്ടം ന യാമന്നപ ഭൂതു ദുർമതിർവിശ്വാപ ഭൂതു ദുർമതിഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളെ പീഡിപ്പിക്കുവാനടുക്കുന്ന ശത്രുക്കളെ നശിപ്പിക്കുന്നതിനുവേി മുന്നോട്ടു വരൂ. ഹേ വീരാ! നിന്റെ വജ്റത്തിന്റെ പ്രഹരത്താൽ ആ ദുഷ്ടബുദ്ധിയായ വിധകൻമാർ പാലായനം ചെയ്യട്ടെ.

## സൂക്തം 132

**ഋഷി പരുച്ഛേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് അഗ്നി, ശാക്വരി**

1. **ത്വയാ വയം മഘവൻപൂർവ്യേ ധന ഇന്ദ്രത്വോതാഃ**
**സാസഹ്യമാ പൃതന്യതോ വനുയാമ വനുഷ്യതഃ |**
**നേദിഷ്ഠേ അസ്മിന്നഹന്യധി വോചാ നു സുന്വതേ |**
**അസ്മിന്യജ്ഞേ വിചയേമാ ഭരേ കൃതം**
**വാജയന്തോ ഭരേ കൃതം ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്റെ രക്ഷാസാധനങ്ങളാൽ സമ്പന്നരായി ശത്രുക്കളെ പരാജിതരാക്കണേ, അവർക്ക് അധികമായ പീഡകൾ നൽകണേ. ഞങ്ങൾ യുദ്ധത്തിൽ നന്നായി വിജയിച്ചെടുക്കുന്നതിനായി സോമകർത്താക്കളെ ഉത്സാഹിപ്പിക്കുവിൻ.

2. **സ്വർജേഷേ ഭര ആപ്രസ്യ വക്മനുഷർബുധഃ**
**സ്വസ്മിഞ്ജസി ക്രണസ്യ സ്വസ്മിന്നഞ്ജസി |**
**അഹന്നിന്ദ്രോ യഥാ വിദേ ശീർഷ്ണാശീർഷ്ണോപവാച്യഃ |**
**അസ്മത്രാ തേ സധ്ര്യത് സന്തു രാതയോ ഭദ്രാ**
**ഭദ്രസ്യ രാതയഃ ||**

ഇന്ദ്രൻ പ്രഭാതകാലത്തിൽ ഉണർന്ന് ആഹ്വാനംചെയ്ത യജമാനനുവേി പ്രത്യക്ഷമായി ശത്രുക്കളെ ഹനനം ചെയ്തു. ആ ഇന്ദ്രനെ സർവ്വജ്ഞനായിക്കരുതി സ്മരിക്കുവിൻ. ഹേ ഇന്ദ്രാ! നീ നൽകിയ ഐശ്വര്യം ഞങ്ങൾക്ക് മംഗളം വരുത്തണേ.

3. **തത്തു പ്രയഃ പ്രത്നഥാതേ ശുശുക്വനം യസ്മിന്യജ്ഞേ**
**വാരമകൃണ്വത ക്ഷയമൃതസ്യ വാരസി ക്ഷയം |**
**വി തദ്വോ ചേരധ ദ്വിതാന്തഃ പശ്യന്തി രശ്മിഭിഃ |**
**സ ഘാ വിദേ അന്വിന്ദ്രോ ഗവേഷണോ**
**ബന്ധുക്ഷിദ്ഭ്യോ ഗവേഷണഃ ||**

പുഷ്ഠികാരകരായ ഈ ഹവിസ്സുക്കൾ നിനക്കുവേിയിട്ടുള്ളതാണ്. ഞങ്ങളുടെ പൂർവ്വൻമാർ യജ്ഞം വഴിയായി ശരീരക്ഷയം ബലത്താൽ തടഞ്ഞു നിർത്തിയിരിക്കുന്നു. അവർ, ഇന്ദ്രൻ യമാനനുവേി ഗോക്കളെ നൽകുന്നവനാണെന്നു കരുതിയിരുന്നു.

4. **നൂ ഇത്ഥാ തേ പൂർവ ധാ ച പ്രവാച്യം യദ്ങ്ഗിരോഭ്യോ വൃണോരപ വ്രജമിന്ദ്ര ശിക്ഷന്നപ വ്രജം |**
**ഐഭ്യഃ സമാന്യ ദിശാ സ്മഭ്യം ജേഷി യോത്സി ച**
**സുത്വദ്ഭ്യോ രന്ധയാ കം ചിദ്രവ്രതം ഹൃണായന്തം ചിദവ്രതഃ ||**

ഹേ ഇന്ദ്രാ! പത്തേതിനു തുല്യമായി നിന്റെ പ്രസിദ്ധമായ പരാക്രമങ്ങളുടെയും യശസ്സും ഗാനം ചെയ്യുകതന്നെ വേണം. നീ യുദ്ധങ്ങളെ വിജയിപ്പിക്കുന്നവനാകണേ. യജ്ഞവിരോധികളെ സോമനിർമ്മാതക്കൾക്കേപ്പിച്ചുകൊടുക്കണേ.

5. **സം യജ്ജനാൽ ക്രതുഭിഃ ശൂര ഇനക്ഷയദനേ ഹിതേ**
**തരുഷന്ത ശ്രവസ്യവഃ പ്ര യക്ഷന്ത ശ്രവസ്യവഃ |**
**തസ്മാ ആയുഃ പ്രജാവദിദ്ബാധേ അർചന്ത്യോജസാ |**
**ഇന്ദ്ര ഓക്യം ദിധിഷന്ത ധീതയോ ദേവാം അഛാ ന ധീതയഃ ||**

ഇന്ദ്രൻ മനുഷ്യർക്ക് വിവേകബുദ്ധി നൽകുന്നു. യജ്ഞം ആഗ്രഹിച്ചുകൊ് ശത്രുക്കളുടെ മേൽ ആക്രമണം നടത്തുന്നു. യജമാനൻ യജ്ഞം നടത്തികൊ് നിന്നിൽ നിന്നും ധനം യാചിക്കുന്നു. അവരുടെ സ്തോത്രങ്ങൾ എല്ലാ ദേവതകളേയും ലക്ഷ്യമാക്കി ഏകനായ ഇന്ദ്രനിൽതന്നെ ചെന്നുച്ചേരുന്നു.

6. **യുവം തമിന്ദ്രാപർവതാ പുരോയുധാ യോ നഃ**
**പൃതന്യുദന തന്തമിദ്ധതം വജ്രേജണ തന്തമിദ്ധതം |**
**ദൂരേ ചത്തായ ഛൻത്സദ്ഗഹനം യദിനപൃക്ഷത്**
**അസ്മകാം ശത്രുൻപരി ശൂര വിശ്വതോ ദർമാ ദർഷീഷ്ട വിശ്വതഃ |**

ഹേ ഇന്ദ്രാ! ഞങ്ങളോടു പടപൊരുതുവാനാഗ്രഹിക്കുന്നരെ, നീ മുന്നോട്ട് ചെന്ന് മാറ്റിക്കളയൂ. നിന്റെ വജ്റായുധം ദൂരെനിന്നും ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥമാണ്. ഹേ ഇന്ദ്രാ! ശത്രുക്കളെ എല്ലാഭാഗത്തുനിന്നും പിളർന്നുകളയണേ.

## സൂക്തം 133

**ഋഷി പരുച്ഛേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടപ് , ഗായത്രി, ജഗതി**

1. **ഉഭേ പുനാമി രോദസീ ഋതേന ദ്രുഹോ ദഹാമി സം മഹീരനിന്ദ്രാഃ |**
**അഭിവ്ലഗ്യ യത്ര ഹതാ അമിത്രാവൈല സ്ഥഅനം പരി ത,ളഹാ അശേരൻ ||**

ഞാൻ ആകാശത്തേയും ഭൂമിയേയും യജ്ഞത്താൽ പവിത്രമാക്കുന്നു. ഇന്ദ്രന്റെ ദ്രോഹികളേയും, അവരുടെ ഭൂമികളേയും ചാമ്പലാക്കുന്നു. ആ സ്ഥാനങ്ങളിൽ ശത്രുക്കൾ കൊല്ലപ്പെടുകയും കിടങ്ങുകളിൽ എറിയപ്പെടുകയും ചെയ്തു.

2. **അഭിവിലഗ്യാ ചിദദ്രിവന്ന ശീർഷാ യാതുമതീനാം**
**ഛിന്ദി വടൂരിണാ പദാ മഹാവടൂരിണാ പദാ |**

ഹേ വജ്റായുധാ! ശത്രുസേനകളെ നിന്റെ ആനയുടെ കാലടികളിലിട്ട് ചവിട്ടിമെതിപ്പിക്കൂ.

3. **അവാസാം മഹവഞ്ജഹി ശാധോ യാതുമതീനാം |**
**വൈലസ്ഥാനകേ അർമകേ മഹാവൈലേസ്ഥേ അർമമേ ||**

ഹേ ഇന്ദ്രാ! അവരുടെ ശക്തി നശിപ്പിക്കുകയും അവരെ ചവിട്ടിയരച്ച് ആഴമുള്ള കിടങ്ങുകളിൽ എറിയുകയും ചെയ്യൂ.

4. യാസാം ത്രിസഃ പഞ്ചാശതോ ഭിവ ലങ്ഗൈര
പാവപഃ |
തത്സു തേ മനായതി തകത്സുതേ മനായതി ||

ഹേ ഇന്ദ്രാ! നീ ശത്രുക്കളുടെ ഒരു നൂറ്റിയമ്പതു പടയെ സംഹരിച്ചുവല്ലോ, അതു വളരെ മഹത്തായ കർമ്മം തന്നെ, നിനക്ക് ഇത് വളരെ നിസ്സാരമായതാണല്ലോ.

5. പിശങ്ഗഭൃഷ്ടിമംഭൃണം പിശാചിമിന്ദ്ര സം വൃണ |
സർവം രക്ഷോ നി ബർഹയ ||

ഹേ ഇന്ദ്രാ! ക്രോധത്താൽ രക്തവർണ്ണരായിത്തീർന്ന ആ ദുഷ്പിശാചുക്കളെ നശിപ്പിക്കൂ. എല്ലാ രാക്ഷസൻമാരേയും സംഹരിക്കണേ.

6. അവർമഹ ഇന്ദ്ര ദാദൃഹി ശ്രുധീ നഃ ശുശോചു
ഹി ദ്യൗക്ഷോ ന ഭീഷാം അദ്രിവോ ഘൃണാന്ന
ഭീഷാം അദ്രിവഃ |
ശുഷ്മിന്തമോ ഹി
ശുഷ്മിഭിർവധൈരുഗ്രേഭിരീയസേ |
അപൂരുഷ്ഘ്നോ അപ്രതീത ശൂര
സത്വസ്ത്രിഭിസപ്തൈഃ ശൂര സത്വഭിഃ |

ഹേ വജ്റായുധാ! നീ ഭീകരൂപനായ ആ ദൈത്യൻമാരെ വിദീർണ്ണരാക്കൂ. ഞങ്ങളുടെ പ്രാർത്ഥനകളെ ശ്രവിക്കണേ. പ്രദീപ്തമായ അഗ്നിയെ ആരെങ്കിലും ഭയപ്പെടുന്നതുപോലെ നിന്നോടുള്ള ഭയത്താൽ ശത്രുക്കൾ ഞെട്ടിവിറക്കണമേ. നീ ശത്രുക്കളുമായി യുദ്ധം ചെയ്യുവാൻ പോകുകയാണല്ലോ. വീരനായ നീ ആരാലും അമർത്തപ്പെടാത്തവനും, അതുപോലെ യജമാനൻമാരെ പീഡിപ്പിക്കുവാൻ അനുവദിക്കാത്തവനുമാണല്ലോ.

7. വനോതി ഹി സുന്വൻക്ഷയം പരീഷസഃ
സുന്വനോഹി
ഷ്മാ യജത്യവ ദ്വിക്ഷോ ദേവാനാമവദ്വിഷഃ |
സുന്വാന ഉത്സിഷാസതി സഹസ്രാ വാജ്യവൃതഃ |
സുന്വാനായേന്ദ്രോ ഭദാത്യഭൂവം രയിം
ദദാത്യാദുവം ||

സോമം പിഴിയുന്ന യജമാനൻ,ഗൃഹസ്വാമിയും, ദേവതകളുടെ ശത്രുക്കളെ തുരത്തി ഓടിക്കുന്നവനുമാകുന്നു. അവൻ അജേയനായി ആയിരങ്ങളായ സമ്പത്തുക്കൾ ആഗ്രഹിക്കുന്നു. ഇന്ദ്രൻ അവന് പര്യാപ്തമായ ധനം നൽകുന്നു.

# അനുവാകം 20

## സൂക്തം 134

ഋഷി പരുച്ഛേവൻ, ദേവത വായു, ഛന്ദസ് അഷ്ടി.

1. ആ ത്വാ ജജൂവോ രാരഹാണാ അഭി പ്രയോ
മായോ
വഹന്തു പൂർവപീതയേ സോമസ്യ പൂർവപീതയേ
|
ഊർധ്വാ തേ അനു സൂനൃതാ മനസ്തിഷ്ഠതു
ജാനതീ |
നിയുത്വതാ രഥേന യാഹി ദാവനേ വായോ
മഖസ്യ ദാവനേ ||

ഹേ വായൂ! സോമം പാനം ചെയ്യുന്നതിനായി വേഗമേറിയ അശ്വങ്ങൾ നിന്നെ ആദ്യമായി ഇവിടെ കൊുവരണേ. ഞങ്ങളുടെ സ്തുതിരൂപമായ വാണി ഉന്നതമായ നിൻെറ ഗുണങ്ങളെ അറിയുന്നു. അത് നിങ്ങൾക്കനുകൂലമായിരിക്കട്ടെ. നിങ്ങൾ തയ്യാറാക്കപ്പെട്ട രഥത്തോടുകൂടി ഹവിർദാതാവിനു പ്രാപിക്കണേ.

2. മന്ദന്തു ത്വാ മന്ദിനോ വായവിന്ദവോ സുക്രാ
ണാസഃ സുകൃതാ അഭിദ്യവോ ഗോഭിഃ ക്രാണാ
അഭിദ്യവഃ |
യദ്ധ ക്രാണാ ഇരധ്യൈ ദക്ഷം സചന്ത ഊതയഃ
സധ്രീചീനാ നിയുതോ ദാവനേ ധിയഉപ ബ്രൂവത
ഈം ധിയഃ ||

ഹേ വായൂ! ഞങ്ങളുടെ പ്രഭാവമേറിയതും, പുഷ്ടിപ്രദവുമായ സോമം നിങ്ങളെ പുഷ്ഠമാക്കണേ. ക്ഷീരത്തിൻെറ പ്രഭാവത്താൽ യുക്തമായ ഈ സോമത്തിനുവേി നടന്നുവരുവാൻ നിങ്ങളുടെ അശ്വങ്ങൾ ശക്തി പ്രാപിക്കണേ. സ്തോതാക്കളുടെ സ്തുതികൾക്കനുസരണമായി അവ ശക്തി പ്രാപിക്കണേ.

3 വായുര്യുങ്ക്തേരോഹിതാ
വായുരരുണാവായുരഥേ അജിരാ
ധുരി വോളഹവേ വഹിഷ്ടാ ധുരി വോളഹവേ |
പ്ര ബോധയാ പുരന്ധിം ജാര ആ സസതീമിവ
പ്ര ചക്ഷയ രോദസീ വാസയോഷ സശ്രവസേഃ
വാസുയോഷ സഃ ||

യാത്രയ്ക്കു വേി ചുവപ്പുവർണ്ണത്തോടുകൂടിയ കുതിരകളെ വായു തൻെറ രഥത്തിൽ പൂട്ടുന്നു. അവർ സുവർണ്ണവർണ്ണങ്ങളോടുകൂടിയവയും, ദ്രുതഗാമികളായ അശ്വങ്ങളെ രഥനുകത്തിൽ ബന്ധിച്ച് ഉറങ്ങികിടക്കുന്ന കാമുകി കാമുകനാൽ ഉണർത്തപ്പെടുന്നതുപ്പോലെ ഭൂമിയെ ഉണർത്തു. അവർ യശസ്സിനുവേി ഉഷസ്സിനെ സ്ഥിരപ്പെടുത്തുന്നു.

4. തുഭ്യമുഷാസഃ ശുചയഃ പരാപതി ഭദ്രാ വസ്ത്രാ
തന്വതേ ദംസു രശ്മിഷുചിത്രനവ്യഷർസ്മിഷു
തുഭ്യം ധേനുഃ സമ്പർദുർഘാ വിശ്വാ വസൂന
ദോഹതേ |
അജനയോ മരുതോ വക്ഷണാഭ്യോ ദിവ ആ
വക്ഷണാഭ്യഃ ||

ഹേ വായൂ! പ്രകാശമതിയായ ഉഷസ്സ് ദൂരസ്ഥമായ അതിൻെറ ഭവനത്തിൽ നിങ്ങൾക്കുവേി കിരണരൂപങ്ങളായ വസ്ത്രങ്ങൾ വിരിക്കുന്നു. വിവിധവർണ്ണങ്ങളോടുകൂടി കിരണങ്ങളെ വർദ്ധിപ്പിക്കുന്നു. അമൃതരൂപമാകുന്ന പാലോടു കൂടിയ ഗോക്കൾ നിങ്ങൾക്കുവേി എല്ലാ ധനങ്ങളും കറന്നെടുക്കുന്നു. നിങ്ങൾ വൃഷ്ടിയ്ക്കായി മരുത്തുക്കളെ പ്രത്യക്ഷമാക്കി.

5. തുഭ്യം ശുക്രാസഃ ശുചയസ്തരണ്യവോ മദേഷൂ
ഗ്രാ
ഇഷണന്ത ഭൂർവണ്യപാമിഷന്ത ഭൂർവണി |

ത്വാം ത്സാരി ദസമാനോ ഭഗമീട്ട് തക്വവിയേ |
ത്വം വിശ്വസ്മാദ്ഭുവനാതപാസി ധർമണാ
സൂര്യത്പാസി ധർമണാ ||

ഹേ വായൂ! ഈ വെട്ടിത്തിളങ്ങുന്ന പുഷ്ഠികരമായ സോമം നിങ്ങൾക്കായി നൽകുന്നു. ശത്രുഭയത്താൽ പരിഭ്രാന്തനായി കഴിഞ്ഞിരിക്കുന്ന യജമാനൻ നിങ്ങളെ അതിവേഗം ആഹ്വാനം ചെയ്യുന്നു. നിങ്ങൾ ലോകരക്ഷകനും, രാക്ഷസൻമാരിൽ നിന്നും ഉപാസകരെ രക്ഷിക്കുന്നവനുമാണല്ലോ.

6. ത്വം നോ വായവേഷാമ്നപൂർവ്യാഃ സോമാനാം
പ്രഥമഃ പീതിമർഹസി സുതാനാം പീതിമർഹസി |
ഉതോ വിഹുത്മതീനാം വിശാം
പവർജ്ജൂഷീണാം വിശ്വാ ഇത്തേ ധേനവോ ദുഹ ആശീരം
||

ഹേ വായൂ! ഞങ്ങൾ ഇടിച്ചുപിഴിഞ്ഞെടുത്ത ഈ സോമം പാനം ചെയ്യുന്നതിൽ നിങ്ങൾ സമർത്ഥനാകണേ. നിങ്ങൾക്കുവേി ക്ഷീരവും ഘൃതവും ലിക്കുന്നതിനായി ദോഹനം ചെയ്യുന്നു.

## സൂക്തം 135

ഋഷി പരുച്ഛേവൻ, ദേവത വായു, ഛന്ദസ് അഷ്ടി.

1. സ്തീർണം ബർഹിരുപ നോ യാഹി വീതയേ
സഹസ്രേണ നിയുതാ നിയുത്വതേ
ശാതിനീഭീർനിയുത്വതേ
തുഭ്യമ ഹി പൂർവപീതയേ ദേവാ ദേവായയേമിര |
പ്ര തേ സുതാസോ മധുമന്തോ അസ്ഥിരൻമദായ
ക്രത്വേ അസ്ഥിരൻ |

ഹേ വായൂ! ഹവിസ്സ് സേിക്കുന്നതിനായി വിരിച്ചിരിക്കുന്ന കുശയെ പ്രാപിക്കൂ. ഋത്വിജൻമാർ നേരത്തെ തന്നെ നിനക്കായി സോമം തയ്യാറാക്കിയിരിക്കുന്നു. പിഴിഞ്ഞെടുത്ത സോമം നിന്നെ ബലപ്പെടുത്തുകയും പുഷ്ഠിപ്പെടുത്തുകയും ചെയ്യും.

2. തുഭ്യമയം
സോമഃപരിപൂതോഅദ്രിഭിഃസ്പാർഹാവസാനഃ
പരികോശമർഷതി ശുക്രാ വസാനോ അർഷതി |
തവായം ഭാഗ ആയുഷു സോമോ ദേവേഷു
ഹൂയതേ |
വഹ വായേ നിയുതോ
യാഹ്യസ്മയുർജ്ജുഷാണോ യാഹ്യസ്മയുഃ ||

ഹേ വായൂ! ഇടിച്ചുപിഴിഞ്ഞെടുത്ത ഈ സോമരസം ബലത്തെ ധാരണം ചയ്തുകൊ് കലശത്തിലേയ്ക്ക് പോകുന്നു. ഈ സോമം ഹവിസ്സിനോടുയുക്തമാക്കപ്പെട്ടിരിക്കുന്നു. അഭിലാഷികളായ ഞങ്ങളുടെ നേരെ നിങ്ങൾ സ്വന്തം കുതിരകളെ നയിക്കണേ.

3. ആ നോ നിയുദ് ഭിഃ ശതിനീഭ രധ്വരം സഹസ്രിണീ
ഭിരുപ യാഹി വീതയേ വായോ ഹവ്യാനി വിതയേ
|
തവായം ഭാഗ ഋത്വിയഃ സരശ്മിഃ സൂര്യേ സച |
അധ്വര്യുഭിർഭരണമാണാ അയംസത വായോ
ശുക്രാ അയംസത ||

ഹേ വായുവേ! ആയിരങ്ങളും, അസംഖ്യങ്ങളുമായി ഞങ്ങളുടെ യജ്ഞങ്ങളിലാഗതരായി ഹവിസ്സിനെ സ്വീകരിച്ചാലും. നിങ്ങൾക്കുള്ള ഈ ഭാഗം സൂര്യനുസമാനം ശോഭിച്ചുകൊിരിക്കുന്നു. അധ്വര്യക്കൾ നിങ്ങൾക്കുവേി ഈ സോമം അർപ്പണം ചെയ്തിരിക്കുന്നു.

4. ആ വാം രഥോ നിയുത്വാന്വക്ഷദവസേ ഭിപ്രായാം
സി
സൂധിതാനി വീതയേ വായോ ഹവ്യാനി വീതയേ |
തവായം ഭാഗ ഋത്വിയഃ സരശ്മിഃ സൂര്യേ സച |
അധ്വര്യുർഭിർഭരമാണാ അയംസത വായോ
ശുക്രാ അയംസത ||

ഹേ വായൂ ! സുന്ദരമായ ഹവിസ്സ്രൂപാന്നത്തിനുനേരെ നിൻെറ രഥം രക്ഷാർത്ഥമായി ചലിക്കട്ടെ. നീ മധുരമായ സോമപാനം ചെയ്താലും. നീ ഉജ്ജ്വലമായ ധനത്താൽ യുക്തനായി ഇന്ദ്രനോടുകൂടി ഇവിടെ ആഗമിച്ചാലും.

5 ആ വാം ധിയോവവ്യത്യുരധ്വരാം ഉപേമമിന്ദും
മർമുജന്ത വാജിനമാശുമത്യം ന വാജിനം |
തേഷാം പിബിതമസ്മയു ആ നോ
ഗന്തമിഹോത്യാ
ഇന്ദ്ര വായൂ
സുതാനാമദ്രിഭിര്യുവംമദായവാജദായുവം ||

ഹേ ഇന്ദ്രാ! വായൂ! ഞങ്ങളുടെ സ്തുതികൾ നിങ്ങളെ യജ്ഞത്തിനു നേരെ ആകർഷിക്കട്ടെ. ഋത്വിജൻമാർ സോമം അരിച്ചുവച്ചിരിക്കുന്നു; ഇവിടെ വന്നതിനെ പാനം ചെയ്യുകയും ഞങ്ങളെ രക്ഷിക്കുകയും ചെയ്യൂ.

6. ഇമേ വാം സോമാ
അപ്സ്വാസുതാഇഹാധ്വര്യുഭിർ
ഭരമാണാ അയംസത വായോ ശുക്രാ
അയംസത |
ഏതേ വാമഭ്യസൃക്ഷത തിരഃ പവിത്ര മാശവഃ |
യുവായവോ തി രോമാണ്യവ്യയാ സോമസോ
അത്യവ്യയാ ||

ഹേ വായൂ! അധ്വര്യുക്കളാൽ പിഴിഞ്ഞെടുക്കപ്പെട്ട സോമം വച്ചിരിക്കുന്നു. ഇത് നിങ്ങൾക്ക് രുപേർക്കും വേി രോമത്തുണിയിൽ അരിക്കപ്പെട്ടതാണ്.

7. അതി വായോ സസതോ യാഹി ശശ്വതോയത്ര
ഗ്രാവാ വദതികതത്ര ഗച്ഛതം ഗൃഹമിന്ദ്രശ്ച
ഗച്ഛതം |
വി സൂനൃത. ദദൃശേ രീയതേ ഘൃതമാ പൂർണയാ
നിയുതാ യഥോ അധ്വരമിന്ദ്രശ്ച യഥോ അധ്വരം
||

ഹേ വായൂ ! ഉറങ്ങികഴിയുന്ന എല്ലാവയേയും ഉണർത്തികൊു വരണേ. സോമലത ഇടിക്കുന്ന അമ്മിക്കല്ലിൻെറ ശബ്ദത്താൽ ആകർഷിതനാകണേ.

8. അത്രാഹ തദ്വഹേഥേ മധ്വ ആഹൂതിം
യമശ്വത്ഥമുപതിഷ്ഠന്ത ജായവോ സ്മേ സന്തു ജായവഃ |
സാകം ഗാവഃ സുവതേ പച്യതേ യവോ ന തേ
വായ
ഉപ ദസ്യന്തി ധേനവോ നാപ ദസ്യന്തി ദേനവഃ ||

ഹേ ഇന്ദ്രാ! വായു! നീ ഈ മധുര സോമത്തിൻെറ ആഹൂതി സ്വീകരിക്കണെ. ഈ അരയാൽ രൂപമായ സോമത്തെ അജേയനായ വ്യക്തി പാനം ചെയ്യുന്നു. ഞങ്ങളുടെ ഗോക്കൾ ക്ഷീണിക്കാതിരിക്കണേ, ഞങ്ങളുടെ അന്നം പരിപക്വമാകണേ.

9. ഇമേ യേ തേ സു വായോ
ബാഹ്വോജസോന്തർനദീ തേ പതയന്ത്യുക്ഷണോ
മഹിവ്റാധന്ത ഉക്ഷണ ഃ|
ധന്വഞ്ചിദ്യേ അനാശവോ ജീരശ്ചിദഗിരൗകസ
സൂര്യസ്യേവ രശ്മയോ ദുർന്നിയന്തവോ
ഹസ്ഥയോർദുർനായന്തവഃ ||

നിൻെറ പരാക്രമിയായ വൃഷഭം നദീരൂപമായ പ്രവാഹത്തിൽ പാഞ്ഞുകൊടിരിക്കുന്നു. ഇത് മരുഭൂമിയിൽപ്പോലും നശിക്കുന്നില്ല. ഇതു സൂര്യരശ്മിക്കുതുല്യം അബാധഗതിയോടു കൂടിയതാകുന്നു.

## സൂക്തം 136

ഋഷി പരുച്ഛേവൻ, ദേവത മിത്രാവരുണർ, ഛന്ദസ് ത്രിഷ്ടുപ്, അഷ്ടി

1. പ്ര സു ജ്യേഷ്ഠം നിചിരാഭ്യാം ബൃഹന്നമോ ഹവ്യം
മതിം ഭരതാ മൃഗയദ്ഭ്യാം സ്വാദിഷ്ഠം മൃളയദ്ഭ്യം |
താ സമ്രാജാ ഘൃതാസുതീ യജ്ഞേയജ്ഞ
ഉപസ്തുതാ
അഥൈനോഃ ക്ഷത്രം ന കുതശ്ചനാധൃഷേ
ദേവത്വം നൂ ചിദാധൃഷേ ||

മനുഷ്യരേ! നമസ്കാരപൂർവ്വം മിത്രനും വരുണനും വേി ഹവിസ്സ് തയ്യാറാക്കൂ. അവർ ഘൃതയുക്ത ഹവിസ്സ് യോഗ്യയജ്ഞങ്ങളിൽ സ്തുതിയ്ക്കപ്പെടുകയും, അവരുടെ ദേവത്വം ഒരിക്കലും കുറയുകയും ചെയ്യുന്നില്ല.

2. അദർശി ഗാതുരുരവേ വരീയസീ പന്ഥാ ഋതസ്യ
സമയം സ്ത രശ്മിഭിശ്ചക്ഷുർഭഗസ്യ രശ്മിഭിഃ
ദ്യുക്ഷം മിത്രസ്യ സാദനമര്യമ്ണോ വരുണസ്യ ച
അഥാ ദധാതേ ബൃഹദുക്ഥ്യം വയ ഉപസ്തുത്യം
ബൃഹദ്വയഃ |

സൂര്യൻെറ വിസ്തൃതമായ മാർഗ്ഗം നിയമിതമായ രൂപത്താൽ ചരടിനാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. മിത്രൻെറയും, അര്യമായുടേയും, വരുണൻേറയും സ്ഥാനം അത്യന്തം ഉജ്ജ്വലമാണ്. അവർ ഇവിടെ നിന്നും മഹത്തായ ബലം പ്രദാനം ചെയ്യുന്നു.

3. ജ്യോതിഷ്മതീമദിതിധാരയത്ക്ഷിതിംസ്വർവതിമ
സചേതേ ദിവേദിവേ ജാഗൃവാം സാ ദിവേദിവേ
ജ്യോതിഷ്മത്ക്ഷത്രമാശതേ
ആദിത്യാദാനുനസ്പതി |
മിത്രസ്തയോർവരുണോ യാതയജ്ജനോര്യമാ
യാതയജ്ജനഃ ||

പൃഥ്വിയുടെ ധാരകയും, ആകാശത്തിൽ യുക്തമായ അദിതിയെ വരുണൻമാർ നിത്യവും സേവനം ചെയ്യുന്നു. ഈ ദാനരൂപനായ ആദിത്യൻ തേജസ്വിയാണല്ലോ. മിത്രനും, വരുണനനും, അര്യമാവും മൂന്നുപേരും മനുഷ്യർക്ക് പ്രേരണനൽകികൊിരിക്കുന്നു.

4. അയം മിത്രായ വരുണായ ശന്തമഹ സോമോ
ഭൂത്വവപാനേഷ്വഭഗോ ദേവോ ദേവേഷ്വഭഗഃ |
തം ദേവാസോ ജജുഷേത വിശ്വേ അദ്യ
സജോഷസഃ |
തഥാ രാജാനാ കരഥോ യദീമഃ ഋതാവാനാ
യദീമഹേ ||

ഈ സോമരസം മിത്രനും വരുണനും സുഖം നൽകണേ. ദേവകൾ ഇതിൽനിന്നും ആനന്ദം നുകരണേ, എല്ലാ ദേവകളും തുല്യമസ്സോടുകൂടി ഇതിനെ സേവിക്കണേ. ഇത് നമ്മുടെ ഇഷ്ടാനുസ്സരണം കാര്യങ്ങൾ നിർവ്വഹിക്കണേ.

5. യോ മിത്രായ വരുണായാവിധജ്ജനോ
നർവാണം തം പരി പാതോ അംഹസോ ദാശ്വംസം മർത
മംഹസഃ|
തമര്യാമാഭി രക്ഷത്യർജ്ജയമനു വ്രതം
ഉക്ഥൈര്യ
ഏനോഃ പരിഭൂഷതി വ്രതം സ്തോമൈരാഭൂഷതി
വ്രതം ||

മിത്രനേയും വരുണനേയും സേവിക്കുന്നതുവരെ അത് (ഹവിസ്സ്) ശത്രുക്കളിൽനിന്നും, പാപത്തിൽ നിന്നും രക്ഷിക്കുന്നു, ഹവിസ്സ് ദാതാവിനെയും രക്ഷിക്കുന്നു. യാതൊരുത്തൻ ഇതിൻെറ നിയമങ്ങള പാലിക്കുന്നവനോ, അവനെ അര്യമാ രക്ഷിക്കുന്നു.

6. നമോ ദിവേ ബൃഹതേ രോദസീഭ്യാം
മാത്രായവോചം
വരുണായ മിളഹൂഷേ സുമൃളീകായമീളഹൂഷേ |
ഇന്ദ്രാഗ്നിമുപ സ്തുഹി ദ്യുക്ഷമര്യമണം ഭഗം
ജോഗ്ജീവന്തഃ പ്രജയാ സചേമഹി
സോനസ്യോതീ സചോമഹീ ||

മഹത്തായ ആകാശത്തേയും, ഭൂമിയേയും, മിത്രനയും, വരുണനേയും ഞാൻ നമസ്കരിക്കുന്നു. നാം ഇന്ദ്രൻ, അഗ്നി, അര്യമ, ഭഗൻ ഇവരുടെ അുത്തുനിന്നും സ്തുതിക്കണേ. പുത്രാദികളാൽ യുക്തരായി രക്ഷകളെ പ്രാപിക്കണേ.

7. ഊതി ദേവനാം വയമിന്ദ്രവന്തോ വംസീമഹി
സ്വയശസോ മരുദ്ഭിഃ |
അഗ്നിർമിത്രോവരുണഃ ശർമ യംസൻ തദശ്യാമ
മഘവാനൊ വയം ച ||

ദേവതകളുടെ രക്ഷയോടു കൂടി നമ്മിലേയ്ക്കാർഷിതമായ ഇന്ദ്രനേയും, അദ്ദേഹത്തിൻെറ കൂട്ടുകാരായ മരുത്തുക്കളെയും പ്രശംസിക്കണേ. അവരിൽ നിന്നും നാം അഭീഷ്ടധനം പ്രാപിക്കട്ടെ.

# അദ്ധ്യായം ര്

## സൂക്തം 137

ഋഷി പരുച്ഛേപൻ, ദേവത മിത്രാവരുണൻ, ഛന്ദസ് ശക്വരി.

1. സുഷുമാ യാതമദ്രിഭിർഗോശ്രീതാ മത്സരാ
ഇമേ സോമാസോ മത്സരാ ഇമേ |
ആ രാജാനാ ദിവിസ പൃശാസ്മത്രാ ഗന്തമുപ നഃ |
ഇമേ വാം മിത്രാവരുണാ ഗവാശിരഃ സോമാഃ
ശുക്രാ ഗവാ ഭിരഃ ||

ഹേ മിത്രാ! വരുണാ! ഞങ്ങൾ സോമം പിഴിഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ രുപേരും ഇവിടെ ആഗതരായി പാലുചേർത്ത പുഷ്ഠി വർദ്ധകമായ ഈ സോമം പാനം ചെയ്യുകയും ഞങ്ങളുടെ രക്ഷകരായിരിക്കുകയും ചെയ്യണേ.

2. ഇമ ആ യാതമിന്ദവഃ സോമാസൊ ദധ്യശിരഃ
സുതാസോ ദധ്യാശിരഃ |
ഉത വാമുഷസോ ബുധി സാകം സൂര്യസ്യ രശ്മിഭിഃ |
സുതോ മിത്രായ വരുണായ പീതയേ ചാരു ഋതായ
പീതയേ ||

ഹേ മിത്രാ!വരുണാ! നിങ്ങൾ രുപേർക്കുമായി മനുഷ്യർ പശുവിൻ പാൽ കറന്നെടുക്കുന്നതുപോലെ സോമം കറന്നെടുത്തിരിക്കുന്നു. ഞങ്ങളുടെ രക്ഷകരായ നിങ്ങൾ സോമം പാനം ചെയ്യുന്നതിനായി ഞങ്ങളുടെ അടുക്കൽ വരണേ. ഞങ്ങളീ സോമരസം നിങ്ങൾക്ക് കുടിക്കുന്നതിനായി ഇടിച്ച് പിഴിഞ്ഞെടുത്തു സൂക്ഷിച്ചിരിക്കുന്നു.

## സൂക്തം 138

ഋഷി പരുച്ഛേവൻ, ദേവത പൃഷാപ്, ഛന്ദസ് അഗ്നി

1. പ്രപ്ര പൂഷ്ണവിജാതസ്യ ശസ്യതേ മഹിത്വമസ്യ
തവസോ ന തന്ദതേ സ്തോത്രമസ്യ ന തന്ദതേ|
അർചാമി സുമ്നഹമന്ത്യുതിം മയോ ഭുവം
വിശ്വസ്യ
യോ മന ആയുയവേ മവോ ദേവ ആയുയുവേ
മഖഃ||

പൂഷാവ് (സൂര്യൻ) അത്യധികം മഹത്വമുള്ളവനാണ്. അവൻെറ ബലം കുറവുള്ളതല്ല. അവൻെറ സ്തോത്രങ്ങൾ എപ്പോഴും ഉയർന്നുകൊിരിക്കുന്നു. ഞാൻ മംഗളോദ്ദേശത്തോടുകൂടി അവനെ നമസ്കരിക്കുന്നു. അവൻ എല്ലാവരുടേയും മനസ്സുകളെ ആകർഷിച്ചെടുത്തിരിക്കുന്നു.

2. പ്ര ഹി ത്വാ പൂഷന്നജിരം ന യാമനി സ്തേമേഭിന്ന
കൃണ്വഋണവോ യഥമൃധ ഉഷ്ടോന പീപരോ മൃധഃ
ഹുവേയത്വാ മയോഭുവം ദേവം സഖ്യായമർത്യഃ |
അസ്മാകമാങ്ഗുഷാന്ദ്യുമ്നിസ്കൃധി വാജേഷു
ദ്യുമ്നിനസ്കൃധി ||

ഹേ പൂഷാവേ! ശീഘ്രഗാമി മനുഷ്യർക്ക് മാർഗങ്ങളിൽ ഉചിതമായ ദിക്കുകളെ അറിയിക്കുന്നതുപോലെ,ഞാൻ നിങ്ങളെ സ്തോത്രങ്ങളാൽ പ്രേരിപ്പിക്കുന്നു. അതിനാൽ ഞങ്ങളുടെ ശത്രുക്കളെ അകറ്റിക്കളയണേ. ഞാൻ നിങ്ങളെ വിളിക്കുന്നു. എന്നെ യുദ്ധങ്ങളിൽ ശക്തനാക്കൂ.

3. യസ്യ തേ പൂഷൻസഖ്യേ വിപന്യവ; ക്രത്വാ
ചിത്തോ
ന്തോ വസാ ബുഭാഞ്ജിര ഇതി ക്രത്വാ
ബുഭൂഞ്ജിരേ |
താമനു ത്വാ നവീയ യീം നിയുത രായ ഈമഹേം
അഹേളമാന ഉരുശംസ സരീ ഭവ വാജേവാജേ
സരീ ഭവ ||

ഹേ പുഷാവേ! നിങ്ങളുടെ സ്തുതികളിൽ വ്യാപൃതനായ വ്യക്തിക്കു തന്നെ ആ രക്ഷയെ പ്രാപിക്കുവാൻ കഴിയട്ടെ. ഞങ്ങൾ ജ്ഞാനത്താൽ സമ്പന്നരായി പുതിയസ്തോത്രങ്ങൾ വഴിയായി നിങ്ങളിൽ നിന്നും അസംഖ്യങ്ങളായ ധനത്തെ യാചിക്കുന്നു. നിങ്ങൾ ഞങ്ങളുടെ മേൽ ക്രോധമുള്ളവനാകരുരേ. ഓരോ യുദ്ധത്തിലും ഞങ്ങളുടെ സംരക്ഷകനായിരിക്കണേ.

4. അസ്യാ ഊ ഷൂണ ഉപ സാതയേ ഭുവോ
ഹേദമാനോ രരവാം അജാശ്വ ശ്രവസ്യതാമജാശ്വ
ഓ ഷു ത്വാ വവൃതീമഹി സ്തോമേഭിർസ്മ
സാധുഭിഃ |
നഹി ത്വാ പൂഷന്നതിമന്യ ആഘൃണേ ന തേ
സഖ്യമപഹ്നുവേ ||

ഹേ അജാശ്വ! നീ ദാനത്തിനായി ക്രോധരഹിതനായിവിടെ വരണേ. ഞങ്ങൾ യജ്ഞത്തെ ആഗ്രഹിക്കുന്നു. ഞങ്ങൾ നിന്നെ അനാദരിക്കുകയില്ല. അങ്ങയുടെ മിത്രഭാവത്തെ ഉപേക്ഷിക്കുകയില്ല. അത്ഭുതകർമ്മാവായ നീ ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രദ്ധിച്ചാലും.

## സൂക്തം 139

ഋഷി പരുച്ഛേവൻ, ദേവത വിശ്വേദേവന്മാർ, ഛന്ദസ് അഷ്ടി, ബൃഹതി, പംക്തി.

1. അസ്തു ശ്രൗഷട് പുരോ അഗ്നിംധിയാ ദധ ആ
നു
തച്ഛർധോ ദിവ്യം വൃണീമഹഇന്ദ്രവായു
വൃണീമഹേ
യദ്ധ ക്രാണാ വിവസ്വതി നാഭാ സന്ദായി നവ്യസീ
അധ പ്ര സൂന ഉപ യന്തു ധീതയോ ദേവാം
അച്ഛാ ന ധീതയഃ ||

ഞാനാദ്യമായി അഗ്നിയെ വരിച്ചു. ഇപ്പോൾ ദിവ്യന്മാരായ മരുത്തുക്കളെ വരിക്കുന്നു. ഇന്ദ്രയേും വരിക്കുന്നു. എൻെറ സ്തുതികൾ സൂര്യനിൽ ചെന്നുച്ചേരുന്നു.

2. യദ്ധ ത്യമിന്മത്രാവരുണാവൃതദധ്യാദദാഥേ
അനൃതം സ്വേന മന്യുനാദക്ഷസ്യ സ്വേന മന്യുനാ
യുവോരിത്ഥാധി സദ്മസ്വപശ്യാമ ഹിരണ്യം

**ധീമിശ്ചന മനസാ സ്വേഭിരക്ഷഭിഃ സോമസ്യ സ്വേഭിരക്ഷഭിഃ ||**

ഹേ മിത്രാ! വരുണാ! നിങ്ങൾ സ്വന്തമായ തേജസ്സിനാൽ അസത്യത്തെ നിർമ്മാർജ്ജനം ചെയ്യുന്നു. ഞങ്ങൾ നിങ്ങളുടെ സ്ഥാനത്ത് സ്വർണ്ണപ്രകാശം ദർശിച്ചിരിക്കുന്നു.

3. **യുവാം സ്തോമേഭിർദേവയന്തോ അശ്വിനാശ്രാവയന്ത**
**ഇവ ശ്ലോകമായവേ യുവാം ഹവ്യാഭ്യാ യവഃ യുവോർവിശ്വാ അധി ശ്രിയഃ**
**പൃക്ഷശ്ചവിശ്വവേദസാ**
**പൃഷായന്തേ പവയോ ഹിരണ്യയേ രഥേ ദ്രസോ ഹിരണ്യയേ ||**

ഹേ അശ്വിനികളേ! സാധകർ നിങ്ങളെ സ്തുതിക്കുന്നു; ഹവിസ്സുകൾ നൽകുന്നു. എല്ലാ ധനങ്ങളും അന്നവും നിങ്ങളുടെ അധീനതയിലാണല്ലോ. നിങ്ങളുടെ രഥചക്രങ്ങളുടെ ധാരകൾ ഘൃതം വർഷിക്കുന്നു.

4. **അചേതി ദസ്രാ വ്യു നാകമൃണ്വഥോ യുഞ്ജതേ വാം**
**രഥയുജോ ദിവിഷ്ടിഷ്വധ്വസ്മാനോ ദിവിഷ്ടിഷു |**
**അധി വാം സ്ഥാമ ബന്ധുരേ രഥേ ദസ്ര ഹിരണ്യയേ**
**പഥേവ യന്താവനുശാസതാ രജോ ഞ്ജസാശാസതാ രജം ||**

ഹേ തേജസ്വികളായ അശ്വനി കുമാരൻമാരേ! നിങ്ങൾ തന്നെ ആകാശമാർഗ്ഗങ്ങളെ പ്രശസ്തമാക്കുന്നു. യജ്ഞങ്ങൾക്കുവേ അശ്വങ്ങളെ പൂട്ടുന്നു. നിങ്ങൾ ഭയങ്കരകർമ്മങ്ങൾ നടത്തുന്നവരാണല്ലോ. നിങ്ങൾ സ്വർണ്ണരഥത്തിലാരൂഢരായി നേരായ മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുന്നു. നിങ്ങൾ അന്തരീക്ഷത്തിൻെറ ഉടയവരാകുന്നു.

5. **ശചീഭിർനഃ ശചീവസൂ ദിവാ നക്തം ദശസ്യതം |**
**മാം വാം രാതിരുപ ദസ്കതദാ ചനാസ്മദ്രാതിഃ കദാ സത ||**

ഹേ ശക്തരും, ഐശ്വര്യശാലികളുമായ അശ്വിനികളെ! പകലും രാത്രിയിലും ധനം നൽകണേ. നിങ്ങളാൽ നല്ക്കപ്പെടുന്ന ധനം ഒിക്കലും കുറവു സംഭവിക്കാതെയും ഇരിക്കട്ടെ. ഞങ്ങളുടെ ദാനവും വർദ്ധിക്കണേ.

6. **വൃഷ്ണണിന്ദ്ര വൃഷപാണാസ ഇന്ദവ ഇമേ സുതാ**
**അദ്രിഷൂതാസ ഉദ്ഭിദസ്തുഭ്യം സുതാസ ഉഭ ഭിഃ |**
**തേ ത്വാ മന്ദന്തു ഭാവനേ മഹേ ചിത്രായ രാധസേ**
**ഗീർഭിർഗിർവാഹ സ്തവമാന ആ ഗഹി**
**സുമൃലീകോ ന ആ ഗഹി ||**

ഹേ ഇന്ദ്രാ! വീരൻമാരുടെ പേയം, കല്ലുകൊിടിച്ചു പിഴിഞ്ഞ സോമബിന്ദുക്കൾ എവിടെയിരിക്കുന്നു. വിവിധ ധനങ്ങൾക്കായി ഇത് നിന്നെ തൃപ്തനാക്കണേ. സ്തുതികളെ പ്രാപിക്കുന്നവനേ! നീ ഞങ്ങളുടെ മേൽ കൃപയുള്ളവനായിരിക്കണേ.

7. **ഓ ഭൂ ണോ അഗ്നേ ശൃണുഹി ത്വമീലിതോ ദേവേഭ്യോ ബ്രവസി യജ്ഞിയേ ഭേരാ രാജഭ്യോ യജ്ഞിയേഭ്യഃ |**
**യദ്ധ ത്യാമങ്ഗിരോഭ്യോ ദേനും ദേവാ അദത്തന □**
**വിതാം ദുഹ്രേ അര്യമാ കർതരീ സചാം ഏഷ താം വേദ മേ സചാ ||**

ഹേ അഗ്നീ! ഞങ്ങളുടെ സ്തുതികൾ ശ്രവിക്കണമേ, ദേവഗണങ്ങളുടെ സമക്ഷം നിവേദനം സമർപ്പിക്കണേ. ഹേ ദേവഗണങ്ങളെ! നിങ്ങൾ ഗോക്കളെ വീടെുത്ത് അംഗിരസ്സുകൾക്ക് കൊടുത്തപ്പോൾ അര്യമാവാണ് അവയെ ദോഹനം ചെയ്തത്.

8. **മോ ഷു വോ അസ്മദഭി താനി പൗംസ്യാ സനാ**
**ഭൂവന്ദ്യുമ്നാനി മോത ജാരിഷുരസ്മത്പുരോത ജാരിഷഃ |**
**യദ്വശ്ചിത്രം യുഗേയുഗേ നവ്യം ഘോഷാദമർത്യം**
**അസ്മാസു തൻമരുതോ യച്ച ദുഷ്ടരം ദിധൃതാ യച്ചദുഷ്ടരം ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ വീരകരമ്മങ്ങളെ ഞങ്ങൾ മറക്കാതിരിക്കണേ. നിങ്ങളുടെ യശസ്സ് അക്ഷുണ്ണമായിരിക്കണേ. നിങ്ങളുടെ അത്ഭുതകർമ്മങ്ങൾ യുഗയുഗങ്ങളായി മുഴങ്ങികൊിരിക്കുന്നു. ദുഃഖങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള കർമ്മങ്ങൾ ഞങ്ങളെ ഏൽപ്പിക്കണേ.

9. **ദധ്യങ് ഹ മേ ജനുഷം പൂർവോ അങ്ഗിരാഃ**
**പ്രിയ മേധഃ കണ്വോ അത്രിർമനുർവിദുസ്മേത മേ പൂർവേ മനുർവിദുഃ |**
**തേഷാം ദേവേഷ്വായതിരസ്മാകം തേഷു നാഭയഃ |**
**തേഷാം പദേന മഹ്യാ നമേ ഗിരേന്ദ്രാഗ്നീ ആ നമേ ഗിരാ ||**

പ്രാചീന ഋഷിമാരായ ദധ്യൻ, അംഗിരസ്സ്, പ്രിയമേധൻ, കണ്വൻ, അത്രി, മന, മുതലായവർക്ക് എൻെറ ജനനത്തെ അറിയാം. അവർ ദിവ്യങ്ങളായ ഗുണങ്ങളോടു കൂടിയവരാണല്ലൊ അത്യധികകം ഗൗരവശാലിയായ ഇന്ദ്രനും അഗ്നിയ്ക്കും നമസ്ക്കാരപൂർവ്വം സ്തുതികൾ നൽകുന്നു.

10. **ഹോതാ യക്ഷദ്വനിനോ വന്ത**
**വാര്യംബൃഹസ്പതിര്യ ജാതി പേന ഉക്ഷഭിഃ പുരുവാരേഭിരുക്ഷഭിഃ |**
**ജഗൃഭ്യാ ആദിമം ശോകമദ്രധ ന്മനാ അധാരയ**
**ഭരിന്ദാനി സുക്രതുഃ പുരു സദ്മാനി സുക്രതുഃ ||**

ഹോതാവായ അഗ്നി യാജ്യാവായിരിക്കുന്നു. ഹവിസ്സിൻെറ ദേവത ഹവിസ്സ് യജ്ഞിക്കുന്നു ഹൃഹസ് പതിപിഴിഞ്ഞെടുത്ത സോമത്താൽ യജ്ഞം നടത്തുന്നു. ഉത്തമകർമ്മാവായ ബൃഹസ്പതി പ്രഭൂതമായ ജലം ധാരണം ചെയ്തിരിക്കുന്നു.

10. **യേ ദേവാസോ ദിവ്യേകാദശ സ്ഥ**
**പൃഥവിവ്യാമധ്യേകാദശ സ്ഥ |**
**അപ്സുക്ഷിതോ മഹിനൈകാദശ സ്ഥ തേ**

**ദേവാസോ യജ്ഞമിമം ജുജുഷധ്വം ||**

ഹേ ദേവഗണമേ! നിങ്ങൾ സ്വർഗ്ഗത്തിൽ(ആകാശത്തിൽ) പതിനൊന്നുപേരു്. സ്വന്തം മഹത്വത്തോടുകൂടി അന്തരീക്ഷത്തിലും പതിനൊന്നുപേരു്. ഇങ്ങനെ നിങ്ങൾ മുപ്പത്തിമൂന്നു ദേവതകളും എൻെറ യജ്ഞത്തെ സ്വീകരിക്കുവിൻ.

## അനുവാകം 21 സൂക്തം 140

**ഋഷി ദീർഘതമസ്, ദേവത അഗ്നി, ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

1. **വേദിഷദേ പ്രിയയാമായസദ്യുതേ ഘാസിമിവ പ്ര**
**ഭരാ യോനിമഗ്നയേ |**
**വസ്ത്രേണവ വാസയാ മൻമനാ ശുചിം**
**ജ്യോതീരഥം ശുക്രവരണം തമോഹനം ||**

ഹേ മനുഷ്യരേ! വേദിയിൽ പ്രതിഷ്ഠിതനും പ്രകാശമാനനുമായ അഗ്നിയ്ക്കായി ഹവിസ്സ് സമ്പാദിക്കുവിൻ. പവിത്ര ജ്യോതിരൂപ രഥത്തോടുകൂടിയവനും അന്ധകാരനാശകനുമായ അഗ്നിയെ തങ്ങളുടെ സ്തോത്രങ്ങളാൽ വാളിനെ ഉറയെന്നപൊലെ പൊതിയുവിൻ.

2. **അഭി ദ്വിജന്മാ ത്രീവൃദന്നമൃജ്യതേ സംവത്സരേ**
**വാവൃധേ ജഗ്ദ്മീ പുനഃ |**
**അന്യസ്യാസാ ജിഹ്വയാ ജേന്യോ വൃഷാ ന്യ ന്യേന**
**വനിനൊ മൃഷ്ട വാരണഃ ||**

രുപ്രാവശ്യം പ്രകടമാകുന്ന അഗ്നി മൂന്നുപ്രകാരത്തിലുള്ള അന്നത്തെ പ്രാപിക്കുകയും ഭക്ഷണമാക്കിയ അന്നത്തെ വർഷം മുഴുവൻ വളർത്തുകയും ചെയ്യുന്നു. അത് ഒരു വിശപ്പിന് ഹവിസ്സ് ഭക്ഷിക്കുകയും രാമത്തേതിന് വനവൃക്ഷങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നു.

3. **കൃഷ്ണപ്രുതൗ വേവിജേ അസ്യ സക്ഷിതാ ഉഭാ**
**തരേത അഭി മാതരാ ശിശും |**
**പ്രാചാജിഹ്വം ധ്വസയന്തം തൃഷുച്യുതമാ സാച്യം**
**കുപയം വരധനം പിതുഃ ||**

അഗ്നിയുടെ പ്രോജ്ജ്വലനത്താൽ കറിത്തിരു അഗ്നിയുടെ രമ്മമാരും (ര് അരണികൾ) കമ്പിതരായിത്തീരുന്നു. ഈ അഗ്നി മുമ്പോട്ടു നാക്കുനീട്ടികൊ് അതിവേഗം പ്രത്യക്ഷമായി അന്ധകാരത്തെ നശിപ്പിക്കുന്നു. ഇത് അടുത്തിരുന്നു രക്ഷിക്കുന്നതുമാകുന്നു.

4. **മുമുക്ഷ്വോ മനവേ മാനവസ്യതേ രഘുദ്രുവഃ**
**കൃഷ്ണസിതാസ ഊ ജൂവഃ |**
**അമസനാ അജിരാസോ രഘുഷ്യദോ**
**വാതജൂതാ ഉപ യുജ്യന്ത ആശവഃ ||**

സ്വച്ഛന്ദവിഹാരേച്ഛുവം, കറുത്തമാർഗ്ഗത്തോടുകൂടിയവനും, വേഗമാനും, ഭിന്നങ്ങളായ വർണ്ണങ്ങളോടു കൂടിയവനും, ദ്രുതഗാമിയുമായ ഈ അഗ്നിയുടെ കുതിരകൾ പ്രേണയോടുകൂടി പൂട്ടപ്പെടുന്നു.

5. **ആദസ്യ തേ ധ്വസയന്തോ വൃധേരതേ കൃഷ്ണമഭ്വം**
**മഹീ വർപഃ കുരിക്രതഃ |**
**യത്സീം മഹിമവനി പ്രാഭി മർമൃശദഭി ശ്വസനസ്തനയന്നേതി**
**നാനദത് ||**

ഈ അഗ്നിഭൂമി എല്ലാഭാഗങ്ങളിൽ കൂടിയും സ്പർശിക്കുന്നു. ഈ ശബ്ദവാൻ ശ്വസിക്കുമ്പോൾ ഇവൻെറ സ്ഫുലിംഗങ്ങൾ വ്യാപിച്ച് അന്ധകാരത്തെ നശിപ്പിച്ച് വളരുന്നു.

6. **ഭൂഷന്ന യോ ധി ബഭൂഷു നമ്നതേ വൃഷേഭ**
**പത്നീരഭ്യേതി രോരുവത് |**
**ഓജായമാനസ്തന്വശ്ച ശുംഭതേ ഭിമോ ന**
**ശൃങ്ഗാദവിധാവ ദുർഗൃഭിഃ ||**

യാതൊരഗ്നി മഞ്ഞ വർണ്ണത്തോടുകൂടിയ കിഴങ്ങുകളെ ആഛാദനം ചെയ്തിരിക്കുന്നതുപോലെ വലയം ചെയ്യുന്നുവോ, വൃഷഭത്തിനു തുല്യം ഗർജ്ജിക്കുകയും പ്രകാശത്താൽ ശരീരത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്നുവോ, അത് പിടിയിൽ നിൽക്കാത്ത മൂരിക്കുട്ടനെപ്പോലെ ജ്വാലരൂപങ്ങളായ കൊമ്പുകളെ ഇളക്കി ഭീക്ഷണിപ്പെടുത്തുന്നു.

7. **സ സംസ്ഥിരോ വിഷ്ഠിരഃ സംഗൃഭായതി**
**ജാനന്നേവ ജാനതീർനിത്യ ആ ശയേ |**
**പുനർവർധന്തേ അപി യന്തി ദേവ്യമന്യദ്വർപഃ**
**പിത്രോഃ കൃണ്വതേ സചാ ||**

ആ അഗ്നി പ്രകടമായി ഔഷധികളിൽ വ്യാപിക്കുന്നു. അവൻ ദിവ്യങ്ങളായ ഗുണങ്ങൾ നിറയുന്നു. അനന്തരം ഈ അഗ്നിയും ഔഷധികളും ചേർന്ന് ആകാശത്തേയും ഭൂമിയേയും ദിവ്യഗുണങ്ങളോടുകൂടിയവയാകുന്നു.

8. **തമഗ്രുവഃ കേശി നീഃ സം ഹി രേഭിര ഊർധ്വാ**
**സ്തസ്ഥുർമമ്രുഷീഃ പ്രായവേ പുനഃ |**
**താസാം ജരാം പ്രമുഞ്ചന്നേതി നാനദംസും പരം**
**ജനയഞ്ജീവസ്തൃതം ||**

ദൈർഘ്യമേറിയ ശിഖകൾ അഗ്നിയെ സ്പർശിക്കുന്നു. അവ മൃതപ്രായരായിട്ടും അഗ്നിയുമായി ചേരുന്നതിന് പ്രാണവേദനയനുഭവിക്കുന്നു. അഗ്നി അവയുടെ വൃദ്ധാവസ്ഥ നശിപ്പിച്ച് ഗർജ്ജിച്ചുകൊ് കടന്നുപോകുന്നു.

9. **അധീമാസം പരി മാതൂ രിഹന്നഹ തുവിഗ്രേഭിഃ**
**സത്വഭിര്യാതി വിജ്രൂയഃ**
**വയോ ദധത്പദ്വതേ രേരിഹത്സദാനു ശ്യേനീ**
**സചതേ വർതനീ രഹ ||**

പൃഥിരൂപനായ മാതാവിൻെറ പമിധാനരൂപങ്ങളായ തൃണങ്ങൾ, ഔഷധികൾ മുതലായവയെ നക്കിതിന്നുകൊ് അഗ്നി വിജയോന്മത്തനെപ്പോലെ കടന്നു പോകുന്നു. പിന്നീട് ഇരുകാലികൾക്കും നാൽക്കാലികൾക്കും ബലം നൽകുന്നു. അതുകടന്നുപോയ മാർഗ്ഗളെല്ലാം കരിവേഷം പൂകിടക്കുകയും ചെയ്യുന്നു.

10. **അസ്മാകമഗ്നേ മഘവത്സു ധീദിഹ്യധ**
**ശ്വസീവാൻ വൃഷഭോ ദമൂനാഃ|**
**അവാസ്യാ ശിശുമതീരദീദേർവർമേവ യുത്സു**
**പരിജർഭുണഃ ||**

ഹേ അഗ്നി! നീ ദാനശീലൻമാരുടെ ഭവനിൽ പ്രദീപ്തനായി

വൃഷഭത്തെപ്പോലെ ശ്വാസം വലിച്ചുവിടുന്നു. പിന്നീട്, ഏതെങ്കിലും കിശോരാവസ്ഥകഴിഞ്ഞ വീരൻ കവചം ധരിച്ച് യുദ്ധത്തിനുപോയി പ്രകാശിക്കുന്നവനെപ്പോലെയും തോന്നുന്നു.

11. ഇദമഗ്നേ സുധിതം ദുർധി താദധി പ്രിയാദു
ചിൻമൻമനഃ പ്രയോ അസ്തു തേ |
യത്തേ ശുക്രം തന്വേ രോചതേ ശുചി
തേനാസ്മഭ്യം വനസേ രത്നമാ ത്വം ||

ഹേ അഗ്നേ! ഉത്തമമായ രീതിയിൽ നിവേദനം ചെയ്യപ്പെട്ട ഈ സ്തോത്രം അങ്ങേയ്ക്കധികം പ്രിയപ്പെട്ടതാകണേ. നിൻെറ നിർമ്മലവും, പ്രകാശയുക്തവുമായ ശരീരം വിളങ്ങുന്നു. ഞങ്ങൾക്കുള്ള മനോഹധനം നൽകുന്നവനാകുന്നു.

12. രഥായ നാവമുത നോ ഗൃഹായ നിത്യാരിത്രാം
പദ്വതീം രാസ്യഗ്നേ |
അസ്മാകം വീരാം ഉത നോ മഘോനോ ജനാംശ്ച
യാ പാരയാച്ഛർമ യാ ച ||

ഹേ അഗ്നി! നീ ഞങ്ങളുടെ വീടുകളിലുള്ള മനുഷ്യരേയോ അഥവാ രഥാരൂഢനായ യോദ്ധാവിനു വേിയോ യജ്ഞരൂപമായ ഒരു നൗക പ്രദാനം ചെയ്യു. അത് ഞങ്ങളെല്ലാവരേയും മറുകര കടത്തുവാനുള്ള ആശ്രയരൂപമായിരിക്കണേ.

13. അഭീ നോ അഗ്ന ഉക്ഥമിജ്ജുഗുര്യാ ദ്യാവാ
ക്ഷാമ സിന്ധവശ്ച സ്വഗൂർതാഃ
ഗവ്യം യവ്യം യന്തോ ദീർഘാഹേഷം വരമരുണ്യോ
വരന്ത ||

ഹേ അഗ്നേ! സ്തോത്രങ്ങൾ വളർത്തു. ആകാശവും, ഭൂമിയും, സ്വർഗ്ഗവും, ഒഴുകുന്ന നദികളും, ഗോക്കൾ ആദിയായ മൃഗങ്ങളും, അന്നവും, ദീർഘായുള്ളും ഞങ്ങൾക്ക് പ്രദാനം ചെയ്യണേ. അതുപോലെതന്നെ ഉഷസ്സുകളും നമുക്ക് അന്നവും ബലവും നൽക്കുന്നവളാകണേ.

## സൂക്തം 141

**ഋഷി ദീർഗതമസ്, ദേവത അഗ്നി, ഛന്ദസ് ജഗതിത്രി, ത്രിഷ്ടുപ്, പംക്തി.**

1. ബളിത്ഥാ തദ്വപുഷേ ധായി ദർശത ദേവസ്യ
ഭർഗഃ സഹസോ യതോ ജനി |
യദീമുപ ഹ്വരതേ സാധതേ മതിർഋതസ്യ ധേനാ
അനയന്ത സ്സുസുതഃ ||

അഗ്നി ഏതൊരു ബലത്തിൽ നിന്നും ഉത്ഭവിച്ചുവോ, അതേ ബലരൂപമായ ദർശനീയമായ തേജസ്സിനെ വഹിക്കുന്നു. ആ അഗ്നിയുടെ കൃപയാൽ സകല അഭീഷ്ടങ്ങളും സാധിക്കുന്നു. സത്യമായ വാണികൾ പ്രവഹിക്കുകയും ചെയ്യുന്നു.

2. പൃക്ഷോ വപുഃ പിതുമാന്നിത്യ ആ ശയേ ദ്വിതീയ
മാ സപ്തശിവാസു മാതൃഷു |
തൃതീയമസ്യ വൃഷഭസ്യ ദോഹസേ ദശപ്രമതിം
ജനയന്ത യോഷണഃ ||

അന്നസാധകനായ അഗ്നി അന്നങ്ങളിൽ വ്യാപ്തമായിരിക്കുന്നു. രാമത് ഏഴു കല്യാണരൂപിണികളായ മാരുരൂപധാതുക്കളിൽ വ്യാപിച്ചിരിക്കുന്നു. മൂന്നാമത്തേത് അഗ്നിയെ പത്തംഗുലികൾ ഘർഷണം വഴി പ്രകടമാക്കുന്നു.

നിര്യദീം ബുധ്നാൻമഹിഷസ്യ വർപസ ഈശാനാസഃ
ശവസാ ക്രന്തസൂരയഃ |
യദീമനു പ്രദിവോ മധ്വ ആധവേ ഗുഹാ സന്തം മാതരിശ്വ
മഥായതി ||

ഋത്വിജൻമാർ മഹായജ്ഞത്തിൻെറ ആരംഭത്തിൽ അഗ്നിയെ ഉല്പാദിപ്പിക്കുന്നു. മാതരിശ്വാവ് പുരാതനകാലം മുതൽക്കേ അഗ്നിയെ ജലത്തിൽ നിന്നും ക്രമമായി മഥനം ചെയ്തിരുന്നു.

4. പ്ര യത്പിതുഃ പരമാന്നീയതേ പര്യാ പൃക്ഷുധോ
വീരുധോ ദംസു രോഹതി |
ഉഭാ ഉദസയ ജനുഷ യദിന്വത ആദിദ്യവിഷ്ടോ
അഭവദ്ഘൃണാ ശുചിഃ ||

അഗ്നിയെ ഉത്കൃഷ്ടതയ്ക്കുവേി നാലുഭാഗത്തേയ്ക്കും കൊുപോകുമ്പോൾ അത് ഔഷധികളിൽ കടന്നുകൂടുന്നു. അത് അരണിമഥനം വഴിയായി പ്രകടീഭവിക്കുമ്പോൾ പവിത്രരൂപനായ ഒരു യുവാരൂപനായിത്തീരുന്നു.

5. ആദിൻമാതൃരാവിശദ്യാ സ്വാ ശുചിരഹി സ്യമാന
ഉർവിയാ വി വാവൃധേ |
അനു യത് പൂർവാ അരുഹത്സനാജ്ജുവോ നി
നവ്യസീ ഷ്വവരാസു ധാവതേ ||

അഗ്നി മാതൃരൂപിണിയായ ദിക്കുകളിൽ ഉയരുകയും, അതുപോലെ അവയിൽ തന്നെ വ്യാപിക്കുകയും ചെയ്തു. ാതിവേഗനായ അഗ്നി വളരുകയും എല്ലാ ഔഷധികളുടേയും നേരെ ഗമിക്കുകയും ചെയ്യുന്നു.

6. ആദിദ്ധോതാരം വ,ണതേ ദിവിഷ്ടിഷു ഭഗമിവ
പപൃചാനാസ ഋഞ്ജതേ |
ദേവാന്യത്റതത്വാ മജ്മനാ പുരുഷ്ടുതോ
മർതംസംസം വിശവാ ധാ വേതി ധായസേ ||

വിശ്വധാരകനായ അഗ്നി ബുദ്ധിബലം വഴിയായി പോഷണത്തിനുവേി മനുഷ്യരുടെ സ്തോത്രങ്ങളെ പ്രാപിക്കുന്നു. അതിനാൽ അദ്ദേഹത്തെ ഹോതാരരൂപത്തിൽ വരിക്കപ്പെടുന്നു. അദ്ദേഹം ദേവതകൾക്കും യജമാനനും രുകൂട്ടർക്കും അന്നം കാക്ഷിക്കുന്നു.

7. വി യദസ്ഥാദ്യജതോ വാതചോദിതോ ഹ്വാരോ ന
വക്വാ ജരണാ അനാകൃതഃ |
തസ്യ പത്മന്ദക്ഷുഷഃ കൃഷ്ണജംഹസഃ സുചി
ജൻമനോ രജ ആ വ്യധ്വനഃ ||

പൂജ്യനായ അഗ്നി വായുവിൻെറ പ്രേരണയോടുകൂടി ബാധാരഹിതമായി തുടരുമ്പോൾ, അദ്ദേഹത്തിൻെറ യാത്ര അവസാനിക്കുമ്പോൾ, കറുത്തവഴികളിലും അതിൽ ധൂളികളും മാത്രം അവശേഷിക്കുന്നു.

8. രഥോ ന യാതഃ ശിക്വഭിഃ കൃതോ
ദ്യാമങ്ഗേഭിരുഷേഭിരീയതേ |

**ആദസ്യ തേ കൃഷ്ണാസോ ദക്ഷി സൂരയഃ**
**ശൂരസ്യേവ ത്വേഷഥാദീഷതേ വയഃ ||**

രഥത്തിൽ യാത്ര ചെയ്യുന്ന തേജസ്വിയപ്പോലെ അഗ്നി ആകാശസഞ്ചാരം നടത്തുന്നു. ഹേ അഗ്നേ! ആ കറുത്ത ശത്രുക്കളെ നീ ഭസ്മമാക്കുന്നു. നിൻെറ ഉപാസകൻമാർ വീരൻമാർക്കുതുല്യം ബലം പ്രാപിക്കുന്നു.

**9. ത്വയാ ഹ്യഗ്നേ വരുണോ ധൃതവ്രതോ മിത്രഃ**
**ശാശദ്രേ അര്യമാ സുദാനവഃ |**
**യത്സീമനു ക്രതുനാ വിശ്വഥാ വിഭൂരരാന്ന നേമി**
**പരിഭൂരജായഥാഃ ||**

ഹേ അഗ്നേ! ഘൃതനിയന്താവായ വരുണനും, ദാനശീലനായ അര്യമാവും, മിത്രനും നിന്നിൽനിന്നും പ്രേരണ സ്വീകരിക്കുന്നു. തേർചക്രങ്ങൾ ഏർക്കാലുകളെ അവലംബമാക്കിയിരിക്കുന്നതുപോലെ യജ്ഞകർമ്മങ്ങളാൽ അഗ്നി പ്രകടമാക്കുന്നു.

**10. ത്വമഗ്നേ ശശമാനായ സുന്വതേ രത്നം യവിഷ്ഠ**
**ദേവതാതിമിന്വസി |**
**തം ത്വാ നു നവ്യം സഹസോ യുവന്വയം ഭഗം ന കാരേ**
**മഹിരത്ന ധീമഹി ||**

നിത്യയുവാവായ അഗ്നേ! നീ സോമനിർമ്മാതാവായ സ്തോതാവിന് വൈഭവയോഗ്യമായ ധനം നൽകണേ. ഞങ്ങൾ സ്വന്തമായ കാര്യങ്ങൾക്കുവേി ഭഗവാനെപ്പോലെ നിന്നെയും പൂജിക്കുന്നു.

**11. അസ്മേരയിം ന സ്വാർത്ഥം ദമൂനസം ഭഗം ദക്ഷം ന**
**പപൃചാസി ധർണസിം |**
**രശ്മിംരിവാ യോ യമതി ജന്മനി ഉഭേ ദേവാനാം ശംസമൃത**
**ആ ച സുറകുഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ കാര്യങ്ങൾക്കുവേി, ധനത്തിനും, ഭവനത്തിനും വേി സൗഭാഗ്യം പ്രദാനം ചെയ്യണേ. നീ രു ലോകങ്ങളേയും കടിഞ്ഞാണിട്ടു നിയന്ത്രിക്കുകയും, യജ്ഞത്തിലെ ഞങ്ങളുടെ സ്തുതികൾ ദേവഗണങ്ങളുടെ അടുക്കലെത്തിക്കുകയും ചെയ്യണേ.

**12.ഉത നഃ സുദ്യോത്മാ ജീരാശ്വോ ഹോതാ മന്ദ്രഃ**
**ശൃണവച്ചന്ദ്രരഥഃ |**
**സ നോ നേഷന്നേതമൈരമൂരോ നിർവാമം സുവിതം**
**വസ്യോ അച്ഛ ||**

തേജസ്സേറിയ കുതിരകളാൽ യുക്തമായതും പ്രകാശിക്കുന്നതുമായ രഥത്തോടുകൂടിയവനുമായ അഗ്നേ! ഞങ്ങളുടെ വിളികൾ ശ്രവിക്കണേ. നീ ഞങ്ങൾക്ക് കാമ്യങ്ങളായ സുഖങ്ങൾ നൽകി നൻമ വരുത്തണേ.

**13. അസ്താവ്യഗ്നിഃ ശിമീവദ്ഭിരർക്കൈഃ**
**സാമ്രാജ്യായറപതരം ദധാനഃ |**
**അമീ ച യേ മഘവാനോ വയം ച മിഹം ന സൂരോ അതി**
**നിഷ്ടതനയുഃ ||**

ഞങ്ങൾ മഹത്തായ ഐശ്വര്യങ്ങൾക്കുവേി മഹാശക്തനായ അഗ്നിദേവനെ സ്തുതിച്ചു അവനു അത്യധികമായ വൃദ്ധിയെ പ്രാപിക്കണേ. ഞങ്ങളും അതേപ്രകാരം സൂര്യൻ മേഘങ്ങൾക്കുമുകളിൽ കയറുന്നതുപോലെ ഉയരണേ.

## സൂക്തം 142

**ഋഷി ദീർഘതമസ്, ദേവത അഗ്നി, ഛന്ദസ് അനുഷ്ടപ്, ഉഷ്ണിക**

**1. സമിദ്ധോ അഗ്ന ആ വഹ ദേവാം അദ്യ**
**യതസ്രുചേ തന്തും തനുഷ്വാ പൂർവ്യം സുതസോമായ**
**ദാശുഷേ ||**

ഹേ അഗ്നി! നീ പ്രദീപ്തനായി വളർന്ന്, ഇന്ന് ഈ യജമാനനു വേി ദേവഗണങ്ങളെ കൂട്ടികൊുവന്നാലും. ഈ സോമനിർമ്മാതാവിനുവേി പ്രാചീനയജ്ഞം വളർത്തണേ.

**2. ഘൃതവന്തമുപ മാസി മധുമന്തം തനൂനപാത് |**
**യജ്ഞം വിപ്രസ്യ മാവതഃ ശശമാനസ്യ ദശുഷഃ ||**

ഹേ അഗ്നേ! നീ ഞാനാകുന്ന ഹവിർദാതാവിൻെറ ഘൃതമധുയുക്തമായ യജ്ഞത്തിൽ, യജ്ഞത്തിൻെറ അവസാനം വരെ നിവസിക്കണേ.

**3. ശുചിഃ പാവകോ അദ്ഭുതോ മധ്വാ യജ്ഞം**
**മിമിക്ഷതി |**
**നരാശംസസ്ത്രിരാ ദിവോ ദേവേഷുയജ്ഞിയഃ ||**

പവിത്രകർത്താവും, പ്രകാശമാനനും, ദേവതകളിൽ ദേവനും, മനുഷ്യരാൽ സ്തുതിക്കപ്പെടുന്നവനുമായ ഈ അഗ്നി ഞങ്ങളുടെ യജ്ഞത്തെ മൂന്നു പ്രാവശ്യം മധുരരസത്താൽ സേചനം ചെയ്യണേ.

**4. ഈളിതോ അഗ്ന ആ വഹേന്ദ്ര ചിത്രമിഹ പ്രിയം |**
**ഇയം ഹി ത്വാ മതിർമമാച്ഛാ സുജിഹ്വാ വച്യതേ ||**

ഹേ അഗ്നി! ഞങ്ങളങ്ങയെ സ്തുതിക്കുന്നു. നീ ഇന്ദ്രനെ ഇവിടെ കൊുവരണേ. എൻെറ ഈ സ്തോത്രം നിനക്കായി ആലപിക്കപ്പെടുന്നു.

**5. സ്തൃണാനാസോ യതസ്രുചോ ബർഹിര്യജ്ഞേ**
**സ്വധ്വരേ |**
**വൃഞ്ജേ ദേവവ്യചസ്തമമിന്ദ്രായ ശർമ സപ്രഥഃ ||**

സ്രുക് വഹിച്ചുകൊ് ഋത്വിജൻമാർ യജ്ഞവേദിയിൽ ദർഭവിരിക്കുകയും, അതുപോലെ ദേവതകളെ ആഹ്വാനം ചെയ്യുന്ന വിശാലമായ യജ്ഞമണ്ഡപത്തെ ഇന്ദ്രനുവേി അലങ്കരിക്കുകയും ചെയ്യുന്നു.

**6. വി ശ്രയന്താമൃതാവൃധഃ പ്രയൈ ദേവേഭ്യോ മഹീഃ |**
**പാവകാസഃ പുരുസ്പൃഹോ**
**ദ്വാരോദേവീരസശ്ചതഃ ||**

യജ്ഞത്തെ വളർത്തുന്ന പവിത്രരായ ദേവകൾക്കുവേി വിസ്തൃതമായ യജ്ഞകവാടങ്ങൾ തുറന്നുകൊടുക്കൂ.

**7.അ ഭന്ദമാനേ ഉപാകേ നക്തോഷാസാ സുപേശസാ |**
**യഹ്വീ ഋതസ്യ മാതരാ സീദതാം ബർഹിരാ സുമത് ||**

അഖിലരുടേയും സ്തുതിപാത്രവും, കാന്തിയുക്തനും, ശ്രേഷ്ഠനുമായ അഗ്നി രാത്രിയും പകലും നമ്മുടെ ദർഭവിരിപ്പിൽ വിരാജിക്കട്ടെ.

**8. അ ഭന്ദമാനേ ഉപാകേ നക്തോഷാസാ സുപേശസാ |**
**യജ്ഞം നോ യക്ഷതാമിമം സിധ്രമദ്യ ദിവിസ്പൃശം ||**

സുന്ദരമായ ജിഹ്വകളോടുകൂടിയവനും, സ്തോതാക്കളുടെ അഭികാമ്യനും, ജ്ഞാനിയും, അഗ്നിരൂപകനുമായ രുളോതാക്കളും ഈ സിദ്ധിദായകനുമായ യജ്ഞത്തെ വളർത്തണേ.

**9. ശുചിർദേവേഷ്വർപിതാ ഹോത്രാ മരുത്സു ഭാരതീ |**
**ഇളാ സരസ്വതീ മഹീ ബർഹിഃ സീദന്തു യജ്ഞിയാഃ ||**

ദേവൻമാരാൽ സ്ഥാപിതവും യജ്ഞങ്ങളെ സ്വാർത്ഥകമാക്കുന്നവരുമായ പവിത്ര വാണീരൂപയായ ഭാരതിയും സരസ്വതിയും ഇളയും ഈ മൂവരും നമ്മുടെ ദർഭമേൽ വിരാജിക്കണേ.

**10. തന്നസ്തുരീപമദ്ഭുതം പുരുവാരം പുരുത്മനാ**
**ത്വഷ്ടാ പോഷായ വി ഷ്യതു രായേ നാഭാ നോ അസ്മയുഃ ||**

നമ്മുടെ മിത്രവും സ്വാമിയുമായ ത്വഷ്ടാവ് സ്വയമായി നമ്മെ പുഷ്ടിപ്പെടുത്തുന്ന അന്നത്തിനുവേി ജലം വർഷിക്കട്ടെ.

**11. അവസൃജന്നുപത്മനാ ദേവാന്യക്ഷി വനസ്പതേ |**
**അഗ്നിർഹവ്യാ സൂഷുദതി ദേവോ ദേവേഷു മേധിരഃ ||**

ഹേ വനസ്പതേ! നീ സ്വയം ദേവതകളുടെ അടുക്കൽ ചെന്ന് യജ്ഞം നടത്തുന്നു. ജ്ഞാനിയായ അഗ്നിദേവതകൾക്കുവേി ഹവിസ്സ് വഹിക്കണേ.

**12. പൂഷണ്വതേ മരുത്വതേ വിശ്വദേവായ വായവേ |**
**സ്വാഹാ ഗായത്രവേപസേ ഹവ്യമിന്ദ്രായ കർതന ||**

പൂഷാവിനാലും മരുത്തുക്കളാലും യുക്തരായി വിശ്വദേവനായ വായുവിനുവേി യജ്ഞം നടത്തുവിൻ. ഇന്ദ്രനെ ലക്ഷ്യമാക്കി ഹവിസ് നൽകു.

**13. സ്വാഹാ കൃതാന്യാ ഗഹ്യുപ ഹവ്യാനി വീതയേ |**
**ഇന്ദ്രാ ഗഹി ശ്രുധീ ഹവം ത്വാം ഹവന്തേ അധ്വരേ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ മന്ത്രങ്ങളുടെ നേരെ ആഗതനായി ഹവിസ്സിനെ സേവിക്കണേ. ഞങ്ങളുടെ ആഹ്വാനം ശ്രവിക്കണേ. ഞങ്ങളങ്ങയെ യാഗത്തിങ്കലേയ്ക്ക് വിളിക്കുന്നു.

## സൂക്തം 143

**ഋഷി ദീർഘതമസ് ദേവത അഗ്നി ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. പ്ര തവ്യസീം നവ്യസീം ധീതിമഗ്നയേ വാചോ മതിം സഹസഃ സൂനവേ ഭരേ |**
**അപാം നപാദ്യോ വസുഭിഃ സഹ പ്രിയോ ഹോതാ പൃഥിവ്യാം ന്യസീദദൃത്വിയഃ ||**

ബലപുത്രനാണല്ലോ അഗ്നി, അവനായി പുതിയ സ്തോത്രങ്ങൾ കാഴ്ചവയ്ക്കുന്നു. അവൻ ജലത്തിൽനിന്നും ജനിക്കുകയും, ഹോതാരൂപത്തോടുകൂടി ധനയുക്തനായി യജ്ഞസ്ഥാനത്ത് വിരാജിക്കുകയും ചെയ്യുന്നു.

**2. സ ജായമാനഃ പരമേ വ്യോമന്യാവിരഗ്നിര ഭവൻമാതരിശ്വനേ |**
**അസ്യ ക്രത്വാ സമിധാനസ്യ മജ്മനാ പ്ര ദ്യാവാ ശോചിഃ പൃഥിവീ അരോചയത് ||**

മാതരിശ്വാവിനുവേി ഈ അഗ്നി ഉന്നതാകാശത്തിൽ പ്രകടമായി അദ്ദേഹത്തിൻെറ ഉജ്ജ്വല കർമ്മത്താൽ ആകാശവും ഭൂമിയും രും പ്രകാശിതങ്ങളായി.

**3. അസ്യ ത്വേഷാ അജരാ അസ്യ ഭാനവഃ സുസന്ദൃശ സുപ്രതീകസ്യ സുദ്യുതഃ |**
**ഭാത്വക്ഷസോ അത്യുക്തുർന സിന്ധവോഗ്നേ രേജന്തേ അസസന്തോ അജരാഃ ||**

അഗ്നിയുടെ ജരരഹിതമായ പ്രകാശവും പ്രകാശിക്കുന്ന സ്ഫുലിംഗരൂപങ്ങളായ കിരണങ്ങളും ശക്തിമത്താണ്. അവ സമുദ്രത്തെപ്പോലെ രാത്രിയിൽ കരകയറി വന്നിട്ടും ഒരിക്കലും വിറക്കുന്നില്ല.

**4. യമേരിരേ ഭൃഗവോ വിശ്വവേദസം നാഭാ പൃഥിവ്യാ ഭുവനസ്യ മജ്മനാ |**
**അഗ്നിം തം ഗീർഭിർഹിനുഹി സ്വ ആ ദമേ യ ഏകോ മസ്വോ വരുണോ ന രാജതി ||**

ലോകങ്ങളുടെ നാഥനായ ഏതൊരുരഗ്നിയെ ഭൃഗുക്കൾ തങ്ങളുടെ ബലത്താൽ പ്രേരിതമാക്കിയോ അതിനെ സ്തുതിക്കുന്നു. അവൻ വരുണനനുസമാനം എല്ലാ സമ്പത്തുകളുടേയും ഏകമാത്രനായ സ്വാമിയാകുന്നു.

**5. ന യോ വരായ മരുതാമിവ സ്വനഃ സേനേവ സൃഷ്ടാ ദിവ്യാ യഥാശനിഃ |**
**അഗ്നിർജംഭൈസ്തിഗിതൈരത്തി ഭർവതി യോധോ ന ശത്രൂൻത്സ വനാ ന്യൃഞ്ജതേ ||**

യാതൊരഗ്നി മരുത്തുക്കളുടെ ശബ്ദം പോലെയും അക്രമോത്സുകരായ സേനപോലെയും, ആകാശത്തിലെ ഇടിവാൾപോലെയും ബാധാരഹിതനായിരിക്കുന്നുവോ അവൻ യോദ്ധാക്കൾശത്രുക്കളെ പൊരിച്ചു ഭസ്മമാക്കുന്നതുപോലെ വനങ്ങളെ ഭസ്മമാക്കുന്നു.

**6. കവിന്നോ അഗ്നിരുചഥസ്യ വീരസദ്വസുഷ്കു മിദ്വസുഭിഃ കാമാമവരത് |**
**ചോദഃ കവിത്തുതുജ്യാത്സാതയേ ധിയഃ ശുചിപ്രതീകം തമയാ ധിയാ ഗൃണേ||**

ഈ അഗ്നി നമ്മുടെ സ്തോത്രങ്ങളെ ആഗ്രഹിച്ച് നമ്മുടെ ധനേച്ഛയെ പൂർത്തീകിക്കേ. നമ്മുടെ ലാഭത്തിനായി കർമ്മങ്ങളെ പ്രേരിപ്പിക്കണേ. ഞാൻ അഗ്നിയെ സ്തുതിക്കുന്നു.

**7. ഘൃതപ്രതീകം വ ഋതസ്യ ധൂർഷദമഗ്നിം മിത്രം നസമിധാന ഋഞ്ജതേ |**
**ഇന്ധാനോ അക്രോ വിദഥേഷു ദീദ്യച്ചുക്രവർണാമുദു നോ യംസതേ ധിയം ||**

അഗ്നിയെ പ്രദീപ്തമാക്കുന്ന യജമാനനൻ ആ ഘൃതചിഹ്നനെ മിത്രമാക്കുവാൻ ആശിക്കുന്നു. അദ്ദേഹം പ്രകാശത്തെ ദുർഗ്ഗസമാനം യജ്ഞത്തിൽ പ്രോജ്ജ്വലിപ്പിച്ച് നമ്മുടെ മനസ്സുകളെ ശ്രേഷ്ഠങ്ങളായ

സ്തുതികളിലേയ്ക്കാകർഷിക്കുന്നു.

**8. അപ്രയച്ഛന്നപ്രയുച്ഛദ്ഭിരഗ്നേ ശിവേഭിർനഃപായുഭിഃ പാഹി ശഗ്മൈഃ |**
**അദബ്ധേഭിരദൃപിതേഭിരിഷ്ടേ നിമിഷദ്ഭിഃ പരിപാഹി നോ ജാഃ ||**

ഹേ അഗ്നേ! നിരന്തരം വിശ്രമരഹിതനും കലയാണരൂപനുമായ ഞങ്ങളെ രക്ഷിക്കൂ. നീ ക്ലേശരഹിതവും നിദ്രാരഹിതവുമായ സാമർത്ഥ്യങ്ങളാൽ യുക്തനാണല്ലോ. ഞങ്ങളുടെ സന്താനങ്ങളെ എല്ലാ ഭാഗത്തുനിന്നും രക്ഷിക്കണേ.

## സൂക്തം 144

**ഋഷി ദീർഘകമസ് ദേവത അഗ്നി ഛന്ദസ് ജഗതി, പംക്തി**

**1. ഏതി പ്ര ഹോതാ വ്രതമസ്യ മായയോർധ്വാംദധാനഃ ശുചിപേശസും ധിയം |**
**അഭി സ്രു ചഃ ക്രമതേ ദക്ഷിണാവൃതോ യാ അസ്യധാമ പ്രഥമം ഹ നിംസതേ ||**

ദേവാഹവാതാമായ അഗ്നി സ്തോത്രങ്ങൾക്ക് ബലം നൽകിക്കൊ് യജ്ഞത്തിനു നേരെപോകുന്നു. അവൻ യജ്ഞവികളിൽനിന്നും ആഹുതി സ്വീകരിച്ചുകൊവരുന്നു.

**2. അഭീമതസ്യ ദോഹനാ അനൂഷത യോനൗ ദേവസ സദനേ പരീവൃതാഃ |**
**അപാമുപസ്ഥേ വിഭൃതോ യദാവസദധ സ്വധാ അധൗദ്യാഭിരീയതേ**

അഗ്നിയുടെജ്വാലകൾ ദേവസ്ഥാനങ്ങളിൽനിന്നും, വേദങ്ങളാൽ വലയം ചെയ്യപ്പെട്ട യജ്ഞത്തിൽനിന്നുംഉയരുന്നു. ജലങ്ങളുടെ അങ്കതലത്തിൽ അന്തർഹിതമായ അഗ്നി പ്രകടമായി തൻെറ ഗുണങ്ങളെ സ്വീകരിച്ചു.

**3. യുയൂഷതഃ സവയസാ തദിദ്വപുഃ സമാനമർഥം വിതരിത്രതാ മിഥഃ |**
**ആദിം ഭഗോ ന ഹവ്യഃ സമസ്മദാ വോളഹുർന രശ്മീൻത്സമയംസ്ത സാരഥിഃ ||**

ഏകരൂപത്തോടുകൂടിയ അരണികൾ രും പരസ്പരം ചേർന്ന് ഉജ്ജ്വലരൂപത്തോടുകൂടിയവനെ ആഗ്രഹിക്കുന്നു. ആ അഗ്നി ആഹ്വാനയോഗ്യനാകുന്നു. സാരഥി കടിഞ്ഞാൺ പിടിക്കുന്നതുപോലെ, അഗ്നി നമ്മുടെ ഘൃതധാരകളെ സ്വീകരിക്കുന്നു.

**4. യമീ ദ്വാ സവയസാ സപര്യമഃ സമാനേ യോനാ മിഥുനാ സമോകസാ |**
**ദിവാ ന നക്തം പലിതോ യുവാജനി പുരൂ ചരന്നജരോ മാനുഷാ യുഗാ ||**

സമവയസ്കരായ രാളുകൾ രാവും പകലും അഗ്നിക്കു പൂജ ചെയ്യുന്നു. ആ അഗ്നി ഒരിക്കലും വൃദ്ധനാകുന്നില്ല. യുവാവസ്ഥയിലിരുന്നുതന്നെ ഹവിസ്സ് ഭക്ഷിക്കുന്നു.

**5. തമീം ഹിന്വന്തി ധീതയോ ദശ വ്രിശോദേവം മർതാസ ഊതയേ ഹവാമഹേ |**
**ധനോരധി പ്രവത ആസ ഋണ്വത്യഭിവ്രജത്ഭിർവയുനാ നവാധിത ||**

പത്തു വിരലുകളും അഗ്നിയെ പരിചരിക്കുന്നു. നാം ആ അഗ്നിയെ രക്ഷയ്ക്കായി വിളിക്കുന്നു. അദ്ദേഹം ശരവേഗത്തിൽ വന്നുചേർന്ന് സ്തുതികൾ സ്വീകരിക്കുന്നു.

**6. ത്വം ഹ്യഗ്നേ ദിവ്യസ്യ രാജസി ത്വം പാർഥിവസ്യ പശുപാ ഇവത്മനാ |**
**ഏനീ ത ഏതേ ബൃഹതീ അഭിശ്രിയാ ഹിരണ്യയീ വക്വരീ ബർഹിരാശാതേ ||**

ഹേ അഗ്നേ! അങ്ങ് ആകാശത്തിലേയും ഭൂമിയിലേയും ജീവികളുടെ നാഥനാകുന്നു. ഐശ്വര്യയുക്തമായ ഇവരും അങ്ങയുടെ യജ്ഞത്തെ പ്രാപിക്കുന്നു.

**9. അഗ്നേ ജുഷസ്വ പ്രതി ഹര്യ തദ്വചോ മന്ദ്ര സ്വധാവ ഋതജാത സുക്രതോ |**
**യോ വിശ്വതഃ പ്രത്യങ്ങ്ങസി ദർശതോ രണ്വഃ സൻദൃഷ്ടൗ പിതുമാം ഇവ ക്ഷയഃ ||**

ഹേ പ്രസന്ന ചിത്തനും, സ്വേഛാചാരിയും ശക്തനും യജ്ഞോത്പന്നനുമായ അഗ്നേ! പ്രസന്നനായി ഈ സ്തോത്രത്തെ സ്വീകരിച്ചാലും. നീ അത്യധികം രമണീയത്വത്താലും ഐശ്വര്യത്താലും പരിപൂർണ്ണനാണല്ലോ.

## സൂക്തം 145

**ഋഷി ദീർഘതമസ് ദേവത അഗ്നി ഛന്ദസ് ജഗതിദ, ത്രിഷ്ടുപ്**

**1. തം പൃച്ഛതാ സ ജഗാമാ സ വേദ സ ചികിത്വാം ഈയതേ സാ ന്വീയതേ |**
**തസ്മിൻത്സന്തി പ്രശിഷസ്തസ്മിന്നിഷ്ടയഃ സവാജസ്യ ശവസഃ ശുഷ്മിണസ്പതിഃ ||**

ആ അഗ്നി സർവ്വജ്ഞാതാവും എല്ലായിടത്തും നിർബാദം സഞ്ചരിക്കുന്നവനും എല്ലാവരുടെയും ആരാധനാപാത്രവും അഭീഷ്ഠയുക്തനും മഹാബലിയുമാണ്.

**2. തമിത് പൃച്ഛന്തി ന സിമോ വി പൃച്ഛതി സ്വേനേവ ധീരോ മനസാ യദഗ്രഭീത് |**
**ന മൃഷ്യതേ പ്രഥമം നാപരം വചോ സു ക്രത്വാ സചതേ അപ്രദൃപിതഃ ||**

ആ അഗ്നിയെ എല്ലാവരും അറിയുന്നു. അതിനെ സംബന്ധിച്ച് ചോദ്യം ചെയ്യുന്നത് അനുചിതമാണ്. ദൃഢമായ വിശ്വാസമുള്ളവർ ആരുടേയും നേരത്തെയുള്ളതും പിന്നീടുള്ളതുമായ കാര്യങ്ങൾ മറക്കുന്നില്ല. അതിനാൽ അഹങ്കാരരഹിതനായ മനുഷ്യൻ അഗ്നിയെ ആശ്രയം പ്രാപിക്കുന്നു.

**3. തമിദ് ഗച്ഛന്തി ജൂഹ്വസ്തമർവതിർവിശ്വാന്യേകഃ ശൃണവദ്വചാംസി മേ |**
**പുരുപ്രൈഷസ്തതുരിര്യജ്ഞസാധനോ ച്ഛിദ്രോതിഃ ശിശുരാദത്ത സം രഭഃ ||**

അതേ അഗ്നിക്കുതന്നെ സ്തുതികളും ആഹുതികളും ലഭിക്കുന്നു.

അത് ആഹ്വാനങ്ങൾ ശ്രവിയ്ക്കുന്നു. യജ്ഞത്തെ സിദ്ധമാക്കുന്നവനെപ്പോലെയും അതുപോലെ ബാലനെപ്പോലെയും ബലം വൃദ്ധിയെ പ്രാപിക്കുന്നു.

**4. ഉപസ്ഥാം ചരതി യത്സമാരത സദ്യോ ജാതസ്തത്സാര യുജ്യേഭിഃ |**
**അഭി ശ്വാന്തം മൃശതേ നാന്ദ്യേ മൂദേ യദിം ഗച്ഛന്ത്യുശ തീരപിഷ്ഠിതം ||**

അഗ്നി പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ ചലനസ്വഭാവത്തോടു കൂടിയതായിരുന്നു അത്. അതിവേഗം ഹവിസ്സ് സ്വീകരിക്കുകയും ക്ഷീണിതരായ മനുഷ്യരുടെ ക്ഷീണമെല്ലാം നശിപ്പിച്ച് ഉത്സാഹരഹിതരാക്കുകയും ചെയ്യുന്നു.

**5. സ ഈം മൃഗോ അപ്യോ വനർഗുരുപ ത്വച്യുപമസ്യാം നി ധായി |**
**വ്യബ്രവീദ്വയുനാ മർത്യേഭ്യോഗ്നിർവിദ്വാം ഋതചിദ്ധി സത്യഃ||**

വനത്തിൽ സഞ്ചരിക്കുന്ന അഗ്നി ഇന്ധനത്തെ പ്രാപിക്കുന്നു. ജ്ഞാനിയും യജ്ഞ ജ്ഞാതാവുമായഅഗ്നി മനുഷ്യരിൽ വസിച്ച് യജ്ഞകർമ്മങ്ങളിൽ പ്രേരണനൽകിക്കൊ് ജ്ഞാനം നൽകുന്നു.

## സൂക്തം 146

**ഋഷി ദീർഘതമസ് ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. ത്രിമൂർധാനം സപ്തരശ്മിം ഗൃണീഷേനൂനമഗ്നിം പിത്രോരുപസ്ഥേ |**
**നിഷത്തമസ്യ ചരതോ ധ്രുവസ്യ വിശ്വാ ദിവോ രോചനാപപ്രിവാംസം ||**

ഹേ മനുഷ്യാ! മൂന്നുമസ്തകത്തോടുകൂടിയവനും സപ്തകിരണയുക്തനും പൂർണ്ണരൂപനും ആകാശത്തിൻേറയും ഭൂമിയുടേയും ഇടയിൽ വിരാജിക്കുന്നവനും അതുപോലെ പ്രകാശിതങ്ങളായ നക്ഷത്രങ്ങളിൽ തേജോരൂപത്തിൽ വ്യാപിച്ചും ഇരിക്കുന്ന ഈ അഗ്നിയെ സ്തുതിക്കുന്നു.

**2. ഉക്ഷാ മഹാം അഭി വവക്ഷ ഏനേ അജരസ്തസ്ഥാവിത ഊതിർഋഷ്വഃ |**
**ഉർവ്യാഃ പദോ നി ദധാതി സാനൗ രിഹന്ത്യുധോ അരുഷാസോ അസ്യ ||**

ഈവീരനായ അഗ്നി ആകാശത്തേയും ഭൂമിയേയും എല്ലാഭാഗത്തുനിന്നും വലയം ചെയ്തു. ഈ അഗ്നി ജരാരഹിതവും സാധനായുക്തവുമാണ്.ഭൂമിയുടെ ഉച്ചിയിൽ തൻെറ പാദങ്ങളുറപ്പിച്ച് അതിൻെറ ജ്വാലകൾ മേഘരൂപമാകുന്നു. സ്തനങ്ങൾ മുത്തിക്കുടിക്കുന്നു.

**3. സമാനം വത്സമഭി സഞ്ചരന്തീ വിഷ്വഗ്ധേനൂ വിചരതഃ സുമേകേ |**
**അനപവൃജ്യാം അധ്വനോ മിമാനേ വിശ്വാൻകേതാം അധി മഹോ ദധാനേ ||**

ആകാശവും ഭൂമിയുമാകുന്ന ഈഗോക്കൾ സായം കാലത്തിൻെറ കിടാവുരൂപമാകുന്ന അഗ്നിയെ പ്രാപിച്ച് എല്ലാ അഭിലാഷങ്ങളും സ്വീകരിച്ച് സഞ്ചരിക്കുന്നു.

**4. ധീരാസഃ പദം കവയോ നയന്തി നാനാ ഹൃദാ രക്ഷമാണാ അജുര്യം |**
**സിഷാസന്തഃ പര്യപശ്യന്ത സിന്ധുമാവിരേഭ്യോ അഭവത്സൂര്യോ നൄൻ ||**

ബുദ്ധിമാൻമാരായ ഋഷികൾ മനുഷ്യരെ രക്ഷിക്കുവാനായി അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു. അവർ അഗ്നിയെ ആഗ്രഹിച്ച് സമുദ്രത്തെ എല്ലാ ഭാഗത്തുനിന്നും നോക്കി. അപ്പോൾ മനുഷ്യർക്ക് മംഗളമേകുന്ന സൂര്യൻ ഉദിച്ചു.

**5. ദിദൃക്ഷേണ്യഃ പരി കാഷ്ഠാസു ജേന്യ ഈളേന്യോ മഹോ അർഭായ ജീവസേ |**
**പുരുത്രാ യദഭവത്സൂരഹൈഭ്യോ ഗർഭേഭ്യോ മഘവാ വിശ്വദർശതഃ ||**

ദിക്കുകളുടെ വിജേതാവായ അഗ്നി ചെറുതും വലുതുമായ എല്ലാശരീരാധികൾക്കും ജീവൻ ദാതാവായിത്തീർന്നു. അദ്ദേഹം ധനത്തേയും പ്രജകളേയും പ്രകടമാക്കുന്നതിൽ സമർത്ഥമാണ്.

## സൂക്തം 147

**ഋഷി ദീർഘതമസ് ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. കഥാ തേ അഗ്നേ ശുചയന്ത ആയോർദദാശുർ വാജേഭിരാശുഷാണാഃ |**
**ഉഭേ യത്തോകേ തനയേ ദധാനാ ഋതസ്യ സാമൻരണയന്ത ദേവാഃ ||**

ഹേ അഗ്നേ! നിൻെറ പ്രകാശകിരണങ്ങൾ ബലയുക്തങ്ങളും ജീവദായകങ്ങളുമാണല്ലോ. അവ പുത്രപൗതാദികളെ വർദ്ധിപ്പിച്ച് പുഷ്ടിപ്പെടുത്തുന്നു.

**2. ബോധാ മേ അസ്യ വചസോ യവിഷ്ഠ മംഹിഷ്ഠസ്യ പ്രഭൃതസ്യ സ്വധാവഃ |**
**പീയതി ത്വോ അനു ത്വൊ ഗൃണാതി വന്ദാരുസ്ത തന്വം വന്ദേ അഗ്നേ ||**

ഹേ നിത്യയുവാവായ അഗ്നേ! ആദരയോഗ്യമായ എൻെറ ഈ സ്തുതികൾ ശ്രവിക്കണേ. ഒരുമനുഷ്യൻ നിന്നെ വേദനിപ്പിക്കുന്നു. മറ്റൊരുത്തൻ സ്തുതിക്കുന്നു. ഞാനാകട്ടെ നിന്നെ സ്തുതിക്കുകമാത്രം ചെയ്യുന്നു.

**3. യേ പായവോ മാമതേയം തേ അഗ്നേ പശ്യന്തോ അന്ധം ദുരിതാദരക്ഷൻ |**
**രരക്ഷ താൻത്സുകൃതോ വിശ്വവേദാ ദിപ്സന്ത ഇദ്രിപവോ നാഹ ദേഭുഃ ||**

ഹേ അഗ്നേ! നിൻെറ രക്ഷയോടുകൂടിയ ഭക്തൻമാർ മമതയുടെ അന്ധപുത്രൻമാരെ രക്ഷിച്ചു. നിന്നെ ശത്രുക്കൾക്ക് ഒരുവിധത്തിലും ചതിക്കുവാൻ സാധ്യമല്ല.

**4. യോ നോ അഗ്നേ അമരിവാം അഘായുരരാതീവാ മർചയതി ദ്വയേന |**
**മന്ത്രോ ഗുരുഃ പുനരസ്തു സോഅസ്മാ അനുമൃക്ഷീഷ്ഠ**

**തന്വം ദുരുക്തൈഃ ||**

ഹേ അഗ്നേ! ഈർഷ്യയുക്തരും, അദാനശീലരും പാപികളും ഞങ്ങളെ വഞ്ചനയാൽ ദുഃഖിപ്പിക്കുന്നു. അവരുടെ ഈ ദുർവിചാരം അവർക്ക് ഭാരരൂപമാകുകയും അതവരെ നശിപ്പിക്കുകയും ചെയ്യണേ.

**5. ഉത വാ യഃ സഹസ്യ പ്രവിദ്വാൻമർതോ മർതം മർചയതി ദ്വയേന |**

**അതഃ പാഹി സ്തവമാന സ്തുവന്തമഗ്നേ മാകിർനോ ദുരിതായ ധായീഃ ||**

ഹേ ബലവാനേ! യാതൊരു മനുഷ്യൻ ആരെയെങ്കിലും വഞ്ചനയാൽ പീഡിപ്പിക്കുവാനാഗ്രഹിക്കുന്നുവോ അവനിൽനിന്നും സ്തോതാവിനെ രക്ഷിക്കു. ഞങ്ങൾ ദുഃഖിതരാകാതിരിക്കണേ.

## സൂക്തം 148

**ഋഷി ദർഘതമസ് ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. മഥീദ്യദീം വിഷ്ടോ മാതരിശ്വ ഹോതാരം വിശ്വാപ്സും വിശ്വദേവ്യം |**

**നി യം ദധുർമനുഷ്യാസു വിക്ഷു സ്വർണ്ണ ചിത്രം വപുഷേ വിഭാവം ||**

സർവ്വസ്വരൂപത്തോടുകൂടിയ ദേവസ്വരൂപനായ ഹോതാവിനെ മാതരിശ്വാ മഥനം നടത്തുകയും സൂര്യനുസമാനം ദീപ്തിമത്തായ ആ അഗ്നിയെ ദേവഗണങ്ങൾ മനുഷ്യരിൽ സ്ഥാപിക്കുകയും ചെയ്തു.

**2. ദദാനമിന്ന ദദഭന്ത മൻമാഗ്നിർവരൂഥം മമ തസ്യ ചാകൻ |**

**ജൂഷന്ത വിശ്വാന്യസ്യ കർമോപസ്തുതിം ഭരമാണസ്യ കാരോഃ ||**

സ്തോത്രമുച്ചരിക്കുന്ന എന്നെ ശത്രുക്കൾ പീഡിപ്പിക്കാതിരിക്കണേ. എൻെറ സ്തുതികൾ ശ്രവിച്ച അഗ്നി എനിക്കഭയം നൽകുകയും എൻെറ സ്തോത്രങ്ങൾ എല്ലാ ദേവതകളും സ്വീകരിക്കുകയും ചെയ്യണേ.

**3. നിത്യേ ചിന്നു യം സദനേ ജഗൃഭ്രേ പ്രശസ്തിഭിർദധിരേ യജ്ഞിയാസഃ |**

**പ്ര സൂ നയന്ത ഗൃഭയന്ത ഇഷ്ഠാവശ്വാസോ ന രഥ്യോ രാരഹാണാഃ ||**

യജമാനൻമാർ അതിനെ സ്വീകരിച്ച് സ്തുതികളാൽ സ്ഥാപിക്കുകയുംരഥത്തിൽ കെട്ടിയ കുതിരയെപ്പോലെ മുന്നോട്ടാനയിക്കുകയും ചെയ്തു.

**4. പുരുണി ദസ്മോ നി രിണാതി ജംഭൈരാദ്രോ ചതേ വന ആ വിഭാവാ |**

**ആദസ്യ വാതോ അനു വാതി ശോചിരസ്തുർന ശര്യാമസനാമനു ദ്യൂൻ ||**

അത്ഭുതനായ അഗ്നി വൃക്ഷങ്ങളെ വർണ്ണപ്പെടുത്തുകയും പ്രകാശത്തോടുകൂടി വനത്തിൽ ആളിക്കത്തുകയും ചെയ്യുന്നു. ഇതിൻെറ ആളി ഉയരുന്ന ജ്വാലകളെ വായു ഭീഷണമായ രൂപത്തോടുകൂടി വളർത്തുന്നു.

**5. ന യം രിപവോ ന രിഷണ്യവോ ഗർഭേ സന്തം രേഷണാ രേഷയന്തി |**

**അന്ധാ അപശ്യാ ന ദഭന്നഭിഖ്യാ നിത്യാസ ഈം പ്രേതാരോ അരക്ഷകൻ ||**

ഈ അഗ്നി പ്രകടമായിരിക്കുമ്പോൾ ഹിംസകർക്ക് ഇതിനെ പീഡിപ്പിക്കുവാൻ കഴിയുന്നില്ല. അന്ധൻമാർക്ക് ഇതിൻെറ മാഹാത്മ്യത്തെ നശിപ്പിക്കുവാനും കഴിയുന്നില്ല. ഇതിനെ പ്രീതിപ്പെടുത്തുന്നവരും നിത്യം വഹിച്ചുകൊ് നടക്കുന്നവരും തന്നെയാണ് ഈ അഗ്നിയെ സംരക്ഷിച്ചുകൊിരിക്കുന്നത്

## സൂക്തം 149

**ഋഷി ദീർഘതമസ് ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്**

**1. മഹഃ സ രായ ഏഷതേ പതിർദന്നി ഇനസ്യ വസുനഃ പദ ആ |**

**ഉപ ധ്രജന്തമദ്രയോ വിധന്നിത് ||**

അത്യന്തം ഐശ്വര്യവാനും ധനത്തിൻെറ സ്വാമിയും അതു നൽകുവാനായി യജ്ഞത്തിലേയ്ക്കുവരുന്നു. സോമം ഇടിക്കുന്ന അമ്മിക്കല്ല് അദ്ദേഹത്തിനുവേി രസം തയ്യാറാക്കുന്നു.

**2. സ യോ വൃഷാ നരാം ന രോദസ്യോഃ**

**ശ്രവോഭിരസ്തി ജീവപീതസർഗഃ |**

**പ്ര യഃ സസ്രാണഃ ശിശ്രീരയോനൗ ||**

യാതൊരുത്തൻ ആകാശത്തിലും ഭൂമിയിലും യശസ്വിയായിരിക്കുന്നുവോ, ജീവികൾ അവനെ ഉപേക്ഷിച്ചിട്ട് ദുഃഖമനുഭവിക്കുന്നു. ആ അഗ്നിവേദിയിൽ വസിക്കുന്നു.

**3. ആ യഃ പുരം നാർമിണീമദീദേദത്യഃ കവിർനഭന്യോ നാർവാ |**

**സൂരോ ന രുരുക്വാഞ ഛതാത്മാ ||**

മനുഷ്യശരീരത്തിൽ ദീപനശക്തി വളർത്തിയ അഗ്നി ശീഘ്രഗാമിയായ കുതിരയ്ക്കുതുല്യം പ്രശംസനീയമാണ്.

**4. അഭി ദ്വിജൻമാ ത്രീ രോചനാനി വിശ്വാ രജാംസി ശുശുചാനോ അസ്ഥാത്|**

**ഹോതാ യജിഷ്ഠോ അപാം സധസ്ഥേ ||**

ദ്വിജൻമാവായ അഗ്നി മൂന്നുജ്യോതിസ്സുകളേയും എല്ലാ ലോകങ്ങളേയും പ്രകാശിപ്പിക്കുന്നു. ഇത് പൂജ്യനായ ഹോതാവിൻെറ രൂപത്തിൽ നിയുക്തനായിരിക്കുന്നു.

**5. അയം സ ഹോതാ യോ ദ്വിജൻമാ വിശ്വാ ദധേ വാര്യാണി ശ്രവസ്യാ |**

**മർതോ യോ അസ്മൈ സുകോ ദദാശ ||**

ദ്വിജൻമാവായ ഇവൻ ദേവതകളെ വിളിക്കുന്നവനാകുന്നു. യാതൊരുത്തൻ ഈ അഗ്നിക്ക് ഹവിസ്സ് നൽകുന്നുവോ അവന് ധനവും യശസ്സും നൽകുന്നു.

## സൂക്തം 150

**ഋഷി ദീർഘതമസ് ദേവത അഗ്നി ഛന്ദസ് ഗായത്രി, ഉഷ്ണിക**

**1. പുരു ത്വാ ദാശ്വാന്വോചേ രിരേ തവ സ്വിദാ |**

**തോദസ്യേവ ശരണ ആ മഹസ്യ ||**

ഹേ അഗ്നേ! താങ്കളുടെ ആശ്രയം ആഗ്രഹിക്കുന്ന സ്തോതാവ് ഹവിസ്സ് നൽകിക്കൊ് കൂടെക്കൂടെ ആഹ്വാനം ചെയ്യുന്നു.

**2. വ്യനിനസ്യ ധനിനഃ പ്രഹോഷേ ചിദരരുഷഃ |**

**കദാ ചന പ്രജിഗതോ അദേവയോഃ ||**

ആ അഗ്നി ദേവതകളുടെ വിദ്വേഷികളുടെ ആഗ്രഹപൂർണ്ണമായ ആഹ്വാനത്തിൻമേൽ ഒരിക്കലും പോകുന്നില്ല.

**3. സ ചന്ദ്രോ വിപ്ര മർത്യോ മഹോ ബ്രാധന്തമോ ദിവി |**

**പ്രപ്രേത്തേ അഗ്നേ വനുഷഃ സ്യാമ ||**

ജ്ഞാനിയായ അഗ്നേ! ആ മനുഷ്യൻ അത്യന്തം യശസ്വിയാകുന്നു. അവൻ എല്ലാവരേയും പ്രസന്നരാക്കുന്നു. നിൻെറ സാധകൻമാരായ ഞങ്ങൾ സദാ വൃദ്ധിയെ പ്രാപിക്കട്ടെ.

## സൂക്തം 151

**ഋഷി ദീർഘതമസ് ദേവത മിത്രാവരുണൻ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. മിത്രം ന യം ശിമ്യാ ഗോഷു ഗവ്യവഃ**

**സ്വാധ്യോ വിദഥേ അപ്സു ജീജനൻ |**

**അരേജേതാം രോദസീ പാജസാ ഗിരാ പ്രതി പ്രിയം യജതം ജാനുഷാമവഃ ||**

പ്രകാശത്തിൻെറ ഇച്ഛയോടുകൂടി ധ്യാനനിരതനായിരുന്ന ദേവഗണം ജീവമാത്രാരക്ഷയ്ക്കായി മന്ത്രസമാനനായ യാതൊരു പൂജനീയാഗ്നിയെ ജലത്തിൽനിന്നും ഉൽപ്പാദിപ്പിച്ചുവോ, പ്രകടമായിക്കഴിഞ്ഞപ്പോൾ, അതിൻെറ ശക്തിയുടേയും ശബ്ദത്തിൻേറയും പ്രഭാവത്താൽ ആകാശവും ഭൂമിയും പ്രകമ്പനം കൊു.

**2. യദ്ധ ത്യദ്വാം പുരുമീളഹസ്യ സോമിനഃ**

**പ്ര മിത്രാസോ ന ദധിരേ സ്വാഭുവഃ |**

**അധ ക്രതും വിദതം ഗാതുമർച്ചത ഉത ശ്രുതം വൃഷണാ പസ്ത്യാവതഃ ||**

ഹേ മിത്രാ! വരുണാ! ഋത്വിജൻമാർ നിങ്ങൾക്കായി അഭീഷ്ടദായിയായ സോമരസം അർപ്പണം ചെയ്തിരിക്കുന്നു. അതിനാൽ സാധകൻെറ ഭവനത്തിലെത്തി അവൻെറ ആഹ്വാനം ശ്രവിക്കുവിൻ.

**3. ആ വാം ഭൂഷൻക്ഷിതയോ ജൻമ രോദസ്യോഃ പ്രവാച്യം വൃഷണാ ദക്ഷസേ മഹേ |**

**യദീമൃതായ ഭരഥോ യദർവതേ പ്ര ഹോത്രയാ ശിമ്യാ വീഥോ അധ്വരം ||**

ഹേ മിത്രാ! വരുണാ!നിങ്ങളുടെ വർണ്ണനായോഗ്യമായ ഉൽപ്പത്തിയേപ്പറ്റി ആകാശവും ഭൂമിയും പറഞ്ഞറിയിച്ചിരിക്കുന്നു. നിങ്ങൾ ദൈവീകനിയമങ്ങൾ പാലിക്കുകയും സ്വന്തം ഉപാസകർക്കുവേി പ്രകടമാകുകയും ചെയ്യുന്നു. നിങ്ങൾ ഉത്തമങ്ങളായ യജ്ഞങ്ങളിൽ സ്തുതികളാൽ പ്രാപിക്കപ്പെടുന്നു.

**4. പ്ര സാ ക്ഷിതിരസുര യാ മഹി പ്രിയ ഋതാവാനാവൃതമാ ഘോഷഥോ ബൃഹത് |**

**യുവം ദിവോ ബൃഹതോ ദക്ഷമാഭുവം ഗാം ന ധുര്യുപ യുഞ്ജാഥേ അപഃ ||**

ഹേ മിത്രാ! വരുണാ! നിങ്ങളെ ഈമനുഷ്യർ വളരെ ഇഷ്ടപ്പെടുന്നു. നിങ്ങൾ നിയമങ്ങളെ ഉച്ചസ്വരത്തിൽ വിളംബരം ചെയ്യുന്നവരാണല്ലോ. നിങ്ങൾ കാളയെ നുകത്തോടുചേർത്തു ബന്ധിക്കുന്നതുപോലെ വിശാലമായ ആകാശത്തിൽ സാമർത്ഥ്യം ബന്ധിക്കുന്നു.

**5. മഹീ അത്ര മഹിനാ വാരമൃണ്വതോ രേണ വസ്തുജ ആ സദ്മന്ധേനവഃ |**

**സ്വരന്തി താ ഉപരതാതി സൂര്യമാ നിമ്രുച ഉഷസസ്തക്വവീരിവ||**

ഹേ മിത്രാ! വരുണാ! നിങ്ങൾ വരണീയങ്ങളായ സമ്പത്തുകളെ പ്രാപിക്കുന്നവരാണല്ലോ. തൊഴുത്തിൽ വസിക്കുന്ന ഗോക്കൾ പ്രഭാതത്തിലും സായാഹ്നത്തിലും പറന്നുനടക്കുന്ന പക്ഷികളെപ്പോലെ സൂര്യനെ നോക്കി അമറുന്നു.

**6. ആ വാമൃതായ കേശിനീരനൂഷത മിത്രയത്ര വരുണ ഗാതുമർചഥഃ |**

**അവത്മാന സൃജതം പിന്വതം ധിയോ യുവം വിപ്രസ്യ മൻമനാമിരജ്യഥഃ ||**

ഹേ മിത്രാ! വരുണാ! നിങ്ങൾ ധർമ്മമാർഗ്ഗത്തെ ഉന്നതമാക്കുമ്പോൾ യജ്ഞസ്ഥമായ ജ്വാലകൾ നിങ്ങളെ സ്തുതിക്കുന്നു. നിങ്ങള ഋഷിമാരുടെ സ്തോത്രങ്ങളുടെ സ്വാമിയുമാണല്ലോ. ഞങ്ങളുടെ സ്തുതികളെ വൃദ്ധിപ്പെടുത്തു.

**7. യോ വാം യജ്ഞൈഃ ശശമാനോ ഹ ദാശതി കവിർഹോതാ യജതി മൻമസാധനഃ |**

**ഉപാഹ തം ഗച്ഛഥോ വീഥോ അധ്വരമച്ഛാ ഗിരഃ സുമതിം ഗന്തമസ്മയൂ ||**

ഹേ മിത്രാ! വരുണാ! ഏതൊരു സ്തോതാവ് യജ്ഞത്തിൽ നിങ്ങൾക്കായി ഹവിസ്സ് നൽകുന്നുവോ യാതൊരു സ്തോത്രരചയിതാവായ കവി നിങ്ങളെ സ്തവങ്ങളാൽ സ്തുതിക്കുന്നുവോ നിങ്ങൾ രുപേരും അവനെ പ്രാപിച്ച് അവൻെറ യജ്ഞത്തെ കാര്യമാക്കിയാലും. അതിനാൽ ഞങ്ങളുടെ സ്തുതികൾ ശ്രവിച്ച് ഇവിടെവന്നു ചേരണേ.

**8. യുവാം യജ്ഞൈഃ പ്രഥമാ ഗോഭഗിരഞ്ജത ഋതാവാനാ മനസോ ന പ്രയുക്തിഷു |**

**ഭരന്തി വാം മൻമനാ സംയതാ ഗിരോദൃപ്യതാ മനസാ രേവദാശാഥേ ||**

ഹേ ഘൃതനിയമാക്കളായ മിത്രാവരുണരേ! യാതൊരുത്തൻ തങ്ങളുടെ യാഗങ്ങളിൽ ഹാർദിക ഭാവനകളോടുകൂടി നിങ്ങളെ പൂജിക്കുന്നുവോ അവർ ഭക്തിവിശ്വാസങ്ങളോടുകൂടി നിങ്ങളെ സ്തുതിക്കുന്നു. നിങ്ങളവരെ പ്രാപിക്കുകയും ചെയ്യണേ.

**9. രേവദ്വയോ ദധാഥേ രേവദാശാഥേ നരാ**

**മായാഭിരിതഊതി മാഹിനം |**

**ന വാം ദ്യാവോഹഭിർനോത സിന്ധവോ ന ദേവത്വം**

**പണയോ നാനശുർമഘം ||**

ഹേ മിത്രാ! വരുണാ! നിങ്ങൾ ധനയുക്തരും, ബലധാരകരുമാണ്. മാനസികബലത്തോടുകൂടിയ രക്ഷാസാധനങ്ങളോടുകൂടിയ മഹാൻമാരുമാകുന്നു. പകൽ, രാത്രി, നദികൾ, പണികൾ ഇവർക്കൊന്നും നിങ്ങളിൽനിന്നും ദേവത്വം പ്രാപിക്കുവാൻ സാദ്ധ്യമല്ല.

ജിവികൾക്കും നിങ്ങളുടെ അവസ്ഥ ലഭിച്ചിട്ടില്ല.

## സൂക്തം 152

(ഈ സൂക്തത്തിലെ മന്ത്രങ്ങൾ വിവാഹത്തിനും മറ്റു മന്ത്രപൂർവ്വമായ വസ്ത്രധാരണത്തിനുള്ള മന്ത്രങ്ങളാണ്. ആദ്യത്തേത് കൂടുതൽ പ്രാധാന്യം)

**ഋഷി ദീർഘതമസ് ദേവത മിത്രാവരുണൻ ഛന്ദസ് ത്രിഷ്ടുപ്**

**1. യുവം വസ്ത്രാണി പീവസാ വസാഥേ യുവോരച്ഛിദ്രാ മന്തവോ ഹ സർഗാഃ |**
**അവാതിരതമനൃതാനി വിശ്വ ഋതേന മിത്രാ വരുണാ സചേഥേ ||**

ഹേ മിത്രാ! വരുണാ! നിങ്ങൾ രുപേരും തേജോരൂപങ്ങളായ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. നിങ്ങൾ സൃഷ്ടികൾ സുന്ദരങ്ങളും, ഛിദ്രരഹിതങ്ങളുമാണ്. നിങ്ങൾ ഓരോ രീതിയിലും അസത്യത്തിൽനിന്നും അകന്നുനിൽക്കുകയും സത്യത്തിനുകൂട്ടായിരിക്കുകയും ചെയ്യുന്നു.

**2. ഏതച്ചന ത്വോ വി ചീകേതദേഷാം സത്യോ മന്ത്രഃ കവിശസ്ത ഋഘാവാൻ |**
**ത്രിരശ്രിം ഹന്തി ചതുരശ്രിരുഗ്രാ ദേവനിദോ ഹ പ്രഥമാ അജൂര്യൻ ||**

മിത്രാവരുണൻമാർ ചതുർഗുണാസ്ത്രങ്ങളാൽ സുസജ്ജിതരും, അവർ ത്രിഗുണത്മകങ്ങളായ അസ്ത്രങ്ങളോടുകൂടിയവരെ നശിപ്പിക്കുന്നവരുമാണെന്നുള്ള ഋഷിവാക്യം സത്യമാണ്. ഇവരുടെ മഹത്വത്തെ ആരും അറിയുന്നില്ല. ദേവനിന്ദകരെ ഇവർ ആദ്യമായി സംഹരിക്കുന്നു.

**3. അപാദേതി പ്രഥമാ പദ്വതീനാം കസ്തദ്വാം മിത്രാവരുണാ ചികേത |**
**ഗർഭോ ഭാരം ഭരത്യ ചിദസ്യ ഋതം പിപർത്യനൃതം നി താരീത് ||**

പാദരഹിതയായ ഉഷസ്സ് പാദയുക്തരായ മനുഷ്യർക്കുമുമ്പേ പോകുന്നു, ഇതിൽനിന്നും കർമ്മത്തെ ആരറിയുന്നു? രാത്രിയുടെ ഗർഭത്തിലെ പുത്രനായ സൂര്യൻ ഈ ലോകത്തിൻെറ ഭാരത്തെ വഹിച്ചുകൊ് സത്യത്തെ ഉറപ്പിക്കുകയും അസത്യം നശിപ്പിക്കുകയും ചെയ്യുന്നു.

**4. പ്രയന്തമിത്പരി ജാരം കനീനാം പശ്യാമസി നോപ നിപദ്യമാനം |**
**അനവപൃഗ്ണാ വിതതാ വസാനം പ്രിയം മിത്രസ്യ വരുണസ്യ ധാമ ||**

നാം പ്രശസ്ത തോജോരൂപ വസ്ത്രധാരികളായ മിത്രാവരുണൻമാരുടെ സ്ഥാനത്തിനുനേരെ, ഉഷസ്സിൻെറ കാന്തിയെ ക്ഷീണിപ്പിക്കുന്ന സൂര്യനെ മുന്നോട്ടുപോകുന്നതായി കാണുന്നു.മിത്രാവരുണൻമാരുടെ സ്ഥാനം ഒരിക്കലും പിന്നിലായിരിക്കുന്നില്ല.

**5. അനശ്വോ ജാതോ അനഭീശുരർവാ കനിക്രദത്പതയ ദൂർദ്ധ്വസാനുഃ |**
**അചിത്തം ബ്രഹ്മ ജുജുഷുര്യുവാനഃ പ്ര മിത്രേ ധാമ വരുണോഗൃണന്തഃ ||**

കുതിരകളും കടിഞ്ഞാണുമില്ലാത്ത ആദിത്യൻ ഉദിക്കുമ്പോൾതന്നെ ഉയരത്തിലേക്ക് കയറുകയും ശബ്ദമു ാക്കുകയും ചെയ്യുന്നു. മിത്രാവരുണൻമാരുടെ സ്ഥാനരൂപമായസൂര്യനെ മനുഷ്യഗണം സ്തുതിക്കുന്നു.

**6. ആ ധേനവോ മാമതേയമവന്തീർബ്രഹ്മപ്രിയം പീപയൻത്സസ്മിന്നൂധൻ |**
**പിത്വോ ഭിക്ഷേത വയുനാനി വിദ്വാനാ സാ വിവാസന്നദിതിമുരുഷ്യേത് ||**

ഹേ മിത്രാ! വരുണാ! സ്നേഹദായിനികളായ ഗോക്കൾ മമതയുടെ പുത്രനായ എന്നെതങ്ങളുടെ സ്തനത്തിൽനിന്നു പാൽകുടിപ്പിക്കണേ ധർമ്മമാർഗ്ഗാവലംബികൾ അന്നമാർഗ്ഗങ്ങളിൽകൂടി നിങ്ങളെ സേവനം ചെയ്ത് യജ്ഞം വളർത്തണേ.

**7. ആ വാം മിത്രാവരുണാ ഹവ്യജൂഷ്ടിം നമസാ ദേവാവസാ വവൃത്യാം |**
**അസ്മാകം ബ്രഹ്മ പൃതനാസു സഹ്യാ അസ്മാകം വൃഷ്ടിർദിവ്യാ സുപാരാ ||**

ഹേ മിത്രാ! വരുണാ! ഞാനെൻെറ രക്ഷയ്ക്കായി നമസ്കാരപൂർവ്വം ഹവിർദാനം ചെയ്യും. ഞങ്ങളുടെ സ്തുതികളുടെ പ്രഭാവത്താൽ യുദ്ധത്തിൽ ഞങ്ങളുടെ ശത്രുക്കൾ വശീഭൂതരാകണേ. അതുപോലെ ദിവ്യവർഷംകൊ് ഞങ്ങളെ ദുഃഖത്തിൻെറ മറുകര കടത്തണേ.

## സൂക്തം 153

**ഋഷി ദീർഘതമസ് ദേവത മിത്രാവരുണൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. യജാമഹേ വാം മഹഃ സജോഷാ ഹവ്യേഭിർ മിത്രാവരുണാ നമോഭിഃ |**
**ഘൃതൈർഘൃതസ്നൂ അധ യദ്വാമസ്മേ അധ്വര്യവോ ന ധീതിഭിർഭരന്തി ||**

ഹേ ജലരൂപമായ ഘൃതത്തെ വർഷിക്കുന്ന മിത്രാ! വരുണാ! ഞങ്ങൾ ഘൃതയുക്തമായ ഹവിസ്സുകളാൽ നമസ്കാരപൂർവ്വം നിങ്ങൾക്ക് പൂജനടത്തുന്നു. ഞങ്ങളുടെ അധ്വര്യു നിങ്ങൾക്ക് കാഴ്ചവയ്ക്കുന്നു.

**2. പ്രസ്തുതിർവാം ധാമ ന പ്രയുക്തിരയാമി മിത്രാവരുണാ സുവൃക്തിഃ |**
**അനക്തി യദ്വാം വിദഥേഷു ഹോതാ സുമ്നം വാം സൂരിർവൃഷണാവിയക്ഷൻ||**

ഹേ മിത്രാ! വരുണാ! നിങ്ങളുടെ സ്തുതികൾ തേജസ്സിൻെറ പ്രേരകങ്ങളാണ്. അതിനാൽ ഞാൻ സുന്ദരമായ സ്തുതികളാൽ തേജസ്സിനെ പ്രാപിക്കുന്നു. യാതൊരു ഹോതാവ് നിങ്ങളെ പൂജിക്കുവാനാഗ്രഹിക്കുന്നുവോ, നിങ്ങളെ പ്രസന്നരാക്കുവാനാഗ്രഹിക്കുന്നുവോ അവൻ നിങ്ങൾക്ക് യജ്ഞത്തിൽ ഘൃതയുക്തമായ ഹവിസ്സ് നൽകുന്നു.

**3. പീപായ ദദേനുരദിതിർഋതായ ജനായ**

**മിത്രാവരുണാഹവിർദേ |**

**ഹിനോതി യദ്വാം വിദഥേ സപര്യൻത്സ രാത ഹവ്യോ മാനുഷോ ന ഹോതാ ||**

ഹേ മിത്രാ! വരുണാ! രാതഹവ്യൻെറ യജ്ഞകർമ്മത്താൽ സന്തുഷ്ടരായ നിങ്ങൾ അവൻെറ പശുവിനെ പാലുള്ളതാക്കിത്തീർത്തുവല്ലോ. അതുപോലെതന്നെ യജമാനൻ നിങ്ങൾക്ക് ഹവിസ്സ് നൽകിക്കൊ് തൻെറ ഗോക്കളെ അത്യധികം പാലുള്ളവയാക്കിത്തരുവാൻ യാചിക്കുന്നു.

**4. ഉത വാം വിക്ഷു മദ്യാസ്വന്ധോ ഗാവ ആപശ്ച പീപയന്ത ദേവീഃ |**

**ഉതോ നോ അസ്യ പൂർവ്യഃ പതിർദന്വീതം പാതം പയസ ഉസ്രിയായാഃ ||**

ഹേ സ്ത്രീപുരുഷൻമാരേ! നിങ്ങളുടെ ഗജാദിമൃഗഗണങ്ങളും ഈ ജലാദികളായ സാധനങ്ങളും വൃദ്ധിപ്രാപിക്കട്ടെ. നിങ്ങൾക്ക് ധാരാളമായി പാൽ ലഭിക്കട്ടെ. തൻമൂലം നിങ്ങളുടെ ശരീരം പുഷ്ടിപ്രാപിക്കട്ടെ.

## സൂക്തം 154

**ഋഷി ദീർഘതമസ് ദേവത വിഷ്ണു ഛന്ദസ്ത്രിഷ്ടുപ്**

**1. വിഷ്ണോർനു കം വീര്യാണി പ്ര വോചം യഃ പാർഥിയാനി വിമമേ രജാംസി |**

**യോ അസ്കഭായദുത്തരം സധസ്ഥം വിചക്രമാണസ്ത്രേധോരുഗായഃ ||**

ഞാൻ വിഷ്ണുവിൻെറ പരാക്രമത്തെ വർണ്ണിക്കുന്നു. അദ്ദേഹം മൂന്നുപാദങ്ങളിലായി ലോകത്തെ അളക്കുകയും ആകാശത്തെ സ്ഥിരപ്പെടുത്തുകയും ചെയ്തു.

**2. പ്ര തദ്വിഷ്ണുഃ സ്തവതേ വീര്യേണ മൃഗോ ന ഭീമഃ കുചരോ ഗിരിഷ്ഠാഃ |**

**യസ്യോരുഷു ത്രിഷു വിക്രമണേഷ്വധിക്ഷിയന്തി ഭുവനാനി വിശ്വാ ||**

വിഷ്ണുവിൻെറ മൂന്നുപാദങ്ങളിലായി ലോകം മുഴുവൻ നിലകൊള്ളുന്നു. അതിനാൽ പർവ്വതമുകളിൽ അധിവസിക്കുന്ന ഭയങ്കരമൃഗങ്ങൾക്കു സമാനം ഈലോകം വിഷ്ണുവിൻെറ പരാക്രമങ്ങളെ പ്രശംസിക്കുന്നു.

**3. പ്ര വിഷ്ണവേ ശൂഷമേതു മൻമ ഗിരിക്ഷിത ഉരുഗായായ വൃഷ്ണേ |**

**യ ഇദംദീർഘം പ്രയതം സധസ്ഥമേകോ വിമമേ ത്രിഭിരിത്പദേഭിഃ ||**

ഏതൊരു മഹാവിഷ്ണു ഏകനായിത്തന്നെ തൻെറ മൂന്നുപാദങ്ങളിൽ ത്രിലോകങ്ങളേയും അളന്നുവോ, ആ മഹാബലവാനായ വിഷ്ണുവിനെ വളരെയധികങ്ങൾ സ്തുതിക്കുന്നു.

**4. യസ്യ ത്രി പൂർണാ മധുനാ പദാന്യക്ഷീയമാണാ സ്വധയാ മദന്തി |**

**യ ഉ ത്രിധാതു പൃഥിവീമുത ദ്യാമേകോ ദാധാര ഭുവനാനി വിശ്വാ ||**

യാതൊരേകൻ ത്രിഗുണാത്മകമായ ഭൂമിയേയും, ആകാശത്തേയും എല്ലാ ലോകങ്ങളേയും ധാരണം ചെയ്തിരിക്കുന്നുവോ, ആ വിഷ്ണു അക്ഷയമായ സ്വതന്ത്രതയിൽ പ്രസന്നനായിരിക്കുകയും മനുഷ്യരെ മധുര അന്നാദികളാഖ യുക്തരാക്കുകയും ചെയ്യുന്നു.

**5. തദസ്യ പ്രിയമഭി പാഥോ അശ്യാം നരോ യത്ര ദേവയവോ മദന്തി |**

**ഉരുക്രമസ്യ സഹി ബന്ധുരിത്ഥാ വിഷ്ണോഃ പദേ പരമേ മധ്വ ഉത്സഃ ||**

എവിടെ ദേവതകളുടെ സ്വാമിത്വം അംഗീകരിക്കുന്ന മനുഷ്യർ ആശ്വാസം പ്രാപിക്കുന്നുവോ, ആ വിസ്തൃതമായ വിഷ്ണുപദത്തിൻെറ ആശ്രയം ഞാൻ ആഗ്രഹിക്കുന്നു. വിഷ്ണുതന്നെ ബന്ധവാകുന്നു. അവൻെറ പരമപദംതന്നെ മാധുര്യ (അമൃതാദി) ത്തിൻെറ കേന്ദ്രമാകുന്നു.

**6. ത വാം വാസ്തൂന്യശ്മയി ഗമധ്യൈ യത്ര ഗാവോ ഭൂരിശൃങ്ഗാ അയാസഃ |**

**അത്രാഹ തദുരുഗായസ്യ വൃഷ്ണഃ പരമം പദമവ ഭാതി ഭൂരി ||**

ഹേ ഇന്ദ്രാ! വിഷ്ണോ! ഞങ്ങൾ നിങ്ങൾ രുപേരുടേയും അത്യന്തം ശക്തിശാലികളായ സിദ്ധിരൂപ ഗോക്കളുള്ള ആസ്ഥാനത്തെ ആഗ്രഹിക്കുന്നു. സ്തുത്യർഹനായ വിഷ്ണുവിൻെറ ഉന്നതപദം തേജസ്സിനാൽ പരിപൂർണ്ണമാണ്.

## സൂക്തം 155

**ഋഷി ദീർഘതമസ് ദേവത വിഷ്ണു ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. പ്ര വഃ പാന്തമന്ധസോ ധിയായതേ മഹേ ശൂരായ വിഷ്ണവേ ചാർചത |**

**യാ സാനുനി പർവതാനാമദാഭ്യാ മഹസ്തസ്ഥതുരർവതേവ സാധുനാ ||**

മനുഷ്യരേ! സ്വന്തം രക്ഷകനായ സോമരൂപഅന്നത്തെ ഇന്ദ്രനും വിഷ്ണുവിനും വേി തയ്യാറാക്കുവിൻ. ശ്രേഷ്ഠകർമ്മരായ അവർ രും ആരുടേയും കെണിയിൽ അകപ്പെടുന്നില്ല.

**2. ത്വേഷമിത്ഥാ സമരണം ശിമീവതോരിന്ദ്രാവിഷ്ണൂ സുതപാ വാമുരുഷ്യതി |**

**യാ മർത്യായ പ്രതിധീയമാനമിത് കൃശാനോരസ്തു രസനാമുരുഷ്യഥഃ ||**

ഹേ ഇന്ദ്രാ! വിഷ്ണു! നിങ്ങൾ കർമ്മഫലങ്ങൾ നൽകുന്ന സ്വാമികളാണല്ലോ. നിങ്ങൾക്കുവേി സാധകൻ സോമം പിഴിഞ്ഞ് തയ്യാറാക്കിയിരിക്കുന്നു. നിങ്ങൾ ശത്രുക്കളെ ലക്ഷ്യമാക്കി എറിയപ്പെട്ട വാണിയോടുകൂടി അവനെ രക്ഷിക്കുന്നതിൽസമർത്ഥനാകുന്നു.

**3. താ ഈം വർധന്തി മഹ്യസ്യ പൗംസ്യം നി മാതരാ നയതി രേതസേ ഭുജേ |**

**ദധാതി പുത്രോ വരം പരം പിതുർനാമ തൃതീയമധി രോചനേ ദിവഃ ||**

എല്ലാ ആഹുതിയും ഇന്ദ്രൻെറ വീര്യത്തെ പുഷ്ടിപ്പെടുത്തുന്നു. ഇന്ദ്രൻ വൃഷ്ടിയാൽ അന്നം നൽകുന്നു. അന്നരൂപമാകുന്ന വീരരജസ്സിൽനിന്നും പുത്രാ പുത്രികൾ ഉാകുന്നു. അതിൽനിന്നും മൂന്നാമത്തെപേരിൽ പൗത്രനും ഉാകുന്നു. ജീവൻെറ ഉൽപ്പത്തി ഇന്ദ്രനും, വിഷ്ണുവിനും അധീനമാണ്.

**4. തത്തദിദസ്യ പൗംസ്യം ഗൃണീമസീനസ്യ ത്രാതുരവൃകസ്യ മീളഹുഷഃ |**

**യഃ പാർഥിവാനിത്രിഭിരദ്വിഗാമഭിരുരു ക്രമിഷ്ടോരുഗായായ ജീവസേ||**

അഖിലത്തിൻേറയും സ്വാമിയും, രക്ഷകനും ശത്രുരഹിതനും യുവാവുമായ വിഷ്ണുവിൻെറ ബലവീര്യത്തെ ഞങ്ങൾ സ്തുതിക്കുന്നു. അദ്ദേഹം ലോകരക്ഷയ്ക്കായി മൂന്നടിവെച്ച് എല്ലാ ലോകങ്ങളേയും കീഴടക്കി.

**5. ദ്വേ ഇദസ്യ ക്രമണേ സ്വർദൃശോഭിഖ്യായ മർത്യോ ഭുരണ്യുത |**

**തൃതീയമസ്യ നകിരാ ദധർഷതി വയശ്ചന പതയന്തഃ പതത്രിണഃ**

എല്ലാ ജീവികൾക്കും വിഷ്ണുവിൻെറ രുപദങ്ങൾ മാത്രമേ കാണുവാൻ കഴിയുന്നുള്ളൂ. മൂന്നാം പദത്തിലെത്തുന്നതിന് ആരും സാഹസപ്പെട്ടിട്ടില്ല. ആകാശത്തിൽക്കൂടി ചരിക്കുന്ന മരുത്തുക്കൾക്കുപോലും അവിടം പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ല.

**6. ചതുർഭിഃ സാകം നവിതം ച നാമഭിശ്ചക്രം ന വൃത്തം വ്യതീരവീവിപത് |**

**ബൃഹച്ഛരീരോ വിമിമാന ഋക്വഭിര്യുവാ കുമാരഃ പ്രത്യേത്യാഹവം |**

വിശാലസ്തുതികളാൽ യുക്തനായ വിഷ്ണു കാലത്തിൻെറ തൊണ്ണൂറ്റിനാലംശങ്ങളെ ചക്രംപോലെ ചുഴറ്റി. സ്തുതിക്കുന്നവർ അദ്ദേഹത്തെ ശ്രദ്ധയോടുകൂടി അന്വേഷിക്കുകയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

## സൂക്തം 156

**ഋഷി ദീർഘതമസ് ദേവത വിഷ്ണു ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. ഭവാ മിത്രോ ന ശേവ്യോ ഘൃതാസുതിർവി ഭൂതദ്യുമ്ന ഏവയാ ഉ സപ്രഥാഃ |**

**അധാം തേ വിഷ്ണോ വിദുഷാ ചിദർഘ്യഃ സ്തോമോ യജ്ഞശ്ച രാധ്യോ ഹവിഷ്മതാ ||**

ഹേ വിഷ്ണോ! ജലോൽപ്പാദകനും, മഹായശസ്വിയും രക്ഷകനും വിസ്തൃതനുമായ നീ മിത്രനുതുല്യം സുഖദായകനാകുന്നു. നിൻെറ സ്തോത്രത്തെ ജ്ഞാനികളായ മനുഷ്യർ പുഷ്ടിപ്പെടുത്തുന്നു. നിൻെറ യജ്ഞത്തിലെ ഹവിർദാതാവായ യജമാനൻ സമ്പന്നനാകുന്നു.

**2. യഃ പൂർവ്യായ വേധസേ നവീയസേ സുമജ്ജാനയേ വിഷ്ണവേ ദദാശതി |**

**യോ ജാതമസ്യ മഹതോ മഹി ബ്രവത്സേദു ശ്രവോഭിര്യുജ്യം ചിദഭ്യസത് ||**

ഏതൊരു ജ്ഞാനി സ്തുതിപാത്രമായ സ്വയം ഭൂ വിഷ്ണുവിന് ഹവിസ്സ് നൽകുകയും, യശസ്സിനെ വർണ്ണിക്കുകയും ചെയ്യുന്നുവോ, അവൻ എല്ലാവരേയും ജയിച്ചടക്കുന്നു.

**3. തമു സ്തോതാരഃ പൂർവ്യം യഥാ വിദ ഋതസ്യ ഗർഭം ജനുഷാ പിപർതന |**

**ആസ്യ ജാനന്തോ നാമ ചിദ്വിവക്തന മഹസ്തേ വിഷ്ണോ സുമതിം ഭജാമഹേ ||**

സ്തോതാക്കളേ! പ്രകൃതിയുടെ ഗർഭരൂപമായ വിഷ്ണുവിനെ നിങ്ങളറിയുന്നുവോ? ഇദ്ദേഹത്തിൻെറ ഗുണങ്ങളെ ഗാനം ചെയ്തു പ്രസന്നനാക്കൂ. ഹേ വിഷ്ണോ! ഞങ്ങൾ നിൻെറ ദയ പ്രാപിക്കണേ.

**4. തമസ്യ രാപജാ വരുണസ്തമശ്വിനാ ക്രതും സചന്ത മാരുതസ്യ വേധസഃ |**

**ദാധാര ദക്ഷമുത്തമമർഹവിദം വ്രജം ച വിഷ്ണുഃ സഖിവാം അപോർണുതേ ||**

മരുത്തുക്കൾക്കു പ്രേരണ നൽകുന്ന ഈ വിഷ്ണുവിൻെറ ആഗ്രഹങ്ങളിൽ വരുണനും അശ്വിനികളും സദാ തത്പരരായിരിക്കുന്നു. വിഷ്ണു തന്നെ മിത്രയുകതമായ പകലിനെ പ്രാപ്തമാക്കുന്ന ശ്രേഷ്ഠബലത്തെ ധാരണം ചെയ്തുകൊ് അന്ധകാരത്തെ നശിപ്പിച്ച് പ്രകാശം പരത്തുന്നു.

**5. ആ യോ വിവായ സചഥായ ദൈവ്യ ഇന്ദ്രിയ വിഷ്ണുഃ സുകൃതേ സുകൃത്തേരഃ |**

**വേധാ അജിന്വത്ത്രിഷധസ്ഥ ആര്യമൃതസ്യ ഭാഗേ യജമാനമാഭജത് ||**

യാതൊരുത്തൻ ഉത്തമകർമ്മാക്കളായ വിഷ്ണുവിനേയും ഇന്ദ്രനേയും സേവനം ചെയ്യുന്നതിൽ തൽപരനായിരിക്കുന്നുവോ, അവൻ ത്രൈലോക്യസ്വാമിയായ പരമാത്മാവിൽനിന്നും യജ്ഞസ്ഥലത്തിൻെറ ഭാഗം അവകാശമാക്കുന്നു.

## അനുവാകം 22 സൂക്തം 157

**ഋഷി ദീർഘതമസ് ദേവത അശ്വിനികൾ ഛന്ദസ് ത്രഷ്ടുപ്, ജഗതി**

**1. അബോധ്യഗ്നിർജ്മ ഉദേതി സൂര്യോ വ്യുഷാശ്ചന്ദ്രാ മഹ്യാവോഅർചിഷാ |**

**ആയുക്ഷാതാമശ്വിനാ യാതവേ രഥം പ്രാസാവീദ്ദേവ സവിതാ ജഗത്പൃഥക് ||**

അഗ്നിദേവൻ ചൈതന്യവാനായി. സൂര്യൻ ഉദിച്ചു. ആനന്ദദായിനിയായ ഉഷസ്സ് പ്രകാശത്തോടുകൂടി ആഗതയായി. അശ്വിനികൾ രഥം ചേർക്കുകയും, സവിതാദേവൻ ലോകത്തിന് ഉത്തമമായ പ്രേരണനൽകുകയും ചെയ്തു.

**2. യദ്യുഞ്ജാഥേ വൃഷണമശ്വിനാ രഥം ഘൃതേന നോ മധുനാ ക്ഷത്രമുക്ഷതം |**

**അസ്മാകം ബ്രഹ്മ പൃതനാസു ജിന്വതം വയം ധനാ ശു രസാതാ ഭജേമഹി ||**

ഹേ രഥം പൂട്ടുന്നഅശ്വിനികളേ! ഞങ്ങളുടെമാതൃഭൂമിയെ മധുവിനാലും ഘൃതത്താലും സേചനം നടത്തുവിൻ. യുദ്ധത്തിൽ

ഞങ്ങളുടെ സ്തുതികളെ ബലിഷ്ഠങ്ങളാക്കിയാലും യുദ്ധങ്ങളിൽ ഞങ്ങൾ സംഖ്യയില്ലാത്ത ധനം വിജയിച്ചെടുക്കട്ടെ.

**3. അർവാങ് ത്രീചക്രോ മധുവാഹനോ രഥോ ജീരാശ്വോ അശ്വിനോര്യാതു സുഷ്ടുതഃ |**

**ത്രീബന്ധുരോ മഘവാ വിശ്വസൗഭഗഃ ശം ന ആ വക്ഷദ്ദ്വിപദേ ചതുഷ്പദേ ||**

നിൻെറ മൂന്നുചക്രങ്ങളുള്ളതും ധനയുക്തവും ദ്രുതഗാമിയുമായ രഥം ഞങ്ങളുടെ സ്തുതികളാൽ പ്രത്യക്ഷമാകണേ. ഞങ്ങളുടെ ഇരുകാലികളേയും നാൽക്കാലികളേയും സുഖികളാക്കണേ.

**4. ആ ന ഊർജ വഹതമശ്വിനാ യുവം മധുമത്യാ ന കശയോ മിമിക്ഷിതം |**

**പ്രായുസ്താരിഷ്ഠം നീ രപാംസി മൃക്ഷതം സേധതം ദ്വേഷോ ഭവതം സചാഭുവാ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളെ ബലിഷ്ഠരാക്കൂ. മധുരരസത്താൽ ഞങ്ങളെ നനയ്ക്കൂ. ഞങ്ങളുടെ ആയുസ്സിനെ ദീർഘിപ്പിക്കൂ. പാപങ്ങളെ അകറ്റൂ. വൈരികളെ ഇല്ലാതാക്കുകയും എല്ലാവിധ സഹായങ്ങളും നൽകുകയും ചെയ്യുവിൻ.

**5. യുവം ഹ ഗർഭം ജഗതീഷു ധത്ഥോ യുവം വിശ്വേഷു ഭുവനേഷ്വന്തഃ |**

**യുവമഗ്നിം ച വൃഷണാവപശ്ച വനസ്പതീംരശ്വിനാ വൈരയേഥാം ||**

ഹേ ഉഗ്രൻമാരായ അശ്വിനികളേ! നിങ്ങൾ ഔഷധികളോടുകൂടിയ വൈദ്യൻമാരാണല്ലോ. രഥത്തോടുകൂടിയ തേരാളികളുമാണല്ലോ. നിങ്ങൾക്കായി ഏതൊരു ചിത്തത്തോടുകൂടി ഹവിസ്സ് നൽകുന്നുവോ അതിനെ നിങ്ങൾ ഐശ്വര്യവത്താക്കണേ.

# അദ്ധ്യായം മൂന്ന്

## സൂക്തം 158

**ഋഷി ദീർഘതമസ് ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. വസൂ രുദ്രാ പുരുമന്തു വൃധന്താ ദശസ്യതം നോ വൃഷ്ണാവഭിഷ്ടൗ |**

**ദസ്രാ ഹ യദ്രേക്ണ ഔചഥ്യോ വം പ്ര യത്സസ്രാഥേ അകവാഭിരുതീ ||**

ഹേ അശ്വിനികളേ! ശ്രേഷ്ഠപുത്രനായ ദീർഘതമസ്സാൽ യാചിക്കപ്പെട്ട രക്ഷാസാധനയുക്തമായ ധനം ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ.

**2.. കോ വാം ദാശത്സുമതയേ ചിദസ്യൈ വസൂ യദ്ധേഥേ നമസാ പദേ ഗോഃ |**

**ജിഗൃതസ്മേ രേവതീഃ പുരന്ധീഃ കാമപ്രേണേവ മനസാ ചരന്താ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഏതൊരു വേദീസ്ഥലത്ത് ഞങ്ങളുടെ നമസ്കാരത്തോടുകൂടി ദയാബുദ്ധിയുള്ളവരായിരിക്കുന്നുവോ ആ ധനയുക്തമായ ബുദ്ധിയെ ഞങ്ങളുടെ അഭീഷ്ടങ്ങൾ പൂർണ്ണമാകുന്നതിന് പ്രയോഗിക്കണേ.

**3. യുക്തോ ഹ യദ്വാം തൗഗ്ര്യായ പേരുർവി മധ്യേ അർണസോ ധായി പജ്രഃ |**

**ഉപ വാമവഃ ശരണം ഗമേയം ശൂരോ നാജ്മ പതയദ്ഭിരേവൈഃ ||**

ഹേ അശ്വിനികളേ! തുഗ്രൻെറ കടലിലെറിയപ്പെട്ട പുത്രനെ കരയ്ക്കെത്തിക്കുന്നതിനുവേ നിങ്ങളുടെ രഥം തയ്യാറാക്കിയിട്ടുല്ലോ. വീരൻമാർ ദ്രുതഗാമികളായ കുതിരകളോടുകൂടി യുദ്ധത്തിനെതതത്തുന്നതുപോലെ ഞാൻ നിങ്ങളുടെ ശരണത്തെ പ്രാപിക്കും.

**4. ഉപസ്തുതിരൗചഥ്യമുരുഷ്യേൻമാ മാമിമേ പതത്രിണീ വി ദുഗ്ധാം |**

**മാ മാമേധോ ദശയതശ്ചിതോ ധാക് പ്ര യദ്വാം വദ്ധ സ്തമനി സ്വാദതി ക്ഷാം ||**

ഹേ അശ്വിനികളേ! ഈ സ്തുതികൾ ഉചഥപുത്രനെ രക്ഷിക്കണേ.നീങ്ങിക്കൊരിരിക്കുന്ന ഈ ദിനരാത്രങ്ങൾ എന്നെ ക്ഷയിപ്പിക്കാതിരിക്കണേ. പത്തുകെട്ടു വിറകുകൊണ്ടെന്നെ ദഹിപ്പിക്കാതിരിക്കണേ. നിങ്ങളെ ശരണം പ്രാപിച്ച ഞാൻ ഭൂമിയിൽ കിടന്നുഴറുകയാണ്.

**5. ന മാ ഗരന്നദ്യോ മാതൃതമാ ദാസാ യവീം സുസമുബ്ധമബാധുഃ |**

**ശിരോ യദസ്യ ത്രൈതനോ വിതക്ഷത്സ്വയം ദാസ ഉരോ അംസാവപി ഗ്ധ ||**

ഹേ അശ്വിനികളേ! മാതൃരൂപമായ നദിയിലെ ജലവും എന്നെ വിഴുങ്ങാതിരിക്കണേ. ദസ്യുക്കൾ ഈ വൃദ്ധനെ ബന്ധിതനാക്കി എറിഞ്ഞുകളഞ്ഞു. ത്രൈതദൈത്യൻ എൻെറ ശിരസ്സ് ഛേദിക്കുവാൻ തുടങ്ങിയപ്പോൾ അവൻ സ്വയം സ്കന്ധങ്ങളാൽ ആഹതനായി.

**6. ദീർഘതമാ മാമതേയോ ജുജുർവാന്ദശമേ യുഗേ |**

**അപാമർഥം യതീനാം ബ്രഹ്മാ ഭവതി സാരഥിഃ ||**

മമതാപുത്രനായ ദീർഘതമസ് പത്തു യുഗങ്ങൾ മുമ്പേ വൃദ്ധനായി. കർമ്മഫലങ്ങളുടെ ഇഛയോടുകൂടി സ്തുതിക്കുന്ന സ്തോതാവ് രഥയുക്തനായി ഭവിക്കുന്നു.

## സൂക്തം 159

**ഋഷി ദീർഘതമസ് ദേവത ദ്യാവാപൃഥവി ഛന്ദസ് ജഗതി**

**1. പ്ര ദ്യാവാ യജ്ഞൈഃ പൃഥിവീ ഋതാവൃധാ മഹീ സ്തുഷേ വിദഥേഷു പ്രചേതസാ |**

**ദേവേഭിര്യേ ദേവപുത്രേ സുദംസസേത്ഥാ ധിയാ വാര്യാണി പ്രഭൂഷതഃ ||**

യജ്ഞങ്ങളെ പുഷ്ടിപ്പെടുത്തുന്നവളും ജ്ഞാനവർദ്ധിനിയുമായ ആകാശപൃഥ്വിയെ ഞാൻ പൂജിക്കുന്നു. യജമാനൻ അവരുടെ പുത്രരൂപമാകുന്നു. അവൻ ദേവഗണത്തോടുകൂടി വരണീയമായ ധനങ്ങളിൽനിന്നും ദാനം ചെയ്യുന്നു.

**2. ഉത മന്യേ പിതുരദ്രുഹോ മനേ മാതുർമഹി സ്വതവസ്തദ്ധവീമഭിഃ |**

**സുരേതസാ പിതരാ ഭൂമ ചക്രതുരുരു പ്രജായാ അമൃതം വരീമഭിഃ ||**

ഞാൻ ആകാശരൂപമായ പിതാവിൻേറയും പൃഥ്വീമാതാവിൻേറയും മഹത്വത്തെപ്പറ്റി ചിന്തിക്കുന്നു. ആ മഹാപുരുഷാർത്ഥികൾ ജീവനെ പ്രകടമാക്കുകയും അവയിൽ അന്നം നിറക്കുകയും ചെയ്തു.

**3. തേ സൂനവഃ സ്വപസഃ സുദംസസോ മഹീ ജജ്ഞുർമാതരാ പൂർവചിത്തയേ |**

**സ്ഥാതുശ്ച സത്യം ജഗതശ്ച ധർമണി പുത്രസ്യ പാഥഃ പദമദ്വയാവിനഃ ||**

ഹേ ആകാശമേ! ഭൂമി! ഉത്തമകർമ്മങ്ങളോടുകൂടിയവരും പുത്രരൂപരുമായ പ്രജാഗണം നിങ്ങളെ മാതാവായിക്കരുതുന്നു. നിങ്ങൾ ചരാചരങ്ങളിൽ സത്യത്തെ സ്ഥാപിക്കുന്നതിനായി സൂര്യസ്ഥാനം രക്ഷിക്കുന്നു.

**4. തേ മായിനോ മമിരേ സുപ്രചേതസോ ജാമീ സയോനീ മിഥുനാ സമോകസാ |**

**നവ്യന്നവ്യം തന്തുമാ തന്വതേ ദിവി സമുദ്രേ അന്തഃ കവയഃ സുദീതയഃ ||**

ആകാശവും ഭൂമിയും ഒരു സ്ഥാനത്തുനിന്നും ഉത്ഭവിച്ച സഹോദരരാണ്. അവർ പ്രജകളോടുകൂടിയവരുമാണ്. കിരണങ്ങൾ അവരെ വേർപെടുത്തുകയും നവീനസൂത്രങ്ങളെ പ്രകടമാക്കുകയും ചെയ്യുന്നു.

**5. തദ്രാധോ അദ്യ സവിതുർവരേണ്യം വയം ദേവസ്യ പ്രസവേ മനാമഹേ |**

**അസ്മഭ്യം ദ്യാവാപൃഥിവീ സുചേതുനാ രയിം ധത്തം വസുമന്തം ശതഗ്വിനം ||**

ഹേ ദ്യാവാപൃഥിവീ! സവിതാവിൻെറ പ്രേരണയാൽ സ്ഥിരയായ നിങ്ങളിൽനിന്നും ഞങ്ങൾ അത്യധികം ഉത്തമമായ ആ ധനത്തെ യാചിക്കുന്നു. നിങ്ങൾ ഞങ്ങൾക്ക് ഉത്തമമായ വാസസ്ഥലവും ഗോക്കളാൽ യുക്തമായ ഐശ്വര്യവും പ്രദാനം ചെയ്യട്ടെ.

## സൂക്തം 160

**ഋഷി ദീർഘതമസ് ദേവത ദ്യാവാപൃഥ്വി ഛന്ദസ് ജഗതി**

**1. തേ ഹി ദ്യാവാപൃഥിവീ വിശ്വശംഭുവ ഋതാവരീ രജസോ ധാരയത്കവീ |**

**സുജൻമനീ ധിഷണേ അന്തരീയതേ ദേവോ ദേവീ ധർമണാ സൂര്യഃ ശുചിഃ ||**

അന്തരീക്ഷത്തെ തങ്ങളാൽത്തന്നെ വഹിച്ചുകൊിരിക്കുന്ന ആകാശവും ഭൂമിയും എല്ലാവർക്കും സുഖം നൽകുന്നു. അവരുടെ ഇടയിൽക്കൂടി സൂര്യൻ നിത്യവും നിയമപൂർവ്വം സഞ്ചരിക്കുന്നു.

**2. ഉരുവ്യചസാ മഹിനീ അസശ്ചതാ പിതാമാതാ ച ഭുവനാനി രക്ഷതഃ |**

**സുധൃഷ്ടമേ വപുഷ്യേ ന രോദസീ പിതാ യത്സീമഭി രൂപൈരവാസയത് ||**

അത്യന്തം വിശാലവും വിസ്തൃതവുമായ ആകാശവും ഭൂമിയും മാതാപിതാരൂപത്തോടുകൂടി അഖിലത്തേയും പിതാവ് തൻെറ ശിശുവിനെ നല്ല വസ്ത്രങ്ങളാൽ പൊതിഞ്ഞു സംരക്ഷിക്കുന്നതുപോലെ പാലിക്കുന്നു.

**3. സ വഹ്നിഃ പുത്രഃ പിത്രോഃ പവിത്രവാൻപുനാതി ധീരോ ഭുവനാനി മായയാ |**

**ധേനും ച പൃശ്നിം വൃഷഭം സുരേതസം വിശ്വാഹാ ശുക്രം പയോ അസ്യ ദുക്ഷത ||**

ഈ മാതാപിതാക്കളുടെ ഭാരം വഹിക്കുന്നവനായ സൂര്യൻ തൻെറ ബലത്താൽ ലോകത്തെ പവിത്രമാക്കുന്നു. ഈ സൂര്യൻ ബഹുവർണ്ണയായ പൃഥ്വീരൂപധേനുവിനേയും പൗരുഷയുക്തമായ ആകാശരൂപവൃഷഭത്തേയും പവിത്രീകരിച്ചുകൊ് പൃഥ്വിയിൽനിന്നും രസരൂപമാകുന്ന ക്ഷീരം ദോഹനം ചെയ്യുന്നു.

**4. അയം ദേവാനാമപസാമപസ്തമോ യോ ജജാന രോദസീ വിശ്വശംഭുവാ |**

**വി യോ മമേ രജസീ സുക്രതുയയാജരേഭിഃ സ്കംഭനേഭിഃ സമാനൃചേ ||**

ദേവതകളിൽ ശ്രേഷ്ഠനായ ആ പരമാത്മാവ്, മഹാകർമ്മാവാകുന്നു. അദ്ദേഹം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു. അദ്ദേഹം തൻെറ ജ്ഞാനത്താൽ രുലോകങ്ങളേയും അളക്കുകയും ജീർണരഹിതമായ സ്തോംഭത്തിലുറപ്പിക്കുകയും ചെയ്തു.

**5. തേ നോ ഗൃണാനേ മഹിനീ മഹി ശ്രവഃ ക്ഷത്രം ദ്യാവാപൃഥിവീ ധാസഥോ ബൃഹത് |**

**യേനാഭി കൃഷ്ടീസ്തതനാമ വിശ്വഹ പനായ്യമോജോ അസ്മേ സമന്വിതം ||**

ഹേ ആകാശപൃഥിവി! നിങ്ങൾ ഞങ്ങൾക്കുവേി മഹത്തായ ഐശ്വര്യവും ധനവും വഹിക്കണേ. തൻമൂലം പ്രജപകളായ ഞങ്ങൾ അഭിവൃദ്ധി പ്രാപിക്കണേ. നിങ്ങൾ ഞങ്ങൾക്ക് ശക്തമായ സ്തുതികളെ പ്രേരിപ്പിക്കൂ.

## സൂക്തം 161

**ഋഷി ദീർഘതമസ് ദേവത ഋഭുക്കൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്, പംക്തി**

**1. കിമു ശ്രേഷ്ഠഃ കിം യവിഷ്ഠോ ന ആജഗങ്കിമീയതേ ദൂത്യം കദ്യദൂചിമ |**

**ന നിന്ദിമ ചമസം യോ മഹാകുലോഗ്നേ ഭ്രാതുർദ്രുണ ഇദ്ഭൂതിമൂദിമ ||**

ശ്രേഷ്ഠരും യുവാക്കളുമായ അവർ നമ്മുടെഅടുക്കൽ വന്നിരിക്കുന്നു. അവർ അസുരകർമ്മങ്ങൾക്കായിട്ടാണോ വന്നിരിക്കുന്നത്? ഹേ അഗ്നി! ഞങ്ങൾ ചമസത്തെ നിന്ദിച്ചിട്ടില്ല. ഞങ്ങളുടെ ആ വിറകിൻെറ കർമ്മത്തെപ്പറ്റിതന്നെ പറയുന്നു.

**2. ഏകം ചമസം ചതുരസ് കൃണോതന തദ്വോ ദേവാ അബ്രു വന്തദ്വാ ആഗമം |**

**സൗധന്വനാ യദ്യേവാ കരിഷ്യഥ സാകം**

**ദേവൈര്യയജ്ഞിയാസോ ഭവിഷ്യഥ ||**

ഹേ സുധനൻെറ മക്കളേ! ഞാൻ ദേവാജ്ഞയാൽ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ ഈ ഒരു ചമസത്തെ നാലാക്കി വിഭജിക്കൂ. അങ്ങിനെ ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് ദേവകളോടൊപ്പം യജ്ഞാംശം ഭുജിക്കാം.

**3. അഗ്നിം ദൂതം പ്രതി യദബ്രവീതനാശ്വഃ കർത്വോ രഥ ഉതേഹ കർത്വഃ |**

**ധേനുഃ കർത്വാ യുവശാ കർത്വാ ദ്വാ താനി ഭ്രാതരനു വഃ കൃത്വ്യേമസി ||**

ഹേ ദേവബന്ധുക്കളേ! നിങ്ങൾ അഗ്നിയെ ദൂതനാക്കിയിരിക്കുന്നു. ഞങ്ങളെ കുതിരകളും ഗോക്കളുമാക്കുവിൻ. മാതാപിതാക്കളെ യുവാക്കളാക്കുവിൻ. ഈ കാര്യങ്ങൾക്കുശേഷം ഞങ്ങൾ നിങ്ങളുടെ മുമ്പിൽ ഹാജരാകാം.

**4. ചക്രവാംസ ഋഭവസ്തദപൃച്ഛത ക്വേദഭൂദ്യഃ സ്യ ദൂതോ ന ആജഗൻ |**

**യദാവാഖ്യച്ചമസാഞ്ചതുരഃ കൃതാനാദിത്ത്വഷ്ടാഗ്നാസ്വന്തർന്യാനജേ ||**

ഹേ ഋഭുഗണമേ! ഈ കാര്യങ്ങൾ നടത്തിയതിനുശേഷം നിങ്ങൾ ചോദിച്ചു. ഇവിടെ വന്നിരുന്ന ദൂതൻ എവിടെപ്പോയി? എപ്പോൾ ത്വഷ്ടാവ് ചമസത്തെ നാലു കഷണമാക്കിയോ അപ്പോൾ സ്ത്രീകളെ കാണുകയും ലജ്ജയാൽ മറഞ്ഞുകളയുകയും ചെയ്തു.

**5. ഹനാമൈനാം ഇതി ത്വഷ്ടാ യദബ്രവച്ചമസം യേ ദേവപാനമനിന്ദിഷുഃ |**

**അന്യാ നാമാനി കൃണ്വതേ സുതേ സചാം അന്യൈരേനാൻകന്യാ സാമഭിഃ സ്പരത് ||**

ഈ സമയം ത്വഷ്ടാവ് പറഞ്ഞു: ആര് ദേവതകളുടെ പാനപാത്രമായ ചമസത്തെ നിന്ദിച്ചുവോ, അവരെ ഞാൻ കൊന്നുകളയും. ഋഭുക്കൾ സോമം തയ്യാറാക്കിയതിനുമേൽ മറ്റുപേരുകൾ നൽകുകയും ത്വഷ്ടാവിൻെറ കന്യകകളും ഇതേപേരുകൾ തന്നെ വിളിച്ച് പ്രസന്നനാക്കുകയും ചെയ്തു.

**6. ഇന്ദ്രോ ഹരീ യുയുജേ അശ്വിനാ രഥം ബൃഹസ്പതിർവിശ്വരൂപാമുപാജത |**

**ഋഭുർവിഭ്വാ വാജോ ദേവാം അഗച്ഛത സ്വപസോ യജ്ഞിയം ഭാഗമൈതന ||**

ഇന്ദ്രൻ കുതിരകളെ പൂട്ടി. അശ്വിനീദേവകൾ തേരു നയിച്ചു. ബൃഹസ്പതി ഗോക്കളെ വിളിച്ചു. ഋഭുവും, വിഭ്വാവും, വാജനും ദേവകളുടെ അടുക്കൽ പോവുകയും യജ്ഞാംശം ഭുജിക്കുകയും ചെയ്തു.

**7. നിശ്ചർണോ ഗാമരിണീതി ധീതിഭിര്യാ ജരന്താ യുവശാ താകൃണോതന |**

**സൗധന്വനാ അസ്വാദശ്വമതക്ഷത യുക്ത്വാ രഥമുപ ദേവാം അയാതന ||**

ഹേ സുധന്വപുത്രൻമാരേ! നിങ്ങൾ സ്വന്തം കർമ്മങ്ങൾ വഴിയായി ചർമ്മത്തിൽക്കൂടി ചത്തഗോക്കളെ പുനരുജ്ജീവിപ്പിച്ചു. നിങ്ങൾ വൃദ്ധരായിക്കഴിഞ്ഞിരുന്ന മാതാപിതാക്കൾക്ക് യൗവ്വനം നൽകി. നിങ്ങൾ അശ്വത്തിൽനിന്നും അശ്വത്തെ സൃഷ്ടിച്ച് തേരിൽപൂട്ടി ദേവതകളുടെ സമക്ഷത്തുവന്നു.

**8. ഇദമുദകം പിബതേത്യബ്ര പീതനേദം വാ ഘാ പിബതാ മുഞ്ജനേജനം |**

**സൗധന്വനാ യദി തന്നേവ ഹര്യഥ തൃതീയേ ഘാ സവനേ മാദയാധ്യൈ ||**

ഹേ ദേവഗണമേ! സുധന്വാപുത്രരേ! നിങ്ങൾ മഞ്ഞപ്പുല്ലുപിഴിഞ്ഞ് അതിൻെറ രസം കുടിക്കുവിൻ. അല്ലെങ്കിൽ വെള്ളം കുടിക്കുവിൻ എന്ന് നിങ്ങൾ പറഞ്ഞിരുന്നു. എന്നാൽ ഇതിലൊന്നും കുടിക്കുവാനാഗ്രഹിക്കുന്നില്ലെങ്കിൽ മൂന്നാം യാമത്തിൽ സോമരസം കുടിച്ചുകൊള്ളൂ.

**9. ആപോ ഭൂയിഷ്ഠാ ഇത്യേകോ അബ്രവീദഗ്നിർ ഭൂയിഷ്ഠ ഇത്യന്യോ അബ്രവീത് |**

**വർദയന്തീം ബഹുഭ്യഃ പ്രൈകോ അബ്രവീദൃതാ വദന്തശ്ചമസാം അപിംശത ||**

ഒരുത്തൻ ജലത്തെ, രാമൻ അഗ്നിയെ, മൂന്നാമൻ പൃഥ്വിയെ സർവശ്രേഷ്ഠമായി പറഞ്ഞു. ഈ സത്യവാക്യങ്ങൾ പറഞ്ഞുകൊ് ഋഭുക്കൾ ചമസങ്ങൾ രചിച്ചു.

**10. ശ്രോണാമേക ഉദകം ഗാമവാജതി മാംസമേകഃ പിംശതി സൂനയാഭൃതം |**

**ആ നിമ്രുചഃശകൃദേകോ അപാഭരത്കിം സ്വിത്പുത്രേഭ്യഃ പിതരാ ഉപാവതുഃ ||**

ഒരുത്തൻ മുടന്തിപ്പശുവിനു വെള്ളം കൊടുത്തു. രാമൻ, മാംസം നുറുക്കി, മൂന്നാമൻ സൂര്യാസ്തമനത്തിനുമുമ്പായിരുന്ന ചാണകം വാരിമാറ്റി. മാതാപിതാക്കൻമാർക്ക് മക്കളിൽനിന്നും എന്തുപകാരം കിട്ടുവാൻ കഴിയും?

**11. ഉദ്വത്സ്വസ്മാ അകൃണാതനാ തൃണം നിവത്സ്വപഃ സ്വപസ്യയാ നരഃ |**

**അഗോഹ്യസ്യ യദസസ്തനാ ഗൃഹേ തദദ്യേദ മൃഭവോ നാനു ഗച്ഛഥ ||**

ഹേ ഋഭുക്കളേ! നിങ്ങൾ ശ്രേഷ്ഠകർമ്മങ്ങളെ ആഗ്രഹിച്ചുകൊ് ഈ ജീവികൾക്കുവേ ഉയർന്ന സ്ഥലങ്ങളിൽ തൃണാദികളേയും താഴ്ന്നസ്ഥലത്ത് ജലവും സ്ഥാപിച്ചു. നിങ്ങൾ ഇപ്പോൾവരെ സൂര്യമണ്ഡലത്തിലുറങ്ങിയിരുന്നു. ഇനിഎന്തുകൊിങ്ങനെ ചെയ്യുന്നില്ല.?

**12. സമ്മീല്യ യദ്ഭുവനാ പര്യസർപത ക്വ സ്വിത്താത്യാ പിതരാ വ ആസതുഃ |**

**അശപത യഃ കരസ്നം വ ആദദേ യഃ പ്രാബവീത് പ്രോ തസ്മാ അബ്രവീതന ||**

ഹേ ഋഭുക്കളേ! നിങ്ങൾ ഭുവനങ്ങളെ മറച്ച് നാലുഭാഗങ്ങളിലും സഞ്ചരിക്കുമ്പോൾ നിങ്ങളുടെ മാതാപിതാക്കൾ എവിടെവസിക്കും? നിങ്ങളുടെ കരങ്ങൾ പിടിച്ച് യാചിക്കുന്നവന് നിങ്ങൾ വാക്കു കൊടുക്കുന്നു. നിങ്ങളെ പ്രശംസിക്കുന്നവനെ നിങ്ങൾ അഗ്രേസരനാക്കുന്നു.

**13. സുഷുപ്വാംസ ഋഭവസ്തദപൃച്ഛതാഗോഹ്യ ക ഇദം നോ അബൂബുധത് |**

**ശ്വാനം ബസ്തോ ബോധയിതാരമബ്രവീത്സംവത്സര ഇദമദ്യാ വ്യഖ്യത ||**

ഹേ ഋഭുക്കളേ! സൂര്യമണ്ഡലത്തിലുറങ്ങിയതിനുശേഷം ചൈതന്യവാനായ നിങ്ങൾ ചോദിച്ചു. ആരാണ് ഞങ്ങളെ ഉണർത്തിയത്? അപ്പോൾ സൂര്യൻ പറഞ്ഞു വായുവാണ് നിങ്ങളെ ഉണർത്തിയത്.വർഷങ്ങൾ കടന്നുപോയി, ഇനിവീം തങ്ങളുടെ കർമ്മങ്ങളെ പ്രകാശിപ്പിക്കുവിൻ.

**14. ദിവാ യാന്തി മരുതോ ഭൂമ്യാഗ്നിരയം വാതോ അന്തരീക്ഷേണ യാതി |**

**അദ്ഭിര്യാതി വരുണഃ സമുദ്രൈര്യുഷ്മാം ഇച്ഛന്തഃ ശവസോ നപാതഃ ||**

ഹേഋഭുക്കളേ! നിങ്ങളോടു ചേരുന്നതിനായി മരുത്തുക്കൾ ആകാശത്തിൽക്കൂടി വന്നുകൊിരിക്കുന്നു. അഗ്നിപൃഥ്വിയിൽനിന്നും, വായു അന്തരീക്ഷത്തിൽക്കൂടിയും വരുണൻ ജലരൂപമായ സമുദ്രത്തിൽനിന്നും വന്നുകൊിരിക്കുന്നു.

## സൂക്തം 162

**ഋഷി ദീർഘതമസ് ദേവത അശ്വം ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ജഗതി**

**1. മാ നോ മിത്രോ വരുണോ അര്യമായുരിന്ദ്ര ഋഭുക്ഷാ മരുതഃ പരി ഖ്യൻ |**

**യദ്വാജിനോ ദേവജാതസ്യ സപ്തേഃ പ്രവക്ഷ്യാമോ വിദഥേ വീര്യാണി ||**

മിത്രനും, വരുണനും, അര്യമാവും, ഇന്ദ്രനും മരുത്തുക്കളും നമ്മിൽനിന്നും വിയുക്തരാകാതിരിക്കട്ടെ. നാം ദേവതകളുടെ വേഗമേറിയ അശ്വങ്ങളുടെ വീരസാഹസിക കർമ്മങ്ങൾ യജ്ഞത്തിൽ വർണ്ണിക്കുന്നു.

**2. യന്നിർണിജാ രേക്ണസാ പ്രാവൃതസ്യ രാതിം ഗൃഭീതാം മുഖതോ നയന്തി |**

**സുപ്രാങജോ മേമ്യദ്വിശ്വരൂപ ഇന്ദ്രാപൂഷ്ണോഃ പ്രിയമപേതി പാഥഃ ||**

പ്രകാശിക്കുന്ന വസ്ത്രങ്ങളും, സുവർണ്ണാഭരണങ്ങളാലും സുസജ്ജിതമായ അശ്വത്തിൻെറ മുമ്പിലായി വിഭിന്നവർണ്ണങ്ങളിലുള്ള സാമഗ്രികളുമായി ഞങ്ങൾ പോകുന്നു. അത് ഇന്ദ്രനും, പൂഷാവിനും പ്രിയമായിരിക്കണേ.

**3. ഏഷഛാഗഃ പുരോ അശ്വേന വാജിനാ പൂഷ്ണോ ഭാഗോ നീയതേ വിശ്വദേവ്യഃ |**

**അഭിപ്രിയം യത്പുരോളാശമർവതാ ത്വഷ്ടേദേനം സൗശ്രവസായ ജിന്വതി ||**

എല്ലാ ദേവകളിലും ശ്രേഷ്ഠനായ പൂഷാവിൻെറ ഭാഗം മുമ്പിലായി വഹിച്ചുകൊുപൊകുന്നു. അതിനെ ത്വഷ്ടാവ് അത്യധികം പുഷ്ടിപ്രദമാക്കുന്നതിനുവേി പ്രേരിപ്പിക്കുന്നു.

**4. യദ്ധവിഷ്യമൃതുശോ ദേവയാനം ത്രിർമാനുഷാഃ പര്യശ്വം നയന്തി |**

**അത്രാ പൂഷ്ണഃ പ്രഥമോ ഭാഗ ഏതി യജ്ഞം ദേവേഭ്യഃ പ്രതി വേദയന്നജഃ ||**

എവിടെ മനുഷ്യർ നിശ്ചിതകാലത്തിൽ ദേവഗണങ്ങളെ പ്രാപിക്കുന്നതിനു യോഗ്യമായ അശ്വത്തെ കൊുനടക്കുന്നുവോ, അവിടെ പൂഷാവിൻെറ ഭാഗം ദേവതകളുടെ യജ്ഞം പ്രഖ്യാതമാക്കിക്കൊ് കടന്നുപോകുന്നു.

**5. ഹോതാധ്വര്യുരായവ അഗ്നിമിന്ധോ ഗ്രാവഗ്രാഭ ഉത ശംസ്താ സുവിപ്രഃ |**

**തേന യജ്ഞേന സ്വരങ്കൃതേന സ്വിഷ്ടേന വക്ഷണാ ആ പൃണധ്വ ||**

ഹോതാവ്, അധ്വര്യു, പ്രതിപ്രസ്ഥാവ്, അഗ്നി, ഗ്രാവാസ്തുതൻ, പ്രശസ്താവ് ഇവരെല്ലാം അത്യന്തമ പ്രശോഭിതരായി നമ്മുടെ ഹവിസ്സോടുകൂടിയ യജ്ഞത്തിൽനിന്നും നദികളെ നിറക്കട്ടെ.

**6. യൂപവ്രസ്കാ ഉത യേ യൂപവാഹാശ്ചഷാലും യേ അശ്വയൂപായ തക്ഷതി |**

**യേ ച ർവതേ പചനം സംഭരന്ത്യുതോ തേഷാമഭിഗുർതിർന ഇന്വതു ||**

യൂപം മുറിക്കുന്നവർ, യൂപം ചുമക്കുന്നവർ, യൂപത്തിനുവേി ചഷാലം (യൂപത്തിൽ മൃഗത്തെകെട്ടുന്നതിനുള്ള ലോഹവളയം) നിർമ്മിക്കുന്നവർ യജ്ഞത്തിനാവശ്യമായ പാത്രങ്ങൾ നിർമ്മിക്കുന്നവർ ഇവരുടെയെല്ലാം പ്രയത്നങ്ങൾ നമുക്ക് ഉത്സാഹജനകമാകണേ.

**7. ഉപ പ്രാഗാത്സുമൻമേധായി മൻമ ദേവാനാമാശാ ഉപ വീതപൃഷ്ഠഃ |**

**അന്വേനം വിപ്രാ ഋഷയോ മദന്തി ദേവാനാം പുഷ്ടേ ചകൃമാ സുബന്ധും ||**

പ്രകാശിക്കുന്ന പുറത്തോടുകൂടിയ അശ്വം ദേവഗണങ്ങൾക്കഭിമുഖമായി നിൽക്കുന്നു. എൻെറ സ്തോത്രങ്ങൾ രുചികരങ്ങളാണ്. ജ്ഞാനിയായ ഋഷി ഇതിനെ സമർത്ഥിക്കുന്നു. ദേവഗണത്തെ പുഷ്ടിപ്പെടുത്തുന്നതിനു വേിനമ്മൾ ഉത്തമമന്ത്രങ്ങൾ തയ്യാറാക്കി.

**8. യദ്വാജിനോ ദാമ സന്ദാനമർവതോ യാ ശീർഷണ്യാ രശനാ രജ്ജുരസ്യ |**

**യദ്വാ ഘാസ്യ പ്രഭൃതമാസ്യേ തൃണം സർവാ താ തേ അപി ദേവേഷ്വസ്തു ||**

വേഗവാനായ അശ്വത്തിൻെറ കടിഞ്ഞാണും വായിലിട്ടു കൊടുക്കുന്ന തൃണാദികളും അഥവാ അശ്വത്തിൻേറതായ എല്ലാവസ്തുക്കളും ദേവതകളുടേതായിരിക്കണേ.

**9. യദശ്വസ്യ ക്രവിഷോ മക്ഷികാശ യദ്വാ സ്വരൗ സ്വധിതൗ രിപ്തമസ്തി |**

**യദ്ധസ്തയോഃശമിതുര്യന്നഖേഷു സർവാ താ തേ അപി ദേവേഷ്വസ്തു ||**

ഈച്ച തിന്ന പച്ചമാംസഭാഗവും താപദായകമായ കർമ്മങ്ങളിലുൾപ്പെടുന്നു. അതുപോലെ തന്നെ ഇതിനുവേി പ്രവർത്തിച്ചപുരുഷൻമാരുടെ കരങ്ങളിൽ പറ്റിയിരിക്കുന്നതത്രയും ദേവകൾക്കധീനമായിരിക്കണേ.

**10. യദൂവധ്യമുദരസ്യാപവാതി യ ആമസ്യ ക്രവിഷോ**

**ഗന്ധോ അസ്തിം |**

**സുകൃതാ തച്ഛമിതാരഃ കൃണ്വന്തൂത മേധം ശൃതപാകം പചന്തു ||**

അലപമായി പാകം ചെയ്ത അന്നവും ഗന്ധയുക്തമായ ഖാദ്യവസ്തുക്കളും അതുതയ്യാറാക്കുന്നവർ ശരിയായ രീതിയിൽ ശുദ്ധമാക്കി തയ്യാറാക്കട്ടെ.

**11. യത്തേ ഗാത്രാദഗ്നിയാ പച്യമാനാഭദി ശൂലം നിഹ തസ്യാവധാവതി |**

**മാ തദ്ഭൂമ്യാമാ ശ്രിഷൻമാ തൃണേഷു ദേവേഭ്യസ്തദുശദ്ഭ്യോ രാതമസ്തു ||**

ഹേ അശ്വമേ! ക്രോധാഗ്നിയാൽ കത്തിക്കൊിരിക്കുന്ന നിൻെറ ശരീരത്തിൽനിന്നും പൊഴിയുന്ന അത്യധികമായ സ്വേദരൂപരസം ദേവഗണങ്ങളുടെ ഉത്സാഹം നശിക്കാതിരിക്കുവാൻ ഭൂമിയിൽ പതിക്കാതിരിക്കട്ടെ.

**12. യേ വാജിനം പരിശ്യന്തി പക്വം ഈമാഹുഃസുരഭിർനിർഹരേതി |**

**യേ ചാർവതോ മാംസഭിക്ഷാമുപാസത ഉതോ തേഷാമഭിഗൂർതിർന ഇൻവതു ||**

യാതൊരുത്തൻ അശ്വത്തെ അത്യന്തം ക്രോധിതനായി നോക്കി നിൽക്കുന്നുവോ, അവനോട് അതിൻെറ മുമ്പിൽനിന്നുമാറിപോകുവാൻ പറയുന്നു. അപ്പോൾ അവനെ ഉത്തമനായിക്കാണുന്നതു കാരണം എല്ലാവീരൻമാരും അവനെ പ്രാപിക്കുന്നതിനുവേി യാചിക്കുന്നു. അതിൽനിന്നും അശ്വപാലകനായ വീരൻെറ ഉത്സാഹം വർദ്ധിക്കുന്നു.

**13. യന്നീക്ഷണം മാംസ്പചന്യാ ഉഖായാ യാ പാത്രാണി യൂഷ്ണാ ആസേചനാനി |**

**ഊഷ്മണ്യാപിധാനാ ചരൂണാമങ്കാഃ സൂനാഃ പരിഭൂഷന്ത്യശ്വം ||**

മനസിനിഷ്ടപ്പെടുന്നവയും പാകം ചെയ്യുന്നവയും സേചനയോഗ്യങ്ങളുമായ പാത്രങ്ങൾ ഇവയാൽ അശ്വത്തെ സുഭൂഷിതമാക്കുന്നു.

**14. നിക്രമണം നിഷദനം വിവർതനം യച്ച പഡ്ബീശമർവതഃ |**

**യച്ച പപൗ യച്ച ഘാസിം ജഘാസ സർവാ താ തേ അപി ദേവേഷ്വസ്തു ||**

അശ്വത്തിൻെറ ഓട്ടം, ഇരിക്കൽ, കിടക്കൽ, ജലപാനം, തീറ്റ മുതലായ എല്ലാ കർമ്മങ്ങളും ദേവതകൾക്കധീനമാകണേ.

**15. മാ ത്വാഗ്നിർധ്വനയീദ്ധൂമഗന്ധിർമോഖാ ഭ്രാജന്ത്യഭി വിക്ത ജഘ്രിഃ |**

**ഇഷ്ടം വിതമഭിഗൂർതം വഷട്കൃതം തം ഭേവാസഃ പ്രതി ഗൃഭ്ണന്ത്യശ്വം ||**

ഹേ അശ്വമേ! നിന്നെ അഗ്നിയുടെ പുക ഒരിക്കലും പീഡിപ്പിക്കാതിരിക്കണേ. ഗന്ധവും തിളക്കവുമുള്ള പാത്രം അധികം ചൂടുപിടിപ്പിക്കരുത്. ഹോമിക്കാൻ കൊവന്ന സുന്ദരാശ്വത്തെ ദേവഗണം സ്വീകരിക്കട്ടെ.

**16. യദശ്വായ വാസ ഉപസ്തൃണന്ത്യധീവാസം യാ ഹിരണ്യാന്യസ്മൈ |**

**സന്ദാനമർവന്തം പഡ്ബീശം പ്രിയാ ദേവേഷ്വാ യാമയന്തി ||**

ആര് വസ്ത്രഭൂഷണങ്ങളാൽ അശ്വത്തെ അലങ്കരിക്കുന്നുവോ, അവൻ ദേവകളെ സന്തുഷ്ടരാക്കുന്നു.

**17. യത്തേ സാദേ മഹസാ ശുകൃതസ്യ പാഷ്ണര്യ വാ കശയാ വാ തുതോദ |**

**സ്രുചേവ താ ഹവിഷോ അധ്വരേഷു സർവാ താ തേ ബ്രഹ്മണാ സൂദയാമി ||**

ഹേ അശ്വമേ! നീ കിതക്കുകയോ, ക്ഷീണിക്കുകയോ, മറ്റുകഷ്ടതകൾ എന്തെങ്കിലുമോ ഉാവുകയാണെങ്കിൽ അവയെല്ലാം ഞാൻ മന്ത്രത്താൽ മാറ്റുന്നു.

**18. ചതുർസ്രിംശദ്വാജിനോ ദേവ ബന്ധോർവങ്കിരശ്വസ്യ സ്വധിതിഃ സമേതി |**

**അഛിദ്രാ ഗാത്രാ വയുനാ കൃണോത പുരുഷ്പരുരനുധുഷ്യാ വി ശസ്ത ||**

ഹേ വീരൻമാരേ! വേഗവാനായ അശ്വത്തിൻെറ പുറത്തുള്ള അസ്ഥികളിൽ ആയുധങ്ങൾക്കെത്തുവാൻ കഴിയുന്നു. അതിനാൽ അതിൻെറ ദേഹത്തെ നിരാവരണമാക്കരുതേ. അതിനെ പരിശീലനംകൊ് അഭ്യസ്തമാക്കൂ.

**19. ഏകസ്ത്വഷ്ടുരശ്വസ്യാ വിശസ്താ ദ്വാ യന്താരാ ഭവതസ്തഥ ഋതുഃ |**

**യാ തേ ഗാത്രാണാമൃതുഥാ കൃണോമി താതാ പിണ്ഡാനാം പ്ര ജൂഹോമ്യഗ്നൗ ||**

ഹേ അശ്വമേ! സമർത്ഥനായ പുരുഷൻനിന്നെ നിയന്ത്രിക്കണേ. നിൻെറ അവയവങ്ങൾ ഞാൻ കുശലനായ നിയന്ത്രകനെ ഏൽപ്പിക്കുന്നു.

**20. മാ ത്വാ തപത് പ്രിയ ആത്മാപിയന്തം മാ സ്വധിതിസ്താന്വ ആ തിഷ്ഠിപത്തേ |**

**മാ തേഗൃധ്നുരവിശസ്താതിഹായ ഛിദ്രാ ഗാത്രാണ്യസിനാ മിഥൂ കഃ ||**

ഹേ അശ്വമേ! നീ സഞ്ചരിക്കുന്ന സമയം ആരും നിന്നെ വേദനിപ്പിക്കാതിരിക്കട്ടെ. നിൻെറ ശരീരത്തിൽ ആയുധം കടക്കാതിരിക്കട്ടെ. ഏതെങ്കിലും മൂർഖനായ മനുഷ്യൻ കോപംകൊ് നിൻെറ ശരീരത്തിനാഘാതം ഏൽപ്പിക്കാതിരിക്കട്ടെ.

**21. ന വാ ഉ ഏതൻമ്രിയസേ ന രിഷ്യസി ദേവാം ഇദേഷി പഥിഭിഃ സുഗേഭിഃ |**

**ഹരീ തേ യുഞ്ജാ പൃഷതീ അഭൂതാമുപാസ്ഥാദ്വാജീ ധുരി രാസഭസ്യ ||**

ഹേ അശ്വമേ! നീ മൃത്യുവരിക്കാതിരിക്കണേ. പീഡിതനുമാകാതിരിക്കണേ. ഉത്തമങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിക്കണേ. യുദ്ധത്തിൽ ഇന്ദ്രൻേറയും മരുത്തുക്കളുടേയും അശ്വങ്ങൾ നിനക്കു കൂട്ടായിരിക്കും. അശ്വിനികളുടെ രഥത്തിൽ കഴുതകളുടെ സ്ഥാനത്തും ഏതെങ്കിലും അശ്വം പൂട്ടപ്പെട്ടു.

**22. സുഗവ്യം നോ വാജി സ്വശ്വ്യം പുംസഃ പുത്രാം ഉത വിശ്വാപുഷം രയിം |**

**അനാഗാസ്ത്വം നോ അദിതിഃ കൃണോതു ക്ഷത്രം നോ അശ്വാ വനതാം ഹവിഷ്മാൻ ||**

ഈ അശ്വം മനോഹരങ്ങളായ ഗോക്കളാൽ യുക്തമായ ധനത്താലും അതുപോലെ പുത്രാദികളോട് യുക്തമാക്കുന്നതുമാകുന്നു. അദിതി നമ്മുടെ പാപങ്ങളെ അകറ്റട്ടെ. ഈ അന്നയുക്തമായ ധനം നമുക്കു ബലം പ്രദാനം ചെയ്യട്ടെ.

## സൂക്തം 163

**ഋഷി ദീർഘതമസ് ദേവത അശ്വാഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. യദക്രന്ദഃ പ്രഥമം ജായമാന ഉദ്യൻത്സമുദ്രാദ്രുത വാ പുരീഷാത് |**

**ശ്യേനസ്യ പക്ഷാ ഹരിണസ്യ ബാഹു ഉപസ്തുത്യം മഹി ജാതം തേ അർവൻ ||**

ഹേ അശ്വമേ! നിൻെറ ജനനം കഥനയോഗ്യമാണ്. നീ അന്തരീക്ഷത്തിൽനിന്നോ അഥവാ ജലത്തിൽനിന്നോ പുറപ്പെട്ട് ശബ്ദമുാക്കുന്നു. നിനക്ക് കഴുകനുള്ളതുപോലെ രു ചിറകുകളും മാനിൻേറതുപോലുള്ള കാലുകളുമു്.

**2. യമേന ദത്തം ത്രിത ഏനമായുനഗിന്ദ്ര ഏണം പ്രഥമോ അധ്യതിഷ്ഠത് |**

**ഗന്ധർവോ അസ്യ രശനാമഗൃഭ്ണാത്സൂ രാദശ്വം വസവോ നിരതഷ്ഠ ||**

യമനാൽ നൽകപ്പെട്ട ഈ അശ്വത്തെ മിത്രൻ രഥത്തിൽകെട്ടി, ഇന്ദ്രൻ ആ രഥത്തിൽ ആദ്യമായി സവാരിനടത്തി. ഗന്ധർവ്വൻ അതിൻെറ കടിഞ്ഞാൺ നിയന്ത്രിച്ചു. ഹേ ദേവതകളേ! നിങ്ങളിതിനെ സൂര്യനിൽനിന്നും പ്രാപിച്ചു.

**3. അസി യമോ അസ്യാദിത്യോ അർവന്നസി ത്രിതോ ഗുഹ്യേന വ്രതേന |**

**അസി സോമേന സമയാ വിപൃക്ത ആഹുസ്തേ ത്രീണി ദിവി ബന്ധനാനി ||**

ഹേ അശ്വമേ! നീ യമരൂപനാകുന്നു. നീ സൂര്യരൂപനാകുന്നു. നീ രഹസ്യനിയമക്കാരനായ ത്രിതനാകുന്നു. നീ സോമനോടു ചേർന്നുനിൽക്കുന്നു. ആകാശത്തിൽ നിനക്ക് മൂന്നുബന്ധനസ്ഥാനങ്ങളു് എന്നു പറയപ്പെടുന്നു.

**4. ത്രീണി ക ആഹുർദിവി ബന്ധനാനി ത്രീണ്യപ്സു ത്രീണ്യംതഃ സമുദ്രേ |**

**ഉതേവ മേ വരുണശ്ഛൻത്സ്യർവന്യത്രാ ത ആഹുഃ പരമം ജനിത്രം ||**

ഹേ അശ്വമേ! ആകാശം, ജലം, അന്തരീക്ഷം ഇവിടങ്ങളിൽ നിനക്ക് മുമ്മൂന്നു ബന്ധനസ്ഥാനങ്ങളുന്നെു പറയുന്നു. നീ തന്നെ വരുണനാകുന്നു.എവിടെയാണ് നിൻെറ ജൻമസ്ഥലമെന്നും നീ പറയുന്നു്.

**5. ഇമാ തേ വാജിന്നവമാർജനാനീമാ ശഫാനാം സനിതുർനിധാനാ |**

**അത്രാതേ ഭദ്രാ രശനാ അപശ്യമൃ സ്യ യാ അഭിരക്ഷന്തി ഗോപാഃ ||**

ഹേ അശ്വമേ! ഇത് നിന്നെ പവിത്രമാക്കുന്ന സ്ഥലമാണ്. ഇത് നിൻെറ പാദചിഹ്നങ്ങളോടുകൂടിയ സ്ഥാനമാണ്. ഇവിടെ നിൻെറ കല്യാണകാരിണിയായ കടിഞ്ഞാണുകൾ വയ്ക്കപ്പെട്ടിരിക്കുന്നു.യജ്ഞപാലകൻ ഇവയെ സൂക്ഷിക്കുന്നതായി ഞാൻ കാണുന്നു.

**6. ആത്മാനം തേ മനസാരാദജാനാമവോ ദിവാ പതയന്തം പതങ്ഗം |**

**ശിരോ അപശ്യം പഥിഭിഃ സുഗേഭിരരേണുഭിർ ജേഹമാനം പതത്രി ||**

ഹേ അശ്വമേ! ഞാൻ നിൻെറ ശരീരത്തെ മനസ്സിൽക്കൂടിതന്നെ തിരിച്ചറിഞ്ഞിരിക്കുന്നു. നിന്നെ ആകാശത്തിൽക്കൂടി പറക്കുന്നതായി കു. നീ ധൂളിഹിതമായ മാർഗ്ഗങ്ങളിൽക്കൂടി പോകുന്നതിനു യത്നിക്കുന്നു. നീ ദ്രുതഗതിയിൽ സഞ്ചരിച്ചുകൊ് ശിരസ്സുയർത്തുന്നു.

**7. അത്രാ തേ രൂപമുത്തമമപശ്യം ജിഗീഷമാണമിഷ ആ പദേ ഗോഃ |**

**യാദാ തേ മർതോ അനു ഭോഗമാനളാദിദ്ഗ്രസിഷ്ഠ ഓഷധീരജീഗഃ ||**

ഹേ അശ്വമേ! നിൻെറ ശ്രേഷ്ഠമായ ശരീരം ഭൂമിയിൽക്കൂടി അന്നത്തെ വിജയിക്കുന്നതിനായി ചുറ്റിസഞ്ചരിക്കുന്നു. മനുഷ്യർ നിൻെറ ഭക്ഷണമായി തൃണംകൊുവരുമ്പോൾ നീയതിനെ തൃപ്തിയോടുകൂടി ഭക്ഷിക്കുന്നു.

**8. അനു ത്വാ രഥോ അനു മര്യോ അർവന്ന ഗാവോനു ഭഗഃ കനീനാം |**

**അനു വ്രാതാസസ്തവ സഖ്യമീയുരനു ദേവാ മമിരേ വീര്യം തേ ||**

ഹേ അശ്വമേ! നിൻെറ പിന്നാലെ രഥം ചലിക്കുന്നു. മനുഷ്യരും ഗോക്കൾ മുതലായവയും നിൻെറ പിന്നാലെ തന്നെ ചലിക്കുന്നു. നാരികളുടെ സൗഭാഗ്യവും നിൻെറ പിന്നാലെതന്നെ ചലിക്കുന്നു. മറ്റു കുതിരകളും നിന്നോടൊത്ത് നടന്ന് മൈത്രീബന്ധം പുലർത്തുന്നു. ദേവഗണം നിൻെറ വീര്യത്തിൻേറയും കർമ്മത്തിൻേറയും പ്രശംസകരാണ്.

**9. ഹിരണ്യശൃങ്ഗോയോ അസ്യ പാദാ മനോ ജവാ അവേര ഇന്ദ്രേ ആസീത് |**

**ദേവാ ഇദസ്യ ഹവിരദ്യമയന്യോ അർവന്തം പ്രഥമോ അധ്യതിഷ്ഠത് ||**

ഈ അശ്വത്തിൻെറ ശിരസ്സ് സ്വർണ്ണത്താൽ അലങ്കരിക്കപ്പെട്ടതാണ്. ഇതിൻെറ പാദങ്ങളിൽ ഇരുമ്പുകൊുനിർമ്മിച്ച ആവരണം അണിഞ്ഞിരിക്കുന്നു. ദേവതകൾ പോലും ഇതിനാൽ ആകർഷിക്കപ്പെടുന്നു. ഇന്ദ്രൻ ഏറ്റവുമാദ്യമായി ഇതിൻമേൽ സവാരിചെയ്തു.

**10. ഈർമാന്താസഃ സിലികമധ്യമാസഃ സം ശൂരുണാസോ ദിവ്യാസോ അത്യാഃ |**

**ഹംസാ ഇവ ശ്രേണിശോ യതന്തേ യദാക്ഷിഷുർ ദിവ്യമജ്മമശ്വാഃ ||**

ഈ കുതിര ഭവ്യമാർഗ്ഗങ്ങളിൽക്കൂടി പോകുമ്പോൾ അതിൻെറ കൂട്ടശ്വങ്ങളെ പംക്തിയായി നീങ്ങുന്ന അരയന്നസമൂഹത്തിൻെറ പ്രതീതിയുളവാക്കുന്നു.

**11. തവ ശരീരം പതയിഷ്ണവർവന്തവ ചിത്തം വാത ഇവ ധ്രജീമാൻ |**

**തവ ശൃങ്ഗാണി വിഷ്ഠിതാ പുരുത്രാരണ്യേഷു ജർഭുരാണാ ചരന്തി ||**

ഹേ അശ്വമേ! നീ പറക്കുന്നതിൽ സർത്ഥനാണ്. നീ വായുവേഗത്തിൽ സഞ്ചരിക്കുന്നു. നീ വിവിധാനങ്ങളിൽകൂടി ഭ്രമണം ചെയ്യുന്നു.

**12. ഉപ പ്രാഗാച്ഛസനം വാജ്യർവാ ദേവദ്രീചാ മനസാ ദീധ്യാനഃ |**

**അജഃ പുരോ നീയതേ നാഭിരസ്യാനു പാശ്ചാത്കവയോ യന്തി രേഭാഃ ||**

കുശലനായ അശ്വം രണക്ഷേത്രത്തിലേയ്ക്ക് പോകുമ്പോൾ സ്തുതിക്കപ്പെടുന്നു. മറ്റുകുതിരകൾ അവ ഇതിനോടൊത്ത് ജനിക്കാത്തവയായിരുന്നിട്ടും ഇതിൻെറ ബന്ധുക്കളാകുന്നു. ഒപ്പം ചരിക്കുന്നു. മേധാവികളായ വീരൻമാർ ഇതിനോടുകൂടി മുന്നേറുന്നു.

**13. ഉപ പ്രാഗാത്പരമം യത്സധസ്ഥമർവാ അച്ഛാ പിതരം മാതരം ച |**

**അദ്യാ ദോഞ്ജുഷ്ഠതമോ ഹി ഗമ്യാ അഥാ ശാസ്തേ ദാശുഷേ വാര്യാണി ||**

ഇങ്ങിനെയുള്ള അശ്വം ഉത്തമസ്ഥാനങ്ങളെ പ്രാപിച്ചുകൊ് വീരദേവതകളുടെ അടുക്കലെത്തുന്നു. അതിനെ ദാനം ചെയ്ത അശ്വപാലകനായ യജമാനൻ വരണീയമായ ധനം പ്രാപിക്കുന്നു.

## സൂക്തം 164

**ഋഷി ദീർഘതമസ് ദേവത വിശ്വേദേവൻമാർ ഛന്ദസ് ത്രിഷ്ടുപ്, ജഗതിപ്രഭൃതി**

**1. അസ്യ വാമസ്യ പലിതസ്യ ഹോതുസ്തസ്യഭ്രാതാ മധ്യമോ അസ്ത്യശ്നഃ |**

**തൃതീയോ ഭ്രാതാ ഘൃതപൃഷ്ഠോ അസ്യാത്രാപശ്യം വിശ്പതിം സപ്തസുത്രം ||**

ആഹ്വാനയോഗ്യനും, സുന്ദരനുമായ സർപ്പത്തിൻെറ മദ്ധ്യഭ്രാതാവ് വായുവും കനിഷ്ഠഭ്രാതാവ് അഗ്നിയുമാണ്. ഞാനിവിടെ പ്രജാപാലകനായ സപ്തകിരണയുക്തനായ സൂര്യനെ ദർശിക്കുന്നു.

**2. സപ്ത യുഞ്ജന്തി രഥമേകചക്രമേകോ അശ്വോ വഹതി സപ്തനാമാ |**

**ത്രിനാഭി ചക്രമജരമനർവം യത്രേമാ വിശ്വാ ഭുവനാധി തസ്ഥുഃ ||**

ഒറ്റച്ചക്രരഥത്തിൽ ഏഴു കുതിരകളെ കെട്ടിയിരിക്കുന്നു. ഈ അക്ഷയവും മൂന്നുനാഭികളോടുകൂടിയതുമായ ചക്രത്തെ ഒരു കുതിര വലിച്ചുകൊുപോകുന്നു. എല്ലാ ലോകങ്ങളും ഈ ചക്രത്തെ ആശ്രയിക്കുന്നു.

**3. ഇമം രഥമധി യേ സപ്ത തസ്ഥുഃ സപ്തചക്രം സപ്ത വഹന്ത്യശ്വാഃ |**

**സപ്ത സ്വസാരോ അഭി സംനവന്തേ യത്ര ഗവാം നിഹിതാ സപ്ത നാമ ||**

ഏഴു ചക്രങ്ങളോടുകൂടിയ സമീപസ്ഥമായ രഥം ഏഴശ്വങ്ങൾ വലിക്കുന്നു. കിരണരൂപങ്ങളായ ഏഴു സഹോദരികൾ ഈ രഥത്തിനു മുന്നിലായി നടക്കുന്നു.

**4. കോ ദദർശ പ്രഥമം ജായമാനമസ്ഥന്വന്തം യദനസ്ഥാ ബിഭർതി |**

**ഭൂമ്യാ അസുരസൃഗാത്മാ ക്വ സ്വിത്കോ വിദ്വാംസമുപ ഗാത്പ്രഷ്ടുമേതത് ||**

ആദ്യം ജനിച്ചവനെ ആരു കു? ആ അസ്ഥിരഹിതൻ അസ്ഥിയുക്തനെ ധാരണം ചെയ്തു. ഭൂമിയിൽനിന്നും പ്രാണനും രക്തവും ജൻമം കൊു. എന്നാൽ ആത്മാവ് എവിടെനിന്നും ഉത്ഭവിച്ചു? ഈ വിവരങ്ങളെല്ലാം അറിയുന്നതിനുവേി ജ്ഞാനികളുടെ അടുക്കൽ ആരുപോകും.

**5. പാകഃ പൃച്ഛാമി മനസാവിജാനന്ദേവാ നമേനാ നിഹിതാ പദാനി |**

**വത്സേ ബഷ്ക്കയേധി സപ്ത തന്തൂനവി തത്നിരേ കവയഓതവാ ഉ ||**

ഞാനാജ്ഞാനിയാണ്. മനസ്സിലാകാത്തതുകാരണം ഇക്കാര്യം ചോദിക്കുന്നു. നവയുവാവായ മൂരിക്കുട്ടനുവേി ഏഴുതന്തുക്കളോടുകൂടിയ കയറ് പ്രകടമായി. അവയയെന്താണ്? (നവയുവാവായ മൂരിക്കുട്ടൻ എന്നതിൻെറ താൽപര്യം ഗ്രഹനക്ഷത്രാദികൾ എന്നും ഏഴുതന്തുക്കളോടുകൂടിയ ചരടിൻെറ ആശയം സൂര്യൻെറ ആകർഷണശക്തി എന്നതാണ്)

**6. അചികിത്വാഞ്ചികിതുഷശ്ചിദത്ര കവീന്പൃച്ഛാമി വിദ്മനേ ന വിദ്വാൻ |**

**വി യസ്തസ്തംഭ ഷളിമാ രജാംസ്യമജസ്യ രൂപേ കിമപി സ്വിദേകം||**

ഞാനറിവില്ലാത്തവനായതുകാരണം ചോദിക്കുന്നു. ആര് ഈ ആറുലോകങ്ങളേയും സ്ഥിരപ്പെടുത്തിയോ അവൻ ഏകൻതന്നെയാണോ?

**7. ഇഹ ബ്രവീതു യ ഈമങ്ഗ വേദാസ്യ വാമസ്യ നിഹിതം പദം വേഃ |**

**ശീർഷ്ണഃ ക്ഷീരം ദുഹ്രതേ ഗാവോ അസ്യ വവ്രിം വസാനാ ഉദകം പദാപുഃ ||**

ആരാണ് ആദിത്യരൂപനായ ഈ പക്ഷിയുടെ ജ്ഞാതാവ്. ഇദ്ദേഹത്തിൻെറ കിരണങ്ങളാകുന്ന ഗോക്കൾ തേജസ്സിനെ കറന്നെടുക്കുന്നു. അവ ജലംപാനം ചെയ്യുവാൻ പോകുന്നു.

**8. മാതാ പിതരമൃത ആ ബഭാജ ധീത്യഗ്രേ മനസാ സം ഹി ജഗ്മേ |**

**സാ ബീഭത്സുർഗർഭരസാ നിവിദ്ധാ നമസ്വന്ത ഇദുപവാകമീയുഃ ||**

പൃഥ്വിമാതാവ് ആകാശസ്ഥനായ സൂര്യൻെറ വൃദ്ധിക്കായി പൂജിക്കുന്നു. അവൾ ഗർഭേച്ഛയോടുകൂടി വർഷമാകുന്ന ഗർഭത്താൽ സേചനം ചെയ്യപ്പെട്ടു. അപ്പോൾ മനുഷ്യരിൽനിന്നും അന്നം പ്രാപിച്ച് സ്തുതിച്ചു.

**9. യുക്താ മാതാസീദ്ധുരി ദക്ഷിണായാ അതിഷ്ഠദ്ഗർഭോ വൃജനീഷ്വന്തഃ |**

**അമീമേദ്വത്സോ അനു ഗാമപശ്യദ്വിശ്വരൂപ്യം ത്രിഷുയോജനേഷു ||**

പ്രദക്ഷിണംവെച്ച് ഭൂമീദേവി ഗർഭഭൂതമായ ജലരാശിക്കുവേി കാത്തുനിന്നു. അപ്പോൾ വൃഷ്ടിരൂപമായ വത്സു ശബ്ദിക്കുകയും വിശരൂപിയായ ഗോവ് സസ്യശ്യാമളയാകുകയും ചെയ്തു.

**10. തിസ്രോ മാതൃസ്ത്രീമ്പിതൃൻബിഭ്രദേക ഉർധ്വസ്തസ്ഥൗ നേമവ ഗ്ലാപയന്തി |**

**മന്ത്രയന്തേ ദിവോ അമുഷ്യ പൃഷ്ഠേ വിശ്വവിദം വാചമവിശ്വമിന്വാം ||**

ഈ ആദിത്യൻ മൂന്നമ്മമാരേയും മൂന്നു പിതാക്കൻമാരേയും വഹിച്ചുകൊ് ഉച്ചസ്ഥാനത്ത് സ്ഥിതിചെയ്യുന്നു. അദ്ദേഹം ക്ഷീണിക്കുന്നേയില്ല. ദേവഗണം ആകാശത്തിൻെറ പുറത്തിരുന്ന് സൂര്യനെ സംബന്ധിച്ച് ചർച്ചകൾ നടത്തുന്നു.

**11. ദ്വാദശാരം നഹി തജ്ജരായ വർവർതി ചക്രം പരിദ്യാമൃതസ്യ |**

**ആ പുത്രാ അഗ്നേ മിഥുനാസോ അത്ര സപ്ത ശതാനി വിംശതിശ്ച തസ്ഥുഃ ||**

സൂര്യൻെറ പന്ത്രുരാശിരൂപങ്ങളായ ഏർക്കാലുകളാൽ യുക്തമായ രഥചക്രം ആകാശത്തിൻെറ നാലുഭാഗത്തും തുടർച്ചയായി സഞ്ചരിച്ചുകൊിരിക്കുന്നു. ഇതൊരിക്കലും പഴയതായി നശിക്കുന്നില്ല. ഈ ചക്രത്തിൽ എഴുനൂറ്റിയിരുപതു പുത്രരൂപരായ ബന്ധുക്കൾ കുടികൊള്ളുന്നു.

**12. പഞ്ചപാദം പിതരം ദ്വാദശാകൃതി ദിവ ആഹുഃ പരേ അർധേ പുരീഷിണം |**

**അഥേമേ അന്യ ഉപരേ വിചക്ഷണം സപ്തചക്രേഷളര ആഹുരർവിതം ||**

അഞ്ചുകാലുകളോടും പന്ത്രുരൂപങ്ങളോടും കൂടിയ ജലത്തിൻെറ സ്വാമിയെ ആകാശത്തിൻെറ മറുഭാഗത്തു സ്ഥിതിചെയ്യുന്നതായി പറയുന്നു. മറ്റുചിലർ പറയുന്നത് ഏഴുചക്രങ്ങളും ആറ് ഏർക്കാലുകളുമുള്ള രഥത്തിൽ സഞ്ചരിക്കുന്നു എന്നാണ്.

**13. പഞ്ചാരേ ചക്രേ പരിവർത്തമാനേ തസ്മിന്നാ തസ്തുർഭുവനാനി വിശ്വാ |**

**തസ്യ നാക്ഷസ്തപ്യതേ ഭൂരിഭാരഃ സനാദേവ ന ശീര്യതേ സനാഭിഃ ||**

കറങ്ങിക്കൊിരിക്കുന്ന അഞ്ച് ഏർക്കാലുകളോടുകൂടിയ രഥചക്രത്തിൽ എല്ലാലോകങ്ങളും സ്ഥിതിചെയ്യുന്നു. അതിൻെറ അക്ഷകീലം വരെ ഭാരം വഹിക്കുന്നുങ്കിലും ക്ഷയിക്കുന്നില്ല.

**14. സനേമി ചക്രമജരം വി വാവൃത ഉത്താനായാം ദശയുക്താ വഹന്തി |**

**സൂര്യസ്യ ചക്ഷു രജസൈത്യാവൃതം തസ്മിന്നാർപിതാ ഭുവനാനി വിശ്വാ ||**

ആ അക്ഷയചക്രം കറങ്ങിക്കൊ്, സൂര്യനേത്രം പ്രകാശിക്കുന്നു. അതിൽതന്നെ എല്ലാഭുവനങ്ങളും സ്ഥിതി ചെയ്യുന്നു.

**15. സാകഞ്ജാനാം സപ്തഥമാഹുരേകജം ഷളിദ്യമാ ഋഷയോ ദേവജാഇതി |**

**തേഷാമിഷ്ടാനി വിഹിതാനി ധാമശഃ സ്ഥാത്രേ രേജന്തേ വികൃതാനി രൂപശഃ ||**

സഹജാതങ്ങളായ ഋതുക്കളിൽ അധിമാസത്തിൽനിന്നുള്ള ഏഴാമത്തെ ഋതു ഏകമായിത്തന്നെ നിലകൊള്ളുന്നു. ബാക്കി ആറ് ഋതുക്കൾ പരസ്പരം ചേർന്നും ക്രമമായും സഞ്ചരിക്കുന്നു. അവരുപഭേദത്താൽ യുക്തമായി തങ്ങളുടെ സ്വാമിക്കുവേി ഭ്രമണം ചെയ്യുന്നു.

**16. സ്ത്രിയഃ സതീസ്താം ഉ മേ പുംസ ആഹുഃ പശ്യദക്ഷണ്വാന്ന വി ചേതദന്ധഃ |**

**കവിര്യഃ പുത്രഃ സ ഈമാ ചികേത യസ്താ വിജാനാ ത്സ പിതുഷ്പിതാസത് ||**

കിരണങ്ങൾ സ്ത്രീരൂപത്തോടുകൂടിയവയായിരുന്നിട്ടും പുരുഷ സമാനമാണ്. അവയെ നേത്രവാനായ ജ്ഞാനിതന്നെ അറിയുന്നു. യാതൊരുത്തൻ അറിയുന്നുവോ, അവൻ പിതാമഹൻെറ അനുഭവങ്ങളുള്ളവനാണ്.

**17. അവഃ പരേണ പര ഏനാവരേണ പദാ വത്സം ബിഭ്രതി ഗൗരുദസ്ഥാത് |**

**സാ കദ്രീചീ കം സ്വിദർധം പരാഗാത്ക്വ സ്വിത്സൂതേ നഹി യൂഥേ അന്തഃ ||**

ആകാശത്തിനുതാഴെ, ഭൂമിക്കുമുകളിൽ പൈക്കിടാവിനെ വഹിച്ചുകൊ് കിരണങ്ങൾ മുകളിലേയ്ക്കുയരുന്നു. അവ എവിടേയ്ക്ക് പോകുന്നു? എവിടെ ഉറങ്ങുന്നു?

**18. അവഃ പരേണ പിതരം യോ അസ്യാനുവേദ പര ഏനാവരേണ |**

**കവീയമാനഃ ക ഇഹ പ്ര വോചദ്ദേവം മനഃ കുതോ അധി പ്രജാതം ||**

യാതൊരുത്തൻ ആകാശസ്ഥനായ സൂര്യനേയും ഭൂസ്ഥിതനായ അഗ്നിയേയും ഉപാസിക്കുന്നുവോ അവൻ തീർച്ചയായും ജ്ഞാനിതന്നെയാകുന്നു. ഇക്കാര്യം ആര് ഉപദേശിച്ചുതന്നു? എവിടെ നിന്നാണ് ദിവ്യാചരണങ്ങളോടുകൂടിയ മനസ്സ് ഉത്ഭവിച്ചത്?

**19. യേ അർവാഞ്ചസ്താം ഉ പരാച ആഹുര്യേ പരാഞ്ചസ്താം ഉ അർവാച ആഹുഃ |**

**ഇന്ദ്രശ്ച യാ ചക്രഥുഃ സോമ താനി ധുരാന യുക്താ രജസോ വഹന്തി ||**

ആരെല്ലാം ഇവിടെവരുന്നുവോ, അവരെ അങ്ങോട്ടുപോകുന്നവരായി പറയപ്പെടുന്നു. യാതൊരുത്തർ അങ്ങോട്ടുപോകുന്നുവോ, അവരെ ഇങ്ങോട്ടുവരുന്നവരെന്നും പറയപ്പെടുന്നു. സോമനും ഇന്ദ്രനും ഏതൊരു ലോകം സൃഷ്ടിച്ചുവോ അത് ജീവികളുടെ ഭാരം മാത്രം വഹിക്കുന്നു.

**20. ദ്വാ സുപർണാ സയുജാ സഖായാ സമാനം വൃക്ഷം പരി ഷസ്വജാതേ |**

**തയോരന്യഃ പിപ്പലം സ്വാദ്വത്ത്യനശ്നന്നന്യോ അഭിചാകശീതി ||**

രണ്ടു പക്ഷികൾ മരത്തിലിരിക്കുന്നു. അവയിലൊന്ന് സ്വാദേറിയ പഴം ഭുജിക്കുകയും മറ്റത് ഒന്നും ഭുജിക്കാതിരിക്കുകയും ചെയ്യുന്നു. അത് നോക്കിക്കൊണ്ടുമാത്രം ഇരിക്കുന്നു. (ജീവാത്മാവും പരമാത്മാവും) മാണ് രണ്ടു പക്ഷികൾ. വൃക്ഷം ശരീരമാണ്. പഴം കർമ്മങ്ങളാണ്. ഒന്നു ഭൗതികസുഖങ്ങൾ ആസ്വദിക്കുന്നു. മറ്റത് നോക്കിക്കൊണ്ടിരിക്കുകമാത്രം ചെയ്യുന്നു)

**21. യത്രാ സുപർണാ അമൃതസ്യ ഭാഗമനിമേഷം വിദഥാ ഭിസ്വരന്തി |**

**ഇനോ വിശ്വസ്യ ഭുവനസ്യ ഗോപാഃ സ മാ ധീരഃ പാകമത്രാ വിവേശ ||**

ആരിൽ ജീവികൾ അമരഭാവത്തെ ചിന്തിച്ചുകൊണ്ട് നിരന്തരമായി സ്തുതിക്കുന്നുവോ, ആ ലോകപാലകൻ, അഖിലത്തിൻേറയും സ്വാമി, മൂർഖനായ എന്നിലും വിരാജിക്കുന്നു.

**22. യസ്മിൻവൃക്ഷേ മധ്വദഃ സുപർണാ നിവിശന്തേ സുവതേ ചാധി വിശ്വേ |**

**തസ്യേദാഹുഃ പിപ്പലം സ്വാദ്വഗ്രേ തന്നോന്നശദ്യഃ പിതരം ന വേദ ||**

ഏതൊരു വൃക്ഷത്തിൽ എല്ലാമധുരരസങ്ങളേയും ആഗ്രഹിക്കുന്നവൻ വസിക്കുകയും, പ്രജോൽപ്പത്തിയിൽ വ്യാപൃതനായിരിക്കുകയും ചെയ്യുന്നുവോ, ആ വൃക്ഷത്തിൻെറ അഗ്രഭാഗത്ത് സ്വാദിഷ്ഠങ്ങളായ ഫലങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു. പിതാവിനെ അറിയാത്തവ്യക്തിക്കു അതിൻെറ പഴങ്ങൾ ലഭിക്കുന്നില്ല.

**23. യദ്ഗായത്രേ അധി ഗായത്രമാഹിതം ത്രൈഷ്ടുഭാദ്വാ ത്രൈഷ്ടുഭം നിരതക്ഷത |**

**യദ്വാ ജഗജ്ജഗത്യാഹിതം പദം യ ഇത്തദ്വിദുസ്തേ അമൃതത്വമാനശുഃ ||**

ഭൂമിയിൽ ഗായത്രീഛന്ദസ്, അന്തരീക്ഷത്തിൽ ത്രിഷ്ടുപ് ഛന്ദസ്, ആകാശത്തിൽ ജഗതിഛന്ദസ് ഇവയെല്ലാം ആരു സ്ഥാപിച്ചുവോ യാതൊരുത്തൻ അവനെ അറിയുന്നുവോ, അവൻ ദേവത്വം പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.

**24. ഗായത്രേണ പ്രതി മിമീതേ അർകമർകേണ സാമ ത്രൈഷ്ടുഭേന വാകം |**

**വാകേന വാകം ദ്വിപദാ ചതുഷ്പദാക്ഷരേണ മിമതേ സപ്ത വാണിഃ ||**

ഗായത്രീഛന്ദസുകൊണ്ട് മന്ത്രവും, മന്ത്രംകൊണ്ട് സാമവും രചിച്ചു. ത്രിഷ്ടുപ് ഛന്ദസുകൊണ്ട് യജൂർവാക്യങ്ങൾ നിർമ്മിച്ചു. രണ്ടും നാലും പദങ്ങൾകൊണ്ട് അനുവാകം രചിച്ചു. അക്ഷരങ്ങൾകൊണ്ടുതന്നെ ഏഴുഛന്ദസ്സുകളും രചിച്ചു.

**25. ജഗതാ സിന്ധും ദിവ്യസ്തഭായദ്രഥന്തരേ സൂര്യം പര്യപശ്യത് |**

**ഗായത്രസ്യ സമിധസ്തിസ്ര ആഹുസ്തതോ മഹ്നാ പ്ര രിരിചേ മഹിത്വാ ||**

ജഗതികൊണ്ട് ആകാശത്തിൽ ജലത്തെ സ്ഥാപിച്ചു. രഥന്തരസാമത്തിൽ സൂര്യനെ ദർശിച്ചു. ഗായത്രിക്ക് മൂന്നുചരണങ്ങളുണ്ട്. അതിനാൽ അത് ബലത്തിലും മഹത്വത്തിലും ഏറ്റവും മുന്നിൽ നിൽക്കുന്നു.

**26. ഉപ ഹ്വയേ സുദുഘാം ധേനുമേതാം സുഹസ്തോ ഗോധുഗുത ദോഹദേനാം |**

**ശ്രേഷ്ഠം സവം സവിതാ സാവിഷന്നോഭീദ്ധോ ഘർമസ്തദു ഷു പ്ര വോചം ||**

എളുപ്പത്തിൽ കറക്കാവുന്ന ഈ പശുവിനെ ഞാൻ വിളിക്കുന്നു. സമർത്ഥനായ കറവക്കാരൻ ഇതിനെ കറക്കട്ടെ. സവിതാവ് നമ്മെ ഉത്സാഹിതരാക്കട്ടെ. ഞാൻ അദ്ദേഹത്തിൻെറ തേജസ്സിനു വേണ്ടി ആഹ്വാനം ചെയ്യുന്നു.

**27. ഹിങ്കൃണ്വതീ വസുപത്നീ വസൂനാം വത്സമിച്ഛന്തീ മനസാഭ്യാഗാത് |**

**ദുഹാമശ്വിഭ്യാം പയോ അഘ്ന്യേയം സാ വർധതാം മഹതേ സൗഭഗായ ||**

കിടാവിനെ ഓർത്തുകരയുന്ന ക്ഷീരവതിയായ ഗോവിനെ നമുക്കു ലഭിച്ചിരിക്കുന്നു. അവധ്യയായ അവൾ അശ്വിനികുമാരൻമാർക്കുവേണ്ടി പാൽ നൽകട്ടെ. സൗഭാഗ്യലാഭത്തിനായി വളരട്ടെ.

**28. ഗൗരമീമേദനു വത്സം മിഷന്തം മൂർധാനം ഹിങ്ങ്ങകൃണോന്മാതവാ ഉ |**

**സൃക്വാണം ഘർമമഭി വാവശാനാ മിമാതിമായും നയതേ വയോഭിഃ ||**

കണ്ണുകൾവെട്ടിച്ചുകൊണ്ട് കിടാവിൻെറ പിന്നാലെ ശബ്ദം പുറപ്പെടുവിക്കുന്ന ധേനു ആ കിടാവിൻെറ മുഖം നക്കിത്തുടക്കുന്നു. അതിൻെറ മുഖം സ്തനങ്ങളെ സ്പർശിക്കുന്നതിനുള്ള ആഗ്രഹത്തോടുകൂടി മുന്നോട്ടു നീങ്ങുന്നു. ആ അകിടിൽ പാൽ നിറഞ്ഞുവരുന്നു.

**29. അയം സ ശിങ്ക്തേ യേന ഗൗരഭീവൃതാ മിമാതി മായും ധ്വസനാവധി ശ്രിതാ |**

**സാ ചിത്തിഭിർനി ഹി ചകാര മർത്യം വിദ്യുദ്ഭവന്തീ പ്രതി വവ്രിമൗഹത ||**

കിടാവ് നിശബ്ദമായി പശുവിൻെറചുറ്റും കറങ്ങിനടക്കുന്നു. പശു അമറിക്കൊണ്ട് തൻെറ മൃഗചേഷ്ടകളാൽ മനുഷ്യരെ ലജ്ജിപ്പിക്കുന്നു. എന്നാൽ ഉജ്ജ്വലമായ പാൽനൽകി അതിനെ സന്തോഷിപ്പിക്കുന്നു.

**30. അനച്ഛയേ തുരഗാതു ജീവമേജദ് ധ്രുവം മധ്യ ആ പസ്ത്യാനാം |**

**ജീവോ മൃതസ്യ ചരതി സ്വധാഭിരമർത്യോ മർത്യേനാ സയോനിഃ ||**

ചഞ്ചലമനസ്സോടുകൂടിയവൻ ശ്വാസയുക്തനായ ജീവി തൻെറ ഭവനത്തിൽ നിശ്ചലനായിക്കിടക്കുന്നു. എന്നാൽ മരണധർമ്മാവായവൻെറ ജീവൻ സ്വധാ ഭക്ഷണത്താൽ അമരത്വം പ്രാപിക്കുന്നു.

**31. അപശ്യം ഗോപാമനിപദ്യമാനമാ ച പരാ ച പഥിഭിശ്ചരന്തം |**

**സ സധ്രീചിഃ സ വിഷൂചീർവസാന ആ വരീവർതി ഭുവനേഷ്വന്തഃ ||**

ഈ രക്ഷകനായ ആദിത്യനെ അന്തരിക്ഷത്തിൽ സഞ്ചരിക്കുന്നതായി ഞാൻ കു അവൻ കിരണയുക്തമായ വസ്ത്രങ്ങളാൽ ആഛാദിതനായി എല്ലാലോകങ്ങളിലും സഞ്ചരിക്കുന്നു.

**32. യ ഈം ചകാര നസോ അസ്യ വേദ യ ഈം ദദർശ ഹിരുഗിന്നു തസ്മാത് |**

**സ മാതുര്യോനാ പരിവീതോ അന്തർബഹുപ്രജാ നിഋർതിമാ വിവേശ ||**

ഇത് രചിച്ചവൻ ഇതറിയുന്നില്ല. ആര് ഇതിനെ കുവോ അവൻ ഇതിൽനിന്നും മറഞ്ഞിരിക്കുന്നു. അവന മാതൃഗർഭത്തിൽ പലതവണ ജൻമം സ്വീകരിക്കുകയും നാശസ്ഥാനത്തെത്തുകയും ചെയ്യുന്നു.

**33. ദ്യൗർമേ പിതാ ജനികാ നാഭിരത്ര ബന്ധുർമേ മാതാ പൃഥിവീ മഹീയം |**

**ഉത്താനയോശ്ചംവോര്യോനിരന്തരത്രാ പിതാ ദുഹിതുർഗർഭമാധാത് ||**

ആകാശം എൻെറ പാലകനായ പിതാവാണ്. വിസ്തീർണ്ണയായ ഭൂമി എൻെറ മാതാവാണ്.ആകാശത്തിൻേറയും ഭൂമിയുടേയും ഇടയ്ക്കുള്ള അന്തരിക്ഷം യോനീരൂപമാകുന്നു. അവരുടെ പിതാവ് ഗർഭം സ്ഥാപിക്കുന്നു.

**34. പൃച്ഛാമി ത്വാ പരമന്തം പൃഥിവ്യാഃ പൃച്ഛാമി യത്ര ഭുവനസ്യ നാഭിഃ |**

**പൃച്ഛാമി ത്വാ വൃഷ്ണോ അശ്വസ്യ രേതഃ പൃച്ഛാമി വാചഃ പരമം വ്യോമ ||**

ഭൂമിയുടെ അങ്ങേഅറ്റത്തെ ഞാൻ അങ്ങയോടു ചോദിക്കുന്നു. ലോകത്തിൻെറ നാഭി എവിടെയാണ്? ഇതറിയുവാൻ ഞാനാഗ്രഹിക്കുന്നു. അശ്വത്തിൻെറ വീര്യം എവിടെ? വാണിയുടെപരമമായ സ്ഥാനം ഏതാണ്?

**35. ഇയം വേദിഃ പരോ അന്തഃ പൃഥിവ്യാ അയം യജ്ഞോഭുവനസ്യ നാഭിഃ |**

**അയം സോമാ വൃഷ്ണോ അശ്വസ്യ രേതോ ബ്രഹ്മായം വാചഃ പരമം വ്യോമ ||**

ഈ വേദി ഭൂമിയുടെ അങ്ങേഅറ്റമാണ്. യജ്ഞം ലോകത്തിൻെറ നാഭിയാണ്. സോമരസം അശ്വത്തിൻെറ വീര്യമാണ്. ബ്രഹ്മാവ് വാണിയുടെ പരമമായ സ്ഥാനമാണ്.

**36. സപ്താർധഗർഭാ ഭുവനസ്യ രേതോ വിഷ്ണോസ്തിഷ്ഠന്തി പ്രദിശാ വിധർമണി |**

**തേ ധീതിഭിർമനസാ തേ വിപശ്ചിതഃ പരിഭുവഃ പരി ഭവന്തി വിശ്വതഃ ||**

ലോകത്തിൻെറ വീര്യരൂപമായ ഏഴർദ്ധഗോളങ്ങൾ വിഷ്ണുവിൻെറ ആജ്ഞയാൽ നിയമങ്ങളിൽ ഉറച്ചുനിൽക്കുന്നു. ബുദ്ധിയാലും മനസ്സാലും അവലോകത്തെ വലയം ചെയ്യുന്നു.

**37. ന വി ജാനാമി യദിവേദമസ്മി നിണ്യഃ സന്നദ്ധോ മനസാ ചരാമി |**

**യദാ മാഗൻപ്രഥമജാ ഋതസ്യാദിദ്വാചോ അശ്നുവേഭാഗമസ്യാഃ ||**

ഞാനെന്താണെന്നു ഞാനറിയുന്നില്ല. ഞാൻ മൂഢനും അർദ്ധവിക്ഷിപ്തനും തുല്യമാണ്. എനിക്ക് ജ്ഞാനത്തിൻെറ അൽപാംശം എങ്കിലും ഉാകുമ്പോൾ മാത്രമേ ഏതെങ്കിലും വാക്യത്തെ മനസ്സിലാക്കുവാൻ സാധിക്കുന്നുള്ളു.

**38. അപാങ് പ്രാങേതി സ്വധയാ ഗൃഭീതോമര്ത്യോ മർത്യേനാ സയോനിഃ |**

**താ ശശ്വന്താ വിഷൂചിനാ വിയന്താ ന്യന്യം ചിക്യുർന നി ചിക്യുരന്യം ||**

അമരൻ മരണമുള്ളവനോടൊത്ത് വസിക്കുന്നു. അന്നമയമായ ശരീരം ലഭിച്ചിട്ട് അത് ഒരിക്കൽ മുകളിലേയ്ക്കും ചിലപ്പോൾ താഴേക്കു പോകുന്നു. ഇവ രും വിരുദ്ധഗതികളോടു കൂടിയവയാണ്. ലോകം അതിലൊന്നിനെ മാത്രം അറിയുന്നു. എന്നാൽ മറ്റതിനെ അറിയുന്നില്ല. (ജീവൻ അമരവും ശരീരം മരിക്കുന്നതുമാണല്ലോ? ലോകം ശരീരത്തെ ശരിക്കും അറിയുന്നു. എന്നാൽ ജീവൻെറ വിഷയത്തിൽ അത് മായയിൽ പതിച്ചുകിടക്കുന്നു.

**39. ഋചോ അക്ഷരേ പരമേ വ്യോമന്യസ്മിന്ദേവാ അധി വിശ്വേ നിഷേദുഃ |**

**യസ്തന്ന വേദ ക്രിമൂചാ കരിഷ്യതിയ ഇത്തദ്വിദുസ്ത ഇമേ സമാസതേ ||**

മന്ത്രങ്ങൾ ഉന്നതസ്ഥാനങ്ങളെ പ്രാപിക്കുന്നു. എല്ലാ ദേവതകളും അവയെ ആശ്രയിച്ചുകഴിയുന്നു. ഇക്കാര്യം അറിഞ്ഞുകൂടാത്തവൻ മന്ത്രം കൊ് എന്തുലാഭം ഉാക്കും? ഇക്കാര്യം അറിയുവാൻ സന്തുഷ്ടനായിക്കഴിയും.

**40. സൂയവസാദ്ഭഗവതീ ഹി ഭൂയാ അഥോ വയം ഭഗവന്തഃ സ്യാമ |**

**അദ്ധി തൃണമധ്ന്യേ വിശ്വദാനീം വിബ ശുദ്ധമുദകമാചരന്തീ ||**

ഹേ ഹിംസക്കയോഗ്യയും, സുന്ദരിയുമായ ധേനു! നീ തൃണം ഭക്ഷിക്കുന്നവളാണല്ലോ? ഇവരെ ഭാഗ്യശാലികളാക്കൂ. നീ തൃണം ഭക്ഷിച്ച് നിർമ്മലജലം പാനം ചെയ്യുവിൻ.

**41. ഗൗരീർമിമായ സലിലാനി തക്ഷത്യേകപദീ ദ്വിപദീ സാചതുഷ്പദീ |**

**അഷ്ടാപദീ നവപദീ ബഭൂവുഷി സഹസ്രാക്ഷര പരമേ വ്യോമൻ ||**

ജലങ്ങൾക്ക് പ്രേരണനൽകുന്ന വിദ്യുത്ശബ്ദത്തോടുകൂടിയതാണ്. അത് ഉന്നതമായ ആകാശത്തിൽ ഒന്ന്, ര്, നാല്, എട്ട്, ഒമ്പത് എന്നീ പദങ്ങളോടുകൂടി യുക്തമായി സഹസ്രാക്ഷരങ്ങളായി പരിണമിക്കുന്നു.

**42. തസ്യാഃ സമുദ്രാ അധി വി ക്ഷരന്തി തേന ജീവന്തി പ്രദിശശ്ചതസ്രഃ |**

**തതഃ ക്ഷരത്യക്ഷരം തദ്വിശ്വമുപ ജീവതി ||**

ആവിദ്യുത്തിൽനിന്നുതന്നെ സമുദ്രം പ്രവഹിക്കുന്നു. അതിൽനിന്നും നാലുദിക്കുകളും രക്ഷിക്കപ്പെടുന്നു. അതുകാരണം മേഘം ജലം വർഷിക്കുകയും ലോകം പ്രാണമയമായി ഭവിക്കുകയും ചെയ്യുന്നു.

**43. ശകമയം ധൂമമാരാദപശ്യം വിഷൂവതാ പര ഏനാവരേണ |**

**ഉക്ഷാണം പൃശ്നിമപചത്ന വീരാസ്താനി ധർമാണി പ്രഥമാന്യാസൻ ||**

ഞാൻ ചാണകവറളിയിൽനിന്നും ഉൽപ്പന്നമായ ധൂമത്തെ ദൂരെനിന്നും ദർശിച്ചു. നാലുദിക്കുകളിലും വ്യാപ്തമായ ധൂമമധ്യത്തിൽ അഗ്നിയെ ദർശിച്ചു. ഋത്വിജൻമാർ ഇവിടെ സോമം പാനം ചെയ്തു. ഇത് അദ്ദേഹത്തിൻെറ പ്രഥമ കർമ്മമായിരുന്നു.

**44. ത്രയഃ കേശിന ഋതുഥാ വി ചക്ഷതേ സംവത്സരേ വപത ഏക ഏഷാം |**

**വിശ്വമേകോ അഭി ചഷ്ടേ ശചീഭിർധ്രാജിരേകസ്യ ദദൃശേ ന രൂപം ||**

കേശയുക്തരായ മൂന്നുദേവതകൾ നിയമക്രമമായി ദർശനം നൽകുന്നു.ഒന്ന് വർഷത്തിൽ വിതക്കുന്നു, ഒന്ന് കതിരുകളാൽ ലോകത്തെ വീക്ഷിക്കുന്നു. ഒന്നിൻെറ രൂപം കാണുന്നില്ല. ഗതിമാത്രം കാണപ്പെടുന്നു. (ഇവിടെ സൂര്യൻ, അഗ്നി, വായു എന്നു സങ്കൽപ്പം).

**45. ചത്വാരി വാക്ക് പരിമിതാ പദാനി താനി വിദുർ ബ്രാഹ്മണാ യേ മനീഷിണഃ |**

**ഗുഹാ ത്രീണി നിഹിതാ നേങ്ഗയന്തി തുരീയ വാചോ മനുഷ്യാ വദന്തി ||**

വാണി നാലുപ്രകാരത്തിലു്. വിദ്വാൻമാർ അതിൻെറ ജ്ഞാതാക്കളാകുന്നു. അതിൻെറ മൂന്നുപദങ്ങൾ അജ്ഞാതങ്ങളും നാലാമത്തെ പദത്തെ മനുഷ്യർ സംസാരിക്കുകയും ചെയ്യുന്നു.

**46. ഇന്ദ്രം മിത്രം വരുണമഗ്നിമാഹുരഥോ ദിവ്യഃ സ സുപർണോ ഗരുത്മാൻ |**

**ഏകം സദ്വിപാ ബ്രഹുധാ വദന്ത്യഗ്നിം യമം മാതരശ്വാനമാഹുഃ ||**

അവനെ ഇന്ദ്രൻ, മിത്രന, വരുണൻ എന്നൊക്കെപറയും. അവൻ തന്നെ ആകാശത്തിലെ സൂര്യനുമാകുന്നു. അവൻതന്നെ അഗ്നിയും യമനുമാതിരിശ്വാവും ആകുന്നു. ജ്ഞാനികളായ മനുഷ്യർ ഏകബ്രഹ്മത്തെ അനേകരൂപങ്ങളിൽ വർണ്ണിക്കുന്നു.

**47. കൃഷ്ണം നിയാനം ഹരയഃ സുപർണാ അപോ വസാനാ ദിവമുത്പതന്തി |**

**ത ആവവൃത്രൻസദനാദൃതസ്യാദിദ്ഘൃതേന പൃഥിവീ വ്യുദ്യതേ ||**

കറുത്ത മേഘരൂപമാകുന്ന മാളത്തിൽ കിരണരൂപമാകുന്ന സ്വർണ്ണപക്ഷി ജലം പ്രേരിപ്പിച്ചുകൊ് ആകാശത്തിൽ പറന്നുയരുന്നു. അതവിടെനിന്നും മടങ്ങിവരുമ്പോൾ ഭൂമി ജലത്താൽ ആർദ്രയായി ഭവിക്കുന്നു.

**48. ദ്വാദശ പ്രധയശ്ചക്രമേകം ത്രീണി നഭ്യാനി ക ഉ തച്ചികേത |**

**തസ്മിൻത്സാകം ത്രിശതാ ന ശങ്തവേയാർപിതാഃ ഷഷ്ഠിർന ചലാചലാസഃ ||**

ഒരു രഥത്തിൻെറ വെളിയിലായി വലയംചെയ്ത് ഒരുചക്രവും മൂന്നു നാഭികളും ു്. ആരാണ് ആ രഥത്തിൻെറ ജ്ഞാതാവ്? അതിൽ മുന്നൂറ്റിയറുപതുമേഖലകൾ ഉറപ്പിച്ചിരിക്കുന്നു. അവ ഒരിക്കലും ഇളകുന്നില്ല. (ഇതിൻെറ ആശയം സംവത്സരവും അതിൻെറ ദിനസംഖ്യകളുമാണ്.)

**49. യസ്തേ സ്തനഃ ശശയോ യോ മയോഭൂര്യേന വിശ്വാ പുഷ്യസി വാര്യാണി |**

**യോ രത്നധാ വസുവിദ്യഃ സുദത്രഃ സരസ്വതി തമിഹ ധാതവേ കഃ ||**

ഹേ സരസ്വതീ! നിൻെറ ശരീരസ്ഥമായ ഗുണം സുഖദായകവും വരണീയവസ്തുക്കൾക്കു പോഷകവുമാണ്. രത്നധാരകവും ദാനശീലവുമാണ്. അതിനെ ഞങ്ങളുടെനേരെ തിരിച്ചുവിടു.

**50. യജ്ഞേനയജ്ഞമയജന്ത ദേവാസ്താനി ധർമാണി പ്രഥമാന്യാസൻ |**

**തേ ഹ നാകം മഹിമാനഃ സചന്ത യത്ര പൂർവേ സാധ്യാഃ സന്തി ദേവാഃ ||**

യജമാനൻ അഗ്നിയാൽ യജ്ഞം നടത്തി. ആദ്യകർമ്മം അതായിരുന്നു. ആ കർമ്മവാൻ തൻെറ മഹത്വത്തോടുകൂടി സ്വർഗ്ഗം പ്രാപിച്ചു. അവിടെത്തന്നെ സാധ്യദേവതകളും നിവസിക്കുന്നു.

**51. സമാനമേതദുദകമുച്ചൈത്യവ ചാഹഭിഃ |**

**ഭൂമിം പർജന്യാ ജിന്വന്തി ദിവം ജിന്വന്ത്യഗ്നയഃ ||**

ജലത്തിനൊരുരൂപം മാത്രമേയുള്ളൂ. അത് ചിലപ്പോൾ മുകളിലേയ്ക്കും ചിലപ്പോൾ താഴേയ്ക്കും വരുകയും പോവുകയും ചെയ്യുന്നു. മേഘം വൃഷ്ടിയാൽ ഭൂമിയെ തൃപ്തയാക്കുകയും അഗ്നി ആകാശത്തെ പ്രസന്നമാക്കുകയും ചെയ്യുന്നു.

**52. ദിവ്യം സുപർണ വായസം വൃഹന്തമപാം ഗർഭം ദർശതമോഷധീനാം |**

**അഭീപതോ വൃഷ്ടിഭിസ്തർപയന്തം സരസ്വന്തമവസേ ജോഹവീമി ||**

ജലങ്ങളുടേയും ഔഷധികളുടേയും കാരണഭൂതനും സമ്മുഖനുമായവനെ സ്തോതാക്കൾക്കുവേി വർഷംമുഴുവൻ ഞാൻ തൃപ്തനാക്കുന്നു.

## സൂക്തം 165

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. കയാ ശുഭാ സവയസഃ സനീലാഃ സമാന്യാ മരുതഃ സം മിമിക്ഷുഃ |**

**കയാ മതീ കത ഏതാസ ഏതേർചന്തി ശുഷ്മം വൃഷണോ വസൂയ ||**

സമവയസ്കരും, സമസ്ഥാനീയരുമായ മരുത്തുക്കൾ സമാനമാ ശോഭയോടുകൂടിയവരാണ്. ഇവർ എന്തുദ്ദേശത്തോടുകൂടിവന്നു? ഈ വീരൻമാർ ധനലാഭം ആശിച്ച് ബലത്തെ പൂജിക്കുന്നുവോ?

**2. കസ്യ ബ്രഹ്മാണി ജുജുഷുര്യുവാനഃ കോ അധ്വരേ മരുത ആ വവർത |**

**ശ്യേനാം ഇവ ധ്രജതോ അന്തരിക്ഷേ കേന മഹാ മനസാ രീരമാമ ||**

തരുണരായ മരുത്തുക്കൾ ആരുടെ ഹവിസ്സുകൾ സ്വീകരിക്കുന്നു? അവരെ യജ്ഞത്തിൽനിന്നും ആർക്കുമാറ്റുവാൻ കഴിയും? അന്തരീക്ഷത്തിൽ സഞ്ചരിക്കുന്ന കഴുകൻ പക്ഷിക്കുസമാനരായ ഈ മരുത്തുക്കളെ ഏതുശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളാൽ സ്തുതിക്കും?

**3. കുതസ്ത്വമിന്ദ്ര മാഹിനഃ സന്നേകോ യാസി സത്പതേ കിം ത ഇത്ഥാ |**

**സം പൃച്ഛസേ സമരാണഃ ശുഭാനൈർവോചേസ്തന്നോ ഹരിവോ യത്തേ അസ്മേ ||**

ഹേ ശ്രേഷ്ഠകർമ്മികളുടെ പാലകനായ ഇന്ദ്രാ! നീ ഏകനായെവിടെ പോകുന്നു? നിൻെറ അഭീഷ്ടങ്ങൾ എന്തെല്ലാമാണ്? ഹേ ശോഭനീയാ! നീ എല്ലാവരുടേയും കാര്യങ്ങൾ ചോദിക്കുന്നു. ഞങ്ങളോടു പറയുവാനുള്ളതെല്ലാം പറയൂ.

**4. ബ്രഹ്മാണി മേ മതയഃ ശം സുതസാഃ ശുഷ്മ ഇയർതി പ്രഭൃതോ മേ അദ്രിഃ |**

**ആശാസതേ പ്രതി ഹര്യന്തുക്ഥേമാ ഹരീ വഹതസ്താ നോ അച്ഛ ||**

ഈ സ്തുതികളും നിഷ്പന്നമായ സോമവും എനിക്ക് സുഖം നൽകുന്നു. എൻെറ ഉറപ്പേറിയ വജ്രം ശത്രുക്കളുടെമേൽ വ്യർത്ഥമാകുന്നില്ല. മനുഷ്യർ എന്നെ പൂജിക്കുകയും അവരുടെ സ്തോത്രങ്ങൾ എന്നെ പ്രാപിക്കുകയും ചെയ്യുന്നു, ഇവ രും അവശ്യം എന്നെ കൂട്ടിക്കൊുപോകുന്നു.

**5. അതോ വയമന്തമേഭിര്യുജാനാഃ സ്വക്ഷത്രേഭിസ്തന്വഃ ശുംഭമാനാഃ |**

**മഹോഭിരേതാം ഉപ യുജ്മഹേ ന്വിന്ദ്ര സ്വധാമനു ഹി നോ വഭൂഥ ||**

ഹേ ഇന്ദ്രാ! നികടത്തിലുള്ളവരോട് ചേർന്നുകൊ് ഞങ്ങൾ സ്വന്തം ശക്തിയാൽ ശരീരങ്ങളലങ്കരിക്കുന്നു. സ്വന്തം ബലത്തോടുകൂടി ഈ അശ്വങ്ങളെ രഥത്തിൽ പൂട്ടുന്നു. നീ ഞങ്ങളുടെ സ്വഭാവം അറിയുന്നുവല്ലോ.

**6. ക്വ സ്യാമോ മരുതഃ സ്വധാസീദ്യൻമാമേകം സമധത്താഹിഹത്യേ |**

**അഹം ഹ്യൂ ഗ്രസ്തവിഷസ്തുവിഷ്മാന്വിശ്വസ്യ ശത്രോരനമം വധസ്നൈഃ ||**

ഹേ മരുത്തുക്കളേ! മിത്രവധകർമ്മത്തിൽ നിങ്ങൾ സ്വയമായി എന്നോടുചേർന്നു, അപ്പോൾ നിങ്ങളുടെ പൂർവ്വസ്വഭാവം എവിടെ ആയിരുന്നു? ഞാൻ വികരാളരൂപനും ദുർജയനുമാണ്. ഞാൻ എൻെറ ശത്രുക്കളുടെമേൽ വജ്രത്താൽ വിജയം പ്രാപിച്ചിരിക്കുന്നു.

**7. ഭൂരി ചകർഥ യുജ്യേഭിരസ്മേ സമാനേഭിർവൃഷഭ പൗംസ്യേഭിഃ |**

**ഭൂരീണി ഹി കൃണവാമാ ശവിഷ്ഠേന്ദ്ര ക്രത്വാ മരുതോ യദ്വശാമ ||**

(മരുത്) ഹേ വീരാ! നീ ഞങ്ങളോടുചേർന്ന് അനേകം വീരകർമ്മങ്ങൾ പ്രവർത്തിച്ചിരിക്കുന്നു. ഹേ മഹാബലിയായ ഇന്ദ്രാ! മരുത്തുക്കളായ ഞങ്ങൾക്ക് ഞങ്ങളുടെ മനോബലത്താൽ ആഗ്രഹിക്കുന്നതെന്തും ചെയ്യുവാൻ കഴിയണേ.

**8. വധീം വൃത്രം മരുത ഇന്ദ്രിയേണ സ്വേന ഭാമേന തവിഷോ ബഭൂവാൻ |**

**അഹമേതാ മനവേ വിശ്വച്ചന്ദ്രാഃ സുഗാ അപശ്ചകര വജ്രബാഹുഃ ||**

(ഇന്ദ്രൻ) ഹേ മരുത്തുക്കളേ! ഞാനെൻെറ ക്രോധത്തിൻെറ ശക്തിയാൽ വൃത്രനെ വധിച്ചു, ഞാൻ തന്നെയാണ് വജ്രമെടുത്ത് മനുഷ്യർക്ക് വേി ജലവർഷം നടത്തിയത്.

**9. അനുത്തമാ തേ മഘവന്നകിർനു ന ത്വാവാം അസ്തി ദേവതാ വിദാനഃ |**

**ന ജായമാനോ നശതേ ന ജാതോ യാനി കരിഷ്യാ കൃണുഹി പ്രവൃദ്ധ ||**

(മരുത്ത്) ഹേ ഐശ്വര്യശാലി! ഹേ ഇന്ദ്രാ! നിനക്കു ലോയി യാതൊരു ധനികനും ഇല്ല. നിനക്കു തുല്യനായി മറ്റൊരു പ്രസിദ്ധദേവതയുമില്ല. നീ മഹാശക്തനാണല്ലോ? നിൻെറ കർമ്മങ്ങൾക്കുതുല്യം മുമ്പാരും ചെയ്തിട്ടില്ല. ഇപ്പോൾ ആരും ചെയ്യുന്നുമില്ല.

**10. ഏകസ്യ ചിൻമേ വിംവ സ്ത്വോജോ യാനു ദധൃഷ്വാൻ കൃണവൈ മനീഷാ |**

**അഹം ഹ്യൂ ഗ്രോ മരുതോ വിദാനോ യാനി ച്യവമിന്ദ്ര ഇദീശ ഏഷാം ||**

ഹേ മരുത്തുക്കളേ! എൻെറ ഏകമായ ബലം തന്നെയാണ് സർവ്വത്ര കാണപ്പെടുന്നത്. ഞാൻ അത്യധികം മേധാവിയും പ്രസിദ്ധനായ ഉഗ്രകർമ്മാവും ആണ്. ഞാനെന്താഗ്രഹിക്കുന്നുവോ, അതുചെയ്യുവാനുള്ള കഴിവ് എനിക്കു്. ലോകത്തിലുള്ള എല്ലാസമ്പത്തുകളുടെയും സ്വാമിയും ഞാൻതന്നെയാകുന്നു.

**11. അമന്ദൻമാ മരുതഃ സ തോമോ അത്ര യൻമേ നരഃ ശ്രുത്യം ബ്രഹ്മ ചക്ര |**

**ഇന്ദ്രായ വൃഷ്ണേ സുമഖായ മഹ്യം സഖ്യേ സഖായസ്തന്വേ തനൂഭിഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ സ്തോത്രങ്ങളാൽ ഞാൻ സന്തുഷ്ടനാണ്. ആ സ്തോത്രങ്ങൾ എന്നെ പൂജനിയനായിക്കരുതി രചിച്ചതാണല്ലോ. ഞാൻ നിങ്ങളുടെ മിത്രവും അഭീഷ്ടദായകനുമാണ്.

**12. ഏവേദേതേ പ്രതി മാ രോചമാനാ അനേദ്യഃ ശ്രവ ഏഷോ ദധാനാഃ |**

**സഞ്ചക്ഷ്യാ മരുതശ്ചന്ദ്രവർണാ അച്ഛാന്ത മേ ഛദയാഥാ ച നൂനം ||**

ഹേ മരുത്തുക്കളേ! നീ അനിന്ദ്യമായ യശസ്സും ശ്രേഷ്ഠമായ യശസ്സും വഹിച്ച് എനിക്കുവേി പ്രത്യക്ഷമായി എന്നെ ആനന്ദിതനാക്കി. ഞാനിപ്പോഴും നിങ്ങളുടെ കർമ്മങ്ങളിൽ ഹർഷിതനാണ്.

**13. കോ ന്വത്ര മരുതോ മാമഹേ വഃ പ്ര യാതന സംഖീരച്ഛാ സഖായഃ |**

**മൻമാനി ചിത്രാ അപിവാതയത്ന ഏഷാം ഭൂത നവേദാ മ ഋതാനാം ||**

(അഗസ്ത്യൻ) ഹേ മരുത്തുക്കളേ! ഇവിടെ ആരാണ് നിങ്ങളെ സ്തുതിക്കുന്നത്? നിങ്ങൾ എല്ലാവരുടേയും മിത്രമാണല്ലോ. സ്വന്തം മിത്രങ്ങളായ ഉപാസകരുടെ അടുത്തുപോകുവിൻ. നീ ഉത്തമ ധനപ്രാപ്തിക്കു കാരണഭൂതമായ കർമ്മങ്ങളെ പ്രേരിപ്പിക്കണേ.

**14. ആ യദ്ദുവസ്യാദ്ദുവസേ ന കാരുരസ്മാഞ്ചക്രേ മാന്യസ്യ മേധാ |**

**ഓ ഷു വർത മരുതോ വിപ്രമച്ഛേമാ ബ്രഹ്മാണി ജരിതാ വോ അർചത് ||**

സേവനം ചെയ്യുന്നവരിൽ പ്രസാദിച്ച് പാരിതോഷികം നൽകുന്നതുപോലെ ഇന്ദ്രൻ എനിക്കു കവിത്വം പ്രദാനമ ചെയ്തു. ഹേ മരുത്തുക്കളേ! നിങ്ങൾ സ്തുതികർത്താവിൻെറ മുമ്പിൽ വരണേ.

**15. എഷ വഃ സ്തോമോ മരുത ഇയം ഗീർമാന്ദാര്യസ്യ മാന്യസ്യ കാരോഃ |**

**ഏഷാ യാസീഷ്ട തന്വേ വയാം വിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ മരുത്തുക്കളേ! മാനസപുത്രനായ മാന്ദാര്യ കവിയുടെ ഈ സ്തോത്രം നിങ്ങൾക്കുവേിയുള്ളതാണ്. എൻെറ ശരീരത്തിനുബലം നൽകുന്നതിനുവേി അന്നസഹിതം എഴുന്നള്ളുവിൻ. ഞങ്ങൾ അന്നം, ബലം, ദാനാബുദ്ധി എന്നിവയെ പ്രാപിക്കണേ.

അദ്ധ്യായം നാല്

അനുവാകം 23 സൂക്തം 166

**ഋഷി അഗസ്ത്യൻ ദേവത മരുത്ത് ഛന്ദസ് ജഗതി, ത്രിഷ്ടുപ്, പംക്തി**

**1. തന്നു വോചാമ രഭസായ ജൻമനേ പൂർവ മഹിത്വം വൃഷഭസ്യ കേതവേ |**

**ഐധേവ യാമൻമരുതസ്തുവിഷ്വണോ യുധേവ ശക്രാസ്തവിഷാണി കർതന ||**

ഹേ മഹാഗർജ്ജനശീലരായ മരുത്തുക്കളേ! നിങ്ങൾ ഇന്ദ്രൻെറ ധ്വജരൂപവും , വേഗമുള്ളഗുണവുമാകുന്നു. ഞങ്ങൾ നിങ്ങളുടെ പുരാതനമഹത്വം വർണ്ണിക്കുന്നു. ഹേ സമർത്ഥരേ! നിങ്ങൾ തേജസ്സോടുകൂടിയവരായി, യോദ്ധാക്കൾക്കുസമാനം വീരകർമ്മങ്ങൾ നടത്തുന്നു.

**2. നിത്യം ന സൂനം മധു ബിഭ്രത ഉപ ക്രീളന്തി ക്രീളാ വിദഥേഷു ഘൃഷ്വയഃ |**

**നക്ഷന്തി രുദ്രാ അവസാ നമസ്വിനം ന മർധന്തി സ്വതവസോ ഹവിഷ്കൃതം ||**

യുദ്ധത്തിൽ ശത്രുക്കളെ ഉലക്കുന്നവരും ശിശുസമാനമായ മധുര ക്രീഡകളോടുകൂടിയവരുമായ ഇന്ദ്രപുത്രമരുത്തുക്കൾ നമസ്കരിക്കുന്നവരെ രക്ഷിക്കുന്നു. അവർ ഹവിർദാതാവിനെ ദുഃഖിതനാകുവാനനുവദിക്കന്നില്ല.

**3. യസ്മാ ഊമാസോ അമൃതാ അരാസത രായസ്പോഷം ച ഹവിഷാ ദദാശുഷേ |**

**ഉക്ഷന്ത്യസ്മൈമരുതോ ഹിതാ ഇവ പുരു രജാംസി പയസാ മയോഭുവഃ ||**

മൃത്യുവിൽനിന്നു രക്ഷിക്കുന്നവരായ മരുത്തുക്കൾ ഹവിർദാതാവിനു അത്യധികം ധനം നൽകുന്നു. അവൻെറ ദേശത്തെ മിത്രങ്ങൾക്കു സമം വൃഷ്ടിയാൽ നനക്കുന്നു.

**4. ആ യേ രജാംസി തവിഷീഭിരവ്യത പ്ര വ ഏവാസഃ സ്വയതാസോ അധ്രുജൻ |**

**ഭയന്തേ വിശ്വാ ഭുവനാനി ഹർമ്യാ ചിത്രോ വോ യാമഃ പ്രയതാസ്വൃഷ്ടിഷു||**

ഹേ മരുത്തുക്കളേ! നിങ്ങൾ സ്വന്തം ബലത്താൽ ദേശഭ്രമണം ചെയ്തിരിക്കുന്നു. നിങ്ങളുടെ വാഹനം മുമ്പോട്ടുപറക്കുമ്പോൾ ലോകമെല്ലാം വിറക്കുന്നു. ആയുധം ഉയർത്തിപിടിച്ചു വരുന്ന വീരനെക് എല്ലാവരും ഭയംകൊു വിറക്കുന്നതുപോലെ ഈ വീട് നിങ്ങളുടെ ഗതിയാൽ വിറക്കുന്നു

**5. യസ്ത്വേഷയാമാ നദയന്ത പർവതാന്ദിവോ വാ പൃഷ്ഠം നര്യാ അചുച്യവുഃ |**

**വിശ്വോ വോ അജ്മൻഭയതേ വനസ്പതീ രഥീയന്തീവ പ്ര ജിഹീത ഓഷധിഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ തേജസ്സോടുകൂടിയവരും, ഗതിമാൻമാരും മനുഷ്യരുടെ ഹിതകാരികളും പർവ്വതങ്ങളെ പ്രതിധ്വനിപ്പിക്കുന്നവരുമാണല്ലോ. നിങ്ങൾ ആകാശത്തിൻെറ പുറത്തെ വിറപ്പിക്കുന്നു. നിങ്ങളോടുള്ള ഭയത്താൽ വൃക്ഷങ്ങൾ തേരിൽ കയറിയ സ്ത്രീയെപ്പോലെ അങ്ങോട്ടും ഇങ്ങോട്ടും ഇളകുന്നു.

**6. യൂയം ന ഉഗ്രാ മരുതഃ സുചേതുനാരിഷ്ടഗ്രാമാഃ സുമതിം പിപർതന |**

**യത്രാ വോ വിദ്യദ്രദതീ ക്യവിർദതീ രിണാതി പശ്വഃ സുധിതേവ ബർഹണാ ||**

ഹേ വികരാളരായ മരുത്തുക്കളേ! ഞങ്ങളുടെ നൻമയെ ഉദ്ദേശിച്ച് സ്വന്തം ബുദ്ധിയെ ദയയുടെ നേർക്ക് പ്രേരിപ്പിക്കൂ. നിങ്ങളുടെ വിദ്യുത്താകുന്ന വാൾ പ്രകാശിക്കുമ്പോൾ അത് കുന്തത്തിനുസമാനം മൃഗങ്ങളെ നശിപ്പിക്കുന്നു.

**7. പ്രസ്കംഭദേഷ്ണാ അനവഭ്രരാധസോലാതൃണാസോ വിദഥേഷു സുഷ്ടുതാഃ |**

**അർചന്ത്യർകം മദിരസ്യ പീതയേ വിദുർവീരസ്യ പ്രഥമാനി പൗംസ്യാ ||**

യാതൊരുത്തനാൽ നൽകപ്പെട്ട ധനം സ്ഥിരമായിരിക്കുന്നുവോ, അത്ഒരിക്കലും നശിക്കുന്നില്ല. യാതൊരുത്തൻ യജ്ഞങ്ങളിൽ സ്തുതിക്കപ്പെടുന്നുവോ ആ മരുത്തുക്കൾ സോമത്തിനുവേി ഇന്ദ്രനെ പ്രശംസിച്ചുകൊ് അദ്ദേഹത്തിൻെറ ശക്തികളും കർമ്മങ്ങളും അറിയുന്നവരാകുന്നു.

**8. ശതഭുജിസ്തമഭിഹ്രുതേരധാത്പൂർഭീ രക്ഷതാ മരുതോ യമാവത |**

**ജനം യമുഗ്രാസ്തവസോ വിരപ്ശിനഃ പാഥനാ ശംസാത്തനയസ്യ പുഷ്ടിഷു ||**

ഹേ മഹത്തായ കാർമ്മികരും ശക്തരുമായ മരുത്തുക്കളേ! നിങ്ങൾ ആരുടെമേൽ കൃപയുള്ളവരായിരിക്കുന്നുവോ അവനെ

നിങ്ങൾ അസംഖ്യങ്ങളായ ഘാതകൻമാരിൽനിന്നും രക്ഷിക്കുകയും അവൻെറ പുത്രാദികളെ സാധനകൾ വഴി രക്ഷിക്കുകയും ചെയ്യുന്നു. (പാപമോചനവും ഭോഗസുഖവും സന്താനപുഷ്ടിയും ഉാകാനുള്ള പ്രാർത്ഥനയാണ്).

**9. വിശ്വാനി ഭദ്രാ മരുതോ രഥേഷു വോ മിഥസ്പൃധ്യേവ തവിഷാണ്യാഹിതാ |**

**അംസേഷ്വാ വഹ പ്രപഥേഷു ഘാദയോക്ഷോ വശ്ചക്രാ സമയാ വി വാവൃതേ ||**

ഹേ മരുത്തുക്കളേ! എല്ലാ കല്യാണങ്ങളും എല്ലാ ബലങ്ങളും നിങ്ങളുടെ രഥത്തിൽ സ്ഥാപിച്ചിരിക്കുന്നു. നിങ്ങളുടെ സ്കന്ധങ്ങളിൽ സ്പർധായുക്തമായ ആയുധം ഇരിക്കുന്നു. നിങ്ങളുടെ അക്ഷകീലം രു ചക്രങ്ങളേയും ശരിയായ രീതിയിൽ കറക്കുന്നു.

**10. ഭൂരീണി ഭദ്രാ നര്യേഷു ബാഹുഷു വക്ഷഃ സു രുക്മാ രദസാസോ അഞ്ജയഃ |**

**അംസേഷ്വതാഃ പവിഷു ക്ഷുരാ അധി വായോ ന പക്ഷാൻവ്യനു ശ്രിയോ ധിരേ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ഭുജങ്ങൾ മനുഷ്യരുടെ ഹിതസാധനകളിൽ താൽപര്യങ്ങളായിരിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങൾ ദേശകല്യാണകാരിയായ സുവർണ്ണഹാരങ്ങളാൽ സുസജ്ജിതവും സ്കന്ധങ്ങൾ ഭയങ്കരങ്ങളായ ആയുധങ്ങളാൽ യുക്തവും ആണ്. ആ പക്ഷികൾ ചിറകുകൾ വഹിക്കുന്നതുപോലെ നിങ്ങൾ ശക്തിവഹിച്ചുകൊിരിക്കുന്നു.

**11. മഹാന്തോ മഹ്നാ വിഭ്വോവിഭൂതയോ ദൂരേദൃശോ യേ ദിവ്യാ ഇവ സ്തൃഭിഃ |**

**മന്ദ്രാഃ സുജിഹ്വാഃ സ്വരിതാര ആസഭിഃ സംമിശ്ലാ ഇന്ദ്രേ മരുതഃ പരിഷ്ടുഭഃ ||**

മഹാമഹിമയോടുകൂടിയവരും ബലവാൻമാരും ഐശ്വര്യവാൻമാരും ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ പ്രകാശിതരും ഗംഭീരരും ധ്വനിയുക്തരുംമനോഹരങ്ങളായ ജിഹ്വകളോടും മധുരഗാനങ്ങളോടുംകൂടിയവരും ആയ മരുത്തുക്കൾ ഇന്ദ്രൻെറ സഹയോഗികളാക്കുന്നു.

**12. തദ്വഃ സുജാതാ മരുതോ മഹിത്വനംദീർഘം വോ ദാത്രമദിതേരിവ വ്രതം |**

**ഇന്ദ്രശ്ചന ത്യജസാ വിഹ്രൂണാതി തജ്ജനായയസ്മൈ സുകൃതേ അരാധ്വം ||**

ഉത്തമമായ രീതിയിൽ പ്രകടമായ മരുത്തക്കളേ! നിങ്ങളുടെ ദാനം അദിതിയുടെ നിയമത്തിനുതുല്യം സുസ്ഥിരമാകുന്നു. അതുകാരണം നിങ്ങൾ മഹത്തുക്കളായി ഭവിച്ചിരിക്കുന്നു. എതൊരു സൽക്കർമ്മിക്ക് നിങ്ങൾ ധനംനൽകുന്നുവോ, അവൻെറ ആ ധനത്തെ ഇന്ദ്രൻപോലും തട്ടിയെടുക്കുന്നില്ല.

**13. തദ്വോ ജാമിത്വം മരുതഃ പരേ യുഗേ പുരു യച്ഛംസമമൃതാസ ആവത |**

**അയാ ധിയാ മനവേ ശ്രുഷ്ടിമാവ്യാസാകം നരോ ദംസനൈരാ ചികിത്രിരേ ||**

ഹേ അവിനാശികളായ മരുത്തുക്കളേ! നിങ്ങൾ നിങ്ങളുടെ ബന്ധുഭാവം കാരണം പ്രാചീനസ്തോത്രങ്ങളെ ശരിയായരീതിയിൽ രക്ഷിക്കുന്നു. നിങ്ങൾ മനുഷ്യരുടെ സ്തുതികൾ സ്വീകരിച്ച് അവർക്ക് കർമ്മങ്ങൾക്കുള്ള ജ്ഞാനം നൽകി.

**14. യേന ദീർഘം മരുതഃ ശൂശവാമ യുഷ്മാകേന പരീണസാ തുരാസഃ |**

**ആ യത്തതൻവൃജനേ ജനാസ ഏഭിര്യജ്ഞേഭിസ്തദഭീഷ്ടിമശ്യാം ||**

ഹേ വേഗവാൻമാരായ മരുത്തുക്കളേ! ഞങ്ങൾ നിങ്ങളുടെ കൃപയാൽ വളരെക്കാലംവരെ അഭിവൃദ്ധി പ്രാപിക്കണേ.യാതൊരു കർമ്മങ്ങളാൽ മനുഷ്യർ വിജയത്തേയും ഐശ്വര്യത്തേയും പ്രാപിക്കുന്നുവോ ആ അഭിലാഷത്തെ ഞാൻ എൻെറ ഈ യജ്ഞത്തിൽക്കൂടിയും പ്രാപിക്കണേ.

**15. വഃ സ്തോമോ മരുത ഇയം ഗീർമാന്ദാര്യസ്യ മാന്യസ്യ കാരോഃ |**

**ഏഷാ യാസീഷ്ഠ തന്വേ വയാം വിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ മരുത്തുക്കളേ! മാനപുത്രനായ മാന്ദാര്യകവിയുടെ ഈ സ്തോത്രവും വാണിയും നിങ്ങൾക്കായിരിക്കണേ. നിങ്ങൾ ഞങ്ങളുടെ ശരീരത്തിന് ബലമുാകുന്നതിനായി അന്നത്തോടുകൂടി വരുവിൻ. ഞങ്ങൾ അന്നബലത്തേയും ദാനസ്വഭാവത്തേയും പ്രാപിക്കണേ.

## സൂക്തം 167

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ, മരുത്ത് ഛ ന്ദ സ ് ത്രിഷ്ടുപ്, പംക്തി**

**1. സഹസ്രം ത ഇന്ദ്രോതയോ നഃ സഹസ്രമിഷോ ഹരിവോ ഗൂർതമാഃ |**

**സഹസ്രം രായോ മാദയധ്യൈ സഹസ്രിണ ഉപ നോ യന്തു വാജാഃ ||**

ഹേ അശ്വസമ്പന്നനായ ഇന്ദ്രാ! നിങ്ങളുടെ അസംഖ്യങ്ങളായ രക്ഷാസാധനങ്ങൾ ഞങ്ങളിൽപോകണേ. വളരെയധികം അന്നവും, പ്രചുരമായ ധനരാശിയും അസീമിതമായ ബലത്തോടുകൂടി ഞങ്ങളിൽ ചേരണേ.

**2. ആ നോവോഭിർമരുതോ യാന്ത്വച്ഛാ ജ്യേഷ്ഠേഭിർവാ ബൃഹദ്ദിവൈഃ സുമായാഃ |**

**അധ യദേഷാം നിയുതഃ പരമാഃ സമുദ്രസ്യ ചിദ്ധനയന്ത പാരേ ||**

അത്യന്തം മേധാവികളായ മരുത്ഗണം തങ്ങളുടെ രക്ഷാസാധനങ്ങളോടും മഹത്തായ ധനത്തോടുംകൂടി നമ്മുടെനേരെ എഴുന്നള്ളണേ. അവരുടെ കുതിര സമുദ്രതീരത്ത് ചിനക്കുന്നതായി തോന്നുന്നു.

**3. മിമ്യക്ഷ യേഷു സുധിതാ ഘൃതാചി ഹിരണ്യ നിർണിഗുപരാ ന ഋഷ്ടിഃ |**

**ഗുഹാ ചരന്തീ മനുഷോ ന യോഷാ സഭാവതീ വിദഥ്യേവ സംവാക്||**

അന്തപുരത്തിൽ കഴിയുന്ന മനുഷ്യരുടെ പത്നിമാരേപ്പോലെ

മരുത്തുക്കൾ പ്രകാശിക്കുന്ന സ്വർണ്ണ കഠാര ഉറയിലിടുകയും ഊരുകയും ചെയ്യുന്നു. അവർ ആ വിദ്യുത്രൂപവിദുഷിക്കുതുല്യം ഓജസ്വിയായ വാണിയാൽ യുക്തരാകുന്നു.

**4. പരാ ശുഭ്രാ അയാസോ യവ്യാ സാധാരണ്യേവമരുതോ മിമിക്ഷുഃ |**

**ന രോദസീ അപ നുദന്ത ഘോരാ ജുഷന്ത വൃധം സഖ്യായ ദേവാഃ ||**

ദ്രുതഗാമികളായ മരുത്തുക്കളെ! ഈ വിദ്യുത് അന്തപുരത്തിലെ ഏകാന്തനിവാസിനിയായ പത്നിയെപ്പോലെ അല്ലെങ്കിൽ യജ്ഞത്തിലുച്ചരിക്കപ്പെടുന്ന ദേവവാണിക്കുതുല്യം പ്രാപിക്കുന്നു.

**5. ജോഷദ്യദീമസൂര്യാ സചധ്യൈ വിഷിതസ്തുകാ രോദസീ നൃമണാഃ |**

**ആ സൂര്യേവ വിധതോ രഥം ഗാത്ത്വേഷപ്രതീകാ നമസോ നേത്യാ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ അത്യന്തം തേജസ്സോടുകൂടി യുവാവസ്ഥയെ പ്രാപിച്ച ദാമിനിയെ നിങ്ങളുടെ രഥത്തിൽ കയറ്റി. ആ സമയം സോമം പിഴിയുന്നവർ ഹവിസ്സ് നൽകിക്കൊ് സ്തുതിക്കുവാൻ തുടങ്ങി.

**7. പ്രതം വിവക്മി വക്മ്യോ യ ഏഷാം മരുതാം മഹിമാ സത്യോ അസ്തി |**

**സചാ യദീം വൃഷമണാ അഹംയുഃ സ്ഥിരാചിജ്ജനീർവഹതോ സുഭാഗാഃ ||**

ഈ മരുത്തുക്കളുടെ കഥനയോഗ്യങ്ങളായ പരാക്രമങ്ങളെ ഞാൻ യഥാവിധിവർണ്ണിക്കുന്നു. അവരുടെ കൂട്ടുകാരി വർഷണാഭിലാഷിണിയും ദൃഢവിചാരത്തോടുകൂടിയവളുമാണ്. ആ മാനിനി സൗഭാഗ്യവതിയായി പ്രജകളെ വഹിക്കുന്നു.

**8. പാന്തി മിത്രാവരുണാവവദ്യാച്ചയത ഈമര്യമോ അപ്രശസ്താൻ |**

**ഉത ച്യവന്തേ അച്യുതാ ധ്രുവാണി വാവൃധ ഈം മരുതോ ദാതിവാരഃ ||**

മിത്രനും വരുണനും യജ്ഞനിന്ദകരിൽനിന്നും രക്ഷിക്കുന്നു. അര്യമാവ് അവരെ നശിപ്പിക്കുന്നു. ഹേ മരുത്തുക്കളേ! ജലം വർഷിക്കുവാനുള്ള നിങ്ങളുടെ സമയം വരുമ്പോൾ നിശ്ചലമായ മേഘംപോലും പിളരുന്നു.

**9. നഹീ നു വോ മരുതോ അന്ത്യസ്മേ ആരാത്താച്ചിച്ഛവസോ അന്തമാപുഃ |**

**തേ ധൃഷ്ണുനാ ശവസാ ശുശുവാംസോർണോ ന ദ്വേഷോ ധൃഷതാ പരി ഷ്ഠുഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ബലം സീമയറ്റതാണല്ലോ. അതിന്റെ വിവരം അടുത്തുനിന്നും അകലെനിന്നും ലഭിക്കുന്നില്ല. നിങ്ങൾ അത്യധികംസമർത്ഥരാകുന്നു. നിങ്ങൾ ജലത്തിനു സമാനം ഉയർന്നു ശക്തിശാലികളായി ശത്രുക്കളെ പരാജയപ്പെടുത്തുന്നു.

**10. വയമദ്യേന്ദ്രസ്യ പ്രേഷ്ഠാ വയം ശ്വോ വോചേമഹി സമര്യേ |**

**വയം പുരാ മഹി ച നോ അനു ദ്യൂൻ തന്ന ഋഭുക്ഷാ നരാമനുഷ്യാത് ||**

ഇന്ന് നാം ഇന്ദ്രന് അത്യന്തം പ്രിയപ്പെട്ടവരാകും. നാളെ നാം അദ്ദേഹത്തെ തന്നെ വിളിക്കും. പും അദ്ദേഹത്തെ വിളിച്ചിരുന്നു. മഹാനായ ആ ഇന്ദ്രൻ നമുക്കനുകൂലനാകട്ടെ.

**11. ഏഷ വഃ സ്തോമോ മരുത ഇയം ഗീർമാന്ദാര്യസ്യ മാന്യസ്യ കാരോഃ |**

**ഏഷാ യാസിഷ്ട തന്വേ വയാം വിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ മരുത്ഗണമേ! മാനപുത്രനായ മാന്ദാര്യന്റെ സ്തോത്രങ്ങൾ നിങ്ങൾക്കുവേി രചിച്ചതാണ്. അതുകൊ് നിങ്ങളുടെ ശരീരത്തിനു ബലം വർദ്ധിച്ച് ഐശ്വര്യങ്ങൾ സഹിതം ഇവിടെ വരുകയും അന്നം ബലം അതുപോലെ ദാനശീലസ്വഭാവം മുതലായവയെ ഞങ്ങൾ തന്നനുഗ്രഹിക്കണേ.

## സൂക്തം 168

**ഋഷി അഗസ്ത്യൻ ദേവത മരുത് ഛന്ദസ് ജഗതി, ത്രിഷ്ടുപ്, പംക്തി**

**1. യജ്ഞായജ്ഞാ വഃ സമനാ തുതുർവണിർധിയന്ധിയം വോ ദേവയാ ഉ ദധിധ്വേ |**

**ആ വോർവാചഃ സുവിതായ രോദസ്യോർമഹേ വവൃത്യാമവസേ സുവൃക്തിഭിഃ ||**

ഹേ മരുത്ഗണമേ! എല്ലാ യജ്ഞങ്ങളിലും ഏകാഗ്രചിത്തനായ യജമാനനെ പ്രത്യേക സ്തോത്രങ്ങളാൽ നിങ്ങൾ വളർത്തുകയും അവനെ ദേവകർമ്മങ്ങൾക്കായി വഹിക്കുകയും ചെയ്യുന്നു. ഞാൻ ആകാശഭൂമികളുടെ രക്ഷക്കുവേി ശ്രേഷ്ഠങ്ങളായ സ്തുതികളാൽ നിങ്ങളെ എന്റെ അടുത്തേക്ക് വിളിക്കുന്നു.

**2. വവ്രാസോ ന യേ സ്വജാഃ സ്വതവസ ഇഷം സ്വരഭിജായന്ത ധൂതയഃ |**

**സഹസ്രീയാസോ അപാം നോർമയ ആസാ ഗാവോ വന്ദ്യാസോ നോക്ഷണഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ സ്വയം ഉത്ഭവിച്ച് സ്വയം ബലരാശികളായി അന്നത്തിനുവേി പ്രകടരായി, അവർ ജലത്തിലെ തിരമാലകൾപോലെയും പയസ്വിയായ ഗോവിന്ദനെപ്പോലെയും ദാനം ചെയ്യുന്നു.

**3. സോമാസോ ന യേ സുതാസ്തൃപ്താംശവോ ഹൃത്സു പീതാസോ ദുവാസോ നാസതേ |**

**ഏഷാമംസേഷു രംഭിണീവ രാരഭേ ഹസ്തേഷു സ്വാദിശ്ച കൃതിശ്ച സം ദധേ||**

ഉത്തമമായ സോമരസം പാനം ചെയ്യുമ്പോഴു ാ കുന്ന ആനന്ദം പോലെ തന്നെ മരുത്തുക്കൾ കലയാണകാരികളാകുന്നു. അവരുടെ സ്കന്ധങ്ങളിൽ ആയുധങ്ങളും ഇരുകരങ്ങളിൽ കങ്കണങ്ങളും കഠാരിയും പ്രശോഭിക്കുന്നു.

**4. അവ സ്വയുക്താ ദിവ ആ വൃഥാ യയുരമർത്യാഃ കശയാ ചോദത ത്മനാ |**

**അരേണവസ്തുവിജാതാ അചുച്യബുർദൃളഹാനി**

**ചിൻമരുതോ ഭ്രാജദൃഷ്ടയഃ ||**

പരസ്പരം കൂടിച്ചേർന്നുള്ള മരുത്തുക്കൾ ആകാശത്തിൽ നിന്നും വരുന്നു.ഹേ അവിനാശികളായ മരുത്തുക്കളേ! നിങ്ങളുടെ ഓജസ്സേറിയ ശബ്ദങ്ങൾ ഞങ്ങളുടെ ഉത്സാഹം വർദ്ധിപ്പിക്കണേ. അനേകം യജ്ഞങ്ങളാലാഗതരാകുന്ന നിങ്ങൾ ഉറപ്പേറിയ പർവ്വതങ്ങളെപോലും വിറപ്പിക്കുന്നു.

**5. കോ വോന്തർമരുത ഋഷ്ടിവിദ്യുതോ രേജതി ത്മനാ ഹന്വേവ ജിഹ്വയാ |**

**ധന്വച്യുത ഇഷാംന യാമിനി പുരുപ്രൈഷാ അഹന്യോ നൈതശഃ ||**

ആയുധങ്ങളാൽ സുസജ്ജിതരായ മരുത്തുക്കളേ! നിങ്ങളെ ആരു പ്രേരിപ്പിക്കുന്നു? മേഘങ്ങൾ സ്വയം ചരിക്കുന്നതുപോലെ നിങ്ങളും സ്വയമായി ചലിച്ചുകൊിരിക്കുന്നു. യജമാനൻ അന്നപ്രാപ്തിക്കുവേി നിങ്ങളെ വിളിക്കുന്നു.

**6. ക്വ സ്വിദസ്യ രജസോ മഹസ്പരം ക്വാവരംമരുതോ യസ്മിന്നായയ |**

**യച്ച്യാവയഥ വിഥുരേവ സംഹിതം വ്യദ്രിണാ പതഥ ത്വേമർണവം ||**

ഹേ മരുത്തുക്കളേ! ആ മേഘമണ്ഡലത്തിൻെറ അവസാനം എവിടെ? നിങ്ങൾ തൃണസമാനം മേഘങ്ങളെ ഛിന്നഭിന്നമാക്കുമ്പോൾ ജലത്തെ അതിൽനിന്നും വേർപെടുത്തി ഭൂമിക്കു മഴയെ നൽകുന്നു.

**7. സാതിർന വോമവതീ സ്വർവതീ ത്വേഷാ വിപാകാ മരുതഃ പിപിഷ്വതീ |**

**ഭദ്രാ വോ രാതിഃ പൃണതോ ന ദക്ഷിണാ പൃഥുജ്രയീ അസുര്യേവ ജഞ്ജതീ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ രക്ഷാസാധനങ്ങൾ സുശക്തവും പ്രകാശിക്കുന്നവയും ദൃഢങ്ങളും ശത്രുക്കളെ പൊടിയാക്കുന്നവയുമാണല്ലോ. നിങ്ങളുടെ ദാനം യജമാനൻെറ ദക്ഷിണയ്ക്കുതുല്യം കല്യാണപ്രദവും, വൃഷ്ടിക്കുതുല്യം സ്ഥായിയായ പ്രഭാവത്തോടുകൂടിയതുമാണ്.

**8. പ്രതി ഷ്ടോഭന്തി സിന്ധവഃ പവിഭ്യോ യദഭ്രിയാ വാചമുദീരയന്തി |**

**അവ സ്മയന്ത വിദ്യുതഃ പൃഥിവ്യാം യദീ ഘൃതം മരുതഃ പ്രുഷ്ണുവന്തി ||**

മേഘങ്ങളുടെ ഗർജ്ജനത്തെ പ്രതിധ്വനിപ്പിച്ചുകൊ് നദികൾ വേഗവതികളായി പ്രവഹിക്കുന്നു. വിദ്യുത് അധോമുഖിയായി ഹസിക്കുന്നു. മരുത്തുക്കൾ ഭൂമിയിൽ ജലം വർഷിക്കുന്നു.

**9. അസൂത പൃശ്നിർമഹതേ രണായ ത്വേഷമയാസാം മരുതാമനീകം |**

**തേ സപ്സരാസോജനയന്താഭ്വമാദിത്സ്വധാ മിഷിരാം പര്യപശ്യൻ ||**

പൃശ്നി മഹായുദ്ധത്തിനുവേി ചപലരായ മരുത്തുക്കളെ പ്രസവിച്ചു. സമാനരൂപരായ ആ മരുത്തുക്കൾ ജലത്തെ വർഷിപ്പിച്ചു. അപ്പോൾ മനുഷ്യർ ബലദാതാവായ അന്നത്തെ ദർശിച്ചു.

**10. ഏഷ വഃ സ്തോമോ മരുത ഇയം ഗീർമാന്ദാര്യസ്യ മാന്യസ്യ കാരോഃ |**

**ഏഷാ യാസീഷ്ട തന്വേ വയാം വിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ മരുത്തുക്കളേ! മാനൻെറ പുത്രനായ മാന്ദര്യകവിയുടെ ഈ സ്തോത്രം നിങ്ങൾക്കുവേിയുള്ളതാണ്. നിങ്ങൾ ശരീരത്തിനു ബലം നൽകുന്ന അന്നത്തോടുകൂടി ഇവിടെ വരണേ. ഞങ്ങൾ അന്നം ബലദാനശീലമുള്ളബുദ്ധി ഇവയെ പ്രാപിക്കണേ.

## സൂക്തം 169

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ഉഷ്ണിക, ത്രിഷ്ടുപ്**

**1. മഹശ്ചത്ത്വമിന്ദ്ര യത ഏതാൻമഹശ്ചിദസി ത്യജസോ വരുതാ |**

**സ നോ വേധോ മരുതാം ചികിത്വാൻത്സുമ്നാ വനുഷ്വ തവ ഹി പ്രേഷ്ഠാ ||**

ഹേ സ്രഷ്ടാവായ ഇന്ദ്രാ! നീ ഉദ്വേഗത്തിൽനിന്നും ക്രോധത്തിൽനിന്നും രക്ഷിക്കുന്നു. നീ മരുത്തുക്കളുടെ സ്വാമിയാകുന്നു. ഞങ്ങളോടു കൃപ കാണിക്കുകയും, ഞങ്ങളെ സുഖമുള്ളവരാക്കുകയും ചെയ്യൂ.

**2. അയുജ്രന്ത ഇന്ദ്ര വിശ്വകൃഷ്ടീർവിദാനസോ നിഷ്ഷിധോമർത്യത്രാ |**

**മരുതാം പൃത്സുതിർഹാസമാനാ സ്വർമീള ഹസ്യ പ്രധനസ്യ സാദൗ ||**

ഹേ ഇന്ദ്രാ! നിൻെറ ദാനത്തെ അറിയുന്നവരായ പ്രജകൾ നിന്നെ പ്രാപിക്കുന്നു. മരുത്തുക്കളുടെ സേനകൾ യുദ്ധത്തിൽ നിന്നെ അത്യധികം സഹായിക്കുന്നു.

**3. അമ്യക്സാ ഇന്ദ്ര ഋഷ്ടി രസ്മേ സനേമ്യഭ്വം മരുതോ ജുനന്തി അഗ്നിശ്ചിദ്ധി ഷ്മാതസേ ശുശുക്വാനാവോ ന ദ്വീപം ദധതി പ്രയാംസി ||**

ഹേ ഇന്ദ്രാ! നിൻെറ പ്രസിദ്ധമായ വജ്രായുധം മേഘത്തിനുനേരെ പായുന്നു. മരുത്തുക്കൾ ഞങ്ങൾക്കായി ജലംവർഷിക്കുന്നു. എപ്രകാരം അഗ്നി വിറകിൽ അതിവേഗം പടർന്നുപിടിക്കുന്നുവോ എപ്രകാരം ജലം ദ്വീപുകളെ വലയം ചെയ്തിരിക്കുന്നുവോ, അതുപോലെതന്നെ മരുത്തുക്കളും ഇതിനെ അന്നത്താൽ പൂർണ്ണമാക്കുന്നു.

**4. ത്വം തൂ ന ഇന്ദ്ര തം രയിം ദാ ഓജിഷ്ഠയാ ദക്ഷിണയേവ രാതിം |**

**സ്തുതശ്ച യാസ്തേ ചകനന്ത വായോഃ സ്തനം ന മധ്വഃ പീപയന്ത വാജൈഃ ||**

ഹേ ഇന്ദ്രാ! ദക്ഷിണയ്ക്കുതുല്യം മാഹാത്മ്യമേറിയ യാതൊരുധനം തൻെറ മിത്രങ്ങൾക്കായി നൽകിയോ, ആ ധനം തന്നെ ഞങ്ങൾക്കും നൽകൂ. സ്ത്രീയുടെ സ്തനംപോലെ പുഷ്ഠമായിരിക്കുന്ന മധുരദുഗ്ധത്തിനു സമാനമുള്ള ഞങ്ങളുടെ സ്തുതികളാൽ നീ ഞങ്ങളെ അന്നാദികളാൽ പുഷ്ഠരാക്കൂ.

**5. ത്വേ രായ ഇന്ദ്ര തോശതമാഃ പ്രണേതാരഃ കസ്യ**

**ചിദ്ദ്യതായോഃ |**

**തേ ഷു ണോ മരുതോ മൃളയന്തു യേ സ്മാ പുരാ ഗാതുയന്തീവ ദേവാഃ ||**

ഹേ ഇന്ദ്രാ! അങ്ങയുടെധനം അത്യന്തം സത്യപ്രദവും പുഷ്ടിപ്രദവും അതുപോലെ അഭിവൃദ്ധിപ്പെടുത്തുന്നതുമാകുന്നു. ഏതൊരു മരുത്ഗണം പ്രാചീനകാലം മുതൽതന്നെ നിയമങ്ങളിൽ നിലനിന്നു വന്നിരുന്നുവോ അവർ ഞങ്ങളുടെമേൽ അത്യധികമായ അനുഗ്രഹങ്ങൾ വർഷിക്കണേ.

**6. പ്രതി പ്ര യാഹീന്ദ്ര മീളഹുഷോ നൄൻമഹഃ പാർഥിവേ സദനേ യതസ്വ |**

**അധ യദേഷാം പൃഥുബുധ്നാസ ഏതാസ്തീർഥ്യേ നാര്യഃ പൗംസ്യാനി തസ്ഥുഃ ||**

ഹേ ഇന്ദ്രാ! പുരുഷാർത്ഥിയായ നീ മേഘങ്ങളുടെ സമീപം ചെന്ന് തൻെറ പുരുഷാർത്ഥം പ്രകടമാക്കണേ. മരുത്തുക്കളുടെ വാഹനം മേഘങ്ങളെ ആക്രമിക്കുവാൻ തയ്യാറായി നിൽക്കുന്നു.

**7. പ്രതി ഘോരാണാമേതാനാമയാസം മരുതാം ശൃണ്വ ആയതാമുപബ്ദിഃ |**

**യേ മർത്യം പൃതനായന്തമൂമൈർഋണാവാനം ന പതയന്ത സർഗൈഃ ||**

ചിത്രവിചിത്ര ദ്രുതഗാമികളായ മരുത്തുക്കളുടെ ഗർജ്ജനം ശ്രവണ ഗോചരമാകുന്നു. അധമനായ യോദ്ധാവിനെ കൊല്ലുന്നതുപോലെ മരുത്തുക്കൾ ശത്രുക്കളെ നശിപ്പിക്കുന്നു.

**8. ത്വം മാനേഭ്യ ഇന്ദ്ര വിശ്വജന്യാ രദാ മരുദ്ഭിഃ ശുരുധോ ഗോഅഗ്രാഃ |**

**സ്തവാനേഭിഃ സ്തവസേ ദേവ ദേവൈർവിദ്യാ മേഷം വൃജനം ജീരദാനും ||**

ഹേ ഇന്ദ്രാ! മരുത്തുക്കൾസഹിതം ആഗതരായി മാനപുത്രൻമാർക്കുവേി അഖിലത്തിൻേറയും ഉൽപത്തികർത്താവായ ജലത്തെ ഗോക്കൾ സഹിതം പ്രകടമാക്കണേ. നീ സ്തുത്യരായ ദേവഗണങ്ങളോടുകൂടി സ്തുതിക്കപ്പെടുന്നു. ഞങ്ങൾ അന്നബലവും ദാനസ്വഭാവവും പ്രാപിക്കണേ.

## സൂക്തം 170

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്, പംക്തി**

**1. ന നൂനമസ്തി നോ ശ്വഃ കസ്തദ്വേദ യദദ്ഭുതം |**

**അന്യസ്യ ചിത്തമഭി സഞ്ചരേണ്യമുതാധീതം വിനശ്യതി ||**

(ഇന്ദ്രൻ) ഇന്നും നാളെയും ഒന്നുമില്ല. ഇല്ലാതിരിക്കുന്നതിനെ ആരറിയുന്നു? ചഞ്ചലചിത്തനായവൻ ചിന്തിക്കുന്നവനെ മറന്നുപോകുന്നു.

**2. കിം ന ഇന്ദ്ര ജിഘാംസസി ഭ്രാതരോ മരുതസ്തവ |**

**തേഭിഃ കല്പസ്വ സാധുയാ മാ നഃ സമരണേ വധീഃ ||**

(അഗസ്ത്യൻ) ഹേ ഇന്ദ്രാ! നീ എന്നെ കൊല്ലുവാനാഗ്രഹിക്കുന്നുവോ? മരുത്തുക്കൾ നിൻെറ സഹോദരൻമാരാണ്. അവരോടുകൂടി നല്ല രീതിയിലുള്ള യജ്ഞഭാവം പ്രാപിക്കണേ. യുദ്ധകാലത്ത് ഞങ്ങളെ നശിപ്പിക്കരുതേ.

**3. കിം നോ ഭ്രാതരഗസ്ത്യ സഖാ സന്നതി മന്യസേ |**

**വിദ്മാ ഹി തേ യഥാ മനോസ്മഭ്യമിന്ന ദിത്സസി ||**

(ഇന്ദ്രൻ) അഗസ്ത്യാ! മിത്രമായിരുന്നുകൊ് നമ്മെ അനാദരിക്കുന്നതെന്തുകൊ്? നാം നിൻെറ മനസ്സറിയുന്നു, നീ ഞങ്ങൾക്ക് തരുവാനാഗ്രഹിക്കുന്നില്ലെന്നാണോ?

**4. അരം കൃണ്വന്തു വേദിം സമഗ്നിമിന്ധതാം പുരഃ |**

**തത്രാമൃതസ്യ ചേതനം യജ്ഞം തേ തനവാവ ഹൈ ||**

ഋത്വിജരേ! ദേവിയെ അലങ്കരിക്കുവിൻ, അഗ്നിയെ ജ്വലിപ്പിക്കുവിൻ. നമുക്കു യജ്ഞം ആരംഭിക്കാം

**5. ത്വമീശിഷേ വസുപതേ വസൂനാം ത്വം മിത്രാണാം മിത്രപതേ ധേഷ്ഠഃ |**

**ഇന്ദ്ര ത്വം മരുദ്ഭിഃ സം വദസ്വാധ പ്രാശാന ഋതുഥാ ഹവീംഷി ||**

(അഗസ്ത്യൻ) ഹേ ധനപതേ! നീ ധനത്തിൻെറ സ്വാമിയാണല്ലോ. ഹേ മിത്രപതേ! നീ മിത്രങ്ങളുടെ ആശ്രയരൂപനാണല്ലോ. ഹേ ഇന്ദ്രാ! നീ മരുത്തുക്കളോടു സമാതയിൽ വർദ്ധിക്കുന്നു. ഞങ്ങളുടെ ഹവിസ്സിനെ സ്വീകരിക്കണേ.

## സൂക്തം 171

**ഋഷി അഗസ്ത്യൻ ദേവത മരുത് ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. പ്രതി വ ഏനാ നമസാഹമേമി സൂക്തേന ഭിക്ഷേ സുമതിം തുരാണാം |**

**രരാണതാ മരുതോ വേദ്യാഭിർനി ഹേളോ ധത്ത വി മുചധ്വമശ്വാൻ ||**

ഹേ മരുത്തുക്കളേ! ഞാൻ നമസ്കരിച്ചുകൊ് നിങ്ങളുടെ അടുത്തേയ്ക്ക് വരുന്നു. നിങ്ങൾ സ്തുതികളാൽ പ്രസന്നനായി ക്രോധത്തെ ശാന്തമാക്കണേ. തൻെറ രഥത്തിൽനിന്നും അശ്വങ്ങളെ അഴിച്ചുവിടണേ.

**2. ഏഷ വഃ സ്തോമോ മരുതോ നമസ്വാൻ ഹൃദാ തഷ്ടോ മനസാ ധായി ദേവാഃ |**

**ഉപേമാ യാത മനസാ ജുഷാണാ യൂയം ഹി ഷ്ഠാ നമസ ഇദ്വൃധാസഃ ||**

ഹേ മരുത്തുക്കളേ! നമസ്കാരങ്ങളാൽ യുക്തമായ നിങ്ങളുടെ ഈ സ്തോത്രം ഹൃദയത്താൽ രചിക്കപ്പെട്ടതും മനസ്സിൽ ധാരണം ചെയ്യപ്പെട്ടതുമാണ്. അതിനാൽ ഇതിനെ സ്വീകരിച്ചുകൊ് സ്നേഹത്തോടുകൂടി ഇവിടെ വന്നാലും. നിങ്ങൾ തീർച്ചയായും ഹവ്യാന്നത്തെ വളർത്തണേ.

**3. സ്തുതാസോ നോ മരുതോ മൃളയന്തൂത സ്തുതോ മഘവാ ശംഭവിഷ്ഠഃ |**

**ഊർധ്വാ നഃ സന്തു കോമ്യാ വനാന്യഹാനി വിശ്വാ മരുതോ ജിഗീഷാ ||**

സ്തുതിക്കപ്പെട്ടുകഴിയുമ്പോൾ മരുത്തുക്കൾ ഞങ്ങളെ അനുഗ്രഹിക്കണേ. സ്തുതിക്കപ്പെട്ടുകഴിയുമ്പോൾ ഇന്ദ്രനും ശാന്തിദാതാവായിത്തീരണേ. ഹേ മരുത്തുക്കളേ! ഞങ്ങളുടെ

ആയുസ്സിൻെറ ദിനങ്ങൾ രമണീയ സുഖത്താൽ യുക്തവും, ശ്രേഷ്ഠവും വിജയപൂർണ്ണവുമാകണേ.

**4. അസ്മാദഹം തവിഷാദീഷമാണ ഇന്ദ്രാദ്ഭിയാ മരുതോ രേജമാനഃ |**

**യുഷ്മഭ്യം ഹവ്യാ നിശിതാന്യാസന്താന്യാരേ ചകൃമാ മൃളതാ നഃ ||**

ഹേ മരുത്തുക്കളേ! ഞങ്ങൾ ബലവനായ ഇന്ദ്രനോടുള്ള ഭയത്താൽ ഭയന്നോടുന്നു. നിങ്ങൾക്കായി ഞങ്ങൾ തയ്യാറാക്കിയ ഹവ്യം ഞങ്ങൾ ദൂരത്താക്കിക്കളഞ്ഞു. ഇപ്പോൾ നിങ്ങൾ ഞങ്ങളുടെമേൽ കൃപയുള്ളവരായിരിക്കണേ.

**5. യേന മാനാസശ്ചിതയന്ത ഉസ്രാ വ്യുഷ്ഠിഷു ശവസാ ശശ്വതീനാം |**

**സ നോ മരുദ്ഭിർവൃഷഭ ശ്രവോ ധാ ഉഗ്ര ഉഗ്രേഭിഃ സ്ഥവിരഃ സഹോദാഃ ||**

ഹേ പരാക്രമിയായ ഇന്ദ്രാ! നിൻെറ ബലത്താൽ പ്രേരിതങ്ങളായ ഉഷസ്സുകൾ നിത്യവും വികസിക്കുകയും ജീവികളെ ഉണർത്തുകയും ചെയ്യുന്നു. നീ വികരാളകർമ്മാക്കളായ മരുത്തുക്കളോടുകൂടി ഞങ്ങൾക്ക് വേി അന്നത്തെ വഹിച്ചാലും.

**6. ത്വം പാഹീന്ദ്ര സഹീയസോ നൄൻഭവാ മരുദ്ഭിരവയാതഹേളാഃ |**

**സുപ്രകേതേഭിഃ സാസഹിർദധാനോ വിദ്യാമേഷം വൃജനം ജീരദാനും ||**

**ഹേ അജയ്യനായ ഇന്ദ്രാ! നീ മേധാവികളായ മരുത്തുക്കളോടുകൂടി സ്വന്തം ക്രോധത്തെ ശാന്തമാക്കിയാലും. ശത്രുക്കളെ നശിപ്പിച്ച് ഞങ്ങളെ രക്ഷിക്കണേ. ഞങ്ങൾ അന്നബലത്തെ പ്രാപിക്കുകയും ഞങ്ങളുടെ സ്വഭാവം ദാനശീലത്തോടുകൂടിയതുമാകണേ.**

## സൂക്തം 172

**ഋഷി അഗസ്ത്യൻ ദേവത മരുത്ത്   ഛന്ദസ് ഗായത്രി**

**1. ചിത്രോ വോസ്തു യാമശ്ചിത്ര ഉതീ സുദാനവഃ |**
**മരുതോ അഹിഭാനവഃ ||**

ഹേ കല്യാണകാരിയായ മരുത്തുക്കളേ! നിങ്ങ ളുടെ ആഗമനം ഞങ്ങളുടെ രക്ഷയുടെ പ്രത്യക്ഷമാ യ കാരണമാകണേ.

**2. ആരേ സാ വഃ സുദാനവോ മരുത ഋഞ്ജതീ ശരുഃ |**
**ആരേ അശ്മാ യമസ്യഥ ||**

ഹേ മംഗളദാതാക്കളായ മരുത്തുക്കളേ! നിങ്ങ ളുടെ വിനാശകങ്ങളായ അസ്ത്രങ്ങൾ ഞങ്ങളിൽ നിന്നും അകന്നുപോകട്ടെ നിങ്ങളറിയുന്ന ആയുധം ഞങ്ങളിൽനിന്നും വളരെയകലെ പതിക്കണേ.

**3. തൃണസ്കന്ദസ്യ നു വിശഃ പരിവൃങ്ക്ത സുദാനവഃ |**
**ഊർധ്വാന്നഃ കർതജീവസേ ||**

ഹേ മംഗളമയരായ മരുത്തുക്കളേ! തൃണസമാ നമായ അവമതിയെ ഞങ്ങളനുഭവിക്കുമ്പോഴും ഞങ്ങളുടെ സന്താനങ്ങളെ രക്ഷിക്കണമേ. ഞങ്ങൾ പൂർണ്ണായുസ്സുവരെ ജീവിച്ചിരിക്കുന്നതിനായി ഞ ങ്ങളെ ഉന്നതരാക്കണമേ.

## സൂക്തം 173

**1. ഗായത്സാമ നഭന്യാ യഥാ വേരർചാമ തദ്വാവൃധാനം സ്വർവത് |**

**ഗാവോ ധേനവോ ബർഹിഷ്യദബ്ധാ ആ യത്സദ്മാനം ദിവ്യം വിവാസാൻ ||**

ഗായകൻ പക്ഷിയെപ്പോലെ സോമത്തെപ്പറ്റി പാടട്ടെ. നാം അവനിൽനിന്നും ജ്ഞാനത്തെ പ്രകാ ശിപ്പിച്ചുകൊ് അവനെ ബഹുമാനിക്കണേ. ഹിം സാരഹിതയും, പയസ്വിനിയുമായ ഗോക്കൾ കുശാ സനത്തിലിരിക്കുന്ന ഇന്ദ്രനെ സേവിക്കണേ.

**2. അർചദ്വൃഷാ വൃഷഭിഃ സ്വേദുബവ്യൈർമൃഗോ യാനാശ്നോ അതി യജജുഗുര്യാത് |**

**പ്ര മന്ദയുർമനാം ഗുർത ഹോതാ ഭരതേ മര്യോ മിഥുനാ യജത്രഃ ||**

ഹവിർദാതാവായ യജമാനൻ അധ്വര്യുവി നോടുകൂടി ഹവിസ്സ് നൽകി ഇന്ദ്രനെ പൂജിക്കുന്നു. ഹേ ഇന്ദ്രാ! നീ അത്യന്തം പൂജനീയനാകുന്നു. അ ങ്ങയെ സ്തുതിക്കുവാനുള്ള ആകാംക്ഷയോടുകൂടി ഹോതാക്കളായ മനുഷ്യർ യജ്ഞാനുഷ്ഠാനം നട ത്തുന്നു.

**3. നക്ഷദ്ധോതാ പരി സദ്മ മിതാ യൻഭരദ് ഗർഭമാ ശരദഃ പൃഥിവ്യാഃ |**

**ക്രന്ദദശ്വോ നയമാനോ രുവദ്ഗൗരന്തർദൂതോ ന രോദസീ ചരദ്വാക് ||**

ഹോതാരൂപനായ സൂര്യൻ നാലുപാടും വ്യാ പിക്കുന്നു. അവൻ ശരത്തിനുമുൻപായി ഗർഭരൂപമാ യ അന്നത്തെ ഭൂമിയിൽ വഹിക്കുന്നു. അശ്വത്തെ പ്പോലെ ശബ്ദം പുറപ്പെടുവിച്ചുകൊ് അന്നയുക്ത മായ ആകാശത്തിൻേറയും ഭൂമിയുടേയും ഇടയിൽ ക്കൂടി ദൂതനെപ്പോലെ പ്രവർത്തിക്കുന്നു.

**4. താ കർമാഷതകരാസ്മൈ പ്ര ച്യൗതന്താനി ദേവയന്തോ ഭരന്തേ |**

**ജുജോഷദിന്ദ്രോ ദസ്മവർചാ നാസത്യേവ സുഗമ്യോ രഥേഷ്ഠാഃ ||**

ഇന്ദ്രൻ കാരണമായി ഈ ഹവിസ്സ് അധികം രുചികരമാക്കപ്പെട്ടു. യജമാനൻ ശ്രേഷ്ഠങ്ങളായ സ് തോത്രങ്ങൾ അർപ്പിക്കുന്നു. അശ്വിനികുമാരൻമാരെ പ്പോലെ തേജസ്വിയായ തേരാളി ഇന്ദ്രൻ ഇവയെ സ്വീകരിക്കട്ടെ.

**5. തമു ഷ്ടുഹീന്ദ്രം യോ ഹ സത്വാ യഃ ശൂരോ മഘവാ യോ രഥേഷ്ഠാഃ |**

**പ്രതീചശ്ചിദ്യോധീയാൻവൃഷാണ്വാന്വവവ്രു ഷശ്ചിത്തമസോ വിഹന്താ ||**

ഹേ മനുഷ്യരേ! ആ മഹാബലിയായ ഇന്ദ്രനെ സ്തുതിക്കുവിൻ. അവൻ ഏറ്റവും വലിയ പരാക്രമി യും അതുപോലെ അന്ധകാരത്തെ നശിപ്പിക്കുന്നവ നും ആകുന്നു.

**6. പ്ര യദിത്ഥാ മഹിനാ നൃഭ്യോ അസ്ത്യരം രോദസീ കക്ഷ്യേ നാസ്മൈ |**

**സം വിവ്യ ഇന്ദ്രോ വൃജനം ന ഭൂമാ ഭർതി സ്വധാവാം ഓപശമിവ ദ്യാം ||**

യാതൊരിന്ദ്രൻ തൻെറ മഹിമയാൽ അഗ്രഗ ണ്യനായിരിക്കുന്നുവോ, അദ്ദേഹത്തിൻെറ പൂർത്തി യാക്കി ആകാശവും ഭൂമിയും പര്യാപ്തമാകുന്നില്ല യോ. ആ ഇന്ദ്രൻ ഭൂമിയെ രോമങ്ങൾപോലെയും ആകാശത്തെ മുകുടംപോലെയും ധരിക്കുന്നു.

**7. സമത്സു ത്വാ ശൂര സതാമുരാണം പ്രപഥിന്തമം പരിതംസയധ്യൈ |**

**സജോഷസ ഇന്ദ്രം മദേ ക്ഷോണി സൂരിം ചി ദ്യ അനുമദന്തി വാജൈഃ ||**

ഹേ വീരനായ ഇന്ദ്രാ! ഭൂമി ആദിയായ ലോക ങ്ങൾ നിങ്ങളെപ്പോലുള്ള ഏകചിന്തരായ സത്പുരു ഷൻമാരെ വരണയോഗ്യരായ വീരൻമാരെ സുസ ജ്ജിതരാക്കുകയും നിങ്ങളുടെ ഉപാസ്യരെ അന്നാ ദികളാൽ യുക്തരാക്കുകയും ചെയ്യുന്നു.

**8. ഏവാ ഹി തേ ശം സവനാ സമുദ്ര ആപോ യത്ത ആസു മദന്തി ദേവീഃ |**

**വിശ്വാ തേ അനു ജോഷ്യാ ഭൂദ്ഗൗഃ സൂരിംശ്ചിദ്യദിധിഷാ വേഷി ജനാൻ ||**

ഹേ ഇന്ദ്രാ! സോമത്തിന്‍െറ ആഹുതികള്‍ അന്തരീക്ഷത്തില്‍ വ്യാപിച്ച് പ്രജകളെ സുഖികളാക്ക ണേ. ഈ സ്തുതികള്‍ അങ്ങയെ പ്രസന്നനാക്കുന്നു. അപ്പോള്‍ വാണി അങ്ങയെ സേവിക്കുന്നു. അങ്ങ് സ്തോതാക്കളുടെ സ്തുതികളെ ഇഷ്ടപ്പെടുന്നു.

**9. അസാമ യഥാ സുഷഖായ ഏന സ്വഭിഷ്ഠയോ നരാം ന ശംസൈഃ |**

**അസദ്യഥാ ന ഇന്ദ്രോ വന്ദനേഷ്ഠാസ്തുരോ ന കര്‍മ നയമാന ഉക്ഥാ ||**

ഹേ സ്വാമീ! ഞങ്ങള്‍ നിങ്ങളുടെ മിത്രങ്ങളാകുന്ന കാര്യങ്ങള്‍ ചെയ്യുകയും ഞങ്ങളുടെ സ്തുതികള്‍ നിങ്ങളില്‍നിന്നും അഭീഷ്ടങ്ങളെ പ്രാപിക്കുകയും ചെയ്യണേ. നീ ഞങ്ങളുടെ സ്തുതികള്‍ സ്വീകരിച്ച് കര്‍മ്മനിരതനായി ഭവിക്കണേ.

**10. വിഷ്പര്‍ധസോ നരാം ന ശംസൈരസ്മാകാ സദിന്ദ്രോ വജ്രഹസ്തഃ |**

**മിത്രായുവോ ന പൂര്‍പതിം സുശിഷ്ടൗ മധ്യായുവ ഉപ ശിക്ഷന്തി യജ്ഞൈഃ ||**

മനുഷ്യരെ പ്രശംസകള്‍കൊ് ഇണക്കുന്നതുപോലെ വജ്രധരനായ ഇന്ദ്രനെ നമ്മള്‍ ഇണക്കുക. യോഗ്യനായ നഗരാധിപന്‍െറ സല്‍ഭരണത്തെ എല്ലാവരും സ്തുതിക്കുന്നതുപോലെ നാം ഇന്ദ്രനെ യജ്ഞസാധനങ്ങള്‍കൊു പൂജിക്കുക.

**11. യജ്ഞോ ഹി ഷ്മേന്ദ്രം കശ്ചിദൃന്ധഞ്ജുഹുരാണശ്ചിന്‍മനസാ പരിയന്‍ |**

**തീര്‍ഥേ നാച്ഛാ താതൃഷാണമോകോ ദീര്‍ഘോ ന സിധ്രമാ കൃണോത്യധ്വാ ||**

ഏതെങ്കിലും വ്യക്തി മനസ്സില്‍ കുടിലതയോടുകൂടി യജ്ഞത്തില്‍ ഇന്ദ്രനെ പൂജിക്കുകയാണെങ്കില്‍ നീ വഴിയാത്രയില്‍ ദാഹിക്കുന്നവന് ജലം കിട്ടാത്തവനെപ്പോലെ ആ കുടിലബുദ്ധിയെ യജ്ഞഫലങ്ങളുടെ നേരെ പോകുവാനനുവദിക്കുന്നില്ല.

**12. മോഷു ണ ഇന്ദ്രാത്ര പൃത്സു ദേവൈരസ്തി ഹി ഷ്മാ തേ ശുഷ്മിന്നവയാഃ |**

**മഹശ്ചിദ്യസ്യ മീള്‍ഹുഷോ യവ്യാ ഹവിഷ്മതോ മരുതോ വന്ദതേ ഗീഃ ||**

ശക്തനായ ഇന്ദ്രാ! നീ യുദ്ധത്തില്‍ ഞങ്ങളില്‍നിന്നും അകന്നുപോകരുതേ. ദേവഗണങ്ങളോടൊപ്പം നിന്‍െറ ഹവ്യാംശവും തയ്യാറു്. നിന്‍െറ കൂട്ടുകാരായ മരുത്തുക്കള്‍ക്കും ഞങ്ങള്‍ ഹവിസ്സ് നല്‍കി പൂജിക്കുന്നു.

**13. ഏഷഃ സ്തോമ ഇന്ദ്ര തുഭ്യമസ്മേ ഏതേന ഗാതും ഹരിവോ വിദോ നഃ |**

**ആ നോ വവൃത്യാഃ സുവിതായ ദേവ വിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ അശ്വയുക്തനായ ഇന്ദ്രാ! ഈ സ്തോത്രം നിന്‍െറതന്നെയാണു. ഇതുവഴി ഞങ്ങളുടെ മാര്‍ഗ്ഗങ്ങളില്‍ വരണേ. മംഗളമരുളുന്നതിനായി ഞങ്ങളുടെ നേരെ തിരിയൂ. ഞങ്ങള്‍ അന്നബലത്തെ പ്രാപിച്ച് ഉദാരമനസ്ക്കരായി ഭവിക്കണേ.

## സൂക്തം 174

**ഋഷി അഗസ്ത്യന്‍ ദേവത ഇന്ദ്രന്‍ ഛന്ദസ് പംക്തി, ത്രിഷ്ടുപ്, ബൃഹതി**

**1. ത്വം രാജേന്ദ്ര യേ ച ദേവാ രക്ഷാ നൄന്‍പാഹ്യസുര ത്വമസ്മാന്‍ |**

**ത്വം സത്പതിര്‍മഘവാ നസ്തരുത്രസ്ത്വം സത്യോ വസവാനഃ സഹോദാഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാലോകങ്ങളുടേയും നാഥനാകുന്നു. നീ ഞങ്ങളെ പാലിക്കൂ. ഞങ്ങളുടെ വീരന്‍മാരെ രക്ഷിക്കൂ. നീ സല്‍ക്കര്‍മ്മികളുടെ ഉദ്ധാരകനാണ്. നീ ധനത്തിന്‍േറയും ബലത്തിന്‍േറയും ദാതാവാകുന്നു.

**2. ദനോ വിശ ഇന്ദ്ര മൃധ്രവാചഃ സപ്ത യത്പുരഃ ശര്‍മ ശാരദീര്‍ദര്‍ത് |**

**ഋണോരപോ അനവദ്യാര്‍ണോ യൂനേ വൃത്രം പുരുകുത്സായ രന്ധീഃ ||**

ഹേ ഇന്ദ്രാ! നീ നിരാദരിച്ച മനുഷ്യരേ നിര്‍ധനരും നിര്‍ബലരുമാക്കി നീ അവരുടെ കോട്ടകള്‍ തകര്‍ക്കുകയും ജലത്തെ പ്രവഹിപ്പിക്കുകയും ചെയ്തു. യുവാവായ പുരുത്സകന്‍െറ ശത്രുവിനെ നീ അധീനമാക്കി.

**3. അജാ വൃത ഇന്ദ്ര ശൂരപത്നീര്‍ദ്യാം ച ഃ പുരുഹൂത നൂനം |**

**രക്ഷോ അഗ്നിമശുഷം തൂര്‍വയാണം സിംഹോ ന ദമേ അപാംസി വസ്തോഃ ||**

ഹേ അനേകരാല്‍ ആഹുതനായ ഇന്ദ്രാ! നീ വീരന്‍മാരില്‍ രക്ഷിതമായ സേനകളെ പ്രേരിപ്പിക്കണേ. നീ ഏതൊരഗ്നിയില്‍നിന്നും പ്രകാശത്തെ പ്രാപിക്കുന്നുവോ, ആ സിംഹസമാനമായ അഗ്നിയെ ഞങ്ങളുടെ ഭവനങ്ങളില്‍ സ്ഥാപിക്കണേ.

**4. ശേഷന്നു ത ഇന്ദ്ര സസ്മിന്യോനൗ പ്രശസ്തയേ പവീരവസ്യ മഹ്നാ |**

**സൃജദര്‍ണാംസ്യവ യദ്യുധാ ഗാസ്തിഷ്ഠദ്ധരീ ധൃഷതാ മൃഷ്ട വാജാന്‍ ||**

ഹേ ഇന്ദ്രാ! നിന്‍െറ പ്രശംസയ്ക്കുവേി വജ്രത്തിന്‍െറ ശക്തിയാല്‍ ശത്രുക്കള്‍ മരിച്ചുറങ്ങി. തത്സമയം നീ ജലത്തേയും ഗോക്കളേയും തുറന്നുവിടുകയും ധനഹീനരാക്കുകയും ചെയ്തു.

**5. വഹ കുത്സമിന്ദ്ര യസ്മിഞ്ചാകൻത്സ്യൂമന്യൂ ഋജ്രാ വാതസ്യാശ്വാ |**

**പ്ര സൂരശ്ചക്രം വൃഹതാദഭീകേഭിസ്പൃധോ യാസിഷദ്വജ്രബാഹുഃ ||**

ഹേ ഇന്ദ്രാ! നീ കുത്സൻെറ അഭിലാഷമനുസരിച്ച് ശീഘ്രഗാമിയും, സുഖദായിയുമായ അശ്വത്തെ നയിക്കുന്നു. അപ്പോൾ സൂര്യൻ തൻെറ രഥചക്രത്തെ സമീപംകൊുവരുകയും നീ വജ്രത്താൽ ശത്രുക്കളെ നേരിടുകയും ചെയ്യുന്നു.

**6. ജഘന്വാം ഇന്ദ്ര മിത്രേരൂഞ്ചോദപ്രവൃദ്ധോ ഹരിവോ അദാശൂൻ |**

**പ്ര യേ പശ്യന്നര്യമണം സചായോസ്ത്വയാ ശൂർതാ വഹമാനാ അപത്യം ||**

ഹേ ഇന്ദ്രാ! നീ സ്വന്തം മിത്രങ്ങളെ കഷ്ടപ്പെടുത്തുന്ന അദ്ധ്യാനശീലരെ നശിപ്പിച്ചു? യാതൊരുത്തൻ നിന്നെ മനുഷ്യരുടെ മിത്രമായി ദർശിക്കുന്നുവോ, അവർ സന്താനയുക്തരായി ചിരംജീവികളായിത്തീരുന്നു.

**7. രപത്കവിരിദ്രാർകസാതൗ ക്ഷാം ദാസയോപബർഹണീം കഃ |**

**കരത്തിസ്രോ മഘവാ ദാനുചിത്രാ നി ദുര്യോണേ കുയവാചം മൃധി ശ്രേത് ||**

ഇന്ദ്രാ! അന്നപ്രാപ്തിക്കായി ഋഷികൾ നിന്നെ സ്തുതിച്ചു. നീ വൃഥ്വിയെ ശയ്യാരൂപമാക്കി. നീ മൂന്നുഭൂമികളെയും അത്ഭുതമായി ദാനം ചെയ്തു യുദ്ധത്തിൽ ദുര്യോണിക്കുവേണടി കുയവാചനെ വധിച്ചു.

**8. സനാ താ ത ഇന്ദ്ര നവ്യാ ആഗുഃ സഹോ നഭോ വിരണായ പൂർവീഃ |**

**ഭിനത്പുരോ ന ഭിദോ അദേവീർനനമോ വധരദേവസ്യ പീയോഃ ||**

ഹേ ഇന്ദ്രാ! നിൻെറ പ്രാചീന പരാക്രമങ്ങളെ നവീന ഋഷിമാരു സ്തുതിച്ചു. നീ ദുർഗുണങ്ങളെല്ലാം തകർത്ത് ദസ്യുക്കളെ ഛിന്നഭിന്നമാക്കുകയും, ദേവശൂന്യനായ നിന്ദകൻെറ ശസ്ത്രം നിലംപരിചാക്കയും ചെയ്തു.

**9. ത്വം ധൂനിരിന്ദ്ര ധുനിമതീർഋണോരപഃ സീരാ ന സ്രവന്തീഃ |**

**പ്ര യത്സമുദ്രമതി ശൂര പർഷി പാരയാ തുർവശം യദും സ്വസ്തി ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ വിറപ്പിക്കുന്നവനാണല്ലോ? ഭവാൻ ജലങ്ങളെ നദീരൂപത്തിൽ പ്രവഹിപ്പിച്ചു. നീ സമുദ്രത്തെ പരിപൂർണ്ണമാക്കിയപ്പോൾ തുർവ്വശനെയും, യദുവിനെയും കരയിലെത്തിച്ചു.

**10. ത്വമസ്മാകമിന്ദ്ര വിശ്വധ സ്യാ അവൃകതമോ നരാം നൃപാതാ |**

**സ നോ വിശ്വാസാം സ്പൃധാം സഹോദാ വിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടേതാകുന്നു, നീ മനുഷ്യരെ ഹിംസയിൽനിന്നും രക്ഷിക്കുന്നു. നീ ഞങ്ങളെ യുദ്ധത്തിൽ വിജയിപ്പിക്കൂ. ഞങ്ങൾ അന്നവും, ബലവും ആയുസ്സ് പ്രാപിക്കണേ.

## സൂക്തം 175

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുവ്, ഉഷ്ണിക**

**1. മത്സ്യപായി തേ മഹഃ പാത്രസ്യേവ ഹരിവോ മത്സരോ മദഃ |**

**വൃഷാ തേ വൃഷ്ണ ഇന്ദുർവാജീ സഹസ്രസാതമഃ ||**

ഹേ ഇന്ദ്രാ! ആഹ്ലാദകാരിയായ സോമപാനം ചെയ്ത് നീ പുഷ്ടനായി വീര്യമേറിയതും പൗഷ്ടികവും വിജേതാവുമായ ഈ സോമം നിനക്കുവേിതന്നെയാണ്.

**2. ആ നസ്തേ ഗന്തുമത്സരേ വൃഷാ മദോ വരേണ്യഃ |**

**സഹാവാം ഇന്ദ്ര സാനസിഃ പൃതനാഷാളമർത്യഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ ഈ പൗഷ്ടികവും, ആഹ്ലാദകാരിയുമായ പേയം നിന്നെ തൃപ്തനാക്കണേ. നീ ബലവാനും ധനവാനും ശത്രുക്കളെ വശീകരിക്കുന്നവനും, അമരനുമാകുന്നു.

**3. ത്വം ഹി ശൂരഃ സനിതാ ചോദയോ മനുഷോ രഥം |**

**സഹാവാന്ദസ്യുമവ്രതമോഷഃ പാത്രം ന ശോചിഷാ ||**

ഹേ ഇന്ദ്രാ! നീ പരാക്രമിയും ധനംസമ്പാദിച്ച് മനുഷ്യരുടെ നേരെ പ്രേരിപ്പിക്കുന്നവനുമാണ്. പാത്രത്തെ അഗ്നിജ്വാലകൾ ചൂടാക്കുന്നതുപോലെ നീ ദൈത്യൻമാരെ ദഹിപ്പിക്കുന്നു.

**4. മുഷായ സൂര്യം കവേ ചക്രമീശാന ഓജസാ |**

**വഹ ശുഷ=ണായ വധം കുത്സം വാതസ്യാശ്വൈഃ ||**

ഹേ മേധാവിയായ ഇന്ദ്രാ! നീ ഐശ്വര്യപ്രാപ്തിക്കുവേി സൂര്യരഥത്തേക്കാൾ വേഗതപ്രാപിക്കുന്നു. ശുഷ്ണനെ വധിക്കുന്നതിനായി വായുവിനോടുകൂടി വജ്രത്തെ പ്രാപിക്കൂ.

**5. ശുഷ്മിന്തമോ ഹി തേ മദോ ദ്യുമ്നിന്തമ ഉത ക്രതുഃ |**

**വൃത്രഘ്നാ വരിവോവിദാ മംസീഷ്ഠാ അശ്വസാതമഃ ||**

ഹേ ഇന്ദ്രാ! നിൻെറ പ്രസന്നത തന്നെ ബലമാകുന്നു. നിൻെറ സങ്കൽപ്പം യശസ്സാകുന്നു. അശ്വാദികളുടെ ദാതാവായ നീ വൃത്രനാശകനും ധനം സമ്പാദിക്കുന്നവരുടെ സ്വാമിയുമാകുന്നു.

**6. യഥാ പൂർവ്വേഭ്യോ ജരിതൃഭ്യ ഇന്ദ്ര മയ ഇവാപോ ന തൃഷ്യതേ ബഭൂഥ |**

**താമനു ത്വാ നിവിദം ജോഹവീമി വിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ ഇന്ദ്രാ! ദാഹിക്കുന്നവനു ജലം നൽകുന്നതുപോലെ എപ്രകാരം നീ പ്രാചീന സ്തോതാക്കൾക്ക് സുഖം നൽകിയോ അപ്രകാരം എനിക്കും സുഖം നൽകണേ. ഞാൻ നിന്നെകൂടെക്കൂടെ ആഹ്വാനം ചെയ്യുന്നു. എനിക്ക് അന്നവും ബലവും, ദാനശീലവും പ്രദാനം ചെയ്യണേ.

## സൂക്തം 176

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുവ്, ത്രിഷ്ടുപ്, ഉഷ്ണിക**

**1. മത്സി നോ വസ്യ ഇഷ്ടയ ഇന്ദ്രമിന്ദോ വൃഷാ വിശ |**
**ഋഘായമാണ ഇന്വസി ശത്രുമന്തി ന വിന്ദസി ||**

ഇന്ദ്രാ! ഞങ്ങൾക്കു മംഗളം വരുത്തുവാനായി ആഹ്ലാദയുക്തനാക്കണേ. ഈ സോമം നിന്റെ ശരീരത്തിൽ പ്രവേശിക്കണേ. നീ ക്രോധം നിറഞ്ഞവനായിരിക്കുന്നു. അതിനാൽ ശത്രു നിന്റെ മുമ്പിൽ വരുന്നില്ല.

**2. തസ്മിന്നാ വേശയാ ഗിരോ യ ഏകശ്ചർഷണീനാം |**
**അനു സ്വധാ യമുപ്യതേ യവം ന ചർകൃഷദ്വൃഷാ ||**

ആ ഇന്ദ്രന് സ്തുതികൾ കാഴ്ച സമർപ്പിക്കുവിൻ. മനുഷ്യരുടെ അദ്വിതീയനായ ആ അധീശ്വരന് ഹവിസ്സ് നൽകുവിൻ. അവൻ നമ്മുടെ എല്ലാകാര്യങ്ങളും നിറവേറ്റുന്നവനാണല്ലോ?

**3. യസ്യ വിശ്വാനി ഹസ്തയോഃ പഞ്ച ക്ഷിതീനാം വസു |**
**സ്പാശയസ്വ യോ അസ്മധ്രുഗ്ദിവ്യേവാശനിർജഹി ||**

ഹേ ഇന്ദ്രാ! നിന്റെ കരങ്ങളിൽ മനുഷ്യരിൽ അഞ്ചുജാതികളുടെ എല്ലാധനങ്ങളും ഇരിക്കുന്നു. ആ ഇന്ദ്രൻ നമ്മുടെ മോഹികളെ വജ്രത്താൽ നശിപ്പിക്കണേ.

**4. അസുന്വന്തം സമം ജഹി ദൂണാശം യോ ന തേ മയഃ |**
**അസ്മഭ്യമസ്യ വേദനം ദദ്ധി സൂരിശ്ചിദോഹതേ ||**

ഹേ ഇന്ദ്രാ! സോമം പിഴിഞ്ഞെടുക്കാത്തവരേയും, കീഴടങ്ങാത്തവരേയും സംഹരിക്കൂ. എന്തുകൊണ്ടെന്നാൽ അവർക്ക് അങ്ങയെ സുഖിപ്പിക്കുവാൻ കഴിയുന്നില്ല. അവരുടെ ധനം ഞങ്ങൾക്ക് നൽകൂ. അങ്ങയുടെ സ്തോതാവ് ധനം പ്രാപിക്കുവാൻ യോഗ്യനാണ്.

**5. ആവോ യസ്യ ദ്വിബർഹസോർക്കേഷു സാനുഷഗതസത് |**
**അജാവിന്ദ്രസ്യേന്ദോ പ്രാവോ വാജേഷു വാജിനം ||**

ഹേ സോമമേ! ഇന്ദ്രന്റെ സ്തോത്രങ്ങളിൽ ആര് നിരന്തരം വ്യാപൃതനായിരിക്കുന്നുവോ, അവനെ നീ സഹായിച്ചുകൊിരിക്കൂ. നീ ആവേശവാനായ ഇന്ദ്രനെ രക്ഷിക്കും.

**6. യഥാ പൂർവ്വേഭ്യോ ജരിതൃഭ്യ ഇന്ദ്ര മയ ഇവാപോ ന തൃഷ്യതേ ബഭൂഥ |**
**താമനു ത്വാ നിവിദം ജോഹവീമിവിദ്യാ മേഷം വൃജനം ജീരദാനും ||**

ഹേ ഇന്ദ്രാ! നീ ദാഹിക്കുന്നവന് വെള്ളം എന്നതുപോലെ പ്രാചീനസ്തോതാവിനു സുഖം നൽകുന്നവനായതിനാൽ ഞാനും അതേ സ്തുതികളാൽ നിന്നെ ആഹ്വാനം ചെയ്യുന്നു. ഞങ്ങൾ അന്നം, ബലം, ദാനശീലസ്വഭാവം എന്നിവ പ്രാപിക്കട്ടെ.

## സൂക്തം 177

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ആ ചർഷണിപ്രാ വൃഷഭോ ജനാനാം രാജാ കൃഷ്ടീനാം പുരുഹൂത ഇന്ദ്രഃ |**
**സ്തുതഃ ശ്രവസ്യന്നവസോപ മദ്രിഗ്യുക്ത്വാ ഹരീ വൃഷണാ യാഹ്യർവാങ് ||**

മനുഷ്യരുടെ പാലകനും, ശ്രേഷ്ഠനും സ്വാമിയും സ്തുത്യനും യജ്ഞത്തെ ആഗ്രഹിക്കുന്നവനും ആയ ഇന്ദ്രൻ തന്റെ തടിച്ചുകൊഴുത്ത അശ്വങ്ങളെ രഥത്തിൽ കെട്ടി രക്ഷയ്ക്കായി ഇവിടെ വരട്ടെ.

**2. യേ തേ വൃഷണോ വൃഷഭാസ ഇന്ദ്ര ബ്രഹ്മയുജോ വൃഷരഥാസോ അത്യാഃ |**
**താം ആ തിഷ്ഠ തേഭിരാ യാഹ്യർവാങ് ഹവാമഹേ ത്വാ സുത ഇന്ദ്ര സോമേ ||**

ഹേ ഇന്ദ്രാ! നിന്റെ പുഷ്ഠങ്ങളും, ഉന്നതങ്ങളും ശക്തരും മന്ത്രങ്ങളാൽ രഥത്തിൽ പൂട്ടുന്നവയുമായ അശ്വങ്ങളുടെ പുറമേറിവന്നാലും ഞങ്ങൾ സോമം പിഴിഞ്ഞരിച്ച് നിനക്കായി കാത്തിരിക്കുന്നു.

**3. ആ തിഷ്ഠ രഥം വൃഷണം വൃഷാ തേ സുതഃ സോമഃ പരിഷിക്താ മധൂനി |**
**യുക്ത്വാ വൃഷഭ്യാം വൃഷഭ ക്ഷിതീനാം ഹരിഭ്യാം യഹി പ്രവതോപ മദ്രിങ് ||**

ഹേ ഇന്ദ്രാ! നിനക്കുവേി മധുരമേറിയ സോമം പിഴിഞ്ഞെടുത്തു വച്ചിരിക്കുന്നു. നീ അഭീഷ്ടവർദ്ധകമായ രഥത്തിൽ കയറൂ. ബലിഷ്ഠരായ അശ്വങ്ങളാൽ യുക്തമായ രഥം ഇവിടെ കൊവരണേ.

**4. അയം യജ്ഞോ ദേവയാ അയം മിയേധ ഇമാ ബ്രഹ്മാണ്യയമിന്ദ്ര സോമഃ |**
**സ്തീർ നം ബർഹിരാ തു ശക്ര പ്ര യാഹി പിബാ നിഷദ്യ വി മുചാ ഹരി ഇഹ ||**

ഹേ ഇന്ദ്രാ! ദേവതകൾ ഈ യജ്ഞവും ഈ സ്തോത്രവും ഈ സോമവും ഈ കുശാസതവും എല്ലാം അറിയുന്നതാണ്. നീ അതിവേഗം ഇവിടെ ആഗതനായി അശ്വങ്ങളെ അഴിച്ചുവിട്ടിട്ട് കുശാസനത്തിലമർന്ന് സോമം പാനം ചെയ്യണേ.

**5. ഓ സുഷ്ടഭടുത ഇന്ദ്ര യാഹ്യർവാങ്പ ബ്രഹ്മാണി മാന്യസ്യ കാരോഃ |**
**വിദ്യാമ വസ്തോരവസാ ഗൃണന്തോ വിദ്യാമേഷം വൃജനം**

**ജീരദാനും ||**

ഹേ ഇന്ദ്രാ! നീ മാനപുത്രന്റെ സ്തോത്രങ്ങൾ ശ്രവിച്ച് പ്രത്യക്ഷനാകൂ. ഞങ്ങൾ സ്തുതിച്ചുകൊ് നിന്റെ രക്ഷകനെ പ്രാപിക്കണേ. അന്നവും ബലവും ദാനശീലവും ഞങ്ങളെ പ്രാപിക്കണേ.

## സൂക്തം 178

**ഋഷി അഗസ്ത്യൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. യദ്ധ സ്യാ ത ഇന്ദ്ര ശ്രുഷ്ടിരസ്തി യയാ ബഭൂ ജരിതൃഭ്യ ഊതീ |**

**മാ ന കാമം ജഹയന്തമാ ധഗ്വിശ്വാ തേ അശ്യാം പര്യാപ ആയോഃ ||**

ഹേ ഇന്ദ്രാ! നിന്റെ ഏതൊരു രക്ഷാസാധനങ്ങളാൽ സ്തോതാവിനെ രക്ഷിക്കുന്നുവോ, അവയെ തടയുന്നതിൽനിന്നും ഞങ്ങളുടെ അഭിലാഷങ്ങൾ നശിച്ചുപോകും. അതിനാൽ അപ്രകാരം ചെയ്യരുതേ. ഞാൻ പ്രാപിക്കേവയും, ഉപഭോഗ്യങ്ങളുമായ വസ്തുക്കളെ പ്രാപിക്കട്ടെ.

**2. ന ഘാ രാജേന്ദ്ര ആ ദഭന്നോ യാ നു സ്വസാരാ കൃണവന്ത യോനൗ |**

**ആപശ്ചിദസ്മൈ സുതുകാ അവേഷൻഗമന്ന ഇന്ദ്രഃസഖ്യാവയശ്ച ||**

ഏതെല്ലാം നൻമകളെ ദാനം ചെയ്യുന്ന രാത്രിയും, ഉഷസ്സും രു സഹോദരികളും എന്തെല്ലാം പ്രവർത്തിക്കുന്നുവോ ഇന്ദ്രൻ അവയെ തടയാതിരിക്കണേ. ഇന്ദ്രൻ നമുക്ക് അന്നവും മൈത്രിയും നൽകണേ.

**3. ജേതാ നൃഭിരിന്ദ്രഃ പൃത്സു ശൂരഃ ശ്രോതാ ഹവം ധാനമാ നസ്യ കാരോഃ |**

**പ്രഭർതാ രഥം ദാശുഷ ഉപാക ഉദ്യന്താ ഗിരോ യദി ച ത്മനാ ഭൂത് ||**

വിജേതാവായ ഇന്ദ്രൻ യാചകന്റെ വിളികേൾക്കുന്നവനും ഉപാസകന്റെ മുമ്പിൽ രഥം കൊവരുന്നവനും ആകുന്നു. അദ്ദേഹം സ്വയമായിത്തന്നെ സ്തുതികളെ പ്രേരിപ്പിക്കുന്നു.

**4. വാ നൃഭിരിന്ദ്രഃ സുശ്രവസ്യാ പ്രവാദഃ പൃക്ഷോ അഭി ത്രിണോ ഭൂത് |**

**സമര്യ ഇഷഃ സ്തവതേ വിവാചി സത്രകരോ യജമാ നസ്യ ശംസഃ ||**

ഉത്തമമായ യജ്ഞത്തെ ആഗ്രഹിക്കുന്നവനായ ഇന്ദ്രൻ തന്റെ യജമാനന്റെ ഹവിസ്സുകളെ രുചിയോടുകൂടി സ്വീകരിക്കുന്നു. യജമാനന്റെ ഹവിസ്സുകളെ രുചിയോടുകൂടി സ്വീകരിക്കുന്നു. യജമാനന്റെ പ്രാർത്ഥനകളെ സാർത്ഥീകരിക്കുന്ന അനേകം വാക്കുകളുടെ സ്തോത്രങ്ങളാൽ സ്തുതിക്കപ്പെടുന്നു.

**5. ത്വയാ വയം മഘവന്നിന്ദ്ര ശത്രൂനഭി ഷ്യാമ മഹതോ മന്യമാനാൻ |**

**ത്വം ത്രാതാ ത്വമു നോ വൃധേ ഭൂർവിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ ഇന്ദ്രാ! ഞങ്ങളങ്ങയുടെ ബലത്തെ പ്രാപിച്ച് ശത്രുക്കളെ വശീഭൂതരാക്കണേ. നീ ഞങ്ങളുടെ രക്ഷകനും വൃദ്ധികർത്താവുമാകുന്നു. ഞങ്ങൾ അന്നം, ബലം, ദാനമയ സ്വഭാവം ഇവകളെ പ്രാപിക്കണേ.

## സൂക്തം 179

**ഋഷി ലോപാമുദ്രയും അഗസ്ത്യനും ദേവത ദമ്പതികൾ ഛന്ദസ് ത്രിഷ്ടുപ്, ബൃഹതി**

**1. പൂർവീരഹം ശരദഃ ശശ്രമാണാ ദോഷാ വസ്തോരുഷസോ ജരയന്തീഃ |**

**മിനാതി ശ്രിയം ജരിമാ തനൂനാമപ്യൂനു പത്നീർവൃഷണോ ജഗമ്യുഃ ||**

(ഇതും അടുത്തപദ്യവും അഗസ്ത്യപതിയായ ലോപാമുദ്ര അഗസ്ത്യനോടുപറയുന്നതാണ്)

ഞാൻ വർഷങ്ങളായി രാവും പകലും ജരയുടെ സന്ദേശവാഹികയായ ഉഷസ്സിൽ അങ്ങയെ ശുശ്രൂഷിക്കുന്നു. വാർദ്ധക്യം ശരീരത്തിന്റെ സൗന്ദര്യത്തെ നശിപ്പിക്കുന്നു. അതിനാൽ യൗവ്വനകാലത്തുതന്നെ ഭാര്യാഭർത്താക്കൻമാർ ഗൃഹസ്ഥധർമ്മം പാലിച്ച് അതിന്റെ ഉദ്ദേശങ്ങളെ പാലിക്കട്ടെ, പൂർണ്ണമാക്കട്ടെ.

**2. യേ ചിദ്ധി പൂർവ ഋതസാപ ആസൻത്സാകം ദേവേ ഭിരവദൻനൃതാനി |**

**തേ ചിദവാസുർനഹ്യന്തമാപുഃ സമൂ നു പത്നിർവൃഷഭിർജഗമ്യഃ ||**

ധർമ്മപാലകരായ പുരാതന ഋഷിമാർ ദേവതകളോട് സത്യാവസ്ഥ തുറന്നുപറഞ്ഞിരുന്നു, അവർ ക്ഷീണിതരാകുകയും ജീവിതത്തിന്റെ പരമപ്രാപ്യമായ ഫലം പ്രാപിക്കുവാൻ അവർക്ക് കഴിയാതെ വരികയും ചെയ്തു. പതിപത്നിമാർക്കും സംയമനശീലത്തിലും വിദ്യാഢ്യയനത്തിലും നിരതരായ വിദ്വാൻമാർക്കും ഉപയുക്തമായ അവസ്ഥയിൽ കാമഭാവം ഉാകുകയും അവർ അനുകൂലയായ പത്നിയെ പ്രാപിച്ചു. സന്താനോൽപ്പാദനകർമ്മം നിർവ്വഹിക്കുകയും ചെയ്യുന്നു.

**3. ന മൃഷാ ശ്രാന്തം യദവന്തി ദേവാ വിശ്വാ ഇത്സ്പൃധോ അഭ്യശ്നവാവ |**

**ജയാവേദത്ര ശതനീഥമാജിം യത്സമ്യഞ്ചാ മിഥുനാവഭ്യജാ വ ||**

അഗസ്ത്യൻ നാം വ്യർത്ഥമായ പരിശ്രമങ്ങൾ ഒന്നുംതന്നെ നടത്തിയില്ല. ദേവഗണം നമ്മുടെ രക്ഷകരാണ്. നാം

സ്പർദ്ധയുള്ളവരെ വശത്താക്കുകയും അസംഖ്യം സാധനങ്ങസളുടെ ഉപഭോഗം നടത്തുകയും ചെയ്തിരിക്കുന്നു. നാം സ്ത്രീപുരുഷ സമ്മിളിതഭാവത്തിൽ ഗൃഹസ്ഥധർമ്മം പാലിക്കുന്നു.

**4. സദസ്യ മാ രുധതഃ കാമ ആഗന്നിത ആജാമോ അമുതഃ കുതശ്ചിത് |**

**ലോപാമുദ്രാ വൃഷണം നീരിണാതി ധീരമധീരാ ധയതി ശ്വസന്തം ||**

തടഞ്ഞുനിറുത്തപ്പെട്ട നദിയെപ്പോലെ

ശിഷ്യൻ പറയുന്നു ഞാൻ പാനം ചെയ്ത ഈ സോമത്തെ ഹൃദയംഗമമായി സ്തുതിക്കുന്നു. നമ്മിൽനിന്നും എന്തെങ്കിലും തെറ്റുകളുായിട്ടുങ്കിൽ അവർ ക്ഷമിക്കട്ടെ. എന്തുകൊന്നൊൽ അവർ ക്ഷമിക്കട്ടെ. എന്തുകൊന്നൊൽ മനുഷ്യർ വിഭിന്നങ്ങളായ അഭിലാഷങ്ങളാൽ യുക്തരാണല്ലോ.

**6. അഗസ്ത്യഃ ഖനമാനഃ ഖനിത്രൈഃ പ്രജാമപത്യം ബലിമിച്ഛമാനഃ |**

**ഉഭൗ വർണാവൃഷിരുഗ്രഃ പുപോഷ സത്യാ ദേവേഷ്വാശിഷോ ജഗാമ ||**

വിഭിന്ന സാധനകളോടുകൂടി അഗസ്ത്യമഹർഷി അനേകം സന്താനങ്ങളേയും ബലത്തേയും ആഗ്രഹിച്ചുകൊ് രുവരണീയ വസ്തുക്കളേയും പുഷ്ടിപ്പെടുത്തി ദേവഗണങ്ങളുടെ ആശീർവാദം പ്രാപിച്ചു.

## അനുവാകം 24 സൂക്തം 180

**ഋഷി അഗസ്ത്യൻ ദേവത അശ്വിനികൾ ഛ ന്ദ സ് ്ത്രിഷ്ടുപ്, പംക്തി**

**1. യുവോ രജാംസി സുയമാസോ അശ്വാ രഥോ യദ്വാം പര്യർണാംസി ദീയത് |**

**ഹിരണ്യയാ വാം പവയ പ്രുഷായൻമധ്വഃ പിബന്താ വാം ഉഷഷഃ സചേഥേ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ അശ്വങ്ങൾ ആകാശത്തിൽ സഞ്ചരിക്കുന്നു. നിങ്ങളുടെ രഥം സമുദ്രങ്ങളുടെ നാലുഭാഗത്തും ചരിച്ചുകൊ് വർദ്ധകമായിരിക്കുന്നു. നിങ്ങൾ മധുരരസം പാനംചെയ്ത് ഉഷസ്സുകളോടൊത്ത് കടന്നുപോകുന്നു.

**2. യുവമത്യസ്യാവ നക്ഷഥോ യദ്വിപത്മനോ നര്യസ്യ പ്രയജ്യോഃ |**

**സ്വസാ യദ്വാം വിശ്വഗുർതി ഭരാതി വാജായേട്ടേ മധുപാവിഷേ ച**

**അന്തര്യദ്വനിനോ വാമൃതപ്സു ഹ്വാരോ ന ശുചിർയ ജതേ ഹവിഷ്മാൻ ||**

ഹേ സത്യസ്വരൂപരായ അശ്വിനികളേ! നിങ്ങൾ ഗോക്കളെ പയസ്വിനികളാക്കി. വനവൃക്ഷങ്ങളുടെ മധ്യേ എപ്പോഴും ജാഗരൂകനായ യജമാനൻ നിങ്ങൾക്കായി ഹവിസ്സ് നൽകി പൂജിക്കുന്നു.

**4. യുവം ഹ ധർമം മധുമന്തമ ത്രയേപോന ക്ഷോദോ വൃണീതമേഷേ |**

**തദ്വാം നരാവശ്വിനാ പശ്വഇഷ്ടി രഥ്യേവ ചക്രാ പ്രതി യന്തി മധ്വഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ സഹായത്തെ ആഗ്രഹിച്ച അത്രിക്കുവേി അഗ്നിയുടെ ചൂടുജലത്തിനുതുല്യം ശീതളമാക്കി. അതിനാൽ അഗ്നിയിൽ നിങ്ങൾക്കുവേി യജ്ഞം നടത്തുകയും രഥത്തിൻെറ ചക്രംപോലെ സോമരസം നിങ്ങളുടെനേരെ വരികയും ചെയ്യുന്നു.

**5. ആ വാം ദാനായ വവൃതീയ ദസ്രാ ഗോരോഹേണ തൗഗ്ര്യോ ന ജിവ്രിഃ |**

**അപഃ ക്ഷോണീ സചതേ മാഹിനാ വാം ജൂർണോ വാമക്ഷുരംഹസോ യജത്രാ ||**

ഹേ അശ്വിനികളേ! ഞാൻ പുരാതനകാലത്തിലെ തുഗ്രരാജാവിൻെറ പുത്രനെപ്പോലെ സ്തുതിച്ചുകൊ് ഗോക്കൾക്കുവേി നിങ്ങളെ ഇങ്ങോട്ടുവിളിക്കുന്നു. നിങ്ങളുടെ മഹിമയാൽ ഭൂമി ജലത്താൽ പൂർണ്ണയാകുകയും പാപങ്ങളുടെ കുരുക്കുകളഴിക്കുകയും ചെയ്യുന്നു.

**6. നി യദ്യുവേഥേ നിയുത സുദാനൂ ഉപ സ്വധാഭിഃ സൃജഥഃ പുരന്ധിം |**

**പ്രേഷദ്വേഷദ്വാതോ ന സൂരിരാ മഹേ ദദേ സുവ്രതോ ന വാജം ||**

ഹേ കല്യാണദായകരായ അശ്വിനികളേ! നിങ്ങൾ അശ്വങ്ങളെ പൂട്ടുമ്പോൾ അന്നങ്ങളോടുകൂടിയ ബുദ്ധിനൽകുന്നു.

**8. യുവാം ചിദ്ധി ഷ്മാശ്വിനാവനു ദ്യൂന്വിരുദ്രസ്യ പ്രസ്രവണസ്യ സാതൗ |**

**അഗസ്ത്യോ നരാം നൃഷു പ്രശസ്തഃ കാരാധുനീവ ചിതയത്സഹസ്രൈഃ ||**

അശ്വിനികളേ! ശ്രേഷ്ഠകർമ്മാവായ അഗസ്ത്യൻ ദുഃഖനിവാരകങ്ങളായ സ്തോത്രപ്രാപ്തിക്കായി ശംഖുനാദം പോലെ ഗർജ്ജിച്ച് ആയിരക്കണക്കായ സ്തുതികളാൽ നിങ്ങളെ ചൈതന്യവാനൻമാരാക്കി.

**9. പ്ര യദ്വഹേഥേ മഹിനാ രഥസ്യ പ്ര സ്യന്ദ്രാ യാഥോ മനുഷോ ന ഹോതാ |**

**ധത്തം സൂരിഭ്യ ഉത വാ സ്വശ്വ്യം നാസത്യാ രയിഷാചഃ സ്യാമ ||**

ഹേ അശ്വിനികളേ! നിങ്ങൾ മഹിമയോടുകൂടി രഥത്തിൽ യാത്ര ചെയ്ത് ഹോതാവിൻെറ മുമ്പിൽ ആഗതരാകുന്നു.

സ്തോതാക്കൾക്ക് മനോഹരമായ അശ്വങ്ങളെ നൽകുന്നു. നിങ്ങൾ അസത്യരഹിതരാണല്ലോ? നാസത്യരേ നിങ്ങൾ ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യുവിൻ.

**10. തം വാം രഥം വയമദ്യാ ഹുവേമ സ്തോമൈരശ്വിനാ സുവിതായ നവ്യം |**

**അരിഷ്ടനേമി പരി ദ്യാമിയാനം വിദ്യാമേഷം വൃജനംജീരദാനും ||**

ഹേ അശ്വിനികളേ! ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന നിങ്ങളുടെ രഥത്തെ ഞങ്ങളാഹ്വാനം ചെയ്യുന്നു. ഞങ്ങൾ അന്നം, ബലം, ആയുസ്സ് എന്നിവയെ പ്രാപിക്കട്ടെ.

## സൂക്തം 181

**ഋഷി**

**2. ആ വാമശ്വാസഃ ശുചയഃ പയസ്പാ വാതരംഹസോ ദിവ്യാസോ അത്യാഃ |**

**മനോജുവോ വൃഷണോ വീതപൃഷ്ഠാ ഏഹ സ്വരാജോ അശ്വിനാ വഹന്തു ||**

ഹേ അശ്വിനികളേ! വായുവിനുതുല്യം പ്രചണ്ഡവും ശീഘ്രഗാമികളും ശോഭനീയരും ഉജ്ജ്വലങ്ങളുമായ അശ്വങ്ങൾ നിങ്ങളെ ഇവിടെകൊവരട്ടെ.

**3. ആ വാം രഥോവനിർന പ്രവത്വാൻസ്യപ്രവിന്ധുരഃ സുവിതായ ഗമ്യാഃ |**

**വൃഷ്ണഃ സ്ഥാതാര മനസോ ജവീയാനഹം യജതോ ധിഷ്ണ്യാ യഃ ||**

ഹേ പ്രശംസനീയരായ അശ്വിനികളേ! നിങ്ങളുടെ രഥം

4.

## സൂക്തം 182

**ഋഷി അഗസ്ത്യൻ ദേവത അശ്വിനികൾ ഛ ന്ദ സ ് ത്രിഷ്ടുപ്, പംക്തി**

**1. അഭൂദിദം വയുനമോ ഷു ഭൂഷതാ രഥോ വൃഷണ്വാൻമദാ മനീഷിണഃ |**

**ധിയഞ്ജിന്വാ ധിഷ്ണ്യാ വിശ്പലാവസൂ ദിവോ നപാതാ സുകൃതേ ശുചിവ്രതാ ||**

ഹേ ജ്ഞാനികളേ! അശ്വിനികുമാരൻമാരുടെ ഉത്തമ രഥം ശരിക്കും അലങ്കരിക്കുവിൻ. ബുദ്ധിയെ പ്രേരിപ്പിക്കുന്ന സ്തുത്യരായ അവർ വിശ്പലക്കു നൻമചെയ്തവരും അതുപോലെ സൽക്കർമ്മികൾക്കുവേി നിയമങ്ങളിൽ വിരാജിക്കുന്നവരുമാണ്.

**2. ഇന്ദ്രതമാ ഹി ധിഷ്ണ്യാ മരുത്തമാ ദസ്രാ ദംസിഷ്ഠാ രഥ്യാ രഥീതമാ |**

**പൂർണം രഥം വഹേഥേ മധ്വ ആചിതം തേന ദാശ്വാംസമുപ യാഥോ അശ്വിനാ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ ഇന്ദ്രനേയും മരുത്തുക്കളേയും പോലെ, രഥികളിൽ ശ്രേഷ്ഠരും വികരാളകർമ്മാക്കളുമാകുന്നു. നിങ്ങൾ മധുരരസം നിറച്ച രഥത്തോടുകൂടി ഹവിർദാതാവിൻെറ അടുക്കൽവന്നു ചേരുവിൻ.

**3. കിമത്ര ദസ്രാ കൃണുഥഃ കിമാസ ഥേ ജനോ യഃ കശ്ചിദഹവിർമഹീയതേ |**

**അതി ക്രമിഷ്ടം ജുരതം പണേരസും ജ്യോതിർവിപ്രായ കൃണുതം വചസ്യവേ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഇവിടെ എന്തുചെയ്യുന്നു? ഹവിസ് നൽകാത്ത ആരെങ്കിലും പൂജനീയരായിരിക്കുന്നു. എങ്കിൽ അവനെ പരാജയപ്പെടുത്തുകയും അവനെ വധിക്കുകയും ചെയ്യുവിൻ. ഞാനാകുന്ന സ്തോതാവിന് പ്രകാശം നൽകുവിൻ.

**4. ജംഭയതമഭിതോ രായതഃ ശുനോ ഹതം മൃധോ വിദഥുസ്താന്യശ്വിനാ |**

**വാചംവാചം ജരിതു രത്നിനീം കൃതമുഭാ ശംസം നാസത്യാവതം മമ ||**

നാസത്യരായ അശ്വിനികളേ! പട്ടികളെപ്പോലെ ഞങ്ങളുടെമേൽ ആക്രമണം നടത്തുന്ന ഹിംസകൻമാരെ നശിപ്പിക്കണേ. നിങ്ങൾ അവരെ അറിയുന്നവരാണല്ലോ? എൻെറ സ്തോത്രങ്ങളെ സ്വർത്ഥ എന്നെ രക്ഷിക്കുവിൻ

**5. യുവമേതം ചക്രഥുഃ സിന്ധുഷു പ്ലവമാത്മന്വന്തം പക്ഷിണം തൗഗ്ര്യായ കം |**

**യേന ദേവത്രാ മനസാ നിരൂഹഥുഃ സുപപ്തനീ പേതഥുഃ ക്ഷോദസോ മഹഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ തുഗ്രൻെറ പുത്രനുവേി വള്ളമുാക്കി അവനെ രക്ഷിച്ചു. ദേവതകളെ ഇഷ്ടപ്പെടുന്ന അവനെ സമുദ്രത്തിൽനിന്നും ഉദ്ധാരണം ചെയ്തു.

**6. അവവിദ്ധം തൗഗ്ര്യമപ്സ്വന്തരനാരംഭണേ തമസി പ്രവിദ്ധം |**

**ചതസ്രോ നാവോ ജഠലസ്യ ജുഷ്ടാ ഉദശ്വിഭ്യാമിഷിതാഃ പാരയന്തി ||**

ജലത്തിൽ നിപതിച്ച് നിരാശ്രയനായിത്തീർന്ന തുഗ്രപുത്രന് അശ്വിനികുമാരൻമാരുടെ നാലുവള്ളങ്ങൾ അഭയം നൽകി.

**7. കഃ സ്വിദ്വൃക്ഷോ നിഷ്ഠിതോ മധ്യേ അർണസോ യം തൗഗ്ര്യോ നാധിതഃ പര്യഷസ്വജത് |**

**പർണാമൃഗസ്യ പതരോരിവാരം ഉദശ്വിനാ ഊഹഥുഃ ശ്രോമതായ കം ||**

സമുദ്രത്തിൽ പതിച്ച തുഗ്രപുത്രൻ കെട്ടിപ്പിടിച്ച ആ വൃക്ഷം എന്തായിരുന്നു? ഹേ അശ്വിനികളേ! നിങ്ങൾ യജ്ഞപ്രാപ്തിക്കുവേി അവനെ രക്ഷിച്ചു.

**8. തദ്വാം നരാ നാസത്യാവനു ഷ്യാദ്യാദ്വാം മാനാസ**

**ഉചഥമവോചൻ |**

**അസ്മാദധ്യ സദസഃ സോമ്യാദാ വിധ്യാമേഷം വൃജനം ജീരദാനും ||**

അസത്യരഹിതരായ അശ്വിനികളേ! മാനപുത്രനാൽ സോമയാഗത്തിൽ ഗാനംചെയ്യപ്പെട്ട സ്തോത്രങ്ങൾ നിങ്ങൾക്കനുകൂലമായിരിക്കട്ടെ. ഞങ്ങൾ അന്നം, ബലം, ദാനമയസ്വഭാവം ഇവകളെ പ്രാപിക്കട്ടെ.

## സൂക്തം 183

**ഋഷി അഗസ്ത്യൻ ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. തം യുഞ്ജാഥാം മനസോ യോ ജവീയാൻ ത്രിവന്ധുരോ വൃഷണാ യസ്ത്രിചക്രഃ |**

**യേനോപയാഥഃ സുകൃതോ ദുരോണം ത്രിധാതുനാ പതഥോ വിർന പാർണ്ണൈഃ ||**

ഹേ അശ്വിനികളേ! മനസ്സിനേക്കാളും അധികമായ വേഗത്തിൽ സഞ്ചരിക്കുന്ന ആ രഥത്തിൽ ഉത്തമകർമ്മാവായ യജമാനന്റെ ഭവനം പക്ഷിവേഗത്തിൽ പ്രാപിക്കുവിൻ.

**2. സുവൃദ്രഥോ വർതതേ യന്നഭി ക്ഷാം യത്തിഷ്ഠഥഃ ക്രതുമന്താനു പൃക്ഷേ |**

**വപുർവപുഷ്യാ സചതാമിയം ഗീർദിവോ ദുഹിത്രോഷസാ സചേഥേ ||**

ഹേ അശ്വിനികളേ! ആയാസരഹിതമായി തിരിയുന്ന നിങ്ങളുടെ രഥം, നിങ്ങൾ രു മേധാവികളേയും കയറ്റി ഭൂമിയിലേയ്ക്ക് ഹവിസ്സിനായി പോകുന്നു. നിങ്ങള രുപേരും ആകാശപുത്രിയായ ഉഷസ്സിനോടു ചേരുവിൻ. എന്റെ സ്തുതിശോഭായുക്തമാകണേ.

**3. ആ തിഷ്ഠതം സ്ത്രവൃതം യോ രഥോ വാമനു വ്രതാനി വർതതേ ഹവിഷ്മാൻ |**

**യേന നരാ നാസത്യേഷയധ്യൈ വർതിര്യഥസ്തനയായത്മനേ ച ||**

ഹേ അസത്യരഹിതരായ അശ്വിനികളേ! സുഖകരമായി ചരിക്കുന്ന നിങ്ങളുടെ രഥത്തിൽ കയറിയാലും, അത് ഹവിർദാതാവിന്റെ കർമ്മാനുഷ്ഠാനങ്ങൾക്കനുസൃതമായി ചരിക്കുന്നു. അതിൽ കയറി യജമാനന്റെയും അയാളുടെ പുത്രൻമാരുടെയും ഹിതം നൽകാൻ യജ്ഞത്തിലേയ്ക്ക് നിങ്ങൾ പോകുന്നു.

**4. മാ വാം വൃകോ മാ വൃകീരാ ദധർഷീൻമാ പരി വർക്തമുത മാതി ധക്തം |**

**അയം വാം ഭാഗോ നിഹിത ഇയം ഗീർദസ്രാവിപ്രേ വാം നിധയോ മധൂനാം ||**

ഹേ അശ്വികളേ! ആൺചെന്നായും പെൺചെന്നായും എന്നെ ആക്രമിക്കരുത്. നിങ്ങൾ ഞങ്ങളെ അവഗണിച്ചുപോകരുത്. ഞങ്ങളുടെ സ്ഥാനത്തെ ഉപേക്ഷിക്കരുത്. ഈ യജ്ഞഭാഗവും മധുരരസവും നിറച്ചിരിക്കുന്ന പാത്രവും സ്തുതികളും നിങ്ങൾക്കുവേമാത്രം ഉള്ളതാകുന്നു.

**5. യുവാം ഗോതമഃ പുരുമീള്ഹോ അത്രിർദസ്രാ ഹവതേവസേ ഹവിഷ്മാൻ**

**6. അതാരിഷ്മ തമസസ്പാരമസ്യ പ്രതി വാം സ്തോമോ അശ്വിനാവധായി |**

**ഏഹ യാതം പഥിഭിർദേവയാനൈർവിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ അശ്വിനിദേവതകളേ! ഞങ്ങൾ നിങ്ങളുടെ സ്തോത്രങ്ങളെ ധരിച്ചുകൊ് ഈ അന്ധകാരത്തെ കടന്നുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ ദേവമാർഗ്ഗത്തിൽകൂടി ഇവിടെ വരുവിൻ. ഞങ്ങൾ അന്നം, ബലം, ദാനസ്വഭാവം ഇവ പ്രാപിക്കട്ടെ.

## സൂക്തം 184

**ഋഷി അഗസ്ത്യൻ ദേവത അശ്വിനികൾ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. താ വാമദ്യ താവപരം ഹുവേമോച്ഛന്ത്യാമുഷസി വഹ്നിരുക്ഥൈഃ |**

**നാനത്യാ കുഹ ചിത്സന്താവര്യോ ദിവോ നപാ താസുദാസ്തരായ ||**

ഹേ അസത്യരഹിതരായ അശ്വിനികളേ! നിങ്ങൾ പ്രസിദ്ധരായ ധനദാതാക്കളാകുന്നു. ഉഷസ്സ് പ്രകടമാകുമ്പോൾ ഞങ്ങൾ നിങ്ങളെ സ്തുതിഗീതങ്ങളാൽ ആഹ്വാനം ചെയ്യുന്നു.

**2. അസ്മേ ഊ ഷു വൃഷണോ മാദയേഥാമുത്പണീരഹതമൂർമ്യാ മദന്താ |**

**ശ്രുതം മേ അച്ഛോക്തിഭിർമതീനാമേഷ്ടാ നരാ നിചേ തരാ ച കർണ്ണൈഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ സോമധാരയാൽ അത്യന്തം ആഹ്ലാദമയരായി ലോഭികളെ നശിപ്പിക്കൂ. എന്റെ സ്തുതികൾ ഇഷ്ടപ്പെടുന്ന നിങ്ങൾ ഇവിടെ ആഗതരായി എന്റെ സ്തുതിവചനങ്ങളെ ശ്രവിക്കുവിൻ.

**4. അസ്മേ സാ വാം മാധ്വീ രാതിരസ്തു സ്തോമം ഹിനോതം മാന്യസ്യ കാരോഃ |**

**അനു യദ്വാം ശ്രവസ്യാ സുദാന്നൂ സുവീര്യായ ചർഷണയോ മദന്തി ||**

മാധുര്യമയരും കല്യാണദായകരുമായ അശ്വിനികളേ! നിങ്ങളാൽ നൽകപ്പെട്ട ധനം ഞങ്ങളിൽ നിലനിൽക്കട്ടെ. നിങ്ങൾ മാനപുത്രന്റെ സ്തോത്രത്തെ പ്രേരിപ്പിക്കുവിൻ. സാധകഗണം യജ്ഞത്തിൽ ആഗ്രഹത്തോടുകൂടി

പരാക്രമത്തിനുവേി ആ സ്തോത്രത്തെ വളർത്തുന്നു.

**5. ഏഷ വാം സ്തോമോ അശ്വിനാവകാരി മാനേഭിർമഘവാനാ സുവൃക്തി |**
**യാതം വർതിസ്തനയായ ത്മനേ ചാഗസ്ത്യേ നാസത്യാ മദന്താ ||**

ഹേ അശ്വിനികളേ! നിങ്ങൾക്കുവേി മാനപുത്രൻമാർ ഈ ബലയുക്തമായ സ്തോത്രം വിരചിച്ചു. നിങ്ങൾ അഗസ്ത്യൻെറ മേൽ പ്രസന്നരായതുപോലെ എൻെറയും എൻെറ പുത്രൻമാരുടെയും ഭവനങ്ങളിൽ എഴുന്നള്ളിയാലും.

**6. അതാരിഷ്മ തമസസ്പാരമസ്യ പ്രതി വാം സ്തോമോ അശ്വിനാധായി |**
**ഏഹ യാതം പഥിഭിർദേവയാനൈർവിദ്യാമേഷം വൃജനം ജീരദാനും ☐☐**

ഹേ അശ്വിനികളേ! ഞങ്ങൾ അന്ധകാരത്തിൻെറ മറുകര കടന്നു നിങ്ങൾക്കുവേി സ്തോത്രം ആരംഭിച്ചുകഴിഞ്ഞു. ഇതിനുവേിദേവയോഗ്യമായ മാർഗ്ഗത്തിൽക്കൂടി ഇവിടെ വരുവിൻ. ഞങ്ങൾ അന്നം, ബലം, ദാനസ്വഭാവം എന്നിവയെ പ്രാപിക്കണേ.

## സൂക്തം 185

**ഋഷി അഗസ്ത്യൻ ദേവത ദ്യാവാവൃഥ്വികൾ**
**ഛന്ദസ് ത്രിഷ്ടുപ്**

**1. കതരാ പൂർവാ കതരാപരായോഃ കഥാ ജാതേ കോ വിവേദ |**
**വിശ്വം ത്മനാ ബഭൃതോ യദ്ധ നാമ വി വർതേ അഹനീ ചക്രിയേവ ||**

ഹേ മഹർഷിമാരേ! ആകാശത്തിലും ഭൂമിയിലും ആദ്യമായ‌ു ായതാര്? പിന്നീടു ായതാര്? ഇക്കാര്യങ്ങൾ അറിയുന്നവനാര് ? ഇവ രുമ സ്വയമായി എല്ലാപദാർത്ഥങ്ങളേയും വഹിക്കുകയും ദിനരാത്രങ്ങൾക്കുസമാനം ഭ്രമണം ചെയ്യുകയും ചെയ്യുന്നു.

**2. ഭൂരിം ദ്വേ അചരന്തീ ചരന്തം പദ്വന്തം ഗർഭമപദീദധാതേ |**
**നിത്യം ന സൂനം പിത്രോരുപസ്ഥേ ദ്യാവാ രക്ഷതം പൃഥിവീനോ അഭ്വാത് ||**

ചലിക്കാത്തവളും പാദങ്ങളില്ലാത്തവളുമായ ആകാശവും ഭൂമിയും പാദങ്ങളുള്ള ശരീരാധികളെ മാതാപിതാക്കൾ എന്നപോലെ അങ്കത്തിൽ വഹിച്ചുകൊിരിക്കുന്നു. ഹേ ആകാശമേ! പൃഥ്വിയേ! ഞങ്ങളെ ഭയത്തിൽനിന്നും രക്ഷിക്കണേ.

**3. അനേഹോ ദാത്രമദിതേരനർവം ഹുവേ സ്വർവദവധം നമസ്വത് |**
**തദ്രോദസീ ജനയതം ജരിത്രേ ദ്യാവാ രക്ഷതു പൃഥിവീ നോ അഭ്വാത് ||**

ഹേ ആകാശമേ ഭൂമിയേ! പവിത്രവും അക്ഷയവും പ്രകാശിതവും അമരവും സ്തുത്യവുമായ ധനത്തെ ഞാൻ യാചിക്കുന്നു. സ്തോതാവിനുവേി അവയെ സൃഷ്ടിക്കണേ ഭയങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കണേ.

**4. അതപ്യമാനേ അവസാവന്തീ അനു ഷ്യാമ രോദസീ ദേവപുത്രേഃ |**
**ഉഭേ ദേവാനാമുഭയേഭിരഹ്നാം ദ്യാവാ രക്ഷതം പൃഥിവീ നോ അഭ്വാത് ||**

ദിനരാത്രരഹിതരും ദേവതകളിൽ പീഡാരഹിതരും അന്ന യുവാക്കളെ രക്ഷിക്കുന്നവരും ദിവ്യഗുണയുക്തമായ ആകാശവും ഭൂമിയും എനിക്കനുകൂലമാകണേ. ഹേ ആകാശമേ! ഭൂമിയേ! മഹാഭയങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ.

**5. സങ്ഗച്ഛമാനേ യുവതീ സമന്തേ സ്വസാരാ ജാമീ പിത്രോരു സ്ഥേ |**
**അഭിജിഘ്രന്തീ ഭുവനസ്യ നാഭിം ദ്യാവാ രക്ഷതം പൃഥിവാനോ അഭ്വാത് ||**

സദാചലിക്കുന്നവളും നിത്യതരുണിയും സമാനസീമായുക്തയും ഭഗിനീഭൂതയുമായ ആകാശപൃഥ്വി മാതാപിതാക്കളുടെ അങ്കരൂപമാണ്. ഹേ ആകാശമേ പൃഥ്വി! മഹാഭയത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണേ.

**6. ഉർവീ സദ്മന്വീ ബൃഹതീ ഋതേന ഹുവേ ദേവാനാമാസാ ജനിത്രീ |**
**ദധാതേ യേ അമൃതം സുപ്രതീകേ ദ്യാവാ രക്ഷതം പൃഥിവീ നോ അഭ്വാത് ||**

വിസ്തീർണ്ണവാസസ്ഥാനയും രക്ഷായുക്തയുമായ ആകാശം പൃഥ്വിയെ ദേവതകളുടെ പ്രസന്നതയ്ക്കായി നിങ്ങളെ ഞാനാഹ്വാനമ ചെയ്യുന്നു. ഈ ആശ്ചര്യരൂപജലത്തെ വഹിക്കുന്നതിൽ സമർത്ഥയാകുന്നു ഇവൾ നമ്മെ മഹാപാപങ്ങളിൽനിന്നും രക്ഷിക്കട്ടെ.

**7. ഉർവീ പൃഥ്വീബഹുലേ ദൂരേ അന്തേ ഉപബ്രൂവേ നമസാ യജ്ഞേ അസ്മിൻ |**
**ദധാതേ യേ സുഭഗേ സുപ്രതുർതീദ്യാവാ രക്ഷതം പൃഥിവീ നോ അഭ്വാത് ||**

ഞാൻ ഈ യജ്ഞത്തിൽ വിസ്തീർണ്ണവും ബഹുരൂപയും സീമാരഹിതയും ആയ അകാശപൃഥ്വിയെ പൂജിക്കുന്നു. ഈ സൗഭാഗ്യവതി എല്ലാവസ്തുക്കളേയും ജീവികളേയും ധാരണം ചെയ്യുന്നു. ഹേ ആകാശപൃഥ്വി! ഞങ്ങളെ മഹാപാപത്തിൽനിന്നും രക്ഷിക്കണമേ.

**8. ദേവാന്വാ യച്ചകൃമാ കച്ചിദാഗഃ സഖായം വാ സദമിജ്ജാസ്പതിം വാ**

**9.**

മനുഷ്യരുടെ ഹിതങ്ങളെ നിറവേറ്റുന്ന ആകാശപൃഥ്വി!

എനിക്ക് ആശ്രയം പ്രദാനം ചെയ്യുകയും പാനം ചെയ്തുകൊ് എന്നോടൊത്ത് വസിക്കുകയും ചെയ്യണേ. ഹേ ദേവഗണമേ! നിങ്ങളുടെ സ്തോതാക്കളായ ഞങ്ങൾ ഹവിസ് രൂപമായ അന്നം നൽകി പ്രസന്നരാക്കുകയും ധനം യാചിക്കുകയും ചെയ്യുന്നു.

**10. ഋതം ദിവേ തദവോചം പൃഥിവ്യാ അഭിശ്രാവായ പ്രഥമം സുമേധഃ |**

**പാതാമവദ്യാദുരിതാഭീകേ പിതാ മാതാ ച രക്ഷതാമവോഭിഃ ||**

ഞാൻ വിദ്വാനായിട്ട് ആകാശപൃഥിയോടു സംബന്ധിതമായ മുഖ്യമായ സത്യത്തെ എല്ലാവരേയും അറിയിച്ചു. ഈ ആകാശപൃഥ്വി നിന്ദങ്ങളിൽനിന്നും നമ്മെ രക്ഷിക്കുകയും പിതാവിനു സമാനം പാലിക്കുകയും ചെയ്യട്ടെ.

**11. ഇദം ദ്യാ വാപൃഥിവീ സത്യമസ്തു പിതർമാതരുദിഹോപബ്രുവേ വാം |**

**ഭൂതം ദേവാനാമവമേ അവോഭിർവിദ്യാമേഷം വൃജനം ജീരദാനും ||**

ഹേ പിതാമാതാരൂപമായ ആകാശപൃഥ്വികളേ! ഞാൻ നിങ്ങളുടെ അടുക്കൽ പറഞ്ഞിട്ടുള്ളവയെല്ലാം സത്യമായിരിക്കട്ടെ. നിങ്ങൾ ദേവതകൾക്കുസമാനം രക്ഷിതാക്കളാകുവിൻ. ഞങ്ങൾ അന്നം, ബലം, ദാനമയസ്വഭാവം എന്നിവകളെ പ്രാപിക്കണേ.

## സൂക്തം 186

**ഋഷി അഗസ്ത്യൻ ദേവത വിശ്വേദേവകൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1.**

സർവ്വത്തിൻേറയും പ്രേരകനായ സവിതാദേവൻ നമ്മുടെസ്തുതികൾക്കുവേി യജ്ഞത്തിൽ ആഗതരാകണേ. പ്രസന്നരായി ഞങ്ങളേയും സന്തുഷ്ടരാക്കിയാലും.

**2. ആ നോ വിശ്വ ആസ്ക്രാ ഗമന്തു ദേവാ മിത്രോ അര്യമാ വരുണഃ സജോഷാഃ |**

**ഭുവന്യഥാ നോ വിശ്വേ വൃധാസഃ കരൻത്സുഷാഹാ വിഥുരം ന ശവ ||**

മിത്രനും അര്യമാവും വരുണനും ഏകമാനസരായ ഇന്ദ്രദേവഗണവും ഒന്നിച്ച് ഈ യാഗത്തിൽ വന്നുചേരണേ. ഇത് ഞങ്ങളുടെ അഭിവൃദ്ധിക്ക് കാരണമാവുകയും നമ്മുടെ ബലം ക്ഷീണിക്കുവാനനുവദിക്കാതിരിക്കുന്നതുമാകണേ.

**3. പ്രേഷ്ഠം വോ അതിഥിംഗൃണീഷേഗ്നിം ശസ്തിഭിസ്തുർവണിഃ സജോഷാഃ |**

**അസദ്യഥാ നോ വരുണഃ സുകീർത്തിരിഷശ്ച പർഷദരിഗുർതഃ സൂരിഃ ||**

മനുഷ്യരേ! നിങ്ങളുടെ നൻമയ്ക്കായി ഞാൻ പ്രിയനായ അഗ്നിയെ സ്തുതിക്കുന്നു. അവൻ നമ്മുടെ സ്തുതികളാൽ ശത്രുക്കളുടെമേൽ വിജയം പ്രാപിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്യണേ.

**4. ഉപ വ ഏഷേ നമസാ ജിഗീഷോഷാസാനക്താ സുദുഘേവ ധേനുഃ |**

**സമാനേ അഹന്വിമിമാനോ അർകം വിഷുരൂപേ പയസി സസ്മിന്നൂധൻ ||**

ഹേ വിശ്വദേവകളേ! ഞങ്ങൾ രാവും പകലും സ്തുതിച്ചുകൊ് വിജയാശയോടുകൂടി പയസ്വിനിയായ ഗോവിനെപ്പോലെ വന്നിരിക്കുന്നു. ഞാനും അതുപോലെതന്നെ നമസ്കാരത്തോടുകൂടി നിങ്ങളെ പൂജിക്കുന്നു.

**5.**

സ്തോതാക്കളോടുകൂടി സമപ്രീതിയോടുകൂടിയവനായ ത്വഷ്ടാവും നമ്മുടെ അടുത്തേക്ക് വരണേ. വൃത്രൻെറ ഹനനകർത്താവും മനുഷ്യരക്ഷകനും മഹാബലിയുമായ ഇന്ദ്രൻ ഇങ്ങോട്ടെഴുന്നള്ളണേ.

**7. ഉത ന ഈം മതയോശ്വയോഗാഃ ശിശും ന ഗാവസ്തരുണം രിഹന്തി |**

**തമീം ഗിരോ ജനയോ ന പത്നീഃ സുരഭിഷ്ടമം നരാം നസന്ത ||**

ഗോക്കൾ കിടാങ്ങളെ നക്കിത്തുടക്കുന്നതുപോലെ അശ്വങ്ങൾ സംയോജനം ചെയ്യുന്ന നമ്മുടെ സ്തുതികൾ ഇന്ദ്രനെ സ്നേഹിക്കട്ടെ.പ്രജനന സമർത്ഥയായ പത്നിപതിയെ പ്രാപിക്കുന്നതിപോലെ നമ്മുടെ സ്തുതികൾ ഇന്ദ്രനെ പ്രാപിക്കുന്നു.

**8. ഉത ന ഈം മരുതോ വൃദ്ധസേനാഃ സ്മദ്രോദസീ സമനസഃ സദന്തു |**

**പൃഷദശ്വാസോവനയോ ന രഥാ രിശാദസോ മിത്രയുജോ ന ദേവാഃ ||**

മഹാമനസ്കരും ശത്രുഭക്ഷകരും മിത്രപക്ഷപാതികളുമായ മരുത്തുക്കൾ ആകാശത്തോടും ഭൂമിയോടും ചേർന്ന് ഋഷികളെപ്പോലെ യജ്ഞത്തിലിരുന്നു. അവരുടെ ബിന്ദുരൂപമായ അശ്വങ്ങൾ ജലപ്രവാഹം പോലെതന്നെയാണ്.

**9. പ്ര നു യദേഷാം മഹിനാ ചികിത്രേ പ്രയുഞ്ജതേ പ്രയുജസ്തേ സുവൃക്തി |**

**അധ യദേഷാം സുദിനേ ന ശതർവിശ്വാ പ്രഷായന്ത സേനാഃ ||**

ഈ മരുത്തുക്കളെപ്പറ്റി എപ്പോൾ ശരിയായ രീതിയിലുള്ള ജ്ഞാനമുായോ അതുമുതൽ കുശപ്പുല്ലു വിരിക്കുന്ന യജമാനൻ യജ്ഞകർമ്മങ്ങളിൽ ഇവരെ പ്രയുക്തമാക്കി. ഇവരുടെ സേനകൾ ബാണസമാനമാരുതിയോടുകൂടി മരുഭൂമിയെ സേചനം

ചെയ്യുന്നതിൽ സമർത്ഥങ്ങളാണ്.

**10. പ്രോ അശ്വിനാവവസേ കൃണുധ്വം പ്ര പൂഷണ സ്വതവസോ ഹി സന്തി |**

**അദ്വേഷോ വിഷ്ണുർവാത ഋഭുക്ഷാ അഛാ സുമ്നയാ വവൃതീയ ദേവാൻ ||**

ഹേ മനുഷ്യരേ! രക്ഷയ്ക്കുവേ അശ്വിനിദേവകളെ മുന്നോട്ടുനയിക്കുവിൻ. പൂഷാവിനെയും മുന്നോട്ടുനയിക്കുവിൻ. ദ്വേഷരഹിതരായ വിഷ്ണുവും വായുവും ഋഭുക്കളുടെ സ്വാമിയായ ഇന്ദ്രനും എല്ലാബലങ്ങളും തങ്ങൾക്കധീനമാക്കുന്നു. സുഖത്തിനുവേ ഞാനെല്ലാദേവതകളേയും വിളിക്കുന്നു.

**11. ഇയം സാ വോ അസ്മേ ദീധിതിർയജത്രാ അപിപ്രാണീ ച സദനീ ച ഭൂയാഃ |**

**നി യാ ദേവേഷു യതതേ വസൂയുർവിദ്യമേഷം വൃജനം ജീരദാനും ||**

ഹേ പൂജനീയരായ ദേവകളേ! നിങ്ങളോടുള്ള ഭക്തി ഞങ്ങൾക്ക് ജീവദായകമാകണേ. ഞങ്ങൾ ഉത്തമങ്ങളായ സ്ഥാനങ്ങളെ പ്രാപിക്കണേ. നിങ്ങളുടെ കല്യാണദായകമായ ശക്തി ദേവതകളെ പ്രേരിതമാക്കട്ടെ. അതിൽനിന്നും ഞങ്ങൾ അന്നവും, ബലവും, ഉദാരമനസ്കരും ആയിത്തീരണേ.

## സൂക്തം 187

**ഋഷി അഗസ്ത്യൻ ദേവത ഓഷധം ഛന്ദസ് ഉഷ്ണിക, ഗായത്രി**

**1. പിതും നു സ്തോഷം മഹോ ധർമാണം തവിഷീം |**

**യസ്യ ത്രിതോ വ്യോജസാ വൃത്രം തിപർവമർദയത് ||**

ഇനി ഞാൻ അത്യന്തം ബലദാതാവായ അന്നത്തെ സ്തുതിക്കുന്നു. അതിന്റെ ബലത്താലാണല്ലോ. ത്രിതൻ വൃത്രന്റെ ഇണക്കുകൾ തകർത്ത് അവനെ കൊന്നത്.

**2. സ്വാദോ പിതോ മധോ പിതോ വയം ത്വാവവൃമഹേ |**

**അസ്മാകമവിതാ ഭവ ||**

ഹേ സ്വാദുനിറഞ്ഞ അന്നമേ! നീ മധുരമാണ്. ഞങ്ങൾ നിന്നെ വരിച്ചിരിക്കുന്നു. നീ ഞങ്ങളുടെ രക്ഷകയാണ്.

**3. ഉപ നഃ പിതവാ ചര ശിവഃ ശിവാഭിഭൂതിഭിഃ |**

**മയോഭൂരദ്വിഷേണ്യഃ സഖാ സുശേവോ അദ്വയാഃ ||**

ഹേ അന്നമേ! നീ കല്യാണസ്വരൂപമാകുന്നു. സ്വാസ്ഥ്യദാതാവായ നീ ഞങ്ങൾക്ക് ഹീനിപ്രദയാകാതിരിക്കുകയും അദ്വിതീയൻമായ മിത്രത്തെപ്പോലെ സുഖകരവുമാകട്ടെ.

**4. തവ ത്യേ പിതോ രസാ രജാംസ്യനു വിഷ്ഠിതാഃ |**

**ദിവി വാതാ ഇവ ശ്രിതാഃ ||**

ഹേ അന്നമേ! വായുവിന്റെ ആശ്രയം അന്തരീക്ഷത്തിലായിരിക്കുന്നതുപോലെ നിന്റെ രസം ലോകമെങ്ങും വ്യാപിക്കട്ടെ.

**5. തവ ത്യേ പിതോ ദദസ്തവ സ്വാദിഷ്ഠ തേ പിതോ |**

**പ്ര സ്വാദ്മാനോ രസാനാം തുവിഗ്രീവാഇവേരതേ ||**

ഹേ പാലകയും, സ്വാദുനിറഞ്ഞതുമായ അന്നമേ! നിന്നെ ദാനം ചെയ്യുന്നവർ നിന്റെ ദയ അർഹിക്കുന്നു. നിന്റെ സേവന കർത്താവ് നിന്നോടുപ്രാർത്ഥിക്കുന്നു. നിന്റെ രസം ആസ്വദിക്കുന്നവരുടെ ഗളം ഉന്നതവും ദൃഢവുമാകുന്നു.

**6. ത്വേ പിതോ മഹാനാം ദേവാനാം മനോ ഹിതം |**

**അകാരി ചാരു കേതുനാ തവാഹിമസാവധീത് ||**

ഹേ അന്നമേ! മഹാദേവൻമാരുടെ മനസ്സ് നിന്നിൽ രമിക്കുന്നു. നിന്റെ ആശ്രയത്തിൽ മനോഹരകർമ്മങ്ങൾ നടത്തപ്പെടുന്നു. നിന്റെ രക്ഷയാൽ ആണല്ലോ ഇന്ദ്രൻ വൃത്രനെ വധിച്ചത്.

**7. യദദോ പിതോ അജഗന്വിവസ്വിഷർവതാനാം |**

**അത്രാ ചിന്നോ മധോ പിതോ രം ഭക്ഷായ ഗമ്യാ ||**

ഹേ അന്നമേ! മേഘത്തിലെ പ്രസിദ്ധജലരൂപമായ ധനം വഴി മധുരിതയായ നീ ഞങ്ങളുടെ സേവനത്തിനായി വന്നാലും.

**8. യദപാമോഷധീനാം പരിംശമാരിശാമഹേ |**

**വാതാപേ പീവ ഇദ്ഭവ ||**

ഹേ അന്നമേ! ഞങ്ങൾ ജലത്തിന്റേയും, ഔഷധികളുടേയും അല്പമായ അംശം സേവിക്കുന്നു. നീ വൃദ്ധി പ്രാപിക്കട്ടെ.

**9. യത്തേ സോമ ഗവാശിരോ യവാശിരോ ഭജാമഹേ |**

**വാതാപേ പീവ ഇദ്ഭവ ||**

ഹേ സോമാ! ഞങ്ങൾ ദുഗ്ധാദികളാൽ മിശ്രിതമായ നിന്റെ അംശം സേവിക്കുന്നു. അതിനാൽ നീ വൃദ്ധി പ്രാപിക്കട്ടെ.

**10. കരംഭ ഓഷധേ ഭവ പീപോ വൃക്ക ഉദാരഥിഃ |**

**വതാപേ പീവ ഇദ്ഭവ ||**

ഹേ ഔഷധരൂപിയായ അന്നമേ! നീ ശരീരരചനയ്ക്കനുകൂലവും പുഷ്ടികാരകവും രോഗനാശകവും ഉദ്ദീപനം ചെയ്യുന്നതുമാകുന്നു. നീ വൃദ്ധി പ്രാപിക്കട്ടെ.

**11. ത ത്വാ വയം പിതോ വചോഭിർഗാവോ ന ഹവ്യാ സുഷൂദിമ |**

**ദേവേഭ്യസ്ത്വാ സധമാദമസ്മഭ്യം ത്വാ സധമാദം ||**

ഹേ അന്നമേ! ഗോക്കൾ സേവനീയമായ ക്ഷീരം ഒഴുക്കുന്നതുപോലെ നിന്നിൽനിന്നും സ്തുതികൾ വഴിയായി ഞങ്ങൾ രസം സ്വീകരിക്കുന്നു. ദേവതമാരേ പ്രസന്നരാക്കുന്ന നീ ഞങ്ങളേയും പുഷ്ടിപ്പെടുത്തണേ.

## സൂക്തം 188

**ഋഷി അഗസ്ത്യൻ ദേവത ആപ്രിയ ഛന്ദസ് ഗായത്രി**

**1. സമിദ്ധോ അദ്യ രാജസി ദേവോ ദൈവൈഃ സഹസ്രജിത് |**

**ദൂതോ ഹവ്യാ കവിർവഹ ||**

ഹേ സഹസ്രങ്ങളെ വിജയിക്കുന്ന അഗ്നേ! നീ ഋത്വിജൻമാരാൽ ജ്വലിക്കപ്പെടുന്നു. അങ്ങ് ഹവിർവാഹകദൗത്യകർമ്മത്തിൽ നിപുണനാകുന്നുവല്ലോ?

**2. തനൂനപാദൃതം യതേ മധ്വാ യജ്ഞഃ സമജ്യതേ |**
**ദധത്സഹസ്രിണീരിഷഃ ||**

നിയമപാലകരായ മനുഷ്യർക്കുവേി യജ്ഞം മാധുര്യയുക്തമാകുന്നു. ശരീരത്തെ രക്ഷിക്കുന്ന അഗ്നി ആയിരക്കണക്കിനു രസങ്ങൾ വലിച്ചെടുക്കുന്നു.

**3. ആജുഹ്വാനോ ന ഈഡ്യോ ദേവാം ആ വക്ഷി യജ്ഞിയാൻ |**
**അഗ്നേ സഹസ്രസാ അസി ||**

ഹേ അഗ്നി! നീ ആഹൂതനായി യജ്ഞാംശം സ്വീകരിക്കുന്നവരായ ദേവൻമാരെ വിളിക്കണേ. നീ അസീമങ്ങളായ അന്നങ്ങളുടെ ദാതാവാകുന്നുവല്ലോ.

**4. പ്രാചീനം ബർഹിരോജസാ സഹസ്രവീരമസ്തൃണൻ |**
**യത്രാദിത്യാ വിരാജഥ ||**

ഹേ ആദിത്യൻമാരേ! ഏതൊരു സഹസ്രവീരൻമാർക്കായി അഗ്നിരൂപമായ കുശയെ ഋത്വിക്കുകൾ മന്ത്രോച്ചാരണത്തോടുകൂടി വിരിക്കുന്നുവോ, അതിൻമേൽ നിങ്ങൾ വിരാജിതരാകുവിൻ.

**5. വിരാട് സമ്രാഡ്വിഭ്വീഃ പ്രഭ്വീർ ബഹ്വീശ്ച ഭൂയസീശ്ച യാഃ |**
**ദുരോ ഘൃതന്യക്ഷരൻ ||**

അഖിലത്തിൻേറയും നിയന്താവും സുശക്തനുമായ അഗ്നിരൂപൻ യജ്ഞദ്വാരങ്ങളിൽ ഘൃതം വർഷിക്കുന്നു.

**6. സുരുക്മേ ഹി സുപേശസാധി ശ്രിയാ |**
**വിരാജതഃ ഉഷാസാവേഹ സീദതാം ||**

സുന്ദരമായ രൂപത്തോടും, ശോഭയോടും യുക്തമായ ഉഷസ്സും രാത്രിയും ഇവിടെ വിരാജിക്കട്ടെ.

**7. പ്രഥമാ ഹി സുവാചസാ ഹോതാരാ ദൈവ്യ കവീ |**
**യജ്ഞം നോ യക്ഷതാമിമം ||**

പ്രിയഭാഷിയും, മേധാവിയും, പ്രമുഖനും ദിവ്യഹോതാവുമായ അഗ്നി യജ്ഞത്തിൽ എഴുന്നള്ളിവരട്ടെ.

**8. ഭാരതീളേ സരസ്വതി യാ വഃ സർവാ ഉപബ്രുവേ |**
**താ നശ്ചോദയത ശ്രിയേ ||**

ഹേ ഭാരതിയായ ഇളേ! സരസ്വതീ! നിങ്ങളുടെ സമീപമിരുന്ന് ഞാൻ സ്തുതിക്കുന്നു. തൻമൂലം എനിക്ക് യശപ്രാപ്തിയുാകട്ടെ.

**9. ത്വഷ്ടാ രുപാണി ഹി പ്രഭുഃ പശുന്വിശ്വാൻ ത്സമാനജേ |**
**തേഷാം നഃ സ്ഫാതിമാ യജ ||**

അഗ്നിസ്വരൂപനായ ത്വഷ്ടാവ് രൂപംനൽകുന്നവനാകുന്നു. അദ്ദേഹം മൃഗങ്ങളെ സൃഷ്ടിച്ചു. ഹേ ത്വഷ്ടാവേ! യജ്ഞം വഴിയായ ഞങ്ങളുടെ മൃഗങ്ങളെ അഭിവൃദ്ധിപ്പെടുത്തണേ.

**10. ഉപ ത്മന്യാ വനസ്പതേ പാഥോ ദേവേഭ്യഃ സൃജ |**
**അഗ്നിർഹവ്യാനി സിഷ്വദത് ||**

ഹേ അഗ്നിസ്വരൂപരായ വനസ്പതികളേ! നിങ്ങളുടെ ദിവ്യശക്തിയാൽ അന്നം ഉൽപ്പാദിപ്പിക്കൂ. ഹേ അഗ്നീ! ഞങ്ങളുടെ അന്നത്തെ സ്വാദുള്ളതാക്കൂ.

**11. പുരോഗാ അഗ്നിർദേവാനാം ഗായത്രേണ സമജ്യതേ |**
**സ്വാഹാകൃതീഷു രോചതേ ||**

ദേവകളിൽ അഗ്രഗണ്യനായ അഗ്നിഗായത്രി ഛന്ദസ്സിനാൽ സംയോജിപ്പിക്കപ്പെടുന്നു. അത് സ്വഹോച്ചാരണത്താൽ പ്രദീപ്തമാകുന്നു.

## സൂക്തം 189

**ഋഷി അഗസ്ത്യൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അഗ്നേ നയ സുവഥാ രായേ അസ്മാനിശ്വാനി ദേവ വയുനാനി വിദ്വാൻ |**
**യുയോധ്യസ്മജ്ജുഹരാണമേനോ ഭൂയിഷ്ഠാം തേ നമഉക്തിം വിധേമ ||**

ഹേ അഗ്നിദേവാ! നീ നിയമങ്ങളുടെ ജ്ഞാതാവാണല്ലോ. ഞങ്ങളെ സൽപഥസഞ്ചാരികളാക്കൂ. ഞങ്ങൾ നിന്നെ നമസ്കരിക്കുന്നു.

**2. അഗ്നേ ത്വം പാരയാ നവ്യോ അസ്മാന്ത മസ്തിഭിരതി ദുർഗാണി വിശ്വാ |**
**പൃശ്ചേ പൃഥ്വീ ബഹുലാ ന ഉർവീ ഭവാ തോകായ തനയായ ശം യോഃ ||**

ഹേ അഗ്നിദേവാ! സ്തുതിക്കപ്പെടുന്ന നീ ഞങ്ങളെ ദുഃഖത്തിൽനിന്നും രക്ഷിക്കൂ. നീ ഞങ്ങൾക്കുവേി പ്രശസ്ത നഗരത്തോടുകൂടിയവനാകൂ. അങ്ങ് ഞങ്ങളുടെ സന്താനങ്ങളെ രോഗങ്ങളിൽനിന്നും ശാന്തമാക്കുന്നവനും ഭയങ്ങളെ നശിപ്പിക്കുന്നവനും ആകൂ.

**3. അഗ്നേ ത്വമസ്മദ്യുയോധ്യമീവാ അനഗ്നിത്രാ അഭ്യമന്ത കൃഷ്ടീഃ |**
**പുനരസ്മഭ്യം സുവിതായ ദേവക്ഷാം വിശ്വേഭിർമൃതേ ഭിർയജത്ര ||**

ഹേ അഗ്നീ! രോഗങ്ങളെ ഞങ്ങളിൽ നിന്നും അകറ്റൂ. യാതൊരുത്തൻ അഗ്നിരഹിതനായിരിക്കുന്നുവോ അവൻ രോഗിയായിരിക്കണം. നീ ദേവഗണത്തോടൊപ്പം ഞങ്ങളുടെ ഭൂമിയെ സുഖമയമാക്കൂ.

**4. പാഹി നോ അഗ്നേ പായുഭിരജസ്രൈരുത പ്രിയേ സദന ആ ശുശുക്വാൻ |**
**മാ തേ ഭയം ജരിതാരം യവിഷ്ഠ നൂനം വിദൻമാപരം സഹസ്വഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ പ്രിയഭവനങ്ങളിൽ പ്രദീപ്തനായ നീ സ്വന്തം രക്ഷാസാധനങ്ങളോടുകൂടി ഞങ്ങളെ പാലനം ചെയ്യൂ. നിന്റെ സ്തോതാവിന് ഒരിക്കലും ഭയമുാകാതിരിക്കട്ടെ.

**5. മാ നോ അഗ്നേവ സൃജോ അഥായാവിഷ്യവേ രിപവേ ദുച്ഛുനായൈ |**

**മാ ദത്വതേ ദശതേ മാദതേ നോ മാ രീഷതേ സഹസാവൻപരാ ദാഃ ||**

ഹേ മഹാബലിയായ അഗ്നേ! ഞങ്ങളെ പാപികളായ ശത്രുക്കൾക്കേൽപ്പിച്ചു കൊടുക്കരുതേ. ഞങ്ങളെ കുടിക്കുന്നവർക്കും (സർപ്പാദികൾ) കൊത്തുന്നവയ്ക്കും കൊമ്പുകളുള്ളവയ്ക്കും ഏൽപ്പിച്ചുകൊടുക്കരുതേ.

**6. വി ഘ ത്വാവാം ഋതജാതയംസദ്ഗൃണാനോ അഗ്നേ തന്വേ വരൂഥം |**

**വിശ്വാദ്രിരിക്ഷോരുത വാ നിനിത്സോരഭിഹ്രുതാമസി ഹി ദേവ വിഷ്പട് ||**

ഹേ നിയമങ്ങൾക്കുവേി ഉത്ഭവിച്ച അഗ്നിദേവാ! നീ നിന്ദകൻമാരിൽനിന്നും ഹിംസകൻമാരിൽനിന്നും രക്ഷിക്കുന്നവനും കുടിലരായ വ്യക്തികളെ നശിപ്പിക്കുന്നവനുമാകുന്നു.

**7. ത്വം താം അഗ്ന ഉഭയാന്വി വിദ്വാന്വേഷി പ്രപിത്വേ മനുഷോ യജത്ര |**

**അഭിപിത്വേ മനവേ ശാസ്യോ ഭൂർമമൃജേന്യ ഉശിഗ്ഭിർനാക്രഃ ||**

ഹേ അഗ്നേ! നീ യജ്ഞകർത്താക്കളേയും, യജ്ഞഹീനരേയും രിനത്തിലുമുള്ള മനുഷ്യരേയും അറിഞ്ഞുതന്നെ ഉഷക്കാലത്തിൽ ഉഷക്കാലത്തിൽ യജ്ഞകർത്താവിനെ പ്രാപിക്കുന്നു. നീ സൂര്യസ്തമനത്തിനുശേഷവും സാധകനിൽനിന്നും വിയുക്തനാകുന്നില്ല. യജമാനൻ നിന്നെ എപ്പോഴും ജ്വലിപ്പിച്ചുകൊിരിക്കുന്നു.

**8. അവോചാമ നിവചനാന്യസ്മിൻമാനസ്യ സൂനുഃ സഹസാനേ അഗ്നൗ |**

**വയം സഹസ്രമൃഷിഭിഃ സനേമ വിദ്യാമേഷം വൃജനം ജീരദാനും ||**

മാനന്റെ പുത്രൻമാരായ ഞങ്ങൾ വിജയശീലനായ ഈ അഗ്നിയെ സ്തുതിച്ചിരിക്കുന്നു. ഋഷിമാരുടെ കൂട്ടുകാരായ ഞങ്ങൾ അസംഖ്യം ധനങ്ങളെ ഉപഭോഗം ചെയ്യട്ടെ. ധനം, ബലം, ഉദാരമനോവൃത്തി എന്നിവകളാലും യുക്തരാകട്ടെ.

## സൂക്തം 190

**ഋഷി അഗസ്ത്യൻ ദേവത ബൃഹസ്പതി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അനർവാണം വൃഷഭം മന്ദ്രജിഹ്വം ബൃഹസ്പതിം വർധയാ നവ്യമർകൈഃ |**

**ഗാഥാന്യഃ സുരുചോ യസ്യ ദേവ ആശൃണ്വന്തി നവമാനസ്യ മർതാഃ ||**

ഹേ മനുഷ്യരേ! ദ്വേഷരഹിതനും, സ്തുത്യനുമായ ബൃഹസ്പതിയെ സ്തോത്രങ്ങളോടുകൂടി പൂജിക്കുവിൻ. ദേവകളിൽ പൂജ്യനായ അദ്ദേഹത്തിന്റെ വചനങ്ങളെ ദേവകളും, മനുഷ്യരും എല്ലാം ആദരവോടെ ശ്രവിക്കുന്നു.

**2. തമൃത്വിയാ ഉപ വാചഃ സചന്തേ സർഗോ ന യോ ദേവയതാമസർജി |**

**ബൃഹസ്പതിഃ സ ഹ്യഞ്ജോ വരാംസി വിഭ്വാഭവത്സമൃതേ മാതരിശ്വാ ||**

വർഷംപോലെ സ്തുതികൾ ബൃഹസ്പതിയെ പ്രാപിക്കുന്നു. അദ്ദേഹം ലോകത്തെ വ്യക്തമാക്കുന്നവനും മാതരിശ്വാവിനേപ്പോലെ ഫലദായകനുമാകുന്നു.

**3. ഉപസ്തുതിം നമസ ഉദ്യതിം ച ശ്ലോകം യംസത്സവിതേവ പ്ര ബാഹൂ |**

**അസ്യ ക്രത്വാഹന്യോ യോ അസ്തി മൃഗോ ന ഭീമോ അരക്ഷസസ്തുവിഷ്മാൻ ||**

സവിതാദേവനാൽ പ്രകാശവും ചൂടുമ നൽകപ്പെടുന്നതുപോലെ ബൃഹസ്പതി സാധകൻമാരുടെ സ്തുതിയും നമസ്കാരവും സ്വീകരിക്കുന്നവാനായി സചേഷ്ടനായിരിക്കുന്നു. ഹിംസാരഹിതനായ ഈ ബൃഹസ്പതിയുടെ ബലത്താൽ തന്നെ സൂര്യൻ ഭയങ്കരമായ വന്യമൃഗത്തെപ്പോലെ സഞ്ചരിക്കുന്നു.

**4. അസ്യ ശ്ലോകോ ദിവീയതേ പൃഥിവ്യാമത്യോ ന യംസദ്യക്ഷഭൃദ്വിചേതാഃ |**

**മൃഗാണാം നേ ഹേതയോ യന്തി ചേമാ ബൃഹസ്പതേരേ ഹിമായാം അഭിദ്യൂൻ ||**

ആകാശത്തിലും ഭൂമിയിലും ബൃഹസ്പതിയുടെ സദ്യശസ്സ് സർവ്വത്രവ്യാപിച്ചിരിക്കുന്നു. അവൻ സൂര്യനെപ്പോലെ ഹവിസ്സ് ധാരണം ചെയ്യുന്നു. അദ്ദേഹത്തിന്റെ ശസ്ത്രം മായാവികളുടെ പിന്നാലെ ദിവസംതോറും പാഞ്ഞുനടക്കുന്നു.

**5. യേ ത്വാ ദേവോസ്രികം മന്യമാനാഃ പാപാ ഭദ്രമുപജീവന്തി പജ്രാഃ |**

**ന ദൃഢ്യേ അനു ദദാസി വാമം ബൃഹസ്പതേ ചയസ ഇത്പിയാരും ||**

ഹേ ബൃഹസ്പതേ! യാതൊരുത്തൻ ധനമദത്താൻ യുക്തനായ പാപിയായിരിക്കുന്നുവോ, നിന്നെ വയസ്സനായ കാളയെന്നു കരുതി അഹങ്കാരത്തോടുകൂടി ജീവിക്കുന്നുവോ, ആ മൂർഖന് നീ അനുവദിച്ചിട്ടുള്ള ധനം നൽകുന്നില്ല. നീ ആ ദുഷ്ടരിൽനിന്നും അകന്നു വസിക്കുന്നു.

**6. സുപ്രൈതുഃ സൂയവസോ ന പന്ഥാ ദുർനിയന്തുഃ**

**പരിപ്രീതോ ന മിത്രഃ |**

**അനർവാണോ അഭി യേ ചക്ഷതേ നോ പീവൃതാ അപോർണുവന്തോ അസ്ഥുഃ ||**

ഹേ ബൃഹസ്പതേ! സൻമാർഗ്ഗങ്ങളിൽക്കൂടി നടക്കുന്ന മനുഷ്യർക്ക് മാർഗ്ഗരൂപനും, ദുഷ്ടരെ ഭരിക്കുന്നവർക്ക് മിത്രതുല്യനും, ആകുന്നു. ഞങ്ങളെ വെറുക്കുന്നവർ ക്ലേശങ്ങളാൽ വലയം ചെയ്യപ്പെടട്ടെ.

**7. സം യം സ്തുഭോവനയോ ന യന്തി സമുദ്രം ന സ്രവതോ രോധചക്രാഃ |**

**സ വിദ്വാം ഉഭയം ചഷ്ടേ അർന്തബൃഹസ്പതിസ്തര ആപശ്ച ഗൃധ്രഃ ||**

ഭയങ്കരമായ ചുഴികളോടും, മലരികളോടും അഴുക്കുകളോടും കൂടി പ്രവഹിക്കുന്ന നദികൾ എപ്രകാരം സമുദ്രത്തെ പ്രാപിക്കുന്നുവോ.അതുപോലെതന്നെ നമ്മുടെ സ്തുതികളും ബൃഹസ്പതിയെ പ്രാപിക്കുന്നു. ആ തടവും, ജലവും, രും നമ്മുടെ കാര്യക്രമങ്ങളെ ഗൃഹദൃഷ്ടിയോടുകൂടി വീക്ഷിക്കുന്നു.

**8. ഏവാ മഹസ്തുവിജാതാസ്തുവിഷ്മാൻബൃഹസ്പതിർവൃഷഭോ ധായി ദേവഃ |**

**സ നഃ സ്തുതോ വീരവദ്ധാതു ഗോമദ്വിധ്യാമേഷം വൃജനം ജീരദാനും ||**

ബലവാനും, പൂജ്യനും, ശ്രേഷ്ഠനുമായ ബൃഹസ്പതി അനേകർക്കുപകാരത്തിനായി പ്രത്യക്ഷനാകുന്നു. അദ്ദേഹം നമ്മുടെ സ്തുതികളാൽ പ്രസന്നനായി നമുക്ക് വീരസന്താനങ്ങളും ഗോക്കളാദിയായ ധനവും പ്രദാനം ചെയ്യട്ടെ. നാം അന്നവ്യ ബലവ്യ ഉദാരസ്വഭാവം എന്നിവയോടുകൂടിയവരുമാകണേ.

## സൂക്തം 191

**ഋഷി അഗസ്ത്യൻ ദേവത ജലവും തൃണവും സൂര്യനും**

**ഛന്ദസ് ഉഷ്ണിക, അനുഷ്ടുപ്**

**1. കങ്കതോ ന കംകതോഥോ സതീ നകങ്കതഃ |**

**ദ്വാവിതി പ്ലുഷീ ഇതി ന്യ ദൃഷ്ഠാ അലിപ്സത ||**

അത്യധികം വിഷമുള്ളവയും വിഷരഹിതവും ജലത്തിൽ വസിക്കുന്നവയും അൽപ്പവിഷയുക്തവും രുതരത്തിലുംപെട്ട സ്ഥലജീവികൾ ദഹിപ്പിക്കുന്നതും, ദൃശ്യവും അദൃശ്യവുമായ ജീവികൾ വിഷത്തോടുകൂടി എന്നെ വലയം ചെയ്തിരിക്കുന്നു.

**2. അദൃഷ്ടാൻഹന്തയായത്യഥോ ഹന്തി പരാപതീ |**

**അഥോ അബധ്നതീ ഹന്ത്യഥോ പിനഷ്ടി പിംഷതി ||**

ഔഷധി ആ അദൃശ്യജീവികളേയും അവയുടെ വിഷത്തേയും നിഹനിക്കുന്നു. അത് ചതച്ചും, പൊടിച്ചും വിഷജീവികളെ നശിപ്പിക്കുന്നു.

**3. ശരാസഃ കുശരാസോ ദർഭാസഃ സൈര്യാ ഉത |**

**മൗഞ്ജാ അദൃഷ്ടാ വൈരിണാഃ സർവേ സാകം ന്യലിപ്സത ||**

ശര, കുശരാ, ദർഭ, സൈര്യ, മുഞ്ഞ, വൈരിണ മുതലായ പുല്ലുകളെ ഒളിഞ്ഞിരിക്കുന്ന ജീവികൾ വിഷയുക്തമാക്കുന്നു.

**4. നി ഗാവോ ഗോഷ്ഠേ അസദന്നി മൃഗാസോ അവിക്ഷത |**

**നികേതവാ ജനാനാം ന്യ ദൃഷ്ടാ അലിപ്സത ||**

ഗോക്കൾ തൊഴുത്തിൽ കിടക്കുമ്പോഴും ഹരിണങ്ങൾഘ അവയുടെ സ്ഥാനങ്ങളിൽ വിശ്രമിക്കുമ്പോഴും മനുഷ്യർ സുപ്താവസ്ഥയിലായിരിക്കുമ്പോഴാണ് ഈ വിഷജീവികൾ വിഷയുക്തമാകുന്നത്.

**5. ഏത ഉ ത്യേ പ്രത്യദൃശ്രൻപ്രദോഷം തസ്ക്കരാഇവ |**

**അദൃഷ്ടാ വിശ്വദൃഷ്ടാഃ പ്രതിബുദ്ധാ അഭൂതന ||**

അദൃശ്യവും, പ്രകടവുമായ ആ വിഷജീവികൾ ചോരൻമാരെപ്പോലെ രാത്രിയെ പ്രതീക്ഷിച്ചുകഴിയുന്നു. അതിനാൽ അവയെ ശ്രദ്ധിക്കേയിരിക്കുന്നു.

**6. ദ്യൗർവഃ പിതാ പൃഥിവീ മാതാ സോമോ ഭ്രാതാദിതിഃ സ്വസാ□**

**അദൃഷ്ടാ വിശ്വദൃഷ്ടാസ്തിഷ്ഠതേളയതാ സു കം □□**

ഹേ വിഷജീവികളേ! ആകാശം നിങ്ങളുടെ പിതാവും, ഭൂമി മാതാവും, സോമൻ ഭ്രാതാവും, അദിതിസഹോദരിയുമാണല്ലോ? പ്രകടവും അപ്രകടവുമായ ജീവികളേ നിങ്ങൾ സ്വന്തം വാസകേന്ദ്രങ്ങളിൽ തന്നെ വസിക്കുവിൻ. സുഖമായുറങ്ങുവിൻ.

**7. യേ അംസ്യായേ അങ്ഗ്യാഃ സൂചീകായേ പ്രകങ്കതാഃ |**

**അദൃഷ്ടാഃ കിം ചനേഹ വഃ സർവേ സാകം നി ജസ്യത ||**

ഹേ വിഷജീവികളേ! നിങ്ങളിൽ തോൾകൊു ചരിക്കുന്നവരു്. ശരീരത്തിൽക്കൂടി ചരിക്കുന്നവരു്. സൂചിപോലെ കുത്തുന്നവരു്. അത്യന്തം വിഷയുക്തങ്ങളും ദൃശ്യങ്ങളും അദൃശ്യങ്ങളുമായി എത്രയോ പ്രകാരങ്ങളിലുള്ളവരു്? നിങ്ങൾ എല്ലാം ഞങ്ങളുടെ അടുക്കൽനിന്നും അകന്നുപോകുവിൻ.

**8. ഉത്പുരസ്താത്സൂര്യ ഏതി വിശ്വദൃഷ്ടോ അദൃഷ്ടഹാ |**

**അദൃഷ്ടാൻത്സർവാഞ്ജംഭയൻത്സർവ്വാശ്ചയാതുധാന്യഃ ||**

എല്ലാവർക്കും സമാനനായി പ്രത്യക്ഷപ്പെടുന്നവനും, അദൃശ്യജീവികളെ കാണിക്കുന്നവനും, വിഷധാരികളേയും രാക്ഷസീയവൃത്തിക്കാരേയും, ഹിംസ്രമൃഗങ്ങളേയും നശിപ്പിക്കുന്നവനുമായ സൂര്യൻ പൂർവ്വദിക്കിൽ ഉദിക്കുന്നു.

**9. ഉദപപ്തസൗ സൂര്യഃ പുരു വിശ്വാനി ജൂർവൻ |**

**ആദിത്യഃ പർവതേഭ്യോ വിശ്വദൃഷ്ടോ അദൃഷ്ടഹാ ||**

എല്ലാത്തിൽക്കൂടിയും കാണപ്പെടുന്നവനും

അദൃശ്യപ്രാണികളുടെ നാശകനും, അദിതിപുത്രനുമായ സൂര്യൻ പലരീതികളിലായി എല്ലാവിഷങ്ങളേയും നശിപ്പിക്കുവാനായി പർവ്വതങ്ങളുടെ മുകളിലായി ഉയർന്നിരിക്കുന്നു.

**10. സൂര്യോ വിഷമാ സജാമി ദൃതിം സുരാവതോ ഗൃഹേ |**
**സോ ചിന്നു ന മരാതി നേ വേയം മരാമാരേ അസ്യ യോജനം ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര ||**

ശൗണ്ഡികന്റെ ഭവനത്തിൽ മദ്യപാത്രം എന്നതുപോലെ ഞാൻ സൂര്യമണ്ഡലത്തിൽ വിഷകുംഭം വയ്ക്കുന്നു. സൂര്യന് അതുകൊ് യാതൊരു നാശവും ഉാവുകയില്ല. നാമും മരിക്കുകയില്ല. ആ അശ്വാരൂഢൻ വിഷത്തെ അമൃതമാക്കി മാറ്റുന്നു.

**11. ഇയത്തികാ ശകുന്തികാ സകാ ജഘാസ തേ വിഷം സോ ചിന്നു ന മരാതി നോ വയം മരാമാരേ അസ്യ |**
**യോജനം ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര ||**

യോജനം നിന്റെ വിഷം തിന്നു ഛർദ്ദിച്ചു. അവ അതുകൊ് മരിച്ചില്ല. അതുപോലെതന്നെ ഞങ്ങളും മരിക്കുകയില്ല. അശ്വാരുഢനായ സൂര്യൻ ദൂരെയിരുന്നുകൊുപോലും നമ്മിൽനിന്നും വിഷമകറ്റുകയും അതിനെ മധുരതരമാക്കുകയും ചെയ്യുന്നു.

**12. ത്രിഃ സപ്ത വിഷ്ഫുങ്ഗികാ വിഷസ്യ പുഷ്പമക്ഷൻ |**
**താശ്ചിന്നൂ ന മരന്തി നോ വയം മരാമാരേ അസ്യ യോജനം ഹരിഷ്ഠാ മധു ത്വാ മധുലാ ചകാര ||**

അഗ്നി ഇരുപത്തൊന്ന് ഇനത്തിലുള്ള വിഷശക്തിയെ ഭക്ഷിച്ചു. അദ്ദേഹത്തിന്റെ ജ്വാലകൾ അമരങ്ങളാണ്. നമുക്കും മരിക്കുവാൻ സാധ്യമല്ല. അശ്വസ്ഥനായ സൂര്യൻ ദൂരസ്ഥമായ വിഷത്തെപ്പോലും നശിപ്പിക്കുകയും ആ വിഷത്തിന് മാധുര്യം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

**13. നവാനാം നവതീനാം വിഷസ്യ രോപുഷീണാം |**
**സർവാസാമഗ്രഭം നാമാരേ അസ്യ യോജനം ഹരിഷ്ഠാ മധുത്വാ മധുലാ ചകാര ||**

ഞാൻ വിഷം നശിപ്പിക്കുന്നതിനുള്ള തൊണ്ണൂറ്റൊൻപത് വിദ്യകൾ പഠിച്ചിരിക്കുന്നു. രഥാരുഢനായ സൂര്യൻ ദൂരെ സ്ഥിതിചെയ്തുകൊ് വിഷം അമൃതമാക്കി മാറ്റുന്നു.

**14. ത്രിഃ സപ്ത മയൂര്യഃ സപ്ത സ്വസാരോ അഗ്രുവഃ |**
**താസ്തേ വിഷം വി ജഭ്രിര ഉദകം കുംഭിനീരിവ ||**

ഹേ വിഷപ്രാണികളേ! സ്ത്രീകൾ കുടങ്ങളിൽ ജലംകൊുപോകുന്നതുപോലെ ഇരുപത്തൊന്നു മയിൽപേടകളും ഭഗതീരൂപകളായ സപ്തനദികളും നിങ്ങളുടെ വിഷം അകറ്റുന്നു.

**15. ഇയത്തകഃ കുഷുംഭകസ്തകം ഭിനദ്മ്യശ്മനാ |**
**തതോ വിഷം പ്ര വാവൃതേ പരാചീരനു സംവതഃ ||**

ഈ ചെറിയ കീരി നിങ്ങളുടെ ശരീരത്തിൽനിന്നും വിഷം വലിച്ചെടുക്കട്ടെ. അല്ലെങ്കിൽ ആ നീചനെ ചരൽക്കല്ലുകൾകൊ് എറിഞ്ഞുകൊല്ലുവിൻ. ശരീരത്തിൽനിന്നും ദ്വഷം ദൂരദേശത്തേുമാറി പോകട്ടെ.

**16. കുഷുംഭകസ്തദ്ബ്രവീദ്ഗിരേഃ പ്രവർതമാനകഃ |**
**വൃശ്ചികസ്യാരസം വിഷമരസം വൃശ്ചിക തേ വിഷം ||**

കീരി പർവ്വതത്തിൽനിന്നും വന്നു പറഞ്ഞു, തേളിന്റെ വിഷത്തിനുശക്തിയില്ല. അത് പ്രഭാവശൂന്യമാണ്. ഹേ വൃശ്ചികമേ, നിന്റെ വിഷത്തിന് വീര്യമില്ല. (ജലം,ഔഷധി, സൂര്യൻ ഇതു മൂന്നിലും വിഷനാശകശക്തിയു്. അതിനാൽ ഇവിടെ ഇതിനെ സ്തുതിച്ചിരിക്കുന്നു).

ഒന്നാം മണ്ഡലം സമാപ്തം

# മണ്ഡലം 2

## സൂക്തം 1

**ഋഷി ഗുത്സമദൻ ദേവത അഗ്നി ഛന്ദസ് പംക്തി, ജഗതി, ത്രിഷ്ടുപ്**

**1. ത്വമഗ്നേ ദ്യുഭിസ്ത്വമാശുശുക്ഷണിസ്ത്വമദ്ഭ്യസ്ത്വമശ്മനസ്പരി |**
**ത്വം വനേഭ്യസ്ത്വമോഷധീഭ്യസ്ത്വം നൃണാം നൃപതേ ജായസേ ശുചിഃ ||**

ഹേ അഗ്നേ! നീ യജ്ഞകാലത്ത് പ്രകടമായി ദീപ്തിയുക്തനും, പവിത്രനും ആകണേ.നീ ജലത്തിൽനിന്നും ഉത്ഭവിച്ചു. കല്ലിൽനിന്നും വനത്തിൽനിന്നും, ഔഷധികളിൽനിന്നും ഉത്ഭവിച്ചു.

**2. തവാഗ്നേ ഹോത്രം തവ പോത്രമൃത്വിയം തവ നേഷ്ട്രം ത്വമഗ്നിദൃതായതഃ |**
**തവ പ്രശാസ്ത്രം ത്വമധ്വരീയസി ബ്രഹ്മാ ചാസി ഗൃഹപതിശ്ച നോ ദമേ ||**

ഹേ അഗ്നേ! വോതാ, പോതാദികർമ്മങ്ങൾ നീ തന്നെയാകുന്നു.യജ്ഞത്തെ അഭിലഷിച്ചുകഴിഞ്ഞാൽ പ്രശാസ്താവും, അധ്വര്യുവും, ബ്രഹ്മാവും നീ തന്നെയാണ്. ഞങ്ങളുടെ ഭവനങ്ങളുടെ പാലകൻ നീ തന്നല്ലോ?

**3. ത്വമഗ്ന ഇന്ദ്രോ വൃഷഭഃ സതാമസി ത്വം വിഷ്ണുരുരുഗായോ നമസ്യഃ |**
**ത്വം ബ്രഹ്മാ രയിവിദ്ബ്രഹ്മണസ്പതേ ത്വം വിധർതഃ സചസേ പുരന്ധ്യാ ||**

ഹേ അഗ്നേ! നീ സജ്ജനങ്ങളുടെ മനോരഥം പൂർത്തിയാക്കുന്നവനും അനേകരാൽ സ്തുതിക്കപ്പെടുന്നവനും ആകുന്നു. നീ വിഷ്ണുസ്വരൂപനും, സ്തുതികളുടെ സ്വാമിയും മന്ത്രങ്ങളുടെ അധീശ്വരനും ബുദ്ധിപ്രേരണയിൽ സമർത്ഥനുമാണല്ലോ.

**4. ത്വമഗ്നേ രാജാ വരുണോ ധൃതവ്രതസ്ത്വം മിത്രോ ഭവസി ദസ്മ ഈഡ്യഃ |**

**ത്വമര്യമാ സത്പതിര്യസ്യ സംഭുജം ത്വമംശോ വിദഥേ ദേവ ഭാജയുഃ ||**

ഹേ അഗ്നേ! നീ നിയമങ്ങളിൽ ഉറച്ചുനിൽക്കുന്ന വരുണ സ്വരൂപനാകുന്നു. ശത്രുക്കളുടെ ഹനനകർത്താവായ നീ, സാധുകളുടെ പാലകനും അര്യമാരൂപത്തിൽ വ്യാപ്തമായ ദാനത്തിൻെറ സ്വാമിയും ആകുന്നു. നീ തന്നെ സൂര്യനാകുന്നു. ഞങ്ങളുടെ യജ്ഞത്തിൽ അഭീഷ്ടഫലങ്ങൾ ദാനം ചെയ്യണേ.

**5. ത്വമഗ്നേ ത്വഷ്ഠാ വിധതേ സുവീര്യം തവഗ്നാവോ മിത്രമഹഃ സജാത്യം |**

**ത്വമാശുഹേമാ രരിഷേ സ്വശ്വ്യം ത്വം നരാം ശർധോ അസി പുരൂവസുഃ ||**

ഹേ അഗ്നേ! നീ സാധകൻെറ പുരുഷാർത്ഥരൂപവും, സ്തുതികളുടെ നാഥനും, ത്വഷ്ടാവും ആകുന്നു. നീ മിത്രഭാവത്താൽ യുക്തനും, പ്രേരണാപ്രദനും, തേജോവാനും ആകുന്നു. നീ അത്യധികം ധനികനും, ശക്തിസ്വരൂപനും ആകുന്നു. ഉത്തമങ്ങളായ അശ്വങ്ങളാൽ യുക്തമായ ധനം ഞങ്ങൾക്ക് നൽകുന്നവനാകുന്നു.

**6. ത്വമഗ്നേ രുദ്രോ അസുരോ മഹോ ദിവസ്ത്വം ശർധോ മാരുതം പൃക്ഷ ഈശിഷേ |**

**ത്വം വാതൈരരുണൈര്യാസി ശങ്ഗയസ്ത്വം പൂഷാ വിധതഃ പാസി നു ത്മനാ ||**

ഹേ അഗ്നിദേവാ! നീ ഉഗ്രകർമ്മാവായ രുദ്രനും മരുത്തുക്കളുടെ ശക്തിസ്വരൂപനും ആകുന്നു. അന്നത്തിൻെറ സ്വാമിയായ നീ സുഖത്തിൻെറ ആധാരവുമാകുന്നു. നീ രക്തവർണ്ണാശ്വങ്ങളുടെമേൽ സഞ്ചരിക്കുന്നവനാകുന്നു. നീ തന്നെ പൂഷാരൂപത്തിൽ മനുഷ്യരെ എല്ലാവിധത്തിലും രക്ഷിക്കുന്നു.

**7. ത്വമഗ്നേ ദ്രവിണോദാ അരങ്ങ കൃതേ ത്വം ദേവഃ സവിതാ രത്നധാ അസി |**

**ത്വം ഭഗോ നൃപതേ വസ്വ ഈശിഷേ തവം പായുർദമേ യസ്തേവിധത് ||**

ഹേ അഗ്നേ! നീ യജമാനന് ദിവ്യലോകം നൽകുന്നു. നീ സൂര്യരൂപത്തിൽ പ്രകാശിക്കുന്ന രത്നരുപമായ ധനത്തിൻെറ ആധാരവും ആകുന്നു. നീ തൻെറ സാധകനായ യജമാനൻെറ പാലനകർത്താവാണല്ലോ?

**8. ത്വാമഗ്നേ ദമ ആ വിശ്പതിം വിശസ്ത്വാം രാജാനം സുവിദത്രമൃഞ്ജ ജതേ |**

**ത്വം വിശ്വാനി സ്വനീക പത്യസേ ത്വം സഹസ്രാണി ശതാ ദശ പ്രതി ||**

ഹേ അഗ്നീ! സാധകൻ നിന്നെ ഗൃഹങ്ങളിൽ പ്രോജ്വലിപ്പിക്കുന്നു. നീ രക്ഷകനും പ്രകാശവാനും അനുഗ്രഹബുദ്ധിയോടുകൂടിയവനും ആകണേ. ഹവിസ്സിൻെറ സ്വാമിയായ നീ അസംഖ്യം വരങ്ങൾ ദാനം ചെയ്യുന്നവനാകണേ.

**9. ത്വാമഗ്നേ പിതരമിഷ്ടിഭിർനസ്ത്വാം ഭ്രാതായ ശമ്യാ തനൂരുചം |**

**ത്വം പുത്രോ ഭവസി യസ്തേ വിധത് ത്വം സഖാ സുശേവഃ പാസ്യാധൃഷഃ ||**

ഹേ അഗ്നിദേവാ! യജ്ഞങ്ങളിൽ നീ പിതാവിനെപ്പോലെ തൃപ്തിപ്പെടണേ. കർമ്മങ്ങൾ വഴിയായി സന്തുഷ്ടനായി മിത്രങ്ങളാകണേ. നീ സ്വന്തം സേവകൻെറ പുത്രരൂപനായിരുന്ന് അവനെ യശസ്വിയാക്കണേ. നീ ഞങ്ങളെ മിത്രത്തെപ്പോലെ സഹായിക്കണേ.

**10. ത്വമഗ്നേ ഋഭുരാകേ നമസ്യസ്ത്വം വാജസ്യ ക്ഷുമതോ രായ ഈശിഷേ |**

**ത്വം വി ഭാസ്യനു ദക്ഷി ദാവനേ ത്വം വിശിക്ഷുരസി യജ്ഞമാതനിഃ ||**

ഹേ പാവകാ! ദേവരൂപനായ നീ സ്തുതിക്കപ്പെടുവാൻ യോഗ്യനാകുന്നു. അന്നം, ധനം എന്നിവയുടെ നാഥനും, പ്രകാശമയനും നീ തന്നെയാണല്ലോ. യജ്ഞനിർവാഹകനും അതിൻെറ ഫലത്തെ വളർത്തുന്നവനും നീ തന്നെയാകണേ.

**11. ത്വമഗ്നേ അദിതിർദേവ ദാശുഷേ ത്വം ഹോത്രാ ഭാരതീ വർധസേ ഗിരാ |**

**ത്വമിളാ ശതഹിമാസി ദക്ഷസേ ത്വം വൃത്രഹാ വസുപതേ സരസ്വതീ ||**

ഹേ അഗ്നേ! നീ അദിതിരൂപനും ഹോതാവും, വാണിരൂപവും ആകണേ. സ്തുതികൾ വഴിയായി നീ വളരണേ. നീ തന്നെ ധനരക്ഷകനും വൃത്രഹന്താവും ആകണേ.

**12. ത്വമഗ്നേ സുഭൃത ഉത്തമം വായസ്തവ സ്പാർഹേ വർണ ആ സൻദൃശീ ശ്രിയഃ |**

**ത്വം വാജഃ പ്രതരണോ ബൃഹന്നസി ത്വം രയിർബഹുലോ വിശ്വതസ്പൃഥുഃ ||**

ഹേ അഗ്നേ! നീ തന്നെ അന്നരൂപവും ഐശ്വര്യവും ആകണേ. ദുഃഖങ്ങളിൽ നിന്നും ഉദ്ധരിക്കുന്നവനും സർവ്വവ്യാപിയും ആകണേ.

**13. ത്വാമഗ്ന ആദിത്യാസ ആസ്യന്ത്വാം ജിഹ്വാം ശുചയശ്ചക്രിരേ കവേ |**

**ത്വാം രാതിഷാചോ അധ്വരേഷു സശ്ചിരേ ത്വേ ദേവാ ഹവിരദന്ത്യാഹുതം ||**

ഹേ അഗ്നേ! നീ ആദിത്യൻമാരുടെ മുഖവും ദേവതകളുടെ ജിഹ്വകളും ആകണേ. യജ്ഞങ്ങളിൽ അഭീഷ്ടങ്ങൾ നൽകുന്നതിന് ഒന്നിച്ചുകൂടിയിരിക്കുന്ന ദേവതകൾ നിന്നെ ആശിച്ചുകൊ് നിനക്കായി നൽകപ്പെട്ടിരിക്കുന്ന ഹവിസ്സുകൾ സ്വീകരിക്കുന്നു.

**14. ത്വേ അഗ്നേ വിശ്വേ അമൃതാസോ അദ്രുഹ ആസാ ദേവാ ഹവിരദന്ത്യാഹുതം |**

**ത്വയാ മർതാസഃ സ്വദന്ത ആസുതിം ത്വം ഗർഭോ വീരുധാം ജജ്ഞിഷേ ശുചിഃ ||**

ഹേ പാവകാ! അമരൻമാരായ എല്ലാദേവകളും നിൻെറ വായിൽ നൽകപ്പെട്ട ഹവിസ്സുകൾ ഭക്ഷിക്കുന്നു. മരണമുള്ള ജീവികൾ നിൻെറ അന്നത്തെ പ്രാപിക്കുന്നു. നീ ഔഷധാദികളുടെ ഗർഭരൂപമാകണേ.

**15. ത്വം താൻത്സം ച പ്രതി ചാസി മജ്മനാഗ്രേ സുജാത പ്രച ദേവ രിച്യസേ |**

**പൃക്ഷോ യദത്ര മഹിനാ വി തേ ഭുവദനു ദ്യാവാപൃഥിവീ രോദസീ ഉഭേ ||**

അഗ്നി! നീ ദേവകളോടു ചേർന്നിട്ടും പ്രത്യേകമായി വസിക്കുന്നു. നീ ഉത്തമമായ രീതിയിൽ ജനിച്ച് ബലത്തെ സ്വീകരിക്കുന്നു. നിൻെറ മഹിമയാൽ ആകാശഭൂമികളുടെ ഇടയ്ക്ക് യജ്ഞസ്ഥിതമായ അന്നം വ്യാപിക്കണേ.

**16. യേ സ്തോതൃഭ്യോ ഗോഅഗ്രമശ്വപേശസമഗ്നേ രാതിമുപസൃജന്തി സൂരയഃ |**

**അസ്മാഞ്ച താംശ്ച പ്ര ഹി നേഷി വസ്യ ആ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ അഗ്നിദേവാ! വിദ്വാൻമാരായ സാധകൻമാർക്ക് ഗോക്കൾ ആദിയായധനത്തെ ദാനം ചെയ്യുന്നവർക്ക് ശ്രേഷ്ഠമായ നിവാസം നൽകണേ. ഞങ്ങൾ വീരസന്താനയുക്തരായി യജ്ഞങ്ങളിൽ ശ്രേഷ്ഠമായ സ്തുതികൾ ആലപിക്കുന്നു.

## സൂക്തം 2

**ഋഷി ഗുൽസാറുദൻ ദേവത അഗ്നി ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. യജ്ഞേന വർധത ജാതവേദസമഗ്നിം യജധ്വം ഹവിഷാ തനാ ഗിരാ |**

**സമിധാനം സുപ്രയസം സ്വർണരം ദ്യുക്ഷം ഹോതാരം വൃജനേഷു ധൂർഷദം ||**

പ്രദീപ്തനും സുന്ദരാന്നയുക്തനും യജ്ഞസമ്പാദകനും ശക്തിദാതാവുമായ അഗ്നിയെ യജ്ഞത്തിൽ വർദ്ധിപ്പിക്കണേ. യജ്ഞത്തിനായി അവനെ പൂജിക്കണേ.

**2. അഭി ത്വാ നക്തിരുഷസോ വവംശിരേഗ്നി വത്സ ന സ്വസരേഷു ധേനവഃ |**

**ദിവ ഇവേദരതിർമാനുഷാ യുഗാ ക്ഷപോ ഭാസി പുരുവാര സംയതഃ ||**

ഹേ അഗ്നീ! ഗോക്കൾ അവയുടെ കുട്ടികളെ ഇഷ്ടപ്പെടുന്നതുപോലെ യജമാനൻ രാവും പകലും നിന്നെ ആഗ്രഹിക്കുന്നു. അനേകരാൽ പൂജിക്കപ്പെടുന്ന നീ ആകാശവ്യാപിയും യജങ്ങളിൽ വസിക്കുന്നവനുമാകുന്നു.

**3. തം ദേവാ ബുധ്നേ രജസഃ സുദംസസം ദിവസ്പൃഥിവ്യോരരതിം ന്യേരിരേ |**

**രഥമിവ വേദ്യം ശുക്രശോചി ഷമഗ്നിം മിത്രം ന ക്ഷിതിഷു പ്രശംസ്യം ||**

അഗ്നിദേവാ! നീ പ്രദീപ്തനും ധനയുക്തനും രഥത്തോടുകൂടിയവനും ആകാശത്തിൻെറയും ഭൂമിയുടെയും നാഥനും കാര്യങ്ങൾ നടത്തുന്നവനും സ്തുത്യനും ആകുന്നു. ദേവഗണം നിന്നെ ജഗത്തിൻെറ മാതൃഭൂതരൂപത്തിൽ സ്ഥാപിക്കുന്നു.

**4. തമുക്ഷമാണം രജസി സ്വ ആ ദമേ ചന്ദ്രമിവ സുരുചം ഹ്വാര ദധുഃ |**

**പൃശ്ന്യാഃ പതരം ചിതയന്തമക്ഷഭിഃ പാഥോ ന പായും ജനസീ ഉഭേ അനു ||**

ഹേ അഗ്നി! നീ സ്വന്തം ഗഗനചുംബികളായ ജ്വാലകളാൽ ചന്ദ്രനേപ്പോലെ തോന്നിക്കുന്ന ചൈതന്യപ്രദനാകണേ. നീ ജലം പോലെ രക്ഷകനായി ആകാശത്തിലും ഭൂമിയിലും വ്യാപിക്കുന്നവനാകണേ. യജ്ഞമണ്ഡപത്തിൽ യജമാനൻ നിന്നെ സ്ഥാപിക്കുന്നു.

**5. സ ഹോതാ വിശ്വം പരി ഭൂത്വധ്വരം തമു ഹവ്യൈർമനിഷ ഋഞ്ജതേ ഗിരാ |**

**ഹിരിശിപ്രോ വൃധസാനാസു ജൂർഭുരദ്ദ്യൗർന സ്തൃഭിശ്ചിതയദ്രോദസീ അനു ||**

ഹവിസ്സ് സമ്പാദകനായ അഗ്നി യാഗത്തെ പ്രാപിക്കണേ. അത് ഔഷധികളിൽ പ്രകാശിച്ച് നക്ഷത്രങ്ങളെപ്പോലെ ആകാശത്തേയും ഭൂമിയേയും പ്രകാശിതമാക്കുന്നു. യജ്ഞങ്ങളിൽ സാധകഗണം അവനെ അലങ്കരിക്കുന്നു.

**6. സ നോ രേവത്സമിധാനഃ സ്വസ്തയേ സന്ദദസ്വാൻരയി മസ്മാസു ദീദിഹി |**

**ആ നഃ കൃണുഷ്വാ സുവിതായ രോദസീ അഗ്നേ ഹവ്യാ മനുഷോ ദേവ വീതയേ ||**

ഹേ അഗ്നേ! നീ കല്യാണരൂപത്തോടുകൂടി ധനം ദാനം ചെയ്തുകൊ് പ്രദീപ്തനാകണേ. ആകാശത്തിലും ഭൂമിയിലും അന്നരൂപമായ ധനത്തെ വ്യാപ്തമാക്കണേ. മനുഷ്യരാൽ നൽകപ്പെടുന്ന ഹവിസ്സുകൾ ദേവതകൾക്ക് എത്തിച്ചുകൊടുക്കണേ.

**7. ദാ നോ അഗ്നേ ബൃഹതേ ദാഃ സഹസ്രിണോ ദുരോ ന വാജം ശ്രുത്യാ അപാ വൃധി |**

**ക്രാചീ ദ്യാവാപൃഥിവീ ബ്രാഹ്മണാ കൃധി സ്വർണശുക്രമുഷസോ വി ദിദ്യുതഃ ||`**

ഹേ അഗ്നിദേവാ! ഗോക്കൾ ആദിയായ ധനവും അനേകം സന്താനങ്ങളേയും നൽകി ഞങ്ങളെ യശസ്വികളാക്കണേ. ഉഷസ്സ് നിന്നെ പ്രകാശിപ്പിക്കുന്നു. ഈ യജ്ഞം ദ്വാരാ ആകാശത്തേയും ഭൂമിയേയും ഞങ്ങൾക്കനുകൂലമാക്കണേ.

**8. സ ഇധാന ഉഷസോ രാമ്യാ അനു സ്വർണ ദീദേദരുഷേണ**

**ഭാനുനാ |**

**ഹോത്രാഭിരഗ്നിർമനുഷഃ സ്വരധ്വീരോ രാജാ വിശാമതിഥിശ്ചാരുരായവേ ||**

ഉഷസ്സിൽ പ്രോജ്ജ്വലിക്കപ്പെടുന്ന അഗ്നി സൂര്യസമാനം തേജസ്സോടുകൂടി സ്തുതികളാൽ പൂജിക്കപ്പെടുന്നു. അവൻ യജ്ഞകർത്താവിൻെറ അടുക്കൽ യജ്ഞസ്വാമിയുടേയും അതിഥിയുടേയും രൂപത്തിൽ ആഗതനാകുന്നു.

**9. ഏവാ നോ അഗ്നേ അമൃതേഷു പൂർവ്യ ധീഷ്പീപായ ബൃഹദ്ദിവേഷു മാനുഷാ |**

**ദുഹാനാ ധേനുർവൃജനേഷു കാരവേ ത്മനാ ശതിനം പുരുരൂപമിഷണി ||**

ഹേ അഗ്നേ! നീ പ്രകാശരൂപനാകണേ. മനുഷ്യകൃതങ്ങളായ സ്തുതികൾ നിന്നെ വ്യാപകമാക്കണേ. പയസ്വിനിയായ ധേനുവിനെപ്പോലെ യജ്ഞത്തിൽ ആലപിക്കപ്പെടുന്ന സ്തുതികൾ അസംഖ്യം ധനം പ്രദാനം ചെയ്യുന്നവയാകുന്നു.

**10. വയമഗ്നേ അർവതാ വാ സുവീര്യം ബ്രഹ്മണാ വ ചിതയേമാ ജനാം അതി |**

**അസ്മാകം ദ്യുമ്നമധി പഞ്ച കൃഷ്ടിഷൂച്ചാ സ്വർണ ശുശുചീത ദുഷ്ടരം ||**

ഹേ അഗ്നിദേവാ! നിന്നിൽനിന്നും പ്രചുരമായ സാമർത്ഥ്യം പ്രാപിച്ച് ഞങ്ങൾ ദുഃഖത്തിൻെറ മറുകരകടക്കണേ. മറ്റുള്ളവർക്ക് അപ്രാപ്യവും ഞങ്ങളുടെ അധികമായുള്ളതും ആയ ധനം സൂര്യസമാനം പ്രകാശിക്കണേ.

**11. സ നോ ബോധി സഹസ്യ പ്രശംസ്യോ യസ്മിൻ സുജാതാ ഇഷയന്ത സൂരയഃ |**

**യമഗ്നേ യജ്ഞമുപയന്തി വാജിനോ നിത്യേ തോകേ ദീദിവാംസം സ്വേ ദമേ ||**

ഹേ അഗ്നേ! നീ സ്തുതികൾ ശ്രവിക്കുന്നവനും ശത്രുക്കളെ പരാജയപ്പെടുത്തുന്നവനും ആകുന്നു. അന്നം, ധനം, സന്താനങ്ങൾ എന്നിവയ്ക്കായി മനുഷ്യർ യജ്ഞങ്ങളിൽ നിന്നെ പൂജിക്കുന്നു.

**12. ഉഭയാസോ ജാതവേദഃ സ്യാമ തേ സ്തോതാരോ അഗ്നേ സൂരയശ്ച ശർമണി |**

**വസ്വോ രായഃ പുരുശ്ചന്ദ്രസ്യ ഭൂയസഃ പ്രജാവതഃ സ്വപത്യസ്യ ശഗ്ധി നഃ ||**

ഹേ അഗ്നേ! ബുദ്ധിമാനായ സ്തോതാവും യജമാനനും സുഖപ്രാപ്തിക്കുവേി നിന്നെ ആശ്രയിക്കുന്നു. ഞങ്ങൾക്ക് ഉത്തമമായ നിവാസസ്ഥാനവും, ധനവും സൽസന്താനങ്ങളും നീ ദാനം ചെയ്യണേ.

**13. യോ സ്തോതൃഭ്യോ ഗോഅഗ്രമശ്വപേശസമഗ്നേ രാതിമുപസൃജന്തി സൂരയഃ |**

**അസ്മാഞ്ച താംശ്ച പ്ര ഹി നേഷി വസ്യ ആ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ അഗ്നേ! സ്തോതാക്കൾക്ക് ഗോക്കൾ മുതലായ ധനത്തെ ദാനം ചെയ്യുന്ന ബുദ്ധിമാനായ യജമാനനും ഞങ്ങൾക്കും ഉത്തമമായ നിവാസസ്ഥാനം പ്രദാനം ചെയ്യണേ. ഞങ്ങൾ വീരസന്താനവാൻമാരായി യജ്ഞങ്ങളിൽ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങൾ ഗാനം ചെയ്യാം.

## സൂക്തം 3

**ഋഷി ഗൃൽസമദൻ ദേവത അഗ്നി ഛ ന്ദ സ ് ത്രിഷ്ടുപ്, ജഗതി**

**1. സമിദ്ധോ അഗ്നിർനിഹിതഃ പൃഥിവ്യാം പ്രത്യങ്വിശ്വാനി ഭുവനാന്യസ്ഥാത് |**

**ഹോതാ പാവകഃ പ്രദിവഃ സുമേധാ ദേവോദേവാന്യജത്വഗ്നിരർഹൻ ||**

വേദിയിൽ പ്രതിഷ്ഠിതമായ അഗ്നിയജ്ഞസ്ഥാനത്ത് സമ്പൂർണ്ണമായി വ്യാപിച്ചിരിക്കുന്നു. അവൻ യജ്ഞസമ്പാദകനും, പാവകനും, പ്രകാശിതനുമായി ദേവതകളെ പൂജിക്കുന്നവനാകണേ.

**2. നരാശംസഃ പ്രതി ധാമാന്യഞ്ജൻ തിസ്രോ ദിവഃ പ്രതി മഹ്ഡാ സ്വർചിഃ |**

**ഘൃതപ്രുഷാ മനസാ ഹവ്യമുന്ദൻമൂർധജ്ഞസ്യ സമനക്തു ദേവാൻ** □

നരാശംസൻ എന്നും പേരുള്ള അഗ്നിദേവൻ തൻെറ മഹത്വത്തോടു കൂടി പ്രദീപ്തനായി മൂന്നുലോകങ്ങളിലും വ്യാപിക്കുന്നു. ഹവിസ്സോടുകൂടി ഘൃതസേചനം ആശിക്കുന്ന ഈ അഗ്നി ദേവകളെ യജ്ഞത്തിലേക്ക് വിളിക്കണേ.

**3. ഈളിതോ അഗ്നേ മനസാ നോ അർഹന്ദേവാന്യക്ഷി മാനുഷാത് പൂർവോ അദ്യ |**

**സ ആ വഹ മരുതാം ശർധോ അച്യുതമിന്ദ്രം നരോ ബർഹിഷദം യജധ്വം ||**

പ്രസന്നമനസ്സോടുകൂടിയവരായി യജ്ഞസമർത്ഥരായി ദേവതകളെ യജനം ചെയ്യണേ. ഋത്വിക്കുകളും, മരുത്തുക്കളും, അവിനാശിയായ ഇന്ദ്രനെ വാണീരൂപത്തിൽ സ്തുതിക്കണേ. കുശാസനസ്ഥനായ ഇന്ദ്രനെ പൂജിക്കണേ.

**4. ദേവ ബർഹിർവർധമാനം സുവീരം സ്തീർണം രായേ സുഭരം വേദ്യസ്യാം |**

**ഘൃതേനാക്തം വസവഃ സീദതേദം വിശ്വേദേവാ ആദിത്യാ യജ്ഞിയാസഃ ||**

ഹേ കുശാസനസ്ഥനായ അഗ്നേ! ഞങ്ങൾക്ക് വിസ്തൃതമായ ധനം നൽകുവാനായി വളരണേ. നീ ബുദ്ധിമാനും വീരതയോടുകൂടിയവനും ആകണേ. ഹേ വസുദേവൻമാരേ! വിശ്വേദേവൻമാരേ! ആദിത്യൻമാരേ! നിങ്ങൾ

ഘൃതാശനത്തിനായി കുശാസനങ്ങളിൽ ഇരിക്കണേ.

**5. വി ശ്രയന്താമുർവിയാ ഹുയമാനാ ദ്വാരോ ദേവീഃ സുപ്രയണാ നമോഭിഃ |**

**വ്യചസ്വതീർവി പ്രതന്താമജൂര്യാ വർണ്ണ പുനാനാ യശസം സുവീരം ||**

ഹേ പ്രകാശിതനായ അഗ്നിദേവാ! നീ യജ്ഞദ്വാരം ഉദ്ഘാടനം ചെയ്യണേ. മഹാനായ നിനക്ക് ഹവിസ്സ് നൽകി മനുഷ്യർ ആ സാമീപ്യം പ്രാപിക്കുന്നു. നീ വീരതായുക്തനും യശസ്വിയും വ്യാപകനും വരണയോഗ്യനും അതുപോലെ അത്യധികമായ പ്രസിദ്ധി പ്രാപിച്ചവനുമാകണേ.

**6. സാധ്വപാംസി സനതാ ഉക്ഷിതേ ഉഷാസാനക്താ വയ്യേവ രണ്വിതേ |**

**തന്തും തതം സംവയന്തീ സമീചീ യജ്ഞസ്യ പേശഃ സുദുഘേ പയസ്വതീ ||**

സൽക്കർമ്മങ്ങൾക്ക് പ്രേരണ നൽകുന്നവരായ ഉഷസും രാത്രിയും രുസ്ത്രീകളെപ്പോലെ പരസ്പരം അനുകൂലങ്ങളായി യജ്ഞത്തിൻെറ സ്വരൂപം സൃഷ്ടിച്ചുകൊ് വസ്ത്രം നെയ്യുന്നവരെപ്പോലെ ചലിക്കുന്നു. അവർ ജലം വർഷിക്കുന്നവരും, അഭീഷ്ടങ്ങൾ നിറവേറ്റുന്നവരും ആകുന്നു.

**7. ദൈവ്യാ ഹോതാര പ്രഥമാ വീദുഷ്ടര ഋജുയക്ഷതഃ സമൃചാ വപുഷ്ടരാ |**

**ദേവാന്യജന്താവൃതുഥാ സമഞ്ജതോ നഭാ പൃഥിവ്യാ അധി സാനുഷു ത്രിഷു ||**

ജ്ഞാനികളിൽ ദേവസമാനനും പൂജനീയനുമായ അഗ്നിഹോതാ രൂപനാകുന്നു. അവൻ സ്തുതികളാൽ പൂജിതനായി ദേവയജ്ഞത്തെ സമ്പന്നമാക്കുന്നു. അവൻ ഭൂമിയുടെ നാഭീരൂപമായ വേദിയിൽ മൂന്നുവരണീയധർമ്മങ്ങൾക്കുവേി സുസംഗതനാകുന്നു.

**8. സരസ്വതീ സാധയന്തീ ധിയം ന ഇളാ ദേവീ ഭാരതീ വിശ്വതുർതിഃ |**

**തിസ്രോ ദേവീഃ സ്വധയാ ബർഹിരേദച്ഛിദ്രം പാന്തു ശരണം നിഷദ്യ ||**

നമ്മുടെ ബുദ്ധിയെ കർമ്മങ്ങളിലേക്ക് പ്രേരിപ്പിച്ചുകൊ് സരസ്വതിയും, ഇളയും, ഭാരതിയും യജ്ഞമണ്ഡപത്തിൽ ഹവിസ്സിനെ പ്രാപിച്ചുകൊ് നമ്മുടെ യജ്ഞത്തെ രക്ഷിക്കണേ.

**9. പിശങ്ഗരൂപഃ സുഭരോ വയോധാഃ ശ്രുഷ്ടീ വീരോ ജായതേ ദേവകാമഃ |**

**പ്രജാം ത്വഷ്ടാ വിഷ്യതു നാഭിമസ്മേ അഥാ ദേവാനാമപ്യേതു പാഥഃ ||**

അഗ്നിരൂപനായ ത്വഷ്ടാവിൻെറ അനുഗ്രഹത്താൽ നമുക്ക് ശീഘ്രകാര്യകാരിതയും, അന്നോൽപാദന യജ്ഞവും, ദേവതകളെ ഇഷ്ടപ്പെടുന്ന വീരപുത്രൻമാരും ഉാകണേ. നമ്മുടെ സന്താനങ്ങൾ സ്വന്തം കുലത്തെ പാലിക്കുന്നവരായിത്തീരണേ. നമുക്ക് അന്നപ്രാപ്തിയും ഉ ാ ക ണേ.

**10. വനസ്പതിരവസൃജന്നുപ സ്ഥാദഗ്നിർഹവിഃ സൂദയാതി പ്ര ധീഭിഃ |**

**ത്രീധാ സമക്തം നയതു പ്രജാനന്ദേവേഭ്യോ ദൈവ്യഃ ശമിതോപ ഹവ്യം ||**

നമ്മുടെ കർമ്മങ്ങളുടെ ജ്ഞാതാവായ അഗ്നി നമുക്ക് പ്രാപ്തമാകണേ. നമ്മുടെ ഉത്തമകർമ്മങ്ങളോടുകൂടിയുള്ള ഹവ്യാന്നത്തെ പരിപാകമാക്കി ദേവകൾക്കെത്തിച്ചുകൊടുക്കണേ.

**11. ഘൃതം മിമിക്ഷേ ഘൃതമസ്യ യോനിർഘൃതേ ശ്രിതോ ഘൃത വസ്യ ധാഃ |**

**അനുഷ്വധമാ വഹ മാദയസ്വ സ്വാഹാകൃതം വൃഷഭ വക്ഷി ഹവ്യം ||**

ഘൃതം അഗ്നിയുടെ ആശ്രയസ്ഥാനവും പ്രകാശവുമാകുന്നു. ഞാൻ അഗ്നിയിൽ ഘൃതം ഹോമിക്കുന്നു. ഹേ മനോരഥവർഷകനായ അഗ്നേ! ഹവിസ്സ് ദാനസമയത്ത് ദേവകളെ വിളിച്ച് അവരുടെപ്രസന്നതയെ പ്രാപിച്ച് ഹവ്യം അവർക്ക് എത്തിച്ചുകൊടുക്കണേ.

## സൂക്തം 4

**ഋഷി ഭൃഗുഗോത്രജനായ സോമാഹൂതി ദേവത അഗ്നി ഛന്ദസ് പംക്തി. ത്രിഷ്ടുപ്, ഉഷ്ണിക**

**1. ഹുവേ വഃ സുദ്യോത്മാനം സുവൃക്തിം വിശാമഗ്നിമതിഥിം സുപ്രയസം |**

**മിത്ര ഇവയോ ദിധിഷായ്യോ ഭൂദ്ദേവ ആദേവേ ജനേ ജാതവേദാഃ ||**

യജമാനൻമാരേ! അതിഥിസ്വരൂപനായ അഗ്നിയെ നിങ്ങൾക്ക് വേി ഞാനാഹൂതമാക്കുന്നു. അവൻ എല്ലാ ജീവികളുടേയും ജ്ഞാതാവും മനുഷ്യരുടേയും ദേവഗണങ്ങളുടേയും ധാരകനുമാകുന്നു.

**2. ഇമം വിധന്തോ അപാം സധസ്ഥേ ദ്വിതാദധുർഭൃഗവോ വിക്ഷ്വാ യാഃ |**

**ഏഷ വിശ്വാന്യഭ്യസ്തു ഭൂമാ ദേവാനാമഗ്നിരരതിർജീരാശ്വഃ ||**

ഭൃഗുവംശജർ ഏതൊരഗ്നിയെ ജലത്തിലും, അന്തരീക്ഷത്തിലും, മനുഷ്യരിലും സ്ഥാപിച്ചുവോ, ദ്രുതഗാമിയായ ആ അശ്വാരൂഢൻ നമ്മുടെ ശത്രുക്കളെ പരാജയപ്പെടുത്തട്ടെ.

**3. ആഗ്നിം ദേവാസോ മാനുഷീഷു വിക്ഷു പ്രിയ ധഃ ക്ഷേഷ്യന്തോ ന മിത്രം |**

**സ ദീദയദുശതീരൂർമ്യാ ആ ദക്ഷായ്യോ യോ ദാസ്വതേ ദമ**

**ആ ||**

ദേവഗണം അഗ്നിയെ മനുഷ്യരിൽ മിത്രതുല്യമായി സ്ഥാപിച്ചു. ആ അഗ്നി ഹവിർദാതാവിൻെറ ഭവനത്തിൽ അധിവസിച്ചുകൊ് രാത്രികളിൽ പ്രകാശം പരത്തുന്നു.

**4. അസ്യ രണ്വാ സ്വസ്യേവ പുഷ്ടിഃ സൻദൃഷ്ടിരസ്യ ഹിയാനസ്യ ദക്ഷോഃ |**

**വി യോ ഭരിഭ്രദോഷധീഷു ജിഹ്വാമത്യോ ന രഥ്യോ ദോധവീതി വാരാൻ ||**

സ്വന്തം ശരീരം പുഷ്ടിപ്പെടുത്തുന്നതുപോലെതന്നെ അഗ്നിയെ പുഷ്ടിപ്പെടുത്തുവിൻ. ആ അഗ്നിഅധികം ജ്വലിച്ചുയർന്ന് കാഷ്ഠാദികളെ ഭക്ഷണമാക്കുമ്പോൾ അവൻ അത്യധികം തേജസ്വിയായിത്തീരുന്നു. രഥത്തിൽ പൂട്ടിയിരിക്കുന്ന അശ്വങ്ങൾ തങ്ങളുടെ വാലുകൾ ഇളക്കുന്നതുപോലെ ഈ അഗ്നിയുടെ ജ്വാലകൾ വിറകിൻമേൽ ഇളകികളിക്കുന്നു.

**5. ആ യൻമേ അഭ്വം വനദഃ പനന്തോശിഗ്ഭ്യോ നാമിമീത വർണം |**

**സ ചിത്രേണ ചികിതേ രംസു ഭാസാ ജുജൂർവാ യോ മുഹുരാ യുവാ ഭൂത് ||**

അഗ്നിയുടെ മാഹാത്മ്യം പാടിപുകഴ്ത്തുമ്പോൾ അവൻെറ രൂപം പ്രകടമാകുന്നു. അവൻ ഹവ്യം സ്വീകരിക്കുന്നതിന് ജ്വാലകളോടുകൂടിയവനാകുന്നു. അവൻ ഒരുകാലത്തും വൃദ്ധാവസ്ഥയെ പ്രാപിക്കുന്നില്ല.

**6. ആ യോ വനാ താതൃഷാണോ ന ഭാതി വർണ പഥാ രഥ്യേവ സ്വാനീത് |**

**കൃഷ്ണാധ്വാ തപൂ രണ്വശ്ചികേത ദ്യൗരിവ സ്മയമാനോ നഭോഭിഃ ||**

പിപാസുവിനെപ്പോലെ അഗ്നി വനത്തെ ദഹിപ്പിക്കുകയും, ജലം പോലെ ഭ്രമണം ചെയ്യുകയും ചെയ്യുന്നു. അവൻ രഥത്തിൽകെട്ടിയ അശ്വങ്ങളെപ്പോലെ ശബ്ദമുാക്കുകയും തൻെറ കറുത്തമാർഗ്ഗങ്ങളെ വ്യക്തമാക്കുമ്പോഴും സൂര്യമണ്ഡലം പോലെ പ്രകാശിക്കുകയും ചെയ്യുന്നു.

**7. സ യോ വ്യസ്ഥാദഭി ദക്ഷദുർവീ പസുർനൈതി സ്വയുരഗോപാഃ |**

**അഗ്നിഃ ശോചിഷ്മാം അതസാന്യുഷ്ണൻകൃഷ്ണവ്യഥിരസ്വദയന്ന ഭൂമ ||**

വിശ്വവ്യാപകമായ അഗ്നി പൃഥ്വിയിൽ വളരുകയും പാലകനില്ലാത്ത മൃഗത്തെപോലെ അലഞ്ഞുനടക്കുകയും ചെയ്യുന്നു. ആ പ്രദീപ്തനായ അഗ്നി വനങ്ങളെ ചാമ്പലാക്കുകയും വേദനിപ്പിക്കുന്ന മുള്ളുകളെ നശിപ്പിക്കുകയും ചെയ്യുന്നു.

**8. നൂ തേ പൂർവസ്യാവസോ അധീതൗ തൃതീയേ വിദഥേ മൻമ ശംസി |**

**അസ്മേ അഗ്നേ സംയദ്വീരം ബൃഹന്തം ക്ഷുമന്തം വാജം സ്വപത്യം രയിം ദാഃ ||**

ഹേ അഗ്നേ! അവൻെറ പ്രഥമസവനത്തിൻെറ രക്ഷയെ അനുസ്മരിച്ച് ഇന്നു ഞങ്ങൾ തൃതീയസവനത്തിൽ മനോഹരമായി സ്തുതിക്കുന്നു. അവൻ ഞങ്ങൾക്ക് വീരത്വം, യശസ്സ്, ധനം എന്നിവ പ്രദാനം ചെയ്യണേ.

**9. ത്വയാ യഥാ ഗൃത്സമദാസോ അഗ്നേ ഗുഹാ വന്വന്ത ഉപരാം അഭിഷ്യുഃ |**

**സുവീരാസോ അഭിമാതിഷാഹഃ സ്മത്സൂരിഭ്യോ ഗൃണതേ തദ്വയോ ധാഃ ||**

ഹേ അഗ്നീ! ഗുഹയിലിരുന്ന ഋഷിഗണം നിന്നാൽ രക്ഷിതരാകയും, സ്തോത്രോച്ചാരണം നടത്തിയും ദിവ്യധനം പ്രാപിച്ചിരുന്നു. അവർ ശ്രേഷ്ഠസന്താനാദികളെ പ്രാപിച്ച ശത്രുക്കളെ പരാജയപ്പെടുത്തുന്നതിൽ സമർത്ഥരായിരുന്നു. അവജ്ഞാനികളായ സ്തോതാക്കൾക്ക് ആവശ്യമായ ധനം നൽകണേ.

## സൂക്തം 5

**ഋഷി സോമാഹുതി ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്, ഉഷ്ണിക**

**1. ഹോതാജനിഷ്ട ചേതനഃ പിതാ പിതൃഭ്യ ഊതയേ**

**പ്രയക്ഷഞ്ജേന്യം വസു ശകേമ വാജാനോയമം ||**

ഹോതാരൂപജും, ചൈതന്യപ്രദനും, പിതൃസമാനുമായ അഗ്നി പൂർവ്വപുരുഷൻമാരെ രക്ഷിക്കുന്നതിനായി പ്രകടമായിരുന്നു. നാമും ഹവിസ്സ് യുക്തരായി പൂജ്യനായ വിജേതാവും, രക്ഷാസാധനസമ്പന്നമായ അഗ്നിയിൽനിന്നും ധനം പ്രാപിക്കും.

**2. ആ യസ്മിൻത്സപ്ത രശ്മയസ്തതാ യജ്ഞസ്യനേതരി**

**മനുഷ്വദ്ദൈവ്യമഷ്ടമം പോതം വിശ്വം തദിന്വതി ||**

യജ്ഞനായ അഗ്നിയിൽ സപ്തരശ്മികൾ ചേർത്തിരിക്കുന്നു. ദേവകളുടെ പൗത്രതുല്യനായ അഗ്നി, മനുഷ്യരിൽ പൗത്രതുല്യനായി യജ്ഞത്തിൻെറ എട്ടുസ്ഥാനങ്ങളിലും വ്യാപിക്കുന്നു.

**3. ദധന്വേ വാ യദീമനു വോചദ്ബ്രഹ്മാണി വേരു തത്**

**പരി വിശ്വാനി കാവ്യാ നേമിശ്ചക്രമിവാഭവത് ||**

ഈ യജ്ഞത്തിൽ ഋത്വജൻമാരാൽ വഹിക്കപ്പെടുന്ന ഹവ്യാന്നവും, പാടപ്പെടുന്ന സ്തുതികളും ആ അഗ്നിദേവൻ നന്നായറിയുന്നു.

**4. സാകം ഹി ശുചിനാ ശുചഃ പ്രശാസ്താ ക്രതുനാജനി വിദ്വാം അസ്യ വ്രതാ ധ്രുവാ വയാ ഇവാനു രോഹതേ ||**

അഗ്നി ഏറ്റവും പരിശുദ്ധിയിൽനിന്നും ഉത്ഭവിച്ചു. ഒരു ശാഖകഴിഞ്ഞ് മറ്റൊരു ശാഖയിലെത്തി പഴം പറിക്കുന്നതുപോലെ, യജമാനൻ അഭീഷ്ടദായകമെന്നു കരുതി

ഒന്നിനുശേഷം ഒന്നായി യജ്ഞം അനുഷ്ഠിക്കുന്നു.

**5. താ അസ്യ വർണ്ണമായുവോ നേഷ്ടുഃ സചന്ത ധേനവഃ |**
**കവിത്തിസ്യഭ്യ ആ വരം സ്വസാരോ യാ ഇദം യയുഃ ||**

നേഷ്ടാഗ്നിയുടെ സേവനത്തിൽ പത്തു വിരലുകൾ ധേനുവിൻെറ രൂപത്തിൽ പ്രവർത്തിക്കുന്നവയും അതുപോലെ ഗാർഹപത്യാദിരൂപങ്ങളുടെ പൂജകളിൽ വ്യാപൃതമാകുകയും ചെയ്യുന്നു.

**6. യദീ മാതുരുപ സ്വസാ ഘൃതം ഭരംത്യസ്ഥിത |**
**താസാമധ്വര്യുരാഗതൗ യവോ വൃഷ്ടീവ മോദതേ ||**

മാതൃഭൂതമായ വേദിക്കടുത്ത് ഭഗിനീസമാനയയ ജൂഹുവിനെ ഘൃതപൂർണ്ണമാക്കി വയ്ക്കുന്നു. അപ്പോൾ മഴകൊു വളരുന്ന യവം പോലെ അഗ്നിയും വളർച്ച പ്രാപിക്കുന്നു.

**7. സ്വഃ സ്വായ ധായസേ കൃണുതാമൃത്വിഗൃത്വിജം**
**സ്തോമം യജ്ഞം ചാദരം വനേമാ രരിമാ വയം ||**

ഈ അഗ്നി ഉത്തമകർമ്മങ്ങൾക്ക് ഋത്വിക്കിനു തുല്യമാകുന്നു. നാം അവനുവേി സ്തോത്രങ്ങളും ഹവിസ്സും നൽകി യജ്ഞം നടത്തും.

**8. യഥാ വിദ്വാം അരം കരദ്വിശ്വേഭ്യോ യജതേഭ്യഃ |**
**അയമഗ്നേ ത്വേ അപി യം യജ്ഞം ചകൃമാ വയം ||**

ഹേ അഗ്നീ! നിൻെറ മാഹാത്മ്യത്തെ അറിയുന്ന യജമാനന് എല്ലാദേവകളെയും തൃപ്തിപ്പെടുത്തുവാൻ കഴിയണേ. അക്കാര്യം നടത്തണേ. ഞങ്ങൾ നടത്തുന്ന യജ്ഞം നിനക്കുവേിതന്നെയാണ്.

## സൂക്തം 6

**ഋഷി സോമാഹൂതി ദേവത അഗ്നി ഛന്ദസ് ഗായത്രി**

**1. ഇമാം മേ അഗ്നേ സമിധമിമാമുപസാദം വനേ |**
**ഇമാ ഊ ഷു ശ്രുധീ ഗിരഃ ||**

ഹേ അഗ്നീ! എൻെറ സമിധയും ആഹുതികളും സ്വികരിക്കണേ. എൻെറ സ്തോത്രങ്ങൾ ശ്രവിക്കണേ.

**2. അയാ തേ അഗ്നേ വിധേമോർജോ നപാദശ്വമിഷ്ടേ |**
**ഏനാ സൂക്തേന സുജാത ||**

ഹേ അഗ്നിദേവാ! ഞങ്ങൾ നിന്നെ ആഹുതികളാൽ പ്രസന്നനാക്കാം. ഉത്തമജൻമവാനായ നീ ബലപുത്രനാണല്ലോ. നീ യജ്ഞത്തെ പരിപുഷ്ഠമാക്കുന്നു. ഞങ്ങളുടെ സ്തുതികളാൽ സന്തുഷ്ടനാകണേ.

**3. തം ത്വാ ഗീർഭിർഗിർവാണസം ദ്രവിണസ്യും ദ്രവിണോദഃ |**
**സപര്യേമ സപര്യവഃ ||**

ഹേ ധനദായകനായ അഗ്നീ! യജ്ഞത്തെ കാമിക്കുന്ന നീ സ്തുത്യർഹനാകുന്നു. നിൻെറ സാധകൻമാരായ ഞങ്ങൾ സ്തുതികളോടുകൂടി പ്രാർത്ഥിക്കുന്നു.

**4. സ ബോധി സൂരിർമഘവാ വസുപതേ വസുദാവൻ |**
**യുയോധ്യസ്മദ്ദ്വേഷാംസി ||**

ഹേ അഗ്നീ! ജ്ഞാനിയായ നീ ധനം നൽകുന്നവനാകുന്നു. നീ ഞങ്ങളുടെ ശത്രുക്കളെ പലായനം ചെയ്യിക്കണേ.

**5. സ നോ വൃഷ്ടിം ദിവസ്പരി സ നോ വാജമനർവാണം |**
**സ നഃ സഹസ്രിണീരിഷഃ ||**

അഗ്നി നമുക്കുവേി അന്തരീക്ഷത്തിൽനിന്നും ജലം വർഷിപ്പിക്കുന്നു. അവൻ നമ്മെ മഹാശക്തനാക്കുകയും നമുക്ക് അനേകം അന്നം പ്രദാനം ചെയ്യുകയും ചെയ്യണേ.

**6. ഈളാനായാവസ്യവേ യവിഷ്ഠ ദൂത നോ ഗിരാ |**
**യജിഷ്ഠ ഹോതരാ ഗഹി ||**

ഹേ നിത്യയുവാവായ അഗ്നീ! എൻെറ സ്തുതികൾക്കനുസരണമായി വരണേ, ഞാനങ്ങയുടെ ആശ്രയം ആശിച്ചുകൊ് പൂജനടത്തുന്നു.

**7. അന്തർഹ്യഗ്ന ഈയസേ വിദ്വാഞ്ജൻമോഭയാ കവേ |**
**ദൂതോ ജന്യേവ മിത്ര്യഃ ||**

ഹേ അഗ്നീ! നീ മനുഷ്യമനസ്സുകളെ അറിയുന്നു. അവരുടെ രു ജൻമങ്ങളേയും അറിയുന്നു. നീ ജ്ഞാനിയും, മിതങ്ങളുടെ ഹിതങ്ങൾ നിറവേറ്റുന്നവനും ദൂതരൂപനും ആകണേ.

**8. സ വിദ്വാം ആ ച പിപ്രയോ യക്ഷി ചകിത്വ ആനുഷക് |**
**ആ ചാസ്മി ത്സത്സി ബർഹിഷി ||**

ഹേ അഗ്നീ! ജ്ഞാനിയായ നീ ഞങ്ങളുടെ അഭിലാഷങ്ങൾ പൂർത്തിയാക്കണേ. നീ ചൈതന്യപ്രദനാകണേ. ദേവതകളുടെ യജ്ഞം നടത്തുന്നതിനുവേി കുശമേൽ വിരാജിക്കണേ.

## സൂക്തം 7

**ഋഷി സോമഹൂതി ദേവത അഗ്നി ഛന്ദസ് ഗായത്രി**

**1. ശ്രേഷ്ഠം യവിഷ്ഠ ഭാരതാഗ്നേ ദ്യുമന്തമാ ഭര |**
**വസോ പുരുസ്പൃഹം രയിം ||**

ഹേ അതിയുവാവായ അഗ്നീ! നീ പാലകനും പോഷകനും പ്രശംസനീയനും പ്രകാശയുക്തനുമാകുന്നു. അനേകരാൽ ആശിക്കപ്പെടുന്ന ധനം ഇവിടെ കൊുവരണേ.

**2. മാ നോ അരാതിരീശത ദേവസ മർത്യസ്യ ച |**
**പർഷി തസ്യാ ഉത ദ്വിഷഃ ||**

ഹേ അഗ്നീ! ശത്രുപക്ഷത്തുചേർന്ന് ഞങ്ങളെ പരാജയപ്പെടുത്തരുതേ. ഞങ്ങളെ എല്ലാ വിധത്തിലും രക്ഷിക്കണേ.

**3. വിശ്വാ ഉത ത്വയാ വയം ധാരാ ഉദന്യാ ഇവ |**
**അതി ഗാഹേമഹി ദ്വിഷഃ ||**

ഹേ അഗ്നീ! നിൻെറ കൃപയുങ്കെിൽ ഞങ്ങൾക്ക് സ്വയം ശത്രുക്കളെ കടന്നുപോകുവാൻ കഴിയും.

**4. ശുചിഃ പാവക വന്ദ്യോഗ്നേ ബൃഹദ്വി രോചസേ**

**ത്വം ഘ്നതേഭിരാഹുതഃ ||**

ഹേ പാവകാ! നീ പൂജനീയനാകുന്നു. ഘൃതാഹുതിയാൽ നീ അത്യധികം പ്രകാശിതനാകുന്നു.

**5. ത്വം നോ അസി ഭാരതാഗ്നേ വശാഭിരുക്ഷഭിഃ |**
**അഷ്ടാപദീഭിരാഹുതഃ ||**

ഹേ അഗ്നി! നീ പാലനകർത്താവാകണേ. ഞങ്ങളുടെ സുന്ദരപശുക്കൾ, കിടാക്കൾ ഇവ വഴിയായി പൂജികനാകട്ടെ.

**6. ദ്രൂന്നഃ സർപിരാസുതിഃ പ്രത്നോ ഹോതാ വരേണ്യഃ |**
**സഹസസ്പുത്രോ അദ്ഭുതഃ ||**

ജ്ഞാനി, ബലപുത്രൻ, യജ്ഞസമ്പാദകൻ, സമിധാഭക്ഷകൻ, ഘൃതവർഷണേഛു എന്നീ നിലകളിൽ അഗ്നി അത്യധികം ശ്രേഷ്ഠനാകണേ.

## സൂക്തം 8

**ഋഷി ഗൃത്സമദൻ ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്**

**1. വാജയന്നിവ നൂ രഥാന്യോഗാം അഗ്നേരുപ സ്തുഹി |**
**യശസ്തമസ്യ മീളഹുഷഃ ||**

യാതൊരഗ്നി അശ്വത്തേപ്പോലെ ആചരിക്കുകയും, രമണീയമായ അന്നത്തോടുകൂടിയതും, ആഗ്രഹങ്ങളെ വർഷിക്കുന്നവനുമായിരിക്കുന്നുവോ, അവൻെറ ഗുണങ്ങളെ നിങ്ങൾ ഗാനം ചെയ്യണേ.

**2. യഃ സുനീഥോ ദദാശുഷേ ജൂർയോ ജരയന്നരിം |**
**ചാരുപ്രതീക ആഹുതഃ ||**

ഏതൊരഗ്നിനായകരൂപത്തിൽ ഉത്തമഗതിയോടുകൂടിയതായിരിക്കുന്നുവോ, അവനെ ഹവിസ്സദാതാവ് ശത്രുനാശനത്തിനായി വിളിക്കുന്നു.

**3. യ ഉ ശ്രിയാ ദമേഷ്വാ ദോഷോഷസി പ്രശസ്യതേ |**
**യസ്യ വ്രതം ന മീയതേ ||**

ഉത്തമജ്വാലകളോടുകൂടിയ, ഗൃഹങ്ങളിൽ പ്രതിഷ്ഠിച്ച് നിത്യവും പൂജിക്കപ്പെടുന്ന അഗ്നിയുടെ കർമ്മങ്ങൾ അക്ഷുണ്ണമായിരിക്കുന്നു.

**4. ആ യഃ സ്വർണ ഭാനുനാ ചിത്രോ വിഭാത്യർചിഷാ |**
**അഞ്ജാനോ അജരൈരഭി ||**

രശ്മിയുക്തനായ സൂര്യനെപ്പോലെതന്നെ ജരാരഹിതനായ അഗ്നിയും ജ്വാലകൾ സഹിതമ പ്രകാശിതനായി കിരണങ്ങളാൽ ശോഭായമാനനാകുന്നു.

**5. അത്രിമനു സ്വരാജ്യമഗ്നിമുക്ഥാനി വാവൃധുഃ |**
**വിശ്വാ അധി ശ്രിയോ ദധേ ||**

ശത്രുനാശകനും പ്രകാശിതനുമായ അഗ്നി അത്യന്തം തേജോമയനാകുന്നു. ഇവൻെറ ശോഭ അത്മുതം തന്നെയാണ്. ഞങ്ങൾ അഗ്നിയേയും ഇന്ദ്രനേയും സോമനേയും അതുപോലെ മറ്റു ദേവതകളെയും ആശ്രയിച്ചുകഴിഞ്ഞു.

**6. അഗ്നേരിന്ദ്രസ്യ സോമസ്യ ദേവാനാമൂതിഭിർവയം |**
**അരിഷ്യന്തഃ സചേമഹ്യഭി ഷ്യാമ പൃതന്യതഃ ||**

ഇനി ആർക്കും നമ്മെ കഷ്ടപ്പെടുത്തുവാൻ സാധ്യമല്ല. ശത്രുക്കളെ പരാജയപ്പെടുത്തുന്നതിൽ ഞങ്ങൾ സമർത്ഥരായിരിക്കുന്നു.

# അദ്ധ്യായം ആറ്

## സൂക്തം 9

**ഋഷി ഗൃത്സമദൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. നിഃ ഹോതാ ഹോതൃഷദനേ വിദാനസ്ത്വേഷോ ദീദിവാം അസദത്സുദക്ഷഃ |**
**അദബ്ധവ്രതപ്രമതിർവസിഷ്ഠഃ സഹസ്രംഭരഃശുചി ജിഹ്വോ അഗ്നിഃ ||**

മേധാവിക്കും, പ്രദീപ്തനും ബലവാനും ദിവ്യഹോതാവും ആശ്രയഭൂതനും പോഷകനും സത്യവക്താവും ജ്വാലായുക്തനും ആയ ഈ അഗ്നി യജ്ഞശാലയിൽ ഉത്തമമായ ആസനത്തിൽ വിരാജിക്കണേ.

**2. സ്വം ദൂതസ്ത്വമ നഃ പരസ്പാസ്ത്വം വസ്യ ആ വൃഷഭ പ്രണോതാ |**
**അഗ്നേ തോകസ്യ നസ്തനേ തനൂനാമപ്രയുഛന്ദീ ദ്യദ്വോധി ഗോപാഃ ||**

ഹേ ആഗ്രഹവർഷകനായ അഗ്നീ! ഞങ്ങളുടെ ദൗത്യകർമ്മം നിർവഹിക്കൂ. ഞങ്ങളേയും ഞങ്ങളുടെ പുത്രൻമാരെയും രക്ഷിക്കൂ.

**3. വിധേമ തേ പരമേ ജൻമന്നഗ്നേ വിധേമ സ്തോമൈരവരേ സധസ്ഥേ |**
**യസ്മാദ്യോനേരുദാരിഥാ യജേ തം പ്രത്വേ ഹവീംഷി ജുഹുരേ സമിദ്ധേ ||**

ഹേ അഗ്നി! നിൻെറ ജൻമസ്ഥാനത്തുതന്നെ നിന്നെ ഞങ്ങൾ പൂജിക്കാം. ആ സ്ഥാനത്ത് പുദീപ്തനാകുമ്പോൾ നിനക്ക് ഹവിസ്സ് നൽകുകയും ചെയ്യാം.

**4. അഗ്നേ യജസ്വ ഹവിഷാ യജീയാഞ്ഛ്റുഷ്ടീ ദേഷ്ണമഭി ഗൃണീഹി രാധഃ |**
**ത്വം ഹ്യസി രയിപതി രയീണാം ത്വം ശുക്രസ്യ വചസോ മനോത ||**

ഹേ അഗ്നി! നീ ശ്രേഷ്ഠനായ യവജ്ഞകർത്താവാകുന്നു. ഞങ്ങൾക്ക് നൽകപ്പെടുവാൻ യോഗ്യമായ അന്നത്തെ ദേവതകളിൽനിന്നും തരുവിക്കണേ. ധനസ്വാമിയായ നീ ഞങ്ങളുടെ സ്തുതികളുടെ ജ്ഞാതാവാകണേ.

**5. ഉഭയും തേ ന ക്ഷീയതേ വസവ്യം ദിവേദിവേ ജായമാനസ്യ ദസ്മ |**
**കൃധി ക്ഷുമന്തം ജരിതാരമഗ്നേ കൃധീ പതിം സ്വപത്യസ്യ രായഃ ||**

ഹേ അഗ്നീ! നീ ദർശനയോഗ്യനും ദുഃഖനാശകനുമാണ്. നിന്റെ ദിവ്യങ്ങളോ അഥവാ പാർത്ഥിവങ്ങളോ ആയ യാതൊരൈശ്വര്യങ്ങളും നശിക്കുന്നില്ല. സ്തോതാവിന് അന്നം നൽകുകയും അവനെ വനങ്ങളുടെ അധിപതിയാക്കുകയും ചെയ്യണേ.

**6. സൈനാനീകേന സുവിദത്രോ അസ്മേ യഷ്ടാ ദേവാം ആയജിഷ്ഠഃ സ്വസ്തി |**

**അദബ്ധോ ഗോപാ ഉത നഃ പരസ്പാ അഗ്നേ ദ്യുമദുത രേവദ്ദിദീഹി ||**

ഹേ അഗ്നീ! നീ സ്വന്തം കൂട്ടുകാർ സഹിതം ഞങ്ങളുടെമേൽ ദയ വിചാരിക്കണേ. നീ ദേവതകളുടെ പോഷകനും, ഞങ്ങളുടെ രക്ഷകനും, അഹിംസിതനുമാകണേ. ഐശ്വര്യയുക്തനായ ഭവാൻസർവ്വത്ര പ്രകാശിതനാകണേ.

## സൂക്തം 10

**ഋഷി ഗൃത്സമദൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ജോഹൂത്രോ അഗ്നിഃ പ്രഥമഃ പിതേവേളസ്പദേ മനുഷാ യത്സമിദ്ധഃ |**

**ശ്രിയം വസാനോ അമൃതോ വിചേതാ മർമൃജേന്യഃ ശ്രവസ്യ സഃ വാജീ ||**

അഗ്നിഹോതാവും പിതാരൂപനും ആകുന്നു. അവൻ യജ്ഞവേദിയിൽ മനുഷ്യരാൽ പ്രദീപ്തമാക്കപ്പെടുന്നു. അവൻ പ്രകാശവാനും അമരനും മേധാവിയും അന്നത്താലും ബലത്താലും യുക്തനും എല്ലാവരാലും സേവിക്കപ്പെടുവാൻ യോഗ്യനുമാകുന്നു.

**2. ശ്രൂയാ അഗ്നിശ്ചിത്രഭാന്തർവഹം മേ വിശ്വാഭിർഗീർഭിരമൃതോ വിചേതാഃ |**

**ശ്യാവാ രഥം വഹതോ രോഹിതാ വോതാരുഷാഹ ചക്രേ വിഭൃത്രഃ ||**

ബുദ്ധിമാനും, അത്ഭുതപ്രകാശവാനും അവിനാശിയുമായ അഗ്നി എന്റെ ആഹ്വാനം ശ്രവിക്കണേ. അവന്റെ ചുവപ്പുവർണ്ണത്തോടുകൂടിയ കുതുര അവനെ വിഭിന്നസ്ഥാനങ്ങളിൽ എത്തിക്കുന്നു.

**3. ഉത്താനായാമജനയൻത്സുഷൂതം ഭുവദഗ നിഃ പുരുപേശാസു ഗർഭഃ |**

**ശിരിണായാം ചിദക്തുനാ മഹോഭിരപരീവൃതോ വസതി പ്രചേതാഃ ||**

അധ്വര്യുക്കൾ രുരണികളിൽനിന്നും അഗ്നിയെ ജനിപ്പിച്ചു. അവൻ വിവിധഭേഷജങ്ങളിൽ ഗർഭരൂപത്തിൽ വ്യാപ്തനാകുകയും, രാത്രിയിൽ അത്യധികം പ്രകാശയുക്തനായിത്തീരുകയും ചെയ്യുന്നു. അവന് അന്ധകാരത്തിൽ ഒളിക്കുവാൻ അറിയുന്നില്ല.

**4. ജിഘർമ്യഗ്നിം ഹവിഷാ ഘൃതേന പ്രതിക്ഷി യംതം ഭുവനാനി വിശ്വാ |**

**പൃഥും തിരശ്ചാ വയസാബൃഹന്തം വ്യചിഷ്ഠമന്നൈരഭസം ദൃശാനം ||**

സർവ്വത്രഗമനശീലനായ അഗ്നി മഹാനും, എല്ലാ ലോകങ്ങളുടേയും പലാകനുമാകുന്നു. വൃദ്ധിയെ പ്രാപിച്ച അഗ്നി ഹവിസ്സുകൾ വഴിയായി വ്യാപ്തമാകുന്നു. ദർശനീയനായ ആ അഗ്നിയെ നാം ഘൃതയുക്തമായ ഹവിസ്സുകളാൽ പൂജിക്കുന്നു.

**5. ആ വിശ്വതഃ പ്രത്യഞ്ചം ജിഘർമ്യരക്ഷസാ മനസാ തജ്ജൂഷേത |**

**മര്യശ്രീഃ സ്പൃഹയദ്വർണോ അഗ്നിർനാഭിമൃശേ തന്വാ ജർഭുരാണഃ ||**

സർവ്വവ്യാപിയും യജ്ഞാഭിലാഷിയുമായ അഗ്നിയെ ഘൃതത്താൽ കുളുർപ്പിക്കുന്നു. അവൻ സമാധാനമായി അതിനെ സേവിക്കണേ. അഗ്നിപൂർണ്ണമായി പ്രദീപ്തമായിക്കഴിഞ്ഞാൽ അതിനെ സ്പർശിക്കുവാൻപോലും ആരും സമർത്ഥരല്ല.

**6. ജ്ഞേയാ ഭാഗം സഹസാനോ വരേണ ത്വാദൂതാസോ മനുവദദേമ |**

**അനൂ നമഗ്നിം ജുഹ്വാ വചസ്യാ മധുപൃചം ധനസാ ജോഹവീമി ||**

ഹേ അഗ്നീ! നിന്റെ തേജസ്സാൽ ശത്രുക്കളെ പരാജയപ്പെടുത്തി. ഞങ്ങളുടെ അഭിലാഷയോഗ്യമായ സ്തുതികളെ സ്വികരിക്കണേ. നിന്റെ ആശ്രയത്തിൽ ഞങ്ങൾ മനുവിനെപ്പോലെ സ്തുതിക്കുന്നു. നീ ധനദാതാവാകണേ. കരങ്ങളിൽ ജൂഹുവുമെടുത്ത് ഞാൻ നിന്നെ സ്തോത്രങ്ങളാൽ വിളിക്കുന്നു.

## സൂക്തം 11

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ബൃഹതി, ത്രിഷ്ടുപ്**

**1. ശ്രുധീ ഹവമിന്ദ്ര മാ രിഷണ്യഃ സ്യാമ തേ ദാവനേ വസൂനാം |**

**ഇമാ ഹി ത്വാമൂർജോ വർധയന്തി വസൂയവഃ സിന്ധവോ ന ക്ഷരന്തഃ ||**

ഹേ ഇന്ദ്രാ! എന്റെ സ്തുതികൾ ശ്രവിക്കണേ. എന്നെ ഉപേക്ഷിക്കരുതേ. ഞങ്ങൾ നിന്നിൽനിന്നും ധനം സ്വീകരിക്കാൻ യോഗ്യരാകുന്നു. നദിപോലെ പ്രവാഹയുക്തമായ ഈ ഹവിസ്സ് യജമാനനുവേി ധനം ആഗ്രഹിക്കുന്നു. ഇതു നിങ്ങളെ വളർത്തണേ.

**2. സൃജോ മഹിരിന്ദ്ര യാ അപിന്വഃ പരിഷ്ഠിതാ അഹിനാ ശൂര പൂർവീഃ |**

**അമർത്യം ചിദ്ദാസം മന്യമാനമവാഭി നദൂക്ഥൈർ**

**വാവ്യധാനഃ ||**

ഹേ യവീരനായ ഇന്ദ്രാ! നീ വർഷിച്ച ജലത്തെ വൃത്രൻ ആക്രമിച്ചു. നീ ആ ജലത്തെ മോചിപ്പിച്ചു.ആ വൃത്രൻ സ്വയം അമരനായിക്കരുതി, എന്നാൽ സ്തുതികളാൽ വളർന്ന നീ അവനെ നലംപതിപ്പിച്ചു.

**3. ഉക്ഥേഷ്വിന്നു ശൂര യേഷു ചാകൻത്സ്തോമേഷ്വി വ്രത ഭൂയേഷു ച |**

**തുഭ്യേദേതാ യാസു മന്ദസാനഃ പ്ര വായവേ സിസ്രതേ ന ശുഭ്രാഃ ||**

ഹേ വീരനായ ഇന്ദ്രാ! നീ സുഖകാരിയായ ഏതൊരു സ്തോത്രത്തെ ഇച്ഛിക്കുന്നുവോ, ആ സ്തോത്രം പ്രകാശമാനമായി യജ്ഞത്തിൽ നിനക്കായി പ്രകടമാകുന്നു.

**4. ശുഭ്രം നു തേ ശുഷ്മം വർധയന്തഃ ശുഭ്രം വജ്രം വാഹ്വോർദധാനാഃ |**

**ശുഭ്രസ്ത്വമിന്ദ്ര വാവ്യധാനോ അസ്മേ ദാസീർവിശഃ സൂര്യേണ സഹ്യാഃ ||**

ഹേ വീരനായ ഇന്ദ്രാ! സ്തുതികളാൽ ഞങ്ങൾ അങ്ങയുടെ ബലം വർദ്ധിപ്പിക്കുകയും വജ്രം കാഴ്ചവയ്ക്കുകയും ചെയ്യുന്നു. നീ ആ ദസ്യുക്കളെ സൂര്യനുതുല്യമായ തേജസ്സാൽ പരാജയപ്പെടുത്തുന്നു.

**5. ഗുഹാ ഹിതം ഗുഹ്യം ഗുള്ഹമപ്സ്വപീവൃതം മായിനം ക്ഷിയന്തം |**

**ഉതോ അപോ ദ്യാം തസ്തഭ്വാം സമഹന്നഹിം ശൂര വീര്യേണ ||**

ഹേ ഇന്ദ്രാ! ഗുഹയിലൊളിച്ചിരുന്ന് തൻെറ അത്ഭുതകരമായ ശക്തിയാൽ അന്തരീക്ഷത്തേയും ആകാശത്തേയും ആശ്ചര്യാന്വിതമാക്കിയ ആ വൃത്രനെ നീ സ്വന്തം വജ്രായുധത്താൽ സംഹരിച്ചിട്ടു്.

**6. സ്തവാ നു ത ഇന്ദ്ര പൂർവ്യാ മഹാന്യുത സ്തവാമ നൂതനാ കൃതാനി |**

**സ്തവാ വജ്രം വാഹ്വോരുശന്തം സ്തവാ ഹരീ സൂര്യസ്യ കേതൂ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിൻെറ മഹായശസ്സിനെപ്പറ്റി പ്രശംസിക്കുകയും ചെയ്യുന്നു. നിൻെറ പ്രകാശിക്കുന്ന വജ്രായുധത്തെയും ധ്വജത്തേയും അശ്വങ്ങളേയും സ്തുതിക്കുന്നു.

**7. ഹരീ നു ത ഇന്ദ്ര വാജയന്താ ഘൃതശ്ചുതം സ്വാരമസ്വാർഷ്ടാം |**

**വി സമനാ ഭൂമിരപ്രഥിഷ്ടാരംസ്ത പർവ്വതശ്ചിത്സരിഷ്യൻ ||**

ഹേ ഇന്ദ്രാ! നിൻെറ ദ്രുതഗാമികളായ അശ്വങ്ങൾ ജലവർഷകങ്ങളായ മേഘങ്ങളുടെ ധ്വനിയാകുന്നു. സമതലഭൂമിമേഘഗർജ്ജനത്താൽ പുളകിതയാകുയും മേഘം എങ്ങും വർഷിച്ച് സുശോഭിതമാക്കുകയും ചെയ്യുന്നു.

**8. നി പർവതഃ സാദ്യപ്രയുച്ഛൻത്സം മാതൃഭിർവാവശാനോ അക്രാൻ |**

**ദൂരേ പാരേ വാണിം വർധയന്ത ഇന്ദ്രേഷിതാം ധമനിം പപ്രഥന്നി ||**

മേഘം അന്തരീക്ഷത്തിലെത്തി ജലത്തോടുകൂടി സഞ്ചരിക്കുവാൻ തുടങ്ങി. മരുത്തുക്കൾ അവയുടെശബ്ദത്തെ വളർത്തി സർവ്വത്ര വ്യാപിപ്പിച്ചു.

**9. ഇന്ദ്രോ മഹാം സിന്ധുമാശയാനം മായാവിനം വൃത്രമസ്ഫുരന്നിഃ |**

**അരേജേതാം രോദസീ ഭിയാനേ കനിക്രദതോ വൃഷ്ണോ അസ്യ വജ്രാത് ||**

മഹാബലിയായ ഇന്ദ്രൻ സഞ്ചരിച്ചുകൊിരുന്ന മേഘത്തിൽ ഒളിച്ചിരുന്ന വൃത്രനെ വധിച്ചു. ഇന്ദ്രൻെറ വജ്രത്താലുായ ശബ്ദത്താൽ ആകാശവും ഭൂമിയും ഞെട്ടിവിറച്ചു.

**10. അരോരവീദ്വൃഷ്ണോ അസ്യ വജ്രോമാനുഷം യൻമാനുഷോ നി ജൂർവാത് |**

**നി മായിനോ ദാനവസ്യ മായാ അപാദയത്പപിവാൻത്സുതസ്യ ||**

മനുഷ്യരുടെ ഇഷ്ടങ്ങൾ നിറവേറ്റുന്ന ഇന്ദ്രൻ വൃതനെ വധിക്കുവാൻ ആഗ്രഹിച്ചപ്പോൾ അവൻെറ വജ്രം ഗർജ്ജിക്കുവാനാരംഭിച്ചു. ഇന്ദ്രൻ സോമം പാനം ചെയ്ത് ദൈത്യൻെറ മായകളെ ഛിന്നഭിന്നമാക്കി.

**11. പിബാപിബേദിന്ദ്ര ശൂര സോമം മന്ദന്തു ത്വാ മന്ദിനഃ സുതാസഃ |**

**പൃണന്തസ്തേ കുക്ഷീ വർധയന്ത്വിത്ഥാ സുതഃ പൗര ഇന്ദ്രമാവ ||**

ഹേ ഇന്ദ്രാ! പിഴിഞ്ഞെടുത്ത ഈ സോമരസം പാനം ചെയ്യുകയും ഇത് നിന്നെ പ്രസന്നനാക്കണേ. അതുകൊ് നിൻെറ ഉദര. ഉദരത്തെ പൂർണ്ണമാക്കുന്ന സോമം നിന്നെ തൃപ്തനാക്കട്ടെ.

**12. ത്വേ ഇന്ദ്രാപ്യഭൂമ വിപ്രാ ധിയം വനേമ ഋതയാ സപന്തഃ |**

**അവസ്യവോ ധീമഹി പ്രശസ്തിം സദ്യസ്തേ ദാവനേ സ്യാമ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ ബുദ്ധിമാനായ നിൻെറ ഹൃദയത്തിൽ സ്ഥാനം പ്രാപിക്കണേ. കർമ്മഫലത്തെ ആശിച്ചുകൊ് നിനക്കുവേി യജ്ഞം നടത്തണേ. നിൻെറ ആശ്രയത്തിനുവേി നിന്നെ സ്തുതിക്കുന്നു. അതിൽനിന്നും നീ നൽകുന്ന ധനം അതിവേഗം പ്രാപിക്കുവാൻ കഴിയട്ടെ.

**13. സ്യാമ തേ ത ഇന്ദ്ര യേ ത ഊതീ അവസ്യുവ ഊർജം വർധയന്തഃ |**

**ശുഷ്മിന്തമം യം ചാകനാമ ദേവാസ്മേ രയിം രാസി**

**വീരവന്തം ||**

ഹേ ഇന്ദ്രാ! നിൻെറ ആശ്രയം ആഗ്രഹിച്ചുകൊ്, നിന്നെ ഹവിസ്സുകളാൽ വളർത്തുന്നവരെപ്പോലെ ഞങ്ങളും നിൻെറ ആശ്രയം പ്രാപിക്കണേ. നീ ഞങ്ങളാഗ്രഹിക്കുന്ന വീരപുത്രൻമാരെയും, ധനത്തേയും പ്രദാനം ചെയ്യട്ടെ.

**14. രാസി ക്ഷയം രാസി മിത്രമസ്മേ രാസി ശർധ ഇന്ദ്ര മാരുതം നഃ |**

**സജോഷസോ യേ ച മന്ദസാനാഃ പ്ര വായവഃ പാന്ത്യഗ്രണീതിം ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് നിവാസസ്ഥാനവും, ബന്ധുക്കളേയും, മഹാപൗരുഷൻമാരേയും നൽകണേ. വായുവിനോടുകൂടി ശക്തരായ ദേവഗണങ്ങളും സോമരസം പാനം ചെയ്യട്ടെ.

**15. വ്യന്ത്വിന്നു യേഷു മന്ദസാനസ്തൃപത്സോമം പാഹി ദ്രഹ്യദിന്ദ്ര |**

**അസ്മാൻത്സു പൃത്സ്വാ തരുത്രാവർധയോ ദ്യാം ബൃഹദ്ഭിരർക്കൈഃ ||**

ഹേ ഇന്ദ്രാ! നിൻെറ സഹായികളായ മരുത്തുക്കൾ സോമം പാനം ചെയ്യണേ. നീ തൃപ്തിനൽകുന്നതായ ഈ സോമം പാനം ചെയ്യണേ. നീ ശത്രുക്കളെ സംഹരിക്കുന്നവനാകണേ. പൂജ്യരായ മരുത്തുക്കളോടുകൂടി ഞങ്ങളെ യുദ്ധത്തിൽ മുന്നോട്ടാനയിക്കട്ടെ.

**16. ബൃഹന്ത ഇന്നു യേ തേ തരുത്രോക്ഥേഭിർവാ സുമ്നമാവിവാസാൻ |**

**സ്തൃണാനാസോ ബർഹിഃ പസ്ത്യാവത്ത്വോതാഃ ഇദിന്ദ്ര വാജമഗ്മൻ ||**

ഇന്ദ്രാ! നീ അനിഷ്ടങ്ങളെ നിവാരണം ചെയ്യുന്നു. നിൻെറ

**17. ഉഗ്രേഷ്വിന്നു ശൂര മന്ദസാനസ്ത്രികദ്രുകേഷു പാഹി സോമമിന്ദ്ര |**

**പ്രദോധുവച്ഛ് മശ്രുഷു പ്രീണാനോ യാഹി ഹരിഭ്യാം സുതസ്യ പീതിം ||**

ഹേ വീരനായ ഇന്ദ്രാ! നീ ഇതിലോകങ്ങളിലും സൂര്യസമാനനായ സോമം പാനം ചെയ്യണേ. അതിനുശേഷം നിൻെറ മീശയെ തുടച്ച് പ്രസന്നനായി അശ്വങ്ങളിലാരോഹിതനായി ഇവിടെ ആഗതനാകട്ടെ.

**18. ധിഷ്വാ ശവഃ ശൂര യേന വൃത്രമവാഭിനദ്ദാനുമൗർണവാഭം |**

**അപാവൃണോർജ്യോതിരാര്യായ നി സവ്യതഃ സാദ്രി ദസ്യുരിന്ദ്ര ||**

ഹേ ഇന്ദ്രാ! ഏതൊരുശക്തിയാൽ നീ ആ ദാനവനായ വൃത്രനെ ഒരു പുഴുവിനെ എന്നപോലെ വധിച്ചുവോ, അതേ ശക്തിതന്നെ ധാരണം ചെയ്യണേ. നീ മനുഷ്യർക്കുവേി സൂര്യപ്രകാശം കാണിക്കുകയും ദസ്യുക്കളെ മാറ്റുകയും ചെയ്യട്ടെ.

**19. സനേമ യേ ത ഊതിഭിസ്തരന്തോ വിശ്വാഃ സ്പൃധ ആര്യേണ ദസ്യൂൻ |**

**അസ്മഭ്യം തത്ത്വാഷ്ടം വിശ്വരൂപമരന്ധയഃ സാഖ്യസ്യ ത്രിതായ ||**

ഹേ ഇന്ദ്രാ! നിൻെ യാതൊരാശ്രിതൻ അഹംകാരികളേയും, ദസ്യുക്കളേയും, പലായനം ചെയ്യിച്ചുവോ, ഞങ്ങളവനെ സ്തുതിക്കുന്നു. നീ ത്രിതൻെറ മൈത്രിക്കുവേി ത്വഷ്ടൻെറ പുത്രനായ വിശ്വരൂപനെ നശിപ്പിക്കുന്നു. ഞങ്ങൾക്കുവേിയും അപ്രകാരം മിത്രഭാവത്തോടുകൂടിയവനാകട്ടെ.

**20. അസ്യ സുവാനസ്യ മന്ദിനസ്ത്രിതസ്യ ന്യർബുദം വാവൃധാനോ അസ്തഃ |**

**അവർതയത്സൂര്യോ ന ചക്രം ഭിനദ്വലമിന്ദ്രേ അങ്ഗിരസ്വാൻ ||**

ത്രിതനാൽ വളരപ്പെട്ട ഇന്ദ്രൻ അർബുദനെ വധിച്ചു.

**21. നൂനം സാ തേ പ്രതി വരം ജരിത്രേ ദുഹീയദിന്ദ്ര ദക്ഷിണാ മഘോനീ |**

**ശിക്ഷാ സ്തോതൃഭ്യോ മാതി ധഗ്ഭഗോ നോ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! നിൻെറ ഐശ്വര്യമേറിയ ആ ദക്ഷിണ സ്തുതിക്കുന്നവരുടെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കുന്നു. അതിനെ ഞങ്ങൾക്കും പ്രദാനം ചെയ്യൂ. ഞങ്ങൾക്കല്ലാതെ അതിനെ മറ്റാർക്കും നൽകരുതേ. ഞങ്ങൾ സന്താനയുക്തരായി ഈ യാഗത്തിൽ നിന്നെ സ്തുതിക്കട്ടെ.

## അനുവാകം 2 സൂക്തം 12

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. യോ ജാത ഏവ പ്രഥമോ മനസ്വാന്ദേവോ ദേവാൻക്രതുനാ പര്യഭൂഷത് |**

**യസ്യ ശുഷ്മാദ്രോദസ അഭ്യസേതാം നൃമ്ണസ്യ മഹ്നാ സ ജനാസ ഇന്ദ്രഃ ||**

യാതൊരുത്തൻ തൻെറ ശക്തി സഹിതം മനുഷ്യരിൽ പ്രകടമായി അഗ്രഗണ്യനായോ, യാതൊരുത്തൻ വീരകർമ്മങ്ങളാൽ ദേവഗണത്തെ വിഭൂഷിതനാക്കിയോ, ആകാശവും ഭൂമിയും ആരുടെ ശക്തിയുാൽ ഭയന്നു നടുങ്ങിയോ, അവൻ ഇന്ദ്രനാകുന്നു.

**2. യഃ പൃഥിവീം വ്യഥമാനാദൃംഹദ്യഃ പർവതാൻ പ്രകുപിതാം അരംണാത് |**

**യോ അന്തരീക്ഷം വിമമേ വരീയോ യോ ദ്യാമസ്തഭ് നാത്സ ജനാസ ഇന്ദ്രഃ ||**

ആര് ഇളകുന്നഭൂമിയെ ഉറപ്പിച്ചുവോ ആര് പറന്നുനടന്നിരുന്ന പർവ്വതങ്ങളെ ശാന്തമാക്കിയിരുന്നുവോ

ആര് അന്തരീക്ഷം സൃഷ്ടിച്ച് ആകാശത്തിനു സഹായം നൽകിയോ, അവൻ ഇന്ദ്രനാകുന്നു.

**3. യോ ഹത്വാഹിമരിണാത്സപ്ത സിന്ധൂന്യോ ഗാ ഉദാജദപധാ വലസ്യ |**

**യോ അശ്മനോരന്തരഗ്നിം ജജാന സംവൃക്സമത്സു സ ജനാസ ഇന്ദ്രഃ ||**

യാതൊരുത്തൻ വൃത്രവധംകൊ് സപ്തനദിക്ക് പ്രവാഹം

**4. യേനേമാ വിശ്വാച്യവനാ കൃതാനി യോ ദാസം വർണമധരം ഗുഹാകഃ |**

**ശ്വധ്നീവ യോ ജിഗീവാം ലക്ഷമാദദര്യഃ പുഷ്ടാനി സ ജനാസ ഇന്ദ്രഃ ||**

യാതൊരുത്തൻ ലോകത്തെ രചിക്കുകയും, ദുഷ്ടൻമാരെ അധോഗുഹകളിൽ സ്ഥാപിക്കുകയും ശത്രുക്കളുടെ ധനം പിടിച്ചെടുക്കുകയും ചെയ്തുവോ, അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**5. യം സ്മാ പൃച്ഛന്തി കുഹ സേതി ഘോരമുതേമാഹുർ നൈഷോ അസ്തീത്യേനം |**

**സോ അര്യഃ പുഷ്ടീർവിജ ഇവാമിനാതി ശ്രദസ്മൈ ധത്ത സ ജനാസ ഇന്ദ്രഃ ||**

ആളുകൾ യാതൊരുത്തനെ സംബന്ധിച്ച് ജിജ്ഞാസാഭരിതരായിരിക്കുന്നുവോ, ആളുകൾ യാതൊരുത്തനെപ്പറ്റി ചർച്ചകൾ നടത്തുന്നുവോ, യാതൊരുത്തൻ ശത്രുക്കളുടെ ധനം അധികാരിയെപ്പോലെ തട്ടിയെടുക്കുന്നുവോ, അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**6. യോ രധ്രസ്യ ചോദിതാ യഃ കൃശസ്യ യോ ബ്രഹ്മണോ നാധമാനസ്യ കീരേഃ |**

**യുക്തഗ്രാവ്ണോ യോ വിതാ സുശിപ്രഃ സുത സോമസ്യ സ ജനാസ ഇന്ദ്രഃ ||**

അത്യന്തം ധനദാതാവും, ദരിദ്രനും യാചകനുമായി സ്തുതിക്കുന്നവർക്ക് ധനം ദാനം ചെയ്യുന്നവനും, സുശോഭിതരായ യജമാനൻമാരുടെ പാലകനും ആരായിരിക്കുന്നുവോ അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**7. യസ്യാശ്വാസഃ പ്രദിശി യസ്യ ഗ്രാവോ യസ്യ ഗ്രാമാ യസ്യ വിശ്വേ രഥാസഃ |**

**യഃ സൂര്യം യ ഉഷസം ജജാന യോ അപാം നേതാ സ ജനാസ ഇന്ദ്രഃ ||**

ആരുടെ നിയന്ത്രണത്തിൽ അശ്വങ്ങളും, ഗോക്കളും, രഥാദികളും ഇരിക്കുന്നുവോ, ആരു സൂര്യൻേറയും ഉഷസ്സിൻേറയും നിയമകനും ജലത്തിൻെറ പ്രേരകനുമായിരിക്കുന്നുവോ, അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**8. യം ക്രന്ദസീ സംയതീ വിഹ്വയേതേ പരേവര ഉഭയാ അമിത്രാഃ |**

**സമാനം ചിദ്രഥമാതസ്ഥിവാംസം നാനാ ഹവേതേ സ ജനാസ ഇന്ദ്രഃ ||**

യുദ്ധത്തിൽ ആരെ ആഹ്വാനം ചെയ്യുന്നുവോ, ഉന്നതരും നീചരും ശത്രുക്കളും മിത്രങ്ങളും എല്ലാം ആരെ വിളിച്ച് അപേക്ഷിക്കുന്നുവോ അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**9. യസ്മാന്ന ഋതേ വിജയന്തേ ജനാസോ യം യുധ്യമാനാ അവസേ ഹവന്തേ |**

**യോ വിശ്വസ്യ പ്രതിമാനം ബഭൂവ യോ അച്യുതച്യുത്സ ജനാസ ഇന്ദ്രഃ ||**

യാതൊരുത്തനെ ഉപേക്ഷിക്കുന്നതുകൊ് ജയലാഭം ഉ ാകാതിരിക്കുന്നുവോ, രക്ഷയ്ക്കുവേ ി ആരെ ആഹ്വാനം ചെയ്യുന്നുവോ, ആരു ഗംഭീരമായ പർവ്വതങ്ങളെപ്പോലും നശിപ്പിക്കുന്നതിൽ സമർത്ഥനായിരിക്കുന്നുവോ, അവൻ ഇന്ദ്രൻ ആകുന്നു.

**10. യഃ ശശ്വതോ മഹ്യേനോ ദധാനാനമന്യമാ നാഞ്ഛർവാ ജഘാന |**

**യഃ ശർധതേ നാനുദദാതി ശൃധ്യാം യോ ദസ്യോർഹന്താ സ ജനാസ ഇന്ദ്രഃ ||**

ആര് പാപികളേയും, അകർമ്മക്കളേയും നശിപ്പിച്ചുവോ, ആരു സ്വാഭിമാനികൾക്ക് സിദ്ധിനൽകുകയും ദുഷ്ടരെ സംഹരിക്കുകയും ചെയ്യുന്നുവൊ അവൻ ഇന്ദ്രനാകുന്നു.

**11. യഃ ശംബരം പർവതേഷി ക്ഷിയന്തം ചത്വാരിശ്യാ ശരദ്യന്വവിന്ദത് |**

**ഓജായമാനം യോ അഹിം ജഘാന ദാനും ശയാനം സ ജനാസ ഇന്ദ്രഃ ||**

ആര് ഭൂമിയിൽ ഒളിച്ചിരുന്ന ശംബരൻ എന്ന ദൈത്യനേയും അതുപോലെ ഉറങ്ങിക്കഴിഞ്ഞിരുന്ന മഹാബലവാനായിരുന്ന അഹിയേയും കൊന്നുവോ അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**12. യഃ സപ്തരശ്മിവൃഷഭസ്തു വിഷ്മാനവാസൃജത്സർതവേ സപ്ത സിന്ധൂൻ |**

**യോ രൗഹിണമസ്ഫുരദ്വജ്രബാഹുർദ്യാമാരോഹന്തം സ ജനാസ ഇന്ദ്രഃ ||**

ആര് പന്ത്രുരൂപങ്ങളോടുകൂടിയവനും മഹാനും വിദ്യുത്പോലെ തേജസ്വിയും രശ്മിയുക്തനും ഇഛാവർഷകനും സപ്തനദികളെ പ്രവഹിപ്പിച്ചവനും ബാഹുക്കളിൽ വജ്രം ധരിച്ചവനും അതുപോലെ സ്വർഗ്ഗകാംക്ഷിണിയായ രോഹിണിയെ തടയുകയും ചെയ്തുവോ അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**13. ദ്യാവാ ചിദസ്മൈ പൃഥിവീ നമതേ ശുഷ്മാച്ചിദസ്യ പർവതാ ഭയന്തേ |**

**യഃ സോമപാ നിചിതോ വജ്രബാഹുര്യോ വജ്രഹസ്തഃ സ ജനാസ ഇന്ദ്രഃ ||**

ആരുടെ മുമ്പിൽ പർവ്വതങ്ങൾ വിറച്ചിരുന്നുവോ ആകാശവും ഭൂമിയും ആരെ പ്രണമിച്ചിരുന്നുവോ യാതൊരുത്തൻ സോമപാനിയായിരിക്കുന്നുവോ, യാതൊരുത്തൻ ദൃഢാംശത്തോടുകൂടിയവനും വജ്രബാഹുവും ആകുന്നുവോ അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**14. യഃ സുന ന്തമവതി യഃ പചന്തം യഃ ശംസന്തം യഃ ശശമാനമൂകി |**

**യസ്യ ബ്രഹ്മ വർധനം യസ്യ സോമോ യസ്യേദ രാധഃ സ ജനാസ ഇന്ദ്രഃ ||**

ആര് സോമം പിഴിയുന്നവരുടെ രക്ഷകനും പുരോഡാശം സ്വീകരിക്കുന്ന സ്തോതാവിൻെറ പാലനുമായിരിക്കുന്നുവോ, യാതൊരുത്തനെ സംബന്ധിച്ചുള്ള സ്തോത്രം നമ്മെ സംബന്ധിച്ചിടത്തോളം അന്നത്തിനു തുല്യമായിരിക്കുന്നുവോ, അവൻ ഇന്ദ്രൻ തന്നെയാകുന്നു.

**15. യഃ സുന്വതേ പചതേ ദുധ്ര ആ ചിദ്വാജം ദർദർഷി സ കിലാസി സത്യഃ |**

**വയം ത ഇന്ദ്ര വിശ്വഹ പ്രിയാസഃ സുവീരാസോ വിദഥമാ വദേമ ||**

ഹേ ഇന്ദ്രാ! നീ സോമം പിഴിയുന്നവർക്കും യജമാനനും അന്നം നൽകുന്നു. നീ സത്യസ്വരൂപനാകുന്നു. ഞങ്ങൾ പ്രിയസന്താനങ്ങളോടുകൂടിയവരായി നിന്നെ സ്തുതിച്ചുകൊിരിക്കും.

## സൂക്തം 13

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. ഋതുർജനിത്രീ തസ്യാ അപസ്പരി മക്ഷു ജാത ആവിശദ്യാസു വർധതേ |**

**തദാഹനാ അഭവത്പിപ്യുഷീ പയോംശോഃ പീയൂഷം പ്രഥമം തദ്ക്ഥ്യം ||**

സോമം വർഷത്തോടുകൂടി ഉാകുന്നു. ജലത്തിൽ വളരുന്നു. ജലത്തിൻെറ സാരഭൂതമായ സോമലത വളർന്ന് പിഴിഞ്ഞെടുക്കുവാൻ പാകമാകുന്നു. ആ അമൃതതുല്യമായ സോമരസം ഇന്ദ്രൻെറ പേയംമാകുന്നു.

**2. സധ്രീ മാ യന്തി പരി ബിഭ്രതിഃ പയോ വിശ്വപ്സന്യായ പ ഭരത്ന ഭോജനം |**

**സമാനോ അധ്വാ പ്രവതാമനുഷ്യദേ യസ്താകൃണോഃ പ്രഥമം സാസ്യുക്ഥ്യഃ ||**

ജലം കൊുപോകുന്ന നദികൾ എല്ലാഭാഗങ്ങളിൽക്കൂടിയും പ്രവഹിച്ച് സമുദ്രത്തിലെത്തുന്നു. ജലം താഴോട്ടുമാത്രം ഒഴുകുന്നു. ഹേ ഇന്ദ്രാ! നീ ഇക്കാര്യങ്ങളെല്ലാം നേരത്തെ ചെയ്തുകഴിഞ്ഞിരിക്കുന്നു. അതിനാൽ നീ പ്രശംസാർഹനാകുന്നു.

**3. അന്വേകോ വദതി യദ്ദദാതി തദ്രൂപാ മിനന്തദപാ ഏക ഈയതേ |**

**വിശ്വാ ഏകസ്യ വിനുദസ്തിതിക്ഷതേ യസ്താകൃണോഃ പ്രഥമം സാസ്യ്യാക്ഥ്യഃ ||**

ഒരു യജമാനൻ ദാനം ചെയ്യുന്നു. രാമൻ അതിൻെറ ഗുണങ്ങൾ പാടിപുകഴ്ത്തുന്നു. ഒരു ജലം ഉത്തമവസ്തുക്കളെ നശിപ്പിക്കുന്നു. മറ്റൊന്ന് അവഹുണങ്ങളെ ശോധനം ചെയ്യുന്നു. ഹേ ഇന്ദ്രാ! നീ ഈ ഈ കർമ്മങ്ങൾ പ ചെയ്തുകഴിഞ്ഞതുകാരണം നീ പ്രശംസ്യായോഗ്യനായിരിക്കുന്നു.

**4. പ്രജാഭ്യഃ പുഷ്ടിം വിഭജന്ത ആസതേ രയിമിവ പൃഷ്ഠം പ്രഭവന്തമായതേ |**

**അസിന്വന്ദംഷ്ട്രൈഃ പിതുരത്തി ഭോജനം യസ്താകൃണോഃ പ്രഥമം സാസ്യുക്ഥ്യഃ ||**

ഹേ ഇന്ദ്രാ! ഗൃഹസ്ഥൻ അഭ്യാഗതൻമാർക്ക് ധനം ദാനം ചെയ്യുന്നതുപോലെ നിൻെറ ധനം പ്രജകളിൽ വ്യാപിച്ചുകിടക്കുന്നു. മനുഷ്യൻ ഭക്ഷണം ചവച്ചുതിന്നുന്നതുപോലെ നീ പ്രളയകാലത്തിൽ ഈ സൃഷ്ടിയെ ചവച്ചുവിഴുങ്ങുന്നു. നിൻെറ ഈ കർമ്മത്താൽ ഹേ ഇന്ദ്രാ! നീ പതേന്നെ സ്തുത്യർഹനായിരിക്കുന്നു.

**5. അധാകൃണോഃ പൃഥിവീം സന്ദൃശേ ദിവേ യോ ധൗതീനാമഹിഹന്നാരിണക്പഥഃ |**

**തം ത്വാ സ്തോമേഭിരുദഭിർന വാജിനം ദേവം ദേവാ അജനൻസാസ്യുക്ഥ്യഃ ||**

ഹേ ഇന്ദ്രാ! നീ ആകാശത്തേയും ഭൂമിയേയും മനോഹരമാക്കി, നദികൾക്ക് മാർഗ്ഗംനൽകി. നീ വൃത്രനെ വധിച്ചവനാണല്ലോ? നീ കുതിരയെ വെള്ളം കുടിപ്പിക്കുന്നതുപോലെ സാധകൻ നിനക്ക് സ്തുതികൾ അർപ്പിക്കുന്നു.

**6. യോ ഭോജനം ച ദയസേ വർധനമാർദ്രാദാ ശുഷ്കം മധുമദ്ദുദോഹിഥ |**

**സ ശേവധിം നി ദധിഷേ വിവസ്വതി വിശ്വസ്യൈക ഈശിഷേ സാസ്യുക്ഥ്യഃ ||**

ഹേ ഇന്ദ്രാ! നീ അന്നവും ധനവും ദാനം ചെയ്യുന്നവനാണല്ലോ? പച്ചവൃക്ഷത്തിൽനിന്നും ഉണക്കപ്പഴങ്ങളും വർഷകാലത്ത് ഉണക്കധാന്യങ്ങളും ഉൽപ്പാദിപ്പിക്കുന്നു. നിനക്ക് തുല്യനായി മറ്റാരുംതന്നെ ഇല്ല. അതിനാൽ നീ സ്തുത്യർഹനാകുന്നു.

**7. യഃ പുഷ്പിണീശ്ച പ്രസ്വശ്ച ധർമണാധി ദാനേ വ്യ വനീരധാരയഃ |**

**യശ്ചാസമാ അജനോ ദിദ്യുതോ ദിവ ഉരുരൂർവാ അഭിതഃ സാസ്യുക്ഥ്യഃ ||**

പുഷ്പഫലയുക്തങ്ങളായ വനസ്പതികളെ കർമ്മങ്ങളാൽ നീ രക്ഷിക്കുന്നു. സൂര്യനു തേജസ്സുനൽകി അതിനെ പ്രകാശിപ്പിക്കുന്നു. നീ സ്വന്തം മഹത്വത്താൽ എല്ലാ ജീവികളേയും പ്രത്യക്ഷമാക്കുന്നു. അതിനാൽ നീ പ്രശംസായോഗ്യനാകുന്നു.

**8. യോ നാർമരം സഹവസും നിഹന്തവേ പൃക്ഷായ ച ദാസവേശായ ചാവഹഃ |**

**ഊർജയന്ത്യാ അപരി വിഷ്ടമാസ്യമുതൈവാദ്യ പുരുകുത്സാസ്യക്ഥ്യഃ ||**

ഹേ ബഹുകർമ്മാവായ ഇന്ദ്രാ! ഹവിസ്സ് സ്വീകരിക്കുന്നതിനും, അസുരൻമാരെ നശിപ്പിക്കുന്നതിനും വേി നീ വജ്രത്തിൻെറ മുഖം തുറന്നു. നീ പ്രശംസ്യായോഗ്യനാകുന്നു.

**9. ശതം വാ യസ്യ ദശ സാകമാദ്യ ഏകസ്യ ശ്രുഷ്ടൗ യദ്ധ ചോദമാവിഥ |**

**അരജ്ജൗ ദസ്യൂൻത്സമുനബ്ദഭീതയേ സുപ്രാവ്യോ അഭവഃ സാസ്യുക്ഥ്യഃ ||**

ഹേ ഇന്ദ്രാ! നീ സഹസ്രങ്ങളായുള്ള ധനങ്ങളുടെ സ്വാമിയാണല്ലോ? ഋഷികൾക്കുവേി നീ രാക്ഷസൻമാരെ കയറുകൂടാതെ വലയം ചെയ്തുവധിച്ചു. അതിനാൽ നീ പ്രശംസാർഹനാകുന്നു.

**10. വിശ്വേദനു രോധനാ അസ്യ പൗംസ്യം ദദുരസ്മൈ ദധിരേ കൃത്നവേ ധനം |**

**ഷളസ്തഭ്നാ വിഷ്ടിരഃ പഞ്ച സൻദൃശഃ പരിപരോ അഭവഃ സാസ്യുക്ഥ്യഃ ||**

എല്ലാ നദികളും ഇന്ദ്രൻെറ ശക്തിയാൽ ചലിക്കുന്നു. സാധകൻ ഇന്ദ്രനു ഹവിസ്സു നൽകുന്നു. ഹേ ഇന്ദ്രാ! നീ ആകാശത്തേയും ഭൂമിയേയും രാത്രിയേയും പകലിനേയും ഔഷധികൾ മുതലായവകളേയും സ്ഥാപിച്ചു. അതിനാൽ നീ പ്രശംസാർഹനാകുന്നു.

**11. സുപ്രവാചനം തവ വീര വീര്യം യദേകേന ക്രതുനാ വിന്ദസേ വസു |**

**ജാതൂഷ്ഠിരസ്യ പ്ര വയഃ സഹസ്വതോ യാ ചകർഥ സേന്ദ്ര വിശ്വാംസ്യുക്ഥ്യഃ ||**

നിൻെറ പുരുഷാർത്ഥം ആദരണീയനാണ്. നീ ശത്രുധനത്തെ കർമ്മത്താൽ പ്രാപിക്കുന്നു. നീ ജനിച്ചിട്ടുള്ള എല്ലാറ്റിനും അന്നം നൽകിയിരിക്കുന്നു. ഇക്കാര്യങ്ങൾ കൊല്ലൊം നീ സ്തുത്യർഹനാകുന്നു.

**12. അരമയഃ സരപസസ്തരായ കം തുർവീതയേ ച വയ്യായ ച സ്രുതിം |**

**നീപാ സന്തമുദനയഃ പരാവൃജം പ്രാന്ധം ശ്രോണം ശ്രവയൻത്സാസ്യുക്ഥ്യഃ ||**

ഹേ ഇന്ദ്രാ! നീ തുർവീതിയേയും, വയ്യനേയും ജലത്തിൽനിന്നും കരയ്ക്കുകയറ്റി അന്ധനും മുടന്തനുമായ പരാവൃതനെ നീ ഉദ്ധരിച്ചു. അതിനാൽ നീ സ്തുത്യർഹനാകുന്നു.

**13. അസ്മഭ്യം തദ്വസോ ദാനായ രാധഃ സമർഥയസ്വ ബഹു തേ വസവ്യം |**

**ഇന്ദ്ര യച്ചിത്രം ശ്രവസ്യാ അനു ദ്യൂൻബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് ഉപഭോഗ്യങ്ങളായ ധനം നൽകണേ. നിൻെറ ദാനം വാസയോഗ്യവും അതുപോലെ തന്നെ ദിവ്യവുമാണല്ലോ. ഞങ്ങൾ നിത്യവും അതിനെ പ്രതീക്ഷിച്ചുകഴിയുന്നു. സന്താനാദികളാൽ യുക്തരായി ഞങ്ങൾ സ്തുതിക്കുന്നു.

## സൂക്തം 14

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അധ്വര്യവോ ഭരതേന്ദ്രായ സോമ മാമത്രേഭിഃ സിഞ്ചതാ മദ്യമന്ധഃ |**

**കാമീ ഹി വീരഃ സദമസ്യ പീതിം ജിഹോത പൃഷ്ണോ തദിദേഷ വഷ്ടി ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രനുവേി സോമംകൊുവരണേ. ചമസ് വഴി അഗ്നിയിൽ ഹവിസ്സ് നൽകണേ. സോമപാനേച്ഛുവായ ഇന്ദ്രന് സോമം കാഴ്ചവയ്ക്കട്ടെ.

**2. അധ്വര്യവോ യോ അപോ വപ്രിവാംസം വൃത്രം ജഘാനാശന്യേവ വൃക്ഷം |**

**തസ്മാ ഏതം ഭരത തദ്വശായം ഏഷ ഇന്ദ്രോ അർഹതി പീതിമസ്യ ||**

ജലത്തെ തടഞ്ഞുനിർത്തിയ ഇന്ദ്രനെ വജ്രത്താൽ വധിച്ച ഇന്ദ്രനുവേി സോമം കൊുവരണേ. ഇന്ദ്രൻ സോമം പാനം ചെയ്യുവാൻ യോഗ്യനാകുന്നു.

**3. അധ്വര്യവോ യോ ദൃഭീകം ജഘാന യോ ഗാ ഉദാജദപ ഹി വലം വഃ |**

**തസ്മാ ഏതമന്തരിക്ഷേ ന വാതമിന്ദ്രം സോമൈരോർണുത ജൂർന വസ്ത്രൈഃ ||**

ഏതൊരിന്ദ്രൻ ഗോക്കളെ ഉദ്ധരിക്കുകയും, രാക്ഷസൻമാരെ സംഹരിക്കുകയും ചെയ്തുവോ ആ ഇന്ദ്രനുവേി സോമത്തെ വ്യാപ്തമാക്കുവിൻ. വസ്ത്രത്താൽ ആഛാദനം ചെയ്യുന്നതുപോലെ ഇന്ദ്രനെ സോമത്താൽ മൂടുവിൻ.

**4. അധ്വര്യവോ യ ഉരണം ജഘാന നവ ചഖാംസം നവതിം ച**

**ബാഹൂൻ |**

**യോ അർബുദമവ നീചാ ബബാധേ തമിന്ദ്രം സോമസ്യ ഭൃഥേ ഹിനോത ||**

ഏതൊരിന്ദ്രൻ തൊണ്ണൂറ്റൊൻപത് കരങ്ങളുള്ള ഉരണനേയും, അർബുദനേയും നിഹനിച്ചുവോ, ആ ഇന്ദ്രന് സോമം കാഴ്ചവയ്ക്കട്ടെ.

**5. അധ്വര്യവോ യഃ സ്വശ്നം ജഘാന യഃ ശുഷ്ണമശുഷം യോ വ്യംസം |**

**യഃ പിപ്രു നമുചിം യോ രുധിക്രാം തസ്മാ ഇന്ദ്രായാന്ധസോ ജൂഹോത ||**

ഏതൊരിന്ദ്രൻ അസ്വനെ കൊന്നുവോ, ശുഷ്ണൻെറ സ്ക്കന്ധങ്ങൾ മുറിച്ചിട്ടുവോ, വിപ്രുവിനേയും നമുചിയേയും സധിക്തനേയും സംഹരിച്ചുവോ ആ ഇന്ദ്രനായിത്തന്നെ ഹവിസ് നൽകട്ടെ

**6. അധ്വർവോ യഃ ശതം ശംബരസ്യാ പുരോ ബിഭേദാശ്മനേവ പൂർവീഃ |**

**യോ വർചിനഃ ശതമിന്ദ്രഃ സഹസ്രമപാവപദ് ഭരതാ സോമമസ്മൈ ||**

യാതൊരിന്ദ്രൻ വജ്രത്താൽ ശംബരൻെറ പാഷാണനഗരങ്ങളെ വിധ്വംസിക്കുകയും, വർചിയുടെ ഒരു ലക്ഷം അനുയായികളെ നാമാവശേഷമാക്കുകയും ചെയ്തുവോ, ആ ഇന്ദ്രനുവേി സോമം കൊുവരുവിൻ.

**7. അധ്വര്യവോ യഃ ശതമാ സഹസ്രം ഭൂമ്യാ ഉപസ്ഥേവപജ്ജഘന്വാൻ |**

**കുത്സസ്യായോരതിഥിഗ്വസ്യ വീരാന്ന്യാവൃണഗ്ഭരതാ സോമമസ്മൈ ||**

രിപുനാശകനായ ഇന്ദ്രൻ ഒരുലക്ഷം ദൈത്യൻമാരെ നിലം പരിചാക്കിയോ അതുപോലെ കുത്സൻേറയും ആയുവിൻേറയും അതിഥിശ്വൻേറയും എതിരാളികളെ കൊന്നൊടുക്കിയോ, ആ ഇന്ദ്രനുവേി സോമം കൊുവരുവിൻ.

**8. അധ്വര്യവോ യന്നരഃ കാമയാധ്വേ ശ്രുഷ്ടീ വഹന്തോ നശഥാ തദിന്ദ്രേ |**

**ഗഭസ്തിപൂതം ഭരത ശ്രുതായേന്ദ്രായ സോമം യജ്യവോ ജൂഹോത ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രനുസോമം കാഴ്ചസമർപ്പിച്ചു കഴിഞ്ഞാൽ നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാകും. കൈകൊു തയ്യാറാക്കിയ സോമം കൊുവന്ന് ഇന്ദ്രനു നൽകുവിൻ.

**9. അധ്വര്യവഃ കർമനാ ശ്രുഷ്ടിമസ്മൈ വനേ നിപൂതം വന ഉന്നയധ്വം |**

**ജൂഷാണോ ഹസ്ത്യമഭി വാവശേ വ ഇന്ദ്രായ സോമം മദിരം ജൂഹോത ||**

അധ്വര്യുക്കളേ! ഇവനെ ഹർഷിതനാക്കുവാൻ സോമം തയ്യാറാക്കുവിൻ. ജലത്തിൽ ശുദ്ധമാക്കിയ സോമം കൊുവരുവിൻ. ഇന്ദ്രൻ നിങ്ങളിൽനിന്നും സോമം ആഗ്രഹിക്കുന്നു. അവന് ആഹ്ലാദകാരിയായ സോമം കാഴ്ചവയ്ക്കുവിൻ.

**10. അധ്വര്യവഃ പയസോധര്യഥാ ഗോഃ സോമേഭിരീം പൃണതാ ഭോജമിന്ദ്രം |**

**വേദാഹമസ്യ നിഭൃതം മ ഏതദ്ദിത്സന്തം ഭൂയോ യജതശ്ചികേത ||**

അധ്വര്യുക്കളേ! ഗോക്കളുടെ അകിടുകളിൽ പാൽ നിറഞ്ഞുനിൽക്കുന്നതുപോലെ, ഇന്ദ്രനെ സോമത്താൽ നിറക്കുവിൻ. ഞാൻ സോമത്തിൻെറ സ്വഭാവം അറിയുന്നു. ഇന്ദ്രൻ അതിൽനിന്നും ഹർഷിതനായി യജമാനനെ സുഖമുള്ളവനാക്കുന്നു.

**11. അധ്വര്യവോ യോ ദിവ്യസ്യ വസ്വോ യഃ പാർഥിവസ്യ ക്ഷമ്യസ്യ രാജാ |**

**തമൂർദരനപൃണതായവേനേന്ദ്രം സോമേഭിസ്തുദപോ വോ അസ്തു ||**

ഇന്ദ്രൻ ആകാശത്തിൻേറയും ഭൂമിയുടേയും അന്തരീക്ഷത്തിൻേറയും ഐശ്വര്യങ്ങളുടെ സ്തോത്രമാകുന്നു.യവത്താൽ വല്ലം നിറക്കുന്നതുപോലെ സോമത്താൽ ഇന്ദ്രനെനിറക്കുവിൻ.

**12. അസ്മഭ്യം തദ്വസോ ദാനായ രാധഃ അമർഥയ സ്വ ബഹു തേ വസവ്യം |**

**ഇന്ദ്ര യച്ചിത്രം ശ്രവസ്യാ അനുദ്യുബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഉത്തമമായ വാസസ്ഥാനം നൽകുന്ന ഇന്ദ്രാ! ഞങ്ങൾക്ക് ഉപഭോഗയോഗ്യങ്ങളാ ധനം ദാനം ചെയ്യണേ. നിൻെറ ദാനം അത്ഭുതകരമാണ്. ഞങ്ങൾ നിത്യവും ഇന്നു ഗ്രഹിക്കുന്ന ശ്രേഷ്ഠ സന്താനങ്ങളാൽ യുക്തരായി ഞങ്ങൾ ഈയജ്ഞത്തിൽ നിന്നെ സ്തുതിക്കട്ടെ.

## സൂക്തം 15

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. പ്ര ഘാ ന്വസ്യ മഹതോ മഹാനി സത്യാ സത്യസ്യ കരണാനി വോചം |**

**ത്രികദ്രുകേഷ്വപിബത് സുതസ്യാ മദേ അഹിമിന്ദ്രോ ജഘാന ||**

ഞാൻ ശക്തിശാലിയാണ്. സത്യവിചാരകനായ അവൻെറ യശസ്സിനെ വർണ്ണിക്കുന്നു. ഇന്ദ്രൻ സോമപാനത്തിൽനിന്നും വർദ്ധിച്ച ശക്തിയോടുകൂടി അഹിയെ വധിച്ചു.

**2. അവംശേ ദ്യാമസ്തഭായദ് ബൃഹന്തമാ രോ സീ**

**അപൃണദന്തരിക്ഷം |**

**സ ധാരയത് പൃഥിവീം പപ്രഥച്ച സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

ഇന്ദ്രൻ സൂര്യമണ്ഡലത്തെ തടഞ്ഞുനിർത്തി ആകാശത്തിനും ഭൂമിക്കും അന്തരീക്ഷത്തിനും തേജസ്സ് നൽകി. അവൻ ഇതെല്ലാം ചെയ്തത് സോമരസത്തിൽ നിന്നുളവായ ശക്തിയിൽ നിന്നാകുന്നു.

**3. സദ്മേവ പ്രാചോ വി മിമാ മാനൈർവജ്രേണ ഖാന്യതൃണന്നദീനാം |**

**വൃഥാ സൃജത്പഥിഭിർദീർഘയാഥൈഃ സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

ഇന്ദ്രൻ എല്ലാ ലോകങ്ങളുടേയും മുഖം കിഴക്കോട്ടുതിരിച്ചുവച്ചു. അവൻ വജ്രത്താൽ നദീമുഖങ്ങളെ കുഴിച്ച് ദീർഘകാലം വരെ പ്രവഹിക്കുവാൻ യോഗ്യമായ മാർഗ്ഗം നിർമ്മിച്ചു. ഇന്ദ്രൻ ഈ കാര്യങ്ങളെല്ലാം സോമത്തിൽ നിന്നു ായ ശക്തികൊാണ് ചെയ്തത്.

**4. സ പ്രവോളഹൄൻപരിഗത്യാ ദഭീതേർവിശ്വമധാഗാ യുധമിദ്ധേ അഗ്നൗ |**

**സം ഗോഭിരശ്വൈരസൃജദ്രഥേഭിഃ സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

ദഭീദിമഹർഷിയെ നഗരത്തിനുപുറത്തേക്ക് കൊുപോയ രാക്ഷസൻമാരെ തടഞ്ഞ് അവരുടെ ആയുധങ്ങളെ ഇന്ദ്രൻ ഭസ്മമാക്കി. അനന്തരം ദഭീതിക്ക് ഗോക്കൾ മുതലായ ധനം നൽകി. സോമത്തിൽനിന്നുായ ശക്തികൊാണ് ഇന്ദ്രൻ ഇതെല്ലാം ചെയ്തത്.

**5. സ ഈം മഹീം ധുനിമേതോരരമ്ണാത്സോ അസ്നാതൄനപാരയത്സ്വസ്തി |**

**ത ഉത്സ്നായ രയിമഭി പ്രതസ്ഥുഃ സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

ഇന്ദ്രൻ മറികരയ്ക്കെത്തുവാൻ നദിയെ ശാന്തമാക്കി. കഴിവില്ലാത്ത വ്യക്തികളെ അക്കരെ കടത്തി. അവർ ധനത്തെ ലക്ഷ്യമാക്കി അക്കരെ എത്തിച്ചേർന്നു. ഇന്ദ്രൻ സോമത്തിൽനിന്നുായ ആനന്ദത്താൽ ഇതെല്ലാം ചെയ്തു.

**6. സോദഞ്ചം സിന്ധുമരിണാൻമഹിത്വാ വജ്രേണാന ഉഷസഃ സം വിപഷേ |**

**അജവസോ ജവിനീഭിർവിവൃശ്ചൻത്സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

ഇന്ദ്രൻ തൻെറ മഹിമയാൽ സിന്ധുനദിയെ വടക്കോട്ടു പ്രവഹിപ്പിച്ചു. വജ്രത്താൽ ഉഷസ്സിൻെറ രഥത്തെ തകർത്തു. സോമത്തിൻെറ ശക്തികൊ് ഇന്ദ്രൻ ഇതൊക്കെ ചെയ്തു.

**7. സാ വിദ്വാം അപഗോഹം കനീനാമാവിർഭവന്നു ദതി ഷ്ഠത്പരാവൃക് |**

**പ്രതി ശ്രോണഃ സ്ഥാദ്വ്യനഗചഷ്ട സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

തൻെറ വിവാഹത്തിനുവന്ന കന്യകമാർ ഓടിപ്പോകുന്നതു ക പരാവൃജൻ മുടന്തനായിരുന്നിട്ടും എഴുന്നേറ്റ് ഓടി. നേത്രവിഹീനനായിരുന്നിട്ടും കാഴ്ചയിൽ സമർത്ഥനായി. അദ്ദേഹത്തിൻെറ സ്തുതികളാൽ പ്രസന്നനായി ഇന്ദ്രൻ അയാൾക്ക് കാലുകളും നേത്രങ്ങളും പ്രദാനം ചെയ്തു. ഇതെല്ലാം ഇന്ദ്രൻ ചെയ്തത് സോമനിതമായ പ്രസന്നതയാലാണ്.

**8. ഭിനദ്വലമങ്ഗിരോഭിർഗൃണാനോ വി പർവതസ്യ ദൃംഹിതാന്യൈരത് |**

**രിണഗ്രോധാംസി കൃത്രിമാണ്യേഷാം സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

അംഗിരസ്സുകളുടെ സ്തുതികളാൽ ഇന്ദ്രൻ പലനെ വധിച്ചു. പർവ്വതത്തിൻെറ ദ്വാരങ്ങൾ തുറന്നു. അതുപോലെ കൃത്രിമബാധകളെല്ലാം അകറ്റി സോമത്തിൻെറ ശക്തിയാൽ ഇന്ദ്രൻ ഇതെല്ലാം ചെയ്തു.

**9. സ്വപ്നേനാഭ്യ ചുമുരിം ധുനിം ച ജഘന്ഥ ദസ്യും പ്ര ദഭീതിമാവഃ |**

**രംഭീ ചിദത്ര വിവിദേ ഹിരണ്യം സോമസ്യ താ മദ ഇന്ദ്രശ്ചകാര ||**

ഹേ ഇന്ദ്രാ! ചുമരി, ധുനി എന്നീ രാക്ഷസൻമാരെ നീസംഹരിച്ചു അതുപോലെ ദഭീതിമഹർഷിയെ രക്ഷിക്കുകയും ചെയ്തു. സോമത്തിൻെറ മത്താൽ നീ ഇതെല്ലാം ചെയ്തു.

**10. നൂനം സാ തേ പ്രതി വരം ജരിത്രേ ദുഹീയദിന്ദ്ര ദക്ഷിണാ മഘോനീ |**

**ശിക്ഷാ സ്തോതൃഭ്യോ മാതി ധഗ്ഭഗോ നോ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! നിൻെറ ഐശ്വര്യത്തോടുകൂടിയ ദക്ഷിണസ്തോതാവിൻെറ അഭീഷ്ടങ്ങളെ പൂർണ്ണമാക്കുന്നു. അതുതന്നെ ഞങ്ങൾക്കും നൽകൂ. സന്താനയുക്തരായി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കും.

## സൂക്തം 16

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. പ്ര വഃ സതാം ജ്യേഷ്ഠതമായ സുഷ്ടുതിമഗ്നാവിവസമിധാനേ ഹവിർഭരേ |**

**ഇന്ദ്രമജൂര്യം ജരയന്തമുക്ഷിതം സനാദ്യുവാനമവസേ ഹവാമഹേ ||**

നാം നിനക്കുവേി മഹാനായ ഇന്ദ്രന് പ്രദീപ്തമായ അഗ്നിയിൽ ഹവിസ്സ് നൽകുകയും, മനോഹരമായ സ്തുതികൾ ആലപിക്കുകയും ചെയ്യുന്നു. ആ അജരനും എന്നാൽ വിശ്വത്തിന് വാർദ്ധക്യം നൽകുന്ന

സോമപാനിയുമായ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**2. യസ്മാദിന്ദ്രാദ്ബൃഹതഃ കി ചനേമൃതേ വിശ്വാന്യസ്മിൻത്സ ഭൃതാദി വീര്യാ |**

**ജുരേ സോമം തന്വി സഹോ മഹോ ഹസ്തേ വജും ഭരതി ശീർഷണി ക്രതും ||**

ഇന്ദ്രനെക്കൂടാത്ത ലോകം എന്ത്? അവൻ സർവ്വശക്തിമാനും വിരാട്ടും ആകുന്നു. അവൻ സോമരസം വഹിക്കുന്നവനും, തേജസ്വിയുമാകുന്നു. അവൻ ജ്ഞാനിയും വജ്രധാരിയുമാകുന്നു.

**3. ന ക്ഷോണീഭ്യാം പരിഭ്വേ ത ഇന്ദ്രിയം ന സമുദ്രൈഃ പർവതേരിന്ദ്ര തേ രഥഃ |**

**ന തേ വജ്രമന്വശ്നോതി കശ്ചന യദാശുഭിഃ പതസി യോജനാ പുരു ||**

ഹേ ഇന്ദ്രാ! നീ അശ്വാരൂഢനായി വിദൂരഗമനം നടത്തുമ്പോൾ ആകാശത്തിനും ഭൂമിക്കും നിൻെറ ബലത്തെ ജയിക്കുവാൻ കഴിയുന്നില്ല. സമുദ്രങ്ങൾക്കും പർവ്വതങ്ങൾക്കും നിൻെറ രഥത്തെ തടയുവാൻ കഴിയുന്നില്ല. നിൻെറ ശക്തിയെ ആർക്കും നേരിടുവാൻ കഴിയുന്നില്ല.

**4. വിശ്വേ ഹ്യസ്മൈ യജതായ ധൃഷ്ണവേ കൃതും ഭരന്തി വൃഷഭായ സശ്ചതേ |**

**വൃഷാ യജസ്വ ഹവിഷാ വിദുഷ്ടരഃ പിബേന്ദ്ര സോമം വൃഷഭേണ ഭാനുനാ ||**

യജ്ഞയോഗ്യനും ശത്രുഹന്താവും വർഷകനുമായ ഇന്ദ്രന് എല്ലാവരും യജ്ഞം നടത്തുന്നു. ഹേ വിദ്വാൻ നീസോമം നൽകുന്നവനാണല്ലോ. ഇന്ദ്രനുവേി യജ്ഞം നടത്തുവിൻ. ഹേ ഇന്ദ്രാ! ആഗ്രഹവർഷകനായ അഗ്നിയോടുകൂടി സോമം പാനം ചെയ്യട്ടെ.

**5. വൃഷ്ണഃ കോശഃ പവതേ മധ്വ ഊർമിർവൃഷഭാന്നായ വൃഷഭായ പാതവേ |**

**വൃഷണാധ്വര്യൂ വൃഷഭാസോ അദ്രയോ വൃഷണം സോമം വൃഷഭായ സുഷ്വതി ||**

മദകാരിയും, ഇഛാവർഷിയുമായ സോമം അനുഷ്ഠാനം ചെയ്യുന്നവർക്കുവേി ഇന്ദ്രനിലേയ്ക്ക് മാറുന്നു. അധ്വര്യുക്കൾ അമ്മിക്കല്ലുകൊ് സോമം ഇടിക്കുകയും പിഴിഞ്ഞെരിക്കുകയും ചെയ്യുന്നു.

**6. വൃഷാ തേ വജ്ര ഉത തേ വൃഷാ രഥോ വൃഷണാ ഹരീ വൃഷഭാണ്യായുധാ |**

**വൃഷ്ണോ മദസ്യ വൃഷഭ ത്വമീശിഷ ഇന്ദ്ര സോമസ്യ വൃഷഭസ്യ തൃഷ്ണഹി ||**

ഹേ ഇന്ദ്രാ! നീ വജ്രം, രഥം, അശ്വം, ആയുധം മുതലായ എല്ലാ അഭീഷ്ടങ്ങളും വർഷിക്കുന്നവനാണ്. നീ ഹർഷകാരിയായ സോമത്തിൻെറ അധികാരിയാണ്. അതിനാൽ അതുവഴിയായി തൃപ്തിപ്രാപിക്കട്ടെ.

**7. പ്ര തേ നാവ ന സമനേ വചസ്യുവം ബ്രഹ്മണാ യാമി സവനേഷു ദാധൃഷിഃ |**

**കവിന്നോ അസ്യ വചസോ നിബോധിഷദിന്ദ്രമുത്സം ന വസുനഃ സിചാമഹേ ||**

ഹേ ഇന്ദ്രാ! നീ രിപുഹന്താവാകണേ. യുദ്ധത്തിൽ സ്തോതാവിനെ വള്ളം എന്നതുപോലെ രക്ഷിക്കണേ. യജ്ഞത്തിൽ നിന്നെ സ്തുതിച്ചുകൊ് ഞാൻ നിന്നെ പ്രാപിക്കുന്നു. ഞങ്ങളുടെ സ്തോത്രങ്ങൾ ശരിയായ വിധം ഗ്രഹിക്കണേ. ഞങ്ങൾ നിന്നെസോമത്താൽ കുളുർപ്പിക്കും.

**8. പുരാ സംബാധാദഭ്യാ വവൃത്സ്വ നോ ധേനുർനം വത്സം യവസസ്യ പിപ്യുഷീ |**

**സുകൃത്സുതേ സുമതിഭിഃ ശതക്രതാസം പത്നീഭിർന വൃഷണോ നസീമഹി ||**

ഗോക്കൾ പുല്ലുതിന്നശേഷം കിടാക്കളെ തിരിച്ചുകൊുവരുന്നതുപോലെ നീ ഞങ്ങളേയും അനിഷ്ടങ്ങളിൽനിന്നും തിരിച്ചുകൊുവരണേ. ഹേ ശതകർമ്മാവായ ഇന്ദ്രാ! ഭാര്യമാർ ഭർത്താക്കൻമാരെ സന്തുഷ്ടരാക്കുന്നതുപോലെ ഞങ്ങളും രുചികരമായ ഞങ്ങളുടെ സ്തോത്രങ്ങളാൽ നിന്നെ പ്രസാദിപ്പിക്കും.

**9. നൂനം സാ തേ പ്രതി വരം ജരിത്രേ ദുഹീയമിന്ദ്ര ദക്ഷിണാ മഘോനീ |**

**ശിക്ഷാ സ്തോതൃഭ്യോ മാതി ധഗ്ഭഗോ നോ ബൃഷദ്വദമേ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! നിൻെറ ഐശ്വര്യശാലിയായ ദക്ഷിണ സ്തോതാവിൻെറ അഭീഷ്ടം നിറവേറ്റുന്നു. ആ ദക്ഷിണ ഞങ്ങൾക്ക് പ്രദാനം ചെയ്യും. ഞങ്ങൾ സന്താനയുക്തരായി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കും.

## സൂക്തം 17

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി, പംക്തി, ത്രിഷ്ടുപ്പ്**

**1. തദസ്മൈ നവ്യമങ്ഗിരസ്വദർചത ശുഷ്മാ യദസ്യ പ്രത്നഥോദീരതേ |**

**വിശ്വാ യദ്ഗോത്രാ സഹസാ പരിവൃതാ മദേ സോമസ്യ ദൃംഹിതാന്യൈരയത് ||**

ഹേ മനുഷ്യരേ! അംഗിരസ്സുകളെപ്പോലെ നവീനങ്ങളായ സ്തോത്രങ്ങളാൽ ഇന്ദ്രനെ പൂജിക്കുവിൻ. ഇന്ദ്രൻെറ തേജസ്സ് സൂര്യരൂപത്തിൽനിന്നും ഉദിക്കുന്നു. സോമത്തിൽനിന്നുൽപ്പന്നമായ ഹർഷത്താൽ ഇന്ദ്രൻ വൃത്രനാൽ തടയപ്പെട്ട മേഘത്തെ തുറന്നു.

**2. സ ഭൂതു യോ ഹ പ്രഥമായ ധായസ ഓജോ മിമാനോ മഹിമാനമാതിരത് |**

**ശൂരോ യോ യത്സു തന്വം പരിവ്യത ശീർഷണി ദ്യാം മഹിനാ**

**പ്രത്യമുഞ്ചത ||**

ഇന്ദ്രൻ യുദ്ധകാലത്ത്, ശത്രുനാശത്തിനായി സോമപാനത്താൽ തൻെറ മഹിമയെ വർദ്ധിപ്പിച്ചു. ആ ഇന്ദ്രൻ പ്രസന്നനാകണേ. അവൻ തൻെറ മസ്തകത്തിൽ സൂര്യലോകത്തെ ധാരണം ചെയ്തു.

**3. അധാകൃണോഃ പ്രഥമം വീര്യം മഹദ്യദാസ്യാഗ്രേ ബ്രഹ്മണാ ശുഷ്മമൈരയഃ |**

**രഥേഷ്ഠേന ഹര്യശ്വേന വിച്യുതാഃ പ്ര ജീരയഃ സിസ്രതേ സധ്ര്യക് പൃഥക് ||**

ഹേ ഇന്ദ്രാ! നീ പുരുഷാർത്ഥിയാണല്ലേ? സ്തുതികളാൽ പ്രസന്നനായി നീ ശത്രുക്കളെ നശിപ്പിക്കുന്ന ശക്തിയെ പ്രകടമാക്കി. നിൻെറ രഥത്തിൽ കെട്ടപ്പെട്ട അശ്വങ്ങൾ കാരണം ദുഷ്ടൻമാർ കൂട്ടത്തോടെയും കുറെ ഛിന്നഭിന്നമായും പലായനം ചെയ്തു.

**4. അധാ യോ വിശ്വം ഭുവനാഭി മജ്മനേശാനകൃത് പ്രവയാ അഭ്യവർധത |**

**ആദ്രോദസീജ്യോതിഷാ വഹ്നിരാതനോത്സീവ്യന്ത മാംസി ദുധിതാ സമവ്യയത് ||**

വളരെ അന്നത്തോടുകൂടിയ ഇന്ദ്രൻ അഖിലലോകത്തിൻെറയും നാഥനാകുന്നു. അവൻ ആകാശത്തേയും ഭൂമിയേയും വിസ്താരംകൊു വർദ്ധിപ്പിച്ചു. അവൻ അന്ധകാരത്തെകൊ് ലോകത്തെ ആകമാനം മറച്ചു.

**5. സ പ്രാചീനാൻപർവതാം ദൃംഹദോജസാധരാചീനമകൃണോദപാമപഃ |**

**അധാരയത് പൃഥിവീം വിശ്വധായസമസ്തഭ്നാൻമാ യയാ ദ്യാമവസ്രസഃ ||**

ഇന്ദ്രൻ സഞ്ചരിക്കുന്ന പർവ്വതങ്ങളെ നിശ്ചലമാക്കി. മേഘത്തിൽനിന്നും ജലത്തെ പൊഴിച്ചു. ലോകത്തെ താങ്ങിനിർത്തുന്ന ഭൂമിയെ തൻെറ ശക്തിയാൽ ധാരണം ചെയ്യുകയും ആകാശത്തെ അതു വീഴാതിരിക്കത്തക്കവിധം സ്ഥിരമായി സ്ഥാപിക്കുകയും ചെയ്തു.

**6. സാസ്മാ അരം ബാഹുഭ്യാ യം പിതാകൃണോദ്വിശ്വസ്മാദാ ജനുഷോ വേദസസ്പരി |**

**യേനാ പൃഥിവ്യാം നി ക്രിവിം ശയധ്യൈ വജ്രേണ ഹത്വ്യവൃണക്തുവിഷ്വണിഃ ||**

ഇന്ദ്രൻ അഖിലലോകങ്ങളുടേയും രക്ഷകനും എല്ലാജീവികളേയും പ്രകടമാക്കുന്നവനുമാണ്. യശസ്വിയായ അവൻ ക്രവിയെ വജ്രത്താൽ നിലംപതിപ്പിച്ചു.

**7. അമാജൂരിവ പിത്രോഃ സ ചാ സർതഃ സമാനാദാ സദസസ്ത്വാമിയേ ഭഗം |**

**കൃധി പ്രകേതമുപ മാസ്യാ ഭര ദദ്ധിഭാഗം തന്വോ യേന മാമഹഃ ||**

ഹേ ഇന്ദ്രാ! മാതാപിതാക്കളുടെ ഗൃഹത്തിൽ നിത്യം വസിച്ചുകൊിരിക്കുന്ന പുത്രി തൻെറ പിതൃകുലത്തിൽനിന്നും ഭരണത്തിനായി ധനഭാഗം ആഗ്രഹിക്കുന്നതുപോലെ ഞാൻ നിന്നിൽനിന്നും ധനം യാചിക്കുന്നു. ആ ധനത്തെ പ്രകടമാക്കണേ. എന്നേയും സ്തുതിക്കുന്നവരേയും സന്തുഷ്ടരാക്കണേ.

**8. ഭോജം ത്വാമിന്ദ്ര വയം ഹുവേമ ദദിഷ്ട്വമിന്ദ്രാപാംസി വാജാൻ |**

**അവിഡ്ഢീന്ദ്ര ചിത്രയാ ന ഊതി കൃധി പൃഷന്നിന്ദ്ര വസ്യസോ നഃ ||**

പാലനകർത്താവായ ഇന്ദ്രാ! നീ കർമ്മങ്ങളുടേയും അന്നത്തിൻേറയും പ്രേരകനാണല്ലോ? ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങൾക്ക് വിവിധരക്ഷാസാധനങ്ങളാൽ അഭയം നൽകണേ. അഭീഷ്ടവർഷണത്തിൽ നീ സമർത്ഥനാകട്ടെ. ഞങ്ങളെ ധനികരാക്കണേ

**9. നൂനം സാ തേ പ്രതി വരം ജരിത്രേ ദുഹീയദിന്ദ്ര ദക്ഷിണാ മഘോനീ |**

**ശിക്ഷാ സ്തോതൃഭ്യോ മാതി ധഗ്ഭഗോ നോ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! നിൻെറ ധനയുക്തമായ ദക്ഷിണാ എല്ലാ ആഗ്രഹങ്ങളും പൂർണ്ണമാക്കുന്നു. നീ ഭജനാർഹനാകണേ. മറ്റാർക്കും നൽകാത്ത ഭജന ദക്ഷിണ നൽകണേ. ഞങ്ങൾക്ക് സന്താനയുക്തരായി ഞങ്ങൾ യജ്ഞത്തിൽ സ്തുതിക്കാം.

## സൂക്തം 18

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. പ്രാതാ രഥോ നവോ യോജി സസ്നിശ്ചതുര്യുഗസ്ത്രികശഃ സപ്തരശ്മിഃ |**

**ദശാരിത്രോ മനുഷ്യഃ സ്വർഷാഃ സ ഇഷ്ടിഭിർമതിഭീ രംഹ്യോ ഭൂത് ||**

സ്തുതിയോഗ്യമായ ഈ പവിത്രയജ്ഞം ഉഷകാലത്തിൽ ആരംഭിച്ചു. ഇതിൽ നാലമ്മിക്കല്ലുകളും മൂന്നുസ്വരങ്ങളും ഏഴുഛന്ദസ്സുകളും പത്തിനം പാത്രങ്ങളുമു്. ഇത് മനുഷ്യർക്ക് ദിവ്യത്വം പ്രദാനം ചെയ്യുന്നു.ഇത് രമണീയസ്തോത്രങ്ങളാലും, ഹവിസ്സുകളാലും സിദ്ധമാകും.

**2. സാസ്മാ അരം പ്രഥമം സ ദ്വിതീയമുതോ തൃതീയം മനുഷഃ സ ഹോതാ |**

**അന്യസാ ഗർഭമന്യ ഊ ജനന്ത സോ അന്യേഭിഃ സചതേ ജേന്യോ വൃഷാ ||**

ഈ യജ്ഞം മൂന്നുസേവനങ്ങളിലും ഇന്ദ്രനെ സന്തുഷ്ടനാക്കുന്നു. ഇത് മനുഷ്യർക്ക് സൽഫലം ഉളവാക്കുന്നു. അഭീഷ്ട പൂരകമായ യജ്ഞം മറ്റു ദേവതകളോട്

സുസംഗതമാകുന്നു.

**3. ഹരീ നു കം രഥ ഇന്ദ്രസ്യ യോജമായൈ സൂക്തേന വചസാ നവേന |**

**മോ ഷു ത്വാമത്ര ബഹവോ ഹി വിപ്രാ നിരീരമന്യജമാനാസോ അന്യേ ||**

നവീനസ്തോത്രങ്ങൾ വഴിയായി ഇന്ദ്രൻെറ രഥത്തിൽ അശ്വങ്ങൾ സംയോജിതമാക്കപ്പെടുന്നു. ഈ യജ്ഞത്തിൽ അത്യധികം ബുദ്ധിമാൻമാരായ സ്തോതാക്കളാണുള്ളത്. ഹേ ഇന്ദ്രാ! മറ്റ് യജമാനൻമാർ നിന്നെ തൃപ്തനാക്കുന്നതിൽ സമർത്ഥരാകുന്നില്ല.

**4. ആ ദ്വാഭ്യാം ഹരിഭ്യാമമിന്ദ്ര യാഹ്യാ ചതുർഭിരാ ഷഡ്ഭിർഹൂയമാനഃ |**

**അഷ്ടാഭിർദശഭിഃ സോമപേയമയം സുതഃ സുമഖ മാ മൃധസ്കഃ ||**

ഹേ ഇന്ദ്രാ! ആഹൂതനായ നീ വിഭിന്നസംഖ്യകളോടുകൂടിയ നിൻെറ അശ്വങ്ങളോടുകൂടി സോമം പാനം ചെയ്യുവാൻ വരണേ. ഈ സോമം നിനക്കുമാത്രമായി തയ്യാറാക്കിയിരിക്കുന്നു. ഇതുപേക്ഷിക്കരുതേ.

**5. ആ വിംശത്യാ ത്രിംശതാ യാഹ്യർവാങാ ചത്വാരിംശതാ ഹരിഭിര്യുജാനഃ |**

**ആ പഞ്ചാശതാ സുരഥേഭിരിന്ദ്രാ ഷഷ്ട്യാ സപ്തത്യാ സോമപേയം ||**

ഹേ ഇന്ദ്രാ! ഇരുപതോ, മുപ്പതോ, നാൽപതോ, അൻപതോ, അറുപതോ എഴുപതോ ഗതിവേഗത്തോടുകൂടിയ കുതിരകളെ രഥത്തിൽപൂട്ടി സോമപാനം ചെയ്യുവാനായി ഇവിടെ വരട്ടെ.

**6. ആശീത്യാ നവത്യാ യാഹ്യർവാങാ ശതേന ബരിഭിരുഹ്യമാനഃ |**

**അയം ഹിതേശുനുഹോത്രേഷു സോമ ഇന്ദ്രത്വായാ പരിഷിക്തോ മദായ ||**

ഹേ ഇന്ദ്രാ! എൺപതോ, തൊണ്ണൂറോ, നൂറോ അശ്വങ്ങളോടുകൂടി ഞങ്ങളെ പ്രാപിക്കണേ. നിൻെറ പ്രസന്നതക്കായി സോമം പാത്രങ്ങളിൽ പകർന്നുവച്ചിരിക്കുന്നു

**7. മമ ബ്രഹ്മേന്ദ്ര യാഹ്യച്ഛ വിശ്വാ ഹരീ ധുരി ധിഷ്വാ രഥസ്യ |**

**പുരുത്രാ ഹി വിഹവ്യോ ബഭൂഥാസ്മിച്ഛൂര സവനേ മാദയസ്വ ||**

ഹേ ഇന്ദ്ര! എൻെറ സ്തുതികളാൽ പ്രസന്നനാകണേ. ലോകവ്യാപിയായ നിൻെറ രശ്വങ്ങളേയും രഥത്തിൽ പൂട്ടണേ. നിന്നെ വളരെ യജമാനൻമാർ വിളിക്കുന്നു്. നീ ഈ യജ്ഞത്തിൽനിന്നും ബലം പ്രാപിക്കട്ടെ.

**8. ന മ ഇന്ദ്രേണ സഖ്യം വി യോഷദസ്മഭ്യമസ്യ ദക്ഷിണാ ദുഹീത |**

**ഉപ ജ്യേഷ്ഠേ വരൂഥേ ഗഭസ്തൗ പ്രായേപ്രായേ ജിഗീവാംസഃ സ്യാമ ||**

ഇന്ദ്രൻെറ മൈത്രി ഒരിക്കലും അറ്റുപോകാതിരിക്കണേ. ഈ ദക്ഷിണ ഞങ്ങൾ ആഗ്രഹിക്കുന്ന ഫലം നൽകണേ. ഞങ്ങൾ ആപത്തുകളെ അകറ്റികളയുന്ന ഇന്ദ്രൻെറ കരങ്ങളെ ആഗ്രഹിക്കുന്നു. ഞങ്ങൾ എല്ലായുദ്ധത്തിലും വിജയികളാകട്ടെ.

**9. നൂനം സാ തേ പ്രതി വരം ജരിത്രേ ദുഹീയദിന്ദ്ര ദക്ഷിണാ മഘോനീ |**

**ശിക്ഷാ സ്തോതൃഭ്യോ മാതി ധഗ്ഭഗോ നോ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! സ്തുതിക്കുന്നവരുടെ ഐശ്വര്യമുള്ള ദക്ഷിണയാൽ നീ അവരുടെ ഇച്ഛകൾ പൂർണ്ണമാക്കണേ. അത് ഞങ്ങളെയല്ലാതെ മറ്റാരെയും പ്രാപിക്കാതിരിക്കണേ. നീ സ്തുതിക്കുയോഗ്യനാകുന്നുവല്ലോ. ഞങ്ങൾ സന്താനയുക്തരായി ഈ യജ്ഞത്തിൽ നിങ്ങളെ സ്തുതിക്കും.

## സൂക്തം 19

**ഋഷി ഗൃൽസമദൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ് പംക്തി**

**1. അപായ്യസ്യാന്ധസോ മദായ മനീഷിണഃ സുവാനസ്യ പ്രയസഃ |**

**യസ്മിന്നിന്ദ്രഃ പ്രദിവി വാവൃധാന ഓകോ ദധേ ബ്രഹ്മണ്യന്തശ്ച നരഃ ||**

സോമം പിഴിഞ്ഞെടുക്കുന്ന യജമാനന് പ്രസന്നതയ്ക്കുവേ ഹർഷവർധകമായ ഹവിസ്സിനെ ഇന്ദ്രൻ സേവിക്കണേ. ഇതികൊ് വളരുന്ന ഇന്ദ്രൻ ഇതിൽതന്നെ വസിക്കുന്നു. ഇന്ദ്രൻെറ സ്തോതാക്കളായ ഋത്വിക്കുകളും ഇതിൽ തന്നെ വസിച്ചിരിക്കുന്നു.

**2. അസ്യ മന്ദാനോ മധ്വോ വജ്രഹസ്തോഹിമിന്ദ്രോ അർണോവൃതം വി വൃക്ഷത് |**

**പ്ര യദ്വയോ ന സ്വസരാണ്യച്ഛാ പ്രയാംസി ച നദീനാം ചക്രമന്ത ||**

ഹർഷസമ്പന്നമായ ഈ സോമത്താൽ ആഹ്ലാദിതനായ ഇന്ദ്രൻ വജ്രത്തെ കരങ്ങളിലെടുത്തു ജലത്തെ തടഞ്ഞ് നിർത്തുന്നവനായ അഹി എന്ന അസുരനെ തുതുമായി മുറിച്ചിട്ടു. ആ സമയം പക്ഷികൾ പുഷ്ക്കരണിയെ പ്രാപിക്കുന്നതുപോലെ ജലരാശി സമുദ്രത്തിലെത്തി.

**3. സ മാഹിന ഇന്ദ്രോ അർണോ അപാം പ്രൈരയദഹിം ഹാച്ഛാ സമുദ്രം |**

**അജനയത്സൂര്യം വിദദ്ഗാ അക്തുനാഹ്നാം വയുനാനി സാധത് ||**

പൂജനീയനും, അഹിമർദ്ദകനും ആയ ഇന്ദ്രൻ ജലപ്രവാഹത്തെ സമുദ്രത്തിൻെറ മുമ്പിലേയ്ക്കയച്ചു. സമുദ്രത്തെ സൃഷ്ടിച്ച് അവൻ ഗോക്കളെ പ്രാപിക്കുകയും തൻെറ തേജസ്സിൻെറ ശക്തിയാൽ സൂര്യനെ പ്രകാശിപ്പിക്കുകയും ചെയ്തു.

**4. സോ അപ്രതിനി മനവേ പുരൂണീന്ദ്രോ ദാശദ്ദാശുഷേ ഹന്തി വൃത്രം |**

**സദ്യോ യോ നൃഭ്യോ അതസായ്യോ ഭൂത്പസ്പൃധാനേഭ്യഃ സൂര്യസ്യ സാതൗ ||**

ഹവിസ്സ് ദാതാവായ യജമാനന് ഇന്ദ്രൻ ശ്രേഷ്ഠങ്ങളായ സമ്പത്തുകൾ നൽകി. വൃത്രനെ കൊന്ന് സൂര്യനെ പ്രാപിക്കുന്നവരിൽ വിരോധം ഉായപ്പോൾ ഇന്ദ്രൻ തൻെറ സാധകൻമാർക്ക് ആശ്രയം നൽകി.

**5. സ സുന്വത ഇന്ദ്രഃ സൂർയമാ ദേവോ രിണങ്മർത്യായ സ്തവാൻ |**

**ആ യദ്രയിം ഗുഹദവദ്യമസ്മൈ ഭരംദംശം നൈതശോ ദശസ്യൻ ||**

സോമം പിഴിഞ്ഞിരിക്കുന്ന ഏതണനനുവേി സ്തുതിക്കപ്പെട്ടു കഴിഞ്ഞപ്പോൾ ഇന്ദ്രൻ സൂര്യനെ കൊവന്നു എന്തുകൊന്നൊൽ പിതാവു പുത്രനു ധനം നൽകുന്നതുപോലെ ഏതണൻ യജ്ഞത്തിൽ ഇത് ഇന്ദ്രന് കാഴ്ച സമർപ്പിച്ചു.

**6. സ രന്ധയത്സദിവഃ സാരഥയേ ശുഷ്ണമശുഷം കുയവം കുത്സായ |**

**ദിവോദാസായ നവതിം ച നവേന്ദ്രഃ പുരോ വ്യൈരച്ഛംബരസ്യ ||**

ഇന്ദ്രൻ തൻെറ സാരഥിയായ കുത്സനുവേി ശുഷ്ണൻ, അശുഷൻ, കുയവൻ എന്നിവരെ പരാജയപ്പെടുത്തി. ദിവോദാസനുവേി ശംബരൻെറ കെതാണ്ണൂറ്റൊൻപത് നഗരങ്ങൾ തകർത്തു.

**7. ഏവാ ത ഇന്ദ്രോചഥമഹേമ ശ്രവസ്യാ ന ത്മനാ വാജയന്തഃ |**

**അശ്യാമാ തത്സാപ്തമാശുഷാണാ നനമോ വധരദേവസ്യ പീയോഃ ||**

ഹേ ഇന്ദ്രാ! അന്നത്തെ ആഗ്രഹിച്ചുകൊ് ഞങ്ങൾ നിന്നെ സ്തുതികളാൽ ബലവാനാക്കുന്നു. നിന്നെ പ്രാപിച്ച് ഞങ്ങൾ സപ്തദീമൈത്രിയുടെ ലാഭം വഹിക്കണേ. ദേവവിരോധിയായ പിയു വിനുവേി വജ്രം പ്രയോഗിക്കട്ടെ.

**8. ഏവാ തേ ഗൃത്സമദാഃ ശൂര മൻമാവസ്യവോ ന വയുനാനി തക്ഷുഃ |**

**ബ്രഹ്മണ്യന്ത ഇന്ദ്ര തേ നവീയ ഇഷമൂർജം സുക്ഷിതിം സുമ്നമശ്യുഃ ||**

ഹേ ഇന്ദ്രാ! യാത്രയ്ക്കുവേി മാർഗ്ഗമൊരുക്കുന്നവനെപ്പോലെ നിനക്കായി നല്ലനല്ല സ്തോത്രങ്ങൾ രചിക്കുന്നു. നിൻെറ സ്തോത്രങ്ങൾ ആഗ്രഹിച്ചുകൊ് അന്നം, ബലം, വാസസ്ഥലം, സുഖം എന്നിവകളെ പ്രാപിക്കട്ടെ.

**9. നൂനം സാ തേ പ്രതി വരം ജരിത്രേ ദുഹീയദിന്ദ്ര ദക്ഷിണാ മഘോനീ |**

**ശിക്ഷാ സ്തോതൃഭ്യോ മാതി ധഗ്ഭഗോ നോ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! നിൻെറ ധനത്തോടുകൂടിയ ദക്ഷിണ സ്തോതാവിൻെറ ആഗ്രഹങ്ങൾ നിറവേറ്റുന്നു. അത് ഞങ്ങൾക്കല്ലാതെ മറ്റാർക്കും ലഭിക്കാതിരിക്കണേ. ഞങ്ങൾ സന്താനയുക്തരായി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കും.

## സൂക്തം 20

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്, പംക്തി**

**1. വയം തേ വയ ഇന്ദ്ര വിദ്ധി ഷു ണഃ പ്ര ഭരാമഹേ വാജയുർന രഥം |**

**വിപന്യവോ ദീധ്യതോ മനീഷാ സുമ്നമിയക്ഷന്തസ്ത്വാവതോ നൄൻ ||**

ഹേ ഇന്ദ്രാ! അന്നം സമ്പാദിക്കുന്നതിനായിതന്നെ രഥം നിർമ്മിക്കുന്നവൻ, രഥമുാക്കുന്നു. അതുപോലെതന്നെ ഞങ്ങൾ നിനക്കായി അന്നം തയ്യാറാക്കുന്നു. നീ ഞങ്ങളെ ശരിക്കും അറിയണേ. ഞങ്ങൾ സ്തുതികളാൽ നിന്നെ പ്രകാശമാനനാക്കുകയും നിന്നിൽനിന്നും സുഖത്തെ യാചിക്കുകയും ചെയ്യുന്നു.

**2. ത്വം ന ഇന്ദ്ര ത്വാഭിരൂതീ ത്വായതോ അഭിഷ്ടിപാസി ജനാൻ |**

**ത്വമിനോ ദാശുഷോ വരൂതേത്ഥാധീരഭിയോ നക്ഷതി ത്വാ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ പാലകനും രക്ഷകനുമായിരിക്കണേ. നീ നിൻെറ ഉപാസകൻമാരെ ശത്രുക്കളിൽനിന്നും രക്ഷിക്കണേ. നീ ഹവിസ്സ് ദാതാവിൻെറ സ്വാമിയും ശത്രുക്കളെ തുരത്തിഓടിക്കുന്നവനുമാകണേ. ഹവിസ്സിനാൽ സേവനം ചെയ്യുന്നവർക്കുവേിയാണ് ഈ കാര്യങ്ങളെല്ലാം ചെയ്യുന്നത്.

**3. സ നോ യുവേന്ദ്രോ ജോഹൂത്രഃ സഖാ ശിവോ നരാമസ്തു പാതാ |**

**യഃ ശംസന്തം യഃ ശശമാനമൂതി പചന്തം ച സ്തുവന്തം ച പ്രണേഷത് ||**

ഞങ്ങൾ യജ്ഞം നടത്തുന്നു. സ്തുത്യർഹനും മിത്രസമാനനും സുഖദാതാവും നിത്യയുവാവുമായ ഇന്ദ്രൻ നമ്മുടെ രക്ഷകനാകണേ. സ്തോതാവും ഹവിസ്സ്ദാതാവും കർമ്മവാൻമാരുമായ വ്യക്തികൾക്ക് ആശ്രയം നൽകി

അവരെ കർമ്മനിപുണരാക്കുന്നു.

**4. തമു സ്തുഷ ഇന്ദ്രം തം ഗൃണീഷേ യസ്മിൻപുരാ വാവൃധുഃ ശാശദുശ്ച |**

**സ വസ്വഃ കാമം പീപരദിയാനോ ബ്രഹ്മണ്യതോ നൂതനസ്യായോഃ ||**

ഞാൻ ഇന്ദ്രന്റെ സ്തോതാവും അവന്റെ പ്രശംസകനുമാകുന്നു. അവന്റെ സ്തോതാവ് ആദ്യം വൃദ്ധിപ്രാപിക്കുകയും പിന്നീട് ശത്രുസംഹാരം നടത്തുകയും ചെയ്യുന്നു. ഏതൊരു നവീനസ്തോതാവ് ഇന്ദ്രനികടത്തിൽ സ്തുതിപാഠങ്ങൾ നടത്തുന്നുവോ, അവന്റെ ധനാശ ഇന്ദ്രൻ നിറവേറ്റട്ടെ.

**5. സോ അങ്ഗിരസാമുചഥാ ജുജുഷ്വാൻബ്രഹ്മാ തൂതോദിന്ദ്രോ ഗാതുമിഷ്ണൻ |**

**മുഷ്ണന്നുഷസഃ സൂര്യേർണ സ്തവാനശ്നസ്യ ചിച്ഛിശ്നഥത്പൂർവ്യാണി ||**

അംഗിരസ്സുകളുടെ സ്തുതികളാൽ പ്രസന്നനായ ഇന്ദ്രൻ അവർക്ക് ഗോക്കളെ കൊുവരുവാനുള്ള മാർഗ്ഗം കാണിച്ച് അവരുടെ സ്തുതി പൂർണ്ണമാക്കിയിട്ടു്. സ്തോതാവിന്റെ പ്രാർത്ഥനയനുസരിച്ച് ഇന്ദ്രൻ സൂര്യനാൽ ഉഷസ്സിനെ മാച്ച് അശ്നന്റെ കോട്ടകളെ നശിപ്പിച്ചു.

**6. സ ഹ ശ്രുത ഇന്ദ്രോ നാമ ദേവ ഊർധ്വോ ഭുവൻമനുഷേ ദസ്തമഃ |**

**അവ പ്രിയമർശസാനസ്യ സാഹ്വാഞ്ഛിരോ ഭരദ്ദാസസ്യ സ്വധാവാൻ ||**

തേജസ്വിയും യശസ്വിയും ദർശനീയനുമായ ഇന്ദ്രൻ സാധകനുവേി സദാജാഗരൂകനായി വർത്തിക്കുന്നു. രിപുഹന്താവും മഹാബലിയും ആയ ഇന്ദ്രൻ ജീവികളെ പീഡിപ്പിക്കുന്ന ദസ്യുക്കളുടെ മസ്തകം തകർത്ത് നിലത്തെറിഞ്ഞു.

**7. സ വൃത്രഹേന്ദ്രഃ കൃഷ്ണയോനീഃ പുരന്ദരോ ദാസീരൈരയദ്വി |**

**അജനയൻമനവേ ക്ഷാമപശ്ച സത്രാ ശംസം യജമാനസ്യ തൂതോത് ||**

വൃത്രനെ കൊന്നവനും, നഗരങ്ങൾ തകർത്തവനുമായ ഇന്ദ്രൻ അന്ധകാരത്തെ സൃഷ്ടിക്കുന്ന ദസ്യുക്കളെ നശിപ്പിച്ചു. അവൻ മനുഷ്യർക്കുവേി ഭൂമിയും ജലവും സൃഷ്ടിച്ചു. അവൻ യജമാനന്റെ എല്ലാ അഭിലാഷങ്ങളും നിറവേറ്റണേ.

**8. തസ്മൈ തവസ്യ മനു ദായി സത്രേന്ദ്രായ ദേവേഭിരണർണ സാതൗ |**

**പ്രതി യദസ്യ വജ്രം ബാഹ്വോർധുർഹത്വീ ദസ്യൂൻ പുര ആയസീർനി താരീതഃ ||**

ജലപ്രാപ്തിക്കുവേി സ്തോതാക്കൾ എപ്പോഴും ഇന്ദ്രനെ പുകഴ്ത്തുന്നു. എപ്പോൾ ഇന്ദ്രൻ കരങ്ങളിൽ വജ്രമെടുത്തോ അപ്പോൾ അതുകൊ് അസുരൻമാരെ കൊല്ലുകയും അവരുടെലോഹദുർഗ്ഗങ്ങളെ തകർക്കുകയും ചെയ്തു.

**9. നൂനം സാ തേ പ്രതി വരം ജരിത്രേ ദുഹീയദിന്ദ്ര ദക്ഷിണാ മഘോനീ |**

**ശിക്ഷാ സ്തോതൃഭ്യോമാതി ധഗ്ഭഗോ നോ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ഇന്ദ്രാ! നിന്റെ ഐശ്വര്യപൂർണ്ണമായ ദക്ഷിണ സ്തോതാവിന്റെ അഭിഷ്ടങ്ങൾ പൂർണ്ണമാക്കുന്നു. ആ ദക്ഷിണ ഞങ്ങൾ സന്താനയുക്തരായി ഈ യജ്ഞത്തിൽ ഇന്ദ്രനെ സ്തുതിക്കാം. ഞങ്ങൾക്കല്ലാതെ മറ്റാർക്കും കൊടുക്കരുതേ.

## സൂക്തം 21

**ഋഷി ഗൃത്സമദൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1 വിശ്വജിതേ ധനജിതേ സ്വർജിതേ സത്രാജിതേ നൃജിത ഉർവാജിതേ |**

**അശ്വജിതേ ഗോജിതേ അബ്ജിതേ ഭരേന്ദ്രായ സോമം യജതായ ഹര്യതം ||**

ലോകത്തെ ജയിക്കുന്നവനും, ധനം, മനുഷ്യർ ,ഭൂമി, ഗോക്കൾ, അശ്വങ്ങൾ, ജലം മുതലായവയെ വിജയിക്കുന്നവനും അജേയനും ആയ ഇന്ദ്രനുവേി അവൻ ആഗ്രഹിക്കുന്ന സോമം കൊുവരട്ടെ.

**2. അഭിഭൂവേ ഭിഭങ്ഗായ വന്വതേ ഷാളഹായ സഹമാനായ വേദസേ |**

**തുവിഗ്രയേ വഹ്നയേ ദുഷ്ടരീതവേ സത്രാസാഹേ നമ ഇന്ദ്രായ വോചതേ ||**

എല്ലാവരേയും പരാജയപ്പെടുത്തുന്നവനും, വികാരള കർമ്മത്താൽ വിനാശകനും, ആരാലും ഉല്ലംഘിക്കപ്പെടാത്തവനും ലോകത്തിന്റെ രചയിതാവും, സദാജയശീലനും ആയ ഇന്ദ്രനുവേി നമസ്കാരയുക്തമായി അഭിവാദനം അർപ്പിക്കൂ.

**3. സത്രാസാഹോ ജനഭക്ഷോ ജനംസഹശ്ച്യവനോ യുധ്മോ അനു ജോഷമുക്ഷിതഃ |**

**വൃതഞ്ചയ സഹൂരിർവിക്ഷ്വാരിര ഇന്ദ്രസ്യ വോചം പ്രകൃതാനി വീര്യാ ||**

അനേകരെ പരാജിതനാക്കുന്നവനും ഭജനയോഗ്യനും വിജേതാവും, ശത്രുസംഹാരകനും, സോമത്താൽ ആഹ്ളാദിതനും, പ്രജാപാലനുമായ ഇന്ദ്രന്റെ പുരുഷാർത്ഥയശസ്സിനെ ഞങ്ങൾ ഗാനം ചെയ്യുന്നു.

**4. അനാനുദോ വൃഷഭോ ദോധതോ വധോ ഗംഭീര ഋഷ്വോ അസമഷ്ടകാവ്യഃ |**

**രധ്രചോദഃ ശ്നഥനോ വീളിതസ്പൃഥുരിന്ദ്രഃ സുയജ്ഞ ഉഷസ സ്വർജനത് ||**

യാതൊരുത്തൻെറ ദാനത്തെ തുലനം ചെയ്യുവാൻ കഴിയുന്നില്ലയോ. ഹിംസകരെ നശിപ്പിക്കുന്നവനും, ആഗ്രഹങ്ങൾ വർഷിക്കുന്നവനും, ദർശ്ശനീയനും, കർമ്മങ്ങളിൽ ഒരിക്കലും പരാജയപ്പെടുത്താവനും, കർമ്മം ചെയ്യുന്നവർക്ക് ഉത്സാഹം നൽകുന്നവനും സംസാരവ്യാപിയും മഹാനുമായ ഇന്ദ്രൻ ഉഷസ്സിൽ കൂടി സൂര്യനെ പ്രകടമാക്കി.

**5. യജ്ഞേന ഗാതുമപ്സരോ വിവിദ്രിരേ ധിയോ ഹിന്വാനി ഉശിജോ മനീഷിണഃ |**
**അഭിസ്വരാ നിഷദാ ഗാ അവസ്യവ ഇന്ദ്രേ ഹിന്വാനാ ദ്രവണാന്യാശത ||**

ഇന്ദ്രനെ സ്തുതിക്കുന്ന അംഗിരസ്സുകൾ യജ്ഞം വഴിയായി ജലവർഷകനായ ഇന്ദ്രനിൽ നിന്നും അപഹൃതങ്ങളായ ഗോക്കളുടെ മാർഗ്ഗം മനസ്സിലാക്കി. പിന്നീടവർ ഇന്ദ്രൻെറ രക്ഷാ പ്രാപ്തിയ്ക്ക് വേ സ്തുതിക്കുകയും പൂജിക്കുകയും ചെയ്തു അതുവഴിയായി ഗോധനം പ്രാപിക്കുകയും ചെയ്തു.

**6. ഇന്ദ്രൻെറ ശ്രേഷ്ഠാനി ദ്രവിണാനി ധേഹി ചിത്തിം ദക്ഷസ്യ സുഭഗത്വമസ മേ |**
**പോഷം രയീണാമരിഷ്ടം തനൂനാം സ്വാദ് മാനം വാചഃ സുദിവത്വമഹ്നാം ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് ഉത്തമമായ ധനവും ഖ്യാതിയും പ്രദാനം ചെയ്യ്ത് ധനം വർദ്ധിപ്പിക്കണേ. ഞങ്ങളുടെ വാണിയിൽ മാധുര്യം നിറക്കണേ. ഞങ്ങളുടെ ശരീരത്തെ സംരക്ഷിക്കണേ. ഞങ്ങൾക്കായി എല്ലാ ദിവസങ്ങളും സുഖപൂർണ്ണങ്ങളാകട്ടെ.

## സൂക്തം 21

**ഋഷി ഗൃത്സമദൻ, ദേവത ഇന്ദ്രൻ, ഛന്ദസ് അഷ്ടി, ശക്വരി.**

**1. ത്രികദ്രുകേഷു മഹിഷോ യവാശിരം തുവിശുഷ്മസ്തൃപത്സോമമവിബദ്വിഷ്ണാ സുതം യഥാവശത് |**
**സ ഈം മമാദ മഹി കർമ കർതവേ മഹാമുരം സൈനം സശ്ചദ്ദേവോ ദേവം സത്യമിന്ദ്രം സത്യ ഇന്ദുഃ ||**

മഹാബലവാനും പൂജ്യനുമായ ഇന്ദ്രൻ തൻെറ ഇച്ഛാനുസരണമായി ത്രികദ്രുവിനെ യജ്ഞത്തിൽ ചേർത്തു. സോമം ഇന്ദ്രനെ മഹാകാര്യങ്ങൾ നടത്തുന്നതിന് പ്രസന്നനാക്കി. സത്യസ്വരൂപനും, ഉജ്ജ്വലവും ആയ സോമം തേജസ്വികളായ ഇന്ദ്രനെ മതതു പിടിക്കട്ടെ.

**2. അധ ത്വിഷീമാം അഭോജസാ ക്രിവിം യുധാഭവദാ രോദസീ അപൃണദസ്യ മജ്മനാ പ്ര വാവൃധേ |**
**അധത്താന്യം ജംരേ പ്രേമരിച്യത സൈനംഗസശ്ചദ്ദേവാ ദേവം സത്യമിന്ദ്രം സ യ ഇന്ദുഃ ||**

തേജസ്വിയായ ഇന്ദ്രൻ ക്രിവിയെ തൻെറ ശക്തിയാൽ ജയിച്ചു. തൻെറ തേജസ്സുകൊ് ആകാശത്തേയും, ഭൂമിയേയും നിറച്ചു. അവൻ സോമത്തിൻെറ ബലത്താൽ വൃദ്ധി പ്രാപിച്ചു. ഇന്ദ്രൻ സോമത്തിൻെറ ഒരു ഭാഗം സ്വന്തം ജംരത്തിൽ വഹിക്കുകയും ശേഷം ഭാഗം ദേവതകൾക്കു നൽകുകയും ചെയ്തു. സത്യരൂപവും ഉജ്ജ്വലവുമായ ഈ സോമം ഇന്ദ്രനെ മത്തനാകട്ടെ.

**3. സാകം ജാതഃ ക്രതുനാ സാകമോജസാ വവക്ഷിഥ സാകം വൃദ്ധോ വീര്യൈഃ സാസഹിർമൃധോ വിചർഷണിഃ|**
**ദാതാ രാധ സ്തുവതേ കാമ്യം വസു സൈനം സശ്ചദ്ദേവോ ദേവം സത്യമിന്ദ്രം സത്യ ഇന്ദുഃ ||**

ഹേ ഇന്ദ്രാ! നീ ബലരഹിതമായ യജ്ഞത്തിൽ പ്രകടമായി. നീ പൗരുഷത്തിൽ വളർന്ന് ഹിംസകൻമാരായ ദുഷ്ടൻമാരുടെമേൽ വിജയം വരിച്ചു. നീ സത്യാസത്യങ്ങളുടെ ജ്ഞാതാവാകണേ. സ്തോതാക്കൾക്ക് കർമ്മസിദ്ധമാക്കുന്ന ഐശ്വര്യം പ്രദാനം ചെയ്താലും.

**4. തവ ത്യന്നര്യം നൃതോപ ഇന്ദ്ര പ്രഥമം പൂർവ്യം ദിവി പ്രവാച്യം കൃതം യദ്ദേവസ്യ ശവസാ പ്രാരിണാ അസും രിണന്ന പഃ**
**ഭുവദ്വിശ്വമഭ്യാദേമോജസാ വിദാദൂർജം ശതക്രതുർവിദാദിഷം**

ഹേ ഇന്ദ്രാ! നീ ലോകത്തെ നൃത്തം ചെയ്യിക്കുന്നു. നീ ഏതൊരു ഹിതകാരിയായ കർമ്മം ചെയ്തിരുന്നുവോ, അതിനെ സൂര്യമണ്ഡലം പ്രകീർത്തിക്കുന്നു. തൻെറ ശക്തിയാൽ നീ വൃത്രനെ വധിച്ച് ജലത്തെ പ്രവഹിപ്പിക്കണേ. നീ ശതകർമ്മാവാകുന്നു. അന്നത്തിൻേറയും ബലത്തിൻേറയും ജ്ഞാതാവാകുന്നു.

## അനുവാകം 3 സൂക്തം 23

**ഋഷി ഗൃത്സമദൻ ദേവത ബ്രഹ്മണസ്പതി ഛ ന്ദ സ ് ജഗതി, ത്രിഷ്ടുപ്പ്**

**1. ഗണാനാം ത്വാ ഗണപതിം ഹവാമഹേ കവിം കവിനാമുപമശ്രവസ്തമം**
**ജ്യേഷ്ഠരാജം ബ്രഹ്മണസ്പത ആ നഃ ശൃണ്വന്നൂതിഭിഃ സീദ സാദനം**

ഹേ ബ്രഹ്മണസ്പതേ! നിങ്ങൾ ദേവതകളിൽ ദിവ്യനും കവികളിൽ ശ്രേഷ്ഠനും ആകണേ. നിങ്ങളുടെ അന്നം ഏറ്റവും ഉത്തമമാണ്. നിങ്ങൾ പ്രശംസിക്കപ്പെട്ടവരിൽ സർവശ്രേഷ്ഠനും സ്തോതാക്കളുടെ സ്വാമിയുമാകുന്നു. നിങ്ങൾ ഞങ്ങളുടെ സ്തുതികളാൽ ആശ്രമം നൽകുന്നതിനായി യജ്ഞസ്ഥാനത്തു വിരാജിച്ചാലും. ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

**2. ദേവാശ്ചിത്തേ അസുര്യ പ്രചേതസാ ബൃഹസ്പതേ യജ്ഞിയം ഭാഗമാനശുഃ**
**ഉസ്റാ ഇവ സൂര്യാ ജോതിഷാ മഹോ വിശ്വേഷാമിജ്ജനിതാ ബ്രഹ്മണാമസി**

രാക്ഷസൻമാരെ വധിച്ചവനും, ജ്ഞാനിയും ആയ

ബ്രഹ്മണസ്പതേ! ദേവതകൾ നിങ്ങളുടെ യജ്ഞഭാഗം സ്വീകരിച്ചിരിക്കുന്നു. സൂര്യൻ തൻെറ ജ്യോതിസ്സിൽനിന്നും രശ്മികൾ വിതറുന്നതുപോലെതന്നെ നീ സ്തോത്രങ്ങൾ സൃഷ്ടിക്കട്ടെ.

**3. ആ വിബാധ്യാ പരിരാപസ്തമാംസി ച ജോതിഷ്മന്തം രഥമൃതസ്യ തിഷ്ഠസി**

**ബൃഹസ്പതേ ഭീമമിത്രദംഭനം രക്ഷോഹണം ഗോത്രഭിദം സ്വർവിദം**

ഹേ ബ്രാഹ്മണസ്പതേ! എല്ലാഭാഗത്തുനിന്നും നിന്ദകരേയും അന്ധകാരത്തേയും നശിപ്പിച്ച്, നീ പ്രകാശിക്കുന്ന വികരാളനായും, ശത്രുനാശകനായും മേഘങ്ങളെ ഛിന്നഭിന്നമാക്കുന്നവനായും ദിവ്യരഥത്തിൽ ആരൂഢനായിരിക്കുന്നു.

**4. സുനീതിഭിർനയസി ത്രായസേ ജനം യസ്തുഭ്യം ദാശാന്ന തമംഹോ അശ്നവത്**

**ബ്രഹ്മദ്വിഷസ്തപനോ മന്യുമീരസി ബൃഹസ്പതേ മഹി തത്തേ മഹിത്വനം**

ഹേ ബ്രഹ്മണസ്പതേ! ഹവിസ്സ് ദാതാവിനെ നിങ്ങൾ ഉത്തമമായ മാർഗ്ഗത്തിൽക്കൂടി കൂട്ടിക്കൊു പോകുന്നവനാകണേ. നീ അവനെ പാപത്തിൽനിന്നും രക്ഷിക്കണേ. നിൻെറ മഹിമാവിനാൽ സ്തുതിക്കാത്തവരെ ദുഃഖിപ്പിക്കുകയും ക്രോധികളെ നീ നശിപ്പിക്കുകയും ചെയ്യുന്നു.

**5. ന തമംഹോ ന ദുരിതം കൃതശ്ചന നാരാതയ സ്തിതിരുർന ദ്വയാവിനഃ**

**വിശ്വാ ഇദസ്മാദ്ധ്വരസോ വി ബാധസേ യം സുഗോപാ രക്ഷസി ബ്രഹ്മണസ്പതേ**

ഹേ ബ്രഹ്മണസ്പതേ! നിങ്ങൾ ആരുടെ രക്ഷകനാകുന്നുവോ, അവനെ ആർക്കും ദുഃഖിപ്പിക്കുവാൻ സാധിക്കുന്നില്ല. അവനിൽ പാപം പുരളുന്നില്ല. ശത്രുക്കൾക്ക് അവനെ കൊല്ലുവാൻ സാധ്യമല്ല. നീ അവനുവേി എല്ലാ ഹിംസകൻമാരെയും ആട്ടിപ്പായിക്കട്ടെ.

**6. ത്വം നോ ഗോപാഃ പഥികൃദ്വിചക്ഷണസ്തവ വ്രതായ മതിഭിർജരാമഹേ**

**ബൃഹസ്പതേ യോ നോ അഭി ഹ്വരോ ദധേ സ്വാ തം മമർതു ദുച്ഛുനാ ഹരസ്വതീ**

ഹേ ബ്രഹ്മണസ്പതേ! അത്ഭുതപ്രവർത്തകനായ നിങ്ങൾ ഉത്തമങ്ങളായ

മാർഗ്ഗങ്ങളിൽകൂടി ഞങ്ങളെ രക്ഷിക്കുന്നു. നിങ്ങൾക്കുവേി യജ്ഞം നടത്തി മന്ത്രപാഠങ്ങളാൽ സ്തുതിക്കുന്നു. ഞങ്ങളെ വിദ്വേഷിക്കുന്നവരുടെ ബുദ്ധി തകരാറ് സംഭവിപ്പിക്കുകയും അവരെ അതിവേഗം നശിപ്പിക്കുകയും ചെയ്യൂ.

**7. ഉത വാ യോ നോ മർചയാദനാഗസോ രാതീവാ മർതഃ സാനുകോ വൃകഃ**

**ബൃഹസ്പതേ അപതം വർതയാ പഥഃ സുഗംനോ അസ്യൈ ദേവവീതയേ കൃധി**

ഹേ ബ്രാഹ്മണസ്പതേ! ഏതെങ്കിലും അഹങ്കാരിയായവൻ ഞങ്ങളുടെ അടുക്കൽവന്നു ഞങ്ങളെ കൊല്ലുവാൻ ആഗ്രഹിക്കുകയാണെങ്കിൽ, ഞങ്ങളെ നേരായമാർഗ്ഗത്തിലേയ്ക്കുമാറ്റി. യജ്ഞത്തിനായി ഞങ്ങളുടെ മാർഗ്ഗങ്ങൾ സുഗമമാക്കട്ടെ.

**8. ത്രാതാരം ത്വാ തനൂനാം ഹവാമഹേവസ്പർതരധിവക്താരമസ്മയും**

**ബൃഹസ്പതേ ദേവനിദോ നി ബർഹയമാ ദുരേവാ ഉത്തരം സുമ്നമുന്നശൻ**

ഹേ ബ്രഹ്മണസ്പതേ! ഞങ്ങളെ വിഘ്നങ്ങളിൽനിന്നും രക്ഷിക്കണേ. ഞങ്ങളുടെ സന്താനങ്ങളെ പാലിക്കണേ. ഞങ്ങളിൽ പ്രസന്നരായി മധുരവചനം സംസാരിക്കണേ. മൂർഖൻമാർ സുഖികളാകാതിരിക്കുവാനായി ദേവനിന്ദകരെ ഹിംസിക്കൂ. ഞങ്ങൾ അങ്ങയെ ആഹ്വാനം ചെയ്യുന്നു.

**9. ത്വയാ വയ സുവൃധാ ബ്രഹ്മണസ്പതേ സ്പാർഹാ വസു മനുഷ്യാ ദദീമഹി**

**യാ നോ ദൂരേ തളിതോ യാ അരാതയോഭി സന്തി ജംഭയാ താ അനപ്നസഃ**

ഹേ ബ്രഹ്മസ്പതേ! പുഷ്ടിദായിയായ നിന്നിൽനിന്നും ഞങ്ങൾ ധനംനേടുന്നു. അടുത്തുള്ളവരും ദൂരസ്ഥരൂപമായ ശത്രുക്കൾ ഞങ്ങളുടെമേൽ വിജയം പ്രാപിക്കുവാനാഗ്രഹിക്കുന്നു. യജ്ഞവിഹീനരായ ആ ശത്രുക്കളെ നശിപ്പിക്കൂ.

**10. ത്വയാ വയമുത്തമം ധീമഹേ വയോ ബൃഹസ്പതേ പപ്രിണാ സസ്നിനാ യുജാ**

**മഃ നോ ദുംശിസോ അഭിദ പ്സുരീശത പ്ര സുശംസാ മതിഭിസ്താരിഷീമഹി**

ഹേ ബ്രഹ്മണസ്പതിദേവാ! നീ പരിശുദ്ധനാകുന്നു. അഭീഷ്ടങ്ങൾ നിറവേറ്റുന്നവനാകുന്നു. നിൻെറ സഹായത്താൽ ഞങ്ങൾ ശ്രേഷ്ഠമായ അന്നം പ്രാപിക്കും. ഞങ്ങളെ തോൽപ്പിക്കാനുദ്ദേശിക്കുന്നവൻ ഞങ്ങളുടെ സ്വാമിയായിത്തീരാതിരിക്കണേ. ഞങ്ങൾ ഉത്തമങ്ങളായ സ്തോത്രങ്ങളാൽ പവിത്രരായി സ്വയം ഉന്നതരാകണേ.

**11. അനാനുദോ വൃഷഭോ ജഗ്മിരാഹവം നിഷ്ടപ്താ ശത്രും പൃതനാസു സാസഹിഃ**

**അസി സത്യ ഋണയാ ബ്രഹ്മണസ്പത ഉഗ്രസ്യ ചിദ്ദമിതാ വീളുഹർഷിണഃ**

ഹേ ദേവാ! നിൻെറ ദാനം അനുപമമാണ്. നനീ ഇച്ഛകൾ നിറവേറ്റുന്നു. യുദ്ധത്തിൽ ശത്രുക്കളെ പീഡിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.നീ ഉറച്ച ബലവാനും ഉഗ്രനും അഹങ്കാരികളെ അമർത്തുന്നവനും ആകട്ടെ.

**12. അദേവേന മനസാ യോ രിഷണ്യതി ശാസാമുഗ്രോ മന്യമാനോ ജിഘാംസതി**

**ബൃഹസ്പതേ മാ പ്രണക്തസ്യ നോ വധോ നി കർമ മന്യും ദുരേവസ്യ ശർധതഃ**

ഹേ ബ്രഹ്മണസ്പതേ! യാതൊരുത്തൻ ദേവരഹിതമനസ്സോടുകൂടിയവനായി, അഹങ്കാരിയായി ഞങ്ങളെ കൊല്ലാനാഗ്രഹിക്കുന്നുവോ അവൻെറ ആയുധം ഞങ്ങളെ സ്പർശിക്കാതിരിക്കണേ. ഞങ്ങൾ ബലയുക്തരും ശത്രുക്കളുടെ ക്രോധത്തെ നശിപ്പിക്കുന്നതിൽ സമർത്ഥനുമാകട്ടെ.

**13. ഭരേഷു ഹവ്യോ നമസോപസദ്യോ ഗന്താ വാജേഷു സനിതാ ധനന്ധനം**

**വിശ്വാ ഇദര്യാ അഭിദിപ്സ്വോ മൃധോ ബൃഹസ്പതിർവി വവർഹാ രഥാം ഇവ**

ഏതൊരു ബൃഹസ്പതി യുദ്ധകാലത്ത് നമസ്കാരപൂർവ്വം വിളിക്കപ്പെടുന്നുവോ, അവൻ യുദ്ധം ചെയ്യുകയും എല്ലാവിധ ഐശ്വര്യങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു. അഖിലത്തിൻേറയും രക്ഷിതാവായ അവൻ ഹിംസകൻമാരായ ശത്രുക്കളുടെ സൈന്യങ്ങളെ രഥംതകർന്നതുപോലെ തകർത്തുകളയുന്നു.

**14. തേജിഷ്ഠയാ തപനീ രക്ഷസസ്തപ യേ ത്വാ നിദേ ദധിരേ ദൃഷ്ടവീര്യം**

**ആവിസ്തത്കൃഷ്വ യദസത്ത ഉക്ഥ്യം ബൃഹസ്പതേ വി പരിരാപോ അർദയ**

ഹേ ബ്രഹ്മണസ്പതേ! കഷ്ടപ്പെടുത്തുന്ന തീക്ഷ്ണങ്ങളായ ആയുധങ്ങളാൽ നീ ദൈത്യരെ നിഗ്രഹിക്കണേ. നിങ്ങൾക്കു വലിയ ശക്തിയുങ്കെിലും നിങ്ങളെ രക്ഷിക്കുവാൻ അവനുമാത്രമേ കഴിയൂ. ബ്രഹ്മണസ്പതേ, ആ പ്രാചീനങ്ങളായ പരാക്രമങ്ങൾ പ്രകടിപ്പിച്ച് നിന്ദകൻമാരെ നശിപ്പിക്കട്ടെ.

**15. ബൃഹസ്പതേ അതി യദര്യോ അർഹാദ്യുമദ്വിഭാതി ക്രതുമജ്ജനേഷു**

**യദ്ദീദയച്ഛവസ ഋതപ്രജാത തദസ്മാസു ദ്രവിണം ധേഹി ചിത്രം**

ഹേ യജ്ഞത്തിൽനിന്നും ഉത്ഭവിച്ച ബ്രഹ്മണസ്പതേ! ആര്യൻമാർ പൂജിതനും പ്രകാശമാനമായ യജ്ഞത്തോടുകൂടിയവനുമായ നീ തേജോയുക്തമായ ധനം ഞങ്ങൾക്ക് പ്രദാനം ചെയ്യട്ടെ.

**16. മാ നഃ സ്തേനേഭ്യോ യേ അഭി ദുഹസ്പദേ നിരാമിണോ രിപവോന്നേഷു ജാഗൃധുഃ**

**ആ ദേവാനാമോഹതേ വി വ്രയോ ഹൃദി ബൃഹസ്പതേ ന പരഃ സാമ്നോ വിദുഃ**

ഹേ ദേവാ! വിദ്രോഹികളും ശത്രുക്കളും പരധനകാംക്ഷികളും ദേവതകളിൽ വിമുഖരായി സാമദാനരഹിതരായ രാക്ഷസൻമാർക്ക് ഞങ്ങളെ ഏൽപ്പിച്ചുകൊടുക്കരുത്.

**17. വിശ്വേഭ്യോ ഹി ത്വാ ഭുവനേഭ്യസ്പരി ത്വഷ്ടാജനത്സാമ്നഃ സാമ്നഃ കവിഃ**

**സ ഋണചിദ്ഋണയാ ബ്രഹ്മണസ്പതിർദ്രുഹോ ഹന്താ മഹ ഋതസ്യ ധർതരി**

ഹേ ബ്രഹ്മണസ്പതേ! സർവ്വശ്രേഷ്ഠനായ നിന്നെ ത്വഷ്ടാവ് സൃഷ്ടിച്ചിരിക്കുന്നു. അതിനാൽ നീ സോമത്തെ മുഴുവൻ

ഉച്ചരിക്കുന്നവനാകുന്നു. യജ്ഞകർമ്മങ്ങൾ ദ്വാരാ യി ഋണം പരിഹരിക്കുന്നവനും വിദ്രോഹികളെ സംഹരിക്കുന്നവനും ആകുന്നു.

**18. തവ ശ്രിയേ വ്യജിഹീത പർവതോ ഗവം ഗോത്രമുദസ്യജോ യദങ്ഗിരഃ**

**ഇന്ദ്രേന യുജാ തമസാ പരീപൃതം ബൃഹസ്പതേ നിരപാമൗബ്ജോ അർണവം**

ഹേ അംഗിരവംശജനായ ബ്രാഹ്മണസ്പതേ! പർവ്വതങ്ങൾ ഗോക്കളെ ഒളിപ്പിച്ചുനിർത്തി. ഈ രഹസ്യം സഹായത്തോടുകൂടി വൃത്രനാൽ തടയപ്പെട്ട ജലരാശിയെ വർഷിപ്പിക്കുകയും ചെയ്തു.

**19. ബ്രഹ്മണസ്പതേ ത്വമസ്യ യന്താ സൂക്തസ്യ ബോധി തനയം ച ജിന്വ**

**വിശ്വം തദ്ഭദ്രം യദവന്തി ദേവാ ബൃഹദ്വദേമ വിദഥേ സുവീരാഃ**

ഹേ ബ്രഹ്മണസ്പതേ! നീ വിശ്വത്തിൻെറ നിയാമകനാകണേ. ഞങ്ങളുടെ സ്തോത്രങ്ങളെ ശ്രവിച്ച് ഞങ്ങളുടെ സന്താനങ്ങളെ സുഖമുള്ളവരാക്കണേ. ദേവഗണം ആരെ രക്ഷിക്കുന്നുവോ അവനതന്നെ മംഗളവാഹകനായിരിക്കുന്നു. ഞങ്ങൾ പുത്രപൗത്രയുക്തരായി ഈ യജ്ഞത്തിൽ സ്തോത്രങ്ങൾ ഗാനം ചെയ്യും.

# അദ്ധ്യായം ഏഴ്

## സൂക്തം 24

**ഋഷി ഗൃത്സമദൻ ദേവത ബ്രഹ്മണസ്പതി ഛ ന്ദ സ് ജഗതി, ത്രിഷ്ടുപ്**

**1. സേമാമവിഡ്ഢി പ്രഭൃതിം യ ഈശിഷേയാ വിധേമ നവയാ മഹാ ഗിരാ**

**യഥാ നോ മിഢ്വാൻസ്തവതേ സഖാ തവ ബൃഹസ്പതേ സീഷധഃ സോത നോ മതിം**

ഹേ ബ്രഹ്മണസ്പതേ! വിശ്വത്തിൻെറ അധീശ്വരനാകുന്നു. ഞങ്ങളുടെ സ്തുതികളെ സ്വികരിച്ചാലും. ഞങ്ങളീ നവീന സ്തോത്രങ്ങളാൽ നിന്നെ പൂജിക്കുന്നു. ഞങ്ങള ആഗ്രഹിക്കുന്ന വരങ്ങൾ നൽകണേ. ഈ സ്തോതാവ് നിന്നെ സ്തുതിക്കുന്നു.

**2. യോ നന്ത്വാന്യനമന്ന്യോജസോതാദർദമന്യുനാ ശംബരാണി വി**

**പ്രാച്യാവയദച്യുതാ ബ്രഹ്മണസ്പതിരാ ചാവിശദ്വസുമന്തം വി പർവതം**

ഹേ ബ്രഹ്മണസ്പതേ! തിരസ്ക്കാരാർഹനായ വ്യക്തിയെ നീ ബഹിഷ്കരിച്ചു. ശംബരനെ കീറിപിളർന്നു. തടയപ്പെട്ട ജലത്തെ ഒഴുക്കി. ഗോക്കൾ ഒളിക്കപ്പെട്ടിരുന്ന പർവ്വതങ്ങളിൽ പ്രവേശിച്ചു.

**3. തദ്ദേവാനാം ദേവതമായ കർത്വമശ്രഥ്നന്ദ്യളഹാവ്റദന്ത വീളിതാ**

**ഉദ്ഗാ ആജദഭിനദ്ബ്രഹ്മണാ ബലമഗൂഹത്തമോ വ്യചക്ഷയത് സ്വഃ**

ദേവൻമാരിൽ ശ്രേഷ്ഠനായ ബ്രഹ്മണസ്പതിയുടെ പരാക്രമത്താൽ പർവതം ശിഥിലമാകുകയും വൃക്ഷങ്ങൾ നിലംപതിക്കുകയും ചെയ്തു. അവൻ ഗോക്കളെ മോചിപ്പിക്കുകയും മന്ത്രത്താൽ ബലൻ എന്ന അസുരനെ മാറ്റുകയും ചെയ്തു. സൂര്യനെ പ്രകടമാക്കി അന്ധകാരത്തെ അകറ്റി.

**4. അശ്മാസ്യമവതം ബ്രഹ്മണസ്പതിർമധുധാരമഭി യമോജസാതൃണത്**

**തമേവ വിശ്വേ പപിരേ സ്വർദൃശോ ബഹു സാകം സസിച്ചുരുത്സമുദ്രിണം**

പാറപോലെ ഉറച്ചതും, മധുരജലയുക്തവുമായ മേഘത്തെ ബ്രാഹ്മണസ്പതി ഭേദനം ചെയ്തുവോ അതിൽനിന്നും കിരണങ്ങൾ സോപാനംചെയ്ത് ജലമയമായ വൃഷ്ടിയാൽ ഭൂമിയെ ആർദ്രമാക്കി.

**5. സനാ താ കാ ചിദ്ഭുവനാ ഭവീത്വാ മാദ്ഭിഃ ശരദ്ഭിർദുരോ വരന്ത വഃ**

**അയതന്താ ചരതോ അന്യദന്യദിദ്യാ ചകാര വയുനാ ബ്രഹ്മണസ്പതിഃ**

മനുഷ്യരേ! ബ്രഹ്മണസ്പതി നിങ്ങൾക്കുവേിതന്നെ സനാതനവും, അത്മുതവുമായ വർഷത്തിൻെറ വാതിൽതുറന്നു. അവൻ മന്ത്രങ്ങൾക്കു ദിവ്യത്വം നൽകി. ആകാശത്തേയും ഭൂമിയേയും സുഖം വർദ്ധിപ്പിക്കുന്നവനാക്കി.

**6. അഭിനക്ഷന്തോ അഭി യേ തമാനശൂർനിധിം പണിനാം പരമം ഗുഹാ ഹിതം**

**തേ വിദ്വാംസഃ പ്രതിചക്ഷ്യാന്യതാ പുനര്യത ഉ ആയന്തദുദീയുരാവിശം**

വിദ്വാൻമാരായ അംഗിരസ്സുകൾ അന്വേഷണം നടത്തി പണികളുടെ ദുർഗ്ഗത്തിൽ ഒളിച്ചു വച്ചിരുന്ന നിധി കത്തെി. അനന്തരം മായയെ ക് അവർ പൂർവ്വസ്ഥാനത്ത് തിരിച്ചെത്തി.

**7. ഋതാവാനഃ പ്രതിചക്ഷ്യാന്യതാ പുനരാത ആ തസ്ഥുഃ കവയോ മഹസ്പഥഃ**

**തേ ബാഹുഭ്യാം ധമിതമഗ്നിമശ്മനി നകിഃഷോ അസ്ത്യരണോ ജഹുർഹി തം**

വിദ്വാൻമാരായ അംഗിരസ്സുകൾ മായയെക്ക് ആ ഭാഗത്തേക്ക് തന്നെ നടന്നു. അവർ അഗ്നിയെ പ്രോജ്ജ്വലിപ്പിച്ച് പർവ്വതത്തിലേക്കെറിഞ്ഞു. പർവ്വതത്തെ ജ്വലിപ്പിക്കുന്ന അഗ്നിദേവൻ പവിടെ ഉായിരുന്നില്ല.

**8. ഋതജ്യേന ക്ഷിപ്രേണ ബ്രഹ്മസ്പതിര്യത്ര വഷ്ടി പ്ര തദശ്നോതി ധന്വനാ**

**തസ്യ സാധ്വീരിഷവോ യാഭിരസ്യതി നൃചക്ഷസോ ദൃശയേ കർണയോനയഃ**

ബ്രാഹ്മണസ്പതി ബാണം പ്രയോഗിക്കുന്നതിൽ കുശലനാണ്. അവൻ തൻെറ ആഗ്രഹങ്ങൾ ധനുസ്സിനാൽ പ്രാപിച്ചിരുന്നു. അവൻ അയയ്ക്കുന്ന ബാണം കാര്യനിർവ്വഹണത്തിൽ സമർത്ഥങ്ങളാകുന്നു. ആ ബാണങ്ങൾ കർണ്ണങ്ങളാൽ പ്രകടമാകുന്നു.

**9. സ സന്നയഃ സ വിനയഃ പുരോഹിതഃ സ സുഷ്ടുതഃ സ യുധി ബ്രഹ്മണസ്പതിഃ**

**ചാക്ഷ്മോ യദ്വാജം ഭരതേ മതീ ധനാദിത്സുര്യസ്ത പതിതപ്യതുർവ്യഥാ**

ബ്രാഹ്മണസ്പതി പുരോഹിതരൂപമാകുന്നു. അവൻ എല്ലാവസ്തുക്കളും വേർതിരിക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. എല്ലാവരും അവനെ സ്തുതിക്കുന്നു. അവൻ യുദ്ധത്തിൽ പ്രത്യക്ഷനാകുന്നു. അവൻ അന്നവും ധനവും സ്വീകരിക്കുമ്പോൾ സൂര്യോദയമാകുന്നു.

**10. വിഭു പ്രഭു പ്രഥമം മേഹനാവതോ ബൃഹസ്പതേഃ**

**സുവിദത്രാണി രാധ്യാ**

**ഇമാ സാതാനി വേന്യസ്യ വാജിനോ യേന ജനാ ഉഭയേ ഭുഞ്ജതേ വിശഃ**

ബൃഹസ്പതി മഴ പെയ്യിക്കുന്നവനാകുന്നു. അതിൻെറ ധനം എല്ലായിടവും വ്യാപിച്ചിരുന്നതും ശ്രേഷ്ഠവുമാണ്. അവൻതന്നെ ഈ അന്നയുക്തമായ സമ്പൂർണ്ണധനം നൽകിയിരിക്കുന്നു. യജമാനനും സ്തോതാവും രുകൂട്ടരും ഈ ധനത്തെ ചിന്തിക്കുന്നവരും ഭോഗിക്കുന്നവരുമാകുന്നു.

**11. യോ വരേ വൃജനേ വിശ്വഥാ വിഭൂർമഹാമു രണ്വഃ ശവസാ വവക്ഷിഥ**

**സ ദേവോ ദേവാൻപ്രതി പപ്രഥേ പൃഥു വിശ്വേദുതാ പരുഭൂർബ്രഷമണസ്പതിഃ**

എല്ലാഭാഗത്തുനിന്നും സ്തുതിക്കപ്പെടുന്നവനായ ബ്രഹ്മണപ്സതി തൻെറ ശക്തിയാൽ വിദ്വാൻമാരെയും ശക്തൻമാരെയും രിനത്തിലുള്ള മനുഷ്യരേയും രക്ഷിക്കുന്നു. ദാനസ്വഭാവത്തോടുകൂടിയ അവൻ ദേവതകളുടെ പ്രതിനിധിരുപത്തിൽ പ്രസിദ്ധനും എല്ലാ ജീവികളുടേയും നാഥനുമാകുന്നു.

**12. വിശ്വം സത്യം മഘവാനാ യുവോരിദാപശ്ചന പ്ര മിനന്തി വ്രതം വാം**

**അച്ഛേന്ദ്രാബ്രഹ്മണസ്പതി ഹവിർനോന്നം യുജേവ വാജിനാ ജിഗാതം**

ഹേ ഇന്ദ്രാ! ഹേ ബ്രാഹ്മണസ്പതേ! നിങ്ങൾ ഐശ്വര്യവാൻമാരാണല്ലോ. എല്ലാ സമ്പത്തുക്കളും നിങ്ങളുടേതാണല്ലോ. നിങ്ങളുടെ ഉദ്ദേശങ്ങളെ ആർക്കും തടുക്കുവാൻ സാധ്യമല്ല. രഥത്തിൽ പൂട്ടിയ അശ്വങ്ങൾ അന്നത്തിനുവേി ഓടുന്നതുപോലെ നിങ്ങളും ഞങ്ങളുടെ ഹവിസുകൾക്കായി പാഞ്ഞുവരട്ടെ.

**13. ഉതാശിഷ്ഠാ അനു ശൃണ്വന്തി വഹ്നയഃ സഭേയോ വിപ്രോ ഭരതേ മതീ ധനാ**

**വീളുദ്വേഷാ അനു വശ ഋണമാദദിഃ സ ഹ വാജീ സമിഥേ ബ്രഹ്മണസ്പതിഃ**

ബ്രഹ്മണസ്പതിയുടെ അശ്വങ്ങൾ നമ്മുടെ സ്തുതികൾ ശ്രവിക്കുന്നു. വിദ്വാൻമാരായ അധ്വര്യുക്കൾ മനോഹരങ്ങളായ സ്തോത്രങ്ങളോടുകൂടി ഹവിസ്സ് നൽകുന്നു. ബ്രാഹ്മണസ്പതി നമ്മുടെ നികടത്തിലാഗതനായി മന്ത്രങ്ങൾ സ്വീകരിക്കട്ടെ.

**14. ബ്രഹ്മണസ്പതേരഭവദ്യഥാവശം സത്യോ മന്യുർമഹി കർമാ കരിഷ്യതഃ**

**യോ ഗാ ഉദാജത്സ ദിവേ വി ചാഭജൻമഹീവ രീതിഃ ശവസാസരത്പൃഥക്**

ബ്രഹ്മണസ്പതിയുടെ ഏതെങ്കിലും കാര്യത്തിലേർപ്പെടുമ്പോൾ അവൻെറ മന്ത്രങ്ങൾ ഫലപ്രദങ്ങളാകുന്നു. അവൻ ഗോക്കളെ കൊുവന്നു. സൂര്യലോകത്തിനുവേി അതിൻെറ ഭാഗം കൊടുത്തു. ആ ഗോക്കൾ മഹാസ്തോത്രങ്ങൾക്കു സമാനം പ്രത്യേകം പ്രത്യേകമായി ശക്തിക്കനുസൃതമായി ഗതിവതികളായി.

**15. ബ്രഹ്മണസ്പതേ സൂയമസ്യ വിശ്വഹാ രായഃ സ്യാമ രഥ്യോ വയസ്വതഃ**

**വീരേഷു വീരാം ഉപ പൃങ് ധി നസ്ത്വം യദീശാനോ ബ്രഹ്മണാ വേഷി മേ ഹവം**

ഹേ ബ്രഹ്മണസ്പതി! ശ്രേഷ്ഠങ്ങളായ നിയമങ്ങളോടാടുകൂടിയ ഞങ്ങൾ അന്നയുക്തമായ ധനത്തിൻെറ ഉടമകളാകണേ. നീ ഞങ്ങളുടെ യോദ്ധാക്കളായ പുത്രൻമാർക്ക് സന്താനങ്ങളെ നൽകണേ. അഖിലത്തിൻേറയും നാഥനായ നീ ഞങ്ങളുടെ സ്തുതികളും അന്നരൂപമായ ഹവിസ്സും ആഗ്രഹിക്കുന്നു.

**16. ബൃഹ്മണസ്പതേ ത്വമസ്യ യന്താ സൂക്തസ്യ ബോധി തനയം ച ജിന്വ**

**വിശ്വം തദ്ഭദ്രം യദവന്തി ദേവാ ബൃഹദ്വദേമ വിദഥേ സുവീരാഃ**

ഹേ ബ്രഹ്മണസ്പതേ! നീ വിശ്വത്തിൻെറ നിാമകനാകുന്നു. ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിച്ച് ഞങ്ങളുടെ സന്താനങ്ങളെ സുഖികളാക്കണേ. ദേവഗണം ആരെ രക്ഷിക്കുന്നുവോ, അവൻ മംഗളവാഹകനാണ്. പുത്രപൗത്രയുക്തരായി ഞങ്ങൾ ഈ യജ്ഞത്തിൽ സ്തുതിക്കുന്നു.

## സൂക്തം 25

**ഋഷി ഗൃത്സമദൻ ദേവത ബ്രഹ്മണസ്പതി ഛ ന്ദ സ ് ജഗതി**

**1. ഇന്ധാനോ അഗ്നിം വനവദ്വനുഷ്യതഃ കൃതബൃഹ്മാ ശൂശുവദ്രാതഹവ്യ ഇത്**

**ജാതേന ജാതമതി സ പ്ര സർസൃതേ യംയം യുജം കൃണുതേ ബൃഹ്മണസ്പതിഃ**

അഗ്നിയെ ഉജ്ജ്വലിപ്പിക്കുന്ന യജമാനൻ ശത്രുവധത്തിൽ സമർത്ഥനാകും. സ്തുതികളാലും ഹവിർദ്ദാനത്താലും അവൻ സമൃദ്ധിയെ പ്രാപിക്കും. യാതൊരു യജമാനൻ ബ്രഹ്മണസ്പതിയുമായി സഖ്യഭാവത്തിലായിരിക്കുന്നുവോ അവൻ പൗത്രനെ കാണുന്നതുവരെ ദീർഘകാലം ജീവിക്കുന്നു.

**2. വീരേഭിർവീരാനവദ്വനുഷ്യതോ ഗോഭി രയിം പപ്രഥദ്ബോധതി ത്മനാ**

**തോകം ച തസ്യ തനയം ച വർധതേ യംയം യുജം കൃണുതേ ബ്രഹ്മണസ്പതിഃ**

ബ്രഹ്മണസ്പതിയുടെ പ്രീതി നേടിയ യജമാനൻ തൻെറ വീരപുത്രൻമാരാൽ പുത്രൻമാരുടെ മേൽവിജയം വരിക്കും. അവൻ ഗോധനയുക്തനും പ്രസിദ്ധനും സർവ്വജ്ഞാതാവുമാകുന്നു. ആരെ ബ്രഹ്മണസ്പതി സഖാവായി മാനിക്കുന്നുവോ അവൻെറ പുത്രപൗത്രാദികൾ സമൃദ്ധിയെ പ്രാപിക്കുന്നു.

**3. സുന്ധുർന ക്ഷോദഃ ശിമീവാം ഋഘായതോ പൃഷേവ വധ്രീംരഭി മാഷ്യോജസാ**

**അഗ്നേരിവ പ്രസിതിർനാഹ വർതവേ യംയം യുജം കൃണുതേ ബൃഹ്മണസ്പതിഃ**

നദിയുടെ പ്രവാഹശക്തിയിൽ തീരപ്രദേശം ഇടിഞ്ഞുവീഴുന്നു. മൂരിക്കുട്ടൻ കാളയെ പരാജയപ്പെടുത്തുന്നു. അതേപ്രകാരംതന്നെ ബ്രഹ്മണസ്പതിയുടെ സേവകനും, തൻെറ ബലത്താൽ ശത്രുബലത്തെ തകർക്കുകയും ശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്യും. അഗ്നിശിഖയെ ആർക്കും തടുക്കുവാൻ സാധിക്കാത്തതുപോലെ ബ്രഹ്മണസ്പതിയുമായി സഖ്യഭാവം പുലർത്തുന്ന യജമാനനെ ആർക്കും തടയുവാൻ സാധ്യമല്ല.

**4. തസ്മാ അർഷന്തി ദിവ്യാ അസശ്ചതഃ സ സത്വഭിഃ പ്രഥമോ ഗോഷു ഗച്ഛതി**

**അനിഭൃഷ്ടതവിഷിർഹന്ത്യോജസാ യംയം യുജം കൃണുതേ ബ്രഹ്മണസ്പതിഃ**

ബ്രഹ്മണസ്പതിയെ സേവിക്കുന്ന യജമാനൻ സർവ്വപ്രധാനമായി ഗോധനം പ്രാപിക്കുന്നു. അവൻ തൻെറ ശക്തിയാൽ ശത്രുക്കളെ ഹനിക്കുന്നു. യാതൊരുത്തനെ അദ്ദേഹം സഖാവായി സ്വീകരിക്കുന്നുവോ, അവൻ ദിവ്യങ്ങളായ രസങ്ങൾ ആസ്വദിക്കും.

**5. തസ്മാ ഇദ്വിശ്വേ ധുനയന്ത സിന്ധവോച്ഛിദ്രാ ശർമ ദധിരേ പുരൂണി**

**ദേവാനാം സുമ്നേ സുഭഗഃ സ ഏധതേ യംയം യുജം കൃണുതേ ബ്രഹ്മണസ്പതിഃ**

ബ്രഹ്മണസ്പതി ആരെ സഖാവായി വീക്ഷിക്കുന്നുവോ, എല്ലാ രസഭാവങ്ങളും അവനിലേയ്ക്ക് പ്രവഹിക്കുന്നു. അവൻ എല്ലാ സുഖങ്ങളും അനുഭവിക്കുകയും ഭാഗ്യയുക്തനായി സമൃദ്ധിയെ പ്രാപിക്കുകയും ചെയ്യുന്നു.

## സൂക്തം 26

**ഋഷി ഗൃത്സമദൻ ദേവത ബ്രഹ്മണസ്പതി ഛന്ദസ് ജഗതി**

**1. ഋജുരിച്ഛംസോ വനവദ്വനുഷ്യതോ ദേവയന്നിദദേവയന്തമഭ്യസത്**

**സുപ്രാവീ രിദ്വനവത്പൃത്സു ദുഷ്ടരം യജ്വേദയജ്യോർവി ഭോജനം**

ബ്രഹ്മണസ്പതിയെ സ്തുതിക്കുന്നവൻ ശത്രുക്കളെ നശിപ്പിക്കും. ദേവോപാസകൻമാർ ദേവവിഹീനരെ തോൽപ്പിക്കും. ബ്രഹ്മണസ്പതിയെ സന്തുഷ്ടനാക്കുന്നവൻ യുദ്ധത്തിൽ ഭയങ്കരൻമാരായ ശത്രുക്കളെ സംഹരിക്കുന്നു. യാജ്ഞികൻ യജ്ഞവിദ്വേഷികളുടെ ധനം പിടിച്ചുപറ്റുന്നു.

**2. യജസ്വ വീര പ്ര വിഹി മനായതോ ഭദ്രം മനഃ കൃണുഷ്വ വൃത്രതൂര്യേ**

**ഹവിഷ്കൃണുഷ്വ സുഭഗോ യഥാസസി ബ്രഹ്മണസ്പതേരവ ആ വൃണീമഹേ**

ബ്രഹ്മണസ്പതിയെ സ്തുതിക്കുവിൻ. അഹങ്കാരികളായ ശത്രുക്കളുടെമേൽ ആക്രമണം നടത്തുവിൻ. യുദ്ധത്തിൽ ഉറച്ചുനിൽക്കുവിൻ. ബ്രഹ്മണസ്പതിക്കായി ഹവിസ്സ് തയ്യാറാക്കിയാൽ ഉത്തമമായ ധനം പ്രാപിക്കുവാൻ സാധിക്കും. നാം അദ്ദേഹത്തിൽനിന്നും രക്ഷ ആഗ്രഹിക്കുന്നു.

**3. സ ഇജ്ജനേന സ വിശാ സ ജൻമനാ സ പുത്രൈർവാജം ഭരതേ ധനാ നൃഭിഃ**

**ദേവാനാം യ പിതരമാവിവാസതി ശ്രദ്ധാമനാ ഹവിഷാ ബ്രഹ്മണസ്പതിം**

ദേവപിതാവായ ബ്രഹ്മണസ്പതിയെ ഏതൊരു യജമാനൻ ഭക്തിപൂർവ്വം സേവിക്കുന്നുവോ, അവൻ സ്വജനസന്താനയുക്തനായി അന്നവും ധനവും പ്രാപിക്കും.

**4. യോ അസ്മൈ ഹവൈർഘൃതവദ്ഭിരവിധാത്ര പ്ര തം പ്രാചാ നയതി ബ്രഹ്മണസ്പതിഃ**

**ഉരുഷ്യതീമംഹസോ രക്ഷതീ രിഷോം ഹോശ്ചിദസ്മാ ഉരിചക്രിരദ്ഭുതഃ**

യാതൊരു യജമാനൻ ഘൃതയുക്തമായ ഹവിസ്സിനാൽ ബ്രഹ്മണസ്പതിയെ സേവിക്കുന്നുവോ, അവനെ ബ്രഹ്മണസ്പതി സുഗമമായ മാർഗ്ഗത്തിൽക്കൂടി നയിക്കുകയും, പാപം, ദാരിദ്ര്യം, ശത്രുക്കൾ എന്നിവകളിൽനിന്നും രക്ഷിക്കുകയും ചെയ്യുന്നു. അവൻ യജമാനൻെറ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നു.

## സൂക്തം 27

ഈ സൂക്തത്തിലെ പ്രാർത്ഥനകൾ ലൗകികശ്രേയസ്സിനുള്ളതാണ്. എല്ലാ അഭിലാഷങ്ങളും ഇതുകൊണ്ട് സാധിക്കും.

**ഋഷി ഗൃത്സമദൻ അഥവാ മകൻ കൂർമൻ ദേവത ആദിത്യൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഇമാ ഗിര ആദിത്യേഭ്യോ ഘൃതസ്നൂഃ സനാദ്രാജാഭ്യോ ജുഹ്വ ജുഹോമി**

**ശൃണോതു മിത്രോ അര്യമാ ഭഗോ നസ്തുവിജാതോ വരുണോ ദക്ഷോ അംശഃ**

തേജസ്വികളായ ആദിത്യൻമാർക്കുവേ ജുഹുവിൽഘൃതം നിറച്ചുകൊണ്ട് ഞാൻ അവരെ സ്തുതിക്കുന്നു. മിത്രൻ, അര്യമാ, ഭഗൻ, വരുണൻ, ദക്ഷൻ തുടങ്ങിയവരെല്ലാം എൻെറ സ്തവനത്തെ ശ്രവിക്കണേ.

**2. ഇമം സ്തോമം സക്രതവോ മേ അദ്യ മിത്രോ അര്യമാ വരുണോ ജൂഷന്ത**

**ആദിത്യാസഃ ശുചയോ ധാരപൂതാ അവൃജിനാ അനവദ്യാ അരിഷ്ടാഃ**

ഭക്തരിൽ ദയയോടുകൂടിയവരും അനിന്ദ്യരും അഹിംസിതരും, യശസ്വികളും കർമ്മവാൻമാരും ആദിത്യൻമാരും സദൃശകർമ്മാക്കളുമായ അര്യമാ, വരുണൻ, മിത്രർ ഇവർ എൻെറ സ്തുതികളെ സ്വീകരിക്കണേ.

**3. ത ആദിത്യാസ ഉരവൊ ഗഭീരാ അദബ്ധാസോ ദിപ്സന്തോ ഭൂര്യക്ഷാഃ**

**അന്തഃ പശ്യന്തി വൃജിനോത സാധു സർവം രാജഭ്യഃ പരമാ ചിദന്തി**

ഗംഭീരൻമാരും, ബഹുദ്രഷ്ടാക്കളും ദമനം ചെയ്യുന്നതിൽ സമർത്ഥരും ജീവികളുടെ ഹൃദയങ്ങളെ അറിയു.വരുമായ ആദിത്യൻമാർ മഹാൻമാരാകുന്നു. ദൂരെയുള്ളവസ്തുക്കൾപോലും അവരിൽനിന്നും അകലെയല്ല.

**4. ധാരയന്ത ആദിത്യാസോ ജഗത്സ്ഥാ ദേവാ വിശ്വസ്യ ഭുവനസ്യ ഗോപഃ**

**ദീർഘാധിയോ രക്ഷമാണാ അസൂര്യമൃതാവാനശ്ച യമാനാ ഋണാനി**

ഈ ആദിത്യഗണം സ്ഥാവരജംഗമങ്ങൾക്ക് വാസസ്ഥാനം നൽകി എല്ലാ ഭുവനങ്ങളേയും രക്ഷിക്കുന്നു. ബഹുകർമ്മാക്കളും പ്രാണരൂപരുമായ ആദിത്യൻമാർ മേഘജലരക്ഷകരും സത്യംവഴി ഋണങ്ങളെ പരീക്ഷിക്കുന്നവരുമാണ്.

**5. വിദ്യാമാദിത്യാ അവസോ വോ അസ്യ യദര്യമൻഭയ ആ ചിൻമയോഭു**

**യുഷ്മാകം മിത്രാവരുണാ പ്രണീതൗ പരി ശ്വഭ്രേവ ദുരിതാനി വൃജ്യാം**

ഹേആദിത്യൻമാരേ! ഭയമുാകുമ്പോൾ നിങ്ങളുടെ ആശ്രയം സുഖഹേതുവാകുന്നു. ഞങ്ങൾ നിങ്ങളുടെ ആ ആശ്രയത്തെ പ്രാപിക്കണേ. അര്യമാ, മിത്രൻ, വരുണൻ എന്നിവരാലനുഗതനായി പാപങ്ങളെ എന്നിൽനിന്നും അകറ്റട്ടെ.

**6. സുഗോ ഹി വോ അര്യമൻമിത്ര പന്ഥാ അനൃക്ഷരോ വരുണ സാധുരസ്തി**

**തേനാദിത്യാ അധി വോചതാ നോ യച്ഛതാ നോ ദുഷ്പരിഹന്തു ശർമ**

ഹേ അര്യമാ, മിത്രാ, വരുണാ! നിങ്ങളുടെ മാർഗ്ഗങ്ങൾ സുഗമങ്ങളും നിഷ്ക്കങ്ങളുമാണല്ലോ. ഹേആദിത്യൻമാരേ! ഞങ്ങളെ ആ മാർഗ്ഗങ്ങളിൽക്കൂടി നയിക്കുവിൻ. മധുരവചനങ്ങൾ ഉച്ചരിച്ചുകൊ് ദിവ്യസുഖം പ്രദാനം ചെയ്യുവിൻ.

**7. പിപർതു നോ അദിതീ രാജപുത്രാതി ദ്വേഷാംസ്യര്യമാ സുഗേഭിഃ**

**ബൃഹൻമിത്രസ്യ വരുണസ്യ ശർമോപ സ്യാമ പുരുവീരാ അരിഷ്ടാഃ**

അദിതിമാതാവ് നമ്മെ ശത്രുക്കളിൽനിന്നും രക്ഷപ്പെടുത്തണേ. അര്യമാ നമ്മെ സുഗമമാർഗ്ഗങ്ങളിൽക്കൂടി നയിക്കണേ. നാട് വളരെയധികം വീരൻമാരോടുകൂടിയവരായി ഹിംസാരഹിതരായിരിക്കുകയും അതുപോലെ മിത്രനും വരുണനും നമുക്കു സുഖംനൽകുകയും ചെയ്യട്ടെ.

**8. തിസ്രോ ഭൂമിർധാരയൻ ത്രിംരുത ദ്യൂന്ത്രീണി വ്രതാ വിദഥേ അന്തരേഷാം**

**ഋതേനാദിത്യാ മഹി വോ മഹിത്വം തദര്യമനഷ്വരുണ മിത്ര ചാരു**

ഈ ആദിത്യർ പൃഥ്വി അന്തരീക്ഷം, സ്വർഗ്ഗം, മർത്യലോകം, സത്യലോകം ഇവയെ വഹിക്കുന്നു. മൂന്നുസവനയുക്തമായ യജ്ഞത്തോടുകൂടിയ ഇവർ യജ്ഞത്താൽ തന്നെ മഹിമാവാൻമാരായിരിക്കുന്നു. ഹേ അര്യമാ, മിത്രാ, വരുണാ! നിങ്ങളുടെ കർമ്മങ്ങൾ പ്രശംസനീയങ്ങൾതന്നെ.

**9. ത്രീ രോചനാ ദിവ്യാ ധാരയന്ത ഹിരണ്യയാഃ ശുചയോ ധാരപൂതാഃ**

**അസ്വപ്നജോ അനിമിഷാ അദ്ബ്ധാ ഉരുശംസാ ഋജവേ മർത്യായ**

സ്വർണ്ണംപോലെ തേജോവർണ്ണരും ദീപ്തരും വൃഷ്ടിക്കു ക.രണഭൂതരും സചേഷ്ടിതരും ഒരിക്കലും നമിക്കാത്ത നേത്രങ്ങളുള്ളവരും അഹിംസിതരും സ്തുത്യർഹമായ ആദിത്യഗണം ജഗത്തിനുവേി അഗ്നി, വായു, സൂര്യൻ എന്നീ രൂപങ്ങൾ സ്വീകരിക്കുന്നു.

**10. ത്വം വിശ്വേഷാം വരുണാസി രാജാ യേ ച ദേവാ അസുര യേ ച മർതാഃ**

**ശതം നോ രാസ്വ ശരദോ വിചക്ഷേശ്യാമായുംഷി സുധിതാനി പൂർവാ**

വരുണാ! നീ ദേവതയാകുന്നു. എല്ലാ മനുഷ്യരുടേയും നാഥനാകുന്നു. ഞങ്ങളക്ക് നൂറുവർഷം വരെ നിരീക്ഷിക്കുവാനുള്ള യോഗ്യതയും പൂർവ്വികൻമാർക്കുായിരുന്ന ആയുസ്സും പ്രദാനം ചെയ്യട്ടെ.

**11. ന ദക്ഷിണാ വി ചികിതേ ന സവ്യാ ന പ്രാചീന മാദിത്യാ നോത പശ്ചാ**

**പാക്യാ ചിദ്വസവോ ധീര്യാ ചിദ്യുഷ്മാനീതോ അഭയം ജ്യോതിരശ്യാം**

ജീവിതം നൽകുന്നവരായ ആദിത്യൻമാരേ! ഇടത്തും, വലത്തും, മുൻപും, പിൻപും ഞങ്ങൾ സന്ദേഹത്തിൽ പതിക്കാതിരിക്കട്ടെ. അപക്വബുദ്ധിയായ ഞാൻ അധീരനായി മായയിൽ പതിക്കാതിരിക്കണേ. ഞാൻ നിങ്ങൾ വഴി സുഗമമായ മാർഗ്ഗത്തിൽ സഞ്ചരിച്ച് ആനന്ദരൂപമായ തേജസ്സിനെ പ്രാപിക്കട്ടെ.

**12. യോ രാജഭ്യ ഋതനിഭ്യോ ദദാശ യം വർധയന്തി പുഷ്ടയശ്ച നിത്യാഃ**

**സ രേവാന്യാതി പ്രഥമോ രഥേന വസുദാവാ വിദഥേഷു പ്രശസ്തഃ**

യജ്ഞസ്വാമിമാരായ ആദിത്യഗണങ്ങൾക്ക് ഹവിസ്സ് നൽകുന്ന യജമാനന് അവരുടെ കൃപയിൽനിന്നും പോഷണസാമർത്ഥ്യം പ്രാപ്തമാകുന്നു. അവൻ ധനയുക്തനും, പ്രസിദ്ധനും പ്രശംസിതനുമായി രഥത്തിൽ കയറി യജ്ഞസ്ഥാനം പ്രാപിക്കുന്നു.

**13. ശുചിരപഃ സൂയവസാ അദബ്ധ ഉപ ക്ഷേതി വൃദ്ധവയാ സുവീരഃ**

**നകിഷ്ടം ഘ്നന്ത്യന്തിതോ ന ദൂരാദ്യ ആദിത്യാനാം ഭവതി പ്രണീതൗ**

ആ യജമാനൻ തേജസ്സോടുകൂടിയവനും അഹിംസിതനും അന്നവാനും പുത്രവാനുമായി ഫലഭൂയിഷ്ടമായ സമ്പത്ത് വാസമുറപ്പിക്കുന്നു. ആദിത്യൻമാരുടെ ആശ്രയത്തിലുള്ളവനെ യാതൊരു ശത്രുവിനും ഹിംസിക്കുവാൻ സാധ്യമല്ല.

**14. അദിതേ മിത്ര വരുണോത മൃള യദ്വോ വയം ചകൃമാ കച്ചിദാഗഃ**

**ഉർവശ്യാമഭയം ജ്യോതിരിന്ദ്ര മാ നോ ദീർഘാ അഭി നശന്തമിസ്രാഃ**

ഹേ അദിതി! മിത്രാ! വരുണാ! ഞങ്ങൾ നിങ്ങളോട് എന്തെങ്കിലും അപരാധം ചെയ്തിട്ടുങ്കെിൽ അവയെല്ലാം ക്ഷമിക്കണേ. ഹേ ഇന്ദ്രാ! ഞങ്ങൾക്ക് തേജസ്സും അഭയവും നൽകണേ. ഇരുരാത്രി ഞങ്ങളെ നശിപ്പിക്കാതിരിക്കട്ടെ.

**15. ഉഭേ അസ്മൈ പീപയത; സമീചി ദിവോ വൃഷ്ടിം സുഭഗോ നാമ പുഷ്യൻ**

**ഉഭാ ക്ഷയാവാജയന്യാതി പൃത്സുഭാവർധെ ഭവതഃ സാധൂ അസ്മൈ**

ആദിത്യൻമാരെ അനുസരിക്കുന്നവർ ആരാണോ അവരെ ആകാശവും ഭൂമിയും പുഷ്ടിപ്പെടുത്തുന്നു. ആ ഭാഗ്യവാൻ ദിവ്യരസം പ്രാപിച്ച് സമുദ്രമായിത്തീരുന്നു. യുദ്ധത്തിൽ ശത്രുക്കളെ തോൽപ്പിച്ചു മുന്നേറുന്നു. ലോകത്തിൻെറ അർദ്ധഭാഗത്തിൽ (ഭൂമിയിൽ) അവൻ കർമ്മസാധനകൾ അനുഷ്ഠിക്കുന്നവനായി ഭവിക്കുന്നു.

**16. യാ വോ മായാ അഭിദ്രുഹേ യജത്രാഃ പാശാ ആദിത്യാ രിപവേ വിചൃത്താഃ**

**അശ്വീവ താം അതി യേഷം രഥേനാരിഷ്ടാ ഉരാവാ**

**ശർമന്തസ്യാമ**

ഹേ പൂജ്യരായ ആദിത്യൻമാരേ! വിദ്രോഹികളെ നിങ്ങൾ മായയാൽ വശത്താക്കുകയും ശത്രുക്കൾക്കുവേി രചിക്കുകയും ചെയ്തു. ഞങ്ങൾ ആ മായയിൽനിന്നും പാശത്തിൽനിന്നും കുതിരപ്പുറത്തു പാഞ്ഞുപോകുന്ന മനുഷ്യനു സമാനം കടന്നുപോയി ഹിംസാരഹിതരായി പരമസുഖത്തോടുകൂടിയ സുന്ദരമായ ഭവനത്തിൽ വസിക്കണേ.

**17. മാഹം മമോനോ വരുണ പ്രിയസ്യ ഭൂരിദാവ്ന ആ വിദം ശൂനമാപേഃ**

**മാ രായോ രാജൻത്സുയമാദവ സ്ഥാം ബൃഹദ്വദേമ വിദഥേ സുവീരഃ**

ഹേ വരുണാ! ഏതെങ്കിലും ഐശ്വര്യവാനായ വ്യക്തിയുടെ സമക്ഷത്തിൽ എൻെറ ദാരിദ്ര്യത്തിൻെറ കഥപറയുവാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. എന്നെ ആവശ്യമായ ധനത്തിൻെറ കുറവ് അലട്ടാതിരിക്കണേ. ഞങ്ങൾ സന്താനയുക്തരായി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കട്ടെ.

## സൂക്തം 28

ഈ സൂക്തം വരുണസ്തുതിയാണ്. ഭയാപഹരവും പാപനാശകവും ഋണദാരിദ്ര്യനിവാരകവുമാണ്. അതുകൊിത് പ്രധാനമാണ്.

**ഋഷി കൂർമ്മനോഗൃത്സമദനോ ദേവത വരുണൻ**
**ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഇദം കവേരാദിത്യസ്യ സ്വരാജേ വിശ്വാനി സാന്ത്യഭ്യസ്തു മഹ്നാ**

**അതി യോ മന്ദ്രോ യജഥായ ദേവഃ സകീർതിം ഭിക്ഷേ വരുണസ്യ ഭൂരേഃ**

ഈ ഹവിഷാന്നം സ്വയം പ്രകാശിതനും സ്വന്തം മഹിമയാൽ ലോകത്തിലെ ജീവികളെ രചിച്ചവനുമായ വരുണനുവേിയാണ്. അത്യന്തം തേജസ്വിയായ വരുണൻ യജമാനനു സുഖംനൽകുന്നു. ഞാനവനെ സ്തുതിക്കുന്നു.

**2. തവവ്രതേ സുഭഗാസഃ സ്യാമ സ്വാധ്യോ വരുണ തുഷ്ടുവാംസഃ**

**ഉപായന ഉഷസാം ഗോമതീ നാമഗ്നയോ ന ജരമാണാ അനു ദ്യൂൻ**

ഹേ വരുണാ! ഞങ്ങൾ നിന്നെ സ്തുതിക്കുകയും, ധ്യാനിക്കുകയും സേവിക്കുകയും ചെയ്തുകൊ് ഭാഗ്യവാൻമാരാകണേ. രശ്മികളോടുകൂടിയ ഉഷസ്സ് പ്രകടമാകുന്ന ഓരോ ദിവസവും നിന്നെ സ്തുതിച്ചുകൊ് ഞങ്ങൾ തേജസ്വികളായി ഭവിക്കണേ.

**3. തവ സ്യാമ പുരുവീരസ്യ ശർമന്നുരുശംസസ്യ വരുണ പ്രണേതഃ**

**യൂയം നഃ പുത്രാ അദിതേ രദബ്ധാ അഭി ക്ഷമധ്വം യുജ്യായ ദേവാഃ**

ഹേ വിശ്വത്തിൻെറ സ്വാമിയായ വരുണാ! വീരൻമാരുടെ സ്വാമിയായ നിന്നെ വളരെയധികം സാധകൻമാർ പൂജിക്കുന്നു. ഞങ്ങൾ നിന്നാൽ വാസസ്ഥാനം പ്രാപിക്കണേ. അഹിംസകനും, തേജസ്വിുമായ ആദിത്യാ! ഞങ്ങളോട് മിത്രഭാവം പ്രകടമാക്കണേ. ഞങ്ങളുടെ ദോഷങ്ങളെല്ലാം അകറ്റിക്കളയട്ടെ.

**4. പ്ര സീമാദിത്യോ അസൃജദ്വിധർത്താം ഋതം സിന്ധവോ വരുണസ്യ യന്തി**

**ന ശ്രാമ്യന്തി ന വി മുചന്ത്യേതേ വയോ ന പപ്രു രഘുയാ പരിജ്മൻ**

ലോകത്തെ ഭരിക്കുന്ന അദിതി വരുണൻ ജലത്തെ സൃഷ്ടിക്കുകയും അവൻെറ മഹിമയാൽ നദികൾ പ്രവഹിക്കുകയും ചെയ്യുന്നു. അവ ഒരിക്കലും പിന്തിരിയാതെ സദാ പ്രവഹിച്ചുകൊയേിരിക്കുന്നു. ഇത് അതിവേഗത്തോടുകൂടി ഭൂമിയിലേക്ക് വരുന്നു.

**5. വി മച്ഛ്റഥായ രശനാമിവാഗ ഋധ്യാമ തേ വരുണ ഖ്യാമൃതസ്യ**

**മാതന്തുശ്ഛേദി വയതോ ധിയം മേ മാ മാത്രാ ശാര്യപസഃ പുര ഋതോഃ**

ഹേ വരുണാ! ഞാൻ പാപമാകുന്ന കയറുകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.അതിൽനിന്നും എന്നെ മോചിപ്പിക്കൂ. ഞങ്ങൾ നിന്നിൽക്കൂടി നദികളെ ജലത്താൽ പൂർണ്ണമാക്കണേ. ഞങ്ങളുടെ നെയ്ത്തുനൂലുകൾ പൊട്ടാതിരിക്കണേ. ഞങ്ങളുടെ യജ്ഞത്തിൻെറ വളർച്ച അകാലത്തിൽ തടയാതിരിക്കണേ.

**6. അപോ സു മൃക്ഷ വരുണ ഭിയസം മത്സമാള്റതാവോ നു മാ ഗൃഭായ**

**ദാമേവ വത്സാദ്വി മുമുഗ്ധ്യംഹോ നഹി ത്വദാരേ നിമിഷശ്ചനേശേ**

ഹേ വരുണാ! എൻെറ ഭയം നശിപ്പിക്കണേ. ഹേ സത്യസ്വരൂപാ! നിനക്ക് ഞങ്ങളുടെമേൽ കൃപയുാകണേ. കയറഴിഞ്ഞുപോകുന്ന പൈക്കിടാവിനെപ്പോലെ എന്നെ പാപത്തിൽ നിന്നും മോചിപ്പിക്കണേ. നിങ്ങളുടെ കൃപയല്ലാതെ മറ്റ് യാതൊരു സാമർത്ഥ്യവും എനിക്കില്ല.

**7. മാ നോ വധൈർവരുണ യേ ത ഇഷ്ടാവേനഃ കൃണ്വന്തമസുര ഭ്രീണന്തി**

**മാ ജ്യോതി വഃ പ്രവസ്ഥാനി ഗൻമ വിഷൂമൃധഃ ശിശ്രഥോ ജീവസേനഃ**

ഹേ വരുണാ! യജ്ഞത്തിൽ തെറ്റുകൾ വരുത്തുന്നവർക്ക് ഏതൊരുശാസ്ത്രം ദണ്ഡനം നൽകുന്നുവോ, അത് ഞങ്ങളെ ദണ്ഡിക്കാതിരിക്കണേ. ഞങ്ങൾ പ്രകാശത്താൽ വഞ്ചിതരാകാതിരിക്കണേ. ഞങ്ങളുടെ ഹിംസകരെ ഞങ്ങളിൽനിന്നും അകറ്റിക്കളയട്ടെ.

**8. നമഃ പുരാ തേ വരുണോത നൂനമുതാപരം തുവ്ജാത പ്രവാമ**

**ത്വേ ഹി കം പർവതേ ന ശ്രിതാന്യ പ്രച്യുതാനി ദുലഭ വ്രതാനി**

ഹേ വളരെ സ്ഥലങ്ങളിൽ ഉത്ഭവിച്ചവനായ വരുണാ! ഭൂതകാലത്തിൽ ഞങ്ങൾ നിന്നെ നമസ്കരിച്ചു വർത്തമാന, ഭാവികാലങ്ങളിലും ഞങ്ങൾ നിന്നെ പ്രണമിക്കും. പരാക്രമയുക്തനായ നിന്നിൽ കർമ്മങ്ങൾ പർവ്വതത്തിലെന്നപോലെ സ്ഥിതിചെയ്യുന്നു.

**9. പര ഋണാ സാവീരധ മത്കൃതാനി മാഹം രാജന്നന്യകൃതേന ഭോജം**

**അവ്യുഷ്ടാ ഇന്നു ഭൂയസീരുഷാസ ആ നോ ജീവാന്വരുണ**

**താസു ശാധി**

ഹേ വരുണാ! എൻെറ പൂർവ്വജൻമാരുടെ ഋണബാദ്ധ്യതകളിൽനിന്നും എന്നെ മോചിപ്പിക്കണേ. ഇപ്പോൾ ഞാനായിട്ടുാക്കിയ ഋണങ്ങളിൽനിന്നും എന്നെ മോചിപ്പിക്കണേ. എനിക്ക് അന്യരോടു ധനം യാചിക്കേ ആവശ്യം സംഭവിക്കരുതേ. ഋണിയാകാതിരിക്കത്തക്കവിധം ഉഷസ്സുകൾ പ്രകടമാകണേ. ഞാൻ ഋണരഹിതകളായ ഉഷസ്സുകളിൽ ജീവിക്കണേ.

**10. യോമേ രാജന്യുജ്യോ വാ സഖാവാ സ്വപ്നേയം ഭീരവെ മഹ്യമാഹ**

**സ്തേനോ വാ യോ ദീപ്സതി നോ വൃകോ വാ ത്വം തസ്മാദ്വരുണ പാഹ്യസ്മാൻ**

ഹേ വരുണാ! ഞാൻ ഭയഭീതനായിരിക്കുന്നു. മിത്രങ്ങളാൽ പറയപ്പെട്ട ഭയങ്കരങ്ങളായ സ്വപ്നസംഭവങ്ങളിൽനിന്നും എന്നെ രക്ഷിക്കണേ. ഞാനവയിൽ പതിക്കാതിരിക്കണേ എന്നെ കൊല്ലുവാൻ ആഗ്രഹിക്കുന്ന ശത്രുവിൽനിന്നും എന്നെ രക്ഷിക്കട്ടെ.

**11. മാഹം മഘോനോ വരുണ പ്രിയസ്യ ഭൂരിദാവ്ന ആ വിദം ശൂനമാപേഃ**

**മാ രായോ രാജൻത്സുയമാദവ സ്ഥാം ബൃഹദ്വദേമ വിദഥേ സുവീരാഃ**

ഹേ വരുണാ! ഏതെങ്കിലും ഉദാരനായ ധനികനോട് എനിക്ക് എൻെറ സ്വന്തം ദാരിദ്ര്യത്തെപ്പറ്റി പറയുവാൻ ഇടയാകാതിരിക്കണേ. ആവശ്യത്തിനുള്ള ധനത്തിൻെറ കുറവ് ഒരിക്കലും എനിക്കുാകാതിരിക്കണേ. ഞങ്ങൾ സന്താനയുക്തരായി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കാം.

## സൂക്തം 29

**ഋഷി ഗൃഹമദനോ കൂർമ്മനോ ദേവത വിശ്വേദേവൻമാർ ഛന്ദസ് ത്രിഷ്ടുപ്**

**1. ധൃതവ്രതാ ആദിത്യാ ഇഷിരാ ആരേ മത്കർത രഹസൂരിവാഗഃ**

**ശൃണ്വതാ വോ വരുണ മിത്ര ദേവാ ഭദ്രസ്യ വിദ്വാം അവസേ ഹുവേ വഃ**

ഹേ വ്രതയുക്തരായ ദേവൻമാരേ! നിങ്ങൾ ശീഘ്രഗാമികളും എല്ലാവരാലും പ്രാർത്ഥിക്കപ്പെടുന്നവരുമാണല്ലോ. ജാരനിൽനിന്നു ഗർഭം ധരിച്ചു പ്രസവിച്ചവൾ തൻെറ കുട്ടിയെ ദൂരെ കളയുന്നതുപോലെ നിങ്ങൾ എൻെറ അപരാധങ്ങൾ ദൂരേയ്ക്കെറിഞ്ഞുകളയണേ. ഹേ മിത്രാ! ഹേ വരുണാ! ഞാൻ നിങ്ങളുടെ നൻമകൾ നിറഞ്ഞ ഭാവനകൾ അറിയുന്നു. അതിനാൽ രക്ഷയ്ക്കുവേി ആഹ്വാനം ചെയ്യുന്നു. ഞങ്ങളുടെ സ്ത്രോത്രങ്ങൾ ദയാപൂർവ്വം ശ്രവിക്കട്ടെ.

**2. യൂയം ദേവാഃ പ്രമതിർയൂയമോജോ യൂയം ദ്വേഷാംസി സനുതര്യോത**

**അഭിക്ഷത്താരോ അഭി ച ക്ഷമധ്വമദ്യാ ച നോ മൃളയതാപരം ച**

ഹേ ദേവൻമാരേ! നിങ്ങൾ അനുഗ്രഹപൂർവ്വം ഞങ്ങൾക്ക് ശക്തിപ്രദാനം ചെയ്യണേ. ഞങ്ങളിൽനിന്ന് വൈരികളെ മാറ്റിക്കളയണേ. ഹിംസകൻമാരായ ശത്രുക്കളെ പരാജയപ്പെടുത്തണേ. വർത്തമാനകാലത്തും ഭാവിയിലും ഞങ്ങൾക്ക് സുഖം നൽകട്ടെ.

**3. കിമൂ നു വഃ കൃണവാമാപരേണ കിം സനേന വസവ ആപ്യേന**

**യൂയം നോ മിത്രാവരുണാദിതേ ച സ്വസ്തിമിന്ദ്രാമരുതേ ദധാത**

ഹേ വിശ്വദേവതകളേ! ഞങ്ങൾക്ക് നിങ്ങൾക്കുവേി എന്തുകാര്യങ്ങൾ ചെയ്യുവാൻ കഴിയും? മിത്രാ, വരുണാ, അദിതി, ഇന്ദ്രാ, മരുത്തുക്കളെ ഞങ്ങൾക്കു മംഗളം നൽകട്ടെ.

**4. ഹയേ ദേവാ യൂയമിദാപയഃ സ്ഥതേ മൃളത നാധമാനായ മഹ്യം**

**മാ വോ രഥോ മധ്യമവാള്റതേ ഭൂൻമാ യുഷ്മാവ ത്സ്വാപിഷു ശ്രമിഷ്മ**

ഹേ ദേവകളേ! നിങ്ങൾ ഞങ്ങളുടെ മിത്രങ്ങളാകുന്നു. ഞങ്ങളുടെമേൽ കൃപ ചെയ്യുവിൻ. ഞങ്ങൾ നിങ്ങളെ സ്തുതിക്കുന്നു. ഞങ്ങളുടെ യജ്ഞത്തിലേക്ക് വന്നിരിക്കുന്ന നിങ്ങളുടെ രഥത്തിൻെറ ഗതി മന്ദീഭവിക്കാതിരിക്കണേ. നിങ്ങളുടെ മൈത്രിയോടുകൂടിയ ഞങ്ങൾ ക്ഷീണിക്കാതിരിക്കട്ടെ.

**5. പ്ര വ ഏകോ മിമയ ഭൂര്യാഗോ യൻമാ പിതേവ കിതവം ശശാസ**

**ആരേ പാശാ ആരേ അഘാനി ദേവാ മ മാധി പുത്രേ വിമിവ ഗ്രഭീഷ്ട**

ഹേ ദേവകളേ! നിങ്ങളുടെ ആശ്രിതനായിട്ട് ഞാൻ അനേകം പാപങ്ങൾ നശിപ്പിച്ചു. ദുർമ്മാർഗ്ഗിയായ പുത്രനെ ഉപദേശിക്കുന്ന പിതാവിനെപ്പോലെ നിങ്ങളെനിക്കുപദേശം നൽകി. ഞങ്ങളുടെ എല്ലാപാപങ്ങളും ബന്ധനങ്ങളും മാറിപ്പോകണേ. വേടൻ പക്ഷികളെ കൊല്ലുന്നതുപോലെ നിങ്ങളെന്നെ കൊല്ലരുതേ.

**6. അർവാഞ്ചോ അദ്യാ ഭവതാ യജത്രാ ആ വോ ഹാർദ്ദി ഭയമാനോ വ്യയേയം**

**ത്രാധ്വം നോ ദേവാ നിജൂരോ വൃകസ്യ ത്രാധ്വം കർത്താദവപദോ യജത്രാഃ**

പൂജ്യരായ വിശ്വദേവകളേ! നിങ്ങൾ ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷരാകുവിൻ. ഞാൻ ഭയഭീതനാണ്. അതിനാൽ നിങ്ങളെ ശരണം പ്രാപിക്കുന്നു. ദസ്യുക്കളുടെ ഹിംസകളിൽനിന്നും ഞങ്ങളെ രക്ഷിക്കണേ. ആപത്തുവരുത്തുന്നവരിൽനിന്നും രക്ഷിക്കട്ടെ.

**7. മാഹം മഘോനോ വരുണ പ്രിയസ്യ ഭൂരിദാവ്ന ആ വിദം ശൂനമാപേഃ**

**മാ രായോ രാജത്സുയമാദവ സ്ഥാം ബൃഹദ്വദേമ വിദഥേ സുവീരാഃ**

ഹേ വരുണാ! എനിക്ക് ഏതെങ്കിലും ഉദാരൻേറയോ, ധനികൻേറയോ മുമ്പിൽ എൻെറ ദാരിദ്ര്യത്തെപ്പറ്റി വിവരിക്കുവാനിടയാകാതിരിക്കണേ. ഞങ്ങൾ സന്താനയുക്തരായി ഈ യജ്ഞത്തിൽ നിങ്ങളെ സ്തുതിക്കാം.

## സൂക്തം 30

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രാദികൾ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ഋതം ദേവായ കൃണ്വതേ സവിത്ര ഇന്ദ്രായാഹിഘ്നേ ന രമന്ത ആപഃ**

**അഹരഹര്യാത്യക്തുരപാം കിയാത്യാ പ്രഥമഃ സർഗ**

**ആസാം**

വർഷകനും, തേജസ്വിയും പ്രേരണാപ്രദനും വൃത്രനാശകനും ആയ ഇന്ദ്രൻെറ യജ്ഞത്തിനു ജലം വിരമിയ്ക്കാറില്ല. അതിൻെറ സ്രോതസ്സ് സദാപ്രവഹിച്ചുകൊയേിരിക്കുന്നു. ഇതിൻെറ സൃഷ്ടി നടന്നിരിക്കുന്നതു എന്നായിരിക്കും?

**2. യോ വൃത്രായ സിനമത്രാഭരിഷ്യത് പ്ര തം ജനിത്രീ വിദുഷ ഉവാച**

**പഥോ രദന്തീരനു ജോഷമസ്മൈ ദിവേ ദിവേ ധനയോ യന്ത്യർഥം**

വൃത്രനെ പുഷ്ടിപ്പെടുത്തുന്നവൻെറ കാര്യം അദിതി ഇന്ദ്രനെ അറിയിച്ചു. ഈ നദികൾ ദിവസംതോറും തങ്ങളുടെ മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ച് ഇന്ദ്രൻെറ ഇച്ഛാനുസരണം സമുദ്രത്തിൽ ചേരുന്നു.

**3. ഊർധ്വോ ഹ്യസ്ഥാദധ്യന്തരിക്ഷേധാ വൃത്രായ പ്ര വധം ജഭാര**

**മിഹം വസാന ഉപ ഹീമദുദ്രോത്തിഗ്മായുധോ അജയച്ഛത്രുമിന്ദ്രഃ**

അന്തരീക്ഷത്തിലുയർന്ന് എല്ലാവസ്തുക്കളേയും ആഛാദനം ചെയ്തതുകാരണം വൃത്രൻെറമേൽ ഇന്ദ്രൻ വജ്രം പ്രയോഗിച്ചു. വൃഷ്ടിപ്രദമായ മേഘത്താൽ മൂടപ്പെട്ട വൃത്രൻ ഇന്ദ്രൻെറ മുമ്പിൽവന്നു. അപ്പോൾ തീഷ്ണമായ അസ്ത്രങ്ങളുള്ള ഇന്ദ്രൻ അവനെ കീഴടക്കി.

**4. ബൃഹസ്പതേ തപുഷാശ്നേവ വിധ്യ വൃകദ്വരസോ അസുരസ്യ വീരാൻ**

**യഥാ ജഘന്ഥ ധൃഷതാ പുരാ ചിദേവാ ജഹി ശത്രുമസ്മാകമിന്ദ്ര**

ഹേ ബൃഹസ്പതേ! വജ്രതുല്യം പ്രകാശിക്കുന്ന ആയുധത്താൽ അസുരൻെറ വീരൻമാരെ കൊല്ലണേ. ഹേ ഇന്ദ്രാ! പുരാതനകാലത്തും നീ ശത്രുക്കളെ വധിച്ചിരുന്നതുപോലെ ഞങ്ങളുടെ ശത്രുക്കളേയും സംഹരിക്കണേ.

**5. അവ ക്ഷിപ ദിവോ അശ്മാനമുച്ചാ യേന ശത്രും മന്ദസാനോ നിജൂർവാഃ**

**തോകസ്യ സാതൗ തനയസ്യ ഭൂരേരസ്മാം അർധം കൃണുതാതിന്ദ്ര ഗോനാം**

ഹേ ഇന്ദ്രാ! നീ ഉന്നതനാണല്ലോ. സ്തുതിക്കുന്നവരുടെ മന്ത്രങ്ങളിൽക്കൂടി നീ ഏതൊരു കരിങ്കൽ വജ്രത്താൽ ശത്രുക്കളെ സംഹരിച്ചിരുന്നുവോ, അതേ വജ്രത്തെതന്നെ ആകാശത്തുനിന്നും താഴോട്ടു പ്രയോഗിക്കണേ. യാതൊരു സമൃദ്ധിയെ പ്രാപിച്ച് ഞങ്ങൾക്ക് പുത്രപൗത്രരും ഗോക്കൾ ആദിയായ ധനവും പ്രാപിക്കുവാൻ കഴിയുമോ. അത് ഞങ്ങൾക്ക് നൽകണേ.

**6. പ്ര ഹി ക്രതും ബൃഹഥോ യം വനുഥോ രധ്രസ്യ സ്ഥോ യജമാനസ്യ ചോദൗ**

**ഇന്ദ്രാസോമാ യുവമസ്മാം അവിഷ്ടമസ്മിൻ ഭയസ്ഥേ കൃണതമു ലോകം**

ഹേ ഇന്ദ്രാ! ഹേ സോമാ! നിങ്ങൾ ആരെ കൊല്ലുവാനാഗ്രഹിക്കുന്നുവോ, അവനെ സമൂലം നശിപ്പിക്കണേ. ശത്രുക്കൾക്ക് വിരുദ്ധമായി തൻെറ സാദകൻമാർക്ക് പ്രേരണ നൽകണേ. നിങ്ങൾ എന്നെ രക്ഷിക്കുകയും ഇവിടെനിന്ന് ഭയത്തെ തുരത്തുകയും ചെയ്യട്ടെ

**7. ന മാ തമന്ന ശ്രമന്നോത തന്ദ്രന്ന വോചാമ മാ സുനോതേതി സോമം**

**യോ മേ പൃണാദ്യോ ദദദ്യോ നിബോധാദ്യോ മാ സുന്വന്തമുപ ഗോഭിരായത്**

ഹേ ഇന്ദ്രാ! ക്ലേശത്തിൽനിന്നും ആലസ്യത്തിൽനിന്നും എന്നെ രക്ഷിച്ച് ഉൻമേഷമുള്ളവനാക്കണേ. ഞങ്ങൾ സോമഭിഷവത്തിൽ സദാ സമർത്ഥരാകണേ. നീ എൻെറ അഭീഷ്ടങ്ങൾ പൂർണ്ണമാക്കുകയും ഇച്ഛിതഫലം നൽകുകയും ചെയ്യുന്നു. നിങ്ങൾ യജ്ഞത്തെ അറിഞ്ഞ് അഭിഷവകർത്താവിൻെറ മുമ്പിൽ ഗോക്കൾസഹിതം വന്നുചേരുന്നു.

**8. സരസ്വതി ത്വമസ്മാം അവിഡ്ഢി മരുത്വതീ ധൃഷതീ ജേഷി ശത്രൂൻ**

**ത്യം ചിച്ഛർധന്തം തവിഷീയമാണമിന്ദ്രോ ഹന്തി വൃഷഭം ശണ്ഡികാനാം**

ഹേ സരസ്വതീ! ഞങ്ങളെ രക്ഷിച്ചാലും. ഭവതി മരുത്തുക്കൾസഹിതം ചെന്ന് ശത്രുക്കളുടെമേൽ വിജയം പ്രാപിക്കണേ. ധീരതയാൽ അഹങ്കരിച്ചിരുന്ന യുദ്ധാഭിലാഷിയായ ശണ്ഡ്വവംശജനേയും ഇന്ദ്രൻ വധിച്ചിരിക്കുന്നു.

**9. യോ നഃ സനുത്യ ഉത വാ ജിഘത്നുരഭിഖ്യായ തം തിഗിതേന വിധ്യ**

**ബൃഹസ്പത് ആയുധൈർജേഷി ശതുന്ദ്രൂഹേ രീഷന്തം പരി വേഹി രാജൻ**

ബൃഹസ്പതേ! പതുങ്ങിയിരുന്നു ഞങ്ങളെ കൊല്ലുവാനാഗ്രഹിക്കുന്നവരെ നിൻെറ ആയുധത്താൽ വളർന്നുകളയദ. ഞങ്ങളുടെശത്രുക്കളുടെമേൽ നിൻെറ ആയുധത്താൽ വിജയമ പ്രാപിക്കണേ. വിദ്രോഹികളുടെ മേൽ എല്ലാഭാഗത്തുനിന്നും പ്രാണാഘാതകമായ വജ്രത്താൽ പ്രഹരിക്കട്ടെ.

**10. അസ്മാകേഭിഃ സത്വഭിഃ ശൂര ശൂരൈർവീര്യാ കൃധി യാനി തേ കർത്വാനി**

**ജ്യോഗഭൂവന്നനുധൂപിതാസോ ഹത്വീ തേഷാമ ഭരാ നോ വസൂനി**

ഹേ വീരനായ ഇന്ദ്രാ! ശത്രുക്കളെ സംഹരിക്കുന്നതിന് ഞങ്ങളുടെ വീരൻമാരെ ഉപയോഗിക്കുവിൻ. ഞങ്ങളുടെ ശത്രുക്കൾ ശിരസ്സുയർത്തിയിരിക്കുന്നു. അവരെകൊന്ന് അവരുടെ ധനം ഞങ്ങൾക്ക് ദാനം ചെയ്യു.

**11. തം വ ശർധം മാരുതം സുമ്നയുർഗിരോപ ബ്രുവേ നമസാ ദൈവ്യം ജനം**

**യഥാ രയിം സർവവീരം നശാമഹാ അപത്യസാ ചം ശ്രുത്യം ദിവേദിവേ**

ഹേ മരുത്തുക്കളേ! സുഖപ്രാപ്തിയെ കാംക്ഷിച്ചുകൊ് നമസ്കാരയുക്തങ്ങളായ സ്തുതികളാൽ ഞങ്ങൾ നിങ്ങളുടെ ദിവ്യശക്തിയെ സ്തുതിക്കുന്നു. തൻമൂലം ഞങ്ങൾ വീരൻമാരായി പ്രശംസനേടുകയും ഐശ്വര്യങ്ങളനുഭവിക്കുന്നതിൽ സമർത്ഥരാകുകയും ചെയ്യട്ടെ.

## സൂക്തം 31

**ഋഷി ഗൃത്സമദൻ ദേവത വിശ്വേദേവൻമാർ ഛ ന്ദ സ ്**

**ത്രിഷ്ടുപ്, പംക്തി**

**1. അസ്മാകം മിത്രാവരുണാവതം രഥമാദിത്യൈ രുദ്രൈർവസുഭിഃ സചാഭുവാ**

**പ്ര യദ്വയോ ന പപ്തന്വസ്മനസ പരി ശ്രവസ്യവോ ഹൃഷീവന്തോ വനർഷദഃ**

ഭക്ഷണമന്വേഷിച്ച് വനങ്ങളിൽക്കൂടി സഞ്ചരിക്കുന്ന പക്ഷികളെപ്പോലെ ഞങ്ങളുടെ രഥം ഓരോ സ്ഥാനത്തേയും പ്രാപിക്കുന്നു. ഹേ മിത്രാ! വരുണാ! ആദിത്യൻ, രുദ്രൻ, വസുക്കൾ എന്നിവരോടുകൂടി ഞങ്ങളുടെ ആ രഥത്തെ ആ സമയം നിങ്ങൾ രക്ഷിക്കട്ടെ. (ഇവിടെ രഥം മനുഷ്യശരീരമെന്ന് താൽപര്യം)

**2. അധ സ്മാ ന ഉദവതാ സജോഷസോ രഥം ദേവാസോ അഭി വിക്ഷു വാജയും**

**യദാശവഃ പദ്യാഭിസ്തിത്രതോ രജഃ പൃഥിവ്യാഃ സാനൗ ജങ്ഘനന്ത പാണിഭിഃ**

ഹേ ഒന്നുപോലെ സ്നേഹിക്കുന്നവരായ ദേവതകളേ! അന്നത്തിനായി പോയിരിക്കുന്ന ഞങ്ങളുടെ രഥത്തെ രക്ഷിച്ചാലും. ഈ രഥത്തിൽ പൂട്ടപ്പെട്ടിരിക്കുന്ന അശ്വങ്ങൾ പാദങ്ങൾകൊ് ഉയർന്ന് ഭൂപ്രദേശങ്ങൾ കടന്നുപോകുന്നു.

**3. ഉത സ്യ ന ഇന്ദ്രോ വിശ്വചർഷണിർദിവഃ ശർധേന മാരുതേന സുക്രതുഃ**

**അനു നു സ്ഥാത്യവൃകാഭിരുതിഭി രഥം മഹേ സനയേ വാജസാതയേ**

അഖിലത്തേയും ദർശിക്കു.വനായ ഇന്ദ്രൻ മരുത്തുക്കളുടെ സഹായത്തോടുകൂടി ദിവ്യലോകത്തിൽനിന്നും വന്ന് തൻെറ നിർബ്ബാധ രക്ഷകളോടെ പരമഐശ്വര്യവും അന്നവും പ്രാപ്തമാക്കത്തക്കവണ്ണം ഞങ്ങളുടെ രഥത്തിൽ ഇരിക്കണേ.

**4. ഉത സ്യ ദേവോ ഭുവനസ്യ സക്ഷണിസ്ത്വഷ്ടാ ഗ്നാഭിഃ സജോഷാ ജുജുവദ്രഥം**

**ഇളാ ഭഗോ ബൃഹദ്ദിവോത രോദസീ പൂഷാ പുരന്ധിരശ്വിനാവധാ പതീ**

ലോകരാൽ സേവിക്കപ്പെടുവാൻ യോഗ്യനായ ത്വഷ്ടാ ദേവൻ ദേവനാരികളോടുകൂടി നമ്മുടെ രഥത്തിൽ ഗമിക്കണേ. ഇളയും തേജസ്വിയായ ഭഗനും ദ്യാവാപൃഥ്വിയും പൂഷാവും സൂര്യയുടെ ഭർത്താക്കൻമാരായ അശ്വിനികളും നമ്മുടെ രഥത്തെ നയിക്കണേ.

**5. ഉത ത്യേ ദേവീ സുഭഗോ മിഥുദൃശോഷാസാ നക്താ ജഗതാമപീജുവാ**

**സ്തുഷേ യദ്വാം പൃഥിവീ നവ്യസാ വചഃ സ്ഥാതുശ്ച വയസ്രിവയാ ഉപസ്തിരേ**

വിഖ്യാതകളും തേജസ്വിനികളും സുന്ദരികളും പരസ്പരം സമ്മേളിക്കുന്നവരും ജീവികൾക്ക് ഉണർവു നൽകുന്നവരുമായ ഉഷസ്സും രാത്രിയും നമ്മുടെ രഥത്തെ ചലിപ്പിക്കട്ടെ. ഹേ ആകാശമേ! ഭൂമിയേ! നവീനങ്ങളായ സ്തോത്രങ്ങളാൽ നിങ്ങളെ സ്തുതിക്കുന്നു. അന്നരൂപത്തോടുകൂടിയ ഹവിസ് നൽകുന്നു. ഔഷധി, സോമം, ഗോക്കൾ എന്നീ മൂന്നിനും ധനം എൻെറ കൈവശമു്.

**6. ഉത വഃ നാസമുശിജാമിവ ശ്മസ്യഹിബുധ്ന്യോ ജ ഏകപാദുത**

**ത്രിത ഋഭുക്ഷാഃ സവിതാ ചനോ ദധേ പാം നപാദാശുഹേമാ ധിയാ ശമി**

ഹേ ദേവകളേ! നിങ്ങൾ ഞങ്ങളുടെ സ്തുതികൾ ഇഷ്ടപ്പെടുന്നു. ഞങ്ങളും നിങ്ങളെ സ്തുതിക്കാനിഷ്ടപ്പെടുന്നു. അന്തരീക്ഷദേവതകളായ അഹി, സൂര്യൻ, ഏകപാത്ത്, ഇന്ദ്രൻ, സവിതാവ് എന്നിവരും നമുക്ക് അന്നം നൽകണേ. ദ്രുതഗാമിയായ അഗ്നി നമ്മുടെ സ്തോത്രങ്ങളാൽ ഹർഷത്തെ പ്രാപിക്കട്ടെ.

**7. ഏതാ വോ വശ്മ്യുദ്യതാ യജത്രാ അതക്ഷന്നായവോ നവ്യസേ സം**

**ശ്രവസ്യവോ വാജം ചകാനാഃ സപ്തിർന രഥ്യോ അഹ ധിതിമശ്യാഃ**

ഹേ യജനയോഗ്യരായ വിശ്വദേവകളേ! നിങ്ങൾ സ്തുത്യർഹരാകുന്നു. ഞാൻ നിങ്ങളെ സ്തുതിക്കുവാനാഗ്രഹിക്കുന്നു. അന്നവും ബലവും ആഗ്രഹിക്കുന്ന മനുഷ്യർ നിങ്ങളുടെ സ്തോത്രങ്ങൾ രചിച്ചു. രഥാശ്വങ്ങളുടെതു പോലുള്ള നിങ്ങൾ ഞങ്ങളുടെ കർമ്മത്തിൽ വന്നെത്തട്ടെ.

## സൂക്തം 32

**ഋഷി ഗൃത്സമദൻ ദേവത ദ്യാവാ പൃഥിവീ ഛ ന്ദ സ ് ത്രിഷ്ടുപ്, അനുഷ്ടുപ്**

**1. അസ്യ മേ ദ്യാവാപൃഥിവീ ഋതായതോ ഭൂതമവിത്രീ വചസഃ സിഷാസതഃ**

**യയോരായുഃ പ്രതരം തേ ഇദം പുര ഉപസ്തുതേ വസൂയുർവാ മഹോ ദധേ**

ഹേ ദ്യാവാപൃഥ്വീ! സ്തുതിക്കുന്നവനും നിങ്ങളെ പ്രസന്നമാക്കുവാനാഗ്രഹിക്കുന്നവനും ആയ എനിക്ക് ആശ്രയം നൽകിയാലും. നിങ്ങളുടെ അന്നം സർവ്വശ്രേഷ്ഠമാണല്ലോ. എല്ലാവരും നിങ്ങളെ സ്തുതിക്കുന്നു. ഞാൻ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളാൽ നിങ്ങളെ സ്തുതിക്കുന്നു.

**2. മാ നോ ഗുഹ്യാ രിപ അയോരഹന്ദഭൻമാ ന ആഭ്യോ രീരധോ ദുച്ഛനാഭ്യഃ**

**മാ നോ വി യാഃ സഖ്യാ വിദ്ധി തസ്യ നഃ സുമ്നായതാ മനസാ തത്ത്വേമഹേ**

ഹേ ഇന്ദ്രാ! രാത്രിയിലോ, പകലോ ഒരിക്കലും ശത്രുക്കളുടെ മായ ഞങ്ങൾക്ക് ഘാതകങ്ങളായിരിക്കട്ടെ. പീഡിപ്പിക്കുന്ന ശത്രുക്കളുടെ അധീനതയിൽ ഞങ്ങളെ ഏൽപ്പിക്കരുതേ. ഞങ്ങളുടെ മൈത്രീബന്ധത്തെ തകർക്കരുതേ ഞങ്ങളുടെ മിത്രത്വത്തെ സ്മരിച്ച് ഞങ്ങൾക്ക് സുഖം നൽകണേ എന്നു ഞങ്ങൾ യാചിക്കുന്നു.

**3. അഹേലതാ മനസാ ശ്രുഷ്ടിമാവഹ ദുഹാനാം ധേനും പിപ്യുക്ഷീമസശ്ചതം**

**പദ്യാഭിരാശും പചസാ ചവാജിന ത്വാ ഹിനോമിപുരുഹുത വിശ്വഹാ**

ഹേ ഇന്ദ്രാ! മനസ്സിൽ പ്രസന്നതയോടുകൂടി നീ പാലുതരുന്നതും തടിച്ചുകൊഴുത്തതുമായ പൾുവിനെ കൊുവരണേ. എല്ലാവരും നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ദ്രുതഗാമിയും ഭൂതഭാഷിണിയുമാണല്ലോ. ഞാൻ രാവുംപകലും നിന്നെ സ്തുതിക്കുന്നു.

**4. രാകാമഹം സുഹവാം സുഷ്ടുതീ ഹുവേ ശൃണോതു നഃ സുഭഗാബോധതുത്മനാ**

**സീപ്യത്വപഃ സൂച്യാഛിദ്യമാനയാദാദതു വീരം ശതദായ മുക്ഥ്യം**

ആഹ്വാനാർഹയായ പൂർണ്ണമിരാത്രിയെ ഞാനാഹ്വാനം ചെയ്യുന്നു. ആശോഭനീയ നമ്മുടെ ആഹ്വാനങ്ങൾ ശ്രവിക്കട്ടെ. അവർ നമ്മുടെ ആഗ്രഹങ്ങളറിഞ്ഞ് നമ്മുടെ കർമ്മങ്ങളെ സുസംഘടിതമാക്കുകയും അനവധി ധനവും, വീരസന്താനങ്ങളെ നൽകുകയും ചെയ്യട്ടെ.

**5. യാസ്തേ രാകേ സുമതയഃ സുപേശസോ യാഭിർ ദദാസി ദാശുഷേ വസൂനി**

**താഭിർനോ അദ്യ സുമനാ ഉപാഗഹി ഹസസ്രപോഷം സുഭഗേ രരാണാ**

ഹേ രാത്രി ദേവീ! നിൻെറ കൃപയാൽ നീ ഹവിർദാതാവിന് ശ്രേഷ്ഠമായ ധനം നൽകുന്നു. പ്രസന്നചിത്തയായി അതേ കൃപയോടെ ആഗതയായാലും ഹേ സുന്ദരിയായ ഭാഗ്യവതി! നീ പലവിധത്തിൽ ഞങ്ങളെ രക്ഷിക്കുന്നവളാണല്ലോ.

**6. സിനീവാലി പൃഥുഷ്ടകേ യാ ദേവാനാമസി സ്വസാ**

**ജൂഷസ്വ ഹവ്യമാഹുതം പ്രജാം ദേവി ദിദിഡ്ഡ നഃ**

ഹേ അന്ധകാരയുക്തമായ അമാവാസ രാത്രി! നീ ദേവകളുടെ സഹോദരിയാകുന്നുവല്ലോ. ഞങ്ങളുടെ ഈ ദിവ്യമായ ഹവിസ്സിനെ സ്വീകരിക്കുകയും ഞങ്ങൾക്ക് സന്താനങ്ങളെ നൽകുകയും ചെയ്താലും.

**7. യാ സുബാഹുഃ സ്വങ്ഗുരിഃ സുഷുമാ വഹുസൂവരീ**

**തസ്യൈ വിശിപത്ന്യൈഹവിഃ സിനീവാല്യൈ ജൂഹോതന**

ഘോരാന്ധകാരയുക്തയായ രാത്രി മനോഹരങ്ങളായ ഭുജങ്ങളോടും അംഗുലികളോടും കൂടിയവളും ഉത്തമപ്രസവയും ബഹുപ്രസവയുമാകുന്നു. ലോകങ്ങളെ സംരക്ഷിക്കുന്നവളായ ആ ദേവിക്കായി ഹവിസ്സ് ഹോമിച്ചാലും.

**8. യാഗുഡ്ഗുർവാ സിനീവാലീയാ രാകാ യാ സരസ്വതീ**

**ഇന്ദ്രാണീമഹേ ഊരായ വർണാനീം സ്വസ്തായ**

ഗുഡ്ഗു, കുഹു, ദേവപന്തി, അന്ധകാരരാത്രി, സരസ്വതി എന്നിവരെ ഞാനാഹ്വാനം ചെയ്യുന്നു. ആശ്രയത്തിനുവേി ഇന്ദ്രാണിയേയും വിളിക്കുന്നു.

## സൂക്തം 38

**ഋഷി ഗൃത്സമദൻ ദേവത രുദ്രൻ ഛന്ദസ് അനുഷ്ടുപ്, പംക്തി**

ഇത് രുദ്രസൂക്തമാണ്. ഈ സൂക്തം കൊു കുട്ടികളെ തൊട്ടുജപിക്കുക, ശിവകാൽപുഷ്പാർച്ചന, ധാര, എന്നിവ നടത്തുന്നു. രുദ്രസൂക്തങ്ങളിൽ പ്രധാനമാണ്.

**1. ആ തേ പിതർ മരുതാം സുമ്നമേതു മാ നഃ സൂര്യസ്യ സൻദൃടശാ യുയോഥാഃ**

**അഭി നോ വീരോ അർവതി ക്ഷമതേ പ്ര ജയേമഹി രുദ്ര പ്രജാഭിഃ**

ഹേ മരുത്തുക്കളുടെ പിതാവായ രുദ്രാ! നിൻെറ സുഖദാനം ഞങ്ങൾക്ക് പ്രാപ്തമാകട്ടെ. ഞങ്ങളൊരിക്കലും സൂര്യദർശനത്തിൽനിന്ന് അകറ്റപ്പെടാതിരിക്കട്ടെ. ഞങ്ങളുടെ വീരപുത്രൻമാർ സദാശത്രുക്കളെ കീഴടക്കട്ടെ. ഞങ്ങൾ അനേകം പുത്രപൗത്രൻമാരോടും കൂടിയവരായിരിക്കട്ടെ.

**2. ത്വാദത്തേഭി രുദ്ര ശന്തമേഭിഃ ശതം ഹിമാ അശീയ ഭേഷജേഭിഃ**

**വ്യസ്മദ്ദ്വേഷോ വിതരം വ്യംഹോ വ്യമീവാശ്ചാതയശ്ചാ വിഷൂഷിഃ**

ഹേ രുദ്രാ! ഞങ്ങള നിന്നിൽനിന്നും ലഭ്യമായ ഔഷധിയാൽ നൂറുവർഷക്കാലം ജീവിച്ചിരിക്കട്ടെ. ഞങ്ങളുടെ പാപങ്ങളെ നീ നശിപ്പിച്ചാലും ഞങ്ങളുടെ പാപങ്ങളെ തുലോം നശിപ്പിച്ചാലും ശരീരത്തിൽ വ്യാപിച്ചിരിക്കുന്ന എല്ലാ രോഗങ്ങളേയും അകറ്റിക്കളഞ്ഞാലും.

**3. ശ്രേഷ്ഠോ ജാതസ്യ രദ്ര ശ്രിയാസി തവസ്മസ്തവസാം വജ്രബാഹോ**

**പർഷിണിഃ പാരമംവസഃ സ്വരി വിശ്വാ അഭീതി രപസോ യുയോധി**

ഹേ രുദ്രാ! നീ ഐശ്വര്യവാൻമാരിൽ ശ്രേഷ്ഠനാകുന്നു. നിൻെറ ഭുജങ്ങളിൽ വജ്രം സ്ഥിതിചെയ്യുന്നു. നീ അത്യധികമായ വൃദ്ധിയെ പ്രാപിച്ചാലും. നീ ഞങ്ങളെ പാപത്തിൽനിന്നും കരയ്ക്കണച്ചാലും. പാപം എന്നേയ്ക്കുമായി ഞങ്ങളിൽനിന്നും അകന്നുപോകണേ.

**4. മാ ത്വാ രുദ്ര ചക്രുധാമാ നമോഭിർമാ ദുഷ്ടുതീ വൃഷഭ മാസഹൂതി**

**ഉന്നോ വീരാം അർപയ ഭേജജേഭിൽഷക്തമം ത്വാ ഭിഷജാം ശൃണോമി**

നീ അഭീഷ്ടങ്ങൾ വർഷിക്കുന്നു. ഞങ്ങളുടെ നിയമവിരുദ്ധങ്ങളായ നമസ്ക്കാരങ്ങളോ ഭൂമയുക്തങ്ങളായ സ്തുതികളോ സഹാഹ്വനമോ നിന്നെ കുപിതനാക്കാതിരിക്കട്ടെ. നീഅതിശ്രേഷ്ഠനായ ഭിഷഗ്വരനാകുന്നുവല്ലോ. അതിൻമേൽ ഔഷധത്താൽ ഞങ്ങളുടെ സന്താനങ്ങളെ ബലവാൻമാരാക്കിയാലും.

**5. ഹവീമഭിർഹവതേ യോ ഹവിർഭിരവ സ്തോമേഭി രുദ്രം ദിഷീയ**

**ഋദൂദരഃ സുഹവോ മാ നോ അസ്യൈ ബഭ്രുഃ സുശിപ്രോ രീരധൻമനായൈഃ**

ഹവിർയുക്തനായി വിളിക്കപ്പെടുന്ന രുദ്രൻെറ കോപം ഞാൻ സ്തുതികളാൽ ശാന്തമാക്കും. കോമളമായ ഉദരത്തോടുകൂടിയവനും, പീതവർണ്ണത്തോടുകൂടിയവനും മനോഹരമായ നാസികയോടുകൂടിയവനും ശോഭായമാനനുമായ രുദ്രൻ നമ്മെ ഹിംസിക്കാതിരിക്കട്ടെ.

**6. ഉൻമാ മാന്ദ വൃഷഭോ മരുത്വാന്ത്വാക്ഷീയസ വയസാ നാധമാനം**

**ഘൃണീവ ഛായമരപാ അശീയാ വിവാസേയം രുദ്രസ്യ സുമ്നം**

മരുത്തുക്കളുടെ ജനകനായ രുദ്രൻ അഭീഷ്ടവർഷകനാകുന്നു. നല്ല നല്ല ഭക്ഷണം നൽകുന്നതിനായി ഞാനവനോട് പ്രാർത്ഥിക്കുന്നു. വെയിലിൻെറ ചൂടിൽനിന്നും രക്ഷപ്പെടുന്നതിനായി മനുഷ്യർ തണലിനെ ആശ്രയിക്കുന്നതുപോലെ ഞാനും പാപരഹിതനായി രുദ്രനാൽ നൽകപ്പെടുന്ന സുഖത്തെ പ്രാപിക്കും. ഞാനവനെ സേവിക്കും.

**7. ക്വ സ്യ തേ രുദ്ര മൃളയാകുർഹസ്തോ യോ അസ്തി ഭേഷജോ ജലാഷഃ**

**അപഭർത്താ രപസോ ദൈവ്യസ്യാഭി നു മാ വൃഷഭ ചക്ഷമീഥാഃ**

ഹേ രുദ്രാ! നിന്റെ സുഖം ദാനം ചെയ്യുന്ന ബാഹുക്കൾ എവിടെ അവ വഴിയായി ഔഷധം നൽകി അഖിലരേയും സുഖികളാക്കൂ. നീ അഭീഷ്ടവർഷണത്തിൽ തൽപ്പരനാണല്ലോ. എന്റെ എല്ലാപാപങ്ങളുമകറ്റി എനിക്ക് മാപ്പുതരട്ടെ.

**8. പ്ര ബഭ്രവേ വൃഷഭായ ശ്വിതീചേ മഹോ മഹീം സുഷ്ടുതിമീരയാവി**

**നമസ്യാ കല്പലീകിനം നമോഭിർഗൃണീമസി ത്വേഷ രുദ്രസ്യ നാമ**

അഭീഷ്ടവർഷകനും, പീതവർണ്ണനും ശ്വേതാദായുക്തനുമായ രുദ്രനെ ഞാൻ മഹത്വസ്തുതിയാൽ സ്തുതിക്കുന്നു. ഹേ സ്തോതാവേ! തേജോരൂപനായ രുദ്രനെ നമസ്കാരപൂർവ്വം പൂജിക്കൂ. ഞങ്ങൾ അവന്റെ ഗുണഗണങ്ങൾ പാടിപുകഴ്ത്തുന്നു.

**9.ന്ന സ്ഥിരേഭിരങ്ഗൈഃ പുരുരൂപഃ ഉഗ്രോ ബഭ്രുഃ ശുക്രേഭിഃ പിപിശേ ഹിരണ്യൈഃ**

**ഈശാനാദസ്യ ഭുവനസ്യ ഭൂരേർന്ന വാ ഉയോഷദ്രുദ്രാ സൂര്യം**

ബഹുരൂപനും ദൃഢശരീരനും വികരാളനും പീതവർണ്ണനുമായ രുദ്രൻ ഉജ്ജ്വലതേജസ്സോടുകൂടി പ്രകാശിക്കുന്നു. അഖിലലോകങ്ങളുടേയും നാഥനായി അവൻ വാണരുളുന്നു. അവൻ സദാസർവ്വശക്തനായി നിലകൊള്ളുന്നു.

**10. അർഹന്വിഭർഹി സായകാനി ധന്വാർഹന്നിഷ്ന്നം യജനം വിശ്വരൂപം**

**അർഹന്നിദം ദയസേ വിശ്വം ന വാ ഓജീയോരു ത്വദസ്തി**

ഹേ രുദ്രാ! നീ അർഹതയോടെ അമ്പും വില്ലും പൂജനീയ വിശ്വരൂപമായ പതക്കവും ധരിക്കുന്നു. നീ അനേകം രൂപങ്ങളിൽ വ്യാപ്തനായി രക്ഷാകർമ്മം നിർവ്വഹിക്കുന്നു. നിനക്കുതുല്യം മഹാശക്തനായി മറ്റാരും ഇല്ല.

**11. സ്തുഹി ശ്രുതം ഗർതസദം യുവാനം മൃഗം ന ഭീമമുപഹത്നുമുഗ്രം**

**മൃളാ ജരിത്രേ രുദ്ര സ്തവാനോന്യം തേ അസ്മന്നി പപന്തു സേനാഃ**

ഹേ സ്തോതാക്കളേ! പ്രസിദ്ധമായ രഥത്തിലാരൂഢനായി ഭയങ്കരരൂപത്തോടുകൂടിയവനും ശത്രുസംഹാരകനും നിത്യയുവാവുമായി ആഗതനാകുന്ന രുദ്രനെ സ്തുതിക്കുവിൻ. ഹേ രുദ്രാ! നീ സ്തുതിക്കുന്നവരായ ഞങ്ങൾക്ക് സുഖം നൽകുന്നവനാണല്ലോ. നിന്റെ സൈന്യം ഞങ്ങളുടെ ശത്രുക്കളെ സംഹരിക്കട്ടെ.

**12. കുമാരശ്ചിത്പിതരം വംദമാനം പ്രതി നാനാമ രുദ്രോപയന്തം**

**ഭൂരേർദാതാര സത്പതിം ഗൃണിഷേ സ്തുതസ്ത്വം ഭേഷജാ രാസ്യസ്തേ**

പിതാവാശീർവദിക്കുമ്പോൾ പുത്രൻ നമസ്കരിക്കുന്നതുപോലെ ഹേ രുദ്രാ! നിന്റെ ആഗമന വേളയിൽ ഞങ്ങൾ നിന്നെ നമസ്കരിക്കുന്നു. നീ അനേകം ധനം നൽകുന്നവനും, സജ്ജനപാലകനുമാണല്ലോ. സ്തുതിക്കപ്പെടുന്ന നീ ഞങ്ങൾക്ക് മരുന്നുകൾ നൽകട്ടെ.

**13. യാ വോ ഭേഷജാ മരുതഃ ശുചീനി യാ ശന്തമാ വൃഷണോ യാ മയോഭു**

**യാനി മനുരവൃണീതാ പിതാ നസ്താ ശം ച യോശ്ച രുദ്രസ്യ വശ്മി**

ഹേ മരുത്തുക്കളേ! നിങ്ങളുടെ സ്വച്ഛമായ ഔഷധം അത്യന്തം സുഖദായിനിയാണ്. യാതൊരു ഔഷധത്തെ ഞങ്ങളുടെ പൂർവജനുമായിരുന്ന മനു അന്വേഷിച്ചിരുന്നുവോ, യാതൊന്ന് ഭയത്തെ നശിപ്പിക്കുന്നതായിരുന്നുവോ, ആ ഔഷധിയും ശമവും രുദ്രന്റെ സുഖവും എനിക്ക് നൽകട്ടെ.

**14. പരിണോ ഹേതി രുദ്രസ്യ വൃജ്യാഃ പരിത്വേഷസ്യ ദുർമതിർമഹി ഗാത്**

**അപ സ്ഥിരാ മഘവദ്ഭ്യസ്തനുഷ്വമീഢ് വസ്തോകയ തനയായമൃല**

രുദ്രന്റെ അസ്ത്രം ഞങ്ങളുടെമേൽ പതിക്കരുതേ, തേജസ്വിയായ രുദ്രന്റെ ഭീഷണമായ ക്രോധബുദ്ധി ഞങ്ങളുടെ നേർക്കാകരുതേ. ഹേ സേവനയോഗ്യനായ രുദ്രാ! നീ യജമാനനുവേ പള്ളിവില്ലു കുലച്ചാലും. ഞങ്ങളുടെ പുത്രപൗത്രാദികൾക്ക് സുഖം പ്രദാനം ചെയ്താലും.

**15. ഏവാ ബ്രഭ്രോ വൃഷഭ ചേകിതാന യഥാ ദേ ന ഹൃണീഷേ ന ഹംസി**

**ഹവന ശ്രുന്നോ രുദ്രേഹ ബോധി ബൃഹദ്വദേമ വിദഥേ സുവീരാഃ**

ഹേ അഭീഷ്ടവർഷണസമർത്ഥനായ തുദ്രാ! പീതവർണ്ണനായ നീ ഞങ്ങളുടെ വിളികൾ കേൾക്കേണമേ. ഞങ്ങൾ പുത്രപൗത്രാദികളോടുകൂടി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കാം.

## സൂക്തം 34

**ഋഷി ഗൃത്സമദൻ ദേവത മരുത്ത് ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ധാരാവരാ മരുതോ ധൃഷ്ണവോജസോ മൃഗാ ന ഭീമാസ്തവിഷീഭിരർചിനഃ**

**അഗ്നയോ ന ശുശുചാനാ ഋജീഷിണോഭൃമിം ധമന്തോ അപ ഗാ അവൃണ്വത**

ഈ മരുത്തുക്കൾ ജലധാരകളാൽ ആകാശത്തെ ആച്ഛാദനം ചെയ്യുന്നു. അവരുടെ ബലം ശത്രുക്കളെ കീഴടക്കുന്നു. അവർ മൃഗങ്ങളെപ്പോലെ വികരാളരൂപരാണ്. ലോകം അവരുടെ ബലത്താൽ വ്യാപ്തമാകുകയും ചെയ്യുന്നു. അവർ അഗ്നിക്കുതുല്യം പ്രദീപ്തരും ജലമയരുമാണ്. ഇവർ മേഘങ്ങളെ പ്രേരിപ്പിച്ച് മഴ പെയ്യിക്കുന്നു.

**2. ദ്യാവോ ന സ്തുഭിശ്ചതയന്ത ഖാദിനോ വ്യ ഭ്രിയാ ന ദ്യുതയന്ത വൃഷ്ടയഃ**

**രുദ്രോ യദ്വോ മരുതോ രുക്മവക്ഷസോ വൃഷാജനി പൃശ്ന്യാഃ ശുക്ര ഊധനി**

ഹേ ഉജ്ജ്വല ഹൃദയരായ മരുത്തുക്കളേ! നിങ്ങൾ രുദ്രനിൽനിന്നും ജനിതവരാണല്ലോ. നക്ഷത്രങ്ങളാൽ ആകാശം പ്രശോഭിക്കുന്നതുപോലെ സ്വന്തം ഗുണങ്ങളാൽ നിങ്ങളും പ്രശോഭിക്കുന്നു. നിങ്ങൾ ശത്രുക്കളെ സംഹരിക്കുന്നവരും ജലത്തെ

വർഷിക്കുന്നവരുമാണ്. മേഘങ്ങളിൽ വിദ്യുത് ശോഭിക്കുന്നതുപോലെ നിങ്ങളും പ്രശോഭിക്കുന്നു.

**3. ഉക്ഷണേ അശ്വാം അത്യാം ഇവാജിഷു നദസ്യ കർണ്ണൈസ്തുരയന്ത ആശുഭിഃ**

**ഹിരണ്യശിപ്രാ മരുതോ ദവിധ്വതഃ പൃക്ഷം യാഥ പൃഷതീഭിഃ സമന്യവഃ**

മരുത്തുക്കൾ വിശാലമായ ഭൂമിയെ അശ്വത്തെ എന്നപോലെ സേചനം ചെയ്യുന്നു. അശാരോഹികളായ അവർ ഉച്ചത്തിൽ ശബ്ദിച്ചുകൊ് മേഘങ്ങളുടെ സമീപത്തേക്ക് അതിവേഗം ചെല്ലുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ സ്വർണ്ണമുകുടങ്ങളോടുകൂടിയവരും ഒന്നുപോലെ ചിന്തിക്കുന്നവരുമാണല്ലോ. നിങ്ങൾ വൃക്ഷാദികളെ ഇളക്കിമറിക്കുന്നു. നിങ്ങൾ പുള്ളിമാൻ തേരിൽ കയറി അന്നത്തിനുവേി സഞ്ചരിക്കുന്നു.

**4. പൃക്ഷേ താ വിശ്വാ ഭുവനാ വവക്ഷിരേ മിത്രായ വാ സദമാ ജീരദാനവഃ**

**പൃഷദശ്വാസോ അനവഭ്രരാധസ ഋജിപ്യാസോ ന വയുനേഷു ധൂർഷദഃ**

ഹവിരദാതാവായ യജമാനന് ഈ മരുത്തുക്കൾ മിത്രതുല്യനായ ജലവാഹകരാകുന്നു. ഉദാരമനസ്കരായ അവർ പുള്ളിമാനുകളാൽ യുക്തരായി. അന്നം വഹിച്ച് മന്ദഗതിയോടുകൂടിയ കുതിരയെപ്പോലെ സഞ്ചരിക്കുന്നു.

**5. ഇന്ധന്വഭിർധേനുഭി രപ്ശദൂധഭിരധ്വസ്മഭിഃ പഥി ഭിർഭ്രാജദൃഷ്ടയഃ**

**ആ ഹംസാസോ ന സ്വസരാണി ഗന്തന മധോർമദായ മരുതഃ സമന്യവഃ**

ഹേ മരുത്തുക്കളേ! ഏകാശയരായ നിങ്ങളുടെ ആയുധങ്ങൾ പ്രകാശിച്ചുകൊിരിക്കുന്നു. അരയന്നം അതിൻെറ നിവാസത്തിലേയ്ക്ക് പോകുന്നതുപോലെ നിങ്ങളും അത്യധികം ജലസ്രോതസുകളോടുകൂടിയ മേഘങ്ങളോടുകൂടി നിർവിഘ്നമാർഗ്ഗങ്ങളിൽകൂടി സോമജനിതമായ ഹർഷത്തോടുകൂടി ഗോക്കൾ സഹിതം വന്നുചേരട്ടെ.

**6. ആ നോ ബ്രഹ്മാണി മരുതഃ സമന്യവോ നരാം ശംസഃ സവനാനി ഗന്തന**

**അശ്വാമിവ പിപ്യത ധേനുമൂധനി കർതാ ധിയം ജരിത്രേ വാജപേശസം**

ഹേ മരുത്തുക്കളേ! ഏകമാനസരായ നിങ്ങൾ സ്തോത്രങ്ങൾക്കും ഞങ്ങളുടെ പിഴിഞ്ഞു വച്ചിരിക്കുന്ന സോമത്തിനുമായി വന്നാലും. പെൺകുതിരയെപ്പോലെ മേഘത്തെ തടിപ്പിക്കുവിൻ. യജമാനൻെറ യജ്ഞം അന്നയുക്തമാകട്ടെ.

**7. തം നോ ദാത മരുതോ വാജിനം രഥഅപാനം ബ്രഹ്മ ചിതയദ്ദിവേദിവേ**

**ഇഷം സ്തോതൃഭ്യോ വൃജനേഷു കാരവേ സനിം മേധാമരിഷ്ടം ദുഷ്ടരം സഹഃ**

ഹേ മരുത്തുക്കളേ! നിങ്ങളുടെ യശസ്സിനെ പാടിപുകഴ്ത്തുന്ന പുത്രനേയും അന്നവും ഞങ്ങൾക്ക് നൽകുവിൻ സ്തോതാവിട്ടി യുദ്ധപരിജ്ഞാനർണവും കുശലതയും അക്ഷുണ്ണമായശക്തിയും പ്രദാനം ചെയ്യുവിൻ.

**8. യദ്യുഞ്ജതേ മരുതോ രുക്മവക്ഷസോശ്വാൻ രഥേഷു ഭഗ ആ സുദാനവഃ**

**ധേനുർനു ശിശ്വേ സ്വസരേഷു പിന്വതേ ജനായ രാതഹവിഷേ മഹീമിഷം**

മരുത്തുക്കളുടെ ഹൃദയം ഉജ്ജ്വലമാണ്. അവരുടെ ദാനം എല്ലാവർക്കും മംഗളമുളവാക്കുന്നു. അവർ തങ്ങളുടെ രഥത്തിൽ അശ്വങ്ങളെ സംയോജിപ്പിക്കുമ്പോൾ കിടാവിനു തള്ളപ്പശു പാലുകൊടുക്കുന്നതുപോലെ ഹവിർദാതാവിന് അഭീഷ്ടമായ അന്നം പ്രദാനം ചെയ്യുന്നു.

**9. യോ നോ മരുതോ വൃകതാതി മർത്യോ രിപുരദധേ വസവീ രക്ഷതാ രിഷഃ**

**വർതയത തപുഷാ ചക്രിയാഭി തമവ രുദ്രാ അശസോ ഹന്തനാ വധഃ**

ഹേ മരുത്തുക്കളേ! യാതൊരു ഹിംസകൻ ചെന്നായ്ക്കൾക്കുതുല്യം ഞങ്ങളുടെ ശത്രുവായിരിക്കുന്നുവോ അവനിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.അവനെ നിങ്ങളുടെ ചുട്ടെരിക്കുന്ന വേലാൽ അകറ്റിയാലും. ഹേ രുദ്രാ! നീ അവൻെറ ആയുധങ്ങളെ അവയുടെ മാർഗ്ഗത്തിൽവച്ചുതന്നെ ലക്ഷ്യഹീനമാക്കിയാലും.

**10. ചിത്രം തദ്വോ മരുതോ യാമ ചേകിതേ പൃശന്യാ യദൂദരവ്യാപയഊ ദുഹുഃ**

**യദ്വാ നിദേ നവമാനസ്യ രുദ്രിയാസ്രിതം ജരായ ജൂരതാഴമദാഭ്യാഃ**

ഹേ മരുത്തുക്കളേ! നിങ്ങൾ ഗോവിനെ ദോഹനം ചെയ്തിരുന്നപ്പോൾ സ്തോതാവിനെ നിന്ദിച്ചവനെ വധിച്ചിരുന്നുവല്ലോ. ത്രിതൻെറ ശത്രുക്കൾേയും നിങ്ങൾ സംഹരിച്ചു. ആ സമയം നിങ്ങളുടെ സാമർത്ഥ്യം എല്ലാവർക്കും വിദിതമായി.

**11. ത്വന്യോ മഹോമരുത ഏവയാവ്നോ വിഷ്ണോരേഷ സ്യ പ്രഭൃതേ ഹവാമഹേ**

**ഹിരണ്യതർണാൻകകഹാന്യതസ്യചോ ബ്രഹ്മണ്യന്തഃ ശംസ്യം രാധ ഈമഹേ**

ഹേ ഉത്തമകർമ്മാക്കളായ മരുത്തുക്കളേ! നിങ്ങൾ യജ്ഞത്തിൽ സദാ പോകുന്നവരാണല്ലോ? സോമം തയ്യാറായിക്കഴിയുമ്പോൾ ഞങ്ങൾ നിങ്ങളെ വിളിക്കുന്നു. സ്തോതാക്കൾ സ്വകംകരങ്ങളിലെടുത്തുകൊ് മരുത്തുക്കളോടു ശ്രേഷ്ഠമായ അന്നം യാചിക്കുന്നു.

**12. തേ ദശഗ്വാഃ പ്രഥമാ യജ്ഞമൂഹിരേ തേ നോ ഹിന്വന്തുഷസോ വ്യുഷ്ടിഷു**

**ഉഷാ ന രാമീരമണൈ രപോർണുതേ മഹേജോതി ഷാ ശുചതാ ഗോ അർണസാ**

ദിവ്യലോകം പ്രാപിച്ച അംഗിരസ്സുരൂപരായ മരുത്തുക്കൾ ആദ്യം യജ്ഞം സാധിച്ചു. അവർ ഉഷസ്സിങ്കൽ ഞങ്ങളെ യജ്ഞത്തിന് പ്രേരിപ്പിക്കട്ടെ. ഉഷസ്സ് രാത്രിയെ അകറ്റുന്നതുപോലെ മരുത്തുക്കൾ തങ്ങളുടെ ജലസേചനം സാധിക്കുന്ന പ്രകാശിതജ്യോതിസ്സിനാൽ അന്ധകാരത്തെ നശിപ്പിക്കുന്നു.

**13. തേ ക്ഷോണിഭീരുണേഭിർനാഞ്ജിഭീ രുദ്രാ ഋതസ്യ സദനേഷു വാവൃധുഃ**

**നിമേധമാനാ അത്യേന പാജസാ സുശ്ചന്ദ്രം വർണ ദധിരേ സുപേശസം**

രുദ്രരൂപനായ ആ മരുത്തുക്കൾ പ്രത്യേകധ്വനിയോടുകൂടിയവരും അരുണവർണ്ണരുമായി ജലത്തിൻെറ ആധാരഭൂതമായ മേഘത്തിൽ വളരുന്നു. അവർ എപ്പോഴും പ്രഭാവാൻമാരായി തങ്ങളുടെ ശക്തിയാൽ ജലത്തെ കൊുവന്ന് അത്യധികം സുശോഭിതരായിത്തീരുന്നു.

**14. താം ഇയാനേ മസി പരുഥമൂതയ ഉപ ധേദേനാ നമസാ ഗൃണീമസി**

**ത്രിതോ ന യാൻപഞ്ച ഹോതൃനമിഷ്ടായ ആ വവർതദവരാഞ്ചക്രിയാവസേ**

ആ മരുത്തുക്കളിൽനിന്നും വരണയോഗ്യമായ ധനത്തെ യാചിച്ചുകൊ് സ്വന്തം രക്ഷക്കുവേി ഞാൻ പ്രാർത്ഥിക്കുന്നു. അഭീഷ്ടസിഡിക്കുവേി പ്രാണൻ, അപാനൻ, സമാനൻ, വ്യാനൻ, ഉദാനൻ എന്നീ അഞ്ച് പ്രാ.ണവായുക്കളാകുന്ന ഹോതാക്കളെ ത്രിതൻ പ്രവർത്തിക്കുന്നു.

**15. യയാ രധ്രും പാരയഥാത്യഹോ യയാ നിദോ മുഞ്ചഥ വന്ദിതാരം**

**അർവാചീ സാ മരുതോ യാ വ ഊതിരോ ഷുവാശ്രേ വ സുമതിർജിഗാതു**

ഹേ മരുത്തുക്കളേ! നിങ്ങൾ ഏതൊരു സാധനയാൽ യജമാനനെ പാപത്തിൽനിന്നും രക്ഷിക്കുന്നുവോ, യാതൊന്നിനാൽ സ്തുതിക്കുന്നവരെ ശത്രുക്കളിൽനിന്നും രക്ഷിക്കുന്നുവോ, നിങ്ങളുടെ ആ സാധന ഞങ്ങളെ പ്രാപിക്കട്ടെ.

## സൂക്തം 35

**ഋഷി ഗ്രത്സമദൻ ദേവത അപാംന്നപാത്ത് ഛ ന്ദ സ ് ത്രിഷ്ടുപ്, പംക്തി**

**1. ഉപേമസൃക്ഷി വാജയർവചസ്യാംചനോ ദധീത നാദ്യോ ഗിരോ മേ**

**അപാം നപാഭാശുഹേമാ കുവിത്സ സൂപേ ശസസ്ക്ക രതി ജോഷിഷദ്ധി**

ഞാൻ അന്നത്തെ ആഗ്രഹിച്ചുകൊ് ഈ സ്തോത്രം ഉച്ചരിക്കുന്നു. ശീഘ്രഗാമിയും ലബ്ധവാനും ജലസംബന്ധിയുമായ അഗ്നി എനിക്ക് പ്രചുരമായ അന്നവും മനോഹരരൂപവും നൽകണേ. അവൻ സ്തുതി ആഗ്രഹിക്കുന്നു. അതിനാൽ ഞാൻ അവനെസ്തുതിക്കുന്നു.

**2. ഇമം സ്വസ്മൈ ഹൃദ ആ സുതഷ്ടം മന്ത്രം പോചേമ കുവിദസ്യ വേദത്**

**അപാം നപാദസൂര്യസ്യ മഹ്നാ വിശ്വാന്യര്യോ ഭുവനപാ ജജാത**

വേവിധത്തിൽ ഹൃദയംകൊ് രചിച്ച ഈ സ്തുതി നാം ഉച്ചരിക്കുക, അവൻ നമ്മുടെ സ്തുതികളെ ശരിയായ രീതിയിൽ അറിയട്ടെ. അവൻ ജീവികൾക്ക് ഹിതകരമായ ബലത്താൽ എല്ലാലോകങ്ങളേയും സൃഷ്ടിച്ചു.

**3. സമന്യാ യന്തയപ യന്ത്യന്യാഃ സമാനമൂർവ നദ്യാഃ പൃണന്തി**

**തമൂ ശുചിം ശുചയോ ദീദിവാംസമപാം നപാതം പരി തസ്ഥുരാപഃ**

ജലങ്ങളോടുകൂടി വന്നുചേരുന്ന ജലംചേർന്ന് അവയെല്ലാംകൂടി സമുദ്രത്തിൽ ബഡവാഗ്നിയെ പ്രീതിപ്പെടുത്തുന്നു. നിർമ്മലവുമ പവിത്രവുമായ ജലം അപാന്നപാത്തെന്ന ദേവനെ വലയം ചെയ്യുന്നു.

**4. തമസ്മേരാ യുവതയോ യുവാനം മമൃജ്യമാനാം പരി യന്ത്യാപഃ**

**സ ശുക്രേഭിഃ ശിക്വഭീ രേവദസ്പമേ ദീദായാനിധ്മാ ഘൃതനിർണിഗ്സു**

അഹങ്കാര രഹിതയായ യുവതി ആഭരണങ്ങളാൽ അലങ്കരിക്കപ്പെട്ട തൻെറ തേജസ്വിയായ പത്നിയെ പ്രാപിക്കുന്നതുപോലെ ഇന്ധനരഹിതമായി ഘൃതത്താൽ സിഞ്ചിതമായ അഗ്നി ധനയുക്തമായ അന്നത്തിനുവേി ജലമദ്ധ്യത്തിൽ പ്രകാശിക്കുന്നു.

**5. അസ്മൈ തിസ്രോ അവ്യഥ്യാ അപ്സു യാരീർദേവായ ഭേവീർദിധിഷന്ത്യന്നം**

**കൃതാ ഇവോപ ഹി പ്രസസ്രേ അപ്സു സ പീയൂഷം ധയതി പൂർവസൂനാം**

ജള, ഭാരതി, സരസ്വതി ഈ മൂന്ന് ദേവികൾ ദുഃഖരഹിതകളായി അപാന്നപാത്ത ദേവനുവേി അന്നത്തെ വഹിക്കുന്നു. അവർ ജലത്തിലുാകുന്നവയെപ്പോലെ പ്രസരിക്കുന്നു. അപാന്നപാത്ത ഏറ്റവും ആദ്യമായി പ്രകടമായ ജലത്തിൻെറ സാരംപാനം ചെയ്യുന്നു.

**6. അശ്വസ്യാത്ര ജനിമാസ്യ ച സ്വർദ്രുഹോഃ രിഷഃ സംപൃചഃ പാഹി സൂരിൻ**

**ആമാസുഃ പൃർഷു; പരോ അപ്രമൃഷ്യം നാരാതയോ വി നശന്നാനൃതാനി**

അപാന്നപാത്തായ സമുദ്രത്തിൽ ഉച്ചൈശ്രവസ് എന്ന അശ്വം സർവ്വജഗത്തം ഉായി. ഹേ വിദ്വാൻ! നീ ദ്രോഹികളായ ഹിംസകരിൽനിന്നും സ്തോതാവിനെ രക്ഷിച്ചാലും അദാനശീലരും ദുർവൃത്തൻമാരുമായവർ ഈ ദേവതയെ പ്രാപിക്കുന്നില്ല.

**7. സ്വ ആ ദമേ സുദുഘാ യസ്യ ധേനുഃ സ്വധാം പീപായ സഭ്വന്നമത്തി**

**സോ അപാം നവാദ്ർജയന്നപ്സ്വന്തർവസുദേയായ വിധതെ വി ഭാതി**

യാതൊരു ദേവത സ്വന്തം ഗൃഹത്തിൽ വാസം ചെയ്യുന്നുവോ, അദ്ദേഹം വളരെ സരളമായ രീതിയിൽ ദോഹനം ചെയ്യപ്പെടുന്നു. ആ ദേവത വർഷത്തെ അഭിവൃദ്ധിപ്പെടുത്തുകയും ഉത്തമമായ അന്നം ഭുജിക്കുകയും ചെയ്യുന്നു. അദ്ദേഹം ജലങ്ങളിൽ സശക്തനായി യജമാനനു ധനം ദാനം ചെയ്യുവാൻ ഉത്തമമായ രീതിയിൽ പ്രശോഭിച്ചുകൊിരിക്കുന്നു.

**8. യോ അപ്സ്വാ ശുചിനാ ദൈവ്യേന ഋതാവാജസ്ര ഉർവിയാ വിഭാതി**

**വയാ ഇദന്യാ ഭുവനാന്യസ്യ പ്ര യായന്തേ വീരുധശ്ച പ്രജാഭിഃ**

യാതൊരുപാന്നപാതൻ സത്യസ്വരൂപനും, വിസ്തീർണ്ണനും, പവിത്രനും തേജസ്വിയും ജലങ്ങളിൽ സദാസമാനരൂപത്തോടുകൂടി വസിക്കുന്നവനും, പ്രകാശിതനുമായിരിക്കുന്നുവോ, എല്ലാ ജീവികളും ആ ദേവൻെറ അംശം മാത്രമായിരിക്കുന്നു. ഫലപുഷ്പയുക്തങ്ങളായ ഔഷധികളേയും അദ്ദേഹം സൃഷ്ടിച്ചു.

**9. അപാം നപാദ ഹ്യസ്ഥാദുപസ്ഥം ജിഹ്മാനാമൂധ്വേ വിദ്യുതം വസാനഃ**

**തസ്യ ജ്യേഷ്ഠം മഹിമാനം വഹന്തീഹിരണ്യവർണ്ണാ പരി യന്തി യഹ്വീഃ**

അന്നപാതനായ അദ്ദേഹം വളഞ്ഞ ചാലുകളിൽക്കൂടി ചരിക്കുന്ന മേഘമദ്ധ്യേ ഉന്നതനായി വിദ്യുത്തിനെ വഹിക്കുന്നു. അദ്ദേഹത്തിൻെറ യശസ്സിനെ പാടിക്കൊ് നദികൾ പ്രവഹിക്കുന്നു.

**10. ഹിരണ്യരൂപഃ സ ഹിരണ്യസദൃഗപാം നവാത്സേദു ഹിരണ്യവർണഃ**

**ഹിരന്ന്യയാത്പരി യോനേർനിഷദ്യ ഹിരണ്യദാദദത്യന്നമസ്മൈ**

അവൻെറ രൂപം, ആകൃതി, വർണ്ണം എല്ലാം സ്വർണ്ണസമാനമാണ്. അവൻെറ സ്ഥാനവും ഹിരണ്യയുക്തമാണ്. സ്വർണ്ണം ദാനം ചെയ്യുന്നവർ അവന് അന്നം കാഴ്ചവയ്ക്കുന്നു.

**11. തദസ്യാനീകമുത ചാരു നാമാപീച്യംവർധതേ നപ്തു രപാം**

**യമിന്ധതേ യുവതയഃ സമിത്ഥാ ഹിരണ്യവർണ ഘൃതമന്നമസ്യ**

അപാന്നപാത്തിൻെറ കിരണരൂപമായ ശരീരം മനോഹരമായ നാമത്തോടുകൂടിയതാണ്. ഇവൻെറ ശരീരം വഴിപോലെ വർദ്ധിക്കുന്നു. വിദ്യുത്ജലത്തോടുകൂടി അന്തരീക്ഷത്തിൽ ദീപ്തിയുക്തമാകുന്നു. അവൻെറ അന്നം ജലംതന്നെയാകുന്നു.

**12. അസ്മൈ ബഹൂനാമർവമായ സഖ്യേ യജ്ഞൈർവിധേമ നമസാ ഹവിർഭിഃ**

**സം സാനു മാർജ്മി ദിധിഷാമി വിൽമൈർ ദധാമ്യന്നൈഃ പരി വന്ദ ഋഗ്ഭിഃ**

നമ്മുടെ മിത്രരൂപമായ അപാന്നപാത്തിനെ യജ്ഞത്താലും ഹവിർദാനത്താലും നമസ്കാരത്താലും ഞങ്ങൾ പൂജിക്കും. ഞാൻ മുകൾഭാഗം അലങ്കരിക്കും. അന്നവും വിറകും ശേഖരിച്ച് അവൻെറ നാമോച്ചാരണത്തോടുകൂടി പൂജിക്കും.

**13. സ ഈം വൃഷാജനത്താസുഗർഭ സഈം ശിശുർധയതി തം രിഹന്തി**

**സോ ാപാം നവാദനഭിമ്ലാതവർണോയസ്യേ വേഹ തന്വാ വിവേഷ**

സേചന സമർത്ഥനായ ആ അപന്നപാത്ക ജലത്തിൽ ഗർഭം പ്രകടമാക്കി. അവൻതന്നെ പുത്രരൂപത്തിൽ ജലപാനം ചെയ്യുന്നു. ചിലപ്പോൾ അതിനെ മുകരുന്നു. അപ്പോൾ പ്രദീപ്തനായ ദിവ്യ അപാന്നപാത്ത് എന്ന അഗ്നി ഭൂമിയിൽ മറ്റു രൂപത്തിൽ വസിക്കുന്നു.

**14. അസ്മിൻപദേ പരമേ തസ്ഥിവാം സമധ്വസ്മഭിർവിശഹാ ദിദിവാംസം**

**ആപോ നാപ്ത്രേ ഘൃതമന്നം ബഹന്തീഃ സ്വയമത്കൈഃ പരി ദീയതി യഹീഃ**

അപാന്നപാത്തിൻെറ സ്ഥാനം ശ്രേഷ്ഠമാണ്. അവൻ തേജസ്വിയും പ്രദീപ്തനുമാണ്. ജലസമൂഹം അവനുവേി അന്നം വഹിക്കുകയും ഗതിമാനമായി അവനെ ആവരണം ചെയ്യുകയും ചെയ്യുന്നു.

**15. അയാംസമഗ്നേ സുക്ഷിതിം ജനായായം സമുമഘവദ്ഭ്യഃ സുവൃക്തിം**

**വിശ്വം തദ ഭദ്രം യദവന്തി ദേവാ ബൃഹദ്വദേവ വിദഥേ സുവീരാഃ**

ഹേ അഗ്നേ! നീ മനോഹരനാകുന്നു. പുത്രപ്രാപ്തിക്കുവേി ഞാൻ നിൻെറ മുമ്പിൽ നിലകൊള്ളുന്നു. യജമാനൻെറ ഹിതത്തിനുവേി സുന്ദരമായ സ്തോത്രങ്ങൾ ആലപിക്കുന്നു. ദേവഗണങ്ങൾക്കുള്ള എല്ലാ മാർഗ്ഗങ്ങളും ഞങ്ങൾക്കുാകട്ടെ. ഞങ്ങൾ പുത്രപൗത്ര സമേതരായി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കും.

## സൂക്തം 36

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രാദികൾ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. തുഭ്യം ഹിന്വാനോ വസിഷ്ഠ ഗാ ഗ്രവോധുക്ഷൻത്സീ മവിഭിരദ്രീഭിർനരഃ**

**പിവേന്ദ്ര സ്വാഹാ പ്രഹുതം വഷ്ടകൃതം ഹോത്രാദാ സോമം പ്രഥമോ യ ഈശിഷേ**

ഹേ ഇന്ദ്രാ! ഈ സോമം നിനക്കുവേി പാലും ഗോരസവും ചേർത്ത് തയ്യാറാക്കിയതാണ്.വിദ്വജ്ജനം യജ്ഞത്തിൽ ഇതിനെ അമ്മിക്കല്ലുകൊിടിച്ചു പിഴിഞ്ഞെടുത്തതാണ്. നീ ജഗത്തിൻെറ നാഥനാണല്ലോ. എല്ലാ ദേവകളിലും ശ്രേഷ്ഠനായ നീ അഗ്നിയിൽ സ്വാഹാകരത്തോടുകൂടി ഒഴിക്കുന്ന സോമപാനം ചെയ്താലും

**2. യജ്ഞൈഃ സംശ്ളാഃ പൃഷതീദിർഋഷ്ടിഭിര്യമഞ്ച് ഉഭ്രാസോ അഞ്ജിഷു പ്രിയാ ഉത**

**ആസദ്യാ ബർഹിർഭരതസ്യ സൂനവഃ പോത്രാദാ സോമം പിവതാ ദിവോ നരഃ**

ഹേ മരുത്തുക്കളേ! നിങ്ങൾ രഥാരൂഢരായി, രഥയുക്തരായി, ആയുധങ്ങളാൽ സുശോഭിതരായി രുദ്രപുതൻമാരായി അന്തരീക്ഷത്തിലെ അഗ്രഗണികളാകുന്നുവല്ലോ. നിങ്ങൾ കുശാസനങ്ങളിൽ വിരാജിതരായി ഹോതാവിങ്കൽ നിന്നും സോമരസം സ്വീകരിച്ചാലും.

**3. അമേവ നഃ സുഹവാ ആ ഹി ഗന്തന നി ബർഹിഷി സദനതാ രണിഷ്ടന**

**അഥാ മന്ദസ്വ ജുജുഷാണോ അന്തസസ്ത്വഷ്ടർദേവേഭിർജനിഭിഃ സുമദ്ഗണഃ**

ഹേ ഉത്തമാഹ്വാനികളായ വിദ്വാൻമാരേ! ഞങ്ങളോടുകൂടി ആഗതരായി കുശാസനത്തിൽ ഉപവിഷ്ടരായി സന്തുഷ്ടരാകുവിൻ. ഹേ ത്വഷ്ടാവേ! നീ സപത്നീകരായ ദേവസമൂഹത്തോടുകൂടി അന്നം ഭുജിച്ച് തൃപ്തിയടഞ്ഞാലും.

**4. ആ വിക്ഷ ദേവാം ഇഹ വിപ്ര യക്ഷി ചോശൻഹോതർനി ഷദാ യോയിഷു ത്രിഷു**

**പ്രതി വീഹി പ്രസ്ഥിതം സോമ്യം മധു പിവഗ്നീധ്രാവത്തവ ഭാഗസ്യ തൃഷ്ണഹി**

ഹേ അഗ്നേ! നീ ജ്ഞാനിയാകുന്നു. ഈ യജ്ഞത്തിൽ ദേവതകളെ ആഹ്വാനം ചെയ്യുവാനായി യജനം ചെയ്താലും. നീ ദേവതകളെ വിളിക്കുന്നവനാണല്ലോ. ഞങ്ങളുടെ ഹവിസ്സിൽ ആഗ്രഹത്തോടുകൂടി

ഗാർഹപത്യാദികളായ ത്രിസ്ഥാനങ്ങളെ പ്രാപിച്ചാലും. ഉത്തമമായ വേദിയെ പ്രാപിച്ച് സോമരൂപമായ മധുനുകർന്നാലും. അഗ്നികോണത്തിൽനിന്ന് നിന്റെ പങ്ക് സോമപാനം കൊ് തൃപ്തിയടഞ്ഞാലും.

**5. ഏഷ സ്യ തേ തന്വോ നൃമ്ണവർധനഃ സഹ ഓജഃ പ്രദിവി ബഹ്വോർഹിതഃ**

**തുഭ്യം സുതോ മഘവന്തുഭ്യാമാഭൃ തസ്ത്വമസ്യ ബ്രാഹ്മണാദാ തൃപത്പിംവ**

ഹേ ധനേശനായ ഇന്ദ്രാ! നീ പുരാണപുരുഷനാണല്ലോ. നീ യാതൊരു സോമത്താൽ ശത്രുക്കളെ വിജയിക്കുന്ന ശക്തിയും സാമർത്ഥ്യവും പ്രാപിച്ചുവോ, അത് നിനക്ക് മാത്രമായി അരിച്ചുകൊ് വന്നിട്ടുള്ളതാണ്. നീ ഋത്വിജന്റെ അടുക്കൽനിന്നും സോമം പാനം ചെയ്തു തൃപ്തനായാലും.

**6. ജൂഷെഥാ യജ്ഞം ബോധതം ബവസ്യ മേ സത്തോ ഹോതാ നിവിദഃ പൂർവ്യാ അനു**

**അഛാ രാജാനാ നമ ഏതാവൃതം പ്രശസ്ത്രാദാ പിവതം സോമ്യം മധു**

ഹേ മിത്രാ! വരുണാ! ഞങ്ങളുടെ യജ്ഞത്തിൽ വന്നരുളിയാലും. ഹോതാക്കൻമാർ സ്തോത്രങ്ങൾ ആലപിച്ചുകൊിരിക്കുന്നു. ഞങ്ങളുടെ ആഹ്വാനം ശ്രവിച്ചാലും. ഋത്വിക്കുകളാൽ സംസ്കരിക്കപ്പെട്ട അന്നം അതാ ഇരിക്കുന്നു. സുശോഭനീയരായ നിങ്ങൾ ഈ സോമത്തെ പ്രശാസ്താവിന്റെ അടുക്കൽനിന്നും സ്വീകരിക്കണമേ.

# അദ്ധ്യായം എട്ട്

## സൂക്തം 37

**ഋഷി ഗൃത്സമദൻ ദേവത ദ്രവിണോദസ്, അഗ്നി, അശ്വിനികൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. മന്ദസ്വ ഹോത്രാദനു ജോഷമന്ധസോധ്വര്യവഃ സ്ഫൂർണാ വഷ്ട്യാസിചം**

**തസ്മാ ഏതം ഭരത തദ്വശോ ദദിർഹോത്രാത്സോമം ദ്രവിണോദഃ പിവ ഋതുഭിഃ**

ഹേ ദ്രവിണോദസ്സേ! ഹോതാവിനാൽ നടത്തപ്പെടുന്ന യജ്ഞത്തിൽനിന്ന് അന്നം സ്വീകരിച്ച് പുഷ്ടിയെ പ്രാപിച്ചാലും. ഹേ അധ്വര്യുക്കളേ! അഗ്നി പൂർണ്ണമായ ആഹുതി ആഗ്രഹിക്കുന്നു. അവന് സോമം കാഴ്ചയായി സമർപ്പിക്കുവിൻ. ധനദാതാവായ ഈ അഗ്നി മനോരഥങ്ങൾ സഫലമാക്കുന്നു. ഹേ അഗ്നേ! ഹോതാവിന്റെ യജ്ഞത്തിൽ ഋതുക്കളോടുകൂടി സോമം പാനം ചെയ്താലും.

**2. യമു പൂർവമഹുവേ തമിദം ഹുവേ സേദു ഹവ്യോ ദദിര്യോ നാമ പത്യതേ**

**അധ്വര്യുഭിഃ പ്രസ്ഥിതം സോമ്യം മധു പോത്രാത്സോമം ദ്രവിണോദഃ പിവ ഋതുഭിഃ**

ഞങ്ങൾ പൂർവകാലത്തിൽ ആരെ ആഹ്വാനം ചെയ്തിരുന്നുവോ, അവനെത്തന്നെ ഇപ്പോഴും ആഹ്വാനം ചെയ്യുന്നു. ദാതാവും അഖിലത്തിൻേറയും സ്വാമിയുമായ അവൻ ആഹ്വാനയോഗ്യനാകുന്നു. ഹേ ദ്രവ്യദാതാവായ അഗ്നേ! പോതൃ യജ്ഞത്തിൽ ഋതുക്കളോടുകൂടി സോമം പാനം ചെയ്താലും.

**3. മേദ്യന്തു തേ വഹനയാ യേജിരോയസേരിഷണ്യന്വീലയസ്വാ വനസ്പതേ**

**ആയൂയാ ധൃഷ്ണോ അഭിഗൂര്യാ ത്വ നേഷ്ടാത്സോമം ദ്രവിണോദഃ പിവതേ ഋതുഭിഃ**

ഹേ ദ്രവ്യദാതാവായ അഗ്നി! നിന്റെ വാഹനമായ അശ്വം തൃപ്തിയടയട്ടെ. ഹേ വനസ്പതേ! നീ ശക്തനും, അഹിംസകനുമായാലും. നേഷ്ടാവിന്റെ യജ്ഞത്തിൽനിന്ന് ഋതുക്കളോടുകൂടി സോമംപാനം ചെയ്താലും.

**4. അപാദ്വോത്രാദുത പോത്രാദമത്തോത നേഷ്ടാദജൂഷത പ്രയോ ഹിതം**

**തുരീയം പാത്രമമൃക്തമമർത്യ ദ്രവിണോദാഃ പിവതു ദ്രിണോദസഃ**

ഹേ ധനദാതാവായ അഗ്നേ! യാതൊരുത്തൻ ഹോതാവിന്റെ യജ്ഞത്തിൽനിന്ന് സോമം കുടിക്കുകയും പിതാതവിന്റെ യജ്ഞത്തിൽ തടിച്ചുകൊഴുക്കുകയും, നേഷ്ടാവിന്റെ യജ്ഞത്തിൽ അന്നം ഭുജിക്കുകയും ചെയ്തുവോ, സ്വർണ്ണം നൽകുന്നവനായ അവൻ ഋത്വിക്കുകളുടെ മൃത്യു നിവാരകമായ സോമരസം പാനംചെയ്യട്ടെ.

**5. അർവാഞ്ചമദ്യ യയ്യം നൃവാഹണം യുഞ്ജാഥാമി വാം വിമോചനം**

**പൃങ്ക്തം ഹവീംഷി മധുനാ ഹി കം ഗതമഥാ സോമം പിവതം വാജിനീവസു**

ഹേ അശ്വിനികളേ! ശീഘ്രഗാമിയും ഇഛിത സ്ഥാനങ്ങളിലെത്തുന്നതുമായ നിങ്ങളുടെ തേരിനെ ഇന്ന് ഈ യജ്ഞത്തിലേക്ക് നയിച്ചാലും. ഞങ്ങളുടെ ഹവിസ്സിനെ സ്വദിഷ്ഠമാക്കിയാലും. അന്നം ഭുജിക്കുന്ന നിങ്ങൾ ഞങ്ങളുടെ സോമരസംപാനം ചെയ്താലും.

**6. ജോഷ്യഗ്നേ സമിധം ജോഷ്യാഹുതിം ജോഷി ബ്രഹ്മജന്യം ജോഷി സുഷ്ടുതിം**

**വിശ്വേഭിർവിശ്വാം ഋതുനാ വസോ മഹ ഉശന്ദേവാം ഉശതഃ പായയാ ഹവിഃ**

ഹേ അഗ്നേ! നീ സമിധാ, ആഹുതി, സ്തോത്രം എന്നിവകളാൽ സ്തുതികളെ പ്രാപിച്ചാലും. ഞങ്ങളുടെ സ്തുതികളെ ആഗ്രഹിക്കുന്ന നീ അഖിലത്തിൻേറയും ആശ്രയദാതാവാകുന്നു. ഞങ്ങളുടെ ഹവിസ്സിനെ വാഞ്ചിക്കുന്ന എല്ലാദേവതകളോടും വിശ്വേദേവകളോടും കൂടി സോമം പാനം ചെയ്താലും.

## സൂക്തം 38

**ഋഷി ഗൃത്സമദൻഴദേവത സവിതാവ് ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഉദു ഷ്യ ദെവഃ സവിതാ സവായ ശശ്വത്തമം തദപാ വഹ്നിരസ്ഥാത്**

**നൂനം ദേവേഭ്യോ വി ഹി ധാതി രത്നമഥാഭജദ്വീതി ഹോത്രം സ്വസ്തൗ**

ലോകത്തെ വഹിക്കുന്ന പ്രകാശമാനനായ സവിതാദെവൻ പ്രസവത്തിനനുജ്ഞ നൽകാൻ നിത്യവും പ്രത്യക്ഷമാകുന്നു. ഇവന്റെ ജോലി ഇതാകുന്നു.ഇവൻ സ്തുതിക്കുന്നവർക്ക് ധനം നൽകുകയും യജമാനന് ഐശ്വര്യം നൽകുകയും ചെയ്യുന്നു.

**2. വിശ്വസ്യ ഹി ശ്രുഷ്ടയേ ദേവ ഊർധ്വഃ പ്ര ബാഹവാ**

**പൃഥുപാണി സിസതിം**

**ആപശ്ചിതസ്യ വ്രത ആ നിമൃഗ്രാ അയം ചിദ്വാതോ രമതേ പരിജ്മൻ**

നീകരങ്ങളോടും പ്രകാശത്തോടുകൂടിയ സവിതാദേവൻ ലോകത്തെ ആനന്ദിപ്പിക്കുന്നതിനായി തൻെറ കരങ്ങൾ വിരിക്കുന്നു. അവൻ കാരണം പവിത്രമാറ ജലം പ്രവഹിക്കുകയും വായു അന്തരീക്ഷത്തിൽ ചരിക്കുകയും ചെയ്യുന്നു.

**3. ആശുഭിശ്ചിദ്യാന്വി മുചാതി നൂനമരീരമദതമാനം ചിദേതോഃ**

**അർഹ്യ ഷൂണാം ചിന്ന്യയാം അവിഷ്യാമനു വ്രതം സുവിനുർമോക്യാഗാത്**

ഇപ്പോൾ ദ്രുതഗാമിയായ സവിതാദേവൻ കിരണങ്ങളെ ഉപേക്ഷിക്കുന്നു. അപ്പോൾ സഞ്ചരിച്ചുകൊിരിക്കുന്ന പഥികരും തങ്ങളുടെ യാത്ര മുടക്കുന്നു. ശത്രുക്കളെ നേരിടുവാൻ പോകുന്നവരുടെ ആഗ്രഹങ്ങളും ആ സമയത്ത് വിരാമംപ്രാപിക്കുന്നു. സവിതാവിൻെറ കർമ്മം കഴിഞ്ഞാൽ രാത്രി ആവിർഭവിക്കുന്നു.

**4. പുനഃ സമവ്യദ്വിതതം വയന്തീ മധ്യാ കർതോന്യധാഛക്മ ധീരഃ**

**ഉത്സംഹായാസ്ഥാദവ്യഥ തുരർധരരമതിഃ സവിതാ ദേവ ആഗാത്**

വസ്ത്രം നെയ്യുന്ന സ്ത്രീക്ക് സമാനം രാത്രി പ്രകാശത്തെ നെയ്യുന്നു. ബുദ്ധിമാൻമാരുടെ കർമ്മങ്ങൾ മാർഗ്ഗമദ്ധ്യേ നിന്നുപോകുന്നു. ഋതുക്കളെ വിഭജിക്കുന്നവനായ സൂര്യൻ വീും ഉദിക്കുമ്പോൾ ആളുകൾ കിടക്കവിട്ടെഴുന്നേൽക്കുന്നു.

**5. നാനൗകാംസീ ദുര്യോ വിശ്വമായുർവി തിഷ്ഠതേ പ്രഭവഃ ശോകോ അഗ്നേഃ**

**ജ്യേഷ്ഠ മാതാ സൂനവേ ഭാഗമാദാദന്വസ കേതമിഷിതം സവിത്രാ**

അഗ്നിഗൃഹത്തിലുത്ഭവിച്ച തേജസ്സ് യജമാനൻെറ അന്നകാഷ്ഠങ്ങളിൽ വ്യാപിക്കുന്നു. മാതാവായ ഉഷസ്സ് സവിതാവിനാൽ പ്രേരിതമായ യജ്ഞത്തിൻെറ ഉത്തമഭാഗം അഗ്നിക്കു നൽകിക്കഴിഞ്ഞു.

**6. സമാവവർതി വിഷ്ഠിതോ ജംഗീഷുർ വിശ്വേഷാം കാമശ്ചരതാമമാഭൂത്**

**ശശ്വാം അപോ വികൃതം ഹിത്വ്യാഗാദനു വ്രതം സവിതുർദൈവ്യസ്യ**

സവിതാവിൻെറ ദിവയവ്രതം അവസാനിക്കുമ്പോൾ യുദ്ധത്തിൽ വിജയാകാംക്ഷയുള്ള നൃപൻ മടങ്ങിവരുന്നു. എല്ലാ ജംഗമ വസ്തുക്കളും തങ്ങളുടെ നിവാസസ്ഥാനങ്ങളിൽ ആവിർഭവിക്കുന്നു. ജോലികളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾ തങ്ങളുടെ പ്രവർത്തികൾ അപൂർണ്ണങ്ങളായിരിന്നിട്ടും ഭവനങ്ങളിലേക്ക് പോകുന്നു. ദിവ്യനായ സവിതാവിൻെറ പണികളാണിത്.

**7. ത്വയാ ഹിതമപ്യമപ്സു ഭാഗം ധന്വാന്വാ മൃഗയസോ വി തസ്ഥുഃ**

**വനാനി വിഭ്യോ ന ക്രിരസ്യ താനി വ്രതാ ദേവസ്യ സവിതുർമിനന്തി**

ഹേ സവിതാദേവാ! അന്തരീക്ഷത്തിൽ നീ സ്ഥാപിക്കപ്പെട്ട ജലാംശത്തെ അന്വേഷിച്ചുകൊും മൃഗങ്ങൾ മരുഭൂമിയിൽ മരുവുന്നു. നീ പക്ഷികൾക്ക് വസിക്കുവാനായി വൃക്ഷങ്ങളെ വിഭജിച്ചിരിക്കുന്നു. നിൻെറ പ്രവർത്തനങ്ങളെ ആർക്കും തടുക്കുവാൻ സാധ്യമല്ല.

**8. ആദ്രാന്യം വരുധോ യോനിമവ്യമനിശിതം നിമിഷിജർഭുരാണഃ**

**വിശ്വേ മാർത്താണ്ഡോ വ്രജമാ പശുർശാത് സ്ഥശോ ജൻമാനി സവിതാ വ്യാകഃ**

സൂര്യനസ്തമിച്ചു കഴിയുമ്പോൾ വരുണൻ എല്ലാജംഗമവസ്തുക്കൾക്കും സുഖം നൽകുകയും സുഗമമായ വാസസ്ഥാനം നൽകുകയും ചെയ്യുന്നു. സവിതാവ് എല്ലാത്തിനേയും പ്രത്യേകം പ്രത്യേകമാക്കുമ്പോൾ എല്ലാ പക്ഷികളും തിരിക്കുന്നു. പശു തൊഴുത്തിൽ കയറുന്നു. സവിതാവ് പ്രാണികളെ സ്വസ്ഥാനങ്ങളിലേക്ക് വേർതിരിക്കുന്നു.

**9. ന യസ്യേന്ദ്രോ വരുണോ ന മിത്രോ വ്രതമര്യമാ ന മമിന്തി രുദ്രഃ**

**നാരാതയസ്തമിദം സ്വസ്തി ഹുവേ ദേവം സവിതാരം നമോഭിഃ**

ഇന്ദ്രനും, വരുണനും, മിത്രനും, അര്യമയ്ക്കും, രുദ്രനും അതുപോലെ ശത്രുക്കൾക്കുപോലും യാതൊരുത്തൻെറ വ്രതത്തെ തടയുവാൻ സാധിക്കുന്നില്ലയോ, ആ പ്രകാശവാനായ സൂര്യനെ ഞാൻ നമസ്കാരപൂർവ്വം ഹവിസ്സ് ഒരുക്കിവിളിക്കുന്നു.

**10. ഭഗം ധിയം വാജയന്തഃ പുരന്ധിം നരാശംസോഗ്നാസ്പതിർനോ അവ്യാഃ**

**ആയേ മാമസ്യ സങ്ഗഥേരയീണാം പ്രയാ ദേവസ്യ സവിതുഃ സ്യാമ**

എല്ലാ മനുഷ്യരും ആരെ സ്തുതിക്കുന്നുവോ, ആര് ദേവപത്നിമാരെ സംരക്ഷിക്കുന്നുവോ, ആ സൂര്യൻ ഞങ്ങളെ രക്ഷിക്കട്ടെ. ഭജനത്തിനും, ധ്യാനത്തിനും അത്യന്തം യോഗ്യനും മഹാജ്ഞാനിയുമായ സൂര്യനെ ഞങ്ങൾ സന്തുഷ്ടനാക്കുന്നു. ധനവും, മൃഗങ്ങളും ലഭിച്ച് ഞങ്ങൾ സുരക്ഷിതരാകുവാനുള്ള ആഗ്രഹത്തോടുകൂടി സവിതാദേവൻെറ സദ്ഭാവം ആഗ്രഹിക്കുന്നു.

**11. അസ്മഭ്യം തദ്ദിവോ അദ്ഭ്യഃ പൃഥിവ്യാ സ്ത്വയാ ദത്തം കാമ്യം രാധ ആ ഗാത്**

**ശം യത്സ്തോഭ്യ ആപയേ ഭവാത്യുരുശംസായ സവിതർജരിത്രേ**

ഹേ ഭാസ്കരാ! നീ ഞങ്ങൾക്കുനൽകിയ ആ വിഖ്യാതമായ ധനം സ്വർഗ്ഗത്തിൽനിന്നും ഭൂമിയിൽനിന്നും അന്തരീക്ഷത്തിൽനിന്നും ഞങ്ങൾക്ക് ലഭിക്കുന്നു. യാതൊരു ധനം സ്തുതിക്കുന്നവരുടെ വംശജർക്ക് കല്യാണകാരിയായിരിക്കുന്നുവോ, അതുതന്നെ എനിക്കുതരണേ. ഞാൻ നിന്നെ ശരിയായ രീതിയിൽ സ്തുതിക്കുന്നു.

## സൂക്തം 39

**ഋഷി ഗൃത്സമദൻ ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഗ്രാവാണേവ തദിദർഥ ജരേഥേ ഗൃധ്രേവ വൃക്ഷം നിധിമന്ത മഛ**

**ബ്രഹ്മണേവ വിദഥ ഉക്ഥശാസാ ദൂതേവ ഹവ്യാ ജന്യാ പുരുത്രാ**

ഹേ അശ്വിനികളേ! രു പാറക്കഷണങ്ങൾപോലെ ശത്രുക്കൾക്ക് തടസ്സം സൃഷ്ടിക്കണേ. വൃക്ഷത്തിലിരിക്കുന്ന രു പക്ഷികളെപ്പോലെ നിങ്ങൾ രുപേരും യജമാനന്റെ നികടത്തിൽ വിരാജിതരാകണേ. മന്ത്രോക്താവായി ബ്രഹ്മപദം പ്രാപിച്ചു. ഋത്വിജനെപ്പോലെയും രു രാജദൂതൻമാരെപ്പോലെയും നാട്ടിൻപുറങ്ങളിലും ആഹ്വാനയോഗ്യരാകുന്നു.

**2. പ്രാതര്യാവാണാ രഥ്യേവ വീരാജേവ യമാ വരമാ സചേഥേ**

**മേനേ ഇവ തന്വാ ശുഭ്മാനേ ദംപതീവ ക്രതുവിദാ ജനേഷു**

ഹേ അശ്വിനികളേ! നിങ്ങൾ പ്രഭാതത്തിൽ പുറപ്പെടുന്നവരും രു അതിഥികളെപ്പോലെ വരൻമാരും സഹജൻമാക്കളെപ്പോലെ ഇരട്ടപെറ്റവരും രു സുന്ദരിമാരെപ്പോലെ കാന്തിയോടുകൂടിയവരും ദമ്പതികളെപ്പോലെ സഹകർമ്മികളും ഗ്രാമങ്ങളിലെ എല്ലാകർമ്മങ്ങളുടെയും ജ്ഞാതാക്കളും ആകുന്നു. നിങ്ങൾ രുപേരും സ്വന്തം ഉപാസകരെ പ്രാപിച്ചാലും.

**3. ശൃങ്ഗേവ നഃ പ്രഥമാ ഗന്തമർവാക് ഛഫാവിവജർഭുരാണ തരോഭിഃ**

**ചക്രാവാകേവ പ്രതി വസ്തോരുസ്രാർവാഞ്ചാ യാതം രഥ്യേവ ശക്രാ**

ഹേ അശ്വിനികളേ! നിങ്ങൾ ദേവതകളിൽ മുൻപരാണ്. മൃഗങ്ങളിലെ രു കൊമ്പുകൾപോലെ ബലിഷ്ഠരായ നിങ്ങൾ ഞങ്ങളുടെ അടുത്തേക്ക് അശ്വാദികളുടെ കുളമ്പുകളുടെ വേഗത്തോടുംകൂടി എഴുന്നള്ളിയാലും. രഥികൾപോലെ ശത്രുക്കളെ കൊല്ലുന്ന നിങ്ങൾ സ്വന്തം കാര്യത്തിൽ സമർത്ഥരാകുന്നു. പകൽ സമയത്ത് ചക്രവാക മിഥുനങ്ങൾ ഇരിക്കുന്നതുപോലെ ഞങ്ങളുടെ മുമ്പിലേയ്ക്കുവരണേ.

**4. നാവേവ ന പാരയതം യുഗേവ നഭ്യവ ന ഉപധീവ പ്രധീവ**

**ശ്വാനവേ നോ അരിഷണ്യാ തനൂനാം വൃഗലേവ വിസ്രസഃ പാതമസ്മാൻ**

ഹേ അശ്വിനികളേ! വള്ളം കരയ്ക്കടുക്കുന്നതുപോലെ ഞങ്ങളെ കരയ്ക്കടുപ്പിക്കണേ. നുകംപോലെയും ഞങ്ങളെ അപ്പുറത്താക്കണം. നായ്ക്കൾപോലെ ഞങ്ങളുടെ ദേഹരക്ഷചെയ്യണം. ഞങ്ങളുടെ അപകടങ്ങളിൽനിന്നും വാർദ്ധക്യത്തിൽനിന്നും രക്ഷിക്കേണമേ.

**5. വാതേവാജൂര്യാ നദ്യേവ രീതിരക്ഷീ ഇവ ചക്ഷുഷാ യാതമർവാക്**

**ഹസ്താവിവ തന്വേ ശംഭവിഷ്ഠാ പാദേവ നോ നയതം വസ്യോ അഛ**

ഹേ അശ്വിനികളേ! നിങ്ങൾ വായുവിനെപ്പോലെ അക്ഷയരും, നദികളെപ്പോലെ വേഗവാൻമാരും, മന്ത്രങ്ങൾപോലെ ദർശനീയരുമാകുന്നു. ഞങ്ങളുടെ വാസസ്ഥാനത്തേക്ക് എഴുന്നള്ളിയാലും. നിങ്ങൾ രും കാലുകളും കരങ്ങളും പോലെ ശരീരത്തിന് സുഖം നൽകുന്നു. നിങ്ങൾ ഉത്തമമായ ധനം ഞങ്ങൾക്ക് പ്രദാനം ചെയ്യുന്നു.

**6. ഓഷ്ഠാവിവ മധ്വാസ്നേ വദന്താ സ്താനാവിവ പിപ്യതം ജീവസേ നഃ**

**നാസേവ നസ്തന്വോ രക്ഷിതാര കർണാവിവ സുശ്രുതാ ഭൂതമസ്മേ**

ഹേ അശ്വിനികളേ! അധരങ്ങളിൽനിന്നും മധുരവചനങ്ങൾ പൊഴിയുന്നതുപോലെര മധുരവചനങ്ങൾ മൊഴിഞ്ഞാലും. സ്തനദ്വയങ്ങളിൽനിന്നും പാൽ പുറപ്പെടുന്നതുപോലെ ജീവിതത്തെ പുഷ്ടിപ്പെടുത്തണേ. നാസികയുടെ രു ദ്വാരങ്ങൾപോലെ ഞങ്ങളെ രക്ഷിക്കണേ. ഇരുചെവികൾപോലെ ഞങ്ങളുടെ സ്തുതികളും ശ്രവിക്കണേ.

**7. ഹസ്തേവ ശക്തിമഭി സന്ദദീ നഃ ക്ഷാമേവ നഃ സമജതം രജാംസി**

**ഇമാ ഗിരോ അസ്വിനാ യുഷ്മയന്തീഃ ക്ഷ്ണോത്രേണേവ സ്വധിതിം സം ശിശീതം**

ഹേ അശ്വിനികളേ! ഇരുകരങ്ങൾപോലെ ഞങ്ങൾക്കു ബലം തരണേ. ആകാശത്തേയും ഭൂമിയേയും പോലെ ജലം പ്രദാനം ചെയ്യണേ. ഈ സ്തുതികൾ നിങ്ങൾക്കുള്ളതാകുന്നു.ന്ന ചാണ പിടിക്കുന്നവൻ വാളിനു മുർച്ചകൂട്ടുന്നതുപോലെ നിങ്ങൾ ഈ സ്തുതികൾ തീഷ്ണമാക്കണേ.

**8. ഏതാനി വാമശ്വിനാ വർധനാനി ശ്രഹ്മ സ്തോമം ഗൃത്സമദാസോ അക്രൻ**

**താനി നരാ ജുജുഷാണോപ യാതം ബൃഹദ്വദേമ വിദഥേ സുവീരാഃ**

ഹേ അശ്വിനികളേ! ഗൃത്സമദമഹർഷിയാൽ നിർമ്മിക്കപ്പെട്ട ഈ സ്തോത്രം നിങ്ങളെ വൃദ്ധിപ്പെടുത്തുന്നതാണ്. നിങ്ങൾ എല്ലാത്തിനേറയും നാഥനും സ്നേഹിക്കുന്നവനും ആകണേ. ഈ സ്തുതികൾ നിങ്ങളെ പ്രാപിക്കണേ. ഞങ്ങൾ പുത്രപൗത്രയുക്തരായി ഈ യജ്ഞത്തിൽ നിങ്ങളെ സ്തുതിക്കും.

## സൂക്തം 40

**ഋഷി ഗൃത്സമദൻ ദേവത സോമൻ, പൂഷാവ്, അദിതി**

**ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. സോമാ പൂഷണാ ജനനാ രയീണാം ജനനാ ദിവോ ജനനാ പൃഥിവ്യഃ**

**ജാതൗ വിശ്വസ്യ ഭുവനസ്യ ഗോപൗ ദേവാ അകൃണ്വന്നമൃതസ്യ നാഭിം**

സോമപൂഷാക്കളേ! നിങ്ങൾ ധനത്തിന്റേയും ആകാശത്തിന്റേയും ഭൂമിയുടേയും പിതാവാകുന്നു. ധനത്തോടുകൂടി നിങ്ങൾ വിശ്വരക്ഷകരായി ദേവതകൾ നിങ്ങളെ അമരൻമാരാക്കിത്തീർത്തു.

**2. ഇമൗ ദേവൗ ജായമാനൗ ജഷന്തേമൗ തമാംസി ഗുഹതാമജൂഷ്ടാ**

**ആഭ്യമിന്ദ്രഃ പക്വമാമാസ്വന്തഃ സോമാപൂഷഭ്യാം ജനദുസ്രിയാസു**

തേജസ്വികളായ സോമനും പൂഷാവും ജനിച്ചപ്പോൾതന്നെ ദേവകൾ അവരെ സേവിച്ചു. ഇവർ രുപേരും അഹിതകാരിയായ അന്ധകാരത്തെ നശിപ്പിച്ചു. ഇവരുടെ സഹായത്തോടുകൂടി ഇന്ദ്രൻ യുവതികളായ ഗോക്കളുടെ അകിടുകളിൽ പാൽ നിറച്ചു.

**3. സോമാപൂഷണാ രജസോ വിമാനം സപ്തചക്രം രഥമവിശ്വമിന്വം**

**വിഷൂവതം മനസാ യജ്യമാനം തം ജിന്വഥോ വൃഷണാ പഞ്ചരശ്മിം**

ഹേ ഇഷാവർഷാക്കളായ സോമാപൂഷാ! ലോകത്തെ അളക്കുന്നതും, ആർക്കും അളക്കുവാൻ സാധ്യമല്ലാത്തതും ഏഴുചക്രങ്ങളും അഞ്ചുരശ്മികളാകുന്ന കടിഞ്ഞാണുകളുള്ളതും എങ്ങും ചുറ്റി സഞ്ചരിക്കുന്നതും മനസ്സാൽ പൂട്ടുന്നതുമായ ആ പള്ളിത്തേർ ഇങ്ങോട്ട് നയിക്കട്ടെ.

**4. ദിവ്യന്യഃ സദന ചക്ര ഉച്ചാ പൃഥിവ്യാമന്യോ അധ്യന്തരിക്ഷേ**
**താവസ്മഭ്യം പുരുവാരം പുരുക്ഷുംരായസ്പോഷം വിഷ്യതാ നാഭിമസ്മേ**

പൂഷാവ് ഉന്നതമായ ആകാശത്തിലും സോമൻ ഔഷധീരൂപത്തിൽ ഭൂമിയിലും അതുപോലെ ചന്ദ്രികാരൂപത്തിൽ അന്തരീക്ഷത്തിലും വാസമുറപ്പിച്ചു. നിങ്ങൾ രുപേരും പ്രശംസാർഹരും വരണയോഗ്യരും പശുരൂപമായ ധനം പ്രദാനം ചെയ്യുന്നവരും ആകട്ടെ.

**5. വിശ്വാന്യന്യോ ഭുവനാ ജജാന വിശ്വമന്യോ അഭിചക്ഷാണ ഏതി**
**സോമാപൂഷണാവവതം ധിയം മേ യുവാഭ്യാം വിശ്വാ പൃതനാ ജയേമ**

ഹേ സോമാ! പൂഷാവേ! നിങ്ങളിൽ സോമൻ എല്ലാ ഭൂതങ്ങളേയും സൃഷ്ടിച്ചു. പൂഷാവ് എല്ലാ ലോകങ്ങളേയും വീക്ഷിക്കുന്നു. നിങ്ങൾ രുപേരും ഞങ്ങളുടെ കർമ്മങ്ങളുടെ രക്ഷകരാകുന്നു. നിങ്ങളുടെ ശക്തിയാൽ ഞങ്ങൾ ശത്രുസൈന്യത്തിൻെറ മേൽവിജയം പ്രാപിക്കട്ടെ.

**6. ധിയം പൂഷാ ജിന്വതു വിശ്വമിന്വോ രയിം സോമോ രയിപതിർദധാതു**
**അവതു ദേവ്യദിതിരനർവാ ബൃഹദ്വദേമ വിദഥേ സുവീരാഃ**

ജഗത്തിനു സുഖം നൽകുന്ന പൂഷാവ് നമ്മുടെ കർമ്മങ്ങളെ പൂർണ്ണമാക്കണേ. ധനസമ്പന്നനായ സോമൻ നമുക്ക് ധനം നൽകണേ. തേജസ്വിനിയായ അദിതി ശത്രുക്കളിൽനിന്നും നമ്മെ രക്ഷിക്കണേ. പുത്രപൗത്രയുക്തരായി ഞങ്ങൾ ഈ യജ്ഞത്തിൽ അത്യധികമായി സ്തോത്രങ്ങൾ ആലപിക്കട്ടെ.

## സൂക്തം 41

**ഋഷി ഗൃത്സമദൻ ദേവത ഇന്ദ്രൻ, വായു, മിത്രൻ, വരുണൻ ഛന്ദസ് ഗായത്രി, അനുഷ്ടുപ്, ഉഷ്ണിക, ബൃഹതി**

**1. വായോ യേ തേ സഹസ്രിണോ രഥാസസ്തേഭിരാ ഗഹി**
**നിയുത്വാൻ സോമപീതയേ**

ഹേ വായു! നീ സഹസ്രങ്ങളായ രഥങ്ങളിൽ അശ്വയുക്തരായി സോമം പാനം മെചയ്യുവാൻ എഴുന്നള്ളണേ.

**2. നിയുത്വാന്വായവാ ഗഹ്യയം ശുക്രോ അയാമി തേ ഗന്താസി സുന്വതോ ഗൃഹം**

വായു! നീ കുതിരകൾ സഹിതം എഴുന്നള്ളിയാലും. നീ തേജോയുക്തമായ സോമം തയ്യാറാക്കുന്നവരുടെഗൃഹം പൂകിയിരിക്കുന്നു.

**3. ശുക്രസ്യാദ്യാ ഗവാശിര ഇന്ദ്രവായു നിയുത്വതഃ**
**ആ യത്നം പിവതം നരാ**

ഹേ ഇന്ദ്രാ! വായു! നിങ്ങൾ അശ്വയുക്തരായി സോമത്തിനായി ഇവിടെ ആഗതരാവുകയും ക്ഷീരമിശ്രിതമായ സോമപാനം ചെയ്യുകയും ചെയ്യണേ.

**4. അയം വാം മിത്രാവരുണാ സുതഃ സോമ ഋതാവൃധാ**
**മമേദിഹ ശ്രുതം ഹവം**

ഹേ മിത്രാ! വരുണാ! നിങ്ങൾക്കുവേി ഈ സോമം തയ്യാറാക്കിയിരിക്കുന്നു. നിങ്ങൾ സത്യത്തെ നിലനിർത്തുന്നവരാണല്ലോ. ഞങ്ങളുടെ ആഹ്വാനം ശ്രവിക്കണേ.

**5. രാജാനാവനഭിദ്രുഹാ ധ്രുവേ സദസ്യുത്തമേ |**
**സഹസ്രസ്ഥൂണ ആസതേ ||**

ദ്വേഷരഹിതരും അഖിലത്തിനേറയും നാഥനുമായ മിത്രാ, വരുണാ! സ്ഥിരവും സർവ്വശ്രേഷ്ഠവുമായ സ്തംഭങ്ങളോടുകൂടിയ ഈമണ്ഡപത്തിൽ വിരാജിതരായാലും.

**6. താ സമ്രാജാ ഘൃതാസുതീ ആദിത്യാ ദാനുനസ്പതീ |**
**സചേതേ അനവഹ്വരം ||**

അഖിലത്തിൻേറയും ചക്രവർത്തിയും ഘൃതരൂപമായ അന്നം ഭുജിക്കുന്നവനും ദാനശീലനും അദിതിപുത്രനായ മിത്രനും വരുണനും സരളസ്വഭാവനായ യജമാനൻെറ കാര്യങ്ങൾ നിർവ്വഹിക്കുന്നു.

**7. ഗോമദു ഷു നാസത്യാശ്വാവദ്യാതമശ്വിനാ |**
**വർതീ രുദ്രാ നൃപായ്യം ||**

അസത്യരഹിതരായ അശ്വിനികൾ രും, രുദ്രദ്വയരും യജ്ഞത്തിൽ അഗ്രണികളായി യാതൊരു സോമരസം പാനം ചെയ്യുന്നുവോ, ആ സോമത്തെ ഗോക്കളാലും അശ്വങ്ങളാലും യുക്തമായ രഥത്തിൽ ഇവിടെകൊുവരട്ടെ.

**8. ന യത്പരോനാന്തര ആദധർഷദ്വ ഷണ്വസൂ |**
**ദുഃശംസോ മർത്യോ രിപുഃ ||**

ധനവർഷകരായ അശ്വിനികൾ രും ദൂരെയോ സമീപത്തോ ഉള്ളതും ശത്രുക്കൾക്ക് തട്ടിയെടുക്കുവാൻ കഴിയാത്തതുമായ ആ ധനം നമുക്കു പ്രദാനം ചെയ്യണേ.

**9. താ ന ആ വോള്ഹമശ്വിനാ രയിം പിശങ്ഗസൻദൃശം |**
**ധിഷ്ണ്യാ വരിവോവിദം ||**

ഹേഅശ്വിനികളേ! നിങ്ങൾ ഞങ്ങൾക്കുപകരിക്കത്തക്ക വിധത്തിലുള്ള നാനാവിധത്തിലുള്ള ധനങ്ങളുമായി എഴുന്നള്ളണേ.

**10. ഇന്ദ്രോ അങ്ഗ മഹദ്ഭയമഭി ഷദപ ചുച്യവത് |**
**സ ഹി സ്ഥിരോ വിചർഷണിഃ ||**

ഇന്ദ്രൻ മഹാമേധാവിയാണ്. അവൻ നമ്മെ ലോകത്തിലെ അപമാനങ്ങളിൽനിന്നും പരാജയകാരികളായ ഭയങ്ങളിൽനിന്നും മോചിപ്പിക്കണേ.

**11. ഇന്ദ്രശ്ച മൃളയാതി നോ ന നഃ പശ്ചാദധം നശത് ഭദ്രം ഭവാതി നഃ പുരഃ ||**

ഇന്ദ്രൻ നമുക്ക് സുഖം നൽകുവാനാഗ്രഹിക്കുകയാണെങ്കിൽ പാപം നമ്മുടെ അടുത്തുവരാതിരിക്കുകയും നമുക്ക് മംഗളമു ാകുകയും ചെയ്യും.

**12. ഇന്ദ്ര ആശാഭ്യസ്പരി സർവാഭ്യോ അഭയം കരത് |**
**ജേതാ ശത്രൂന്വിചർഷണിഃ ||**

ഇന്ദ്രൻ ബുദ്ധിമാനാണ്. അവനിൽ ശത്രുക്കളെ ജയിച്ചടക്കുവാനുള്ള സമാർത്ഥ്യമു്. അവൻതന്നെ നമ്മെ നിർഭയരാക്കണേ.

**13. വിശ്വേ ദേവാസ ആ ഗത ശൃണുതാ മ ഇമം ഹവം |**
**ഏദം ബർഹിർനി ഷീദത ||**

ഹേ വിശ്വദേവതകളേ! ഇങ്ങോട്ടെഴുന്നള്ളിയാലും. ഞങ്ങളുടെ

ആഹ്വാനം ശ്രവിച്ച് ഈ കുശാസനത്തിൽ വിരാജിക്കണേ.

**14. തീവ്രോ വോ മധുമാം അയം ശുനഹോത്രേഷു മത്സരഃ |**

**ഏതം പിവത കാമ്യം ||**

വിശ്വദേവതകളേ! ഗൃത്സമദവംശക്കാരുടെ അടുക്കൽ അത്യന്തം ഹർഷപ്രദായകവും മധുരരസ യുക്തവും പുഷ്ടിവർദ്ധകവുമായ സോമം നിങ്ങൾക്കായിട്ട്. ബലയുക്തവും രസയുക്തവും ഈ സോമപാനം ചെയ്യണേ.

**15. ഇന്ദ്രജ്യേഷ്ഠോ മരുത്ഗണ ദേവാസഃ പുഷരാതയഃ**

**വിശ്വേ മമ ശ്രുതാ ഹവം ||**

യാതൊരുത്തൻ മരുത്തുക്കളിൽ ശ്രേഷ്ഠനായിരിക്കുന്നുവോ, യാതൊരുത്തന് പുഷ്‌വാദാനം ചെയ്യുന്നുവോ ആ മരുത്തുക്കൾ നമ്മുടെ ആഹ്വാനം ശ്രവിക്കണേ.

**16. അംബിതമേ നദീതമേ സരസ്വതീ |**

**അപ്രശസ്താ ഇവ സ്മസി പ്രശാണിമാബ സസ്കൃതി ||**

മാതാക്കളേ! നദികളിൽ ശ്രേഷ്ഠത്വം പ്രാപിച്ചിരിക്കുന്ന സരസ്വതി ധനഹീനരായ ഞങ്ങളെ ധനികരാക്കണേ.

**17. ത്വേ വിശ്വാ സരസ്വതി ശ്രിക്കായുഷീ ദേവ്യാം |**

**ശുനഹോത്രേഷു മത്സ്വ പ്രജാം ദേവി ദിദീഡ്ഢി നഃ ||**

ഹേ സരസ്വതീ! നീ കാന്തിമതിയാകുന്നു. നിന്റെ ആശ്രയത്തിൽ അന്നം വസിക്കുന്നു. യജ്ഞത്തിൽ സോമം പാനം ചെയ്തു തൃപ്തയാകണേ. ഹേ സരസ്വതീ! നീ ഞങ്ങൾക്ക് സന്താനങ്ങളെ നൽകണേ.

**18. ഇമാ ബ്രഹ്മ സരസ്വതി ജുഷസ്വ വാജിനീവതി |**

**യാ തേ മൻമ ഗൃത്പമദാ ഋതാവരി പ്രിയാ ദേവേഷു ജൂഹ്വതി ||**

ഹേ ശ്രേഷ്ഠയായ സരസ്വതീദേവീ! ഈ ഹവിസ്സ് മനോഹരമാണ്. ദേവഗണങ്ങൾ ഇതിനെ ആഗ്രഹിക്കുന്നു. ഗൃത്സമദവംശക്കാർ ഈ ഹവിസ്സ് നിങ്ങൾക്ക് നൽകുന്നു.

**19. പ്രേതാം യജ്ഞസ്യ ശംഭുവാ യുവാമിദാ വൃണീമഹേ |**

**അഗ്നിം ച ഹവ്യവാഹനം ||**

ഹേ ആകാശമേ! ഭൂമീ! നിങ്ങൾ യജ്ഞത്തിന്റെ സമ്പാദകരാകണേ. ഈ യജ്ഞത്തിലെഴുന്നള്ളണേ. ഞങ്ങൾ നിങ്ങളെയും ഹവിസ്സ് വാഹകനായ അഗ്നിയേയും സ്തുതിക്കുന്നു.

**20. ദ്യാവാ നഃ പൃഥിവീ ഇമം സിധ്രമദ്യ ദിവിസ്പശം |**

**യജ്ഞം ദേവേഷു യച്ഛതാം ||**

ഹേ ആകാശമേ! ഭൂമീ! നിങ്ങൾ സ്വർഗ്ഗാദികളുടെ സാധനം ഫലമാക്കുന്നവരും, ദേവതകളിലേയ്ക്ക് ചേരുന്നവരുമാണ്. ഞങ്ങളുടെ ഈ യജ്ഞത്തെ ദേവതകളുടെ അടുക്കലേയ്ക്കുകൊു പോകുന്നവരായിരിക്കണേ.

**21. ആ വാമുപസ്ഥമദ്രുഹാ ദേവാഃ സീദന്തു യജ്ഞിയാഃ |**

**ഇഹാദ്യ സോമപീതയേ ||**

ഹേ ആകാശമേ! ഭൂമീ! നിങ്ങൾ ദ്വേഷത്തിനും ശത്രുതക്കും അതീതരാണ്. ഇന്ന് ഈ യജ്ഞത്തിലാഗതരാകുന്ന ദേവഗണം സോമപാനത്തിനായി നിങ്ങളുടെ അടുക്കൽ സ്ഥിതിചെയ്യണേ.

## സൂക്തം 42

സൂക്തം 4, 5 വിവാഹത്തിനു പുറപ്പെടുമ്പോഴും ഗൃഹപ്രവേശം നടത്തുമ്പോഴും ഈ മന്ത്രം ചൊല്ലുന്നു. വാതിൽ പുറപ്പാടിലും ഈ മന്ത്രം ചൊല്ലുന്നു.

**ഋഷി ഗൃത്സമദൻ  ദേവത കപിഞ്ജാലരൂപനായ ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. കനിക്രദജ്ജനുസം പ്രബ്രുവാന ഇയതിം വാചമാരി തേവ നാവം |**

**സുമംഗലശ്ച ശു കേന ഭവാസ്മാ ത്വാ കാ ചിദഭിഭാ വിദത് ||**

തുടർച്ചയായി ശബ്ദമുാക്കി ഭാവിയെ നിർദ്ദേശിക്കുന്ന കപിഞ്ജലമേ, വള്ളം തുഴഞ്ഞുവിടുന്നതുപോലെ വാണിക്കു പ്രേരണ നൽകുന്നു. ഹേ ശകുനമേ! നീ മംഗളപ്രദനാകു. ഒരു വിധത്തിലുമുള്ള പരാജയം ഒരിടത്തുനിന്നും വന്ന് നിങ്ങളെ പ്രാപിക്കാതിരിക്കട്ടെ.

**2. മാ ത്വാ ശ്യേന ഉദ്വധിൻമാ സുപർണോ മാ ത്വാ ചിദദിഷുമാന്വിരോ അസ്താ |**

**പിത്ര്യാമനു പ്രദിശം കനിക്രദത്സമംഗലോ ഭദ്രവാദീ വദേഹ ||**

ഹേ ശകുനീ! (പക്ഷി) കഴുകൻ നിന്നെ ഹിംസിക്കാതിരിക്കണേ. ഗരുഢനും നിന്നെ കൊല്ലാതിരിക്കണേ. അമ്പും വില്ലുമുള്ള വീരന്റെ കണ്ണുകളിലും നീ പതിക്കാതിരിക്കണേ. നീ ദക്ഷിണദിക്കിൽ തുടർച്ചയായി ശബ്ദിച്ചുകൊ് ഞങ്ങൾക്ക് മംഗളമറിയിക്കൂ.

**3. അബ ക്രന്ദ ദക്ഷിണരോ ഗൃഹണാ സുമങ്ഗലോ ഭദ്രവാദീ ശകുന്തേ |**

**മാ നഃ സ്തേന ഈശത മാഘശംസോ ബൃഹദ്വദേമ വിദഥേ സുവീരാ ||**

ഹേ ശകുന്തമേ! (പക്ഷി) നീ വീടിന്റെ ദക്ഷിണഭാഗത്തിരുന്ന് മധുരവാണിയിൽ മംഗളസൂചകമായ വാക്കുകൾ ഉച്ചരിക്കൂ. ദുഷ്ടനും, അസുരനും വഞ്ചകനും നമ്മുടെ നാഥനും, ഭരണാധിപനുമാകാതിരിക്കണേ. പുത്രപൗത്രാദികളോടുകൂടി ഈ യജ്ഞത്തിൽ നിന്നെ സ്തുതിക്കാം.

## സൂക്തം 43

**ഋഷി ഗൃത്സമദൻ  ദേവത കപിഞ്ജല, ഇന്ദ്രൻ ഛന്ദസ് ജഗതി, ശക്വരി**

**1. പ്രദക്ഷിണിദഭി ഗൃണന്തി കാരവോ വയോ വദന്ത ഋതുഥാ ശകുന്തയഃ |**

**ഉഭേ വാചോ വദതി സാമഗാ ഇവ ഗായത്രം ച ത്രൈഷ്ടുഭാചാനു രാജതി ||**

സമയാസമയങ്ങളിൽ ഭക്ഷണം അന്വേഷിക്കുന്ന പക്ഷിഗണം സ്തുതിക്കുന്നവരെപ്പോലെ പരിക്രമണം ചെയ്തുകൊ് മനോഹരശബ്ദങ്ങൾ ഉച്ചരിക്കണേ. സോമധായകൻമാരാൽ ഗായത്രി, ത്രിഷ്ടുപ് ഛന്ദസുകൾ ഉച്ചരിക്കുന്നതുപോലെ ഈ കപിഞ്ജല പക്ഷിയും രിനത്തിലുമുള്ള വാണികളുച്ചരിച്ച് കേഴ്‌വിക്കാരെ മോഹവിവശരാക്കുന്നു.

**2. ഉദ്ഗാതേവ ശകുനേ സാമ ധായസി ബ്രഹ്മപുത്ര ഇവ സവനേഷു ശംസസി |**

**വൃഷേവ വാജീ ശിശുമതീരപീത്യാ സർവതോ നഃ ശകുനേ ഭദ്രമാ മദ വിശ്വതോ നഃ ശകുനേ പുഷ്യമാ വദ ||**

ഹേ ശകുനീ! (പക്ഷി) ഉദ്ഗാതാവ് സാമം എപ്രകാരം ഗാനം ചെയ്യുന്നുവോ അതുപോലെതന്നെ നീയും മനോഹരമായി ഗാനം ചെയ്യൂ. ഗാനത്തിൽ ഋത്വിക്കുകൾ പാടുന്നതുപോലെ നീയും ശബ്ദമുാക്കൂ.

ആൺകുതിര പെൺകുതിരയുടെ അടുക്കൽചെന്നു ശബ്ദിക്കുന്നതുപോലെ നീയും ശബ്ദമുാക്കൂ. നീ എല്ലാഭാഗത്തും ഞങ്ങളുടെ പുണ്യം വളർത്തുന്ന മംഗളസൂചകമായ ശബ്ദം പുറപ്പെടുവിക്കൂ.

**3. ആവദംസ്ത്വം ശകുനേ ഭദ്രമാ വദ തൂഷ്ണീമാസീനഃ സുമതിം ചികിദ്ധിനഃ |**

**യദൂത്പതന്വദസി കർകരിര്യഥാ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ ശകുനീ! നിന്റെ ശബ്ദംകേട്ട് ഞങ്ങൾ ഞങ്ങളുടെ മംഗളസൂചന അറിയുന്നു. നീ മൗനമായിരിക്കുമ്പോൾ ഞങ്ങൾക്ക് സന്തുഷ്ടരായിരിക്കുവാൻ സാധിക്കുന്നില്ല. നീ ഉയർന്നു പറക്കുമ്പോൾ കർക്കരി (ഒരു വാദ്യം) പോലെ മധുരമായി ശബ്ദിക്കുന്നു. ഞങ്ങൾ പുത്രപൗത്രയുക്തരായി ഈ യജ്ഞത്തിൽ രചിക്കപ്പെട്ട സ്തുതികൾ ഗാനം ചെയ്യാം.

# മൂന്നാം മണ്ഡലം

## അനുവാകം 1 സൂക്തം 1

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. സോമസ്യ മാ തവസം വക്ഷ്യഗ്നേ വഹ്നിം ചകർഥ വിദഥേ യജധ്യൈ |**

**ദേവാം അച്ഛാ ദീദ്യദുഞ്ജേ അദ്രിം ശമായേ അഗ്നേ തന്വം ജുഷസ്വ ||**

ഹേ അഗ്നേ! യജ്ഞത്തിനുവേി സോമം തയ്യാറാക്കുവാൻ നീ എന്നോടു പറഞ്ഞു. അതിനാൽ എനിക്ക് ശക്തി നൽകിയാലും. ഞാൻ തേജസ്സോടുകൂടിയവനായി ദേവൻമാർക്കുവേി സോമലത ഇടിക്കുന്നതിനുള്ള അമ്മിക്കല്ല് കരത്തിലെടുക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. നീ എന്റെ ദേഹത്തെ സംരക്ഷിക്കൂ.

**2. പ്രാഞ്ചം യജ്ഞം ചകൃമ വർധതാം ഗീഃ സമിദ്ഭിരഗ്നിം നമസാ ദുവസ്യൻ |**

**ദിവഃ ശാലസൂർവിദഥാ കവീനാം ഗൃത്സായ ചിത്തവസേ ധാതുമീഷഃ ||**

ഹേ അഗ്നേ! ഞങ്ങൾ ഉത്തമമായ രീതിയിൽ യജ്ഞം നടത്തിയിരിക്കുന്നു. ഞങ്ങളുടെ സ്തുതികൾ ഉയരണേ. സമിധിയാലും ഹവിസ്സിനാലും ഞങ്ങൾ അഗ്നിയെ സേവിക്കുന്നു. ആകാശവാസികളായ ദേവൻമാർ സ്തുതിക്കുന്നവർക്ക് സ്തോത്രങ്ങൾ ഉപദേശിച്ചു. സ്തോതാവ് സ്തുത്യർഹനായ അഗ്നിയെ സ്തുതിക്കുവാനാഗ്രഹിക്കുന്നു.

**3. മയോ ദധേ മേധിരഃ പൂതദക്ഷോ ദിവഃ സുബന്ധുർജനുഷാ പൃഥിവ്യാഃ |**

**അവിന്ദന്നു ദർശതമപ്സ്വ ന്തർദേവാസോ അഗ്നിമപസി സ്വസൄണാം ||**

യാതൊരാൾ ബുദ്ധിമാനും, അതിബലവാനും ജൻമനാശ്രേഷ്ഠമിത്രവുമായിരിക്കുന്നുവോ, ദർശനീയനായ ആ അഗ്നിദേവനെ ദേവതകൾ നദീജലത്തിൽനിന്നും യജ്ഞത്തിനുവേി പ്രാപിച്ചു.

**4. അവർധയൻസുഭഗം സപ്ത യഹ്വീഃ ശ്വേതം ജജ്ഞാന മരുഷം മഹിത്വാ |**

**ശിശും ന ജാതാമഭ്യാരുരശ്വാ ദേവാസോ അഗ്നിം ജനിമന്വപുഷ്യൻ||**

സുശോഭിതനും, ധനയുക്തനും ഉജ്ജ്വലനും മഹിമയോടുകൂടിയവനും പ്രദീപ്തനുമായ അഗ്നിയെ ജനിച്ചപ്പോൾതന്നെ സപ്തനദികൾ വളർത്തി.

പെൺകുതിര അതിന്റെ നവജാതശിശുവിന്റെ സാമീപ്യം പ്രാപിക്കുന്നതുപോലെ ഈ നദികളും ഈ അഗ്നിയുടെ സമീപം എത്തി. അഗ്നി ഉത്ഭവിച്ചപ്പോൾതന്നെ ദേവതകൾ അതിനെ പ്രകാശയുക്തമാക്കി.

**5. ശുക്രേഭിരങ്ഗൈഃ രജ ആതതന്വാനാ ക്രതും പുനാനഃ കവിഭിഃ പവിത്രൈഃ |**

**ശോചിർവസാനഃ പര്യായുരപാ ശ്രിയോ മിമീതേ ബൃഹതീരനൂനാഃ ||**

ഉജ്ജ്വലവർണ്ണത്തോടുകൂടി തേജസ്സാൽ അന്തരീക്ഷത്തെ നിറച്ച സ്തോതാവിനെ തേജസ്സാൽ പവിത്രീകരിക്കുകയും അവന് ധനാദികൾ നൽകുകയും ചെയ്യുന്നു.

**6. വവ്രാജാ സീമനദതീ രബ്ധാ ദിവോ യഹ്വീരവസാനാ അനഗ്നാഃ |**

**സനാ അത്ര യുവതയഃ സയോനോരേകം ഗർഭ ദധിരേ സപ്ത വാണീഃ ||**

അഗ്നി ജലത്തിൽ എല്ലാഭാഗത്തും സഞ്ചരിക്കുന്നു. ആ ജലം അഗ്നിയെ കെടുത്തുന്നുമില്ല. അഗ്നിയാൽ ജലം വറ്റുന്നുമില്ല. അന്തരീക്ഷത്തിന്റെ പുത്രരൂപമായ അഗ്നിവസ്ത്രങ്ങളാൽ ആച്ഛാദനം ചെയ്യപ്പെടുന്നില്ല. എന്നാൽ ജലത്താൽ മൂടപ്പെട്ടിരിക്കുന്നതുകാരണം നഗ്നമായിരിക്കുന്നില്ല. സനാതനങ്ങളും തരുണിളുമായ സപ്തനദികൾ ജലഗർഭത്തിൽ അഗ്നിയെ വഹിക്കുന്നു.

**7. സ്തീർണാ അസ്യ സ ഹതോ വിശ്വരൂപാ ഘൃതസ്യ യോനൗ സ്രവഥേ മധൂനാം |**

**അസ്ഥുരത്ര ധേനവഃ പിന്വമാനാ മഹീ ദസ്മസ്യ മാതരാ സമീചി ||**

ജലവർഷത്തിനുശേഷം ജലത്തിന്റെ ഗർഭരൂപമായ അഗ്നിയുടെ വിഭിന്നരൂപങ്ങളിലുള്ള കിരണങ്ങൾ വ്യാപ്തമാകുന്നു. ഈ വിദ്യുത്രൂപമാകുന്ന അഗ്നിയിൽ ജലരൂപമാകുന്ന ഗോക്കൾ എല്ലാവർക്കുംവേി വർഷരൂപമാകുന്ന ക്ഷീരം നൽകുന്നു. ഈ മനോഹരാഗ്നിയുടെ മാതാപിതാക്കൾ ആകാശവും ഭൂമിയും ആകുന്നു.

**8. ബഭ്രാണഃ സൂനോ സഹസോ വ്യദ്യൗദ്ദധാനഃ ശുക്രാ രഭസാ വപൂംഷി |**

**ശ്ചോതന്തി ധാരാ മധുനോ ഘൃതസ്യ വൃഷാ യത്ര വാവൃധേ കാവ്യേന ||**

ഹേ ബലപുത്രനായ അഗ്നേ! എല്ലാവരാലും ധാരണം ചെയ്യപ്പെടുമ്പോൾ നീ ഉജ്ജ്വലവും വേഗയുക്തവുമായ രശ്മികളോടുകൂടി പ്രകാശിക്കണേ. യജമാനന്റെ സ്തോത്രങ്ങളാൽ അഗ്നിവൃദ്ധിയെ പ്രാപിക്കുമ്പോൾ ശ്രേഷ്ഠമായ ജലത്തിന്റെ വർഷം ഉാകുന്നു.

**9. പിതുശ്ചിദൂധർജനുഷാ വിവേദ വ്യസ്യ ധാരാ അസൃജദ്വി ധേനാഃ |**

**ഗുഹാ ചരന്താ സഗിഭിഃ ശിവോഭിർദിവോ യഹ്വീഭിർന ഗുഹാ ബഭൂവ ||**

അഗ്നി പ്രകടമായപ്പോൾ തന്നെ അന്തരീക്ഷത്തിൻെറ അടിഭാഗത്തുള്ള സ്തനമായ ജലപ്രദേശത്തെ മനസ്സിലാക്കുകയും വൃഷ്ടിക്കുവേി വജ്രത്തെ പതിപ്പിക്കുകയും ചെയ്തു. ആ അഗ്നി ഉത്തമകർമ്മാവായ വായു ആദിയായ ബന്ധുക്കളോടുകൂടി ചലിക്കുകയും അന്തരീക്ഷത്തിൻെറ സന്താനഭൂതമായ ജലത്തോടുകൂടി വസിക്കുകയും ചെയ്യുന്നു. അപ്പോൾ അഗ്നിയെ ആർക്കും അറിയുവാൻ കഴിയുന്നില്ല.

**10. പിതുശ്ച ഗർഭ ജനിതു ശ്രബഭ്രേ പൂർവ്വീരേകോ അധയപ്പീഷ്യാനാഃ |**

**വൃഷ്ണേ സപത്നീ ശുചയേ സബന്ധു ഉഭേ അസ്മൈ മനുഷ്യേ നി പാഹി ||**

അഗ്നിമാതാപിതാക്കളുടെ അങ്കതലത്തെ ഏകനായിതന്നെ നിറക്കുന്നു. വളർന്നുവരുന്ന ആ അഗ്നിതന്നെ ഔഷധികളെ ഭക്ഷിക്കുന്നു. തുല്യരൂപരായ ഭാര്യഭർത്താക്കൻമാരെപ്പോലെ ആകാശവും ഭൂമിയും അഗ്നിയുടെ രക്ഷകർതൃത്വം വഹിക്കുന്നു. ഹേ അഗ്നീ! നീ ആകാശത്തേയും ഭൂമിയേയും രക്ഷിക്കണേ.

**11. ഉരൗ മഹാം അഗ്നിബാധേ വവർധാവോ അഗ്നിം യശസഃ സം ഹി പൂർവീഃ |**

**ഋതസ്യ യോനാവശയദ്ദമൂനാ ജാമീനാമഗ്നിരപസി സ്വസൃണാം ||**

ഈ മഹാനായ അഗ്നി വിസ്താരമേറിയ അന്തരീക്ഷത്തിൽ വളരുന്നു. അവിടെ വളരെ അന്നത്തോടുകൂടിയ ജലം അതിനെ ശരിയായ രീതിയിൽ വളർത്തുന്നു. ജലത്തിൻെറ ഗർഭസ്ഥാനമായ അന്തരീക്ഷത്തിൽ വസിക്കുന്ന അഗ്നി തൻെറ സഹോദരികളായ നദികളുടെ ജലത്തിൽ സുഖംപൂർവ്വം വസിക്കുന്നു.

**12. അക്രോ ന ബഭ്രിഃ സമിഥേ മഹീനാം ദിദ്ദക്ഷേയഃ സൂതവേ ഭാഋജീകഃ |**

**ഉദുസ്രിയാ ജനിതാ യോ ജജാനാപാം ഗർഭോ നൃതമോ യഹ്വോ അഗ്നിഃ ||**

ലോകത്തിൻെറ പിതാവായ അഗ്നി ജലത്തിൽനിന്നും ഉത്ഭവിക്കുന്നു. മനുഷ്യരുടെ രക്ഷകനായ അഗ്നി ശത്രുക്കളുടെ മേൽ ആക്രമണം നടത്തുന്ന അഗ്നി, യുദ്ധത്തിൽ തൻെറ സേവകളെ സംരക്ഷിക്കുന്ന അഗ്നി, എല്ലാവർക്കും ദർശനയോഗ്യനും അതുപോലെ സ്വന്തം തേജസ്സാൽ പ്രകാശിക്കുന്നവനുമായ അഗ്നി, അവൻ യജമാനന് പോഷണസാമർത്ഥ്യം നൽകുന്നു.

**13. അപാം ഗർഭ ദർശതമോഷധീനാം വനാ ജജാന സുഭഗാ വിരൂപം |**

**ദേവാശ്ചിൻമനസാ സം ഹി ജഗ്മുഃ പനിഷ്ടം ജാതം തവസം ദുവസ്യൻ ||**

സുന്ദരമായ അരണി ജലത്തിൻേറയും ഔഷധികളുടേയും ഗർഭഭൂതവും തേജസ്വിയുമായ അഗ്നിയെ ജനിപ്പിച്ചു. ആ സ്തുത്യർഹനായി വളർന്ന അഗ്നിയെ ജനിച്ചപ്പോൾ തന്നെ സ്തുതിച്ചുകൊ് ഉപഗമിക്കുകയും സേവിക്കുകയും ചെയ്തു.

**14. ബൃഹന്ത ഇദ്ഭായവേം ഭാഋജീകമഗ്നി സചന്ത വിദ്യുതോ ന ശുക്രാഃ |**

**ഗുഹവ വൃദ്ധം സദസി സ്വേ അന്തരപാര ഊർവേ അമൃതം ദുഹാനാഃ ||**

വിദ്യുത്തുപോലെ അത്യന്തം കാന്തിയുക്തനായ സൂര്യൻ ഗാംഭീരമായ സമുദ്രത്തിൽ അമൃതമഥനം ചെയ്ത് ഗുഹാസമാനമായ തൻെറ ഭവനത്തെ അന്തരീക്ഷത്തിൽ വളർത്തി പ്രകാശമാനമായ അഗ്നിക്കാശ്രയം നൽകുന്നു.

**15. ഇലൈ കി ച ത്വാ യജമാനോ ഹവിർഭിരീലേ സഖിത്വം സുമതിം നികാമഃ |**

**ദേവൈവരവോ മിമീഹി സം ജരിത്രേ രക്ഷാ ച നോ ദമ്യേഭിരനീകഃ ||**

യജമാനനായ ഞാൻ ഹവിസ്സുകൾ സഹിതം നിന്നെ സ്തുതിക്കുന്നു. ഹേ അഗ്നീ! ദേവതകൾ സഹിതം സ്തുതിക്കുന്നവനായ നിന്നെ മൃഗാദികളേയും അതുപോലെ എന്നെ അമർച്ചവരുത്തുവാനാഗ്രഹിക്കുന്ന സേനകളിൽനിന്നും രക്ഷിച്ചാലും.

**16. ഉപക്ഷേതാരസ്തവ സുപ്രയീതേഗ്നേ വിശ്വാനി ധന്യാ ദധാനാഃ |**

**സുരേതസാ ശ്രവസാ തുഞ്ജമാനാ അഭിഷ്യാമ പൃതവായുംരദേവാൻ ||**

ഹേ നീതിമാനായ അഗ്നേ! ഞങ്ങൾ നിൻെറ രക്ഷ യാചിക്കുന്നു. ഞങ്ങൾ എല്ലാ ധനങ്ങളും പ്രാപിക്കുവാനുള്ള കർമ്മങ്ങളനുഷ്ഠിച്ചുകൊ് നിനക്ക് ഹവിസ്സ് നൽകുന്നു. നിനക്ക് പുഷ്ടിദായകമായ ഹവിസ്സ് നൽകുന്ന ഞങ്ങൾ ദേവവിരോധികളായ ശത്രുക്കളുടെമേൽ വിജയം വരിക്കട്ടെ.

**17. ആ ദേവാ നാമഭവഃ കേതുരഗ്നേ മന്ദ്രോ വിശ്വനി കാവ്യാനി വിദ്വാൻ |**

**പ്രതി മർതാ അവാസയോ ദമൂതാ അനു ദേവാൻ രഥിരോ യാസി സാധൻ ||**

ഹേ അഗ്നേ! നീ ദേവതകളാൽ പ്രശംസിതരും അവരുടെ ദൂതനുമാകുന്നു. നീ എല്ലാ സ്തോത്രങ്ങളും അറിയുന്നു. നീ മനുഷ്യരെ സുഖിപ്പിക്കുന്ന രഥിയാണ്.നീ ദേവതകളുടെ കാര്യങ്ങൾ സാധിക്കുന്നതിന് അവരെ അനുഗമിക്കുന്നവനാകുന്നു.

**18.നി ദുരോണ അമൃതോ മത്യാർനാ രാജാ സസാദ വിദഥാനി സാധൻ |**

**ഘൃതപ്രതീക ഉർവിയാ ത്യദ്യാദഗ്നിദർശിവാനിം കാവ്യാനീ വിദ്വാൻ ||**

രാജാവിനെപ്പോലെ അഗ്നി യജ്ഞസാധന നിർവ്വഹിച്ചുകൊ് സാധകൻെറ ഭവനത്തിൽ വിരാജിക്കുന്നു. അവൻ എല്ലാ സ്തോത്രങ്ങളുടെയും ജ്ഞാതാവാകുന്നു. അഗ്നിയുടെ ശരീരം ഘൃതത്താൽ മിന്നിത്തിളങ്ങുന്നു. ആ അഗ്നി സൂര്യനുതുല്യം പ്രകാശിക്കുന്നു.

**19. ആ നോ ഗഹി സഖ്യേഭി ശിവേഭിർമഹാൻമഹീഭിരുതിഭിഃ സരണ്യൻ |**

**അസ്മേ രയിം ബഹുലം സന്തരുത്രം സുവാചം ഭാഗം യശസം കൃധീ നഃ ||**

സഞ്ചാര തൽപരനായ അഗ്നീ! കല്യാണമയിയായ മൈത്രിയോടും, മഹത്വമേറിയ രക്ഷയോടുംകൂടി ഞങ്ങളുടെ അടുക്കലേയ്ക്ക് എഴുന്നള്ളണേ. ഞങ്ങൾക്ക് പീഡകൾ കാക്കാനും

നല്ലവാക്കും യശസ്സും ഉാക്കുന്ന സുഖദായകവും സുശോഭിതവും പ്രശംസായോഗ്യവുമായ ധനം പ്രദാനം ചെയ്യണേ.

**20. ഏതാ തേ അഗ്നേ ജനിമാ സനാനി പ്ര പൂർവ്യായ നൂതനാനി വോചം |**

**മഹന്തി വൃഷ്ണേ സുവനാ കൃതേമാ ജൻമഞ്ജൻമൻ നിഹിതോ ജാതവേദാഃ ||**

ഹേ അഗ്നേ! നീ പുരാതനനാകുന്നു. നിനക്കുവേി ഞങ്ങൾ പ്രാചീനവും നവീനവുമായ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു.എല്ലാ ജീവികളിലും വ്യാപിച്ചുകിടക്കുന്ന അഗ്നി മനുഷ്യരിൽ വസിക്കുന്നു. അഭീഷ്ടവർഷകനായ ആ അഗ്നിക്കുവേിതന്നെ ഞങ്ങളീ സ്തുതികൾ നടത്തുന്നു.

**21. ജൻമജ്ജൻമൻ നിഹിതോ ജാതവേദാ വിശ്വമിത്രേഭിരധ്യതേ അജസ്രഃ |**

**തസ്യ വയ സുമതൗ യജ്ഞിയുസ്യാപി ഭദ്രേ സൗമനസേ സ്യാമ ||**

എല്ലാ മനുഷ്യരിലും രമിക്കുന്ന എല്ലാ ജീവികളിലും വ്യാപ്തമായിരിക്കുന്ന അഗ്നിക്ക് വിശ്വാമിത്രൻ ചൈതന്യം നൽകിയോ അവൻെറ കൃപയോടുകൂടി യജ്ഞയോഗ്യമായ അഗ്നിക്കുവേി നമ്മൾ ഉത്തമമായ ഭാവവും സ്വീകരിക്കണേ.

**22. ഇമം യജ്ഞം സഹസാവൻ ത്വം നോ ദേവത്രാ ധേഹി സുക്യതോ രരാണഃ |**

**പ്ര യംസി ഹോത്രർ ബൃഹതീരിഷോ നോഗ്നേ മഹി ദ്രവി നമാ യജസ്വ ||**

ഹേ അഗ്നേ! നീ ബലവാനും ഉത്തമകർമ്മങ്ങളോടുകൂടിയവനും ആകുന്നു. നീ ഞങ്ങളുടെ യജ്ഞത്തെ ദേവകളുടെ സമീപം എത്തിക്കണേ. ഹേ ദേവതകളെ ആഹ്വാനം ചെയ്യുന്ന അഗ്നിദേവാ! ഞങ്ങൾക്കന്നവും ധനവും പ്രദാനം ചെയ്യണമേ.

**23. ഇലാമഗ്നേ പുരുദംസം സനിം ഗോഃ ശശ്വത്തമം ഹവമാനായ സാധ |**

**സ്യാണഃ സൂനുസ്തനയോ വിജാഗ്നേ സാതേ സുമതിർഭൂത്വസ്മേ ||**

ഹേ അഗ്നേ! സ്തുതിക്കുന്നവർക്ക് അനേകം കർമ്മങ്ങളുടെ സാധകത്വവും അതുപോലെ ഗോക്കളെ നൽകുന്ന ഭൂമിയും നൽകണേ. ഞങ്ങളുടെ വംശത്തെ അഭിവൃദ്ധിപ്പെടുത്തുകയും സന്താനങ്ങൾക്ക് ജൻമം നൽകുന്ന പുത്രൻമാരെയും നൽകണേ. ഹേ അഗ്നേ! ഞങ്ങളുടെമേൽ കൃപയുാകണമേ.

## സൂക്തം 2

**ഋഷി വിശ്വാമിത്രൻ ദേവത വൈശ്വനരൻ**

**ഛന്ദസ് ജഗതി**

**1. വൈശ്വാനരായ വിഷണാമൃതാവൃധേ ഘൃതം ന പൂതമഗ്നയേ ജനാമസി |**

**ദ്വിതാ ഹോതാര മനുഷശ്ച വാധതോ ധിയാ രഥ ന കലിശഃ സമൃണ്വതി||**

യജ്ഞത്തെ വളർത്തുന്ന വൈശ്വാനരാഗ്നിക്കുവേി നാം ശുദ്ധമായ നൈ പോലുള്ള സ്തവങ്ങളാലപിക്കും. തച്ചൽ ഉളിയാൽ രഥം ശരിയാക്കുന്നതുപോലെ യജമാനനും ഋത്വിക്കുകളും ദേവതകളെ ആഹ്വാനം ചെയ്യുന്നഗാർഹപത്യം അഹ്വാനീയം എന്നീ രൂപങ്ങളോടുകൂടിയ അഗ്നിയെ സംസ്കരിച്ചു ശുദ്ധമാക്കുന്നു.

**2. സ രോചയജ്ജനുഷാ രോദസീ ഉഭേ സ മാത്രോരഭവത്പുത്ര ഈഡ്യ |**

**ഹവ്യവാലഗ്നിരജരശ്ചനോഹിതോ ദൂലഭോ വിശ്വാമതിഥിർവിഭാവസുഃ ||**

ആ അഗ്നി പ്രത്യക്ഷമായപ്പോൾതന്നെ ആകാശവും ഭൂമിയും പ്രകാശിതമായി. അവൻ മാതാപിതാക്കളുടെ സ്നേഹപുത്രനാണ്. ഹവിർവാഹകനും അജരനും അഹിംസിതനും അന്നം നൽകുന്നവനും, കാന്തിയുക്തനുമായ അഗ്നി മനുഷ്യരിൽ അതിഥിക്കു സമാനം പൂജനീയനാകുന്നു.

**3. ക്രത്വാ ദക്ഷസ്യ തരുഷോ വിധമണി ദേവാസോ അഗ്നി ജനയന്ത ചിത്തിഭിം |**

**രൂരുചാന ഭാനുനാ ജ്യോതിഷാ മഹാമത്യം ന വാജം സനിഷ്യന്നൂപ ബ്രുവേ ||**

മേധാവിയും ജനങ്ങളെ വിപത്തിൽനിന്നും രക്ഷിക്കുന്നവനായ അഗ്നിയെ ശക്തിയാൽ യജ്ഞത്തിൽ പ്രകടമാക്കുന്നു. ഭാരം വഹിക്കുന്ന അശ്വത്തെ പ്രശംസിക്കുന്നതുപോലെ ഞാൻ അന്നത്തെ ആഗ്രഹിച്ചുകൊ് കാന്തിയുക്തനായ അഗ്നിയെ സ്തുതിക്കുന്നു.

**4. ആ മന്ദ്രസ്യ സനിഷ്യന്തോ വരേണ്യം വൃണീമഹേ അഹ്രയം വാജമൃഗ്മിയം |**

**രാതിം ഭൃഗുണാമൃശിജം കവിക്രതുമഗ്നിം രാജന്തം ദിവ്യേന ശോചിഷാ ||**

സ്തുതിക്കപ്പെടുവാൻ യോഗ്യനായ വൈശ്വാനരൻെറ ഉത്തമവും പ്രശംസനീയവുമായ അന്നത്തിൻെറ അഭിലാഷത്തോടുകൂടിയവനും ഭൃഗുക്കളുടെ ആഗ്രഹങ്ങൾ നിറവേറ്റുവാനും, ഇച്ഛിക്കുവാൻ യോഗ്യനും മേധാവിയും ദിവ്യതേജസ്സാൽ സുശോഭിതനുമായ അഗ്നിയെ ഞാൻ സേവിക്കുന്നു.

**5. അഗ്നി സുമ്നായ ദധിരേ പുരോ ജനാ വാജശ്രവസാമിഹ വൃക്തവർഹിഷഃ |**

**യതസ്യ്ചഃ സുരുച വിശ്വദേവ്യം രുദ്രം യജ്ഞാനാം സാധദിഷ്ഠിമപസാം ||**

സുഖത്തെ ആശിക്കുന്ന ഋത്വിക്കുകൾ ദർഭവിരിക്കുകയും സ്വവമുയർത്തി അന്നം നൽകുവാനും, തേജസ്വിയും ഹിതകാരിയും ദുഃഖനിവാരകനും അതുപോലെ യജ്ഞസാധകനുമായ അഗ്നിയെ സ്തുതിക്കുന്നു

**6. പാവകശോചേ തവ ഹി ക്ഷയം പരി ഹോതര്യജ്ഞേഷു വൃക്തബർഹിഷോനരഃ |**

**അഗ്നേ ദുവ ഇച്ഛമാനസ ആപ്യമുപാസതേ ദ്രവിണം ധേഹി തേഭ്യഃ ||**

പവിത്രതേജസ്സോടുകൂടിയ ദേവാഹ്വാകകനായ അഗ്നിദേവാ! നിന്നെ സേവിക്കുവാനാഗ്രഹിക്കുന്ന യജമാനൻ യജ്ഞത്തിൽ കുശവിരിച്ച് നിൻെറ യജ്ഞസ്ഥാനത്തെ അലങ്കരിക്കുന്നു. അവനു ധനം പ്രദാനം ചെയ്യണേ.

**7. ആ രോദസീ അപൃണദാ സ്വർമഹാജ്ജാതം യദേനമപസോ അധാരയൻ |**

**സോ അധ്വരായ പരിണീയതേ കവിരത്യോ ന വാജസാതയേ**

**ചനോഹിതഃ ||**

അഗ്നി ആകാശത്തേയും ഭൂമിയേയും പൂർണ്ണമാക്കി. അവൻ പ്രകടമായപ്പോൾ തന്നെ യജമാനൻ സ്വീകരിച്ചു. സർവ്വവ്യാപകനായി അന്നം ദാനം ചെയ്യുന്ന അഗ്നിദേവൻ അശ്വത്തെപ്പോലെ അന്നം പ്രാപിക്കുന്നതിനുവേി പ്രദീപ്തമാക്കപ്പെടുന്നു.

**8. നമസ്യത ഹവ്യദാതിം സ്വധ്വരം ദുവസ്യത ദമ്യം ജാതവേദസം |**

**രഥീഋതസ്യ ബൃഹതോ വിചർഷണഗ്നിദേർവാനാമഭവത്പുരോഹിതഃ ||**

യജ്ഞത്തിൻെറ സ്വാമിയായ ദർശനീയനായ അഗ്നി ദേവതകളെ പ്രാപിച്ചു. ഇവൻ ഹവിസ്സ് നൽകുന്നവനും, മനോഹരമായ യജ്ഞത്താൽ യുക്തനും, അതുപോലെ യജമാനൻെറ ഹിതാനുവർത്തിയും ആകുന്നു. ആ അഗ്നിക്ക് നമസ്കാരപൂർവ്വം സേവ ചെയ്യുവിൻ.

**9. തിസ്രോ യഹ്വസ്യ സമിധഃ പരിമജ്മനോഗ്നേരപുനന്നു ശിജോ അമൃത്യവഃ |**

**താസാമേകാമദധുർമർത്യോ ഭുജമു ലോകമു ദ്വേ ഉപ ജാമിമീയതുഃ ||**

അമരത്വം പ്രാപിച്ച ദേവകൾ അഗ്നിയെ ആഗ്രഹിച്ച് വിശ്വവ്യാപിയായ അഗ്നിക്ക് പാർഥിവം, വിദ്യുത്, സൂര്യൻ എന്നീ രൂപങ്ങൾ നൽകി. അവൻ ആ മൂന്നുരൂപങ്ങളിൽ ലോകത്തെ പാലിക്കുവാനായി പാർഥിവാഗ്നിയെ പൃഥ്വിയിലും അതുപോലെ ബാക്കി രണ്ടെണ്ണത്തെ ആകാശത്തിലും സ്ഥാപിച്ചു.

**10. വിശാം കവിം വിശ്പതിം മാനുഷീരിഷഃ സം സീമകൃണ്വൻസ്വധിതിം ന തേജസേ |**

**സ ഉദ്വതോ നിവതോ യാതി വേവിഷത്സ ഗർഭമേഷു ഭുവനേഷു ദീധരത് ||**

ധനമോഹികളായ മനുഷ്യർ തങ്ങളുടെ സ്വാമിയായ അഗ്നിയെ വാളുപോലെ തീക്ഷ്ണമാക്കുന്നതിനുവേി സംസ്കരിച്ചു. അപ്പോൾ അവൻ മീതെയും താഴെയും സ്ഥാനത്ത് വ്യാപിച്ച്, എല്ലാ ലോകങ്ങളേയും എല്ലാ ജീവികളേയും വഹിക്കുകയും ചെയ്യുന്നു.

**11. സ ജിന്വതേ ജഠരേഷു പ്രജജ്ഞിവാന്വൃഷാ ചിത്രേഷു നാനദന്ന സിംഹഃ |**

**വൈശ്വാനരഃ പൃഥുപാജാ അമർത്യോ വസു രത്നാ ദയമാനോ വി ദാശുഷേ ||**

സദ്ജാതനായ വൈശ്വാനരാഗ്നി അഭീഷ്ടവർഷകനാകുന്നു. അവൻ സിംഹസമാനം ഗർജ്ജിച്ചുകൊ് വളരുന്നു. അവിനാശിയായ ആ അഗ്നി തേജസ്സോടുകൂടിയതാണ്. അവൻ യജമാനന് ഉപഭോഗ്യവസ്തുക്കൾ ദാനം ചെയ്യുന്നു.

**12. വൈശ്വാനരഃ പ്രത്നഥാ നാകമാരുഹദ്ദിവ സ്പൃഷ്ഠം മന്ദമാനഃ സുമൻമഭിഃ |**

**സ പൂർവ്വവജ്ജനയജ്ജന്തവേ ധനം സമാനമജ്മം പര്യേതി ജാഗൃവി ||**

സ്തോതാക്കളാൽ സ്തുതിക്കപ്പെടുന്ന ഈഅഗ്നി അന്തരീക്ഷത്തിൻെറ അപ്പുറമായ സൂര്യലോകത്തിൽ കയറുന്നു. പ്രാചീന മഹർഷിമാരെപ്പോലെ ചൈതന്യവാനായി ധനം ദാനം ചെയ്തുകൊ് സൂര്യരൂപത്തിൽ ഭ്രമണം ചെയ്യുന്നു.

**13. ഋതാവാനം യജ്ഞിയം വിപ്രമുക്ഥ്യമായം ദധേ മാതരിശ്വാ ദിവി ക്ഷയം |**

**തം ചിത്രയാമം ഹരികേശമീമഹേ സുദീതി മഗ്നിം സുവിതായ നവ്യസേ ||**

മഹാബലിയും ജ്ഞാനിയും സ്തുത്യനും ആകാശവാണിയുമായ യാതൊരഗ്നിയെ വായു ആകാശത്തിൽനിന്നും കൊുവന്ന് ഭൂമിയിൽ പ്രതിഷ്ഠിച്ചുവോ വിഭിന്നഗതിയോടുകൂടിയതും പീതവർണ്ണത്തോടുകൂടിയവനും തേജസ്വിയുമായ അഗ്നിയോട് നവീനമായ ധനത്തെ യാചിക്കുന്നു.

**14. ശുചിം ന യാമന്നിഷിരം സ്വർദൃശം കേതും ദിവോ രോചന സ്ഥാമുഷർബുധം |**

**അഗ്നിം മൂർധാനം ദിവോ അപ്രതിഷ്കുതം തമീമഹേ നമസാ വാജിനം ബൃഹത് ||**

യജ്ഞത്തിൽ പ്രേരിപ്പിക്കുന്നവനും ജ്ഞാനത്തിൻെറ കാരണഭൂതനും പ്രദീപ്തമായ ധ്വജരൂപനും, സൂര്യരൂപത്തിൽ അവസ്ഥിതനും ഉഷർകാലത്തിൽ ചൈതന്യം പകരുന്നവനുമായ അഗ്നിയെ സ്തോത്രങ്ങളോടുകൂടി പൂജിക്കുന്നു.

**15. മന്ദ്രം ഹോതാര ശുചിമദ്വായാവിനം ദമൂനസമുക്ഥ്യം വിശ്വചർഷിണിം |**

**രഥം ന ചിത്രം വപുഷായ ദർശതം മനുർഹിതം ന ദമിന്ദ്രായ ഈമഹേ ||**

സ്തുതിയോഗ്യനും, ദേവകളെ ആഹ്വാനം ചെയ്യുന്ന പരിശുദ്ധനും നേരുള്ളവനും, ശ്രേഷ്ഠനും, സർവ്വദാതാവും, ദർശനീയനും, വിവിധവർണ്ണത്തോടുകൂടിയവനും, മനുഷ്യർക്ക് കല്യാണകാരിയുമായ അഗ്നിദേവനോട് ഞാൻ ധനം യാചിക്കുന്നു.

## സൂക്തം 3

**ഋഷി വിശ്വാമിത്രൻ ദേവത വൈശ്വാനരൻ**

**ഛന്ദസ് ജഗതി, പംക്തി**

**1. വൈശ്വാനരായ പൃഥുപാജസേ വിപോ രത്നാ വിധന്ത ധരുണേഷു ഗാതവേ |**

**അഗ്നിർഹി ദേവാം അമൃതോ ദുവസ്യത്യഥാ ധർമാണി സനതാ ന ദൂദുഷത് ||**

സൻമാർഗ്ഗപ്രാപ്തിക്കുവേി ജ്ഞാനികളായ സ്തോതാക്കൾ മഹാശക്തനായ വൈശ്വാനരനുവേി യജ്ഞത്തിൽ സ്തുതിക്കുന്നു. അവിനാശിയായ അഗ്നിദേവൻ ഹവിസ്സ് വഹിച്ചുകൊ് ദേവതകൾക്ക് സേവനം ചെയ്യുന്നു. പുരാതനമായ യജ്ഞത്തെ ആർക്കും അപവിത്രമാക്കുവാൻ സാധ്യമല്ല.

**2. അന്തർദൂതോ രോദസീ ദസ്മ ഈയതേ ഹോതാ നിഷത്തോ മനുഷഃ പുരോഹിതഃ |**

**ക്ഷയം ബൃഹന്തം പരി ഭൂഷതി ദ്യുഭിർദേവേഭിരഗ്നിരിഷിതോ ധിയാവസുഃ ||**

പ്രകാശമാനനായ അഗ്നി ദേവതകളുടെ ദൂതനായി ആകാശത്തിൻേറയും ഭൂമിയുടേയും ഇടയ്ക്ക് സഞ്ചരിക്കുന്നു. ദേവതകളാൽ പ്രേരിതനായ ബുദ്ധിമാനായ അഗ്നി സ്തോതാവിൻെറ സമക്ഷത്തിൽ സ്ഥാപിതമായ യജ്ഞശാലയെ പ്രകാശിതമാക്കുന്നു.

**3. കേതും യജ്ഞാനാംവിദഥസ്യ സാധനം വിപ്രാസോ അഗ്നി മഹയന്ത ചിത്തിഭിഃ |**

**അപാംസി യസ്മിന്നധി സന്ദധുർഗിരസ്തസ്മിൻ സുമ്നാനിം യജമാന ആ ചകേ ||**

യജ്ഞങ്ങളെ ഉപദേശിക്കുന്നവനും, യജ്ഞകാര്യങ്ങൾ സാധിക്കുന്നവനുമായ അഗ്നിയെ വിദ്വജനങ്ങൾ തങ്ങളുടെ കർമ്മങ്ങളാൽ പൂജിക്കുന്നു. സ്തോതാഗണം തങ്ങളുടെ കർമ്മങ്ങളെ ഏതൊരഗ്നിക്കു കാഴ്ചവയ്ക്കുന്നുവോ അതേ അഗ്നിയിൽ തന്നെ യജമാനന്റെ അഭിലാഷങ്ങൾ ആശ്രയം പ്രാപിക്കുന്നു.

**4. പിതാ യജ്ഞാനാമസുരോ വിപശ്ചിതാം വിമാനമഗ്നിർവയുനം ച വാഘതാം |**

**ആ വിവേശ രോദസീ ഭൂരിവർപസാ പുരുപ്രിയോ ഭന്ദതേ ധാമഭിഃ കവിഃ ||**

യജ്ഞപിതാവും, സ്തുതിക്കുന്നവർക്ക് ശക്തിനൽകുന്നവനും ജ്ഞാനത്തിന്റെ കാരണഭൂതനും കർമ്മങ്ങളുടെ സാധകനുമായ അഗ്നി തന്റെ പാർഥിവവും, വിദ്യുതാദിരൂപങ്ങളോടും കൂടി ലോകങ്ങളിൽ വ്യാപിച്ച് യജമാനനാൽ പൂജിക്കപ്പെടുന്നു.

**5. ചന്ദ്രമഗ്നിം ചന്ദ്രരഥം ഹരിവ്രതം വൈശ്വാനരമപ്സുഷദം സ്വർവിദം |**

**വിഗാഹം തൂർണിം തവിഷീഭിരാവൃതം ഭൂർണിം ദേവാസ ഇഹ സുശ്രിയം ദധുഃ ||**

എല്ലാത്തിനും ആനന്ദം നൽകുന്നവനും, സുവർണ്ണമയരഥത്തോടുകൂടിയവനും, പീതവർണ്ണനും, ജലത്തിൽവസിക്കുന്നവനും, സർവ്വജ്ഞനും, സർവ്വവ്യാപിയും, ദ്രുതഗാമിയും, ബലിഷ്ഠനുമ, പോഷകനും,പ്രദീപ്തനുമായ വൈശ്വാനരാഗ്നിയെ ദേവതകൾ സ്ഥാപിച്ചു.

**6. അഗ്നിർദേവേഭിർമനുഷശ്ച ജന്തുഭിസ്തന്വാനോ യജ്ഞംപുരാശസം ധിയാ |**

**രഥീരന്തരീയതേ സാധദിഷ്ടിഭിർജീരോ ദമൂനാ അഭിശസ്തിചാതനഃ ||**

യാതൊരുത്തൻ യജ്ഞസാധനം നടത്തുന്ന ദേവതകളുടേയും ഋത്വിജൻമാരുടേയും സംയോഗത്താൽ വിവിധസാധനങ്ങളായ യജ്ഞകർമ്മങ്ങൾ സമ്പാദിക്കുന്നുവോ, യാതൊന്ന് ദ്രുതഗതിയും, ദാസിയും, അഗ്രണിയും, ശത്രുക്കളെ നശിപ്പിക്കുന്നവനുമായിരിക്കുന്നുവോ, ആ അഗ്നി ആകാശത്തിൻേറയും ഭൂമിയുടേയും മദ്ധ്യേ സഞ്ചരിച്ചുകൊിരിക്കുന്നു.

**7. അഗ്നേ ജരസ്വ സ്വപത്യ ആയുന്യൂർജാ പിന്വസ്വ സമിഷോ ദിദീഹി നഃ |**

**വയാംസി ജിന്വ വൃഹതശ്ച ജാഗൃവ ഉശിഗ്ദേവാനാമസി സുക്രതുർവിപാം||**

ഹേ അഗ്നേ! ഞങ്ങൾക്ക് സുന്ദരൻമാരായ പുത്രൻമാരും, ദീർഘായുസ്സും ലഭിക്കുന്നതിനുവേി ദേവതകളെ സ്തുതിച്ചാലും ഹവിസ്സുവഴിയായി അവരെ പ്രസാദിപ്പിക്കണേ. അന്നം നൽകി വൃഷ്ടിയെ യാചിച്ചാലും. നീ സദാചൈതന്യമുള്ളവനാണല്ലോ? ഈ യജമാനന് അന്നം നൽകണേ. നീ ശ്രേഷ്ഠകർമ്മാക്കളായ ദേവതകളുടെ മിത്രമാകണേ.

**8. വിശ്പതിം യഹ്വമതിഥിം നരഃ സദാ യന്താരം ധീനമുശിജം ച വാഘതാം |**

**അധ്വരാണാം ചേതനം ജാതവേദസം പ്രശംസന്തി നമസാ ജൂതിഭിർവൃധേ ||**

മനുഷ്യരുടെ നായകനും അതിഥി സ്വരൂപനും മഹാനും ബുദ്ധിപ്രേരകനും ഋത്വിജൻമാരുടെ സ്നേഹിയും, യജ്ഞത്തെ പ്രഖ്യാപിക്കുന്നവനും വേഗമാനും ആയ അഗ്നി ശ്രേഷ്ഠപുരുഷൻമാർ നമസ്കാരപൂർവ്വം പൂജിക്കുന്നു.

**9. വിഭാവാ ദേവഃ സുരണഃ പരി ക്ഷിതീരഗ്നിർബഭൂവ ശവസാ സമുദ്രഥഃ |**

**തസ്യ വ്രതാനി ഭൂരിപോഷിണോ വയമുപഭൂഷേമ ദമ ആ സുവൃക്തിഭിഃ ||**

പ്രകാശയുക്തനും സുന്ദരനും രഥയുക്തനുമായ അഗ്നിദേവൻ ശക്തിയാൽ തന്റെ പ്രജകളെ വർദ്ധിപ്പിക്കുന്നു.അനേകരെ പാലിക്കുന്ന ആ അഗ്നിയുടെ എല്ലാ കർമ്മങ്ങളേയും നാം ശ്രേഷ്ഠമന്ത്രങ്ങളാൽ പ്രദീപ്തമാക്കും.

**10. വൈശ്വാനര തവ ധാമാന്യാ ചകേ യേഭിഃ സ്വർവിദഭവോ വിചക്ഷണ |**

**ജാത ആപൃണോ ഭുവനാനി രോദസീ അഗ്നേ താ വിശ്വാ ഹരിഭൂരസി ത്മനാ ||**

ഹേ ജ്ഞാനിയായ വൈശ്വാനരാഗ്നേ! ഏതൊരു തേജസ്സാൽ നീ സർവ്വജ്ഞനായോ, നിന്റെ ആ തേജസിനെത്തന്നെ ഞാൻ പ്രണമിക്കുന്നു. നീ പ്രകടനാകുന്നു. ആകാശം, ഭൂമി മുതലായ എല്ലാ ലോകങ്ങളിലും വ്യാപ്തനായി ജീവികളിൽ രമിക്കുന്നു.

**11. വൈശ്വാനരസ്യ ദംസനാഭ്യോ ബൃഹദിണാദേകഃ സ്വപസ്യയാ കവിഃ |**

**ഉഭാ പിതരാ മഹയന്നജായതാഗ്നിർദ്യാവാപൃഥിവീ ഭൂരിരേതസാ ||**

വൈശ്വാനരാഗ്നിയുടെ ദുഃഖനാശന ക്രിയകളാൽ മഹാധനം പ്രാപ്തമാകുന്നു. അവൻ യജ്ഞാദികളായ ശ്രേഷ്ഠകർമ്മങ്ങളുടെ ആശയാൽ യജമാനന് ധനം നൽകിക്കൊിരിക്കുന്നു. പൗരുഷയുക്തനായ ആ അഗ്നി ആകാശപൃഥ്വിരൂപരായ മാതാപിതാക്കളെ സ്തുതിച്ചുകൊ് പ്രത്യക്ഷമാകുന്നു.

## സൂക്തം 4

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. സമിത്സുമിത്സമനാ ബോധ്യസ്മേ ശുചാശുചാ സുമതിം രാസി വസ്വഃ |**

**ആ ദേവ ദേവാന്യജഥായ വക്ഷി സഖാ സഖീൻസുമനാ യക്ഷ്യഗ്നേ ||**

ഹേ അഗ്നേ! നീ സമൃദ്ധിയെ പ്രാപിക്കണേ. അനുകൂലമനസ്കരായി ചൈതന്യത്തെ പ്രാപിക്കണേ. നീ ദ്രുതഗതിയോടുകൂടിയവനാകണേ. നീ തേജസ്സോടുകൂടി ഞങ്ങളുടെമേൽ ധനയുക്തമായ ദൃഷ്ടി പതിപ്പിക്കണമേ. ദേവതകളെ ഈ യജ്ഞത്തിലേയ്ക്കാനയിച്ചാലും. എന്തുകൊന്നൊൽ, നീ അവരുടെ മിത്രമാകണേ. ഉത്തമമായ മനസ്സോടുകൂടി നിന്റെ മിത്രങ്ങളായ ദേവതകൾക്ക് യജ്ഞം നടത്തണമേ.

**2. യം ദേവാസസ്രിരഹന്നായജന്തേ ദിവേദിവേ വരുണോ മിത്രോ അഗ്നിഃ |**

**സേമം യജ്ഞം മധുമന്തം കൃധീ നസ്തനൂനപാദ് ഘൃതയോനിം വിധന്തം ||**

വരുണനും, മിത്രനും, അഗ്നിയും ആരെ ദിനംതോറും മൂന്നുനേരവും പൂജിക്കുന്നുവോ, ആ അഗ്നി നമ്മുടെ ജലത്തിന്റെ ആഗ്രഹമനുസരിച്ചുള്ള യജ്ഞത്തിന്റെ ഫലം വർഷരൂപത്തിൽ നൽകണേ.

**3. പ്ര ദീധിതിർവിശ്വവാരാ ജിഗാതി ഹോതാരമിളഃ പ്രഥമം യജധ്യൈ |**

**അഛാ നമോഭിർവൃഷഭം വന്ദധ്യൈ സ ദേവാന്യക്ഷദിഷിതോ യജീയാൻ ||**

ദേവകളെ ആഹ്വാനം ചെയ്യുന്ന അഗ്നിയെ എല്ലാവരുടേയും പ്രിയപ്പെട്ട സ്തുതികൾ പ്രാപിക്കണേ. സുഖോൽപ്പാദനത്തിനായി ഇതു അഭീഷ്ടദായകനും പൂജ്യനും ആയ അഗ്നിയുടെ സമീപമെത്തണേ. യജ്ഞകുശലനായ അഗ്നിദേവൻ നമുക്കായി യജ്ഞം നടത്തണേ.

**4. ഊർധ്വോ വാം ഗാതുരധ്വരേ അകാര്യൂർധ്വാ ശോചീംഷി പ്രസ്ഥിതാ രജാംസി |**

**ദിവോ വാ നാഭാ ന്യസാദിഹോതാ സ്തൃണീമഹി ദേവവ്യചാ വി ബർഹിഃ ||**

യജ്ഞത്തിൽ അഗ്നിക്കായി ശ്രേഷ്ഠമായ മാർഗ്ഗം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഉജ്ജ്വലമായ ഹവിസ്സ് മേൽപ്പോട്ടുയരുന്നു. പ്രകാശമാനമായ യജ്ഞശാലയുടെ നാഭിസ്ഥാനത്ത് ഹോതാവു സ്ഥിതിചെയ്യുന്നു. ഞങ്ങൾ ദേവകൾക്കായി ഭൂമിയിൽ ദർഭ വിരിക്കും.

**5. സപ്ത ഹോത്രാണി മനസാ വൃണാനാ ഇന്വന്തോ വിശ്വം പ്രതി യന്നൃതേന |**

**നൃപേശസോ വിദഥേഷു പ്ര ജാതാ അഭീ മം യജ്ഞം വി ചരന്ത പൂർവീഃ ||**

മനസ്സുകൊു പ്രാർത്ഥിക്കപ്പെടുന്നവർ, ജലത്താൽ വിശ്വാസത്തെ ഉല്ലസിപ്പിക്കുന്നവർ, സപ്തഹോത്രങ്ങളിൽ സംബന്ധിക്കുന്നു. യാഗങ്ങളിൽ മനുഷ്യരൂപരായി പിറക്കുന്ന വളരെ ദേവതകൾ ഈ യജ്ഞത്തിൽ പെരുമാറണേ.

**6. ആ ഭന്ദമാനേ ഉഷസാ ഉപാകേ ഉത സ്മയേതേ തന്വാ വിരൂപേ |**

**യഥാ നോ മിത്രോ വരുണോ ജുജോഷദിന്ദ്രോ മരുത്വം ഉത വാ മഹോഭിഃ ||**

പ്രകാശമാനമായ പകലും, രാത്രിയും പരസ്പരം പുഞ്ചിരിച്ചുകൊ് വികസിക്കണേ. മിത്രനുമ വരുണനും ഇന്ദ്രനും ഏതുരൂപത്തിൽ നമ്മുടെ മേൽ കൃപയുള്ളവരായിരിക്കുന്നുവോ, അതുപോലെ തേജസ്വികളായ ഈ രാത്രിയും പകലും ഞങ്ങളെ പ്രാപിക്കണേ.

**7. ദൈവ്യാ ഹോതാര പ്രഥമാ ന്യൃർജ്ജേ സപ്ത പൃക്ഷാസഃ സ്വധയാ മദന്തി |**

**ഋതം ശംസ ഋതമിത്ത ആഹുരനു വ്രതം വ്രതപാ ദീധ്യാനാഃ ||**

ദിവ്യരും മുഖ്യരും അഗ്നിരൂപരുമായ ര് ഹോതാക്കളേയും ഞാൻ സ്തുതിക്കുന്നു. തണ്ണീർനേരുന്നു. ഋത്വിക്കുകൾ സോമനീർകൊ് മത്തുപിടിപ്പിക്കും. യാഗത്തിന്റെ ആഗ്രഹത്തോടുകൂടി അന്നം ആഗ്രഹിക്കുന്ന ഋത്വിക്കുകൾ അഗ്നിയെ വളർത്തുന്നു. വ്രതം പാലിക്കുന്നവരായ ഋത്വിക്കുകൾ യജ്ഞരൂപമായ അഗ്നിയെ പ്രശംസിക്കുന്നു. സത്യം എന്നുപറയുന്നു.

**8. ആ ഭാരതീ ഭാരതീഭിഃ സജോഷാ ഇളാ ദേവൈർമനുഷ്യേഭിരഗ്നിഃ |**

**സരസവതീ സാരസ്വതേഭിരർവാക് തിസ്രോ ദേവീർബർഹിരേദ സദന്തു ||**

സൂര്യന്റെ ദീപ്തിയോടുകൂടി അഗ്നിരൂപമായ ഭാരതി ഇവിടെ വന്നെത്തണേ. ദേവത്വത്തോടുകൂടിയ മനുഷ്യരുടെ ഇള ഇവിടെ വന്നെത്തണേ. തേജസ്വികളായ വിദ്വാൻമാരോടുകൂടി സരസ്വതിയും ഇവിടെ വന്നെത്തണേ. ഈ മൂന്നുദേവിമാരും കുശാസനത്തിൽ ഇരുന്നരുളണേ.

**9. സന്നസ്തുരീപമധ പോപയിത്നു ദേവ ത്വഷ്ടുർവിരരാണഃ സ്യസ്വ |**

**യതോ വീരഃ കർമണ്യഃ സുദക്ഷോ യുക്തഗ്രാവാ ജായതേ ദേവകാമഃ ||**

ഹേ ത്വഷ്ടാവേ! ഏതൊരു വീര്യത്തിൽനിന്നും കർമ്മവാനും, വീരനും, സോമം തയ്യാറാക്കുന്നവനും ദേവതകളെ പൂജിക്കുന്നവനുമായ പുത്രൻ ജനിക്കുന്നുവോ, അവൻ പ്രസന്നനായി ഇപ്രകാരം പുഷ്ടിയുള്ള വീര്യം ഞങ്ങൾക്ക് പ്രദാനം ചെയ്യണേ.

**10. വനസ്പതേവ സൃജോപ ദേവാഗ്നിർ ഹവിഃശമിതാ സൂദയാതി |**

**സേദു ഹോതാ സത്യതരോ യജാതി യഥാ ദേവാനാം ജനിമാനി വേദ ||**

ഹേ വനസ്പതേ! നീ ദേവകളെ ഇവിടെ കൂട്ടിക്കൊുവരണേ. ജീവികളെ സംസ്കരിക്കുന്നവനായ അഗ്നിദേവൻ ദേവാഹ്വക്ക് യജ്ഞം നടത്തണേ. എന്തുകൊന്നൊൽ അവൻതന്നെ ദേവതകളുടെ ജ്ഞാതാവാകുന്നുവല്ലോ?

**11. ആ യാഹ്യഗ്നേ സമിധാനോ അർവാങ്ങിന്ദ്രേണ ദേവൈഃ സരഥം തുരേഭിഃ |**

**ബഹിർനആസ്താമദിതിഃ സുപ്രതാ സ്വാഹാ ദേവാ അമൃതാ മാദയന്താം ||**

ഹേ അഗ്നേ! നീ പ്രകാശമാനനായി ഇന്ദ്രാദി ദേവകൾ സഹിതം ഒരു രഥത്തിലാരൂഢനായി അതിവേഗം ഇവിടെ ആഗതനാകണേ. പുത്രൻമാർസഹിതം അദിതി കുശാസനത്തിലിരുന്നരുളട്ടെ. അഗ്നിരൂപത്താൽ സ്വാഹാകാരയുക്തരായ ദേവൻമാർ തൃപ്തിയടയട്ടെ.

## സൂക്തം 5

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. പ്രത്യഗ്നിരുഷസശ്ചേകിതാനോബോധി വിപ്രഃ പദവീഃ കവീനാം |**

**പൃഥുപാജാ ദേവയദ്ഭിഃ സമിദ്ധോപ ദ്വാപാ തമസോ വഹ്നിരാവഃ ||**

അഗ്നി ഉഷസ്സിന്റെ ജ്ഞാതാവാകുന്നു. അവൻ വിദ്വാൻമാരെ അനുസരിക്കുന്നതിനായിചൈതന്യം പ്രാപിക്കുന്നു. ആ അഗ്നി അത്യധികം തേജസ്വിയാണ്. ദേവതകളെ ആഗ്രഹിക്കുന്ന വ്യക്തി

അതിനെ പ്രോജ്ജ്വലിപ്പിക്കുമ്പോൾ അവൻ ജ്ഞാനത്തിൻെറ കവടം തുറന്നുകൊടുക്കുന്നു. ഇരുട്ടിൻെറ വാതിൽ അടയ്ക്കുന്നു.

**2. പ്രേദ്വഗ്നിർവാവൃധേ സ്തോമേഭിർഗീർഭിഃ സ്തോതൃണാം നമസ്യ ഉക്‌ഥൈഃ |**

**പൂർവീഋതസ്യ സൻദൃശശ്ചകാനഃ സം ദൂതോ അദ്യൗദുഷസോ വിരോകേ ||**

പൂജനീയനായ അഗ്നി സ്തുതിക്കുന്നവരുടെ സ്തോത്രങ്ങളാലും വാണികളാലും മന്ത്രങ്ങളാലും വളരുന്നു. ആ അഗ്നി ദേവകളുടെ ഭൂതരൂപത്തോടുകൂടി പ്രദീപ്തമാകുവാനാഗ്രഹിച്ച് ഉഷകാലത്തിൽ പ്രോജ്ജ്വലിതമാകുന്നു.

**3. അധായ്യഗ്നിർമാനുഷീഷു വിക്ഷ്വ പാം ഗർമോ മിത്ര ഋമേന സാധൻ |**

**ആ ഹര്യതോ യജതഃ സാന്വസ്ഥാദഭൂദു വിപ്രോ ഹവ്യോ മതീനാം ||**

യജമാനൻമാരുടെ സഖാരൂപനായ അഗ്നി യജ്ഞംവഴി അഭീഷ്ടഫലങ്ങൾ നൽകുന്നതിനുവേി മനുഷ്യരിൽതന്നെ വിരാജിക്കുന്നു. സ്പൃഹണീയനായ ആ അഗ്നി യജ്ഞയോഗ്യനാകുന്നു. ആ ജ്ഞാനി സ്തുതിക്കുന്നവരുടെ ആരാധനാപാത്രമായി.

**4. മിത്രോ അഗ്നിർഭവതി സത്സമിദ്ധോ മിത്രോ ഹോതാ വരുണോ ജാതവേദാഃ |**

**മിത്രോഅധ്വര്യുരിഷിരോ ദമുനാ മിത്രഃ സിന്ധൂനാമുത പർവതാനാം ||**

അഗ്നി പ്രവൃദ്ധമാകുമ്പോൾ അവൻ സഖാഭാവത്തോടുകൂടിയവനാകുന്നു. അവൻ മിത്രനാകുമ്പോൾ എല്ലാമറിയുന്ന വരുണനായിത്തീരുന്നു. ആ മിത്രഭാവത്തോടുകൂടിയവൻ ദാനസ്വഭാവത്തോടുകൂടിയവനും അധ്വര്യുവും പ്രേരണനൽകുന്ന വായുവുമായിത്തീരുന്നു. അവൻ നദികളോടും പർവ്വതങ്ങളോടും സഖ്യഭാവം പുലർത്തുന്നു.

**5. പാതി പ്രിയം രിപോ അഗ്രം പദം വേഃ പാതി യഹ്വശ്ചരണം സൂര്യസ്യ |**

**പാതി നാഭാ സപ്തശീർഷാണമഗ്നിഃ പാതി ദേവാനാമുപമാദമൃഷ്വ ||**

സർവ്വവ്യാപകനായ അഗ്നി ലോകത്തിൻെറ പ്രിയസ്ഥാനങ്ങളുടെ രക്ഷകനാകുന്നു. അവൻ സൂര്യൻെറ ഭ്രമണപഥം കാത്തുസൂക്ഷിക്കുന്നു. അന്തരീക്ഷത്തിൽ മരുത്തുക്കളെ രക്ഷിക്കുകയും, ദേവകളെ പ്രസന്നരാക്കുന്ന യജ്ഞത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു.

**6. ഋഭുശ്ചക്ര ഈഢ്യം ചാരു നാമ വിശ്വാനി ദേവോവയുനാനി വിദ്വാൻ |**

**സസസ്യ ചർമ ഘൃതവത്പദം വേസ്തദിദഗ്നി രക്ഷത്യപ്രയുഛൻ ||**

എല്ലാ ജ്ഞാനങ്ങളുടേയും ജ്ഞാതാവും മഹാനുമായ അഗ്നി പ്രശംസായോഗ്യവും രമണീയവുമായ ജലത്തെ സൃഷ്ടിച്ചു. അഗ്നി ഉറങ്ങിക്കഴിഞ്ഞാലും അവൻെറ രൂപം പ്രകാശിച്ചുകൊിരിക്കും. ആ അഗ്നി വളരെ ശ്രദ്ധയോടുകൂടി തൻെറ രൂപത്തെ രക്ഷിക്കുന്നു.

**7. ആ യോനിമഗ്നിർഘൃതവന്തമസ്ഥാത്പൃഥു പ്രഗാണമുശന്തമുശാനഃ |**

**ദിദ്യാനഃ ശുചിർഋഷ്വഃ പാവകഃ പുനഃ പുനർമാതര നവ്യസീകഃ ||**

സ്തുതിക്കപ്പെട്ട പ്രകാശയുക്തമായ തൻെറ സ്ഥാനത്തെ പ്രേമിക്കുന്നവനായ അഗ്നിദേവൻ വിരാജിച്ചുകൊിരിക്കുന്നു. പ്രകാശമാനനും തേജസ്വിയും പവിത്രനും ആയ ആ അഗ്നി ആകാശഭൂമികളായ തൻെറ പിതാമാക്കൾക്ക് അഭിനവത്വം പ്രദാനം ചെയ്യുന്നു.

**8. സദ്യോ ജാത ഓഷധീഭിർവവക്ഷേ യദീ വർദ്ധന്തി പ്രസ്വോ ഘൃതേന |**

**ആപ ഇവ പ്രവതാ ശുംഭമാനാ ഉരുഷ്യദഗ്നിഃ പിത്രോരുപസ്ഥേ ||**

അഗ്നി തൻെറ ജനനത്തോടുകൂടിതന്നെ ഔഷധികളിൽ വഹിക്കപ്പെടുന്നു. ആ സമയം മാർഗ്ഗങ്ങളിൽക്കൂടി ഒഴുകിക്കൊിരിക്കുന്ന ജലത്തേപ്പോലെ സുശോഭിതമായ ഔഷധികൾ ജലത്താൽ വൃദ്ധിപ്രാപിക്കുകയും ചെയ്യുന്നു. ഭൂമിയിൽനിന്നും ആകാശംവരെ ഉയരുന്ന അഗ്നി നമ്മുടെ രക്ഷകനാകണേ.

**9. ഉദുഷ്ടുതഃ സമിധാ യഹ്വോ അദ്യൗദ്വർഷ്മന്ദിവോ അധി നാഭാ പൃഥിവ്യാഃ |**

**മിത്രോ അഗ്നിരീഡ്യോ മാതരിശ്വാ ദൂതോ വക്ഷദ്യജഥായ ദേവാൻ ||**

നമ്മളാൽ തെളിക്കപ്പെടുകയും, സ്തുതിക്കപ്പെടുകയും ചെയ്യുന്ന അഗ്നി എല്ലവരുടേയും മിത്രവും, സ്തുത്യനും അരണികളിൽക്കൂടി പ്രകാശിക്കുന്നവനും ആകുന്നു. അവൻ ദേവതകളുടെ ദൂതനായി നമ്മുടെ യജ്ഞത്തിലേയ്ക്ക് അവരെ വിളിക്കണം.

**10. ഉദസ്തംഭീത്സമിധാ നാകമൃഷ്വോ ഗ്നിർഭവന്നുത്തമോ രോചനനാം |**

**യദീ ഭൃഗുദ്യഃ പരി മാതരിശ്വാ ഗുഹാ സന്തം ഹവ്യവാഹം സമീധേ ||**

മാതരിശ്വാവ് ഭൃഗുക്കൾക്കുവേി ഗുഹയിൽ കഴിഞ്ഞിരുന്ന ഹവിർവാഹകനായ അഗ്നിയെ ഉത്തേജിപ്പിച്ചപ്പോൾ തേജസ്വിയും ശ്രേഷ്ഠനുമായ അഗ്നി തൻെറ തേജസ്സാൽ സ്വർഗ്ഗലോകത്തെ സ്തബ്ധമാക്കി.

**11. ഇളാമഗ്നേ പുരുദംസം സനിം ഗോഃ ശശ്വത്തമം ഹവമാനായ സാധ |**

**സ്യാന്നഃ സൂനുസ്തനയോ വിജാവാഗ്നേ സാതേ സുമതിരഭൂത്വസ്മേ ||**

ഹേ അഗ്നേ! നീ സ്വന്തം സ്തോതാവിന് അനേകം കർമ്മങ്ങളുടെ ഫലമായി ഗോക്കൾ, ഭൂമി ആദിയായ ധനം സദാ നൽകിക്കൊിരിക്കണേ. ഞങ്ങൾക്ക് മകനും അവൻെറ മകനും ഉായി വംശത്തെ വളർത്തുന്നതിനുള്ള സന്താനോൽപ്പാദന സമർത്ഥരായ പുത്രൻമാരാകണേ. അഗ്നേ! നിൻെറ ആ കൃപയുള്ള മനസ്സു ഞങ്ങളിലുാകട്ടെ.

## സൂക്തം 6

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. പ്ര കാരവോ മനനാ വാച്യമാനാ ദേവദ്രീചീം നയത ദേവയന്തഃ |**

**ഭക്ഷിണാവാങ്വാജിനീ പ്രാച്യേതി ഹവിർഭരന്ത്യഗ്നയേ ഘൃതാചീ ||**

ഹേ യജ്ഞം നടത്തുന്നവരേ! നിങ്ങൾ സോമം ഇഷ്ടപ്പെടുന്നെങ്കിൽ മന്ത്രത്താൽ പ്രേരണപ്രാപിച്ച ദേവോപാസനാസാധനമായ സ്രുകം ഇവിടെ കൊുവരുവിൻ. യാതൊന്നിനെ ആഹ്വനീയാഗ്നി ദക്ഷിണദിക്കിലേയ്ക്ക് കൊുപോകുന്നുവോ, യാതൊന്നിൻെറ അഗ്രഭാഗം കിഴക്കോട്ടായിരിക്കുന്നുവോ, ധനയുക്തനായ ആ അഗ്നി എത്തിക്കപ്പെടുന്നു.

**2. ആ രോദസീ അപൃണാ ജായമാന ഉത പ്ര രിക്ഥാ അധ നു പ്രയജ്യോ |**

**ദിവശ്ചിദഗ്നേ മഹിനാ പൃഥിവ്യാ പച്യന്താം തേ വഹ്നയഃ സപ്തിജ്വഹ്വാഃ ||**

ഹേ അഗ്നേ! നീ ജനിച്ചപ്പോൾതന്നെ ആകാശത്തേയും ഭൂമിയേയും പൂർണ്ണമാക്കി. യജ്ഞയോഗ്യാ! മഹിമയാൽ വളർന്ന നീ അന്തരീക്ഷത്തിലും ഭൂമിയിലും ഉയരുകയും നിൻെറ അംശഭൂതമായ പാർഥിവാഗ്നിയുടെ സപ്തജിഹ്വകൾ ആരാധിക്കപ്പെടുകയും ചെയ്യണേ.

**3. ദ്യൗശ്ച ത്വാ പൃഥിവീ യജ്ഞിയാസോ നി ഹോതാരം സാദയന്തേ ദമായ |**

**യദീ വിശോ മാനുഷീർദേവയന്തീഃ പ്രയസ്വതീരീളതേ ശുക്രമർചിഃ ||**

ഹേ അഗ്നേ! നീ ഹോതാവാകുന്നു. ദേവതകളെ ഇഷ്ടപ്പെടുന്നവരായ മനുഷ്യർ നിങ്ങളുടെ തേജസ്സിനെ പ്രശംസിക്കുമ്പോൾ അന്തരീക്ഷവും ഭൂമിയും ദേവകളും യജ്ഞകർമ്മങ്ങളെ സഫലീകരിക്കുവാൻ നിങ്ങളെ പൂജിക്കുന്നു.

**4. മഹാൻത്സധസ്തേ ധ്രുവ ആ നിഷത്തോന്തർദ്യാവാമഹിനേ ഹര്യമാണഃ |**

**ആസ്ക്രേ സപന്തീ അജരേ അമൃക്തേ സബർദുഘേ ഉരുഗായസ്യ ധേനൂ ||**

യജമാനൻമാരുടെ മിത്രവും മഹാനുമായ അഗ്നി ആകാശത്തിൻേറയും ഭൂമിയുടേയും മധ്യസ്ഥനായി വിരാജിക്കുന്നു. ഒന്നുപോലെ പ്രീതിപ്പെടുത്തുന്നവരും, അജരരും, അഹിംസിതരുമായ ആകാശഭൂമികൾ ഗതിമാനനായ അഗ്നിക്കുവേി പാൽചുരത്തുന്ന ഗോവിനു തുല്യമാകുന്നു.

**5. വ്രതാ തേ അഗ്നേ മഹതോ മഹാനി തവ ക്രത്വാ രോദസീ ആ തതന്ഥ |**

**ത്വം ദൂതോ അഭവോ ജായമാനസ്ത്വം നേതാ വൃഷഭ ചർഷണീനാം ||**

ഹേ അഗ്നേ! നീ സർവ്വശ്രേഷ്ഠനാണല്ലോ? നീ മഹാകർമ്മങ്ങൾ പ്രവർത്തിക്കുന്നു. നീ ആകാശത്തേയും ഭൂമിയേയും യജ്ഞകർമ്മങ്ങൾ ദ്വാരാവിസ്തീർണ്ണമാക്കി. നീ ദൗത്യകർമ്മത്തിൽ നിപുണനാകുന്നു. അഭീഷ്ടങ്ങളെ വർഷിക്കുന്ന നീ ജൻമനാതന്നെ യജമാനൻമാരാൽ പൂജിക്കപ്പെടുന്നു.

**6. ഋതസ്യ വാ കേശിനാ യോഗ്യാഭിർഘൃത സ്നുവാ രോഹിതാ ധുരി ധിഷ്വ |**

**അഥാ വഹ ദേവാന്ദേവ വിശ്വാൻസ്വധ്വരാ കൃണുഹി ജാതവേദഃ ||**

ഹേ തേജസ്വിയായ അഗ്നേ! നീ മനോഹരമായ രോമങ്ങളുള്ള കയറുകൊ് ബന്ധിച്ച ഘൃതസ്രാവികളായ അശ്വങ്ങളെ യജ്ഞത്തിനുമുമ്പിൽ ബന്ധാക്കൂ. പിന്നീട് എല്ലാ ദേവകളേയും വിളിക്കണേ. നീ എല്ലാം യജ്ഞമയമാക്കിയാലും.

**7. ദിവശ്ചിദാ തേ രുചയന്ത രോകാ ഉഷോ വിഭാതീരനു ഭാസി ഷുർവീഃ |**

**അപോ യദഗ്ന ഉശധഗ്വനേഷു ഹോതുർമന്ദ്രസ്യ പനയന്ത ദേവാഃ ||**

ഹേ അഗ്നേ! നീ വനങ്ങളിൽ ജലം വറ്റിക്കുമ്പോൾ നിൻെറ പ്രകാശം സൂര്യനേക്കാൾ തിളങ്ങുന്നു. നീ മനോഹരിയും കാന്തിമതിയുമായ ഉഷസ്സിൻെറ പിന്നിലായി ഉദിക്കുന്നു. സ്തുത്യനായ സഹോതാവിൻെറ ശോഭയെ വാനവർ വാഴ്ത്തുന്നു.

**8. ഉരൗ വാ യേ അന്തരിക്ഷേ മദന്തി ദിവോ വാ യേ രോചനേ സന്തി ദേവാഃ |**

**ഊമാ വാ യേ സുഹവാസോ യജത്രാ ആയേമിരേ രഥ്യോ അഗ്നേ അശ്വാഃ ||**

ഏതൊരു ദേവഗണം വിസ്തൃതമായ അന്തരീക്ഷത്തിൽ സുഖികളായിരിക്കുന്നുവോ യാതൊരു ദേവകൾ പ്രകാശമാനമായ ആകാശത്തിൽ വാസം ചെയ്യുന്നുവോ, യാതൊരു ഉത്തമരായ പിതൃക്കൾ ആഹ്വാനത്താലാഗതരാകുന്നുവോ, അവരെയെല്ലാം രഥയുക്തനായ അഗ്നിയുടെ അശ്വരൂപരാകുന്നു.

**9. ഐഭിരഗ്നേ സരഥം യാഹ്യർവാങ്നാനാരഥം വാ വിഭവോ ഹ്യാശ്വാഃ |**

**പത്നീവതസ്ത്രീശതം ത്രിംശ്ച ദേവാനനുഷ്വാമാ വഹ മാദയസ്വ ||**

ഹേ അഗ്നേ! ആ എല്ലാദേവതകളോടും സഹിതം രഥാരൂഢനായി ഞങ്ങളുടെ അടുക്കലേയ്ക്കാഗതനാകണേ. നിൻെറ അശ്വങ്ങൾ നിന്നെ ഇവിടെ കൊുവരുന്നതിൽ സമർത്ഥരാണ്. മുപ്പത്തിമൂന്നു ദേവൻമാർ പത്നീസമേതം സോമത്തിനുവേി ഇവിടെകൊുവന്ന് സോമത്താൽ ബലിഷ്ഠരാക്കണേ.

**10. സ ഹോതാ യസ്യ രോദസി ചിദുർവീ യജ്ഞം യജ്ഞമഭി വൃധേ ഗൃണീതഃ |**

**പ്രാചീ അധ്വരേവ തസ്ഥതുഃ സുമേകേ ഋതാവരീ ഋതജാതസ്യ സത്യേ ||**

വിശാലമായ ആകാശവും ഭൂമിയും എല്ലാ യാഗങ്ങളിലും ഏതൊരഗ്നിദേവൻെറ സമൃദ്ധിക്കുവേി സ്തുതിക്കുന്നുവോ, ദേവതകളുടെ ഹോതാവും ജലസമ്പന്നകളും സുന്ദരരൂപികളും സത്യരൂപിണികളും ആയ ആകാശപൃഥ്വികൾ യജ്ഞസമാനമായ സത്യത്താൽ പ്രകടമാകുന്ന അഗ്നിയെ സമർത്ഥനം ചെയ്യുന്നു. അവർ രധ്വരങ്ങൾപോലെ അനുകൂലങ്ങളായി വർത്തിക്കുന്നു.

**11. ഇളാമഗ്നേ പുരുദംസം സനിം ഗോഃ ശശ്വത്തമം ഹവമാനായ സാധ |**

**സ്യാന്നഃ സൂനുസ്തനയോ വിജാവഗ്നേ സാ തേ സുമതിർഭൂത്വസ്മേ ||**

ഹേ അഗ്നേ! നീ സ്തുതിക്കുന്നവർക്ക് വിവിധകർമ്മങ്ങളുടെ കാരണഭൂതമായ ഗോയുക്തായ ഭൂമിസദാനം ചെയ്താലും ഞങ്ങൾക്ക്

വംശവൃദ്ധിവരുത്തുന്നവരും സന്താനോൽപ്പാദന സമർത്ഥരുമായ പുത്രൻമാരെ നൽകിയാലും നിൻെറ ഈ അനുഗ്രഹം ഞങ്ങളിൽ എത്തണേ.

# മൂന്നാമഷ്ടകം

# അദ്ധ്യായം 1

# സൂക്തം 7

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. പ്ര യ ആരുഃ ശിതിപൃഷ്ഠസ്യ ധാസേര മാതരാ വിവിശുഃ സപ്ത വാണീഃ |**

**പരിക്ഷിതാ പിതരാ സം ചരേതേ പ്ര സർസ്രാതേ ദീർഘമായുഃ പ്രയക്ഷേ ||**

ഉജ്ജ്വലമായ പുറത്തോടുകൂടിയവനും സർവ്വധാരകനുമായ അഗ്നിയുടെ ജ്വാലകൾ ഉത്തമമായി ഉയർന്നു കൊിരിക്കുന്നു. അവ ആകാശവും ഭൂമിയുമാകുന്ന പിതാമാതാക്കളുടെ എല്ലാ ദിക്കുകളിലും വ്യാപിക്കുന്നു. ആകാശവും ഭൂമിയുമായ മാതാപിതാക്കൾ എല്ലാഭാഗത്തും വിസ്തീർണ്ണരായി യജ്ഞത്തിനുവേി അഗ്നിക്കു ദീർഘായുസ്സു പ്രദാനം ചെയ്യുന്നു.

**2. ദിവക്ഷസോ ധേനവാ വൃഷ്ണോ അശ്വാ ദേവീരാ തസ്ഥൗ മധുമദ്വഹന്തീഃ |**

**ഋതസ്യത്വസദസി ക്ഷേമയന്തം പര്യേകാ ചരതി വർതനിം ഗൗഃ ||**

അഷ്ടഅശ്വം ആകാശവാസിയായ ഗോവു തന്നെയാകുന്നു. മധുരജലത്തെ പ്രവഹിപ്പിക്കുന്ന ഉജ്ജ്വലനദികളിൽ അഗ്നിയുടെ നാമം ഉ്. ഹേ അഗ്നേ! നീ സത്യത്തിൽ വസിക്കുവാനിച്ഛിക്കുന്നു. ഹേ അഗ്നേ! നിൻെറ പ്രേരണയാൽതന്നെ ഈ ഭൂമി സദ്ന്യവഹാരങ്ങളിൽ ഉറച്ചുനിൽക്കുന്നു.

**3. ആ സീമ രോഹത്സുയമാ ഭവന്തീഃ പതിശ്ചികിത്വാൻ രയിവിദ്രയീണാം |**

**പ്ര നീലപൃഷ്ഠോ അതസസ്യ ധാസേസ്താ അവാസയത്പുരുധപ്രതീകഃ ||**

ഉത്തമഐശ്വര്യങ്ങളുടെ നാഥനും ജ്ഞാനിയുമായ അഗ്നിദേവൻ ബഡവാഗ്നികളിൽ ആരോഹിതനാകുന്നു. ഉജ്ജ്വലമായ മുതുകോടുകൂടിയ അഗ്നി സദാഗതി മാനനായിരിക്കുന്നതിനുവേി ബഡവാഗ്നിയെ വിമുക്തമാക്കി.

**4. മഹി ത്വാഷ്ട്രമൂർജയന്തീരജൂർയം സ്തഭൂയമാനം വഹതോ വഹന്തി |**

**വ്യങ്ഗേഭിർദിദ്യുതാനഃ സധസ്ഥ ഏകാമിവ രോദസീ വിവേശ ||**

പ്രവഹിക്കുന്ന നദികൾ അഗ്നിയെ പാലിക്കുന്നു. ത്വഷ്ടാവിൻെറ പുത്രനും അജരനും മഹാനും അതുപോലെ സമ്പൂർണ്ണനുമായ ആജഗത്തെ വഹിക്കുവാനാഗ്രഹിക്കുന്നു. യുവാവ് പത്നിയെ പ്രാപിക്കുന്നതുപോലെ ജലനികടത്തിൽ പ്രദീപ്തനായ അഗ്നി ആകാശത്തിലും ഭൂമിയിലും വ്യാപിക്കുന്നു.

**5. ജാനന്തി വൃഷ്ണോ അരുഷസ്യ ശേവമുത ബ്രധ്നസ്യ ശാസനേ രണന്തി |**

**ദിവോരുചഃ സുരുചോ രോചമാനാ ഇളാ യേഷാം ഗണ്യാ മാഹിനാ ഗീ ||**

അഭിലാഷവർഷകനും അഹിംസിതനുമായ അഗ്നിയുടെ ആശ്രയത്തിൽനിന്നും ഉാകുന്ന സുഖത്തെ അറിയുന്ന ഉപാസകൻ അതിൻെറ ആ ദേശത്തിൽ സ്ഥിതിചെയ്യുന്നു. ഏതൊരു സ്തോതാവിൻെറ സ്തുതിരൂപമായ വാണി ഉല്ലേഖയോഗ്യമായിരിക്കുന്നുവോ, അവ ആകാശത്തെ പ്രകാശിപ്പിക്കുകയും സ്വയം പ്രകാശിതമാകുകയും ചെയ്യുന്നു.

**6. ഉതോ പിതൃഭ്യാം പ്രവിദാനു ഘോഷം മഹോ മഹദ്ഭ്യാമനയന്ത ശൂഷം |**

**ഉക്ഷാ ഹ യത്ര പരി ധാനമക്തോരനു സ്വം ധാമ ജരിതുർവവക്ഷ ||**

മാതൃപിതൃഭ്രാതാക്കളായ ആകാശപൃഥ്വികൾക്കായി ചെയ്യപ്പെടുന്ന സ്തുതികളോടുകൂടി പ്രകടമാകുന്ന കല്യാണഭാവനകൾ അഗ്നിയെ പ്രദീപ്തമാക്കുന്നു. ജലസേചനസമർത്ഥനായ അഗ്നിദേവൻ രാത്രിയിൽ പ്രകാശിച്ച് തൻെറ തേജസ്സിനെ സ്തുതിക്കുന്നവർക്കായി പ്രേരിപ്പിക്കുന്നു.

**7. അധ്വര്യുർഭിഃ പഞ്ചഭിഃ സപ്ത വിപ്രാഃ പ്രിയം രക്ഷന്തേ നിഹിതം പദം വേഃ |**

**പ്രാഞ്ചോ മദന്ത്യുക്ഷണോ അജൂര്യാ ദേവാ ദേവാനാമനു ഹി വ്രതാ ഗുഃ ||**

അഞ്ച് അധ്വര്യുക്കൾചേർന്ന് സപ്തഹോതാവായ അഗ്നിയുടെ നിവായജ്ഞത്തെ രക്ഷിക്കുന്നു. സോമപ്രാപ്തിക്കുള്ള ഇച്ഛയോടുകൂടി പൂർവ്വാഭിമുഖമായി ഗമിക്കുന്ന, സോമരസം വർഷിക്കുന്നവനും പരിശ്രമത്താൽ പരാജയപ്പെടുന്നവനുമായ സ്തോതാവ് പ്രസന്നതയെ പ്രാപിക്കുന്നു. എന്തുകൊന്നൽ ആ ദേവതകൾക്ക് സമാനരായ സ്തോതാക്കളുടെ യജ്ഞത്തിൽ ദേവഗണങ്ങൾ എഴുന്നള്ളുന്നു.

**8. ദൈവ്യാ ഹോതാര പ്രഥമാ ന്യുറുഞ്ജേ സപ്ത പൃക്ഷാസഃ സ്വധയാ മദന്തി |**

**ഋതം ശംസന്ത ഋതമിത്ത ആഹുരനു വ്രതം വ്രതപാ ദീധ്യാനാഃ ||**

ദിവ്യൻമാരായ ര് ഹോതാസ്വരൂപൻമാരായ അഗ്നികളേയും ഞാൻ അലങ്കരിക്കുന്നു. സപ്തഹോതാക്കൾക്ക് സോമം തയ്യാറാക്കുമ്പോൾ പ്രസന്നരാകുന്നു. ആ ഹോതാക്കള സ്തുതിച്ചുകൊ് യജ്ഞരക്ഷണം ചെയ്യുന്ന അഗ്നിയെ തന്നെ സത്യം എന്നു പറയുന്നു.

**9. വൃഷായന്തേ മഹേ അത്യായ പൂർവീർവൃഷ്ണേ ചിത്രായ രശ്മയഃ സുയാമാഃ |**

**ദേവ ഹോതർമന്ദ്രതരശ്ചികിത്വാൻമഹോ ദേവാൻ രോദസീ ഏഹ വക്ഷി ||**

ദേവാഹ്വാനകർത്താവും, പ്രകാശമാനനുമായ അഗ്നി മഹാനും അതുപോലെ അഭീഷ്ടവർദ്ധകനുമാണ്. ഹേ അഗ്നേ! നിൻെറ ആജ്ഞാകാരിണികളായ ജ്വാലകൾ വിസ്തൃതമായി സർവത്രവ്യാപിക്കുകയും അതുപോലെ വൃഷഭതുല്യമായ പ്രഭാവത്തോടുകൂടിയതുമാണ്. നീ ഹർഷയുക്തനും ജ്ഞാനിയുമാണ്. ഞങ്ങളുടെ യജ്ഞകർമ്മങ്ങളിൽ ദേവതകളേയും ആകാശപൃഥ്വികളേയും വിളിക്കുന്നവനാകണേ.

**10. പൃക്ഷപ്രയജോ ദ്രവിണഃ സുവാചഃ സുകേതവ ഉഷസോ രേവദൂഷുഃ |**

**ഉതോ ചിദഗ്നേ മഹിനാ പൃഥിവ്യാ കൃതം ചിദേനഃ സം മഹേ ദശസ്യ ||**

സദാഗതിമാനനായ അഗ്നിക്കുവേി ഏതൊരുഷസ്സിൽ ഹവിസ്സ് നൽകി യജ്ഞം നടത്തപ്പെടുന്നുവോ, ആ ഉഷക്കാലം സുശോഭിതങ്ങളായ സ്തുതിരൂപവാണികളാലും പക്ഷികളുടേയും മനുഷ്യരുടേയും ശ്രേഷ്ഠങ്ങളായ ശബ്ദങ്ങളാലും സുബദ്ധിതമാണ്. ആ ഉഷക്കാലേ ധനൈശ്വര്യങ്ങളാൽ യുക്തമായി പ്രകാശിക്കുന്നു. ഹേ അഗ്നേ! നിന്റെ മഹത്തായ കൃപയാൽ യജമാനകൃതങ്ങളായ പാപങ്ങൾ നശിപ്പിക്കണേ.

**11. ഇളാമഗ്നേ പുരുദംസം സനിം ഗോഃ ശശ്വത്തമം ഹവമാനായ സാധ |**

**സ്യാന്നഃ സൂനുസ്തനയോ വിജാവാഗ്നേ സാ തേ സുമതിർഭൂത്വസ്മേ ||**

ഹേ അഗ്നേ! സ്തുതിക്കുന്നവർക്ക് വിവിധ കർമ്മങ്ങൾക്കുള്ള ഹേതുക്കളും ഗോക്കളോടുകൂടിയ ധനയുക്തമായ ഭൂമിയും നൽകണേ. ഞങ്ങൾക്ക് വംശം വർദ്ധിപ്പിക്കുന്നവരും സന്താനോത്പാദന സമർത്ഥരായ പുത്രൻമാരെ നൽകണേ. നിന്റെ ഈ അനുഗ്രഹം ഞങ്ങളാശിക്കുന്നു.

## സൂക്തം 8

**ഋഷി വിശ്വാമിത്രൻ ദേവത വിശ്വേദേവൻമാർ**

**ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അഞ്ജന്തി ത്വാമധ്വരേ ദേവയന്തോ വനസ്പതേ മധുനാ ദൈവ്യേന |**

**യദൂർധ്വസ്തിഷ്ഠാ ദ്രവിണേഹ ധത്താദ്യദ്വാ ക്ഷയോ മാതുരസ്യാ ഉപസ്ഥേ ||**

ഹേ വനസ്പതേ! ദേവതകളെ ആഗ്രഹിക്കുന്ന അധ്വര്യുക്കൾ ദിവ്യമായ സോമരസം വഴിയായി നിന്നെ നനക്കുന്നു. നീ ഒന്നുകിൽ ബീജരൂപമായി ഭൂമിയിൽ ശയിക്കൂ. അല്ലെങ്കിൽ ഉന്നതങ്ങളിലേക്കുയരൂ. ഞങ്ങൾക്ക് ധനം പ്രദാനം ചെയ്താലും.

**2. സമിദ്ധസ്യ ശ്രയമാണഃ പുരസ്താദ് ബ്രഹ്മ വന്വാനോ അജരം സുവീരം |**

**ആരേ അസ്മദമതിം ബാധമാന ഉച്ഛ്രയസ്വ മഹതേ സൗഭഗായ ||**

ഹേ യൂപമേ! നീ അഗ്നിയുടെ പൂർവഭാഗത്ത് വസിക്കുന്ന സുന്ദരനും ജരാരഹിതനും സന്താനയുക്തനും ഞങ്ങളെ വലയ്ക്കുന്ന വിശപ്പുമാറ്റുന്നവനും ആണ്. ഞങ്ങളുടെ പാപങ്ങളെ അകറ്റിക്കളയൂ. ഞങ്ങൾക്ക് മഹത്തായ ധനം പ്രാപ്തമാക്കുന്നതിനായി ഉയർന്നുനിന്നാലും.

**3. ഉച്ഛ്രയസ്വ വനസ്പതേവരഷ്മൻപൃഥിവ്യാ അധി**

**സുമിതീ മീയമാനോ വർചോ ധാ യജ്ഞവാഹസേ ||**

ഹേ വനസ്പതേ! നീ ഭൂമിയുടെ ജലാദിയുക്തമായ സ്ഥാനങ്ങളിൽ വളരണേ. നീ അളക്കപ്പെടുന്നവനാകൂ. യജ്ഞപാലകനായ യജമാനന് അന്നം പ്രദാനം ചെയ്താലും.

**4. യുവാ സുവാസാഃ പരിവീത ആഗാത്സ ഉ ശ്രേയാൻഭവതി ജായമാനഃ |**

**തം ധീരാസഃ കവയ ഉന്നയന്തി സ്വാധ്യോ മനസാ ദേവയന്തഃ ||**

ദൃഢാംഗത്തോടും സുന്ദരമായനാവോടും കൂടി യൂപം പ്രകടമാക്കുന്നു.ആ യൂപം എല്ലാ വനസ്പതികളിലും ശ്രേഷ്ഠമായതാകുന്നു. ജ്ഞാനികളും മേധാവികളുമായ ജനം ദേവതകളുടെ ആഗ്രഹത്തോടുകൂടി നിശ്ചലവും ധ്യാനനിമഗ്നവും ആയ ഹൃദയത്തോടുകൂടി അതിനെ ഉയർത്തുന്നു.

**5. ജാതോ ജായതേ സുദിനത്വേ അഹ്നാം സമര്യ ആ വിദഥേ വർധമാനഃ |**

**പുനന്തി ധീരാ അപസോ മനീഷാ ദേവയാ വിപ്ര ഉദിയർതി വാചം ||**

വൃക്ഷരൂപത്തിൽ ഭൂമിയിലുയർന്ന യൂപം യജ്ഞാനത്ത് മനുഷ്യരോടുകൂടി സുശോഭിതമായി ദിവസങ്ങളെ മംഗളമയമാക്കുന്നു. കർമ്മവാൻമാരും മേധാവികളുമായ അധ്വര്യുക്കൾ തങ്ങളുടെ ബുദ്ധിക്കനുസരണമായി യൂപത്തെ ജലത്തിൽകഴുകി ശുദ്ധമാക്കുന്നു. ദേവതകൾക്ക് യജ്ഞം നടത്തുന്ന വിജ്ഞരായ ഹോതാക്കൾ സ്തോത്രങ്ങളുച്ചരിക്കുന്നു.

**6. യാന്വോ നരോ ദേവയന്തോ നിമിമ്യുർവനസ്പതേ സ്വധിതിർവാ തതക്ഷ |**

**തേ ദേവാസഃ സ്വരവസ്ത സ്ഥിവാംസഃ പ്രജവദസ്മേ ദിധിതഷന്തു രത്നം ||**

ഹേ യൂപമേ! ദേവകളെ ഇഷ്ടപ്പെടുന്നവരും കർമ്മങ്ങളുടെ പാലകരുമായ അധ്വര്യുക്കൾ നിന്നെ കുഴിയിലേക്ക് തള്ളുന്നു. ഹേ വനസ്പതേ! നീ മഴുവിനാൽ മുറിക്കപ്പെടുന്നു. നീ ശ്രേഷ്ഠമായ തടിയോടുകൂടിയതാകുന്നു. ഞങ്ങൾക്ക് സന്താനയുക്തമായ ശ്രേഷ്ഠധനം പ്രദാനം ചെയ്താലും.

**7. യേ വൃക്ണാസോ അധി ക്ഷമി നിമിതാസോ യതസ്രുചഃ |**

**തേ നോ വ്യന്തു വാര്യ ദേവത്രാ ക്ഷേത്രസാധസഃ ||**

യാതൊന്ന് മഴുവിനാൽ മുറിക്കപ്പെട്ട് ജത്വിജരാൽ കുഴിയിലിടപ്പെട്ടുവോ, അതുപോലെ യാതൊന്ന് യജ്ഞത്തിന്റെ സാധനമാക്കപ്പെട്ടുവോ ആ യൂപം നമ്മുടെ ഹവിസ്സുകളെ ദേവതകളുടെ സമീപം എത്തിക്കണേ.

**8. ആദിത്യാ രുദ്രാ വസവഃ സുനീഥാ ദ്യാവാക്ഷാമാ പൃഥിവീ അന്തരീക്ഷം |**

**സജോഷസോ യജ്ഞമവന്തു ദേവാ ഉർധ്വ കൃണ്വന്ത്വധ്വരസ്യ കേതും ||**

ആദിത്യഗണവും, രുദ്രനും, വസുക്കളും നല്ലരീതിയിൽ സുസംഗതരായി സൂര്യമണ്ഡലം, പൃഥ്വി, അന്തരീക്ഷം എന്നീ മൂന്നുസ്ഥാനങ്ങളിലും വ്യാപ്തരാകുകയും യജ്ഞത്തെ പാലിക്കയും ചെയ്യട്ടെ. അവർതന്നെ യജ്ഞത്തിന്റെ ധ്വജരൂപത്തെ വളർത്തണേ.

**9. ഹംസാ ഇവ ശ്രേണിശോ യതാനാഃ ശുക്രാ വസാനാഃ സ്വരവോ ന ആഗുഃ |**

**ഉന്നീയമാനാഃ കവിഭിഃ പുരസ്താദ് ദേവാ ദേവാനാമപി യന്തി പാഥഃ ||**

മനോഹരമായ ചർമ്മത്താൽ മൂടപ്പെട്ട് അരയന്നംപോലെ പംക്തിബദ്ധവും ഖണ്ഡയുക്തവും ആയ യൂപം നമ്മെ പ്രാപിക്കണേ.

വിദ്വാൻമാരായ അധ്വര്യുക്കളാൽ യജ്ഞത്തിൻെറ പൂർവ്വഭാഗത്തായുയർത്തപ്പെട്ട ഉജ്ജ്വലമായ യൂപം ദേവമാർഗ്ഗത്തിൽക്കൂടിപോകുന്നു.

**10. ശൃംഗാണീവേച്ഛ ങ്ഗിണാം സം ദദൃശ ചസാലവന്തഃ സ്വരവഃ പൃഥിവ്യാം |**

**വാഘദ്ഭീർവാ വിഹവേ ശ്രോഷമാണാ അസ്മാം അവന്തു പൃതനാജ്യേഷു ||**

മുള്ളുകൾ മുതലായവ മാറ്റിയതിനുശേഷം സുന്ദരമായ യൂപം ഭൂമിയിൽ മുളച്ച കൊമ്പുപോലെ മൃഗങ്ങളുടെകൊമ്പുകൾ സമാനം കാണപ്പെടുന്നു. യജ്ഞത്തിൽ ഋത്വിക്കുകളുടെ സ്തോത്രങ്ങൾ ശ്രവിക്കുന്ന യൂപം യുദ്ധരംഗത്തിൽ നമ്മുടെ രക്ഷകനാകണേ.

**11. വനസ്പതേ ശതവൽശോ വി രോഹ സഹസ്ര വൽശാ വി വയം രുഹേമ |**

**യം ത്വാമയ സ്വധിതിസ്തേജമാനഃ പ്രാണിനായ മഹതേ സൗഭഗായ ||**

ഹേ വനസ്പതേ! നീ മൂലത്തിൽനിന്നും വേർപെട്ടു. തീക്ഷ്മായ മൂർച്ചയോടുകൂടി മഴു നിന്നെ മഹാഭാഗ്യശാലിയാക്കി. നീ സഹസ്രശാഖകളാൽ യുക്തമായി ശരിയായ രീതിയിൽ വളർന്നു വികസിക്കൂ. ഞങ്ങളും സഹസ്രശാഖകളോടുകൂടിയവരായി അഭിവൃദ്ധി പ്രാപിക്കണേ.

## സൂക്തം 9

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് ബൃഹതി പംക്തി**

**1. സഖായയസ്ത്വാ വവൃമഹേ ദേവം മർതാസ ഊതയേ |**

**അപാം നപാതം സുഭഗം സുദീദിതിം സുപ്രതൂർതിമനേഹസം ||**

ഹേ അഗ്നേ! ശ്രേഷ്ഠമായ ഐശ്വര്യത്തോടുകൂടിയവനും അവിനാശിയും പ്രകാശമാനനും ഉപദ്രവരഹിതനും ആയ നീ വിശ്വത്തെ പ്രാപിക്കുന്നു. മനുഷ്യരായ ഞങ്ങൾ നിൻെറ മിത്രങ്ങൾക്ക് തുല്യരാണ്. നിന്നെ ഞങ്ങളുടെ സ്വന്തം രക്ഷകനായി വിവരിക്കുന്നു.

**2. കായമാനോ വനാ ത്വം യൻമാതൃരജഗന്നപഃ |**

**ന തത്തേ അഗ്നേ പ്രമൃഷേ നിവർതന യദ്ദൂരേ സന്നിഹാഭവഃ ||**

ഹേ അഗ്നേ! നീ എല്ലാ വനങ്ങളുടേയും രക്ഷകനാകുന്നു. നീ സ്വന്തം ആശ്രഭൂതമായ ജലത്തിൽ വസിച്ച് ശാന്തമാകണേ. നീസ്വന്തം ശാന്തഭാവത്തിൽ വെറുപ്പുള്ളവനാകുമ്പോൾ ദൂരെയാണെങ്കിലും ഞങ്ങളുടെ കോഷ്ഠത്തിൽ പ്രകടമാകണേ.

**3. അതി തൃഷ്ടം വവക്ഷിഥാഥൈവ സുമനാ അസി |**

**പ്രപ്രാന്യേ യന്തി പര്യന്യ ആസതേ യേഷാം സഖ്യേ അസി ശ്രിതഃ ||**

ഹേ അഗ്നേ! നീ സ്തുതിക്കുന്നവരുടെ ആഗ്രഹപൂർത്തിയ്ക്കായി പ്രത്യേകം ചിന്തിക്കുന്നു. നീ സദാതൃപ്തനാണ്. നിൻെറ മിത്രഭാവം പ്രാപിച്ച് പതിനാറ് ഋത്വിജൻമാർ ഹവിസ്സ് ദാനം നടത്തുകയും നിൻെറ ചുറ്റും ഇരിക്കുകയും ചെയ്യുന്നു.

**4. ഈയിവാംസമതി സ്രിധഃ ശശ്വതീരതി സശ്ചതഃ |**

**അന്വീമവിന്ദന്നിചിരാസോ അദ്രുഹോപ്സു സിംഹമിവ ശ്രിതം ||**

ഗുഹയിൽ വസിക്കുന്ന ശത്രുക്കളേയും അവരുടെ സേനകളേയും പരാജിതരാക്കുന്ന അഗ്നിയെ ദ്വേഷരഹിതരായ വിശ്വദേവതകൾ കുമുട്ടി പ്രാപിച്ചു.

**5. സസൃവാമ്സമിവ ത്മനാഗ്നിമിത്ഥാത്രിരോഹിതം |**

**ഏനം നയൻമാതരിശ്വാ പരാവതോ ദേവേഭ്യോ മഥിതം പരി ||**

സ്വേഛാചാരിയായ പുത്രനെ പിതാവ് തന്നിലേക്കാകർഷിക്കുന്നതുപോലെ സേഛാപൂർവ്വം തുള്ളിക്കളിക്കുന്ന അഗ്നിയെ മഥനം ചെയ്തു മാതരിശ്വാവ് ദേവതകൾക്കായി കൊവന്നു.

**6. തം ത്വാ മർതാ അഗൃഭ്ണതദേവേഭ്യോ ഹവ്യവാഹന വിശ്വാന്യദ്യജ്ഞാം അഭിപാസി മാനുഷതവ ക്രത്വാ യവിഷ്ഠ്യ ||**

മനുഷ്യരുടെ ഹിതസാധകനും നിത്യയുവാവുമായ അഗ്നിദേവാ! നീ സ്വന്തമായ മഹത്വത്താൽ യജ്ഞത്തെ രക്ഷിക്കുന്നു. നീയാകുന്ന ഹവിസ്സ് വാഹകനെ ദേവകൾക്കുവേി മനുഷ്യർ വരിച്ചു.

**7. തദ്ഭദ്രം തവ ദംസനാ പാകായ ചിച്ഛദയതി |**

**ത്വാം യദഗ്നേ പശവഃ സമാസതേ സമിദ്ധമപിശർവരേ ||**

ഹേ അഗ്നേ! സായംകാലത്ത് പ്രദീപ്തമാകുമ്പോൾ എല്ലാ മൃഗങ്ങളും അങ്ങയുടെ ആശ്രയത്തിലാകുന്നു. നിൻെറ ശ്രേഷ്ഠകർമ്മങ്ങൾ ശിശുക്കൾക്കുസമാനം, മൂർഖനേയും അഭീഷ്ടം നൽകി തൃപ്തിപ്പെടുത്തുന്നു.

**8. ആ ജുഹോതാ സ്വധ്വരംശീരം പാവകശോചിഷം |**

**ആശു ദൂതമജിരം പ്രത്നമീഡ്യം ശ്രുഷ്ടീ ദേവം സപര്യത ||**

വിറകിൻതുികളിലുറങ്ങുന്നവനും, ഉത്തമകർമ്മാവും അതുപോലെ പരിശുദ്ധമായ പ്രകാശത്തോടുകൂടിയവനും ആ അഗ്നിക്ക് യജ്ഞം ചെയ്യു. ദ്രുതഗാമിയും പ്രാചീനനും സർവ്വവ്യാപിയും ദൂതരൂപനും സ്തുത്യനുമായ അഗ്നിക്ക് യജ്ഞം ചെയ്യുവിൻ.

**9. ത്രീണി ശതാ ത്രീ സഹസ്രാണ്യഗ്നിം ത്രിംശച്ചദേവാ നവ ചാസപര്യൻ |**

**ഔക്ഷൻഘൃതൈ രസ്തൃണന്ബർഹിരസ്മാ ആദിദ്ധോതാരം ന്യസാദയന്ത ||**

അഗ്നിയെ മൂവായിരത്തിമുന്നൂറ്റിമുപ്പത്തൊൻപതു ദേവതകൾ പൂജിച്ചു. ഘൃതത്താൽ അദ്ദേഹത്തെ നനക്കുകയും അദ്ദേഹത്തിനായി കുശപ്പുല്ലുവിരിക്കുകയും ചെയ്തു. പിന്നീട് അഗ്നിയെ ഹോതാരൂപത്തിൽ വരിച്ച് കുശയിൽ പ്രതിഷ്ഠിച്ചു.

## സൂക്തം 10

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് ഉഷ്ണിക, ഗായത്രി**

**1. ത്വാമഗ്നേ മനീഷിണഃ സമ്രാജം ചർഷണീനാം |**

**ദേവം മർതാസ ഇന്ധതേ സമധ്വരേ ||**

ഹേ പ്രജാസ്വാമിയായ അഗ്നിദേവാ! പ്രകാശവാനായ നിന്നെ മേധാവികളായ ജനങ്ങൾ ഉത്തേജിപ്പിക്കുന്നു.

**2. ത്വാം യജ്ഞേഷ്വൃത്വിജമഗ്നേ ഹോതാരമീളതേ |**

**ഗോപാ ഋതസ്യ ദീദിഹി സ്വേ ദമേ ||**

ഹേ അഗ്നി! നീ ഹോതാവും ഋത്വിക്കുമാകുന്നു. അധ്വര്യുക്കൾ

യജ്ഞത്തിൽ നിന്നെ സ്തുതിക്കുന്നു. നീ യാഗശാലയിൽവസിച്ച് യജ്ഞത്തെ സംരക്ഷിക്കണമേ.

**3. സ ഘാ യസ്തേ ദദാശതി സമിധാ ജാതവേദസേ |**
**സോ അഗ്നേ ധത്തേ സുവീർയംസ പുഷ്യതി ||`**

ഹേ അഗ്നേ! നീ ജൻമാനാജ്ഞാനിയാകുന്നു. യാതൊരു യജമാനൻ നിനക്ക് ഹവിസ്സ് നൽകുന്നുവോ, അവൻ ഉത്തമവീര്യവാനായ പുത്രനെ പ്രാപിക്കുകയും, പശുക്കളാലും പുത്രൻമാരാലും ഐശ്വര്യത്താലും സമൃദ്ധിയുള്ളവനായും തീരുന്നു.

**4. സ കേതുരധ്വരാണാമഗ്നിർദേവേഭിരാ ഗമത് |**
**അഞ്ജാനഃ സപ്ത ഹോതൃഭിർഹവിഷ്മതേ ||**

യജ്ഞത്തെ പ്രകാശിപ്പിക്കുന്ന അഗ്നിദേവൻ ഏഴു ഹോതാക്കളാൽ ഘൃതസേചനം ചെയ്യപ്പെടുന്നു. അവൻ ദേവതകളോടുകൂടി യജമാനൻെറ അടുക്കൽ വരട്ടെ.

**5. പ്ര ഹോത്രേ പൂർവ്യം വചോഗ്നയേ ഭരതാ ബൃഹത് |**
**വിപാം ജോതീംഷി ബിഭ്രതേ ന വേധസേ ||**

ഹേഋത്വിജൻമാരേ! മനുഷ്യരിൽ ബുദ്ധിരൂപമായ തേജസ്സ് വ്യാപിപ്പിക്കുന്നവനും ജഗത്തിൻെറ രചയിതാവും ദേവതകളുടെ ആഹ്വാനകർത്താവുമായ അഗ്നിക്കായി പുരാതനങ്ങളും മഹത്തായതും ആയ സ്തോത്രങ്ങൾ സമ്പാദിക്കുവിൻ.

**6. അഗ്നിം വർധന്തു നോ ഗിരോ യതോ ജായത ഉക്ഥ്യഃ |**
**മഹേ വാജായ ദ്രവിണായ ദർശതഃ ||**

അഗ്നി അന്നത്തിനും ധനത്തിനുംവേ ദർശിക്കുവാൻ യോഗ്യനാണ്. ഏതൊരുവാണിയാൽ അവനെ പ്രശംസിക്കുന്നുവോ, നമ്മുടെ അതേ വാണീസ്തുതിയാൽ ആ അഗ്നിയെ വളർത്തട്ടെ.

**7. അഗ്നേ യജിഷ്ഠോ അധ്വരേ ദേവാന്ദേവായതേ യജ |**
**ഹോതാ മന്ദ്രോ വി രാജസ്യതി സ്രിധഃ ||**

അഗ്നേ! യജ്ഞകർത്താക്കളിൽ ഭവാൻ സർവ്വശ്രേഷ്ഠനാണ്. യജമാനനുവേ യാഗത്തിൽ ദേവതകൾക്കായി യജ്ഞം ചെയ്യണേ. നീ യജമാനനു സുഖം നൽകുന്നവനും ശത്രുക്കളെ പരാജിതരാക്കി പ്രശോഭിക്കുന്നവനുമാണ്.

**8. സ നഃ പാവക ദീദിഹിദ്യുമദസ്മേ സുവീര്യം |**
**ഭവാ സ്തോതൃഭ്യോ അന്തമഃ സ്വസ്തയേ ||**

ഹേ അഗ്നേ! നീ പരിശുദ്ധനാകുന്നു. പ്രകാശിക്കുന്നതും, അത്യധികം ശോഭായമനവുമായ ഐശ്വര്യം പ്രദാനം ചെയ്യണേ. സ്തുതിക്കുന്നവർക്ക് മംഗളമുാകുവാൻ അവരെ പ്രാപിക്കണേ.

**9. തം ത്വാ വിപ്രാ വിപന്യവോ ജാഗൃവാംസഃ സമിന്ധതേ |**
**ഹവ്യവാഹമമർത്യ സഹോവൃധം ||**

ഹേ അഗ്നേ! നീ ഹവിർവാഹകനും അവിനാശിയുമാണ്. മഥനരൂപമായ ബലത്താൽ വളരുന്നവനുമാണ്. അതിവിദ്വാൻമാരും സ്തുതികർത്താക്കളും നിന്നെ ശരിയായവിധം ചൈതന്യയുക്തനാക്കുന്നു.

## സൂക്തം 11

**ഋഷി വിശ്വാമിത്രൻ ദേവത അഗ്നി ഛന്ദസ് ഗായത്രി**

**1. അഗ്നിർഹോതാ പുരോഹിതോ ധ്വരസ്യ വിചർഷണിഃ |**
**സ വേദ യജ്ഞമാനുഷക് ||**

അഗ്നി യജ്ഞത്തിൽ ഹോതാവും പുരോഹിതനും വിശേഷാൽ ദ്രഷ്ടാവുമാണ്. അവൻ യജ്ഞക്രമത്തെ പൂർണ്ണമായറിയുന്നു.

**2. സ ഹവ്യവാളമർത്യ ഉശിഗ്ദൂതശ്ചനോഹിതഃ**
**അഗ്നിർധിയാ സമൃണ്വതി ||**

ഹവിർവാഹകനായ അഗ്നി അവിനാശിയും ദേവദൂതനും അന്നരൂപവുമായ ഹവിസ്സുകൾ ആഗ്രഹിക്കുന്നവനും മഹാജ്ഞാനിയും ആകുന്നു.

**3. അഗ്നിർധിയാ സ ചേതതി കേതുർയജ്ഞസ്യ**
**പൂർവ്യഃ അർഥം ഹ്യസ്യ തരണി ||**

യജ്ഞത്തിലെ കർത്താരൂപനായ പുരാതാനാഗ്നി തൻെറ ബുദ്ധി ശക്തിയാൽ എല്ലാകർമ്മങ്ങളും അറിയുന്നു. ഇദ്ദേഹത്തിൻെറ പ്രകാശത്തിന് അന്ധകാരത്തെ നശിപ്പിക്കുവാനുള്ള കഴിവു്.

**4. അഗ്നിം സൂനും സനശ്രുതം സഹസോ ജാതവേദസം |**
**വഹ്നിം ദേവാ അകൃണ്വത ||**

പ്രാചീനരൂപത്തിൽ പ്രസിദ്ധനും ജൻമനാതന്നെ ബുദ്ധിമാനും ബലപുത്രനും ആയ ആ അഗ്നി ദേവനെ ദേവകൾ ഹവിസ്സ് വാഹകനാക്കി.

**5. അദാഭ്യഃ പുരഏതാ വിശാമഗ്നിർമാനുഷീണാം |**
**തുർണീ രഥഃ സദാ നവഃ ||**

മനുഷ്യരുടെ നായകനും, ശീഘ്രമായി കാര്യങ്ങൾ നിർവഹിക്കുന്നവനും രഥത്തിനുതുല്യനും നിത്യയുവാവും ആയഅഗ്നിയെ ഹിംസിക്കുവാൻ ആരും സമർത്ഥനല്ല.

**6. സാഹ്വാനിശ്വാ അഭിയുജഃ ക്രതുർദേവാനാമമൃക്തഃ |**
**അഗ്നിസ്തുവിശ്രവസ്തമഃ ||**

ശത്രുക്കളുടെ എല്ലാസൈന്യങ്ങളേയും ജയിക്കുന്നവനും ശത്രുക്കളാൽ അവർധനീയനും ദേവതകളെ പുഷ്ടിപ്പെടുത്തുന്നവനുമായ അഗ്നിദേവൻ അന്നരാശികളാൽ യുക്തനാകുന്നു.

**7. അഭി പ്രയാംസി വാഹസാ ദാശ്വാം അശ്നോതി മർത്യഃ |**
**ക്ഷയം പാവകശോചിഷഃ ||**

ഹവിസ്സ് നൽകുന്ന മനുഷ്യൻ, ഹവിസ്സ് വഹിക്കുന്ന അഗ്നിയിൽ നിന്നും എല്ലാ അന്നങ്ങളും സമ്പാദിക്കുന്നു. പവിത്രീകരിക്കുന്ന പ്രകാശമാനനായ ആ അഗ്നി യജമാനന് മനോഹരമായ നിവാസസ്ഥാനം അവകാശമായി നൽകുന്നു.

**8. പരി വിശ്വാനി സുധി താഗ്നേരശ്യാമ മൻമഭിഃ |**
**വിപ്രാസോ ജാതവേദസഃ ||**

സ്വയംഭുവും, വിദ്വാനുമായ അഗ്നിദേവനെ സ്തുതിച്ചുകൊും നാം ആഗ്രഹിക്കുന്ന ധനത്തെ പ്രാപിക്കണേ.

**9. അഗ്നേ വിശ്വാനി വാര്യാ വാജേഷു സനിഷാമഹേ |**
**ത്വേ ദേവാസ ഏരിരേ ||**

ഹേ അഗ്നേ! ഞങ്ങളാഗ്രഹിക്കുന്ന എല്ലാ ധനങ്ങളും പ്രാപ്തമാകണേ. എല്ലാ ദേവഗണവും നിങ്ങളിൽതന്നെ വസിക്കുന്നു.

## സൂക്തം 12

**ഋഷി വിശ്വാമിത്രൻ ദേവത ഇന്ദ്രൻ, അഗ്നി**
**ഛന്ദസ് ഗായത്രി**

**1. ഇന്ദ്രാഗ്നീ ആ ഗതം സുതം ഗീർഭിർനഭോ വരേണ്യം |**
**അസ്യ പാതം ധിയേഷിതാ ||**

ഹേ ഇന്ദ്രാഗ്നേ! സ്തോത്രങ്ങളാൽ വിളിക്കപ്പെട്ട നീ

വരണയോഗ്യമായ സോമത്തിനുവേി ഇവിടേയ്ക്ക് വന്നാലും. ഞങ്ങളുടെ സാധനകളിൽ പ്രസന്നനായി ഈ സോമരസം പാനം ചെയ്താലും.

**2. ഇന്ദ്രാഗ്നി ജരിതുഃ സചാ യജ്ഞോ ജിഗാതി ചേതനഃ |**
**അയാ പാതമിമം സുതം ||**

ഹേ ഇന്ദ്രാഗ്നേ! സ്തുതിക്കുന്നവരെ സഹായിക്കുന്ന യജ്ഞത്തിൻെറ സാധനഭൂതങ്ങളായ ഇന്ദ്രിയങ്ങളെ പുഷ്ടിപ്പെടുത്തുന്നതായ സോമം തയ്യാറായിരിക്കുന്നു. ഈ പിഴിഞ്ഞെടുത്ത സോമരസം പാനം ചെയ്യണേ.

**3. ഇന്ദ്രമഗ്നിം കവിച്ഛദാ യജ്ഞസ്യ ജൂത്യാ വൃണേ |**
**താ സോമസ്യേഹ തൃംപതാം ||**

യജ്ഞം നിവർത്തിയാക്കുന്നവർ സോമത്തിൽനിന്നും പ്രേരണ പ്രാപിച്ച്, സ്തുതിക്കുന്നവർക്ക് സുഖം നൽകുന്നവരായ ഇന്ദ്രനേയും അഗ്നിയേയും ഞാൻ പൂജിക്കുന്നു. ഇവർ രും സോമം പാനം ചെയ്ത് തൃപ്തി പ്രാപിക്കണേ.

**4. തോശാ വൃത്രഹണ ഹുവേ സജിതവാനാ പരാജിതാ |**
**ഇന്ദ്രാഗ്നീ വാജസാതമാ ||**

ശത്രുക്കളെ നശിപ്പിക്കുന്നവനും വൃത്രസംഹാരകനും വിജയശീലനും ആരാലും വിജയിക്കുവാൻ സാധ്യമല്ലാത്തവനും വളരെയധികം അന്നം നൽകുന്നവനും ആയ ഇന്ദ്രാഗ്നിയെ ഞാൻ ആഹ്വാനം ചെയ്യുന്നു.

**5. പ്ര വാമർചന്ത്യുക്ഥിനോ നീഥാവിദോ ജരിതാരഃ |**
**ഇന്ദ്രാഗ്നീ ഇഷ ആവൃണേ ||**

ഹേ ഇന്ദ്രാ! അഗ്നേ! സ്തോതാഗണം മന്ത്രങ്ങളാൽ നിങ്ങളെ പൂജിക്കുന്നു. അന്നപ്രാപ്തിക്കായി ഞാനും നിങ്ങൾക്കായി പൂജ അർപ്പിക്കുന്നു.

**6. ഇന്ദ്രാഗ്നനതിം പുരോ ദാസപത്നീരധൂനുതം |**
**സാകമേകേന കർമണാ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങളുടെ ആദ്യപ്രവർത്തനത്താൽ തന്നെ അസുരൻമാരുടെ തൊണ്ണൂറു നഗരങ്ങളും ഒന്നായി നിലംപതിച്ചു.

**7. ഇന്ദ്രാഗ്നീ അപസസ്പതര്യപ പ്ര യന്തി ധീതയഃ |**
**ഋതസ്യ പഥ്യാ അനു ||**

ഹേ ഇന്ദ്രാഗ്നേ! സ്തുതിക്കുന്നവരായ വിദ്വാൻമാർ യജ്ഞമാർഗ്ഗങ്ങളിൽക്കൂടി ചരിച്ച് നമ്മുടെ കർമ്മങ്ങൾ വിപുലമാക്കുന്നു.

**8. ഇന്ദ്രാഗ്നീ തവിഷാണി വാം സധാനി പ്രയാംസി ച |**
**യുവോരപ്തൂർയ ഹിതം||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ രുപേരുടേയും ബലവും അന്നവും ഒന്നുപോലുള്ളതാണ്. വർഷത്തെ പ്രേരിപ്പിക്കുന്ന കാര്യവും നിങ്ങൾ രുപേരിലും സ്ഥിതിചെയ്യുന്നു.

**9. ഇന്ദ്രാഗ്നീ രോചനാ ദിവഃ പരി വാജേഷു ഭൂഷഥഃ |**
**തദ്വാം ചേതി പ്ര വീര്യം ||**

ഹേ ഇന്ദ്രാഗ്നീ! നിങ്ങൾ ദിവ്യലോകങ്ങളെ പ്രശോഭിതമാക്കുന്നു. യുദ്ധങ്ങളിലുാകുന്ന വിജയങ്ങൾ നിങ്ങളുടെ സാമർത്ഥ്യത്തിൻെറ പരിണാമം തന്നെയാണ്.

## സൂക്തം 13

**ഋഷി വിശ്വാമിത്രപുത്രൻ ഋഷഭൻ , ദേവത അഗ്നി, ഛന്ദസ് ഉഷ്ണിക, അനുഷ്ടപ്പ്**

**1. പ്ര വോ ദേവായഗ്നയേ ബർഹിഷ്ഠമർചാസ്മൈ |**
**ഗമദ്ദേവേഭിരാ സ നോ യജിഷ്ഠോ വർഹിരാ സദത് ||**

അധ്വര്യുക്കളേ ! അഗ്നി ദേവനെ സ്തുതിക്കുവിൻ അവൻ ദേവതകൾ സഹിതം എഴുന്നള്ളിവരണേ. യജ്ഞം നടത്തുന്നവരിൽ സർവ്വോപരിയായി അഗ്നിദേവൻ കുശാസനത്തിൽ വിരാജിതനാകണേ.

**2. ഋതാവാ യസ്യ രോദസീ ദക്ഷം സചന്ത ഊതയഃ |**
**ഹവിഷ്മന്തസ്തമീളതേ തം ത സനിഷ്യന്തോ വസേ ||**

ആകാശവും ഭൂമിയും ആർക്കധീതമായിരിക്കുന്നുവോ, ദേവഗണം ആരുടെ ശക്തിയെ പൂജിക്കുന്നുവോ, ആ അഗ്നിയുടെ വ്രതം നിരർത്ഥകമായി ഭവിക്കുന്നില്ല. ാനിയായ അഗ്നിദേവൻ യജമാനൻമാർക്ക് പ്രേരണ നൽകികൊിരിക്കുന്നു. അവൻ ഇക്കാര്യങ്ങൾ പുനരാവർത്തിച്ചുകൊിരിക്കുന്നു. അവൻ എല്ലാത്തിനേയും തുർച്ചയായി കർമ്മങ്ങളിൽ വ്യാപൃതരായിക്കൊിരിക്കുന്നു.

**3. സ യന്താ വി പ്ര ഏഷാമ യജ്ഞാനാമഥാ ഷി ഷഃ |**
**അഗ്നിം തം വോ ദുവസ്യത ദാതാ യോ വനിതാ മഘം ||**

ഈ അഗ്നിദേവൻ മനുഷ്യർക്ക് അവരവരുടെ കർമ്മഫലങ്ങൾ നൽകുന്നു. അവൻ ധനദായകനാണ്. നാമെല്ലാം അവനെ സേവിക്കണം, പൂജിക്കണം.

**4. സ നഃ ശർമാണി വീതയോ ഗ്നിർയംച്ഛതുശന്തമാ |**
**യതോ നഃ പുഷ്ണവദ്വസുദിവി ക്ഷിതിഭ്യോ അപ്സ്വാ ||**

നമുക്കനുഭവിക്കാൻ യോഗ്യമായ ശ്രേഷ്ഠധനം ഈ അഗ്നിദേവൻ നമുക്കു ദാനമായി നൽകണേ; വാസലവും നൽകണേ. ആകാശത്തിലും, ഭൂമിയിലും, അന്തരീക്ഷത്തിലുമുള്ള മഹത്തായ ധനമെല്ലാം അഗ്നിയിൽ നിഹിതമാണ്, അത് നമുക്ക് പ്രാപ്തമാക്കുന്നു.

**5. ദിദിവാംസമപൂർവ്യം വസ്വീഭിരസ്യ ധീതിഭിഃ |**
**ഋക്വാണോ അഗ്നിമിന്ധതേ ഹോതാരം വിശ്പതിം വിശാം ||**

സ്തുതിക്കുന്നവരായ ജ്ഞാനികൾക്കു പ്രകാശിതനും, നവീനനും, ദേവകളെ വിളിക്കുന്നവനും, പ്രജകളെ പാലിക്കുന്നവനുമായ അഗ്നിദേവനെ മനോരമങ്ങളായ സ്തോത്രങ്ങളാൽ ഞങ്ങൾ പ്രദീപ്തമാക്കുന്നു.

**6. ഉത നോ ബ്രഹ്മന്നവിഷ ഉക്ഥേഷു ദേവഹൂതമഃ|**
**ശം നഃ ശോച മരുദ്വൃധോ ഗ്നേ സഹസ്രസാതമഃ||**

ഹേ അഗ്നേ! സ്തുതിക്കുന്ന സമയം ഞങ്ങളുടെ രക്ഷകനാകണെ. നീ സഹസ്രകണക്കിനു ധനം നൽകുന്നവനാണ്. മരുത്തുക്കൾ നിന്നെ വളർത്തുന്നു. നീ ഞങ്ങളുടെ സുഖത്തെ വളർത്തണേ.

**7. നൂ നോ രാസ്വ സഹസ്രവത്തോകവത്പുഷ്ടിമദ്വസു |**
**ദ്യുമഗ്നേ സുവീര്യം വർഷിഷ്ഠമനുപക്ഷിതം ||**

ഹേ അഗ്നിദേവാ! നീ ഞങ്ങൾക്ക് പുത്രനോടു കൂടിയതും പാലനയോഗ്യവും, യശസ്സ് നൽകുന്നതും സർവ്വകാര്യ സമർത്ഥങ്ങളും, ക്ഷയിക്കാത്തവനും, വളരെയധികം അല്ലെങ്കിൽ സഹസ്രസംഖ്യയോടു കൂടിയതും ആയ ധനം പ്രദാനം ചെയ്യട്ടെ.

## സൂക്തം 14

**ഋഷി വിശ്വാമിത്രപുത്രൻ ഋഷഭൻ ദേവത അഗ്നി ഛന്ദസ്,**

**ത്രിഷ്ടുപ് പംക്തി.**

**1. ആ ഹോതാ മന്ദ്രോ വിദഥാന്യസ്ഥാസത്യോ യജ്വാ കവിതമഃ സ വേധാഃ |**

**വിദ്യുദ്രഥഃ സഹസസ്പുത്രോ അഗ്നിഃ ശോചിഷ് ക്കേശഃ പൃഥിവ്യാം പാജോ അശ്രേത് ||**

ദേവകളെ ആഹ്വാനം ചെയ്യുന്നവനും, സ്തുതിക്കുന്നവർക്ക് സുഖം നൽകുന്ന സത്യനിഷ്ഠനും, അത്യധികം ബുദ്ധിമാനുമായ യജ്ഞകർമ്മാവും ലോകത്തിൻെറ സ്വാമിയും ആയ അഗ്നി ദേവൻ നമ്മുടെ യജ്ഞത്തിൽ ആഗതനാകുന്നു. അവൻെറ ശിഖകൾ തന്നെ കേശരൂപമാണ്. ബലപുത്രനായ അവൻ ഭൂമിയിൽ തൻെറ തേജസ്സ് സൃഷ്ടിക്കുന്നു.

**2. അ യാമി തേ നമഉക്തിം ജുജൂഷസ്വ ഋതാവസ്തുഭ്യം ചേതതേ സഹസ്വഃ |**

**വിദ്വാം ആ വക്ഷി വിദുഷോ നി ഷത്സി മധ്യ ആ ബർഹിരുതയേ യജത്ര ||**

ഹേ യജ്ഞയുക്തരായ അഗ്നേ! ഞാൻ നിന്നെ സ്തുതിക്കുന്നു. നീ ശക്തിശാലിയും കർമ്മങ്ങളെ പ്രകടമാക്കുന്നവനുമാണ്. നിനക്കായി നടത്തപ്പെടുന്ന നമസ്കാരങ്ങൾ സ്വീകരിച്ചാലും. ഹേ യജ്ഞയോഗ്യനായ അഗ്നിദേവാ! നീ മഹാജ്ഞാനിയാകുന്നു. വിദ്വാൻമാരോടുകൂടി ആഗതനായി ഞങ്ങൾക്കു ശരണം നൽകുവാനായി കുശാസനത്തെ അലങ്കരിക്കണേ.

**3. ദ്രവതാം ത ഉഷസാ വാജയന്തീ അഗേ വാതസ്യ പഥ്യാഭിരച്ഛ |**

**യത്സീമം ജന്തി പൂർവ്യഹവിർഭിരാ വന്ധുരേവ തസ്ഥതുർദുരോണേ ||**

ഹേ അഗേ! അന്നത്തിനു പ്രേരണ നൽകുന്ന ഉഷസ്സും രാത്രിയും നിന്നെ പ്രാപിക്കുന്നു. നീ വായു മാർഗ്ഗമായി അവരെ പ്രാപിച്ചാലും. ഋത്വിക്കുകൾ ആ പ്രാചീനാഗ്നിയെ ഹവിസ്സിനാൽ നിയമപൂർവ്വം സേചനം ചെയ്യുന്നു. ഉഷസ്സും രാത്രിയും ഭമ്പതിമാരെപ്പോലെ തുടർച്ചയായി നമ്മുടെ ഭവനങ്ങളിൽ വസിക്കണേ.

**4. മിത്രശ്ച തുഭ്യം വരുണഃ സഹസോ ഗ നേ വിശ്വേ മരുതഃ സുമ്നർചൻ |**

**യച്ഛോചിഷോ സഹസസ്പുത്ര തിഷ്ഠാ അഭി ക്ഷിതീഃ ||**

ഹേ ബലവാനായ അഗ്നിദേവാ! മിത്രവരുണാധികളായ സമസ്തദേവകളും നിനക്കായി സ്തോത്രോച്ചാരണം നടത്തുന്നു. എന്തുകൊണ്ടെന്നാൽ നീ ബലപുത്രനും, സാക്ഷാൽ സൂര്യനുമാകുന്നു. നീ നിൻെറ മാർഗ്ഗദർശനം ചെയ്യുന്ന രശ്മികൾ വികസിപ്പിച്ച് ആ പ്രകാശത്തിൽ വസിക്കുന്നു.

**5. വയം തേ അദ്യ രരിമാ ഹി കാമമുത്താന ഹസ്താ നമസോപസദ്യ |**

**യജിഷ്ഠേന മനസാ യക്ഷി ദേവാനസ്രേധനാ മൻമതാ വിപ്രോ അഗ്നേ ||**

ഹേ അഗ്നേ! ഞങ്ങളിന്ന് സ്വന്തം കരങ്ങളാൽ നിനക്ക് ശ്രേഷ്ഠമായ ഹവിസ്സ് നൽകും, മേധാവിയായ നീ ഞങ്ങളുടെ നമസ്ക്കാരത്താൽ പ്രസന്നനായി യജ്ഞത്തെ കാംക്ഷിക്കുന്നു. നിൻെറ സ്തോത്രങ്ങൾ വഴിയായി ദേവതകൾക്ക് ഞങ്ങൾ പൂജ സമർപ്പിക്കാം.

**6. ത്വദ്ധി പുത്ര സഹസോ വി പൂർവിർദേവസ്യ യന്ത്യൂ തയോ വി വാജഃ |**

**ത്വം ദഷി സഹസ്രിണം രയിം നോ ദ്രോധേണ വചസാ സത്യമഗ്നേ ||**

ഹേ ബലോല്പന്നനായ അഗേ! നിൻെറ രക്ഷണ സാമർത്ഥ്യം യജമാനനെ പ്രാപിക്കുന്നു. നിന്നിൽ നിന്നു തന്നെ ഈ അന്നവും പ്രാപിക്കുന്നു. നീ ഞങ്ങളുടെ പ്രിയ സ്തോത്രങ്ങളാൽ സന്തുഷ്ടനായി സഹസ്രക്കണക്കിനു ധനം പ്രാപ്തമാക്കിയാലും.

**7. തുഭ്യം ദക്ഷ കവിക്രതോ യാനീമാ ദവ മർതാസോ അധ്വരേ അകർമ |**

**ത്വം വിശ്വസ്യ സുരഥസ്യ ബോധി സർവം തദഗ്നേ അമൃത സ്വദേഹ ||**

ഹേ അഗേ! നീ സമർത്ഥനും; സർവ്വജ്ഞനും, പ്രകാശവാനുമാണല്ലോ? മനുഷ്യരായ ഞങ്ങൾ യാതൊരു ഹവിസ്സ് യജ്ഞത്തിൽ നൽകുന്നുവോ, ആ ഹവിസ്സിനെ അവിടന്നു സ്വാദുനിറഞ്ഞതാക്കുകയും എല്ലാ യജമാനൻമാരുടേയും രക്ഷയ്ക്ക് വേ ി ചൈതന്യനാകുകയും ചെയ്താലും.

# അനുവാകം 2 സൂക്തം 15

**ഋഷി ഉത്കീലൻ, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. വി പാജസാ പൃഥുനാ ശോശുചാനോ ബാധസ്വ ദ്വിഷോ രക്ഷസോ അമീവാഃ |**

**സുശർമണോ ബൃഹതഃ ശർമണി സ്യാമഗ് നേരഹം സുഹവസ്യ പ്രണീതൗ ||**

ഹേ അഗ്നേ! വിസ്തൃതമായ തേജസ്സോടുകൂടിയ നീ അത്യന്തം പ്രകാശിതനാകുന്നു. നീ വൈരികളെയും ദുഷ്ടരാക്ഷസൻമാരേയും നശിപ്പിക്കണേ. സർവ്വശ്രേഷ്ഠനും, മഹാനുമായ നീ സുഖം നൽകുന്നവനും ആഹ്വാനയോഗ്യനു മാകുന്നു. ഞാൻ നിൻെറ ആശ്രയം പ്രാപിക്കുവാനുള്ള ഇച്ചുകനാകുന്നു.

**2. ത്വം നോ അസ്യാ ഉഷസോ വ്യുഷ്ടൗ ത്വം സൂര ഉദിതേ ബോധി ഗോപാഃ |**

**ജൻമേവ നിത്യം തനയം ജുജൂഷസ്വ സ്തോമ മേ അഗ്നേ തന്വാ സുജാത ||**

ഹേ അഗേ! ഭവാൻ ഉഷസ്സ് പ്രകടമാക്കുന്നതിനുശേഷം സർവ്വോദയകാലത്തിൽ ഞങ്ങളുടെ രക്ഷയ്ക്കുവേി പ്രോജ്ജ്വലിതനായാലും നീ സ്വയം പ്രകടമാക്കുന്നവനാകുന്നു. പിതാവു പുത്രനെ പ്രാപിക്കുന്നതുപോലെ നീ ഞങ്ങളുടെ സ്തുതികളെ പ്രാപിച്ചാലും.

**3. ത്വം നൃചക്ഷാ വൃഷഭാനു പൂർവിഃ കൃഷ്ണാ സ്വഗ്നേ അരുഷോ വി ഭാഹി |**

**വസോ നേഷി ച പർഷി ചാത്യംഹഃ കൃധി നോ രായ ഉശിജോ യവിഷ്ഠ ||**

ഹേ അഗ്നിദേവാ ! നീ ഇച്ഛാവർഷകനാകുന്നു. മനുഷ്യരെ ശ്രദ്ധിക്കുന്നവനുമാകുന്നു. അന്ധകാരയുക്തമായ രാത്രിയിൽ നീ അധികമായി പ്രശോഭിതനാകുന്നു. നിൻെറ ജ്വാലകൾ വളരെയധികം ഉയരുന്നു. നീ പിതൃരൂപത്തിൽ ഞങ്ങൾക്ക് കർമ്മഫലങ്ങൾ നൽകിയാലും. ഞങ്ങളുടെ പാപങ്ങൾ അകറ്റി ധനത്തെ ആഗ്രഷിക്കുന്നവനായാലും.

**4. അഷാളഹോ അഗ്നേ വൃഷഭോ ദിദീഹി പുരോ വിശ്വന്ന സൂഭാഗാ സജ്ഞിഗീവാൻ |**
**യജ്ഞസ്യ നേതാ പ്രഥമസ്യ പായോർജാതവേദോ ബൃഹതഃ സുപ്രണീതേ ||**

ഹേ അഗ്നേ! ശത്രുക്കൾക്ക് നിന്നെ തോൽപ്പിക്കുവാൻ സാധ്യമല്ല. നീ അഭീഷ്ടവർഷകനാകുന്നു. നീ ശത്രുനഗരങ്ങൾ ധനസഹിതമായി പിടിച്ചടക്കി പ്രകാശിപ്പിക്കുന്നു. നീ ജൻമനാ ജ്ഞാനിയും, മഹാനും, ശരണദാതാവും ആകുന്നു. ഞങ്ങളുടെ യജ്ഞത്തെ ശക്തിപ്പെടുത്തുന്നവനായിരുന്നാലും.

**5. അച്ഛിദ്രാ ശർമ ജരിതന്ന പുരൂണി ദേവാം അഛാ ദിദ്യാനഃ സുമേധാഃ |**
**രഥോ ന സ സ്നിരമി വക്ഷി വാജമാഗ്നേ ത്വം രോദസീ നഃ സുമേകേ ||**

ഹേ അഗ്നേ! നി ലോകത്തെ നിത്യവും വാർദ്ധക്യത്തിലേയ്ക്ക് നയിക്കുന്നു. നീ ഉത്തമമായ ബുദ്ധിയോടു കൂടിയവനും, പ്രകാശമാനനും ആകുന്നു. ദേവതകൾക്കുവേ നീ ഞങ്ങളുടെ എല്ലാ കർമ്മങ്ങളേയും നിർദോഷമാക്കിയാലും. രഥത്തിനു സമാനം നീ ഇവിടെ നിന്ന് ദേവതകൾക്കുവേ ഞങ്ങളുടെ ഹവിസ്സുകൾ എത്തിച്ചാലും, ആകാശത്തേയും ഭൂമിയേയും ഞങ്ങളുടെ യജ്ഞവുമായി ചേരത്താലും.

**6. പ്ര പീപയ വൃഷഭ ജിന്വ വാജാജ്നഗ്നേ ത്വം രോദസീ നഃ സു ദേധേ |**
**ദേവേഭിർദേവ സുരുച രുചാനോ മാനോ മർതസ്യ ദുർമതിഃ പരിഷ്ഠാത് ||**

ഹേ അഗ്നേ! അഭീഷ്ടവരഷകനായ നീ ഞങ്ങളെ വളർത്തിയാലും, ഞങ്ങളക്കന്നം പ്രദാനം ചെയ്യണമേ. ഉത്തമപ്രകാശത്താൽ ശോഭയമാനനായ നീ ദേവകളോടുകൂടി ചേർന്ന് ആകാശപൃഥ്വികളെ അന്നദോഹനത്തിനുപ യുക്തമാക്കിയാലും, കുബുദ്ധികൾ ഒരിക്കലും ഞങ്ങളെ സമിപിക്കാതിരിക്കണേ.

**7. ഇളമഗ്നേ പുരുദസം സനിം ഗോഃ ശശ്വത്തമം ഹവമാനായ സാധ |**
**സ്യാന്നഃ സൂനുസ്തനയോ വിജാവാഗ്നേ സാ തേ സുമതിർഭൂത്വസ്മേ ||**

അഗ്നേ! നീ അനേകം കർമ്മങ്ങൾക്കു കാരണഭൂതയും ധനം നൽകുന്നവളും ആയ പൃഥ്വിയെ സ്തുതിക്കുന്നവർക്കു നൽകിയാലും. വംശത്തെ വർദ്ധിപ്പിക്കുന്നവരും സന്താനോൽപ്പാദനത്തിൽ സമർത്ഥരുമായ പുത്രൻമാർ ഞങ്ങൾ ക്കുാകണേ. അങ്ങയുടെ കൃപ ഞങ്ങളുടെ മേലുാകണേ.

## സൂക്തം 16

**ഋഷി ഉത്കീലൻ, ദേവത അഗ്നി, ഛന്ദസ് അനുഷ്ടപ്, പംക്തി.**

**1. അയമഗ്നിഃ സുവീരയസ്യേശേ മഹഃ സൗഭഗസ്യ |**
**രായ ഈർശേ സ്വപത്യസ്യ ഗോമത ഈശേ വൃത്രഹഥാനാം ||**

ഹേ അഗ്നേ! നീ മഹാസമർത്ഥനും, ശ്രേഷ്ഠ സൗഭാഗ്യങ്ങളുടെ അധിപതിയും, ഗോക്കൾ ആദിയായ ധനങ്ങളാൽ സമ്പന്നരും, സന്താനയുക്തരുമായ ഐശ്വര്യങ്ങളുടെ സ്വാമിയും, അതുപോലെ വ്രത്രഹന്താക്കളുടെ നായകനുമാകുന്നുവല്ലോ.

**2. ഇമം നരോ മരുതഃ സശ്ചതാ വൃധം യസ്മിന്നായഃ ശേവൃധാസഃ |**
**അഭി യേ സന്തി പൃതനാസു ദൂഢ്യോ വിശ്വാഹാ ശത്രുപാദഭുഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ നായകാരൂപത്തിൽ സൗഭാഗ്യത്തെ വളർത്തുന്ന അഗ്നിയുമായി ചേരുവിൻ. ഈ അഗ്നി സുഖം വളർത്തുന്നവനും, ധനയുക്തനുമാണ്. യാതൊരു സംഗ്രാമത്തിൽ സൈന്യങ്ങൾ യുദ്ധം ചെന്നുവോ, അതിൽ മരുത്തുക്കൾ ശത്രുക്കളെ പരാജിതരാക്കുന്നു. അവൻ ശത്രുസംഹരകൻമാരാണ്.

**3. സത്വം നോ രായഃ ശിശീഹി മീംവോം അഗ്നേ സൂവീര്യസ്യ |**
**തുവിദ്യുമ്ന വർഷിഷ്ഠസ്യ പ്രജാവതോ നമീവസ്യ ശുഷ്മിണഃ ||**

ഹേ അഗ്നിദേവാ! നി മഹാധനികനും, അഭീഷ്ട വർഷകനും, ആകുന്നു. ഞങ്ങൾക്ക് സന്താനങ്ങളും, അരോഗ്യദായകനുമായ ശക്തിയും, ധനവും നൽകി അഭിവൃദ്ധിപ്പെടുത്തിയാലും.

**4. ചക്രിർയോ വിശ്വാ ഭുനാഭി സാസഹിശ്ചക്രി ർദേവേഷ്വാ ദുവഃ |**
**ആ ദേവേഷു യതത ആ സുവീര്യ ആ ശംസ ഉത നൃണാം ||**

അഗ്നിദേവൻ ലോകത്തിൻെറ എല്ലാകർമ്മങ്ങളും പൂർണ്ണമാക്കി അവയിൽ വ്യാപിക്കുന്നു. അവൻ എല്ലാഭാരങ്ങളും സഹിച്ച് ദേവതകൾക്ക് ഹവിസ്സ് എത്തിക്കുന്നു. ആ അഗ്നി സ്തുതിക്കുന്നവരാൽ സാക്ഷാത്കരിക്കപ്പെടുന്നു. അവൻ യജ്ഞാനുഷ്ഠാനികളുടെ സ്തുതികൾക്കായി ആഗമിക്കുന്നു. അതുപോലെ യുദ്ധകാലത്ത് രണക്ഷേത്രത്തിലും എഴുന്ന ള്ളുന്നു.

**5. മാ നോ അഗ്നേ മതയേ മാവീരതായൈ രീരധഃ |**
**മാഗോ തായൈ സഹസസ്പുത്ര മാ നിദെപദ്വഷാംസ്യാ കൃധി ||**

ഹേ ബലോല്പാദകനായ അഗ്നിദേവാ! നീ ഞങ്ങളെ ശത്രുക്കളാൽ പീഡിപ്പിക്കുവാനനുവദിക്കരുതേ. ഞങ്ങൾ വീരൻമാർ ശൂന്യൻമാരാകാതിരിക്കണമേ. മൃഗരഹിതനും, നിന്ദാപാത്രങ്ങളുമാകാതിരിക്കണേ. നീ ഞങ്ങളിൽ കോപിഷ്ഠനാകരുതേ.

**6. ശഗ്ധി വാജസ്യ സുഭഗ പ്രജാവതോ ഗ്നേ ബൃഹതോ അധ്വരേ |**
**സം രായാ ഭൂയസാ സൃജ മയോഭൂനാ തുവിദ്യുമ്ന യശസ്വതാ ||**

ഹേ അഗ്നേ! നീ യജ്ഞത്തിൽനിന്നും പ്രത്യക്ഷനായ, സന്താനങ്ങളുടേയും, ഐശ്വര്യത്തിൻേറയും സ്വാമിയാകണേ. ഹേ വരണീയനായ അഗ്നിദേവാ! നി അത്യന്തം വൈഭവമുള്ള വനാകുന്നു.ഞങ്ങൾക്കു സുഖം നൽകുന്നതും യജ്ഞം വളർത്തുന്നതും ആയ ധനം പ്രദാനം ചെയ്യണേ.

## സൂക്തം 17

**ഋഷി വിശ്വാമിത്രപുത്രൻ കതൻ, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. സമിധ്യമാനഃ പ്രഥമാനു ധർമാ സമക്തുഭി രജ്യതേ**

**വിശ്വവാരഃ |**
**ശോചിഷ്കേശോ ഘൃതനിർണിക്പാവകഃ സുയജ്ഞോ**
**അഗ്നിർയജഥായ ദേവാൻ ||**

ഹേ അഗ്നിദേവാ നീ ധർമ്മത്തെ വഹിക്കുന്നവനും ജ്വാലരൂപമായ കേശത്തോടുകൂടിയവനും, പരമപ്രദീപ്തനും, സൽകർമ്മങ്ങളുടെ കർത്താവുമാകുന്നു. അവൻ യജ്ഞത്തിൻെറ ആരംഭത്തിൽ പ്രോജ്വലിതനായി വളരുകയും ദേവയജ്ഞത്തെ ഘൃതാദിയുക്തവുമായ ഹവിസ്സുകളാൽ സേചനം ചെയ്യുകയും ചെയ്യുന്നു.

**2. യഥായജോ ഹോത്രമഗ്നേ പൃഥിവ്യാ യഥാ ദിവോ**
**ജാതവേദശ്ചികിത്വാൻ |**
**ഏവനേന ഹവിഷാ യക്ഷി ദേവാനമനുഷ്വദ്യയജ്ഞം പ്ര**
**തിരേമമദ്യ ||**

ഹേ അഗ്നേ! നി ജൻമനാതന്നെ ജ്ഞാനിയും സർവ്വജ്ഞനുമാകുന്നു നീ എപ്രകാരം ആകാശത്തിനും ഭൂമിയ്ക്കും ഹവിസ്സ് നൽകിയിരിക്കുന്നുവോ, അതുപോലെ തന്നെ ഞങ്ങളുടെ ഹവിസ്സും നൽകിദേവൻമാരെ ജയിച്ചാലും. ഞങ്ങളുടെ ഈ യജ്ഞത്തെ ഇന്ന് മനുവിൻേറതിനെപ്പോലെ മറുകരയിലെത്തിക്കുകയും ചെയ്താലും.

**3. ത്രീണായൂം ഷി തവ ജാതവേദസ്തിസ്ര ആജാനീരുഷ**
**സസ്തേ അഗ്നേ |**
**താഭിർദേവാനാമവേ യക്ഷി വിദ്വാനഥാ ഭവ യജമാനായ**
**ശം യോഃ ||**

ഹേ ജൻമനാ ബുദ്ധിമാനായ അഗ്നിദേവാ! നിൻെറ അന്നം ആജ്യം, ഔഷധി, സോമം എന്നീ മൂന്നുരൂപങ്ങളിലുല്ലോ, ഏകാഹാ, ആഹീന, സമസത, എന്നി മൂന്നു ഉഷാദേവികൾ നിൻെറ മാതൃരൂപങ്ങളാകുന്നു. ഹേ മേധാവി! ഭവാൻ അവരൊടൊത്ത് ദേവകൾക്ക് ഹവിസ്സ് നൽകുന്നു. നീ യജമാനന് സുഖവും മംഗളവും നൽകുന്നതിനു സമർത്ഥനാകണേ.

**4. അഗ്നിംസുദീതിം സദൃശം ഗൃണന്തോ നമസ്യാമസ്ത്വേ**
**ഢ്യം ജാതവേദഃ |**
**ത്വം ദൂതമർതിം ഹവ്യവാഹം ദേവാ അകൃണ്വന്നമൃതസ്യ**
**നാഭിം ||**

ഹേ അഗ്നേ! നീ സ്വയം ദീപ്തിമാനും മേദാവിയും, ദർശനയോഗ്യനും, സ്തുത്യനുമാകുന്നു. ഞങ്ങൾ നിന്നെ നമസ്കരിക്കരിക്കുന്നു. ദേവകൾ നിന്നെ മോഹരഹിതനും ഹവിസ്സ് എത്തിക്കുന്നതിനുമുള്ള ദൗത്യകർമ്മത്തിലും നിയുക്തമായിരിക്കുന്നു. നീ അമൃതത്തിൻെറ നാഭിരൂപമാകുന്നു.

**5. യസ്ത്വദ്ധതാ പൂർവാ അഗേ യജീയൻദ്വിതാ ച സത്താ**
**സ്വധയാ ച ശംഭൂഃ |**
**തസ്യാനു ധർമ പ്ര യജാ ചികിത്വോ ഥാ നേ ധാ അധ്വരം**
**ദേവവീതൗ ||**

ഹേ അഗ്നേ! യാതൊരു യജ്ഞകർത്താവ് ഹോതാവായി മധ്യമോത്തമസ്ഥാനങ്ങളിലിരുന്ന് സുഖം നൽകുന്നുവോ, അവൻെറ കർതവ്യത്തെ കുകൊ് നീ യാഗം നടത്തിയാലും ˜അനന്തരം ദേവതകളെ പ്രസന്നരാക്കുന്നതിനുവേി ഈ യജ്ഞത്തെ വഹിച്ചാലും.

## സൂക്തം 18

**ഋഷി വിശ്വാമിത്രപുത്രൻകതൻ, ദേവത അഗ്നി, ഛന്ദസ്**
**ത്രിഷ്ടുപ്.**

**1. ഭവാ നോ അഗ്നേ സുമനാ ഉപേതൗ സഖേവ സഖ്യേ**
**പിതരേവ സാധുഃ |**
**പുരുദ്രുഹോ ഹി ക്ഷിതയോ ജനനാം**
**പ്രതീചീർദഹതാദരാതീഃ ||**

ഹേ അഗ്നേ! മിത്രത്തെപ്പോലെയോ അഥവാ മാതാപിതാക്കളെപ്പോലെയോ ഹിതൈഷയായാലും ഞങ്ങളിൽ കൃപയരുളണമേ. യാതൊരു മനുഷ്യർ മനുഷ്യർക്കു വിരുദ്ധമായി പ്രവർത്തിക്കുന്നുവോ അവനെ ഭസ്മമാക്കിയാലും.

**2. തപോഷഗ്നേ അന്തരം അമിത്രാൻ തപാ ശംസമരുഷഃ**
**പരസ്യ |**
**തപോ വസോ ചികിതനോ അചിത്താന്വി തേ**
**തിഷ്ഠന്താമജരാ അയാസാഃ ||**

ഹേ അഗ്നേ! ശത്രുക്കളുടെ മാർഗ്ഗങ്ങളിൽ വിഘ്നം സൃഷ്ടിക്കേണമേ. ഹവിസ്സ് നൽകുന്നതില്ലാത്ത ദുഷ്ടൻെറ അഭീഷ്ടങ്ങള വ്യർത്ഥമായിത്തീരണേ. നീ ഉത്തമരായ വാസസ്ഥാനം നൽകുന്നവനും, സർവജ്ഞാതാവുമാകുന്നു. യാതൊരുത്തരുടെ മനസ്സുകൾ ചഞ്ചലങ്ങളായിരിക്കുന്നുവോ, ആ മനുഷ്യർക്കും അവർക്കുവേി നിൻെറ ജരാരഹിതമായ കിരണങ്ങൾ ബാധകങ്ങളായിത്തീരണേ.

**3. ഇധ്മേനാഗ്ന ഇഛമാനോ ഘൃതേന ജുജൂഹോമിഹവ്യം**
**തരസേ ബലായ |**
**യാവദീശേ ബ്യഹ്മണാ വന്ദമാന ഇമാം ധിയം**
**ശസേതയായ ദേവീം ||**

ഹേ അഗ്നേ! ഞാൻ ധനത്തെ ആശിച്ചുകൊ് വേഗവാനും, ശക്തിശാലിയുമായ നിനക്ക് സമിധിയും, ഘൃതയുക്തനുമായ ഹവിസ്സും നൽകുന്നു. ഞാൻ നിന്നെ സ്തുതിച്ചുകൊ് പ്രാണനോടുകൂടി ജീവിക്കുന്നതുവരെ എനിക്ക് ധനം നൽകികൊിരിക്കണമേ. ധനം നൽകുന്നതിനായി എൻെറ സ്തുതിയെ പ്രകാശയുക്തമാക്കിയാലും.

**4. ഉഛോചിഷാഃ സഹസസ്പുത്ര സ്തുതോ ബൃഹദ്വയ;**
**ശശമാനേഷു ധേഹി |**
**രേവദഗ്നേ വിശ്വാമിത്രേഷു ശംയോർമർമൃജ്ജമാ തേ ത്വം**
**ഭൂരി കൃത്വഃ ||**

ഹേ ബലോൽപന്നകനായ അഗ്നിദേവാ! നിൻെറ സ്വന്തം തേജസ്സാൽ പ്രദീപ്തനായാലും. നീ വിശ്വാമിത്രൻെറ വംശജൻമാരിൽ സ്തുതിക്കപ്പെട്ട അവരെ ധന സമ്പന്നരാക്കിയാലും. അന്നം നൽകി ആരോഗ്യവും, നിർഭയതയും നൽകൂ. നീ കർമ്മങ്ങൾ ചെയ്യുന്നവനാണ്. സാധതൻമാരായ ഞങ്ങള എപ്പോഴും നിൻെറ സാധനകൾ അനുഷ്ഠിക്കാം.

**5. കൃധി രത്നം സുസനിതർധനാനാം സ ഘേദഗ്നേ**
**ഭവസി യത്സമിദ്ധഃ |**
**സ്തോതുദാരോണേ സുഭഗസ്യ രേവത്സൃപ്രാ കരസ്നാ**
**ദധിഷേ വപൂംഷി ||**

ഹേ അഗ്നിദേവാ! എല്ലാധാനങ്ങളും നീ ദാനം ചെയ്യുന്നു. ഞങ്ങളക്ക് ധനങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായ ധനം പ്രദാനം ചെയ്യണേ. നീ സമിധികളിൽ യുക്തനാകുമ്പോൾ ഞങ്ങൾക്ക് പ്രവൃദ്ധമായ ധനം തരണമേ. പ്രതാശപൂരിതമദയ നിൻെറ ബാഹുക്കളെ

സ്തുതിഗായകൻമാരുടെ ഭവനങ്ങൾക്കു നേരെ ധനമാനത്തിനായി വിരിച്ചാലും.

## സൂക്തം 19

**ഋഷി കശികരപുത്രൻ ഗാഥി, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. അഗ്നിം ഹോതാരം പ്ര വൃണോ മിയേധേ ഗൃത്സ്യം കവിം വിശ്വവിദമമൂരം |**

**സ നോ യക്ഷദ്ദേവതാമാ യജീയാൻരായേ വാജയ വനതേ മഘാനി ||**

ഹേ അഗ്നിദേവാ! നീ ദേവതകളുടെ സ്തോതാവും, സർവ്വജ്ഞനുമാണ്. ഞങ്ങളി യജ്ഞത്തിൽ നിന്നെ ഹോതാരൂപത്തിൽ വരിക്കുന്നു. നീ ഈ അഗ്നിയജ്ഞ കർമ്മങ്ങളിൽ മുഴുകി ദേവതകൾക്ക് യജ്ഞം ചെയ്യണമേ. അന്നവും ധനവും നൽകുവാനായി ഞങ്ങളുടെ ഈ ഹവിസ്സ് സ്വീകരിക്കേണമേ.

**2. പ്ര തേ അഗ്നേ ഹവിഷ്മതീമിയർമ്യഛാ സദ്യുമ്നാം രാതീനീം ഘൃതാചീം |**

**പ്രദക്ഷിണിദ്ദേവതാതിമുരാണഃ സം രാഭിർവസുഭിർയജ്ഞമശ്രേത് ||**

ഹേ അഗ്നേ! ഞാൻ ഹവിസ്സ് നൽകുന്നതിനായി ഘൃതപൂർണ്ണമായ ജൂഹൂ നിൻെറ മുന്നിലേയ്ക്ക് ഉയർത്തുന്നു. ദേവതകളെ ബഹുമാനിക്കുന്ന അഗ്നിദേവൻ നമുക്ക് നൽകുവാനുള്ള ധനസഹിതം യജ്ഞത്തിൽ പങ്കെടുക്കണേ.

**3. സ്വതേജിയസാ മനസ ാ ത്വോത ഉത ശിക്ഷ സ്വപത്യസ്യ ശിക്ഷോഃ |**

**അഗ്നേ രായോ നൃതമസ്യ പ്രഭൂതൗ ഭൂയാമ തേ സഷ്ടുതയശ്ച വസ്വഃ ||**

ഹേ അഗ്നേ! നിൻെറ രക്ഷപ്രാപിച്ച സാധകൻെറ ഹൃദയം അത്യധികമായ ബലം പ്രാപിക്കുന്നു. അവന് സന്താനയുക്തമായ ധനം നൽകിയാലും. ധനം പ്രദാനം ചെയ്യുവാൻ ആഗ്രഹിക്കുന്ന നീ മഹത്തായ ധനം പ്രദാനം ചെയ്തുകൊിരിക്കുന്നു. ഞങ്ങൾ നിൻെറ മഹത്തായ രക്ഷയാൽ നിർഭയനായി നിന്നെ സ്തുതിക്കുകയും ധനത്തിൻെറ സ്വാമിയാകുകയും ചെയ്യും.

**4. ദൂരീണി ഹി ത്വേ ദധിരേ അനീകാഗ്നേ ദേവസ്യ യജ്യവോ ജനാസഃ |**

**സ ആ വഹ ദേവതാതിം യവിഷ്ഠശർധോ യദദ്യ ദിവ്യം യജാസി ||**

ഹേ അഗ്നേ! നീ പ്രകാശമാനമാകുന്നു.യജ്ഞം നടത്തുന്നവർ നിന്നെ പ്രദീപ്തമാക്കിയിരിക്കുന്നു. നീ യജ്ഞത്തിൽ ദിവ്യതേജസ്സിൻെറ സാധന അനുഷ്ഠിക്കുന്ന വനാകുന്നു. അതിനാൽ ദേവതകളെ ആഹ്വാനം ചെയ്താലും.

**5. യത്ത്വാ ഹോതാരമനജന്മിയേധേ നിഷാദയന്തോ യജഥായ ദേവാഃ |**

**സ ത്വം നോ അഗ്നേ വിതേഹ ബോധ്യധി ശ്രവാംസി ധേഹി നസ്തനൂഷു ||**

## സൂക്തം 20

**ഋഷി വിശ്വാമിത്രപുത്രൻ കതൻ, ദേവത അഗ്നി, ഛന്ദസ്, ത്രിഷ്ടുപ്.**

**1. അഗ്നിമുഷസമശ്വിനാ ദധിക്രാം വ്യുഷ്ടിഷു ഹവതേ വഹ്നിരുക്ഥൈ |**

**സുജ്യോതിഷോ നഃ ശൃണ്വന്തു ദേവാം സജോഷസോ അധ്വരം വാവശാനാഃ ||**

ഉഷസ്സ് കാലത്തിങ്കൽ ഹോതാവ് അന്ധകാരത്തെ അകറ്റികൊ് ഉഷസ്, അശ്വിനികൾ, ദധിക്രാപ്, ഹവിർവാഹകനായ അഗ്നി എന്നീ ദേവകളെ വിളിക്കുന്നു. നമ്മുടെ യജ്ഞത്തിൽ വരുവാൻ അഭിലഷിപ്പിക്കുന്ന ദേവഗണം ആ ജപങ്ങളെ ശ്രദ്ധിക്കട്ടെ.

**2. അഗ്നേ ത്രീ തേ വാജിനാ റതി ഷധസ്ഥാ തിസ്രസ്ഥേ ജിഹ്വാ ഋതജാത പൂർവീം |**

**ത്രിസ ഉ തേ തന്വേ ദേവവാതാസ്താഭിർനഃ പാഹി ഗിരോ അപ്രയുച്ഛൻ ||**

ഹേ അഗ്നേ നിനക്കു മൂന്നിനം ഭക്ഷണവും മൂന്നു വാസസ്ഥാനവുമു്. നീ യജ്ഞജാതനാണ്. നീ ദേവതകളോടു തൃപ്തിപ്പെടുത്തുന്ന മൂന്നു ജിഹ്വകളോടു കൂടിയവനുമാണ്. നിൻെറ ശരീരത്തിന് മൂന്നുരൂപങ്ങളു്. അവയെ ദേവതകൾ എഷ്ടപ്പെടുന്നു. നീ ആലസ്യരഹിതനായി സ്വന്ത ത്രിരൂപങ്ങളോടുകൂടി ഞങ്ങളുടെ സ്തോത്രങ്ങളുടെ രക്ഷകനായാലും.

**3. അഗ്നേ ഭൂരീണി തവ ജാതവേദോ ദേവ സ്വധാവോ മൃതസ്യ നാമ |**

**യാശ്വ മായാ മായിനാം വിശ്വമിന്വ ത്വേ പൂരവീഃ സന്ദധുഃ പൃഷ്ഠബന്ധോ ||**

**4. അഗ്നിർനേതാ ഭഗ ഇവ ക്ഷിതീനാം ദൈവീനാം ദേവ ഋതുപാ ഋതാവാ**

**സ വൃത്രഹാ സനയോ വിശ്വവേദാഃ പർഷദ്വിശ്വാതി ദൂരിതാ ഗൃണന്തം ||**

ഋതുക്കളെ സൃഷ്ടിക്കുന്ന സൂര്യനുതുല്യനും വിശ്വത്തിൻെറ നിയതാവും, സത്യകർമ്മങ്ങളിൽ പ്രവർത്തിക്കുന്നവനും, വൃത്രസംഹാരകനും, പുരാതനനും, സർവജ്ഞാതാവും പ്രകാശവാനുമായ അഗ്നി ദേവൻ സ്തുതിക്കുന്നവരെ എല്ലാ പാപങ്ങളുടേയും മറുകരക്കെത്തിക്കണേ.

**5. ദധിക്രാമഗ്നിമുഷസം ച ദേവീം ബൃഹസ്പതിം സവിതാരം ച ദേവം |**

**അശ്വിനാ മിത്ര വരുണാ ഭഗം ച വസൂന റുദ്രാം ആദിത്യാം ഇഹ ഹുവേ ||**

ദധിക്രാവ്, അഗ്നി, ഉഷസ്സ്, ബൃഹസ്പപതി, തേജസ്സിയായ സൂര്യൻ, അശ്വനികൾ രും, ഭഗൻ; വസു; രുദ്രൻ; ആദിത്യൻമാർ ഇവരെയെല്ലാം യജ്ഞാനുഷ്ഠാനത്തിൽ ഞാനാഹ്വാനം ചെയ്യുന്നു.

## സൂക്തം 21

**ഋഷി ഗാഥി, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടപ്, ബൃഹതി.**

**1. ഇമം നോ യജ്ഞമമൃതേഷു ധേഹീമാ ഹവയാ**

**ജാതവേദോ ജുജൂഷസ്വ |**
**സ്തോകാനാമഗ്നേ മേദസോ ഘൃത സ്യ ഹോതഃ റപശാന പ്രഥമോ നിഷദ്യ ||**

**3. തുഭ്യം സ്തോകാ ഘൃതശ്ചുതോ ഗ്നേ വിപ്രായ സ ഋഷിഃ ശ്രേഷ്ഠഃ സമിധ്യസേ യജ്ഞസ്യ പ്രാപിതാ ഭവ ||**

ഹേ അഗ്നേ! നീ ജ്ഞാനിയും, യജനയോഗ്യനുമാണ്. പൊഴിഞ്ഞുകൊിരിക്കുന്ന എല്ലാഘൃതബിന്ദുക്കളും നിനക്കായിട്ടുള്ളവയാണ്. ഋഷിമാരിൽ ശ്രേഷ്ഠനായ നീ സ്വയം പ്രദീപ്തനാണല്ലോ, നീ ഞങ്ങളുടെ യജ്ഞത്തെ രക്ഷിച്ചാലും.

**4. തുഭ്യം ശ്ചോതന്ത്യധ്രിഗോശചീവഃ സ്തോകാസോ അഗ്നേ മേദസോ ഘൃതസ്യ |**
**കൂവിശസ്തോ വൃഹന്താ ഭാനുനാഗാ ഹവ്യാ ജുജൂഷസ്വ മേധിര ||**

ഹേ അഗ്നിദേവാ! നീ സഭാഗതിമാനും, സർവശക്തിമാനുമാണല്ലോ, സ്നേഹരൂപമായ ഹവിസ്സിൻെറ ബിന്ദുക്കൾ നിന്നെ നനക്കുന്നു. ജ്ഞാനികൾ നിന്നെ സ്തുതിക്കുന്നു. നീ മഹാതേജസ്സിയും അതുപോലെ ജ്ഞാനിയും ആണല്ലോ. ഞങ്ങളുടെ ഹവിസ്സിനെ സ്വീകരിക്കേണമേ.

**5. ദാജിഷ്ഠം തേ മദ്യതോ മേദ ഉദ്ഭൃതം പ്ര തേ വയം ദദാമഹേ |**
**ശ്ചോതന്തി തേ വസോ സ്തോതാ അധി ത്വചി പ്രതി താന്ദേവശോ വിഹി ||**

ഹേ അഗ്നേ! ഞങ്ങൾ അത്യധികം സാരരൂപനായ സ്നേഹം നിനക്ക് ദാനം ചെയ്യും. നിവാസദാതാവായ അഗ്നിദേവാ! ഹവിസിൻെറ യാതൊരു ബിന്ദുക്കൾ നിനക്കായി പൊഴിയുന്നുവോ. അവയെ സ്തുതിച്ച് ദേവതകൾക്ക് നൽകിയാലും.

## സൂക്തം 22

**ഋഷി ഗാഥി, ദേവത പുരീഷ്യാഗ്നി, ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്, പംക്തി.**

**1. അയം സോ അഗ്നിസ്മിൻത്സോമമിന്ദ്രഃ സൂതം ദധേ ജഠരേ വാവശാനഃ |**
**സഹസ്രിണം വാജമത്യം ന സപ്തിം സസവിൻ ത്സന്തസ്തൂയസജോതവേദഃ ||**

സോമത്തെ ഇഷ്ടപ്പെടുന്ന ഇന്ദ്രൻ, പിജിഞ്ഞെടുത്ത സോമത്തെ ഒരു അഗ്നിയിൽകൂടി ഉദരത്തിലാക്കിയിരിക്കുന്നുവോ, അത്

**2. അഗ്നേ യത്തേ ദിവി വരചഃ പൃഥിവ്യാം യദോഷധീഷ്വപ്സ്വാ യജത്ര |**
**യേനാന്തരീക്ഷമുർവാത തന്ഥ്വഃ ത്വേഷഃ സ ഭാനുരർണവോ നൃചക്ഷാഃ ||**

ഹേ അഗ്നേ! ഭവാൻ യജനയോഗ്യനാകുന്നു. യാതൊരു പ്രകാശഭൂമിയിലും, ഔഷികളിലും, ജലത്തിലും, വ്യാപിച്ചിരിക്കുന്നുവോ, യാതൊരു പ്രകാശം വഴിയായി അന്തരീക്ഷം വ്യാപ്തമാക്കിയിരിക്കുന്നുവോ നിൻെറ ആ തേജസ്സ് സമുദ്രം പോലെ ഗംഭീരവും, സൂര്യനെപ്പോലെ പ്രകാശിക്കുന്നതും മനുഷ്യരെ സംബന്ധിച്ച് അത്ഭുതകരവുമാണ്.

**3. അഗ്നേ ദിവോ അർണമച്ഛാ ജിഗാസ്യച്ഛാ ദേവാം ഊചിഷേ ധിഷ്ണ്യായേഃ**
**യാ രോചനേ പാരസ്താത്സൂര്യസ്യ യാശ്ചാവസ്താ ദുപതിഷ്ഠന്ത ആപഃ ||**

ഹേ അഗ്നേ! നീ ആകാശജലത്തിനു തുല്യം പ്രവാഹമാനാണല്ലോ. പ്രാണഭൂതങ്ങളായ ദേവഗണങ്ങളെ നീ സംഘടിപ്പിക്കുന്നു. സൂര്യനുമുകളിലുള്ള ലോകത്തിലും യാതൊരു ജലം ഉായിരിക്കുന്നുവോ അതിനെ പ്രേരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു.

**4. പുരീഷ്യസോ അഗ്നയഃ പ്രാവണേഭിഃ സജോഷസഃ ജുഷന്താം യജ്ഞമദ്രുഹോ നമീവാ ഇഷോ മഹീഃ ||**

ഹേ അഗ്നി! യുദ്ധസ്ഥലത്തിൽ ആയുധവുമായി വന്നുചേർന്നാലും. ശത്രുക്കളെ കീഴടക്കുന്നതിനുള്ള ശക്തി നൽകുന്നതിലും, ആരോഗ്യാവസ്ത നിലനിർത്തുന്നതുമായ അന്നം നീ ഞങ്ങൾക്ക് പ്രദാനം ചെയ്താലും.

**5. ഇളാമഗ്നേ പുരുദസം സനിം ഗോഃ ശശ്വത്തമം ഹവമാനായാ സാധ |**
**സ്യാന്നഃ സൂനുസ്തനയേ വിജാവാഗ്നേ സാ തേ സുമതിർഭൂത്വസ്മേ ||**

ഹേ അഗ്നേ! സ്തുതിക്കുന്നവരെ കർമ്മങ്ങൾക്കായി പ്രേരിപ്പിക്കുകയും ഗോക്കൾ ആദിയായ ധനയുക്തമായ ഭൂമിയും നീ അവർക്കു നൽകുന്നു. ഞങ്ങളുടെ വംശത്തെ വർദ്ധിപ്പിക്കുന്നവരും, സന്താനോൽപ്പാദനസമർത്ഥരായ പുത്രൻമാരേയും ഞങ്ങൾക്ക് നൽകിയാലും. ഈ അനുഗ്രഹം ഞങ്ങൾക്കുാകണമേ.

## സൂക്തം 23

**ഋഷി ഭാരതപുത്രൻമാരായ ദേവശ്രവസ്സും, ദേവവാതനും, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്.**

**1. നിർമഥിതഃ സുധിത ആ സധസ്ഥേ യുവാ കവിരധ്വരസയ പ്രണേതാ |**
**ജുജൂര്യത്സ്വഗ്നി രജരോ വാനഷ്വത്രാ ദധേ അമൃതം ജാതവേദാഃ ||**

മഥനത്തിൽനിന്ന് ജൻമമെടുത്തവനും, യജമാനൻെറ ഗൃഹത്തിൽ സ്ഥാപിക്കപ്പെട്ടവനും, സർവ്വജ്ഞാതാവും, യജ്ഞകർമ്മങ്ങളുടെ സമ്പാദകനും, സ്വയം ജ്ഞാനിയും, ഘോരവനങ്ങളെ നശിപ്പിക്കുന്നവനുമായ അഗ്നിദേവൻ ജരാരഹിതനാകുന്നു. അവൻ ഈ യജ്ഞത്തിൽ അമൃതം ധാരണം ചെയ്യുന്നു.

**2. ആമന്ഥിഷ്ടാം ഭാരതാ രേവദഗ്നിം ദേവശ്രവാ ദേവവാതഃ സുദക്ഷം |**
**അഗ്നേ വിപശ്യ ബൃഹതാഭി രായേഷാം നോ നേതാ ഭവതാദനു ദ്യൂൻ ||**

ഭരതൻെറ പുത്രൻമാരായ ദേവശ്രവസ്സും ദേവവാതനും ഈ ധനസമ്പന്നരായ അഗ്നിദേവനെ അരണിമഥനം വഴിയായി പ്രകടമാക്കി. ഹേ അഗ്നേ! വളരെയധികം ധനത്തോടുകൂടി ഞങ്ങളെ കടാക്ഷിക്കുകയും നിത്യവും അന്നം പ്രദാനം ചെയ്യുകയും ചെയ്യണമേ.

**3. ദശ ക്ഷിപഃ പൂർവ സീമജീജനൻത്സുജാതം മാതൃഷു പ്രിയം |**
**അഗ്നിം സ്തുഹി ദൈവവാതം ദേവശ്രവോ യോ ജനാനാമസദ്വശീ ||**

പ്രാചീനവും രമണീയവുമായ ഈ അഗ്നിയെ ദേവ വാതന്റെ കൈവിരലുകള ജനിപ്പിച്ചു. ഹേ ദേവശ്രവസ്സേ അരണിയിൽ നിന്നും ഉത്മവിപ്പിച്ച് ദിവ്യവായുവിനാൽ പ്രകടമായ അഗ്നിയെ സ്തുതിച്ചാലും, സ്തുതിക്കുന്നവർക്കുമാത്രം ആ അഗ്നിയെ വശീഭൂതമാകുന്നു.

**4. നി ത്വാ ദധേ വര ആ പൃഥിവ്യാ ഇളായാസ പദേ സുദിനത്വേ അഹ്നാം |**
**ദൃഷദ്വത്യാം മാനുഷ ആപയായാം സരസ്വത്യാം രേവദഗ്നേ ദിദീഹി ||**

ഹേ അഗ്നേ നല്ല ദിവസങ്ങളെ പ്രാപ്തമാക്കുന്നതിനുവേി ഞങ്ങളി ഭൂമിയിൽ പരിശുദ്ധമായ സ്ഥാനത്ത് അങ്ങയെ പ്രതിഷ്ഠിക്കുന്നു. അങ്ങ് ദൃഷ്ദ്വി, അപായ; സരസ്വതി ഈ മൂന്നു നദികളുടേയും തീരങ്ങളിൽ വസിക്കുന്നവരുടെ ഭവനങ്ങളെ ധനയുക്തമാക്കി. പ്രശോഭിച്ചാലും.

**5. ഇളാമഗ്നേ പുരുദംസം സനിം ഗോഃ ശശ്വത്തമം ഹവമാനായ സാധ |**
**സ്യാന്നഃ സൂനുസ്തനയോ വിജാവാഗ്നേ സാ തേ സുമതീർഭൂത്വസ്മേ ||**

ഹേ അഗ്നേ! നീ സ്തുതിക്കുന്നവർക്കും, കർമ്മയുക്തർക്കും, ഗോക്കളോടു കൂടിയവനുമായ ഭൂമി നൽകിയാലും ഞങ്ങളുടെ വംശത്തെ വർദ്ധിപ്പിക്കുന്നവരും, സന്താനോല്പാദന സമർഥരുമായ പുത്രൻമാരെ ഞങ്ങളക്ക് നൽകണമേ. ഈ അനുഗ്രഹത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## സൂക്തം 24

**ഋഷി വിശ്വാമിത്രൻ, ദേവത അഗ്നി, ഛന്ദസ് അനുഷ്ടുപ്, ഗായത്രി.**

**1. അഗ്നേ സഹസ്വ പൃതനാ അഭിമാതീരപാസ്യ |**
**ദുഷ്ടരസ്തരന്നരാതീർവർചോ ധംയജ്ഞവാഹസേ ||**

ഹേ അഗ്നിദേവാ! ഈ ശത്രുസൈന്യത്തേ പരാജയപ്പെടുത്തണേ. വിഘ്നങ്ങള സൃഷ്ടിക്കുന്നവരെ പാലായനം ചെയ്യിച്ചാലും. നിന്നെ ആർക്കും പരാജയപ്പെടുത്തുവാൻ സാധ്യമല്ലല്ലോ. നീ ശത്രുക്കളെ തോൽപിച്ച് യജമാനാന് അന്നം പ്രദാനം ചെയ്യണമേ.

**2. അഗ്ന ഇളാ സമിധ്യസേ വീതിഹോത്രീ അമർത്യഃ**
**ജുഷസ്വ സൂനോ അധ്വരം ||**

ഹേ അഗ്നേ! നീ യജ്ഞത്തോടു പ്രീതിയുള്ളവനാകുന്നു. നീ മരണരഹിതനാകുന്നു. നീ ഉത്തരവേദിയിൽ ജാജ്ജ്വല്യമാനാകുന്നു. ഞങ്ങളുടെ യജ്ഞത്തെ അങ്ങ് ശരിയായ രീതിയിൽ സമ്പന്നമാക്കിയാലും.

**3. അഗ്നേ ദ്യുമ്നേന ജാഗൃവേ സഹസഃ സൂനവാഹുത |**
**ഏദ ബർഹിഃ സദോ സദോ മമ ||**

ഹേ അഗ്നേ! നിന്റെ തേജസ്സാൽ നീ ചൈതന്യവാനാകുന്നു. ബലപുത്രനായ നിന്നെ ആഹ്വാനം ചെയ്യുന്നു. എന്റെ കുശാസനത്തിലുപവിഷ്ടനായാലും.

**4. അഗ്നേ വിശ്വഭിരാഗ്നിഭിർദേവേവിഭിർമഹയാഗിരഃ**
**യജ്ഞേഷു യു ഉ ചായവഃ ||**

ഹേ അഗ്നേ! നീ നിന്നെ പൂജിക്കുന്നവരുടെ യജ്ഞത്തിൽ വിശിഷ്ട പ്രഭരായ എല്ലാ അഗ്നികളോടും സഹിതം സ്തുതികളെ അവയുടെ മര്യാദയ്ക്കനുസരിച്ച് സുരക്ഷിതമാക്കിയാലും.

**5. അഗ്നേ ദാ ദാശുഷേ രയിം വിശവന്തംപരീണസം |**
**ശശീഹി നഃ സൂനുയതഃ ||**

ഹേ അഗ്നേ! നി ഹവിസ്സ് നൽകുന്നവർക്ക് പൗരുഷയുക്തമായ ധനം പ്രദാനം ചെയ്യണമേ. ഞങ്ങൾ സന്താനയുക്തരാണ്. ഞങ്ങളെ അഭിവൃദ്ധിയുള്ളവരാക്കണമേ.

## സൂക്തം 25

**ഋഷി വിശ്വാമിത്രൻ, ദേവത അഗ്നിയും, ഇന്ദ്രനും, ഛന്ദസ് അനുഷ്ടുപ്, ത്രിപുഷ്ടുപ്.**

**1. അഗ്നേ ദിവഃ സൂനുരസി പ്രചേതാസ്തനാ പൃതിവ്യാ ഉത വിശ്വവേദാഃ |**
**ഋധഗ്ദേവാം ഇഹ യജാ ചികിത്വഃ ||**

ഹേ അഗ്നേ! നീ സർവ്വാതാവും, ആകാശപൃഥ്വികളുടെ പുത്രനും അതുപോലെ ചൈതന്യയുക്തനുമാണ്. നീ ഈ ദേവ യജ്ഞത്തിൽ പ്രത്യേകം യജ്ഞകർമ്മങ്ങൾ അനുഷ്ഠിക്കണേ.

**2. അഗ്നിഃ സനോതി വീര്യാണി വിദ്വാൻസനോതി വാജമമൃതായാ ഭൂഷൻ |**
**സ നോ ദേവാം ഏഹാ വഹാ പുരുക്ഷോ ||**

അഗ്നി മേധാവിയാകുന്നു. സാമർത്ഥ്യദാതാവും സ്വയം സുസജ്ജനായി ദേവതകൾക്ക് ഹവിസ്സ് എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. അവന്റെ അന്നം വിവിധ രീതിയിലുള്ളവയാകുന്നു. അല്ലയോ അഗ്നീ ദേവഗണത്തെ ഈ യജ്ഞത്തിലേയ്ക്ക് കൂട്ടികൊവരണേ.

**3. അഗ്നി നിരദ്യാവാപൃഥിവീ വിശ്വജനേയ ആ ഭാതി ദേവീ അമൃതേ അമൂരഃ |**
**ക്ഷയന്വാജൈഃ പുരുശ്ചന്ദ്രോ നമോഭി ||**

സർവ്വജ്ഞാനിയും ലോകത്തിന്റെ നാഥനും, ദീപ്തിമാനും ശക്തിയാലും അന്നത്തിലുമ സമ്പന്നമായ അഗ്നിദേവൻ വിശ്വാമാതവും, തേജസ്വിനിയും, മരണരഹിതയും ആയ ദ്യാവാപൃഥ്വിയെ പ്രകാശിതമാക്കുന്നു.

**4. അഗ്ന ഇന്ദ്രശ്ച ദാശുഷോ ദുരോണേ സുതാവതോ യജ്ഞമിഹോപ യാതം |**
**അമർമധന്താ സോമപേയായ ദേവാ ||**

ഹേ അഗ്നേ ! നീ ഇന്ദ്രനോടുകൂടി യജ്ഞത്തെ രക്ഷിക്കുവാൻ സോമം പിഴിഞ്ഞെടുത്ത് അർപ്പണം ചെയ്യുന്ന ഈ ഭവനത്തിൽ അതു പാനം ചെയ്യുന്നതിനുവേി എഴുന്നള്ളണേ.

**5. അഗ്നേ അപാം സമിധ്യസേ ദുരോണേ നിത്യഃ |**
**സധസ്ഥാനി മഹയമാന ഊതി ||**

ഹേ ബുലോപ്പന്നനായ അഗ്നിദേവാ! നീ സർവ്വജ്ഞാനിയും, നിതനുമാകുന്നു. നിന്റെ ആശ്രയത്തിൽ ജീവികളെ സുശോഭിതരാക്കി ജലത്തിന്റെ ആശ്രയസ്ഥാനമായ അന്തരീക്ഷത്തിൽ പ്രതിഷ്ഠിക്കുന്നു.

## സൂക്തം 26

**ഋഷി വിശ്വാമിത്രൻ, ദേവത വൈശ്വാനരൻമാർ, ഛന്ദസ്**

**ജഗതി, ത്രിഷ്ടുപ്.**

**1. വൈശ്വാനരം മനസാഗ്നിം നീ പായ്യാ ഹവിഷ്മന്തോ അനുഷത്യം സ്വർവിദം |**
**സൂദാനും ദേവം രഥിരം വസൂയവോ ഗീർഭീ രണ്വം കുശികാസോ ഹവാമഹേ ||**

കൗശികജനകങായ ഞങ്ങൾ ധനത്തെ ആഗ്രഹിച്ചുകൊ് ഹവിസ്സിനെ ഏകീകരിച്ചുകൊ് വൈശ്വാനരാഗ്നിയെ ആഹ്വാനം ചെയ്യുന്നു. അവൻ സത്യമാർഗ്ഗാഗാമിയും, സ്വർഗ്ഗസംബന്ധമായി അനിയുന്നവനുമാകുന്നു. യജ്ഞഫലം നൽകുന്ന അവൻ തൻെറ രഥത്തിൽ യജ്ഞസ്ഥലത്തെ പ്രാപിക്കുന്നു.

**2. തം ഗൂഭാമഗ്നിമയബസേ ഹവാമഹേ ശൈ്വാനര മാതരിശ്വാനമുക്ഥ്യം |**
**ബൃഹസ്പതിം മനുഷോ ദേവതാതയേ വിപ്രം ശ്രോതാരമതിഥിം രഘുഷ്യദം ||**

ഊജ്ജ്വലവർണ്ണനും, വൈശ്വാനരനും, വിദ്യുത്രൂപനം, യജ്ഞത്തിൻെറ സ്വാമിയും ജ്ഞാനിയും, അതിഥിയും, അതിവേഗം, കാര്യങ്ങൾ നടത്തുന്നതും ആയ അഗ്നിദേവനെ യജമാനൻെറ യജ്ഞത്തിൽ ആശ്രയം പ്രാപിക്കുന്നതിനായി ആഹ്വാനം ചെയ്യുന്നു.

**3. അശോ ന ക്രന്ദഞ്ജനിഭിഃ സമിധ്യതേ വൈശ്വാനരശകുശികേഭിര്യുഗേയുഗേ |**
**സനോ അഗ്നിഃ സുവീര്യം സ്വശ്വ്യം ദധാതു രത്നമമൃതേഷു ജാഗൃവിഃ ||**

ഉച്ചശബ്ദം പുറപ്പെടുവിക്കുന്ന കുതിരക്കുട്ടി തൻെറ മാതാവിൻെറ ആശ്രയത്തിൽ വളരുന്നതുപോലെ കൗശികൻമാരാൽ വൈശ്വാനരഗ്നി വളർച്ച പ്രാപിക്കുന്നു. ഹേ അഗ്നേ! നീ ദേവതകളുടെ ചൈതന്യമാകുന്നു. ഞങ്ങൾക്ക് ശ്രേഷ്ഠങ്ങളായ അശ്വങ്ങളും പൗരുഷവും മഹത്തായ ധനവും നൽകണമേ.

**4. പ്ര യന്തു പാജസ്തവിഷീഭിരഗ്നയഃ ശുഭേ സമ്മിശ്ളാഃ പൃഷതീരയുക്ഷത |**
**ബൃഹദുക്ഷോ മരുതോ വിശ്വവേദസഃ പ്ര വേപയന്തീ പർവതാം അദാഭ്യാഃ ||**

അഗ്നിരൂപമായ അശ്വങ്ങൾ ശക്തരായ മരുത്തുക്കളുമായി ചേർന്ന് ജലവാഹനങ്ങളുമായി ചേരണേ. സർവ്വജ്ഞാതാക്കളും, ആരാലും ഹിംസിക്കപ്പെടുവാൻ സാധ്യമല്ലാത്തവരുമായ മരുത്തുക്കൾ, ജലരാശീയുക്തവും, പർവ്വതങ്ങൾ പോലെ ഗംഭീരങ്ങളകുമായ മേഘങ്ങളെ പ്രകമ്പനം കൊള്ളിക്കുന്നു.

**5. അഗ്നിർശ്രിയോ മരുതോ വിശ്വകൃഷ്ഠയ ആ ത്വേഷമുഗ്രമവ ഈ മഹേവയം |**
**തേ സ്വാനിനോ രുദ്രിയാ വർഷനിർണിജഃ സിംഹാ ന ഹേവക്രതവഃ സുദാനവഃ ||**

അഗ്നിയുടെ ആശ്രിതനായ മരുത്ത് സാഗരത്തെ ആകർഷിക്കുന്നു. നാം ആ മരുത്തുക്കളുടെ ഉത്കൃഷ്ടമായ ആശ്രയം യാചിക്കുന്നു. വർഷരൂപമായ അവർ സിംഹസമാനം ഗർജിക്കുന്നു. മരുത്തുക്കൾ ജലദാതാക്കളെന്ന നിലയിൽ പ്രസിദ്ധമാണ്.

**6. വ്രാതം വ്രാതം ഗണം ഗണം സുശസ്തിഭിരനേർഭാമം മരുതാമോജ ഈമഹേ |**
**പൃഷദശ്വാസോ അനവദൂരാധസോ ഗന്താരോ യജ്ഞം വിദഥേഷു ധീരാഃ ||**

അസംഖ്യം സ്തോത്രങ്ങളാൽ നാം അഗ്നിയുടെ തേജസ്സിനേയും മരുത്തുക്കളുടെ ബലത്തേയും ആഗ്രഹിക്കുന്നു. പുള്ളി അടയാളമുള്ള അശ്വയുക്തരായ മരുത്തുക്കൾ നാശം സംഭവിക്കാത്ത ധനത്തോടുകൂടി ഹവിസ്സിനുവേി യജ്ഞത്തെ പ്രാപിക്കുന്നു.

**7. അഗ്നിരസ്മി ജൻമനാ ജാതവേദാ ഘൃതം മേ പക്ഷുരമൃതം മ ആസൻ |**
**അർകസ്ത്രിധാരൂ രജസോ വിമാനോ അജസ്രോ ധർമോ ഹവിരസ്മി നാമ ||**

അഗ്നിയായ ഞാൻ ജൻമനാ ജ്ഞാനിയാണ്. എൻെറ രൂജത്തെ ഞാൻ സ്വയമായി പ്രകടമാക്കുന്നു്. പ്രകാശം എൻെറ കണ്ണുകളാകുന്നു. എൻെറ നാവിൽ അമൃതം സധിതിചെയ്യുന്നു. ഞാൻ ത്രിവിധ പ്രാണനാൽ യുക്തനും, അന്തരീക്ഷത്തെ അളക്കുന്നവനുമാണ്. എൻെറ താപത്തിന് ഒരിക്കലും ക്ഷയം ഉാവുകയില്ല. ഞാൻ തന്നെ സാക്ഷാൽ ഹവിസ്സാകുന്നു.

**8. ത്രി ഭിഃ പവിത്രൈരപുപെദ്ധ്യര കം ഹൃദാ മതിം ജ്യോതിരനു പ്രജാനൻ |**
**വർഷിഷ്ഠം രത്നമകൃത സ്വധാഭിരാദിദ് ദ്വാവാ പൃഥിവീ പര്യപശ്യത് ||**

സുന്ദരമായ ജ്യോതിസ്സിനെ ഹൃദയത്തിലറിയുന്ന അഗ്നിദേവൻ അഗ്നി, വായു, സൂര്യൻ, എന്നീ മൂന്നു രൂപങ്ങൾ ധരിച്ച് സ്വയം സമർത്ഥമമാക്കി. അഗ്നി ഈ രൂപങ്ങളിൽ പ്രകടമായി ആകാശത്തേയും, ഭൂമിയേയും ദർശിച്ചിരിക്കുന്നു.

**9. ശതധാരമുത്സമക്ഷീയമാണം വിപശ്ചിതം പിതരം വക്താനാം |**
**മേളിം മദന്തം പിത്രോതൂപസ്ഥേ ത രോദസീ പിപൃത സത്യവാചം ||**

ഹേ ആകാശപൃഥ്വി! നൂറുധാരകളോടുകൂടിയ മേഘം പോലെ പ്രക്ഷുണ്ണപ്രവാഹ യുക്തനും, മേധാവിയും, പാലനകർത്താവും, വാക്യങ്ങളെ ചേർത്തു പറയുന്നവനും, മാതാപിതാക്കളുടെ അങ്കതലത്തിൽ സ്ഥിതിചെയ്യുന്ന സത്യസ്വരൂപാഗ്നിയെ പൂർണ്ണമാക്കിയാലും. (ഈ മന്ത്രം(ലുഗ്വേദികൾക്ക്) സർവ്വപ്രദാനമാണ്.ഏതുകർമ്മത്തിനും ക്ഷേത്രത്തിൽ പോയി തൊഴുന്നതുമുതൽ എല്ലാറ്റിനും ഗുരുവന്ദനായി ഈ മന്ത്രം ചൊല്ലുന്നു.)

## സൂക്തം 27

**ഋഷി വിശ്വാമിത്രൻ, ദേവത അഗ്നി, ഛന്ദസ് ഗായത്രി**

**1. പ്ര വോ വാജാ അഭിദ്യവോ ഹവിഷ്മതോ ഘൃതാച്യ ദേവാജ്ജിഗാതി ഗുമ്നയുഃ ||**

ഹേ ഋത്വിജൻമാരേ! സ്വകയുക്തമായ ഹവിസ്സോടുകൂടിയ ദേവതമാരായ മാസം. അർദ്ധമാസം മുതലായവർ യജമാനനനു സുഖം നൽകുവാനിച്ഛിക്കുന്നു. ആ യജമാനൻ ദേവതകളുടെ കൃപപ്രാപിക്കുന്നു.

**2. ഈളേ അഗ്നിം വിപശ്ചിതം ഗിരാ യജ്ഞസ്യ സാനനം | ശ്രുഷ്ടീവാനം ധിതാവാനം ||**

യജ്ഞസമ്പന്നകർത്താവും, ജ്ഞാനിയും, ഐശ്വര്യവാനും, വേഗശാലിയുമായ അഗ്നിദേവനെ സ്തോത്രങ്ങൾ സഹിതം ഞാൻ പൂജിക്കുന്നു.

**3. അഗ്നേ ശകേമ തേ വയം യമം ദേവസ്യ വാജിനഃ |**
**അതി ദ്വേഷാംസി തരേമ ||**

ഹേ അഗ്നേ! നീ പ്രകാശമാനാണ്. ഹവിസ്സ് തയ്യാറാക്കി ഞങ്ങൾ നിന്നെ സേവിക്കുകയും പാപങ്ങളിൽ നിന്നും രക്ഷപ്പെടുകയും ചെയ്യും.

**4. സമിധ്യാമാനോ അധ്വരേഗ്നിഃ പാവക ഈഡ്യഃ |**
**ശോചിഷ്കേശസ്തമീമഹേ ||**

ഞങ്ങള യജ്ഞസമയത്തു പ്രകടമാകുന്ന ജ്വാലയുക്തമായ കേശത്തോടുകൂടിയവനും, പവിത്രകർത്താവും, പൂജ്യനുമായ അഗ്നിദേവന്റെ സമീപം ഉപസ്ഥിതനായി അഭീഷ്ടങ്ങളെ യാചിക്കുന്നു.

**5. പൃഥുപാജാ ാസമർത്യോ ഘൃതനിർണിക് സ്വാഹുതഃ |**
**അഗ്നിയർജ്ഞസ്യ ഹവ്യവാട് ||**

ഉത്ഭവിച്ചപ്പോൾ തന്നെ തേജസ്സോടുകൂടിയവനും, അജരനും, ഘൃതത്താൽ ശുദ്ധമാക്കുന്നവനും, സമാനരൂപത്തിൽ പൂജിക്കപ്പെടുന്നവനും ആയ അഗ്നിദേവൻ യജ്ഞത്തിലെ ഹവിസ്സിനെ വഹിക്കണേ.

**6. തംസബാധോ യതസ്രുപ ഇത്ഥാ ധിയാ യജ്ഞവന്തഃ**
**ആ ചത്രുരഗ്നിമൂതയേ ||**

യജ്ഞത്തിൽ സംഭവിക്കാവുന്ന വിഘ്നങ്ങൾ നശിപ്പിക്കുന്നവനും, ഹവിസ്സ് യുക്തനും ആയ ഋത്വിജൻമാർ സ്വകമുയർത്തി ആശ്രയത്തിനുവേി സ്തോത്രങ്ങളാൽ ആ അഗ്നിദേവനെ പൂജിച്ചുകൊുയർത്തുന്നു.

**7. ഹോതാ ദേവോ അമർത്യാഃ പുരസ്താദേതി മായയാ |**
**വിദഥാനി പ്രചോദയൻ ||**

യജ്ഞത്തിൽ സംഭവിക്കാവുന്ന വിഘ്നങ്ങൾ നശിപ്പിക്കുന്നവനും, ഹവിസ്സ് യുക്തനും ആയ ഋത്വിജൻമാർ സ്വകമുയർത്തി ആശ്രയത്തിനുവേി സ്തോത്രങ്ങളാൽ ആ അഗ്നിദേവനെ പൂജിച്ചുകൊുയർത്തുന്നു.

**8. പാജി വാജേഷു ധീയതേ ധ്വരേഷു പ്ര ണീയതേ |**
**വിപ്രോ യജ്ഞസ്യ സാധനഃ ||**

അഗ്നി മഹാശക്തിമാനാകുന്നു. യുദ്ധങ്ങളിൽ അദ്ദേഹം എല്ലാവരുടേയും മുന്നിലുള്ള സ്ഥാനം സ്വീകരിക്കുന്നു. യജ്ഞസമയത്ത് തന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്നു. അവൻ യജ്ഞകർമ്മങ്ങളിലും സമ്പാദനകർത്താവും ജ്ഞാനിയും ആകുന്നു.

**9. ധിയാ ചക്രേ വരേണ്യോ ഭൂതാനാം ഗർഭമാദധേ|**
**ദക്ഷസ്യ പിതരം തനാ ||**

കർമ്മങ്ങളാൽ വരേണ്യനും, ഭൂതങ്ങളുടെ കാരണഭൂതനും, പിതാതുല്യനുമായ അഗ്നിദേവനെ ദക്ഷപുത്രി (പൃഥ്വി) ധാരണം ചെയ്യുന്നു.

**10. നി ത്വാ ദധേ വരേണ്യം ദക്ഷസ്യേഗാ സഹസ്കൃത |**
**അഗ്നേ സുദീതി മശിചം ||**

ഹേ ജലോല്പന്നനാന്നയ അഗ്നേ! നീ ശ്രേഷ്ഠമായ പ്രകാശത്തോടു കൂടിയവനും, ഹവിസ്സിനെ ഇഷ്ടപ്പെടുന്നവനും, വരണയോഗ്യനുമാണ്. നിന്നെ ദക്ഷപുത്രിയായ ഇള ധാരണം ചെയ്യുന്നു.

**11. അഗ്നിം യന്തുരപ്തുരമൃതസ്യ യോഗേ വനുഷഃ |**
**വിപ്രാ വാജൈഃ സമിന്ധതേ ||**

വിശ്വത്തിന്റെ നിയാമകനും ജലത്തെ പ്രേരിപ്പിക്കുവാനുമായ അഗ്നിയെ യജ്ഞകാര്യങ്ങൾ സമ്പന്ന മാക്കുന്നതിനുവേി ജ്ഞാനികൾ ഹവിസ്സുവഴിയായി ശരിയായ രീതിയിൽ പ്രദീപ്തമാക്കുന്നു.

**12. ഊർജോ നപാതമധ്വരേദീവാം സമുപ ദ്യവി|**
**അഗ്നിമീളേ കവിക്രതും ||**

മനുഷ്യരെ അന്നവിഹീനരാകുവാൻ അനുവദിക്കാത്തവനും അന്തരീക്ഷത്തിന്റെ നികടത്തിൽ പ്രകാശിക്കുന്നവനും ആയ അഗ്നിദേവനെ ഞാൻ സ്തുതിക്കുന്നു.

**13. ഈളേന്യോ നമസ്തുതി രസ്തമാംസി ദർശതഃ |**
**സമഗ്നിരിധ്യതേ വൃഷാ ||**

ആ അഗ്നി നമസ്കാരയോഗ്യനും, പൂജ്യനും ദർശനീയനും, ആഗ്രഹങ്ങൾ വർഷിക്കുന്നവനും ആകുന്നു. അവൻ ജ്വലിക്കുമ്പോൾ അന്ധകാരം നശിക്കുന്നു.

**14. വൃഷോ അഗ്നി സമിധ്യതേ ശ്വേ ന ദേവവാഹനഃ |**
**തം ഹവിഷ്മന്ത ഈളതേ ||**

അശ്വത്തിനു സമാനം ഹവിസ്സ് വഹിക്കുന്നവനും, ആഗ്രഹങ്ങൾ വർഷിക്കുന്നവനും അഗ്നിദേവൻ പ്രോജ്ജ്വലിതനാകുന്നു. ഞാൻ ആ അഗ്നിയെ പൂജിക്കുന്നു.

**15. വൃഷണം ത്വാവയം വൃഷണ്വൃഷണഃ സമിധാമഹി |**
**അഗ്നേ ദീദ്യാതം ബൃഹത് ||**

ഹേ അഗ്നേ! നി അനുഗ്രഹങ്ങൾ വർഷിക്കുന്നവനാണ്. ഞങ്ങൾ ഘൃതാദികൾ വർഷിക്കുന്നു. നീ ജലം വർഷിക്കുന്നു. ഞങ്ങൾ നിന്നെ പ്രദീപ്തമാക്കുന്നു. നീ പ്രകാശവാനും, മഹാനും ആകുന്നു.

## സൂക്തം 28

**ഋഷി വിശ്വാമിത്രൻ, ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, ഉഷ്ണിക, ജഗതി**

**1. അഗ്നേ ജുഷസ്വ നേ ഹവിഃ പുരോളാശം ജാതവേദഃ |**
**പ്രാതഃ സവേ ധിയ വസോ ||**

ഹേ അഗ്നേ! നീ ജനനാൽ തന്നെ ദീപ്തിയുക്തനാകുന്നു. നിന്നെ സ്തുതിക്കുന്നതിൽ നിന്നും ധനം ലഭിക്കുന്നു. നീ ഞങ്ങളുടെ പുരോളാശവും, ഹവിസ്സും പ്രഭാതകാലത്തിൽ സേവിച്ചാലും.

**2. പുരോളോ അഗ്നേ പചതസ്ഭ്യും വാ ധാ പരിഷ്കൃതഃ |**
**തം ജുഷസ്വ യവിഷ്ഠ്യ ||**

ഹേ അഗ്നേ! ദിവസത്തിന്റെ അവസാനത്തിൽ ഉത്തമമായ രീതിയിൽ നൽകപ്പെടുന്ന പുരോളാശം പാകമാക്കി വയ്ക്കപ്പെട്ടിരിക്കുന്നു. അതിനെ ഭക്ഷിക്കണേ.

**3. അഗ്നേ വീഹി പുരോളാശമാഹൂതം തിരോ അഹ്നം |**
**സഹസഃ സൂനുരസ്യധ്വരേ ഹിതഃ ||**

ഹേ അഗ്നേ! ദിവസത്തിന്റെ അവസാനത്തിൽ ഉത്തമമായ രീതിയിൽ നൽടുന്ന പുരോഡാശം ഭക്ഷിച്ചാലും. ബലപുത്രനായ നീ യജ്ഞകാര്യങ്ങളിൽ വ്യാപൃതനാകണേ.

**4. മാധ്യന്ദിനേ സവനേ ജാതവേദഃ പുരോളശാമിഹകവേ ജുഷസ്വ |**
**അഗ്നേ യഹ്വസ്യ തവ ഭാഗദേയം ന പ്ര മിനന്തി വിദഥേഷു ധീരാഃ ||**

അഗ്നേ! നീ വിജ്ഞാനിയാകുന്നു. മധ്യസവനത്തിലെ പുരോഡാശം സ്വീകരിച്ചാലും. അധര്യക്കൾ നിന്റെ യജ്ഞഭാഗം നശിപ്പിക്കുന്നില്ല.

**5. അഗ്നേ തൃതീയേ സവനേ ഹി കാനിഷഃ പുരോളാശം സഹസഃ സൂനബാഷൂതം |**
**അഥാ ദേവേഷ്വധ്വരം വീപന്യയാ ധാ രത്നവന്തമൃതേഷു**

**ജാഗൃവിം ||**

ഹേ ബലോൽപന്നദകനായ അഗ്നിദേവാ! മൂന്നാം സവനത്തിൽ നൽകപ്പെടുന്ന പുരോളാശത്തെ നീ സ്വീകരിച്ചാലും. പിന്നീട് ഈ ഐശ്വര്യവത്തും, ചൈതന്യം നിറഞ്ഞതും ആയ സോമത്തെ ദേവകളുടെ നികിടത്തിൽ സ്തുതിപൂർവ്വം പ്രതിഷ്ഠിച്ചാലും.

**6. അഗ്നേ വൃധാന ആഹൂതിം പുരോളാശ ജാതവേദഃ |**

**ജുഷസ്വ തിരോ അഹ്ന്യം ||**

ഹേ വിജ്ഞാനിയായ അഗ്നിദേവാ! നീ പുരോളാശരൂപമായ ആഹുതിയെ ദിനാന്ത്യത്തിൽ സ്വീകരിക്കണേ.

## സൂക്തം 29

**ഋഷി വിശ്വാമിത്രൻ, ദേവത അഗ്നി, ഛന്ദസ് അനുഷ്ടുപ്, പംക്തി, ത്രിഷ്ടുപ്, ജഗതി.**

**1. അസ്തീദമധിമന്ഥനമസ്തി പ്രജനനം കൃതം |**

**ഏതാം വിശ്പത്നിമാ ഭരാഗ്നിം മന്ഥാമ പൂർവഥാ ||**

അരണിയ്ക്ക് ലോകത്തെ രക്ഷിക്കുവാൻ കഴിവു്. അതിനെ കൊു വരുവിൻ. അതിൻെറ മഥനത്തിൽ നിന്നും അഗ്നിയുടെ ഉത്ഭവം ഉാകുന്നു. പുരാതനകാലത്തേതുപോലെ നാം മഥനം വഴിയായി അഗ്നിയെ പ്രകടമാക്കും.

**2. അരണ്യോർനിഹിതോ ജാതവേദാ ഗർഭ ഇവ സുധിതോ ഗർഭിണീഷു |**

**ദിവേദിവ ഈഡ്യോ ജാഗൃവാദ്ഭിർഹവിഷ്മദ്ഭിർമനുഷ്യേഭിരഗ്നിഃ||**

ഗർഭിണിയായ സ്ത്രീയുടെ ഗർഭംപോലെ അരണിയിൽ അഗ്നിദേവൻ സ്ഥിതിചെയ്യുന്നു. അവൻ തൻെറ കർമ്മങ്ങളിൽ സദാ തൽപരനായിരിക്കുന്നു. ഹവിസ്സ് യുക്തനായ ആ അഗ്നിയെ മനുഷ്യർ നിത്യവും പൂജിക്കുന്നു.

**3. ഉത്താനായാമവ ഭരാ ചികിത്വാൻത്സദ്യഃ പ്രവീതാ വൃഷണം ജജാന |**

**അരുഷസ്തൂപോ രുശദസ്യ പാജ ഇളായാസ്പുത്രോ വയുനേ ജനിഷ്ട ||**

ഹേ ജ്ഞാനികളായ അധ്വര്യുക്കളേ! ഊർധ്വമുഖികളായ അരണിയുടെമേൽ അധോമുഖിയായ അരണിയെ വയ്ക്കു. അപ്പോൾ ഗർഭവതിയായ അരണി അഭിലാഷവർഷകനായ അഗ്നിദേവനു ജൻമം നൽകി. ആ അഗ്നിയിൽ ദാഹകഗുണം ഉായിരുന്നു. ഉത്തമമായ പ്രകാശത്തോടു കൂടിയ ഇളാ പുത്രനായ അഗ്നി അരണിവഴിയായി ഉത്ഭവിച്ചു.

**4. ഇളായാസ്ത്വാ പദേ വയം നാഭാ പൃഥിവ്യാ അധി |**

**ജാതവേദോ നി ധീമഹ്യഗ്നേ ഹവ്യായ വോളുഹവേ ||**

ഹേ വിജ്ഞാനിയായ അഗ്നിദേവാ! ഞങ്ങൾ അങ്ങയെ പൃഥ്വിയുടെ നാഭീരൂപമായ ഉത്തരവേദിയിൽ ഹവിസ്സ് വഹിക്കുന്നതിനുവേി പ്രതിഷ്ഠിക്കുന്നു.

**5. മന്ഥതാ നരഃ കവിമദ്വയന്തം പ്രചേതസമമൃതം സുപ്രതീകം |**

**യജ്ഞസ്യ കേതും പ്രഥമം പുരസ്താദഗ്നിം നരോ ജനയതാ സുശേവം ||**

ഹേ അധ്വര്യുക്കളേ! ശ്രേഷ്ഠനായ ജ്ഞാനിയും, അവിനാശിയായ കവിയും, പ്രദീപ്തയുക്ത ദേഹമുള്ളവനും, ആയ അഗ്നിയെ അരണിമഥനത്താൽ പ്രകടമാക്കുവിൻ. നിങ്ങൾ യജ്ഞകർമ്മങ്ങളിൽ മനുഷ്യർക്ക് നേതൃത്വം നൽകുന്നുവല്ലോ.യാതൊരഗ്നി യജ്ഞസൂചകവും, സുഖം നൽകുന്നതും, പൂജിക്കപ്പെടുന്നതുമായിരിക്കുന്നുവോ, അതിനെ ആരംഭത്തിൽ തന്നെ പ്രകടമാക്കുവിൻ.

**6. യദീ മന്ഥന്തി ബാഹുഭിർവിരോചതേ ശ്വോ ന വാജ്യരുഷോ വനേഷ്വാ |**

**ചിത്രോ ന യാമന്നാശ്വിനോരനിവൃതഃ പരിവൃണക്ത്യശ്മനസ്തൃണാ ദഹൻ ||**

കരങ്ങളാൽ അരണിമഥനം നടത്തുമ്പോൾ തടികഷണങ്ങളിൽ നിന്നും ആ അഗ്നി അശ്വത്തെപ്പോലെ ശോഭായമാനവും അതുപോലെ അശ്വനികുമാരൻമാരുടെ രഥത്തിനുതുല്യം ദ്രുതവേഗത്തോടുകൂടി സുശോഭിതനും ആകുന്നു. അവൻെറ മാർഗ്ഗത്തെ തടയുവാനുള്ള സാമർത്ഥ്യം ആരിലും ഉാകുന്നില്ല. ആ അഗ്നി കാടും മേടും ചുട്ടുകരിച്ച് അവിടം വിട്ടുപോകുന്നു.

**7. ജാതോ അഗ്നീ രോചതേ ചേകിതാനോ വാജീ വിപ്രഃ കവിശസ്തഃ സുദാനുഃ |**

**യം ദേവാസ ഈഡ്യം വിശ്വവിദം ഹവ്യവാഹമദുരധ്വരേഷു ||**

അഗ്നി ജനിച്ചപ്പോൾ തന്നെ തൻെറ കർമ്മങ്ങളിൽ അറിവുള്ളവനായിത്തീരുന്നു. അവൻ സ്വർഗ്ഗകർമ്മങ്ങളുടെ ജ്ഞാതാവും, തേജസ്വിയും ആകുന്നു. അതിനാൽ ജ്ഞാനികൾ അവനെ സ്തുതിക്കുന്നു. അവൻ കർമ്മഫലം നൽകി പ്രശോഭിക്കുന്നു. പൂജ്യനും സർവ്വജ്ഞനുമായ ആ അഗ്നിയെ ദേവതകൾ യജ്ഞകർമ്മത്തിൽ ഹവിസ്സ് വഹിക്കുന്നതിനുവേി നിയോഗിക്കുന്നു.

**8. സീദ ഹോതഃ സ്വ ഉ ലോകേ ചികിത്വാൻ ത്സാദയാ യജ്ഞം സുകൃതസ്യ യോനൗ |**

**ദേവാവീർദേവാൻഹവിഷാ യജാസ്യഗ്നേ ബൃഹദ്യജമാനേ വയോ ധാഃ ||**

ഹേ അഗ്നേ! നീ യജ്ഞ സമ്പാദകനാകുന്നു. നിൻെറതായ സ്ഥാനത്ത് നീ വിരാജിതനായാലും; നീ എല്ലാവരേയും അറിയുന്നു. യജമാനന് ദിവ്യലോകം നൽകണേ. നീ ദേവതകളെ രക്ഷിക്കുന്നവനാകുന്നു. ഹവിസുവഴിയായി ദേവതകളെ പൂജിക്കുകയും ഞാനാകുന്ന യജ്ഞകർത്താവിന് അന്നം പ്രദാനം ചെയ്യുകയും ചെയ്യണമേ.

**9. കൃണോത ധൂമം വൃഷണം സഖായോ സ്രേധന്ത ഇതന വാജമച്ഛ |**

**അയമഗ്നിഃ പൃതനാഷാട് സുവീരോ യേന ദേവാസോ അസഹന്ത ദസ്യൂൻ ||**

ഹേ അധ്വര്യുക്കളേ! നിങ്ങൾ അഭിലാഷങ്ങൾ വർഷിക്കുന്ന ധൂമത്തെ ഉൽപന്നമാക്കുവിൻ. അതിൽ നിന്നും ബലവാൻമാരായി യുദ്ധത്തിനു പുറപ്പെടുവിൻ. അഗ്നിദേവൻ വീരൻമാരിൽ ശ്രേഷ്ഠനാകുന്നു. അവൻ ശത്രുസേനകളുടെമേൽ വിജയം വരിക്കുന്നു. ദേവതകൾ അവൻെറ സഹായത്തോടുകൂടി ദൈത്യൻമാരുടെ മേൽ വിജയം വരിച്ചിരിക്കുന്നു.

**10. അയം തേ യോനിർ ഋത്വിയോ യതോ ജാതോ അരോചഥാഃ |**

**തം ജാനന്നഗ്ന ആ സീദാഥാ നോ വർധയാ ഗിരഃ ||**

ഹേ അഗ്നേ! ഈ മരക്കഷണങ്ങളായ അരണി നിന്റെ ഉത്ഭവസ്ഥാനമാണ്, നീ ഇതിൽനിന്നും പ്രത്യക്ഷനായി സുശോഭിതനായാലും അതറിഞ്ഞ് അതിൽതന്നെ വിരാജിക്കുകയും, ഞങ്ങളുടെ സ്തുതികൾ ഉയർത്തുകയും ചെയ്യണമേ.

**11. തനൂനപാദുച്യതേ ഗർഭ ആസുരാനാരാശംസോഭവതി യദ്വിജായതേ |**
**മാതാശ്വാ യദമിമീത മാതമരി പാതസ്യ സർഗോ അഭവത്സരിമണി ||**

യാതൊരഗ്നിയുടെ വ്യാപകമായരൂപം ഒരു കാലത്തും നശിക്കാതിരിക്കുന്നുവോ, അതിനെ തന്നൂനപാദ് എന്നു പറയുന്നു. അത് സാക്ഷാത്കരിക്കുമ്പോൾ അസുരമെന്നും നരാംശംസമെന്നും വിളിക്കപ്പെടുന്നു. കൂടാതെ അന്തരിക്ഷത്തിൽ അതിന്റെ പ്രകാശം വ്യാപിക്കുമ്പോൾ അതിനെ മാതരിശ്വാവ് എന്നുപറയുന്നു. അത് പ്രകടമാകുമ്പോൾ വായുവിനു തുല്യമായിതീരുന്നു.

**12. സുനിർമഥാ നിർമഥിതഃ സൂനിധാ നിഹിതഃ കവി;**
**അഗ്നേ സ്വധ്വതാ കൃണു ദേവാൻദേവയതേ യജ ||**

ഹേ അഗ്നേ! നീ ജ്ഞാനിയും മഥനത്തിൽനിന്നും ഉത്ഭവിച്ചവനുമാണല്ലോ. നീ ശ്രേഷ്ഠമായ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്നു. ഞങ്ങളുടെ യജ്ഞത്തെ നിർവിഘ്നം പൂർണ്ണമാക്കിയാലും. ദേവതകളെ ആഗ്രഹിക്കുന്നവർക്കുവേ ഞങ്ങൾ അവനെ പൂജിച്ചാലും.

**13. അജീജനന മൃതം മർത്യാ സോമസ്രമാണം തരണിം വീളുജംഭം |**
**ദശ സ്വസാരോ അഗ്രുവഃ സമീചീഃ പൂമാംസം ജാതമഭി സംരഭന്തേ ||**

മരണധർമ്മാക്കളായ ഋത്വിക്കുകള അകഷയനും അവിനാശിയും, ദൃഢദന്തനും, പാപോദ്ധാരകനും ആയ അഗ്നിയെ പ്രകടമാക്കി. സന്താനത്തെപ്പോലെ ഉത്ഭവിച്ച ആ അഗ്നിക്കുവേ ഭഗിനീ രൂപിണിയായ പത്തുവിരലുകളും ഹർഷസൂചകമായി ശബ്ദമുാക്കുന്നു.

**14. പ്ര സപ്തഹോതാ സനകാദരോചത മാതുരുപസ്ഥേ യദശോചദൂധതി |**
**ന നി മിഷതി സൂരണൊ ദിവേദിവേ യദസുരസ്യ ജഠരാദജായത ||**

അഗ്നി പ്രാചീനമാണ്. സ്പതഹോതാക്കളാൽ നടത്തപ്പെട്ട യജ്ഞത്തിൽ അത്യന്തം സുശോഭിതനാകുന്നു. അവൻ വേദിയിൽ ക്രീഡായുക്തനാകുമ്പോൾ അത്യന്തം കാന്തിയോടുകൂടിയവനായി ഭവിക്കുന്നു. അവൻ സദാ ചൈതന്യമുള്ളവനാണ്. അവന്റെ ജനനം മരത്തിന്റെ വയറ്റിൽനിന്നാണ്.

**15. അമിത്രായുധോ മരുതാമിവ പ്രായാഃ പ്രഥമജാ ബ്രഹ്മണോ വിശ്വാമിദ്വിദുഃ |**
**ദ്യുമ്നവദ്ബ്രഹ്മ കുശികാസ ഏരിര ഏകംഏകോ ദമേ അഗ്നി സമീധിരേ ||**

ശത്രുക്കളോട് മരുത്തുക്കൾ പോലെ യുദ്ധം ചെന്നവരും, ബ്രഹ്മാവിങ്കൽ നിന്നും ആദ്യമായി ജനിച്ചകുശിക മഹർഷിമാർ വിശ്വത്തെ മുഴുവൻ മനസ്സിലാക്കി. അവർ തങ്ങളുടെ ഗൃഹങ്ങളിൽ അഗ്നിയെ ജ്വലിപ്പിക്കുകയും അവനുവേ ഹവിസ്സ് നൽകി സ്തുതിക്കുകയും ചെയ്യുന്നു.

**16. യദദ്യത്വാ റപയതി യജ്ഞേ അസ്മിൻഹോതാ ശ്ചികിത്വോ വൃണീമഹീഹ |**
**ധ്രുവമയാ ധ്രുവാമുതാശമിഷ്ഠാഃ പ്രജനന്വിദ്വാം ഉപ യാഹി സോമം ||**

യജ്ഞകർമ്മങ്ങള സമ്പന്നമാക്കുന്നവനും, ജ്ഞാനിയും സർവ്വജ്ഞാതാവുമായ അഗ്നിയെ ഈ യജ്ഞത്തിൽ പ്രതിഷ്ഠിക്കുന്നു.

ഹേ അഗ്നേ! ഈ യജ്ഞത്തില ദേവതകൾക്കായി ഹവിസ്സ് നൽകിയാലും നിത്യവും അവയെ സ്തുതിച്ചാലും സോമം തയ്യാറാക്കിയതറിഞ്ഞ് അതിനെ പ്രാപിച്ചാലും.

## അനുവാകം 3 സൂക്തം 30

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ഇച്ഛതി ത്വാ സോമ്യാസഃ സഖായഃ സുന്വന്തി സോമം ദധതി പ്രയാംസി |**
**തിതിക്ഷന്തേ അഭിശസ്തിം ജനാനാമിന്ദ്ര ത്വദാ കശ്ചന ഹി പ്രകേതഃ ||**

ഹേ ഇന്ദ്രാ! സോമം പിഴിയുന്നവരായ ഋത്വിക്കൾ നിന്നെ സ്തുതിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. മിത്രഗണം നിനക്കായി സോമരസം അരിച്ചെടുക്കുന്നു. അവരിൽ ചിലർ ശത്രുക്കളിൽ നിന്നുള്ള വിഘ്നങ്ങൾ സഹിച്ചുകൊ് ഹവിസ്സ് ധാരണം ചെയ്യുന്നു. നീയല്ലാതെ മറ്റാരാണ് ലോകത്തിൽ ഇത്രയധികമായറിയപ്പെടുന്നത്?

**2. ന തേ ദൂരേ പരമാ ചിദ്രാജാംസ്യാ തുപ്ര യാഹീ ഹരിവോ ഹരിഭ്യാം |**
**സ്ഥിരായ വൃഷ്ണേ സവനാ കൃതേമാ യുക്താ ഗ്രാവാണഃ സമിധാനേ അഗ്നൗ ||**

ഹേ ഹരിതവർണ്ണങ്ങളോടുകൂടിയ അശ്വയുക്തനായ ഇന്ദ്രാ! ബഹുദൂരമായ സ്ഥലം നിന്നെ സംബന്ധിച്ചുടത്തോളം ദൂരമാകുന്നില്ല. നീ സ്വന്തം അശ്വത്തോടുകൂടി അതിവേഗം എഴുന്നള്ളിയാലും നീ ദൃഢചിത്തനും അനുഗ്രഹ വർഷ കനുമാകുന്നു ഈ സവനം നിനക്കായി ചെയ്യപ്പെട്ടിരിക്കുന്നു. അഗ്നി പ്രദീപ്തമായിക്കഴിയുമ്പോൾ സോമം ഇടിച്ചു കൂട്ടുന്നതിനായി അമ്മിക്കല്ലുയരുന്നു.

**3. ഇന്ദ്രഃ സുശിപ്രോ മഘവാ തരുത്രോ മഹാപ്രാതസ്തുവികൂർമിർഋധാവാൻ |**
**യദുഗ്രോ ബാധിതോ മർത്യേഷുക്വാ ത്യാ തേ വൃഷഭ വീര്യാണി ||**

ഹേ അഭിലാഷങ്ങൾ വർഷിക്കുന്നവനായ ഇന്ദ്രാ! നീ മഹാനും ഐശ്വര്യവാനുമാകുന്നു. നിന്റെ ശിരോമകുടം ദർശനയോഗ്യമാണ്. വിജയശിലനായ നീ ധനയുക്തരായ മരുത്തുക്കളോടുകൂടി യുദ്ധത്തിൽ സംഹരിക്കുന്നവനും; വികരാളനും ആകുന്നു. നീ മനുഷ്യർക്കായി യുദ്ധത്തിൽ യാതൊരു കർമ്മങ്ങൾ ചെയ്തുവോ ആ പരാക്രമയുക്തമായ കർമ്മങ്ങൾ എവിടെ?

**4. ത്വ ഹി ഷ്മാ ച്യാവയനച്യ താന്യേകോ വൃത്രാ ചരസി ജിഘ്നമാനഃ |**
**തവ ദ്യാവാപൃഥിഗീപർവതാസോ നു പ്രതായ നിമിതേവ തസ്ഥുഃ ||**

ഹേ ഇന്ദ്രാ! നീ ഏകനായിത്തന്നെ മഹാശക്തിമാനായ അസുരനെ നിലം പതിപ്പിച്ചു. വൃത്രാദികളെ സംഹരിച്ചു ആകാശവും ഭൂമിയും; പർവ്വതവും നിൻെറ കർമ്മത്താൽതന്നെ നിശ്ചലമായിരിക്കുന്നു.

**5. ഉതാഭയേ പുരുഷൂത ശ്രവോഭിരേകോ ദൃളഹമവദോ വൃത്രഹാസൻ |**

**ഇമേ ചിദിന്ദ്രരോദസീ അപാരേയത്സംഗൃഭ്ണാ മഘവൻകാശിരിത്തേ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ ആഹ്വാനം ചെയ്യപ്പെടുന്നു. അത്യധികം പരാക്രമിയായ നീ ഏകനായി വൃത്രനെ സംഹരിച്ച് ദേവതകളെ ഭയരഹിതരാക്കി നീ തന്നെ ആകാശപൃഥ്വികളെ കർമ്മനിരതമാക്കി. ഹേ മഘവൻ! നിൻെറ ഈ മഹിമ പ്രസിദ്ധമാകുന്നു.

**6. പ്ര സൂത ഇന്ദ്ര പ്രവതാ ഹരിഭ്യാം പ്ര തേ തേ വജ്രജ പ്രമൃണന്നേതു ശത്രൂൻ |**

**ജഹി പ്രതീചോ അനൂപഃ പരാചോ വിശ്വം സത്യം കൃണുഹി വിഷ്ടമസ്തു ||**

ഹേ ഇന്ദ്രാ! നിൻെറ അശ്വയുക്തമായ രഥം ശത്രുക്കൾക്ക് വിരുദ്ധമായി അതിവേഗം വരണേ. ശത്രുക്കളെ കൊല്ലുന്ന നിൻെറ വജ്രം കാര്യങ്ങൾ നിർവ്വഹിക്കണേ. നിൻെറ മുമ്പിൽ വന്നുചേരുന്ന ശത്രുക്കളെ സംഹരിച്ചാലും, ഓടിപ്പോകുന്ന ശത്രുക്കളേയും വധിക്കൂ. ലോകത്തിൽ യജ്ഞകർമ്മങ്ങള നടത്തുന്നവനാകണേ. അതിനുള്ള കഴിവ് നിന്നിൽ സ്ഥിതി ചെയ്യുന്നു.

**7. തസ്മൈ ധായുരധാ മർത്യാഭാക്തം ചിദ്ഭജതേ ഗേഹ്യം സഃ |**

**ഭദ്രാ ത ഇന്ദ്ര സുഭതിർഘൃതാചീ സഹസ്രദാനാ പുരുഹൂത രാതിഃ ||**

ഹേ ഇന്ദ്രാ! നീ സദാ ഐശ്വര്യവാനായിരിക്കുന്നു. നീ ആർക്കു എന്തെങ്കിലും കൊടുക്കുന്നുവൊ അവനു അത് അതിനുമുമ്പ് കിട്ടിയിരുന്നില്ല. അവനു ഗൃഹോപകാരികളായ പശുക്കൾ, സ്വർണ്ണം ആദിയായ ധനങ്ങൾ ലഭ്യമാകുന്നു. നീ സ്തുതിക്കപ്പെടുന്നവനും, ഘൃതയുക്തനുമായ ഹവിസ്സിനാൽ യുക്തനുമാണ്. നിൻെറ അനുഗ്രഹങ്ങളിൽ തന്നെ മംഗളം നിലകൊള്ളുന്നു. അന്നദാനം ചെയ്യുന്നതിനുള്ള നിൻെറ സാമർത്ഥ്യം സീമാരഹിതമാണ്.

**8. സഹദാനം പുരുഹൂത ക്ഷിയന്തമഹസ്തസിന്ദ്ര സം പിണക്കുണാരും |**

**അഭി വൃത്രം വർധമാനം പിയാരുമപാദമിന്ദ്ര തവസാ ജഘന്ഥ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ സ്തുതിക്കപ്പെടുന്നവനാകുന്നു. നീ ദാനശീലനാകുന്നു. വിഘ്ന കാരിയും ഗർജ്ജനകാരിയും ആയ വൃത്രനെ നീ ഹസ്ത വിഹീനനാക്കി സംഹരിച്ചു.

**9. നി സാമനാമിഷിതാമിന്ദ്രാഭൂമിം മഹീമപാരാമ സദനേ സസത്ഥ |**

**അസ്തഭ്നാദ് ദ്യാം വൃഷഭോ അന്തരീക്ഷമർഷന്ത്വാപത്വയേഹ പ്രസൂതഃ ||**

ഹേ ഇന്ദ്രാ! നീ അനന്തവും, വിശാലവും ചരിച്ചുകൊിരിക്കുന്നതും ആയ പൃഥ്വിയെ സ്ഥാപിച്ചു. നീ ആകാശത്തേയും, അന്തരീക്ഷത്തേയും ഒരിക്കലും വീണുപോകാത്തവിധം ധാരണം ചെയ്തു. ഹേ ഇന്ദ്രാ! നിൻെറ പ്രേരണയാൽ ജലം ഭൂമിയെ പ്രാപിക്കണേ.

**10. അലാതൃണോ വല ഇന്ദ്ര വ്രജോ ഗാഃ പുരാ ഹന്തോർഭയ മാനോ വ്യാര |**

**സുഗാൻപഥോ അകൃണോന്നിരജേഗാഃ പ്രവന്വാണീഃ പുരുഹൂതം ധമയന്തീഃ ||**

ഹേ ഇന്ദ്രാ! ജലങ്ങളുടെ ഗോഷ്ഠഭൂതമായ മേഘം വജ്രപ്രഹരത്തിനും മുമ്പുതന്നെ ഛിന്നഭിന്നമായിത്തീർന്ന ജലരൂപമാകുന്ന ഗോവിനെകൊു വരുവാനുള്ള മാർഗ്ഗം നീ സുഗമമാക്കി രമണീയമായ ജലം ശബ്ദത്തോടുകൂടി അനേകരാൽ പൂജിതമായി ഇന്ദ്രൻെറ സമക്ഷം ഉപസ്ഥിതമായി.

**11. ഏകോ ദ്വേ വസുമതീ സമീചി ഇന്ദ്ര ആ പപ്രൗ പഥിവീമുത ദ്യാം |**

**ഉതാന്തരിക്ഷാദഭി നഃ സമീക ഇഷോ രഥീഃ സയുഭശൂര വാജാൻ ||**

ഇന്ദ്രൻ തൻെറ കർമ്മങ്ങൾ വഴിയായി ആകാശത്തേയും ഭൂമിയേയും അന്നത്താലും ധനത്താലും പൂർണ്ണമാക്കി ഹേ വീരനായ ഇന്ദ്രാ! നീ സാരഥിയാണല്ലോ? ഞങ്ങളോടുകൂടി വിളിക്കുന്നതിനായി രഥത്തിൽ പൂട്ടിയ അശ്വങ്ങളെ ഞങ്ങളുടെ മുമ്പിൽ കൊുവന്നാലും.

**12. ദിശഃ സൂര്യോ ന മിനാതി പ്രദിഷ്ടാ ദിവേദിവേ ഹര്യശ്വ പ്രസൂതാഃ |**

**സംയദാനളധ്വന ആദിദർശ്വൈർവിമോചനമ കൃണതേ തത്ത്വമസ്യ ||**

ഇന്ദ്രനിൽ നിന്നു തന്നെ സൂര്യൻ പ്രേരണ പ്രാപിക്കുന്നു. ആ പ്രകാശവാൻ നിത്യവും ദിക്കുകളിൽകൂടി സഞ്ചരിച്ചുകൊിരിക്കുന്നു. അവൻ തൻെറ അശ്വങ്ങളോടുകൂടി സഞ്ചാരമാർഗം കടന്നു കഴിയുമ്പോൾ നമ്മിൽ നിന്നും വേർപിരിയുന്നു. ഇതെല്ലാം ഇന്ദ്രൻെറ പ്രേരണയാൽ തന്നെ സംഭവിക്കുന്നു.

**13. ദിദൃക്ഷന്ത ഉഷസോ യാമന്നക്തോർവിവസ്വാത്യാ മഹി ചിത്രമനീകം |**

**വിശ്വോ ജാനന്തി മഹിനാ യദാഗാദിന്ദ്രസ്യ കരമ സകൃതാ പുരൂണി ||**

കടന്നുപോകുന്ന രാത്രിയ്ക്കുശേഷം ഉഷസ്സും കടന്നുപോയി കഴിയുമ്പോൾ ആ അത്ഭുതനും, മഹാനും, തേജസ്വിയുമായ സൂര്യൻെറ ദർശനത്തിന് എല്ലാവരും ഉത്സുകരാകുന്നു. ഉഷകാലം അവസാനിക്കുമ്പോൾ മനുഷ്യർ യജ്ഞാദികർമ്മങ്ങളിൽ വ്യാപൃതരാകുന്നു. ഇപ്രകാരമുള്ള എല്ലാസൽകർമ്മങ്ങളും ഇന്ദ്രൻേറതു തന്നെയാകുന്നു.

**14. മഹി ജ്യോതിർനിഹിതം വക്ഷണാസ്വാമാ പക്വം ചരിക വിഭൂതീ ഗൗഃ |**

**വിശ്വം സ്വാദ്മ സംഭൃതമുസ്രിയായാം യത്സീമിന്ദ്രോ അദധാദ്ഭോജനായ ||**

മഹാഗുണങ്ങളോടു കൂടിയ ജലത്തെ ഇന്ദ്രൻ നദിയുമായി കൂട്ടിച്ചേർത്തു. സ്വാദിഷ്ടമായ പാല്, നെയ്യ്, ആദിയായ ഭോജനങ്ങൾ ജലരൂപത്തിൽ ഗോക്കളിൽ സ്ഥാപിച്ചു. നവപ്രസവം കഴിഞ്ഞ ഗോവ് ക്ഷീരവതിയായി സഞ്ചരിക്കുന്നു.

**15. ഇന്ദ്രദൃഹ്യ യാമകോ അഭൂവനൂജഞായ ശിക്ഷ ഗൃണതോ സഖിഭ്യഃ |**

**ദുർമായവോ ദുരേവോ മർത്യാസോ നിഷങ്ഗിണോ**

**രിപവോ ഹന്ത്വാസഃ ||**

ഹേ ഇന്ദ്രാ! നീ ശക്തനായാലും ശത്രുക്കൾ വിഘ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. യകരത്താവായ നീ സ്തോതാക്കൾക്കും, മിത്രങ്ങൾക്കും അവരുടെ അഭീഷ്ടങ്ങൾ നൽകണേ. ശത്രുഗണം മന്ദഗതിയിൽ സഞ്ചരിച്ചുകൊ് ആയുധം പ്രയോഗിക്കുന്നു. അവർ അമ്പും വില്ലും ധരിച്ചിട്ടുള്ള ഹിംസകരാണ്. അവരെ സംഹരിക്കുന്നത് ഉചിതമാണ്.

**16. സം ഘോഷഃ ശൃണ്വോ വമൈരമിത്രൈർജഹി**

**ന്യേഷ്വശനം തപിഷ്ഠാം |**

**വൃശ്ചേമധസ്താദ്വി രുജാ സഹസ്വ ജഹി രക്ഷോ മഘവൻ**

**രന്ധയസ്വ ||**

ഹേ ഇന്ദ്രാ! ശത്രുക്കളുടെ ആയുധശബ്ദം ഞങ്ങൾ കേൾക്കുന്നു. ഘോരശബ്ദം നൽകുന്ന അശനികളെ അവരുടെ മുമ്പിൽവച്ചുതന്നെ നശിപ്പിക്കണേ. ശത്രുക്കളുടെ കാര്യങ്ങളിൽ വിഘ്നം സൃഷ്ടിച്ച് അവരെ അതിഞ്ഞുവീഴ്ത്തിയാലും. ഹേ ഇന്ദ്രാ! രാക്ഷസൻമാരെ സംഹരിച്ച് യജ്ഞകർമ്മങ്ങളിൽ വ്യാപൃതനായാലും.

**17. ഉദ്വൃ ഹ രക്ഷഃ സഹമൂലമിന്ദ്ര വൃശ്ചാ മധ്യം പ്രത്യഗ്രം**

**ശൃണീഹി |**

**ആ കീവതഃ സലലൂകം ച കർഥ ബ്രഹ്മദ്വിഷേ തപുഷിം**

**ഹേതിമസ്യ ||**

ഹേ ഇന്ദ്രാ! ദൈത്യസമൂഹത്തെ വംശത്തോടെ പിഴുതു നശിപ്പിച്ചാലും അവരുടെ മധ്യഭാഗത്തായി പ്രഹരം ഏൽപ്പിക്കൂ. മുൻഭാഗം നശിപ്പിച്ച് അവരെ അകറ്റിയാലും. യജ്ഞത്തെ വിദ്വേഷിക്കുന്നവരുടെമേൽ ദുഃഖദായകമായ വാൾ പ്രയോഗിക്കണമേ.

**18. സ്വസ്തയേ വാജിഭിശ്ച പ്രണേതഃ സ യന്മഹീരിഷ**

**ആസത്സി പൂർവീഃ |**

**രായേ വന്താരോ ബൃഹതഃ സ്യാമ മാസ്മേ അസ്തു ഭഗ**

**ഇന്ദ്ര പ്രജാവാൻ ||**

ഹേ ഇന്ദ്രാ! നീ വിശ്വത്തിൻെറ പോഷനാകുന്നു. ഞങ്ങളെ അശ്വയുക്തരാക്കണമേ. ഞങ്ങൾക്ക് അമരത്വം പ്രദാനം ചെയ്യണമേ. നിൻെറ സാമീപ്യം പ്രാപിച്ച ഞങ്ങൾ മഹത്തായ അന്നവും, പ്രാപ്തമായ ധനത്തിൻെറയും ഉപഭോഗം വഴിയായി അഭിവൃദ്ധിയെ പ്രാപിക്കണേ. ഞങ്ങൾക്ക് പുത്രപൗത്രാദി സഹിതമായ ധനം പ്രദാനം ചെയ്യണേ.

**19. ആ നോ ഭര ഭഗമിന്ദ്ര ദ്യുമന്തം നി തേ ദേഷ്ണസ്യ**

**ധീമഹി പ്രരേകേ |**

**ഊർവ ഇവ പപ്രഥേ കാമോ അസ്മേ തമാ പൃണ**

**വസുപതേ വസൂനാം ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്കായി ഉജ്ജ്വലമായ ധനവുമായി വരണേ. നീ മഹാദാനിയാണ്. ഞങ്ങൾ നിൻെറ ദാനം സ്വീകരിക്കുവാൻ യോഗ്യരാകുന്നു. ഞങ്ങളുടെ അഭീഷ്ടങ്ങൾ വളരെ ഉയർന്നവയാണ്. നീ ധനത്തിൻെറ സ്വാമിയാകുന്നു. ഞങ്ങളുടെ അഭിലാഷം പൂർത്തിയാക്കണമേ.

**20. ഇമം കാമം മന്ദ ദയാ ധോഭീരശ്വൈശ്ചന്ദ്രവതാ രാധ**

**സാ പപ്രഥശ്ച |**

**സ്വര്യവോ മതിഭിസ്തുഭ്യം വിപ്രാ ഇന്ദ്രായ വാഹഃ**

**കുശികാസ അക്രൻ ||**

ഹേ ഇന്ദ്രാ! ഗോക്കൾ, അശ്വങ്ങൾ, രമണീയങ്ങളായ മറ്റു ധനങ്ങൾ മുതലായ ഞങ്ങളുടെ അഭിലാഷങ്ങൾ നിൻെറ ദാനത്താൽ പൂർണ്ണമാക്കണമേ. അതിൽനിന്നും ഞങ്ങൾക്ക് ഖ്യാതിയുാകണമേ. സ്വർഗ്ഗത്തെ കാക്ഷിക്കുവരും, സുഖപ്രാപ്തി ഇച്ഛിക്കുന്നവരും ആയ കർമ്മവാൻമാർ കൗശികർ ശ്രേഷ്ഠങ്ങളായ മന്ത്രങ്ങളാൽ നിന്നെ സ്തുതിച്ചു.

**21. ആ നോ ഗോത്രാ ദർദൃംഹി ഗോപതേ ഗാഃ സമസ്മഭ്യം**

**സനയോ യന്തു വാജാഃ |**

**ദിവക്ഷാ അസി വൃഷഭ സത്യശുഷ്മോ സ്മഭ്യം**

**സുമഹവൻബോധി ഗോദാഃ ||**

ഹേ സ്വർഗ്ഗനായകനായ ഇന്ദ്രാ! മേഘങ്ങളെ ഛിന്നഭിന്നമാക്കി ഞങ്ങൾക്ക് ജലം പ്രദാനം ചെയ്യണേ. ഉപഭോഗ്യവസ്തുവായ അന്നം ഞങ്ങൾക്ക് ലഭ്യമാക്കണമേ. നീ അഭീഷ്ട വർഷകനാകണേ. നീ ആകാശത്തിൽ വ്യാപിച്ച് വസിക്കുന്നു. നീ സത്യബലത്താൽ യുക്തനാകുന്നു. ഞങ്ങൾക്ക് ഗോക്കളെ പ്രദാനം ചെയ്യണേ.

**22. ശുനം ഹുവേമ മഘവാനമിന്ദ്രമസ്മിൻഭരേ നൃതമം**

**വാജസാതൗ |**

**ശണ്വന്തമുഗ്രമൂതയേ സമത്സു ഘ്നന്തംവൃത്രാണി സഞ്ജിതം**

**ധനാനാം ||**

ഹേ ഇന്ദ്രാ! നീ അന്നവാനാകുന്നു. യുദ്ധത്തിൽ ഉത്സാഹപൂർവ്വം മുന്നേറുന്ന നീ അത്യന്തം ധനവാനും ഐശ്വര്യശാലിയും നായകൻമാരിൽ ശ്രേഷ്ഠനും, സൂര്യനും സ്തുതികൾ ശ്രവിക്കുന്നവനും, വികരാളനും, ശത്രു സംഹാരകനും, ധനം വിജയിച്ചെടുക്കുന്നവനും, ആകുന്നു. ആശ്രയത്തിനായി ആഹ്വാനം ചെയ്യുന്നു.

## സൂക്തം 31

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി ,അനുഷ്ടപ്**

**1. ശാസദ്വഹ്നിർദുഹിതുർനപ്ത്യം ഗാദ്വിദാം ഋതസ്യ**

**ദീധിതിം സപര്യൻ |**

**പിതാ യത്ര ദുഹിതുഃ സേകമൃഞ്ജത്സം ശഗ്മ്യേന മനസ**

**ദധന്വേ ||**

യാതൊരുത്തന് പുത്രനില്ലാതിരിക്കുന്നുവോ, അങ്ങിനെയുള്ള വ്യക്തി തൻെറ പുത്രിയെ യോഗ്യനായ പുരുഷനെകൊ് വിവാഹം കഴിപ്പിച്ച് ദൗഹിത്രനെ പ്രാപിക്കുന്നു. പുത്രരഹിതനായ ആ വ്യക്തി പുത്രിയുടെ ഗർഭത്തെ പ്രതീക്ഷിച്ച് ജീവിക്കുന്നു.

**2. ന ജാമയേ താന്വോ രിക്ഥമാരൈക്സകാര ഗർഭ**

**സനിതുരനിധാനം |**

**യദീ മാതരോ ജനയന്ത വഹ്നിമന്യന്ന കർതാ സുകൃതോ**

**രന്യ ഋന്ധൻ ||**

ഔരസപുത്രനിൽ നിന്നും പുത്രിക്കു ധനം കിട്ടുകയില്ല. ആ പുത്രിയെ അവളുടെ ഭർത്താവ് സേചന പ്രവർത്തനം വഴിമാതാവാകുന്നു. മാതാപിതാക്കൾക്ക് പുത്രനും പുത്രിയും രും ഉാകുകയാണെങ്കിൽ അവരിൽ പുത്രി ബഹുമാനത്തിനവകാശിയുമാകുന്നു.

**3. അഗ്നിജർജ്ജേ ജുഹ്വാ രേജമാനോ മഹസ്പുത്രാം**

**അരുഷസ്യ പ്രയക്ഷേ |**

**മഹാൻഗർഭോ മഹ്യാ ജാതമേഷാം മഹീ പ്രവൃദ്ധര്യശ്വസ്യ**

**യജ്ഞൈഃ ||**

ഹേ ഇന്ദ്രാ! നീ തേജസ്വിയാകുന്നു. ഞങ്ങളുടെ യജ്ഞത്തിനുവേി കമ്പിതമായ അഗ്നിയുടെ പുത്രരൂപമായ കിരണങ്ങളെ പ്രകടമാക്കിയിരിക്കുന്ന ഈ കിരണങ്ങളുടെ ഗർഭം ജലരൂപമാകുന്നു. ഇതിൻെറ മഹാജനനം ഔഷധീരൂപമാണ്. ഹേ ഹരിതാശ്വക്കോടുകൂടിയ ഇന്ദ്രാ സോമത്താൽ പ്രേരിതമായ നിൻെറ ഈ കിരണങ്ങളുടെ കർമ്മങ്ങൾ മഹത്തരങ്ങളാകുന്നു.

**4. അഭിജൈവരസച സ്പൃധാനം മഹി ജ്യോതിസ്തമ സോ നിരജാനൻ |**

**തം ജാനതീഃ പ്രത്യുദായന്നു ഷാസഃ പതിർഗവാമ ഭവദേക ഇന്ദ്രഃ ||**

വൃത്രനോടുള്ള യുദ്ധത്തിൽ ഇന്ദ്രനോടുകൂടി മരുത്തുക്കളും ചേർന്നിരുന്നു. സൂര്യരൂപമായ മഹാതേജസ്സ് അന്ധകാരരൂപമായ വൃത്രൻെറ ആവരണത്തിലും മാർഗദർശകവും ആകുന്നു. ആ വിവരം മരുത്തുക്കൾ അറിഞ്ഞിരിക്കുന്നു. ഉഷസ്സുകൾ ഇന്ദ്രനെ സൂര്യനാണെന്നു കരുതി അവൻെറ സമക്ഷത്തിലെത്തിയപ്പോൾ ഏകമാത്രനായ ഇന്ദ്രൻ സമസ്തകിരണങ്ങളുടേയും സ്വാമിയായിത്തീർന്നു.

**5. വീളൗ സതിരഭി ധീരാ അതൃന്ദ്രൻ പ്രചാഹിന്വൻ മനസാ സപ്ത വിപ്രാഃ|**

**വിശ്വാമിത്രൻപഥ്യാമൃതസ്യ പ്രജാനന്നിത്താനമസ വിവേശ ||**

ജ്ഞാനികളായ പ്താംഗിരസ്സുകൾ പർവ്വതത്തിൽ തടയപ്പെട്ടിരുന്ന ഗോക്കളെ അന്വേക്ഷിച്ചു □പർവ്വതങ്ങളിൽ ഗോക്കളു് ഈ വിശ്വാസത്തോടു കൂടി അവർ യജ്ഞമാർഗത്തിൽക്കൂടി തന്നെ തിരിച്ചു വന്നു. അവർ യജ്ഞമാർഗ്ഗത്തിൽ കൂടി എല്ലാ ഗോക്കളേയും വീടെടുത്തു. അരസിരസ്സുകളുടെ, നമസ്കാരയുക്തമായ പൂജകളാൽ പ്രഭാവിതനായ ഇന്ദ്രൻ ഇക്കാര്യങ്ങളെല്ലാം അറിഞ്ഞ് പർവ്വതത്തിലെത്തി.

**6. വിദദ്യതീ സരമാ രുഗ്ണമദ്രേർമഹി പാഥപൂർവ്യം സധ്ര്യക്വഃ |**

അഗ്രംനയത്സുപദ്യക്ഷരാണമച്ഛാ രവം പ്രഥമാ ജാനതീ ഗാത്□□

പർവ്വതത്തിൻെറ പൊട്ടിത്തകർന്ന ഗഹ്വാരം തേടി സരമ പോയപ്പോൾ ഇന്ദ്രൻ തൻെറ വാക്കനുസരിച്ച് അവളാഗ്രഹിച്ചിരുന്ന പ്രചുരമായ അന്നവും ധനവും പ്രദാനം ചെയ്തു. ഉത്തമപാദയായ ആ സരമ ഗോക്കളുടെ ശബ്ദം തിരിച്ചറിഞ്ഞ് അവയുടെ സമീപത്ത് എത്തി.

**7. അഗച്ഛദു വിപ്രതമഃ സഖീയനസൂദയത്സുകൃതേ ഗർമദ്രിഃ |**

**സസാന മര്യോ യുവഭിർമഖസ്യന്നഥാഭവദ ങ്ഗിരാഃ സദ്യോ അർചൻ ||**

മഹാജ്ഞാനിയായ ഇന്ദ്രൻ അംഗിരസ്സുകളുടെ പ്രതീക്കുവേി അവിടെയെത്തി. പർവ്വതം തന്നിൽ ഒളിപ്പിച്ചുവെയ്ക്കപ്പെട്ട ഗോക്കളെ ആ മഹായേധാവിനുവേി പ്രകടമാക്കി. ശത്രുക്കളെ സംഹരിക്കുന്നവനായ ഇന്ദ്രൻ യുവമരുത്തുക്കളുടെ സഹായത്തോടുകൂടി അവയെ വീടെടുത്തു അപ്പോൾ അംഗിരസ്സുകൾ അവനെ പൂജിച്ചു.

**8. സതഃ സതഃ പ്രതിമാനം പുരോഭൂർവിശ്വാ വേദ ജനിമാ ഹന്തി ശുഷ്ണം |**

**പ്രണോ ദിവഃ പദവീഗവ്യുരർചൻത്സഖാ സംഖീരമുഞ്ചന്നിരവദ്യാത് ||**

യാതൊരുത്തൻ സമസ്ത ഐശ്വര്യവാൻമാരിൽ അഗ്രഗണ്യനായിരിക്കുന്നുവോ, യാതൊരുത്തൻ ഉായാലുള്ള എല്ലാ വസ്ത്തുക്കളുടേയും ജ്ഞാതാവായിരിക്കുന്നുവോ യാതൊരുത്തൻ ശുഷ്ണനെ വധിച്ചിരിക്കുന്നുവോ ആ ഇന്ദ്രൻ ഗോധനം ആഗ്രഹിക്കുന്നവനും ദൂരദർശിയും ആകുന്നു. അവൻ നമ്മെ പാപത്തിൽ നിന്നും മോചിപ്പിക്കുന്നു.

**9. നി ഗവ്യതാ മനസാ സേദുരക്കൈഃ കൃണ്വാ നാസോ അമൃതത്വായ ഗാതും |**

**ഇദം ചിന്നു സദനം ഭൂര്യേഷാം യേന മാസാം അസിഷാസന്നൃതേന ||**

ജ്ഞാനികളായ ജനങ്ങൾ അന്തഃക്കരണത്തിൽ ഗോധനപ്രാപ്തിയെ ആഗ്രഹിച്ചുകൊ് സ്തോത്രങ്ങൾ വഴിയായി അമരത്വ പ്രാപ്തിക്കു പ്രയത്നിച്ചുകൊ് യജ്ഞകർമ്മങ്ങളിൽ മുഴുകുന്നു. ഇവരുടെ യജ്ഞം തന്നെ മഹത്തായ ആശ്രയരൂപമാകുന്നു. ഇവർ ഈ സത്യത്തിൻെറ കാരണഭൂതമായ യജ്ഞബലത്താൽ മാസങ്ങളെ വിഭക്തമാക്കി.

**10. നാശ്വമാസനാ അമദന്നഭി സ്വം പയഃ പ്രത്നസ്യ രേതസോ ദുദാനഃ |**

**വിരോദസീ അതപധ്യോഷ ഏഷാം ജാതേ നിഃ ഷ്ഠാമദധുർഗോഷു വീരാൻ ||**

അംഗിരസ്സുകൾ പ്രഥമജാതനായ പുത്രനെ രക്ഷിക്കുവാനായി ഗോധനം സമ്പാദിക്കുകയും അവയെ കറന്നെടുക്കുകയും ശരീരത്തെ പുഷ്ടിപ്പെടുത്തുകയും മറ്റൊലിക്കൊു. അവർ മുമ്പെന്നതുപോലെ ലോകത്തിൽ വസിക്കുകയും ഗോക്കളെ രക്ഷിക്കുവാനായി വീരൻമാരെ നിയോഗിക്കുകയും ചെയ്തു.

**11. സ ജാതേഭിർവൃത്രഹാ സേദു ഹവ്യൈരുദ സ്രിയാ അസൃദിന്ദ്രോ അർകൈഃ |**

**ഉരൂച്യസ്മൈ ഘൃതവദ്ഭരന്തീ മധു സ്വാദ്മ ദുദുഹേ ജേന്യാ ഗൗഃ ||**

ഇന്ദ്രൻ മരുത്തുക്കളോടുകൂടിയ വൃത്രസംഹാരം നടത്തി. അവൻ പൂജ്യനും യജ്ഞയോഗ്യനും ആകുന്നു. അവർ മരുത്ഗണത്തോടുകൂടി യജ്ഞത്തിനായി ഗോക്കളെ ദാനം ചെയ്തു. ഘൃതയുക്തമായ ഹവിസ്സോടും, ഉത്തമമായ ഹവിസ്സോടു കൂടിയവളുമായ ഗോവ് ഇദ്ദേഹത്തിനുവേി സ്വാദുകൂടിയ ക്ഷീരം പ്രദാനം ചെയ്തു.

**12. പിത്രേ ചിച്ചക്രുഃ സദനം സമസ്മൈ മഹി ത്വിഷീമസുകൃതോ വി ഹി ഖ്യൻ |**

**വഷ്കഭ്നന്തഃ സ്കഭംന്നനേനാ ജനിത്രീ ആസീന ഊർധ്വം രഭസം വി മിന്വൻ ||**

പാലനകർത്താവായ ആ ഇന്ദ്രനുവേി അംഗിരസ്സുകൾ അത്യന്തം സ്വച്ഛവും ഉജ്ജ്വലവും, ശ്രേഷ്ഠവുമായ സ്ഥാനം കാണിച്ചു അവർ യജ്ഞത്തിലാസനസ്ഥരായി ആകാശ ത്തിൻെറയും ഭൂമിയുടേയും മധ്യേ അന്തരീക്ഷരൂപമായ സ്തംഭം ഉയർത്തി ഇന്ദ്രനെ സ്വർഗ്ഗത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

**13. മഹീ യദീ ധിഷണാ ശിശ്നഥേ ധാത്സദ്യോവൃധം വിഭ്വ**

**രോദസ്യാ |**
**ഗിരോ യസ്മിന്നനവദ്യാഃ സമീചീർവിശവാ ഇന്ദ്രായ തവിഷിരനുത്താഃ ||**

ആകാശത്തിൻെറയും, ഭൂമിയുടേയും, വിശ്ലേഷണത്തിൽ പ്രയുക്തമായ വാണി അതിൻെറ വർണ്ണനത്തിൽ സമർത്ഥമായിരുന്നില്ലെങ്കിലും ഇന്ദ്രൻെറ സ്തുതികളാൽ വൃദ്ധി പ്രാപിച്ചുകൊ് സുസംഗതമാകുന്നു. ആ ഇന്ദ്രൻെറ എല്ലാ ശക്തികളും സ്വയം സമർത്ഥങ്ങളാകുന്നു.

**14. മഹ്യാ തേ സഖ്യം പശ്മി ശക്തിരാവൃത്രഘ്നേ നിയതോ യന്തി പൂർവീ |**
**മഹി സ്തോത്രമവ്വ ആഗൻമ സൂരേരസ്മാകം സൂ മഘവൻ ബോധി ഗോപാഃ ||**

ഹേ ഇന്ദ്രാ! ഞാൻ മഹത്തായ മിത്രഭാവത്തെ യാചിക്കുന്നു. നീ വൃത്രനെ സംഹരിച്ചു. നിനക്ക് അനേകം അശ്വങ്ങളു്. നീ മഹാജ്ഞാനിയാണ്. ഞങ്ങൾ നിനക്ക് ഹാർദ്ദമായ മിത്രഭാവവും, സ്തോത്രങ്ങളും ഹവിസ്സും അർപ്പിക്കും. ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ രക്ഷകനാകുന്നു. ഞങ്ങളെ ബുദ്ധിയുള്ളവരാക്കണേ.

**15. മഹി ക്ഷേത്രം പുരുശ്ചന്ദ്രം വിവിദ്വാനാദി ത്സഖിഭ്യശ്ചരഥം സമൈരത് |**
**ഇന്ദ്രോ നൃഭിരജനദ്ദീദ്യാനഃ സാകം സൂര്യേമുഷസം ഗാതുമഗ്നിം ||**

ഇന്ദ്രൻ ശരിയായി ചിന്തിച്ചതിനുശേഷം മിത്രങ്ങൾക്ക് ഭൂമിയും സ്വർണ്ണരൂപമായ ധനവും പ്രദാനം ചെയ്തു. അതിനുശേഷം ഗോധനം നൽകി. മഹാതേജസ്വിയായ അവൻ തന്നെ മരുത്തുക്കളേയും സൂര്യനേയും, ഉഷസ്സിനേയും, ഭൂമിയേയും അഗ്നിയേയും പ്രകടമാക്കി.

**16. അപശ്ചിദേഷ വിഭ്വാ വമൂന പ്ര സാധ്രീസചീ രസൃജദ്വിശ്വശ്ചന്ദ്രാഃ |**
**മധ്നഃ പുനാനാഃ കവിഭിഃ പവിത്രൈർദ്യുഭിർ ഹിന്വന്ത്യക്തതതുഭിർധനുത്രീഃ ||**

ആ ഇന്ദ്രൻ ശാന്തസ്വഭാവത്തോടുകൂടിയവനാണ്. അവൻ വേഗമേറിയതും വിശ്വത്തിനു പരമാനന്ദം നൽകുന്നതുമായ ജലത്തെ പ്രകടമാക്കി. അവൻ മധുരസോമത്തെ പവിത്രമാക്കുകയും അഗ്നി, വായു, സൂര്യൻ എന്നിവ വഴിയായി ശുദ്ധമാക്കുകയും ചെയ്യുന്നു. അവൻതന്നെ അഖിലലോകങ്ങൾക്കും ആനന്ദം പ്രദാനം ചെയ്തുകൊ് ഈ വിശ്വത്തെ രാവും പകലും തൻെറ കർമ്മങ്ങളിൽ തുടർന്നുകൊിരിക്കുന്നു.

**17. അനു കൃഷ്ണേ വസുധിതീ ജിഹാതേ ഉഭേ സൂര്യസ്യ മംഹനാ യജത്രേ |**
**പരി യത്തേ മഹി മാന വൃജത്ധ്യൈ സഖായ ഇന്ദ്ര കാമ്യാ ഋജിപ്യാഃ ||**

സൂര്യൻെറ മഹിമാവിനാൽ, എല്ലാ വസ്തുക്കളേയും ധാരണം ചെയ്യുന്നവരും; യജ്ഞനിർവാഹകളുമായ ദിനരാത്രങ്ങൾ ക്രമപ്രകാരം ഭ്രമണം ചെയ്യുന്നു. ഋജുരൂപനും, മിത്രഭാവത്തോടുകൂടിയവരും ആയ മരുദ്ഗണം ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കുന്നതിനായി നിൻെറ ശക്തിയെ ആശ്രയം പ്രാപിക്കുന്നു.

**18. പതിർഭവ വൃത്രഹ സൂനൃതാം നാം വിശ്വാ പൂർവൃഷഭോ വായോധാഃ |**
**ആ നോ ഗഹി സ വ്യേഭിഃ ശിവേഭിർമഹാൻമഹീ ഭിരൂതിഭിഃ സരണ്യൻ ||**

ഹേ ഇന്ദ്രാ! നീ വൃത്രഹന്താവാകുന്നു. നീ ആഗ്രഹങ്ങളെ വർഷിക്കുന്നവനും, അമരനും, അന്നം പ്രദാനം ചെയ്യുന്നവനുമാകുന്നു. നീ ഞങ്ങളുടെ പ്രിയസ്തുതികളുടെ അധിപതിയായാലും. നീ യജ്ഞത്തിൽ പോകുവാനാനഗ്ര ഹിക്കുന്നവനും, അതുപോലെ മഹാനുമാകുന്നു. നീ സ്വന്തം മംഗളവാഹിയായ മിത്രതാ സഹിതവും അതുപോലെ മഹത്തായ ആശ്രയത്താൽ യുക്തനായും ഞങ്ങളെ പ്രാപിക്കണമേ.

**19. തമങ്ഗിരസ്വന്നമസാ സപര്യന്നവ്യം കൃണോമിസന്യസേ പുരാജാം |**
**ദ്രുഹോ വി യാഹീ ബഹുലാ അദേവീഃ സ്വശ്വ നോ മഘവൻത്സാതയേ ധാ ||**

ഹേ ഇന്ദ്രാ! ഭവാൻ പ്രാചീനനാകുന്നു. അംഗിരസ്സുക്കൾക്ക് തുല്യം ഞാനും നിന്നെ പൂജിക്കുന്നു. നിൻെറ സ്തുതികൾക്കായി ഞാൻ നവീനങ്ങളായ സ്തുതികൾ തയ്യാറാക്കുന്നു. നീ ദേവവൈരികളെ സംഹരിക്കുന്നവനാണ്. ഹേ ഇന്ദ്രാ! ഞങ്ങൾക്കുപയോഗത്തിനുവേി ധനം പ്രദാനം ചെയ്യണേ.

**20. മഹി പാവകാഃ പ്രതതാ അഭൂവൻസ്വസ്തി നഃ പിപൃഹി പാരമാസാം |**
**ഇന്നു ത്വം രഥിരഃ പാഹി നാ രിഷോ മക്ഷൂ കൃണുതി ഗജിതോ നഃ ||**

ഹേ ഇന്ദ്രാ! ഈ പവിത്രമായ ജലം എല്ലാഭാഗത്തും വ്യാപിച്ചിരിക്കുന്നു. ഞങ്ങളുടെ ശ്രേഷ്ഠമായ ഈ തടത്തെ ജലത്തിൽ നിറയ്ക്കണമേ. നീ രഥയുക്തനാണ്. ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. ഗോക്കളെ വിജയിച്ചെടു ക്കുവാനുള്ള ബലം ഞങ്ങൾക്ക് തരണമേ.

**21. അദേദിഷ്ട വത്രഹാ ഗോപതിർഗാ അംതഃ കൃഷ്ണാം അരുഷൈ ർധാമഭിഗാത് |**
**പ്രം സൂനൃതാ ദിശമാന തേന ദൂരശ്ച വിശ്വാ അവൃണോദപ സ്വാഃ ||**

വൃത്രസംഹാരകനും ഗോക്കളുടെ സ്വാമിയുമായ ഇന്ദ്രൻ നമുക്കു ഗോക്കളെ നലകണേ. യജ്ഞത്തിൽ വിഘ്നങ്ങൾ സൃഷ്ടിക്കുന്നവരുമായ രാക്ഷസൻമാരെ തൻെറ പ്രകാശമേറിയ തേജസ്സിനാൽ കൊല്ലണമേ. അവൻ സത്യം വഴിയായി അംഗിരസ്സുകൾക്ക് ഗോക്കളെ ദാനം ചെയ്യുകയും അസത്യ ത്തിൻെറ എല്ലാമാർഗ്ഗങ്ങളും തടയുകയും ചെയ്തു.

**22. ശുനം ഹവേമ മഘവാനമിന്ദ്രമസ്മിൻഭരേ നൃതമം വാജസാതൗ |**
**ശൃണ്വന്തമുഗ്രമൂതയെ സുമത്സുധ്നന്ത വൃത്രാണി സഞ്ജിതം ധനാനാം ||**

ഹേ ഇന്ദ്രാ! നീ അന്നത്തെ ലാഭപ്പെടുത്തുന്നവനും, യുദ്ധത്തിൽ ഉത്സാഹം നിറച്ച് വൃദ്ധിപ്രാപിച്ച ധനയുക്തനും, ഐശ്വര്യവാൻമാരിൽ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനും, വികാരളനും, യുദ്ധക്ഷേത്രത്തിൽ ശത്രുക്കളെ സംഹരിക്കുന്നവനും, ധനം കൈവശപ്പെടുത്തുന്നവനുമാണ്. ആശ്രയം പ്രാപിക്കുന്നതിനായി ഞാൻ നിന്നെ ആഹ്വാനം ചെയ്യുന്നു.

# സൂക്തം 32

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഇന്ദ്ര സോമം സോമയതേ പവേമ മധയന്ദിനം സവന ചാരു യത്തേ |**
**പപ്രുഥ്യാ ശിപ്രേ മഘവൻന്യജീഷിന്വിമൂച്യാ ഹരീ ഇഹ മാദയസ്വ ||**

ഹേ ഇന്ദ്രാ! നീ സോമത്തിൻെറ സ്വാമിയാകുന്നു. ഈ മധ്യസവത്തിൽ സോമരസം പാനം ചെയ്താലും. ഈ സോമരസം നിനക്ക് വളരെ പ്രിയങ്കരമാണല്ലോ. നീ സോമത്താലും ധനത്താലും യുക്തനാണല്ലോ. നിൻെറ രഥത്തിൽ നിന്നും വേർപ്പെടുത്തി അവയുടെ വായിൽ ശ്രേഷ്ഠങ്ങളായ തൃണാദികൾ നിറച്ച് ഈ യജ്ഞത്തിൽ അവയെ ആനന്ദിപ്പിച്ചാലും.

**2. ഗവാശിരം മന്ഥിനമിന്ദ്ര ശുക്രം പിവാ സോമഃ രരിമാ തേ മദായ |**
**ബ്രഹ്മാകൃതാ മാരുതേന ഗണേന സജോഷാ രുദ്രസ്തൃപദാ വൃഷസ്വ ||**

ഹേ ഇന്ദ്രാ! ക്ഷീരാദികളാൽ യുക്തവും, സംസ്കാരാതികളുമായ നവീന സോമം പാനം ചെയ്യൂ. നിൻെറ പ്രസന്നതയ്ക്കുവേ ഞങ്ങളതു കാഴ്ച സമർപ്പിക്കുന്നു. നീ മരുത്തുക്കളോടും, രുദ്രൻമാരോടും കൂടി തൃപ്തിയാകുവോളം സോമം പാനം ചെയ്യട്ടെ.

**3. യേ തേ ശുഷ്മം യേ തവിഷീമവാന്നവന്ത ഇന്ദ്രാ മരുതസ്ത ആണഃ |**
**മാധ്യന്ദിനേ സവനേ വജ്രജഹസ്ത പിവാ രുദ്രേഭിഃ സഗണഃ സുശിപ്ര ||**

ഹേ ഇന്ദ്ര! യാതൊരു മരുത്ഗണം ശത്രുക്കളെ ശുഷ്ക്കമൊക്കുന്ന നിൻെറ തേജസ്സിനെ വളർത്തുന്നുവോ, അവർ തന്നെ നിൻെറ ബലത്തെ വർദ്ധിപ്പിക്കുന്നവരുമാകുന്നു. ആ മരുത്തുക്കൾ തന്നെ നിൻെറ യുദ്ധസാമർത്ഥ്യത്തെ സ്തുതികളാൽ വളർത്തുന്നു. നീ വജ്രം ധരിച്ച്, പ്രകാശിക്കുന്ന ശിരസ്ത്രാണവും ആയ മധ്യസവനത്തിൽ രുദ്രൻമാർ സഹിതം സോമപാനം ചെയ്യട്ടെ.

**4. ത ഇന്ദ്രന്വസ്യ മധുമദ്വിവിപ്ര ഇന്ദ്രസ്യ ശർധോഃ മരുതോ യ ആസൻ |**
**യേ ഭിർവ്യത്രസ്യേഷിതോ വിവേദാമമർണോ മന്യമാനസ്യ മർമ ||**

വൃത്രൻെറ വിശ്വാസം തൻെറ രഹസ്യം ആർക്കും അറിഞ്ഞുകൂടാ എന്നതായിരുന്നു. എന്നാൽ മരുത്തുക്കളുടെ സഹായത്തോടും പ്രേരണയോടും കൂടി ഇന്ദ്രൻ ആ രഹസ്യം മനസ്സിലാക്കി ആ മരുത്തുക്കൾ തന്നെ ഉത്സാഹവർദ്ധകമായ മധുരവാണികളാൽ നിന്നെ ഉത്സാഹിതതനാക്കിയിരിക്കുന്നു.

**5. മനുഷ്വദിന്ദ്ര സവന ജജൂഷാണ പിവാ സോമം ശശ്വതേ വീര്യായ |**
**സ ആ വവൃത്സ്വ ഹര്യശ്വ യജ്ഞൈഃ സരണ്യംഭിര പോ അർണാ സിസർഷി ||**

ഹേ ഇന്ദ്രാ, മനുവിൻെറ യാഗം പോലെ നീ എൻെറ യജ്ഞത്തെ സ്വീകരിച്ച് സ്ഥായിയായ ബലത്തിനുവേ സോമം പാനം ചെയ്യണേ. പച്ചക്കുതിരയോടു കൂടിയവനല്ലേ നീ. യജ്ഞപാത്രങ്ങളായ മരുത്തുക്കൾ സഹിതം വരികയും അന്തരിക്ഷത്തിൽ നിന്നും ജലവർഷം നടത്തുകയും ചെയ്താലും.

**6. ത്വമപോ യുദ്ധ വൃത്രം ജവന്വാം അത്യാം ഇവ പ്രാസൃജഃ സർതവാജൗ |**
**ശയാനമിന്ദ്ര ചരതാ വധേന വിവ്രിവാംസം പരി ദേവീരദേവീം ||**

ഹേ ഇന്ദ്രാ! നീ ഉജ്ജ്വലമായ ജലത്തെ മൂടുന്നു. നീ ഉറങ്ങിനിന്ന വൃക്ഷത്തെ നിലം പതിപ്പിച്ചു. നീ യുദ്ധത്തിൽ അശ്വത്തെപ്പോലെ ജലത്തെ തുറന്നുവിട്ടു.

**7. യജാമ ഇന്നമസാ വൃദ്ധാമന്ദ്ര ബൃഹന്ത മൃഷ്വമജരം യുവാനം |**
**യസ്യ പ്രിയേ മമതുയജ്ഞയസ്യ ന രോദസീ മ ഹമാനം മമാതേ ||**

ഹവിസ്സുവഴിയായി വൃദ്ധിയെ പ്രാപിച്ചു. അവനാശിയും, മഹാനും, നിത്യയുവാവും, സ്തുത്യർഹനും ആയ ഇന്ദ്രനെ നാം പൂജിക്കുന്നു. മഹതികളായ ആകാശപൃഥ്വികൾക്കും ഇന്ദ്രൻെറ മഹിമയുടെ അതിരുകൾ ഗ്രഹിക്കുവാൻ കഴിയുന്നില്ല.

**8. ഇദസ്യം കർമ സുക്രതാ പുരുണി പ്രതാനി ദേവാ ന മിനന്തി വിശ്വേ |**
**ദാധാര യഃ പൃതിവീ ദ്യാമുതേമാം ജജാന സൂര്യമഷസം സുദ്യം സാഃ ||**

ഇന്ദ്രൻെറ ഉത്തമകർമ്മങ്ങളും യജ്ഞാദികാര്യങ്ങളും എല്ലാദേവതകളും ഒന്നായിച്ചേർന്നാൽപ്പോലും തടസം സൃഷ്ടിക്കുവാൻ സാധ്യമല്ല. അവൻ ആകാശത്തിൻെറയും, ഭൂമിയുടേയും, അന്തരീക്ഷത്തിൻെറയും ധാരണ കർത്താവാകുന്നു. അവൻെറ കർമ്മങ്ങൾ ശ്രേഷ്ഠങ്ങളാണ്. അവൻ സൂര്യനേയും, ഉഷസ്സിനേയും പ്രകടമാക്കിയിരിക്കുന്നു.

**9. അദ്രോധ സത്യം തവ തൻഹിത്വ സദ്യോ ജജ്ജാതോ അപിബോ ഹ സോമം |**
**ന ദ്യാവ ഇന്ദ്ര തവസസ്ത ഓജ നാഹാ ന മാസാ ശരദോ വരന്ത ||**

ഹേ ഇന്ദ്രാ! നിൻെറ അഭീഷ്ടങ്ങൾ ശ്രേഷ്ഠങ്ങളാണ്. നിൻെറ മഹിമ അതുല്യമാണ്. നീ പ്രത്യക്ഷനായി തന്നെ സോമം പാനം ചെയ്യുന്നു. നീ മഹാശക്തിമാനാണ്. നിൻെറ തേജസ്സിനെ സ്വർഗലോകങ്ങൾക്കും, ദിവസങ്ങൾക്കും, മാസങ്ങൾക്കും, വർഷങ്ങൾക്കും, ആർക്കും തടയുവാൻ സാധ്യമല്ല.

**10. ത്വം സദ്യോ അപിബോ ജാത മിന്ദ്ര മദായ സോ പരമേ വ്യോമൻ |**
**യുദ്ധ ദ്യാവാപൃഥ വീ ആവിവേ ശാരഥാഭവഃ പൂർവ്വഃ കാരുധായാഃ ||**

ഹേ ഇന്ദ്രാ! നീ ഉത്ഭവിച്ചപ്പോൾ തന്നെ ഏറ്റവും ഉന്നതലോകമായ സ്വർഗ്ഗത്തിൽ വിരാജിതനായി പ്രസന്നതയ്ക്കുവേ സോമം പാനം ചെയ്തു. നീ ആകാശത്തിലും ഭൂമിയിലും വ്യാപ്തമായപ്പോൾ എല്ലാം സൃഷ്ടികളുടേയും വിധാതാവും ആയിത്തീർന്നു.

**11. അഹന്നഹിം പരിശയാനമർണ ഓജയമാനം തുവിജാത തവ്യാൻ |**

**ന തേ മഹിത്വമനു ഭൂദധ ദ്യൗരൃദന്യയാ സ്ഫിഗ്യാക്ഷാമ സ്ഥാ ||**

ഹേ ഇന്ദ്രാ! നീ എല്ലാറ്റിനേയും സൃഷ്ടിച്ചു. ജലത്തെ തടവനു അഹങ്കാരിയുമായ അഹിയെ നശിപ്പിച്ചു. നീ പൃഥ്വിയെ ആസറത്തിൽ ഒളിച്ചുവെച്ച് കടന്നുപോയപ്പോൾ സ്വർഗ്ഗത്തിനു പോലും നിൻെറ മഹിമയ്ക്ക് തുല്യത വഹിക്കുവാൻ സാധിച്ചില്ല.

**12. യ ജ്ഞോ ഹി ത ഇന്ദ്ര ബധനോ ഭദുത പ്രിയഃ സുതസോമോ മിയേധഃ |**
**യജ്ഞേന യജ്ഞമവ യജ്ഞിയഃ സന്യജ്ഞസ്തേ വജ്രമഹിഹത്യ ആവത് ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ യജ്ഞം നിന്നെ വളർത്തുന്നു. ഏതൊരു കാര്യത്തിനായി സോമം സംസ്കരിക്കപ്പെടുന്നുവോ. ആ കാര്യം നിനക്ക് വളരെ പ്രിയങ്കരമായതാണ്. നീ യജ്ഞ യോഗ്യനാകുന്നു. തൻെറ യജമാനനെ യജ്ഞകർമ്മങ്ങളിൽകൂടി രക്ഷിച്ചാലും. അഹിയെ സംഹരിച്ചതുകാരണം ഈ യജ്ഞം അങ്ങയുടെ വജ്രായുധത്തെ ശക്തിമത്താക്കണേ.

**13. യജ്ഞേനേന്ദ്രമവസാ ചക്രീ അർവാഗൈന സുമ്നായ നവ്യസേ വവൃത്യാം |**
**യഃ സ്തോമേഭിർവാവധേ യൂർവ്യോഭിര്യോ മധ്യമേ ഭിരുത നൂതനേഭിഃ ||**

പുരാതനവും, മധ്യകാലീനവും, നവീനവുമായ സ്തോത്രങ്ങളാൽ യാതൊരിന്ദ്രൻ വളരുന്നുവോ, ആ ഇന്ദ്രനെത്തന്നെ യജമാനൻ തൻെറ രക്ഷായജ്ഞം വഴിയായി മുമ്പിലേയ്ക്ക് വിളിക്കുന്നു. നവീനങ്ങളായ ധനങ്ങൾക്കായി യജമാനനൻ അവരെ ആഹ്വാനം ചെയ്യുന്നു.

**14. വിവേഷ യൻമാ ജജാന സ്തവൈ പുരാ പാര്യാദിമിന്ദ്ര മഹ്നഃ |**
**അഹ സോ യത്ര പീപരദ്യഥാ നോ നാവേവയാന്ത മുദയേ ഹവന്തേ ||**

ഇന്ദ്രനെ സ്തുതിക്കുവാൻ ഞാനാഗ്രഹിക്കുമ്പോൾ സ്തുതിക്കുവാന തുടങ്ങുന്നു. ഞാനാദൂരവർത്തികളായ അശുഭദിനങ്ങളുടെ ആശങ്കയോടുകൂടി നേരത്തെതന്നെ ഇന്ദ്രനെ സ്തുതിക്കുന്നു. ആ ഇന്ദ്രൻ നമ്മെ ദുഖത്തിൻെറ മറുകര യിലെത്തിക്കണേ. നദിയുടെ ഇരു തീരങ്ങളിലും നിന്ന് ആളുകൾ വള്ളക്കാരനെ വിളിക്കുന്നതുപോലെ ഞങ്ങളുടെ മാതൃകുലത്തിലെ വ്യക്തികൾ ഇന്ദ്രനെ വിളിക്കുന്നു.

**15. അപൂർണോ അസ്യ കലശ സ്വാഹാ സേയതേവ കോശ സിംചേവീബധ്യൈ |**
**സമ പ്രീയാ ആവവൃത്രൻമദായ പ്രദക്ഷിണിദഭി സോമാസ ഇന്ദ്രം ||**

ഇന്ദ്രൻെറ കലശം നിറഞ്ഞു കഴിഞ്ഞു. പാനം ചെയ്യുന്നതിനുള്ള സ്വാഹാകാരധ്വനി മുഴങ്ങി. ജലസേചനം നടത്തുന്നവൻ പാത്രത്തിൽ നിന്നും ജലം തളിക്കുന്നതുപോലെ ഞാനും സോമത്തെ സേചനം ചെയ്യുന്നു. മനോഹരമായ സ്വാഹാകാരത്തോടു കൂടിയ സോമം ഇന്ദ്രനെ ആനന്ദിപ്പി ക്കുന്നതിനുവേി അവൻെറ മുമ്പിലെത്തുന്നു.

**16. ന ത്വാ ഗഭോരഃ പുരുഹൂത സിന്ധുർനാദ്രയഃ പരിഷന്തോ വരന്ത |**
**ഇത്ഥാ സഖിഭ്യ ഇഷിതീം യദിന്ദ്രാ ചിദരുജോ ഗവ്യമൂവം ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ ആഹ്വാനം ചെയ്യപ്പെടുന്നു. ഗംഭീരങ്ങളായ സമുദ്രങ്ങൾക്കുപോലും നിന്നെ തടയുവാൻ സാദ്ധ്യമല്ല. സമുദ്രത്തിൻെറ നാലുഭാഗങ്ങളിലുമുള്ള ഉപസമുദ്രങ്ങൾക്കുപ്പോലും നിന്നെ അതിജീവിക്കുവാനുള്ള സാമർത്ഥ്യം ഇല്ല. എന്തുകൊന്നൊൽ മിത്രങ്ങളുടെ പ്രാർത്ഥനപ്രകാരം നീ മഹാബലിയായ വൃത്രനെ സംഹരിച്ചിരിക്കുന്നു.

**17. ശുനം ഹുവേമ മഘവാന മിന്ദ്രസ്മിൻഭരേ നൃതമം ബാജസാതൗ |**
**ശൃണ്വന്തമുഗ്രമൂതയേ സമം സു ധ്വന്തം വൃത്രാണി സജ്ഞിതം ധനാതാം ||**

ഹേ ഇന്ദ്രാ! അന്നം നൽകുന്നവനായ നി ഉത്സാഹഭരിതനും, ധനത്താലും, ഐശ്വര്യത്താലും സമ്പന്നരായ നായകൻമാരിൽ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനും, മഹായുദ്ധങ്ങളിൽ ശത്രുക്കളെ നശിപ്പിക്കുന്നവനും, അതുപോലെ ധനത്തെ വിജയിക്കുന്നവനുമാണ്. ആശ്രയം പ്രാപിക്കുന്നതിനായി ഞാൻ നിന്നെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 33

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. പ്ര പർവതാനാമുശതീ ഉപസ്ഥാദശ്വേ വിഷിതേ ഹാസമാനേ |**
**ഗാഗേവ ശുഭേ മാതരാ രിഹാണേ വിപാട്ഛ്ശുതുദ്രീ പയസാ ജവേതേ ||**

ജലയുക്തമായ പ്രവാഹത്തോടു കൂടിയ വിപാശാ, ശുതുദ്രീ എന്നീ നദികൾ പർവ്വതത്തിൻെറ അടിത്തട്ടിൽ നിന്നും പുറപ്പെട്ട് സമുദ്രത്തിൽ ചേരുവാനുള്ള അഭിലാഷവതികളായി, അശ്വാലയത്തിൽ നിന്നും വിമുക്തങ്ങളായ അശ്വങ്ങളെപ്പോലെ മത്സരബുദ്ധികളായി, രു ഗോക്കൾക്കുതുല്യം സുശോഭിതരായി സമുദ്രത്തിനുനേരെ കുതിച്ചു പായുന്നു.

**2. ഇന്ദ്രേഷിതേ പ്രസവം ഭിക്ഷമാണേ അച്ഛാ സമുദ്രം രഥ്യേവ യാഥഃ |**
**സമാരാണേ ഊർമിഭിഃ പിന്വാമാനേ അന്യാ വാമന്യാനപ്യേതി ശുഭം ||**

ഹേ നദികളേ! ഇന്ദ്രൻ നിങ്ങൾക്കു പ്രേരണ നൽകുന്നു. നിങ്ങൾ പരസ്പരം ആശ്ലേഷിതരായി രുവീരൻമാരെപ്പേലെ സമുദ്രത്തെ പ്രാപിക്കുന്നു. ഹേ പ്രഭാവതികളേ, നിങ്ങൾ പ്രവാഹിതകളായി, തരംഗങ്ങളാൽ വളർന്നവരായി പരസ്പരം ചേരുവാനുള്ള ചേഷ്ടകളോടുകൂടി പ്രവഹിക്കുന്നു.

**3. അച്ഛാ സിന്ധും മാതതമാമസായ വിപാർശമുർവീ സുഭഗാമൻമ |**
**വത്സമിവ മാതരാ സരിഹാണേ സമാനം യോനിമനുസഞ്ചരന്തി ||**

മാതാവിനെപ്പോലുള്ള സിന്ധുനദിയേയും, ശ്രേഷ്ഠയും സൗഭാഗ്യവതിയുമായ വിപാശനദിയേയും ഞാൻ പ്രാപിക്കുന്നു. ഈ രു നദികളും വത്സാഭിലാഷികളായ ഗോക്കളെപ്പോലെ ആശ്രയസ്ഥാനത്തേയ്ക്കു പോകുന്നു.

**4. ഏനാ വയ പയസാ പിന്വമാനാ ാനു യോനിം**

**ദേവകൃതം ചരന്തീഃ |**
**ന വതംവേ പ്രസവഃ സർഗതത്ത കിംയവിപ്രാ നദ്യോ ജോഹവീതി ||**

ഈ നദികൾ ജലപൂർണ്ണകങ്ങളായി ഭൂപ്രദേശങ്ങളെ നനച്ചുകൊ് ഈശ്വരനാൽ രചിക്കപ്പെട്ട സ്ഥാനത്തേയ്ക്ക് ചരിക്കുന്നു. ഇവരുടെ ഗതി ഒരു കാലത്തും തടയപ്പെടുന്നില്ല. എന്തിനാണീ വിപ്രൻനദികളെ വിളിക്കുന്നത്.

**5. രമധ്വം മേ വചസേ സോമ്യായ ഋതാവരീരുപ മുഹൂർത്തമേവൈഃ |**
**പ്ര സിന്ധുമച്ഛാ വൃഹതീ മനോഷവസ്യം രഹ്വേ കുശികസ്യ സൂനുഃ ||**

ഹേ ജലപൂർണ്ണകളായ നദികളേ! എൻെറ സോമസമ്പത്തിനെപ്പറ്റി കേൾക്കുവാൻ ഒരു ക്ഷണനേരത്തെയ്ക്ക് യാത്രനിർത്തുവിൻ. കൗശീകപുത്രനായ ഞാൻ വിശ്വാമിത്രൻ വലിയ സ്തുതികളാൽ രക്ഷപ്രാപ്തിയ്ക്കും അഭീഷ്ട പൂർത്തിയ്ക്കും വേി ഈ നദികളെ ആഹ്വാനം ചെയ്യുന്നു.

**6. ഇന്ദ്രോ അസ്മാ അരദദ്വജ്രബാഹൂരപാഹൻ വൃത്രം പരിധിം നദീനാം |**
**ദേവോ നയതസവിതാ സുപാണിസ്തസ്യ വയം പ്രസവേ യാമ ഉർവീ ഃ ||**

നദികളെ തടഞ്ഞുനിർത്തിയ വൃത്രനെ സംഹരിച്ചതിനു ശേഷം വജ്രധാരിയായ ഇന്ദ്രൻ ഞങ്ങൾക്ക് രു നദികളുടേയും മാർഗ്ഗങ്ങൾ തുറന്നിരുന്നു. ഉത്തമബാഹുക്കളോടുകൂടിയവനും, തേജസ്വിനിയും, ലോകത്തിന് പ്രേരണ നൽകുന്നവനുമായ ഇന്ദ്രൻ ഞങ്ങൾക്ക് പ്രേരണ നൽകിയിരിക്കുന്നു. ഞങ്ങൾ അവൻെറ നിർദ്ദേശപ്രകാരം ഗമനം ചെയ്യുന്നു.

**7. പ്രവച്യ ശശ്വധാ വീര്യന്താദിന്ദ്രസ്യ കർമയദഹി വിവൃശ്ചത് |**
**വി വജ്രേണ പരിഷദോ ജഘ്നാനായനണ്ണേ യനമിച്ഛ മാനാഃ ||**

ഇന്ദ്രൻെറ വൃത്രവധം മേഘത്തെ ഛേദിച്ചത് എന്ന പരാക്രമ പ്രവർത്തിയെ നാം എപ്പോഴും പാടി സ്തുതിക്കുന്നു. അവൻ എല്ലാ ദിക്കുകളിൽ നിന്നും ഉപദ്രവകാരികളെ അന്വേക്ഷിച്ചു കുപിടിച്ച് വജ്രത്താൽ സംഹരിച്ചു. അപ്പോൾ ജലം പ്രവഹിക്കുവാൻ തുടങ്ങി.

**8. ഏതദ്വചോ ജരിതർമാപി മൃഷ്ടാ ആ യത്തേ ഘോഷാനുത്തരാ യുഗാനി |**
**ഉവഥേഷു കരോ പ്രതി ജജൂഷസ്വ മാ നോ നി കഃ പുരുഷവാ നമസ്തേ ||**

ഹേ സ്തുതിക്കുന്നവരേ! നിങ്ങൾ സ്വന്തം പ്രതിജ്ഞകൾ മറക്കരുത്, വരുവാനിരിക്കുന്ന യജ്ഞത്തിൻെറ നാളുകളിൽ സ്തോത്രങ്ങൾ രചിച്ച് ഞങ്ങളിൽ വന്നുകൊള്ളുക. നദികളായ ഞങ്ങൾ നിങ്ങളെ നമസ്കരിക്കുന്നു. ഞങ്ങളെ പുരുഷൻ മാരാക്കരുത്.

**9. കാ ഷു സ്വസാരഃ ശൃണോത യയൗ വോ ദൂരാദനസാ രഥേന |**
**നി ഷൂ നമധ്വം ഭവതാ സുപാരാ അധോ അക്ഷാഃ സിന്ധവഃ ലോത്യാഭിഃ ||**

പരസ്പരം സഹോദരി രൂപരായ നദികളേ! കൗശികനായ ഞാൻ സ്തുതിക്കുന്നു. ഞാൻ വിദൂരത്തുനിന്നും രഥത്തിൽ അശ്വങ്ങളെ പൂട്ടി വന്നിരിക്കുന്നു. എനിക്ക് നിങ്ങളെ ആ കരക്കു കടത്തുവാൻ തക്കവണ്ണം നിങ്ങൾ നിമ്നഭാഗത്തേയ്ക്കു പോകുവിൻ സ്തോത്രജലം പോലെ രഥചക്രത്തിൻെറ പകുതി ഭാഗം വരെ ഉയർന്നു പ്രവഹിക്കുവിൻ.

**10. ആ തേ കാരോ ശൃണവാമാ ദചാംസി യയാഥ ദൂരാദനസാ രയേന |**
**ധി തേ നം സൈ പിപ്യാനേവ യോ മവാമയേവ കന്യാ ശശ്വചതേ ||**

ഹേ സ്തോതാക്കളേ! ഞങ്ങൾ നദികൾ നിങ്ങളുടെ കാര്യം കേട്ടു കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ദൂരെ നിന്നും ശകടത്തോടും, രഥത്തോടും കൂടി വന്നിരിക്കുകയാണല്ലോ? മാതാവു കുഞ്ഞിനെ മുല കുടിപ്പിക്കുവാൻ തുടങ്ങുന്നതുപോലെയും, ഭാര്യ ഭർത്താവിനെ ആലിംഗനം ചെയ്യാൻ ഒരുങ്ങുന്നതുപോലെയും, ഞങ്ങളും നിങ്ങൾക്കായി തയ്യാറായിരിക്കുന്നു.

**11. യദങ്ഗ ത്വാ ഭരതഃ സന്തരേയുർഗവ്യൻഗ്രാമ ഇഷിത ഇന്ദ്രജജൂതഃ |**
**അർഷാദഹ പ്രസവ സഗതക്ത ആ വാ വൃണ സുമതിമ യജ്ഞിയാനാം ||**

നദീദ്വയമേ! ഭരതവംശജർ, നിങ്ങളെ കടക്കുവാൻ ആഗ്രഹിക്കുന്ന ഭാരതിയർ, ഇന്ദ്രനാൽ പ്രേരിതനായ നിങ്ങളാൽ അക്കരെകടക്കപ്പെടും. അവർക്ക് നിങ്ങൾ നേരത്തെ തന്നെ അനുമതി നൽകി കഴിഞ്ഞിരിക്കുന്നുവല്ലോ. അതിനാൽ വിശ്വാമിത്രനായ ഞാൻ നിങ്ങളെ സർവത്ര പ്രശംസിക്കൂ, സ്തുതിക്കും നിങ്ങൾ യജ്ഞയോഗ്യങ്ങളാകട്ടെ.

**12. അതാതിഷുർഭരതാ ഗവ്യവ സമഭക്തവിപ്രന്ന സുമതിം നദാനാം |**
**പ്രപന്വധ്വാമിഷയത്നീഃ സുപാധാ ആ വക്ഷണാഃ പൃഷണധ്വ യാഗശാഭം ||**

ഗോധനത്തോടു കൂടിയ ഭാരതീയർ അക്കരെ കടന്നു. വിപ്രൻമാരും നദികളെ സ്തുതിച്ചു. നിങ്ങൾ അന്നത്തിൻെറ കാരണഭൂതാക്കളും, ധനസമ്പന്നകളുമായി ചെറുതോടുകളേയും ജലപൂർണ്ണങ്ങളാക്കികൊ് അതിവേഗത്തിൽ പ്രവഹിക്കുവിൻ.

**13. ഉദ്വ ഊർമിഃ ശമ്യാ ഹന്ത്വാവോ യോക്ത്രാണി മഞ്ജത |**
**മാദുഷ്കൃതൗ വ്യേനസാ ധ്ന്യൗ ശൂനമാരരാം ||**

നദീദ്വയമേ! നിങ്ങൾ രച്ചുതുകളുടേയും മുകളിൽ വരാതിരിത്തക്കവിധം ഒഴുകുവിൻ. നിങ്ങൾ കയറുകളെ സ്പർശിക്കരുത്. പാപരഹിതരും മംഗളദായകരും, അനിന്ദ്യകളുമായ വിപാശേ! ശുതുദ്രീ നിങ്ങളുടെ തരംഗങ്ങൾ ഈ സമയം അധികമായുയരാതിരിക്കട്ടെ.

## സൂക്തം 34

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ഇന്ദ്രഃ പുദിദാതിരദ്ദാസമർകൈർവിദദ്വാ സുർദയമാനോ വിശത്രൂൻ |**
**ബ്രഹ്മജജൂതസ്തന്വാ വാവൃധാനേ ഭൂരിദാത്ര ആ**

**പ്യണദ്രോദസീ ഉഭേ ||**

നഗരങ്ങൾ തകർത്തവനും, മഹിമയോടുകൂടിയവനും, ധനവാനും ആയ ഇന്ദ്രൻ തൻെറ തേജസ്സാൽ ദസ്യുക്കളെ സംഹരിച്ച് അവരുടെ മേൽ വിജയം വരിച്ചു. ആ മന്ത്രങ്ങളാൽ ആകർഷിതനായി, വളർന്ന ദേഹത്തോടും വളരെയധികം ആയുധത്തോടും കൂടിയ ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും പൂർണ്ണമാക്കി.

**2. മഖസ്യ തേ തവിഷസ്യ ്ര ജജൂതിമയമിം വാചമമൃതായ ഭൂഷൻ |**
**ഇന്ദ്ര ക്ഷിതീനാമസി മാനുഷീണാം വിശാം ദൈവീനാമുത പൂവയാവാ ||**

ഹേ ഇന്ദ്രാ! നീ പൂജ്യൻ ശക്തിശാലിയുമാകുന്നു. അന്നത്തിനായി ഞാൻ നിന്നെ അലങ്കരിച്ച് നിൻെറ പ്രേരണയാൽ തന്നെ സ്തോത്രോച്ചാരണം ചെയ്യുന്നു. നീ ദേവകളിലും മനുഷ്യരിലും അഗ്രേസരനാകുന്നു.

**3. ഇന്ദ്രോ വൃത്രമവൃണോച്ഛധനീതിഃ പ്ര മായി നീമമിനാദ്വാർപണീതിഃ |**
**അഹന്വ്യസമദശധ്യനേഷ്വാവിർധേനാ അകൃഥോദ്രാഭ്യാണാ ||**

ഹേ ഇന്ദ്രാ! നീ വിഖ്യാത കർമ്മാവാണല്ലോ നീ വൃത്രനെ ഒഴിവാക്കിയല്ലോ ശത്രുക്കളുടെ ആക്രമണത്തെ തടയുന്ന ഇന്ദ്രൻ ആ മായാവികളുടെ സംഹാരകർമ്മം നിർവ്വഹിച്ചു. ശത്രുക്കളെ കൊല്ലുവാൻ ആഗ്രഹിച്ച ഇന്ദ്രൻ വനത്തിൽ ഒളിച്ചു കഴിഞ്ഞിരുന്ന വരുടെ സ്കന്ധങ്ങൾ മുറിച്ച് അവരെയും നാമാവിശേഷരാക്കി. അനന്തരം അവൻ ഗോക്കളെ തിരിച്ചുകൊുവന്നു.

**4. ഇന്ദ്രഃ സ്വർഷാ ജവയന്തഹാനി ജിഗായോശ്ഗ്ഭിഃ പൃതനാ അഭിഷ്ടിഃ |**
**പ്രരേച്ചയൻമനവേ കേതുമഹ്നാമമിന്ദ ജ്യോതിർബൃഹതേ രണായ ||**

ഇന്ദ്രൻ സ്വർഗ്ഗം നൽകുന്നവനാകുന്നു. അവൻ പകലിനെ സൃഷ്ടിച്ച് യുദ്ധം ചെയ്യുവാനാഗ്രഹിക്കുന്ന അംഗിരസ്സുകളോടു ചേർന്ന് അവരുടെ വിരോധികളുടെ സൈന്യത്തെ പരാജയപ്പെടുത്തി പകലിൻെറ ധ്വജരൂപമായ സൂര്യനെ മനുഷ്യർക്കുവേി പ്രകാശിപ്പിച്ചു. ഇപ്രകാരം ഭീഷണമായ യുദ്ധം കാരണം അത്യധികമായ തേജസ്വിനേയും പ്രാപിച്ചു.

**5. ഇന്ദ്രസ്തുജാ ബഹണാ ആ വിവശ നൃവദ്ദധാനോ നരയാ പുരൂണ |**
**അചേതയദ്ധി ഇമം ജരിത്രേ പ്രേമ വണമതിർച്ഛക്രമാസാൻ ||**

വിഘ്നകാരികളുടേയും, വർദ്ധിച്ച ബലത്തോടു കൂടിയ ശത്രു സേനകളുടേയും മധ്യേ ഇന്ദ്രൻ പ്രവേശിച്ചു. സ്തുതിപ്പിക്കുന്നവർക്കുവേി അവൻ ഉഷസ്സിനും ചൈതന്യം നൽകി അതിൻെറ ശ്വേതവർണ്ണം വർദ്ധിപ്പിച്ചു.

**6. മഹോ മഹാനി പനയന്ത്യസ്യേന്ദ്രസ്യ കരമ പുരൂണി വൃജനേന വൃജിനാൻത്സ പിപേഷ മായഭിദസ്യൂര ദിഭൂത്യോജാഃ ||**

മഹാനായ ഇന്ദ്രനാൽ ചെയ്യപ്പെട്ട മഹാസംഭവത്തെ സാധകഗണം കീർത്തിക്കുന്നു. ആ ഇന്ദ്രൻ തൻെറ ബലത്താൽ വലിയ വലിയ ഭക്തൻമാരെ പൊടിയാക്കി. ആ വിജേതാവ് ദസ്യുക്കളെ തൻെറ രഹസ്യനീതിയാൽ സംഹരിച്ചു.

**7. യുധേന്ദ്രോ മഹ്നാ വരിവശ്ചകാര ദേവേഭ്യഃ സത്പതീശ്ചഷണിപ്രാഃ |**
**വിവല്വതഃ സദനേ അസ്യ താനിവിപ്രാ ഉക്ഥേഭിഃ കവയോ ഗൃണന്തി ||**

ദേവകളുടെ സ്വാമിയും മനുഷ്യർക്കു വരം നൽകുന്ന വനുമായ ഇന്ദ്രൻ മഹായുദ്ധത്തിൽ ധനം പിടിച്ചെടുത്ത് സ്തുതിക്കുന്നവർക്കായി ദാനം ചെയ്തു. വിദ്വാൻമാരായ സ്തുതികർത്താക്കൾ യജമാനൻെറ ഭവനത്തിൽ മന്ത്രങ്ങളാൽ ഇന്ദ്രൻെറ യശസ്സിനെ പാടിപ്പുകഴ്ത്തുന്നു.

**8. സത്രാസാഹം വരേണ്യം സഹോദാ സസച്ചവാം സസ്വരപശ്ച ദേവീഃ |**
**സസ ന യ പൃഥിവീം ദ്യാമുതേമാമിന്ദ്രം മദന്ത്യനു ധീരണാസഃ ||**

സർവ്വവിജയിയും, വരണീയനും, സ്വർഗ്ഗത്തിൻെറ നാഥനും, ദിവ്യജലത്തിൻെറ അധിപതിയായ ഇന്ദ്രൻ ആനന്ദിതനാകുമ്പോൾ സ്തോതാഗണം ആനന്ദോൻമത്തരായിത്തീരുന്നു. ആ ഇന്ദ്രൻ ആകാശം, ഭൂമി, അന്തരീക്ഷം ഇവകളെ വഹിക്കന്നവനാകുന്നു.

**9. സസാനാത്യാം ഉത സൂര്യ സസാനേന്ദ്രഃ സസാന പുരുമോജസ ഗാം |**
**ഹിരണ്യമുത ഭോഗം സസ ന ഹത്വോ ദസ്യൂപ്രാരയ വർണമാവത് ||**

അശ്വങ്ങള, സൂര്യൻ, ഗോധനം, രത്നങ്ങൾ, സ്വർണ്ണം മുതലായവയെല്ലാം ഇന്ദ്രൻെറ ദാനരൂപങ്ങളാണ്. അവൻ ദസ്യുക്കളെ സംഹരിച്ച് നല്ലവരെ സദാ രക്ഷിക്കുന്നു.

**10. ഇന്ദ്രാ ഓഷധീരസനോദഹാനി വനസ്പതീം രസനോദന്തരിക്ഷം |**
**വിഭേദ ബലം നുനുദേ വിവചോഥാ ഭദദ്ദമിതാ ഭിക്രതൂനാം ||**

ഇന്ദ്രൻ തന്നെ ദാനരൂപമായ പകലിനെ സൃഷ്ടിച്ചു. അവൻ തന്നെ ഔഷധികൾ നൽകി. അതുപോലെ അന്തരീക്ഷത്തേയും വനസ്പതികളേയും ദാനം ചെയ്തു. അവൻ മേഘത്തെ പിളർന്ന് ശത്രുക്കളെ നശിപ്പിച്ചു. അവൻ തൻെറ മുമ്പിൽ വരുന്ന ഏതൊരു ശത്രുവിനേയും ഇല്ലാതാക്കും.

**11. ശുനം ഹുവേമ മഘവാനമിന്ദ്രമസ്മിൻഭരേ നതമൈ വാജസാതീ |**
**ശൃണ്വന്തമുഗ്രമൂതയേ സമത്സുധ്നന്ത വൃത്രാണി സഞ്ചിത ധനാനാം ||**

ഹേ ഇന്ദ്രാ! അന്നം സമ്പാദിക്കുന്നതിൽ നീ സമർത്ഥനാകുന്നു. യുദ്ധത്തിൽ ഉത്സാഹത്താൽ വളരുന്നു. നീ ധന വൈഭവത്തോടുകൂടിയവനാകുന്നു. നീ നായകൻമാരിൽ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനുമാകുന്നു. നീ തൻെറ ഉഗ്രകർമ്മങ്ങളാൽ ശത്രുക്കളെ യുദ്ധത്തിൽ നശിപ്പിച്ച് ധനം സമ്പാദിക്കുന്നു. ഞങ്ങൾ ആശ്രയപ്രാപ്തിയ്ക്കായി നിന്നെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 35

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ് പംക്തി.**

**1. തിഷ്ഠാ ഹരീ രഥ ആ പൂജ്യമാനാ യാഹി വായുന നിയതോ നോ അച്ഛ |**

**പിബാസ്യന്ധോ അഭിസൃഷ്ടോ അസ്മേ ഇന്ദ്ര സവാഹാ രരിമാ തേ മദായ ||**

ഹേ ഇന്ദ്രാ! നിൻെറ ഹരിതാശ്വങ്ങൾ രഥത്തിൽ പൂട്ടപ്പെടുന്നു. വായു തൻെറ അശ്വങ്ങളെ പ്രതീക്ഷിച്ചിരിക്കുന്നതു പോലെ നീയും അൽപ്പനേരം തൻെറ അശ്വങ്ങളെ പ്രതീക്ഷിച്ച് അവയോടുകൂടി ഇവിടെ ആഗതനാകുകയും സോമം പാനം ചെയ്യുകയും ചെയ്താലും. ഞങ്ങൾ സ്വാഹാകാരത്തോടുകൂടി സോമം അർപ്പണം ചെയ്യുന്നു.

**2. ഉപാജിരാ പുരുഹൂതായ സപ്തീ ഹരീ രഥസ്യ ധൂർഷ്വാ യുനജ്മി |**

**ദ്രവദ്യഥാ സംഭൃതം വിശ്വതശ്ചിദുപേമം യജ്ഞമാവഹാത ഇന്ദ്രം ||**

അനേകരാൽ വിളിക്കപ്പെടുന്ന ഇന്ദ്രൻെറ ശീഘ്രഗമനത്തിനായി രഥത്തിനുമുന്നിലായി രു കുതിരകളെ നാം പൂട്ടുന്നു. വിധിപൂർവ്വമ അനുഷ്ഠിക്കപ്പെടുന്ന ഈ യജ്ഞകർമ്മത്തിൽ ഇന്ദ്രനെ അശ്വദ്വയങ്ങൾ ഇവിടെ കൂട്ടികൊുവരണേ.

**3. ഉപാ നയസ്വ വൃഷണാ തപുഷ്പീതേമവ ത്വ വൃഷഭ സ്വധാവഃ |**

**ഗ്രസേതാമശ്വ വി സുചേഹ ശോണാ ദിവേദിവേ സദ്ദൃശീരദ്ധി ധ നാഃ ||**

ഹേ ഇന്ദ്രാ! നീ അനുഗ്രഹവർഷകനും, അന്നത്തിൻെറ സ്വാമിയുമാകുന്നു. ശത്രുഭയത്തിൽ നിന്നും മുക്തമാക്കുന്ന നിൻെറ പരാക്രമികളായ അശ്വദയത്തെ ഇവിടെ കൂട്ടികൊുവരുകയുമ ഈ യജമാനൻെറ രക്ഷകനാക്കുകയും ചെയ്യണമേ. നീ ആ കുതിരകളെ അഴിച്ചു വിട്ടാലും അവ ഇവിടെ നിന്നും ഭക്ഷിക്കട്ടെ. നീ ഇവിടെ നിന്നും സ്വാദേറിയ ഭക്ഷണം കഴിച്ചാലും.

**4. ബ്രഹ്മണാ തേ ബ്രഹ്മയുജാ യുനജ്മി ഹരി സഖായ സധമാധ ആശു |**

**സ്ഥിര രഥം സഖമിന്ദ്രാധിതിഷ്ഠൻ പ്രജനാന്വി ദ്വാം ഉപയാഹി സോമം ||**

ഹേ ഇന്ദ്രാ! നിൻെറ കുതിരകൾ മന്ത്രങ്ങളാൽ പൂട്ടപ്പെടുന്നു. നിൻെറ ഏതൊരശ്വങ്ങള യുദ്ധത്തില ഖ്യാതിപ്രാപിച്ചു കഴിഞ്ഞുവോ, അവയെ ഞങ്ങൾ മന്ത്രത്താൽ യോജിപ്പിക്കുന്നു. ഹേ ഇന്ദ്രാ! നീ ജ്ഞാനിയാകുന്നു. നിൻെറ സുഖദായകമായ രഥത്തിലാരൂഢനായി സോമത്തിൻെറ അരികിൽ വന്നാലും.

**5. മാ തേ ഹരീ വൃഷണാ വീതപൃഷ്ഠാ നി രീരമന്യജമോനാസോ അന്യേ |**

**അത്യായാഹി ശശ്വതോ വയ തേ രം സുതേഭിഃ കൃണവ മ സോമൈഃ ||**

ഹേ ഇന്ദ്രാ! യജമാനൻ നിൻെറ പരാക്രമികളും, മനോഹരമായ മുതുകോടും കൂടിയ രശ്വങ്ങളേയും സന്തോഷിപ്പിക്കണേ. ഞങ്ങളങ്ങയെ ശരിയായ രീതിയിൽ തയ്യാറാക്കിയ സോമത്താൽ തൃപ്തിപ്പെടുത്താം. നീ അനേകം യജമാനൻമാരേയും കടന്ന് അതിവേഗം ഇങ്ങോട്ടെഴുന്നള്ളിയാലും.

**6. തവായമ സോമ സ്ത്വമേഹ്യർവാങ് ശശ്വകത്തമം സുമനാ അസ്യ പാഹി |**

**അസ്തിമിന്യജ്ഞേ ബ്രഹിഷ്മാ നിഷദ്യാ ദഭിഷ്വേമ ജഠര ഇന്ദുമിന്ദ്ര ||**

ഹേ ഇന്ദ്രാ! ഈ സോമം നിനക്കുള്ളതാണ്. ഇതിൻെറ അടുക്കലേയ്ക്ക് എഴുന്നള്ളിയാലും. പ്രസന്നമായ മുഖത്തോടു കൂടി ഈ ശുദ്ധമായ സോമം പാനം ചെയ്താലും. ഈ യജ്ഞത്തിൽ കുശാസനത്തിൽ പ്രതിഷ്ഠിതനായി സോമത്തെ ഉദരസ്ഥനാക്കു.

**7. സ്തീർണം തേ ബഹിഃ സുത ഇന്ദ്ര സോമഃ കൃതാ ധാനാ അത്തവേ തേ ഹരിഭ്യാം |**

**തദീകസേ പുരുശാകായ വൃഷ്ണോ മരുത്വതേ തുഭ്യ രാതാ ഹവിഷി ||**

ഹേ ഇന്ദ്രാ! നിനക്കായി കുശവിരിക്കപ്പെടുകയും, സോമം സംസ്കരിക്കപ്പെടുകയുമ ചെയ്തിരിക്കുന്നു. നിനക്കും രും കുതിരകൾക്കുമായി ധാന്യം എടുത്തുവച്ചിരിക്കുന്നു. കുശത്തിൻെറ ഇരപ്പിടമാകുന്നു. അനേകം വിദ്വാൻമാർ നിന്നെ സ്തുതിച്ചുകൊിരിക്കുന്നു. മരുത്തുക്കളുടെ സേനകൾ നിൻെറ അധീനത്തിലു്. നിനക്കായി ഹവിസ്സും തയ്യാറായിരിക്കുന്നു.

**8. ഇമം നരഃ പർവതാസ്തുഭ്യമാപഃ സമിന്ദ ഗാഭി ധൂർമ്മന്തകൻ |**

**തസ്യാഗത്യാ സുമനാ ഋഷ്വ പാഹി പ്രജാനിവ്ദ്വിദ്വാൻപഥ്യാ അമ്പസ്വാഃ ||**

ഹേ ഇന്ദ്രാ! അധ്വര്യുക്കൾ അമ്മിക്കല്ലാലും ജലത്താലും ക്ഷീരമിശ്രിതമായ സോമത്തെ നിനക്കായി മധുരപൂർണ്ണമാക്കിയിരിക്കുന്നു. നീ ജ്ഞാനിയും ദർശനീയനും ആകുന്നു. ഞങ്ങളുടെ ഈ സ്തുതികളെ നിനക്ക് ഹിതകരമായിക്കരുതി പ്രസന്നമുഖനായി സോമം പാനം ചെയ്യണേ.

**9. യാം ആഭജേ മരുത ഇന്ദ്ര സോമേ യേ ത്വാമദർധന്തഭവൻഗണസ്തേ |**

**തേഭിരേതം സജോഷാ വാവശാനോഗ്നേഃ പിബ ജിഹ്വയാ സോമമിന്ദ്ര ||**

ഹേ ഇന്ദ്രാ! യാതൊരു മരുത്ഗണം സോമപാനം നടത്തുന്ന സമയം ആദരയുക്തനായിരിക്കുന്നുവോ, അതുപോലെ യാതൊരുത്തൻ മരുത്തുക്കളോടുകൂടി സോമപാനം നടത്തുവാനാഗ്രഹിക്കുന്നുവോ അവർ അഗ്നി രൂപമായ ജിഹ്വയാൽ സോമരസം പാനം ചെയ്താലും.

**10. ഇന്ദ്ര പിബ സ്വധയാ ചിത്സുതസ്യാഗ്നേർവാ പാഹി ജിഹ്വയാ യജത്ര |**

**അധ്വയോർവാ പ്രസതം ശക്രഹസ്താദ് ധാതുർവാ യജ്ഞം ഹവിഷോ ജുജൂഷസ്വ ||**

ഹേ ഇന്ദ്രാ! നീ യജ്ഞയോഗ്യനാകുന്നു. അഗ്നിരൂപമായ ജിഹ്വയാൽ ഈ സോമം പാനം ചെയ്താലും. അധ്വര്യുക്കളാൽ അർപ്പിതമായ സോമവും, ഹോതാവിനാൽ ആഹൂതിചെയ്യപ്പെട്ട ഹവിസ്സും സ്വീകരിക്കണേ.

**11. ശൂനം ഹുവേമ മഘവാനമിന്ദ്രസ്മിൻഭരേ നതമ ബാജസാതൗ |**

**ശൃണ്വന്ത മുഗ്രമൂതയേ സമത്സുധ്നന്ത വൃത്രാണി സഞ്ജിത ധനാനാം ||**

ഹേ ഇന്ദ്രാ! നീ അന്നലാഭത്തിനായുള്ള ഉത്സാഹത്തോടു കൂടി

മുന്നേറുന്നു. ധനായുക്തനായ നായകൻമാരിൽ നീ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനും, വികരാളനും, യുദ്ധത്തിൽ ശത്രു സംഹാരകനും, ധനം വിജയിക്കുന്നവനും ആണല്ലോ. ആശ്രയപ്രാപ്തിക്കുവേ ഞങ്ങളങ്ങയെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 36

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ഇമാമൂ ഷു പ്രഭൃതിം സാതയേ ധാഃ**
**ശശ്വച്ഛശ്വദുതിഭിര്യാമദമാനഃ |**
**സുതേസുതേ വാവൃധേ വധനേഭിര്യഃ കർമഭിർഹദ്ഭിഃ**
**സുശ്രുതോ ഭൂത് ||**

ഹേ ഇന്ദ്രാ! ധനം നൽകുന്നതിനായി മരുത്തുക്കളോടുകൂടി ഇവിടെ ആഗതനായി വിശേഷവിധിയാൽ തയ്യാറാക്കപ്പെട്ട ഈ സോമത്തെ സ്വീകരിക്കണേ. ഈ ഇന്ദ്രൻ തൻെറ മഹാകർമ്മ ങ്ങളിൽ പ്രഖ്യാതനാകുന്നു. അതുപോലെ സോമം തയ്യാറാക്കുന്ന കാര്യത്തിൽ ഇവൻ എല്ലാ സമയത്തും പുഷ്ഠിദായകമായ ഹവിസ്സിനാൽ വളരുകയും ചെയ്യുന്നു.

**2. ഇന്ദ്രായ സോമാഃ പ്രദിവോ വിദാനാ**
**ഋഭുര്യേഭിർവൃഷപർവാ വിഹായാഃ |**
**പ്രയമ്യമാനാൻ പ്രതിഷൂഗൃഭായേന്ദ്ര പിബ ബൃഷ ധൂതസ്യ**
**വൃഷ്ണഃ ||**

പുരാതനകാലത്ത് ഇന്ദ്രനുവേ സോമം അർപ്പിക്കപ്പെട്ടിരുന്നു. തൻമൂലം അവൻ നിയമപാലകനും, പ്രകാശവാനും, മഹാനും ആയിത്തീർന്നു. ഹേ ഇന്ദ്രാ! അർപ്പിക്കപ്പെട്ട ഈ സോമത്തെ സ്വീകരിക്കേണമേ. അമ്മിക്കല്ലിൽ ഇടിച്ചു പിഴിഞ്ഞ ഈ സോമം ദിവ്യഫലം നൽകുന്നതാണ്. നീ ഇതിനെ പാലിച്ചാലും.

**3. പിബാ വർധസ്വ തവ ധാ സുതായ ഇന്ദ്ര സോമസഃ**
**പ്രഥമാ ഉതേമേ |**
**യഥാപിബ പൂർവ്യാ ഇന്ദ്ര സോമം ഏവാ പാഹി പന്യോ**
**അദ്യാ നവീയാൻ ||**

ഹേ ഇന്ദ്രാ! നിനക്കായി പ്രാചീനകാലം മുതൽ പ്രസിദ്ധമായ സോമം അഭിനവമായ രൂപത്തിൽ സംസ്കരിക്കപ്പെട്ടുവരുന്നു. ഇതു പാനം ചെയ്ത് പുഷ്ടി പ്രാപിച്ചാലും. നീ സ്തുത്യർഹനാണല്ലോ. പുരാതന കാലത്ത് നീ സോമം പാനം ചെയ്തതുപോലെ ഈ സമയത്തും അതു പാനം ചെയ്യണമേ.

**4. മഹാം അമത്രൗ വൃജനേ വിരപ്ശ്യുഗ്രം ശവഃ പതയതേ**
**ധൃഷ്ണവിജഃ |**
**സാഹ വിവ്യാച പൃഥിവീ ചനൈന യത്സോമാസോ**
**ഹര്യശ്വമമന്ദൻ ||**

യാതൊരിന്ദ്രൻ മഹാബലിയും, ശത്രുക്കളെ ജയിക്കുന്ന വനുമായിരിക്കുന്നുവോ, യാതൊരിന്ദ്രൻ ശത്രുക്കളെ യുദ്ധത്തിലെയ്ക്ക് വലിച്ചിഴക്കുന്നുവോ, ആ ഇന്ദ്രൻെറ ബലം വിജയയോഗ്യമാകുന്നു. അശ്വയുക്തനായ ഇ ന്ദ്രനെ സോമം പുഷ്ഠമാക്കുമ്പോൾ പൃഥ്വിയും സ്വർഗ്ഗവും അവനെ വഹിക്കുവാൻ സമർത്ഥമാകുന്നില്ല.

**5. മഹാം ഉഗ്രോ വാവൃധേ വീര്യായ സമാചക്രേ വൃഷഭഃ**
**കാവ്യേന |**
**ഇന്ദ്രോ ഭഗോ വാജദാ അസ്യ ഗാവഃ പ്ര ജായന്തേ**
**ദക്ഷിണാഃ അസ്യ ഗാവഃ പൂർർവീ ||**

ബലവാനും പരാക്രമിയും അനുഗ്രഹങ്ങൾ വർഷിക്കുന്നവനും, ദാനശീലനുമായ ഇന്ദ്രൻ. വീരതാപൂർണ്ണമായ യശസ്സിനാൽ വൃദ്ധിയെ പ്രാപിച്ച് സ്തോത്രങ്ങളുമായി കൂടിച്ചേരുന്നു. ഇന്ദ്രൻെറ എല്ലാ ഗോക്കളും പാലു നൽകുന്നവയായി പ്രകടിഭവിച്ചിരിക്കുന്നു. ഇന്ദ്രൻ മഹാദാനിയാകുന്നു.

**6. പ്ര യത്സിന്ധവഃ പ്രസവ യഥായന്നാപഃ സമുദ്രം രഥ്യേവ**
**ജഗ്മുഃ |**
**അതിരശ്ചിദിന്ദ്ര സദസോ വരോയാന്യദീം സോമ പൃണതി**
**ദുഗ്ധോ അംശുഃ ||**

നദികൾ ഉറവകൾക്കു സമാനം ദൂരസ്ഥമായ സാഗരത്തിലേയ്ക്ക് രഥതുല്യം പായുന്നതുപോലെ വരണ യോഗനായ ഇന്ദ്രൻ അന്തരീക്ഷത്തിൽക്കൂടി ഈ ലതാരൂപമായ സുസിദ്ധിയുടെ നേരെ വന്നു ചേരുന്നു.

**7. സമുദ്രേണ സിന്ധവോ യാദമാനാ ഇന്ദ്രായ സോമം**
**സുഷ്ഠത് ഭരന്തഃ |**
**അംശും ദുഹന്തി ഹസ്തിനോ ഭരിത്രൈർമധ്വഃ പുനന്തി**
**ധാരയാ പവിത്രൈഃ ||**

സമുദ്രവുമായിച്ചേരുവാനാഗ്രഹിക്കുന്ന നദികൾ അതിനെ നിറക്കുന്നതുപോലെ ഇന്ദ്രനുവേ അധ്വര്യുക്കൾ അരിച്ചെടുത്ത സോമനീർ സംസ്കരിക്കപ്പെട്ട കരങ്ങളാൽ സോമലതയെ കറക്കുകയും അമ്മികല്ലിനാൽ സോമരസം ശുദ്ധമാക്കി മധുരയുക്തമാക്കുകയും ചെയ്യുന്നു.

**8. ഹ്നദാ കക്ഷയാഃ സോമധാനാഃ സഭീ വിവ്യാച സവനാ**
**പുരുണി |**
**അന്നാ യദിന്ദ്രഃ പ്രഥമാ വ്യാശ വൃത്രം ജഘന്വം**
**അവൃണോത സോമം ||**

സോമത്തിൻെറ ആശ്രയസ്ഥാനമായ ഇന്ദ്രൻെറ ഉദരം സരോവരം പോലുള്ളതാകുന്നു. അവൻ ഒരേ സമയം അനേകം യജ്ഞങ്ങൾ പൂർണ്ണമാക്കുന്നു. ഇന്ദ്രൻ ധാരാളമായി സോമം സേവിച്ച് പിന്നെ മദ്ധ്യാഹ്നസവനത്തിൽ അതിൻെറ അംശം ദേവതകൾക്കു വീതിച്ചുകൊടുത്തു.

**9. ആ തൂ ഭരൂ മാകിരേതത് പരിഷ്ഠദ്വിദ്യ ഹി ത്വാ**
**വസുപതിം വസൂനാം |**
**ഇന്ദ്ര യത്തേ മാഹിനം ദത്രമസ്തുഭ്യം തദ്ധര്യശ്വ പ്ര യന്ധി**
**||**

ഹേ ഇന്ദ്രാ! അതിവേഗം ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യണേ. നിൻെറ ദാനത്തെ തടുക്കുവാൻ ആരും സമർത്ഥരല്ല. നീ ധനത്തിൻെറ സ്വാമിയാണെന്ന കാര്യം ഞങ്ങളറിയുന്നു. നിൻെറ ധനം ശ്രേഷ്ഠവും പൂജായോഗ്യവുമാണ്. അത് ഞങ്ങൾക്ക് ദാനമായി നൽകണമേ.

**10. അസ്മ പ്ര യന്ധി മഘവന്യജീഷിന്നന്ദ്ര രായോ**
**വിശവവാരസ്യ ഭൂരേഃ |**
**അസ്മേ ശത ശരദോ ജീവസേ ധാ അസ്മ വിരാഞ്ഛശ്വത**
**ഇന്ദ്ര ശിപ്രീം ||**

ഹേ ഇന്ദ്രാ! നീ എല്ലാവർക്കും വരണയോഗ്യനാകുന്നു. ഞങ്ങൾക്ക് ഉത്തമമായ ധനം പ്രദാനം ചെയ്യണമേ. അങ്ങ് അറുവർഷം

ജീവിക്കാനുള്ള കഴിവു നൽകണമേ. ഞങ്ങൾക്ക് ചിരായുഷ്മാൻമാരും വീരൻമാരുമുള്ള പുത്രൻമാരെ നൽകണേ.

**11. ശുന ഹുവേമ മഘവാനമിന്ദ്രമസ്മിൻഭരേ നൃതമം വാജസാതൗ |**

**ശൃണ്വന്ത മുഗ്രമൂതയേസമത്സുഘ്നന്തം വൃത്രാണിസ ഞ്ജിതം ധനാനാം ||**

ഹേ ഇന്ദ്രാ! അന്നവാനായ നീ യുദ്ധത്തിൽ ഉത്സാഹപൂർവ്വം മുന്നേറുന്നു. നീ ധനൈശ്വര്യങ്ങളാൽ യുക്തനും, നായകൻമാരിൽ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനും, രണക്ഷേത്രത്തിൽ ശത്രുക്കളെ സംഹരിക്കുന്നവനും, ധനം പിടിച്ചു പറ്റുന്നതിൽ സമർത്ഥനും ആകുന്നു.

ആശ്രയപ്രാപ്തിയ്ക്കായി ഞങ്ങളങ്ങയെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 37

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി, അനുഷ്ടുപ്.**

**1. വാത്രഹത്യായ ശവാസേ പൃതനാഷാഹ്യായ ച |**

**ഇന്ദ്ര ത്വാ വർതയാമാസി ||**

ഹേ ഇന്ദ്രാ! വൃത്രനെ നശിപ്പിക്കുന്ന ശക്തി പ്രാപിക്കുന്നതിനും ശത്രുസൈന്യത്തെ പരാജയപ്പെടുത്തു വാനും ആയി ഞങ്ങൾ നിന്നെ പ്രേരിപ്പിക്കുന്നു.

**2. അർവാചീന സു തേ ഉത ചക്ഷു ശത്രക്രതോ ഇന്ദ്ര കൃണ്വന്തു മാധതഃ ||**

ഹേ ശതകർമ്മാവായ ഇന്ദ്രാ! നിൻെറ മനസ്സിനും നേത്രങ്ങൾക്ക് ഹർഷം പ്രദാനം ചെയ്തുകൊ് സ്തുതി ക്കുന്നവർ നിന്നെ ഞങ്ങളുടെ മുമ്പിലേയ്ക്ക് വിളിക്കണേ.

**3. നാമാനി തേ ശതക്രതോ വിശവാഭിർഗീർഭിരി മഹേ |**

**ഇന്ദ്രാഭിമാതിഷാ ഹ്യേ ||**

ഹേ ഇന്ദ്രാ! നീ ശതകർമ്മാവാണ്. അഹങ്കാരികളായ ശത്രുക്കളെ രണക്ഷേത്രത്തിൽ പരാജിതരാക്കുന്ന ഞങ്ങൾ നിൻെറ യശസ്സിനെ പാടി പുകഴ്ത്തും.

**4. പുരുഷ്ടുതസ്യ ധമാസിഃ ശതേന മഹയാമസി|**

**ഇന്ദ്രസ്യ ചർഷണീഘൃതഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാജീവികളാലും സ്തുതിക്കപ്പെടുവാൻ യോഗ്യനാകുന്നു. നിൻെറ തേജസ്സിന് യാതൊരതിരുകളും ഇല്ല. നീ മനുഷ്യരുടെ നായകനാകുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**5. ഇന്ദ്ര വൃത്രായ ഹന്തവേ പുരുഹൂത മുപ ബ്രുവേ |**

**ഭരേഷു വാജസാതയേ ||**

ഹേ ഇന്ദ്രാ! നിന്നെ അനേകർ ആഹ്വാനം ചെയതിരിക്കുന്നു. വൃത്രസമാനനായ ശത്രുവിനെ നശിപ്പിക്കുന്നതിനും ധനപ്രാപ്തിക്കുമായി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

**6. വാജേഷ്ട സാസഹിർഭ തവാമീമഹേ ശത്രക്രതോ ഇന്ദ്ര വൃവായ ഹന്തവേ ||**

ബഹുകർമ്മാവും സമർത്ഥനുമായ ഇന്ദ്രാ! രണക്ഷേത്രത്തിൽ ശത്രുക്കളെ പരാജിതരാക്കുന്നതിൽ നീ സമർത്ഥനാകുന്നു. വൃത്രനെ സംഹരിക്കുവാനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**7. ദ്യുമ്നേഷ്ഠ പൃതനാജ്യേ പൃത്സയതൂർഷു ശ്രവ സുച |**

**ഇന്ദ്ര സാക്ഷ്വഭിമ തിഷു ||**

ഹേ ഇന്ദ്രാ യാതൊരു ശത്രു യുദ്ധത്തിൽ അഹങ്കരിക്കുന്നവനും, ധനത്താൽ മത്സരിക്കുന്നവനും, വീരസൈനികരെ പരാക്രമത്തിൽ വെല്ലുവിളിക്കുന്നവനും ആയിരിക്കുന്നുവോ അവരെ നീ പരാജയപ്പെടുത്തിയാലും.

**8. ശുഷ്മിന്ത ന ഊതയേ ദ്യുമ്നിനം പാഹി ജാഗൃവിം**

**ഇന്ദ്ര സോമം ശതക്രതോ ||**

ഹേ ശതകർമ്മാവായ ഇന്ദ്രാ! ഞങ്ങൾക്കാശ്രയം നൽകുന്നതിനായി, അത്യന്തം ശക്തിദായകവും, തേജസമ്പന്നവും, ദുസ്വപ്നനിവാരവുമായ സോമംപാനം ചെയ്താലും.

**9. ഇന്ദ്രിയാണി ശതക്രതേ യാ തേ ജനേഷു പഞ്ചസു**

**ഇന്ദ്ര താനി ത ആവൃണേ ||**

ഹേ ശതകർമ്മാവായ ഇന്ദ്രാ! പഞ്ചവർഗ്ഗത്തിനുള്ള കഴിവുകൾ നിൻെറതു തന്നെ എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

**10. അഗാനിന്ദ്ര ശ്രവോ ഭൃഹദ് ദ്യുമ ദധിഷ്വ ദുഷ്ടഷരം |**

**ഉത്തേ ശുഷ്മം തിരാമസി ||**

ഹേ ഇന്ദ്രാ! പ്രദത്തായ ഹവിസ്സ് നിനക്കു പ്രാപ്തമാകണേ. ശത്രുക്കളിൽ നിന്നും കഠിന പ്രയത്നത്താൽ പിടിച്ചെടുത്ത അന്നം ഞങ്ങൾക്ക് നൽകണമേ. ഞങ്ങൾ നിൻെറ ശക്തി വർദ്ധിപ്പിക്കും.

**11. അർവാവതേ ന ആഗഹ്യഥോ ശക്ര പരാപത;|**

**ഉ ലോകോ യസ്തേ അദ്രിവ ഇന്ദ്രേഹ തത ആ ഗഹി ||**

ഹേ ഇന്ദ്രാ! അടുത്തോ അഥവാ അകലെയെവിടെ യെങ്കിലുമോ ആകട്ടെ, അവിടെ നിന്നും ഞങ്ങളുടെ അടുക്കലേയ്ക്ക് വരണമേ. നീ വജ്രം ധരിച്ചിരിക്കുന്നവനാണ്. നീ സ്വന്തം സ്ഥാനത്തുനിന്നും ഞങ്ങളുടെ ഈ യജ്ഞത്തെ പ്രാപിച്ചാലും.

## സൂക്തം 38

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ്, ത്രിഷ്ടുപ്, പംക്തി.**

**1. അഭി തഷ്ടേവ ദീധയാ മനോഷ മത്യോ ന വാജോ സുധുരോ ജിഹാനഃ |**

**അഭി പ്രിയാണി മർമ്രശത്പരാണി കവീരിച്ഛാമി സൻദൃശേ സുമേധാഃ ||**

ഹേ സ്തുതിഗായകരേ! ത്വഷ്ടാവിനു സമമാനമായ ഇന്ദ്രൻെറ സ്തോത്രങ്ങളെ ചൈതന്യമുള്ളവയാക്കുവിൻ. ശ്രേഷ്ഠനും, ഭാരം വഹിക്കുന്നവനും, വേഗവാനും ആയ അശ്വത്തെപ്പോലെ കർമ്മങ്ങളിൽ വ്യാപൃതനായി, ഇന്ദ്രൻെറ കർമ്മങ്ങളെപ്പറ്റി ചിന്തിച്ച് ഞാനെൻെറ ബുദ്ധിയെ വളർത്തി സ്വർഗ്ഗത്തിലേയ്ക്ക് പോയ വിദ്വാൻമാരുടെ ദർശനം ആഗ്രഹിക്കുന്നു.

**2. ഇനോത പൃച്ഛ ജനിമാ ധുവീനാം മനോധ്യതഃ സുകൃതസ്തക്ഷ ദ്യാം|**

**ഇമാ ഉ തേ പ്രണ്യോ വർധമാനാ മനോവാതാ അധ നു ധർമാണി ഗ്മൻ ||**

ഹേ ഇന്ദ്രാ! യാതൊരുത്തൻ മനോനിഗ്രഹത്താലും പുണ്യകർമ്മങ്ങളാലും തന്നത്താൻ സ്വർഗ്ഗാവകാശികളായി ത്തീർന്നിരിക്കുന്നുവോ ആ വിദ്വാൻമാരുടെ ജൻമത്തെ സംബന്ധിച്ച് അവടെ ഉരുക്കൻമാരോടു ചോദിക്കൂ. ആ യജ്ഞത്തിൽ അങ്ങേയ്ക്കായി രചിക്കപ്പെട്ട സ്തുതികൾ വൃദ്ധിയെ പ്രാപിച്ച്, മനോവേഗത്തിൽ ചരിക്കുന്നു.

**3. നി ഷീമിദത്ര ഗുഹ്യാ ദധാനാ ഉത ക്ഷത്രായ രോദസീ സമഞ്ജൻ |**

**സംമാത്രാഭിർമമിരേ യേമഷ്ആർവീ അന്തർമഹീ സ്പ്യതേ ധായസേ ധുഃ ||**

വിദ്വജ്ജനങ്ങൾ ഭൂമിയിൽ ശ്രേഷ്ഠങ്ങളായ കർമ്മങ്ങൾ അനുഷ്ഠിച്ച് ഭൂമിയേയും, ആകാശത്തേയും ബലവത്താ കുവാനായി അലങ്കരിച്ചു. അവർ ഗൂഢതത്വങ്ങൾ വഴിയായി ഭൂമിയേയും സ്വർഗത്തേയും സ്ഥിരപ്പെടുത്തി. അവർ വിശാലവും വിസ്തൃതവുമായ ഭൂമിയേയും ആകാശത്തേയും സുസംഗതമാക്കുകയും അതുപോലെ ആകാശത്തിൻെറയും ഭൂമിയുടേയും ഇടക്ക് അന്തരീക്ഷത്തെ സ്ഥാപിക്കുകയും ചെയ്തു.

**4. ആതിഷ്ഠിന്തം പരി വിശ്വേ ആ ഭൂഷന്തിയോ വസാന ശ്ചരതി സ്വരോചിഃ |**

**മഹത്തദ്വ്യഷ്ണോ അസുരസ്യ നാമാ വിശ്വരൂപോ അമൃതാനി തസ്ഥൗ ||**

എല്ലാ ജ്ഞാനികളും രഥത്തിൽ വിരാജിക്കുന്ന ഇന്ദ്രനെ അലങ്കരിച്ചു. സ്വാഭാവികമായി തേജസ്സോടുകൂടിയവനായ ഇന്ദ്രൻ പ്രകാശിതനായി അനുഗ്രഹവർഷകനും, ഉഗ്രകർമ്മാവുമായ ഇന്ദ്രൻ വിശ്വാരൂപമായ കീർത്തിയോടു കൂടിയവനാകുന്നു. അവൻ വിശ്വ രൂപത്തെ വഹിച്ചും അമൃതത്വത്തിൽ വ്യാപ്തമായും കഴിയുന്നു.

**5. അസൂത പൂർവോവ്യഷഭേ ജ്യായനിമാ അസ്യ ശൂരുധ സന്തി പൂർവീഃ |**

**ദിവോ നപാത വിദഥസ്യ ധിമിഃ ക്ഷത്ര രാജനാ പ്രദിവോ ദധാഥേ ||**

അഭിലാഷങ്ങൾ വർഷിക്കുന്നവനും, പ്രചീനനും, സർവോത്ക്യഷ്ടനുമായ ഇന്ദ്രൻ ജലത്തെ സ്യഷ്ടിച്ചു. ഉൽപ്പന്നമായ ജലം അവൻെറ ദാഹത്തെ ശമിപ്പിച്ചു. സ്വർഗ്ഗത്തിൻെറ പൗത്രൻമാരായ ഇന്ദ്രനും വരുണനും രു തേജസ്വികളും സ്തോതാക്കളുടെ സ്തുതികളാൽ നമുക്കുവേി അന്നത്തെ വഹിക്കുന്നു.

**6. ത്രീണീ രാജാന വിദഥേ പുരൂണി പരി വിശ്വാനി ഭൂഷഥഃ സദാംസി |**

**അപശ്യമത്രമനസാ ജനവാൻപ്രതേ ഗന്ധർവാ അപി വായുകേശാൻ ||**

ഹേ ഇന്ദ്രാ! വരുണാ! വ്യാപകവും സമ്പൂർണ്ണവുമായ മൂന്നു സവനങ്ങളേയും ഈ യജ്ഞത്തിൽ സുശോഭിതമാക്കിയാലും. ഹേ ഇന്ദ്രാ! നീ ഈ യജ്ഞത്തിൽ എഴുന്നള്ളിയിരുന്നു. ഞാനിവിടെ വിശിഷ്ടകോശങ്ങളോടുകൂടിയവരും പ്രകാശി ക്കുന്നവരുമായ ഗന്ധർവൻമാരെ ഹ്യദയത്തിൽ കു.

**7. തദിന്നസ്യ വ്യഷഭസ്യ ധേനോരാ നാമഭിർമ മരേ അക്മ്യം ഗൗഃ |**

**സന്യദന്യസൂര്യം വസാന നിമായ്നോ മഭിരേ രൂജമസ്മിൻ ||**

ആഗ്രഹങ്ങൾ നിറവേറ്റഉന്ന ഇന്ദ്രനുവേി യാതൊരു യജമാനൻ ഹവിസ്സ് യോഗ്യമായ രസത്തെ ധേനുനാദമായ ഗോവിനിൽ നിന്നും കറന്നെടുക്കുന്നുവോ, യാതൊരു യജമാനന് അനേകനാമങ്ങൾ ഉായിരിക്കുന്നുവോ, അവൻ നവീനങ്ങളായ പരാക്രമങ്ങളോടു കൂടി തൻെറ കാര്യങ്ങളെ ഇന്ദ്രന് സമർപ്പിക്കുന്നു.

**8. തദിന്ന്വസ്യ സവിതുർന്നകിർമേ ഹിരണ്യയീ മമതിം യാമശിശ്രേത് |**

**ആ സുഷ്ടുതീ രോദസീ വിശ്വമിന്വേ അപീവ യോഷാ ജനിമാനി വവ്രേ ||**

സൂര്യൻെറ സ്വർണ്ണപ്രകാശം അസീമിതമാണ്. അത് ആകാശത്തിൻെറ ആശ്രയഭൂതമാണ്. ശ്രേഷ്ഠങ്ങളായ സ്തുതികളാൽ പ്രശംസിതനായ ആ സൂര്യൻ മാതാവു സന്താനത്തെയെന്നപ്പോലെ എങ്ങും വ്യാപിച്ചു കിടക്കുന്ന ആകാശത്തെയും ഭൂമിയേയും ആലിംഗനം ചെയ്യുന്നു.

**9. യുവം പ്രത്നസ്യ സാധഥേ മഹോ യദ്ദൈവീ സ്വസ്തിഃ പരിണഃ സ്ത്യോത്രം |**

**ഗോപാജിഹ്വസ്യതസ്ഥുഷോ വിരൂപാ വിശ്വേ പശ്യന്തി മായിനഃ കൃതാനി ||**

ഹേ ഇന്ദ്രാ! വരുണാ! പുരുതനങ്ങളായ സ്തോത്രങ്ങൾ ഉച്ചരിക്കുന്നവർക്കു നൻമ ചെയ്ത് അരുളണമേ. ഞങ്ങളെ എല്ലാഭാഗത്തു നിന്നും രക്ഷിക്കണമേ. ഇന്ദ്രൻെറ ജിഹ്വാരൂപമായ വാണി എല്ലാവരേയും ഭയരഹിതരാക്കുന്നു. അവൻ സ്ഥിരചിത്തനാകുന്നു. അദ്ദേഹത്തിൻെറ എല്ലാ കർമ്മങ്ങളേയും എല്ലാ ജ്ഞാനികളും ദർശിക്കുന്നു.

**10. ശുനം ഹുവേമ മഘവാനമിന്ദ്രസ്മഭിൻരേ നൃതമ വാജസാതൗ |**

**ശൃഷ്വന്വഗ്രമൂതയേ സമത്സുധ്നന്ത വൃത്രാണി സജ്ഞിത ധനാനാം ||**

ഹേ ഇന്ദ്രാ! അന്നലാഭത്തോടു കൂടിയ നീ യുദ്ധത്തിൽ ഉത്സാഹപൂർവ്വം വിജയം പ്രാപിക്കുന്നു. നീ ധനൈശ്വര്യങ്ങളാൽ യുക്തനും നേതാക്കളിൽ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനും, ഉഗ്രനും, രണക്ഷേത്രത്തിൽ ശത്രുക്കളെ സംഹരിക്കുന്നവനും ധനത്തെ പിടിച്ചെടുക്കുന്നവനും ആണല്ലോ. ആശ്രയപ്രാപ്തിയ്ക്കായി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

# അനുവാകം 4 സൂക്തം 39

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ഇന്ദ്രം മതിർഹ്യദ ആ വച്യമാനാച്ഛാ പതിം സ്തോമ തഷ്ടാ ജിഗാതി |**

**യാ ജാഗൃവിർവിദഥേ ശസ്യമാനേന്ദ്ര യത്തേ ജായതേ വിദ്ധി തസ്യ ||**

ഹേ ഇന്ദ്രാ! നീ ലോകത്തിൻെറ നാഥനാകുന്നു. ഹ്യദയത്തിൽനിന്നും പുറപ്പെടുന്നതും സ്തുതിക്കുന്നവരാൽ ചൊല്ലപ്പെടുന്നതുമായ സ്തോത്രങ്ങൾ നിന്നെ പ്രാപിക്കുന്നു. യാതൊരു സ്തുതി എന്നാൽ സ്യഷ്ടിക്കപ്പെടുകയും യജ്ഞത്തിൽ ഉച്ചരിക്കപ്പെടുകയും ചെയ്യുന്നുവോ. അതിനെ സ്വീകരിച്ചു പ്രസാദിക്കണേ.

**2. ദിവശ്ചിദാ പൂർവ്യ ജായമാനാ വി ജാഗൃവിർവിദഥേ ശസ്യമാനാ |**

**ഭദ്രാ വൽത്രാണർജ്ജുനാ വസാനാ സേയമസ്തേ സനജാ വിത്രാ ധീഃ ||**

ഹേ ഇന്ദ്രാ! യാതൊരു സ്തുതി സൂര്യോദയത്തിനു മുമ്പായി ഉത്ഭവിക്കുകയും, യജ്ഞത്തിൽ ഉച്ചരിക്കപ്പെടുകയും ചെയ്യുന്നുവോ.

അത് എന്നെ ചൈതന്യയുക്തനാക്കുന്നു. ആ മംഗളദായിയും ഉജ്ജ്വലവുമായ സ്തുതി ഞങ്ങളുടെ പൂർവീകരിൽ നിന്നും ലഭിച്ചിക്കുള്ളതും സനാതനവുമാകുന്നു.

**3. യമാ പിദത്ര യമസൂരസൂത ജിഹ്വായാ അഗ്രം പതദാ ഹ്യസ്ഥാത് |**

**വപൂംഷി ജാതാ മിഥുനാ സചേതേ തമോഹനാ തപുഷോ ബുധ്ന ഏതാ ||**

അശ്വദ്വിയത്തിന് അവരുടെ മാതാവ് ജൻമം നൽകി അവരെ സ്തുതിക്കുവാൻ എൻെറ നാവ് വെമ്പൽ കൊള്ളുന്നു. അന്ധകാരത്തെ നശിപ്പിക്കുന്നതിനും ദിനത്തിൻെറ പ്രാരംഭത്തിലുള്ളതുമായ ആഗമനത്തിൽ രുപേരും സ്തുതിക്കപ്പെടുന്നു.

**4. നകിരേഷാം നിന്ദിതാ മർത്യേഷ യേ അസ്മാകം പിതരോ ഗോധാഃ |**

**ഇന്ദ്ര ഏഷാം ദൃംഹിതാ മാഹിനാവാനുദ് ഗോത്രാണി സസൃജേ ദംസനാവാൻ ||**

ഹേ ഇന്ദ്രാ! ഗോധനത്തിനുവേ യുദ്ധം നടത്തിയ ഞങ്ങളുടെ പിതാക്കൻമാരെ ആരും നിന്ദിക്കുന്നില്ല. മഹിമാവാനും, യശസ്വിയുമായ ഇന്ദ്രൻ അംഗരസുകൾക്ക് സമൃദ്ധമായ ഗോധനം പ്രദാനം ചെയ്തു.

**5. സഖാ ഹ യത്ര സഖിഭിർനവഗ്വൈരഭിഞ്ജ്വാ സത്വഭിർഗ്വാ അനുഗ്മൻ |**

**സത്യം തദിന്ദ്രോ ദശഭിർദശഗ്വൈഃ സൂര്യം വിവേദ തമസി ക്ഷിയന്തം ||**

അംഗിരസ്സുകളുടെ മിത്രമായ ഇന്ദ്രൻ ഗോക്കളെ അന്വേക്ഷിച്ച് മുട്ടിൻമേലിഴഞ്ഞ് പർവ്വ ഗുഹകളിൽ പ്രവേശിച്ചപ്പോൾ ആ അംഗിരസ്സുകൾ അന്ധകാരത്തിൽ മറഞ്ഞിരുന്ന സൂര്യനെ കത്തിെ.

**6. ഇന്ദ്രോ മധു സംഭതമുസ്രിയായാം പദ്വദ്വിവേദ ശഫവന്നമേ ഗോഃ |**

**ഗുഹാ ഹിതം ഗുഹ്യ ഗുള ഹമസ്പം ഹസ്തേ ദധേ ദക്ഷിണേ ദക്ഷിണാവാൻ ||**

ഇന്ദ്രൻ ആദ്യമായി മധുതുല്യനായ പാലുതരുന്നവയും പാദങ്ങളും കുളമ്പുകളും ഉള്ള വായുവുമായ ഗോധനത്തെ കൂട്ടികൊ□പോന്നു ഗുഹകളിലും അന്തരീക്ഷത്തിലും മറഞ്ഞിരുന്ന മായാവികളായ അസുരൻമാരെ ദാനശീലനായ ഇന്ദ്രൻ വലത്തു കരത്താൽ പിടികൂടി.

**7. ജ്യോതിർവൃണീത തമസോ വിജാനന്നാരേ സ്യാമ ദുരിതാദഭികേ |**

**ഇമാ ഗിര സോമപാഃ സോമവൃദ്ധ ജജൂഷസ്വേന്ദ്ര രുതമസ്യ കാരോഃ ||**

ഇന്ദ്രൻ രാത്രിയുടെ ഗർഭത്തിൽ നിന്നുത്മിച്ച പ്രകാശത്തെ ധാരണം ചെയ്തു നാം പാപരഹിതനായി നിർഭയസ്ഥാനങ്ങളൽ വളിക്കുവാനാഗ്രഹിക്കുന്നു. ഹേസോമപാപിയായ ഇന്ദ്രാ! നീ സ്തോതാക്കളുടെ ഈ സ്തുതികൾ സ്വീകരിക്കണമേ.

**8. ജ്യോതിര്യജ്ഞായ രോദസീ അനുഷ്യാദാരേ സ്യാമ ദുരിതസ്യ ഭൂരേഃ |**

**ഭൂരി ചിദ ധി തുജതോ മർത്യസ്യ സുപാരാസോ വസവോ ബഹണാവത് ||**

യജ്ഞത്തിനായി ആകാശത്തേയും ഭൂമിയേയും സ ൂരയന പ്രകാശിപ്പിക്കട്ടെ. നാം പാപങ്ങളിൽ നിന്നും അകന്നു ജീവിക്കാനിഷ്ടപ്പെടുന്നു. ഹേ വസുക്കളേ! നി ങ്ങൾ സ്തുതികളാൽ അനുകൂലരായി ഈ ധനത്തെ മനുഷ്യർക്ക് ദാനം ചെയ്താലും.

**9. ശൂനം ഹുവേമ മഘവാനമിന്ദ്രമസ്മിൻഭരേ നൃതമം വാജസാതൗ |**

**ശൃണ്വന്തമൂതയേ സമത്സു ഘ്നന്തം വൃത്രാണി സഞ്ജിത ധനാനാം ||**

ഹേ ഇന്ദ്രാ! നീ അന്നവാനും, യുദ്ധത്തിൽ ഉത്സാഹപൂർവ്വം മുന്നേറുന്നവനുമാകുന്നു. നീ ധനത്തിലും ഐശ്വര്യത്താലും യുക്തനും നേതാക്കൻമാരിൽ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനും, ഉഗ്രനും, രണക്ഷേത്രത്തിൽ ശത്രുക്കളെ സംഹരിക്കുന്നവനും. ധനത്തിൻെറ സ്വാമിയുമാകുന്നു. ആശ്രയ പ്രാപ്തിയ്ക്കായി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

# അദ്ധ്യായം മൂന്ന്

## സൂക്തം 40

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി.**

**1. ഇന്ദ്ര വൃഷഭം വയം സുതേ സോമേ ഹവാമഹേ |**

**സ പാഹി മധ്വേ അന്ധസഃ ||**

ഹേ ഇന്ദ്രാ! നീ അഭിലാഷങ്ങൾ പൂർത്തിയാക്കുന്ന വനാകുന്നു. ഈ സംസ്ക്കാരിതമായ സോമവുമായി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു. ആനന്ദദായകവും, അന്നമിശ്രിതവുമായ ഈ മധുരമുള്ള സോമം നീ പാനം ചെയ്താലും.

**2. ഇന്ദ്ര ക്രതുവിദം സുതം സോമം ഹര്യ പുരുഷ്ടുത |**

**പിബാ വൃഷസ്വ താതൃപിം ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ സ്തുതിക്കപ്പെടുന്നു. അരിച്ചെടുത്ത ഈ സോമരസം ബുദ്ധിയെ വളർത്തുന്നതാകുന്നു. നീ ഇത് സകൗതുകം കുടിക്കൂ. തൃപ്തിപ്പെടുത്തുന്ന ഈ സോമത്താൽ നിൻെറ ഉദരത്തെ കുളിപ്പിച്ചാലും.

**3. ഇന്ദ്ര പ്ര ണോ ധിതാവാനം യജ്ഞം വിശ്വേഭിർ ദേവേഭഃ |**

**തിരഃ സ്തവന വിശ്പതേ ||**

ഹേ മരുത്തുക്കളുടെ നായകനായ ഇന്ദ്രാ! യജന യോഗ്യരായ എല്ലാ ദേവതകളുമായി ഞങ്ങളുടെ ഈ ഹവ്യമായ യജ്ഞത്തെ ശരിയായ വിധം വളർത്തണേ.

**4. ഇന്ദ്ര സോമാഃ സുതാ ഇമേ തവ പ്ര യന്തി സത്പതേ |**

**ക്ഷയം ചന്ദ്രാസ ഇന്ദവഃ ||**

ഹേ സത്യത്തിൻെറ സ്വാമിയായ ഇന്ദ്രാ! ഞങ്ങളാൽ നൽകപ്പെടുന്ന പ്രസന്നപ്രദവും, തേജോയുക്തവും, നിഷ്പന്നവുമായ സോമം നിൻെറ ഉദരത്തിൽ പ്രവേശിച്ചിരിക്കുന്നു. അതിനെ സ്വീകരിച്ചാലും.

**5. ദധിഷ്വാ ജംരേസുതം സോമമിന്ദ്രാവരേണ്യം |**

**തവദ്യുക്ഷാസ ഇന്ദവഃ ||**

ഹേ ഇന്ദ്രാ! നിഷ്പന്നമായ സോമം എല്ലാവർക്കും സ്വീകാര്യം ആകുന്നു. ഇതിനെ നിൻെറ ഉദരത്തിൽ സൂക്ഷിച്ചാലും. അത്യന്തം ഉജ്ജ്വലമായ ഈ സോമരസം നിന്നോടുകൂടി സ്വർഗത്തിൽ വസിക്കുന്നു.

**6. ഗിർവണഃ പാഹി നഃ സുതം മധോർധാരാഭിരജ്യസേ**

**ഇന്ദ്ര ത്വാദാഃ തമിദ്യശ ||**

ഹേ ഇന്ദ്രാ! നീ സ്തുതിക്ക് യോഗ്യനാകുന്നു. നീ ആഹ്ളാദകരമായ സോമധാരയാൽ ഹർഷിതനാകുന്നു. ഞങ്ങളുടെ പ്രസിദ്ധമായ ഈ സോമം പാനം ചെയ്യണമേ. നിന്നാൽ വൃദ്ധിയെ പ്രാപിക്കുന്ന ഞങ്ങൾക്ക് അന്നം ലഭിക്കുന്നു.

**7. അഭി ദ്യുമ്നാനി വനിന ഇന്ദ്രം സചന്തേ അക്ഷിതാ**

**പീത്വീ സോമസ്യ വാവൃധേ ||**

ദേവതകൾക്കായി യജ്ഞം നടത്തുന്നവരുടെ ഉജ്ജ്വലവും, അക്ഷുണ്ണവും, സോമയുക്തവുമായ ഹവിസ്സുകൾ ഇന്ദ്രന്റെ സമക്ഷത്തിൽ ഉപസ്ഥിതനാകുന്നു. ഇന്ദ്രദേവൻ സോമപാനത്താൽ വളരുന്നു.

**8. അർവാവതോ ന ആ ഗഹി പരാപതശ്ചവൃത്രഹൻ |**

**ഇമാ ജുജുഷസ്വ നോ ഗിരഃ ||**

ഹേ ഇന്ദ്രാ! നീ വൃത്രനെ ഹനിച്ചു. നീ അടുത്തോ അഥവാ ദൂരെ എവിടെയെങ്കിലുമോ ആയിരിക്കട്ടെ, അവിടെനിന്നും ഞങ്ങളുടെ സമീപമെത്തി ഞങ്ങളുടെ സ്തുതികളെ സ്വീകരിച്ചാലും.

**9. യദന്തരാ പരവതമർവാവതം ച ഹൂയസേ |**

**ഇന്ദ്രേഹ തത ആ ഗഹി ||**

ഹേ ഇന്ദ്രാ! നീ ദൂരദേശത്തു നിന്നോ, ഇടയിലുള്ള പ്രദേശത്തുനിന്നോ സമീപ പ്രദേശത്തു നിന്നോ വിളിക്കപ്പെടുന്നു. ഈ യജ്ഞത്തിൽ സോമം പാനം ചെയ്യുവാനായി വന്നരുളണമേ.

## സൂക്തം 41

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി**

**1. ആ തൂന ഇന്ദ്ര മദ്രാഗ്ദുവാനഃ സോമപീതയേ |**

**ഹരിഭ്യാം യാഹ്യദ്രിവഃ ||**

ഹേ വജ്രായുധാ! ഹോമത്താൽ വിളിക്കപ്പെടുന്ന നീ ഹരിയോടുകൂടി ഞങ്ങളുടെ ഈ യജ്ഞത്തിൽ സോമപാന ത്തിനായി വരണമേ.

**2. സത്തോ ഹോതാ ന ഋത്വിയസ്തിസ്തിരേ**

**ബർഹിരാനുഷക് |**

**അയുജ്രന്‍ പ്രാതരദ്രയഃ ||**

ഹേ ഇന്ദ്രാ! ഋത്വിക്കുകളായ ഹോതാക്കൾ നിന്നെ ആഹ്വാനം ചെയ്യുവാനായി ഞങ്ങളുടെ ഈ യജ്ഞത്തിൽ ഇരിക്കുന്നു. പരസ്പരം ചേർത്ത് കുശവിരിച്ചിരിക്കുന്നു. പ്രഭാതസവനത്തിൽ സോമം ഇടിച്ചുകൂട്ടുവാൻ അമ്മിക്കല്ലും തയ്യാറ്. അതിനാൽ സോമപാനത്തിനായി ഇവിടെ വന്നാലും.

**3. ഇമാ ബ്രഹ്മ ബ്രഹ്മവാഹഃ ക്രിയന്ത ആ ബർഹിഃ സീദ |**

**വീഹി ശൂര പുരോളാശം ||**

ഹേ ഇന്ദ്രാ! നീ സ്തുത്യർഹനായ വീരനാകുന്നു. നീ ഞങ്ങളാൽ നൽകപ്പെട്ട പുരോളാംശം സേവിക്കണമേ.

**4. രാരന്ധി സവനേഷു ണ ഏഷു സ്തോമേഷു**

**വൃത്രഹൻ |**

**ഉക്തേഷ്വിന്ദ്ര ഗിർവണഃ ||**

ഹേ ഇന്ദ്ര! നീ വൃത്രനെ സംഹരിച്ചവനും, സ്തുത്യർഹനു മാകുന്നു. ഞങ്ങളുടെ യജ്ഞത്തിലെ സവനത്രയങ്ങളിൽ ഉച്ചരിക്കപ്പെടുന്ന ഉക്ഥങ്ങളിൽ വ്യാപ്തങ്ങളിൽ വ്യാപ്തനായാലും.

**5. മതയ സോമപാമുരം രിഹന്തി ശവസസ്പതിം ||**

**ഇന്ദ്രം വത്സം ന മാതരഃ ||**

സോമം പാനം ചെയ്യുന്നവനും, ബലത്തിന്റെ സ്വാമിയും, മഹാനുമായ ഇന്ദ്രനെ, ഗോക്കൾ കിടാക്കളെ നക്കുന്നതുപോലെ സ്തുതികളാൽ നക്കിത്തുടക്കുന്നു.

**6. സ മന്ദസ്വാ ഹ്യന്ധസോ രാവസേ തന്വാ മഹേ|**

**ന സ്തോതാരം നിദേ കരഃ ||**

ഹേ ഇന്ദ്രാ! ധനം നൽകുന്നതിനാൽ ഈ സോമം വഴി സ്വന്തം ശരീരത്തെ പുഷ്ഠിപ്പെടുത്തിയാലും. എന്നോടുകൂടി സ്തുതിക്കുന്നവർ ഒരിക്കലും നിന്ദിക്കപ്പെടാതിരിക്കണമേ.

**7. വയമിന്ദ്ര ത്വായവോ ഹവിഷ്മന്തോ ജരാമഹേ|**

**ഉത ത്വമസ്മയുർവസോ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നെ ആഗ്രഹിച്ചുകൊ് ഹവിസ്സോടുകൂടി സ്തുതിക്കുന്നു. നീ ഹവിസ്സ് സ്വീകരിച്ച് ളെ രക്ഷിക്കേണമേ.

**8. മാരേ അസ്മദ്വി മുമുചോ ഹരിപ്രിയാർവാങ്യാഹി |**

**ഇന്ദ്ര സ്വധാവോ മത്സ്വേഹ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം അശ്വങ്ങളെ സ്നേഹിക്കുന്നു. ആ അശ്വങ്ങളെ ഞങ്ങളിൽ നിന്നും അകറ്ററുതേ. ഞങ്ങളുടെ അടുക്കലേയ്ക്ക് വരണമേ. ഈ യജ്ഞത്തിനെ സോമത്തിൽ നിന്നും ഹർഷത്തെ പ്രാപിച്ചാലും.

**9. അർവാഞ്ചം ത്വാ സുഖേ രഥേ വഹതാമിന്ദ്ര കാശിനാ |**

**ഘൃതസ്നൂ ബർഹിരാസദേ ||**

ഹേ ഇന്ദ്രാ! ശ്രമത്തിൽ നിന്നും സ്വേദകണയുക്തമായ നീ രോമങ്ങളുള്ള നിന്റെ അശ്വങ്ങൾ, നിനക്കിരിക്കുവാൻ യോഗ്യമായ ഈ കുശാസനത്തിന്റെ മുമ്പിലേയ്ക്ക് മുഖം തിരിച്ച് രഥത്തോടുകൂടി വന്നുചേരണേ.

## സൂക്തം 42

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രീ**

**1. ഉപനഃ സുതമാ ഗഹി സോമമിന്ദ്രഗവാശിരം |**

**ഹരിഭ്യാം യസ്തേ അസ്മയുഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ സോമം ക്ഷീരമിശ്രിതമാക്കു. അതിന്റെ അടുക്കലേയ്ക്ക് എഴുന്നള്ളിയാലും. നിന്റെ രഥത്തെ കുതിരകളോടുകൂടി ഞങ്ങൾ കാണുവാനാഗ്രഹിക്കുന്നു.

**2. തമിന്ദ്ര മദമാ ഗഹി ബർഹി ഷ്ഠാം ഗ്രാവഭിഃ സുതം |**

**കവിന്ന്വാസ്യ തൃഷ്ണവഃ ||**

ഹേ ഇന്ദ്രാ! അമ്മിക്കല്ലുകൊ് ഇടിച്ചുപിഴിഞ്ഞെടുത്ത ഈ സോമരസം കുശമേൽ വച്ചിരിക്കുന്നു. നീ ഇതിന്റെ സമീപമെത്തിയാലും. നീ ഇഷ്ടമുള്ളിടത്തോളം ഇതു പാനം ചെയ്ത് തൃപ്തനാകട്ടെ.

**3. ഇന്ദ്രമിത്ഥാ ഗിരോ മമാച്ഛാഗുരിഷതാ ഇതഃ |**

**ആവൃതേ സോമപീതയേ ||**

നമ്മുടെ സ്തുതിരൂപമായ വാണി ഇന്ദ്രനുവേി ഉച്ചരിക്കപ്പെട്ട് സോമപാനത്തിനായി അവനെ ആഹ്വാനം ചെയ്ത് യജ്ഞസ്ഥാനത്ത് എത്തി, അവന്റെ സാമീപ്യം പ്രാപിക്കണേ.

**4. ഇന്ദ്രം സോമസ്യ പീതയേ സ്തോമൈരിഹ ഹവാമഹേ |**

**ഉക്ഥേഭി കവിദാഗമത് ||**

സ്തോത്രങ്ങളാലും അതുപോലെ പ്രശംസനീയങ്ങളായ

സ്തുതികളാലും യജ്ഞത്തിൻെറ സോമപാനത്തിനായി ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. വളരെ പ്രാവശ്യം ആഹ്വാനം ചെയ്യപ്പെട്ട ആ ഇന്ദ്രൻ നമ്മുടെ യജ്ഞത്തിലേയ്ക്ക് എഴുന്നള്ളണേ.

**5. ഇന്ദ്ര സോമാഃ സുതാ ഇമേ താന്ദധിഷ്വ ശതക്രതോ |**
**ജഠരേ ജവാജിനിവസോ ||**

ഹേ ഇന്ദ്രാ! നീ അനന്തകർമ്മാവാകുന്നു. നിനക്കായി സോമം തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഇതിനെ നിൻെറ ഉദരത്തിൽ സ്വീകരിക്കുകയും ഞങ്ങൾക്കായി അന്നവും ധനവും ദാനമായി നൽകുകയും ചെയ്യണമേ.

**6. വിദ്മാ ഹി ത്വാ ധനഞ്ജയം വാജേഷു ദധൃഷം കുവേ**
**അധാ തേ സുമ്നമീമഹേ ||**

ഹേ ഇന്ദ്രാ! യുദ്ധഭൂമിയിൽ നീ ശത്രുക്കളെ സംഹരിക്കുന്നവനും അവരുടെ ധനങ്ങൾ പിടിച്ചെടുക്കുന്നവനും ആകുന്നു. അതെല്ലാമറിഞ്ഞ് ഞങ്ങൾ നിന്നോടു ധനം യാചിക്കുന്നു.

**7. ഇമമിന്ദ്ര ഗവാശിരം യവാശിരം ച നഃ പിബഃ ആഗത്യാ**
**വൃഷഭിഃ സുതം ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ ഈ യജ്ഞത്തിലാഗതനായി ക്ഷീരദിമിശ്രിതമായ ഈ സോമരസം പാനം ചെയ്യണേ.

**8. തുഭ്യേമിന്ദ്ര സ്വ ഓക്യേ സോമം ചോദാമി പീതയേ ഏഷ**
**രാരന്തു തേ ഹൃദി ||**

ഹേ ഇന്ദ്രാ! ഈ സംസ്കരിക്കപ്പെട്ട സോമരസം നിനക്കു പാനം ചെയ്യുന്നതിനായി തന്നെ ഞങ്ങൾ നിൻെറ ഉദരത്തിൽ പ്രവിഷ്ടമാക്കുന്നു. ഇതിൽ നിന്നും നിൻെറ മനസ്സ് തൃപ്തിയായി പുഷ്ടിയെ പ്രാപ്തമാക്കണേ.

**9. ത്വാം സുതസ്യ പീതയേ പ്രത്നമിന്ദ്ര ഹവാമഹേ**
**കുശികാസോ അവസ്യവഃ ||**

ഹേ ഇന്ദ്രാ! നീ പുരാതനാകുന്നു. ഞങ്ങൾ കൗശിക വംശജരായ മഹർഷിമാർ, നിന്നിൽ നിന്നും രക്ഷാസാധനങ്ങൾ പ്രാപിക്കുന്നതിനുവേി ഈ സംസ്ക്കരിതമായ സോമം പാനം ചെയ്യുവാൻ മനോഹരമായ സ്തുതിവാണികളാൽ നിന്നെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 43

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. ആ യാഹ്യർവാങ്പ ബന്ധുരേഷ്ഠാസ്തവേദനു പ്രദിവഃ**
**സോമപേയം|**
**പ്രിയാ സഖായാ വി മുചോപ ബർഹിസ്ത്വാമിമേ**
**ഹവ്യവാഹോ ഹവന്തേ ||**

ഹേ ഇന്ദ്രാ! നിൻെറ നുകതുകളോടുകൂടിയ രഥം വഴിയായി ഞങ്ങളെ സമീപിച്ചാലും. ഈ പുരാതനമായ സോമം അങ്ങേയ്ക്ക് വേി തയ്യാറക്കിയിരിക്കുന്നു. നീ മിത്രരൂപങ്ങളായ അശ്വങ്ങളെ കുശക്കു സമീപം അഴിച്ചുവിട്ടാലും ഈ ഋത്വിക്കുകൾ സോമപാനത്തിനായി നിന്നെ ആഹ്വാനം ചെയ്തു കൊിരിക്കുന്നു.

**2. ആ യാഹി പൂർവീരതി പർഷണീരാം അര്യ ആശിഷ**
**ഉപ നോ ഹരിഭ്യാം |**
**ഇമാ ഹി ത്വാ മതയഃ സ്തോമഷ്ടാ ഇന്ദ്ര ഹവനേ സഖ്യം**
**ജജൂഷാണാഃ ||**

ഹേ ഇന്ദ്രാ! ഹേ പ്രഭോ! നീ എല്ലാ പ്രാചീനമനുഷ്യരേയും കടന്ന് ഇവിടെ വന്നാലും. സ്വന്തം അശ്വങ്ങളോടു കൂടി ഇവിടെ ആഗതനായി സോമം പാനം ചെയ്യണേ. ഞങ്ങളുടെ ഈ പ്രാർത്ഥന ചെവിക്കൊള്ളേണമേ. മിത്രകനെ ആഗ്രഹിക്കുന്ന സ്തുതികൾ സ്തോതാക്കളുടെ മുഖത്തുനിന്നും പുറപ്പെട്ട് നിന്നെ വിളിക്കുന്നു.

**3. ആ നോ യുജ്ഞ നമോവൃധം സജോഷാ ഇന്ദ്ര ദേവ**
**ഹരിഭിർയാഹി തൂയം |**
**അഹം ഹി ത്വാ മതിഭിർജോഹവീമി ഘൃതപ്രയാഃ സധമാദേ**
**മധൂനാം ||**

ഹേ ഇന്ദ്രാ! നീ പ്രകാശമാനാകുന്നു. ഞങ്ങളുടെ അന്നത്തെ വളർത്തുന്ന ഈ യജ്ഞത്തിൽ അശ്വങ്ങളോടു കൂടി നീ അതിവേഗം എഴുന്നള്ളണമേ. ഘൃതാന്നയുക്തനായ ഹവിസ്സോടു കൂടിയ സോമപാനത്തിനായി സ്തുതികൾ വഴിയായി നിന്നെ വിളിക്കുന്നു.

**4. അ ച ത്വാമേതാ വൃഷണാ വഹാതേ ഹരീ സഖായാ**
**സുധുരാ സ്വങ്ഗാ |**
**ധാനാവാദിദിന്ദ്രഃ സവനം ജജൂഷാണഃസഖാ സഖ്യഃ**
**ശൃണവദ്വന്ദനാനി ||**

ഹേ ഇന്ദ്രാ! നിൻെറ സേചനസമർത്ഥങ്ങളായ മനോഹരാശ്വങ്ങൾ നിന്നെ യജ്ഞസ്ഥാനത്തേയ്ക്ക് കൊുവരണമേ. പൊരിച്ചെടുത്ത ധാന്യയുക്തമായ സോമരസം സേവിച്ച്, മിത്രഭാവത്തോടുകൂടി സ്തുതിക്കുന്നവരായ ഞങ്ങളുടെ സ്തുതികളെ ശ്രവിച്ചാലും.

**5. കവിൻമാ ഗോപാം കരസേ ജനസ്യ കവിദ്രാജാനം**
**മഘവന്യജീഷിൻ |**
**കവിൻമാ ഋഷിം പപിവാംസം സുതസ്യ കവിൻമേ വസ്വേ**
**അമൃതസ്യ ശിക്ഷാഃ ||**

ഹേ ഇന്ദ്രാ! എനിയ്ക്ക് മനുഷ്യരെ രക്ഷിക്കുവാനുള്ള സാമർത്ഥ്യം പ്രദാനം ചെയ്യണമേ. നീ സോമത്താൽ യുക്തനായിരിക്കുന്നു. നിനക്ക് എല്ലാത്തിൻെറയും ആധിപത്യം നൽകണേ. എന്നെ ഋഷിയാക്കുകയും സോമപാനയോഗ്യരാക്കി ഒരിക്കലും ക്ഷയിക്കാത്ത മനസ്സുനൽകുകയും ചെയ്യണേ.

**6. ആ ത്വാ ബൃഹന്തോ ഹരയോ യുജാനാ അർവാഗിന്ദ്ര**
**സധമാദോ വഹന്തു |**
**പ്ര യേ ദ്വിതാ ദിവ ഋഞ്ജന്ത്യാതാഃ സുസമൃഷ്ടാസോ**
**വൃഷഭസയമൂരാഃ ||**

ഹേ ഇന്ദ്രാ! രഥത്തിൽ പൂട്ടപ്പെട്ട അശ്വങ്ങൾ നിന്നെ ഞങ്ങളുടെ മുമ്പിൽ കൊുവരണേ. നീ അഭീഷ്ട വർഷകനാകുന്നു. നിൻെറ അശ്വങ്ങൾ ശത്രുക്കളെ നശിപ്പിക്കുന്നവയാകുന്നു. ഇന്ദ്രൻെറ കരങ്ങളാൽ നയിക്കപ്പെടുന്ന ആ അശ്വങ്ങൾ ദിക്കുകളെ നശിപ്പിക്കുന്നവയാകുന്നു. ഇന്ദ്രൻെറ കരങ്ങളാൽ നയിക്കപ്പെടുന്ന അശ്വങ്ങൾ ദിക്കുകളുടെ നശിപ്പിക്കുന്നവയാകുന്നു. ഇന്ദ്രൻെറ കരങ്ങളാൽ നയിക്കപ്പെടുന്ന അശ്വങ്ങൾ ദിക്കുകളുടെ പരിധികളിൽ കൂടി സഞ്ചരിച്ച് ആകാശമാർഗ്ഗം നമ്മുടെ മുമ്പിൽ വന്നു ചേരുന്നു.

**7. ഇന്ദ്ര പിബ വൃഷധൂതസ്യ വൃഷ്ണ ആ യം തേ ശ്യേന**
**ഉശതേ ജഭാര |**
**യസ്യ മദേ ച്യാവയസി പ്ര കൃഷ്ടീര്യസ്യ മദേ അപ അപ**
**ഗോത്രാ വവർഥ ||**

ഹേ ഇന്ദ്രാ! നീ സോമം ഇഷ്ടപ്പെടുന്നു. നീ ഇഛിതങ്ങളായ ഫലങ്ങൾ നൽകുന്നവനും അമ്മിക്കല്ലാൽ ഇടിച്ചു പിഴിഞ്ഞ സോമം

പാനം ചെയ്യുന്നവനും ആകുന്നു. ശ്യേനൻ നിനക്കായി സോമം കൊ ു വരുന്നു. സോമത്തിൽ നിന്ന് ഉത്ഭൂതമാകുന്ന ഹർഷത്താൽ നീ ശത്രുക്കളെ നിലം പരിശാക്കുന്നു.

**8. ശുനം ഹുവേമ മഘവാനമിന്ദ്രമസ്മിൻ ഭരേ നൃതമം വാജസാതൗ |**
**ശൃണ്വന്തമുഗ്രമൂതയേ സമത്സുഘ്നന്തം വൃത്രാണി സഞ്ജിതം ധനാനാം ||**

ഹേ ഇന്ദ്രാ! അന്നനായകനായ നീ യുദ്ധത്തിൽ ഉത്സാഹത്തോടുകൂടി മുന്നേറുന്നു. ധനൈശ്വര്യങ്ങളാൽ യുക്തനും, നായകൻമാരിൽ ശ്രേഷ്ഠനും, സ്തുതികൾ ശ്രവിക്കുന്നവനുമാകുന്നു. മഹായുദ്ധങ്ങളിലും ശത്രുക്കളെ നശിപ്പിച്ച് ധനം പിടിച്ചെടുക്കുന്ന ആശ്രയപ്രാപ്തിയ്ക്കായി ഞങ്ങൾ അങ്ങയെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 44

**ഋഷി വിശ്വാമിത്രൻ, ദേവത അഗ്നി, ഛന്ദസ് ബൃഹതി, അനുഷ്ടുപ്**

**1. അയം തേ അസ്തു ഹര്യതഃ സോമ ആ ഹരിഭിഃ സുതഃ |**
**ജുജുഷാണ ഇന്ദ്ര ഹരിഭിർന ആ ഗഹ്യാ തിഷ്ഠ ഹരിതം രഥം ||**

ഹേ ഇന്ദ്രാ ഈ സോമം അമ്മിക്കല്ലുകൊ ് ഇടിച്ചുപിഴിഞ്ഞ് തയ്യാറാക്കിയതാണ്. പ്രീതിയെ വളർത്തുന്നതും രമണീയവുമായ ഇത് നിനക്കുവേിയുള്ളതാണ്. അശ്വയുക്തമായ രഥത്തിൽ നീ ഇവിടെ വരണേ.

**2. ഹര്യന്നുഷസമർചയഃ സൂര്യം ഹര്യന്നരോ ചയഃ |**
**വിദ്വാംശ്ചികിത്വാൻ ഹര്യശ്വ വർധസ ഇന്ദ്ര വിശ്വാ അഭിശ്രിയഃ ||**

ഹേ ഇന്ദ്രാ! നീ സോമത്തെ ആഗ്രഹിക്കുവാനായി സൂര്യനെ പ്രകാശിക്കുന്നവനാക്കുന്നു. ഹേ അശ്വസംയുക്തനായ ഇന്ദ്രാ! നീ മഹാജ്ഞാനിയും ഞങ്ങളുടെ അഭിലാഷങ്ങളെ അറിയുന്നവനും ആകുന്നു. നീ ഞങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റി ഞങ്ങളുടെ ധനം അഭിവൃദ്ധിപ്പെടുത്തണേ.

**3. ദ്യാമിന്ദ്രോ ഹരിധായസം പൃഥിവീം ഹരിവർപസം |**
**അധാതയദ്ധരിതോർഭൂരിം ഭോജനം യയോരന്തർഹരിശ്ചരത് ||**

ഹരിതവർണ്ണങ്ങളായ കിരണങ്ങളാൽ യുക്തമായ സൂര്യലോകത്തേയും ഹരിതാഭകോലുന്ന ഔഷധികളാൽ ഹിതമായ ഭൂമിയേയും ഇന്ദ്രൻ തന്റെ അശ്വ ങ്ങൾക്കുവേി ഭക്ഷണമെടുക്കുകയും, അവർക്കിടയിൽകൂടി ഭ്രമണം ചെയ്യുകയും ചെയ്യുന്നു.

**4. ജജ്ഞാനോ ഹരിതോ വൃഷാ വിശ്വമാ ഭാതി രോചനം |**
**ഹരിശ്വേ ഹരിതം ധത്ത ആയുധമാ വജ്രം ബഹ്വേർഹരിം ||**

അഭീഷ്ടങ്ങൾ വർഷിക്കുന്നവനായ ഇന്ദ്രൻ ജനിച്ചപ്പോൾതന്നെ അഖിലലോകങ്ങളേയും പ്രകാശമാന മാക്കുന്നു. ഹരിതങ്ങളായ ആയുധങ്ങൾ ധരിച്ചുകൊ ് ശത്രുക്കളെ സംഹരിക്കുന്നതായ വജ്റത്തെ ഉയർത്തുന്നു.

**5. ഇന്ദ്രോ ഹര്യന്തമജ്ജൂർനം ശുക്രൈരഭിവൃതം |**
**അപാവൃണോദ്ധരിഭിരദ്രിഭിഃ സുതമുദ്ഗാ ഹരിഭിരാജത ||**

ഇന്ദ്രൻ ക്ഷീരാദികളാൽ മിശ്രിതമാക്കേതും കല്ലുകൊ ് ഇടിച്ചു പിഴിയേതും ആയ സോമലതയെ സൃഷ്ടിച്ചു. അവൻ അശ്വങ്ങളോടുകൂടി പണികളാൽ മോഷ്ടിക്കപ്പെട്ട ഗോക്കളെ വെളിയിൽ കൊുവന്നു.

## സൂക്തം 45

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ബൃഹതി.**

**1. ആ മന്ദ്രൈരിന്ദ്ര ഹരിഭിര്യാഹി മയൂരരോമാഭിഃ|**
**മാ ത്വാ കേ ചിന്നി യവന്വിം ന പാശിനോ തീ ധന്വേവ താം ഇഹി ||**

ഹേ ഇന്ദ്രാ! മയിൽത്തൂവൽപോലെ രോമങ്ങളോടുകൂടിയ അശ്വങ്ങളോടുകൂടി ഈ യജ്ഞസ്ഥാനത്തെ പ്രാപിച്ചാലും. വേടൻ പറന്നു നടക്കുന്ന പക്ഷികളെ കുരുക്കിൽ പിടിക്കുന്നതുപോലെ നിന്റെ മാർഗ്ഗങ്ങളിൽ ബാധകങ്ങളായ യാതൊന്നും നിന്നെ കുരുക്കാതിരിക്കണേ. സഞ്ചാരികളായ മനുഷ്യൻ മരുഭൂമിയെ കടക്കുന്നതുപോലെ നീയും നിലവിലുള്ള എല്ലാ ബാധകളേയും അതിജീവിച്ച് ഞങ്ങളുടെ യാഗശാലയിലേയ്ക്ക് അതിവേഗം എഴുന്നള്ളണേ.

**2. വൃത്രാഖാദോ വലംരുജഃ ദർമോ അപാമജഃ |**
**സ്ഥാതാ രഥസ്യ ഹര്യോരഭിസ്വര ഇന്ദ്രോ ദൃള്ഹാ ചിദാരുജഃ ||**

ഇന്ദ്രൻ വൃത്രനെ സംഹരിച്ചു. മേഘങ്ങളെ പിളർത്തി മഴ പെയ്യിക്കുന്നു. അവന ശത്രുദുർഗ്ഗങ്ങൾ തകർത്തു. അവൻ അശ്വങ്ങളെ നയിക്കുന്നതുകാരണം നമ്മുടെ മുന്നിൽ രഥാരൂഢനായിത്തന്നെ വന്നു. ഈ ഇന്ദ്രൻ തന്നെ ശക്തിശാലികളായ വൈരികളെ സംഹരിച്ചു.

**3. ഗംഭീരാം ഉദധംരിവ ക്രതും പുഷ്യസി ഗാ ഇവ|**
**പ്ര സുഗോപാ യവസം ധേനവോ യഥാ ഹ്രദം കല്യാ ഇവാശത ||**

ഹേ ഇന്ദ്രാ! സന്ന്യാസിമാരും ഇടയൻമാരുമ തങ്ങളുടെ ഗോക്കളെ പ് ഭക്ഷ്യവസ്തുക്കൾക്കായി പാലിച്ചിരുന്നതു പോലെ, നീ ജലത്താൽ ഗംഭീരങ്ങളായ സമുദ്രങ്ങളെ നിറക്കുന്നതുപോലെ യജ്ഞകർമ്മാനുഷ്ഠാനങ്ങളിൽ വ്യാപൃതനായിരിക്കുന്ന യജമാനന് അവനാഗ്രഹിക്കുന്ന ഫലങ്ങൾ നൽകി പുഷ്ടിപ്പെടുത്തണമേ. ഗോക്കൾ തൃണുപ്രദേശത്തെ പ്രാപിക്കുന്നതുപോലെ ചെറിയ നദികൾ വലിയ ജലാശയത്തെ പ്രാപിക്കുന്നതുപോലെ യജ്ഞത്തിൽ സംസ്ക്കാരിതമായ സോമം നിന്നെ പ്രാപിക്കുന്നു.

**4. ആ നസ്തുജം രയിം ഭരാംശം ന പ്രതിജാനതേ |**
**വൃക്ഷം പക്വം ഫശമങ്കിവ ധൂനുഹീന്ദ്ര സമ്പാരണം വസു ||**

ഹേ ഇന്ദ്രാ! പ ിതാവ് വ്യവഹാരകുശലനായ പുത്രന് ധനം നൽകുന്നതുപോലെ ശത്രുക്കളെ ജയിക്കുന്നതിൽ സമർത്ഥനും ധനം സമ്പാദിക്കുന്നതിൽ യോഗ്യനുമായ പുത്രനെ ഞങ്ങൾക്ക് പ്രതാനം ചെയ്യണേ. പഴുത്തഫലങ്ങളെ തോട്ടികൊ ് കുലുക്കി വീഴിക്കുന്നതുപോലെ ഞങ്ങളുടെ ഇഛകൾ പൂർണ്ണമാക്കുന്ന ഫലങ്ങളെ പ്രദാനം ചെയ്യണേ.

**5. സ്വയുരിന്ദ്ര സ്വരാളസി സ്മദ്ദിഷ്ടിഃ സ്വയശസ്വരഃ |**
**സ വാസധാന ഓജസാ പുരുഷ്ടുത ഭവാ നഃ സുശ്രവസ്തമഃ ||**

ഹേ ഇന്ദ്രാ! നീ ധനവാനാണ്. നീ ദിവ്യലോകങ്ങളുടേയും സ്വാമിയും, ഉത്തമങ്ങളായ വചനങ്ങളോടുകൂടിയവനും മനോഹരമായ

യശസ്സോടുകൂടിയവനുമാണ്. അനേകരാൽ നീ സ്തുതിക്കപ്പെടുന്നു. നീ സ്വന്തം ബലത്താൽ വളരുന്നു. ഞങ്ങൾക്ക് ആവശ്യമായ അന്നം നൽകുവനാകണമേ.

## സൂക്തം 46

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് അനുഷ്ടുപ്**

**1. യുധ്മസ്യ തേ വൃഷഭസ്യ സ്വരാജ ഉഗ്രസ യൂനഃ സ്ഥവിരസ്യ ധൃഷ്വേഃ |**
**അജജര്യതോ വജ്രിണോ വീര്യാണീന്ദ്ര ശ്രുതസ്യ മഹതോ മഹാനി ||**

ഹേ ഇന്ദ്രാ! നീ സമ്പത്തുക്കളുടെ നാഥനും, അഭീഷ്ടങ്ങൾ നൽകുന്നവനും യുദ്ധത്തിൽ മുന്നേറുന്നവനും, സമർത്ഥനും, അജരനും, ശത്രുക്കളെ പരാജയപ്പെടുത്തുന്നവനും, നിത്യയുവാവും, വജ്റധാരിയും, നിത്യനും, ലോകത്രയങ്ങളിൽ പ്രസിദ്ധി പ്രാപിച്ചവനും ആകുന്നു. നീ മഹാപരാക്രമിയാകുന്നു.

**2. മഹാം അസി മഹിഷ വഷ്ണേഭിർധനസ്പൃദുഗ്ര സഹമാനോ അന്യാൻ|**
**ഏകോ വിശ്വസ്യ ഭുവനസ്യ രാജാ സ യോധയാ ച ക്ഷയയാ ച ജനാൻ ||**

ഹേ ഇന്ദ്രാ നീ ഉഗ്രകർമ്മാവും, പൂജനീയനുമാകുന്നു. നീ സ്വന്തം ധനത്തെ സ്നേഹിക്കുന്നു. ശക്തിയാൽ ശത്രുക്കളെ ആതകിതനാക്കുന്നു. നീ വിശ്വത്തിനെല്ലാം ഏകനായ സ്വാമിയാകുന്നു. നീ ശത്രുക്കളെ നശിപ്പിച്ച് സജ്ജനങ്ങൾക്ക് ഉത്തമമായ വാസസ്ഥാനം പ്രദാനം ചെയ്യണേ.

**3. പ്ര മാത്രാഭി രിരിചേ രോചമാനഃ പ്ര ദേവേഭിർവിശ്വതോ അപ്രതീതഃ |**
**പ്ര മജ്മന ദിവ ഇന്ദ്രഃ പൃഥിവ്യാഃ പ്രോരോർമഹോ അന്തരിക്ഷാദൃജീഷീ ||**

ഈ ഇന്ദ്രൻ സോമയുക്തനാണ്. എല്ലാവിധത്തിലും അസീമിതനും, പർവ്വതങ്ങളേക്കാൾ അധികം ഉറപ്പുള്ളവനും ആകുന്നു. ഇവൻ പ്രകാശയുക്നും ദേവതകളെക്കാൾ അധികം ശക്തനും ആകുന്നു. ഇവൻ ആകാശ പൃഥ്വികളേക്കാൾ വിശാലനും, വിസ്തീർണ്ണനും, മഹാനും, അന്തരീക്ഷത്തേക്കാൾ ഉത്കൃഷ്ടനുമാകുന്നു.

**4. ഉരും ഗഭീരം ജനുഷാഭ്യുഗ്ര വിശ്വവ്യചസമവതം മതീനാം |**
**ഇന്ദ്രം സോമാസഃ പ്രദിവി സുതാസമഃ സമുദ്രം ന സ്രവിത ആ വിശന്തി ||**

ഹേ ഇന്ദ്രാ! നീ അത്യന്തം ഗംഭീരനും മഹറ്റാനുമാകുന്നു. നീ സ്വാഭാവികമായും ശത്രുക്കൾക്ക് വികാരാളനായിത്തീരുന്നു. നീ സർവ്വവ്യാപകനും സ്തുതികളുടെ രക്ഷകനും ആകുന്നു. നദികൾ സമുദ്രത്തെ ലക്ഷ്യമാക്കി പ്രവഹിക്കുന്നതുപോലെ പ്രാചീനകാലം മുതൽ വ്യവഹൃതനായ ഈ സോമം സുസിദ്ധമായി ഇന്ദ്രനെ ലക്ഷ്യമാക്കി പൊയ്ക്കൊിരിക്കുന്നു.

**5. യം സോമമിന്ദ്ര പൃഥിവീദ്യാവാ ഗർഭം ന മാതാ ബിഭൃത സ്ത്വായാ |**
**തം തേ ഹിന്വന്തി തമു തേ മൃജന്ത്യധ്വര്യവോ വൃഷഭ പാതവാ ഉ ||**

ഹേ ഇന്ദ്രാ! ഗർഭവതിയായ ജനനിയ്ക്കു സമാനം നിന്നെ ആഗ്രഹിക്കുന്നവനായ ആകാശവും ഭൂമിയും സോമത്തെ ധാരണം ചെയ്യുന്നു. നീ ആഗ്രഹങ്ങളെ പൂർത്തിയാക്കുന്ന വനാണ്. അധ്വര്യുക്കൾ ആ സോമത്തെ പരിരക്ഷിച്ച് നിനക്കു സേവിക്കുന്നതിനായി തയ്യാറാക്കുന്നു.

## സൂക്തം 47

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്**

**1. മരുത്വാം ഇന്ദ്ര വൃഷഭോ രണായ പിബാ സോമമനുഷ്വധം മദായ |**
**ആ സിംചസ്വ ജംരേ മധ്വ ഉർമി ത്വ രാജസി പ്രദിവഃ സുതാ നാം ||**

ഹേ ഇന്ദ്രാ! മരുത്തുക്കളുടെ കൂട്ടുകാരനും അതുപോലെ ജലം വർഷിക്കുന്നവനുമാകുന്നു, നീ ഹവിസ്സ് രൂപമാകുന്ന അന്നത്താൽ യുക്തമായ സോമത്തെ യുദ്ധാദികൾക്കും, ആനന്ദവർദനക്കും ആയി പാനം ചെയ്യണേ. നീ സോമത്താൽ ഉദരത്തെ നനച്ചാലും. നീ പ്രാചീനകാലം മുതൽ സോമത്തിൻെറ അധീശനാകുന്നു.

**2. മജോഷാ സഗണോ മരുദ്ഭിഃ സോമം പിബ വൃത്രഹാ ശൂര വിദ്വാൻ |**
**ജഹി ശത്രുംരപ മൃധോ നുദസ്വാഥഭയം കൃണുഹി വിശ്വതോ നഃ ||**

ഹേ ഇന്ദ്രാ! നീ വീരനാകുന്നു. നീ ദേവകളുടെ കൂട്ടുകാരനും മരുത്തുക്കളുടെ സഹായം ലഭിച്ചിട്ടുള്ളവനും ആകുന്നു. നീ വൃത്രനെ സംഹരിച്ചവനും, എല്ലകർമ്മങ്ങളേയും അറിയുന്നവനും ആകുന്നു. നീ സോമപാനം ചെയ്തുകൊ് ഞങ്ങളുടെ ശത്രുക്കളെ സംഹരിക്കണേ. ഹിംസമൃഗങ്ങളെ നശിപ്പിക്കുകയും; ഞങ്ങളെ എല്ലാഭാഗത്തുനിന്നും നിർഭയരാക്കുകയും ചെയ്യട്ടെ.

**3. ഉത ഋതുഭിർഋതുപാന്ന പാഹി സോമമിന്ദ്ര ദേവേഭി സഖിഭിഃ സുതം നഃ |**
**യാം ആഭജോ മരുതോരാ യേ ത്വാന്വഹൻവൃത്ര മദസുതുഭ്യമോജഃ ||**

ഹേ ഇന്ദ്രാ! നീ മിത്രരൂപമായ ദേവതകളേയും, മരുത്തുക്കളേയും കൂട്ടികൊ് സംസ്കരിക്കപ്പെട്ട ഞങ്ങളുടെ സോമം പാനം ചെയ്യണേ. യുദ്ധത്തിൽ സഹായത്തിനായി നീ യാതൊരു മരുത്തുക്കളെ കൂട്ടുപിടിച്ചിരുന്നുവോ, യാതൊരു മരുതുക്കൾ നിന്നെ തങ്ങളുടെ പ്രഭുവായി സ്വീകരിച്ചിരുന്നുവോ, ആ മരുത്തുക്കൾ യുദ്ധക്ഷേത്രത്തിൽ നിൻെറ ബലം വർദ്ധിപ്പിച്ചിരുന്നു. അതിനുശേഷം നീ വൃത്രനെ സംഹരിച്ചു.

**4. യേ ത്വാഹി ഹത്യേ മഘവന്നവർധന്യോ ശാംബരേ ഹരിവോ യേ ഗവിഷ്ടൗ |**
**യേ ത്വാ നൂനമനുമദന്തി വിപ്രാഃ വിബേന്ദ്ര സോമം സണോ മുദ്ഭിഃ ||**

ഹേ മഘവൻ! നീ അശ്വയുക്തനാണ്. യാതൊരു മരുത്തുക്കൾ അസുരരെ കൊല്ലുവാൻ യുദ്ധത്തിൽ നിന്നെ സഹാച്ചിരുന്നുവോ. യാതൊരുത്തർ ശംബവരനെ കൊല്ലുവാൻ നിന്നെ ശക്തിശാലിയാക്കിത്തീർത്തുവോ യാതൊരുത്തർ ഗോക്കളെ വീടെടുക്കുവാൻ പണികളുമായുാ യുദ്ധത്തിൽ നിന്നെപ്രവൃദ്ധനാക്കിയിരുന്നുവോ. ആ മരുത്തുക്കൾ മഹാജ്ഞാനികളാകുന്നു. അവരിപ്പോഴും നിന്നെ

സന്തുഷ്ടനാക്കുന്നതിൽ വ്യാപൃതനായിരിക്കുന്നു. നീ ആ മരുത്തുക്കളോട് ചേർന്ന് സോമം പാനം ചെയ്യണേ.

**5. മരുത്വന്തംവൃഷഭം വാവൃധാനകവാരിം ദിവ്യം ശാസമിന്ദ്രം |**
**വിശ്വാനാഹാവാസനൂരവായോഗ്രം സഹോദാമിഹ തം ഹുവേ ||**

ഹേ ഇന്ദ്രാ! നീ മരുത്തുക്കളോടു കൂടിയവനാകുന്നു. നീ ജലത്തെ വർഷിപ്പിക്കുന്നു. വിശ്വത്തിൻെറ നിയതാവും ശാസകനും ആകുന്നു. വലിയ കർമ്മങ്ങളോടുകൂടിയ നീ മഹാശക്തിസാലിയുമാകുന്നു. നീ ദിവ്യനും അത്മുതവാനും ആകുന്നു. ഞങ്ങൾ നിൻെറ അഭിനവമായ ആശ്രയപ്രാപ്തിയ്ക്ക് വേി സ്തുതിപൂർവ്വം ആഹ്വാനം ചെയ്യുന്നു.

## സൂക്തം 48

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്**

**1. ഹഷബവരേധപ്രീനകനകാമം യഥാരെ സോശിര സ്യുഷിസസാതുസസപ്രം മവദന്ധ പ്രഥമം സേമയുസ്യ ||**

ജലവർഷകനും, സദ്ജാതനും ആയ ഇന്ദ്രൻ ഹവിസ്സ് യുക്തമായ സോമം വിഴിഞ്ഞെടുക്കുന്നവരെ രക്ഷിക്കണേ. സോമപാനത്തെ ആഗ്രഹിക്കുന്ന നീ ദുഗ്ധാദിയുക്തമായ അതിനെ ദേവകൾക്കുമുമ്പായി പാനം ചെയ്യണേ.

**2. യജ്ജ്യഥാസ്തദഹരസ്യ കാമം ശോഃ പിയൂഷമപിബോ ഗിരിഷ്ഠാം |**
**തം തേ മാതാ പരിയീഷാ ജനിത്രീ മഹഃ പിഭമ ആസിംഞ്ചദഗ്രേ ||**

ഹേ ഇന്ദ്രാ! നീ പെറ്റുവീണപ്പോൾ തന്നെ പർവ്വതത്തിൽ സ്ഥിതിചെയ്തിരുന്ന സോമലതാമൃതം പാനം ചെയ്ത് ദാഹം ശമിപ്പിച്ചു. നിൻെറ മാതാവായ അദിതി പിതാവായ കാശ്യപൻെറ ഭവനത്തിൽ വച്ചു മുലകുടിപ്പിച്ചതിനുശേഷം സോമരസം നിൻെറ വായിൽ ഒഴിച്ചുതന്നു.

**3. ഉപസ്ഥായ മാതരമന്നമൈട്ട തിഗ്മമപശ്യദഭി സോമമൂധ; |**
**പയാവയന്നചരദ് ഗൃത്സോ അന്യാൻമഹാനി ചക്രേപുരുധപ്രതീകഃ ||**

ഇന്ദ്രൻ തൻെറ മാതാവിനോട് അന്നം യാചിച്ചപ്പോൾ അവൻ അവളുടെ സ്തനങ്ങളിൽ ദുഗ്ധരൂപമായ സോമം കത്തെി. ശത്രുക്കളെ കൊല്ലുവാൻ ദേവതകൾ ആവശ്യപ്പെട്ടതനുസരിച്ച് അവരെ തൽസ്ഥാനത്തുനിന്നും മാറ്റി. അവൻ സഞ്ചരിക്കുവാൻ തുങ്ങി. അവർക്ക് അഗഭംഗം വരുത്തി, വൃത്രനെ വധിച്ച് വളരെയധികം പരാക്രയുക്തങ്ങളായ കർമ്മങ്ങൾ അവൻ നിർവ്വഹിച്ചു.

**4. ഉഗ്രസ്തുരാഷാളഭിഭൂത്യോജാ യഥാവശം തന്വം ചക്ര ഏഷഃ |**
**ത്വഷ്ഠാരമിന്ദ്രോ ജനുഷാഭിഭൂയാമുഷ്യാ സോമമപിബച്ചമൂഷു ||**

ഇന്ദ്രൻ ശത്രുക്കൾക്ക് മഹാഭയങ്കരനാണ്. അവൻ തൻെറ പരാക്രങ്ങളാൽ ശത്രുക്കളെ അതിവേഗം ഇല്ലാതാക്കുന്നു. അവൻ തൻെറ രൂപത്തെ വിവിധരൂപങ്ങളിൽ സമർത്ഥനാണ്. അവൻ ത്വഷ്ടാവിനെ വശീകരിച്ച് ചമസത്തിലിരുന്ന സോമം പാനം ചെയ്തിരുന്നു.

**5. ശൂനം ഹുവേമ മഘവാനമിന്ദ്രസ്മിൻഭരേ നൃതമം വാജസാതൗ |**
**ശൃണ്വന്തമുഗ്രമൂതയേ സമത്സുഘ്നന്തം വൃത്രാണി സിഞ്ജിതം ധനാനാം ||**

ഹേ ഇന്ദ്രാ! ഹേ മഘവൻ! നീ യുദ്ധത്തിൽ ഉത്സാഹത്തോടുകൂടി വൃദ്ധിപ്രാപിക്കുന്നു. നീ ധനത്താലും ഐശ്വര്യത്താലും ശ്രേഷ്ഠനായ നേതാവും, സ്തുതികൾ ശ്രവിക്കുന്നവനും ആകുന്നു. ഭീകരരൂപനായ നീ ഭീഷണങ്ങളായ യുദ്ധങ്ങളിൽ ശത്രുക്കളെ നശിപ്പിക്കുകയും അവരുടെ സമ്പത്തുക്കൾ പിടിച്ചടക്കുകയും ചെയ്യുന്നു. ആശ്രയപ്രാപ്തി യ്ക്കായി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 49

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ശംസാ മഹാമിന്ദ്രം യസ്മിന്വിശ്വാ ആ കൃഷ്ടയഃ സോമപാഃ കാമവ്യൻ |**
**യം സുക്രതം ധിഷണേ വിഭ്വതഷ്ടം ധനം വൃത്രാണം ജനയന്ത ദേവാഃ ||**

ഹേ സ്തോത്രകൻമാരേ! ഈ ഇന്ദ്രൻ മഹാനാകുന്നു.. ഇവനെത്തന്നെ സ്തുതിക്കുവിൻ. ഇന്ദ്രനാൽ രക്ഷിക്കപ്പെട്ടവനായ എല്ലാ മനുഷ്യരും യജ്ഞത്തിൽ സോമം പാനം ചെയ്ത് ആഗ്രഹപ്രാപ്തിനേടുന്നു. ദേവഗണങ്ങളും, ആകാശവും ഭൂമിയും ബ്രഹ്മം വഴിയായി വിശ്വത്തിൻെറ സ്വാമിയാക്കപ്പെട്ട ഉത്തമകർത്താവും, പാപവിനാശകനായ ഇന്ദ്രനെ പ്രകടമാക്കി.

**2. യം നു നകിഃ പൃതനാസു സ്വരാജം ദ്വിതാ തരതി നൃതമം ഹരിഷ്ഠാം |**
**ഇനതമഃ സത്വഭിർയോ ഹ ശൂഷൈഃ വൃഥുജ്രജയാ അമിനാദാർദസ്യോഃ ||**

യുദ്ധക്ഷേത്രത്തിൽ തൻെറ തേജസ്സിനാൽ ശ്രോഭിതനും, അശ്വയുക്തനുമായ രഥത്തിലിരിക്കുന്നവനും, ബലവാനമാരുടെ യുദ്ധത്തിലെ നായകരൂപനും, യുദ്ധം ചെയ്യുന്ന സേനകളെ രുഭാഗത്തേയ്ക്കും വിഭജിച്ചുമാറ്റുന്നവനും ആയ ഇന്ദ്രൻെറ മേൽ ആക്രമണം നടത്തുവാൻ ആരും സമർത്ഥരാകുന്നില്ല. ആ ഇന്ദ്രൻ സൈന്യങ്ങളുടെ അധിനായകനാകുന്നു. യുദ്ധത്തിൽ ശത്രുശക്തിയെ ക്ഷീണിപ്പിക്കുന്ന മരുത്തുക്കൾ സഹിതം വജ്റധാരിയായ ആ ഇന്ദ്രൻ ശത്രുക്കളുടെ ജീവൻ അവസാനിപ്പിക്കുന്നതിൽ സമർത്ഥനാകുന്നു.

**3. സഹാവാ പൃത്സു തരണിർനാർവാ വ്യാനശീ രോദസീ മേഹനാവൻ |**
**ഭഗോ ന കാരേ ഹവ്യോ മതീനാം പിതേവ ചാരുഃ സുഹവോ വയോധാഃ ||**

ശക്തനായ അശ്വം ശത്രുക്കളുടെ മുമ്പിൽക്കൂടി അതിവേഗം പായുന്നതുപോലെ സമർത്ഥനായ ആ ഇന്ദ്രൻ സ്പർധായുക്തമായ സംഗ്രാമത്തിൽ അത്യധികം വേഗവാനായി കാണപ്പെടുന്നു. ആ ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും ശ്രേഷ്ഠങ്ങളായ ധനങ്ങളാൽ സമ്പന്നമാക്കുന്നു യജ്ഞത്തിൽ പാടപ്പെട്ട സ്തുതികൾക്ക് അവൻ പിതൃതുല്യനാക്കുന്നു. വിളിക്കപ്പെടുമ്പോൾ അവൻ അന്നം ദാനം ചെയ്യുന്നു.

**4. ധർതോ ദിവ്വോ രജസസ്പൃഷ്ട ഊർധ്വോ രഥോ ന**

**വായൂർവസുഭിർനിയുത്വാൻ |**
**ക്ഷപാം വസ്താ ജനിതാ സൂര്യസ്യ വിഭക്താ ഭാഗം ധിഷണേവ വാജം ||**

ആ ഇന്ദ്രൻ തന്നെ ആകാശത്തേയും ഭൂമിയേയും വഹിക്കുന്നവനായിരിക്കുന്നു. മുകളിലേയ്ക്ക് കയറുന്ന രഥത്തിനുസമാനം അവൻ മരുത്തുക്കളുടെ സഹായം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അവൻ രാത്രിയിലെ അന്ധകാരത്തെ സൂര്യനെ ഉദിപ്പിച്ചില്ലാതാക്കുന്നു. ധനവാൻ വാക്കുകളാൽ തൻെറ ധനത്തെ വിഭജിക്കുന്നതുപോലെ അവൻ കർമ്മഫലരൂപമായ അന്നത്തെ വിഭജിക്കുന്നു.

**5. ശൂനം ഹുവേമ മഘവാനമിന്ദ്രമസ്മിൻഭരേ നൃതമം വാജ സാതൗ |**
**ശൃണ്വന്തമഗ്രമൂതയേ സമുത്സു ഘ്നന്തം വൃത്രാണി സഞ്ജിതം ധനാനാം ||**

## സൂക്തം 50

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഇന്ദ്രഃ സ്വാഹാ പിബതു സോമ ആഗത്യാ തുമ്രോ വൃഷഭോ മരുത്വൻ |**
**ഓരുവ്യചാ പൃണതാമേഭിരന്നൈരാസ്യ ഹവിസ്തന്വ മാമൂധ്യഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ യാഗവേദിയിലാഗതനായി ഈ സോമം പാനം ചെയ്യണേ. ഈ സോമം തയ്യാറാക്കി യിരിക്കുന്നുവോ, ആ ഇന്ദ്രൻ വിഘ്നകാരികളായ ഹിംസകൻമാരെ നശിപ്പിക്കുന്നതിൽ സമർത്ഥനാകുന്നു. മരുത്തുക്കളാൽ യുക്തനായ അവൻ യജ്ഞകർത്താവിൻെറ മേൽ പുഷ്പവർഷം നടത്തുന്നു. അവൻ സർവ്വവ്യാപിയാകുന്നു. നമ്മളർപ്പിക്കുന്ന അന്നത്താൽ അവൻ തൃപ്തനാകണേ, ഹവിസ്സ് അവനെ സന്തുഷ്ടനാക്കണേ.

**2. ആ തേ സപര്യൂ ജവസേ യുനജ്മി യയോരനു പ്രദിവഃ ശ്രുഷ്ടിമാവഃ |**
**ഇഹ ത്വാ ധേയുർഹരയഃ സുഷിപ്ര പിബാ ത്വസ്യ സുഷുതസ്യ ചാരോഃ ||**

ഹേ ഇന്ദ്രാ! നിന്നെ യജ്ഞത്തിനു ക്ഷണിച്ചതു കാരണം ഞങ്ങൾ രഥത്തിൽ അശ്വങ്ങളെ പൂട്ടുന്നു. നീ പ്രാചീനകാലം മുതൽ തന്നെ അശ്വങ്ങളെ അനുഗമിക്കുന്നു. നിൻെറ താടി വളരെ മനോഹരമാണ്. നിന്നെ ആ അശ്വങ്ങൾ വഹിച്ചുകൊ് ഈ യജ്ഞത്തിൽ വരണേ. നീ ഉത്തമമായ രീതിയിൽ തയ്യാറാക്കപ്പെട്ട ഈ സോമരസം ഇവിടെ വന്ന് പാനം ചെയ്യണമേ.

**3. ഗോമിർമി മിക്കും ദധിരേ സുപാരമിന്ദ്രം ജൈഷ്ട്യാ ധായസേ ഗൃണാനാഃ |**
**മന്ദാനഃ സോമം പിപവാം ഋജീഷിൻത്സമസ്മഭ്യം പുരുധാ ഗാ ഇഷണ്യ ||**

സ്തുതിക്കപ്പെടുന്നവൻ, അിഷ്ടവർഷകനും സ്തുതികളാൽ പ്രസന്നനാകുന്നവനുമായ ഇന്ദ്രൻെറ സ്തോതാക്കളായ ഋത്വിക്കുകൾ ശ്രേഷ്ഠത്വം ലഭിക്കുന്നവനായി ക്ഷീരയുക്തമായ സോമം വഹിച്ചുകൊു നിൽക്കുന്നു. ഹേ ഇന്ദ്രാ! അങ്ങു സോമയുക്തനാകുന്നു. സന്തുഷ്ടനായി സോമം പാനം ചെയ്യുകയും സ്തുതിക്കുന്നവരുടെ യജ്ഞസിദ്ധിയ്ക്കായി ഗോക്കളെ പ്രദാനം ചെയ്യുകയും ചെയ്യേണമേ.

**4. ഇമം കാമം മന്ദയാ ഗോഭിരശ്വൈശ്ചന്ദ്രവതാ രാധസാ പപ്രഥശ്ച|**
**സ്വർയവോ മതിഭിസ്തുഭ്യം വിപ്രാ ഇന്ദ്രായ വാഹഃ കുശികാസോ അക്രൻ ||**

ഞങ്ങളുടെ അഭിലാഷങ്ങൾ ഗോക്കൾ, കുതിരകൾ, ശ്രേഷ്ഠമായ ധനങ്ങളാൽ എന്നിവകളാൽ പൂർണ്ണമാക്കണേ. സമ്പത്തുക്കൾ വഴിയായി ഞങ്ങൾക്ക് പ്രശസ്തി ലഭ്യമാക്കണേ. ഹേ ഇന്ദ്രാ! സ്വർഗ്ഗസുഖത്തെ കാംക്ഷിക്കുന്ന കർമ്മാവായ കൗശികൻമാർ മന്ത്രങ്ങളാൽ നിന്നെ സ്തുതിക്കുന്നു.

**5. ശൂനം ഹുവേമ മഘവാനമിന്ദ്രമസ്മിൻഭരേ നൃതമം വാജസാതോ |**
**ശൃണ്വന്തമുഗ്രമൂതയേ സമത്സു ഘ്നന്തം വൃത്രാണി സജ്ഞിതം ധനാനാം ||**

ഹേ ഇന്ദ്രാ! നീ അന്നം പ്രാപ്തമാക്കുന്നവനും യുദ്ധത്തിൽ ഉത്സാഹത്തോടുകൂടി മുന്നേറുന്നവനും, ധനത്തിൻെറയും, ഐശ്വര്യത്തിൻേറയും സ്വാമിയും ആകുന്നു. നീ ശ്രേഷ്ഠമായ നേതൃത്വശക്തിയോടുകൂടിയവനും, സ്തുതികളെ ശ്രവിക്കുന്നവനുമാകുന്നുവല്ലോ. നീ ഉഗ്രകർമ്മാവാകുന്നു. യുദ്ധത്തിൽ ശത്രുക്കളെ നശിപ്പിച്ച് ധനത്തെ വിജയിച്ചെടുക്കുന്നു. ആശ്രയപ്രാപ്തിയ്ക്കായി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 51

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ചർഷണീധൃതം മഘവാനമുക്ഥ മിന്ദ്രം ഗിരോ ബൃഹതീരഭ്യനൂഷത |**
**വാവൃധാനം പുരുഹൂതം സുവൃക്തിഭിരമർത്യം ജരമാണം ദിവേദിവേ ||**

അഭീഷ്ടങ്ങൾ പ്രദാനം ചെയ്ത് മനുഷ്യരുടെ പാലകനും, പ്രശംസനീയനും, ധനം, ബലം, ഐശ്വര്യം എന്നിവകളാൽ നിരന്തരം വളർന്നുകൊിരിക്കുന്നവനും, സ്തോതാക്കളാൽ പലപ്പോഴും വിളിക്കപ്പെടുന്നവനും അമരനും, ശോഭായമാനനും, രൂപവാണികളാൽ സുശോഭിതനും ആയ ഇന്ദ്രനെ സ്തോത്രോച്ചാരണത്താൽ സ്തുതിക്കണേ.

**2. ശതക്രതുമർണവം ശാകിനംനരം ഗിരോ മ ഇന്ദ്രമുപ യന്തി വിശ്വതഃ |**
**വാജസനിം പൂർമിദം തൂർണിമപ്തുരം ധാമസാചമ ഭിഷാചം സ്വർവിദം ||**

ഇന്ദ്രൻ അനന്തകർമ്മാവും, മരുത്ത്വാനും, ജലവാനും, ലോകത്തിൻെറ നായകനും, അന്നദാതാവും, ശത്രുനഗരങ്ങളെ ധ്വംസിക്കുന്നവനും, യുദ്ധത്തിനുവേി അതിവേഗം വരുന്നവനും, മേഘത്തെ പിളർത്തി ജലത്തെ വീഴ്ച്ചവനും, ധനദായകനും, ശത്രുക്കളെ പരാജയപ്പെടുത്തുന്നവനും ആകുന്നു. ആ ഇന്ദ്രനെ നമ്മുടെ സ്തുതിരൂപമായ വാണി പ്രാപിക്കണേ.

**3. ആകരേ വസോർജരിതാപനസ്യതേ നേഹസഃ സ്തുഭ ഇന്ദ്രോ ദുവസ്യതി |**
**വിവസ്വതഃ സദന ആ ഹി പിപ്രിയേ**

**സത്രാസാഹമഭിമാതിഹനം സ്തുഹി ||**

രണക്ഷേത്രത്തിൽ ഇന്ദ്രനെ എല്ലാവരും സ്തുതിക്കുന്നു. അവൻ ശത്രുശക്തിയെ നശിപ്പിക്കുന്നു. ഹൃദയപൂർവ്വമായ സ്തുതികൾ അവൻ ആദരവോടെ ശ്രവിക്കുന്നു. അവൻ യജ്ഞകർത്താവായ യജമാനന്റെ ഗൃഹത്തിൽ നിന്നും സോമം പാനം ചെയ്ത് പരമാനന്ദം അനുഭവിക്കുന്നു. ഹേ വിശ്വാമിത്രാ! മരുത്തക്കളോടുകൂടി ശത്രുക്കളെ ധ്വംസിക്കുന്നതിനായി വന്നു ചേരുന്ന ഇന്ദ്രനെ സ്തുതിക്കൂ.

**4. നൃണാമു ത്വാ നമതം ഗീർഭിരുക്ഥൈരഭി പ്ര വീരമർചതാ സബാധഃ |**
**സം സഹസേ പുരുമായോ ജിഹീതേ നമോ അസ്യ പ്രദിവ ഏക ഈശേ ||**

ഹേ ഇന്ദ്രാ! നീ പരാക്രമിയുമ മനുഷ്യരുടെ നായകനുമാകുന്നു. ദൈത്യൻമാരാൽ പീഡിക്കപ്പെടുന്ന ഋത്വിക്കുകൾ നിന്നെ സ്തുതിമന്ത്രങ്ങളാൽ ശരിയായവിധം പുകഴ്ത്തുന്നു. വൃത്രസംഹാരത്തിനായി നീ ബലത്തോടെ പോകുന്നുവല്ലോ. പ്രാചീനമായ ഇന്ദ്രൻ തന്നെ ഈ അന്നത്തിന്റെ നാഥനാകുന്നു. അതിനാൽ ഞാൻ അദ്ദേഹത്തെ തന്നെ പ്രണമിക്കുന്നു.

**5. പൂർവീരസ്യ നിഷ്ഷിധോ മർത്യേഷു പൂരൂ വസൂനി പൃഥിവീ വിഭരതി |**
**ഇന്ദ്രായ ദ്യാവ ഓഷധീരുതാപോ രയിം രക്ഷന്തി ജീരയോ വനാനി ||**

ഇന്ദ്രന്റെ അനുശാസനം മനുഷ്യരിൽ വ്യാപിച്ചിരിക്കുന്നു. അതുകാരണം ഭൂമി മഹത്തായ ഐശ്വര്യത്തെ വഹിച്ചു വിലസുന്നു. ഇന്ദ്രന്റെ ആജ്ഞയാൽത്തന്നെ സൂര്യൻ ഔഷധികളുടേയും, ജലത്തിന്റെയും, മനുഷ്യരുടേയും വൃക്ഷങ്ങളുടേയും ഉപഭോഗവസ്തുവായ അന്നത്തെ സംരക്ഷിക്കുന്നു.

**6. തുഭ്യം ബ്രഹ്മാണി ഗിരി ഇന്ദ്ര സത്രാ ദധിരേ ഹരിവോ ജുഷസ്വ |**
**ബോധ്യാ പിരവസോ നൂതനസ്യ സഖേ വസോ ജരിതൃഭോ വയോ ധാഃ ||**

ഹേ ഇന്ദ്രാ! നീ അശ്വയുക്തനാകുന്നു. ഋത്വിക്കുകൾ നിനക്കായി സ്തോത്രങ്ങൾ ഉച്ചരിക്കുന്നു. നീ അവയെ സ്വീകരിക്കണമേ. നീ എല്ലാവർക്കും നിവാസസ്ഥാനം നൽകുന്ന മിത്രസ്വരൂപനാണ്. ഈ നവീനമായ ഹവിസ്സിനെ സ്വീകരിച്ച് സ്തുതിക്കുന്നവർക്ക് അന്നം പ്രദാനം ചെയ്യണമേ.

**7. ഇന്ദ്ര മരുത്വ ഇഹ പാഹി സോമം യഥാ ശാര്യാതേ അപിബ; സുതസ്യ |**
**യവ പ്രണീതീ തവ ശൂര ശർമന്നാ വിവാസന്തി കവയഃ സുയജ്ഞാഃ ||**

ഹേ മരുത്വാനായ ഇന്ദ്രാ! യാതൊരുവിധത്തിൽ ശര്യാതിയുടെ യജ്ഞത്തിലും പാനം ചെയ്യണമേ. നീ വീരനാകുന്നു. നീ വസിക്കുന്ന സ്ഥാനത്ത് ജ്ഞാനികളായ യജ്ഞകർത്താക്കൾ ഹവിസ്സുവഴിയായി നിന്നെ സേവിക്കുന്നു.

**8. സ വാവശാന ഇഹ പാഹി സോമം മരുത്ഭിരിന്ദ്ര സഖിഭിഃ സുതം നഃ |**
**ജാതം യത്ത്വാ പരി ദേവാ അഭൂഷൻമഹേ ഭരായ പുരുഹൂത വിശ്വേ ||**

ഹേ ഇന്ദ്രാ! സോമത്തെ ആഗ്രഹിച്ച് തന്റെ മിത്രങ്ങളായ മരുത്തുക്കളെ കൂട്ടികൊ് ഞങ്ങളുടെ ഈ യജ്ഞത്തിൽ സംസ്കരിച്ചു സോമം പാനം ചെയ്യണേ. പുരുവംശജർ അങ്ങയെ വിളിച്ചിരുന്നു. അങ്ങു ജനിച്ചപ്പോൾ തന്നെ എല്ലാ ദേവതകളും മഹാസമരത്തിനുവേ നിന്നെ പ്രതിഷ്ഠിച്ചു.

**9. അപ്തൂര്യേ മരുത ആപിരേണോ മദന്നിന്ദ്രമനു ദാതിവാരാഃ |**
**തേഭിഃ സാകം പിബതുവൃത്രഖാദഃ സുതം സോമം ദാശുഷഃ സ്വേ സധസ്ഥേ ||**

ഹേ മരുത്തുക്കളെ! ജലത്തെ പ്രേരിപ്പിക്കുന്നതുകാരണം ഇന്ദ്രൻ നിങ്ങളുടെ മിത്രമായിരിക്കുന്നു. അവനെ നിങ്ങൾ പ്രസന്നനാക്കിയിരിക്കുന്നു. വൃത്രനെ സംഹരിച്ചവനായ ആ ഇന്ദ്രൻ ഹവിർദാതാവായ യജമാനന്റെ ഗൃഹത്തിൽ സംസ്കരിക്കപ്പെട്ട സോമത്തെ നിങ്ങളോടൊത്തിരുന്ന് പാനം ചെയ്യണേ.

**10. ഇദം ഹ്യന്വോജസാ സുതം രാധാനാം പതേ പിബാ ത്വസ്യ ഗിർവണഃ ||**

ഹേ ഇന്ദ്ര! നീ ധനേശ്വരനാണല്ലോ. നീ ഇഷ്ടാനുസ്സരണം ഈ സോമത്തെ സ്വന്തം ശക്തിയുക്തമായി അതിവേഗം പാനം ചെയ്യണമേ.

**11. യസ്തേ അനു സ്വധാമസസ്തുതേ നിയച്ഛ തന്വം സത്വാ മമതു സോമ്യം ||**

ഹേ ഇന്ദ്രാ! നിനക്കുവേ യാതൊരു അന്നയുക്തമായ സോമം തയ്യാറാക്കിയിരിക്കുന്നുവോ സ്വന്തം മനസ്സിനെ വ്യാപൃതമാക്കിയാലും.നീ സോമപാനത്തിനർഹനാകുന്നു. ഈ സോമം നിന്നെ ആനന്ദിപ്പിക്കണേ.

**12. പ്ര തേ അശ്നോതു കുക്ഷ്യോ പ്രേന്ദ്ര ബ്രഹ്മണാ ശിരഃ |**
**പ്ര ബാഹൂശൂര രാധസേ ||**

ഹേ ഇന്ദ്രാ! ഈ സോമം നിന്റെ ര് കക്ഷികളേയും നിറക്കണേ. സ്തോത്രയുക്തമായ ഈ സോമം നിന്റെ ശരീരത്തിൽ രമിക്കണേ. ഹേ വീര! ഈ സോമം നിമിത്തമായി നിന്റെ ബാഹുദ്വയത്തെ പുഷ്ടിപ്പെടുത്തണേ.

## സൂക്തം 52

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, ഗായത്രി, ജഗതി**

**1. ധാനാവന്തം കരംഭിണമപൂപവന്തമുക്ഥിനം ഇന്ദ്ര പ്രാതുർജുഷസ്വ നഃ ||**

ഹേ ഇന്ദ്രാ! യവ മിശ്രിതവും, തൈരും, മലരും, പുരോളാശവും ചേർന്ന അമ്മിക്കല്ലാൽ ഇടിച്ചു പിഴിഞ്ഞ ഞങ്ങളുടെ സോമരസം പ്രഭാതത്തിൽ കൈക്കൊള്ളുക.

**2. പുരോളാശ പചത്യം ജുഷസ്വേന്ദ്രാ ഗുരുസ്വ ച |**
**തുഭ്യം ഹവ്യാനി സിസ്രിതേ ||**

ഹേ ഇന്ദ്രാ! പരിപക്വമായ പുരോളാശം ഭക്ഷിച്ചാലും. ഈ യജ്ഞയോഗ്യമായ പുരോളാശം നിനക്കായി പാകപ്പെടുത്തിയിരിക്കുന്നു.

**3. പുരോളാശ ച നോ ധസോ ജോഷയാസേ ഗിരശ്വ നഃ |**
**വധൂയുരിവ യോഷണാം ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ പുരോളാശം കൈക്കൊള്ളണമേ. ഞങ്ങളുടെ ശ്രവണ യോഗ്യമായ ഈ വാണിയെ, പത്നി

സ്നേഹസമ്പന്നനായ പതയെ എന്ന പോലെ സ്വീകരിച്ചാലും.

**4. പുരോളാശ സനശ്രുത പ്രാതഃ സാവേ ജജുഷസ്വ നഃ |**

**ഇന്ദ്ര ക്രതുർഹി തേ വൃഹൻ ||**

ഹേ ഇന്ദ്രാ! നീ പ്രാചീനകാലം മുതൽ തന്നെ വിഖ്യാതനാകുന്നു. ഞങ്ങളുടെ പുരോളാശത്തെ പ്രാതകാല സവനത്തിൽ ഭക്ഷണമാക്കികൊ് കർമ്മങ്ങളാൽ മഹത്വം പ്രാപിക്കണേ.

**5. മാധ്യന്ദിനസ്യ സവനസ്യ ധാനാഃ പുരോളാശമിന്ദ്ര കൃഷ്വേഹ ചാരും |**

**പ്ര യത്സ്തോതാ ജരിതാതൂർണ്യർഥോ വൃഷായമാണ ഉപ ഗോർഭിരോട്ടേ ||**

ഹേ ഇന്ദ്രാ! മധ്യസവനത്തിലെ യവാദിയുക്തമായ പുരോളാശത്തെ നീ ഇവിടെ എഴുന്നള്ളിവന്ന് സേവിച്ചാലും. നിന്റെ സേവകർ സ്തുതികാരികളോടുകൂടി ഉത്കണ്ഠാ കുലരായിരിക്കുന്നു. നിന്റെ സേവയ്ക്കായി അങ്ങിങ്ങായി നടക്കുന്ന സ്തോതാക്കൾ ശ്രേഷ്ഠങ്ങളായ മന്ത്രങ്ങളാൽ നിന്നെ ഉപാസിക്കുമ്പോൾ പുരോളാശാദികളെ കൈക്കൊള്ളണമേ.

**6. തൃതീയേ ധാനാഃ സവനേ പുരുഷ്ടൂത പുരോളാശ മാഹൂതം മാമഹസ്വ നഃ |**

**ഋഭുമന്തം വാജവന്ത ത്വാ കവേ പ്രയസ്വത ഉപ ശിക്ഷേമ ധീതിഭിഃ ||**

ഹേ ഇന്ദ്രാ! നിന്നെ അനേകർ സ്തുതിച്ചിരിക്കുന്നു. നീ മൂന്നാം സവനത്തിൽ ഞങ്ങളുടെ പൊരിച്ച യവാദികളോടു കൂടിയ പുരോളാശത്തെ സേവിച്ചാലും. നീ ഋഭുക്കളാൽ യുക്തനും അതുപോലെ ധനത്താലും, പുത്രൻമാരാലും യുക്തനാക്കുന്നു. ഞങ്ങൾ ഹവിസ്സ് യുക്തമായ സ്തോത്രങ്ങളിൽ നിനക്ക് പൂജ സമർപ്പിക്കുന്നു.

**7. പൂഷണ്വതേ തേ ചകൃമാ കരംഭം ഹരിവന്തേ ഹർയശ്വായ ധാനഃ |**

**അപൂപമദ്ധി സഗണോ മരുദ്ഭിഃ സോമം പിബ വൃത്രഹാ ശൂര വിദ്വാൻ ||**

ഹേ ഇന്ദ്രാ! നീ പൂഷാവിനോടു യുക്തനാകു. നിനക്കായി ഞങ്ങൾ തൈരു ചേർത്ത മലർപൊടി തയ്യാറാക്കിയിരിക്കുന്നു. മരുത്തുക്കളോടു കൂടി ആഗതനായി പുരോളാശം കൈകൊാലും. നീ വൃത്രനെ കൊന്നിരിക്കുന്നുവല്ലോ. ജ്ഞാനിയായ നീ ഈ സോമം പാനം ചെയ്യണേ.

**8. പ്രതി ദാനാ ഭരത തൂയമസ്മൈ പുരോളാശം വീരതമായ നൃണാം |**

**ദിവേദിവേ സദൃശീരിന്ദ്ര തുഭ്യം വർധന്തു ത്വാ സോമപേയായ ധൃഷ്ണോ ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രനുവേി യവമലരു തയ്യാറാക്കുവിൻ. ഇവൻ നായകൻമാരിൽ മഹാനാകുന്നു. ഇവനു പുരോളാശം നൽകൂ. ഹേ ഇന്ദ്രാ! നീ ശത്രുക്കളെ അകറ്റി ക്കളയുന്നവനാകുന്നു. നിനക്കായി നിത്യവും ചെയ്യപ്പെടുന്ന സ്തുതികൾ സോമപാനകർമ്മത്തിലേയ്ക്ക് നിന്നെ പ്രോത്സാഹിപ്പിക്കണേ.

## സൂക്തം 53

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രൻ, പർവ്വതം തുടങ്ങിയവ, ഛന്ദസ് ബൃഹതി, ഗായത്രി, ജഗതി, ത്രിഷ്ടുപ്, അനുഷ്ടുപ്.**

**1. ഇന്ദ്രാപർവതാ ഹൃഹതാ രഥേന വാമീരിഷ ആ വഹതം സുവീരാഃ |**

**വീതം ഹവ്യാന്യധ്വരേഷു ദേവാ വർദേഥാം ഗീർഭിരിളയാ മദന്താ ||**

ഹേ ഇന്ദ്രാ! പർവ്വതാ! നീ മഹത്തായ രിൽ ഉത്തമസന്താനങ്ങളേയും അന്നത്തേയും കൊുവരൂ. നിങ്ങൾ പ്രകാശവാൻമാരാകുന്നു. ഞങ്ങളുടെ യജ്ഞത്തിലാഗതനായി ഹവിസ്സ് ഭക്ഷിക്കേണമേ. ഹവിസ്സ് ദ്വാരപുഷ്ടിയുള്ളവരായി ഞങ്ങളുടെ ഉത്തമങ്ങളായ സ്തുതികളാൽ വൃദ്ധിയെ പ്രാപിക്കേണമേ.

**2. തിഷ്ഠാ സു കം മഘവൻമാ പരാ ഗാഃ സോമസ്യ നു ത്വാ സുഷു മസ്യ യക്ഷി |**

**പിതുർന പുത്രഃ സിചമാ രഭേ ത ഇന്ദ്ര സ്വാദിഷ്ട യാ ഗിരാ ശചീവഃ ||**

ഹേ ഇന്ദ്രാ! കുറച്ചു സമയത്തേയ്ക്ക് ഈ യജ്ഞവേദിയിൽ സുഖമായിരിക്കൂ. ഞങ്ങളുടെ യജ്ഞത്തിൽ നിന്നും പോകരുതേ. പിഴിഞ്ഞെടുത്തതും, സ്വാദുനിറഞ്ഞതും ആയ സോമരസത്താൽ ഞങ്ങൾ നിന്നെ. യജിക്കുന്നു. നീ മഹാശക്തനാകുന്നു. പിതാവിന്റെ വസ്ത്രത്തെ കിളികൊഞ്ചലോടുകൂടി പിടിച്ചു നടക്കുന്ന ബാലനെപ്പോലെ സുന്ദരങ്ങളായ സ്തോത്രങ്ങളാൽ ഞങ്ങൾ നിന്റെ വസ്ത്രതുമ്പുകൾ പിടിക്കുന്നു.

**3. ശംസാവാധ്വർയോ പ്രതി മേ ഗൃണീഹീന്ദ്രായ വാഹഃ കൃണവാവ ജജുഷ്ടം |**

**ഏദം വർഹിർയജമാനസ്യ സീദാഥ ച ഭൂദുക്ഥമിന്ദ്രായ ശസ്തം ||**

ഹേ അധ്വര്യുക്കളേ! നമുക്കു രുക്കൂട്ടർക്കും കൂടി ഇന്ദ്രനെ സ്തുതിക്കാം. നിങ്ങൾ ഞങ്ങൾക്കു സദുപദേശം നൽകൂ. ഞങ്ങൾ ഇന്ദ്രനോടു ഭക്തിയുള്ളവരായി അവനെത്തന്നെ സ്തുതിക്കാം. നിങ്ങൾ യജമാനന്റെ കുശാസനത്തിൽ ആസന്നസ്ഥരാകുവിൻ. ഞങ്ങളാൽ പ്രദത്തമാക്കപ്പെടുന്ന ഉക്ഥം(സ്തുതി) ഇന്ദ്രനെ ആകർഷിക്കുന്നതാകുന്നതാകണേ.

**4. ജായേദസ്തം മഘവൻത്സേദു യോനിസ്തദിത്വാ യുക്താ ഹരയേ വഹന്തു |**

**യദാ കദാ ച സുനവാമ സോമമഗ്നിഷ്ട്വാ ദൂതോ ധന്വാത്യച്ഛ ||**

ഹേ ഇന്ദ്രാ! പത്നി തന്നെ പുരുഷന്റെ ഗൃഹമാകുന്നു. രഥയുക്തമായ അശ്വം നിന്നെ ഗൃഹത്തിലെത്തിക്കണേ. ഞങ്ങൾ എപ്പോഴെങ്കിലും നിനക്കായി സോമം സംസ്കരിക്ക പ്പെടുകയാണെങ്കിൽ അപ്പോൾ ഞങ്ങളാലാഭിഷിക്തനായ അഗ്നി ദൂതരൂപത്തിൽ നിന്റെ അടുക്കലെത്തും.

**5. പരാ യാഹി മഘവ്യന്നാ ച യാഹീന്ദ്ര ഭൂതരുഭയത്രാ തേ അർഥം |**

**യത്രാ രഥസ്യ ബൃഹതോ നിധാനം വിമോചന വാജിനോ രാസഭസ്യ ||**

ഹേ ഇന്ദ്രാ! നീ ദൂരദേശത്തു സഞ്ചരിക്കുകയാണെങ്കിലും ഇങ്ങോട്ടെഴുന്നള്ളണമേ. നീ അഖിലത്തേയും പൊഷിപ്പിക്കുന്നവനാകുന്നു. നിന്നെക്കൊ് രു സ്ഥാനങ്ങൾക്കും

പ്രയോജനമു്. എവിടെ സ്ത്രീ വസിക്കുന്നുവോ അവിടെ സോമവും ഉ്. നീ രഥാരൂഢനായി ഭവനത്തിലെത്തി കുതിരകളെ അഴിച്ചുവിട്ടാലും.

**6. അപാഃ സോമസ്തമിന്ദ്ര പ്രയാഹി കാല്യാണീർജായാ സുരണം ഗൃഹേ തേ |**
**യത്രാ രഥസ്യ വൃഹതോ നിധാനം വിമോചനം വാജി നോ ദക്ഷിണാവത് ||**

ഹേ ഇന്ദ്രാ! നീ ഇവിടെ നിന്നു സോമം കുടിക്കേണമേ. അനന്തരം വീട്ടിലേയ്ക്ക് പോകാം. നിൻെറ ഗൃഹത്തിൽ സുഭാഗ്യവതിയും, സുന്ദരിയുമായ ഭാര്യയുല്ലോ. നീ വീട്ടിലേയ്ക്ക് പോകുവാനായി രഥത്തിൽ കയറു. അവിടെച്ചെന്ന് കുതിരകളെ അഴിച്ചുവിടാം.

**7. ഇമേ ഭോജാ അങ്ഗിരസോ വിരൂപാ ദിവസ്പുത്രാസോ അസുരസ്യ വീരാഃ |**
**വിശ്വാമിത്രായ ദദതേ മഘാനി സഹസ്രസാവേ പ്ര തിരന്ത ആയുഃ ||**

ഹേ ഇന്ദ്ര! ഈ ഭോജനും, സുദാസനും രാജാവിനുവേി യജ്ഞം നടത്തുന്നു. ഈ അംഗിരസ്സുകളും, മേദാവിഥി തുടങ്ങിയവരും , ദേവകളെക്കാൾ അത്യധികം ബലവാനായ പുത്രൻമാരായ വീരൻമാർ അശ്വമേധ യജ്ഞത്തിന് ഞാനാകുന്ന വിശ്വാമിത്രന് മഹാധനം നൽകുകയും അന്നത്തെ വർദ്ധിപ്പിക്കുകയും ചെയ്യണമേ.

**8. രൂപംരൂപം മഘവാ ബോഭവേതി മായാഃ കൃണ്വാനസ്തന്വം പരി സ്വാം |**
**ത്രിയർദ്ദിവഃ പരി മുഹൂർത്തമാഗാത്സ്വൈർ മന്ത്രൈരനൃതുപാ ഋതാവാ ||**

ഇന്ദ്രൻ ഏതുരൂപമാഗ്രഹിക്കുന്നുവോ അതുപോലെ ആയിത്തീരുന്നു. അവൻ തൻെറ ദേഹത്തെ മായയാൽ വിവിധരൂപങ്ങളിലാക്കുന്നതിൽ അതിസമർത്ഥനാകുന്നു. അവൻ ഋതുക്കളെ പ്രേരിപ്പിക്കുന്നതിനായിരുന്നിട്ടും സോമം പാനം ചെയ്യുന്നതിൽ ഏതെങ്കിലും ഋതു വിശേഷത്തെപ്പറ്റി ശ്രദ്ധിക്കാറില്ല. അവൻ തൻെറ തന്നെ സ്തുതികളാൽ വിളിക്കപ്പെട്ട് മൂന്നു സവനങ്ങളിലും എത്തിച്ചേരുന്നു.

**9. മഹാം ഋഷിർദേവജാ ദെവജൂതേ സ്ത മ്നാത്സിന്ധുമർണവം നൃചക്ഷാഃ |**
**വിശ്വാമിത്രോ യദവഹത്സുദാസമപ്രിയായത കുശികേഭിരിന്ദ്രഃ ||**

അത്യന്തം സമർത്ഥനും, തേജസ്വിയും തേജസ്സുകളെ ഉൽപന്നമാക്കുന്നവനും, അധ്വര്യുക്കൾ മുതലായവർക്കുപദേശം നൽകുന്നവന ും ആയ വിശ്വാമിത്രൻ ജലപൂർണ്ണമായ സാഗരത്തെ അതിവേഗം ബന്ധിച്ചു. വിജവനപുത്രനായ സുദാസൻ യജ്ഞകർമ്മം നടത്തിയപ്പോൾ ഇന്ദ്രൻ കൗശകൻമാർക്കുവേി തൻെറ ഉത്തമമായ പെരുമാറ്റം വ്യക്തമാക്കി.

**10. ഹംസാ ഇവ കൃഷഥ ശ്ലേകമദ്രിഭിർമദന്തോ ഗീർഭിരധ്വരേ സൂതേ സചാ |**
**ദേവേഭിർവിപ്രാ ഋഷയോ ന ചക്ഷസോ വിപിബധ്വം കുശികാഃ സോമ്യം മധു ||**

ഹേ ജ്ഞാനികളേ! ഹേ പരമഹംളരേ! ഹേ ഋഷിമാരേ! ഹേ അഖിലത്തേയും കാണുന്നവരേ! നിങ്ങൾ യജ്ഞാനുഷ്ഠാന ങ്ങളിൽ അമ്മിക്കല്ലിൽ സോമം സംസ്കരിച്ച് സ്തുതികളാൽ ദേവളെ പ്രസാദിപ്പിക്കണേ. അരയന്നങ്ങളെപ്പോലെ ശ്ലോകങ്ങളുച്ചരിക്കുവിൻ. ദേവതകളോടുകൂടി മധുരരസത്തോടു കൂടിയ സോമരസം പാനം ചെയ്യുവിൻ.

**11. ഉപ പ്രേത കുശികാശ്ചേത യധ്വമശ്വം രായേ പ്ര മുഞ്ചതാ സൂദാസഃ |**
**രാജാ വൃത്രം ജങ്ഘനത് പ്രാഗപാഗുദഗഥാ യജാതേ വര ആ പൃഥിവ്യാഃ ||**

ഹേ കൗശികരേ! നിങ്ങൾ അശ്വങ്ങളുടെ അടുത്തുചെന്ന് അവയ്ക്ക് ഉത്തേജനം നൽകണേ. സുദാസരാജൻെറ കുതിരയെ ധനത്തിനുവേി അഴിച്ചുവിടുവിൻ. ഇന്ദ്രൻ വിഘ്നകാരിയായ വൃത്രനെ കിഴക്കും പടിഞ്ഞാറും വടക്കും ദിക്കുകളിൽ വച്ച് സംഹരിച്ചിരിക്കുന്നു. ഇനി സുദാസരാജൻ നല്ല ഭൂമിയിൽ വച്ച് യാഗം നടത്തട്ടെ.

**12. യ ഇമേ രോദസീ ഉഭേ അഹമിന്ദ്രമതുഷ്ടവം|**
**വിശ്വാമിത്രസ്യ രക്ഷതി ബ്രഹ്മേദമ ഭാതം ജനം ||**

ഹേ കൗശികരേ! ഞങ്ങൾ ആകാശ പൃഥ്വികളുടെ സഹായത്താൽ ഇന്ദ്രനു പൂജ നടത്തിയിരിക്കുന്നു. വിശ്വാമിത്രൻെറ ഈ സ്തോത്രം ഭാരതവാസികളെ രക്ഷിക്കണേ.

**13. വിശ്വാമിത്രാ അരാസത ബ്രഹ്മേന്ദ്രായ വജ്രിണേ |**
**കരദിന്നഃ സുരാധസഃ ||**

വിശ്വാമിത്രൻെറ വംശജൻമാർ വജ്രധാരിയായ ഇന്ദ്രനെ സ്തുതിച്ചു. അവൻ നമ്മെ ധനത്താൽ അനുഗ്രഹിക്കണേ.

**14. കിം തേ കൃണ്വന്തി കികടേഷു ഗാവോ നാശിരം ദുഹ്നേ ന തപന്തി ഘർമം |**
**ആ നോ ഭര പ്രമഗന്ദസ്യ വേദോ നൈചാശാഖ മഘയന്ത്രന്ധയാ നഃ ||**

ഹേ ഇന്ദ്രാ! കീകടൻമാർ അനാര്യൻമറരാകുന്നു, അവർക്ക് ഗോക്കളെക്കൊ് എന്തുപയോഗാണുള്ളത്? അവർ പാലും; നെയ്യും എടുക്കുന്നുമറിയുന്നില്ല. ഹേ ഇന്ദ്രാ! ആ ഗോക്കളെ ഞങ്ങളുടെ അടുക്കലേക്കു കൊുവരണമേ. അധികം ധനം പ്രാപിക്കുന്നതിനുള്ള ആശയാൽ ധനം കടം കൊടുക്കുന്നവരുടെ ധനത്തേയും ഞങ്ങൾക്കു പ്രാപ്തമാക്കണമെ.

**15. സസർപരീരമിം സാധമാനാ ബൃഹൻമിമായ ജമദഗ്നിദത്താ |**
**ആ സൂര്യസ്യ ദുഹിതാ തതാന ശ്രവോ ദേവേഷ്വമൃതമജൂര്യം ||**

അഗ്നിയെ ഉത്തേജിപ്പിക്കുവാനായി മഹർഷിമാർ വഴിയായി സൂര്യനിൽ നിന്നും നമുക്ക് അജ്ഞാനത്തെ അകറ്റിക്കളയുന്നു. രൂപശബ്ദങ്ങളാൽ യുക്തമായ, കുതിച്ചു യരുന്ന വാണി ശബ്ദങ്ങളാൽ ജ്ഞാനത്തെ പ്രകടമാക്കുന്നു. സൂര്യൻെറ ദൂഹിതയായ വാണി അമൃതരൂപമാകുന്ന അന്നത്തെ വ്യാപിപ്പിക്കുന്നു.

**16. സാസർപരീരഭരത്തു യമേഭ്യോ ധിശ്രവഃ പാഞ്ചജന്യാസു കൃഷ്ടിഷു |**
**സാ പക്ഷ്യാ നവ്യമായുർദധാനാ യാം മേ പലസ്തിജമദഗ്നയോ ദദുഃ ||**

കുതിച്ചുയരുന്ന ഗദ്യരൂപരൂപിണിയായ വാണി സർവ്വത്ര വിരാജിച്ച് ജ്ഞാനരൂപമായ അന്നം നമുക്കു പ്രദാനം ചെയ്യണേ. ദീർഘായുഷ്ൻമാരായ മഹർഷിമാർ യാതൊരു വാണിയെ സൂര്യനിൽ

നിന്നും പ്രാപിച്ച് നമുക്ക് പ്രദാനം ചെയ്തിരി ക്കുന്നുവോ, ആ സൂര്യദുഹിതയായ വാണി നമുക്ക് പുതുജീവൻ പ്രദാനം ചെയ്യണേ.

**17. സ്ഥിരാ ഗാവൗ ഭവതാം വീളുരക്ഷോ മേഷാ വിവർഹി മാ യുഗമ വി ശാരി |**
**ഇന്ദ്രഃ പാതല്യേ ഭദതാം ശരീതോരരിഷ്ഠനേമേ അഭി നഃ സചസ്വ ||**

വൃക്ഷങ്ങൾ രും ഉറച്ചു നിൽക്കണേ. അച്ചുത് ഒടിയാതിരിക്കണേ. ഇരിപ്പിടം വീഴാതിരിക്കണേ. നുകത് ഒടിയാതിരിക്കണേ. അണി ഇളക്കാതിരിക്കാൻ ഇന്ദ്രൻ രക്ഷിക്കണേ. ഹേ അരിഷ്ടനേമിരഥ! നീ ഞങ്ങളെ മംഗളമയമായ മാർഗ്ഗത്തിൽ കൂടി കൂട്ടികൊ പോകണമേ ഞങ്ങൾക്കിണങ്ങണമേ.

**18. ബലം ധേഹി തനുഷു നോ ബലമലന്ദ്രാനളുത്സു നഃ ബലം കോകായ തനയായ ജീവസേ ത്വം ഹീ ബലദാ അസി ||**

ഹേ ഇന്ദ്രാ! നീ അത്യന്തം ബലവാനാകുന്നു. ഞങ്ങളുടെ ശരീരതത്തിനു ബലം നൽകിയാലും. ഞങ്ങളുടെ കാളകളെ ബലിഷ്ഠമാക്കണേ. പുത്രപൗത്രാധികൾ ദീർഘായുസ്സ് ഉള്ളവരായിരിക്കുന്നതിനുള്ള ശക്തി പ്രദാനം ചെയ്യണേ.

**19. അഭി വ്യയസ്വ ഖദിരസ്യ സാരമാജോ ധേഹി സ്പന്ദനേ ശിംശപായാം |**
**അക്ഷ വാളോ വീളിത വീലയസ്വ മാ യാമാദസ്മാദവ ജീഹിപോ നഃ ||**

ഹേ ഇന്ദ്രാ! രഥത്തിൻെറ ഖദിരമരം ഉറപ്പിച്ചാലും, ഹേ അക്ഷരമേ നീ ഞങ്ങൾക്കായി ഉറപ്പോടു കൂടി നിർമ്മിക്കപ്പെട്ടിരി ക്കുന്നു. അതിനാശ ഉറപ്പോടെ നിലനിൽക്കൂ. ഒരുക്കലും ഞങ്ങളെ രഥത്തിൽ നിന്നും വീഴിക്കരുതേ.

**20. അയമസ്മാനാനസ്പതിർ മാ ച ഹാ മാ ച ദീരരിഷത് സ്വാസ്ത്യാ ഗൃഹേഭ്യ ആവസാ ആ വിമോചനാത് |**

ഈ രഥം മരത്തടികൊ് നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇത് നമ്മെ ഉപേക്ഷിക്കാതിരിക്കണേ. നമ്മൾ വീട്ടിലെത്തുന്നതുവരെ ഈ രഥം ഓടിക്കൊിരിക്കണേ. അതിൽ നിന്നും കുതിരകളെ അഴിച്ചു വിടാതിരിക്കുന്നതുവരെ നമുക്കു മംഗളമുാകണേ.

**21. ഇന്ദ്രോതിഭിർബഹുലാഭിർനോ അദ്യ യാച്ഛറോഭിർമഘവഞ്ചൂര ജിന്വ |**
**യേ നോ ദ്വേഷ്ട്യധരഃ സസ്പദീഷ്ട യമു ദിഷ്മസ്തമു പ്രാണോ ജഹാതു ||**

ഹേ വീരാ! ഹേ ശത്രുസംഹാരകനായ ഇന്ദ്രാ! നീ ശത്രുക്കളെ സംഹരിക്കന്ന കാര്യത്തിൽ വിജയം പ്രാപിക്കുകയും പ്രസന്നരാക്കുകയും ചെയ്യണമേ. ഞങ്ങളോടു വിദ്വേഷം പുലർത്തുന്നവരെ നശിപ്പിക്കണമേ. ഞങ്ങൾ അവരെ വെറുക്കുകയും അവരുടെ പ്രാണൻ അവരെ ത്യജിക്കുകയും ചെയ്യണേ.

**22. പരശും ചിദ്വി തപതി ശിംബലം ചിദ്വിവൃശ്ചതി |**
**ഉഖാ ചിദിന്ദ്ര യേഷസ്തീ പ്രയസ്താ ഫേനമസ്യതി ||**

ഹേ ഇന്ദ്ര! എപ്രകാരം തിളക്കുന്ന ജലം ഹേനങ്ങൾ ഉയർത്തുന്നുവോ, അതുപോലെ തന്നെ നമ്മുടെ ശത്രുക്കൾ വായിൽ നിന്നും പതതുപ്പട്ടെ. ഇലവിൻ പുഷ്പങ്ങൾ കൊഴിഞ്ഞുവീഴുന്നതുപോലെ ഞങ്ങളുടെ ശത്രുക്കളുടെ ശരീരം മുറിഞ്ഞുമുറിഞ്ഞ് നിലം പതിക്കണേ. കൊല്ലൻ അഗ്നിയിൽ കഠാരി പഴുപ്പിക്കുന്നതുപ്പോലെ ശത്രുസൈന്യങ്ങൾ ദഹിക്കണേ.

**23. ന സായത്രസ്യ ചികിതേ ജനാസോ ലോധ നയന്തി പശു മന്യമാനാഃ |**
**നാവാജിനം വാജിനാ ഹാസയന്തി ന ഗർദഭം പുരോ അശ്വാന്നയന്തി ||**

ഹേ മനുഷ്യരേ! അസ്ത്രാദികൾപോലെ തങ്ങളുടെ പ്രാണനെ നശിപ്പിക്കുന്ന അജ്ഞാനത്തെ നിങ്ങളറിയുന്നില്ല. അവർ ലോഭത്തിനു വശീഭൂതരായി തങ്ങളെത്തന്നെ മൃഗത്തെപ്പോലെ മുമ്പോട്ടു കൊപോന്നു. ജ്ഞാനിയായ പുരുഷൻമാർ അജ്ഞാനിയായവനെ പരിഹസിക്കുന്നില്ല. എന്തുകൊന്നൊൽ കഴുതയ്ക്ക് അശ്വത്തിന് തുല്യത വഹിക്കുവാൻ സാധിക്കുന്നില്ല.

**24. ഇമ ഇന്ദ്ര ഭരതസ്യ പുത്രാ അപപിത്വം ചികിതുർന പ്രപിത്വം |**
**ഹിന്വന്ത്യശ്വമരണം ന നിത്യം ജ്യാവാജം പരി ണയന്ത്യാജൗ ||**

ഹേ ഇന്ദ്രാ! ഈ ഭാരത വംശജർ വേർപാടും അടുപ്പവും അറിയുന്നു. അവർ യുദ്ധകാലത്ത് ഉത്തേജിതമായ അശ്വത്തെപ്പോലെ ഞാണൊലി പുറപ്പെടുന്നു.

## അനുവാകം 5 സൂക്തം 54

**ഋഷി വിശ്വാമിത്രൻ പുത്രൻ, പ്രജാവി, ദേവത വിശ്വേ ദേവൻമാർ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഇമം മഹേ വിദഥ്യായ ശൂഷംശശ്വത്കൃത്വ ഈഡ്യായ പ്ര ജഭ്രുഃ |**
**ശൃണോതു നോ ദമ്യേഭിരനീ കൈഃ ശണോത്വഗ്നിർദിവ്യൈരജസ്രഃ ||**

അധ്യയന രൂപമാകുന്ന മഥനം വഴിയായി പ്രതിപാദിതമായ സ്തോത്രം സ്തുത്യർഹമാകുന്നു. മഹായജ്ഞങ്ങളിൽ ഇതുകൂടെ ഉച്ചരിക്കപ്പെടുന്നു. സ്വന്തം ഭവനത്തെ തേജോപൂർണ്ണമാക്കുന്ന അഗ്നിദേവൻ ഈ സ്തോത്രത്തെ ശ്രവിക്കണേ. അവൻ തൻെറ ദിവ്യതേജസ്സിനാൽനിരന്തരം പൂർണ്ണനായിരുന്നുകൊ് നമ്മുടെ സ്തുതികളെ ശ്രദ്ധിക്കട്ടെ.

**2. മഹി മഹേ ദിവേ അർചാ വൃഥിവൈ കാമോ മ ഇച്ഛഞ്ചരതി പ്രജാനൻ |**
**യയോർഹ സ്തോമേ വിധദേഷു ദേവാഃ സപര്യവോ മാദയന്തേ സചായോഃ ||**

ഹേ സ്തുതികർത്താക്കളേ! നിങ്ങൾ ആകാശപൃഥ്വികളുടെ മഹാശക്തിയെ മനസ്സിലാക്കി. അവരെ പൂജിക്കുവാൻ ഞാൻ എല്ലാ സുഖഭോഗങ്ങളേയും കാംക്ഷിക്കുന്നു. എൻെറ മനസ്സ് ഭാഗത്തും ചരിക്കുന്നു. സ്വന്തം അർച്ചനയെ ദേവഗണം മനുഷ്യരുടെ യജ്ഞങ്ങളിലെത്തി ആകാശത്തേയും ഭൂമിയേയും പൂർണ്ണമാക്കി ആനന്ദം പ്രാപിക്കുന്നു.

**3. യുവോഋതം രോദസീ സത്യമസ്തു മഹേ ഷു ണഃ സുവിതായ പ്ര ഭൂതം |**
**ഇദം ദിവേ നമോ അഗ്നേ പൃഥിവ്യൈ സപര്യാമി പ്രയസാ യാമി രത്നം ||**

ഹേ ആകാശമേ! ഭൂമിയേ! നിങ്ങളുടെ കർമ്മങ്ങൾ

സത്യമാകണമേ. നിങ്ങൾ ഞങ്ങളുടെ ഈ മഹായജ്ഞത്തെ നിർവിഘ്നം പൂർത്തീകരിക്കുന്നതിൽ സമർത്ഥരാകുവിൻ. ഹേ അഗ്നീ! ആകാശത്തേയും ഭൂമിയേയും ഞാൻ പ്രണമിക്കുന്നു. ഹവിസ്സുരൂപമാകുന്ന അന്നം വഴിയായി സേവനം അനുഷ്ടിച്ചു കൊ് ശ്രേഷ്ഠമായ ധനം യാചിക്കുന്നു.

**4. ഉതോ ഹി വാം പൂർവ്യാ ആവിവിദ്ര ഋതാവരീ രോദസീ സത്യവാചഃ |**
**നരശ്ചിദ്വാം സമിഥേ ശൂരസാതൗ വവന്ദിരേ പൃഥിവി വേവിദാ നാഃ ||**

ഹേ സത്യധർമ്മങ്ങളെ പാലിക്കുന്ന ആകാശമേ! ഭൂമിയേ! പ്രാചിന സത്യവക്താക്കായിരുന്ന മഹർഷിമാർ നിങ്ങളിൽ നിന്നും ഹിതകരങ്ങളായ അനുഗ്രഹങ്ങൾ വ്യാപിച്ചിരുന്നു. ഹേ പൃഥി! രണക്ഷേത്രത്തിലേയ്ക്ക് പ്രയാണം ചെയ്യുന്ന എല്ലാവീരനമാരും നിങ്ങളുടെ മഹിമ അറിഞ്ഞ് നമസ്കരിക്കുന്നു.

**5. കോ അദ്ധാ വേദ ക ഇഹ പ്ര വോചദ ദേവാം അച്ഛാ പഥ്യാ കാ സമേതി |**
**ദദൃശ്ര ഏഷമവാസാ സദാംസി പരേഷു യാ ഗുഹ്യേഷു വ്രതേഷു ||**

അതിൻെറ സത്യത്തിൽ നിന്നുള്ള കാരണരൂപമായ ജ്ഞാതാവരാണു ആ അറിയപ്പെടുന്ന വിഷയത്തെ പ്രകടമാക്കുന്നതാരാണ്? ദേവതകളുടെ സാമീപ്യം പ്രാപിക്കുവാനുള്ള സരളമാർഗ്ഗം ഏതാണ്? ദിവ്യലോകത്തിൻെറ കീഴ്ഭാഗത്ത് നക്ഷത്രാദികൾ പ്രത്യക്ഷമായികാണപ്പെടുന്നു. അവ നമ്മെ ഉത്കൃഷ്ടവും അതുപോലെ കഠിന ങ്ങളായ വ്രതങ്ങളിൽ വ്യാപൃതരാക്കുന്നു.

**6. കവിർനൃചക്ഷാ അഭി ഷീമചഷ്ട ജതസ്യ യോനാ വിധ്യതേ മദന്തീ |**
**നാനാ ചക്രാതേ സദനം യഥാ വേഃ സമാനേന ക്രതുനാ സംവിദാനേ ||**

മനുഷ്യരുടെ ദൃഷ്ടാവായ സൂര്യൻ ആകാശത്തേയും ഭൂമിയേയും എല്ലാഭാഗത്തുനിന്നും വീക്ഷിക്കുന്നു. ജലത്തിൻെറ ഉത്ഭവസ്ഥാനമായ അന്തരീക്ഷത്തിൽ ഈ ഹർഷോത്പാദന കാരിണിയായി രസയുക്തകളായി സമാനപ്രവർത്തകരായി ആകാശവും ഭൂമിയും അനേകം സ്ഥലങ്ങളിൽ കൂടുവയ്ക്കുന്ന പക്ഷികളെപ്പോലെ അനേകം സ്ഥാനങ്ങളിൽ വ്യാപിക്കുന്നു.

**7. സമാന്യാവിയുതേ ദൂരേ അന്തേ ധ്രുവേ പദേ തസ്മതുർജാഗന്ദ്രകേ |**
**ഉതസ്വസാരായ യുവതീ ഭവന്തീ ആദു ബ്രുവാതേ മിഥുനാനി നാമ ||**

പരസ്പരം ആകർഷണത്താൽ ബന്ധിക്കപ്പെടും. വേർപെട്ടിരുന്നിട്ടും ഒന്നിച്ചായിരിക്കുന്നവരും, യാതൊരിക്കലും വിനാശം സംഭവിക്കാത്തവരും, അങ്ങിനെയുള്ള ആകാശവും ഭൂമിയും ഒരിക്കലും നാശം സംഭവിക്കാത്ത അന്തരീക്ഷത്തിൽ തരുണികളായ രു സഹോദരിമാരെപ്പോലെ ഏകാത്മാക്കളായി സൃഷ്ടികർമ്മങ്ങളിൽ സമർത്ഥകളായി സ്ഥിതിചെയ്യുന്നു.

**8. വിശ്വേദോാത ജനിമാ സ വിവിക്തോ മഹോ ദേവാന്വിഭൂതി ന വ്യഥേതേ |**
**ഏജദ് ധ്രുവം പത്യതേ വിശവമേക ചരത്പതത്രി വിഭുണം വി ജാതം ||**

ഈ ആകാശവും ഭൂമിയും എല്ലാ ഭൗതികപദാർത്ഥങ്ങളെയും പ്രകടമാക്കി സൂര്യൻ, ഇന്ദ്രൻ, നദികൾ, സമുദ്രങ്ങൾ മുതലായവയെ വഹിച്ചുകൊിരുന്നിട്ടും ഒരിക്കലും ക്ഷീണിതരാകുന്നില്ല. സ്ഥാവരജംഗമവസ്തുക്കളാൽ യുക്തമായ വിശ്വം കേവലം ഭൂമിയെ മാത്രം ആശ്രയിക്കുകയും ചലായമാനങ്ങളായ പക്ഷി മൃഗാദി ജീവികൾ ആകാശത്തിലും ഭൂമിയിലും തന്നെ വ്യാപ്തമായിരിക്കുകയും ചെയ്യുന്നു.

**9. സനാ പുരാണ മധ്യേമ്യാരൻമഹഃ പിതുജനിതുർജാമി തന്നഃ |**
**ദേവാസോ യത്ര പനിതാര എവൈരുരൗ പഥി വ്യുതേ തസ്ഥുരന്തഃ ||**

ഹേ ആകാശമേ! ഭൂമിയേ! നിങ്ങൾ എല്ലാത്തിൻേറയും ജൻമദാറതികളാകുന്നു. നിങ്ങൾതന്നെ അഖിലത്തേയും പാലിക്കുന്നവരാകുന്നു. നിങ്ങളുടെ പ്രാചീനതയും പൂർവ്വക്രമത്തോടുകൂടിയ വികാസവും ഞങ്ങളുടെ ഉൽപാദനവും ഇവയ്ക്കെല്ലാം ഒരേ കാരണഭൂതത്വം തന്നെയാണുള്ളത്. ആകാശം ഭഗിനീരൂപമാകുന്നു. ഞങ്ങളതു ചിന്തിക്കുന്നു. നിങ്ങ ളെ സ്തുതിക്കുന്നവരായ ദേവഗണം തന്താങ്ങളുടെ വാഹനങ്ങളിൽ കയറി നിങ്ങൾക്കുള്ള സ്തവങ്ങളെ ശ്രവിക്കുന്നു.

**10. ഇമം സ്തോമം രോദസീ പ്ര ബ്രവീമ്യുർദൂദരാഃ ശൃണവന്നഗ്നിജിഹ്വാഃ |**
**മിത്രഃ സമ്രാജോ വരുണോ യുവാന ആദിത്യാസഃ കവയഃ പപ്രഥാനാഃ ||**

ഹേ ആകാശങ്ങളേ! ഭൂമിയേ നിങ്ങൾക്കായുള്ള സ്തോത്രങ്ങൾ ശരിയായ രീതിയിൽ പാടുന്ന സോമത്തെ ഉദരസ്ഥമാക്കുന്നവരും, അഗ്നിരൂപജിഹ്വകളോടുകൂടിയവരും, നിത്യയുവാക്കളും, തേജസ്വികളും, സ്വന്തം കർമ്മങ്ങളെ പ്രകടമാക്കുന്നവരുമായ മിത്രാദി ദേവഗണവും ഞങ്ങളുടെ സ്തുതികളെ ശ്രവിക്കണേ.

**11. ഹിരണ്യപാണിഃ സവിതാ ഹുജിഹ്വാസ്ത്രിരാ ദിവോ വിദഥേ പത്യമാനഃ |**
**ദേവേഷു ച സവിതഃ ശ്ലോകമശ്രേരാദസ്മഭ്യമാ സുവ സർവതാതിം ||**

മാനത്തിനായി സ്വർണ്ണം കരങ്ങളിലെടുത്ത് ഉത്തമ വചനങ്ങളോടു കൂടിയ സൂര്യൻ യജ്ഞത്തിൽ മൂന്നു സവനങ്ങ ളെയും ആകാശത്തുനിന്നും വന്ന് സ്വീകരിക്കുന്നു. ഹേ സൂര്യ! നീ സ്തോത്രങ്ങൾ ശ്രവിച്ചാലും. പിന്നീട് ഇഛിതങ്ങളായ ധനങ്ങളെ ഞങ്ങൾക്കായി പ്രേരിപ്പിച്ചാലും.

**12. സുകൃത്സുപാണിഃ സ്വവാം ഋതാവ ദേവാസ്ത്വഷ്ടാവസേ താനി നോ ധാത് |**
**പൂഷണ്വന്ത ഋഭവേ മാദയധ്വമൂർധ്വഗ്രാവണോ അധ്വരമതഷ്ട ||**

മംഗളകരങ്ങളോടുകൂടിയവനും, മനോഹരമായ വിശ്വത്തെ സൃഷ്ടിച്ചവനും, സത്യപ്രതിജ്ഞനും, ധനയുക്തനുമായ ത്വഷ്ടാവ് നമ്മുടെ രക്ഷയ്ക്കാവശ്യമായ സാധനങ്ങൾ നൽകണേ. ഹേ ഋഭുക്കളേ നിങ്ങള പൂഷവിനോടു ചേർന്ന് ഞങ്ങൾക്ക് ധനം നർകി അഭിവൃദ്ധിപ്പെടുത്തുവിൻ. സോമാഭിഷേകത്തിനായി അമ്മിക്കല്ലിനെ പ്രേരിപ്പിക്കുന്ന ഋത്വിക്കുകൾ ആ കർമ്മം നിർഹിക്കുന്നു.

**13. വിദ്യുദ്രഥാ മരുത ഋഷ്ടിമന്തോ ദിവേ മർയാ ഋതജാതാ അയാസഃ |**
**സരസ്വതീ ശൃണവന്യജ്ഞിയാസോ ധാതാ രയിം സഹവീരം തുരാസഃ ||**

മിന്നിത്തിളങ്ങുന്ന തേരുകളോടുകൂടിയവനും, ആയുധങ്ങളോടുകൂടിയവരും തേജസ്വികളും, ശത്രുക്കളെ നശിപ്പിക്കുന്നവരും, യജ്ഞത്തിൽ പ്രത്യക്ഷമാകുന്നവനും, ഗതിമാൻമാരുമായ മരുത്തുക്കളും, സരസ്വതിയും നമ്മുടെ സ്തുതികൾ ശ്രവിക്കണേ. ഹേ മരുത്തുക്കളേ! ഞങ്ങൾക്ക് പുത്രൻമാരാൽ സമ്പന്നമായ ധനം പ്രദാനം ചെയ്യട്ടെ.

**14. വിഷ്ണും സ്തോമാസഃ പുരുദസ്തമർകാ ഭഗസ്യേവ കാരിണോ യാമനി ഗ്മൻ |**
**ഉരുക്രമഃ കുകുഹോ യസ്യ പൂർവീർന മർധന്തീ യുവതയോ ജനിത്രീഃ ||**

ധനത്തിൻെറ കാരണഭൂതമായ ഈ സ്തോത്രവും പൂജായോഗ്യമായ ഹവിസ്സും ഈ മഹായജ്ഞത്തിൽ അനന്തകർമ്മാവായ വിഷ്ണുവിനെ പ്രാപിക്കണേ. എല്ലാത്തിനും ജൻമം നൽകുന്ന ദിക്കുകളും ആ വിഷ്ണുവിനെ നശിപ്പിക്കുവാൻ ശക്തമാകുന്നില്ല. അവൻ തൻെറ ഒരു പാദത്താൽ ലോകത്തെ മുഴുവൻ മറച്ചിരിക്കുന്നു.

**15. ഇന്ദ്രോ വിശ്വൈർവീര്യൈഃ പത്യമാന ഉഭേ ആ പപ്രൗ രോദസീ മഹിത്വാ |**
**പുരന്ദരോ വൃത്രഹാ ധൃഷ്ണുഷേണഃ സങ്ഗൃഭ്യാ ന ആ ഭരാ ഭൂരി പശ്വഃ ||**

എല്ലാ ബലങ്ങളാലും യുക്തനായ ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും രിനേയും തൻെറ മഹത്തായ സാമർത്ഥ്യത്താൽ പൂർണ്ണമാക്കി. ശത്രുദുർഗ്ഗങ്ങൾ തകർക്കുന്നവനും, വൃത്രസംഹാരകനും, ശത്രുക്കളുടെമേൽ വിജയം വരിക്കുന്ന സേനകളോടു കൂടിയവനും ആ ഇന്ദ്രൻ മൃഗസമ്പത്തുക്കൾ നന്നായി സംഭരിച്ച് നമുക്ക് പ്രദാനം ചെയ്യട്ടെ.

**16. നാസത്യാ മേ പിതരാ ബന്ധുപൃച്ഛാ സജാത്യ മശ്വിനോശ്ചാരു നാമ |**
**യുവം ഹി സ്ഥോ രയിദൗ നോ രയീണാം ദാത്രം രക്ഷഥേ അകവൈരദബ്ധാ ||**

ഹേ അശ്വിനികൾ! നിങ്ങൾ ഞങ്ങളോട് ബന്ധുത്വം സ്താപിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഞങ്ങളെ പാലിക്കുന്നവരായിത്തീരണേ. ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളെ പാലിക്കുന്നവരായിത്തീരണേ. ഹേ അശ്വിനികളേ് നിങ്ങളെ നിരാദരിക്കുവാനുള്ള സാമർത്ഥ്യം ആർക്കും തന്നെ ഇല്ല. ഞങ്ങളക്ക് ധനം നൽകുവാൻ നിങ്ങൾക്ക് കഴിയും. ഞങ്ങൾ നിങ്ങൾക്ക് ഹവിസ്സ് ദാനം ചെയ്യുന്നു. ഉത്തമങ്ങളായ കർമ്മങ്ങളാൽ ഞങ്ങളെ രക്ഷിക്കട്ടെ.

**17. മഹത്തദ്വഃ കവയശ്ചാരു നാമ യദ്ധ ദേവാ ഭവഥ വിശ്വ ഇന്ദ്രേ |**
**സഖ ഋഭുഭിഃ പുരുഹൂത പ്രിയേ ഭിരിമാം ധിയം സാതയേ തക്ഷതാ നഃ ||**

ഹേ ദേവതകളെ ! വിദ്വാൻമാരേ! നിങ്ങളുടെ കർമ്മങ്ങൾ അത്യന്തം ശ്രേഷ്ഠങ്ങളാകുന്നു. അത് നിങ്ങൾക്ക് ഇന്ദ്രൻെറ നേതൃത്വത്തിൽ ധനവും ഐശ്വര്യവും പ്രാപ്തമാക്കുന്നു. ഹേ ഇന്ദ്രാ! നീ അനേകരാൽ ആഹൂതനാക്കപ്പെട്ടു. നിൻെറ മിത്രത്വം ഋഭുക്കൾക്ക് ലഭ്യമാകുന്നു. ധനുലാഭത്തിനായി ഞങ്ങളുടെ ഈ സ്തോത്രങ്ങളെ സ്വീകരിക്കേണമേ.

**18. അര്യമാ ണോ അദിതിര്യജ്ഞിയാസോ ദബ്ധാനി വരുണസ്യ വ്രതാനി |**
**യുതോത നോ അനപത്യാനി ഗന്തോഃ പ്രജവാന്ന പശുമാം അസ്തു ഗാതുഃ ||**

സദാ ചലിച്ചുകൊിരിക്കുന്ന സൂര്യനും, ദേവമാതാവായ അദിതിയും, ദേവഗണങ്ങളും, അഹിംസായുക്തനായ വരുണനും നമ്മെ പാലിക്കണേ. നമ്മുടെ മാർഗ്ഗങ്ങളിലുള്ള അഹിതകരങ്ങളായ വിഘ്നങ്ങളെ അകറ്റിക്കളയുമാറാകണേ. നമ്മുടെ ഭവനങ്ങളെ പശുക്കളാലും സന്താനങ്ങളാലും സമ്പന്നമാക്കണേ.

**19. ദേവാനാം ദൂതഃ പുരുധ പ്രസൂതോ നാഗാന്നോ വോചതതു സർവതാതാ |**
**ശൃണോതു നഃ പൃഥിവീ ദ്യൗരുതാപഃ സൂര്യോനക്ഷത്രൈർമർവിന്തരിക്ഷം ||**

യജ്ഞാനുഷ്ഠാനങ്ങൾ കാരണം അഗ്നിദേവതകളുടെ ദൂതരൂപത്താൽ പ്രസിദ്ധനായിരിക്കണേ. അവൻ നമ്മെ കർമ്മസാധയുക്തരും അപരാധരഹിതരായിക്കണേ. ആകാശം, ഭൂമി, ജലാശയം സൂര്യൻ, നക്ഷത്രങ്ങൾ ഇവയോടുകൂടി അന്തരീക്ഷം നമ്മുടെ സ്തോത്രങ്ങളെ ശ്രവിക്കണേ.

**20. ശൃണ്വന്തു നോ വൃഷണഃ പർവതാസോ ധ്രുവക്ഷേമാ സ ഇളയാ മദന്തഃ |**
**ആദിത്യൈർനോ ആദിതിഃ ശൃണോതു യച്ഛന്തു നോ മരുതഃശർമം ഭദ്രം ||**

മരുത്തുക്കൾ ആഗ്രഹിക്കുന്ന ഫലങ്ങൾ വർഷിക്കുന്നവരായ അന്നത്താൽ പ്രസന്നരായി നമ്മുടെ സ്തുതികളെ ശ്രവിക്കണേ. അദിതി തൻെറ മക്കളായ ദേവകളോടുകൂടി നമ്മുടെ സ്തുതികളെ ശ്രവിക്കണേ. മരുത്തുക്കൾ നമുക്ക് അഭിവൃദ്ധിയുാക്കുന്ന ധനം പ്രദാനം ചെയ്യണേ.

**21. സദാ സുഗഃ പിതുമാം അസ്തു പന്ഥാ മധ്വാ ദേവാ ഓഷധീഃ സം പിപൃക്ത |**
**ഭിഗോ മേ അഗ്നേ സഖ്യേ ന മൃധ്യാ ഉദ്രായോ അശ്യാം സദനം പുരുക്ഷോഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ മാർഗ്ഗങ്ങൾ സുഗമങ്ങളാകണേ. ഞങ്ങൾ അന്നയാത്രയിൽ സഫലത വരിക്കണേ. ദേവതകളേ! ഔഷധികളെ മധുരരസത്താൽ നിറച്ചാലും. ഹേ അഗ്നേ! ഞങ്ങൾ നിൻെറ മിത്രങ്ങളായിരിക്കുന്നു. അതിനാൽ ഞങ്ങളുടെ ധനം നശിക്കാതാരിക്കണേ. ധനത്തെ ഉല്പാദിപ്പിക്കുന്ന അന്നത്തെ ഞങ്ങൾക്ക് പ്രാപിക്കണേ.

**22. സ്വദസ്യ ഹവ്യാ സമിഷോ ദിദീഹ്യസ്മദ്ര്യക്സം മിമീഹ ശ്രവാംസി |**
**വിശ്വാം അഗ്നേ പൃത്സു താഞ്ജേഷി ശത്രുനഹാ വിശ്വാ സുമനാ ദീദഹീ നഃ ||**

ഹേ അഗ്നേ! ഈ യജ്ഞയോഗ്യമായ ഹവിസ്സിനെ ആസ്വദിച്ചാലും. ഞങ്ങൾക്കായി അന്നത്തെ പ്രകാശിപ്പിക്കണേ. അന്നം ഞങ്ങൾക്കായി പ്രത്യക്ഷപ്പെടുത്തണേ. യുദ്ധം ചെയ്യുന്നവരായ എല്ലാ ശത്രുക്കളുടേയും മേൽ വിജയം പ്രാപിക്കുകയും പ്രസന്നമനസ്സോടുകൂടി ഞങ്ങളുടെ എല്ലാ ദിവസങ്ങളും പ്രകാസപൂർണ്ണങ്ങളാക്കുകയും ചെയ്യണമേ.

## സൂക്തം 55

**ഋഷി പ്രജാപതി, ദേവത വിശ്വദേവൻമാർ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ഉഷസാ പൂർവാ അഘ യദ്വ്യുഷുർമഹദ്വി ജജ്ഞേ അക്ഷര പദേ ഗോഃ |**
**വ്രതാ ദേവാനമുപ നു പ്രഭുഷൻമഹദ്ദേവാ നാമസുരത്വമേകം ||**

പ്രാചീനമായ ഉഷസ്സ് ഉദകാലത്തിൻെറ തേജസ്സോടുകൂടി സന്നപ്തമാകുമ്പോൾ അമരത്വം പ്രാപിച്ച ആദിത്യൻ ആകാശത്തിലുദിക്കുന്നു. സൂര്യോദയമായിക്കഴിഞ്ഞാൽ യ ജമാനൻ യജ്ഞകർമ്മങ്ങളനുഷ്ഠിച്ചുകൊ് ദേവതകളുടെ സാമീപ്യം പ്രാപിക്കുന്നു. ആ മഹാദേവകളെല്ലാമ സമാനബലയുക്തരാകുന്നു.

**2. മോഷൂ ണോ അത്ര ജൂഹൂരന്ത ദെവാ മാ പൂർവേ അഗ്നേ പിതരഃ പദജ്ഞാഃ പുരണ്യോഃ സദ്മനോഃ കേതുരന്തർമഹദ്ദേവാനാമസുരത്വമേകം ||**

ഹേ അഗ്നേ! ദേവകൾ നമ്മെ നശിപ്പിക്കാതിരിക്കണേ. ദേവത്വം പ്രാപിച്ചവരായ പിതൃക്കൾ ഞങ്ങളെ കൊല്ലാതിരിക്കണേ. യജ്ഞത്തിനായി പ്രേരണ നൽകുന്ന സൂര്യൻ ആകാശത്തിൻെറയും ഭൂമിയുടേയും ഇടയിൽ ഉദിക്കുന്നു. അദ്ദേഹം നമ്മെ ഹിംസിക്കാതിരിക്കണേ. ആ മഹാദേവൻമാരുടെ എല്ലാം ബലം ഒന്നു തന്നെയാകുന്നു.

**3. വി മേ പുരുത്രാ പതയന്തി കാമാന്ന ശമ്യച്ഛാ ദീദ്യേ പൂർവ്യാണി |**
**സമിദ്ധേ അഗ്നാവൃ തമിദ്വദേമ മഹദ്ദേവാനാമസുരത്വമേകം||**

ഹേ അഗ്നേ! ഞങ്ങളുടെ അനേകം അഭിലാഷങ്ങൾ എല്ലാ ദിക്കുകളിലും ഭ്രമണം ചെയ്തുകൊ ിരിക്കുന്നു. ഉത്തമനായ ആ അഗ്നിക്കുവേി പൂർണ്ണമായ രീതിയിൽ സ്തോത്രങ്ങൾക്കു ചൈതന്യം നൽകുന്നു. അഗ്നി പൂർണ്ണമായ രീതിയിൽ പ്രദീപ്തമാകുമ്പോൾ തന്നെ സ്തോത്രങ്ങൾ ആലപിക്കപ്പെടും, ഞങ്ങൾ സത്യമേ പറയൂ. എല്ലാ ദേവതകളുടേയും പരാക്രമങ്ങൾ ഒന്നു തന്നെയാകുന്നു.

**4. സമാനോ രാജാവിഭൃതഃ പുരുത്രാ ശയേ ശയാസു പ്രയുതോ വനാനു |**
**അന്യാ വത്സം ഭരതി ക്ഷേതി മാതാ മഹദ്ദേവാനാമസുരത്വമേകം ||**

പ്രജാപതിയായ ആ അഗ്നിദേവൻ എല്ലാ സ്ഥാനങ്ങളിലും യജ്ഞാദികർമ്മങ്ങൾക്കായി സ്ഥാപിക്കപ്പെടുന്നു. അവൻ വേദിയിൽ വിലസുന്നു. അരണിയിൽ നിന്നും ജനിക്കുന്നു. ഇദ്ദേഹത്തിൻെറ മാതാപിതാക്കൾ ആകാശവും ഭൂമിയുമാകുന്നു. ആകാശം വർഷത്താൽ ഇവനെ പോഷിപ്പിക്കുകയും ഭൂമി ഇവനു വാസസ്ഥാനം നൽകുകയും ചെയ്യുന്നു. ദേവതകളുടെ ബലം ഒന്നുപോലുള്ളതു തന്നെയാകുന്നു.

**5. ആക്ഷിത്പൂർവാസ്വപരാ അന്തരുത്സദ്യോ ജാതാസു തരുണീഷ്വന്തഃ |**
**അന്തവതീ സുവതേ അപ്രീതാ മഹദ്ദേവാനാമസുരത്വമേകം ||**

പുരാതനങ്ങളായ ഔഷധികളിൽ രമിച്ചും, നവീനങ്ങളായ ഔഷധികളിൽ ഗുണനരൂപമായി സ്ഥിതിചെയ്യുന്നതും ആയ അഗ്നിദേവൻ ഫലപുഷ്പങ്ങളുടെ അന്തർഭാഗത്തു അധിവസിക്കുന്നു. ആ ഔഷധികൾ വീര്യദാനം കൂടാതെ അഗ്നിയാൽ ഗർഭതികളായി ഫലപുഷ്പാദികളെ പ്രസവിക്കുന്നു. ഇതെല്ലാം അഗ്നിദേവൻെറ അനുഗ്രഹങ്ങൾ തന്നെയാണ്. എല്ലാ ദേവതകളുടേയും ബലം ഒന്നു തന്നെ.

**6. ശയുഃ പരസ്താദധ നു ദ്വിമാതാബന്ധനശ്ചരിത വത്സ ഏകഃ |**
**മിത്രസ്യ താ വരുണസ്യ വ്രതാനി മഹദ്ദേവാനമസുരതമേകം||**

മാതാപിതാരൂപമായ ആകാശത്തിൻേറയും ഭൂമിയുടേയും മധ്യത്തിൽ അസ്തമിക്കുന്ന സൂര്യൻ പടിഞ്ഞാറ് പള്ളിയുറക്കം നടത്തുന്നു. ആ സൂര്യൻ ഉദയകാലത്തിൽ ഏകനായി തന്നെ ആകാശത്തിൽ നിർവിഘ്നം സഞ്ചരിക്കുന്നു. ഈ കർമ്മം മിത്രൻെറയും വരുണൻേറയും പ്രേരണയാൽ സംഭവിക്കുന്നു. അവർ രുപേരും തുല്യശക്തരാകുന്നു.

**7. ദ്വിമാതാ ഹോതാ വിദഥേടു സദ്രാളന്വഗ്രം ചരതി ക്ഷേതി ബുധ്നഃ |**
**പ്ര രണ്യാനി രണ്യവാചോ ഭരന്തേ മഹദ്ദേവാനാമസുർത്വമേകം ||**

അഗ്നി ആകാശത്തിൻേറയും ഭൂമിയുടേയും സ്യഷ്ടാവാകുന്നു. അവൻ യജ്ഞത്തിൽ ശരിയായ രീതിയിൽ ആകാശത്തിൽ സൂര്യരൂപത്തോടുകൂടി സഞ്ചരിക്കുകയും ചെയ്യുന്നു. അവൻ തന്നെ ഈ ഭൂമിയിൽ വസിച്ചുകൊ് എല്ലാ കർമ്മങ്ങളുടേയും കാരണരൂപനായിരിക്കുന്നു. സ്തോതാക്കൾ മനോഹരവചനങ്ങളാൽ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളുച്ചരിക്കുന്നു. എല്ലാ ദേവതകളുടേയും പരാക്രമം ഒന്നുപോലുള്ളതാകുന്നു.

**8. ശൂരസ്യേവ യുധ്യതോ അന്തമസ്യ പ്രതിചീനം ദദൃശേ വിശ്വമായത് |**
**അന്തർമ തിശ്ചരതി നിഷിധം ഗോർമഹദ് ദേവാനാമസുരത്വമേകം ||**

വീരപരാക്രമങ്ങളോടു കൂടി യുദ്ധം ചെയ്യുന്ന പുരുഷൻെറ മുമ്പിൽ ആരെങ്കിലും വരുന്നുവോ, അവൻ പരാജിതനായി പിൻമാറുന്നു. അതുപോലെ അഗ്നിയുടെ മുമ്പിൽ വരുന്നവനും പരാങ് മുഖനായികാണപ്പെടുന്നു. സർവ്വജ്ഞാതാവായ അഗ്നിദേവൻ എങ്ങും വ്യാപിച്ചിരിക്കുന്നു. എല്ലാ ദേവതകളുടേയും ശക്തി മഹത്തും ഒന്നുപോലുള്ളതുമാകുന്നു.

**9. നീ വേവേതി പലിതോ ദൂത ആസ്വന്തർമഹാംശ്ചരതി രോചനേന |**
**വപൂംഷി ബിഭ്രദഭി നോ വി ചഷ്ടേ മഹദ്ദേവാനാമസുരത്വമേകം ||**

സൂര്യൻ ആകാശത്തിൻേറയും ഭൂമിയുടേയും മധ്യത്തിൽക്കൂടി പ്രതാപത്തോടുകൂടി സഞ്ചരിക്കുന്നതുപോലെ ദേവതകളുടെ ദൂതനും ജീവികളെ പാലിക്കുന്നവനുമായ അഗ്നി ഔഷധികളിൽ വ്യാപിക്കുന്നു. വിവിധരൂപധാരികളായ അവൻ നമ്മെ കൃപാദൃഷ്ടിയോടെ വീക്ഷിക്കണേ. എല്ലാ ദേവതകളുടേയും മഹത്തായ ബലം ഒന്നു പോലുള്ളതാകുന്നു.

**10. വിഷ്ണർഗോപാഃ പരമം പാതി പാഥഃ പ്രിയാ**

**ധാമാന്യമൃതാ ദധാനഃ |**
**അഗ്നിഷ്ടാ വിശ്വാ ഭുവനാനി വേദ**
**മഹദ്ദേവാനാമസുരത്വമേകം ||**

സർവ്വവ്യാപകനും, അഖിലത്തിൻേറയും പാലകനും ഷിതൈഷിയും, ഒരിക്കലും ക്ഷീണിക്കാത്തവനുമായ അഗ്നി തേജസ്സിനെ വഹിച്ചുകൊ് ഭൂമി ആദിയായ ലോകങ്ങളെ രക്ഷിക്കുന്നു. ആ അഗ്നി സമസ്തഭൂതങ്ങളേയും അറിയുന്നു. എല്ലാ ദേവകളിലും അദ്വിതീയമായ ഒരേ മഹാശക്തി തന്നെ കുടിക്കൊള്ളുന്നു.

**11. നാനാ ചക്രാതേ യമ്യാ വപൂംഷി തയോ രന്യ**
**ദ്രോചതേ കൃഷ്ണമന്യുത് |**
**ശ്യാവീ ച യദരുഷീ ച സ്വസാരൗ മ ഹദ്ദേവാനാ**
**മസുരത്വമേകം ||**

കൃഷ്ണവർണ്ണങ്ങളായ രാത്രിയും തേജോമയവും ഉജ്ജ്വലയും ആയ ഉഷസ്സും രു സഹോദരികൾ സൂ ര്യനിൽ നിന്നും ഉത്ഭവിച്ച് ജാഗൃതിയുടേയും നിദ്രയുടേയും നിഗമനങ്ങളിൽ ജീവികളെ പതിപ്പിക്കുന്ന വണിവിധ രൂപങ്ങളോടു കൂടിയവരാകുന്നു. ആ രിൽ ഒന്ന് തേജസ്സാൽ പ്രകാസിക്കുന്നതും മറ്റേത് അന്ധകാരത്താൽ കാളിമപൂതുമാകുന്നു. ഈ എല്ലാ ദേവതകളിലും ആ സൂര്യരൂപനായ അഗ്നിയുടെ മഹത്തായ ബലം ഒന്നു തന്നെ യാകുന്നു.

**12. മാതാ ച യത്ര ദുഹിതാ ച ധേനൂ സബർദുധേ**
**ധാപയേതേ സമീചീ |**
**ഋതസ്യ തേ സദസീളേ**
**അന്തർമമഹദ്ദേവാനാമസുരത്വമേകം||**

ഭൂമിയും ആകാശവും മാതാപുത്രീസമാനങ്ങളാകുന്നു. ഭൂമി എല്ലാ ജീവികളേയും ഉത്ഭവിപ്പിച്ച് അവയെ പാലിക്കുന്നതു കാരണം മാതാവും അതുപോലെ ആകാശത്തിൽ നിന്നും വർഷജലത്തെ പാലിനുതുല്യം സ്വീകരിക്കുന്നതുകാരണം പുത്രീരൂപമാകുന്നു. അതുപോലെ തന്നെ ആകാശം, മേഘം, വർഷം മുതലായവയാൽ ജീവികളെ പാലിക്കുന്നതിനാൽ മാതാവിനു തുല്യവും ഭൂമി ജലത്തെ പാലിനു തുല്യം വലിച്ചെടുത്തു പാനം ചെയ്യുന്നതിനാൽ പുത്രിയ്ക്ക് തുല്യവും ആകുന്നു. ഇവ രും ഗോക്കൾക്കുതുല്യം അന്നവും ജലരൂപമാകുന്ന പാലും നൽകുന്നവയാകുന്നു. ആ ആകാശത്തേയും ഭൂമിയേയും ഞങ്ങൾ സ്തുതിക്കുന്നു. ഈ രു ദേവതകളും ഒരേ മഹത്തായ ബലത്താൽ സമർത്ഥകളായിരിക്കുന്നു.

**13. അന്യസ്യാ വത്സം രിഹിതീ മിമായ കയാ ഭുവാ നി**
**ദധേ ധേനുരൂധഃ |**
**ഋതസ്യ സാ പയസാപിന്വതേലാ മഹദ്**
**ദേവാനാമസുരത്വമേകം ||**

ഗോക്കളെപ്പോലെ രസവർഷം നട ത്തുന്ന ആകാശത്തിലെ ജലത്തെ പൃഥ്വി മേഘരൂപത്തോടു കൂടി വഹിക്കുന്നു. ആ സമയം പൃഥ്വിയിലെ ജലത്തിൽ നിന്നും, ജൻമമെടുത്ത മേഘത്തെ കിടാവിനോ എന്നപോലെ നക്കിത്തുടക്കുകയും, വിദ്യുത്ഗർജ്ജനരൂപത്തിൽ ശബ്ദിച്ച് ഭൂമിയെ അന്നോൽപാദകയും, അതുപോലെ പോഷകമായ വർഷജലത്താൽ നന്നായി നക്കുകയും ചെയ്യുന്നു. ഇത് എല്ലാ ദേവതകളുടേയും ഏകമായമഹാബലത്തിൻെറ പരിണാമമാകുന്നു.

**14. പദ്യാ വസ്തേ പുരുരൂപാ വപൂഷ്യൂർധ്വാ തസ്ഥൗ**
**ത്ര്യവിംരേരിഹാണാ |**
**ഋതസ്യ സദ്യ വി ചരാമി വിദ്വാൻമഹദ്**
**ദേവാനാമസുരത്വമേകം ||**

ശരീരത്തെ വിവിധരീതികളിൽ ആകാശവും ഭൂമിയും പുതപ്പിക്കുന്നു. ഉന്നതനായി ത്രിലോകങ്ങളേയും വ്യാപ്തമാക്കുന്ന സൂര്യനെ നക്കിത്തുടക്കുന്നതുപോലെ ചലിക്കുന്നു. സത്യത്തിൻെറ കാരണഭൂതനായ സൂര്യൻെറ സ്ഥാനത്തെ അറിഞ്ഞ്കൊ് നാം അവനെ സ്തുതിക്കുന്നു. ദേവതകളുടെ മഹാബലം ഒന്നു തന്നെയാകുന്നു.

**15. പദേ ഇവ നിഹിതേ ദസ്മേ**
**അന്തസ്തയോരന്യദ്ഗുഹ്യാമാവിരന്യതു |**
**സധ്രീചീനാ പഥ്യാസാ വിഷൂചീ മഹദ്**
**ദേവാനാമസുരത്വമേകം ||**

രുപാദങ്ങൾ പോലെ ഗമനശീലങ്ങളായ ദിനരാത്രങ്ങൾ ആകാശത്തിൻേറയുമ ഭൂമിയുടേയും മധ്യേ വ്യാപിക്കുന്നു. ഇവ രും അത്ഭുതങ്ങളാണ്. ഒന്ന് അന്ധകാരത്തേയും മറ്റേത് പ്രകാശത്തേയും നശിപ്പിക്കുന്നു. അവ രിൻേറയും സമ്മേളനരംഗം പാപത്തിൻേറയും പുണ്യത്തിൻേറയും പ്രാപ്തരംഗങ്ങളാണ്. ദേവതകളുടെ ബലം മഹത്തായ ഒന്നു മാത്രമാകുന്നു.

**16. ആ ധേനേവോ ധുനയന്താമശിംശ്വീ സബർദുധാഃ**
**ശശയാ അപ്രദുഗ്ധാഃ |**
**നവ്യാനവ്യാ യുവതയോ ഭവന്തീർമഹദ്**
**ദേവാനാമസുരത്വമേകം ||**

വൃഷ്ടി വർഷിച്ചതുകാരണം എല്ലാവരുടേയും പ്രീതിനേടിയവരും, ശിശുവിഹീനകളും, ആകാശവ്യാപിനികളും, നിത്യയുവതികളും, നവീനസ്വരൂപകളുമായ ദിക്കുകൾ പ്രകമ്പനം കൊള്ളുന്നു. ഇത് ദേവതകളുടെ ഏകബലത്തിൻെറ ഫലമാണ്.

**17. യദന്യാസു വൃഷഭോ രോരവീതി സോ**
**അന്യസ്മിന്യൂഥേ നി ദധാതി രേതഃ |**
**സഹി ക്ഷപാവാൻത്സ ഭഗഃ സ രാജാ മഹദ്**
**ദേവാനാമസാരത്വമേകം ||**

വർഷണശീലത്തോടുകൂടിയ മേഘം ഗോക്കളുടെ മധ്യേ വിഹരിക്കുന്നു. മൂരിക്കുട്ടനെപ്പേലെ ദിക്കുകളിൽ ശബ്ദമുാക്കികൊ് ജലം വർഷിക്കുന്നു. ഇന്ദ്രൻ അതിനെ കർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നു. ആ ഇന്ദ്രൻ എല്ലാവരാലും ഉപാസിക്കപ്പെടുന്നവനും, നാഥനും ആകുന്നു. ദേവതകളുടെ സാമർത്ഥ്യം ഏകമായ രീതിയോടുകൂടിയതാണ്.

**18. വീരസ്യ നു സുശ്വ്യം ജനാ സഃ പ്രനു വോചാമ**
**വിദുരസ്യ ദേവാഃ |**
**ഷോളഹാ യുക്താഃ പഞ്ചപഞ്ചാ വഹന്തി**
**മഹദ്ദേവാനാമസുരത്വമേകം ||**

ഹേ മനുഷ്യരേ! ഞങ്ങൾ ഇന്ദ്രൻെറ അശ്വങ്ങളെ വർണ്ണിക്കുന്നു. ഈ ദേവകൾ ആ ഇന്ദ്രൻെറ അശ്വങ്ങളെ അറിയുന്നു. രുമാസങ്ങളെ ചേർത്ത് വർഷത്തിൽ ആറ് ഋതുക്കൾ ഉാക്കുന്നു. ഹേമന്തത്തേയും ശിശിരത്തേയും ഒന്നാക്കുകയാണെങ്കിൽ അഞ്ച് ഋതുക്കളെന്നു കണക്കാക്കുന്നു. ഇവ ഇന്ദ്രൻെറ അശ്വരൂപങ്ങളായ ഋതുക്കൾ എന്നു വിശ്വസിക്കുന്നു. ഇന്ദ്രൻെറ അശ്വരൂപങ്ങളായ ഈ ഋതുക്കൾ സൂര്യരൂപനായ ഇന്ദ്രനെ വഹിച്ചുകൊുപോകുന്നു. ദേവതകളുടെ മഹത്തായ സാമർത്ഥ്യം ഒന്നുതന്നെയാകുന്നു.

**19. ദേവസ്ത്വഷ്ടാ സവിതാ വിശ്വരൂപഃ പുപോഷ പ്രജാം**

**പുരുധാ ജജാന |**
**ഇ മാ ച വിശ്വാ ഭുവനാന്യസ്യ**
**മഹദ്ദേവാനാമസുരത്വമേകം||**

ത്വഷ്ടാദേവൻ അന്തര്യാമിയായതിനാൽ എല്ലാത്തിനേയും പ്രേരിപ്പിക്കുന്നവനാകുന്നു. അദ്ദേഹം പലവിധത്തിലുള്ള പ്രജകളെ സ്യഷ്ടിക്കുന്നവനും, അതുപോലെത്തന്നെ അവയെ സംരക്ഷിക്കുന്നവനും ആകുന്നു. ഈ എല്ലാ ലോകങ്ങളും ത്വഷ്ടാവിൻേറതു തന്നെയാകുന്നു. ദേവകളുടെ മഹത്തായ ബലം ഒന്നു പോലെയുള്ളതാകുന്നു.

**20. മഹീ സമൈരെച്ചമ്വാ സമീചോ ഉഭേ തേ അസ്യ വസുനാ ന്യൂഷ്ടേ |**
**ശ്യണ്വേ വീരോ വിന്ദമാനാ വസൂനി മഹദ്ദേവാനാ മസുരത്വമേകം ||**

ഇന്ദ്രൻ ആഹാരം നൽകുന്ന സമ്മിളിതങ്ങളായ രു മഹതികളെ കുടുംബിനികളാക്കി. ഈ മഹത്തായ ആകാശത്തേയും ഭൂമിയേയും സുസംഗതമാക്കി പക്ഷിമൃഗാദികളെ സ്യഷ്ടിച്ചതു ഇന്ദ്രൻ തന്നെയാകുന്നു. ആകാശത്തിലും ഭൂമിയിലും ആ ഇന്ദ്രൻെറ തേജസ്സും വ്യാപിച്ചിരിക്കുന്നു. സമർത്ഥനായ ആ ഇന്ദ്രൻ ശത്രുക്കളെ തോൽപ്പിച്ച് അവരുടെ ധനത്തെ പിടിച്ചെടുക്കുന്നതിൽ സമർത്ഥനാകുന്നു. അവൻെറ കൂട്ടുദേവതകളുടെ മഹത്തായ ബലം ഒന്നുതന്നെയാണ്.

**21. ഇമാം ച നഃ പൃഥിവീ വിശ്വധായാ ഉപ ക്ഷേതിഹി തമിത്രോ ന രാജാ |**
**പുരഃ സദഃ ശർമസദോ ന വീരാ മഹദ്ദേവാനാമസുരത്വമേകം ||**

വിശ്വത്തെ വഹിക്കുന്നവനും, നമ്മുടെ ഭൂമിയുടേയും ആകാശത്തിൻേറയും സ്വാമിയും, ഹിതചിന്തകമിത്രങ്ങളാൽ യുക്തനുമായ ഇന്ദ്രൻ സ്വയം തേജജസ്സോടുകൂടിയവനായി ജീവികളെ പാലിക്കുന്നു. മരുത്തുക്കൾ യുദ്ധത്തിനുള്ള അവസരം ലഭിക്കുമ്പോൾ ഇന്ദ്രൻെറ മുമ്പിലായി നീങ്ങുകയും ദിവ്യസ്ഥലങ്ങളിൽ വസിക്കുകയും ചെയ്യുന്നു. ദേവതകളുടെ മഹാസാമർത്ഥ്യം ഒന്നുതന്നെയാകുന്നു.

**22. നിഷ്ഷിധ്വ രീസ്ത ഔഷധീരുതാപോ രയിം ത ഇന്ദ്ര പൃഥിവീ ബിഭർതി |**
**സവായസ്തേ വാമഭാജഃ സ്യാമ മഹദ്ദേവാനാമസുരത്വമേകം||**

ഹേ ഇന്ദ്രാ! ഈ ഭൂമിനാശകങ്ങളായ ഔഷധികളെ പോറ്റി വളർത്തുന്നു. വെള്ളം വീഴ്ത്തുന്നത് നീയാണ്. നിനക്കായി ഭൂമിധനം സൂക്ഷിക്കുന്നു. ഞങ്ങൾ നിൻെറ സഖാക്കളായി സമ്പത്തു നേടണമേ. ദേവതകളുടെ മഹത്തായ ബലം ഒന്നുതന്നെയാകുന്നു.

# അദ്ധ്യായം നാല്

## സൂക്തം 56

**ഋഷി പ്രജാപതി, ദേവത വിശ്വേദേവൻമാർ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ന താ മിനന്തി മായനോ ന ധീരാ വ്യതാ ദേവാനാം പ്രഥമാ ധ്രുവാണി |**
**ന രോദസീ അദ്രൂഹാ വേദ്യാഭിർന പർവതാ നിനമേ തസ്ഥിവാംസഃ ||**

ദേവതകളുടെ സൃഷ്ടിയിൽ നിന്നും ഉത്ഭവിച്ച മായാവികളായ അസുരൻമാർ ശ്രേഷ്ഠങ്ങളായ കർമ്മങ്ങളെ ഹിംസിക്കാതിരിക്കണേ. വിദ്വാൻമാർ ഉത്തമങ്ങളായ കർമ്മങ്ങളെ ത്യജിക്കാതിരിക്കണേ. ആകാശവും ഭൂമിയും പ്രജകളോടുകൂടി നിർവിഘ്നം വസിക്കണേ. അവിചലങ്ങളായ പർവ്വതങ്ങളെ ആർക്കും കുനിക്കുവാൻ കഴിയുന്നില്ല.

**2. ഷഡ്ഭാരാം ഏകോ അചരന്മിഭർത്യൂറ്തം വർഷിഷ്ട മുപഗാവ ആഗുഃ |**
**തിസ്രോ മഹീരുപരാസ്തസ്ഥുരത്യാ ഗുഹാദ്വേ നിഹിതേ ദർശ്യേകാ ||**

ഒരു സംവത്സരം വസന്താദികളായ ആറ് ഋതുക്കളെ വഹിക്കുന്നു. സത്യത്തിൻെറ ആരാധനാ ഭൂതവും, സൂര്യനാൽ യുക്തവും ആയ സംവത്സരത്തെ രശ്മികൾ പ്രാപിക്കുന്നു. മൂന്നുലോകങ്ങളും മുകളിൽ തന്നെ സ്ഥിതിചെയ്യുന്നു. സ്വർഗ്ഗവും അന്തരീക്ഷവും ഗുഹയിൽ മറഞ്ഞിരിക്കുന്നു. ഭൂമിമാത്രം പ്രത്യക്ഷമായിരിക്കുന്നു.

**3. ത്രി പാജസ്യോ വ്യഷഭോ വിശ്വരൂപ ഉത ത്രുധാ പുരുധ പ്രജാവാൻ |**
**ത്ര്യനീകഃ പ്രത്യതേ മാഹിനാവാൻത്സ രേതിധാ വൃഷഭഃ ശശ്വതീനാം ||**

ഗ്രീഷ്മം, വർഷം, ഹേമന്തം എന്നീ ഋതുക്കളാൽ യുക്തവും, ജലം വർഷിക്കുന്നതിൽ സമർത്ഥവും, മൂന്നുലോകങ്ങൾക്കും സ്തനസമാനം രസം പ്രദാനം ചെയ്യുന്നവനും, പ്രജായുക്തവും, ചൂട്, വർഷം, ശീതഗുണം എന്നിവയോടു കൂടിയതാകുന്നു. ആ സംവത്സരം ജലത്തെ വഹിച്ചുകൊു ഭൂമിയെ നനക്കുന്നു.

**4. അഭീകു ആസാം പദവീരബോധ്യദിത്യാനാ മഹ്വേ ചാരു നാമ |**
**ആപഞ്ചിദസ്മാ അമരന്ത ദേവീഃ പൃഥഗ്വ്യജന്തീഃ പരിഷോമവ്യഞ്ജൻ ||**

ഈ എല്ലാ ഔഷധികളുടേയും സമീപം അവൻെറ പദരൂപമായ സംവത്സരം ചൈതന്യത്തോടുകൂടിയിരിക്കുന്നു. ഞാൻ ആദിത്യൻമാരുടെ മനോഹര നാമങ്ങളെ അറിയുന്നു. ഈ സംവത്സരത്തോട് സ്വതന്ത്ര മാർഗ്ഗാമികളായ ജലസമൂഹം നാലുമാസംവരെ ചേർന്നിരിക്കുകയും എട്ടു മാസക്കാലും വിയുക്തമായിരിക്കുകയും ചെ യ്യുന്നു.

**5. ത്രീ ഷധസ്ഥാ സിന്ധവസ്ത്രിഃ കവിനാമുത ത്രിമാതാ വിദഥേഷു സമ്രാട് |**
**ഋതാവരീർയോഷണാസ്തിസ്രോ അപ്യാസ്ത്രിരാ ദിവോ വിദഥേ പത്യമാനഃ ||**

ഹേ നദികളേ! ത്രിഗുണാത്മകങ്ങളും, ത്രിസംഖ്യങ്ങളുമായ ലോകത്തിൽ ദേവതകൾ അധിവസിക്കുന്നു. ലോകത്രയങ്ങളുടെ സൃഷ്ടാവായ സൂര്യൻ യജ്ഞത്തിൽ നാഥനാകുന്നു. അന്തരീക്ഷത്തിൽക്കൂടി സഞ്ചരിക്കുന്നവരായ ജലവതികളായ ഇളയും സരസ്വതിയും, ഭാരതിയും, യജ്ഞത്തിൻെറ മൂന്നു സവനങ്ങളിലും വസിക്കണേ.

**6. ത്രിരാ ദിവഃ സവിതർവാര്യാണി ദിവേദിവ ആ സുവ ത്രിർനോ ആഹ്നഃ |**
**ത്രിധാതു രായ ആ സുവാ വസൂനി ഭഗ ത്രാതവിഷണോ സപ്തയേ ധാഃ ||**

ഹേ സൂര്യാ! നീ എല്ലാത്തിനും ശക്തിനൽകുന്നു. ദിവസംതോറും മൂന്നുസവനങ്ങളിലും ആകാശത്തിലാഗതനായി ഞങ്ങളെ പ്രാപിച്ച് മനോഹരവും ഉപയോഗ്യവുമായ ധനം ഞങ്ങൾക്ക് തോന്നണേ. നീ ഞങ്ങളെ പാലിക്കുന്നവനാണ്. ഞങ്ങൾക്ക് പകലിൻെറ മൂന്നു സവനങ്ങളിലും മൃഗങ്ങൾ, സ്വർണ്ണം, രത്നം,ഗോക്കൾ ആദിയായ സമ്പത്തുക്കൾ നൽകണേ. ഹേ ജ്ഞാനിയായ സൂര്യാ! യാതൊരു ഉപായങ്ങളാൽ ഞങ്ങൾക്ക് ധനലാഭമുാക്കുവാൻ സാധിക്കുമോ, ആ ഉപായം പ്രയോഗിച്ചാലും.

**7. ത്രിരാ ദിവഃ സവിത സോഷവീതി രാജാനാ മിത്രാവരുണാ സുപാണീ |**
**ആപശ്ചിദസ്യ രോദസീ വിദുർവീ രത്ന ഭക്ഷന്തു സവിതുഃ സവായ ||**

ആ സവിതാവ് സവനത്തിൽ മൂന്നുപ്രാവശ്യം നമുക്ക് ഐശ്വര്യം നൽകണേ. മംഗളകരനും, രാജാവായ മിത്രനും, വരുണനും, ആകാശവും, ഭൂമിയും, അന്തരീക്ഷാദിദേവകളും സവിതാദേവനിൽ നിന്നും ഐശ്വര്യബുദ്ധി യാചിക്കണേ.

**8. ത്രിരുത്തമാ ദൂണശാ രോചനാനി ത്രയോ രാജൻസുരസ്യ വീരാഃ |**
**ഋതവാന ഇഷിരാ ദൂളഭാസസ്ത്രിരാ ദിവോ വിദഥേ സന്തു ദേവാഃ ||**

സർവ്വവിജേതാവും, പ്രകാശമയവും, അവിനാശിയുമായി മൂന്നു ശ്രേഷ്ഠസ്ഥാനങ്ങളു്. ഈ മൂന്നു സ്ഥാനങ്ങളിലും അഗ്നിയും, വായുവും, സൂര്യനും, പ്രശോഭിച്ചുകൊിരിക്കുന്നു. യജ്ഞയുക്തരും, തിരസ്കരിക്കപ്പെടാത്തതും, ദ്രുതഗാമികളുമായ ദേവതകൾ മൂന്നു സവനങ്ങളിലുള്ള നമ്മുടെ യജ്ഞാനുഷ്ഠാന ങ്ങളിലേയ്ക്ക് എഴുന്നള്ളണേ.

# സൂക്തം 57

**ഋഷി വിശ്വാമിത്രൻ ദേവത വിശ്വേദേവൻമാർ ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്ര മേ വിവിക്വാം അവിദൻമനീഷാം ധേനും ചരന്തീ പ്രയുതാമഗോപാം |**
**സദ്യശ്ചിദ്വാ ദുദുഹേ ഭൂരി ധാസേരിന്ദ്രസ് ദഗ്നിഃ പന ിതാരോ അസ്യാഃ ||**

ബുദ്ധിമാനായ ആ ഇന്ദ്രൻ ഏകയായി മേഞ്ഞുനടക്കുന്ന, രക്ഷാരഹിതയായ ധേനുവിനെപ്പോലെ നമ്മെ പ്രാിക്കണേ. യാതൊരു സ്തുതിരൂപമാകുന്ന അഭിലാഷഫലത്തെ ദോഹനം ചെയ്യുവാൻ ഇച്ഛിക്കുന്നുവോ , ആ സ്തുതിയെ ഇന്ദ്രനും അഗ്നിയും രുപേരും സ്വീകരിക്കേണമേ.

**2. ഇന്ദ്രഃ സു പൂഷാ പുഷാണ സുഹസ്താ ദിവേ ന പ്രീതാഃ ശശയം ദുദുഹ്രേ |**
**വിശ്വേ യദസ്യാം രണയത ദേവാഃ പ്രവോ ത്ര വസവഃ സമ്നമശ്യാം ||**

ഇന്ദ്രനും, പൂഷാവും, അഭിലാഷവർഷകനും, മംഗളഹസ്തരുമായ മിത്രാവരുണൻമാരും അന്തരീക്ഷത്തിൽ ശയിക്കുന്ന മേഘത്തെ അവിടെ നിന്നു തന്നെ ദോഹനം ചെയ്യുന്നു. ഹേ വിശ്വദേവകളേ! നിങ്ങൾ ഉത്തമങ്ങളായ വാസസ്ഥലങ്ങൾ നൽകുന്നവരാണ്. നിങ്ങളാൽ നൽകപ്പെടുന്ന സുഖങ്ങൾ അനുഭവിക്കുവാൻ കഴിവുള്ളവരായിത്തീരാൻ ഈ യജ്ഞവേദിയിൽ രമിക്കട്ടെ.

**3. യാ ജാമയോ വൃഷ്ണ ഇച്ഛന്തി ശക്തി നമസ്യന്തോർജാനതേ ഗഭസ്മിൻ |**
**അച്ഛാ പുത്ര ധേനവോ വാബശാനാ മഹശ്ചരന്തി ബിഭ്രൂതം വപൂംഷി ||**

ജലവർഷകനായ ഇന്ദ്രൻെറ ശക്തിയെ ആഗ്രഹിക്കുന്ന ഔഷധികൾ നമ്രരായി അവൻെറ ഗർഭാധാനക്ഷമതയെ പ്രാപിക്കുന്നു. ഫലത്തെ കാംക്ഷിക്കുന്ന ഔഷധികൾ യുക്തിവാദികളായ ശിശുക്കളുടെ മുമ്പിൽ അഭിമുഖമായി നിലക്കൊള്ളുന്നു.

**4. അച്ഛാ വിവക്മി രോദസീ സുമേക ഗ്രാവ്ണോ യുജാനോ അധ്വരേ മനീഷാ |**
**ഇമാ ഉതേ മനവേ ഭൂരിവാരാ ഉർധ്വാ ഭവന്തി ദശതാ യജത്രാഃ ||**

യജ്ഞത്തിൽ സോമം ഇടിച്ചു പിഴിയുന്ന അമ്മിക്കല്ലും വഹിച്ചുകൊ് ആകാശപൃഥ്വികളെ മധുരവാണിയാൽ ഞങ്ങൾ സ്തുതിക്കുന്നു. ഹേ അഗ്നിദേവാ! നിൻെറ വരണയോഗ്യവും, പൂജനീയവും, രമണീയവുമായ ദീപ്തികൾ മനുഷ്യരുടെ മുമ്പിലായി ഉയരുന്നു.

**5. യാ തേ ജിഹ്വാ മധുമതീ സുമേധാ അഗ്നേ ദേവേഷൂച്യത ഉരൂചീ |**
**തയേഹ വിശ്വാം അവസേ യജത്രാനാ സാദയ പായയാ ചാ മധൂനി ||**

ഹേ അഗ്നേ! നിൻെറ ജ്വാലാരൂപമായ ജിഹ്വ അത്യധികം രസവതിയും, മധുമതിയും, പ്രജ്ഞാവതിയും ആയി ദേവതകളെ ആഹ്വാനം ചെയ്യുവാനുള്ള നിമിത്തമാകുന്നു. അങ്ങയുടെ ആ ജിഹ്വയാൽ യജ്ഞയോഗ്യരായ ദേവകളെ ഈ യജ്ഞത്തിൽ ഞങ്ങളുടെ രക്ഷയ്ക്കായി വിളിക്കുകയും അവരെ സോമപാനം ചെയ്യിച്ച് പ്രസന്നരാക്കുകയും ചെയ്യട്ടെ.

**6. യാ തേ അഗ്നേ പർവതസ്യേവ ധാരാസഞ്ചന്തീ പീപയദ്ദേവ ചിത്രാ |**
**താമസ്മഭ്യ പ്രമതിം ജാതവേദോ വസോ രാസ്വ സുമതിം വിശ്വജന്യാം ||**

ഹേ തേജസ്വിയായ അഗ്നിദേവാ! ഞങ്ങളെ ഉപേക്ഷിച്ച് മറ്റാരുടേയും അടുക്കലേയ്ക്ക് പോകാതിരിക്കുന്ന പലതരത്തിലുള്ള വാണിയെ നിൻെറ കൃപാബുദ്ധി ഞങ്ങൾക്കിച്ഛാഫലം പ്രദാനം ചെയ്തും, മേഘജലം വനസ്പതികളെ വളർത്തുന്നതുപോലെ വളർത്തണേ. നീ ജൻമനാ ജ്ഞാനിയും, നിവാസസ്ഥാനദാതാവും, ആകുന്നു. ഞങ്ങൾക്ക് അതേ കൃപാപൂർണ്ണമായ വൃദ്ധിയും എല്ലാവർക്കും നൻമ ചെയ്യുവാനുള്ള ബുദ്ധിയും നൽകട്ടെ.

# സൂക്തം 58

**ഋഷി വിശ്വാമിത്രൻ, ദേവത അശ്വിനികൾ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ധേനുഃ പ്രത്നസ്യ കാമ്യം ദുഹാനാന്തഃ പുത്രശ്ചരതി ദക്ഷിണായാഃ |**
**ആ ദ്യോതനി വഹതി ശുഭ്രയാ മോഷസഃ സ്താമോ**

**അശ്വിനാവജാഗഃ ||**

പ്രാചീനമായ അഗ്നിക്കുവേി ധേനുവായ ഉഷസ്സ് രാത്രിയുടെ അന്ത്യത്തിൽ മഞ്ഞുരൂപമാകുന്ന രാസബിന്ദുക്കൾ കറന്നെടുക്കുന്നു. ഉഷസ്സിൻെറ മകൻ അകത്തു കടന്നു പിന്നാലെ വെളുപ്പോടെ വന്നവൻ പ്രകാശകനെ വഹിക്കുന്ന സൂര്യോദയത്തിനു മുമ്പേതന്നെ അശ്വിനികുമാരൻമാരെ സ്തുതിക്കുവാൻ ആളുകൾ ഉണർന്ന് എഴുന്നേൽക്കുന്നു.

**2. സുയഗ്വഹന്തി പ്രതി വാമൃതേനോർധ്വാ ഭവന്തി പിതരേവ മേഘാഃ |**

**ജരോഥാമസ്മദ്വിപണേർമനീണാം യുവോരവശ്ചകൃമാ യാതമർവാക് ||**

ഹേ അശ്വിനികളേ! ഉത്തമവും, ശ്രേഷ്ഠവും സത്വരൂപവുമായ സത്വരഥം വഴിയായി യജ്ഞത്തിൽ കൊുവരാനായി രുകുതിരകളെ പൂട്ടുന്നു. മാതാപിതാക്കളുടെ അടുക്കലേയ്ക്ക് പോകുന്ന പുത്രനെപ്പോലെ യജ്ഞം നിങ്ങളുടെ ഉയരുന്നു. ഞങ്ങളുടെ നികടസ്ഥരായ ഒസ്യുക്കളും, ദുഷ്കർമ്മികളും ഇതോടുകൂടി അകന്നുപോകണേ. ഞങ്ങൾ നിങ്ങൾക്കായി ഹവിസ്സ് പ്രദാനം ചെയ്യുന്നു. നിങ്ങൾ രുപേരും ഇവിടെ ആഗതരാകണേ.

**3. സായുഗ്ഭിരശ്വൈഃ സുവൃതാ രഥേന ദ്രസ്രാവിമശൃണുതം ശ്ലോകമദ്രേഃ |**

**കിമങ്ധവാം പ്രത്യവതിം ഗമിഷ്ടഹുവി പ്രസോ അശ്വിനാ പുരുജാഃ ||**

ഹേ അശ്വനികളേ! വിശിഷ്ടങ്ങളായ ചക്രങ്ങളോടുകൂടിയ മനോഹരമായ രഥത്തിൽ കുതിരകളെകെട്ടി അതിൽ കയറി ഇവിടെ ആഗതരാകണേ. സ്തോതാക്കളായ ഞങ്ങൾ നിങ്ങൾ രുപേരെയും സ്തുതിക്കുന്നു. അത് ശ്രവിക്കുകയും അതുപോലെ പ്രാചീനരായിരുന്ന ജ്ഞാനികൾ എങ്ങിനെയെല്ലാം സ്തുതിച്ചിരുന്ന എന്നു ശ്രദ്ധിക്കുകയും ചെയ്യണേ. അതിനനുകൂലരായാലും.

**4. ആ മന്യേഥാമാ ഗത കച്ചിദേ വൈ വിശ്വേ ജനാസോ അശ്വിനാ ഹവന്തേ |**

**ഉമാം ഹി വാം ഗോജ്ജീകാ മധൂനി പ്രമിത്രാസന ദദുരുസ്രോ അഗ്രേ ||**

ഹേ അശ്വനികളെ! നിങ്ങൾ രുപേരെയും വളരെ ആദരവോടു കൂടി വിളിക്കുന്നു. അവരുടെ ആഹ്വാനത്തെ ശ്രവിച്ച് നിങ്ങളുടെ അശ്വങ്ങൾ സഹിതം യജ്ഞത്തിലേയ്ക്ക് എഴുന്നള്ളണമേ. അവർ നിങ്ങൾക്കായി മിത്രസമാനം പ്രസന്നപ്രദമായ ദുഗ്ദാതിമിശ്രിതമായ ഹവിസ്സ്പ്രദാനം ചെയ്യുന്നു. ഉഷസ്സിനുശ്ശേഷം ആദിത്യദേവൻ ഉദയം ചെയ്യുന്നു. അതിനാൽ അതിവേഗം എഴുന്നള്ളിയാലും.

**5. തിരഃ പുരു ചിദശ്വിനാ രജാംസ്യാങ്ഗഷൗ വാം മഥവാന ജനേഷു |**

**ഏഹ യാതം പഥിഭിൽ ദൈവ്യയാരെന ർദസ്രാവിമേ വാം നിധയോമധൂനാം ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരുടേയും വാണി എല്ലാ ലോകങ്ങളേയും പ്രാപിക്കണേ. നിങ്ങളുടെ മാർഗ്ഗത്തിൽകൂടി വാണി സങ്കടങ്ങളകറ്റണേ. നിങ്ങൾ രുപേരും ജ്ഞാനികളുടെ മാർഗ്ഗത്തിൽകപൂടി ഈ രോകത്തിലേയ്ക്ക് വന്നാലും. നിങ്ങൾ ശത്രുസംഹാരത്തിൽ സമർത്ഥനാകുന്നു. മധുരരസത്താൽ പൂർണ്ണമായും, പുഷ്ടികരമായ സോമത്തെ നിങ്ങൾക്കുവേി പാത്രങ്ങളിൽ പിഴിഞ്ഞെരിച്ചു വച്ചിരിക്കുന്നു.

**6. പുരാണമോർകഃ സഹ്യം ശിവം വാം യവോർനരാ ദ്രവി നം ജഹ്രാവ്യാം**

**പുനഃ കൃണ്വാനഃ സഖ്യാ ശിവാനി മധ്വാ മദേയ സഹ നൂ സമാനാഃ**

ഹേ അശ്വിനികളേ! നിങ്ങളുടെ സ്നേഹം പ്രാചീനവും, എല്ലാവർക്കും ആവശ്യകവും ആകുന്നു. നിങ്ങൾ രുപേരും എല്ലാവർക്കും നേതൃത്വം നൽകുന്നവരാകുന്നു. നിങ്ങളുടെ ജ്ഞാനം ജഹ്നുവംശക്കാർക്ക് കല്യാണകാരിയായി ഭവിക്കേണമേ. നിങ്ങളുടെ രുപേരുടേയും മൈത്രീഭാവത്തിൻെറ സുഖം എ പ്പോഴും ഉ ായിരിക്കേണമേ. സന്തുഷ്ടമാക്കുന്ന സോമത്തെ പാനം ചെയ്ത് ഞങ്ങളും നിങ്ങളോടുകൂടി തുഷ്ടി പ്രാപിക്കണേ.

**7. അശ്വിനാ വായുനാ യവ സുദക്ഷ നിയുദ്ഭിശ്ച സജോഷ സാ യുവാനഃ |**

**നാസത്യാ തിരോ അഹ്നം ജ്ജദാണാ സോമം പിവേതമസ്ത്രിധാ സുദാനൂ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങള എല്ലാ കാര്യങ്ങളിലും സാമർത്ഥ്വമുള്ളവരാണല്ലോ. നിങ്ങൾ മിഥ്യരഹിതനും, നിത്യയുവാക്കളും ശോഭനീയധനങ്ങൾ നൽകുന്നവരുമാണല്ലോ. വായുവും അതുപോലെ നിയമങ്ങളിൽ നിന്നും വിയുക്തരായി അശ്വങ്ങളാൽ സോമത്തെ പാനം ചെയ്യുന്ന അഭ്യാസികങ്ങളായ നിങ്ങൾ രുപേരും പകലിൻെറ പ്രകാശത്തിൽ സോമം പാനം ചെയ്യണേ.

**8. അശ്വിനാ പരി വാമിക്ഷഃ പുരുചോരീയുർഗീ ഭിയതമാനാ അമൃധ്രാഃ |**

**രഥോ ഹ വാമൃതജാ അദ്രിജ്ജൂതഃ പരി ധ്യാവാ പൃഥിവീ യാതി സദ്യഃ ||**

ഹേ അശ്വിനികളേ! പര്യാപ്തമായ ഈ ഹവ്യം നിങ്ങളെ പ്രാപിക്കുന്നു. കർമ്മനിരതരും, പാപരഹിതരും, സ്തുതിക്കുന്നവരുമായ സ്തോതാക്കൾ ഉത്തമങ്ങളായ സ്തോത്രങ്ങളാൽ നിങ്ങളെ പൂജിക്കുന്നു. സ്തുതിക്കുന്നവരായ ഉപാസകൻമാരാൽ ആകർഷിക്കപ്പെട്ട ജലൂദായകമായ രഥം ആകാശത്തിൻേറയും ഭൂമിയുടേയും ഇടയിൽകൂടി സഞ്ചരിക്കുന്നു.

**9. അശ്വിനാ മധുഷുത്തമോ യുവാകുഃ സോമസ്തം പാതമാ പാതമ ഗത ദുരോണേ |**

**രഥോ ഹ വാം ഭൂരിവർപഃ കരിക്രിത്സുമാവതോ നിഷ്കൃതമാഗമിഷ്ടഃ ||**

ഹേ അശ്വിനികുമാരൻമാരേ! അത്യന്തം മധുരസത്തോടു കൂടിയതും ദുഗ്ധാദികളാൽ മിശ്രിതവുമായി ഈ സോമം തയ്യാറാക്കിയിരുന്നു. അതു പാനം ചെയ്യുവിൻ. ധനം നൽകുന്ന നിങ്ങൾ രുപേരുടേയും ശ്രേഷ്ഠമായ രഥം സോമം ശുദ്ധമാക്കുന്ന യജമാനൻെറ സുശോഭനമായ ഭവനത്തിൽ തുടർച്ചയായി വന്നുകൊിരിക്കുന്നു.

## സൂക്തം 59

**ഋഷി വിശ്വാമിത്രൻ ദേവത മിത്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ഗായത്രി**

**1. മിത്രോ ജനാന്യാതയതി ബ്രുവാണോ മിത്രോ ദാധാര പൃഥിവീമുതദ്യാം |**

**മിത്രഃ കൃഷ്ടീരനിമിഷാഭി ചഷ്ടേ മിത്രായ ഹവ്യ ഘൃതവജ്ജുഹോത ||**

പൂജിക്കപ്പെടുന്ന മിത്രൻ ലോകത്തെ മുഴുവൻ കൃഷി മുതലായ കർമ്മങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു. വർഷത്താൽ അന്നാദികളെ ഉത്പാദിപ്പിക്കുന്ന മിത്രദേവൻ ഭൂമിയേയും ആകാശത്തേയും വഹിക്കുന്നു. ആ മിത്രദേവൻ കർമ്മവാൻമാരായ വ്യക്തികളെ എല്ലാപ്രകാരത്തിലും അനുഗ്രഹദൃഷ്ടിയോടെ വീക്ഷിക്കുന്നു. ആ മിത്രദേവന് ഘൃതയുക്തമായ ഹവിസ്സ് നൽകുവിൻ.

**2. പ്ര സ മിത്ര മർതോ അസ്തു പ്രയസ്വാനസ്ത ആദിത്യ ശിക്ഷതി വ്രതേന |**
**ന ഹന്യതേ ന ജീയതേ ത്വോതോർനനർമഹോ അശ്നോത്യന്തിതോ ദൂരാത് ||**

ഹേ ആദിത്യാ! യാതൊരു വ്യക്തി മിത്രനോടു കൂടി നിനക്ക് ഹവിസ്സ് നൽകുന്നുവോ, അവൻ അന്നത്തിൻെറ സ്വാമിയാകണേ. യാതൊരു മനുഷ്യൻ നിൻെറ രക്ഷയിലാകണോ. അവനെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല. യാതൊരുത്തൻ നിനക്ക് ഹവിസ്സ് നൽകുന്നുവോ അവനെ പാപം ഒരിക്കലും സമീപിക്കുന്നില്ല.

**3. അനമീവാസ ഇ യാ മദന്തോ മിതജ്ഞവോ വരിമണാ പൃഥിവ്യാഃ |**
**ആദിത്യ സ്യ വ്രതമുപക്ഷിയന്തോ വയും മിത്രസ്യ സുമതൗ സ്യാമഃ ||**

ഹേ മിത്രാ! ഞങ്ങൾ രോഗങ്ങളിൽ നിന്ന് രക്ഷപ്പെടണേ. ഞങ്ങൾ അന്നപ്രാപ്തിയാൽ പുഷ്ടിയെ പ്രാപിക്കണേ. ഈ വിസ്തൃതമായ ഭൂമിയിൽ മുട്ടുമടക്കി ഞങ്ങൾ ആദിത്യവ്രതം അനുഷ്ഠിക്കുന്നു. ആദിത്യൻ നമ്മുടെ മേൽ കൃപാബുദ്ധിയുള്ളവനാകണേ.

**4. അയം മിത്രോ നമസ്യാ സുശേവോ രാജാ സുക്ഷത്രോ അജനിഷ്ട വേധഃ |**
**തസ്യ വയം സുമതീ യജ്ഞിയസ്യാപി ഭദ്രേ സൌമനസേ സ്യാമ ||**

ഈ ആദിത്യൻ മനോഹരമായ പ്രകാശത്തോടുകൂടിയവനും ബലത്തിൽ ഉയർന്നവനും, എല്ലാത്തിനേയും സൃഷ്ടിക്കുന്നവനും, എല്ലാത്തിൻേറയും നാഥനും, നമസ്കാരയോഗ്യനുമാകുന്നു. ഇദ്ദേഹത്തിൻെറ ആവിർഭാവത്തിൽ യജ്ഞകർമ്മങ്ങൾ നടത്തുന്നു. യജമാനൻമാരായ നാം ഇദ്ദേഹത്തിൻെറ കൃപയും, സ്നേഹസ്യണമായ വാത്സല്യവും പ്രാപിക്കണേ.

**5. യഹാം ആദിത്യോ നമസോപയദ്യോ യാതയജ്ജനോ ഗൃണതേ സശേവഃ |**
**തസ്മാ ഏതത്പന്യതമാ ജജൂഷ്ടമന്നൗ മിത്രായ ഹവിരാ ജജൂഹോത ||**

മഹാലോകങ്ങളുടെ പ്രവർത്തകനായ ആദിത്യനെ നമസ്കാരയുക്തനായി പൂജിക്കണം. സ്തുതിക്കുന്നവരോട് ആ ആദിത്യൻ അത്യന്തം പ്രസന്നനാകുന്നു. ഹേ സ്തോതാക്കളേ! മിത്രദേവൻ സ്തുതിക്കുന്ന പാത്രമാകുന്ന അവനുവേി പ്രീതിജനകമായ ഹവിസ്സ്അഗ്നിയിലിടുവിൻ.

**6. മിത്രസ്യ ചർഷണീധൃതോ വോ ദേവസ്യ സാനസി ദ്യുമ്നം ചിത്രശ്രവസ്തമം ||**

വർഷം വഴി മനുഷ്യരെ ധാരണം ചെയ്യുന്ന മിത്രദേവതയുടെ വിചിത്രങ്ങളായ അന്നാദിധനങ്ങൾ കീർത്തിയാലും, ജ്ഞാനത്താലും യുക്ത എല്ലാവർക്കും സേവനയോഗ്യവും സുഖം നൽകുന്നതുമാകുന്നു.

**7. അഭിഃ യോ മഹിമാ ദിവം മിത്രോ ബഭൂവ സപ്രഥാഃ |**
**അഭി ശ്രവോഭിഃ പൃഥ്വീം ||**

മിത്രദേവൻ തൻെറ മഹത്വത്താൽ ആകാശത്തെ വശീഭൂതമാക്കിയിരിക്കുന്നു. അവൻ തൻെറ കർമ്മങ്ങളാൽ ഭൂമിയെ യശസ്വിയും എല്ലാവർക്കും സേവനയോഗ്യമായ അന്നത്താൽ യുക്തമാക്കുന്നു.

**8. മിത്രായ പഞ്ച യേമിരേ ജനാ അഭിഷ്ടിശവസോ |**
**സ ദേവോ ന്വിശ്വനാഭർതി |**

പഞ്ചജനങ്ങൾ ശത്രുക്കളെ ജയിക്കുന്നതിനുകഴിവുള്ള മിത്രദേവൻ ഹവിസ്സർപ്പിച്ച് ബഹുമാനം പ്രകടിപ്പിക്കുന്നു. ആ മിത്രൻ തൻെറ സ്വരൂപം വഴി എല്ലാ ദേവതകളേയും പോഷിപ്പിക്കുന്നു.

**9. മിത്രോ ദേവേ ഷ്വായുണ ജനായ വൃക്തവർഹിഷേ |**
**ഇന ഇഷ്ടവ്രതാ അക ||**

വിദ്വാൻമാരിലും ദേവതകളിലും മറ്റു മനുഷ്യരിലും കുരു മുറിച്ചു കൊവരുന്നവനാരോ അവന് മിത്രദേവൻ മംഗലകാരിയായ അന്നം പ്രദാനം ചെയ്യുന്നു.

## സൂക്തം 60

**ഋഷി വിശ്വാമിത്രൻ, ദേവത ഋഭുക്കൾ, ഇന്ദ്രൻ, ഛന്ദസ് ഗായത്രി.**

**1. ഇഹേഹ വോ മാനസാ ബന്ധുതാ നര ഉരിജോ ജഗ്മുരഭി താനി വേദസാ |**
**യാഭിർമായാഭിഃ പ്രതിജൂതിവപസഃ സൗധന്വനാ യജ്ഞിയം ഭാഗമാനശ ||**

ഹേ ഋഭുക്കളേ! നിങ്ങളുടെ ഐശ്വര്യം, കർമ്മം, സാമർത്ഥ്യം ഇവ എല്ലാവരും അറിയുന്നു. സുധന്വൻെറ വാശക്കാരോ നിങ്ങൾ യാതൊരു വിശിഷ്ടമായ തേജസ്സാൽ യജ്ഞഭാഗത്തെ പ്രാപിക്കുന്നുവോ, ആ എല്ലാകർമ്മങ്ങളേയും ഹവിർദ്ധനൻമാർ സഖ്യം കൊ് അറിയുന്നു.

**2. യാഭിഃ ശചീഭിശ്ചമസാം അപിംശതയയാ ധ ിയാ ഗാരിണീത ചർമണഃ |**
**യേന ഹരീ മനസാ നിരതക്ഷത തേന ദേവത്വമൃഭവഃ സമാനശ ||**

ഹേ ഋഭുക്കളേ! നിങ്ങൾ യാതൊരു ശക്തിയാൽ ചമസത്തെ വിഭജിച്ചിരുന്നുവോ, യാതൊരു ബുദ്ധിശക്തിയാൽ നിങ്ങളുടെ ഗോക്കളുടെ ശരീരത്തിൽ ചർമ്മം ചേർത്തുപിടിച്ചുവോ, യാതൊരു ജ്ഞാനത്താൽ നിങ്ങൾ ഹരികളെ നിർമ്മിച്ചുവോ ആ എല്ലാകർമ്മങ്ങളാലും നിങ്ങൾ യജ്ഞഭാഗത്തിൻെറ അവകാശികളായി ദേവത്വം പ്രാപിച്ചു.

**3. ഇന്ദ്രസ്യ സഖ്യമൃഭവഃ സമാനശും മനീനപാതീ ദധന്വിരേ |**
**സൗധന്വനാസോ അമൃതത്വ മേരിരേ വിഷ്ടവീ ശമീഭിഃ സുകൃത സുകൃത്യയാ ||**

മനുഷ്യവംശജരായ ഋഭുക്കൾ യജ്ഞാദി കർമ്മങ്ങളാൽ ഇന്ദ്രൻെറ മൈത്രീഭാവത്തെ പ്രാപിച്ചു. മരണരഹിതരായിത്തീർന്നു. പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ച സുധന്വൻെറ പുത്രൻമാർ കർമ്മബലത്താൽ അവിനാശം പ്രാപിച്ചു.

**4. ഇന്ദ്രേണ യാഥ സരഥം സുതേ സചാം അഥാ വശാനാം ഭവഥാ സഹ ശ്രിയാ |**

**ന നഃ പ്രതിമൈസുകൃതാനി വാധതഃ സൗധന്വനാ ഋഭവോ വീര്യാണി ച ||**

ഹേ ഋഭുക്കളേ! നിങ്ങൾ ഇന്ദ്രനോടുകൂടി ഒരേ രഥത്തിൽ ആരൂഢരായി സോമം തയ്യാറാക്കുന്ന സ്ഥാനത്തേയ്ക്ക് പോകുവിൻ. അതിനുശേഷം മനുഷ്യരുടെ സ്തോത്രങ്ങൾ ശ്രവിച്ചാലും. ഹേ സുധന്വപുത്രരേ! നിങ്ങൾ അമൃതിന്റെ ശക്തി വഹിക്കുന്നവരാണല്ലോ. നിങ്ങളുടെ ശ്രേഷ്ഠങ്ങളായ കർമ്മങ്ങളെ ആർക്കും തടയുവാൻ സാധ്യമല്ല. ഹേ ഋഭുക്കളേ! നിങ്ങളുടെ ശക്തിയെ നേരിടുവാൻ ആരും സമർത്ഥരാകുന്നില്ല.

**5. ഇന്ദ്ര ഋഭുഭിർവാജവദ്ഭിഃ സമക്ഷതം സുത സോമമാ വൃഷുസ്ത്വാ ഗഭസ്ത്യോ |**

**ധിയേഷിതോ മഘവാന്ദാശുഷോഗൃഹേ സൗധന്വനഭിഃ സഹ മത്സ്വ നൃഭിഃ ||**

ഹേ ഇന്ദ്രാ! സൂര്യൻ എങ്ങിനെ വേഗവതികളും തേജസ്വിനികളുമായ രശ്മികളാൽ പുഷ്ടിപ്പെടുത്തുന്നുവോ, അതുപോലെ തന്നെ നീ ബലവാൻമാരാലും, ജ്ഞാനികളാലും ഭൂമിയെ പുഷ്ടിപ്പെടുത്തുന്നു. ഹേ ഇന്ദ്രാ! നീ ഋഭുക്കളും വാജനുമായി ചേർന്ന് സോമം പാനം ചെയ്താലും സ്തുതികളാൽ ആഹൂതനാകുന്ന നീ യജമാനന്റെ ഭവനത്തിൽ സുധന്വാക്കളോടുകൂടി വന്ന് സോമം പാനം ചെയ്ത് ആനന്ദം അനുഭവിച്ചാലും.

**6. ഇന്ദ്ര ഋഭുമാന്വാജതാൻമത്സ്വേഹ നോ സ്മിൻ സവ നേ ശച്യാ പരുഷ്ഠത |**

**ഇമാനി തുഭ്യം സ്വസരാണി യേമിരേ വ്റതാ ദേവാനാം മനുഷശ്ച ധർമഭിഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ സ്തുതിക്കപ്പെടുന്നു. നീ ഇന്ദ്രാണിയോടും ഋഭുക്കളോടും വാജനോടും ഞങ്ങളുടെ മൂന്നാം സവനത്തിൽ ആനന്ദിച്ചാലും . ഹേ ഇന്ദ്രാ! പകലിന്റെ മൂന്നുസവനങ്ങളിൽ ഈ സവന നിനക്ക് സോമപാനത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ ദേവകളുടെ എല്ലാ വ്രതങ്ങളും മനുഷ്യരുടെ കർമ്മങ്ങളിൽ നിന്റെ പൂജയ്ക്കായുള്ളതാണ്.

**7. ഇന്ദ്ര ഋഭുഭിർവാജിർയന്നിഹ സ്യോമ ജരിരുരുപ യാഹി യജ്ഞിദ്യം |**

**ശതം കേതേഭിരിഷിരേഭിരായവേ സഹസ്രിണിഥോഅധ്വരസ്യ ഹോമനി ||**

ഹേ ഇന്ദ്രാ! സ്തുതിക്കുന്നവർക്കായി അന്നസമ്പാദനം നടത്തി ബലവാൻമാരായ ഋഭുക്കൾ സഹിതം സ്തോതാവിന്റെ സ്തുതിക്കൾക്കുവേി ഈ യജ്ഞത്തിലേയ്ക്ക് എഴുന്നള്ളിയാലും. നൂറശ്വങ്ങളും, മരുത്തുക്കളും ഒന്നിച്ച് യജമാനന് ആയിരം കൊുവരുന്ന നീ ഹിംസാരഹിതമായ സോമഹോമത്തിന് വന്നാലും.

## സൂക്തം 61

**ഋഷി വിശ്വാമിത്രൻ, ദേവത ഉഷസ്, ഛന്ദസ് ത്രിഷ=ടുപ്, പംക്തി.**

**1. ഉഷോ വാജേന വാജിനി പ്രചേതാഃ സ്തോമ ജജൂഷസ്വ ഗൃണതോ മധോനി |**

**പുരാണാ ദേവി യുവതിഃ പുരന്ധിരനു വ്റതം ചരസി സിശ്വവാരേ |**

അല്ലയോ ഉഷസ്സേ! നീ ധനൈശ്വര്യവതിയും, അന്നത്തോടുകൂടിയവളുമാണല്ലോ, നീ ശ്രേഷ്ഠജ്ഞാനത്താൽ യുക്തനായി സ്തോതാക്കളുടെ സ്തോത്രങ്ങൾ സ്വീകരിച്ചാലും. നീ വിശ്വവരേണ്യയാകുന്നു. പ്രാചീനവതിയാണെങ്കിലും യുവതികളെപ്പോലെ സുശോഭിതയായ നീ അനേകം സ്തോത്രങ്ങളാൽ യുക്തയായി യജ്ഞകർമ്മങ്ങൾക്കായി അതിവേഗം ആഗതയാകേണമേ.

**2. ഉഷാ ദേവ്യമർത്യാ വി മാഹി ചന്ദ്രരഥാ സൂനൃതാ ഈരയന്തീ |**

**ആ ത്വാ വഹന്ത സുയമാസോ അശ്വാ ഹിരണ്യവർണാ പൃഥുപാജസോ യേ ||**

ഹേ ഉഷസ്സേ! നീ മരണ ധർമ്മത്തിൽ നിന്നും മുക്തയാണല്ലോ. നിന്റെ രഥം സ്വർണ്ണയുക്തമാണ്. സത്യഭാഷിണിയായ നീ പ്രിയവചനങ്ങളുച്ചരിച്ചിരിക്കുന്നു. നീ സൂര്യകിരണങ്ങളാൽ ശോഭായമാനമാകുന്നു. ശക്തരായ ചെങ്കുതിരകൾ നിന്റെ രഥത്തിൽ പൂട്ടപ്പെടുന്നു. അവ നിന്നെ ഇങ്ങോട്ടു കൊു വരട്ടെ.

**3. ഉഷഃ പ്രതീചീ ഭുവനാനി വിശ്വോർധ്വാ തിഷ്ഠസ്യ മൃതസ്യ കേതുഃ |**

**സമനമർഥഃ ചർണീയമാനാ ചക്രമിവ നവ്യസ്യാ വവൃത്സ്വ ||**

ഉഷേ ദേവീ! ലോകത്തിലെ എല്ലാ പ്രാണികളുടേയും മുമ്പിലേയ്ക്ക് നീ ആഗതയാകുന്നു. മരണരഹിതയായ നീ സൂര്യാഗമനം സൂചിപ്പിച്ചുകൊ് തുല്യമാർഗ്ഗങ്ങളിൽ കൂടി സഞ്ചരിച്ച് ഉന്നതാകാശത്തിലേയ്ക്ക് പോകുന്നു. ദേവീ! ഭവതി സൂര്യരഥത്തിനുതുല്യം ആ മാർഗ്ഗത്തിൽകൂടി നിത്യവും സഞ്ചരിക്കണമേ.

**4. അവ സ്യൂമേവ ചി ന്വതീ മഘോന്യുഷാ യാതി സ്വസ്യ പത്നീ |**

**സ്വർജനന്തീ സുഭഗാ സുദമാ ആന്താദ്ദിവ പപ്രഥ ആ പൃഥിവ്യാഃ ||**

കരിമ്പടം പുതച്ചു കിടക്കുന്ന ഘോരാന്ധകാരത്തെ നശിപ്പിക്കുന്നവളും, ധനയുക്തമായ ഉഷസ് സൂര്യന്റെ പത്നീരൂപത്തിൽ ഗമനം ചെയ്യുന്നു. അവൾ അത്യന്തം സൗഭാഗ്യവതിയും സൽകർമ്മങ്ങളുടെ സാധികയുമാകുന്നു. ആ ഉഷസ്സ് ആകാശത്തിന്റേയും ഭൂമിയുടേയും അതിരുകളിൽ പ്രകാശിക്കുന്നു.

**5. അച്ഛാ വോ ദേവീമുഷസം വിഭാതീം പ്ര വോ ഭരധ്വം നമസാ സുവൃക്തിം |**

**ഊർധ്വ മധുധാ പാജോ അശ്രേത്പ്ര രോചനാ ആരുചേ രണ്വസൻദൃക് ||**

ഹേ സ്തുതിക്കുന്നവരേ! നിങ്ങളുടെ മുമ്പിൽ സുശോഭിതമായ ഉഷസ്സ് പ്രത്യക്ഷയാകുന്നു. നിങ്ങൾ നമസ്കാരപൂർവ്വം അവളെ സ്തുതിക്കുവിൻ ആ സ്തുതികളെ പുഷ്ടിപ്പെടുത്തുന്ന ഉഷസ്സ് ആകാശത്തിന്റെ ഉന്നതമായ തേജസ്സിനെ വഹിക്കുന്ന ആ ഉഷസ്സ് മഹാസുന്ദരിയും, സുശോഭിതയും തേജസ്വിനിയും ആകുന്നു.

**6. ഋതാവരീ ദിവോ അകൈ ഖോധ്യാ രേവതീ രോദസീ ചിത്രമസ്യാത് |**

**ആയതീമഗ്ന ഉഷസ വിഭാതീം വാമമേഷി ദ്രവിണം ഭിക്ഷമാണഃ ||**

സത്യയുക്തമായ ആ ഉഷസ്സിനെ ആകാശത്തിലെ തേജസ്സിന്റെ

പ്രകടനത്താൽ എല്ലാവരും അറിയുന്നു. ആ ഉഷസ്സ് ധനൈശ്വര്യയുക്തയും അനേകരീതികളിൽ ദ്വാവാപൃഥ്വിയിൽ വ്യാപിക്കുന്നവളുമാണ്. ഹേ അഗ്നേ! ഉഷസ്സ് നിൻെറ മുമ്പിൽ വന്നിരിക്കുന്നു. നീ അവളിൽ നിന്നും ഹവിസ്സ് യാചിച്ചുകൊു സുഖദായിയായ ധനത്തെ പ്രാപിക്കുന്നു.

**7. ഋതസ്യ ബുധ്ന ഉഷസാമിഷണ്യൻവൃഷാ മഹീ രോദസീ ആ വിവേശ |**

**മഹി മിത്രസ്യ വരുണസ്യ മായാ ചന്ദ്രേവ ഭാനും വിദധേ പുരുത്രാ ||**

വൃഷ്ടി വഴിയായി ജലം പൊഴിക്കുന്നത് ആദിത്യൻ തന്നെയാകുന്നു. ആ സത്യസ്വരൂപൻ ദിവസത്തിൻെറ ആരംഭത്തിൽ ഉഷസ്സിനെ അയച്ച് ആകാശത്തിൻേറയും ഭൂമിയുടേയും മദ്ധ്യേ പ്രവേശിച്ചിരിക്കുന്നു. പിന്നെ മഹാ മഹത്വവതിയായ ഈ ഉഷസ്സ് മിത്രാവരുണൻമാരുടെ പ്രഭാരൂപത്തിൽ പ്രകടയായി സ്വർണ്ണസമാനമായ തൻെറ ദീപ്തിയെ ലോകത്തിൽ വ്യാപിപ്പിക്കുന്നു.

## സൂക്തം 62

**ഋഷി വിശ്വാമിത്രൻ, ദേവത ഇന്ദ്രാ വരുണ, അഗ്നികൾ. ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്, ജഗതി.**

**1. ഇമാ ഉ ഭമയോ മന്യമാനാ യുവാവതെ ന തുജ്യാ അഭൂവൻ |**

**കവ ത്യദിന്ദ്രാവരുണാ യശോം വാം യേന സ്മാസിനം ഭരഥഃ സഖിഭ്യഃ ||**

ഹേ ഇന്ദ്രാ, വരുണാ! എല്ലാം മൂടി മറയ്ക്കുന്ന അന്ധകാരത്തെപ്പോലെ, എല്ലാത്തിനേയും വശീഭൂതമാക്കുന്ന നിങ്ങൾ രുപേരുടേയും ഭ്രമണക്രിയ അറിയപ്പെടുന്നു. ആ ക്രിയ നിങ്ങളുടെ സാധകൻമാർ യുവാവിന് ഉപദ്രവിക്കാവുന്ന വരാകരുത്. ഹേ ഇന്ദ്രാ, വരുണാ! യാതൊന്നു വഴി നിങ്ങള മിത്രങ്ങൾക്കായി അന്നവും ബലവും വർദ്ധിപ്പിക്കുന്നുവോ നിങ്ങളുടെ ആ യശസ്സും തേജസ്സും എവിടെ?

**2. അയമു വാം പുരുതമോ രയീയഞ്ശശ്വ ത്തമമവസേ ജോഹവീതി |**

**സജീഷാവിന്ദ്രവരുണാ മരുദ്ഭിർവിവാ പൃഥിവ്യാ ശൃണുതം ഹവം മേ ||**

ഹേ ഇന്ദ്രാ, വരുണാ! ധനത്തെ ആഗ്രഹിക്കുന്ന ഈ സാധകൻ നിങ്ങൾ രുപേരെയും അന്നപ്രാപ്തിയ്ക്കായി വിളിക്കുന്നു. മരുത്തുക്കളോടും ആകാശഭുമിയോടും കൂടി നിങ്ങൾ എൻെറ സ്തോത്രങ്ങളെ ശ്രവിക്കുവിൻ.

**3. അസ്മേ തദിന്ദ്രാവരുണാ വസുഷ്യാദസ്മേ രയിർമരുത സർവീരഃ |**

**അസ്മാന്വരുത്രീഃ ശർണൈരവന്ത്വസ്മാൻഹോത്രാ ഭരതീ ദക്ഷിണാഭി ||**

ഹേ ഇന്ദ്രാ, വരുണാ! ഞങ്ങൾക്ക് അലൗകികമായ ഐശ്വര്യം പ്രാപ്തമാക്കണേ. ഹേ മരുത്തുക്കളേ! ഞങ്ങൾക്ക് വീരൻമാരോടുകൂടി സ്വർണ്ണം, രത്നം,ഗോക്കൾ മുതലായതും പ്രാപ്തമാക്കണേ. നിങ്ങളുടെ രക്ഷാസൈന്യം എല്ലാ രക്ഷായുധങ്ങളോടും കൂടി ഞങ്ങളെ സംരക്ഷിക്കേണമേ. വാഗ്രൂദപിണിയായ ഭാരതി ഉദാരവചനങ്ങളാൽ ഞങ്ങളെ പോഷിപ്പിക്കണേ.

**4. ബൃഹസ്പതേ ജുജൂഷസ്വ നോ ഹവ്യാനി വിശ്വദേവ്യ |**

**രാസ്വ രത്നാനിദാശുഷേ ||**

ഹേ ബൃഹസ്പതേ! നീ എല്ലാ സജ്ജനങ്ങളുടേയും ഹിതം നിറവേറ്റുന്നു. ഞങ്ങൾ നൽകുന്ന ഹവിസ്സ് സ്വീകരിക്കേണമേ. ഹവിർദാതാവായ യജമാനന് ശ്രേഷ്ഠവും, മനോഹരവുമായ ധനം പ്രദാനം ചെയ്യണേ.

**5. ശുചി കൈർബൃഹസ്പതിമധ്വരേഷ്ട നമസ്യത |**

**അനാമ്യോജ ആ ചകേ ||**

ഹേ ഋത്വിജൻമാരേ! നിങ്ങൾ ശ്രേഷ്ഠമായ സ്തുതികളാൽ ബൃഹസ്പതിയെ യജ്ഞാദിശുഭകർമ്മങ്ങളുടെ അവസരങ്ങളിൽ നമസ്കാരത്തോടുകൂടി പൂജിക്കുവിൻ. ഞാനദ്ദേഹത്തിൽ നിന്നു തന്നെ ശത്രുക്കളുടെ മുമ്പിൽ ഒരിക്കലും തലകുനിക്കാതിരി ക്കത്തക്ക പരാക്രമത്തെ യാചിക്കുന്നു.

**6. വൃഷഭ ചർഷഗീനാം വിശ്വരൂപമദാഭ്യം |**

**ബൃഹസ്പതി വരേണ്യം ||**

എല്ലാ മനുഷ്യരിലും എല്ലാ സുഖങ്ങളും വർഷിക്കുന്നതിൽ സമർത്ഥനും സൽക്കാരയോഗ്യനും, യാതൊരുത്തരാലും ഹിംസിക്കപ്പെടാത്തവനും, ബലവാനും, എല്ലാവരേയും അനുഗ്രഹിക്കുന്നവനും, ശ്രേഷ്ഠമാർഗ്ഗങ്ങളിലേയ്ക്ക് പ്രേരിപ്പിക്കന്നവനും ആയ ബൃഹസ്പതി എല്ലാ വസ്തുക്ക ളേയും അറിയുന്നവനാകുന്നു. അവനെ നമസ്കരിക്കുവിൻ.

**7. ഇയം തേ പൂഷന്നവണേ സ്വഷ്ടതിർദേവ നവ്യസോ തുസ്മാഭിസ്തുഭ്യം ശസ്യതേ ||**

ഹേ പുഷ്പാവേ! നീ എല്ലാ പ്രകാരത്തിലും പ്രകാശിക്കുന്നവനും എല്ലാ സുഖങ്ങളും വർഷിക്കുന്ന വനുമാണല്ലോ. നീ ഈഅതിനവീനമായ സ്തോത്രം എപ്പോഴും ആലപിക്കപ്പെടുവാൻ യോഗ്യമാകട്ടെ. നിനക്കായി ഈ ശ്രേഷ്ഠസ്തുതി എപ്പോഴും ഞങ്ങൾ ആലപിക്കുന്നു.

**8. താം ജുജൂസ്വ ഗിരം മമ വാജയന്തീമവാ |**

**ധിയം വധൂയൂരിവ യോഷണാം ||**

സ്ത്രീയെ കാംക്ഷിക്കുന്ന പുരുഷൻ സുന്ദരിയെ പ്രേമപൂർവ്വം സ്വീകരിക്കുന്നതുപോലെ. ഹേ പൂഷാവേ! എൻെറ ജ്ഞാനമയവും, സത്യാസത്യങ്ങളെ അറിയുന്നവനുമായ വാണിയെയും, മമന്ത്രമയമായ ബുദ്ധിയേയും പ്രോമഭാവത്തോടു കൂടി സ്വീകരിക്കേണമേ.

**9. യോ വിശ്വാഭി വിശ്വാതി ഭൂവയാ സം ച പശ്യതി**

**സ നഃ പൂഷാവിതാ ഭൂവത് ||**

യാതൊരു പൂഷാവ് അഖിലലോകങ്ങളേയും വിവിധ വീക്ഷണകോണത്തിൽ ദർശിക്കുകയും ചെയ്യുന്നുവല്ലോ, അവൻ നമ്മുടെ പോഷകനും, എല്ലാവിധത്തിലും രക്ഷിക്കുന്ന വനുമാകട്ടെ.

**10. രത്സവിതുർവരേണ്യം ഭർഗോ ദേവസ്യ ധീമഹി |**

**ധിയോ യോ നഃ പ്രചോദയാത് ||**

യാതൊരു സവിതാദേവൻ നമ്മുടെ ബുദ്ധിയെ സൻമാർഗത്തിൽകൂടി പ്രേരിപ്പിക്കുന്നുവോ, ആ പൂർണ്ണ തേജസ്വിയും, സർവ്വപ്രകാശനും, സർവ്വദാതാവും, സർവ്വസ്രഷ്ടാവും, സർവ്വശ്രേഷ്ഠനും, പാപങ്ങളെ നശിപ്പിക്കുന്ന തേജോവാഹകനുമായ ആ ദേവനെ നമുക്കു പൂജിക്കാം.

**11. ദേവസ്യ സവിതുർവ യേ വാജയന്തഃ പുരന്ധസ്യാ |**

**ഭഗസ്യ രാതിമീമഹേ ||**

സർവ്വപ്രകാശകനും, തേജോമയനും, ഐശ്വര്യദായകനും, ഭജനയോഗ്യനും കല്യാണരൂപനും, ദാനബുദ്ധിയുമായ സവിതാദേവനെ സ്തുതിച്ചുകൊ് ഞങ്ങൾ ധനം യാചിക്കുന്നു.

12. ദേവ തരഃ സവിതാരം വിപ്രായജ്ഞൈജ്ഞസുവൃക്തിഭിഃ
നമസ്യന്തി ധിയേഷിതാ ഃ ||

മേധാവികളായ ശ്രേഷ്ഠജനങ്ങൾ കർമ്മങ്ങളിൽ പ്രേ രിപ്പിക്കുന്ന ബുദ്ധിയുടെ പ്രേരണയാൽ ദോഷങ്ങളെ ഉ ൻമൂലനാശനം വരുത്തുന്നതിൽ സമർത്ഥങ്ങളായ യജ്ഞാദി ഉത്തമകർമ്മങ്ങളാൽ സർവപ്രേരകനും, സ്യഷ്ടാവും ആയ സവിതാദേവനെ നമസ്കാരപൂർവ്വം പൂജിക്കുന്നു.

13. സോമോ ജിഗാതി ഗാതുവിദ് ദേവാനാമേതി |
നിഷ്കൃതം ഋതസ്യയോമാസദം ||

സോമൻ ജ്ഞാനികളുടെ പ്രശംസ സ്വീകരിച്ച് സുഖ ത്തോടും, ആശ്രയത്തോടും കൂടി ദേവൻമാരുടെ യജ്ഞ സ്ഥാനത്തേയ്ക്ക് പോകുന്നു.

14. സോമേ അസ്മഭ്യം ദ്വിപദേ ചതുഷ്പദേ ച പശവേ |
അനമീവാ ഇഷസ്ക്കരത് ||

സോമൻ ഇരുകാലികളായ നമുക്കും, നാലക്കാലികളായ മൃഗങ്ങളക്കും രോഗരഹിതവുമ, സ്വസ്ഥ്യപ്രദവുമായ അന്നം ഉല്പാദിപ്പിക്കുന്നതിനാൽ സമർത്ഥനാകുന്നു.

15.അസ്മാ ആനായുർവേധവന്നഭിമാതാഃ സഹമാനഃ |
സോമഃ പ്ഥധസ്യമാസാത് ||

സോമൻ നമ്മുടെ ആയുസ്സിനെ വർദ്ധിപ്പിച്ച്, ശരീരത്തിലെ എല്ലാ രോഗങ്ങളേയും ശത്രുവിനെ എന്നപോലെ നശിപ്പിച്ച് നമ്മുടെ യജ്ഞസ്ഥാനത്തേയ്ക്ക് നമ്മോടോപ്പം ആഗതനായി വസിക്കട്ടെ.

16. ആ നോ മിത്രനരുണാ ഘൃതൈർഗവ്യുതിമുക്ഷതം |
മധ്വാരജാംസി സുക്രത് ||

ഹേ മിത്രാ, വരുണാ! നിങ്ങൾ ഞങ്ങളുടെ തൊഴുത്തിൽ പാലും ഗൃഹത്തിൽ തേനും പൊഴിക്കുവിൻ. (ഞങ്ങളുടെ ഇടയിൽ ശ്രേഷ്ഠകർമ്മങ്ങൾ അനുഷ്ഠിച്ചുകൊ്, ഉത്തമങ്ങളായ ആചരണങ്ങൾ ലോകത്തെ സേചനം ചെയ്താലും അല്ലെങ്കിൽ ഭൂമിയെ മധുരരസത്താൽ സിക്തമാക്കിലും

17. ഉരുശംസാനമോ വൃധാമഹ്നാദക്ഷസ്യ രാജഥഃ |
ദ്രാധിഷ്ഠാഭിഃ ശുചിവ്രതാഃ ||

ഹേ മിത്രാ, വരുണാ! നിങ്ങൾ രുപേരും അത്യധികം വിശുദ്ധൻമാരായ ആചരങ്ങളോടുകൂടിയവരാണ്. നിങ്ങൾ പ്രശസ്ഥരായ സ്തുതികളാൽ യുകത്രും, നമസ്കാരപൂർവ്വം പൂജിക്കപ്പെട്ട് വൃദ്ധിയെ പ്രാപിക്കുകയും ചെയ്യുന്നു. നിങ്ങൾ സ്വന്തം പുഷാർതയുക്തമായ ശക്തിയോടും, ബലത്തോടും, ജ്ഞാനത്തിൻെറ മഹത്തായ സമർത്ഥതയോടും സുശോഭിതരാകുവിൻ, രാജാക്കൻമാരായി വാഴുവിൻ.

18. ഗൃണാനാകമദഗ്നി പായാതായോതാവൃതസ്യ പീദതം |
പീതിസോമമൃതാവൃധാ ||

ഹേ മിത്രാ, വരുണാ! നിങ്ങൾ ആളിക്കത്തുന്ന അഗ്നിക്കുതുല്യം സത്യത്തെ പ്രകാശിപ്പിക്കുന്നവരും. ജ്ഞാനം വഴി ഉപദേശം നൽകി അന്നപൂർണ്ണമായ ഗ്രഹത്തെപ്പോലെ വിരാജിക്കുകയും ചെയ്യുവിൻ. നിങ്ങൾ രുപേരും നിത്യവും സേവനയോഗ്യവും, സത്യത്തിൻെറ ബലത്താൽ വൃദ്ധിയെ പ്രാപിക്കുന്നവനുമായ ശ്രേഷ്ഠസോമരസം പാനം ചെയ്താലും.

# നാലാം മണ്ഡലം

## സൂക്തം 1

ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് അഷ്ടി, ജഗതി, ധൃുതി, ത്രിഷ്ടുപ്.

1. ത്വാം ഹ്യഗ്നേസദമിത്സമന്യ
വോദേവാസോദേവമരതിന്യേരിരഇതിക്രത്വാന്യേരിരേ |
അമർത്യ യജത മർത്യേവാ ദേവമാദേവ ജനത പ്രചേ
തസം വിമാദേവം പ്രചേതസം ||

ഹേ അഗ്നേ! നീ പ്രകാശവാനാകുന്നു. അതിവേഗം ചലിക്കുന്നവനുമാകുന്നു. ശത്രുക്കളുടെ മേൽ വിജയം വരിക്കുവാനാഗ്രഹിക്കുന്ന മത്സരഛുക്കളായ ദേവതകൾ യുദ്ധത്തിനായി നിന്നെ പ്രാപിക്കുന്നു. യജമാനൻ സ്തുതിച്ചുകൊ് നിന്നെ ആകർഷിക്കുന്നു. നീ അവിനാശിയും, പ്രകാശവാനും, മഹാജ്ഞാനിയും ആകുന്നു. മനുഷ്യരുടെ യജ്ഞകർമ്മങ്ങളിൽ വരുന്നവനായി ദേവതകൾ നിന്നെ പ്രകടമാക്കി. കർമ്മങ്ങളുടെ ജ്ഞാതാവായ നിന്നെ യജ്ഞങ്ങളിൽ പ്രത്യക്ഷമാക്കുന്നതിനായി ദേവതകൾ നിന്നെ സ്യഷ്ടിച്ചു.

2. സ ഭ്രാന്തരം വരുണമഗ്ന ആ വവൃത്സ്വ ദേവാം അച്ഛാ
സുമതീ യജ്ഞവനസം ജേഷ്ഠം യജ്ഞവനസം |
ഋതാവാനമാദിത്യം ചഷണീഘൃതം രാജാനം
ചർഷണീഘൃതം||

ഹേ അഗ്നേ! വരുണൻ നിൻെറ സഹോദരനാകുന്നു. അദ്ദേഹം ഹവിസ്സുക്കളുടെ പാത്രവും, യജ്ഞത്തെ ഉപയോഗിക്കുന്നവനും, ജലത്തോടുകൂടിയവനും, പ്രശംസനീയവും, അദിതിയുടെ പുത്രനും ആകുന്നു. അവൻ ജലവൃദ്ധിയാൽ മനുഷ്വരെ വഹിക്കുന്നു. സുന്ദരനായ അവൻ മഹാജ്ഞാനിയും ശോഭനീയനുമാകുന്നു. സ്തുതിക്കുന്നവരുടെ മുമ്പിലേയ്ക്ക് ഈ വരുണനെ കൊുവന്നാലും.

3. സഖേ സഖായമഭ്യാ വവൃത്സ്വ ശു നചക്രം രഥ്യേവ
രഹ്യാഗ്മഭ്യുദസ്മ രാഹ്യാ |
അഗ്നേ മൃളീക വരുണേ സചാ വിദോ മരുത്സു
വിരവഭാനുഷു തോകായ തുജേ ശുശുചാന ശ
കൃധ്യസ്മഭ്യം ഭസ്മ ശം കൃധി ||

ഹേ അഗ്നേ! നീ മിത്രഭാവനാകുന്നു. ഗമനോപയുക്തനായ രഥത്തിൽ പൂട്ടപ്പെട്ട അശ്വങ്ങൾ അതിവേഗം ചലിക്കുന്ന ചശിക്കുന്ന ചക്രങ്ങളെ ലക്ഷ്യത്തിൽ എത്തിക്കുന്നതുപോലെ നീ സ്വന്തം മിത്രമായ വരുണനെ ഞങ്ങളുടെ അടുക്കലേയ്ക്ക് കൊുവരണം. ഹേ അഗ്നേ! നിൻെറ സഹയോഗത്താൽ വരുണൻ സുഖദായകമായ ഹവിസ്സുക്കളെ പ്രാപിക്കുകയും, അതുപോലെ മഹാതേജസ്വികളായ മരുത്തുക്കൾക്കുവേിയും സുഖദായകമായ ഹവിസ്സിനെ ആർജ്ജിക്കുകയും ചെയ്തിരിക്കുന്നു. ഹേ അഗ്നേ! നീ ഞങ്ങളുടെ സന്താനങ്ങൾക്ക് സുഖം നൽകുകയും ഞങ്ങൾക്ക് മംഗളം പ്രദാനം ചെയ്യുകയും ചെയ്യണമേ.

4. ത്വം നോ അഗ്നേ വരുണസ്യ വിദ്വാന്ദേവസ്യ ഹൈലോ വ
യാസി സീഷ്ഠാഃ |
യജിഷ്ഠേ വഹ്നിതമഃ ശോ ശുചാനേ വിശ്വാ ദോഷാംസി
പ്ര മമഗ്ധ്യസ്മത് ||

ഹേ അഗ്നേ! നീ എല്ലാ കർമ്മങ്ങളുടേയും ജ്ഞാതാവാകുന്നു. പ്രകാശവാനായ വരുണനെ ഞങ്ങളുടെ നേരെ കോപിക്കുവാൻ അനുവദിക്കരുതേ. യജ്ഞം നടത്തുന്നവരിൽ നീ ശ്രേഷ്ഠനും,

ഹവിസ്സിനെ വഹിക്കുന്നവനും അത്യന്തം പ്രകാശവാനും ആകുന്നു. നീ എല്ലാവിധത്തിലുമുള്ള പാപങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ.

**5. സ ത്വം നോ അഗ്നേ വമോ ഭവാതീ നേദിഷ്ടോ അസ്യാ ഉഷസോ വ്യഷ്ടൗ |**

**അവ യക്ഷ്വ നോ വരുണ രരാണോ വീഹി മൃളീകം സുഹവോ ന ഏധി ||**

ഹേ അഗ്നേ! രക്ഷാകർമ്മങ്ങൾ വഴിയായി ഞങ്ങളെ സമീപിക്കണേ. ഉഷസ്സിൻെറ സമാപ്തിയിൽ, പ്രഭാതവേളയിൽ, യജ്ഞാദികർമ്മങ്ങൾ പൂർണ്ണമാക്കുന്നതിനായി ഞങ്ങളുടെ ഏറ്റവും സമീപത്തായി വരണമേ. ഞങ്ങൾക്ക് ജലത്തിൽ നിന്നുായ രോഗങ്ങൾ ആദ്യമായി നശിപ്പിക്കേണമേ. നീ യജമാനൻമാർക്കും അഭീഷ്ടങ്ങൾ അനുവദിച്ചുകൊടുക്കുന്നു. പുഷ്ടിപ്രദമായ ഈ ഹവിസ്സിനെ സേവിച്ചാലും. ഞങ്ങൾ നിന്നെ ശരിയായ വിധം ആഹ്വാനം ചെയ്യുന്നു. ഞങ്ങളുടെ സമീപം വന്നുച്ചേർന്നാലും.

**6. അസ്യ ശ്രേഷ്ഠാ ശുഭഗസ്യ സൻഗ്വേവസ്യ ചിത്രതമാമർവേഷു |**

**ശുചി ഘൃതം ത തപ്തമഘ്ന്യയാഃ സ്പാർഹാ ദേവസ്യ മഹനേവ ദേനോഃ ||**

ശ്രേഷ്ഠനും, ഐശ്വര്യവാനുമായ അഗ്നിയുടെ അനുഗ്രഹദൃഷ്ടി മനുഷ്യരിൽ പതിക്കണേ. എപ്രകാരം പാലിനെ ആഗ്രഹിക്കുന്ന മനുഷ്യനു ഗോവിൻെറ പവിത്രമായ ക്ഷീരം സ്തനങ്ങളിൽ നിന്നും ചൂടോടുകൂടി ലഭിക്കുന്നുവോ എപ്രകാരം ഗോദനം ആഗ്രഹിക്കുന്നവന് ദാനം സ്പൃഹണീയ മായിരിക്കുന്നുവോ, അതുപോലെ തന്നെ അഗ്നിയുടെ തേജസ്സും ഗോവിനെപ്പോലെ പോഷണയോഗ്യവും അതുപോലെ സ്പൃഹണീയവുമായിത്തീരുന്നു.

**7. ത്രിരസ്യ താ പരമാ സന്തി സത്യാ സപാർഹാ ദേവസ്യ ജനിമാന്യഗ്നൈഃ |**

**അനന്തേ അന്തഃ പരിവീത ആഗാച്ചുചി ശകോ അർയോ രോരുവാനഃ ||**

അഗ്നി, വായു, സദര്യൻ എന്നി അഗ്നിയുടെ മൂന്നു രൂപങ്ങള പ്രസിദ്ധങ്ങളും ശ്രേഷ്ഠങ്ങളും ആകുന്നു. അനന്തമായ ആകാശത്തിൽ തൻെറ തേജസ്സോടുകൂടി വ്യാപിച്ച് എല്ലാത്തിനേയും ശുദ്ധീകരിക്കുന്ന പ്ര കാശയുക്തവും അത്യന്തം തേജോയുക്തവും ആയ അഗ്നി ഞങ്ങളുടെ യജ്ഞത്തെ പ്രാപിക്കണേ.

**8. സ ദൂതോ വിശ്വദദി വഷ്ടി സദ്മാ ഹോതാ ഹിരണ്യരഥോ രസൂജിഹ്വഃ |**

**രോഹിദശ്വോ വപുഷ്യോ വിഭാവാ സദാ രണ്വഃ പിതുമതീവ സസത് ||**

ആ അഗ്നി ദേവതകളെ വിളിക്കുന്ന ദൂതനും സുവർണ്ണരത്തിൽ കമനീയമായ ജ്വാലകളോടുകൂടി എല്ലാ യജ്ഞങ്ങളേയും പ്ര ാപിക്കുവാൻ ആഗ്രഹിക്കുന്നവനും ആകുന്നു. സുന്ദരാശ്വങ്ങളോടുകൂടി പ്രദീപ്തമായ അഗ്നി അന്നസമ്പൂർണ്ണമായ ഭവനം പോലെ സുഖകരമാകുന്നു.

**9. സ ചേതയൻമനുഷോ യജ്ഞബന്ധുഃ പ്ര തം മഹ്യാ രശനയാ നയന്തി |**

**സു ക്ഷേത്യസ്യ ദുർയാംസു സാധന്ദേവോ മർതസ്യ സധനിത്വമാപ ||**

അഗ്നി യജ്ഞത്തിൽ വ്യാപിക്കുന്നു. യജ്ഞകർമ്മങ്ങൾ ആഗ്രഹിക്കുന്ന അവൻ മനുഷ്യരെ തിരിച്ചറിയുന്നു. അധ്വര്യുക്കൾ അവനെ ഉത്തരവേദിയിൽ നിയമപൂർവ്വം സ്ഥാപിക്കുന്നു. അവൻ യജമാൻമാരുടെ അഭീഷ്ടങ്ങൾ നിറവേറ്റി അവരുടെ ഭവനങ്ങളിൽ വസിക്കുന്നു. പ്രകാശവാനായ ആ അഗ്നി സമ്പന്നരോടുകൂടി വസിക്കുന്നു.

**10. സ് തൂ നോ അഗ്നിർയതു പ്രജാനന്നച്ഛാ രത്നം ദേവഭക്തം യദസ്യ |**

**ധിയാ യദ്വിശ്വേ അമൃതാ അകൃണ്വന്ദ്യൗഷ്പിതാ ജനതാ സത്യമുക്ഷൻ ||**

യാതൊരു രമണീയമായ ഐശ്വര്യത്തേ സ്തുതിക്കുവാൻ ഭജിക്കുന്നുവോ, അഗ്നിയുടെ ശ്രേഷ്ഠമായ ധനം നമ്മുടെ മുമ്പിൽ വന്നുചേരണമേ. അവിനാശികളായ ദേവതകൾ അഗ്നിയെ യജ്ഞത്തിനുവേി സൃഷ്ടിച്ചു. ആകാശം അവൻെറ പാലകനായ പിതാവും മാതാവും ആകുന്നു. അധ്വര്യുക്കൾ ഘൃതാദികളുടെ ആഹുതികളാൽ സത്യഭൂതമായ ആ അഗ്നിയെ സേചനം ചെയ്യുന്നു.

**11. സ ജായത പ്രഥമഃ പസ്ത്യാസു ബൂധ്നേ രജസോ അസ്യ യോ നൗ |**

**അപാദശീർഷോ ഗുഹമാനോ അന്തായോ യുവാനോ വൃഷഭസ്യ നീളേ ||**

അഗ്നി! ഏറ്റവും ശ്രേഷ്ഠനാകുന്നു. അവൻ വീടുകളിൽ വസിക്കുന്നു. മനുഷ്യരുടെ മദ്ധ്യേ ഗൃഹനാഥനുതുല്യം നിവസിക്കുന്നു. അവൻ മഹാജനസമൂഹത്തിൻെറ ആശ്രയസ്ഥാനരൂപനും, പാദരഹിതനും ആകുന്നു. അവൻ അഖിലത്തിൻേറയും ശീർഷരൂപമായിരുന്നിട്ടും ശിരോരഹിത നാകുന്നു. അവൻ എല്ലാത്തിൻേറയും ഉള്ളിൽ രമിക്കുകയും, ജലവർഷകങ്ങളായ മേഘങ്ങളിൽ വ്യാപിച്ച് ധൂമാകാരം പ്രാപിക്കുകയും ചെയ്യുന്നു.

**12. പ്ര ശർധ ആർത പ്രഥമം വിപന്യാം ഋതസ്യ യോനാ വൃഷഭസ്യ നിളേ |**

**സ്പാർഹോ യുവാ വപുഷ്പോ വിഭാവാ സപ്ത പ്രിയാസോ ജനയന്ത വൃഷ്ണേ ||**

ഹേ അഗ്നീ! നീ ജലത്തിൻെറ ഉല്പത്തിസ്ഥാനത്തിൽ, മേഘത്തിൻെറ നീഡരൂപമായ അന്തരീക്ഷത്തിൽ സ്തുതികളാൽ യുക്തനായി വ്യാപിച്ചിരിക്കുന്നു. സർവ്വശ്രേഷ്ഠമായ തേജസ്സ് നിൻെറ അടുക്കൽ സ്ഥിതിചെയ്യുന്നു. യതൊരു അഗ്നിദേവൻ എല്ലാവരും ഇഷ്ടപ്പെടുന്നവനും, നിത്യയുവാവും, കമനീയനും, പ്രകാശയുക്തനുമായിരിക്കുന്നുവോ, സപ്തഹോതാക്കൾ അവനായിത്തന്നെ സ്തുതികൾ ഉച്ചരിക്കുന്നു.

**13. അസ്മാകമത്ര പിതരോ മനുഷ്യാ അഭി പ്ര സേദുഋതമാശുഷാണാഃ |**

**അശ്മവ്രജാഃ സുദുഘാ വവ്രേ അന്തരുദു സ്രാ ആജന്നുഷസോ ഹുവാനാഃ ||**

നമ്മുടെ പിതൃക്കൾ ഈ ലേകത്തിൽ യജ്ഞ സാധനകൾക്കായി അഗ്നിയുടെ മുമ്പിൽ ഉപസ്ഥിത രായിരിക്കുന്നു. അവർ ഉഷസ്സിനെ ആഹ്വാനം ചെയ്ത്; അഗ്നിയുടെ ഉപാസനയാൽ പ്രാപ്തമായ ശക്തിയാൽ പർവ്വതം ഗുഹകളിൽ വ്യാപിച്ചിരിക്കുന്ന ഘോരതമസിൽ നിന്നും കറവപ്പശുക്കളെ വെളിയിൽ കൊവന്നു.

**14. തേ മർമൃജത ദദൃവാംസോ അദ്രിം തദേഷാമന്യേ അഭിതോ വി വാചൻ |**

**പശ്യയൻത്രാസോ അഭി കാരമർച്ചാനന്വിദന്ത ജ്യോതിശ്ചികൃപന്ത ധീഭിഃ ||**

അവർ പർവ്വതം പിളർന്ന സമയം അഗ്നിയെ പൂജിച്ചു. മറ്റു മഹർഷികളും അവരുടെ കർമ്മങ്ങളെ സർവത്ര പുകഴ്ത്തി. അവർക്ക് ഗോക്കളെ രക്ഷിക്കുവാനുള്ള ഉപായം പൂർണ്ണമായി അറിയാമായിരുന്നു. അവർക്ക് അഭീഷ്ടഫലം നൽകുന്ന അഗ്നിയെ സ്തുതികളാൽ ദർശിക്കുവാനുള്ള ജ്ഞാനം ലഭിക്കുകയും തങ്ങളുടെ ഉത്തമബുദ്ധിവഴിയായി യജ്ഞകർമ്മങ്ങൾ പൂർത്തീകരിക്കുന്നതിനും കഴിഞ്ഞു.

**15. തേ ഗവ്യതാ മനസാ ദൃധ്രുമുബ്ധമ ഗാ യേമാനം പരി ഷന്തമദ്രീം |**

**ദൃളഹം നരോ വചസാ ദേവ്യേന വ്രജം ഗോമന്തമുശിജോ വി വവ്രു ഃ ||**

പൂർവഭവജൻമാർ കർമ്മാനുഷ്ഠാനങ്ങളിൽ അഗ്രഗണ്യരായിരുന്നു. അവർ അഗ്നിയെ എപ്പോഴും ആഗ്രഹിച്ചിരുന്നു. അവർ ഗോക്കളെ പ്രാപിക്കുവാനുള്ള അമിതേച്ഛയോടുകൂടി ഗോക്കൾ നിറഞ്ഞു തൊഴുത്തുപോലുള്ള മഹാപർവ്വതത്തെ അഗ്നിയെ സ്തുതിച്ചപ്പോൾ ലബ്ധമായ ശക്തിയാൽ തുറന്നു.

**16. തേ മന്വത പ്രഥമം നാമ ധേനോസ്ത്രിഃ സപതക്ത മാതുഃ പരമാണി വിന്ദൻ |**

**തജ്ജാനതീരഭ്യനൂഷത പ്രാ ആവിർഭൂവദരു ണീര്യശസാ ഗോഃ ||**

ഹേ അഗ്നേ! സ്തുതിച്ചിരുന്ന അംഗിസാദികളായ മഹർഷിമാർ വാണീരൂപിണിയായ ഗോമാതാവിൽ നിന്നുത്ഭവിച്ച സ്തുതികളുടെ സാധനരൂപമായ ശബ്ദത്തെ ആദ്യമായറി യുകയും പിന്നീട് ഇരുപത്തി ഒന്നു ഛന്ദസുകളെ അറിയുകയും ചെയ്തു. അനന്തരം ഇവ അറിയുന്ന ഉഷസ്സിനെ സ്തുതിച്ചു. അപ്പോൾ ആദിത്യതേജസ്സോടു കൂടിയ അരുണ വർണ്ണയായ ഉഷസ്സ് ആവിർഭവിച്ചു.

**17. നേശത്തമോ ദുധിതം രോചത ദ്യൗരുദേവ്യാ ഉഷസോ ഭാനുരർത |**

**ആ സൂര്യാ വൃഹതസ്തിഷ്ഠദജ്ജാം ഋജ മർത്യേഷു വൃജിനാ ച പശ്യൻ ||**

രാത്രിയാൽ ജനിക്കപ്പെട്ട അന്ധകാരം ഉഷസ്സിൻെറ പ്രേരണയാൽ നാശം പ്രാപിച്ചു. പിന്നീട് അന്തരീക്ഷത്തിൽ പ്രകാശവാൻ ആവിർഭൂതനായി. ഉഷസ്സിൻെറ ശോഭ പ്രകടമായി. മനുഷ്യരുടെ സത്യാസത്യങ്ങളെ ദർശിക്കുന്ന ആദിത്യൻ ഉറപ്പുള്ള പർവ്വതമുകളിൽ ആരോഹണം ചെയ്തു.

**18. ആദിതപ്തശ്ചാ ബുബൂധാനാ വ്യഖ്യാന്നാദിദ്രഅം ധാരയന്ത ദ്യുഭക്തം |**

**വിശ്വേ വിശ്വാസു ദൂര്യാസു ദെവാ മിത്ര ധിയേ വരുണ സതയമസ്തു ||**

സൂര്യനിദിച്ചുകഴിയുമ്പോൾ അംഗിരസ്സ് ആദിയായ മഹർഷിമാർ പണികളാൽ അപഹൃതങ്ങളായ ഗോക്കളെ കുപിടിക്കുകയും, പിന്നിൽ നിന്നും അവയെ ശരിക്കും കാണുകയും ചെയ്തു. ഇവരുടെ എല്ലാസ്ഥാനങ്ങളിലും യജ്ഞകർമ്മങ്ങളിൽ പങ്കെടുക്കുവാൻ വനദേവതകൾ ഉപവിഷ്ഠരായി. ഹേ മൈത്രീഭാവത്തിൽ അലിഞ്ഞു ചേരുന്ന അഗ്നിദേവാ! നീ വരുണൻെറ കോപത്തെ ശാന്തമാക്കുന്നവനാണല്ലോ. നിങ്ങളെ പൂജിക്കുന്നവരെ മനോഹരങ്ങളായ ഫലങ്ങൾ പ്രാപിക്കണേ.

**19. അച്ഛാ വേചേയ ശുശുചാനമഗ്നിം ഹോതാരം വിശ്വഭരസം യജിഷ്ഠം |**

**ശുച്യുധാ അതൃണന്ന ഗവാമന്ധോ ന പൂതം പരിഷിക്ത മംശോഃ ||**

ഹേ അഗ്നേ! നീ ദേവതകളെ അഹ്വാനം ചെയ്യുന്നവനും, അത്യധികം പ്രദീപ്തനും, ലോകത്തെ പാലിക്കുന്നവനും, സർവ്വോപരി യജ്ഞകർമ്മങ്ങൾ നിർവ്വഹിക്കുന്നവനും ആണ്. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിനക്ക് ഹൂതി നൽകുന്ന യജമാനൻ പാലുകറക്കുന്നുമില്ലാ സോമം തയ്യാറാക്കുന്നുമില്ല. അവൻ നിന്നെ പൂജിക്കുക മാത്രം ചെയ്യുന്നു.

**20. വിശ്വേഷാമദിതിര്യുജ്ഞിയാനാം വിശ്വേഷാമതിധിർമാനുഷാണാം |**

**അഗ്നിദേർവാനമവ ആവൃണാനഃ സുമൃളീകോ ഭവതു ജാതവേദാഃ ||**

അഗ്നിദേവൻ, യജ്ഞപാത്രങ്ങളായ എല്ലാദേവതകളേയും പ്രസന്നരാക്കുന്നു. ആ അഗ്നി എല്ലാമനുഷ്യർക്കും, അതിഥിയേപ്പോലെ പൂജനീയനാകുന്നു. സ്തോതാക്കളുടെ ഹവിസ്സിനെ ഭക്ഷിക്കുന്ന അഗ്നിദേവൻ സ്തുതിക്കുന്നവരെ സുഖികളാക്കണേ.

## സൂക്തം 2

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. യോമർത്യേഷ്വമൃത ഋതാവാ ദേവോ ദേവേഷ്വരതിർ നിധായി |**

**ഹേഅതാ യജിഷ്ടോ മഹ്നാ ശുചധ്യൈ രഗ്നിർമനുഷ ഈരയധ്യൈ ||**

അവിനാശിയായ അഗ്നി സത്യരൂപത്തോടുകൂടി മനുഷ്യരുടെ ഇടയിൽ വസിക്കുന്ന പ്രകാശവാനായ അഗ്നി ദേവതകളോടു ചേർന്ന് ആ മൃഗങ്ങളെ പരാജയപ്പെടുത്തുന്നു. അവൻ ദേവതകളെ വിളിക്കുന്നതിൽ സമർത്ഥനും, അതുപോലെ ഏറ്റവുമധികം യജ്ഞാനുഷ്ഠാനങ്ങൾ നടത്തുകയും ചെയ്യുന്നു. അവൻ ഉത്തരവേദിയിൽ തൻെറ മഹിമയോടുകൂടി പ്രദീപ്തനായി വിരാജിക്കുന്നു. അതുപോലെ ഹവിസ്സ് വഹിച്ചുകൊ് യജമാനൻമാരെ മോക്ഷം പ്രാപിക്കുന്നതിനായി പ്രത്യക്ഷമാക്കുകയും ചെയ്യുന്നു.

**2. ഇഹ ത്വം സൂനോ സഹസോ നോ അദ്യ ജാതോ ജാനാം ഉഭയാം അന്തരഗ്നേ |**

**ദൂത ഈയസേ യുയുജാന ഋഷ്വ ഋജ്ജുമുഷ്ക്കാൻ വൃഷണഃ ശുക്രാംശ്ച ||**

ഹേ ബലോല്പന്നനായ അഗ്നിദേവാ! നീ ഇന്ന് ഞങ്ങളുടെ കാര്യത്തിനായി ജനിച്ചിരിക്കുന്നു. ദർശനീയനായ നീ പുഷ്ഠങ്ങളും, തേജസ്വികളും, ബലിഷ്ഠങ്ങളും ആയ നിൻെറ അശ്വങ്ങളെ രഥത്തിൽ പൂട്ടി ദേവതകളുടേയും മനുഷ്യരുടേയും ഇടയിൽ ഹവിർവാഹകനായി ദൂതരൂപത്തിൽ സഞ്ചരിക്കുന്നു.

**3. അത്യാ വൃധസ്നൂ രോഹിതാ ഘൃതസ്നൂ ഋതസ്യ മന്യേ മനസാ ജവിഷ്ഠാ |**

**അന്തരീയസോ അരുഷാ യുജാനോ യുഷ്മാംശ്ച**

**ദേവാന്വിശ ആ ച മരതാൻ ||**

ഹേ അഗ്നേ! നീ സത്യത്തിൻെറ കാരണഭൂതനാകുന്നു.. ഞാൻ നിൻെറ രു ചെങ്കുതിരകളേയും സ്തുതിക്കുന്നു. നിൻെറ ആ കുതിരകൾ മനസ്സിനെക്കാൾ വേഗതയുള്ളവരാകുന്നു. അവ അന്നവും ജലവും വർഷിക്കുന്നു. നീ തേജസ്വികളായ ആ കുതിരകളെ രഥത്തിൽ കെട്ടി ദേവതകളുടേയും മനുഷ്യരുടേയും ഇടയിലേയ്ക്ക് വരണമേ.

**4. അർയമണം വരുണം മിത്രമേഷാമിന്ദ്രവിഷ്ണു മരുതോ അശ്വിനോത |**
**സ്വശോ അഗ്നേ സുരഥഃ സുരാധാ ഏദു വഹ സു ഹവിഷേ ജനായ ||**

ഹേ അഗ്നേ! നിൻെറ രഥവും അശ്വങ്ങളും മിത്രൻ, ഐശ്വര്യവും, എല്ലാം ശ്രേഷ്ഠങ്ങളും ആകുന്നു. അർമയാ, വരുണൻ, ഇന്ദ്രൻ, വിഷ്ണു, മരുത്തുക്കൾ, അശ്വിനികൾ, എന്നിവരെ ഹവിസ്സ് യുക്തനായ യജമാനനു വേി ഈ മനുഷ്യരുടെ ഇടയിലേയ്ക്ക് വിളിച്ചാലും.

**5. ഗോമാം അഗ്നേ വിമാം അശ്വ യജ്ഞോ നൃവത്സഖാ സദമിദപ്രമൃഷ്യഃ |**
**ഇളാവാം ഏഷോ അസുര പ്രജാവാന്ദീർഘോ രയിഃ പൃഥുബുധ്നഃ സഭാവാൻ ||**

ഹേ മഹാശക്തനായ അഗ്നിദേവാ! ഞങ്ങളുടെ ഈ യജ്ഞം ഗോക്കളേയും, അശ്വങ്ങളേയും, കാളകളേയും ലാഭിക്കുവാനുതകുന്നതാകണേ. യാതൊരു യജ്ഞം അധ്വര്യുക്കളാലും, യജമാനൻമാരാലും ചെയ്യപ്പെടുന്നുവോ, ആ യജ്ഞം ഹവിസ്സിനാൽ സമ്പന്നവും, സന്താനയുക്തവും, അനുഷ്ഠാനധനത്തിൻേറയും, ഐശ്വര്യത്തിൻേറയും കാരണഭൂതവും, ഉപദേശികളായ ജ്ഞാനികളാൽ പൂർണ്ണവുമാകണേ.

**6. യസ്ത ഇധ്മംജരത്സിഷ്വിദാനേ മൂർധാനം വാം തതപതേ ത്വായാ |**
**ഭുവസ്തസ്യ സ്വതവാം: പായുരഗ്നേ വിശ്വഘ്യസീത്മാമസ്യത ഉരുഷ്യ ||**

ഹേ അഗ്നേ! നിനക്കായി വിറകുകൾ വഹിച്ചുകൊു വരുന്ന യാതൊരു മനുഷ്യൻ വിയർപ്പിൽ കുളിക്കുന്നുവോ, യാതൊരുത്തൻ നിൻെറ ആഗ്രഹപ്രകാരം തൻെറ മസ്തകത്തെ വിറകിൻെറ ഭാരത്താൽ ഭാരപ്പെടുത്തുന്നുവോ, നീ അവനെ ധനയുക്തനാക്കുന്നു. നീ അവനെ അവൻെറ ശത്രുക്കളിൽ നിന്നും രക്ഷിക്കുകയും ചെയ്യുന്നു.

**7. യസ്തേ ഭരാദന്നിയതേ ചിദന്നം നിശിഷൻമന്ദ്രമതിഥിമുദീരത് |**
**ആ ദേവയുരിനധതേ ദുരോണേ തസ്മിൻ റയിധ്രുവോ അസ്തു ദാസ്വാൻ ||**

ഹേ അഗ്നേ! അന്നത്തെ ആഗ്രഹിച്ചുകൊ് യാതൊരുത്തൻ നിനക്കായി ഹവിസ്സിനെ സഞ്ചരിക്കുന്നുവോ, യാതൊരുത്തൻ നിന്നെ നിനക്കായി സോമരസം നൽകുന്നുവോ, യാതൊരുത്തൻ നിന്നെ ഉത്തരവേദിയിൽ അതിഥിരൂപത്തിൽ പ്രതിഷ്ഠിക്കുന്നുവോ, യാതൊരുത്തൻ ദേവത്വം കാംക്ഷിച്ച് തൻെറ ഭവനത്തിൽ നിന്നെ പ്രതിഷ്ഠിക്കുന്നുവോ അവൻെറ പുത്രൻ ധർമ്മമാർഗ്ഗിയും, ദൃഢനും, ഉദാരനും ആയിരിക്കണേ.

**8. യസ്ത്വാ ദോഷാ യ ഉഷസി പ്രശംസാത്പ്രിയം വാത്വാ കൃണവതേ ഹവിഷ്മാൻ |**
**അശ്വോ ന സ്വേ ദമ ആ ഹേമ്യാവന്തമം ഹസഃ പീപരോ ദാശ്വാംസം ||**

ഹേ അഗ്നേ! ആര് നിന്നെ രാത്രിയിലും പുലരിയിലും സ്തുതിക്കുന്നുവോ, ആര് നിന്നെ ഹവിസ്സുകൊു പ്രീതിപ്പെടുത്തുവോ, ആ മാതാവിനെ സ്വഭവനത്തിൽ മെപാന്നിൽ ജീനിട്ട കുതിരപോലെ നടക്കുന്ന നീ രക്ഷിക്കണേ.

**9. യസ്തുഭ്യമഗ്നേ അമൃതായ ദാശദ് ദുവസ്ത്വേ കൃണവതേ യംതസ്രൂക് |**
**ന സ രായാ ശശോമാനോ വി യോഷന്നൈനമഹഃ പരി വരദധയോഃ ||**

ഹേ അഗ്നേ! ഒരിക്കലും നാശം ഭവിക്കുന്നില്ല. ആര് നിനക്ക് ഹവിസ്സ് നൽകുന്നുവോ, ഏതൊരു യജമാനൻ നിനക്കായി സ്വകം ശരിയാക്കുന്നുവോ, യാതൊരു യജമാനൻ നിന്നെ പൂജിക്കുകയുമ സേവിക്കുകയും ചെയ്യുന്നുവോ ആ സ്തുതിക്കുന്നവനായ യജമാനൻ ഒരു കാലത്തും നിർധനനാകുന്നില്ല. ഹിംസകൻമാരുടെ ഹിംസ അവനെ സ്പർശിക്കാതിരിക്കണേ.

**10. യസ്യ ത്വമഗ്നേ അധ്വരം ജുജോഷോ ദേവോ മർതസ്യ സുധിതം രരാണഃ |**
**പ്രീതേരദസദ്ധോത്ര സാ യയിഷ്ഠാസാമ യസ്യ വിധതോ വൃധാസഃ ||**

ഹേ നിത്യ യുവാവായ അഗ്നേ! നീ സദാ പ്രസന്നനും, പ്രകാശവാനും ആകുന്നു. യാതൊരു യജമാനൻെറ ശരിയായരീതിയിൽ സമ്പാദിച്ചതും ഹിംസാശൂന്യമായ ഭാവനയോടുകൂടി നൽകുന്നതും ആയ അന്നം ഭക്ഷിക്കുന്നുവോ ആ ഹോതാവ് നിശ്ചയമായും സ്നേഹിക്കുന്നവനാകുന്നു. അഗ്നിയെ സേവിക്കുന്നവനായ യാതൊരു യജമാനൻ യജ്ഞത്തെ വളർത്തുന്നുവോ, അവനെ തന്നെ നാം അനുസരിക്കണം.

**11. ചിത്തിമചിത്തിം ചിനവദ്വി വിദ്വാൻപൃഷ്ടേവ വീത വൃജിനാ ച മർതാൻ |**
**രായേ സ നഃ സ്വപത്യായ ദേവ ദിതിം ച രാസ്വാദിതി മുരുഷ്യ||**

അശ്വപാലകൻ അതിൻെറ പുറത്തുനിന്നും ജീനിക്കോപ്പുകളഴിച്ചു മാറ്റുന്നതുപോലെ അഗ്നിപാപപുണ്യങ്ങളെ വേർതിരിക്കണേ. ഹേ അഗ്നേ ഞങ്ങൾക്ക് സൽപുത്രൻമാരെയും ധനവും പ്രദാനം ചെയ്യണേ. ദാനികൾക്കു നീ ദനം പ്രദാനം ചെയ്യുകയും നി പാലിക്കുകയും ചെയ്യുന്നു.

**12. കവിം ശശാസുഃ കവയോ ദബ്ധാ നിധാരയന്തോ ദുര്യാസ്വായോ |**
**അതസ്ത്വം ദൃശ്യാമ അഗ്ന ഏതാൻ പഡ്ഭിഃ പശ്യേരദ്ഭു താം അയ ഏവൈഃ ||**

ഹേ അഗ്നേ! മനുഷ്യരുടെ ഭവനങ്ങളിൽ നിവസിക്കുന്നവരും ഒരിക്കലും നിരഭൃതരാകാത്തവരുമായ ദേവതകൾ മഹാജ്ഞാനിയായ നിന്നെ ഹോതാവായി നിയുക്തനാക്കിയിരിക്കുന്നു. ഹേ അഗ്നേ! നി യജ്ഞത്തെ പാലിക്കുന്നവനും, വലിയ ജ്ഞാനിയും ആകുന്നു. നിൻെറ ചഞ്ചലുമായ തേജസ്സുവഴിയായി ദേവകളെ ദർശനീയരാക്കണേ.

**13. ത്വമഗ്നേ ബാധതേ സുപ്രണീതിഃ സുതസോമായ വിധതേ യവിഷ്ഠ |**
**രത്ന ശശമാനായ ഘൃഷ്വേ പൃഥുശ്ചന്ദ്രമവസേ ചർഷണി**

**പ്രാഃ ||**

ഹേ നിത്യയുവാവായ അഗ്നേ! നീ മഹാതേജസ്വിയാകുന്നു. നീ മനുഷ്യരുടെ ഇഛകൾ പൂർത്തീകരിക്കുന്നു. നീ ഉത്തരവേദിയിൽ പ്രതിഷ്ഠിക്കപ്പെടുവാൻ യോഗ്യനാകുന്നു. യാതൊരു യജമാനൻ നിനക്കുവേി സോമം ഇടിച്ചുപിഴിഞ്ഞെടുക്കുന്നുവോ; യാതൊരുത്തൻ നിന്നെ സേവിച്ചുകൊ് സ്തോത്രങ്ങളാലപിക്കുന്നുവോ. അവൻെറ രക്ഷയ്ക്കായും പ്രസന്നതയും, ശ്രേഷ്ഠവുമായ ധനവും പ്രദാനം ചെയ്യണേ.

**14. അധാ ഹ യദ്വയമഗ്നേ ത്വായാ ഷഡ്ഭിർഹസ്തേഭിശ്ചകൃമാ തനൂഭിഃ |**
**രഥം ന ക്രന്തോ അപസാ ഭൂരിജോർഋതം യേമുഃ സുധ്യാ ആശുഷാണാഃ ||**

ഹേ അഗ്നേ! യാതൊരുകാരണത്താൽ ഞങ്ങൾ നിന്നെ ആഗ്രഹിച്ചുകൊ് കാൽകൊും കൈകൊും, ദേഹംകൊും, പ്രവർത്തന നിരതരായിരിക്കുന്നുവോ. അക്കാരണത്താൽ ഉത്തമകർമ്മങ്ങളായ യജ്ഞകർമ്മങ്ങളിൽ വ്യാപൃതരായ അംഗിരസ്സ് ആദിയായ മഹർഷികൾ നിന്നെ അരണിമഥനത്തിൽക്കൂടി ശില്പികൾ രഥം നിർമ്മിക്കുന്നതുപോലെ സത്യത്തിൻെറ കാരണരൂപനായ നിന്നെ പ്രത്യക്ഷനാക്കി.

**15ാ അധാ മാതുരുഷസഃ സപ്ത വിപ്രാ ജായേമഹി പ്രഥമാ വേധസോ നൄൻ |**
**ദിവസ്പുത്രാ അങ്ഗിരസോ ഭവേമാദ്രിം രുജേമ ധനിനം ശുചന്തഃ ||**

ഞങ്ങൾ ഏഴുവിപ്രൻമാർ ആദ്യജ്ഞാനികളാകുന്നു. ഞങ്ങൾ മാതൃരൂപമായ ഉഷസ്സിൻെറ പ്രാരംഭകാലത്തോടുകൂടി അഗ്നിയെ ഉല്പാദിപ്പിച്ച് ഞങ്ങൾ പ്രകാശവാനായ ആദിത്യൻെറ പുത്രൻമാരായ അംഗിരസ്സുക്കളാണ്. ഞങ്ങൾ തേജസ്വികളാൽ ജലത്തിൽ നിന്നും പൂർണ്ണമായ മേഘത്തെ പിളർക്കും.

**16. അധാ യഥാ നഃ പിതരഃ പരാസഃ പ്രത്നാസോ അഗ്ന ഋതമാശുഷാണാഃ |**
**ശുചീദയന്ദീധിതിമുക്ഥശാസഃ ക്ഷാമാ ഭിന്ദതോ അരണീരപ വ്രൻ ||**

ഹേ അഗ്നേ! ഞങ്ങളുടെ പിതാക്കൾ ശ്രേഷ്ഠവും പരമ്പരാഗതവും, സത്യത്തിൻെറ കാരണഭൂതവുമായ യജ്ഞകർമ്മങ്ങളും നടത്തി ഉത്തമപദവും, തേജസ്സും പ്രാപിച്ചു. അവർ ഉക്ഥങ്ങൾ വഴിയായി അന്ധകാരത്തെ നശിപ്പിക്കുകയും പണികളാൽ അപഹൃതങ്ങളായ ഗോക്കളെ കുപിടിച്ചുകൊുവരികയും ചെയ്തു.

**17. സുകർമാണഃ സുരുചോ ദേവയതോ യോ ന ദേവാ ജനിമാ ധമന്തഃ |**
**ശുചംന്തോ അഗ്നിം വവൃധന്ത ഇന്ദ്രാമൂർവ്വ ഗവ്യ പരിസദന്തോ അഗ്മൻ ||**

ഉലയിൽ ശുദ്ധമാക്കിയ ഇരുമ്പുപോലെ, യജ്ഞാദികർമ്മങ്ങളിൽ വ്യാപൃതനായ ദേവകളെ ആഗ്രഹിക്കുന്ന സ്തോതാവ് തൻെറ മനുഷ്യജൻമത്തെ യജ്ഞാദികർമ്മങ്ങളാൽ സ്വഛമാക്കുന്നു. അവർ അഗ്നിയെ പ്രദീപ്തമാക്കി ഇന്ദ്രനെ വളർത്തുന്നു. അവർ നാലുഭാഗത്തും ഉപാസന നടത്തി മഹത്തായ ഗോസമൂഹത്തെ വിടെുത്തു.

**18. ആ യൂഥേവ ക്ഷുമതി പശ്വേ അഖ്യദ്ദേ വാനാം യജ്ജനിമാന്ത്യുതഗ്ര |**
**മർതാനാം ചിദുർശീതകൃൻവ്റധേ ചിദര്യ ഉപരസ്യായോഃ ||**

ഹേ അഗ്നിദേവാ! നീ തേജസ്സോടു കൂടിയവനാണ്. ഇമ്പയിടുന്ന ചൂഥത്തിൽ പശുക്കളെ എന്നപ്പോലെ സ്തോതാക്കളുടെ ഗോവൃന്ദത്തെ ഇന്ദ്രൻ സമീപത്തുകു. അവനാൽ കൊുവരപ്പെട്ട ഗോക്കൾ പ്രജകളെ പുഷ്ടിപ്പെടുത്തി. വർദ്ധനസാമർത്ഥ്യത്താൽ യുക്തനായ മനുഷ്യൻ സന്താനയുക്തനും, പോഷണസമർത്ഥനും ആയിത്തീർന്നു.

**19. അകർമ തേ സ്വപസോ അഭൂമ ഋതമവസ്രണഷസോ വിഭാതിഃ |**
**അനൂനമഗ്നിം പുരുധാ സുശ്ചന്ദ്രം ദേവസ്യ മർമൃജതശ്ചാരു ചക്ഷുഃ ||**

ഹേ അഗ്നേ! ഞങ്ങൾ നിനക്കു പൂജ സമർപ്പിക്കുന്നു. അതുകൊ് തന്നെ ഞങ്ങൾ സൽകർമ്മികളായി കഴിഞ്ഞിരിക്കുന്നു. അന്ധകാരത്തെ നശിപ്പിക്കുന്ന ഉഷസ്സ് പൂർണ്ണമായ തേജസ്സോടുകൂടി പ്രസന്നത നൽകുന്ന അഗ്നിയെ സ്വീകരിക്കുന്നവളാകുന്നു. നീ പ്രകാശയുക്തനുമാകുന്നു. ഞങ്ങൾ നിൻെറ മനോഹരമായ തേജസ്സിനെ ഉപാസിക്കുന്നു.

**20. ഏതാ തേ അഗ്ന ഉചഥാനി വേധോ വോചാമ കവയേ തോ ജജുഷസ്വ |**
**ഇച്ഛോചസ്യ കൃണുഹവി വസ്യസോ നോ മഹോ രായഃ പുരുവാര പ്ര യന്ധി ||**

ഹേ അഗ്നിദേവാ! നീ വിദ്വാനാകുന്നു. ഞങ്ങൾ നിനക്കായി സ്തോത്രങ്ങൾ ഉച്ചരിക്കുന്നു. നീ ഇതിനെ സ്വീകരിച്ചാലും. നീ പ്രദീപ്തനായി ഞങ്ങളെ വളർത്തിയാലും. നീ അനേകരാൽ വരണീയനാകുന്നു. ഞങ്ങൾക്ക് ഉത്തമമായ ധനം പ്രദാനം ചെയ്യണമേ. ഞങ്ങൾക്ക് ഉത്തമമായ വാസസ്ഥാനം തന്നനുഗ്രഹിക്കണമേ.

## സൂക്തം 3

**ഋഷി വാമദേവൻ ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്**

**1. ആ വോ രാജാനമധ്വരസ്യ രുദ്രം ഹോതാരം സത്യയജം രൌദാസ്യാഃ |**
**അഗ്നി പുരാ തനയിരത്നോചിത്താദ്വിരണ്യരൂപ മവസേ കൃണുധ്വം ||**

ഹേ പുരുഷൻമാരേ! ദേവകളെ ആഹ്വാനം ചെയ്യുന്നവനും, യജ്ഞത്തിൻെറ സ്വാമിയും, ആകാശത്തേയും, ഭൂമിയേയും അന്നത്താൽ പൂർണ്ണമാക്കുന്നവനും, സ്വർണ്ണം പോലെ പ്രകാശിക്കുന്നവനും, ശത്രുക്കളെ കരയിപ്പിക്കുന്നതിൽ സമർത്ഥനും, രുദ്രരൂപത്തോടു കൂടിയവനുമായ അഗ്നിദേവനെ മരണത്തിനു മുമ്പേ തന്നെ രക്ഷാപ്രാപ്തിയ്ക്കായി പൂജിക്കുവിൻ.

**2. അയം യോനിശ്ചകൃമാ യം വയം തേ ജായേവ പത്യ ഉശതീ സുവാസാഃ |**
**അർവാചീനഃ പരിവീതോ നി ഷീദേമാ ഉതേ സ്വപാക പ്രതീചീഃ ||**

ഹേ അഗ്നേ! പതിയെ കാമിക്കുന്നവളും മനോഹരങ്ങളായ വസ്ത്രങ്ങളാൽ അലംകൃതയുമായ സ്ത്രീ എപ്രകാരം പതിക്കുവേി സ്ഥാനം നൽകുന്നുവോ, അതുപോലെതന്നെ ഞങ്ങളും വേദിയുടെ

ഉത്തരസ്ഥാനം നിനക്കായി നൽകുന്നു. നിൻെറ സ്ഥാനം ഇതു തന്നെയാകുന്നു. ഹേ അഗ്നിദേവാ! നീ ശ്രേഷ്ഠങ്ങളായ കർമ്മങ്ങൾ ചെയ്യുന്നവനാണ്. നീ സ്വന്തം തേജസ്സാൽ സുശോഭിതനായി ഞങ്ങളുടെ മുമ്പിലേയ്ക്ക് എഴുന്നള്ളിയാലും. ഈ സ്തുതി നിൻെറ ഉപാസനയിലെത്തണേ.

**3. ആശൃണ്വതേ അദൃപിതായ മൻമ നൃചക്ഷസേ സുമൃളീകായ വേധഃ |**
**ദേവായ ശസ്തിമമൃതായ ശംസ ഗ്രവേവ സോതാ മധുഷുദ്യ മീളേ ||**

ഹേ സ്തോതാക്കളേ! നിങ്ങൾ സ്തോത്രങ്ങൾ ശ്രവിക്കുന്നവനും, നിരാലസ്യനും, സുഖദാതാവും, ദ്രഷ്ടാവും, അവിനാശിയും ആയ അഗ്നിയെ സ്തുതിച്ചുകൊ് സ്തോത്രോച്ചാരണം നടത്തുവിൻ അമ്മിക്കല്ല് സോമം ഇടിച്ചുകൂട്ടുന്നതിൽ സമർത്ഥയായിരിക്കുന്നതുപോലെ യജമാനൻ അഗ്നിയെ സ്തുതിക്കുന്നതിൽ മുഴുകിയിരിക്കുന്നു.

**4. ത്വം ചിന്നഃ ശമ്യാ അഗ്നേ അസ്യാ ഋതസ്യ ബോധ്യുർതചിത്സ്വാഃധീഃ |**
**കദാ ത ഉക്ഥാസധമാദ്യാനി കദാ ഭവന്തി സഖ്യാ ഗൃഹേ തേ ||**

ഹേ അഗ്നേ! ഞങ്ങളുടെ ഈ യജ്ഞകർമ്മത്തിൽ നീ ദേവനാകണമേ നീ സത്യത്തെ അറിയുന്നവനും, ശ്രേഷ്ഠങ്ങളായ കർമ്മങ്ങൾ അനുഷ്ടിക്കുന്നവനും ആകുന്നു. ഞങ്ങളുടെ സ്തോത്രങ്ങളെ നീ ശ്രവിക്കേണമേ. ആഹ്ളാദോല്പാദകമായ നിൻെറ സ്തോത്രം എപ്പോൾ ആലപിക്കും? എപ്പോൾ നീ ഞങ്ങളുടെ ഭവനങ്ങളിൽ മൈത്രീ ഭാവത്തോടു കൂടി പ്രവേശിക്കും?

**5. കഥാ ഹ തദ്വരുണായ ത്വമഗ്നേ കഥാ ദിവേ ഗർഹസേ കന്ന ആഗഃ |**
**കഥാ മിത്രായ മീഗഹൂഷേ പൃഥിവ്യൈ ബ്രവഃ കദര്യമണേ മദ്ഭഗായ ||**

ഹേ അഗ്നേ! ഞങ്ങളുടെ പാപസംബന്ധമായ കാര്യം വരുണൻെറ മുമ്പിൽ എന്തിനറിയിക്കുന്നു? സൂര്യൻെറയടുക്കൽ ഞങ്ങളെ എന്തിനു നിന്ദിക്കുന്നു? നിനക്കു വിരുദ്ധമായി ഞങ്ങൾക്ക് എന്ത് പരാതിയാണുള്ളത്. അഭീഷ്ടവർഷകനായ മിത്രനോടും, പൃഥ്വിയോടും, ആര്യമാവോടും, ഭഗനോടും, ഞങ്ങളുടെ കാര്യം എന്തിനു പറഞ്ഞു?

**6. കുദ്ധിഷ്ണ്യാസു വൃധസാനോ അഗ്നേ കദ്വാതായ പ്ര തവസേ ശുഭം യേ |**
**പരിജ്മനേ നാസത്യായ ക്ഷേ ബ്രവഃ കദഗ്നേ രുദ്രായ നൃഘ്നേ ||**

ഹേ അഗ്നേ! നീ യജ്ഞത്തിലുയരുമ്പോൾ അക്കാര്യം എന്തിനു പറയുന്നു? മഹാബലവാനും, ശുഭകാരിയും, എല്ലായിടത്തും സഞ്ചരിക്കുന്നവനും സത്യത്തിൽ അഗ്രകണ്യയുമായ വായുവിനോടും ഇക്കാര്യം എന്തിനു പറയുന്നു?ഭൂമിയോടും, പാപികളെ സംഹരിക്കുന്നവനുമായ രുദ്രനോടും, ഇക്കാര്യം എന്തിനു പറയുന്നു?

**7. കഥ മഹേ പുഷ്ടിംഭരായ പൂഷ്ണേ കദ്രുദ്രായ സുമഖായ ഹവിർദേ |**
**കദിഷ്ണവഃ ഉരുഗായായ രേതോ ബ്രവഃ കദഗ്നേ ശരവേ ബൃഹത്യൈ ||**

ഹേ അഗ്നിദേവാ! ശ്രേഷ്ഠനും പാലകനുമായ പുഷ്ടാവിനോട് യജ്ഞപാത്രവും, ഹവിസ്സ് യുക്തനും ആയ രുദ്രനോട്; സ്തുത്യർഹനായ വിഷ്ണുവിനോട്, മഹാനായ സംവത്സരത്തോട് എന്തിന് ഇക്കാര്യം പറയുന്നു?

**8. കഥാ ശർധായ മരുതാമൃതായ കഥാ സൂരേ ബൃഹതേ പൃച്ഛ്യമാനഃ |**
**പ്രതി ബ്രവോ ദിതയേ തുരായ സാധാ ദിവോ ജാതവേദശ്ചികിത്വാൻ ||**

ഹേ അഗ്നേ! സത്യത്തിൻെറ കാരണഭൂതരായ മരുത്തുക്കളോട് ഇക്കാര്യം എന്തിനു പറയുന്നു? ചോദിക്കുകയാണെങ്കിൽ പോലും സൂര്യനോടും, അദിതിയോടും, ദ്രുതഗാമിയായ വായുവിനോടും എന്തിനു പറയുന്നു. ഹേ അഖിലത്തേയും അറിയുന്ന മഹാജ്ഞാനീ! നീ മഹൽകർമ്മങ്ങളെ പൂർണ്ണമാക്കൂ.

**9. ഋതേന ഋതം നിയതമീള ആ ഗോരാമാ സചാ മധുമത്പക്വമഗ്നേ |**
**കൃഷ്ണാ സതീ രുശതാ ധാസിനൈഷാ ജാമര്യേണ പയസാ പീപായ ||**

ഹേ അഗ്നേ! ഞങ്ങൾ സത്യത്തിൻെറ കാരണഭൂതമായ യജ്ഞത്തോടു സംബന്ധിതമായ ദുഗ്നത്തെ ഗോക്കളോടു നിത്യവും യാചിക്കുന്നു. ആ ഗോക്കൾ പ്രായമാകാത്തവ യായിരുന്നിട്ടും. പക്വവും, മധുരവും ആയ പാലിനെ വഹിക്കുന്നു. അവയിലെ കറാൽ ഗോക്കൾ പുഷ്ടിപ്രദവും, പ്രാണദായകവും ആയ വെളുത്ത നറും പത നൽകി മനുഷ്യരെ പുഷ്ടിപ്പെടുത്തണേ.

**10. ഋതേന ഹി ഷ്മാ വൃഷമശ്ചിദക്ത പൂമാം അഗ്നിഃ പയസാ പൃഷ്ഠ്യേന |**
**ആസ്പന്ദമാനോ അചരദ്വയാധാ വൃഷാ ശക്രം ദുദുഹേ പൃശ്നിരൂധഃ ||**

ഇച്ഛിതഫലം വർഷിക്കുന്ന ശ്രേഷ്ഠനായ അഗ്നിദേവൻ പോഷകമായ പാലിനാൽ നനക്കപ്പെടുന്നു. അന്നദാതാവായ അഗ്നിദേവൻ തൻെറ സമ്പൂർണ്ണമായ തേജസ്സിനെ ഏകീകരിച്ചുകൊ് ഗമനം ചെയ്യുന്നു. ജലത്തെ വർഷിക്കുന്ന ആദിത്യൻ അന്തരിക്ഷത്തെ ദോഹനം ചെയ്യുന്നു.

**11. ഋതേനാദിം വ്യസൻഭിദന്തഃ സമങ്ഗിരസോ നവന്തഃ ഗോഭിഃ |**
**ശൂനം നരഃ പരി ഷദന്നുഷാസമാവിഃ സ്വരഭവജ്ജാതേ രഗ്നൗ ||**

ഗോക്കളെ തടയുന്ന പർവ്വതത്തെ മേഘാതിഥി മുതലായവർ കീറ പിളർന്നപ്പോൾ ഗോക്കളെ ലഭിച്ചു. കർമ്മങ്ങളിൽ അഗ്രേസരൻമാരായ അംഗിരസ്സുകൾ ഉഷസ്സിനെ സുഖമായി പ്രാപിച്ചു. പിന്നീട് അരണിമഥനത്താൽ അഗ്നിയുായപ്പോൾ സൂര്യൻ ഉദിച്ചു.

**12. ഋതേന ദേവീമൃതാഅമൃക്താ അർണോ ഭിരാപോ മധുമദ്ഭിരഗ്നേ |**
**വാജീ ന സർഗേഷു പ്രസ്തുഭാനഃ പ്ര സദമിത് സ്രവിതവേ ദധന്യുഃ ||**

ഹേ അഗ്നേ! അവിനാശിനികളും, മധുരജലത്തോടുകൂടിയവരും ആയ നദികൾ യജ്ഞം വഴിയായ പ്രേരണ പ്രാപിച്ച് ഓടാൻ വെമ്പൽ കൊള്ളുന്ന അശ്വത്തെപ്പോലെ നിർവിഘ്നമായി സദാപ്രവഹിച്ചു കൊിരിക്കുന്നു.

**13. മാ കസ്യ യക്ഷം സദമിദ്ധുരോ ഗാ മാ വേശസ്യ പ്രമിനതോ മാപേഃ |**
**മാ ഭ്രംരുതഗ്നേ അന്യജോർജ്ണാ വേർമാ സഖ്യുദക്ഷം രിപൊർഭൂജേമ ||**

ഹേ അഗ്നേ! ആരെങ്കിലും ഞങ്ങളെ ഹിംസിക്കുകയാണെങ്കിൽ അവൻെറ യജ്ഞത്തിൽ നീ ഒരിക്കലും പോകരുത്. ഏതെങ്കിലും ദുഷ്ടനായ അയൽക്കാരൻെറ യജ്ഞത്തിലും നീ പോകരുത്, ഞങ്ങളെക്കൂടാതെ മറ്റാരേയാം മിത്രമായി നീ സ്വീകരിക്കരുത്. കുടിലമതികളായ ബന്ധുക്കളുടെ ഹവിസ്സുക്കളുടെ അന്നം ഭുജിക്കുന്നില്ല. നീ നൽകുന്ന ധനം കൊുമാത്രം ഞങ്ങൾ ജീവിക്കും.

**14. രക്ഷ ണോ അഗ്നേ തവ രക്ഷണേഭീ രാരക്ഷാണഃ സുമുഖ പ്രീണാനഃ |**
**പ്രതിഷ്ഫുരവി രുജ വീഢ്വാഹോ ജഹി രക്ഷോ മഹി ചിദ്വാവൃധാനം ||**

ഹേ അഗ്നേ! നീ സുയജ്ഞനാകുന്നുവല്ലോ. നീ ഞങ്ങളെ രക്ഷിക്കുന്നു. നീ ഹവിസ്സിനാൽ പ്രസന്നനായി തൻെറ ആശ്രയം പ്രദാനം ചെയ്ത് ഞങ്ങളെ രക്ഷിച്ചാലും. നീ ഞങ്ങളെ അഭിവൃദ്ധിപ്പെടുത്തണമേ. ഞങ്ങളുടെ മഹാപാപങ്ങളെ നശിപ്പിച്ച്, ഈ വളർന്നുവരുന്ന അജ്ഞാനത്തെ ഇല്ലായ്മ ചെയ്യണേ.

**15. ഏഭിർഭവ സുമനാ അഗ്നേ അർകൈരിമാൻസ്പൃശമൻമഭിഃ ശൂര വാജാൻ |**
**ഉത ബ്രഹ്മാണ്യങ്ഗിരോജജൂഷസ്വ സംതേ ശസ്തിർദേവ വാതാ ജരേത ||**

ഹേ അഗ്നേ! ഞങ്ങളുടെ ഉപാസനായോഗ്യങ്ങളായ സ്തോത്രങ്ങളാൽ നീ ഞങ്ങളെ സ്നേഹിക്കണേ. ഞങ്ങളുടെ സ്തുതികളോട് കൂടിയ ഹവിസ്സിനെ സ്വീകരിക്കണമേ. നീ ഹവിസ്സ് രൂപമാകുന്ന അന്നത്തെ സ്വീകരിക്കുന്നു. ഞങ്ങളുടെ സ്തോത്രങ്ങൾ ചെവിക്കൊള്ളണമേ, ദേവതകൾക്കായി നടത്തപ്പെടുന്ന സ്തുതികൾ നിന്നെ വളർത്തണമേ.

**16. ഏത വിശ്വാ വിദുഷേ തുഭ്യം വേധോ നീഥാന്യഗ്നേ നിണ്യാ വചാംസി |**
**നിവചനാ കവയേ കാവ്യാന്യശം സിഷം മതിഭിർ വിപ്ര ഉപ്ഥഃ||**

ഹേ അഗ്നേ! നീ വിധായകനാകുന്നു. നീ കർമ്മങ്ങളുടെ ജ്ഞാതാവും മനുഷ്യരുടെ ദ്രഷ്ടവും ആകുന്നു. ഞങ്ങൾ ബുദ്ധിമാൻമാരായ മനുഷ്യർ നിന്നെ ആഗ്രഹിച്ചുകൊ് ഫലദായകവും ഉച്ചാരണായോഗ്യങ്ങളും ആയ സ്തോത്രങ്ങൾ രചിച്ചത് ആലപിക്കുന്നു.

## സൂക്തം 4

**ഋഷി വാമദേവൻ, ദേവത രക്ഷോഹസി, ഛന്ദസ് ത്രിഷ്ടുപ് പംക്തി, ബൃഹതി.**

**1. കൃണുഷ്വ പാജഃ പ്രസിതിം ന പൃഥിവീം യാഹി രാജേവാമവാം ഇഭേന |**
**തൃഷ്വീമനു പ്രസിതിം ദ്രൂണാനോ സ്താസി വിധ്യ രക്ഷസസ്തപിഷ്ഠഃ ||**

ഹേ അഗ്നേ! നീ സ്വന്തം തേജോരാശിയെ, വേടസ്ത്രീ പക്ഷികളെ പിടിക്കുവാൻ വലവിരിക്കുന്നതുപോലെ വിസ്തൃതമാക്കൂ. രാജാവ് മന്ത്രിയോടുകൂടി സഞ്ചരിക്കുന്നതുപോലെ നീ സ്വന്തം തേജസ്സോടുകൂടി സഞ്ചരിച്ചാലും ദ്രുതഗാമികളായ നിൻെറ സേനകളോടുകൂടി ശത്രുസംഹാരം നടത്തണമേ! അങ്ങയുടെ തീഷ്ണമായ തേജസ്സാൽ അസുരൻമാരെ കീറിപിളർന്നാലും.

**2. തവ ഭ്രയാസ ആശുയാ പതന്ത്യനുസ് പൃശ ധൃഷതാ ശോശുചാനഃ |**
**തപൂഷ്യഗ്നേ ജുഹ വാ പതങ്ങ ഗാനസന്ദിതോ വി സൃജ വിഷ്വഗുൽ കാഃ ||**

ഹേ അഗ്നേ! നിൻെറ ഗതിമതിയും, ഭ്രൂതമാനിയും ആയ കിരണങ്ങളും എല്ലാ സ്ഥലത്തും ചെന്നെത്തുന്നു. നീ മഹാതേജസ്വിനിയും ആകുന്നു. ശത്രുനാശകസമർത്ഥമായ തേജസ്സിനാൽ ശത്രുക്കളെ ചാമ്പലാക്കിയാലും. ശത്രുക്കൾക്ക് നിന്നെ തടയുവാൻ സാധിക്കുന്നില്ല. നിൻെറ തേജസ്സിനെ നക്ഷത്രവേഗത്തിൽ പ്രേരിപ്പിക്കൂ.

**3. പ്രതി സ്പശോ വിസ്യജ തൂർണിതമോ ഭവാ ചായുർവിശോ അസ്യാ അദബ്ദഃ |**
**യാ നോ ധൂരേ അധശംസോ യോ അന്ത്യഗ്നേ മാകിഷ്ടേ വ്യഥിതാ ദധർഷീത് ||**

ഹേ അഗ്നേ! നീ ദ്രുതഗാമിയാകുന്നു. ശത്രുക്കളെ തടയുവാൻ കരുത്തുള്ള ശക്തിയെ അവരുടെ മേൽ പ്രയോഗിക്കേണമേ. നിന്നെ ആർക്കും തടയുവാൻ സാധ്യമല്ല. അടുത്തും, അകലെയും ഉള്ള ഞങ്ങളുടെ അനിഷ്ടാരികളിൽ നിന്നും ഞങ്ങളുടെ സന്താനങ്ങളെ രക്ഷിക്കേണമേ. ഞങ്ങളെ യാതൊരു ശത്രുക്കൾക്കും വശീകരിക്കുവാൻ കഴിയാതിരിക്കണേ. ഇതു ശ്രദ്ധിക്കണമേ. എന്തുകൊന്നൊൽ സാധകരായ ഞങ്ങൾ നിൻെറതു തന്നെയാകുന്നു.

**4. ഉദഗ്നേ തിഷ്ഠ പ്രത്യാ തനുഷ്വ ന്യമിത്രാം ഓഷതാത്തിഗ് മഹേതേ |**
**യോ നോ അരാതിം സമിധാന ചക്രേ നീചാ തം ധക്ഷ്യതസം ന ശുഷ്കം ||**

ഹേ തീഷ്ണജ്വാലകളോടു കൂടിയ അഗ്നിദേവാ! ദുഷ്ടൻമാരെ സംഹരിക്കുവാൻ തയ്യാറായാലും, ശത്രുക്കളുടെ മേൽ നിൻെറ ജ്വാലയാകുന്ന ആവരണമിടുകയും അവരെ ഭസ്മമാക്കുകയും ചെയ്യണേ. ഹേ അഗ്നേ! ഞങ്ങളോടു ശത്രുതയിൽ വർത്തിക്കുന്ന ദുഷ്ടൻമാരെ ഉണങ്ങിയ വിറകുപോലെ കത്തിച്ചു കളയണേ.

**5. ഊർധ്വോ ഭവ ത്രപതി വിധ്യാധ്യസ്മദാവികൃണുഷ്വ ദൈവ്യാ ന്യഗ്നേ |**
**അവ സ്ഥിരാ തനുഹി യാതുജജൂനാം ജാമിമജാമിം പ്ര മൃണീഹി ശത്രൂൻ ||**

ഹേ അഗ്നേ! ദുഷ്ടൻമഅരെ സംഹരിക്കുവാൻ നീ തയ്യാറാകണമേ. ഞങ്ങളെക്കാൾ അധികം ശക്തരായ ശത്രുക്കളെ ഓരോരുത്തരെയായി കൊന്നൊടുക്കിയാലും. നിൻെറ ദിവ്യതേജസ്സിനെ പ്രകടമാക്കൂ. ജീവികളെ കഷ്ടപ്പെടുത്തുന്ന ദുഷ്ടൻമാരെ വിജയരഹിതരാക്കൂ. ആദ്യം പരാജിതരായവരോ അഥവാ അപരാജിതരായവരോ ആയ ശത്രുക്കളെ നശിപ്പിക്കേണമേ.

**6. സ തേ ജാനാതി സുമതിം യവിഷ്ഠ്യ ഈവതേ ബ്രഹ്മണേ ഗാതുമൈരത് |**
**വിശ്വാന്യസ്മൈ സുദിനാനി രായോ ദ്യുമ്നാനര്യോ വി**

**ദുരോ അഭി ദ്യൗത് ||**

ഹേ നിത്യയുവാവായ അഗ്നേ! നീ ഗതിമാനും, നേതാവും ആകുന്നു. നിന്നെ സ്തുതിക്കുന്ന മനുഷ്യൻ നിൻെറ കൃപാപാത്രങ്ങളായിത്തീരുന്നു. ഹേ യജ്ഞസ്വാമിൻ! നീ അവർക്കുവേി സൗഭാഗ്യദിനങ്ങളേയും, അന്നരത്നാദി ധനത്തേയും സംഭരിക്കേണമേ. നീ അവരുടെ മുനിൽ പ്രകാശിതനായി നിലനില്ക്കൂ.

**7. സേദഗ്നേ അസ്തു സുഭഗഃ സുദാനുരസ്ത്വാ നിത്യേന ഹവിഷാ യ ഉക്‌ഥൈഃ |**
**പിപ്രീഷതി സ്വ ആയുഷി ദുരോണേ വിശ്വേദസ്മൈ സുദിന സാസദിഷ്ടിഃ ||**

ഹേ അഗ്നേ! യാതൊരു വ്യക്തി നിത്യവും ഹവിസ്സ് ദാനവും, അതുപോലെ മന്ത്രരൂപവുമായ വാണിയെ പ്രേരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നിൻെറ പ്രീതിയെ കാംക്ഷിക്കുന്നുവോ, ആ വ്യക്തി സൗഭാഗ്യവാനും ദാനശീലനുമായി ഭവിക്കുന്നു. അവൻ നൂറുവർഷക്കാലം ജീവിക്കുന്നവനായിരിക്കും. ആ യജമാനനുവേി എല്ലാ ദിവസങ്ങളും സൗഭാഗ്യം വർഷിക്കുന്നവയായിരിക്കും. അവൻ യജ്ഞഫലം പ്രാപിക്കുവാനുള്ള സാധനങ്ങളാൽ സമ്പന്നമായിരിക്കും.

**8. ആർചാമി തേ സുമതിം ഘോഷ്യർവാക്സം തേ വാവാതാ ജരതാമിയം ഗീഃ |**
**സ്വശ്വാസ്ത്വാ സുരഥാ മർജയേമാസ്മേ ക്ഷത്രാണി ധാരയേരനു ദ്യൂൻ ||**

ഹേ അഗ്നിദേവാ! ഞങ്ങൾ കൃപാപൂർണ്ണമായ ബുദ്ധിയെ സ്തുതിക്കുന്നു. നിനക്കായി ഉച്ചരിക്കപ്പെടുന്ന വാക്യങ്ങൾ പ്രതിധ്വാനിതങ്ങളായി നിന്നെ സ്തുതിക്കണേ. ഞങ്ങൾ പുത്രപൗത്രാദികളോടും, രഥം ,അശ്വങ്ങൾ, എന്നിവയോടും കൂടി നിന്നെ സേവിക്കുന്നവരായി ഭവിക്കണേ. നീ ഞങ്ങൾക്കായി നിത്യവും അന്നം സംഭരിച്ചാലും.

**9. ഇഹ ത്വാ ഭൂര്യാ ചരേപത്മന്ദോഷാവസ്തർദീദിവാം സമനു ദ്യൂൻ |**
**ക്രീളന്തസ്ത്വാ സുമനസഃ സപേമാഭി ദ്യുമ്നാ തസ്ഥിവാം സോ ജനാനാം ||**

ഹേ അഗ്നേ! നീ രാവും പകലും പ്രകാശിക്കുന്നു. ഈ ലോകത്തിൽ മനുഷ്യൻ നിന്നെ പ്രാപിച്ച് നിത്യവും നിന്നെ സേവിക്കുന്നു. ശത്രുക്കളുടെ ധനത്തെ സ്വന്തമാക്കികൊ് ഞങ്ങളും ഭവനങ്ങളിൽ സന്താനരഹിതരായി സന്തുഷ്ടരായി പ്രസന്നഹൃദയത്തോടുകൂടി നിനക്ക് വിവിധങ്ങളായ രീതിയിൽ സേവനം അനുഷ്ഠിക്കുന്നു.

**10. യസ്ത്വാ സ്വശ്വഃ സുഹിരണ്യോ അഗ്ന ഉപയാതി വസുമതാ രഥേന |**
**തസ്യ ത്രാതാ ഭവസിതസ്യ സഖാ യസ്ത ആതിഥ്യമാനുഷഗ്ജുജോഷത് ||**

ഹേ അഗ്നേ! യാതൊരു മനുഷ്യൻ യജ്ഞയോഗ്യമായ മനോഹരങ്ങളായ അശ്വങ്ങളാലും, ധനാദികളാൽ സമ്പന്നമായ രഥത്തോടും കൂടി നിൻെറ നികടത്തിൽ വരുന്നുവോ. ആ മനുഷ്യനെ നീ രക്ഷിക്കുന്നു. യാതൊരുത്തൻ നിന്നെ അതിഥിയായി മാനിച്ച് പൂജിക്കുന്നുവോക്ക,നീ അവനോട് മിറതഭാവത്തിൽ വർത്തിക്കുന്നവനാകണേ.

**11. മഹോ രുജാമി ബന്ധുതാ വചോഭി സൂൻമാ പിതുർഗോ തമാദന്വിയായ |**
**ത്വം നോ അസ്യ വചസശ്ചികിദ്ധി ഹോതാര്യവിഷ്ഠ ദമൂനാഃ ||**

ഹേ അഗ്നേ! നീ നിത്യയുവാവും, ജ്ഞാനിയും, ഹോതാരൂപനും, ആകുന്നു. സ്തോത്രങ്ങൾ വഴിയായി യാതൊരു ഭ്രാതൃഭാവവും നീ ഞങ്ങളിൽ സ്ഥാപിച്ചുവോ, അതുവഴിയായി അസുരവൃത്തികളായ ശത്രുക്കളെ പിളർന്നുകളയണേ. ഈ സ്തോത്രരൂപമായ വാണി നമുക്ക് ഗൗതമൻമാരിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. നീ ശത്രുക്കളെ സംഹരിക്കുന്നവനാകുന്നു. ഞങ്ങളുടെ സ്തുതി വചനങ്ങൾ ശ്രദ്ധിക്കുവാൻ കൃപയുാകണേ.

**12. അസ്വപ്നജസ്തരണഃ സുശേവാ അതന്ദ്രാ സോ വൃകാ അശ്രമിഷ്ഠാഃ |**
**തേ പായവഃ സധ്ര്യഞ്ചോ നിഷദ്യാഗ്നേ തവ നഃ പാന്ത്വമൂര ||**

ഹേ അഗ്നേ! നീ സർവ്വജ്ഞനാകുന്നു. നിൻെറ രശ്മികൾ സദാ ചൈതന്യത്തോടുകൂടി വിളയാടുന്നു. അവ സദാ ഗമനസ്വഭാവമുള്ളതും, പ്രസാദരഹിതവും അഹിംസിതവും, ആശ്രാന്തവും സുസംഘടിതവും ആയി രക്ഷാകാര്യങ്ങളിൽ സമർത്ഥങ്ങളാകുന്നു. ആ രശ്മികൾ ഈ യജ്ഞവേദിയിൽ കളിയാടി ഞങ്ങളെ രക്ഷിക്കേണമേ.

**18. യേ പായവോ മാമതേയം അഗ്നേ പശ്യന്തോ അന്ധം ദുരിതാദരക്ഷൻ |**
**രരക്ഷ താൻത്സു കൃതോ വിശ്വവേദാ ദിപ്സന്ത ഇദ്രിപവാ നാഹ ഭേദുഃ ||**

ഹേ അഗ്നേ! നിൻെറ രക്ഷാക്ഷമങ്ങളായ ഈ രശ്മികൾ മമതയുടെ നേത്രഹീനനായ പുത്രൻ ദീർഘതമൻെറ മേലനുഗ്രഹിച്ച് അവനെ ആ ശാപത്തിൽ നിന്നും രക്ഷിച്ചു. ഹേ അഗ്നിദേവാ! നീ വലിയ ജ്ഞാനിയാകുന്നു. നീ ആ രശ്മികളെ സ്നേഹപൂർവ്വം പാലിക്കുന്നു. നിൻെറ ശത്രു നിന്നെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നുങ്കിലും ശത്രുവിൻെറ പരിശ്രമങ്ങൾ വിഫലമായിത്തീരുന്നു.

**14. ത്വയാ വയം സനധ്യസ്ത്വോതാസ്തവ പ്രണീത്യശ്യാമ വാജാൻ |**
**ഉഭാ ശംസാ സൂദയ സത്യതാതേ നുഷ്ഠായാ കൃണഹ്യഹ്രയാണ ||**

ഹേ അഗ്നേ! നീ സങ്കോചരഹിതനായി സഞ്ചരിക്കുന്നു. സ്തുതിക്കുന്നവരായ ഞങ്ങൾ നിൻെറ കൃപയാൽ ധനവാൻമാരായി നിൻെറ ആശ്രയം പ്രാപിക്കണേ. അടുത്തും അകലത്തുമായുള്ള എല്ലാ ശത്രുക്കളേയും നശിപ്പിക്കുയും എല്ലാ കാര്യങ്ങളും പൂർണ്ണമാക്കുകയും ചെയ്യണമേ.

**15. അയാ തേ അഗ്നേ സമിധാ വിധേമ പ്രതി സ്തോമം ശസ്യമാനം ഗൃഭായ |**
**മഹാശസോ രക്ഷസഃ പാഹ്യസ്മാന്ദ്രു ഹോ നിദോ മിത്ര മഹോ അവദ്യാത് ||**

ഹേ അഗ്നേ! ഈ സ്തുതികളാൽ ഞങ്ങൾ നിന്നെ സേവിക്കുന്നു. ഞങ്ങളുടെ സ്തോത്രങ്ങൾ സ്വീകരിക്കണേ. യാതൊരു ദുഷ്ടൻ നിന്നെ സ്തുതിക്കുന്നില്ലയോ. അവനെ ചാമ്പലാക്കി മാറ്റണമേ. ഹേ അഗ്നേ! നീ മിത്രങ്ങളാൽ പൂജിക്കപ്പെടുന്നു. ശത്രുക്കളുടേയും, നിന്ദകൻമാരുടേയും നിന്ദാപൂർവ്വമായ പെരുമാറ്റങ്ങളിൽ നിന്നും രക്ഷിക്കേണമേ.

# അദ്ധ്യായം അഞ്ച്

## സൂക്തം 5

**ഋഷി വാമദേവൻ, ദേവത വൈശ്വാനരാഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. വൈശ്വാഎരായ മീളഹുഷേ സജോപാഃ കഥാ ദാശേമാഗ്നയേ ബൃഹദ്ഭാഃ |**
**ആനൂനേന വൃഹതാ വക്ഷഥേനോപ സ്തഭായദുപമിന്ന രോധഃ ||**

അനുഗ്രഹങ്ങളെ വർഷിക്കുന്നവനും, മഹാദീപ്തിമാനും ആയ വൈശ്വാനരാഗ്നിയെ പ്രസാദിപ്പിക്കുന്നതിന് നാം എപ്രകാരം ഹവിസ്സ് നൽകട്ടെ ഒതു തട്ടിനെ തൂണ് താങ്ങി നിർത്തുന്നതുപോലെ അഗ്നിദേവൻ തൻെറ സമ്പൂർണ്ണമായ രൂപം വഴിയായി ആകാശത്തെ വഹിക്കുന്നു.

**2. മാ നിന്ദത യ ഇമാം മഹ്യം രാതിം ദേവോ ദദൗ മർത്യായ സ്വധാവാൻ |**
**പാകായ ഗൃത്സോ അമൃതോ വിചേതാ വൈശ്വാനരോ നൃതമോ യഹ്വോ അഗ്നിഃ ||**

ഹേ ഹോതാക്കളേ! ഹവിസ്സ് യുക്തമായ നാമമാകുന്ന മരണധർമ്മാക്കളും, പരിപക്വമതികളും ആയ യജമാനൻമാർക്ക് അഗ്നിദേവൻ ധനം നൽകുന്നു. അവനെ നിരാദരിക്കാതിരിക്കാൻ അവിനാശിയായ ആ അഗ്നിദേവൻ മഹാജ്ഞാനിയാകുന്നു. ശ്രേഷ്ഠമായ നേതൃത്വത്തോടു കൂടിയ ആ വൈശ്വാരാഗ്നി അത്യന്തം മഹാനാകുന്നു.

**3. സാമ ദ്വിബർഹാ മഹി തിഗ്മഭൃഷ്ടിഃ സഹസ്രരേതാ വൃഷഭസ്തുവിഷ്മാൻ |**
**പദം ന ഗോരപഗൂളഹം വിവിദ്വാനഗ്നിർമഹ്യം പ്രേദു വോചൻമനീഷാം ||**

ഉത്തമം, മധ്യമം എന്നീ രു സ്ഥാനങ്ങളിലും വ്യാപിച്ചിരിക്കുന്ന അഗ്നിദേവൻ തൻെറ തീഷ്ണമായ തേജസ്സിനാൽ യുക്തനാകുന്നു അഭീഷ്ടങ്ങളെ വർഷിക്കുന്ന അവൻ, സാരയുക്തനും, ധനസമ്പന്നനുമായിരുന്നിട്ടും, പർവ്വതത്തിൽ മറഞ്ഞിരിക്കുന്ന ഗോഷ്ഠസമാനം രഹസ്യപൂർണ്ണനാകുന്നു. അവൻെറ ജ്ഞാനം പ്രാപിക്കുക ഉചിതമായിരിക്കും. വിദ്വാൻമാർ മഹാസ്തോത്രാദ്ധ്യായന ദ്വാരാനമുക്കു അവൻെറ സ്വരൂപം വ്യക്തമാക്കുന്നതാകുന്നു.

**4. പ്ര താം അഗ്നിർബഭസത്തിഗ്മജംഭസ്പതി ഷ്ഠേന ശോചിഷാ യഃ സുരാധാഃ |**
**പ്ര യേ മിനന്തി വരുണസ്യ ധാമാ പ്രിയാ മിത്രസ്യ ചേതതോ ധ്രുവാണി ||**

യാതൊരുത്തൻ മേധാവിയായ മിത്രത്വത്തേയും വരുണൻെറ പ്രിയ തേജസ്സിനേയും ഹിംസിക്കാനാഗ്രഹിക്കുന്നുവോ, അവനെ തീഷ്ണങ്ങളായ ദന്തങ്ങളോടു കൂടിയ അഗ്നിദേവൻ ഭസ്മമാക്കണേ.

**5. അഭ്രാതരോ ന യോഷണോ വ്യന്തഃ പതിരിഷോന ജനയോ ദുരേവഃ |**
**പാപാസഃ സന്തോ അനൃതാ അസത്യാ ഇദം പദമജനതാ ഗഭീരം ||**

സംരക്ഷിക്കുന്ന സഹോദരൻ ദ്വേഷിക്കുന്ന സ്ത്രീയും, ഭർത്താവിനെ വെറുക്കുന്ന സ്വേഛാചാരിണിയായ സ്ത്രീയും വേദനാജനകമായ അവസ്ഥയെ പ്രാപിക്കുന്നു. അതുപോലെതന്നെ യജ്ഞവിഹീനനും അഗ്നിയെ ദ്വേക്ഷിക്കുന്ന സത്യരഹിതനും, സത്യവാണി ശൂന്യനായ പാപചാരിയും അധപതനം പ്രാപിക്കുന്നു.

**6. ഇദം മേ അഗ്നേ ക്രിയതേ പാവകാമിനതേ ഗുരും ഭാരം ന മൻമ |**
**ബൃഹദ്ധാഥ ധൃഷതാ ഗഭീരം യഹ്വം പൃഷ്ഠ പ്രയസാ സപ്തധാതു ||**

ഹേ പാവകാ! ഞങ്ങൾ നിന്നെ പ്രതിനടത്തപ്പെടുന്ന വ്രതം ഉപേക്ഷിക്കുന്നില്ല. ദുർബ്ബലൻെറ മേൽ ആരെങ്കിലും വലിയഭാരം ചുമത്തുന്നതുപോലെ നീ ഞങ്ങൾക്ക് വൻപിച്ച ധനം പ്രദാനം ചെയ്യണേ. ആ ധന ം ശത്രുക്കളെ ഉലക്കുന്നതും അന്നത്താൽ യുക്തവും പോഷിപ്പിക്കുന്നതിൽ സമർത്ഥരും, ആനന്ദവർഷകവും മഹത്തായ സപ്തധാതുക്കളാൽ യുക്തവുമാകുന്നു.

**7. തമിൻന്വേവ സമാന സമനമഭി ക്രത്വാ പുനതി ധീതിരശ്യാഃ |**
**സസസ്യ ചർമന്നധി ചാരു പൃശ്നേരഗ്രേ രൂപ ആരുപിതം ജബാരു ||**

എല്ലാ പ്രകാരത്തിലും ഉപയുക്തവും സമാനശോധനാപരവുമായ ഈ സ്തുതി പൂജാവിധികൾ അനുസരിച്ച് വൈശ്വാനരാഗ്നിയെ പ്രാപിക്കണേ. ഈ സ്തുതി വൈശ്വാനാരാഗ്നിയെ വളർത്തുന്ന ഉജ്ജ്വലയായ ഭൂമിയുടെ സമീപത്തു നിന്നും അചലമായ ആകാശത്തിൽ സഞ്ചരിച്ചതു കാരണം പൂർവ്വദിക്കിൽ പ്രകടമായിരിക്കുന്നു.

**8. പ്രവാച്യം വചസഃ കിം മേ അസ്യ ഗുഹാ ഹിതമുപ നിണിഗ്വദന്തി |**
**യദുസ്രിയാണാമപ വാരിവ വ്രൻപതി പ്രിയം രൂപോ അഗ്രം പദം വേഃ ||**

കറവക്കാരൻ യാതൊരു പാലിനെ ജലത്തിനു തുല്യം കറക്കുന്നുവോ, ആ പാലിനെ വൈശ്വാനരാഗ്നി ഗുഹയിൽ രഹസ്യമായി സൂക്ഷിക്കുന്നു. അവൻ വിശാലമായ ഭൂമണ്ഡലത്തിൻെറ പ്രിയപ്പെട്ട സ്ഥാനത്തിൻെറ രക്ഷകനാകുന്നു. ഇത് ജ്ഞാനികളുടെ കഥനമാകുന്നു. ഈ വചനങ്ങൾ എത്രമാത്രം അത്ഭുതകരവും അഥവാ പറയപ്പെടുവാൻ യോഗ്യനുമാകുന്നു.

**9. ഇദമുത്യൻമഹി മഹാമനീകം യദുസ്രിയാ സ ചത പൂർവ്യം ഗൗഃ |**
**ഋതസ്യ പദേ അധി ദീദ്യാനം ഗുഹാ രഘുഷ്യദ്രഘുയദ്വിവേദ ||**

പാലു നൽകുന്ന യാതൊരു ഗോക്കൾ യജ്ഞാദിശുഭകർമ്മങ്ങളിൽ അഗ്നിദേവനെ സേവിക്കുന്നുവോ, യാതൊരഗ്നി സ്വയം പ്രകാശിതനായിരിക്കുന്നുവോ, യാതൊരുത്തൻ ഗുഹയിൽ വസിക്കുന്നുവോ, യാതൊരുത്തൻ ശീഘ്രഗാമിയായിരിക്കുന്നുവോ, അവൻ മഹാനും പൂജനീയനുമാകുന്നു. സൂര്യമണ്ഡലത്തിൽ വ്യാപിച്ചിരിക്കുന്ന വൈശ്വാനരഗ്നിയെ ഞങ്ങൾ ശരിയായും അറിയുന്നു.

**10. അധ ദ്യുതാനഃ പിത്രോസേ ചാസാമനുത ഗുഹ്യം ചാരു പൃശ്നേഃ |**
**മാതുഷ്പദേ പരമേ അന്തിഷദ്ഗോർവൃഷ്ണഃ ശോചിഷഃ പ്രിയതസ്യ ജിഹ്വാ ||**

പിന്നെ മാതാപിതാസമാനമായ ആകാശപൃഥ്വിയുടെ ഇടയിൽ

വ്യാപിച്ച പ്രകാശവാനായ വൈശ്വാനരൻ ഗോവിൻെറ ഊർധ്വഭാഗത്തിൽ ശ്രേഷ്ഠവും, സ്വാദുറ്റതുമായ ക്ഷീരം പാനം ചെയ്യുക നിമിത്തം, ചൈതന്യവാനായി അഭീഷ്ടങ്ങളെ വർഷിക്കുന്നവനും, പ്രകാശവാനുമായ വൈശ്വാനരഗ്നിയുടെ ജിഹ്വാമാത്യരൂപിണിയായ ഗോവിൻെറഊർധ്വസ്ഥാനത്ത് ക്ഷീരപാനം നടത്തുവാൻ ആഗ്രഹിക്കുന്നു.

**11. ഋത വോചേ നമസാ പൃച്ഛ്യമാനസ്തവാശസാ ജാതവേദോയ ദീദം |**
**ത്വമസ്യ ക്ഷയസി യദ്ധ വിശ്വം ദിവി യദു ദ്രുവിണം തത്പൃഥിവ്യാം ||**

ഹേ വിദ്വാൻ! എന്നോടാരെങ്കിലും ആദരവോടുകൂടി ചോദിക്കുകയാണെങ്കിൽ ഞാൻ തീർച്ചയായും സത്യമായ സംഗതികൾ പറയും. ഹേ അഗ്നേ നിന്നെ സ്തുതിച്ചുകൊ് മനോഹരമായ ഈ ധനത്തെ ഞങ്ങള പ്രാപിക്കുന്നു എങ്കിൽ നീ തന്നെ ഇതിൻെറ അധിപതിയാകണമേ. എന്തുകൊന്നൊൽ നീ എല്ലാ സമ്പത്തുക്കളുടേയും നാഥനാകുന്നു. ഭൂമിയിലും ആകാശത്തിലും എന്തുമാത്രം ധനമുോ അവയുടെയെല്ലാം അധിപൻ നീ തന്നെയാണല്ലോ.

**12. കിം നോ അസ്യ ദ്രവിണം കദ്ധ രത്നം വി നോ വോ ചോ ജാതവേദശ്ചികിത്വാൻ |**
**ഗുഹാധ്വനഃ പരമം യന്നോ അസ്യ രേകു പദം നിദാന അഗൻമ ||**

ഈ ധനത്തിൻെറ സാധനാഭൂതരായ ശക്തി എന്താകുന്നു? ഇതിൻെറ ഹിതകാരിയായ ധനം ഏതാണ്? ഹേ അഗ്നിദേവാ! നീ യാതൊന്നറിയുന്നുവോ അത് ഞങ്ങളെ അറിയിക്കൂ. ഈ ധനത്തെ പ്രാപിക്കുവാൻ സരളമായ മാർഗ്ഗത്തെ അറിയുന്നതിനുള്ള ശ്രേഷ്ഠമായ ഉപായം അരുളുചെയ്യണമേ. തൻമൂലം ഞങ്ങൾ സ്വന്തം ലക്ഷ്യത്തെ പ്രാപിക്കുന്നതിൽ നിന്ദാപാത്രങ്ങളാകാതിരിക്കണേ.

**13. കി മർയാദാ വയുനാ കദ്ധ വാമമച്ഛാ ഗമേമ രഘവോ ന വാജം |**
**കദാ നോ ദേവീരമൃതസ്യ പത്നീഃ സൂരോ വർണേനാ തതനന്നുഷാസഃ ||**

എന്താണു മര്യാദ? പ്രവർത്തന കർത്തവ്യങ്ങൾ ഏതെല്ലാം, അറിയേന്ന യജ്ഞാനം ഏതാണ്? വേഗവാനായ അശ്വം എപ്രകാരം യുദ്ധത്തിനു പോകുന്നുവോ, കാര്യക്ഷമതയുള്ള വ്യക്തി നിരാലസ്യനായി ജ്ഞാനവിജ്ഞാനങ്ങളെ പ്രാപിക്കുന്നുവോ; അതുപോലെ ഞങ്ങളും എപ്പോൾ ഗതിമാൻമാരും അതുപോലെ എപ്പോൾ ജ്ഞാനൈശ്വര്യങ്ങളെ പ്രാപിക്കും? ഉജ്ജ്വലപ്രകാശമുള്ളതും അവിനാശിയും ആയ ഉഷസ്സ്, സൂര്യപ്രകാശയുക്തരുമായി എപ്പോൾ ഞങ്ങൾക്കായിപ്രകാശിതയാകും ?

**14. അനിരേണ വചസാ ഫൽഗ്വേന കൃധുനാതൃപാസഃ |**
**അധാ തേ അഗ്നേ കിമിഹാ വദന്ത്യനായുധാസ ആസതാ സചന്താം ||**

ഹേ അഗ്നേ! അന്നത്താൽ വഞ്ചിതരും, വിരുദ്ധജ്ഞാനികളും അതൃപ്തരും ആയ മനുഷ്യർ ഈ ലോകത്തിൽ അല്പവചനങ്ങളാൽ നിന്നെ പറ്റി എന്തു പറയുന്നു? അവൻ ആയുധരഹിതനായ വ്യക്തിക്കു തുല്യം അസത്യജ്ഞാനയുക്തനായി ക്ലേശിക്കുന്നു.

**15. അസ്യ ശ്രിയേ സമിധാനസ്യ വൃഷ്ണോ വസോരനീകം ദമ ആ രുരോച |**
**രുശദ്വസാനഃ സുദൃശീകരൂപഃക്ഷിതിർന രായാ പുരുവാരോ അദ്യൗത് ||**

ഈ സുഖവർഷകനും, പ്രദീപ്തനും ആയ അഗ്നിയുടെ തേജോരാശി യജ്ഞവേദിയിൽ പ്രകാശിക്കുന്നു. യജമാനനു സുഖം നൽകുന്നതുകാരണം അവൻ ഉജ്ജ്വലതേജസ്സിനെ പ്രാപിക്കുന്നു. അതിനാൽ അവൻെറ സ്വരൂപനും അത്യന്തം മനോഹരമായിത്തീരുന്നു. എപ്രകാരം ആശ്വാദിധനങ്ങളാൽ യുക്തനായ രാജാവ് പ്രകാശിക്കുന്നുവോ. അതുപോലെതന്നെ അഗ്നിദേവൻ യജമാനൻമാരുടെ സ്തുതികളാൽ പൂജിതനായി പ്രകാസിക്കുന്നു.

## സൂക്തം 6

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. ഊർധ്വ ഊ ഷു ണോ അധ്വരസ്യ ഹോതരഗ്നേ തിഷ്ഠ ദേവതാതാ യജീയാൻ |**
**ത്വം ഹി വിശ്വമഭ്യസി മൻമ പ്ര വേധസശ്ചിത്തിരസി മനീഷാം||**

ഹേ ഹോതാവായ അഗ്നേ! നീ യാജ്ഞികൻമാരിൽ ശ്രേഷ്ഠനാകുന്നു. നീ ഞങ്ങളെക്കാൾ പരമോന്നതമായ സ്ഥാനത്തു വിരാജിച്ചാലും. നീ ശത്രുക്കളുടെ ധനം വിജയിച്ചെടുക്കുന്നവനാകുന്നു. സ്തുതിക്കുന്നവരെ പ്രശ സ്തരാക്കണമേ.

**2. അമൂരോ ഹോതാ ന്യസാദി വിക്ഷ്വഗ്നിർമന്ദ്രോ വിദഥേഷു പ്രചേതാഃ |**
**ഊർധ്വം ഭാനും സവിതേവാശ്രേൻമേതേവ ധൂമം സ്തഭായദുപദ്യാം ||**

അഗ്നിദേവൻ യജ്ഞത്തെ സമ്പാദനം ചെയ്യുന്നവനും, പ്രസന്നതയെ പ്രദാനം ചെയ്യുന്ന മഹാജ്ഞാനിയും, മേദാവിയും ആകുന്നു. അവൻ യജ്ഞമണ്ഡപത്തിൽ യജമാനൻമാരുടെ മധ്യേ വിരാജിക്കുന്നു. അവൻ ഉദിച്ചുയരുന്ന സൂര്യനേപ്പോലെ ഉന്നതതലത്തിലേയ്ക്ക് ഉയരുകയും തൂണുപോലെ ധൂമത്തെ വഹിക്കുകയും ചെയ്യുന്നു.

**3. യതാ സുജൂർണീ രാതിനീ ഘൃതാചി പ്രദക്ഷിണദ് ദേവതാതിമുരാണഃ |**
**ധു സ്വരുർനവജാ നാക്രഃ പശ്വേ അനക്തി സുധികഃ സുമേകഃ ||**

പ്രാചിനവും, സംയതവുമായ ജൂഹഘൃതത്താൽ പൂർണ്ണമായിരിക്കുന്നു. യജ്ഞത്തെ വൃദ്ധിപ്പെടുത്തുന്ന അദ്വര്യുക്കൾ പ്രദക്ഷിണം ചെയ്തുകൊു തങ്ങളുടെ അഭിലാഷങ്ങൾ പ്രാപിക്കുന്നു. പുതുതായി നിർമ്മിച്ച യൂപം മുകളിലേയ്ക്ക് ഉയരുന്നു. ഹിതകർത്താവായ യജമാനൻ ഗോക്കൾ മുതലായവയെ സമ്പാദിക്കുന്നു.

**4. സ്തീർണോ ബർഹിഷി സമിധാനാ അഗ്നാ ഊർധ്വോ അധ്വര്യുർജ്ജുഷാണോ അസ്ഥാത് |**
**പര്യാഗ്നിഃ പശുപാ ന ഹോതാ ത്രിവിഷ്ട്യാതി പ്രദിവ ഉരാണഃ||**

കുശവിരിച്ചതിനുശേഷം അതുപോലെ അഗ്നിയെ വളർത്തിയതിനുശേഷവും അധ്വര്യുക്കൾ രിനേയും ആദരിക്കുവാൻ തയ്യാറാക്കുന്നു. യജ്ഞസമ്പാദനം നടത്തുന്ന പ്രാചീനനായ അഗ്നിദേവൻ

അല്പമായ ഹവ്യത്തെപ്പോലും പ്രചാരമാക്കുന്നു. അവൻ പാലകൻമാരെപ്പോലെ ഐശ്വര്യത്തെ വർദ്ധിപ്പിച്ചുകൊ് ഉത്തമവും, മധ്യമവും, അധമവും ആയ ശ്രേണികളിലും പെട്ട ജീവികളെ അനുഗ്രഹിക്കുന്നു.

**5. പരി ത്മനാ മിതദ്രുരേതി ഹോതാഗ്നിര മന്ദ്രോ മധുവചാ ഋതാവാ |**

**ദ്രാവന്ത്യ വാജിനോ ന ശോകാ ഭയന്തേ വിശവാ ഭുവനാ യദഭ്രാട് ||**

പ്രസന്നത പ്രദാനം ചെയ്യുന്നവനും, ഹോതാരൂപനും മധുരഭാഷിയും യജ്ഞയുക്തനുമായ അഗ്നിദേവൻ പരിമിതമായ ഗതിയോടുകൂടിയവനായി എല്ലായിടത്തും സഞ്ചരിക്കുകയും, അദ്ദേഹത്തിൻെറ പ്രകാശപുജ്ഞം കുതിരയെപ്പോലെ എല്ലാ ഭാഗത്തേയ്ക്കും പായുകയും ചെയ്യുന്നു. അവത പ്രദീപ്തമാകുമ്പോൾ അഖിലലോകങ്ങളും, ജീവികളും ഭയന്നു നടുങ്ങുന്നു.

**6. ഭദ്രാ തേ അഗ്നേ സ്വനീക സൻഭൃഗ്ധോരസ്യ സതോ വിഷുണസ്യ ചാരുഃ |**

**ന യത്തേ ശോചിസ്തമസാ വരന്ത ന ധ്വ സ്മാന സ്തന്വീ രേപ ആ ധുഃ ||**

ഹേ അഗ്നേ! നിൻെറ ജ്വാലകൾ അതീവമനോഹരങ്ങളാകുന്നു. നീ സർവ്വവ്യാപകനും, ദുഷ്ടൻമാരെ സംഹരിക്കുന്നവനും, ആകുന്നു. നിൻെറ മനോഹരവും, കല്യാണകാരിയും ആയ രൂപം ദർശനയോഗ്യമാകുന്നു. രാത്രിയുടെ അന്ധകാരം പോലും നിൻെറ പ്രകാശത്തെ തടയുവാൻ സമർത്ഥമാകുന്നില്ല. രാക്ഷസാദിദുഷ്ടൻമാർക്ക് അവൻെറ ശരീരത്തിൻമേൽ പാവം പ്രയോഗിക്കുന്നതിൽ വിജയിക്കുവാൻ സാധിക്കുന്നില്ല.

**7. ന യസ്യ സാതുർജനിതോരവാരി ന മാതരാപിതരാ നൂ ചിരിഷ്ടൗ |**

**അധാ മിത്രോ ന സുധിത പാചകോഗ്നിർദീദായ മാനുഷീഷു വിക്ഷു ||**

ഹേ വൈശ്വാനരാഗ്നിദേവാ! നീ വർഷത്തിൻെറ കാരണഭൂതനാകുന്നു. നിൻെറ ദാനം ആർക്കും ഇല്ലാതാകുവാൻ സാധിക്കുന്നില്ല. യാതൊരഗ്നിയെ പ്രേരിതമാക്കുന്നതിൽ മാതാപിതാക്കളായ ആകാശവും, ഭൂമിയും, സമർത്ഥങ്ങളാകുന്നില്ലയോ, ആ അഗ്നി തൃപ്തനായി പവിത്രീകരിക്കുന്നവനാകുകയും മനുഷ്യരുടെ ഇടയിൽ മിത്രസമാനം പ്രതിഷ്ഠിക്കപ്പെട്ടവനായി പ്രകാശിതനാക്കുകയും ചെയ്യുന്നു.

**8. ദ്വിര്യം പഞ്ച ജീജൻസംവസാനാഃ സ്വസാരോ അഗ്നിം മാനുഷീഷു വിക്ഷു |**

**ഉഷർബ്ധമഥർയോ ന ദ ന്തം ശുക്രം സ്വാസം പരശും ന തിഗ്മം ||**

മനുഷ്യരുടെ പത്തുവിരലുകൾ നാരിക്കു തുല്യം യാതൊരഗ്നിയെ പ്രദീപ്തമാക്കുന്നുവോ, ആ അഗ്നി ഉഷസ്സ് കാലത്തിൽ ഉണരുന്നവനും, ഹവ്യം ഭക്ഷിക്കുന്നവനും, ഉത്തമപ്രകാശത്താൽ ശോഭിതനും, സുന്ദരസ്വരൂപനുമാകുന്നു. തീഷ്ണമുഖനായ അവൻ വെൺമഴുകൊന്നപ്പോലെ ശത്രുക്കളെ നശിപ്പിക്കുന്നു.

**9. തവ ത്യേ അഗ്നേ ഹരിതോ ഘൃതസ്നാ രോഹിതാ സ ഋജ്വഞ്ചഃ സ്വഞ്ചഃ |**

**അരുഷാസോ വൃഷണ ഋജുമുഷ്കാ ആ ദേവതാതീഹ് വന്ത ദസ്മാഃ ||**

ഹേ അഗ്നേ! നിൻെറ ആ അശ്വങ്ങളെ ഞങ്ങളുടെ യശസ്സിൻെറ മുമ്പിലേയ്ക്ക് വിളിക്കുന്നു. അവയുടെ വായിൽ നിന്നും നുരയും പതയും പുറപ്പെടുന്നു. ആ ചെങ്കുതിരകൾ നേർമാർഗ്ഗത്തിൽകൂടി സഞ്ചരിക്കുന്നു. അവയുടെ പോക്ക് മനോഹരവും അവ പ്രകാശിക്കുന്ന ശരീരങ്ങളോടുകൂടിയവയും നിത്യ യുവത്വത്താൽ യുക്തനും ആകുന്നു. അതുപോലെ തന്നെ അവ മഹാശക്തങ്ങളും ദർശനയോഗ്യങ്ങളും ആകുന്നു.

**10. യേ ഹ ത്യേ സഹമാനാ അയാസസ്ത്വേഷാസോ അഗ്നേ അർചയശ്ചരന്തി |**

**ശ്യേനാസോ ന ദുവസനാസോ അർഥം തുവിഷ്വണസോ മരുതം ന ശർധഃ ||**

അഗ്നേ! നിൻെറ രശ്മികൾ ശത്രുക്കളെ വശീകരിക്കുന്നതിൽ സമർത്ഥമാകുന്നു. ഗമനശീലത്തോടു കൂടിയ അവ പ്രകാശിക്കുന്ന പൂജായോഗ്യങ്ങളായ രശ്മികൾ മരുത്തുക്കളെപ്പോലെ വിവിധങ്ങളായ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നവയും അതുപോലെ അവ കുതിരകളെപ്പോലെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിൽ സമർത്ഥങ്ങളുമാക്കുന്നു.

**11. അകാരി ബ്രഹ്മ സമിധാമ തുല്യം ശസാത്യുക്ഥം യജതേ വ്യൂ ധാഃ |**

**ഹോതാരമഗ്നിം മനുഷോ നി ഷേദർമസ്യന്ത ഉശിജഃ ശംസമായോഃ ||**

ഹേ ജ്വാലമാനനായ അഗ്നേ! നിനക്കായി ഞങ്ങൾ ഈ മഹാസ്തോത്രം ഉച്ചരിക്കുന്നു. നിനക്കായി തന്നെ ജ്ഞാനികളായ പുരുഷൻമാർ ശ്രേഷ്ഠങ്ങളായ വചനങ്ങൾ ഉച്ചാരണം ചെയ്യുന്നു. യജമാനൻ നിനക്കുവേി യജ്ഞം നടത്തുന്നു. അതിനാൽ ഞങ്ങൾക്ക് ധനൈശ്വര്യങ്ങൾ പ്രദാനം ചെയ്യണമേ. മനുഷ്യരുടെ ഹോതാവായ അഗ്നിയെ പൂജിക്കുന്നതിനായി അതുപോലെ പശു മുതലായ ധനങ്ങളെ ആശിച്ചുകൊ് ഋത്വിക്കളും, വിദ്വാൻമാരും ഇവിടെ ഇരിക്കുന്നു.

## സൂക്തം 7

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ്, ത്രിഷ്ടുപ്**

**1. അയമിഷ പ്രഥമോ ധായി ധാതൃഭിർഹോതാ യജിഷ്ഠോ അധ്വരേഷ്വീഡ്യഃ |**

**യമപ്നവാനോ ഭൃഗവോ വീരുരുചുർവനേഷു ചിത്രം മിഭ്വം വിശേവിശേ ||**

ഈ അഗ്നി എല്ലാവരിലും ശ്രേഷ്ഠനും എല്ലാത്തിൻേറയും ആരംഭത്തിൽ ഉായിരുന്നവനും, സർവ്വദാതാവും, എല്ലാ യജ്ഞങ്ങളിലും സ്തുതിക്കപ്പെടുന്നവനുമാകുന്നു. ഇദ്ദേഹത്തെ ആദികാലത്തിൽ ഭൃഗുക്കൾ പ്രദീപ്തമാക്കിയിരുന്നു. ആ അഗ്നി യാജ്ഞികൻമാരിൽ ശ്രേഷ്ഠകർമ്മാവും, തേജസ്വിയും, പാപനാശകനും ആകുന്നു. പരമേശ്വരസ്വരൂപനായ ഈ അഗ്നിയെ യജ്ഞം നടത്തുന്ന വിദ്വാൻമാർ പ്രതിഷ്ഠിക്കുന്നു.

**2. അഗ്നേ കദാ ത ആനുഷഗ്ഭുദ്ദേവസ്യ ചേതനം |**

**അധാ ഹി ത്വാ ജഗൃഭ്രിരേ മർതാസോ വിക്ഷ്വീഡ്യം ||**

ഹേ അഗ്നേ! നീ മനുഷ്യരാൽ പൂജിക്കപ്പെടുവാൻ യോഗ്യനാകുന്നു. നീ അത്യന്തം ദീപ്തിമാനുമാകുന്നു. നിൻെറ പ്രകാശം എപ്പോൾ അനുകൂലമാകും? നിന്നെ ജീവദാതാവായി ഈ മരണധർമ്മാവായ മനുഷ്യൻ എപ്പോൾ സ്വീകരിക്കും?

**3. ഋതവാന ം വിചേതസം പശ്യന്തോ ദ്യാമിവ സ്തഭിഃ |**
**വിശ്വേഷാമധ്വരാണാം ഹസ്കർതാരം ദമേദമേ ||**

ആ അഗ്നിദേവൻ വിവിധജ്ഞാനങ്ങളാൽ യുക്തനും, മായാരഷിതനും, നക്ഷത്രഖചിതമായ ആകാശംപോലെ എ ല്ലാ യജ്ഞങ്ങളേയും സമ്പന്നമാക്കുന്നവനും ആകുന്നു. ആദർശനീയനെ ഋത്വിക്കുകൾ ആദിയായ ജ്ഞാനികൾ പ്രത്യേകസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്നു.

**4. ആശും ദൂതം വിവസ്വതേ വിശ്വാ യശ്ചരഷണീരഭി |**
**ആജഭ്രുഃ കേതുമായവോ ഭൃഗവാണം വിശേവിശേ ||**

യാതൊരഗ്നിദേവൻ പ്രജകളുടെ സുഖത്തിനുവേി തൻെറ തോജോമയമായ പ്രകാശത്തെ നൽകുന്നുവോ, അവൻ ശീഘ്ര ഗാമിയും, യജമാനൻെറ ദൂതരൂപനും, ജ്ഞാനപ്രകാശത്തോടു കൂടിയവനും ആകുന്നു. അഗ്നിദേവൻെറ പ്രത്യക്ഷമാകൽ ഒരോ പ്രജകൾക്കും കല്യാണപ്രദമാകുന്നു.

**5. തമീം ഹോതാരമാനുഷക്ചിതിത്വാംസം നി ഷേദിരേ |**
**രണ്വം പാവകശോചിഷ യജിഷ്ഠം സപ്തധാമഭിഃ ||**

ഹോതാവായ ആ അഗ്നിയെ അധ്വര്യു മുതലായവർ യഥാസ്ഥാനത്തു പ്രതിഷ്ഠിച്ചിരിക്കുന്നു. അവൻ തേജസ്വിയും, പവിത്രീകരിക്കുന്നവനും, ദീപ്തിയുക്തനും ആകുന്നു. അവൻ മഹാദാനശീലനും, എല്ലാവരുടേയും സഖാരൂപനുമാകുന്നു. സപ്തതേജോയുക്തമായ ആ അഗ്നി അനുകൂലനായി യജ്ഞസ്ഥാനത്തു നിവസിക്കണേ.

**6. തംശശ്വതീഷു മാതൃഷു വന ആ വീതമശ്രിതം |**
**ചിത്രം സന്തം ഗുഹാ ഹിതം സുവേദം കുപിദർഥിനം ||**

മാതൃരൂപമായ ജലത്തിലും, വൃക്ഷങ്ങളിലും വിരാജിക്കുന്നവനും, പൊള്ളുമെന്നുള്ള ഭയത്താൽ അനേകം ജീവികളാൽ അസേവിതനും, ഗുഹയിൽ വസിക്കുന്നവനും, അത്ഭുതനും, ജ്ഞാനിയും, എല്ലാസ്ഥലത്തു നിന്നും ഹവ്യാംശം സ്വീകരിക്കുന്നവനും ആയ അഗ്നിയെ മനുഷ്യർ ഉപാസിച്ചിരിക്കുന്നു.

**7. സസസ്യ യദ്വിയുതാ സസ്മിന്നൂധന്ന്യതസ്യ**
**ധാമന്ത്രണയനത ദേവാഃ |**
**മഹാം മഗ്നിർനമസാ രാതഹവ്യോ വേരധ്വരായ**
**സദമിദൃതാവാ ||**

ദേവതകൾ നിദ്ര വിട്ട് ഉഷസ്സ് കാലത്തിൽ യാതൊരഗ്നി ദേവനെ യജ്ഞസ്ഥാനത്തിൽ സ്തുതികളാൽ പ്രസന്നമാക്കുന്നുവോ, സത്യയുക്തനും, മഹാനുമായ ആ അഗ്നിദേവൻ നമസ്കാരപൂർവ്വം നൽകപ്പെടുന്ന ഹവിസ്സിനെ സ്വീകരിച്ച് യജമാനനാൽ നടത്തപ്പെടുന്ന യജ്ഞത്തെ അറിഞ്ഞുകൊിരിക്കണമേ.

**8. വേരധ്വരസ്യ ദൂത്യാനി വിദ്വാനുഭേ അന്താ രോദസീ**
**സഞ്ചികിത്വാൻ |**
**ദൂത ഈയസേ പ്രദിവ ഉരാണോ വിദുഷ്ടരോ ദിവ**
**ആരോധനാനി ||**

ഹേ അഗ്നേ! നീ ജ്ഞാനിയാകുന്നു. യജ്ഞത്തിൻെറ ദൗത്യകർമ്മം അറിയുവാനുമാകുന്നു. നീ ആകാശഭൂമികളുടെ ഇടയ്ക്ക് സ്ഥിതനായി അന്തരീക്ഷത്തെ ശരിയായവിധം അറിയുന്നു. ഹേ അഗ്നിദേവാ! നീ പ്രാചീനനാണ്. അല്പമായ ഹവിസ്സിനെപ്പോലും വർദ്ധിപ്പിച്ച് വളരെ യസികമാക്കുന്നു. നീ മഹാജ്ഞാനിയും, സർവ്വശ്രേഷ്ഠനും, ദേവതകളുടെ ദൂതനുമാകുന്നു. ദേവതകൾക്ക് ഹവിസ്സെത്തിക്കുന്നതിനായി നീ സ്വർഗത്തിൻെറ ഉന്നതസ്ഥാനങ്ങളെ പ്രാപിക്കുന്നു.

**9. കൃഷ്ണം ത ഏമ രുശതഃ പുരോ ഭാശ്ചരിഷ്ണ്വർ |**
**ചിർവപുഷാമിദേകം |**
**യദപ്രവീതാ ദധതേ ഹ ഗർഭം സദ്യശ്ചീജ്ജാതോ ഭവസീദു**
**ദൂതഃ ||**

ഹേ അഗ്നേ! നീ പ്രകാശയുക്തനാകുന്നു. നിൻെറ ഗമനമാർഗ്ഗം കറുത്തവർണ്ണങ്ങളോടു കൂടിയതാകുന്നു. നിൻെറ കാന്തി മുന്നിലായി കാണപ്പെടുന്നു. നിൻെറ തേജസ്സ് എല്ലാ തോജോമയ പദാർത്ഥങ്ങളേയുംകാൾ ശ്രേഷ്ഠമായതാകുന്നു. നിന്നെ ഉല്പാദിപ്പിക്കുന്നതിനായി അതിൻെറ കാരണഭൂതങ്ങളായ മരകഷണങ്ങളെ സ്വീകരിക്കുന്നു. നീ ജനിച്ചപ്പോൾ തന്നെ യജമാനൻെറ ദൂതനായിത്തീർന്നു.

**10. സദ്യോ ജാതസ്യ ദദൃശാനമോജോ യദസ്യ വാതോ**
**അനുവാതിശോചിഃ |**
**പൃണക്തിതിഗ്മാമതസേഷു ജിഹ്വാം സ്ഥിരാ പിന്നദാ**
**ദയതേ വി ജംഭൈഃ ||**

അരണീമഥനത്തിൽ നിന്നും ഉത്ഭവിക്കുന്ന അഗ്നിയുടെ തേജസ്സിനെ ഋത്വിക്കുകള നോക്കിനിൽക്കുന്നു. അഗ്നിയുടെ ജ്വാലാരൂപങ്ങളിൽ വായുപ്രവഹിക്കുമ്പോൾ അഗ്നി തൻെറ തീഷ്ണജ്വാലകളെ വൃക്ഷങ്ങളിൽ പതിപ്പിക്കുന്നു. അതുപോലെ അന്നരൂപങ്ങളായ വിറകുകളെ തൻെറ തേജസ്സാൽ ഭക്ഷിക്കുകയും ചെയ്യുന്നു.

**11. തൃഷ്ണ യദന്നാ വവക്ഷ തൃഷ്ഠം ദൂത കൃണതേ**
**ഹവ്യേ അഗ്നിഃ |**
**വാതസ്യ മമളിം സചതേ നിജ്ജെർവന്നാംശൂന വാജയതേ**
**ഹിന്വേ അർവാ ||**

അഗ്നിദേവൻ ശീഘ്രഗാമികളായ കിരണങ്ങൾ വഴിയായി അന്നദാതാക്കളായ വിറകുകളെ ചാമ്പലാക്കുന്നു. അഗ്നി മഹാനാകുന്നു. അവൻ ദ്രുതഗാമിയായ ദൂതനായിത്തീരുന്നു. അവൻ വിറകുകളെ ജ്വലിപ്പിച്ച് വായുവുമായിച്ചേരുന്നു. അശ്വപാലകൻ തൻെറ അശ്വത്തെ പുഷ്ടിപ്പെടുത്തുന്നതുപോലെ ഇഭഗതിമാനായ അഗ്നി തൻെറ രശ്മികളെ പുഷ്ടിപ്പെടുത്തുകയും, പ്രേരിപ്പിക്കുകയും ചെയ്യുന്നു.

## സൂക്തം 8

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് ഗായത്രി**

**1. ദൂതം വോ വിശ്വവേദസം ഹവ്യവാഹമമർത്യം**
**യജിഷ്ഠമൃഞ്ജസേ ഗിരാ ||**

ഹേ അഗ്നേ! എല്ലാ സമ്പത്തുക്കളുടേയും നാഥനും, ദേവതകൾക്ക് ഹവിസ്സ് എത്തിച്ചുകൊടുക്കുന്നവനും, അവിനാശിയും, യജ്ഞം നടത്തുന്നവനും, ദേവതകൾക്കുവേി ദൗത്യകർമ്മം നിർവ്വഹിക്കുന്നവനും ആകുന്നു. അഗ്നിദേവനായ നിന്നെ സാധകരായ ഞങ്ങൾ സ്തുതികളാൽ വളർത്തുന്നു.

**2. സ ഹി വേദാ വസുധിതിം മഹാം ആരോധനം ദിവഃ |**
**സ ദേവാം ഏഷ വക്ഷതി ||**

അഗ്നി മഹാനാകുന്നു. അവൻ യജമാനൻമാരുടെ മനോരഥം പൂർണ്ണമാക്കുന്ന ധനം ദാനം ചെയ്യുന്നവനാകുന്നു. അവൻ ദേവലോകത്തെയ്ക്കു കയറുവാനുള്ള സ്ഥാനം അറിയുന്നു. ആ അഗ്നിദേവൻ ഇന്ദ്രാതിദേവകളെ നമ്മുടെ യാഗത്തിലേയ്ക്ക്

വിളിക്കണേ.

**3. സ വേദ ദേവ ആനമം ദേവാം ഋതായതേ ദമേ |**

**ദാതി പ്രിയാണി ചിദ്വാസു ||**

അഗ്നി പ്രകാശവാനാകുന്നു. അവൻ ഇന്ദ്രാതിദേവകളെ നമസ്കരിക്കുവാനുള്ള ക്രമങ്ങൾ അറിയുന്നു. അവൻ യജ്ഞത്തെ കാംക്ഷിക്കുന്ന യജമാനന് അവിടെവച്ചുതന്നെ ധനം നൽകുന്നു.

**4. സ ഹോതാ സേദു ദൂത്യം ചികിത്വാം അന്തരീയതേ |**

**വിദ്വാം ആരോധനം ദിവഃ ||**

ദൗത്യകർമ്മത്തിന്റെ ജ്ഞാതാവായ അഗ്നി ദേവൻ ഹോതാരൂപനാകുന്നു. സ്വർഗ്ഗാരോഹണത്തിന്റെ പ്രമുഖ സ്ഥാനത്തെ അറിയുന്നവനും ആകാശത്തിന്റേയും ഭൂമിയുടേയും ഇടയിൽ കൂടി ഗമനം ചെയ്യുകയും ചെയ്യുന്നു.

**5. തേ സ്യാമ യേ അഗ്നേയേ ദദാശൂർഹവ്യദാതിഭിഃ |**

**യം ഈം പൃഷ്യന്ത ഇന്ധതേ ||**

യാതൊരു യജമാനൻ അഗ്നിയെ വിറകുകളിൽക്കൂടി പ്രോജ്ജ്വലിപ്പിക്കുന്നുവോ, ഹവിസ്സ് ഊട്ടിവളർത്തി പ്രസന്നനാക്കുന്നുവോ. നമുക്കും ആ യജമാനനെപ്പോലെ കർമ്മാനുഷ്ഠാനങ്ങളിൽകൂടി അഗ്നിയെ പ്രസാദിപ്പിക്കാം.

**6. തേ രായാ തേ സുവീരൈയ സസവാസോ വി ശ്യണ്വിരേ |**

**യേ അഗ്നാ രധിരേ ദുവഃ ||**

യാതൊരു യജമാനൻ അഗ്നിയ്ക്ക് പൂജാദികളായ പരിചര്യകൾ നടത്തുന്നുവോ, അവൻ ധനയുക്തനായി, വിവിധങ്ങളായ ഐശ്വര്യങ്ങളാൽ പൂർണ്ണനാകുന്നു.

**7. അസ്മേ രായോ ദിവേദിവേ സം ചരന്തു പുരസ്പൃഹഃ |**

**അസ്മേ വാജാസ ഈരതാം ||**

ഋത്വിക്കുകൾ മുതലായവർ ആഗ്രഹിക്കുന്ന ധനം ദിവസം തോറും നമ്മുടെ അടുക്കലേയ്ക്ക് എത്തുകയും, അതുവഴിയായി നമുക്ക് വിഭിന്നജ്ഞാനങ്ങളും, വിജ്ഞാനങ്ങളും, സക്തി മുതലായവയും പ്രാപ്തമാക്കണേ.

**8. സ വി പ്രശ്ചർഷണീനാം ശവസാ മാനുഷാണാം |**

**അതി ക്ഷിപ്രേവ വിധ്യതി ||**

ആ അഗ്നിദേവൻ വിദ്വാനാകുന്നു. അവൻ മനുഷ്യരുടെ ദുഃഖങ്ങളെ അതിവേഗം പാഞ്ഞുപോകുന്ന ശരം കണക്കെ തന്റെ ശക്തിയാൽ പ്രഹരിച്ച് നശിപ്പിക്കണേ.

## സൂക്തം 9

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് ഗായത്രി.**

**1. അഗ്നേ മൃള മഹാം അസി യ ഈമാ ദേവയും ജനം |**

**ഇയേഥ ബർ ഹിരാസദം ||**

ഹേ അഗ്നേ! ഞങ്ങൾക്കു സുഖം നൽകണമേ. നീ ദേവകളെ ഇഷ്ടപ്പെടുന്നവനും മഹാനും ആകുന്നു. നീ യജമാനന്റെ നികടത്തിലുള്ള കുശാസനത്തിലുപവിഷ്ടവാനാഗ്രഹിച്ചുകൊ് ഇവിടെ വരണേ.

**2. സ മനുഷീഷു ദൂളഭോ വിക്ഷൂ പ്രാവീരമർത്യഃ |**

**ദൂതോ വിശ്വേഷാം ഭൂവത് ||**

രാക്ഷസാദികളായ ദുഷ്ടൻമാർ യാതൊരുത്തനെ ഹിംസിക്കുവാൻ സാധിക്കുന്നില്ലയോ യാതൊരുത്തൻ വർത്തമാനലോകത്തിൽ സ്വഛന്ദം വിഹരിക്കുവാൻ സമർത്ഥനായിരിക്കുന്നുവോ, ആ അഗ്നിധേവൻ അവിനാശിയാകുന്നു. അവൻ എല്ലാ ദേവകളുടേയും ദൂതനാകുന്നു.

**3. ഉത ഗ്നാ അഗ്നിരധ്വര ഉതോ ഗൃഹപതിർദമേ |**

**ഉത ബ്രഹ്മാ നി ഷീദതി ||**

അഗ്നിദേവൻ അധ്വര്യുവായിട്ടും അതുമല്ലെങ്കിൽ ദേവപതീ രൂപത്തിലുമായിരിക്കും. അല്ലെങ്കിൽ യാഗശാലയിൽ ഗൃഹാധിപതി എന്ന നിലയിലും പ്രതിഷ്ഠിതനാകുന്നു. അതുമല്ലെങ്കിൽ യജ്ഞത്തിൽ ബ്രഹ്മരൂപത്തിലും വിരാജിക്കുന്നു.

**5. വേഷി ഹ്യധ്വരീയതാമുപവക്താ ജനാനാം |**

**ഹവ്യാ ച മാനുഷാണാം ||**

അഗ്നേ! നീ യജ്ഞാഭിലാഷികളായ മനുഷ്യരുടെ ഹവിസ്സിനെ ഇഷ്ടപ്പെടുന്നു. നീ അധ്വര്യുക്കൾ മുതലായവരുടെ കർമ്മങ്ങളുടെ ജ്ഞാതാവായ ബ്രഹ്മരൂപമാകുന്നു. നീ യജ്ഞകർമ്മങ്ങളുടെ ഉപദേഷ്ടസ്വരൂപനാകുന്നു.

**6. വേഷീദ്വസ്യ ദൂത്യം യസ്യജ്ജുജോഷോ അധ്വരം |**

**ഹവ്യം മർതസ്യ വോളഹവേ ||**

ഹേ അഗ്നേ! നീ ഹവിസ്സുക്കൾ വഹിക്കുന്നതിനായി യാതൊരു യജമാനന്റെ യാഗത്തെ സേവിക്കുന്നുവോ, ആ യജമാനന്റെ യജ്ഞത്തിൽ ദൗത്യകർമ്മം വഹിക്കുവാനും നീ ഇഷ്ടപ്പെടുന്നു.

**7. അസ്മാകം ജോഷ്യധ്വരമസ്മാകം യജ്ഞമങ്ഗിരഃ |**

**അസ്മാകം ശൃണുധീ ഹവം ||**

ഹേ തേജസ്വീ! നീ ഞങ്ങളുടെ യാഗത്തെ സേവിക്കൂ. ഹവിസ്സിനെ സ്വീകരിക്കൂ. അഹ്വാനം ചെയ്യുന്നവരായ ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിച്ചനുഗ്രഹിക്കണമേ.

**8. പരിതേ ദൂളഭോ രഥോ സ്മാം അശ്നോതു വിശ്വതഃ**

**യേന രക്ഷസി ദാശുഷഃ ||**

ഹേ അഗ്നേ! നീ സ്വന്തമായ യാതൊരു രഥത്തിൽ ആരോഹിതനായി എല്ലാ ദിക്കുകളിലും സഞ്ചരിച്ച് ഹവ്യദാതാവായ യജമാനനെ രക്ഷിക്കുന്നു. നിന്റെ ആ രഥം ഒരിക്കലും ഹിംസിക്കപ്പെടുന്നില്ല. ആ രഥം ഞങ്ങളുടെ എല്ലാഭാഗത്തും വ്യാപിച്ച് പ്രവർത്തിക്കണേ.

## സൂക്തം 10

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് ഗായത്രി**

**1. അഗ്നേ തമദ്യശ്വം ന സ്തോമൈഃ ക്രതും ന ഭദ്രം ഹൃദിസ്പൃശം |**

**ഋധ്യാമാ ത ഓഹൈഃ ||**

ഹേ അഗ്നേ! ഇന്ന് ഋത്വിക്കുകളായ ഞങ്ങൾ സ്തുതികളാൽ നിന്നെ വളർത്തുന്നു. അങ്ങിനെത്തന്നെ നീ ഹവിസ്സുക്കളേയും വഹിക്കുന്നു. നീ യജ്ഞം നടത്തുന്നവർക്കുപകാരം ചെയ്യുന്നു. നീ യജനാർഹനും, അത്യന്തം പ്രിയംകരനും അതുപോലെ സുഖദായകനും ആകുന്നു.

**2. അധാ ഹ്യഗ്നേ ക്രതോർഭദ്രസ്യ ദക്ഷസ്യ സാധോഃ |**

**രഥീഋതസ്യ ബൃഹതോ ബഭൂഥ ||**

ഹേ അഗ്നേ! നീ ഞങ്ങൾക്ക് യജ്ഞയോഗ്യനാണ്. നീ വളർന്ന് അഭീഷ്ടങ്ങളെ സിദ്ധമാക്കുന്നവനും, സത്യത്തിന്റെ ആധാരരൂപനും, മഹാനും, വീരനെപ്പോലെ നേതൃത്വം വഹിക്കുന്നവനുമാകുന്നു.

**3. ഏഭിർനോ അർകൈർഭവാ നോ അർവാങ്സ്വർണ**

**ജ്യോതിഃ||**

**അഗ്നേ വിശ്വേഭിഃ സുമനാ അനീകൈഃ ||**

ഹേ അഗ്നേ് നീ പ്രകാശയുക്തനായ സൂര്യനെപ്പോലെ സമ്പൂർണ്ണ തേജസ്സിനാൽ പൂർണ്ണനും, ശ്രേഷ്ഠനും, അന്തക്കരണത്തോടുകൂടിയവനും ആകുന്നു. നീ ഞങ്ങൾ വഴി ഉത്തമചിത്തനായി ഞങ്ങളുടെ മുമ്പിൽ വന്നാലും.

**4. ആഭീഷ്ടേ അദ്യ ഗീമിർഗ്ഗൃണന്തോഗ്നേ ദാശേമ |**

**പ്ര തേ ദിവേ ന സ്തയന്തി ശുഷ്മാഃ ||**

ഹേ അഗ്നേ! ഞങ്ങൾ ഇന്ന് വാണിദ്വാരാസ്തുതിച്ചു കൊ് നിനക്കായി ഹവ്യം പ്രദാനം ചെയ്യും. സൂര്യരശ്മിയുടെ മുമ്പിൽ പവിത്രീകരിക്കുന്ന നിൻെറ ജ്വാലകൾ ശബ്ദിക്കുന്നവയാകുന്നു. അല്ലെങ്കിൽ മേഘതുല്യം ഗർജ്ജന സ്വഭാവത്തോടു കൂടിയവനാണ്.

**5. തവ സ്വാദിഷ്ഠാഗ്നേ സ ദൃഷ്ടിരിദാ ചിദഹ്ന ഇദാ ചിദക്തോഃ |**

**ശ്രിയേ രുക്മോ ന രോചത ഉപ കേ ||**

ഹേ അഗ്നേ! നിൻെറ പരമപ്രിയമായ ദീപ്തി അലങ്കാരം പോലെ പദാർത്ഥങ്ങളെ ആശ്രയിക്കുക നിമിത്തം അവയുടെ അടുക്കൽ രാവും പകലും പ്രശോഭിച്ചുകൊിരിക്കുന്നു.

**6. ഘൃതം ന പൂതം തനൂനരേപാഃ ശുചി ഹിരണ്യം |**

**തത്തേ രുക്മോ ന രോചത സ്വധാവഃ ||**

ഹേ അഗ്നേ! അങ്ങ് അന്നയുക്തനാണല്ലോ. നിൻെറ സ്വരൂപം ശുദ്ധമായ ഘൃതംപോലെ പാപശൂന്യമാകുന്നു. നിൻെറ പവിത്രവും, ശുദ്ധവുമായ തേജസ്സ് ആഭരണംപേലെ പ്രകാശിച്ചുകൊിരിക്കുന്നു.

**7. കൃതം ചിദ്ധിഷ്മാ സനേമിദ്വേഷോഗ്ന ഇനോഷി മർത്താത്||**

**ഇത്ഥാ യജമാനാദൃതാവഃ ||**

ഹേ സത്യയുക്തനായ അഗ്നേ! നീ ചിരന്തരനായിരുന്നിട്ടും യജമാനൻമാരിൽ ഉല്പാദകനാകുന്നു. നീ യജമാനൻമാരുടെ പാപങ്ങളകറ്റുന്നതിൽ നിശ്ചയമായും സമർത്ഥനാകുന്നു.

**8. ശിവാ നഃ സഖ്യാ സന്തു ഭ്രാതാഗ്നേ ദേവഷു യുഷ്മേ |**

**സാ നോ നാഭിഃ സദനേ സസ്മിന്നൂധൻ ||**

ഹേ അഗ്നേ! നീ പ്രകാശവാനാകുന്നു. നിന്നോട് ഞങ്ങൾ ക്കുള്ള യാതൊരു ബന്ധുത്വവും, മൈത്രീഭാവവും കല്യാണകാരിയായിരിക്കണേ. ഈ മൈത്രീഭാവവും, ഭൃത്യത്വവും സമ്പൂർണ്ണമായ യജ്ഞത്തിൽ ഞങ്ങളുടെ ബന്ധരൂപമായി ഭവിക്കണേ.

## അനുവാകം 2

## സൂക്തം 11

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പക്തി, ബൃഹതി**

**1. ഭദ്രം തേ അഗ്നേ സഹസിന്നനീകമുപാക ആ രോചതേ സൂര്യസ്യ |**

**രുശദൃശേ ദദൃശേ നക്തയാ ചിദരുക്ഷിതം ദൃശ ആ രുപേ അന്നം ||**

ഹേ അഗ്നേ! നീ ശക്തനാകുന്നു. അങ്ങയുടെ തേജസ്സ് സൂര്യൻെറ ജാജ്വല്യമായ തേജസ്സിനു തുല്യമാകുന്നു. നിൻെറ തേജസ്സ് സുന്ദരവും, ദർശനീയവുമാകുന്നു. അത് രാത്രിയിൽ മറഞ്ഞിരിക്കുന്നില്ല. നിരുപവാനാകുന്ന ഭഗവാൻെറ പ്രേരണയാൽ ഘൃതാദിയുക്തവുമായ അന്നം ഉ ാകുന്നു.

**2. വിഷാഹ്യഗ്നേ ഗൃണതേ മനീഷാം ഖം വേപസ്തുവിജാത സ്തവാനഃ |**

**വിശ്വേഭിര്യദ്വാവനഃ ശുക്ര ദേവൈസ്തന്നോ രാസ സുമഹോ ഭൂരി മൻമ ||**

ഹേ അന്നജൻമാവായ അഗ്നിദേവാ! നീ യജ്ഞം നടത്തുന്നവരാൽ, ലളിതനായി, സ്തോതാവായ യജമാനനുവേി പുണ്യലോകങ്ങളുടെ വാതിലുകൾ തുറന്നാലും, നീ മനോഹരമായ തേജസ്സിനാൽ യുക്തനാണല്ലോ. ദേവതകളോടുകൂടി നീ യജമാനന് യാതൊരു ധനം പ്രദാനം ചെയ്യുന്നുവോ, ഞങ്ങൾക്കും അതുപോലെ ധനം പ്രദാനം ചെയ്യണമേ.

**3. ത്വമഗ്നേ കാവ്യാ ത്വൻമനീഷ്വാസ്ത്വ ദൂക്ഥാ ജായന്തേ രാധ്യാനി |**

**ത്വദേതി ദ്രവിണം വീരപേശാ ഇത്ഥാധിയേ ദാശുഷേ മർത്യായ ||**

ഹേ അഗ്നേ! ഹവിസ്സുക്കൾ വഹിക്കൽ, ദേവതകളുടെ ആഗമനസംബന്ധിയായ കാര്യങ്ങൾ ഇവയെല്ലാം നീ മൂലം പ്രകടമാക്കുന്നു. സ്തുതിരൂപിണിയായ വാണി നീമൂലം തന്നെ അത്മവിക്കപ്പെടുന്നു. ആരാധനായോഗ്യങ്ങളായ മന്ത്രങ്ങളും നിന്നിൽ നിന്നും പ്രകടമായി സത്യകർമ്മികൾക്കും, അതുപോലെ ഹവിർദാതാക്കൾക്കുവേിയുള്ള പുഷ്ഠിദായകവും ആയ ധനവും, അന്നവും നീ കാരണമായിത്തന്നെ ഉല്പാദിക്കപ്പെട്ടിരിക്കുന്നു.

**4. തവദ്വാജീ വാജംഭരോ വിഹായ അഭിഷ്ഠി കൃജ്ജായതേ സത്യശുഷ്മഃ |**

**ത്വദ്രയിർദേവജൂതോ മയോഭുസ്ത്വദാശൂർ ജൂജുവാം അഗ്നേ അർവാ ||**

ഹേ അഗ്നേ! ശക്തിശാലിയും, ഹവ്യാവാഹകനും, യജ്ഞകർമ്മങ്ങളുടെ സാധകനും, മഹാനും, സത്യബലയുക്തനും ആയ പുത്രൻ നിന്നിൽ നിന്നും പ്രകടമാകുന്നു. വിശേഷഗതിയോടുകൂടിയതും, വേഗവാനും, ശീഘ്രഗാമിയും ആയ അശ്വവും നിന്നിൽ നിന്നു തന്നെ ഉത്ഭവിച്ച ദേവതകളാൽ പ്രേരിതയാകുന്നു കല്യാണകാരികളായ ഐശ്വര്യങ്ങളും നിന്നിൽനിന്നും പുറപ്പെടുന്നു.

**5. ത്വാമഗ്നേ പ്രഥമം ദേവയന്തോ ദേവം മർതാ അമൃത മന്ദ്രജിഹ്വം |**

**ദ്വേഷോയുതമാ വിവാസന്തി ധീഭിർദമൂനസം ഗൃഹപതിമമൂരം ||**

ഹേ അഗ്നേ! നീ അവിനാസിയാകുന്നു. ദേവകളെ ഇഷ്ടപ്പെടുന്ന മനുഷ്യർ സ്തുതികൾ വഴിയായി നിന്നെ സേവിക്കുന്നു. നീ ദേവകളിലെ ആദ്യദേവനാകുന്നു. നീ ദീപ്തിമാനാകുന്നു. നിൻെറ ജിഹ്വ ദേവകളെ ശക്തനാകുന്നു. നീ പാപങ്ങളെ അകറ്റുകയും, ദൈത്യൻമാരെ സംഹരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

**6. ആരേ അസ്മദമതിമാരേ അംഹ ആരേ വിശ്വാം ദുർമതിം യന്നിപാസി |**

**ദോഷാ ശിവഃ സഹസഃ സൂനോ അഗ്നേ യം ദേവ ആ ചിത്സചസേ സ്വസ്തി ||**

ഹേ ബലോല്പന്നനായ അഗ്നിദേവാ! നീ രാത്രിയിൽ

മംഗളകാരിയും, പ്രകാശിതനും ആയി ഞങ്ങളുടെ നൻമയ്ക്ക് വേ ജാഗരൂകനായിരിക്കുന്നു. യാതൊരു കാരണവശാൽ നീ യജമാനൻമാരെ പുഷ്ടിപ്പെടുത്തുന്നുവോ, അതുമൂലം ഞങ്ങളിലെ ബുദ്ധിശൂന്യതയേയും പാപങ്ങളേയും മാറ്റിക്കളയണമേ. ഞങ്ങളുടെ സമീപത്തുനിന്നും കുബുദ്ധികളേ അകറ്റിക്കളയണേ.

## സൂക്തം 12

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. യസ്ത്വാമഗ്ന ഇനധതേ യതസ്രുക്ത്രിസ്തേ അന്നം കൃണവത്സസ്പിന്നഹൻ |**
**സ സു ദ്യുന്മൈരഭ്യ പ്രസക്ഷത്തവ ക്രത്വാ ജാതവേദശ്ചികിത്വാൻ ||**

ഹേ അഗ്നേ! യാതൊരു യജമാനൻ സ്വകം വഴിയായി നിന്നെ പ്രദീപ്തനാക്കുന്നുവോ, യാതൊരാൾ നിനക്ക് നിത്യവും മൂന്നുസവനങ്ങളിലും ഹവിസ്സ് രൂപമാകുന്ന അന്നം ദാനം ചെയ്യുന്നുവോ അവൻ നിന്നെ തൃപ്തമാക്കുന്ന ആ കർമ്മം വഴിയായി നിൻെറ തേജസ്സിനെ ജ്ഞാനം പ്രാപിച്ച് ശക്തിയാൽ ശത്രുക്കളുടെ മേൽ വിജയം വരിക്കുന്നു.

**2. ഇധ്മം യശ്തേ ജഭരച്ഛ്രമാണോ മഹോ അഗ്നേ അനീകമാ സപര്യൻ |**
**സ ഇധാനഃ പ്രതി ദോഷമുഷാസം പുഷ്യഗ്ര യിം സചതേ ധ്നന്നമിത്രാൻ ||**

ഹേ അഗ്നേ! യാതൊരു വ്യക്തി നിനക്കുവേ യജ്ഞസാധകനായ വിറകുകൊവുവരുന്നുവോ, യാതൊരുത്തൻ വിറകിൻെറ അന്വേക്ഷണത്തിൽ ക്ഷീണിതനായി നിൻെറ തേജസ്സിനെ പൂജിക്കുന്നുവോ, രാവും, പകലും നിന്നെ പ്രോജ്ഝ്വലിപ്പിക്കുന്നുവോ; ആ യജമാനൻ സന്താനങ്ങളാലും, മൃഗങ്ങളാലും സമ്പന്നനായി ശത്രുക്കളെ നശിപ്പിച്ച് ധനം പ്രാപിക്കുന്നു.

**3. അഗ്നിരീശേ ബൃഹതഃ ക്ഷത്രിയസ്യാഗ്നിർവാജസ്യ പരമസ്യ രായഃ |**
**ദധാതി രത്ന വിധതേ യവിഷ്ഠോ വ്യാനുഷങ് മർത്യായ സ്വധാവാൻ ||**

ആ അഗ്നി മഹാശക്തിയുടെ സ്വാമിയും ശ്രേഷ്ഠമായ അന്നത്തിൻേറയും, പശുരൂപമായ ധനത്തിൻേറയും അധിപതിയാകുന്നു. നിത്യയുവാവും, അന്നവാനും ആയ അഗ്നിയെ സേവിക്കുന്ന യജമാനനെ ധനത്താൽ സമ്പന്നനാക്കണേ.

**4. യച്ച ദ്ധി തേ പുരുഷത്രാ യവിഷ്ഠാ ചിത്തിഭിശ്ചകൃമാ കച്ചിദാഗഃ |**
**കൃധീഷ്വസ്മാം അദിതേരനാഗാൻവ്യേനാംസി ശിശ്രിഥോ വിഷ്വഗഗ്നേ ||**

ഹേ നിത്യയുവാവായ അഗ്നിദേവാ! നിൻെറ സേവകരുടെ മധ്യേ അജ്ഞാനത്താൽ നിന്നോടപരാധം ചെയ്തിരിക്കുന്നു. നി ഭൂമിയിൽ വച്ചുതന്നെ ആ അപരാധികളിൽ നിന്നും പാപങ്ങളിൽ നിന്നും രക്ഷിക്കേണമേ. ഹേ അഗ്നേ! ഞങ്ങൾക്കെല്ലാം പ്രാപ്തമാക്കണേ. ഞങ്ങളുടെ പാപങ്ങളെ അകറ്റണമേ.

**5. മഹശ്ചിദഗ്ന ഏനസോ അഭീക ഊർവാദ്ദേ വാന ാമുത മർത്യാനാം |**
**മാ തേ സഖായഃ സദമിദ്രിഷാമ യച്ഛാ തോകായ തനയായ ശം യോഃ ||**

അഗ്നേ! നീ ഞങ്ങളുടെ മിത്രകരൂപമാകുന്നു. ഞങ്ങൾ ഇന്ദ്രാദിദേവകൾക്കും, മനുഷ്യർക്കും എതിരായി യാതൊരു പാപം ചെയ്തിരിക്കുന്നുവോ. ആ ഘോരപാപങ്ങളാൽ ഞങ്ങളൊരിക്കലും പീഡിതരാകാതിരിക്കണേ. നീ ഞങ്ങളുടെ സന്താനങ്ങളെ പാപരൂപങ്ങളായ ഉപദ്രവങ്ങളിൽ നിന്നും രക്ഷിച്ച് അവർക്ക് സുഖം പ്രദാനം ചെയ്യണമേ.

**6. യഥാ ഹ ത്യദ്വസവോ ഗൗര്യം ചിത്പദി ഷിതാ മമൂഞ്ചതാ യജത്രാഃ |**
**ഏവോ ഷ്വ സ്മനഞ്ചു താ വ്യംഹഃ പ്രാ തര്യഗ നേ പ്രതരം ന ആയുഃ ||**

ഹേ അഗ്നേ! നീ പൂജ്യനും, നിവാസയുക്തനും ആകുന്നു. നീ എപ്രകാരം കാലുകൾ ബന്ധിക്കപ്പെട്ട ഗോക്കളെ രക്ഷിച്ചുവോ, അതുപോലെ തന്നെ ഞങ്ങളെ പാപത്തിൽ നിന്നും രക്ഷിക്കണമേ. ഹേ അഗ്നേ! ഞങ്ങളുടെ ആയുസ്സ് അങ്ങുവഴിയായി വളർന്നിരിക്കുന്നു. നീ അതിനെ ഒന്നുകൂടി വളർത്തണമേ.

## സൂക്തം 13

**ഋഷി വാമദേവൻ, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്**

**1. പ്രത്യഗ്നിരുഷസാമഗ്രമഖ്യദ്വിഭാതീനാം സുമനാ രത്നധേയം |**
**യാതമശ്വിനാ സുകൃതോ ദുരോണമുത്സൂര്യോ ജ്യോതിഷാ ദേവ ഏതി ||**

ഹേ സത്യചിന്തനായ അഗ്നിദേവാ! അന്ധകാരത്തെ നശിപ്പിക്കുന്ന ഉഷസ്സ് പ്രകാശിക്കുന്നതിനു മുമ്പായി നീ പ്രവൃദ്ധനാകുന്നു. ഹേ അശ്വനികുമാരൻമാരേ! നിങ്ങൾ യജമാനഭവനത്തിലേയ്ക്ക് ആഗതരായാലും ഋത്വിക്കുകൾ മുതലായവർക്ക് പ്രേരണനൽകുന്ന സൂര്യൻ തൻെറ പ്രകാശത്തോടുകൂടി ഉഷസ്സ് കാലത്തിൽ ഉദിക്കുന്നു.

**2. അർധ്വം ഭാനും സവിതാ ദേവോ അശ്രേദ്ദ്രപ്സം ദവിധ്വദ്ഗവിഷോ ന സത്വാ |**
**അനു വ്രതം വരുണോ യന്തി മിത്രോ യത്സൂര്യം ദിവ്യരോഹയന്തി ||**

സൂര്യദേവൻ കിരണങ്ങളെ വികസിപ്പിക്കുന്ന ശക്തൻമാരായ മൂരികുട്ടൻമാർ പശുക്കളെ കാമിച്ച് പൊടിയുയർത്തി അവയുടെ പിന്നാലെ പോകുന്നതുപോലെ തന്നെ സൂര്യൻ കാരണങ്ങളെ ആകാശത്തിലേയ്ക്ക് ഉയർത്തുമ്പോൾ വരുണനും മിത്രനും മറ്റുദേവതകളും തങ്ങളുടെ കർമ്മങ്ങളുടെ പിന്നാലെ ചലിക്കുന്നു.

**3. യം സീമകൃണ്വന്തസേ വിപൃചേ ധ്രുവക്ഷേമാ അനവസ്യന്തോ അർഥം |**
**തം സൂര്യം ഹരിതഃ സപ്ത യഹ്വീഃ സ്പശം വിശ്വസ്യ ജഗതോ വഹന്തി ||**

സൃഷ്ടി രചയിതാക്കളായ ദേവതകൾ ലോകത്തിൻെറ കാര്യത്തെ ത്യജിക്കാതെ അന്ധകാരത്തെ നശിപ്പിക്കുന്ന യാതൊരു സൂര്യനെ രചിച്ചുവോ ആ സൂര്യൻ എല്ലാ ജീവികളേയും അറിയുന്നവനാകുന്നു. അവനെ സപ്താശ്വങ്ങൾ വഹിച്ചുകൊവു പോകുന്നു.

**4. വഹിഷ്ഠോഭിർവിഹരന്യാസി തന്തുമവവ്യയന്നസീതം ദേവ വസ്മ |**

**ദവിധ്വതോ സൂര്യസ്യരശ്മയഃ ചർമവാവധൂസ്തമോ അപ്സ്വന്തഃ ||**

ഹേ പ്ര കാശവാനായ സൂര്യാ! നീ ലോകത്തുവളർത്തുന്ന അന്നത്തിനുവേി രശ്മികളെ വളർത്തുന്നു. നീ തന്നെ കരിവർണ്ണയായ രാത്രിയേ ഓടിക്കുന്നു. ഏതുഭാരവും വഹിക്കുവാൻ കഴിവുള്ള കുതിരകളിൽ സഞ്ചരിക്കുന്നു. സൂര്യൻെറ ഗതിമാനങ്ങളായ രശ്മികൾ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്നു. അന്ധകാരത്തെ അകറ്റുന്നവയാകണെ.

**5. അനായതോ അനിബദ്ധഃ കഥായം ന്യങ്ങത്താനോ വ പദ്യനേ ന |**

**കയാ യാതി സ്വധയാകോ ദദർശന ദിവ; സ്കംഭഃ നമൃതഃ പാതിനാകം ||**

പ്രത്യക്ഷനാകുന്ന സൂര്യനെ ആർക്കും ബന്ധിക്കുവാൻ സാധ്യമല്ല. താഴെ വസിക്കുന്ന സൂര്യനെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല. അവൻ ഏതൊരു ശക്തിയാൽ ഉന്നതത്തിലുയർന്നു സഞ്ചരിക്കുന്നു? വാനിൻെറ തൂണായിരിക്കുന്ന സൂര്യൻ സ്വർഗ്ഗത്തിനാശ്രയം നൽകുന്നു. ഇതാരു കാണുന്നു?

## സൂക്തം 14

**ഋഷി വാമദേവൻ, ദേവത അഗ്നി തുടങ്ങിയവർ ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. പ്രത്യഗ്നിരുഷസോ ജാതവേദാ അഖ്യദ്ദേവോ രോചമാന മഹോഭിഃ |**

**ആ നാസത്യോരുഗായാ രഥേനേമം യജ്ഞമുപ നോ യാതമച്ഛ||**

തേജോമയനായ സൂര്യൻ സ്വയം പ്രകാശിതനായി ഉഷസ്സിനെ പ്രകാശിക്കുന്നതുപോലെ തന്നെ ധനൈശ്വര്യങ്ങളുടെ അധിപനായ അഗ്നി മഹാ സമ്പത്തുക്കളെ പ്രകാശിതങ്ങളാക്കുന്ന തൻെറ കിരണങ്ങളെ പ്രകാശിപ്പിക്കുന്നു. അശ്വനികളേ! നിങ്ങൾ സഞ്ചരിക്കുന്നവരാകുന്നു. രഥത്തിലാരൂഢരായി നിങ്ങൾ രുപേരും ഈ യാഗവേദിയിലാഗതരായാലും.

**2. ഊർധ്വം കേതും സവിതാ ദേവോ അശ്രേ ജ്ജ്യോതിർവിശ്വസ്മൈഭുവനായ കൃണ്വൻ |**

**അപ്രാ ദ്യാവാപൃഥിവീ അന്തരീക്ഷം വി സൂര്യോ രശ്മിഭ്ശ്ചേകിതാനഃ ||**

പ്രകാശവാനായ സൂര്യൻ എല്ലാ ലോകങ്ങളേയും പ്രകാശിപ്പിച്ച് കിരണങ്ങളുടെ ആശ്രയത്തിൽ സഞ്ചരിക്കുന്നു. അഖിലത്തിൻെറയും ദ്രഷ്ടാവായ സൂര്യൻ തൻെറ രശ്മികൾ ദ്വാരാ ആകാശത്തേയും , ഭൂമിയേയും അന്തരീക്ഷത്തേയും പൂർണ്ണമാക്കി.

**3. ആവഹന്ത്യരുണീർജ്യോതിഷാഗാൻമഹീ ചിത്രാ രശ്മിഭിശ്ചേകിതാന |**

**പ്രബോധന്യന്തീ സുവിതായ ദൈവ്യുഷാ ഈയതേ സുയുജാ രഥേന ||**

ധനങ്ങളെ വഹിക്കുന്നവളും, മഹതിയും, ജ്യോതിർമതിയും, അരുണവർണ്ണയുമായ ഉഷസ്സ് രശ്മികളിൽകൂടി രൂപവതിയായി പ്ര ത്യക്ഷയാകുന്നു. ആ ഉഷസ്സ് ജീവികൾക്കു ചൈതന്യം നൽകി തൻെറ പ്രശോഭിതമായ രഥത്തിൽ നൻമക്കുവേി സഞ്ചരിക്കുന്നു.

**4. ആ വാം വഹിഷ്ഠാ ഇഹ തേ വഹന്തു രഥാ അശ്വാസ ഉഷസോ വ്യഷ്ടൗ |**

**ഇമേ ഹി വാം മധുപേയായ സോമാ അസ്മിന്യജ്ഞേ വൃഷണാ മാദയേഥാം ||**

ഹേ അശ്വിനികളേ! ഉഷോദയത്തിനുശേഷം വഹനക്ഷമതയുള്ള ഗമനശീലങ്ങളായ അശ്വങ്ങൾ നിങ്ങളെ ഈ യാഗശാലയിൽ കൊവരണേ. നിങ്ങൾ രുപേരും ആഗ്രഹവർഷകരാകുന്നു. ഈ സോമം നിങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്നു അതിനാൽ ഈ യജ്ഞത്തിൽ സോമം പാനം ചെയ്ത് പുഷ്ടി പ്രാപിക്കണേ.

**5. അനായതോ അനിബദ്ധഃ കഥായം ന്യങ്ങുത്താനേ വ പദ്യതേ ന |**

**കയാ യാതി സ്വധയാ കാ ദദർശ ദിവഃ സ്കംഭഃ സമൃതഃ പാതി നാകം ||**

പ്രത്യക്ഷമായികാണപ്പെടുന്ന സവിതാവിനെ ബന്ധിക്കുവാൻ ആരും സമർത്ഥരല്ല. ഇവൻ താഴ്ന്നു സഞ്ചരിക്കുമ്പോഴും അഴൽ ഉാകുന്നില്ല. അവൻ ഏതൊരു സക്തിയാൽ ഉന്നതങ്ങളിൽകൂടി ഉയർന്നു സഞ്ചരിക്കുന്നു.? അവൻ തന്നെയാണ് ആകാശത്തിൽ തൂണുപോലെ നിന്ന് സ്വർഗ്ഗത്തിനാശ്രയം നൽകുന്നത് ഇതാരുകാണുന്നു? അതായത് ഈ സത്യത്തിൻെറ ജ്ഞാതാവായി ആരും തന്നെ ഇല്ല.

## സൂക്തം 15

**ഋഷി വാമദേവൻ, ദേവത അഗ്നി, സോമം, വിശ്വേദേവൻമാർ.**

**1. അഗ്നിർഹോതാ നോ അധ്വരേ വാജീ സൻപരി ണിയതേ |**

**ദേവോ ദേവേഷു യജ്ഞിയഃ ||**

യജ്ഞസമ്പാദനം നടത്തുന്ന ദേവകളിൽ യജ്ഞയോഗ്യരും, ദീപ്തിമാനും ആയ അഗ്നിദേവനെ നമ്മുടെ യാഗത്തിങ്കലേയ്ക്ക് വേഗമേറുന്ന കുതിരയേപ്പോലെ കൊവരപ്പെടുന്നു.

**2. പരി ത്രീവിഷ്ട്യധ്വരം യാത്യഗ്നീ രഥീരിവ |**

**ആ ദേവേഷു പ്രയോ ദധത് ||**

ആ അഗ്നിദേവൻ ദേവതകൾക്കായി ഹവിസ്സ് രൂപമാകുന്ന അന്നം വഹിച്ചുകൊ് നിത്യവും മൂന്നുപ്രാവശ്യം രഥം പോലെ സഞ്ചരിക്കുന്നു.

**3. പരി വിജപതിഃ കവിരഗ്നിർഹവ്യാന്യക്രമീത് |**

**ദധദ്രാന്താനി ദാശുഷേ ||**

അന്നത്തെ രക്ഷിക്കുന്ന മേധാവിയായ അഗ്നിദേവൻ ഹവിസ്സ് ദാതാവായ യജമാനന് ധനം പ്രദാനം ചെയ്തുകൊ് ഹവിരാന്നത്തെ എല്ലാ ഭാഗങ്ങളിലും വ്യാപ്തമാക്കുന്നു.

**4. അയം യഃ സ്യജ്ഞയേ പുരോ ദൈവവറതേ സമിധ്യതേ ദ്യുമാം അമിദ്രത്രഭനഃ ||**

വായുവിൻെറ സർക്കത്താൽ അധികം പ്രകാശിതനാകുന്ന അഗ്നിദേവൻ ശത്രുക്കളെ സംഹരിക്കുന്നതിൽ സമർത്ഥരായിത്തീരുന്നു. തേജസ്വിയായ ആ അഗ്നി വിദ്വാൻമാർക്ക് സ്വീകാര്യയോഗ്യനാകുന്നു. അവൻ ശത്രുവിജയത്തിനായി ഏറ്റവും

മുൻപന്തിയിൽ പ്രകാശയുക്തനായി നിലകൊള്ളുന്നു.

**5. അസ്യ ധാ വീര ഈവതോ ഗ്നേരോശീത മർത്യഃ ||**
**തിഗ്മജംഭസ്യ മീളഹൂഷഃ ||**

വീരനായ സ്തോതാവ് ശത്രുക്കളുടെ മേൽ അസ്ത്രശസ്ത്രാദികൾ വർഷിക്കുന്നതിൽ സമർത്ഥനും, തേജോവാനുമായ അഗ്നിയുടെമേൽ തൻെറ അധികാരം സ്ഥാപിക്കണേ.

**6. തമർവന്തം ന സാനസിമരുഷം ന ദിവഃ ശിശും|**
**മർമൃജ്യന്തേദിവേദിവേ ||**

ഭാരം വഹിക്കുന്ന അശ്വത്തെപ്പോലെ ഹവിർവാഹകനും, ആകാശത്തിൻെറ പുത്രസമാനനും സൂര്യനെപ്പോലെ പ്രകാശിക്കുന്നവനും അതുപോലെ തുല്യയജനീയനായ അഗ്നിദേവനെ യജമാനൻ തുടർച്ചയായി സേവനം ചെയ്തുകൊിരിക്കണേ.

**7. ബോധദ്യൻമാ ഹരിഭ്യാ കുമാരഃ സാഹദേവ്യഃ |**
**അഛാ ന ഹൂത ഉദരം ||**

സഹദേവൻെറ പുത്രനായ സോമകൻ ഈ രശ്വങ്ങളേയും നമുക്കു തരുവാൻ താൽപര്യം പ്രകടിപ്പിച്ചു. അപ്പോൾ ഞങ്ങൾ അവൻെറ അടുക്കൽ ചെന്ന് അവയെ കൊുപോന്നു.

**8. ഉത ത്യാ യജതാ ഹരി കുമാരാത്സാഹ ദേവ്യാത് |**
**പ്രിയതാ സദ്യ ആ ദദേ ||**

സഹദേവപുത്രനായ സോമകരാജാവിൻെറ അടുക്കൽ നിന്നും സമർത്ഥരായ ആ കുതിരകളെ അന്നു തന്നെ ഞങ്ങൾ സ്വീകരിച്ചു.

**9. ഏഷ വാം ദേവവെശ്വിനാ കുമാരഃ സാഹദേവ്യഃ |**
**ദീർഘായുരസ്തു സോമകഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ രും ഉജ്ജ്വലങ്ങളായ കാന്തിയോടുകൂടിയവരാണ്. സഹദേവൻെറ പുത്രനായ സോമകന് നിങ്ങൾ ദീർഘായുസ് പ്രദാനം ചെയ്താലും.

**10. തം യുവം ഭേവാശ്വിനാ കുമരം സാഹദേവ്യം |**
**ദീർഘായുഷം കൃണോതന ||**

ഹേ അശ്വിനികളേ! നിങ്ങൾ രും ഉജ്ജ്വലങ്ങളായ കാന്തിയോടുകൂടിയവരാണ്. സഹദേവൻെറ പുത്രനായ സോമകന് നിങ്ങൾ ദീർഘായുസ് പ്രദാനം ചെയ്താലും.

## സൂക്തം 16

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. ആ സത്യോ യാതു മഘവാം ഋഭീഷീ ദ്രവന്ത്വസ്യ ഹരയ ഉപ നഃ |**
**തസ്മാ ഇദന്ധഃ സുദക്ഷമിഹാഭിപിത്വം കർതേ ഗൃണാനഃ ||**

സോമത്തിൻെറ സ്വാമിയും സത്യയുക്തനുമായ ഇന്ദ്രൻ നമ്മുടെ സമീപം വരണേ. യജമാനൻമാരായ നാം ഇദ്ദേഹത്തിനുവേി തന്നെ അന്നത്തിൻെറ സാരരൂപമായ സോമം തയ്യാറാക്കും. ആ ഇന്ദ്രൻ നമ്മാൽ പൂജിതനായി നമ്മുടെ അഭിലാഷങ്ങൾ സാധിച്ചു തരുമാറാകണേ.

**2. അവ സ്യ ശൂരാധ്വനോ നാന്തേ സ്മിന്നോ അദ്യ സവനേ മന്ദധ്യൈ**
**ശംസാത്യുക്ഥമുശനേവ വേധാശ്ചികിതുഷേ അസുര്യായ മൻമ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ ഭയപ്പെടുത്തുന്നവനാകുന്നു. പകലിൻെറ ഈ മധ്യസവനത്തിൽ, നീ നിശ്ചിതസ്ഥാന ത്തെത്തി അശ്വങ്ങളെ അഴിച്ചുവിടുന്നതുപ്പോലെ നീ ഞങ്ങളെ മോചിപ്പിക്കണേ. തൻമൂലം സവനത്തിൽ ഞങ്ങൾക്കങ്ങയെ പുഷ്ടിപ്പെടുത്തുവാൻ സാധിക്കും ഹേ ഇന്ദ്രാ! അങ്ങ് ശത്രുക്കളെ നശിപ്പിക്കുന്നവനും എല്ലാത്തിൻേറയും ജ്ഞാതാവും ആകുന്നു. ഉശനയേപ്പോലെ യജമാനഗുണം അങ്ങേയ്ക്ക് വേി മനോഹാരിയായ സ്തോത്രങ്ങൾ ആലപിക്കുന്നു.

**3. കവിർ നിണ്യം വിദഥാനി സാധൻപൃഷാ യത്സേകം വിപിപാനോ അർചാത് |**
**ദിവ ഇത്ഥാ ജീജനത് സപ്ത കാരൂൻപഹ്നാ ചിച്ചക്രൂർവയുനാ ഗൃണന്തഃ ||**

ഗൂഡാർത്ഥങ്ങളായി ആവിഷ്കരിക്കുന്ന കവികളെപ്പോലെ, അനുഗ്രഹങ്ങളെ വർഷിക്കുന്ന ഇന്ദ്രൻ കാര്യങ്ങൾ നടത്തുന്ന സേവനയോഗ്യമായ സോമം അധികമായ അളവിൽ പാനം ചെയ്ത് ഇന്ദ്രൻ പുഷ്ടിയെ പ്രാപിക്കുമ്പോൾ, ആകാശത്തിൽ നിന്നുളള സപ്തരശ്മികൾ മനുഷ്യർക്കു ജ്ഞാനരാത്രികളായിത്തീരുന്നു.

**4. സ്വര്യ ദ്വേദി സുദൃശീകമർകൈർമഹി ജ്യോതീരുരുചുയദ്ധ വസ്തോഃ |**
**അന്ധാ തമാംസി ദുധിതാ വിചക്ഷേ നൃഭ്യശ്ചകാരന നൃതമോ അഭിഷ്ടൗ ||**

പ്രകാലസ്വരൂപനായ ആകാശം രശ്മികളാൽ ദർശനയോഗ്യമായിത്തീരുമ്പോൾ ദേവഗണം തേജസ്സാൽ വെട്ടിത്തിളങ്ങി, ആ സ്വർഗ്ഗത്തിൽ അധിവസിക്കുന്നു. അഖിലത്തിനും നേതൃത്ത്വം നൽകുന്ന സവിതാദേവി പ്രത്യക്ഷനായി മനുഷ്യരെ ദർശിക്കുന്നതാനായി ഘോരാന്ധകാരത്തെ നശിപ്പിച്ചു.

**5. വവക്ഷ ഇന്ദ്രോ അമിതമൃജീഷ്യു ഭേ ആ പപ്രൗ രോദസീ മഹിത്വാ |**
**അതശ്ചിദസ്യ മഹിമാ വി രേച്യഭി യോ വിശ്വാ ഭുവനാ ബഭൂവ ||**

സോമവാനായ ഇന്ദ്രൻ അത്യന്തം മഹിമാനാകുന്നു. അവൻ തൻെറ മഹിമയാൽ ആകാശത്തേയും, ഭൂമിയേയും രിനേയും സമ്പന്നമാക്കുന്നു. അവൻ എല്ലാ ലോകങ്ങളേയും വിശാലമാക്കി. എന്തുകൊന്നൊൽ അവൻ എല്ലാ ലോകങ്ങളുടേയും മഹാനാകുന്നു.

**6. വിശ്വാനി ശ ക്രോ നര്യാണി വിദ്വാനപോ രിരേച സഖിഭിർനികാമൈഃ |**
**അഷ്മാനം ചിദ്യേബിഭുദുർവചോഭിർബ്രജംഗോമന്ത മുശിജോ വിവബ്രുഃ ||**

ഇന്ദ്രൻ മനുഷ്യർക്കു ഹിതകരമായ എല്ലാകാര്യങ്ങളും അറിഞ്ഞുകൊ് ജലവർഷാദികർമ്മങ്ങൾ നടത്തുന്നു. അവൻ അഭിനന്ദനാർഹമായ മിത്രഭാവത്തോടു കൂടിയ മരുത്തുക്കൾക്കുവേി ജലം വർഷിച്ചു. യാതൊരു മരുത്തുക്കൾ വാണിധ്വനിയാൽ പർവ്വതങ്ങളെ പിളർന്നുവോ, അവർ പശുക്കളെ ആഗ്രഹിച്ചുകൊ് ഗോക്കളാൽ പൂർണ്ണമായിരുന്ന തൊഴുത്തിനെ തുറക്കുകയും ചെയ്തു.

**7. അപാ വൃത്രം വവ്രിവാംസം പരാഹൻ പ്രാപത്തേ വജ്രം പൃതിവീ സചേതാഃ |**

**പ്രാർണാസി സമുദ്രിയം മണ്യൈനോഃ പതിർഭവജ്ഞം**
**വസാ തൂര ധൃഷ്ണോ ||**

ഹേ ഇന്ദ്രാ! നിൻെറ വജ്റായുധം രോകങ്ങളെ സംരക്ഷിക്കുന്ന അത് ജലത്തിൻെറ ആവരണരൂപമായ മേഘത്തെ പിളർന്ന് ജലത്തെ ജലനാത്മകമാക്കി. ഈ ചൈതന്യമുള്ള ഭൂമി നിന്നാൽ പൂർണ്ണയായിരിക്കുന്നു. നീ അത്യന്തം വീരനും, വർഷണശീലനും ആകുന്നു. ഹേ ഇന്ദ്രാ! സ്വന്തം ശക്തിയാൽ നീ ലോകങ്ങളെ പാലിച്ചുകൊ് സാമുദ്രികവും, ആകാശസ്ഥവുമായ ജലത്തെ പ്രേരിപ്പിച്ചു.

**8. അപോ യദദ്രിം പുരഹൗത ദർദരാവിർഭൂവ ത്സരമാ**
**പൂർവ്യം തേ |**
**സനോ നേതാ വാജമാ ദർഷി ഭൂരി ഗോത്രാ**
**രുജന്നംഗിരോഭിർഗൃണാനഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ വിളിക്കപ്പെടുന്നു. നീ വർഷജലത്തിനായി മേഘത്തെ തകർത്തപ്പോൾ സരമാ പണികളാൽ മോഷ്ടിക്കപ്പെട്ട ഗോക്കളെ സംബന്ധിച്ചുള്ള രഹസ്യം പരസ്യമാക്കി നീ അംഗിരസ്സുകള വഴി സ്തുതിക്കപ്പെട്ട ഞങ്ങൾക്കു നൽകുകയും നൻമവരുത്തുകയും ചെയ്യുന്നു.

**9. അച്ഛാ കവിംനൃമണോ ഗാ അഭിഷ്ടൗ സ്വർഷാതാ**
**മഘവന്നാധമാനം |**
**ഊതിഭിസ്തമിഷണോ ദ്യുമ്നഹൂതന നി**
**മായാവാൻബ്രഹ്മാ ദസ്യുരർത ||**

ഹേ ധനേശ്വരനായ ഇന്ദ്രാ! മനുഷ്യർ നിന്നെ ആദരിക്കുന്നു. ധനം നൽകുന്നതിനുവേി മഘവൻെറ മുമ്പിൽ പോയപ്പോൾ അവൻെറ അപേക്ഷയനുസരിച്ച് നീ ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും അയാളെ രക്ഷിച്ച് അഭയം നൽകി. അങ്ങയുടെ സൗമനസ്യത്താൽ കാപട്യക്കാരായ ഋത്വിക്കൻമാരുടെ കാര്യങ്ങൾ അങ്ങ് ഗ്രഹിക്കുകയും, കുത്സ(മഘവൻ)ൻെറ ധനത്തെ ആഗ്രഹിച്ചിരുന്ന ശത്രുക്കളെ നശിപ്പിക്കുകയും ചെയ്തു.

**10. ആ ദസ്യുന്ധാ മനസാ യാഹ്യസ്തം ഭൂവത്തേ കുത്സഃ**
**സഖ്യേ നികാമഃ |**
**സ്വേ യൗനൗ നി ഷദതം സരൂപാ വി വാമ**
**ചികിത്സദൃതചിദ്ധ നാരീ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ കൊല്ലുവാൻ നിശ്ചയിക്കുകയും, കുത്സൻെറ ഭവനത്തിൽ എത്തുകയും ചെയ്തു. കുത്സനം നിൻെറ മൈത്രിയ്ക്ക് വേി ദാഹിച്ചിരുന്നു. അങ്ങിനെ നിങ്ങൾ രുപേരും അവരവരുടെ സ്ഥാനങ്ങളിൽ സ്ഥിതി ചെയ്തു. സത്യജ്ഞയായ നിൻെറ പത്നി ശച് നിങ്ങളുടെ രുപേരുടേയും ഒന്നുപോലുള്ള രൂപം ക് വലിയ സംശയത്തിൽ അകപ്പെട്ടു.

**11. യാസി കുത്സേന സരഥവത്യുസ്തോദോ വാതസ്യ**
**ഹര്യോരീശാനഃ |**
**ഋജ്രാജാ വാജംന ഗധ്യം യുയൂഷങ്കവിർയദഹ പര്യായ**
**ഭ്രഷാത് ||**

ജ്ഞാനിയായ കുത്സൻ സ്വീകാര്യയോഗ്യമായ അന്നസമാനം ശീഘ്രഗാമികളായ രുകുതിരകളേയും തൻെറ രഥത്തിൽ പൂട്ടി സങ്കടാവസ്ഥയിൽ നിന്നും രക്ഷപ്പെടുവാൻ തയ്യാറായപ്പോൾ ഹേ ഇന്ദ്രാ! ശത്രുനാശകനായ നീ വായുവേഗരായ അശ്വങ്ങളുടെ സ്വാമിയായിത്തിർന്നു.

**12. കുത്സായ ശുഷ്ണമശുഷം നിബർഹീഃ പ്രാപത്വേ**
**അഹ്നഃ കുയവം സഹസ്രാ |**
**സദ്യോ ദസ്യുൻ പ്ര മൃണ കുത്സ്യേന പ്ര സുരശ്ചക്രം**
**ബൃഹതാദഭീകേ ||**

ഹേ ഇന്ദ്രാ! നീ കുത്സനുവേി ശുഷ്ണനെ വധിച്ചുവല്ലോ. പകലിൻെറ ആരംഭത്തിൽ കുയവൻ എന്ന ദൈത്യനേയും വധിച്ചു. അതേ സമയം നീ നിൻെറ വജ്രത്താൽ വളരെയധികം ശത്രുക്കളെ സംഹരിച്ചു യുദ്ധത്തിൽ നീ സൂര്യചക്രത്തേയും തകർത്തു.

**13. ത്വം പിപ്രും മൃഗയം ശൂശുവാസമൃജിശ്വനേ**
**വൈദഥിനായ രൻധീഃ |**
**പശ്ചാശത്കൃഷ്ണാ നി വപഃ സഹസ്രാത്കം ന പുരോ**
**ജരിമാ വി ദർദഃ ||**

ഹേ ഇന്ദ്രാ! നീ പിപ്രു, പ്രവൃദ്ധ, മൃഗയൻ എന്നീ അസുരൻമാരെ വധിച്ചു. നീ വിദീഥൻെറ പുത്രനായ ഋജിസ്വാവിനെ ബന്ധസ്ഥനാക്കുകയും അൻപതിനായിരം ദൈത്യൻമാരെ ഇല്ലാതാക്കുകയും ചെയ്തു. വാർദ്ധക്യം സൗന്ദര്യത്തെ നശിപ്പിക്കുന്നതുപോലെ നീ ശംബരൻെറ നഗരങ്ങളെ തകർത്തു നാശമാക്കി.

**14. സൂര ഉപാകേ തന്വന്ദധാനോ വി യത്തേ**
**ചേത്യുമൃതസ്യ വർപഃ |**
**മൃഗോ ന ഹസ്തീ തവിഷീമുഷാണഃ സിംഹോ ന ഭീമ**
**ആയുധാനി ബിഭ്രത് ||**

ഹേ ഇന്ദ്രാ! നീ അവിനാശിയാകുന്നു. നീ സൂര്യൻെറ സമീപത്തു പ്രത്യക്ഷനാകുമ്പോൾ നിൻെറ രൂപം പ്രകാശിക്കുന്നതായി കാണപ്പെടുന്നു. സൂര്യൻെറ മുമ്പിൽ എല്ലാമ നിഷ്പ്രഭങ്ങളായിത്തീരുന്നു. ഹേ ഇ ന്ദ്രാ! നീ വേട്ടയാടുന്നതുപോലെ ശത്രുക്കളെ ഭസ്മമാക്കുകയും, ആയുധധാരിയായിരിക്കുകയും ചെയ്യുന്നു. അതുപോലെ ആ സമയത്ത് സിംഹത്തെപ്പോലെ ഭയങ്കരനാവുകയും ചെയ്യുന്നു.

**15. ഇന്ദ്രം കാമാ വസൂയന്തോ അഗ്മൻത്സ്വർമീളഹേ ന**
**സവനേ ചകാനാഃ |**
**ശ്രവസ്യവഃ ശശമാനാസ ഉക്ഥൈരോകോ ന രണ്വാ**
**സുദൃശീവ പുഷ്ടിഃ ||**

രാക്ഷസൻമാരിൽനിന്നുള്ള ഭയത്തെ നിവാരണം ചെയ്യുക നിമിത്തം ഇന്ദ്രൻെറ ആശ്രയം ആഗ്രഹിക്കുന്നവരും, ധനം ആഗ്രഹിക്കുന്നവരും, യുദ്ധസമാനമായ യജ്ഞത്തിൽ അവനോ അന്നം യാചിക്കുന്നു. അവർ സ്തോത്രങ്ങളാൽ ഇന്ദ്രനെ സ്തുതിച്ചുകൊ് ആശ്രയസ്ഥാനതുല്യമായ രക്ഷകനും, രമണീയവും ദർശനീയവുമായ (ധനം) ലക്ഷ്മിയുമായിത്തീരുന്നു.

**16. തമിദ്വ ഇന്ദ്രം സൂഹവം ഹുവേമ യസ്താചകാര നര്യാ**
**പുരൂണിംരു |**
**യോ മാവതേ ജരിത്രേ ഗധ്യം ചിൻമക്ഷൂ വാജം ഭരതി**
**സ്പാർഹരാധാഃ ||**

ഇന്ദ്രൻ മനുഷ്യരുടെ നൻമയ്ക്കായി അനേകം പ്രസിദ്ധങ്ങളായ കാര്യങ്ങൾ ചെയ്തിരിക്കുന്നു. ഇന്ദ്രൻ ധനൈശ്വര്യങ്ങളാൽ യുക്തനും കാമ്യനുമാകുന്നു. അവൻ നമ്മേപ്പോലെ തുല്യയോഗ്യരായ സാധകൻമാരിൽ സ്വീകാര്യയോഗ്യരായവരെ കൂട്ടികൊുപോകുന്നു. ഹേ മനുഷ്യരേ! നിങ്ങൾക്കുവേി സാധകരായ ഞങ്ങൾ ഇന്ദ്രനെ

ആഹ്വാനം ചെയ്യുന്നു.

**17. തിഗ്മാ യദന്തരശനിഃ പതാതി കസ്മിഞ്ചിച്ഛൂര മുഹുകേ ജനാനാം |**
**ഘോരാ യദര്യ സമൃതിർഭവാത്യധ സ്മാ നസ്തന്വോ ബോധി ഗോപാഃ ||**

ഹേ ഇന്ദ്രാ! നീ വീരനാകുന്നു. മനുഷ്യരാൽ നടത്തപ്പെടുന്ന യുദ്ധങ്ങളിൽ ഞങ്ങളുടെ ഇടയിൽ തീഷ്ണമായ വജ്റപാതമോഃ ശത്രുക്കളിൽ നിന്നും ഘോരമായ ക്രമണമോ ഉാകുമ്പോൾ നീ ഞങ്ങളുടെ ശരീരങ്ങളെ നിൻെറ നിയന്ത്രണത്തിലാക്കി എല്ലാപ്രകാരത്തിലും രക്ഷിക്കണമേ.

**18. ഭുവോ വിതാ വാമദേവസ്യ ധീനാം ഭുവഃ സുഖാവൃകോ വാജസാതൗ |**
**ത്വാമനു പ്രമതിമാ ജഗൻമോരുശംസോ ജരിത്രേ വിശ്വധ സ്യാഃ ||**

ഹേ ഇന്ദ്രാ! നീ വാമദേവനാൽ നടത്തപ്പെടുന്ന യജ്ഞത്തെ രക്ഷിച്ചാലും. നീ ആരാലും ഹിംസിക്കപ്പെടുന്നില്ല. യുദ്ധത്തിൽ ഞങ്ങൾക്കനുകൂലമായി പ്രവർത്തിക്കണമേ. നീ മഹാബുദ്ധി മാനാകുന്നു. നീ ഞങ്ങളൊടൊത്തുവരണമേ. ഹേ ഇന്ദ്രാ! നീ എപ്പോഴും സ്തോതാവിനാൽ പ്രശംസിക്കപ്പെടുന്നവനാകുന്നു.

**19. ഏഭിർനൃഭിരിന്ദ്ര ത്വായുഭിഷ്ട്വാ മഘവദ്ഭിർ മഘവന്വിശ്വ ആജൗ |**
**ദ്യാവോ ന ദ്യുമ്നൈരഭി സന്തോ അര്യഃ ക്ഷപോ മദേമ ശരദഞ്ച പൂർവീഃ ||**

ഹേ ഇന്ദ്രാ! നീ ഐശ്വര്യസമ്പന്നനാകുന്നു. ഞങ്ങൾ ങങ്ങളുടെ ശത്രുക്കളുടെമേൽ വിജയം പ്രാപിക്കുന്നതിനായി നിന്നെ കാംക്ഷിക്കുന്നു. ധനവാൻ തൻെറ ധനത്താൽ പ്രശോഭിതനാകുന്നതുപോലെ ഞങ്ങളും ധനത്താലും, പുത്ര, പൗത്രാ കുടുംബങ്ങളാലും ദീപ്തിയുക്തരാകണേ. ഞങ്ങൾ ഞങ്ങളുടെ ശത്രുക്കളെ തോൽപിച്ച് സന്തുഷ്ടരായി, നിന്നെ സ്തുതിച്ചുകൊ് ദീർഘകാലം ജീവിക്കണേ.

**20. ഏവേദിന്ദ്രായ വൃഷഭായവൃഷ്ണേ ബ്രഹ്മാകർമ ഭൃഗവോ ന രഥം |**
**നൂ ചിദ്യഥാ നഃ സഖ്യാ വിയോഷദസന്ന ഉഗ്രോ വിത തനൂപാഃ ||**

ഇന്ദ്രനോടു കൂടിയ ഞങ്ങളുടെ മൈത്രി വിഛേദിക്കപ്പെടാതെയും ശരീരത്തെ രക്ഷിക്കുന്ന തേജസ്വിയായ ഇന്ദ്രൻ ഞങ്ങളെ പാലിച്ചുകൊിരിക്കുകയും ചെയ്യത്തക്കകാര്യങ്ങൾ ഞങ്ങൾ ചെയ്തുകൊിരിക്കും. അനുഭവജ്ഞാനമുള്ള ആശാരിരഥം നിർമ്മിക്കുന്നതുപോലെ നിത്യയുവാവായ ഇന്ദ്രനുവേി മനോഹരങ്ങളായ സ്തോത്രങ്ങൾ നിർമ്മിക്കുന്നു.

**21. നൂ ഷ്ടുത ഇന്ദ്ര നൂ ഗൃണാന ഇഷം ജരിത്രേ നദ്യോ ന പീപേഃ |**
**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമരഥ്യഃ സദാസാഃ ||**

ഹേ ഇന്ദ്രാ! നീ പുരാതനകാലത്ത് ജന്മികളാൽ പൂജിതനായും ഇപ്പോൾ ഞങ്ങളാൽ നമസ്കരിക്കപ്പെടുന്നവനായും, ജലത്താൽ നദി പൂർണ്ണമാകുന്നതുപോലെ സ്തുതിക്കുന്നവരുടെ അന്നധനങ്ങളെ വൃദ്ധിപ്പെടുത്തുന്നു. ഞങ്ങൾ നിനക്കായി പുതിയ സ്തോത്രങ്ങൾ നിർമ്മിക്കുന്നു. തൻമൂലം ഞങ്ങൾ രഥാദികളാൽ യുക്തരായി സ്തുതിവചനങ്ങളാൽ നിന്നെ എപ്പോഴും പ്രസന്നനാക്കിക്കൊിരിക്കണേ.

# സൂക്തം 17

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ത്വം മഹാം തുഭ്യം ഹ ക്ഷാ അനു ക്ഷത്രം മംഹനാ മന്യത ദ്യൗഃ |**
**ത്വം വൃത്രം ശവസാ ജഘന്വാൻ സൃജഃ സിന്ധൂം രഹിനാജഗ്രസാനാൻ ||**

ഹേ ഇന്ദ്രാ നീ മഹാനാകുന്നു. മഹതിയായ ഭൂമി നിനെറ ശക്തിയെ സമർത്ഥിക്കുകയും ആകാശം നിൻെറ ബലത്തെ ചെയ്തു നീ നിൻെറ ബലത്താൽ ലോകത്തെ മറച്ചിരുന്ന വൃത്രനെ വധിച്ചു വൃത്രൻ ഏതെല്ലാം നദികളെ ബന്ധിച്ചിരുന്നുവോ അവയെ എല്ലാം നീ യുക്തമാക്കി.

**2. തവ ത്വിഷോജനിമൻരേജത ദ്യൗ രേജദ്ഭൂമിർഭിയസാ സ്വസ്യ മന്യോഃ |**
**ഋഘായന്ത സുഭ്വഃ പർവതാസ ആർദന്ധന്വാനി സരയന്ത ആപഃ ||**

ഹേ ഇന്ദ്രാ! നീ മഹാ തേജസ്വിയാകുന്നു. നിൻെറ പ്രത്യക്ഷപ്പെടലിൽ ആകാശം നിൻെറ ക്രോധത്താൽ ഭയന്നുവിറച്ചു ആ സമയം ഭൂമിയും വിറക്കുകയും മേഘസമൂഹത്തെ നീ ബന്ധിക്കുകയും ചെയ്തു. നിൻെറ പ്രേരണയാൽ പ്രാണികളുടെ ദാഹം ശമിക്കുന്നതിനായി ആ മേഘങ്ങൾ മരുഭൂമിയിൽ ജലവൃഷ്ടി നടത്തി.

**3. ഭിനദ്ഗിരിം ശവസാ വജ്രമിഷ്ണന്നാവിഷ്കൃണ്വാനഃ സഹസാന ഓജഃ |**
**വധീദ് വൃത്രം വജ്രേണ മന്ദസാനഃ സരന്നാപോ ജവസാ ഹതവൃഷ്ണീഃ ||**

ശത്രുക്കളെ പരാജിതനാക്കുന്ന ഇന്ദ്രൻ എൻെറ തേജസ്സിൻെറ പ്രകാശത്താലും;ശക്തിയാലും വജ്രം വീശി പർവ്വതങ്ങളെ പിളർത്തി സോമം പാനം ചെയ്ത് പുഷ്ടിപ്രാപിച്ചശേഷം അവൻ തൻെറ വജ്രത്താൽ വൃത്രനേയും വധിച്ചു. വൃത്രൻെറ മരണാനന്തരം ജലം നിരാവരണമായി അതിവേഗം പൊഴിയുവാൻ തുടങ്ങി.

**4. സുവീരസ്തേ ജനിതാ മന്യത ദ്യൗരിന്ദ്രസ്യ കർതാ സ്വപസ്തമോ ഭൂത് |**
**യ ഈം ജജാന സ്വര്യം സുവജ്റമനപച്യുതം സദസോ ന ഭൂമ ||**

നീ പൂജായോഗ്യനും വജ്രയുക്തനും ദിവ്യസ്ഥാനത്തിൻെറ അധിപനും, നാശരഹിതനുമാകുന്നു. നീ മഹാമഹിമാവാകുന്നു. യാതൊരു തേജസ്വിയായ പ്രജാപതി നിന്നെ സൃഷ്ടിച്ചുവോ, അവൻ സ്വയം മനോഹര പുത്രനോടു കൂടിയവൻ എന്നഭിമാനിച്ചിരുന്നു. ഇന്ദ്രൻെറ ജനകനായ പ്രജാപതിയുടെ കർമ്മങ്ങൾ അത്യനതം ശ്രേഷ്ഠവും, പ്രശംസനീയവുമായിരുന്നു.

**5. യ ഏക ഇച്ച്യാവയതി പ്ര ഭൂമാ രാജാ കൃഷ്ടീനാം പുരുഹൂത ഇന്ദ്രഃ |**

**സത്യമേനമനു വിശ്വേ മദന്തി രാതിമ ദേവസ്യ ഗൃണതോ മഘോനഃ ||**

മനുഷ്യരുടെ സ്വാമിയും, അനേകരാൽ വിളിക്കപ്പെടുന്നവനും, ദേവകളിൽ മുഖ്യനുമായ ഇന്ദ്രൻ ശത്രുക്കളാൽ സൃഷ്ടിക്കപ്പെട്ട ഭയത്തെ നശിപ്പിക്കുന്നു. അവൻ ഐശ്വര്യവാനും പ്രദീപ്തനുമാകുന്നു. സഖാവായ ആ ഇന്ദ്രനു വേി യജമാനൻ സ്തോത്രങ്ങൾ വഴി നമസ്കരിക്കുന്നു.

**6. സത്രാ സോമാ അഭവന്നസ്യ വിശ്വേ സത്രാ മദാസോ ബൃഹതോ മദിഷ്ഠാഃ |**

**സത്രാഭവോ വസുപതിർവസൂനാം ദത്രേ വിശ്വാ അധിഥാ ഇന്ദ്ര കൃഷ്ടീഃ ||**

എല്ലാ സോമവും ഇന്ദ്രനുവേി ഉായിരിക്കുന്നു. ഈ സോമം ശക്തിയുാക്കുന്നതിലും മഹാനായ ഇന്ദ്രന് സന്തോഷം നൽകുന്നതുമാകുന്നു. ഹേ ഇന്ദ്രാ! ഐശ്വര്യവാനായ നീ പ്രജകളെയെല്ലാം പരിപാലിക്കുന്നു.

**7. ത്വമധ പ്രഥമം ജായമാനോ മേ വിശ്വാ അധിഥാ ഇന്ദ്രാ കൃഷ്ടീഃ |**

**ത്വം പ്രതി പ്രവത ആശയാനമഹിം വജ്രേണ മഘവന്വി വൃശ്ചഃ ||**

ഹേ ധനൈശ്വര്യസമ്പന്നനായ ഇന്ദ്രാ! നീ ജനിച്ചപ്പോഴെ തന്നെ വൃത്രൻെറ ഭയത്തിൽ നിന്നും പ്രജകളെ രക്ഷിച്ചു. നീ എല്ലാ പ്രശ്നങ്ങളും ജലയുക്തമാക്കുവാനായി ജലത്തെ തടഞ്ഞിരുന്ന വൃത്രനെ ഛിന്നഭിന്നമാക്കി.

**8. സത്രാഹണം ദാധൃഷിം തുമമിന്ദ്രം മഹാമപാരം വൃഷഭം സുവജ്രം |**

**ഹന്താ യോ വൃത്രം സനിതോത വാജം ദാതാ മഘാനി മഘവാ സുരാധാഃ ||**

അനേകം ശത്രുക്കളെ കൊന്നവനും, ഭയങ്കരനുമായ ശത്രുക്കളെ പ്രേരിപ്പിക്കുന്നവനും, മഹാനും, നാശരഹിതനുമായ ഇന്ദ്രനെ ഞങ്ങൾ സ്തുതിക്കുന്നു. അവൻ അഭീഷ്ടങ്ങൾ വർഷിക്കുന്നവനും മനോഹരമായ വജ്രത്തോടു കൂടിയവനും ആകുന്നു. അവൻ വൃത്രനെ സംഹരിക്കുകയും ചെയ്തു. അന്നദാതാവായ അവൻ ധനാധിപനാകുന്നു. എപ്പോഴും ധന ം പ്രദാനം ചെയ്തുകൊിരിക്കുന്ന ആ ഇന്ദ്രനെ ഞങ്ങൾ സ്തുതിക്കുന്നു.

**9. അയം വൃതശ്ചാതയതേ സമീചീര്യ ആജിഷു മഘവാ ശൃണ്വ ഏകഃ |**

**അയം വാജം ഭരതി യം സനേയാത്യസ്യ പ്രിയാസഃ സഖ്യേ സ്യാമ ||**

യാതൊരിന്ദ്രൻ അത്യന്തം ധനവാനും, യുദ്ധത്തിൽ അദ്വിതീയനായ വീരനുമെന്നു കീർത്തിപ്പെടുന്നുവോ, അവൻ സുസംഗതനും, വിശാലമായ ശത്രുസൈന്യത്തെ സംഹരിക്കുന്നതിൽ സമർത്ഥനും ആകുന്നു. അവൻ വഹിച്ചുകൊുവരുന്ന അന്നവും, ധനവും യജമാനനു ദാനം ചെയ്യുന്നു. ഈ ഇന്ദ്രനുമായുള്ള നമ്മുടെ ബന്ധം അഭംഗുരം നിലനിൽക്കട്ടെ.

**10. അയം ശൃണ്വേ അധ ജയന്നുത ഘ്നന്നുയമുത പ്ര കൃണുതേ യുധാ ഗാഃ |**

**യദാ സത്യം കൃണുതേ മന്യുമിന്ദ്രോ വിശ്വം ദൃളഹം ഭയത ഏജദസ്മാത് ||**

ആ ഇന്ദ്രൻ ശത്രുക്കളുടെ മൃഗങ്ങളെ പിടിച്ചെടുക്കുന്നു. അദ്ദേഹം ക്രോധിതനാകുമ്പോൾ എല്ലാ സ്ഥാവരജംഗമങ്ങളായ ലോകം മുഴുവൻ ഭയം കൊ് വിറക്കുന്നു.

**11. സമിന്ദ്രോ ഗാ അജയത്സം ഹിരണ്യാ സമശ്വിയാ മഘവാ യോ ഹ പൂർവീഃ |**

**ഏഭിർനൃഭിർനൃതമോ അസ്യ ശാകൈ രായോ വിഭക്താ സംഭരശ്ച വസ്വഃ ||**

യാതൊരൈശ്വര്യശാലിയായ ഇന്ദ്രൻ ദൈത്യൻമാരുടെ മേൽ വിജയം പ്രാപിച്ചിരിക്കുന്നുവോ, യാതൊരിന്ദ്രൻ അവരുടെ വൻപിച്ച ധനത്തിൻെറ മേലും അധികാരംസ്ഥാപിച്ചിരിക്കുന്നുവോ, യാതൊരിന്ദ്രൻ ശത്രുക്കളെ ജയിച്ച് അവരുടെ കുതിരകളെ തട്ടിയെടുത്തിരിക്കുന്നുവോ, ആ സർവ്വസമർത്ഥനായ ഇന്ദ്രൻ എല്ലാവരുടേയും നേതാവും, സ്തുതിക്കുന്നവരാൽപൂജിതനായി മൃഗങ്ങളെ വീതിക്കുകയും, ധനാദികളെ രക്ഷിക്കുന്നവനുമാകുന്നു.

**12. കിയത്സ്വിദിന്ദ്രോ അധ്യേതി മാതുഃ കിയത്പിതുർജനിതുര്യോ ജജാന |**

**യോ അസ്യ ശുഷ്മം മുഹുകൈതിയർതി വാതോ സ ജജൂതഃ സ്തനയദ്ഭിരഭ്രൈഃ ||**

ഇന്ദ്രൻ മാതാപിതാക്കളിൽ നിന്നും എത്രമാത്രം ബലം പ്രാപിച്ചു. യാതൊരിന്ദ്രൻ തൻെറ പിതാവായ പ്രജാപതിയുടെ അടുക്കൽ നിന്നും ഈ ലോകത്തെ സൃഷ്ടിച്ച് അതിനു ശക്തിനൽകിയിരിക്കുന്നുവോ ആ ഇന്ദ്രൻ ഗർജ്ജിക്കുന്ന മേഘത്തെ പ്രേരിപ്പിക്കുന്ന വായുവിനു സമാനം ആഹ്വാനം ചെയ്യുന്നു.

**13. ക്ഷിയന്തം ത്വമക്ഷിയന്തം കൃണോതീയർതി രേണും മഘവാ സമോഹം |**

**വിഭഞ്ജനുരശനിമാം ഇവ ദ്യൗരുത സ്തോരം മഘവാ വസൗ ധാത് ||**

ധനവാനായ അവൻ നിർദ്ധനർക്ക് ധനം നൽകുന്നവനും. അന്തരീക്ഷത്തിനു തുല്യം ദൃഢനും, വജ്രയുക്തനും, ശത്രുസംഹാരകനും ആയ ഇന്ദ്രൻ എല്ലാ പാപങ്ങളേയും നശിപ്പിക്കുകയും സ്തോതാക്കൾക്ക് ധനം നൽകുകയും ചെയ്യുന്നു.

**14. അയം ചക്രമിഷണത്സൂര്യസ്യ ന്യേതശം രീരമത്സ്യമാണം|**

**അയ കൃഷ്ണ ഈം ജജൂഹുരാണോ ജിഘർതിം ത്വചോ ബുധ്നേ രജസ്യേ അസ്യ യോനൗ ||**

ഇന്ദ്രൻ സൂര്യൻെറ ആയുധത്തെ തടുക്കുകയും സംഗ്രമോദ്യുക്തനായ ഏതശനെ രക്ഷിക്കുകയും ചെയ്തു. ഇതിൽ പരുക്കേറ്റതിനാൽ ഇന്ദ്രൻ തേജസ്സിൻെറ മൂലഭൂതമായ (ഭാനുവിൻ വേരാം) അന്തരീക്ഷത്തിൽ(ജലാസ്പദത്തിൽ) ഒളിച്ചു. വക്രഗതിയായി സഞ്ചരിക്കുന്നതും കറുത്ത വർണ്ണത്തോടുകൂടിയതും ആയ മേഘം അവൻെറ മേൽ ജലം വർഷിച്ചു.

**15. അസ്ക്ന്യാമ യജമാനോ ന ഹോതാ ||**

രാത്രിയിൽ യജമാനൻ അഗ്നിയിൽ വെള്ളം പകരുന്നതുപോലെ കാർമുകിൽ ജലവർഷം ചെയ്തു. (മുകളിലെ ഋക്കിനോടന്വയിച്ചിരിക്കുന്നു.)

**16. ഗവ്യന്ത ഇന്ദ്രം സഖ്യായു വിപ്രാ അശ്വായന്തോ വൃഷണം വാജയന്തഃ |**

**ജനിയന്തോ ജനിദാമക്ഷിതോ തിമാ ച്യാവയാമോ വതേ ന കോശം ||**

ബുദ്ധിമാൻമാരായ സ്തോതാക്കൾ, ഗോക്കൾ, അശ്വങ്ങൾ, അന്നം, സൽസന്താനങ്ങൾ എന്നിവയെ ഉല്പാദിപ്പിക്കുന്ന സ്ത്രീയെ അഭിലഷിപ്പിക്കുന്നു. അഭീഷ്ടങ്ങൾ പൂർണ്ണമാക്കുന്നവനും, സന്താനദാത്രിയായ ഭാര്യയെ നൽകുന്നവനും, എപ്പോഴും അക്ഷയമായ രക്ഷയെ പ്രദാനം ചെയ്യുന്നവനും ആയ ഇന്ദ്രൻെറ മൈത്രഭാവത്തെ, കിണറ്റിൽ നിന്നും ജലം കോരുവാൻ ഇച്ഛിക്കുന്ന വ്യക്തി ജലപാത്രം ആഗ്രഹിക്കുന്നതുപോലെ ആഗ്രഹിക്കുന്നു.

**17. ത്രാതാ നോ ബോധി ദദൃശാന ആപിരഭിഖ്യാതാ മർഡിതാ സോമ്യാനാം |**
**സഖാ പിതാ പിതൃതമഃ പിതൃണാം കർതേമു ലോകമുശതേ വയോധാഃ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ രക്ഷകനും, നിരീക്ഷിക്കുന്നവനും, ബന്ധുവും, ഉപദേശകർത്താവും അതുപോലെ സൽഗുണയുക്തനുമാണ്. നീ ഞങ്ങളുടെ പൂർവ്വപുരുഷൻമാരുടെ പിതൃതുല്യപൂജ്യനും, സന്താനങ്ങൾക്കു സുഖം നൽകുന്ന മിത്രവും ജ്ഞാനവും ബലവും നൽകുന്നവനും ആകുന്നു. നീ പുണ്യലോകങ്ങളെ ആഗ്രഹിക്കുന്നവർക്ക് ശ്രേഷ്ടപദം നൽകുന്നു.

**18. സഖീയതാമവിമാ വോധി സഖാ ഗൃണാന ഇന്ദ്ര സ്തവതേ വയോധാഃ |**
**വയം ഹ്യാ തേ ചകൃമാ സബാധ ആഭിഃ ശമീഭിർമഹയന്ത ഇന്ദ്ര ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിൻെറ സഖ്യഭാവം ആഗ്രഹിക്കുന്നു. നീ ഞങ്ങളുടെ പാലകനാകണേ. നിന്നെ പൂജിക്കുന്നു. നീ ഞങ്ങളുടെ മിത്രമാകണമേ. സ്തുതിക്കുന്ന യജമാനൻമാർക്ക് അന്നം പ്രദാനം ചെയ്യണേ. ഹേ ഇന്ദ്രാ! ഞങ്ങളുടെ ശ്രേഷ്ഠങ്ങളായ കർമ്മങ്ങളിൽ വിഘ്നം സംഭവിക്കുക യാണെങ്കിൽ ഞങ്ങൾ നിന്നെ സ്മരിക്കുന്നു. നീ ഞങ്ങളുടെ അഹ്വാനം ശ്രവിക്കണമേ.

**19. സ്തുത ഇന്ദ്രോ മഘവാ യുദ്ധ വൃത്രാ ഭൂരണ്യേകോ അപ്രതീനി ഹന്തി |**
**അസ്യ പ്രിയോ ജരിതാ യസ്യ ശർമന്നകിർദേവാ വാരയന്തേ ന മർതാഃ ||**

നാം ഇന്ദ്രനെ സ്തുതിക്കുമ്പോൾ അവൻ ഏകനായിത്തന്നെ അനേകം ദൈത്യൻമാരെ നശിപ്പിക്കുന്ന അവന് വിദ്വാൻമാരായ സ്തോതാക്കൾ അത്യന്തം പ്രിയപ്പെട്ടവരാണ്. അവൻെറ ആശ്രയത്തിൽ ജീവിക്കുന്നവരെക്കാൾ ദേവതകൾക്കോ മനുഷ്യർക്കോ ആർക്കും തടയുവാൻ സാധ്യമല്ല.

**20. ഏവാ ന ഇന്ദ്രോ മഘവാ വിരപ്ശീ കരത്സത്യാ ചർഷണീ ധൃദനർവാ |**
**ത്വം രാജാ ജനുഷാം ധേഹ്യസ്മേ അധി ശ്രവോ മഹിനം യജ്ജരിത്രേ ||**

ഇന്ദ്രൻ മഹാധനികനും, വിവിധശബ്ദങ്ങളോടു കൂടിയവനും, എല്ലാ പ്രജകളുടേയും സംരക്ഷകനും, ശത്രുരഹിതനും ആകുന്നു. അദ്ദേഹം നമ്മുടെ ഇപ്രകാരമുള്ള സ്തുതികൾ ശ്രവിച്ച് ഞങ്ങളുടെ സത്യപൂർണ്ണങ്ങളും, ശ്രേഷ്ഠങ്ങളും ആയ അഭിലാഷങ്ങൾ പൂർണ്ണമാക്കുന്നു. ഹേ ഇന്ദ്രാ! നീ ജനിച്ചിട്ടുള്ള എല്ലാ ജീവികളുടേയും നാഥനാണ്. യാതൊരു മഹിമയോടു കൂടിയ യശസ്സിനെ സ്തുതിക്കുന്നവർ പ്രാപിക്കുന്നുവോ, അത് ഞങ്ങൾക്ക് ദാനം ചെയ്യണേ.

**21. നൂ ഷ്ടുത ഇന്ദ്ര ന ഗൃണാന ഇഷം ജരിത്രേ നദ്യേ ന പീപേഃ |**
**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമ രഥ്യഃ സദാസാഃ ||**

ഹേ ഇന്ദ്രാ! നീ പൂർവ്വകുായിരുന്ന ഋഷിമാരാൽ പൂജിതനായി ഞങ്ങളാൽ സ്തുതിക്കപ്പെടുന്നവനായി ജലത്താൽ നദികൾ പൂർണ്ണമാക്കുന്നതുപോലെ, അന്നത്തെ വർദ്ദിപ്പിക്കുന്നു. ഞങ്ങൾ നിനക്കായി നവീനങ്ങളായ സ്തോത്രങ്ങൾ രചിക്കുന്നു. തൻമൂലം ഞങ്ങൾ രഥയുക്തരായി സദാ നിന്നെ സ്തുതിക്കുന്നവരായും പൂജിക്കുന്നവരായും ഭവിക്കണേ.

## സൂക്തം 18

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ആദിത്യൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. അയം പന്ഥാ അനുവിത്തഃ പുരാണോ യതോ ദേവാ ഉദജായന്ത വിശ്വേ |**
**അതശ്ചിദാ ജനിഷീഷ്ട പ്രവൃദ്ധോ മാതരമമുയാ പത്തവേ കഃ ||**

ഈ മാർഗ്ഗം അനാദികാലം മുതൽ തുടർന്നുവരുന്നു. അതുവഴിയായി വിഭിന്നരോഗങ്ങളും, പരസ്പരം ഇഷ്ടപ്പെടുന്ന സ്ത്രീ പുരുഷൻമാരും, ജ്ഞാനികളും ജനിച്ചു വളരുന്നു. ഉന്നതപദവിയിലുള്ള സമർത്ഥരായ വ്യക്തികളും ഇതേ പരമ്പരാഗതമായ മാർഗ്ഗത്തിലൂടെ ഉത്ഭവിക്കുന്നു. ഈ അമ്മയെ മരിപ്പിക്കരുത്.

**2. നാഹമതോ നിരയാ ദുഗഹൈതാത്തിരശ്ചതാ പാർശ്വാന്നിർഗമാണി |**
**ബഹൂനി മേ അകൃത കർത്വാനി യുധ്യൈ ത്വന സം ത്വേന പൃച്ഛൈ ||**

നാം പൂർവ്വോക്തമായ യോനീ മാർഗ്ഗത്തിൽ നിന്നും രക്ഷപ്പെടുന്നില്ല. വളഞ്ഞമാർഗ്ഗത്തിൽകൂടി പക്ഷിമൃഗാദികളുടെ രൂപത്തിൽ ജൻമമെടുത്ത് വളരെ കഷ്ടതരമായി ജീവിതം കഴിച്ചുകൂട്ടുന്ന ഈ വാരിഭാഗത്തു നിന്നും പുറത്തേയ്ക്കിറങ്ങിക്കൊള്ളാം ചെയ്യാത്ത പലതും ചെയ്യാനു്; ഒരാളോടു പൊരുതണം, മറ്റൊരാളോടു ചോദിക്കണം.

**3. പരായതീം മാതരമന്വചഷ്ട ന നാനു ഗാന്യനു നൂ ഗമാനി|**
**ത്വഷ്ടുർഗൃഹേ അപിബത്സോമമിന്ദ്രഃ ശതധന്യം ചംബോഃ സുതസ്യ ||**

സ്വന്തം മാതാവിൻെറ മരണം സംഭവിക്കുമ്പോൾ ഞാനും അവരോടു കൂടി പോകും എന്ന് ഏതെങ്കിലും മനുഷ്യൻ മോഹവിവശനായി പറയുന്നു. എന്നാൽ കാലം കഴിയുമ്പോൾ അവൻ ജ്ഞാനം, ധൈര്യം, മുതലായവകളാൽ ശാന്തനായി തൻെറ പിതാവിൻെറ ഗൃഹത്തിൽ പുത്രനായി വസിച്ചുകൊ് ജീവിതത്തെ അനുഭവിക്കുന്നു. അതുപോലെ ഇന്ദ്രൻ ഇണപലകകളിൽ പിഴിഞ്ഞസോമം ത്വഷ്ടാവിൻെറ ഭവനത്തിൽ ചെന്നു പാനം ചെയ്യുന്നു.

**4. കിം സ ഋധത് കൃണവദ്യം സഹസ്രം മാസോ ജഭാര ശരദശ്ച പൂർവീഃ |**
**നഹീ ന്വസ്യ പ്രതിമാനസ്ത്യന്തർജാതേഷൂത യേ ജനിത്വാഃ**

||

അദിതി ശക്തനായ ആ ഇന്ദ്രനെ മാസങ്ങളോളം, വർഷങ്ങളോളം വഹിച്ചു കൊിരുന്നു. മഹാനായ ആ ഇന്ദ്രൻ അനേകം മഹാകാര്യങ്ങൾ നടത്തി. അതിനു തുല്യത വഹിക്കുവാൻ ഇപ്പോൾ ജനിച്ചിട്ടുള്ളവർക്കും ഇനി ജനിക്കുവാനുള്ളവർക്കും ആർക്കും സാധ്യമല്ല.

**5. അവദ്യമിവ മന്യമാനാ ഗുഹാകരിന്ദ്രം മാതാ വീര്യാണാ ന്യൂർഷ്ടം |**

**അഥോദസ്ഥാത് സ്വയമത്കം വസാന ആ രോദസീ അപൃണാജ്ജായ മാനഃ ||**

അദിതി ആ ഇന്ദ്രൻ പ്രവർത്തിക്കുന്നതിൽ സമർത്ഥനെന്നു മനസ്സിലാക്കി അദൃശ്യരൂപത്തിൽ വഹിച്ചു. പിന്നീട് ആ ഇന്ദ്രൻ സ്വന്തമായ സാമർത്ഥ്യത്താൽ ഉല്പന്നമായ തേജസ്സിനെ ധാരാണം ചെയ്തുകൊ് അത്യുന്നതനായി ആകാശത്തേയും ഭൂമിയേയും പരിപൂർണ്ണമാക്കി.

**6. ഏതാ അർഷന്ത്യലാഭവന്തീ ഋതാവരീരിവ സങ്ക്രോശമാനാഃ |**

**ഏതാ വി പൃശ്ചി കിമിദം ഭനന്തി കമാപോ അദ്രിം പരിധിം രുജന്തി ||**

ജലപൂർണ്ണമായി, അവ്യക്തധ്വനികൾ പുറപ്പെടുവിച്ചുകൊ് നദികൾ ഇന്ദ്രൻെറ മഹത്വത്തെ പ്രകീർത്തിച്ചുകൊ് പ്രവഹിക്കുന്നു. ഹേ വിജ്ഞാ! ഈ നദികൾ എന്താണു പറയുന്നത് എന്ന് അവയോടു ചോദിക്കൂ. ഇു ഇന്ദ്രൻെറ യശസ്സിനെ പാടിപുകഴ്ത്തുകയാണോ? ജലത്തെ തടഞ്ഞു നിർത്തിയിരിക്കുന്ന മേഘത്തെ പിളർന്ന് ഇന്ദ്രൻ ജലത്തെ വർഷിച്ചിരിക്കുന്നു.

**7. കി മു ഷ്വിദസ്മൈ നിവിദോ ഭന ന്തേന്ദ്രാസ്യാ വദ്യം ദിധിഷന്ത ആപഃ |**

**മമൈതാൻപുത്രോ മഹതാ വധേന വൃത്രം ജഘന്വാം അസൃജദ്വി സിന്ധൂൻ ||**

വൃത്രനെ വധിച്ചതുകൊ് ഇന്ദ്രൻെറ മേൽ പതിച്ച ബ്രഹ്മഹത്യാ പാപത്തെ സംബന്ധിച്ച് വേദവാണി എന്തു പറയുന്നു? ഇന്ദ്രൻെറ ആ പാപത്തെ ഫേനരൂപത്തിൽ വഹിച്ചു. ഇന്ദ്രൻ തൻെറ മഹാവജ്റത്താൽ വൃത്രനെ വിദീർണ്ണനാക്കി ഈ നദികളെ ഒഴുകുമാറാക്കി.

**8. മമച്ചന ത്വാ യുവരുഃ പരാസ മമച്ചന ത്വാ കുഷവാ ജഗാര|**

**മമച്ചിദാപഃ ശിശവേമമൃഡ്യുർ മമച്ചിദിന്ദ്രഃ സഹസോദതിഷ്ഠത്||**

ഹേ ഇ്ദ്ര! അത്യന്തം ഹർഷവതിയും യുവതിയുമായ അദിതി മമതാമയിയായി നിനക്കു ജൻമം നൽകി. കുഷവാ എന്ന രാക്ഷസി നിന്നെ വിഴുങ്ങുവാനൊരുങ്ങി, നീ ജനിച്ചപ്പോൾ തന്നെ ജലം നിനക്കു സുഖം നൽകി. നീ സ്വന്തം സാമർത്ഥ്യത്താൽ സൂതികാഗൃഹത്തിൽ വച്ചുതന്നെ രാക്ഷസിയെ വധിക്കുവാൻ ഉദ്യുക്തനായി.

**9. മമച്ചന തേ മഘവൻത്ര്യാമസോ നിവിവിധ്വാം ആപ ഹനൂ ജഘാന |**

**അധാ നിനിദ്ധ ഉത്തരോ ബഭൂവാഛിരോ ദാസസ്യ സ പിണഗ്വധേന ||**

ഹേ ഐശ്വര്യവാനായ ഇന്ദ്രാ! മദയുക്തനായ വ്യാസൻ എന്ന ദൈത്യൻ നിൻെറ താടിയ്ക്ക് ആഘാതമേൽപ്പിച്ചപ്പോൾ നീ ശക്തിയോടുകൂടി അവൻെറ ശിരസ്സിനെ വജ്റത്താൽ മുറിച്ചിട്ടു.

**10. ഗൃഷ്ഠിഃ സസൂവ സ്ഥവിരം തവാൺഗാമനാ ധൃഷ്യം വൃഷഭം തുമ്രമിന്ദ്രം |**

**അരീളഹവത്സം ചരഥായ മാതാ സ്വയം ഗാതും ഇച്ഛമാനം||**

ശക്തനായ കിടാവിന് ഗോവ് ജൻമം നൽകുന്നതുപോലെ ഇന്ദ്രൻെറ മാതാവായ അദിതി തൻെറ ഇഷ്ടാനുസരണം ചലിക്കുന്നവനും, സർവ്വശക്തി സമ്പന്നനും, സർവ്വവിജേതാവും ആയ ഇന്ദ്രനു ജൻമം നൽകി. ആ ഇന്ദ്രൻ എല്ലാത്തിൻേറയും പ്രേരകനും, അവിനാശിയും, സർവ്വവ്യാപ്തനും അഭീഷ്ടങ്ങളെ വർഷിക്കുന്നവനും, കർമ്മങ്ങൾക്കു ഫലം നൽകുന്നതിൽ സമർത്ഥനും ആകുന്നു.

**11. ഉത മാതാ മഹിഷമന്വവേനദമീ ത്വാ ജഹതി പുത്രാ ദേവാഃ |**

**അഥാബ്രവീദ് വൃത്രമിന്ദ്രോ ഹനിഷ്യൻസഖേ വിഷ്ണോ വിതരം വി ക്രമസ്വ ||**

മാതാവായ അദിതി മഹൈശ്വര്യവാനായ ഇന്ദ്രനെ ആഗ്രഹിച്ചുകൊു പറയുന്നു. ഹേ പുത്രാ! ഇന്ദ്രാ! ഈ എല്ലാ വിജയാഭിലാഷികളായ വീരൻമാരും നിന്നെ പ്രാപിക്കുന്നു. അപ്പോൾ ഇന്ദ്രൻ പറഞ്ഞു. ഹേ വിഷ്ണോ നീ വൃത്രനെ കൊല്ലുവാനാഗ്രഹിക്കുന്ന മഹാപരാക്രമിയായാലും.

**12. കുസ്തേ മാതരം വിധവാമചക്രച്ഛയും കസ്ത്വമജിധാം സച്ചരന്തം |**

**കുസ്തേ ദേവോ അധി മാർഡീക ആസിദ്യുത് പ്രാക്ഷിണാഃ പിതരം പാദഗൃഹ്യ ||**

ഹേ ഇന്ദ്രാ! ഏതൊരു ശത്രുവാണ് കാലിൽ പിടിച്ച് പിതാവിനെ കൊലചെയ്ത് നിൻെറ മാതാവിനെ വിധവയാക്കുന്നത്? ഉറങ്ങുമ്പോഴും, നടക്കുമ്പോഴും നിന്നെ വധിക്കുവാൻ ആർക്കും കഴിയും? നിനക്ക് അല്ലാതെ മറ്റ് ഏതൊരു ദേവതകർക്ക് ഇതുപോലുള്ള ഉച്ചപദം പ്രാപിക്കുവാൻ കഴിയും?

**13. അവർത്യാ ശൂന അന്ത്രാണി പേചേ ന ദേവേഷു വിവിദേ മർഡിതാരം |**

**അപശ്യം ജായാമമഹീയമാനാമധാ മേശ്യേനോ മധ്വാ ജഭാര ||**

ഞങ്ങൾ ദാരിദ്ര്യത്താൽ പട്ടിയുടെ കുടൽ വേവിച്ചു. അപ്പോൾ ഞങ്ങൾക്കായി സുഖം നൽകുവാൻ ഇന്ദ്രനല്ലാതെ മറ്റു യാതൊരു ദേവതയും ഉായിരുന്നില്ല. സ്വന്തം ഭാര്യമാരെ ഞാൻ വെറുക്കപ്പെടേവരായി കു. അതിനുശേഷം ഒരു പരുന്താണ് എനിക്ക് വെള്ളം കൊു വന്നു തരുന്നത്.

# അദ്ധ്യായം ആറ്

## സൂക്തം 19

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഏവാ ത്വാമിന്ദ്ര വജ്രിന്നത്ര വിശ്വേ ദേവാസ സുഹവാസ ഊമാഃ |**

**മഹാമഭേ രോദസീ വൃദ്ധമൃഷ്വം നിരേകമിദ്വൃണതേ**

**വ്യത്രാഹത്യേ ||**

ഹേ വജ്റായുധാ! ഈ യജ്ഞത്തിൽ അഹ്വാനീയരും രക്ഷാ സമർത്ഥരും ആയ എല്ലാ ദേവതകളും, ആകാശവും, ഭൂമിയും, വ്യത്രനാശത്തിനായി നിന്നെ മാത്രം ഭുജിക്കുന്നു. നീ സ്തുത്യർഹനും, ഗുണങ്ങളാൽ വളർന്നവനും ദർശനീയനുമാകുന്നു.

**2. അവാസ്യജന്ത ജിവ്രയോ ന ദേവാ ഭുവഃ സമ്രാളിന്ദ്ര സത്യയോനിഃ |**
**അഹന്നഹിം പരിശയാനമർണഃ പ്ര വർതനീ രരാദോ വിശ്വധേനാഃ ||**

വ്യദ്ധനായ പിതാവ് തൻെറ പുത്രനു പ്രേരണ നൽകുന്നതുപോലെ ദേവഗണം നിനക്ക് രാക്ഷസൻമാരെ സംഹരിക്കുവാനുള്ള പ്രേരണ നൽകുന്നു. നീ സത്യത്തിൻെറ വികസിതരൂപമാകുന്നു. ജലത്തെ ലക്ഷ്യമാക്കി നീ ഉറങ്ങി കിടക്കുന്ന വ്യത്രനെ സംഹരിച്ചു. എല്ലാവരേയും ത്യപ്തിപ്പെടുത്തുന്ന നദികളെ നീ നിർമ്മിച്ചു.

**3. അത്യഷ്ണുവംതം വിയതമബുധ്യമാനം സ്യഷ്ടപാണമിന്ദ്ര|**
**സപ്ത പ്രതി പ്രവത ആശയാനമഹിം വജ്രേണ വി രിണാ അപർവൻ ||**

ഹേ ഇന്ദ്രാ! നീ അത്യപ്തി ആഘ്രഹിക്കുന്നവനും, അജ്ഞാനിയും ദുർബ്ബലനും, ദുർവിചാരങ്ങളോടു കൂടിയവനും, സുപ്തനും ശാന്തമായ ജലത്തെ മൂടിക്കിടക്കുന്നവനുമായ വ്യത്രനെ വജ്റത്താൽ വധിച്ചു.

**4. അക്ഷോദയച്ഛവസാ ക്ഷാമ ബുധ്നം വാർണ്ണ വാതസ്തവിഷീഭിരിന്ദ്രഃ |**
**ദ്യളഷാന്യൗഭ്നാശൂമാന മാജോ വാഭിനത്കകുഭഃ പർവതാനാം ||**

വായു തൻെറ ബലത്താൽ ജലത്തെ പ്രക്ഷുപ്തമാക്കുന്നതുപൊലെ പരമമായ ഐശ്വര്യത്തോടു കൂടിയവനായ ഇന്ദ്രൻ തൻെറ ബലത്താൽ ആകാശത്തെ സൂഷ്മമായ തേജസ്സാൽ പരിപൂരണ്ണമാക്കി. ജലത്തെ ഛിന്നഭിന്നമാക്കുന്നു. ബലത്തെ കാംക്ഷിക്കുന്ന ആ ഇന്ദ്രൻ മേഘങ്ങളേയും, പർവ്വതങ്ങളേയും തകർക്കുന്നു.

**5. അഭി പ്ര  ദ്രുദ്രുർജനയോ ന ഗർഭം രഥാഇവ പ്ര യയുഃ സാകമദ്രയഃ |**
**അതർപയോ വിസ്യത ഉബ്ജ ഊർമീന്ത്വം വ്യതാം അരിണാ ഇന്ദ്ര സിന്ധൂൻ ||**

ഹേ ഇന്ദ്രാ! മാതാവ് മക്കളുടെ അടുക്കലേയ്ക്ക് പോകുന്നതുപോലെ മാരുതൻ അങ്ങയുടെ അടുക്കലേയ്ക്ക് വരുന്നു. അതുപോലെ തന്നെ വ്യത്രവധനനായി നിൻെറ അടുക്കലേയ്ക്ക് രഥവും വന്നിരുന്നു. നീ നദികളെ ജലപൂർണ്ണമാക്കി മേഘത്തെ പിളർന്നു. വ്യത്രനാൽ തടയപ്പെട്ട ജലത്തെ വർഷിച്ചു.

**6. ത്വം മഹീമവനിം വിശ്വധേനാം തുർവീതയേ വയ്യായ ക്ഷാരന്തീം |**
**അരമയോ നമസൈജദർണഃ സുതരണാം അക്യണോരിന്ദ്ര സിന്ധൂൻ ||**

ഹേ ഇന്ദ്രാ! നീ എല്ലാവരേയും സ്നേഹിക്കുന്ന തുവീതർക്കും, വയ്യനും, വേി ഇഛിതഫലദാത്രിയായ പ്യഥ്വിയെ അന്നത്താൽ നിറയ്ക്കുകയും ജലത്താൽ പരിപൂർണ്ണമാക്കുകയും ചെയ്തിരിക്കുന്നു. ഹേ ഇന്ദ്രാ! നീ ജലത്തെ സൗകര്യപൂർവ്വം നീന്തുവാൻ യോഗ്യയാക്കി.

**7. പ്രാഗ് രുവേ നഭന്വോ വക്വാ ധ്വസ്രാ അപിന്വദ്യുവതീഋതജ്ഞാഃ |**
**ധന്വാന്യജ്രാം അപ്യണക്ത്യഷാണാം അധോഗിന്ദ്രഃ സത്ര്യോ ദംസുപത്നീഃ ||**

ശത്രുക്കളെ നശിപ്പിക്കുന്ന സേനക്കു തുല്യംഠ തീരപ്രദേശങ്ങളെ തകർക്കുന്ന ജലപൂർണ്ണതയും, അന്നോല്പാദിനിയുമായ നദികളെ ഇന്ദ്രൻ പരിപൂർണ്ണമാക്കി. അവൻ ജലവിഹീനമായ ശുഷ്ക്കപ്രദേശത്തെ വ്യഷ്ടിയാൽ ആദ്രമാക്കുകയും, ദാഹിതരായ പാന്ഥൻമാർക്ക് ശാന്തി നൽകുകയും ചെയ്തു. യാതൊരു ഗോക്കളെ രാക്ഷസൻമാർ അധീനത്തിലാക്കിയിരിക്കുന്നുവോ, കറവയില്ലാത്ത ആ ഗോക്കളെ ഇന്ദ്രൻ ദോഹനം ചെയ്തിരിക്കുന്നു.

**8. പൂർവീരുഷസഃ ശരദശ്ച ഗുർതാ വ്യത്രം ജഘന്വാം അസ്യജദ്വി സിന്ധൂൻ |**
**പരിഷ്ഠിതാ അത്യണദ്ബദ്ബധാനാ സിരാ ഇന്ദ്രഃ സ്രവിതവേ പ്യഥിവ്യാ ||**

തമസ്സാൽ മൂടപ്പെട്ട അേനകം ഉഷസ്സുക്കളേയും, വർഷങ്ങളെയും വ്യത്രനെ വധിച്ച് ഇന്ദ്രൻ മോചിപ്പിക്കുകയും, വ്യത്രനാൽ തടയപ്പെട്ട നദികളെ ഭൂമിയിൽ പ്രവഹിക്കാൻ അനുവദിക്കുകയും ചെയ്തു.

**9. വമ്രീഭിഃ പുത്രമഗ്രുവോ അദാനം നിവേശനാദ്ധരിവ ആ ജഭർഥ |**
**വ്യന്ധോ അഖ്യദഹിമാദാദാനോ നിർഭൂദുഃഖച്ഛിതസമരന്ത പർവ ||**

ഹേ ശ്രേഷ്ഠങ്ങളായ അശ്വങ്ങളുടെ സ്വാമിയായ ഇന്ദ്രാ! ഉപജീഹകയാൽ ഭക്ഷണമാക്കപ്പെട്ട അഗ്രൂപുത്രനെ നീ ചിതൽപുറ്റിൽ നിന്നും വലിച്ചെടുത്തു. ആ സമയം ആ അഗ്രുപുത്രൻ അന്ധനായിരുന്നു. എങ്കിലും അവൻ സർപ്പത്തെ ശരിക്കു ദർശിച്ചു. ഉപജിഹ്വയാൽ വേർപ്പെടുത്തപ്പെട്ട അവയവങ്ങളെ  ഇന്ദ്രൻകൂട്ടി യോജിപ്പിച്ചിരിക്കുന്നു.

**10. പ്ര തേ പൂർവാണി കരണാനി വിപ്രാവിദ്വാം ആഹ വിദുക്ഷേ കരാംസി |**
**യഥായഥാ വ്യഷ്ണ്യയാനി സ്വഗുർതാപാമസി രാജന്നരയാ വിവേഷീഃ ||**

ഹേ ബുദ്ധിമാനായ ഇന്ദ്രാ! നീ എല്ലാം അറിയുന്നവനാണ്. വർഷ യാഗവും, മനുഷ്യരെ സമ്പന്നരാക്കുകയും ചെയ്യുന്ന വർഷസംബന്ധിയായ കാര്യങ്ങളെ എപ്രകാരം നീ ചെയ്തിരിക്കുന്നുവോ അവയെ എല്ലാം വാമദേവൻ ഉല്ലേഖനം ചെയ്തിരിക്കുന്നു.

**11. നൂ ഷ്ടുത ഇന്ദ്ര നൂ ഇഷം ജരിത്രേ നദ്യോ ന പീപേഃ |**
**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമ രഥ്യഃ സദാസാംഃ ||**

ഹേ ഇന്ദ്രാ! നീ പുരാതന മഹർഷികളാൽ പൂജിതനും, ഞങ്ങളാൽ സ്തുതിക്കപ്പെട്ടവനും ആകുന്നു. ജലത്താൽ നദികളെ പൂർണ്ണമാക്കുന്നതുപ്പോലെ ഞങ്ങളെ സ്തുതിക്കുന്ന വരെ അന്നത്താൽ വളർത്തണമേ. ഹേ  അശ്വ യുക്തനായ ഇന്ദ്രാ! ഞങ്ങൾ നിനക്കായി നവീനങ്ങളായ സ്തോത്രങ്ങൾ രചിക്കുന്നു. അതുവഴിയായി ഞങ്ങൾ

രഥയുക്തരായി നിനക്ക് സ്തുതിയും പരിചര്യയും ചെയ്തുകൊിരിക്കും.

## സൂക്തം 20

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ആ ന ഇന്ദ്രോ ദൂരദാ ന ആസാദഭിഷ്ടികൃദവസേ യാസദുഗ്രഃ ||**
**ഓജിഷ്ഠേഭിർനൃപതിർവജ്രബാഹുഃ സംഗേ സമത്സു തുർവണിഃ പൃതന്യൂൻ ||**

ഹേ ഇന്ദ്രാ! നീ ആഗ്രഹങ്ങളെ നിറവേറ്റുന്നവനും, തേജസ്സോടുകൂടിയവനും ആകുന്നു. നീ ഞങ്ങൾക്കഭയം നൽകുവാൻ ദൂരെയാണെങ്കിലും വന്നു ചേരണമേ. അടുത്താണെങ്കിലും വന്നു ഞങ്ങളെ ഇണക്കേണമേ. നീ യുദ്ധസ്ഥലത്തു ശത്രുക്കളെ സംഹരിക്കുന്നു. നീ വജ്രം ധരിച്ച് മനുഷ്യരെ പാലിക്കുകയും, തേജസ്വികളായ മരുത്തുക്കളോടു കൂടി വസിക്കുകയും ചെയ്യുന്നു .

**2. ആ ന ഇന്ദ്രോ ഹരിഭിര്യാത്വച്ഛാർവാചീ നേ ാ വസേ രാധസേ ച |**
**തിഷ്ഠാതി വജ്രീ മഘവാ വിരപ്ശീമം യജ്ഞമനു നോ വാജസാതൗ ||**

നമ്മുടെ മുമ്പിൽ വരുന്ന ഇന്ദ്രൻ അഭയം നൽകുകയും ധനം നൽകുകയും ചെയ്യുന്നതിനായി തൻെറ കുതിരകൾ സഹിതം നമ്മുടെ അടുക്കലേയ്ക്ക് എഴുന്നള്ളണമേ. ആ ഇന്ദ്രൻ വജ്റധാരിയും, ധനൈശ്വര്യയുക്തനും, മഹാനും ആകുന്നു. യുദ്ധാവസരങ്ങളിൽ അവൻ നമ്മുടെ കാര്യങ്ങളിൽ സഹകരിക്കണേ.

**3. ഇമം യജ്ഞം ത്വമസ്മാകമിന്ദ്ര പുരോ ദധത്സനിഷ്യസി ക്രതും നഃ |**
**ശ്വഘ്നീവ വജ്രിന്ത്സനയേ ധനാനാം ത്വയാ വയമര്യ ആജിഞ്ജയേമ ||**

ഹേ ഇന്ദ്രാ! ഞങ്ങളോടു മൈത്രീഭാവം പുലർത്തി, ഞങ്ങളാൽ നടത്തപ്പെടുന്ന ഈ യജ്ഞത്തെ പരിപൂർണ്ണമാക്കിയാലും. ഹേ വജ്രായുധാ! ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വേടൻ കോഴികളെ വേട്ടയാടുന്നതുപോലെ ഞങ്ങൾ നിൻെറ ബലത്താൽ ധനം പ്രാപിക്കുന്നതിനായി യുദ്ധത്തിൽ വിജയികളാകണേ.

**4. ഉശന്നു ഷു ണന്ന സുമനാ ഉപാകേ സോമസ്യ നു സുഷുതസ്യ സ്വധാവഃ |**
**പാ ഇന്ദ്ര പ്രതിഭൃതസ്യ മധ്വഃ സമന്ധസാ മമദഃ പൃഷ്ഠേന ||**

ഹേ ഇന്ദ്രാ! നീ അന്നത്തിൻെറ സ്വാമിയാകുന്നു. നീ ഹർഷയുക്തനായി ഞങ്ങളുടെ അടുക്കൽ ആഗതനായി ഞങ്ങളെ ഇഷ്ടപ്പെട്ട്, ഉത്തമമായ രീതിയിൽ തയ്യാറാക്കപ്പെട്ട മദകാരിയായ സോമരസത്തെ പാനം ചെയ്യണമേ. പകലിൻെറ മധ്യസവനത്തിൽ ഉജ്ജ്വലമായ സ്തോത്രങ്ങളോടുകൂടി ഹർഷ പ്രദായകമായ സോമരസം പാനം ചെയ്യണമേ.

**5. വി യോ രരപ്ശ സോമരസം ഋഷിർവേഭിർവൃക്ഷോ ന പക്വഃ സൃണ്യോ ന ജേതാ |**
**മര്യോ ന യോഷാമഭിമന്യമാനോ ച്ഛരാവിവക്മി പുരുഹൂതമിന്ദ്രം ||**

യാതൊരിന്ദ്രൻ പഴങ്ങൾ നിറഞ്ഞ വൃക്ഷതുല്യം അനേകം രീതികളിൽ പൂജിക്കപ്പെടുന്നുവോ, ജേതാവിനെപ്പോലെ വീരനുമായിരിക്കുന്നുവോ, യാതൊരുത്തൻ നവീനമഹർഷി മാരാൽ അനേകതരത്തിൽ പൂജിക്കപ്പെടുന്നുവോ, ആ ഇന്ദ്രനായി ഞങ്ങൾ പ്രശംസായുക്തമായ സ്തോത്രം ആലപിക്കുന്നു.

**6. ഗിരിർ ന യഃ സ്വതവാം ഋഷ്വ ഇന്ദ്രഃ സനാദേവാ സഹസേ ജാത ഉഗ്രഃ |**
**ആദർതാ വജ്രം സ്ഥവിരം ന ഭീമ ഉദ്നേവ കോശം വസുനാ ന്യൃഷ്ടം ||**

യാതൊരുത്തൻ പർവ്വതസമാനം വിശാലനും, തേജസ്സാൽ തേജസ്വിയും, ശത്രുക്കളെ വശീകരിക്കുവാൻ പ്രാചീനകാലത്തു ഉത്ഭവിച്ചവനും ആയിരിക്കുന്നുവോ, ആ ഇന്ദ്രൻ ജലപൂർണ്ണമായ പാത്രത്തിനു തുല്യം അത്യന്തം തേജസ്വിയും, മഹാനും, വജ്രധാരിയും ആകുന്നു.

**7. ന യസ്യ വർത്താ ജനുഷാ ന്വസ്തി ന രാധസ ആമരീതാ മഘസ്യ |**
**ഉദ്വാവൃഷാണസ്തവിഷീവ ഉഗ്രാസ്മഭ്യം ദദ്ധി പുരുഹൂത രായഃ ||**

ഹേ ഇന്ദ്രാ! നിൻെറ ഉത്ഭവകാലത്തു തന്നെ നിന്നെ തടയുന്നവരായി ആരും ഉായിരുന്നില്ല. യജ്ഞാദികർമ്മങ്ങൾ ക്കായി അങ്ങു നൽകിയ ധനത്തെ നശിപ്പിക്കുന്നവരും ഉായിരുന്നില്ല. ഹേ ശക്തിവാനേ! നീ മഹാതേജസ്വിയും, ആഗ്രഹങ്ങളെ വർഷിക്കുന്നവനും ആകുന്നു. ഞങ്ങൾക്കു വേി ധനം പ്രദാനം ചെയ്യണമേ.

**8. ഈക്ഷേ രായഃ ക്ഷയസ്യ ചർഷണീനാമുത വ്രജമപവർതാസി ഗാനാം |**
**ശിക്ഷാനരഃ സമിഥേഷു പ്രഹാവാന്വസ്വീ രാശിമഭിനേതാസി ഭൂരിം ||**

ഹേ ഇന്ദ്രാ! അങ്ങ് മനുഷ്യരുടെ ധനത്തിൻേറയും, ഗൃഹത്തിൻേറയും പര്യപേക്ഷകനാണ്. വിഘ്നകാരികളായ രാക്ഷസൻമാരിൽ നിന്നും നീ ഗോക്കളെ മോചിപ്പിച്ചു. നീ ശൈക്ഷണിക കാര്യങ്ങളിൽ അഗ്രണിയും, തക്കസമയത്ത് നേതൃത്വം സ്വീകരിച്ച് ശത്രുക്കളെ പ്രഹരിക്കുകയും ചെയ്യുന്നു. നീ ഉായിട്ടുള്ള എല്ലാ സമ്പത്തുക്കളുടേയും അധികാരി ആകണേ.

**9. കയാ തച്ഛ്ര്ൃണ്വേ ശച്യാ ശചിഷ്ഠോ യയാ കൃണോതി മുഹു കാ ചിദൃഷ്വഃ |**
**പുരു ദാശുഷേ വിചയിഷ്ഠോ അംഹോഥാ ദധാതി ദ്രവിണ ജരിത്രേ ||**

ഏറ്റവും അധികം ബുദ്ധിമാനായ ആ ഇന്ദ്രൻ ഏതുവാണിയാലും ശക്തിയാലും, ബുദ്ധിയാലും യുക്തനാണ്? ഏതൊരു കർമ്മങ്ങൾ വഴി മഹാനായ അവൻ തുടർച്ചയായി അനേകം കാര്യങ്ങൾ നടത്തുന്നു? അവൻ മനുഷ്യരുടെ പാപങ്ങൾ നശിപ്പിച്ച് സ്തോതാക്കൾ ധനവും, ഐശ്വര്യവും പ്രദാനം ചെയ്യുന്നു.

**10. മാ നോ മർധീരാ ഭരാ ദദ്ധി തന്നഃ പ്ര ദാശുഷേ ദാതവേ ഭൂരി യത്തേ |**
**നവ്യേ ദേഷ്ണേ ശസ്തേ അസ്മിന്ത ഉക്ഥേ പ്ര ബ്രവാമ വയമിന്ദ്ര സ്തവന്തഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളെ നശിപ്പിക്കരുതേ. നിനക്കായി യാതൊരുത്തൻ തന്നെതന്നെ സമർപ്പിക്കപ്പെടുന്നുവോ, അവർക്ക് നിൻെറ ഐശ്വര്യം പ്രദാനം ചെയ്യൂ. ഞങ്ങൾ നിന്നെ പൂജിക്കുന്നു.

**11. നൂ ഷ്ടുത ഇന്ദ്ര നൂ ഗൃണാന ഇഷ ജരിത്രേ നദ്യോ ന പാപേഃ |**
**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമ രഥ്യഃ സദാസാഃ ||**

ഹേ ഇന്ദ്ര് നീ പുരാതന കാലത്തെ ഋഷിമാരാലും അതുപോലെ ഇപ്പോൾ ഞങ്ങളാലും സ്തുതിക്കപ്പെടുന്നവനായിരിക്കുന്നു. നീ നദികളെ പൂർണ്ണമാക്കുന്ന ജലത്തെപ്പോലെ സ്തോതാക്കളായ ഞങ്ങൾക്ക് അന്നത്തെ വൃദ്ധിപ്പെടുത്തുന്നു. നീ അശ്വയുക്തനാകുന്നു. ഞങ്ങൾ നിനക്കായി പുതിയ സ്തോത്രങ്ങള രചിക്കുന്നു. അതുവഴിയായി ഞങ്ങൾ രഥയുക്തരും നിന്നെ പരിചരിക്കുന്നവരുമായി ഭവിക്കണേ.

## സൂക്തം 21

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ആ യാത്വിൻദ്രോ വസ ഉപ ന എഹ സ്തുതഃ സാധമാദസ്ത ശൂരഃ |**
**വാവൃധാനസ്തവിഷീര്യസ്യ പൂർവീർദ്യൗർന ക്ഷത്രമമിഭൂതി പുഷ്യാത് ||**

മഹാവീരനായ ഇന്ദ്രൻ സ്തുതികൾ വഴിയായി ഞങ്ങളെ രക്ഷിക്കുവാൻ എന്നു ചേരണേ. അവൻ വൃദ്ധിയെ പ്രാപിച്ച് ഞങ്ങളുടെ പ്രസന്നതയിൽ തന്നെ സന്തുഷ്ടിയെ മാനിക്കണേ. യാതൊരുത്തൻ ബലകൗശലത്തിൽ സമ്പന്നനും സൂര്യനുതുല്യം തേജസ്വിയും ആയിരിക്കുന്നുവോ; ആ ഇന്ദ്രൻ എല്ലാവരേയും പരാജിതനാക്കുന്നവനായി ഞങ്ങളെ പാലനം ചെയ്യണമേ.

**2. തസ്യേദിഹ സ്തവഥ വൃഷ്ണ്യാനി തുവിദ്യുന്മസ്യ തുവിരാധസോ നൃൻ |**
**യസ്യ ക്രതുർവിദഥ്യോ ന സമ്രാട് സാഹ്വന്തരുത്രോ അഭ്യസ്തി കൃഷ്ടീഃ ||**

ഹേ മനുഷ്യരേ! യജ്ഞാദികളായ ശുഭകർമ്മങ്ങൾ നടത്തുന്ന സാമ്രാട്ടുകൾക്കു സമാനം യാതൊരുത്തൻ എല്ലാവരേയും പരാജയപ്പെടുത്തുന്ന കർമ്മം ശത്രുസൈന്യങ്ങളെ പരാജയപ്പെടുത്തുന്നതിൽ സമർത്ഥവും നമ്മെ രക്ഷിക്കുകയും ചെയ്യുന്നുവോ ആ യശസ്വിയും ഐശ്വര്യശാലിയും ആയ ഇന്ദ്രബലത്തിൻെറ കാരണരൂപരായ മരുത്തുക്കൾക്ക് ഈ യജ്ഞത്തിൽ സ്തുതികൾ നൽകുവിൻ.

**3. ആ യാത്വിന്ദ്രോ ദിവ ആ പൃഥിവ്യാ മക്ഷൂ സമുദ്രാദൂത വാ പുരീഷാത് |**
**സ്വർണരാദവസേ നോ മരുത്വാൻ പരാ വതോ വാ സദനാദൃതസ്യ ||**

ഹേ ഇന്ദ്രാ! ഞങ്ങൾഭയം നൽകുന്നവനായി സ്വർഗ്ഗം, ഭൂമി, അന്തരീക്ഷം, സൂര്യമണ്ഡലം, ജലപ്രദേശം, മേഘമണ്ഡലം തുടങ്ങി ഏതുസ്ഥാനമാണെങ്കിലും നീ അവിടെനിന്നും മരുത്തുക്കളോടു കൂടി ഇവിടെ വന്നുചേരണമേ.

**4. സ്ഥൂരസ്യ രായോ ബൃഹതോ യ ഈശേ തമുഷ്ടവാമ വിദഥേഷ്വിന്ദ്രം |**
**യോ വായുനാ ജയതി ഗോമതീഷു പ്ര ധൃഷ്ണയാ യോ നയതി വസ്യോ അച്ഛ ||**

യാതൊരാൾ സ്ഥിരവും മഹത്തുമായ ഐശ്വര്യത്തിൻെറ സ്വാമിയായിരിക്കുന്നുവോ, യാതൊരുത്തൻ പ്രാണരൂപമായ ശക്തിയാൽ ശത്രുസൈന്യത്തെ പരാജയപ്പെടുത്തുന്നുവോ, യാതൊരുത്തൻ മഹാജ്ഞാനിയായിരിക്കുന്നുവോ സ്തോതാക്കൾക്ക് ഉത്തമമായ ധനം പ്രദാനം ചെയ്യുകയും ചെയ്യുന്നുവോ ആ ശത്രു ഹന്താവായ ഇന്ദ്രനെ യജ്ഞവേദിയിൽ നാം സ്തുതിക്കുന്നു.

**5. ഉപ യോ നമോ നമസി സ്തഭായന്നിയർതി വാചം ജനയന്യജധ്യൈ |**
**ഋഞ്ജസാനഃ പുരുവാര ഉക്ഥൈരേന്ദ്രം കൃണ്വീത സദനേഷു ഹോതാ ||**

യാതൊരുത്തൻ ഭയങ്കരമായ ഗർജ്ജനശബ്ദം മുഴക്കി ലോകത്തെ ആകമാനം സ്തംഭിക്കുകയും ഹവിസ്സുക്കൾ സ്വീകരിച്ച് വർഷം വഴിയായി അന്നം നൽകുകയും ചെയ്യുന്നുവോ, യാതൊരുത്തൻ ഉത്തമങ്ങളായ സ്തോത്രങ്ങൾ വഴിയായി സ്ത്വർഹനായിരിക്കുന്നുവോ, ആ ഇന്ദ്രനെ നാം യാഗവേദിയിലേയ്ക്ക് ആഹ്വാനം ചെയ്യുന്നു.

**6. ധിഷാ യദി ധിഷണ്യന്ത സരണ്യാൻത്സന്തോ അദ്രിമൗശിജസയ ഗോഹേ |**
**ആ ദുരോഷാഃ പാസ്ത്യസ്യ ഹോതാ യോ നോ മഹാൻത്സംവരണേഷു വഹ്നി ||**

ഇന്ദ്രനെ സ്തുതിക്കുവാൻ ആഗ്രഹിക്കുന്നവർ, യജമാനൻെറ ഗൃഹത്തിൽ വസിക്കുന്ന സ്തോതാക്കൾ ഇന്ദ്രൻെറ മുമ്പിൽ സ്തോത്രസമേതം ഉപസ്ഥിതാകുമ്പോൾ ആ ഇന്ദ്രൻ വന്നുചേരണേ. അവൻ യുദ്ധഭൂമിയിൽ നമ്മുടെ സഹായായിത്തീരണേ. അവൻ മഹാതേജസത്വിയും, യജമാനൻമാരുടെ ഹോതാരൂപനും ആകുന്നു.

**7. സത്രാ യദീം മാർവരഭസ്യ വൃഷ്ണ സിഷക്തി ശുഷ്മഃ സ്തവതേ ഭരായ |**
**ഗുഹാ യദീമൗശിജസ്യ ഗോഹേ പ്ര യദ്ധിയേ പ്രായസെ മദായ ||**

പ്രജാപതിയുടെ പുത്രനും, ലോകത്തെ ഭരിക്കുന്നവനുമ, അനുഗ്രഹങ്ങൾ വർഷിക്കുന്നവനുമായ ഇന്ദ്രൻെറ ശക്തി യജമാനനെ പാലിക്കുന്നതിനായി ശരീരത്തിൻെറ ഗുഹാരൂപമാകുന്ന ഹൃദയത്തിൽ പ്രകടമാക്കുന്നു. ആ ശക്തി യജമാനൻമാരുടെ ഭവനങ്ങളിലും, കർമ്മങ്ങളിലും വ്യാപ്തരായി പ്രസന്നതയ്ക്കും അഭീഷ്ടലബ്ധിക്കും ആയി ഉത്ഭവിച്ച് സദാ പോഷിച്ചുകൊിരിക്കുന്നു.

**8. വി യദ്വരാം സി പർവതസ്യ വൃണ്വേ പയോഭിർജിന്വേ അപാം ജവാംസി |**
**വിദദ്ഗൗരസ്യ ഗവയസ്യ ഗോഹേ യദീ വാജായ സുധ്യോ വഹന്തി ||**

ഇന്ദ്രൻ മേഘത്തിൻെറ വാതിലുകളെല്ലാം തുറന്നു. ജലത്തിൻെറ വേഗതയെ പരിപൂർണ്ണമാക്കി. ഉത്തമകർമ്മാവായ യജമാനൻ ഇന്ദ്രനു ഹവിസ്സ് നൽകിയശേ ാവൻ ഗൊക്കൾ മുതലായ ധനം പ്രദാനം ചെയ്തു.

**9. ഭദ്രാ തേ ഹസ്താ സുകൃതോതപ്രാണീ പ്രയന്താര സത്ുവതേ രാധ ഇന്ദ്ര |**
**കാ തേ നിഷത്തിഃ കിമു നോ മമത്സി കിം നോദുദു ഹർഷസേ ദാതവാ ഉ ||**

ഹേ ഇന്ദ്രാ! നിൻെറ ഭുജങ്ങൾ രും മംഗളദായകങ്ങളാണ്. അവ എപ്പോഴും ശ്രേഷ്ഠങ്ങളായ കർമ്മങ്ങൾ അനുഷ്ടിച്ച് യജമാനന് ധനം പ്രദാനം ചെയ്തുകൊിരിക്കുന്നു. ഹേ ഇന്ദ്രാ! നിൻെറ ഉന്നതപദവിയുടെ സ്ഥിതി എന്താണ്? നീ ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യുവാൻ എന്തുകൊ് സന്തുഷ്ടനാകുന്നില്ല?

**10. ഏവാ വസ്വ ഇന്ദ്രഃ സത്യഃ സമ്രാട് ഢന്താ വൃത്രം വരിവഃ പൂരവേ കഃ |**

**പുരുഷടുത ക്രത്വാ നഃ ശഗ്ധി രായോ ഭക്ഷീയ തേ വസോ ദൈവസ്യ ||**

സത്യയുക്തനും, സമ്പത്തുക്കളുടെ നാഥനും, വൃത്രസംഹാരകനും ആയ ഇന്ദ്രൻ, തന്നെ സ്തുതിക്കുന്നവരായ യജമാനൻമാർക്ക് ധനം പ്രദാനം ചെയ്യുന്നു. ഹേ ഇന്ദ്രാ! നീ അനേകരാൽ പൂജിക്കപ്പെടുന്നു. ഞങ്ങളുടെ സ്തുതികൾ ശ്രവിച്ച്, ദിവ്യൈശ്വര്യങ്ങൾ അനുഭവിക്കുന്നതിനായി ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യണമേ.

**11. നൂ ഷ്ടുത ഇന്ദ്ര ഗൃണാന ഇഷം ജരിത്രേ നദ്യോ ന പീപേഃ|**

**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമ രഥ്യഃ സദാസാഃ ||**

ഹേ ഇന്ദ്രാ! നീ പൂർവ്വകാല മഹർഷിമാരാൽ സ്തുതിക്കപ്പെട്ടു. ഇപ്പോൾ ഞങ്ങളാൽ പൂജിതനായി ജലം നദികളെ പൂർണ്ണമാക്കുന്നതുപോലെ സ്തുതിക്കുന്നവരുടെ അന്നത്തെ വളർത്തണമേ. ഹേ അശ്വയുക്തനായ ഇന്ദ്രാ! ഞങ്ങൾ നിനക്കായി നൂതനങ്ങളായ സ്തോത്രങ്ങൾ രചിക്കുന്നു തൻമൂലം ഞങ്ങൾ ഉത്തമ രഥത്തിൽ യുക്തരായി നിന്നെ സ്തുതിച്ചും, വിചാരിച്ചും ജീവിക്കണേ.

# അനുവാകം 3

## സൂക്തം 22

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പക്തി.**

**1. യന്ന ഇന്ദ്രോ ജുജുഷേ യച്ച വഷ്ടി തന്നോ മഹാൻ കരതി ശുഷ്മ്യാ ചിത് |**

**ബ്രഹ്മ സ്തോമം മഘവാ സോമമുക്ഥാ യോ അശ്മാനം ശവസാ ബിഭ്രദേതി ||**

മഹാബലിയായ ആ ഇന്ദ്രൻ ഹവ്യരൂപമായ നമ്മുടെ അന്നം ഭക്ഷിക്കുന്നു. ഐശ്വര്യവാനായ അവൻ വജ്രായുധം ധരിച്ച് ശക്തിമാനായി വരുന്നു.ഹവിസ്സ്, അന്നം, സ്തുതി, സോമം, സ്തോത്രങ്ങൾ, ഇവ നമ്മിൽ നിന്നും അവൻ സ്വീകരിക്കുന്നു.

**2. വൃഷാ വൃഷന്ധിം ചതുരശ്രിമസ്യന്നുഗ്രോ ബാഹുഭ്യാം നൃതമഃ ശചീവാൻ |**

**ശ്രിയേ പരുഷ്ണീമുഷമാണ ഊർണാം യസ്യാഃ പർവാണി സഖ്യായ വിവ്യേ ||**

ആ ഇന്ദ്രൻ അഭിലാഷങ്ങൾ വർഷിക്കുന്നവനാകുന്നു. ാവൻ തൻെറ ഇരുകരങ്ങളാലും വർഷം നടത്തുന്ന വജ്രത്തെ ശത്രുക്കളുടെമേൽ പ്രയോഗിക്കുന്നു. ഉഗ്രകർമ്മാവായ അവൻ അഗ്രണിയും, കർമ്മവാനുമായി പരുഷ്ണനിക്ക് അഭയം നൽകുകയും ആ നദീപ്രദേശത്തെ മൈത്രി കർമ്മങ്ങളാൽ സമ്പന്നമാക്കുകയും ചെയ്തു.

**3. യോ ദേവോ ദേവതമോ ജായമാനോ മഹോ വാജേഭിർഹദ്ഭിശ്ച ശുഷ്മൈഃ |**

**ദധാനോ വജ്രം ബാഹ്വോരുശന്തം ദ്യാമമേന രേജയത് പ്ര ഭൂമ ||**

യാതൊരുത്തൻ മഹാ പ്രകാശവാനും, ശ്രേഷ്ഠനായ ദാനിയും, ജനിച്ചപ്പോൾ തന്നെ അന്നത്താലും, മഹാശക്തിയാലും യുക്തനായിരിക്കുന്നുവോ ആ ആ ഇന്ദ്രൻ ഇരുകരങ്ങളിലും വജ്രം ഉയർത്തി ആകാശത്തേയും ഭൂമിയേയും വിറപ്പിച്ചിരുന്നു.

**4. വിശ്വാ രോധാംസി പ്രവതശ്ച പൂർവീർദ്യൗ ഋഷ്വാജ്ജനിമൻരേജത ക്ഷാഃ |**

**ആ മാതരാ ഭരതി ശുഷ്മ്യാഗോർനൃവത് പരിജ്മനോനുവന്ത വാതാഃ ||**

ആ മഹാനായ ഇന്ദ്രൻെറ പിറവിയാൽ എല്ലാ പർവ്വതങ്ങളും, എല്ലാ സമുദ്രങ്ങളും, ആകാശവും, ഭൂമിയും അദ്ദേഹത്തോടുള്ള ഭയത്താൽ ഞെട്ടിവിറച്ചു. ശക്തിമാനായ ആ ഇന്ദ്രൻ ഗതിമാനായ ആദിത്യൻെറ മാതാപിതാക്കളായ ആകാശത്തേയും ഭൂമിയേയും വഹിക്കുന്നു. ഇന്ദ്രനിൽ നിന്നും പ്രേരണ പ്രാപിച്ച വായു മനുഷ്യരെപ്പോലെ ശബ്ദിക്കുന്നു.

**5. താ തൂ ത ഇന്ദ്ര മഹതോ മഹാനി വിശ്വേഷ്വിത്സവനേഷു പ്ര ാവച്യാ |**

**യച്ഛൂര ധൃഷ്ണോ ധൃഷതാ ദധൃഷ്വാനഹിം വജ്രേണ ശവസാവിവേഷീഃ ||**

ഹേ ഇന്ദ്രാ! നീ മഹാനാകുന്നു. നിൻെറ കർമ്മങ്ങൾ മഹത്വപൂർണ്ണങ്ങളും, നീ എല്ലാ സവനങ്ങളിലും സ്തുതിക്കപ്പെടുകയും ചെയ്യുന്നു. നീ മഹാജ്ഞാനിയും വീരനും ആകുന്നു. നീ ശക്തിയുക്തം തൻെറ വജ്രത്താൽ അഹിയെ സംഹരിച്ച് എല്ലാലോകങ്ങളേയും രക്ഷിക്കുകയും ചെയ്യുന്നു.

**6. താ തൂ തേ സത്യാ തുവിനൃമ്ണ വിശ്വാ പ്ര ധേനവഃ സിസ്രതേ വൃഷ്ണ ഊധ്നഃ |**

**അധാ ഹ ത്വദ് വൃഷമണോ ഭിയാനാഃ പ്ര സിന്ധവോ ജവസാ ചക്രമന്ത ||**

ഹേ ഇന്ദ്രാ! നീ അത്യന്തം ബലശാലിയാകുന്നു. നിൻെറ എല്ലാ കർമ്മങ്ങളും സത്യമായി അലിഞ്ഞു ചേർന്നിട്ടുള്ളവയാണ്. അഭീഷ്ടവർഷകനാകുന്നു. നിന്നോടുള്ള ഭയം ഹേതുവായി ഗോക്കൾ പാലിനെ രക്ഷിക്കുന്നു. നദികൾ നിന്നോടുള്ള ഭയത്താൽ പ്രവഹിച്ചുകൊിരിക്കുന്നു.

**7. അത്രാഹ തേ ഹരിവസ്താ ഉ ദേവീരവോ ഭിരിന്ദ്ര സ്തവന്ത സ്വസാരഃ |**

**യത്സീമനു പ്രമുചോ ബദ്ബധാന ദീർഘാമനു പ്രസിതിം സ്യന്ദയധ്യൈ ||**

ഹേ അശ്വായുക്തനായ ഇന്ദ്രാ! വൃത്രനാൽ തടയപ്പെട്ട ഈ നദികളെ നീ ബഹുകാലത്തേയ്ക്കായി പ്രഹരിക്കുവാൻ അനുവദിച്ചപ്പോൾ ആ സമയം മനോഹരങ്ങളായ ആ നദികൾ നിൻെറ ആശ്രയത്തിനുവേി സ്തുതിച്ചിരുന്നു.

**8. പപീളേ അംശുർമദ്യോ ന സിന്ധുരാ ത്വാ ശമീ ശശമാനസ്യ ശക്തിഃ |**

**അസ്മദ്രൈക്ശുശുചാനസ്യ യമ്യാ ആശുർന രശ്മിം**

**തുവ്യോജസം ഗോഃ ||**

ഹർഷോർപാദകമായ സോമം തയ്യാറായിരിക്കുന്നു. അത് അങ്ങയുടെ അടുക്കലെത്തണമേ. ദ്രുതഗാമിയായ അശ്വരോഹി പാഞ്ഞുപോകുന്ന അശ്വത്തിൻെറ കടിഞ്ഞഭഞാൺ നിയന്ത്രിക്കുന്നതുപോലെ നീ ശുഭകർമ്മികളായ സ്തോതാക്കളുടെ പ്രേരണാപ്രദായകമാകണമേ.

**9. അസ്മേ വർഷിഷ്ഠാ കൃണുഹി ജേഷ്ഠാ നൃമ്ണാനി സത്രാ സഹൂരേ സഹാംസി |**
**അസ്മഭ്യം വൃത്രാ സഹനാനി രന്ധി ജഹി വധർവനുഷോ മർത്യസ്യ ||**

ഹേ ഇന്ദ്രാ! ശത്രുക്കളെ പരാജയപ്പെടുത്തുന്നതും, മഹത്തായതുമായ ശക്തി ഞങ്ങൾക്ക് പ്രദാനം ചെയ്താലും മരണർഹനായ ശത്രുവിനെ ഞങ്ങളെ ഏല്പിക്കൂ. ഹിംസിതൻമാരുടെ ആയുധങ്ങൾ നശിപ്പിക്കട്ടെ.

**10. അസ്മാകമിത്സു ശൃണുഹി ത്വമിന്ദ്രാസ്മഭ്യം ചിത്രാം ഉപ മാഹി വാജാൻ |**
**അസ്മഭ്യം വിശ്വാ ഇഷണഃ പുരന്ധീരസ്മാകം സു മഘവൻബോധി ഗോദാഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ സ്തുതികൾ ശ്രവിക്കണമേ. ഞങ്ങൾക്ക് എല്ലാതരത്തിലും ഉള്ള ധനവും, അന്നവും പ്രദാനം ചെയ്യൂ. ഞങ്ങൾക്ക് വേി ബുദ്ധിയെ പ്രേരിപ്പിക്കുകയും ഞങ്ങൾക്ക് ഗോക്കളെ പ്രദാനം ചെയ്യുകയുംചെയ്യണേ.

**11. നൂ ഷ്ടുത ഇന്ദ്ര നൂ ഗൃണാന ഇഷം ജരിത്രേ നദ്യോ ന പീപേഃ |**
**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമ രഥ്യഃ സദാസാഃ ||**

ഹേ ഇന്ദ്രാ! നീ പുരാതന മഹർഷിമാരാൽ പൂജിക്കപ്പെട്ടു. ഇപ്പോൾ ഞങ്ങളും നിന്നെ സ്തുതിക്കുന്നു. നീ ജലത്താൽ നദികളെ പൂർണ്ണങ്ങളാക്കിയതുപോലെ സ്തോതാക്കൾക്ക് അന്നാഭിവൃദ്ധി നൽകണമേ. ഹേ ഇന്ദ്രാ! നീ അശ്വങ്ങളുടെ പാലകനാകുന്നു. ഞങ്ങൾ നിനക്കായി നൂതനങ്ങളായ സ്തോത്രങ്ങൾ രചിക്കുന്നു. തൻമൂലം ഞങ്ങൾ രഥയുക്തരായി നിന്നെ സ്തുതിക്കുന്നവരും പരിചരിക്കുന്നവരും ആയി ഭവിക്കണേ.

## സൂക്തം 23

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. കഥാ മഹാമവൃധത്കസ്യ ഹോതാര്യജ്ഞം ജുജൂഷാണോ അഭി സോമമൂധഃ |**
**പിബന്നുശാനോ ജുജുഷമാണോ അന്ധോ വവക്ഷ ഋഷ്വഃ ശുചതേ ധനായ ||**

നമ്മുടെ സ്തുതി ഇന്ദ്രനെ എപ്രകാരം വളർത്തും? അവൻ ഏതൊരു ഹോതാവിൻെറ യജ്ഞത്തിൽ സ്നേഹഭാവത്തോടു കൂടി ആഗതനാകും? ഇന്ദ്രൻ മഹാനാകുന്നു. അവൻ സോമരസം പാനം ചെയ്ത്, അതുപോലെ ഹവിരാന്നം ആഗ്രഹിച്ചുകൊ് ഉജ്ജ്വലമായ ധനത്തെ യജമാനനുവേി വഹിക്കുന്നു.

**2. കോ അസ്യ വീരഃ സധമാദമാപ സമാനംശ സുമതിഭിഃ കോ അസ്യ |**
**കദസ്യ ചിത്രം ചികിതേ കദൂതി വൃധേ ഭുവച്ഛശമാനസ്യ യജ്യോഃ ||**

ഇന്ദ്രനോടുകൂടി ആര് സോമം പാനം ചെയ്യും? അവൻെറ കൃപ ആര് പ്രാപിക്കും? അവൻെറ അത്ഭുത ധനം എപ്പോൾ വീതിക്കപ്പെടും? അവൻ തൻെറ സ്തോതാവിനെ വളർത്തുവാൻ വേി അവനെ രക്ഷിക്കുമോ?

**3. കഥാ ശൃണോതി ഹൂയമാനമിന്ദ്രഃ കഥാ ശൃണ്വന്നവസാമസ്യ വേദ |**
**കാ അസ്യ പൂർവീരുപമാതയോ ഹ മഥൈനമാഹുഃ പപുരിം ജരിത്രേ ||**

ഹേ ഇന്ദ്രാ! നീ മഹൈശ്വര്യയുക്തനായി ഹോതാവിൻെറ പ്രാർത്ഥന എപ്രകാരം ശ്രവിക്കും? നീ സ്തോത്രങ്ങൾ ശ്രവിച്ച് സ്തുതികർത്താവായ ഹോതാവിൻെറ രക്ഷയ്ക്കുള്ള കാര്യങ്ങൾ എങ്ങിനെ അറിയുന്നു? നിൻെറ പ്രാചീനദാനങ്ങൾ എന്തെല്ലാമാണ്. നിൻെറ ആ ദാനങ്ങൾ സ്തോതാവിൻെറ ആഗ്രഹങ്ങൾ സഫലമാക്കുന്നു എന്ന് എന്തുകൊ് പറയപ്പെടുന്നു.

**4. കഥാ സുബാധഃ ശശമാനോ അസ്യ നശദഭി ദ്രവിണം ദീധ്യാനഃ |**
**ദേവോ ഭൂവന്നവേദാ മ ഋതാനാം നമോ ജഗൃഭ്വാം അഭി യജ്ജുജോഷത് ||**

യാതൊരു യജമാനൻ കഷ്ടതയിൽപെട്ട് ഇന്ദ്രനെ സ്തുതിക്കുകയും യജ്ഞത്താൽ പ്രകാശം പ്രാപിക്കുകയും ചെയ്യുന്നുവോ. അവൻ ഇന്ദ്രൻെറ ധനത്തെ എപ്രകാരം ഭാവിക്കുന്നു? പ്രകാശവാനായ ഇന്ദ്രൻ ഹവിസ്സ് ഭക്ഷിച്ച് നമ്മുടെ മേൽ സന്തുഷ്ടനാകുമ്പോൾഅവൻ നമ്മുടെ സ്തോത്രങ്ങള ശരിയായ രീതിയിൽ അറിയുന്നു.

**5. കഥാ കദസ്യാ ഉഷസോ വ്യുഷ്ഠൗ ദേവോ മർതസ്യ സഖ്യം ജുജൂജോഷ |**
**കഥാ കദസ്യ സഖ്യം സഖിഭ്യോ യേ അസ്മിന്കാമം സുയുജം തതസ്രേ ||**

പ്രകാശവാനായ ഇന്ദ്രൻ ഉഷസ്സിൽ എപ്പോൾ എപ്രകാരം മനുഷ്യരുമായി ബന്ധുത്വം സ്ഥാപിക്കുന്നു? ഇന്ദ്രനുവേി യാതൊരു ഹോതാവ് സുന്ദരമായ ഹവിസ്സിനെ ഉയർത്തുന്നുവോ അവനുവേി ഇന്ദ്രൻ എപ്പോൾ എങ്ങിനെ ബന്ധുഭാവം പ്രകാശിപ്പിക്കുന്നു.

**6. കിമാദമത്രം സഖ്യ സഖിഭ്യഃ കദാ നു തേ ഭ്രാതം പ്ര ബ്രവാമ|**
**ശ്രിയേ സുദൃശോ വപുരസ്യ സർഗാഃ സ്വർണ ചിത്രതമമിഷ ആ ഗോഃ ||**

ഹേ ഇന്ദ്രാ! യജമാനൻ ശത്രുക്കളെ പരാജയപ്പെടുത്തുന്ന അവൻെറ മിത്രഭാവത്തെ എപ്രകാരം സ്തോതാക്കളോടു വർണ്ണിക്കും? ഞങ്ങൾ എപ്പോൾ നിൻെറ ബന്ധുത്വത്തെ പ്രചരിപ്പിക്കും? ഉത്തമദർശനനായ ഇന്ദ്രൻെറ എല്ലാ കർമ്മങ്ങളും സ്തുതിക്കുന്നവർക്ക് സുഖകാരിയാകുന്നു. സൂര്യനെപ്പോലെ അത്യന്തം ദർശനീയനായ ഇന്ദ്രൻെറ ശരീരത്തെ എല്ലാവരും അഭിലഷിക്കുന്നു.

**7. ദ്രുഹം ജിഘാംസന്ധ്വരസമനിന്ദ്രാം തേതിക്തേ തിഗ്മാ തുജസേ അനീകാ |**
**ഋണാ ചിദ്യത്ര ഋണയാ ന ഉഗ്രോ ദൂരേ അജ്ഞാതാ**

**ഉഷസോ ബബാധേ ||**

ഇന്ദ്രന്റെ പരാക്രമങ്ങളെ അറിയാത്തവരും, ദ്രോഹികളും, ഹിംസിക്കുന്നവരും ആയ രാക്ഷസികളെ വധിക്കുവാൻ വേി അവൻ പ തന്നെ ആയുധങ്ങൾക്കു മൂർച്ച കൂട്ടിയിരിക്കുന്നു. കടം എല്ലാ സമ്പത്തുക്കളേയും അവസാനിപ്പിക്കുന്നതുപോലെ ഇന്ദ്രൻ ഉഷസ്സുക്കളെ പീഢിപ്പിക്കുന്നു

**8. ഋതസ്യ ഹി ശുരുധഃ സന്തി പൂർവിർഋതസ്യധീതീർവൃജിനാനി ഹന്തി |**
**ഋതസ്യ ശ്ലോകോ ബധിരാ തതർദ കർണാ ബുധാനഃ ശുചമാന ആയോഃ ||**

ഋതദേവൻ ധാരാളം ജലത്താൽ യുക്തനാകുന്നു. അവനോടുള്ള സ്തുതി പാപങ്ങളെ അകറ്റിക്കളയുന്നു. ജ്ഞാനദായിനിയായ അവന്റെ വാണി ബധിരന്റെ കർണ്ണങ്ങളിൽ പോലും പതിക്കുന്നു.

**9. ഋതസ്യ ദൃളഹാ ധരുണാനി സനഭതി പുരുണി ചന്ദ്രാ വപുഷേ വപൂംഷി |**
**ഋതേന ദീർഘമിഷണന്ത പൃക്ഷ ഋതേന ഗാവ ഋതമാ വിവേശുഃ ||**

ഋതദേവനനേകം രൂപമു്. സാധകഗുണം അവനിൽ നിന്നും അന്നം യാചിക്കുന്നു. അവൻ വഴിയായി ഗോക്കൾ ദക്ഷിണരൂപത്തിൽ യജ്ഞത്തിലേയ്ക്ക് പോകുന്നു.

**10. ഋതം യേമാന ഋതമിദ്വനോത്യർതസ്യശഷ്മസ്തുരയാ ഉ ഗവ്യുഃ |**
**ഋതായ പൃഥ്വീ ബഹൂലേ ഗഭീരേ ഋതായ ധേനൂ പരമേ ദുഹാതേ ||**

സ്തോതാക്കൾ ഋതദേവനെ വശത്താക്കുവാനായി അവനെത്തന്നെ ഭജിക്കുന്നു. അവന്റെ ബലം ആഗ്രഹിക്കുന്നു. ഭൂമി ഋതദേവനു വേി പാൽ ചുരത്തുന്നു.

**11. നൂ ഷ്ടുത ഇന്ദ്ര നൂഗൃണാന ഇഷം ജരിത്രേ നദ്യോ ന പീപേഃ |**
**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമ രഥ്യഃ സദാസാഃ ||**

ഹേ ഇന്ദ്രാ! നീ പൂർവ്വജലത്താൽ നദികളെ പൂർണ്ണമാക്കിയതുപോലെ സ്തോതാക്കളുടെ അന്നത്തെ വളർത്തുന്നു. നീ ഋഷിമാരാലും സ്തുതിക്കപ്പെടുന്നു. ഇപ്പോൾ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഹേ ഇന്ദ്ര! നീ അശ്വവാനാണ്. ഞങ്ങൾ നിനക്കുവേി നവീനങ്ങളായ സ്തോത്രങ്ങൾ രചിക്കുന്നു. തൻമൂലം ഞങ്ങൾ രഥയുക്തരായി നിന്നെ സ്തുതിച്ചും, പരിചരിച്ചും കഴിയുന്നവരായി ഭവിക്കണേ.

## സൂക്തം 24

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. കാ സുഷ്ടുതിഃ ശവസഃ സൂനുമിന്ദ്രമർവാചീനം രാധസ വവർതത് |**
**ദദിർഹി വീരോ ഗൃണതേ വസൂനി സ ഗോപതിർനിഷ്ഷിധാമ നോ ജനാസഃ ||**

ബലപുത്രനായ ഇന്ദ്രനെ മനോഹരമായ സ്തുതികളാൽ ധനം നൽകുന്നതിനായി നാം എപ്രകാരം വിളിക്കും? ഹേ മനുഷ്യരേ മൃഗപാലകനും, വീരനും ആയ ഇന്ദ്രൻ ശത്രുക്കളുടെ ധനം നമുക്കു പ്രദാനം ചെയ്യണേ. നമുക്ക് അവനെ സ്തുതിക്കാം.

**2. സ വൃത്രഹത്യേ ഹവ്യഃ സ ഈഡ്യഃ സ സുഷ്ടുത ഇന്ദ്രഃ സത്യരാധാഃ |**
**സ യാമന്നാ മഘവായർത്യായ ബ്രഹ്മണ്യതേ സുഷ്വയേ വരിവോ ധാത് ||**

വൃത്രനെതിരായ യുദ്ധത്തിൽ ഇന്ദ്രൻ വിളിക്കപ്പെടുന്നു. അവൻ സ്തുതിക്കു പാത്രമാകുന്നു. ഉത്തമമായ രീതിയിൽ സ്തുതിക്കപ്പെടുമ്പോൾ യജമാനന് ധനം നൽകുന്നതിനായി അവൻ സത്യസ്വരൂപനാകുന്നു. ഐശ്വര്യവാനായ എന്ദ്രൻ സോമത്തെ ആഗ്രഹിച്ചുകൊ് യജമാനന് ധനം നൽകുന്നു.

**3. തമിന്നരോ വി ഹ്വയന്തേ സമീകേ രിരിക്വം സസ്തന്വഃ കൃണ്വത ത്രാം |**
**മിഥോ യത്ത്യാഗമുഭയാസോ അഗ്മന്നര സ്തോക സ്യ തനയസ്യ സാതൗ ||**

സംഗ്രാമസമയത്ത് മനുഷ്യൻ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. യജമാനനും സ്തോതാവും രുപേരും സന്താനലാഭത്തിനായി ഇന്ദ്രനെ സമീപിക്കുന്നു.

**4. ക്രതൂയന്തി ക്ഷിതയോ യോഗ ഉഗ്രാശുഷാണാസോ മിഥോ അർണസാതൗ |□**
**സം യദ്വിശോ വവൃത്രന്ത യുധ്മാ ആദിന്നേമ ഇന്ദ്രയന്തേ അഭീകേ ||**

ഹേ ഇന്ദ്രാ! നീ ബലവാനാകുന്നു. നാലുദിക്കുകളിലും വസിക്കുന്ന മനുഷ്യൻ ഒന്നായിച്ചേർന്ന് ജലത്തിനുവേി യജ്ഞം നടത്തുന്നു. യുദ്ധം ചെയ്യുന്നവർ സമരഭൂമിയിൽ ഒന്നിച്ച് കൂടുമ്പോൾ ഇവരിൽ ആര് ഇന്ദ്രനെ വിളിക്കും.

**5. ആദിദ്ധ നേമ ഇന്ദ്രിയം യജന്ത ആദിത് പക്തി; പുരോളാശം രിരിച്യാത് |**
**ആദിത്സോമോ വി പപൃച്യാദസുഷ്വീനാദിജ് ജൂജോഷ വൃഷഭം യജധ്യൈ ||**

ആ സമയം ചിലർ വീരനും, സുശക്തനും ആയ ഇന്ദ്രനെ പൂജിക്കുകയും ചിലർ പുരോളാശം കൊുവന്ന് അവനു നൽകുകയും ചെയ്യുന്നു. ഈ സമയത്ത് സോമം തയ്യാറാക്കുന്ന യജമാനൻ അല്ലാത്തവനെ വേർതിതിക്കുന്നു. ഈ സമയത്ത് ചിലർ അഭിലാഷവർഷകനായ ഇന്ദ്രനുവേി യജ്ഞം നടത്തുവാൻ ഇഷ്ടപ്പെടുന്നു□□

**6. കൃണോത്യസ്മൈ വരിവോ യ ഇത്ഥേന്ദ്രായ സോമമുശതേ സുനോതി |**
**സധ്രീചീനേന മനസാവിവേനന്തമിത്സഖായം കൃണുതേ സമത്സു ||**

ദിവ്യലോകത്തിൽ വസിക്കുന്ന ഇന്ദ്രനുവേി യാതൊരുത്തൻ സോമം തയ്യാറാക്കുന്നുവോ, അവന് ഇന്ദ്രൻ ധനം നൽകുന്നു. ഏകാഗ്രഭാവത്തോടുകൂടി ഇന്ദ്രനെ ഇഷ്ടപ്പെടുന്നവനും അതുപോലെ സോമം തയ്യാറാക്കുന്നവനും യജമാനനുമായി ആ ഇന്ദ്രൻ യുദ്ധരംഗത്തിൽ സഖ്യം സ്ഥാപിക്കുന്നു.

**7. യ ഇന്ദ്രായ സുനവത്സോമമദ്യ പചാത്പക്തിരുത**

**ഭൃജ്ജാത ധാനാഃ |**

**പ്രതി മനായോരുചഥാനി ഹര്യന്തസ്മിന്ദധദ് വൃഷണം ശുഷ്മമിന്ദ്രഃ ||**

ഇന്ന് യാതൊരുത്തൻ ഇന്ദ്രനുവേി സോമരസം പിഴിഞ്ഞെടുക്കുന്നുവോ, ആര് പുരോളാശം കൊുവരികയും യവം മലരാക്കുകയും ചെയ്യുന്നുവോ, സ്തോത്രങ്ങളെ ശ്രവിക്കുന്ന ആ ഇന്ദ്രൻ യജമാനൻെറ ആഗ്രഹ പൂർത്തിക്കായുള്ള ശക്തിയെ ധാരണം ചെയ്യുന്നു.

**8. യദാ സമര്യമ വ്യചേദൃഘാവാ ദീർഘം യദാജിമഭ്യഖ്യദര്യഃ |**

**അപിക്രദദ് വൃഷണം പൃച്ഛാ ദുരോണ ആ നിശിതം സോമസുദ്ഭിഃ ||**

ശത്രുസംഹാരകനായ ഇന്ദ്രൻ ശത്രുക്കളെ തിരിച്ചറിയുകയും, അവൻ ഭീഷണമായ സംഗ്രമത്തിൽ വ്യാപൃതനായിരിക്കുകയും ചെയ്യുമ്പോൾ അവൻെറ ഭാര്യ സോമം പിഴിഞ്ഞാക്കുന്ന ഋത്വിക്കുകൾ വഴിയായി സോമപാനത്തിൽ ഹൃഷ്ഠനും അഭിലാഷവർഷകനും ആയ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**9. ഭൂയസാ വസ്നമചരത്കനീയോ വിക്രീതോ അകാനിഷം പുനര്യൻ |**

**സ ഭൂയസാ കനിയോ നാരിരേചീദ്ദീനാ ദക്ഷാ വിണ ദുഹന്തി പ്ര വാണം ||**

അൽപമായ വിലയ്ക്ക് ഒരു സാധനം വിറ്റയാൾ പിന്നെച്ചെന്നു കൂടുതൽ കിട്ടണം എന്ന് ആവശ്യപ്പെട്ടാൽ കൂടുതൽ കിട്ടുകയില്ല. നേരത്തെ നിശ്ചയിച്ചതുമാത്രമേ മിടുക്കനായാലും, മിടുക്കിയായാലും കിട്ടുകയുള്ളൂ. വില നിശ്ചയിച്ചിട്ടേ ഒരു വസ്തു വിൽക്കാവൂ.

**10. കം ഇമം ദശഭിർമമേന്ദ്രം ക്രീണാതി ധേനുഭിഃ |**

**യദാ വൃത്രാണി ജംഘ നദഥൈ നം മേ പുർദദത് ||**

ഇന്ദ്രനെ ആർക്ക് പത്തു ഗോക്കളുടെ വില കൊടുത്തു വാങ്ങുവാൻ സാധിക്കും? അവൻ മുന്നേറിവരുന്ന പടയെ കൊന്നൊടുക്കുമ്പോൾ അവൻ അവരുടെ ഗോക്കൾ ആദിയായ സമ്പത്തുക്കളെ എന്നെ തോൽപിക്കുന്നു.

**11. നൂ ഷ്ടുത ഇന്ദ്ര നൂ ഗൃണാത് ഇഷം ജരിത്രേ നദ്യോ ന പീപേഃ |**

**അകാരി തേ ഹരിവോ ബ്രഹ്മ നവ്യം ധിയാ സ്യാമ രഥ്യഃ സദാസഃ ||**

ഹേ ഇന്ദ്രാ! നീ പൂർവ്വ മഹർഷിമാരാൽ പൂജിക്കപ്പെട്ടു. ഇപ്പോൾ ഞങ്ങളും നിന്നെ സ്തുതിക്കുന്നു. നീ ജല പൂർണ്ണമായ നദിക്കു സമാനം സ്തുതിക്കുന്നവർക്ക് അന്നവും അഭിവൃദ്ധിയും നൽകുന്നു. ഹേ ഇന്ദ്രാ! നീ അശ്വവാനാണല്ലോ. ഞങ്ങൾ നിനക്കായി നൂതനസ്തോത്രങ്ങൾ രചിക്കുന്നു. തൻമൂലം ഞങ്ങൾ രഥയുക്തരായി നിന്നെ സ്തുതിച്ചും, പരിചരിച്ചും ജീവിക്കുവാൻ അനുഗ്രഹിക്കണേ.

## സൂക്തം 25

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. കോ അദ്യ നര്യോ ദേവകാമഃ ഉശന്നിന്ദ്രസ്യ സഖ്യം ജുജോഷ |**

**കോ വാ മഹേ വസേ പാര്യായ സമിദ്ധേ അഗ്നൗ സുതസോമ ഈട്ടേ ||**

ഹിതകാരിയും ദേവകളെ ഇഷ്ടപ്പെടുന്നവനും ആയ ഏതൊരു മനുഷ്യനാണ് ഇന്ന് ഇന്ദ്രനുമായി മൈത്രീബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നത്. സോമം പിഴിഞ്ഞെടുക്കുന്ന ഏതൊരു വ്യക്തിയാണ് അഗ്നി പ്രദീപ്തമാകുമ്പോൾ ഇന്ദ്രൻെറ രക്ഷായോഗ്യമായ ആശ്രയത്തെ ആഗ്രഹിച്ചുകൊ് അവനെ സ്തുതിക്കുന്നത് ?

**2. കോ നാനാമ വചസാ സോമ്യായ മനായുർവാ ഭവതി വസ്ത ഉസ്രാഃ |**

**ക ഇന്ദ്രസ്യ യുജ്യം കഃ സഖിത്വം കോ ഭ്രാത്രം വഷ്ടി കവയേ ക ഊതി ||**

ഏതൊരു യജമാനനാണ് ഇന്ദ്രൻെറ മുമ്പിൽ സ്തുതിച്ചുകൊ് തലകുനിക്കുന്നത്. ആര് ഇന്ദ്രൻെറ സ്തുതികളെ രക്ഷിക്കുന്നു. ഇന്ദ്രനു നൽകപ്പെട്ട ഗോക്കളെ ആര് സ്വീകരിക്കുന്നു? ഇന്ദ്രൻെറ സഹായം ആര് ആവശ്യപ്പെടുന്നു? ആര് അവനുമായി മൈത്രീബന്ധം ആഗ്രഹിക്കുന്നു. ആര് തേജസ്വിയായ ആ ഇന്ദ്രന് ആശ്രയം യാചിക്കുന്നു.

**3. കോ ദേവാനാമവോ അദ്യാ വൃണീതേ ക ആദിത്യാം അദിതിം ജ്യോതിരീട്ടേ |**

**കസ്യാശ്വിനാവിന്ദ്രോ അഗ്നിന്ന സുതസ്യാംശോഃ പിബന്തി മനസാവിവേനം ||**

ഏതൊരു യജമാനൻ ഇന്ദ്രാതിദേവകളോട് രക്ഷയ്ക്കായി നിവേദനം നടത്തുന്നു? ആദിത്യനേയും അദിതിയേയും ഉദകത്തേയും ആര് സ്തുതിക്കുന്നു. അശ്വനികളും അഗ്നിയും ഏതൊരു യജമാനൻെറ സ്തോത്രങ്ങളാൽ പ്രസന്നരായി അരിച്ചെടുത്ത സോമരസം ഇഷ്ടാനുസരണം പാനം ചെയ്യുന്നു?

**4. തസ്മാ അഗ്നിർഭാരതഃ ശർമ യംസജ്ജ്യോക്പശ്യാത് സൂര്യമുച്ചരന്തം |**

**യ ഇന്ദ്രായ സുനവാമേത്യാഹ നരേ നര്യായ നൃതമായ നൃണാം ||**

യാതൊരു യജമാനൻ മനുഷ്യരുടെ സഖാവും ശ്രേഷ്ഠവുമായ നേതൃത്വം വഹിക്കുന്നവനും ആയ ഇന്ദ്രനു വേി സോമം തയ്യാറാക്കുവാൻ സങ്കൽപ്പിക്കുന്നുവോ ആ യജമാനനെ ഹവിസ്സിൻെറ സ്വാമിയായ അഗ്നി സുഖമുള്ളവനും നിത്യവും സൂര്യോദയം ദർശിക്കുന്നവനും ആക്കണേ.

**5. ന തം ജിനന്തി ബഹവോ ന ഭദ്രാ ഉർവാസ്മ അദിതിഃ ശർമ യംസത് |**

**പ്രിയഃ സുകൃത്പ്രിയ ഇന്ദ്രേ മനായുഃ പ്രിയഃ സുപ്രാവീഃ പ്രിയേഃ അസ്യ സോമീ ||**

അദിതി അവനെ സുഖമുള്ളവനാക്കണേ. മനോഹരങ്ങളായ യജ്ഞാദി ശുഭകർമ്മങ്ങൾ നടത്തുന്ന യജമാനൻമാരേ ഇന്ദ്രൻ സ്നേഹിക്കണേ. ഇന്ദ്രനെ സ്തുതിക്കുവാൻ ഇച്ഛിക്കുന്നവൻ അവൻെറ സ്നേഹഭാജനം ആകണേ. യാതൊരുത്തൻ സൽസ്വഭാവികളും, സോമം തയ്യാറാക്കുന്നവനും ആണോ, അവരെ ഇന്ദ്രൻ സ്നേഹിതരാക്കണേ.

**6. സുപ്രവ്യാഃ പ്രശുപാലേഷു വീരഃ സുഷ്വേ പംക്ത കധണുതേ കേവലേന്ദ്രഃ |**

**നാസുഷ്വേരാപിർന സഖാ ന ജാമിർദുഷ്പ്രാ വ്യോ**

**വഹന്തേദവാചഃ ||**

ഇന്ദ്രൻെറ അടുത്തുപോകുന്നവരും, സോമം തയ്യാറാക്കുന്നവരും ആയ യജമാനൻമാരുടെ പാപകർമ്മങ്ങളെ വീരനായ ഇന്ദ്രൻ തള്ളിക്കളയുന്നു. സോമം അഭീഷ്ടതമാക്കാത്ത യജമാനനുവേി ഇന്ദ്രൻ അനുകൂുമായിരിക്കുകയില്ല. ഇന്ദ്രൻ അവനുമായി സഖ്യവും, ബന്ധുത്വവും സ്ഥാപടക്കുന്നില്ല. അവനെ സമീപിക്കാത്തവനേയും അവനെ സ്തുതിക്കാത്തവനേയും അവൻ ഹിംസിക്കുന്നു.

**7. ന രേവതാ പണിനാ സഖ്യമിന്ദ്രോ സുന്വതാ സുതപാഃ സംഗൃണീതേ |**
**ആസ്യ വേദഃ ഖിദതി ഹന്തി നഗ്നം വി സുഷ്വയേ പംക്തയേ കേവലോ ഭൂത് ||**

പിഴിഞ്ഞെടുത്ത സോമം പാനം ചെയ്യുന്ന ഇന്ദ്രൻ, സോമം തയ്യാറാക്കാത്ത ഗനികരോടും, അത്യാഗ്രഹികളോടും സഖ്യം പുലർത്തുന്നില്ല. അവൻ അവരുടെ ഒന്നിനും പ്രയോജനപ്പെടുത്താത്ത ധനത്തെ നശിപ്പിക്കുന്നു. അവൻ സോമം പിഴിഞ്ഞെടുത്തവരോടും, ഹവിസ്സ് പാകമാക്കുന്നവരോടും, ബന്ധുത്വം സ്ഥാപിക്കുന്നു.

**8. ഇന്ദ്രം പരേ വരേ മധ്യമാന ഇന്ദ്രം യാന്തോ വസിതാഗ ഇന്ദ്രം |**
**ഇന്ദ്രം ക്ഷയന്ത ഉത യുദ്ധ്യമാന ഇന്ദ്രം നരോ വാജയന്തോ ഹവന്തേ ||**

ഉന്നതരും താഴ്ന്നവരും ഇടത്തരക്കാരും ആയ എല്ലാ നിലകളിലും പെട്ട മനുഷ്യൻ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. ഗമനശീലരും, ഉപവിഷ്ടരും വീടുകളിൽ വസിക്കുന്നവരും, അന്നത്തെ ആഗ്രഹിക്കുന്നവരും ആയ എല്ലാ ജീവികളും ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 26

**ഋഷി വാമദേവൻ, ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. അഹം മനുരഭവം സൂര്യശ്ചാഹം കക്ഷീവാം ഋഷിരസ്മി വിപ്രഃ |**
**അഹം കുത്സമാർജ്ജുനേയം ന്യൃർജ്ഞേ ഹം കവിരു ശനാ പശ്യതാ മാ ||**

നാം പ്രജാപതിയും, എല്ലാത്തിനും പ്രേരണ നൽകുന്നവനും ആയ സൂര്യനാകുന്നു. അതുപോലെ ദീർഘതമൻെറ വിദ്വാനായ പുത്രൻ കക്ഷിവാൻ മഹർഷിയും നാം തന്നെ ആകുന്നു. ഉശന കവിയും നാം തന്നെയാകുന്നു. നാം തന്നെ അർജ്ജുനിയുടെ പുത്രനായ കുത്സനെ വളരെയധികം പ്രശംസിച്ചിരുന്നു. ഹേ മനുഷ്യരേ! നാം ക്രാന്തദർശിയും സർവത്രപ്രിയനും ആകുന്നു.

**2. അഹം ഭൂമിമദദാമാര്യായഹം വൃഷ്ടിം ദാശുഷേ മർത്യായ |**
**അഹമപോ അനയം വാവശാനാ മമ ദേവാസോ അനു കേതമായൻ ||**

ഞാൻ തന്നെ ശബ്ദത്തിനു ഭൂമി നൽകി. ഞാൻ തന്നെ സത്യത്തിൻെറ വൃദ്ധിയ്ക്കായി സൃഷ്ടി നടത്തി. ഞാൻ തന്നെ ശബ്ദിക്കുന്ന ജലത്തിനു പ്രേരണ നൽകി. എൻെറ ഇഷ്ടം അനുസരിച്ച് എല്ലാ ദേവതകളും ചരിക്കുന്നു.

**3. അഹം പുരോ മന്ദസാനോ വ്യൈരം നവ സാകം നവതീഃ ശംബരസയ |**
**ശതതമം വേശ്യം സർവതാതാ ദിവോദാസമതിഥിഗ്വ യദാവം||**

സോമം കുടിച്ചു മത്തനായ ഞാൻ ശംബരൻെറ തൊണ്ണൂറ്റിയൊമ്പതു നഗരങ്ങളും ഒരേ സമയം തകർത്തു. ഞാൻ യജ്ഞത്തിൽ രാജർഷിയെ, രക്ഷിച്ചുകൊിരിക്കുമ്പോൾ അവനു വസിക്കുവാനായി നൂറു നഗരങ്ങള ദാനം ചെയ്തിരുന്നു.

**4. പ്ര സൂ ഷ വിഭ്യോ മരുതോ വിരസ്തു പ്ര ശ്യേനഃ ശ്യേനേഭ്യ ആശുപത്വാ |**
**അചക്രയാ യത്സ്വധയാ സുപർണോ ഹവ്യം ഭരൻമനവേ ദേവജജൂഷ്ടം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ പരുന്ത് പക്ഷികളിൽ നേതൃത്വം പ്രാപിച്ചിരിക്കുന്നു. മറ്റുള്ള പക്ഷികളെ അപേക്ഷിച്ച് ദ്രുതഗാമിയാകുന്നു. ദേവകളാൽ സവനം ചെയ്യപ്പെട്ട സോമരൂപമാകുന്ന ഹവിസ്സിനെ ചക്രങ്ങളല്ലാത്ത രഥം വഴിയായി സുവർണൻ ദിവ്യലോകത്തു നിന്നു കൊുവന്ന് മനുഷ്യർക്ക് നൽകിയിരുന്നു.

**5. ഭരദ്യദി വിരതോ വേവിജാനഃ പഥോരുണാ മനോജവാ അസർജി |**
**തൂയം യയൗ മധുനാ സോമ്യനോത ശ്രവോ വിവിദേ ശ്യേനോ അത്രം ||**

പരുന്തുപക്ഷി ഭയന്ന് ആകാശത്തിൽക്കൂടി സോമം കൊുവന്നപ്പോൾ, അത് വിശാലമായ അന്തരീക്ഷപഥത്തിൽ മനോവേഗത്തിൽ പറന്നു. സോമരൂപമായ അന്നത്തോടു കൂടി അത് അതിവേഗം പോവുകയും , സോമം കൊുവന്നതിനാൽ അതിൻെറ യശസ്സ് വ്യാപിക്കുകയും ചെയ്തു.

**6. ഋജീപീ ശ്യേനോ ദദമാനോ അംശും പരാവതഃ ശകുനോ മന്ദ്രം മദം |**
**സോമം ഭരദദാദൃഹാണോ ദേവാന്ദിവോ അമുഷ്മാ ദുത്തരാദാദായ ||**

ദ്രുകഗാമിയും, യശസ്വിയും ആയ പരുന്തുപക്ഷി ദേവതകളോൊത്ത് ദൂരെനിന്ന് മത്തുപിടിക്കുന്ന സ്തുത്യമായ സോമം റാഞ്ചിയെടുത്ത് ഉന്നതമായ ആകാശത്തിൽകൂടി ഉറപ്പോടുകൂടി ഭൂമിയിലേയ്ക്ക് കൊു വന്നു.

**7. ആദായ ശ്യേനോ അഭരത്സോമം സഹസ്രം സവാം അയുമം ച സാകം |**
**അത്രാ പുരന്ധിരജഹാദരാതീർമദേ സോമസ്യ മൂരാ അമൂരഃ||**

പരുന്ത് ആയിരം പതിനായിരം യജ്ഞത്തിനുള്ള സോമത്തെ നേടിയെടുക്കുകയും അവൻ അതിനെ കൊുവരുകയും ചെയ്തു. സോമം കൊുവന്നപ്പോൾ ബഹുകർമ്മാവും; മേധാവിയുായ ഇന്ദ്രൻ സോമത്തിൽ നിന്നും ഉത്മവിച്ച ശക്തിയാൽ അജ്ഞാനികളായ ശത്രുക്കളെ സംഹരിച്ചു.

## സൂക്തം 27

**ഋഷി വാമദേവൻ, ദേവത ശ്യേനൻ, ഛന്ദസ് ത്രിഷ്ടുപ്,**

**ശക്വരി**

**1. ഗർഭേ നു സന്നന്വേഷാമവേദമഹം ദേവാനാം ജനിമാനി വിശ്വാ |**

**ശതം മാ പുര ആയസീ രരക്ഷന്നധ ശ്യേനാ ജവസാ നിരദീയം ||**

ഗർഭത്തിൽ ഇരിക്കുമ്പോൾ തന്നെ ഞാൻ ഇന്ദ്രാദികളുടെ എല്ലാ ദേവകളുടേയും ഉൽപത്തി അറിഞ്ഞിരുന്നു. ഇരുകോട്ടയാൽ നിർമ്മിതമായ ഉറച്ച നഗരങ്ങളിൽ ഞാൻ പാർത്തു. ജ്ഞാനയുക്തനായി പരുന്തിനെപ്പോലെ അതിവേഗം പറന്നുപുറത്തുപോകുന്നു. (ആത്മാവ് ശരീരബന്ധനത്തിൽ നിന്നും പുറത്തു പോകുന്നു)

**2. ന ധാ സ മാമപ ജോഷം ജഭാരാഭീമാസക്ഷത്വസാ വീര്യേണ|**

**ഈർമാ പുരന്ധിരജാദരാതീരുത വാതാം അതരച്ഛൂശൂവാനഃ ||**

ആ ഗർഭത്തിൽ ആയിരുന്നിട്ടും മോഹം എന്നെ വലയം ചെയ്തില്ല. ഞാൻ ഗർഭത്തിൻെറ വേദനകളെ ജ്ഞാനത്തിൻെറ ശക്തിയാൽ കീഴടക്കി. എല്ലാത്തിനും പ്രേരണ നൽകുന്നവൻ ഗർഭത്തിൽ സ്ഥിതമായിരുന്ന ശത്രു രൂപമായ അരാതികളെ നശിപ്പിക്കുകയും വൃദ്ധിയെ പ്രാപ് ക്ലേശമുാക്കുന്ന വായുവിനെ ശമിപ്പിക്കുകയും ചെയ്തു.

**3. അവ യച്ഛ്യേചനീ അസ്വാദദേന ദ്യോർവി യദ്വദി വാത ഊഹഃ പുരന്ധിം |**

**സൃജദ്യദസ്മാ അവ ഹ ക്ഷിപജ്ജ്യാം കൃശാനുരസ്താ മനസാ ഭൂരണ്യൻ ||**

സോമം കൊുവരുന്ന സമയം പരുന്ത് ആകാശത്തിൻെറ താഴ്ഭാഗത്തേയ്ക്ക് ചുുകളാക്കി ശബ്ദമുാക്കി. അവനിൽ നിന്നും സോമം തട്ടിയെടുക്കപ്പെട്ടു. സോമരക്ഷകനായ കൃശാനുമനോവേഗത്തോടെ പാഞ്ഞെത്തി. വില്ലുകുലച്ച ബാണം പ്രയോഗിച്ചു.

**4. ഋജിപ്യു ഈമിന്ദ്രാവതോ ന ഭുജ്യം ശ്യേന ാ ജഭാര ബൃഹതോ അധി ഷ്ണോഃ |**

**അന്തഃ പതത് പതത്ര്യസ്യ പർണമധ യമനി പ്രചിതസ്യ തദ്വേ||**

അശ്വനീകുമാരൻമാർ ഇന്ദ്രൻെറ സ്വാമിത്തത്തോടുക്കൂടിയ യശസ്സാൽ ജ്വുരാജാവിനെ അപഹരിച്ചതുപോലെ ഇന്ദ്രനാൽ സുരക്ഷിതത്ത്വവും, മഹത്തായ ആകാശത്തിൽക്കൂടി ഋജ്ജുഗാമിയായ പരുന്ത് സോമത്തെ കൊുവന്നു. ആ സമയം കൃശാനുവുമായി പൊരുതിയതുകാരണം പരുന്തിൻെറ ഒരു ചിറക് മുറിഞ്ഞ് വീണു.

**5. അധ ശ്വേതം കലശം ഗോഭിരക്തമാപിപ്യാനം മഘവാ ശുക്രമന്ധഃ |**

**അധ്വര്യുഭിഃ പ്രിയതം മധ്വോ അഗ്രമിന്ദ്രോ മദായ പ്രതി ധഷ്തിബദ്ധ്യൈ |**

**ശൂരോ മദായ പ്രതി ധത്പിബ ധ്യൈ ||**

മഹാപരാക്രമിയായ ഇന്ദ്രൻ പവിത്രമായ പാത്രത്തിൽ സുരക്ഷിതമാക്കിയിരുന്ന ഗവ്യമിശ്രിതവും, തൃപ്തിദായകവും, സാരരൂപവും ആയ സോമത്തെ അധ്വര്യുക്കളാൽ നൽകപ്പെടുമ്പോൾ, അതിൻെറ ലഹരി പിടിപ്പിക്കുന്ന രസം പാനം ചെയ്യട്ടെ.

## സൂക്തം 28

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ത്വാ യുജാ തവ തത്സോമ സഖ്യ ഇന്ദ്രോ അപോ മനവേ സസ്രുതസ്കഃ |**

**അഹന്നഹിമരിണാത്സപ്ത സിന്ധൂനപാവൃണോദിപിഹിതേവ ഖാനി |**

ഹേ സോമ! ഇന്ദ്രൻ നിൻെറ മിത്രമായപ്പോൾ നിൻെറ സഹായത്തോടുകൂടി അവർ മനുഷ്യർക്കുവേി ജലത്തെ പ്രവഹിപ്പിക്കുകയും വൃത്രനെ സംഹരിക്കുകയും ചെയ്തു. സപ്തനദികളെ പ്രവഹിപ്പിച്ചു. വൃത്രനാൽ അടക്കപ്പെട്ട ദ്വാരങ്ങളെ തുറന്ന് ജലത്തിനു പ്രേരണ നൽകി.

**2. ത്വാ യുജാ നി ഖിദത്സൂര്യസ്യേന്ദ്രശ്ചക്രം സഹസാ സദ്യ ഇന്ദോ |**

**അധി ഷ്ണുനാ ബൃഹതാ വർതമാനം മഹോദ്രുഹോ അപ വിശ്വായു ധായി ||**

ഹേ സോമാ! നിൻെറ സഹായത്തോടുകൂടി തന്നെ ഇന്ദ്രൻ സൂര്യരഥത്തിൻെറ മുകളിലായി സ്ഥിതിചെയ്യുന്ന രുചക്രങ്ങളോടുകൂടിയ രഥത്തിൻെറ ഒരു ചക്രത്തെ ക്ഷണനേരംകൊ് ഛിന്നഭിന്നമാക്കി എല്ലായിടങ്ങളിലും സഞ്ചരിക്കുന്ന സൂര്യചക്രത്തെ സ്പർധകാരണം ഇന്ദ്രൻ പിടിച്ചെടുത്തു.

**3. അഹന്നിന്ദ്രോ അദഹഗ്നിരിന്ദോ പുരാദസ്യൂൻമധ്യന്ദിനാദഭീകേ |**

**ദുർഗേ ദുരോണ ക്രത്വാ ന യാതാം പുരു സഹസ്രാ ശർവാ നി ബർഹീത് ||**

ഹേ സോമാ! പരാക്രമിയായ ഇന്ദ്രൻ നിന്നെ പാനം ചെയ്തു. മദ്ധ്യാഹ്നത്തിനുമുമ്പായി യുദ്ധത്തിൽ ശത്രുക്കളെ നശിപ്പിച്ചു. അഗ്നി അനേകം ശത്രുക്കളെ ഭസ്മമാക്കി. അരക്ഷിത മാർഗ്ഗത്തിൽക്കൂടി യാത്ര ചെയ്യുന്ന ധനികനെ മോഷ്ടാക്കൾ വധിക്കുന്നതുപോലെ അസംഖ്യം ശത്രുസേനകളേയും ഇന്ദ്രൻ കൊന്നൊടുക്കി.

**4. വിശ്വസ്മാത്സീമധമാം ഇന്ദ്ര ദസ്യുന്വിശോ ദാസീരകൃണോര പ്രശസ്താഃ |**

**അബാധേഥാമമൃണതം നി ശത്രൂ വിനന്ദേഥാമപചിതിം വധത്രൈഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാ ദുഷ്ടൻമാരിൽനിന്നും സദ്ഗുണങ്ങളെ അകറ്റി. നീ ആ ദസ്യുക്കളെ നിന്ദാപാത്രങ്ങളാക്കി. ഹേ ഇന്ദ്രാ! സോമാ! നിങ്ങൾ രുപേരും ശത്രുക്കളുടെ ആക്രമണകാര്യത്തിൽ വിഘ്നകാരികളായ അവരെ സംഹരിക്കണേ. അവരെ വധിക്കുന്നതിനായി ചെയ്യപ്പെടുന്ന സ്തുതികളെ സ്വീകരിക്കേണമേ.

**5. ഏവാ സത്യം മഘവാനാ യുവം തദിന്ദ്രശ്ച സോമോർവമശ്വ്യം ഗോഃ |**

**ആദർദൃതമപിഹിതാന്യശ്നാ രിരിചഥുഃ ക്ഷാശ്ചിത്തതൃദാനാ ||**

ഹേ സോമാ! നിങ്ങളും ഇന്ദ്രനും വിശാലമായ അശ്വങ്ങളേയും ഗോക്കളേയും ദാനം ചെയ്തിരുന്നു. ഹേ ഇന്ദ്രാ! സോമാ! നിങ്ങൾ രുപേരും അത്യന്തം ഐശ്വര്യത്തോടുകൂടിയവരാണ്. നിങ്ങൾ രുപേരും ശത്രുക്കളെ സംഹരിക്കുന്നതിൽ സമർത്ഥരാകുന്നു. നിങ്ങൾ ചെയ്യുന്ന കർമ്മമെല്ലാം സത്യത്തിൻെറ അടിസ്ഥാനത്തിലുള്ളവയാകുന്നു.

## സൂക്തം 29

**ഋഷി വാമദേവൻ ദേ,വത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ആ നഃ സ്തുത ഉപ വാജേഭിരൂതി ഇന്ദ്ര യാഹി ഹരിഭിർമന്ദസാനഃ |**

**തിരശ്ചി,ര്യഃ സവനാ പുരുണ്യാങ്ഗൂഷേഭിർഗൃണാനഃ സത്യരാധാഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളാൽ സ്തുതിക്കപ്പെടാതിരിക്കുമ്പോഴും ഞങ്ങളുടെ രക്ഷക്കുവേി ഹവിരാന്നയുക്തമായ ഞങ്ങളുടെ യജ്ഞത്തിൽ അശ്വങ്ങൾ സഹിതം എഴുന്നള്ളിയാലും. പ്രസന്നചിത്തനായ നീ സ്തോത്രങ്ങളാൽ പൂജിതനും സത്യസ്വരൂപനും എല്ലാവരുടേയും സ്വാമിയുമാകുന്നു.

**2. ആ ഹി ഷ്മാ യാതി നര്യശ്ചികിത്വാൻഹൂയമാനഃ സോതൃഭിരുപ യജ്ഞം |**

**സ്വശ്വോ യോ അഭീരുർമന്യമാനഃ സുഷ്വാണേ ഭിർമദതി സം ഹ വീരൈഃ ||**

മനുഷ്യർക്ക് മംഗളം വരുത്തുന്നവനും, സർവ്വജ്ഞാനങ്ങളുടെ ജ്ഞാതാവും ആയ ഇന്ദ്രൻ സോമം തയ്യാറാക്കുന്നവരാൽ വിളിക്കപ്പെടുമ്പോൾ യജ്ഞത്തിനായി വന്നുചേരണേ. ആ ഇന്ദ്രൻ ശോഭിതങ്ങളായ അശ്വങ്ങളോടുകൂടിയവനും, ഭയരഹിതനും സ്തുത്യനും വീരൻമാരായ മരുത്തുക്കളോടുകൂടി പുഷ്ടിയെ പ്രാപിക്കുന്നവനും ആകുന്നു.

**3. ശ്രാവയേദസ്യ കർണാ വാജയധ്യൈ ജുഷ്ഠാമനു പ്ര ദിശം മന്ദയധ്യൈഃ |**

**ഉദ്വാവൃഷാണോ രാധസേ തുവിഷ്മാങ്കരന്ന ഇന്ദ്രഃ സുതീർഥാഭയം ച ||**

ഹേ മനുഷ്യരേ! ഇന്ദ്രൻെറ ശക്തി വർദ്ധിക്കുന്നതിനും അവനെ എല്ലാവിധത്തിലും പുഷ്ടിപ്പെടുത്തുന്നതിനും ആയി അവൻെറ ഇരുകർണ്ണങ്ങളിലും സ്തോത്രങ്ങൾ നിറക്കുവിൻ. സോമരസത്താൽ നനക്കപ്പെട്ട ഇന്ദ്രൻ നമ്മുടെ ധനത്തിനായി ഉത്തമങ്ങളായ സ്ഥാനങ്ങളെ ഭയരഹിതമാക്കണേ.

**4. അച്ഛ യോ ഗന്താ നാധമാനമൂതി ഇത്ഥാ വിപ്രം ഹവമാനം ഗൃണന്തം |**

**ഉപ ത്മനി ദധാനോ ധുര്യ ശൂൻത്സഹസ്രാണി ശതാനി വജ്രബാഹുഃ ||**

ഭുജങ്ങളിൽ വജ്രം ധരിച്ചുകൊിരിക്കുന്ന ഇന്ദ്രൻ തൻെറ അസംഖ്യങ്ങളായ അശ്വങ്ങളെ രഥത്തിൽ പൂട്ടുന്നു. ഇപ്രകാരം രക്ഷിക്കുന്നതിനായി ബുദ്ധിമാനും പ്രസന്നനുമായ ഇന്ദ്രൻ സ്തുതിച്ചുകൊിരിക്കുന്ന യജമാനൻെറ അടുക്കലെത്തുന്നു.

**5. ത്വോതാസോ മഘവന്നിന്ദ്ര വിപ്രാ വയം തേ സ്യാമ സൂരയോ ഗൃണന്തഃ |**

**ഭേജാനാസോ ബൃഹദ്ദിവസ്യ രായ ആകായ്യസ്യ ദാവനേ പുരുക്ഷോഃ ||**

സ്തോതാക്കളായ ഞങ്ങൾ ജ്ഞാനിയായ അവിടത്തെ അടുക്കൽ സുരക്ഷിതനാകുന്നു. അങ്ങ് ദീപ്തിയുക്തനും അന്നവാനും സ്തുത്യർഹനുമാകുന്നു. ധനം നൽകുന്ന സമയം ഞങ്ങളങ്ങയെ സ്തുതിക്കുന്നു.

## സൂക്തം 30

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി, അനുഷ്ടുപ്**

**1. നകിരിന്ദ്ര ത്വദുത്തരോ ന ജ്യായം അസ്തി വൃത്രഹൻ |**

**നകിരേവാ യഥാ ത്വം ||**

ഹേ ഇന്ദ്രാ! നീ വൃത്രനെ നശിപ്പിച്ചവനാണ്. ഈ ലോകത്തിൽ നിന്നേക്കാൾ ശ്രേഷ്ഠനായി മറ്റാരുംതന്നെ ഇല്ല. നിന്നേക്കാൾ വലിയവനായും ആരുമില്ല. ലോകത്തിൽ നീ എത്രമാത്രം പ്രസിദ്ധനായിരിക്കുന്നുവോ, മറ്റാരും അതുപോലെ പ്രസിദ്ധിയുള്ളവരായിട്ടില്ല.

**2. സത്രാ തേ അനു കൃഷ്ടയോ വിശ്വാ ചക്രേവ വാവൃതുഃ |**

**സത്രാ മഹാം അസി ശ്രുതഃ ||**

ഹേ ഇന്ദ്രാ! ചക്രങ്ങൾ വിയുടെ പിന്നിലായി ചലിക്കുന്നതുപോലെ പ്രജകളും നിന്നെ അനുഗമിക്കുന്നു. നീ സത്യവും, ജ്ഞാനവുമാകുന്നു. നീ സ്വന്തം ഗുണങ്ങളാൽ പ്രസിദ്ധനാകുന്നു.

**3. വിശ്വേ ചനേദനാ ത്വാ ദേവാസ ഇന്ദ്ര യുയുധുഃ |**

**യദഹാ നക്തമാതിരഃ ||**

ഹേഇന്ദ്രാ! വിജയത്തെ ആഗ്രഹിക്കുന്നവരായ എല്ലാ ദേവതകളും ശക്തിയുടെ രൂപത്തിൽ നിൻെറ സഹായം പ്രാപിച്ച് രാക്ഷസൻമാരുമായി യുദ്ധം ചെയ്തിരുന്നു. അപ്പോൾ നീ രാവും പകലും ശത്രുക്കളെ സംഹരിച്ചുകൊിരുന്നു.

**4. യത്രോത ബാധിതേഭ്യശ്ചക്രം കത്സായ യുധ്യതേ |**

**മുഷായ ഇന്ദ്ര സൂര്യം ||**

ഹേ ഇന്ദ്രാ! ആ സംഗ്രാമത്തിൽ നീ കുത്സനും അവൻെറ സഹായികൾക്കും വേി സൂര്യൻെറ മേൽ ചക്രത്തെ ചുഴറ്റുകയും തൻെറ ജനങ്ങളെ രക്ഷിക്കുകയും ചെയ്തു.

**5. യത്ര ദേവാം ഋഘായതോ വിശ്വാം അയുധ്യ ഏക ഇത് |**

**ത്വമിന്ദ്ര ബനൂം രഹൻ ||**

ഹേ ഇന്ദ്രാ! യുദ്ധത്തിൽ നീ ഏകനായി ഹിംസിക്കുന്നവരോടും, ദേവകൾക്ക് വിഘ്നം സൃഷ്ടിക്കുന്നവരോടും ആ യുദ്ധത്തിൽ അവരെയെല്ലാം സംഹരിക്കുകയും ചെയ്തിരുന്നുവല്ലോ.

**6. യത്രോത മർത്യായ കമരിണാ ഇന്ദ്ര സൂര്യം |**

**പ്രാവഃ ശചീഭിരേതശം ||**

ഹേ ഇന്ദ്രാ! നീ യാതൊരു യുദ്ധത്തിൽ ഏതശനുവേി സൂര്യനെ ആക്രമിച്ചിരുന്നുവോ, ആ സമയം ഘോരയുദ്ധം വഴിയായി നീ ഏതശ മഹർഷിയെ ശരിയായ രീതിയിൽ രക്ഷിച്ചിരുന്നു.

**7. കിമാദുതാസി വൃത്രഹഘപൻമന്യുത്തമഃ**

**അത്രാഹ ദാനുമാതിരഃ ||**

ഹേ വൃത്രരൂപത്തോടുകൂടിയ ആവരണകാരിയായ അന്ധകാരത്തെ അകറ്റുന്ന ഇന്ദ്രാ! മറ്റെന്താണ്? നീ ദുഷ്ടൻമാരെ അത്യന്തം ക്രോധത്തോടെ വീക്ഷിക്കുന്നു. പ്രജകളെ

ഛിന്നഭിന്നമാക്കുന്ന അസുരൻമാരെ നീ വധിക്കേണമേ.

**8. ഏതദ്ഘേദുത വീര്യ മിന്ദ്ര ചകർഥ പൗംസ്യം |**

**സ്ത്രിയം യദ്ദൂർഹണായുവം വധീർദുഹിതരം ദിവഃ ||**

ഹേ ഇന്ദ്രാ! നീ പുരുഷൊചിതമായ വീരകർമ്മങ്ങൾ നടത്തുന്നവനാകുന്നു. സൂര്യൻ തൻെറ പ്രകാശത്താൽ ഉഷസ്സിനെ നശിപ്പിക്കുന്നതുപോലെ നീ ശത്രുക്കളെ നശിപ്പിച്ചാലും.

**9. ദിവശ്ചിദ്ഘാ ദുഹിതരംമഹാൻമഹീയമാനാം |**

**ഉഷാസമിന്ദ്ര സം പിണക് ||**

ഹേ ഇന്ദ്രാ! പ്രകാശത്തെ ദോഹനം ചെയ്യുന്നവളായ ഉഷസ്സിനെ സൂര്യൻ ഛിന്നഭിന്നമാക്കുന്നതുപോലെ നീ വിജയം ആഗ്രഹിക്കുന്ന ശത്രുസൈന്യത്തെ ധൂളിയാക്കണമേ.

**10. അപോഷാ അനസഃ സരത്സൻപിഷ്ടാദഹ ബിഭ്യുഷീ |**

**നി യത്സീ ശിശ്നഥദ്വൃഷാ ||**

അഭിലാഷ വർഷകനായ ഇന്ദ്രൻ ഉഷസ്സിൻെറ രഥത്തെ ഛിന്നഭിന്നമാക്കിയിരുന്നപ്പോൾ ഉഷസ്സ് ഭയഭീതമായി ഇന്ദ്രനാൽ തകർക്കപ്പെട്ട രഥത്തിൻെറ മുകളിൽക്കൂടി പ്രകടയായി.

**11. ഏതദസ്യാ അനഃ ശയേ സുസംപിഷ്ടം വിപാശ്യാ |**

**സസാര സീ പരാവതഃ ||**

ഇന്ദ്രനാൽ തകർക്കപ്പെട്ട ഉഷസ്സിൻെറ ആ രഥം വിപാശ നദിയുടെ തീരത്തുചെന്നുവീണു. രഥം തകർന്നപ്പോൾ ഉഷസ്സ് വിദൂരദേശത്ത് അചേതയായി പതിച്ചു.

**12. ഉത സിന്ധും വിബാല്യംവിതസ്ഥാനാമധി ക്ഷമി |**

**പരി ഷ്ഠാ ഇന്ദ്ര മായയാ ||**

ഹേ ഇന്ദ്രാ! നീ എല്ലാ ജലങ്ങളേയും, തിഷ്ഠമാനാ നദിയേയും ഈ ഭൂമണ്ഡലത്തിൽ തൻെറ ബുദ്ധിശക്തിയാൽ പ്രകടമാക്കിയിരുന്നു.

**13. ഉത ശുഷ്ണസ്യ ധൃഷ്ണയാ പ്ര മൃക്ഷോഅഭിവേദനം |**

**പുരോ യദസ്യ സംപിണക് ||**

ഹേ ഇന്ദ്രാ! നീ മഴ പെയ്യിക്കുന്നവനാകുന്നു. നീ ശുഷ്ണൻെറ നഗരങ്ങൾ തകർത്തപ്പോൾ അവൻെറ ധനത്തേയും നീ കൊള്ളയടിച്ചിരുന്നു.

**14. ഉത ദാസം കൗലിതരം ബൃഹതഃ പർവതാദധി |**

**അവാഹന്നിന്ദ്ര ശംബരം ||**

ഹേ ഇന്ദ്രാ! നീ കലിതരൻെറ പുത്രൻ ശംബരൻ എന്ന അസുരനെ പർവ്വതത്തിൻെറ അടിയിൽ താഴ്ത്തിവധിച്ചു.

**15. ഉത ദാസസ്യ വർചിനഃ സഹസ്രാണി ശതാവധീഃ |**

**അധി പഞ്ച പ്രധീംരിവ ||**

ഹേ ഇന്ദ്രാ! ചക്രത്തിൻെറ ചുറ്റുപാടുമുള്ള ശംഖ്പോലെ വചി എന്ന ശത്രുവിൻെറ ചുറ്റും നിലയുറപ്പിച്ചിരുന്ന അഞ്ചൂറായിരം ദാസൻമാരെ നീ വധിച്ചു.

**16. ഉതത്യം പുത്രമഗ്രുവഃ പരാവൃക്തം ശതക്രതുഃ |**

**ഉക്ഥേഷ്വിന്ദ്ര ആഭജത് ||**

ഹേ ഇന്ദ്രാ! അഗ്രപുത്രൻമാരെ ദുഃഖങ്ങളിൽനിന്നും രക്ഷിച്ച് യശസ്സിൻെറ പങ്കാളികളാക്കിയത് നിൻെറ പ്രശംസനീയമായ ഒരു കർമ്മമാണ്.

**17. ഉതത്യാ തുർവശായദൂഅസ്നാതാരാ ശചീപതിഃ |**

**ഇന്ദ്രോ വിദ്വാംഅപാരയത് ||**

ശചീപതിയായ ഇന്ദ്രൻ യയാതിയുടെ ശാപത്താൽ ഭ്രഷ്ടനാക്കപ്പെട്ട രാജാവദൂവിനേയും തുർവശനേയും സങ്കടത്തിൽനിന്നും കരയ്ക്കുകയറ്റി.

**18. ഉത ത്യാ സദ്യ ആര്യാ സരയോരിന്ദ്ര പാരതഃ |**

**അർണാചിത്രരഥാവധീഃ ||**

ഹേ ഇന്ദ്രാ! നീ സരയുവിൻെറ തീരത്തു വസിച്ചിരുന്ന അർണൻ ചിത്രരഥൻ എന്നീ രാജാക്കൻമാരെ സംഹരിച്ചു.

**19. അനു ദ്വാ ജഹിതാ നയോന്ധംശ്രേ ണംച വൃത്രഹൻ |**

**ന തത്തേ സുമ്നമഷ്ടവേ ||**

ഹേ വൃത്രനാശകാ! നീ ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട അന്ധൻേറയും മുടന്തൻേറയും മേൽ കൃപവർഷിച്ചിരുന്നു. നിന്നാൽ നൽകപ്പെട്ട സുഖത്തെ നശിപ്പിക്കുവാൻ ആരും സമർത്ഥനാകുന്നില്ല.

**20. ശതമശ്മൻമയീനാം പുരാമിന്ദ്രോ വ്യാസ്യത് |**

**ദിവോദാസായ ദാശുഷേ ||**

ഇന്ദ്രൻ ഹവിസ്സ് ദാതാവായ ദിവോദാസന് ശംബരൻെറ നൂറുകരിങ്കൽകോട്ടകളുള്ള നഗരങ്ങൾ കൊടുത്തു.

**21. അസ്വാപായദ്ദഭീതയേ സഹസ്രാ ത്രിശതം ഹഥൈഃ**

**ദാസാനാമിന്ദ്രോ മായയാ ||**

ഇന്ദ്രൻ തൻെറ മായയാൽ ശത്രുക്കളുടെ മുപ്പതിനായിരം പടയാളികളെ നശിപ്പിക്കുവാൻ മാരകങ്ങളായ അസ്ത്രങ്ങൾ പ്രയോഗിച്ചു.

**22. സ ഘേദുതാസി വൃത്രഹൻസമാന ഇന്ദ്ര ഗോപതിഃ |**

**യസ്താ വിശ്വാനി ചിച്യുഷേ ||**

ഹേ ഇന്ദ്രാ! നീ വൃത്രഹന്താവാകുന്നു. നീ എല്ലാശത്രുസേനകളേയും യുദ്ധരംഗത്തിൽ വിചലിതരാക്കി. നീ ഗോക്കളെ പാലിക്കുന്നവനാകുന്നു. നീ എല്ലാ യജമാനൻമാർക്കും വേ തുല്യമായി പ്രവർത്തിക്കുന്നു.

**23. ഉത നൂനം യദിന്ദ്രിയംകരിഷ്യാ ഇന്ദ്രപൗംസ്യം |**

**അദ്യാ നകിഷ്ടദാ മിനത് ||**

ഹേ ഇന്ദ്രാ! നീ യാതൊരു സാമർത്ഥ്യവും ഐശ്വര്യവും വഹിക്കുന്നുവോ, ഇന്നവയെ നശിപ്പിക്കുവാൻ യാതൊരു വ്യക്തിയും സമർത്ഥനാകുന്നില്ല.

**24. വാമവാമം ത ആദുരേ ദേവോ ദദാത്വര്യമാ**

**വാമം പൂഷാ വാമം ഭഗോ വാമം ദേവഃ കരൂളതീ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ നശിപ്പിക്കുന്നവനാകുന്നു. അര്യമാവ് നിനക്ക് സുന്ദരമായ ധനം നൽകണേ. ദന്തവിഹീനരായ പൂഷാവും ഭഗനും രമണീയമായ ധനം പ്രദാനം ചെയ്യണേ.

## സൂക്തം 31

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി**

**1. കയാ നശ്ചിത്ര ആ ഭുവദൂതീ സദാവൃധഃ സഖാ |**

**കയാ ശചിഷ്ടയാ വൃതാ ||**

സദാമുന്നേറുന്നവനും, പൂജാപാത്രവും മിത്രസ്വരൂപനും ആയ ഇന്ദ്രൻ ഏതൊരു പൂജവഴിയായി നമ്മുടെ മുമ്പിൽ ആഗതനാകും. ഏതൊരു ബുദ്ധിമാൻെറ ശ്രേഷ്ഠകർമ്മങ്ങളാൽ പ്രഭാവിതനായി അവൻ നമ്മുടെ മുമ്പിലേക്ക് എഴുന്നള്ളും?

**2. കസ്ത്വാ സത്യോ സദാനാം മംഹിഷ്ഠോ മത്സദന്ധസഃ |**

**ദൃളഹാ ചിദാരുജേ വസു ||**

ഹേ ഇന്ദ്രാ! സത്യസ്വരൂപനും, മത്തുള്ളതുമായ

സോമരസങ്ങളുടെ മദ്ധ്യേ, ശത്രുക്കളുടെ ധനത്തെ നശിപ്പിക്കുവാൻ നിനക്ക് ഏതു സോമരസമാണ് തുഷ്ടിനൽകുന്നത്?

**3. അഭീ ഷു ണഃ സഖീനാമവിതാ ജരിതൄണാം |**
**ശതം ഭവാസ്യൂതിഭിഃ ||**

ഹേ ഇന്ദ്രാ! നീ മിത്രരൂപത്തിൽ സ്തുതിക്കുന്നവരെ രക്ഷിക്കുന്നു. നിൻെറ വിഭിന്നങ്ങളായ രക്ഷാസാധനങ്ങൾ സഹിതം ഞങ്ങളുടെ മുമ്പിലേക്ക് വരേണമേ.

**4. അഭീ ന ആ വവൃത്സ്വ ചക്രം ന വൃത്തമർവതഃ |**
**നിയുദ്ഭിശ്ചർഷണീനാം ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിൻെറ മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കുന്നവരാകുന്നു. മനുഷ്യരായ ഞങ്ങളുടെ സ്തുതികളാൽ പ്രസന്നനായി ഞങ്ങളുടെ മുമ്പിൽ വൃത്താകാരമായ ചക്രംപോലെ ആഗതനാകണേ.

**5. പ്രവതാ ഹി ക്രതൂനാമാ ഹാ പദേവ ഗച്ഛസി |**
**അഭക്ഷി സൂര്യേ സചാ ||**

ഹേ ഇന്ദ്രാ! നീ യജ്ഞത്തിൽ സ്വന്തം സ്ഥാനത്തെ അറിഞ്ഞുകൊ് ഇങ്ങോട്ടെഴുന്നള്ളിയാലും. സൂര്യനോടുകൂടി ഞാൻ സദാ അങ്ങേക്ക് യജ്ഞം ചെയ്യുന്നു.

**6. സം യത്ത ഇന്ദ്ര മന്യവഃ സം ചക്രാണി ദധന്വിരേ |**
**അധ ത്വേ അധ സൂര്യേ ||**

ഹേഇന്ദ്രാ! നിനക്കായി സമ്പാദിച്ച സ്തുതികളും കർമ്മങ്ങളും ഏകമായ ഉന്നതത്തിലേക്കുയരുമ്പോൾ ആദ്യം അങ്ങയുടേതും പിന്നീട് സൂര്യൻേറതുമായിത്തീരുന്നു.

**7. ഉത സ്മാ ഹി ത്വാമാഹുരിൻമഘവാനം ശചീപതേ**
**ദാതാരമവിദീധയും ||**

ഹേ ഇന്ദ്രാ! നീ കർമ്മങ്ങളുടെ രക്ഷകനാകുന്നു. നിന്നെ ധനത്തിൻേറയും സ്തോതാവിൻേറയും ആഗ്രഹങ്ങളെ പൂർണ്ണമാക്കുന്നവനെന്നും തേജസ്വിയെന്നും വിളിക്കുന്നു.

**8. ഉത സ്മാ സദ്യ ഇത്പരി ശശമാനായ സുന്വതേ |**
**പുരു ചിൻമംഹസേ വസു ||**

ഹേ ഇന്ദ്രാ! സോമം തയ്യാറാക്കുന്നവരും സ്തുതിക്കുന്നവരുമായ യജമാനൻമാർക്ക് നീ വളരെയധികം ധനം ദാനം ചെയ്യുന്നു.

**9. നഹി ഷ്മാ തേ ശതം ചന രാധോ വരന്ത ആമുരഃ**
**ന ച്യോത്നാനി കരിഷ്യതഃ ||**

ഹേ ഇന്ദ്രാ! വിഘ്നകാരികളായ ദൈത്യൻമാർക്കും നിൻെറ അസംഖ്യങ്ങളായ ഐശ്വര്യങ്ങളെ തടയുവാൻ സാധ്യമല്ല. മഹാപരാക്രമിയായ വീരകർമ്മാവിനുപോലും നിൻെറ ബലത്തെ എതിരിടുവാൻ സാധിക്കുന്നില്ല.

**10. അസ്മാം അവന്തു തേ ശതമസ്മാൻത്സഹസ്രമൂതയഃ**
**അസ്മാന്വിശ്വാ അഭിഷ്ടയഃ ||**

ഹേ ഇന്ദ്രാ! നിൻെറ രക്ഷാസാധനകൾ ഞങ്ങളെ രക്ഷിക്കണേ. നിൻെറ ആയിരക്കണക്കായ രക്ഷാസാധനകൾ ഞങ്ങളെ രക്ഷിക്കണേ. നിൻെറ എല്ലാ പ്രേരണകളും രക്ഷയ്ക്ക് സഹായകങ്ങളാകണേ.

**11. അസ്മാം ഇഹാ വൃണീഷ്വ സഖ്യായ സ്വസ്തയേ |**
**മഹോ രായേ ദിവിത്മതേ ||**

ഹേ ഇന്ദ്രാ! യജമാനൻമാരായ ഞങ്ങളെ ഈ യജ്ഞത്തിൽ മിത്രരൂപവും ഒരിക്കലും നശിക്കാത്തതും പ്രകാശയുക്തവുമായ ധനത്തിൻെറ അധികാരികളാക്കണമേ.

**12. അസ്മാം അവിഡ്ഢി വിശ്വഹേന്ദ്ര രായാ പരീണസാ |**
**അസ്മാന്വിശ്വാഭിരൂതിഭിഃ ||**

ഹേ ഇന്ദ്രാ! നിത്യവും തൻെറ മഹത്തായ ധനത്താൽ ഞങ്ങളെ രക്ഷിക്കൂ. നിൻെറ എല്ലാ രക്ഷാസേനകളാലും ഞങ്ങളെ രക്ഷിക്കേണമേ

**13. അസ്മഭ്യം താം അപാ വൃധി വ്രജാം അസ്തേവ ഗോമതഃ |**
**നവാഭിരിന്ദ്രോതിഭിഃ ||**

ഹേ ഇന്ദ്രാ! വീരൻമാരെപ്പോലെ തൻെറ നവീനമായ രക്ഷാസാധനകളാൽ ഞങ്ങളുടെ ഗോക്കളേയും നിവാസസ്ഥാനത്തേയും പുഷ്ടിപ്പെടുത്തൂ.

**14. അസ്മാകം ധൃഷ്ണയാ രഥോ ദ്യുമാം ഇന്ദ്രാനപച്യുതഃ |**
**ഗവ്യുരശ്വയൂരീയതേ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുന്നതും അത്യന്തം തേജസ്സോടുകൂടിയതും അവിനാശിയും ഗോക്കളാൽ യുക്തവും അശ്വങ്ങ പൂട്ടിയതും ആയ രഥത്തിൽ എല്ലാഭാഗങ്ങളിലും സഞ്ചരിക്കുന്നു. നീ ആ രഥത്തോടുകൂടി ആഗതനായി ഞങ്ങളെ രക്ഷിക്കണേ.

**15. അസ്മാകമുത്തമം കൃധി ശ്രവോദേവേഷു സൂര്യ |**
**വാർഷിഷ്ഠം ദ്യാമിവോപരി ||**

ഹേ സൂര്യാ! നീ എല്ലാത്തിനും പ്രേരണനൽകുന്നവനാണല്ലോ. നീ മഴ പെയ്യിക്കാൻ സമർത്ഥമായ ആകാശത്തെ മുകളിലായി സ്ഥാപിച്ചതുപോലെ ദേവതകളുടെ മധ്യത്തിലായി ഞങ്ങളുടെ യജ്ഞത്തെ ഉയർത്തണമേ.

## സൂക്തം 32

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി**

**1. ആ തൂ ന ഇന്ദ്ര വൃത്രഹന്നസ്മാകമർധമാ ഗഹി |**
**മഹാൻമഹീഭിരൂതിഭിഃ ||**

ഹേ ഇന്ദ്രാ! നീശത്രുക്കളെ സംഹരിക്കുന്നവനാകുന്നു. നീ അതിവേഗം ഞങ്ങളുടെ മുമ്പിൽ ആഗതനാകണമേ. നിൻെറ മഹാരക്ഷകൾ സഹിതം ഞങ്ങളുടെ അടുത്തേക്ക് നീ വരണമേ.

**2. ഭൃമിശ്ചിദ്ഘാസി തൂതുജിരാ ചിത്ര ചിത്രിണീഷ്വാ |**
**ചിത്രം കൃണോഷ്യൂതയേ ||**

ഹേ ഇന്ദ്രാ! നീ പൂജാർഹനാകുന്നു. നീ ഭ്രമണശീലനാകുന്നു. നീ ഞങ്ങൾക്ക് ഇച്ഛിതഫലങ്ങൾ പ്രദാനം ചെയ്യുന്നു. അത്ഭുതകർമ്മാവായ നീ പ്രജകളെ പോഷിപ്പിക്കുന്നതിനുള്ള ധനം പ്രദാനം ചെയ്യുന്നു.

**3. ദഭ്രേഭിശ്ചിച്ഛശീയാംസംഹംസി വ്രാധന്തമോജസാ |**
**സഖിഭിര്യേ ത്വേ സചാ ||**

ഹേ ഇന്ദ്രാ! യജമാനനായ യാതൊരുത്തൻ നിനക്കനുകൂലനായിരിക്കുന്നുവോ, അങ്ങിനെയുള്ളവൻ കുറച്ചുപേ കൂട്ടിക്കൊ് ഉച്ഛ്വലമായി മുന്നേറുന്ന ശത്രുക്കളെ നിൻെറ മഹാപരാക്രമത്താൽ നശിപ്പിക്കുന്നു.

**4. വയമിന്ദ്ര ത്വേ സചാ വയം ത്വാഭി നോ നുമഃ |**
**അസ്മാം അസ്മാം ഇദുദവ ||**

ഹേ ഇന്ദ്രാ! യജമാനൻമാരായ ഞങ്ങൾ നിന്നോടുചേരുന്നു.

ഞങ്ങൾ നിന്നെ അതിയായി സ്തുതിക്കുന്നു. നീ ഞങ്ങളെ പ്രത്യേകിച്ചും പാലിക്കണമേ

**5. സ നശ്ചിത്രാഭിരദ്രിവോനവദ്യാഭിരൂതിഭിഃ |**
**അനാധൃഷ്ടാഭിരാ ഗഹി ||**

ഹേ വജ്രായുധാ! ഭയങ്കരൻമാരായ ശത്രുക്കളാൽപോലും പരാജിതനാകാത്ത നീ നിന്റെ സമൃദ്ധമായ രക്ഷകളോടുകൂടി ഞങ്ങളുടെ അടുക്കൽ വരണമേ.

**6. ഭൂയാമോ ഷു ത്വാവതഃ സഖായ ഇന്ദ്ര ഗോമതഃ |**
**യുജോ വാജായ ധൃഷ്വയേ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നേപ്പോലുള്ള ഗോയുക്തപുരുഷന്റെ സഖാക്കളാകണേ. ഞങ്ങൾ ധനത്തിനുവേ നിന്റെ സഹായം ആഗ്രഹിക്കുന്നു.

**7. ത്വം ഹ്യേക ഈശിഷ ഇന്ദ്ര വാജസ്യ ഗോമതഃ |**
**സ നോ യന്ധി മഹീമിഷം ||**

ഹേ ഇന്ദ്രാ! നീ മാത്രമാണല്ലോ ഗോക്കളുടേയും അശ്വങ്ങളുടേയും സ്വാമിയായിരിക്കുന്നത്. നീ ഞങ്ങൾക്ക് വളരെയധികം അന്നാദികളായ സമ്പത്തുകൾ പ്രദാനം ചെയ്യണേ.

**8. ന ത്വാ വരന്തേ അന്യഥാ യദ്ദിത്സസി സ്തുതോ മഘം |**
**സ്തോതൃഭ്യ ഇന്ദ്ര ഗിർവണഃ ||**

ഹേ ഇന്ദ്രാ! നീ സ്തുതിക്കു പാത്രമാകുന്നു. നീ സ്തുതിക്കുന്നവർക്ക് ധനം നൽകുവാൻ ആഗ്രഹിക്കുന്നു. അപ്പോൾ നിന്റെ ആ ദാനത്തെ തടയുന്നതിന് ആരും സമർത്ഥരാകുന്നില്ല

**9. അഭി ത്വാ ഗോതമാ ഗിരാനൂഷത പ്ര ദാവനേ |**
**ഇന്ദ്ര വാജായ ഘൃഷ്വയേ ||**

ഹേ ഇന്ദ്ര! നിന്നെ ഉദ്ദേശിച്ചുകൊ് ഗൗതമവംശത്തിലെ മഹർഷിമാർ അന്നത്തിനും ധനത്തിനുമായി സ്തോത്രങ്ങൾ വഴി നിന്നെ സ്തുതിക്കുന്നു.

**10. പ്ര തേ വോചാമ വീര്യാ യാ മന്ദസാന ആരുജഃ |**
**പുരോ ദാസീരഭീത്യാ ||**

ഹേ ഇന്ദ്രാ! സോമപാനം ചെയ്ത നീ പരാക്രമികളായ രാക്ഷസൻമാരുടെ എല്ലാ നഗരങ്ങളിലുംചെന്ന് അവയെ നശിപ്പിച്ചു. സ്തോതാക്കളായ ഞങ്ങൾ നിന്റെ ആ പരാക്രമത്തെ വാഴ്ത്തുന്നു.

**11. താ തേഗൃണന്തി വേധസോ യാനിചകർഥപൗംസ്യാ |**
**സുതോഷ്വിന്ദ്ര ഗിർവ നഃ ||**

ഹേ ഇന്ദ്രാ! അങ്ങ് സ്തുതിക്ക് പാത്രമാകുന്നു. നീ യാതൊരു ബലത്താൽ പ്രത്യക്ഷനാകുന്നുവോ, ആ ബലത്തെ മേധാവികളായ ജനങ്ങൾ സോമം തയ്യാറാക്കുമ്പോൾ ഗാനം ചെയ്യുന്നു.

**12. അവീവൃധന്ത ഗോതമാ ഇന്ദ്ര ത്വേ സ്തോമവാഹസഃ |**
**ഏഷു ധാ വീരവദ്യശഃ ||**

ഹേ ഇന്ദ്രാ! സ്തോത്രങ്ങളെ വഹിക്കുന്നവരായ ഗൗതമവംശക്കാർ സ്തോത്രങ്ങളാൽ നിന്നെ വളർത്തുന്നു. നീ അവർക്ക് പുത്രാദിയുക്തമായ ധനം പ്രദാനം ചെയ്താലും.

**13. യച്ചിദ്ധി ശശ്വതാമസീന്ദ്ര സാധാരണസ്ത്വം |**
**തം ത്വാ വയം ഹവാമഹേ ||**

ഹേ ഇന്ദ്രാ! നീ എല്ലാ യജമാനൻമാരുടേയും പ്രസിദ്ധനായ ദേവനാകുന്നു. സ്തുതിക്കുന്നവരായ ഞങ്ങൾ നിന്നെ വിളിക്കുന്നു.

**14. അർവാചീനോ വസോ ഭവാസ്മേ സു മത്സ്വാന്ധസഃ |**
**സോമാനാമിന്ദ്ര സോമപാഃ ||**

ഹേ ഇന്ദ്രാ! നീ ഉത്തമങ്ങളായ ഭവനങ്ങൾ നൽകുന്നു. നീ ഞങ്ങളാകുന്ന യജമാനൻമാരുടെ അടുക്കലേക്കുവന്നാലും. ഹേ സോമപാനിയായ ഇന്ദ്രാ നീ സോമരൂപമാകുന്ന അന്നത്താൽ പുഷ്ടിയെ പ്രാപിക്കണേ.

**15. അസ്മാകം ത്വാ മതീനാമ സ്തോമ ഇന്ദ്ര യച്ഛതു |**
**അർവാഗാ വർതയാ ഹരീ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ സ്തോത്രങ്ങൾ നിന്നെ ഞങ്ങളുടെ അടുക്കൽ കൊുവരണേ.

**16. പരോളാശം ച നോഘസോജോഷയാഗാസിശ്ച നഃ |**
**വധൂയുരിവ യോഷണാം ||**

ഹേ ഇന്ദ്രാ! നീഞങ്ങളുടെ പുരോഡാശം ഭക്ഷിക്കണമേ. പുരുഷൻ സ്ത്രീയുടെ വചനങ്ങൾ ശ്രവിക്കുന്നതുപോലെ നീ ഞങ്ങളുടെ വചനങ്ങൾ ശ്രദ്ധയോടുകൂടി കേട്ടാലും.

**17. സഹസ്ത്രം വ്യതീനാം യുക്താനാമിന്ദ്രമീമഹേ |**
**ശതം സോമസ്യ ഖാര്യഃ ||**

സ്തുതിക്കുന്നവരായ നാം ഇന്ദ്രന്റെ അടുക്കൽനിന്ന് പഠിപ്പിക്കപ്പെട്ടവയും ദ്രുതഗാമികളുമായ ആയിരം കുതിരകളെ യാചിക്കുന്നു. കൂടാതെ ശതസോമകുംഭങ്ങളും യാചിക്കുന്നു.

**18. സഹസ്രാ തേ ശതാ വയം ഗവാമാ ച്യാവയാമസി |**
**അസ്ത്രോ രാധ ഏതു തേ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്റെ ആയിരക്കണക്കിന് ഗോക്കളെ ഞങ്ങളുടെമുമ്പിൽ കൊുവരാനിടയാകണേ. ഞങ്ങളുടെ ധനം നിന്റെ അടുക്കൽനിന്നും ഇവിടെ വന്നുചേരണേ.

**19. ദശ തേ കലശാനാം ഹിരണ്യാനാമധീമഹി |**
**ഭൂരിദാ അസി വൃത്രഹൻ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നിൽനിന്നും പത്തുകുടം നിറയെ സ്വർണ്ണത്തെ പ്രാപിക്കണേ. ഹേ വൃത്രഹന്താവായ ഇന്ദ്രാ! നീ അതിരില്ലാതെ ദാനം ചെയ്യുന്നവനാണല്ലേ.

**20. ഭൂരിദാ ഭൂരി ദേഹി നോ മ ഭദ്രം ഭൂര്യാ ഭര |**
**ഭൂരി ഘേദിന്ദ്ര ദിത്സസി ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് അളവറ്റ ധനം നൽകുവാനാഗ്രഹിക്കുന്നു. വളരെയധികം ധനം ദാനം ചെയ്യുന്ന നീ ഞങ്ങൾക്ക് വളരെയധികം ധനം ദാനം ചെയ്താലും. അൽപ്പമായ ധനം നൽകരുതേ. വളരെവളരെ ഐശ്വര്യങ്ങൾ ദാനം ചെയ്യണമേ.

**21. ഭൂരിദാ ഹ്യസി ശ്രുതഃ പുരുത്രാ ശൂര വൃത്രഹൻ |**
**ആ നോ ഭജസ്വ രാധസി ||**

ഹേ വൃത്രഹന്താവായ വീരേന്ദ്രാ! നീ വളരെയധികം നൽകുന്നവൻ എന്ന് യജമാനൻമാരുടെയിടയിൽ പ്രസിദ്ധനായിരിക്കുന്നു. നീ ഞങ്ങളെ ധനത്തിന്റെ അധികാരികളാക്കിയാലും.

**22. പ്രതേ ബഭ്രൂ വിചക്ഷണ ശംസാമി ഗോഷണോ നപാത് |**
**മാഭ്യാം ഗാ അനു ശിശ്രഥഃ ||**

ഹേ മേധാവിയായ ഇന്ദ്രാ!നിന്റെ ചെങ്കുതിരകളെ സ്തുതിക്കുന്നു. നീഗോക്കളെ ദാനം ചെയ്യുന്നവനാകുന്നു. സ്തുതിക്കുന്ന നീ നശിപ്പിക്കുന്നില്ല. നീ ആ കുതിരകൾവഴി ഞങ്ങളുടെ ഗോക്കളെ പീഡിപ്പിക്കരുതേ.

**23. കനീനകേവ വിദ്രധേ നവേ ദുപദേ അർഭകേ |**
**ബഭ്രൂ യാമേഷു ശോഭേതേ ||**

ഹേ ഇന്ദ്രാ! സഞ്ചാരയോഗ്യമായ മാർഗ്ഗത്തിൽ എങ്ങിനെ ചുവപ്പുനിറമുള്ള രശ്വങ്ങൾ ശോഭിക്കുന്നോ, അതുപോലെ ദൃഢവും നവീനവുമായ പാവകൾക്കുതുല്യം കർമ്മങ്ങളിൽ സ്ഥിരരായ സ്ത്രീപുരുഷരൂപമായ യജമാനൻ ശോഭിതനാകുന്നു.

**24. അരം മ ഉസ്രയാമ്ണേരമനുസ്രയാമ്ണേ |**

**ബഭൂയാമേഷ്വസ്രിയാ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ കാളകളെ കെട്ടിയ രഥത്തിലിരുന്നു പോകുമ്പോഴും കാൽനടയായി പോകുമ്പോഴും നിൻെറ ഹിംസാരഹിതരായ ചെങ്കുതിരകൾ ഞങ്ങളെ സംബന്ധിച്ചിടത്തോളം കല്യാണകാരികളാകണേ.

# അദ്ധ്യായം ഏഴ്

## സൂക്തം 33

**ഋഷി വാമദേവൻ ദേവത ഋഭുക്കൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. പ്ര ഋഭുഭ്യോ ദൂതമിവ വാചമിഷ്യയ ഉപസ്തിരേ ശ്വൈതരീം ധേനുമീളേ |**

**യേ വാതജൂതാസ്തരണിഭിരേവൈഃ പരി ദ്യാം |**

**സദ്യോ അപസോ ബഭൂവുഃ ||**

യജമാനനായ ഞാൻ ഋഭുക്കൾക്കുവേി സ്തോത്രരൂപമാകുന്ന വാണിയെ പ്രേരിപ്പിക്കുന്നു. നാം അവരുടെ സമീപത്ത് സോമം തയ്യാറാക്കിവെക്കുന്നതിനായി കറവപ്പശുവിനെ യാചിക്കുന്നു. ഋഭുക്കൾ വായുവിനുതുല്യം ചരിക്കുന്നവരാണല്ലോ. അതുപോലെ ലോകത്തിനുപകാരപ്രദമായ കർമ്മങ്ങളനുഷ്ഠിക്കുന്നവരുമാകുന്നു. അവർ തങ്ങളുടെ ദ്രുതഗാമികളായ അശ്വങ്ങളോടുകൂടി നിമിഷത്തിനുള്ളിൽ അന്തരീക്ഷത്തെ നിറക്കുന്നു.

**2. യദാരമക്രൻനൃഭവഃ പിതൃഭ്യാം പരിവിഷ്ടീ വേഷണാ ദംസനാഭിഃ |**

**ആദിദ്ദേവാനാമുപ സഖ്യമായന്ധീരാസഃ |**

**പുഷ്ടിമവഹൻനായൈ ||**

ഋഭുക്കൾ തങ്ങളുടെ മാതാവിനു യൗവ്വനാവസ്ഥ നൽകുകയും, ചമസം നിർമ്മിക്കുക മുതലായ കാര്യങ്ങൾ അനുഷ്ഠിച്ചുകൊ് യശസ്സുള്ളവരാകുകയും ചെയ്തപ്പോൾ ആ സമയം മുതൽ അവര ഇന്ദ്രാദി ദേവകളുടെ മിത്രങ്ങളായിത്തീർന്നു. അവർ മനസ്വികളും ധൈര്യവാൻമാരുമായി അതുപോലെ യജാമാനൻമാർക്കുവേി ശക്തിയെ വഹിക്കുകയും ചെയ്യുന്നു.

**3. പുനര്യേ ചക്രാഃ പിതരാ യുവാനാ സനാ യൂപേവ ജരണാ ശയാനാ |**

**തേ വാജോ വിഭ്വാം ഋഭുരിന്ദ്രവന്തോ മധുപ്സരസോ നോവന്തു യജ്ഞം ||**

ഋഭുക്കൾ യൂപരൂപമായ തടികൾപോലെ ജീർണ്ണിച്ചുകിടന്നിരുന്ന മാതാപിതാക്കൾക്ക് താരുണ്യം നൽകി ശക്തരായ ആ വിഭുക്കളും ഋഭുക്കളും ഇന്ദ്രനോടുകൂടി സോമം പാനം ചെയ്ത് നമ്മുടെ യജ്ഞത്തിൻെറ രക്ഷകരായിരിക്കട്ടെ.

**4. യത്സംവത്സമൃഭവോ ഗാമരക്ഷന്യത്സംവത്സമൃഭവോ മാ അപിംശൻ |**

**യത്സംവത്സമഭരൻഭാസോ അസ്യാസ്താഭിഃ ശമീഭിരമൃതത്വമാശുഃ ||**

ഋഭുക്കൾ ഒരു ധേനുവിനെ സേവിച്ചു. അവർ ആ പശുവിൻെറ ശരീരത്തെ അവയവങ്ങളാൽ സമ്പന്നമാക്കുകയും വർഷം മുഴുവൻ അതിനെ രക്ഷിക്കുകയും ചെയ്തു. തങ്ങളുടെ ആ കർമ്മങ്ങളഗാൽ അവർ ദേവത്വം പ്രാപിച്ചു.

**5. ജ്യേഷ്ഠ ആഹ ചമസാ ദ്വാ കരേതി കനീയാന്ത്രീൻകൃണവാമേത്യാഹ |**

**കനിഷ്ഠ ആഹ ചതുരസ ക്കരേതി ത്വഷ്ട ഋഭവസ്തത് പനയദ്വചോ വഃ ||**

ഏറ്റവും മൂത്തജ്യേഷ്ഠനായ ഋഭു ഒരു ചമസതെതത്ത രാക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. രാമൻ അതു മൂന്നാക്കണമെന്നും, ഏറ്റവും ഇളയവൻ അതുല്യനാക്കണമെന്നും പറഞ്ഞു. ഹേ ഋഭുക്കളേ! നിങ്ങളുടെ ഗുരുവായ ത്വഷ്ടാവ് നിങ്ങളുടെ നാലാക്കണമെന്നുള്ള ഈഅഭിപ്രായം സ്വീകരിച്ചു.

**6. സത്യമൂചുർനര ഏവാ ഹി ചക്രുരനു സ്വധാമൃഭവോ ജഗ്മുരേതാം |**

**വിഭ്രാജമാനാ ശ്ചമസാം അഹേവാവേനത്ത്വഷ്ടാ ചതുരോ ദദൃശ്വാൻ ||**

മനുഷ്യരൂപരായ ആ ഋഭുക്കൾ യാതൊന്നു പറഞ്ഞുവോ, അതുതന്നെ നടന്നു അവരുടെ കഥനം സത്യമായിത്തീർന്നു. അനന്തരം ആ ഋഭുക്കൾ മൂന്നാമത്തെ സവനത്തിൽ സ്വധയുടെ അവകാശികളായിത്തീർന്നു. പകൽപോലെ പ്രകാശിക്കുന്ന ആ നാലു ചമസങ്ങളേയും ക് ത്വഷ്ടാവ് അവയെസ്വീകരിച്ചു.

**7. ദ്വാദശ ദ്യൂന്യദഗോഹ്യസ്യാതിഥ്യേ രണന്നൃഭവഃ സസന്തഃ |**

**സുക്ഷേ ത്രാകൃണ്വന്നനയന്ത സിന്ധുന്ധന്വാതിഷ്ഠന്നോഷധീർനിമ്നമാപഃ ||**

പ്രത്യക്ഷനായ സൂര്യൻ പ്രകാശലോകത്തിൽ ഋഭുഗണം വർഷകാരങ്ങളായ പന്ത്രു നക്ഷത്രങ്ങൾവരെ അതിഥിരൂപത്തിൽ വസിക്കുന്നു. അപ്പോൾ അവർ വർഷം വഴിയായി കൃഷിയെ ധാന്യപൂർണ്ണമാക്കുകയും, നദികളെ പ്രവഹിപ്പിക്കുകയും ചെയ്തു. ജലമില്ലാത്ത ഉയർന്ന സ്ഥലങ്ങളിൽ ഔഷധികൾ വളരുകയും താഴ്ന്ന സ്ഥലങ്ങളിൽ ജലം നിറഞ്ഞു നിൽക്കുകയും ചെയ്തു.

**8. രഥം യേ ചക്രുഃ സുവൃതം നരേഷ്ഠാം യേ ധേനും വിശ്വജൂവം വിശ്വരൂപാം |**

**ത ആ തക്ഷന്ത്വർഭവോ രയിം നഃ സ്വവസഃ സ്വപസ സുഹസ്താഃ ||**

ആരു മനോഹരമായ ചക്രങ്ങളോടുകൂടിയ രഥത്തെ നിർമ്മിച്ചുവോ, യാതൊരുത്തൻ ലോകത്തിനു പ്രേരണനൽകുകയും അനേകം രൂപങ്ങളിലുള്ള ഗോക്കളെ സൃഷ്ടിക്കുകയും ചെയ്തുവോ, ഉത്തമ നിർമ്മാക്കളും മനോഹരമായ അന്നവാൻമാരും സിദ്ധഹസ്തരുമായ ആ ഋഭുഗണം നമ്മുടെ ധനം സമ്പാദിക്കണേ.

**9. അപോ ഹ്യേഷാമജുഷന്ത ദേവാ അഭി ക്രത്വാ മനസ ദീധ്യാനാഃ |**

**വാജോ ദേവാനാമഭവത്സുകർമേന്ദ്രസ്യ ഋഭുക്ഷാ വരുണസ്യ വിഭ്വാ ||**

ഇന്ദ്രാദി ദേവതകൾ വരം നൽകുന്നതുപോലെ പ്രസന്നചിത്തരും തേജസ്വികളുമായ ഋഭുക്കളുടെ കുതിര, രഥം ആദിയായവകളുടെ നിർമ്മാണപ്രവർത്തനങ്ങളെ സ്വീകരിച്ചു. ചെറിയ ഋഭുവായ, വാജൻ

എല്ലാ ദേവകളുടേതുമായ മധ്യമൻ വരുണൻേറതും മൂത്തവൻ ഇന്ദ്രൻേറതുമായി.

**10. യേ ഹരീ മേധയോക്ഥാ മദന്ത ഇന്ദ്രായ ചക്രുഃ സുയജാ യേ അശ്വാ |**

**തേ രായസ്പോഷം ദ്രവിണാന്യസ്മേ ധത്തം ഋഭവഃ ക്ഷേമയന്തോ ന മിത്രം ||**

യാതൊരു ഋഭുക്കൾ രു കുതിരകളെ ബുദ്ധിവഴിയായും, പ്രശംസവഴിയായും ഇന്ദ്രൻെറ രഥത്തിൽ പൂട്ടുവാൻ യോഗ്യമാക്കിയോ, ആ ഋഭുക്കൾ നമുക്ക് കല്യാണകാരികളായ മിത്രങ്ങൾക്കുതുല്യം ധനം, ബലം, ഗോക്കൾ മുലതായ സമസ്ത സുഖങ്ങളും പ്രദാനം ചെയ്യണേ.

**11. ഇദഹ്നഃ പീതിമുത വോ മദം ധുർന ഋതേ ശ്രാന്തസ സഖ്യായ ദേവാഃ |**

**തേ നൂനമസ്മേ ഋഭവോ വസൂനി തൃതീയേ അസ്മിൻത്സവനേ ദധാത ||**

ചമസാദികൾ നിർമ്മിച്ചതിനുശേഷം ദേവതകൾ മൂന്നാമത്തെ സവനത്തിൽ നിങ്ങൾക്കുവേി സോമപാനത്തിൽനിന്നും ഉൽപ്പന്നമായ ഹർഷം പ്രദാനം ചെയ്തു. ദേവഗണം തപസ്വികൾക്കല്ലാതെ മറ്റാർക്കും മിത്രങ്ങളായിരിക്കുന്നില്ല. ഹേ ഋഭുക്കളേ! ഈ മൂന്നാം സവനത്തിൽ നിങ്ങൾ ഞങ്ങൾക്കായി തീർച്ചയായും ധനം കൊുവരണേ.

## സൂക്തം 34

**ഋഷി വാമദേവൻ ദേവത ഋഭുക്കൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഋഭൂർവിഭ്വാ വാജ ഇന്ദ്രോ നോ അച്ഛേമം യജ്ഞം രത്നധേയോപ യാത |**

**ഇദാ ഹി വോ ധിഷണാ ദേവ്യഹ്നാമധാത്പീതിം സം മദാ അഗ്മതാ വഃ ||**

ഹേ ഋഭു, വിഭു, വാജാ, ഇന്ദ്രാ! ധനം ദാനം ചെയ്യുന്നതിനായ ഞങ്ങളുടെ യജ്ഞത്തിൽ എഴുന്നള്ളിയാലും. ഇപ്പോൾ നിങ്ങൾക്ക് പ്രജാപതിയുടെ അരുളപ്പാടാകുന്ന വാഗ്ദേവി പാനം നിശ്ചയിച്ചിട്ടുല്ലോ. അതിനാൽ സോമത്തിൽനിന്നുാകുന്ന ലഹരിയും നിങ്ങൾക്കുാകും.

**2. വിദാനാസോ ജൻമനോ വാജരത്നാ ഉത ഋതുഭിർഋഭവോ മാദയധ്വം |**

**സം വോ മദാ അഗ്മത സം പുരന്ധിഃ സുവീരാമസ്മേ രയിമേരയധ്വം ||**

ഹേ ഋഭുക്കളേ! നിങ്ങൾ അന്നത്താൽ ശോഭിക്കുന്നു. പ് നിങ്ങൾ മനുഷ്യരായിരുന്നു. ഇപ്പോൾ നിങ്ങൾ ദേവകളായിരിക്കുന്നു. ഇക്കാര്യം മനസ്സിൽവച്ചുകൊ് ദേവകളുടെ അടുക്കൽനിന്നു പുഷ്ടിപ്രാപിക്കുവിൻ. ഹർഷകാരിയായ സോമവും സ്തോത്രങ്ങളും നിങ്ങളോടുചേരുന്നു. നിങ്ങൾ ഞങ്ങൾക്കായി പുത്രപൗത്രാദിയുക്തമായ ധനം തന്നാലും.

**3. അയം വോ യജ്ഞ ഋഭവോകാരി യമാ മനുഷ്വത് പ്രദിവോ ദധിധ്വേ |**

**പ്ര വോച്ഛാ ജുജുഷാണാസോ അസ്ഥുരഭൂത വിശ്വേ അഗ്രിയോത വാജാഃ ||**

ഹേ ഋഭുക്കളേ! ഈ യജ്ഞം നിങ്ങൾക്കുവേി നടത്തപ്പെടുന്നു. ഇതിനെ, മനുഷ്യർക്കുതുല്യം ദീപ്തിമാൻമാരായ നിങ്ങൾ സ്വീകരിക്കണേ. സേവാകാരിയായ സോമം നിങ്ങളുടെ സമീപത്തായി വയ്ക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ പ്രധാന ദേവകളാണല്ലോ.

**4. അഭൂദു വോ വിധതേ രത്നധേയമിദാ നരോ ദാശുഷേ മർത്യായ |**

**പിബത വാജാ ഋഭവോ ദദേ വോ മഹി തൃതീയം സവനം മദായ ||**

ഹേ അഗ്രഗണ്യരായ ഋഭുക്കളേ! ഹവിർദാതാവായ യജമാനനു ഈ മൂന്നാം സവനത്തിൽ നിങ്ങളുടെ കൃപയോടുകൂടിയ ദാനയോഗ്യമായ രത്നം പ്രാപ്തമാക്കണേ. ഞങ്ങൾ നിങ്ങൾക്കായി പുഷ്ടിദായകമായ സോമം പ്രദാനം ചെയ്യുന്നു. നിങ്ങൾ അതുപാനം ചെയ്താലും.

**5. ആ വാജാ യതോപ ന ഋഭുക്ഷാ മഹോ നരോ ദ്രവിണസോ ഗൃണാനാഃ |**

**ആ വഃ പീതയോഭിപിത്വേ അഹ്നാമിമാ അസ്തം നവസ്വ ഇവഗ്മൻ ||**

ഹേ നേതൃശ്രേഷ്ഠൻമാരായ ഋഭുക്കളേ! മഹത്തായ ഐശ്വര്യത്തെ പുകഴ്ത്തിക്കൊ് നിങ്ങൾ ഞങ്ങളുടെ സമീപത്തേക്ക് വന്നാലും. ദിനാന്ത്യത്തിൽ നവപ്രസ്തുതയായ ഗോവ് ഗൃഹത്തിലേയ്ക്ക് മടങ്ങിവരുന്നതുപോലെ, ഈ സോമരസം പാനം ചെയ്യപ്പെടുന്നതിനുവേി നിങ്ങളുടെനേരെ വരുന്നു.

**6. ആ നപാതഃ ശവസോ യാതനോപേമം യജ്ഞം നമസാ ഹൂയമാനാഃ |**

**സജോഷസഃ സൂരയോ യസ്യ ച സ്ഥ മധ്വഃ പാത രത്നധാ ഇന്ദ്രവന്തഃ ||**

ബലവാൻമാരായ ഋഭുക്കളേ! സ്തോത്രങ്ങളാൽ വിളിക്കപ്പെടുമ്പോൾ നിങ്ങളീ യജ്ഞവേദിയിൽ വരേണമേ. നിങ്ങൾ ഇന്ദ്രൻെറ സഖാക്കളും ബുദ്ധിമാൻമാരുമാണല്ലോ. നിങ്ങൾ ഇന്ദ്രൻെറ സംബന്ധികളാകുന്നു. നിങ്ങൾ മധുരതരമായ സോമരസം ഇന്ദ്രനോടുകൂടി പാനം ചെയ്തുകൊ് ഞങ്ങൾക്ക് രത്നാദിധനങ്ങൾ ദാനം ചെയ്താലും.

**7. സജോഷാ ഇന്ദ്ര വരുണേന സോമം സജോഷാഃ പാഹി ഗിർവണോ മരുദ്ഭിഃ |**

**അഗ്രേപാഭിർഋതുപാഭഃ സജോഷാ ഗ്നാസ്പത്നീഭിരത്നധാഭിഃ സജോഷാ ||**

ഹേ ഇന്ദ്രാ! വരുണനോടുകൂടി സമ്യക് ദീപ്തിമാനായി സോമം പാനം ചെയ്താലും. നീ സ്തുതിക്കുപാത്രമാകുന്നു. മരുത്തുക്കളോടുചേർന്ന് നീസോമം പാനം ചെയ്യൂ. ആദ്യം പാനം ചെയ്യുന്ന ഋഭുക്കളോടും ദേവാംഗനകൾോടും രത്നദാത്രികളോടും കൂടി നീ സോമം പാനം ചെയ്താലും.

**8. സജോഷസ ആദിത്യൈർമാദയധ്വം സജോഷസ ഋഭവഃ പർവതേഭിഃ |**

**സജോഷസോ ദൈവ്യേനാ സവിത്രാ സജോഷസഃ സിന്ധുഭീ രത്നധേഭിഃ ||**

ഹേ ഋഭുക്കളേ! ആദിത്യൻമാരോടുചേർന്ന് മത്തരാകുവിൻ. ഉപാസനീയരായ ദേവൻമാരോടുകൂടി മത്തരാകുവിൻ. സവാപാവിനോടുകൂടി മത്തരാകുവിൻ. പർവ്വതസമാനം അചലരും

രത്നദാതാക്കളുമായ ദേവൻമാരോടുചേർന്ന് വൃദ്ധിയെ പ്രാപിക്കുവിൻ.

**9. യേ അശ്വിനാ യേ പിതരാ യഊതീ ധേനും തതക്ഷു ഋഭവോ യേ അശ്വാ |**

**യേ അംസത്രാ യ ഋധഗ്രോദസീ യേ വിഭ്വോ നരഃ സ്വപത്യാനി ചക്രുഃ ||**

രഥനിർമ്മാണാദികാര്യങ്ങൾക്കായി അശ്വിനികളെ തങ്ങളുടെ സ്നേഹിതൻമാരാക്കുകയും ജരാനരബാധിച്ച മാതാപിതാക്കൾക്ക് താരുണ്യം നൽകുകയും ഗോക്കളേയും അശ്വങ്ങളേയും നിർമ്മിക്കുകയും ദേവകൾക്കുവേ അംസകവചം നിർമ്മിക്കുകയും, ആകാശത്തേയും ഭൂമിയേയും വേർപെടുത്തുകയും സന്താനോൽപ്പാദന കാര്യം നിർവ്വഹിക്കുകയും എല്ലാത്തിൻേറയും നേതാക്കളായിരിക്കുകയും ചെയ്യുന്നുവോ, ആ ഋഭുക്കൾ ആദ്യമായി സോമം പാനം ചെയ്യുന്നു.

**10. യേ ഗോമന്തം വാജവന്തം സുവീരം രയിം ധത്ഥ വസുമന്തം പുരുക്ഷഃ |**

**തേ അഗ്രേപാ ഋഭവോ മംദസാനാ അസ്മേ ധത്ത യേ ച രാതിം ഗൃണന്തി ||**

ഗോക്കൾ, അന്നം, സന്താനം, നിവാസയോഗ്യമായ ഗൃഹാദിധനങ്ങൾ എന്നിവയോടുകൂടിയവരായിരിക്കുകയും വളരെ അന്നത്തോടുകൂടിയ ധനപാലകരായിരിക്കുകയും ധനത്തെ പ്രശംസിക്കുന്നവരായിരിക്കുകയും ചെയ്യുന്ന ഋഭുഗണം സോമപാനത്താൽ മത്തരായി നമുക്ക് ധനൈശ്വര്യം പ്രദാനം ചെയ്യണേ.

**11. നാപാഭൂത ന വോതീതൃഷാമാനിഃ ശസ്താ ഋഭവോ യജ്ഞേ അസ്മിൻ |**

**സമിന്ദ്രേണ മദഥ സം മരുദ്ഭിഃ സ രാജഭീ രത്നധേയായ ദേവാഃ ||**

ഋഭുക്കളേ! ഞങ്ങളിൽനിന്നും അകന്നുപോകരുതേ. ഞങ്ങൾ നിങ്ങളെ അധികസമയം തൃഷിതരാക്കുകയില്ല. നിങ്ങൾ ധനം ദാനം ചെയ്യുന്നതിനായി ഇന്ദ്രനോടുകൂടി ഈ യജ്ഞത്തിൽ ലഹരിയെ പ്രാപിക്കുവിൻ. മരുത്തുക്കളോടും മറ്റു ദേകളോടുംകൂടി മത്തരാകുവിൻ.

## സൂക്തം 35

**ഋഷി വാമദേവൻ ദേവത ഋഭുക്കൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഇഹോപ യാത ശവസോ നപാതഃ സൗധന്വനാ ഋഭവോ മാപഭൂത |**

**അസ്മിൻഹി വഃ സവതേ രത്നധേയം ഗമന്ത്വിന്ദ്രമനുവോ മദാസഃ ||**

ഹേ സുന്ധ്വൻെറ ബലവാൻമാരായ പുത്രൻമാരേ! ഹേ ഋഭുക്കളേ! ഈ തൃതീയ സവനത്തിൽ ഇവിടെ വന്നാലും.മറ്റൊരിടത്തും ഒരിക്കലും പോകരുതേ. മാദകമായ സോമം ഈ സവനത്തിൽ രത്നദാനം ചെയ്യുന്ന ഇന്ദ്രനുശേഷം നിങ്ങളുടെ സമീപമെത്തണേ.

**2. ആഗനനൃഭ്യണാമിഹ രത്നധേയമഭൂത്സോമസ്യ സുഷുതസ്യ പീതിഃ |**

**സുകൃത്യയാ യത്സ്വപസ്യയാ ചം ഏകം വിചക്രചമസം ചതുർധാ ||**

ഋഭുക്കളാൽ നടത്തപ്പെടുന്ന രത്നദാനം ഈ മൂന്നാം സവനത്തിൽ എൻെറയടുക്കൽ വന്നുചേരട്ടെ. ഹേ ഋഭുക്കളേ! നിങ്ങൾ സ്വന്തമായ കരകൗശലംകൊ് ഒരു ചമസത്തെ നാലാക്കിത്തീർക്കുകയും സുസിദ്ധമായ സോമം പാനം ചെയ്യുകയും ചെയ്തിരുന്നുവല്ലോ.

**3. വ്യകൃണൊത ചമസം ചതുർധാ സഖേ വി ശിക്ഷേത്യബ്രവീത|**

**അഥൈത വാജാ അമൃതസ്യ പന്ഥാം ഗണം ദേവാനാമൃഭവഃ സുഹസ്താഃ ||**

ഹേ ഋഭുക്കളേ! നിങ്ങൾ ഒരു ചമസത്തെ നാലാക്കിക്കൊ് ഹേ മിത്രരൂപനായ അഗേ! കൃപചെയ്യണമേ എന്നു പറഞ്ഞു. അപ്പോൾ അഗ്നിദേവൻ ഇപ്രകാരം പറഞ്ഞു. ഹേഋഭുക്കളേ! നിങ്ങൾ കൈവേലകളിൽ കുശലരാകുന്നു. നിങ്ങൾ അമരത്വപ്രാപ്തിയുടെ മാർഗ്ഗത്തിൽ കൂടിപോകുവിൻ.

**4. കിംമയഃ സ്വിച്ചമസ ഏഷ ആസയം കാവ്യേന ചതുരോ വിചക്ര |**

**അഥാ സുനുധ്വം സവനം മദായ പാത ഋഭവോ മധുനഃ സോമ്യസ്യ ||**

സമർത്ഥമായി നാലാക്കപ്പെട്ട ആ ചമസം എങ്ങിനെയുള്ളതായിരുന്നു? ഹേ ഋത്വിജൻമാരെ! ആനന്ദത്തിനുവേസോമം തയ്യാറാക്കുവിൻ. ഹേ ഋഭുക്കളേ! നിങ്ങൾ മധുരപൂർണ്ണമായ ഈ സോമരസം പാനം ചെയ്യുവിൻ൦

**5. ശച്യാകർത പിതരാ യുവാനാ ശച്യാകർത്ത ചമസം ദേവപാനം |**

**ശച്യാ ഹരീ ധനുതരാവതഷ്ടേന്ദ്രവാഹാവൃഭവൊ വാജരത്നാഃ ||**

ഹേ ഉത്തമമായ സോമത്താൽ യുക്തരായ ഋഭുക്കളേ! നിങ്ങൾ കല വഴി നിങ്ങളുടെ മാതാപിതാക്കളെ തരുണരാക്കി. ഒരു ചമസത്തെ നാലാക്കി ഇന്ദ്രൻെറ ദ്രുതഗാമികളായ കുതിരകളെ സൃഷ്ടിച്ചു.

**6. യോ വഃ സുനോത്യഭിപിത്വേ അഹ്നാം തീവ്രം വാജാസഃ സവനം മദായ |**

**തസ്മൈ രയിമൃഭവഃ സർവവീരമാ തക്ഷത വൃഷണോ മന്ദസാനാഃ ||**

ഹേ ഋഭുക്കളേ! നിങ്ങൾ അന്നവാൻമാരാകുന്നു, നിങ്ങൾക്കാനന്ദം നൽകുന്നതിനുവേി സോമം പിഴിഞ്ഞെടുത്തുാക്കുന്ന യജമാനനുവേി നിങ്ങൾ ഉത്തമാഭീഷ്ടവർഷകരായി അനേകം സന്താനയുക്തമായ ധനം ദാനം ചെയ്യുന്നവരാകുവിൻ.

**7. പ്രാതഃ സുതമപിബോ ഹര്യശ്വ മാധ്യന്ദിനം സവനം കേവലം തേ |**

**സമൃഭുമിഃ പിബസ്വ രത്നധേഭിഃ സഖീം യാം ഇന്ദ്ര ചകൃഷേ സുകൃത്യാ ||**

ഹേ അശ്വയുക്തനായ ഇന്ദ്രാ! നീ പ്രസിദ്ധമായ സോമരസം പ്രാതസവനത്തിൽ പാനം ചെയ്യൂ. ദിവസത്തിലെ മധ്യകാലസവനം നിനക്കുവേമാത്രമുള്ളതാകുന്നു. ഹേ ഇന്ദ്രാ! നിൻെറ ഉത്തമപ്രവർത്തിയാൽ യാതൊരുത്തരുമായി നീ മിത്രത്വം സ്ഥാപിക്കുന്നുവോ രത്നദാനം നടത്തുന്നവരായ ആ ഋഭുക്കൾ സഹിതം നീ മൂന്നാം സവനത്തിൽ സോമം പാനം ചെയ്താലും.

**8. യേ ദേവാസോ അഭവതാ സുകൃത്യാ ശ്യേനാ ഇവേദധി ദിവി നിഷേദ |**

**തേ രത്നം ധാത ശവസോ നപാതഃ സൗധന്വനാ അമവതാമൃതാസഃ ||**

ഹേ ഋഭുക്കളേ! നിങ്ങൾ സ്വന്തം ശ്രേഷ്ഠകർമ്മങ്ങളാൽ ദേവത്വം പ്രാപിച്ചു. നിങ്ങൾ പരുന്തിനെപ്പോലെ ആകാശത്തിൽ ചരിക്കുന്നു. ഹേ സുധനാപുത്രൻമാരേ! നിങ്ങൾ അമരത്വം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഞങ്ങൾക്ക് ധനം ദാനം ചെയ്താലും.

**9. യത്തൃതീയം സവനം രത്നധേയമകൃണുധ്വം സ്വപസ്യാ സുഹസ്താഃ |**

**തദ്യഭവഃ പരിഷിക്തം വ ഏതത്സം മദേഭിരിന്ദ്രിയേഭിഃ പിബധ്വം ||**

ഹേ ഋഭുക്കളേ! നിങ്ങൾ കരകൗശലവിദഗ്ദ്ധരാണല്ലോ. നിങ്ങൾ സുന്ദരവും സോമയുക്തവുമായ മൂന്നാം സവനത്തെ ശ്രേഷ്ഠകർമ്മങ്ങളുടെ അഭിലാഷങ്ങളോടുകൂടി പ്രസിദ്ധമാക്കുന്നു. അതിനാൽ പ്രസന്നചിത്തരായി സോമം പാനം ചെയ്യുവിൻ.

## സൂക്തം 36

**ഋഷി വാമദേവൻ ദേവത ഋഭുക്കൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അനശ്വോ ജാതോ അനഭീശുരുക്ഥ്യോ രഥസ്ത്രിചക്രഃ പരി വർതതേ രജഃ |**

**മഹത്തദ്വോ ദേവ്യസ്യ പവാചനം ദ്യാമൃഭവഃ പൃഥിവീം യച്ച പുഷ്യഥ ||**

ഹേ ഋഭുക്കളേ! നിങ്ങളാൽ ചെയ്യപ്പെടുന്ന കാര്യങ്ങൾ പ്രശംസാർഹങ്ങളാകുന്നു. അശ്വിനികുമാരൻമാർക്ക് നിങ്ങൾ നൽകിയ മൂന്നുചക്രങ്ങളോടുകൂടിയ രഥം കുതിരകളെ കൂടാതെ അന്തരീക്ഷത്തിൽക്കൂടി ചലിക്കുന്നു. അതുവഴി നിങ്ങൾ ആകാശത്തേയും ഭൂമിയേയും പരിപാലിക്കുന്നു. ആ രഥനിർമ്മാണം തന്നെ നിങ്ങളുടെ ദേവത്വത്തിൻെറ സാക്ഷ്യമാകുന്നു.

**2. രഥം യേ ചക്രുഃ സുവൃതം സുചേതസോവിഹ്വരന്തം മനസസ്പരി ധ്യയാ |**

**താം ഊ ന്വസ്യ സവനസ്യ പീതയ ആ വോ വാജാ ഋഭവോ വേദയാമസി ||**

ഹേ ശ്രേഷ്ഠഹൃദയരായ ഋഭുക്കളേ! നിങ്ങൾ നിങ്ങളുടെ ആന്തരികബുദ്ധിയിൽക്കൂടി നേർവഴിക്കുപോകുന്നതും ചക്രങ്ങളോടുകൂടിയതുമായ രഥം നിർമ്മിച്ചുവല്ലോ. സാധാരണൻമാരായ ഞങ്ങൾ നിങ്ങളെ സോമപാനത്തിനായി ക്ഷണിക്കുന്നു.

**3. തദ്വോ വാജാ ഋഭവഃ സുപ്രവാചനം ദേവേഷു വിഭ്വോ അഭവന്മഹിത്വനം |**

**ജിവ്രീ യത്സന്താ പിതരാ സനാജുര പുനർയുവാനാ ചരഥായ തക്ഷഥ ||**

ഹേ ഋഭുക്കളേ! നിങ്ങൾ മൂന്നുപേരും കൂടി വൃദ്ധരായ നിങ്ങളുടെ മാതാപിതാക്കൾക്ക് താരുണ്യം നൽകി നടക്കുമാറാക്കി നിങ്ങളുടെ ഈ മഹത്തായ കർമ്മം ദേവകളിൽവച്ച് പ്രസിദ്ധമാകുന്നു.

**4. ഏകം വി ചക്ര ചമസം ചതുർവയം നിശ്ചർമണോ ഗാമരിണീത ധീതിഭിഃ |**

**അഥാ ദേവേഷ്വമൃതത്വമാനശ ശ്രുഷ്ടീ വാജാ ഋഭവസ്തദ്വ ഉക്ഥ്യം ||**

ഹേ ഋഭുക്കളേ! നിങ്ങൾ ഒരു ചമസത്തെ നാലുഭാഗമാക്കിയല്ലോ. നിങ്ങളുടെ മഹാകർമ്മത്താൽ നിങ്ങൾ ഗോക്കളെ തോലുകൊുപൊതിഞ്ഞു. അതിനാൽ നിങ്ങൾ ദേവകൾക്കുള്ള അവിനാശപദം പ്രാപിച്ചു. നിങ്ങളുടെ എല്ലാകർമ്മങ്ങളും സ്തുത്യർഹങ്ങളാകുന്നു.

**5. ഋഭുതോ രയിഃ പ്രഥമശ്രവസ്തമോ വാജശ്രുതാസോ യമജീജനന്നരഃ |**

**വിഭ്വതഷ്ടോ വിദഥേഷു പ്രവാച്യോ യം ദേവാസോവഥാ സ വിചർഷണിഃ ||**

ഋഭുഗണങ്ങൾ യാതൊരു ധനത്തെ പ്രകടമാക്കിയിരുന്നുവോ, അന്നയുക്തമായ ആ മുഖ്യധനം അവരുടെ അടുക്കൽ വരട്ടെ. യജ്ഞസ്ഥാനത്തിൽ ഋഭുക്കളാൽ നിർമ്മിക്കപ്പെട്ട രഥം പ്രശംസായോഗ്യമാകുന്നു. ഹേ ദീപ്തിമാൻമാരായ മരുത്തുക്കളേ! നിങ്ങൾ ആരുടെ രക്ഷകൻമാരായിരിക്കുന്നുവോ ആ സാധകൻ ദർശനയോഗ്യനാകുന്നു.

**6. സ വാജ്യർവാ സ ഋഷിർവചസ്യയാ സ ശൂരോ അസ്താ പൃതനാസു ദുഷ്ടരഃ |**

**സ രായസ്പോഷം സ സുവീര്യം ദധേ യം വാജോ വിഭ്വാം ഋഭവോ യമാവിഷുഃ ||**

യാതൊരു വ്യക്തിയെ ഋഭുക്കൾ രക്ഷിക്കുന്നുവോ ആ വ്യക്തി പരാക്രമിയും യുദ്ധകൗശലത്തിൽ ചതുരനുമായിത്തീരുന്നു. അവൻ ഋഷരനായി സ്തുതികളാൽ സമ്പന്നനാകുന്നു. ആ വീരൻ ശത്രുക്കളെ പരാജയപ്പെത്തി യുദ്ധത്തിൽ മുന്നേറുകയും അതുപോലെ ധനവാനും സന്താനവാനും ബലവാനും ആകുകയും ചെയ്യുന്നു.

**7. ശ്രേഷ്ഠം വഃ പേശോ അധി ധായി ദർശതം സ്തോമേ വാജാ ഋഭവസ്തം ജുജുഷ്ടന |**

**ധീരാസോ ഹി ഷ്ഠാ കവയോ വിപശ്ചിരസ്താന്വ ഏനാ ബ്രഹ്മണാ വേദയാമസി ||**

ഹേ ഋഭുക്കളേ! നിങ്ങൾ അത്യന്തം ഉത്കൃഷ്ടരും ദർശനയോഗ്യ സ്വരൂപരുമാകുന്നു. ഞങ്ങൾ നിങ്ങൾക്കായി ഈ മനോഹരസ്തോത്രം രചിച്ചിരിക്കുന്നു. നിങ്ങൾ അതിനെ സ്വീകരിച്ചാലും. നിങ്ങൾ മേധാവികളും ജ്ഞാനികളും കവികളുമാകുന്നു. സ്തോത്രങ്ങളാൽ ഞങ്ങൾ നിങ്ങളോട് പ്രാർത്ഥിക്കുന്നു.

**8. യൂയമസ്മഭ്യം ധിഷണാഭ്യസ്പരി വിദ്വാംസോ വിശ്വാ നര്യാണി ഭോജനാ |**

**ദ്യുമന്തം വാജം വൃഷശുഷ്മമുത്തമമാ നോ രയിമൃഭവസ്തക്ഷതാ വയഃ ||**

ഹേഋഭുക്കളേ! ഞങ്ങളുടെ സ്തുതികൾ നിമിത്തമായി മനുഷ്യർക്ക് ഹിതകരമായ എല്ലാ ഭോഗ്യസാമഗ്രികളും നിങ്ങൾ സ്വീകരിച്ച് ഞങ്ങൾക്കുവേി മഹാതേജസ്സും ബലോൽപാദനശക്തിയും, ശത്രുക്കളെ ഉണക്കുന്നതിനുള്ള കഴിവുമുള്ള അന്നവും ധനവും ഞങ്ങൾക്ക് നൽകുവിൻ.

**9. ഇഹ പ്രജാമിഹ രയിം രരാണാ ഇഹ ശ്രവോ വീരവത്തക്ഷതാ നഃ |**

**യേന വയം ചിതയേമാത്യന്യാന്തം വാജം ചിത്രമൃഭവോ ദദാ നഃ ||**

ഹേ ഋഭുക്കളേ! നിങ്ങൾ ഞങ്ങളുടെ യശസ്സിൽ സന്തുഷ്ടരായി പുത്രപൗത്രഭൃത്യാദികളാൽ യുക്തമായ യശസ്സിനെ നൽകുവിൻ. ഞങ്ങൾക്ക് യാതൊരു ധനത്താൽ മറ്റുള്ളവരുടെമേൽ വിജയം പ്രാപിക്കുവാൻ കഴിയുമോ, ആ മനോഹരമായ ധനത്തെ ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ.

## സൂക്തം 37

**1. ഉപ നോ വാജാ അധ്വരമൃഭുക്ഷാ ദേവാ യാത പഥിഭിർദേവയാനൈഃ |**

**യഥാ യജ്ഞം മനുഷോ വിക്ഷ്വാസു ദധിധ്വേ രണ്വാഃ സുദിനേഷ്വഹ്നാം ||**

ഹേ ഋഭുക്കളേ! നിങ്ങൾ ദിവസങ്ങളെ ശ്രേഷ്ഠങ്ങളാക്കുന്നതിനുവേി യജ്ഞത്തെ പാലിക്കുന്നതുപോലെ, ദേവകളുടെ ശ്രേഷ്ഠമായമാർഗ്ഗത്തിൽക്കൂടി ഞങ്ങളുടെ യജ്ഞത്തിൽ വന്നാലും.

**2. തേ വോ ഹൃദേ മനസേ സന്തു യജ്ഞാ ജുഷ്ടാസോ അദ്യ ഘൃതനിർണിജോ ഗുഃ |**

**പ്ര വഃ സുതാസോ ഹരയന്ത പൂർണാഃ ക്രത്വേ ദക്ഷായ ഹർഷയന്ത പീതാഃ ||**

ഇന്ന് എല്ലായജ്ഞങ്ങളും നിങ്ങളുടെ അന്തക്കരണത്തിന് സ്നേഹം പ്രദാനം ചെയ്യണേ. ഘൃതമിശ്രിതമായ സോമരസം പര്യാപ്തമായ മാത്രയിൽ നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിക്കട്ടെ. പ്രീതിയുളവാക്കട്ടെ. ചമസ്സിൽ വയ്ക്കപ്പെട്ട സോമം നിങ്ങളെ പ്രതീക്ഷിക്കുന്നു. അത് സ്നേഹമയിയായി നിങ്ങളെ ഉത്തമകർമ്മങ്ങൾക്ക് പ്രേരിപ്പിക്കണേ

**3. ത്ര്യുദായം ദേവഹിതം യഥാ വഃ സ്തോമോ വാജാ ഋഭുക്ഷണോ ദദേ വഃ |**

**ജുഹ്വേ മനുഷ്വദുപരാസു വിക്ഷു യുഷ്മേ സചാ ബൃഹദ്ദിവേഷു സോമം ||**

ഹേ വാജ ഋഭേ, നിങ്ങളെ മൂന്നുപ്രാവശ്യമുദിക്കുന്ന ദേവഹിതമായ സോമവും, നിങ്ങളെ സ്തോത്രവും വഹിക്കുമല്ലോ. അതിനാൽ അരികെ രസിക്കുന്ന മനുഷ്യരുടെയും ദേവൻമാരുടെയും മധ്യത്തിൽ ഞാൻ മനുവിനെപോലെ അതു നിങ്ങൾക്കായി ഒപ്പം ഹോമിക്കുന്നു.

**4. പീവോഅശ്വാഃ ശുചദ്രഥാ ഹി ഭൂതായഃ ശിപ്രാ വാജിനഃ സുനിഷ്കാഃ |**

**ഇന്ദ്രസ്യ സൂനോ ശവസോ നപാതോനു വശ്ചേത്യഗ്രിയം മദായ ||**

ഹേ ഋഭുക്കളേ! നിങ്ങളുടെ കുതിരകൾ തടിച്ചു കൊഴുത്തവയാകുന്നു. നിങ്ങളുടെ രഥം പ്രകാശപൂരിതവുമാണ്. നിങ്ങളുടെ താടി ഇരുമ്പിനുതുല്യം ഉറപ്പുള്ളതാണ്. നിങ്ങൾ അന്നത്തിൻെറ സ്വാമിയും അതുപോലെ ഉത്തമൻമാരായ ദാനികളുമാകുന്നു. ഹേ ബലവാൻമാരേ! നിങ്ങളുടെ പുഷ്ടിക്കുവേി ഞങ്ങൾ ഈ പ്രഥമസവനം അനുഷ്ഠിക്കുന്നു.

**5. ഋഭുമൃഭുക്ഷണോ രയിം വാജേ വാജിന്തമം യുജം |**

**ഇന്ദ്രസ്വന്തം ഹവാമഹേ സദാസാതമമശ്വിനം ||**

ഹേ ഋഭുക്കളേ ഞങ്ങൾ മഹത്തായ ധനത്തെ യാചിക്കുന്നു, യുദ്ധകാലം ആരംഭിക്കുമ്പോൾ അത്യധികം ശക്തിശാലികളായ രക്ഷകരെ വിളിക്കുകയും സദാദാനശീലരും അശ്വങ്ങളുടെ നാഥനുമായ നിങ്ങളുടെ ഗണത്തെ വിളിക്കുകയും ചെയ്യുന്നു.

**6. സേദൃഭവോ യമവഥ യൂയമിന്ദ്രശ്ച മർത്യം |**

**സ ധീഭിരസ്തു സനിതാ മേധസാതാ സോ അർവതാ ||**

ഹേ ഋഭുക്കളേ! നിങ്ങളും ഇന്ദ്രനും യാതൊരുത്തൻെറ രക്ഷകരായിരിക്കുന്നുവോ, ആ മനുഷ്യൻ ഏറ്റവും ശ്രേഷ്ഠനാകുന്നു. അവൻ തൻെറ കർമ്മങ്ങൾ വഴിയായി ധനഭാഗം പ്രാപിക്കുകയും അതുപോലെ യജ്ഞത്തിൽ കുതിരകളാൽ യുക്തരാകുകയും ചെയ്യട്ടെ.

**7. വി നോ വാജാ ഋഭുക്ഷണഃ പഥശ്ചിതന യഷ്ടവേ |**

**അസ്മഭ്യം സൂരയഃ സ്തുതാ വിശ്വാ ആശാസ്തരീഷണി ||**

ഹേ ഋഭുക്കളേ! നിങ്ങൾ ഞങ്ങൾക്ക് യജ്ഞമാർഗ്ഗം പറഞ്ഞുതരുവിൻ. നിങ്ങൾ മേധാവികളാണല്ലോ. നിങ്ങൾ പൂജിതരായി ഞങ്ങൾക്കുവേി എല്ലായിടത്തും ആശയെല്ലാം കടത്തിവിടുവിൻ.

**8. തം നോ വാജാ ഋഭുക്ഷണ ഇന്ദ്ര നാസത്യ രയിം |**

**സമശ്വം ചർഷണിഭ്യ ആ പുരു ശസ്ത മഘത്തയേ ||**

ഹേ ഋഭുക്കളേ! ഹേ ഇന്ദ്രാ! ഹേ അശ്വിനികളേ! സ്തോതാക്കളായ ഞങ്ങൾക്ക് നിങ്ങൾ ധനദാനം ചെയ്യുന്നതിനായി ശ്രേഷ്ഠമായ ധനത്തേയും അശ്വങ്ങളേയും ദാനം ചെയ്താലും.

## സൂക്തം 38

**ഋഷി വാമദേവൻ ദേവത ദ്യാവാ പൃഥ്വി ശ ന്ദ സ ് അനുഷ്ടുപ്, ത്രിഷ്ടുപ്**

**1. ഉതോ ഹി വാം ദാത്രാ സന്തി പൂർവാ യാ പുരുഭ്യസ്ത്ര സദസ്യുർനിതോശേ |**

**ക്ഷേത്രാസാം ദദഥുതർവരാസാം ധനം ദസ്യുഭ്യോ അഭിഭൂതിമുഗ്രം ||**

ഹേ ദ്യാവാ പൃഥിവി! ത്രദസ്യ എന്ന ദാനിയായ രാജാവ് നിങ്ങളിൽനിന്നും വളരെയധികം ധനം വാങ്ങി യാചിക്കുന്നവർക്ക് നൽകി. നിങ്ങൾ അവർക്ക് കുതിരകളേയും പുത്രൻമാരേയും ദാനം ചെയ്തു. അതുപോലെ രാക്ഷസൻമാരെ സംഹരിക്കുന്നതിനുവേി തീക്ഷ്ണങ്ങളായ അസ്ത്രങ്ങളും നൽകി.

**2. ഉത വാജിനം പുരുനിഷ്പിധ്വാനം ദധി കാമു ദദഥുർവിശ്വകൃഷ്ടിം |**

**ഋജിപ്യം ശ്യേനംപ്രുഷിതപ്സുമാശും ചകൃത്യമർയോ നൃപതിം ന ശൂരം ||**

അനേകം ശത്രുക്കളെ തടഞ്ഞു നിർത്തുന്നവനും എല്ലാ മനുഷ്യരേയും രക്ഷിക്കുന്നവനും നേരെ പോകുന്നവനും പ്രത്യേകം പ്രകാശിക്കുന്നവനും പരുന്തുപോലെ ദ്രുതഗാമിയും പരാക്രമിയും ഭൂമിപതിക്കു തുല്യശത്രുക്കളെ നശിപ്പിക്കുന്നവനും ആയ ദധിക്രാദേവ (അശ്വാരുപാഗി) നെ നിങ്ങൾ രുപേരും നൽകുന്നവരാണല്ലോ.

**3. യം സീമനു പ്രവതേവ ദ്രവന്തം വിശ്വഃ പൂരുർമദതി ഹർഷമാണഃ |**

**പഡ്ഭിർഗൃധ്യന്തം മേധയും നശൂരം രഥതൂരം വാതമിവ ധ്രജന്തം ||**

എല്ലാ മനുഷ്യരും സന്തുഷ്ടരായി ഏതൊരു ദധിക്രാദനെ പൂജിക്കുന്നുവോ, അവൻ താഴേക്കു പോകുന്നവനെപ്പോലെ,

വീരനെപ്പോലെ പാദങ്ങളാൽ ദിക്കുകളെ ഉല്ലംഘിച്ചുകൊ് രഥത്തിൽ പോകുന്നവനെപ്പോലെയും വായുവിനെപ്പോലെയും ശീഘ്രഗാമിയാകുന്നു.

**4. യഃ സ്മാരുന്ധാനോ ഗധ്യാ സമത്സു സനുതരശ്ചരതി ഗോഷു ഗച്ഛൻ |**

**ആവിർഋജീകോ വിദഥാ നിചികൃത്തിരോ അരതിം പര്യാപ ആയോഃ ||**

യാതൊരുത്തൻ യുദ്ധത്തിൽ ഏകമാത്രമായ പദാർത്ഥങ്ങളെ തടഞ്ഞുവെച്ച്, എല്ലാ ദിക്കുകളിലും അതിവേഗത്തിൽ സഞ്ചരിക്കുന്നുവോ, അറിയപ്പെടുവാൻ യോഗ്യമായ ആ കർമ്മങ്ങളുടെ ജ്ഞാതാവ് സ്തോതാക്കളുടേയും യജമാനൻേറയും ശത്രുക്കളെ ശസ്വികളാകുവാനനുവദിക്കുന്നില്ല.

**5. ഉത സ്മൈനം വസ്ത്രമഥിം ന മായുമനു ക്രോശന്തി ക്ഷിതയോ ഭരേഷു |**

**നീചായമാനം ജസുരിം ന ശ്യേനം ശ്രവശ്ചാഛാ പശുമച്ച യൂഥം ||**

വസ്ത്രം മോഷ്ടിക്കുന്ന കള്ളനെക്ക് ആളുകൾ മുറവിളികൂട്ടുന്നതുപോലെ യുദ്ധഭൂമിയിൽ ദധിക്രാദനെക് ശത്രുഗണം മുറവിളി കൂട്ടുന്നു. താഴേക്ക് പറന്നുവരുന്ന വിശക്കുന്ന പരുന്തിനെക് പക്ഷികൾ ഒരിടത്തും നിൽക്കാതിരിക്കുന്നതുപോലെ ആളുകൾ അന്നത്തിനും മൃഗത്തിനും വേി വന്നുകൊിരിക്കുന്ന ദധിക്രാദനെക് മുറവിളി കൂട്ടുന്നു.

**6. ഉത സ്മാസു പ്രഥമഃ സരിഷ്യന്നി വേവേതി ശ്രേണിഭി രഥാനാം |**

**സ്രജം കൃണ്വാനോ ജന്യോ ന ശുഭ്വാ രേണും രേരിഹത്കിരണം ദദശ്വാൻ ||**

രാക്ഷസപ്പടയിലേക്ക് കുതിച്ചുകയറുവാനാഗ്രഹിക്കുന്ന അവൻ രഥപംക്തിപോലെ മുന്നേറുന്നു. അവൻ സുശോഭിതനും മനുഷ്യഹിതം നിറവേറ്റുന്ന അശ്വത്തെപ്പോലെ തോന്നിക്കുകയും ചെയ്യുന്നു. അവൻ വായിലെ കടിഞ്ഞാൺ കടിച്ചുവക്കുകയും പാദങ്ങളിൽനിന്നും ഉയരുന്ന ധൂളി നക്കുകയും ചെയ്യുന്നു.

**7. ഉത ന്യ വാജോ സഹരിർഋതാവാ ശുശ്രൂഷമാണസ്തന്വാ സമർയേ |**

**തുരം യതീഷു തുരയന്നൃജിപ്യോധി ഭ്രുവോഃ കിരതേ രേണുമൃഞ്ജൻ ||**

ഇപ്രകാരം ആ കുതിര അന്നവാനും, സഹനശീലനും സ്വന്തം ദേഹം വഴിയായി യുദ്ധകാര്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. അതിവേഗം ചരിക്കുന്ന അവൻ ശത്രുക്കളുടെ നേരെ വേഗത്തിൽ കുതിച്ചുകയറുന്നു. അവൻ പാദങ്ങളിൽ ധൂളിയുയർത്തി തൻേറ പുരികങ്ങളിൽ ചാർത്തുന്നു.

**8. ഉത സ്മാസ്യ തന്യതോരിവ ദ്യോർഋഘായതോ അഭിയുജോ ഭയന്തേ |**

**യദാ സഹസ്രമപി പീമയോധീദുർവതുഃ സ്മാ ഭവതി ഭീമ ഋഞ്ജൻ ||**

യുദ്ധകുതുകിയായ വ്യക്തി, വജ്രസമാനം നിനാദം മുഴക്കുന്ന ഘാതകനായ ദധിക്രാദനെ ഭയപ്പെടുന്നു. എല്ലാഭാഗത്തും പ്രഹരിക്കുവാൻ തുടങ്ങുമ്പോൾ അവൻ മഹാപരാക്രമിയായിത്തീരുന്നു. ആ സമയം അവനെ ആർക്കും തടുക്കുവാൻ സാധ്യമല്ല.

**9. ഉത സ്മാസ്യ പനയന്തി ജനാ ജൂതിം കൃഷ്ടിപ്രോ അഭിഭൂതിമാശോഃ |**

**ഉതൈനമാഹുഃ സമിഥേ വിയന്തഃ പരാ ദധിക്രാ അസരത്സഹസ്രൈഃ ||**

മനുഷ്യരുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നവനും, അത്യന്തം വേഗയുക്തനും ദധിക്രാദ ദേവൻേറ വിജയോല്ലാസകരമായ വേഗത്തെ സ്തോതാക്കൾ സ്തുതിച്ചുകൊ് ഇപ്രകാരം പറയുന്നു. ശത്രുക്കൾ പരാജയപ്പെടും. ദധിക്രാദൻ ആയിരക്കണക്കിനു സൈന്യങ്ങളോടു കൂടി യുദ്ധത്തിനു വരുന്നു.

**10. ആ ദധിക്രാഃ ശവസാ പാഞ്ച കൃഷ്ടീഃ സൂർയ ഇവ ജ്യോതി ഷാപസ്താന |**

**സഹസ്രസാഃ ശതസാ വാജ്യർവാ പൃണക്തു മധ്വാ സമിമാ വചാംസി ||**

സൂര്യൻ തൻേറ തേജസ്സാൽ എപ്രകാരം ജലം വർഷിക്കുന്നുവോ, അതുപോലെതന്നെ ദധിക്രാദ ദേവൻ ജലം വഴിയായി പഞ്ചജനങ്ങളെ വ്യദ്ധിപ്പെ ടുത്തുന്നു. എണ്ണമറ്റഫലങ്ങളെ ദാനം ചെയ്യുന്ന ദധി ക്രാദേവൻ നമ്മുടെ സ്തുതിവചനങ്ങൾക്ക് അഭീഷ്ടഫലം നൽകി മധുരഫലത്തോടുചേർക്കട്ടെ.

## സൂക്തം 39

**ഋഷി വാമദേവൻ, ദേവത ദധിക്രാവ്, ഛന്ദസ് ത്രിഷ്ടുപ്, പംക്തി, അനുഷ്ടപ്.**

**1. ആശും ദധിക്രാം തമു ു ഷ്ടവാമ ദിവസ് പൃഥിവ്യാ ഉത ചർകിരാം |**

**ഉഛന്തീമമർമാഷസഃ സൂദയന്ത്വതി വിശ്വാനി ദുരിതാനി പർഷൻ ||**

ശീഘ്രഗാമിയായ ആ ദദിക്രാദ ദേവനെ മനുഷ്യരായ നാം വേഗം പൂജിക്കും. ആകാശത്തിൻേറയും ഭൂമിയുടേയും നികടത്തിലായി അവൻേറ മുമ്പിൽ തൃണം ഇട്ടു കൊടുക്കും. അന്ധകാരത്തെ അകറ്റുന്നവളായ ഉഷസ്സ് നമ്മുടെ രക്ഷമനായിരിക്കേണമേ. അവൾ എല്ലാ സങ്കടങ്ങളിൽ നിന്നും നമ്മെ പരിരക്ഷിക്കേണമേ.

**2. മഹശ്ചർകർമ്യർവതഃ ക്രതുപ്രാ ദധീക്രാവ്ണഃ പുരുവാരസ്യ വൃഷ്ണഃ |**

**യം പൂരുഭ്യോ ദീദീവാംസം നാഗ്നിംദദഥുർമിത്രാവരുണാ തതുരിം ||**

നാം യജ്ഞകർമ്മങ്ങളുടെ സമ്പാദനകർത്താക്കളാകുന്നു. അനേകരാൽ വരണം ചെയ്യപ്പെടുന്നവനും, അഭിലാഷങ്ങളെ വർഷിക്കുന്നവനുമായ ദധിക്രാദേവനെ നാം സ്തുതിക്കും. ഹേ മിത്രാ, വരുണാ! നിങ്ങൾ പ്രകാശിതനായ അഗ്നിയ്ക്ക് തുല്യം ദുഖതരളിതനായ ദധിക്രാവിനെ മനുഷ്യരുടെ ഹിതാർത്ഥം വഹിക്കുന്നതാണ്.

**3. യോ അശ്വസ്യ ദധിക്രാവ്ണോ അകാരിത്സമിദ്ധേ അഗ്നാ ഉഷസോ വ്യുഷ്ടോ |**

**അനാഗസം തമദിതിഃ കൃണോതു സ മിത്രേണ തരുണോ സജോഷാ ||**

യാതൊരു യജമാനൻ ഉഷകാലത്തിൽ അഗ്നിയെ ജ്വലിപ്പിച്ച് അശ്വരൂപനായ ദധിക്രാവിനെ സ്തുതിക്കുന്നുവോ, അവനെ മിത്രനും,

വരുണനും, അദിതിയും ദധിക്രാവും പാപങ്ങളിൽ നിന്നും രക്ഷിക്കണേ.

**4. ദധിക്രാവ്ണ ഇഷ ഊർജോ മഹോ യദന്മഹി മരുതാം നാമ ഭദ്രം |**

**സ്വസ്തയേ വരുണം മിത്രമഗ്നിം ഹവാമഹ ഇന്ദ്രം വജ്രബാഹും ||**

ഞങ്ങൾ അന്നത്തിൻെറ സാധകനും, ബലത്തിൻെറ സമ്പാദകനും, സ്തുതിക്കുന്നവർക്ക് മംഗളം നൽകുന്നവനും മഹാനുമായ ദധിക്രാദേവനെ സ്തുതിക്കുന്നു. സുഖപ്രാപ്തിയ്ക്ക് വേി മിത്രനേയും, വരുണനേയും അഗ്നിയേയും വജ്റപാണിയായ ഇന്ദ്രനേയും ഞങ്ങൾ വിളിക്കുന്നു.

**5. ഇന്ദ്രവേദുഭയേ വി ഹ്വയന്ത ഉദീരാണാ യജ്ഞമുപ പ്രയന്തഃ |**

**ദധിക്രാമു സൂദനം മർത്യായ ദദഥുർമിത്രാവരുണാ നോ അശ്വം ||**

യാതൊരുത്തൻ യുദ്ധത്തിനു തയ്യാറെടുക്കുന്നുവോ ഇവർ രും ഇന്ദ്രനു തുല്യം ദധിക്രാദനെ വിളിക്കുന്നു. ഹേ മിത്രാ വരുണാ! നിങ്ങൾ മനുഷ്യർക്കു പ്രേരണ നൽകുന്ന, അശ്വരൂപനായ ദധിക്രാദേവനെ ഞങ്ങൾക്കു വേി ധാരണം ചെയ്യുവിൻ.

**6. ദധിക്രാവ്ണോ അകാരിഷം ജിഷ്ണേരശ്വസ്യ വാജിനഃ |**

**സുരഭി നോ മുഖാ കരത് പ്ര ണ ആയുംഷി താരിഷത് ||**

വിജയ യുക്തനും, വേഗവാനുമായ ദധിക്രാവിനെ ഞങ്ങൾ സ്തുതിക്കുന്നു. അവൻ നമ്മുടെ നേത്രാദി മുഖേന്ദ്രിയങ്ങളെ സുരഭിലമാക്കട്ടെ. നമ്മുടെ ആയുസ്സിനെ ദീർഘിപ്പിക്കട്ടെ.

## സൂക്തം 40

**ഋഷി വാമദേവൻ, ദേവത ദധിക്രാവ്, സൂര്യൻ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ദധിക്രാവ്ണ ഇദു നു ചർകിരാമ വിശ്വാ ഇൻമാമുഷസഃ സൂദയന്തു |**

**അപാമഗ്നേരുഷസഃ സൂര്യസ്യ ബൃഹസ്പതേ രാങ്ഗിരസ്യ ജിഷ്ണോഃ ||**

ആ ദധിക്രാദേവനെ നാം എന്നുമെന്നും പൂജിക്കും. എല്ലാ ഉഷസ്സുകളും നമ്മെ കർമ്മങ്ങളിൽ വ്യാപൃതരാക്കണേ. ജലം, അഗ്നി, ഉഷസ്സ്, സൂര്യൻ, ബൃഹസ്പതി, അംഗിരസ്സ്, വംശജനിയ വിഷ്ണു ഇവരേയും നാം സ്തുതിക്കും.

**2. സത്വാ ഭരിഷോ ഗവിഷോ ദുവന്യസച്ഛ്റ വസ്യാദിഷ ഉഷസസ്തരണ്യ സത് |**

**സത്യോ ദ്രവോ ദ്രവരഃ പതങ്ഗരോ ദധിക്രാവേഷമൂർജം സ്വർജനത് ||**

ഭരണപോഷണം നടത്തുന്നവരും ചതുരനും, ഗമനശിലനും, ഗോക്കൾക്കു പ്രേരണനൽകുന്നവനും പരിചാരകൻമാരോടുകൂടി വസിക്കുന്നവനും ആയ ദധിക്രാദദേവൻ ആഗ്രഹയോഗ്യമായ ഉഷാവേളയിൽ ആഗ്രഹി ക്കണേ. അന്നത്തെ വേഗവാനായ ദധിക്രാദൻ അന്നം, ബലം, ദിവ്യഗുണങ്ങൾ ഇവയെ പ്രകടമാക്കുന്നവനാകണേ.

**3. ഉത സ്മാസ്യ ദ്രവതസ്തരണ്യതഃ പർണം ന വേരനു വാതി പ്രഗർധിനഃ |**

**ശ്യേനസ്യേവ ധ്രജതോ അങ്ക കസം പരി ദധിക്രാവ്ണഃ സഹോർജാ തരിത്രതഃ ||**

എപ്രകാരം എല്ലാ പക്ഷികളും പരമ്പരാഗമനമായ അവയുടെ ചാലുകളിൽ കൂടി ചലിക്കുന്നുവോ അതുപോലെ തന്നെ അവൻ എല്ലാ ജീവികളേയും ശീഘ്രതയാൽ യുക്തരും അതുപോലെ ആഗ്രഹത്തോടും കൂടിയവരുമാക്കി. ദധിക്രാവിൻെറ ചാലിൽക്കൂടി ചലിപ്പിക്കുന്നു. പരുന്തിനെപ്പോലെ ശീഘ്രഗാമിയും, അതുപോലെ രക്ഷിക്കുന്നവനുമായ ദധിക്രാദൻെറ എല്ലാ ഭാഗത്തും ഒന്നായിച്ചേർന്ന് എല്ലാവരും അന്നത്തിനായി പോകുന്നു.

**4. ഉത സ്യ വാജീ ക്ഷിപണിം തുരണ്യതി ഗ്രീവായാം ബദ്ധോ അപികക്ഷ ആസനി |**

**ക്രതും ദധിക്രാ അനു സംതവീത്വത്പഥാമങ്കാംസ്യന്വാപനീ ഫണത് ||**

ഈ ദേവത കുതിരയുടെ രൂപത്തോടു കൂടിയതാകുന്നു. ഇവൻ കണ്ഠം, കക്ഷം, മുഖം, ഇവ ഫന്ധിക്കപ്പെട്ടവനും അതിവേഗം കാൽനടയായി പോകുന്നവനും ആകുന്നു. ആ ദധിക്രാന്തൻ അത്യന്തം പരാക്രമികളായി വളഞ്ഞമാർഗ്ഗങ്ങളേയും കടന്ന് യജ്ഞത്തെ അഭിമുഖീകരിച്ച് എല്ലാഭാഗത്തേയ്ക്കും പോകുന്നു.

**5. ഹംസഃ ശുചിഷദ്വസുരന്തരിക്ഷസദ്ധോതാ വേദിഷദതിഥുർദുരോണസത് |**

**നൃഷദ്വരസദൃതസദ്വയോമസദബ്ജാ ഗോജാ ഋതജാ അദ്രിജാ ഋതം ||**

ആദിത്യൻ ആകാശത്തിലും വായു അന്തരീക്ഷത്തിലും ഹോതാവ് യജ്ഞവേദിയിലും ഉപസ്ഥിതിനാകുന്നു. അഥിതിസമാനം പൂജനീയനായി ഭവനത്തിൽ വസിക്കുന്നു. ഋതുവായി മനുഷ്യരിൽ വരണീയസ്ഥാനത്തും, യജ്ഞസ്ഥാനത്തും വസിക്കുന്നു. അവൻ ജലത്തിലും രശ്മിയിലും സത്യത്തിലും പർവ്വതങ്ങളിലും ഉത്ഭവിക്കുന്നു.

## സൂക്തം 41

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ, വരുണൻ**

**ഛന്ദസ് ത്രിഷ്ടുപ് , പംക്തി**

**1. ഇന്ദ്ര കോ വാം വരുണാ സുമ്നമാപ സ്തോമോ ഹവിഷ്മാം അമൃതോ ന ഹോതാ |**

**യോ വാം ഹൃദി ക്രതുമാം അസ്മദുക്തഃ പസ്പർശദിന്ദ്രാവരുണാ നമസ്വാൻ ||**

ഹേ ഇന്ദ്രാ! ഹേ വരുണാ! ഹേ അമരത്വം പ്രാപിച്ച ഹോതാവേ! അഗ്നിസമാനം ഹവിസ്സ് യുക്തമായ ഏതൊരു സ്തോത്രമാണ് നിങ്ങളുടെ കൃപയെ പ്രാപിച്ചിരിക്കുന്നത്. ആ സ്തോത്രം ഞങ്ങളാൽ അർപ്പിതമായ ഹവിസ്സുകളോടുചേർന്ന് നിങ്ങൾ രുപേരുടേയും അന്തക്കരണത്തിൽ പ്രവേശിക്കണേ.

**2. ഇന്ദ്രാ ഹ യോ വരുണ ചക്ര ആപീ ദേവൗ മർതഃ സഖ്യായ പ്രയസ്വാൻ |**

**സ ഹന്തി വൃത്രാ സമിഥേഷു ശത്രൂനവോഭിർവാ മഹദ്ഭിഃ സ പ്ര ശൃണ്വേ ||**

ഹേ ഇന്ദ്രാ വരുണാ! നിങ്ങൾ രുപേരും പ്രസിദ്ധരാണ്. യാതൊരു മനുഷ്യൻ നിങ്ങൾക്കായി ഹവിസ്സ് രത്നയുക്തമായ ബന്ധുത്വം പ്രകടിപ്പിക്കുന്നുവോ, ആ മനുഷ്യൻ പാപങ്ങളെ നശിപ്പിക്കുന്നതിൽ സമർത്ഥനാകുന്നു. അവൻ യുദ്ധത്തിൽ ശത്രുക്കളെ സംഹരിക്കുകയും വിശാലമായ രക്ഷാസാധനങ്ങളാൽ

പ്രസിദ്ധിയെ പ്രാപിക്കുകയും ചെയ്യുന്നു.

**3. ഇന്ദ്രാ ഹ രത്നം വരുണോ ധേഷ്ഠത്ഥാ നൃഭ്യഃ ശശമാനേഭ്യസ്താ |**

**യദീ സഖായ സഖ്യായ സോമൈഃ സുതേഭിഃ സുപ്രയസാ മാദയൈതേ ||**

ഹേ പ്രസിദ്ധനായ ഇന്ദ്രാ! വരുണാ! ദേവൻമാരായ നിങ്ങൾ രുപേരും ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യുന്നവരാകണേ. നിങ്ങൾ യജമാനൻെറ സഖാരുപരാകുന്നു. എങ്കിൽ മിത്രഭാവത്താൽ തയ്യാറാക്കപ്പെട്ട ഈ സോമത്താൽ പുഷ്ടിയെ പ്രാപിച്ച് ധനം നൽകുന്നവരായാലും.

**4. ഇന്ദ്രാ യുവം വരുണാ ഭിദ്യുമസ്മിന്നോജിഷ്ഠമുഗ്രാനി വധിഷ്ഠം വജ്രം |**

**യോ നോ ദുരേവോ വൃകതിർദഭീതിസ്തസ്മിൻമിമാധമഭിഭൂത്യോജഃ ||**

ഹേ ഇന്ദ്രാ വരുണാ! നിങ്ങൾ രുപേരും വികരാളകർമ്മങ്ങളോടുകൂടിയവരാണല്ലോ. ഈ ശത്രുവിൻെറമേൽ നിങ്ങൾ രുപേരും അതിതീഷ്ണമായ വജ്രത്താൽ പ്രഹരം നടത്തുവിൻ. യാതൊരു ശത്രു അഭാനശീലരും ഹിംസകരും ഞങ്ങളാൽ അമർത്തപ്പെടുവാൻ സാധ്യമല്ലാത്തവരുമായിരിക്കുന്നുവോ, ആ ശത്രുവിനെ നിങ്ങൾ പരാജയപ്പെടുത്തണമേ.

**5. ഇന്ദ്രാ യുവം വരുണാ ഭൂതമസ്യാ ധിയാഃ പ്രേതാരാ പൃഭഭേവ ധേനോഃ |**

**സാ നോ ദുഹീയദ്യവസേവ ഗത്വീ സഹസ്രധാരാ പയസാ മഹീ ഗൗഃ ||**

ഹേ ഇറന്ദാ! വരുണാ! എപ്രകാരം വൃഷഭം ഗോവിനെ പ്രേമിക്കുന്നുവോ, അതുപോലെതന്നെ നിങ്ങൾ രുപേരും സ്തുതികളെ പ്രേമിക്കുന്നവരാകുന്നു. തൃണാദികൾ ഭക്ഷിച്ച് ഗോക്കൾ പാലുതരുന്നതുപോലെ നിങ്ങളുടെ സ്തുതിരൂപമായ ധേനു ഞങ്ങളുടെ ആഗ്രഹങ്ങളെ സദാതന്നുകൊിരിക്കണേ.

**6. തോകേ ഹിതേ തനയ ഉർവരാസു സുരോ ദൃശീകേ വൃഷണശ്വ പൗംസ്യേ |**

**ഇന്ദ്രാ നോ അത്ര വരുണാ സ്യാതമവോഭിർദസ്മാ പരിതക്മ്യായാം ||**

ഹേ ഇന്ദ്രാ! വരുണാ! രാത്രികാലം മുതൽ നിങ്ങൾ രുപേരും സ്വന്തം രക്ഷാസാധനങ്ങളോടുകൂടി ശത്രുക്കളെ സംഹരിക്കുവാൻ പുറപ്പെട്ടു. തൻമൂലം ഞങ്ങൾക്ക് സന്താനാദികളായ ധനവും ഉർവ്വരാഭൂമിയും പ്രാപിക്കുവാൻ കഴിഞ്ഞു. കൂടാതെ ആയുപര്യന്തം സൂര്യനെ ദർശിച്ചുകൊിരിക്കുകയും ചെയ്യണേ.

**7. യുവാമിദ്ധ്യവസേ പൂർവ്വായ പരി പ്രഭൂമീ ഗവിഷഃ സ്വാപീ |**

**വൃണീമഹേ സഖ്യായ പ്രിയായ ശൂരാ മംഹിഷ്ഠാ പിതരേവ ശമ്ഭൂ ||`**

ഹേ ഇന്ദ്രാ വരുണാ! ഞങ്ങൾ ഗോക്കളെ ഇഷ്ടപ്പെടുന്നവരാകുന്നു. നിങ്ങൾ രുപേരും എല്ലാകാര്യങ്ങളും നിർവ്വഹിക്കുന്നതിൽ സമർത്ഥരും മിത്രരൂപരും അത്യന്തം പൂജനീയരും ആകുന്നു. പുത്രനെ സ്നേഹിക്കുന്ന പിതാവിനെപ്പോലെ നിങ്ങൾ രുപേരിൽ നിന്നും ഞങ്ങൾ സ്നേഹത്തെ യാചിക്കുന്നു.

**8. താ വാം ധിയോവസേ വാജയന്തീരാജിം ന ജഗ്മുര്യവുഃ സുദാന്നൂ |**

**ശ്രിയേ ന ഗാവ ഉപ സോമമസ്ഥുരിന്ദ്രം ഗിരോ വരുണം മേ മനീഷാഃ ||**

ഹേ ഇന്ദ്രാ വരുണാ! നിങ്ങൾ രുപേരും സുന്ദരമായ ഫലങ്ങൾ പ്രദാനം ചെയ്യുന്നവരാകുന്നു. വീരനായ പുരുഷൻ യുദ്ധത്തെ ആഗ്രഹിച്ചുകഴിയുന്നതുപോലെ, ഞങ്ങളുടെ സ്തുതികൾ രത്നാദികളായ സമ്പത്തുകളെ ആഗ്രഹിച്ചുകൊ് രക്ഷാപ്രാപ്തിക്കായി നിങ്ങളെ സമീപിക്കുന്നു. ഗോക്കൾ പാല്, തൈര്, എന്നിവകൾക്കായി സോമത്തെ സമീപിക്കുന്നതുപോലെ ഞങ്ങളുടെ ഹൃദയാഗമമായ പ്രാർത്ഥനകൾ ഇന്ദ്രനെ സമീപിക്കുന്നു.

**9. ഇമാ ഇന്ദ്രം വരുണം മേ മനീഷാ അഗ്മന്നുപ ദ്രവിണമിഛമാനാഃ |**

**ഉപേമുർജോഷ്ഠാര ഇവ വസ്വോ രഘ്വീരിവ ശ്രവസോ ഭിക്ഷമാണാഃ ||**

സേവകൻമാർ ധനത്തിനുവേി ധനികരെ സമീപിക്കുന്നതുപോലെ ഞങ്ങളുടെ സ്തുതികൾധനത്തെ കാംക്ഷിച്ചുകൊ് ഇന്ദ്രൻെറയും വരുണൻെറയും അടുക്കൽ എത്തണേ. ആ സ്തുതികൾ അന്നത്തെ യാചിക്കുന്ന ഭിക്ഷക്കാരനെപ്പോലെ ഇന്ദ്രൻെറ അടുക്കൽ എത്തട്ടെ.

**10. അശ്വ്യസ്യ ത്മനാ രഥ്യസ്യ പുഷ്ഠേർനിത്യസ്യരായ സ്യാമ |**

**താ ചക്രാണാ ഊതിഭിർനവ്യസീഭിരസ്മത്രാ രായോഃ നിയുതഃ സചന്താം ||**

ഇന്ദ്രനും വരുണനുമായ ആ ദേവതകൾ ഗമനശീലരാകുന്നു. തങ്ങളുടെ അഭിനവരക്ഷാസാധനങ്ങളോടുകൂടി നമ്മുടെ മുമ്പിൽ അശ്വാദി മൃഗങ്ങളോടും ധനസമ്പത്തുകളോടും കൂടി ആഗതരാകണേ. അപ്പോൾ നാം പ്രയത്നം കൂടാതെ തന്നെ കുതിരകൾ, രഥങ്ങൾ, ബലം, സ്ഥിരമായ ധനം എന്നിവയുടെ അധിപതികളായിത്തീരും.

**11. ആ നോ ഹന്താ ബൃഹതീഭിരൂതീ ഇന്ദ്ര യാതം വരുണ വാജസാതൗ |**

**യദ്ദിദ്യവഃ പൃതനാസു പ്രകീളാന്തസ്യ വാം സ്യാമ സനിതാര ആജേഃ ||**

ഹേ ഇന്ദ്രാ! വരുണാ! നിങ്ങൾ മഹാൻമാരാകുന്നു. നിങ്ങളുടെ മഹാരക്ഷകളോടുകൂടി ആഗതരകണമേ. അന്നപ്രാപ്തിക്കുവേിയുള്ള സംഗ്രാമത്തിൽ ശത്രുസേനകളുടെ ആയുധങ്ങൾ ആഘാതമേൽപ്പിക്കുമ്പോൾ സാധകൻമാരായ ഞങ്ങൾ നിങ്ങൾ രുദേവൻമാരുടെയും കൃപയാൽ വിജയം പ്രാപിക്കണേ.

## സൂക്തം 42

**ഋഷി പുരുകുത്സപുത്രൻ ത്രസദസ്യ ദേവത ഇന്ദ്രൻ, വരുണൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. മമ ദ്വിതാ രാഷ്ട്രം ക്ഷത്രിയസ്യ വിശ്വയോർവിശ്വേ അമൃതഃ യഥാ നഃ |**

**ക്രതും സചന്തേ വരുണസ്യ ദേവാ രാജാമി കാഷ്ഠേരുപമസ്യ വവ്രേഃ ||**

ഞങ്ങൾ ക്ഷത്രിയൻമാരാകുന്നു. ഞങ്ങൾ

എല്ലാമനുഷ്യരുടേയും യജമാനൻമാരുമാകുന്നു. ഞങ്ങളുടെ രഷ്ട്രം രുപ്രകാരത്തിലു്. എല്ലാദേവൻമാരും ഞങ്ങളുടേതായിരിക്കുന്നതുപോലെ എല്ലാ പ്രജകളും ഞങ്ങളുടേതായിരിക്കുന്നു. ഞങ്ങൾ സുന്ദരൻമാരും വരുണനെപ്പോലെ യശസ്വികളുമാകുന്നു. ദേവകൾ ഞങ്ങളാടെ യജഞത്തെ സംരക്ഷിക്കുന്നു.

**2. അഹം രാജാ വരുണോമഹ്യം താന്യ സുർയാണി പ്രഥമാ ധാരയന്ത |**

**ക്രതും സചന്തേ വരുണസ്യ ദേവാ രാജാമി കൃഷ്ടേരുപമസ്യ വവ്രേഃ ||**

വരുണനായ ഞാൻ തേജസ്വിയായ രാജാവാണ്. ദേവതകൾ എനിക്കുവേിത്തന്നെ രാക്ഷസൻമാരെ സംഹരിക്കുവാനുള്ള പരാക്രമത്തെ ധാരണം ചെയ്തുകൊിരിക്കുന്നു. എല്ലാ ദേവൻമാരും ഞങ്ങളുടേതായിരിക്കുന്നതുപോലെ എല്ലാ പ്രജകളും ഞങ്ങളുടേതായിരിക്കുന്നു. ഞങ്ങളുടെ സുന്ദരൻമാരും വരുണനെപ്പോലെ യശസ്വികളുമാകുന്നു. ദേവകൾ ഞങ്ങളുടെ യജ്ഞത്തെ സംരക്ഷിക്കുന്നു.

**3. അഹമിന്ദ്രോ വരുണസ്തേ മഹിത്വോർവീ ഗഭീരേ രജസീ സുമേകേ |**

**ത്വഷ്ടേവ വിശ്വാ ഭുവനാനി വിദ്വാൻത്സമൈരയരോദസീ ധാരയം ച ||**

ഇന്ദ്രനും വരുണനും ഞാൻ തന്നെ, മഹത്വം കാരണം വിശാലതയെ പ്രാപിച്ച മനോഹരരൂപത്തോടുകൂടിയ ആകാശവും ഭൂമിയും ഞാൻതന്നെയാകുന്നു. ജീവികൾക്ക് പ്രജാപതിയെപ്പോലെ പ്രേരണനൽകുന്നതും ഞാൻ തന്നെയാകുന്നു. ഞാൻ ആകാശത്തേയും ഭൂമിയേയും വഹിച്ചുകൊിരിക്കുന്നവനും, ജ്ഞാനിയും ആകുന്നു.

**4. അഹമപോ അപിന്വമുക്ഷമാണാ ധാരയം ദിവം സദന ഋതസ്യ |**

**ഋതേന പുത്രോ അദിതേർഋതാവോത ത്രിധാതു പ്രഥയദ്വി ഭൂമ ||**

ഞാൻതന്നെ വൃഷ്ടിരൂപമായ ജലത്തെ സേചനം ചെയ്യുന്നു. സൂര്യൻെറ ആശ്രയസ്ഥാനമായ ആകാശത്തെ ഞാൻതന്നെ വഹിച്ചിരിക്കുന്നു. ഞാൻതന്നെയാണ് ജലത്തിനുവേി അദിതിപുത്രനായ യജ്ഞവാനായിരിക്കുന്നത്. ഞാൻതന്നെ വിശാലമായ ആകാശത്തെ ത്രിലോകരൂപത്തിൽ പരിവർത്തനപ്പെടുത്തിയിരിക്കുന്നു.

**5. മാം നരഃ സ്വശ്വാ വാജയന്തോ മാം വൃതാഃ സമരണേ ഹവന്തേ |**

**കൃണോമ്യാജിം മഘവാഹമിന്ദ്ര ഇയർമി രേണുമഭിഭൂത്യോജാഃ ||**

യുദ്ധത്തിൽ നേതൃത്വം വഹിക്കുന്നവരും സുന്ദരങ്ങളായ അശ്വങ്ങളോടു കൂടിയവരും വീരൻമാരും എന്നെ അനുഗമിക്കുന്നു.അവരെല്ലാം സങ്കൽപവാൻമാരായി യുദ്ധത്തിലേക്ക് എന്നെ വിളിക്കുന്നു. ഞാൻ ഐശ്വര്യശാലിയായ ഇന്ദ്രൻെറ രൂപത്തിൽ യുദ്ധം ചെയ്യുന്നു. ശത്രുക്കളെ പരാജിതനാക്കുന്നു. ഞാൻ ബലത്താൽ പരിപൂർണ്ണനാകുന്നു. നമ്മുടെ പ്രബലമായ വേഗത്താൽ യുദ്ധക്ഷേത്രത്തിൽനിന്നും ധൂളി ഉയർന്ന് ആകാശത്തിൽ വ്യാപിക്കുന്നു.

**6. അഹം താ വിശ്വ ചകരം നകിർമാ ദൈവ്യം സഹോ വരതേ അപ്രതീതം |**

**യൻമാ സോമാസോ മമദന്യുദക്ഥോഭേ ഭയേതേ രജസീ അപാരേ ||**

ഞാൻ ദിവ്യമായ ബലത്താൽ പരിപൂർണ്ണനാകുന്നു. എന്നെ എൻെറ കാര്യങ്ങളിൽ ആർക്കും തടയുവാൻ സാധ്യമല്ല. ഞാൻ എല്ലാകാര്യങ്ങളും പൂർണ്ണമാക്കിയിരിക്കുന്നു. സോമരസവും സ്തോത്രങ്ങളും എന്നെ പുഷ്ടിപ്പെടുത്തുമ്പോൾ നമ്മുടെ ബലത്തെക് വിശാലമായ ആകാശവും ഭൂമണ്ഡലവും രും ചലായമാനങ്ങളാകുന്നു.

**7. വിദുഷ്ടേ വിശ്വാ ഭുവനാനി തസ്യ താ പ്ര ബ്രവീഷി വരുണായ വേധഃ |**

**ത്വം വൃത്രാണി ശൃണ്വിഷേ ജഘന്വാന്ത്വം വൃതാം അരിണാ ഇന്ദ്ര സിന്ധൂൻ ||**

ഹേ വരുണാ! നിൻെറ കാര്യങ്ങൾ എല്ലാജീവികളും അറിയുന്നു. ഹേ സ്തുതിക്കുന്നവരേ! വരുണനെ സ്തുതിക്കുവിൻ. ഹേ ഇന്ദ്രാ! നീശത്രുക്കളെ സംഹരിച്ചിരിക്കുന്നു. നിൻെറ ഈ കർമ്മം എല്ലാവരും അറിയുന്നു. തടയപ്പെട്ട നദികളെ നീ ഒഴുകുമാറാക്കി.

**8. അസ്മാകമത്ര പിതരസ്ത ആസൻത്സപ്ത ഋഷയോ ദൗർഗഹേ ബധ്യമാനേ |**

**ത ആയജന്ത ത്രസദസ്യുമസ്യാ ഇന്ദ്രം ന വൃത്രതുരമർധദേവം ||**

പുരുകുത്സൻ ബന്ധനത്തിൽ പതിച്ചപ്പോൾ സപ്തർഷികൾ ഈഭൂമിയെ പാലിച്ചിരുന്നു. അവർ ഇന്ദ്രാവരുണൻെറ കൃപയാൽ പുരുകുത്സൻെറ പത്നിക്കുവേി യജ്ഞം നടത്തുകയും ത്രദസ്യുവിനെ പ്രാപിക്കുകയും ചെയ്തിരുന്നു. ആ ത്രദസ്യു ഇന്ദ്രനു സമാനം ശത്രുക്കളുടെ നാശകനാകുകയും അവൻ അർധദേവത്വത്തിന്നധികാരിയാകുകയും ചെയ്തു.

**9. പുരുകുത്സാനീ ഹി വാമദശദ്ധവ്യേഭിരിന്ദ്രാവരുണ നമോഭിഃ |**

**അഥാ രാജാനാം ത്രസദസ്യുമസ്യാവൃത്രഹണം ദദഥുരർധദേവം ||**

ഹേ ഇന്ദ്രാ! വരുണാ! ഋഷികളുടെ പ്രേരണയോടുകൂടി പുരുകുത്സൻെറ ഭാര്യ നിങ്ങൾ രുപേരെയും ഹവിസ്സ് രത്നഅർത്ഥസ്തുതികളാൽ പ്രസന്നരാക്കി. അനന്തരം നിങ്ങൾ രുപേരുംകൂടി അവനെ അർദ്ധദേവത്വം പ്രാപിച്ചു. ശത്രുനാശകനായ ത്രിദസ്യുവിനെ ഏൽപ്പിച്ചു.

**10. രായാ വയമ സസവാംസോ മദേമ ഹവ്യേന ദേവാ യവസേന ഗാവഃ |**

**താം ധേനുമിന്ദ്രാവരുണാ യുവം നോ വിശ്വാഹാ ധത്തമനപസ്ഫുരന്തീം ||**

നിങ്ങൾ രുപേരേയും സ്തുതിച്ച ഞങ്ങൾ ധനം പ്രാപിച്ച് സന്തുഷ്ടരാകും. ദേവകൾ ഹവിസ്സ്കൊും ഗോക്കൾ തൃണാദികൾകൊും തൃപ്തിപ്പെടുന്നു. ഹേ ഇന്ദ്രാവരുണാ! നിങ്ങൾ രുപേരും വിശ്വത്തിൻെറ ഉൽപ്പത്തിയുടേയും സംഹാരത്തിൻേറയും കർത്താക്കളാകുന്നു. ഞങ്ങൾക്ക് സ്ഥിരമായ ധനം ദാനം ചെയ്തരുളേണമേ.

## സൂക്തം 43

**ഋഷി ചുരുമീള്ഹനും അളുമീള്ഹനും ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ക ഉ ശ്രവത്കരമോ യജ്ഞിയാനാം വന്ദാരുദേവഃ കതമോ ജൂഷാതേ |**

**കസ്യേമാം ദേവീമമൃതേഷു ശ്രേഷ്ഠാം ഹൃദി ശ്രേഷാമ സുഷ്ടതിം സുഹവ്യാം ||**

യജ്ഞദേവതകളിൽ ആര് ഈ സ്തുതിയെ ശ്രവിക്കും? ഏതു ദേവത പൂജ്യായോഗ്യമായ ഈ സ്തോത്രത്തെ സ്വീകരിക്കും? ദേവകളിൽ ആരെ ഞാൻ ഞങ്ങളുടെ സ്നേഹമയിയും ഉജ്ജ്വലവും ഹവിരാന്നയുക്തവും ആയ മനോഹരസ്തുതിയെ കേൾപ്പിക്കും?

**2. കോ മൃളാതി കതമ ആഗമിഷ്ഠോ ദേവാനാമു കതമഃ ശമ്ഭവിഷ്ഠഃ |**

**രഥം കമാഹുർദ്രവദശ്വാമശും യം സൂര്യസ്യദുഹിതാവൃണീത ||**

ഞങ്ങൾക്ക് ഏതുദേവതസുഖം പ്രദാനം ചെയ്യും? നമ്മുടെ യജ്ഞത്തിൽ ഏതെല്ലാം ദേവതമാർ വരുന്നു്? ദേവകളിൽ ആര് നമുക്ക് കല്യാണകാരിയായിരിക്കും? ആരുടെ രഥം മനോഹരങ്ങളായ കുതിരകളാൽ യുക്തവും അധികം വേഗത്തോടുംകൂടിയതുമാകുന്നു? ഏതിനെ സൂര്യപുത്രിയായ സൂര്യ ആദരിച്ചിരുന്നില്ല. ഉപയുക്തങ്ങളായ കാര്യങ്ങളെല്ലാം ചെയ്യുന്നത് അശ്വിനികുമാരൻമാർ തന്നെയാകുന്നു.

**3. മക്ഷൂ ഹി ഷ്മാ ഗഛഥ ഈവതോ ദ്യുനിന്ദ്രോ ന ശക്തിം പരിതക്മ്യായാം |**

**ദിവ ആജാതാ ദിവ്യ സുപർണ കയാ ശചീനാം ഭവഥഃ ശപിഷ്ഠാ ||**

ഹേ അശ്വിനികുമാരൻമാരേ! രാത്രിയുടെ അവസാനത്തിൽ ഇന്ദ്രൻ എപ്രകാരം തൻേറ പരാക്രമങ്ങൾ പ്രകടമാക്കുന്നുവോ, അതുപോലെതന്നെ നിങ്ങൾ രുപേരും സോമാഭിഷേക സമയത്ത് വന്നുചേർന്നാലും. നിങ്ങൾ ആകാശമാർഗ്ഗമായി വരുന്നു. നിങ്ങൾ നേർവഴികളോടുകൂടിയവരും ദിവ്യഗുണങ്ങളോടുകൂടിയവരുമാകുന്നു. നിങ്ങളുടെ ഏതുപ്രവർത്തിയാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്?

**4. കാ വാം ഭൂദുപമാതിഃ കയാ ന ആശ്വിനാ ഗമഥോ ഹൂയമാനാ |**

**കോ വാം മഹശ്ചിത്ത്യജസോ അഭീക ഉരുഷ്യതം മാധ്വീ ദസ്രാ ന ഊതി ||**

നിങ്ങൾ രുപേർക്കും ഉപയുക്തമായ സ്തുതി ഏതാണ്? നിങ്ങൾ ഏതുസ്തോത്രത്താൽ വിളിക്കപ്പെടുമ്പോഴാണ് ആഗതരാകുന്നത്? നിങ്ങൾ രുപേരുടേയും ഉഗ്രകോപത്തെ സഹിക്കുവാനുള്ള സാമർത്ഥ്യം ആർക്കാണുള്ളത്? ഹേ മധുരജലത്തെ സൃഷ്ടിക്കുന്നവരേ! നിങ്ങൾ ശത്രുക്കളെ നശിപ്പിക്കുന്നവരാകുന്നു. നിങ്ങൾ സ്വന്തം ആശ്രയം പ്രദാനം ചെയ്ത് ഞങ്ങളെ രക്ഷിക്കണമേ.

**5. ഉരു വാം രഥഃ പരി നക്ഷതി ദ്യാമാ യത്സമുദ്രാദഭി വർതതേ വാം |**

**മധ്വാ മാധ്വീ മധു വാം പ്രുഷായന്യത്സീം വാം പൃക്ഷോ ബുരജന്ത പക്വാഃ ||**

ചതുർദിക്കുകളിലും അധികാധികം വേഗത്തോടുകൂടി സഞ്ചരിക്കുന്നു. അത് സമുദ്രത്തിൽ സഞ്ചരിക്കുന്നു. നിങ്ങൾക്കുവേി പരിപക്വമായ വേഗത്തോടുകൂടി സോമരസം മിശ്രിതമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ മധുരജലം സൃഷ്ടിക്കുന്നവരും ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥരും ആകുന്നു. ഈ അധ്വര്യു നിങ്ങൾക്കുവേി സോമരസത്തിൽ ക്ഷീരംചേർത്തുകൊിരിക്കുന്നു.

**6. സിന്ധുർഹ വാം രസയാ സിഞ്ചദശ്വാൻഘൃണാവയോരുഷാസഃ പരിഗ്മൻ |**

**തദൂ ഷു വാമജിരം ചേതി യാനം യേന പതീ ഭവഥഃ സൂര്യായാഃ ||**

മേഘങ്ങളാൽ നിങ്ങളുടെ അശ്വങ്ങൾ അഭിഷിക്തമാക്കപ്പെട്ടിരിക്കുന്നു. ദീപ്തിയാൽ പ്രകാശിതരായ നിങ്ങളുടെ അശ്വങ്ങൾ പക്ഷികളെപ്പോലെ പാറുന്നു. യാതൊരു രഥം വഴിയായി നിങ്ങൾ സൂര്യപുത്രിയെ രക്ഷിച്ചിരുന്നുവോ പ്രസിദ്ധിപെറ്റ ആ രഥം അതിവേഗത്തോടുകൂടി ചലിച്ചുകൊിരിക്കുന്നു.

**7. ഇഹേഹ യദ്വാം സമനാ പപൃക്ഷേ സേയമസ്മേ സുമതിർവാളരന്താ |**

**ഉരരുഷ്യതം ജരിതാരം യുവം ഹ ശ്രിതഃ കാമോ നാസത്യാ യുവദ്രിക് ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ രും തുല്യരാണല്ലോ. ഈ യജ്ഞത്തിൽ ഞങ്ങൾ സ്തുതികൾ വഴിയായി നിങ്ങൾ രുപേരെയും തുല്യരായിക്കരുതി ഏകമായ ആഹുതിനൽകുന്നു. ഈമനോഹരമായ സ്തുതി ഞങ്ങൾക്ക് ഉത്തമമായ ഫലം നൽകുന്നവയാകണേ. ഹേ അശ്വിനികളേ! നിങ്ങൾ ശോഭനമായ അന്നത്താൽ യുക്തരാകുന്നു.ഞങ്ങളാകുന്ന സ്തോതാക്കൾ രക്ഷകൻമാരായിരിക്കണമേ. ഞങ്ങളുടെ അഭിലാഷങ്ങൾ നിങ്ങളുടെ അടുക്കൾ എത്തുമ്പോൾതന്നെ പൂർണ്ണമായിത്തീരുന്നു.

## സൂക്തം 44

**ഋഷി പുരുമീള്ഹനും അജമീള്ഹനും ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. തം വാം രഥം വയമദ്യാ ഹുവേമ പൃഥുജ്രയമശ്വിനാ സങ്ഗതിം ഗോഃ |**

**യഃ സൂര്യാം വഹതി ബന്ധുരായുർഗിർവാഹംസ പുരുതമം വസൂയും ||**

ഹേഅശ്വിനികളേ! നിങ്ങളുടെ ഗോദാനം ചെയ്യുന്ന പ്രസിദ്ധവും വേഗമേറിയതുമായ രഥത്തെ ഞങ്ങൾ വിളിക്കുന്നു. ആ രഥം സൂര്യപുത്രിക്കു ഭയം നൽകിക്കളഞ്ഞിരിക്കുന്നു. അതിൽ ഇരിക്കുവാനുള്ള സ്ഥാനം തടകൊു നിർമ്മിച്ചിരിക്കുന്നു. നിങ്ങളുടെ ആ രഥം സ്തുതികളെ വഹിക്കുന്നതും അന്നധനങ്ങളാൽ പരമമായ ഐശ്വര്യത്തോടുകൂടിയതുമാകുന്നു.

**2. യുവം ശ്രിയമശ്വിനാ ദേവതാ താം ദിവോ നപാത പനഥഃ ശചീഭിഃ |**

**യുവോർവപുരഭി പൃക്ഷഃ സചന്തേ വഹന്തി യത്കകുഹാസോ രഥേ വാം ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരും ദേവതകൾതന്നെ ആണല്ലോ. നിങ്ങൾ രുപേരും ശ്രേഷ്ഠകർമ്മങ്ങളാൽ

സുശോഭിതരാകുന്നു. നിങ്ങൾ രുപേരുടേയും ശരീരങ്ങളിൽ സോമരസം വ്യാപിച്ചിരിക്കുന്നു. നിങ്ങളുടെ രഥത്തെ ഉത്തമങ്ങളായ അശ്വങ്ങൾ വലിച്ചുകൊുപോകുന്നു.

**3. കോ വാമദ്യ കര തേ രാതഹവ്യ ഊതയേ വാ സുതപേയായ വാർകൈഃ |**

**ഋതസ്യ വാ വനുഷേ പൂർവ്യായ നമോ യേമാനോ അശ്വിനാ വവർതത് ||**

ഹേ അശ്വിനികളേ! സോമം പ്രദാനം ചെയ്യുന്നവനായ ഏതൊരു യജമാനനാണ് സോമപാനത്തിനുവേിയും തൻെറ രക്ഷയെ ആഗ്രഹിച്ചും നിങ്ങളെ സ്തുതിക്കുന്നത്? ഏതൊരു നമസ്കാര കർത്താവാണ് നിങ്ങൾ രുപേരെയും യജ്ഞത്തിലേക്ക് വിളിക്കുന്നത്?

**4. ഹിരണ്യയേന പുരുഭൂ രഥേനേമം യജ്ഞം നാസത്യോപ യാതം |**

**പിവായ ഇൻമധുനഃ സോമ്യസ്യ ദധഥോ രത്നം വിധതേ ജനായ ||**

ഹേഅശ്വിനികുമാരൻമാരേ! നിങ്ങൾ രുപേരും അനന്തകർമക്കളാകുന്നു. നിങ്ങൾ സ്വർണ്ണയുക്തമായ ആ രഥത്തിൽ ഈ യജ്ഞത്തിനായി വരുകയും മധുരമേറിയ സോമരസം പാനം ചെയ്യുകയും ചെയ്യു. സാധകരായ ഞങ്ങൾക്ക് മനോഹരമായ ധനം പ്രദാനം ചെയ്താലും.

**5. ആ നോ യാതം ദിവോ അഛാ പൃഥിവ്യാ ഹിരണ്യയേന സുവൃതാ രഥേന |**

**മാ വാമന്യേ യമന്ദേവയന്തഃ സം യദ്ദദേ നാഭിഃ പൂർവ്യാ വാം ||**

ഹേ അശ്വിനികളേ! നിങ്ങൾ ആ സ്വർണ്ണംവഴി ആകാശത്തിൽകൂടി ഞങ്ങളെ അടുക്കലേക്ക്വന്നാലും. നിങ്ങളെ ഇവിടെ വരുന്നതിൽനിന്നും തടയാതിരിക്കണേ. അതിനാൽ ഞങ്ങളുടെ സ്തുതികളെ ആദ്യമായിത്തന്നെ നിവേദിച്ചിരിക്കുന്നു.

**6. നൂ നോ രയിം പുരവീരം ബൃഹന്തം ദസ്രാ മിമിഥാമുഭയേഷ്വസ്മേ |**

**നരോ യദ്വാമശ്വിനാ സ്തോമമാവൻത്സദസ്തുതിമാജമീഗഹാസോ അഗ്മൻ ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരും ഞങ്ങൾക്ക് വളരെയധികം സന്താനയുക്തമായ ധനം പ്രദാനം ചെയ്താലും. ഞാനാകുന്ന പുരമീഹളൻെറ ഋത്വിക്കുകൾ തങ്ങളുടെ സ്തോത്രങ്ങളുടെ ശക്തിയാൽ നിങ്ങളെ ഇവിടെ വിളിച്ചുവരുത്തുകയും അജ്മീഹ്ളൻെറ ഋത്വിക്കുകൾ യാതൊരു സ്തോത്രപാഠങ്ങൾ നടത്തിയിരുന്നുവോ, അവയുടെ ശക്തിയും ഇതിനോടുകൂടി ചേർത്തിരിക്കുന്നു.

**7. ഇഹേഹ യദ്വാം സമനാ പപൃക്ഷേ സേയമസ്മേ സുമതിർവാജരത്നാ |**

**ഉരുഷ്യതം ജരിതാരം യുവം ഹ ശ്രിതഃ കാമോ നാസത്യാ യുവദ്രിക് ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ രുപേരും ഈ യജ്ഞത്തിൽ സമാനമനസ്കരാകുവിൻ. ഞങ്ങൾ ഏതൊരു സ്തോത്രത്താൽ നിങ്ങൾ രുപേരെയും ഒന്നാക്കിത്തീർക്കുന്നുവോ, ആ സുന്ദരമായ സ്തോത്രം ഞങ്ങൾക്ക് ഉത്തമമായ ഫലം ഉളവാക്കുന്നതാകണേ. നിങ്ങൾ രുപേരും ശ്രേഷ്ഠമായ അന്നത്തോടുകൂടിയവരാകുന്നു. ഞാനാകുന്ന സ്തോതാവിൻെറ രക്ഷകനായി നിങ്ങൾ ശോഭിച്ചാലും. ഞങ്ങളുടെ പ്രാർത്ഥന നിങ്ങളുടെ അടുക്കൽ എത്തുമ്പോൾതന്നെ പൂർണ്ണമാകുന്നു.

## സൂക്തം 45

**ഋഷി വാമദേവൻ ദേവത അശ്വിനികൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ഏഷ സ്യ ഭാനുരുദിയർതി യുജ്യതേ രഥഃപരിജ്മാ ദിവോ അസ്യ സാനവി |**

**പൃക്ഷാസോ അസ്മിൻമിഥുനാ അധി ത്രയോ ദൃതിസ്തുരീയോ മധുനോ വി രപ്ശതേ ||**

പ്രകാശവാനായ സൂര്യൻ ഉദിച്ചുകൊിരിക്കുന്നു. അശ്വിനികുമാരൻമാരുടെ രഥം എല്ലാഭാഗത്തും സഞ്ചരിക്കുന്നു. അവൻ തേജസ്സേറിയ രഥത്തിൽ കെട്ടപ്പെട്ടിരിക്കുന്നു. ഈ രഥത്തിൻെറ മുകൾഭാഗത്തായി മൂന്നുതരം അന്നമു്. അതുപോലെ സോമരസം നിറക്കപ്പെട്ട ചമസവും നാലാം രൂപത്തിൽ പ്രശോഭിക്കുന്നു.

**2. ഉദ്വാം പൃക്ഷാസോ മധുമന്ത ഈരതേ രഥാ അശ്വാസ ഉഷസോ വ്യുഷ്ടിഷു |**

**അപോർണുവന്തസ്തമ ആ പരീവൃതം സ്വർണ ശുക്രം തന്വന്ത ആ രജഃ ||**

ഹേ അശ്വിനികളേ! ഉഷസ്സിൻെറ ആരംഭത്തിൽ നിങ്ങളുടെ ത്രിവിധാനത്താലും സോമരസത്താലും യുക്തമായ രഥം എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന അന്ധകാരത്തെ നശിപ്പിച്ചുകൊ് സൂര്യനുതുല്യം ഉജ്ജ്വലമായപ്രകാശത്തെ പരത്തി ഉപരിഭാഗത്തേക്ക് ചലിക്കുന്നു.

**3. മധ്വഃ പിബതം മധുപേഭിരാസഭിരുത പ്രിയം മധുനേ യുഞ്ജാഥാം രഥം |**

**ആ വർതനിം മധുനാ ജിന്വഥസ്പ ഥോ ദൃതിം വഹേഥേ മധുമന്തമശ്വിനാ ||**

ഹേ അശ്വിനികളേ! സോമം പാനം ചെയ്യുവാനഭ്യസ്തമായ നിങ്ങളുടെ മുഖംകൊ് സോമരസം നുകർന്നാലും. സോമരസം പാനം ചെയ്യുവാനായി സ്വന്തം രഥത്തിൽ അശ്വങ്ങളെ പൂട്ടി യജമാനൻെറ ഭവനത്തിൽ വന്നാലും. നിങ്ങളുടെ ഗമനമാർഗ്ഗത്തെ സോമപൂർണ്ണമാക്കുകയും സോമത്തെ ആഗ്രഹിച്ചുകൊ് അതിവേഗം പൂർണ്ണമായ പാത്രത്തെ സ്വീകരിക്കുകയും ചെയ്യു.

**4. ഹംസാസോ യേ വാം മധുമന്തോ അസ്രിധോ ഹിരണ്യപർണാ ഉഹുവ ഉഷർബുധഃ |**

**ഉദപ്രുതോ മന്ദിനോമന്ദിനിസ്പൃശോ മധ്വോ ന മക്ഷഃ സവനാനി ഗഛഥഃ ||**

ഹേ അശ്വികളേ! നിങ്ങൾക്ക് അതിവേഗം നടക്കുന്നവയും മധുരയുക്തമായവയും ദ്വേഷരഹിതമായവയും സ്വർണ്ണംപോലെ തേജസ്സോടുകൂടിയവയും ഉഷസ്സ്കാലത്തിൽ ചൈതന്യം പകരുന്നവയും ജലത്തെ പ്രേരിപ്പിക്കുന്നവയും സോമത്തെ സ്പർശിക്കുവാനിച്ഛിക്കുന്നതുമായ മനോഹരാശ്വങ്ങൾ ഉ്. അവ വഴിയായി നിങ്ങൾ തേനീച്ച തേനിനെ സമീപിക്കുന്നതുപോലെ ഞങ്ങളുടെ യജ്ഞങ്ങളിൽ ആഗതരാകുന്നു.

**5. സ്വധ്വരാസോ മധുമന്തോ അഗ്നയ ഉസ്രാ ജരന്തേ പ്രതി വസ്തോരശ്വിനാ |**

**യന്നിക്തഹസ്തരണിർവിചക്ഷണഃ സോമം സുഷാവ**

**മധുതമദ്രിഭിഃ ||**

കർമ്മവാനായ അധ്വർയു അഭിമന്ത്രിതമായ ജലത്താൽ കൈകൾ കഴുകി അമ്മിക്കല്ലാൽ മധുരമായ സോമം ഇടിച്ചുകൂട്ടുമ്പോൾ യാഗത്തിൻെറ സാധനാരൂപമായ ഗാർഹപത്യാദികളായ അഗ്നി അശ്വിനികാമാരൻമാരേ സ്തുതിക്കുന്നു.

**6. ആകേനി പാസോ അഹഭിർദവിധ്വതഃ സ്വർണ ശുക്രം തന്വന്ത സാരജഃ |**

**സൂരശ്ചിദ ശ്വാന്യുയുജാന ഈയതേ വിശ്വാം അനു സ്വധയാ ചേതഥസ്പഥഃ ||**

അടുക്കൽതന്നെ പതിക്കുന്ന കിരണങ്ങൾ പകൽ വഴിയായി അന്ധകാരത്തെ നശിപ്പിക്കുകയും, സൂര്യനുതുല്യം പ്രകാശം പരത്തുകയും ചെയ്യുന്നു. ആ സമയത്ത് സൂര്യൻ തൻെറ കുതിരപ്പുറത്തുകയറി സഞ്ചരിക്കുന്നു. ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ രുപേരും സോമരസസഹിതം അദ്ദേഹത്തിൻെറ സഞ്ചരിക്കുന്ന മാർഗ്ഗത്തെ പൂർണ്ണമാക്കൂ.

**7. പ്ര വാമമോചമശ്വിനാ ധിയന്ധാ രഥഃ സ്വശ്വോ അജരോ യോ അസ്തി |**

**യേന സദ്യഃ പരി രജാംസി യാഥോ ഹവിഷ്മന്തം തരണിം ഭോജമച്ഛാ ||**

ഹേ അശ്വിനികളേ! ഈ യാജ്ഞികൻമാർ നിങ്ങൾ രുപേരേയും സ്തുതിക്കുന്നു. യാതൊന്ന് നിങ്ങളുടെ സുന്ദരങ്ങളായ അശ്വങ്ങളാൽ യുക്തവും നിത്യനവീനവുമായ രഥമാകുന്നുവോ അതുപോലെ യാതൊരു രഥം വഴിയായി നിങ്ങൾ ത്രിലോകങ്ങളിലും ഭ്രമണം ചെയ്യുന്നുവോ, അതേ രഥസഹിതം നിങ്ങൾ ഹവിരാന്നയുക്തമായ ഞങ്ങളുടെ യജ്ഞത്തിൽ ആഗതരായാലും.

## അനുവാകം 5 സൂക്തം 46

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി**

**1. അഗ്രം പിബ മധുനാം സുതം വായോ ദിവിഷ്ടുഷിഷു |**

**ത്വം ഹി പൂർവപാഅസി ||**

ഹേ വായൂ! സ്വർഗ്ഗത്തിൽ സ്ഥാനം സൃഷ്ടിക്കുന്ന ഈ യജ്ഞത്തിൽ അദിഷ്ടിതമായ സോമത്തെ ആഗതനായി പാനംചെയ്താലും. എന്തുകൊന്നൊൽ നീ ഏറ്റവും ആദ്യമായി സോമരസം പാനംചെയ്യുന്നവനാണല്ലോ.

**2. ശതേനാ ധോഅഭിഷ്ടിഭിർനിയുത്വാം ഇന്ദ്രസാരഥിഃ |**

**വായോസുതസ്യ തൃമ്പതം ||**

ഹേ വായൂ! ഹേ ഇന്ദ്രാ! നിങ്ങൾ സോമപാനം വഴിയായി തൃപ്തിപ്രാപിക്കുവിൻ. ഹേ വായൂ! നീ ലോകത്തിൻെറ മംഗളകരമായ കർമ്മങ്ങൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നു. നീ ഇന്ദ്രൻെറ സാരഥിയായി ഞങ്ങളുടെ അദമ്യങ്ങളായ ഇഛകളെ പൂർണ്ണമാക്കുവാൻ ഇവിടേയ്ക്കാഗതനാകണമേ.

**3. ആ വാം സഹസ്രം ഹരയ ഇന്ദ്രവായു അഭി പ്രയഃ |**

**വഹന്തു സോമപീതയേ ||**

ഹേ ഇന്ദ്രാ! വായൂ! നിങ്ങൾ രുപേരേയും ആയിരം അശ്വങ്ങൾ സോമപാനത്തിനായി അതിവേഗംഇവിടെ കൊവരണേ.

**4. രഥം ഹിരണ്യബന്ധുരമിന്ദ്രവായു സ്വധ്വാരം |**

**ആഹിസ്ഥാവോ ദിവിസ്പൃശം ||**

ഹേ ഇന്ദ്രാ! വായൂ! നിങ്ങൾ രുപേരും സ്വർണ്ണനുകത്തിൻെറ ആധാരത്തോടുകൂടിയതും ആകാശത്തെ സ്പർശിക്കുന്നതും ആയ രഥത്തിൽ ആരോഹണം ചെയ്താലും.

**5. രഥേനപൃഥുപാജസാ ദാശ്വംസമുപ ഗച്ഛതം |**

**ഇന്ദ്രവായു ഇഹാ ഗതം ||**

ഹേ ഇന്ദ്രാ! വായൂ! നിങ്ങൾ രുപേരും ശ്രേഷ്ഠമായ ശക്തിയോടുകൂടിയ രഥത്തിൽതന്നെ ഹവിസ്സ് നൽകുന്ന യജമാനൻെറ സമീപം വന്നാലും. നിങ്ങൾ രുപേരും യജമാനനുവേിത്തന്നെ ഈശ്രേഷ്ഠമായ യജ്ഞത്തിൽ എഴുന്നള്ളിയാലും.

**6. ഇന്ദ്രവായു അയം സുതസ്തം ദേവേഭിഃ സജോഷസാ |**

**പിബതം ദാശുഷോ ഗൃഹേ ||**

ഹേ ഇന്ദ്രാ! ഹേ വായൂ! ഇതാ പ്രസിദ്ധമായ സോമം വച്ചിരിക്കുന്നു. നിങ്ങൾ രുപേരും തുല്യസ്നേഹിതരായി ഹവിസ്സ് ദാതാവായ യജമാനൻെറ യശസ്ഥാനത്താഗതരായി സോമരസം പാനം ചെയ്യുവിൻ.

**7. ഇഹപ്രയാണമസ്താവാമിന്ദ്രവായു വിമോചനം |**

**ഇഹ വാംസോമപീതയേ ||**

ഹേ ഇന്ദ്രാ! വായൂ! ഈ യജ്ഞത്തിൽ നിങ്ങളെ സോമം പാനം ചെയ്യിക്കുന്നതിനായി അശ്വങ്ങളെ അഴിച്ചുവിടൂ. നിങ്ങൾ രുപേരും ഈ യാഗവേദിയിൽ സന്നിഹിതരായാലും.

## സൂക്തം 47

**ഋഷി വാമദേവൻ ദേവത വായു ഛന്ദസ് അനുഷ്ടുപ്, ഉഷ്ണിക**

**1. വായോ ശുക്രോ അയാമി തേ മധ്വോ അഗ്രം ദിവിഷ്ടിഷു |**

**ആ യാഹി സോമപീതയേ സ്പാർഹോ ദേവു നിയുത്വതാ ||**

ഹേ വായൂ! ശ്രേഷ്ഠങ്ങളായ കർമ്മാനുഷ്ഠാനങ്ങളാൽ പവിത്രരായ ഞങ്ങൾ ദിവ്യലോകപ്രാപ്തിയെ കാംക്ഷിച്ചുകൊ് ആദ്യമായി നിങ്ങൾക്കുവേിതന്നെ സോമരസം കൊണ്ടുവരുന്നു. നിങ്ങൾ അഭിലാഷയോഗ്യരാകുന്നു. സ്വന്തം വാഹനസഹിതം സോമം പാനംചെയ്യുവാനായി ഈ സ്ഥാനത്തേക്ക് എഴുന്നള്ളിയാലും.

**2. ഇന്ദ്രശ്ച വായവേഷാം സോമാനാം പീതമർഹതാ |**

**യവാം ഹി യന്തൗന്ദവോ നിമ്നമപോ ന സധ്രയക് ||**

ഹേ വായൂ! ഈ സ്വികരിക്കപ്പെട്ട സോമത്തെപാനം ചെയ്യുവാനുള്ള പാത്രം പീയും ഇന്ദ്രനും തന്നെയാകുന്നു. ജലം കുഴിയിലേക്ക് സ്വയം ഒഴുകിച്ചേരുന്നതുപോലെ, സോമം നിങ്ങളുടെ അടുത്തേക്ക് പോകുന്നു. ഇങ്ങിനെ നിങ്ങൾ രുപേരും സോമത്തെ പ്രാപിക്കുന്നവരാകുന്നു.

**3. വായവിന്ദ്രശ്ച ശുഷ്മിണാ സരഥം ശവസസ്പതീ | നിയുത്വന്താ ന ഊതയഃ ആ യത സോമപീതയേ ||**

ഹേ വായൂ! ഹേ ഇന്ദ്രാ! നിങ്ങൾ രുശക്തികളുടെ അധിപതികളാകുന്നു. നിങ്ങൾ രുപേരും മഹാപരാക്രമികളും അശ്വയുക്തരുമാകുന്നു. നിങ്ങൾ രുപേരും രഥത്തിൽകയറി സോമം പാനം ചെയ്യുന്നതിനും ഞങ്ങൾക്കായി നൽകുന്നതിനും ആയി ഇവിടെ ആഗതരായാലും.

**4. യാ വാം സന്തി പുരുസ്പൃഹോ നിയുതോ ദാശുഷേ നരാ**

|

**അസ്മേ താ യജ്ഞവാഹസേന്ദ്രവായൂ നി യഛതം ||**

ഹേ ഇന്ദ്രാ! ഹേ വായൂ! നിങ്ങൾ രുപേരും യജ്ഞത്തെ വഹിക്കുന്നവരും എല്ലാദേവൻമാരിലും പ്രമുഖരുമാകുന്നു. ഞങ്ങൾ നിങ്ങൾക്ക് ഹവിരാന്നം പ്രദാനം ചെയ്യുന്ന യജമാനൻമാരാകുന്നു. നിങ്ങളുടെ ആശിക്കത്തക്കതായ ആ അശ്വത്തെ ഞങ്ങൾക്ക് പ്രദാനം ചെയ്യൂ.

## സൂക്തം 48

**ഋഷി വാമദേവൻ ദേവത വായു ഛന്ദസ് അനുഷ്ടുപ്**

**1. വിഹി ഹോത്രാ അവീതാ വിപോ ന രായാ അർഥഃ |**

**വായവാ ചന്ദ്രേന്ന രഥേന യാഹി സൂതസ്യ പിതയേ ||**

ഹേ വായൂ! ശത്രുക്കളെ ഭയഭീതരാക്കുന്ന രാജാവിനുതുല്യം മറ്റുള്ളവരാൽ പാനം ചെയ്യപ്പെടാത്ത സോമരസത്തെ നിങ്ങൾ ആദ്യമായി പാനം ചെയ്യുകയും സ്തുതിക്കുന്നവർക്കുവേി ധനം നൽകുകയും ചെയ്യൂ. നിങ്ങൾ മംഗളദായകമായ ആ രഥം വഴിയായി സോമം പാനം ചെയ്യുവാൻ ഇവിടെ വരണേ.

**2. നിർയുവാണോ അശീസ്തീരനിയത്വാം ഇന്ദ്രസാരഥീ |**

**വായവാ ചന്ദ്രേണ രഥേന യാഹി സുതസ്യ പീതയേ ||**

ഹേ വായൂ! നിങ്ങൾ ഇന്ദ്രനോടുകൂടി സാരഥിരൂപത്തിൽ സുവർണ്ണമയമായ രഥം വഴിയായി അശ്വാദികളാൽ യുക്തരായി. സൗമ്യസ്വഭാവത്തോടുകൂടി ബലവാൻമാരായ വ്യക്തികളോടും കൂടി അതുപോലെ ദുഷ്ടവ്യക്തികളിൽനിന്നും അകന്നു വസിക്കുന്നു. നിങ്ങൾ ഹർഷദായകമായ സോമം പാനം ചെയ്യുന്നതിനുവേി ഇങ്ങോട്ടെഴുന്നള്ളിയാലും.

**3. അനു കൃഷ്ണേ വസുധിതി യേമാതേ വിശ്വപേശസി |**

**വായവാ ചന്ദ്രേണ രഥേന യാഹി സുതസ്യ പീതയേ ||**

ഹേ വായൂ! കറുത്തവർണ്ണത്തോടുകൂടിയവരും വസുക്കളെ വഹിക്കുന്നവരും വിശ്വരൂപരുമായ ആകാശവും ഭൂമിയും നിങ്ങളുടെ പദചിഹ്നങ്ങളിൽക്കൂടി ചലിക്കുന്നു. നിങ്ങൾ സന്തോഷദായകമായ രഥം വഴിയായി സോമപാനം ചെയ്യുവാൻ ഇവിടെ വരണമേ.

**4. വഹന്തു തവാ മനോയുജോ യുക്താസോ നവതിർനവ |**

**വായവാ ചന്ദ്രേണ രഥേന യാഹി സുതസ്യ പീതയേ ||**

ഹേ വായൂ! മനോവേഗത്തോടുകൂടിയ തൊണ്ണൂറ്റൊൻപതു കുതിരകളെ നിങ്ങൾക്കുവേി ഇവിടകൊുവന്നു. നിങ്ങൾ സോമം പാനം ചെയ്യുവാനായി രഥത്തിൽ എഴുന്നള്ളിയാലും.

**5. വായോ ശതം ഹരീണാം യുവസ്യ പോഷ്യാണാം |**

**ഉത വാ തേ സഹസ്രിണോ രഥ ആ യാതു പാജസാ ||**

ഹേ വായൂ! നിൻെറ അസംഖ്യം കുതിരകളെ രഥത്തിൽപൂട്ടി അവയോടുകൂടി ഇവിടെ വന്നാലും.

## സൂക്തം 49

**ഋഷി വാമദേവൻ ദേവത ഇന്ദ്രൻ, ബൃഹസ്പതി**

**ഛന്ദസ് ഗായത്രി**

**1. ഇദം വാമാസ്യേ ഹവിഃ പ്രിയമിന്ദ്രാബൃഹസ്പതി |**

**ഉക്ഥം മദശ്ച ശസ്യതേ ||**

ഹേ ഇന്ദ്രാ! ബൃഹസ്പതീ! ഈ പ്രിയങ്കരമായ സോമരൂപമാകുന്ന ഹവിസ്സിനെ ഞങ്ങൾ നിങ്ങൾ രുപേരുടെയും വായിൽ ഒഴിക്കുന്നു. നിങ്ങൾ രുപേർക്കും ഹർഷകരമായ സോമരസത്തെ ഞങ്ങൾ പ്രദാനം ചെയ്യുന്നു.

**2. അയം വാം പരി ഷിച്യതേ സോമ ഇന്ദ്രാ ബൃഹസ്പതീ |**

**ചാരുർമദായ പീതയേ ||**

ഹേ ഇന്ദ്രാ! ബൃഹസ്പതീ! നിങ്ങളുടെ വളർച്ചയ്ക്കും അതുപോലെ പാനം ചെയ്യുന്നതിനും ഈ സ്വാദേറിയ സോമരസം ഞങ്ങൾ നിങ്ങളുടെ വായിലൊഴിക്കുന്നു.

**3. ആ ന ഇന്ദ്രാബൃഹസ്പതീ ഗൃഹമിന്ദ്രശ്ച ഗഛതം |**

**സോമപാ സോമപീതയേ ||**

ഹേ ഇന്ദ്രാ! ബൃഹസ്പതീ! നിങ്ങൾ രുപേരും സോമം പാനം ചെയ്യുന്നവരാണല്ലോ. ഞങ്ങളുടെ യാഗശാലയിൽ സോമപാനത്തിനായി നിങ്ങൾ രുപേരും വരേണമേ.

**4. അസ്മേ ഇന്ദ്രാബൃഹസ്പതീ രയിധത്തം ശതഗ്വിനം |**

**ആശ്വാവന്തം സഹസ്രിണം ||**

ഹേ ഇന്ദ്രാ! ബൃഹസ്പതീ! അനേകം ഗോക്കളോടും അശ്വങ്ങളോടും കൂടിയ ധനം നിങ്ങൾ രുപേരും അയാൾക്ക് ദാനം ചെയ്യണേ.

**5. ഇന്ദ്രാബൃഹസ്പതീ വയം സുതേ ഗീർഭിർ ഹവാമഹേ |**

**അസ്യ സോമസ്യ പീതയേ ||**

ഹേ ഇന്ദ്രാ! ബൃഹസ്പതീ! പിഴിഞ്ഞരിച്ചുവച്ചിരിക്കുന്ന ഈ സോമരസം പാനം ചെയ്യുവാൻ ഞങ്ങൾ നിങ്ങളെ വിളിക്കുന്നു.

**6. സോമമിന്ദ്രാബൃഹസ്പതീ പിബതംദാശുഷോ ഗൃഹേ |**

**മാദയേഥാം തദോസാ ||**

ഹവിസ്സുനൽകുന്ന യജമാനൻെറ ഗൃഹത്തിൽ വസിച്ചുകൊ് സോമപാനത്താൽ മത്തരാകുവിൻ.

## സൂക്തം 50

**ഋഷി വാമദേവൻ ദേവത ബൃഹസ്പതി, ഇന്ദ്രൻ**

**ഛന്ദസ് ത്രിഷ്ടുപ്**

**1. യസ്ത സ്തമ്ഭ സഹസാ വിജ്മോ അന്താൻബൃഹസ്പതീസ്ത്രീഷധസ്ഥോ രവേണ |**

**തം പ്രത്നാസ ഋഷയോ ദീധ്യാനാഃ പുരോ വിപ്രാ ദധിരെ മന്ദ്രജിഹ്വം ||**

വേദരക്ഷകയായ ബൃഹസ്പതി തൻെറ ബലത്താൽ ഭൂമിയുടെ എല്ലാ ദിക്കുകളെയും അധീനമാക്കി. അവൻ വാക്കുകൾ വഴിയായി മൂന്നുലോകങ്ങളിലും വ്യാപിച്ചു. വിശിഷ്ടമായ നാവോടുകൂടിയവനും പ്രസന്നതനൽകുന്നവനുമായ ആ ബൃഹസ്പതിയെ പ്രാചീന മഹർഷിമാർ പുരോഹിതപദത്തിൽ പ്രതിഷ്ഠിച്ചു.

**2. ധൂനേതയഃ സുപ്രകേതം മദത്നോ ബൃഹസ്പതേ അഭി യെ നസ്തതസ്രേ |**

**പൃഷന്തം സുപ്രമബ്ധമൂർവം ബൃഹഃശ്ഥേ രക്ഷതാദസ്യ യോനിം ||**

ഹേ ജ്ഞാനിയായ ബൃഹസ്പതിദേവാ! നിൻെറ പ്രവർത്തനത്താൽ ശത്രുഗണം വിറകൊള്ളുന്നു. യാതൊരുത്തൻ നീ പുഷ്ടിപ്പെടുന്നതിനായി സ്തുതിക്കുന്നുവോ, നീ അവർക്കുവേി ഫലദായകനും വൃദ്ധിദായകനും ഹിംസാരഹിതനുമായി ഭിക്കുകയും അവരുടെ മഹായജ്ഞത്തെ പാലിക്കുന്നവനാകുകയും ചെയ്യണേ.

**3. ബൃഹസ്പതേ യാ പരമാ പരാവദത ആ ത ഋതസ്പൃശോ**

**നിഷേദു: |**

**തുഭ്യം ഖാതാ അവതാ അദ്രിദുഗ്ധാ മദ്വ: |**

**ശ്ചോതന്ത്യഭിതോവിരപ്ശം ||**

ഹേബ്യഹസ്പതേ! ദൂരത്തായി സ്ഥിതിചെയ്യുന്ന ആ ദിവ്യലോകം അത്യന്തം ഉത്കൃഷ്ടമാകുന്നു. അവിടെനിന്നും നിൻെറ അശ്വങ്ങൾ ഈ യജ്ഞത്തിൽ വരുന്നു. ചെളിനിറഞ്ഞ കിണറ്റിൽനിന്നും നാലുപാടും ജലം ഒഴുകുന്നതുപോലെ അമ്മിക്കല്ലുകൊിടിച്ചു പിഴിഞ്ഞെടുത്ത മധുരമായ സോമരസം സ്തുതികൾവഴിയായി നിന്നെ വലയം ചെയ്യുന്നു.

**4. ബ്യഹസ്പതി: പ്രഥമം ജായമാനോ മഹോ ജ്യോതിഷ: പരമേ വ്യോമൻ |**

**സപ്ത്യസാ സ്തുവിജാതോ രവേണ വി സപ്ത രശ്മിരധമത്തമാംസി ||**

മന്ത്രജ്ഞനായ ആ ബ്യഹസ്പതി സൂര്യമണ്ഡലത്തിൽ ആദ്യമായി പ്രത്യക്ഷനായപ്പോൾ മുഖത്തുനിന്നും സപ്തഛന്ദോമയനും ശബ്ദയുക്തനുമായി തൻെറ തേജസ്സാൽ അന്ധകാരത്തെ നശിപ്പിച്ചു.

**5. സ സുഷ്ടുഭാ സ ഋക്വതാ ഗണേന ബലം രുരോജ ഫലിഗം രവേണ |**

**ബ്യഹസ്പതിരുസ്രിയാ ഹവ്യസൂദ: കനിക്രദദ്വാവശതീരുദ്രാജത് ||**

ആ ബ്യഹസ്പതി സ്തുതിച്ചുകൊിരുന്ന അംഗിരസുകളോടുകൂടി ബലൻ എന്ന ദൈത്യനെ നശിപ്പിച്ചു. അവൻ ശബ്ദത്താൽതന്നെ ക്ഷീരദായിനികളായ ഗോക്കളെ ഗുഹയിൽനിന്നും മോചിപ്പിച്ചു.

**6. ഏവാ പിത്രേ വിശ്വദേവായ വ്യഷ്ണേ യാജ്ഞൈർവിധേമ നമസാ ഹവിർഭി: |**

**ബ്യഹസ്പതേ സുപ്രജാ വീരവന്തോ വയം സ്യാമ പതയോ രയീണാം ||**

ആ ബ്യഹസ്പതി എല്ലാത്തിൻേറയും ദേവതാസൗരൂപനും പരിപാലകനും ആഗ്രഹവർഷകനും ആകുന്നു. നാം സന്താനങ്ങളുടേയും ബലത്തിൻേറയും ഐശ്വര്യങ്ങളുടേയും അവകാശം പ്രാപിക്കുന്നതിനായി യജ്ഞത്തിൽ ഹവിസ്സുവഴി സ്തുതിച്ചുകൊ് അവനെ പൂജിക്കുന്നു.

**7. സ ഇന്ദ്രാജാ പ്രതിജന്യാനി വിശ്വാ ശുഷ്മണേ ത സ്ഥാവഭി വീയേണ |**

**ബ്യഹസ്പതിം യ: സുഭ്യതം ബിഭർതി വല്ഗുയതി വന്ദതേ പൂർവഭാജം ||**

ഏതൊരു രാജാവ് ശരിയായ രീതിയിൽ ബ്യഹസ്പതിയെ രക്ഷിക്കുന്നുവോ, അതുപോലെ ആദ്യത്തെ ഹവിസ്സ് സ്വീകരിക്കുന്നവൻ എന്നു കരുതി അവന് ഹവിസ്സ് സമർപ്പിച്ച് നമസ്കാരപൂർവ്വം പൂജിക്കുന്നുവോ, ആ രാജാവ് തൻെറ ശക്തിയാൽ തന്നെ ശത്രുക്കളുടെ ശക്തിയെ നിരർത്ഥകമാക്കി അവരെ പരാജയപ്പെടുത്തുന്നു.

**8. സ ഉത്ക്ഷേതി സുധിത ഓകസി സ്വേ തസ്മാ ഇളാ പിന്വതേ വിശ്വദാനീം |**

**തസ്മൈ വിശ: സ്വയമേവാ നമന്തേ യസ്മിൻ ബ്രഹ്മാ രാജനി പൂരവ ഏതി ||**

ബ്യഹസ്പതി ആരുടെയടുക്കൽ ഏറ്റവുമധികമായി പോകുന്നുവോ, ആ രാജാവ് സന്തുഷ്ടനായി തൻെറ സ്ഥാനത്തുവസിക്കുന്നു. അവനു വേി ഭൂമി ഓരോ ഋഭുക്കളിലും ഫലം നൽകുന്നവളായിരിക്കുന്നു. അയാളുടെ പ്രജകൾ സദാസമയവും അവൻെറ മുമ്പിൽ നമ്രശിരസ്കരായി നിലകൊള്ളുന്നു.

**9. അപ്രതീതോ ജയതി സം ധനാനി പ്രതിജന്യാന്യുത യാ സജന്യാ |**

**അവസ്യവേ യോ വരിവ: ക്യണോതി ബ്രഹ്മണേ രാജാ തമവന്തി ദേവാ: ||**

രക്ഷയെ ആഗ്രഹിക്കുന്ന ധനരഹിതനായ വിദ്വാനു ഏതു രാജാവ് ധനം നൽകുന്നുവോ, അവൻ ശത്രുക്കളുടെ ധനത്തെ പിടിച്ചെടുക്കുന്നു. ദേവതകൾ സദാ അവൻെറ രക്ഷകരായിരിക്കും.

**10. ഇന്ദ്രശ്ച സോമം പിബതം ബ്യഹസ്പതേസ്മിപ്യജ്ഞേ മന്ദസാനാ വ്യഷണ്വസൂ |**

**ആ വാം വിശന്ത്വിന്ദവ: സ്വാഭുവോസ്മേ രയിം സർവവീരം നി യഛതം ||**

ഹേ ബ്യഹസ്പതേ! നീയും ഇന്ദ്രനും ഈ യജ്ഞത്തിൽ പ്രസന്നരായി യജമാനനു ധനം നൽകൂ. ഈ സോമരസം സർവ്വവ്യാപകമാകുന്നു. ഇത് നിങ്ങളുടെ ശരീരത്തിൽ പ്രവേശിക്കട്ടെ. നിങ്ങൾ രുപേരും ഞങ്ങൾക്ക് സന്താനയുക്തമായ ധനം പ്രദാനം ചെയ്യണേ.

**11. ബ്യഹസ്പതേ ഇന്ദ്ര വർധതം ന: സചാ സാ വാം സുമതിർഭൂത്വസ്മേ |**

**അവിഷ്ടം ധിയോ ജിഗ്യതം പുരന്ധീർജാസ്തമര്യോ മനുഷാമരാതീ: ||**

ഹേ ബ്യഹസ്പതീ! ഇന്ദ്രാ! നിങ്ങൾ രുപേരും എല്ലാവിധത്തിലും ഞങ്ങളെ അഭിവ്യദ്ധിപ്പെടുത്തൂ. ഞങ്ങൾക്കുവേി നിങ്ങളുടെ ക്യപഒരേ സമയം പ്രേരിതങ്ങളാകണേ. നിങ്ങൾ രുപേരും ഈ യജ്ഞത്തെ സംരക്ഷിക്കൂ. സ്തുതിക്കുന്നവരുടെ ശത്രുക്കളുമായി യുദ്ധം ചെയ്യൂ. നിങ്ങൾ രുപേരും ഞങ്ങളുടെ സ്തുതികളാൽ ചൈതന്യത്തെ പ്രാപിച്ചാലും.

# എട്ടാം അദ്ധ്യായം

## സൂക്തം 51

**ഋഷി വാമദേവൻ ദേവത ഉഷസ്സ് ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഇദമു ത്യത്പുരുതമം പുരസ്താജ്ജ്യോതിസ്മസോ വയുനാവദസ്ഥാത് |**

**നൂനം ദിവോ ദുഹിതരോ വിഭാതിർഗാതും ക്യണ്വന്നുഷസോ ജനായ ||**

യാതൊരു തേജസ്സാൽ നമ്മളാൽ സ്തുതിക്കപ്പെടുന്നുവോ സർവ്വവിഖ്യാതവും അത്യന്തം പ്രകാശമേറിയതുമായ ആ തേജസ്സ് അന്ധകാരത്തെ കീറം പിളർന്നുകൊ് പൂർവ്വദിക്കിൽ പ്രകടമാകുന്നു. സൂര്യൻെറ പുത്രിയുമ ആകാശപൂർണ്ണവുമായ ഉഷസ്സ് യജമാനൻമാരുടെ കർമ്മങ്ങൾക്ക്സഹായം നൽകുന്നതിൽ സമർത്ഥയാകുന്നു.

**2. അസ്ഥുരു ചിത്രാ ഉഷസ:പുരസ്താന്മതാ ഇവ സ്വരവാധ്വരേഷു |**

**വ്യൂ വ്രജസ്യ തമസോ ദ്വാരോഛന്തീരവ്രഞ്ചുചയ: പാവകാ:**

||

യജ്ഞത്തിനുവേി നാട്ടപ്പെടുന്ന യൂപം ഉറച്ചുനിൽക്കുന്നതുപോലെ സുശോഭിതങ്ങളായ ഉഷസ്സുകൾ പൂർവ്വദിക്കിൽ വ്യാപിക്കുന്നു. അവർ വിഘ്നകാരിയായ ഇരുട്ടിനെ നശിപ്പിച്ച്പവിത്രയും ഉജ്ജ്വലമായി പ്രകാശിക്കുന്നു.

**3. അച്ഛന്തീരദ്യ ചിരയന്ത ഭോജാൻരാധോദേയായോഷസോ മഘോനീഃ |**

**അചിത്രേ അന്തഃ പണയഃ സസന്ത്വബുധ്യമാനാസ്തമസോ വിമധ്യേ ||**

അന്ധകാരത്തെ നശിപ്പിക്കുന്നവളും ഐശ്വര്യയുക്തയുമായ ഉഷസ്സ്, ഹവിസ്സ് നൽകുന്ന യജമാനനെ സോമാദികളായ അന്നങ്ങൾ നൽകുന്നതിനായി സമ്പന്നകളായ ഗൃഹിണിമാർ പ്രേരിപ്പിക്കുന്നു. അതുപോലെ തന്നെ ശ്രീ സമ്പന്നകളായ ഗൃഹിണിമാർ തങ്ങളുടെ ഗുണങ്ങളെ പ്രകടമാക്കിക്കൊ് പ്രഗാഢമായ അന്ധകാരത്തിൻെറ അവസാനത്തിൽ തങ്ങളുടെ ഭർത്താക്കൻമാരെ ഉണർത്തുന്നു.

**4. കവിത്സ ദേവീ സനയോ നവോ വാ യാമോ ബഭൂയാദുഷസോ വോ അദ്യ |**

**യേനാ നവഗ്വേ അങ്ഗിരേ ദശഗ്വോ സപ്താസ്യേ രേവതീ രേവദൂഷ ||**

ഹേ പ്രകാശസ്വരൂപിണിയായ ഉഷസ്സേ! ഏതോ രഥം വഴിയായി നിങ്ങൾ നിത്യതരുണരും പത്തിന്ദ്രിയങ്ങളെ ജയിച്ചടക്കിയവരുമായ അംഗിരസ്സുകളെ തേജസ്വികളാക്കിയിരുന്നുവോ ആ നിങ്ങളുടെ പ്രാചീന രഥം ഞങ്ങളുടെ ഈ യാഗവെദിയെ പ്രാപിക്കണേ.

**5. യൂയം ഹി ദേവീർഋതയുഗ്മിരശ്വൈഃ പരിപ്രയാഥ ഭുവനാനി സദ്യഃ |**

**പ്രബോധയന്തീരുഷസഃ സസന്തം ദ്വിപാച്ചതുഷ്പാച്ചരഥായ ജീവം ||**

ഹേ പ്രകാശസ്വരൂപിണിയായ ഉഷസ്സേ! നിങ്ങൾ നിദ്രയിലാിരിക്കുന്ന നാല്ക്കാലികൾക്കും കർമ്മങ്ങളിൽ പ്രേരണനൽകിക്കൊ് നിങ്ങളുടെ അശ്വങ്ങൾ വഴിയായി ഗൃഹങ്ങളുടെ മുമ്പിൽക്കൂടി ക്ഷണനേരംകൊ് കടന്നുപോകുന്നു.

**6. ക്വ സ്വിദാസാം കതമാ പുരാണീ യയാ യിധാനാ വിദധുർഋഭൂണാം |**

**ശുഭം യച്ച്തുഭ്രാ ഉഷസശ്വരന്തി ന വി ജ്ഞായന്തേ സദൃശീരജൂര്യാഃ ||**

ഋഭുക്കൾ ഏതൊരുഷസ്സുകൾക്കുവേി ചമസാദികൾ നിർമ്മിച്ചിരുന്നുവോ, ആ പ്രാചീന ഉഷസ്സുകൾ ഇപ്പോൾ എവിടെ? പ്രകാശിതവും നവീനവും സുന്ദരസ്വരൂപത്തോടുകൂടിയതുമായ ഉഷസ്സുകൾ ഉജ്ജ്വലമായി പ്രകാശിക്കുമ്പോൾ അവ ഏകരൂപത്തോടുകൂടിയവയായിത്തീരുന്നു. ആ സമയത്ത് അവ പ്രാചീനങ്ങളോ, നവീനങ്ങളോ എന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

**7. താ ഘാ താ ഭദ്രാ ഉഷസഃ പുരാസുരഭിഷ്ടിദ്യുമ്നാ ഋതജാതസത്യാഃ |**

**യാസ്വാജാനഃ ശശമാന ഉക്ഥൈഃ സ്തുവച്ഛം സന്ദ്രിവണം സദ്യപ്രാപ ||**

യജ്ഞം നടത്തുന്ന യജമാനൻ യാതൊരുഷസ്സുകളെ സ്തോത്രങ്ങൾ വഴി പൂജിച്ച് ധനം പ്രാപിക്കുന്നുവോ, ആ ഉഷസ്സുകൾ മംഗളം നൽകുന്നവയാകുന്നു. പുരാതനകാലം മുതൽ വന്നുകൊിരിക്കുന്ന ആ ഉഷസ്സുകൾ യജമാനനു ധനം നൽകണേ. അവർ യജ്ഞത്തിനുവേി പ്രത്യക്ഷപ്പെടുന്നു. അവർ സത്യമായ ഫലങ്ങൾ പ്രദാനം ചെയ്യുന്നു.

**8. താ ആചരന്തി സമനാ തുരസ്താത്സമാനതഃ സമനാ പപ്രഥാനാഃ |**

**ഋതസ്യ ദേവീഃ സദസോ ബുധാനാ ഗവാം ന സർഗാ ഉഷസോ ജരന്തേ ||**

ഏകരൂപകളായ ഉഷസ്സുകൾ അന്തരീക്ഷത്തിൽ പൂർവ്വദിക്കിൽനിന്നും അവതരിച്ച് എങ്ങും വ്യാപിക്കുന്നു. പ്രകാശപൂർണ്ണതകളായ ഉഷസ്സുകൾ യജ്ഞസ്ഥാനത്തെ ലക്ഷ്യമാക്കി കിരണങ്ങളെപ്പോലെ പൂജിക്കപ്പെടുന്നു.

**9. ത ഇന്ന്വേവ സമനാ സമാനിരമീതവർണാ ഉഷസശ്ചരന്തി |**

**ഗുഹന്തീരഭ്വമാസിതം രുശദ്ഭിഃ ശുക്രാസ്തനൂഭിഃ ശുചയാ രുചാനാഃ ||**

ആ ഉഷസ്സുകൾ ഏകരൂപകളായി, സുന്ദരവർണ്ണങ്ങളാൽ ഉജ്ജ്വലകളായി കാന്തിമതികളായിരിക്കുന്നു. അവ സ്വശരീരങ്ങളാൽ പ്രകാശിക്കുന്നവയും അന്ധകാരത്തെ ആവരണം ചെയ്ത് എല്ലായിടങ്ങളിലും സഞ്ചരിക്കുകയും ചെയ്യുന്നു.

**10. രയിം ദിവോ ദുഹിതരോ വിഭാതീഃ പ്രജാവന്തം യ ച്ഛരാസ്മാസു ദേവീഃ |**

**സ്യോനാദാ വഃ പ്രതിബുധ്യമാനാഃ സുവീര്യസ്യപതയഃ സ്യാമ ||**

ഹേപ്രകാശ്സ്വരൂപിണികളായ സൂര്യപുത്രിമാരേ! നിങ്ങൾ ഞങ്ങളെ സന്താനങ്ങളാലും ധനത്താലും പരിപൂർണ്ണരാക്കൂ.ഞങ്ങൾ സ്വന്തം സുഖത്തിനുവേി സന്താനയുക്തമായ ധനത്തിൻെറ അധിപൻമാരാകുന്നതിന് നിങ്ങളോടപേക്ഷിക്കുന്നു.

**11. തദ്വോ ദിവോ ദുഹിതരോവിഭാതീരുപ ബ്രുവ ഉഷസോ യജ്ഞകേതുഃ |**

**വയം സ്യാമ യശസോ ജനേഷു തദ് ദ്യൗശ്ച ധത്താം പൃഥിവീ ചദേവീ ||**

ഹേ പ്രകാശസ്വരൂപിണികളായ സൂര്യപുത്രിമാരേ! ഞങ്ങൾ എല്ലാം മനുഷ്യരുടെഇടയിലും യശസ്വികളും ഐശ്വര്യവാൻമാരുമായിത്തീരുന്നതിന് യാജ്ഞികരായ ഞങ്ങൾ നിങ്ങളോട് പ്രാർത്ഥിക്കുന്നു. ആകാശത്താലും കാന്തിയാലും പരിപൂർണ്ണരായ പൃഥ്വി നിങ്ങൾക്കുവേി സുഖത്തെ വഹിക്കുന്നവളാകട്ടെ.

## സൂക്തം 52

**ഋഷി വാമദേവൻ ദേവത ഉഷസ്സ് ഛന്ദസ് ഗായത്രി**

**1. പ്രതി ഷ്യാ സുനരോ ജനീച്യഛന്തീപരിസ്വസുഃ |**

**ദിവഔആദർശി ദുഹിതാ ||**

സൂര്യപുത്രിയായ ഉഷസ്സ് കാണപ്പെടുന്നു. അവൾ സ്തുത്യർഹയും ജീവികൾക്ക് നേതൃത്വം നൽകുന്നവളും മനോഹരങ്ങളായ ഫലങ്ങളെ ഉൽപ്പാദിപ്പിക്കുന്നവളും ആകുന്നു. അവൾ തൻെറ സഹോദരിയായ രാത്രിയുടെ അന്ത്യത്തിൽ ഇരുട്ടിനെ നശിപ്പിക്കുന്നു.

**2. അശ്വേവ ചിത്രാരുഷീ മതാ ഗവാമൃതാവരീ**
**സഖാഭദശ്വിനോരുഷാഃ ||**

അശ്വത്തെപ്പോലെ മനോഹരിയും, പ്രകാശമയിയും കിരണങ്ങളുടെ മാതാവും യജ്ഞസമ്പന്നയുമായ ഉഷസ്സ് അശ്വിനികുമാരൻമാരുമായി ബന്ധുത്വം സ്ഥാപിക്കുന്നു.

**8. ഉത സഖാസ്യശ്വിനോരുത മാതാ ഗവാമസി |**
**ഉതോഷോ വസ്വ ഈശിഷേ ||**

ഹേ ഉഷേ! നീ അശ്വിനികളുമായി ബന്ധുത്വം സ്ഥാപിച്ചവളും, കിരണങ്ങളുടെ ജനനിയുമാകുന്നു. ഐശ്വര്യത്തിന്റെ അധിശ്വരി നീ തന്നെയാകുന്നു.

**4. യാവയദ്ദ്വേപസം ത്വാ ചികിത്വാത്സൂനൃതാവരി**
**പ്രതി സ്തോമൈരഭുത്സ്മഹി ||**

ഹേ സത്യവചനയായ ഉഷസ്സേ! നീ ശത്രുക്കളെ പലായനം ചെയ്യിക്കു. നീ ഞങ്ങൾക്ക് ജ്ഞാനം പ്രദാനം ചെയ്യൂ. സ്തുതികളാൽ ഞങ്ങൾ നിന്നെ നമസ്കരിക്കുന്നു.

**5. പ്രതി ഭദ്രാ അദൃക്ഷത ഗവാം സർഗാ ന രശ്മയഃ |**
**ഓഷാ അപ്രാ ഉരു ജ്രയഃ ||**

വർഷധാരപോലെ മഹത്തായ തേജസ്സോടുകൂടിയവളായ ഉഷസ്സ് ലോകത്തെ പരിപൂർണ്ണയാക്കിയിരിക്കുന്നു. സ്തുത്യർഹങ്ങളായ കിരണങ്ങൾ ദർശനീയമാകുന്നു.

**6. അപപ്രുഷി വിഭാവരി വ്യാവർജ്യോതിഷാ തമഃ |**
**ഉഷോ അനു സ്വധാമവ ||**

ഹേഉഷസ്സേ! നീ മനോഹരമായ പ്രകാശത്തോടുകൂടിയവളാണല്ലോ. സ്വന്തം പ്രകാശത്താൽ അന്ധകാരത്തെ നശിപ്പിച്ച് ലോകത്തെ സമ്പന്നമാക്കിയാലും. നീ ഈ ഹവിരന്നത്തെ സംരക്ഷിക്കു.

**7. ആദ്യാം തനോഷി രശ്മിഭിരാന്തരിക്ഷമുരു പ്രിയം |**
**ഉഷഃ ശുക്രേണ ശോചിഷാ ||**

ഹേഉഷസ്സേ! നീ പ്രകാശമയമായ തേജസ്സോടുകൂടി പരിപൂർണ്ണയായി കിരണങ്ങളാൽ ആകാശത്തിലും അന്തരീക്ഷത്തിലും വ്യാപ്തമാകൂ.

## സൂക്തം 53

**ഋഷി വാമദേവൻ ദേവത സവിതാവ് ഛന്ദസ് ഗായത്രി**

**1. തദ്ദേവസ്യ സവിതുർവീര്യ മഹദ്വൃണീമഹേ അസുരസ്യ പ്രചേതസഃ |**
**ഉദയാന്ദേവോ അക്തുഭിഃ ||**

സവിതാദേവൻ ബലവാനും മേധാവിയും ആകുന്നു. നാം അദ്ദേഹത്തിൽനിന്നും വരണയോഗ്യവും, പൂജനീയവുമായ ധനം യാചിക്കുന്നു. ആ ധനത്തെ അവൻ ഹവിർദാനം ചെയ്യുന്ന യജമാനന് സ്വേഛയാ പ്രദാനം ചെയ്യട്ടെ.

**2. ദിവോ ധർത്താ ഭുവനസ്യ പ്രജാപതിഃ പിശങ്ഗം ദ്രാപിം പ്രതി മുഞ്ചതേ കവിഃ |**
**വിചക്ഷണഃ പ്രഥയന്നാപ്രണന്നൂർവജീജനത്സവിതാ സുമ്നമുക്ഥ്യം ||**

ആകാശത്തേയും അതുപോലെ എല്ലാ ലോകങ്ങളേയും വഹിക്കുന്നവനും ജീവികളെ പ്രകാശം, വർഷം മുതലായവകളാൽ പാലിക്കുന്നവനും മേധാവിയും ആയ സവിതാദേവൻ സ്വർണ്ണകവചം ധരിച്ചുകൊ് തന്റെ തേജസ്സാൽ ലോകത്തെ പരിപൂർണ്ണമാക്കുകയും പ്രശംസാർഹവും ശ്രേഷ്ഠവും ആയ സുഖത്തെ പ്രകടമാക്കുകയും ചെയ്യുന്നു.

**3. ആപ്രാ രജാംസി ദിവ്യാനി പാർഥിവാ ശ്ലോകം ദേവഃ കൃണുതേ സ്വായ ധർമണേ |**
**പ്ര ബാഹു അസ്രാക്സവിതാ സവീമനി നിവേശയൻപ്രസുവന്നക്തുഭിർജഗത് ||**

സവിതാവ് തന്റെ തേജസ്സാൽ ആകാശത്തേയും ഭൂമിയേയും പരിപൂർണ്ണമാക്കിക്കൊ് തന്റെ ഉത്തമങ്ങളായ കർമ്മങ്ങൾക്കായി പ്രേരിപ്പിക്കുകയും സൃഷ്ടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേി ഭുജങ്ങൾ വിരിക്കുകയും ചെയ്യുന്നു.

**4. അദാഭ്യോ ഭുവനാനിദ്രചാകശദ്പ്രതാനി ദേവഃ സവിതാഭി രക്ഷതേ |**
**പ്രാസ്രാ ഗ്ബാഹു ഭുവനസ്യ പ്രജാഭ്യോ ധൃതവ്രതോ മഹോ അജ്മസ്യ രാജതി ||**

സവിതാവ് അഹിംസയുടെ ഭാവനാസഹിതം ലോകങ്ങളെ പ്രകാശിപ്പിക്കുകയും സങ്കൽപ്പങ്ങളെ പാലിക്കുകയും ചെയ്യുന്നു. അവൻ എല്ലാ ലോകങ്ങളിലും ജീവിക്കുന്ന ജീവികൾക്കുവേി രക്ഷയുടെ ഭുജങ്ങൾ വിരിക്കുന്നു. അവൻ വ്രതങ്ങളെ സ്വികരിക്കുന്നവനും വിശാലമായ ഈ ലോകത്തിന്റെ സ്വാമിയുമാകുന്നു.

**5. ത്രിരന്തരിക്ഷം സവിതാ മഹിത്വനാ ത്രീ രജാംസി പരിഭൂസ്ത്രീണി രോചനാ |**
**തിസ്രോ ദിവഃ പൃഥിവീസ്തിസ്ര ഇന്വതി ത്രിഭിർവ്രതൈരഭി നോ രക്ഷത് ത്മനാ ||**

സവിതാദേവൻ തന്റെ മഹിമവഴിയായി അന്തരീക്ഷത്രയങ്ങളെയും ലോകത്രയങ്ങളെയും വിശാലമാക്കുന്നു. പ്രകാശവാനായ ആ സവിതാദേവൻ അഗ്നിയേയും വായുവിനേയും ആദിത്യനേയും വിശാലമാക്കുന്നു. അവൻ ത്രിവ്രതങ്ങൾ വഴിയായി കൃപാപൂർവ്വം നമ്മെ രക്ഷിക്കണേ.

**6. ബൃഹത്സുമ്നഃ പ്രസവീതാ നിവേശനോ ജഗതഃ സ്ഥാതുരുഭയസ്യ യോ വശീ |**
**സ നോ ദേവഃ സവിതാ ശർമ യച്ഛത്വസ്മേ ക്ഷയായ തീവ്രരൂദ മഹസഃ ||**

യാതൊരുത്തൻ കർമ്മങ്ങളെ നിർധാരണം ചെയ്യുന്നുവോ, യാതൊരുത്തനിൽ മഹത്തായ ഐശ്വര്യം കുടികൊള്ളുന്നുവോ, യാതൊരുത്തൻ എല്ലാത്തിനേയും അറിയുന്നവനും ജീവികളെ വശീകരിക്കുന്നവനുമായിരിക്കുന്നുവോ, ആ സവിതാ ദേവൻ നമ്മുടെ പാപങ്ങളെ നശിപ്പിക്കുകയും മൂന്നുലോകങ്ങളിലും സ്ഥിതിചെയ്യുന്ന മഹത്തായ സുഖം പ്രദാനം ചെയ്യുന്നവനാകുകയും ചെയ്യണേ.

**7. ആഗന്ദേവ ഋതുഭിർവർധതു ക്ഷയം ദധാതു നഃ സവിതാ സുപ്രജാഭിഷം |**
**സ നഃക്ഷപാഭിരഹിഭീശ്ച ജിന്വതു പ്രജാവന്തം രയിമസ്മേ സമിന്വതു ||**

പ്രകാശവാനായ ആ സവിതാദേവൻ ഋതുക്കൾ വഴിലോകത്തെ പാലിക്കണേ. നമുക്ക് സന്താനയുക്തമായ ധനം പ്രദാനം ചെയ്യണേ. അവൻ പകലും രാത്രിയിലും നമ്മുടെമേൽ സ്നേഹം വർഷിക്കണേ.

അവൻ നമുക്ക് പുത്രപൗത്രാദികളാൽ യുക്തമായ ഐശ്വര്യം പ്രദാനം ചെയ്യുന്നവനായി ഭവിക്കണേ.

## സൂക്തം 54

**ഋഷി വാമദേവൻ ദേവത സവിതാവ് ഛന്ദസ് ത്രിഷ്ടുപ്**

**1. അഭൂദ്ദേവഃ സവാച്യേതാ വന്ദ്യോ നൂന ഇദാനീമഹ്ന ഉപവാ നൃഭിഃ |**

**വി യോരത്നാ ഭജതി മാനവേഭ്യഃ ശ്രേഷ്ഠം നോ അത്ര ദ്രവിണം യഥാ ദധത് ||**

സവിതാദേവൻ പ്രത്യക്ഷനായിരിക്കുന്നു. നമുക്ക് അതിവേഗം അവനെ നമസ്കരിക്കാം. മൂന്നാം സവനത്തിൽ ഹോതാക്കൾവഴിയായി അവനെ സ്തുതിക്കട്ടെ. ആര് മനുഷ്യർക്ക് രത്നാദികളായ ധനം പ്രദാനം ചെയ്യുന്നുവോ, അവൻ ഈ യജ്ഞത്തിൽ നമുക്ക് ഉത്തമമായ ധനം ചെയ്യുന്നവനാകണേ.

**2. ദേവേഭ്യോ ഹി പ്രഥമം യജ്ഞിയേഭ്യോമൃതത്വം സുവസി ഭാഗമുത്തമം |**

**അദിദ്ദാമാനം സവിതർവ്യൂർണുഷേനൂചീനാ ജീവിതാ മാനുഷേഭ്യഃ ||**

നിങ്ങൾ ആദ്യയജ്ഞത്തിൽ സാധനാരൂപമായ അമരത്വസോമത്തിൻെറ ശ്രേഷ്ഠമായ അംശത്തെ പ്രകടമാക്കണേ. ഹേ സവിതാവേ! നീ ഹവിർദാതാവായ യജമാനനെ പ്രകാശയുക്തനാക്കുകയും, പിതാ പുത്രപൂത്രാദിക്രമത്താൽ മനുഷ്യർക്ക് ദീർഘായുസ്സിനെ നൽകുകയും ചെയ്യണമേ.

**3. ആചിത്തി യച്ചകൃമാ ദൈവ്യേ ജനേ ദിനേർദക്ഷൈഃ പ്രഭൂതീ പുരുഷത്വതാ |**

**ദേവേഷു ച സവിതർമാനുഷേഷു ച ത്വം നോ അത്ര സുവതാദനാഗസഃ ||**

ഹേസവിതാവേ! അജ്ഞാനവശാലോ, അഥവാ ധനത്തിൻെറ മദത്താൽ അഹങ്കാരിയായോ അല്ലെങ്കിൽ ശക്തിയാലോ കുടുംബത്തിൻെറ അഭിമാനത്താലോ ഞങ്ങൾ അങ്ങേയ്ക്കോ മറ്റു ദേവകൾക്കോ ജ്ഞാനികളായ മനുഷ്യർക്കോ വിരുദ്ധമായി ഏതെങ്കിലും അപരാധം പ്രവർത്തിച്ചുപോയിട്ടു്. എങ്കിൽ നീ ഞങ്ങളെ ആ പാപങ്ങളിൽനിന്നും മോചിപ്പിക്കണമേ.

**4. ന പ്രമിയേ സവിതുർദൈവ്യസഃ തദ്യഥാ വിശ്വം ഭുവനം ധാരയിഷ്യതി |**

**യത്പൃഥിവ്യാ വരിമന്നാ സ്വങ്ഗുരിർവർഷ്മന്ദിവഃ സുവതു സത്യമസ്യ തത് ||**

സവിതാദേവൻ ലോകത്തെ വഹിക്കുന്നവനാകുന്നു. അവൻെറ എല്ലാ കർമ്മങ്ങളും അഹിംസകീയങ്ങളാണ്. അവൻ ഭൂമണ്ഡലത്തേയും ആകാശത്തേയും വിശാലമാകുന്നതിനു പ്രേരിപ്പിക്കുന്നു. അവൻെറ ആ കർമ്മങ്ങളെ ആർക്കും നശിപ്പിക്കുവാൻ സാധ്യമല്ല.

**5. ഇന്ദ്രജ്യേഷ്ഠാൻബൃഹദ ഭ്യ് പർവതേഭ്യഃ ക്ഷയാം ഏഭ്യഃ സുവസി പസ്ത്യാവതഃ |**

**യഥായഥാ പതയന്തോ വിയേമിര ഏവൈവവ തസ്ഥുഃസവിതഃ സവായ തേ ||**

ഹേ സവിതാവേ! മഹത്തായ ഐശ്വര്യവാനായ ഇന്ദ്രൻ ഞങ്ങളാൽ പൂജിതനാകുന്നു. നീ ഞങ്ങളെ പർവ്വതങ്ങളേക്കാളും ഉന്നതരാക്കു. ഈ എല്ലാ യജമാനൻമാർക്കും മനോഹരമായ നിവാസസ്ഥാനം നൽകൂ. നിന്നാൽ നിയതമായ എല്ലാ ഗമനാഗമനകാലങ്ങളേയും നിയന്ത്രിക്കണമേ.

**6. യേ തേ ത്രിരഹൻത്സവിതഃ സവാസോ ദിവേ ദിവേ സൗഭഗമാസുവന്തി |**

**ഇന്ദ്രോ ദ്യാവാപ,ഥിവീ സിന്ധുരദ്ഭിരാദി തൈർനാ അദിതിഃ ശർമ യംസത് ||**

ഹേ സവിതാദേവാ! നിൻെറ പ്രീതിക്കായി യാതൊരെജമാനൻ മൂന്നു സവനങ്ങളിലും നിനക്കുവേി ശോഭനീയമായ സോമം തയ്യാറാക്കുന്നുവോ, ആ യജമാനന് ദ്വാപൃഥ്വി മഹത്തും ഗംഭീരവുമായ സിന്ധുക്കളോടും ദേവതകളോടും ആദിത്യൻമാരോടുംകൂടി അദിതിശ്രേഷ്ഠമായ സുഖത്തെ പ്രദാനം ചെയ്യണേ. ഞങ്ങളേയും സുഖികളാക്കണേ.

## സൂക്തം 55

**ഋഷി വാമദേവൻ ദേവത വിശ്വേദേവൻമാർ ഛന്ദസ് ത്രിഷ്ടുപ്, ഗായത്രി**

**1. കോ വസ്രാതാ വസവഃ കോ വരുതാ ദ്യാവാ ഭൂമീ അദിതേ ത്രസീഥാം നഃ |**

**സഹീയസോ വരുണ മിത്ര മർതാത്കോവോധ്വരേ വരിവോ ധാതി ദേവാഃ ||**

ഹേ വസുക്കളേ! നിങ്ങളിൽ ആരാണ് ദുഃഖങ്ങളിൽനിന്നും മോചിപ്പിക്കുന്നത്? ആരാണ് രക്ഷകനായിരിക്കുന്നത്. ആകാശപൃഥ്വി നിങ്ങളും ഖണ്ഡനയോഗ്യരാകുന്നില്ലയോ? നിങ്ങൾ ഞങ്ങളെ രക്ഷിക്കൂ. ഹേ മിത്രാവരുണാ! ഞങ്ങളുടെ രക്ഷകരാകുവിൻ. ഹേ ദേവകളേ! നിങ്ങളിൽ ആരാണ് യജ്ഞത്തിൽ ധനം നൽകുന്നത്.

**2. പ്രയേ ധാമാനി പൂർവ്യാണ്യമർചാന്വി യദുച്ഛാന്വിയോതരോ അമൂരഃ |**

**വിധാതാരോ വി തേ ദധുരജസ്രാ ഋതധീതയോ രുരുചന്ത ദസ്പാഃ ||**

യാതൊരു ദേവഗണം സ്തുതിക്കുന്നവർക്ക് പ്രാചീനസ്ഥാനം നൽകുന്നുവോ,യാതൊരുത്തർ ദുഃഖങ്ങളെപോക്കുന്നുവോ, യാതൊരുത്തർ അജ്ഞാനത്തേയും അന്ധകാരത്തേയും നശിപ്പിക്കുന്നവരായിരിക്കുന്നുവോ ആ ദേവതകൾ മനുഷ്യരുടെ കർമ്മങ്ങളുടെ വിധായകരും അഭിലാഷങ്ങൾ പൂർത്തിയാക്കുന്നവരുമാകുന്നു. അവർ സത്യകർമ്മങ്ങളാൽ യുക്തരും സുന്ദരൻമാരും സുശോഭിതരുമാകുന്നു.

**3. പ്ര പസ്ത്യാ മദിതിം സിന്ധുമർകൈഃ സ്വസ്തിമീളേ സഖ്യായ ദേവീം |**

**ഉഭേ യഥാ നോ അഹനീ നിപാത ഉഷാസാനക്താ കരതാമദബ്ധേ ||**

എല്ലാവർക്കും സ്നേഹം നൽകുന്ന മാതാവായ അദിതിയെ സുഖത്തിനും കല്യാണപ്രാപ്തിക്കും വേി സ്തുതിക്കുന്നു. അതുമൂലം ആകാശവും ഭൂമിയും രക്ഷിക്കണേ. രാവും, പകലും ഉഷസ്സും നമ്മുടെ അഭിലാഷങ്ങളെ സമ്പാദിക്കുന്നവരാകണേ.

**4. വ്യര്യമാ വരുണശ്ചേതി പന്ഥാമിഷസ്പതഃ സുവിതം ഗാതുമഗ്നിഃ |**

**ഇന്ദ്രാവിഷ്ണൂ നൃവദു ഷു സ്തവാനാ ശർമ നോ**

**യന്തമമമദ്വരൂഥം ||**

അര്യമാവും, വരുണനും ഉചിതമായ മാർഗ്ഗം കാണിക്കുന്നു. ഇന്ദ്രനും വിഷ്ണുവും സുശോഭിതരായി നമ്മാൽ പൂജിതരാകുന്നതിനുമേൽ സന്താനം, ബലം, രമണീയ ധനയുക്തസുഖം എന്നിവ പ്രദാനം ചെയ്യണേ.

**5. ആ പർവ്വതസ്യ മരുതാമവാംസി ദേവസ്യ ത്രാതുരവ്രിഭാഗസ്യ |**

**പാത്പതിർജന്യാദംഹസോ നോ മിത്രോ മിത്രിയാദുത ന ഉരുഷ്യേത് ||**

ഇന്ദ്രൻ, മിത്രൻ, മരുത്തുക്കൾ, പർവതകൻ, ഭഗദേവൻ എന്നിവരോട് ഞങ്ങൾ രക്ഷയാചിക്കുന്നു. വരുണദേവൻ നമ്മെ പാപത്തിൽനിന്നും രക്ഷിക്കുകയും മിത്രദേവൻ നമ്മുടെ സഖാവായി നമ്മെ പരിപാലിക്കുകയും ചെയ്യുന്നു.

**6. നൂ രോദസീ അഹിനാ ബുധ്ന്നേയ സ്തുവീത ദേവി അപ്യേഭിരിഷ്ഠൈഃ |**

**സമുദ്രം ന സംചരണേ സനിഷ്യവോ ധർമസ്വരസോ നദ്യോ അപ വ്രൻ ||**

ഹേ ആകാശപൃഥ്വികളേ! ധനത്തെ ആഗ്രഹിക്കുന്ന മനുഷ്യൻ സമുദ്രയാത്ര ചെയ്യുമ്പോൾ ആ സമുദ്രത്തെ സ്തുതിക്കുന്നതുപോലെ ഞങ്ങളും ഇഷ്ടകാര്യ സാധ്യതക്കായി നിങ്ങൾ രുപേരെയും സ്തുതിക്കുന്നു.

**7. ദ,വൈർനോ ദേവ്യദിതിനിർനി പാതു ദേവസ്ത്രാത ത്രായതാമപ്രയുഛൻ|**

**നഹി മിത്രസ്യ വരുണസ്യ ധാസിമർഹാമസി പ്രമിയം സാന്വഗ്നേഃ ||**

ദേവമാതാവായ അദിതി മറ്റു ദേവകളോടൊത്ത് നമ്മെ രക്ഷിക്കണേ. ദുഃഖങ്ങളിൽനിന്നും മോചിപ്പിക്കുന്ന ഇന്ദ്രൻ നമ്മുടെ രക്ഷകനാകണേ. മിത്രനിൽനിന്നും വരുണനിൽനിന്നും അഗ്നിയിൽനിന്നും സോമരൂപമായ അന്നത്തെ തടയുവാൻ നമുക്ക് സാധ്യമല്ല. പിന്നെയോ യജ്ഞാനുഷ്ഠാനങ്ങൾ വഴിയായി ഇവരെ പ്രബുദ്ധരാക്കുവാൻ കഴിയുന്നു.

**8. അഗ്നിരീശേ വസവ്യസ്യാഗ്നിർമഹഃ സൗഭഗസ്യ**

**താന്യസ്മഭ്യം രാസതേ ||**

അഗ്നിദേവൻ ധനത്തിൻേറയും മഹാസൗഭാഗ്യത്തിൻേറയും സ്വാമിയാകുന്നു. അതിനാൽ അവൻ നമ്മെ ശ്രേഷ്ഠമായ ധനത്താലും ഐശ്വര്യത്താലും സമ്പന്നമാക്കണേ.

**9. ഉഷോ മഘോന്യാ വഹ സൂനൃതേ വാർയാ പുരു |**

**അസ്മഭ്യം വാജിനീവതീ ||**

ഹേ സത്യവാണീസ്വരൂപിണീ! ധനത്തിൻേറയും അന്നത്തിൻേറയും സ്വാമിനിയായ ഉഷാദേവീ! ഞങ്ങൾക്ക് മഹത്തായ ധനം പ്രദാനം ചെയ്യൂ.

**10. തത്സു നഃ സവിതാ ഭഗോ വരുണോ മിത്രോ അര്യമാ |**

**ഇന്ദ്രോ ന രാധസാ ഗമത് ||**

സവിതാവ്, ഭഗൻ, വരുണൻ, മിത്രൻ, അർയമാ, ഇന്ദ്രൻ ഇവർ യാതൊരു ധനവുമായി യജ്ഞസ്ഥലത്ത് ആഗതരാകുന്നുവോ, അവർ തങ്ങളുടെ ആ ധനം നമുക്ക് പ്രദാനം ചെയ്യണേ.

## സൂക്തം 56

**ഋഷി വാമദേവൻ ദേവത ദ്യാവാഥ്വി ഛന്ദസ് ത്രിഷ്ടുപ്, ഗായത്രി**

**1. മഹീ ദ്യാവാവ്യഥിവീ ഇഹ ജ്യേഷ്ഠേ രുചാ ഭവതാം ശുചയദ്ഭിരകൈഃ |**

**യത്സീം വരിഷ്ഠേ ബൃഹതീ വിമിന്വിൻരുവദ്ധോക്ഷാ പപ്രധാനേഭിരേവൈഃ ||**

സുശ്രേഷ്ഠായും മഹത്വതിയുമായ ആകാശപൃഥ്വി ഈ യജ്ഞത്തിൽ ശോഭനമായ സ്തോത്രങ്ങളാലും സോമപരിപൂർണ്ണകളായി പ്രകാശയുക്തകളാകണേ. ഇക്കാര്യത്തിനുവേി സേചനകർമ്മത്തിൽ സമർത്ഥനായ പാർജന്യൻ വിസ്തൃതകളും മഹത്വവതികളുമായ ദ്യാവാപൃഥ്വിയെ സ്ഥാപിച്ചുകൊ് മരുത്തുക്കളോടുകൂടി പ്രത്യേകമായ ശബ്ദം പുറപ്പെടുവിക്കുന്നു.

**2. ദേവീ ദേവേഭിർയജതേ യജത്രൈരമിനതീ തസ്ഥതുരുക്ഷമാണ |**

**ഋതാവരീ അദ്രുഹാ ദേവപുത്രേ യജ്ഞസ്യ നേത്രീ ശുചയദ്ഭിരർകൈഃ ||**

യജ്ഞയോഗ്യകളായി, അനുഗ്രഹവർഷകരായി ഹിംസാരഹിതനും ദ്രോഹരഹിതരുമായി സത്യയുക്തരായി, ദേവകളുടെ അദിർഭൂതകർത്താക്കളായി, യജ്ഞ സമ്പാദകരായ ആകാശവും ഭൂമിയുമാകുന്ന രുദേവകളും മറ്റു ദേവകളുമായി ചേർന്നവരായി ഹവിന്തരത്താൽ പരിപൂർണ്ണരാകണേ.

**3. സ ഇത്സ്വപാ ഭുവനേഷ്വാസ യ ഇമേ ദ്യാവാപൃഥിവീ ജജാന |**

**ഉർവീ ഗഭീരേ രജീസ് സുമേകേ അവംശേ ധീരഃ ശച്യാ സമൈരത് ||**

ആര് ഈ ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചുവോ, ആര് ഈ വിസ്തൃതവും അവിചലിതവും മനോഹരരൂപത്തോടുകൂടിയതും ആധാരരഹിതവുമായ ആകാശപൃഥ്വിയെ തുല്യരൂപത്തോടുകൂടി മനോഹരമായ രീതിയിൽ ചലിച്ചുകൊിരിക്കുന്നുവോ അവൻ ഈ സമസ്തലോകങ്ങളുടേയും മധ്യത്തിൽ ശോഭയെ പ്രാപിക്കുന്നവനാകുന്നു.

**4. നൂ ോദസീ ബൃഹദ്ഭിർനോ വരുഥൈഃ പത്നോവത്ഭിരിഷയന്തി സജോഷാഃ |**

**ഉരുചീ വിശ്വേ യജതേ നി പാതം ധിയാ സ്യാമ രഥ്യഃ സദാസാഃ ||**

ഹേ ആകാശപൃഥ്വീ! നിങ്ങൾ രുപേരും ഞങ്ങൾക്കന്നം നൽകുവാനാഗ്രഹിക്കുന്നവരും പരസ്പരം കൂടിചേർന്നവരും ആകുന്നു. നിങ്ങൾ വിസ്തൃതരും, വിശാലരും യജ്ഞയോഗ്യരും ആയി ഞങ്ങൾക്ക് ഗൃഹണീയുക്തമായ ഭവനം പ്രദാനം ചെയ്യുകയും ഞങ്ങളെ രക്ഷിക്കുകയും ചെയ്യൂ. ഞങ്ങളുടെ ശ്രേഷ്ഠങ്ങളായ കർമ്മങ്ങൾ വഴിയായി രഥയുക്തരായ സേവകൻമാരെ പ്രാപിക്കണേ.

**5. പ്ര വാം മഹി ദ്യവീഅഭ്യുപസ്തുതിം ഭരാമഹേ |**

**ശുചീ ഉപ പ്രശസ്തയേ ||**

ഹേ ആകാശമേ! ഭൂമിയേ! നിങ്ങൾ കാന്തിമതികളാകുന്നു. ഞങ്ങൾ നിങ്ങൾക്കായി മഹത്തായ ഈ സ്തോത്രത്തെ അവതരിപ്പിക്കുന്നു. നിങ്ങൾ രും പവിത്രകളാണല്ലോ. ഞങ്ങള സ്തുതിക്കുവാനായി നിങ്ങളുടെ അടുക്കൽ വരുന്നു.

**6. പുനാന തന്വാ മിഥഃ സ്വേന ദക്ഷേണ രാജഥഃ |**
**ഊഹ്യഥേ സനാദൃതം ||**

ഹേ ദേവിമാരേ! നിങ്ങൾ രുപേരും നിങ്ങളുടെ തേജസ്സാലും ജലത്താലും പരസ്പരം പവിത്രീകരിച്ചുകൊ് സുശോഭിതകളാകുകയും എപ്പോഴും യജ്ഞത്തെ വഹിക്കുന്നവരായും തീരണമേ.

**7. മഹീ മിത്രസ്യ സാധഥസ്തരന്തീ പിപ്രതീ ഋതം |**
**പരി യജ്ഞം ന ഷേദഥുഃ ||**

ഹേ ആകാശമേ! ഭൂമിയേ! നിങ്ങൾ മഹത്വവതികളാകുന്നു. നിങ്ങൾ മിത്രരൂപത്തിൽ സ്തുതിക്കുന്നവർക്ക് സഹായികളാകൂ. നിങ്ങൾ അന്നാദി ധനങ്ങളെ വഹിച്ചുകൊ് യജ്ഞാനത്തെ വലംവെച്ചുകൊ് വിരാജിക്കുവിൻ.

## സൂക്തം 57

**ഋഷി വാമദേവൻ ദേവത ക്ഷേത്രപത്യാദികൾഛ ന്ദ സ ്**
**അനുഷ്ടുപ്, ത്രിഷ്ടുപ്, പുരുഷ്ണിക**

**1. ക്ഷേത്രസ്യ പതിനാ വയം ഹിതേനേവ ജയാമസി |**
**ഗാമശ്വം പോഷയിത്വാ സ നോ മൃളാതീദൃശേ ||**

ബന്ധുതുല്യനായ ക്ഷേത്രപതിയോടുകൂടി യജമാനൻമാരായ നാം ക്ഷേത്രത്തെ വിജയിക്കും. ആ ക്ഷേത്രപതി നമ്മുടെ ഗോക്കളേയും അശ്വങ്ങളേയും പുഷ്ടിപ്പെടുത്തണേ. അവൻ നമുക്ക് നൽകുവാൻ യോഗ്യമായ ധനം നൽകി നമുക്ക് നൻമവരുത്തണേ.

**2. ക്ഷേത്രസ്യ പതേ മധുമന്തമൂർമി ധേനുരിവപയോ അസ്മാസു ധുക്ഷ്വ |**
**മധുശ്ചുതം ഘൃതമിവ സുപൂതമൃതസ്യ നഃ പതയോ മൃലയന്ത് ||**

ഹേ ക്ഷേത്രപതേ! പശു പാൽ നൽകുന്നതുപോലെ നിങ്ങൾ മധുരമുള്ളതും ശുദ്ധമായതും ഘൃതതുല്യമായതും സ്വാദുള്ളതുമായ ജലം ഞങ്ങൾക്ക് നൽകൂ. ജലങ്ങളുടെ സ്വാമിയായ നീ ഞങ്ങളെ എല്ലാവിധത്തിലും സുഖമുള്ളവരാക്കൂ.

**3. മധുമതീരോഷധീർദ്യാവാ ആപോ മധുമന്നോ ഭവത്വന്തരിക്ഷം |**
**ക്ഷേത്രസ്യ പതിമധുമാന്നോ അസ്തത്വരിഷ്യന്തോ അന്വേനം ചരേമ ||**

ഔഷധികൾ നമുക്കുവേ മധുരഗുണത്തോടുകൂടിയവയാകണേ. പൃഥ്വി അന്നത്താൽ യുക്തയാകണേ. നദികൾ മധുരജലസമ്പൂർണ്ണകളാകണേ. അന്തരീക്ഷം മധുരജലത്തെ വർഷിക്കണേ. ക്ഷേത്രപതിമധുരാന്നത്താൽ യുക്തനാകണേ. നാം ആരെയും ഹിംസിക്കാതെ അനുകൂലരാക്കണേ.

**4. ശുനം വാഹാഃ ശുനം നരഃ കൃഷതു ലാങ്ഗലം |**
**ശുനം വരത്രാ ബധ്യന്താം ശുനമഷ്ടാമുദിങ്ഗയ ||**

കലപ്പ വഹിക്കുന്ന മൃഗം സുഖിയായിരിക്കണേ. മനുഷ്യരും സുഖപൂർവ്വം നിലമുഴണേ. കലപ്പയും സുഖപൂർവ്വം വയലിനെ പിളർക്കണേ. കയറുകൾ സുഖപൂർവ്വം മൃഗങ്ങളെ ബന്ധിക്കണേ. ചാട്ടയും സുഖമായി ചലിപ്പിക്കണേ.

**5. ശുനാസീരാവിമാം വാചം ജുഷേഥാം യദ്ദിവി ചക്രഥുഃ പയഃ |**
**തേനേമാമുപ സിഞ്ചതം ||**

ഹേ അന്നപതി! സ്വാമിൻ! നിങ്ങൾ രുപേരും ഞങ്ങളുടെ സ്തുതികളെ ശ്രവിക്കണമേ. നിങ്ങൾ ആകാശത്തിൽ യാതൊരു ജലത്തെ സൃഷ്ടിച്ചുവോ, അതുകൊ് ഈ ഭൂമിയെ നനച്ചാലും.

**6. അർവാചീ സുഭഗേ ഭവ സീതേ വന്ദാമഹേ ത്വാ |**
**യഥാ നഃ സുഭഗാസസി യഥാ നഃ സുഫലാസസി ||**

ഹേ സീതേ! ഭവതി സൗഭാഗ്യവതിയാകൂ. ഭവതി ഭൂമിക്കുള്ളിൽ പോകുന്നവളാണല്ലോ, ഭവതിയുടെ ഗുണങ്ങളെ ഞങ്ങൾ പ്രശംസിക്കുന്നു. എന്തുകൊന്നൊൽ ഭവതി സൗഭാഗ്യത്തെ പ്രദാനം ചെയ്യുന്നു. തൃപ്തികരമായ ഫലം നൽകുന്നതിൽ ഭവതി സമർത്ഥയാകുന്നു. (കലപ്പയുടെ അഗ്രത്തെ സീതയെന്നു പറയുന്നു)

**7. ഇന്ദ്രഃ സീതാം നി ഗൃഹ്ണാതു താം പൂഷാനു യഛതു |**
**സാ നഃ പയസ്വതീ ദുഹാമുത്തരാമുത്തരാം സമാം ||**

ഇന്ദ്രൻ സീതയെ സ്വീകരിക്കണേ. പൂഷാവതി ഇതിനെ നല്ലതുപോലെ പിടിക്കട്ടെ. തൻമൂലം ഭൂമി ജലത്താലും അന്നത്താലും സമ്പന്നയായി ഉത്തരോത്തരംസമൃദ്ധിയെ പ്രാപിക്കണേ.

**8. ശുനം നഃ ഫാലാ വി കൃഷന്തു ഭൂമിം ശുനം കീനാശാ അഭി യന്തു വാഹൈഃ |**
**ശുനം പർജന്യോ മധുനാ പയോഭിഃ ശുനാസീരാ ശുനമസ്മാസു ധത്തം ||**

ആ കലപ്പയുടെ അഗ്രം സുഖമായി ഭൂമിയെ കുഴിക്കണേ. കർഷകൻ സുഖമായി ഭൂമിയെ കുഴിക്കണേ. കർഷകൻ സുഖമായി കാളകളെ നടത്തണേ. മേഘം മധുരജലം വർഷിച്ച് ഭൂമിയെ ജലസമ്പൂർണ്ണമാക്കണേ. ഹേ അന്നത്തിൻേറയും ക്ഷേത്രത്തിൻേയും അധിപൻമാരേ! ഞങ്ങളെ സുഖമുള്ളവരാക്കൂ.

## സൂക്തം 58

**ഋഷി വാമദേവൻ ദേവത അഗ്നി, സൂര്യൻ, ജലം, പശു, നെയ്യ്**
**ഛന്ദസ് ത്രിഷ്ടുപ്, സിചിതൃഷ്ടുപ്, അനുഷ്ടുപ്**

**1. സമുദ്രാദൂർമിർമധുമാം ഉദാരദുപാംശുനാ സമമൃതത്വമാനട് |**
**ഘൃതസ്യ നാമ ഗുഹ്യമ യദസ്തി ജിഹ്വാ ദേവാനാമമൃതസ്യ നാഭി ||**

സമുദ്രത്തിൽനിന്നും മാധുര്യമതികളായ കിരണങ്ങൾ ആവിർഭവിക്കുന്നു. അതുവഴി മനുഷ്യർ അമൃതത്വം പ്രാപിക്കുന്നു. ഘൃതത്തിന് വ്യാപകമായ യാതൊരു നാമമുായിരിക്കുന്നുവോ, അത് ദേവകളുടെ ജിഹ്വയും അമൃതത്തിൻെറ ആശ്രയരൂപവുമാകുന്നു.

**2. വയം നാമ പ്ര ബ്രവാമാ ഘൃതസ്യാസ്മിന്യജ്ഞേധാരയാമാ നമോഭിഃ |**
**ഉപ ബ്രഹ്മാ ശൃണവച്ഛസ്യമാനം ചതുഃ ശൃങ്ഗോവമീദ്ഗൗര ഏതത് ||**

യജമാനൻമാരായ ഞങ്ങൾ ഘൃതത്തെ പ്രശംസിച്ചുകൊ് നമസ്കാരപൂർവ്വം അതിനെ ഈ യജ്ഞത്തിൽ സ്വികരിക്കുന്നു. ബ്രഹ്മാവ് ഈ വാക്യം ശ്രവിക്കണേ. നാലുകൊമ്പുള്ള മൃഗത്തിനു സമാനം നാലുവേദങ്ങളുടേയും വേദവാണിയെ നിർവ്വഹിക്കണേ.

**3. ചത്വാരി ശൃംഗാ ത്രയോ അസ്യ പാദാ ദ്വേ ശീർഷേ സപ്ത ഹസ്താസോ അസ്യ |**
**ത്രിധാ ബദ്ധോ വൃഷഭോ രോരവീതി മഹോ ദേവോ മർത്യാം**

**ആ വിവേശ ||**

യജ്ഞാത്മകമായ അഗ്നിക്ക് നാലുകൊമ്പുകളും സവനരൂപങ്ങളായ മൂന്നുപാദങ്ങളും ബ്രഹ്മോദനം, പ്രവഗ്യരൂപം എന്ന ര് ശിരസുകളും ഛന്ദോരൂപങ്ങളായ ഏഴ് കരങ്ങളും ഉ്. അവൻ എല്ലാ അഭിലാഷങ്ങളും വർഷിക്കുന്നു. ഇവൻ മന്ത്രം, കൽപ്പകം, ബ്രഹ്മണം എന്നീ മൂന്നു പ്രകാരം ബന്ധിക്കപ്പെട്ടവനായി മഹാശബ്ദം പുറപ്പെടുവിക്കുന്നു. അവൻ ദേവരൂപത്തോടുകൂടി മരണധർമ്മാക്കളായ മനുഷ്യരുടെ ഇടയിൽ വസിക്കുന്നു.

**4. ത്രിധാ ഹിതം പണിഭിർഗുഹ്യമാനം ഗവിദേവാസോ ഘൃതമന്വവിന്ദൻ |**

**ഇന്ദ്ര ഏകം സൂരയ ഏകം ജജാന വേനാദേകം സ്വയ്യാ നിഷ്ടതക്ഷുഃ ||**

പണികൾ ഗോക്കളിൽ ദുഗ്ധം, തൈര്, ഘൃതം ഈ മൂന്നുപദാർത്ഥങ്ങളും സ്ഥാപിച്ചു. ദേവകൾ അവയെ അന്വേഷിച്ചു കുപിടിച്ചു. ഇന്ദ്രൻ അതിലൊന്നായ ക്ഷീരത്തേയും സൂര്യൻ മറ്റൊന്നിനേയും സൃഷ്ടിച്ചു. ദേവകൾ ദീപ്തിമാനായ അഗ്നിയുടെ അടുത്തിനിന്നും അന്നം വഴിയായി ഒരു വസ്തു ഘൃതത്തെ പ്രാപിച്ചു.

**5. ഏതാ അർഷന്തി ഹൃദ്യാത്സമദ്രാച്ഛതവ്രജാരിപുണാ നാവചക്ഷേ |**

**ഘൃതസ്യ ധാരാ അഭി ചാകശീമിഹിരണ്യയോ മേതസോ മധ്യേ ആസാം ||**

അപാരഗതിയോടുകൂടിയ ഈ ജലം അന്തരീക്ഷത്തിൽനിന്നും താഴേയ്ക്ക് പതിക്കുന്നു. ശത്രുക്കൾക്കതുകാണാൻ സാധിക്കുന്നില്ല. ആ സമ്പൂർണ്ണമായ ഘൃതധാരയേയും അതോടുകൂടി അഗ്നിയേയും നമുക്ക് ദർശിക്കുവാൻ കഴിയുന്നു.

**6. സമക്യസ്രവത്ന്യ സരിതോ ന ധേനാ അന്തർഹൃദാ മനസാ പൂയമാനാഃ |**

**ഏതേ അർത്നൂർമയോ ഘൃതസ്യ മൃഗാ ഇവ ക്ഷിപണോരീഷമണാഃ ||**

സ്നേഹദായിനിയായ നദിയെപ്പോലെ ഈ ഘൃതധാരകൾ അഥവാ വാണിൾ അന്തക്കരണത്തിൽ ചിത്തം വഴിയായി പവിത്രീകരിക്കപ്പെട്ട് വെളിയിൽവരുന്നു തിരമാലകൾപോലെ വ്യാഘ്രത്തെക്ക മാൻപേടയെപ്പോലെ അതിവേഗം പാഞ്ഞുപോകുന്നു.

**7. സിന്ധോരിവ പ്രാധ്വനേ ശൂഘനാസോ വാതപ്രമിയ പതയന്തി യഹ്വാഃ |**

**ഘൃതസ്യ ധാരാ അരുഷോ ന വാജീ കാഷ്ഠാ ദിന്ദന്നൂർമിഭിഃ പിന്വമാനാഃ ||**

നദിയിലെ ജലം താഴ്ന്നഭാഗത്തേക്ക് അതിവേഗം പോകുന്നതുപോലെ ഘൃതധാരയും അതിവേഗത്തിൽ പുറപ്പെട്ടുപോകുന്നു. അഹങ്കാരിയായ അശ്വം തരംഗങ്ങളുയർത്തുന്നതുപോലെ ഈഘൃതരാശി അതിരുകളെ തരണം ചെയ്ത് തരംഗിതമായി മുന്നേറുന്നു.

**8. അഭി പ്രവത്ന സമനേവ യോഷാഃ കല്യാണ്യഃ സ്മയമാനാസോ അഗ്നിം |**

**ഘൃതസ്യ ധാരാഃ സമിധോ നസന്തതാ ജൂഷാണോ ഹർയതി ജാതവേദാഃ ||**

എപ്രകാരം ശ്രേഷ്ഠാചരണയും മംഗളമയിയും പ്രസന്നവദനയുമായ സ്ത്രീ ഹൃദയം തുറന്ന് പതിയെ പ്രേമിക്കുന്നുവോ, അതുപോലെ തന്നെ ഘൃതധാരകൾ അഗ്നിയെ പ്രേമിച്ചുകൊ് അതിനുനേരെ ചെല്ലുകയും തുല്യരൂപത്തിൽ പ്രദീപ്തരായി കൂടിച്ചേരുകയും ചെയ്യുന്ന മേധാവിയായ ആ അഗ്നി ആ ഘൃതധാരകളെ സദാ ആഗ്രഹിക്കുന്നു.

**9. കന്യാ ഇവ വഹുതുമേതവാ ഉ അജ്യംജാനാ അഭി ചാകശീമി |**

**യത്ര സോമഃ സൂയതേ യത്ര യജ്ഞോ ഘൃതസ്യ ധാരാ അഭി തത്പവന്തേ ||**

കന്യക എപ്രകാരം തൻെറ സുന്ദരമായ രൂപവും വേഷിന്യാസവും പ്രകടിപ്പിച്ച് പതിയെ പ്രാപിക്കുവാൻ പോകുന്നുവോ അതുപോലെതന്നെ ഘൃതധാരകളും ഗമനം ചെയ്യുന്നു. എവിടെ സോമയാഗം ഉാകുന്നുവോ അവിടെ കാന്തിമയവും ഉജ്ജ്വലവും ആയ ഘൃതധാരകൾ അഗ്നിയെ പ്രാപിക്കുന്നു.

**10. അഭ്യർഷത സുഷ്ടുതിം ഗവ്യമാജിമസ്മാസു ഭദ്രാ ദ്രവിണാസി ധത്ത |**

**ഇമം യജ്ഞം നയത ദേവതാ നോ ഘൃതസ്യ ധാരാ മധുമത്പവന്തേ ||**

ഹേ ഋത്വിജൻമാരേ! ഗോക്കളുടെ സമീപംചെന്ന് അവയെ സ്തുതിക്കുവിൻ. യജമാനൻമാരായ നമുക്കുവേി ഈ സ്തുതികൾ ഐശ്വര്യത്തെ വഹിക്കുകയും നമ്മുടെ യജ്ഞത്തെ ദേവകളുടെ അടുക്കൽ എത്തിക്കുകയും ചെയ്യണേ. ഘൃതധാരാമാധുര്യമയമായി ഗമിക്കണേ.

**11. ധാമന്തേ വിശ്വം ഭുമ്നമധിം ശ്രിതമന്തഃ സമുദ്രേ ഹൃദ്യന്തരായുഷി |**

**അപാമനീകേ സമിഥേ യ ആഭൃതസ്തശ്യാമ മധുമന്തം ത ഊർമിം ||**

ഹേ അഗ്നേ! ലോകം മുഴുവൻ നിൻെറ ആശ്രയത്തിൽ ഉറച്ചുനിൽക്കുന്നു. നിൻെറ മഹാബലം സമുദ്രത്തിൽ, ഹൃദയത്തിൽ, പ്രാണനിൽ, വിദ്യുത്തിൽ, ജീവിതയുദ്ധത്തിൽ പ്രകടമാകുന്നു. ഞങ്ങൾ നിൻെറ ആ മധുരരസത്തെ പ്രാപിക്കുന്നതിൽ സമർത്ഥരാകണേ.

# മണ്ഡലം 5

## സൂക്തം 1

**ഋഷി അത്രിവംശ്യരായബുധനും ഗവിഷ്ഠരനും ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അബോധ്യഗ്നിഃ സമിധാ ജനാനാം പ്രതി ധേനുമിവായതോ മുഷാസം |**

**യഹ്വാ ഇവ പ്ര ക്യാമുജ്ജിഹാനാ പ്ര ഭാനവഃ സിസ്രതേ നാകമച്ഛ ||**

ഗോവിനെപ്പോലെ ആഗതയാകുന്ന ഉഷസ്സ് പ്രകടമാകുമ്പോൾ അധ്വര്യുക്കളുടെ വിറകുകളിൽകൂടി അഗ്നി കത്തിയുയരുന്നു. ആ അഗ്നിയുടെ ശിഖരങ്ങൾ ഉയർന്ന് വ്യാപിച്ച് മഹാവൃക്ഷംപോലെ അന്തീക്ഷത്തിൽ ഉയർന്നു നിൽക്കുന്നു.

**2. അബോധി ഹോതാ യജഥായ ദേവാനൂർധ്വോ അഗ്നിഃ സുമനാഃ പ്രാതരസ്ഥാത് |**

**സമിദ്ധസ്യ രുശദദർശി പാജോ മഹാന്ദേവസ്തമസോ നിരമോചി ||**

ഹോതാരൂപനായ അഗ്നിദേവൻ ദേവതകളുടെ യജ്ഞത്തിനായി ഉയരുന്നു. അവൻ ഉഷകാലത്തിൽ പ്രസന്നചിത്തനായി ഉന്നതത്തിലേക്കുയരുന്നു. സമ്യദ്ധനായ അഗ്നിയുടെ പ്രകാശിതബലം കാണപ്പെടുന്നു. ആ മഹാനായ ദേവത അന്ധകാരത്തിൽനിന്നും മോചിതനാകുകയും അതുപോലെ മറ്റുള്ളവരെയും മോചിപ്പിക്കുന്നു.

**3. യദീം ഗണസ്യ രശനാമജീഗഃ ശുചിര ങ്ക്തേ ശുചിഭിർഗോഭിരഗ്നിഃ |**

**അദ്യക്ഷിണാ യുജ്യതേ വാജയന്ത്യുത്താനാമൂർധ്വോ അധയജ്ജൂഹുഭിഃ ||**

ആ അഗ്നി ലോകത്തിലെ അന്ധകാരത്തെ അകറ്റിക്കഴിയുമ്പോൾ പ്രദീപ്തനായി തൻെറ കിരണങ്ങളാൽ ലോകത്തിനു പ്രകാശം നൽകുന്നു. അനന്തമായി അവൻ വളർന്ന് ഘ്യതധാരായുക്തനായി ഉയരത്തിലുയർന്ന് ആ ഘ്യതധാരാപാനം ചെയ്യുന്നു.

**4. അഗ്നിമച്ഛാ ദേവയതാം മനാംസി ചക്ഷൂഷീവ സൂര്യേ സം ചരന്തി |**

**യദീം സുവാതേ ഉഷസാ വിരൂപേ ശ്വേതോ വാജീ ജായതേ അഗ്നേ അഹ്നാം ||**

പ്രകാശയുക്തമായ കിരണങ്ങളെ ആഗ്രഹിക്കുന്ന മനുഷ്യനേത്രങ്ങൾ സൂര്യദർശനത്തിനായി ഉയരുന്നതുപോലെ യജമാനൻമാരുടെ ഹ്യദയം അഗ്നിയുടെ നേരെ ഉയരുന്നു. വിഭിന്നരൂപകളായ ആകാശവും ഭൂമിയും ഉഷസ്സിൽ അഗ്നിയെ പ്രകടമാക്കുമ്പോൾ ഉജ്ജ്വലവർണ്ണനും ശക്തനും ആയ ആ അഗ്നി ജൻമമെടുക്കുന്നു.

**5. ജനിഷ്ട ഹി ജേന്യോ അഗ്നേ അഹ്നാം ഹിതോ ഹിതേഷ്വ രുഷോ വനേഷു |**

**ദൂമേദമേ സപ്ത രത്നാ ദധാനോഗ്നിർഹോതാ നി ഷസാദാ യജീയാൻ ||**

പ്രാദുർഭാവ സാമർത്ഥ്യത്താൽ യുക്തനായ അഗ്നി ഉദയകാലത്തിൽ പ്രകടമാകുന്നു. അവൻ ദീപ്തിയുക്തനായി വനങ്ങളിൽ വസിക്കുന്നു. അവൻ സപ്തജ്വാലകളോടുകൂടിയവനായി യജ്ഞയോഗ്യഹോതാവായി യാഗവേദിയിൽ വിരാജിക്കുന്നു.

**6. അഗ്നിർഹോതാ നസീദദ്യജീയാനുപസ്ഥേ മാതുഃ സുരഭാ ഉലോക |**

**യുവാ കവിഃ പുരുനിഃ ഷ്ഠ ഋതാവാ ധർതാ കൃഷ്ടീനാമുത മധ്യ ഇദ്ധഃ ||**

യജ്ഞയോഗ്യനായ ഹോതാവായിട്ട് പ്യഥ്വീമാതാവിൻെറ അങ്കതലത്തിൽ മനോഹരമായ വേദിയിൽ അഗ്നി പ്രതിഷ്ഠിതനാകുന്നു. യുവാവും വിദ്വാനും നിഷ്ഠയോടുകൂടിയവനും ആയ അഗ്നി ജനങ്ങളുടെ മദ്ധ്യേ സ്ഥിരമായിരുന്ന് അഖിലത്തേയും പാലിക്കുന്നു.

**7. പ്ര ണു ത്യം വിപ്രമധ്വരേഷു സാധുമഗ്നിം ഹോതാരമീളതേ നമോഭിഃ |**

**ആ യസ്തതാന രോദസീ ഋതേന നിത്യം മൃജന്തി വാജിനം ഘ്യതേന ||**

ആര് ആകാശത്തേയും ഭൂമിയേയും പരിപൂർണ്ണമാക്കുന്നുവോ ആ ജ്ഞാനിയും യജ്ഞഫലം നൽകുന്നവനും ഹോതാരൂപനും ആയ അഗ്നിയെ സ്തുതിക്കുന്നു. യജമാനൻ അന്നത്തിൻെറ സ്വാമിയായ അഗ്നിയെ ഘ്യതസേചനം വഴിയായി നിത്യവും പൂജിക്കുന്നു.

**8. മാർജാല്യോ മൃജ്യതേ സ്വേ ദമൂനാഃ കവിപ്രശസ്തോ അതിഥിഃ ശിവോ നഃ |**

**സഹസ്രശൃംഗോ വൃഷഭ സ്തദോജാ വിശ്വാം അഗ്നേ സഹസാ പ്രാസ്യന്യാൻ ||**

എല്ലാത്തിനേയും പവിത്രമാക്കുന്ന അഗ്നിദേവൻ തൻെറ സ്ഥാനത്തുതന്നെ പൂജിക്കപ്പെടുന്നു. അവൻ ജ്ഞാനിയാകുന്നു. വിദ്വജ്ജനം ആ അഗ്നിയെ സ്തുതിക്കുന്നു.ഞാൻ അവനെ അതിഥിയെപോലെ പൂജിച്ച് സുഖം പ്രാപിക്കുന്നു. അവൻെറ ശിഖകൾ സീമാരഹിതമാണ്. അവൻെറ വിശ്വവിജയബലത്താൽ യുക്തനും ആഗ്രഹവർഷത്താൽ തൃപ്തിപ്പെടുന്നവനും ആകുന്നു. ഹേ അഗ്നിദേവാ! നീ എല്ലാവരേയും സ്വന്തം ശക്തിയാൽ പരിപൂർണ്ണനാക്കുന്നു.

**9. പ്ര സദ്യോ അഗ്നേ അത്യേഷ്യന്യാനാവിര്യസ്മൈ ചാരുതമോ ബഭൂഥ |**

**ഈളന്യോ വപുഷ്യോ വിഭാവാ പ്രിയോ വിശാമതി ഥിർമാനുഷീണാം ||**

ഹേ അഗ്നേ! നീ യജ്ഞം പ്രാപിച്ച് അത്യന്തം സുന്ദരമായ രൂപത്തോടുകൂടി പ്രത്യക്ഷനാകുന്നു. നീ അതിവേഗംതന്നെ അന്യരെയും കടന്ന് അഗ്രേസുരനായിത്തീരുന്നു. നീ സ്തുതിക്ക് പാത്രവും പ്രകാശം നൽകുന്നവനും പ്രകാശിതനുമാകുന്നു. നീ എല്ലാജീവികൾക്കും പൂജനീയനും അതിഥിരൂപനും ആകുന്നു.

**10. തുഭ്യം ഭരന്തി ക്ഷിതയോ യവിഷ്ഠ ബലിമഗ്നേ അന്തിത ഓത ദൂരാത് |**

**ആ ഭന്ദിഷ്ടസ്യ സുമതിം ചികിദ്ധിബൃഹത്തേ അഗ്നേ മഹി ശർമം ഭദ്രം ||**

ഹേ നിത്യയുവാവായ അഗ്നിദേവാ! സാധകഗണം ദൂരെനിന്നും അടുകത്തുനിന്നും നിന്നെ പരിചരിക്കുന്നു. അധികമായി സ്തുതിക്കുന്ന ഉപാസകരടെ സ്തുതികളെ നീ സ്വീകരിക്കുന്നു. നീ നൽകുന്ന സുഖം നിത്യം നില്ക്കുന്നവയും, പ്രശംസനീയവും ആകുന്നു.

**11. ആദ്യ രഥം ഭാനുമോ ഭാനുമന്തമഗ്നേ തിഷ്ഠ യുജതേഭിഃ സമന്തം |**

**വിദ്വാൻപഥീനാമൂർവന്തരിക്ഷമേഹ ദേവാൻഹവിധ്യായ വിക്ഷ ||**

ഹേ അഗ്നേ! നീ അത്യന്തം പ്രകാശവാനാകുന്നു. സർവാംഗസുന്ദരമായ രഥത്തിൽ ദേവതകളോടുകൂടി നീ സവാരി ചെയ്യുന്നു. നീ വിഭിന്നങ്ങളായ മാർഗ്ഗങ്ങളെ അറിഞ്ഞ് അവയെ അതിക്രമണം ചെയ്യുന്നതിൽ സമർത്ഥനും അതുപോലെ ദേവഗണത്തെ ഹവിസ്സ് സ്വീകരിക്കുന്നതിനായി യാഗസ്ഥലത്തേയ്ക്ക് കൊവരുകയും ചെയ്യുന്നു.

**12. അവോചാമ കവയേ മേധ്യായ വാചാ വന്ദാരു വൃഷഭായ വൃഷ്ണേ |**

**ഗവിഷ്ഠരോ നമസാ സ്തോമമഗ്നേ ദിവീവ രുക്മമുരുവ്യംന്ചമശ്രേത് ||**

ജ്ഞാനിയും അഭിലാഷവർഷകനും, പവിത്രനുമായ അഗ്നിയ്ക്ക് ഞങ്ങൾ ശ്രേഷ്ഠമായ സ്തോത്രം പറയുന്നു. സ്ഥിരചിത്തരായ ഋഷിജനം ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന പ്രകാശവാനും വിശാലനുമായ

സൂര്യാഗ്നിയെ നമസ്കാരത്തോടെ സ്തുതിക്കുന്നു.

## സൂക്തം 2

**ഋഷി അത്രിപുത്രൻ കുമാരനും ജനപുത്രൻ വൃശനും, ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ജഗതി.**

**1. കുമാരം മാതാ യുവതിഃ സമുബ്ധം ഗുഹാ ബിഭർതിംന ദദാതി പിത്രേ |**

**അനീകമസ്യ ന മിനജ്ജനാസഃ പുരഃ പശ്യന്തി നിഹിതമരതൗ ||**

ബാലനു ജൻമം നൽകുന്ന മാതാവ് ഗർഭത്തിൽ വഹിക്കുകയും ജനിച്ചു കഴിയുമ്പോൾ സ്വയം പാലിക്കുകയും ചെയ്യുന്നു. അവൻെറ പിതാവിനു നൽകുന്നില്ല. ആ സുരക്ഷിതനായ ബാലനെ ദ്വേഷികൾക്കു നശിപ്പിക്കുവാൻ സാധിക്കുന്നില്ല. അതിൻെറ അരണിസ്ഥാനത്തു സ്ഥിരമാകുമ്പോൾ കാണുന്നു.

**2. കമേതം ത്വം യുവതേ കുമാര പേഷീ വിഭമക്ഷി മഹിഷീ ജജാന |**

**പൂർവീഹി ഗഭഃ ശരദോ പവർധാപശ്യം ജാതം യദസൂത മാതാ ||**

ഹേ രമണി! നീ ആ ബാലനെ ഗർഭം ധരിക്കുകയും പിന്നേട് പാലിക്കുകയും ചെയ്യുന്നു. അപ്പോൾ ആ ബാലനെ എല്ലാവരും അറിയുന്നു. ആ ബാലകൻ ആദ്യവർഷത്തിൽ തന്നെ വളരുന്നു. അതുപോലെ മാതാരൂപമായ അരണി യാതൊരു ബാലനു ജനമം നൽകിയോ അതു നാം കാണുന്നു.

**3. ഹിരണ്യദന്തം ശുചിവർണമാരത് ക്ഷേത്രാദപശ്യമായുമാമിമാനം |**

**ദദാനോ അസ്മാ അമൃതം പ്വിവകൃക്തിം മാമനിന്ദ്രാഃ കൃണ്ണന്നനുക്ഥാഃ ||**

ഞങ്ങൾ അടുത്തുള്ള സ്ഥാനത്തുനിന്നും സ്വർണ്ണസദൃശ്യമായ ജ്വാലകളോടു കൂടി പ്രദീപ്തനായ അഗ്നിദേവനെ കു. ഞങ്ങൾ അദ്ദേഹത്തെ അമരത്വയുക്തമായ സ്തോത്രങ്ങളാൽ സ്തുതിച്ചു. യാതൊരു വ്യക്തി ഇന്ദ്രനെ ആരാധ്യനായി മാനിക്കുന്നില്ലയോ , അഥവാ പൂജിക്കാതിരിക്കുന്നുവോ അവർക്ക് നമ്മോടെന്തു ചെയ്യാൻ സാധിക്കും.

**4. ക്ഷേത്രാദിപശ്യം സനുതശ്ചരന്തം സുമദ്യൂഥം ന പുരു ശോഭമാനം |**

**ന താ അഗൃഭ്രന്നജനിഷ്ഠ ഹി ഷഃ പലിക് നീരിദ്യുവതയോ ഭവന്തി ||**

നിശ്ചിതഭാവത്തോടു കൂടി വനത്തിൽ സഞ്ചരിക്കുകയും വിഭിന്നരീതികളിൽ സുശോഭിതനും, പ്രകാശവാനും ആയ അഗ്നിയെ നാം സന്ദർശിച്ചു. അവൻെറ ജ്വാലകൾ പ്രദീപ്തമായി യുവതികൾ ബാലകനെ ജനിപ്പിച്ച് വൃദ്ധകളായിത്തീരുന്നതുപ്പോലെ നിർവീര്യമാകുവാൻ തുടങ്ങുന്നു. അപ്പോൾ ഹവിസ് അന്നം ഭുജിച്ച് വൃദ്ധകളെപ്പോലെ ദുർബ്ബലകളായിത്തീർന്നിരുന്ന ജ്വാലകളും, യുവതികളെപ്പോലെ തടിച്ചു കൊഴുത്തവരായിത്തീരുന്നു.

**5. കേ മേ മർയകം വി യവന്ത ഗോഭിർന യേഷാം ഗോപാ അരണശ്ചിദാസ |**

**യ ഈം ജഗൃഭൂവ തേ സൃജന്ത്വജാതി പശ്വ ഉപ നശ്ചികിത്വാൻ ||**

സദാചാരിയല്ലാത്ത പുരുഷൻ സമ്പത്തില്ലാത്തവനായിത്തീരുന്നു. അവരിൽ യാതൊരു നായകനോ സ്വാമിയോ ഉായിരിക്കുകയില്ല. ഞാനാകുന്ന രാഷ്ട്രവാസികളുടെ രക്ഷകനെ അവരിലാർക്ക് പിടിക്കുവാൻ കഴിയും? അവനെ പിടിക്കുന്ന ശത്രു അവനെ മോചിപ്പിക്കട്ടെ. അഗ്നി നമ്മുടെ മൃഗങ്ങളുടെ രക്ഷകനായി നമ്മുടെ അടുക്കൽ വസിക്കട്ടെ.

**6. വസാം രാജാനാം വസതി ജനനാമരാതയോ നി ദധുമർത്ത്യേഷു |**

**ബ്രഹ്മാണ്യം ത്രവതം സൃജന്തു നിന്ദിതാരോ നിന്ദ്യാ സോ ഭവന്തു ||**

അഗ്നിദേവൻ എല്ലാജീവികളുടേയും ഈശ്വരനും, ആശ്രയദാതാവും, ആകുന്നു. ശത്രുക്കൾ മരണധർമ്മങ്ങളിൽ അവനെ മറച്ചുവയ്ക്കുന്നു. അത്രി വംശകരുടെ സ്തുതികൾ അവനെ ബന്ധനത്തിൽ നിന്നും ്മോചിപ്പിക്കട്ടെ. നിന്ദിക്കുന്നവരിൽ നിന്ദിതരാകണേ.

**7. ശൂനശ്ചിച്ഛേപം നിന്ദിതം സഹസ്രാദ്യൂപാദമുഞ്ചോ അശമിഷ്ട ഹി ഷഃ |**

**ഏവാസ്മദഗ്നേ വി മമുഗ്ധി പാശാൻ ഹോതാശ്ചി കിത്വാ ഇഹ തൂ നിഷദ്യ ||**

ഹേ അഗ്നേ! നീ ശൂനശേപനെ സഹസ്രയൂപത്തിൽനിന്നും മോചിപ്പിച്ചു. എന്തുകൊന്നൊൽ അവൻ നിന്നെ സ്തുതിച്ചിരിക്കുന്നു. ഹേ ഹോതാരൂപനായ അഗ്നിദേവാ! നീ ജ്ഞാനിയാകുന്നു. ഈ വേദിയിൽ പ്രതിഷ്ഠിതനാകണേ. സാധകൻമാരായ ഞങ്ങളേയും ബന്ധനത്തിൽ നിന്നും മോചിപ്പിക്കുവാൻ കൃപയുാകണേ. ഹേ അഗ്നേ! നീ ക്രോധികനാകുമ്പോൾ ഞങ്ങളിൽ നിന്നും അകന്നുപോകുന്നു.

**8. ഹൃണീയമാനോ അപ ഹി മദൈയേഃ പ്ര മേ ദേവാനാം പ്രതാപാ ഉവാച |**

**ഇന്ദ്രോ വിദ്വാം അനു ഹി ത്വാ ചചക്ഷതേനാഹമഗ്നേ അനുശിഷ്ട ആഗാം ||**

ഹേ അഗ്നേ! നീക്രോധിതനാകുന്ന നേരം ഞങ്ങളിൽ അകന്നുപോകുന്നു. ദേവകളുടെ കാര്യങ്ങൾ നിറവേറ്റുന്നവനായ ഇന്ദ്രൻ എനിക്കുപദേശം നൽകിയിരുന്നു. അവൻ ജ്ഞാനിയാണല്ലോ. അവൻ നിന്നെപ്രേരിപ്പിച്ചിരുന്നു. അവനാൽ അനുശാസിതരായ ഞങ്ങൾ നിൻെറ മുമ്പിൽ എത്തിയിരിക്കുന്നു.

**9. വി ജ്യോതിഷാ ബൃഹതാ ഭാത്യഗ്നിരവിർവിശ്വാനി കൃണുതേ മഹിത്വാ |**

**പ്രാദേവീർമായാഃ സഹതേ ദുരേവാഃ ശിശീതേ ശൃങ്ഗേ രക്ഷസേ വിനിക്ഷേ ||**

അഗ്നിദേവൻ തൻെറ മഹാതേജസ്സ് വഴിയായി അത്യന്തം പ്രകാശവാനായിരിക്കുന്നു. അവൻ തൻെറ മഹത്വത്താൽ തന്നെ എല്ലാവസ്തുക്കളേയും പ്രകടമാക്കുന്നു.അഗ്നിദേവൻ വൃദ്ധിയെ പ്രാപിച്ച് അസുരൻമാരുടെ കഷ്ടതരമായ പദ്ധതികളെ വൃദ്ധിയെ പ്രാപിച്ച് അസുരൻമാരുടെ കഷ്ടതരമായ പദ്ധതികളെ നശിപ്പിക്കുന്നു. അസുരൻമാരെ നശിപ്പിക്കുന്നതിനുവേി അവൻ തൻെറ ജ്വാലകളെ ദീപ്തമാക്കുന്നു.

**10. ഉത സ്വനാസോ ദിവി ഷന്ത്വഗ്നേഹിതഗമായുധാ രക്ഷസേ ഷന്തവാ ഉ |**

**മദേ ചിദസ്യ പ്ര രുജന്തി ഭാമാ ന വരന്തേ പരിബാധോ അദേവീഃ ||**

അഗ്നിയുടെ ശബ്ദമയിയായ ജ്വാല മൂർച്ഛയേറിയ വാളുപോലെ അസുരൻമാരെ നശിപ്പിക്കുവാനായി ആകാശത്തിൽ പ്രത്യക്ഷമാവുന്നു. അവൻ തടിച്ചുകൊഴുത്ത് ഭീകരരൂപനായിത്തീരുമ്പോൾ അദ്ദേഹത്തിൻെറ കോപം ദുഷ്ടൻമാർക്ക് സന്താപജനകമായിത്തീരുന്നു. ദുഷ്ടൻമാരുടെ സേനകൾക്ക് അദ്ദേഹത്തിൻെറ യാതൊരു കാര്യങ്ങളിലും വിഘ്നം സൃഷ്ടിക്കുവാൻ കഴിവില്ല.

**11. ഏതം തേ സ്തോമം തുവിജാത വിപ്രോ രഥം ന ധീരഃ സ്വപാ അതക്ഷം |**

**വദീദഗ്നേ പ്രതി ത്വം ദേവ ഹർയാഃ സ്വവർവതീരപ ഏനാ ജയേമ ||**

ഹേ ബഹുകർമ്മാവായ അഗ്നിദേവാ! ഞങ്ങൾ നിന്നെ സ്തുതിക്കുന്ന സാധകൻമാരാകുന്നു. സമർത്ഥനായ വ്യക്തി രഥം നിർമ്മിക്കുന്നതുപോലെതന്നെ ഞങ്ങൾ നിന്നെ ഉദ്ദേശിച്ചുകൊ് സ്തോത്രങ്ങൾ നിർമ്മിക്കുന്നു. ഹേ അഗ്നേ! ഞങ്ങൾ വിജയശ്രീലാളിതരാകുന്നതിനുവേി ഞങ്ങളുടെ സ്തോത്രങ്ങളെ സ്വീകരിക്കേണമേ.

**12. തുവിഗ്രീവോ വൃഷഭോ വാവൃധാനോശത്രുർയൈഃ സമജാതി വേദഃ |**

**ഇതീമമഗ്നിമമൃതാ അവോചൻബർഹിഷ്മതേ മനവേ ശർമ യംസദ്ധവിഷ്മതേ മനവേ ശർമ യംസത് ||**

അസംഖ്യം ജ്വാലകളോടുകൂടിയവനും, ആഗ്രഹങ്ങൾ വർഷിക്കുന്നവനും, പ്രവൃദ്ധനുമായ അഗ്നിദേവൻ നിർബാധം ശത്രുക്കളുടെ ധനം തട്ടിയെടുക്കുന്നു.ഈകാരണത്താൽ ദേവകൾ നിന്നെ അഗ്നിയെന്നു വിളിക്കുന്നു. അവൻ യാജ്ഞികൾക്കും യജമാനൻമാർക്കും സുഖം പ്രദാനം ചെയ്യണേ.

## സൂക്തം 3

**ഋഷി അത്രിവംശ്യൻ, വസുശ്രുതൻ  ദേവത അഗ്നി**

**ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ത്വമഗ്നേ വരുണോ ജായസേ യത്ത്വം മിത്രോ ഭവസി യത്സമിദ്ധഃ |**

**തേ വിശ്വേ സഹസസ്പുത്ര ദേവാസ്ത്വമിന്ദ്രോ ദാശുഷേ മർത്യായ ||**

ഹേ അഗ്നേ! നീ ജനിച്ചപ്പോൾതന്നെ വരുണതുല്യനായിരിക്കുന്നു. വളർന്ന് മിത്രനു തുല്യനായിരിക്കുന്നു. ദേവകളെല്ലാം നിൻെറ പാദചിഹ്നങ്ങളിൽകൂടി ചരിക്കുന്നു. ഹേ ബലപുത്രനായ അഗ്നിദേവാ, നീ ഹവിസ്സ് ദാതാവായ യജമാനന് ഇന്ദ്രതുല്യം പൂജനീയനാകുന്നു.

**2. ത്വമര്യമാ ഭവസി യത്കനീനാം നാമ സ്വധാവൻഗുഹ്യം ബിഭർഷി |**

**അഞ്ജന്തി മിത്രം സുധിതം ന ഗോഭിര്യദ്ദംപതീ സമനസാ കൃണോഷി ||**

ഹേ അഗ്നേ! നീ കന്യകകളുടെ അര്യമ അതായത് വിധാനകർത്താവിനു തുല്യനാകുന്നു. നീ ഗോപനീയമായ നാമം സ്വീകരിക്കുന്നു. നീഭാര്യാഭർത്താക്കൻമാരെ നല്ല മനസ്സോടുകൂടിയവരാക്കിയപ്പോൾ അവർ നിന്നെ ഘൃതം ദുഗ്ധം വഴി ബന്ധുവിനു തുല്യം സേചനം ചെയ്യുന്നു.

**3. തവ ശ്രിയേ മരുതോ ർജയന്ത രുദ്ര യത്തേ ജനിമ ചാരുചിത്രം |**

**പദം യദ്വിഷ്ണോരുപമം നിധായി തേന പാസി ഗുഹ്യം നാമ ഗോനാം ||**

ഹേ അഗ്നേ! മരുത്തുക്കൾ നിൻെറ ആശ്രയത്തോടുകൂടി അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നു. ഹേ രുദ്രരൂപാ! വിഷ്ണുവിൻെറ വ്യാപകമായ പദം നിനക്കുവേി അവസ്ഥിതമായിരിക്കുന്നു. അതുവഴിയായി നീ പ്രജകളുടെ ബലത്തെ പാലിച്ചാലും.

**4. തവ ശ്രിയാ സുദൃശോദേവാഃ പുരൂ ദദാനാ അമൃതം സപന്ത |**

**ഹോതാരമഗ്നിം മനുഷോ നിഷേദുർദശസ്യന്ത ഉശിജ ശംസമായോഃ ||**

ഹേ അഗ്നേ! ഇന്ദ്രാദിദേവൻമാർക്കും നീ സമൃദ്ധനാകുമ്പോൾ ദർശനീയനാകുന്നു. ആ ദേവതകൾ നിന്നെ അതിരറ്റു സ്നേഹിച്ച് അമൃതം പ്രാപിക്കുന്നു. ഫലത്തെ കാംക്ഷിക്കുന്ന യജമാനൻമാർക്കുവേി ഋത്വിക്കുകൾ ഹവിസ്സുകൾ നൽകി ഹോതാരൂപനായ അഗ്നിയെ സേവിക്കുന്നു.

**5. ന ത്വദ്ധോതാ പൂർവോ അഗ്നേ യജീയാന്ന കാവ്യൈഃ പരോ അസ്തി സ്വധാവഃ |**

**വിശശ്ച യസ്യാ അതിഥിഭർവാസി സ യജ്ഞേന വനവദ്ദേവ മർതാൻ ||**

ഹേ അഗ്നേ! നീയല്ലാതെ മറ്റു യാതൊരു ഹോതാവും ഇല്ല.യജ്ഞം നടത്തുന്ന മറ്റൊരുത്തനും നിനക്കു തുല്യനായി പ്രാചീനനായിട്ടില്ല. ഹേ അന്നവാനായ അഗ്നേ! മേലിലും നിന്നെക്കൂടാതെ മറ്റൊരു സ്തുതിക്കപ്പെടുന്നവൻ ഉാവുകയില്ല. നീ യാതൊരുത്തൻെറ അതിഥിരൂപനാകുന്നുവോ, ആ ഋത്വിക് യജ്ഞകർമ്മങ്ങൾവഴിയായി തൻെറ ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥനാകുന്നു.

**6. വയമഗ്നേ വനുയാമ ത്വോതാ വസൂയവോ ഹവിഷാ ബുധ്യമാനാഃ |**

**വയം സമർയേ വിദഥേഷ്വഹ്നാം വയം രായാ സഹസസ്പുത്ര മർതാൻ ||**

ഹേ അഗ്നേ! ഞങ്ങൾ നിൻെറ ആശ്രയം പ്രാപിക്കുമ്പോൾ ശത്രുക്കളെ പീഡിപ്പിക്കും. ഞങ്ങൾ ധനത്തെ ഇച്ഛിക്കുന്നു. ഞങ്ങൾ നിന്നെ ഹവിസ്സാൽ വളർത്തുന്നു. ഞങ്ങൾ യുദ്ധത്തിൽ വിജയം പ്രാപിക്കുകയും ദൈനംദിനമുള്ള യജ്ഞത്താൽ ബലംപ്രാപിക്കുകയും ചെയ്യണേ. ഹേ ബലപുത്രനായ അഗ്നേ! ഞങ്ങൾ ധനത്തേയും സന്താനങ്ങളേയും പ്രാപിക്കണേ.

**7. യോ ന ആഗോ അഭ്യേനോ ഭരാത്യധീദഘമഘശംസേ ദധാത |**

**ജഹീ ചികിത്വോ അഭിശസ്തിമേതാമഗ്നേ യോ നോ മർചയതി ദ്വയേന ||**

യാതൊരുത്തൻ ഞങ്ങളോടപരാധം ചെയ്യുന്നുവോ, അഥവാ ഞങ്ങളോട് പാപം പ്രവർത്തിക്കുന്നുവോ, പാപിയായ ആ മനുഷ്യനോട് അഗ്നിദേവൻ പാപപുണ്യങ്ങളെപ്പറ്റിയുള്ള നടപടി സ്വീകരിക്കണേ. ഹേ അഗ്നേ! നീ ജ്ഞാനിയാകുന്നു. യാതൊരുത്തൻ ഞങ്ങളെ പാപകർമ്മങ്ങളാൽ അഥവാ അപരാധത്താൽ സൽകർമ്മങ്ങളിൽനിന്നും പിന്തിരിപ്പിക്കുന്നുവോ അവനെ

നശിപ്പിക്കേണമേ.

**8. ത്വാമസ്യാ വ്യുഷി ദേവ പൂർവേ ദൂതം കൃണ്വാനാ അയജന്ത ഹവ്യൈഃ |**

**സംസ്ഥേ യദഗ്ന ഈയസേ രയീണാം ദേവോ മർതൈർസുഭിരിധ്യ മാനഃ ||**

ഹേ അഗ്നേ! പ്രാചീന യജമാനൻ പുലരിയിൽ യജ്ഞം നടത്തി നിന്നെ ദേവദൂതനാക്കി. നീ ഹവിസ്സ് വഹിച്ചതിനുശേഷം യജമാനനാൽ പ്രവൃദ്ധനായി കടന്നുപോകുന്നു.

**9. അവ സ്പൃധി പിതരം യോധി വിദ്വാൻപുത്രോയസ്തേ സഹസഃ സൂന ഊഹേ |**

**കദാംചികിത്വോ അഭി ചക്ഷസേ നോഗ്നേ കദാം ഋതചിധ്യാതയാസേ ||**

ഹേ ബലപുത്രാ! നീ എല്ലാവരുടേയും പിതാവിനു തുല്യനാകുന്നു. യാതൊരു മേധാവിയായ പുത്രൻ നിനക്ക് ഹവിസ്സ് ദാനം ചെയ്യുന്നുവോ, അവനെ സങ്കടത്തിൻെറ മറുകരയെത്തിച്ച് പാപത്തിൽനിന്നും അകറ്റുന്നു. ഹേ അഗ്നേ! നീ ഞങ്ങളെ എപ്പോൾ കാണുകയും ശ്രേഷ്ഠമായ മാർഗ്ഗങ്ങളിലേയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യും.

**10. ഭൂരി നാമ വന്ദമാനോ ദധാതി പിതാ വസോ യദിജ്ജോഷയാസേ |**

**കവിദ്ദേസ്യ സഹസാ ചകാനഃ സുമ്നമഗ്നിർവനതേ വാവൃധാനഃ ||**

ഹേ അഗ്നേ! നീ ഉത്തമമായ വാസസ്ഥലം നൽകുന്നവനും പാലനകർത്താവുമാകുന്നു. നിൻെറ നാമോച്ചാരണത്തോടുകൂടി നൽകപ്പെടുന്ന ഹവിസ്സുകളെ നീ ഭക്ഷിക്കുന്നു. അതോടുകൂടി യജമാനൻ പുത്രവാനാകുന്നു. യജമാനൻെറ വളരെയധികം ഹവിരാന്നത്തെ ഇച്ഛിക്കുന്നവനും, വളരുന്നവനുമായ അഗ്നിദേവൻ ശക്തിശാലിയായി സുഖം നൽകുന്നു.

**11. ത്വമങ്ഗ ജരിതാരം യവിഷ്ഠ വിശ്വാന്യഗ്നേ ദുരിതാതി പർഷി |**

**സ്തേനാ അദൃശ്രൻരിപവോ ജനാസേംജ്ഞാതകേതാ വൃജിനാ അഭൂവൻ ||**

ഹേ നിത്യയുവാവായ അഗ്നിദേവാ! നീ സ്തുതിക്കുന്നവതുടെമേൽ കൃപയുള്ളവനായി എല്ലാ വിഘ്നങ്ങളിൽനിന്നും അവനെ രക്ഷിക്കുന്നു. ചോരൻമാരും ശത്രുക്കളും ആയ എല്ലാ മനുഷ്യരും ഞങ്ങളാൽ തടയപ്പെടുന്നു.

**12. ഇമേ യാമസസ്ത്വാദ്രിഗഭൂവന്വസവേ വാ തദിദാഗോ അവാചി |**

**നാഹായമഗ്നിരഭിശസ്നയേ നോ ന രീഷതേ വാവൃധാനഃ പരാ ദാത് ||**

ഈ സ്തോത്രം നിൻെറ മുമ്പിലെത്തുന്നു. ഞങ്ങൾ സ്വന്തം അപരാധങ്ങളെ നിൻെറ മുമ്പിൽ സമർപ്പിക്കുന്നു. നമ്മുടെ സ്തുതികളാൽ പ്രബുദ്ധനായ അഗ്നിദേവൻ നമ്മെ ഹിംസകൻമാരോടുകൂടിയുള്ള പോക്കിൽനിന്നും രക്ഷിക്കണേ.

## സൂക്തം 4

**ഋഷി അത്രിവംശജൻ, വസുശ്രുതൻ ദേവത അഗ്നി**

**ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ത്വാമഗ്നേ വസുപതിം വസൂനാമഭി പ്ര മന്ദേ അധ്വരേഷു രാജൻ |**

**ത്വയാ വാജം വാജയന്തോ ജയേമാഭി ഷ്യാമ പൃത്സുതീർമർത്യാനാം ||**

ഹേ അഗ്നിദേവാ! നീ ധനത്തിൻെറ സ്വാമിയാകുന്നു.ഈ യജ്ഞത്തിൽ ഞങ്ങൾ നിന്നെസ്തുതിക്കുന്നു. അന്നത്തെ ആഗ്രഹിക്കുന്ന ഞങ്ങൾ നിനക്കു അനുകൂലരായിരിക്കുന്നതിനാൽ ഞങ്ങൾക്കന്നലാഭമുവുകയും ശത്രുസേനകളെ പലായനം ചെയ്യിക്കുവാൻ സാധിക്കുകയും ചെയ്യും.

**2. ഹവ്യാവാളഗ്നിജരഃ പിതാ നോ വിഭുർവിഭാവാ സുദൃശീകോ അസ്മേ |**

**സുഗാർഹപത്യാഃ സമിഷോ ദിദീഹ്യസ്മദ്ര്യക്സം മിമീഹി ശ്രവാംസി ||**

ഹവിസ്സുകളെ ഹവനം ചെയ്യുന്നവനായ അഗ്നി നമ്മെ സംരക്ഷിക്കണേ. നമ്മുടെ മുമ്പിൽ സർവവ്യാപകമായ രൂപത്തോടുകൂടി പ്രകാശയുക്തനായി ദിവ്യദർശനം നൽകുന്നവനാകണേ. ഹേ അഗ്നേ! നീ അന്നത്തെ സൃഷ്ടിച്ചാലും. ഞങ്ങൾക്ക് പ്രചുരമായ അന്നം പ്രദാനം ചെയ്യണമേ.

**3. വിശാം കവിം വിസ്പതിം മാനുഷീണാം ശുചിം പാവകം ഘൃതപൃഷ്ഠമഗ്നിം |**

**നി ഹേ താരം വിശ്വവിദം ദഗ്നിധ്വേ സ ദേവേഷു വനതേ വാര്യാണി ||**

ഹേ ഋത്വിജൻമാരേ! നിങ്ങൾ മനുഷ്യരുടെ ഈശ്വരനും പവിത്രനും മേധാവിയും മനുഷ്യരെ പവിത്രീകരിക്കുന്നവനും, യജ്ഞസമ്പാദകനും സർവ്വജ്ഞാനിയും ഘൃതം ഇഷ്ടപ്പെടുന്നവനും ആയ അഗ്നിയെ സ്വീകരിക്കുവിൻ. ആ അഗ്നി നമ്മുടെ ഇടയിൽ ഏകത്രിതമായ ധനത്തെ തുല്യമായി വീതിക്കുന്നു.

**4. ജുഷസ്വാഗ്ന ഇളയാ സജോഷാ യതമാനോ രശ്മിഭിഃ സൂര്യസ്യ |**

**ജുഷസ്വനഃ സമിധാ ജാതവേദ ആ ച ദേവാൻഹവിരദ്യായ വക്ഷി ||**

ഹേ അഗ്നേ! ഭൂമിയോടു പ്രീതിയുള്ളവനായി നീ സൂര്യകിരണങ്ങൾവഴി കർമ്മയുക്തനായി സ്തുതികളെ സ്വീകരിക്കണമേ. ഞങ്ങളുടെ സമിധകളെ സ്വീകരിച്ച് ഹവിസ്സ് ഭക്ഷണത്തിനായി ദേവകളെ വിളിക്കുകയും ഹവിസ്സുകൾ വഹിക്കുന്നവനാകുകയും ചെയ്താലും.

**5. ജുഷ്ടോ ദമൂനാ അതിഥിർദുരോണ ഇമം നോ യജ്ഞമുപ യാഹി വിദ്വാൻ |**

**വിശ്വ അഗ്നേ അഭിയുജോ വിഹത്യാ ശത്രുയതാമാ ഭരാ ഭോജനാനി ||**

ഹേഅഗ്നേ! നീ വിദ്വാനാകുന്നു. നീ വീട്ടിൽ വന്നുചേർന്ന അതിഥിക്കുതുല്യം പൂജനീയനായി; ഞങ്ങളുടെ ഈ യാഗവേദിയിൽ ആഗതനായാലും. നീ സകല ശത്രുക്കളേയും നശിപ്പിച്ച് ശത്രുതയിൽ വർത്തിക്കുന്ന എല്ലാ മനുഷ്യരുടെ ധനവും പിടിച്ചെടുത്താലും.

**6. വധേന ദസ്യും പ്ര ഹി ചാതയസ്വ വയഃ കൃണ്വാനസ്തന്വേസ്വായൈ |**

**പിപർഷി യത്സഹസസ്പുത്ര ദേവാൻത്സോ അഗ്നേ പാഹി നൃതമ വാജേ അസ്മാൻ ||**

ഹേ അഗ്നേ! നീ പുത്രസ്വരൂപനായ യജമാനന് അന്നം നൽകുകയും ആയുധത്താൽ അസുരവംശത്തെ നശിപ്പിക്കുകയും ചെയ്യുന്നു. നീ ബലപുത്രനാകുന്നു. അങ്ങ് യാതൊരു കാരണവശാൽ ദേവകളെ വളർത്തുന്നുവോ ഹേ ശ്രേഷ്ഠനായ ദേവാ! അതേ കാരണത്താൽ സാധകരായ ഞങ്ങളെ രണഭൂമിയിൽ രക്ഷിച്ചാലും.

**7. വയം തേ അഗ്ന ഉക്ഥൈർവിധേമ വയം ഹവ്യൈഃ പാവക ഭദ്രശോചേ |**

**അസ്മേ രയിം വിശ്വവാരം സമിന്വാസ്മേ വിശ്വാനി ദ്രവിണാനി ധേഹി ||**

ഹേ അഗ്നേ! ഞങ്ങൾ ശ്രേഷ്ഠങ്ങളായ വചനങ്ങളാൽ നിന്നെ സ്തുതിക്കും. ഹേ പവിത്രീകരിക്കുന്നവനേ! ഞങ്ങൾ ഹവിർദാനം വഴിയായി നിന്നെ പരിചരിക്കും. ഹേ മംഗളദായകനും തേജോയുക്തനുമായ അഗ്നിദേവാ! നീ ഞങ്ങൾ എല്ലാവർക്കും വരണയോഗ്യമായ ഐശ്വര്യം ലഭ്യമാക്കണേ. എല്ലാ സമ്പത്തുക്കളും ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ.

**8. അസ്മാകമഗ്നേ അധ്വരം ജുഷസ്വ സഹസഃ സൂനോ ത്രിഷധസ്ഥ ഹവ്യം |**

**വയം ദേവേഷു സുകൃതഃ സ്യാമ ശർമണാ നസ്ത്രി വരൂഥേന പാഹി ||**

ഹേ അഗ്നേ! ഞങ്ങളുടെ യജ്ഞസ്ഥാനത്ത് രക്ഷകപദം സ്വീകരിച്ചാലും. ജലം, സ്ഥലം, പർവതം ഈ മൂന്നു സ്ഥാനങ്ങളിലും വസിക്കുന്നവനായ നീ ഞങ്ങളുടെ ഹവിസ്സിനെ സേവിച്ചാലും. ഞങ്ങൾ ദേവകൾക്കുവേി ശ്രേഷ്ഠങ്ങളായ കർമ്മങ്ങൾ ചെയ്യുന്നവരാകണേ. നീ ഞങ്ങളെ ത്രിതാപങ്ങളിൽനിന്നും രക്ഷിക്കൂ. മനോഹരമായ ആ വാസസ്ഥാനം നൽകി ഞങ്ങളെ പോഷിപ്പിക്കൂ.

**9. വിശ്വാനി നോ ദുർഗഹാ ജാതവേദഃ സിന്ധു ന നാവാ ദുരിതാതി പർഷി |**

**അഗ്നേ അത്രിവന്നമസാ ഗൃണാനോ സ്മാകം ബോധ്യവിതാ തനാനാം ||**

ഹേ സമ്പൂർണ്ണഐശ്വര്യങ്ങളുടെ സ്വാമിയായ അഗ്നിദേവാ! വള്ളക്കാരൻ വള്ളം വഴിയായി എല്ലാവരേയും അക്കരെക്കെത്തിക്കുന്നതുപോലെ നീ എല്ലാ ബാധകങ്ങളിൽനിന്നും ഞങ്ങളെ അക്കരെ ആക്കിയാലും. ഹേ അഗ്നേ! ഞങ്ങൾ നിന്റെ അവിനാശിയായ സ്വരൂപത്തെ ധ്യാനിച്ചുകൊ് സന്താനയുക്തരായി സദാസ്ഥിരചിത്തരായിരിക്കണേ.

**11. യസ്മൈ ത്വം സുകൃതേ ജാതവേദ ഉ ലോകമഗ്നേ കൃണ്വഃ സ്യോനം |**

**അശ്വിനം സ പുത്രിണം വീരവന്തം ഗോമന്തം രയിം നശതേ സ്വസ്തി ||**

ഹേ ഐശ്വര്യങ്ങളുടെ സ്രഷ്ടാവായ അഗ്നിദേവാ! യാതൊരുത്തമകർമ്മാവായ യജമാനന്റെമേൽ നീ കല്യാണമയമായ കൃപചൊരിയുന്നുവോ ആ യജമാനൻ അശ്വങ്ങൾ, സന്താനങ്ങൾ, ബലം, ഗോക്കൾ, ഐശ്വര്യം ഇവയെ പ്രാപിക്കുന്നു.

## സൂക്തം 5

**ഋഷി വസുശ്രുതൻ ദേവത ആപ്രി ഛ ന്ദ സ ് ഗായത്രി, ഉഷ്ണിക**

**1. സുസമിദ്ധായ ശോചിഷേ ഘൃതം തീവ്രം ജുഹോതന അഗ്നയേ ജാതവേദസേ ||**

ഹേ ഋത്വിജൻമാരേ! ഐശ്വര്യോദ്പാദകനും തേജസ്വിയും പ്രകാശവാനുമായ അഗ്നിക്കുവേി ഘൃതയുക്തമായ അന്നത്തോടുകൂടിയ യജ്ഞം നടത്തുവിൻ.

**2.നരാശംസഃ സുഷൂദതീമം യജ്ഞമദാഭ്യഃ |**

**കവിർഹി മധുഹസ്ത്യഃ ||**

എല്ലാ മനുഷ്യരാലും പ്രശംസിക്കപ്പെടുന്ന അഗ്നി നമ്മുടെ ഈ യജ്ഞത്തെ പ്രോജ്ജ്വലിതമാക്കണേ. ആ അഗ്നി കർമ്മകുശലനും വിദ്വാനും ഒരിക്കലും പീഡിപ്പിക്കപ്പെടാത്തവനുമാകുന്നു.

**3. ഈളിതോ അഗ്ന ആ വഹേന്ദ്രം ചിത്രമിഹ പ്രിയം**

**സുഖൈ രഥേഭിരൂതയ ||**

ഹേ അഗ്നേ! നീ സ്തുതിക്കു പാത്രമാകുന്നു. നീ ഈ ലോകത്തിൽ ഞങ്ങളുടെ രക്ഷയ്ക്കുവേി അത്ഭുതനും, എല്ലാവർക്കും പ്രിയങ്കരനുമായ ഇന്ദ്രനെ സുഖകാരിയായ രഥത്തിൽ ഈ യജ്ഞസ്ഥാനത്തേക്ക് കൊുവന്നാലും.

**4. ഊർണമ്രദാ വിപ്രഥസ്വാഭ്യർകാ അനൂഷത |**

**ഭവാ വഃ ശുഭ്ര സാതയേ ||**

ഹേ അഗ്നേ! നീ കുശയ്ക്കുതുല്യം മൃദുലനും സുഖകാരകനുമായി ഞങ്ങളുടെ രക്ഷകനാകണമേ. ഹേ ശുഭ്രാ! ഞങ്ങൾ സ്തോതാക്കൾ നിന്നെ സ്തുതിക്കുന്നു. നീ വിവിധരീതികളിൽ വൃദ്ധയെ പ്രാപിച്ച് ഞങ്ങളെ ധനൈശ്വര്യമുള്ളവരാക്കിയാലും.

**5. ദേവീർദ്വാരോ വിശ്രയധ്വം സുപ്രായണാ ന ഊതയേ |**

**പ്രപ്ര യജ്ഞം പൃണീതന ||**

ഹവിസ്സുകളേ നിങ്ങൾ ഉത്തമഗതികളോടുകൂടിയവരായി യജ്ഞദ്വാരത്തിന്റെ രക്ഷികളും ശ്രേഷ്ഠകർമ്മങ്ങളോടുകൂടിയവരും ആകും. നിങ്ങളെല്ലാം ഞങ്ങളുടെ രക്ഷയ്ക്കുവേി വിവിധങ്ങളായ കർമ്മങ്ങൾ വഴിയായി യജ്ഞത്തെ പരിചരിക്കുവിൻ.

**6. സുപ്രതീകേ വയോവൃധാ യഹ്വീ ഋതസ്യ മാതരാ ദോഷാമുഷാസമീമഹേ ||**

സുന്ദരരൂപിണികളും അന്നത്തെ വളർത്തുന്നവരും മഹത്തായ കർമ്മങ്ങൾ നടത്തുന്നതിൽ സമർത്ഥകളും ജലത്തിന്റെ ഉത്പാദന കർത്രികളുമായ രാത്രി ഉഷാദേവികളെ ഉത്തമങ്ങളായ സ്തുതികളാൽ നാം പൂജിക്കുന്നു.

**7. വാതസ്യ പത്മന്നീളിതാ ദൈവ്യാഹോതാരാ മനുഷഃ**

**ഇമംനോ യജ്ഞ മാ ഗതം ||**

ഹേ അഗ്നിയും ആദിത്യരൂപനുമായ ഹോതാക്കളെ നിങ്ങൾ രുപേരും ഞങ്ങളാൽ പൂജിതരായി വായുമാർഗ്ഗമായി ചരിക്കുന്നു. നിങ്ങൾ രുപേരും ഞങ്ങളുടെ ഈ യാഗസ്ഥലത്തെ പ്രാപിച്ചാലും.

**8. ഇളാ സരസ്വതീ മഹീ തിസ്രോ ദേവീർമയോഭുവഃ |**

**ബഹിഃ സീദന്ത്വസ്രിധഃ ||**

ഇളയും സരസ്വതിയും മഹിയും സുഖം സൃഷ്ടിക്കുന്നവരാകണേ. അവർ ഹിംസാദികർമ്മങ്ങൾ അനുഷ്ഠിക്കാതെ അഭിവൃദ്ധിയോടുകൂടി നമ്മുടെ യാഗവേദിയിൽ സ്ഥാപിതരാകണേ.

**9. ശിവസ്ത്വഷ്ടരിഹാ ഗഹി വിഭുഃ പോഷ ഉതത്മനാ |**

**യജ്ഞേയജ്ഞേ ന ഉദവ||**

ത്വഷ്ടാദേവാ! നീ വ്യാപകമായ സാമർത്ഥ്യത്തോടുകൂടിയവനും

കല്യാണകാരിയും സർവപോഷകനുമായി ഇവിടെ ആഗതനാകുകയും ഞങ്ങളുടെ യജ്ഞാദികർമ്മങ്ങളിൽ ഉത്തമസ്ഥാനത്ത് പ്രതിഷ്ഠിതനായി ഞങ്ങളുടെ രക്ഷകനാവുകയും ചെയ്യണേ.

**10. യത്ര വേത്ഥ വനസ്പതേ ദേവാനാം ഗുഹ്യാ നാമാനി തത്ര ഹവ്യാനി ഗാമയാ ||**

ഹേ വനസ്പതേ! നിങ്ങൾ എവിടെയായിരുന്നാലും ദേവകളുടെ ഗുപ്തചിഹ്നങ്ങളെ ബുദ്ധിപൂർവം അറിയുന്നു. അവിടെ ഹവ്യാദിയജ്ഞ സാധനങ്ങൾ പ്രാപ്തമാക്കൂ.

**11. സ്വാഹാഗ്നയേ വരുണായ സ്വാഹേന്ദ്രായമരുദ്ഭ്യഃ | സ്വാഹാ ദേവേഭ്യോ ഹവിഃ ||**

സ്വാഹാകാരയുക്തമായ ഹവിസ്സ് അഗ്നിക്കും വരുണനും നൽകപ്പെട്ടിരിക്കുന്നു. ഈ ഹവിസ്സ് സ്വാഹാകാരരൂപത്തോടുകൂടി മരുത്തുക്കൾക്കും നൽകപ്പെട്ടിരിക്കുന്നു. സ്വാഹാകാരയുക്തമായ ഹവിസ്സ് ദേവതകൾക്ക് നൽകപ്പെട്ടിരിക്കുന്നു.

## സൂക്തം 6

**ഋഷി വസുശ്രുതൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അഗ്നിം തം മന്യേ യോ വസുരസ്തം യം യന്തി ധേനവഃ | അസ്തമർവന്ത ആശവോസ്തം നിത്യാസോ വാജിന ഇഷം സ്തോതൃഭ്യ ആ ഭര ||**

യാതൊരുത്തൻ ഉത്തമനിവാസം നൽകുന്നവനായിരിക്കുന്നുവോ യാതൊരുത്തൻ എല്ലാവർക്കും ഭവനസമാനം ആശ്രയമായിരിക്കുന്നുവോ ആ അഗ്നിയെ നാം പൂജിക്കുന്നു. ഹേഅഗ്നേ! സ്തോതാക്കൾക്ക് അന്നവും ആഗ്രഹയോഗ്യമായ ധനവും നൽകുമാറാകണം.

**2. സോ അഗ്നിർയോ വസുർഗൃണേ സം യമായന്തി ധേനവഃ | സമർവ്വന്തോ രഘുദ്രുവഃ സ സുജാതാസഃ സൂരയ ഇഷം സ്തോതൃഭ്യ ആ ഭര ||**

യാതൊരഗ്നി ആഹൂതനാകുന്നുവോ യാതൊരുത്തൻെറ അടുക്കൽ ഗോക്കളും ശീഘ്രഗാമികളായ അശ്വങ്ങളും ഒന്നുചേരുന്നുവോ യാതൊരുത്തൻെറ സത്സംഗത്തിനായി വിദ്വജനങ്ങൾ ഉപസ്ഥിതരാകുന്നുവോ ആ ദേവത അഗ്നിതന്നെയാകുന്നു. ഹേ അഗ്നേ! നീ സ്തുതിക്കുന്നവരുടെ അഭിലാഷമായ അന്നാദികൾ നൽകുമാറാകട്ടെ.

**3. അഗ്നിർഹി വാജിനം വിശേ ദദാതി വിശ്വചർഷണിഃ | അഗ്നീ രായേ സ്വാഭുവം സം പ്രീതോ യാതി വാര്യമിഷം സ്തോതൃഭ്യ ആഭര ||**

എല്ലാവരുടേയും കർമ്മങ്ങളെ ദർശിക്കുന്ന അഗ്നഗ്നി മനുഷ്യർക്ക് അന്നവും സന്താനവും നൽകുന്നു. അവൻ പ്രസന്നനായി എല്ലാവരാലും സ്വികാര്യമായ ധനം പ്രദാനം ചെയ്യുന്നതിനായി പ്രയാണം ചെയ്യുന്നു. ഹേ അഗ്നേ! സ്തുതി കർത്താക്കൾ ആഗ്രഹിക്കുന്ന അന്നാദികളായ വസ്തുക്കൾ പ്രാപ്തമാക്കിയാലും

**4. ആ തേ അഗ്ന ഇധീമഹി ദ്യുമന്തം ദേവാജരം | യദ്ധ സ്യാ തേ പനീയസീ സമിദ്ദീദയതി ദ്യുവീഷം സ്തോതൃഭ്യ ആ ഭര ||**

ഹേ അഗ്നേ! നീ അജരനും പ്രകാശപൂർണ്ണനുമാകുന്നു. ഞങ്ങൾ നിന്നെ എല്ലാ സൽസ്വഭാവങ്ങളോടുംകൂടി പ്രോജ്വലമാക്കുന്നു. നിൻെറ പ്രകാശം പൂജനീയമാകുന്നു. ആ ആകാശം പ്രകാശിതമാകുന്നു. അഗ്നേ സ്തുതിക്കുന്ന എല്ലാവർക്കും അവരാഗ്രഹിക്കുന്ന ധനാദികൾ നൽകുമാറാകണം.

**5. ആ തേ അഗ്ന ഋചാ ഹവി ശുക്രസ്യ ശോചിഷസ്പതേ | സുശ്ചന്ദ്ര ദസ്മ വിശ്പതേ ഹവ്യവാട് തുഭ്യം ഹൂയത ഇഷം സ്തോതൃഭ്യ ആ ഭര ||**

ഹേ അഗ്നേ! നീ തേജപുഞ്ജങ്ങളുടെ അധീശനാകുന്നു. നീ ശത്രുക്കളെ നശിപ്പിക്കുന്നവനും പ്രജകളെ പരിപാലിക്കുന്നവനും പ്രസന്നതാപ്രദമായ ഹവിസ്സുകളെ വഹിക്കുന്നവനും പ്രകാശവാനുമാകുന്നു. നിനക്കായി മന്ത്രങ്ങൾ ധാരാ ഹവിസ്സുകൾ നൽകപ്പെടുന്നു. ഹേ അഗ്നേ നീ സ്തുതിക്കുന്നവർക്ക് അവരാഗ്രഹിക്കുന്ന അന്നവും ധനവും നൽകുമാറാകണം.

**6. പ്രോ ത്യേ അഗ്നയോഗ്നിഷു വിശ്വം പുഷ്യന്തി വാര്യം | തേ ഹിന്വിരേ ത ഇന്വിരേ ത ഇഷണ്യന്തയാനുഷഗിഷം സ്തോതൃഭ്യ ആ ഭര ||**

ഈ ലൗകികാഗ്നി ഗാർഹപത്യാഗ്നിയിൽ വരണ യോഗ്യമായ എല്ലാധനവും പുഷ്ഠമാകുന്നു. ഈ അഗ്നിപ്രീതിപൂർവം എല്ലാഭാഗത്തും വ്യാപിക്കുകയും ഹവിരാന്നനെ കാംക്ഷിക്കുകയും ചെയ്യുന്നു. ഹേ അഗ്നേ സ്തുതിക്കുന്നവർക്ക് അഭിലഷിതങ്ങളായ അന്നധാനാദികൾ നൽകുമാറാകുന്നു.

**7. തവ ത്യേ അഗ്നേ അർചയോ മഹി വ്രാധന്ത വാജിനഃ | യേ പത്വഭിഃ ശഫാനാം വ്രജാ ഭുരന്ത ഗോനാമിഷം സ്തോതൃഭ്യ ആ ഭര ||**

ഹേ അഗ്നേ! നിൻെറ കിരണങ്ങൾ അന്നവാൻമാരായുയരട്ടെ. നിൻെറ കിരണങ്ങൾ ഹവനത്തെ ആഗ്രഹിക്കുന്നവയാകട്ടെ. ഹേ അഗ്നേ നീ സ്തുതിസാധകൻമാർക്കുവേി അന്നാദിധനങ്ങൾ നൽകിയാലും.

**8. നവാ നോ അഗ്ന ആ ഭര സ്തോതൃഭ്യഃ സുക്ഷിതീരിഷഃ | തേ സ്യാമ യ ആന്യചുസ്ത്വാദൂതാസോ ദമേദമ ഇഷം സ്തോതൃഭ്യ ആ ഭര ||**

ഹേ അഗ്നേ! ഞങ്ങൾ നിൻെറ സ്തുതിഗായകൻമാരാകുന്നു. നീ ഞങ്ങൾക്ക് അന്നയുക്തമായ നവീനധനം പ്രദാനം ചെയ്താലും. തൻമൂലം ഞങ്ങൾ എല്ലായജ്ഞങ്ങളിലും നിന്നെപൂജിക്കുകയും ദൂതരൂപത്തിൽ നിന്നെ പ്രാപിക്കുകയും ചെയ്യണേ. ഹേ അഗ്നേ! സ്തുതിസാധകൻമാർക്ക് അന്നധനാദികൾ നൽകുമാറാകണം.

**9. ഉഭേ സുശ്ചന്ദ്ര സർപിഷോ ദർവീ ശ്രീണിഷ ആസനി | ഉതോ ന ഉത്പുർയാ ഉക്ഥേഷു ശവസസ്പത ഇഷം സ്നേതൃഭ്യ ആ ഭര ||**

ഹേ അഗ്നേ! നീപ്രസന്നത പ്രദാനം ചെയ്യുന്നു. ശത്രുക്കളെ നശിപ്പിക്കുവാനായി നീ ര് ണ്ടെച്ചട്ടുകൾ വായിൽവച്ചിരിക്കുന്നു. നീ ബലത്തിൻെറ രക്ഷകനാകുന്നു. ഈ യജ്ഞത്തിൽ ഞങ്ങൾക്ക്ബലം നൽകി പരിപൂർണ്ണമാക്കൂ. ഹേ അഗ്നേ! സ്തുതിസാധകൻമാർക്ക് അവരാഗ്രഹിക്കുന്ന അന്നദാനാദികൾ നൽകണം.

**10. ഏവാം അഗ്നിമജൂർയമുർഗീർഭിർയജ്ഞേഭിരാനുഷക് | ദധദസ്മേ സുവീര്യമുത ത്യദാശ്വശ്വ്യമിഷം സ്തോതൃഭ്യ ആ ഭര ||**

ഇപ്രകാരം വിദ്വാൻമാർ ഉത്തമവാണി വഴിയായി അഗ്നിസമക്ഷം ഉപസ്ഥിതരായി അവനെ പ്രതിഷ്ഠിക്കുന്നു.ആ അഗ്നിസാധകൻമാരായ ഞങ്ങൾക്ക് സുന്ദരൻമാരായ സന്താനങ്ങളേയും ദ്രുതഗാമികളായ അശ്വങ്ങളേയും പ്രദാനം ചെയ്യണേ. ഹേ അഗ്നേ! സ്തുതിക്കുന്നവർക്ക് നീ എല്ലാവിധമായ സമ്പത്തുകളും നൽകുമാറാകണേ.

## സൂക്തം 7

**ഋഷി ഇഷൻ, ആത്രേയൻ ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്**

**1. സഖായഃ സം വഃ സമ്യംചമിഷം സ്തോമം ചാഗ്നയേ |**
**വർഷിഷ്ഠായ ക്ഷിതീനാമൂർജോ നപ്ത്രേ സഹസ്വതേ ||**

ഹേമതുല്യഭാവരായ മിത്രങ്ങളേ! നിങ്ങൾ യജമാനൻമാർക്കുവേ അത്യധികമായി വളർന്നവനും ശക്തിശാലിയും ബലപുത്രനുമായ അഗ്നിയെ പൂജായോഗ്യമായ ഹവിസ് നൽകി അവനെ സ്തുതിക്കുവിൻ.

**2. കുത്രാ ചിദ്യസ്യ സമൃതൌ രണ്വാ നരോ നൃഷദനേ |**
**അർഹന്തശ്ചിദ്യമിന്ധതേ സഞ്ജനയന്തി ജന്തവഃ ||**

യാതൊരുത്തനെ പ്രാപിച്ച് ഋത്വിക്കുകൾ പ്രസന്നരാകുന്നുവോ, യാതൊരുത്തനെ യജ്ഞഗൃഹത്തിൽ പൂജിച്ച് പ്രോജ്വലിപ്പിക്കുന്നുവോ യാതൊരുത്തനെ എല്ലാ ജനങ്ങളും പ്രധാനകർമ്മികനായിമാനിക്കുന്നുവോ അവൻ അഗ്നിയാകുന്നു.

**3. സം യദിഷോ വനാമഹേ സം ഹവ്യാ മാനുഷാണാം |**
**ഉത ദ്യുമ്നസ്യ ശവസ ഋതസ്യരശ്മിമാ ദദേ ||**

ഞങ്ങൾ അഗ്നിക്കായി ഹവ്യം നൽകുകയും അവൻ ആ ഹവ്യത്തെ ഭക്ഷിക്കുകയും ചെയ്യാമ്പോൾ പ്രകാശവാനാകുന്ന ആ അഗ്നി അന്നത്തിൻെറ ബലത്താൽ രശ്മികളെ സ്വീകരിക്കുന്നു.

**4. സഃ സ്മാ കൃണോതി കേതുമാ നക്തം ചിദ്ദൂര ആ സതേ |**
**പാവകോ യദ്വനസ്പതീൻപ്ര സ്മാ മിനാത്യജരഃ ||**

അജരനും പവിത്രനുമായ അഗ്നി വനസ്പതികളെ ഭസ്മമാക്കുമ്പോൾ അവൻ രാത്രിയിൽ അന്ധകാരത്തെ അകറ്റി എല്ലായിടത്തും പ്രകാശം പരത്തുന്നു.

**5. അവ സ്മ യസ്യ വേഷണേ സ്വേദം പഥിഷു ജൂഹ്വതി |**
**അഭീമഹ സ്വജേന്യം ഭൂമാ പൃഷ്ഠേവ രുരുഹുഃ ||**

അഗ്നിയുടെ പരിചരണത്തിൽ സേചനം ചെയ്യപ്പെടുന്ന ഘൃതത്തെ അധ്വര്യുക്കൾ ജ്വാലകളിൽ അധിവസിപ്പിക്കുന്നു. പുത്രൻ പിതാവിൻെറ അങ്കതലത്തിൽ സുഖമായിരിക്കുന്നതുപോലെ ഘൃതധാരകൾ അഗ്നിയുടെ അങ്കതലത്തിൽ പതിക്കുന്നു.

**6. യം മർത്യഃപുരുസ്പൃഹം വിദദ്വിശ്വസ്യ ധായസേ |**
**പ്ര സ്വാദനം പുതുനാമസ്തതാതിം ചിദായവേ ||**

അഗ്നിദേവൻ അനേകരാൽ കാമിക്കപ്പെടുന്നവനും എല്ലാത്തിനേയും വഹിക്കുന്നവനും അന്നങ്ങളെ രുചിക്കുന്നവനും യജമാനൻമാർക്ക് മനോഹരമായ നിവാസസ്ഥാനങ്ങൾ നൽകുന്നവനും ആകുന്നു. യജമാനൻ അദ്ദേഹത്തിൻെറ ഗുണങ്ങളെ ശരിക്കു അറിയുന്നു.

**7. സ ഹി ഷ്മാ ധന്വാക്ഷിതം ദാതാന ദാത്യാ പശുഃ |**
**ഹിരിശ്മശ്രുഃ ശുവിദന്നൃഭുരഭൃഷ്ഠതവിഷിഃ ||**

തൃണങ്ങളെ പിഴുതുകളയുന്ന മൃഗത്തെപ്പോലെ അഗ്നിജലരഹിതവും പുല്ലും മരങ്ങളും നിറഞ്ഞപ്രദേശം വേർതിരിക്കുന്നു. സ്വർണ്ണവർണ്ണനായ ആ താടിക്കാരൻ ഉജ്ജ്വല ദന്തങ്ങളോടുകൂടിയ മഹാനാകുന്നു. അവൻെറ ബലം ആരുടെ മുമ്പിലും വിളറിപ്പോകുന്നില്ല.

**8. ശുചിഃ ഷ്മയസ്മാ അത്രിവത്പ്രസ്വധിതീവരീയതേ |**
**സുഷൂരസൂത മാതാ ക്രാണാ യദാനശേ ഭഗം ||**

യാതൊരുത്തൻ കോടാലിക്കുതുല്യം വൃക്ഷാദികളെ നശിപ്പിക്കുന്നുവോ, യാതൊരുത്തൻെറ നികടത്തിൽ ആളുകൾ അത്രിയെപ്പോലെ പോകുന്നുവോ, അവൻ അഗ്നിയാകുന്നു. ദീപ്തിമാനായ അഗ്നി ഹവിരന്നം സ്വികരിക്കുകയും ലോകത്തിനു മംഗളം നൽകുകയും ചെയ്യുന്നു. മാതാരൂപിണിയായ അരണി ആ അഗ്നിയെ ജനിപ്പിച്ചിരുന്നു.

**9. ആ യസ്തേ സർപിരാസുതേഗ്നേ ശമസ്തി ധായസേ |**
**ഏഷു ദ്യുമ്നമുത ശ്രവ ആ ചിത്തം മർത്യേഷു ധാഃ ||**

ഹേ അഗ്നേ! നീ ഹവിസ്സ് ഭക്ഷിക്കുന്നവനാണല്ലോ. നീ എല്ലാത്തിനേയും വഹിക്കുന്നു. ഞങ്ങളുടെ സ്തുതികൾ നിന്നെ പ്രസാദിപ്പിക്കുന്നവയാകണേ.നീ സ്തുതിക്കുന്നവർക്ക് മനസ്സ്, അന്നം, ഹൃദയംഗമമായ സ്നേഹം ഇവ പ്രദാനം ചെയ്താലും.

**10. ഇതി ചിന്മന്യുമധ്രിജസ്ത്വാദാതമാ പശും ദദേ |**
**ആദഗ്നേ അപൃണതോത്രിഃ സാസഹ്യാദ്ദസ്യൂനിഷഃ സാസഹ്യാന്നൃൻ ||**

ഹേ അഗ്നേ! അന്യരാൽ ചെയ്യപ്പെടാത്ത സ്തോത്രങ്ങളെ ഉച്ചരിക്കപ്പെടുന്നവരായ ഋഷിഗണം നിന്നിൽനിന്നും മൃഗങ്ങളെ പ്രാപിക്കുന്നു. യാതൊരുത്തൻ അഗ്നിക്ക് ഹവിസ്സ് നൽകുന്നില്ലയോ, ആ ദുഷ്ടനേയും മറ്റുള്ള വിദ്വേഷികളേയും അത്രി തനിക്കധീനമാക്കട്ടെ.

## സൂക്തം 8

**ഋഷി ഇഷഅത്രേയൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. ത്വാമഗ്ന ഋതായവഃ സമീധിരേ പ്രത്നം പ്രത്നാസ ഊതയേ സഹസ്കൃത |**
**പുരുശ്ചന്ദ്രം യജതം വിശ്വധായസം ദമൂനസം ഗൃഹപതിം വരേണ്യം ||**

ഹേ അഗ്നേ! നീ പ്രാചീനനാകുന്നു. നീ ബലവാനാകുന്നു. പ്രാചീനരായ യജ്ഞകർമ്മികൾ നിൻെറ ആശ്രയം പ്രാപിക്കുക നിമിത്തം നിന്നെ ശരിയായ വിധം പ്രോജ്വലിപ്പിക്കുന്നു. നീ യജ്ഞയോഗ്യനും വരണയോഗ്യനും അന്നവാനും ഗുരുവും സ്വാമിയും ആകുന്നു.

**2. ത്വാമഗ്നേ അതിഥിം പൂർവ്യം വിശഃ ശോചിഷ്കേശം ഗൃഹപതിം നി ഷേദിരേ |**
**ബൃഹത്കേതും പുരുരൂപം ധനസ്പൃതം സുശർമാണം സ്വവസം ജരദ്വിഷം ||**

ഹേ അഗ്നേ! യജമാനൻമാർ നിന്നെ ഗൃഹപതിയുടെ രൂപത്തിൽ സ്ഥാപിച്ചിരിക്കുന്നു. നീ അതിഥിക്ക് തുല്യം പൂജനീയനാകുന്നു. നീ ദീപ്തിയുക്തമായ ശിഖയോടുകൂടിയവനും പ്രാചീനനും ജ്വാലാമയും ധനം നൽകുന്നവനും ബഹുരൂപനും സുഖം നൽകുന്നവനും മനുഷ്യരുടെ രക്ഷകനും ജീർണ്ണവൃക്ഷങ്ങളെ ഭസ്മമാക്കുന്നവനും ആകുന്നു.

**3. ത്വാമഗ്നേ മാനുഷീരീളതേ വിശോ ഹോത്രാവിദം വിവിചിം**

**രത്നധാതമം |**

**ഗുഹാ സന്തം സുഭഗ വിശ്വദർശതം തുവിഷ്വണസം സുയജം ഘൃതശ്രിയം ||**

ഹേ അഗ്നേ! നീ സമ്പത്തുകളുടെ സ്വാമിയാകുന്നു.മനുഷ്യർ നിന്നെ പൂജിക്കുന്നു. നീ യജ്ഞകർമ്മത്തിൻെറ ജ്ഞാതാവും രത്നം ദാനം ചെയ്യുന്നവരിൽ ശ്രേഷ്ഠനും ഗുഹയിൽ സ്ഥിതിചെയ്യുന്നവനും പ്രച്ഛന്നനും എല്ലാവർക്കും ദർശനീയനും ശബ്ദയുക്തനായി യജ്ഞം നടത്തുന്നവനും ഘൃതത്തെ സ്വീകരിക്കുന്നവനുമാകുന്നു.

**4. ത്വാമഗ്നേ ധർണസിം വിശ്വധാ വയം ഗിർഭിർഗൃണന്തോ നമസോപ സേദിമ |**

**സ നോ ജുഷസ്വ സമിധാനോ അങ്ഗിരോ ദേവോ മർതസ്യ യശസാ സുദീതിഭിഃ ||**

ഹേ അഗ്നേ! നീ എല്ലാവരെയും വഹിക്കുന്നവനാകുന്നു. ഞങ്ങൾ വളരെ സ്തോത്രങ്ങളാലും നമസ്കാരങ്ങളാലും പൂജിച്ചുകൊ് നിൻെറ മുമ്പിൽവന്നിരിക്കുന്നു. നീ ഞങ്ങൾക്ക് ധനം നൽകി ഞങ്ങളെ പ്രസന്നനാക്കൂ. ഹേ അഗ്നേ! നീ ശരിയായ രീതിയിൽ പ്രോജ്വലിതനായി ഹവിസ്സുകാരണം യജമാനൻമാരോട് പ്രീതിയുള്ളവനാകണമേ.

**5. ത്വമഗ്നേ പുരുരൂപോ വിശേവിശേ വയോ ദധാസി പ്രത്നഥാ പുരുഷ്ടുത |**

**പുരുണ്യന്നാ സഹസാ വി രാജസി ത്വിഷിഃ സാതേ തിത്വിഷാണസ്യനാഘൃഷേ ||**

ഹേ അഗ്നേ! നീ വിഭിന്നരൂപങ്ങളോടുകൂടിയവനായി എല്ലാ യജമാനൻമാർക്കും പുമുതൽ എന്നപോലെ അന്നം നൽകുന്നു. നീ അനേകം പ്രാവശ്യം പൂജിക്കപ്പെടുന്നു. നീ സ്വന്തം ശക്തിയാൽ തന്നെ അന്നങ്ങളുടെ അധീശ്വരനായിരിക്കുന്നു. നീ പ്രകാശയുക്തനാകുന്നു. അതുപോലെ ആ പ്രകാശത്തെ ആർക്കും തടയുവാൻ സാധ്യവുമാകുന്നില്ല

**6. ത്വാമഗ്നേ സമിധാനം യവിഷ്ഠ്യ ദേവാ ദൂതം ചക്രിരേ ഹവ്യവാഹനം |**

**ഉരുജ്രയസം ഘൃതയോനിമാഹുതം ത്വേഷം ചക്ഷുർദധിരെ ചോദയൻമതി ||**

ഹേ അഗ്നേ! നീ നിത്യയുവാവാകുന്നു. നീ തുല്യമായ രൂപത്തിൽ കത്തിജ്വലിക്കുന്നു. ദേവകൾ നിന്നെ ഹവിസ്സ് വാഹകനെന്നു വിളിക്കുന്നു. ദേവകളും മനുഷ്യരും ദ്രുതഗാമിയായ അഗ്നിയെ ദർശനീയനും പ്രദീപ്തനും ബുദ്ധിയുടെ പ്രേരകനും ആയിക്കരുതി സ്ഥാപിച്ചിരിക്കുന്നു.

**7. ത്വാമഗ്നേ പ്രദിവ ആഹുതം ഘൃതൈഃ സുമ്നായവഃ സുഷമിധാ സമീധിരേ |**

**സ വാവൃധാന ഓഷധീഭിരുക്ഷിതോഭി ജ്രയാംസി പാർഥിവാ വാ തിഷ്ഠസേ ||**

ഹേ അഗ്നേ! ഘൃതാഹുതിവഴിയായി സുഖം കാംക്ഷിക്കുന്ന യജമാനൻ നിന്നെ പ്രദീപ്തനാക്കുന്നു. മനോഹരങ്ങളായ ചുറകുകളിൽക്കൂടി നിന്നെവളർത്തുന്നു. നീ ഔഷധികളാൽ സേചനം ചെയ്യപ്പെട്ട് ഭൂമിയിലെ അന്നങ്ങളിൽ വ്യാപിച്ച് ബലയുക്തങ്ങളായ പലകർമ്മങ്ങളും അനുഷ്ഠിക്കുന്നു.

## അഷ്ടകം 4

## അദ്ധ്യായം 1 സൂക്തം 9

**ഋഷി അത്രിവം ശജൻഗയൻ ദേവത അഗ്നി**

**ഛന്ദസ് ഉഷ്ണിക, അനുഷ്ടുപ്, ബൃഹതി, പംക്തി**

**1. ത്വാമഗ്നേ ഹവിഷ്മന്തോ ദേവം മർതാസ ഈളതേ |**

**മന്യേ ത്വാ ജാതവേദസം സ ഹവ്യാവക്ഷ്യാനുഷക് ||**

ഹേ അഗ്നേ! നീ ദേവതയാകുന്നു. നീ പ്രകാശവാനാകുന്നു. യജ്ഞസാധനയ്ക്കുള്ള പദാർത്ഥങ്ങളോടുകൂടി മനുഷ്യർ നിന്നെ സ്തുതിക്കുന്നു. നീ ജീവികളെ മാത്രം അറിയുന്നു. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. നീ യജ്ഞസാധകമായ ഹവിസ്സുകളെ വഹിക്കുന്നവനാണല്ലോ.

**2. അഗ്നിർഹോതാ ദാസ്വതഃക്ഷയസ്യവൃക്തബർഹിഷഃ |**

**സം യജ്ഞാ സശ്ചരന്തിയം സം വാജാസഃശ്രവസ്യവഃ ||**

എല്ലാ യജ്ഞങ്ങളും അഗ്നിയെ അനുഗമിക്കുന്നു. യജമാനൻമാരുടെ യജ്ഞസമ്പാദനം ചെയ്യുന്ന ഹവിസ്സ് യാതൊരഗ്നിയെ പ്രാപിക്കുന്നുവോ, ആ അഗ്നി കുശപറിച്ചെടുക്കുന്ന യജമാനൻെറ യജ്ഞത്തിനുവേി ദേവകളെ വിളിക്കുന്നവരായി ഭവിക്കുന്നു.

**3. ഉത സ്മയം ശിശും യഥു നവം ജനിഷ്ഠാരണീ |**

**ധർതാരം മാനുഷീണാം വിശാമഗ്നിം സ്വധ്വരം ||**

ഭേജനാദികൾ പാകംചെയ്ത് മനുഷ്യരെ പോഷിപ്പിക്കുന്നവനും, യജ്ഞത്തെ പ്രശോഭിതമാക്കുന്നവനുമായ അഗ്നിയെ രരണികൾ ശിശുവിനെ എന്നപോലെ ജനിപ്പിക്കുന്നു.

**4. ഉത സ്മ ദുർഗൃഭീയസേ പുത്രോ ന ഹ്വാര്യാണം |**

**പുരുയോ ദഗ്ധാസി വനാഗ്നേ പശുർന യവസേ ||**

ഹേ അഗ്നേ! നീ വക്രഗതിയോടുകൂടി പോകുന്ന സർപ്പത്തെപ്പോലെയോ അഥവാ കുതിരകുട്ടിയെപ്പോലെയോ പിടിക്കപ്പെടുന്നു. പുല്ലുനിറഞ്ഞ സ്ഥലത്തേക്കഴിച്ചുവിടപ്പെടുന്ന മൃഗം ആ പുല്ലുമുഴുവൻ തിന്നുതീർക്കുന്നതുപോലെ വനത്തിൽ പ്രവേശിക്കുന്ന നീ ആ വനം മുഴുവൻ ഭക്ഷണമാക്കുന്നു.

**5.അധ സ്മ യസ്യാർചയഃ സമ്യക്സംയന്തി ധൂമിനഃ |**

**യദീമഹ ത്രിതോദിവ്യുപധ്മാതേവ ധമതി ശിശീതേ ധ്മാതരീയഥാ ||**

അഗ്നിയുടെ ശിഖകൾ ധൂമ്രയുക്തങ്ങളാകുന്നു. മനോഹരവർണ്ണത്തോടുകൂടിയ അവ എല്ലാഭാഗങ്ങളിലും വ്യാപിക്കുന്നു. എങ്ങും വ്യാപിച്ച അഗ്നി തൻെറ ജ്വാലകളെ അന്തരീക്ഷത്തിലേക്കുയർത്തുന്നു. ഇരുമ്പുപണിക്കാരൻെറ ഉലയിൽനിന്നു അഗ്നി ആളിയുയരുന്നതുപോലെ അഗ്നിദേവൻ സ്വയം ശക്തനായുയരുന്നു.

**6. തവാമഹമഗ്ന ഊതിഭിർമിതസ്യ ച പ്രശിസ്തിഭിഃ |**

**ദ്വേഷോയുതോ ന ദൂരിതാ തുർയാമ മർത്യാനാം ||**

ഹേ അഗ്നേ! നീ എല്ലാവരോടും മൈത്രീബന്ധം സ്ഥാപിക്കുന്നു. സ്തുതിക്കുന്നതിനുമേൽ അങ്ങയുടെ ആശ്രയം വഴിയായി ഞങ്ങൾ ശത്രുക്കളുടെ ഗൂഢതന്ത്രങ്ങളിൽനിന്നും വിജയം പ്രാപിക്കണേ. നിൻെറ രക്ഷാസാധനങ്ങളുടെശക്തിയാൽ അകത്തും പുറത്തുമുള്ള ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കണേ.

**7. തം നോ അഗ്നേ അഭീ നരോ രയിം സഹസ്വ ആ ഭര |**

**ഷ ക്ഷേപയത്സ പോഷയദ്ഭുവദ്വാജസ്യ സാതയ ഉതൈധി പൃത്സു നോ വൃധേ ||**

ഹേ അഗ്നേ! നീ ഹവിസ്സുകൾ വഹിച്ചുകൊുപോകുന്നവനും സശക്തനുമാകുന്നു. നീ ഞങ്ങളുടെ അടുക്കലേക്ക് പ്രസിദ്ധമായ ധനത്തെ കൊുവരേണമേ. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി ഞങ്ങളെ പരിപാലിച്ചാലും. യുദ്ധത്തിൽ ഞങ്ങളുടെ സമൃദ്ധിക്കുള്ള സാധനങ്ങൾ ഉപലബ്ധമാക്കി ഞങ്ങൾക്ക് ശോഭനമായ അന്നം തരണേ.

## സൂക്തം 10

**ഋഷി ഗയഅത്രേയൻ ദേവത അഗ്നി ഛന്ദസ് അനുഷ്ടു, ഉഷ്ണിക, ബൃഹതി, പംക്തി**

**1. അഗ്ന ഓജിഷ്ഠമാഭം ദ്യുമ്നമസ്മഭ്യമധ്രിണോ |**
**പ്ര നോ രായാ പരീണസാ രത്സി വാജായ പന്ഥാം ||**

ഹേ അഗ്നേ! ഞങ്ങൾക്കുവേി അത്യന്തം ശ്രേഷ്ഠമായ ധനവുമായിആഗതനായാലും. നിന്റെ ഗതി ഒരിക്കലും മന്ദീഭവിക്കുന്നില്ല. നീ ഞങ്ങളെ എല്ലാ സ്ഥാനത്തും ഉപലബ്ധമാകുന്നു ധനത്താൽ പരിപൂർണ്ണരാക്കിയാലും. അന്നം പ്രാപിക്കുന്നതിന് ഞങ്ങൾക്കുത്തമമായ മാർഗ്ഗം കാണിച്ചുതരണമേ.

**2. ത്വം നോ അഗ്നേ അദ്ഭുത ക്രത്വാദക്ഷസ്യ മംഹനാ ത്വേ**
**അസൂര്യ മാരുഹത്ക്രാണാ മിത്രോ ന യജ്ഞിയഃ ||**

ഹേ അഗ്നേ! നീ ഏറ്റവും വലിയ അത്മുതനാകുന്നു. നീ ഞങ്ങളുടെ യജ്ഞാദിശ്രേഷ്ഠകർമ്മങ്ങളാൽ പ്രസന്നനായി ഞങ്ങൾക്ക് ശ്രേഷ്ഠമായ ധനം പ്രദാനം ചെയ്താലും. നിന്റെ ബലം രാക്ഷസൻമാരെ സംഹരിക്കുന്നതിൽ സമർത്ഥമാകുന്നു. നീ ആദിത്യനെപ്പോലെ നിത്യവും ഉത്തമങ്ങളായ കർമ്മങ്ങളെ പൂർണ്ണമാക്കുന്നു.

**3.ത്വം നോ അഗ്ന ഏഷാം ഗയം പുഷ്ടിം ച വർധയ**
**യേ സ്തോമേഭിഃ പ്ര സൂരയോ നരോ മഘാന്യനശുഃ ||**

ഹേ അഗ്നേ! പ്രസിദ്ധങ്ങളായ സ്തോത്രങ്ങൾ വഴിയായി നിന്നെപൂജിക്കുന്ന സാധകൻമാർ ആ സ്തുതികൾ വഴിയായി ഉത്തമമായ ധനത്തെ പ്രാപിക്കുന്നു. അതിനാൽ ഞങ്ങൾക്കുവേിയും ധനത്തെ വൃദ്ധിപ്പെടുത്തി ഞങ്ങളെ പോഷിപ്പിച്ചാലും. അഗ്നേ! സാധകരായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**4. ശുഷ്മേഭിയഃ അഗ്നേ ചന്ദ്രതേഗിരഃ ശുംഭന്ത്യശ്വരാസഃ |**
**ശുഷ്മിണോ നരോ ദിവശ്ചിദ്യേഷാം ബൃഹത്സുകീർതിർബോധതി ത്മനാ ||**

ഹേ അഗ്നേ! നീ സുഖദാതാവാകുന്നു. യാതൊരു സാധകൻ നിന്റെ സ്തോത്രങ്ങൾ ഉച്ചരിക്കുന്നുവോ അയാൾ അശ്വയുക്തമായ ഐശ്വര്യം പ്രാപിക്കുന്നു. ആ സാധകൻ അത്യന്തം ശക്തിശാലിയായിആ ശക്തിയാൽ ശത്രുക്കളെ സംഹരിക്കുന്നു. അവന് സ്വർഗ്ഗത്തേക്കൾ ശ്രേഷ്ഠമായ യശസ്സാകുന്നു. ഹേ അഗ്നേ! നിന്നെ ഗയൻ എന്ന മഹർഷി ചൈതന്യവാനാക്കിയിരുന്നു.

**5. തവ ത്യേ അഗ്നേ അർചയോ ഭ്രാജന്തോ യന്തി ഘൃഷ്ണയാ |**
**പരിജ്മാനോ ന വിദ്യുതഃ സ്വാനോ രഥോ ന വാജയുഃ ||**

ഹേ അഗ്നേ! നിന്റെ ചഞ്ചലഗതിയോടുകൂടിയ ജ്വാലകൾ എങ്ങും കാണപ്പെടുന്നു. വിദ്യുത്തിനു തുല്യവും ശബ്ദമുാക്കുന്ന രഥംപോലെയും അന്നം തേടിപ്പോകുന്ന മനുഷ്യരേപ്പോലെയും സർവത്രസഞ്ചരിക്കുന്നു.

**6. നൂ നോ അഗ്ന ഊതയേ സബാധസശ്ച രാതയേ |**
**അസ്മാകാസശ്ച സൂരയോ വിശ്വാ ആശാസ്തരീഷണി ||**

ഹേഅഗ്നേ! നീ അതിവേഗം ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങൾക്ക് ധനം നൽകി,ഞങ്ങളിൽനിന്നും ദാരിദ്ര്യത്തെ അകറ്റേണമേ. ഞങ്ങളുടെ പുത്രാദികളും ബന്ധുക്കളും നിന്നെ സ്തുതിച്ച് തങ്ങളുടെ ആഗ്രഹങ്ങളെ പ്രാപിക്കണേ.

**7. ത്വം നോ അഗ്നേ അങ്ഗിരഃ സ്തുതഃ സ്തവാന ആ ഭര**
**ഹോതർവിഭ്വാസഹം രയിം സ്തോതൃഭ്യഃ സ്തവസേ ച ന**
**ഉതൈഘി പുത്സുനോ വൃധേ ||**

ഹേ അഗ്നേ! പ്രാചീനമഹർഷിമാർ നിന്നെ സ്തുതിച്ചിരുന്നു. ഇപ്പോഴത്തെ ഋഷിഗണവും നിന്നെസ്തുതിക്കുന്നു. യാതൊരു ധനം ഐശ്വര്യശാലികളായ വ്യക്തികളെ മഹാൻമാരാക്കുന്നുവോ, അങ്ങനെയുള്ള ധനം ഞങ്ങൾക്ക് തരുമാറാകണം. നീ ദേവതകളെ വിളിക്കുന്നവനാണല്ലോ. സ്തുതിക്കുന്നതിൽ ഞങ്ങളെ സമർത്ഥരാക്കണമേ. ഞങ്ങൾ നിന്നെ പൂജിക്കുന്നു. നീ ഞങ്ങളെ സമൃദ്ധരാക്കണേ.

## സൂക്തം11

**ഋഷി അത്രിവംശജൻ, സുതംഭരൻ ദേവത അഗ്നി**
**ഛന്ദസ് ജഗതി**

**1. ജനസ്യ ഗോപാ അജനിഷ്ഠ ജാഗൃവിരഗ്നിഃ സുദക്ഷഃ സുവിതായ നവ്യസേ |**
**ഘൃതപ്രതീകോ ബൃഹതാ ദിവി സ്പൃശാ ദ്യുമദ്വിഭാതി ഭരതേഭ്യഃ ശുചിഃ ||**

ബലശാലിയായ അഗ്നി സദാ വളർന്നുകൊയേിരിക്കുന്നു. അവൻ എല്ലാത്തിനേയും രക്ഷിക്കുന്നവനാകുന്നു. അവൻ ജനങ്ങളുടെ കല്യാണത്തിനുവേി പ്രാദുർഭവിച്ചിരിക്കുന്നു. ഘൃതത്താൽ ഉത്തേജിതനാകുമ്പോൾ അവന തേജോയുക്തനാകുകയും ഋത്വിജൻമാർക്കുവേി പവിത്രമായ ദീപ്തിയോടുകൂടി പ്രകാശിക്കുകയും ചെയ്യുന്നു.

**2. യജ്ഞസ്യ കേതും പ്രഥമം പുരോഹിതമഗ്നിം നരസ്ത്രീഷധസ്ഥേ സമീധിരേ |**
**ഇന്ദ്രേണ ദേവൈഃ സരഥം സ ബർഹിഷി സീദന്നി ഹോതാ യജഥായ സുക്രതുഃ ||**

അഗ്നി യജമാനൻമാരാൽ സ്ഥാപിതമാകുന്നു.അവൻ യജ്ഞത്തിന്റെ ധ്വജരൂപമാകുന്നു. അവൻ ഇന്ദ്രാദിദേവകളെപ്പോലെതന്നെ പ്രഭുത്വസമ്പന്നനാകുന്നു. ഋത്വിക്കുകൾ മൂന്നു സ്ഥാനങ്ങളിലായി അവനെ സ്ഥാപിക്കുകയും ചെയ്തിരുന്നു. അവൻ ദേവകളെ വിളിക്കുന്നവനും ശുഭകർമ്മങ്ങളുടെകർത്താവുമാകുന്നു. യജ്ഞകർമ്മങ്ങൾക്കായി അവൻ കുശയിൽ സ്ഥാപിക്കപ്പെടുന്നു.

**3. അസമ്മൃഷ്ടോ ജായസേ മാത്രോഃ ശുചിർമന്ദ്രഃ കവിരുദ തിഷ്ഠോ വിവസ്വതഃ |**
**ഘൃതേന ത്വാവർധയന്നഗ്ന ആഹുത ധൂമസ്തേ കേതുരഭവദ്ദിവി ശ്രിതഃ ||**

ഹേഅഗ്നേ! മാതാരൂപമായ അരണികളിൽനിന്നും നീ ജൻമമെടുത്തു. നീ വിദ്വാനും പവിത്രകർമ്മാവുമാകുന്നു. നീ യജമാനൻമാരാൽ പ്രോജ്വലിതമാക്കപ്പെടുന്നു. നിന്നെപ്രാചീനകാലത്തെ ഋഷിമാർ ഘൃതത്താൽ പ്രവൃദ്ധമാക്കിയിരുന്നു. നീഹവിസ്സുകളെ വഹിച്ചുകൊ് പോകുന്നവനാകുന്നു. അന്തരീക്ഷം വരെ ഉയർന്ന നിന്റെ ധൂമം ധ്വജം പോലെ മഹത്വമേറിയതാകുന്നു.

**4. അഗ്നിർനോ യജ്ഞമുപ വേതു സാധുയാഗ്നിം നരോ വിഭരന്തേ ഗൃഹേഗൃഹേ |**

**അഗ്നിർദൂതോ അഭവദ്ധവ്യവാഹനോഗ്നിം വൃണാനാ വൃണതേ കവിക്രതും ||**

മനുഷ്യർ യാഗവേദിയിൽ അഗ്നിയെ സ്ഥാപിക്കുന്നു. എല്ലാക്കാര്യങ്ങളും നിറവേറ്റുന്ന അവൻ നമ്മുടെ യജ്ഞത്തിലേക്കും എഴുന്നള്ളണേ. അവൻ ഹവിസ്സുകളെ വഹിക്കുന്നവനും ദേവകളുടെദൂതസ്വരൂപനും ആകുന്നു. സ്തോതാക്കൾ അവനെ യജ്ഞസമ്പാദകനായി മാനിക്കുന്നു.

**5. തുഭ്യേദമഗ്നേ മധുമത്തമം വചസ്തുഭ്യം മനീഷാ ഇയമസ്തു ശം ഹൃദേ |**

**ത്വാം ഗിരഃ സിന്ധുമിവാവനീർമഹീരാ പൃണന്തി ശവസാ വർധയന്തി ച ||**

ഹേ അഗ്നേ! ഈ മധുരസ്തോത്രം നിനക്കായി പ്രയുക്തമാക്കുന്നു. ഈ സ്തോത്രം നിന്റെ ഹൃദയത്തെ സുഖിപ്പിക്കുന്നു. നദികൾ സമുദ്രത്തെ പൂർണ്ണമാക്കുന്നതുപോലെ ഞങ്ങളുടെ സ്തുതികൾ അവനെ ബലവാനും പരിപൂർണ്ണനുമാക്കുന്നു.

**6. ത്വാമഗ്നേ അിരസോ ഗുഹാ ഹിതമന്വാവിന്ദഞ്ഛിശ്രിയാണം വനേവനേ |**

**സ ജംയസേ മഥ്യമാനഃ സഹോ മഹത്വാമാഹുഃ സഹസസ്പുത്രമങ്ഗിരഃ ||**

ഹേ അഗ്നേ! നീ ഗുഹയിൽ വസിച്ചുകൊ് വനത്തിൽ ആശ്രയംതേടുന്നു. നിന്നെ അംഗിരസ്സുകൾ പ്രകടമാക്കിയിരുന്നു. നീ മഥനം വഴിയായി മഹാബലത്തോടുകൂടി പ്രകടമായിരിക്കുന്നു. ഇക്കാരണത്താൽ തന്നെ നീ ബലപുത്രൻ എന്നുവിളിക്കപ്പെടുന്നു.

## സൂക്തം 12

**ഋഷി സുതംഭരൻ, ആത്രേയൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. പ്രാഗ്നയേ ബൃഹതേ യജ്ഞിയായ ഋതസ്യ വൃഷ്ണേ അസുരായ മന്മ |**

**ഘൃതം ന യജ്ഞ ആസ്യേ സുപൂതം ഗിരഭരേ വൃഷഭായ പ്രതീചീം ||**

അഗ്നിദേവൻ തന്റെ മഹത്വത്താൽ അത്യന്തം മഹത്തായ അഭിലാഷങ്ങളെ പൂർണ്ണമാക്കുന്ന വൃഷ്ടിയെ വർഷിക്കുന്നതിൽ കാരണഭൂതനും അതുപോലെ യജ്ഞയോഗ്യനുമാകുന്നു. യജ്ഞത്തിലൊഴിക്കപ്പെടുന്ന പവിത്രമായ ഘൃതത്തിനു തുല്യം നമ്മുടെ സ്തുതികളും അഗ്നിയെ പ്രസാദിപ്പിക്കുന്നവയാകണേ.

**2. ഋതം ചികിത്വ ഋതമിച്ചികിദ്ധ്യൃതസ്യ ധാരാ അനു തൃന്ധി പൂർവീഃ |**

**നാഹം യാതും സഹസാ ന ദ്വയേന ഋതം സപാമ്യരുഷസ്യ വൃഷ്ണഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ സ്തുതികളെ അറിയുകയും സ്വീകരിക്കുകയും ചെയ്യണമേ. നീ പ്രചുരമായ ജലവർഷത്തിനുവേി ഞങ്ങൾക്കനുകൂലമായിരുന്നാലും ഞങ്ങൾ യജ്ഞവിരുദ്ധമായോ നിയമവിരുദ്ധമായൊ യാതൊരു കാര്യങ്ങളും ചെയ്യുന്നില്ല. ഹേ അഗ്നേ! നീഅഭീഷ്ടപൂരകനും പ്രകാശവാനും ആകുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**3. കയാ നോ അഗ്ന ഋതയന്നൃതേന ഭുവോ നവേദാ ഉചഥസ്യനവ്യഃ |**

**വേദാ മേ ദേവ ഋതുപാ ഋതൂനാം നാഹം പാതിം സനിതുരസ്യ രായഃ ||**

ഹേ അഗ്നേ! നീ ജലത്തെ വർഷിക്കുന്നവനാകുന്നു. സ്തുത്യർഹനാകുന്നു. നീ ഞങ്ങളുടെ ശ്രേഷ്ഠമായ ഏതനുഷ്ഠാനങ്ങൾ വഴിയാണ് ഞങ്ങളുടെ സ്തുതികളെ അറിയുന്നത്? നീ ഋതുക്കളെ ഭക്ഷിക്കുന്നവനാകുന്നു. ഞങ്ങളെ അറിയുന്നവനാകണമേ. ഞങ്ങൾ നിനക്കായ് യജ്ഞം ചെയ്യുന്നു. ഞങ്ങളുടെ മൃഗാദിസമ്പത്തുകളുടെ രക്ഷകനായ അഗ്നിദേവനെ അറിയുന്നില്ലേ.

**4. കേ തേ അഗ്ന രിപവേ ബന്ധാസഃ കേ പായവഃ സനിഷന്ത ദ്യുമന്തഃ |**

**തേ ധാസിമഗ്നേ അനൃതസ്യ പാന്തി ക ആസതോ വചസഃ സന്തി ഗോപാഃ ||**

ഹേ അഗ്നേ! ആര് ലോകങ്ങളെ രക്ഷിക്കുന്നു. ആര് ശത്രുക്കളെ ബന്ധിക്കുന്നു. പ്രകാശിതനും പ്രദാതാവും ആര്. അസത്യപ്രവർത്തകരിൽനിന്നും രക്ഷിക്കുന്നതാര്. അതായത് ഇവയെ വിവേചനം ചെയ്ത് ശുഭചരണം നടത്തുന്നവരെ രക്ഷിക്കു.

**5. സഖായസ്തേ വിഷുണാ അഗ്ന ഏതേ ശിവാസഃ സന്തോ അശിവാ അഭൂവൻ |**

**അധൂർഷത സ്വയമേതേ വചോഭിർഋജൂയതേ വൃജിനാനി ബ്രുവന്തഃ ||**

ഹേ അഗ്നേ! നിന്റെ ഈ മിത്രജനം പ് നിന്നെ സ്തുതിച്ചിരുന്നില്ല. അതുകാരണം ദുഃഖം അനുഭവിച്ചിരുന്നു. പിന്നീട് അങ്ങയെ ഉപാസിച്ച് പൂർണ്ണസുഖം പ്രാപിച്ചു. ഞങ്ങൾ എപ്പോഴും സത്യാചരണങ്ങളിൽ തത്പരരായിരിക്കുന്നു. പിന്നെ യാതൊരു വ്യക്തി തന്റെ അവിവേകത്താൽ ഞങ്ങളെ ദുഷിക്കുകയാണെങ്കിൽ അവൻ സ്വയം തന്റെ വചനങ്ങളാൽ തന്നെ നശിച്ചുപോകണേ.

**6. യസ്തേ അഗ്നേ നമസാ യജ്ഞമീട്ട ഋതം സ പാത്യരുഷസ്യ വൃഷ്ണഃ |**

**തസ്യ ക്ഷയഃ പൃഥുരാ സാധുരേതു പ്രസർസ്രാണസ്യ നഹുഷസ്യ ശേഷഃ ||**

ഹേ അഗ്നേ! നീ പ്രകാശവാനാകുന്നു.നീ അഭിലാഷങ്ങളെ പൂർണ്ണമാക്കുന്നവനാകുന്നു. യാതൊരു സാധകൻ അന്തക്കരണം വഴിയായി അങ്ങയുടെ യജ്ഞത്തെ പാലിച്ചുകൊ് നിന്നെ പൂജിക്കുന്നുവോ അവന്റെ ഭവനം സമ്പന്നമായിത്തീരുന്നു. യാതൊരുത്തൻ നിന്നെ ശരിയായ രീതിയിൽ സേവിക്കുന്നുവോ ആ യജമാനൻ അഭീഷ്ടപൂർത്തിവരുത്തുന്ന പുത്രരത്നത്തെ പ്രാപിക്കുന്നു.

## സൂക്തം 13

**ഋഷി സുതംഭരൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. അർവന്തസ്ത്വാ ഹവാമഹേർച്ചന്തഃ സമിധീമഹി |**

**അഗ്നേ അർചന്ത ഊതയേ |**

ഹേ അഗ്നേ! ഞങ്ങൾ നിനക്ക് പൂജസമർപ്പിച്ചുകൊ് നിന്നെവിളിക്കുന്നു. അതുപോലെ സ്തുതിക്കുന്നവരായ സാധകൻമാർ തങ്ങളുടെ രക്ഷയെക്കരുതി നിന്നെ ചൈതന്യപ്പെടുത്തുന്നു.

**2. അഗ്ന നേഃസ്തോമം മനാമഹേ സിധ്രമദ്യ ദിവിസ്പൃഗഃ |**

**ദേവസ്യ ദ്രവിണസ്യ വഃ ||**

ഞങ്ങൾ ധനത്തെ ഇച്ഛിച്ചുകൊ് ആകാശത്തെ സ്പർശിക്കുന്നവനും പ്രകാശവാനുമായ അഗ്നിയുടെ ബലപ്രദാത്രിയെ സ്തുതിക്കുന്നു.

**3. അഗ്നിർജൂഷത നോ ഗിരോ ഹോതാ യോ മാനുഷേഷ്വാ |**

**സ യക്ഷദ്ദൈവ്യം ജനം ||**

മനുഷ്യർക്കുവേി സ്ഥാപിതമായ അഗ്നി ദേവതകളെ ആഹ്വാനം ചെയ്യുന്നു. ആ അഗ്നി സ്തോത്രങ്ങളെ സ്വികരിക്കണേ. ആ അഗ്നി യജ്ഞസാധകദ്രവ്യങ്ങളുടെ ജ്ഞാതാക്കളായ ദേവകളോടുകൂടി നമ്മുടെ സ്തുതികളെ എത്തിക്കുമാറാകണേ.

**4. ത്വമഗ്നേ സപ്രഥാ അസി ജുഷ്ഠോ ഹോതാ വരേണ്യഃ |**

**ത്വയാ യജ്ഞം വി തന്വതേ ||**

ഹേ അഗ്നേ! ഭവാൻ യശസ്വിയും മഹാനുമാകുന്നു. നീ സ്തുത്യർഹനും അന്നംപ്രദാനം ചെയ്യുന്നവനും ആകുന്നു. സ്തുതിക്കുന്നവരായ വിദ്വാൻമാർ മനോഹരങ്ങളായ സ്തോത്രങ്ങളാൽ നിന്നെ വളർത്തുന്നു. ഹേ അഗ്നേ! നീഞങ്ങളുടെ ശ്രേഷ്ഠമായ പരാക്രമത്തിൻെറ പ്രദാതാവാകണമേ.

**5. ത്വാമഗ്നേ വാജസാതമം വിപ്രാ വർധന്തിസുഷ്ടുതം |**

**സ നോ രാസ്വ സുവീര്യം ||**

ഹേ അഗ്നേ! സുഷ്ടുതനായി അന്നം നൽകുന്ന നിന്നെ മനീഷികൾ ഉത്തേജവാനാക്കുന്നു. ആ ഉത്തേജനത്തെ ഭവാൻ ഞങ്ങൾക്ക് നൽകേണമേ.

**6. അഗ്നേ നേമിരരാം ഇവാ ദേവാ സ്ത്വം പരിഭൂരസി |**

**ആ രാധാശ്ചിത്രമഞ്ജസേ ||**

ഹേ അഗ്നേ! വിച്ചക്രത്തിൻെറ ചുറ്റും വളയം അതിൻെറ ഏർക്കാലുകളുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ നീദേവകളുടെ പാലകനാകുന്നു. ഞങ്ങൾക്ക് എല്ലാ പ്രകാരത്തിലുള്ള അത്ഭുതകരമായ ഐശ്വര്യം നീ പ്രദാനം ചെയ്യണേ.

## സൂക്തം 14

**ഋഷി സുതംഭരആത്രേയൻ ദേവത അഗ്നി ഛന്ദസ് ഗായത്രി**

**1. അഗ്നി സ്തോമേന ബോധയ സമിധാനോ അമർത്യം |**

**ഹവ്യാ ദേവേഷു നോ ദധത് ||**

ഹേ മനുഷ്യരേ! അവിനാശഗുണത്തോടുകൂടിയ അഗ്നിയെ സ്തോത്രങ്ങളാൽ ചൈതന്യമാക്കുവിൻ. ആളിക്കത്തുമ്പോൾ അവൻ ദിവ്യപദാർത്ഥങ്ങളെ സ്വീകരിക്കുന്നു. അവൻ നമുക്കുവേി ഹവിസ്സിനെ വഹിക്കുന്നു.

**2. തമധ്വരേഷ്വീളതേ ദേവം മർതാ അമർത്യം |**

**യജിഷ്ഠം മാനുഷേജനേ ||**

പ്രകാശവാനും അവിനാശിയും മനുഷ്യരാൽ ആരാധിക്കപ്പെടുന്നവനും ആയ അഗ്നിയെ സാധകൻമാർ യാഗവേദിയിൽ സ്തുതിക്കുന്നു.

**3. തം ഹി ശശ്വന്ത ഈളതേ സ്രുചാദേവം ഘൃതശ്ചുതാ |**

**അഗ്നിഹവ്യായബോളഹവേ ||**

അവനെ സ്തുതിക്കുന്ന സാധകൻമാർ ഘൃതയുക്തമായ സ്വകസഹിതം ദേവകൾക്കും ഹവിസ്സെത്തിക്കുന്നതിനുവേി പ്രകാശവാനായ അഗ്നിയെ സ്തുതിക്കുന്നു.

**4. അഗ്നിർജാതേ അരോചത ഘ്നന്ദസ്യുജ്യോതിഷാ തമഃ |**

**അവിന്ദദ്ഗാ അപഃ സ്വഃ ||**

അരണിമഥനത്തിൽനിന്നും അഗ്നി ആവിർഭവിക്കുന്നു. അവൻ തൻെറ പ്രകാശത്താൽ അന്ധകാരത്തെ അകറ്റുകയും യജ്ഞവിഘ്നൻമാരായ രാക്ഷസൻമാരെ സംഹരിച്ച് പ്രദീപ്തനാക്കുകയും ചെയ്യുന്നു. കിരണങ്ങൾ, ജലം, ആകാശം ഇവഅഗ്നിവഴിയായിത്തന്നെ പ്രകടമാക്കുന്നു.

**5. അഗ്നിമീളേന്യം കവിം ഘൃതപൃഷ്ഠം സപര്യത |**

**വേതു മ ശൃണവദ്ധവം ||**

ഹേ സാധകൻമാരേ! ജ്ഞാനിയും ആരാധനാർഹനുമായ ആ അഗ്നിദേവനെ പൂജിക്കുവിൻ. അവൻ ഘൃതാഹുതിയാൽ പ്രദീപ്തനായി ഉന്നതത്തിലേയ്ക്കുയരുന്നു. ആ അഗ്നി നമ്മുടെ സ്തുതിവചനങ്ങൾ ശ്രവിക്കണേ.

**6. അഗ്നിം ഘൃതേന വാവൃധഃ സ്തോമേഭിർവിശ്വചർഷ ണിം സ്വാധീഭിർവചസ്യഭിഃ ||**

ഋത്വിക്കുകൾ ഘൃതംകൊും സ്തോത്രങ്ങൾകൊും സ്തുതികളെ ആഗ്രഹിക്കുന്നവനും, എല്ലാത്തിൻേറയും ദ്രഷ്ടാവുമായ അഗ്നിയെ വർദ്ധിതമാക്കണേ.

## അനുവാകം 2 സൂക്തം 15

**ഋഷി അംഗിരവംശജനായ ധരുണൻ ദേവത അഗ്നി, ത്രിഷ്ടുപ്, പംക്തി**

**1. പ്ര വേധസേ കവയേ വേദ്യായ ഗിരം ഭരേ യശതേ പൂർവ്യായ |**

**ഘൃതപ്രസത്തോ അസുരഃ സുശേവോ രായോ ധർതാ ധരുണോ വസ്വോ അഗ്നിഃ ||**

ഘൃതരൂപമായ ഹവിസ്സിനാൽ അഗ്നി പ്രസന്നനാകുന്നു. അവൻ മഹാബലവാനും കല്യാണരൂപനും ധനത്തിൻെറ സ്വാമിയും നിവാസപ്രദനും ഹവിസ്സിനെ വഹിക്കുന്നവനും സ്തുതികൾക്ക് പാത്രവും ഉജ്വലാദർശിയും ശ്രേഷ്ഠനും തേജസ്വിയുമാകുന്നു. ആ അഗ്നിദേവനുവേി നാം സ്തോത്രങ്ങൾ രചിക്കുന്നു.

**2. ഋതേന ഋതം ധരുണം ധാരയന്ത യജ്ഞസ്യ ശാകേ പരമേ വ്യോമൻ |**

**ദിവോ ധർമന്ധരുണേ സേദുഷോ നൄഞ്ജാതൈരജാതാം അഭി യേ നനക്ഷുഃ ||**

ഏതൊരു യജമാനൻ ആകാശത്തെ വഹിക്കുന്നവനും യജ്ഞവേദിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നവനും നേതാരൂപനും ആയവനെ ഋത്വിജൻമാരാൽ ആഹുതമാക്കപ്പെടുന്നുവോ ആ യജമാനൻ യജ്ഞത്തെ വഹിക്കുന്നവനും സത്യസ്വരൂപനുമായ അഗ്നിയെ യജ്ഞസ്ഥാനത്തിൽ ശ്രേഷ്ഠമായ സ്ഥാനത്ത് സ്ഥാപിക്കുന്നു.

**3. അംഹോയുവസ്തന്വസ്തന്വതേ വി വയോ മഹദ്ദുഷ്ടരം പൂർവ്യായ |**

**സ സംവതോ നവജാതസ്തുതുര്യാത്സിംഹം ന ക്രുദ്ധമഭിതഃ പരിഷ്ഠുഃ ||□□**

യാതൊരു യജമാനൻ ദൈത്യൻമാർക്ക് ദുഷ്പ്രാപ്യമായ ഹവിസ്സിനെ അഗ്നിക്കു നൽകുന്നുവോ, ആ യജമാനൻ

പവിത്രനാകുന്നു. നവോൽപ്പന്നനായ അഗ്നി ക്രുദ്ധനായ സിംഹത്തെപ്പോലെ ശത്രുക്കളെ പലായനം ചെയ്യിക്കണേ. എനിക്കു ചുറ്റും നിലകൊള്ളുന്ന ശത്രുക്കളും എന്നിൽനിന്നും അകന്നു പോകണേ.

**4. മാതേവ യദ്ഭരസേ പപ്രഥാനോ ജനഞ്ജനം ധായസേ ചക്ഷസേ ച |**

**വയോവയോ ജരസേ യദ്ദധാനഃ പരി ത്മനാ വിഷുരൂപോ ജിഗാസി||**

അഗ്നി സർവ്വത്ര പ്രസിദ്ധനാകുന്നു. അവൻ എല്ലാ ജീവികളേയും മാതാവിനുതുല്യം പാലിക്കുന്നു. അവൻെറ രക്ഷക്കും ദർശനത്തിനുംവേി എല്ലാവരും അവനെ സ്തുതിക്കുന്നു. അവൻ ധാരണം ചെയ്യുന്നതിൽ സമർത്ഥനാകുമ്പോൾ എല്ലാ അന്നങ്ങളേയും ജീർണ്ണമാക്കുന്നു. അവൻ എല്ലാ പ്രകാരത്തിലുമുള്ള ബലങ്ങളെ പുഷ്ടിപ്പെടുത്തുന്നു.

**5. വാജോ നു തേ ശവസസ്പാത്വന്തമുരും ദോഘം ധരുണം ദേവ രായഃ |**

**പദം ന തായുർഗുഹാ ദധാനോ മഹോ രായേ ചിതയന്നത്രിമസ്പഃ ||**

ഹേ അഗ്നേ! നീ പ്രകാശവാനാകുന്നു. അഭിലാഷങ്ങളെ പൂർത്തിയാക്കുന്നവനും ധനത്തെ വഹിക്കുന്നവനുമായ അങ്ങയുടെ ബലത്തെ ഹവിരാന്നം പുഷ്ടിപ്പെടുത്തണേ. ആരെങ്കിലും അപഹരിക്കപ്പെട്ട ധനം ഒളിച്ചുവെച്ച് അതിന സൂക്ഷിക്കുന്നതുപോലെ നീ പ്രചുരമായ പരിണാമത്തിൽ ധനം സമ്പാദിക്കുവാനുള്ള മാർഗ്ഗം കാണിച്ചു തന്നാലും.

## സൂക്തം 16

**ഋഷി പുരുരാത്രേയൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, ഉഷ്ണിക, ബൃഹതി**

**1. ബൃഹദ്വയോ ഹി ഭാനവേർച്ചാ ദേവായഗ്നയേ |**

**യം മിത്രം ന പ്രശസ്തിഭിർമർതാസോ ദധിരേ പുരഃ ||**

യാതൊരു മിത്രഭൂതമായ അഗ്നിയെ ഉത്തമങ്ങളായ സ്തുതികളാൽ സാധകഗണം വാഴ്ത്തുകയും വേദിയിൽ സ്ഥാപിക്കുകയും ചെയ്യുന്നുവോ പ്രകാശവാനായ ആ അഗ്നിക്ക് ഹവിസ്സുകൾ നൽകണമേ.

**2. സ ഹി ദ്യുഭിർജനാനാം ഹോതാ ദക്ഷസ്യ ബാഹ്വോഃ |**

**വി ഹവ്യമഗ്നിരാനുഷഗോ ഗന വാരമൃണ്വതി ||**

യാതാരഗ്നി സ്വന്തം ഭുജബലത്തിൻെറ തേജസ്സാൽ യുക്തനായിരിക്കുന്നുവോ യാതൊരുത്തൻ ദേവകൾക്കായി ഹവിസ്സിനെ വഹിക്കുന്നുവോ അവൻ യജ്ഞത്തിൽ യജമാനനുവേി ദേവകളെ വിളിക്കുന്നു.

**3. അസ്യ സ്തോമേ മാഘനേഃ സഖ്യേ വൃദ്ധശോചിഷഃ |**

**വിശ്വാ യസ്മിന്തുവിഷ്വണി സമര്യേ ശുഷ്മാദധുഃ ||**

അവൻ സാധകൻമാർക്ക് സൂര്യനെപ്പോലെ വരണയോഗ്യമായ ധനം പ്രദാനം ചെയ്യുന്നു. അവനെ എല്ലാവരും വാഴ്ത്തുന്നു.

**4. അധാ ഹ്യഗ്ന ഏഷാം സുവീര്യസ്യ മംഹനാ |**

**തമിദ്യഹ്വം ന രോദസീ പരി ശ്രവോ ബഭൂവതുഃ ||**

എല്ലാ ഋത്വിക്കുകളും ഹവിസ്സിൻെറയും സ്തുതികളുടേയും ദാനം വഴിയായി, ശബ്ദമുാക്കുന്ന അഗ്നിയെ ശരിയാംവിധം പുഷ്ടിപ്പെടുത്തുന്നു. ഉയർന്നു വരുന്നവനും ഐശ്വര്യസമ്പന്നനുമായ അഗ്നിയെത്തന്നെ നാം സ്തുതിക്കുന്നു. ആഅഗ്നിയുമായിനാം സഖ്യഭാവം സ്ഥാപിക്കുന്നു.

**5. നൂ ന ഏഹി വാര്യമഗ്നേ ഗൃണാന ആ ഭര |**

**യേ വയം യേ ച സൂരയഃ സ്വസ്തി ധാമഹേ സചോതൈധി പൃത്സു നോ വൃധേ ||**

ഹേ അഗ്നേ! യജമാനൻമാരായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ യജ്ഞത്തിൽ നീഅതിവേഗം വന്നാലും. ഞങ്ങൾക്ക് വരണയോഗ്യമായ ധനം കിട്ടുമാറാക്കണം. യജമാനൻമാരും സ്തോതാക്കളും ആയ ഞങ്ങളെ യുദ്ധക്ഷേത്രത്തിൽ രക്ഷാസാധനങ്ങളാൽസമ്പന്നമാക്കണമേ. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

## സൂക്തം17

**ഋഷി പുരുരാത്രേയ ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്, ബൃഹതി**

**1. ആയജ്ഞൈർദേവ മർത്യ ഇത്ഥാ തവ്യാം സമൂതയേ |**

**അഗ്നിം കൃതേ സ്വധ്വരേ പൂരുരീളീതാവസേ ||**

ഹേ ദേവാ!മനുഷ്യഗണം രക്ഷക്കും ജ്ഞാനത്തിനും വേി ബലവാനായ അഗ്നിദേവനെ സ്തുതിക്കുന്നു. ഋത്വിക്കുകൾ തങ്ങളുടെ തേജസ്സാൽ പ്രവൃദ്ധമാക്കപ്പെട്ട അഗ്നിയെ സ്തുതികളാൽ സന്തുഷ്ടമാക്കുന്നതിനായി യജ്ഞത്തിൽ വിളിക്കുന്നു.

**2. അസ്യ ഹി സ്വയശസ്തര ആസാ വിധർമൻമന്യസേ |**

**തം നാകം ചിത്രശോചിഷം മന്ദ്രം പരോ മനീഷയാ ||**

ഹേ ധർമ്മത്തെ അനുഷ്ഠിക്കുന്നവരായ സ്തോതാക്കളേ! നിങ്ങളുടെ യജ്ഞകർമ്മം മഹത്വമേറിയതാകുന്നു. യാതൊരഗ്നിക്ക് അത്ഭുതകരമായ തേജസ്സുായിരിക്കുന്നുവോ, യാതൊരുത്തൻ സ്തുതിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നുവോ, യാതൊരുത്തൻ സ്തുതിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നുവോ യാതൊരുത്തൻ സ്തുതിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നുവോ, യാതൊരുത്തൻ സദാ ദുഃഖങ്ങളിൽനിന്നും അകന്നു വസിക്കുന്നുവോ, ആ അഗ്നിയെ നിങ്ങൾ ശ്രേഷ്ഠമായ ബുദ്ധിയാലും സുന്ദരമായ വചനങ്ങളാലും സ്തുതിക്കുവിൻ.

**3. അസ്യ വാസാ ഉ അർചിഷാ യ ആയുക്ത തുജാ ഗിരാ |**

**ദിവോ ന യസ്യ രേതസാ ബൃഹച്ഛോചന്ത്യർചയഃ ||**

യാതൊരുത്തൻ ലോകത്തെ രക്ഷിക്കുന്നതിനുള്ള ശക്തിയാൽ പരിപൂർണ്ണനായിരിക്കുന്നുവോ, യാതൊരുത്തൻ സൂര്യനുതുല്യം പ്രകാശവാനായിരിക്കുന്നുവോ, യാതൊരുത്തൻെറ ദീപ്തി ലോകത്തിൽ വ്യാപ്തമായിരുന്നുവോ, യാതൊരഗ്നിയുടെ കാന്തി ലോകത്തിൽ പ്രകാശം വിതറുന്നുവോ, ആ അഗ്നിയുടെ പ്രകാശത്തിൽതന്നെ സൂര്യൻ പ്രകാശമയനാകുന്നു.

**4. അസ്യ ക്രത്വാ വിചേതസോ ദസ്മസ്യ വസു രഥ ആ |**

**അധാ വിശ്വാസു ഹവ്യോഗ്നിർവിക്ഷു പ്രശസ്യതേ ||**

ശ്രേഷ്ഠബുദ്ധിയുള്ളവരായ ഋത്വിക്കുകൾ തേജസ്വിയായ ആ അഗ്നിയെത്തന്നെ പൂജിച്ച് രഥയുക്തമായ ധനം ലാഭിക്കുന്നു. യജ്ഞത്തിനുവേി ആഹുതമാക്കപ്പെടുന്ന അഗ്നി ആവിർഭവിക്കുമ്പോൾതന്നെ എല്ലാ മനുഷ്യരാലും പൂജിതനാകുന്നു.

**5. നൂ ന ഇഹി വാര്യമാസാ സചന്ത സൂരയഃ |**

**ഊർജോ നപാദഭിഷ്ടയേ പാഹി ശഗ്ധി സ്വസ്തയ**

**ഉതൈധീ പൃത്സു നോ വൃധേ ||**

ഹേ അഗ്നേ! യാതൊരു ധനത്തെ സാധകഗണം നിന്നെ പൂജിച്ച് പ്രാപിച്ചുവോ, വരണീയമായ ആ ധനത്തെ അതിവേഗം ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. ഞങ്ങളാഗ്രഹിക്കുന്ന അന്നം നൽകണമേ. ഞങ്ങളെ രക്ഷിക്കൂ. നല്ല നല്ല മൃഗങ്ങളെ നിന്നിൽനിന്നും ഞങ്ങളാശിക്കുന്നു. ഹേ അഗ്നേ! നീ യുദ്ധഭൂമിയിൽ ഉപസ്ഥിതനായി ഞങ്ങളെ രക്ഷിക്കുമാറാകണമേ.

## സൂക്തം 18

**ഋഷി ദ്വിതോ മൃക്തവാഹർ ആത്രേയൻ ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്, ഉഷ്ണിക, ബൃഹതി**

**1. പ്രാതരഗ്നിഃ പുരുപ്രിയോ വിശഃ സ്തവേതാതിഥിഃ |**
**വിശ്വാനി യോ അമർത്യോ ഹവ്യാ മർതേഷു രണ്യതി ||**

ഹേ അഗ്നി! നീ എല്ലാവർക്കും പ്രിയപ്പെട്ടവനാകുന്നു. യജമാനൻമാർക്ക് ധനം നൽകുവാൻ നീ അവരുടെ ഭവനങ്ങളിൽ പോകുന്നു. ഈ അഗ്നി പ്രഭാതസവനത്തിൽ പ്രോജ്ജ്വലിക്കപ്പെടുന്നു. അമരത്വത്തോടുകൂടിയ അഗ്നി യജമാനൻമാരാൽ പ്രതിഷ്ഠിതനാണ്. അവൻ ഹവിരാന്നത്തെ ഇഷ്ടപ്പെടുന്നു.

**2. ദ്വിതായ മൃക്തവാഹസേ സ്വസ്യദക്ഷസ്യ മംഹനാ |**
**ഇന്ദുംസ ധത്ത ആനുഷക്സ്തോതാ ചിത്തേ അമർത്യ ||**

ഹേ അഗ്നേ! അത്രിപുത്രനായ ദ്വിതൻ നിനക്കായി പവിത്രമായ ഹവിസ്സ് കൊവരുന്നു. നീ അവന് നിൻേറതുപോലെയുള്ള ബലം നൽകേണമേ. എന്തുകൊണ്ടെന്നാൽ അവൻ എപ്പോഴും നിനക്കായി സോമരസം കൊവരികയും നിന്നെ പൂജിക്കുകയും ചെയ്യുന്നു.

**3. തം വോ ദീർഘായുശോചിഷം ഗിരാ ഹുവേ മഘോനാം |**
**അരിഷ്ടോ യേഷാം രഥോ വ്യശ്വദാവന്നീയതേ ||**

ഹേ അഗ്നേ! നീ അശ്വത്തെ നൽകുന്നവനും ആളിക്കത്തുന്നവനും തേജസ്വിയുമാകുന്നു. ഞങ്ങളുടെ സമ്പന്നൻമാരായ യജമാനൻമാർക്കുവേി സ്തോത്രങ്ങൾ വഴിയായി ഞങ്ങൾ നിന്നെ വിളിക്കുന്നു. ആ യജമാനൻമാരുടെ രഥം അഹിംസിതമായി രണക്ഷേത്രത്തിൽ മുന്നേറട്ടെ.

**4. ചിത്രാ വാ യേഷു ദീധിതിരാസന്നുക്ദാ പാന്തി യേ |**
**സ്തീർണംബർഹിഃ സ്വർണരേ ശ്രവാംസി ദധിരേ പരി ||**

യാതൊരു ഋത്വിജൻ അനേകം യജ്ഞകർമ്മങ്ങളെ സമ്പന്നമാക്കുന്നുവോ, യാതൊരുത്തൻ ഉക്ഥം ചൊല്ലി അഗ്നിയെ സംരക്ഷിക്കുന്നുവോ അവനെ മറക്കാതിരിക്കുന്നുവോ, ആ ഋത്വിജൻമാർ യജമാനൻമാർക്ക് സ്വർഗ്ഗപ്രാപ്തിക്കുവേിയുള്ള യജ്ഞത്തിൽ കുശാസനത്തിൻമേൽ ശ്രേഷ്ഠമായ ഹവിരാന്നം സ്ഥാപിക്കുന്നു.

**5. യേ മേ പഞ്ചാശതം ദദൂരശ്വാനാം സധസ്തുതി |**
**ദ്യുമദഗ്നേ മഹി ശ്രവോ ബൃഹത്കൃധി മഘോനാം നൃവദമൃത നൃണാം ||**

ഹേ അഗ്നേ! നീ നാശരഹിതനാകുന്നു. നിന്നെ സ്തുതിച്ചതിന് യാതൊരുത്തൻ സ്തോതാവായ എനിക്ക് അൻപതു കുതിരകളെ ദാനമായി നൽകിയിരിക്കുന്നുവോ, ആ ദാനിയായ മനുഷ്യന് ദാസാദിയുക്തമായ ധനം പ്രദാനം ചെയ്യണേ.

## സൂക്തം 19

**ഋഷി വവ്രിരാത്രേയൻ ദേവത അഗ്നി ഛന്ദസ് ഗായത്രി, അനുഷ്ടുപ്, ഉഷ്ണിക, പംക്തി**

**1. അഭ്യവസ്ഥാഃപ്ര ജായാന്ത പ്രവവ്രേർവവ്രിശ്ചികേത**
**ഉപസ്ഥേ മാതുർവി ചഷ്ടേ ||**

ഭൂമാതിൻെറ നികടത്തിൽ അവസ്ഥിതനായിരിക്കുന്ന യാതൊരഗ്നി പദാർത്ഥങ്ങളെ മാത്രം ദർശിക്കുന്നുവോ, ആ അഗ്നി വവ്രിമഹർഷിയുടെ സങ്കടാവസ്ഥയെ അറിഞ്ഞ് അവൻെറ ഹവിസ്സുകളെ സ്വീകരിക്കുകയും അവൻെറമേൽ കൃപയുള്ളവനാകുകയും ചെയ്യണേ.

**ജുഹുരേ വി ചിതയന്തോ നിമിഷം നൃമ്ണം പാന്തി |**
**ദൃളഹാം പുരം വിവിശുഃ ||**

ഹേ അഗ്നേ! യാതൊരു സാധകൻ നിൻെറ പ്രഭാവത്തെ അറിഞ്ഞ് യജ്ഞത്തിനുവേി നിന്നെ വിളിക്കുന്നുവോ യാതൊരു സാധകൻ ഹവിരാന്നം നൽകി സ്തുതികളാൽ നിൻെറ ബലത്തെ വർദ്ധിപ്പിക്കുന്നുവോ, അവൻ ശത്രുക്കളുടെ ദുർഗ്ഗമങ്ങളായ ദുർഗ്ഗങ്ങളിൽ നിശങ്കം പ്രവേശിക്കുന്നു.

**3. ആ ശ്വൈത്രേയസ്യ ജന്തവോ ദ്യുമദ്വർധന്ത കൃഷ്ടയഃ |**
**നിഷ്കഗ്രീവോ ബൃഹദുക്ഥ ഏനാ മധ്വാ ന വാജയുഃ ||**

സ്തോത്രരചയിതാക്കളായ ജ്ഞാനികൾ, അഗ്നിയെ ആഗ്രഹിക്കുന്നവരും കഴുത്തിൽ സ്വർണ്ണരത്നാദി അലങ്കാരങ്ങളോടുകൂടി ജനിച്ചവരുമാണ്. വിദ്വാൻമാരായ അവർ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന വിദ്യുത്രൂപമാകുന്ന അഗ്നിയുടെ ശക്തിയെ സ്തോത്രങ്ങൾ വഴിവളർത്തുന്നു.

**4. പ്രിയം ദുഗ്ധം ന കാമ്യാ ജാമ്യോഃ സചഅ |**
**ധർമോ ന വാജജാരോദബ്ധഃ ശശ്വതോ ദമഃ ||**

ക്ഷീരമിശ്രിതമായ ഹവിരാന്നത്തെ ഉദരസ്ഥമാക്കുന്ന അഗ്നി ശത്രുക്കളാൽ അഹിംസിരനും, ശത്രുക്കളെ ഹിംസിക്കുന്നതിൽ സമർത്ഥനുമാകുന്നു. ആകാശത്തിൻേറയും ഭൂമിയുടേയും സഹായകനായ ആ അഗ്നി പാലുപോലെ ഉജ്ജ്വലനും ദോഷരഹിതനുമായി നമ്മുടെ സ്തുതികളെ ശ്രവിക്കട്ടെ.

**5. ക്രീളന്നോ രശ്മ ആ ഭുവഃ സം ഭസ്മനാ വായുനാ വേവിദാനഃ |**
**താ അസ്യ സന്ധൃഷജോ തിഗ്മാഃ സുസംശിതാ വക്ഷ്യോ വക്ഷണേസ്ഥാഃ ||**

ഹേ അഗ്നേ! നീ ദീപ്തിമയനാകുന്നു. നീ സ്വന്തം ഭസ്മഗുണത്തോടുകൂടിയ ധനത്തിൽ ക്രീഡിക്കുന്നു. നീ വായുവിൻെറ പ്രേരണയോടുകൂടി വളർന്ന് ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടണമേ. നിൻെറ ജ്വാലകൾ ശത്രുക്കൾക്ക് നാശകാരിയും, യജമാനൻമാരായ ഞങ്ങൾക്ക് ശീതളകാരിയുമാകണേ.

## സൂക്തം 20

**ഋഷി അത്രേയവംശ്യർ, പ്രയസ്വന്തൻമാർ ദേവത അഗ്നി ഛന്ദസ് അനുഷ്ടുപ്, പംക്തി**

**1. യമഗ്നേ വാജസാതമ ത്വ ചിൻമന്യസേ രയിം |**
**തം നോ ഗിഭിഃ ശ്രവായ്യം ദേവത്രാ പനയാ യുജം ||**

ഹേ അഗ്നേ! നീ വളരെയധികം അന്നംദാനം ചെയ്യുന്നവനാകുന്നു. ഞങ്ങളാൽ നൽകപ്പെടുന്ന യാതൊരന്നം നിൻെറ അടുക്കലുോ, അതോടുകൂടി ഞങ്ങളുടെ സ്തുതികളും ചേർത്ത് ദേവകളുടെ അടുക്കലേയ്ക്ക് കൊുപോയാലും.

**2. യേ അഗ്നേ നേരയന്തി തേ വൃദ്ധാ ഉഗ്രസ്യ ശവസഃ |**

**അപ ദ്വേഷോ ഹ്വരോന്യവ്രതസ്യ സശ്ചിരേ ||**

ഹേ അഗ്നേ! യാതൊരു വ്യക്തി മൃഗാദികളായ ധനത്താൽ സമ്പന്നനായിരുന്നിട്ടും നിനക്ക് ഹവിസ്സ് നൽകാതിരിക്കുന്നുവോ, അവൻ അന്നത്താലും ബഹിഷ്കൃതനായി ഭവിക്കുന്നു. യാതൊരുത്തൻ വേദവിരുദ്ധമായി പ്രവർത്തിക്കുന്നുവോ, അവൻ അങ്ങയുടെ വിരോധിയായി അങ്ങയാൽ നശിപ്പിക്കപ്പെടുന്നു.

**3. ഹോതാരം ത്വാ വൃണീമഹേഗ്നേ ദക്ഷസ്യ സാധനം |**
**യജ്ഞേഷു പൂർവ്യം ഗിരാ പ്രയസ്വന്തോ ഹവാമഹേ ||**

ഹേ അഗ്നേ! നീബലസാധകനും ദേവകളെ വിളിക്കുന്നവനുമാകുന്നുവല്ലോ. ഞങ്ങൾ, അന്നത്താൽ സമ്പന്നരായ മനുഷ്യർ നിന്നെ വരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ യജ്ഞകർമ്മങ്ങളിൽ ശ്രേഷ്ഠനായ അഗ്നി ദേവനെ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു.

**4. ഇത്ഥാ യഥാ ത ഊതയേ സഹസാവന്ദിവേദിവ |**
**രായ ഋതായ സുക്രതോ ഗോഭിഃ ഷ്യാമ സധമാദോ വീരൈഃ സ്യാമ സധാമാദഃ ||**

ഹേ അഗ്നേ! നീ ശക്തിശാലിയാകുന്നു. ഞങ്ങൾ നിത്യവും യാതൊരു കാര്യത്തിനായി നിന്നെ വന്ദിക്കുന്നുവോ അത് സാധിച്ചുതരണമേ. ഹേ സുന്ദരകർമ്മാവായ അഗ്നിദേവാ യാതൊന്നിനുവേി ഞങ്ങൾ യജ്ഞം നടത്തുകയും ധനം പ്രാപിക്കുകയും ചെയ്യുന്നുവോ, അക്കാര്യം നടത്തണമേ. ഞങ്ങൾ ഗോക്കളേയും വീരപുത്രൻമാരേയും പ്രാപിക്കട്ടെ. അതിനായി കൃപചെയ്താലും.

## സൂക്തം 21

**ഋഷി ആത്രേയവംശ്യൻ, സസൻ ദേവതഅഗ്നി**
**ഛന്ദസ് അനുഷ്ടുപ്, പംക്തി**

**1. മനുഷ്വത്ത്വാ നി ധീമഹി മനുഷ്വത് സധീമഹി |**
**അഗ്നേ മനുഷ്വദങ്ഗിരോ ദേവാന്ദേവയതേ യജ ||**

ഹേ അഗ്നേ! ഞങ്ങൾ നിന്നെ മനുവിനെപ്പോലെ പ്രതിഷ്ഠിച്ച് പ്രോജ്ജ്വലിപ്പിക്കുന്നു. ദേവകളെ ആഗ്രഹിക്കുന്ന മനുഷ്യർക്കുവേി നീ ഈ ദേവയജ്ഞത്തെ സമ്പന്നമാക്കിയാലും.

**2. ത്വം ഹി മാനുഷേ ജനേഗ്നേ സുപ്രീത ഇധ്യസേ |**
**സുചസ്ത്വാ യന്ത്യാനുഷക്സുജാത സർപിരാസുതേ**

ഹേ അഗ്നേ! നീ സ്തോത്രങ്ങളാൽ പ്രീതനായി ജ്വലിക്കപ്പെട്ട് മനുഷ്യർക്കുവേി തേജസ്വിയായിത്തീരുന്നു. ഘൃതയുക്തമായ ഹവിസ്സും ഘൃതയുക്തമായ പാത്രവും നിന്നെ നിരന്തരം പുഷ്ടിപ്പെടുത്തുന്നു.

**3. ത്വാം വിശ്വേ സജോഷസോ ദേവാസോ ദൂതമക്രത |**
**സപര്യന്തസ്ത്വാ കവേ യജ്ഞേഷു ദേവമീളതേ ||**

ഹേ അഗ്നിദേവാ! നീ മനോഹരമായ കാന്തിയോടുകൂടിയവനാകുന്നു. ദേവൻമാരെല്ലാം നിന്നെ തങ്ങളുടെ ദൂതനായി നിയോഗിച്ചിരുന്നു. അതിനാൽ യജ്ഞം നടത്തുന്നവരായ സാധകൻമാർ ദേവകളെ ആഹ്വാനം ചെയ്യുവാനായി നിനക്ക് യാഗം ചെയ്യുന്നു.

**4. ദേവം വോ ദേവയജ്യയാഗ്നിമീളീത മർത്യഃ |**
**സമിദ്ധഃ ശുക്ര ദീദിഹ്യ ഋതസ്യ യോനിമാസദഃ സമസ്യ യോനിമാ സദഃ ||**

ഹേ അഗ്നേ! നീ പ്രകാശവാനാകുന്നു. ദേവകൾക്കുള്ള യജ്ഞത്തിൽ നീ സ്തുതിക്കപ്പെടുന്നു. നീ ഹവിസ്സിനാൽ വളർന്ന് ദീപ്തിയുക്തനായാലും സസമഹർഷിയുടെ സ്വർണ്ണം ആഗ്രഹിച്ചുകൊുള്ള യജ്ഞത്തിൽ നീ പ്രതിഷ്ഠിതനായാലും.

## സൂക്തം 22

**ഋഷി അത്രിവംശ്യൻ, വിശ്വസാമാവ് ദേവത അഗ്നി**
**ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. പ്ര വിശ്വസാമന്നത്രിവദർചാ പാവകശോചിഷേ |**
**യോ അധ്വരേ ഷീഡ്യോ ഹോതാ മന്ദ്രതമോ വിശി ||**

ഹേ ലോകം മുഴുവനുമുള്ള ജ്ഞാതാവായ മഹർഷീ! അങ്ങ് അത്രിക്ക് തുല്യം പവിത്രമായ ദീപ്തിയോടുകൂടിയ അഗ്നിയെ പൂജിക്കൂ. അവ എല്ലാ ഋത്വിക്കുകളാലും യജ്ഞത്തിൽ സ്തുതിക്കപ്പെടുന്നു. അവൻ ദേവകളെ വിളിക്കുന്നവനും പൂജനീയനുമാണല്ലോ.

**2. ന്യഗ്നിം ജാതവേദസം ദധാതാ ദേവമൃത്വിജം |**
**പ്ര യജ്ഞ എത്വാനുഷഗദ്യാ ദേവവചസ്തമഃ ||**

ഹേ മനുഷ്യരേ! എല്ലാ ജ്ഞാനങ്ങളുടേയും ജ്ഞാതാവും തേജസ്വിയും യജ്ഞകർത്താവുമായ അഗ്നിയെ സ്വീകരിക്കുവിൻ. തൻമൂലം ദേവകൾക്കു പ്രിയങ്കരമായതും യജ്ഞത്തിൻെറ സാധനാരൂപവുമായ ഹവിസ്സിനെ നാം അഗ്നിക്കുവേി പ്രദാനം ചെയ്യണേ.

**3. ചികിത്വിൻമനസം ത്വാ ദേവം മർതാസ ഊതയേ |**
**വരേണ്യസ്യ തേവസ ഇയാനാസോ അമൻമഹി ||**

ഹേ അഗ്നേ! നീ തേജസ്വിയാകുന്നു. നീ മഹത്വയുക്തനാകുന്നു. ഞങ്ങൾ നിൻെറ രക്ഷയെ യാചിച്ചുകൊ് വന്നിരിക്കുന്നു.നിന്നെ പ്രസാദിപ്പിക്കുന്നതിനായി ഞങ്ങൾ നിന്നെ പൂജിക്കുന്നു.

**4. അഗ്നേ ചികിദ്ധ്യസ്യ ന ഇദം വചഃ സഹസ്യ |**
**തം ത്വാസുശിപ്ര ദമ്പതേ സ്തോമൈർവർധന്ത്യനൂയോ ഗിർഭിഃ ശുമ്ഭന്ത്യത്രയഃ ||**

ഹേ അഗ്നേ! നീ ബലപുത്രനാകുന്നു. നീ ഞങ്ങളുടെ സേവാരൂപമാകുന്ന സ്തോത്രത്തെ അറിയണമേ. മനോഹരമായ താടിയോടും നാസികയോടും കൂടിയ നീ ഗൃഹനാഥന് തുല്യനാകുന്നു. നിന്നെ അത്രിവംശജൻമാർ സ്തുതിയാൽ വളർത്തുന്നു. വാണിയാൽ വിഭൂഷിതനാകുന്നു.

## സൂക്തം 23

**ഋഷി ദ്യുമ്നൻ ദേവത അഗ്നി ഛന്ദസുകൾ അനുഷ്ടുപ്, പംക്തി**

**1. അഗ്നേ സഹന്തമാ ഭര ദ്യുമ്നസ്യ പ്രാസഹാ രയിം |**
**വിശ്വാ യശ്ചർഷണീരഭ്യാസാ വാജേഷു സാസഹത് ||**

ഹേ അഗ്നേ! ദ്യുമ്നമഹർഷിക്ക് ശത്രുക്കളുടെമേൽ വിജയം പ്രാപിക്കുന്ന ഒരു വീരപുത്രനെ പ്രദാനം ചെയ്യണമേ. ആ പുത്രൻ സ്തുതികളാൽ പൂർണ്ണനായി രണക്ഷേത്രത്തിൽ സമസ്ത ശത്രുക്കളേയും കീഴമർത്തട്ടെ.

**2. തമഗ്നേ പൃതനാഷഹം രയിം സഹസ്വ ആ ഭര |**
**ത്വം ഹി സത്യോ അദ്ഭുതോ ദാതാ വാജസ്യ ഗോമതഃ ||**

ഹേ അഗ്നേ! നീ മഹാശക്തനാകുന്നു. നീ സത്യത്തിൻെറ കാരണരൂപനും ഗോക്കൾ ആദിയായ സമ്പത്ത് നൽകുന്നവനുമാകുന്നു. എല്ലാ സൈന്യങ്ങളേയും വശത്താക്കുന്നവനായ ഒരുപുത്രനെ എനിക്ക് നൽകണേ.

**3. വിശ്വേ ഹി ത്വാ സജോഷസോ ജനാസോ വൃക്തബർഹിഷഃ |**

**ഹോതാരം സദ്മസു പ്രിയം വ്യന്തി വാര്യാ പുരു ||**

ഹേ അഗ്നേ! നീ ദേവകളെ ആഹ്വാനം ചെയ്യുന്നവനും, അതുപോലെ എല്ലാവർക്കും നൻമ വരുത്തുന്നവനുമാകുന്നു. കുശമുറിക്കുന്നവരായ തുല്യപ്രീതിയോടുകൂടിയ ഋത്വിക്കുകൾ യജ്ഞസ്ഥാനത്തുനിന്ന് വരണയോഗ്യമായ ധനം നിന്നോട് യാചിക്കുന്നു.

**4. സ ഹി ഷ്മാ വിശ്വചർഷണിരഭിമാതി സഹോ ദധേ |**

**അഗ്ന ഏഷു ക്ഷയേഷ്വാ രേവന്നഃ ശുക്ര ദീദിഹി ദ്യുമത്പാവക ദീദിഹി ||**

ഹേ അഗ്നേ! വിശ്വചർഷണിക്ക് ശത്രുക്കളെ സംഹരിക്കുവാനുള്ള ബലം ഉാകട്ടെ. ഹേ തേജസ്വിൻ നീ ഞങ്ങളുടെ ഭവനങ്ങളെ ധനത്തിൻെറ സമ്പന്നമായ തേജസ്സാൽ നിറച്ചാലും. ഹേ അഗ്നേ! നീ പാപങ്ങളെ നശിപ്പിക്കുന്നവനാകുന്നു. നീ തേജസ്സാലും യശസ്സാലും യുക്തനായി സർവ്വപ്രകാശിതമാക്കണേ.

## സൂക്തം 24

**ഋഷി ബന്ധുസുബന്ധു ദേവത അഗ്നി ഛന്ദസ് ബൃഹതി**

**1. അഗ്നേ ത്വം നോ അന്തമ ഉത ത്രാതാ ശിവോ ഭവാ വരൂഥ്യഃ ||**

ഹേ അഗ്നേ! നീഞങ്ങളുടെ അടുക്കൽ വസിക്കണേ. നീ ഭജനീയനാകുന്നു. നീ ഞങ്ങളെ രക്ഷിക്കുന്നവനും ഞങ്ങൾക്ക് മംഗളം വരുത്തുന്നവനുമാകണം.

**2. വസുരഗ്നിർവസുശ്രവാ അച്ഛാ നക്ഷി ദ്യുമത്തമം രയിം ദാഃ ||**

ഹേ അഗ്നേ! നീഉത്തമമായ ഭവനവും അന്നവും തന്ന് രക്ഷിക്കുന്നവനാകണമേ. നീ ഞങ്ങൾക്കനുകൂലനാകണമേ. അത്യന്തം ഉജ്ജ്വലനായ നീ ഞങ്ങൾക്ക് മൃഗയുക്തമായ സമ്പത്ത് ദാനം ചെയ്താലും.

**3. സ നോ ബോധി ശ്രുധീ ഹവമുരുഷ്യ ണോ അഘായതഃ സുമസ്യാത് ||**

ഹേ അഗ്നേ! ഞങ്ങളെ അറിയുന്നവനാകൂ. ഞങ്ങളുടെ ആഹ്വാനങ്ങൾ ശ്രവിക്കൂ. പാപിഷ്ഠരായ എല്ലാ ദുഷ്ടൻമാരിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ.

**4. തം ത്വാ ശോചിഷ്ഠ ദീദിവഃ സുമ്നായ നൂനമീമഹേ സഖിഭ്യഃ ||**

ഹേഅഗ്നേ! നീസ്വന്തമായ തേജസ്സാൽ തന്നെപ്രകാശവാനാകുന്നു. ഞങ്ങൾ സ്വന്തം സുഖത്തിനുവേിയും സുന്ദരൻമാരായ പുത്രൻമാർക്കുവേിയും നിന്നോട് യാചിക്കുന്നു.

## സൂക്തം 25

**ഋഷി ആത്രേയവംശ്യർ, വസൂയുക്കൾ ദേവത അഗ്നി ഛന്ദസ് അനുഷ്ടുപുകൾ, ഉഷ്ണിക**

**1. അച്ഛാ വോ അഗ്നിമവസേ ദേവം ഗാസി സ നോ വസുഃ |**

**രാസത്പുത്ര ഋഷൂണാമൃതാവാ പർഷതി ദ്വിഷഃ ||**

ഹേ ഋഷികളേ! ആശ്രയപ്രാപ്തിക്കുവേി അഗ്നിയെ സ്തുതിക്കുവിൻ. യജ്ഞത്തിനുവേി യജാമനൻെറ ഗൃഹത്തിൽ വസിക്കുന്ന അഗ്നി നമ്മുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കണേ. സത്യയുക്തനായ അഗ്നി ശത്രുക്കളിൽനിന്നും നമ്മെ രക്ഷിക്കട്ടെ.

**2. സ ഹി സത്യോ യം പൂർവേ ചിദ്ദേവാസശ്ചിദ്യമീധിരേ |**

**ഹോതാരം മന്ദ്രജിഹ്വമിത്സുദീതിഭിർവിഭാവസും ||**

പ്രാചീനൻമാരായ ഋഷികളേ ദേവകളും യാതൊരഗ്നിയെ പ്രോജ്ജ്വലിപ്പിച്ചിരുന്നുവോ, യാതൊരഗ്നി മൃദുലജിഹ്വനും അത്യന്തം ശോഭായുക്തനും ശോഭായമാനമായ പ്രകാശത്തോടുകൂടിയവനും സദാ ദേവകൾ വിളിക്കുന്നവനുമായിരിക്കുന്നുവോ, ആ അഗ്നിസത്യസങ്കൽപ്പങ്ങളാൽ പരിപൂർണ്ണനാകുന്നു.

**3. സ നോ ധീതി പരിഷ്ഠയാ ശ്രേഷ്ഠയാ ച സുമത്യാ**

**അഗ്നേ രായോ ദിദീഹീ നഃ സുവൃക്തിഭിർവ രേണ്യ ||**

ഹേ അഗ്നേ! നീ സ്തോത്രങ്ങളാൽ സ്തുതിക്കപ്പെടുന്നവനും, വരണയോഗ്യനാകുന്നു. നീ ഞങ്ങളുടെ അനുഷ്ഠാനാദി ശ്രേഷ്ഠകർമ്മങ്ങളാലും സ്തോത്രങ്ങളാലും പ്രസന്നനായിഞങ്ങൾക്ക് ഐശ്വര്യം പ്രദാനം ചെയ്യണേ.

**4. അഗ്നിർദേവേഷു രാജത്യഗ്നിർമർതേഷ്വാ വിശൻ |**

**അഗ്നിർനോ ഹവ്യവാഹനോഗ്നിം ധീഭിഃ സപര്യത ||**

ദേവകളിൽ ദേവരൂപത്തോടുകൂടി പ്രകാശിക്കുന്നവനും മനുഷ്യരാൽ ആഹുതനായി വരുന്നവനും നമ്മുടെ യജ്ഞത്തിലെ ഹവിസ്സുകൾ ദേവകൾക്കെത്തിച്ചുകൊടുക്കുകയും ചെയ്യുന്ന അഗ്നിയെ സ്തുതികൾ വഴി പൂജിക്കണം.

**5. അഗ്നിസ്തുവിശ്രവസ്തമ തുവിബ്രഹ്മാണ മുത്തമം |**

**അതൂർതം ശ്രവയത്പതിം പുത്രം ദദാതി ദാശുഷേ ||**

യാതൊരുത്തൻ വിഭിന്നങ്ങളാൽ യുക്തനും, അനേകം സ്തോത്രങ്ങളുടെ കർത്താവും ശത്രുക്കളാൽ അഹിംസിതനും തൻെറ ശ്രേഷ്ഠകർമ്മങ്ങളിൽക്കൂടി പിതൃജനങ്ങളുടെ യശസ്സിനെ വർദ്ധിപ്പിക്കുന്നവനും ആയിരിക്കുന്നു. പുത്രൻമാരെ അഗ്നിയജമാനൻമാർക്കു നൽകണേ.

**6. അഗ്നിർദദാതി സത്പതി സസാഹയോ യുധാ നൃഭിഃ |**

**അഗ്നിരത്യം രഘുഷ്യദം ജേതാരമ പരാജിതം ||**

അഗ്നി നമുക്ക് സത്യപാലകനും, ശത്രുക്കളെ വശീകരിക്കുന്നവനും ഗൃഹിണിയോടുകൂടി ജീവിക്കുന്നവനുമായ ഒരു പുത്രനേയും ദ്രുതഗാമിയായ ഒരശ്വത്തേയും നൽകണേ.

**7. യദ്വാഹിഷ്ഠം തദഗ്നയേ ബൃഹദർച്ചു വിഭാവസോ |**

**മഹിഷീവ ത്വദ്രയസ്ത്വദ്വാജാ ഉദീരതേ ||**

അഗ്നിക്കുവേി സർവ്വശ്രേഷ്ഠമായ സ്തോത്രങ്ങൾതന്നെ നിവേദിക്കപ്പെടുന്നു. ഹേ അഗ്നേ! തേജോമയനായ നീ ഐശ്വര്യയുക്തനാകുന്നു. ഞങ്ങൾക്ക് പ്രചുരമായ ധനം നൽകൂ. എന്തുകൊന്നൊൽ എല്ലാ ധനവും അന്നവും നിന്നാൽ ഉൽപ്പന്നമാകുന്നു.

**8. തവ ദ്യുമന്തോ അർചയോ ഗ്രാവേവോച്യതേ ബൃഹത് |**

**ഉതോതേ തന്യതുർയഥാ സ്വാനോ അർതത്മനാ ദിവഃ ||**

നിൻെറ ശിഖകൾ പ്രഭാപൂരിതങ്ങളാകുന്നു. കല്ലുപൊടിക്കുന്നതുപോലെ ശത്രുക്കളെ തകർക്കുന്നതിൽ നീ സമർത്ഥനാകുന്നു. നീ പ്രകാശപൂർണ്ണനാകുന്നു. നിൻെറ ശബ്ദം മേഘത്തിനുതുല്യം ഗർജ്ജനശീലമാണ്.

**9. ഏവാം അഗ്നിം വസൂയവഃ സഹസാന പവന്ദിം |**

**സ നോ വിശ്വാ അതി ദ്വിഷഃ പര്യന്നാവേവ സുക്രതുഃ ||**

ധനത്തെ ആഗ്രഹിക്കുന്ന മനുഷ്യരായ നാം ബലശാലിയായ അഗ്നിയെ ഉത്തമമായ രീതിയിൽ സ്തുതിക്കുന്നു. സുന്ദരകർമ്മാവായ

അഗ്നി നമ്മെ എല്ലാ ശത്രുക്കളിൽനിന്നും വള്ളം നദി കടക്കാനെന്നതുപോലെ രക്ഷിക്കണേ.

## സൂക്തം 26

**ഋഷി ആത്രേയവംശ്യർവസൂയുക്കൾ ദേവത അഗ്നി**
**ഛന്ദസ് ഗായത്രി**

**1. അഗ്നേ പാവക രോചിഷാ മന്ദ്രയോ ദേവ ജിഹ്വയാ |**
**ആ ദേവാന്വക്ഷി യക്ഷിചാ ||**

ഹേ അഗ്നേ! നീ പവിത്രീകരിക്കുന്നവനും, പ്രദീപ്തനുമാകുന്നു. നീ ദേവകളെ പുഷ്ഠിപ്പെടുത്തുന്ന ജിഹ്വയോടും തൻ്റെ ദീപ്തിയോടുംകൂടി പ്രകാശവാനായി ദേവകളെ യജ്ഞത്തിലേക്ക് കൊവരികയും അവർക്കുവേി യജ്ഞം നടത്തുകയും ചെയ്യു.

**2. തം ത്വാ ഘൃതസ്നവീമഹേ ചിത്രഭാനോ സ്വർദൃശം |**
**ദേവാം ആ വീതയേ വഹ ||**

ഹേ അഗ്നേ! നീ ഘൃതത്താൽ പ്രദീപ്തമാകുന്ന കിരണങ്ങളോടുകൂടിയവനാകുന്നു. നീ എല്ലാം കാണുന്നവനാകുന്നു. ഹവിസ്സ് സ്വീകരിക്കുന്നതിന് ദേവകളെ വിളിക്കുവാൻ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**3. വീതിഹോത്രം ത്വാ കവേ ദ്യുമന്തം സമിധീമഹി |**
**അഗ്നേ ബൃഹന്തമധ്വരേ ||**

ഹേഅഗ്നേ! ജ്ഞാനസമ്പന്നനായ നീ ഹവിസ്സുകൾ ഭക്ഷിക്കുന്നവനും ദീപ്തിയുക്തനും മഹാനുമാകുന്നു.ഞങ്ങൾ ഈ യാഗവേദിയിൽ നിന്നെ ഉത്തമമായ രീതിയിൽ പ്രോജ്ജ്വലിപ്പിക്കുന്നു.

**4. അഗ്നേ വിശ്വേഭിരാ ഗഹിദേവേഭിർഹവ്യദാതയേ |**
**ഹോതാരം ത്വാ വൃണീമഹേ ||**

ഹേ അഗ്നേ! നീ ഹവിർദാതാവായ സാധകൻ്റെ ഭവനത്തിൽ എല്ലാദേവകളോടുംകൂടി എഴുന്നള്ളണമേ. നീദേവകളെ വിളിക്കുന്നതിൽ സമർത്ഥനാണല്ലോ. അതിനാൽ ഞങ്ങൾ നിന്നോട് ദേവാഹ്വാനത്തിനായി യാചിക്കുന്നു.

**5. യജമാനാ യ സുന്വത ആഗ്നേ സുവീയം വഹ |**
**ദേവൈരാ സത്സി ബർഹിഷി ||**

ഹേ അഗ്നേ! നീ യജ്ഞം നടത്തുന്ന യജമാനന് ശ്രേഷ്ഠപരാക്രമനാക്കുക. അതുപോലെ വിദ്വജ്ജനങ്ങളുടെ മദ്ധ്യത്തിൽ ശ്രേഷ്ഠമായ ദർഭാസനത്തിൽ ദേവൻമാരുടെ ആദരപൂർവ്വം വിരാജിച്ചാലും.

**6. സമിധാനഃ സഹസ്രജിദഗ്നേ ധർമാണി പുഷ്യസി |**
**ദേവാനാം ദൂത ഉക്ഥ്യഃ ||**

ഹേ അഗ്നേ! നീ സഹസ്രങ്ങളെ പരാജിതരാക്കുന്നതിൽ സമർത്ഥനാകുന്നു. ഹവിസ്സ് വഴി പ്രദീപ്തനും പ്രവൃദ്ധനുമായി ദേവകളുടെ ദൂതനായി നീഞങ്ങളുടെ യജ്ഞാനുഷ്ഠാനങ്ങളെ സമ്പുഷ്ടമാക്കണമേ.

**7. ന്യഗ്നിം ജാതവേദസം ഹോത്രാവാഹം യവിഷ്ഠ്യം |**
**ദധാതാ ദേവമൃത്വിജം ||**

ഹേ യജമാനൻമാരേ! അഗ്നിയെ പ്രതിഷ്ഠിക്കുവിൻ. അവൻ ജീവികളുടെ ജ്ഞാതാവും യജ്ഞത്തിൻ്റെ സാധകഭൂതനും യുവപുരുഷരിൽ ശ്രേഷ്ഠനും അത്യന്തം തേജസ്വിയുമാകുന്നു.

**8. പ്ര യജ്ഞ എത്വാനുഷഗദ്യാ ദേവവ്യ ചസ്തമഃ**
**സ്തൃണീത ബർഹിരാസദേ ||**

സ്തോതാക്കളാൽ നൽകപ്പെടുന്ന ഹവിസ്സ് ഇന്ന് ദേവതകളുടെ അടുക്കലെത്തട്ടെ. ഹേ ഋത്വിക്കുകളേ! ആ അഗ്നിദേവൻ വിരാജിക്കുന്നതിനായി നിങ്ങൾ പവിത്രമായ കുശപ്പുല്ലുകൾ വിരിക്കുവിൻ.

**9. ഏദം മരുതോ അശ്വിനാ മിത്രഃ സീദന്തു വരുണഃ**
**ദേവാസഃ സർവയാ വിശാ ||**

മരുത്തുക്കളും അശ്വിനികളും മിത്രനും വരുണനും ശ്രേഷ്ഠമായ ഈ ആസനത്തിൽ പ്രതിഷ്ഠിതരാകണേ. എല്ലാ ദേവൻമാരും തങ്ങളുടെ പരിജനങ്ങളോടുകൂടി ഇവിടെ ആഗതരായി വിരാജിതരാകണേ.

## സൂക്തം 27

**ഋഷി ത്ര്യരുണ, ത്രസദസ്യൻ, പൗരുകുത്സ്യൻ, അശ്വമേധൻ**
**ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്**

**1. അനസ്വന്താ സത്പതിർമാമഹേ മേ ഗാവാ ചേതിഷ്ഠോ അസുരോ മഘോനഃ |**
**ത്രൈവൃഷ്ണോ അഗ്നേ ദശഭിഃ സഹസ്രൈർവൈശ്വാനര ത്ര്യരുണശ്ചികേത ||**

ഹേ മനുഷ്യരിൽ അഗ്രപുരുഷനായ അഗ്നേ! നീ സജ്ജനങ്ങളെ പാലിക്കുന്നവനും ജ്ഞാനിയും ബലവാനും ഐശ്വര്യവാനുമാകുന്നു. ത്രിവൃഷ്ണൻ്റെ പുത്രൻ തുര്യണൻ രുകാളകളെ കെട്ടിയ വിയിൽ പതിനായിരം സ്വർണ്ണനാണയങ്ങൾ തന്നു അയാൾക്കുവേി നീ ഞങ്ങളുടെ സ്തുതികളാൽ പ്രസന്നനായി ഹവിസ്സ് വഴിയായി വളർന്ന സുഖത്തെ പ്രദാനം ചെയ്യണേ.

**2. യോ മേ ശതാ വിംശതിം ച ഗോനാം ഹരീ ച യുക്താ സുധുരാ ദദാതി|**
**വൈശ്വാനര സുഷ്ടുതോ വാവൃധാനോഗ്നേ യച്ഛ ത്ര്യരുണായ ശർമ ||**

ഹേ വൈശ്വാനരാഗ്നേ! യാതൊരു ത്ര്യരുണൻ എനിക്ക് നൂറുസ്വർണ്ണവും ഇരുപതു ഗോക്കളും രഥസംയുക്തമായ രശ്വങ്ങളേയും നൽകിയോ, അവനുവേി ഞങ്ങളുടെ സ്തുതികളാൽ പ്രസന്നനായി ഹവിസ്സുവഴിയായി വളർന്നു നീ സുഖത്തെ പ്രദാനം ചെയ്താലും.

**3. ഏവാ തേ അഗ്നേ സുമതിം ചകാനോ നവിഷ്ഠായ നവമം ത്രസദസ്യുഃ |**
**യോ മേ ഗിരസ്തുവിജാതസ്യ പൂർവീര്യുക്തേനാ ഭി ത്ര്യരുണോ ഗൃണാതി ||**

ഹേ അഗ്നേ! അധികം സന്താനങ്ങളുള്ള എൻ്റെ സ്തുതികളാൽ പ്രസന്നനായ ത്ര്യരുണൻ അതെടുത്തുകൊള്ളൂ. ഇതെടുത്തുകൊള്ളൂ. എന്നുപറഞ്ഞിരുന്നു. അതുപോലെതന്നെ നിന്നെ സ്തുതിക്കുവാനാഗ്രഹിക്കുന്ന ത്രസദസ്യവും അതെടുത്തുകൊള്ളൂ. ഇതെടുത്തുകൊള്ളൂ. എന്നുപറഞ്ഞ് ദാനം സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിരുന്നു.

**4. യോ മ ഇതി പ്രവോചത്യശ്വമേധായ സൂരയേ |**
**ദദദൃചാ സനിം യതേ ദദൻമേധാമൃതായതേ ||**

ഹേ അഗ്നേ! ആരെങ്കിലും ഭിക്ഷ യാചിക്കുന്നവൻ നിൻ്റെ സ്തോത്രങ്ങൾ പാടിക്കൊ് ധനദാനിയായ രാജർഷി അശ്വമേധത്തോട് ധനം യാചിച്ചാൽ അവന് അശ്വമേധൻ ദാനം ചെയ്യുന്നു. ഹേ അഗ്നേ! യജ്ഞത്തെ ആഗ്രഹിക്കുന്നവനായ അശ്വമേധനെ നീ

യജ്ഞകർമ്മങ്ങളിലേക്ക് പ്രേരിപ്പിച്ചാലും.

**5. യസ്യ മാ പുരുഷാഃ ശതമുദ്ധർഷയന്ത്യക്ഷണഃ |**

**അശ്വമേധസ്യ ദാനാഃ സോമാ ഇവ ത്ര്യാശിരഃ ||**

രാജർഷി അശ്വമേധനാൽ നൽകപ്പെട്ട നൂറു കാളകളെ ലഭിച്ച ഞാൻ സന്തുഷ്ടനായിരിക്കുന്നു. ഹേ അഗ്നേ! തൈരും, മലരും പാലും ചേർന്ന സോമംപോലെ ആ കാളകൾ ഉപയോഗയോഗ്യങ്ങളാകട്ടെ.

**6. ഇന്ദ്രാഗ്നി ശതദാന്യശ്വമേധേ സുവീർയം |**

**ക്ഷത്രം ധാരയതം ബൃഹദ്ദിവി സൂർയമിവാജരം ||**

ഹേ അഗ്നേ! യാചിക്കുന്നവർക്ക് അതിരറ്റ ധനം ദാനമായി നൽകുന്ന രാജർഷി അശ്വമേധന്, അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന സൂര്യനെപ്പോലെ പരാക്രമവും ഉജ്ജ്വലമായ യശസ്സും അക്ഷയമായ ധനവും നൽകി മഹാനാക്കണമേ.

## സൂക്തം 28

**ഋഷി അത്രിഗോത്രക്കാരിയായ വിശ്വവാര ദേവത അഗ്നി**

**ഛന്ദസ് ത്രിഷ്ടുപ്, ജഗതി, അനുഷ്ടുപ്.**

**1. സമിദ്ധോ അഗ്നിർദിവി ശോചിരശ്രേത് പ്രത്യങ്ങുഷസമുർവിയാ വി ഭാതി |**

**ഏതി പ്രാചീ വിശ്വവാരാ നമോഭിർദേവാം ഈളാനാ ഹവിഷാ ഘൃതാചീ ||**

വഴിപോലെ പ്രകാശിക്കുന്ന അഗ്നിദേവൻ ഉജ്ജ്വലമായ അന്തരീക്ഷത്തിൽ തൻെറ തേജസ്സിനാൽ പ്രകാശം പരത്തുകയും ഉഷസ്സിൻെറ മുമ്പിൽതന്നെ ഉയർന്ന് അത്യധികം സുശോഭിതനാവുകയും ചെയ്യുന്നു. ഇന്ദ്രാദിദേവകളെ നമിച്ചുകൊ് പുരോഡാശാദികളാൽ യുക്തയും ഘൃതാദിവസ്തുക്കൾ ദേഹത്തും പൂശുന്നതുപോലെ ആഭായുക്തമായി ഐശ്വര്യയുക്തമായി വിശ്വവാരാഹവിസ്യക്കുമായി കിഴക്കുഭാഗത്തുനിന്നുഷസ്സിൽ വന്നണയുന്നു.

**2. സമിധ്യമാനോ അമൃതസ്യ രാജസി ഹവിഷ്കൃണ്വന്തം സചസേ സ്വസ്തയേ |**

**വിശ്വം സ ധത്തേ ദ്രവിണം യമിന്വസ്യാ തീഥ്യമഗ്നേ നി ച ധത്ത ഇത്പുരഃ ||**

ഹേ അഗ്നേ! നീ വഴിയാം വണ്ണം പ്രദീപ്തനായി അമൃതത്തിൻെറ മേൽ പ്രഭുത്വം സ്ഥാപിക്കുന്നവനായിരിക്കുന്നു. നീ ഹവിസ്സ് പ്രദാനം ചെയ്യുന്ന യജമാനൻമാർ വഴി സൽക്കർമ്മങ്ങൾക്കായി വിളിക്കപ്പെടുന്നു. നീ ആരെ അനുഗ്രഹിക്കുന്നുവോ, അവന് മൃഗാദിയുക്തമായ ധനം ലഭിക്കുന്നു. ഹേ അഗ്നേ! സൽക്കാരയോഗ്യമായ ഹവിരാന്നത്തെ യജമാനൻ നിനക്കായി സർപ്പിക്കുന്നു.

**3. അഗ്നേ ശർധ മഹതേ സൗഭഗായ തവ ദ്യുമ്നാന്യുത്തമാനി സന്തു |**

**സം ജാസ്പത്യം സുയമമാ കൃണുഷോ ശത്രുയതാമഭി നിഷ്ഠാ മഹോംസി ||**

ഹേ അഗ്നേ! ഞങ്ങളുടെ ധനൈശ്വര്യങ്ങൾ രക്ഷിക്കുന്നതിനായി ശത്രുക്കളെ പരാജയപ്പെടുത്തു. നിൻെറ തേജസ്സ് അത്യന്തം ഉത്കൃഷ്ടമാകുന്നു. അഗ്നേ നീ സ്ത്രീപുരുഷൻമാരുടെ ദാമ്പത്യബന്ധത്തെ സുദൃഢമാക്കുന്നതിനായി ശ്രേഷ്ഠങ്ങളായ ഏർപ്പാടുകൾ ചെയ്താലും. ശത്രുശക്തികളെ നീ ക്ഷയിപ്പിച്ചാലും.

**4. സമിദ്ധസ്യ പ്രമഹസോഗ്നേ വന്ദേ തവ ശ്രിയം |**

**വൃഷഭോ ദ്യുമ്നവാം അസി സമധ്വരേഷ്വിധ്യസേ ||**

ഹേ അഗ്നേ! നീ കത്തിജ്വലിച്ച് തേജോമയനാകുമ്പോൾ ഞാനാ മനോഹരമായ തേജസ്സിനെ പാടി സ്തുതിക്കുന്നു. നീ ബലവാനും പ്രജകൾക്കുവേി സുഖങ്ങൾ വരഷിക്കുന്നവനുമാകുന്നു. നീ ഞങ്ങളുടെ ഈ യജ്ഞാനുഷ്ഠാനത്തിൽ അത്യന്തം പ്രകാശിതനായാലും.

**5. സമിദ്ധോ അഗ്ന ആഹുത ദേവാന്യക്ഷി സ്വധ്വര |**

**ത്വം ഹി ഹവ്യവാളസി ||**

ഹേ അഗ്നേ! നീ യജമാനൻമാരാൽ വിളിക്കപ്പെടുന്നു. നീ ശ്രേഷ്ഠമായ യജ്ഞത്തിൻെറ സാധകനാകുന്നു. നീ വഴിയാംവണ്ണം പ്രദീപ്തനായി ദേവകൾക്കുവേി യജ്ഞം നടത്തിയാലും. നീഹവിസ്സ് വഹിക്കുന്നതിൽ സമർത്ഥനാകുന്നു.

**6. ആ ജുഹോതാ ദുവസ്യതാഗ്നിം പ്രയതധ്വരേ |**

**വൃണീധ്വം ഹവ്യവാഹനം ||**

ഹേ ഋത്വിജൻമാരേ! നിങ്ങൾ ഞങ്ങളുടെയജ്ഞകർമ്മങ്ങളിൽ വ്യാപൃതരായി ഹവിർവാഹകനായ അഗ്നിക്കായി യജ്ഞം നടത്തുവിൻ. അവന് സേവനം ചെയ്തു സ്തുതിക്കുവിൻ. ദേവകൾക്ക് ഹവിസ്സെത്തിച്ചു കൊടുക്കുന്നതിനുവേി അവനെ വരിക്കുവിൻ.

## സൂക്തം 29

**ഋഷി ശാക്ത്യവംശ്യൻഗൗരിവീതി ദേവത ഇന്ദ്രൻ**

**ഛന്ദസ് ത്രിഷ്ടുപ്**

**1. ത്ര്യര്യമാ മനുഷോ ദേവതാതാ ത്രീ രോചനാ ദിവ്യാ ധാരയന്ത |**

**അർചന്തി ത്വാ മരുതഃ പൂതദക്ഷാസ്ത്വമേഷാമൃഷിരിന്ദ്രസി ധീരഃ ||**

ഹേ ഇന്ദ്രാ! മഹാശക്തരായ മരുത്തുക്കൾ നിന്നെ സ്തുതിക്കുന്നു. നീ ജ്ഞാനിയാണല്ലോ. മനുവിൻെറ യജ്ഞത്തിൽ മൂന്നു ഗണങ്ങളും മൂന്നുസാധനകളുമു്. അവയെ ദേവകളുടെ കാര്യങ്ങൾക്കായി വിശുദ്ധബലരായ മരുത്തുക്കൾ വഹിക്കുന്നു.

**2. അനു യദീം മരുതോ മന്ദസാനമാർച്ചന്നിന്ദ്രം പപിവാംസം സുതസ്യ |**

**ആദത്ത വജ്രമഭി യദഹിം ഹന്നപോ യഹ്വീരസൃജത്സർതവാ ഉ ||**

സുസിദ്ധമായ സോമരസം ആവോളം പാനം ചെയ്ത് തൃപ്തനായ ഇന്ദ്രനെ മരുത്തുക്കൾ സ്തുതിച്ചു. അനന്തരം ഇന്ദ്രൻ വജ്രമെടുത്ത് വൃത്രനെ സംഹരിക്കുകയും അവനാൽ തടയപ്പെട്ട ജലസമൂഹത്തെ ഇഷ്ടാനുസരണം ഒഴുകുവാനനുവദിക്കുകയും ചെയ്തു.

**3. ഉത ബ്രഹ്മാണോ മരുതോ മേ അസ്യേന്ദ്രഃ സോമസ്യ സുഷുതസ്യപേയാഃ |**

**തദ്ധി ഹവ്യംമനുഷേ ഗാ അവിന്ദദഹന്നഹിം പപിവാം ഇന്ദ്രോ അസ്യ ||**

ഹേ മഹാൻമാരായ മരുത്തുക്കളേ! നിങ്ങളും ഇന്ദ്രനും ഈ സ്വച്ഛമായ സോമരസത്തെ ശരിയായവിധം പാനം ചെയ്താലും. നിങ്ങൾ സോമയുക്തമായ ഈ ഹവിസ്സ് സേവിച്ച് യജമാനന് ഗോക്കളെ കിട്ടുമാറാക്കണം. ഈസോമം പാനം ചെയ്താണ് ഇന്ദ്രൻ വൃത്രനെ സംഹരിച്ചത്.

**4. ആദ്രോദസീ വിതരം വി**

**ഷ്കഭായത്സവിവ്യാനശ്ചിദ്ഭിയസേ മൃഗം കഃ |**

**ജിഗർതിമിന്ദ്രോ അപജർഗുരാണഃ പ്രതി ശ്വസന്തമവദാനവം ഹൻ ||**

സോമം പാനം ചെയ്തതിനുശേഷം ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും അചലമാക്കി. മൃഗതുല്യം പാഞ്ഞുകൊിരുന്ന വൃത്രനെ അവൻ ഭയപ്പെടുത്തി. വൃത്രൻ അപ്പോൾ ഒഴിച്ചിരുന്ന് കിതക്കുകയായിരുന്നു. അപ്പോൾ ഇന്ദ്രൻ അവനെ മായാരഹിതനാക്കി വധിച്ചു.

**5. അധ ക്രത്വാ മഘവന്തുഭ്യം ദേവ അനു വിശ്വേ അദദുഃ സോമപേയം |**

**യത്സൂര്യസ്യ ഹരിതഃ പതന്തീഃ പുരഃ സുതീരുപരാ ഏതശേ കഃ ||**

ഹേ ഐശ്വര്യവാനായ ഇന്ദ്രാ! നിന്റെ ഈ കർമ്മത്താൽ സന്തുഷ്ടരായ ദേവൻമാർ നിനക്ക് സോമരസം പാനം ചെയ്യുവാനായി നൽകി. നീ ഏതശനുവേി നേരെപാഞ്ഞുവന്ന സൂര്യന്റെ അശ്വങ്ങളെ തടഞ്ഞു നിർത്തിയല്ലോ.

**6. നവ യദസ്യ നവതിം ച ഭോഗാൻത്സാകം വജ്രേണ മഘവാ വിവൃശ്ചത് |**

**അർചന്തീന്ദ്രം മരുതഃ സധസ്ഥേ ത്രൈഷ്ടുഭേന വചസാ ബാധത ദ്യാം ||**

മഹാപരാക്രമിയായ ഇന്ദ്രൻ (മഘവാവ) ശംബരന്റെ തൊണ്ണൂറ്റൊൻപത് പുരികളെ ഒരേസമയം തകർത്തപ്പോൾ രണക്ഷേത്രത്തിൽ വച്ചുതന്നെ മരുത്തുക്കൾ ത്രിഷ്ടുപ്ഛന്ദസ്സിൽ ഇന്ദ്രനെ സ്തുതിച്ചു ഇപ്രകാരം മരുത്തുക്കളാൽ പൂജിതനായപ്പോൾ അവൻ ശംബരനെ കീഴടക്കി.

**7. സഖാ സഖ്യേ അപചത്തൂയമഗ്നിരസ്യ ക്രത്വാ മഹിഷാ ത്രീ ശതാനി |**

**ത്രീ സാകമിന്ദ്രോ മനുഷഃ സരാംസി സുതം പിബദ്വൃത്രഹത്യായ സോമം ||**

ഇന്ദ്രന്റെ സഖാവായ അഗ്നി മുന്നൂറ് ശക്തിശാലികളായ മഹിഷങ്ങളെ പാകം ചെയ്യുകയും പരമൈശ്വര്യവാനായ ഇന്ദ്രൻ വൃത്രസംഹാരത്തിനായി മനുഷ്യരാൽ മൂന്നുപാത്രങ്ങളിൽ തയ്യാറാക്കി വയ്ക്കപ്പെട്ടിരുന്ന സോമരസം ഒരേസമയം പാനം ചെയ്യുകയും ചെയ്തു.

**8. ത്രീയച്ഛതാ മഹിഷാണാമഘോ മാസ്ത്രീ സരാംസി മഘവാ സോമ്യാപാഃ |**

**കാരം ന വിശ്വേ അഹ്വന്ത ദേവാ ഭരമിന്ദ്രായ യദഹിം ജഘാന ||**

ഹേ ഇന്ദ്ര! നീ മുന്നൂറു മഹിഷങ്ങളെ സ്വീകരിക്കുകയും പരാക്രമയുക്തനായി മൂന്നുപാത്രം സോമനീർ പാനംചെയ്യുകയും ചെയ്തപ്പോൾ നീ വൃത്രനെ സംഹരിച്ചു. ആ സമയം സോമപാനത്താൽ തടിച്ചുകൊഴുത്ത ഇന്ദ്രനെ ദേവതകൾ ഒരു വേലക്കാരനെ എന്നപോലെ വൃത്രവധത്തിൽ വിളിച്ചു.

**9. ഉശനാ യത്സഹസ്യൈ രയാതം ഗൃഹമിന്ദ്ര ജൂജുവാനേഭിരശ്വൈഃ |**

**വന്വാനോ അത്ര സരഥം കുത്സേന ദേവൈരവനോർഹ ശുഷ്ണം ||**

ഹേ ഇന്ദ്രാ! ഉശനനും ദ്രുതഗാമികളായ കുതിരമേൽ കയറി കുത്സന്റെ വീട്ടിൽപോയി അപ്പോൾ നിങ്ങൾ ശത്രുക്കളെ കൊല്ലുകയും കുത്സനോടും ദേവകളോടും കൂടി രഥത്തിൽ കയറുകയും ചെയ്തു. ഇന്ദ്രാ! നീ തന്നെ ദൈത്യനായ ശുഷ്ണനെ വധിച്ചു.

**10. പ്രാന്യച്ചക്രമവൃഹഃ സൂര്യസ്യകുത്സായാന്യദ്വരിവോ യാതവേകഃ |**

**അനാസോ ദംസൂരമൃണോ വധേന നി ദുർയോണ ആവൃണങ്മൃധ്രവാചഃ ||**

ഹേ ഇന്ദ്രാ! നീ തന്നെ സൂര്യന്റെ രഥത്തിന്റെ രുചക്രങ്ങളിൽനിന്നും ഒന്നിനെ വേർപെടുത്തുകയും മറ്റെ ചക്രത്തെ ധനപ്രാപ്തിക്കായി കുത്സനുപ്രദാനം ചെയ്തു. നാക്കറുത്തതിനാൽ നിശ്ശബ്ദരായി നിന്നിരുന്ന രാക്ഷസൻമാരെ നീ യുദ്ധക്ഷേത്രത്തിൽ വച്ച് സ്വന്തം വജ്രത്താൽ ഹനിച്ചു.

**11. സ്തോമാസസ്ത്വാ ഗൗരിവീതേരവർധന്നരന്ധയോ വൈദഥിനായ പിപ്രൂം |**

**ആ താമൃജിശ്വാ സഖ്യായ ചക്രേ പചൻ പക്തീരപിവഃ സോമമസ്യ ||**

ഹേ ഇന്ദ്രാ! ഗൗരിവീതി മഹർഷിയുടെ സ്തോത്രങ്ങളാൽ നീ വളർന്നു. നീവിദഥിപുത്രനായ ഋജിശ്വവിനുവേി വിപ്രൻ എന്ന ദൈത്യനെ പരാജയപ്പെടുത്തി. ഋജിശ്വൻ നിന്റെ മൈത്രിക്കുവേി പുരോഡാശം പാകപ്പെടുത്തിവച്ചു. ഋജിശ്വനാൽ സമർപ്പിതമായ സോമം നീ പാനം ചെയ്യുകയും ചെയ്തു.

**12. നവഗ്വാസഃ സുതസോമാസ ഇന്ദ്രം ദശഗ്വാസോ അഭ്യർചന്ത്യർക്കൈഃ |**

**ഗവ്യം ചിദൂർവമപിധാനവന്തം ത ചിന്നരഃ ശശമാനാ അപ വ്രൻ ||**

ഒൻപതോ പത്തോമാസങ്ങളിൽ പൂർണ്ണമാകുന്ന യജ്ഞം നടത്തുന്നവരായ അംഗിരസ്സ് മഹർഷികൾ സോമം ഇടിച്ചുപിഴിഞ്ഞ് പൂജായോഗ്യമായ സ്തോത്രങ്ങളാൽ ഇന്ദ്രനെ സ്തുതിക്കുന്നു. സ്തുതിച്ചുകൊ് അംഗിരസ്സുകൾ അസുരൻമാരാൽ ഒളിപ്പിക്കപ്പെട്ട ഗോക്കളെ മോചിപ്പിക്കുകയും ചെയ്തു.

**13. കഥോ നു തേ പരിചരാണി വിദ്വാൻ വീര്യാ മഘവന്യാ ചകർഥ |**

**യാചോ നു നവ്യാ കൃണവഃ ശവിഷ്ഠ പ്രേദു താ തേ വിദഥേഷു ബ്രവാമ ||**

ഹേ ഇന്ദ്രാ! നീ ഐശ്വര്യശാലിയാണ്. നീ യാതൊരു പരാക്രമം പ്രകടമാക്കിയിരുന്നുവോ, അതറിഞ്ഞിരുന്നിട്ടും എപ്രകാരം വർണ്ണിക്കും? നീ പ്രകടമാക്കിയ നവീനങ്ങളായ കീർത്തനങ്ങളെ ഞങ്ങൾ ഞങ്ങളുടെ യജ്ഞത്തിൽ ആലപിക്കും.

**14. ഏതാ വിശ്വാ ചകൃവാം ഇന്ദ്ര ഭൂര്യപീരതോ ജാനുഷാ വീര്യേണ |**

**യാ ചിന്നുവജ്രിൻകൃണവോ ദധൃഷ്വാന്ന തേ വർതാ തവിഷ്യാ അസ്തി തസ്യാഃ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളാൽ തടയപ്പെടുന്നില്ല. നീസ്വന്തം ശക്തിയാൽ ലോകങ്ങളെ ദൃശ്യമാക്കി. നീ വജ്രധാരിയാകുന്നു. ശത്രുക്കളെ നശിപ്പിച്ച് യാതൊരു ബലം പ്രകടമാക്കിയോ ആ ബലത്തെ അതിജീവിക്കുവാൻ ആരും സമർത്ഥരാകുന്നില്ല.

**15. ഇന്ദ്ര ബ്രഹ്മ ക്രിയമാണാ ജുഷസ്വ യാ തേ ശവിഷ്ഠ നവ്യാ അകർമ |**

**വസ്രേവ ഭദ്രാ സുകൃതാവസൂയുരഥം ന ധീരഃസ്വപാ അതക്ഷം ||**

ഹേ മഹാപരാക്രമിയായ ഇന്ദ്രാ! ഇന്നു ഞങ്ങൾ രചിച്ചിരിക്കുന്ന എല്ലാ നവീനസ്തോത്രങ്ങളും കർമ്മവാൻമാരുമായ ഞങ്ങൾ ധനത്തെ ആഗ്രഹിക്കുന്നു. വസ്ത്രങ്ങളും രഥവും മനോഹരങ്ങളായ ഈ സ്തോത്രങ്ങളെ ഞങ്ങൾ നിനക്കായി സമർപ്പിക്കുന്നു.

## സൂക്തം 30

**ഋഷി ബഭ്രു ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. കസ്യ വീരഃകോ അപശ്യദിന്ദ്രം സുഖരഥമീയമാനം ഹരിഭ്യാം |**

**യോ രായാ വജ്രീ സുതസോമമിഛന്തദോകോ ഗന്താ പുരുഹൂത ഊതീ ||**

അനേകരാൽ വിളിക്കപ്പെടുന്ന വജ്രധാരിയായ ഇന്ദ്രൻ ദാനയോഗ്യമായ ധനത്തോടുകൂടി സോമം പിഴിയുന്ന യജമാനനെ ഇഷ്ടപ്പെട്ടുകൊ്, രക്ഷാസാധനങ്ങൾ സഹിതം അവൻെറ ഭവനത്തിലേക്കുപോകുന്നു. ബലവാനായ ആ ഇന്ദ്രൻ എവിടെ? തൻെറ അശ്വദ്വയത്തെ തേരിൽ പൂട്ടിപോകുന്നവനായ ഇന്ദ്രനെ ക വരാരു്?

**2. അവാചചക്ഷം പദമസ്യ സസ്വതഗ്രം നിധാതുരന്വായമിഛൻ |**

**അപൃഛമന്യാം ഇത തേ മ ആഹുരിന്ദ്രം നരോ ബുബുധാനാ അശേമ ||**

ഞങ്ങൾ ഇന്ദ്രൻെറ എല്ലാ സ്ഥാപനങ്ങളും കിരിക്കുന്നു. അന്വേഷണം നടത്തിക്കൊ് ഞങ്ങൾ ആശ്രയരൂപനായ ഇന്ദ്രൻെറ സ്ഥാനത്തെത്തി. ഞങ്ങൾ ഇന്ദ്രനെപ്പറ്റി മറ്റു വിദ്വാൻമാരിൽനിന്നും അറിഞ്ഞു. ഞങ്ങൾ ഇന്ദ്രനെ പ്രാപിച്ചിരിക്കുന്നു എന്ന് ജ്ഞാനാന്വേഷികളായ ജ്ഞാനികൻമാർ പറഞ്ഞു.

**3. പ്ര നു വയം സുതേ യാ തേ കൃതാനീന്ദ്ര ബ്രവാമ യാനി നോ ജുജോഷഃ |**

**വേദദവിദ്വാഞ്ഛൃണവച്ച വിദ്വാൻവഹതേയം മഘവാ സർവസേനഃ ||**

ഹേ ഇന്ദ്രാ! നീ ചെയ്തിട്ടുള്ള കർമ്മങ്ങളെ സോമം പിഴിയുന്ന സ്തോതാക്കൾ വർണ്ണിക്കട്ടെ. നീ ഞങ്ങൾക്കായി ചെയ്തിരിക്കുന്ന കർമ്മങ്ങളെ എല്ലാവരും അറിയട്ടെ. അറിഞ്ഞവർ അറിയാത്തവരെ അറിയിക്കട്ടെ. കേട്ടിട്ടുള്ളവരുമായ മനുഷ്യരുടെ അടുക്കൽ അശ്വാരൂഢനായിവന്നു ചേരട്ടെ.

**4. സ്ഥിരം മനശ്ചകൃഷേ ജാത ഇന്ദ്ര വേഷീദേകോ യുധയേ ഭൂയസശ്ചിത് |**

**അശ്മാനം ചിഛമസാ ദിദ്യുതോ വി വിദോ ഗയാമൂർവമുസ്രിയാണാം ||**

ഹേ ഇന്ദ്രാ! നീ ജനിച്ചപ്പോൾതന്നെ ശത്രുക്കളെ തോൽപ്പിക്കുമെന്ന് ദൃഢമായി സങ്കൽപ്പിക്കുകയും നീ ഏകനായി അസംഖ്യം അസുരൻമാരോട് യുദ്ധത്തിനായി പോകുകയും ചെയ്തു. ഗോക്കളെ മറച്ചിരുന്ന പർവ്വതത്തെ തൻെറ ശക്തിയാൽ കീറിപിളർക്കുകയും കറവപ്പശുക്കളെ പ്രാപിക്കുകയും ചെയ്തു.

**5. പരോ യത്ത്വം പരമ ആജനിഷ്ഠാഃ പരാവതി ശ്രുത്യം നാമ ബിഭ്രത് |**

**അതശ്ചിദിന്ദ്രാദഭയന്ത ദേവാ വിശ്വാ അപോ അജയദ്ദാസപത്നീഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാവരാലും മുഖ്യനും ശ്രേഷ്ഠനുമാകുന്നു. നീ ശ്രവണയോഗ്യമായ നാമം സ്വീകരിച്ച് പ്രത്യക്ഷനായപ്പോൾ അഗ്നി മുതലായ ദേവൻമാരെല്ലാം ഭയപ്പെട്ടു. വൃത്രനാൽ ബന്ധിക്കപ്പെട്ട ജലത്തെ നീ അധീനത്തിലാക്കി.

**6. തുഭ്യേദേതേ മരുത സുശേവാം അർചന്ത്യർക സുന്വന്ത്യന്ധഃ |**

**അഹിമോഹാനമപ അശയാനം പ്ര മായാഭിർമായിനം സക്ഷദിന്ദ്രഃ ||**

സ്തുതിക്കുന്നവരായ ഈ മരുത്തുക്കൾ സ്തോത്രങ്ങൾ ആലപിച്ചു നിന്നെ സുഖിപ്പിക്കുന്നു. ഹേ ഇന്ദ്രാ! ഇവൻ നിന്നെതന്നെ സ്തുതിക്കുകയും സോമയുക്തമായ അന്നം നൽകുകയും ചെയ്യുന്നു. യാതൊരു വൃത്രൻ ജലരാശിയെ മറച്ചുകൊ് ഉറങ്ങിയിരുന്നുവോ, കാപട്യവാനും ദേവകർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുന്നവനുമായ അവനെ ഇന്ദ്രൻ തൻെറ മായാശക്തിയാൽ കീഴടക്കി.

**7. വിഷു മൃധോ ജനുഷാ ദാനമിന്വന്നഹൻഗവാ മഘവൻത്സഞ്ചകാനഃ |**

**അത്രാ ദാസസ്യ നമുചേഃ ശിരോ യദവർതയോ മനവേ ഗാതുമിഛൻ ||**

ഹേ ഐശ്വര്യശാലിയായ ഇന്ദ്രാ! ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ദേവകളെ ദുഃഖിപ്പിച്ച വൃത്രനെ വജ്രത്താൽ നശിപ്പിച്ചു. നീ ജനിച്ചപ്പോൾ തന്നെ ശത്രുക്കളെ ഹനിച്ചുവല്ലോ. ഈ യുദ്ധത്തിൽ ഞങ്ങളുടെ നൻമക്കായി നമുചിയുടെ തലയെ തകർത്താലും.

**8. യുജം ഹി മാമകൃഥ ആദിദിന്ദ്ര ശിരോ ദാസസ്യ നമുചേർമഥായൻ|**

**അശ്മാനം ചിത്സൂര്യം വർതമാനം പ്ര ചക്രിയേ വരോദസീ മരുദ്ഭ്യഃ ||**

ഹേ ഇന്ദ്രാ! നീ ഗർജ്ജിക്കുന്ന മേഘതുല്യനായ നമുചിയുടെ ശിരസ്സ് പൊടിയാക്കി ഞങ്ങളുടെനേരെ മൈത്രീഭാവം പ്രകടിപ്പിച്ചു. ആ സമയത്ത് മരുത്തുക്കളുടെ പ്രഭാവത്താൽ ആകാശവും ഭൂമിയും ചക്രംപോലെ കറങ്ങുവാൻ തുടങ്ങി.

**9. സ്ത്രീയോ ഹി ദാസ ആയധാനി ചക്രേ കിം മാ കരന്നബലാ അസ്യ സേനാഃ |**

**അന്തർഹഖ്യദുഭേ അസ്യ ധേനേ അഥോപപ്രൈദ്യുധയേ ദസ്യുമിന്ദ്രഃ ||**

നമുചി സ്ത്രീകളെ യുദ്ധത്തിനണിനിരത്തി. അപ്പോൾ ഇന്ദ്രൻ വിചാരിച്ചു. അസുരൻെറ ഈ സ്ത്രീസേനക്ക് എന്നോടെന്തുചെയ്യാൻ കഴിയും? അനന്തരം ആ സൈന്യത്തിൽനിന്നും രു സ്ത്രീകളെ തടവുകാരാക്കിയശേഷം നമുചിയോട് യുദ്ധത്തിനായി പുറപ്പെട്ടു.

**10. സമത്ര ഗാവോഭിതോനവന്തേഹേഹ വത്സൈർവിയുതാ യദാസൻ |**

**സം താ ഇന്ദ്രോ അസൃജദസ്യ ശകൈര്യദീം സോമാസഃ സുഷുതാ അമന്ദൻ ||**

നമുചി ഗോക്കളെ മോഷ്ടിച്ചപ്പോൾ അവ കുട്ടികളിൽനിന്ന് വേർപെട്ട് അങ്ങിങ്ങായി പായുവാൻ തുടങ്ങി. ബഭ്രു മഹർഷിയാൽ പ്രാപ്തമായ സോമരസം കുടിച്ച് ശക്തനായ ഇന്ദ്രൻ മരുത്തുക്കളുടെ സഹായത്തോടുകൂടി ബഭ്രുവിൻെറ ഗോക്കളെ അവയുടെ കുട്ടികളോട് ചേർത്തു.

**11. യദീം സോമാ ബഭ്രൂധുതാ അമന്ദന്നരോരവീദ്വൃഷഭഃ സാദനേഷു |**

**പുരന്ദരഃ പപിവാം ഇന്ദ്രോ അസ്യ പുനർഗവാ മദദാദുസ്ത്രീയാണാം ||**

ബഭ്രുവിൻെറ സോമരസത്താൽ ഇന്ദ്രൻ ശക്തനായപ്പോൾ അവൻ രണക്ഷേത്രത്തിൽ ഘോരമായി ഗർജ്ജിച്ചു. പുരന്ദരൻ സോമം പാനം ചെയ്തശേഷം ബഭ്രുവിൻെറ കറവപ്പശുക്കളെ വീും കൊുവന്നുകൊടുത്തു.

**12. ഭദ്രമിദം രുശമാ അഗ്നേ അക്രൻഗവാം ചത്വാരി ദദതഃ സഹസ്രാ |**

**ഋണഞ്ചയസ്യ പ്രയതാ മഘാനി പ്രത്യഗ്രഭീഷ്മ നൃതമസ്യ നൃണാം ||**

ഹേ അഗ്നേ! ഋണഞ്ചയരാജൻെറ സേവകരായ രുശമദേശക്കാർ എനിക്ക് നാലായിരം ഗോക്കളെ നൽകി നല്ലകാര്യം ചെയ്തു. അഗ്രണികളിൽ അഗ്രണിയായ ഋഞ്ചയരാജൻ നൽകിയ ആ ധനം ഞാൻ സ്വീകരിച്ചു.

**13. സുപേശസം മാവ സൃജാന്ത്യസ്തം ഗവാം സഹസ്രൈ രുശമാസോ അഗ്നേ |**

**തീവ്രാ ഇന്ദ്രമമന്ദുഃ സുതാസോക്തോർവ്യഷ്ടേന പരിതക്മ്യായാഃ ||**

ഹേ അഗ്നേ! ഋണഞ്ചയരാജൻെറ സേവകരായ രുശമക്കാർ എന്നെ വസ്ത്രാദികളാൽ അലങ്കരിച്ച് വീടും ആയിരം ഗോക്കളേയും തന്നിരിക്കുന്നു. രാത്രിയുടെ അവസാനകാലത്തിൽ മധുരസമിശ്രിതമായ സോമത്താൽ ഇന്ദ്രൻ മത്തനാക്കപ്പെട്ടു.

**14. ഔഛസാ രാത്രീ പരിതക്മ്യാം യാം ഋണഞ്ചയേ രാജനി രുശമാനാം |**

**അത്യോ ന വാജീ രഘുരജ്യമാനോ ബഭ്രൂശ്ചത്വാര്യസനത്സഹസ്രാ ||**

രുശമദേശത്തെ നരേശനായ ഋണഞ്ചയനെ വലയം ചെയ്തിരുന്ന രാത്രി അവസാനിച്ചു. വിളിക്കപ്പെട്ടവനായ ബഭ്രു മഹർഷി ദ്രുതവേഗികളായ അശ്വങ്ങളെപ്പോലെയുള്ള നാലായിരം ധേനുക്കളെ സ്വീകരിച്ചു.

**15. ചതുഃ സഹസ്രം ഗവ്യസ്യ പശ്വഃ പ്രത്യഗ്രഭീഷ്മരുശമേഷ്വഗ്നേ |**

**ധർമശ്ചിത്തപ്നഃ പ്രവൃജേ യ ആസീദയസ്മയസ്തമ്വാദാമ വിപ്രാഃ ||**

ഹേ അഗ്നേ! ഞങ്ങൾ ജ്ഞാനികളാകുന്നു. ഞങ്ങൾ രുശമദേശക്കാരിൽനിന്നും നാലായിരം ഗോക്കളെ സ്വീകരിച്ചു. ഞങ്ങൾ മനോഹരമായ ഒരു സ്വർണ്ണകലശവും യജ്ഞകർമ്മങ്ങൾക്കുവേി പാൽകറക്കുന്നതിന് അവരിൽനിന്നും സ്വീകരിച്ചു.

## സൂക്തം 31

**ഋഷി അത്രിഗോത്രക്കാരൻ അവബ്യു ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഇന്ദ്രോയ രഥാ പ്രവതം കൃണോതി യമധ്യസ്ഥാൻമഘവാ വാജയന്തം |**

**യുഥേവ പശ്വോ വ്യുനോതി ഗോപാ അരിഷ്ടോ യാതി പ്രഥമഃ സിഷാസൻ ||**

മഘവാവായ ഇന്ദ്രൻ ഐശ്വര്യശാലിയാകുന്നു. അവൻ രഥത്തിലിരിക്കുന്നു. ഇടയൻ മാടുകൾക്ക് പ്രേരണ നൽകുന്നതുപോലെ ഇന്ദ്രൻ സേനകൾക്ക് നൽകുന്നു. ദേവൻമാരിൽ ഉത്കൃഷ്ടനായ ഇന്ദ്രൻ ശതുക്കളാൽ ഒരിക്കലും ഹിംസിതനാകാതെ ശത്രുക്കളുടെ ധനത്തിനായി പോകുന്നു.

**2. ആ പ്ര ദ്രവ ഹരിവോ മാ വി വേനം പിശങ്ഗരാതേ അഭി നഃ സചസ്വ |**

**നഹി ത്വദിന്ദ്ര വസ്യോ അന്യദസ്ത്യമേനാശ്ചിജ്ജനിവതശ്ചകർഥ ||**

അശ്വവാനായ ഇന്ദ്രാ! നീ ഞങ്ങളുടെ മുമ്പിലേക്ക് പുറപ്പെട്ടു. ഞങ്ങളെ വെറുക്കരുതേ. നീ വിവിധങ്ങളായ ഐശ്വര്യങ്ങളോടുകൂടിയവനാ ണല്ലോ. ഞങ്ങളുടെ സേവനങ്ങളെ സ്വീകരിച്ചാലും. നീ ഭാര്യാരഹിതർക്ക് ഭാര്യമാരെ പ്രദാനം ചെയ്യുന്നു. നിന്നേക്കാൾ ശ്രേഷ്ഠനായി മറ്റാരും തന്നെ ഇല്ല.

**3. ഉദ്യത്സഹഃ സഹസ ആജനിഷ്ട ദേദിഷ്ടു ഇന്ദ്ര ഇന്ദ്രിയാണി വിശ്വാ |**

**പ്രാചോദയത്സുദുഘാ വവ്രേ അന്തർവിജ്യോതിഷാസംവവൃത്വത്തമോവഃ ||**

ഉഷസ്സിൻെറ പ്രകാശത്തേക്കാൾ ആദിത്യൻെറ പ്രകാശം വളരുമ്പോൾ ഇന്ദ്രൻ യജമാനൻമാർക്ക് എല്ലാ ധനവും നൽകുന്നു. അവൻ ഒളിച്ചുവച്ച പർവ്വതത്തിൽനിന്നും കറവപ്പശുക്കളെ കൊുവരികയും തൻെറതേജസ്സാൽ സർവ്വത്രവ്യാപ്തമായ അന്ധകാരത്തെതള്ളിമാറ്റുകയും ചെയ്യുന്നു.

**4. അനവസ്തേ രഥമശ്വായ തക്ഷന്ത്വഷ്ടാ വജ്രം പുരുഹുതദ്യുമന്തം |**

**ബ്രഹ്മാണ ഇന്ദ്രം മഹയന്തോ അർകൈരവർധയന്നഹയേ ഹന്തവാ ഉ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ വിളിക്കപ്പെടുന്നു. ഋഭുക്കൾ നിൻെറ രഥത്തെ അശ്വയുക്തമാക്കുവാൻ യോഗ്യമാക്കിയിരിക്കുന്നു. ത്വഷ്ടാവ് നിൻെറ വജ്രത്തിന് തീക്ഷ്ണമായ മൂർച്ചനൽകിയിരിക്കുന്നു. മരുത്തുക്കൾ വൃത്രനെ നശിപ്പിക്കുന്നതിനായി സ്തോത്രങ്ങളാൽ ഇന്ദ്രനെ വളർത്തുന്നു.

**5. വൃഷ്ണേ യത്തേ ഷണോ അർകേമർചാനിന്ദ്രഗ്രവാണോഅദിതിഃ സജോഷാഃ |**

**അനശ്വാസോ യേ പവയോരഥാ ഇന്ദ്രേഷിതാ അഭ്യവർതന്ത ദസ്യൂൻ ||**

ഹേ ഇന്ദ്രാ! നീ ആഗ്രഹങ്ങൾ പൂർത്തിയാക്കുന്നവ സേചനകർമ്മാക്കളായ മരുത്തുക്കൾ നിന്നെ സ്തുതിച്ചപ്പോൾ സോമം ഇടിക്കുന്ന അമ്മിക്കല്ലും സന്തോഷത്തോടുകൂടി അതിൽചേർന്ന് ഇന്ദ്രനാൽ അയക്കപ്പെട്ട മരുത്തുക്കൾ തേരും അശ്വങ്ങളും ഇല്ലാതിരുന്നിട്ടും ശത്രുക്കളെ അമർച്ചവരുത്തി.

**6. പ്ര തേ പൂർവാണി കരണാനി വോചം പ്ര നൂതനാ മഘവന്യാ ചകർഥ |**

**ശക്തീവോ യദ്വിഭരാ രോദസീ ഉഭേ ജയന്നപോ മനവേ ദാനുചിത്രാഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിൻെറ പ്രാചീനങ്ങളും നവീനങ്ങളുമായ കർമ്മങ്ങളെ കീർത്തിക്കുന്നു. ഹേഐശ്വര്യവാനായ ഇന്ദ്രാ! നിൻെറ കർമ്മങ്ങൾ ഞങ്ങൾ വർണ്ണിക്കുന്നു. ഹേ വജ്രായുധാ! നീ ആകാശത്തേയും ഭൂമിയേയും തനിക്കധീനമാക്കിവച്ചുകൊ് മനുഷ്യർക്കുവേി അത്ഭുതജലത്തെ വഹിച്ചുകൊിരിക്കുന്നു.

**7. തദിന്നു തേ കരണം ദസ്മ വിപ്രാഹിം യദ്ഘ്നന്നോജോ അത്രാമിമീഥാഃ |**

**ശുഷ്ണസ്യ ചിത്പരി മായാ അഗൃഭ്ണാ പ്രപിത്വം യന്നപ ദസ്യൂരസേധഃ ||**

ഹേ ഇന്ദ്രാ! നീ ജ്ഞാനിയും ദർശനീയനുമാകുന്നു. നീ വൃത്രനെ നിഗ്രഹിച്ച് യാതൊരു ബലത്തെ ഈ ലോകത്തിനു കാണിച്ചുവോ അത് നിനക്ക് മാത്രമേ സാധ്യമായിരുന്നുള്ളൂ. നീ ശുഷ്ണൻെറ മായകൾ കൈക്കലാക്കുകയും രണക്ഷേത്രത്തിലെത്തി ദസ്യുക്കളെ നശിപ്പിക്കുകയും ചെയ്തു.

**8. ത്വമപോ യദവേ തുർവശായാരമയഃ സുദുഘാഃ പാര ഇന്ദ്ര |**

**ഉഗ്ര മയാതമവഹോ ഹ കുത്സ സം ഹ യദ്വാമുശനാരന്ത ദേവാഃ ||**

ഹേ ഇന്ദ്രാ! യദു, ദുർവശൻ എന്നീ രാജാക്കൻമാരെ നീ നദീമുഖത്തു വസിച്ച്, വനസ്പതികളെ വളർത്തുന്ന ജലം പ്രദാനം ചെയ്തു കുത്സനെ ആക്രമിക്കുവാനെത്തിയ ഭയങ്കര അസുരനായ ശുഷ്ണനെ കൊന്നു. കുത്സന് അവൻെറ ഗൃഹം തിരിച്ചുകൊടുത്തു. അപ്പോൾ ഉശനസും മറ്റെല്ലാദേവകളും നിന്നെ സ്തുതിച്ചു.

**9. ഇന്ദ്രാകുത്സാ വഹമാനാ രഥേനാ വാമത്യാ അപി കർണേ വഹന്തു |**

**നിഃ ഷീമദ്ഭ്യോ ധമഥോ നിഷേധസ്ഥാൻമഘോനോ ഹൃദോ വരഥസ്തമാംസി||**

ഹേ ഇന്ദ്രാ! ഹേ കുത്സാ! നിങ്ങൾ രുപേരും ഒരു രഥത്തിൽ സഞ്ചരിച്ചാലും. നിങ്ങളെ കുതിരകൾ ഇവിടെ യജമാനൻമാരുടെ അടുക്കലെത്തിക്കട്ടെ. നിങ്ങൾ രുപേരുംകൂടി ശുഷ്ണനെ അവൻെറ ആശ്രയരൂപമായ ജലത്തിൽനിന്ന് വേർപെടുത്തി പീഡിപ്പിച്ചു. നിങ്ങൾ രുപേരും ധനികരായ യജമാനൻമാരുടെ അന്ധകാരപൂർണ്ണമായ അന്തക്കരണത്തെ ശുദ്ധമാക്കിയിരുന്നു.

**10. വാതസ്യ യുക്താൻത്സുയുജശ്ചാദശ്വാങ്കവിശ്ചിദേഷോ അജഗന്നവസ്യുഃ |**

**വിശ്വേ തേ അത്ര മരുതഃ സഖായ ഇന്ദ്ര ബ്രഹ്മാണി തവിഷീമവർധൻ ||**

ജ്ഞാനിയായ അവന്യമഹർഷിക്ക് രഥത്തിൽ ശരിയാംവണ്ണം ചേർക്കത്തക്കവയും വായുവേഗത്തോടുകൂടിയതുമായ അശ്വങ്ങളെ ലഭിച്ചു. ഹേഇന്ദ്രാ! അവസ്യുവിൻെറ സഖാക്കളായ എല്ലാ സ്തോതാക്കളും തങ്ങളുടെ സ്തോത്രങ്ങൾവഴി നിൻെറ പരാക്രമത്തെ വളർത്തി.

**11. സൂരശ്ചിദ്രഥം പരിതക്മ്യായാം പൂർവ്വം കരദുപരം ജൂജുവാംസം |**

**ഭരച്ചക്രമേതശഃ സം രിണാതി പുരോ ദധത്സനിഷ്യാതി ക്രതും നഃ ||**

പുരാതനകാലത്ത് ഏതശനമഹർഷിയും സൂര്യനുമായി യുദ്ധം നടന്നപ്പോൾ സൂര്യൻെറ വേഗമേറിയ രഥത്തിൻെറ ഗതിയെ ഇന്ദ്രൻ തടഞ്ഞു. ആ രഥത്തിൻെറ രു ചക്രങ്ങളിൽ ഒന്നിനെ ഇന്ദ്രൻ ഊരിയെടുത്ത്, ആ ചക്രം കൊതന്നെ ശത്രുസംഹാം നടത്തി. നമ്മുടെ മേൽ സന്തുഷ്ടനായ ഇന്ദ്രൻ നമ്മുടെ യജ്ഞത്തിൽ വരട്ടെ.

**12. ആയം ജനാ അഭിചക്ഷേ ജഗാമേന്ദ്രഃ സഖായം സുതസോമമിച്ഛൻ|**

**വദൻഗ്രാവാ വവേദിം ഭ്രിയാതേ യസ്യ ജീരമധ്വര്യവശ്ചരന്തി ||**

ഹേമനുഷ്യരേ! സോമം ഇടിച്ചുപിഴിയുന്ന സഖാക്കളുടെ അടുത്തേക്ക് യജമാനനെ ഇഷ്ടപ്പെടുന്നവനായ ഇന്ദ്രൻ നിങ്ങൾക്ക് ദർശനം നൽകുവാൻ എഴുന്നള്ളുന്നു.അധ്വര്യുക്കൾ ഉയർത്തിയ സോമം ഇടിക്കുന്ന അമ്മിക്കല്ല് ശബ്ദമുാക്കിക്കൊ് വേദിയിൽ ചേരുന്നു.

**13. യേ ചാകനന്ത നൂ തേ മർതാ അമൃത മോ തേ അംഹ ആരാൻ |**

**വാവന്ധി യജ്യുംരുത തേഷു ധേഹ്യോജോ ജനേഷു യേഷു തേ സ്യാമ ||**

ഹേ ഇന്ദ്രാ! നീ നാശരഹിതനാകുന്നു. യാതൊരുത്തൻ നിന്നെ ഇഷ്ടപ്പെടുന്നുവോ മരണധർമ്മാവായ ആ മനുഷ്യൻ യാതൊരനിഷ്ടവും സംഭവിക്കാതിരിക്കട്ടെ. നീ യജമാനൻമാരുടെ മേൽ പ്രസന്നനായി അവരുടെ മേൽ കൃപചൊരിയൂ. യാതൊരു മനുഷ്യരുടെ ഇടയിൽ സ്തുതിക്കുന്നവരായ ഞങ്ങളിരിക്കുന്നുവോ, ആ മനുഷ്യരും യജമാനൻമാരും നിൻേറതു തന്നെയാകുന്നു. നീ അവർക്ക് ബലം പ്രദാനം ചെയ്താലും.

## സൂക്തം 32

**ഋഷി അത്രി ഗോത്രക്കാരൻ ഗാതു ദേവത ഇന്ദ്രൻ**

**ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അദർദരുത്സമസൃജോ വി ഖാനി ത്വമർണവാൻബദ്ബധാനാം അരമ്ണാഃ |**

**മഹാന്തമിന്ദ്ര പർവതം വി യദ്ധഃ സൃജോ വി ധാരാ അവദാനവം ഹൻ ||**

ഹേ ഇന്ദ്രാ! നീ വർഷമേഘത്തെ പിളർന്നു. ജലത്തിനുവേി അതിൽ ദ്വാരം സൃഷ്ടിച്ചു. ഹേ ഇന്ദ്രാ! നീ മേഘത്തെ തുറന്നു ജലത്തെ വർഷിച്ചു. വൃത്രനെ വധിച്ചു.

**2. ത്വമുത്സാം ഋതുഭിർബ ദ്ബധാനാം അരംഹഊധഃ പവതസ്യ വജ്രിൻ |**

**അഹിം ചിദുഗ്ര പ്രയുതം ശയാനം ജഘന്വാം ഇന്ദ്രതവിഷീമധത്ഥാഃ ||**

ഹേ വജ്രായുധാ! വരഷാർത്തുവിൽ തടയപ്പെട്ട മേഘങ്ങളെ പെയ്യിക്കൂ. അവയുടെ ശക്തി വർദ്ധിപ്പിക്കൂ. നീ ഭീകരകർമ്മാവാണല്ലോ. നീജലത്തിൽ ഉറങ്ങുന്ന വൃത്രനെ ഹനിച്ച് നിൻെറ ബലത്തെ പ്രസിദ്ധമാക്കി.

**3. ത്യസ്യ ചിൻമഹതോ നിരമൃഗസ്യ വധർജഘാന**

**തവിഷീഭിരിന്ദ്രാഃ |**

**യ ഏക ഇദപ്രതിർമന്യമാന ആദസ്മാദന്യോ അജനിഷ്ട തവ്യാൻ ||**

ഇന്ദ്രന് യാതൊരു പ്രതിദ്വന്ദികളും ഇല്ലാ. അവൻ വൃത്രൻെറ വേഗമേറിയ ആയുധങ്ങളെ തൻെറ പരാക്രമത്താൽ നശിപ്പിച്ചു. ആ സമയത്ത് വൃത്രൻെറ ശരീരത്തിൽനിന്നും അത്യന്തം ബലവാനായ ഒരു ദൈത്യൻ പ്രത്യക്ഷപ്പെട്ടു.

**4. ത്യം വിദേഷാം സ്വധയാ മദന്തം ഹോ നപാതം സുവൃധം തമോഗാമ് |**

**വൃഷപ്രഭർമാ ദാനവസ്യ ഭാമം വജ്രേണ വജ്രീ നി ജഘാന ശുഷ്ണം ||**

മേഘത്തിൽ വജ്രപ്രഹരം നടത്തിയ ഇന്ദ്രൻ വജ്രായുധത്താൽ പരാക്രമിയായ ശുഷ്ണനെ വധിച്ചു. വൃത്രാസുരൻെറ കോപത്തിൽനിന്നുത്ഭവിച്ച ശുഷ്ണൻ അന്ധകാരത്തിൽ ചുറ്റിത്തിരിഞ്ഞ് മേഘത്തെ രക്ഷിച്ചിരുന്നു. ആഅസുരൻ എല്ലാ ജീവികളുടേയും അന്നത്തെ സ്വയം ഭക്ഷിച്ച് തടിച്ചുകൊഴുത്തു.

**5. ത്യം ചിദസ്യ ക്രതുഭിർനിഷത്തമമർമണോ വിദദിദസ്യ മർമ |**

**യദീം സൂക്ഷത്ര പ്രഭൃതാ മദസ്യ യുയുത്സന്തം തമസിഹർമ്യേ ധാഃ ||**

ഹേ പരാക്രമിയായ ഇന്ദ്രാ! ഹർഷകാരിയായ സോമപാനം ചെയ്ത് ശക്തനായ നീ യുദ്ധക്കൊതിയനായ വൃത്രനെ അന്ധകാരത്തിൽനിന്നു തന്നെ കുപിടിച്ചു. താൻ കൊല്ലപ്പെടാത്തവനാണെന്ന് ധരിച്ചിരുന്ന ആ വൃത്രൻെറ പ്രാണൻ എവിടെയാണ് എന്ന കാര്യം നിനക്ക് അവർ നടത്തിയ കാര്യങ്ങൾകൊ് അറിയുവാൻ കഴിഞ്ഞു.

**6. ത്യം ചിദിത്യാ കത്പയം ശയാനമസൂര്യേ തമസിവാവൃമാനം |**

**തം ചിൻമദാനോ വൃഷഭഃ സുതസ്യോച്ചൈരിന്ദ്രോ അപഗൂര്യാ ജഘാന ||**

ആ വൃത്രൻ ജലത്തിൽ ഉറങ്ങുകയും അന്ധകാരത്തിൽ വളരുകയും ചെയ്തു. പ്രസിദ്ധമായ സോമം പാനം ചെയ്ത് ശക്തനായതിനുശേഷം അഭിലാഷവർഷകനായ ഇന്ദ്രൻവജ്രപ്രഹരത്താൽ അവനെ വധിച്ചു.

**7. ഉദ്യദിന്ദ്രോ മഹതേ ദാനവായ വധർയമിഷ്ടസഹോ അത്രീതം |**

**യദീം വജ്രസ്യ പ്രദതന ദദാഭ വിശ്വസ്യ ജന്തോരധമം ചകാര ||**

ആ അസുരവൃത്തിയായ വൃത്രൻെറമേൽ ഇന്ദ്രൻ തൻെ വിജയശീലമുള്ള വജ്രത്തെ പ്രേരിപ്പിച്ച് അവനെ പ്രഹരിച്ചപ്പോൾ, എല്ലാ ജീവികളുടേയും മുമ്പിൽ അവനെ താഴെവീഴ്ത്തി.

**8. ത്യം ചിദരണം മധുപം ശയാനമസ്വിനാം വവ്രമഹ്യാദദുഗ്രഃ |**

**അപാദമത്രം മഹതാ വധേന നി ദുര്യോണ ആവൃണങ് മൃധ്രവാചം ||**

ഉഗ്രനായ ഇന്ദ്രൻ ചലിച്ചുകൊിരുന്ന മേഘത്തെ തടഞ്ഞുനിർത്തി ഉറങ്ങിക്കൊിരുന്നവനും ജലത്തെ ആവരണം ചെയ്തിരുന്നവനുമായ വൃത്രനെ പിടികൂടുകയും പിന്നീട് പാദരഹിതനുംപരിമാണരഹിതനും ആയ അവനെ തൻെറ വജ്രത്താൽ ഛിന്നഭിന്നമാക്കുകയും ചെയ്തു.

**9. കോ അസ്യ ശുഷ്മ നവിഷിം വാത ഏകോ ധനാ ഭരതേ അപ്രതീതഃ |**

**ഇമേ ചിദസ്യ ജ്രയസോ നുദേവി ഇന്ദ്രസ്യൗജസോ ഭിയാസാ ജിഹാതേ ||**

ഇന്ദ്രൻെറ ശക്തി ശത്രുക്കളെ ശോഷിപ്പിക്കുന്നു. അതിനെ തടയുവാൻ ആരും സമർത്ഥരാകുന്നില്ല. അവൻ ഏകനായിത്തനെ അനേകംശത്രുക്കളുടെ ധനത്തെ പിടിച്ചെടുത്തിരിക്കുന്നു. ആകാശവും ഭൂമിയും ഇന്ദ്രൻെറ പരാക്രമത്തിൽ പ്രഭാവിതമായിചരിക്കുന്നു.

**10. ന്യസ്മൈ ദേവീ സ്വധിതിർജിഹിത ഇന്ദ്രായ ഗാതുരശതീവ യേമേ |**

**സം യദോജോയുവതേ വിശ്വമാഭിരനു സ്വധാവ്നേ ക്ഷിതയാ നമന്ത ||**

എല്ലാത്തിൻേറയും ധാരകനും പ്രകാശപൂർണ്ണനുമായ ആകാശം ഇന്ദ്രൻെറ മുമ്പിൽ തലകുനിക്കുന്നു. കാമിനിയായ സുന്ദരിയെപ്പോലെ ഭൂമി ഇന്ദ്രനു സമർപ്പിക്കപ്പെട്ടവളായി നിൽക്കുന്നു. എല്ലാ ജീവികളിലും ഇന്ദ്രൻ തൻെറ ബലത്തെ സ്ഥാപിച്ചപ്പോൾ എല്ലാപ്രജകളും അവൻെറ മുമ്പിൽ നമസ്കാരപൂർവ്വം കുമ്പിട്ടു.

**11. ഏകം നുത്വാ സത്പതിം പാഞ്ജജന്യം ജാതം ശൃണോമി യശസം ജനേഷു |**

**തം മേ ജഗൃഭ്ര ആശസോ നവിഷ്ഠം ദോഷാ വസ്തോർഹവമാനാസ ഇന്ദ്രം ||**

ഹേ ഇന്ദ്രാ! നീ മനുഷ്യരുടെസ്വാമിയാണെന്ന് ഋഷിമാരിൽനിന്നും കേട്ടിട്ടു്. നീ സജ്ജനങ്ങളുടെ പാലകനാകുന്നു. മനുഷ്യരുടെ നൻമയ്ക്കുവേനീ ആവിരഭവിച്ചിരിക്കുന്നു. രാവും പകലും സ്തുതികളിൽ ലീനരായി ഞങ്ങളുടെ അഭിലാഷങ്ങളെ പ്രകടമാക്കി, ഞങ്ങളുടെ സന്തികൾ സ്തുതിക്കുപാത്രമായ ഇന്ദ്രനെ ആശ്രയം പ്രാപിക്കട്ടെ.

**12. ഏവാ ഹി ത്വമൃതുഥാ യാതയന്തം മഘാവിപ്രേഭ്യോ ദദത് ശൃണോമി |**

**കിം തേ ബ്രഹ്മാണോ ഗൃഹതേ സഖായോ യേ ത്വായാ നി ദധുഃ കാമമിന്ദ്ര ||**

ഹേ ഇന്ദ്രാ! നീ ജീവികളെ പ്രേരിപ്പിക്കുകയും, സ്തുതിക്കുന്നവർക്ക് ധനം നൽകുകയും ചെയ്യുന്നു. ഇന്ദ്രാ! സ്തുതിക്കുന്നവനും തൻെറ അഭിലാഷങ്ങളെ നിൻെറ മുമ്പിൽ നിവേദിക്കുന്നവനുമായ നിൻെറ മറുമിത്രങ്ങൾക്കെന്ത് കിട്ടി.

## അദ്ധ്യായം ര്

## അനുവാകം 3 സൂക്തം 33

**ഋഷി പ്രജാപതി പുത്രൻ സംവരണൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. മഹി മഹേതവസേ ദീദ്യേ നൄനിന്ദ്രായേത്ഥാ തവതേ അതവ്യാൻ |**

**യോ അസ്മൈം സുമതിം വാജസാതൗ സ്തുതോ ജനേ**

**സമർയശ്ചിഖേത ||**

യാതൊരുത്തൻ ഇന്ദ്രപരാക്രമസംബന്ധിയായ കർമ്മങ്ങൾ നടത്തുന്നതിൽ വീരപുരുഷൻമാരാൽ യുക്തനായിരിക്കുകയും ബുദ്ധിശക്തിയാൽ എല്ലാത്തിൻെറമേലും ഭരണം നടത്തുന്നതിൽ സമർത്ഥനായിരിക്കുകയും ചെയ്യുന്നുവോ, ഐശ്വര്യശാലിയായ ഇന്ദ്രൻെറ ആ സ്തോതാവ് ദുർബലനാണെങ്കിലും മഹാബലത്തെ പ്രാപിക്കുന്നതിൽ സമർത്ഥനാകുന്നു. ആ ഇന്ദ്രൻ അന്നലാഭത്തിനുവേി സ്തുതിക്കപ്പെടുവാൻ നമ്മുടെമേൽകൃപയുള്ളവനാകട്ടെ.

**2. സ ത്വം ന ഇന്ദ്ര ധിയസാനോ അർകൈർഹരീണാം പൃഷന്യോക്താറമശ്രേഃ |**

**യാ ഇത്ഥാ മഘന്നനു ജോഷം വക്ഷോ അഭി പ്രർയഃ സക്ഷി ജനാൻ ||**

ഹേ ഇന്ദ്രാ! അഭിലാഷങ്ങളെ പൂർണ്ണമാക്കുന്നവനേ! നിങ്ങളുടെ ആഗ്രഹങ്ങൾ പൂർത്തീകരിച്ച് പ്രസന്നമാക്കുന്ന സ്തോത്രങ്ങളോടുകൂടി രഥത്തിൽകെട്ടിയ അശ്വങ്ങളുടെ കടിഞ്ഞാൺ പിടിച്ചാലും. ഹേഇന്ദ്രാ! ഹേമഘവാവേ! ഇപ്രകാരം ഞങ്ങളുടെ ശത്രുക്കളെ വശീകരിക്കുന്നതിൽ നീ സമർത്ഥനാകുന്നു.

**3. ന തേ ത ഇന്ദ്രാഭ്യ സ്മദ്യഭ്യായുക്താസോ അബ്രഹ്മതാ യദസൻ |**

**തിഷ്ഠാ രഥമധി തം വജ്രഹസ്താ രശ്മിം ദേവ യമസേ സ്വശ്വഃ ||**

ഹേ തേജസ്വിയായ ഇന്ദ്രാ! യാതൊരു മനുഷ്യൻ നിൻെറ ഭക്തനായിരിക്കുന്നില്ലയോ യാതൊരുത്തൻ നിന്നോടൊത്തു വസിക്കുന്നില്ലയോ, ആ മനുഷ്യൻ സൽക്കർമ്മഹീനനായതിനാൽ അവന് നിൻേറതാകുവാൻ സാധിക്കുന്നില്ല. ഹേ വജ്രീൻ! ഞങ്ങളുടെ യജ്ഞത്തെ പ്രാപിക്കുന്നതിനായി നീ സ്വയം തെളിയിക്കുന്ന ആ രഥത്തിൽ ആരോഹിതനാകണമേ.

**4. പുരു യത്ത ഇന്ദ്ര സന്ത്യുക്ഥാ ഗവേ ച ക ഥോവരാസു യുധ്യൻ |**

**തതക്ഷേ സൂര്യായ ചിദോകസി സ്വേ വൃഷാ സമത്സു ദാസസ്യ നാമ ചിത്||**

ഹേ ഇന്ദ്രാ! നിന്നെസംബന്ധിച്ച് അനേകം സ്തോത്രങ്ങളു്.ഇതു കാരണമായി ഉർവ്വരഭൂമിയിൽ മഴ പെയ്യിക്കുവാനുള്ള ആഗ്രഹത്താൽ വൃഷ്ടിയുടെ അവരോധകൻമാരെ ഛിന്നഭിന്നമാക്കി നീ ആഗ്രഹങ്ങളെ പൂർത്തീകരിക്കുന്നു. നീ സൂര്യസ്ഥാനത്ത് വൃഷ്ടിയെ തടയുന്ന ദസ്യുക്കളുമായി യുദ്ധം ചെയ്ത് അവരെ നാമാവശേഷരാക്കുന്നു.

**5. വയം തേ ത ഇന്ദ്ര യേ ചാ ശർധോ ജജ്ഞാനാ യതാശ്ച രഥാഃ |**

**അസ്മാഞ്ജഗമ്യാദഹിശുഷ്മ സത്വാ ഭഗോന ഹവ്യഃ പ്രഭൃതേഷു ചാരുഃ ||**

ഹേ ഇന്ദ്രാ! ഋത്വിക്കുകളും യജമാനൻമാരാദിയായവരും നിൻേറതുതന്നെയാകുന്നു. യജ്ഞാനുഷ്ഠാനം വഴി ഞങ്ങൾ നിൻെറ ബലം വർദ്ധിക്കുകയും ആഹുതി നൽകുന്നതിനായി നിൻെറ അടുക്കൽ വരികയും ചെയ്യുന്നു. ഹേ ഇന്ദ്രാ! നിൻെറ ബലം എല്ലാത്തിലുംവ്യാപിച്ചിരിക്കുന്നു. നിൻെറ കൃപയാൽ ഭഗനുതുല്യം പ്രശംസായോഗ്യരായവർ കർമ്മക്ഷേത്രത്തിൽ ഞങ്ങളെ സഹായിക്കാനെത്തണേ.

**6. പപൃക്ഷേണ്യമിന്ദ്ര ത്വേ ഹ്യോജോ നൃമ്ണാനി ച നൃതമാനേ അമർതഃ |**

**സ ന ഏനം വസവാനോ രയിം ദാഃ പ്രാര്യഃ സ്തുഷേ തുവിമഘസ്യ ദാനം ||**

ഹേ ഇന്ദ്രാ! നിൻെറ ശക്തി പൂജായോഗ്യമാകുന്നു.നീഅവിനാശിയും എങ്ങും വ്യാപിച്ചിരിക്കുന്നവനുമാകുന്നു. നീസ്വന്തം തേജസ്സാൽ ലോകത്തെ ആച്ഛാദനം ചെയ്ത് ഉജ്ജ്വലമായ ധനത്തെ പ്രദാനം ചെയ്യണേ. നാം ഐശ്വര്യശാലിയും ദാതാവുമായ ഇന്ദ്രൻെറ ദാനത്തിൻെറ പ്രശംസകൻമാരാകുന്നു.

**7. ഏവാ ന ഇന്ദ്രോതിഭിരവ പാഹി ഗൃണതഃശുരകാരൂൻ |**

**ഉത ത്വചം ദദതോ വാജസാതൗ പിപ്രീഹി മധ്വഃ സുഷുതസ്യ ചാരോഃ ||**

ഹേ പരാക്രമിയായ ഇന്ദ്രാ! ഞങ്ങൾ നിന്നെ സ്തുതിക്കുകയും യജ്ഞം നടത്തുകയും ചെയ്യുന്നു. നീ സ്വന്തം രക്ഷാസാധനങ്ങളാൽ ഞങ്ങളെ രക്ഷിച്ചാലും. യുദ്ധത്തിൽ നീ ഞങ്ങൾക്കഭയം നൽകി ഞങ്ങളുടെ സുസിദ്ധമായ സോമരസം പാനം ചെയ്ത് മത്തനായാലും.

**8. ഉത ത്യേ മാ പൗരുകത്സ്യസ്യ സുരേസ്ത്രേസദസ്യോർഹിരണിനോ രരാണാഃ |**

**വഹന്തു മാദശ ശ്യേതാസോഅസ്യ ഗൗരിക്ഷിതസ്യ ക്രതുഭിർനു സശ്ചേ ||**

ഗൈരിക്ഷിതൻ, പുരുകുത്സൻ, ത്രസദസ്യ ഇവർ സ്വർണ്ണാദി ഐശ്വര്യങ്ങളുടെ നായകൻമാരാകുന്നു. അവർ പ ശ്വേതാശ്വങ്ങളെ നമുക്കു നൽകി. ആ കുതിരകൾ നമ്മെ വഹിക്കട്ടെ. അവയെ രഥത്തിൽ പൂട്ടി നമുക്കതിവേഗം പോകാം.

**9. ഉത ത്യേ മാ മാരുതാശ്വസ്യ ശോണാഃക്രത്വാമഘാസോ വിദഥസ്യ രാതൗ |**

**സഹസ്രാ മേ ച്യവതാനോ ദദാന ആനൂകമര്യോ വപുഷേ നാർചത് ||**

മരുതാശ്വൻെറ പുത്രനായ വിദഥൻ നമുക്ക് ദ്രുതഗാമികളായ ചെങ്കുതിരകളെ നൽകിയിരുന്നു. അവ നമ്മെവഹിക്കുന്നവയാകട്ടെ. അവർ പൂജനീയരായിക്കരുതി അസംഖ്യം ധനവും ശരീരത്തിലണിയാനുള്ള ആരണങ്ങളും നൽകിയിരിക്കുന്നു.

**10. ഉത ത്യേ മാധ്യന്യസ്യ ജൂഷ്ഠാ ലക്ഷ്മണ്യസ്യ സുരുചോയതാനാഃ |**

**മഹ്നാ രായഃ സംയരണസ്യ ഋഷേർവ്രജം ന ഗാവഃ പ്രയതാ അപി ഗ്മൻ ||**

ലക്ഷ്മണൻെറ പുത്രനായ ധ്വന്യൻ നമുക്ക് നൽകിയിരുന്ന ഉജ്ജ്വലവർണ്ണത്തോടുകൂടിയതും കർമ്മക്ഷമതയുള്ളതുമായ കുതിര നമ്മെ വഹിക്കട്ടെ. ഗോക്കൾ തൊഴുത്തിനെ പ്രാപിക്കുന്നതുപോലെ ധ്വന്യനാൽ നൽകപ്പെട്ട മഹത്തായ ഐശ്വര്യം സംവരണ മഹർഷിയുടെ ആശ്രമത്തെ പ്രാപിക്കട്ടെ.

## സൂക്തം 34

**ഋഷി സംവരണൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. അജാതശത്രുമജരാസ്വർവത്യനു സ്വധാമിതാ ദസ്മമീയതേ |**

**സുനോതന പചത ബ്രഹ്മവാ ഹസേ പുരുഷ്ടുതായ പ്രതരം ദധാതന ||**

യാതൊരുത്തനോട് ശത്രുത്വം ഭാവിക്കുവാൻ ആരും ധൈര്യപ്പെടുന്നില്ലയോ, യാതൊരുത്തൻ ശത്രുക്കളെ സംഹരിക്കുന്നുവോ അവനെ ഒരിക്കലുംക്ഷയിക്കാത്തും, സ്വർഗ്ഗദായനിയുമായ മധുരഹവിസ്സുകൾ പ്രാപിക്കട്ടെ

**2. ആയഃ സോമേന ജഠരമപിപ്രതാമരുന്തത മഘവാ മധ്വോ അന്ധസഃ |**

**യദീം മൃഗായ ഹന്തവേ മഹാവംഃ സഹസ്രഭൃഷ്ടിമുശം നാ വധം യമത് ||**

ഇന്ദ്രൻ തൻെറ ഉദരത്തെ സോമരസത്താൽ പരിപൂർണ്ണമാക്കുകയും സുമധുരമായ സോമരസം പാനം ചെയ്തു സന്തുഷ്ടനാകുകയും ചെയ്തു. അനന്തരം മൃബൻ എന്ന അസുരനെ കൊല്ലുവാനുദ്ദേശിച്ചുകൊ് തൻെറ മൂർച്ചയേറിയ വജ്രത്തെ കരങ്ങളിലെടുത്തു.

**3. യോ അസ്മൈ ധ്രുംസ ഉത വാ യ ഊഗി സോമം സുനോതി ഭവതി ദ്യമ്യാം അഹ |**

**അപാപ ശക്രസ്തതനുഷ്ഠിമുഹതി തനുശുഭ്രം മഘവായഃ കവാസഖഃ ||**

രാവും പകലും ഇന്ദ്രനുവേി സോമം ഇടിച്ചുപിഴിയുന്ന യജമാനൻ അത്യന്തം തേജസ്വിയായിത്തീരുന്നു.യാതൊരെജമാനൻ യജ്ഞം നടത്താതിരിക്കുന്നുവോ അവനും ധനത്തേയും സന്താനങ്ങളേയും ഇച്ഛിക്കുന്നു. മനോഹരങ്ങളായ ആഭരണങ്ങളണിയുന്നു. വിരുദ്ധാചരണക്കാരായ വ്യക്തികളെ സഹായിക്കുന്നു. ആ യജമാനൻമാരെ സമർത്ഥനായ ഇന്ദ്രൻ ഉപേക്ഷിക്കുന്നു.

**4. യസ്യാവധീപ്തിതരം യസ്യ മാതരം യസ്യ ശക്രോ ഭ്രാതരം നാത ഈർഷതേ |**

**വേതീദ്വസ്യ പ്രയതാ യതങ്കരോ ന കില്വിവിവാദീഷതേ വസ്വ ആകരഃ ||**

ഹേ ഇന്ദ്രാ! യാതൊരുത്തൻ പിതാവിനേയും, മാതാവിനേയും സഹോദരനേയും ദണ്ഡിപ്പിച്ചിട്ടും ഭയഭീതനാകാതെ കാഴ്ചവയ്ക്കുന്നവനെ നീ രക്ഷിക്കുന്നു. തൻെറ ഐശ്വര്യങ്ങളെ എല്ലാഭാഗങ്ങളിൽനിന്നും സംഗ്രഹിക്കുന്നതിൽ കുശലനായ ഇന്ദ്രൻ പാപികളെപ്പോലും വിടുന്നില്ല.

**4. ന പഞ്ചഭിർദശഭിർവഷ്ട്യാരംഭം നാസുന്വത സചതേ പുഷ്യതാ ചന |**

**ജിനാതി വേദമുയാ ഹന്തി യാ ധുനിരാദേവയും ഭജതി ഗോമതി വ്രജേ ||**

ഇന്ദ്രന് ശത്രുക്കളെ സംഹരിക്കുന്നതിന് അഞ്ചോ പത്തോ സഹായികളെ ആവശ്യമില്ല. സോമം തയ്യാറാക്കാത്തവനും കുടുംബത്തെ പാലിക്കാത്തവനുമായ വ്യക്തിയുമായി അവൻ സ്നേഹബന്ധം പുലർത്തുന്നില്ല. ശത്രുക്കളെ വിറപ്പിക്കുന്ന ഇന്ദ്രൻ അവനെ വധിക്കുന്നു. യാജ്ഞികരുടെ തൊഴുത്തുകളിൽ അവൻ ഗോക്കളെ നിറക്കുന്നു.

**6. വിത്വക്ഷണ;ഃ സമൃതൗ ചക്രമാസജോസുന്വതോ വിഷുണഃ സുന്വതോ വൃധഃ |**

**ഇന്ദ്രോ വിശ്വസ്യ ദമിതാ വിഭീഷണോ യഥാവശം നയതി ദാസമാർയഃ ||**

യുദ്ധത്തിൽ ശത്രുക്കളെ തോൽപ്പിക്കുന്ന ഇന്ദ്രൻ രഥചക്രങ്ങൾക്ക് തീഷ്ണമായ ശക്തിനൽകുന്നു. അവൻ സോമം പിഴിയാത്തവനിൽനിന്നും അകന്നു വസിക്കുകയും സോമവാനെ വളർത്തുകയും ചെയ്യുന്നു. ആ ഇന്ദ്രൻ ലോകത്തിനു പ്രേരണ നൽകുകയും ഭയത്തെ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. അവൻ ദസ്യുക്കളെ തനിക്കധീനമാക്കുന്നു.

**7. സമീം പണേരജതി ഭോജനം മുഷേ വിദാശുഷേ ഭജതി സൂനരം വസു |**

**ദുർഗേ ചന ധ്രിയതേ വിശ്വ ആ പുരു ജനോ യോ അസ്യ തവിഷീമചുക്രുധത് ||**

ഇന്ദ്രൻ വണിക്കുകളെപ്പോലെ പണം സമ്പാദിക്കുവാൻ പോകുന്നു. മനുഷ്യരുടെ പ്രതിഷ്ഠയെ വളർത്തുന്ന ആ ധനം യജ്ഞം നടത്തുന്ന യജമാനൻമാർക്കു ദാനം ചെയ്യുന്നു. ആര് ഇന്ദ്രനെ കുപിതനാക്കുന്നുവോ അവൻ സങ്കടാവസ്ഥയിൽ പതിക്കുന്നു.

**8. സം യജ്ജനൗ സുധനൗ വിശ്വശർധസാവവേദിദിന്ദ്രോ മഘവാ ഗോഷു ശുഭ്രിഷു |**

**യുജം ഹ്യന്യമകൃത പ്രവേപന്യുദീം ഗവ്യം സൃജതേ സത്വഭിർധുനിഃ ||**

ധനികരും മഹാൻമാരും സമർത്ഥരുമായ രു വ്യക്തികൾ പരസ്പരം വിദ്വേഷികളായിത്തീരുമ്പോൾ അവരിൽ യജ്ഞം നടത്തുന്ന യജമാനനെ ഇന്ദ്രൻ സഹായിക്കുന്നു.മേഘങ്ങളെ വിറപ്പിക്കുന്ന ഇന്ദ്രൻ ആയാജ്ഞികനായ യജമാനന് ഗോക്കളെ പ്രദാനം ചെയ്യുന്നു.

**9. സഹസ്രസാമാഗ്നിവേശിം ഗൃണീഷേശത്രിമഗ്ന ഉപമാ കേതുമർയഃ |**

**തസ്മാ ആപഃ സന്യതഃ പീപയന്ത തസ്മിൻക്ഷത്ര മമവത്വേഷമസ്തു ||**

ഹേ ഇന്ദ്രാ! അനേകം ധനം നൽകുന്നവനായ അഗ്നിവേശപുത്രനായ ശത്രിമഹർഷിയെ ഞങ്ങൾ പ്രശംസിക്കുന്നു. അവൻ അനുപമേയനു പ്രസിദ്ധനുമാകുന്നു. ജലരാശി അവനെ വേവിധത്തിൽ പുഷ്ടിപ്പെടുത്തട്ടെ. അവൻെറ ധനവും ബലവും പ്രകാശപൂർണ്ണമാകട്ടെ

# സൂക്തം 35

**ഋഷി അംഗിരസഗോത്രൻ പ്രഭുവസുദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്, ഉഷ്ണിക**

**1. യസ്തേ സാധിഷ്ഠോ വസ ഇന്ദ്രാ ക്രതുഷ്ടമാ ഭരേ |**

**അസ്മഭ്യം ചർഷണീസഹം സസ്നിം വാജേഷു ദുഷ്ടരം ||**

ഹേ ഇന്ദ്രാ! നിൻെറ കർമ്മങ്ങൾ ഞങ്ങളെ രക്ഷിക്കുന്നവയാകട്ടെ. നിൻെറ കർമ്മങ്ങൾ എല്ലാമനുഷ്യരേയും പവിത്രീകരിക്കുന്നവയും ശുദ്ധവുമാകുന്നു. യുദ്ധസ്ഥലത്ത് അതു ആരാലും ക്ഷയിക്കപ്പെടുന്നില്ല.

**2. യുദിന്ദ്ര തേ ചതസ്രോ യച്ഛുസന്തി തിസ്രഃ |**

**യദ്വാ ഞ്ജ ക്ഷിതീനാമവസ്തത്സു ന ആ ഭര ||**

ഹേ ഇന്ദ്രാ! നിൻെറ രക്ഷാസാധനങ്ങൾ നാലുവർഗ്ഗങ്ങളിലും ത്രിലോകങ്ങളിലും വിദ്യുമാനമായിരിക്കുന്നു. ആ എല്ലാ രക്ഷാസാധനങ്ങളേയും നീഞങ്ങൾക്കുവേി വഴിയാംവണ്ണം പ്രയോഗിക്കണമേ.

**3. ആതേ വോ വരേണ്യം വൃഷന്തമസ്യ ഹൂമഹേ |**

**വൃഷജൂതിർഹി ജജ്ഞിഷ ആഭൂമിരിന്ദ്ര തുർവണിഃ ||**

ഹേ ഇന്ദ്രാ! നീ ഇച്ഛിതങ്ങളായ ഫലങ്ങൾ പ്രദാനം ചെയ്യുന്നു. നിന്റെ രക്ഷാസാധനങ്ങൾ സ്വികാര്യയോഗ്യങ്ങളാകുന്നു. ഞങ്ങൾ അവ യാചിക്കുന്നു. മരുത്തുക്കൾ സഹിതം നീ അവ ഞങ്ങൾക്കു നൽകണം.

**4. വഷാ ഹ്യസിരാധസേ യജ്ഞിഷേ വൃഷ്ണി തേ ശവഃ |**

**സ്വക്ഷത്രം തേ ധൃഷൻമനഃ സത്രാഹമിന്ദ്ര പൌംസ്യം ||**

ഹേ ഇന്ദ്രാ! നീ അനുഗ്രഹങ്ങൾ വർഷിക്കുന്നവനാകുന്നു. നീ യജമാനൻമാർക്ക് ധനം ദാനം ചെയ്യുന്നവനായി ജനിച്ചിരിക്കുന്നു. നിന്റെ ബലം ഫലവർഷകമാണ്. നീ സ്വഭാവേന പരാക്രമിയാകുന്നു. നീ വിരോധികളെ സദാ അമർച്ച വരുത്തുന്നു. ശത്രുസംഘത്തെ നശിപ്പിക്കുന്നതിൽ നീ സമർത്ഥനാകുന്നു.

**5. ത്വം തമിന്ദ്ര മർത്യമമിത്രയന്തമദ്രിവഃ |**

**സർവരഥാ ശതക്രതോ നി യാഹി ശവസസ്പതേ ||**

ഹേ വജ്രായുധാ! നിന്റെ രഥത്തിന്റെ ഗതി ഒരുസമയത്തും മന്ദിഭവിക്കുന്നില്ല. നീശക്തിയുടെ നാഥനും അസംഖ്യം ശുഭകർമ്മങ്ങൾ നടത്തുന്നവനുമാകുന്നു. യാതൊരു മനുഷ്യൻ നിന്നോട് ശത്രുത പ്രകടിപ്പിക്കുവാനുദ്യുക്തനാകുന്നുവോ,അവനെ ലക്ഷ്യമാക്കി നീസ്വന്തം ബലസഹിതം പ്രയാണം ചെയ്യുന്നു.

**6. ത്വാമിദ്വൃത്രഹന്തമ ജനാസോ വൃബവർഹിഷഃ |**

**ഉഗ്രം പൂർവീഷു പൂർവ്യം ഹവന്തേ വാജസാതയേ ||**

ഹേ ഇന്ദ്രാ! ഹേ ശത്രുനാശകാ! യുദ്ധകാലം സമാഗതമാകുമ്പോൾ മനുഷ്യരങ്ങയെ ആഹ്വാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നിന്റെ അസ്ത്രം യുദ്ധത്തിനായി സദാ വ്യഗ്രതകൊള്ളുന്നു. നീസ്വന്തം പ്രജകളിൽ പൂർവ്വനാകുന്നു.

**7. അസ്മാകമിന്ദ്ര ദുഷ്ടരം പുരോയാവാനാവാജിഷു |**

**സയാവാനം ധനേധനേ വാജയന്തസവാ രഥം ||**

ഹേ ഇന്ദ്രാ! നീ രഥത്തിന്റെ സംക്ഷകനാകണമേ. ആ രഥം രണക്ഷേത്രത്തിൽ എല്ലാവിധ ധനത്തെയും ആഗ്രഹിക്കുകയും ദാസൻമാരോടുകൂടി പോകുകയും ചെയ്യുന്നു. അതിനെ ആർക്കും തടയുവാൻ കഴിയുന്നില്ല. അത് യുദ്ധരംഗത്തോടുകൂടി കടന്നുപോകുന്നു.

**8. അസ്മാ കമിന്ദ്രേഹി നോ രഥമവാ പൂരന്ധ്യാ |**

**വയം ശവിഷ്ഠ വാർയംദിവി ശ്രവോ ദധീമഹി ദിവി സ്തോമ മനാമഹേ ||**

ഹേ ഇന്ദ്രാ! ഞങ്ങളോട് ആത്മീയഭാവം പ്രകടിപ്പിച്ചുകൊ് എഴുന്നള്ളിയാലും. നിന്റെ ശ്രേഷ്ഠങ്ങളായ രക്ഷാസാധനങ്ങളാൽ ഞങ്ങളുടെ രഥത്തെ രക്ഷിച്ചാലും. നീ മഹാബലവാനും പ്രകാശവാനുമാണല്ലോ. നിന്റെ കൃപയോടുകൂടി ഞങ്ങൾ വരണയോഗ്യമായ ധനത്തെ പ്രാപിക്കട്ടെ. നീതേജസ്വിയാകുന്നുവല്ലോ. ഞങ്ങൾ വഴിയാംവണ്ണം നിന്നെ സ്തുതിച്ചാരാധിക്കുന്നു.

## സൂക്തം 36

**ഋഷി പ്രഭുവസു ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. സ ആ ഗമദിന്ദ്രോയോ വസൂനാം ചികേതദ്ദാതും ദാമനോ രയീണാം |**

**ധന്വചരോ ന വംസഗസ്തൃഷാണശ്ചകമാനഃ പിബതു ദുഗ്ധമംശും ||**

ഇന്ദ്രൻ നമ്മുടെ രഥത്തിൽ വരട്ടെ. ധനത്തിന്റെ ജ്ഞാതാവാകുന്ന അവന്റെ സ്വരൂപം എങ്ങിനെയുള്ളതാണ്? ആ ഇന്ദ്രൻ ഐശ്വര്യം ദാനം ചെയ്യുന്നവനും ദാനശീലനുമാകുന്നു. കരങ്ങളിൽ ധനുസ്സ് വഹിച്ച് പോകുന്ന ധനുർധരനെപ്പോലെ സലിലം പോകുന്ന ഇന്ദ്രൻ സോമംപാനം ചെയ്ത് ദാഹം ശമിപ്പിക്കട്ടെ.

**2. ആ തേ ഹനൂ ഹരിവഃ ശൂര ശിപ്രേ രുഹസ്തോമോ ന പർവതസ്യ പൃഷ്ഠേ |**

**അനുത്വാ രാജന്നർവതോ ന ഹിന്വൻ ഗിർഭിർമദേമ പുരുഹൂത വിശ്വേ ||**

ഹേ അശ്വദ്വയത്താൽ യുക്തനായ ഇന്ദ്രാ! ഞങ്ങളാൽ പ്രദാത്തമായ സോമം പർവ്വതത്തിന്റെ കൊടുമുടിക്കുതുല്യം നിന്റെ മുഖപ്രദേശത്തെത്തട്ടെ. ഹേ ഇന്ദ്രാ! നീ സുശോഭിതനാണല്ലോ. തൃണം ഭക്ഷിച്ച് അശ്വം തൃപ്തിപ്പെടുന്നതുപോലെ, ഞങ്ങളുടെ സ്തുതികളാൽ നീതൃപ്തിപ്പെടണേ. നീ അനേകരാൽ പൂജിക്കപ്പെടുന്നു.

**3. ചക്രം ന വൃത്തം പുരുഹൂത വേപതേ മനോ ഭിയാ മേ അമതേരിദദ്രിവഃ |**

**രഥാദധി ത്വാ ജരിതാ സദാവൃധ കവിന്നു സ്തോഷൻമഘവ പുരുവസുഃ ||**

ഹേ ക്ഷഹുസ്തുതനായ വജ്രിൻ! ഭൂമിയിൽ സ്ഥിതിചെയ്യുന്ന ചക്രംപോലെ ഞങ്ങളുടെ മനസ്സ് ദാരിദ്ര്യത്തിന്റെ ആശങ്കയാൽ വിറയ്ക്കുന്നു. നീസദാ പ്രവൃദ്ധനാകുന്നു. പുരുവസുമഹർഷി നിന്നെ വളരെയധികം സ്തുതിക്കട്ടെ. നീ രഥാരൂഢനായി അവന്റെ മുമ്പിലേക്ക് എഴുന്നള്ളിയാലും.

**4. ഏഷ ഗ്രാവേവ ജരിതാ ത ഇന്ദ്രേയർതി വാചം ബൃഹദാശുഷാണഃ |**

**പ്ര സവ്യേന മഘവനംസി രായഃ പ്ര ദക്ഷിണിദ്ധരിവോ മാ വി വേനഃ ||**

ഹേ ഇന്ദ്രാ! വലിയ ഫലത്തെ ആഗ്രഹിക്കുന്നവനായ സ്തോതാവ് സോമം ഇടിക്കുന്ന അമ്മിക്കല്ലുനീർ എന്നപോലെ സ്തവം പുറപ്പെടുവിക്കുന്നു. നീഅശ്വവാനും ധനവാനും ആകുന്നു. നീ ഇരുകരങ്ങളാലും ദാനം ചെയ്യുന്നു. നീഎന്റെ മനോരഥത്തെ നിഷ്ഫലമാക്കരുതേ.

**5. വൃഷാ ത്വാ വൃഷണം വഥധതു ദ്യൗർവൃഷാ വൃഷഭ്യാം വഹസേ ഹരിഭ്യാം |**

**സ നോ വൃഷ വൃഷരഥഃ സുശിപ്ര വൃഷക്രതോ വൃഷാ വജ്രിൻഭരേ ധാഃ ||**

ഹേ ഇന്ദ്രാ! നീ ആഗ്രഹങ്ങളെ നിറവേറ്റുന്നു.ഇച്ഛകളെ വർഷിക്കുന്ന ആകാശവും ഭൂമിയും നിന്നെ വളർത്തട്ടെ. നീ മഴപെയ്യിക്കുന്നവനാണല്ലോ. അശ്വങ്ങൾ നിന്നെ യാഗവേദിയിൽ കൊവരട്ടെ. ഹേ അവൻ നിന്റെ രഥം മംഗളവൃഷ്ടി നടത്തുന്നു. യുദ്ധത്തിൽ നീ ഞങ്ങളുടെ രക്ഷകനായിരുന്നാലും.

**6. യോ രോഹിതൗ വാജിനൗ വാജിനീവന്ത്രിഭിഃ ശതൈ സചമാനാവദിഷ്ഠ|**

**യൂനേ സമസ്മൈ ക്ഷിതയോ നമന്താം ശ്യതരഥായ മരുതോ ദുവോയാ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഇന്ദ്രന്റെ സഹായികളാകുന്നു. ഐശ്വര്യശാലിയായ രാജാശ്രുതരഥൻ എനിക്ക് ര് ചെറുകുതിരകളെയും മൂന്നുഗോക്കളെയും ദാനമായി നൽകി. നിത്യയുവാവായ ആ ശ്രുതരഥനേ അവന്റെ പ്രജകളെല്ലാം അഭിവാദനം

ചെയ്യുകയും അവന്റെ കല്പനകൾ പാലിക്കുകയും ചെയ്യട്ടെ.

## സൂക്തം 37

**ഋഷി അത്രി ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്**

**1. സം ഭാനുനാ യതതേ സൂര്യസ്യാജുഹ്വാനോ ഘൃതപൃഷ്ഠഃ സ്വചാഃ |**

**തസ്മാ അമൃധ്രാ ഉഷസോ വ്യുഛാന്യ ഇന്ദ്രായ സുനവാമേത്യാഹ ||**

വിധിപ്രകാരം ആഹ്വാനം ചെയ്യപ്പെട്ട അഗ്നി ഹവിസ്സ് നൽകുന്നതോടുകൂടി പ്രോജ്ജ്വലിതമായി സൂര്യരശ്മികളുമായി ചേരുന്നതിന് പ്രയത്നിക്കുന്നു. യാതൊരു വ്യക്തി ഇന്ദ്രനുവേി യജ്ഞം നടത്തുവിൻ എന്നു പറയുന്നുവോ, അവനുവേി ഉഷസ് അഹിംസികയായി വിവിദ്ധരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

**2. സമിദ്ധാഗ്നിർവവര്സ്തീർണബഹിർയുക്തഗ്രാവാ സുതസോമോ ജരാതേ |**

**ഗ്രാവാണാ യസ്യേഷിരം വദന്ത്യയധ്വര്യുവിഷാവ സിന്ധും ||**

അഗ്നിയെ പ്രദീപ്തമാക്കുകയും, കുശവളർത്തുകയും ചെയ്യുന്ന യജമാനൻ യജ്ഞകർമ്മങ്ങളിൽ നിത്യയുക്തനായി അമ്മിക്കല്ലാൽ സോമം ഇടിച്ചു പിഴിഞ്ഞുകൊ് സ്തുതിക്കുന്നു. ഹവ്യ പദാർത്ഥങ്ങൾ സംഭരിക്കുന്ന അധ്വര്യു സിന്ധുവിനുതുല്യം വിസ്തൃതനും സമ്പന്നനുമായി ഭവിക്കുന്നു.

**3. വധൂരിയം പതിമിഛന്ത്യേതി ഈം വഹാതേ മഹിഷീമിഷിരാം |**

**ആസ്യശ്രവസ്യാദ്രഥ ആ ച ഘോഷാത്പുരു സഹസ്രാ പരി വർതയാതേ ||**

എങ്ങിനെ ഒരുസ്ത്രീയെ സൗഭാഗ്യവതിയും, പത്നിയാകുവാൻ യോഗ്യയും എന്നു കരുതി പുരുഷൻ വിവാഹം കഴിക്കുകയും, അവളും പതിയെകാമിച്ച് അയാളെ പ്രാപിക്കുകയും ചെയ്യുന്നുവോ, അതുപോലെതന്നെ ഇന്ദ്രന്റെ രഥം നമ്മെ പ്രാപിക്കട്ടെ. ഇത് സ്വരം മുഴക്കിക്കൊ് നമ്മെ പ്രാപിക്കട്ടെ. ഇത് ശബ്ദിച്ചുകൊ് എല്ലാ ഭാഗത്തുനിന്നും ധനംകൊുവരട്ടെ.

**4. ന സ രാജാ വ്യഥതേ യസ്മിന്നിന്ദ്രസ്തീവ്രം സോമം പിബതി ഗോസഖായം |**

**ആ സത്വനൈരജതി ഹന്തി വൃത്രം ക്ഷേതി ക്ഷിതീ സുഭഗോ നാമ പുഷ്യൻ ||**

ആരുടെ യജ്ഞത്താൽ ക്ഷീരയുക്തമായ സോമത്തെ ഇന്ദ്രൻ പാനം ചെയ്യുന്നുവോ, ആ യജമാനൻ ഒരിക്കലും ദുഃഖിതനാകുന്നില്ല. അവൻ തന്റെ അനുചരൻമാരോടുകൂടിച്ചെന്ന് ശത്രുക്കളെ കൊല്ലുകയും പ്രജകളെ സംരക്ഷിക്കുകയും ചെയ്യുന്നു. അവൻ അനേകം സുഖങ്ങൾ അനുഭവിച്ച് ഇന്ദ്രനെ പൂജിക്കുന്നു.

**5. പുഷ്യാത്ക്ഷേമേ അഭി യോഗേ ഭവാത്യുഭേ വ്രതൗ സായതീ സം ജയാതി |**

**പ്രിയഃ സൂര്യേ പ്രിയോ അഗ്നാ ഭവാതി യ ഇന്ദ്രായ സുതസോമാ ദദാശത് ||**

യാതൊരുത്തൻ ഇന്ദ്രനുവേി സോമരസം തയ്യാറാക്കി നൽകുന്നുവോ അവൻ തന്റെ കുടുംബത്തെ സുഖമുള്ളതാക്കുന്നു. അവൻ അപ്രാപ്തമായ ധനം നേടുന്നതിൽ വിജയിയാകുകയും പ്രാപ്തമായ ധനത്തെ സംരക്ഷിക്കുന്നതിൽ സമർത്ഥനാകുകയും ചെയ്യുന്നു. അവൻ ശത്രുക്കളെ തിരസ്കരിച്ച് സൂര്യന്റേയും അഗ്നിയുടേയും പ്രിയനായിത്തീരുന്നു.

## സൂക്തം 38

**ഋഷി അത്രി ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. ഉരോഷ്ഠ ഇന്ദ്ര രാധസോ വിഭ്വീ രാതിഃ ശതക്രതോ |**

**അധാ നോ വിശ്വചർഷണേ ദ്യുമ്നാ സുക്ഷത്രർ മഹയ ||**

ഹേ ഇന്ദ്രാ! നീ നൻമ നിറഞ്ഞ അനേകം കാര്യങ്ങൾ ചെയ്തിരിക്കുന്നു. നീ മഹത്തായ ഐശ്വര്യം ദാനം ചെയ്യുന്നു. ഹേ എല്ലാം കാണുന്നവനേ മഹാശക്തന് ഐശ്വര്യത്തിന്റെ നാഥനുമായവനേ! നീ ഞങ്ങൾക്ക് അസംഖ്യമായ ധനം തന്നരുളണമേ.

**2. യദീമിന്ദ്ര ശ്രവായ്യമിഷം ശവിഷ്ഠ ദധിഷേ |**

**പപ്രഥേ ദീർഘശ്രുത്തമം ഹിരണ്യവർണ ദുഷ്ടരം ||**

ഹേ സുവർണ്ണവർണ്ണനും മഹാശക്തനുമായ ഇന്ദ്രാ! നീ യശദ്ദായകമായ അന്നത്തെ വഹിക്കുന്നവനാണ്. അതിനാൽ ദീർഘകാലം വരെ ജതുക്കളാൽ അപരാജിതനായി യസാജനകമായ അന്നംബലത്തെ വളർത്തുന്നതിൽ സമർഥനാകട്ടെ.

**3. ശുഷ്മാസോ യേതേ അദ്രിവോ മേഹനാ കേതസാപഃ |**

**ഉഭാ ദേവാവഭിഷ്ടയേ ദിവശ്ച ഗ്മശ്ച രാജഥഃ ||**

ഹേ വജ്രിൻ! പൂജാർഹരും മഹാശക്തരുമായ മരുത്തുക്കൾ നിന്റെ ബലത്തോടുകൂടിവരാകുന്നു. നിങ്ങൾ സൂര്യനുതുല്യം ഭൂമിയെ പരിപാലിച്ചുകൊ് അതിന് മഹത്തായ ഐശ്വര്യം പ്രദാനം ചെയ്യുന്നു.

**4. ഉതോ നോ അസ്യ കസ്യ ചിദ്ദക്ഷസ്യ തവ വൃത്രഹൻ |**

**അസ്മഭ്യം നൃമ്ണമാ ഭരാസ്മഭ്യം നൃമ്ണസാസേ ||**

ഹേ വൃത്രസംഹാരകനായ ഇന്ദ്രാ! ഞങ്ങൾ നിന്റെ ബലത്തെ സ്തുതിക്കുന്നു. നീ ഞങ്ങൾക്ക് ശ്രേഷ്ഠമായ ധനം കൊുവന്നുതരുന്നു. എന്തുകൊന്നാൽ ഞങ്ങൾ ധനികരാകുവാൻ നീ ആഗ്രഹിക്കുന്നു.

**5. നൂ ത ആഭിരഭിഷ്ടിഭിസ്തവ ശർമച്ഛതക്രതോ |**

**ഇന്ദ്ര സ്യാമ സുഗോപാഃ ശൂര സ്യാമ സുഗോപാഃ ||**

ഹേ ശതകർമ്മാവായ ഇന്ദ്രാ! നിന്റെ ആശ്രയത്തിൽ ജീവിച്ചുകൊ് ഞങ്ങൾ അതിവേഗം സുഖസമ്പരാകട്ടെ. ഹേ ഇന്ദ്രാ! ഞങ്ങൾ നിന്റെ സുഖത്തിന്റെ അംശം പ്രാപിക്കട്ടെ. ഹേവീരാ! ഞങ്ങൾ നല്ല ഭൂമിയാലും കുടുംബത്താലും യുക്തരാകട്ടെ.

## സൂക്തം 39

**ഋഷി അത്രി ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്, പംക്തി**

**1. യദിന്ദ്ര ചിത്ര മേഹനാസ്തി ത്വാദാതമദ്രിവഃ |**

**രാധസ്തന്നോ വിദദ്വസ ഉഭയാഹസ്ത്യാ ഭര ||**

ഹേ ഇന്ദ്രാ! വജ്രധാരി! നീ അത്യന്തം അത്ഭുതരൂപനാകുന്നു. നിന്റെ അടുക്കലുള്ള ദാനയോഗ്യമായ അമൂല്യധനത്തെ നിന്റെ ഇരുകരങ്ങളാലും ഞങ്ങൾക്ക് ദാനം ചെയ്താലും.

**2. യൻമന്യസേ വരേണ്യമിന്ദ്ര ദ്യുക്ഷം തദാ ഭര |**

**വിദ്യാമ തസ്യ തേ വയമകൂപാരസ്യദാവനേ ||**

ഹേ ഇന്ദ്രാ! നീ ഉത്തമമായിക്കരുതുന്ന ആ ധനം ഞങ്ങൾക്ക് പ്രദാനം ചെയ്യണേ. ഞങ്ങൾ നിന്റെ ആ ഉത്കൃഷ്ടമായ ധനത്തെ പ്രാപിക്കുവാൻ തികച്ചും യോഗ്യരാകുന്നു.

**3. യത്തേ ദിത്സു പ്രരാധ്യം മനോ അസ്തി ശ്രുതം ബൃഹത് |**

**തേന ദ്യുളഹ ചിദദ്രിവ ആ വാജം ദഷിം സാതയേ ||**

ഹേ ഇന്ദ്രാ! ദാനം ചെയ്യുക നിമിത്തം നിൻെറ മനസ്സ് വിശാലമായിരിക്കുന്നു. ഹേ വജ്രിൻ! നീ ഞങ്ങൾക്ക് ശേഷ്ഠമായ പൗഷ്ടികം നൽകുന്നതിന് സദാ ആഗ്രഹിച്ചുകൊിരിക്കുന്നു.

**4. മഹിഷ്ഠം വ മഘോനാം രാജാനാം ചർഷണീനാം |**

**ഇരുമൂപ പ്രശസ്തയേ പൂർവീഭിർജുജുഷേ ഗിരഃ ||**

മനുഷ്യരേ! ഇന്ദ്രൻ ഹവിസ്സ്രൂപത്തോടുകൂടിയ സമ്പന്നനാകുന്നു. അവൻ നിങ്ങൾക്കെല്ലാം അത്യന്തം പൂജ്യനും എല്ലാ മനുഷ്യരുടേയും അധീശ്വരനുമാകുന്നു. സ്തോതാക്കൾ പുരാതനസ്തോത്രങ്ങളാൽ അവനെ സ്തുതിക്കുകയും പരിചരിക്കുകയും ചെയ്യുന്നു.

**5. അസ്മാ ഇത്കാവ്യം വച ഉക്ഥമിന്ദ്രായ ശംസ്യം |**

**തസ്മാ ഉ ബ്രഹ്മവാഹസേ ഗിരോ വർധന്ത്യത്രയോ ശുമ്ഭന്ത്യത്രയഃ ||**

ആ മഹാനായ ഇന്ദ്രനുവേിയുള്ള ഈ കാവ്യവചനങ്ങൾ ഗാനയോഗ്യങ്ങളായിരിക്കുന്നു. അവൻ സ്തോത്രങ്ങളെ വളർത്തുന്നു. അത്രിപുത്രൻമാരായ ഋഷിഗണം അവൻെറ സമക്ഷത്തിൽതന്നെ സ്തോത്രങ്ങൾ ഉച്ചരിച്ച് അവനെ സംശോഭിതനാക്കുന്നു.

## സൂക്തം 40

**ഋഷി അത്രി ദേവത ഇന്ദ്രൻ, സൂര്യൻ ഛ ന്ദ സ ് ഉഷ്ണിക, ത്രിഷ്ടുപ്, പംക്തി**

**1. ആ യാഹ്യദ്രിഭിഃ സുതംസോമം സോമപതേ പിബ**

**വൃഷന്നിന്ദ്ര വൃഷഭിർവ്യത്രഹന്തം ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ യജ്ഞത്തിൽ എഴുന്നള്ളേണമേ. ഹേ സോമേശ്വരാ! നീ ആഗതനായി അമ്മിക്കല്ലാൽ ഇടിച്ചുപിഴിഞ്ഞ ഈസോമം പാനം ചെയ്താലും. ഹേ ഫലവർഷകശത്രുസംഹാരകാ! നീ ഫലവർഷകരായ മരുത്തുക്കൾ സഹിതം സോമപാനം ചെയ്യണേ.

**2. വൃഷാ ഗ്രാവാ വൃഷാ മദോ വൃഷാ സോമോ അയം സുതഃ |**

**വൃഷന്നിന്ദ്ര വൃഷഭിർവ്യത്രഹന്തം ||**

അഭിഷവം ചെയ്യുന്ന അമ്മിക്കല്ല് മധുമയവർഷകമാകുന്നു. സോമരസം വർഷിക്കുന്നതിൽ അതിസമർത്ഥമാകുന്നു. ഹേ ഫലവർഷകനും ശത്രുനാശകനുമായ ഇന്ദ്രാ! നീ മരുത്തുക്കളോടുകൂടി സോമം പാനം ചെയ്താലും.

**3. വൃഷാ ത്വാ വൃഷണം ഹുവേ വജ്രിഞ്ജിത്രാഭിത്രതിഭിഃ |**

**വൃഷന്നിന്ദ്ര വൃഷഭിർപ്യത്രഹന്തം ||**

ഹേ വജ്രായുധാ! നീ സോമസേചനകർത്താവും അഭീഷ്ടവർഷകനുമാണല്ലോ. ഞങ്ങൾ നിൻെറ അത്മുതകരങ്ങളായ രക്ഷാസാധനങ്ങളെ യാചിക്കുന്നു. ഹേ ഫലവർഷകാ! ഹേ ശത്രുഹന്താവേ! നീ മരുത്തുക്കൾ സഹിതം സോമംപാനം ചെയ്യു.

**4. ഋജീഷി വജ്രീവൃഷഭസ്തുരാഷാട് ച്ഛുതുഷ്മീ രാജാ വ്യത്രാഹാ സോമപാവാ |**

**യുക്ത്വാ ഹരിഭ്യാമുപ യാസദർവാങ് മാധ്യന്ദിനോ സവനേമത്സദിന്ദ്രഃ ||**

ഇന്ദ്രൻ വജ്രധാരിയും നേതാവുമാകുന്നു. അവൻ അഭീഷ്ടങ്ങൾ വർദ്ധിപ്പിക്കുന്നവനും, ശത്രുക്കളെ സംഹരിക്കുന്നവനും മഹാശക്തനും എല്ലാത്തിൻേറയും നാഥനും വൃത്രഛന്താവും സോമംപാനം പെയയുന്നവനുമാകുന്നു. അങ്ങിനെയുള്ള ഇന്ദ്രൻ തൻെറ രഥത്തിൽ അശ്വങ്ങളെ പൂട്ടി നമ്മുടെ മുമ്പിൽവരികയും മധ്യസവനത്തിൽ സോമംപാനം ചെയ്ത് പുഷ്ടിപ്രാപിക്കുകയും ചെയ്യട്ടെ.

**5. യത്ത്വാ സൂര്യ സ്വർഭാനുസ്തമസാ വിധ്യദാസുരഃ |**

**അക്ഷേത്രവിഥാ മുഗ്ധോ ഭുവനാന്യദീധയുഃ ||**

ഹേ സൂര്യാ! സ്വർഭാനു എന്ന അസുരൻ അന്ധകാരത്തിൽ നിന്നെ മറച്ചിരുന്നപ്പോൾ ലോകമെല്ലാം ഒന്നുപോലെ കാണപ്പെട്ടിരുന്നു. അവിടുള്ള ആളുകൾക്ക് തങ്ങളുടെ ആവാസസ്ഥാനങ്ങൾ അറിഞ്ഞുകൂടാതെ അന്ധാളിതരായ്ക്കഴിഞ്ഞിരുന്നു.

**6. സ്വർഭാനോരധ യദിരൂ മായാ അവോ ദിവോ വർത്തമാന അവാഹൻ |**

**ഗുളഹം സൂര്യം തമസാപവ്രതേന തുരീയേണ ബ്രഹ്മണാവിന്ദദത്രിഃ ||**

ഹേ ഇന്ദ്രാ! നീ സ്വർഭാനുവിൻെറ തേജസ്വിയായ മായയെ നശിപ്പിച്ചപ്പോൾ വ്രതം മുടക്കിയ അന്ധകാരത്താൽ ആവരണം ചെയ്യപ്പെട്ട സൂര്യനെ അത്രിയുടെ നാലുമന്ത്രങ്ങളാൽ പ്രകടമാക്കി.

**7. മാ മാമിമം തവ സന്തമത്ര ഇരസ്യാ ദ്രുഗ്ധോ ഭിയസാ നി ഗാരീത് |**

**ത്വം മിത്രോ അസി സത്യരാധാസ്തൗ മേഹാവതം വരുണശ്ച രാജാ ||**

സൂര്യൻ പറഞ്ഞു ഹേ അത്രിമഹർഷീ! ഞാൻ ഈ അവസ്ഥയിൽ നിൻെറ രക്ഷയെ ആഗ്രഹിക്കുന്നു. അന്നത്തെ ആഗ്രഹിക്കുന്ന ദ്രോഹിയായ രാക്ഷസൻ ഭയങ്കരമായ ഈ അന്ധകാരത്താൽ എന്നെ വിഴുങ്ങാതിരിക്കട്ടെ. അതിനാൽ നീയും വരുണനും എൻെറ രക്ഷകരാകൂ.

**8. ഗ്രാവ്ണോ ബ്രഹ്മാ യുയുജാനഃ സപർയൻ കോരിണാ ദേവാന്നമസോപശിക്ഷൻ |**

**അത്രിഃ സൂരാസ്യ ദിവി ചക്ഷുരാധത്സ്വർഭാനോരപ മായാ അഘുക്ഷത് ||**

അപ്പോൾ ഋത്വിജനായ അത്രി സൂര്യനെ നമസ്കാരപൂർവ്വം സ്തുതിച്ചു. ഇന്ദ്രനുവേി സോമം ഇടിച്ചുപിഴിഞ്ഞു. സ്തോത്രങ്ങൾ വഴിയായി അന്തരീക്ഷത്തിൽ സൂര്യൻെറ കണ്ണുകളെ തെളിയിച്ചു. സ്വർഭാനുവിൻെറ എല്ലാ മായകളും അവൻ അകറ്റി.

**9. യ വൈ സൂര്യം സ്വർഭാനുസ്തമസാവിധ്യദാസുരഃ |**

**അത്രയസ്തമ ച്ചവിന്ദന്നഹ്യ ന്യേ അശക്നുവൻ ||**

യാതൊരു സൂര്യനെ സ്വർഭാനു തൻെറ മായാന്ധകാരത്താൽ ആവരണം ചെയ്തിരുന്നുവോ, ആ സൂര്യനെ മോചിപ്പിക്കുവാൻ അത്രിപുത്രനല്ലാതെ മറ്റാർക്കും കഴിഞ്ഞില്ല.

## സൂക്തം 41

**ഋഷി അത്രി ദേവത വിശ്വേദേവൻമാർ ഛ ന്ദ സ ് ത്രിഷ്ടുപ്, പംക്തി, ജഗതി**

**1. കോ നു വാം മിത്രാവരുണാവൃതായന്ദിവോ വാ മഹഃ പാർഥിവസ്യ വാ ദേ |**

**ഋതസ്യ വാസദസി ത്രാസീയാംനോ യജ്ഞായതേ വാ പശുഷോ ന വാജാൻ ||**

ഹേ മിത്രാവരുണാ! നിങ്ങൾക്കുവേി യജ്ഞം

നടത്തുവാനിച്ഛിക്കുന്നു. ഏതെജമാനൻ യജ്ഞം നടത്തുന്നതിൽ സമർത്ഥനായിരിക്കും. നിങ്ങൾ രും ആകാശഭൂമണ്ഡലങ്ങൾ അന്തരീക്ഷം ഇവയിൽ എവിടെയിരുന്ന് ഞങ്ങളെ പാലിക്കുകയും ഹവിർദാതാവിന് അന്നവും പശുവും നൽകുകയും ചെയ്യും.

**2. തേ നോ മിത്രോ വരുണോ അര്യമായുരിന്ദ്ര ഋഭുക്ഷാ മരുതോ ജുഷന്ത |**

**നമോഭിർവാ യേ ദധതേ സുവൃക്തിം സ്തോമം രുദ്രായ മീലഹുഷേ സജോഷാഃ ||**

**രുദ്രായമീളഹുഷേ സജോഷാഃ ||**

ഹേ മിത്രാ, വരുണാ, അര്യമാ, ഇന്ദ്രാ, അഭുക്ഷാ, ക്ഷായു, മരുത്തുക്കളേ! നിങ്ങൾ മനുഷ്യരെ സ്നേഹപൂർവ്വം ഇഷ്ടപ്പെടുന്നവരാണല്ലോ. ആര് വർഷണശീലനും ശത്രുക്കളെ കരയിപ്പിക്കുന്നവനും ഉത്തമങ്ങളായ സ്തുതികളെ സ്വീകരിക്കുന്നവനുമായിരിക്കുന്നുവോ അവൻ എല്ലാ സാധനങ്ങളോടും ശക്തികളോടുംകൂടി ഞങ്ങളെ സ്നേഹിക്കണേ.

**3. ആ വാം യേഷ്ഠാ ശ്വിനാഹുവധ്യൈ വാതസ്യ പത്മന്യഥ്യസ്യ പുഷ്ഠൗ |**

**ഉത വാ ദിവോ അസുരായ മൻമ പ്രാന്ധാംസീവ യജ്യവേ ഭരധ്വം ||**

ഹേ അശ്വിനികളേ! നിങ്ങൾ നിയന്ത്രണവിദഗ്ദ്ധരാണല്ലോ. ഞങ്ങൾ നിങ്ങളെ രഥത്തിൻെറ വേഗത വർദ്ധിപ്പിക്കുവാനായി വിളിക്കുന്നു. ഹേഋത്വിക്കുകളേ! നിങ്ങൾ പ്രാണനെ അപഹരിക്കുന്നതിൽ സമർത്ഥനും തേജസ്വിയുമായ രുദ്രന് ഹവിസ്സും സ്തുതികളും ഒരുക്കുവിൻ.

**4. പ്ര സക്ഷണോ ദിവ്യഃ കണ്വഹോതാ ത്രിതോ ദിവഃ സജോഷാ വാതോ അഗ്നിഃ |**

**പൂഷാ ഭഗഃ പ്രഭൃഥേ വിശ്വഭോജാ ആജിം ന ജഗ്മുരാശ്വശ്വതമാഃ ||**

വിദ്വജ്ജനം ആരെ ആഹ്വാനം ചെയ്യുന്നുവോ ആര് യജ്ഞാനുഷ്ഠാനങ്ങൾ സ്വീകരിക്കുന്നുവോ, ആര് ശത്രുക്കളെ സംഹരിക്കുന്നതിൽ സമർത്ഥനായിരിക്കുന്നുവോ, ആ വായുവും അഗ്നിയും പൂഷാവും പ്രത്യക്ഷരായി സൂര്യനുതുല്യം വീരത്വം പ്രകടിപ്പിക്കട്ടെ. ഈ ദേവകളെല്ലാം സംഹാരത്തിൽ ആശ്രയരൂപരാകുന്നു. ഇവർ നമ്മുടെ യജ്ഞത്തിൽ യുദ്ധത്തിനായി കുതിച്ചുപായുന്ന അശ്വത്തെപ്പോലെ അതിവേഗം വന്നുചേരണേ.

**5. പ്ര വോ രയിം യുക്താശ്വം ഭരധ്വം രായ ഏഷേവസേ ദധീതഃ ധീഃ |**

**സുശേവ ഏവൈരൗശിജസ്യ ഹോതായേ വ ഏവാ മരുതസ്തുരാണാം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങൾക്കുവേി യുക്തമായ ധനം നൽകണേ. ഗോക്കൾ, അശ്വാദികൾ മുതലായവ ആഗ്രഹിച്ചുകൊും പ്രാപ്തമായ ധനത്തെ സംരക്ഷിക്കുന്നതിനുമായി നിന്നെ സ്തുതിക്കുന്നു. ഉശിജൻെറ പുത്രനായ കക്ഷീവാൻെറ ഹോതാവ് നല്ല അശ്വങ്ങളെ പ്രാപിച്ച് സുഖമടയട്ടെ.

**6. പ്ര വോ വായും രഥയുജം കൃണുധ്വം പ്രദേവം വിപ്രം പനിതാരമർകൈഃ |**

**ഇഷുധ്യവ ഋതസാപഃ പുരന്ധീർവസ്വീർനോ അത്ര പത്നീരാ ധിയേ ധുഃ ||**

ഹേ ഋത്വിജൻമാരേ! ഉജ്ജ്വലമായ അഭിലാഷങ്ങൾ പൂർണ്ണമാക്കുന്നവനും ബ്രാഹ്മണനുതുല്യം പൂജനീയനും, സ്തുത്യർഹനും ഫലം പ്രദാനം ചെയ്യുന്നവനുമായ വായുദേവനെ യജ്ഞസ്ഥാനത്തേക്ക് വിളിച്ച് സ്തോത്രം ചെയ്ത് രഥത്തിൽ കയറ്റുവിൻ. യജ്ഞത്തെ സ്വീകരിക്കുന്നവരും സുന്ദരരൂപിണികളും പ്രശംസിതകളുമായ ദേവാംഗനമാരും നമ്മുടെ യജ്ഞത്തിൽ വന്നുചേരണേ.

**7. ഉപ വ ഏഷേ വന്ദ്യേഭിഃ ശൂഷൈഃ പ്ര യഹ്വീ ദിവശ്ചിതയദ്ഭിരർകൈഃ ||**

**ഉഷാസാനക്താ വിദുഷീവ വിശ്വമാ ഹാ വഹതോ മർത്യായ യജ്ഞം ||**

ദിനരാത്രങ്ങളേ! നിങ്ങൾ രും മഹത്തുക്കളാകുന്നു. ഞങ്ങൾ വന്ദനായോഗ്യരായ ദിവ്യലോകവാസി ദേവതകളോടുകൂടി നിങ്ങൾ രുപേർക്കും മനോഹരമായ സ്തോത്രങ്ങളും ഹവിസ്സും നൽകുന്നു. ഹേ ദേവഗണമേ! നിങ്ങൾ കർമ്മങ്ങളെ അറിഞ്ഞുകൊ് യജമാനൻെറ യാഗത്തിലേയ്ക്ക് എഴുന്നള്ളിയാലും.

**8. അഭി വോ അർചേ പോഷ്യാവതോ നൃന്വാസ്തോഷ്പി ത്വഷ്ടാരം രരാണഃ |**

**ധന്യാ സജോഷാ ധിഷണാ നമോഭിർവനസ്പതീം രോഷധീ രായ ഏഷേ ||**

നിങ്ങൾ എല്ലാ ദേവകളുടേയും രക്ഷകനും യജ്ഞത്തിൽ അഗ്രഗണ്യനുമാകുന്നു. സ്തോത്രങ്ങൾ വഴിയായി അഥവാ ഹവിസ്സ് പ്രദാനം ചെയ്തുകൊ് ധനപ്രാപ്തിയായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ത്വഷ്ടാവ്, വാണി, വനസ്പതി, ഔഷധികൾ എന്നിവരേയും ഞങ്ങൾ സ്തുതിക്കുന്നു.

**9. തുജേ നസ്തനേ പർവതാഃ സന്തു സ്വൈതവോ യേ വസവോ ന വീരാഃ |**

**പനിത ആപ്ത്യോ യജതഃ സദാ നോ വർധാന്ന ശംസനര്യോ അഭീഷ്ഠൗ ||**

ലോകത്തിൻെറ പാലകനായ മേഘം അസീമിതമായ ദാനത്തിനുവേി നമുക്കനുകൂലമാകണേ. അവ സ്തുത്യർഹനും യജ്ഞയോഗ്യരും മനുഷ്യരുടെ ഹിതസാധകങ്ങളായ നമ്മുടെ സ്തുതികൾ വഴിയായി പ്രസന്നരായി നമ്മെ എല്ലാ വിധത്തിലും സമ്പന്നരാക്കണേ.

**10. വൃഷ്ണോ അസ്തോഷി ഭൂമ്യസ്യ ഗർഭംത്രിതോ നപാത മപാം സുവൃക്തി |**

**ഗൃണീതേ അഗ്നിരേതരി ന ശൂഷൈഃ ശോചിഷ്കേശോ നി രിണാതി വനാ ||**

ഞങ്ങൾ വൃഷ്ടികാരകനും അന്തരീക്ഷഗർഭത്തിൽ സ്ഥിതിചെയ്യുന്നവനും പാലനകർത്താവും ആയ വിദ്യുത്രൂപാഗ്നിയെ പാപനാശകസ്തോത്രങ്ങളാൽ സ്തുതിക്കുന്നു. ആ അഗ്നി മൂന്നു രൂപങ്ങളോടുകൂടി മൂന്നു സ്ഥാനങ്ങളിൽ വസിക്കുന്നു. സുഖം നൽകുന്നവനായ ആ അഗ്നി ഞാനടുക്കുന്ന സമയം എന്നോട് ക്രോധിതനാകുന്നില്ല. എന്നാൽ തൻെറ തേജസ്സേറിയ ജ്വാലകളാൽ വനങ്ങളെ ഭസ്മമാക്കുന്നു.

**11. കഥാ മഹേ രുദ്രിയായ ബ്രവാമ കദ്രായേ ചികിതുഷേ ഭഗായ |**

**ആപ ഓഷധീരുത നോവന്തു ദ്യൗർവനാ ഗിരയോ വൃക്ഷകേശാഃ ||**

ഈ അത്രിവംശജർ, രുദ്രപുത്രരായ മരുത്തുക്കളെ എപ്രകാരം ഉപാസിക്കും. സർവ്വജ്ഞാതാവായ ഭഗനെ ധനപ്രാപ്തിക്കായി ഏതു സ്തോത്രങ്ങളാൽ സ്തുതിക്കും. ജലം, ഔഷധികൾ, ആകാശം, വനം, വൃക്ഷം ഇവ ഏതൊരു പർവ്വതത്തിൻെറ കേശതുല്യങ്ങളാകുന്നുവോ, അവ നമ്മുടെ രക്ഷകരാകണേ.

**12. ശൃണോതു ന ഉർജം പതിർഗിരഃ സ നഭസ്തരീയാം ഇഷിരഃ പരിജ്മാ |**

**ശൃണ്വന്ത്വപഃ പുരോ ന ശുഭ്രാഃ പരി സ്രുചോ ബബൃഹാണസ്യാദ്രേ ||**

ജലത്തിൻേറയും അന്നത്തിൻേറയും അധീശ്വരനും, ആകാശത്തിൽ സഞ്ചരിക്കുന്നവനും ആയ വായു നമ്മുടെ സ്തോത്രങ്ങൾ ശ്രവിക്കണേ. നഗരസമാനം ശുഭ്രങ്ങളായ ജലധാരകൾ നമ്മുടെ സ്തുതികളെ സ്വീകരിക്കണേ.

**13. വിദാ ചിന്നു മഹാന്തോ യേ വ ഏവാ ബ്രവാമ ദസ്മാ വാ യം ദധാനാഃ |**

**വയശ്ചന സുഭ്വ ആവ യന്തി ക്ഷുഭാ മർതമനുയതം വധസ്നൈഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ മഹാൻമാരാകുന്നു. ഞങ്ങളുടെ സ്തോത്രങ്ങളെ അതിവേഗം അറിയണമേ. ഞങ്ങൾ നിങ്ങളുട സ്തോതാക്കളാകുന്നു. ഉത്തമമായ ഹവിസ്സോടുകൂടി നിങ്ങളെ സ്തുതിക്കുന്നു. നിങ്ങൾ ഞങ്ങൾക്കനുകൂലരായി ശത്രുക്കളെ ആയുധങ്ങളാൽ നിഗ്രഹിച്ച് ഞങ്ങളുടെ അടുക്കലെക്ക് എഴുന്നള്ളിയാലും.

**14. ആ ദൈവ്യാനി പാർഥിവാനി ജൻമാപശ്ചാഛാ സുമഖായ വോചം |**

**വർധന്താം ദ്യാവോ ഗിരശ്ചന്ദ്രാഗ്രാ ഉദാ വർധന്താമഭിഷാതാ അർണാഃ ||**

ഞങ്ങൾ ദേവകൾക്കുവേി, പൃഥ്വിക്കുവേി, ജനനത്തിനും വിജയത്തിനുംവേി ശോഭനകർമ്മാക്കളായ മരുത്തുക്കളെ സ്തുതിക്കുന്നു. ഞങ്ങളുടെ സ്തുതികൾ ഉയരണേ. ദിവ്യലോകം ഞങ്ങളെ സമൃദ്ധരാക്കണേ. മരുത്തുക്കൾ നദികളെ ജലപൂർണ്ണങ്ങളാക്കണേ.

**15. പദേപദേ മേ ജരിമാ നി ധായി വരൂത്രീയാപായുർഭിശ്ച |**

**സിഷക്തുമാതാ മഹീ രസാനഃ സ്മത്സുരിഭിർഋജുഹാ ത ഋജുവനി ||**

എല്ലാ വിഘ്നങ്ങളേയും ശാന്തമാക്കി നമ്മെ രക്ഷിക്കുന്നതിൽ താൽപര്യമുള്ളവളും എല്ലാത്തിനും ജൻമം നൽകുന്നവളുമായ ഭൂമി നമ്മുടെ സ്തുതികളെ ശ്രവിക്കണേ. അതു സ്വീകരിക്കണേ. നാം എപ്പോഴും അവളെ സ്തുതിക്കുന്നു. സമൃദ്ധമായ സ്തുതികളാൽ സ്തുതിക്കുന്നവർക്കുകൂലയായി, കൃപാപൂർണ്ണമായ കരങ്ങളുയർത്തി അവൾ നമ്മെ അനുഗ്രഹിക്കണേ.

**16. കഥാ ദാശേമ നമസാ സുദാനൂനേവയാ മരുതോ**

**അഛോക്തൗ പ്രശ്രവസോ മരുതോ ആഛോക്തൗ |**

**മാ നോഹിർബുധ്ന്യോ രിഷേ ധാദസ്മാകം ഭൂദുപമാതിവനിഃ ||**

ദാനശീലരായ ആ മരുത്തുക്കളെ നാം എപ്രകാരം സ്തുതിക്കും. വർത്തമാന സ്തോത്രങ്ങളിൽ മരുത്തുക്കളെ സ്തുതിക്കുക സംഭവ്യമാണോ? അഹിർബുധ്ന്യദേവൻ നമുക്കു മംഗളം വരുത്താതിരിക്കണേ. മറിച്ച് നമ്മുടെ ശത്രുക്കളെ സംഹരിക്കണേ.

**17. ഇതി ചിന്നു പ്രജായൈ പശുമത്യൈ ദേവാസോ വനതേ മർത്യോ വ |**

**ആ ദോവാസോ തന്വോ ധാസിമസ്യാ ജരാം ചിൻമേ നിഋർതിർജഗ്രസീത ||**

ഹേ ദേവകളേ! യജമാനൻമാർ സന്തതിപ്രാപ്തിക്കും മൃഗപ്രാപ്തിക്കും വേി നിങ്ങളെ പൂജിക്കുന്നു. അവർ സുഖകരമായ അന്നത്തിൽ നമ്മുടെ ദേഹത്തെ പുഷ്ടിപ്പെടുത്തുകയും വാർദ്ധക്യത്തെ നമ്മിൽനിന്നും അകറ്റുകയും ചെയ്യണേ.

**18. താം വോ ദേവാഃ സുമതിമൂർജയന്തീമിഷമശ്യാമ വസവഃ ശസാ ഗോഃ |**

**സാ നഃ സുദാനുർമൃളയന്തീ പ്രതി ദ്രവന്തി സുവിതായ ഗമ്യാഃ ||**

ഹേ തേജസ്വികളായ വസുക്കളേ! ഞങ്ങളുടെ ധേനുരൂപമാകുന്ന ബുദ്ധിവഴിയായി ഞങ്ങൾ ഹൃഷ്ടകാരിയും പോഷകവും ആയ അന്നത്തെ പ്രാപിക്കണേ. ദാനമയ സ്വഭാവത്തോടുകൂടിയവളും സർവ്വസുഖങ്ങൾ നൽകുന്നവളും ആയ ആ ബുദ്ധിദേവി നമ്മുടെ ഗുണത്തിനായി അതിവേഗം നമ്മെ പ്രാപിക്കണേ.

**19. അഭി ന ഇളാ യൂഥസ്യ മാതാ സ്തന്നിദീഭിരുർവശവാ ഗൃണാതു |**

**ഉർവശീ വാ ബൃഹദ്ദിവാ ഗൃണാനാഭ്യൂർണ്വാനാ പ്രഭൃഥസ്യായോഃ ||**

ഗോക്കളെ നൽകുന്ന ഇഡയും ഉർവശിയും ജലപൂർണ്ണങ്ങളായ നദികളോടുകൂടി നമുക്കനുകൂലമാകണേ. ഉർവശി നമ്മുടെ യജ്ഞാദികർമ്മങ്ങളെ പ്രശംസിച്ചുകൊ് യജാമാനൻമാരെ തൻെറ തേജസ്സാൽ പരിപൂർണ്ണരാക്കി ഇവിടേയ്ക്കെഴുന്നള്ളണേ.

**20. സിഷന്തു ന ഊജവ്യസ്യ പുഷ്ടേഃ ||**

പോഷകനായ ഊർജവ്യ രാജൻെറ ദേശം ശക്തിയും സമൃദ്ധിയും പ്രാപിക്കട്ടെ.

## സൂക്തം 42

**ഋഷി അത്രി ദേവത വിശ്വേദേവൻമാർ ഛ ന്ദ സ ് ത്രിഷ്ടുപ്, പംക്തി**

**1. പ്ര ശന്തമാ വരുണം ദീധിതി ഗിർമിത്രം ഭഗമദിതി നൂനമശ്യാഃ |**

**പൃഷദ്യോനിഃ പഞ്ചഹോതാ ശൃണോത്വതുർതപൻഥാ അസുരോ മയോഭുഃ ||**

നൽകപ്പെട്ട ഹവിസ്സോടുകൂടി നമ്മുടെ സുഖദായകരായ സ്തോത്രങ്ങൾ വരുണൻേറയും മിത്രൻേറയും ഭഗൻേറയും സൂര്യൻേറയും അടുക്കൽ എത്തണേ. പഞ്ചവായുക്കളായ സാധനാഭൂതമായ അന്തരീക്ഷത്തിൽ വസിക്കുന്നവനും അപ്രതിഹതമായ ഗതിയോടുകൂടിയവനും പ്രാണനെ നൽകുന്നവനും സുഖപ്രവർത്തകനും ആയ വായു നമ്മുടെ സ്തോത്രങ്ങളെ ശ്രവിക്കണേ.

**2. പ്രതി മേ സ്തോമമദിതിർജഗൃഭ്യാത്സൂനും ന മാതാ ഹൃദ്യം**

**സുശേവം |**

**ബ്രഹ്മ പ്രിയം ദേവഹിതം യദസ്ത്യഹം മിത്രേ വരുണേ യൻമയോഭു ||**

നമ്മുടെ അന്തരീക്ഷത്തിൽനിന്നും പുറപ്പെടുന്ന സ്തോത്രങ്ങളെ അദിതി സ്വന്തം പുത്രനെ സ്വീകരിക്കുന്നതുപോലെ സ്വീകരിക്കണേ നാം ഉഷസ്സിനും രാത്രിക്കും മിത്രനും വരുണനുംവേി സുഖദായകവും ദേവകൾക്ക് സ്വികാര്യവുമായ സ്തോത്രങ്ങൾ പ്രദാനം ചെയ്യണേ.

**3. ഉദീരയ കവിതമം കവീനാമുനത്തെനമഭി മധ്വാ ഘൃതേന |**

**സ നോ വസൂനി പ്രയതാ ഹിതാനി ചന്ദ്രാണി ദേവഃ സവിതാ സുവാതി ||**

ഹേ ഋത്വിജൻമാരേ! നിങ്ങളത്യന്തം തേജസ്വിയായ അഗ്നിയെ പ്രദീപ്തമാക്കുവാൻ മധുരമായമായ സോമത്താലും ഘൃതത്താലും അവയെ നനച്ചാലും. ആദിത്യൻ നമുക്ക് ശുദ്ധവും പ്രസന്നതാപ്രദവും ഹിതകാരിയും ആയ സ്വർണ്ണം നൽകണേ.

**4. സമിന്ദ്ര ണോ മനസാ നേഷി ഗോഭിഃ സം സൂരിഭി ഹരിവഃ സം സ്വസ്തി |**

**സം ബ്രഹ്മണാ ദേവഹിതം യദസ്തി സം ദേവാനാം സുമത്യാ യജ്ഞിയാനാം ||**

ഹേ ഇന്ദ്രാ! നീ പ്രസന്നനായി ഗോക്കൾ ആദിയായ സമ്പത്തുകൾ നൽകുന്നു, ഹേ അശ്വിനികുമാരൻമാരാൽ യുക്തനായ ഇന്ദ്രാ! നിഞങ്ങൾക്ക് വിദ്വാൻമാരായ പുത്രൻമാരേയും സുഖത്തേയും ദിവ്യമായ അന്നത്തേയും ദേവതമാരുടെ കൃപയേയും നൽകിക്കുന്നവനാകുന്നു.

**5. ദേവോ ഭഗഃ സവിതാ രായോ അംശ ഇന്ദ്രോ വൃത്രസ്യ സഞ്ജിതോ ധനാനാം |**

**ഋഭുക്ഷാ വാജ ഉത വാ പുരന്ധിരവന്തു നോ അമൃതാസസ്തുരാസഃ ||**

ഐശ്വര്യങ്ങളുടെ സ്വാമിയായ സവിതാവും വൃത്രസംഹാരകനായ ഇന്ദ്രനും എല്ലാവിധത്തിലും ധനത്തെ വശീഭൂതമാക്കുന്ന ഋഭുക്ഷാവും പുരണ്ഡാമുതലായ അമരത്വം പ്രാപിച്ച എല്ലാദേവകളും നമ്മുടെ യാഗവേദിയിൽ അതിവേഗം വന്നുചേരണേ.

**6. മരുത്വതോ അപ്രതീതസ്യ ജിഷ്ണോര ജൂർയതഃ പ്ര ബ്രവാമാകൃതാനി |**

**ന തേ പൂർവം മഘവന്നാപരാസാ ന വീര്യ നൂതനഃ മജ്ജോഹുവാനാം ||**

ഹേ വിജ്ഞ! നീ ശ്രേഷ്ഠമായ ജ്ഞാനത്തെ നൽകുന്നവനായ ബൃഹസ്പതിയെ സ്തുതിക്കൂ. അവൻ ഹവിരാന്നത്തിൻെറ വിഭാജകനാകുന്നു. അവൻ സ്തോതാവിന് അത്യന്തമായ സുഖം നൽകുന്നു. വിളിക്കുന്ന യജമാനൻെറ അടുക്കലേക്ക് ശ്രേഷ്ഠമായ ധനവുമായി അവൻ വന്നുചേരുന്നു.

**8. തവോതിഭീഃ സചമാനാ അരിഷ്ടാ ബൃഹസ്പതേ മഘവാനഃ സുവീരാഃ |**

**യേ അശ്വദാ ഉത വാ സന്തി ഗോദാ യേ വസ്ത്രദാഃ സുഭഗാസ്തേഷു രായഃ ||**

ഹേ ബൃഹസ്പതേ! നീയാൽ പോഷിക്കപ്പെടുമ്പോൾ മനുഷ്യർ വിഘ്നങ്ങളിൽനിന്നും രക്ഷപ്പെടുകയും ധനത്താലും സന്തതികളാലും സമ്പന്നരാകുകയും ചെയ്യുന്നു. നിൻെറ കൃപയെ പ്രാപിച്ച യാതൊരു ധനികൻ ഗോ വസ്ത്രാദികൾ ദാനം ചെയ്യുന്നുവോ, അവന് ധനപ്രാപ്തിയുാകുന്നു.

**9. വിസർമാണം കൃണുഹി വിത്തമേഷാം യേ ഭുജ്ജതേ അപൃണന്തോ ന ഉക്ഥൈഃ |**

**അപവ്രതാൻപ്രസവേ വാവൃധാനാൻബ്രഹ്മദ്വിഷഃ സൂര്യാദ്യാവയസ്വ ||**

ഹേ ബൃഹസ്പതേ! യാതൊരു സ്തോതാവ് ഞങ്ങൾക്ക് ദാനാംശം നൽകാതെ സ്വയമായി അതിനെ അനുഭവിക്കുന്നുവോ, വ്രതാനുഷ്ഠാനം നടത്താതിരിക്കുകയും മന്ത്രങ്ങളെ വെറുക്കുകയും ചെയ്യുന്നുവോ അവനെ ധനരഹിതനാക്കിയാലും. ആ മനുഷ്യൻ സന്താനയുക്തനായി വൃദ്ധിയെ പ്രാപിച്ചുകൊിരിക്കുകയാണെങ്കിൽ അവനെ സൂര്യദർശനത്തിനനുവദിക്കരുത്.

**10. യ ഓഹതേ രക്ഷസോ ദേവവീതാവചക്രേഭിസ്തം മരുതോ നി യാത |**

**യോ വഃ ശമീം ശശമാനസ്യ നിന്ദാത്തുച്ഛ്യാൻ കാമാങ്കരതേ സിഷ്വിദാനഃ ||**

ദേവകൾക്കായുള്ള യജ്ഞത്തിൽ ആസുര വൃത്തി സ്വീകരിക്കുന്നുവോ യാതൊരുത്തൻ അന്നം മൃഗങ്ങൾ ആദിയായവയിൽകൂടി ഭോഗലാലസരായി ക്ലേശത്തിൽ പതിക്കുന്നുവോ അല്ലെങ്കിൽ യാതൊരുത്തൻ നിൻെറ സ്തോതാവിനെ നിന്ദിക്കുന്നുവോ നീ അവനെ ചക്രങ്ങളില്ലാത്ത രഥത്തിലിട്ട് അന്ധകൂപത്തിലെറിയൂ.

**11. തമുഷ്ടുഹി യഃ സ്വിഷുഃ സുധന്വാ യോ വിശ്വസ്യ ക്ഷയതി ഭേഷജസ്യ |**

**യക്ഷ്വാ മഹേ സൗമനസായ രുദ്രം നമോഭിർദേവമസുരം ദുവസ്യ ||**

ഹേ വിജ്ഞ! രുദ്രനെ സ്തുതിക്കൂ. അവൻെറ ബാണങ്ങൾ ശത്രുനാശകസമർത്ഥങ്ങളാകുന്നു. അവൻ ജനങ്ങൾക്ക് മംഗളമേകുന്നശക്തിമാനും ദേഹധാരികൾക്ക് പ്രാണനെ നൽകുന്നവനുമാകുന്നു. ആ രുദ്രദേവനെ യജിക്കുകയും സേവിക്കുകയും ചെയ്യൂ.

**12. ദമൂനസോ അപസോ യേ സുഹസ്താ വ്റഷ്ണഃ പത്നീർനദ്യോ വിഭ്വതഷ്ഠാഃ |**

**സരസ്വതീ ബൃഹദ്ദിവോത രാകാ ദശസ്യന്തീർവരിവസ്യന്തു ശുഭ്രാഃ ||**

സുന്ദരൻമാരും മനസ്വിനികളും ചമസ്സ്, അശ്വം, ഗോവ് മുതലായവയുടെ കുശലനിർമ്മാതാക്കളായ ഋഭുക്കളും, വൃഷ്ടികാരിയായ ഇന്ദ്രൻെറ പത്നീരൂപരായ നദികളും തേജസ്വിനിയായ രാത്രിയും നമുക്ക് ധനം പ്രദാനം ചെയ്യണേ.

**13. പ്ര സൂ മഹേ സുശരണായ മേഘാം ഗീരം ഭരേ നവ്യസീം ജായമാനാം |**

**യ ആഹനാ ദുഹിതുർവക്ഷണാസു രൂപാമിനാനോ അകൃണോദിദം നഃ ||**

മഹാനും രക്ഷകനുമായ ഇന്ദ്രനായിക്കൊ് അതിവേഗം രചിക്കപ്പെട്ട സ്തോത്രങ്ങൾ കാഴ്ചവയ്ക്കുന്നു. ആ ഇന്ദ്രൻ വൃഷ്ടികർത്താവാകുന്നു. അവൻഭൂമിയുടെ ഹിതസാധനക്കായി

നദികൾക്കു രൂപം നൽകുകയും നമുക്ക് ജലം പ്രാപ്തമാക്കുകയും ചെയ്യുന്നു.

**14. പ്ര സുഷ്ടുതിഃ സ്തനയന്തം രുവന്തമിളസ്പതിം ജരിതർനൂനമശ്യാഃ |**

**യോ അബ്ദിമാം ഉദനിമാം ഇയർതി പ്ര വിദ്യുത രോദസീ ഉക്ഷമാണഃ ||**

ഹേ മനുഷ്യരേ! നിങ്ങളുടെ മനോഹര സ്തുതികൾ, ഗർജ്ജിച്ചിരമ്പുന്ന ജലസ്വാമിയെ പ്രാപിക്കണേ. അവൻ മേഘങ്ങളെ വഹിക്കുകയും ജലത്തെ വർഷിച്ച് ആകാശത്തേയും ഭൂമിയേയും വിദ്യുത്പ്രകാശത്താൽ പരിപൂർണ്ണമാക്കുകയും ചെയ്യുന്നു.

**15. ഏഷ സ്തോമോ മാരുതം ശർധോഃ അച്ഛാ രുദ്രസ്യ സൂനൂംർയുവന്യുംരുദശ്യാഃ |**

**കാമോ രായോ ഹവതേ മാ സ്വസ്ത്യുപ സ്തുഹി പൃഷദശ്വാം അയാസഃ ||**

നമ്മുടെ സ്തുതികൾ രുദ്രപുത്രനായ മരുത്തുക്കളുടെ സമക്ഷം വഴിയാംവണ്ണം ചെന്നുചേരണേ. ദനാശ നമ്മെ നിരന്തരം പ്രേരിപ്പിച്ചുകൊിരിക്കുന്നു. വിചിത്രവർണ്ണങ്ങളോടുകൂടിയ കുതിരകളുടെ പുറത്തുകയറി സഞ്ചരിക്കുന്ന മരുത്തുക്കളെ സ്തുതിക്കുവിൻ.

**16. പ്രൈഷ സ്തോമഃ പൃഥിവീമന്തരിക്ഷം വനസ്പതീരോഷധീ രായേ അശ്യാഃ |**

**ദേവോദേവഃ സുഹവോ ഭൂതു മഹ്യം മാ നോ മാതാ പൃഥിവീ ദുർമതൗ ധാത് ||**

ഞങ്ങളാൽ തയ്യാറാക്കപ്പെട്ട ഈ സ്തോത്രം ധനത്തിനുവേി ആകാശത്തിന്റേയും, ഭൂമിയുടേയും വൃക്ഷങ്ങളുടേയും ഔഷധികളുടേയും അടുക്കൽ ചെല്ലണേ. നമുക്കുവേി എല്ലാദേവകളും വിളിക്കപ്പെടണേ. ഭൂമിമാതാവ് നമ്മെ ദുഷ്ടബുദ്ധിയിൽ പതിക്കാനനുവദിക്കാതിരിക്കണേ.

**17. ഉരൗ ദേവാ അനി ബാധേ സ്യാമ ||**

ദേവൻമാരേ! ഞങ്ങളെല്ലാവരും പീഡാരഹിതവും വിഘ്നരഹിതവും സുഖപൂർണ്ണങ്ങളുമായ സ്ഥാനങ്ങളിൽ നിവസിക്കണേ.

**18. സമശ്വിനോരവസാനൂതനേന മയോ ഭുവാ സുപ്രണീതി ഗമേമ |**

**ആ നോ രയിം വഹതമോത വീരാനാ വിശ്വാന്യമൃതാ സൗഭഗാനി ||**

ഞങ്ങൾ അശ്വിനികുമാരൻമാരുടെ പാരും അറിഞ്ഞിട്ടില്ലാത്ത ആ രക്ഷാസാധനങ്ങളെ പ്രാപിക്കണേ. ആ രക്ഷാസാധനങ്ങൾ ആനന്ദദായകങ്ങളും സുഖോൽപാദകങ്ങളുമാണ്. ഹേ അവിനാശികളായ അശ്വിനികളേ! നിങ്ങൾ രുപേരുംകൂടി ഞങ്ങൾക്ക് വീരപുത്രൻമാരേയും ധനത്തേയും അതുപോലെ എല്ലാ സ്ഥിരസൗഭാഗ്യങ്ങളേയും കിട്ടുമാറാക്കണം.

## സൂക്തം 43

**ഋഷി അത്രി ദേവത വിശ്വേദേവൻമാർ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ആ ധേനവഃ പയസാ തൂർണ്യർഥാ അമർധന്തീരുപ നോ യന്തു മധ്വാ |**

**മഹോ രായേ ബൃഹതീഃ സപ്ത വിപ്രോ മയോഭുവാ ജരിതാ ജോഹവീതി ||**

വേഗവതികളായ നദികൾ മധുരജലവുമായി നിർബാധം നമ്മുടെ അടുക്കൽ വരണേ. അത്യന്തം പ്രീതിമാനായ സ്തോതാവ് ശ്രേഷ്ഠമായ ഐശ്വര്യത്തിനുവേി സുഖത്തിന്റെ കാരണഭൂതകളായ സപ്തമഹാനദികളെ ആഹ്വാനം ചെയ്യട്ടെ.

**2. ആ സുഷ്ടുതി നമസാ വർതയധ്യൈ ദ്യാവാ വാജായപൃഥിവീ അമൃധ്രേ |**

**പിതാ മാതാ മധുവചാഃ സുഹസ്താ ഭരേഭരേ നോ യശസാവവിഷ്ഠാം ||**

അന്നപ്രാപ്തിക്കായി ശ്രേഷ്ഠങ്ങളായ സ്തുതികളാലും ഹവിസ്സുകളാലും അഹിംസിതരായിരുന്നുകൊ് ആകാശപൃഥ്വികളെ പ്രസന്നരാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പ്രിയവാണിയാലുംവരദഹസ്തങ്ങളാലും യശസ്സാലും യുക്തരായ മാതാപിതാക്കളായ ആകാശവും ഭൂമിയും രണക്ഷേത്രത്തിൽ നമ്മെ എല്ലാവിധത്തിലും രക്ഷിക്കണേ.

**3. അധ്വര്യവശ്ചകൃവാംസോ മധൂനി പ്ര വായവേ ഭരത ചാരു ശുക്രം |**

**ഹോതേവ നഃ പ്രഥമഃ പാഹ്യസ്യ ദേവ മധ്വോ രരിമാ തേ മദായ ||**

ഹേ അധ്വര്യുക്കളേ! നിങ്ങൾ മധുരഹവിസ്സുകൾ തയ്യാറാക്കുകയും തേജസ്വിയായ സോമത്തെ വായുവിനു കാഴ്ചവയ്ക്കുകയും ചെയ്യുവിൻ. ഹേ വായു! ഈ സോമത്തെ മറ്റുദേവകൾക്കു മുമ്പായി ഹോതാവിനെപ്പോലെ പാനം ചെയ്താലും. ഈ മധുരമായ സോമരസം നിന്നെ പ്രസന്നനാക്കുന്നതിനായി കൊവന്നിരിക്കുന്നു.

**4. ദശ ക്ഷിപോ യുഞ്ജതേ ബാഹു അദ്രിം സോമസ്യ യാ ശമിതാരാ സുഹസ്താ |**

**മധ്വോ രസം സുഗഭസ്തിഗിരിഷ്ഠാം ചനിശ്ചദദ്ദുദു ഹേ ശുക്രമംശുഃ ||**

ഋത്വിക്കുകളുടെ സോമം പിഴിയുന്ന പത്തുവിരലുകളുംസോമം ഇടിക്കുന്നതിൽ സമർത്ഥങ്ങളായ രു ഭുജങ്ങളും അമ്മിക്കല്ലിനെ പ്രാപിക്കുന്നു. കുശലങ്ങളായ അംഗുലികളോടുകൂടിയ ഋത്വിക്ക് മധുരമായമായ സോമരസം പിഴിയുകയും അപ്പോൾ അതിൽനിന്നും സ്വച്ഛമായ രസം ലഭിക്കുകയും ചെയ്യുന്നു.

**5. അസാവി തേജജുഷാ ണായ സോമഃ ക്രത്വേ ദക്ഷായ ബൃഹതേമദായ |**

**ഹരീ രഥേ സുധുരാ യോഗേ അർവാഗിന്ദ്ര പ്രിയാ കൃണുഹി ഹുയമാനഃ ||**

ഹേ ഇന്ദ്രാ! നീ വൃത്രനെ കൊല്ലുവാനുള്ള ശക്തി പ്രാപിക്കുന്നതിനുവേി ഈ സോമരസം കാഴ്ചവയ്ക്കുന്നു. ഹേ ഇന്ദ്രാ! നിന്റെ മനോഹരങ്ങളായ രു കുതിരകളേയും രഥത്തിൽകെട്ടി ഇങ്ങോട്ടു തെളിച്ചാലും.

**6. ആ നോ മഹിമമതിം സജോഷാ ഗ്നാം ദേവീം നമസാ രാതഹവ്യാം |**

**മധോർമദായ ബൃഹതീമൃതജ്ഞാമാഗ്നേ വഹ പഥിഭിർദേവയാനൈഃ ||**

ഹേ അഗ്നേ! നീ സ്നേഹത്തോടുകൂടി മധുരസോമം പാനം ചെയ്ത് പരാക്രമിയാകുന്നതിനുവേ ദേവമാർഗ്ഗങ്ങളിൽകൂടി ജ്ഞാനസ്വരൂപിണിയായ വാണിയെ ഞങ്ങൾക്കെത്തിച്ചുതന്നാലും. സർവ്വശക്തി സമ്പന്നയായ ആ ദേവി എങ്ങും സഞ്ചരിച്ചുകൊ് ഞങ്ങളുടെ യജ്ഞത്തെ അറിയണേ. അവൾക്ക് സ്തോത്രസഹിതം ഹവിസുകൾ ഞങ്ങൾ സമർപ്പിക്കട്ടെ.

**7. അഞ്ജന്തി യം പ്രഥയന്തോ ന വിപ്രാ വപാവന്തം നാഗ്നിനാ തരന്തഃ |**

**പിതുർന പുത്ര ഉപസി പ്രേഷ്ഠ ആ ധർമോ അഗ്നി മൃതയന്നസാദി ||**

പിതാവിന്റെ മടിയിൽ പ്രിയപുതനിരിക്കുന്നതുപോലെ ജ്ഞാനികളായഅധ്വര്യുക്കൾ അഗ്നിയുടെ മുകളിലായ ഹവ്യപാത്രം വയ്ക്കുന്നു. അപ്പോൾ മഹാശക്തിയുക്തനായ വ്യക്തി അഗ്നിയാൽ തപിക്കപ്പെടുകയാണോ എന്നു തോന്നും.

**8. അഛാ മഹീ ബൃഹതീ ശന്തമാ ഗീർദൂതോ ന ഗന്ത്വശ്വിനാ ഹുവധ്യൈ |**

**മയോഭുവാ സരഥാ യാതമർവാഗ്ഗന്തം നിധിം ധുരമാണിർന നാഭിം ||**

നമ്മുടെ പൂജ്യവും, സുഖപ്രദായകവും, മഹത്തും ആയ സ്തോത്രങ്ങൾ അശ്വിനികുമാരൻമാരെ ഇവിടെ കൊവരുന്നതിനായി ദൂതനെ പോലെ അവരെ സമീപിക്കട്ടെ. ഹേ സുഖദാതാക്കളായ അശ്വിനികളേ! നിങ്ങൾ രുപേരും ഒരേരഥത്തിൽ കയറി ഞങ്ങളാൽ കാഴ്ചവയ്ക്കപ്പെടുന്ന സോമത്തിന്റെ അടുക്കൽ വന്നാലും. അച്ചുതില്ലാത്ത രഥം ചലിക്കാതിരിക്കുന്നതുപോലെ നിങ്ങളെക്കൂടാതെ സോമയാഗവും പൂർണ്ണമാകുന്നില്ല.

**9 പ്ര തവ്യസോ നമഉക്തിം തുരസ്യാഹം പൂഷ്ണ ഉത വായോരദിക്ഷി |**

**യറ രാധസാ ചോദിതാരാ മതീനാം യാ വാജസ്യ ദ്രവിണോദാ ഉതത്മൻ ||**

വേഗവാൻമാരും പരാക്രമികളുമായ പൂഷാവിനേയും വായുവിനേയും ഞങ്ങൾ സ്തുതിക്കുന്നു. ഈ ര് ദേവൻമാരും അന്നത്തിനും ധനത്തിനും വേ ബുദ്ധിയെ പ്രേരിപ്പിക്കണേ. യാതൊരു ദേവത കർമ്മക്ഷേത്രത്തിലേക്ക് നിയുക്തമാക്കപ്പെട്ടിരിക്കുന്നുവോ, അദ്ദേഹം നമുക്ക് ധനം നൽകണേ.

**10. ആ നാമഭിർമരുതോ വക്ഷി വിശ്വാനാ രൂപേഭിരജാതവേദോ ഹുവാനഃ |**

**യജ്ഞം ഗിരോജരിതുഃ സുഷ്ടുതിം ച വിശ്വോ ഗന്ധ മരുതോവിശ്വം ഊതീ ||**

ഹേ ജനിച്ചവരുടെ ജ്ഞാതാവായ അഗ്നിദേവാ! ഞങ്ങളാൽ വിളിക്കപ്പെക്ക നീ മറ്റുള്ള ദേവകളെ മരുത്തുക്കൾസഹിതം യജ്ഞത്തിൽ കൂട്ടിക്കൊവരുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ ശ്രേഷ്ഠങ്ങളായ നിങ്ങളുടെ രക്ഷാസാധനങ്ങളുമായി യജ്ഞസ്ഥാനത്തെഴുന്നള്ളുകയും സുന്ദരമായ സ്തുതിയുക്തമായ ഉപാസനകളെ സ്വീകരിക്കുകയും ചെയ്യൂ.

**11. ആ നോ ദിവോ വൃഹതഃ പർവതാദാ സരസ്വതീ യജതാ ഗന്തു യജ്ഞം |**

**ഹവം ദേവീ ജുജുഷാണാ ഘൃതാചീ ശമാം നോ വാചമുശതീ ശൃണോതു ||**

പ്രകാശിതമായ ആകാശത്തിൽനിന്നു സരസ്വതീദേവി നമ്മുടെ സ്തുതികളാൽ സന്തുഷ്ടയായ ആ ദേവി മംഗളകാരിയായ നമ്മുടെ സ്തോത്രങ്ങൾ ശ്രവിക്കണേ.

**12. ആ വേധസം നീലപൃഷ്ഠം ബ്രഹന്തം ബൃഹസ്യതി സദനേ സാദയധ്വം |**

**സാദദ്യോനിം ദമ ആ ദീദിവാംസം ഹിരണ്യ വർണമരുഷം സപേമ ||**

രക്ഷിക്കുന്നവനും പരാക്രമിയുമായ ബൃഹസ്പതിയെ യജ്ഞശാലയിൽ സ്ഥാപിക്കുവിൻ. അവൻ വീട്ടിനുള്ളിൽ വിരാജിതനായി ജ്ഞാനത്തെ വളർത്തുന്നു. അവൻ സ്വർണ്ണവർണ്ണനും തേജസ്വിയുമാകുന്നു. നാം അവനെ ഉത്തമമാംവണ്ണം പൂജിക്കുന്നു.

**13. ആ ധർണസിർബൃഹദ്ദിവോ രരാണോ വിശ്വേഭിർഗന്ത്വോമഭിർഹുവാനഃ |**

**ഗ്നാ വസാന ഔഷധീരമൃധ്രസ്ത്രിധാതുശൃംഗോ വൃഷഭോ വയോധാഃ ||**

ആ അഗ്നിദേവൻ എല്ലാത്തിനേയും വഹിക്കുന്നവനാകുന്നു.അവൻ അത്യന്തം പ്രകാശവാനുംഅഭിലാഷങ്ങളെ വർഷിക്കുന്നവനും ഔഷധികളെ വളർത്തുന്നവനുമാകുന്നു. അവൻ മനോഹരമായ ഗതിയോടുകൂടിയവനും ത്രിവിധ ചുവപ്പും, ശ്വേതം, കറുപ്പ് ജ്വാലകളാൽ യുക്തനുമാണ്. അവൻ വൃഷ്ടികാരകനും അന്നദായകനും ആകുന്നു. നാം അവനെ വിളിക്കുന്നു. അവൻ തന്റെ എല്ലാ രക്ഷാസാധനങ്ങളോടുംകൂടി ഇവിടെ വന്നുചേരണേ.

**14. മാതുഷ്പദേ പരമേ ശുക്രആയോർവിപന്യവോ രാസ്പിരാസോ അഗ്മൻ |**

**സുശേവ്യം നമസാ രാതഹവ്യാഃ ശിശും മൃജന്ത്യായവോ ന വാസേ ||**

ഹോതാവായ ഹവ്യപ്രാപ്തനെ വഹിക്കുന്നവനായ ഋത്വിക് ഭ്രാമാതാവിന്റെ ശ്രഷ്ഠമായ സ്ഥാനത്തേക്ക് പോകുന്നു. പുഷ്ടിപ്പെടുന്നതിനുവേ നവജാതശിശുവിനെ തലോടുന്നതുപോലെ, നവജാതനായ അഗ്നിയെ സ്തുതികളോടുകൂടി ഹവിസ്സ് നൽകി പുഷ്ടിപ്പെടുത്തുന്നു.

**15. ബൃഹദ്വയോ ബൃഹതേ തുഭ്യമഗ്നേധിയാജുരോ മിഥുനാസഃ സചന്ത |**

**ദേവോദേവഃ സഹവോ ഭൂതു മഹ്യം മാനോ മാതാ പൃഥിവീ ഭൂമംതൗ ധാത് ||**

ഹേ അഗ്നേ! നീമഹാനാകുന്നു. ധർമ്മകാര്യങ്ങൾ അനുഷ്ഠിക്കുന്ന ദമ്പതികൾ ഒന്നിച്ച് നിനക്ക് ഹവിരാന്നം നൽകുന്നു. ദേവകളെ നമുക്ക് വഴിയാംവണ്ണം ആഹ്വാനം ചെയ്യാം. മാതാവായ പൃഥ്വി നമുക്ക് പ്രതികൂലയാകാതിരിക്കണേ.

**16. ഉരൗ ദേവാ അനിബാധേ സ്യാമ ||**

ഹേ ദേവകളേ! ഞങ്ങൾ ബാധാരഹിതരായി, അസീമിതമായ ഐശ്വര്യത്തെ പ്രാപിക്കുന്നവരാകണേ.

**17. സമശ്വിനോരവസാ നൂതനേന മയോഭുവാ സുപ്രണീതി ഗമേമ |**

**ആ നോ രയിം വഹതമോത വീരാനാ വിശ്വാന്യമൃതാ സൗഭഗാനി ||**

നാം അശ്വിനികുമാരൻമാരുടെ അത്ഭുതകരങ്ങളായ രക്ഷാസാധനങ്ങളെ പ്രാപിക്കണേ. അവർ ആനന്ദപ്രദങ്ങളും, കല്യാണകാരികളുമായ കാര്യങ്ങളാൽ സമ്പന്നരാണല്ലോ. ഹേ അവിനാശികളായ അശ്വിനികളേ! ഞങ്ങൾക്ക് ശ്രേഷ്ഠമായ ധനവും സന്താനങ്ങളും എല്ലാ സൗഭാഗ്യങ്ങളും ഉാകുവാൻ അനുഗ്രഹിക്കണമേ.

## സൂക്തം 44

**ഋഷി കാശ്യപഗോത്രൽ അവത്സാരൻ ദേവത വിശ്വേദേവൻമാർ ഛന്ദസ് ജഗതി,ത്രിഷ്ടുപ്**

**1. തം പ്രത്നഥാ പൂർവഥാ വിശ്വഥേമഥാ ജ്യേഷ്ഠതാതിം ബർഹിഷദം സ്വർവിദം |**

**പ്രതീചീനം വൃജനം ദോഹസേ ഗിരാശും ജയന്തമനു യാസു വർധസേ ||**

പ്രാചീനകാലത്തുള്ള യജമാനൻമാരും നമ്മുടെ പൂർവ്വികൻമാരും വർത്തമാനകാലത്തെ മനുഷ്യരും എപ്രകാരം ഇന്ദ്രനെ സ്തുതിച്ച് തങ്ങളുടെ അഭീഷ്ടങ്ങൾ സാധിച്ചുവന്നിരുന്നുവോ, അതുപോലെ നിങ്ങൾ സാധിച്ചുവന്നിരുന്നുവോ, അതുപോലെ നാമും അവനെ തന്നെ സ്തുതിച്ച് നമ്മുടെ അഭീഷ്ടങ്ങൾ പൂർത്തീകരിക്കും ഇന്ദ്രൻ ദേവൻമാരിൽ വലിയവനും സർവ്വജ്ഞനും കുശാസനത്തിൽ വിരാജിതനും പരാക്രമിയും ശത്രുവിജേതാവും അത്യന്തം വേഗവാനും ആകുന്നു. അവനെ ഈ സ്തുതികളാൽ പ്രസാദിപ്പിക്കുവിൻ.

**2. ശ്രിയേ സദൃശീരുപരസ്യ യാഃ സ്വർവിരോചമാനം കുകുഭാമചോദതേ |**

**സുഗോപാ അസി ന ദഭായ സുക്രതോ പരോ മായാഭിർഋത ആസ നാമ തേ ||**

ഹേ ഇന്ദ്രാ! നിൻെറ തേജസ്സ് സ്വർഗ്ഗത്തിലും വിസ്തൃതമായ രൂപത്തിൽ വ്യാപിച്ചിരിക്കുന്നു. വർഷത്തെ തടയുന്നമേഘങ്ങളിലുള്ള ഉജ്ജ്വലസമൂഹത്തെ നീ മനുഷ്യരുടെ ഗുണത്തിനായി എല്ലാ ദിക്കുകളിലേക്കും അയയ്ക്കുന്നു. നീ വർഷാദികർമ്മങ്ങളാൽ മനുഷ്യരെ പരിപാലിക്കുന്നു. ഹേ ഇന്ദ്രാ! ജീവികളെ ഹിംസിക്കാതിരുന്നാലും നീ ശത്രുക്കളുടെ മായകളെ അകറ്റികളയുക്കു. അതുകാരണം നിൻെറ നാമം സത്യത്തെ ആശ്രയിക്കുന്നു.

**3. അത്യം ഹവിഃ സചതേ സച്ച ധാതു ചാതിഷ്ഠഗാതുഃ സ ഹോതാ സഹോമരിഃ |**

**പ്രസർസ്രാണോ അനു ബർഹിർവൃഷാ ശിശുർമധ്യേ യുവാജരോ വിസ്രുഹാ ഹിതഃ ||**

നിത്യവും ജലത്തിൻെറ സാധന ചെയ്യുന്നവനും, ജഗത്തിൻെറ ആശ്രയരൂപമായ ഹവിസ്സിനെ വഹിക്കുന്നവനായ അഗ്നി ബലവാനും ഗതിമാനും ശക്തിയുടെ വിധാതാവും അതുപോലെ യജ്ഞകർമ്മങ്ങളുടെ നിർവാഹകനും ആകുന്നു. അദ്ദേഹം കുശാസനത്തിൽ വിരാജിക്കുന്നു.അവൻ ഫലങ്ങൾ വർഷിക്കുകയും, ബാലനും, യുവാവും സാഹസിയും ഔഷധികളാൽ വസിക്കുകയും ചെയ്യുന്നു.

**4. പ്ര വ ഏതേ സുയുജോ യാമന്നിഷ്ടയേ നീചീരമുഷ്മൈ യമ്യ ഋതാവൃധഃ |**

**സുയന്തുഭിഃ സർവശാസൈരഭിശുഭിഃ ക്രിവിർനാമാനി പ്രവണേ മുഷായതി ||**

യജമാനൻമാർക്കുവേി യജ്ഞത്തെ വൃദ്ധപ്പെടുത്തുന്ന സൂര്യരശ്മികൾ പരസ്പരം കൂട്ടിച്ചേർന്ന് യജ്ഞഭൂമിയിൽ വരുവാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു. ദ്രുതഗാമിനികളും ലോകത്തെ നിയന്ത്രിക്കുന്നവരുമായ ഈരശ്മികൾ വഴിയായി സൂര്യൻ ജലത്തെ വർഷിക്കുന്നു.

**5. സഞ്ജർഭൂരാണസ്തരുഭിഃ സുതേഗൃഭം വയാകിനം ചിത്തഗർഭാസു സുസ്വരുഃ |**

**ധാരവാക്ഷേഷ്വൃജൂഗാഥ ശോഭസേ വർസ്വ പത്നീരഭി ജീവോ അധ്വരേ ||**

ഹേ അഗ്നേ! നിൻെറ സ്തോത്രങ്ങൾ മനോഹരങ്ങളാകുന്നു. അരിച്ചെടുത്ത സോമരസം മരപ്പാത്രത്തിൽ വയ്ക്കപ്പെട്ടിരിക്കുന്നു. നീ ആ മധുരരസം പാനം ചെയ്ത് സ്തുതികൾ ശ്രവിച്ച് പ്രസന്നനാകുന്നു. അപ്പോൾ സാധകൻമാരോടുകൂടി നീ അത്യന്തം സുശോഭിതനാകുന്നു. ഹേ പ്രാണദാതാവായ അഗ്നേ! നിൻെറ രക്ഷണസമർത്ഥങ്ങളായ ജ്വാലകളെ ഈ യാഗവേദിയിൽ ഉയർത്തണമേ.

**6. യാദൃഗേവ ദദൃശേ തദൃഗുച്യതേ സം ഛായയാ ദധിരേ സിധ്രയാപ്സ്വാ |**

**മഹീമസ്മഭ്യമുരുഷാമുരു ജ്രയോ ബൃഹത്സുവീരമനപച്യുതം സഹഃ ||**

കാണുന്നവൻ വർണ്ണിക്കുന്നു. എപ്രകാരം ജലത്താൽ വളർന്നു പന്തലിച്ച വൃക്ഷം തൻെറ ഛായയാൽ ജീവികൾക്ക് സുഖം നൽകുന്നുവോ, അതുപോലെതന്നെ ദേവകളും ഞങ്ങളുടെ പ്രജകൾക്കുവേി കല്യാണകാരിണിയായ തങ്ങളുടെ ഛായവഴിയായി സുഖദായിനിയായ പൃഥ്വിയെ പാലിക്കുകയും യുദ്ധക്ഷേത്രത്തിൽ ഒരിക്കലും പിന്തിരിഞ്ഞോടാത്ത വീരൻമാരുടെ ബലത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യണേ.

**7. വേത്യഗ്രുർജനിവാന്വാ അതി സ്പൃധഃ സമര്യതാ മനസാ സൂര്യഃ കവിഃ |**

**ധ്രംസ രക്ഷന്തംപരി വിശ്വതോ ഗയമസ്മാകം ശർമ വനവത്സ്വാവസുഃ ||**

എല്ലാത്തിനേയും ദർശിക്കുന്ന ആദിത്യൻ തൻെറ ഭാര്യാരൂപിണിയായ ഉഷസ്സിനോടുകൂടിച്ചേർന്നുകൊ് അസുരൻമാരുമായി യുദ്ധം ചെയ്യുവാൻ മുന്നേറുന്ന ധനത്തിൻെറ ആശ്രയദാതാവായ അദ്ദേഹം നമുക്ക് ശ്രേഷ്ഠവും യശസ്സുള്ളതും രക്ഷാസാധനങ്ങളോടുകൂടിയതുമായ ഗൃഹവും സുഖവും നൽകണേ.

**8. ജ്യായാംസമസ്യാ യതുനസ്യ കേതുന ഋഷിസ്വരം ചരതി യാസു നാമ തേ |**

**യാദൃശ്മിന്ധായി തമപസ്യയാ വിദദ്യ ഉ സ്വയം വഹതേ സോ ാരം കരത് ||**

ഹേ അഗ്നേ! യജമാനൻ നിൻെറ നികടത്തിലേക്ക് പോകുന്നു.നീ പ്രത്യക്ഷനാകുമ്പോൾ മാത്രം അറിയപ്പെടുന്നു. ഋഷിഗണം നിന്നെ സ്തുതിക്കുന്നു. തൻമൂലം നിൻെറ നാമം വളരുന്നു. അവർ ആഗ്രഹിക്കുന്ന കാര്യങ്ങൾ പ്രയത്നം വഴിയായി സാധിക്കുന്നു. അവനെ ഉപാസിക്കുന്നവർ ആഗ്രഹിക്കുന്ന ഫലങ്ങൾ പ്രാപിക്കുന്നു.

**9. സമുദ്രമാസാമവ തസ്ഥേ അഗ്രിമാ ന രിഷ്യതി സവനം വസ്മിന്നായതാ |**

**അത്രാ നഹാർദി ക്രവണസ്യ രേജതേ യത്രാ മതിർ വിദ്യതേ**

**പൂതബന്ധനീ ||**

നമ്മുടെ ഈ സ്തോത്രങ്ങളിൽ ശ്രേഷ്ഠമായത് സൂര്യസമക്ഷം എത്തട്ടെ. യജ്ഞസ്ഥാനത്തിൽ വളർത്തപ്പെടുന്ന അവൻെറ സ്തോത്രങ്ങൾ ഒരിക്കലും നശിക്കുന്നില്ല. യാതൊരു ഗൃഹത്തിൽ സൂര്യനായി ഹൃദയം സമർപ്പിക്കപ്പെടുന്നുവോ ആ ഗൃഹത്തിലെ മനുഷ്യരുടെ എല്ലാ ആഗ്രഹങ്ങളും ഒരിക്കലും വിഫലമാകുന്നില്ല.

**10. സ ഹി ക്ഷത്രസ്യ മനസസ്യ ചിത്തിഭിരേവാവദസ്യ യജത സ്യസധ്രേഃ |**

**അവത്സാരസ്യ സ്പൃണവാമ രണ്വഭിഃ ശവിഷ്ഠം വാജം ഖിദുഷാ ചിദർഘ്യം ||**

ആ സൂര്യൻ എല്ലാവരാലും പൂജിതനും എല്ലാവരുമായും അഭീഷ്ടങ്ങളെ നിറവേറ്റുന്നവനുമാകുന്നു. അവൻെറ അടുക്കൽനിന്നും നാം ക്ഷത്രൻ മനസൻ, അവദൻ, സധ്രി, അവത്സാരൻ എന്നീമഹർഷിവിദ്വാൻമാർ വഴിയാനി ഉപഭോഗാന്നങ്ങളെ നമ്മുടെ കർമ്മങ്ങൾ വഴിയായി സമൃദ്ധമാക്കണേ.

**11. ശ്യേന ആസാമദിതിഃ കക്ഷ്യോ മദോ വിശ്വ വാരസ്യ യജതസ്യ മായിനഃ |**

**സമന്യമന്യമർഥയന്ത്യേതവേ വിദുർവിഷാണം പരിപാനമന്തി തേ ||**

വിശ്വവാരൻ, യജതൻ, മായിഎന്നീ ഋഷിമാരുടെ സോമരസത്തിൽ നിന്നുൽപ്പന്നമാകുന്ന ഹർഷം പരുത്തിൻെറ ഉത്തമമായ ഗതിക്കു തുല്യമാകുന്നു. അത് അദിതിക്കുതുല്യം നിസ്തുത്യവും ജീനിക്കോപ്പിട്ട അശ്വത്തേപ്പോലെ സുശോഭിതവുമാകുന്നു. അവർ പരസ്പരം സോമം പാനം ചെയ്യുന്നതിനായി പറയുകയും, സോമപാനത്തിനുശേഷം തടിക്കുകയും ചെയ്യുന്നു.

**12. സദാപൃണോ യജതോ വി ദ്വിഷോ വധീദ്വാഹു വൃക്തഃ ശ്രുതവിത്തര്യോ വഃ സചാ |**

**ഉഭാ സ വരാ പ്രത്യേതി ഭാതി ച നദീം ഗണം ഭജതേ സുപ്രയാവഭിഃ ||**

സദാവൃണൻ, യജതൻ, ബാഹുയുക്തൻ, ശ്യതവിത്ത്, തര്യൻ എന്നീ മഹർഷിമാർ നിങ്ങളെല്ലാവരുമായിച്ചേർന്ന് ശത്രുക്കളെ നശിപ്പിക്കുന്നു. ആ ഋഷിമാർ ഇഹലൗകികവും പാലൗകികവുമായ എല്ലാ ആഗ്രഹങ്ങളേയും പൂർണ്ണമാക്കുന്ന തേജസ്വികളാകട്ടെ. അവർ വഴിയാംവണ്ണം മിശ്രിതമാക്കപ്പെട്ട ഹവ്യവസ്തുക്കളാൽ വിശ്വദേവകളെ മനോഹരമായി സ്തുതിക്കുന്നു.

**13. സുതമ്ഭരോ യജമാനസ്യ സത്പതിർവിശ്വാ സാമൂധഃ സ ധിയാമുദഞ്ചനഃ |**

**ഭരദ്ധേ ആ രസവഛശ്രിയേ പയോനുബ്രുവാണോ അധ്യേതി ന സ്വപൻ ||**

അവത്സാരൻ എന്നയജമാനൻെറ അനുഷ്ഠാനങ്ങളാൽ സുതമ്ഭരൻ എന്നഋഷി ഉത്തമങ്ങളായ ഫലങ്ങളാൽപോഷിതനായി. എല്ലാ യജ്ഞകർമ്മങ്ങളും വഴിയാംവണ്ണം പൂർത്തീകരിക്കപ്പെട്ടു. ഗോക്കൾ മധുരയുക്തമായ പാൽ നൽകി, ആ പാല് വീതിക്കപ്പെട്ടു. ഇപ്രകാരം നിരലസ്യനായ അവത്സാരൻ പ്രതിദിനം അവയെല്ലാം വർണ്ണിച്ചുകൊിരിക്കുകയാണ്

**14. യോ ജാഗാര തമൃചഃ കാമയന്തേ യോ ജാഗാര തമുസാമാനി യന്തി |**

**യോ ജാഗാര തമയം സോമ ആഹ തവാഹമസ്മി സഖ്യേ ന്യോകാഃ ||**

ഉണർന്നിരിക്കുന്ന ദേവതകളെ മന്ത്രങ്ങൾ ഇഷ്ടപ്പെടുന്നു. ദേവകൾ എപ്പോഴും ഉണർന്നിരിക്കുന്നു. സാമവേദത്തിൻെറ മന്ത്രങ്ങൾ അവരെ പ്രാപിക്കുന്നു. എപ്പോഴും ഉണർന്നിരിക്കുന്ന ദേവകളോട് ഞങ്ങളെ സ്വീകരിക്കുക എന്ന് സോമം പറയുന്നു. ഹേ അഗ്നേ! ഞങ്ങൾ അങ്ങയുടെ മിത്രഭാവത്തെ സദാ ആശ്രയിച്ചുകൊിരിക്കുന്നു.

**15. അഗ്നിർജാഗാര തമൃചഃ കാമയന്തേഗ്നിർജാ ഗാര തമു സാമാനി യന്തി |**

**അഗ്നിർജാഗാര തമയം സോമ ആഹ തവാഹമസ്മി സഖ്യേ ന്യോകാഃ ||**

അഗ്നി എപ്പോഴും ജാഗ്രത്തായിരിക്കുന്നു. മന്ത്രങ്ങൾ അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു. അഗ്നി എപ്പോഴും ജാഗ്രത്തായിരിക്കുന്നു. സോമം അദ്ദേഹത്തെപ്രാപിക്കുന്നു. അഗ്നി എപ്പോഴും ജാഗ്രത്തായിരിക്കുന്നു. ഞങ്ങളെ സ്വീകരിക്കൂ എന്ന് അദ്ദേഹത്തോട് സോമം പറയുന്നു. ഹേ അഗ്നേ! ഞങ്ങൾ എപ്പോഴും അങ്ങയുടെ മിത്രഭാവത്തെ ആശ്രയിച്ചുകൊിരിക്കുന്നു.

## സൂക്തം 45

**ഋഷി സദാപൃണൻദേവത വിശ്വേദേവൻമാർ ഛ ന്ദ സ ് പംക്തി, ത്രിഷ്ടുപ്**

**1. വിദാ ദിവോ വിഷ്യന്നദ്രിമുക്ഥൈരായത്യാ ഉഷസോ അർചിനോ ഗുഃ |**

**അപാ ത വ്രജിനീരുത്സ്വർഗാദ്വി ദുരോ മാനുഷീർദേവ ആവഃ ||**

അംഗിരസ്സുകളുടെ പ്രാർത്ഥനകളാൽ ഇന്ദ്രൻ തൻെറ വജ്രം വീഴ്ത്തി പണികളാൽ മോഷ്ടിക്കപ്പെട്ടു. ഒളിപ്പിക്കപ്പെട്ടഗോക്കളെ മുക്തകളാക്കി.ആഗതമായ ഉഷസ്സിൻെറ രശ്മികൾ വ്യാപിച്ചുകൊിരിക്കുന്നു. അന്ധകാരത്തെ നശിപ്പിച്ചുകൊ് സൂര്യൻ ഉദിക്കുകയും മനുഷ്യഭവനങ്ങളുടെ വാതിലുകൾ തുറക്കുകയും ചെയ്യുന്നു.

**2. വി സൂര്യോ അമതിം ന ശ്രിയം സാദോർവാദ് ഗവാം മാതാ ജാനതീ ഗാത് |**

**ധന്വർണസോ നദ്യഃ ഖാദോഅർണഃ സ്ഥൂണേവ സുമിതാ ദൃംഹത ദൗഃ ||**

വിഭിന്നങ്ങളായ വസ്തുക്കൾ അവരുടെ വിഭിന്നങ്ങളായ രൂപങ്ങൾ പ്രകടിപ്പിക്കുന്നതുപോലെ സൂര്യൻ തൻെറ പ്രകാശത്തെ വളർത്തുന്നു. രശ്മികൾകൊു വലനെയുന്നവളായ ഉഷസ്സ് സൂര്യൻെറ വരവിനെ പ്രതീക്ഷിക്കാതെ അന്തരീക്ഷത്തിൽ ആവിർഭൂതയാകുന്നു. കരകളെ തകർത്തുകൊ് നദികൾ ജലത്താൽ പരിപൂർണ്ണകളായി അതിവേഗം പ്രവഹിച്ചുകൊിരിക്കുന്നു. വീടിനുായിരിക്കുന്ന സുന്ദരവും സുദൃഢവുമായ തൂണുപോലെ സൂര്യൻ ദൃഢഭാവത്തോടുകൂടി പ്രജാസംരക്ഷണം നടത്തുന്നു.

**3. അസ്മാ ഉക്ഥായ പർവതസ്യ ഗർഭോ മഹീനാം ജനുഷേ പൂർവ്യായ |**

**വി പർവ്വതോ ജിഹീത സാധത ദ്യൗരാവിവാസന്തോ ദസയന്ത ഭൂമ ||**

മഹാസ്തോത്രങ്ങളുടെ രചയിതാക്കളായ പ്രാചീന

മഹർഷിമാർക്കുതുല്യം ഞങ്ങള സ്തുതിച്ചുകൊിരിക്കുന്നതുവരെ മേഘത്തിൻെറ ഉദരത്തിലുള്ള ജലം നമ്മുടെമേൽ വർഷിച്ചുകൊിരിക്കട്ടെ. മേഘത്തിൽനിന്നും ജലംപതിക്കുകയും ആകാശം അതിൻെറ കർമ്മങ്ങൾ ദ്വാര സേവനം ചെയ്യുകയും ചെയ്യുന്നു.

**4. സൂക്തേഭിർവാ വചോഭിർദേവജൂഷ്ടൈരിന്ദ്രാ ന്വഗ്നി അവസേ ഹുവധ്യൈ |**

**ഉക്ഥേഭിർഹി ഷ്മാ കവയഃ സുയജ്ഞാ ആവിവാസന്തോ മരുതോ യജന്തി ||**

ഹേ ഇന്ദ്രാ! അഗ്നിദേവാ! ഞങ്ങൾ സങ്കടങ്ങളിൽനിന്നും രക്ഷപ്രാപിക്കുവാൻ ദേവകൾവഴി സ്വീകാര്യയോഗ്യമായ സ്തോത്രങ്ങളാൽനിങ്ങളെ വിളിക്കുന്നു. ഉത്തമമായ രീതിയിൽ യജ്ഞകർമ്മങ്ങൾ നടത്തുന്നവരായ മരുത്തുക്കൾക്കുതുല്യം വ്യാപൃതരായിരിക്കുന്ന ജ്ഞാനികൾ സുന്ദരങ്ങളായ സ്തോത്രങ്ങളോടുകൂടി നിങ്ങൾ രുപേരേയും പൂജിക്കുന്നു.

**5. ഏ തോ ന്വദ്യ സുധ്യോഭവാമ പ്ര ദുച്ഛുനാ മിനവാമാ വരീയഃ |**

**ആരേ ദ്വേഷാംസി സനുതർദധാമായാമ പ്രാഞ്ചോ യജാമനമച്ഛ ||**

ഹേ ഈ യജ്ഞം നടത്തുന്നവരെ! പകൽ സമയത്തു വന്നുചേരുവിൻ. ഞങ്ങൾ സുന്ദരമായ കർമ്മങ്ങൾ നടത്തുവാനാഗ്രഹിക്കുന്നു. ഞങ്ങൾ ശത്രുക്കളെ സംഹരിക്കുകയും, എല്ലാ ഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന വൈരികളെ ആട്ടി ഓടിക്കുകയും ചെയ്യുന്നു. അതിവേഗം ഞങ്ങൾ യജമാനന്റെ അടുക്കലേയ്ക്കു വരുന്നു.

**6. ഏതാ ധിയം കൃണവാമാ സഖായോ പ യാ മാതാം ശൃണുതാവ്രജം ഗോഃ |**

**യയാ മനുർവിശിശിപ്രം ജിഗായ യയാ വണ്ഗ്വങ്കുരാപാ പുരീഷം ||**

ഹേ മിത്രങ്ങളെ വരുവിൻ നമുക്കു സ്തോത്രങ്ങളുച്ചരിക്കാം. ആ സ്തോത്രങ്ങളെക്കാൾ അപഹരിക്കപ്പെട്ട ഗോക്കളുടെ സ്ഥാനങ്ങളെ പറ്റിയുള്ള വിവരം ലഭിച്ചിരിക്കുന്നു. മനു ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കുകയും, വണിക്കിനേ പോലെ വളരെയധികം ഫലങ്ങളെ ആഗ്രഹിച്ചിരുന്നവനായ കക്ഷീവാൻ വനത്തിൽ ചെന്ന് ജലത്തെ പ്രാപിക്കുകയും ചെയ്തിരുന്നു.

**7. അനൂനോദത്ര ഹസ്തയതോ അദ്രിരാർചാന്യേന ദശ മാസോ നവഗ്വാഃ |**

**ഋതം യതീ സരമാ മാ അവിന്ദദ്വിശ്വാനി സത്യാങ്ഗിരാശ്ചകാര ||**

ഈ യജ്ഞസ്ഥാനത്തുനിന്നും ഋത്വിജൻമാരുടെ കരങ്ങളാൽ പ്രയോഗിക്കപ്പെടുന്ന കല്ലിന്റെ ശബ്ദം ഉയർന്നുകൊിരിക്കുന്നു. അതു കാരണം നവശ്വരും ദശഗ്വരും ഇന്ദ്രനെ ഉപാസിച്ചു. അതിനാൽ തന്നെ സമരഗോക്കളെ കത്തെുകയും, അംരവംശത്തിലെ മഹർഷിമാരുടെ എല്ലാ സാധനകളും സഫലമാകുകയും ചെയ്തിരുന്നു.

**8. വിശ്വോ അസ്യാ വ്യുഷി മാഹിനായഃ സം യദ് ഗോഭിരങ്ഗിരസോ നവന്ത |**

**ഉത്സ ആസാം പരമേ സധസ്ഥ ഋതസ്യ പഥാ സരമാ വിദദ്ഗാഃ ||**

ഉഷസ്സിന്റെ ഉദയത്തോടുകൂടി അംഗിസ്സുകൾ ഗോക്കളെ ക ു കഴിഞ്ഞിരുന്നു. അപ്പോൾ ശ്രേഷ്ഠമായ ആ യാഗശാലയിൽ പാൽമഴ പെയ്യുവാൻ തുടങ്ങി. എന്തുകൊന്നൊൽ സരമ സത്യമാർഗത്തിൽകൂടിയിരുന്നു അവയെ കുകൂടിയത്.

**9. ആ സൂര്യോ യാതു സപ്താശ്വഃ ക്ഷേത്രം യദസ്യോർവിയാ ദർയാഥേ |**

**രഘുഃ ശ്യേനുഃ പതയദന്ധോ അഛാ യുവാ കവിർദീദയദ് ഗോ ഷു ഗഛൻ ||**

സത്യാശ്വങ്ങളുടെ സ്വാമിയായ ആദിത്യൻ നമുക്കഭിമുഖമായി എഴുന്നള്ളട്ടെ. അവൻ ദീർഘപ്രയാണത്തിനുവേി വേഗമേറിയ പരുന്തിനെപോലെ വന്നുചേരട്ടെ. അദ്ദേഹം നിത്യ യുവാവും, ദൂരദർശികളുമായ സ്വന്തം കിരണങ്ങളിൽ വിരാജിതനും, പ്രകാശം പരത്തുന്നവനും ആകുന്നു. അത്യന്തം ദീപ്തമായ ജലത്തെ സൂര്യൻ മുകളിലേയ്ക്കുയർത്തുന്നു.

**10. ആ സൂര്യോ അരുഹഛക്രമരണോ യുക്ത യദ്വിരിതോ വീതപൃഷ്ഠാഃ |**

**ഉദ്നാ ന നാവമനയന്ത ധീരാ ആശൃണ്വതീ രാപോ അർവാഗതിഷ്ഠൻ ||**

അവർ മനോഹരമായ മുതുകുകളോടു കൂടിയ അശ്വങ്ങളെ രഥത്തിൽ കെട്ടുമ്പോൾ യജമാനൻ അവയുടെ ജലത്തിൽ നീന്തുന്ന വള്ളം എന്നപോലെ വിളിക്കുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു തന്നെ ജലം വർഷിക്കപ്പെടുന്നു.

**11. ധിയം വോ അപ്സു ദധിഷേ സ്വർഷാം യയാത രന്ദശ മാസോ നവഗ്വാഃ |**

**അയാ ധിയാ സ്യാമ ദേവഗോപാ അയാ ധിയാ തുതുര്യാമാത്യംഹഃ ||**

ഹേ ദേവകളെ! യാതൊന്നു വഴിയായി നവഗ്വരൻ പത്തുമാസക്കാലം യജ്ഞം നടത്തിയിരുന്നുവോ, സുഖദായകമായ ആ ബുദ്ധിയെ ഞങ്ങൾ സ്വീകരിക്കട്ടെ. ആ ബുദ്ധി വഴിയായി ഞങ്ങൾ വിദ്വാൻമാരാൽ ധാരണം ചെയ്യുവാൻ യോഗ്യമായ ഉത്തമഗുണങ്ങളെ പ്രാപിക്കുകയും പാപകർമ്മങ്ങളെയും അവയുടെ പരിണാമങ്ങളെയും അതിജീവിക്കുന്നതിൽ സമർത്ഥരാകുകയും ചെയ്യണമേ.

## സൂക്തം 46

**ഋഷി പ്രതിപക്ഷൻ, ദേവത വിശ്വദേവൻമാർ, ഛന്ദസു ഗായത്രി ത്രിഷ്ടുപ്.**

**1. ഹയോ ന വിദ്വാം അയുജി സ്വയം ധുരി താം വഹാമി പ്രതരണീമവസ്യുവം |**

**നാസ്യാ വശ്മി വിമുചം നാവൃതം പുനർവിദ്വാൻ പഥഃ പുരഏത ഋജ്ജു നേഷതി ||**

പ്രതിപക്ഷൻ തന്നേത്തന്നെ കുതിരക്കു പകരം വിയിൽ കെട്ടി. ഹോതാവ് ആ അലൗകീകരക്ഷയുടെ വിധാനം നടത്തിയ യജ്ഞരൂപമായ ഭാരത്തെ വഹിക്കുന്നു. ഈ ഭാരത്തെ വഹിക്കുന്നതിൽ നിന്നും മോചനം നേടുവാൻ നാം ഇഷ്ടപ്പെടുന്നില്ല. ഈ ഭാരത്തെ തുടർച്ചയായി വഹിക്കുവാനും നാം ഇഷ്ടപ്പെടുന്നില്ല. മാർഗ്ഗങ്ങളുടെ ജ്ഞാതാവ്, മുന്നിൽ മുന്നിൽ ഗമിക്കുന്നവൻ, എല്ലാവരുടേയും രഹസ്യങ്ങൾ അറിയുന്ന പുരുഷൻ നമ്മെ എല്ലാ മാർഗ്ഗങ്ങളിലും കൂടി സരളമായ രീതിയിൽ കൂട്ടികൊു പോകുന്നതിൽ സമർത്ഥനാകുന്നു.

**2. അഗ്ന ഇന്ദ്ര വരുണ മിത്ര ദേവാഃ ശർധഃ പ്ര യന്ത മാരുതോത വിഷ്ണോ |**

**ഉഭാ നാസത്യാ രുദ്രോ അധ ഗ്നാഃ പൂഷാ ഭഗഃ സരസ്വതീ ജുജുഷന്ത ||**

ഹേ അഗ്നി! ഇന്ദ്ര, വരുണാ, മിത്രാദേവൻമാരേ! നിങ്ങൾ എല്ലാവരും ഞങ്ങൾക്ക് ശക്തി നൽകേണമേ. മരുത്തുക്കളും വിഷ്ണുവും നമ്മെ സഹസ്രരാക്കട്ടെ. പൂഷാവും ഭഗവാനും സരസ്വതിയും എല്ലാവരും നമ്മുടെ സ്തുതികളാൽ പ്രസന്നരാകണേ.

**3. ഇന്ദ്രാഗ്നീ മിത്രാവരുണാദിതിം സ്വഃ പൃഥിവീം ദ്യാം മരുതഃ പർവതാം അപഃ |**

**ഹുവേവിഷ്ണും പൂഷണം ബ്രഹ്മണസ്പതിം ഭഗം നു ശംസം സവിതാരമൂതയേ ||**

നാം രക്ഷാപ്രാപ്തിയ്ക്കായി ഇന്ദ്രൻ, അഗ്നി, വരുണൻ, അദിതി, ആദിത്യൻ, ആകാശം, പൃഥി, മരുത്തുക്കൾ, പർവ്വതം, ജലം, വിഷ്ണു, പുഷാവ്, ബ്രാഹ്മണസ്പതി, സവിതാദേവൻ, ആദിയായ എല്ലാവരെയും വിളിക്കുന്നു.

**5. ഉത ത്യന്നോ മാരുതം ശർധ ആ ഗമദ്വിവിക്ഷയം യജതം**

**ബർഹിരാസദേ |**

**ബൃഹസ്പതിഃ ശർമ പൂഷോത നോ യമദ്വരുഥ്യം വരുണോ മിത്രോ അര്യമാ ||**

സ്വർഗവാളികളും പൂജ്യരുമായ മരുത്തുക്കൾ കുശാസനത്തിലമരുന്നതിനായി നമ്മുടെ മുമ്പിൽ ആഗതരാകണേ. ബൃഹസ്പതിയും, വരുണനും, മിത്രനും, ആര്യമാവും നമുക്ക് എല്ലാം ഗൃഹസംബന്ധമായ സുഖങ്ങളും കിട്ടുമാറാക്കണേ.

**6. ഉത ത്യേ നഃ പർവതാസഃ സുശസ്തയഃ സുദീതയോ നദ്യസ്ത്രണേ ഭൂവൻ |**

**ഭഗോ വിഭക്താ ശവസാവസാ ഗമദുരുവ്യചാ അദിതിഃ ശ്രോതു മേ ഹവം ||**

സുന്ദരമായ സ്തുതികളോടുകൂടിയ പർവ്വതവും, ഉദാരമതികളായ നദികളും, നമ്മെ പരിപാലിക്കട്ടെ, ധനദാതാവായ ഭഗദേവൻ അന്നവും, രക്ഷാസാധനങ്ങളുമായി വന്നുചേരട്ടെ. എല്ലായിടത്തും വസിക്കുന്നവളായ അദിതി നമ്മുടെ സ്തോത്രങ്ങൾ ശ്രവിക്കണേ.

**7. ദേവാനാം പത്നീരുശതീരവന്തു നഃപ്രാവന്തു നസ്തുജയേ വാജസാതയേ |**

**യാഃ പാർഥിവാസോ യാ അപാമപി വ്രതേ താ നോ ദേവീഃ സുഹവാഃ ശർമ യച്ഛതഃ ||**

ദേവപത്നികൾ നമ്മുടെ സ്തുതികളിൽ പ്രിയമുള്ളവരായി നമ്മെ രക്ഷിക്കണേ. നാം അവരുടെ രക്ഷാവഴിയായി ബലവാൻമാരായ പുത്രൻമാരേയും, അന്നവും പ്രാപിക്കണേ. ദേവപത്നിമാരേ! നിങ്ങൾ എങ്ങും കർമ്മങ്ങളിൽ ലീനരാകണേ. ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു നിങ്ങൾ ഞങ്ങൾക്ക് സുഖം സൃഷ്ടിക്കൂ.

**8. ഉത ഗ്നാ വ്യന്തു ദേവപത്നീരിന്ദ്രാണ്യ ഗ്നായ്യശ്വിനീരാട്|**

**ആരോദസീ വരുണാനീ ശൃണോതി വ്യന്തു ദേവിർയ ഋതുർജനീനാം ||**

ദേവാംഗകൾ ഹവിസ്സിനെ സ്വീകരിക്കണേ. ഇന്ദ്രാണിയും, അഗ്നിയും, ദീപ്തിമതിയും, അശ്വിനിയും, രോദസിയും, വരുണാനിയും, ആദിയായ എല്ലാദേവിമാരും നമ്മുടെ സ്തോത്രങ്ങൾ ശ്രവിക്കട്ടെ. ഈ ദെവിമാർ ഹവ്യം സ്വീകരിക്കട്ടെ. ദേവിമാരിൽ ഋതുക്കളുടെ അധിഷ്ഠാത്രിയായ ദേവി നമ്മുടെ സ്തോത്രങ്ങൾശ്രവിക്കുകയും ഹവിസ് സ്വീകരിക്കുകയും ചെയ്യട്ടെ.

# അദ്ധ്യായം മൂന്ന്

## സൂക്തം 47

**ഋഷി പ്രതിരഥൻ ദേവത വിശ്വേദേവൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. പ്രയുഞ്ജതീ ദിവ ഏതി ബ്രുവാണ മഹീ മാതാ ദുഹിതുർബോധയന്തീ |**

**ആവിവാസന്തീ യുവതിർമനീഷാ പിതൃഭ്യ ആ സദനേ ജോഹുവാനാ ||**

സേവാനിരതയും നിത്യയുവതിയും പുജ്യയുമായ ഉഷസ്സ് വിളിക്കപ്പെടുമ്പോൾ ശക്തിമതിയാൽ മാതാവിനുതുല്യം കന്യകാസ്വരൂപിണിയായ ഭൂമിയെ ജാഗരിതയാക്കുന്നു. അവൾ മനുഷ്യരെ കർമ്മങ്ങൾക്കായി പ്രേരിപ്പിച്ചുകൊ് രക്ഷകൻമാരായ ദേവകളോടുകൂടി യാഗവേദിയിൽ വരുന്നു.

**2. അജിരാസസ്തദപ ഈയമാനാ ആതസ്ഥിവാസോ അമൃതസ്യ നാഭിം |**

**അനന്താസ ഉരവേ വിശ്വതഃ സീം പരി ദ്യാവാ പൃഥിവീ യന്തി പന്ഥാഃ ||**

സർവ്വവ്യാപ്തങ്ങളും അസീമിതങ്ങളുമായ കിരണങ്ങൾ നാശരഹിതമായ സൂര്യമണ്ഡലത്തോട് താദാത്മ്യം പ്രാപിച്ച് ആകാശത്തിലും ഭൂമിയിലും അന്തരീക്ഷത്തിലും ചുഴന്നുവ്യാപിക്കുന്നു.

**3. ഉക്ഷാ സമുദ്രോ അരുഷഃ സുപർണഃ പൂർവസ്യ യോനിം പിതുരാ വിവേശ |**

**മധ്യേ ദിവോ നിഹിതഃ പൃശ്നിരശ്മാ വി ചക്രമേ രജസസ്പാത്യന്ത ||**

അഭിലാഷങ്ങളെ നനച്ചു വളർത്തുന്നവനും, ദേവതകൾക്കുവേി സുഖത്തെ വിധാനം ചെയ്യുന്നവനും, ഉജ്ജ്വലനും; വേഗവാനുമായ രഥം പിതൃരൂപമാകുന്ന കിഴക്കുനിന്നും പുറപ്പെട്ടു. പിന്നെ സ്വർഗ്ഗത്തിൽ അധിവസിക്കുന്ന വിഭിന്ന വർഷകനായ ആദിത്യൻ അന്തരീക്ഷത്തിലുയരുകയും ലോകത്തെ രക്ഷിക്കുകയും ചെയ്തു.

**4. ചത്വാര ഈം വിഭൂതാ ക്ഷേമയന്തോ ഭശ ഗഭ ചരസേ ധാപയന്തെ |**

**ത്രിധാതവഃ പരമാ അസ്യ ഗാവോ ദിവശ്ചരന്തി പരി സദ്യോ അന്താൻ ||**

നാലു ഋത്വിക്കുകൾ സ്വന്തം ആഗ്രഹങ്ങൾക്കുവേി സൂര്യനെ ഹവിസാൽ വഹിക്കുന്നു. പത്തു ദിക്കുകൾ തങ്ങളുടെ ഗർഭത്തിൽ നിന്നുത്ഭിച്ച സൂര്യനെ നിത്യകർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നു. ശീതം, ഗ്രീഷ്മം, വർഷം, എന്ന ഭേദങ്ങളോടു കൂടിയ സൂര്യൻെറ മൂന്നിനം ഋതുക്കൾ അന്തരീക്ഷത്തിൻെറ അതിരുകളിൽ സഞ്ചരിച്ചുകൊിരിക്കുന്നു.

**5. ഇദം വപുർ നിവചനം ജനാസശ്ചരന്തി യന്നദ്യസ്തസ്ഥുരാപഃ |**

**ദ്വേ യദീം ബിഭൃതോ മാതുരന്യേ ഇഹേഹ ജാതേ യമ്യാ സബന്ധൂ ||**

ഹേ മനുഷ്യരേ! ഇതു ശരീരം ആവശ്യം മനനം ചെയ്യുന്നതിനും, ശ്രവിക്കുന്നതിനാലാണ്. അതിൽുടി പ്രവഹിക്കുന്ന നാഡികൾ ഭൂമിയിൽക്കൂടി പ്രവഹിക്കുന്ന നദികൾക്കു തുല്യമാണ്. സ്ത്രീയുടേയും പുരുഷൻേറയും രുപ്രകൃതികൾ ഈ ശരീരത്തെ വഹിച്ചുകൊിരിക്കുന്ന ദിനരാത്രങ്ങൾക്കു തുല്യം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

**6. വി തന്വതേ ധിയോ അസ്മാ അപാംസി വസ്ത്രാ പുത്രായ മാതരേ വയന്തി |**

**ഉപപ്രക്ഷേ വൃഷണോ മോദമാനാ ദിവസ്പഥാ വധ്വേ യന്ത്യച്ഛ ||**

സൂര്യൻ നിമിത്തം യജമാനൻ സ്തോത്രങ്ങളും ഹവ്യങ്ങളും വളർത്തുന്നു. പുത്രരൂപനായ സൂര്യനു വേി ദിക്കുകൾ പ്രകാശത്തിൻെറ വല നെയ്യുന്നു. ആ വൃഷ്ടികാരനായ സൂര്യനാൽ പുഷ്ടിപ്പെട്ട് പത്നി രൂപകളായ കിരണങ്ങൾ ആകാശമാർഗത്തിൽ നമ്മുടെ അടുക്കൽ വന്നു ചേരണേ.

**7. തദസ്തു മിത്രാവരുണാ തദഗ്നേ ശം യോരസ്മഭ്യ**

**മിദമസ്തു ശസ്തം |**

**അശീമഹി ഗാധമുത പ്രതിഷ്ഠാം നമമോ ദിവോ ബൃഹതേ സാദനായ ||**

ഹേ മിത്രാ വരുണാ! ഞങ്ങളുടെ സ്തുതികൾ ശ്രവിക്കേണമേ. ഹേ അഗ്നേ! ഞങ്ങളെല്ലാപേരെയും കല്യാണത്തിനായി ഈ സ്തോത്രങ്ങളെ സ്വീകരിച്ചാലും. ഞങ്ങൾ പ്രതിഷ്ഠിതരാകളേ. ഞങ്ങൾ തേജോമയരാകണേ. പരാക്രമിയും എല്ലാവർക്കും ആശ്രയം നൽകുന്നവനുമായ സൂര്യനെ പൂജിക്കുന്നു.

## സൂക്തം 48

**ഋഷി പ്രതിഭാനുരത്രേയൻ, ദേവത വിശ്വദേവതകൾ, ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. ഭകദു പ്രിയായ ധാമ്നേ സ്വക്ഷത്രായ സ്വയശസേ മഹേ വയം |**

**ആമേനയസ്യ രജസോ യദഭ്ര ആം അപോ വൃണാന വിതനോതി മായിനീ ||**

നാമെല്ലാമിഷ്ടപ്പെടുന്നവനും, പൂജാ.പാത്രവുമായ തേജസ്സിനെ എപ്പോൾ സ്തിതിക്കും? ആ തേജസസ് സ്വന്തമായ ബലത്താൽ പ്രകാശവാനും, എല്ലാ അന്നവും അതിൽ നിക്ഷിപ്തവുമാകുന്നു. ആ തേജസ്സിൻെറ ശക്തി ചൈതന്യമായി അന്തരീക്ഷത്തിലെ മേഘത്തിൽ വർഷജലത്തെ വളർത്തുന്നു.

**2. താ അത്നത വയുനം വീരവക്ഷണം സമാന്യാ വൃതയാ വിശ്വമാ രജഃ |**

**അപോ അപാചീരപരാ അപേജതേ പ്ര പൂർവാഭിസ്തിരതേ ദേവയുർജനഃ ||**

ഋത്വിജൻമാർക്കു പ്രാപ്തയോഗ്യമായ ജ്ഞാനത്തെ ഈ ഉഷസ്സുകൾ വ്യാപിക്കുന്നു. സ്വന്തം ലോകത്തെ മുഴുവൻ പരിപൂർണ്ണമാക്കുന്നു. ദേവകളെ ആഗ്രഹിക്കുന്ന യജമാനൻ കഴിഞ്ഞുപോയതും വരാനിരിക്കുന്നവയുമായ ഉഷസ്സുകളെപ്പറ്റി ചിന്തിക്കാതെ വർത്തമാന ഉഷസ്സുവഴിയായി തൻെറ ബുദ്ധിയെ വരുത്തുന്നു.

**3. ആ ഗ്രാഭിരഹന്യേ ഭിരക്ത്രഭിർവരിഷ്ഠം വജ്രജവാ ജിഘർതിം മിയനി |**

**ശതം വാ വസ്യ പ്രചരന്തേസ്വേ ദമേ സം വർതയന്തോ വി ച വർതയന്നഹാ ||**

രാത്രിയിലും പകലുമായി തയ്യാറാക്കപ്പെട്ട സോമത്താൽ പുഷ്ഠനായ ഇന്ദ്രൻ മായാവിയായ വൃത്രനുവേി തൻെറ വലുതായ വജ്റായുധത്തെ തേജോമയമാക്കി. ഇന്ദ്രമയനായ സൂര്യൻെറ അസംഖ്യങ്ങളായ കിരണങ്ങൾ പകലുകളെ പ്രവർത്തിച്ചുകൊ് സ്വന്തം ഭാവനരൂപമാകുന്ന ആകാശത്തിൽ സഞ്ചരിക്കുന്നു.

**4. താമസ്യ രീതിം പരശോരിവ പ്രത്യനികമഖ്യം ഭുജേ അസ്യ വർപസഃ |**

**സചാ യദി പിതുമന്തമിവ ക്ഷയം രത്നം ദധാതി ഭരഹൂതയേ വിശേ ||**

മഴുപോലെ പ്രകാശിക്കുന്ന അസ്വാഭാവികമായ രൂപത്തെ നാം കാണുന്നു. നാം നമ്മുടെ സുഖത്തിനുവേി തേജാമയമായ ആദിത്യകിരണങ്ങളെ സ്തുതിക്കുന്നു. ഈ ആദിത്യൻ ആഹ്വാനം ചെയ്യുന്ന യജമാനൻെറ യജ്ഞത്തിൽ സഹായകനാവുകയും രത്നാദികളാൽ പരിപൂർണ്ണമായ വരം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

**5. സ ജിഹ്വയാ ചതുരനീക ഋഞ്ജതേ ചാരു വസാനോ വരുണോയ തന്നരിം |**

**ന തസ്യ വിദ്മ പുഷത്വതാ വയം യതോ ഭഗഃ സവിതാ ദായി വാർയം ||**

തൻെറ ശോഭനമായ തേജസ്സുാൽ പ്രകാശിക്കുന്ന അഗ്നിദേവൻ അന്ധകാരത്തേയും വൈരികളേയും നശിപ്പിക്കുന്നു. അവൻ തൻെറ ജ്വാലകളെ എല്ലാഭാഗങ്ങളിലും വ്യാപിച്ച് ഘ്റാദികളായ ഹവിസ്സുകളെ ഭക്ഷിക്കുന്നു. അഭീഷ്ടദായകമായ ആ അഗ്നിയുടെ ആ പുരുഷാർത്ഥത്തെ നാമറിയുന്നില്ല. ഈ യജനയോഗ്യമായ സവിതാവ് സ്വീകാര്യങ്ങളായ ധനവും ഐശ്വര്യവും കൊടുത്തു പോരുന്നുല്ലോ.

## സൂക്തം 49

**ഋഷി ആത്രേയൻ പ്രതിപ്രഭൻ, ദേവത വിശ്വദേവകൾ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ദേവം വോ അദ്യ സവിതാരമേഷേ ഭഗം ച രത്നം വന്തമായോഃ |**

**ആ വാം നരാ പുരുഷുജാ വവൃത്യാം ദിവേദിവോ ചിദശ്വിനാ. സഖീയൻ ||**

നാം യജമാനൻമാർക്കുവേി സവിതാ, ഭഗദേവൻമാരുടെ മുമ്പിലേയ്ക്കു പോകുന്നു. അവർ യജമാനൻമാർക്കു ധനം നൽകുന്നു. ഹേ അഗ്രഗണ്യരും, ബഹുകർമ്മാക്കളും ആയ അശ്വനികളേ! നിങ്ങളുടെ മിത്രതയെ ആഗ്രഹിക്കുന്ന ഞങ്ങൾ ദിവസം തോറും നിങ്ങളുടെ സാമീപ്യത്തെ യാചിക്കുന്നു.

**2. പ്രതി പ്രയാണമസുരസ്യ വിദ്വാൻത്സു ക്തൈർദേവം സവിതാരം ദുവസ്യ |**

**ഉപ ബ്രു വീത നമസാ വിജാനഞ്ജ്യേഷ്ഠ്യം ച രത്നം വിഭജന്തമായോ ||**

ഹേ വിദ്വാൻമാരേ ശത്രുക്കളെ ദമനം ചെയ്യുന്ന സവിതാദേവൻെറ വരവിനെ അറിഞ്ഞ് സൂക്തങ്ങളാൽ അവനെ പൂജിക്കുവിൻ. അവൻ മനുഷ്യർക്ക് ഉത്തമമായ ഐശ്വര്യത്തെ നൽകുന്നവനാകുന്നു. ഹവിസ്സിനാലും നമസ്ക്കാരത്താലും അവനെ സ്തുതിക്കുവിൻ

**3. അദത്രയാ ദയതേ വാര്യാണി പൂഷാ ഭഗോ അദിതിർ വസ്ത ഉസ്രഃ |**

**ഇന്ദ്രോ വിഷ്ണുർ വരുണോ മിത്രോ അഗ്നിരഹാനി ഭദ്രാ ജനയന്ത ദസ്മാഃ ||**

യജമാനയോഗ്യനും, പാലകനും, നാശരഹിതനുമായ അഗ്നി തൻെറ ജ്വാലകളാൽ വിറകുകളെ വഹിക്കുകയും, യോഗ്യമായ ധനത്തെ യജമാനനു നൽകുകയും ചെയ്യുന്നു. ആദിത്യൻ തൻെറ തേജസ്സിനെ വ്യാപിപ്പിക്കുന്നു. ഇന്ദ്രൻ, വിഷ്ണു, മിത്രൻ, അഗ്നി മുതലായ ദേവൻമാർ ഉത്തരകർമ്മരായ ദിനങ്ങളെ പ്രകടമാക്കുന്നു.

**4. തന്നോ അനർവാ സവിതാ വരുഥം തത്സിന്ധവ ഇഷയന്തോ അനുഗ്മൻ |**

**ഉപ യദ്വോചേ അധ്വരസ്യ ഹോതാ രായഃ സ്യാമ പതയോ വാജരത്നാഃ ||**

ആരാലും തിരസ്ക്കരിക്കപ്പെടാത്തവനായ സവിതാദേവൻ നമുക്ക് അഭീഷ്ടങ്ങളായ ഐശ്വര്യങ്ങളെ കൊുവരുവാനായി

അവൻെറ കിരണങ്ങൾ ഗമനം ചെയ്യണേ. ഈ ആഗ്രഹത്തോടുകൂടി ഹോതാക്കളായ നാം സ്തുതിക്കുന്നു. നാം പലതരത്തിലുള്ള അന്നത്തിൻേറയും, ബലത്തിൻെറയും അവകാശികളാകണേ.

**5. പ്ര യേ വസുഭ്യ ഈവദ നമോ ദുര്യോ മിത്രേ വരുണേ സൂക്തവാചഃ |**

**അവൈത്വഭ്യം കൃണുതാ വരീയോ ദ്രിവസ്പൃഥി വ്യോരമസാ മദേമ ||**

യാതൊരു യജമാനൻമാർ ഗതിശീലരായ അന്നത്തെ വസുക്കൾക്ക് പ്രദാനം ചെയ്തുവോ; അതുപോലെ യാതൊരുത്തർ മിത്രാവരുണൻമാരെ ഉദ്ദേശിച്ചുകൊു സ്തുതിച്ചുവോ അവർക്ക് മഹത്തായ തേജസ്സ് ലഭിക്കണേ. ഹേ ദേവഗണമേ അവർക്ക് സ്ഥിരമായ സുഖം നൽകണമേ. ഞങ്ങൾക്കു ആകാശത്താലും ഭൂമിയാലും പാലിക്കപ്പെട്ട് പുഷ്ടി പ്രാപിക്കട്ടെ.

## സൂക്തം 50

**ഋഷി സ്വസ്ത്വാത്രേയൻ ദേവത വിശ്വേദേവതകൾ ഛന്ദസ്സ് അനുഷ്ടുപ്, പംക്തി**

**1. വിശ്വോ ദേവസ്യ നേതുർമതോ വുരീത സഖ്യം |**

**വിശ്വോ രായ ഇഷുധ്യതി ദ്യുമ്നം വൃണീത പുഷ്യസേ ||**

എല്ലായജമാനൻമാരും സവിതാവിനോട് മിത്രുതയെ യാചിക്കുന്നു. പ്രജകളെല്ലാംഅവനോട് ധനം യാചിക്കുന്നു. എല്ലാമനുഷ്യരും അവനെ കൃപയാൽ തങ്ങളുടെ രക്ഷക്കുവേി പ്രചുരമായ ധനം ലാഭിക്കുന്നു.

**2. തേ തേ ദേവ നേതർയേ ചേമാം അനുശസേ |**

**തേ രായാ തേ ഹ്യാ പൃചേ സചേമഹി സചഥ്യൈഃ ||**

ഹേ പ്രഭോ! ഞങ്ങൾ, യജമാനൻമാർ നിന്നെ ഉപാസിക്കുന്നു. അതുപോലെ ഇന്ദ്രാദിദേവകളെ ഉപാസിക്കുന്നവർ നിൻെറ തന്നെയാകുന്നു. ഞങ്ങളും അവരും രുവിധത്തിലുള്ള ഉപാസകരും ധനൈശ്വര്യങ്ങളാൽ സമ്പന്നരാകണേ. ഞങ്ങളുടെ എല്ലാമനോരഥങ്ങളും സഫലമാകണേ.

**3. അതോ ന ആ നൃനതി ഥിനതഃ പന്തീർദശസ്യത**

**ആരേ വിശ്വം പഥേഷ്ഠാം ദ്വിഷോ യുയോതു യൂയുവിഃ ||**

ഞങ്ങൾ ഈ യജ്ഞത്തിൽ ഋത്വിജൻമാർക്കുവേി അതിഥിക്കുതുല്യം പൂജനീയമായ ദേവകൾക്ക് സേവചെയ്യും ഈ യജ്ഞത്തിൽ ഹവിസ്സ് നൽകി ദേവപത്നിമാരേ സേവിക്കും. ഹേ ദേവകളെ! നിങ്ങളെല്ലാവരും അഥവാ സഹിതാദേവൻ ദൂരസ്ഥരായ ശത്രുക്കളെ നശിപ്പിക്കണേ.

**4. യത്ര വഹ്നിരഭിഹിതോ ദുദ്രവദ് ദ്രോണ്യഃ പശൂഃ |**

**നൃമണാ വീരപസ്ത്യോർണാ ധീരേവാ സനിതാ ||**

യാതൊരു യാഗത്തിൽ യജ്ഞവാഹകൻ സർവ ശ്രേഷ്ഠനായ മൃഗത്തേപ്പോലെ മാർഗ്ഗദർശകനായി മുന്നേറി കാര്യഭാഗം വഹിക്കുന്നുവോ, ആ യജ്ഞത്തിൽ സവിതാദേവൻ സമർത്ഥരായ ഗൃഹിണിയേപ്പോലെ ഗൃഹം, പുത്രൻ, സേവകൻ, ധനം ഇവ പ്രധാനം ചെയ്യുന്നു.

**5. ഏഷ തേ ദേവ നേതാ നഥസ്പതിഃ ശം രയിഃ |**

**ശം രായേ ശം സ്വസ്തയ ഇഷഃ സ്തുതോ മനാമഹേ ദേവസ്തുതോ മനാമഹേ ||**

ഹേ സവിതാവേ! ഐശ്വര്യയാക്തവും, എല്ലാവരുടേയും രക്ഷകനും ആയ നിന്നെ ഈ രഥം ഞങ്ങൾക്ക് മംഗളദായകമാകണേ. ഞങ്ങളെല്ലാം പൂജാർഹനായ സവിതാവിനെ സ്തുതിക്കുന്നവരാകുന്നു. ധനം, സുഖം, അമരത്വം ഇവയെ പ്രാപിക്കുന്നതിനായി ഞങ്ങളവനെ സ്തുതിക്കുന്നു.

**സൂക്തം 51**

**ഋഷി സ്വാസ്താത്രേയൻ, ദേവത വിശ്വേദേവകൾ, ഛന്ദസ്സ്, ഗായത്രി, ഉഷ്ണിക.**

**1. അഗ്നേ സുതസ്യ പീതയേ വിശ്വൈരൂപമേ ഭിരാ ഗഹി ദേവഭിർഹവ്യദാതയേ |**

ഹേ അഗ്നേ! നീ ഇന്ദ്രാദികളായ എല്ലാ രക്ഷാദേവൻമാരോടും കൂടി സോമം പാനം ചെയ്യുവാനായി ഹവിർ ദാതാക്കളായ യജമാനൻമാരുടെ അടുക്കലേക്കെഴുന്നള്ളിയാലും.

**2. ഋതധീതയ ആ ഗത സത്യധമാണോ അധ്വരം |**

**അഗ്നേഃ പിബത ജിഹ്വയാ ||☐**

ഹേ സത്യകർമ്മാക്കളായദേവകളേ! നിങ്ങളെല്ലാവരും ഞങ്ങളുടെ യജ്ഞസ്ഥാനത്തേയ്ക്ക് എഴുന്നള്ളിയാലും അഗ്നിയുടെ ജിഹ്വസോമയുക്തമായ ഹവിസ്സിനെ ഭക്ഷിക്കണേ.

**3. വിപ്രേഭിർവിപ്ര സന്ത്യ പ്രാതർയാവഭിരാ ഗഹി |**

**ദേവഭിഃ സോമപീതയേ ||**

ഹേ മഹാജ്ഞാനിയായ അഗ്നിദേവാ! നീ ഉഷർകാലത്തിൽ സമാഗതരാകുന്നു ജ്ഞാനികളായ ദേവകളോടുകൂടി സോമപാനത്തിനായി എഴുന്നള്ളിയാലും.

**4. അയം സോമശ്ചമൂ സുതോ മത്രേ പരിഷിച്യതേ |**

**പ്രിയ ഇന്ദ്രായ വായവേ ||**

ഈ സോമം അഭിശവണഫലകത്താൽ തയ്യാറാക്കി പാത്രത്തിൽ വച്ചിരിക്കുന്നു. ഇത് ഇന്ദ്രനും വായുവിനും വളരെ പ്രിയങ്കരമാണ്. ഹേ ഇന്ദ്രാ! വായു! ഈ സോമം പാനം ചെയ്യുവാനായി വന്നാലും.

**5. വായവാ യാഹി വീതയേ ജൂഷാണോ ഹവ്യദാതായേ |**

**പിബാ സുതസ്യാന്ധസോ അഭിപ്രയഃ ||**

ഹേ വായു! ഹവിർദാതാവായ യജമാനനെ അനുഗ്രഹിക്കുന്നതിനുവേിയും എഴുന്നള്ളേണമേ.

**6. ഇന്ദ്രശ്ച വായവേഷാം സുതാനാം പീതിമർഹഥഃ |**

**താഞ്ജുഷെഥാമരേപസാവഭി പ്രയഃ ||**

ഹേ വായു! നീയും ഇന്ദ്രനും സോമം പാനം ചെയ്യുവാൻ യോഗ്യരാണല്ലോ. രുപേരും സോമമയമായ അന്നത്തെ സേവിക്കുന്നതിനുവേി ഇവിടെ വന്നാലും.

**7. സുതാ ഇന്ദ്രായ വായവേ സോമാസോ ദധ്യാശിരഃ |**

**നിമ്നം ന യന്തി സിന്ധവോഭി പ്രയഃ ||**

ഇന്ദ്രനേയും വായുവിനേയും ഉദ്ദേശിച്ചുകൊ് ഹവ്യയുക്തമായ സോമം തയ്യാറായിരിക്കുന്നു. ഹേ ഇന്ദ്രാ! താഴേയ്ക്കൊഴുകുന്ന നദി കണക്കെ ഈ സോമം നിങ്ങൾക്കായി പ്രവഹിക്കുന്നു.

**8. സജൂർവിശ്വേഭിർദേവേഭിരശ്വിഭ്യാ മുഷസാ സജൂഃ |**

**ആ യാഹ്യഗ്നേ അത്രിവത്സുതേ രണ ||**

ഹേ അഗ്നേ! എല്ലാ ദേവകളോടും, ഉഷസ്സോടും കൂടി ഇവിടെ വന്നുചേർന്നാലും. അത്രിയെപ്പോലെ അങ്ങും യജ്ഞത്തിൽ അഭിഷ്ഠിതമായ സോമം കുടിച്ച് തടിച്ചാലും.

**9. സജൂർമിത്രാവരുണാഭ്യാം സജൂഃ സോമേന വിഷ്ണുനാ |**

**ആ യാഹ്യഗ്നേ അത്രിവത്സുതേ രണ ||**

ഹേ അഗ്നേ! മിത്രൻ, വരുണൻ, സോമൻ, വിഷ്ണു ഇവരോടൊത്ത് ഇവിടെവരികയും അത്രിയെപ്പോലെ സോമത്തിൽ വിഹരിക്കുകയും ചെയ്യു.

**10. സജൂരാദിത്യൈർവസുഭിഃ സജൂരിന്ദ്രേണ വായുനാ |**
**ആ യോഹ്യഗ്നേ അത്രവത്സുതേ രണ ||**

ഹേ അഗ്നേ! ആദിത്യൻ, വസുക്കൾ, ഇന്ദ്രൻ, വായു എന്നിവരോടുകൂടി ഇവിടെവന്ന് അത്രിയെപ്പോലെ സോമത്തോടുകൂടി ആനന്ദിച്ചാലും.

**11. സ്വസ്തി നോ മിമീതാമശ്വിനാ ഭഗഃസ്വസ്തി ദേവ്യദിതിരനർവണഃ |**
**സ്വസ്തി പൂഷാ അസുരോ ദധാതു നഃ സ്വസ്തി ദ്യാവാപൃഥിവീ സുചേതനാ ||**

അശ്വിനികുമാരൻമാർക്ക് നമുക്ക് അക്ഷയമായ സുഖം പ്രദാനം ചെയ്യണേ. പരാക്രമിയും, സത്യസ്വരൂപനും, ശത്രുസംഹാരകനുമായ പൂഷാവ് ഞങ്ങൾക്കു മംഗളം വരുത്തണേ. ജ്ഞാനയുക്തരായ ആകാശവും ഭൂമിയും നമുക്ക് സുഖകാരികളാകണേ.

**12. സ്വസ്തയേ വായുമുപ ബ്രവാമഹൈ സോമം സ്വസ്തി ഭുവനസ്യ യസ പതിഃ |**
**ബൃഹസ്പതിം സർവഗണം സ്വസ്തയേ സ്വസ്തയ ആദിത്യാസോ ഭവന്തു നഃ ||**

ഞങ്ങളുടെ സൗഭാഗ്യത്തിനുവേ ഞങ്ങൾ വായുവിനേയും സോമനേയും സ്തുതിക്കുന്നു. സോമൻ അഖിലലോകങ്ങളുടേയും പാലകനാണല്ലോ. നാം നമ്മുടെ സൗഭാഗ്യത്തിനുവേ എല്ലാ ദേവകളോടും കൂടി മന്ത്രപാലകനായ ബൃഹസ്പതിയെ സ്തുതിക്കുന്നു. അദിതിപുത്രൻമാരായ ദേവകളും, അരുണാദിദ്വാദശദേവൻമാരും നമുക്ക് മംഗളകാരികളാകണേ.

**13. വിശ്വേദേവാ നോ അദ്യാ സ്വസ്തയേ വൈശ്വാനരോ വസുരഗ്നിഃ സ്വസ്തയേ |**
**ദേവാ അവന്ത്വൃഭവഃ സ്വസ്തയേ സ്വസ്തി നോ രുദ്രഃ പാത്വംഹസഃ ||**

എല്ലാ ദേവൻമാലും ഈ യജ്ഞദിവസത്തിൽ നമുക്ക് സൗഭാഗ്യമരുളുന്നവരും രക്ഷകൻമാരുമാകണേ.മനുഷ്യരിൽ പ്രമുഖനും ഗൃഹദാതാവുമായ അഗ്നിദേവൻ നമുക്ക് മംഗളമരുളണേ. രുദ്രൻ നമ്മെ പാപങ്ങളിൽനിന്നും രക്ഷിക്കുന്ന മംഗളകാരിയാകണേ. തേജസ്വികളായ ഋഭുക്കൾ നമുക്ക് മംഗളമരുളണേ.

**14. സ്വസ്തി മിത്രാവരുണാ സ്വസ്തിപഥ്യേ രേവതി |**
**സ്വസ്തി ന ഇന്ദ്രശ്ചാഗ്നിശ്ച സ്വസ്തി നോ അദിതേ കൃധീ ||**

ഹേ ദിനരാത്രങ്ങളുടെ അധിഷ്ഠാനദേവതയായ മിത്രാവരുണാ! നിങ്ങൾ രുപേരും ഞങ്ങൾക്ക് സൗഭാഗ്യം ദാനം ചെയ്യണമേ. ഹേ ധനദേവീ! ഞങ്ങൾക്ക് മംഗളമരുളൂ. ഇന്ദ്രനും അഗ്നിയും അദിതിയും നമുക്ക് ശുഭമരുളണേ.

**15. സ്വസ്തി പന്ഥാമനു ചരേമ സൂര്യാചന്ദ്രമസാവിവ |**
**പുനർദദതാഘ്നതാ ജാനതാ സം ഗമേമഹി ||**

സൂര്യനും ചന്ദ്രനും ബാധാരഹിതരായി പരിക്രമണം ചെയ്യുന്നതുപോലെ ഞങ്ങളും വഴികളിൽകൂടി സുഖപൂർവ്വം സഞ്ചരിക്കണേ. പ്രവാസത്താൽ വളരെക്കാലം വസിക്കേിവന്നാലും, ഞങ്ങളെ സ്നേഹിക്കുന്നവരോടും ഞങ്ങളെ ഓർമ്മിക്കുന്ന കുടുംബങ്ങളോടും, മിത്രങ്ങളോടും വീും കൂടിച്ചേരണേ.

## സൂക്തം 52

**ഋഷി ശ്യാവാശ്വൻ ആത്രേയൻ ദേവത മരുത്തുക്കൾ**
**ഛന്ദസ് അനുഷ്ടുപ്, പംക്തി**

**1. പ്ര ശ്യാവാശ്വ ധൃഷ്ണുയാർചാ മരുദ്ഭിർഋക്വഭിഃ |**
**യേ അദ്രോധമനുഷ്വധം ശ്രവോ മദന്തി യജ്ഞിയാഃ ||**

ഹേ ശ്യാവാശ്വമഹർഷേ! നീ ധൈര്യപൂർവ്വം സ്തുത്യർഹരായ മരുത്തുക്കളെ പൂജിക്കൂ. യജ്ഞപാത്രങ്ങളായ മരുത്തുക്കൾ നിത്യവും ഹവിസ്സ്രൂപമായ അന്നം പ്രാപിച്ച് സന്തുഷ്ടരാകുന്നു.

**2. തേ ഹി സ്ഥിരസ്യ ശവസഃ സഖായഃ സന്തി ധൃഷ്ണയാ |**
**തേ യാമന്നാധൃഷദ്വിനസ്ത്മനാ പാന്തി ശശ്വതഃ ||**

അവരുടെ ബലം ഒരിക്കലും വിചലിതമാകുന്നില്ല. ആ ധീരൻമാർ മാർഗ്ഗങ്ങളിൽകൂടി കടന്നുപോകുമ്പോൾ നമ്മുടെ ആഗ്രഹമനുസരിച്ച് നമ്മുടെ പരിവാരങ്ങളെ രക്ഷിക്കുന്നു.

**3. തേ സ്യന്ദ്രാസോ നോക്ഷണോതി ഷ്കന്ദന്തി ശർവരീഃ |**
**മരിതാമഘാ മഹോ ദിവി ക്ഷമാ ച മൻമഹേ ||**

മഴ പെയ്യിക്കുന്നതിൽ സമർത്ഥരായ മരുത്തുക്കൾ രാത്രികളെ തരണംചെയ്ത് കടന്നുപോകുന്നു. അവർ ഏതുകാരണങ്ങളാൽ ഈകർമ്മങ്ങൾ ചെയ്യുന്നുവോ അക്കാരണത്താൽതന്നെ ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്ന മരുത്തുക്കളുടെ തേജസ്സിനെ നാംഉപാസിക്കുന്നു.

**4. മരുത്സു വോ ദധീമഹി സ്തോമം യജ്ഞം ച ധൃഷ്ണയാ |**
**വിശ്വേ യേ മാനുഷാ യുഗാ പാന്തി മർത്യം രിഷഃ ||**

ഹേ ഹോതാക്കളേ! ഇപ്പോൾ നിങ്ങൾ കർമ്മങ്ങളിൽ വ്യാപൃതരായി എന്തിനുവേ മരുത്തുക്കളെ സ്തുതിക്കുകയും അവർക്ക് ഹവിസ്സ് നൽകുകയും ചെയ്യുന്നു. അവർ മരണധർമ്മാക്കളാകുകയും മനുഷ്യരെ ഹിംസരിൽനിന്നും എല്ലാ സമയവും രക്ഷിക്കുന്നതുകൊല്ലോ.

**5. അർഹന്തോ യേ സുദാനവോ നരോ അസാമിശവസഃ |**
**പ്ര യജ്ഞം യജ്ഞിയേഭ്യോ ദിവോ അർചാ മരുദ്ഭ്യഃ ||**

ഹേ ഹോതാക്കളേ! യാതൊരുത്തർ, പൂജായോഗ്യരും ദാനയുക്തരും കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ അഗ്രഗണ്യരും മഹാപാപപരാക്രമികളും ആകുന്നുവോ, അങ്ങിനെയുള്ള ആ മരുത്തുക്കൾക്കുവേ യജ്ഞത്തെ സമ്പന്നമാക്കുന്ന ഹവിസ്സുകൾ നൽകണേ.

**6. ആ രുക്മൈരാ യുധാ നര ഋഷ്വാ ഋഷ്ടീരസൃക്ഷതാ |**
**അന്വേനാം അഹ വിദ്യുതോ മരുതോജജ്ഝതീരിവ ഭാനുർതം ൻമനാ ദിവഃ ||**

വൃഷ്ടികർമ്മത്തിൽ സമർത്ഥരായ മരുത്തുക്കൾ ആയുധങ്ങളാൽ അലങ്കരിക്കപ്പെടുന്നു. അവർ മേഘങ്ങളെ ഇളക്കുന്നതിനായി ആയുധങ്ങൾ പ്രക്ഷേപിക്കുന്നു. ശബ്ദമാക്കുന്ന ജലത്തെപ്പോലെ വിദ്യുത്തും മരുത്തുക്കളോടു സഹകരിക്കുന്നു. തേജസ്വികളായ മരുത്തക്കളുടെ തേജസ്സ് സ്വയമായ പ്രാപ്തമാകുന്നു.

**7. യേ വാവൃധന്ത പാർഥിവാ യ ഉരാവന്തരിക്ഷ ആ |**
**വൃജനേ വാ നദീനാം സധസ്ഥേ വാമഹോ ദിബഃ ||**

യാതൊരു മരുത്തുക്കൾ ഭൂമിയിൽ വളരുന്നുവോ, യാതൊരു

മരുത്തുക്കൾ അന്തരീക്ഷത്തിൽ വളരുന്നുവോ, അവർ നദികൾക്ക് ജലശക്തിയും അതുപോലെ വിശാലമായ ആകാശത്തിൽ വളരുകയും ചെയ്യണേ. ഇപ്രകാരം വർഷത്തിനുവേ എല്ലായിടത്തും വളരുന്നവരായ മരുത്തുക്കൾ മേഘങ്ങളെ പിളർക്കുന്നതിനായി തങ്ങളുടെ വിശിഷ്ടങ്ങളായ അസ്ത്രങ്ങളെ ഉപയോഗിക്കുന്നു.

**8. ശർധോ മാരുതമുച്ഛംസ സത്യശവസമൃഭവസമ |**

**ഉത സ്മതേ ശുഭേ നരഃപ്ര സ്യന്ദ്രാ യുജത ത്മനാ ||**

ഹേ മനുഷ്യരേ! മരുത്തുക്കളുടെ മഹത്തായ ബലത്തെ സ്തുതിക്കുവിൻ. അത് അത്യന്തം ബൃഹത്തും സത്യത്തിന്റെ ആശ്രയരൂപവും ആകുന്നു. വർഷകാര്യത്തിനായി മുന്നേറുന്ന മരുത്തുക്കൾ രക്ഷിക്കുന്ന ബുദ്ധിയോടുകൂടി ജലത്തിനുവേ പരക്കംപായുന്നു.

**9. ഉത സ്മ തേ പുരുഷ്ണ്യാമൂർണാ വസത ശുന്ധവഃ |**

**ഉത പവ്യാ രഥാനാമദ്രിം ഭിന്ദന്ത്യോജസാ ||**

മരുത്തുക്കൾ പരുഷ്ണീനദിയിൽ വിരാജിക്കുകയും, എല്ലാത്തിനേയും പവിത്രീകരിക്കുന്ന തേജസ്സിനെ സർവ്വത്ര വ്യാപിപ്പിക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ ബലത്താൽ മേഘങ്ങളെ ഛിന്നഭിന്നമാക്കുന്നു.

**10. ആപഥയോ വിപഥയോന്തസ്പഥാ അനുപഥാഃ |**

**ഏതേഭിർമഹ്യം നാമഭിർയജ്ഞം വിഷ്ടാര ഓഹതേ ||**

യാതൊരു മരുത്ത് നമ്മുടെ മുമ്പിൽ കൂടികടന്നുപോകുന്നുവോ യാതൊന്ന് എല്ലായിടത്തും സഞ്ചരിക്കുന്നതായിരിക്കുന്നുവോ, യാതൊന്ന് പർവ്വതങ്ങളിലെ ഗുഹകളിൽ പ്രവേശിക്കുന്നുവോ യാതൊന്ന് അനുകൂലമായ മാർഗ്ഗങ്ങളിൽകൂടി ചലിക്കുന്നുവോ, ആ മരുത്തുക്കൾ വൃദ്ധിയെ പ്രാപിച്ച് നമ്മുടെ യജ്ഞത്തെ വഹിക്കുന്നതിൽ സമർത്ഥരാകുന്നു.

**11. അധാ നരോ ന്യോഹതേധാ നിയുത ഓഹതേ|**

**അധാ പാരാവതാ ഇതി ചിത്രാ രൂപാണി ദർശ്യാ ||**

വൃഷ്ടി ആദിയായവകളുടെ നേതാക്കളായ മരുത്തുക്കൾ ലോകത്തിന്റെ അഗ്രണികളാകുന്നു. അവർ അന്തരീക്ഷത്തിൽ ഗ്രഹതാരകളേയും മേഘങ്ങളേയും ധാരണം ചെയ്യുന്നു. ഇപ്രകാരം അവർ വിവിധരൂപങ്ങളിൽ ദർശനയോഗ്യരായിത്തീരുന്നു.

**12.ഛന്ദഃ സ്തുഭഃ കുഭന്യവ ഉത്സമാ കീരിണോ നൃതുഃ |**

**തേ മേ കേ ചിന്ന തായവ ഊമാ ആസൻദൃശിത്വിഷേ ||**

ജലത്തെ ആഗ്രഹിച്ചുകൊ് ഛന്ദസ്സുകൾവഴിയായി സ്തുതിക്കുന്നവർ മരുത്തുക്കളെ സ്തുതിച്ചിരുന്നു, ദാഹിച്ചുവലഞ്ഞിരുന്ന ഗൗതമനു കുടിക്കുവാനായി കൂപത്തെ വിളിച്ചിരുന്നു. അവരിൽ ഏതാനും മരുത്തുക്കൾ അദൃശരായിരുന്നുകൊ് രക്ഷിക്കുകയും കുറേപ്പേർ പ്രതമുക്ഷരായിരുന്നുകൊ് ബലം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

**13. യ ഋഷ്വാ ഋഷിവിദ്യുതഃ കവയഃ സന്തി വേധസഃ |**

**തമൃഷേ മാരുതം ഗണം നമസ്യാ രമയാ ഗിരാ ||**

ഹേ ശ്യാവാശവമഹർഷി! വിദ്യുത്രൂപമായ ആയുധത്താൽ സുസജ്ജമേധാവികളും എല്ലാത്തിനേയും നിർമ്മിക്കുന്നവരും ദർശനീയരും ആയ മരുത്തുക്കളെ മനോഹരവും ശ്രേഷ്ഠവും ആയ സ്തോത്രങ്ങളാൽ സേവിച്ചാലും.

**14. അച്ഛ ഋഷേ മാരുതം ഗണം ദാനാ മിത്രം ന യോഷണാ |**

**ദിവോ വാ ധൃഷ്ണവ ഓജസാ സ്തുതാ ധീഭിരിഷണ്യതി ||**

ഹേ മഹർഷേ!നീ ഹവിസ്സ് നൽകിയും സ്തുതികളോടുകൂടിയും മരുത്തുക്കളുടെ സമക്ഷത്തിൽ ആദിത്യനെപ്പോലെ ചെന്നാലും. ഹേശക്തിയാൽ പരാജയപ്പെടുത്തുന്ന മരുത്തുക്കളേ! നീ ആകാശത്തിലും മറ്റു ലോകദ്വയത്തിലും ഞങ്ങളുടെ യജ്ഞത്തിലെഴുന്നള്ളണേ. ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**15. നൂ മന്വാന ഏഷാം ദേവാം അച്ഛാ ന വക്ഷണാ |**

**ദാനാ സചേത സൂരിഭിര്യാമശ്രു തേഭി രഞ്ജിഭിഃ ||**

സ്തോതാക്കൾ മരുത്തുക്കളെ അതിവേഗം സ്തുതിക്കുന്നതിനാൽ മറ്റു ദേവകളെ സ്തുതിക്കുവാനാഗ്രഹിക്കുന്നില്ല. ജ്ഞാനികളും ദ്രുതഗാമികളും ഫലവർഷകരുമായ മരുത്തുക്കളിൽനിന്നും സ്തോതാക്കൾ ഇച്ഛിതമായ ധനം പ്രാപിക്കുന്നു.

**16. (പ്ര യേ മേ ബന്ധ്വേഷേ ഗാം വോചന്ത സൂരയഃ പൃശ്നിം വോചന്ത മാതരം |**

**അധാ പിതരമിഷ്മിണം രുദ്രം വോചന്ത ശിക്വസഃ ||**

പ്രേരകൻമാരായ മരുത്തുക്കൾ നമ്മോട് ബന്ധുക്കളെപ്പോലെ വാർത്താലാപം നടത്തി, അവർ പൃഥ്വിമാതാവും പരാക്രമിയും ശത്രുസംഹാരകനും ആയ രുദ്രൻ തങ്ങളുടെ പിതാവാണെന്ന് അറിയിച്ചു.

**17. സപ്ത മേ സപ്ത ശാകിന ഏകമേകാ ശതാ ദദുഃ |**

**യുമുനായാമധി ശ്രുതമുദ്രാധോ ഗവ്യം മൃജേ നി രാധോ അശ്വ്യം മൃജേ ||**

ഏഴേഴു ശക്തിശാലികളായ മരുത്തുക്കൾ ഓരോരുത്തരായി നമുക്ക് അളവില്ലാത്ത ഐശ്വര്യം പ്രദാനം ചെയ്യണേ. നാം അവരുടെ ദാനത്തെ പ്രാപിക്കുന്നവരാകണേ.

## സൂക്തം 53

**ഋഷി ശ്യാവാശ്വൻ ദേവത മരുത്തുക്കൾ ഛ ന്ദ സ് ഗായത്രി, ബൃഹതി, ത്രിഷ്ടുപ്, ഉഷ്ണിക,പംക്തി**

**1. കോ വേദ ജാനമേഷാം കോ വാ പുരാ സുമ്നേഷ്വാസ മരുതാം |**

**യദ്യുയുജ്രേ കിലാസ്യഃ ||**

മരുത്തുക്കളുടെ ഉത്ഭവത്തെപ്പറ്റി അറിയാവുന്നവരു്. അവരെ വളർത്തിയ സമയത്ത് ആരുായിരുന്നു? അവർ ഭൂമിയെ അച്ചുതിൽ കോർത്തപ്പോൾ അവരുടെ ബലത്തെ ആരറിഞ്ഞിരുന്നു?

**2. ഐതാൻരഥേഷു തസ്ഥുഷഃ കഃ ശുശ്രാവ കഥാ യയുഃ |**

**കസ്മൈ സസ്രുഃ സുദാസേ അന്വാപയ ഇളാഭിർവൃഷ്ടയഃ സഹ ||**

ഈ മരുത്തുക്കൾ രഥത്തിൽ ആരോഹിതരായിരിക്കുന്നു. ഇവരുടെ രഥത്തിന്റെ ശബ്ദം ആരുകേട്ടു? ഇവർ എപ്രകാരം ചലിക്കുന്നു? ഇക്കാര്യം അറിയുന്നവരാരു്? ഉദാരനായ ഏതു മനുഷ്യനുവേയാണ് വൃഷ്ടിശീലരായ മരുത്തുക്കൾ വളരെയധികം അന്നവുമായി പ്രകടമായത്?

**3. തേ മ ആഹുര്യ ആയയുരുപ ദ്യുഭിർവിഭിർമദേ നരോ |**

**മര്യാ അരേപസ ഇമാൻപശ്യന്നിതി ഷ്ടുഹി ||**

തേജസ്വികളായ കുതിരകളുടെമേൽ കയറി യാതൊരുമരുത്തുക്കൾ നമ്മുടെ അടുക്കൽ വന്നിരുന്നുവോ. അവർ മനുഷ്യരുടെ ഹിതം നിറവേറ്റുന്നവരാണ്. ഹേമനുഷ്യരേ! നിങ്ങൾ ഇപ്രകാരം സ്തുതിച്ചുകൊിരിക്കുവിൻ എന്ന് അവർ പറഞ്ഞിരുന്നു.

**4. യേ അഞ്ചിഷു യേ വാഷിഷു സ്വഭാനവഃ സ്രക്ഷു രുക്മേഷു ഖാദിഷു |**

**ശ്രായ രഥേഷു ധന്വസ്വ ||**

ഹേ മരുത്തുക്കളേ! യാതൊരു തേജസ്സ് നിങ്ങളെ ആശ്രയിച്ചിരിക്കുന്നുവോ യാതൊന്ന് അസ്ത്രങ്ങളിലും, മാലകളിലും, ആഭൂഷണങ്ങളിലും, രഥത്തിലും, ധനുസ്സിലും സ്ഥിതിചെയ്യുന്നുവോ ആ എല്ലാ തേജസ്സുകളേയും നാം നമസ്കരിക്കുന്നു.

**5. യുഷ്മാകം സ്മാ രഥാം അനുമുദേ ദധേ മരുതോ ജീരദാനവഃ |**

**വൃഷ്ടീ ദ്യാവോ യതീരിവ ||**

ഹേ ശീഘ്രദേവതകളായ മരുത്തുക്കളേ! വൃഷ്ടിയുടെ എല്ലാഭാഗത്തും ഗമനശീലരായ ദീപ്തിക്കു തുല്യമായ നിങ്ങളുടെ ദർശനീയമായ രഥത്തെ ദർശിച്ച് നാം പ്രസന്നനാകുകയും നിങ്ങളെ സ്തുതിക്കുകയും ചെയ്യുന്നു.

**6. ആ യും നരഃ സുദാനവോ ദദാശുഷേ ദിവഃ കോശമചുച്യവുഃ |**

**വി പർജന്യം ശ്രിജന്തി രോദസീ അനു ധന്വനാ യന്തി വൃഷ്ടയാഃ ||**

സുന്ദര പ്രദാനരായ ഈ മരുത്തുക്കൾ യജമാനനുവേി ജലത്തെ വർഷിപ്പിക്കുന്നു. അവർ ആകാശത്തിനും ഭൂമിക്കും വേി മേഘത്തെ കെട്ടഴിച്ചുവിടുന്നു. പിന്നീട് മഴപെയ്യിക്കുന്നവരായ മരുത്തുക്കൾ എല്ലായിടത്തും ജലത്തോടുകൂടി വ്യാപിക്കുന്നു.

**7. തതൃദാനാഃ സിന്ധവഃ ക്ഷോദസാ രജഃ പ്ര സസ്രു ർ ധേനവോ യഥാ |**

**സ്യന്നാ അശ്വാ ഇവാധ്വനോ വിമോചനോ വി യദ്വർതന്ത ഏന്യഃ ||**

പാലുനൽകുന്ന നവപ്രസൂതയായഗോവിനെപ്പോലെ മേഘത്തിൽനിന്നും പൊഴിയുന്ന ജലം അന്തരിക്ഷത്തിൽ വളരുന്നു. വഴി അവസാനിപ്പിക്കുവാൻ വേി കുതിച്ചോടുന്ന അശ്വത്തെപ്പോലെ അഴിച്ചുവിടപ്പെട്ട നദികൾ അത്യന്തംവേഗത്തോടുകൂടി പ്രവഹിക്കുന്നു.

**8. ആ യാത മരുതോ ദിവ ആന്തരിക്ഷദമാദുത |**

**മാവ സ്ഥാത പരാവതഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ആകാശത്തിലോ, എവിടെയെങ്കിലുമോ ആകട്ടെ. അവിടെനിന്നും ഇവിടെവന്നുചേർന്നാലും. നിങ്ങൾ സ്വർഗാദിദൂരദേശങ്ങളിലേക്ക് പോകരുതോ.

**9. മാ വോ രസാനിതഭാ കുഭാ ക്രുമുർമാ വഃ സിന്ധുർനി രീസമത് |**

**മാ വഃ പരി ഷ്ഠാത്സരയുഃ പുരീഷിന്യസ്മേ ഇത്സുമ്നമസ്തു വഃ ||**

ഹേ മരുത്തുക്കളേ! രസാ, അനിതമാ, കുഭാ, സിന്ധു, എന്നീ നദികൾ നിങ്ങളെ ഒരിക്കലും തടയാതിരിക്കണേ. ജലപൂർണ്ണമായ സരയു നിങ്ങളെ തടയാതിരിക്കണേ. നിങ്ങളുടെ ആഗമനത്തിൽ നിന്നുാകുന്ന സുഖത്തെ ഞങ്ങളെല്ലാം പ്രാപിക്കണേ.

**10. തം വഃ ശർധം രഥാനാം ത്വേഷം ഗണം മാരുതം നവ്യസീനാം |**

**അനുപ്ര യന്തി വൃഷ്ടയാഃ ||**

പ്രേരണ നൽകുന്ന നവീനരഥത്തിൻെറ ശക്തിയോടുകൂടി തേജോമയമായ മരുത്തുക്കളെ ഞങ്ങൾ സ്തുതിക്കുന്നു. വർഷം മരുത്തുക്കളെ അനുഗമിക്കുകയും മരുത്തുക്കൾ എല്ലായിടങ്ങളിലും ക്രമണം ചെയ്യുകയും ചെയ്യുന്നു.

**11. ശർധം ശർധം വ ഏഷാം വ്രാതം വ്രാതം ഗണങ്ഗണം സുശസ്തിഭിഃ |**

**അനു കാമേമ ധീതിഭിഃ ||**

ഹേ മരുത്തുക്കളേ! ഞങ്ങൾ സുന്ദരമായ സ്തോത്രങ്ങളും ഹവിസ്സും തയ്യാറാക്കിക്കൊ് ഉത്തമകർമ്മങ്ങൾ വഴിയായ നിങ്ങളുടെ ബലത്തേയും സമൂഹത്തേയും ഗണത്തേയും അനുവർത്തിക്കുന്നു.

**12. കസ്മാ അദ്യ സുജാതായാരാതഹ്യ പ്രയയയുഃ |**

**ഏനാ യാമേന മരുതഃ ||**

ആ മരുത്തുക്കൾ ഇന്ന് ഏത് ഹവിർദാതാവായ യജമാനൻെറ അടുക്കൽ ശ്രേഷ്ഠമായ രഥത്തിൽ പോയിരിക്കും?

**13. യേനാ തോകായ തനയായ ധാന്യം ബീജം ബഹധ്യേ അക്ഷിതം |**

**അസ്മഭ്യം തദ്ധത്തന യദ്വ ഈമഹേ രാധോ വിശ്വായു സൗഭഗം ||**

യാതൊരു കൃപാപൂർണ്ണമായ ഹൃദയത്തോടുകൂടി നിങ്ങൾ പുത്രപൗത്രാദികൾക്ക് അനേകപ്രാവശ്യം അന്നദാനം ചെയ്തിരുന്നുവോ, അതേ ഹൃദയത്തോടുകൂടി ഞങ്ങൾക്കും അന്നം പ്രദാനം ചെയ്യു. ഞങ്ങൾ നിങ്ങളിൽനിന്നും ഉന്നതിയും, ദീർഘായുസും, സൗഭാഗ്യവർദ്ധകമായ ധനവും യാചിക്കുന്നു.

**14. അതീയാമ നിദസ്തിരഃ സ്വസ്തിഭിർ ഹിത്വാ വദ്യമരാതീഃ |**

**വൃഷ്ട് വീശം യോരപ ഉസ്രി ഭേഷജം സാമ്യ മരുതഃ സഹ ||**

ഹേ മരുത്തുക്കളേ! ഞങ്ങൾ നിങ്ങളുടെ രക്ഷവഴിയായി പാപത്തെ ത്യജിക്കണേ. നിങ്ങൾ ബുദ്ധിയെ പ്രേരിപ്പിക്കുമ്പോൾ ഞങ്ങൾ പാപത്തെ നിവാരണം ചെയ്യുന്ന സത്യം, സുഖം, വനസ്പതി ആദിയായവയെ പ്രാപിക്കണേ.

**15. സുദേവാഃ സമഹാസതി സുവിരോ നരോ മരുതഃ സ മർത്യഃ |**

**യംത്രായധ്യേ സ്യാമ തേ ||**

ഹേ പൂജനീയരായ മരുത്തുക്കളേ! നിങ്ങൾ ആരെ രക്ഷിക്കാനാഗ്രഹിക്കുന്നുവോ, അവൻ ദേവകളുടെ കൃപയെ പ്രാപിച്ച് മനോഹരൻമാരായ പുത്രപൗത്രാദികളെ പ്രാപിക്കുന്നു. ഞങ്ങളും അവനെപ്പോലെ നിങ്ങളുടെ രക്ഷയെ പ്രാപിക്കുന്നവരാകണേ, എന്തുകൊന്നാൽ ഞങ്ങളും നിങ്ങളുടെതന്നെയണല്ലോ.

**16. സ്തുഹി ഭോജാൻസ്തുവതോ അസ്യ യാമനി രണൻഗാവോ ന യവസേ |**

**യദഃ പൂർവാം ഇവ സഖീംരനു ഹ്വയ ഗിരാം ഗൃണീഹി കാമിനഃ ||**

ഹേ വിജ്ഞരേ! നിങ്ങൾ യജമാനൻെറ ഈ യജ്ഞത്തിൽ

മരുത്തുക്കളെ സ്തുതിക്കുവിൻ. തൃണാദികൾ ഭക്ഷിക്കുവാൻപോകുന്ന ഗോക്കളെപ്പോലെ ആ മരുത്തുക്കൾ പ്രസന്നരാകുന്നു. പ്രാചീന മിത്രങ്ങളെപ്പോലെ ഗതിമാൻമാരായ മരുത്തുക്കളെ ആഹ്വാനം ചെയ്യുവിൻ. സ്തുതികളെ ആഗ്രഹിക്കുന്ന മരുത്തുക്കളെ ശ്രേഷ്ഠമായ വാണിയാൽ സ്തുതിക്കുവിൻ.

## സൂക്തം 54

**ഋഷി ശ്യാവാശ്വൻ ആത്രേയൻ ദേവത മരുത്തുക്കൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. പ്ര ശർധായ മാരുതായ സ്വഭാനവ ഇമാം വാജമനജാ പർവതച്യുതേ |**

**ധർമഭമസ്തുഭേ ദിവ ആ പ്രഷ്ഠയജ്വനേ ദ്യുമ്ന ശ്രവസേ മഹി നൃമ്ണമർചതാ ||**

മരുത്തുക്കൾക്കുവേി നടത്തപ്പെടുന്ന സ്തുതികളെ പ്രശംസിക്കുവിൻ. അവർ മഹാപർവ്വതങ്ങളെ പിളർക്കുന്നവരും, ആകാശത്തിൽനിന്നും വരുന്നവരും തേജോയുക്തമായ അന്നത്തോടുകൂടിയവരും ആകുന്നു. ഇവർക്ക് അഡാദരപൂർവ്വം ഹവിരാന്നം നൽകൂ.

**2. പ്ര വോ മരുതസ്തവിഷാ ഉദന്യവോ വയോവൃധോ അശ്വയുജഃ പരിജ്രയഃ |**

**സം വിദ്യുദാ ദധതി വാശതി ത്രിതാഃ സ്വരന്ത്യാപോ വനാ പരിജ്രയഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ഗണം പ്രകടമാകുന്നു. അവർ ലോകത്തെ രക്ഷിക്കുന്നതിനുവേി ജലത്തെ ആഗ്രഹിക്കുന്നവരും, അന്നത്തെ വളർത്തുന്നവരും, യാത്രയ്ക്കുവേി കുതിരകളെ രഥത്തിൽപൂട്ടുന്നവരും, വിദ്യുത്തുമായി കൂട്ടിച്ചേരുന്നവരും, തേജസ്വികളുമാകുന്നു. മേഘങ്ങൾ ഗർജ്ജിക്കുവാൻ തുടങ്ങുമ്പോൾ നാലുഭാഗത്തും സഞ്ചരിച്ചുകൊിരിക്കുന്ന ജലസമൂഹം ഭൂമിയിൽ പതിക്കുന്നു.

**3. വിദ്യുത്ൻമഹസോ നരോ അശ്മദിദ്യവോ വാതത്വിഷോ മരുതഃ പർവതച്യുതഃ |**

**അബ്ദയാ ചിൻമുഹുരാ ഹ്രാതുനീവൃതഃ സ്തനയദമാ രഭസാ ഉദോജസഃ ||**

പ്രകാശമയമായ തേജസ്സോടുകൂടിയ വൃഷ്ടിയുടെ നാഥൻമാരും, ആയുധധാരികളും പർവ്വതങ്ങളെ തകർക്കുന്നവനും തുടർച്ചയായി ജലത്തെ പ്രദാനം ചെയ്യുന്നവരും വജ്രായുധത്തെ എറിയുന്നവരും ശബ്ദവാൻമാരുമായ മരുത്തുക്കൾ മഴപെയ്യിക്കുവാനായി ഉത്ഭവിച്ചിരിക്കുന്നു.

**4. വ്യക്തൂൻരുദ്രാ വ്യഹാനി ശിക്വാസോ വ്യന്തരിക്ഷം വി രജാംസി ധൂതയഃ |**

**വി യദജ്രാം അജഥ നാവ ഈം യഥാ വി ദുർഗാണി മരുതോ നാഹ രിഷ്യഥ ||**

ഹേ രുദ്രപുത്രരായ മരുത്തുക്കളേ! നിങ്ങൾ ദിനരാത്രങ്ങളെ പ്രകടമാക്കുന്നു. നിങ്ങൾ സർവ്വസാമർത്ഥ്യങ്ങളോടുകൂടിയവരും, ലോകങ്ങളെ പിഴുതെറിയുന്നവരും ആകുന്നു. നിങ്ങൾ കമ്പായമാനമാക്കുന്നവരാകുന്നു. അതിനാൽ സമുദ്രത്തിൽകൂടി സഞ്ചരിക്കുന്ന നൗകകളെയെന്നപോലെ മേഘങ്ങളെ തകിടംമറിക്കുവിൻ, നിങ്ങൾ ശത്രുനഗരങ്ങളെ ധ്വംസിക്കുന്നു. എന്നാൽ സ്വയം നശിക്കുന്നില്ല.

**5. തദ്വീര്യം വോ മരുതോ മഹിത്വനം ദീർഘം തതാന സൂര്യോ ന യോജനം |**

**ഏതാ ന യാമേ അഗ്രഭീത ശോചിഷോ നശ്വതാ യന്ന്യയാതനാ ഗിരിം |**

ഹേ മരുത്തുക്കളേ! സൂര്യൻ തൻെറ പ്രകാശത്തെ വളരെദൂരം വരെ വ്യാപിക്കുന്നതുപോലെയും, ദേവകളുടെ അശ്വങ്ങൾ വേഗത□പ്രദർശിപ്പിക്കുന്നതുപോലെയും നിങ്ങളുടെ പ്രസിദ്ധമായ പരാക്രമത്തിൻെറ പ്രശംസകളെ സ്തോതാക്കൾ വളരെവളരെ ദൂരം വ്യാപിപ്പിക്കുന്നു.

**6. അഭ്രാജി ശർധോ മരുതോ യദർണസം മോഷഥാ വൃക്ഷം കപനേവ വേധസഃ |**

**അധ സ്മാ നോ അരമതിം സജോഷസശ്ചക്ഷുരിവ യന്തമനു നേഷഥാ സുഖം ||**

ഹേ വൃദ്ധിദായകരായ മരുത്തുക്കളേ! നിങ്ങൾ ജലത്താൽ പരിപൂർണ്ണങ്ങളായ മേഘങ്ങളിൽ ആഘാതമേൽപ്പിക്കുന്നു, നിങ്ങളുടെ ബലം അത്യന്തം ശോഭനീയമാകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നവരാകുന്നു. കണ്ണുകൾ മാർഗ്ഗങ്ങളെ കാണിച്ചുതരുന്നതുപോലെ നിങ്ങൾ ഞങ്ങളെ ശ്രേഷ്ഠമായ മാർഗ്ഗങ്ങളിൽകൂടി ഐശ്വര്യത്തിൻെറ അടുക്കൽ എത്തിച്ചാലും.

**7. ന സ ജീയതേ മരുതോ ന ഹന്യതേ ന സ്രേ ധതി ന വ്യഥ ത ന രിഷ്യതി |**

**ന്യാസ രായ ഉപ ദസ്യന്തി നോതയ ഋഷിം വാ യം രാജാനം വാ സുഷൂ ദഥു ||**

ഹേ മരുത്തുക്കളേ! യാതൊരു മന്ത്രങ്ങൾ വഴിയായ് നിങ്ങൾ മന്ത്രദൃഷ്ടാവായ വിദ്വാനെ ഉത്തമകർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നുവോ, ആ മന്ത്രങ്ങളെ മറ്റുള്ളവർക്ക് ജയിക്കുവാൻ സാദ്ധ്യമല്ല. ആർക്കും അതിനെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. അവർ ഒരിക്കലും ക്ഷീണിതനാകുന്നില്ല. ഒരിക്കലും പീഡിതനാകുന്നില്ല. അവനെ ആർക്കും തടയുവാൻ സാധിക്കുന്നില്ല. അവൻെറ ദാനങ്ങളും സാധനങ്ങളും ഒരിക്കലും നരകത്തെ പ്രാപിക്കുന്നില്ല.

**8. നിയുത്വന്തോ ഗ്രാമജിതോ യഥാ നരോ ര്യമണോ ന മരുതഃ കബന്ധിനഃ |**

**പിന്വന്ത്യുത്സം യദിനാസോ അസ്വരൻവ്യുന്ദന്തി പൃഥ്വിവി മധ്വോ അന്ധസാ ||**

നിയുക്തങ്ങളായ അശ്വങ്ങളോടുകൂടിയവരും, ഒന്നായിരുന്ന വസ്തുക്കളെ വിശ്ലേഷണം ചെയ്യുന്നതിനും നേതാക്കളും ഗ്രാമങ്ങളെ കീഴടക്കുന്ന വീരപുരുഷൻമാർക്ക് സമാനം തേജസ്വികളുമായ മരുത്തുക്കൾ ജലയുക്തരാകുന്നു. അവർ സമ്പന്നരായിരിക്കുമ്പോൾ മേഘങ്ങളെ ജലത്താൻ പൂർണ്ണമാക്കുകയും ഗർജ്ജിച്ചുകൊ് മധുരയുക്തമായ ജലത്താൽ ഭൂമിയെ നനയിക്കുകയും ചെയ്യുന്നു.

**9. പ്രവത്വതീയം പൃഥ്വിവീ മരുദ്ഭ്യഃ പ്രവത്വതീ ദ്യൗർഭവതീ പ്രയദ്ഭ്യഃ |**

**പ്രബത്വതീഃ പഥ്യാ അന്തരിക്ഷ്യഃ പ്രവത്വന്തഃ പർവതാ ജീരദാനവഃ ||**

മരുത്തുക്കൾക്കുവേി ഈ ഭൂമി വിശാലമായിരിക്കുന്നു. ആകാശം അവർക്കുവേി വിസ്തീർണമായിരിക്കുന്നു. അന്തരീക്ഷത്തിലെ മാർഗ്ഗങ്ങളും മരുത്തുക്കൾക്കുവേി വളരുന്നു.

മേഘമണ്ഡലം മരുത്തുക്കൾക്കുവേി ജലത്തെ വർഷിക്കുന്നു.

**10. യൻമരുതഃ സമരസഃ സ്വർണരഃ സൂർയ ഉദിതേ മദഥാ ദിവോ നരഃ |**

**ന വോ ശ്വഃ ശ്രഥയന്താഹ സിസ്രതഃ ന ദ്യോ അസ്യാധ്വനാഃ പാർമശ്നുഥാ ||**

ഹേ ദിവ്യലോകങ്ങളുടെ നേതാക്കളേ! സൂര്യോദയത്തെ സോമപാനം നിങ്ങൾ ഇഷ്ടപ്പെടുന്നു. ആ സമയം നിങ്ങളുടെ കുതിരകൾ സഞ്ചാരം നിർത്തുന്നില്ല. ആ സമയം നിങ്ങൾ ലോകത്രയങ്ങളെ കടന്നുപോകുമ്പോൾ ക്ഷീണിതരാകുന്നില്ല.

**11. അംസേഷു വ ഋഷ്ടായഃ പത്സു ഖാദയോ വക്ഷഃ സു രുക്മാ മരുതോ രഥേ ശുഭഃ |**

**അഗ്നിഭ്രാജസോ വിദ്യുതോ ഗഭസ്ത്യോഃ ശിപ്രാഃ ശീർഷസു വിതതാ ഹിരണ്യയീ ഃ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ തോളുകളിൽ അസ്ത്രങ്ങൾ പ്രശോഭിക്കുന്നു. പാദങ്ങളിൽ രക്ഷാവളയങ്ങളും, വൃക്ഷങ്ങളിൽ ഹാരവും, രഥത്തിൽ ദീപ്തിയും, പ്രകാശിച്ചുകൊിരിക്കുന്നു. നിങ്ങളുടെ ഇരുഭുജങ്ങളിലും പ്രകാശകിരണങ്ങളും , ശിരസ്സുകളിൽ സുവർണ്ണമുകുടങ്ങളും സംശോഭിതമാകുന്നു.

**12. തം നാകമർയോ ആഗ്രഭീതശോജിഷം രുഷ്യത് പിഷ് പലം മരുതോ വി ധൂനഥ |**

**സമച്യന്ത വൃജനാതീത്വിഷന്ത യത്സ്വരന്തി ഷോഷം വിതതാമൃതായവഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ചലിക്കുമ്പോൾ ദിവ്യലോകങ്ങളും സമൂഹങ്ങളുമെല്ലാം ഇളകിമറിയുന്നു. ഞങ്ങളാൽ നൽകപ്പെടുന്ന ഹവിസ് ഭക്ഷിച്ച് പുഷ്ടിതരായി സ്വന്തം പ്രകാശം വ്യാപിപ്പിക്കുമ്പോൾ ജലംവർഷിക്കുവാനാഗ്രഹിക്കുന്ന മേഘം ഗർജ്ജനം ചെയ്യുന്നു.

**13. യുഷ്മദത്തസ്യ മരുതോ വിചേതസോ രായഃ സ്യാമ രഥ്യോ വയസ്വതഃ |**

**ന യോ യുഛതിതിഷ്യോ യഥാ ദിവോ സ്മേ രാരന്ത മരുതഃ സഹസ്രിണം ||**

ഹേ മരുത്തുക്കളേ! ഹേ വിവിധപ്രജ്ഞരേ! ഞങ്ങൾ രഥങ്ങളാൽ യുക്തരായി, നിങ്ങളാൽ നൽകുന്ന അന്നയുക്തമായ ധനത്തിൻെറ സ്വാമിമാരാകണേ. നിങ്ങളാൽ നൽകപ്പെടുന്ന ധനം ഒരിക്കലും നാശത്തെ പ്രാപിക്കാത്തതാകുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ അസീമിതമായ ധനം നൽകി ഞങ്ങളെ സുഖവാൻമാരാക്കിയാലും.

**14. യൂയം രയിം മരുതഃ സ്പാർഹവീരം യൂയംമൃഷി മവഥ സാമവിപ്രം |**

**യൂയ മർവന്ത ഭരതായ വാജം യൂയം ധത്ഥ രാജാനം ശ്രുഷ്ടിമന്ധം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങൾക്ക് ധനത്തേയും പുത്രൻമാരേയും നൽകണമേ. നിങ്ങൾ സോമവാനായ ഋത്വിക്കിനെ രക്ഷിക്കുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ ശ്യവശ്യരാജന് അന്നം നൽകി അദ്ദേഹം ദേവകളെ ആഗ്രഹിച്ചുകൊ് യജ്ഞം നടത്തുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ അവന് സുഖം പ്രദാനം ചെയ്യൂ.

**15. തദ്വോ യാമി ദ്രവിണം സദ്യഊതയോ യേനാ സ്വർണ തതനാമ നൃംരഭി |**

**ഇദം സു മേ മരുതോ ഹർയാത വചോ യസ്യ തരേമ തരസാ ശതം ഹിമാഃ ||**

ഹേ ഉടനടി രക്ഷിക്കുന്നവനായ മരുത്തുക്കളേ! നിങ്ങളോട് ഞങ്ങൾ ധനം യാചിക്കുന്നു. സൂര്യൻ തൻെറ കിരണങ്ങളെ ബഹുദൂരം വരെ വ്യാപിപ്പിക്കുന്നതുപോലെ ഞങ്ങളും ഞങ്ങളുടെ സന്താനങ്ങളേയും സേവകൻമാരേയും ആ ധനത്താൽ വളർത്തണേ. ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങളുടെ ഈ സ്തോത്രത്താൽ പ്രസന്നരായി, ഞങ്ങളുടെ ആയുസ് നൂറ്റാുകാലം പിന്നിടുന്നതിനായി അനുഗ്രഹിച്ചാലും.

## സൂക്തം 55

**ഋഷി ശ്യാമാശ്വൻ ദേവത മരുത്തുക്കൾ ഛ ന്ദ സ ് ് ജഗതി, ത്രിഷ്ടുപ്**

**1. പ്രയജ്യവോ മരുതോ ഭ്രജദൃഷ്ടയോ ബൃഹദ്വയോ ദധിരേ രുക്മവക്ഷസഃ |**

**ഈയന്തേ അശ്വൈഃ സുയമേഭിരാശുഭിഃ ശുഭം യാതമനു രഥാപ്രവൃത്സത ||**

പ്രകാശിക്കുന്ന അസ്ത്രങ്ങളാൽ യുക്തരായ മരുത്തുക്കൾ യുവാവാക്കപ്പെടുന്ന അന്നത്തെ വഹി ക്കുന്നു. അവരുടെ മാറിടങ്ങളിൽ രത്നഹാരങ്ങൾ വിളങ്ങുന്നു. മന്ദഗതിയിൽ നിയമപരമായി ചലിക്കുന്നവയും മനോഹരങ്ങളുമായ അശ്വങ്ങൾ അവരെ വഹിക്കുന്നു. അവരുടെ മനോഹരഗാമികളായ രഥ ങ്ങൾ എല്ലാവരുടെയും പിന്നിലായിസഞ്ചരിക്കുന്നു.

**2. സ്വയം ദധിധ്വേ തവിഷീം യഥാ വിദ ബൃഹൻമാഹന്ത ഉർവിയാ വി രാജഥ |**

**ഉതാന്തരിക്ഷം മമിരേ വ്യോജ സാ ശുഭം യാതാമനു രഥാ അഥത്സത ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഉചിതമെന്നു കരുതുന്നതെന്തോ ആ ബലത്തെ വഹിക്കുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ മഹാൻമാരായി പ്രശോഭിക്കുവിൻ. സ്വന്തം പരാക്രമത്താൽ അന്തരീക്ഷത്തെ നിറക്കുവിൻ, മനോഹരഭാവനകളോടുകൂടി ചലിച്ചുകൊിരിക്കുന്ന മരുത്തുക്കളുടെ രഥം ഏറ്റവും പിന്നിലായി ചലിക്കുന്നു.

**3. സാകം ജാതാഃ സുഭ്വഃ സാകമുക്ഷിതാഃ ശ്രിയേ ചിദാ പ്രതരം വാവൃധുർനരഃ |**

**വിരോകിണഃ സൂര്യസ്യേവ രശ്മയഃ ശുഭ യാതാമനു രഥാ അവൃത്സത ||**

മരുത്തുക്കൾ മഹാൻമാരാകുന്നു. അവർ ഒന്നായി മഴ പെയ്യിക്കുന്നു. അവർ മഹാതേജസ്സിനുവേി എല്ലാ സ്ഥാനങ്ങളിലും വളരുന്നു. സൂര്യകിരണങ്ങൾപോലെ അവർ യജ്ഞാദികളായ സൽകർമ്മങ്ങൾ നടത്തുന്നു. സദ്വിചാരയുക്തരായ ആ മരുത്തുക്കളുടെ രഥം എല്ലാത്തിനും പിന്നിലായി പിന്തുടരുന്നു.

**4. ആഭൂഷേണ്യം വോ മരുതോ മഹിത്വനം ശിദൃക്ഷേണ്യം സൂർയസ്യേവ ചക്ഷണം |**

**ഉതോ അസ്മാം അമൃതത്വേ ദധാതന ശുഭം യാതാമനു രഥാ അവൃത്സത ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ മഹത്വം സ്തുത്യർഹമാകുന്നു. നിങ്ങളുടെ തേജസ്സ് സൂര്യനെപ്പോലെ പ്രകാശിക്കുന്നു. നിങ്ങൾ ഞങ്ങളെ സ്വർഗ്ഗപ്രാപ്തിക്കായി സഹായിക്കേണമേ. സൽഭാവനകളാൽ പരിപൂർണ്ണരായ മരുത്തുക്കളുടെ രഥം എല്ലാവരുടെയും രഥങ്ങളെ

പിന്തുടരുന്നു.

**5. ഉദീരയഥാ മരുതഃ സമുദ്രതോ യൂയം വൃഷ്ടി വർഷയഥാ പരീക്ഷിണഃ |**

**ന വോ ദസ്രാ ഉപ ദസ്യന്തി ധേനവഃ ശുഭം യാതാമനു രഥാ അവൃത്സത ||**

ഹേ മരുത്തുക്കളേ! നിങ്ങൾ അന്തരീക്ഷത്തിൽനിന്നും വർഷജലത്തെ പ്രേരിപ്പിക്കൂ. ഹേ ജലദേവകളേ! നിങ്ങൾ വർഷത്തെ നൽകൂ. ഹേ ശത്രുസംഹാരകരേ! നിങ്ങളെ സന്തോഷിപ്പിക്കുന്നവർ ഒരിക്കലും ശുഷ്ക്കിക്കുന്നില്ല. സദ്ഭാവനകളോടുകൂടി ഗമിക്കുന്ന മരുത്തുക്കളുടെ രഥം എല്ലാവർക്കും പിന്നിലായി സഞ്ചരിക്കുന്നു.

**6. യദശ്വാന്ധൂർഷപൃഷതീരയുഗ്ധ്വം ഹിരണ്യ യാൻപ്രത്യത കാം അമുഗ്ധ്വം |**

**വിശ്വാ ഇതസ്പൃധോ മരുതോ വ്യസ്യഥ ശുഭം യാതാമനു രഥാ അവൃത്സത ||**

ഹേ മരുത്തുക്കളേ! നിങ്ങൾ രഥത്തിൻെറ മുൻഭാഗത്ത് പുള്ളിമാനുകളാകുന്ന അശ്വങ്ങളെ പൂട്ടുന്നു. അപ്പോൾ സ്വർണ്ണംപോലെ തിളങ്ങുന്ന സ്വന്തം കവചങ്ങൾ അഴിച്ചിടുന്നു. നിങ്ങളെല്ലാം യുദ്ധത്തിൽ വിജയിക്കുന്നു. സദ്ഭാവനകളോടുകൂടി സഞ്ചരിക്കുന്നു.

**7. ന പർവതാ ന നദ്യോ വരന്ത വോ യാത്രാചിധ്വം മരുതോ ഗച്ഛഥേദു തത് |**

**ഉത ദ്യാവാപൃഥിവീ യാഥനാ പരി ശുഭം യാതാമനു രഥാ അവൃത്സതഃ ||**

ഹേ മരുത്തുക്കളേ! പർവ്വതങ്ങളും, നദികളും നിങ്ങളുടെ മാർഗ്ഗങ്ങളെ തടയാതിരിക്കട്ടെ. നിങ്ങൾ ഏതു യജ്ഞകർമ്മങ്ങളിൽ പോകുവാനാഗ്രഹിക്കുന്നുവോ, അവിടെപോവുകതന്നെ ചെയ്യുന്നു. നിങ്ങൾ വർഷത്തിനുവേി ആകാശത്തിലും ഭൂമിയിലും വ്യാപിക്കുന്നു. സദ്ഭാവനായുക്തരായ മരുത്തുക്കളുടെ രഥം എല്ലാത്തിനേയും പിന്തുടരുന്നു.

**8. യത്പൂർവ്വ്യംമരുതോ യച്ചനൂതന യദുദ്യതേ വസവോ യച്ച ശസ്യതേ |**

**വിശ്വസ്യ തസ്യ ഭവഥാ നവേദസഃ ശുഭം യാതാമനു രഥാ അവൃത്സത ||**

ഹേ മരുത്തുക്കളേ! യാതൊരു യജ്ഞാദികർമ്മങ്ങൾ പ് നടന്നുകഴിഞ്ഞിരുന്നുവോ, യാതൊരു കർമ്മങ്ങൾ ഇപ്പോൾ നടന്നുകൊിരിക്കുന്നുവോ അവയിൽ യാതൊരുത്തൻ സ്തുതിക്കപ്പെടുന്നുവോ, നിങ്ങൾ അതെല്ലാം അറിയുന്നു. സദ്ഭാവനായുക്തരായ മരുത്തുക്കളുടെ രഥം ഏറ്റവും പിന്നിലായി സഞ്ചരിച്ചുകൊിരിക്കുന്നു.

**9. മൃളത നോ മരുതോ മാ വധിഷ്ടനാസ്മഭ്യം ശർമ ബഹുലാവി യംതന |**

**അധി സ്തോത്രസ്യ സഖ്യസ്യ ഗാതന ശുഭം യാതാമനു രഥാ അവൃത്സത ||**

ഹേ മരുത്തുക്കളേ! ഞങ്ങളെ സുഖികളാക്കണേ. ഞങ്ങളിൽനിന്നും എന്തെങ്കിലും അപരാധം സംഭവിച്ചിട്ടുങ്കിൽ അതുകാരണം നിങ്ങൾ ക്രൂരരായിരിക്കുന്നു. എങ്കിലും ഞങ്ങളെ ആവശ്യങ്ങളെ തടയരുതേ. നിങ്ങൾ ഞങ്ങൾക്ക് മഹത്തായ സുഖം നൽകൂ. സ്തുതികളെ അറിഞ്ഞ് ഞങ്ങളോടു സഖ്യഭാവം സ്ഥാപിക്കൂ. സദ്ഭാവനകളോടുകൂടിയ മരുത്തുക്കളുടെ രഥം ഏറ്റവും പിന്നിൽ സഞ്ചരിക്കുന്നു.

**10. യൂ യമസ്മാന്നയത വസ്യോ അച്ഛാ നിരഹതിഭ്യോ മരുതോ ഗൃണാനാഃ |**

**ജൂഷധ്വം നോ ഹവ്യദാതിം യജത്രാ വയം സ്യാ പതയോ രയീണാം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങളെ ധനത്തിൻെറ അടുത്തേക്ക് കൊുപോകൂ. ഞങ്ങളുടെ സ്തോത്രങ്ങളാൽ പ്രസന്നരായി ഞങ്ങളെ പാപങ്ങളിൽനിന്നും മോചിപ്പിച്ചാലും.ഹേ മരുത്തുക്കളേ! ഞങ്ങൾ നൽകുന്ന ഹവിസ്സിനെ സ്വീകരിച്ച് ഞങ്ങളെ അസംഖ്യമായ ധനത്തിൻെറ അവകാശികളാക്കിയാലും.

## സൂക്തം 56

**ഋഷി ശ്യാവാശ്വൻ ദേവത മരുത്തുക്കൾ ഛ ന്ദ സ് ് ബൃഹതി, പംക്തി**

**1. അഗ്നേ ശർധന്തമാ ഗണംപിഷ്ടം രുക്മേ ഭിരഞ്ജിഭിഃ |**

**വിശോ അദ്യ മരുതാമവ ഹ്വയേ ദിവശ്ചിദ്രോചനാദധി ||**

ഹേ അഗ്നേ! കാന്തിയുക്തമായ ആഭരണങ്ങളോടുകൂടിയവനും ശത്രുക്കളെ ജയിക്കുന്നവരുമായ മരുത്തുക്കളെ ആഹ്വാനം ചെയ്താലും. ദിവ്യലോകത്തുനിന്നും മരുത്തുക്കൾ നമ്മുടെമുമ്പിൽ വരുന്നതിനുവേി നാം അവരെ വിളിക്കുന്നു.

**2. യഥാ ചിൻമന്യസേ ഹൃദാ തദിൻമേ ജഗ്മുരാശസഃ |**

**യേ നേ തേദിഷ്ഠം ഹവനാന്യാഗമന്താന്വർധ ഭാമസൻദൃശഃ ||**

ഹേ അഗ്നേ! നീ മരുത്തുക്കളെ പൂജനീയരായിക്കരുതി അവരെ ബഹുമാനിക്കുന്നതുപോലെ അവര നമ്മുടെ അടുക്കലേക്ക് സദ്ഭാവനകളോടുകൂടി എഴുന്നള്ളണേ. യാതൊരുത്തർ നമ്മുടെ ആഹ്വാനം ശ്രവിക്കുന്ന മാത്രയിൽ പുറപ്പെട്ടുവരുന്നുവോ, ആ വികരാളമരുത്തുക്കളെ ഹവിസ്സ് നൽകി വളർത്തുവിൻ.

**3. മിളഹുഷ്മതീവ പൃഥിവീ പരാഹതാ മദന്ത്യേത്യസ്മദാ |**

**ക്ഷോ ന വോ മരുതഃ ശിമീവാം അധോ ദുധ്രോ ഗൗരിവ ഭീമയുഃ ||**

ഭൂമിയിൽ വസിക്കുന്ന ഒരു മനുഷ്യൻ മറ്റൊരുമനുഷ്യനാൽ ആകർഷിതനാകുമ്പോൾ അവനോടടുക്കുന്നതുപോലെതന്നെ മരുത്തുക്കൾ പ്രസന്നരായി നമ്മുടെ മുമ്പിൽ വന്നുചേരുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ അഗ്നിക്കുതുല്യം കാര്യക്ഷമതയുള്ളവരും വൃഷഭത്തേപ്പോലെ സാഹസികളുമാകുന്നു.

**4. നി യേ രിണന്ത്യോജസാ വൃഥാ ഗാവോ ദുർധുരഃ |**

**അശ്മാനം ചിത്സ്വര്യം പർവതം ഗിരിം പ്ര ച്യാവയന്തി യാമഭിഃ ||**

കഠിനമായി പീഡിപ്പിക്കപ്പെടുന്ന അശ്വങ്ങളെപ്പോലെ, മരുത്തുക്കൾ തങ്ങളുടെ പരാക്രമത്താൽ ആയാസരഹിതമായി ശത്രുക്കളെ സംഹരിക്കുന്നു. ഓടുമ്പോൾ ശബ്ദമുാക്കുന്നവയും, ലോകത്തെ പരിപൂർണ്ണമാക്കുന്നവയും, ജലപൂർണ്ണങ്ങളുമായ മേഘങ്ങളെ അവർ മഴക്കുവേി താഴോട്ടയക്കുന്നു.

**5. ഉത്തിഷ്ഠ നൂനമേഷാം സ്തോമൈഃ സമുക്ഷിതാനാം |**

**മരുതാം പുരുതമമപൂർവ്യം ഗവാം സർഗാമിവ ഹ്വയേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഉച്ചാസനങ്ങളിൽ വിരാജിച്ചാലും.

സ്തോത്രങ്ങളാൽ വളർന്നവരും ജലസമൂഹംപോലെ സമ്പന്നരും, ബലയുക്തരും, അത്ഭുതരുമായ മരുത്തുക്കളെ നാം ആഹ്വാനം ചെയ്യുന്നു.

**6. യങ്ഗ്ധ്വം ഹ്യരുഷീ രഥേ യുങ്ഗ്ധ്വം രഥേഷു രോഹിതഃ |**

**യങ്ഗ്ധ്വം ഹരീ അജിരാ ധുരീ വോള്ഹവേ വഹിഷ്ഠാ ധുരി വോള്ഹവേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ തേരിൽ പുള്ളിമാനുകളെ പൂട്ടുവിൻ. രഥങ്ങളിൽ ചെങ്കുതിരകളെ പൂട്ടുവിൻ. ഭാരം വഹിക്കുന്നതിന് ദ്രുതഗാമികളായ രുകുതിരകളെ യോജിപ്പിക്കുവിൻ. ഭാരംവഹിക്കുവാൻ കരുത്തുള്ള കുതിരകളെ അതിന്നായി പൂട്ടുവിൻ.

**7. ഉത സ്യ വാജ്യരുഷസ്തുവിഷ്വണിരഹി സ്മധായി ദർശതഃ |**

**മാ വോ യാമേഷു മരുതശ്ചിരം കരത്പ്രതം രഥേഷു ചോദത ||**

ഹേ മരുത്തുക്കളേ! രഥത്തിൽപൂട്ടപ്പെട്ട തേജസ്വികളും, ശബ്ദംപുറപ്പെടുവിക്കുന്നവയും, ദർശനയോഗ്യങ്ങളുമായ ആ അശ്വങ്ങൾ യാത്രയിൽ വിളംബം വരുത്താതിരിക്കണേ. രഥത്തിൽ കെട്ടിയ ആ കുതിരകളെ വിളംബംവരുത്താതിരിക്കത്തക്കവിധം നിങ്ങൾതന്നെ തെളിച്ചാലും.

**8. രഥം നു മാരുതം വയം ശ്രവസ്യമാ ഹുവാമഹേ |**

**ആ യസ്മിന്തസ്ഥൗ സുരണാനി ബിഭ്രതി സചാ മഹരുത്സു രോദസീ ||**

മരുത്തുക്കളുടെ മാതാവ് സുമധുരമായ ജലത്തെ വഹിച്ചുകൊ് വിരാജിക്കുന്നു. അന്നയുക്തമായ മരുത്തുക്കളുടെ ആ രഥത്തെ നാം വിളിക്കുന്നു.

**9. തം വഃ ശർധംരഥേശുഭംത്വേഷം പനസ്യുമാ ദുവേ |**

**യ സ്മിൻസുജാതാ സുഭഗാ മഹീയതേ മചാ മരുത്സു മീള്ഹുഷീ ||**

ഹേ മരുത്തുക്കളേ! ഞങ്ങൾ നിങ്ങൾ സുശോഭിതവും, തേജസ്സേറിയതും സ്തുത്യർഹവുമായ രഥത്തെ വിളിക്കുന്നു. അതിനിടയിൽ സുജാതയായ മീളഹുഷിയേയും മരുത്തുക്കളോടുകൂടി പൂജിക്കപ്പെടുന്നു.

## അനുവാകം 5 സൂക്തം 57

**ഋഷി ശ്യാവാശ്വൻ ദേവത മരുത്തുക്കൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ആ രുദ്രാസ ഇന്ദ്രവന്തഃ സജോഷസോ ഹിരണ്യരഥാഃ സുവിതായ ഗന്തന |**

**ഇയ വോ അസ്മത്പ്രതി ഹർയതേ മതിസ്തൃഷ്ണജേ ന ദിവ ഉത്സാ ഉദന്യവേ ||**

ഹേ ദയാചിത്തരും, സ്വർണ്ണതേരോടുകൂടിയവരും, ഇന്ദ്രന്റെ അനുഗാമികളുമായ രുദ്രപുത്രൻമാരേ! നിങ്ങൾ ഞങ്ങളുടെ യാഗവേദിയിലേക്ക് എഴുന്നള്ളിയാലും. ഞങ്ങൾ നിങ്ങൾക്കായിതന്നെ സ്തോത്രങ്ങൾ ഉച്ചരിക്കുന്നു. നിങ്ങൾ, ദാഹപീഡിതരായി ജലത്തെ ആഗ്രഹിച്ചിരുന്ന ഗൗതമന്റെ അടുക്കൽ സ്വർഗ്ഗത്തിൽനിന്നും ജലം കൊുവന്നിരുന്നതുപോലെ ഞങ്ങളുടെ അടുക്കലേക്ക് വന്നാലും.

**2. വാശീമന്ത ഋഷ്ടിമന്തോ മനീഷിണഃ സുധന്വാന ഇഷ്മന്തോ നിഷങ്ഗിണഃ |**

**സ്വശ്വാഃ സ്ഥ സുരഥാഃ പൃശ്നിമാതരഃ സ്വായുധാ മരുതോ യാഥനാ ശുഭം ||**

ഹേ സുന്ദരമതികളായ മരുത്തുക്കളേ! നിങ്ങളുടെഅടുക്കൽ വിവിധങ്ങളായ ആയുധങ്ങളും, കരുത്തുള്ള അശ്വങ്ങളും തിളങ്ങുന്ന രഥങ്ങളുമുല്ലോ. നിങ്ങൾ അസ്ത്രങ്ങളാൽ സുസജ്ജിതരാകുന്നു. ഞങ്ങളുടെ മംഗളത്തിനായി ഇങ്ങോട്ടുവന്നാലും.

**3. ധൂനുഥ ദ്യാം പർവതാന്താശുഷേ വസു നി വോ വനാ ജിഹതേ യാമനോ ഭിയാ |**

**കോപയഥ പൃഥിവീം പൃശ്നിമാതരഃ ശുഭേ യദുഗ്രാഃ പൃഷതീരയുഗ്ധ്വം ||**

ഹേ മരുത്തുക്കളേ! നിങ്ങള അന്തരീക്ഷത്തിൽ മേഘങ്ങളെ ഇളക്കിമറിക്കുകയും ഹവിസ്സ് രൂപമാകുന്ന അന്നം നൽകുകയുംചെയ്യൂ. നിങ്ങളുടെ വരുവുക് വനങ്ങൾ ഭയന്നുവിറക്കുന്നു.

**4. വാതത്വിഷോ മരുതോ വർഷനിർണിജോ യമാ ഇവ സുസദൃശഃ സുപേശസഃ |**

**പിശങ്ഗാശ്വാ അരുണാശ്വാ അരേപസാഃ പ്രത്യക്ഷസോ മഹിനാ ദ്യൗരിവോരവഃ ||**

ഹേ മഹാപാരാക്രമികളേ! നിങ്ങൾ യാത്രയ്ക്കുവേി അശ്വങ്ങളെ പൂട്ടുമ്പോൾ ഭൂമിക്കുതുല്യം രൂപത്തോടുകൂടിയവരും, ദർശനയോഗ്യരും കറുപ്പും ചുവപ്പും നിറങ്ങളോടുകൂടിയ അശ്വങ്ങളുടെ സ്വാമിയും, പാപരഹിതരും ശത്രുസംഹാരകരും ആകുന്നു. അവർ ആകാശംപോലെ വിരിവുറ്റവരുമാകുന്നു.

**5. പുരുദ്രപ്സാ അഞ്ജിമന്തഃ സുദാനവസ്ത്വേഷസൻദൃശോ അനവഭ്രരാധസഃ |**

**സുജാതാസോ ജനുഷാ രുക്മവക്ഷസോ ദിവോ അർകാഅമൃതം നാമ ഭേജിരേ ||**

ജലം വർഷിക്കുന്നവരും, ദാനികളും, തേജസ്വികളും, അക്ഷയധനയുക്തരും, ശ്രേഷ്ഠജൻമാക്കളും മാറിടത്തിൽ മണിമാലയണിഞ്ഞിട്ടുള്ളവരും, പൂജായോഗ്യരുമായ മരുത്തുക്കൾ ആകാശത്തിൽനിന്നും ആഗതരായി അമൃതഗുണത്തോടുകൂടിയ രസത്തെ പ്രദാനം ചെയ്യുന്നു.

**6. ഋഷ്ടയോ വോ മരുതോ അംസയോരധി സഹ ഓജോ വാഹ്വോർവോ ബലം ഹിതം |**

**നൃമ്ണാ ശീർഷസ്വായുധാ രഥേഷു വോ വിശ്വാ വഃ ശ്രീരധി തനൂഷു പിപിശേ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ തോളുകളിൽ വിശിഷ്ടങ്ങളായ ആയുധങ്ങളും ഇരുകരങ്ങളിലും ശത്രുസംഹാരകശക്തിയും ശിരസ്സിൽ മകുടവും രഥത്തിൽ ധ്വജവും. ശരീരം അത്യന്തം സുശോഭിതവുമാകുന്നു.

**7. ഗോമദശ്വാവദ്രഥവത്സുവീരം ചന്ദ്രവദ്രാധോ മരുതോ ദദാ നഃ |**

**പ്രശസ്തിം നഃ കൃണുത രുദ്രിയാസോ ഭക്ഷീയ വോവസോ ദൈവ്യസ്യ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങൾക്ക് ഗോക്കളേയും അശ്വങ്ങളേയും പുത്രൻമാരേയും, രഥവും സ്വർണ്ണവും പ്രചുരമായ

അന്നവും ദാനമായി തന്നാലും. ഹേ രുദ്രപുത്രൻമാരേ! നിങ്ങൾ ഞങ്ങളുടെ സമ്പന്നതയെ വളർത്തിയാലും. ഞങ്ങൾ നിങ്ങളുടെ ദിവ്യരക്ഷയെ പ്രാപിക്കണേ.

**8. ഹയേ നരോ മരുതോ മൃളതാ നസ്തുവീമഘാസോ അമൃതാ ഋതജ്ഞാഃ |**

**സത്യശ്രുതഃ കവയോ യുവാനോ ബൃഹദ്ഗിരയോ ബൃഹദുക്ഷമാണാഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങൾക്കനുകൂലരായിരിക്കണം. നിങ്ങൾ അതിരറ്റ ഐശ്വര്യവാൻമാരും, അക്ഷയൻമാരും സത്യഫലദായകരും വർഷണശീലരും തരുണരും ജ്ഞാനികളും വൃഷ്ടിഗുണയുക്തരും ആകുന്നു.

## സൂക്തം 58

**ഋഷി ശ്യാവാശ്വൻ ദേവത മരുത്തുക്കൾ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. തമുനൂനം തവിഷീമന്തമേഷാം സ്തുഷേ ഗണം മാരുതം നവ്യസീനാം |**

**യ ആശ്വശ്വാ അമവദ്വഹന്ത ഉതേശിരേ അമൃതസ്യ സ്വരാജഃ ||**

ഇന്നത്തെ ഈ യജ്ഞദിനത്തിൽ സ്തുത്യർഹരും തേജസ്വികളുമായ മരുത്തുക്കളെ നാം സ്തുതിക്കുന്നു. അവർ ദ്രുതഗാമികളായ അശ്വങ്ങളുടെ നാഥൻമാരും, സ്വന്തം ശക്തിയാൽ എല്ലായിടങ്ങളിലും എത്തുന്നവരും, ജലങ്ങളുടെ അധിനായകരും സ്വയം തേജസ്വികളുമാകുന്നു.

**2. ത്വേഷം ഗണം തവസം ഖാദിഹസ്തം ധുനിവ്രതം മായിനം ദാതിവാരം |**

**മയോഭുവോ യേ അമിതാ മഹിത്വാ വന്ദസ്വ വിപ്ര തുവി രാധസോ നൃൻ ||**

ഹേ ഹോതാക്കളേ! കാന്തിമാൻമാരും, ഇളക്കം സൃഷ്ടിക്കുന്നവരും, ധനപ്രദായകരും, ജ്ഞാനികളുമായ മരുത്തുക്കളെ പരിചരിക്കുവിൻ. അവർ സുഖദായകരാണല്ലോ. അവരുടെ മഹിമയ്ക്കതിരില്ല. അവർ അസീമിതങ്ങളായ ഐശ്വര്യങ്ങളുടെ ഉടമകളാകുന്നു. ആ മരുത്തുക്കളെ നമസ്കരിക്കുവിൻ.

**3. ആ വോ യന്തുദവാഹാസോ അദ്യ വൃഷ്ടിം യേ വിശ്വേ മരുതോഃ ജുനന്തി |**

**അയം യോ അഗ്നിർമരുതഃ സമിദ്ധ ഏതം ജുഷധ്വം കവയോ യുവാനഃ ||**

ആ മരുത്തുക്കൾ ലോകംമുഴുവൻ വ്യാപിച്ചിരിക്കുന്നു. അവർ വർഷത്തെ പ്രേരിപ്പിക്കുന്നവരാകുന്നു. ജലങ്ങളെ വഹിക്കുന്നവർ ഇപ്പോൾതന്നെ നിങ്ങളുടെ മുമ്പിലേക്ക് എഴുന്നള്ളണേ. ഹേ യുവാക്കളും ജ്ഞാനികളുമായ മരുത്തുക്കളേ! നിങ്ങൾക്കുവേ ഏതൊരഗ്നി പ്രദീപ്തമായിരിക്കുന്നുവോ, നിങ്ങൾ ആ അഗ്നിവഴിയായി ഞങ്ങളുടെ സാധനകളെ സ്വീകരിക്കണേ.

**4. യൂയം രാജാനമിർയം ജനായ വിഭ്വതഷ്ടം ജനയഥാ യജത്രാഃ |**

**യുഷ്മദേതി മുഷ്ടിഹാ ബാഹുജൂതോ യുഷ്മത്സദശ്വോ മരുതഃ സുവീരഃ ||**

ഹേ പൂജ്യരായ മരുത്തുക്കളേ! നിങ്ങൾ യജമാനനു പുത്രരെ നൽകൂ. ആ പുത്രൻ തേജസ്വിയും, ശത്രുക്കളെ നശിപ്പിക്കുന്നവനുമാകണേ. ഹേ മരുത്തുക്കളേ! നിങ്ങളുടെ കൃപയാൽതന്നെ സ്വന്തം ബാഹുബലത്താൽ ശത്രുക്കളെ സംഹരിക്കുന്നവനും, അസംഖ്യം കുതിരകളുടെ ഉടമയുമായ പുത്രനെ പ്രാപിക്കുന്നു.

**5. അരാ ഇവേദചരമാ അഹേവ പ്രപ്ര ജായന്തേ അകവാ മഹോഭിഃ |**

**പൃശ്നേ പുത്രാ ഉപമാസോ രഭിഷ്ഠാഃ സ്വയാ മത്യാ മരുതഃ സ്യ മിമിക്ഷുഃ ||**

ഹേ മരുത്തുക്കളേ! രഥചക്രത്തിൽ കോർക്കപ്പെട്ടിരിക്കുന്ന അക്ഷംപോലെ നിങ്ങളെല്ലാം ഒന്നായി ആവിർഭവിക്കുന്നു. നിങ്ങളുടെ സാദൃശം ഒന്നുപോലുള്ളതാകുന്നു. പൃശ്നിപുത്രൻമാർ ഏകനിൽനിന്നും ഉത്ഭവിച്ചിരിക്കുന്നു. അവരിൽകുറഞ്ഞ തേജസ്സോടുകൂടിയവർ ആരും തന്നെയില്ല അവർ വേഗവാൻമാരും, ജലവർഷണത്തിൽ സ്വയം വ്യാപൃതരായിരിക്കുന്നവരും ആകുന്നു.

**6. യത്പ്രായാസിഷ്ഠ പൃഷതീഭിരശ്വൈർവീളുപവിഭിർമരുതോ രഥേഭിഃ |**

**ക്ഷോദന്ത ആപോ രിണതേ വനാന്യവോസ്രിയോ വൃഷഭ; ക്രന്ദതുദ്യൗഃ ||**

ഹേ മരുത്തുക്കളേ! നിങ്ങള അശ്വങ്ങളെ പൂട്ടി ഉറപ്പേറിയ ചക്രങ്ങളോടുകൂടിയ രഥത്തിൽ കയറിവരുമ്പോൾ ജലധാരകൾ പൊഴിഞ്ഞുകൊിരിക്കുന്നു, സൂര്യകിരണങ്ങൾവഴിയായി ജലവൃഷ്ടിനടത്തുന്ന പാർജന്യൻ അധോമുഖനായി ഗർജ്ജിക്കുന്നു.

**7. പ്രഥിഷ്ഥ യാമൻപൃഥിവീ ചിദേഷാം ഭർത്തേവ ഗർഭം സ്വമിച്ഛവോ ധുഃ |**

**വാതാൻഹ്യശ്വാൻധുര്യായുയുജ്രേ വർഷം സ്വേദം ചക്രിരേ രുദ്രിയാസഃ ||**

മരുത്തുക്കളുടെ ആഗമനത്തോടുകൂടി ഭൂമിക്ക് ഉർവ്വരാശക്തി ലഭിക്കുന്നു. പതിയാൽ പത്നിയിൽ ഗർഭം സ്ഥാപിക്കപ്പെടുന്നതുപോലെ മരുത്തുക്കൾ പൃഥ്വിയിൽ തങ്ങളുടെ ജലരൂപമായ ഗർഭാംശത്തെ സ്ഥാപിക്കുന്നു. ആ രുദ്രപുത്രൻമാർ ദ്രുതഗാമികളായ അശ്വങ്ങളെ രഥത്തിൻെറ മുമ്പിൽ പൂട്ടി വർഷണകർമ്മത്തിൽ വ്യാപൃതരാകുന്നു.

**8. ഹയേ നരോ മരുതോ മൃളതാ നസ്തുവീമഘാസ ാമൃതാ ഋതജ്ഞാഃ |**

**സത്യശ്രുതഃ കവയോ യുവാനോ ബൃഹദ്ഗിരയോ ബൃഹദുക്ഷമാണാ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങളുടെമേൽ കൃപയുള്ളവരാകണമേ. നിങ്ങൾ എല്ലാവരിലും പ്രമുഖരും മഹത്തായ ഐശ്വര്യത്തിൻെറ നാഥൻമാരും, അവിനാശികളും ജ്ഞാനികളും ജലവർഷകരും യുവാക്കളും സ്തുത്യർഹരും മഴപെയ്യിക്കുന്നവരുമാകുന്നു.

## സൂക്തം 59

**ഋഷി ശ്യാമാശ്വൻ ദേവത മരുത്തുക്കൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. പ്ര വഃ സ്പളക്രൻസുവിതായ ദാവനേർചാ ദിവേ പ്ര**

**പൃഥിവ്യാജൃതം ഭരേ |**

**ഉക്ഷന്തേ അശ്വാന്തരുഷന്ത ആ രജോനും സ്വഭാനും ശ്രഥയന്തേ അർണവൈഃ ||**

ഹേ മരുത്തുക്കളേ! മംഗളത്തെ കാംക്ഷിച്ചുകൊ് ഹവിർദാതാവായ ഹോതാവ് വഴിയാംവണ്ണം നിങ്ങളെ സ്തുതിക്കുന്നു. ഹേ ഹോതാവേ! നിങ്ങൾ പ്രകാശവാനായ സൂര്യനെ സ്തുതിക്കൂ. ഞങ്ങൾ പൃഥിയെ നമസ്കരിക്കുന്നു. മരുത്തുക്കൾ എല്ലാഭാഗങ്ങളിലും ജലത്തെ വർഷിക്കുന്നു. അവർ അന്തരീക്ഷത്തിൽ സർവ്വത്രവർഷിക്കുന്ന മേഘങ്ങളോടുകൂടി തങ്ങളുടെ തേജസ്സിനെ പ്രകടിപ്പിക്കുന്നു.

**2. അമാദേഷാം ഭിയസാ ഭൂമിരേജതി നൗർണ പൂർണാ ക്ഷരതി വ്യഥിര്യതീ |**

**ദൂരേദൃശോ യേ ചിതയന്ത ഏമഭിരന്തർമഹേ വിദഥേ യേതിരേ നരഃ ||**

മനുഷ്യരെ ജലത്തിൽക്കൂടി വഹിച്ചുകൊുപോകുന്ന വള്ളം ആഞ്ഞുലയുന്നതുപോലെ മരുത്തുക്കളോടുള്ള ഭയത്താൽ പൃഥ്വിവിറയൽ കൊള്ളുന്നു. അവർ ദൂരെനിന്നും കാണപ്പെടുന്നു. നേതാക്കളെപ്പോലുള്ള ആ മരുത്ഗണം ആകാശത്തിന്റെയും ഭൂമിയുടെയും ഇടയിൽക്കൂടി അധികം ഹവിസ്സ് പ്രാപിക്കുന്നതിനായി പ്രയത്നിക്കുന്നു.

**3. ഗവാമിവ ശ്രിയസേ ശൃങ്ഗമുത്തമം സൂര്യോ ന ചക്ഷു രജസോ വിസർജനേ |**

**അത്യാ ഇവ സുഭ്വ ശ്ചാരവഃ സ്ഥന മര്യാ ഇവ ശ്രിയസേ ചേതഥാ നരഃ ||**

ഹേ മരുത്തുക്കളേ! ഗോക്കളുടെ കൊമ്പുപോലുള്ള മുകുടത്തെ ശോഭക്കുവേി നിങ്ങൾ ശിരസ്സിൽ ധരിക്കുന്നു. പകലുകളുടെ നാഥനായ സൂര്യൻ തന്റെ കിരണങ്ങളെ വിതറുന്നതുപോലെ നിങ്ങൾ വൃഷ്ടിക്കുവേി സ്വന്തപ്രകാശമാനമായ തേജസ്സ് വ്യാപിപ്പിക്കുന്നു. നിങ്ങൾ അശ്വങ്ങളെപ്പോലെ ദ്രുതഗാമികളും,സുന്ദരൻമാരുമാണ് യജമാനൻമാരെപ്പോലെതന്നെ നിങ്ങളും യജ്ഞാദികളുടെ ജ്ഞാതാവാകുന്നു.

**4. കോ വോ മഹാന്തി മഹതാമുദശ്നവത്കസ്കാവ്യാ മരുതഃ കോ ഹ പൗംസ്യാ |**

**യൂയം ഹ ഭൂമി കിരണ ന രേജഥ പ്ര യദ്ഭരധ്വേ സുവിതായ ദാവനേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ പൂജ്യരാകുന്നു. നിങ്ങളെ പൂജിക്കുന്നതിലും നിങ്ങൾക്കുവേി സ്തോത്രങ്ങളാലപിക്കുന്നതിലും ആരായിരിക്കും സമർത്ഥർ? ആര് നിങ്ങളുടെ വീരത്വത്തെ പാടി പുകഴ്ത്തും? എന്തുകൊന്നാൽ നിങ്ങൾ വൃഷ്ടിജലത്തെ പൊഴിക്കുമ്പോൾ രശ്മികൾക്കുതുല്യം വിറയൽകൊള്ളുന്നു.

**5. അശ്വാ ഇവേദരുഷാസഃ സബന്ധവഃ ശൂരാ ഇവ പ്രയുധഃ പ്രാതേ യുയുധഃ |**

**മർയാ ഇവ സിവൃധോ വാവൃധുർനരഃ സൂര്യസ്യ ചക്ഷുഃ പ്രമിനന്തി വൃഷ്ടിഭിഃ ||**

അശ്വങ്ങളെപ്പോലെ ദ്രുതഗാമികളും, തേജസ്വികളും മൈത്രീഭാവയുക്തരായ മരുത്തുക്കൾ വീരൻമാരെപ്പോലെ കർമ്മങ്ങളിൽ വ്യാപൃതരാകുന്നു. ഐശ്വര്യവാനായ പുരുഷനെപ്പോലെ അത്യന്തം പരാക്രമികളായ അവർ വൃഷ്ടിദ്വാരാ സൂര്യനെപ്പോലും മറക്കുന്നു.

**6. തേ അജ്യേഷ്ഠാ അകനിഷ്ഠാസ ഉദ്ഭിദോമധ്യമാസോ മഹസാ വി വാവൃധുഃ |**

**സുജാതസോ ജനുഷാ പൃശ്നിമാതരോ ദിവോ മർയാ ആ നോ അച്ഛാ ജിഗാതനാ ||**

ഈ മരുത്തുക്കളിൽ ചെറിയവരോ വലിയവരോ ആയി ആരുമില്ല. ആ ശത്രുനാശകരിൽ ആരും മധ്യവർഗ്ഗത്തിൽപെട്ടവരായും ഇല്ല. എല്ലാവരും സ്വന്തമായ തേജസ്സാൽ വളർന്നവരാകുന്നു. ഹേ ഉത്തമജൻമാക്കളേ! മനുഷ്യർക്ക് നൻമകൾ വർഷിക്കുന്ന മരുത്തുക്കളേ! നിങ്ങൾ ആകാശമാർഗ്ഗമായി ഞങ്ങളുടെ അടുത്തേക്ക് എഴുന്നള്ളിയാലും.

**7. വയോ ന യേ ശ്രേണീഃ പപ്തുരോജസാന്താന്ദിവോ ബൃഹതഃ സാനുനസ്പരി |**

**അശ്വാസ ഏഷാമുഭയേ യഥാ വിദുഃ പ്ര പർവതസ്യ നഭനൂംരചുച്യവുഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ പംക്തിബദ്ധരായ പക്ഷികളെപ്പോലെ ബലപൂർവ്വം വളർന്നും ഉന്നതത്തിലുയർന്ന് അന്തരീക്ഷംവരെ പോകുകയും ചെയ്യുന്നു. നിങ്ങളുടെ അശ്വങ്ങൾ മേഘത്തിൽനിന്നും വർഷജലം പൊഴിക്കുന്നു. ഈകാര്യം ദേവകളും മനുഷ്യരും എല്ലാവരും അറിയുന്നു.

**8. മിമാതു ദ്യൗരദിതിർവീതയെ നഃ സം ദാനുചിത്രാ ഉഷസോ യതന്താം |**

**ആചുച്യവുർദിവ്യം കോശമേത ഋഷേ രുദ്രസ്യ മരുതോ ഗൃണാനാഃ ||**

നമ്മെ പാലിക്കുന്നതിനുവേി ആകാശവും ഭൂമിയും വർഷത്തെ പ്രകടമാക്കണേ. അത്യന്തം ദാനമായ സ്വഭാവത്തോടുകൂടിയ ഉഷസ്സ് നമ്മുടെ നൻമയ്ക്കായി പരിശ്രമിക്കണേ. ഹേ ഋഷിമാരേ! നിങ്ങളുടെ സ്തുതികളാൽ പ്രസന്നരാകുന്ന രുദ്രപുത്രൻമാർ ദിവ്യജലത്തെ വർഷിക്കണേ.

## സൂക്തം 60

**ഋഷി ശ്യാവാശ്വൻ ദേവത മരുത്തുക്കൾ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. ഈളേ അഗ്നിം സ്വവസം നമോഭിരിഹ പ്രസത്തോ വി ചയത്കൃതം നഃ |**

**രഥൈരിവ പ്ര ഭരേ വാജയദ്ഭിഃ പ്രദക്ഷിണി ൻമരുതാം സ്തോമമൃധ്യാം ||**

ശ്യാവാശ്വമഹർഷിയായ നാം രക്ഷിതാവായ അഗ്നിയെ മനോഹരമായ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു. അദ്ദേഹം ഈ യജ്ഞത്തിൽ എഴുന്നള്ളിവന്ന് നമ്മുടെ സ്തോത്രങ്ങളെ ശ്രവിക്കണേ. രഥം അതിന്റെ ലക്ഷ്യസ്ഥാനത്തെത്തുന്നതുപോലെ, അന്നത്തെ ആഗ്രഹിക്കുന്ന നാം സ്തോത്രങ്ങളോടുകൂടി നമ്മുടെ അഭീഷ്ടങ്ങളെ യാചിക്കുന്നു.

**2. ആ യേ തസ്ഥു; പൃഷതിഷു ശ്രുതാസു സുഖേഷു രുദ്രാ മരുതോ രാഥേഷു |**

**വനാ ചിദുഗ്രാ ജിഹതേ നി വോ ഭിയാ പൃഥിവീ ചിദ്രേ ജതേ പർവതാശ്ചിത് ||**

ഹേ രുദ്രപുത്രൻമാരേ! നിങ്ങൾ പ്രസിദ്ധങ്ങളായ പുട്ടപ്പെട്ട

മനോഹരവും, സുസജ്ജവുമായ രഥത്തിൽ കയറിവരുവിൻ. നിങ്ങൾ രഥത്തിൽ കയറുമ്പോൾ നിങ്ങളോടുള്ള ഭയംകാരണം വനങ്ങൾ വിറക്കുന്നു.

**3. പർവതശ്ചിൻമഹി വൃദ്ധോ വിഭായ ദിവശ്ചിത്സാനു രേജത സ്വനേ വഃ |**

**യത്ക്രീളഥ മരുത ഋഷ്ടിമന്ത ആപ ഇവ സധ്രുച്ചോ ധവധ്വേ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ഭയങ്കരമായ ഗർജ്ജനംകേട്ട് വിശാലങ്ങളായ പർവ്വതങ്ങളും വിറക്കുന്നു. അന്തരീക്ഷത്തിൻെറ ഉന്നതഭാഗങ്ങളും പ്രകമ്പനംകൊള്ളുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ ശാസ്ത്രധാരികളാണല്ലോ. നിങ്ങൾ ക്രീഡാനിതരാകുമ്പോൾ ജലത്തിനുതുല്യം കുലംകുത്തിയൊഴുകുന്നു

**4. വരാ ഇവേദ്രൈവതാസോ ഹിരണ്യൈരഭി സ്വധാമിസ്തന്വഃ പിപിശ്രേ |**

**ശ്രിയേ ശ്രേയാം സസ്തവസോ രഥേഷു സത്രാ മഹാംസി ചക്രിരേ തനൂഷു ||**

വിവാഹം കഴിക്കുവാനാഗ്രഹിക്കുന്ന വൈഭവശാലിയായ യുവാവ് സ്വർണ്ണാഭരണങ്ങളാൽ സുസജ്ജിതനാകുന്നതുപോലെ സർവ്വോത്കൃഷ്ടരും പരാക്രമികളുമായ മരുത്തുക്കൾ രഥത്തിൽ കയറി തങ്ങളുടെ തേജസ്സാൽ സുസജ്ജിതരാകുന്നു.

**5. അജ്യേഷ്ഠാസോ അകനിഷ്ഠാസ ഏതേ സം ഭ്രാതരോ വാവൃധുഃ സൗഭഗായ |**

**യുവാ പിതാ സ്വപാ രുദ്ര ഏഷാം സുദുധാ പൃശ്നിഃ സുദിനാ മരുദ്ഭ്യഃ ||**

ഒന്നിച്ചുജനിച്ചവരാണീ മരുത്തുക്കൾ, ഇവരിൽ ചെറിയവരും വലിയവരുമായി ആരുമില്ല. ഇവർ പരസ്പരം സ്നഹബന്ധം പുലർത്തിക്കൊ് വളരുന്നു. ഈ ശ്രേഷ്ഠകർമ്മാക്കളും, നിത്യയുവാക്കളുമായ മരുത്തുക്കളുടെ പിതാവായ രുദ്രനും, മാതാവായ പൃഥ്വിയും അവർക്കുവേി മനോഹരമായ ദിനത്തെ പ്രകടമാക്കണേ.

**6. യദുത്തമേ മതതോ മധ്യമേ വാ യദ്വാവമേ സുഭഗാസോ ദിവി ഷ്ഠ |**

**അതോ നോ രുദ്രാ ഉത വാ ന്വ സ്യാഗ്നേ ചിത്താദ്ധവിഷോ യദ്യജാമ ||**

ഹേ ഭാഗ്യവാൻമാരായ മരുത്തുക്കളേ! നിങ്ങൾ ഉത്കൃഷ്ടമായ ആകാശത്തിലോ, മധ്യാകാശത്തിലോ, താഴെയുള്ള ആകാശത്തിലോ സ്ഥിതിചെയ്യുന്നു. ഹേ രുദ്രപുത്രരേ! നിങ്ങൾ ആ സ്ഥാനങ്ങളിൽനിന്നും ഞങ്ങളുടെ അടുക്കലേക്ക് വന്നാലും. ഹേ അഗ്നേ! ഞങ്ങൾ നൽകുന്ന ഹവിസ്സിനെ നീ സ്വീകരിച്ചാലും.

**7. അഗ്നിശ്ച യൻമരുതോ വിശ്വവേദസോ ദിവോ വഹധ്വ ഉത്തരാദധി ഷ്ണുഭിഃ |**

**തേ മന്ദസാനാ ധുനയോ രിശാദസോ വാമം ധത്ത യജമാനായ സുന്വതേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ എല്ലാമറിയുന്നു. നിങ്ങളും അഗ്നിയും ആകാശത്തിൽ ഏറ്റവും ഉന്നതമായ സ്ഥാനത്തു വസിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ഹവിസ്സിനാലും, സ്തുതികളാലും പ്രസന്നരായി ശത്രുക്കളെ വധിക്കുകയും, സോമം പിഴിഞ്ഞെടുക്കുന്ന യജമാനന് ഐശ്വര്യം പ്രദാനം ചെയ്യുകയും ചെയ്യൂ.

**8. അഗ്നേ മരുദ്ഭിഃ ശുഭയദ്ഭിർഋക്വഭിഃ സോമം പിബ മന്ദസാനോ ഗണശ്രിഭിഃ |**

**പാവകേഭിർവിശ്വമിന്വേഭിരായുഭിർവൈശ്വാ നര പ്രദിവാ കേതുനാ സജൂഃ ||**

ഹേ അഗ്നേ! നീ പ്രാചീനകാലം മുതൽതന്നെ ജ്വാലയുക്തനും, സുന്ദരനും, ശോഭായമാനനും, പൂജ്യനായ പരീക്ഷകനും, പ്രീതിനൽകുന്നവനുമാകുന്നു. നീ ദീർഘായുഷ്മാൻമാരായ മരുത്തുക്കളോടുകൂടിവന്ന് സോമംപാനം ചെയ്താലും.

## സൂക്തം 61

**ഋഷി ശ്യാവാശ്വൻ ദേവത മരുത്തുക്കൾ ഛന്ദസ് ഗായത്രി, അനുഷ്ടുപ്, ബൃഹതി**

**1. കേ ഷ്ഠാ നരഃ ശ്രേഷ്ഠതമാ യ ഏകഏക ആയയ |**

**പരമസ്യാഃ പരാവതഃ ||**

ഹേ പ്രമുഖനേതാക്കളേ! നിങ്ങൾ ആരാണ്? നിങ്ങൾ അന്തരീക്ഷത്തിൽനിന്നും ഓരോരുത്തരായി ഇങ്ങോട്ടെഴുന്നള്ളിയാലും.

**2. ക്വ വോശ്വാഃ ക്വാഭീശവഃകഥം ശേക കഥാ യയാ |**

**പൃഷ്ഠേ സദോ നസോര്യമഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ കുതിരകൾ എവിടെ? കടിഞ്ഞാണെവിടെ? നിങ്ങളെങ്ങനെ സഞ്ചരിക്കും? അശ്വങ്ങളുടെ പുറത്ത് ജീനിയും, മൂക്കിൽ കയറും കാണുന്നു.

**3. ജഘനേ ചോദ ഏഷാം വിസക്ഥാനി നരോ യമുഃ |**

**പുത്രകൃഥേ ന ജനയഃ ||**

വേഗം നടക്കുന്നതിനുവേി കുതിരകളുടെ ജംഘകളിൽ ചമ്മട്ടി പ്രയോഗിക്കുന്നു. മരുത്തുക്കൾ കുതിരപ്പുറത്ത് കവച്ചിരുന്നുകൊ് അതിവേഗം പായുവാനായി പ്രേരിപ്പിക്കുന്നു.

**4. പരാ വീരാസ ഏതന മര്യാസോ ഭദ്രജാനയഃ |**

**സഗ്നിതപോ യഥാസഥ||**

ഹേ ശത്രുസംഹാരകരേ! വീരൻമാരേ! മനുഷ്യർക്കു മംഗളമേകുന്നവരേ! ഉത്തമജൻമാക്കളേ! മരുത്തുക്കളേ! നിങ്ങൾ അഗ്നിയിൽ ചുട്ടുപഴുത്തതാവ്രപതം പോലെയുള്ള വർണത്തോടുകൂടിയവരായി കാണപ്പെടുന്നു.

**5. സനത്സാശ്വ്യം പശുമുത ഗവ്യം ശതാവയം |**

**ശ്യാവാശ്വസ്തുതായയാദോർവീരായോപബർബൃഹത് ||**

ശ്യാവാശ്വൻ ആരെ സ്തുതിച്ചുവോ, യാതൊരുത്തൻ ധീരനായ തരന്തനെ തൻെറ ബാഹുപാശത്താൽ ബന്ധിച്ചുവോ, ആതരന്തമഹിഷിയായ ശശീയസ്സിനെതന്നെ നമുക്ക് കുതിരകളേയും, ഗോക്കളേയും മറ്റു മൃഗങ്ങളേയും നൽകുന്നു.

**6. ഉതത്വാ സ്ത്രീ ശശീയസീ പുംസോ ഭവതി വസ്യസീ |**

**അദേവത്രാദരാധസഃ ||**

യാതൊരു മനുഷ്യൻ ദേവകളെ ഉപാസിക്കുന്നില്ലയോ, ദാനം ചെയ്യുന്നില്ലയോ, ആ മനുഷ്യനേക്കാൾ ശശീയസിപൂർണ്ണമായും ശ്രേഷ്ഠത തന്നെയാകുന്നു.

**7. വിയാ ജാനാതി ജസുരിം വി തൃഷ്യന്തംവി കാമിനം |**

**ദേവത്രാ കൃണുതേ മനഃ ||**

ആ ശശീയസി ദുഃഖിതരേയും ദാഹിതരേയും ധനത്തെ ഉപാസിക്കുന്നവരേയും അറിയുന്നു. അവൾ ദേവതകളുടെ പ്രീതിയിൽ തൻെറ ബുദ്ധിയെ വ്യാപൃതമാക്കുന്നു.

**8. ഉത ഘാ നേമോ അസ്തുത;പുമാം ഇതി ബ്രുവേ പണിഃ |**
**സ വൈരദേയ ഇത്സമഃ ||**

ശശീയസിയുടെ അർദ്ധാംഗരൂപമായ പതിരന്തനെ സ്തുതിച്ചുകൊ് നാം പറയുന്നു. അവളുടെ സ്തുതി ശരിയായ രീതിയിലായിരുന്നില്ല. അവൾക്ക് ദാനത്തെ സംബന്ധിച്ചിടത്തോളം എല്ലാ സമയങ്ങളും ഒന്നുപോലെതന്നെയായിരുന്നു.

**9. ഉത മേരപദ്യുവതിമമന്ദുഷീ പ്രതി ശ്യാവായ വർതനിം |**
**വി രോഹിതാ പുരുമീളഹായ യേമതുർവിപ്രായ ദീർഘയശസേ ||**

യുവതിയായ ശശീയസി സന്തുഷ്ടയായി ശ്യാവാശ്വന് മാർഗ്ഗം കാണിച്ചുകൊടുത്തിരുന്നു. അവളാൽ നൽകപ്പെട്ട ചെങ്കുതിരകൾ രും നമ്മെ ജ്ഞാനിയും, തേജസ്വിയുമായ പുരുമീഢ്വലത്തെ അടുക്കൽകൊ് ചെല്ലട്ടെ.

**10. യോ മേ ധേനൂനാം ശതം വൈദദശ്വിർയഥാ ദദത് |**
**തരന്തഇവ മംഹനാ ||**

വിദദശ്വന്റെ പുത്രൻ പുരുമീഹലനും തരന്തനെപ്പോലെതന്നെ നമുക്ക് ആറുഗോക്കളേയും മഹത്തായ ഐശ്വര്യത്തേയും പ്രദാനം ചെയ്തിരുന്നു.

**11. യ ഈം വഹന്ത ആശുഭിഃ പിബന്തോ മദിരം മധു |**
**അത്ര ശ്രവാംസി ദധിരേ ||**

ദ്രുതഗാമികളായ അശ്വങ്ങളുടെ മേൽകയറി ഹർഷോദ്പാദകമായ സോമരസം പാനംചെയ്തുകൊ് ഈ സ്ഥലത്തുവന്നുചേർന്ന മരുത്തുക്കൾ ഇവിടെനിന്നും വിവിധരീതിയിലുള്ള സ്തുതികളെ സ്വീകരിക്കുന്നു.

**12. യേഷാം ശ്രിയാധി രോദസീ വിഭ്രാജന്തേ രഥേഷ്വാ |**
**ദിവി രുക്മ ഇവോപരി ||**

ആരുടെ തേജസ്സാൽ ആകാശവും ഭൂമിയും വിശാലമാകുന്നുവോ, മുകളിൽ ദിവ്യലോകത്തിൽ സൂര്യനുസമാനം ആ മരുത്തുക്കൾ രഥത്തിൽ കയറി വിശിഷ്ടമായ തേജസ്സിനെ പ്രാപിക്കുന്നു.

**13. യുവാ സ മാരുതോ ഗണസ്ത്വേഷരഥോ അനേദ്യഃ |**
**ശുഭംയാവാപ്രതിഷ്കുതഃ ||**

മരുത്തുക്കൾ നിത്യയുവാക്കളും, തേജോമയമായ രഥത്തോടുകൂടിയവരും, അനാദ്യക്കും, സുന്ദരഗതിയിൽ ചലിക്കുന്നവരും, ഒരിക്കലും നിൽക്കാത്തവരുമാകുന്നു.

**14. കോ വേദ നൂനമേഷാം യത്രാ മദന്തി ധൂതയഃ |**
**ഋതജാതാ അരേപസഃ ||**

ജലവർഷത്തിനുവേി ജനിച്ചവരും, ശത്രുക്കളെ വിറപ്പിക്കുന്നവരും പാപരഹിതരുമായ മരുത്തുക്കൾ എവിടെനിന്നും, പുഷ്ടിയെ പ്രാപിച്ചുവോ, ആ സ്ഥാനത്തിന്റെ ജ്ഞാതാവാര്?

**15. യൂയം മർതം വിപന്യവഃ പ്രണേതാര ഇത്ഥാ ധിയാ |**
**ശ്രോതാരോ യാമഹൂതിഷു ||**

ഹേ സ്തുതികളെ പ്രിയപ്പെടുന്ന മരുത്തുക്കളേ! ആര് സ്വന്തം കർമ്മങ്ങളാൽ നിങ്ങളെ പ്രസന്നരാക്കുന്നുവോ, അവനെ നിങ്ങൾ സ്വർഗ്ഗലോകങ്ങളിലേക്ക് കൂട്ടിക്കൊുപോകുന്നു. യജ്ഞത്തിലേക്കുള്ള ആഹ്വാനത്തെ നിങ്ങൾ ശ്രവിക്കുന്നു.

**16. തേ നോ വസൂനി കാമ്യാ പുർശ്ചന്ദ്രാ രിശാദസഃ |**
**ആ യജ്ഞിയാസോ വവൃത്തന ||**

ഹേ ശത്രുസംഹാരകരും, പൂജ്യരും ഐശ്വര്യവാൻമാരുമായ മരുത്തുക്കളേ നിങ്ങൾ ഞങ്ങളാഗ്രഹിക്കുന്ന ധനം പ്രദാനം ചെയ്താലും.

**17. ഏതം മേ സ്തോമമൂർമ്യേ ദാർമ്യായ പരാ വഹ |**
**ഗിരോ ദേവി രഥീരിവ ||**

ഹേ രാത്രീദേവീ! ഭവതി ഞങ്ങളുടെ അടുക്കൽനിന്നു മരുത്തുക്കൾക്കായുള്ള സ്തുതികളെ അവരുടെയടുക്കലെത്തിച്ചാലും. ഈ സ്തോത്രങ്ങൾ മരുത്തുക്കൾക്കുള്ളതാണ്.

**18. ഉത മേ വോചതാദിതി സുതസോമേ രഥവീതൗ |**
**ന കാമോ അപ വേതി മേ ||**

ഹേരാത്രീദേവീ! സോമയാഗത്തിന്റെ അവസാനത്തിൽ രഥവീതിയോട് എന്റെ അഭിലാഷങ്ങൾ ഇപ്പോഴും കുറഞ്ഞിട്ടില്ല എന്നു പറഞ്ഞേക്കണം.

**19. ഏഷു ക്ഷേതി രഥവീതിർമഘവാ ഗോമതീരനു |**
**പർവതേഷ്വപശ്രിതഃ ||**

ആ രഥവീതി ഗോമതീതടത്തിൽ വസിക്കുന്നു. അവന്റെ സ്ഥാനം ഹിമയുക്തമായ പർവ്വതത്തിൽ സ്ഥിതിചെയ്യുന്നു.

## സൂക്തം 62

**ഋഷി ശ്രുതവിദാത്രേയൻ ദേവത മിത്രാവരുണൻമാർ ഛന്ദസ് ത്രിഷ്ടുപ്**

**1. ഋതേന ഋതമപിഹിതം ധ്രുവാം വാം സൂര്യസ്യ യത്ര വിമുചന്ത്യശ്വാൻ |**
**ദശ ശതാ സഹ തസ്ഥു സ്തദേകം ദേവാനാം ശ്രേഷ്ഠം വപുഷാമപശ്യം ||**

നാം നിങ്ങളുടെ ആശ്രയഭൂതവും, ജലത്താൽ മറയ്ക്കപ്പെട്ടതും, അനാദികാലീനനും, സത്യസ്വരൂപവുമായ സൂര്യമണ്ഡലത്തെ കാണുന്നു. ആ സ്ഥാനത്ത് അവസ്ഥിതങ്ങളായ കുതിരകളെ സ്തോതാക്കൾ അഴിച്ചുവിടുന്നു. ആ സൂര്യമണ്ഡലത്തിൽ ആയിരക്കണക്കിനു കിരണങ്ങൾ വസിക്കുന്നു. തേജസ്വികളായ അഗ്ന്യാദിദേവകളുടെ മദ്ധ്യേ ഉത്തമമായ സൂര്യമണ്ഡലത്തെ നാം ദർശിച്ചു.

**2. തത്സു വാം മിത്രാവരുണാ മഹിത്വമീർമാ തസ്ഥുഷീരഹഭിർദുദുഹ്രേ |**
**വിശ്വാഃ പിന്വഥഃ സ്വസരസ്യ ധേനാ അനു വാമേകഃ പവിരാ വവർത ||**

ഹേ മിത്രാവരുണാ! നിങ്ങളുടെ മഹിമകൾ അത്യന്തം പ്രശസ്തങ്ങളാണ്. അതുവഴിയായി ഗതിശീലമായ സൂര്യതേജസ്സ് വളരുന്നു. നിങ്ങളുടെ ഏകമായ രഥം അനുക്രമമായി സഞ്ചരിക്കുന്നു.

**3. അധാരയതം പൃഥിവീമുത ദ്യാം മിത്രരാജാനപാ വരുണാ മഹോഭിഃ |**
**വർധയതമോഷധീഃ പിന്വതം ഗാ അവ വൃഷ്ടിം സൃജതം ജീരദാനൂ ||**

ഹേ മിത്രാവരുണാ! സ്തുതിക്കുന്നവനായ യജമാനൻ നിങ്ങളുടെ കൃപയാൽ രാജ്യത്തെ സമ്പാദിക്കുന്നു. നിങ്ങൾ രുപേരും സ്വന്തം പരാക്രമത്താൽ ആകാശത്തേയും ഭൂമിയേയും വഹിക്കുന്നു. ശീഘ്രദാനികളായ മിത്രാവരുണാ! ഔഷധികളുടേയും ഗോക്കളുടേയും വൃദ്ധിക്കായി നിങ്ങൾ ജലത്തെ വർഷിക്കുന്നു.

**4. ആ വാമശ്വാസഃ സുയുജോ വഹന്തു യതരശ്മയ ഉപ യന്ത്വർവാക് |**

**ഘൃതസ്യ നിർണിഗനു വർതതേ വാമുപ സിന്ധവഃ പ്രദിവി ക്ഷരന്തി ||**

ഹേ മിത്രാവരുണാ! നിങ്ങളുടെ അശ്വങ്ങൾ ശരിയാംവണ്ണം രഥത്തിൽ പൂട്ടപ്പെട്ട് നിങ്ങൾ രുപേരേയും വഹിച്ചുകൊ് വരണേ. അവ സാരഥിയുടെ നിയന്ത്രണത്തിൽ ചരിക്കണേ. ജലരൂപം നിങ്ങളെ അനുഗമിക്കുന്നു. നിങ്ങളുടെ കൃപയാൽതന്നെ പ്രാചീനനദികൾ പ്രവഹിക്കുന്നു.

**5. അനു ശ്രുതാമമതിം വർധദുർവീ ബർഹിരിവ യജുഷാ രക്ഷമാണാ |**

**നമസ്വന്താ ധൃനദക്ഷാധി ഗർതേ മിത്രാസാഥേ വരുണേളാസ്വന്തഃ ||**

ഹേ അന്നത്താലും ബലത്താലും യുക്തരായ മിത്രാവരുണാ! നിങ്ങൾ രുപേരും ശരീരത്തിന്റെ തേജസ്സിനെ വളർത്തുന്നു. മന്ത്രങ്ങൾ യജ്ഞത്തെ രക്ഷിക്കുന്നതുപോലെ നിങ്ങൾ ഭൂമിയെ രക്ഷിക്കുന്നു. നിങ്ങൾ രും യജ്ഞസ്ഥാനത്തേക്ക് രഥത്തിൽ കയറിയാലും.

**6. അക്ര വിഹസ്താ സുകൃതേ പരസ്പാ യം ത്രാസാഥേ വരുണേളാസ്വന്തഃ |**

**രാജാന ക്ഷത്രമഹൃണീയമാനാ സഹസ്രസ്ഥൂണം വിഭൃഥഃ സഹ ദ്വൗ ||**

ഹേ മിത്രാവരുണാ! നിങ്ങൾ ആരുടെ യജ്ഞത്തിൽ രക്ഷകരായിരിക്കുന്നുവോ, സ്തോതാവായ ആ യജമാനന് എല്ലാം ധാരാളമായി നൽകുന്നു. നിങ്ങൾ രും ഐശ്വര്യശാലികളും ക്രോധരഹിതരും ആയിരം കാൽമണ്ഡപത്തെ വഹിക്കുന്നവരുമാകുന്നു.

**7. ഹിരണ്യനിർണിഗയോ അസ്യസ്ഥൂണാ വി ഭ്രാജതേ ദിവ്യ ശ്വാജനീവ |**

**ഭദ്രേ ക്ഷേത്രേ നിമിരാ തില്വിലേ വാ സനേമ മധ്വോ അധിഗർത്യസ്യ ||**

ഇവരുടെ തേരും ആണികളുമെല്ലാം സ്വർണ്ണം കൊുള്ളതാകുന്നു. ഈരഥം അന്തരീക്ഷത്തിൽ ഇടിവാളുപോലെ പ്രകാശിക്കുന്നു. നാം മംഗളസ്ഥാനത്തിൽ സോമരസം സ്ഥാപിക്കുന്നു.

**8. ഹിരണ്യരൂപമുഷസോ വ്യുഷ്ഠാവയഃ സ്ഥൂണമുദിതാ സൂര്യസ്യ |**

**ആ രോഹഥോ വരുണ മിത്ര ഗർതമതശ്ചക്ഷാഥേ അദിതിം ദിതിം ച ||**

ഹേ മിത്രാവരുണാ! നിങ്ങൾ ഉഷകാലത്തിൽ, സൂര്യോദയത്തിൽ യജ്ഞത്തിൽ വരുന്നതിനായി സുവർണ്ണമായമായ രഥത്തിൽ കയറുകളും അഖണ്ഡയായ ഭൂമിയേയും അങ്ങിങ്ങായി ചിതറിക്കിടക്കുന്നപ്രജകളേയും ദർശിക്കൂ.

**9. യദ്വംഹിഷ്ഠം നാതിവിധേ സുദാനൂ അച്ഛിദ്രം ശർമ ഭുവനസ്യ ഗോപാ |**

**തേന നോ മിത്രാവരുണാവവിഷ്ടം സിഷാസന്തോ ജിഗീവാംസഃ സ്യാമ ||**

ഹേ ദാനമയരും, ലോകരക്ഷകരുമായ മിത്രാവരുണൻമാരേ! യാതൊരു സുഖം തകരാത്തതും ഒരിക്കലും ക്ഷയിക്കാത്തതും മഹത്തുമായിരിക്കുന്നുവോ, ആ സുഖത്തെ നിങ്ങൾ വഹിച്ചിരിക്കുന്നു. ആ സുഖത്താൽതന്നെ ഞങ്ങളെ പാലിക്കണമേ. ഞങ്ങൾ ഇച്ഛിക്കുന്ന ധനംപ്രാപിക്കുകയും ശത്രുക്കളെ വിജയിയാക്കുകയും ചെയ്യണേ.

## സൂക്തം 63

**ഋഷി അത്രേയൻ അർച്ചനാനസ്സ് ദേവത മിത്രാവരുണൻ ഛന്ദസ് ജഗതി**

**1. ഋതസ്യ ഗോപാവധി തിഷ്ഠഥോ രഥം സത്യധർമാണാ പരമേ വ്യോമനി |**

**യമത്ര മിത്രാവരുണാവഥോ യുവം തസ്മൈ വൃഷ്ടിർമധുമത്പിന്വതേ ദിവഃ ||**

ജലരക്ഷകരും, സത്യധർമ്മപാലകരുമായ മിത്രാവരുണാ നിങ്ങൾ യജ്ഞത്തിലേക്കുവരുന്നതിനായി പള്ളിരഥത്തിൽ കയറുന്നു. ഈ യജ്ഞത്തിൽ നിങ്ങൾ ആരെ രക്ഷിക്കുന്നുവോ, അ യജമാനനുവേി ആകാശത്തുനിന്നും മധുരജലം വർഷിക്കുന്നു.

**2. സമ്രാജാവസ്യ ഭുവനസ്യ രാജഥോ മിത്രാവരുണാ വിദഥേ സ്വർദൃശാ |**

**വൃഷ്ടിം വാം രാധോ അമൃതത്വമീമഹേ ദ്യാവാപൃഥിവീ വി ചരന്തി തന്യവഃ ||**

സ്വർഗ്ഗദ്രഷ്ടാക്കളായ മിത്രാവരുണാ! ഈ യജ്ഞത്തിൽ വിരാജിതരായി നിങ്ങൾ വിശ്വത്തെ ഭരിക്കുന്നു. നാം നിങ്ങളിൽനിന്നും വർഷരൂപമാകുന്ന അന്നവും, ദിവ്യങ്ങളായ ഐശ്വര്യങ്ങളും യാചിക്കുന്നു. നിങ്ങൾ രുപേരുടേയും മഹത്തായ കിരണങ്ങൾ ആകാശത്തിന്റെയും ഭൂമിയുടേയും ഇടയിൽക്കൂടി സഞ്ചരിക്കുന്നു.

**3. സമ്രാജാ ഉഗ്രാ വൃഷഭാ ദിവസ്പതീ പൃഥിവ്യാ മിത്രാവരുണാ വിചർഷണീ |**

**ചിത്രേഭിരഭ്രൈരുപ തിഷ്ഠഥോ രവം ദ്യാം വർഷയഥോ അസുരസ്യ മായയാ ||**

ഹേ മിത്രാവരുണാ! നിങ്ങൾ അത്യന്തം സുശോഭിതരും ജലവർഷകരും പരാക്രമികളും ആകാശഭൂമികളുടെ നാഥൻമാരും സർവദ്രഷ്ടുക്കളുമാണ്. അത്ഭുതരൂപരായ മേഘങ്ങളോടുകൂടി സ്തോത്രങ്ങൾ ശ്രവിക്കുന്നതിനായി നിങ്ങൾ ആഗതരാകണേ. പിന്നെ വർഷകാരിയായ പാർജന്യന്റെ ബലത്താൽ ആകാശത്തുനിന്നും ജലത്തെ വർഷിക്കുന്നു.

**4. മായാ വാം മിത്രാവരുണാ ദിവി ശ്രിതോ സൂര്യോ ജ്യോതിശ്ചരതി ചിത്രാമായുധം |**

**തഭ്രേണ വൃഷ്ട്യാ ഗുഹഥോ ദിവി പർജന്യ ദ്രപ്സാ മധുമന്ത ഈരതേ ||**

ഹേ മിത്രാവരുണാ! ജ്യോതിർമയനായ ഭാസ്കരൻ അന്തരീക്ഷത്തിൽ ഭ്രമണം ചെയ്യുമ്പോൾ നിങ്ങൾ രും മായാസ്വർഗ്ഗത്തിൽ വസിക്കുന്നു. നിങ്ങൾ രുപേരുംകൂടി ആകാശത്തിൽ മേഘവും വർഷവും വഴിയായി സൂര്യനെ പരിപാലിക്കുന്നു. ഹേ പാർജന്യാ! മിത്രൻേറയും വരുണൻേറയും പ്രേരണയാൽ മധുരമായമായ ജലധാരകൾ പതിക്കുന്നു.

**5. രകം യുഞ്ജതേ മരുതഃ ശുഭേ സുഖം ശൂരോ ന മിത്രാവരുണാ ഗവിഷ്ടിഷു |**

**രജാംസി ചിത്രാ വിചരന്തി തന്യവോ ദിവഃ സമ്രാജാ പയസാ**

**ന ഉക്ഷതം ||**

ഹേ മിത്രാവരുണാ! യുദ്ധത്തിനായി വീരൻമാർ രഥം അലങ്കരിക്കുന്നതുപോലെ നിങ്ങൾ ഇരുപേരുടേയും സഹായത്തോടുകൂടി വൃഷ്ടിക്കുവേ മരുത്തുക്കൾ തങ്ങളുടെ കല്യാണകാരിയായ രഥത്തെ അലങ്കരിക്കുന്നു. ജലവർഷത്തിനായി മരുത്തുക്കൾ വിഭിന്നലോകങ്ങളിൽ സഞ്ചരിക്കുന്നു. ഹേ ശോഭനീയരായ ദേവൻമാരേ! നിങ്ങൾ മരുത്തുക്കളോടുകൂടി ഞങ്ങളുടെമേൽ ജലത്തെ വർഷിക്കണേ.

**6. വാചം സുമിത്രാവരുണാ വിരാവതീം പർജന്യശ്ചിത്രാം വദതി ത്വിഷീമതിം |**

**അഭ്രാ വസത മരുതഃ സു മായയാ ദ്യാം വർഷയതമരുണാമരേപസം ||**

ഹേ മിത്രാവരുണാ! നിങ്ങൾ ഇരുപേരുടേയും പ്രേരണയോടുകൂടി മേഘങ്ങൾ അന്നത്തെ വളർത്തുന്ന അത്ഭുതഗർജ്ജനം നടത്തുന്നു. മരുത്തുക്കൾ ആ മേഘങ്ങളെ ബുദ്ധിപൂർവം സംരക്ഷിക്കുന്നു. നിങ്ങൾ ഇരുപേരും അവരോടുകൂടി അരുണവർണ്ണവും, പാപരഹിതവുമായ ആകാശത്തുനിന്നും മഴപെയ്യിക്കുന്നു.

**7. ധർമണാ മിത്രാവരുണാ വിപശ്ചിതാ വ്രതാ രക്ഷേഥേ അസുരസ്യ മായയാ |**

**ഋതേന വിശ്വം ഭുവനം വി രാജഥഃ സൂർയമാ ധത്ഥോ ദിവി ചിത്ര്യംരഥം ||**

ജ്ഞാനികളായ മിത്രാവരുണാ! നിങ്ങൾ ഇരും ലോകോപകാരപ്രകാരങ്ങളായ വർഷാദികർമ്മങ്ങൾ വഴിയായി യജ്ഞത്തെ പരിരക്ഷിക്കുന്നു. മഴപെയ്യിക്കുന്ന പാർജന്യൻെറ ശക്തിയാൽ ജലത്തെ ഉജ്ജ്വലമാക്കുന്നു. പൂജനീയനും തേജസിയുമായ സൂര്യനെ നിങ്ങൾ സൂര്യമണ്ഡലത്തിൽ സ്ഥാപിച്ചാലും.

## സൂക്തം 64

**ഋഷി അർച്ചനാനസ്സ് ദേവത മിത്രാവരുണൻ**

**ഛന്ദസ് അനുഷ്ടുപ്, പംക്തി**

**1. വരുണം വോ രിശാദസമൃചാ മിത്രം ഹവാമഹേ |**

**പരി വ്രജേവ വാഹ്വോർജഗന്വാംസാ സ്വർണരം ||**

ഹേ മിത്രാവരുണാ! ഈ മന്ത്രങ്ങൾ വഴിയായി നാം നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങൾ സ്വന്തം ഭുജബലത്താൽ ശത്രുക്കളെ അകറ്റുകയും സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം കാണിച്ചുതരികയും ചെയ്യൂ.

**2. താ ബാഹവാ സുചേതനാ പ്ര യന്തതസ്മ അർചതേ |**

**ശേവം ഹി ജാർയം വാ വിശ്വാസുക്ഷാസു ജോഗുവേ ||**

ഹേമിത്രാവരുണാ! നിങ്ങൾ ജ്ഞാനികളാണ്. സ്തോതാക്കളായ ഞങ്ങൾക്ക് ഇച്ഛിതമായ ധനത്തെ നിങ്ങൾ ദാനം ചെയ്താലും. ഞങ്ങൾ അഞ്ജലീബദ്ധരായി നിങ്ങളെ ഇരുപേരെയും പ്രണമിക്കുന്നു. നിങ്ങളാൽ നൽകപ്പെട്ട പ്രശംസനീയമായ സുഖം എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു.

**3. യന്നൂനമശ്യാം ഗതിം മിത്രസ്യ യായാം പഥാ |**

**അസ്യ പ്രിയസ്യ ശർമണ്യഹിംസാനസ്യ സശ്ചിരേ ||**

നമുക്കുപോകാം മിത്രനാൽ കാണിക്കപ്പെട്ടമാർഗ്ഗത്തിൽക്കൂടിതന്നെ നമുക്കുപോകാം. അഹിംസകനായ മിത്രൻെറ ശ്രേഷ്ഠമായ മംഗലം നമുക്ക് ഗൃഹത്തിൽ ലഭിക്കണേ.

**4. യുവാഭ്യാം മിത്രാവരുണോപമം ധേയാമൃചാ |**

**യദ്ധ ക്ഷയേ മഘോനാം സ്തോതൄണാം ചസ്പൂർധസേ ||**

ഹേമിത്രാവരുണാ! നിങ്ങൾ ഇരുപേരെയും സ്തുതിച്ചുകൊ്, എല്ലാ സ്തുതികർത്താക്കളും ഞങ്ങളുടെ ധനൈശ്വര്യത്തിൽ ഈർഷ്യാലുക്കളാകത്തക്കവിധമുള്ള ഐശ്വര്യത്തെ ഞങ്ങൾ പ്രാപിക്കും.

**5. ആ നോ മിത്ര സുദീതിഭിർവരുണശ്ച സദസ്ഥ ആ |**

**സ്വേ ക്ഷയേ മഘോനാം സഖീനാം ച വൃധസേ ||**

ഹേ മിത്രാവരുണാ! നിങ്ങൾ മനോഹരമായ തേജസ്സോടുകൂടിയവരായി ഞങ്ങളുടെ യജ്ഞത്തിൽ എഴുന്നള്ളിവന്നാലും. നിങ്ങൾ യജമാനൻെറ ഭവനത്തിലും മിത്രങ്ങളുടെ ഭവനങ്ങളിലും ഐശ്വര്യത്തെ വർദ്ധിപ്പിക്കൂ.

**6. യുവം നോ യേഷു വരുണ ക്ഷത്രം ബൃഹച്ച ബിഭൃഥഃ |**

**ഉരു ണോ വാജസാതയേ കൃതം രായേ സ്വസ്തയേ ||**

ഹേ മിത്രാവരുണാ! ഞങ്ങളുടെ സ്തുതികൾക്കുവേ നിങ്ങൾ അസീമിതമായ അന്നബലത്തെ വഹിക്കുന്നു. നിങ്ങൾ ഇരുപേരും ഞങ്ങൾക്ക് അന്നവും സുഖവും പ്രദാനം ചെയ്യുന്നു.

**7. ഉച്ഛന്ത്യാം മേ യജതാ ദേവക്ഷത്രേ രുശദ്ഗവി |**

**സുതം സോമം ന ഹസ്തിഭിരാ പഡ്ഭിർധാവതം നരാ ബിഭ്രതാവർചനാനസം ||**

ഹേ മിത്രാവരുണാ! ഹേ സ്വാമിൻ! നിങ്ങൾ ഇരുപേരും ഉഷകാലത്തിൽ മനോഹരമായ രശ്മികളോടുകൂടിയ പ്രഭാതവേളയിൽ യജ്ഞഗൃഹത്തിൽ പൂജിക്കപ്പെടുന്നു. ആ ഗൃഹത്തിൽ ഞങ്ങൾ തയ്യാറാക്കിവച്ചിരിക്കുന്നതുനോക്കൂ. നിങ്ങൾ ഇരുപേരും സ്തോതാക്കളുടെമേൽ കൃപയുള്ളവരായി അശ്വാരൂഢരായി അതിവേഗം വന്നാലും.

## സൂക്തം 65

**ഋഷി രാതഹവ്യൻ, അത്രേയൻ ദേവത മിത്രാവരുണൻ**

**ഛന്ദസ് അനുഷ്ടുപ്**

**1. യശ്ചികേത സ സുക്രതുർദേവത്രാ സ ബ്രവീതു നഃ |**

**വരുണോ യസ്യ ദർശതോമിത്രോ വാ വനതേ ഗിരഃ ||**

ഹേ മിത്രാവരുണാ! ആര് ദേവകളിൽ നിങ്ങൾ ഇരുപേരുടെയും സ്തോത്രങ്ങളെ അറിയുന്നുവോ, അവൻ ഉത്തമങ്ങളായ അനുഷ്ഠാനങ്ങളോടുകൂടിയവനാകുന്നു. സൽകർമ്മവാനായ ആ സ്തോതാവ് നമുക്ക് സ്തുതികൾ പറഞ്ഞുതരണേ. ആ സ്തുതികളെ സുന്ദരരൂപരായ മിത്രവരുണൻമാർ സ്വീകരിക്കണേ.

**2. താ ഹി ശ്രേഷ്ഠവർചസാ രാജാനാ ദീർഘശ്രുത്തമാ |**

**താ സത്പതീ ഋതാവൃധ ഋതവാനാ ജനേജനേ ||**

മഹാ തേജസ്വികളും, ഈശ്വരരൂപരുമായ മിത്രനും വരുണനും വിദൂരത്താണെങ്കിലും നമ്മുടെ ആഹ്വാനത്തെ ശ്രവിക്കുന്നു. യജമാനൻമാരുടെ ഈശ്വരനും യജ്ഞത്തെ സംരക്ഷിക്കുന്നവരുമായ ഈ ഇരു ദേവൻമാരും യജമാനൻമാർക്കുവേ മാത്രം ഗുണത്തിനായി ചുറ്റിസഞ്ചരിക്കുന്നു.

**3. താ വാമിയാനോവസേപൂർവാ ഉപ ബ്രുവേ സചാ |**

**സുശ്വാസഃ സുചേതനാ വാജാം അഭി പ്ര ദാവനേ ||**

ഹേ മിത്രാവരുണാ! നിങ്ങൾ പ്രാചീനരാകുന്നു. ഞങ്ങൾ നിങ്ങളുടെ മുമ്പിൽ ഉപിതരായി ഞങ്ങളുടെ രക്ഷയ്ക്കായി നിങ്ങൾക്ക് പൂജ നടത്തുന്നു. ഞങ്ങൾ ദ്രുതഗാമികളായ അശ്വങ്ങളോടുകൂടിയ

നിങ്ങളെ അന്നത്തിനുവേി സ്തുതിക്കുന്നു.

**4. മിത്രോ അംഹോശ്ചിദാദുരു ക്ഷയായ ഗാതും വനതേ |**

**മിത്രസ്യ ഹി പ്രതൂർവതഃ സുമതിരസ്തി വിധതഃ ||**

മിത്രദേവൻ അധമനായ സ്തോതാവിനും ഉത്തമമായ ഭവനത്തിൽ വസിക്കുവാനുള്ള ഉപായം പറഞ്ഞുകൊടുക്കുന്നു. ഹിംസാസ്വഭാവത്തോടുകൂടിയവൻ അവനെ പ്രീതിപ്പെടുത്തുകയാണെങ്കിൽ അവനും നൻമ പ്രദാനം ചെയ്യുന്നു.

**5. വയം മിത്രസ്യാവസി സ്യാമ സപ്രഥസ്തമേ |**

**അനേഹസസ്ത്വോതയഃ സത്രാ വരുണശേഷസഃ ||**

ദുഃഖനിവാരണം വരുത്തുന്ന മിത്രദേവൻെറ മഹാരക്ഷയെ യജമാനൻമാരായ നമുക്ക് പ്രാപിക്കുവാൻ കഴിയും. ഹേ മിത്രാ! ഞങ്ങൾ നീമൂലം പാപങ്ങളിൽനിന്നും രക്ഷപ്പെട്ട് നിൻെറ സഹായത്തോടുകൂടി ഒരു ക്ഷണത്തേക്കെങ്കിലും വരുണൻെറ പ്രജാരൂപമായിഭവിക്കണേ.

**6. യുവം മിത്രേമം ജനം യതഥഃ സം ച നയഥഃ |**

**മാ മഘോനഃപരിഖ്യതം മോ അസ്മാകമൃഷീണാം ഗോപീഥേ ന ഉരുഷ്യതം ||**

ഹേ മിത്രാ! വരുണാ! സ്തോതാക്കളായ ഞങ്ങൾ നിങ്ങളെ സ്തുതിക്കുന്നു. നിങ്ങൾ ഞങ്ങളുടെ സമീപത്തേക്കെഴുന്നള്ളണേ. ഇവിടെ ആഗതരായി ഞങ്ങൾക്കെല്ലാ വസ്തുക്കളും കിട്ടുമാറാകണമേ. ഹേ മിത്രാവരുണാ! നാം അന്നത്തിൻെറ സ്വാമിയാകുന്നു. നിങ്ങൾ ഞങ്ങളെ ത്യജിക്കരുതേ. ഞങ്ങളുടെ പുത്രൻമാരിൽനിന്നും വിമുഖരാകരുതേ. ഞങ്ങളുടെ സോമയാഗത്തിൽ നിങ്ങൾ രുപേരും എല്ലാപ്രകാരത്തിലും ഞങ്ങളുടെ രക്ഷകൻമാരാകേണമേ.

## സൂക്തം 66

**ഋഷി രാതഹവ്യൻ ദേവൻ തുത്രിവരുണൻ ഛന്ദസ് അനുഷ്ടുപ്പ്**

**1. ആ ചികിതാനു സുകതൂ ദേവാ മർത രിശാദസാ |**

**വരുണായ ഋതപേശസേ ദധീത പ്രയസേ മഹേ ||**

ഹേ സ്തുതിക്കുന്ന അറിയുന്ന മനുഷ്യരേ! ശത്രുക്കളെ സംഹരിക്കുന്നവരും, അനേകം സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമായ രുദേവതകളേയും ആഹ്വാനം ചെയ്യുവിൻ ഹവിസ്സ്രൂപമായ അന്നവും, രസവും, പൂജ്യനായ വരുണനു സമർപ്പിക്കൂ.

**2. താ ഹി ക്ഷത്രമവിഹ്രുതം സമ്യഗസുര്യ മാശാതേ |**

**അധ വ്രതേവ മാനുഷം സ്വർണധായിദർശതം ||**

നിങ്ങൾ രുപേരുടേയും പരാക്രമം ഒരിക്കലും നശിക്കാത്തതും, രാക്ഷസൻമാരെ സംഹരിക്കുന്നതും ആകുന്നു. സൂര്യൻ അന്തരീക്ഷത്തിൽ പ്രകാശിക്കുന്നതുപോലെ നിങ്ങളുടെ ബലം യജ്ഞസ്ഥാനത്തു വെട്ടിത്തിളങ്ങുന്നു.

**3. താ വാമേഷേ രഥാനാമുർവീ ഗവ്യുതീമേഷാം |**

**രാതഹവ്യസ്യ സുഷ്ടുതിം ദധ്യക്സ്തോമൈർമനാമഹേ ||**

ഹേ മിത്രാവരുണാ! ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥരായ നിങ്ങൾ ഞങ്ങളുടെ ഈ രഥത്തിൻെറ മുമ്പിൽ മാർഗ്ഗരക്ഷയ്ക്കുവേി ചരിക്കുന്നു. ആ സമയം നിങ്ങൾ രുപേരെയും ഞങ്ങൾ സ്തുതിക്കുന്നു.

**4. അധാ ഹി കാവ്യാ യുവം ദക്ഷസ്യ പൂർഭിരദ്ഭുതാ |**

**നി കേതുനാ ജനാനാം ചികേഥേ പൂതദക്ഷസാ ||**

ഹേ സ്തുത്യർഹനും മഹാബലിഷ്ഠരും ആയ ദേവകളേ ഞങ്ങളുടെ സ്തുതികളാൽ നിങ്ങൾ രുപേരും അത്ഭുതരായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങൾ രുപേരും സ്നേഹയുക്തമായ ഹൃദയത്തോടുകൂടി ഞങ്ങളുടെ സ്തവനങ്ങളെ സ്വീകരിക്കുന്നു.

**5. തദൃതം പൃഥിവീ ബൃഹച്ഛ്റവ ഏഷ ഋഷീണാം |**

**ജ്രയസാനാവരം പൃഥ്വതി ക്ഷരന്തി യാമഭിഃ ||**

ഹേ ഭൂമീദേവി! ഋഷിമാരായ ഞങ്ങളുടെ അഭീഷ്ടസാധനകൾക്കുവേി ഭവതിയുടെ മേൽജലത്തെ സ്ഥാപിക്കുന്നു. ഗതിമാൻമാരായ ആ രുദേവകളും തങ്ങളുടെ നിയമവും ഗതിയും വഴിയായി വളരെ ജലം വർഷിക്കുന്നു.

**6. ആ യദ്വാമീയചക്ഷസാ മിത്ര വയം ച സൂരയഃ |**

**വ്യചിഷ്ഠേ ബഹുപായ്യേ യതേമഹി സ്വരാജ്യേ ||**

ഹേ മിത്രാവരുണാ! നിങ്ങൾ ദൂരദർശികളാകുന്നു. സ്തുതിക്കുന്നവരായ ഞങ്ങൾ നിങ്ങൾ രുപേരേയും വിളിക്കുന്നു. നിങ്ങൾ നിങ്ങളുടെ അനേകരാൽ പുകഴ്ത്തപ്പെടുന്ന കൃപയെ പ്രാപിക്കണേ.

## സൂക്തം 67

**ഋഷി ആത്രേയൻ, യജരുതൻ ദേവത മിത്രാവരുണൻ ഛന്ദസ് അനുഷ്ടുപ്പ്**

**1. ബളിത്ഥാ ദേവാ നിഷ്കൃതമാദിത്യാ യജതം ബൃഹത്|**

**വരുണാ മിത്രാര്യമന്വർഷിഷ്ഠം ക്ഷത്രമാഗാഥേ ||**

ഹേ അദിതിപുത്രൻമാരേ! മിത്രാ, വരുണാ, അര്യമാ നിങ്ങളെല്ലാവരും യജനയോഗ്യരും മഹാബലിശാലികളും അത്യന്തം ക്ഷമതയുക്തരാകുന്നു.

**2. ആ യദ്യോനിം ഹിരണ്യയം വരുണ മിത്ര സദഥഃ |**

**ധർതാരാ ചർഷണീനാം യന്തം സുമ്നം രിശാദസാ ||**

ഹേ മിതാവരുണാ! നിങ്ങൾ മനുഷ്യരെ രക്ഷിക്കുന്നവരും ശത്രുക്കളെ നശിപ്പിക്കുന്നവരുമാണല്ലോ. നിങ്ങൾ മനോഹരമായ ഈ യജ്ഞവേദിയിൽ ആഗതരാകുമ്പോൾ ഞങ്ങൾക്ക് മംഗളമരുളുന്നു.

**3. വിശ്വേ ഹി വിശ്വവേദസോ വരുണോ മിത്രോ അര്യമാ |**

**വ്രതാ പദേവ സശ്ചിരേ പാന്തി മർത്യം രിഷഃ ||**

എല്ലാമറിയുന്നവരായ മിത്രനും വരുണനും അർയമാവും അവരവർക്കനുരൂപമായി നമ്മുടെ ഈ യാഗവേദിയിൽ വിരാജിതരാകുകയും ഹിംസകരും പാപികളുമായ അസുരൻമാരിൽനിന്നും മനുഷ്യരെ രക്ഷിക്കുകയും ചെയ്യുന്നു.

**4. തേ ഹി സത്യാ ഋതസ്പൃശ ഋതാവാനോ ജനേജനേ |**

**സുനീഥാസഃ സുദാനവോഹോശ്ചിദുരുചക്രയഃ ||**

ആ മിത്രാവരുണൻമാർ സത്യമാർഗ്ഗത്തെ കാണിക്കുന്നവരും, ജലത്തെ വർഷിക്കുന്നവരും, യജ്ഞത്തെ സംരക്ഷിക്കുന്നവരും ആകുന്നു. അവർ ഓരോമനുഷ്യർക്കും സത്യമാർഗ്ഗം കാണിക്കുകയും ധനം നൽകുകയും ചെയ്യുന്നു. അവർ അധഃകൃതവർഗ്ഗത്തിൽപ്പെട്ട സ്തോതാക്കൾക്കും ഐശ്വര്യം ദാനം ചെയ്യുന്നു.

**5. കോ നു വാം മിത്രാസ്തുതോ വരുണോ വാ തന്തനാം |**

**തത്സു വാമേഷതേ മതിരത്രിഭ്യ ഏഷതേ മതിഃ ||**

ഹേ മിത്രാവരുണാ! നിങ്ങൾ ഞങ്ങളാൽ സ്തുതിക്കപ്പെടുമ്പോൾ സ്തുതിക്കാത്തവരായി മറ്റാരാണുള്ളത്? അതായത് നിങ്ങൾ രും സ്തുത്യർഹർതന്നെയാകുന്നു. അൽപബുദ്ധികളായ അത്രിവംശീയ സ്തോതാക്കൾ നിങ്ങളെ സ്തുതിക്കുന്നു.

## സൂക്തം 68

**ഋഷി ആത്രേയൻ യജതൻദേവത മിത്രാവരുണൻ**

**ഛന്ദസ് ഗായത്രി**

**1. പ്ര വോ മിത്രായ ഗായത വരുണായ വിപാ ഗിരാ |**

**മഹിക്ഷത്രാവൃതം ബൃഹത് ||**

ഹേ ഋത്വിക്കുകളേ! നിങ്ങൾ മിത്രാവരുണൻമാരെ വഴിയാംവണ്ണം സ്തുതിക്കുവിൻ. ഹേ മഹാപരാക്രമികളായ മിത്രാവരുണാ! നിങ്ങൾ രുപേരും ഞങ്ങളുടെ ശ്രേഷ്ഠമായ ഈ മഹായജ്ഞത്തിൽ ആഗതരായാലും.

**2. സാമ്രാജാ യാ ഘൃതയോനീ മിത്രശ്ചോഭാ വരുണശ്ച |**

**ദേവാ ദേവേഷു പ്രശസ്താ ||**

മിത്രനും വരുണനും എല്ലാത്തിൻേറയും അധീശ്വരൻമാരും ജലത്തെ സൃഷ്ടിക്കുന്നവരും, തേജസ്വികളും ദേവതകളിൽ അത്യന്തം സ്തുത്യർഹരും ആകുന്നു. ഹേ ഋത്വിജൻമാരേ! അവർ രുപേരേയും പരിചരിക്കുവിൻ.

**3. താ നഃ ശക്തം പാർഥിവസ്യ മഹോ രായോ ദിവ്യസ്യ |**

**മഹി വാം ക്ഷത്രം ദേവേഷു ||**

ആ രുദേവകളും നമുക്ക് പാർഥിവങ്ങളും ദിവ്യങ്ങളുമായ ഐശ്വര്യം പ്രദാനം ചെയ്യുന്നവരാകുന്നു. മിത്രാ! വരുണാ! നിങ്ങൾ പ്രശംസിതരും പരാക്രമികളും ദേവകളിൽ പ്രസിദ്ധരുമാണ്. ഞങ്ങൾ ആ പാരക്രമത്തെ പാടി സ്തുതിക്കുന്നു.

**4. ഋതമൃതേന സപന്തേഷിരം ദക്ഷമാശാതേ |**

**അദ്രുഹാ ദേവൗ വർധേതേ ||**

അവർ ജലംവഴിയായി യജ്ഞത്തെ സ്പർശിച്ചുകൊ് യജമാനനെ സമ്പന്നനാക്കുന്നു. ഹേ മിത്രാവരുണാ! നിങ്ങൾക്ക് യാതൊരു ശത്രുക്കളുമില്ല. നിങ്ങൾ മഹോന്നതൻമാരാണല്ലോ.

**5. വൃഷ്ടിദ്യാവാ രീത്യാപേഷസ്പതീ ദാനുമത്യാഃ |**

**ബൃഹന്തം ഗർതമാശാതേ ||**

ഇവർ രുപേരുടേയും പ്രേരണയാൽ അന്തരീക്ഷം ജലത്തെ വർഷിക്കുന്നു. അവർ രും ഇഛിതങ്ങളായ ഫലങ്ങളെ നൽകുന്നവരും, വൃഷ്ടിദായകരുമായതുകാരണം അന്നത്തിൻെറ ഉൽപ്പാദകരും ആകുന്നു. അവർ ദാനികളായ മനുഷ്യരെ സദാ അനുഗ്രഹിക്കുന്നു. ആ രു ദേവകളും മിത്രനും വരുണനും യജ്ഞത്തിൽ വരുന്നതിനുവേി രഥത്തിൽ കയറുന്നു.

## സൂക്തം 69

**ഋഷി രാത്രേയൻ, ഉരുചക്രി ദേവത മിത്രാവരുണൻ**

**ഛന്ദസ് ത്രിഷ്ടുപ്**

**1. ത്രീ രോചനാ വരുണത്രീരുത ദ്യൂന്ത്രീണി മിത്ര ധാരയഥോ രജാംസി |**

**വാവൃധാനാവമതിം ക്ഷത്രിയസ്യാനു വ്രതം രക്ഷമാണാവജൂര്യം ||**

ഹേ മിത്രാവരുണാ! നിങ്ങൾ ദിവ്യങ്ങളായ ത്രിലോകങ്ങളെ താങ്ങിനിർത്തുന്നു. നിങ്ങൾ അന്തരീക്ഷത്രയത്തേയും, ഭൂമണ്ഡലത്രയത്തേയും വഹിക്കുന്നവരാകുന്നു. നിങ്ങൾ രുപേരും യജമാനൻെറ ക്ഷാത്രകർമ്മത്തെ സദാ രക്ഷിച്ചുകൊിരിക്കുന്നു.

**2. ഇരാവതീർവരുണ ധേനവോ വാം മധുമദ്വാം സിന്ധവോ മിത്ര ദുഹ്രേ |**

**ത്രയസ്തസ്ഥുർവൃഷഭാസസ്തിസൃണാം ധിഷണാനാം രേതോധാ വി ദ്യുമന്തഃ ||**

ഹേ മിത്രാവരുണാ! നിങ്ങളുടെ പ്രേരണയാൽതന്നെ ഗോക്കൾപാൽ നൽകുന്നു. നിങ്ങളുടെ പ്രേരണയാൽതന്നെ മേഘങ്ങൾ ജലത്തെ പ്രദാനം ചെയ്യുന്നു. നിങ്ങളുടെ പ്രേരണയാൽതന്നെ ജലത്തെ വഹിക്കുന്ന ജലധാരാകരും അഗ്നി, വായു, സൂര്യൻ എന്ന മൂന്നുദേവതകളും ഭൂമിയുടെയും അന്തരീക്ഷത്തിൻെറയും സൂര്യമണ്ഡലത്തിൻേറയും അധിപതിരൂപത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു.

**3. പ്രാതർദേവീമദിതിം ജോഹവീമി മധ്യന്ദിന ഉദിതാ സൂര്യസ്യ |**

**രായേ മിത്രാവരുണാ സർവതാതേളേ തോകായ തനയായ ശം യോഃ ||**

പ്രഭാതസവനത്തിലും ദിവസത്തിൻെറ മധ്യസവനത്തിലും ഋഷിഗണങ്ങളായ ഞങ്ങൾ ദേവതകളുടെ തേജസ്വിനിയായ മാതാവ് അദിതിയെ ആഹ്വാനം ചെയ്യുന്നു. ഹേ മിത്രാവരുണാ! ഞങ്ങൾ ധനപുത്ര പൗത്രാദിലാഭങ്ങൾക്കും അനിഷ്ടങ്ങൾ നശിക്കുന്നതിനുമായും നിങ്ങളിരുവരേയും ഈ യജ്ഞത്തിൽ സ്തുതിക്കുന്നു.

**4. യാ ധർതാരാ രജസോ രോചനസ്യോതാദിത്യാ ദിവ്യാ പാർഥിവസ്യ |**

**ന വാം ദേവാ അമൃതാ ആ മിനന്തി വ്രതാനി മിത്രാവരുണാ ധ്രുവാണി ||**

ഹേ സൗരയൂഥത്തിൽ ഉത്ഭവിച്ച അദിതിപുത്രൻമാരേ! നിങ്ങൾ രുപേരുംകൂടിയാണ് സ്വർഗ്ഗത്തേയും ഭൂമിയേയും താങ്ങിനിർത്തുന്നത്. ഞങ്ങൾ നിങ്ങളെ സ്തുതിക്കുന്നു. ഹേ മിത്രാവരുണാ! നിങ്ങളുടെ കർമ്മങ്ങൾ സദാനിൽക്കുന്നവയാണ്. അവയെ നശിപ്പിക്കുന്നതിന് ഇന്ദ്രാദിദേവൻമാർക്കും സാധ്യമല്ല.

## സൂക്തം 70

**ഋഷി ഉരുചരാത്രേയൻ ദേവത മിത്രാവരുണൻ**

**ഛന്ദസ് ഗായത്രി**

**1. പുരൂരുണാ ചിദസ്ത്യവോ നൂനം വാം വരുണ |**

**മിത്ര വംസി വാം സുമതിം ||**

ഹേ മിത്രാവരുണാ നിങ്ങളുടെ രക്ഷാസാധനങ്ങൾ അത്യന്തം ദൃഢങ്ങൾതന്നെയാകുന്നു. ഞങ്ങൾ നിങ്ങളുടെ കൃപാബുദ്ധിയെ യാചിക്കുന്നു.

**2. താ വാം സമ്യഗദ്രുഹ്വാണേഷമശ്യാമധായസേ |**

**വയം തേ രുദ്രാ സ്യാമ ||**

ഹേ ദേവൻമാരേ! നിങ്ങൾ ദ്രോഹരഹിതരാണല്ലോ. നിങ്ങളിൽക്കൂടി ഞങ്ങൾ സ്വന്തം ഭോജനത്തെ പ്രാപിക്കണേ. ഹേ രുദ്രാ! ഞങ്ങൾ നിന്നെ തന്നെ സ്തുതിക്കുന്നു. ഞങ്ങൾ നിൻെറ സേവകർ തന്നെയാണ് ഞങ്ങൾ സമൃദ്ധി പ്രാപിക്കണേ.

**3. പാതം നോ രുദ്രാ പായുഭിരുത ത്രായേഥാം സുത്രാത്രാ |**

**തുര്യാമ ദസ്യൂന്തനൂഭിഃ ||**

ഹേ ദേവൻമാരേ! നിങ്ങളുടെ രക്ഷാസാധനങ്ങളാൽ ഞങ്ങളെ രക്ഷിച്ചാലും. നിങ്ങളുടെ മഹത്തായ ആശ്രയത്തിൽ ഞങ്ങളെ

പാലിച്ചാലും. ഞങ്ങൾ അഭീഷ്ടങ്ങളെ പ്രാപിക്കണേ. ഞങ്ങളുടെ അനിഷ്ടങ്ങൾ അകന്നുപോകട്ടെ. ഞങ്ങൾ സ്വയമായോ അഥവാ പുത്രൻമാരാലോ ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥരാകണേ.

**4. മാ ക സ്യാദ്ഭുതാ ക്രതൂ യക്ഷം ഭുജേമത തനൂഭിഃ |**

**ശേഷസാ മാ തനസാ ||**

ഹേ അത്ഭുതകർമ്മാക്കളായ മിത്രാവരുണൻമാരേ! ഞങ്ങൾ മറ്റാരുടേയും ധനത്തെ ഉപഭോഗം ചെയ്യുന്നില്ല. ഞങ്ങളും ഞങ്ങളുടെ സന്താനങ്ങളും കുടുംബിനികളും മറ്റാരുടേയും ധനത്താൽ ഉപജീവിക്കുന്നില്ല. അതായത് ഞങ്ങൾ നിങ്ങളുടെ കൃപയാൽ പ്രാപിച്ച ധനത്താൽമാത്രം സന്തുഷ്ടരായി ജീവിക്കുന്നു.

## സൂക്തം 71

**ഋഷി ആത്രേയൻ ബാഹുവൃക്തൻ ദേവത മിത്രാവരുണൻ ഛന്ദസ് ഗായത്രി**

**1. ആ നോ ഗന്തം രിശാദസാ വരുണ മിത്രബർഹണാ |**

**ഉപേമം ചാരുമധ്വരം ||**

ഹേ മിത്രാവരുണാ! നിങ്ങൾ രുപേരും ശത്രുക്കളെ നശിപ്പിക്കുന്നവരാകുന്നു. ഞങ്ങളുടെ യജ്ഞത്തിൽ ഹിംസനടക്കുന്നില്ല. നിങ്ങൾ രുപേരും ഈ യാഗത്തിൽ എഴുന്നള്ളണേ.

**2. വിശ്വസ്യ ഹി പ്രചേതസാ വരുണ മിത്ര രാജഥഃ |**

**ഈശാനാ പിപ്യതം ധിയഃ ||**

ഹേ ജ്ഞാനികളായ മിത്രാവരുണാ! നിങ്ങൾ എല്ലാ മനുഷ്യരുടേയും രക്ഷകരാകുന്നു. നിങ്ങൾ രുപേരും ഞങ്ങളുടെ ഈശ്വരരൂപരാകുന്നു. നിങ്ങൾ ഞങ്ങൾക്ക് ഫലങ്ങൾ നൽകി ഞങ്ങളുടെ കർമ്മങ്ങളെ പൂർണ്ണമാക്കിയാലും.

**3. ഉപ നഃ സുതമാ ഗതം വരുണ മിത്ര ദാശുഷഃ |**

**അസ്യ സോമസ്യ പീതയേ ||**

ഹേ മിത്രാവരുണാ! നിങ്ങൾ പ്രസിദ്ധമായ ഞങ്ങളുടെ സോമരസത്തിനായി വന്നാലും. ഞങ്ങൾ ഹവിസ്സ് പ്രദാനം ചെയ്യുന്നു. ഞങ്ങളുടെ സോമരസം പാനം ചെയ്യുവാൻ ഇങ്ങോട്ടെഴുന്നള്ളണേ.

## സൂക്തം 72

**ഋഷി ബാഹുവൃക്തൻ ദേവത മിത്രാവരുണൻ ഛന്ദസ് ഉഷ്ണിക**

**1. ആ മിത്രേ വരുണേ വയം ഗീർഭിർജുഹുമോ അത്രിവത് |**

**നി ബർഹിഷി സദതം സോമപീതയേ ||**

ഞങ്ങളുടെ മൂലപുരുഷനായ അത്രി എപ്രകാരം നിങ്ങളെ ആഹ്വാനം ചെയ്തിരുന്നുവോ അതേവിധികളോടുകൂടിയ മന്ത്രങ്ങൾ വഴിയായി ഞങ്ങളും നിങ്ങളെ വിളിക്കുന്നു. ആ രു ദേവകളും കുശാസനത്തിരുപവിഷ്ടരായി സോമരസത്തെ സ്വീകരിക്കുന്നു.

**2. വ്രതേന സ്ഥോ ധ്രുവക്ഷേമാ ധർമണാ യാതയജ്ജനാ |**

**നി ബർഹിഷി സദതം സോമപീതയേ ||**

മിത്രനും വരുണനും ജഗത്തിൻെറ ആധാരസ്വരൂപരും സദാസമയവും തങ്ങളുടെ സ്ഥാനങ്ങളിൽ സ്ഥിരമായിരിക്കുന്നവരും ആകുന്നു. യജ്ഞത്തിൽ ഋത്വിക്കുകൾ ഇവർക്ക് ഹവിസ്സ് ദാനം ചെയ്യുന്നു. അതിനാൽ ഈ രു ദേവൻമാരും കുശാസനത്തിൽ വിരാജിക്കണേ.

**3. മിത്രശ്ചനോ വരുണശ്ച ജുഷേതാം യജ്ഞമി ഷ്ടയോ |**

**നി ബർഹിഷി സദതാം സോമപീതയേ ||**

മിത്രനും വരുണനും നമ്മുടെ യജ്ഞത്തിൽ സോത്സാഹം പങ്കുവഹിക്കുകയും, സോമത്തെ സ്വീകരിക്കുന്നതിനുവേി കുശാസനത്തിൽ വിരാജിക്കുവാനും നാം അവരോട് പ്രാർത്ഥിക്കുന്നു.

## അനുവാകം 6 സൂക്തം 73

**ഋഷി അത്രേയൻ പൗരൻ ദേവത അശ്വികൾഛ ന്ദ സ ് അനുഷ്ടുപ്**

**1. യദദ്യ സ്ഥഃ പരാവതി യദൂർവാവത്യശ്വിനാ |**

**യദ്വാ പുരുഭുജാ യദന്തരിക്ഷ ആ ഗതം ||**

ഹേ അശ്വിനികുമാൻമാരേ! നിങ്ങൾ അനേകം യജ്ഞങ്ങളിൽനിന്നും ഹവ്യം സ്വീകരിക്കുന്നു. ഒരുപക്ഷേ നിങ്ങൾ ഈ സമയം വിദൂരമായ സ്വർഗ്ഗത്തിലോ അന്തരീക്ഷത്തിലോ അഥവാ മറ്റേതോ ലോകത്തിലോ ആയിരിക്കാം. എന്നിരുന്നാലും ആ ലോകങ്ങളിൽനിന്നും ഞങ്ങളുടെ ഈ യാഗത്തിലേക്ക് എഴുന്നള്ളിവന്നാലും.

**2. ഇഹത്യാ പുരുഭൂതമാ പുരു ദംസാംസി വിഭൂതാ |**

**വരസ്യാ യാസ്യധ്രിഗുഹുവേ തുവിഷ്ടമാ ഭുജേ ||**

ഹേ അശ്വിനികളേ! നിങ്ങൾ യജമാനൻമാരെ ഉത്സാഹിപ്പിക്കുന്നവരും, വിവിധ അനുഷ്ഠാനങ്ങളെ വഹിക്കുന്നവരും, വരണയോഗ്യരും ശ്രേഷ്ഠമായ ഗതിയോടും കർമ്മങ്ങളോടും കൂടിയവരാകുന്നു. ഞങ്ങള നിങ്ങളെ രക്ഷക്കുവേി വിളിക്കുന്നു. നിങ്ങൾ രുപേരും ഞങ്ങളുടെ യജ്ഞത്തിൽ എഴുന്നള്ളണേ.

**3. ഈർമാന്യദ്വപുഷേ വപുശ്ചക്രം രഥസ്യ യേമഥുഃ |**

**പർയന്യാ സാഹുഷാ യുഗാ മഹന് രജാംസി ദീയഥഃ ||**

ഹേ അശ്വിനികളേ! സൂര്യനെ പ്രകാശിപ്പിക്കുന്നതിനുവേി രഥത്തിൻെറ ജ്യോതിർമയമായ ഒരു ചക്രത്തെ നിങ്ങൾ യോജിപ്പിച്ചു. നിങ്ങൾ ആ പരാക്രമത്താൽ ജീവികൾക്കുവേി രാത്രിയാദികളെ പ്രകടമാക്കുവാൻ മറ്റു ചക്രം വഴിയായി ലോകങ്ങളിൽച്ചുറ്റി സഞ്ചരിച്ചുകൊിരിക്കുന്നു.

**4. തദൂ ഷു വാമേനാ കൃതം വിശ്വാ യദ്വാമനു ഷ്ടവേ |**

**നാനാ ജാതാവ രേപസാ സമസ്മേ ബന്ധുമേയഥുഃ ||**

ഹേ സർവ്വവ്യാപകരായ അശ്വിനികളേ! ഞങ്ങൾ ഏതൊരു സ്തോത്രങ്ങളാൽ നിങ്ങളെ സ്തുതിക്കുന്നുവോ, അവയെ നിങ്ങൾ സ്വീകരിക്കണമേ. ഹേ പാപരഹിതരേ! ഞങ്ങൾക്ക് അസീമിതമായ ധനം നൽകണേ.

**5. ആ യദ്വാം സൂര്യാ രഥം തിഷ്ഠദ്രഘുഷ്യദം സദാ |**

**പരിവാമരുഷാ വയോ ഘൃണാ വരന്ത ആതപഃ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ ഭാര്യാരൂപിണിയായ സൂര്യപുത്രി നിങ്ങളുടെ വേഗമേറിയ രഥത്തിൽ കയറുമ്പോൾ നിങ്ങളുടെ ചുറ്റുപാടും തേജോമയമായ പ്രകാശം വ്യാപിക്കുന്നു.

**6. യുവോരത്രിശ്ചികേതതി നരാ സുമ്നേന ചേതസാ |**

**ധർമം യദ്വാമരേപസ നാസത്യാസ്നാ ഭുരണ്യതി ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ പിതാവായ അത്രീ നിങ്ങളെ സ്തുതിച്ച് അഗ്നിയുടെ താപത്തെ സഹിക്കുന്നത് യോഗ്യമാണെന്നു കരുതിയപ്പോൾഘ അഗ്നിയുടെ ദാഹകസ്വഭാവം ശമിച്ചതുകാരണം അവൻ നിങ്ങളുടെ ഉപകാരത്തെ സ്മരിച്ചുകൊ് കൃതജ്ഞത പ്രകടിപ്പിച്ചു.

**7. ഉഗ്രോ വാം കകുഹോ യയിഃ ശൃണ്വേ യാമേഷു സന്തനിഃ**

|

യദ്വാം ദംസോഭിരശ്വിനാത്രിർനരാവനർതതി ||

ഉയരമുള്ളതും ഉറപ്പുള്ളതും ഗതിശീലവുമായ നിങ്ങളുടെ രഥം യജ്ഞത്തിൽ പ്രഖ്യാതമാണ്. ഹേ അശ്വിനികളേ! നിങ്ങളുടെ കൃപാപൂർണ്ണമായ കർമ്മത്താൽ ഞങ്ങളുടെ പിതാവായ അത്രിക്ക് മോചനം പ്രാപിക്കുവാൻ കഴിഞ്ഞിരുന്നു.

8. മധ്വ ഊ ഷു മധൂയുവാ രുദ്രാ സിഷക്തി പിപ്യുഷീ |

യത്സമുദ്രാതി പർഷഥഃ പക്വാഃ പൃക്ഷോ ഭരന്ത വാം ||

ഹേ മധുരസോമത്തെ കുടിപ്പിക്കുന്ന ദേവകളേ! ഞങ്ങളുടെ ശക്തങ്ങളായ സ്തുതികൾ നിങ്ങളുടെമേൽ മധുവർഷം ചൊരിയണേ. നിങ്ങൾ അന്തരീക്ഷത്തിൻെറ അതിരുകളെ അതിലംഘിച്ചു കടന്നുപോകുന്നു. പാകം ചെയ്യപ്പെട്ട ഹവിരാന്നം നിങ്ങൾ രുപേർക്കും സുഖം നൽകുന്നതാകുന്നു.

9. സത്യമിദ്വാ ഉ അശ്വിനാ യുവാമാഹുർമയോഭുവ |

താ യാമന്യാമഹൂതമാ യാമന്നാ മൃളയത്തമാ ||

ഹേ അശ്വിനികുമാരൻമാരേ! ജ്ഞാനികൾ നിങ്ങളെ സുഖദായകരെന്നു പറയുന്നു. അത് തീർച്ചയായും സത്യം തന്നെയാണല്ലോ. ഞങ്ങളുടെ യജ്ഞത്തിൽ സുഖം പ്രദാനം ചെയ്യുവാൻ വിളിക്കപ്പെടുമ്പോൾ ഞങ്ങളുടെ അഭിലാഷങ്ങളെ പൂർത്തിയാക്കി ഞങ്ങളെ സുഖികളാക്കിയാലും.

10. ഇമാ ബ്രഹ്മാണി വർധനാശ്വിഭ്യാം സന്തു ശന്തമാ |

യാ തക്ഷാമ രക്ഷാം ഇവാവോചാമ ബ്രഹന്നമഃ ||

കലാകാരനായ ശിൽപി രഥം നിർമ്മിക്കുന്നതുപോലെ ഞങ്ങൾ അശ്വിനികളെ പുഷ്ടിപ്പെടുത്തുന്നതിനായി സ്തുതികളർപ്പിക്കുന്നു. ആ സ്തുതികൾ അവർക്ക് സ്നേഹമയികളാകണേ.

## സൂക്തം 74

ഋഷി ആത്രേയൻ ദേവത അശ്വിനികൾ ഛ ന്ദ സ ് അനുഷ്ടുപ്

1. ക്രഷ്ഠോ ദേവാവശ്വിനാദ്യാ ദിവോ മനാവമൂ |

തച്ഛ്റവഥോവൃഷണസ്വസൂ അത്രീർവാമാവിവാസതിം ||

ഹേ സ്തുത്യർഹരും ധനദാനാദികളും ആയ അശ്വിനികളേ! നിങ്ങൾ രുപേരും ആകാശത്തുനിന്നും ഈ യജ്ഞദിനത്തിൽ ഭൂമിയിൽ ആഗതരായി നിങ്ങൾക്കുവേി പ് അത്രീമഹർഷി പാടിയിരുന്ന സ്തോത്രങ്ങളെ ശ്രവിച്ചാലും.

2. കുഹേ ത്യാ കുഹനുസുശ്രുതാ ദിവി ദേവാ നാസത്യാ |

കുസിമിന്നാ യതഥോ ജനേ കോ വാ നദീനാം സചാ ||

തേജസ്വികളായ അവരെവിടെ? അവർ ഈ യാഗദിനത്തിൽ ആകാശത്തിൻെറ ഏതുഭാഗത്തിരുന്നാണ് സ്തുതികൾ ശ്രവിക്കുന്നത്? ഹേ അശ്വിനികളേ! നിങ്ങൾ ഏത് യജമാനൻെറ അടുക്കലേക്ക്പോകുന്നു? ഏതു സ്തോതാവായ യജമാനനാണ് നിങ്ങളെ സ്തുതിക്കുന്നത്?

3. കം യാഥഃ കം ഹ ഗച്ഛഥഃ കമച്ഛാ യുഞ്ജാഥേ രഥം |

കസ്യ ബ്രഹ്മാണി രണ്യഥോ വയം വാമുശ്മസീഷ്ടയേ ||

ഹേ അശ്വിനികളേ! നിങ്ങളാരുടെ യാഗസ്ഥലത്തേക്ക് പോകുന്നു നിങ്ങൾ ആരോടുചെന്ന് ചേരുന്നു? ആരുടെ മുമ്പിലെത്തുവാനായി നിങ്ങൾ അശ്വങ്ങളെ രഥത്തിൽ പൂട്ടുന്നു? ഏതു സ്തോതാവിൻെറ സ്തോത്രമാണ് നിങ്ങളോടുള്ള ഭക്തി പ്രകടമാക്കുന്നത്? ഞങ്ങൾ നിങ്ങളെ പ്രാപിക്കുവാനാഗ്രഹിക്കുന്നു.

4. പൗരം വിദ്ധ്യൂദപ്രതം പൗര പൗരായ ജിന്വഥഃ |

യദീം ഗൃഭീതതാതയേ സിംഹമിവ ദ്രുഹസ്പദേ ||

ഹേ അശ്വിനികളേ! നിങ്ങൾ ജലവാഹകങ്ങളായ മേഘങ്ങളെ പ്രേരിപ്പിച്ചാലും. നായാട്ടുകാരൻ വനത്തിൽ സിംഹവുമായി പോർനടത്തുന്നതുപോലെ നിങ്ങൾ രുപേരും അനിഷ്ടങ്ങളെ തകർക്കുന്നു.

5. പ്ര ച്യവാനാജ്ജുജൂരുഷോ വവ്രിമത്കം ന മുഞ്ചഥഃ |

യുവാ യദീ കൃഥഃ പുനരാ കാമമൃണ്വേ വധ്വഃ ||

നിങ്ങൾ രുപേരുംകൂടി വാർദ്ധക്യത്താൽ ജീർണ്ണമായി ഭവിച്ച ച്യവനൻെറ പുരാതന ശരീരത്തിൻെറ വിരൂപതയെ കവചംപോലെ ഊരി ദൂരെകളഞ്ഞു. അവന് വീും യൗവ്വനാവസ്ഥയെ നൽകിയപ്പോൾ അവന് സുന്ദരിയായ ഒരുസ്ത്രീയെ ഭാര്യയായി ലഭിച്ചു.

6. അസ്തി ഹി വാമിഹ സ്തോതാ സ്മസി വാം സന്ദൃശി ശ്രിയേ |

നൂ ശ്രുതം മ ആ ഗതമവോഭിർവാജിനീ വസൂ ||

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ രുപേരും സ്തുതികൾ നടത്തപ്പെടുന്ന ഈ യാഗമണ്ഡപത്തിലിരിക്കുന്നു. ഈ സമൃദ്ധിക്കുവേി നിങ്ങളെ ദർശിക്കുവാൻ വരുന്നു. നിങ്ങൾ ഞങ്ങളുടെ ആഹ്വാനത്തെ ഈ ദിനത്തിൽ ശ്രവിക്കേണമേ. നിങ്ങൾ അന്നയുക്തരാണല്ലോ നിങ്ങളുടെ രക്ഷാസാധനങ്ങൾ സഹിതം ഇവിടേയ്ക്കെഴുന്നള്ളിയാലും.

7. കോ വാമദ്യ പുരൂണാമ വവ്നേ മർത്യാനാം |

കോ വിപ്രോ വിപ്രവാഹസാ കോ യജ്ഞൈർവാജിനീവസൂ ||

ഹേ അന്നവാൻമാരായ അശ്വിനികളേ! അസംഖ്യം മരണധർമ്മാക്കളായ പ്രാണികളിൽ ആരാണിന്നു നിങ്ങളെ അധികം സമ്പുഷ്ടരാക്കുന്നത്? ഹേ ജ്ഞാനികളിൽ നമസ്കരിക്കപ്പെടുന്ന അശ്വിനികളേ ഏതുജ്ഞാനിയാണ് നിങ്ങളെ ഏറ്റവുമധികം തൃപ്തിപ്പെടുത്തുന്നത്?

8. ആ വാം രഥോ രഥാനാം യേഷ്ഠോ യാത്വശ്വിനാ |

പു രൂചിദസ്മയുസ്തിര ആങ്ഗൂഷോ മർത്യേഷ്വാ ||

ഹേ അശ്വിനികളേ! മറ്റുള്ള ദേവൻമാരുടെ രഥങ്ങളെയെല്ലാമുപേക്ഷിച്ച് അധികം വേഗത്തിൽ സഞ്ചരിക്കുന്നതും അസംഖ്യം ശത്രുക്കളെ സംഹരിക്കുന്നതും, എല്ലാവരാലും സ്തുതിക്കപ്പെടുന്നതും, ആയ നിങ്ങളുടെ രഥം യജമാനൻമാരായ ഞങ്ങൾക്ക് അനുഗ്രഹങ്ങൾ നൽകിക്കൊ് ഞങ്ങളുടെ ശ്രേഷ്ഠമായ ഈ യാഗവേദിയിലേക്ക് വന്നുചേരണേ.

9. ശമൂ ഷു വാം മധൂയുവാസ്മാകമസ്തു ചർകൃതിഃ |

അർവാചീനാ വിചേതസാ വിഭിഃ ശ്യേനേവ ദീയതം ||

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾക്കുവേി രചിക്കപ്പെട്ട അശ്വിനികളേ നിങ്ങൾ രുപേരും പരുന്തിനേപ്പോലെയെങ്ങും സഞ്ചരിക്കുന്ന ആ രഥത്തിൽ ഞങ്ങളുടെയടുക്കൽ വരുവാൻ കൃപ കാണിക്കണേ.

10. അശ്വിനാ യദ്ധ കഹിം ചിച്ഛുശ്രുയാതമിമ ഹവം |

വസ്വീരു ഷു വാം ഭുജഃ പൃഞ്ചന്തി സു വാം പൃചഃ ||

ഹേ അശ്വിനികളേ! നിങ്ങൾ എവിടെയെങ്കിലുമാകട്ടെ, ഞങ്ങളുടെ ആഹ്വാനങ്ങളെ അവശ്യം ശ്രവിക്കണമേ. നിങ്ങളുടെ അടുക്കലെത്തുവാനിച്ഛിച്ചുകൊ് ഈ ഹവിരാന്നം നിങ്ങൾ

രുപേരെയും പ്രാപിക്കണമേ.

## സൂക്തം 75

**ഋഷി അവസ്യു രാത്രേയൻ ദേവത അശ്വിനികൾ**
**ഛന്ദസ് പംക്തി**

**1. പ്രതി പ്രിയതമം രഥം വൃഷണം വസുവാഹനം |**
**സ്തോതാ വാമശ്വിനാവൃഷിഃ സ്തോമേന പ്രതിഭൂഷതി മാധ്വീ മമ ശ്രുതംഹവം ||**

ഹേ അശ്വിനികളേ! നിങ്ങളെ ആരാധിക്കുന്ന അവസ്യമഹർഷി ഫലദായകവും ധനപൂർണ്ണവുമായ നിങ്ങളുടെ രഥത്തെ അലങ്കരിക്കുന്നു. ഹേ അശ്വിനികളേ! ഞങ്ങളുടെ ആഹ്വാനങ്ങളെ ശ്രവിക്കണമേ.

**2. അത്യായാതമശ്വിനാ തിരോ വിശ്വാ അഹം സനാ |**
**ദസ്രാ ഹിരണ്യവർതനീ സുഷമ്നാ സിന്ധുവാഹസാ മാധ്വീ മമ ശ്രുതം ഹവം ||**

ഹേ അശ്വിനികളേ! നിങ്ങൾ എല്ലാ യജമാനൻമാരെയും കടന്ന് ഇവിടെ വന്നാലും. അങ്ങിനെയെങ്കിൽ ഞങ്ങൾക്ക് എല്ലാവൈരികളെയും വശത്താക്കുവാൻ കഴിയും. ഹേ ശത്രുഹന്താക്കളായ അശ്വിനികളേ! നിങ്ങൾ സ്വർണ്ണരഥത്തിൽ സഞ്ചരിക്കുന്നവരും,മഹാധനികരും, നദികളെ പ്രവേശിപ്പിക്കുന്നവരുമാണ്. ഞങ്ങളുടെ ആഹ്വാനങ്ങളെ നിങ്ങൾ ശ്രവിച്ചാലും.

**3. ആ നോ രത്നാനി വിഭൂതാവശ്വിനാ ഗഛതം യുവം |**
**രുദ്രാ ഹിരണ്യവർതനി ജൂഷാണാ വാജിനീവസൂ മാധ്വീ മമ ശ്രുതം ഹവം ||**

ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളുടെ രത്നവുമായി വന്നാലും. ഹേ സ്വർണ്ണരഥത്തിൽ സഞ്ചരിക്കുന്നവരും, സ്തുത്യരും, അന്നപൂർണ്ണമായ യജ്ഞത്തിൽ പ്രതിഷ്ഠിതനായ ജ്ഞാനികളായ അശ്വികളേ! നിങ്ങൾ രുപേരും മനോഹരങ്ങളായ ഞങ്ങളുടെ ആഹ്വാനങ്ങൾ ശ്രവിച്ചാലും.

**4. സുഷ്ടുഭോ വാംപൃഷ്വണ്വസു രഥേ വാണീച്യാഹിതാ |**
**ഉത വാംകുകുഹോ മൃഗഃ പൃക്ഷഃ കൃണോതി വാപുഷോ മാധ്വീ മമ ശ്രുതം ഹവം ||**

ഹേ ധനവർഷകരായ അശ്വിനികളേ! നിങ്ങളെ സ്തുതിക്കുന്നവരുടെ സ്തോത്രങ്ങളെ നിങ്ങൾക്കായി ഗാനംചെയ്യപ്പെടുന്നു. നിങ്ങളുടെ യജമാനൻ ഏകാഗ്രചിത്തനായി നിങ്ങൾ രുപേർക്കും ഹവിരാന്നം പ്രദാനം ചെയ്യുന്നു. ഹേ ജ്ഞാനികളേ! നിങ്ങൾ നിങ്ങളുടെ ആഹ്വാനങ്ങൾ ശ്രവിച്ചാലും.

**5. ബോധിൻമനസാ രഥ്യേഷിരാ ഹവനശ്രുതാ |**
**വിഭിശ്ച്യവാന ശ്വിനാമനി യാഥോ അദ്വയാവിനം മാധ്വീ മമ ശ്യതം ഹവം ||**

ഹേ അശ്വിനികളേ! നിങ്ങൾ വിവേകബുദ്ധിയുള്ളവരും, രഥത്തിൽ സഞ്ചരിക്കുന്നവരും, വേഗവാൻമാരും സ്തോത്രങ്ങൾ ശ്രവിക്കുന്നവരും ആണല്ലോ. നിങ്ങൾ രുപേരും നിഷ്കപടഹൃദയനായ ച്യവനമഹർഷിയുടെ അടുക്കൽ അശ്വാരൂഢരായി പോയിരുന്നു. ഹേ ജ്ഞാനികളേ! നിങ്ങൾ ഞങ്ങളുടെ ആഹ്വാനത്തെ ശ്രവിച്ചാലും.

**6. ആ വാം നരാ മനോയുജോശ്വസഃ പൃഷിതപ്സവഃ |**
**വയോ വഹന്തു ഷീതയേ സഹ സുമ്നേഭിരശ്വിനാ മാധ്വീ മമ ശ്രുത ഹവം ||**

ഹേ അശ്വിനികളേ! നിങ്ങളുടെ അശ്വങ്ങൾ സുശിക്ഷിതങ്ങളും ദ്രുതഗാമികളും, അദ്ഭുതരൂപരുമാകുന്നു. ഇവ ഈ യജ്ഞമണ്ഡപത്തിലേക്ക് ശോഭനങ്ങളായ ഐശ്വര്യങ്ങൾ സഹിതം നിങ്ങളെ കൊുവരണേ. ഹേ മധുവിജ്ഞാനവിശാരദരേ! നിങ്ങൾ രുപേരും ഞങ്ങളുടെ ആഹ്വാനത്തെ ശ്രവിക്കണമേ.

**7. അശ്വിനാവേഹ ഗച്ഛതം നാസത്യാ മാ വി വേനതം |**
**തിരശ്ചിദയര്യാ പരി വർതിര്യാതമദാഭ്യാ മാധ്വീ മമ ശ്രുതഹവം ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങളീ യാഗവേദിയിലേക്ക് വന്നാലും. നിങ്ങൾ ഞങ്ങൾക്കെതിരാകരുതേ. ഹേ സ്വാമിൻ! നിങ്ങൾ അജയ്യരാകുന്നു. ഞങ്ങളുടെ യജ്ഞഗൃഹത്തിലേക്കുവരണമേ. ഹേ മനുവിദ്യഅറിയുന്ന അശ്വിനികളേ! നിങ്ങൾ ഞങ്ങളുടെ വിളികേൾക്കണമേ.

**8. അസ്മിന്യജ്ഞേ അദാഭ്യാ ജരിതാരം ശുഭസ്പതീ |**
**അവസ്യമശ്വിനാ യുവം ഗൃണന്തമുപ ഭൂഷതോ മാധ്വീ മമ ശ്രുതം ഹവം ||**

ഹേ അശ്വിനികളേ! നിങ്ങൾ ജലത്തിൻെറ അധീശരാണല്ലോ. നിങ്ങൾ രുപേരും ഈ യജ്ഞഗൃഹത്തിൽ സ്തോവിനെ അനുഗ്രഹിച്ചാലും. മധുരവിദ്യയുടെ ജ്ഞാതാക്കളേ! നിങ്ങൾ ഞങ്ങളുടെ വിളികൾ കേൾക്കുമാറാകണേ.

**9. അഭൂദുഷാ രുശത്പശുരാഗ്നിരധായ്യുജ്ത്വിയഃ |**
**അയോജി വാം വൃഷണ്വസൂ രതോ ദസ്രാവമർത്യോമാധ്വീ മമ ശ്രുതം ഹവം ||**

ഉഷസ്സ് വ്യാപിച്ചുകഴിഞ്ഞു. കാന്തിമതികളായ കിരണങ്ങളോടുകൂടിയ അഗ്നി വേദിയിൽ വരാജിക്കുന്നു. ഹേ ധനവർഷകരും ശത്രുനാശകരുമായ അശ്വിനികളേ! നിങ്ങൾ ഉറപ്പേറിയ രഥത്തിൽ കുതിരകളെ പൂട്ടൂ. ഹേ മധുവിദ്യാവിശാരദരേ നിങ്ങൾ ഞങ്ങളുടെ വിളികൾ കേൾക്കുമാറാകണേ.

## സൂക്തം 76

**ഋഷി അത്രി ദേവത അശ്വിനികൾ ഛ ന്ദ സ ് ത്രിഷ്ടുപ്**

**1. ആ ഭാത്യഗ്നിരുഷസാമനീകമുദ്വിപ്രാണാം ദേവയാ വാചോ അസ്ഥുഃ |**
**അർവാശ്ഞ്ചാ നൂനം രഥ്യേഹ യാതം പീപിവാംസമശ്വിനാ ധർമമച്ഛ ||**

ഉഷക്കാലത്തിൽ ചൈതന്യവാനായ അഗ്നി പ്രകാശിച്ചുകൊിരിക്കുന്നു. ജ്ഞാനികളായ സ്തോതാക്കൾ ദേവതകൾക്കായി സ്തോത്രങ്ങൾ ഉച്ചരിക്കുന്നു. ഹേ രഥനായകൻമാരേ! അശ്വിനികളേ! നിങ്ങളീയാഗശാലയിൽ പ്രത്യക്ഷരായി സോമരസയുക്തമായ യജ്ഞത്തെ പ്രാപിക്കണേ.

**2. ന സംസ്കൃതം പ്രമിമീതോ ഗാമിഷ്ഠാന്തി നൂനമശ്വിനോപസ്തുതേഹ |**
**ദിവാഭിപിത്വേവസാഗമിഷ്ഠാ പ്രത്യവർതിദാശുഷേ ശംഭവിഷ്ഠാ ||**

ഹേ അശ്വിനികുമാൻമാരേ! നിങ്ങൾ ഞങ്ങളുടെ ഈ

സംസ്കാരയുക്തമായ യജ്ഞത്തെ ഹിംസിക്കരുതേ. ഈ യാഗവേദിയിലേക്ക് അതിവേഗം ആഗതരായി സ്തുതികളെ പ്രാപിക്കുവിൻ അത്തത്തിന്നഭാവമുകാതിരിക്കുവാൻ നിങ്ങൾ നിങ്ങളുടെ രക്ഷാസാധനങ്ങളുമായി പ്രഭാതത്തിൽ ആഗതരായാലും. ഹവിസ്സ് ദാതാവായ യജമാനന് നിങ്ങൾ മംഗളമരുളണേ.

**3. ഉതാ യാതം സങ്ഗവേ പ്രാതരഹ്നോ മധ്യന്ദിന ഉദിതാ സൂർയസ്യ |**

**ദിവാ നക്തമവസാ ശന്തമേന നേദാനീം പീതിരശ്വിനാ തതാന ||**

ഹേ അശ്വിനികളേ! നിങ്ങൾ രാത്രിയുടെ അന്ത്യത്തിൽ, പശുക്കളെ കറക്കുന്ന സമയമായ പ്രഭാതത്തിൽ, ആദിത്യനു വളരെയധികം വളർന്നുകഴിയുമ്പോൾ സായാഹ്നത്തിലും രാത്രിയിലും അഥവാ ഏതെങ്കിലും സമയത്തു നിങ്ങളുടെ അനുഗ്രഹദായകങ്ങളായ രക്ഷാസാധനങ്ങളോടുകൂടി ഇവിടെ ആഗതരാകണമേ. അശ്വിനികളെക്കൂടാതെ മറ്റു ദേവകളൊന്നും സോമപാനത്തിനായി ശീഘ്രം വന്നുചേരുന്നില്ല.

**4. ഇദം ഹി വാം പ്രദിവി സ്ഥാനമോക ഇമേ ഗൃഹാ അശ്വിനേദം ദുരോണം |**

**ആനോ ദിവോ ബൃഹതഃ പർവതദാദ്ഭോ യാതമിഷമൂർജം വഹന്താ ||**

ഹേ അശ്വിനികളേ! ഈ ഉത്തരവേദിയിൽ പ്രാചീനകാലം മുതൽക്കേ നിങ്ങൾ വിരാജിതരായിരിക്കുന്നു. ഈ ഭവനങ്ങളെല്ലാം നിങ്ങൾ രുപേരും ജലത്താൽ പരിപൂർണ്ണമായ മേഘങ്ങൾവഴിയായി അന്നത്തോടും പരാക്രമത്തോടുംകൂടി ഞങ്ങളുടെ അടുത്തേക്ക് വന്നാലും.

**5. സമശ്വിനോരവസാ നൂതനേന മയോഭുവാ സുപ്രണീതി ഗമേമ |**

**ആ നോ രംയി വഹതമോത വീരാനാ വിശ്വനാന്യമൃതാ സൗഭഗാനി ||**

അശ്വിനികളുടെ ഉത്തമങ്ങളായ രക്ഷാസാധനങ്ങളോടും, സുഖപൂർണ്ണമായ ആഗമനത്താലും ഞങ്ങൾ സന്തുഷ്ടരാകണേ. ഹേ അമരത്വം പ്രാപിച്ച അശ്വിനികളേ! നിങ്ങൾ ധനവും, സന്താനങ്ങളും, എല്ലാസുഖങ്ങളും ഞങ്ങൾക്ക് തന്നരുളേണമേ.

## സൂക്തം 77

**ഋഷി അത്രേയൻ ഭൗമൻ ദേവത അശ്വികൾഛ ന്ദ സ ് ത്രിഷ്ടുപ്**

**1. പ്രതര്യാവാണാ പ്രഥമാ യജധ്വം പുരാ ഗൃധ്രാദരരുഷഃ പിബാതഃ |**

**പ്രാതർഹീ യജ്ഞമശ്വിനാ ദധാതേ പ്ര ശംസന്തി കവയഃ പൂർവഭാജഃ ||**

ഹേ ഋത്വിക്കുകളേ! അശ്വിനികൾ പ്രഭാതത്തിൽതന്നെ എല്ലാ ദേവകൾക്കും മുമ്പായി വന്നുചേരുന്നു. നിങ്ങളെല്ലാം അവർക്കായി യജ്ഞം നടത്തുവിൻ. അവർ പകലിൻെറ ആരംഭത്തിനുമുമ്പേതന്നെ ഹവിസ്സു സ്വീകരിക്കുന്നു. അവർ പുലരിയിൽതന്നെ യജ്ഞത്തെ വഹിക്കുന്നു. പ്രാചീനമഹർഷിമാർ പ്രഭാതസവനത്തിൽതന്നെ സ്തുതിക്കുന്നു.

**2. പ്രാതര്യജധ്വമശ്വിനാ ഹിനോത ന സായമസ്തി ദേവയാ അജുഷ്ടം |**

**ഉതാന്യോ അസ്മദ്യജതേ വി ചാവഃ പൂർവഃ പൂർവോ യജമാനോ വനീയാൻ ||**

ഹേ മനുഷ്യരേ! പ്രഭാതത്തിൽതനെ അശ്വിനികളേ പൂജിക്കുവിൻ. അവർക്ക് ഹവിസ്സ് നൽകുവിൻ. സായാഹ്നത്തിൽ നൽകപ്പെടുന്ന ഹവിസ്സ് ദേവകളുടെ അടുക്കലെത്തുന്നില്ല. ആ സേവനീയമായ ഹവ്യത്തെ ദേവകൾ സ്വീകരിക്കുന്നില്ല. നമ്മെക്കൂടാതെ യാതൊരു വ്യക്തി സോമം വഴിയായി അവർക്ക് യജ്ഞം നടത്തുകയും, ഹവിസ്സ് നൽകി സന്തുഷ്ടരാക്കുകയും ചെയ്യുന്നുവോ, അതുപോലെതന്നെ യാതൊരുത്തൻ നമുക്ക് മുമ്പായിതന്നെ അവരെ പൂജിക്കുന്നുവോ, അവൻ ദേവകളുടെ പ്രീതിഭാജനമായി ഭാവിക്കുന്നു.

**3. ഹിരണ്യത്വങ് മധുവർണോ ഘൃതസ്നുഃ പൃക്ഷോ വഹന്നാ രഥോ വർതതേ വാം |**

**മനോജവാ അശ്വിനാ വാതരംഹാ യേനാതിയാഥോ ദുരഗാനി വിശ്വാ ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരുടേയും സ്വർണ്ണജഡിതവും സുന്ദരവർണ്ണത്തോടുകൂടിയതും ജലവർഷകവും മനോവേഗത്തോടുകൂടിയതും, വായു സമാനം പായുന്നതും, അന്നത്തെ വഹിക്കുന്നതുമായ രഥം വരുന്നു, നിങ്ങൾ ആ രഥം വഴി ദുർഗ്ഗമങ്ങളായ മാർഗ്ഗങ്ങളെ തരണം ചെയ്യുന്നു.

**4. യോ ഭൂയിഷ്ഠം നാസത്യാഭ്യാ വിവേഷ ചനിഷ്ഠം പിത്വോ രരതേ വിഭാഗേ |**

**സതോകമസ്യ പീപരഛമീഭിരനൂർധ്വഭാസഃ സദമിത്തു തുർയാത് ||**

യാതൊരുത്തൻ അശ്വിനികൾക്കുവേി യജ്ഞത്തിൽ ഹവിസ്സു നൽകുന്നുവോ, അവൻ തൻെറ സന്താനങ്ങളുടെ രക്ഷയെ പ്രാപിക്കുന്നു. യാതൊരുത്തൻ അഗ്നിയെ പ്രദീപ്തമാക്കുന്നില്ലയോ അവൻ കഷ്ടതയെ സഹിക്കേതായവി വരുന്നു.

**5. സമശ്വിനോരവസാ നൂതനേന മയോഭുവാ സുപ്രണീതീ ഗമേമ |**

**ആ നോ രയിം വഹതമോത വീരാനാ വിശ്വാന്യമൃതാ സൗഭഗാനി ||**

നാം അശ്വിനികളുടെ ശ്രേഷ്ഠമായ രക്ഷാസാധനങ്ങളേയും, അവരുടെ ശുഭാഗമനത്തിൽ നിന്നുാകുന്ന സുഖത്തേയും പ്രാപിക്കണേ. ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങൾക്ക് ധനം, സുഖം,സന്താനങ്ങൾ തുടങ്ങിയവയെല്ലാം നൽകേണമേ.

## സൂക്തം 78

**ഋഷി ആത്രേയൻ സപ്തബധ്രി ദേവത അശ്വിനികൾ ഛന്ദസ് അനുഷ്ടുപ്, ത്രിഷ്ടുപ്.**

**1. അശ്വിനാവേഹ ഗഛതം നാസത്യാ മാ വി വേനതം |**

**ഹംസാവിവപതകമാ സുതാം ഉപ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ ഈ യാഗവേദിയിലേക്ക് വരുവിൻ. അരയന്നദ്വയം സ്വഛമായ ജലത്തിന്നടുത്തേക്ക് പോകുന്നതുപോലെ നിങ്ങൾ രുപേരും സോമരസത്തിനടുക്കലേക്ക് എഴുന്നള്ളിയാലും.

**2. അശ്വിനാ ഹരിണാവിവ ഗൗരാവിവാനു യവസം |**

**ഹസാവിവ പതതമാ സുതാം ഉപ ||**

ഹേ അശ്വിനികുമാരൻമാരേ! മാൻപേടകൾ തൃണത്തിനുവേി പായുന്നതുപോലെ, ഹംസദ്വയം സ്വഛമായ ജലത്തിങ്കലേക്ക് വരുന്നതുപോലെ നിങ്ങൾ രുപേരും പിഴിഞ്ഞെടുത്ത സോമനീരിൻെറ അടുക്കലേക്ക് വന്നാലും.

**3. അശ്വിനാ വാജിനീവസു ജുഷേഥാം യജ്ഞമിഷ്ടയേ ഛ**
**ഹംസാവിവ പതതമാ സുതാം ഉപ ||**

ഹേ അശ്വിനികളേ! നിങ്ങൾ അന്നവും, നല്ല വാസസ്ഥാനങ്ങളും നൽകുന്നവരാകുന്നു. അരയന്നദ്വയം സ്വഛമായ ജലത്തിൻെറ അടുത്തേക്കുപോകുന്നതുപോലെ നിങ്ങൾ അശുദ്ധമായ സോമനീരിന്നടുത്തേക്ക് വന്നാലും.

**4. അത്രിർയദ്വാമവരോഹസൃബീസമജോവിന്നാധാമാനേവ യോഷാ |**
**ശ്യേനസ്യ ചിജ്ജവസാ നൂതനേനാഗച്ഛതമശ്വിനാ ശന്തമേനാ ||**

ഹേ അശ്വിനികളേ! ഭാര്യ തൻെറ ഭർത്താവിനെ വിനയംകൊ് സന്തോഷിപ്പിക്കുന്നതുപോലെ ഞങ്ങളുടെ പിതാവായ അത്രി നിങ്ങളെ സ്തുതിച്ചുകൊ് അഗ്നികുണ്ഡത്തിൽനിന്നും രക്ഷപ്രാപിച്ചിരുന്നു. നിങ്ങൾ രുപേരും പരുന്തിൻെറ നവോൽപന്നമായ വേഗത്തിനു തുല്യം വേഗത്തോടുകൂടിയ സുഖപ്രദമായ രഥം വഴിയായി ഞങ്ങളുടെ രക്ഷക്കായി എഴുന്നള്ളിയാലും.

**5. വി ജിഹിഷ്വ വനസ്പതേ യോനിഃ സൂഷ്യന്ത്യാ ഇവ |**
**ശ്രുതം മേ അശ്വിനാ ഹവം സപ്തവധ്രിം ച മുഞ്ചതം ||**

ഹേ കാഷ്ഠപേടകമേ! പ്രസവിക്കുന്ന സ്ത്രീയുടെ അവയവം സന്താനം ജനിക്കുന്ന സമയം വികസിക്കുന്നതുപോലെ നീയും വിസ്തൃതമായി സൗകര്യപ്രദമായാലും. നിങ്ങൾ സപ്തവധ്രി മഹർഷിയുടെ മുക്തിക്കുവേിയുള്ള ഞങ്ങളുടെ ആഹ്വാനത്തെ ശ്രദ്ധിക്കേണമേ.

**6. ഭീതായ നാധമാനായ ഋഷയേ സപ്തവധ്രയേ |**
**മായാഭിരശ്വിനാ യുവം വൃക്ഷം സം ച വി ചാചഥഃ ||**

അശ്വിനികളേ! നിങ്ങൾ രുപേരും ഭയഭീതനായി രക്ഷപ്പെടുവാൻ പ്രാർത്ഥിച്ചുകൊിരിക്കുന്ന സപ്തവധ്രി മഹർഷിക്കുവേി മായാപേടകത്തെ വേർപെടുത്തിയാലും

**7. യഥാ വാതഃ പുഷ്കരിണി സമിങ്ഗയതി സർവതഃ |**
**ഏവാ തേ ഗർഭ ഏജതു നിരൈതു ദശമാസ്യഃ ||**

വായു പുഷ്ക്കരിണിയിലെ ജലത്തെ ഇളക്കിമറിക്കുന്നതുപോലെ നിങ്ങളുടെ ഗർഭസ്ഥശിശു സ്പന്ദിക്കുകയും പത്തുമാസം പൂർണ്ണമായതിനുശേഷം മപുറത്തുവരികയും ചെയ്യണേ.

**8. യഥാ വാതോ യഥാ വന യഥാ സമുദ്ര ഏജതി |**
**ഏവാ ത്വം ദശമാസ്യ സഹാവേഹി ജരായുണാ ||**

കാറ്റ് വനങ്ങളേയും സമുദ്രത്തേയും വിറപ്പിക്കുന്നതുപോലെ, ഗർഭസ്ഥനായ ശിശു മറുപിള്ളയോടുകൂടി പുറത്തുവരുന്നു.

**9. ദശ മാസാ ച്ഛശയാനഃ കുമാരോ അധി മാതരി |**
**നിരൈതു ജീവോ അക്ഷതോ ജീവോ ജീവന്ത്യാ അധി ||**

മാതാവിൻെറ ഗർഭത്തിൽ പത്തുമാസം സ്ഥിതിചെയ്തു ശിശു ജീവനോടുകൂടിത്തന്നെ, അക്ഷതനായി പുറത്തുവരണേ. അമ്മയും ജീവിക്കണേ.

## സൂക്തം 79

**ഋഷി ആത്രേയൻ സത്യശ്രവസ്സ് ദേവത ഉഷസ്സ് ഛന്ദസ് പംക്തി, ബൃഹതി, ഗായത്രി**

**1. മഹേ നോ അദ്യ ബോധയോഷോ രായേ ദിവിത്മതീ |**
**തയാ ചിന്നോ അബോധയഃ സത്യശ്രവസി വായ്യേ സുജാതേ അശ്വസൂനൃതേ ||**

ഹേ കാന്തിമതിയായ ഉഷസേ! ഭവതി പ് ഞങ്ങൾക്ക് ശ്രേഷ്ഠബുദ്ധിനൽകിയിരുന്നതുപോലെ ഇന്നും വളരെയധികം സാധനങ്ങൾ പ്രാപിക്കുവാനുള്ള ബുദ്ധിനൽകേണമേ. ഹേ സുന്ദരിയായ ഉഷസേ! കുതിരകളെ പ്രാപിക്കുന്നതിനായി സ്തോതാക്കൾ ഭവതിയെ സ്തുതിക്കുന്നു. സത്യശ്രവൻെറമേൽ കൃപചെയ്താലും.

**2. യാ സുനീഥേ ശൗചദ്രഥേ വ്യൗഛോ ദുഹിതർദിവഃ |**
**സാ വ്യുഛ സഹീയസി സത്യശ്രവസി വയ്യേ സുജാതേ അശ്വസൂനൃതേ ||**

ഹേ സൂര്യപുത്രിയായ ഉഷസേ ഭവതി ശുചദ്രഥൻെറ പുത്രനായ സുനീഥനുവേി അന്ധകാരത്തെ നശിപ്പിച്ചുവല്ലോ? ഹേ മനോഹരിയായ ഉഷസേ! അശ്വലാഭത്തിനായ് സ്തോതാക്കൾ ഭവതിയെ സ്തുതിക്കുന്നു. ഭവതി വയ്യൻെറ പുത്രനായ സത്യശ്രവൻെറ അന്ധകാരത്തെ അകറ്റി വെളിച്ചം നൽകിയിരുന്നല്ലോ.

**3. സാ നോ അദ്യാഭരദ്വസുർവ്യുഛാ ദുഹിതർദിവഃ |**
**യോ വ്യൗഛഃ സഹീയസി സത്യശ്രവാസി വയ്യേ സുജാതേ അശ്വസൂനൃതേ ||**

ഹേ സൂര്യകന്യകേ! ഭവതി ധനവുമായി വരുന്നു. ഇന്ന് ഭവതി ഞങ്ങളുടെ അന്ധകാരത്തെ അകറ്റിയാലും. ഹേ ഉത്തമേ! അശ്വലാഭത്തിനായി ഭവതിയെ സ്തുതിക്കുന്നു. ഭവതി വയ്യപുത്രനായ സത്യശ്രവസിൻെറ അന്ധകാരത്തെ നശിപ്പിച്ചുവല്ലോ.

**4. അഭി യേ ത്വാ വിഭാവരി സ്തോമൈർഗൃണന്തി വഹ്നയഃ |**
**മഘൈർമഘോനി സുശ്രിയോ ദാമന്വന്തഃ സുരാതയഃ സുജാതേ അശ്വസൂനൃതേ ||**

ഹേ ജ്യോതിൽമയിയായ ഉഷസ്സേ ആര് സ്തോത്രങ്ങളാൽ ഭവതിയെ പരിചരിക്കുന്നുവോ, ആ ഋത്വിജൻ ഐശ്വര്യസമ്പന്നനും, ദാനിയുമായിത്തീരുന്നു. ഹേ ഐശ്വര്യവതിയായ ഉഷസേ ഭവതി ഉത്തമജൻമയാകുന്നു. സ്തോതാക്കൾ അശ്വലാഭത്തിനായി ഭവതിയെ സ്തുതിക്കുന്നു.

**5. യച്ചിദ്ധി തേ ഗണാ ഇമേ ഛദയന്തി മഘത്തയേ |**
**പരി ചിദ്വഷ്ടയോ ദധുർദദതോ രാധോ അഹ റയം സുജാതേ അശ്വസൂനൃതേ ||**

ഹേ ഉഷേ! ധനലാഭത്തിനുവേി ഭവതിയുടെ സേവനത്തിൽ ഉപസ്ഥിതനായ ഈ സാധകൻ അക്ഷയമായ ഹവിരാന്നം നൽകി ഭവതിയെ ഞങ്ങൾക്കനുകൂലയാക്കിയിരുന്നു. ഹേ ഉത്തമകർമ്മിണിയായ ഉഷേ! സ്തോതാക്കൾ അശ്വലാഭത്തിനായി ഭവതിയെ സ്തുതിക്കുന്നു.

**6. ഏഷു ധാ വീരവദ്യശ ഉഷോ മഘോനി സൂരിഷു യേ |**
**നോ രാധാംസ്യഹ്രയാ മഘവാനോ അരാസത സുജാതേ അശ്വസൂനൃതേ ||**

ഹേ ഐശ്വര്യവരിയായ ഉഷേ ആര് ഞങ്ങൾക്ക് അശ്വങ്ങളോടും

ഗോക്കളോടും യുക്തമായ ധനം നൽകിയോ, ആ യജമാനന് ധനവും അന്നവും നൽകണമേ. ഹേ ഉത്തമജൻമയായ ഉഷസ്സേ! സ്തോതാക്കൾ അശ്വലാഭത്തിനായി ഭവതിയെ സ്തുതിക്കുന്നു.

**7. തേഭ്യോ ദ്യുമ്നം ബൃഹദ്യശ ഉഷോ മഘോന്യാ വഹ |**
**യേ നോ രാധാംസ്യശ്വ്യാ ഗവ്യാ ഭജന്ത സൂരയഃ സുജാതേ അശ്വസൂനൃതേ ||**

ഹേ സൂര്യപുത്രി! ഭവതി സൂര്യരശ്മികളോടും അഗ്നിയുടെ ജ്വലിച്ചുയരുന്നജ്വാലകളോടുംകൂടി ഞങ്ങളുടെ അടുക്കലേക്ക് അന്നത്തേയും ഗോക്കളേയും കൊുവന്നാലും. ഹേ ഉന്നതകുലജാതയായ ഉഷസ്സേ സ്തോതാക്കൾ അശ്വപ്രാപ്തിക്കായി ഭവതിയെ സ്തുതിക്കുന്നു.

**8. ഉത നോ ഗോമതീരിഷ ആ വഹാ ദുഹിതർദിവഃ |**
**സാകം സൂര്യസ്യ രശ്മിഭിഃ ശുക്രൈഃ ശോചദ്ഭിരർചിഭിഃ സുജാതേ അശ്വസൂനൃതേ ||**

ഹേ സൂര്യപുത്രീ! ഭവതി സൂര്യരശ്മികളോടുംകൂടി അന്നത്തേയും ഗോക്കളേയും ഞങ്ങൾക്കായി കൊുവന്നാലും. ഹേ സുജാതയായ ഉഷസ്സേ സ്തോതാക്കളായ യജമാനൻമാർ അശ്വപ്രാപ്തിക്കായി ഭവതിയെ സ്തുതിക്കുന്നു.

**9. വ്യുഛാ ദുഹിതർദിവോ മാ ചിരം തനുഥാ അപഃ |**
**നേത്വാ സ്തേനം യഥാ രിപും തപാതി സൂരോ അർചിഷാ സുജാതേ അശ്വസൂനൃതേ ||**

ഹേ സൂര്യപുത്രിയായ ഉഷസേ! ഭവതി പ്രകാശം പരത്തിയാലും. ഞങ്ങൾക്കുവേി ഒട്ടും താമസിക്കരുതേ. രാജാവ് മോഷ്ടാക്കളേയും ശത്രുക്കളേയും പീഡിപ്പിക്കാതിരിക്കുന്നതുപോലെ സൂര്യൻ തൻെറ രശ്മികളാൽ നിന്നെ പീഡിപ്പിക്കാതിരിക്കട്ടെ. ഹേ സുജാതയായ ഉഷാദേവീ! സ്തോതാക്കളായ യജമാനൻമാർ സുന്ദരങ്ങളായ അശ്വങ്ങൾക്കുവേി ഭവതിയെ സ്തുതിക്കുന്നു.

**10. ഏതാവദ്വേദുഷസ്ത്വം ഭൂയോ വാ ദാതുമർഹസി |**
**യാ സ്തോതൃഭ്യോ വിഭാവര്യുഛന്തീന പ്രമീയസേ സുജാതേ അശ്വസൂനൃതേ ||**

ഹേ ഉഷസ്സേ! യാചിക്കുന്നവർക്കും യാചിക്കാത്തവർക്കും നൽകുന്നതിൽ ഭവതി പൂർണ്ണസമർത്ഥയാണ്. ഹേ ജ്യോതിർമയി സ്തുതിക്കുന്നവരുടെ അന്ധകാരത്തെ ഭവതി അകറ്റിമാറ്റുന്നു. എന്നാൽ അവർക്കനിഷ്ടമായി യാതൊന്നും ചെയ്യുന്നില്ല. ഹേ ഉത്തമയായ ഉഷേ! സ്തുതിക്കുന്നവരായ യജഗ്വാനൻമാർ അശ്വപ്രാപ്തിക്കുവേി ഭവതിയെ സ്തുതിക്കുന്നു.

## സൂക്തം 80

**ഋഷി സത്യശ്രവസ് ദേവത ഉഷസ്സ് ഛന്ദസ് ത്രിഷ്ടുപ്,**

**1. ദ്യുതദ്യാമാനം ബൃഹതീമൃതേന ഋതാവരീമരുണപ്സും വിഭാതീം |**
**ദേവീമുഷസം സ്വരാവഹന്തിം പ്രതി വിപ്രാസോ മതിഭിർജരന്തേ ||**

തേജസേറിയ രഥത്തിൽ കയറി, സർവവ്യാപിനിയായി, യജ്ഞങ്ങളിൽ വഴിയാംവണ്ണം പൂജനീയയും, അരുണവർണയും സൂര്യനുമുമ്പായെത്തുന്നവളുമായ ഉഷസിനെ ഋത്വിക്കുകൾ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു.

**2. ഏഷാ ജനം ദർശതാ ബോധയന്തി സുഗാൻപഥഃ കൃണ്വതീ യാത്യഗ്രേ |**
**ബൃഹദ്രഥാ ബൃഹതീ വിശ്വമിന്വേഷാ ജ്യോതിര്യഛത്യഗ്രേ അഹ്നാം ||**

ദർശനീയനായ ഉഷസ്സ് ഉറങ്ങിക്കഴിയുന്ന ജീവികളിൽ ചൈതന്യം നിറക്കുകയും മാർഗ്ഗങ്ങൾ കാണിച്ചുകൊ് വിശാലമായരഥത്തിൽ കയറി സൂര്യൻെറ പുരോഭാഗങ്ങളിൽകൂടി സഞ്ചരിക്കുന്നു. അത്യന്തം മഹിമാമയിയും, ലോകംമുഴുവൻ വ്യാപിക്കുന്നവളുമായ ഉഷസ്സ് പകലിൻെറ ആരംഭത്തിൽ തൻെറ പ്രകാശത്തെ പരത്തുന്നു.

**3. ഏഷാ ഗോഭിരരുണേഭിര്യുജാനാസ്രേധന്തീ രയിമപ്രായു ചക്രേ |**
**പഥോ രദന്തീ സുവിതായ ദേവീ പുരുഷ്ടുതാ വിശ്വവാരാ വി ഭാതി ||**

ചെങ്കിരണങ്ങളോടുകൂടിയ ഉഷസ്സ് നേരെ പോകുന്നതിനുവേി മാർഗ്ഗങ്ങളെ ചുവപ്പുനിറമാക്കുകയും എല്ലാവർക്കും വരണീയയായി സ്വയം പ്രകാശിതയും ആകുന്നു. അവൾ അനുരാഗയുക്തരായ ജീവികളാൽ സ്തുതിക്കപ്പെടുന്നവളായി അക്ഷയങ്ങളായ ഐശ്വര്യങ്ങളെ ഉറപ്പിക്കുന്നു.

**4. ഏഷാ വ്യേനീ ഭവതി ദ്വിബർഹാ ആവിഷ്കൃണ്വാ നാ തന്വം പുരസ്താത് |**
**ഋതസ്യ പന്ഥാമന്വേതി സാധു പ്രാജനതീവ ന ദിശോ മിനാതി ||**

അവൾ ശുഭപ്രകാശരൂപിണിയായി രാത്രിയുടെയും പകലിൻെറയും മുമ്പേ വളരുകയും തൻെറ മുമ്പിൽ പ്രകാശത്തെ പരത്തുകയും ചെയ്യുന്നു. അവൾ നിത്യവും സൂര്യനെ അനുഗമിച്ചുകൊ് ദിക്കുകളെ അളക്കുന്നു. അവൾ തൻെറ രൂപത്തെ പ്രാചിയിൽ പ്രകടമാക്കുന്നു.

**5. ഏഷാ ശുഭ്രാ ന തന്വോ വിദാനോർധ്വേവ സ്നാതീ ദൃശയേ നോ അസ്ഥാത് |**
**അപ ദ്വേഷോ ബാധമാനാ തമാംസ്യഷാ ദിവോ ദുഹിതാ ജ്യോതിഷാഗാത് ||**

കുളികഴിഞ്ഞ് ആഭരണങ്ങളാൽ അലങ്കരിക്കപ്പെട്ട രമണിയേപ്പോലെ തൻെറ സ്വരൂപത്തെ കാണിച്ചുകൊ് ഉഷസ്സ് പ്രാചിയിൽ പ്രത്യക്ഷമാകുന്നു. സൂര്യപുത്രിയായ ഉഷസ്സ് തൻെറ വൈരിയായ അന്ധകാരത്തെ അകറ്റുന്നതിന് ബാധ്യസ്ഥയായി സ്വന്തം പ്രകാശസഹിതം കടന്നുവരുന്നു.

**6. ഏഷാ പ്രതീചീ ദുഹിതാ ദിവോ നൄന്യോഷേവ ഭദ്രാ നി രിണീതേ അപ്സഃ |**
**വ്യൂർണ്വതി ദാശുഷേ വാര്യാണി പുനർജ്യോതിർയുവതിഃ പൂർവഥാകഃ ||**

തൻെറ പ്രകാശത്താൽ ലോകത്തെ പരിപൂർണ്ണമാക്കുന്നവളായ സൂര്യപുത്രി ഉഷസ്സ് പശ്ചിമാദിമുഖമായി അലങ്കാരരൂപിണിയായ സുന്ദരിയെപ്പോലെ തൻെറ രൂപത്തെ പ്രകടമാക്കുന്നു. ഈ ദേവി ഹവിസ്സ്ദാതാവായ യജമാനന് വരണയോഗ്യമായ ധനം നൽകുന്നു. നിത്യതരുണിയായ ഉഷസ്സ് കൂടെക്കൂടെ പ്രകാശത്തെ പ്രകടിപ്പിക്കുന്നു.

## സൂക്തം 81

**ഋഷി ശ്യാവാശ്വൻ ദേവത സവിതാവ് ഛന്ദസ് ജഗതി,**

**ത്രിഷ്ടുപ്പ്**

**1. യുഞ്ജതേ മന ഉത യുഞ്ജതേ ധിയോ വിപ്രാ വിപ്രസ്യ ബൃഹതോ വിപശ്ചിതഃ |**

**വി ഹോത്രാ ദധേ വയുനാവിദേക ഇൻമഹീ ദേവസ്യ സവിതുഃ പരിഷ്ടുതിഃ ||**

വിദ്വാൻമാർ തങ്ങളുടെ ചിത്തത്തെ ശ്രേഷ്ഠമായ കർമ്മങ്ങളിൽ വ്യാപൃതമാക്കുന്നു. അവരെല്ലാം മഹത്തായ സ്തുതിക്കുപാത്രവും, ജ്ഞാനിയുമായ സവിതാദേവൻെറ പ്രേരണയാൽ യജ്ഞാനുഷ്ഠാനങ്ങളിൽ വ്യാപൃതരും ആകുന്നു. അദ്ദേഹം തന്നെ അവരെ യജ്ഞകർമ്മങ്ങൾക്കായ് നിയോഗിക്കുന്നു. സർവ്വൈശ്വര്യവാനായി സവിതാദേവൻെറ മഹിമ സ്തുതിക്കപ്പെടുവാൻ യോഗ്യമാകുന്നു.

**2. വിശ്വാ രൂപാണി പ്രതി മുഞ്ചതേ കവിഃ പ്രാസാവീദ്ഭദ്രം ദ്വിപദേ ചതുഷ്പദേ |**

**വി നാകമഖ്യത്സവിതാവരേണ്യോനു പ്രയാണമൂഷസോ വി രാജതി ||**

മേധാവിയായ ഈ സവിതാവ് എല്ലാരൂപങ്ങളും സ്വയം ധരിക്കുന്നു. അവൻ മനുഷ്യർ, മൃഗങ്ങൾ ആദിയായ എല്ലാ ജീവികളുടെയും നൻമകളുടെ ജ്ഞാതാവും ആകുന്നു. അവൻ എല്ലാവരാലും വരണീയനും എല്ലാവരേയും പ്രേരിപ്പിക്കുന്നവനും; സ്വർഗ്ഗത്തെ പ്രകാശിപ്പിക്കുന്നവനും ആകുന്നു. അവൻ ഉഷസ്സിൻെറ ആവിർഭാവത്തിനുശേഷം ഉദിക്കുന്നു.

**3. യസ്യ പ്രയാണമന്വന്യ ഇദ്യയുർദേവാ ദേവസ്യ മഹിമാനമോജസാ |**

**യഃ പാർഥിവാനി വിമമേ സ ഏതശോ രജാംസി ദേവഃ സവിത മഹിത്വനാ ||**

അഗ്നി മുതലായ എല്ലാ ദേവകളും ജ്യോതിഷ്മാനായ സവിതാവിനെ അനുഗമിച്ചുകൊ് മഹിമാപൂർണ്ണരാകുന്നു. യാതൊരു സവിതാവിന് തൻെറ മഹിമയാൽ പൃഥ്വിമുതലായ ലോകങ്ങളെ പരിപൂർണ്ണമാക്കുന്നതിൽ സാമർത്ഥ്യമുായിരിക്കുന്നുവോ. അവൻ തൻെറ സ്വന്തം തേജസ്സാൽ മഹാമഹിമാനായിരിക്കുന്നു.

**4. ഉത യാസി സവിതസ്ത്രീണി രോചനോത സൂര്യസ്യ രശ്മിഭിഃ സമുച്യസി |**

**ഉത രാത്രീമുഭയതഃ പരീയസ ഉത മിത്രോ ഭവസീ ദേവ ധർമഭിഃ ||**

ഹേ സവിതാവേ! നീ മൂന്നു ലോകങ്ങളിലും സഞ്ചരിച്ചുകൊ് സ്വന്തം രശ്മികളോടുചേരുന്നു. നീ തന്നെ രാത്രിയെ രു വശത്തുകൂടി ചുറ്റിനടക്കുന്നു. ഹേ സവിതാവേ! നീ ലോകത്തിൻെറ ധാരകനായി എല്ലാവരുടെയും മിത്രമായിരിക്കുന്നു.

**5. ഉതേശിഷേ പ്രസവസ്യ ത്വമേക ഇദുത പൂഷാ ഭവസി ദേവ യാമഭിഃ |**

**ഉതേദം വിശ്വം ഭുവനം വി രാജസി ശ്യാവാശ്വസ്തേ |**

**വിതഃ സ്തോമമാനശേ ||**

ഹേ സവിതാവേ! ഈ ലോകത്തെ സൃഷ്ടിച്ചിരിക്കുന്നത് നീ തന്നെയാണ് നീ ഏകനായിത്തന്നെ സ്വന്തം നിങ്ങളിൽക്കൂടി എല്ലാത്തിനേയും രക്ഷിക്കുന്നു. നീ തന്നെ പൂർണ്ണമായ ഈ ജഗത്തിനു പ്രകാശം നൽകി അതിനെ ഭരിക്കുന്നു. ഹേ സവിതാവേ! ശ്യാവാശ്വമഹർഷി അങ്ങയെ സ്തുതിക്കുന്നതിൽ സമർത്ഥനാകുന്നു.

## സൂക്തം 82

**ഋഷി ശ്യാവാശ്വൻ ദേവത സവിതാവ് ഛന്ദസ് ഗായത്രി, അനുഷ്ടുപ്പ്**

**1. തത്സവിതുർവൃണീമഹേ വയം ദേവസ്യ ഭോജനം |**

**ശ്രേഷ്ഠം സർവധാതമം തുരം ഭഗസ്യ ധീമഹി ||**

സാധകരായ ഞങ്ങൾ സവിതാവിൽനിന്നും ഭഗൻെറ യോഗ്യമായ ഐശ്വര്യത്തെ യാചിക്കുന്നു. അവൻെറ കൃപയാൽ ഭഗദേവൻെറ അടുക്കൽനിന്നും ശ്രേഷ്ഠമായ ഐശ്വര്യത്തേയും ഉപഭോഗ്യങ്ങളും, ശത്രുക്കളെ നശിപ്പിക്കുന്നതും ആയ ധനത്തെ ഞങ്ങൾ പ്രാപിക്കണേ.

**2. അസ്യ ഹി സ്വയശസ്തരം സവിതുഃ കച്ചന പ്രിയം |**

**ന മിനന്തി സ്വരാജ്യം ||**

ആ സവിതാവിൻെറ സർവ്വപ്രിയവും,അസാധാരണവും, ജ്യോതിർമയവുമായ ഐശ്വര്യത്തെ യാതൊരു രാക്ഷസനും നശിപ്പിക്കുവാൻ സമർത്ഥനാകുന്നില്ല.

**3. സ ഹി രത്നാനി ദാശുഷേ സുവാതി സവിതാ ഭഗഃ |**

**തം ഭാഗം ചിത്രമീമഹേ ||**

സവിതാദേവനും യജനയോഗ്യനായ ഭഗനും ഹവിസ്സ് നൽകുന്ന നമുക്ക് രമണീയമായ ഐശ്വര്യം നൽകുന്നു. അതിനാൽ ഞാൻ ആ ഭഗദേവതയോടും രമണീയമായ ഐശ്വര്യത്തിനുവേ പ്രാർത്ഥിക്കുന്നു.

**4. അദ്യാ നോ ദേവ സവിതഃ പ്രജാവത്സാവീഃ സൗഭഗം |**

**പരാ ദുഷ്വപ്ന്യം സുവ ||**

ഹേ സവിതാദേവാ! ഈ യാഗദിനത്തിൽ നീ ഞങ്ങൾക്ക് സന്താനയുക്തമായ ഐശ്വര്യം പ്രദാനം ചെയ്ത്, ദുസ്വപ്നത്തിൽ നിന്നുാകുന്ന ശങ്കയേയും,ദാരിദ്ര്യദുഃഖത്തേയും അകറ്റിക്കളയൂ.

**5. വിശ്വാനി ദേവസവിതർദുരിതാനി പരാ സുവ |**

**യദ്ഭദ്രം തന്ന ആ സുവ ||**

ഹേ സവിതാദേവാ! ഞങ്ങളുടെ എല്ലാ കഷ്ടപ്പാടുകളേയും അകറ്റിപ്രജകളും, പശുക്കളും, സുന്ദരമായ ഭവനവും അതുപോലെ ഐശ്വര്യവും ഞങ്ങൾക്കവകാശമായി വരണേ.

**6. അനാഗസോ അദിതയേ ദേവസ്യ സവിതുഃ സവേ |**

**വിശ്വ വാമാനി ധീമഹി ||**

സാധകരായ നാം സവിതാദേവൻെറ പ്രേരണയാൽ അഖണ്ഡനീയയായ അദിതി ദേവിക്കെതിരായി യാതൊരപരാധങ്ങളും ചെയ്യാതിരിക്കണേ. നാമെല്ലാം രമണീയവും, അഭിലഷിക്കുന്നതും ആയ ധനത്തെ പ്രാപിക്കണേ.

**7. ആ വിശ്വദേവം സത്പതിം സൂക്തൈരദ്യാ വൃണീമഹേ |**

**സത്യസവം സവിതാരം ||**

ഇന്ന്, ഈ യാഗദിനത്തിൽ സ്തോത്രങ്ങൾ വഴിയായി ദേവാധിദേവനും, സാധകൻമാരുടെ രക്ഷകനും ആയ സവിതാദേവനെ എല്ലാ പ്രകാരത്തിലും ഉപവസിക്കുന്നതിൽ ഞങ്ങൾ സമർത്ഥരാകണേ.

**8. യ ഇമേ ഉഭേ അഹനീ ൻമര ഏത്യപ്രയുഛൻ |**

**സ്വാധീദർവേഃ സവിതാ ||**

ആര് ധ്യാനയോഗ്യനും, ഉത്തമകർമ്മാവും ആയിരിക്കുന്നുവോ ആര് നിരാസ്യനായി രാപ്പകലുകളുടെ സന്ധികാലത്തിൽ ഗമനം

ചെയ്യുന്നുവോ. ആ സവിതാവിനെ നാം സ്തോത്രങ്ങൾ വഴിയായി സ്തുതിക്കുന്നു.

**9. യ ഇമാ വിശ്വാ ജാതാന്യാശ്രാവയതി ശ്ലോകേന |**

**പ്ര ച സുവാതി സവിതാ ||**

ജൻമമെടുത്തിട്ടുള്ള എല്ലാജീവികളേയും തൻെറ യശസ്സാൽ അവഗതമാക്കുകയും അവയ്ക്ക് പ്രേരണനൽകുകയും ചെയ്യുന്ന സവിതാ ദേവനെ ഈ യാഗദിനത്തിൽ നാം സ്തുതിക്കുന്നു.

## സൂക്തം 83

**ഋഷി അത്രി ദേവത പൃഥിവി ഛന്ദസ് ത്രിഷ്ടുപ്, ജഗതി, പംക്തി**

**1. അഛാ വദ തവസം ഗീർഭിരാഭിഃ സ്തുഹി പർജന്യം നമസാ വിവാസ |**

**കനിക്രദദ്വൃഷഭോ ജോരദാനൂ രേതോ ദധാത്യോഷധീഷു ഗർഭം ||**

ഹേ സ്തോതാക്കളേ! ശക്തിശാലിയായ പാർജന്യൻെറ മുമ്പിൽവന്ന് നിങ്ങൾ അവനെ സ്തുതിക്കുവിൻ, സുന്ദരമായ സ്തോത്രങ്ങളാൽ അവനെ സ്തുതിക്കുവിൻ ഹവിസ്സാകുന്ന അന്നത്താൽ അവനെ സേവിക്കുവിൻ. ജലത്തെ വളർത്തുന്നവനും, ഉദാരചിത്തനും, ഗർജനശബ്ദത്തോടുകൂടിയവനും ആയ പാർജന്യൻ വൃഷ്ടിവഴിയായി വനസ്പതികളിൽ ഗർഭത്തെ സ്ഥാപിക്കുന്നു. ഫലപ്രദമാക്കുന്നു.

**2. വി വൃക്ഷാൻ ഹന്ത്യുത ഹന്തി രക്ഷസോ വിശ്വം ബിഭായ ഭുവനം മഹാധാത് |**

**ഉതാനാഗാ ഈഷതേ വൃഷ്ണ്യാവതോ യത്പർജന്യഃ സ്തനയൻ ഹന്തി ദുഷ്കൃതഃ ||**

പർജന്യദേവൻ വൃക്ഷങ്ങളെ നിലംപതിപ്പിക്കുന്നു. അസുരൻമാരെ സംഹരിക്കുകയും, ഭീകരരൂപനായി ഉലകത്തെ ഭയപ്പെടുത്തിയും, പാപികളെ നശിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ പാപം ചെയ്യാത്ത വ്യക്തിപോലും ഭയപ്പെടുകയും ആവർഷകർമ്മാവായ പർജന്യൻെറ മുമ്പിൽ നിന്നും ഓടിയൊളിക്കുകയും ചെയ്യുന്നു.

**3. രഥീവ കശയാശ്വാം അഭിക്ഷിപന്നാവിർദൂതാൻകൃണുതേ വർഷ്യാം അഹ |**

**ദൂരാത്സിംഹസ്യ സ്തനഥാ ഉദീരതേ യത്പർജന്യഃ കൃണുതേ വർഷ്യ നഭഃ ||**

സാരഥി ചമ്മട്ടിവഴി കുതിരകളെ ഉത്തേജിപ്പിച്ച് വീരൻമാരേ ഉത്സാഹിപ്പിക്കുന്നതുപോലെ പർജന്യൻ മേഘങ്ങളെ പ്രേരിപ്പിച്ച് ജലവൃഷ്ടിക്കായി ഉത്സാഹിപ്പിക്കുന്നു. പർജന്യൻ മേഘങ്ങളെ അന്തരീക്ഷത്തിൽ ഏകീകരിക്കുന്നതുവരെ സിംഹത്തെപ്പോലെ ഗർജ്ജിക്കുന്ന മേഘങ്ങളുടെ ശബ്ദം ദൂരെനിന്നും കേൾക്കുന്നു.

**4. പ്ര വാതാ വാന്തി പതയന്തി വിദ്യുത ഉദോഷധീർജിഹതേ പിന്വതേ സ്വഃ |**

**ഇരാ വിശ്വസ്മൈ ഭുവനായ ജായതേ യത്പർജന്യഃ പൃഥിവിം രേതസാവതി ||**

പർജന്യദേവൻ വർഷത്താൽ പൃഥ്വിയെ പാലിക്കുന്നതുവരെ വർഷകർമ്മത്തിൽ പങ്കുവഹിക്കുന്നവനായ വായു ചലിച്ചുകൊണ്ടേയിരിക്കുന്നു. എല്ലാ ഭാഗങ്ങളിലും ഇടിമിന്നൽ പ്രകാശിപ്പിക്കുകയും, അന്തരീക്ഷം വർഷിക്കുകയും, വനസ്പതികൾ വളരുകയും ചെയ്യുന്നു. അപ്പോൾ പൃഥ്വി എല്ലാവരുടേയും ഹിതങ്ങൾ സാധിക്കുന്നതിൽ സമർത്ഥയായിത്തീരുന്നു.

**5. യസ്യ വ്രതേ പൃഥിവീ നന്നമീതി യസ്യ വ്രതേ ശഫവജ്ജർഭുരീതി |**

**യസ്യ വ്രത ഓഷധീർവിശ്വരൂപാഃ സ നഃ പർജന്യ മഹി ശർമ യഛ ||**

ഹേ പർജന്യാ! നിൻെറ കർമ്മങ്ങൾക്കുമുന്നിൽ പൃഥ്വി തല കുനിക്കുന്നു. നിൻെറ കർമ്മങ്ങൾ വഴിയായി വനസ്പതികൾ വിഭിന്നവർണ്ണങ്ങളും, രൂപങ്ങളും പ്രാപിക്കുന്നു. ഹേ പാർജന്യദേവാ! ഞങ്ങൾക്ക് അത്യധികമായ സുഖം പ്രദാനം ചെയ്താലും.

**6. ദിവോ നോ വൃഷ്ടിം മരുതോ രരീധ്വം പ്ര പിന്വത വൃഷ്ണോ അശ്വസ്യ ധാരാഃ |**

**അർവാങ്ഗേതേന സ്തനയിത്നുനേഹ്യപോ നിഷിഞ്ചന്നസുരഃ പിതാ നഃ ||**

ഹേ മരുത്തുക്കളേ! ഞങ്ങൾക്കുവേി അന്തരീക്ഷത്തിൽ നിന്നും പൃഥ്വിയെ പ്രേരിപ്പിച്ചാലും. സർവത്ര വ്യാപ്തമായിരിക്കുന്ന മേഘത്തിൽനിന്നും ജലത്തെ വീഴിച്ചാലും. ഹേ പാർജന്യാ! ജലസേചനം ചെയ്യുന്ന മേഘങ്ങളുമായി അങ്ങ് ഞങ്ങളുടെ മുമ്പിൽ വരേണമേ. എന്തുകൊന്നൊൽ ജലവർഷം വഴിയായി നീ ഞങ്ങളെ പാലിക്കുന്നു.

**7. അഭി ക്രന്ദ സ്തനയ ഗർഭമാ ധാ ഉദന്വതാ പരിദീയാ രഥേന |**

**ദൃതിം സുകർഷ വിഷിതം ന്യഞ്ചം സമാ ഭവന്തു ദ്വതോ നിപാദാഃ ||**

ഹേ പാർജന്യാ! നീ ഗർജ്ജനശീലനായാലും. ജലവൃഷ്ടിയാൽ വനസ്പതികളെ ഗർഭവതികളും ഫലപ്രദവും ആക്കൂ. ജലയുക്തമായ മേഘത്തെ വർഷിക്കുവാൻ പ്രേരിപ്പിക്കൂ. നിമ്നോന്നത പ്രദേശങ്ങളെ സമതലമാക്കൂ.

**8. മഹാന്തം കോശമുദചാ നി ഷിഞ്ച സ്യന്ദന്താം കുല്യാ വിഷിതാഃ പുരസ്താത് |**

**ഘൃതേന ദ്യാവാപൃഥിവീ വ്യുന്ധി സുപ്രപാണം ഭവത്വധ്ന്യാഭ്യഃ ||**

ഹേ പർജന്യാ! ജലത്തിൻെറ കോശരൂപമായ മേഘത്തെ ഉത്തേജിപ്പിച്ച് മഴപെയ്യിച്ചാലും. വേഗവതികളായ നദികൾ പ്രവഹിക്കണേ. ജലത്താൽ ആകാശത്തേയും ഭൂമിയേയും നനച്ചാലും. ഗോക്കൾക്കു കുടിക്കുവാൻ മധുരജലത്തിൻെറ കുറവുാകാതിരിക്കണേ.

**9. യത്പർജന്യ കനിക്രദത്സ്തനയൻ ഹംസി ദുഷ്കൃതഃ |**

**പ്രതീദം വിശ്വംമോദതേ യത്കിം ച പൃഥിവ്യാമധി ||**

ഹേ പർജന്യാ! ഗംഭീരമായ ഗർജ്ജനത്താൽ അങ്ങ് മേഘങ്ങളെ പിളർക്കുമ്പോൾ ഈ ലോകത്തിലെ എല്ലാ ജീവികളും ആനന്ദതുന്ദിലരാകുന്നു.

**10. അവർഷീർവർഷമുദുഷൂ ഗൃഭായാകർധന്വാന്യത്യേതവാ ഉ |**

**അജീജന ഓഷധീർഭോജനായ കമുത പ്രജാഭ്യോ വിദോ മനീഷാം ||**

ഹേ പർജന്യാ! നീ ജലവർഷത്താൽ മരുഭൂമിയെ ഫലപുഷ്ടിയുള്ളതാക്കിത്തീർക്കുവാനായി അതിനെ ജലത്താൽ

പരിപൂർണ്ണമാക്കി. മനുഷ്യരുടെ ലാഭാർത്ഥം വനസ്പതികളെ വളർത്തി, സ്തോതാക്കളാൽ പൂജിക്കപ്പെട്ടു.

## സൂക്തം 84

**ഋഷി അത്രി ദേവത പൃഥിവി ഛന്ദസ് അനുഷ്ടുപ്**

**1. ബളിത്ഥാ പർവതാനാം ഖിദ്രം വിഭർഷി പൃഥിവി |**

**പ്ര യാ ഭൂമിം പ്രവത്വതി മഹ്നാ ജിനോഷി മഹിനി||**

ഹേ പൃഥ്വി! ഭവതി ഉത്തമഗുണയുക്തയാകുന്നു. പർവതങ്ങളുടെ ബലത്താൽ ഭവതി ജീവികളെ പുലർത്തുന്നു, ഹേ പൂജനീയേ! ഭവതിപർവതങ്ങളെപ്പോലെ ഉദാരയും, തൻെറ ഉർവ്വതഭൂമിയെ ശരിയായ രീതിയിൽ നനക്കുന്നവളായുൽഭവിക്കൂ.

**2. സ്തോമാസസ്ത്വാ വിചാരിണി പ്രതി ഷ്ടോഭന്ത്യക്തുഭിഃ |**

**പ്ര യാ വാജം ന ഹേഷന്തം പേരുമസ്യസ്യർജ്ജുനി ||**

ഹേ ഗതമതിയായ പൃഥ്വി! സ്തോതാക്കൾ തങ്ങളുടെ മനോഹരമായ സ്തോത്രങ്ങളാൽ ഭവതിയെ സ്തുതിക്കുന്നു. ഹേ അർജുനി! ഭവതി ചിനക്കുന്ന അശ്വത്തെപ്പോലെ മേഘത്തെ അതിൻെറ ഉത്തമകർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നു.

**3. ദൃളഹാ ചിദ്യാ വനസ്പതീൻക്ഷ്മയാ ദർധർഷ്യോജസാ |**

**യത്തേ അഭ്രസ്യ വിദ്യുതോ ദിവോ വർഷന്തി വൃഷ്ടയഃ ||**

ഹേ പൃഥ്വി! ഭവതിയുടെ ദൃഢമായ സാമർത്ഥ്യത്താൽ വലിയ വലിയ വൃക്ഷങ്ങളെ വഹിക്കുകയും, തേജോമയമായ അന്തരീക്ഷത്തിൽനിന്നും വിദ്യുത്തിൻെറ പ്രകാശത്തോടുകൂടി നിൻെറ മേൽ ജലവർഷം ഉാകുകയും ചെയ്യുന്നു. അതിനാൽ ഭവതി അത്യന്തം പുജനീയനാകുന്നു.

## സൂക്തം 85

**ഋഷി അത്രി ദേവത വരുണൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ഉഷ്ണിക**

**1. പ്ര സമ്രാജേ ബൃഹദർചാ ഗഭീരം ബ്രഹ്മ പ്രിയം വരുണായ ശ്രുതായ |**

**വി യോ ജഘാന ശമിതേവ ചർമോപസ്ഥിരേ പൃഥിവീം സൂര്യായ ||**

ഹേ അത്രിമഹർഷേ! നീ സർവവിഖ്യാതനും വിഘ്നനാശകനും, വിരാജിതനുമായ വരുണദേവനെ സുന്ദരങ്ങളും; പ്രിയങ്കരങ്ങളും ആയ സ്തോത്രങ്ങളാൽ സ്തുതിക്കൂ. മൃഗങ്ങളെ കൊല്ലുന്നവൻ അതിനെ തുകൽ വിതിർത്തിടുന്നതുപോലെ, വരുണൻ സൂര്യനു സഞ്ചരിക്കുന്നതിനായി അന്തരീക്ഷത്തെ വിസ്തീർണ്ണമാക്കുന്നു.

**2. വനേഷു വ്യന്തരിക്ഷം തതാന വാജമർവത്സു പയ ഉസ്രിയാസു |**

**ഹൃത്സു ക്രതും വരുണോ അപ്സ്വഗ്നിം ദിവി സൂര്യമദധാത്സോമമദ്രൗ ||**

വൃക്ഷങ്ങളുടെ മുകൾഭാഗത്തായി വരുണൻ അന്തരീക്ഷത്തെ സ്ഥാപിച്ചു. അവൻ അശ്വങ്ങളിൽ ബലവും, ഗോക്കളിൽ പാലും, മനുഷ്യഹൃദയങ്ങളിൽ സദ്ഭാവങ്ങളും സ്ഥാപിച്ചു. അവൻ ജലത്തിൽ അഗ്നിയേയും അന്തരീക്ഷത്തിൽ ആദിത്യനേയും പർവ്വതങ്ങളിൽ സോമാദിഔഷധികളേയും സ്ഥാപിച്ചു.

**3. നീചീനബാരം വരുണഃ കവന്ധം പ്ര സസർജരോദസീ അന്തരീക്ഷം |**

**തേന വിശ്വസ്യ രാജാ യവം ന വൃഷ്ടിർവ്യുനത്തി ഭൂമ ||**

വരുണദേവൻ സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും, അന്തരീക്ഷത്തിൻെറയും ആവശ്യത്തിനായി മേഘത്തിൻെറ അധോഭാഗത്തെ തുറന്നു. വൃഷ്ടി ധാന്യങ്ങളെ നനക്കുന്നതുപോലെ വരുണദേവൻ ഭൂമിയെ മുഴുവൻ ആർദ്രമാക്കുന്നു.

**4. ഉന്നത്തി ഭൂമിം പൃഥിവീമുതദ്യാം യദാ ദുഗ്ധം വരുണോ വഷ്ട്യാദിത് |**

**സമഭ്രേണ വസത പർവതാ സ്തവിഷീയന്തഃശ്രഥയന്ത വീരാഃ ||**

വരുണദേവൻ വൃഷ്ടിയെ ആഗ്രഹിക്കുമ്പോൾ അദ്ദേഹം അന്തരീക്ഷത്തെയും, ദിവ്യലോകങ്ങളെയും നനക്കുന്നു. പിന്നെ മേഘങ്ങളാൽ പർവ്വതശിഖരങ്ങളെ മൂടുന്നു. മരുത്തുക്കൾ തങ്ങളുടെ പരാക്രമത്താൽ മേഘങ്ങൾക്കയവു വരുത്തുന്നു.

**5. ഇമാമൂ ഷ്വാസുരസ്യ സ്രുതസ്യ മഹീം മായാം വരുണസ്യ പ്ര വോചം |**

**മാനേനേവ തസ്ഥിവാം അന്തരീക്ഷേ വി യോ മമേ പൃഥിവീം സൂര്യേണ ||**

പ്രസിദ്ധനും രാക്ഷസഹന്താവുമായ വരുണൻെറ ബുദ്ധിയെ നാം പ്രശംസിക്കുന്നു. അവൻ അന്തരീക്ഷത്തിൽ സ്ഥിതനായി സൂര്യനാൽ പൃഥ്വിയേയും അന്തരീക്ഷത്തേയും വികസിപ്പിക്കുന്നു.

**6. ഇമാമൂ കവിതമസ്യ മായാം മഹീം ദേവസ്യ നകിരാ ദധർഷ |**

**ഏകം യദുദ്നാ ന പൃണന്ത്യേനീരാസിഞ്ചന്തീരവ നയഃ സമുദ്രം ||**

തേജസ്വിയും ജ്ഞാനിയും മഹാനുമായ വരുണദേവൻെറ പ്രസിദ്ധമായ ബുദ്ധിയെ ആർക്കും ഖണ്ഡിക്കുവാൻ സാധ്യമല്ല. മഹാനദികൾക്ക് ഒരുസമുദ്രത്തേപോലും നിറക്കുവാൻ സാധ്യമല്ല. ഇതു വരുണൻെറ മഹാസാമർത്ഥ്യത്തിൻെറ ഫലമാകുന്നു.

**7. അർയമ്യം വരുണ മിത്ര്യം വാ സഖായം വ സദമിദ് ഭ്രാതരം വാ |**

**വേശം വാ നിത്യം വരുണാരണംവാ യത്സീമാഗശ്ചകൃമാ ശിശ്രഥസ്തത് ||**

ഹേ വരുണാ! ഞങ്ങൾ ഏതെങ്കിലും മിത്രത്തിനോ, കൂട്ടുകാരനോ ഭ്രാതാവിനോ, അയൽക്കാരനോടു യുദ്ധം ചെയ്യാത്ത വ്യക്തികൾക്കോ വിരുദ്ധമായി ഏതെങ്കിലും അപരാധം ചെയ്തിട്ടുങ്കെിൽ നീ അവയെ നശിപ്പിച്ചുകളയണമേ.

**8. കിതവാസോ യദ്രിരിപുർന ദിവി യദ്വാ ധാ സത്യമുത യന്ന വിദ്മ |**

**സർവാ താ വിഷ്യ ശിഥിരേവ ദേവാധാ തേ സ്യാമ വരുണ പ്രിയാസഃ ||**

ഹേ വരുണാ! ചൂതുകളിക്കുന്നവനേപ്പോലെ അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും അപരാധങ്ങൾ പ്രവർത്തിച്ചിട്ടുങ്കെിൽ നീ അഴിഞ്ഞ കുരുക്കുകൾപോലെ അവയെ തള്ളിക്കളഞ്ഞാലും.അതിനുശേഷം ഞങ്ങളങ്ങയുടെ പ്രിയപ്പെട്ടവരാകണേ.

## സൂക്തം 86

**ഋഷി അത്രി ദേവത ഇന്ദ്രാഗ്നി ഛന്ദസ് ഉഷ്ണിക, അനുഷ്ടുപ്.**

**1. ഇന്ദ്രാഗ്നീ യമവഥ ഉഭാ വാജേഷു മർത്യം |**

**ദൃളഹാ ചിത്സ പ്ര ഭേദതി ദ്യുമ്നാ വാണീരിവ ത്രിതഃ ||**

ഹേ ഇന്ദ്രാഗ്നേ! നീ മരണധർമ്മാക്കളായ മനുഷ്യരെ രണക്ഷേത്രത്തിൽ രക്ഷിക്കൂ. നിൻെറ രക്ഷയെ പ്രാപിച്ച അവൻ വലിയ ദുഃഖങ്ങളേ അതിജീവിച്ചു കടന്നുപോവുകയും വൈരികളുടെ വാക്കുകളെ ജ്ഞാനപൂർണ്ണങ്ങളായ വലിയവാക്കുകളാൽ ഖണ്ഡിച്ചുകൊ് മൂന്നുസ്ഥാനങ്ങളിലും വ്യാപിക്കുന്നു.

**2. യാ പൃതാനസു ദുഷ്ടരാ യാ വാജേഷു ശ്രവായ്യ | ☐**

**യാ പഞ്ച ചർഷണീരഭീന്ദ്രാഗ്നി താ ഹവാമഹേ ||**

യുദ്ധത്തിൽ ആരാലും വശീകരിക്കപ്പെടാത്തവനും, രണഭൂമിയിൽ സദാപ്രശംസിക്കപ്പെടുന്നവനും, പഞ്ചജനങ്ങളെ രക്ഷിക്കുന്നവനും ആയ ആ ഇന്ദ്രാഗ്നിയെ നാം സ്തുതിക്കുന്നു.

**3. തയോരിദമവച്ഛസ്തിഗ്മാദിദ്യുൻമഘോനോഃ |**

**പ്രതി ദ്രുണാ ഗഭസ്ത്യോർഗവാം വൃത്രഘ്ന ഏഷതേ ||**

ഇന്ദ്രൻേറയും അഗ്നിയുടേയും ബലം ശത്രുക്കളെ പരാജയപ്പെടുത്തുന്നു. ഇവർ രുപേരും രഥത്തിൽ കയറി ഗോക്കളെ മോചിപ്പിക്കുന്നതിനും, വൃത്രനെ ഹനിക്കുന്നതിനുമായി പുറപ്പെടുമ്പോൾ ഈ പരാക്രമികളുടെ കരങ്ങളിൽ വജ്രായുധം സ്ഥിതിചെയ്യുന്നു.

**4. താ വാമേഷേ രഥാനാമിന്ദ്രാഗ്നീ ഹവാമഹേ |**

**പതീ തുരസ്യ രാധസോ വിദ്വാംസാഗിർവണസ്തമാ ||**

ഹേ വൈഭവശാലികളും, ഗതിശീലരും എല്ലാത്തിനേയും അറിയുന്നവരും അത്യന്തം പൂജനീയരുമായ ഇന്ദ്രാ! അഗ്നിദേവാ! യുദ്ധത്തിൽ നിങ്ങളുടെ രഥത്തെ കൊുവരുവാനായി ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**5. താ വൃധന്താവനു ദ്യുൻമർതായ ദേവാവദഭാ |**

**അർഹന്താചിത്പുരോ ദധേംശേവ ദേവാവർവതേ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ അജയ്യരാകുന്നു. അശ്വപ്രാപ്തിക്കായി ഞങ്ങൾ നിങ്ങളെ സ്തുതിക്കുന്നു. നിങ്ങൾ രുപേരും മനുഷ്യരേപ്പോലെ വളരുന്നവരും സൂര്യനേപ്പോലെ പ്രകാശമുള്ളവരും ആകുന്നു.

**6. ഏവേന്ദ്രാഗ്നിഭ്യാമഹാ വി ഹവ്യം ശൂഷ്യം ഘൃതം ന പൂതമദ്രിഭിഃ |**

**താ സൂരിഷു ശ്രവോ ബൃഹദ്രയിം ഗൃണത്സു ദിധൃതമിഷം ഗൃണത്സു ദിധൃതം ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾക്ക് അമ്മിക്കല്ലാലടിച്ചു പിഴിഞ്ഞെടുത്ത സോമരസം പോലുള്ള പുഷ്ടിവർദ്ധകമായ ഹവിസ്സിനെ നൽകുന്നു. നിങ്ങൾ മനുഷ്യർക്ക് അന്നം നൽകൂ. സ്തുതിക്കുന്നവർക്ക് അന്നവും ധനവും പ്രദാനം ചെയ്യൂ.

## സൂക്തം 87

**ഋഷി ആത്രേയൻ ഏവയാമരുദ് ദേവത മരുത്തുക്കൾ ഛന്ദസ് ജഗതി**

**1. പ്ര വോ മഹേ മതയോ യന്തു വിഷ്ണവേ മരുത്വ തേ ഗിരിജാ ഏവയാമരുത് |**

**പ്ര ശർധായ പ്രയജ്യവേ സുഖാദയേ തവസേ ഭന്ദദിഷ്ടയേ ധുനിവ്രതായ ശവസേ ||**

ഏവയാമഹർഷിയുടെ വാണിയിൽനിന്നും പുറപ്പെട്ട സ്തോത്രങ്ങൾ മരുത്തുക്കൾ സഹിതം വിഷ്ണുവിൻെറ സമീപം അണയണേ. അവതന്നെ പൂജ്യരും, പരാക്രമികളും, ശരിയാംവണ്ണം അലങ്കരിക്കപ്പെട്ടവരും, സ്തുതികളെ ആഗ്രഹിക്കുന്നവരും, മേഘങ്ങളെ പ്രേരിപ്പിക്കുന്നവരും, സശക്തരും, സമർത്ഥരും ആയ മരുത്തുക്കളുടെ സമീപം ഉപസ്ഥിതമാകണേ.

**2. പ്ര യേ ജാതാ മഹിനാ യേ ച നു സ്വയം പ്ര വിദ്മനാ ബ്രുവത ഏവയാമരുത് |**

**ക്രത്വാ തദ്വോ മരുതോ സാധൃഷേ ശവോ ദാനാ മഹ്നാ തദേഷാമധൃഷ്ടാസോനാദ്രയഃ ||**

യാതൊരു മരുത്തുക്കൾ മഹാദേവനായ ഇന്ദ്രനോടുകൂടി പ്രത്യക്ഷനായോ, യാതൊരുത്തർ സ്വയം അറിവോടുകൂടി ആവിർഭവിച്ചുവോ, ആ മരുത്തുക്കളെ ഏവയാമഹർഷി സ്തുതിക്കുന്നു. ഹേ മരുത്തുക്കളെ! നിങ്ങളുടെ ബലം അഭീഷ്ടങ്ങളെ പൂർണ്ണമാക്കുന്നതു കാരണം മഹത്തായിത്തീർന്നിരിക്കുന്നു. നിങ്ങൾ പർവതങ്ങൾപോലെ ദൃഢരാണ്.

**3. പ്ര യേ ദിവോ ബൃഹതഃ ശൃണ്വിരേ ഗിരാ സുശുക്വാനഃ സുഭ്വ ഏവയാമരുത് |**

**ന യേഷാമിരീ സധസ്ഥ ഈഷ്ട ആം അഗ്നയോ ന സ്വവിദ്യുതഃ പ്ര സ്യന്ദ്രാസോ ധുനീനാം ||**

യാതൊരുത്തർ തേജസ്വികളും, സ്വഛന്ദം വിഹരിക്കുന്നവരും, സ്വർഗ്ഗത്തിൽനിന്നും ആഹ്വാനത്തെ ശ്രവിക്കുന്നവരും, സ്വന്തം ഗൃഹത്തിൽ സ്ഥാപിക്കപ്പെട്ടവരും, തങ്ങളുടെ തേജസ്സാൽ പ്രകാശിക്കുന്നവരും അഗ്നിക്കുതുല്യം നദികളെ പ്രവഹിപ്പിക്കുന്നവരുമായ ആ മരുത്തുക്കളെ ഏവയാമഹർഷി സ്തുതിക്കുന്നു.

**4. സ ചക്രമേ മഹതോ നിരുരുക്രമഃ സമാനസ്മാ ത്സദസ ഏവയാമരുത് |**

**യദായക്ത ത്മനാ സ്വാദധി ഷ്ണഭിർവിഷ്പർസോ വിമഹസോ ജിഗാതി ശേവൃധാ നൃഭിഃ ||**

സേഛാചാരികളായ മരുത്തുക്കളുടെ അശ്വങ്ങൾ രഥത്തിൽ പൂട്ടപ്പെടുമ്പോൾ ഏവയാമരുത്ത് അവരെ സ്തുതിക്കുന്നു. ആ മരുത്തുക്കൾ എല്ലായിടങ്ങളിലും വ്യാപിക്കുന്നവരും അന്തരീക്ഷത്തിൽകൂടി വരുന്നവരും ആണ്. പരസ്പരം മത്സരിക്കുന്നവരും, മഹാപരാക്രമികളും, കല്യാണകാരികളുമായ മരുത്തുക്കൾ തങ്ങളുടെ സ്ഥാനത്തു നിന്നും പുറപ്പെടുന്നു.

**5. സ്വനോ നവോ മവാൻരേജയദ്വൃഷാ ത്വേഷോ യയിസ്തവിഷ ഏവയാമരുത് |**

**യേനാ സഹന്ത ഋഞ്ചത സ്വരോചിഷഃ സ്ഥാരശ്മാ നോ ഹിരണ്യയാഃ സ്വായുധാസ ഇഷ്മിണഃ ||**

ഹേ മരുത്തക്കളേ! നിങ്ങൾ സ്വന്തം തേജസ്സിൽതന്നെ സ്ഥിതിചെയ്യുന്നവരും, സദാ ഏകമായ കാന്തിയോടുകൂടിയവരും, ദിവ്യാലങ്കാരങ്ങളാൽ സുസജ്ജിതരും, അന്നം പ്രദാനം ചെയ്യുന്നവരുമാകുന്നു. നിങ്ങൾ സ്വന്തം കാര്യങ്ങൾ സാധിക്കുന്നതിനുവേി യാതൊരു ശബ്ദം വഴിയായി ശത്രുക്കളെ വശീകരിക്കുന്നുവോ, അത് ജലത്തെ വർഷിക്കുന്നതും, തേജോമയവും, പരാക്രമിയും, ഏവയാമരുത്തിനെ വിറപ്പിക്കുന്നതുമാകുന്നു.

**6. അപാരോ വോ മഹിമാ വൃദ്ധശവസസ്ത്വേഷം ശവോവത്വേവയാമരുത് |**

**സ്ഥാതാരോ ഹി പ്രസിതൗ സൻദൃശി സ്ഥന തേ ന ഉരുഷ്യതാ നിദഃ ശുശുക്വാംസോ നാഗ്നയഃ ||**

തുല്യശക്തരായ മരുത്തുക്കളേ! നിങ്ങളുടെ മഹിമയുടെ അതിരുകാണുവാൻ സാധിക്കുന്നില്ല, നിങ്ങളുടെ ആശ്രയത്താൽ ഏവയാമരുത്തിനു രക്ഷയുാകണേ. യജ്ഞാദികളായ ശ്രേഷ്ഠകർമ്മങ്ങളുടെ നിയാമകരും നിങ്ങൾ തന്നെയാണ്. നിങ്ങൾ ആളിക്കത്തുന്ന അഗ്നിക്കുതുല്യം പ്രകാശിതരാകുന്നു. ഞങ്ങളെ ദുഷ്ടരിൽനിന്നും നിന്ദകരിൽനിന്നും രക്ഷിക്കണമേ.

**7. തേ രുദ്രാസഃ സുമഖാ അഗ്നയോ യഥാ തുവിദ്യുമ്നാ അവന്ത്വേവയാമരുത് |**

**ദീർഘം പൃഥു പപ്രഥേ സദ്മ പാർഥിവംയേഷാ മജ്മേഷ്വാ മഹഃ ശർധാംസ്യദ്ഭുതേനസാം ||**

അഗ്നിക്കുതുല്യം പ്രദീപ്തരും പൂജ്യരുമായ മരുത്തുക്കളേ! നിങ്ങളാൽ വിസ്തൃതമാക്കപ്പെട്ട അന്തരീക്ഷം, പ്രസിദ്ധിപ്രാപിക്കുന്നു. നിങ്ങൾ പാപരഹിതരും, നിങ്ങളുടെ സഞ്ചാരസമയത്ത് മഹാതേജസ്സിനെ പ്രകടമാക്കുകയും ചെയ്യുന്നു. നിങ്ങൾ ഏവയാമരുത്തിൻെറ രക്ഷകരാകണേ.

**8. അദ്വേഷോ ന മരുതോ ഗാതുമേതന ശ്രോതാ ഹവം ജരിതുരേവയാമരുത് |**

**വിഷ്ണോർമഹഃ സമന്യവോ യുയോതന സ്മദ്രഥ്യോ ന ദംസനാപ ദ്വേഷാംസി സനുതഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ദ്വേഷരഹിതരാകുന്നു നിങ്ങൾ ഞങ്ങളുടെ സ്തോത്രങ്ങൾക്കുവേി ഒന്നിച്ചുചേരുകയും സ്തുതിക്കുന്ന ഏവയാമരുത്തിൻെറ ആഹ്വാനത്തെ ശ്രവിക്കുകയും ചെയ്യൂ. നിങ്ങൾ ഇന്ദ്രനോടുകൂടിയ ജ്ഞാംശ രൂപീകരിക്കുന്നു. ഹേ മരുത്തുക്കളേ! വീരപുരുഷൻ ശത്രുക്കളെ ഓടിക്കുന്നതുപോലെ നിങ്ങളും ഞങ്ങളുടെ ശത്രുക്കളേയും, ചോരൻമാരേയും, ഓടിക്കേണമേ.

**9. ഗന്താനോ യജ്ഞം യജ്ഞിയാഃ സുശമി ശ്രോതാ ഹവമരക്ഷ ഏവയാമരുത് |**

**ജ്യേഷ്ഠാസോ ന പർവതാസോവ്യോമനി യൂയം തസ്യ പ്രചേതസഃ സ്യാത ദുർധർതവോ നിദഃ ||**

ഹേ യജ്ഞാദികർമ്മങ്ങളിൽ വിളിക്കപ്പെടുന്നവരായ മരുത്തുക്കളേ ഞങ്ങളുടെ യജ്ഞത്തിൽ വന്നാലും. തൻമൂലം ഞങ്ങളുടെ യജ്ഞം പൂർണ്ണമാകണേ. നിങ്ങൾ ഞങ്ങളെ അകറ്റിക്കൊിരിക്കുന്നു. ഞങ്ങളുടെ ആഹ്വാനത്തെ ശ്രവിച്ചാലും ഹേ ശ്രേഷ്ഠ ജ്ഞാനികളായ മരുത്തുക്കളേ നിങ്ങൾ വിന്ധ്യാപർവതങ്ങൾ പോലെ അത്യന്തം വളർന്നവരാകുന്നു. നിങ്ങൾ അന്തരീക്ഷത്തിൽ വസിച്ചുകൊ് ഉദാരചിത്തരും, ശ്രേഷ്ഠരായ ശാസകൻമാരും ആയിത്തീർന്നാലും.

# അഷ്ടകം 4

## മണ്ഡലം 6

## അനുവാകം 1 സൂക്തം 1

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ത്വം ഹ്യഗ്നേ പ്രഥമോ മനോതാസ്യം ധിയോ അഭവോ ദസ്മ ഹോതാ |**

**ത്വം സീം വൃഷന്നകൃണോർദുഷ്ടരീതു സഹോ വിശ്വസ്മൈ സഹസേ സഹധ്യൈ ||**

ഹേ അഗ്നേ! ദേവൻമാരിൽ ശ്രേഷ്ഠനാണല്ലോ അവിടുന്ന്. അവരുടെ ചിത്തം നിങ്ങളോടു ചേർന്നിരിക്കുന്നു. നീ ദർശനയോഗ്യനാകുന്നു. ഈ യാഗത്തിലേക്ക് ദേവകളെ വിളിക്കുന്നതും നീ തന്നെയാകുന്നു.

ഹേ അനുഗ്രഹവർഷകനായ അഗ്നിദേവാ! ശക്തരായ എല്ലാശത്രുക്കളേയും തോൽപ്പിക്കുവാനുള്ള ശക്തി ഞങ്ങൾക്കു നൽകിയാലും.

**2. അധാ ഹോതാ ന്യസീദോ യജീയാനിളസ്പദ ഇഷയന്നീഡ്യഃ സൻ |**

**തം ത്വാ നരഃ പ്രഥമം ദേവയന്തോ മഹോ രായേ ചിതയന്തോ അനുഗ്മൻ ||**

ഹേ അഗ്നേ! നീ യജ്ഞാനുഷ്ഠാനങ്ങളെ വളരെ സമ്യക്കാംവിധം നടത്തുന്നു. നീ ഹവിസ്സുകൾ ഭക്ഷിച്ച് സ്തുതിക്കുപാത്രമാകുന്നു. ഈ വേദിയിൽ നീ പ്രതിഷ്ഠിതനാകണമേ. ധർമ്മസ്വരൂപനായ അനുഷ്ഠാനങ്ങൾ നടത്തുന്നവരായ ഋത്വിക്കുകൾ ദിവ്യധനത്തെ കാംക്ഷിച്ചുകൊ് ദേവകളിൽ അഗ്രഗണ്യനായ നിന്നെ പ്രദീപ്തമാക്കുന്നു.

**3. വൃതേവ യന്തം വഹുഭിർവസവ്യൈസ്ത്വേ രയിം ജാഗൃവാംസോ അനു ഗ്മൻ |**

**രുശന്തമഗ്നിം ദർശതം ബൃഹന്തം വപാവന്തം വിശ്വഹാദീദിവാംസം ||**

ഹേ അഗ്നേ! നീ അത്യന്തം തേജസ്വിയും ദർശനീയനും ഹവിർഭക്ഷകനും, സദാജ്യോതിസോടുകൂടിയവനും ആകുന്നു. നീ വസുക്കളുടെ ശ്രേഷ്ഠമായ മാർഗ്ഗങ്ങളിൽക്കൂടി ചരിക്കുന്നു. ധനത്തെ ആഗ്രഹിക്കുന്ന യജമാനൻ നിന്നെ അനുഗമിക്കുന്നു.

**4. പദം ദേവസ്യ നമസാ വ്യന്തഃ ശ്രവസ്യവഃ ശ്രവ ആപന്നമൃക്തം |**

**നാമാനി ചിദ്ദധിരേ യജ്ഞിയാനി ഭദ്രായാം തേ രണയന്ത സൻദൃഷ്ടൗ ||**

അന്നത്തെ അഭിലഷിക്കുന്ന യജമാനൻ അഗ്നിയെ ആഹ്വാനം ചെയ്യുവാൻ യോഗ്യമായ സ്ഥാനത്തുചെന്ന് സ്തോത്രങ്ങളാൽ അഗ്നിയെ പ്രസാദിപ്പിക്കുകയും അഭിലഷിതമായ അന്നം പ്രാപിക്കുകയും ചെയ്യുന്നു. അവർ അഗ്നിദർശനത്താൽ സന്തുഷ്ടരായി സ്തോത്രോച്ചാരണത്തോടുകൂടി നിൻെറ നാമത്തെ കീർത്തിക്കുന്നു.

**5. ത്വാം വർധന്തി ക്ഷിതയഃ പൃഥിവ്യാം ത്വാം രായ ഉഭയാസോ ജനാനാം |**

**ത്വം ത്രാതാ തരണേ ചേത്യോഭൂഃ പിതാ മാതാ സദമിൻമാനുഷാണാം ||**

ഹേ അഗ്നേ! യജമാനൻ വേദിയിൽ പ്രതിഷ്ഠിച്ച് നിന്നെ വളർത്തുന്നു. അധ്വര്യുക്കൾ മുതലായവർ ധനത്തെ കാംക്ഷിച്ചുകൊ് നിന്നെ വളർത്തുന്നു. ഹേ ദുഖനാശകനായ അഗ്നിദേവാ! നീ സ്തുതികൾക്ക് പാത്രമായി മനുഷ്യരെ മാതാപിതാക്കളുടെ രൂപത്തിൽ രക്ഷിച്ചുകൊിരിക്കുന്നു.

**6. സപര്യേണ്യഃ സ പ്രിയോ വിക്ഷ്വഗ്നിർഹോതാ മന്ദ്രോ നി ഷസാദാ യജീയാൻ |**

**തം ത്വാ വയം ദമ ആ ദീദിവാംസമുപ ജ്ഞുബാധോ നമസാ സദേമ ||**

അഭിലാഷങ്ങളെ വർഷിക്കുന്നവനും, പൂജാപാത്രവും, പ്രജകളിൽ യജ്ഞകർമ്മങ്ങൾ നടത്തുന്നവനും യജനയോഗ്യനുമായ അഗ്നി വേദിയിൽ സ്ഥാപിക്കപ്പെടുന്നു. ഹേ അഗ്നേ! നീ ഭവനങ്ങളിൽ കത്തിയുയരുന്നു. ഞങ്ങൾ മുട്ടുകുത്തി സ്തോത്രങ്ങളോടുകൂടി നിന്നെ വന്ദിക്കുന്നു.

**7. തം ത്വാ വയം സുധ്യോ നവ്യമഗ്നേ സുമ്നായവ ഈമഹേ ദേവയന്തഃ |**

**ത്വം വിശോ അനയോ ദീദ്യാനോ ദിവോ അഗ്നേ ബൃഹതോ രോചനേന ||**

ഹേ അഗ്നേ! നീ സ്തുത്യർഹനാകുന്നു. ഞങ്ങൾ വിവേകബുദ്ധിയുള്ള മനുഷ്യർ സുഖത്തെ ആശിച്ചുകൊ് നിന്നെ ആഗ്രഹിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ഹേ അഗ്നേ! നീ എരിഞ്ഞു പ്രകാശിക്കുന്നവനാണല്ലോ.മഹാ പ്രകാശവാനായ സൂര്യനെപ്പോലെ നീ പ്രകാശിതനായി ദിവ്യലോകത്തെ ഞങ്ങൾക്ക് കിട്ടുമാറാക്കണേ.

**8. വിശാം കവിം വിശ്പതിം ശശ്വതീനാം നിതോശനം വൃഷഭം ചർഷണീനാം |**

**പ്രേതിഷണിമിഷയന്തം പാവകം രാജന്തമഗ്നിം യജതം രയീണാം ||**

മനുഷ്യരുടെ രക്ഷകനും, ജ്ഞാനത്താൽ പരിപൂർണ്ണനും, ശത്രുക്കളെ നശിപ്പിക്കുന്നവനും, അഭീഷ്ടങ്ങൾ പൂർണ്ണമാക്കുന്നവനും, സദാവർതമാനനും, അന്നത്തെ വഹിക്കുന്നവനും, പവിത്രതയ്ക്കിരിപ്പിടവും, ധനം ആഗ്രഹിക്കുന്നവരാൽ സ്തുതിക്കപ്പെടുന്നവനും, തേജസ്വിയുമായ അഗ്നിദേവനെ ഞങ്ങൾ സ്തുതിക്കുന്നു.

**9. സോ അഗ്ന ഈജേ ശശമേ ച മർതോ യസ്ത ആനട് സമിധാ ഹവ്യദാതിം |**

**യ ആഹുതിം പരി വേദാ നമോഭിർവിശ്വേത്സ വാമാ ദധതേ ത്വോതഃ ||**

ഹേ അഗ്നേ! ആര് നിന്നെ യജിക്കുകയും സ്തുതിക്കുകയും ചെയ്യുന്നുവോ, അഥവാ ആര് സ്തുതിയുക്തമായ ആഹുതിനൽകുന്നുവോ, അവൻ നിൻെറ കൃപയാൽ എല്ലാധനങ്ങളും പ്രാപിക്കുന്നു.

**10. അസ്മാ ഉ തേ മഹി മഹേ വിധേമ നമോ ഭിരഗ്നേ സമിധോത ഹവ്യൈഃ |**

**വേദീ സൂനോ സഹസോ ഗീർഭിരുക്ഥൈരാ തേ ഭദ്രായാം സുമതൗ യതേമ ||**

ഹേ അഗ്നേ! ഞങ്ങൾ ഹവിസ്സ് നൽകിയും നമസ്കാരത്തോടുകൂടിയും നിന്നെ സ്തുതിക്കുന്നു. നീ മഹാനാകുന്നു. സ്തോത്രങ്ങളോടുകൂടി ഞങ്ങൾ നിനക്കു പൂജ സമർപ്പിക്കുന്നു നിൻെറ മനോഹരമായ കൃപയെ പ്രാപിക്കുവാനായി ഞങ്ങൾ പ്രയത്നിക്കുന്നു. ഇക്കാര്യത്തിൽ ഞങ്ങൾ സാഫല്യമടയണേ.

**11. ആ യസ്തതന്ഥ രോദസീ വി ഭാസാ ശ്രവോഭിശ്ച ശ്രവസ്യ സ്തരുത്രഃ |**

**ബൃഹദ്ഭിർവാജൈ സ്ഥവിരേഭിരസ്മേ രേവദ്ഭിരഗ്നേ വിതരം വി ഭാഹി ||**

ഹേ അഗ്നേ! നീ സ്വന്തം തേജസ്സാൽ ആകാശത്തേയും ഭൂമിയേയും വലുതാക്കിയിരിക്കുന്നു. നീ സങ്കടങ്ങളിൽനിന്നും മോചനം നൽകുന്നവനു സ്തുതികളാൽ പൂജിക്കപ്പെടുവാൻ യോഗ്യനും കുന്നു. നീ ഞങ്ങളുടെയടുക്കൽ വളരെ അന്നത്തോടും, മഹത്തായ ധനത്തോടുംകൂടി പ്രോജ്ജ്വലിച്ചാലും.

**12. നൃവദ്വസോ സദമിദ്ധേഹ്യസ്മേ ഭൂരി തോകായ തനയായ പശ്വഃ |**

**പൂർവ്വീരിഷോ ബൃഹതീരാതേ അധാ അസ്മേ ഭദ്രാ സൗശ്രവസാനി സന്തു ||**

ഹേ ഐശ്വര്യശാലിയായ അഗ്നിദേവാ! സന്താനയുക്തമായ ധനം ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളുടെ പുത്രപൗത്രാദികൾക്ക് പശുക്കൾ മുതലായ ധനം നൽകുമാറാകണേ. ഞങ്ങൾക്ക് ഞങ്ങളുടെ ഇഛകൾ പൂർണ്ണമാക്കുകയും പാപങ്ങളിൽനിന്നും മോചിപ്പിക്കുകയും, അന്നവും ഐശ്വര്യവും സുഖവും പ്രദാനം ചെയ്യുകയും ചെയ്യണമേ.

**13. പുരൂണ്യഗ്നേ പുരുധാ ത്വായാ വസൂനി രാജന്വസുതാ തേ അശ്യാം |**

**പുരൂണി ഹി ത്വേ പുരുവാര സന്ത്യഗ്നേ വസു വിധതേ രാജനി ത്വേ ||**

ഹേ ജ്യോതിർമാനായ അഗ്നിദേവാ! ഞങ്ങൾ നിന്നിൽ നിന്നും അശ്വങ്ങൾ, ഗോക്കൾ മുതലായവയോടുകൂടിയ ധനം പ്രാപിക്കണേ. ഹേ അഗ്നേ! നീ എല്ലാവർക്കും വരണയോഗ്യനും ഐശ്വര്യവാനും രമണീയനും ആകുന്നു. നീ പ്രചുരമായ ധനത്തിൻെറ സ്വാമിയാകുന്നു.

# അഞ്ചാം അധ്യായം

## സൂക്തം 2

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് ഉഷ്ണിക, അനുഷ്ടുപ്, ജഗതി**

**1. ത്വം ഹി ക്ഷൈതവദ്യശോഗ്നേ മിത്രോ ന പത്യസേ**

**ത്വം വിചർഷണേ ശ്രവോ വസോ പുഷ്ടി |**

**ത്വം വിചർഷണേ ശ്രവോ വസോ പുഷ്ടിം ന പുഷ്യസി ||**

ഹേ അഗ്നേ നീ മിത്രനേപ്പോലെ അന്നത്തിൻെറയും കേജസിൻെറയും സ്വാമിയാകുന്നു. ഹേ സർവദർശീ! നീ അന്നത്താലും, പോഷണയോഗ്യമായ വസ്തുക്കളാലും ഞങ്ങളെ പുഷ്ഠിപ്പെടുത്തുവിൻ.

**2. ത്വാം ഹി ഷ്മാ ചർഷണയോ യജ്ഞേഭിർഗീർഭിരീളതേ |**

**ത്വാം വാജീയാത്യവൃകോ രജസ്തൂർവിശ്വചർഷണിഃ ||**

ഹേ അഗ്നേ സ്തോതാക്കൾ ഹവിസുകളുടെ സാധന രൂപമായ ഹവ്യത്തിലും സ്തോത്രങ്ങളാലും അങ്ങയെപൂജിക്കുന്നു. അഹിംസിതമായ ജലത്താൽ പ്രേരണ നൽകുന്നവനും ജീവികളെ വളർത്തുന്നവനുമായ ആദിത്യൻ നിന്നെ പ്രാപിക്കുന്നു.

**3. സജോഷസ്ത്വാ ദിവോ നരാ യജ്ഞസ്യ കേതുമിന്ധതേ |**

**യദ്ധ സ്യ മാനുഷോ ജനഃ സുമ്നായുർജ്ജുഹ്വേ അധ്വരേ ||**

ഹേ അഗ്നേ സമാനപ്രീതരായ ഋത്വിക്കുകൾ നിന്നെ പ്രോജ്ജ്വലിപ്പിക്കുന്നു. നീ യജ്ഞത്തിൻെറ ധ്വജരൂപമാകുന്നു.

മനുവിന്‍റെ സന്താനരൂപമാകുന്നു. മനുവിന്‍റെ സന്താനരൂപമായ യജമാനന്‍ സുഖത്തെ ആഗ്രഹിക്കുന്നവനായി നിന്നെ വിളിക്കുന്നു.

**4. ഋധദ്യസ്തേ സുദാനവേ ധിയാ മര്‍തഃ ശശമതേ |**

**ഊതീഷ ബൃഹതോ ദിവോ ദ്വിഷോ അംഹോ ന തരതി ||**

ഹേ അഗ്നേ! ഉദാരമനസോടുകൂടിയവനാണല്ലോ. യാതൊരു മരണധര്‍മ്മാവായ യജമാനന്‍ അനുഷ്ഠാനങ്ങളില്‍ മുഴുകി നിന്നെ സ്തുതിക്കുന്നുവോ അവന്‍ സമ്പന്നനാകണേ. ഹേ അഗ്നേ! നീ തേജസ്വിയാകുന്നു. ഈ യജമാനന്‍ നിന്‍റെ രക്ഷാസാധനങ്ങളെ പ്രാപിച്ച് ശത്രുക്കളെ നശിപ്പിക്കണേ.

**5. സമിധാ യസ്തീത ആഹുതിം നിശിതിം മര്‍ത്യോ നശത് |**

**വയാവന്തം സ പുഷ്യതി ക്ഷയമഗ്നേ ശതായുഷം ||**

ഹേ അഗ്നേ! അത് മന്ത്രയുക്തമായ ആഹുതിയില്‍നിന്നെ പുഷ്ഠമാക്കുന്നുവോ, ആ യജമാനന്‍ സന്താനങ്ങളോടുകൂടിയവനായി നൂറു സംവത്സരകാലം മനോഹരമായ ഭവനത്തില്‍ വസിക്കണേ.

**6. ത്വേഷസ്തേ ധൂമഋണ്വതി ദിവി ഷച്ഛുക്ര ആതതഃ |**

**സുരോ ന ഹി ദ്യുതാ ത്വം കൃപാ പാവക രോചസേ ||**

ഹേ അഗ്നേ! അങ്ങ് തേജസ്വിയാകുന്നു. നിന്‍റെ ഉജ്ജ്വലമായ ധൂമം, അന്തരീക്ഷത്തില്‍ വ്യാപിച്ച് മേഘരൂപത്തില്‍ പരിവര്‍ത്തനം ചെയ്യുന്നു. പവിത്രീകരിക്കുന്ന അഗ്നിദേവാ! നീ സ്തുതികളാല്‍ പ്രസന്നനായി ആദിത്യനേപോലെ പ്രകാശിക്കുന്നു.

**7. അധാ ഹി വിക്ഷ്വീഡ്യോസി പ്രിയോ നോ അതിഥിഃ |**

**രണ്വഃ പുരീവ ജൂര്യഃ സൂനുര്‍ന ത്രയയായ്യഃ ||**

ഹേ അഗ്നേ! നീ സ്തുതിക്കുപാത്രമാകുന്നു. നീ ഞങ്ങള്‍ക്ക് അതിഥിയെപ്പോലെ പൂജ്യനാകുന്നു. സാമത്തില്‍ വസിക്കുന്നവനായ നീ ജനക്ഷേമാര്‍ത്ഥം ഉപദേശം നല്‍കുന്ന വൃദ്ധനു തുല്യം ആശ്രയയോഗ്യനും പുത്രനുതുല്യം പാലനയോഗ്യനും ആകുന്നു.

**8. ക്രത്വാ ഹി ദ്രോണേ അജ്യസേഗ്നേ വാജീനാ കൃത്വ്യഃ |**

**പരിജ്മേവ സ്വധാ ഗയോത്യോ ന ഹ്വാര്യഃ ശിശുഃ ||**

ഹേ അഗ്നേ! അരണിമഥനത്തില്‍ നിന്നും നിന്‍റെ ജനനം ഉായി. കുതിര അതിന്‍റെ യജമാനനെ വഹിച്ചുകൊുപോകുന്നതുപോലെ, നീ ഹവിസ്സിനെ വഹിച്ചുകൊുപോകുന്നു. വായുവിനെപ്പോലെ നീ എല്ലായിടത്തും സഞ്ചരിക്കുന്നു. ഞങ്ങള്‍ക്ക് അന്നവും ഗൃഹവും നല്‍കൂ. നീ ബാലനെപ്പോലെ ശുദ്ധഹൃദയനാണല്ലോ.

**9. ത്വം ത്യാ ചിദച്യുതാഗ്നേ പശുര്‍നയവസേ |**

**ധാമാ ഹ യത്തേ അജര വനാ വൃശ്ചന്തി ശിക്വസഃ ||**

ഹേ അഗ്നേ! തൃണാദികള്‍ക്കുവേി അഴിച്ചുവിടപ്പെട്ട ആദിമൃഗം അവയെല്ലാം തിന്നൊടുക്കുന്നതുപോലെ നീ പ്രൗഢങ്ങളായ എല്ലാമരങ്ങളേയും ക്ഷണത്തില്‍ തിന്നൊടുക്കുന്നു. ഹേ അഗ്നേ! നീ വിനാശിയും തേജസ്വിയുമാകുന്നു. നിന്‍റെ ജ്വാലകള്‍ വനങ്ങളെ ഭസ്മാക്കുന്നു.

**10. വേഷി ഹ്യധ്വരീയതാമഗ്നേ ഹോതാ ദമേ വിശാമ |**

**സമൃധോ വിശ്പ തേ കൃണുജൂഷസ്വ ഹവ്യമങ്ഗിരഃ ||**

ഹേ അഗ്നേ! നീ യജ്ഞകര്‍മ്മങ്ങള്‍ നടത്തുവാനാഗ്രഹിക്കുന്ന യജമാനന്‍റെ ഗൃഹത്തില്‍ ഹോതാവായി പ്രവേശിക്കുന്നു. നീ മനുഷ്യരെ പാലിക്കുന്നവനാണല്ലോ. ഞങ്ങള്‍ക്ക് സമൃദ്ധിയെ നല്‍കണമേ. ഹേ അഗ്നേ! നീ ഞങ്ങളുടെ ഹവിസ്സ് സ്വീകരിക്കണമെ.

**11. അഛാ നോ മിത്രമഹോ ദേവാനഗ്നേ വോചഃ സുമതിം രോദസ്യോഃ |**

**വീഹി സ്വസ്തിം സൂക്ഷിതിം ദിവോ നൄന്‍ദ്വിഷോ അഹാംസി ദുരിതാ തരേമ താ തരേമ തവാവസാ തരേമ ||**

മനോഹരമായ തേജസ്സോടുകൂടിയ അഗ്നി! നീ ശാന്തനും, ഭീകരഗുണങ്ങളോടുകൂടിയവനും, ആകാശത്തിലും ഭൂമിയിലും വ്യാപിക്കുന്നവനും ആകുന്നു. നീ ഞങ്ങളുടെ സ്തോത്രങ്ങളെ ദേവകളുടെ അടുക്കലെത്തിച്ചാലും. സ്തുതിക്കുന്നവരായ ഞങ്ങള്‍ക്ക് മനോഹരമായ നിവാസസ്ഥാനവും, അതോടുകൂടിയുള്ള സൗഭാഗ്യങ്ങളും കിട്ടുമാറാക്കണേ. ശത്രുക്കളില്‍നിന്നും സങ്കടങ്ങളില്‍നിന്നും, പാപങ്ങളില്‍നിന്നും ഞങ്ങള്‍ അകന്നുപോകണേ. ഞങ്ങള്‍ അടുത്ത ജന്മത്തിലും പാപങ്ങളില്‍നിന്നും രക്ഷപ്പെടണേ. ഹേ അഗ്നേ! നിന്‍റെ രക്ഷാസാധനങ്ങളുടെ ബലത്തിന്‍മേല്‍ ഞങ്ങള്‍ ശത്രുക്കളില്‍നിന്നും മുക്തരാകണേ.

## സൂക്തം 3

**ഋഷി ഭരദ്വാജന്‍ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അഗ്നേ സ ക്ഷേഷദൃതപാ ഋതേജാ ഉരു ജ്യോതിര്‍നശതേ ദേവയുഷ്ടേ |**

**യം ത്വം മിത്രേണ വരുണഃ സജോഷാ ദേവ പാസി ത്യജസാ മര്‍തമംഹഃ ||**

ഹേ അഗ്നേ! ആര് യജ്ഞത്തിനായ ജനിച്ചുവോ, യജ്ഞകര്‍മ്മങ്ങള്‍ അനുഷ്ഠിക്കുന്നുവോ, ആ യജമാനന്‍ ദീര്‍ഘായുസിനെ പ്രാപിക്കണേ. നീ വരുണനേയും മിത്രനേയും പോലെ പ്രീതിയുള്ളവനായി യതൊരെജമാനനെ പാപങ്ങളില്‍നിന്നും രക്ഷിക്കുന്നുവോ, ദേവകളെ ഇഷ്ടപ്പെടുന്ന അവന്‍ നിന്‍റെ മഹത്തായ രക്ഷയെ പ്രാപിക്കുന്നു.

**2. ഈജേയജ്ഞേഭിഃ ശശമേശമീഭിര്‍ ഋധദ്വാരായാഗ് നയേദദാശ |**

**ഏവാ ചന തം യശസാമജൂഷ്ടിര്‍നാം ഹോ മര്‍തം നശതേ ത പ്രദൃപ്തിഃ ||**

സര്‍വ്വശ്രേഷ്ഠമായ വൈഭവങ്ങളാല്‍ സമ്പന്നനായ അഗ്നിക്കു യാതൊരു സാധകന്‍ ഹവിസ്സ് നല്‍കുന്നുവോ, അവന് പുത്രന്‍മാരുടെ അഭാവം ഉാകുന്നില്ല. മിഥ്യാഭിമാനവും പാപവും, അവനെ സമീപിക്കുന്നില്ല.

**3. സൂരോ ന യസ്യ ദൃശതി രരേപ ഭീമാ യദേതിം ശുചതസ്ത ആ ധീഃ |**

**ഹേഷസ്വതഃശുരുധോ നായമക്തോഃകുത്രാ ചിദ്രണ്വോ വസതിര്‍വനേജാഃ ||**

സൂര്യദര്‍ശനംപോലെ തന്നെ അഗ്നിദര്‍ശനവും പാപത്തില്‍നിന്നും രക്ഷപ്പെടുത്തുന്നു. ഹേ അഗ്നേ! നിന്‍റെ പ്രോജ്ജ്വലിതങ്ങളായ ജ്വാലകള്‍ പാപികള്‍ക്കു ഭയകാരണവും, എങ്ങും സഞ്ചരിക്കുന്നവയും ആകുന്നു. രാത്രിയില്‍ അമറുന്ന പശുവിനെപ്പോലെ അഗ്നിദേവന്‍ വളര്‍ന്ന് ശബ്ദമുാക്കുന്നു. എല്ലാവര്‍ക്കും നിവാസസ്ഥാനം നല്‍കുന്നവനായ അഗ്നി ദേവന്‍ വനയുക്തമായ പര്‍വതങ്ങളുടെ അഗ്രഭാഗങ്ങളില്‍ ക്രീഡിക്കുന്നു.

**4. തിഗ്മം ചിദേമ മഹി വര്‍പോ അസ്യ ഭസദശ്വോ ന യമസാന ആസാ |**

**വിജേഹമാനഃപരശുര്‍ന ജിഹ്വാം ദ്രവിര്‍ന ദ്രാവയതി ദാരു**

**ധക്ഷത് ||**

അഗ്നിയുടെ രൂപം പ്രകാശത്താൽ ഉജ്ജ്വലമാകുന്നു. അതിൻെറ മാർഗ്ഗം തീക്ഷ്ണമാകുന്നു. അത് അശ്വത്തേപ്പോലെ വായിൽക്കൂടി തൃണം ഭക്ഷിക്കുന്നു. കഠാരിയുടെ തീക്ഷ്ണമായ വായ്ത്തല വൃക്ഷത്തെ മുറിച്ചിടുന്നതുപോലെ അഗ്നി തൻെറ ജ്വാലകളെ വൃക്ഷങ്ങളിൽ പതിപ്പിക്കുന്നു

**5. സ ഇദസ്തേവ പ്രതി ധാദസിഷ്യഞ്ഛിശീത തേജോയസോ നധാരാം |**

**ചിത്രധ്രജതിരരതിർയോ അക്തോർവേർന ദ്രുഷദ്വാ രഘുപത്മജംഹാഃ ||**

സമർത്ഥനായ ധനുർദ്ധരൻ ലക്ഷ്യത്തിലേക്ക് അമ്പയയ്ക്കുന്നതുപോലെ അഗ്നി തൻെറ ജ്വാലകളെ അയക്കുന്നു. മരം വെട്ടുന്നവൻ തൻെറ മഴുവിനു മൂർച്ചകൂട്ടുന്നതുപോലെ അഗ്നിതൻെറ ജ്വാലകളെ തീക്ഷ്ണമാക്കുന്നു. വൃക്ഷത്തിനുമുകളിൽ ചേക്കേറുന്ന പക്ഷിയെപ്പോലെ അത്മുതഗതിയോടുകൂടിയ അഗ്നി രാത്രിയെ കടന്നുപോകുന്നു.

**6. സ ഈം രേഭോ ന പ്രതി വസ്ത ഉസ്രാഃ ശോചിഷാ രാരപീതി മിത്രമഹാഃ |**

**നക്തം യ ഈമരുഷോയോ ദിവാ നൃനമർത്യോ അരുഷോ യോ ദിവാ നൃൻ ||**

സ്തുത്യർഹനായ ആദിത്യനെപ്പോലെ അഗ്നിദേവൻ പ്രോജ്ജ്വലിതങ്ങളായ ജ്വാലകളെ പരത്തുന്നു. എല്ലാവർക്കും അനുകൂലനായി പ്രകാശത്തെ വിരിച്ചുകൊ് തേജസ്സോടുകൂടി ശബ്ദിക്കുന്നു. രാത്രിയിൽ പ്രകാശിക്കുന്ന അഗ്നി പകലെന്നതുപോലെ കർമ്മങ്ങൾക്കായി മനുഷ്യരെ പ്രേരിപ്പിക്കുന്നു. അമരത്വയുക്തനും, ദർശനീയനും ആയ അഗ്നി തൻെറ വെട്ടിത്തിളങ്ങുന്ന പ്രകാശത്താൽ ജ്വാലകളെ പ്രേരിപ്പിക്കുന്നു.

**7. ദിവോ ന യസ്യ വിധതോ നവീനോദ്വൃഷാ രുക്ഷ ഓഷധിഷു നൂനോത് |**

**ഘൃണാ ന യോ ധ്രജസാ പത്മനാ യന്നാ രോദസീ വസൂനാം ദം സുപത്നീ ||**

യാതൊരഗ്നി പ്രകാശമാനമായ രശ്മികൾ വിരിച്ച് പ്രകടമാകുന്നുവോ, അഭിലാഷങ്ങളെ വർഷിക്കുന്ന ജ്യോതിഷ്മാനായ ആ അഗ്നി ഔഷധീരൂപമാകുന്ന വിറകുകളിൽ മഹത്തായ ശബ്ദത്തോടുകൂടി ആളിപടരുന്നു. മുകളിലേക്കുയരുന്ന ആ തേജസ്വി നമ്മുടെ ശത്രുക്കളെ പരാജിതനാക്കി ദിവ്യലോകത്തേയും ഐശ്വര്യസമ്പന്നമാക്കുന്നു.

**8. ധായോഭിർവാ യോ യുജ്യേഭിരർകൈർവിദ്യുന്ന ദിവിദ്യോത്സ്വേഭിഃ ശുഷ്മൈഃ |**

**ശർധോ വാ യോ മരുതാം തതക്ഷ ഋഭുർന ത്വേഷോ രഭസാനോ അദ്യൗത് ||**

യാതൊരഗ്നി അശ്വത്തിനു തുല്യം നിയുക്തമായി പൂജനീയമായ തേജസ്സോടുകൂടി ഗമനം ചെയ്യുന്നുവോ, അവൻ സ്വന്തം തേജസ്സാൽ തന്നെ വിദ്യുത്തുപോലെ ദീപ്തിമാനായിത്തീരുന്നു. യാതൊരഗ്നി മരുത്തുക്കളുടെ ബലത്തെ കറക്കുന്നുവോ, അവൻ അത്യന്തം തേജസ്വിയും, സൂര്യനുതുല്യം പ്രകാശവാനും, അത്യന്തം വേഗവാനും ആകുന്നു.

## സൂക്തം 4

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. യഥാ ഹോതർമനുഷോ ദേവതാത യജ്ഞേഭിഃസൂനോ സഹസോ യജാസി |**

**ഏവ നോ അദ്യ സമനാ സമാനാനുശന്നഗ്ന ഉശതോ യക്ഷി ദേവാൻ ||**

ദേവതകളെ വിളിക്കുന്നവനായ ബലപുത്രനായ അഗ്നിദേവാ! എപ്രകാരം വിദ്വാൻമാരുടെ യജ്ഞത്തിൽ നീ ഹവിസ്സ് വഴിയായി ദേവകൾക്കായി യജ്ഞം ചെയ്തുവോ, അതുപോലെ തന്നെ ഞങ്ങളുടെ ഈ യജ്ഞത്തിൽ ഇന്ദ്രാദിദേവകളെ നീ അങ്ങേക്കു തുല്യരായി പരിഗണിച്ച് അവർക്ക് യജനം ചെയ്താലും.

**2. സ നോ വിഭാവാ ചക്ഷണിർന വസ്തോരഗ്നിർവന്ദാരു വേദ്യശ്ചനോ ധാത് |**

**വിശ്വായുര്യോ അമൃതോ മർത്യേഷൂഷർഭുദ് ഭൂദതിഥിർജാതവേദാഃ ||**

യാതൊരുത്തൻ സൂര്യനുതുല്യം മഹാതേജസ്വിയും, എല്ലാവർക്കും എളുപ്പത്തിൽ അറിയപ്പെടുവാൻ യോഗ്യനും, പകലിൻെറ പ്രകാശകനും, ആശ്രയഭൂതനും, അവിനാശിയും, അതിഥിരൂപനും, ജ്ഞാനിയും, പ്രഭാതവേളയിൽ എല്ലാത്തിനും ചൈതന്യം നൽകുന്നവനുമായ ആ അഗ്നി നമുക്ക് പ്രശംസിതമായ ധനം കിട്ടുമാറാക്കണേ.

**3. ദ്യാവോ ന യസ്യ പനയന്ത്യഭ്വം ഭാസാംസി വസ്തേ സൂര്യോ ന ശുക്രഃ |**

**വി യ ഇനോത്യജരഃ പാവകോശ്നസ്യ ചിച്ഛിശ്നഥത്പൂർവ്യാണി ||**

സ്തുതിക്കുന്നവർ യാതൊരഗ്നിയുടെ മഹാകർമ്മങ്ങളുടെ സങ്കീർത്തനം ആലപിക്കുന്നുവോ, ഉജ്ജ്വലവർണ്ണനായ ആ അഗ്നി സൂര്യനുതുല്യം തൻെറ തേജസ്സിനെ വ്യാപിപ്പിക്കുന്നു. അജരനും, പവിത്രീകരിക്കുന്നവനുമായ അഗ്നി തൻെറ തേജസ്സാൽ എല്ലാ വസ്തുക്കളേയും പ്രകടമാക്കുകയും അരുരാദിയെ വധിക്കുകയും ചെയ്യുന്നു.

**4. വദ്മാ ഹി സൂനോ അസ്യദ്മസദ്വാ ചക്രേ അഗ്നിർജനുഷാജ്മാന്നം |**

**സ ത്വം ന ഊർജസന ഊർജം ധാ രാജേവ ജേരവൃകേ ക്ഷേഷ്യന്തഃ ||**

ഹേ അഗ്നേ! നീ എല്ലാത്തിനും പ്രേരണ നൽകുന്നവനും, സ്തുത്യർഹനും ആകുന്നു. നീ ഹവിസ്സിനാൽ സന്തുഷ്ടനായി ഉപാസകൻമാർക്ക് അന്നപൂർണ്ണമായ ഭവനം പ്രദാനം ചെയ്യുന്നു. ഹേ അന്നദാതാവായ അഗ്നേ! ഞങ്ങൾക്ക് അന്നം നൽകണമേ. ഞങ്ങളുടെ ശത്രുക്കളുടെമേൽ വിജയം പ്രാപിക്കൂ. ഞങ്ങളുടെ യാഗവേദിയിൽ നീ വിരാജിതനാകണമേ.

**5. നിതിക്തി യോ വാരണമന്നമത്തി വായുർന രാഷ്ട്യത്യേത്യക്തൂൻ |**

**തുര്യാമ യസ്ത ആദിശാമരാതീരത്യോന ഹ്രുംതുഃ പതതഃ പരിഹ്രുത് ||**

യാതൊരഗ്നി സ്വന്തം തേജസ്സിനെ വർദ്ധിപ്പിക്കുന്നുവോ, അന്ധകാരത്തെ അകറ്റുന്നുവോ ഹവിസ്സിനെ സ്വീകരിക്കുന്നുവോ, ആ

അഗ്നി രാത്രിയെ കടന്നുപോകുന്നു. ഹേ അഗ്നേ! ഞങ്ങൾ നിൻെറ കൃപയാൽ ഹവിസ്സ് നൽകാത്തവരുടെ മേൽ വിജയം പ്രാപിക്കണേ. നീ അശ്വത്തെപ്പോലെ വേഗവാനായി ഞങ്ങളെ ആക്രമിക്കുന്ന ശത്രുക്കളെ സംഹരിക്കണേ.

**6. ആ സൂര്യോ ന ഭാനുമദ്ഭിരർകൈർഗ്നേ തതന്ഥ**

**രോദസീ വി ഭാസാ |**

**ചിത്രോ നയത്പരി തമാംസ്യക്തഃ ശോചിഷാ**

**പത്മന്നൗശിജോ ന ദീയൻ ||**

ഹേ അഗ്നേ! നീ ആകാശത്തേയും ഭൂമിയേയും ആഛാദിതമാക്കുന്നു. തൻെറ മാർഗ്ഗത്തിൽക്കൂടി ക്രമം തെറ്റാതെ ചലിച്ചുകൊിരുന്നു. സൂര്യനുതുല്യം അത്ഭുതഗതിയോടുകൂടിയ അഗ്നി അന്ധകാരത്തെ നശിപ്പിക്കുന്നു.

**7. ത്വാം ഹി മന്ദ്രതമമർകശോകൈർവവൃമഹേ മഹി നഃ**

**ശ്രോഷ്യഗ്നേ |**

**ഇന്ദ്രം  ന ത്വാ ശവസാ ദേവതാ വായും പൃണന്തി**

**രാധസാ നൃതമാഃ ||**

ഹേ അഗ്നേ! നീ അത്യന്തം പൂജനീയനും തേജസ്വിയുമാകുന്നു. ഞങ്ങൾ അങ്ങയുടെ ഗുണങ്ങളെ പാടി പുകഴ്ത്തുന്നു. ഞങ്ങളുടെ മഹാസ്തോത്രങ്ങളെ നീ ശ്രവിക്കണേ. ഹേ അഗ്നേ ഋത്വിക്കുകൾ നിന്നെ ഹവിസ്സിനാൽ പ്രസാദിപ്പിക്കുന്നു. നീ വായുവിനെപ്പോലെ മഹാബലവാനും ഇന്ദ്രനെപ്പോലെ ഗുണങ്ങളാൽ പരിപൂർണ്ണനുമാകുന്നു.

**8. നൂ നോ അഗ്നേവൃകേഭിഃ സ്വസ്തി വേഷി രായഃ പഥിഭിഃ**

**പർഷ്യംഹഃ |**

**തം സൂരിഭ്യോ ഗൃണതേ രാസി സുമ്നം മദേമശതഹിമാഃ**

**സുവീരാഃ ||**

ഹേ അഗ്നേ! നീ അക്രമരഹിതമായ മാർഗ്ഗത്തിൽക്കൂടി ഞങ്ങളെ ഐശ്വര്യത്തിലേക്ക് നയിച്ചാലും. ഞങ്ങളെ പാപങ്ങളിൽനിന്നും മോചിപ്പിക്കണമേ. സ്തുതിക്കുന്നവർക്ക് നീ യാതൊരു സുഖം നൽകുന്നുവോ, ആ സുഖം ഞങ്ങൾക്ക് നൽകണം. ഞങ്ങൾ സുന്ദരൻമാരായ സന്താനങ്ങളോടുകൂടിയവരായി നൂറുവർഷം വരെ സുഖപൂർവ്വം ജീവിക്കണേ.

## സൂക്തം 5

**ഋഷി ഭരദ്വാജൻ   ദേവത അഗ്നി   ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ഹുവേ വഃ സൂനും സഹസോ യുവാനമദ്രോഘവാചം**

**മതിഭിർയവിഷ്ഠം |**

**യ ഇന്വതി ദ്രവിണാനി പ്രചേതാ വിശ്വവാരാണി**

**പുരുവാരോ അധ്രുക് ||**

ഹേ അഗ്നേ! സ്തോത്രങ്ങൾവഴിയായി ഞങ്ങൾ നിന്നെ വിളിക്കുന്നു. നീ ബലപുത്രനും, നിത്യയുവാവും, മഹാസ്തോത്രങ്ങളാൽ സ്തുതിക്കപ്പെടുന്നവനും ജ്ഞാനിയും, ദ്രോഹരഹിതനും ആകുന്നു. ഇപ്രകാരമുള്ള ഗുണങ്ങളോടുകൂടിയ അഗ്നി സ്തുതിക്കുന്ന മനുഷ്യർക്ക് അവരാഗ്രഹിക്കുന്ന ഐശ്വര്യം നൽകുന്നു.

**2. ത്വേ വസൂനി പൂർവണീക ഹോതർദോഷാവസം**

**തോരേരിരേ യജ്ഞിയാസഃ |**

**ക്ഷാമേവ വിശ്വാ ഭുവനാനി യസ്മിൻത്സ സൗഭഗാനി**

**ദധിരേ പാവകേ ||**

ഹേ അഗ്നേ! നീ വളരെ ജ്വാലകളോടുകൂടിയവനും ദേവകളെ വിളിക്കുന്നവനും ആകുന്നു. യജ്ഞം നടത്തുന്ന യജമാനൻ രാവും പകലും നിനക്ക് ഹവിരാന്നം നൽകുന്നു. ദേവകൾ ഭൂമിയിൽ എല്ലാ ജീവികളേയും സഹായിച്ചിരുന്നതുപോലെ അഗ്നിയിൽ എല്ലാ ധനങ്ങൾേയും നിക്ഷേപിച്ചിരിക്കുന്നു.

**3. ത്വം വിക്ഷു പ്രദിവഃ സീദ ആസു ക്രത്വാ രഥീരഭവോ**

**വാർയാണാം |**

**അത ഇനോഷി വിധതേ ചികിത്വോ വ്യാനുഷഗ്ജാ**

**തവേദോ വസൂനി ||**

ഹേ അഗ്നേ! നീ സ്വന്തമായ സാമർത്ഥ്യത്താൽ ശ്രേഷ്ഠങ്ങളായ അഭിലാഷങ്ങളേയും, ശ്രേഷ്ഠങ്ങളായ സമ്പത്തുകളേയും പ്രാപിക്കുന്നു. നീ തന്നെ പ്രധാനിയാകുന്നു. ഹേ ജ്ഞാനി! നീ സ്വന്തം ഉപാസകൻമാർക്ക് വിഭിന്നങ്ങളായ ഐശ്വര്യങ്ങൾ നിരന്തരം നൽകിക്കൊിരിക്കുന്നു.

**4. യോ നഃ സനുത്യോ അഭിദാസദഗ്നേ യോ അന്തരോ**

**മിത്രമഹോ വനുഷ്യാത് |**

**തമജരേഭിർവൃഷഭിസ്തവ സ്വൈസ്തപാ തപിഷ്ഠതപസാ**

**തപസ്വാൻ ||**

ഹേ അഗ്നേ! യാതൊരുത്തൻ ഒളിച്ചിരുന്ന് ഞങ്ങളെ നശിപ്പിക്കുവാനാഗ്രഹിക്കുന്നുവോ അഥവാ യാതൊരു ശത്രു ഞങ്ങളുടെ ഇടയിൽ പ്രവേശിച്ച് ഞങ്ങൾക്ക് നാശം വരുത്തുവാൻ ആഗ്രഹിക്കുന്നുവോ, ആ രു കൂട്ടരേയും നീ സ്വന്തം തേജസ്സാൽ ഭസ്മമാക്കണമേ. നീ തേജസ്സ് അജരവും വൃഷ്ടിയുടെ  കാരണരൂപവും സാമർത്ഥ്യയുക്തവും ആകുന്നു.

**5. യസ്തേ യജ്ഞേന സമിധായ ഉക്ഥൈരർകേഭിഃ**

**സൂനോ സഹസോ ദദാശത് |**

**സമർത്യേഷ്വമൃത പ്രചേതാ രായാ ദ്യുമ്നേന ശ്രവസാ വി**

**ഭാതി ||**

ഹേ അഗ്നേ! ആര് യജ്ഞകർമ്മത്താൽ നിന്നെ സേവിക്കുന്നുവോ, അഥവാ ആര് സ്തവനീയ സ്തോത്രങ്ങളാലും ഹവിസ്സുകളാലും നിന്നെ സേവിക്കുന്നുവോ, ആ യജമാനൻ മനുഷ്യരിൽ ഉത്തമജ്ഞാനിയും, ശ്രേഷ്ഠമായ ധനവും അന്നവും പ്രാപിച്ച് സുശോഭിതനാക്കുന്നു.

**6. സ തത്കൃധീഷിതസ്തൂയമഗ്നേ സ്പൃധോ**

**ബാധസ്വസഹസാ സഹസ്വാൻ |**

**യച്ഛസ്യസേ ദ്യുഭിരക്തോ വചോഭിസ്തജ്ജുഷസ്വ**

**ജരിതുർഘോഷി മന്മ ||**

ഹേ അഗ്നേ! യാതൊരു കർമ്മത്തിനായി യുക്തനായിരിക്കുന്നുവോ അതിനെ അതിവേഗം പൂർത്തിയാക്കിയാലും. നീ ശക്തിശാലിയാണല്ലൊ അതിനാൽ മറ്റുള്ളവരെ വശീകരിക്കുന്ന ശക്തിയാൽ ശത്രുക്കളെ നശിപ്പിക്കൂ ഈ സ്തോതാവ് സ്തുതികളാൽ അങ്ങേയ്ക്കർച്ചനചെയ്യുന്നു. നീ ഈ സ്തോത്രത്തെ സ്വീകരിക്കണമേ അഗ്നിദേവൻ പ്രകാശമാനമായ തേജസ്സാൽ പരിപൂർണ്ണനാകുന്നു.

**7.അശ്യാമ തം കാമമഗ്നേ തവോതീ അശ്യാമ രയിം രയിവഃ**

**സുവിരം**

**അശ്യാമ വാജമഭി വാജയന്തോ ശ്യാമ ദ്യുമ്നജരാ ജരം**

**തേ**

ഹേ അഗ്നേ! നിൻെറ ആശ്രമത്തിൽ ഞങ്ങൾക്ക് ഇഛരിതഫല ലാഭമാകുന്നു. ഐശ്വര്യങ്ങളുടെ സ്വാമിൻ. ഞങ്ങൾ സൽസന്താനങ്ങളാൽ പൂർണ്ണരായി ഐശ്വര്യം പ്രാപിക്കണേ. അന്നത്തെ ആഗ്രഹിക്കുന്ന ഞങ്ങൾ നീ വഴിയായി അതിനെ പ്രാപിക്കണേ ഹേ അഗ്നേ! നീ ജരാരഹിതനാകുന്നു. ഞങ്ങൾ നിൻെറ മഹാതേജസ്സിൽ നിന്നും. ജരാരഹിതമായ യശസ്സിൽ നിന്നും യശസ്വികളായിഭവിക്കണേ.

## സൂക്തം 6

ഋഷി ഭരദ്വാജൻ. ദേവത അഗ്നി ഛന്ദസ്സ് ത്രിഷ്ടുപ്

**1. പ്ര നവ്യസാ സഹസഃ സൂനുമഛാ യജ്ഞേന ഗാതുമവ ഇഛമാനഃ |**

**വൃശ്ചദ്വനം കൃഷ്ണയാമം രുശന്തം വീതി ഹോതാരം ദിവ്യം ജിഗാതി ||**

അന്നത്തെ ആഗ്രഹിക്കുന്നവരാണ് യജമാനൻമാർ സ്തുതിക്കുപാത്രവും, ബലത്തിൻെറ ആധാരവും ആയ അഗ്നിയുടെ അടുക്കലേയ്ക്ക് യജ്ഞ കർമ്മയുക്തരായി പോകുന്നു. ആ അഗ്നി വനങ്ങളെ ഭസ്മമാക്കുന്നവനും ഉജ്ജ്വലനും ദിവ്യനായ ഹോതാരൂപനും ആകുന്നു.

**2. സ ശ്വിതാനസ്തന്യരുരോചനസ്ഥാ അജരേഭിർനാനദം ദ്ഭിർയവിഷ്ഠഃ |**

**യഃ പാവകഃ പുരുതമഃ പുരൂണി പൃഥൂന്യഗ്നി രുനയാതി ഭർവൻ ||**

അവൻ എല്ലാത്തിനേയും പവിത്രീകരിക്കുന്നവനും, മഹാനും ആകുന്നു. ഉജ്ജ്വലവർഷകനും, അന്തരീക്ഷത്തിൽ വ്യാപിക്കുന്ന ജരാരഹിതനും, ശബ്ദകാരിയും ആകുന്നു, മരുത്തുക്കളോടൊത്തുചേരുന്ന അദ്ദേഹം കരോരങ്ങളായ തടികളെ ഭക്ഷിച്ചുകൊുകടന്നു പോകുന്നു.

**3. വി തേ വിഷ്വഗ്വാതജൂ താസോ അഗ്നേ ഭാമാസഃ ശുചേ ശുചയശ്ചരന്തി |**

**തുവിമ്രക്ഷാസോ ദിവ്യാ നവഗ്വാ വനാ വനന്തി ധൃഷതാ രുജന്തഃ ||**

ഹേ അഗ്നേ നിൻെറ ജ്വാലകൾ വായുവുമായുള്ള സംയോഗത്താൽ അസംഖ്യം മരത്തടികളെ ഭക്ഷിച്ചു കൊ് സർവത്രവ്യാപിക്കുന്നു. ആളിക്കത്തുന്ന അഗ്നിയിൽ നിന്നുത്ഭവിക്കുന്ന ജ്വാലകൾ വനങ്ങളെ ജ്വലിപ്പിക്കുന്നു.

**4. യേ തേ ശുക്രാ സഃ ശുച യഃ ശുചിഷ്മഃ ക്ഷാ വപന്തി വിഷിതാസോ അശ്വാഃ |**

**അധ ഭ്രമസ്ത ഉർവിയാ വി ഭാതി യാതയമാനോ അധി സാനു പൃശ്നേഃ ||**

ഹേ തേജോമയനായ അഗ്നേ! നിൻെറ യാതൊരു പ്രദീപ്തങ്ങളായ ജ്വാലകൾ വനങ്ങളെ ജ്വലിപ്പിക്കുന്നുവോ അവ അഴിച്ചു വിടപ്പെട്ട അശ്വത്തെപ്പോലെ അങ്ങിങ്ങായി സഞ്ചരിക്കുന്നു. നിൻെറ ഗതിശീലങ്ങളായ ജ്വാലകൾ ഭൂമിയാൽ അദ്ഭുതങ്ങളായ ക്രീഡകൾ നടത്തി വിരാജിക്കുന്നു.

**5. അധ ജിഹ്വാ പാപതീതി പ്ര വിഷ്ണോ ഗോഷുയുധോ നാശനിഃ സൃജാനം |**

**ശൂരസ്യേവ പ്രസിതിഃ ക്ഷാതിരഗ്നേർദുർവർതുർ ഭീമോ ദയതേ വനാനി ||**

വൃഷ്ടിയുടെ കാരണഭൂതനായ അഗ്നിജ്വാലകൾ തുടർച്ചയായി ഉയർന്നുകൊിരിക്കുന്നു. അതുപോലെ തന്നെ ഗോക്കൾക്കുവേിയുള്ള യുദ്ധത്തിൽ ഇന്ദ്രൻെറ വജ്രവും ഉയരുന്നു, വീരപുരുഷൻമാരെപ്പോലുള്ള അഗ്നി ജ്വാലകളെ തടയുവാൻ ആർക്കും സാധ്യമല്ല, അവൻ തൻെറ ഭീകരരൂപത്തോടു കൂടി വനങ്ങളെ ചാമ്പലാക്കുന്നു.

**6. ആ ഭാനുനാ പാർഥിവാനി ജ്രയാംസി മഹസ്തോദസ്യ ധൃഷതാ തതന്ഥ |**

**സ ബാധസ്വാപ ഭയാ സഹോഭിഃ സ്പൃധോ വനുഷ്യന്വനുഷോ നി ജൂർവ ||**

ഹേ അഗ്നേ! നീ സുശക്തങ്ങളായ ജ്വാലകൾ വഴിയായി തൻെറ ഐശ്വര്യത്തെ ലോകം മുഴുവൻ വ്യാപിപ്പിക്കുന്നു. നീ എല്ലാ സങ്കടങ്ങളേയും നശിപ്പിക്കേണമേ. ആ തേജസസ്സിൻെറ സാമർത്ഥ്യത്താൽ ഞങ്ങളെ വിദ്വേഷിക്കുന്നവരെ വശത്താക്കുകയും ശത്രുക്കളെ നശിപ്പിക്കുകയും ചെയ്യണമേ.

**7. സ ചിത്രചിത്രം ചിതയന്തമസ്മേ ചിത്രക്ഷത്ര ചിത്രതമം വയോധാം |**

**ചന്ദ്രം രയിം പുരുവീരം ബൃഹന്തം ചന്ദ്ര ഛന്ദ്രാഭിർഗൃണതേ യുവസ്വ ||**

ഹേ അഗ്നേ! നീ അത്ഭുതകരമായ തേജസ്സോടുകൂടിയവനാണല്ലോ. സന്തോഷിപ്പിക്കുന്ന സ്തോത്രങ്ങളാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ അത്യന്തം വിചിത്രരൂപനും, യശസ്വിയും, അന്നദാതാവുമാണ്. ഞങ്ങൾക്ക് പുത്രപൗത്രാദികളാൽ യുക്തമായ ഐശ്വര്യം തന്നരുളണേ.

## സൂക്തം 7

ഋഷി ഭരദ്വാജൻ ദേവത വൈശ്വിനരൻ ഛന്ദസ്സ് ത്രിഷ്ടുപ്

**1. മൂർധാനം ദിവോ അരതിം പൃഥിവ്യാ വൈശ്വാനരമൃത ആ ജാതമഗ്നിം |**

**കവിം സമ്രാജമതിഥം ജനാനാമാസന്നാ പാത്രം ജനയന്ത ദേവാഃ ||**

വൈശ്വരാഗ്നി. ആകാശത്തിൻെറ മൂർധാവിനുതുല്യനും, പൃഥിനിൽ സഞ്ചരിക്കുന്നവനും, യജ്ഞാദി ശ്രേഷ്ഠകർമ്മങ്ങൾക്കു വേി ഉത്ഭവിച്ചവനും, ജ്ഞാനിയും വഴിയാം വണ്ണം സുശോഭിതനും യജമാനൻമാർക്ക് അതിഥിതുല്യനുമാകുന്നു. അദ്ദേഹം രക്ഷാസാധനങ്ങളാൽ യുക്തനും ദേവകളുടെ മുഖ രൂപനുമാകുന്നു. ഉപാസകഗണം ആ അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു.

**2. നാഭിം യജ്ഞാനാം സദനം രയീണാം മഹാമാഹാവമഭി സംനവന്ത |**

**വൈശ്വാനരം രഥ്യമധ്വരാണാം യജ്ഞസ്യ കേതും ജനയന്ത ദേവാഃ ||**

സ്തുതിക്കുന്നവരായ യജമാനൻമാർ ഹവിസ്സുകളുടെ വാലതനും, യജ്ഞസ്വരൂപനും ആയ അഗ്നിയെ ഭക്തിപൂർവ്വം സ്തുതിക്കുന്നു. യജ്ഞദ്രവ്യങ്ങൾ വഹിക്കുന്നവനും, യജ്ഞത്തിൻെറ ധ്വജരൂപനുമായ വൈശ്വാനരാഗ്നിയെ ഋത്വിക്കുകൾ ഉൽപ്പാദിപ്പിച്ചു.

**3. ത്വദ്വിപ്രോ ജായതേ വാജ്യഗ്നേ ത്വദ്വീരാസോ അഭിമാതിഷാഹഃ |**

**വൈശ്വാനര ത്വാമസ്മാസു ധേഹി വസൂനി രാജൻത്സ് പൃഹയായ്യണി ||**

ഹേ ദേവാ! ഹവിരാന്നത്താൽ സമ്പന്നനായ യജമാനൻ നിന്നിൽ നിന്നും ജ്ഞാനം പ്രാപിക്കുന്നു, വീരപുരുഷൻ നിൻെറ കൃപയാൽ ശത്രുക്കളെ വശീകരിക്കുന്നതിൽ സമർത്ഥരാകുന്നു. ഹേ പ്രകാശവാനായ വൈശ്വാനരാഗ്നേ! ഞങ്ങളാഗ്രഹിക്കുന്ന ധനം ഞങ്ങൾക്ക് പ്രദാനം ചെയ്താലും.

**4. ത്വാം വിശ്വേ അമൃത ജായമാനം ശിശും ന ദേവാ അഭി സംനവന്തേ |**

**തവ ക്രതുഭിരമൃതത്വമായന്വൈശ്വാനര യത്പിത്രോരദീദേഃ ||**

ഹേ അമരത്വഗുണയുക്തനായ അഗ്നേ! നീ രരണികളുടെ പുത്രരൂപത്തിൽ പ്രകടമായി. എല്ലാ ദേവൻമാരും നിന്നെ സ്തുതിക്കുന്നു. ഹേ വൈശ്വനരാഗ്നേ!ആശ്രയദാതാവായ നീ ആകാശത്തിൻെറയും ഭൂമിയുടെയും മധ്യത്തിൽ പ്രോജ്വലിതനാകുമ്പോൾ യജമാനൻ നിൻെറ യജ്ഞകർമ്മങ്ങൾ വഴിയായി അമരത്വ പ്രാപിക്കുന്നു.

**5. വൈശ്വാനര തവ താനി വ്രതാനി മഹാന്യഗ്നേ നകിരാ ദധർഷ |**

**യജ്ജായമാനഃ പിത്രോരുപസ്തേവിന്ദഃ കേതും വയുനേഷ്വാഹ്നാം ||**

ഹേ വൈശ്വാനരാഗ്നേ! നിൻെറ വിഖ്യാതമായ കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുവാൻ ആർക്കും സാധ്യമല്ല. മാതാപിതാക്കൾക്കു തുല്യമായ ആകാശത്തിൻെറയും ഭൂമിയുടെയും ആശ്രിതമായ അരണികളിൽനിന്നും ഉത്ഭവിച്ച് നീ ദിവസങ്ങളെ പ്രകടമാക്കുന്ന സൂര്യനെ പ്രതിഷ്ഠിച്ചു.

**6. വൈശ്വാനരസ്യ വിമിതാനി ചക്ഷസാ സാനൂനി ദിവോ അമൃതസ്യ കേതുനാ |**

**തസ്യേദു വിശ്വാ ഭുവനാനി മൂർധാനി വയാ ഇവ രുരുഹുഃ സപ്ത വിസ്രുഹഃ ||**

വൈശ്വാനരാഗ്നിയുടെ തേജസ്സാൽ ദിവ്യലോകം ഉച്ചനിലയെ പ്രാപിക്കുന്നു. അവൻെറ മൂർധാരൂപമായ മേഘത്തിൽ ജലം കുടികൊള്ളുകയും, അതിൽനിന്നും സപ്തനദികൾ പ്രവഹിക്കുകയും ചെയ്യുന്നു.

**7. വി യോ രജാംസ്യമിമീത സുക്രതുർവൈശ്വാനരോ വി ദിവോ രോചനാ കവിഃ |**

**പരി യോ വിശ്വാ ഭുവനാനി പപ്രഥേദബ്ധോ ഗോപാ അമൃതസ്യ രക്ഷിതാ ||**

യാതൊരുത്തൻ ആകാശത്തിൽ പ്രകാശിക്കുന്ന നക്ഷത്രങ്ങളെ സൃഷ്ടിച്ചുവോ, യാതൊരുത്തൻ ജീവികൾക്കെല്ലാം വേ ചതുർദിക്കുകളെ പ്രാപിച്ചുവോ, ആ അഗ്നി ജലത്തിൻെറ രക്ഷകനും അജയ്യനുമാകുന്നു.

## സൂക്തം 8

**ഋഷി ഭരദ്വാജൻ ദേവത വൈശ്വാനരൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. പൃക്ഷസ്യ വൃഷ്ണോ അരുഷസ്യ നൂ സഹഃ പ്ര നു വോചം വിദഥാ ജാതവേദസഃ |**

**വൈശ്വനരായ മതിർനവ്യസീ ശുചിഃ സോമ ഇവ പവതേ ചാരുരഗ്നയേ ||**

ജലവർഷകനും, ജൻമനാജ്ഞാനിയും, പ്രകാശമാനനും, സർവത്രവ്യാപ്തനും ആയ അഗ്നിയുടെ തേജസ്സിനെ നാം ഈ യാഗത്തിൽ ഹൃദയംഗമമായി സ്തുതിക്കുന്നു. അവൻെറ സമക്ഷത്തിൽ പവിത്രവും അഭിനവവും സുന്ദരവും ആയ സ്തോത്രങ്ങളെ സോമരസത്തിനു തുല്യം സമർപ്പിക്കുന്നു.

**2. സ ജായമാനഃ പരമേ വ്യോമനി വ്രതാന്യഗ്നിർവ്രതപാ അരക്ഷത |**

**വ്യന്തരിക്ഷമമിമീത സുക്രതുർവൈശ്വാനരോമ ഹിനാ നാകമസ്പൃശത് ||**

സത്യകർമ്മങ്ങളുടെ രക്ഷകനായ വൈശ്വാനരാഗ്നി ശ്രേഷ്ഠമായ ആകാശത്തിൽ പ്രകടമായി വൈദീകവും, ലൗകികവും രുപ്രകാരത്തിലുമുള്ള കർമ്മങ്ങളെ പാലിക്കുന്നു. അവൻ തന്നെ അന്തരീക്ഷത്തിൻെറ സീമകളെ നിർധാരണ ചെയ്യുന്നു. ശ്രേഷ്ഠകർമ്മാവായ വൈശ്വാനരാഗ്നി തൻെറ തേജസ്സോടുകൂടി ആകാശം വരെ ഉയരുന്നു.

**3. വ്യസ്തഭ്നാദ്രോദസീ മിത്രോ അദ്ഭുതോതർവാ വദകൃണോജ്ജ്യോതിഷാ തമ |**

**വി ചർമണീവ ധിഷണേ അവർതയദ്വൈശ്വാ നരോ വിശ്വമധത്ത വൃഷ്ണ്യം ||**

മിത്രനുതുല്യം ഹിതകാരിയും അത്ഭുതരൂപനും ആയ വൈശ്വാനരാഗ്നി ആകാശത്തേയും ഭൂമിയേയും അതായതുകളുടെ സ്ഥാനങ്ങളിൽ ഉറപ്പിച്ചു. അവൻ തൻെറ തേജസ്സാൽ അന്ധകാരത്തെ മറയ്ക്കുകയും ആശ്രയഭൂതമായ ആകാശത്തേയും ഭൂമിയേയും മൃഗത്തോലുപോലെ വിരിക്കുകയും ചെയ്തു. ആ അഗ്നി സമസ്ത പരാക്രമങ്ങളേയും വഹിക്കുന്നവനാണ്.

**4. അപാമുപസ്ഥേ മഹിഷാ അഗൃഭ്ണത വിശോ രാജാ നമുപ തസ്ഥുർഋഗ്മിയം |**

**ആ ദൂതോ അഗ്നിമഭരദ്വിവസ്വതോ വൈശ്വാനരം മാതരിശ്വാ പരാവതഃ ||**

മഹാകർമ്മാക്കളായ മരുത്തുക്കൾ അന്തരീക്ഷത്തിൽ അഗ്നിയെ സ്ഥാപിച്ചു. മനുഷ്യർ അവനെ സ്വാമിയാക്കി പൂജിച്ചു. ദേവകളുടെ ഭൂതരൂപത്തിൽ മാതരിശ്വാവ് ഈ വൈശ്വാനരാഗ്നിയെ സൂര്യമണ്ഡലത്തിൽ നിന്നും ഈ ഭൂലോകത്തിലേക്ക് കൊവന്നു.

**5. യുഗേയുഗേ വിദഥ്യം ഗൃണദ്ഭ്യോഗ്നേ രയിം യശസം ധേഹി നവ്യസീം |**

**പവ്യേവ രാജന്നഘശംസമജര നീചാ നി വൃശ്ച വനിനം ന തേജസാ ||**

ഹേ അഗ്നേ! നീ യജ്ഞത്തിനു യോഗ്യനാകുന്നു. യാതൊരു സാധകൻ നിനക്കുവേ അഭിനവങ്ങളായ സ്തോത്രങ്ങളലാപക്കുന്നുവോ, അവന് യശസ്വികളായ സന്താനങ്ങളേയും, സുന്ദരമായ ഐശ്വര്യത്തേയും നീ നൽകുന്നു. ഹേ അഗ്നേ! നീ ജരാരഹിതനും ഉന്നതസ്ഥാനത്ത് പ്രതിഷ്ഠിതനുമാകുന്നു. വജ്രത്താൽ വൃക്ഷം നിലംപതിക്കുന്നതുപോലെ നിൻെറ തേജസ്സാൽ ശത്രുക്കളെ വീഴിക്കേണമേ.

**6. അസ്മാകമഗ്നേ മഘവത്സു ധാരയാനാമി ക്ഷത്രമജരം**

**സുവീര്യം |**

**വയം ജയേമ ശതിനം സഹസ്രിണം വൈശ്വാനര വാജമഗ്നേ തവോതിഃ ||**

ഹേ അഗ്നേ! ഞങ്ങൾ ഹവിരാന്നത്താൽ സമ്പന്നരാകുന്നു. നീ ഞങ്ങൾക്ക് അക്ഷുണ്ണമായ ധനവും, ഐശ്വര്യവും, ജരാരാഹിത്യവും, ശത്രുക്കളെ പലായനം ചെയ്യിക്കുവാനുള്ള ശ്രേഷ്ഠമായ ബലവീര്യവും തരുമാറാകണം, ഹേ വൈശ്വാനരാഗ്നേ! ഞങ്ങൾ അങ്ങയുടെ രക്ഷാസാധനങ്ങളുടെ വിശ്വാസത്തിൻമേൽ അസംഖ്യങ്ങളായ ഐശ്വര്യങ്ങളെ ജയിച്ചെടുക്കണേ.

**7. അദേബ്ധഭിസ്തവ ഗോപാഭിരിഷ്ടേസ്മാകം പാഹി ത്രിഷധസ്ഥ സൂരിൻ |**

**രക്ഷാ ച നോ ദദുഷാം ശർധോ അഗ്നേ വൈശ്വാനര പ്ര ച താരീഃ സ്തവാനഃ ||**

ഹേ ത്രിലോകങ്ങളുടെ നാഥനായ അഗ്നിദേവാ! ആരാലും നശിപ്പിക്കപ്പെടാത്തവനായ നീ സ്തോതാക്കളെ രക്ഷിച്ചാലും. ഹേ വൈശ്വാനരാഗ്നേ! നീ ഹവിസ്സ് നൽകുന്ന യജമാനൻെറ ബലവീര്യങ്ങളെ രക്ഷിക്കൂ. ഞങ്ങളങ്ങയെ സ്തുതിക്കുന്നു. അങ്ങു ഞങ്ങളെ ദുഃഖങ്ങളുടെ മറുകര കടത്തണമേ.

## സൂക്തം 9

**ഋഷി ഭരദ്വാജൻ ദേവത വൈശ്വാനരൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ജഗതി**

**1. അഹശ്ച കൃഷ്ണമഹരർജുനം ച വി വർതേതേ രജസീ വേദ്യാഭിഃ |**

**വൈശ്വാനരോ ജായമാനോ ന രാജാവാതിരജ്യോതിഷഗ്നിസ്തമാംസി ||**

കറുത്ത രാത്രിയും വെളുത്ത പകലും ലോകത്തിന് വർണ്ണപ്പകിട്ടേകിക്കൊണ്ട് നിയമാനുസൃതമായി പരിവർത്തനം പ്രാപിച്ചുകൊണ്ടിരിക്കുന്നു. വൈശ്വാനരാഗ്നി രാജാവിനെപ്പോലെ ജാജ്വല്യമാനായി അന്ധകാരത്തെ നശിപ്പിക്കുന്നു.

**2. നാഹം തന്തും ന വി ജാനാമ്യോതും ന യം വയന്തി സമരേതമാനാഃ |**

**കസ്യ സ്വിത്പുത്ര ഇഹ വക്ത് വാനി പരോ വദാത്യവരേണ പിത്രാ ||**

ഊടും പാവും ഞാനറിയുന്നില്ല. തഥാപ്രയത്നം വഴിയായി യാതൊരു വസ്ത്രം നെയ്യപ്പെടുന്നുവോ അതിനെ സംബന്ധിച്ചുള്ള ജ്ഞാനവും എനിക്കില്ല. ഈ ലോകത്തിൽ വസിക്കുന്ന പിതാവിൻെറ ഉപദേശത്തെ ശ്രവിക്കുന്ന പുത്രന് മറ്റു ലോകങ്ങളിലെ വാണിയിൽ എങ്ങിനെ ഉപദേശിക്കുവാൻ കഴിയും?

**3. സ ഇത്തന്തും സ വി ജാനാത്യോതും സ വക്ത്വാന്യൃതുഥാ വദാതി |**

**യ ഈം ചികേതദമൃതസ്യ ഗോപാ അവശ്ചരൻപരോ അന്യേന പശ്യൻ ||**

ഊടും പാവും സംബന്ധിച്ച് വൈശ്വാനരൻ മാത്രമേ അറിയുന്നുള്ളൂ. അവൻ കാലകാലങ്ങളിൽ ഉപദേശം നൽകുന്നു. ജലത്തെ രക്ഷിക്കുന്നവനും, ഭൂമിയിൽ സഞ്ചരിക്കുന്നവനും ആയ അഗ്നി അന്തരീക്ഷത്തിൽ ആദിത്യരൂപത്തിൽ പ്രകാശിക്കുകയും ലോകത്തിനു പ്രകാശം നൽകുകയും ചെയ്യുന്നു.

**4. അയം ഹോതാ പ്രഥമഃ പശ്യതേമിദം ജ്യോതിരമൃതം മർത്യേഷു |**

**അയം സ ജജ്ഞേ ധ്രുവ ആ നിഷത്തോമർത്യസ്തന്വാ വർധമാനഃ ||**

ഹേ ജ്ഞാനികളേ! ഈ വൈശ്വാനരാഗ്നി പ്രഥമഹോതാവാകുന്നു. ഇവനോട് സാത്മ്യം പ്രാപിക്കുവിൻ. ഇവൻ മരണധർമ്മാക്കളായ മനുഷ്യരുടെ ഇടയിൽ വസിക്കുന്ന അമര ജ്യോതിക്കു തുല്യമാകുന്നു. ഇവൻ ഒരിക്കലും മരിക്കാത്തവനും നിത്യനുമായി ശരീരത്തോടുകൂടി സദാ വളർന്നുകൊണ്ടിരിക്കുന്നു.

**5. ധ്രുവ ജ്യോതിരനിഹിതം ദൃശയേ കം മനോ ജവിഷ്ഠം പതയത്സ്വന്തഃ |**

**വിശ്വേ ദേവാഃ സമനസാഃ സകേതാ ഏകം ക്രതുമഭി വി യന്തി സാധു ||**

മനസ്സിനേക്കാൾ അധികംവേഗതയുള്ള വൈശ്വാനരാഗ്നിയുടെ സ്ഥിരമായ ജ്യോതിസ്സ് മുഖരൂപമായ മാർഗ്ഗത്തെ കാണിക്കുന്നതിനായി ജീവികളിൽ വസിക്കുകയും എല്ലാ ദേവകളും സമാനമതികളായി ഭക്തിയോടുകൂടി പ്രധാനകർമ്മങ്ങൾ അനുഷ്ഠിക്കുന്ന വൈശ്വാനരൻെറ സമക്ഷം വന്നു ചേരുകയും ചെയ്യുന്നു.

**6. വി മേ കർണാ പതയതോ വി ചക്ഷുർവീ ദം ജ്യോതിർഹൃദയ ആഹിതം യത് |**

**വി മേ മനശ്ചരതി ദൂരആധീഃ കിം സ്വിദ്വക്ഷ്യാ മി കിമു നൂ മനിഷ്യേ ||**

ഹേ അഗ്നേ! നിൻെറ ഗുണങ്ങൾ ശ്രവിക്കുന്നതിന് ഞങ്ങളുടെ ഇരുചെവികളും നിൻെറ ദർശനത്തിനായി ഞങ്ങളുടെ നയനങ്ങളും കാത്തിരിക്കുന്നു. ഞങ്ങളുടെ അന്തക്കരണത്തിൽ യാതൊരു ജ്യോതിസ്സ് നിവസിക്കുന്നുവോ, അതും അങ്ങയുടെ രൂപത്തെ അറിയുവാനാഗ്രഹിക്കുന്നു. ഞങ്ങളുടെ മനസ്സും ദൂരസ്ഥമായ ജ്യോതിസ്സിനെ ധ്യാനിച്ചുകൊണ്ട് ചിന്താമഗ്നമായിരിക്കുന്നു.പിന്നെ വൈശ്വാനരൻെറ രൂപത്തെ വാണിയാൽ ഞങ്ങളെങ്ങിനെ വർണ്ണിക്കും?

**7. വിശ്വേ ദേവാ അനമസ്യൻമിയാനാസ്ത്വാമഗ്നേ തമസി തസ്ഥിവാംസം |**

**വൈശ്വാനരോ വരൂതയേനോ മർത്യോ വരുതയേനഃ ||**

ഹേ വൈശ്വാനരാഗ്നേ! എല്ലാ ദേവൻമാരും നിന്നെ പ്രണമിക്കുന്നു. അന്ധകാരത്തിൽ വയ്ക്കപ്പെട്ട ദീപംപോലെ നീ പ്രകാശിക്കുന്നു. തൻെറ രക്ഷാസാധനങ്ങളാൽ ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങൾ നിന്നെ ശരണം പ്രാപിക്കുന്നു. അമരത്വഗുണത്തോടുകൂടിയ ആ അഗ്നി നമ്മുടെ രക്ഷകനാകണേ.

## സൂക്തം 10

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ബൃഹതി**

**1. പുരോ വോ മന്ദ്രം ദിവ്യം സുവൃക്തിം പ്രയതി യജ്ഞേ അഗ്നിമധ്വരേ ദധിധ്വം |**

**പുര ഉക്ഥേഭിഃ സ ഹി നാ വിഭാവാ സ്വധ്വരാ കരതി ജാതവേദാഃ ||**

ഹേ ജ്ഞാനികളേ! പ്രയത്നസാധ്യമായ ഈ യജ്ഞത്തിൽ വിഘ്നാദികളിൽനിന്നും രക്ഷനേടുന്നതിനായി ദോഷരഹിതനായ

അഗ്നിയെ സ്തോത്രങ്ങൾ വഴിയായി മുമ്പിൽ നിർത്തുവിൻ. എന്തുകൊന്നൊൽ അവൻ ജൻമമെടുത്തിട്ടുള്ള എല്ലാത്തിൻെറയും ജ്ഞാതാവാകുന്നു. അവൻ നമുക്ക് വേി കല്യാണകാരിയായ കർമ്മങ്ങളെ നിർവഹിക്കുന്നു.

**2. തമു ദ്യുമഃ പൂർവണീക ഹോതരഗ്നേ അഗ്നിഭിർമനുഷ ഇധാനഃ |**

**സ്തോമം യമസ്മൈ മമതേവ ശൂഷം ഘൃതം ന ശുചി മതയഃ പവന്തേ ||**

അസംഖ്യം ജ്വാലകളാൽ പ്രകാശമാനനായ അഗ്നേ! നീ ദേവകളെ ആഹ്വാനം ചെയ്യുന്നതിൽ സമർത്ഥനാകണേ. നീ സ്വന്തം അംശരൂപമായ അഗ്നികൾ സഹിതം വളർന്ന് സ്തുതിക്കുന്നവരുടെ സ്തോത്രങ്ങൾ ശ്രവിച്ചാലും. മമതയോടുകൂടി സ്തുതിക്കുന്ന യജമാനൻ അഗ്നിക്കുവേി മനോഹരമായ സ്തോത്രത്തെ ഘൃതസമാനം നിവേദിക്കുന്നു.

**3. പീപായ സ ശ്രവസാ മർത്യേഷു യോ അഗ്നയേ ദദാശ വിപ്ര ഉക്ഥൈഃ |**

**ചിത്രാഭിസ്തമൂതിഭിശ്ചിത്രശോചിർവ്രജസ്യ സാതാ ഗോമതോ ദധാതി ||**

അഗ്നിയിൽ യാതൊരു മനുഷ്യൻ സ്തോത്രസഹിതം ഹവിസ്സ് നൽകുന്നുവോ, അവൻ അഗ്നിയുടെ കൃപയാൽ എല്ലാ മനുഷ്യരിലും സമൃദ്ധിശാലിയായി ഭവിക്കുന്നു. ആ അഗ്നിദേവൻ അത്മുതജ്വാലകളാൽ യുക്തനും അതുപോലെ അത്മുതങ്ങളായ രക്ഷാസാധനങ്ങൾ സഹിതം ആ സ്തോതാവിന് ഗോശാലയാൽ യുക്തമായ ഗോക്കളെ പ്രദാനം ചെയ്യുന്നു.

**4. ആ യഃ പപ്രൗ ജായമാന ഉർവീ ദൂരേദൃശാ ഭാസാ കൃഷ്ണാധ്വാ |**

**അധ ബഹു ചിത്തമ ഊർമ്യായാസ്തിരഃ ശോചിഷ ദദൃശേ പാവകഃ ||**

അഗ്നിയിൽ ഉത്മവിച്ച് ദൂരെനിന്നും കാണപ്പെടുന്ന തൻെറ തേജസ്സാൽ ആകാശത്തേയും, ഭൂമിയേയും പരിപൂർണ്ണമാക്കി. ആ അഗ്നി രാത്രിയുടെ ഭവനത്തിലെ അന്ധകാരത്തെ തൻെറ പ്രകാശത്താൽ അകറ്റിക്കൊിരിക്കുന്നതായിക്കാണപ്പെടുന്നു.

**5. നൂ നശ്ചിത്രം പുരവാജാഭിരൂതി അഗ്നേ രയിം മഘവദ്ഭ്യശ്ച ധേഹി |**

**മേ രാധസാ ശ്രവസാ ചാത്യന്യാൻത്സുവർദ്യേഭിശ്ചാഭി സന്തി ജനാൻ ||**

ഹേ അഗ്നേ! ഞങ്ങൾ ഹവിരാന്നത്തോടുകൂടിയവരാകുന്നു. നീ അതിവേഗം ഞങ്ങൾക്ക് നിൻെറ രക്ഷാസാധനങ്ങളും അത്മുതധനവും നൽകേണമേ. ഞങ്ങൾക്ക് മറ്റുള്ളവരുടെ മേൽവിജയം വരിക്കുവാൻ കഴിവുള്ള പുത്രൻമാരേയും, ധനത്തേയും ലഭിക്കുമാറാക്കണേ.

**6. ഇമം യജ്ഞം ചനോ ധാ അഗ്ന ഉശന്യം ത ആസാനോ ജുഹുതേ ഹവിഷ്മാൻ |**

**ഭരദ്വാജേഷു ദധിഷേ സുവൃക്തിമവീർവാജസ്യ ഗധ്യസ്യ സാതൗ ||**

ഹേ അഗ്നേ! ഹവിസ്സ് സമ്പന്നനായ യാതൊരു മനുഷ്യൻ നിനക്കുവേിയാഗം നടത്തുന്നുവോ, യജ്ഞത്തിൻെറ സാധനരൂപമായ ആ അന്നത്തെ നീ സ്വീരിക്കണമേ. ഹേ അഗ്നേ! ആ യജമാനൻ വിഭിന്നങ്ങളായ അന്നത്തെ പ്രാപിക്കത്തക്കവിധം അവൻെറമേൽ കൃപചൊരിയണമേ.

**7. വി ദ്വേഷാംസീനുഹി വർധയേളാം മദേമ ശതഹിമാഃ സുവീരാഃ ||**

ഹേ അഗ്നേ! വിദ്വേഷികളായ ശത്രുക്കളെ അകറ്റണമേ. നീ ഞങ്ങളുടെ അന്നത്തെ വളർത്തണേ. സുന്ദരസന്താനസമ്പന്നരായി സാധകരായ ഞങ്ങൾ നൂറു ഹേമന്തം വരെ സുഖമായി ജീവിക്കണേ.

## സൂക്തം 11

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. യജസ്വ ഹോതരിഷിതോ യജീയാനഗ്നേ വാധോ മരുതാം ന പ്രയുക്തി |**

**ആ നോ മിത്രാവരുണാ നാസത്യാ ദ്യാവാ ഹോത്രായ പൃഥിവീ വവൃത്യാഃ ||**

ഹേ ഹോതാരൂപനായ അഗ്നേ! നീ യജ്ഞം നടത്തുന്നവരിൽ മഹാനാകുന്നു. നീ മനുഷ്യരേയും മരുത്തുക്കളേയും മാർഗ്ഗങ്ങളിൽനിന്നും തടയുകയും, ഉത്തമമാർഗ്ഗങ്ങളിൽക്കൂടി ചരിക്കുന്നതിനുള്ള ബലം നൽകുകയും ചെയ്യു. നീ മിത്രനേയും, വരുണനേയും, അശ്വിനിദേവൻമാരേയും, ആകാശപൃഥിവികളേയും ഞങ്ങളുടെ യജ്ഞത്തിലേക്കുകൊുവന്നാലും.

**2. ത്വം ഹോതാ മന്ദ്രതമോ നോ അധ്രുഗന്തർദേവോ വിദഥാ മർത്യേഷു |**

**പാവകയാ ജുഹ്വാ വഹ്നിരാസാഗ്നേ യജസ്വ തന്വം തവ സ്വാം ||**

ഹേ അഗ്നേ! നീ അത്യന്തം പൂജനീയനാകുന്നു. നീ ഞങ്ങളെ വെറുക്കരുതേ. നീ എപ്പോഴും ഞങ്ങൾക്കുവേി ദാനശീലനായിരിക്കുന്നു. ഹേ അഗ്നേ! നീ ഹവിർവാഹകനാണല്ലോ. നീ തന്നെ പവിത്രീകരിക്കുന്നവനും, ദേവകളുടെ മുഖരൂപമാകുന്ന ജ്വാലകളാൽ സ്വന്തം ദേഹത്തെ പ്രാപിക്കുന്നവനും ആകുന്നു.

**3. ധന്യാ ചിദ്ധി ത്വേ ധിഷണാ വഷ്ടി പ്ര ദേവാഞ്ജൻമ ഗൃണതേ യജധ്യൈ |**

**വേപിഷ്ഠോ അംഗിരസാം യദ്ധ വിപ്രോ മധു ഛന്ദോ ഭനതി രേഭ ഇഷ്ടൗ ||**

ഹേ അഗ്നേ! ധനംആഗ്രഹിക്കുന്ന സ്തുതി നിന്നെ ഇഷ്ടപ്പെടുന്നു. നീ കത്തി ഉയരുമ്പോൾ ഇന്ദ്രാദിദേവകൾക്കുവേി യജ്ഞം നടത്തുന്ന യജമാനൻമാർ സ്തുതിക്കുകയും ജ്ഞാനികളായ ഭരദ്വാജനു സന്തോഷപ്രദമായ സ്തോത്രങ്ങൾ ആലപിക്കുകയും ചെയ്യുന്നു.

**4. അദിദ്യുതത്സ്വപാകോ വിഭാവാഗ്നേ യജസ്വ രോദസീ ഉരൂചീ |**

**ആയും ന യം നമസാ രാതഹവ്യാ അഞ്ജന്തി സുപ്രയസം പഞ്ച ജനാഃ ||**

ജ്ഞാനിയും, തേജസ്വിയുമായ അഗ്നിവഴിയാം വണ്ണം ശോഭായമാനനാകുന്നു. അഗ്നേ! നീ വിസ്തൃതമായ ആകാശത്തേയും ഭൂമിയേയും ഹവിസ്സുകളാൽ പരിചരിക്കുന്നു. നീ മനോഹരമായ ഹവിരത്നത്താൽ യുക്തനാണല്ലോ. ഹവിർദാതാക്കളായ ഋത്വിക്കുകളും യജമാനനേപ്പോലെ ഹവിസ്സ് വഴിയായി അഗ്നിയെ പ്രസാദിപ്പിക്കുന്നു.

**5. വൃഞ്ജേ ഹ യന്നമസാ ബർഹിരഗ്നാവയാമി സ്രുഗ്ഘൃതവതീ സുവൃക്തിഃ |**

**അമൃക്ഷി സദ്മ സദനേ പൃഥിവ്യാ അശ്രായി യജ്ഞഃ സൂര്യേ ന ചക്ഷുഃ ||**

അഗ്നിയുടെ സമീപം ഹവ്യയുക്തമായ കുശകൊവരികയും ശുദ്ധമായ ഘൃതത്തോടുകൂടിയ സ്രുകം അതിൻമേൽ വയ്ക്കുകയും ചെയ്യുമ്പോൾ അഗ്നിക്കുവേി വേദി തയ്യാറാക്കപ്പെടുന്നു. സൂര്യൻ തൻെറ തേജസ്സോടുകൂടി സ്ഥിതിചെയ്യുന്നതുപോലെ യജമാനൻെറ യജ്ഞം അഗ്നിയെ ആശ്രയിക്കുന്നു.

**6. ദശസ്യാ ന പൂർവണീക ഹോതർദേവേഭിരഗ്നേ അഗ്നിഭിരിധാനഃ |**

**രായഃ സൂനോ സഹസോ വാവസാനാ അതി സ്രസേമ വൃജനം നാംഹഃ ||**

ദേവകളെ വിളിക്കുന്നവനും, അസംഖ്യം ജ്വാലകളാൽ യുക്തനും ആയ അഗ്നിദേവാ! നീ മഹാതേജസ്വിയാണല്ലോ. നീ അഗ്നികൾ സഹിതം തൻെറ തേജസ്സിനെ ഉയർത്തിക്കൊ് ഞങ്ങൾക്ക് ധനം പ്രദാനം ചെയ്താലും. ഞങ്ങൾ നിനക്കായി ഹവിസ്സ് സമർപ്പിക്കുന്നു. ഞങ്ങൾ ഈ ശത്രുരൂപമായ പാപബന്ധനത്തിൽനിന്നു മോചിതരാകണേ.

## സൂക്തം 12

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. മധ്യേ ഹോതാ ദുരോണേ ബർഹിഷോരാളഗ്നി സ്തോദസ്യ രോദസീ യജധ്യൈ |**

**അയം സ സൂനുഃ സഹസ ഋതാവാ ദൂരാത്സൂര്യോ ന ശോചിഷാ തതാന ||**

ദേവകളെ ആഹ്വാനം ചെയ്യുന്നവനും, യജ്ഞത്തിൻെറ നായകനുമായ അഗ്നിദേവൻ ആകാശത്തേയും ഭൂമിയേയും പൂർണ്ണമാക്കുന്നതിനുവേി യജമാനൻമാരുടെ ഗൃഹങ്ങളിൽ സ്ഥാപിക്കപ്പെടുന്നു. യജ്ഞകർമ്മങ്ങളാൽ യുക്തനും, ബലപുത്രനും ആയ ആ അഗ്നി തൻെറ പ്രകാശം വഴിയായി സൂര്യനെപ്പോലെ അകലെയിരുന്നു കൊതന്നെ ഈ ലോകത്തെ പ്രകാശിപ്പിക്കുന്നു.

**2. ആ യസ്മിന്ത്വേ സ്വപാകേ യജത്ര യക്ഷദ്രാജൻ ത്സർവതാതേവ നു ദ്യൗഃ |**

**ത്രിഷധസ്ഥസ്തതരുഷോ ന ജംഹോ ഹവ്യാ മഘാനി മാനുഷാ യജധ്യൈ ||**

ഹേ യജ്ഞശീലനും, തേജോമയനുമായ അഗ്നിദേവാ! നീ മഹാജ്ഞാനിയാണല്ലോ. നീ ത്രിലോകങ്ങളിലും വ്യാപ്തനായി മനുഷ്യരാൽ നൽകപ്പെടുന്ന ഉത്തമമായ ഹവിസ്സിനെ ദേവകളുടെ അടുക്കലെത്തിക്കുന്നതിൽ സൂര്യനുതുല്യം തേജസ്വിയായി ഭവിക്കണേ. അഗ്നേ എല്ലാ യജമാനൻമാരും ഭക്തിയോടുകൂടി വളരെയധികം ഹവിസ്സ് കാഴ്ചവയ്ക്കുന്നു.

**3. തേജിഷ്ഠാ യസ്യാരതിർവനേരാട് തോദോ അധ്വന്നവൃധസാനോ അദ്യൗത് |**

**അദ്രോഘോ ന ദ്രവിതാ ചേതതി ൻമന്നമർത്യോ വർത്ര ഓഷധീഷു ||**

അഗ്നിദേവൻെറ എല്ലായിടത്തും വ്യാപിക്കുന്നതും അത്യന്തം ദീപ്തങ്ങളും ആയ ജ്വാലകൾ വനങ്ങളെ ജ്വലിപ്പിക്കുന്നു. സമൃദ്ധിയെ പ്രാപിച്ച ആ അഗ്നി സൂര്യനേപ്പോലെ അന്തരീക്ഷമാർഗ്ഗങ്ങളിൽ വ്യാപിക്കുന്നു. എല്ലാവർക്കും മംഗളംവരുത്തുന്നവനും, അക്ഷയനുമായ അവൻ വനസ്പതികളിൽ വായുവേഗത്തിൽ പ്രവേശിക്കുകയും തൻെറ പ്രകാശത്താൽ ലോകത്തെ ആകമാനം പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

**4. സാസ്മാകേഭിരേതരീ ശുഷൈർഗ്നിഃ ഷ്ടവേ ദമ ആ ജാതവേദാഃ |**

**ദ്രുവന്നോ വന്വനു ക്രത്വാ നാർവോ സ്രഃ പിതേവ ജാരയായി യജ്ഞൈഃ ||**

ജ്ഞാനിയായ അഗ്നി യജ്ഞം നടത്തുന്നവരുടെ സുഖകരങ്ങളായ സ്തോത്രങ്ങൾപോലെ നമ്മുടെ സ്തോത്രങ്ങളായ യജ്ഞവേദിയിൽ പൂജിക്കപ്പെടുന്നു. വനങ്ങളിൽ വസിച്ച് വനസ്പതികളെ തിന്നു മുടിക്കുന്ന കാളക്കൂറ്റനെപ്പോലെയുള്ള അഗ്നിയെ യജമാനൻ സ്തുതിക്കുന്നു.

**5. അധ സ്മാസ്യ പനയന്തി ഭാസോ വൃഥാ യത്തക്ഷ ദനുയാതിപൃഥ്വീം |**

**സദ്യോ യഃ സ്യന്ദ്രോ വിഷിതോ ധവീയാനൃണോ ന തായുരതി ധന്വാ രാട് ||**

ആകസ്മികമായി അഗ്നി വനങ്ങളെ ഭസ്മമാക്കി ഭൂമിയിൽ വ്യാപിക്കുമ്പോൾ സ്തുതിക്കുന്ന മനുഷ്യർ അഗ്നിജ്വാലകളെ സ്തുതിക്കുന്നു. അലക്ഷൗഭാവത്തിൽ ഭൂമിയുമായി ഭോഗം നടത്തുന്ന അഗ്നി തേജസ്സോടുകൂടി വിരാജിക്കുന്നു.

**6. സ ത്വം നോ അർവന്നിദായ വിശ്വേഭിരഗ്നേ അഗ്നിഭിരിധാനഃ |**

**വേഷി രായോ വി യാസി ദുച്ഛ്തുനാ മദേമശത ഹിമാഃ സുവീരാഃ ||**

ശത്രുസംഹാരകനായ അഗ്നിദേവാ! നീ ജ്വാലകളോടുകൂടി പ്രത്യക്ഷനായി ഞങ്ങളെ നിന്ദകളിൽനിന്നും രക്ഷിക്കണമേ. ഞങ്ങൾ ഉത്തമവീരൻമാരാൽ യുക്തരായി നൂറു ഹേമന്തം വരെ സുഖപൂർവ്വം ജീവിച്ചിരിക്കണേ.

## സൂക്തം 13

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. ത്വദ്വിശ്വാ സുഭഗ സൗഭഗാന്യഗ്നേ വി യ ന്തി വനിനോ ന വയാഃ |**

**ശ്രുഷ്ടീ രയിർവാജോ വൃത്രസതൂര്യേ ദിവോ വൃഷ്ടിരിഡ്യോ രീതിരപാം ||**

ഹേ ഐശ്വര്യയുക്തനായ അഗ്നിദേവാ! ഈ വിഭിന്നരീതിയിലുള്ള ഐശ്വര്യങ്ങളെ നീ സൃഷ്ടിച്ചു. വൃക്ഷങ്ങളിൽ വിവിധങ്ങളായ ശിഖരങ്ങൾ കിളിർക്കുന്നതുപോലെ പലയിനം മൃഗങ്ങൾ ഉായി. ശത്രുക്കളുടെ മേൽ വിജയം കൈവരിക്കുന്ന ബലവും നിന്നിൽനിന്നും ഉായി. അന്തരീക്ഷത്തിൽക്കൂടിയുള്ള വർഷത്തിൻെറ ഉൽപ്പാദകനും നീ തന്നെയാകുന്നു. അതിനാൽ നീ എല്ലാവർക്കും പൂജനീയനാകുന്നു.

**2. ത്വം ഭഗോ ന ആ ഹി രത്നമിഷേ പരിജ്മേവ ക്ഷയസി ഭസ്മവർചാഃ |**

**അഗ്നേ മിത്രോ ന ബൃഹത ഋതസ്യാസി ക്ഷത്താ വാമസ്യ**

**ദേവ ഭൂരേഃ ||**

ഹേ അഗ്നേ! നീ ഉപാസനായോഗ്യനാകുന്നു. ഞങ്ങൾക്ക് സുന്ദരമായ ധനം നൽകണമേ. ദർശനയോഗ്യമാണ് നിൻെറ തേജസ്സ്. നീ സർവവ്യാപിയായ വായുവിനുതുല്യം എങ്ങും വിദ്യുത്മാനനായിരിക്കുന്നു. ഹേ തേജസ്വീ! നീ മിത്രനെപ്പോലെ പ്രചുരമായ ജ്ഞാനം നൽകുന്നവനാകുന്നു. ഞങ്ങൾക്ക് ഉപദേശയോഗ്യമായ ഐശ്വര്യം കിട്ടുമാറാക്കണേ.

**3. സ സത്പതിഃ ശവസാ ഹന്തി വൃത്രമഗ്നേ വിപ്രോ വി**
**പണേർഭർതിം വാജം |**
**യം ത്വം പ്രചേത ഋതജാത രായാ സജോഷാ നപ്ത്രാപാം**
**ഹിനോഷി ||**

ഹേ ഉത്തമജ്ഞാനയുക്തനും യജ്ഞത്തിനായി പ്രത്യക്ഷനുമായ അഗ്നേ! നീ ജലധാരകളെ ഒഴുക്കുന്ന വിദ്യുത്രൂപനുമായ അഗ്നിയോടു ചേർന്ന് യാതൊരു മനുഷ്യനെ ധനത്തിനായി പ്രേരിപ്പിക്കുന്നുവോ, സജ്ജനപാലകനും ജ്ഞാനിയും ആയ ആ മനുഷ്യർ നിൻെറ ബലത്താൽ തന്നെ ശത്രുക്കളെ നശിപ്പിക്കുകയും, പണികളുടെ ശക്തിയെ ഇല്ലാതാക്കുകയും ചെയ്യുന്നു.

**4. യസ്തേ സൂനോ സഹസോ**
**ഗീർഭിരുക്ഥൈര്യജ്ഞൈർമർതോ നിശിതിം വേദ്യാനട് |**
**വിശ്വം സ ദേവ പ്രതി വാരമഗ്നേ ധത്തേ ധാന്യം പത്യതേ**
**വസവ്യഃ ||**

ഹേ ബലപുത്രനും, തേജോമയനും ആയ അഗ്നേ യാതൊരു മനുഷ്യൻ ഉപാസനകളാലും, യജ്ഞകർമ്മങ്ങളാലും, സ്തുതികളാലും, നിൻെറ തീക്ഷ്ണമായ തേജസ്സിനെ ആകർഷിക്കുന്നുവോ, അവൻ എല്ലാ പ്രകാരത്തിലും സമൃദ്ധനായി അന്നാദികൾ പ്രാപിക്കുകയും ഐശ്വര്യയുക്തനാവുകയും ചെയ്യുന്നു.

**5. താ നഭ്യ ആ സൗശ്രവസാ സുവീരാഗ്നേ സൂനോ**
**സഹസഃ പുഷ്യസേ ധാഃ |**
**കൃണോഷി യച്ഛവസാ ഭൂരി പശ്വോ വയോ**
**വൃകായാരയേ ജസുരയേ ||**

ഹേ ബലപുത്രനായ അഗ്നേ! നീ ഞങ്ങളെ പാലിക്കുന്നതിനായി ശ്രേഷ്ഠപുത്രൻമാർ സഹിതം അന്നം നൽകിയാലും. മൃഗാദികളിൽനിന്നും ലഭ്യമായിട്ടുള്ള യാതൊരു ഖാദ്യവസ്തുക്കൾ വിരോധികളിൽ നിന്നും കൊുവന്നിരിക്കുന്നുവോ, അവയെ പ്രചുരമായ പരിമാണത്തിൽ ഞങ്ങൾക്കുതന്നാലും.

**6. വദ്മാ സൂനോ സഹസോ നോ വിഹായാ അഗ്നേ**
**തോകം തനയം വാജിനോ ദാഃ |**
**വിശ്വാഭിർഗീഭീരഭി പൂർത്തിമശ്യാം മദേമ ശതഹിമാഃ**
**സുവീരാഃ ||**

ഹേ ബലപുത്രനായ അഗ്നിദേവാ! നീ പരാക്രമിയാണല്ലോ. ഞങ്ങളുടെ ഉപദേശകനാകണമേ, ഞങ്ങൾക്ക് അന്നസഹിതം സന്താനങ്ങളെ നൽകിയാലും സ്തുതിച്ചുകൊ് അഭീഷ്ടങ്ങളെ പൂർണ്ണമായും പ്രാപിക്കണേ. ഞങ്ങൾ സുന്ദരൻമാരായ സന്താനങ്ങളോടു കൂടി നൂറു ഹേമന്തങ്ങൾവരെ ഉപഭോഗയോഗ്യമായ സുഖം അനുഭവിച്ചു ജീവിക്കണേ.

## സൂക്തം 14

ഋഷി ഭരദ്വാജൻ. ദേവത അഗ്നി. ഛന്ദസ്സ് ശാത്വരി, അനുഷ്ടുപ്.

**1. അഗ്നാ യോ മർത്യോ ദൂവോ ധിയം ജൂജോഷ ധീതിഭിഃ**
**മസന്നു ഷ പ്ര പൂർവ്യ ഇഷം വുരീതാവസേ ||**

യാതൊരു സാധകൻ യജ്ഞകർമ്മങ്ങളനുഷ്ഠിച്ചു കൊ് സ്തോത്രങ്ങൾ വഴിയായി അഗ്നിയെ സേവിക്കുന്നുവോ, അവൻ മനുഷ്യരിൽ പ്രമുഖനും തേജസ്വിയായ ഹോതാവും തൻെറ പുത്രൻമാരെ പാലിക്കുന്നതിന് ശത്രുക്കളിൽ നിന്നും വളരെയധികം അന്നം നേടുകയും ചെയ്യുന്നു.

**2. അഗ്നിരിദ്ധി പ്രചേതാ അഗ്നിർവേധസ്തമ ഋഷിഃ**
**അഗ്നിം ഹോതാരമീളതേ യജ്ഞേഷു മനുഷോ വിശഃ ||**

ഏകമാത്രനായ അഗ്നി തന്നെ സർവ്വോത്കൃഷ്ടനായ ജ്ഞാനിയാകുന്നു. അവനുതുല്യനായി മറ്റാരും ഇല്ല. അദ്ദേഹം യജ്ഞകർമ്മങ്ങൾ നിർവ്വഹിക്കുന്നവനും, സർവ്വദ്രഷ്ടാവും ആകുന്നു. യജമാനൻെറ പുത്രാദികൾ അഗ്നിയെ യജ്ഞത്തിലേയ്ക്കു ദേവകളെ വിളിക്കുന്നവനായിക്കരുതി മാനിക്കുന്നു, സ്തുതിക്കുന്നു.

**3. നാനാ ഹ്യഗ്നേ വസേ സ്പർധന്തേ രായോ അര്യഃ |**
**രുർവന്തോ ദസ്യുമായവോ വ്രതൈഃ സീക്ഷന്തോ അവ്രതം**
**||**

ഹേ അഗ്നേ! ശത്രുക്കളുടെ ധനം അവരിൽ നിന്നും അകന്നുമാറി നിന്നെ സ്തുതിക്കുന്നവരിൽ എത്തുന്നു ശത്രുക്കളുടെ വിജയം പ്രാപിക്കുന്ന നിൻെറ ഉപാസകൻമാർ നിനക്കായി യാഗം നടത്തിക്കൊ് അയാജ്ഞികൻമാരെ കീഴടക്കുവാനാഗ്രഹിക്കുന്നു.

**4. അഗ്നിരപ്സാമൃതീഷഹം വീരം ദദാതി സത്പതിം |**
**യസ്യ ത്രസന്തി ശവസഃ സഞ്ചക്ഷി ശത്രവോ ഭിയാ ||**

സ്തുതിക്കുന്നവർക്കു അഗ്നി ഉത്തമകർമ്മാക്കളും ശത്രുക്കളെ തോല്പിക്കുന്നവരും, ശ്രേഷ്ഠകർമ്മങ്ങളെ രക്ഷിക്കുന്നവരുമായ പുത്രൻമാരെ നൽകുന്നു, അവരെ കാണുമ്പോൾ തന്നെ ശത്രുക്കൾ ഭയം കൊ് വിറച്ചുപോകുന്നു.

**5. അഗ്നിർഹി വിദ്മനാ നിദോ ദേവോ മർതമുരുഷ്യതി |**
**സഹാവാ യസ്യവൃതോ രയിർവാജേഷ്വവൃതഃ ||**

അഗ്നി തന്നെ തൻെറ ജ്ഞാനബലത്താൽ തേജസ്വിയായി നിന്ദിക്കുന്നവരെ വശീകരിച്ച് മനുഷ്യരെ രക്ഷിക്കുന്നു അവൻെറ വരണീയമായ ബലം യുദ്ധകാലത്ത് എല്ലാവരുടെമേലും പ്രകടമായിരിക്കുന്നു.

**6. അച്ഛാ നോ മി ത്രമഹോ ദേവ ദേവാനഗ്നേ വോചഃ**
**സുമതിം രോദസ്യോഃ |**
**വീഹി സ്വസ്തിം സുക്ഷിതിംദിവോ നൄൻദ്വിഷോ അം**
**ഹാം സിദുരിതാ തരേമ താ തരേമ തവാവസാ തരേമ ||**

ഹേ സുന്ദരമായ തേജസോടുകൂടിയവനും, ദാനശീലനും; ആകാശത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നവനുമായ അഗ്നേ നീ ഞങ്ങളുടെ സ്തുതികളെ ദേവതകളോടു പറഞ്ഞാലും. സ്തുതാക്കുന്നവരായ ഞങ്ങൾക്കു മനോഹരമായ നിവാസസ്ഥാനവും സുഖലാഭവും കിട്ടുമാറാക്കണേ, ഞങ്ങൾ ശത്രുക്കളിൽ നിന്നും, പാപങ്ങളിൽ നിന്നും, കഷ്ടതകളിൽ നിന്നും രക്ഷിതരാകണേ. ഹേ അഗ്നേ ഞങ്ങൾ നിൻെറ രക്ഷാസാധനങ്ങളാൽ ശത്രുക്കളെ കടന്നുപോകണേ.

## സൂക്തം 15

ഋഷി ആംഗിരസൻ വീതഹവ്യവൻ ദേവത അഗ്നി ഛന്ദസ്സ് ജഗതി, ശക്വരി, അനുഷ്ടുപ്, ബ്റഹതി, തൃഷ്ടുപ്.

**1. ഇമമൂ ഷു വോ അതിഥിമുഷർബുധം വിശ്വാസം വിശാം പതിമൃജ്ജസേ ഗിരാ |**

**വേതിദ്ദിവോ ജനുഷാ കച്ചിദാ ശുചിർജ്യോക് പിദത്തി ഗർഭോ യദച്ച്യുതം ||**

ഹേവീതഹവ്യാ ഹേ വിജ്ഞ ഉഷസ്സിൽ ചൈതന്യം നൽകുന്നവനും, ലോകപാലകനും നിർമ്മലസ്വഭാവനും, അതിഥിക്കുതുല്യം പൂജനീയനുമായ അഗ്നിയെ സേവിക്കുവിൻ ആ അഗ്നിദേവൻ ദിവ്യലോകത്തിൽ നിന്നും പ്രത്യക്ഷനായി ഹവിസിനെ ഭക്ഷിക്കുന്നു.

**2. മിത്രം ന യം സുധിതം ഭൃഗവോ ദധുർവനസ്പതാ വീഡ്യമൂർധ്വശോചിഷം |**

**സ ത്വം സുപ്രീതോ വീതഹവ്യേ അദ്ഭുത പ്രശസ്തി ഭിർമഹയസേ ദിവദിവേ ||**

ഹേ അഗ്നേ നീ വൈചിത്രമുള്ളവനാണ് നീ അരണികളിൽ വ്യാപിച്ച് സ്തുതികൾ സ്വീകരിക്കുന്നവനും മുകളിലേയ്ക്കുയരുന്ന ജ്വാലകളാൽ യുക്തനും ആകുന്നു. ഭ്റഗുവംശീയരാ യമഹർഷിമാർ സ്വന്തം ഗൃഹങ്ങളിൽ മിത്രത്തേപ്പോലെ നിന്നെ പ്രതിഷ്ഠിക്കുന്നു. വിതഹവ്യൻ തൻെറ ശ്രേഷ്ഠങ്ങളായ സ്തുതികളാൽ നിത്യവും നിന്നെ സ്തുതിക്കുന്നു. ഹേ അഗ്നേ! നീ ആ മഹർഷിമാരെ അനുഗ്രഹിക്കേണമെ.

**3. സ ത്വം ദക്ഷസ്യാവൃകോ വൃധോ ഭൂരര്യഃ പരസ്യാന്തരസ്യ തരുഷഃ |**

**രായഃ സൂനോ സഹസോ മർത്യേഷ്വാ ച്ഛർദിർയച്ഛ വീതഹവ്യായ സപ്രഥോ ഭരദ്വാജായ സപ്രഥഃ ||**

ഹേ അഗ്നേ! യജ്ഞാദികർമ്മങ്ങൾ നടത്തുന്നതിൽ ചതുരനായ വ്യക്തിയെ നീ സമ്പന്നനാക്കി അടുത്തും അകലെയുമുള്ള ശത്രുക്കളിൽ നിന്നും അവനെ രക്ഷിക്കുന്നു. ഹേ അഗ്നേ! നീ അത്യന്തം മഹാനാണല്ലോ മനുഷ്യരിൽ ശ്രേഷ്ഠരായ ഭരദ്വാജവംശജർക്ക് ഐശ്വര്യയുക്തമായ ഭവനം കിട്ടുമാറാക്കണേ.

**4. ദ്യുതാനം വോ അതിഥിം സ്വർണര മഗ്നി ഹോതാരം മനുഷഃ സ്വധ്വരം |**

**വിപ്രം ന ദ്യുക്ഷവചസം സുവൃക്തിഭിർഹവ്യവാഹമതിം ദേവമൃജ്ഞസേ ||**

ഹേ വീതഹവ്യാ! നിങ്ങൾ സുന്ദരമായ സ്തുതികളാൽ ഹവിസ്സിനെ വഹിക്കുന്ന തേജസ്വിയും, സ്വർഗ്ഗം നൽകുന്നവനും അതിഥിക്കുതുല്യം പൂജനീയനും, ദേവകളെ വിളിക്കുന്നതിൽ സമർത്ഥനും, യജ്ഞകർമ്മങ്ങൾ നിർവഹിക്കുന്നവനും, ജ്ഞാനിയും, ഓജസുള്ള വാണിയുക്തനുമായ അഗ്നിദേവതയെ സ്തുതിക്കൂ.

**5. പാവകയാ യശ്ചിതയന്ത്യാ കൃപാ ക്ഷാമന്രുരുച ഉഷസോ ന ഭാനുനാ |**

**തുർവന്ന യാമന്നേതശസ്യ നൂ രണ ആയോ ഘൃണേന തതൃഷാണോ അജരഃ ||**

ഉഷസ്സ് പ്രകാശത്താൽ സുന്ദരിയായിരിക്കുന്നതുപോലെ തന്നെ പൃഥിയെ പവിത്രീകരിക്കുന്നവനും, ചൈതന്യം നൽകുന്നവനും ആയ അഗ്നി തൻെറ തേജസ്സാൽ സുശോഭിതമാക്കുന്നു. ആര് ഏതശനു രക്ഷനൽകുവാനായി രണക്ഷേത്രത്തിൽ ശത്രുക്കളെ നശിപ്പിച്ചുവോ, ആര് എല്ലാ വസ്തുക്കളേയും ഭക്ഷിക്കുന്നതിൽ സമർത്ഥനായിരിക്കുന്നുവോ ആര് ഒരിക്കലും ക്ഷീണിതനാകാതിരിക്കുന്നുവോ ഹേ വീതഹവ്യാ! ആ അഗ്നിയെ നീ പരിചരിക്കൂ.

**6. അഗ്നിമഗ്നിം വഃ സമിധാ ദുവസ്യത പ്രിയം പ്രിയം വോ അതിഥിം ഗൃണീഷണി |**

**ഉപ വോ ഗീർഭിരമൃതം വിവാസത ദേവോ ദേവേഷു വനതേ ഹി വാര്യം ദേവോ ദേവേഷു വനതേ ഹി നോ ദുവഃ ||**

ഹേ സ്തോതാക്കളേ! അതിഥിക്കുതുല്യം ആദരണീയനും അത്യന്തപ്രീതിദായകനുമായ അഗ്നിക്ക് സമിധകൾ വഴിയായി പരിചരണം നൽകൂ അവൻ മഹാദാനശീലനും സമിധകളെ സ്വീകരിക്കുന്നവനുമാകുന്നു. അവൻ നമ്മുടെ പൂജകൾ സ്വീകരിക്കുന്നു. അവിനാശിയായ അഗ്നിയെ സ്തോത്രങ്ങളാൽ സ്തുതിക്കുവിൻ.

**7. സമിദ്ധമഗ്നിം സമിധാ ഗിരാഗൃണേ ശുചിം പാവകം പുരോ അധ്വരേ ധ്രുവം |**

**വിപ്രം ഹോതാരം പുരുവാരമദ്രുഹം കവിം സുമ്നൈരീമഹേ ജാതവേദസം ||**

സമിധകളിൽക്കുടികത്തിജ്വലിക്കുന്ന അഗ്നിയെ നാം സ്തോത്രങ്ങളാൽ പൂജിക്കുന്നു. അവൻ സ്വയം പവിത്രീകരിക്കുന്നവനാണല്ലോ. ജ്ഞാനിയായ ആ അഗ്നിയെ ശ്രേഷ്ഠമായ സ്ഥാനത്ത് നാം പ്രതിഷ്ഠിക്കുന്നു. ജ്ഞാനികളായ ദേവകളെ ആഹ്വാനം ചെയ്യുന്നവനും, എല്ലാവർക്കും സ്വീകാര്യയോഗ്യനും; ഉത്തമസ്വഭാവത്തോടു കൂടിയവനും, സർവ്വദർശിയുമായ അഗ്നിയെ സ്തോത്രങ്ങളാൽ ഞങ്ങൾ ഉപവസിക്കുന്നു.

**8. ത്വാം ദൂതമഗ്നേ അമൃതം യുഗേ യുഗേ ഹവ്യവാഹം ദധിരേ പായുമീഡ്യം |**

**ദേവാസശ്ച മർതാസശ്ച ജാഗൃവിം വിഭും വിശ്പതിം നമസാ നി ഷേദിരേ ||**

ഹേ അഗ്നേ! ദേവകളും മനുഷ്യരും രുകൂട്ടരും നിന്നെ ദൂതനാക്കിയിരിക്കുന്നു. നീ അവിനാശിയും, രക്ഷകനും, ഹവ്യവാഹകനും, സ്തുതിക്കുപാത്രവും ആകുന്നു. അവർ രുപേരും പ്രജാപാലകരും, സർവ്വവ്യാപിയും ചൈതന്യവാനും ആയ അഗ്നിദേവനെ നമസ്കാരത്തോടും ഹവിസ്സോടുംകൂടി പ്രതിഷ്ഠിക്കുന്നു.

**9. വിഭൂഷന്നഗ്ന ഉഭയാം അനു വ്രതാ ദൂതോ ദേവാനാം രജസീ സമീയസേ |**

**യത്തേ ധീതിം സുമതിമാവൃണാമഹേധ സ്മാ നസ്ത്രിവരൂഥി ശിവോ ഭവ || □□**

ഹേ അഗ്നേ! ദേവകളേയും മനുഷ്യരേയും പ്രത്യേകമായി അനുഗ്രഹീതരാക്കിക്കൊ് നീ വാരുഴികളിൽ സഞ്ചരിക്കുന്നു. ഞങ്ങൾ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളാലും, യജ്ഞാനുഷ്ഠാനങ്ങളും വഴിയായി നിന്നെ ഉപാസിക്കുന്നു. ത്രിലോകങ്ങളിൽ സഞ്ചരിക്കുന്നവനായ നീ ഞങ്ങൾക്കു സുഖം തരണേ.

**10. തം സുപ്രതീകം സുദൃശം സ്വഞ്ചമവിദ്വാംസോ വിദുഷ്ടരം സപേമ |**

**സ യക്ഷദ്വിശ്വാ വയുനാനി വിദ്വാൻപ്രഹവ്യമഗ്നിരമൃതേഷു വോചത് ||**

ഞങ്ങൾ, അൽപ്പബുദ്ധികളായ മനുഷ്യർ സുന്ദരാംഗനും മനോഹരനും സകലത്തിൻേറയും ജ്ഞാതാവും ഗമനശീലനും ആയ അഗ്നിയെ സേവിക്കുന്നു. അറിയുന്ന എല്ലാവസ്തുക്കളുടേയും

ജ്ഞാതാവായ അഗ്നി യജ്ഞം നടത്തണേ. നമ്മുടെ ഹവിസ്സിനെപ്പറ്റി ദേവകളോടു പറയണേ.

**11. തമഗ്നേ പാസ്യുത തം പിപർഷി യസ്ത ആനട് കവയേ ശൂര ധീതിം |**

**യജ്ഞസ്യ വാ നിശിതിം വോദിതിം വാ തമിത് പൃണാക്ഷ ശവസോത രായാ ||**

ഹേ വീരനായ അഗ്നേ! നീ ക്രാന്തദർശിയാകുന്നു. യാതൊരു സാധകൻ നിന്നെ സ്തുതിക്കുന്നുവോ, നീ അവനെ രക്ഷിച്ച് അവൻെറ അഭീഷ്ടങ്ങൾ നിറവേറ്റുന്നു. യാതൊരു യജമാനൻ യജ്ഞം നടത്തി ഹവിർദാനം ചെയ്യുന്നുവോ, അവന് ധനവും ഐശ്വര്യങ്ങളും നീ നൽകുന്നു.

**12. ത്വമഗ്നേ വനുഷ്യതോനി പാഹി ത്വമു നഃ സഹസാവന്നവദ്യാത് |**

**സം ത്വാ ധ്വസ്മനദഭ്യേതു പാഥഃ സ രയിഃ സ്പൃഹയായ്യഃ സഹസ്രീ ||**

ഹേ അഗ്നേ! ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. ഹേ പരാക്രമിയായ ദേവാ! നീ പാപങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളുടെ ഹവിസ്സുകൾ നിന്നെ പ്രാപിക്കണേ. നിൻെറ സഹസ്രാക്കണക്കിനുള്ള സുന്ദരങ്ങളായ ഐശ്വര്യങ്ങൾ സ്തോതാക്കളായ ഞങ്ങളെ പ്രാപിക്കണേ.

**13. അഗ്നിർഹോതാ ഗൃഹപതിഃ സ രാജാ വിശ്വാ വേദ ജനിമാ ജാതവേദാഃ |**

**ദേവാനാമുത യോ മർത്യാനാം യജിഷ്ഠഃ സ പ്ര യജതാമൃതാവ ||**

ദേവകളെ ആഹ്വാനം ചെയ്യുന്നവനും, തേജസ്വിയും, സർവ്വജ്ഞാതാവുമായ അഗ്നി നമ്മുടെ ഭവനങ്ങളുടെ രക്ഷകനാകുന്നു. അവൻ എല്ലാ ജീവികളേയും അറിയുന്നു. ദേവകളുടെയും മനുഷ്യരുടെയും ഇടയിൽ യഷ്ടവായിരിക്കുന്ന ആ അഗ്നി സുന്ദരമായ വിധികളോടുകൂടി യജ്ഞം നടത്തണേ.

**14. അഗ്നേ യദദ്യ വിശോ അധ്വരസ്യ ഹോതഃ പാവകശോചേ വേഷ്ടം ഹി യജ്വാ |**

**ഋതാ യജാസി മഹിനാ വി യദ്ഭൂർഹവ്യാ വഹ യവിഷ്ഠ യാ തേ അദ്യ ||**

ഹേ പവിത്രജ്വാലകളോടുകൂടിയവനും, യജ്ഞം നിർവ്വഹിക്കുന്നവനുമായ അഗ്നേ! ഈ സമയം യജമാനൻ യാതൊരു യജ്ഞകർമ്മം അനുഷ്ഠിക്കുന്നുവോ, നീ അതിനെ ഇഷ്ടപ്പെട്ടാലും. നീ ദേവകൾക്കുവേി യജ്ഞം നടത്തുന്നവനാകുന്നു. അതിനാൽ ഈ യജ്ഞത്തിൽ ദേവകളെ ആഹ്വാനം ചെയ്താലും. നിത്യതരുണനായ അഗ്നേ! നീ സ്വന്തം മഹിമയാൽ മഹാനാണല്ലോ. ഇപ്പോൾ ഞങ്ങൾ നൽകുന്ന ഹവിസ്സിനെ സ്വീകരിക്കേണമേ.

**15. അഭി പ്രയാംസി സുധിതാനി ഹി ഖ്യോ നി ത്വാ ദധൗത രോദസീ യജധ്യൈ |**

**അവാ നോ മഘവന്വാജസാതാവഗ്നേ വിശ്വാനി ദുരിതാ തരേമ താ തരേമ തവാവസാ തരേമ ||**

ഹേ അഗ്നേ! വേദിയിൽ വിധിപൂർവ്വം വയ്ക്കപ്പെട്ടിരിക്കുന്ന ഹവിസ്സിനെ നീ കാണുന്നുണ്ടല്ലോ. ആകാശത്തിനും ഭൂമിക്കുവേി യജ്ഞം നടത്തുവാൻ യജമാനൻ നിന്നെ സ്ഥാപിച്ചിരിക്കുന്നു. ഹേ അഗ്നേ! ഐശ്വര്യവാനായ നീ രണക്ഷേത്രത്തിൽ ഞങ്ങളെ രക്ഷിക്കേണമേ. തൻമൂലം ഞങ്ങൾ എല്ലാ ദുഃഖങ്ങളേയും അതിജീവിക്കണേ.

**16. അഗ്നേ വിശ്വേഭിഃ സ്വനീക ദേവൈരൂർണാവന്തം പ്രഥമഃ സീദ യോനിം |**

**കുലായിനം ഘൃതവന്തം സവിത്രേ യജ്ഞം നയ യജമാനായ സാധു ||**

മനോഹരമായ ജ്വാലകളോടുകൂടിയ അഗ്നേ! നീ എല്ലാ ദേവകളുടേയും മുമ്പിലായി രോമയുക്തവും, ഘൃതയുക്തവുമായ ഉത്തരവേദിയിൽ വിരാജിതനാകുകയും ഹവിർദാതാവായ യജമാനൻെറ യജ്ഞത്തെ വഴിയാംവിധം ദേവകളിലെത്തിക്കുകയും ചെയ്യണമേ.

**17. ഇമമു ത്യമഥർവദഗ്നിം മന്ഥന്തി വേധസഃ |**

**യമങ്കൂയന്തമാനയന്നമൂരം ശ്യാവ്യാഭ്യഃ ||**

കർമ്മവിധായകരായ ഋത്വിക്കുകൾ, ജ്ഞാനികളെപ്പോലെയോ, ഋഷികളെപ്പോലെയോ മഥനം നടത്തി അഗ്നിയെ പ്രത്യക്ഷമാക്കിയിരുന്നു. അങ്ങിങ്ങായി സഞ്ചരിച്ചിരുന്ന ജ്ഞാനിയായ അഗ്നിയെ രാത്രിയുടെ അന്ധകാരത്തിൽ പ്രദീപ്തമാക്കിയിരുന്നു.

**18. ജനിഷ്വാ ദേവവീതയേ സർവതാതാ സ്വസ്തയേ |**

**ആ ദേവാൻ വക്ഷ്യമൃതാം ഋതാവൃധോ യജ്ഞം ദേവേഷു പിസ്പൃശഃ ||**

ഹേ അഗ്നേ! നീ ദേവകളെ ആഗ്രഹിക്കുന്ന യജമാനൻെറ സുഖത്തെ സ്ഥിരമാക്കുന്നതിനായി മഥനംവഴിയായി യജ്ഞത്തിൽ ജനിക്കുന്നു. യജ്ഞത്തിൽ വളരുന്നവനായ നീ അമരൻമാരായ ദേവൻമാരെ ഇങ്ങോട്ട് കൊുവന്നാലും. അനന്തരം ഞങ്ങളുടെ യജ്ഞത്തെ ദേവകൾക്കു പ്രാപ്തമാക്കൂ.

**19. വയമു ത്വാ ഗൃഹപതേ ജനാനാമഗ്നേ അകർമ്മ സമിധാ ബൃഹന്തം |**

**അസ്ഥൂരിനോ ഗാർഹപത്യാനി സന്തു തിഗ്മേന നസ്തേജസാ സംശിശാധി ||**

ഹേ യജ്ഞരക്ഷകനായ അഗ്നിദേവാ ജീവികളുടെ മധ്യത്തിൽ ഞങ്ങളുടെ സമിധകളാൽ നിന്നെ വളർത്തുന്നു. ഞങ്ങളുടെ ഗാർഹപത്യാഗ്നി ഞങ്ങളെ പുത്രൻമാരാലും, മൃഗങ്ങളാലും, മറ്റ് എല്ലാ ഐശ്വര്യങ്ങളാലും സമ്പന്നരാക്കണേ. നീ ഞങ്ങളെ തൻെറ തേജസ്സോടുകൂടിയവരാക്കിയാലും.

## അനുവാകം 2 സൂക്തം 16

**ഋഷി ഭരദ്വാജൻ ദേവത അഗ്നി ഛന്ദസ് ഉഷ്ണിക, ഗായത്രി, ത്രിഷ്ടുപ്, പംക്തി, അനുഷ്ടുപ്**

**1. ത്വമഗ്നേ യജ്ഞാനാം ഹോതാ വിശ്വേഷാം ഹിതഃ |**

**ദേവേഭിർമാനുഷേ ജനേ ||**

ഹേ അഗ്നേ! നീ ഹോമസമ്പാദകനും ദേവകളെ വിളിക്കുന്നവനും ആകുന്നു. നീ മനുവംശക്കാരാൽ ചെയ്യപ്പെട്ട യജ്ഞത്തിൽ ദേവകളാൽ ഹോതാവാക്കപ്പെട്ടിരിക്കുന്നു.

**2. സ നോ മന്ദ്രാഭിരധ്വരേ ജിഹ്വാഭിർയജാ മഹഃ |**

**ആ ദേവാന്വക്ഷി യക്ഷി ച ||**

ഹേ അഗ്നേ! നീ ആനന്ദദായകമായ ജ്വാലകളാൽ ഞങ്ങളുടെ ഈ യജ്ഞത്തിൽ ദേവകളെ സ്തുതിച്ചാലും. ഇന്ദ്രാദിദേവകളെ ഇങ്ങോട്ടുവിളിക്കൂ. അവർക്ക് ഹവിരാന്നം പ്രദാനം ചെയ്യൂ.

**3. വേത്ഥാ ഹി വേധോ അധ്വനഃ പഥശ്ചദേവാഞ്ജസ |**
**അഗ്നേ യജ്ഞേഷു സുക്രതോ ||**

ഹേ അഗ്നേ! നീ സുന്ദരമായ കർമ്മത്തോടുകൂടിയവനും, ദാനാധി ഗുണയുക്തനുമാകുന്നു. നീ യജ്ഞത്തെ, വിശാലവും, ചെറുതും രുപ്രകാരത്തിലുള്ള മാർഗ്ഗങ്ങൾ അറിയുന്നവനാകുന്നു. മാർഗ്ഗഭ്രഷ്ടനായ ഈ സാധകനെ നേരായമാർഗ്ഗത്തിൽക്കൂടി കൊുവരേണമേ.

**4. ത്വാമീളേ അധ ദ്വിതാ ഭരതോ വാജിഭിഃ ശുനം |**
**ഈജേ യജ്ഞേഷു യജ്ഞിയം ||**

ഹേ അഗ്നേ! ദുഷ്യന്തൻെറ പുത്രനായ ഭരതൻ ഹവിസ്സ് നൽകുന്ന ഋത്വിക്കുകളോടുകൂടി സുഖത്തിനുവേി നിന്നെ സ്തുതിക്കുന്നു. നീ മൂലം അഭീഷ്ടപൂർത്തിയും, അനുഷ്ടശാന്തിയും ഉാകുന്നു. നീ യജ്ഞയോഗ്യനാകുന്നു. സ്തുതിച്ചതിനുശേഷം ഞങ്ങൾ നിനക്ക് യജ്ഞം നൽകുന്നു.

**5. ത്വമിനാ വാർയ്യാ പുരു ദിവോദാസായ സുന്വതേ |**
**ഭരദ്വാജായ ദാശുഷേ ||**

ഹേ അഗ്നേ! സോമം പിഴിയുന്ന ദിവോദാസനും നീ പലതരം ധനം കൊടുത്തതുപോലെ, ഹവിസ്സ്ദാതാവായ ഭരദ്വാജനും നൽകിയാലും.

**6. ത്വം ദൂതോ അമർത്യ ആ വഹാ ദൈവ്യം ജനം |**
**ശൃണ്വവനി പ്രസ്യ സുഷ്ടുതിം ||**

ഹേ അഗ്നേ! നീ അമൃതത്വഗുണത്താലും ദൗത്യഗുണത്താലും യുക്തനാകുന്നു. ജ്ഞാനിയായ ഭരദ്വാജമഹർഷിയുടെ സ്തുതികൾ ശ്രവിച്ച് ഞങ്ങളുടെ ഈ യാഗത്തിലേക്ക് ദേവകളെ കൊുവന്നാലും.

**7. ത്വാമഗ്നേ സ്വാധ്യോ മർതാസോ ദേവവീതയേ |**
**യജ്ഞേഷു ദേവമീളതേ ||**

ഹേ ജ്യോതിർമയനായ അഗ്നേ! നിന്നെ ചിന്തിക്കുന്നവരായ മനുഷ്യർ ദേവകളെ പ്രസാദിപ്പിക്കുന്ന യജ്ഞത്തിൽ നിന്നെ സ്തുതിക്കുകയും നിന്നോട് അഭീഷ്ടങ്ങൾ യാചിക്കുകയും ചെയ്യുന്നു.

**8. തവ പ്ര യക്ഷി സന്ദൃശമുത ക്രതും സുദാനവഃ |**
**വിശ്വേ ജുഷന്ത കാമിനഃ ||**

ഹേ അഗ്നേ! ഞങ്ങൾ നിൻെറ തേജസ്സിനെ വഴിയാംവണ്ണം പൂജിക്കുന്നു. അതുപോലെ നിൻെറ ശ്രേഷ്ഠമായ ദാനകർമ്മത്തെ സ്തുതിക്കുന്നു. ഞങ്ങൾ മാത്രമല്ല മറ്റ് യജമാനൻമാരും നിൻെറ കൃപാസാഫല്യത്തെ ആശിച്ചുകൊ് യജ്ഞാനുഷ്ഠാനങ്ങളിൽ വ്യാപൃതരാകുന്നു.

**9. ത്വം ഹോതാ മനുർഹിതോ വഹ്നിരാസാ വിദുഷ്ടരഃ |**
**അഗ്നേ യക്ഷി ദിവോ വിശഃ ||**

ഹേ അഗ്നേ! മനു നിന്നെ ഹോതാരൂപത്തിൽ നിയമിച്ചു. നീ ജ്വാലയുക്തമായ മുഖത്താൽ ഹവിസ്സിനെ വഹിക്കുന്നു. മഹാജ്ഞാനിയാകുന്നു. നീ ദയകൾക്കായി യാഗം നടത്തിയാലും.

**10. അഗ്ന ആ യാഹി വീതയേ ഗൃണാനോ ഹവ്യ ദാതയേ |**
**നി ഹോതാ സത്സി ബർഹിഷി ||**

ഹേ അഗ്നേ! നീ ഹവിസ്സ് ഭുജിക്കുന്നതിനും ദേവകളുടെ അടുത്ത് ഹവിസ്സ് എത്തിക്കുന്നതിനും ഇവിടെവന്നാലും സ്തുതികൾ സ്വീകരിച്ച് ഹോതാരൂപത്തിൽ ഈ കുശാസനത്തിലിരുന്നാലും.

**11. തം ത്വാ സമിദ് ഭിരങ് ഗിരോ ഘൃതേന വർധയാമസി |**
**വൃഹച്ഛോചാ യവിഷ്ഠ്യ ||**

ഹേ അഗ്നേ! ഞങ്ങൾ സമിധകളിൽക്കൂടി നിന്നെ വളർത്തുന്നു. ഹേ നിത്യതരുണനായ അഗ്നേ! നീ മഹാപ്രകാശവാനാകണമേ.

**12. സ നഃ പൃഥു ശ്രവായ്യമച്ഛാ ദേവ വിവാസസി |**
**ബൃഹദഗ്നേ സുവീര്യം ||**

ഹേ ജ്യോതിർമയനായ അഗ്നേ! നീ ഞങ്ങൾക്ക് വിസ്തൃതവും, മഹത്തും, പ്രശംസായോഗ്യവുമായ ഐശ്വര്യം നൽകൂ.

**13. ത്വാമഗ്നേ പുഷ്കരാദധ്യഥർവാ നിരമന്ഥത |**
**മൂർധ്നോ വിശ്വസ്യ വാധതഃ ||**

ഹേ അഗ്നേ! മൂർധാവിനുതുല്യം ലോകത്തെ വഹിക്കുന്ന നിന്നെ അരണിദ്വയത്തിൽനിന്നും അഥർവമഹർഷി പ്രകടമാക്കി.

**14. തമു ത്വാ ദധ്യങ്ങൃഷിഃ പുത്ര ഈധേ അഥർവണഃ |**
**വൃത്രഹണം പുരന്ദരം ||**

ഹേ അഗ്നേ! അഥർവൻെറ പുത്രൻ ദധ്യങ്ഗമഹർഷി നിന്നെ പ്രദീപ്തമാക്കിയിരുന്നു. നീ ശത്രുക്കളെ കൊല്ലുന്നവനും അവരുടെ നഗരങ്ങളെ ധ്വംസിക്കുന്നവനുമാകുന്നു.

**15. തമു ത്വാ പാഥ്യോ വൃഷാ സമീധേ ദസ്യുഹന്തമം |**
**ധനഞ്ജയം രണേ രണേ ||**

ഹേ അഗ്നേ! പാഥ്യവൃഷാവെന്ന മഹർഷി നിന്നെ ചൈതന്യമുള്ളവനാക്കിയിരുന്നു. നീ രാക്ഷസൻമാരെ കൊല്ലുന്നവനും ധനത്തെ വിജയിക്കുന്നവനുമാകുന്നു.

**16. ഏഹ്യൂഷു ബ്രവാണി തേഗ്ന ഇത്ഥേതരാ ഗിരഃ |**
**ഏഭിർവർധാസ ഇന്ദുഭിഃ ||**

ഹേ അഗ്നേ! നീ ഇവിടെ വരണമേ. നിനക്കുവേിയുള്ള ഈ സ്തോത്രം ശ്രവിക്കേണമേ. അങ്ങ് ഈ സോമരസത്താൽ വൃദ്ധി പ്രാപിച്ചാലും.

**17. യത്ര ക്വ ച തേ മനോ ദക്ഷം ദധസ ഉത്തരം |**
**തത്രാ സദഃ കൃണവസേ ||**

ഹേ അഗ്നേ! നിൻെറ കൃതാപൂർണ്ണമായ ഹൃദയം ഏതൊരു ദേശത്തേയോ, ഏതൊരു സാധകനേയോ ആകർഷിക്കുന്നുവോ, അവൻ ഉത്കൃഷ്ടമായ ബലത്തേയും അന്നത്തേയും വഹിക്കുന്നു. അങ്ങയുടെ സ്ഥാനം ആ യജമാനൻെറ ഹൃദയത്തിൽ തന്നെയാകുന്നു.

**18. നഹി തേ പൂർതമക്ഷിപദ്ഭൂ വന്നമാനാം വസോ |**
**അഥാ ദേവോ വനവസേ ||**

ഹേ അഗ്നേ! അങ്ങയുടെ തേജപുഞ്ജമായ നേത്രങ്ങൾ ഞങ്ങൾക്കു സംഹാരങ്ങളാകുന്നില്ല. അവ ഞങ്ങൾക്ക് എപ്പോഴും ദർശിക്കുവാനുള്ള സാമർത്ഥ്യം നൽകണേ. ഹേ ഗൃഹദാതാവായ ! നീ സാധകരായ ഞങ്ങളുടെ സേവനങ്ങൾ സ്വീകരിച്ചാലും.

**19. അഗ്നിരഗാമി ഭാരതോ വൃത്രഹാ പുരുചേതനഃ |**
**ദിവോദാസസ്യ സത്പതിഃ ||**

സ്തുതികളോടുകൂടി ഞങ്ങൾ അഗ്നിയെ വിളിക്കുന്നു. അഗ്നി ഹവിസ്സുകളുടെ സ്വാമിയും ദിവോദാസ്സൻെറ ശത്രുക്കളുടെ ഹന്താവുമാകുന്നു. അവൻ യജമാനൻെറ രക്ഷകനും സർവജ്ഞനുമാകുന്നു.

**20. സാഹി വിശ്വാതി പാർഥ്വാ രയിം ദാശൻമഹിത്വനാ |**
**വന്വന്നവാതോ അസ്തൃതഃ ||**

ആ അഗ്നി തൻെറ കൃപയാൽ ഭൂമിയിലുള്ള എല്ലാ ധനവും നമുക്ക് നൽകണേ. അവൻ തൻെറ തേജസ്സാൽ ശത്രുക്കളെചാമ്പലാക്കുന്നു. അവനെ ഹിംസിക്കുന്നതിൽ ആരും

സമർത്ഥനാകുന്നില്ല.

**21. സ പ്രത്നവന്നവീയസാഗ്നേ ദ്യുമ്നേന സംയതാ |**

**ബൃഹത്തതന്ഥ ഭാനുനാ ||**

ഹേ അഗ്നേ! നീ പ്രാചീനനാണെങ്കിലും നവീനമായ തേജസ്സാൽ വിസ്തൃതമായ അന്തരീക്ഷത്തെ വളർത്തുന്നു.

**22. പ്ര വഃ സഖായോ ആഗ്നേയ സ്തോമം യജ്ഞം ച ധൃഷ്ണയാ |**

**അർച ഗായ ച വേധസേ ||**

ഹേ ഋത്വിക്കുകളേ! നിങ്ങൾ ശത്രുസംഹാരകനും ഈശ്വരനുതുല്യം ശക്തിമാനുമായ അഗ്നിയെ സ്തുതിച്ചുകൊ് ഹവിസ്സുകൾ നൽകുവിൻ.

**23. സ ഹി യോ മാനുഷായുഗാ സീദ്ദ്ധോ താകവിക്രതുഃ |**

**ദൂതശ്ച ഹവ്യവാഹനഃ ||**

ആ അഗ്നിനമ്മുടെ യജ്ഞത്തിൽ കുശമേൽ വിരാജിക്കണേ. യാതൊരഗ്നി ദേവകളെ ആഹ്വാനം ചെയ്യുന്നവനായിരിക്കുന്നുവോ, അവൻ അത്യന്തം ജ്ഞാനിയും യജ്ഞകർമ്മങ്ങളിൽ ദേവകളുടെ ദൂതനും ഹവിസ്സുകളെ വഹിക്കുന്നവനും ആകുന്നു.

**24. താ രാജാനാ ശുചിവ്രതാദിത്യാൻമാരുതം ഗണം |**

**വസോ യക്ഷീഹ രോദസീ||**

ഹേ അഗ്നേ! നീ ഉത്തമമായ നിവാസ സ്ഥാനം നൽകുന്നു. നീ ഈ യാഗത്തിൽ വിരാജിതനായി പ്രഖ്യാതനും, സുന്ദരകർമ്മാക്കളും ആയ മിത്രുവരുണനും, മരുത്തുക്കൾക്കും, വാനൂഴികൾക്കും വേി യജ്ഞം നടത്തണേ.

**25. വസ്വീ തേ അഗ്നേ സൻദൃഷ്ടിരിഷയതേ മർത്യായ |**

**ഉർജാ നപാതമൃതസ്യ ||**

ഹേ അഗ്നേ! നീ അവിനാശിയാകുന്നു. അങ്ങയുടെ വിസ്തൃതമായ തേജസ്സ് യജമാനൻമാർക്ക് അന്നലാഭം വരുത്തുന്നു.

**26. ക്രത്വാ ദാ അസ്തു ശ്രേഷ്ഠോദ്യ ത്വാ വന്വൻസുരേക്ണാഃ |**

**മർത ആനാശ സുവൃക്തിം ||**

ഹേ അഗ്നേ! ഹവിർദാതാക്കൾ നിന്നെ സേവിച്ചുകൊ് സുന്ദരകർമ്മങ്ങളാൽ യുക്തരാകട്ടെ. അവർ നിന്നെ എപ്പോഴും സ്തുതിച്ചുകൊിരിക്കണേ.

**27. തേ തേ അഗ്നേ ത്വാതാ ഇഷയന്തോ വിശ്വമായുഃ |**

**തരന്തോ അര്യോ അതാരീർവന്വന്തോ അര്യോ അരാതീഃ ||**

ഹേ അഗ്നേ! നിന്നെ സ്തുതിക്കുന്നവർ നിൻെറ ആശ്രയം പ്രാപിക്കുന്നു, അവരെല്ലാം അനുഗ്രഹിച്ചുകൊ് പൂർണ്ണമായ ആയുസ്സ് പ്രാപിക്കുകയും അന്നലാഭംവരുത്തുകയും ചെയ്യുന്നു. അവർ ആക്രമണകാരികളെ തോൽപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.

**28. അഗ്നിസ്തിഗ്മേന ശോചിഷാ യാസദ്വിശം ന്യത്രിണം |**

**അഗ്നിർനോ വനതേ രയിം ||**

അവൻ തൻെറ തീക്ഷ്ണമായ തേജസ്സാൽ എല്ലാ പദാർത്ഥങ്ങളേയും ഭക്ഷണമാക്കുന്നതിൽ സമർത്ഥനാകുന്നു. അവൻ രാക്ഷസൻമാരുടെ ഹന്താവും, നമ്മുടെ ധനദാതാവുമാകുന്നു.

**29. സുവീരം രയിമാം ഭരജാതവേദോ വിചർഷണേ |**

**ജഹിരക്ഷാംസു സുക്രതോ ||**

എല്ലാമറിയുന്ന അഗ്നിദേവാ! നീ സുന്ദരനും അപത്യയുക്തനും ആയ ഐശ്വര്യവുമായി വരുകയും ദുഷ്ടരെ നശിപ്പിക്കുകയും ചെയ്യൂ.

**30. ത്വം നഃ പാഹ്യംഹസോ ജാതവേദോ അഘായതഃ |**

**രക്ഷാ ണോ ബ്രഹ്മണസ്തവേ ||**

ഹേ സർവ്വജ്ഞാതാവായ അഗ്നേ! ഞങ്ങളെ പാപങ്ങളിൽനിന്നും രക്ഷിക്കേണമേ. ഹേ സ്തുതികളുടെ സ്വാമിൻ! വൈരികളിൽനിന്നും ഞങ്ങളെ രക്ഷിക്കൂ.

**31. യോ നോ അഗ്നേ ദുരേവ ആ മർതോ വധായ ദാശതി |**

**തസ്മാന്നഃ പാഹ്യംഹസഃ ||**

ഹേ അഗ്നേ! യാതൊരുത്തൻ ദുർവിചാരത്തോടുകൂടി ഞങ്ങളെ ഹിംസിക്കുവാൻ ആയുധം തയ്യാറാക്കുന്നുവോ ആ മനുഷ്യനിൽനിന്നും അതുപോലെ പാപങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ.

**32. ത്വം തം ദേവ ജിഹ്വയാ പരി ബാധസ്വ ദുഷ്കൃതം |**

**മർതോ യോ നോ ജിഘാംസതി ||**

ഹേ അഗ്നേ! യാതൊരു ദുഷ്ടൻ ഞങ്ങളെ ഹിംസിക്കുവാനാഗ്രഹിക്കുന്നുവോ, ആ പാപിക്കുവേി നീ സ്വന്തം തേജസ്സിനെ വളർത്തേണമേ.

**33. ഭരദ്വാജായ സപ്രഥഃ ശർമ യച്ഛ സഹന്ത്യ |**

**അഗ്നേ വരേണ്യം വസൂ ||**

ഹേ അഗ്നേ! നീ ശത്രുക്കളെ വശീകരിക്കുന്നതിൽ സമർത്ഥനാകുന്നു. സുന്ദരമായ ഗൃഹവും, വരണയോഗ്യമായ ധനവും അങ്ങു ഞങ്ങൾക്കു തരേണമേ.

**34. അഗ്നിർവൃത്രാണി ജങ്ഘനദ്ദ്രവിണസ്യുർവിപന്യയാ |**

**സമിദ്ധഃ ശുക്ര ആഹുതഃ ||**

ഹേ തേജസ്വിയായ അഗ്നേ! ഹവിസ്സു വഴിയായി വിളിക്കപ്പെട്ട അഗ്നി സ്തുതികളാൽ പ്രസന്നരായി ഹവിസ്സിനെ ഇഷ്ടപ്പെടുന്നു. ആ അഗ്നി നമ്മുടെ ശത്രുക്കളെ സംഹരിക്കണേ.

**35. ഗർഭേ മാതുഃ പിതുഷ്പിതാ വിദിദ്യുതാനോ അക്ഷരേ |**

**സീദന്നൃതസ്യ യോനിമാ ||**

സുന്ദരമായ വേദിയിൽ ആ അഗ്നി വിരാജിക്കുന്നു. ആകാശത്തെ രക്ഷിക്കുന്ന അവൻ ഉത്തരവേദിയിൽ വിരാജിതനായി ദുഷ്ടൻമാരെ നിഗ്രഹിക്കുന്നു.

**36. ബ്രഹ്മ പ്രജാവദാ ഭര ജാതവേദോ വിചർഷണേ |**

**അഗ്നേ യദ്ദീദയദ്ദിവി ||**

ഹേ അഗ്നേ! നീ സർവ്വദർശിയാകുന്നു. നീ ഞങ്ങൾക്ക് പുത്രപൗത്രാദിയുക്തമായ ധനം നൽകുമാറാകണേ. ഈ അന്നം ആകാശത്തിൽ ദേവകളാൽ പ്രശംസിതവും സുശോഭിതവുമാക്കണേ.

**37. ഉപ ത്വാ രണ്വസൻദൃശം പ്രയസ്വന്തഃ സഹസ്കൃത |**

**അഗ്നേ സസൃജ്മഹേ ഗിരഃ ||**

ഹേ ബലപുത്രനായ അഗ്നേ! അങ്ങയുടെ തേജസ്സ് അത്യന്തം രമണീയമാകുന്നു. ഹവ്യരൂപമാകുന്ന അന്നത്തോടുകൂടിയ സ്തോതാവും അങ്ങയെ സ്തുതിക്കുന്നു.

**38. ഉപ ഛായാമിവ ഘൃണേരഗൻമ ശർമ തേ വയം |**

**അഗ്നേ ഹിരണ്യസൻദൃശഃ ||**

ഹേ അഗ്നേ! അങ്ങയുടെ തേജസ്സ് സ്വർണ്ണസമാനം പ്രകാശിക്കുന്നു. ക്ഷീണിതനായ മനുഷ്യൻ വൃക്ഷഛായയെ അഭയം പ്രാപിക്കുന്നതുപോലെ ഞങ്ങൾ നിന്നെ അഭയം പ്രാപിക്കുന്നു.

**39. യ ഉഗ്ര ഇവ ശര്യഹാ തിഗ്മശൃംഗോ ന വംസഗഃ |**

**അഗ്നേ പുരോ രുരോജിഥാ ||**

ആ അഗ്നി മഹാബലവാനും ധനുസ്സ് വഹിച്ചിരിക്കുന്ന വീരനെപ്പോലെ ബാണങ്ങളാൽ ശത്രുക്കളെ കൊല്ലുന്നു. അവൻെറ തീക്ഷ്ണമായ കൊമ്പുകൾ കാളകളുടേതുപോലെയുള്ളവയാകുന്നു. ഹേ അഗ്നേ! നീ ത്രിപുരാസ്സുരൻെറ മൂന്ന് നഗരങ്ങൾ നശിപ്പിച്ചുവല്ലോ.

**40. ആ യം ഹസ്തേ ന ഖാദിനം ശിശും ജാതം ന വിഭ്രതി |**

**വിശാമഗ്നിം സ്വധ്വരം ||**

അരണിമഥനത്തിൽ നിന്നും ജാതനായ അഗ്നിയെ അധ്വര്യുക്കൾ പുത്രനുതുല്യം സ്വീകരിക്കുന്നു. ഹേ ഋത്വിക്കുകളേ! ഹവിസ്സ് ഭക്ഷിക്കുന്ന യജ്ഞരക്ഷകനായ ആ അഗ്നിയെ പരിചരിക്കുവിൻ.

**41. പ്ര ദേവം ദേവവീതയേ ഭരതാ വസുവിത്തമം |**

**ആ സ്വേ യോനൗ നി ഷീദതു ||**

ഹേ അധ്വര്യുക്കളെ! ദേവകളെ സേവിക്കുന്നതിനുവേി നിങ്ങൾ അഗ്നിയിൽ ഹവിസ്സിടുവിൻ. അഗ്നി പ്രകാശമാനങ്ങളായ ഐശ്വര്യങ്ങളെ അറിയുന്നവനാകുന്നു. അവൻ ആഹ്വാനയോഗ്യമായ സ്ഥാനത്ത് വിരാജിക്കണേ.

**42. ആ ജാതം ജാതവേദസി പ്രിയം ശിശീതാതിഥിം |**

**സ്യോന ആ ഗൃഹപതിം ||**

അധ്വര്യുക്കളെ അതിഥിക്കുതുല്യം ബഹുമാന്യനും, നല്ല ഭവനം നൽകുന്നവനുമായ അഗ്നിയെ സുന്ദരമായ വേദിയിൽ സ്ഥാപിക്കുവിൻ.

**43. അഗ്നേ യുക്ഷ്വാ ഹി യേ തവാശ്വാസോ ദേവ സാധവഃ |**

**അരംവഹന്തി മന്യവേ ||**

ഹേ അഗ്നേ! നീ ജ്യോതിർമയനാകുന്നു. നിൻെറ രഥത്തിൽ യജ്ഞത്തിലേക്ക് നിന്നെ കൊുവരുന്ന ആ അശ്വങ്ങളെ പൂട്ടിയാലും.

**44. അച്ഛാനോ യാഹ്യാ വഹാഭി പ്രയാംസി വീതയേ |**

**ആ ദേവാൻത്സോമപീതയേ ||**

ഹേ അഗ്നേ! നീ ഞങ്ങളുടെ അടുക്കലേക്ക് എഴുന്നള്ളിയാലും. ഹവ്യം ഭക്ഷിക്കുന്നതിനും സോമപാനം ചെയ്യുന്നതിനുമായി ദേവകളെ കൊുവരണമേ.

**45. ഉദഗ്നേ ഭാരത ദ്യുമദജസ്രേണ ദവിദ്യുതത് |**

**ശോചാ വി ഭാഹ്യജര ||**

ഹേ അഗ്നേ! നീ ഹവിസ്സിനെ വഹിച്ചുകൊു പോകുന്നവനാകുന്നു. നീ ഉന്നതത്തിലേക്കുയർന്നാലും. നീ ജരാരഹിതനാണല്ലോ. തൻെറ ഉത്കൃഷ്ടമായ തേജസ്സാൽ പ്രകാശിതനാകൂ. നീ ചൈതന്യവാനായി ലോകത്തെ ആകമാനം ചൈതന്യപൂർണ്ണമാക്കിയാലും.

**46. വീതീ യോ ദേവം മർതോ ദുവസ്യേദഗ്നി മീളീതാധ്വരേ ഹവിഷ്മാൻ |**

**ഹോതാരം സത്യയജം രോദസ്യോരുത്താനഹസ്തോ നമസാ വിവാസേത് ||**

ഹവിസ്സുള്ളവനായ യാതൊരുത്തൻ തൻെറ ഹവിസ്സാൽ ഏതെങ്കിലും ദേവതയെ ഉപാസിക്കുന്നുവോ, ആ യജ്ഞത്തിൽ അഗ്നി പൂജിക്കപ്പെടുന്നു. അവൻ വാനൂഴികളിൽ വ്യാപ്തനായി ദേവകളെ വിളിക്കുന്നവനും സത്യരൂപമായ ഹവിസ്സുകളാൽ യജനീയനുമാകുന്നു. യജമാനൻ ഈ അഗ്നിയെ നമസ്കാരപൂർവ്വം സേവിക്കുന്നു.

**47. ആ തേ അഗ്ന ഋചാ ഹവിർഹൃദാ തഷ്ടം ഭരാമസി |**

**തേ തേ ഭവന്തൂക്ഷണ ഋഷഭാസോ വശാ ഉത ||**

ഹേ അഗ്നേ! ഞങ്ങൾ മനോഹരമായി തയ്യാറാക്കി ഹവിസ്സ് നിനക്കു നൽകുന്നു. ആ ഹവ്യം സമർത്ഥരായ കാളകളുടെ ഓജസ്സായും പശുക്കളുടെ പാലായും പരിവർത്തനപ്പെടട്ടെ.

**48. അഗ്നിം ദേവാസോ അഗ്രിയമിന്ധതേ വൃത്രഹന്തമം |**

**യേനാ വസൂന്യാഭൃതാ തൃളഹാ രക്ഷാംസി വാജിനാ ||**

യാതൊരു പരാക്രമിയായ അഗ്നി നീ യജ്ഞ വിഘ്നൻമാരായ രാക്ഷസൻമാരെ കൊന്നുവോ, യാതൊരഗ്നി ദുഷ്ടൻമാരുടെ ധനത്തെ തട്ടിയെടുത്തുവോ വൃത്രഹന്താവായ ആ അഗ്നിയെ ജ്ഞാനികൾ ചൈതന്യപ്പെടുത്തുന്നു.

# അദ്ധ്യായം 6

## സൂക്തം 17

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ഉഷ്ണിക**

**1. പിബാ സോമഭി യമുഗ്ര തർദം ഊർവം ഗവ്യം മഹി ഗൃണാന ഇന്ദ്ര |**

**വി യോ ധൃഷ്ണോ വധിഷോ വജ്രഹസ്ത വിശ്വാ വൃത്രമമിത്രിയാ ശവോഭിഃ ||**

ഹേ പരാക്രമിയായ ഇന്ദ്രാ! അംഗിരസ്സുകളാൽ സ്തുതനായി സോമം പാനം ചെയ്യുവാൻ പണികളാൽ അപഹൃതങ്ങളായ ഗോക്കളെ അങ്ങ് വീടെുത്തു. ഹേ ഇന്ദ്രാ! ഹേ വജ്രായുധാ! നീ സ്വന്തം പരാക്രമത്താൽ എല്ലാ ശത്രുക്കളേയും സംഹരിച്ചു. അവിടന്ന് സോമം പാനം ചെയ്താലും.

**2. സ ഈം പാഹി യാ ഋജിഷീ തരുത്രോ യഃ ശിപ്രവാൻ വൃഷഭോ യോ മതീനാം |**

**യോ ഗോത്രഭിദ്വജ്രഭൃദ്യോ ഹരിഷ്ഠാഃ സ ഇന്ദ്ര ചിത്രാം അഭി തൃന്ധി വാജാൻ ||**

ഹേ സോമപാനി! നീ ശത്രുക്കളിൽനിന്നും രക്ഷിക്കുന്നവനും, സ്തുതിക്കുന്നവരുടെ അഭീഷ്ടങ്ങൾ പൂർത്തീകരിക്കുന്നവനും ആകുന്നു. ഹേ ഇന്ദ്രാ! നീ പർവ്വതങ്ങളെ തകർക്കുന്നവനും, കുതിരകളെ പൂട്ടുന്നവനും, ആണ്. നീ ഞങ്ങൾക്കുവേണ്ടി അത്ഭുതകരമായ ധനം പ്രകടമാക്കുകയും സോമം പാനം ചെയ്യുകയും ചെയ്താലും.

**3. ഏവാ പാഹി പ്രത്നഥാ മന്ദതു ത്വാ ശ്രുധി ബ്രഹ്മ വാവൃധസ്വോത ഗീർഭിഃ |**

**ആവിഃ സൂര്യം കൃണുഹി പീപിഹീഷോ ജഹി ശത്രൂരഭി ഗാ ഇന്ദ്ര തൃന്ധി ||**

ഹേ ഇന്ദ്രാ! നീ സോമരസം പാനം ചെയ്തിരുന്നു. അതുപോലെ തന്നെ ഞങ്ങളുടെ സോമരസത്തേയും പാനം ചെയ്യു. ഈ രസം നിന്നെ തടിയനാക്കണേ. നീ ഞങ്ങളുടെ സ്തുതികൾ കേട്ട് വൃദ്ധിപ്രാപിക്കൂ. ഞങ്ങൾക്ക് അന്നം ലഭിക്കുവാനായി സൂര്യനെ പ്രത്യക്ഷമാക്കൂ. ഞങ്ങളുടെ ശത്രുക്കളെ സംഹരിക്കുകയും പണികളാൽ മോഷ്ടിക്കപ്പെട്ട ഗോക്കളെ വീടെുക്കുകയും ചെയ്യണേ.

**4. തേ ത്വാ മദാ ബൃഹദിന്ദ്ര സ്വധാവ ഇമേ പീതാ ഉക്ഷയന്ത ദ്യുമന്തം |**

**മഹാമനൂനം തവസം വിഭ്രതിം മത്സരാസോ ജർഹൃഷന്ത പ്രസാഹം ||**

ഹേ ഇന്ദ്രാ! ഭവാൻ അന്നവാനും തേജസ്വിയും ആകുന്നു. ഈ പാനം ചെയ്യപ്പെട്ട സോമരസം നിന്നെ തടിയനാക്കണേ. നീ മഹാഗുണവാനും, പ്രവൃദ്ധനും മഹാനും ആകുന്നു. ഞങ്ങളുടെ ശത്രുക്കളെ പരാജിതനാക്കിയാലും.

**5. യേഭിഃ സൂരര്യമുഷസ മന്ദസാനോ വാസയോപ ദൃളഹാനി ദർദ്രത് |**
**മഹാമദ്രിംപാരി ഗാ ഇന്ദ്ര സന്ത നുത്ഥാ അച്യുതം സദസസ്പരി സ്വാത് ||**

ഹേ ഇന്ദ്രാ! സോമരസത്താൽ പുഷ്ടിയെ പ്രാപിച്ച നീ അന്ധകാരത്തെ നശിപ്പിക്കുകയും സൂര്യനേയും ഉഷസ്സിനേയും അതാതു സ്ഥാനങ്ങളിൽ നിയോഗിക്കുകയും ചെയ്യണേ. നീ അവിചലമായ പർവതത്തെ ധ്വംസിച്ചു. ആ പർവതത്തിൽ പണികൾ മോഷ്ടിച്ച ഗോക്കളുായിരുന്നുവല്ലോ.

**6. തവ ക്രത്വാ തവ തദ്ദംസനാഭിരാമാസു പക്വംശച്യാ നി ദീധഃ |**
**ഔർണോർദുര ഇസ്രിയാഭ്യോ വി ദൃളഹോദുർവാദ് ഗാ അസൃജോ അങ്ഗിരസ്വാൻ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം ജ്ഞാനത്താലും കർമ്മത്താലും, പരാക്രമത്താലും ഗോക്കളെ പാലുള്ളവയാക്കി സൃഷ്ടിച്ചു. നീ ഗോക്കളെ പുറത്തുകൊുവരുവാനായി ശിലകളെ മാറ്റി. അംഗിരസ്സുകളോടുചേർന്ന് നീ ഗോക്കളെ മോചിപ്പിച്ചു.

**7. പപ്രാഥ ക്ഷാം മഹിം ദംസോ വ്യുർവീമുപദ്യാമൃഷ്വോ ബൃഹദിന്ദ്ര സ്തഭായഃ |**
**അധാരയോ രോദസീ ദേവപുത്രേ പ്രത്നേ മാതരാ യഹ്വീ ഋതസ്യ ||**

ഹേ ഇന്ദ്രാ! നീ തൻെറ കർമ്മത്താൽ വിസ്തൃതമായ ഭൂമിയെ പരിപൂർണ്ണമാക്കി. നീ മഹാനാകുന്നു. നീ ദിവ്യലോകത്തെ വീഴ്ചയിൽ നിന്നും രക്ഷിക്കാനായി താങ്ങിനിർത്തി. പാലിക്കുന്നതിനായി നീ വാനൂഴികളെ വഹിച്ചു. ദേവതകൾ ആ വാനൂഴികളുടെ പുത്രരാകുന്നു. യജ്ഞകർമ്മങ്ങൾ നടത്തുന്ന അവർ മഹത്വവതികളാകുന്നു.

**8. അധ ത്വാ വിശ്വേ പുര ഇന്ദ്ര ദേവാ ഏകം തവസം ദധിരേ ഭരായ |**
**അദേവോ യദഭ്യാഹിഷ്ട ദേവാൻത്സ്വർഷാതാ വൃണത ഇന്ദ്രമത്ര ||**

ഹേ ഇന്ദ്രാ! വൃത്രാസുരൻമാരായി യുദ്ധം ചെയ്യുവാൻ ദേവൻമാർ പുറപ്പെട്ടപ്പോൾ അവയെല്ലാം കൂടി നിന്നെ നേതാവാക്കി യുദ്ധത്തിൽ മരുത്തുക്കളെ സഹായിച്ചു നീ മഹാപരാക്രമിയാണല്ലോ.

**9. അധൗദ്യ ശ്ചിത്തേ അപ സാ നു വജ്രാദ്ദ്വിതാ നമദ്ഭിയസാ സ്വസ്യ മന്യോഃ |**
**അഹിം യദിന്ദ്രോ അഭ്യോഹ സാനം നി ചിദ്വിശ്വായുഃ ശയഥേ ജഘാന ||**

പ്രചരാന്ന സമ്പന്നനായ ഇന്ദ്രൻ വൃത്രയെ കൊന്നപ്പോൾ അവൻെറ ക്രോധത്താലും വജ്രത്താലും ഭയഭീതമായി സ്വർഗ്ഗംപോലും നിശ്ശബ്ദമായിത്തീർന്നു.

**10. അധ ത്വഷ്ടാ തേ മഹ ഉഗ്ര വജ്രം സഹസ്രഭൃഷ്ടിം വവൃതച്ഛതാശ്രിം |**
**നികാമമരമണസം യേന നവന്തമഹിം സം പിണഗൃജീഷിൻ ||**

ഹേ പരാക്രമിയായ ഇന്ദ്രാ! ത്വഷ്ടാവ് നിനക്കുവേി നൂറുകെട്ടുകളുള്ളതും ആയിരം വായ്ത്തലകളുള്ളതുമായ വജ്രത്തെ നിർമ്മിച്ചു. ഹേ സോമപാനിയായ ഇന്ദ്രാ! ആ വജ്രത്താൽതന്നെ നീ വൃത്രനെ വധിച്ചു.

**11. വർധാന്യം വിശ്വേ മരുതഃ സജോഷാഃ പചച്ഛത മഹിഷാം ഇന്ദ്ര തുഭ്യം |**
**പൂഷാ വിഷ്ണുസ്ത്രീണി സരാംസി ധാവൻവൃത്രഹണം മദിരമംശുമസ്മൈഃ ||**

ഹേ ഇന്ദ്രാ! മരുത്തുക്കൾ നിന്നെ തങ്ങളുടെ സ്തോത്രങ്ങളാൽ വളർത്തുകയും പൂഷാവും വിഷ്ണുവും നിനക്കുവേി നൂറുമഹിഷങ്ങളെ നൽകുകയും ചെയ്തു. മൂന്നുപാത്രങ്ങളിൽ നിറച്ചുായിരുന്ന സോമം പാനം ചെയ്തപ്പോൾ നിനക്ക് വൃത്രനെ കൊല്ലുവാനുള്ള കെൽപ്പുായി.

**12. ആ ക്ഷോദോ മഹി വൃതം നദീനാം പരിഷ്ഠിതമസൃജ ഊർമിമപാം |**
**താസാമനു പ്രവത ഇന്ദ്ര പന്ഥാം പ്രാർദയോ നീചിർപസഃ സമുദ്രം ||**

ഹേ ഇന്ദ്രാ! നീ വൃത്രനാൽ തടയപ്പെട്ട നദീജലത്തെ മോചിപ്പിച്ചു. തൽക്കാരണത്താൽ അത് പ്രവഹിക്കുവാൻ തുടങ്ങി. നീ ആ നദികളെ താഴ്ന്നമാർഗ്ഗങ്ങളിൽക്കൂടി ഒഴുക്കി ജലതരംഗങ്ങളെ ഉൻമുക്തമാക്കി. അനന്തരം വേഗവതിയായ ആ ജലത്തെ നീ കടലിൽ ചേർത്തു.

**13. ഏവാ താ വിശ്വാ ചകൃവാംസമിന്ദ്രം മഹാമുഗ്രമജുര്യം സഹോദാം |**
**സുവീരം ത്വാ സ്വായുധം സുവജ്രമാ ബ്രഹ്മ നവ്യമവ സേ വവൃത്യാത് ||**

ഹേ ഇന്ദ്രാ! നീ ഇപ്രകാരമുള്ള എല്ലാകർമ്മങ്ങളുടെ കർത്താവും, ഓജസ്വിയും അജരനും, ബലം നൽകുന്നവനും, ഐശ്വര്യവാനും, വജ്രധാരിയുമാകുന്നു. ഞങ്ങളുടെ അഭിനവങ്ങളായ സ്തോത്രങ്ങൾ ഞങ്ങളുടെ രക്ഷക്കായി നിന്നെ വളർത്തണേ.

**14. സ നോ വാജായ ശ്രവസ ഇഷേ ച രായേ ധേഹി ദ്യുമത ഇന്ദ്ര വിപ്രാൻ |**
**ഭരദ്വാജേ നൃവത ഇന്ദ്ര സൂരീന്ദിവി ച സ്മൈധി പര്യേ ന ഇന്ദ്ര ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്കുവേി പുഷ്ഠി, ബലം, അന്നം, ഐശ്വര്യം ഇവകളെ വഹിക്കണേ. ഞങ്ങൾ ജ്ഞാനികളാകുന്നു. ഞങ്ങൾക്ക് സേവകൻമാരെ നൽകിയാലും. സ്തുതിക്കുന്നവർക്ക് പുത്രൻമാരോടും പൗത്രൻമാരേയും നൽകിയാലും. ഹേ ഇന്ദ്രാ! വരുന്ന കാലങ്ങളിലും ഞങ്ങളെ രക്ഷിക്കണേ.

**15. ആയാ വാജം ദേവഹിതം സനേമ മദേമ ശതഹിമാഃ സുവീരാഃ ||**

ഞങ്ങൾ ഈ സ്തുതികളാൽ ഇന്ദ്രനിൽനിന്നും അന്നത്തെ പ്രാപിക്കണേ. നാം സുന്ദരൻമാരായ പുത്ര,പൗത്രാദികളോടുകൂടി നൂറുവർഷം വരെ സുഖഭോഗങ്ങളനുഭവിക്കണേ.

## സൂക്തം 18

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി, ഉഷ്ണിക**

**1. തമു ഷ്ടുഹി യോ അഭിഭൂത്യോജാ വന്വന്നവാതാഃ**

**പുരൂഹൂത ഇന്ദ്രഃ |**

**അഷാളഹമുഗ്രം സഹമാനമാഭിർഗീർഭിർ വർധ വൃഷഭം ചർഷണീനാം ||**

ഹേ ഭരദ്വാജാ! തേജസ്വിയും, ശത്രുനാശകനും, അനേകരാൽ വിളിക്കപ്പെടുന്നവനും ആയ ഇന്ദ്രനെ സ്തുതിക്കൂ. മനുഷ്യരുടെ അഭീഷ്ടങ്ങൾ നിറവേറ്റുന്നവനായ ഇന്ദ്രനെ സ്തോത്രങ്ങളാൽ വളർത്തുവിൻ.

**2. സ യുധ്മഃ സത്വാ ഖജകൃത്സമദ്വാ തുവിമ്രക്ഷോ നദനുമാം ഋജീഷീ |**

**ബൃഹദ്രേണുശ്ച്യവനോ മാനുഷീണാമേകഃ കൃഷ്ടീനാമഭവത്സഹാവാ ||**

ഇന്ദ്രൻ യുദ്ധനിരതനുംഷ സഹാനുഭൂതിയുള്ളവനും, ബലവാനും, ദാതാവും, ഉപകാരിയും, സോമപാനിയും, മനുഷ്യരുടെ രക്ഷകനുമാകുന്നു.

**3. ത്വം ഹ നു ത്യദദമായോ ദസ്യൂംരേകഃ കൃഷ്ടീരവനോനരാര്യായ |**

**അസ്ത സ്വിന്നു വീര്യ തത്ത ഇന്ദ്ര ന സ്വിദസ്തി തദൃതുഥാ വി വോചഃ ||**

ഹേ ഇന്ദ്രാ! കർമ്മരഹിതരായ മനുഷ്യരെ കീഴടക്കൂ. നീ തന്നെ യജ്ഞം നടത്തുന്നവർക്ക് പുത്രൻമാരെയും സേവകൻമാരെയും നൽകുന്നു. ഹേ ഇന്ദ്രാ! നിന്റെ സാമർത്ഥ്യം ഇപ്പോഴും ഉ ോ ഇല്ലയോ? കാലാകാലങ്ങളിൽ നിന്റെ ബലം പ്രകടമാക്കൂ.

**4. സദിദ്ധി തേ തുവിജാതസ്യ മന്യേ സഹഃ സഹിഷ്ഠതുരതസ്തുരസ്യ |**

**ഉഗ്രമുഗ്രസ്യ തവസ്തദീയോധ്രസ്യ രധ്രതുരോ ബഭൂവ ||**

ഹേ ഇന്ദ്രാ! നീ പരാക്രമിയാണല്ലോ. അനേകം യജ്ഞങ്ങളിൽ നീ പ്രകടമാകുന്നു. നീ ഞങ്ങളുടെ ശത്രുക്കളെ നശിപ്പിച്ചു. നീ ഓജസ്വിയും, ബലവാനും, അജയ്യനും, ശത്രുഹന്താവും ആകുന്നു.

**5. തന്നഃ പ്രത്നം സഖ്യമസ്തു യുഷ്മേള ഥാ വദീദ്ഭിർവലമങ്ഗിരോഭിഃ |**

**ഹന്നച്യുത ച്യുദ്ദസ്മഷേയന്തമൃണോഃ പുരോ വി ദുരോ അസ്യു വിശ്വാഃ ||**

ഹേ ഇന്ദ്രാ! അനേകം കാലങ്ങളായി നമ്മിൽ നിലനിന്നുവരുന്ന മിത്രത ചിരസ്ഥായിയാകണേ. നീ സ്തുതിക്കുന്നവർക്കുവേ ി ബലൻ എന്ന ദൈത്യനെ വധിക്കുകയും, അവന്റെ നഗരവാതിലുകൾ തുറക്കുകയും ചെയ്തല്ലോ.

**6. സ ഹി ധീഭിർഹവ്യോ അസ്ത്യുഗ്ര ഈശാനകൃൻമഹതി വൃത്രതുര്യേ |**

**സ തോമസാതാ തനയേ സ വജ്രീ വിതന്തസായ്യോ അഭവത്സമത്സു ||**

സ്തോതാക്കളെ സമർത്ഥരാക്കുന്നവരായ ഇന്ദ്രൻ സ്തുതികളാൽ വിളിക്കപ്പെടുന്നു. പുത്രപ്രാപ്തിക്കായി അവനെ വിളിക്കുന്നു. വജ്രധാരിയായ ആ ഇന്ദ്രൻ യുദ്ധക്ഷേത്രത്തിൽ നമസ്കാരയോഗ്യനാകുന്നു.

**7. സ മജ്മനാ ജനിമ മാനുഷാണാമമർത്യേന നാമ്നാതി പ്ര സർസ്രേ |**

**സ ദ്യുമ്നേന സ ശവസോത രായാ സ വീര്യേണ നൃതമഃ സമോകാഃ ||**

ശത്രുക്കളെ പരാജയപ്പെടുത്തുന്ന ബലത്താൽ ഇന്ദ്രൻ മനുഷ്യരെ പരാക്രമികളാക്കിയിരിക്കുന്നു. അവൻ യശസ്വിയും, ധനയുക്തനും, സമാനസ്ഥാനീയനുമാകുന്നു.

**8. സ യോ ന മുഹേ ന മിഥു ജനോ ഭൂത്സുമന്തുനാമാ ചമുരിം ധുനിം ച |**

**വൃണക്പിപ്രു ശംബരം ശുഷ്ണമിന്ദ്രഃപുരാം ച്യൗത്നായ ശയഥായ നൂ ചിത് ||**

യാതൊരിന്ദ്രൻ യുദ്ധക്ഷേത്രത്തിൽ അകർമണ്യനായിരിക്കുന്നില്ലയോ, അവൻ വൃഥാ വസ്തുക്കളെ ഉൽപ്പാദിപ്പിക്കുന്നില്ല. പ്രസിദ്ധനായവനായ ആ ഇന്ദ്രൻ ശത്രുനഗരങ്ങൾ ഇടിച്ചുനിരപ്പാക്കുകയും, ശത്രുക്കളെ നാമാവശേഷരാക്കുന്നതിന് അതിവേഗം പുറപ്പെടുകയും ചെയ്യുന്നു. ഹേ ഇന്ദ്രാ! നീ രാക്ഷസൻമാരെ ഇല്ലാതാക്കി.

**9. ഉദാവതാ ത്വക്ഷസാ പന്യസാ ച വൃത്രഹത്യായ രഥമിന്ദ്ര തിഷ്ഠ |**

**ധിഷ്വ വജ്രം ഹസ്ത ആ ദക്ഷിണത്രാഭി പ്ര മന്ദ പുരുദത്ര മായാഃ ||**

ഹേ ഇന്ദ്രാ! നീ ശത്രുസംഹാരകനാകുന്നു. നീ പ്രശംസനീയമായ ബലത്തോടുകൂടിയ തന്റെ രഥത്തിൽ ശത്രുസംഹാരത്തിനായി കയറുന്നു. നീ തന്റെ വലംകയ്യിൽ വജ്രം ധരിക്കുന്നു. ഹേ ഇന്ദ്രാ! നീ പ്രചുരമായ ധനത്താൽ യുക്തനാണ്. ദുഷ്ടൻമാരുടെ മായകളെ നശിപ്പിക്കണമേ.

**10. അഗ്നിർന ശുഷ്കം വനമിന്ദ്ര ഹേതീ രക്ഷോ നിധക്ഷ്യശനിർന ഭീമാ |**

**ഗംഭീരയ ഋഷ്വയാ യോ രുരോജാധ്വാനയദ് ദുരിതാം ദംഭയച്ച ||**

ഹേ ഇന്ദ്രാ! എങ്ങിനെ അഗ്നിയെ ജ്വലിപ്പിക്കുന്നുവോ, അതുപോലെ തന്നെ നീ ശത്രുക്കളെ നശിപ്പിക്കൂ. നീ വജ്രസമാനം ഭയങ്കരനാകുന്നു. നീ രാക്ഷസൻമാരെ ചാമ്പലാക്കൂ. ഇന്ദ്രൻ വജ്രത്താൽ ശത്രുക്കളെ കീറിപിളർന്നു. യുദ്ധത്തിൽ ഇന്ദ്രൻ ഗർജ്ജിച്ചുകൊ ് എല്ലാ ദുഃഖങ്ങളെയും അകറ്റുന്നു.

**11. ആ സഹസ്രം പഥിഭിരിന്ദ്ര രായാ തുവിദ്യുമ്ന തുവിവാജേഭിരർവാക് |**

**യാഹി സൂനോ സഹസോ യസ്യ നൂ ചിദദേവ ഈശേ പുരുഹൂത യോതോഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ വിളിക്കപ്പെടുന്നു. യാതൊരു ദുഷ്ടനും നിന്നെ ബലഹീനനാക്കുവാൻ സാദ്ധ്യമല്ല. നീ ഐശ്വര്യയുക്തനായി അസംഖ്യം വാഹനങ്ങളോടുകൂടി ഞങ്ങളുടെ മുമ്പിലേക്കുവന്നാലും.

**12. പ്ര തുവിദ്യുമ്നസ്യ സ്ഥവിരസ്യ ഘൃഷ്വേർദിവോ രരപ്ശേ മഹിമാ പൃഥിവ്യാഃ |**

**നാസ്യ ശത്രുർന പ്രതിമാനമസ്തി പ്രതിഷ്ഠിഃ പുരുമായസ്യ സഹ്യോഃ ||**

മഹായശസ്വിയും ധനവാനും, ശത്രുഹന്താവും പ്രവൃദ്ധനും ആയ ഇന്ദ്രന്റെ മഹിമവാനൂഴികളേക്കാളും വളർന്നിരിക്കുന്നു. ശത്രുക്കളെ

പരാജയപ്പെടുത്തുന്ന മേധാവിയായ ഇന്ദ്രൻ അജാതശത്രുവാണ്.അവന് പ്രതിദ്വന്ദികളായി ആരും ഇല്ല.

**13. പ്ര തത്തേ അദ്യാ കരണം കൃതം ഭൂത്കുത്സം യദായുമുതിഥിഗ്വമസ്മൈ |**

**പുരൂ സഹസ്രാ നി ശിശാ അഭി ക്ഷാമുത്തൂർവയാണം ധൃഷതാ നിനേഥ ||**

ഹേ ഇന്ദ്രാ! നീ ശുഷ്ക്കനിൽനിന്നും കുത്സനേയും അതുപോലെ ശത്രുക്കളിൽനിന്നും, ആയുവിനേയും, ദിവോദാസനേയും രക്ഷിച്ചു. നീ ശംബരൻെറ അടുത്തുനിന്നും അതിഥിശ്വന് വളരെയധികം ധനം കൊടുത്തു. ഹേ ഇന്ദ്രാ! നീ വജ്രത്താൽ ശംബരനെ വധിക്കുകയും ഭൂമിയിൽക്കൂടി പാഞ്ഞുനടന്ന ദിവോദാസനെ സങ്കടങ്ങളിൽ നിന്നും രക്ഷിക്കുകയും ചെയ്തു.

**14. അനു ത്വാഹിഘ്നേ അധ ദേവ ദേവാ മദന്വിശ്വേ കവിതമം കവീനാം |**

**കരോ യത്ര വാരിവോ ബാധിതായ ദിവേ ജനായ തന്വേ ഗൃണാനഃ ||**

ഹേ ജ്യോതിർമാനായ ഇന്ദ്രാ! എല്ലാ സ്തോതാക്കളും മേഘത്തെ തകർക്കുവാനായി നിന്നെ സ്തുതിച്ചുകൊിരിക്കുന്നു. നീ ജ്ഞാനികളിൽ മഹാശ്രേഷ്ഠനാണ് സ്തുതിക്കുന്നവരുടെ സ്തുതികളാൽ പ്രസന്നനായി ദാരിദ്ര്യത്താൽ ദുഃഖിക്കുന്ന യജമാനൻമാരെയും അവരുടെ സന്താനങ്ങളെയും സുഖികളാക്കിതീർക്കണമേ.

**15. അനു ദ്യാവാപൃഥിവീ തത്ത ഓജോമർത്യാ ജിഹത ഇന്ദ്ര ദേവാഃ |**

**കൃഷ്വാ കൃത്നോ അകൃതം യത്തേ അസ്ത്യുക്ഥം നവീയോ ജനയസ്വ യജ്ഞൈഃ ||**

ഹേ ഇന്ദ്രാ! ആകാശവും, ഭൂമിയും, സ്വർഗ്ഗവും നിൻെറ ശക്തിയെ അംഗീകരിക്കുന്നു. ഹേ ഇന്ദ്രാ! നീ യജ്ഞാദികർമ്മങ്ങൾ അനുഷ്ഠിക്കുകയും യജ്ഞങ്ങളിൽ അഭിനവമായ സ്തോത്രം ഉളവാക്കുകയും ചെയ്യൂ.

## സൂക്തം 19

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. മഹാം ഇന്ദ്രോ നൃവദാ ചർഷണിപ്രാ ഉത ദ്വിബർഹാ അമിനഃ സഹോഭിഃ |**

**അസ്മദ്ര്യഗ്വാവൃധേ വീർയായോരുഃ പൃഥുഃസുകൃതഃ കർതൃഭിർഭൂത് ||**

സ്തുതിക്കുന്നവരായ മനുഷ്യരെ പൂർണ്ണമാക്കുന്നവനായ ഇന്ദ്രൻ ഇരുലോകങ്ങളിലും തൻെറ പരാക്രമം പ്രകടിപ്പിച്ചും ശത്രുക്കളാൽ അഹിംസിതനും ആയി തടിച്ചു വളരുന്നു. പ്രശംസനീയമായ കർമ്മങ്ങളാൽ യുക്തനായ അവൻ യജമാനൻമാരെ അറിയുന്നവനാകുന്നു.

**2. ഇന്ദ്രമേവ ധിഷണാ സാതയേ ധാദ്ബൃഹന്തമൃഷ്വമജരം യുവാനാം |**

**അഷാളഹേന ശവസാ ശുശൂവാംസം സദ്യശ്ചിദ്യോ വാവൃധേ അസാമി ||**

ഇന്ദ്രൻ ജനിച്ചശേഷംതന്നെ വളർന്നു നമ്മുടെ സ്തുതികൾ ദാനത്തിനുവേി ഇന്ദ്രനെ ആകർഷിക്കുന്നു. ഇന്ദ്രൻ അജരനും മഹാനും യുവാവും ഗമശീരനും, ശത്രുക്കളാൽ അപരാജിതനും ബലത്താൽവളർന്നവനും ആകുന്നു.

**3. പൃഥൂ കരസ്നാ ബാഹുലാ ഗഭസ്തീ അസ്മദ്ര്യക്സം മിമീഹി ശ്രവാംസി |**

**യൂഥേവ പശ്വഃ പശുപാ ദമൂനാ അസ്മാം ഇന്ദ്രാഭ്യാ വവൃത്സ്വാജൗ ||**

ഹേ ഇന്ദ്രാ! അന്നം നൽകുന്നതിനുവേി ദാനശീലങ്ങളായ കരങ്ങളെ ഞങ്ങളുടെ മുമ്പിലേക്ക് കൊവരണേ. നീ ശാന്തചിത്തനാണ്. ഗോപാലകൻ പശുക്കളെ നയിക്കുന്നതുപോലെ രണഭൂയിലേക്ക് നീ ഞങ്ങളെ നയിക്കേണമേ.

**4. തം വ ഇന്ദ്രം ചതിനമദ്യ ശാകൈരിഹ നൂനം വാജയന്തോ ഹുവേമ |**

**യഥാ ചിത്പൂർവേ ജരിതാര ആസുരനേദ്യാ അനവദ്യാ അരിഷ്ടാഃ ||**

അന്നത്തെ ആഗ്രഹിക്കുന്ന സ്തോതാക്കളായ നാം ഈ യജ്ഞത്തിൽ സഹായകരായ മരുത്തുക്കളോടുകൂടി ശത്രുസംഹാരകനായ ഇന്ദ്രനെ സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! നിൻെറ പ്രാചീനകാല സ്തോതാക്കളെപ്പോലെ ഞങ്ങളും പാപരഹിതരും, അഹിംസിതരും, അനിന്ദ്യരുമാകണേ.

**5. ധൃതവ്രതോ ധനദാഃ സോമവൃദ്ധ സ ഹി വാമസ്യവസൂനഃ പൂരുക്ഷുഃ |**

**സം ജിഗ്മിരേ പഥ്യാ രായോ അസ്മിൻസമുദ്രേ ന സിന്ധേവാ യാദമാനാഃ ||**

നദികൾ സമുദ്രത്തിൽ പതിക്കുന്നതുപോലെ സ്തോതാക്കളുടെ അന്നം ഇന്ദ്രനുനേരെ ചെല്ലുന്നു. ആ ഇന്ദ്രൻ സമ്പത്തുകളെ നാഥനും കർമ്മവാനും സോമരസത്താൽ പുഷ്ടിപ്രാപിക്കുന്നവനും ആകുന്നു.

**6. ശവിഷ്ഠം ന ആ ഭര ശൂര ശവ ഓജിഷ്ഠമോജോ അഭിഭൂത ഉഗ്രം |**

**വിശ്വാ ദ്യുമ്നാ വൃഷ്ണ്യാ മാനുഷാണാമസ്മഭ്യം ദാ ഹരിവോ മാദയധ്യൈ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് ശ്രേഷ്ഠമായ ബലവും, തേജസ്സും നൽകൂ. നീ ശത്രുക്കളെ അമർത്തുന്നവരാകുന്നു. ഹേ അശ്വമുള്ളവനായ ഇന്ദ്രാ! നീ ഞങ്ങളെ വീര്യവാൻമാരും ഐശ്വര്യവാൻമാരും ആക്കിയാലും.

**7. യസ്തേ മദഃ പൃതനാഷാളമൃധ്രു ഇന്ദ്ര തം ന ആ ഭര ശുശുവാംസം |**

**യേന തോകസ്യ തനയസ്യ സാതൗ മംസീമഹി ജിഗിവാംസസ്ത്വോതാഃ ||**

ഹേ ഇന്ദ്രാ! ശത്രുക്കളെ വശീകരിക്കുന്നതിനുള്ള ശക്തി നീ ഞങ്ങൾക്കു നൽകൂ. അങ്ങയുടെ രക്ഷാസാധനങ്ങളാൽ ഞങ്ങൾ വിജയം പ്രാപിക്കണേ. പുത്രപ്രാപ്തിക്കുവേി ആ രക്ഷാസാധനങ്ങളോടുകൂടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**8. ആ നോ ഭര വൃഷണം ശുഷ്മമിന്ദ്ര ധനസ്പൃതം ശുശുവാംസം സുദക്ഷം |**

**യേന വംസാമ പൃതനാസു ശത്രൂന്തവോതിഭിരുത ജാമീരജാമീൻ ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് ഗുഹാപൂരകമായ സൈന്യശക്തിയും ബലവും നൽകൂ. ധനത്തെ രക്ഷിക്കുന്നതിന് മുതിർന്നതും സുന്ദരവുമായ ബലം നൽകി അനുഗ്രഹിക്കൂ. ഹേ ഇന്ദ്രാ! നിൻെറ രക്ഷാസാധനങ്ങളാൽ ഞങ്ങൾ യുദ്ധഭൂമിയിൽ ശത്രുക്കളെ സംഹരിക്കണേ.

**9.ആ തേ ശുഷ്മോ വൃഷഭ ഏതു പശ്ചാദോത്തരാദധരാദാ പുരസ്താത് |**

**ആ വിശ്വതോ അഭി സമേത്വർവാങിന്ദ്ര ദ്യുമ്നം സ്വർവദ്ധേഹ്യസ്മേ ||**

ഹേ ഇന്ദ്രാ! നിൻെറ അഭീഷ്ടപൂരകമായ ബലം നാലുദിക്കുകളിൽ നിന്നും ഞങ്ങളുടെ നേരെ വരണേ. ഇത് പ്രത്യേകദിക്കിൽ നിന്നും ഞങ്ങളുടെ അടുത്തുവരണേ. നീ ഞങ്ങൾക്ക് എല്ലായിനത്തിലുമുള്ള ശ്രേഷ്ഠമായ ധനം നൽകണേ.

**10. നൃവത്ത ഇന്ദ്ര നൃതമാഭിരൂതീ വംസീമഹി വാമം ശ്രോമതേഭിഃ |**

**ഈക്ഷേ ഹി വസ്വ ഉഭയസ്യ രാജന്ധാ രത്നം മഹിസ്ഥൂരം ബൃഹന്തം ||**

ഹേ ഇന്ദ്രാ! നിൻെറ ആശ്രയത്തിൽ സേവകൻമാരായ ഞങ്ങൾ യുക്തവും ശ്രവണയോഗ്യവും ആയ യജ്ഞധനം അനുഭവിക്കുന്നു. ഹേ ഇന്ദ്രാ! അങ്ങ് ദിവ്യവും പാർഥിവവും ആയ ധനങ്ങളുടെ സ്വാമിയാണ്. നീ ഞങ്ങൾക്ക് മഹത്തായ ധനം തന്നരുളണേ.

**11. മരുത്വന്തം വൃഷഭം വാവൃധാനമകവാരിം ദിവ്യം ശാസമിന്ദ്രം |**

**വിശ്വാസാഹമവസേ നൂതനായോഗ്രം സഹോദാമിഹ തം ഹുവേമ ||**

പുതിയ രക്ഷക്കുവേ നാം ഈ യജ്ഞത്തിൽ ഇന്ദ്രനെ വിളിക്കുന്നു അവൻ മരുത്തുക്കളോടുകൂടിയ മഹാബലവാനും, തേജസ്വിയും, അഭീഷ്ടവർഷകനും, സമൃദ്ധനും, ഭയങ്കരനും, ഭരണം നടത്തുന്നവനും ആകുന്നു.

**12. ജനം വജ്രിൻമഹി ചിൻമന്യമാനമേഭ്യോ നൃഭ്യോ രന്ധയാ യേഷ്വസ്മി |**

**അധാ ഹി ത്വാ പൃഥിവ്യാം ശൂരസാതൗ ഹവാമഹേ തനയേ ഗോഷ്വപ്സു ||**

ഹേ വജ്രായുധാ! ഞാൻ യാതൊരു മനുഷ്യരിൽപ്പെട്ടവനാകുന്നുവോ, മനുഷ്യരിൽ ഏറ്റവും വലിയവനായി ആര് സ്വയം കരുതുന്നുവോ, അവനെ നീ പാട്ടിലാക്കിയാലും. യുദ്ധകാലത്തും, പശുക്കളേയും, പുത്രൻമാരേയും, ജലത്തേയും ലഭിക്കാനായും ഞങ്ങൾ നിന്നെ വിളിക്കുന്നു.

**13. വയം ത ഏഭിഃ പുരുഹൂത സഖൈ്യഃ ശത്രോഃ ശത്രോരുത്തര ഇത്സ്യാമ |**

**ഘ്നന്തോ വൃത്രാണ്യുഭയാനി ശൂര രായാ മദേമബൃഹതാ ത്വോതാഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ വിളിക്കപ്പെടുന്നു. ഞങ്ങൾ സ്തോത്രരൂപമാകുന്ന മിത്രത്വം വഴി നിൻെറ സഹായത്താൽ ശത്രുക്കളെ കൊല്ലുകയും അവരേക്കാൾ ബലവാനാകയും ചെയ്യണേ ഹേ ഇന്ദ്രാ! നീ പരാക്രമിയാണല്ലോ. ഞങ്ങൾ നിൻെറ ആശ്രയത്താൽ ധനം പ്രാപിച്ച് സുഖികളാകണേ.

## സൂക്തം 20

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് അനുഷ്ടുപ്, പംക്തി, ത്രിഷ്ടുപ്**

**1. ദ്യൗർന യ ഇന്ദ്രാഭി ഭൂമാര്യസ്തസ്ഥൗ രയിഃ ശവസാ പൃത്സു ജനാൻ |**

**തം നഃ സഹസ്രഭരമുർവരാസാം ദദ്ധി സൂനോ സഹസോ വൃത്രതുരം ||**

ഇന്ദ്രാ! സൂര്യൻ തൻെറ പ്രകാശത്താൽ ഭൂമിയെ നിറക്കുന്നതുപോലെ, ശത്രുക്കളെ അമർച്ചവരുത്തുന്ന പുത്രൻമാരെയും, ഐശ്വര്യത്തെയും നീ ഞങ്ങൾക്ക് തന്നരുളണേ. ആ പുത്രൻ ധനവാനും, ഫലപുഷ്ടിയുള്ള ഭൂമിയുടെ സ്വാമിയും, ശത്രുക്കളെ നശിപ്പിക്കുന്നവനും ആകണേ.

**2. ദിവോ ന തുഭ്യമന്വിന്ദ്ര സത്രാസുര്യം ദേവേഭിർധായ വിശ്വം |**

**അഹിം യദ്വൃത്രമപോ വവ്രിവാംസം ഹന്നൃജീഷിന്വിഷ്ണുനാ സചാനഃ ||**

ഹേ ഇന്ദ്രാ! സ്തുതിക്കുന്നവർ തങ്ങളുടെ സ്തുതികൾ വഴിയായി സൂര്യനു തുല്യമായ ബലം നിനക്കു കാഴ്ചവെച്ചു. ഹേ സോമപാനീ! നീ വിഷ്ണുവുമായി യോജിച്ച് ജലത്തെ തടഞ്ഞു വൃത്രനെ സംഹരിച്ചു.

**3. തൂർവന്നോജീയാന്തവസസ്തവീയാൻകൃതബ്രഹ്മേന്ദ്രോ വൃദ്ധമഹാഃ |**

**രാജാഭവന്മധുനഃ സോമ്യസ്യ വിശ്വാസം യത്പുരാം ദർത്നുർമാവത് ||**

എല്ലാ പുരങ്ങളേയും ധ്വസ്തമാക്കുന്ന വജ്രായുധം ഇന്ദ്രനു ലഭ്യമായപ്പോൾ, അവൻ മധുരമയമായ സോമരസം പ്രാപിക്കുന്നവനായിക്കഴിഞ്ഞിരുന്നു. ആ ഇന്ദ്രൻ ഹിംസകൻമാരെ ഹിംസിക്കുന്നവനും, പരാക്രമിയും അന്നദാതാവും, മഹാതേജസ്വിയും, ഓജസോടുകൂടിയവനും ആകുന്നു.

**4. ശതൈരപദ്രൻപണയ ഇന്ദ്രാത്ര ദാശാണയേകവയേർകസാതൗ |**

**വധൈഃ ശുഷ്ണസ്യാശുഷസ്യ മായാഃ പിത്വോ നാരിരേചീത്കിം ചന പ്ര ||**

ഹേ ഇന്ദ്രാ! യുദ്ധത്തിൽ വളരെ ധനം നൽകിയ നിൻെറ സഹായിയായ കുത്സനെ ഭയന്ന് നൂറുസൈന്യങ്ങളോടുകൂടി പണികൾ പലായനം ചെയ്തു. നീ ശുഷ്ണൻെറ മായകളെ അസ്ത്രങ്ങളാൽ ഛിന്നഭിന്നമാക്കി അവൻെറ അന്നമെല്ലാം പിടിച്ചെടുത്തു.

**5. മഹോ ദ്രുഹോ അപ വിശ്വായു ധായി വജ്രസ്യ യത്പതനേ പാദി ശുഷ്ണഃ |**

**ഉരുഷ്യ സരഥം സാരഥയേ കരിന്ദ്രഃ കുത്സായ സൂര്യസ്യ സാതൗ ||**

വജ്രം കൊള്ളവെട്ടേറ്റ് ശുഷ്ണൻ മൃതിയടഞ്ഞു. ആ സമയം ദ്രോഹിയായ അവൻെറ ബലമെല്ലാം നശിച്ചുകഴിഞ്ഞിരുന്നു. ഇന്ദ്രൻ

സൂര്യനെ ഉപാസിക്കുന്നതിനായി സാരഥിയായ കുത്സനോട് രഥം തെളിക്കുവാൻ പറഞ്ഞു.

**6. പ്ര ശ്യേനോ ന മദിരമംശുമസ്മൈ ശിരോ ദാസസ്യ ദമുചേർമഥായൻ |**

**പ്രവാന്നമീം സാപ്യം സസന്തം പൃണഗ്രായാ സമിഷാ സം സ്വസ്തി ||**

ജീവികളെ രക്ഷിക്കുവാനായി ഇന്ദ്രൻ നമുചിയുടെ മസ്തകം തകർക്കുകയും സർപ്പപുത്രനായ നിദ്രിതമഹർഷിയെ രക്ഷിച്ച് അവന് പശുധനം നൽകി അന്നവാനാക്കി. ആ സമയം പരുന്ത് മദം പിടിപ്പിക്കുന്ന സോമവുമായി വന്നുചേർന്നു.

**7. വി പിപ്രോരഹിമായസ്യ ദൃളഹാഃ പുരോ വജ്രിഞ്ചവസാ ന ദർദഃ |**

**സുദാമന്തദ്രേക്ണോ അപ്രമൃഷ്യമൃജിശ്വനേ ദാത്രം ദാശുഷേ ദാഃ ||**

ഹേ വജ്രായുധാ! നീ മായാവിയായ പിപ്രുവിൻെറ ഉറപ്പേറിയ ദുർഗ്ഗങ്ങളെ തകർത്തു. ഹേമഹാദാനീ നീ ഹവിസ്സ് രൂപമായ അന്നം ദാനം ചെയ്യുന്ന ഋജിശ്വാവിനു ധനം നൽകിയിരുന്നു.

**8. സ വേതസും ദശമായം ദശോണിം തുതുജിമിന്ദ്രഃ സ്വഭിഷ്ടിസുമ്നഃ|**

**ആ തുഗ്രം ശശ്വദിഭം ദ്യോതനായ മാതുർന സീമുപ സൃജാ ഇയധ്യൈ ||**

സുന്ദരമായ സുഖം നൽകുന്നവനായ ഇന്ദ്രൻ അനേകം അസുരൻമാരേ അമ്മയുടെ അടുക്കൽ വരുന്ന മകനേപ്പോലെ ദ്യോതനു കീഴ്പെടുത്തി.

**9. സ ഈം സ്പൃധോ വനതേ അപ്രതീതോ ബിഭ്രദ്വജ്രം വൃത്രഹണം ഗഭസ്തൗ |**

**തിഷ്ഠദ്ധരീ അധ്യസ്തേവ ഗർഥേ വചോയുജാ വഹത ഇന്ദ്രമൃഷ്വം ||**

ശത്രുക്കളാൽ പരാജിതനാകാത്ത ഇന്ദ്രൻ ശത്രുക്കളെ നശിപ്പിക്കുവാനുള്ള ആയുധങ്ങൾ തൻെറ കരങ്ങളിൽ വഹിച്ചുകൊ് വൃത്രാദികളെ നശിപ്പിക്കുന്നു. വീരപുരുഷൻ രഥത്തിൽ കയറുന്നതുപോലെ അവൻ തൻെറ കുതിരയുടെ പുറത്തുകയറുന്നു. നമ്മുടെ വാണികളാൽ പൂജിതരായ അശ്വങ്ങൾ ഇന്ദ്രനെ ഇവിടെ കൊുവരണേ.

**10. സനേമ തേവസാ നവ്യ ഇന്ദ്ര പ്രപൂരവഃ സ്തവന്ത ഏനാ യജ്ഞൈഃ |**

**സപ്ത യത്പുരഃ ശർമ ശാരദീർദർദ്ധന്ദാസീഃ പുരുകുത്സായ ശിക്ഷൻ ||**

ഹേ ഇന്ദ്രാ! ഉപാസകരായ ഞങ്ങൾ നിൻെറ ആശ്രയത്തിൽ അഭ്യനവമായ ധനപ്രാപ്തിക്കുവേി ഉപാസന നടത്തുന്നു. സ്തോതാക്കൾ യജ്ഞം നടത്തി സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! നീ ശരഭാസുരൻെറ സപ്തപുരങ്ങളെ വജ്രത്താൽ പൊടിയാക്കി.

**11. ത്വം വൃധ ഇന്ദ്ര പൂർവ്യോ ഭൂർവരിവസ്യന്നുശനേ കാവ്യായ |**

**പരാ നവവാസ്ത്വമനുദേയം മഹേ പിത്രേ ദദാഥ സ്വം നപാതം ||**

ഹേ ഇന്ദ്രാ! നീ ധനേച്ഛയോടുകൂടിയ ഉശനനുവേി കല്യാണകാരിയായിരുന്നു. നീ നവവാസ്ത്വൻ എന്ന രാക്ഷസനെ കൊല്ലുകയും സമർത്ഥനായ ഉശനൻെറ മുമ്പിൽ അവൻെറ പുത്രനെ കൊുവരികയും ചെയ്തിരുന്നു.

**12. ത്വ ധുനിരിന്ദ്ര ധുനിമതീർഋണോരപഃ സീരാ ന സ്രവന്തിഃ |**

**പ്ര യത്സമുദ്രമതി ശൂര പർഷി പാരയാ തുർവശം യദും സ്വസ്തി ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ വിറപ്പിക്കുന്നു. നീ നിരോധിക്കപ്പെട്ട ജലത്തെ ഒഴുകുമാറാക്കി. ഹേവീരപുരുഷാ! നീ സമുദ്രം തരണം ചെയ്യുമ്പോൾ സമുദ്രത്തിനക്കരെ വസിച്ചിരുന്ന തുർവശനേയും യദുവിനേയും ഇക്കരെ കൊുവന്നു.

**13. തവ ഹ ത്യദിന്ദ്ര വിശ്വമാജൗ സസ്തോ ധുനീചുമുരി യാ ഹ സിഷ്വപ് |**

**ദീദയദിത്തുഭ്യം സോമേഭിഃ സുന്വന്ദഭീതിരിധ്മഭൃതിഃ പക്ഥ്യർകൈഃ ||**

ഹേ ഇന്ദ്രാ! യുദ്ധത്തിൻെറ കാര്യങ്ങളെല്ലാം നിനക്ക് അധീനം തന്നെയാകുന്നു. നീ തന്നെ ധുനിയേയും, ചുമുരിയേയും വധിച്ചു. ഇന്ദ്രൻ ഹവിസ്സ് പാകം ചെയ്യുന്നവനും, സോമം പിഴിഞ്ഞെടുക്കുന്നവനും, സമിധകൊുവരുന്നവനും ആയ രാജർഷി ദഭീതി ഹവിസ്സാൽ നിന്നെ വളർത്തി.

## സൂക്തം 21

**ഋഷി ഭരദ്വാജൻ ദേവതഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, ബൃഹതി**

**1. ഇമാ ഉ ത്വാ പുരുതമസ്യ കരോർഹവ്യം വീര ഹവ്യാ ഹവന്തേ |**

**ധിയോ രഥേഷ്ഠാമജരം നവീയോ രയിർവിഭൂതി രീയതേ വചസ്യാ ||**

ഹേ പരാക്രമിയായ ഇന്ദ്രാ! വളരെയധികം ആഗ്രഹങ്ങളോടുകൂടിയ ഭരദ്വാജൻെറ സുന്ദരമായ സ്തുതികൾ നിന്നെ വിളിക്കുന്നു. നീ രഥസ്ഥനും, അജരനും, അഭിനവരൂപനുമാണ്. ഹവിരാന്നം നിന്നെ അനുഗമിക്കുന്നു.

**2. തമു സ്തുഷ ഇന്ദ്രം യോ വിദാനോ ഗിർവാഹസം ഗീർഭിരിത്യജ്ഞവൃദ്ധം |**

**യസ്യ ദിവമതി മഹാ പൃഥിവ്യാപുരുമായസ്യ രിരിചേ മഹിത്വം ||**

സർവ്വജ്ഞാതാവും, സ്തുതികൾ വഴി പ്രാപ്യനും, യജ്ഞം വഴിയായി വളരുന്നവനുമായ ഇന്ദ്രനെ നാം സ്തുതിക്കുന്നു. മഹാജ്ഞാനിയായ ആ ഇന്ദ്രൻ വാനൂഴികളേക്കാൾ മഹത്വമേറിയവനാകുന്നു.

**3. സ ഇത്തമോവയുനം തതന്വത്സൂര്യേണ വയനവച്ചകാര |**

**കദാ തേ മർതാ അമൃതസ്യ ധാമേയക്ഷന്തോ ന മിനന്തി സ്വധാവഃ ||**

ഇന്ദ്രൻ തന്നെയാണല്ലോ വൃത്രനാൽ വിരിക്കപ്പെട്ട അന്ധകാരത്തെ സൂര്യൻെറ തേജസ്സാൽ നശിപ്പിച്ചത്. ഹേ പരാക്രമിയായ ഇന്ദ്രാ! അങ്ങ് ഒരിക്കലും നാശത്തെ പ്രാപിക്കുന്നില്ല. മനുഷ്യർ നിൻെറ സ്ഥാനത്തെ സദാ ആഗ്രഹിക്കുന്നു. ആ മനുഷ്യർ എപ്പോഴും അഹിംസിതരായി ജീവിക്കുന്നു.

**4. യസ്താ ചകാര സ കുഹ സ്വിദിന്ദ്രഃ കമാ ജനം ചരതി കാസു വിക്ഷു |**

**കസ്തേ യജ്ഞോ മനസേശം വരായ കോ അർക ഇറന്ദ കതമഃ സ ഹോതാ ||**

അക്കാര്യങ്ങളൊക്കെച്ചെയ്ത ആ ഇന്ദ്രനു ഇപ്പോൾ എവിടെയാണ് ഏതുരാജ്യത്താണ് ഏത് ഉപാസകരുടെ മധ്യത്തിലാണ്? ഹേ ഇന്ദ്രാ! ഏതുപ്രകാരമുള്ള യജ്ഞത്താലാണ് നിനക്ക് സുഖംലഭിക്കുന്നത്. നിന്നെ വരിക്കുവാൻ സമർത്ഥനായുള്ളത്.

**5. ഇദാ ഹി തേ വേവിഷതഃ പുരാജാഃ പ്രത്നാസ ആസുഃ പുരുകൃത്സഖായഃ |**

**യേ മധ്യമാസ ഉത നൂതനാസ ഉതാവമസ്യ പുരുഹൂത ബോധി ||**

ഹേ ബഹുകർമ്മാവായ ഇന്ദ്രാ! പ്രാചീനരായ അംഗിരാദികളായ മഹർഷിമാർ വർത്തമാനകാലത്തെ മഹർഷിമാരെപ്പോലെ നിൻെറ സാധകരായിരുന്നു. മധ്യകാലത്ത് നിനക്ക് സ്തോതാക്കളുായിരുന്നു. എന്നാൽ ഹേ ഇന്ദ്രാ! നീ ഞാനാകുന്ന ഈ കാലത്തെ സാധകൻെറ സ്തുതികളെ ശ്രവിക്കണമേ.

**6. തം പൃഛന്തോവരാസഃ പരാണി പ്രത്നാ ത ഇന്ദ്ര ശ്രുത്യാനു യേമുഃ |**

**അർചാമസി വീര ബ്രഹ്മവാഹോ യാദേവ വിദ്മ താത്ത്വാ മഹാന്തം ||**

ഹേ ഇന്ദ്രാ! ഈ കാലത്ത് മനുഷ്യർ നിന്നെ സ്തുതിക്കുന്നു. നിൻെറ പ്രാചീനങ്ങളും, ശ്രേഷ്ഠങ്ങളും മഹത്തും ആയ കർമ്മങ്ങളെ സ്തുതിരൂപവാണിയിൽ പ്രവൃദ്ധമാക്കുന്നു. ഞങ്ങൾ നീ അറിഞ്ഞിട്ടുള്ള കർമ്മങ്ങളെ സ്തുതിക്കുന്നു.

**7. അഭി ത്വാ പാജോ രക്ഷസോ വി തസ്ഥേ മഹി ജജ്ഞാനമഭി തത്സു തിഷ്ഠ |**

**തവ പ്രത്നേന യുജ്യേന സഖ്യാ വജ്രേണ ധൃഷ്ണോ അപ താ നുദസ്വ ||**

ഹേ ഇന്ദ്രാ! രാക്ഷസൻമാരുടെ ശക്തി നിൻെറ മുമ്പിൽ നിൽക്കുന്നു. നീ അതിനെ നേരിട്ടാലും ശത്രുപീഡകനായ ഇന്ദ്രാ! നിൻെറ ബലത്തെ വജ്രത്താൽ പ്രേരിപ്പിക്കൂ. നിൻെറ ബലം പ്രാചീനകാലം മുതൽതന്നെ പ്രയോജനപ്രദവും, സഹായകവുമായിരുന്നു.

**8. സ തു ശ്രുധീന്ദ്ര നൂതനസ്യ ബ്രഹ്മണ്യതോ വീരകാരുധായഃ |**

**ത്വം ഹ്യാ പിഃ പ്രദിവി പിതൄണാം ശശ്വദ്ബഭൂഥ സുഹവ ഏഷ്ടൗ ||**

ഹേ ഇന്ദ്രാ! നീ സ്തോതാക്കളുടെ പാലകനായിരുന്നു. നീ ഞങ്ങളാകുന്ന സ്തോതാക്കളുടെ പ്രാർത്ഥന അതിവേഗം ശ്രവിക്കണമേ. വർത്തമാനകാലത്തിലെ സ്തോതാക്കളായ ഞങ്ങൾ അഭിനവസ്തോത്രങ്ങൾ ഇഷ്ടപ്പെടുന്നു. ഹേ ഇന്ദ്രാ! നീ സുന്ദരാഹ്വാനനായി പ്രാചീനാംഗിരസ്സുകളുടെ മിത്രമായിരുന്നു. ഇപ്പോൾ ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിക്കണമേ.

**9. പ്രോതയേ വരുണം മിത്രമിന്ദ്രം മരുതഃ കൃഷ്വാവസേ നോ അദ്യ |**

**പ്ര പൂഷണം വിഷ്ണമഗ്നിം പുരന്ധിം സവിതാരമോഷധീഃ പർവതാംശ്ച ||**

ഹേ ഭരദ്വാജാ! നമ്മുടെ അഭീഷ്ടപൂർത്തിക്കും, രക്ഷക്കും വേ വരുണൻ, മിത്രൻ, ഇന്ദ്രൻ, മരുത്തുക്കൾ, പൂഷാവ്, വിഷ്ണു, അഗ്നി, വനസ്പതികളുടെ ദേവതകൾ, പർവ്വതങ്ങൾ എന്നിവരെ സ്തുതിക്കുവിൻ.

**10. ഇമ ഉ ത്വാ പുരുശാക പ്രജപ്യോ ജരിതാരോ അഭ്യർചന്ത്യർകൈഃ |**

**ശ്രുധീ ഹവമാ ഹുവതോ ഹേവാനോ ന ത്വാവാം അന്യോ അമൃത ത്വദസ്തി ||**

ഹേ പരാക്രമിയായ ഇന്ദ്രാ! ഈ സ്തോതാവ് ഉപാസനായോഗ്യമായ സ്തവങ്ങളാൽ നിന്നെ സ്തുതിക്കുന്നു. ഹേ അവിനാശി! നീ എൻെറ സ്തുതികൾ ശ്രവിച്ചാലും. എന്തുകൊണ്ടെന്നാൽ നീ തുല്യനായി മറ്റാരും ഇല്ലല്ലോ.

**11. നു മ ആ വാചമുപ യാഹി വിദ്വാൻ വിശ്വേഭിഃ സൂനോ സഹസോ യജത്രൈഃ |**

**യേ അഗ്നിജിഹ്വാ ഋതസാപ ആസുര്യേമനും ചക്രുരുപരം ദസായ||**

ഹേ സർവ്വജ്ഞനായ ഇന്ദ്രാ! നീ എല്ലാ ദേവകളോടുംകൂടി ദേവാഗ്നി ജിഹ്വാരൂപമായ എൻെറ സ്തോത്രങ്ങളുടെ മുമ്പിൽ വന്നാലും. യാതൊരുത്തൻ യശസ്സിൽ ഹവിസ്സ് സേവിക്കുന്നുവോ, യാതൊരുത്തൻ ശത്രുക്കളെ നശിപ്പിക്കുവാൻ രാജർഷിയായ മനുവിനെ സർവ്വോപരിയായി സൃഷ്ടിച്ചുവോ നീ അവനോടുകൂടി ഇങ്ങോട്ടതിവേഗം വന്നാലും.

**12. സ നോ ബോധി പുര ഏതാ സുഗേഷൂത ദുർഗേഷു പഥികൃദ്വിദാനഃ |**

**യേ ആശ്രമാസ ഉരവോ വഹിഷ്ഠാസ്തേഭിർന ഇന്ദ്രാഭി വക്ഷി വാജം ||**

ഹേ ഇന്ദ്രാ! നീ മേധാവിയും മാർഗ്ഗദർശനുമാകുന്നു. നീ സുഗമമാർഗ്ഗങ്ങളിലും ദുർമ്മാർഗ്ഗങ്ങളിലും ഞങ്ങളുടെ മുന്നോടിയാകണമേ. നിൻെറ മഹത്തുക്കളും ശ്രമരഹിതങ്ങളും ആയ അശ്വങ്ങൾ വഴിയായി ഞങ്ങൾ അന്നം കൊവരണേ.

## സൂക്തം 22

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, ത്രിഷ്ടുപ്,**

**1. യ ഏക ഇദ്ധവ്യശ്ചർഷണീനാമിന്ദ്രം തം ഗീർഭിരഭ്യർച ആഭിഃ |**

**യഃ പത്യതേ വൃഷഭോ വൃഷ്ണ്യാവാൻത്സത്യഃ സത്വാ പുരുമായഃ സഹസ്വാൻ ||**

മനുഷ്യരുടെ മേൽ ആപത്തുപതിക്കുമ്പോൾ ഇന്ദ്രനെ മാത്രം ആഹ്വാനം ചെയ്യുന്നു. അഭിലാഷവർഷകനും, പരാക്രമിയും, ജ്ഞാനിയും, സത്യവക്താവും, ശത്രുപീഡകരും ആയ അവൻ സ്തോതാക്കളുടെ അടുക്കൽവന്നു ചേരുന്നു. ആ ഇന്ദ്രനെ നാം സ്തുതിക്കുന്നു.

**2. തമു നഃ പൂർവേ പിതരോ നവഗ്വാഃ സപ്ത വിപ്രാസോ അഭി വാജയന്തഃ |**

**നക്ഷദ്ഭാഭം തതുരിം പർവതേഷ്ഠാമദ്രോധവാചം മതിഭിഃ ശവിഷ്ഠം ||**

ഒൻപതുമാസം യജ്ഞാനുഷ്ഠാനം നടത്തിയവർ, പ്രാചീനരായ നമ്മുടെ അംഗിരസ്സ് ആദിയായ സപ്തഋഷികൾ ഇന്ദ്രനെ പരാക്രമിയും, പ്രവൃദ്ധനുമാക്കി അവൻ സ്തുതിച്ചിരുന്നു. ആ ഇന്ദ്രൻ ശത്രുക്കളെ ഹനിക്കുന്നവനും, മനനശീലനും, സകലത്തിന്റെ മേലും ഭരണം നടത്തുന്നവനും ആകുന്നു.

**3. തമീമഹ ഇന്ദ്രമസ്യ രായഃ പുരുവീരസ്യ നൃവതഃ പുരുക്ഷോഃ |**

**യോ അസ്കൃധോയുരജരഃ സ്വർവാന്തമാ ഭ ഹരിവോ മാദയധ്യൈ ||**

നാം വളരെയധികം പുത്രപൗത്രൻമാരാലും, പരിജനങ്ങളാലും മൃഗങ്ങളോടും യുക്തമായ സുഖദായകമായ ധനം ഇന്ദ്രനോട് യാചിക്കുന്നു. ഹേ അശ്വയുക്തനായ ഇന്ദ്രാ! നീ ഞങ്ങളെ സുഖമുള്ളവരാക്കുവാൻ ആ ഐശ്വര്യങ്ങളുമായി ഇങ്ങോട്ടുവന്നാലും.

**4. തന്നോവിവോചോ യദി തേ പുരാ ചിജ്ജരിതാര ആനശുഃ സുമ്നമിന്ദ്ര |**

**കസ്തേ ഭാഗഃ കിം വയോ ദുധ്ര ഖിദ്വഃ പുരുഹുത പരൂവസോ സുരഘ്നഃ ||**

ഹേ ഇന്ദ്രാ! യാതൊരു സുഖത്തെ പ്രാചീനരായ സ്തോതാക്കൾ പ്രാപിച്ചിരുന്നുവോ, ആ സുഖത്തെ ഞങ്ങൾക്കും നൽകണമേ. ശത്രു വിജേതാവും, അനേകരാൽ വിളിക്കപ്പെടുന്നവനും, പരാക്രമിയും, ഐശ്വര്യശാലിയും ആയ ഇന്ദ്രാ! നീ ദുഷ്ടൻമാരായ രാക്ഷസൻമാരെ സംഹരിക്കുന്നതിൽ സമർത്ഥനാകുന്നു. യജ്ഞത്തിലെ ഏത് ഹവ്യഭാഗമാണ് നിനക്ക് പ്രാപ്തമാകുന്നു?

**5. തം പൃഛന്തീ വജ്രഹസ്തം രഥേഷ്ഠാമിന്ദ്രം വേപീ വക്വരീ യസ്യ നൂ ഗീഃ |**

**തുവിഗ്രാഭം തുവികൂർമി രഭോദാം ഗാതുമിഷേ രക്ഷതേ തുമ്രമഛ ||**

യജ്ഞാദികർമ്മങ്ങളാൽ യുക്തനും, ഗുണഗാഥകളോടുകൂടി സ്തുതിക്കുന്നവനുമായ യജമാനൻ വജ്രധാരിയും, രഥാരൂഢനുമായ ഇന്ദ്രനെ പൂജിക്കുന്നു. അവൻ അനേകർക്ക് ആസ്രയം നൽകുന്നു. അവൻ ബഹുകർമ്മാവും ബലം പ്രദാനം ചെയ്യുന്നവനും ആകുന്നു, അവന്റെ സ്തോതാവ് സുഖത്തെ പ്രാപിക്കുകയും, ശത്രുക്കളുടെ മുന്നിൽ വീരത്വത്തോടുകൂടി ഉറച്ചു നിൽക്കുകയും ചെയ്യുന്നു.

**6. അയാ ഹ ത്യം മായയാ വാവൃധാനം മനോജുവാ സ്വതവഃ പർവതേന |**

**അച്യുതാ ചിദ്വീളിതാ സ്വോജോ തജോ വി ദൃളഹാ ധൃഷതാ വിരപ്ശിൻ ||**

ഹേ ഇന്ദ്രാ! നീ സ്വന്തമായ ബലത്തോടുകൂടിയവനാണല്ലോ. നീ മനോവേഗത്തോടുകൂടി പോകുന്നവനും, അസംഖ്യം കെട്ടുകളോടുകൂടിയ വജ്രായുധത്താൽ മായാവിയായ വൃത്രനെ വധിച്ചു. ഹേ സുന്ദരമായ തേജസ്സോടുകൂടിയ ഇന്ദ്രാ! നീ അസുരൻമാരുടെ സുന്ദരവും, ദൃഢവുമായ നഗരങ്ങളെ ധ്വംസിച്ചു.

**7. തം വോ ധിയാ നവ്യസ്യാ ശവിഷ്ഠാ പ്രത്നം പ്രത്നവത്പരിതംസയധൈ |**

**സ നോ വദനിമാനഃ സുവഹേന്ദ്രാ വിശ്വാന്യതി ദുർ ഗഹാണി ||**

ഹേ ഇന്ദ്രാ! പ്രാചീനകാലത്തെ ഋഷിമാരെപ്പോലെ അഭിനവങ്ങളായ സ്തോത്രങ്ങളാൽ ഞങ്ങൾ നിന്നെ വളർത്തുന്നു. നീ പുരാതനനും മഹാപരാക്രമിയുമാകുന്നു. സുന്ദരസ്വരൂപനായ ആ ഇന്ദ്രൻ നമ്മുടെ രക്ഷകനാകണേ.

**8. ആ ജനായ ദ്രുഹ്വണേ പാർഥിവാനി ദിവ്യാനി ദീപയോന്തരീക്ഷ |**

**തപാ വൃഷന്വിശ്വതഃ ശോചിഷാ താൻബ്രഹ്മദ്വിഷേ ശോചയ ക്ഷാമപശ്ച ||**

ഹേ ഇന്ദ്രാ! നീ സജ്ജനങ്ങളോടു വൈരമുള്ള ദുഷ്ടൻമാർക്കുവേി ആകാശത്തേയും, ഭൂമിയേയും, അന്തരീക്ഷത്തേയും തീക്ഷ്ണമായ തേജസ്സാൽ പൂർണ്ണമാക്കിയല്ലോ. നീ അഭീഷ്ടവർഷകനാകുന്നു. തന്റെ തേജസ്സാൽ സർവത്ര വ്യാപ്തനായി ദുഷ്ടൻമാരെ ഭസ്മീകരിക്കൂ.

**9. ഭുവോ ജനസ്യ ദിവ്യസ്യ രാജാ പാർഥിവസ്യ ജഗതസ്ത്വേഷസന്ദൃക് |**

**ധിഷ്വ വജ്രം ദക്ഷിണ ഇന്ദ്ര ഹസ്തേ വിശ്വാ അജൂർയ ദയസേ വി മായാഃ ||**

ഹേ മഹാതേജസ്വിയായ ഇന്ദ്രാ! നീ ദിവ്യവും,പാർഥിവവുമായ ഐശ്വര്യങ്ങളുടെ സ്വാമിയും അത്യന്തം പൂജനീയനിമാകുന്നു. നീ വലത്തുകരത്തിൽ വജ്രം ധരിച്ച് രാക്ഷസൻമാരുടെ വായകളെ ഛിന്നഭിന്നമാക്കണേ.

**10. ആ സംയതമിന്ദ്ര ണഃ സ്വസ്തിം ശത്രുതൂർയായ ബൃഹതീമമൃധാം |**

**യയാ ദാസാന്യാര്യാണി വൃത്രാ കരോ വജ്രിൻസുതുകാ നാഹുഷാണി ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് മഹത്തും, അഹിംസിതവും, സുഖം ദായകമായ ഐശ്വര്യവും നൽകൂ. തൻമൂലം ശത്രുക്കളുടെ സാമർത്ഥ്യം വളരുവാൻ സാധിക്കാതിരിക്കണേ. ഹേ വജ്രായുധാ! യാതൊരു കർമ്മസാധനകളാൽ നീ അകർമ്മണ്യരേ കർമ്മങ്ങളിൽ വ്യാപൃതരാക്കിയോ. ആ സാധനകളാൽ മനുഷ്യശത്രുക്കളെ ഉൻമൂലനാശം വരുത്തിയാലും.

**11. സ നോ നിയുദ്ഭിഃ പുരുഹുത വേധോ വിശ്വവാരാഭിരാ ഗദ്ധി പ്രയജ്യോ |**

**ന യാ അദേവോ വരതേ ന ദേവ ആഭിർയാഹിതുമയാ മദ്ര്യദ്രിക് ||**

ഹേ ഇന്ദ്രാ! നീ അത്യന്തം പൂജനീയനും, അനേകരാൽ വിളിക്കപ്പെടുന്നവനുമാകുന്നു. നീ എല്ലാവരാലും ഇഷ്ടപ്പെടുന്ന അശ്വങ്ങളുടെ പുറത്തുകയറി ഞങ്ങളുടെ അടുക്കൽ വന്നാലും യാതൊരു കുതിരകളുടെ ഗതിയെ ദേവകൾക്കും രാക്ഷസൻമാർക്കും ആർക്കും തടയുവാൻ സാധ്യമാകുന്നില്ലയോ, ആ കുതിരകളോടുകൂടി അതിവേഗം ഞങ്ങളുടെ അടുക്കലേക്ക് എഴുന്നള്ളിയാലും.

## സൂക്തം 23

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. സുത ഇത്വം നിമിശ്ല ഇന്ദ്ര സോമേ സ്തോമേബ്രഹ്മാണി ശസ്യമാന ഉക്ഥേ |**

**യദ്വാ യുക്താഭ്യാം മഘവൻഹരിഭ്യാം വിഭ്രദ്വജ്രം ബാഹ്വോരിന്ദ്ര യാസി ||**

ഹേ ഇന്ദ്രാ! സോമം പിഴിയുമ്പോൾ, മഹാസ്തോത്രങ്ങളുച്ചരിക്കുമ്പോൾ, ശാസ്ത്രവിധിപ്രകാരം ആഹ്വാനം ചെയ്യപ്പെടുമ്പോൾ നീ രഥത്തിൽ കുതിരകളെ പൂട്ടുന്നു. ഹേ ഐശ്വര്യവാനേ! നീ അശ്വദ്വയനോടുകൂടിയ സ്വന്തം രഥത്തിൽ ഇരുകരങ്ങളിലും വജ്രവുമായി എഴുന്നള്ളണേ.

**2. യദ്വാ പാർയേ സുഷ്വിമിന്ദ്ര വൃത്രഹത്യേവസി ശൂരസാതൗ |**

**യദ്വാ ക്ഷസ്യ വിഭ്യുഷോ അവിഭ്യദരന്ധയഃ ശർധത ഇന്ദ്രദസ്യൂൻ ||**

ഹേ ഇന്ദ്രാ! നീ രണക്ഷേത്രത്തിൽ സ്തോതാവായ യജമാനന്റെ, സഹായിയായി അയാളെ രക്ഷിക്കുകയും ഭയരഹിതനായി ധർമ്മവാനും ഭയഗ്രസ്തനുമായ യജമാനന്റെ കാര്യത്തിൽ തടസ്സംസൃഷ്ടിക്കുന്ന രാക്ഷസൻമാരെ പരാജിതരാക്കുകയും ചെയ്യുന്നു.

**3. പാതാ സുതമിന്ദ്രോ അസ്തു സോമം പ്രണേനീരുഗ്രോ ജരിതാരമൂതി |**

**കർതാ വീരായ സുഷ്വയ ഉ ലോകം ദാതാ വസു സ്തുവതേ കീരയേ ചിത് ||**

ഇന്ദ്രൻ സോമരസം പാനം ചെയ്യുന്നു. സ്തുതിക്കുന്നവർക്ക് അവൻ നേർവഴികാട്ടുന്നു. അവൻ സോമം പിഴിയുന്നവന് നിവാസസ്ഥാനം നൽകുന്നു. സ്തോതാവിനു ധനം നൽകുന്നു.

**4. ഗന്തേയാന്തി സവനാ ഹരിഭ്യാം ബഭ്രിർവജ്രം പപി സോമം ദദിർഗാഃ |**

**കർതാ വീരം നര്യ സവവീരംശ്രോതാ ഹവംഗൃണതഃ സ്തോമവാഹാഃ ||**

ആ ഇന്ദ്രൻ തന്റെ രുകുതിരകളോടുംകൂടി മൂന്നു ഭവനങ്ങളിലും എഴുന്നള്ളുന്നു. അവൻ വജ്രം ധരിച്ചിരിക്കുന്നു. അവൻ സുസിദ്ധമായ സോമം പാനം ചെയ്യുന്നു. അവൻ ഗോക്കളെ ദാനം ചെയ്യുന്നവനായ പുത്രനെ നൽകുകയും പാടുന്നവന്റെ സ്തോത്രങ്ങൾ ശ്രവിക്കുകയും ചെയ്യുന്നു.

**5. അസ്മൈ വയം യദ്വാവാന തദ്വിവിഷ്മ ഇന്ദ്രായയേ നഃ പ്രദിവോ അപസ്കഃ |**

**സുതേ സോമേ സ്തുമസി ശംസദുക്ഥേന്ദ്രായ സ്രഹർധനം യഥാസത് ||**

പ്രാചീനനായ ഇന്ദ്രൻ നമ്മുടെ രക്ഷണകാര്യങ്ങൾ നിർവഹിക്കുന്നു. അവൻ ഇഷ്ടപ്പെടുന്ന സ്തോത്രങ്ങൾ നാം ഉച്ചരിക്കുന്നു. സോമം പിഴിഞ്ഞെടുത്തശേഷം നാം അവനെ സ്തുതിക്കുന്നു. സ്തോങ്ങൾ ഉച്ചരിച്ചുകൊ് അവൻ വളർത്തുവാനായി സാധകൻ ഹവിസ്സ് നൽകുന്നു.

**6. ബ്രഹ്മാണിഹി ചകൃഷേ വർധനാനി താവത്ത ഇന്ദ്രമതി ഭിർവിവിഷ്മഃ |**

**സുതേ സോമേ സുതപാഃ ശന്തമാനി രാന്ദ്ര്യക്രിയാസ്മ വക്ഷണാനി യജ്ഞൈ ||**

ഹേ ഇന്ദ്രാ! ഏതൊരുദ്ദേശത്തോടുകൂടി നീ സ്തോത്രങ്ങളെ വളർത്തിയോ, ആ ഉദ്ദേശത്തോടുകൂടിത്തന്നെ. അങ്ങിനെയുള്ള സ്തോത്രങ്ങളെ നിനക്കുവേി ഉച്ചരിക്കുന്നു. ഹേ സോമപാനിയായ ഇന്ദ്രാ! നിനക്കായി സോമം പിഴിഞ്ഞെടുക്കുമ്പോൾ സുന്ദരവും, സുഖദായകവും, ഹവിസ്സ് യുക്തവുമായ സ്തോത്രത്തെ ഉച്ചരിക്കുന്നു.

**7. സ നോ ബോധി പുരോളാശം രരാണഃ പിബാ തൂ സോമം ഗോഋജീകമിന്ദ്ര |**

**ഏദം ബർഹിര്യജമാനസ്യ സീദോരും കൃധി ത്വായത ഉ ലോകം ||**

ഹേ ഇന്ദ്രാ! നീ പ്രസന്നനായി ഞങ്ങളുടെ പുരോഡാശം സ്വീകരിക്കണേ. തൈരു ചേർത്ത സോമം പാനം ചെയ്തു യജമാനന്റെ കുശാസനത്തിൽ വിരാജിതനാകൂ. നിന്നെ ഇഷ്ടപ്പെടുന്ന യജമാനനെ അഭിവൃദ്ധിപ്പെടുത്തിയാലും.

**8. സ മന്ദസ്വാ ഹ്യനു ജോഷസുഗ്ര പ്ര ത്വാ യജ്ഞാസ ഇമേ അശ്നുവന്തു |**

**പ്രേമേ ഹവാസഃ പുരുഹൂതമസ്മേ ആ ത്വേയം ധീരവസ ഇന്ദ്ര യമ്യാഃ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം ഇഷ്ടാനുസരണം പുഷ്ഠിപ്രാപിച്ചാലും. ഈ സോമം നിന്നെ പ്രാപിക്കണേ. ഞങ്ങളുടെ സ്തോത്രങ്ങൾ നിന്റെ മുമ്പിൽ എത്തണേ. ഈ സ്തുതി രക്ഷക്കുവേി അങ്ങയെ പ്രേരിപ്പിക്കണേ.

**9. തം വഃ സഖായഃ സം യഥാ സുതേഷു സോമേഭിരി വൃണതാ ഭോജമിന്ദ്രം |**

**കവിത്തസ്മാ അസതി നോ ഭരായ ന സുഷ്വിമിന്ദ്രോ വസേ മൃധാതി ||**

ഹേ സ്തോതകരേ! സോമം തയ്യാറാക്കി ധനദാതാവായ ഇന്ദ്രനെ പരിപൂർണ്ണരാക്കുവിൻ. ഈ സോമം വലിയ പരിമാണത്തിൽ ഇവനു സമർപ്പിക്കൂ. അവൻ നമ്മെ പുഷ്ടിപ്പെടുത്തുകയും നമ്മുടെ സന്തുഷ്ടിയിൽ ബാധകനാകാതിരിക്കുകയും ചെയ്യണേ.

**10. ഏവേദിന്ദ്രഃ സുതേ അസ്താ വിസോമേ ഭരദ്വാജേഷുക്ഷയദിൻമഘോനഃ |**

**അസദ്യഥാ ജരിത്ര ഉത സൂരിരിന്ദ്രോരായോ വിശ്വവാരസ്യ ദാതാ ||**

സോമം പിഴിഞ്ഞെടുത്തപ്പോൾ ഹവിരാന്ന യുക്തനായ യജമാനന്റെ ഈശ്വരനായ ഇന്ദ്രൻ സ്തുതിക്കുന്നവർക്കുവേി ശ്രേഷ്ഠമായ മാർഗ്ഗം കാണിക്കുന്നവനും, വരണീയമായ ധനം നൽകുന്നവനാകയും ചെയ്യുന്നു. ഇതറിഞ്ഞ ഭരദ്വാജനു സ്തുതിച്ചു.

## സൂക്തം 24

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, ബൃഹതി**

**1. വൃഷാ മദ ഇന്ദ്രേ ശ്ലോക ഉക്ഥസചാ സോമേഷു സുതപാ ഋജീഷി |**

**അർചത്ര്യോ മഘവാ നൃഭ്യഉക്ഥൈർദ്യുക്ഷോ രാജാഗിരാമക്ഷിതോതിഃ ||**

സോമയാഗത്തിൽ സോമജനിതമായ ഇന്ദ്രന്റെ ഹർഷം യജമാനന്റെ ഇച്ഛകളെ പൂർണ്ണമാക്കണേ. അവൻ സ്തോതാക്കളുടെ സ്തുതികളാൽ പൂജിക്കപ്പെടുകയും, സ്വർഗ്ഗത്തിന്റെ ഈശ്വരനായ ആ ഇന്ദ്രൻ രക്ഷിക്കുകയും ചെയ്യുന്നു.

**2. തതുരിർവീരോ നര്യോ ചിചേതാഃ ശ്രോതാ ഹവം ഗൃണത ഉർവ്യൂതിഃ |**

**വസുഃ ശംസോ നരാം കാരുധായാ വാജീ സ്തുതോ വിദഥേ**

**ദാതി വാജം ||**

ശത്രുക്കളെ ഹിംസിക്കുന്നവനും, ബുദ്ധിമാനും, പരാക്രമിയുമായ ആ ഇന്ദ്രൻ നമ്മുടെ സ്തോതാക്കളുടെ രക്ഷകനും, വീട്ടുകാരനും, പ്രശംസിതനും, അന്നദാതാവുമാകുന്നു.

**3. അക്ഷോ ന ചക്രയോഃ ശൂര ബൃഷൻപ്ര തേ മഹ്നാ രിരിചേ രോദസ്യാഃ |**

**വൃക്ഷസ്യ നു തേ പുരുഹൂത വയാപ്യുതയോ തരുഹുരിന്ദ്ര പൂർവീഃ ||**

ഹേ ഇന്ദ്രാ! ചക്രങ്ങളുടെ അച്ചുതുപോലെ നിന്റെ മഹിമ വാനൂഴികളെ ഉറപ്പിച്ചു നിർത്തുന്നു. നീ അനേകരാൽ വിളിക്കപ്പെടുന്നു. നിന്റെ രക്ഷാസാധനങ്ങൾ വൃക്ഷശിഖരങ്ങൾപോലെ വളർന്നുകൊിരിക്കുന്നു.

**4. ശചീവതസ്തേ പുരുശാകശാകാഗവാമിവ സ്രുതയഃ മഞ്ചരണീഃ |**

**വത്സാനാം ന തന്തയസ്ത ഇന്ദ്ര ദാമന്വന്തോ അദാമാനഃ സുദാമൻ ||**

ഹേ ഇന്ദ്രാ! നീ ജ്ഞാനിയാകുന്നു. നിന്റെ കർമ്മങ്ങൾ ഗോക്കളുടെ മാർഗ്ഗങ്ങൾപോലെ വിശാലമാകുന്നു. ഹേ ഇന്ദ്രാ! നിന്റെ ശക്തി പശുക്കുട്ടികളുടെ കയറുപോലെ വൈരികളെ ബന്ധിക്കുന്നു.

**5. അന്യദദ്യ കർവരമന്യദു ശ്വോസച്ച സൻമുഹുരാചക്രിരിന്ദ്രഃ |**

**മിത്രോ നോ അത്ര വരുണശ്ച പൂഷാര്യോ വശസ്യ പര്യേതാസ്തി||**

ഇന്ദ്രൻ ഉത്തരോത്തരം അത്ഭുതകരങ്ങളായ കാര്യങ്ങൾ പ്രവർത്തിക്കുന്നു. അദ്ദേഹം സത്യാസത്യങ്ങളെ എപ്പോഴും കുകൊിരിക്കുന്നു. ഇന്ദ്രനും, മിത്രനും, വരുണനും, പൂഷാവും സവിതാദേവനും ഈ യാഗത്തിൽ നമ്മുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കണേ.

**6. വി ത്വദാപോ ന പർവതസയ പൃഷ്ഠാദുക്ഥേഭിരിന്ദ്രാനയന്ത യജ്ഞൈഃ |**

**തം ത്വാഭിഃ സുഷ്ടുതിഭിർവാജയന്ത ആജിം ന ജഗ്മുർഗിർവാഹോ അശ്വാഃ ||**

ഹേ ഇന്ദ്രാ! പർവതങ്ങളുടെ മുകളിൽനിന്നും ജലം ലഭ്യമാകുന്നതുപോലെ, സ്തോത്രങ്ങളും, ഹവിസ്സും വഴി സ്തോതാക്കൾ നിന്നിൽ നിന്നും അഭീഷ്ടങ്ങൾ പ്രാപിക്കുന്നു. ഹേ ഇന്ദ്രാ! നീ സ്തുതികളാൽ പൂജിതനാകുന്നു. കുതിരകൾ രണക്ഷേത്രത്തിലേക്ക് അതിവേഗം പായുന്നതുപോലെ ഭരദ്വാജാദികളായ അന്നാഭിലാഷികൾ നിന്റെ അടുക്കലേക്കുവരുന്നു.

**7. ന യംജരന്തി ശരദോ ന മാസാ ന ദ്യവാ ഇന്ദ്രമവകർശയന്തി |**

**വൃദ്ധസ്യ വിദ്വർധതാമസ്യ തനൂഃ സ്തോമേ ഭിരുക്ഥൈശ്ച ശസ്യമാനാ ||**

യാതൊരിന്ദ്രനെ വർഷങ്ങൾക്കും മാസങ്ങൾക്കും വൃദ്ധനാക്കുവാൻ സാധിക്കുന്നില്ലയോ. ദിവസങ്ങൾക്ക് യാതൊരുത്തനെ ബലഹീനനാക്കുവാൻ കഴിയുന്നില്ലയോ, ആ ഇന്ദ്രന്റെ സുശക്തമായ ശരീരം നമ്മുടെ സ്തോത്രങ്ങളാൽ പൂജിതമായി വളരട്ടെ.

**8. ന വീളവേ നമതേ ന സ്ഥിരായ ന ശർധതേ ദസ്യുജൂതായ സ്തവാൻ |**

**ആജ്രാ ഇന്ദ്രസ്യ ഗിരയശ്ചിദൃഷ്വാ ഗംഭീരേ ചിദ്ഭവതി ഗാധമസ്മൈ ||**

ഇന്ദ്രന്റെ സ്തുതികളുടെ പ്രഭാവത്താൽ നാം ദുഷ്ടൻമാരുടെ പിടിയിലമരുന്നില്ല. അവനെ സംബന്ധിച്ചിടത്തോളം വലിയ വലിയ പർവ്വതങ്ങൾപോലും തുഛങ്ങളും അഗാധസ്ഥാനങ്ങൾ അഗണ്യങ്ങളുമാണ്

**9. ഗംഭീരേണ ന ഉരുണാമത്രിൻപ്രേഷോ യന്ധി സുതപാവന്വാജാൻ |**

**സ്ഥാ ഊ ഷു ഊർധ്വ ഊതീ അരിഷണ്യന്നക്തോർവ്യുഷ്ഠൗ പരിതക്മ്യായാം ||**

ഹേ പരാക്രമിയും സോമപാനിയും ആയ ഇന്ദ്രാ! നീ ഉദാരഹൃദയനാണല്ലോ. ഞങ്ങൾക്ക് അന്നവും ബലവും നൽകൂ. ഞങ്ങളുടെ രക്ഷക്കുവേി രാവും പകലും നീ തയ്യാറായിരിക്കണമേ.

**10. സചസ്വ നായമവസേ അഭീക ഇതോ വാ തമിന്ദ്ര പാഹി രിഷഃ |**

**അമാ ചൈനമരണ്യേ പാഹിരിഷോ മദേമ ശതഹിമാഃ സുവീരാഃ ||**

ഹേ ഇന്ദ്രാ! രണക്ഷേത്രത്തിൽ സ്തോതാവിന്റെ രക്ഷക്കുവേി നീ അവന്റെ മേൽ കൃപ ചെയ്യണമേ. അടുത്തുനിന്നോ, അകലെനിന്നോ, എവിടെയെങ്കിലുമാകട്ടെ, അവിടെനിന്നും അവനെ രക്ഷിച്ചാലും. വീട്ടിലോ, വനത്തിലോ, അവനെ എല്ലാ ശത്രുക്കളിൽനിന്നും രക്ഷിക്കൂ. ഞങ്ങൾ സുന്ദരൻമാരായ പുത്രൻമാരോടുകൂടി നൂറുവർഷക്കാലം സുഖപൂർവ്വം കാലയാപനം ചെയ്യണേ.

## സൂക്തം 25

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. യാ ത ഊതിരവമാ യാപരമായാ മധ്യമേന്ദ്ര ശുഷ്മിന്നസ്തി |**

**താഭിരു ഷു വൃത്രഹത്യേവീർന ഏഭിശ്ച വാജൈമഹാന്ന ഉഗ്ര ||**

ഹേ ഇന്ദ്രാ! നീ രണക്ഷേത്രത്തിൽ ഉത്തമവും, മധ്യമവും, ലഘുവുമായ രക്ഷകളാൽ ഞങ്ങളെ വഴിയാംവണ്ണം രക്ഷിച്ചാലും. ഇന്ദ്രാ നീ മഹാനാകുന്നു. ഞങ്ങളെ ഉപഭോഗ്യമായ അന്നത്താൽ യുക്തരാക്കണമേ.

**2. ആഭിഃ സ്പൃധോ മിഥതീരരിഷണ്യന്നമിത്രസ്യ വ്യഥയാ മന്യുമിന്ദ്ര |**

**ആഭിർവിശ്വാ അഭിയുജോ വിഷൂചീരാര്യായ വിശോവതാരീർദാസീഃ ||**

നീ ഞങ്ങളുടെ സ്തുതികൾ വഴിയായി ശത്രുസേനകളെ കൊല്ലുന്ന ഞങ്ങളെ രക്ഷിച്ച് അവരുടെ ആക്രമണങ്ങളെ വിഫലമാക്കിയാലും. യജ്ഞാദികർമ്മങ്ങൾക്ക് വിഘ്നം വരുത്തുന്നവരെ നശിപ്പിക്കേണമേ.

**3. ഇന്ദ്ര ജാമയ ഉത യേ ജാമയോ ർവാചീനാസോ വനുഷോ യുയുജ്രേ |**

**ത്വമേഷാം വിഥുരാ ശവാംസിം ജഹി വൃഷ്ണ്യാനി**
**കൃണുഹീ പരാചഃ ||**

ഹേ ഇന്ദ്രാ! അടുത്തോ അകലയോ ഉള്ള ശത്രുക്കൾ ഞങ്ങളെ ഹിംസിക്കുവാനാഗ്രഹിക്കുന്നെങ്കിൽ ആ ശത്രുക്കളെ നിൻെറ ബലത്താൽ നശിപ്പിക്കണേ അവരുടെ പരാക്രമത്തെ നശിപ്പിക്കണം, അവരെ ഓടിക്കണം.

**4. ശൂരോ വാശൂരം വനതേ ശരീരൈസ്തനൂരുചാ**
**തരുഷിയത് കൃണ്വൈതേ |**
**തോകേ വാ ഗോഷു തനയേ യദപ്സു വി ക്രന്ദസീ**
**ഉർവരാസു ബ്രവൈതേ ||**

ഹേ ഇന്ദ്രാ! നിങ്ങളുടെ കൃപാപാത്രമായ വീരപുരുഷൻ ശത്രുക്കളെ ഒടുക്കുന്നതിൽ സമർത്ഥകനാകുന്നു. ഇവർ രുകൂട്ടരും സന്താനങ്ങൾക്കും, ഗോക്കൾക്കും, വിളഭൂമിക്കും വേി യുദ്ധം ചെയ്യുന്നു.

**5. നഹി ത്വാ ശൂരോ ന തുരോ ന ധൃഷ്ണുർന ത്വാ**
**യോധാ മന്യമാനോ യയോധ |**
**ഇന്ദ്ര നകിഷ്ട്വാ പ്രത്യസ്ത്യേഷാം വിശ്വാജാതാന്യഭ്യസി**
**താനി ||**

ഹേ ഇന്ദ്രാ! നിന്നോടു യുദ്ധം ചെയ്യുവാൻ തർക്കസാമർത്ഥ്യം ആരിലുമില്ല. ഒരു പക്ഷെ അവൻ ശത്രുക്കളെ എതിർക്കുന്നവനോ, വിജയം പ്രാപിക്കുന്ന യോദ്ധാവോ ആയിക്കൊള്ളട്ടെ. ഹേ ഇന്ദ്രാ! ഇവരിൽ നിൻെറ പ്രതിദ്വന്ദികളായി ആരും ഇല്ല. നീ ഇവരേക്കാൾ സർവ്വശ്രേഷ്ഠനാണ്.

**6. സ പത്യത ഉഭയോർനൃമ്ണമയോര്യദീ വേധസഃ സമിഥേ**
**ഹവന്തേ |**
**വൃത്രേ വാ മഹോ നൃവതി ക്ഷയേ വാ വ്യചസ്വന്താ യദി**
**വിതന്തസൈതേ ||**

യാതൊരു വ്യക്തി ശത്രുക്കളെ തടയുന്നതിനോ അഥവാ ദാസയുക്തമായ ഭവനത്തിനുവേിയോ പരസ്പരം യുദ്ധം ചെയ്യുന്നുവോ; അവരിൽ യാതൊരുത്തൻെറ സ്തോതാവായിരിക്കുന്നുവോ അവൻ ധനം നേടുന്നു.

**7. അധാ സ്മാ തേ ചർഷണയോ യദേജാനിന്ദ്ര**
**ത്രാതോത ഭവാ വരൂതാ |**
**അസ്മാകാസോ യേ നൃതമാസോ അര്യ ഇന്ദ്ര സൂരയോ**
**ദധിരേ പുരോ നഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ യാതൊരു ശ്രേഷ്ഠനായ വ്യക്തി നിന്നെ പ്രാപിക്കുന്നുവോഃ നീയവനെ ദുഃഖങ്ങളിൽ നിന്നു രക്ഷിക്കുമാറാകണം. ഹേ ഇന്ദ്രാ! യാതൊരു സ്തോതാക്കൾ ഞങ്ങളെ പുരോഭാഗത്തു കൊുവരുന്നുവോ; നീ അവരുടേയും രക്ഷകനാകണമേ.

**8. അനു തേ ദായി മഹ ഇന്ദ്രിയായ സത്രാ തേ**
**വിശ്വമനുവൃത്രഹത്യേ |**
**അനു ക്ഷത്രമനു സഹോ യജത്രേന്ദ്ര ദേവേഭിരനു തേ**
**നൃഷഹ്യേ ||**

ഹേ ഇന്ദ്രാ! നീ മഹാനാകുന്നു. ശത്രുക്കളെ സംഹരിക്കുവാനുള്ള എല്ലാ ശക്തികളും നിന്നിൽ കേന്ദ്രീകരിച്ചിരിന്നു. ഹേ ഇന്ദ്രാ! ശത്രുക്കളെ സംഹരിക്കുന്നതിനും; ലോകത്തെ വഹിക്കുന്നതിനുമുള്ള ബലം ദേവകളങ്ങേയ്ക്കു നൽകിയിരിക്കുന്നു.

**9. ഏവ നഃ സ്പൃധഃ സമജാ സമത്സ്വിന്ദ്ര രാരന്ധി**
**മിഥതീരദേവീഃ |**
**വിദ്യാമ വസ്തോരവസാ ഗൃണന്തോ ഭരദ്വാജാ ഉതത ഇന്ദ്ര**
**നൂനം ||**

ഹേ ഇന്ദ്രാ! ഇപ്രകാരം സ്തുതിക്കുന്ന ഞങ്ങളെ യുദ്ധത്തിൽ ശത്രുക്കളെ വധിക്കുവാൻ ഉത്സാഹിപ്പിച്ചാലും. ഹിംസകയായ രാക്ഷസിയുടെ സൈന്യത്തെ നീ ഞങ്ങൾക്കുവേി വശീകരിക്കു. ഹേ ഇന്ദ്രാ! ഞങ്ങൾ നിൻെറ സ്തോതാവായ ഭരദ്വാജൻ അനയുക്തമായ ഗൃഹത്തെ പ്രാപിക്കണേ.

## സൂക്തം 26

**ഋഷി ഭരദ്വാജൻ. ദേവത ഇന്ദ്രൻ. ഛന്ദസ്സ് പംക്തി;**
**ത്രിഷ്ടുപ്.**

**1. ശ്രുധീ ന ഇന്ദ്ര ഹ്വയാമസി ത്വാ മഹോ വാജസ്യ**
**സാതൗ വാവൃഷാണാഃ |**
**സംയദ്വിശോ യന്ത ശൂരസാതാ ഉഗ്രം നോ വഃ പാര്യേ**
**അഹന്ദാഃ ||**

ഹേ ഇന്ദ്രാ! അന്നലാഭത്തിനുവേി സ്തുതിക്കുന്നവരായ ഞങ്ങൾ സാമരസത്താൽ സേചനം ചെയ്തുകൊ് ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങളുടെ ആഹ്വാനത്തെ ശ്രവിക്കേണമേ. വീരൻമാർ യുദ്ധത്തിനു പോകുമ്പോൾ അവരെ ശരിയായ വിധം രക്ഷിക്കണം.

**2. ത്വാം വാജീ ഹവതേ വാജിനേയോ മഹോ വാജസ്യ**
**ഗധ്യസ്യ സാതൗ |**
**ത്വാം വൃത്രേഷ്വിന്ദ്ര സത്പതിം തരുത്രം ത്വാം ചഷ്ടേ**
**മുഷ്ടിഹാ ഗോഷു യുധ്യൻ ||**

ഹേ ഇന്ദ്രാ! മഹത്തായ അന്നപ്രാപ്തിക്കുവേി അന്നവാനായ ഭതദ്വജൻ നിന്നെ സ്തുതിക്കുന്നു. ഇന്ദ്രാ! നീ സജ്ജനപാലകനും ദുഷ്ടസംഹാരകനുമാണ്. ഭരദ്വജൻ നിന്നെ ആഹ്വാനം ചെയ്യുന്നു. മുഷ്ടിയുദ്ധം വഴിയായി അവൻ ശത്രുക്കളെ സംഹരിക്കുന്നു. നിന്നോടുള്ള വിശ്വാസത്തോടുകൂടി അവൻ ഗോക്കൾക്കുവേി യുദ്ധം ചെയ്യുന്നു.

**3. ത്വം കവിം ചോദയോ ർകസാതൗ ത്വം കുത്സായ**
**ശുഷ്ണം ദാശുഷേ വർക് |**
**ത്വം ശിരോ അമർണഃപരാഹന്നതിഥിഗ്വായ ശംസ്യം**
**കരിഷ്യൻ ||**

ഹേ ഇന്ദ്രാ! നീ അന്നപ്രാപ്തിക്കായി ഭാർഗമഹർഷിയെ പ്രേരിപ്പിക്കു ഹവിർദാതാവായ കുത്സനുവേി നീ ശുഷ്ണാസുരനെ വധിച്ചു. നീ അതിഥി ഗ്വനുവേി, സ്വയം അമരനെന്നു കരുതിയിരുന്ന ശംബരാസുരൻെറ ശിരസ്സുമുറിച്ചിട്ടു.

**4. ത്വം രഥം പ്ര ഭരോ യോധമൃഷ്വമാവോ യുധ്യന്തം**
**വൃഷഭം ദശദ്യും |**
**ത്വം തുഗ്രം വേതസവേ സചാഹന്ത്വം തുജിം ഗൃണന്തമിന്ദ്ര**
**രൂതോഃ ||**

ഹേ ഇന്ദ്രാ! നീ വൃഷഭമഹാരാജാവിന് യുദ്ധത്തിനു വേരഥം നൽകി അവൻ പത്തുദിവസം ശത്രുക്കളുമായി യുദ്ധം ചെയ്തു കൊിരുന്നപ്പോൾ നീ അവനെ രക്ഷിച്ചിരുന്നു. വേതസൻെറ

സഹായിയായി തുഗ്രാസുരനെ വധിച്ച് നീ സ്തോതാവായ രുജിരാജാവിനെ സമൃദ്ധനാക്കിയിരുന്നു,

**5. ത്വം തദുക്മഥിന്ദ്ര ബഹർണാ കഃപ്ര യഛതാ സഹസ്രാ സൂര ദർഷി |**

**അവ ഗിരേർദാസം ശംബരം ഹൻപ്രാവോ ദിവോ ദാസം ചിത്രാഭിരൂതീ ||**

ഹേ ഇന്ദ്രാ! നീ ശത്രുസംഹാരകനാകുന്നു. നീ പ്രശംസനീയമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു, ഹേ വീരനായ ഇന്ദ്രാ നീ നൂറുനൂറ്റായ, ആയിരമായിരമായ ശംബരസേനകളെ കീറിപിളർന്ന് നീ യജ്ഞാദികർമങ്ങളുടെ വിഘ്നകനായ ശംബരാസുരനെ വധിക്കുകയും ദിവോദാസനെ അത്ഭുതകരമായി രക്ഷിക്കുകയും ചെയ്തു.

**6. ത്വം ശ്രദ്ധാഭിർമന്ദസാനഃ സോമൈർദഭീതയേ ചുമുരിമിന്ദ്ര സിഷ്വപ |**

**ത്വം രജിം പിഠീനസേ ദശസ്യൻഷഷ്ഠിം സഹസ്രാ ശച്യാ സചാഹൻ ||**

ഹേ ഇന്ദ്രാ! നീ ശ്രദ്ധാപൂർവം ചെയ്ത അനുഷ്ഠാനകർമ്മങ്ങൾവഴിയായി. സോമരസത്താൽ മുദിതനായി ദഭീതിരാജാവിനു വേി നീ ചുമുരിയെ വധിച്ചു. ഹേ ഇന്ദ്രാ നീ പിഠീനസിനു രജി എന്ന കന്യകയെ നൽകിയല്ലോ നീ സ്വന്തം ബുദ്ധികൗശലത്താൽ അറുപതിനായിരംവീരൻമാരെ ഒരേസമയം തന്നെ നശിപ്പിച്ചിരുന്നു.

**7. അഹം ചന തത്സൂരി ഭിരാനശ്യാം തവ ജ്യായ ഇന്ദ്ര സുമ്നമോജഃ |**

**ത്വയാ യത്സ്തവന്തേ സാധവീര വീരാസ്ത്രിവരൂഥേന നഹുഷാ ശവിഷ്ഠ ||**

ഹേ വീരൻമാരുടെ സഹായകനായ ഇന്ദ്രാ! നീ മുപ്പാരിൻെറ രക്ഷകനും ശത്രുവിജേതാവുമാകുന്നു. സ്തോതാക്കൾ നീ നൽകുന്ന സുഖത്തേയും ബലത്തേയും യാചിക്കുന്നു. ഹേ ഇന്ദ്രാ! ഭരദ്വാജൻമാർക്ക് അങ്ങു നൽകിയ ശ്രേഷ്ഠമായസുഖവും, ബലവും ഞാനും സ്തോതാക്കളോടൊന്നിച്ച് അനുഭവിയ്ക്കുമാറാകണേ.

**8. വയം തേ അസ്യാമിന്ദ്ര ദ്യുമ്നഹൂതൗ സഖായഃ സ്യാമമഹിന പ്രേഷ്ഠാഃ |**

**പ്രാതർദനിഃ ക്ഷത്രശ്രീരസ്തു ശ്രേഷ്ഠോ ധനേ വൃത്രാണാം സനയേ ധനാനാം ||**

ഹേ ഇന്ദ്രാ! നിൻെറ മിത്രരൂപരായ ഞങ്ങൾ സ്തോതാക്കളാകുന്നു, ധനലാഭത്തിനായി ചെയ്യപ്പെടുന്ന സ്തോത്രങ്ങളാൽ ഞങ്ങൾ നിൻെറ പ്രീതിപാത്രങ്ങളാകണേ പ്രാതദനൻെറ പുത്രൻ ക്ഷത്രശ്രീ ശത്രുനിഗ്രഹത്തിലും വിത്തശേഖരണത്തിലും മികച്ചവനായിത്തീരണേ.

## സൂക്തം 27

**ഋഷി ഭരദ്വാജൻ ദേവത. ഇന്ദ്രൻ; ഛന്ദസ്സ് പംക്തി, ത്രിഷ്ടുപ്പ്, ഉഷ്ണിക.**

**1. കിമസ്യ മദേ കിംവസ്യ പീതാവിന്ദ്രഃ കിമസ്യ സംഖ്യേ ചകാര |**

**രണാ വാ യേ നിഷദി കിംതേ അസ്യ പുരാ വിവിദ്രേ കിമു നൂതനാസഃ |**

സോമത്താൽ പുഷ്ടനായ ഇന്ദ്രൻ എന്തു ചെയതു? സോമരസത്തോടു മൈത്രിയുള്ള അവൻ എന്തു ചെയ്തു? പ്രാചീനരും നവീനരുമായ സ്തോതാക്കളിൽ നിന്നും നിങ്ങൾക്കെന്തുകിട്ടി?

**2. സദസ്യ മദേ സദ്വസ്യ പാതാവിന്ദ്രഃ സദസ്യേ സഖ്യേ ചകാര |**

**രണാ വാ യേ നിഷദി സത്തേഅസ്യ പുരാ വിവിദ്രേ സദു നൂതനാസഃ ||**

സോമത്താൽ പുഷ്ടനായ ഇന്ദ്രൻ നല്ല കർമ്മങ്ങൾ ചെയ്തു സോമപാനത്തിനുശേഷം അവൻ ശ്രേഷ്ഠമായ കാര്യങ്ങൾ നിർവ്വഹിച്ചു സോമത്താൽ മൈത്രിയുായപ്പോൾ ശുഭകർമ്മങ്ങൾ അനുഷ്ഠിച്ചു. ഹേ ഇന്ദ്രാ! പ്രാചീനരും നവീനരുമായ സ്തോതാക്കൾ ഭാവാങ്കൽനിന്നും ശ്രേഷ്ഠമായ കർമ്മങ്ങൾ പ്രാപിച്ചിരുന്നു.

**3. നഹി നു തേ മഹിമനഃ സമസ്യ ന മഘവൻ മഘവത്ത്വസ്യ വിദ്മ |**

**ന രാധസോ നൂതനസ്യേന്ദ്ര നകിർദദൃശ ഇന്ദ്രിയം തേ ||**

ഹേ ഐശ്വര്യസമ്പന്നനന്നയ ഇന്ദ്രാ! അങ്ങയുടേതുപോലുള്ള മറ്റാരുടേയും മഹിമയെ ഞങ്ങൾഅറിയുന്നില്ല. നിനക്കു തുല്യമായ വൈഭവവും ധനവും ഞങ്ങൾ അറിയുന്നില്ല, ഹേ ഇന്ദ്രാ! നിൻെറതുപോലുള്ള സാമർത്ഥ്യം ആർക്കും പ്രകടിപ്പിക്കുവാൻ സാധ്യമല്ല.

**4. ഏതത്ത്യത്ത ഇന്ദ്രിയമചേതി യേനാവധിർവരശിഖസ്യ ശേഷഃ |**

**വജ്റസ്യ യത്തേ നിഹതസ്യ ശുഷ്മാസ്ത്വനാച്ചിദിന്ദ്ര പരമോ ദദാര ||**

ഹേ ഇന്ദ്രാ! നീ യതൊരു പരാക്രമത്താൽ വരശിഖൻെറ പുത്രനെ വധിച്ചുവോ, ഞങ്ങൾക്കതറിഞ്ഞുകൂടാ? ഹേ ഇന്ദ്രാ നീ ആഞ്ഞുവിട്ട വജ്രത്തിൻെറ ശബ്ദത്താൽ ബലവാനായ വരശിഖരൻെറ പുത്രൻ പിളർന്നുപോയി.

**5. വധീദിന്ദ്രോ വരശിഖസ്യ ശേഷോ ഭ്യാവർതിനേ ചായമാനായ ശിക്ഷൻ |**

**വൃചീമതോ യദ്വരിയൂപീയായാം ഹൻപൂർവേ അർധേ ഭിയസാപരോ ദർത് ||**

ഇന്ദ്രൻ രാജാവായമാനൻെറ പുത്രനായ അഭ്യവർത്തിക്ക് ധനം നൽകുവാനായി വരശിഖൻെറ പുത്രൻമാരെ വധിച്ചു. വരിയൂപിയായ നഗരത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന വരശിഖൻെറ വംശത്തിലെ വൃത്തീവാൻെറ പുത്രൻമാരെ ഇന്ദ്രൻ വധിച്ചു. അപ്പോഴെക്കും വരശിഖൻെറ പുത്രൻ കൊല്ലപ്പെട്ടിരുന്നു.

**6. ത്രിംശച്ഛതം വർമിണ ഇന്ദ്ര സാകം യവ്യാവത്യാം പുരുഹൂത ശ്രവസ്യാ |**

**വൃചീവന്തഃ ശരവേ പത്യമാനാഃ പാത്രാ മിന്ദാനാ ന്യർഥാന്യായൻ ||□□**

ഹേ ഇന്ദ്രാ! നീ അനേകം മനുഷ്യരാൽ ആദരിക്കപ്പെടുന്നു. നിന്നെ യുദ്ധത്തിൽ പരാജിതനാക്കി അന്നവും യശസ്സും പ്രാപിക്കുവാനുള്ള ആശയോടുകൂടി യജ്ഞപാത്രങ്ങളുടച്ചവരും, കവചം ധരിച്ചവരുമായ വരശിഖൻെറ നൂറ്റിമുപ്പതു പുത്രൻമാരേയും യുദ്ധം ചെയ്ത് ഒന്നായി നശിപ്പിച്ചു.

**7. യസ്യ ഗാവാവരുഷാ സൂയവസ്യൂ അന്തരൂഷു ചരതോ രേരിഹാണാ |**

**മ സ്യഞ്ജയായ തുർവശം പാരാദാദ്വൃചിവതോ ദൈവവാതായ ശിക്ഷൻ ||**

ആരുടെ അശ്വങ്ങൾ ആകാശത്തിൻെറയും ഭൂമിയുടെയും ഇടയിൽ സഞ്ചരിക്കുന്നുവോ, ആ ഇന്ദ്രൻ സംജയരാജാവിൻെറ മുമ്പിൽ ഉർവശരാജാവിനെ സമർപ്പിക്കുന്നു. അവൻ ദേവാവാകവംശത്തിലെ രാജാവായ അഭ്യവർതിയുടെ മുമ്പിൽ വരശിഖൻെറ പുത്രൻമാരെ ഏല്പിച്ചു കൊടുത്തു.

**8. ദ്വയാം അഗ്നേ രഥിനോ ബിംശതിം ഗാ വധൂമന്തോ മഘവാ മഹ്യം സമ്രാട് |**

**അഭ്യാവർതീ ചായമാനോ ദദാതി ദൂണാശേയം ദക്ഷിണാ പാർഥവാനാം ||**

ഹേ അഗ്നേ! മഹാദാനശീലനും:രാജസൂയയജ്ഞത്തിൻെറ കർത്താവുമായ മാനപുത്രൻ അഭ്യവർത്തി ദാസികൾ സഹിതം രഥങ്ങളും ഇരുപതു ഗോക്കളേയും ഞങ്ങൾക്കുദാനമായിത്തന്നു. പൃഥവംശരാജാവായ അഭ്യവർത്തിയുടെ ഈ ദക്ഷിണ ആർക്കും നശിപ്പിക്കാനാവില്ല.

## സൂക്തം 28

**ഋഷി ഭരദ്വാജൻ ദേവത ഗോവ്, ഇന്ദ്രൻ ഛന്ദസ്സ് ജഗതി, ത്രിഷ്ടുപ്, അനുഷ്ടുപ്.**

**1. ആ ഗാവോ അഗ്മന്നുത ഭദ്രമക്രൻത്സീദന്തു ഗോഷ്ഠേ രണയന്ത്വസ്മേ |**

**പ്രജാവതീഃ പുരുരൂപാ ഇഹ സ്യുരിന്ദ്രായ പൂർവീരുഷസോ ദുഹാനാഃ ||**

ഗോക്കൾ നമ്മുടെ ഭവനങ്ങളിൽ വന്ന് നമുക്കു മംഗളമരുളണേ അവ നമ്മുടെ തൊഴുത്തിൽ പ്രവേശിച്ച് ആനന്ദിക്കണേ, ഈ തൊഴുത്തിൽ വിഭിന്നവർണ്ണങ്ങളോടുകൂടിയ ഗോക്കൾ സന്താനവതികളായ ഉഷക്കാലത്തിൽ ഇന്ദ്രന് പാൽനൽകണേ.

**2. ഇന്ദ്രോ യജ്വനേ പൃണതേ ച ശിക്ഷത്യുപേദ്ദദാതി ന സ്വം മുഷായതി |**

**ഭൂയോഭൂയോ രയിമിദസ്യ വർധയന്നഭിന്നേ ഖില്യേ നി ദധാതി ദേവയും ||**

ഹേ ഇന്ദ്രാ! യജ്ഞകർത്താവിനും സ്തോതാവിനും അവരാഗ്രഹിക്കുന്ന ധനം നൽകുന്നു. നീ അവർക്ക് സദാധനം നൽകിക്കൊണ്ടേയിരിക്കുന്നു. നീ ഒരിക്കലും അവരിൽനിന്നും ധനംപിടിച്ചെടുക്കുന്നില്ല. ആ ഇന്ദ്രൻ തുടർച്ചയായി ധനവൃദ്ധിവരുത്തുകയും, തൻെറ ഇഷ്ടൻമാരെ ശ്രുതരഹിതമായ സ്ഥാനത്ത് അധിവസിപ്പിക്കുകയും ചെയ്യുന്നു.

**3. നാ താ നശന്തി ന ദമാതി തസ്കരോ നാസാമാമിത്രാ വ്യഥിരാ ധർഷതിം |**

**ദേവാംശ്ച യാഭിർയജതേ ദദാതി ച ജ്യോഗിത്താഭിഃ സചതേ ഗോപതിഃ സഹ ||**

നമ്മുടെ ഗോക്കൾ നശിക്കാതിരിക്കണേ. കള്ളൻമാർ അവയെ മോഷ്ടിക്കാതിരിക്കണേ. ശത്രുക്കളുടെ ആയുധം അവയുടെ മേൽ പതിക്കാതിരിക്കണേ. ഗോക്കളുടെ സ്വാമി യാതൊരു ഗോക്കളെ ഇന്ദ്രനുവേി നൽകുന്നുവോ അവൻ ആ ഗോക്കളോടുകൂടിനെടുനാൾ സുഖമായി വസിക്കണേ.

**4. ന താ അർവാ രേണുകകാഠോ അശ്നുതേ ന സംസ്കൃതത്രമുപ യന്തി താ അഭി |**

**ഉരുഗായമഭയം തസ്യ താ അനു ഗാവോ മർതസ്യ വിചരന്തി യജ്വനഃ |**

യജ്ഞത്തിലേയ്ക്കു വരുന്ന അശ്വങ്ങൾ ഗോക്കളെ സമീപിക്കാതിരിക്കണേ. യജ്ഞകർത്താവിൻെറ ഗോക്കൾ സ്വതന്ത്രമായി സഞ്ചരിക്കണേ.

**5. ഗാവോ ഭഗോ ഗാവ ഇന്ദ്രോ മേ അഛാൻ ഗാവഃ സോമസ്യ പ്രഥമസ്യ ഭക്ഷഃ |**

**ഇമാ യാ ഗാവഃ സ ജനാസ ഇന്ദ്ര ഇഛാമീദ്ധൃദാമനസാ ചിദിന്ദ്രം ||**

ഗോക്കൾ നമുക്കുധനരൂപമാകണേ. ഇന്ദ്രൻ നമുക്കു ഗോക്കളെ നൽകണേ. ഗോക്കൾ ഹവിസ്സുകളിൽ പ്രമുഖരായ സോമരൂപമായ ഭോജനം നൽകണേ. ഗോക്കൾതന്നെ ഇന്ദ്രരൂപമാകുന്നു, അവയെ ഭക്തിയോടെ നാം ഇഛിക്കുന്നു.

**6. യൂയം ഗാവോ മേദയഥാ കൃശം ചിദശ്രീരം ചിത്കൃണുഥാ സുപ്രതീകം |**

**ഭദ്രം ഗൃഹം കൃണുഥാ ഭദ്രവാചോ ബൃഹദ്വോ വയ ഉച്യതേ സഭാസു ||**

ഹേ ഗോക്കളേ നിങ്ങൾ ഞങ്ങളുടെ ദേഹത്തെ തടിപ്പിക്കുവിൻ ഞങ്ങളുടെ കൃശവും, രോഗംപിടിച്ചതുമായ ശരീരത്തെ സുന്ദരമാക്കുവിൻ നിങ്ങൾ മംഗളകരമായ ശബ്ദം പുറപ്പെടുവിക്കുന്നവരാണല്ലോ. ഞങ്ങളുടെ ഗൃഹങ്ങളെ മംഗളമാക്കുവിൻ. ഹേ ഗോക്കളേ! യജ്ഞമണ്ഡപത്തിൽ നിങ്ങളുടെ മഹത്തായ അന്നം തന്നെ യശസ്സിനെ പ്രാപിക്കുന്നു.

**7. പ്രജാവതീഃ സൂയവസം രിശന്തിഃ ശുദ്ധാ അപഃ സൂപ്രപാണേ പിബന്തിഃ |**

**മാ വഃ സ്തേന ഈശത മാഘശംസഃ പരി വോ ഹേതരുദ്രസ്യ വൃജ്യാഃ |**

ഹേ ഗോക്കളേ! നിങ്ങൾ സന്താനവതികളാകുവിൻ, മനോഹരമായ തൃണങ്ങൾ ഭക്ഷിക്കുകയും സ്വഛജലം പാനം ചെയ്യുകയും ചെയ്യുവിൻ നിങ്ങളുടെ പാലകൻ കള്ളനാകാതിരിക്കണേ. കശാപ്പുകാരൻ നിങ്ങളെ ഭരിക്കാതിരിക്കണേ. പരമാത്മാവിൻെറ കാലരൂപമാകുന്ന അസ്ത്രം നിങ്ങളിൽ നിന്നും അകന്നുപോകണേ.

**8. ഉപേദമുപപർചനമാസു ഗോഷൂപ പൃച്യതാം |**

**ഉപ ഋഷഭസ്യ രേതസ്യപേന്ദ്ര തവ വീര്യേ ||**

ഹേ ഇന്ദ്രാ! നിൻെറ ബലത്തിനുവേി ഗോക്കളുടെ പുഷ്ടി സ്വകാര്യമാകണേ. ഗോക്കളിൽ ഗർഭം ധരിപ്പിക്കുന്ന കാളകളുടെ വീര്യം സ്വീകാര്യമാകണേ.

# അദ്ധ്യായം ഏഴ്

## സൂക്തം 29

**ഋഷി ഭരദ്വാജൻ: ദേവത , ഇന്ദ്രൻ , ഛന്ദസ്സ് ത്രിഷ്ടുപ്, പംക്തി**

**1. ഇന്ദ്രം വോ നരഃ സഖ്യായ സേപുർമഹോ യന്തഃ സുമതയേ ചകാനാഃ |**

**മഹോ ഹിദാതാ വജ്റഹസ്തോ അസ്തി മഹാമുരണ്വമവസേ യജധ്വം ||**

ഹേ മനുഷ്യരേ! നിങ്ങളുടെ ഋത്വിക്കുകൾ മൈത്രീഭാവത്തോടു കൂടി ഇന്ദ്രനെ സേവിക്കുന്നു. അവർ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങൾ ഉച്ചരിക്കുന്നു, അവരുടെ ബുദ്ധി സുന്ദരവും ഉദാരവുമാകുന്നു. എന്തുകൊന്നൊൽ വജ്രധാരിയായ ഇന്ദ്രൻ അവർ മഹത്തായ ധനം നൽകുന്നു. അതിനാൽ രക്ഷയ്ക്കുവേി ആ മഹാനായ ഇന്ദ്രനെ പൂജിക്കുവിൻ.

**2. ആ യസ്മിൻഹസ്തേ നര്യാ മിമിക്ഷരാ രഥേ ഹിരണ്യയേ രഥേഷ്ഠാഃ |**

**ആ രശ്മയോ ഗഭസ്ത്യോഃ സ്ഥൂരയോരാധ്വന്നശ്വാസോ വൃഷണോ യുജാനാഃ ||**

യാതൊരിന്ദ്രനാൽ മനുഷ്യർക്കാവശ്യമായ ധനം ഏകത്രമാകുന്നുവോ യാതൊരിന്ദ്രൻ രഥാരൂഢനായിരിക്കുന്നുവോ; യാതൊരുത്തൻെറ കരങ്ങളിൽ കടിഞ്ഞാൺ സുരക്ഷിതമായിരിക്കുന്നുവോ, ആരെ സേചനസമർത്ഥരായ അശ്വങ്ങൾ രഥത്തിൽ വഹിച്ചുകൊു പോകുന്നുവോ ആ ഇന്ദ്രനെ നാം സ്തുതിക്കുന്നു.

**3. ശ്രിയേ തേ പാദാ ദുവ ആ മിമിക്ഷുർ ധൃഷ്ണുർവജ്റീ ശവസാ ദക്ഷിണാവാൻ |**

**വസാനോ അത്കം സുരഭിം ദൃശേ കംസ്വർണ നൃതവിഷിരോ ബഭൂഥ ||**

ഹേ ഇന്ദ്രാ! ഐശ്വര്യപ്രാപ്തിക്കുവേി ഭരദ്വാജൻ നിൻെറ ചരണങ്ങളിൽ തൻെറ സേവനങ്ങൾ കാഴ്ചവയ്ക്കുന്നു. നീ സ്വന്തം പരാക്രമത്താൽ ശത്രുക്കളെ പരാജയപ്പെടുത്തുകയും വജ്റം ധരിക്കുകയും ചെയ്യുന്നു. നീ തന്നെ സ്തോതാക്കൾക്കു ധനം ദാനം ചെയ്യുന്നവനുമാകുന്നു. എല്ലാവരിലും പ്രമുഖനായ ഇന്ദ്രാ! നീ എല്ലാവർക്കും ദർശിക്കുന്നതിനായി സുന്ദരവും സദാചലിച്ചുകൊിരിക്കുന്നതുമായ രൂവം ധരിച്ച് സൂര്യനെപ്പോലെ ഭ്രമണം ചെയ്യുന്നു.

**4. സ സോമ ആമിശ്ലതമഃ സുതോ ഭൂദ്യസ്മിൻപക്തിഃ പച്യതേ സന്തി ധാനാഃ |**

**ഇന്ദ്രം നരഃ സ്തുവന്തോ ബ്രഹ്മകാരാ ഉക്ഥാ ശംസന്തേ ദേവവാതതമാഃ ||**

പിഴിഞ്ഞെടുത്ത സോമം ശരിയാംവണ്ണം മിശ്രിതമാക്കപ്പെടുന്നു. അതു തയ്യാറാകുമ്പോൾ പുരോഡാശം പാകപ്പെടുത്തുന്നു. പൊരിച്ച വയമലരുകൾ ഹവിസ്സിനുവേി തയാറാക്കുന്നു. ഹവിസ്സു രൂപമാകുന്ന അന്നം തയാറാക്കുന്നു., ഋത്വിക്കുകൾ സ്തോത്രങ്ങളാൽ ഇന്ദ്രനേ സ്തുതിക്കുന്നു. അവർ സ്തോത്രം ഉച്ചരിച്ചുകൊ് ഇന്ദ്രനെ സമീപിക്കുന്നു.

**5. ന തേ അന്തഃ ശവസോ ധായ്യസ്യ വി തു വാവധേ രോദസീ മഹിത്വാ |**

**ആ താ സൂരിഃ പൃണതി രുതുജാനോ യുഥേവാപ്സം സമീജമാന ഊതീ ||**

ഹേ ഇന്ദ്രാ! നിൻെറ ബലത്തിൻെറ അതിരുകൾ കാണുവാൻ സാധിക്കുന്നില്ല. വാനുഴികൾ ആ ബലത്തെ ഭയപ്പെടുന്നു. ഗോപാലകൻമാർ ജലം നൽകി ഗോക്കളെ തൃപ്തിപ്പെടുത്തുന്നതുപോലെ സ്തുതികളോടുകൂടിയ തൃപ്തിദായകമായ ഹവിസ്സുകൾ വഴിയായി ഞങ്ങൾ വിധി പ്രകാരം യാഗം നടത്തി നിന്നെ തൃപ്തിപ്പെടുത്തുന്നു.

**6. ഏവേ ദിന്ദ്രഃസുഹവ ഋഷ്വോഅസ്തൂതി അനൂതി ഹരിശിപ്രഃ സത്വാ |**

**ഏവാ ഹി ജാതോ അസമാത്യോജാഃ പുരു ച വൃത്രാഹനതി നി ദസ്യൂൻ ||**

ഹരിതനാസികയോടുകൂടിയ മഹാനായ ഇന്ദ്രൻ ഇപ്രകാരം ആഹ്വാനന്വിതനായിത്തീരുന്നു. ഇന്ദ്രൻ എഴുന്നള്ളുകയോ എഴുന്നള്ളാതിരിക്കുകയോ ചെയ്യട്ടെ, എങ്കിലും അവൻ സ്തുതിക്കുന്നവർക്ക് ധനം നൽകുന്നു ഇപ്രകാരം മഹാനും, പരാക്രമിയുമായ ഇന്ദ്രൻ പ്രത്യക്ഷനായി അനേകം വൃത്രൻമാരെപ്പോലുള്ള രാക്ഷസൻമാരേയും ശത്രുക്കളേയും സംഹരിച്ചുകൊിരിക്കുന്നു.

## സൂക്തം 80

**ഋഷി ഭരദ്വാജൻ ദേവര ഇന്ദ്രൻ ഛന്ദസ്സ് ത്രിഷ്ടുപ് പംക്തി ഉഷ്ണിക**

**1. ഭൂയ ഇദ്വാവൃധേ വീര്യായം ഏകോ അജൂർയോ ദയതേ വസൂനി |**

**പ്ര രിരിചേ ദിവ ഇന്ദ്രഃ പൃഥിവ്യാ അർധമിദസ്യ പ്രതി രോദസീ ഉഭേ ||**

വൃത്രാദിരാക്ഷസൻമാരേ ഹനനം ചെയ്യുന്നതിനായി ഇന്ദ്രൻ വീും ഉത്തേജിതനായി. ശ്രേഷ്ഠനും അജരനുമായ ആ ഇന്ദ്രൻ സ്തുതിക്കുന്നവർക്ക് ധനം നൽകണേ ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും അതിക്രമണം ചെയ്യുന്നു. അവൻെറ അർദ്ധഭാഗം ആകാശത്തിനും ഭൂമിക്കും തുല്യമാകുന്നു.

**2. അധാ മന്യേ ബൃഹദസുര്യമസ്യ യാനി ദാധാര നകിര്യമിനാതി |**

**ദിവേദിവേ സൂര്യോ ദശർതോ ഭൂദ്വി സദമാന്യുർവിയാ സുക്രതുർധാത് ||**

ഇപ്പോൾ നാമ ഇന്ദ്രൻെറ ശക്തിയെ സ്തുതിക്കുന്നു. ആ ശക്തി അസുരൻമാരെ ദഹിപ്പിക്കുന്നതിൽ സമർത്ഥമാണ് അവനെ കർമ്മങ്ങളിൽനിന്നും പിന്തിരിപ്പിക്കുവാൻ ആർക്കും സാധ്യമല്ല. അവൻ നിത്യവും വൃത്രനാൽമറക്കപ്പെട്ട സൂര്യനെ കാണുമാറാക്കി. ഈ ശ്രേഷ്ഠകർമ്മാവായ ഇന്ദ്രൻ തന്നെ ലോകത്തെ വിശാലമാക്കി.

**3. അദ്യാ ചിന്നു ചിത്തദപോ നദീനാം യദഭ്യോ അരദോ ഗാതുമിന്ദ്ര |**

**നി പർമതാ അദ്മസദോ ന സേദുസ്ത്വയാ ദൃളഹാനി സുക്രതാ രജാംസി ||**

ഹേ ഇന്ദ്രാ! പത്തേതുപോലെ ഇന്നും നദികളെ പ്രവഹിപ്പിക്കുന്ന നിൻെറ കർമ്മം തുടർന്നുകൊിരിക്കുന്നു. നദികൾക്കു പ്രവഹിക്കുന്നതിനുവേി നീ മാർഗ്ഗങ്ങൾ വെട്ടിത്തുറന്നിരിക്കുന്നു, ഭക്ഷണംകഴിക്കുവാനിരനുരിക്കുന്ന മനുഷ്യനെപ്പോലെ പർവതങ്ങളും നിഌെറ ആജ്ഞയിൽ ഉറച്ചിരിക്കുന്നു. ഹേ ശ്രേഷ്ഠകർമ്മാവായ ഇന്ദ്രാ! എല്ലാ ലോകങ്ങളേയും നീ തന്നെ ഉറപ്പിച്ചു.

**4. സത്യമിത്തന്ന ത്വാവാം അന്യോ അസ്തീന്ദ്ര ദേവോന മർത്യോ ജ്യായാൻ |**

**അഹന്നഹിം പരിശയാനമർണോ വാസൃജോ അപോ അഛാ സമുദ്രം ||**

ഹേ ഇന്ദ്രാ! നിനക്കു തുല്യനായി വേറൊരു ദേവനില്ല ഇത് നിതാന്ത സത്യമാകുന്നു. നിനക്കു തുല്യനായി യാതൊരു മനുഷ്യനുമില്ല. നിനക്കു പരിയായി യാതൊരു ദേവനോ മനുഷ്യനോ ഇല്ല എന്നതും സത്യം തന്നെയാകുന്നു. ജലരാശിയെ തടഞ്ഞു നിർത്തിവെച്ചുകൊിരുന്ന വൃത്രനെ തന്നെ വധിച്ച് ആ ജലത്തെ സമുദ്രത്തിൽ പതിക്കുവാൻ അഴിച്ചുവിടണേ.

**5. ത്വമപോ വി ദുരോ വിഷൂചീരിന്ദ്ര ദൃളഹമരുജഃ പർവതസ്യ |**

**രാജാഭവോ ജഗതശ്ചർഷണീനാം സാകം സൂര്യം ജനയൻദ്വാമുഷാസം ||**

ഹേ ഇന്ദ്രാ! വൃത്രനാൽ മറയ്ക്കപ്പെട്ട ജലത്തെ എല്ലാ ഭാഗത്തേയ്ക്കും ഒഴുകുവാനങ്ങനുവദിച്ചു. അങ്ങുതന്നെ മേഘത്തിൻെറ ബന്ധനങ്ങൾ മുറിച്ചുകളഞ്ഞു. സൂര്യനേയും സ്വർഗ്ഗത്തേയും ഉഷസ്സിനേയും ഒരേ സമയം പ്രകാശപ്പിച്ച നീ അഖിലലോകങ്ങളുടെയും ഈശ്വരനായി.

## സൂക്തം 31

**ഋഷി ഭരദ്വാജൻ. സുഹോത്രൻ ദേവത ഇന്ദ്രൻ; ഛന്ദസ്സ്, ത്രിഷ്ടുപ്, പംക്തി, ശക്വരി.**

**1. അഭൂരകോ രയിപതേ രയിണാമാ ഹസ്തയോരധിഥാ ഇന്ദ്ര കൃഷ്ടീഃ |**

**വി തോകേ അപ്സു തനയേ ച സൂരോ വോചന്ത ചർഷണയോ വിവാചഃ ||**

ഹേ വൈഭവം പ്രദാനം ചെയ്യുന്ന ഇന്ദ്രേ! നീ തന്നെ ധനങ്ങളുടെ സ്വാമിയാകുന്നു. നീ സ്വന്തം ഭുജബലത്താൽ പ്രജകളെ വഹിക്കുന്നവനാകുന്നു. മനുഷ്യഗണം പുത്രൻമാരെയും, ശത്രുക്കളേയും ജയിക്കുന്ന പൗത്രൻമാരെയും, വൃഷ്ടിയേയും ഉദ്ദേശിച്ച് വിഭിന്നങ്ങളായ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു.

**2. ത്വദ്ഭിയേന്ദ്ര പാർഥിവാനി വിശ്വാച്യുതാ ചിച്ച്യാവയന്തേ രജാംസി |**

**ദ്യാവാക്ഷാമാ പർവതാസോ വനാനി വിശ്വം ദൃളഹം ഭയതേ അജ്മന്നാ തേ ||**

ഹേ ഇന്ദ്രാ! നിന്നോടുള്ള ഭയത്താൽ അന്തരീക്ഷത്തിലുല്പന്നമായ ജലം വീഴുവാൻ യോഗ്യമല്ലാതിരുന്നിട്ടും മേഘത്താൽ പതിക്കപ്പെടുന്നു. ഹേ ഇന്ദ്രാ! ആകാശവും ഭൂമിയും പർവ്വതങ്ങളും, വൃക്ഷങ്ങളും അതുപോലെ എല്ലാചരാചര ജീവികളും നിൻെറ ആഗമനത്താൽ ഭയഭീതരാകുന്നു.

**3. ത്വം കുത്സേനാഭി ശുഷ്ണമിന്ദ്രാം ശുഷ യുധ്യ കുയവം ഗവിഷ്ഠൗ |**

**ദശ പ്രപിത്വേ അധ സൂര്യസ്യ മുഷായശ്ചക്രമവിവേരപാംസി ||**

ഹേ ഇന്ദ്രാ! കുത്സനെ സഹായിക്കുവാനായി നീ ശുഷ്ണനുമായി യുദ്ധം ചെയ്തു. ആ യുദ്ധത്തിൽ നീ കുയവനെ കൊന്നു. യുദ്ധത്തിൽ രഥത്തിൻെറ ചക്രം നീ അപഹരിച്ചു. ആ സമയം മുതൽ സൂര്യൻെറ രഥം ഒറ്റചക്രത്തോടുകൂടിയതായിത്തീർന്നു. പാപികളായ രാക്ഷസൻമാരെയും നീ വധിച്ചു.

**4. ത്വം ശതാന്യവ ശംബരസ്യ പുരോ ജഘന്ഥാപ്രതീനി ദസ്യോഃ |**

**അശിക്ഷോ യത്ര ശച്യാ ശചീവോ ദിവോ ദാസായ സുന്വതേ സുതക്രേ ഭരദ്വാജായ ഗൃണതേ വസൂനി ||**

ഹേ ഇന്ദ്രാ! നീ ശംബരൻ എന്ന രാക്ഷസൻെറ ആറു നഗരങ്ങളെ ധ്വംസിച്ചു. ഹേ മേധാവിയായ ഇന്ദ്രാ! നീ സോമം പിഴിയുന്ന ദിവോ ദാസനും, സ്തോതാവായ ഭരദ്വാജനും ധനം നൽകിയിരുന്നുവല്ലോ.

**5. സ സത്യസത്വൻമഹതേ രണായ രഥമാതിഷ്ഠ തുവിനൃമ്ണ ഭീമം |**

**യാഹി പ്രപഥിന്നവസോപ മദ്രിക്പ്ര ച ശ്രുത ശ്രാവയ ചർഷണിഭ്യഃ ||**

ഹേ അജയ്യരായ വീരൻമാരോടും, മഹത്തായ ധനത്തോടുംകൂടിയ ഇന്ദ്രാ! നീ ഭീഷണമായ യുദ്ധത്തിനുവേി നിൻെറ മഹാരഥത്തിൽ കയറിയാലും. ഹേ ശ്രേഷ്ഠമാർഗ്ഗ ഗാമിയായ ഇന്ദ്രാ! നിൻെറ രക്ഷാസാധനങ്ങൾ സഹിതം ഞങ്ങളുടെ അടുക്കലേയ്ക്കു വരണമേ, ഞങ്ങളെ എല്ലാ മനുഷ്യരിലും പ്രസിദ്ധരാകു.

## സൂക്തം 32

**ഋഷി സുഹോത്രൻ ദേവത ഇന്ദ്രൻ, ഛന്ദസ്സ് പംക്തി, ത്രിഷ്ടുപ്.**

**1. അപൂർവ്യാ പുരുതമാന്യസ്മൈ മഹേ വീരായ തവസേ തുരായ |**

**വിരപ്ശിനേ വജ്റിണേ ശന്തമാനി വാചാംസ്യാസാ സ്ഥവിരായ തക്ഷം ||**

മഹാനും, ശത്രുഹന്താവും, സ്തുത്യനും, വജ്രധാരിയും വളർന്നവനും ആയ ഇനായിനാം സുവിസ്തൃതവും, സുഖപ്രദവും അപൂർവ്വവും ആയ സ്തോത്രങ്ങൾ ഉച്ചരിക്കുന്നു.

**2. സ മാതരാ സൂര്യേണാ കവീനാമവാസയദ്രു ജദദ്രിം ഗൃണാനഃ |**

**സ്വാധീഭിർഋക്വഭിവാശാന ഉദുസ്രിയാണമസൃജന്നി ദാനം ||**

ജ്ഞാനികളായ അംഗിരസ്സുകൾക്കു വേി വാനുഴികളെ സൂര്യൻെറ പ്രകാശത്താൽ പ്രകാശിപ്പിക്കുകയും, ആ അംഗിരസ്സുകളാൽ സ്തുതിക്കപ്പെട്ടവനായി പർവ്വതങ്ങളെ പൊടിക്കുകയും ചെയ്തു. ആ അംഗിരസ്സുകളുടെ തുടർച്ചയായുള്ള യാചനയാൽ അവൻ ഗോക്കളെ ബന്ധനത്തിൽ നിന്നും മോചിപ്പിച്ചു.

**3. സ വഹ്നിഭിർഋക്വഭിർഗോഷു ശശ്വൻമിതജ്ഞുഭിഃ പുരുകൃത്വാ ജിഗായ |**

**പുരഃ പുരോഹാ സഖിഭിഃ സഗീയൻദൃളഹാ രുരേജാ കവിഭിഃ കവിഃ സൻ ||**

ബഹുകർമ്മാവായ ആ ഇന്ദ്രൻ യജ്ഞം നടത്തുന്നവരായ അംഗിരസ്സുകളോടുചേർന്ന് ശത്രുക്കളെപരാജയപ്പെടുത്തുകയും, രാക്ഷസനഗരങ്ങൾ തകർക്കുകയും ചെയ്തു.

**4. സ നീവ്യാഭിജർഭരിതാരമച്ഛാ മഹോ വാജേഭിർമഹദ്ഭശ്ച ശുഷ്മൈഃ |**

**പുരവീരാഭിർവൃം ക്ഷതീനാമാഗിർവണഃ സുവിതായ പ്ര യാഹി ||**

സ്തുതികളാൽ ഉപാസ്യനും അഭീഷ്ടങ്ങൾ നിറവേറ്റുന്നവനും ആയ ഇന്ദ്രാ! മഹാനായ നീ അന്നം, ബലം, കറവപ്പശുക്കൾ എന്നിവ സഹിതം സ്തോതാക്കൾക്കു സുഖം നൽകുവാനായി അവരുടെ അടുക്കലേയ്ക്ക് എഴുന്നള്ളിയാലും.

**5. സ സർഗേണ ശവസാ തക്തോ അത്യൈരപ ഇന്ദ്രോ ദക്ഷിണതസ്തുരാഷാട് |**

**ഇത്ഥാ സൃജാനാ അനപാവൃദർഥം ദിവേദിവേ വിവിപുരപ്രമൃഷ്യം ||**

ദുഷ്ടൻമാരേവശികരിക്കുന്ന ഇന്ദ്രൻ എപ്പോഴുമുള്ള തൻെറ ഗമനത്താൽ സൂര്യൻെറ ദക്ഷിണായനാകാലത്ത് ജലത്തെ അഴിച്ചുവിടുന്നു. ഇപ്രകാരം ആ ജലലരാശി പ്രശാന്തമായ സമുദ്രത്തിൽ നിത്യവും പതിച്ചുകൊിരിക്കുന്നു. അവിടെനിന്നും അതു തിരിച്ചു വരുന്നില്ല.

## സൂക്തം 33

**ഋഷി ശുനഹോത്രൻ. ദേവത ഇന്ദ്രൻ ഛന്ദസ്സ് പംക്തി**

**1. യ ഓജിഷ്ഠ ഇന്ദ്ര തം സു നോ ദാ മദോ വൃഷൻത്സ്വഭിഷ്ടിർദാസ്വാൻ |**

**സൗവശ്യം യോ വനവത്സ്വശ്വോ വൃത്രാ സമത്സുസാസഹദമിത്രാന് ||**

ഹേ അഭിലാഷവർഷകനായ ഇന്ദ്രാ! നീ ഞങ്ങൾക്ക് സുന്ദരമായി സ്തുതിക്കുന്നവനും, ഹവ്യദാതാവും ആയ ഒരു പുത്രനെ തന്നാലും അവൻ ശ്രേഷ്ഠമായ കുതിരപ്പുറത്തു കയറി യുദ്ധത്തിൽ വിരുദ്ധൻമാരായ ശത്രുക്കളെ പരാജയപ്പെടുത്തണേ.

**2. ത്വാം ഹീന്ദ്രാവസേ വിവചോ ഹവന്തേ ചർഷണയഃ ശൂരസാതൗ |**

**ത്വം വിപ്രേഭിർവി പണീരശായസ്ത്വോത ഇത്സനിതാവാജമർവാ ||**

ഹേ ഇന്ദ്രാ! സ്തുതിരൂപമായ വാണികളോടുകൂടിയ മനുഷ്യർ യുദ്ധത്തിൽ രക്ഷയ്ക്കായി നിന്നെ വിളിക്കുന്നു. നീ അംഗിരസ്സുകളോടു ചേർന്ന് പണികളെ വധിച്ചു നിൻെറ ഉപാസകർ അവിടത്തെ ആശ്രയത്തിൽ അന്നം പ്രാപിക്കുന്നു.

**3. ത്വ താം ഇന്ദ്രോഭയാം അമിത്രാന്ദാസാ വൃത്രാണ്യാർയാ ച ശൂര |**

**വധർവനേവ സുധിതേഭിരത്കൈരാ പൃത്സു ദർഷി നൃണാം നൃതം ||**

ഹേ വീരനായ ഇന്ദ്രാ! നീ ദസ്യക്കളും ആര്യൻമാരുമായ ശത്രുക്കളെ ദണ്ഡിക്കുന്നു. മരംമുറിക്കുന്ന കോടാലി വൃക്ഷങ്ങൾ മുറിച്ചിടുന്നതുപോലെ യുദ്ധക്ഷേത്രത്തിൽ നീ ശരിയായവണ്ണം തയ്യാറാക്കിയ ആയുധങ്ങളാൽ ശത്രുക്കളെ മുറിച്ചുതള്ളുന്നു.

**4. സ ത്വം ന ഇന്ദ്രാകവാഭിരുതീ സഖാ വിശ്വായുരവിതാ വൃധേ ഭൂഃ |**

**സ്വർഷാതാ യദ്ധ്വയാമാസി ത്വാ യുധ്യം ന്തോ നേമധിതാ പൃത്സു ശൂര ||**

ഹേ ഇന്ദ്രാ! നീ എല്ലാ ഇടങ്ങളിലും സഞ്ചരിക്കുന്നു. നിൻെറ ഉത്തമങ്ങളായ രക്ഷാസാധനങ്ങളാൽ ഞങ്ങളുടെ ഐശ്വര്യത്തെ വളർത്തുന്ന സഖാരൂപനാണല്ലോ. നീ സ്വന്തം വീരൻമാരോടുകൂടി സംഗ്രാമം നടത്തുന്നു. ഞങ്ങൾ ധനപ്രാപ്തിക്കായി നിന്നെ വിളിക്കുന്നു.

**5. നൂനം ന ഇന്ദ്രാപരായ ച സ്യാ ഭവാ മൃളീക ഉത നോ അഭിഷ്ഠൗ |**

**ഉത്ഥാ ഗൃണന്തോ മഹിനസ്യ ശർമന്ദിവി ഷ്യാമ പാർയേ ഗൗഷതമാഃ ||**

ഹേ ഇന്ദ്രാ! നീ ഈ സമയത്തും മറ്റു സമയങ്ങളിലും ഞങ്ങളുടേതുതന്നെ ആയിരിക്കേണമേ; ഞങ്ങളുടെ അവസ്ഥയ്ക്കനുസരണമായ സുഖം ഞങ്ങൾക്കു തരുമാറാകണം ഇപ്രകാരമുള്ള സ്തോതാക്കളായ ഞങ്ങൾ ഗോക്കളെ ആഗ്രഹിക്കുന്നവരായി നിൻെറ സുഖത്തിൽ വസിക്കണേ. ഇന്ദ്രാ! നീ മഹാനാണല്ലോ.

## സൂക്തം 34

**ഋഷി ഭരദ്വാജൻ ശൂനഹോത്രൻ, ദേവത ഇഗ്രൻ ഛന്ദസ്സ് ത്രിഷ്ടുപ്.**

**1. സം ച ത്വേ ജഗ്മുർഗിര ഇന്ദ്ര പൂർവീർവി ച ത്വദ്യന്തി വിഭ്വോ മനീഷാഃ |**

**പുരാ നൂനം ച സ്തുതയ ഋഷിണാം പസ്പൃധ്ര ഇന്ദ്രേ അധ്യുക്ഥാർകാ ||**

ഹേ ഇന്ദ്രാ! നിന്നിൽ അസംഖ്യങ്ങളായ സ്തോത്രങ്ങൾ വന്നുചേരുന്നു. നിന്നെ സ്തുതിക്കുന്നവർ വളരെയധികം പ്രശംസിക്കപ്പെടുന്നു. പുകാലത്തും ഇപ്പോഴും ഋഷികളിൽ സ്തോത്രങ്ങളും, സാധനകളും മന്ത്രാദിയുക്തമായ പൂജയ്ക്കായി പരസ്പരം മൽസരിക്കുന്നു.

**2. പുരു ഹൂതോ യ പുരുഗൂർത ഋഭ്വാം ഏകഃ യുരുപ്രശസ്തോ അസ്തി യജ്ഞൈഃ |**

**രഥോ ന മഹേ ശവസേ യുജാനോസ്മാഭിരിന്ദ്രോ അനുമാദ്യോ ഭൂത് ||□**

നാം എപ്പോഴും ഇന്ദ്രനെ പ്രസാദിപ്പിക്കുന്നു. അവൻ അനേകരാൽ വിളിക്കപ്പെടുന്നവനും, മഹാനും, അദ്വിതീയനും, യജമാനൻമാരാൽ വിധിയാം വണ്ണം പൂജിതനുമാകുന്നു. നാം രഥത്തിനുതുല്യം ഇന്ദ്രനോടു പ്രീതിയുള്ളവരായി ലാഭത്തിനുവേി എപ്പൊഴും അവനെ സ്തുതിക്കും.

**3. ന യം ഹിംസന്തി ധിതയോ ന വാണീരിന്ദ്രം നക്ഷന്തീദഭി വർധയന്തീഃ |**

**യദി സ്തോതാരഃ ശതം യത്സഹസ്രംഗൃഹന്തി നിർവണസം ശം തദസ്മൈ ||**

സമ്പന്നതയെ വിധാനം ചെയ്യുന്നു സ്തോത്രങ്ങൾ ഇന്ദ്രൻെറ മുന്നിലെത്തണേ. കർമ്മങ്ങളും സ്തുതികളും ഇന്ദ്രനെ തടസ്സപ്പെടുത്തുന്നില്ല. നൂറായിരം സ്തോതാക്കൾ സ്തുത്യനായ ഇന്ദ്രനെ സ്തുതിച്ചു കൊയേിരിക്കുന്നു.

**4. അസ്മാ ഏതദ്ദിവ്യർ ചേവ മാസാ മിമിക്ഷ ഇന്ദ്രേ ന്യയാമി സോമഃ |**

**ജനം ന ധന്വന്നദി സം യദാപഃ സത്രാ വാവൃധുർവഹനാനി യജ്ഞൈഃ ||**

ഈ യജ്ഞദിനത്തിൽ സ്തോത്രസമാനമായ പൂജാസഹിതം ഇന്ദ്രനുവേി മിശ്രിതമായ സോമരസം തയ്യാറാക്കിയിരിക്കുന്നു. മരുഭൂമിയിലേയ്ക്കു ചെല്ലുന്ന ജലം ജീവികളെ പാലിക്കുന്നതുപോലെ, ഹവിസ്സുകളോടുകൂടി അർപ്പിക്കപ്പെടുന്ന സ്തോത്രങ്ങൾ ഇന്ദ്രനെ

വൃദ്ധിപ്പെടുത്തുന്നു.

**5. അസ്മാ ഏതനഹ്യാങ്ഗുഷമസ്മാ ഇന്ദ്രായ സ്തോത്രം മതിഭീരവാചി |**

**അസദ്യഥാ മഹതി ത്രരൂര്യ ഇന്ദ്രോ വിശ്വായൂരവിതാ വൃധശ്ച ||**

സർവസഞ്ചാരിയായ ഇന്ദ്രൻ ഭീഷണയുദ്ധത്തിൽ നമ്മുടെ രക്ഷകനും, സമൃദ്ധിനൽകുന്നവനും ആകണേ, അതിനാൽ സ്തോതാക്കളുടെ സ്തോത്രങ്ങൾ ആവേശത്തോടുകൂടി അവനുവേി ഉച്ചരിക്കപ്പെടുന്നു.

## സൂക്തം 35

**ഋഷി നരൻ, ദേവത ഇന്ദ്രൻ ഛന്ദസ്സ് ത്രിഷ്ടുപ്, പംക്തി**

**1. കദാ ഭുവന്യഥക്ഷയാണി ബ്രഹ്മ കദാ സ്തോത്രേ സഹസ്ര പോഷ്യ ന്ദാഃ |**

**കദാ സ്തോമം വാസയോ സ്യ രായാ കദാ ധിയഃ കരസി വാജരത്നാഃ ||**

ഹേ ഇന്ദ്രാ! നീ രഥാരൂഢനാകുന്നു. നിന്റെ സ്തോത്രങ്ങൾ എപ്പോൾ വന്നെത്തും? ഞാനാകുന്ന സ്തോതാവിന് ആയിരം പുരുഷൻമാരാൽ യുക്തമായ ഗോക്കളെ ദാനം ചെയ്യണേ. സ്തുതിക്കുന്ന ഞാനാകുന്ന സ്തോതാവിനെ ധനത്താൽ എപ്പോൾ ബഹുമാനിതനാക്കും. നീ ഞങ്ങളുടെ യജ്ഞാദികർമ്മങ്ങളെ അന്നത്താൽ എപ്പോൾ സുശോഭിതമാക്കും?

**2. കഹിം സ്വിത്തദിന്ദ്ര യന്ന്യഭിർന്യന്വീരൈർവിരാന്നിളയാസേ ജയാജീൻ |**

**ക്രിധാതു ഗാ അധി ജയാസി ഗോഷ്വിന്ദ്ര ദ്യുമ്നം സ്വർവദ്ധേഹ്യസ്മേ ||**

ഹേ ഇന്ദ്രാ നീ ഞങ്ങളുടെ ആളുകളെ ആൾക്കാരുമായും, ഞങ്ങളുടെ ശത്രുക്കളുടെ പുത്രൻമാരെ ശത്രുക്കളുടെ പുത്രൻമാരുമായും എപ്പോൾ ഏറ്റുമുട്ടിക്കും രണക്ഷേത്രത്തിൽ നീ ഞങ്ങളെ എപ്പോൾ വിജയിപ്പിക്കും എന്നായിരിക്കും ഞങ്ങൾക്ക് കറവപ്പശുക്കളെ ജയിച്ചെടുത്തുതരിക ഹേ ഇന്ദ്രാ! നീ ഞങ്ങൾക്കെപ്പോൾ ധനം നൽകും.

**3. കഹിം സ്വിത്തദിന്ദ്ര യജ്ജരിത്രേ വിശ്വപ്സം ബ്രഹ്മകൃണവഃ ശവിഷ്ഠ |**

**കദാ ധിയോ ന നിയുതോ യുവാസേ കദാ ഗോമധാ ഹവനാനി ഗഛാഃ ||**

ഹേ ഇന്ദ്രാ നീ സ്തോതാക്കൾക്ക് വിവിധതരത്തിലുള്ള അന്നം എപ്പോൾ നൽകും? നീ ഞങ്ങളുടെ യജ്ഞത്തിൽ സ്തോത്രത്തെ എപ്പോൾ സ്വീകരിക്കും നീ സ്തുതിക്കുന്നവരെ എപ്പോൾ ഗോദാനത്തിനു യോഗ്യരാക്കും.

**4. സ ഗോമധാ ജരിത്രേ അശ്വശ്ചന്ദ്രഃ വാജശ്രവസോ അധി ധേഹി പൃക്ഷഃ**

**പീപിഹീഷഃ സുദുഘാമിന്ദ്രധേനും ഭരധ്വാജേഷു സുദുചോ തരുച്യാഃ**

ഹേ ഇന്ദ്രാ! നീ സ്തോതാവിനു പശുക്കളെ നൽകുന്ന അശ്വങ്ങൾവഴിയായി ആഹ്ലാദിപ്പിക്കുന്ന, ശക്തികൊുപ്രസിദ്ധമായ അന്നം ഭരദ്വാജവംശത്തിലെ സ്തോതാക്കൾക്കും പ്രദാനം ചെയ്താലും അന്നങ്ങളേയും നല്ലകറവപ്പശുക്കളേ തഴപ്പിച്ചാലും. ആ ഗോക്കൾ സൽപ്രഭകൊ് പ്രകാശിക്കണേ. നീ അങ്ങിനെ കൃപചെയ്താലും.

**5. തമാ നൂനം വൃജനമന്യഥാ ചിച്ഛ്ഹൂരോ യച് ഛക്ര വിദുരോ ഗൃണീഷേ |**

**മാ നിരരം ശുക്രദുഘ സ്യ ധേനോരാങ്ഗിരസാൻ ബ്രഹ്മണാ വിപ്ര ജിന്വ ||**

ഇന്ദ്രാ! നീ മഹാപരാക്രമിയും ശത്രുസംഹാരകനും ആകുന്നു സ്തോതാക്കളായ ഞങ്ങൾ ഇപ്രകാരം സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! നീ നല്ല വസ്തുക്കൾ നൽകുന്നവനാണല്ലോ ഞങ്ങൾ നിന്നെ സ്തുതിക്കുന്നതിൽ നിന്നും പിൻമാറുന്നില്ല ഹേ ഇന്ദ്രാ നീ അംഗിരസ്സുകൾക്കു അന്നം നൽകി അവരെ സന്തോഷിപ്പിക്കൂ.

## സൂക്തം 36

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ത്രിഷ്ടുപ്**

**1. സത്രാമ ദാസസ്തവ വിശ്വജന്യാഃ സത്രാ രായോ ധയേ പാർഥിവാസഃ |**

**സത്രാ വാജാനാമഭവോ വിഭക്താ യദ്ദേവേഷു ധാരയഥാ അസുര്യം ||**

ഹേ ഇന്ദ്രാ സോമം പാനം ചെയ്തതിൽ നിന്നും നിനക്കുായ ആഹ്ലാദം ഞങ്ങൾക്കു മംഗളകാരിയാകണേ. ത്രിലോകസ്ഥിതമായ നിന്റെ ധനം എല്ലാവർക്കും മംഗളദായകമാകുന്നു. ഹേ ഇന്ദ്രാ! നീ അന്നദാതാവാകുന്നു. നീ ദേവകളെക്കാൾ അധികം ശക്തി വഹിക്കുന്നവനാകുന്നു.

**2. അനു പ്ര യേജേ ജന ഓജ അസ്യ സത്രാ ദധിരേ അനു വീര്യായ |**

**സ്യൂമഗൃഭേ ദുധയേർവതേ ച ക്രതും വൃഞ്ജന്ത്യപി വത്രഹത്യേ ||**

വിരത്വം പ്രാപിക്കുന്നതിനുവേി യജമാനൻ ഇന്ദ്രനെ പുരോഭാഗത്തു പ്രതിഷ്ഠിച്ചുകൊ് അദ്ദേത്തിന്റെ ബലത്തെ പ്രത്യേകമായി പൂജിക്കുന്നു. അവൻ ശത്രുദലത്തെ തടഞ്ഞ്, അവരെ ഹനിച്ച്, അവരുടെ മേൽ ആക്രമണം നടത്തി ആ ഇന്ദ്രൻ വൃത്രനെ വധിക്കും. അതിനാൽ യജമാനൻ അവനെ സേവിക്കുന്നു.

**3. തം സധ്രീചീരുതയോ വൃഷ്ണ്യാനി പൌംസ്യാനി നിയുതഃ സശ്ചുരിന്ദ്രം |**

**സമുദ്രം നസിന്ധവ ഉക്ഥശുഷ്മാ ഉരുവ്യചസ ഗിരി ആ വിശന്തി ||**

മരുത്തുക്കൾ ഒന്നുചേർന്ന് ഇന്ദ്രനെ സേവിക്കുന്നു. വീര്യവും ബലവും രഥത്തിൽ കെട്ടുന്ന അശ്വങ്ങളും ഇന്ദ്രനെ സേവിക്കുന്നു. നദികൾ സമുദ്രത്തിൽ ചേരുന്നതുപോലെ ഉപാസനാരൂപവും, ബലയുക്തവും ആയ സ്തുതികൾ ഇന്ദ്രനോടുചേരുന്നു.

**4. സ രായസ്സ്വാമുപ സൃജാഗൃണാനഃ പുരുശ്ചന്ദ്രസ്യ ത്വമിന്ദ്ര വസ്വഃ |**

**പതിർബഭൂഥാസമോ ജനാനാമേകോ വിശ്വസ്യ ഭുവനസ്യ രാജാ ||**

ഹേ ഇന്ദ്രാ! സ്തുതിക്കപ്പെടുമ്പോൾ നീ അനേകർക്ക് അന്നം പ്രദാനം ചെയ്യുകയും, ഗൃഹം നൽകിക്കുകയും, ധനത്തെ പ്രവഹിപ്പിക്കുകയും ചെയ്താലും. നീ എല്ലാ ജീവികൾക്കും പ്രധാന നായകനും, ജൻമമെടുത്തിട്ടുള്ള എല്ലാത്തിനും ഏകമാത്രനായ ഈശ്വരനും ആകുന്നു.

**5. സ തു ശ്രുധി ശ്രുത്യാ യോ ദുവോയുർഭ്യൗർന ഭൂമാമിം രായോ അര്യഃ |**

**അസോ യഥാ നഃ ശവസാ ചകാനോ യുഗേയുഗേ വയസാ ചേകിതാനഃ ||**

ഹേ ഇന്ദ്രാ! നീ ശ്രവണമധുരങ്ങളായ സ്തോത്രങ്ങളെ ശ്രവിക്കേണമേ. ഞങ്ങളുടെ സേനയെ ആഗ്രഹിച്ച് സൂര്യനെപ്പോലെ ശത്രുധനങ്ങളുടെ ജേതാവായാലും. ഹേ ഇന്ദ്രാ! നീ മഹാബലവാനാണല്ലോ, നീ ഒരേ സമയത്തും സ്തുതിക്കപ്പെടുന്നവനായി, ഹവ്യരൂപമായ അന്നത്താൽ പ്രകാശിതനായി പണ്ടെന്നതുപോലെതന്നെ ഞങ്ങളുടെ അടുക്കൽ വസിക്കുമാറാകണേ.

## സൂക്തം 37

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ; ഛന്ദസ്സ് ത്രിഷ്ടുപ്**

**1. അർവാഗ്രഥം വിശ്വവാരം ത ഉഗ്രേന്ദ്ര യുക്താസോ ഹരയോ വഹന്തു |**

**കീരിശ്ചിദ്ധിത്വാ ഹവതേ സ്വർവാന്യധീമഹി സധമാദസ്തേ അദ്യ ||**

ഹേ ഇന്ദ്രാ! നിന്റെ രഥത്തിൽ പൂട്ടപ്പെട്ട അശ്വങ്ങൾ ഞങ്ങളുടെ മുമ്പിൽ വരണേ, ഭരദ്വാജൻ നിന്നെ ആഹ്വാനം ചെയ്യുന്നു. ഞങ്ങൾ നിന്നോടുകൂടി തടിച്ചവരായി വൃദ്ധിയെ പ്രാപിക്കണേ.

**2. പ്രോ ദ്രോണേ ഹരയഃ കർമാഗ്മൻ പുനാനാസ ഋജ്യന്തോ അഭൂവൻ |**

**ഇന്ദ്രോ നോ അസ്യ പൂർവ്യഃ പപിയാദ്ദ്യുക്ഷോ മദസ്യ സോമസ്യ രാജാ ||**

ഞങ്ങളുടെ യജ്ഞത്തിൽ സോമരസം ഒഴുകുന്നു. അത് കലശത്തിലേക്കുപോകുന്നു. ഹർഷദായകമായ സോമത്തിന്റെ സ്വാമി ഈ സോമരസത്തെ പാനം ചെയ്യണേ.

**3. ആസസ്രാണാസഃ ശവസാനമച്ഛേന്ദ്രം സുചക്രേ രഥ്യാസോ അശ്വാഃ |**

**അഭി ശ്രവ ഋജ്യന്തോ വഹേയുർനു ചിന്നു വയോരമൃതം വി ദസ്യേത് ||**

രഥത്തിൽ കെട്ടപ്പെട്ട അശ്വങ്ങൾ മഹാശക്തനായ ഇന്ദ്രനെ നമ്മുടെ മുമ്പിൽ കൊണ്ടുവരട്ടെ. സോമരൂപമായ ഹവിസ്സിനെ വായു നശിപ്പിക്കാതിരിക്കണേ. അതിന്റെ ഗുണംനശിക്കുന്നതിനു മുമ്പായ ഇന്ദ്രൻ അതിനെ തപാനം ചെയ്യണേ.

**4. വരിഷ്ഠോ അസ്യ ദക്ഷിണാമിയർതീന്ദ്രോ മഘോനാ തുവികൂർമിതമഃ |**

**പയാ വജ്രിവഃ പരിയാസ്യംഹോ മഘാ ച ധൃഷ്ണോ ദയസേ വി സൂരിൻ ||**

ഹവിർവാനായ യജമാനന് ബലവാനായ ഇന്ദ്രൻ ധനം നൽകുന്നു. ഹേ വജ്രായുധാ! നീ പാപത്തെ നശിപ്പിച്ചാലും നിന്റെ ദാനത്താൽ ഞങ്ങൾക്ക് ധനവും പുത്രൻമാരും ലഭ്യമാകണേ.

**5. ഇന്ദ്രോ വാജസ്യ സ്ഥവിരസ്യ ദാതന്ദ്രോ ഗീർഭിർവർധതാം വൃദ്ധമഹാഃ |**

**ഇന്ദ്രോ വൃത്രം ഹനിഷ്ഠോ അസ്തു സത്വാ താ സൂരിഃ പൃണാതി രുതുജാനഃ ||**

ഇന്ദ്രൻ ശ്രേഷ്ഠമായ അന്നവും ബലവും നൽകണേ. അവൻ നമ്മുടെ സ്തുതികളാൽ വളരണേ. ശത്രുഹന്താവായ ഇന്ദ്രൻ ശത്രുക്കളെ കൊല്ലുകയും, ധനം എല്ലാം നമുക്കു നൽകുകയും ചെയ്യണേ.

## സൂക്തം 38

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ത്രിഷ്ടുപ്**

**1. അപാദിത ഉദു നിശ്ചിത്രതമോ മഹീം ഭർഷദ് ദ്യുമതീമിന്ദ്രഹൂതിം |**

**പന്യസീം ധീതിം ദൈവ്യ സ്യ യാമജ്ജനസ്യ രാതിം വനതേ സുഭാനുഃ ||**

അത്ഭുതനായ ഇന്ദ്രൻ സോമം പാനം ചെയ്യണേ. അവൻ നമ്മുടെ ആഹ്വാനങ്ങൾ ശ്രവിക്കണേ. യജമാനന്റെ യജ്ഞത്തിൽ ഇന്ദ്രൻ സ്തുതിയും ഹവിസ്സും സ്വീകരിക്കണേ.

**2. ദൂരാച്ചിദാ വസതോ അസ്യ കർണാ ഘോഷാദിന്ദ്രസ്യതന്യതി ബ്രുവാണഃ |**

**ഏയമേനം ദേവഹൂതിർവവൃത്യൻദ്ര്യഗിന്ദ്രമിയമൃച്യമാനാ ||**

ഇന്ദ്രന്റെ ഇരുചെവികളും സ്തോത്രങ്ങൾ ശ്രവിക്കുന്നതിനായി ദൂരെ നിന്നും വരുന്നു. ആ സമയം സ്തോതാക്കൾ ഉച്ചസ്വരത്തിൽ സ്തുതിക്കുന്നു. നമ്മുടെ സ്തുതികൾ ഇന്ദ്രനെ നമ്മുടെ അടുക്കൽ കൊ ു വരണേ.

**3. തം വോ ധിയാ പരമയാ പുരാജാമജരമിന്ദ്രമഭ്യനൂഷ്യർകൈഃ |**

**ബ്രഹ്മാ ച ഗിരോ ദധിരേ സമസ്തിൻമഹാംശ്ച സ്തോമോ അധ വർധദിന്ദ്രേ ||**

ഹേ ഇന്ദ്രാ! നീ പ്രാചീനനും അക്ഷുണ്ണനും ആകുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സ്തോത്രങ്ങളും ഹവിസ്സുകളും ഇന്ദ്രനിൽതന്നെ ലീനമാകുന്നു. സ്തോത്രങ്ങൾ വൃദ്ധിയെ പ്രാപിക്കുന്നു.

**4. വർധാദ്യ യജ്ഞ ഉത സോമ ഇന്ദ്രം വർധാദ്ബ്രഹ്മ ഗിര ഉക്ഥാ ച മൻമ |**

**വർധാഹൈനമുഷസോ യാമന്നക്തോവർധാൻമാസാഃ ശരദോ ദ്യാവ ഇന്ദ്രം ||**

**5. ഏവാ ജജ്ഞാനം സഹസേ അസാമി വാവൃധാനം രാധസേ ച ശ്രുതായ |**

**മഹാമുഗ്രമവസേ വിപ്ര നൂനമാ വിവാസേമവൃത്രതൂര്യേഷു ||**

യജ്ഞവും സോമരസവും യാതൊരിന്ദ്രനെ വളർത്തുന്നുവോ, സ്തുതിയും, പൂജയും യാതൊരിന്ദ്രനെ പ്രവൃദ്ധമാക്കുന്നുവോ യാതൊരുത്തനെ ദിനരാത്രങ്ങളുടെ ഗതി വളർത്തുന്നുവോ, യാതൊരുത്തനെ മാസങ്ങളും, ദിനങ്ങളും, സംവത്സരങ്ങളും വളർത്തുന്നുവോ, ഹേ ഇന്ദ്രാ! അങ്ങിനെയുള്ള നീ മഹാശക്തനാണല്ലോ. ഞങ്ങൾ ഇന്ന് ധനത്തിനും, യശസ്സിനും, രക്ഷയ്ക്കും, ശത്രുഹനനത്തിനും വേ ി നിന്നെ സേവിക്കുന്നു.

## സൂക്തം 39

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ത്രിഷ്ടുപ്, പംക്തി**

**1. മന്ദ്രസ്യ കർവേർദിവ്യസ്യ വഹേർവിപ്രമൻനോ വചനസ്യ മധ്വഃ**

**അപാ നസ്തസ്യ ദേവേഷോ യുവസ്വ ഗൃണുതേ ഗോ അഗ്രാഃ**

ഹേ ഇന്ദ്രാ! ഞങ്ങളുടെ സോമം പാനം ചെയ്യണേ. ഈ സോമം ഫലം നൽകുന്നതും, ഹർഷദായകവും, ദിവ്യവുമാകുന്നു ഹേ ഇന്ദ്രാ! ഞങ്ങൾക്കു ശ്രേഷ്ഠമായ അന്നം തരണേ.

**2. അയമുശാനഃ പരിദ്രിമുസ്രാഋതധീതിഭിർഋതയുഗ്യുജാനഃ |**

**രുജദരുഗ്ണം വി ബലസ്യ സാനും പുണീരവവോഭിരഭി യോധദീന്ദ്രഃ ||**

നീ അംഗിരസ്സുകളെ കൂട്ടുചേർത്ത് പർവതത്തിൽ ഒളിപ്പിക്കപ്പെട്ട ഗോക്കളെ ഉദ്ധരിക്കുവാനായി പണികളെ പരാജിതരാക്കി.

**3. അയം ദ്യോദയദദ്യുതോ വ്യക്തുന്ദോഷാ വസ്തോ ശരദ ഇന്ദുരിന്ദ്രഃ |**

**ഇമം കേതുമദധുർനൂ ചിദഹ്നാം ശുചിജൻമന ഉഷസുശ്ചകാര ||**

ഹേ ഇന്ദ്രാ! ഈ സോമം രാത്രിക്കും, പകലിനും, വർഷത്തിനും എല്ലാത്തിനും തേജസ്സ് നൽകിയിരിക്കുന്നു. ദേവകൾ ഈ സോമത്തെത്തന്നെ ദിവസത്തിൻെറ ധ്വജരൂപമായി സ്ഥാപിച്ചു. സോമം തൻെറ തേജസ്സാൽ ഉഷസ്സുകളെ പ്രകാശിപ്പിച്ചു.

**4.അയം രോചയദുരുചോ രുചനോയം വാസയദ് വ്യൃതേന പൂർവിഃ |**

**അരമീയത ഋതയുഗ്ഭിരശ്വൈ സ്വർവിദാ നാഭിനാ ചർഷണിപ്രാഃ |**

സൂര്യത്മകനായ ഇന്ദ്രൻ അന്ധകാരയുക്തമായ ലോകങ്ങളെ പ്രകാശിപ്പിക്കുകയും, തൻെറ ദീപ്തിയിൽ ഉഷസ്സുകളേ തേജോമയികളാക്കുകയും ചെയ്തു. ഈ ഇന്ദ്രൻ മനുഷ്യർക്ക് അഭിഷ്ടഫലങ്ങളുളവാക്കുന്നു. ഇദ്ദേഹം സ്തോത്രങ്ങൾ വഴിയായി യോജിപ്പിക്കപ്പെട്ട അശ്വങ്ങളോടുകൂടിയ രഥത്തിൽ കയറി ഗമനം ചെയ്തു.

**5. നൂ ഗൃണാനോ ഗണതേ പ്രത്ന രാജന്നിഷഃ പിന്വ വസുദേയായ പൂർവീം |**

**അപ ഔഷധീരവിഷാ വനാനി ധാ അർവതോ നൄനൃചേസ രിരീഹി ||**

ഹേ ഇന്ദ്രാ! സ്തോതാവിന് അപരിമിതമായ ധനം നൽകിയാലും. ജലം ഔഷധികൾ, അശ്വങ്ങൾ, ഗോക്കൾ, മനുഷ്യാദികൾ, മുതലായവയേയും നൽകി.

## സൂക്തം 40

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് പംക്തി ത്രിഷ്ടുപ്.**

**1. ഇന്ദ്ര പിബ തുഭ്യം സൂതോ മദായാവ സ്യ ഹരി വി മുചാ സഖായാ |**

**ഉത പ്ര ഗായ ഗണ ആ നിഷദ്യാഥാ യജ്ഞായ ഗൃണതേ വയോ ധാഃ ||**

ഹേ ഇന്ദ്രാ! നീ ഹർഷണത്തിനായി യാതൊരു സോമം പിഴിഞ്ഞു വച്ചിരിക്കുന്നുവോ: അതുപാനം ചെയ്താലും. നിൻെറ അശ്വങ്ങളെ രഥത്തിൽ പൂട്ടുകയും യജ്ഞസ്ഥാനം വിട്ട് സ്തോതാക്കളുടെ ജഡ്യേ വിരാജിതനാകുകയും ചെയ്യുന്നു.

**2. അസ്യ പിബ യസ്യ യജ്ഞാന ഇന്ദ്ര മദായ ക്രത്വേ മദായ അപിബോ വിരപ്ശിൻ |**

**തമു തേ ഗാവോ നര ആപോ അദ്രിരിന്ദം സമഹിൻപീതയേ സമസ്മൈ ||**

ഹേ ഇന്ദ്രാ! നീ ജനിച്ചപ്പോൾ തന്നെ എപ്രകാരം സോമം പാനം ചെയ്തുവോ അതുപോലെ തന്നെ ഇപ്പൊഴും പാനം ചെയ്താലും. ഗോക്കളും, ഋത്വിക്കുകളും, അമ്മിക്കല്ലും എല്ലാം നിനക്കുവേി ചേർന്നിരിക്കുന്നു.

**3. സമിദ്ധേ അഗ്നൗ സൂത ഇന്ദ്ര സോമ ആ ത്വാ വഹന്തു ഹരയോ വഹിഷ്ഠാഃ |**

**ത്വായതാ മനസാ ജോഹവി മീന്ദ്രാ യാഹി സുവിതായ മഹേ നഃ ||**

ഹേ ഇന്ദ്രാ! അഗ്നിപ്രാപ്തമായിരിക്കുന്നു. സോമം പിഴിഞ്ഞിരിക്കുന്നു നിൻെറ അശ്വങ്ങളെ ഇവിടെ കൊവരണേ ഞങ്ങൾ ഹൃദയംഗമായി നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങളെ സമൃദ്ധനാക്കുവാനായി ആഗതനായാലും.

**4. ആ യാഹി ശശ്വദുശതാ യയാഥേന്ദ്ര മഹാ മനസാ സോമപേയം |**

**ഉപ ബ്രഹ്മാണി ശൃണവ ഇമാ നോ ഥാ തേ യജ്ഞ സ്താന്വേ വയോ ധാത് ||**

ഹേ ഇന്ദ്രാ! സോമം പാനം ചെയ്യുവാനായി നീ അനേകം പ്രാവശ്യം വന്നിട്ടുല്ലോ ഇപ്പൊഴും അതിനായി വരികയും ഞങ്ങളുടെ സ്തുതികൾ ശ്രവിക്കുകയും ചെയ്യും. ഈ യജമാനൻ നിൻെറ പുഷ്ടിക്കായി ഈ സോമത്തെ സമർപ്പിക്കുന്നു.

**5. യദിന്ദ്ര ദിവി പാർയേ യദൃധഗ്യദ്വാ സ്വേ സദനനേ യത്ര വാസി |**

**അതോ നോ യജ്ഞമവസേ നിയുത്വാൻ ത്സജോഷാഃ പാഹി ഗിർവണോ മരുദ്ഭി ||**

ഹേ ഇന്ദ്രാ! നീ എവിടെയെങ്കിലും മാകട്ടെ അവിടെ നിന്നും മരുത്തുക്കളോടുകൂടി ആഗതനാകുകയും ഞങ്ങളുടെ യജ്ഞത്തെ സംരക്ഷിക്കുകയും ചെയ്യണമേ.

## സൂക്തം 41

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ത്രിഷ്ടുപ് പംക്തി**

**1. അഹേളമാന ഉപ യാഹി യജ്ഞം തുഭ്യം പവന്ത ഇന്ദവ സുതാസഃ |**

**ഗാവോ ന വജ്രിൻത്സ്വമോകോ അച്ഛേന്ദ്രാ ഗഹി പ്രഥമോ യജ്ഞിയാനാം ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ യജ്ഞത്തിൽ ആഗതനായാലും പിഴിഞ്ഞെടുത്ത സോമം നിനക്കായി വച്ചിരിക്കുന്നു. വജ്രായുധാ! ഗോക്കൾ തൊഴുത്തിലേയ്ക്കു പോകുന്നതുപോലെ സോമം കലശത്തിലേയ്ക്കു പോകുന്നു. യജ്ഞിയെ ദേവകളിൽ പ്രമുഖനായ ഇന്ദ്രാ! ഭവാൻ ഇങ്ങോട്ടു വരണമേ.

**2. യാ തേ കാകുത്സുകൃതാ യാ വരിഷ്ഠാ യയാ ശശ്വത്പിബസി മധ്വ ഊർമിം |**

**തയാ പാഹിം പ്ര തേ അധ്വര്യുരസ്ഥാത്സം തേ വജ്രോ വർതതാമിന്ദ്ര ഗവ്യുഃ ||**

ഹേ ഇന്ദ്രാ! നീ ഏതു ജിഹ്വയാൽ എപ്പോഴും സോമരസം പാനം

ചെയ്യുന്നുവോ, അതേ ജിഹ്വയാൽ തന്നെ ഞങ്ങളുടെ സോമരസം പാനം ചെയ്യണമേ. ഋത്വിജൻ സോമത്തോടുകൂടി നിന്റെ മുമ്പിൽ ഹാജരായിരിക്കുന്നു. ഹേ ഇന്ദ്രാ! നിന്റെ വജ്രം ശത്രുക്കളെ വധിക്കണേ.

**3. ഏഷ ദ്രപ്സോ വൃഷഭോ വിശ്വരൂപ ഇന്ദ്രായ വൃഷ്ണേ സമകാരി സോമഃ |**

**ഏതം പിബ ഹരിവഃ സ്ഥാതരുഗ്ര യസ്യേശിഷേ പ്രദിവി യസ്തേ അന്നമ് ||**

ഇന്ദ്രനുവേി അഭീഷ്ടകവർഷമായ ഈ സോമം പിഴിഞ്ഞെടുത്തിരിക്കുന്നു. ഹേ ഇന്ദ്രാ! നീ ഏതൊരു സോമരസത്തിൻമേൽ ഭരണം നടത്തിയോ; യാതൊന്നിനെ അന്നരൂപമായി നീ മാനിക്കുന്നുവോ അതേ സോമരസത്തെ നീ പാനം ചെയ്താലും.

**4. സുതഃ സോമേ അസുതാദിന്ദ്ര വസ്യാനയം ശ്രേയാഞ്ചികിതുഷേ രണായ |**

**ഏത തിതിവ ഉപ യാഹി യജ്ഞ തേന വിശ്വാസ്ത വിഷീരാ പൃണക്ഷ്വ ||**

ഹേ ഇന്ദ്രാ! പിഴിഞ്ഞെടുത്ത സോമം പിഴിയാത്ത സോമത്തെക്കാൾ വളരെ ശ്രേഷ്ഠമാകുന്നു. നിനക്കത് ലഹരി പ്രദാനം ചെയ്യുന്നു. യജ്ഞത്തിന്റെ സാധനരൂപമായ ഈ സോമത്തിന്റെ അടുക്കൽ വരികയും, ഇതിനാൽ തന്റെ ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും പുഷ്ഠിപ്പെടുത്തുകയും ചെയ്താലും.

**5. ഹ്വയാമസി ത്വേന്ദ്ര യാഹ്യർവാങ്രം തേ സോമസ്തന്വേ ഭവാതി |**

**ശതക്രതോ മാദയസ്വാ സുതേഷു പ്രാസ്താം അവ പൃതനാസു പ്ര വിക്ഷു ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങളുടെ അടുക്കൽ വന്നാലും. ഈ സോമരസം നിന്റെ ദേഹത്തിനുപര്യാപ്തമാകണേ. നീ ഇതിനാൽ ആനന്ദം പ്രാപിച്ച് ഞങ്ങളെല്ലാവരേയും രക്ഷിക്കണേ.

## സൂക്തം 42

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ഉഷ്ണിക അനുഷ്ടുപ് |**

**1. പ്രത്യസ്മൈ പിപീഷതേ വിശ്വാനി വിദുഷേ ഭര**

**അരങ്ഗമായ ജഗ്മയേപശ്ചാദ്ദഘ്വനേ നരേ ||**

ഋത്വിജൻമാരേ! ഇന്ദ്രനുവേി സോമരസം സമർപ്പിക്കുവിൻ. അവൻ യജ്ഞത്തിന്റെ നായകനും സർവ്വജ്ഞാതാവുമാണ്. എങ്ങും സഞ്ചരിക്കുന്നവനുമാണ്.

**2. ഏമേനം പ്രത്യേതന സോമേഭിഃ സോമപാതമം |**

**അമത്രേഭിർഋജീഷിണമിന്ദ്രം സുതേഭിരിന്ദുഭിഃ ||**

ഹേ ഋത്വജൻമാരേ! നിങ്ങൾ സോമരസത്തോടുകൂടി സോമപാനിയായ ഇന്ദ്രന്റെ സമക്ഷപത്തിൽ എത്തുവിൻ. പിഴിഞ്ഞെടുത്ത സോമം നിറച്ച പാത്രങ്ങളുമായി വരുവിൻ.

**3. യദീ സുരേഭിരിന്ദുഭിഃ സോമേഭിഃ പ്രതിഭൂഷഥ |**

**വേദ. വിശ്വസ്യ മേധിരോ ധൃഷത്തന്തമിദേഷതേ ||**

ഹേ ഋത്വിജൻമാരേ! നിങ്ങൾ തേജോമയവും, നിഷ്പന്നവും ആയ സോമത്തോടുകൂടി ഇന്ദ്രന്റെ മുന്നിലെത്തുവിൻ. അവൻ നിങ്ങളുടെ ആഗ്രഹങ്ങൾ അറിയുന്നു. അവൻ നിങ്ങളുടെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കി ശത്രുക്കളെ സംഹരിക്കുന്നു.

**4. അസ്മാ അസ്മാ ഇദന്ധസോ ധ്വര്യോ ഭരാ സുതം |**

**കുവിത്സമസ്യ ജേന്യസ്യ ശർധരോ ഭിശസ്തേ രവസ്പാത് ||**

ഹേ ഋത്വിജൻമാരേ! അഭിഷ്ഠിതമായ സോമരസത്തെ ഇന്ദ്രനു സമർപ്പിക്കുവിൻ ആ ഇന്ദ്രൻ നമ്മുടെ എല്ലാ ദുർധർഷൻമാരായ ശത്രുക്കളുടെ ക്രോധങ്ങളിൽ നിന്നും നമ്മെ രക്ഷിക്കണേ.

## സൂക്തം 43

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ഉഷ്ണിക.**

**1. രുസ്യ ത്യച്ഛംബരം മദേ ദിവോദാസായ രന്ധയഃ |**

**അയം സ സോമ ഇന്ദ്ര തേ സുതഃ പിബ ||**

ഹേ ഇന്ദ്രാ! യാതൊരു സോമരസം പാനം ചെയ്യുവാനാഗ്രഹിച്ചുകൊ് ദിവോദാസനുവേിയും ശംബരനെ പരാജയപ്പെടുത്തിയോ, ആ സോമരസം തന്നെ പിഴിഞ്ഞുതയ്യാറാക്കിയിരിക്കുന്നു. നീ അതിനെ പാനം ചെയ്താലും.

**2. യസ്യ തീവ്രസുതം മദം മധ്യമന്തം ച രക്ഷസേ |**

**അയം സ സോമ ഇന്ദ്ര തേ സുതഃ പിബ ||**

ഹേ ഇന്ദ്രാ! യജ്ഞത്തിനുവേി മൂന്നു സവനങ്ങളിലും സോമരസം പിഴിഞ്ഞെടുക്കുമ്പോൾ നീ അതു സ്വീകരിക്കുന്നു. നിനക്കുവേി ഈ സോമം സംസ്ക്കരിക്കപ്പെട്ടിരിക്കും ഇതു പാനം ചെയ്താലും.

**3. യസ്യ ഗാ അന്തരശ്മനോ മദേ ദൃളഹാ അവാസൃജഃ |**

**അയം സ സോമ ഇന്ദ്ര തേ സുതഃ പിബ ||**

ഹേ ഇന്ദ്രാ! പ് സോമം കുടിച്ചതിനുശേഷമാണല്ലോ പർവ്വതത്തിൽനിന്നും ഗോക്കളെ മോചിപ്പിച്ചത്. അതേ സോമം തന്നെ ഇപ്പോൾ അഭിഷ്ഠതമാക്കിയിരിക്കുന്നു. ഇതു പാനം ചെയ്താലും.

**4. യസ്യ മന്ദാനോ അന്ധസോ മാഘോനം ദധിഷേ ശവഃ |**

**അയം സ സോമ ഇന്ദ്ര തേ സുതഃ പിബ ||**

ഹേ ഇന്ദ്രാ! നീ യാതൊരു സോമരൂപമാകുന്ന അന്നം പാനരസം ചെയ്ത് ആനന്ദിതനാകുകയും അസാധാരണശക്തിയാൽ യുക്തനാകുകുയും ചെയ്യുന്നുവോ; ആ സോമത്തെ നിനക്കുവേി പിഴിഞ്ഞു വച്ചിരിക്കുന്നു. നീ ഇതു പാനം ചെയ്യണേ.

## അനുവാകം 4 സൂക്തം 44

**ഋഷി ബൃതസ്പതി പുത്രൻ; ശംയു ദേവത ഇന്ദ്രൻ ഛന്ദസ്സ് അനുഷ്ടുപ്, ഉഷ്ണിക, പംക്തി ത്രിഷ്ടുപ്.**

**1. യോ രയിയോ രയിന്തമോ യോ ദ്യുമ്നൗർദ്യുമ്നവത്തംഃ |**

**സോമഃ സുതഃ സ ഇന്ദ്ര തേ സ്തി സ്വധാപതേ മദഃ ||**

ഹേ ഇന്ദ്രാ! നീ ഐശ്വര്യവാനും സോമരക്ഷകനും ആകുന്നു. യാതൊരുസോമും ഐശ്വര്യയുക്തവും തേജസ്സാൽ യശസ്വിയും ആയിരിക്കുന്നുവോ ഇപ്പോൾ അതു തയ്യാറാക്കിയിരിക്കുന്നു. ഇതു നിന്നെ മദം പിടിപ്പിക്കണേ.

**2. യഃ ശഗ്മസ്തുവിശഗ്മ രായോ ദാമാ മതീനാം |**

**സോമുഃ സുതഃ സ ഇന്ദ്ര തേ സ്തി സ്വധാപതേ മദഃ ||**

ഹേ ഇന്ദ്രാ! നീ ബലവർദ്ധകമായ സോമത്തെ സംരക്ഷിക്കുന്നവനാകുന്നു. യാതൊരു സോമം നിനക്കു ഹർഷം പ്രദാനം ചെയ്യുകയും സ്തോതാക്കളെ വൈഭവശാലികളാക്കുകയും ചെയ്യുന്നുവോ ആ സോമം അമിഷ്ടിതമായി നിനക്കു പ്രദാനം ചെയ്യുന്നു.

**3. യേന വൃദ്ധോ ന ശവസാ തുരോ ന സ്വാഭിരുതിഭിഃ |**
**സോമഃ സൂതഃ ഇന്ദ്ര തേ സ്തി സ്വധാപതേ മദഃ ||**

ഹേ ഇന്ദ്രാ! നീ സോമരൂപമാകുന്ന അന്നത്തെ രക്ഷിക്കുന്നവനാണ് നീ യാതൊരു സോമപാനം ചെയ്ത് ബലവനാകുകയും, മരുത്തുക്കളോടുകൂടി ശത്രുക്കളെ സംഹരിക്കുകയും ചെയ്യുന്നുവോ, അതേ സോമം അഭിഷ്ഠിതമായി നിനക്ക് ഹർഷം പ്രദാനം ചെയ്യുന്നു.

**4. ത്യമു വോ അപ്രഹണം ഗൃണിഷേ ശവസസ്പതിം |**
**ഇന്ദ്രം വിശ്വാസാഹം നര മംഹിഷ്ഠം വിശ്വചർഷണിം |**

ഹേ യജമാനൻമാരേ! യാതൊരിന്ദ്രൻ ഉപാസകരുടെ മേൽ കൃപചെയ്യുന്നവനായിരിക്കുന്നുവോ, ബലത്തിൻെറ അധിപതിയും, ലോകത്തെ വിജിക്കുന്ന യജ്ഞത്തിൻെറ സ്വാമിയും, ശ്രേഷ്ഠനായ ദാതാവും, അഖിലത്തേയും കാണുന്നവനും ആയിരിക്കുന്നുവോ ആ ഇന്ദ്രനെത്തന്നെ നാം സ്തുതിക്കുന്നു.

**5. യം വർധയന്തീദ്ഗിരഃ പതിം തുരസ്യ രാധസ്യഃ |**
**തമിന്ന്വസ്യ രോദസീ ദേവീ ശുഷ്മം സപര്യതഃ ||**

നമ്മുടെ സ്തുതികളാൽ ശത്രുക്കളുടെ ധനമ പിടിച്ചെടുക്കുന്ന ഇന്ദ്രൻെറ ബലം വളരുന്നു. വാനൂഴികൾ ആ ബലത്തെ സേവിക്കുന്നു.

**6. തദ്വ ഉക്ഥസ്യ ബർഹണേന്ദ്രയോപസ്തൃണീഷണി**
**പിപോ ന യസ്യോതയോ വി യദ്രോഹന്തിഃ സക്ഷിതഃ ||**

ഹേ സ്തോതാക്കളേ! ഇന്ദ്രനുവേി തങ്ങളുടെ സ്തോത്രങ്ങളെ പ്രവൃദ്ധമാക്കുവിൻ, എന്തുകൊന്നൊൽ അവൻ നിങ്ങളുടെ രക്ഷകനാകുന്നു.

**7. അവിദദ് ദക്ഷം മിത്രോ നവീയാൻപപാനോ ദേവേഭ്യോ വസ്യോ അചൈത് |**
**സസവാൻസ്തൗലാഭിർധൗന്തരീഭിരുരുഷ്യാ പായുരഭവത്സഖിഭ്യാഃ ||**

യജ്ഞാദികർമ്മങ്ങളിൽ കശലരായ യജമാനൻമാരുടെ എല്ലാ കാര്യങ്ങളും ഇന്ദ്രൻ നന്നായറിയുന്നു. സോമപാനിയായ ആ ഇന്ദ്രൻ സ്തോതാക്കളുടെ രക്ഷകനാകുന്നു.

**8. ഋതസ്യ പഥി വേധാ അപായി ശ്രീയേ മനാംസി ദേവാസോ അക്രൻ |**
**ദധാനോ നാമ മഹോ വചോഭിർവപുർദൃശയേ വേന്യോ വ്യാവഃ||**

യാതൊരു സോമം യജ്ഞകർമത്തിൽ പാനം ചെയ്യപ്പെടുന്നുവോ, ആ സോമത്തെ ഋത്വിക്കുകൾ ഇന്ദ്രനെ ആകർഷിക്കുവാനായി തയാറാക്കുന്നു. ആ വിശാലകായനും, ശത്രുഹന്താവുമായ ഇന്ദ്രൻ നമ്മുടെ സ്തുതികൾക്കുവേി നമുക്കഭി മുഖനാകണേ.

**9. ദ്യുമത്തമം ദക്ഷം ധേഹ്യസ്തേ സേധാ ജനാനാം പൂർവീരരാതീ ഃ |**
**വർഷീയോ വയഃ കൃണുഹി ശചീഭിർധനസ്യ സാതാവസ്താം അവഡ്ഢി ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് തേജസ്സും ബലവും നൽകണേ, ഞങ്ങളുടെ ശത്രുക്കളെ ദൂരേയ്ക്ക് ആട്ടിപായിക്കൂ ഞങ്ങൾക്ക് പ്രചുരമായ അന്നം പ്രദാനംചെയ്യൂ ധനത്തെ ഉപഭോഗം ചെയ്യുന്നതിന് ഞങ്ങളുടെ ദേഹത്തെ രക്ഷിക്കേണമേ.

**10. ഇന്ദ്ര തുഭ്യമിൻമഘവന്നഭൂമ വയം ദാത്രേ ഹരിവോ മാവി വേനഃ |**
**നകിരാപിർദദൃശേ മർത്യത്രാ കിമങ്ഗ രധ്രുചോദനം ത്വാഹുഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിനക്ക് ഹവിസ്സ് പ്രദാനം ചെയ്യുന്നു. നീ ഞങ്ങളെ ഉപേക്ഷിക്കരുതേ ഞങ്ങൾ നിന്നെ അല്ലാതെമറ്റാരെയും സ്വന്തം മിത്രമായിക്കരുതുന്നില്ല. നീ ഇപ്രകാരമുള്ള മഹിമയോടുകൂടിയവനാകുന്നില്ലെങ്കിൽ, നീ ധനദാതാവാണെന്ന് എങ്ങിനെ പറയും.

**11. മാ ജസ്വനേ വൃഷഭ നോ രരീഥാ മാ തേ രേവത സഖ്യേ രിഷാമ |**
**പൂർവിഷ്ഠ ഇന്ദ്ര നിഷിധോ ജനേഷു ജഹ്യസൂഷ്വീൻപ്രവൃഹാപൃണതഃ ||**

ഹേ ഇന്ദ്രാ! നീ അഭിലാഷങ്ങളെവർഷിക്കുന്നവനാണല്ലോ. നീ ഞങ്ങളെ വർഷിക്കുന്നവനാണല്ലോ നീ ഞങ്ങളെ ഹിംസകരമായ രാക്ഷസൻമാർക്കധീനമാക്കരുതേ. നീ ധനവാനാണല്ലോ ഞങ്ങൾ നിൻെറ സ്നേഹത്തിൽ ജീവിച്ചു കൊ് ദുഃഖം പ്രാപിക്കാതിരിക്കണേ. സോമം പിഴിയാത്തവരോ അഥവാ നിനക്ക് ഹവിസ്സ് നൽകാത്തവരോ ആയ ശത്രുക്കൾ നിൻെറ കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുന്നു. നീ അവരെ നശിപ്പിക്കേണമേ.

**12. ഉദാഭ്രണീവ നയന്നിയർതീന്ദ്രോ രാധാംസ്യശ്വാനിഗവ്യാ |**
**ത്വമസി പ്രദിവഃ കാരുധായാ മാ ത്വാദാമാന ആ ദഭൻമധോനഃ ||**

ഗർജ്ജനശീലനായ പർജന്യൻ മേഘങ്ങളുടെ സൃഷ്ടികർത്താവായിരിക്കുന്നതുപോലെ ഇന്ദ്രൻ സ്തോതാക്കൾക്കു നൽകുവാനായി അശ്വങ്ങളേയും ഗോക്കളേയും സൃഷ്ടിക്കുന്നു.

**13. അധ്വര്യോ വീര പ്ര മഹേ സുതാനാ മിന്ദ്രായ ഭര സഹ്യസ രാജാ |**
**യഃ പൂർവ്യാഭിരുത നൂതനാഭിർഗിഭിർവാവൃധേ ഗൃണതാമൃഷീണാം ||**

ഹേ ഇന്ദ്രാ! സ്തോതാക്കളുടെ രക്ഷകനാണല്ലോ നീ ധനവാനായ വ്യക്തി നിനക്കുള്ള ഹവിർദാനകർമ്മങ്ങളിൽ വ്യാപൃതനായി ഒരിക്കലും മിഥ്യാചരണനാകാകിരിക്കണേ. ഋത്വിജൻമാരേ! നിങ്ങൾ ആ മഹാകർമ്മാവായ ഇന്ദ്രനുവേി സോമം പിഴിയുവിൻ, എന്തുകൊന്നൊൽ ഇവൻ സോമത്തിൻെറ അധിപനാകുന്നു. ഈ ഇന്ദ്രൻ സ്തോതാക്കളുടെ പ്രാചീനങ്ങളും നവീനങ്ങളുമായ സ്തോത്രങ്ങളാൽ വൃദ്ധിപ്രാപിക്കുന്നു.

**14. അസ്യ മദേ പുരു വർപാംസി വിദ്വാനിന്ദ്രോ വൃത്രാണ്യപ്രതീ ജഘാന |**
**തമ പ്ര ഹോഷി മധുമന്തമസ്മൈം സോമം വീരായ ശിപ്രിണേ പിബധ്യൈ ||**

ജ്ഞാനിയായ ഇന്ദ്രൻ സോമപാനത്താൽ ഉൻമത്തനായി വിപരീതാചരണക്കാരായ അനേകം ശത്രുക്കളെ വധിച്ചു.

**15. പാതാ സുതമിന്ദ്രോ അസ്തു സോമം ഹന്താവൃത്രംവജ്രേണ മന്ദസാനഃ |**
**ഗന്താ യജ്ഞം പരാവതശ്ചിദച്ഛാ വസുർധിമോവിതാ കാരുധായാഃ ||**

ഇന്ദ്രൻ ഈ സോമം പാനംചെയ്ത് മത്തനാകണേ, വജ്രത്താൽ വൃത്രനെ വധിക്കണേ, ആ ഇന്ദ്രൻ സ്തുതികളുടെ രക്ഷകനും, യജമാനൻെറ പാലകനു ഗൃഹദാതാവും ആകുന്നു അവൻ നമ്മുടെ യാഗത്തിന് ദൂരദേശത്തുനിന്നും ആഗതനാകണേ.

**16. ഇദം ത്യത്പാത്രമിന്ദ്ര പാനമിന്ദ്രസ്യ പ്രിയമമൃതപായി മത്സദ്യഥാ സൗമനസായ ദേവം വ്യാസ്മദ് ദ്വേഷോ |**

**യുയവദ്വ്യയംഹഃ ||**

ഇന്ദ്രൻ നമുക്കനുകൂലവും; നമ്മുടെ പാപങ്ങളേയും ശത്രുക്കളേയും അകറ്റത്തക്കവിധം അവനുപാനയോഗ്യവും പ്രിയങ്കരവുമായ സോമം പാനം ചെയ്തു ഉൻമത്തനാകണേ.

**17. ഏനാ മന്ദാനോ ജഹി ശൂര ശത്രുഞ്ജാ മിമജാമിം മഘവന്നമിത്രാൻ |**

**അഭിഷേണാം അഭ്യാ ദേദിശാനാൻപരാച ഇന്ദ്ര പ്ര മൃണാ ജഹീ ച ||**

ഹേ ഇന്ദ്രാ! നീ പരാക്രമിയാണല്ലോ നീ സോമപാനത്താൽ ഹർഷിതനായി ഞങ്ങളുടെ ശത്രുക്കളായ ദുഷ്ടൻമാരെ നശിപ്പിക്കേണമേ. ഞങ്ങളുടെ നേരേവരുന്ന ശത്രുക്കളെ നീ പിന്നോട്ടോടിക്കേണമേ.

**18. ആസു ഷ്മാണോ മഘവന്നിന്ദ്ര പൃത്സ്വ സ്മഭ്യം മഹി വരിവഃ സുഗം കഃ |**

**അപാം തോകസ്യ തനയസ്യ ജേഷ ഇന്ദ്ര സൂരിൻകൃണുഹീ സ്മാ നോ അർധം ||**

ഹേ ഇന്ദ്രാ! ഈ മഹായുദ്ധത്തിൽ ഞങ്ങൾക്ക് അപരിമിതമായ ധനം കിട്ടുമാറാക്കണേ. വിജയപ്രാപ്തിക്കായി നീ ഞങ്ങളെ സമർത്ഥരാക്കേണമേ. പുത്രപൗത്രാദികളാലും, ജലവൃഷ്ടിയാലും ഞങ്ങളെ അനുഗ്രഹിക്കേണമേ.

**19. ആ ത്വാ ഹരയോ വൃഷണോ യുജാനാ വൃഷരഥാസോ വൃഷരശ്മയോ ത്യാഃ |**

**അസ്മത്രാഞ്ചോ വൃഷണോ വജ്രവാഹോ വൃഷ്ണേ മദായ സുയുജോ വഹന്തു ||**

ഹേ ഇന്ദ്രാ! നിൻെറ അശ്വങ്ങൾ അഭീഷ്ടങ്ങൾ നിറവേറ്റുന്നവയും രഥം വലിക്കുന്നവയും, വൃഷ്ടികാരങ്ങളും, വേഗമേറിയവയും, നിത്യയുവാക്കളും, വജ്രത്തെ വഹിക്കുന്നവകളും ആകുന്നു. അവ സോമപാനാർത്ഥം നിന്നെ ഞങ്ങളുടെ യജ്ഞത്തിലേയ്ക്കാനയിക്കണേ.

**20. ആ തേ വൃഷൻവൃഷണോ ദ്രോണമസ്ഥുർധൃതപ്രുഷോനോർമയോ മദന്തഃ |**

**ഇന്ദ്ര പ്ര തുഭ്യം വൃഷഭിഃ സുതാനാം വൃഷ്ണേ ഭരന്തി വൃഷഭായ സോമം ||**

ഹേ ഇന്ദ്രാ! നീ അഭിലാഷങ്ങൾ വർഷിക്കുന്നവനാണല്ലോ. നിൻെറ അശ്വങ്ങൾ സമുദ്രത്തിലെ തരംഗങ്ങൾപോലെ ഉല്ലാസഭരിതരായി രഥത്തിൽ പൂട്ടപ്പെടുന്നു. ഋത്വിക്കുകൾ നിനക്കായി സോമരസം സമർപ്പിക്കുന്നു.

**21. വൃഷാസി ദിവോ വൃഷഭഃ പൃഥിവ്യാ വൃഷാ സിന്ധൂനാം വൃഷഭഃയസ്തിയാനാം |**

**വൃഷ്ണേ ത ഇന്ദുർവൃഷഭ പീപായ സ്വാദൂ രസോ മധുപേയോ വരായ ||**

ഹേ ഇന്ദ്രാ! നീ നദികളെ ജലത്താൽ പൂർണ്ണമാക്കുവാനും ജീവികളുടെ ആശകൾ നിറവേറ്റുന്നവനും ആകുന്നു. മധുസമാനമായ ഈ സോമരസം നിനക്കായി വച്ചിരിക്കുന്നു.

**22. അയം ദേവഃ സഹസാ ജായമാന ഇന്ദ്രേണ യുജാ പണിമസ്തഭായത് |**

**അയം സ്വസ്യ പിതുരായു ധാനിന്ദുരമുഷ്ണാദശിവസ്യ മായാഃ ||**

ഇന്ദ്രനോടുകൂടി ജലവ്യം വഹിച്ചുകൊ് തേജസ്വിയായ സോമൻ പണികളെ ശക്തിപൂർവ്വം പ്രതിരോധിച്ചു. ഈ സോമൻ തന്നെ ഗോക്കളുടെ ഹരണകർത്താക്കളായ അസുരൻമാരുടെ ആയുധങ്ങളേയും മായയേയും നശിപ്പിച്ചു.

**23. അയമകൃണോ ദുഷസഃ സുപത്നീരയം സൂര്യേ അദധാജ്ജ്യോതിരന്തഃ |**

**അയം ത്രിധാതു ദിവി രോചനേഷു ത്രിതേഷു വിന്ദദമൃതം നിഗുള്ഹം ||**

സോമൻ തന്നെ സൂര്യനെ തേജസ്വിയാക്കി. സൂര്യമണ്ഡലത്തെ ജ്യോതിർമാനമാക്കിയതും ഇവൻ തന്നെയാകുന്നു.

**24. അയം ദ്യാവാപൃഥവീ വി ഷ്കഭായദയം രഥമയുനക് സപ്തരശ്മിം |**

**അയം ഗോഷു ശച്യാ പക്വമന്തഃസോമോ ദാധാര ദശയന്ത്രമുത്സം ||**

ഇദ്ദേഹം തന്നെ മൂന്നുലോകങ്ങളിലും സ്ഥിതിചെയ്യുന്ന സ്വർഗ്ഗത്തിൽ നിന്നും മൂന്നുതരത്തിലുള്ള അമൃതത്തേയും; സപ്തരശ്മികളോടുകൂടിയ രഥത്തേയും യോജിപ്പിച്ചു. ഇവൻ തന്നെ ഗോക്കളിൽ ബഹുധാരകളോടുകൂടി പാലിനെയും സ്ഥാപിച്ചു.

## സൂക്തം 45

**ഋഷി ശംയുദേവത ഇന്ദ്രൻ ഛന്ദസ്സ് അശഷ്ടുപ് ഉഷ്ണിക, പംക്തി, ത്രിഷ്ടുപ്.**

**1. യ ആനയത്പരാവതഃസുനീതീ തുർവശം പദും |**

**ഇന്ദ്രഃ സ നോ യുവാ സഖാ ||**

യാതൊരുത്തൻ തുർവശനേയും യദുവിനേയും ദൂരദേശത്തുനിന്നുംകൊവന്നിരുന്നുവോ; ആ ഇന്ദ്രൻ നമ്മുടെ മിത്രമായിരിക്കണേ.

**2. അവിപ്രേ ചിദ്വയോ ദധദനാശുനാ ചിദർവതാ |**

**ഇന്ദ്രോ ജേതാ ഹിതം ധനം ||**

യാതൊരുത്തൻ ഇന്ദ്രൻെറ സ്തോതാവായിരിക്കുന്നില്ലയോ, അവനും ഇന്ദ്രനിൽനിന്നും അന്നം പ്രാപിക്കുന്നു. അവൻ അശ്വാരൂഢനായി ശത്രുക്കളുടെ സമ്പത്തുക്കൾ പിടിച്ചെടുക്കുന്നു.

**3. മഹീരസ്യ പ്രണീതയഃ പൂർവീരുത പ്രശസ്തയഃ |**

**നാസ്യ ക്ഷീയന്ത ഊതയഃ ||**

ഇന്ദ്രൻെറ സ്തുതികൾ വിവിധങ്ങളാകുന്നു. അവൻെറ രക്ഷാവചനങ്ങൾ ഒരിക്കലും അസത്യമാകുന്നില്ല.

**4. സഖായോ ബ്രഹ്മവാഹസോ ർചത പ്ര ച ഗായത |**

**സ ഹി നഃ പ്രമതിർമഹീ ||**

ഹേ മിത്രങ്ങളേ! അവനെ സ്തുതിക്കുകയും, പൂജിക്കുകയും ചെയ്യുവിൻ അവൻ തന്നെയാകുന്നു നമുക്ക് ശ്രേഷ്ഠമായ ധനം നൽകുന്നത്.

**5. ത്വമേകസ്യ വൃത്രഹന്നവിതാ ദ്വയോരസി |**
**ഉതേദൃശേ യഥാ വയം ||**

ഹേ വൃത്രഹന്താവായ ഇന്ദ്രാ! നീ സ്തോതാക്കളെ രക്ഷിക്കുന്നു. നീ തന്നെ ഞങ്ങളേയും രക്ഷിക്കേണമേ.

**6. നയസീദ്വതി ദ്വിഷഃ കൃണോഷ്യുക്ഥശംസിനഃ |**
**നൃഭിഃ സുവീര ഉച്യസേ ||**

ഹേ ഇന്ദ്രാ! വൈരികളെ അകറ്റി സ്തോതാക്കളെ സമൃദ്ധരാക്കിയാലും, നീ സുന്ദരമായ പുത്രൻമാരെ ദാനം ചെയ്യുന്നു. അതിനാൽ നിന്നെ സ്തുതിക്കുന്നു.

**7. ബ്രഹ്മാണാം ബ്രഹ്മവാഹസം ഗീർഭിഃ സഖായമൃഗ്മിയം |**
**ഗാം ന ദോഹസേ ഹുവേ ||**

ധേനുവിനുതുല്യം തങ്ങളുടെ അഭീഷ്ടങ്ങളെ ദോഹനം ചെയ്യുക നിമിത്തം ഞാൻ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**8. യസ്യ വിശ്വാനി ഹസ്തയോരൂചുർവസൂനി നി ദ്വിതാ |**
**വീരസ്യ പൃതനാഷഹഃ ||**

ശത്രുക്കളെ പരാജയപ്പെടുത്തുന്നവനായ ഇന്ദ്രൻെറ കരങ്ങളിൽ ദിവ്യവും, പാർഥിവവുമായ സമ്പത്തുകളുണ്ട്. ഇങ്ങനെ ഋഷിഗണം പറയാറുണ്ട്.

**9. വി ദൃളഹാനി ചിദദ്രിവോ ജനാനാം ശചീപതേ |**
**വൃഹ മായാ അനാനത ||**

ഹേ വജ്രായുധാ! നീ ശത്രുനഗരങ്ങളുടെ ധ്വംസകനാണ് അവരുടെ മായയുടെ നാശകനും ആകുന്നു.

**10. തമു ത്വാ സത്യ സോമപാ ഇന്ദ്രാ വാജാനാം പതേ |**
**അഹൂമഹി ശ്രവസ്യവഃ ||**

ഹേ സോമപാനിയായ ഇന്ദ്രാ! ഞങ്ങൾ അന്നത്തെ കാംക്ഷിച്ചുകൊണ്ട് നിന്നെ ആഹ്വാനം ചെയ്യുന്നു.

**11. തമു ത്വാ യഃ പുരാസിഥ യോ വാ നൂനം ഹിതേ ധനേ|**
**ഹവ്യഃ സ ശ്രുധീ ഹവം ||**

ഹേ ഇന്ദ്രാ! നീ പുരാതനകാലത്ത് എപ്രകാരം ആഹ്വാനയോഗ്യനായിരുന്നുവോ, അതുപോലെ തന്നെ ശത്രുക്കളുടെ ധനപ്രാപ്തിക്കായി ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങളുടെ ആഹ്വാനങ്ങളെ ശ്രവിക്കേണമേ.

**12. ധീഭിരർവദ്ഭിരർവതോ വാജാം ഇന്ദ്ര ശ്രവായ്യാൻ |**
**ത്വയാ ജേഷ്മ ഹിതം ധനം ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ സ്തുതികളാൽ പ്രസന്നനായാലും ഞങ്ങൾ നിന്നോടൊത്ത് ശത്രുക്കളുടെ ധനം കീഴടക്കുന്നവരാകണേ.

**13. അഭൂരു വീര ഗിർവണോ മഹാം ഇന്ദ്ര ധനേ ഹീതേ |**
**ഭരേ വിതന്തസായ്യഃ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളുടെ ധനപ്രാപ്തിക്കുവേണ്ടി അവരുടെ മേൽ വിജയം പ്രാപിച്ചിരിക്കുന്നു.

**14. യാ ത ഊതിരമിത്രഹൻമക്ഷൂ ജവസ്തമാസതി |**
**തയാ നോ ഹിനുഹീ രഥം ||**

ഹേ ഇന്ദ്രാ! നീ അത്യന്തം വേഗവാനാണ്. നീ ശത്രുക്കളെ ജയിക്കുന്നവനുവേണ്ടി അതേ വേഗത്തിൽ രഥത്തെനയിച്ചാലും.

**15. സ രഥേന രഥീതമോ സ്മാകേനഭിയുഗ്വാനാ |**
**ജേഷി ജിഷ്ണോ ഹിതം ധനം ||**

ഹേ ഇന്ദ്രാ! നീ ശത്രുജേതാവായ രഥം വഴിയായി ശത്രുസമ്പത്തുകളുടെ മേൽ വിജയം പ്രാപിച്ചാലും.

**16. യ ഏക ഇത്തമു ഷ്ടംഹി കൃഷ്ടീനാം വിചർഷണിഃ |**
**പതിർജജ്ഞേ വൃഷക്രതുഃ ||**

യാതൊരിന്ദ്രൻ മനുഷ്യരുടെ രക്ഷകനായി പ്രത്യക്ഷനായോ, യാതൊരുത്തൻ സർവ്വദർശിയായിരിക്കുന്നുവോ, ആ ഇന്ദ്രനെ സ്തുതിക്കുവിൻ.

**17. യോ ഗൃണതാമിദാസിഥാപിരൂതീ ശിവഃ ശഖാ |**
**സ ത്വം ന ഇന്ദ്ര മൃളയ ||**

ഹേ ഇന്ദ്രാ! നീ സുഖദാതാവും, രക്ഷകനും, മിത്രവുമാകുന്നു. നീ ഞങ്ങളുടെ സ്തുതികളിൻമേൽ മിത്രത്വം സ്ഥാപിച്ചിരുന്നു. ഇപ്പോഴും സുഖദായകനാകേണമേ.

**18. ധിഷ്വ വജ്രും ഗഭസ്ത്യോ രക്ഷോഹത്യായ വജ്രിവഃ |**
**സാസഹീഷ്ഠാ അഭി സ്പൃധഃ ||**

ഹേ വജ്രായുധാ! നീ അസുരൻമാർ നിമിത്തമായി വജ്രം ധരിക്കുകയും പ്രതിദ്വന്ദികളെ പരാജിതരാക്കുകയും ചെയ്യുന്നു.

**19. പ്രത്നം രയീണാം യുജം സഖായം കീരിചോദനം |**
**ബ്രഹ്മവാഹസ്തമം ഹുവേ ||**

യാതൊരിന്ദ്രൻ ധനദാതാവും, മിത്രവും, ആഹ്വാനയോഗ്യനും, സ്തോതാക്കൾക്കുത്സാഹം നൽകുന്നവനുമായിരിക്കുന്നുവോ, ആ ഇന്ദ്രനെ ഞാൻ ആഹ്വാനം ചെയ്യുന്നു.

**20. സ ഹി വിശ്വാനി പാർഥിവാം ഏകോ വസൂനി പത്യതേ |**
**ഗിർവണസ്തമോ അധ്രിഗുഃ ||**

യാതൊരിന്ദ്രൻ സ്തുതികൾക്കും, വന്ദനങ്ങൾക്കും യോഗ്യനാകുന്നുവോ, അവൻ എല്ലാപാർഥിവ സമ്പത്തുകളുടേയും അധീശനാകുന്നു.

**21. സ നോ നിയുദ്ഭിരാ പൃണ കാമം വാജേഭിരശ്വിഭിഃ**
**ഗോമദ്ഭിർഗോപതേ ധൃഷത് ||**

ഹേ! ഗോക്കളുടെ നായകാ! നീ ഞങ്ങളുടെ അഭിലാഷങ്ങളെ അസംഖ്യങ്ങളായ ഗോക്കളെക്കൊണ്ടും അശ്വാദികളേക്കൊണ്ടും പൂർണ്ണമാക്കേണമേ.

**22. തദ്വോ ഗായ സുതേ സചാ പുരുഹൂതായ സത്വനേ |**
**ശംയദ് ഗവേ ന ശാകിനേ ||**

ഹേ! സ്തോതാക്കളേ! തൃണം ഗോക്കൾക്ക് എപ്രകാരം സുഖം നൽകുന്നുവോ; അതുപോലെ തന്നെ സോമരസം സ്ക്കരിച്ചതിനുശേഷമുള്ള ഇന്ദ്രസ്തുതികളും സുഖദായകങ്ങളാകുന്നു, നിങ്ങൾ ശത്രുജേതാവായ ഇന്ദ്രൻെറ ഗുണങ്ങളെ പാടിപുകഴ്ത്തുവിൻ.

**23.ന ഘാ വസുർനി യമതേ ദാനം വാജസ്യ ഗോമതഃ |**
**യത്സീമുപ ശ്രവദ്ഗിരഃ ||**

ഇന്ദ്രൻ സ്തുതികൾ ശ്രവിക്കുമ്പോൾ ഗോക്കൾ സഹിതം അന്നം നൽകുന്നതിന് അമാന്തിക്കാറില്ല.

**24. കുവിത്സസ്യ പ്രഹി വ്രജ്രം ഗോമന്തം ദസ്യുഹാ ഗമത്|**
**ശചീഭിരപ നോ വരത് ||**

കുവിത്സൻെറ അസംഖ്യം ഗോക്കളോടു കൂടിയ തൊഴുത്തിൽ ഇന്ദ്രൻ പ്രവേശിച്ചപ്പോൾ അവർ തൻെറ ബുദ്ധിയിൽ നിന്നും ഗോക്കളെ സ്ര്ഷ്.

**25. ഇമാ ഉ ത്വാ ശതക്രതോ ഭി പ്ര ണോനുവുർഗിരഃ |**
**ഇന്ദ്ര വത്സം ന മാതരഃ ||**

ഹേ ഇന്ദ്രാ! ഗോക്കൾ തങ്ങളുടെ കുട്ടികളുടെ അടുക്കലേക്ക് എപ്പോഴും നിന്റെ നേരെ ഗമിച്ചു കൊണ്ടിരിക്കണേ.

**26. ദൂണാശം സഖ്യം തവ ഗൗരസി വീര ഗവ്യതേ |**
**അശ്വോ അശ്വായതേ ഭവ ||**

ഹേ ഇന്ദ്രാ! നീയുമായുള്ള ബന്ധുത്വം നശിക്കുന്നില്ല. നീ ഗോക്കളേയും, അശ്വങ്ങളേയും ആഗ്രഹിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

**27. സ മന്ദസ്വാ ഹ്യന്ധസോ രാധസേ തന്വാ മഹേ |**
**ന സ്തോതാരം നിദേ കരഃ ||**

ഹേ ഇന്ദ്രാ! നീ സോമരസം കൊണ്ട് സ്വയം തൃപ്തിയടഞ്ഞാലും, നിന്റെ ഉപാസകനെ നിന്ദകരായ ദുഷ്ടൻമാർക്കടിമയാക്കരുതേ.

**28. ഇമാ ഉ ത്വാ സുതേ നക്ഷന്തേ ഗിർവണോ ഗിരഃ |**
**വത്സം ഗാവോ ന ധേനവഃ ||**

ഹേ ഇന്ദ്രാ! കറവപ്പശുക്കൾ തങ്ങളുടെ കിടാക്കളുടെ അടുക്കലേയ്ക്കു പോകുന്നതു പോലെ സോമാഭിഷുവത്തിനുശേഷമുള്ള ഞങ്ങളുടെ സ്തോത്രങ്ങൾ നിന്റെ നേരെ ഗമിക്കുന്നു.

**29. പുരൂതമം പരൂണാം സ്തോതൄണാം വിവാചി |**
**വാജേഭിർവാജയതാം ||**

സ്തോതാക്കളുടെ അസംഖ്യം സ്തോത്രങ്ങൾ ശത്രുക്കളെ നശിപ്പിക്കുവാനുള്ള ബലം നിനക്കു നൽകണേ.

**30. അസ്മാകമിന്ദ്ര ഭൂതു തേ സ്തോമോ വാഹിഷ്ഠോ അന്തമഃ |**
**അസ്മാന്റായേ മഹേ ഹിനു ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ സ്തോത്രങ്ങൾ നിന്നെ അനുഗമിക്കണേ. നീ നിന്റെ മഹാധനത്തെ ഞങ്ങളുടെ നേരെ പ്രേരിപ്പിക്കണമേ.

**31. അധി ബൃബുഃ പണീനാം വർഷിഷ്ഠേ മൂർധന്നസ്ഥാത്|**
**ഉരുഃ കക്ഷോ ന ഗാങ്ഗ്യഃ ||**

ബ്റുവു ഗംഗയുടെ ഉയർന്നമണൽത്തിട്ട പോലുള്ള, പണികളുടെ മദ്ധ്യത്തിലുള്ള ഉന്നതമായ സ്ഥാനത്ത് അധിഷ്ഠാനം ചെയ്തു.

**32. യസ്യ വായോരി വദ്രവദ്ഭദ്രാ രാതിഃ സഹസ്രിണീ |**
**സദ്യോ ദാനായ മംഹതേ ||**

ഞാൻ ധനത്തെ ആശിക്കുന്നു. ബൃവു എനിക്ക് ആയിരം ഗോക്കളെ ദാനമായിത്തന്നിരിന്നു.

**33. തത്സു നോ വിശ്വോ അര്യ ആ സദാ ഗൃണന്തി കാരവഃ |**
**ബൃബും സഹസ്രദാതമം സൂരിം സഹസ്രസാതമം ||**

ആയിരം ഗോക്കളെ ദാനമായി നൽകിയ ബ്വാവുവിനെ ഞങ്ങൾ എപ്പോഴും പ്രശംസിച്ചു കൊണ്ടിരിക്കുന്നു.

## സൂക്തം 46

**ഋഷി ശംയൂ ദേവത ഇന്ദ്രൻ, ഛന്ദസ് അനുഷ്ടുപ് ബൃഹതിഃ ഗായത്രി, പംക്തി**

**1. ത്വാമിദ്ധി ഹവാമഹേ സാതാ വാജസ്യ കാരവഃ |**
**ത്വാം വൃത്രേഷ്വിന്ദ്ര സത്പതിം നരസ്ത്വാം കാഷ്ഠാസ്വർവതഃ ||**

സ്തോതാക്കളായ ഞങ്ങൾ അന്നത്തിനുവേണ്ടി നിന്നെ ആഹ്വാനം ചെയ്യുന്നു. നീ സാധുജനരക്ഷകനാണ്.

**2. സ ത്വം നശ്ചിത്ര വജ്രഹസ്ത ധൃഷ്ണുയാ മഹഃ സ്തവാനോ അദ്രിവഃ |**
**ഗാമശ്വം രഥ്യമിന്ദ്ര സം കിര സത്രാ വാജം ന ജിഗ്യുഷേ ||**

ശത്രുക്കളെ ജയിക്കുന്നവർക്ക് നീ പ്രചുരമായ ധനം നൽകുന്നതുപോലെ. ഞങ്ങളുടെ സ്തുതികളിൽ പ്രസന്നനായി ഞങ്ങൾ ഗോക്കളേയും, രഥവാഹികളായ അശ്വങ്ങളേയും തരുമാറാകണേ എന്തുകൊണ്ടെന്നാൽ നീ ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥനാണ്.

**3. യം സത്രാഹാ വിചർഷിണിരിന്ദ്രം തം ഹൂമഹേ വയം |**
**സഹസ്രമുഷ്ക തുവിനൃമ്ണ സത്പതേ ഭവാ സമത്സു നോ വൃധേ ||**

ശത്രുഹന്താവായ ഇന്ദ്രനെ നാം ആഹ്വാനം ചെയ്യുന്നു. ഹേ ഇന്ദ്രാ! യുദ്ധഭൂമിയിൽ ഞങ്ങളെ സഹായിക്കേണമേ.

**4. ബാധസേ ജനാൻവൃഷഭേവ മന്യുനാ ധൃഷൗ മീളഹ ഋചീഷമ |**
**അസ്മാകം ബോധ്യവിതാ മഹാധനേ തനൂഷ്വപ്സു സൂര്യേ ||**

ഹേ ഇന്ദ്രാ! നീ മന്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള രൂപത്തോടുകൂടിയവനാകുന്നു. നീ ഘോരയുദ്ധത്തിൽ ശത്രുക്കളെ വൃഷഭത്തെപ്പോലെ ആക്രമിക്കുകയും, ഞങ്ങളുടെ രക്ഷകനാകുകയും, ചെയ്യേണമേ, ഞങ്ങൾ സന്താനങ്ങളോടുകൂടി വളരെക്കാലം സൂര്യനെ ദർശിക്കണേ.

**5. ഇന്ദ്ര ജ്യേഷ്ഠം ന ആ ഭരം ഓജിഷ്ഠം പപുരി ശ്രവഃ |**
**യേനേമേ ചിത്ര വജ്രഹസ്ത രോദസീ ഓഭേ സുശിപ്ര പ്രാഃ ||**

ഹേ ഇന്ദ്രാ! നീ സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും പോഷകനാകുന്നു. നീ ഞങ്ങളുടെ അടുക്കലേയ്ക്ക് ബലം വർദ്ധിപ്പിക്കുന്ന ധനംകൊണ്ടുവന്നാലും.

**6. ത്വമുഗ്രമവസേ ചർഷണീസഹ രാജന്ദേവേഷു ഹൂമഹേ |**
**വിശ്വാ സു നോ വിഥുരാ പിബ്ദനാ വസോ മിത്രാൻസുഷഹാൻകൃധി ||**

ഹേ ഇന്ദ്രാ ശത്രുക്കളിൽനിന്നുള്ള രക്ഷയ്ക്കായി നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ഏറ്റവും വലിയ ബലവാനും ശത്രുജിത്തുമാകുന്നു എല്ലാരാക്ഷസൻമാരേയും ദൂരെയകറ്റി ഞങ്ങൾക്കു വിജയം നൽകണേ.

**7. യദിന്ദ്ര നാഹുഷീഷ്വാം ഓജോ നൃമ്ണം ച കൃഷ്ടിഷു |**
**യൂദാ പഞ്ച ക്ഷിതീനാം ദ്യുമ്നമാ ഭര സത്രാ വിശ്വാനി പൗംസ്യാ ||**

ഹേ ഇന്ദ്ര! മനുഷ്യരിലുള്ള ബലവും, അന്നവും ധനവും, എല്ലാം ഞങ്ങൾക്കു നൽകുമാറാകണേ.

**8. യദ്വാ തൃക്ഷൗ മഘവൻദ്രുഹ്യാവാ ജനേ യത്പുരൗ കച്ച വൃഷ്ണ്യം |**
**അസ്മഭ്യം യദ്വീരീഹി സ നൃഷാഹ്യേ മിത്രാൻ പൃത്സു തുർവണേ ||**

ഹേ ഇന്ദ്രാ! യുദ്ധത്തിൽ ഞങ്ങൾ ശത്രുക്കളുടെ മേൽവിജയം പ്രാപിക്കണേ. തക്ഷുവിങ്കലും, വരുവിങ്കലുമുള്ള എല്ലാബലവും നീ ഞങ്ങൾക്കു നൽകുമാറാകണമേ.

**9. ഇന്ദ്ര ത്രിധാതു ത്രിവന്ദ്രഥം സ്വസ്തിമത് |**

**ഛർദിര്യഛ മഘവദ്ഭ്യശ്ച മഹ്യം ച യാവയാ ദിദ്യുമേഭ്യഃ ||**

ഹേ ഇന്ദ്രാ! ഹവിർദാതാവായ യജമാനനും, എനിക്കും ശീത,താപ വർഷാദികളിൽ നിന്നും സുരക്ഷിതരായിരിക്കുന്നതിനുള്ള ഭവനങ്ങൾ നൽകുകയും, ഞങ്ങളെ ശത്രുക്കളുടെ എല്ലാ മാരകായുധങ്ങളിൽ നിന്ന് രക്ഷിക്കുകയും ചെയ്യണമേ.

**10. യേ ഗവ്യതാ മനസാ ശത്രുമാദഭൂരതിപ്രഘ്നന്തി ധൃഷ്ണയാ |**

**അധ സ്മാ നോ മഘവന്നിന്ദ്ര ഗിർവണസ്തനൂഷാ അന്തമോ ഭവ ||**

ഹേ ഇന്ദ്രാ! യാതൊരുത്തർ ഗോക്കളെ പിടിച്ചെടുക്കുവാൻ ശത്രുക്കളെപ്പോലെ ഞങ്ങളെ ആക്രമിക്കുന്നുവോ, അവരിൽനിന്ന് നീ ഞങ്ങളെ രക്ഷിക്കുവാൻ വന്നാലും.

**11. അധ സ്മാ നോ വൃധേ ഭവേന്ദ്ര നായമവാ യുധി |**

**യദന്തരിക്ഷേ പതയന്തി പർണിനോ ദിദ്യവസ്തിഗ്മമൂർധാനഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്കു ധനം നൽകണേ. ശത്രുക്കൾ ആക്രമിക്കുമ്പോൾ അവരുടെ അമ്പുകളെ ഞങ്ങളുടെ വീരൻമാർ തടയുന്നു. നീ അവരെ യുദ്ധക്ഷേത്രത്തിൽ രക്ഷിക്കേണമേ.

**12. യത്ര ശൂരാസസ്തന്വോ വിതന്വതേ പ്രിയാ ശർമ പിതൄണാം |**

**അധ സ്മാ യഛ തന്വേ തനേ ച ഛർദിരചിത്തം യാവയ ദ്വേഷഃ ||**

ശത്രുക്കളുടെ ആക്രമണം കാരണം ആളുകൾ പൈതൃകസ്ഥാനങ്ങളുപേക്ഷിച്ചോടുമ്പോൾ നീ അവർക്കും അവരുടെ സന്താനങ്ങൾക്കും രക്ഷാകവചം പ്രദാനം ചെയ്യുകയും, ശത്രുക്കളെ ഓടിക്കുകയും ചെയ്യണേ.

**13. യദിന്ദ്ര സർഗേ അർവതശ്ചോദയാസേ മഹാധനേ |**

**അസമനേ അധ്വനി വൃജിനേ പഥി ശ്യേനാം ഇവ ശ്രവസ്യതഃ ||**

മഹായുദ്ധമുാകുമ്പോൾ നീ ഞങ്ങളുടെ അശ്വാദികളെ പരുന്തിനുതുല്യം രണക്ഷേത്രത്തിലേയ്ക്ക് കൊുപോകണമേ.

**14. സിന്ധൂംരിവ പ്രവണ ആശുയാ യതോ യദി ക്ളോശമനു ഷ്വണി |**

**ആ യേ വയോ ന വർവൃതത്യാമിഷി ഗൃഭീതാ ബാഹ്വോർഗവി ||**

അശ്വങ്ങൾ ഭയത്താൽ ചിനയ്ക്കുന്നു. എങ്കിലും അവ നദികളെപ്പോലെ യുദ്ധഭൂമിയിൽ ഗോക്കളെ രക്ഷിക്കുവാനായി നിൽക്കാതെ പാഞ്ഞുകൊിരിക്കുന്നു.

## സൂക്തം 47

**ഋഷി ഭരദ്വാജപുത്രൻ ഗാർഗ്ഗൻ, ദേവത സോമ ഇന്ദ്രാദികൾ, ഛന്ദസ് അനുഷ്ടുപ്, ഗായത്രി, ബൃഹതി, ത്രിഷ്ടുപ്, ജഗതി.**

**1.സ്വദുഷ്കിലായം മധുമാം ഉതായം തീവ്രഃ കിലായം രസവാം ഉതായം |**

**ഉതോ ന്വസ്യ പപിവാംസമിന്ദ്രം ന കശ്ചന സഹത ആഹവേഷു ||**

സോമം സുമധുരവും, രസയുക്തവുമാണ്. ഇന്ദ്രൻ അതു പാനം ചെയ്യുന്നു. രണക്ഷേത്രത്തിൽ ആരും അവൻെറ മുന്നിൽ ഉറച്ചു നില്ക്കുന്നില്ല.

**2. അയം സ്വാദുരിഹ മദിഷ്ഠ ആസ യസ്യേന്ദ്രോ വൃത്രഹത്യേ മമാദ ||**

**പുരൂണി യശ്ച്യൗത്നാ ശംബരസ്യ വി നവതിം നവ ച ദേഹ്യോ ഹൻ ||**

യജ്ഞത്തിൽ പാനം ചെയ്യപ്പെട്ടതിനുശേഷം സോമം ശക്തിപ്രദാനം ചെയ്യുകയും വൃത്രനെ നശിപ്പിക്കുന്നതിനുള്ള ബലം ഇന്ദ്രന് പ്രദാനം ചെയ്യുകയും ചെയ്തു. ശംബരൻെറ തൊണ്ണൂറ്റൊമ്പതു നഗരങ്ങളും നശിപ്പിച്ചു.

**3. അയം മേ പീത ഉദിയർതി വാചമയം മനീഷാമുശതീമജീഗഃ |**

**അയം ഷളുർവീരമിമീത ധീരോ ന യാഭ്യോ ഭുവനം കച്ചനാരേ ||**

ഈ സോമരസം എൻെറ വാക്കുകളെ സ്ഫുർത്തിമയമാക്കുന്നു, ഇത് ശരിയായ ബുദ്ധി നൽകുന്നു. ഈ സോമം തന്നെ സ്വർഗ്ഗം, ഭൂമി, ദിനം, രാത്രി, ജലം, ഔഷധികൾ മുതലായവയെ സൃഷ്ടിച്ചു.

**4. അയം സ യോ മരിമാണം പൃഥിവ്യാ വർഷ്മാണം ദിവോ അകൃണോദയം സഃ |**

**അയം പീയൂഷം തിസൃഷു പ്രവത്സു സോമോ ദാധാരോർവന്തരിക്ഷം ||**

ഈ സോമം തന്നെ ഭൂമിയെ വിശാലമാക്കുകയും സ്വർഗ്ഗത്തെ ഉറപ്പിക്കുകയും ചെയ്തു. ഇതുതന്നെ ഔഷധികളിലും, ഗോക്കളാലും രസം സൃഷ്ടിച്ചു. ഇതുതന്നെ അന്തരീക്ഷത്തെ വഹിക്കുകയും ചെയ്തു.

**5. അയം വിദച്ചിത്രദൃശീകമർണഃ ശുക്രസദ്മനാമുഷസാക നീകേ |**

**അയം മഹാന്മഹതാ സ്തംഭനേനോ ദ്യാമസ്തഭ്നാദ് വൃഷഭോമരുത്വാൻ ||**

ഈ സോമംതന്നെ ഉഷസ്സിനു മുമ്പായി സൂര്യൻെറ ജ്യോതിയെ പ്രകടമാക്കുകയും മരുത്തുക്കളോടു കൂടി സ്വർഗ്ഗലോകത്തെ വഹിക്കുകയും ചെയ്യുന്നു.

**6. ധൃഷത്പിബ കലശേ സോമമിന്ദ്ര വൃത്രഹാ ശൂര സമരേ വസൂനാം |**

**മാധ്യന്ദിനേ സവപന വൃഷസ്വ രയിസ്ഥാനോ രയിമസ്മാസു ധേഹി ||**

ഹേ ഇന്ദ്രാ! ധനത്തിനായി ആരംഭിച്ച യുദ്ധത്തിൽ ശത്രുക്കളെ വധിക്കണേ. ഈ കടത്തിൽ നിറച്ചു വച്ചിരിക്കുന്ന സോമം ആവോളം പാനം ചെയ്യും. ഹേ, ധനത്തിൻെറ ഇരിപ്പിടമായ ഇന്ദ്രാ! ഞങ്ങൾക്കു ധനം നൽകേണമേ.

**7. ഇന്ദ്ര പ്ര ണഃ പുരഏതേവ പശ്യ പ്ര നോ നയ പ്രതരം വസ്യോ അഛ |**

**ഭവാ സുപാരോ അതിപാരയോ നോ ഭവാ സുനീതിരുത വാമനീതിഃ ||**

ഹേ ഇന്ദ്രാ! നീ മാർഗ്ഗരക്ഷകനെപ്പോലെ മുന്നേറി ഞങ്ങളെ നോക്കണം. ധനവുമായി വരണം. ഞങ്ങളെ ശത്രുക്കളിൽ നിന്നും രക്ഷിക്കുകയും ധനത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യണം.

**8. ഉരും നോ ലോകസമനു നേഷി വിദ്വാൻത്സ്വർവജ്ജ്യോതിരഭയം സ്വസ്തി |**

**ഋഷ്വാ ത ഇന്ദ്ര സ്ഥവിരസ്യ ബാഹു ഉപ സ്ഥേയാമ ശരണാ ബൃഹന്താ ||**

ഹേ ഇന്ദ്രാ! നീ ജ്ഞാനിയാണല്ലോ വിശാലമായ ഈ ലോകത്തിൽ ഞങ്ങളെ ബാധകളിൽ നിന്നുമകറ്റി നിൻെറ ഭുജങ്ങളിൽ ആശ്രയം നൽകണമേ.

**9. വരിഷ്ഠേ ന ഇന്ദ്ര ബന്ധുരേ ധാ വഹിഷ്ഠയോഃ ശതാവന്നശ്വയോരാ |**

**ഇഷമാ വക്ഷീഷാം വർഷിഷ്ഠാം മാ നസ്താരീന്മഘവൻരായോ അര്യഃ ||**

ഹേ ഇന്ദ്രാ! നിൻെറ വിസ്തൃതമായ രഥത്തിൽ ഞങ്ങളെ കയറാനനുവദിക്കൂ. നീ ഞങ്ങൾക്ക് ശ്രേഷ്ഠമായ അന്നം കിട്ടുമാറാക്കണം. മറ്റൊരു ധനികനും ഞങ്ങളെക്കാൾ വലിയവനാവാതിരിക്കട്ടെ.

**10. ഇന്ദ്ര മൃള മഹ്യം ജീവാതുമിച്ഛ ചോദയ ധിയമയസോ ന ധാരാം |**

**യത്കിഞ്ചാഹം ത്വായരിദം വദാമി തജ്ജുഷസ്വ കൃധി മാ ദേവവന്തം ||**

ഹേ ഇന്ദ്രാ! എന്നെ അനുഗ്രഹിക്കൂ. എൻെറ ആയുസ്സിനെ ദീർഘിപ്പിക്കൂ. എൻെറ പ്രാർത്ഥനകൾ സ്വീകരിക്കൂ. എല്ലാ ദേവകളും എൻെറ രക്ഷിതരാകണേ.

**11. ത്രാതാരമിന്ദ്രമവിതാരമിന്ദ്രം ഹവേ ഹവേ സുഹവം ശൂരമിന്ദ്രം |**

**ഹ്വയാമി ശക്രം പുരുഹൂതമിന്ദ്രം സ്വസ്തി നോ മഘവാ ധാത്വിന്ദ്രഃ ||**

ഇന്ദ്രൻ ശത്രുക്കളിൽ നിന്നും രക്ഷിക്കുന്നവനും അഭീഷ്ടങ്ങൾ പൂർണ്ണമാക്കുന്നവനുമാകുന്നു. എല്ലാ കർമ്മങ്ങളിലും സമർത്ഥനായ ആ ഇന്ദ്രനെ യജ്ഞങ്ങളിൽ ആഹ്വാനം ചെയ്യുന്നു. ആ ഇന്ദ്രൻ എന്നെ അഭിവൃദ്ധിപ്പെടുത്തട്ടെ.

**12. ഇന്ദ്രഃ സുത്രാമാ സ്വവാം അവോഭിഃ സുമൃളീകോ ഭവതു വിശ്വവേദാഃ |**

**ബാധതാം ദ്വേഷോ അഭയം കൃണോതു സുവീരസ്യ പതയഃ സ്യാമ ||**

ഐശ്വര്യവാനായ ഇന്ദ്രൻ തൻെറ രക്ഷാസാധനങ്ങളാൽ നമുക്കു മംഗളം വരുത്തുന്നു. അവൻ നമ്മുടെ ശത്രുക്കളെ വധിച്ച് നമ്മുടെ ഭയത്തെ അകറ്റുന്നു. അവൻ പ്രസന്നനാകുമ്പോൾ നാം ബലവാൻമാരാകണേ.

**13. തസ്യ വയം സുമതൗ യജ്ഞിയസ്യാപി ഭദ്രേ സൗമനസേ സ്യാമ |**

**സ സുത്രാമാ സ്വവാം ഇന്ദ്രോ അസ്മേ ആരാഞ്ചിദ്ദ്വേഷഃ സനുതയുർയോതു ||**

നാം ആ ഇന്ദ്രൻെറ കൃപാപാത്രങ്ങളാ കണേ, നമ്മുടെ രക്ഷകനായ അവൻ നമ്മുടെ വൈരികളെ തുരത്തി ഓടിക്കണേ.

**14. അവ ത്യേ ഇന്ദ്ര പ്രവതോ നോർമിർഗിരോ ബ്രഹ്മാണി നിയുതോ ധവന്തേ |**

**ഉത്ര ന രാധഃ സവനാ പുത്രണ്യപോ ഗാ വജ്രിന്യു വസേ സമിന്ദൂൻ ||**

ഹേ ഇന്ദ്രാ! താഴെയ്ക്കൊഴുകുന്ന ജലം പോലെ നിൻെറ നേരെ സ്തുതികളും, സോമവും പ്രവഹിക്കുന്നു. നീ ജലം, പാൽ, സോമം, ഇവകളെ ശരിയായ പ്രകാരത്തിൽ മിശ്രണം ചെയ്യുന്നു.

**15. ക ഈം സ്തവത്കഃ പൃണാത്കോ യജാതേ യദുഗ്രമിൻഘവാ വിശ്വാഹാവേത് |**

**പാദം വിവപ്രഹരന്നന്യമന്യം കൃണോതി പൂർവമപരശചീഭിഃ ||**

ആരാണ് ഇന്ദ്രനെ സ്തുതിക്കുവാൻ സമർത്ഥൻ? ഇന്ദ്രൻ തൻെറ ശക്തിയെ സ്വയം അറിയുന്നു. വഴിയാത്രപോകുന്ന മനുഷ്യൻ കാലുകളെ മുമ്പിലും പിമ്പിലും ആക്കുന്നതുപോലെ എൻ തൻെറ ബുദ്ധിബലത്താൽ സ്തോതാക്കളിൽ മുമ്പനെ പിമ്പിലും പിമ്പനെ മുമ്പിലുമാക്കും.

**16. ശൃണ്വേ വീര ഉഗ്രമുഗ്രം ദമായന്നന്യമന്യ മതിനേനീയമാനഃ |**

**ഏധമാനദ് വിളുഭയസ്യ രാജാ ചോഷ്ക്കൂയതേ വിശ ഇന്ദ്രോ മനുഷ്യൻ ||**

ഇന്ദ്രൻ ശത്രുക്കളെ അമർച്ചവരുത്തുകയും സ്തോതാക്കളുടെ സ്ഥാനം മാറ്റുകയും ചെയ്യുന്നു. അവൻ തൻെറ പരാക്രമത്താൽ പ്രസിദ്ധനാണ്. ഐശ്വര്യവാനായ ആ ഇന്ദ്രൻ രക്ഷിക്കുന്നതിനായി തൻെറ ഉപാസകരെ കൂടെക്കൂടെ ആശ്വസിപ്പിക്കുന്നു.

**17. പരാ പൂർവേഷാം സംഖ്യാ വൃണക്തി വിതർ തുരാണോ അപരേഭിരേതി |**

**അനാനുഭൂതീരവധൂന്വാനഃ പൂർവീരിന്ദ്രഃ ശരദസ്തർതരീതി ||**

ഇന്ദ്രൻ തന്നെ ഉപാസിക്കാത്തവരെ ഉപേക്ഷിക്കാതെ, തൻെറ ഉപാസകരുടെ അടുത്തു വസിക്കുന്നു.

**18. രൂപരൂപം പ്രതിരൂപോ ബഭ്രൂ തദസ്യ രൂപം പ്രതിചക്ഷണായ |**

**ഇന്ദ്രോ മായഭിഃ പുരുരൂപ ഈയതേ യുക്താ ഹ്യസ്യ ഹരയഃശതാ ദശ ||**

ഇന്ദ്രൻെറ മൂന്നു രൂപങ്ങൾ പ്രത്യേകം പ്രത്യേകം പ്രകടമാകുന്നു. അവൻ അനേകം രൂപങ്ങൾ ധരിച്ച് യജമാനൻമാരുടെ അടുക്കലേയ്ക്കുപോകുന്നു. ഈ ഇന്ദ്രൻെറ തേരിൽ ആയിരം അശ്വങ്ങൾ പൂട്ടപ്പെട്ടിരിക്കുന്നു.

**19. യുജാനോ ഹരിതാ രഥേ രഥേ ഭൂരി ത്വഷ്ടേഹ രാജതി | കോ വിശ്വാഹാ ദ്വിഷതഃ പക്ഷ ആസത ഉതാ സീനേഷു സൂരിഷു ||**

തൻെറ രഥത്തിൽ അശ്വങ്ങളെ പൂട്ടി ത്രിലോകങ്ങളിലും ഇന്ദ്രൻ പ്രത്യക്ഷപ്പെടുന്നു. ദൈനംദിനം യാതൊരു സ്തോതാവാണ് മറ്റു സ്തോതാക്കളുടെ ഇടയിൽ വന്ന് അവനെ രക്ഷിക്കുന്നത്?

**20. അഗവ്യുതി ക്ഷത്രമാഗൻമ ദേവാ ഉർവീ സതീ ഭൂമിരംഹൂരണാഭൂത് |**

**ബൃഹതസ്പതേ പ്ര ചികിത്സാ ഗവഷ്ഠാവിത്ഥാ സതേ ജരിത്ര എന്ദ്ര പന്ഥാം ||**

ഹേ ദേവതകളെ! ഞങ്ങൾ ഗോക്കൾ മേയാത്ത ഭൂമിയിൽ എത്തിയിരിക്കുന്നു. വിസ്തീർണ്ണമായ ഭൂമിദസ്യുക്കൾക്കാശ്രയം നൽകിയിരിക്കുന്നു. ഹേ ബൃഹസ്പതേ! നീ ഗോക്കളെ അന്വേഷിക്കുവാനുള്ള വഴി പറഞ്ഞു. ഹേ ഇന്ദ്രാ! നീ സ്തോതാവിന് നേർവഴി പറഞ്ഞുതരണേ.

**21. ദിവേദിവേ സദൃശീരന്യമർദ്ധം കൃഷ്ണാ അസേധദപ സദ്മനോ ജാഃ |**

**അഹന്ദാസാ വൃഷഭോ വസ്നയന്തോദവ്രജേ വർചിനം ശംബുരം ച ||**

സൂര്യാത്മകമായ ഇന്ദ്രൻ പകൽ പ്രകാശിച്ച് ഇരുട്ടിനെ നശിപ്പിക്കുന്നു. അവൻ ശംബരൻ, വർച്ചി മുതലായ ദസ്യുക്കളെ വധിച്ചു.

**22. പ്രസ്തോക ഇന്നു രാധസസ്ത ഇന്ദ്ര ദശ കോശയീർദശ വാജിനോ ദാത് |**

**ദിവോദാസാദതിഥിഗ്വസ്യ രാധഃ ശാംബരം വസു പ്രത്യഗ്രഭമീഷ്മ ||**

ഹേ ഇന്ദ്രാ! നിന്റെ സ്തോതാക്കൾക്ക് പ്രസ്തോകൻ പത്ത് സ്വർണ്ണകോശവും പത്ത് അശ്വങ്ങളേയും നൽകിയിരിന്നു. അതിഥിഗ്വൻ ശംബരനിൽ നിന്നും പിടച്ചെടുത്ത ധനത്തെ ദിവോദാസത്തിൽ നിന്നും ഞങ്ങൾ സ്വീകരിച്ചു.

**23. ദശാശ്വന്ദശ കോശാന്ദശ വസ്ത്രാധിഭോജനാ |**

**ദശോ ഹിരണ്യപിണ്ഡനഭദിമോസാദസാ നിഷം ||**

ദിവോദാസനിൽ നിന്നും പത്തുസ്വർണ്ണകോശങ്ങളും. പത്ത് സ്വർണ്ണ ഉരുളകളും ഞാൻ സ്വീകരിച്ചു.

**24. ദശ രഥാൻപ്രഷ്ടിമതം ശതഃ ഗാ അഥവർഭ്യഃ |**

**അശ്വഥഃ പായവേ ദാത് ||**

വായുവിനും അഥർവാവിനും എന്റെ ഭ്രാതാവായ അശ്വഥൻ അശ്വങ്ങളോടുകൂടിയ പത്തുതേരുകളും നൂറുഗോക്കളേയും നൽകി.

**25. മഹി രാധോ വിശ്വജന്യം ദധാനാൻ ഭരദ്വാജാൻത്സാർഞ്ജയോ അഭ്യയഷ്ഠ ||**

എല്ലാവരുടേയും ഹിതത്തിനായി ഭരദ്വാജപുത്രൻ ധനമെല്ലാം സ്വീകരിക്കുകയും സൃജയന്റെ പുത്രൻ അവനെ പൂജിക്കുകയും ചെയ്തു.

**26. വനസ്പതേ വീഡ്വങ്ഗോ ഹി ഭൂയ അസ്മത്സഖാ പ്രതരണഃ സുവീരഃ**

**ഗോഭിഃ സന്നദ്ധോ അസി വീളയസ്വാസ്ഥാതാ തേ ജയതു ജേത്വാനി ||**

ഹേ മരം കൊുാക്കിയ രഥമേ നിന്റെ അവയവങ്ങൾ ഉറപ്പുള്ളതാകട്ടെ. നീ ഞങ്ങളെ രക്ഷിക്കുന്ന മിത്രമാകൂ, നിന്നിൽ കയറുന്ന വീരൻ രണക്ഷേത്രത്തിൽ വിജയം വരിക്കുന്നവനാകുന്നു.

**27. ദിവസ്പൃഥിവ്യാഃ പര്യോജ ഉദ്ഭൃതം വനസ്പതിഭ്യഃ പര്യാമൃതം സഹഃ |**

**അപാമോജ്മാനം പരി ഗോഭിരാവൃതമിന്ദ്രസ്യ വജ്രം ഹവിഷാ രഥം യജ ||**

ഹേ ഋത്വിജൻമാരേ! നിങ്ങൾ രഥത്തിന് ഹവിസ്സ് നൽകുവിൻ. ഈ രഥം ദിവ്യവും പാർത്ഥിവ വസ്തുക്കൾകൊു നിർമ്മിച്ചതുമാകുന്നു. ഇത് ജലത്തിനുതുല്യമായ വേഗത്തോടുകൂടിയതും വജ്രം പോലെ ഉറപ്പുള്ളതുമാകുന്നു.

**28. ഇന്ദ്രസ്യ വജ്രോ മരുതാമനീകം മിത്രസ്യ ഗഭോവരുണസ്യ നാഭിഃ |**

**സോമം നോ ഹവ്യദാതിം ജൂഷാണോ ദേവ രഥ പ്രതി ഹവ്യാ ഗൃഭായ ||**

ഹേ ദിവ്യരഥമേ! ഞങ്ങളുടെ യാഗത്തിൽ നിന്നും സന്തോഷത്തോടുകൂടി ഹവിസ് സ്വീകരിക്കൂ. നീ മരുത്തുക്കളുടെ മുമ്പിലായിഗമിക്കുന്നവനും മിത്രന്റെ ഗർഭരൂപവും, വരുണന്റെ നാഭീരൂപവും, എന്ദ്രന്റെ വജ്രരൂപവുമാണ്.

**29. ഉപ ശ്വാസയ പൃഥിവീമുത ദ്യാം പുരുത്രാ തേ മനുതാം വിഷ്ടിതം ജഗത് |**

**സ ദുന്ദുഭേ സജൂരിന്ദ്രേണ ദേവൈർദൂരാദ്ദവീയോ അപ സേധ ശത്രൂൻ ||**

ഹേ ദുന്ദുഭീ! നീ ശബ്ദത്താൽ വാനൂഴികളെ പ്രതിധ്വനിപ്പിക്കൂ. നീ ഇന്ദ്രനേയും മറ്റുദേവകളേയും അനുഗമിച്ച് ഞങ്ങളുടെ ശത്രുക്കളെ അകറ്റൂ.

**30. ആ ക്രന്ദയ ബലമോജോ ന ആ ധാ നിഃ ഷ്ടനിഹി ദുരിതാ ബാധമാനഃ |**

**അപ പ്രോഥ ദുന്ദുഭേ ദുച്ഛുനാ ഇത ഇന്ദ്രസ്യ മുഷ്ടിരസി വീളയസ്വ ||**

ഹേ ദുന്ദുഭീ ! ഞങ്ങൾക്കു ബലം പ്രദാനം ചെയ്യൂ. ഞങ്ങളുടെ ശത്രുക്കളെ കരയിക്കൂ. നിന്റെ ഘോരമായ ശബ്ദത്താൽ ശത്രുക്കൾ ഞെട്ടിവിറക്കട്ടെ. നിനക്കു ഹിതമായി സന്തോഷിക്കുന്നവരെ പാലായനം ചെയ്യിക്കൂ. ഇന്ദ്രന്റെ മുഷ്ടിക്കുതുല്യം ഞങ്ങളെ നീ ഉറപ്പുള്ളവരാക്കൂ.

**31. ആമൂരജ പ്രത്യാവർതയേമാഃ കേതുമദ് ദുന്ദുഭിർവാവദീതി |**

**സമശ്വപർണാശ്ചരന്തി നോ നരോ സ്മാകമിന്ദ്ര രഥിനോ ജയന്തു ||**

ഹേ ഇന്ദ്രാ! എല്ലാ ഗോക്കളേയും ഞങ്ങൾക്കു കിട്ടുമാറാക്കണം. ഈ ദുന്ദഭി വിളംബരരൂപത്തിൽ ശബ്ദം മുഴക്കുന്നു, ഞങ്ങളുടെ വീരൻമാർ അശ്വങ്ങളുടെ പുറത്ത് യാത്രയായിരിക്കുന്നു. ഹേ ഇന്ദ്രാ! ഞങ്ങളുടെ തേരാളിയും, സൈനികരും യുദ്ധത്തിൽ വിജയിക്കട്ടെ.

## അദ്ധ്യായം എട്ട്

## സൂക്തം 48

**ഋഷി ബൃഹസ്പതീ പുത്രൻ ശംയൂ. ദേവത അഗ്നി, മരുത്ത് ഛന്ദസ് ബൃഹതി, സദോബൃഹതി**

**1. യജ്ഞായജ്ഞാ വോ അഗ്നയേ ഗിരാഗിരാച ദക്ഷസേ |**

**പ്രപ്ര വയമമൃതം ജാതവേദസം പ്രിയം മിത്രം ന ശംസിഷം ||**

ഹേ സ്തോതാക്കളേ! അഗ്നിയെ തുടർച്ചയായി സ്തുതിക്കുവിൻ. അവൻ സർവ്വഭ്രഷ്ടാവും, മിത്രതുല്യം അനുകൂലനും, അവിനാശിയുമാണല്ലോ.

**2. ഊർജോ നപാതം സ ഹിനായമസ്മയുർദാശേമ ഹവ്യദാതയേ |**

**ഭുവദ് വാജേഷ്വവിതാ ഭുവദ വൃധ ഉത ത്രാതാ തനൂനാം ||**

ഹവ്യവാഹകനായ അഗ്നിക്ക് നാം ഹവിസ്സ് നൽകുന്നു.

രണക്ഷേത്രത്തിൽ അവൻ നമ്മെ രക്ഷിക്കട്ടെ. നമ്മുടെ പുത്രൻമാരെ രക്ഷിക്കട്ടെ, നമുക്ക് സമൃദ്ധിനൽകട്ടെ.

**3. വൃഷാ ഹ്യഗ്നേ അജരോ മഹാന്വിഭാസ്യർചിഷാ |**

**അജസ്രേണ ശോചിഷാ ശോശുചച്ഛുചേ സുദീതിഭിഃ സു ദീദിഹി ||**

ഹേ അഗ്നേ! നീ അഭീഷ്ടദായകനും, മഹാനും, തേജസ്വിയുമാകുന്നു. നീ ആ പ്രകാശത്താൽ ഞങ്ങളേയും പ്രകാശിപ്പിക്കേണമേ.

**4. മഹോ ദേവാന്യജസി യക്ഷ്യാനുഷക്തവ ക്രത്വോത ദംസനാ |**

**അർവാചഃ സീം കൃണാഹ്യഗ്നേ വസേ രാസ്വ വാജോത വംസ്വ ||**

ഹേ അഗ്നേ! നീ ദേവകൾക്കുവേി യജ്ഞം നടത്തുന്നു. അതിനാൽ ഞങ്ങളുടെ യജ്ഞത്തിലും അവർക്ക് ഹവിസ്സ് നൽകൂ. തൻെറ ബുദ്ധിയും കർമ്മവും വഴിയായി ഞങ്ങളുടെ രക്ഷകനായ ദേവകളെ ഇവിടെ കൊുവന്നാലും. നീ ഞങ്ങൾക്ക് അന്നം നൽകുകയും, ഞങ്ങളുടെ ഹവിസ്സ് ഭക്ഷിക്കുകയും ചെയ്യണേ.

**5. യമാപോ അദ്രയോ വനാ ഗർഭമൃതസ്യ പിപ്രതി |**

**സഹസോ യോ മഥിതോ ജായതേ നൃഭിഃ പൃഥിവ്യാ അധി സാനവി ||**

ഹേ അഗ്നേ! നീ യജ്ഞത്തിൻെറ ഗർഭരൂപമാകുന്നു. സോമത്തിൽ മിശ്രണം ചെയ്യുന്ന ജലവും, ഇടിച്ചുപിഴിയുന്ന കല്ലും, അരണികളും നിന്നെ പുഷ്ടമാക്കുന്നു. ഋത്വിക്കുകളാൽ നിൻെറ മഥനം നടക്കുന്നു. അപ്പോൾ ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠസ്ഥാനമായ യജ്ഞത്തിൽ നീ ജനിക്കുന്നു.

**6. ആ യഃ പ പ്രൗ ഭാനുനാ രോദസീ ഉഭേ ധൂമേന ധാവതേ ദിവി |**

**തിരസ്തമോ ദദൃശ ഊർമ്യാസ്വാ ശ്യാവാസ്വേരുഷോ വൃഷാ ശ്യാവാ അരുഷോ വൃഷാ ||**

യാതൊരഗ്നി തൻെറ തേജസ്സാൽ വാനൂഴികളെ പൂർണ്ണമാക്കുകയും, ധൂമത്തോടുകൂടി അന്തരീക്ഷത്തിൽ ഉയരുകയും ചെയ്യുന്നുവോ; ആ അഗ്നി രാത്രിയുടെ അന്ധകാരത്തെ അകറ്റി കളയുന്നു. തേജസ്വിയായ ആ അഗ്നി തന്നെ അഭിലാഷങ്ങൾ വർഷിക്കുന്നവനുമാകുന്നു.

**7. ബൃഹദ് ഭിരഗ്നേ അർചിഭിഃ ശുക്രേണ ദേവ ശോചിഷാ |**

**ഭരദ്വാജേ സമിധാനോ യവിഷ്ഠ്യ രേവന്നഃ ശുക്ര ദീദിഹി ദ്യുമത്പാവക ദീദിഹി ||**

ഹേ അഗ്നേ! ഞങ്ങളുടെ ഭ്രാതാവായ ഭരദ്വാജനാൽ പ്രദീപ്തനായ നീ ഞങ്ങൾക്കു ധനം തരണേ.

**8. വിശ്വാസാം ഗൃഹപതിർവിശാമസി ത്വമഗ്നേ മാനുഷീണാം |**

**ശതം പൂർഭിയവിഷ്ഠ പാഹ്യംഹസഃ സമേദ്ധാരം ശതം ഹിമാഃ സ്തോതൃഭ്യോ യേ ച ദദതി ||**

ഹേ അഗ്നേ! നീ ഗൃഹപതിയാണല്ലോ ഞാൻ നിന്നെ നൂറ് ഹേമന്തം വരെ പ്രദീപ്തമാക്കും. നീ പാപത്തിൽ നിന്നും എന്നെയും, നിനക്ക് അന്നം നൽകുന്ന സ്തോതാവായ യജമാനനെയും രക്ഷിക്കുമാറാകണം.

**9. ത്വം നശ്ചിത്ര ഊത്യാ വസോ രാധാംസി ചോദയ |**

**അസ്യ രായസ്ത്വമഗ്നേ രഥീരസി വി ഗാധം തുചേ തു നഃ ||**

ഹേ അഗ്നേ! നീ ഞങ്ങൾക്കുവേി ധനത്തെ പ്രേരിപ്പിക്കുകയും , ഞങ്ങളുടെ പുത്രാദികളെ യശസ്വികളാക്കുകയും ചെയ്യണമേ.

**10. പർഷി തോകം തനയം പർതൃഭിഷ്ട്വമദബ്ധൈരപ്രയുത്വഭിഃ |**

**അഗ്നേ ഹേളാംസി ദൈവ്യാ യുയോധി നോ ദേവാനി ഹ്വരാംസി ച ||**

ഹേ അഗ്നേ! ഞങ്ങളുടെ പുത്രൻമാരേയും പൗത്രൻമാരെയും പാലിക്കേണമേ. ദേവകൾക്കും മനുഷ്യർക്കും ഞങ്ങളോടുള്ള ക്രോധത്തെ അകറ്റേണമേ.

**11. ആ സഖായഃ സബർദുഘാം ധേനുമജധ്വമുപ നവ്യസാ. വചഃ |**

**സൃജധ്വമനപസ്ഫുരാം ||**

ഹേ ബന്ധുക്കളേ! നിങ്ങൾ സ്തോത്രങ്ങൾ സഹിതം പയസ്വിനിയായ ഗോവിൻെറ അടുക്കലേയ്ക്കുവരുവിൻ. പിന്നെ ഹാനിസംഭവിക്കാതിരിക്കത്തക്കവിധം അവളെ കിടാവിനോടു ചേർക്കുവിൻ.

**12. യാ ശർധായ മാരുതായ സ്വഭാനവേ ശ്രവോ മൃത്യുധുക്ഷത |**

**യാ മൃളീകേ മരുതാം തുരാണാം യാ സുമ്നൈരേവയാവരീ ||**

മരുത്തുക്കളുടെ രക്ഷയ്ക്കുവേി ദുഗ്ധരൂപമായ അന്നം നൽകുകയും സ്വതന്ത്രമായ തേജസ്സോടുകൂടിയവളും വൃഷ്ടിജലത്തോടുകൂടി സുഖത്തെ വർഷിച്ചുകൊത്തുകയും അന്തരീക്ഷത്തിൽ വിചാരണം ചെയ്യുകയും ചെയ്യുന്ന ആ ഗോവിൻെറ അടുക്കലേയ്ക്കു ചെല്ലുവിൻ.

**13.ഭരദ്വാജായാവ ധുക്ഷത ദ്വിതാ |**

**ധേനും ച വിശ്വ ദോഹ സമിഷം ച വിശ്വഭോജസം ||**

ഹേ മരുത്തുക്കളേ ഭരദ്വാജന് പയസ്വിനിയായ ഗോവിനേയും യഥേഷ്ടമായ അന്നത്തോടുകൂടി മംഗളവും പ്രദാനം ചെയ്യുവിൻ.

**14. തം വ ഇന്ദ്രം ന സുക്രതം വരുണമിവ വായിനം |**

**ആര്യമണം ന മന്ദ്രം സൃപ്രഭോജസം വിഷ്ണും ന സ്തുഷ ആദിശേ || □**

ഹേ മരുത്തുക്കളേ! നിങ്ങൾക്ക് ഇന്ദ്രൻെറ കർമ്മവും, വരുണൻെറ പ്രതിജ്ഞയും, അര്യമാവിൻെറ സ്തുത്യതയും വിഷ്ണുവിൻെറ ശ്രീവായുമുള്ളതിനാൽ ധനത്തിനുവേി ഞാൻ നിങ്ങളെ സ്തുതിക്കുന്നു.

**15. ത്വേഷഃ ശർധോ ന മാരുതം തുവിഷ്വണ്യനർവാണം പൂഷണ സം യഥാ ശതാ |**

**സംസഹസ്രാ കാരിഷച്ചർഷണിഭ്യ ആം അവിർഗുളഹാ വസൂ കരത്സുവേദാ നോ വസൂ കരത്□||**

മരുത്തുക്കൾ നമുക്ക് സംഖ്യാരഹിതമായ ധനം കിട്ടുമാറാക്കണേ.

**16. ആ മാ പൂഷന്നുപദ്രവ ശംസിഷം നു തെ ാപികർണ ആഘൃണേ |**

**അധാ അർയോ ആരാതയഃ ||**

പൂഷാവേ! എൻെറ അടുക്കൽ വരേണമേ എൻെറ ശത്രുക്കളെ വ്യഥിതരാക്കണമേ. ഞാനും നിൻെറ യശസ്സിനെ പാടിപുകഴ്ത്തുന്നു. നീ എനിക്ക് ഗൂഢസമ്പത്ത് കാട്ടിത്തരണമേ.

**17. മാ കാകമ്ബീരമുദ്വൃഹോ വനസ്പതി മശസ്തോതീർവി ഹി നീനശഃ |**

**മോത സൂരോ അഹ ഏവ ചന ഗ്രീവാ ആദധതേ വേഃ ||**

ഹേ പൂഷാവേ! കാക്കയിരിക്കുന്ന വനസ്പതികളെ നശിപ്പിക്കരുതേ. എൻെറ നിന്ദകരെ നശിപ്പിക്കണമേ. എൻെറ ശത്രുക്കൾ വ്യാധനെപ്പോലെ എന്നെ ബന്ധിതരാക്കാ തിരിക്കട്ടെ.

**18. ദൃതോരിവ തേ വൃകമസ്തു സഖ്യം |**

**അഛിദ്രസ്യ ദധന്വതഃ സുപൂർണസ്യ ദധന്വതഃ ||**

ഹേ പൂഷാവേ! നിൻെറ മൈത്രി തയിർ നിറഞ്ഞതും ചേരാത്തതുമായ നിൻെ തയിർ തോൽതുരത്തിപ്പോലെ എപ്പോഴും എന്നിൽ നിലനില്ക്കണേ.

**19. പരോ ഹി മർത്യൈരസി സമോ ദേവൈരുത ശ്രിയ |**

**അഭി ഖ്യഃ പൂഷൻപൃതനാസു നസ്ത്വമവാ നൂനം യഥാ പുരാ ||**

ഹേ പൂഷാവേ! നീ ധനത്തിൽ എല്ലാദേവതകൾക്കും തുല്യനുമാകുന്നു. യുദ്ധത്തിൽ ഞങ്ങളുടെ മേൽ അനുഗ്രഹദൃഷ്ടി പതിപ്പിക്കണം പ് ഞങ്ങളെ രക്ഷിച്ചതുപോലെ ഇപ്പോഴും രക്ഷിക്കേണമേ.

**20. വാമീ വാമസ്യ ധൂതയഃ പ്രണീതിരസ്തു സൂനൃതാ |**

**ദേവസ്യ വാ മരുതേ മർത്യസ്യ വേജനസ്യ പ്രയജ്യവഃ ||**

ഹേ മരുത്തുക്കളേ! യജമാനൻമാരക്ക് ഇഛിതമായ ധനം പ്രദാനം ചെയ്യുന്ന നിങ്ങളുടെ വാണി ഞങ്ങൾക്കു മാർഗ്ഗദർശകരായിരിക്കട്ടെ?

**21. സദ്യശ്ചിദ്യസ്യ ചർകൃതിഃ പരി ദ്യാം ദേവോ നൈതി സൂര്യഃ |**

**ത്വേഷം ശവോ ദധിരേ നാമ യജ്ഞിയം മരുതോ വൃത്രഹം ശവോ ജ്യേഷ്ഠം വൃത്രഹം ശവഃ ||**

സൂര്യൻേറതുപോലെ തന്നെ മരുത്തുക്കളുടെ എല്ലാകർമ്മങ്ങളും അന്തരീക്ഷത്തിൽ നിറഞ്ഞു നില്ക്കുന്നു. ആ മരുത്തുക്കൾ പൂജനീയരും, ശത്രുഹന്താക്കളും, ബാലവാഹകരുമാകുന്നു.

**22. സുകൃദ്ദ്യ ദ്യൗരജായതേ സകൃദ്ഭൂമിരജായത |**

**പൃശ്ന്യാ ദുഗ്ധം സുകൃത് പയസ്തദന്യോ നാനു ജായതേ ||**

സ്വർഗ്ഗവും ഭൂമിയും ഒരു പ്രാവശ്യമേ ജനിച്ചിട്ടുള്ളൂ, മരുത്തുക്കളുടെ മാതാവായ പൃശ്നിയിൽ നിന്നും ഒരു പ്രാവശ്യം മാത്രമേ പാൽ കറന്നിട്ടുള്ളൂ. അങ്ങനെ മറ്റൊന്നുമുായിരുന്നില്ല, ഇനി ഉാകുകയുമില്ല.

## സൂക്തം 49

**ഋഷി ഭരദ്വാജഗോത്രൻ ഋജിശ്വവ്, ദേവത വിശ്വേദേവകൾ, ഛന്ദസ് ത്രിഷ്ടുപ്, ശത്വരി.**

**1.സ്തുഷേജനം സുവ്രതം നവ്യസീഭിർഗീർഭിർ മിത്രാവരുണാ സുമ്നയന്താ |**

**ത ആ ഗമന്ത ത ഇഹ ശ്രവന്തു സുക്ഷത്രാസോ വരുണോ മിത്രോ അഗ്നിഃ ||**

ഞാൻ നൂതനങ്ങളായ സ്തോത്രങ്ങളാൽ മിത്രനേയും വരുണനേയും സ്തുതിക്കുന്നു. അവർ ആ യാഗത്തിൽ നമ്മുടെ ആഹ്വാനത്തെ ശ്രവിക്കണേ.

**2.വിശോവിശ ഈഡ്യമധ്വരേഷ്വദൃപ്തക്രതുമരതിം യുവത്യോഃ |**

**ദിവഃ ശിശും സഹസഃ സൂനുമഗ്നിം യജ്ഞസ്യ കേതുമരുഷം യജധ്യൈ |||**

എല്ലാ യജ്ഞങ്ങളിലും അഗ്നി പൂജനീയനാകുന്നു. അവൻ അഹങ്കാരരഹിതനും, വാനൂഴികളുടെ നാഥനും, യജ്ഞത്തിൻെറ ധ്വജരൂപവും ആകുന്നു. ആ അഗ്നിയെ യജനം ചെയ്യുവാനായി യജമാനനെ പ്രേരിപ്പിക്കുന്നു.

**3. അരുഷസ്യ ദുഹിതരാ വിരൂപേ സ്തൃഭിരന്യാ പിപിശേ സുരോ അന്യാ |**

**മിഥസ്തുരാ വിചരന്തീ പാവകേ മൻമ ശ്രുതം നക്ഷത ഋച്യമാനേ ||**

പകലും രാത്രിയും സൂര്യൻെറ രു കന്യകമാരാകുന്നു. ഇവരിൽ ഒന്ന് സൂര്യനാലും മറ്റത് നക്ഷത്രങ്ങളാലും പ്രകാശിക്കുന്നു. ഇവർ രും നമ്മുടെ സ്തുതികളെ ശ്രവിക്കണേ.

**4. പ്ര വായുഛേ ബൃഹതീ മനീഷാ ബൃഹദ്രിയം വിശ്വവാരം രഥപ്രാം |**

**ദ്യുതദ്യാമാ നിയുതഃ പത്യമാനഃ കവിഃ കവിഭിയക്ഷസി പ്രയജ്യോ ||**

അശ്വങ്ങളുടെ നായകരായ മരുത്തുക്കളേ! നിങ്ങൾ ധനം വഴിയായി സ്തോതാക്കളെ വളർത്തണമേ. ഞങ്ങളുടെ സ്തുതികൾ വായുദേവൻെറ സന്നിധാന ത്തിലേയ്ക്ക് ഗമിക്കണേ.

**5. സ മേ വപുശ്ചദയദശ്വിനോർയോ രഥോ വിരുക് മാൻമനസാ യുജാനഃ |**

**യേന നരാനാസത്യേഷയധ്യൈവർതിര്യാഥസ്തനയായത്മനേ ച ||**

മനസ്സുവഴിയായി പൂട്ടപ്പെട്ട അശ്വങ്ങളുടെ രഥം എൻെറ ദേഹത്തെ രക്ഷിക്കണേ. ഹേ അശ്വിനികളേ! നിങ്ങൾ അതിൽ കയറി സ്തോതാക്കളുടെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കുവാനായി വരേണമേ.

**6. പർജന്യവവാതാ വൃഷഭാ പൃഥിവ്യാഃ പുരീഷാണി ജിന്വതമപ്യാനി |**

**സത്യശ്രുതഃ കവയോ യസ്യ ഗീഭിർജഗതഃ സ്ഥാതർജ ഗഭ കൃണുധ്വം ||**

ഹേ പർജന്യാ! വായു! നിങ്ങൾ അന്തരീക്ഷത്തിൽ നിന്നും ജലത്തെ പ്രേരിപ്പിക്കുവിൻ. നിങ്ങൾ സന്തുഷ്ടരാക്കുന്ന എല്ലാ മനുഷ്യരേയും സമൃദ്ധരാക്കണമേ.

**7. പറവീരവീ കന്യാ ചിത്രായുഃ സരസ്വതീ വീതപത്നീ ധിയം ധാത് |**

**ഗ്നാഭിരഛിദ്രം ശരണം സജോഷാ ദുരാധർഷം ഗൃണതേ ശർമ യംസത് ||**

അത്മുതസഞ്ചാരിണിയായ സരസ്വതീദേവി നമ്മുടെ യജ്ഞാനുഷ്ഠാനങ്ങൾ നിർവ്വഹിക്കണേ. ആ ദേവിപ്രസന്നയായി ദേവാംഗനകൾ സഹിതം സ്തോതാവിന് ശ്രേഷ്ഠമായ ഭവനവും മംഗളവും നൽകണേ.

**8. പഥസ്പഥഃ പരിപതിം വചസ്യാ കാമനേ കൃതോ അഭ്യാനളക്കം |**

**സ നോ രാസച്ഛ്രുരുധശ്ചന്ദ്രാഗ്രാ ധിയംധിയം സീഷധാതി പു പൂഷാ ||**

ഹേ സ്തോതാക്കളേ! നിങ്ങൾ പൂഷാദേവൻെറ സന്നിതിയിലേയ്ക്കു പോകുവിൻ അവൻ നമുക്ക് സ്വർണ്ണക്കൊമ്പുകളുള്ള ഗോക്കളെ നൽകണേ, എല്ലാകാര്യങ്ങളാലും സമ്പന്നരാക്കളേ.

**9. പ്രഥുമഭാജം യശസം വയോധാം സുപാണിം ത്വഷ്ടാരം സുഗഭസ്തിമൃഭ്വം |**

**ഹോതാ യക്ഷദ്യജതം പസ്ത്യാനാമഗ്നിസ്ത്വഷ്ടാരം സുഹവം വിഭാവാഃ ||**

യാതൊരുത്വഷ്ടാദേവൻ പ്രസിദ്ധനായ അന്നദാതാവും, സുന്ദരമായ ഭുജങ്ങളോടുകൂടിയവനും, മഹാനും ആഹ്വാനീയനും ആകുന്നുവോ, അഗ്നിദേവൻ ആത്വഷ്ടാവിനുവേി യജ്ഞം നടത്തണേ.

**10. ദൂവനസ്യ പിതരം ഗിർഭിരാഭി രുദ്രം ദിവാ വർധയാ രുദ്രമക്തൗ |**

**ഹൃഹന്തമൃഷ്വമജരം സഷുമ്നമൃധഗ്ധുവേമ കവിതേഷി താസഃ ||**

ഹേ സ്തോതാവേ! തൻെറ ശ്രേഷ്ഠമായ സ്തോത്രങ്ങളാൽ രുദ്രനെ പ്രസാദിപ്പിക്കു. അവനെ രാവും പകലും പ്രവൃദ്ധനാക്കൂ.

**11. ആ യുവാനഃ കവയോ യജ്ഞിയാസോ മരുതോ ഗന്ത ഗൃണഥോ വരസ്യാം |**

**അചിത്രം ചിദ്ധി ജിന്വഥാ വൃധന്ത ഇത്ഥാ നക്ഷന്തോ നരോ അങ്ഗിരസ്വത് ||**

ഹേ മരുത്തുക്കളേ! എവിടെ യജമാനൻ യജ്ഞം നടത്തുന്നുവോ, അവിടേയ്ക്കുവരണമേ. നിങ്ങൾ വൃഷ്ടിജലത്താൽ വനങ്ങളെ വളർത്തേണമേ.

**12. പ്ര വീരായ പ്ര തവസേ തുരായാജ യൂഥവേ പശുരക്ഷിരസ്തം |**

**സ പിസ്പൃശതി തന്വി ശ്രുതസ്യ സ്തൃഭിർനം നാകം വചനസ്യ വിപഃ ||**

ഇടയൻ ഗോസമൂഹത്തെ അതിവേഗം തെളിച്ചു കൊപോകുന്നതുപോലെ, മരുത്തുക്കളുടെ നേരെ നിങ്ങളുടെ സ്തോത്രങ്ങളെ അയക്കുവിൻ അന്തരീക്ഷം നക്ഷത്രങ്ങളാൽ പ്രശോഭിതമാകുന്നതുപോലെ മരുത്തുക്കൾ സ്തോതാവിൻെറ സ്തുതികളാൽ തങ്ങളുടെ ദേഹത്തെ സുശോഭിതമാക്കുന്നു.

**13. യോ രജാംസി വിമമേ പാർഥിവാനി ത്രിശ്ചിദ്വിഷ്ണുരമനവേ ബാധിതായ |**

**തസ്യ തേ ശർമന്നുപദദ്യമാനേ രായാ മദേമ തന്വാ തനാ ച ||**

യാതൊരു വിഷ്ണു മൂന്നടിയുടെ പരാക്രമത്താൽ ലോകങ്ങളെ അളന്നിരുന്നുവോ അവൻ നിങ്ങളാൽ നൽകപ്പെട്ട ഭവനങ്ങളിൽ വന്നു വസിക്കണേ. നാം ധനത്തോടുകൂടിയവരാകണേ.

**14. തന്നോ ഹിർബുധ്ന്യോ അഭ്ദിരർകൈസ്തത് പർവതസതതസവിതാ ചനോ ധാത് |**

**തദോഷ ധീഭിരഭി രാതിഷാചോ ഭഗഃ പുരന്ധിർജി ന്വതു പ്ര രായേ ||**

നമ്മുടെ സ്തോത്രങ്ങളാൽ സ്തുതിക്കപ്പെടുന്നവരായ അഹിർബുധ്നപർവ്വതവും സവിതാവും നമുക്ക് നമുക്ക് ജലവും അന്നവും പ്രദാനം ചെയ്യണേ. വിശ്വദേവകളും, ഭഗദേവനും അന്നവും ധനവും നൽകണേ.

**15. നൂ നോ രയിം രഥ്യം ചർഷണിപ്രാം പൂരവീരം മഹ ഋതസ്യ ഗോപാം |**

**ക്ഷയം ദാതാജരം യേന ജനാൻത്സ് പൃധോ അദേവീരഭി ച ക്രമാമ വിശ അദേവി രഭ്യ ശ്നവാമ ||**

ഹേ വിശ്വദേവകളേ! നിങ്ങൾ രഥവും അനുചരൻമാരേയും. പുത്രാധികളേയും, ഭവനവും അന്നവും ഞങ്ങൾക്കു തരുമാറാകണേ. അതുകൊ് ഞങ്ങൾ ശത്രുക്കളെ തോല്പിക്കുകയും, ദേവോപാസകർക്ക് ആശ്രയം നൽകുകയും ചെയ്യണേ.

## അനുവാകം 5 സൂക്തം 50

**ഋഷി ഋജിശ്വാവ്. ദേവത ബഹുദേവൻമാർ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഹുവേ വോ ദേവീമദിതിം നമോഭിർമൃളീകായ വരുണം മിത്രമഗ്നിം |**

**അഭിക്ഷദാമര്യമണം സുശേവം ത്രാതൄർന്ദേവാൻത്സവിതാരം ഭഗം ച ||**

ഹേ ദേവൻമാരേ! അദിതിയേയും, വരുണനേയും, മിത്രനേയും, അഗ്നിയേയും, അയിർമാവിനേയും, സവിതാവിനേയും, ഭഗനേയും അതുപോലെ മറ്റെല്ലാ ദേവകളേയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**2. സുജ്യോതിഷഃ സൂര്യ ദക്ഷാപിതൄനനാഗ്സത്വേ സുമഹോ വീഹി ദേവാൻ |**

**ദ്വിജൻമാംനാ യ ഋതസാപഃ സത്യാഃ സ്വർവന്തോ യജതാ അഗ്നിജിഹ്വാഃ ||**

ഹേ സൂര്യ തേജസ്വികളായ ദേവൻമാരെ ഞങ്ങൾക്കനുകൂലമാക്കണേ. സ്വർഗ്ഗത്തിലും ഭൂമിയിലും ഉത്ഭവിച്ച ദേവകൾ യജ്ഞത്തിൽ പ്രീതിയുള്ള ധനികരും അഗ്നിജിഹ്വൻമാരു മാണല്ലോ.

**3. ഉത ദ്യാവാപൃഥിവീ ക്ഷത്രമുരു ബൃഹദ്രോദസീ ശരണം സുഷുമ്നേ |**

**മഹസ്കരഥോ വരിവോ യഥാ നോ സ്മേ ക്ഷയായ ധിഷണേ അനേഹഃ ||**

ഹേ വാനൂഴികളേ! ഞങ്ങൾക്ക് ശക്തിയും ധനവും നൽകണേ. ഞങ്ങൾ ഐശ്വര്യവാൻമാരുമാകണമേ. ഞങ്ങളുടെ ഭവനങ്ങളിൽ നിന്നും പാപങ്ങളെ അകറ്റേണമേ.

**4. ആ നോ രുദ്രസ്യ സൂനവേ നമന്താമദ്യാ ഹൂതാസോ വാസവോ ധൃഷ്ടാഃ |**

**യദീമർഭേ മഹതി വാ ഹിതാസോ ബാധേ മരുതോ അഹൂവാ ദേവാൻ ||**

രുദ്രപുത്രരായ മരുത്തുക്കളേ! ഞങ്ങളുടെ

ആഹ്വാനത്തിൻമേൽ വരേണമേ. എല്ലാ ആപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.

**5. മിമ്യക്ഷ യേഷു രോദസീ നു ദേവീ സിഷക്തി പൂഷാ അഭ്യർധയജ്വാ |**

**ശ്രുത്വാ ഹവം മരുതോ യദ്ധ യാഥ ഭൂമാ രേജന്തേ അധ്വനി പ്രവിക്തേ ||**

ഹേ മരുത്തുക്കളേ! ആകാശവും ഭൂമിയും നിങ്ങളാൽ സംശ്ലിഷ്ടമാകുന്നു. സ്തോതാക്കൾക്കു സമൃദ്ധിനൽകുന്നവനായ പൂഷാവും നിങ്ങളെ സേവിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ആഹ്വാനമനുസരിച്ചുവരുമ്പോൾ എല്ലാ ജീവജാലങ്ങളും ഭയന്നു വിറക്കുന്നു.

**6. അഭി ത്വം വീരം ഗിർവണ സമർചേന്ദ്രം ബ്രഹ്മണാ ജരിതർനവേന |**

**ശ്രവദിദ്ധവമുപ ച സ്തവാനോ രാസദ്വാജാം ഉപ മഹോ ഗൃണാനഃ ||**

ഹേ സ്തോതാവേ! ഇന്ദ്രനെ സ്തുതിക്കൂ. നമ്മുടെ ആഹ്വാനത്തെ ശ്രവിക്കുന്ന അവൻ നമുക്കന്നം നൽകണേ.

**7. ഓമാതമാപോ മാനുഷീരമൃക്തം ധാത തോകായ തനയായ ശം യോഃ |**

**യൂയം ഹി ഷ്ഠാ ഭിഷജോ മാതൃതമാ വിശ്വസ്യ സ്ഥാതുർജഗതോ ജനിത്രീഃ ||**

ഹേ ജലമേ! നീ മനുഷ്യർക്കു മംഗളമേകുന്നു. നീ ഞങ്ങളുടെ പുത്രപൗത്രാദികൾക്കു അന്നം നൽകി രക്ഷിക്കണമേ. നീ എല്ലാ ഉപചാരകർക്കും, ദേഹധാരികൾക്കും ജൻമം നൽകുന്നുവല്ലോ.

**8. ആ നോ ദേവഃ സവിതാ ത്രായമാണോ ഹിരണ്യപാണിര്യജതോ ജഗമ്യാത് |**

**യോ ദത്രവാം ഉഷസോ ന പ്രതീകം വ്യൂർണുതേക ദാശുഷേ വാര്യാണി ||**

യജമാനനു കാമ്യമായ ധനം നൽകുന്ന ഹിരണ്യപാണിയായ സവിതാവ് നമ്മുടെ സ്ഥാനത്തേയ്ക്ക് എഴുന്നള്ളണേ.

**9. ഉത ത്വം സൂനോ സഹസോ നോ അദ്യാ ദേവാം അസ്മിന്നധ്വരേ വാവൃത്യാഃ |**

**സ്യാമഹം തേ സദാമിദ്രാതൗ തവ സ്യാമഗ്നേ വസാ സുവീരഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ അടുക്കലേയ്ക്ക് ദേവകളെ കൊവരണമേ. ഞാൻ നിൻെറ അനുകൂല്യത്തെ എപ്പോഴും അറിയണേ. ഞാൻ നിന്നാൽ രക്ഷിക്കപ്പെടുന്നവരും ശ്രേഷ്ഠരും ആ പുത്രപൗത്രാദികളാൽ സമ്പന്നനാകണേ.

**10. ഉത ത്യാ മേ ഹവമാ ജഗ്മ്യാതം നാസത്യാ ധീർദിര്യുവമങ്ഗ വിപ്രാ |**

**അ ത്രിം ന മഹസ്തമസോ മമുക്തം തുർവതം നരാ ദുരിതാദഭീകേ ||**

ഹേ അശ്വിതികളേ! നിങ്ങൾ എൻെറ സ്തോത്രങ്ങളോടടുക്കുവിൻ. നിങ്ങൾ അന്ധകാരത്തിൽ നിന്നും അത്രിയെ രക്ഷിച്ചതുപോലെ ഞങ്ങളെ ദുഃഖങ്ങളിൽ നിന്നും മോചിപ്പിക്കേണമേ.

**11. തേ നൊ രായോ ദ്യുമതോ വാജവതോ ദാതാരോ ഭൂത നൃവതഃ പുരുക്ഷോഃ |**

**ദശസ്യന്തോ ദിവ്യാഃ പാർഥിവാസോ ഗോജാതാ അപ്യാ മൃളതാ ച ദേവാഃ ||**

ഹേ ദേവഗണമേ! ഞങ്ങൾക്ക് പുത്രാദികളൊടുകൂടി ധനവും നൽകേണമേ. ആദിത്യനും, വസുക്കളും, രുദ്രനും, മരുത്തുക്കളും, ഞങ്ങളുടെ ആഗ്രഹങ്ങളെ പൂർണ്ണമാക്കി സുഖമുള്ളവരാക്കണേ.

**12. തേ നോ രുദ്രഃ സരസ്വതീ സജോഷാഃ മീഗഹുഷ്മന്തോ വഷ്ണർമൃളമ്തു വായുഃ |**

**ഋഭുക്ഷാ വാജോ ദൈവ്യോ വിധാതാ പർജന്യാവാതാ പിപ്യതാമിഷ നഃ ||**

രുദ്രനും, സരസ്വതിയും, വിഷ്ണുവും, ഋഭുക്ഷാവും, വായുവും, പരുന്തും, വിധാതാവും, നമുക്കു മംഗളം നൽകണേ. പർജന്യനും; വായുവും നമ്മുടെ അന്നത്തെ വളർത്തണേ.

**13. ഉത സ്യ ഭേവഃ സവിതാ ഭഗോ നോ പാം നപാദവതു ദാനു പപ്രിഃ |**

**ത്വഷ്ഠാ ദേവേഭിർജനിഭിഃ സജോഷാ ദ്യൗർദേവേഭിഃ പൃഥിവീ സമുദ്രൈഃ ||**

ദാനശീലനായ അഗ്നി നമ്മുടെ രക്ഷകനാകണേ. സമാനരൂപത്തിൽ പ്രസന്നനായ ത്വക്ഷാ ദേവനും, സ്വർഗ്ഗലോകത്തോടും സമുദ്രത്തോടും കൂടിയ പ്യഥിയും നമ്മെ രക്ഷിക്കണേ.

**14. ഉത നോ ഹിർബുധ്ന്യഃ ശൃണോത്വജ ഏണപാതപൃഥിവീ സമുദ്രഃ |**

**വിശ്വേ ദേവാ ഋതാവൃധോ ഹുവാനാഃ സ്തുതാ മന്ത്രാഃ കവിൽസ്താ അവന്തു ||**

ഇന്ന് ഏകപാദനും അഹിർബുധ്ന്യനും, ഭൂമിയും സമുദ്രവും നമ്മുടെ സ്തവങ്ങളെ ശ്രവിക്കണെ. യജ്ഞകർമ്മങ്ങളെ സമ്പന്നമാക്കുന്നവരും സ്ത്യുത്യരുമായ വിശ്വദേവകൾ നമ്മെരക്ഷിക്കണേ.

**15.ഏവ നപാതോ മമ തസ്യ ധീഭിർഭരദ്വാജ അഭ്യർചന്ത്യർകൈഃ |**

**ഗ്നാ ഹുതാസോ വസവോ ധൃഷ്ഠാ വിശ്വേ സ്തുതാസോ ഭൂതാ യജത്രാഃ ||**

ഭരദ്വാജവംശജരായ ഋഷിമാർ ദേവകളെ സ്തുതിക്കുന്നു. ദേവകളേ! നിങ്ങൾ അജയ്യരും, ഗൃഹദാതാക്കളും ആണല്ലോ, നിങ്ങൾ ദേവപത്നിമാർ സഹിതം പൂജിക്കപ്പെടുന്നു.

## സൂക്തം 51

**ഋഷി ഋജിശ്വാവ്, ദേവത വിശ്വോദേവകൾ ഛന്ദസ് ത്രിഷ്ടുപ്, ഉഷ്ണിക; അനുഷ്ടുപ്.**

**1. ഉദു ത്യച്ചക്ഷുർമഹി മിത്രയോരം എതി പ്രിയം വരുണയോരബ്ധം |**

**ഋതസ്യ ശുചി ദർശതമനീകം രുക്മോ ന ദിവ ഉദിതാ വ്യദ്യൗത് ||**

മിത്രാവരുണൻമാരുടെ പ്രിയമായ അന്തരീക്ഷത്തിൻെറ അലങ്കാരം പോലെ പ്രശോഭിക്കുന്നു, മഹത്തായ അബാധിതമായ, ദർശനീയമായ സൂര്യതേജസ്സ് എല്ലായിടത്തും ഉയരുന്നു. ഉദയത്തിൽ ഒരു ആഭരണംപോലെ വിളങ്ങുന്നു.

**2. വേദ യസ്ത്രീണി വിദഥാന്യേഷാം ദേവാനാം ജൻമ സനുതരാ ച വിപ്രഃ |**

**ഋജ്ജു മർതേഷു വൃജിനാ ച പശ്യന്നഭി ചഷ്ടേ സൂരോ അർയ ഏവാം ||**

ത്രിലോകങ്ങളുടെ ജ്ഞാതാവും; ജ്ഞാനിയും, ദേവകളുടെ പ്രകാട്യത്തെ അറിയുന്നവനായ സൂര്യൻ മനുഷ്യരുടെ സത്യാസത്യങ്ങളെ കാണുന്നവനും ഉപാസകരുടെ അഭീഷ്ടങ്ങൾ നിറവേറ്റുന്നവനും ആകുന്നു.

**3. സ്തു ഉ വോ മഹ ഋതസ്യ ഗോപനദിതിം മിത്രം വരുണം സുജാതാൻ |**

**അർയമണം ഭഗമദഭ്ധനീതിനഛാവോചേ സധന്യഃ പാവകാൻ ||**

അദിതിയേയും, മിത്രനേയും, വരുണനേയും, അർയമാവിനേയും, ഭഗനേയും ഞാൻ സ്തുതിക്കുന്നു. അവരുടെ കർമ്മങ്ങൾ ലോകത്തെ പവിത്രീകരിക്കുന്നു.

**4. രിശാദസഃ സത്പതീതദബ്ധാൻമാഹേ രാജ്ഞഃ സുവസനസ്യ ദാതൃൻ |**

**യൂനഃ സ്യക്ഷത്രാൻക്ഷയതോ ദിവോ നൃനാദിത്യാന്യാ മൃദിതിം ദിവോയു ||**

ഹേ ആദിതേയരേ! നിങ്ങൾ സജ്ജനങ്ങളെ പാലിക്കുന്നവരും ദുർജ്ജനങ്ങളെ ഉപേക്ഷിക്കുന്നവരുമാണല്ലോ. നിങ്ങൾ ഭവനദാനികളും, ഐശ്വര്യൻമാരും ആകുന്നു. ഞാൻ അദിതിയേ ശരണം പ്രാപിക്കുന്നു.

**5. ദ്യൗഷ്പിതഃ പൃഥിവി മാതരധ്രുഗഗ്നേ ഭ്രാതർവസവോ മൃളതാ നഃ |**

**വിശ്വ ആദിത്യാ അദിതേ സജോഷാ അസ്മഭ്യം ശർമ ബഹുലം വി യന്ത ||**

ഹേ വസുക്കളേ! സ്വർഗ്ഗത്തോടും, ഭൂമിയോടും, അഗ്നിയോടും കൂടി നിങ്ങൾ ഞങ്ങൾക്കു മംഗളമരുളുക. ഹേ അദിതീ! ആദിത്യാ! നിങ്ങൾ ഞങ്ങൾക്കു നല്ലതുവരുത്തണേ.

**6. മാ നോ വൃകായ വൃക്യേ സമസ്മാ അഘായതേ രീരധതാ യജത്രാഃ |**

**യൂയം ഹീ ഷ്ഠാ രഥ്യോ നസ്തനൂനാം യൂയം ദക്ഷസ്യ വചസോ ബഭൂവ ||**

ഹേ ദേവകളേ! നിങ്ങൾ ഞങ്ങളെ ആൺചെന്നായകൾക്കും; പെൺചെന്നായകൾക്കും ഏല്പിച്ചുകൊടുക്കരുതോ. നിങ്ങൾ ഞങ്ങളുടെ ദേഹത്തിൻെറയും ബലത്തിൻെറയും വാണിയുടേയും പ്രേരകമായിരിക്കണേ.

**7. മാ വ എനോ അന്യകൃതം ഭുജേമമാ തത്കർമ വസവോ യച്ചയധ്വേ |**

**വിശ്വസ്യ ഹി ക്ഷയഥ വിശ്വദേവാഃ സ്വയം രിപുസ്തന്വം തീരിഷീഷ്ട ||**

ഹേ ദേവകളേ ഞങ്ങൾ മറ്റാരുടേയും പാപത്തിൻെറ ഫലം അനുഭവിക്കാതിരിക്കണേ. ഹേ വസുക്കളേ നിങ്ങൾക്കിഷ്ടമില്ലാത്ത കർമ്മങ്ങൾ ഞങ്ങൾ ചെയ്യാതിരിക്കണേ. ഹേ വിശ്വദേവകളേ ശത്രുവിൻെറ ദേഹം നശിക്കണേ.

**8. നമ ഇദുഗ്രം നമ ആ വിവാസേ നമോ ദാധാര പൃഥിവീമുത ദ്യാം |**

**നമോ ദേവേഭ്യോ നമ ഈശ ഏഷാം കൃതം ചിദേനോ നമസാ വിവാസേ ||**

സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും നമസ്കാരം താങ്ങി നിർത്തുന്നു! ദേവഗണവും നമസ്കാരത്തിനു ധീനരാകുന്നു. അതിനാൽ ഞാനെൻെറ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു എന്നെ ഉദ്ദേശത്താൽ നമസ്കരിക്കുന്നു.

**9. ഋതസ്യ വോ രഥ്യഃ പൂതദക്ഷാനൃതസ്യ പസ്ത്യസദോ അദബ്ധാൻ |**

**താം നാ നമോഭിരുരുപക്ഷസ്യോ്യന്വിശ്വാന ആ നമേ മഹോ യജത്രാഃ ||**

അവൻ തേജസ്വികളാകുന്നു. അവർ നമ്മുടെ പാപങ്ങളെ അകറ്റുന്നു. വരുണനും, മിത്രനും, അഗ്നിയും, സത്യവാദികളുടെ പക്ഷത്തു വസിക്കുന്നു. ഹേ ദേവഗണമേ! നമസ്കാരത്തോടു കൂടി ഞാൻ കുമ്പിടുന്നു. നിങ്ങൾ യജ്ഞത്തിൻെറ നേതാക്കളും ബലവാൻമാരും യാഗശാലയിൽ വസിക്കുന്നവരും മഹിമാസമ്പന്നരുമാകണേ. അവർ തേജസ്വികളാകുന്നു. അവർ നമ്മുടെ പാപങ്ങളെ അകറ്റുന്നു. വരുണനും മിത്രനും അഗ്നിയും സത്യവാദികളുടെ പക്ഷത്തു വസിക്കുന്നു.

**10. തേ ഹി ശ്രേഷ്ഠവർചസ ഉ നസിരോ വിശ്വാനി ദുരിതാ നയന്തി |**

**സുക്ഷത്രാസോ വരുണോ മിത്രോ അഗ്നിർഋതധീത യോ വക്മരാജസത്യഃ ||**

**11. തേ ന ഇന്ദ്രഃ പൃഥിവീ ക്ഷാമ വർധൻ പൂഷാ ഭഗോ അദിതിഃ പഞ്ചു ജനാഃ |**

**സുശർമാണഃ സ്വവസഃ സുനീഥാ ഭവന്തു നഃ സുത്രാ ത്രാസഃ സുഗോപാഃ ||**

ഇന്ദ്രനും പൃഥിയും, പൂഷാവും ഭഗനും, അദിതിയും, പഞ്ചന്യവും നമ്മുടെ ഗൃഹത്തെ വൃദ്ധിപ്പെടുത്തണേ. അവൻ അന്നദാതാക്കളും, സുഖദാതാക്കളും ആശ്രയദാതാക്കളും ആയി രക്ഷിക്കണേ.

**12. നൂ സദമാനം ദിവ്യം നംശീ ദേവാ ഭാരദ്വാജഃ സുമതിം യാതി ഹോതാ |**

**ആസുനേഭിർയജമാനോ മിയേധൈർദേവാനാം ജൻമ വസൂയുർവവന്ദ ||**

ഈ ഭരദ്വാജൻ അതിവേഗം സുന്ദരമായ ഭവനത്തെ പ്രാപിക്കണേ. ഹവിസ്സ് നൽകുന്ന ഋഷികളും യജമാനൻമാരോ ധനമാഗ്രഹിച്ചുകൊ് ദേവകളെ സ്തുതിക്കുന്നു.

**13. അപ ത്യം വൃജിന രിപും സേനഗ്നേ ദുരാധ്യം |**

**ദവിഷ്ഠമസ്യ സത് പതേ കൃധീ സുഗം ||**

ഹേ അഗ്നേ! നീ കുടിലരായ ശത്രുക്കളെയകറ്റി ഞങ്ങൾക്കു മംഗളമേകണേ.

**14. ഗ്രാവാണഃ സോമ നോ ഹി കം സഖിത്വനായ ബാഹശുഃ |**

**ജഹീ ന്യത്രിണം പണിം വൃകോ ഹി ഷഃ ||**

ഹേ സോമമേ! നീ പണിയെ കൊന്നാലും ഈ ഇടിച്ചു പിഴിയുന്നവർ നിൻെറ മിത്രതയെ കാംക്ഷിക്കുന്നു. കൊടുക്കാത്തവനെ മുടിക്കു തട്ടിയെടുക്കുന്നവനാണല്ലോ അവൻ.

**15. യൂയം ഹി ഷ്ഠാ സുദാനവ ഇന്ദ്രജ്യോഷ്ഠാ അഭിദ്യുവഃ |**
**കർതാ നോ അധ്വന്നാ സുഗം ഗോപാ അമാ ||**

ഹേ ഇന്ദ്രാദിദേവകളേ! നിങ്ങൾ ദാതാക്കളും തേജസ്സികളുമാണല്ലോ നിങ്ങൾ മാർഗ്ഗങ്ങളിൽ ഞങ്ങളെ രക്ഷിക്കേണമേ.

**16. അപി പന്ഥാമഗൻമഹി സ്വസ്തിഗാമനേഹസം |**
**യേ വിശ്വാഃ പരി ദ്വിഷോ വൃണക്തി വിന്ദതേ വസു ||**

യാതൊരു സരളമായ മാർഗ്ഗത്തിൽക്കൂടി പോകുന്നതുകൊ് ശത്രുക്കളുടെ പരാജയമുാകുമേ, ഞങ്ങൾക്കു ധലാഭമുാകുമോ; അതേ മാർഗ്ഗത്തിൽക്കൂടി ഞങ്ങൾ വന്നിരിക്കുന്നു.

## സൂക്തം 52

**ഋഷി ഋജിശ്വാവ്, ദേവത വിശ്വേദേവതകൾ, ഛന്ദസ് ത്രിഷ്ടുപ്, ഗായത്രി, ജഗതി.**

**1. ന തദ്ദിവാ നപൃഥിവ്യാനു മന്യേ ന യജ്ഞേന നോത ശർമീഭിരാഭിഃ |**
**ഉബ്ജന്തു തം സ്വഭഃ പർവതാസോ നി ഹീയതാമ തി യാജസ്യ യഷ്ടാ ||**

ഞാനിവനെ ദേവകൾക്കു തുല്യനായിക്കരുതുന്നില്ല. ഇവന് എൻെറ യജ്ഞത്തിനോ, മറ്റു യജ്ഞങ്ങൾക്കുമോ തുല്യതവഹിക്കുവാൻ സാധിക്കുന്നില്ല. അതിനാൽ എല്ലാ പർവ്വതങ്ങളും അതി യജമാനന് ദുഃഖം നൽകണേ. അവൻെറ ഋഷിജനും ദീനനായി ഭവിക്കണേ.

**2 അതി വാ യോ മരുതോ മന്യതേ നോ ബ്രഹ്മ വാ യഃ ക്രിയമാണം നിനിത്സാത് |**
**തപൂംഷി തസ്മൈ വ്റജിനാനി സന്തു ബ്രഹ്മദ്വിഷമഭി തം ശോചതു ദ്യൗഃ ||**

ഹേ മരുത്തുക്കളേ! യാതൊരുത്തൻ ഞങ്ങളുടെ സ്തോത്രങ്ങളെ നിന്ദിക്കുന്നുവോ. അവന് അനിഷ്ടം സംഭവിക്കണേ, സ്വർഗ്ഗം ആ ബ്രാഹ്മണ വിദ്വേഷിയെ ദഹിപ്പിക്കണേ.

**3.കിമങ്ഗ ത്വാ ബ്രഹ്മണഃ സോമ ഗോപാം കിമങ്ഗ ത്വാഹുരഭിശസ്തിപാം നഃ |**
**കിമങ്ഗ നഃ പശ്യസി നിദ്യമാനാൻ ബ്രഹ്മ ദ്വിഷേ തപുഷിം ഹേതിമസ്യ ||**

ഹേ സോമാ! നിന്നെ മന്ത്ര രക്ഷകനെന്ന് എന്തുകൊു പറയുന്നു? നീ നിന്ദാരക്ഷകൻ എന്ന് എന്തുകൊു പറയപ്പെടുന്നു? ഞങ്ങൾ നിന്ദിക്കപ്പെടുമ്പോൾ അങ്ങു നിരുപേക്ഷകനായി എന്തുകൊു നോക്കിനിൽക്കുന്നു? നീ ആ മാരകമായ ആയുധത്തെ ആ ബ്രാഹ്മണവിദ്വേഷിയുടെ നേർക്കയച്ചാലും.

**4. അവന്തു മാമുഷസോ ജായമാനാ അവന്തു മാ സിന്ധവഃ പിന്വമാനാഃ |**
**അവന്തു മാ പർവ്വതാസോ ധ്രുവാസോ വന്തു മാ പിതരോ ദേവഹൂതൗ ||**

ഉഷസുകളും, നദികളും, അചലങ്ങളായ പർവതങ്ങളും, ദേവയാഗത്തിൽ വന്നിരിക്കുന്ന ദേവകളും പിതൃക്കളും എല്ലാം എൻെറ രക്ഷകനായിരിക്കണേ.

**5. വിശ്വാഭാനിം സുമനസഃ സ്യാമ പശ്യേമ നു സൂര്യമുച്ചരന്തം |**
**തഥാ കരദ്വസു പതിർവസൂനാം ദേവാം ഓഹാനോ വസാഗമിഷ്ഠഃ ||**

നാം എപ്പോഴും സൂര്യോദയം ദർശിക്കണേ. ദേവകൾക്കു ഹവിസ്സ് വഹിക്കുന്ന അഗ്നി നമ്മെ ഇതിനു യോഗ്യരാക്കണേ.

**6. ഇന്ദ്രോ നേദിഷ്ഠമവസാഗമിഷ്ഠഃസരസ്വതീ സിന്ധുഭിഃ പിന്വമാനാ |**
**പരജന്യോ ന ഓഷധീഭിമയോ ഭൂരഗ്നിഃ സുശം സഃ സുഹവഃ പിതേവ ||**

സരസ്വതീനദി രക്ഷാർത്ഥം നമ്മുടെ അടുക്കൽ വരട്ടെ. ഔഷധികളോടുകൂടി പർന്യൻ നമുക്കു സുഖം നൽകണേ. അഗ്നി സ്തുത്യനും ആഹ്വാനീയനുമാകണേ.

**7.വിശ്വേ ദേവാസ ആ ഗത ശൃണുതാ മ ഇമം ഹവം |**
**ഏദം ബർഹിർനി ഷീദത ||**

ഹേ വിശ്വദേവകളേ! എൻെറ ആഹ്വാനം ശ്രവിച്ചു ഈ കുശകളിൽ വിരാജിച്ചാലും.

**8. യോ വോ ഘൃതസ്നുനാ ഹവ്യേന പ്രതിഭൂഷതി |**
**തം വിശ്വ ഉപ ഗച്ഛഥ ||**

ഹേ ദേവഗണമേ! ആരു ഘൃതയുക്തമായ ഹവിസ്സാൽ നിങ്ങൾക്കാഹുതി നൽകുന്നുവോ. അവൻെറ അടുക്കലേയ്ക്കു വന്നാലും.

**9. ഉപ നഃ സൂനവോ ഗിരഃ ശൃണ്വന്ത്വമൃതസ്യ യേ |**
**സുമൃലീക ഭവന്തു നഃ ||**

അവിനാശികളായ വിശ്വദേവതകൾ നമ്മുടെ സ്തുതികൾ ശ്രവിച്ച് നമുക്കു മംഗളം വരുത്തണേ.

**10. വിശ്വേ ദേവാ ഋതാവധ ഋതുഭിർഹവനശ്രുതഃ |**
**ജുജുഷന്താം യുജ്യം പയഃ ||**

യജ്ഞത്തെ വൃദ്ധിപ്പെടുത്തുന്ന വിശ്വദേവകൾ അവരവരുടെ ഭാഗങ്ങൾക്കനുസരണമായി ദുഗ്ധം സ്വീകരിക്കണേ.

**11. സ്തോത്രമിന്ദ്രാ മരുത്ഗണസ്ത്വഷ്ടറമാൻ മിത്രോ അര്യമാ |**
**ഇമാ ഹവ്യാ ജുജുഷന്ത നഃ ||**

മരുത്തുക്കളോടുകൂടി ഇന്ദ്രനും, ത്വഷ്ടാവിനോടുകൂടി മിത്രനും അര്യമാവും ഹവ്യയുക്തവും ആയ നമ്മുടെ സ്തുതികളെ സ്വീകരിക്കുന്നു.

**12. ഇമം നോ അഗ്നേ അധ്വരം ഹോതർവയുനശോ യജ |**
**ചികിത്വാന്ദൈവ്യം ജനം ||**

ഹേ അഗ്നി! ദേവകളിൽ ആര് പ്രമുഖനാകുന്നുവോ, അവനുവേി യജ്ഞം നടത്തിയാലും.

**13. യേ അഗ്നിജിഹ്വാ ഉത വാ യജത്രാ**
**ആസദ്യാസ്മിൻ ബഹിംഷി മായധ്വം ||**

ഹേ വിശ്വദേവാ! അവൻ പൃഥ്വിയിലോ, സ്വർഗ്ഗത്തിലോ, അന്തരീക്ഷത്തിലോ എവിടെയെങ്കിലുമാകണേ. അവിടെനിന്നും ഞങ്ങളുടെ ആഹ്വാനം ശ്രവിക്കണമേ. നിങ്ങളെല്ലാം കുശാസനങ്ങളിൽ വിരാജിതരായി സോമം പാനം ചെയ്ത് പ്രസന്നരാകുവിൻ.

**14. വിശ്വേ ദേവാ മമ ശൃണ്വന്തു യജ്ഞിയാ ഉഭേ രോദസീ അപാം നപാച്ച മൻമ |**
**മാ വോ വചാംസി പരിചക്ഷ്യാണി വോചം സുമ്നേഷ്വിദ്വോ**

**അന്തമാ മദേമ ||**

ഹേ വിശ്വദേവകളേ! സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും പൗത്രനായ അഗ്നി ഞങ്ങളുടെ സ്തുതികൾ ശ്രവിക്കണേ. നിങ്ങൾഇഷ്ടപ്പെടാത്ത സ്തോത്രങ്ങൾ ഞങ്ങൾ ഉച്ചരിക്കാതിരിക്കണേ. ഞങ്ങൾ നിങ്ങളുടെ ആത്മീയരായി സുഖം പ്രാപിക്കണേ.

**15. യേ കേ ച ജ്മാ മഹിനോ അഹിമായ ദിവേ ജജ്ഞിരേ അപാം സധസ്ഥേ |**

**തേ അസ്മഭ്യമിഷയേ വിശ്വമായുഃ ക്ഷപ ഉസ്രാ വാരിവസ്യന്തു ദേവാഃ ||**

മൂന്നുലോകങ്ങളിലും വസിക്കുന്ന ദേവകൾ നമുക്കും നമ്മുടെ പുത്രാദികൾക്കും അന്നം പ്രദാനം ചെയ്യണേ.

**16. അഗ്നീപർജ്ജ്യാവവതം ധിയം മേ സ്മിൻഹവേ സുഹവാ സുഷ്ടുതിം നഃ |**

**ഇളാമന്യോ ജനയദ് ഗർഭമന്യഃപ്രജാവതീരിഷ ആ ധത്തമസ്മേ ||**

ഹേ അഗ്നീ! പർജന്യാ! ഞങ്ങളുടെ യജ്ഞത്തിൽ രക്ഷകരാകണമേ. ഞങ്ങളുടെ സ്തുതികളെ ശ്രവിക്കണമേ. നിങ്ങളിൽ ഒരാൾ അന്നദാതാവുമാണല്ലോ. അതിനാൽ ഞങ്ങൾക്ക് അന്നവും സന്താനവും നൽകണേ.

**17. സ്തീർണേ ബർഹിഷി സമിധാനേ അഗ്നൗ സൂക്തേന മഹാ നമസാ വിവാസേ |**

**അസ്മിന്നോ അദ്യ വിദഥേ യജത്രാ വിശ്വേ ദേവാ ഹവിഷി മാദയധ്വം ||**

ഹേ വിശ്വദേവകളേ! അഗ്നി പ്രദീപ്തമാകുമ്പോൾ കുശമേൽവച്ചിരിക്കുന്ന ഞങ്ങളുടെ ഹവിസ്സിനാലും നമസ്കാരത്താലും തൃപ്തിയടയണേ.

## സൂക്തം 53

**ഋഷി ഭരദ്വാജൻ, ദേവത പൂഷാവ് ഛന്ദസ് ഗായത്രി, അനുഷ്ടുപ്.**

**1. വയമു ത്വാ പഥസ്പതേ രഥം ന വാപസാതയേ |**

**ധിയേ പൂഷന്നയുജ്മഹി ||**

ഹേ പൂഷാവേ! ഞങ്ങൾ നിന്നെ കർമ്മങ്ങൾക്കുവേിയും അന്നത്തിനുവേിയും രഥത്തിനു തുല്യം മുമ്പിൽ കൊുവരുന്നു.

**2. അഭി നോ നര്യ വസു വീരം പ്രയതദക്ഷിണം |**

**വാമം ഗൃഹപതിം നയ ||**

ഹേ പൂഷാവേ! മനുഷ്യരുടെ ഹിതൈഷിയും, ദാനിയുമായ ഒരു ഗൃഹസ്ഥനെ രഥത്തിനു തുല്യം മുമ്പിൽ കൊുവരുന്നു.

**3. അദിത്സന്തം ചിദാഘൃണേ പൂഷന്ദാനായ ചോദയ |**

**പണേശ്ചിദ്വി മ്രദാ മനഃ ||**

ഹേ പൂഷാവേ! ലോഭിയെ ദാനശീലനാക്കി അവൻെറ ഹൃദയത്തിൻെറ കഠോരതയെ നശിപ്പിക്കണേ.

**4. വി പഥോ വാജസാതയേ ചിനുഹി വി മൃധോ ജഹി |**

**സാധന്താമുഗ്ര നോ ധിയഃ ||**

ഹേ പൂഷാവേ! അന്നസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ സരളമാക്കണമേ. മോഷ്ടാക്കളെ നശിപ്പിച്ച് യജ്ഞത്തെ സമ്പന്നമാക്കേണമേ.

**5. പരി തൃന്ധി പണീനാമാരയാ ഹൃദയാ കവേ |**

**അഥേമസ്മഭ്യം രന്ധയ ||**

ഹേ പൂഷാവേ! പണികളുടെ ഹൃദയങ്ങൾ കീറിപിളർന്ന് അവരെ ഞങ്ങൾക്കധീതനരാക്ക ണമേ.

**6. വി പൂഷന്നാരയാ തുദ പണേരിഛ ഹൃദി പ്രിയം |**

**അഥേമസ്മഭ്യം രന്ധയ ||**

ഹേ പൂഷാവേ! പണികളുടെ ഹൃദയങ്ങൾ തകർക്കണമേ. അവരുടെ ഹൃദയങ്ങളിൽ സദ്ഭാവനകളുണർത്തി എനിക്കധീനമാക്കണമേ.

**7. ആ രിഖ കികാര കൃണ പണീനാം ഹൃദയാ കവേ |**

**അഥേമസ്മഭ്യം രന്ധയ ||**

ഹേ പൂഷാവേ! ദസ്യുക്കളുടെ ഹൃദയകാഠിന്യം കുറച്ച് അവരെ ഞങ്ങൾക്കധീനരാക്കണേ.

**8. യാം പൂഷൻബ്രഹ്മചോദനീമാരാം വിഭർഷ്യാഘൃണേ |**

**തയാ സമസ്യ ഹൃദയമാ രിഖ കികിരാ കൃണു ||**

ഹേ പൂഷാവേ! അന്നപ്രേരകമായ ചമ്മട്ടി വഹിച്ചുകൊ് കൃപണൻമാരുടെ ഹൃദയങ്ങളിലെ കാഠിന്യം കുറക്കേണമേ.

**9. യാ തേ അഷ്ട്രാ ഗോഓപശാഘൃണേ പശുസാധനീ |**

**തസ്യാസ്തേ സുമ്നമീമഹേ ||**

ഹേ പൂഷാവേ! നീ യാതൊരു അസ്ത്രത്താൽ പശുക്കളെ തെളിക്കുന്നുവോ അതേ അസ്ത്രത്താൽ ഞങ്ങൾ സ്വന്തമായ ഹിതങ്ങളെ യാചിക്കുന്നു.

**10. ഉത നോ ഗോഷണിം ധിയമശ്വസാം വാജസാമുത |**

**നൃവത് കൃണുഹി വീതയേ ||**

ഹേ പൂഷാവേ! ഞങ്ങളുടെ യജ്ഞത്തിനുവേി ഗോക്കൾ, അശ്വങ്ങൾ, ഭൃത്യൻമാർ, അന്നം എന്നിവ കിട്ടുമാറാക്കണം.

## സൂക്തം 54

**ഋഷി ഭരദ്വാജൻ, ദേവത പൂഷാവ് ഛന്ദസ് ഗായത്രി**

**1. സം പൂഷൻ നയ യോ അഞ്ജസാനു ശാസതി |**

**യം ഏവേദമിതി ബ്രവത് ||**

ഹേ പൂഷാവേ! യാതൊരുത്തൻ ഞങ്ങൾക്ക് മാർഗ്ഗം കാണിച്ചുതരികയും, അപഹരിക്കപ്പെട്ടധനം കിട്ടുമാറാക്കുകയും ചെയ്യുന്നുവോ, അപ്രകാരമുള്ള ഒരു പുരുഷനോട് ഞങ്ങളെ ചേർക്കേണമേ.

**2. സമു പൂഷ്ണ. ഗമേമഹി യോ ഗൃഹാം അഭിശാസതി |**

**ഇമ ഏവേതി ച ബ്രവത് ||**

നഷ്ടപ്പെട്ട പശുക്കൾക്കുവേി തൊഴുത്തു പണിയുന്നവനോട് പുഷാവു നമ്മെ ചേർക്കണേ.

**3.പൂഷ്ണശ്ചക്രം ന രിഷ്യതി ന കോശോ വ പദ്യതേ |**

**നോ അസ്യ വ്യഥതേ പവിഃ ||**

പുഷാവിൻെറ ചക്രം നശിക്കുന്നില്ല. അതിൻെറ വായ്ത്തല ഒരിക്കലും മടങ്ങുന്നില്ല.

**4. യോ അസ്മൈ ഹവിഷാവിധന്ന ന പൂഷാപി മൃഷ്യതേ |**

**പ്രഥമോ വിന്ദതേ വസു ||**

യാതൊരെജമാനൻ പൂഷാവിന് ഹവിസ്സ് നൽകുന്നുവോ, പൂഷാവ് അവന് യാതൊരനിഷ്ടങ്ങളും വരുത്തുന്നില്ല. അവൻ പൂഷാവിൽ നിന്നും ധനം പ്രാപിക്കുന്നു.

**5. പൂഷാ ഗാ അന്വേതു നഃ പൂഷാ രക്ഷത്വർവതഃ |**
**പൂഷാ വാജ സനോതു നഃ ||**

പൂഷാവ് നമ്മുടെ അശ്വങ്ങളേയും, ഗോക്കളേയും രക്ഷിക്കണേ. നമുക്ക് അന്നം പ്രദാനം ചെയ്യുകയും ചെയ്യേണേ.

**6. പൂഷന്നനു പ്ര ഗാ ഇഹി യജമാനസ്യ സുന്വതഃ |**
**അസ്മാകം സ്തുവതാമുത ||**

ഹേ പൂഷാവേ! യജമാനൻെറ ഗോക്കളേയും സ്തോത്രമയിയായ സ്തുതികളേയും അനുസരിക്കണേ.

**7. മാ കിർനേശൻമാകീം രിഷൻമാകീം സ ശാരി കേവടേ |**
**അഥാരിഷ്ടാഭിരാ ഗഹി ||**

ഹേ പൂഷാവേ! ഞങ്ങളുടെ ഗോധനം നശിക്കാതിരിക്കണേ. അവ ഗർത്തത്തിൽ പതിക്കാതിരിക്കണേ. നീ അവയെ സുരക്ഷിതമായി കാത്തു സൂക്ഷിച്ച് സായാഹ്നത്തിൽ അവയോടുകൂടി മടങ്ങിവരേണമേ.

**8. ശൃണ്വന്തം പൂഷണം വയമിര്യമനഷ്ടവേദസം |**
**ഈശാനം രായ ഈമഹേ ||**

പൂഷാവ് നമ്മുടെ സ്തുതികളെ ശ്രവിച്ച് നമ്മുടെ ദാരിദ്ര്യത്തെ അകറ്റുന്നു. നാം അവനോട് ധനം യാചിക്കുന്നു.

**9. പൂഷന്തവ വ്രതേ വയം ന രിഷ്യേമ കദാ ചന |**
**സ്തോതാരസ്ത ഇഹ സ്മസി ||**

ഹേ പൂഷാവേ! യജ്ഞാവസരത്തിൽ ഞങ്ങൾ ഹിംസിക്കപ്പെടാതിരിക്കണേ. ഞങ്ങൾ അങ്ങയെ സ്തുതിച്ചുകൊ് പൂർച്ചവത് സംരക്ഷിതരായിരിക്കണേ.

**10. പരി പൂഷാ പരസ്താദ്ധസ്തം ദധാതു ദക്ഷിണം |**
**പുനർനോ. നഷ്ടമാജതു ||**

പൂഷാവ് നമ്മുടെ ഗോക്കളെ അപകടമാർഗ്ഗങ്ങളിൽ നിന്നും രക്ഷിക്കണേ. അവൻ നമ്മുടെ അപഹരിക്കപ്പെട്ട ഗോക്കളെ തിരിച്ചുകൊുവരണേ.

## സൂക്തം 55

**ഋഷി ഭരദ്വാജൻ ദേവത പൂഷാവ് ഛന്ദസ് ഗായത്രി.**

**1. ഏഹി വാം വിമുചോ നപാദാഘൃണേ സം സചാവ ഹൈ |**
**രഥീർഋതസ്യ നോ ഭവ ||**

ഹേ പൂഷാവേ! സ്തോതാക്കൾ എൻെറയടുക്കൽ വരണേ. ഞങ്ങൾ രുപേരും കൂടി നിന്നെ ഞങ്ങളുടെ യജ്ഞത്തിൽ നായകനാക്കണേ.

**2.രഥീതമം കപർദിനശാനം രാധസോ മഹഃ |**
**രായഃ സഖായമീമഹേ ||**

മഹാരഥിയായ പൂഷാവിനോട് നാം ധനം യാചിക്കുന്നു.

**3.രായോ ധാരാസ്യാഘൃണേ വസോ രാശിരജാശ്വ |**
**ധീവതോധീവതഃ സഖാ ||**

ഹേ മേഷവാഹനാ! നീ ധനപ്രവാഹരൂപനും സ്തോതാക്കളുടെ മിത്രവും ആകുന്നു.

**4. പൂഷണം ന്വജാശ്വമുപ സ്തോഷാമ വാജിനം |**
**സ്വസുര്യോ ജാര ഉച്യതേ ||**

ആളുകൾ ഉഷസ്സിൻെറ നാഥനെന്നു വിളിക്കപ്പെടുന്ന ആ പൂഷാവിനെ നാം സ്തുതിക്കുന്നു.

**5. മാതുർദിധിഷുമബ്രവം സ്വസുർജാരഃ ശൃണോതു നഃ □**
**ഭ്രാതേന്ദ്രസ്യ സഖാ മമ ||□□**

രാത്രിമാതാവിൻെറ നാഥനായ പൂഷാവിനെ നാം സ്തുതിക്കുന്നു. അവൻ ഉഷാപതിയായ സൂര്യേന്ദ്രൻെറ ഭ്രാതാവും നമ്മുടെ മിത്രവുമാകണേ.

**6. ആജാസഃ പൂഷണം രഥേ നിശൃംഭാസ്തേ ജശ്രിയം |**
**ദേവം വഹന്തു ബിഭ്രതഃ ||**

രഥത്തിൽ പൂട്ടപ്പെട്ട ആടുകൾ പൂഷാവിൻെറ രഥത്തെ വഹിക്കുന്നു. അവ അവനെ ഇങ്ങോട്ടുകൊുവരണേ.

## സൂക്തം 56

**ഋഷി ഭരദ്വാജൻ ദേവത പൂഷാവ് ഛന്ദസ് ഗായത്രി, അനുഷ്ടുപ്.**

**1. യ ഏനമാദിദേശതി കരംഭാദിതി പൂഷണാം |**
**ന തേ ദേവ ആദിശേ ||**

ഘൃതയുക്തമായ ഹവിസ്സാൽ ആര് പൂഷാവിനെ സ്തുതിക്കുന്നുവോ; അവന് മറ്റു ദേവകളെ സ്തുതിക്കേ ആവശ്യമേ ഇല്ല.

**2. ഉത ഘാ സ രഥീതമഃ സഖ്യാ സത്പതിർ യുജാ |**
**ഇന്ദ്രോ വൃത്രാണി ജഘ്നതേ ||**

മഹാരഥിയായ ഇന്ദ്രൻ തൻെറ മിത്രമായ പൂഷാവിൻെറ സഹായത്തോടുകൂടിവൈരികളെ സംഹരിക്കുന്നു.

**3.ഉതാദഃ പുരുഷേ ഗവി സൂരശ്ചക്രം ഹിരണ്യയം |**
**ന്യൈരയദ്രഥീതമഃ ||**

സൂര്യൻെറ ഹിരണയരഥത്തിൻെറ ചക്രത്തെ പൂഷാവ് ശരിയായ രീതിയിൽ ചലിപ്പിക്കുന്നു.

**4. യദദ്യ ത്വാ പുരുഷ്ടുത ബ്രവാമ ദസ്ര മന്തുമഃ |**
**തത്സു നോ മൻമ സാധയ ||**

ഹേ പൂഷാവേ! ഞങ്ങൾ ഏതു ധനത്തിനായി നിന്നെ സ്തുതിക്കുന്നുവോ, അതു ഞങ്ങൾക്കു തരേണമേ.

**5. ഇമം ച നോ ഗവേഷണം സാതയേ സീഷധോ ഗണം |**
**ആരാത് പൂഷന്നസി ശ്രുതഃ ||**

ഹേ പൂഷാവേ! ഇന്നും ഇന്നലെയുമുള്ള അനുഷ്ഠാനങ്ങളിൽ പാപത്തിൽ നിന്നും അകന്നുപോകുവാനുള്ള രക്ഷയെ ഞങ്ങളാഗ്രഹിക്കുന്നു.

**6. ആ തേ സ്വിമീമഹ ആരേ അഘാമുപാവസും |**
**അദ്യാ ച സർവതാതയേ ശ്വശ്ച സർവതാതയേ ||**

ഹേ പൂഷാവേ! തിൻമകൾ അകന്നുപോകുന്നതിനും , ധനം അടുത്തുവരുന്നതിനും ഉള്ള നിൻെറ രക്ഷയ്ക്കുവേി ഞങ്ങളഭ്യർത്ഥിക്കുന്നു.

## സൂക്തം 57

**ഋഷി ഭരദ്വാജൻ ദേവത പൂഷാവ് ഇന്ദ്രൻ ഛന്ദസ് ഗായത്രി.**

**1. ഇന്ദ്രാ നു പൂഷണാ വയം സഖ്യായ സ്വസ്തയേ |**
**ഹുവേമ വാജസാതയേ ||**

ഹേ ഇന്ദ്രാ! പൂഷാവേ! ഞങ്ങൾ നല്ല ആഗ്രഹങ്ങളോടുകൂടി നിങ്ങളുടെ മിത്രതയെ ആഗ്രഹിക്കുകയും അന്നത്തിനുവേി നിങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

**2. സോമമന്യ ഉപാസദദത് പാതവേ ചംവോഃ സുതം |**

**കരംഭമന്യ ഇച്ഛതി ||**

നിങ്ങളിൽ ഇന്ദ്രൻ സോമം പാനം ചെയ്യുന്നതിനും പൂഷാവ് മലർപ്പൊടി ചേർത്ത അന്നത്തിനുവേ വരുന്നു.

**3.അജാ അന്യസ്യ വഹ്നയോ ഹരീ അന്യസ്യ സമ്ഭൃതാ |**

**താഭ്യാം വൃത്രാണി ജിഘ്നതേ ||**

ഇവരിൽ പൂഷാവിൻെറ വാഹനം മേഷാവും, ഇന്ദ്രൻെറ വാഹനം അശ്വവുമാകുന്നു. ഇന്ദ്രൻ തൻെറ അശ്വങ്ങളുടെ മേൽ കയറിച്ചെന്ന് വൃത്രനെ സംഹരിക്കുന്നു.

**4. യദിന്ദ്രോ അനയദ്രിതോ മഹീരപോ വൃഷന്തമഃ |**

**തത്ര പൂഷാഭവത്സചാ ||**

ഇന്ദ്രൻ മഹാവൃഷ്ടിനടത്തുമ്പോൾ പൂഷാവ് അവനെ സഹായിക്കുന്നു.

**5.താം പൂഷ്ണഃ സുമതിം വയം വൃക്ഷസ്യ പ്ര വയാമിവ |**

**ഇന്ദ്രസ്യ ചാ രഭാമഹേ ||**

ഇന്ദ്രൻെറയും പൂഷാവിൻെറയും കൃപാപൂർണ്ണമായ രക്ഷയിൻമേൽ ഒരു മഹാവൃക്ഷത്തിൻെറ ശാഖയിലിരിക്കുന്ന സമയത്തുാകുന്ന ആശ്രയം നാം അനുഭവിക്കുന്നു.

**6. ഉത് പൂഷണം യുവാമഹേ ഭീശൂംരിവ സാരഥിഃ |**

**മഹ്യാ ഇന്ദ്രം സ്വസ്തയേ ||**

സാരഥി കടിഞ്ഞാൺ നിയന്ത്രിക്കുന്നതുപോലെ നമ്മുടെ നൻമയ്ക്കുവേി പൂഷാവിനെയും ഇന്ദ്രനേയും നമ്മിലേയ്ക്കാകർഷിക്കുന്നു.

## സൂക്തം 58

**ഋഷി ഭരദ്വാജൻ, ദേവത പൂഷാവ് , ഛന്ദസ് ത്രിഷ്ടുപ് ജഗതി**

**1. ശുക്രം തേ അന്യദ്യജതം തേ അന്യദ്വിഷുരൂപേ അഹനീ ദ്യൗരിവാസി |**

**വിശ്വാ ഹി മായാ അവസി സ്വധാവേ ഭദ്രാ തേ പൂഷന്നിഹ രാതിരസ്തു ||**

ഹേ പൂഷാവേ! നീ ഉജ്ജ്വലവർണ്ണനാകുന്നു, രാത്രിയിൽ യജ്ഞയോഗ്യനാകുന്നു. ഇപ്രകാരം പകലും രാത്രിയും വിരുദ്ധരൂപങ്ങളോടു കൂടിയവനാകുന്നു. ഹേ പൂഷാവേ! നീ സൂര്യനെപ്പോലെ പ്രകാശിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ദാതാവും ജ്ഞാനിയും ആകുന്നു. നിൻെറ നൻമയെ വഹിക്കുന്നു ദാനം പ്രകടമാകണേ.

**2. അജാശ്വഃ പശുപാ വാജവസ്ത്യോ ധിയഞ്ജിന്വോ ഭുവനേ വിശ്വേ അർപിതഃ |**

**അഷ്ടാം പൂഷാശിഥിരാമുദ്വരീവൃജത് സഞ്ചക്ഷാണോ ഭുവനാ ദേവ ഈയതേ ||**

മേഷവാഹകനും, പശുപാലകനും ആയ പൂഷാവ് സ്തോതാക്കൾക്ക് സ്നേഹം പ്രദാനം ചെയ്യുന്നു. അതുപോലെ അവരെ സർവ്വലോകങ്ങളുടെയും ഉപരിസ്ഥാനത്ത് സ്ഥാപിക്കുകയും ചെയ്യുന്നതുമായ പൂഷാവുതന്നെ സൂര്യരൂപത്തോടുകൂടി എല്ലാ ജീവികളേയും പ്രകാശിപ്പിച്ചുകൊ് അന്തരീക്ഷത്തിൽ ചരിക്കുന്നു.

**3. യാസ്തേ പൂഷന്നാവോ അന്തഃ സമുദ്രേ ഹിരണ്യയീരന്തരിക്ഷേ ചരന്തി |**

**താഭിര്യാംസി ദൂത്യാ സൂര്യസ്യ കാമേന കൃതം ശ്രവ ഇച്ഛമാനഃ ||**

ഷേ പൂഷാവേ! നിൻെറ എല്ലാ നൗകകളും അന്തരീക്ഷത്തിൽക്കൂടി ചരിക്കുന്നു. അവ വഴിയായി നീ ദൂതകർമ്മം നിർവഹിച്ചുകൊ് ഹവിസ്സിനെ കാമിക്കുന്നു. സ്തോതാക്കൾ നിന്നെ ഹവിസ്സ്ദാനം കൊ് പ്രസന്നനാക്കുന്നു.

**4. പൂഷാ സുബന്ധുർദിവ ആ പൃഥിവ്യാ ഇളസ്പതിർമഘവാ ദസ്മവർചാഃ |**

**യം ദേവാസോ അദുദുഃ സൂർയായൈ കാമേന കൃതം തവസം സ്വഞ്ചം ||**

ഭൂമിയുടേയും സ്വർഗ്ഗത്തിൻെറയും ശ്രേഷ്ഠബന്ധുവായ പൂഷാവ് അന്നത്തിൻെറ സ്വാമിയാകുന്നു. അവൻ ഐശ്വര്യശാലിയും മനോഹരസഞ്ചാരിയുമാകുന്നു.

## സൂക്തം 59

**ഋഷി ഭരദ്വാജൻ, ദേവത ഇന്ദ്രൻ അഗ്നി, ഛന്ദസ് ബൃഹതി,അനുഷ്ടുപ്.**

**1. പ്ര നൂ വോചാ സുതേഷു വാം വീർയാ യാനി ചക്രഥുഃ |**

**ഹതാസോ വാം പിതരോ ദേവശത്രവ ഇന്ദാഗ്നീ ജീവഥോ യുവം ||**

ഹേ ഇന്ദ്രാഗ്നേ! സോമം ഇടിച്ചു പിഴിയുമ്പോൾ ഞങ്ങൾ നിൻെറ ബലത്തെ വർണ്ണിക്കുന്നു. ദേവകളോടു വിദ്വേഷമുള്ള രാക്ഷസൻമാരെ നീ വധിച്ചു. നീ അവിനാശിയാണല്ലോ.

**2. വളിത്ഥാ മഹിമാ വാമിന്ദ്രഗ്നീ പനിഷ്ഠ ആ |**

**സമാനോ ജനിതാ ഭ്രാതരാ യുവം യമാവിഹേഹ മാതരാ ||**

ഹേ ഇന്ദ്രാഗ്നേ! നിൻെറ എല്ലാ കർമ്മങ്ങളും യഥാർത്ഥവും, വിശാലവുമാകുന്നു. നിൻെറ പിതാവ് ഏകൻ തന്നെയാകുന്നു.

**3. ഓകിവാംസാ സുതേ സചാം അശ്വാ സപ്തീ ഇവാദനേ |**

**ഇന്ദ്രാന്വഗ്നീ അവസേഹ വജ്രിണാ വയം ദേവാ ഹവാമഹേ ||**

ഹേ ഇന്ദ്രാഗ്നേ! അശ്വം തൃണത്തെ ലക്ഷ്യമാക്കി പോകുന്നതുപോലെ നീ സോമാഭിഷവത്തിനു നേരെപോകുന്നു. ഞങ്ങൾ ഞങ്ങളുടെ രക്ഷയ്ക്കായി ഈ യജ്ഞത്തിൽ നിന്നെ ആഹ്വാനം ചെയ്യുന്നു.

**4. യ ഇന്ദ്രാഗ്നീ സുതേഷു വാം സ്തുവസ്തേഷ്വൃതാവൃധാ |**

**ജോഷവാകം വദതഃ പജ്രഹോഷിണാ ന ദേവാ ഭസഥശ്ചന ||**

ഹേ ഇന്ദ്രാഗ്നേ! ആര് സോമാഭിഷത്തിനുശേഷം കൃത്രിമമായി നിന്നെ സ്തുതിക്കുന്നുവെങ്കിൽ നീ അവൻെറ സോമപാനം ചെയ്യുന്നില്ല.

**5. ഇന്ദ്രാഗ്നീ കോ അസ്യ വാം ദേവൗ മർതശ്ചികേതതി |**

**വിഷൂചോ അശ്വാന്യുയുജാന ഈയതാ ഏകഃ സമാന ആ രഥേ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ രുപേരും ഒരു രഥത്തിലാരൂഢരായി ഗമിക്കുമ്പോൾ നിങ്ങളുടെ ഈ കാര്യങ്ങൾ ആരറിയും?

**6. ഇന്ദ്രാഗ്നീ അപാദിയം പൂർവാഗാത്പദ്വതീഭ്യഃ |**

**ഹിത്വീ ശിരോ ജിഹ്വയാ വവദച്ചരത്തിംശത്പദാന്യക്രമീത് ||**

ഹേ ഇന്ദ്രാഗ്നേ! പാദരഹിതയായ ഉഷസ്സ് ജീവികളുടെ

ശീർഷത്തെ ഉത്തേചിപ്പിച്ച് അവരുടെ ജീഹ്വയാൽ ഉച്ചവാണിപ്രകടമാക്കിവർ ത്തിക്കുന്നു.

**7. ഇന്ദ്രാഗ്നീ ആ ഹി തന്വതേ നരോ ധന്വാനി ബാഹ്വേം |**

**മാ നോ അസ്മന്മഹാധനേ പരാ വർക്രം ഗവിഷ്ടിഷു ||**

ഹേ ഇന്ദ്രാഗ്നേ! യാതൊരു ശത്രു ഞങ്ങളെ ഉപദ്രവിക്കുന്നുവോ, അവരെഅകറ്റുന്നതു കൂടാതെ, സൂര്യനെ ദർശിക്കുവാൻപോലും അവരെ അനുവദിക്കരുതേ.

**8. ഇന്ദ്രാഗ്നീ തപന്തി മാഘാ അര്യോ അരാതയഃ |**

**അപ ദ്വേഷാംസ്യ കൃതം യുയതം സൂര്യാദധി ||**

ഹേ ഇന്ദ്രാഗ്നേ! യാതൊരു ശത്രു ഞങ്ങളെ ഉപദ്രവിക്കുന്നുവോ, അവരെ അകറ്റുന്നതുകൂടാതെ, സൂര്യനെ ദർശിക്കുവാൻപോലും അവരെ അനുവദിക്കരുതേ.

**9. ഇന്ദ്രാഗ്നീയുവോരപി വസു ദിവ്യാനി പാർഥിവാ |**

**ആ ന ഇഹ പ്ര യച്ഛതം രയിം വിശ്വായുപോഷസം ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ ദിവ്യവും, പാർഥിവവും ആയ എല്ലാ ധനത്തിൻെറയും ഉടമകളാണല്ലോ, അതിനാൽ എല്ലാ ധനങ്ങളും ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**10. ഇന്ദ്രാഗ്നീ ഉക്ഥവാഹസാ സ്തോമേഭിർഹവനശ്രുതാ |**

**വിശ്വാഭിർഗീർഭിരാ ഗതമസ്യസോമസ്യ പീതയേ ||**

ഹേ ഇന്ദ്രാഗ്നേ! ഞങ്ങളുടെ സോമം പാനം ചെയ്യുവാൻ വരണമേ. എന്തുകൊന്നൊൽ നിങ്ങൾ സ്തുതികളും ഉക്തികളും, ആഹ്വാനവും കേൾക്കുന്നവരാണല്ലോ.

## സൂക്തം 60

**ഋഷി ഭരദ്വാജൻ,ദേവത ഇന്ദ്രൻ അഗ്നി ഛന്ദസ് ത്രിഷ്ടുപ്. ഗായത്രി, ബൃഹതി, അനുഷ്ടുപ്.**

**1. ശ്നഥദ്വൃത്രമുത നോതി വാജമിന്ദ്രാ യോ അഗ്നീ സഹുരീ സപര്യാപ് |**

**ഇരജ്യന്താ വസവ്യസ്യ ഭൂരേഃ സഹസ്തമാ സഹസാ വാജയന്താ ||**

അന്നത്തെ കാമിച്ചുകൊ് യാതൊരു മഹഅൻ ഐശ്വര്യത്തിൻെറ നാഥനും, ശത്രുഹന്താവുമായ ഇന്ദ്രാഗ്നികളെ ഉപാസിക്കുന്നുവോ, അവൻ അന്നത്തെ പ്രാപിക്കുകയും ശത്രുക്കളെ കൊല്ലുകയും ചെയ്യുന്നു.

**2. താ യോധിഷ്ടമഭി ഗാ ഇന്ദ്ര നൂനമപഃ സ്വരുഷസോ അഗ്ന ഊളഹാഃ |**

**ദിശഃ സ്വരുഷസഃഇന്ദ്ര ചിത്രാ അപോ ഗാ അഗ്നേ യുവസേ നിയുത്വാൻ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ സൂര്യനും ഉഷസ്സിനും വേി യുദ്ധം ചെയ്തു. ഹേ ഇന്ദ്രാ! നീ ദിക്കുകൾ ഗോക്കൾ, ഉഷസ്സ്, സൂര്യൻ, ജലം എന്നിവകളെ ജഗത്തിനോടു കൂട്ടിച്ചേർത്തു. ഹേ അഗ്നേ! നീ ഇക്കാര്യങ്ങളെല്ലാം ചെയ്തുവല്ലോ.

**3.ആ വൃത്രഹണാ വൃത്രഹഭിഃ ശുഷ്മൈരിന്ദ്ര യാതം നമോഭിരഗ്നേ അർവാക് |**

**യുവം രാധോഭിരകവേഭിരിന്ദ്രാഗ്നേ അസ്മേ ഭവതമുത്തമേഭിഃ ||**

ഹേ ഇന്ദ്രാഗ്നേ! ശത്രുക്കളെ സംഹരിക്കുവാനുള്ള ശക്തിയോടുകൂടി വന്നാലും നിങ്ങൾ ശ്രേഷ്ഠമായ ധനത്തോടുകൂടിയും വരണമേ.

**4. താ ഹുവേ യായോരിദം പപ്നേ വിശ്വം പുരാ കൃതം |**

**ഇന്ദ്രാഗ്നീ ന മർധതഃ ||**

യാതൊരിന്ദ്രാഗ്നിതങ്ങളുടെ സ്തോതാക്കളെ നശിപ്പിക്കുന്നില്ലയോ, യാതൊരുത്തരുടെ വീരകർമ്മങ്ങൾ പ്രശംസിതങ്ങളാകുന്നുവോ ആ ഇന്ദ്രാഗ്നികളെ ഞാൻ ആഹ്വാനം ചെയ്യുന്നു.

**5. ഉഗ്രാ വിഘനിനാ മൃധ ഇന്ദ്രാഗ്നീ ഹവാമഹേ |**

**താ നോ മൃളാത ഈദൃശേ ||**

ഞാൻ ഇന്ദ്രാഗ്നികളെ ആഹ്വാനം ചെയ്യുന്നു. യുദ്ധത്തിൽ അവർ നമ്മെ വിജയികളാക്കണേ.

**6. ഹതോ വൃത്രാണ്യാര്യാ ഹതോ ദാസാനിസത്പതീ ഹതോ വിശ്വാ അപ ദ്വിഷഃ ||**

ആ ഇന്ദ്രാഗ്നികൾ സജ്ജനങ്ങളുടെ രക്ഷയേയും ദുർജ്ജനങ്ങളുടെ ഉപദ്രവത്തേയും നശിപ്പിക്കുന്നു. അവർ എല്ലാവൈരികളേയും സംഹരിക്കുന്നു.

**7. ഇന്ദ്രാഗ്നീ യുവാമിമേഭി സ്തോമാ അനൂഷത |**

**പിബതം ശമ്ഭുവാ സുതം ||**

ഹേ ഇന്ദ്രാഗ്നി! ഈ സ്തോതാവ് നിങ്ങളെ സ്തുതിക്കുന്നു; നിങ്ങൾ നിഷ്പന്നമായ ഈ സോമം പാനം ചെയ്യണേ.

**8. യാ വാം സന്തി പുരുസ് പൃഹോ നിയുതോ ദാശുഷേനരാ |**

**ഇന്ദ്രാഗ്നീ താഭിരാ ഗതം ||**

ഹേ ഇന്ദ്രാഗ്നേ! ഹവ്യദാതാവിനുവേി സൃഷ്ടിക്കപ്പെട്ട അശ്വങ്ങളിൽ കയറി ആഗതരാകണേ.

**9. താഭിരാ ഗച്ഛതം നരോപേദം സവനം സുതം |**

**ഇന്ദ്രാഗ്നീ സോമപീതയേ ||**

ഹേ ഇന്ദ്രാഗ്നേ! സോമപാനത്തിനായി നിങ്ങൾ ഞങ്ങളുടെ സവനത്തിൽ വരുവിൻ.

**10. തമീളിഷ്വയോ അർചിഷാ വനാ വിശ്വാ പരിഷ്വജത് |**

**കൃഷ്ണാ കൃണോതി ജിഹ്വയാ ||**

ഹേ സ്തോതവേ! തൻെറ ജ്വാലകളാൽ വനങ്ങളെ പൊതിയുന്ന ആ അഗ്നിയെ സ്തുതിക്കൂ.

**11. യ ഇദ്ധആവിവാസതി സുമ്നമിന്ദ്രസ്യ മർത്യഃ |**

**ഇന്ദ്രാമഗ്നിം ച ബോളഹവേ ||**

യാതൊരുനുഷ്ഠാതാവ് ഇന്ദ്രനുവേി അഗ്നിയിൽ ഹവിസ്സ് നല്കുന്നുവോ ആ ഇന്ദ്രൻ അവനുവേി മഴപെയ്യിക്കുന്നു.

**12. താ നോ വാജവതീരഷ ആശൂൻപിപൃതർമർവതഃ |**

**ഇന്ദ്രമഗ്നിം ച ബോളഹവേ ||**

ഹേ ഇന്ദ്രാഗ്നേ! ഞങ്ങൾക്ക് ബലകാരിയായ അന്നം പ്രദാനം ചെയ്യണമേ. വേഗമേറിയ അശ്വങ്ങളെ തരണമേ.

**13. ഉഭാ വാമിന്ദ്രാഗ്നീ നീ ആഹുവധ്യാ ഉഭാ രാധസഃ സഹ മാദയധ്യൈ |**

**ഉഭാ ദാതാരാവിഷാം രയീണാമുഭ വാജസ്യ സാതയേ ഹുവേ വാം ||**

ഹേ ഇന്ദ്രാഗ്നേ! ഞാൻ നിങ്ങളെ യജ്ഞം വഴിയായും, ഹവിസ്സ്

വഴിയായും ആഹ്വാനം ചെയ്യുന്നു. നിങ്ങൾ അന്നദാതാക്കൾ ആകുന്നുവല്ലോ അന്നലാഭത്തിനുവേ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**14. ആ നോ ഗവ്യേഭിരലവ്യൈസർവസവ്യൈ രൂപ ഗഛതം |**

**സഖായൗ ദേവ സൗഖ്യായ ശംഭുവേന്ദ്രാഗ്നീം താ ഹുവാമഹേ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ ഗോക്കളോടും, അശ്വങ്ങളോടും, അപരിമിതമായ സമ്പത്തുക്കളോടുംകൂടി ഇങ്ങോട്ടുവരണമേ. ഞങ്ങൾ നിങ്ങളെ വിളിക്കുന്നു.

**15. ഇന്ദ്രാഗ്നീ ശൃണുത ഹുവം യജമാനസ്യ സുന്വതഃ |**

**വീതം ഹ്വ്യാന്യാ ഗത പിബിതം സോമ്യം മധു ||**

ഹേ ഇന്ദ്രാഗ്നേ! സോമവാനായ യജമാനൻെറ സ്തുതികൾ ശ്രവിച്ച് ഹവിസ്സിനെ കാമിച്ച് സോമംപാനം ചെയ്താലും.

## സൂക്തം 61

**ഋഷി ഭരദ്വാജൻ, ദേവത സരസ്വതി, ഛന്ദസ് ജഗതി, ത്രിഷ്ടുപ്, ഗായത്രി**

**1. ഇയമദദാദ്രഭസമൃണ ച്യുതം ദിവോദാസം വധ്ര്യശ്വായ ദാശുഷേ |**

**യാ ശാശ്വന്തമാചഖാദാവസം പണിം താ തേ ദാത്രാണി തവിഷാ സരസ്വതി ||**

ഹവിസ്സ് ദാതാവായ വധ്ര്യശ്വന് ദിവോദാസൻ എന്ന പുത്രനെ സരസ്വതി ദാനം ചെയ്തു. അവൻ അദാനികളായ പണികളെ നശിപ്പിച്ചു. ഹേ സരസ്വതി! ഭവതിയുടെ ദാനം മഹത്താകുന്നു.

**2. ഇയം ശുഷ്മേഭിർബിസഖാ ഇവാരുജത്സാനു ഗിരീണാം തവിഷേഭിരൂർമിഭിഃ |**

**പരാവതഘ്നീ മവസേ സുവൃക്തിഭിഃ സരസ്വതീമാ വിവാസേമ ധീതിഭിഃ ||**

ഈ സരസ്വതി പർവത തടങ്ങളെ തൻെറ തിരമാലകളാൽ തകർക്കുന്നു. നാം ആ സരസ്വതിയെ സേവിക്കുന്നു.

**3. സരസ്വതി ദേവനിദോ നിബർഹയ പ്രജാം വിശവസ്യ വൃസയസ്യ മായിനഃ |**

**ഉത ക്ഷിതിഭ്യോ വനീരവിന്ദോ വിഷമേഭ്യോ അസ്രവോ വാജിനീവതി ||**

ഹേ സരസ്വതീ! ഭവതി ദേവനിന്ദകരേയും ത്വഷ്ടാവിൻെറ പുത്രനേയും വധിച്ച് മനുഷ്യർക്ക് ഭൂമി നൽകി, ജലം വർഷിച്ചു.

**4. പ്രണോ ദേവീ സരസ്വതീ വാജേഭിർവാ ജിനീവതീ |**

**ധീനാമവിത്ര്യവതു ||**

അന്നവതിയായ സരസ്വതി രക്ഷിക്കുന്നവളാകുന്നു. ആ ദേവി നമ്മെ എല്ലാവിധത്തിലും തൃപ്തരാക്കണമേ.

**5. യസ്ത്വ ദേവി സരസ്വത്യുപബ്രൂതേ ധനേ ഹിതേ |**

**ഇന്ദ്രം ന വൃത്രതൂര്യേ ||**

ഇന്ദ്രനു തുല്യം ഭവതിയെ യാതൊരുത്തൻ സ്തുതിക്കുന്നുവോ, അവൻ ധനപ്രാപ്തിയ്ക്കായി യുദ്ധത്തിനുപോകുന്നു. ദേവി അവൻെറ രക്ഷകനായിരിക്കേണമേ.

**6. ത്വം ദേവി സരസ്വത്യവാ വാജേഷു അജിനി |**

**രദാ പൂഷേവ നഃ സനിം ||**

ഹേ സരസ്വതി! നീ യുദ്ധത്തിൽ രക്ഷിക്കുകയും പൂഷാവിനെപ്പോലെ ഞങ്ങൾക്കു ധനം നൽകുകയും ചെയ്യണേ.

**7. ഉത സ്യാ നഃ സരസ്വതീ ഘോര ഹിരണ്യവർതനിഃ |**

**വൃത്രഘ്നീ വഷ്ടി സുഷ്ടുതിം ||**

ശത്രുസംഹാരിണിയും, രഥാരൂഢയുമായ സരസ്വതി നമ്മുടെ ശ്രേഷ്ഠമായ സ്തോത്രങ്ങളെ രക്ഷിക്കണേ.

**8. യസ്യാ അനന്താ അഹ്രുതസ്ത്വേഷശ്ചതിഷ്ണരർണവഃ |**

**അമശ്ചരതി രോരുവൻ ||**

സരസ്വതിയുടെ വേഗമേറിയ രഥരൂപമായ ജലം ശബ്ദിച്ചുകൊ് പ്രവഹിക്കുന്നു.

**9. സാ നോ വിശ്വാ അതി ദ്വിഷഃ സ്വസൃരന്യാ ഋതാവരീ |**

**അതന്നഹേവ സൂര്യഃ ||**

സൂര്യൻ പകലിനെകൊുവരുന്നതുപോലെ സരസ്വതി വിജയിനിയായി തൻെറ ഭഗിനികളുമായി വരുന്നു.

**10. ഉത നഃ പ്രിയ പ്രിയാസു സപ്തസ്വസാ സുജൂഷ്ടാ |**

**സരസ്വതീ സ്തോമ്യാ ഭൂത് ||**

പുരാതന മഹർഷിമാർ സരസ്വതിയെ സേവിച്ചിരുന്നു. അവൾ നമ്മുടെ സ്തുതികൾക്കു യോഗ്യയാകണേ.

**11. ആപപ്രുഷീ പാർഥിവാന്യുരു രജോ അന്തരിക്ഷം |**

**സരസ്വതീ നിദസ്പാതു ||**

സ്വർഗ്ഗത്തേയും ഭൂമിയേയും തേജസ്സാൽ പൂർണ്ണമാക്കിയ സരസ്വതി നമ്മേ നിന്ദകരിൽ നിന്നും രക്ഷിക്കേണമേ.

**12. ത്രിഷധസ്ഥാ സപ്തധാതുഃ പഞ്ച ജാതാ വർധയന്തീ |**

**വാജേവാജേ ഹവ്യാ ഭൂത് ||**

സപ്തനദികളോടുകൂടിയ സരസ്വതി യുദ്ധത്തിൽ ആഹ്വാനയോഗ്യയാകുന്നു.

**13. പ്രിയാ മഹിമ്നാ മഹിനാസു ചേകിത ദ്യുമ്നേഭിരന്യാ ഉപസാപസ്തമാ |**

**രഥ ഇവ ബൃഹതീ വിഭ്വനേ കൃതോപ സ്തുത്യാ ചികിതുഷാ സരസ്വതീ ||**

യശസ്വിനിയും, നദികളിൽ ശ്രേഷ്ഠയും, ഗുണവതിയും ആ സരസ്വതി ജ്ഞാനികളായ സ്തോതാക്കളുടെ സ്തുതിക്കു യോഗ്യയാകുന്നു.

**14. സരസ്വതാഭി നോ നേഷി വസ്യോ മാപ സ്ഫരീഃ പയസാ മാ ന ആ ധക് |**

**ജുഷസ്വ നഃ സഖ്യാ വേശ്യാ ച മാ ത്വത് ക്ഷേത്രാണ്യരണാനി ഗന്മ ||**

ഹേ സരസ്വതീഃ ഞങ്ങൾക്കു മഹത്തായ ധനം നൽകണമേ, ഞങ്ങളെ പീഢിപ്പിക്കരുതേ, ഞങ്ങളുടെ ബന്ധുത്വം സ്വീകരിക്കേണമേ. ഞങ്ങൾ നികൃഷ്ടസ്ഥാനത്തെ പ്രാപിക്കാതിരിക്കണേ.

## അഷ്ടകം 5

## അധ്യായം 1

## സൂക്തം 62

**ഋഷി ഭരദ്വാജൻ ദേവത അശ്വികൾ, ഛന്ദസ് ത്രിഷ്ടുപ്**

**1. സ്തുഷേ നരാ ദിവോ അസ്യ പ്രസന്തശ്വിനാ ഹുവേ ജരമാണോ അർകൈഃ |**

**യാ സദ്യ ഉസ്രാ വ്യുഷി ജ്മോ അന്ത്യുയൂഷതഃ പർയുരൂ വരാംസി ||**

ശത്രുക്കളെ പരാജിതരാക്കുന്ന അശ്വിനികൾ രാത്രിയുടെ അന്ധകാരത്തെ നശിപ്പിക്കുന്നു. ഞാനവരെ സ്തുതിച്ച് ശക്തനാകുന്നു.

**2. താ യജ്ഞമാ ശുചിഭിശ്ചക്രമാണാ രഥസ്യ ഭാനും രുരുചു രജോഭിഃ |**

**പുരൂ വരാംസ്യമിതാ മിമാനപോധന്വാന്യതി യഥോ അജ്രജാൻ ||**

യജ്ഞത്തിലേയ്ക്കു ഗമിക്കുന്നവനായ അശ്വിനികൾ തങ്ങളുടെ തേജസ്സിനെ നിമിത്തമാക്കിക്കൊ് തങ്ങളുടെ അശ്വങ്ങളെ മരുഭൂമി കടത്തിക്കൊുപോകുന്നു.

**3. താ ഹ ത്യദ്വർതിയദരധ്രമുഗ്രത്ഥാ ധിയ ഊഹഥുഃ ശശ്വദശ്വൈഃ |**

**മാേജവേഭിരിഷിരൈഃ ശയധ്യൈ പരി വ്യഥിർദശൂഷോ മർത്യസ്യ ||**

ഹേ അശ്വിനികളേ! നിങ്ങൾ മനോവേഗത്തോടു കൂടിയ അശ്വങ്ങൾ വഴിയായി സ്തോതാവിനെ സ്വർഗ്ഗത്തിലേയ്ക്ക് കൊുപോയാലും ഹവിസ്സ് ദാതാവായ യജമാനനെ ഹിംസിക്കുന്നവരെ ഘോരനിദ്രയിൽ നിമഗ്നരാക്കിയാലും.

**4. താ നവ്യസോ ജരമാണസ്യ മൻമോപ ഭൂഷതോ യുയു ജാസപ്തീ |**

**ശുഭം പൃക്ഷമിഷമൂർജ വഹന്താ യക്ഷത് പ്രത്നോ അധ്രുഗ്യവാനാ ||**

ആ അശ്വിനികൾ സ്തോതാവിൻെറ സുന്ദരമായ സ്തുതികളുടെ അടുക്കലേയ്ക്ക് ആഗതരാകണേ ദ്വേഷരഹിതനായ പ്രാചീനാഗ്നി അവരെ യോജിക്കണേ.

**5. താ വല്ഗു ദസ്രാ പുരുശാകതമാ പ്രത്നാ നവ്യസ വചസാ വിവാസേ |**

**യാ ശംസതേ സ്തുവതേ ശംഭവിഷ്ഠാ ബഭൂവതുർഗൃണതേ ചിത്രരാതീ ||**

സ്തുതിക്കുന്നവർക്ക് സുഖവും വിവിധങ്ങളായ ധനവും നൽകുന്നവരായ അശ്വനികുമാരൻമാരേ ഞാൻ സ്തുതിക്കുന്നു.

**6. താ ഭുജ്യം വിഭിരദ്ഭ്യഃ സമുദ്രാത്തുഗ്രസ്യ സുനുമൂഹഥും രജോഭിഃ |**

**അരേണുഭിർയോഭിർഭുജന്താ പതത്രീഭിരർണ സോ നിരുപസ്ഥാത് ||**

ഹേ അശ്വിനികളേ!നിങ്ങൾക്കു തന്നെ ഭുജ്യംവിനെ രഥയുക്തമായ അശ്വങ്ങൾ വഴിയായി സമുദ്രത്തിൽ നിന്നും രക്ഷപ്പെടുത്തി.

**7. വി ജയുഷാ രഥ്യാ യാതമദ്രിം ശ്രുതം ഹവം വൃഷണാ വാധ്രിമത്യാഃ |**

**ദശസ്യന്താ ശയവേ പിപ്യഥുർഗാമിതി ച്യവാനാ സുമിതം ഭൂരണ്യൂ ||**

ഹേ അശ്വിനികളേ! രഥത്തിൻെറ മാർഗ്ഗങ്ങളിൽ ഉറച്ചുനില്ക്കുന്ന പർവതങ്ങളെ തകർത്തുകളയൂ. പുത്രൻമാരെ ആഗ്രഹിക്കുന്നവരുടെ ആഹ്വാനങ്ങളെ നിങ്ങൾ ശ്രവിക്കണമേ. സ്തോതാവിൻെറ മച്ചിപശുവിനെ പയസ്വിനിയാക്കണമേ.

**8. യദ്രോദസീ പ്രദിവോ അസ്തി ഭ്രമാ ഹേളോ ദേവാനാമുത മർത്യത്രാ |**

**തദാദിത്യാ വസവേ രുദ്രയാസോ രക്ഷോയുജേ തപരധം ദധാത ||**

ദ്വവാപൃഥിവീ, ആദിത്യഗണം, വസുക്കൾ മരുത്തുക്കൾ, അശ്വിനികൾ എന്നിവരുടെ ഉപാസകരെ പ്രതിദേവകൾക്ക് യാതൊരു ഭിഷണി ക്രോധം ഉായിരിക്കുന്നുവോ, ആ ക്രോധത്തെ രക്ഷാഹവനകർമ്മത്തിൽ പ്രയുക്തമാക്കണേ.

**9. യ ഈം രാജാനാവൃതുഥാ വിദധദ്രജസോ മിത്രോ വരുണശ്ചികേതത് |**

**ഗംഭീരായ രക്ഷസേ ഹേതിമസ്യ ദ്രോധായ ചദ്വചസ ആനവായ ||**

യാതൊരുയജമാനൻ ഭുവനപതിയായ അശ്വനികളെ ഉപവസിക്കുന്നുവോ, അവനെ മിത്രവരുണൻമാർ അറിയുന്നു. ആ യജമാനൻ രാക്ഷസൻമാരുടെ മേൽ ആയുധം പ്രയോഗിക്കുന്നതിൽ സമർത്ഥനായി ഭവിക്കുന്നു.

**10. അന്തരൈശ്ചക്രൈസ്തനായ ബർതിർദ്യുമതാ യാതം നൃവതാ രഥേന |**

**സനുത്യേന ത്യജസാ മർത്യസ്യ വനുഷതാമപി ശീർഷാ വവൃക്തം ||**

ഹേ അശ്വനികളേ! നിങ്ങൾ സാരഥീയുക്തമായ രഥത്തിലാരൂഢരായി സന്താനദാനത്തിനായി വരുകയും, നിങ്ങളുടെ ക്രോധത്താൽ മനുഷ്യർക്കു വിഘ്നം സൃഷ്ടിക്കുന്നവരുടെ ശിരസ്സുകൾ മുറിച്ചുകളയുകയും ചെയ്യണേ.

**11. ആ പരമാഭീരുത മധ്യമാഭിർനിയുദ്ഭിര്യാതമവമാഭിരർവാക് |**

**ദൃളഹസ്യ ചിദ് ഗോമതോ വി വ്രപസ്യ ദുരോ വർതം ഗൃണതേ ചിത്രരാതീ ||**

ഹേ അശ്വനികളേ! നിങ്ങൾ ഞങ്ങൾക്കഭിമുഖരാകുവിൻ. സമ്പന്നമായ തൊഴുത്ത് ഉത്ഘാടനം ചെയ്യുവിൻ. എനിക്ക് ദിവ്യധനം തരൂ ഞാൻ നിങ്ങളെ സ്തുതിക്കുന്നു.

## സൂക്തം 63

**ഋഷി ഭരദ്വാജൻ, ദേവത അശ്വിനികൾ, ഛന്ദസ് ത്രിഷ്ടുപ് ഏകപാദത്രിഷ്ടുപ്.**

**1. ക്വത്യാ വൽഗു പുരുഹൂതാദ്യ ദൂനോ ന സ്തോമാ വിദന്നമസ്യാൻ |**

**ആ യോ അർവാങ് നസത്യാ വവർത പ്രേഷ്ഠാ ഹ്യസഥോ അസ്യ മന്മൻ ||**

എവിടെ അശ്വനികൾ വസിക്കുന്നുവോ, അവിടെ ഹവിർയുക്തവായ പതിനഞ്ചാം സ്തോമം ദൂതനെപ്പോലെ അവരെ പ്രാപിക്കണേ. ഈ സ്തോമം തന്നെ എൻെറ നേരെ അശ്വിനികളെ തിരിച്ചു. ഹേ അശ്വിനികളേ നിങ്ങൾ സ്തുതികളാൽ പ്രസന്നരാകുന്നുവല്ലോ.

**2. അരം മേ ഗന്തം ഹവനായാസ്മൈ ഗൃണാനാ യഥാ പിബാഥോ അന്ധഃ |**

**പരി ഹ ത്യദ്വിർതിർയാഥോ രിഷോ ന യത്പരോ നാന്തരസ്തുതുര്യാത് ||**

ഹേ അശ്വിനികളേ!ഞങ്ങളുടെ ആഹ്വാനങ്ങളെ പ്രതിവന്നാലും സോമം പാനം ചെയ്ത് ഞങ്ങളുടെ ഭവനങ്ങളെ ശത്രുക്കളിൽ നിന്നും രക്ഷിക്കേണമേ, ശത്രുക്കൾക്ക്, ഞങ്ങളുടെ വീടുകളെ അടുനിന്നോ അകലെനിന്നോ നശിപ്പിക്കുവാൻ കഴിയാതിരിക്കണേ.

**3. അകാരി വാമന്ധസോ വരീമന്നസ്താരി ബർഹിഃ സുപ്രായണതമം |**

**ഉതാതാനഹസ്തോ യുവയുർവവന്ദാ വാം നക്ഷന്തോ അദ്രയ ആഞ്ജൻ ||**

ഹേ അശ്വിനികളേ! ഈ സോമം നിങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്നു. കുശവിരിക്കപ്പെട്ടിരിക്കുന്ന സ്തോതാവായ ഞാൻ സ്തുതിക്കുന്നു.

**4. ഊർധ്വോവാമഗ്നിരധ്വരേഷ്വസ്ഥാത് പ്രരാതിരേതി ജൂർണിനീ ഘൃതാചീ |**

**പ്ര ഹോതാ ഗൂർതമനാ ഉരാണോ യുക്ത യോ നാസത്യാ ഹവീമൻ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ യാഗത്തിനുവേി അഗ്നികത്തി ഉയരുന്നു. നിങ്ങളെ സ്തുതിക്കുന്ന സ്തോതാവ് അനേകം കർമ്മങ്ങളിൽ സമർത്ഥനാകുന്നു.

**5. അധി ശ്രിയേ ദുഹിതാ സൂര്യസ്യ രഥം തസ്ഥൗ പുരുഭൂജാ ശതോതിം |**

**പ്ര മായാഭിർമായിനാ ഭൂതമത്ര നരാ നൃരൂ ജനിമന്യജ്ഞിയാനാം ||**

ഹേ അശ്വിനികളേ! സൂര്യപുത്രി നിങ്ങളുടെ രഥത്തെ സുശോഭിതമാക്കിയിരുന്നു. നിങ്ങൾ ദേവകളുടെ മനസ്സാക്ഷിക്കു നേതൃത്വം നൽകുന്നവരുമാണല്ലോ.

**6.യുവം ശ്രീഭിർദർശതാഭിരാഭിഃ ശുഭേ പുഷ്ടിമൂഹഥുഃ സൂര്യായാഃ |**

**പ്ര വാം വയോ വപുഷേ നു പപ്തന്നക്ഷദ്വാണീ സുഷ്ടുതാ ധിഷ്ണ്യാ വാം ||**

ഹേ അശ്വിനികളേ! നിങ്ങൾ സൂര്യപുത്രിയുടെ ശോഭയ്ക്കുവേി പുഷ്ടിപ്പെടുവിൻ. നിങ്ങളുടെ അശ്വങ്ങളും ശോഭയ്ക്കുവേി അനുഗമിക്കുന്നു. സ്തുതികൾ നിങ്ങളെ വളർത്തണേ.

**7.ആ വാം വയോ ശ്വാസോ വഹിഷ്ഠാ അഭി പ്രയോ നാസത്യാ വഹന്തു |**

**പ്ര വാം രഥോ മനോജവാ അസർജിഷഃ പൃക്ഷ ഇഷിധോ അനുപൂർവീഃ ||**

ഹേ അശ്വിനികളേ! വഹനശീലരായ നിങ്ങളുടെ അശ്വങ്ങൾ നിങ്ങളെ അന്നത്തിൻെറ അടുക്കലേയ്ക്കു കൊുവരണേ. നിങ്ങളുടെ രഥം അന്നത്തിനുവേി പ്രേരിപ്പിക്കപ്പെടുന്നു.

**8. പുരു ഹി വാം പുരുഭുജാ ദേഷ്ണം ധേനും ന ഇഷം പിന്വതമസക്രാം |**

**സ്തുതശ്ച വാം മാധ്വീ സുഷ്ടുതിശ്ച രസാശ്ച യേ വാമനു രാതിമഗ്മൻ ||**

ഹേ അശ്വനികളേ! നിങ്ങൾ അപരിമിതമായ ധനത്തോടുകൂടിവനുമാണല്ലോ. ഞങ്ങൾക്ക് വിട്ടുപോകാത്ത ഗോവിനേയും അന്നത്തേയും തരുവിൻ. നിങ്ങൾക്കു വേി സ്തോതാവിൻെറസ്തോത്രവും; സോമരസവും തയ്യാറാക്കിവച്ചിരിക്കുന്നു.

**9. ഉത മ ഋജ്രേജ പുരയസ്യ രഘ്വീ സുമീളഹേ ശതം പേരുകേ ച പക്വാ |**

**ശാണ്ഡേം ദാദ്ധിരണിനഃ സ്മദ്ദിഷ്ഠഷീൻ ദവശാസോ അഭിഷാപ ഋഷ്വാൻ ||**

എൻെറ അടുക്കൽ ശീഘ്റഗാമികളായ രുഗോക്കളും സമീന്ധൻെറ നൂറുഗോക്കളും, പേരുകൻെറ പാകം ചെയ്ത അന്നവും ഉ് ശാണ്ഡാരാജാവ് അശ്വിനികളുടെ സ്തോതാവിന് സുന്ദരമായ പത്തുരഥങ്ങളും ശത്രുക്കളെ നശിപ്പിക്കുന്ന വീരപുരുഷൻമാരെയും നൽകി.

**10. സം വാം ശതാ നാസത്യാ സഹസ്രാശ്വാനാം പുരുപന്ഥാ ഗിരേ ദാത് |**

**ഭരദ്വാജായ വീര നൂ ഗിരേ ദാദ്വതാ രക്ഷാംസി പൂരുദ സസാസ്യുഃ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ സ്തോതാവിന് പുരുപന്ഥരാജൻശതക്കണക്കിനും, സഹസ്രക്കണക്കിനും അശ്വങ്ങളെ നൽകി ഹേ അശ്വനികളേ! ഭരദ്വാജനും അതിവേഗം നൽകുകയും രാക്ഷസൻമാരെ നിഗ്രഹിക്കുകയും ചെയ്യുവിൻ.

**11. ആ വാം സുമ്നേ വീരമൻസൂരിഭിഃ വ്യാം ||**

ഹേ അശ്വിനികുമാരൻമാരേ ഞാൻ വിദ്വാൻമാരോടുകൂടി ശ്രേഷ്ഠവും മംഗലമയവുമായ ധനത്താൽ സുശോഭിനാകട്ടെ.

## സൂക്തം 64

**ഋഷി ഭരദ്വാജൻ, ദേവത ഉഷസ് ഛന്ദസ് ത്രിഷ്ടുപ്**

**1. ഉദു ശ്രിയ ഉഷസോ രോചമാനാ അസ്ഥുരപാം നോർമയോ രുശന്തഃ |**

**കൃണോതി വിശ്വാ സുപഥാ സുഗാന്യഭൂദു വസ്വീ ദക്ഷിണാ മഘോനി ||**

ഉജ്ജ്വലവർണ്ണങ്ങളായ ഉഷസ്സുകൾ ജലതരംഗങ്ങൾപോലെ ഉയരുന്നു. ഈ ഉഷസ്സുകൾ എല്ലാ സ്ഥാനങ്ങളേയും കടന്നുപോകുവാൻ സഹായിക്കുന്നു. ഈ ഉഷസ്സുകൾ ഐശ്വര്യവതികളും ധനവതികളും ആണ്.

**2. ഭദ്രാ ദദൃക്ഷ ഉർവിയാ വി ഭാസ്യുത്തേ ശോചിഭാനവോ ദ്യാമപപ്തൻ |**

**ആവിർവക്ഷഃ കൃണുഷേ ശുംഭമനോഷോ ദേവി രോചമാനാ മഹോഭിഃ ||**

ഹേ ഉഷസേ ഭവതി മംഗലമയിയായി കാണപ്പെടുന്നു. ഭവതിയുടെ രശ്മികൾ സുന്ദരിയായി, ശോഭമയിയായി പ്രകാശം പ്രദാനം ചെയ്യുന്നു.

**3. വഹന്തി സീമരുണാസോ രുശന്തോ ഗാവഃ സുമൂർ വിയാ പ്രഥാനാം |**

**അപേജതേ ശൂരോ അസ്തേവ ശത്രൂൻ ബാധതേ തമോ**

**അജിരോ ന വോളഹാ ||**

ചെമന്നരശ്മികൾ ഉഷസ്സിനെ വഹിക്കുകയും ശത്രുക്കളെ അകറ്റുകയും ചെയ്യുന്നു.

**4. സുഗോത തേ സുചഥാ പർവതേഷ്വവാതേ അപസ്തരസി സ്വഭാനോ |**

**സാ ന ആ വഹ പൃഥുയാമാൻസൃഷ്വേ രയിം ദിവോ ദുഹിതരിഷയധ്യൈ ||**

ഹേ ഉഷേ! ഭവതിസ്വയം പ്രകാശവതിയാണല്ലോ, പർവതങ്ങളും; വായുരഹിതമായ ശൂന്യപ്രദേശങ്ങളും ഭവതിക്ക് എളുപ്പമാർഗ്ഗങ്ങളാകുന്നു, ഭവതി ഞങ്ങൾക്ക് കാമ്യമായ ധനം നൽകേണമേ.

**5. സാ വഹ യോക്ഷഭിരവാതോഷൊ വരം വഹസി ജോഷമനു |**

**ത്വം ദിവോ ദുഹിതര്യ ഹ ദേവീ പൂർവ്വഹൂത്യ മംഹനാ ദർശതാ ഭൂഃ ||**

ഹേ ഉഷസേ! ഭവതി അശ്വങ്ങളേയുംക്കൊ് ധനം ചുമപ്പിക്കുന്നു. പൂജനീയനായ ഭവതി ഞങ്ങൾക്കു ധനം പ്രദാനം ചെയ്താലും.

**6. ഉത്തേ വയശ്ചിദ്വസതേരപപ്തന്നരശ്ച യേ പിതുഭാജോ വ്യഷ്ഠൗ |**

**അമാ സതേ വഹസി ഭൂരി വാമമുഷോ ദേവി ദാശഉഷേ മർത്യായ ||**

ഹേ ഉഷസേ! ഭവതിയുടെ ആഗമനവേളയിൽ പക്ഷികൾ നീഡം വിട്ടു പറന്നുപോകുന്നു, ആ സമയത്ത് അന്നം ഉപാർജിക്കുന്നവർ ഉണരുന്നു. ഭവതി ഹവിസ്സ് ദാതാവിന് ധനം പ്രദാനം ചെയ്യുന്നു.

## സൂക്തം 65

**ഋഷി ഭരദ്വാജൻ ദേവത ഉഷസ് , ഛന്ദസ് അനുഷ്ടുപ്**

**1. ഏഷാ സ്യാ നോ ദുഹിതാ ദിവോജാഃ ക്ഷിതിരുഛന്തീ മാനുഷീരജീഗഃ |**

**യാ ഭാനുനാ രുശതാ രാമ്യാസ്വജ്ഞായി തിരസ്തമസശ്ചിദക്തൂൻ ||**

പ്രകാശരശ്മികളാൽ യുക്തമായ ഉഷസ്സ് അന്ധകാരത്തെ നശിപ്പിക്കുകയും, ജീവികൾക്കു പ്രകാശം നൽകുകയും ചെയ്യുന്നു.

**2. വി തദ്യയുരരുണയുഗ്ഭിരശ്വൈശ്ചിത്രം മാന്ത്യുഷസശ്ചന്ദ്രരഥാഃ |**

**അഗ്രം യജ്ഞസ്യ ബൃഹതോ നയന്തിർവിതാ വാധന്തേ തമ ഊർമ്യായാഃ ||**

മഹായജ്ഞത്തിൻെറ സമ്പാദികയായ ഉഷസ്സ് തൻെറ ചെങ്കതിരുകളോടുകൂടി സഞ്ചരിച്ചുകൊ് ശോഭാമയിയായിത്തീരുന്നു. അവൾ രാത്രിയുടെ അന്ധകാരത്തെ നശിപ്പിക്കുന്നു.

**3. ശ്രവോ വാജമി ഷമൂർജം വഹന്തീർനി ദാശുഷ ഉഷസേ മർത്യായ |**

**മഘോനീർവീരവത്പത്യു മാനാ അവോ ധാത വീധതേ രത്നമദ്യ ||**

ഹേ ഉഷസ്സേ! നീ ഹവിസ്സ് ദാതാവിന് അന്നം, ബലം, യശസ്സ്, രസം, എന്നിവ ദാനമായി നൽകുന്നു. ഭവതി സേവകൻമാരായ ഞങ്ങൾക്ക് പുത്രാദിയുക്തമായ അന്നവും ധനവും നൽകേണമേ.

**4. ഇദാ ഹി വോ വിധതേ രത്നമസ്തീദാ വീരായ ദാശുഷ ഉഷാസഃ |**

**ഇദം വിപ്രായ ജരതേ യദുക്ഥാ നി ഷ്മ മാവതേ വഹഥാ പുരാ ചിത് ||**

ഹേ ഉഷസ്സുകളേ! അംഗിരസ്സുകൾ നിങ്ങളുടെ കൃപയാൽ ഗോക്കളെ അഴിച്ചുവിടുകയും, സ്തുതികൾ വഴിയായി അന്ധകാരത്തെ നശിപ്പിക്കുകയും ചെയ്തു. അവരുടെ സ്തുതികൾ സത്യഫലമുളവാക്കി.

**5. ഇദാ ഹി ത ഉഷോ അദ്രിസാനോ ഗോത്രാ ഗവാമങ് ഗിരസോ ഗൃണന്തി |**

**വ്യർകേണ വിഭിദുർബ്രഹ്മണാ ച സത്യം നൃണാമഭവദ്ദേവ ഹൂതിഃ ||**

ഹേ ഉഷസ്സേ! അന്ധകാരത്തെ നശിപ്പിക്കണമേ. ഭരദ്വാജനു നൽകിയതുപോലെ ഈ സ്തോതാവിനും ഗനവും അന്നവും നൽകണേ.

**6. ഉച്ഛാ ദിവോ ദുഹിതഃ പ്രത്നവന്നോ ഭരദ്വാജവദ്വിധതേ മഘോനി |**

**സുവീരം രയിം ഗൃണതേ രിരീഹ്യുരുഗായമധി ധേഹി ശ്രവോ നഃ ||**

## സൂക്തം 66

**ഋഷി ഭരദ്വാജൻ ദേവത മരുത്തുക്കൾ, ഛന്ദസ്സ് ത്രിഷ്ടുപ്.**

**1. വപൂർനു തച്ചികിതേഷു ചിദസ്തു സമാനം നാമ ധേനു പത്യമാനം |**

**മർതേഷ്വന്യദ്ദോഹസോ പീപായ സകൃച്ഛുക്രം ദുദുഹേ പൃശ്നിരൂധഃ ||**

മരുത്തുക്കളെപ്പോലെ നിത്യമായി സന്തോഷിപ്പിക്കുന്നവനും, ജ്ഞാനിയും സ്തോതാവിൻെറ സമീപം ആവിർഭവിക്കണേ. അതു അന്തരീക്ഷത്തിൽ ജലത്തെ വിതറികൊ് പൃഥ്വിയിൽ ദേഹത്തിനായി പ്രവൃദ്ധമാകുന്നു.

**2. യേ അഗ്നയോ ന ശോശുചന്നിധാനാ ദ്വിര്യത്ത്രിർമരുതോ വാവൃധന്ത |**

**അരേണവോ ഹിരണ്യയാസ ഏഷാംസാകം നമ്ണൈഃ പൗംസ്യേഭിശ്ച ഭൂവൻ ||**

യാതൊരുത്തൻ അഗ്നിക്കു സമാനം തേജസ്സികളും, ഇഛാനുസരണം വൃദ്ധിയെ പ്രാപിക്കുകയും, സ്വർണ്ണാലങ്കാരയുക്തരും ആകുന്നുവോ, ആ മരുത്തുക്കൾ ധനബലസഹിതം ആവിർഭവിക്കുന്നു.

**3. രുദ്രസ്യ യേ മീളഹൂഷഃ സന്തി പുത്രാ യാംശ്ചോ നു ദാധൃവിർഭരധ്യൈ |**

**വിദേ ഹി മാതാ മഹോ മഹീ ഷാ സേത് പൃശ്നിഃ സുഭ്വേ ഗർഭമാധാത് ||**

രുദ്രപുത്രൻമാരാണല്ലോ മരുത്തുക്കൾ, അന്തരീക്ഷം അവരെവഹിക്കുന്നതിൽ സമർത്ഥരാകുന്നു. അവരുടെ മാതാവ് മഹിമാമയിയാകുന്നു. അവർ മനുഷ്യരുടെ ഉല്പത്തിക്കുവേി ജലത്തെ വഹിക്കുന്നു.

**4. ന യ ഈഷന്തേ ജനുഷോ യാ ന്വന്തഃ സന്തോ വദ്യാനി പുനാനാഃ |**

**നിര്യദ് ദുഹ്രേ ശുചയോ നു ജോഷമനു ശ്രിയാ തന്വമുക്ഷമാണാഃ ||**

**5. മക്ഷൂ ന യേഷു ദോഹസേ ചിദയാ ആ നാമ ധൃഷ്ണു മാരുതം ദധാനാഃ |**

**ന യോ സ്തൗനാ അയാസോ മഹ്നാ നു ചിത്സുദാനുരവ യാസദിഗ്രാൻ ||**

യാതൊരുത്തർ വാഹനത്തിൽ സഞ്ചരിക്കാതെ സ്തോതാക്കളുടെ അന്തക്കരണത്തിൽ വസിച്ചുകൊ് പാപങ്ങളെ നശിപ്പിക്കുന്നുവോ, ജലദോഹനം ചെയ്യുകയും, തങ്ങളുടെ തേജസ്സാൽ ഭൂമിയെ ആകർഷിക്കുകയും യാതൊരുത്തർക്കുവേി സ്തോതാവ് മരുത്വാത്മകങ്ങളായ സ്തോത്രങ്ങളുച്ചരിച്ച് ഇഛിതഫലങ്ങൾ പ്രാപിക്കുകയും ചെയ്യുന്നുവോ, ആ മരുത്തുക്കളെ ദാനിയായ യജമാനൻ ക്രോധരഹിതനാക്കുന്നു.

**6. ത ഇദുഗ്രാഃ ശവസാ ധൃഷ്ണുഷേണാ ഉഭേ യുജന്ത രോദസീസുമേകേ |**

**അധ സ്മൈഷുരോദസീ സ്വശോചിരാമവത്സു തസ്ഥൗ ന രോകഃ ||**

മരുത്തുക്കൾ പരാക്രമികളാകുന്നു.ദ്യാവാപൃഥ്വികളുടെ രഥത്തോടുകൂടി ധർമ്മകസേനകളെ യോജിപ്പിക്കുന്നു. ഇത് മറ്റാരുടേയും ദീപ്തിയാൽ തേജസ്വിയാകുന്നില്ല.

**7. അനേനോ വോ മരുതോ യാമോ അസ്ത്വനശ്വശ്ചിദ്യമജത്യരഥീഃ |**

**അനവസോ അനഭീശു രജസ്തുർവീ രോദസീ പഥ്യാ യാതി സാധൻ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ രഥം പാപരഹിതമാണല്ലോ, അത് അശ്വങ്ങളില്ലാതെയും, ജലത്തെ വർഷിച്ചുകൊും ഇച്ഛകൾ നിറവേറ്റിയും സ്വർഗ്ഗത്തിലും അന്തരീക്ഷത്തിലും ഭൂമിയിലും സഞ്ചരിക്കുന്നു.

**8. നാസ്യ വർതാ ന തരുതാ ന്വസ്തി മരുതോ യമവഥ വാജസാതൗ |**

**തോകേ വാ ഗോഷു തനയേ യമപ്സു സ പ്രജ ദർതാ പാര്യേ അധ ദ്യോഃ ||**

ഹേ മരുത്തുക്കളേ! രണക്ഷേത്രത്തിൽ നിങ്ങൾ ആരെ രക്ഷിക്കുന്നുവോ, അവരെ ഹിംസിക്കുവാൻ ആർക്കും സാധ്യമല്ല നിങ്ങൾ ആരുടെ പുത്രാദികളുടെ രക്ഷകനാകുന്നുവോ, അവർ ശത്രുക്കളുടെ ഗോക്കളെ പങ്കിട്ടെടുക്കുന്നു.

**9. പ്ര ചിത്രമരകം ഗൃണതേ തുരായ മാരുതായ സ്വതവസേ ഭരധ്വം |**

**യേ സഹാംസി സഹസാ സഹന്തേ രേജതേ അഗ്നേ പൃഥിവീ മഖേഭ്യഃ ||**

ഹേ അഗ്നേ! ശത്രുക്കളുടെ ബലത്തെ നശിപ്പിക്കുന്നവരായ യാതൊരു മരുത്തുക്കളിൽ ഭൂമി വിറക്കുന്നുവോ, ആ മരുത്തുക്കൾക്കുവേി ഹവിരാന്നം പാകം ചെയ്താലും.

**10. ത്വിഷീമന്തോ അധ്വരസ്യേവ ദിദ്യുത്തൃഷുച്യവസോ ജുജുഹ്വോ നാഗ്നേഃ**

**അർചത്രയോ ധുനയോ ന വീരാ ഭ്രാജജ്ജന്മാനോ മരുതോ അധഷ്ഠാഃ**

യജ്ഞത്തിനു തുല്യം തേജസ്വികളായ മരുത്തുക്കൾ അഗ്നിശിഖപോലെ ദീപ്തിമാൻമാരും, ശത്രുക്കളെ കിടിലംകൊള്ളിക്കുന്നവരും തേജസ്വികളുമാകുന്നു.

**11. തം വൃധന്തം മാരുതം ഭ്രാജർദൃഷ്ടിം രുദ്രസ്യ സൂനം ഹവസാ വിവാസേ |**

**ദിവഃ ശർധായ ശുചയോ മനീഷാ ഗിരയോ നാപ ഉഗ്രാ അസ്പൃധ്രൻ ||**

രുദ്രപുത്രൻമാരായ ആ മരുത്തുക്കളെ ഞാൻ സ്തുതിക്കുന്നു. ഈ സ്തുതികൾ ഉഗ്രമായി മരുത്തുക്കളുടെ ബലത്തിനു തുല്യതവഹിക്കുന്നു.

## സൂക്തം 67

**ഋഷി ഭരദ്വാജൻ ദേവത മിത്രാവരുണൻമാർ ഛന്ദസ് ത്രിഷ്ടുപ്.**

**1. വിശ്വേഷാം വഃ സതാം ജ്യേഷ്ഠതമാ ഗീർഭിർമിത്രാവരുണാ വാവൃധധ്യൈ |**

**സം യാ രശ്മേവ യമതുര്യമിഷ്ഠാദ്വാ ജനാം അസമാ ബാഹുബുഭിഃ സ്വൈഃ ||**

ഹേ മിത്രാവരുണാ! സർവ്വശ്രേഷ്ഠരായ നിങ്ങളെ സ്തുതികളാൽ ഞാൻ വളർത്തുന്നു. നിങ്ങൾ ഞങ്ങളുടെ ഭുജങ്ങളാൽ മനുഷ്യരെ നിയന്ത്രിക്കുന്നു.

**2. ഇയം മദ്വാം പ്ര സ്തൃണീതേ മനീഷോപ പ്രിയ നഭസാ ബർഹിരഛാ |**

**യന്തം നോ മിത്രിവരുണാവധൃഷ്ടം ഛർദിര്യദ്വാം വരൂഥ്യം സുദാനൂ ||**

ഹേ മിത്രാ വരുണാ! ഞങ്ങളുടെ സ്തുതികൾ നിങ്ങളെ വളർത്തുന്നു. നിങ്ങൾ ഞങ്ങൾക്ക് ശീതാദികളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഭവനം പ്രദാനം ചെയ്താലും.

**3. ആ യാതം മിത്രാവരുണാ സുശസ്ത്യുപ പ്രിയ നമസാ ഹൂയമാനാ |**

**സം യാവപ്നഃസ്ഥോ അപസേവ ജനാച്ഛ്റുധീയതശ്ചിദ്യതഥോ മഹിത്വാ ||**

ഹേ മിത്രാ വരുണാ! ഞങ്ങളുടെ ആഹ്വാനത്തിൽ പ്രീതിവരണമേ. കർമ്മത്തിൽ വ്യാപൃതനായ വ്യക്തി അന്നം ആഗ്രഹിക്കുന്നവരെ തുഷ്ടിപ്പെടുത്തുന്നതുപോലെ നിങ്ങളും ചെയ്യുവിൻ.

**4. അശ്വാ ന യാം വാജിനാ പൂത ബന്ധൂ ഋായദ് ഗർഭമദിതിർഭരധ്യൈ |**

**പ്ര യാ മഹി മഹാന്താ ജായമാനാ ഘോരാ മർതായ രിപവേ നി ദീധഃ ||**

അശ്വത്തെപ്പോലെ ശക്തിമാൻമാരായ മിത്രാവരുണൻമാരെ അദിതിഗർഭം ധരിച്ചു. അവർ ഹിംസകൻമാരെ ഹിംസിക്കുന്നവരും ജൻമനാ മഹാത്മാരുമായി.

**5. വിശ്വേ യദ്വാം മംഹനാ മന്ദമാനാഃ ക്ഷത്രം ദേവാസഊ അദധുഃ സജോഷാഃ |**

**പരി യഭൂഥോ രോദസീ ചിദൂർവീ സന്തി സ്പശോ അദബ്ധാസോ അമൂരാഃ ||**

എല്ലാ ദേവകളും നിങ്ങളുടെ യശസ്സിനെ പാടിപുകഴ്ത്തി ബലം പ്രാപിക്കുന്നു. നിങ്ങൾ വാനൂഴികളെ പരിപൂർണ്ണമാക്കുന്നവനും അഹിംസിതരുമാകുന്നു.

**6. താ ഹി ക്ഷത്രം ധാരയേഥേ അനു ദ്യുൻദ്യംഹേഥേ സാനുമുപമാദിവ ദ്യോഃ |**

**ദൃളഹോ നക്ഷത്ര ഉത വിശ്വദേവോ ഭൂമിമാതാന്ദ്യ ധാസിനായോഃ ||**

നിങ്ങൾ അന്തരീക്ഷപ്രദേശത്തെ ഉറപ്പോടുകൂടി താങ്ങി നിർത്തുന്നു. നിങ്ങൾ വഴിയായിത്തന്നെ മേഘം അന്തരീക്ഷത്താലും വിശ്വദേവതകൾ ഹവിസിനാലും തൃപ്തരായി ഭൂമിയേയും സ്വർഗ്ഗത്തേയും വിശാലപ്പെടുത്തുന്നു.

**7. താ വിഗ്രം ധൈഥേ ജഠരം പൃണധ്യാ ആ യത്സദ്മ സഭൃതയഃ പൃണന്തി |**

**ന മൃഷ്യന്തേ യുവതയോ വാതാ വി യത്പയോ വിശ്വജിന്വാ ഭരന്തേ ||**

ജ്ഞാനികളായ നിങ്ങൾ ഉദരപൂർത്തിക്കുവേി സോമം പാനം ചെയ്യുന്നു. യജമാനൻ യാഗശാലതയ്യാറാക്കുകയും നിങ്ങൾ ജലം വർഷിക്കുകയും ചെയ്യുമ്പോൾ നദികളിൽധൂളി നിറയുന്നില്ല.

**8.താ ജിഹ്വയാ സദമേദം സുമേധാ ആ യദ്വാം സത്യോ അതിർഋതേഭൂത് |**

**തദ്വാം മംഹിത്വംഘൃതാന്നാവു യുവം ദാശുഷേവി ചയിഷ്ടമംഹഃ ||**

മേധാവികളായവർ വാണിവഴിയായി നിങ്ങളോടു ജലം യാചിക്കുന്നു. നിങ്ങളുടെ ഉപാസകൻമാർ യജ്ഞത്തിൽ മായയോടു വിരക്തരാകുന്നതുപോലെയാണ് നിങ്ങളുടെ മഹിമയും. നിങ്ങൾ ഹവിസ്സ്ദാതാവിൻെറ പാപങ്ങളെ നശിപ്പിക്കുവിൻ.

**9. പ്ര യ ദ്വാം മിത്രാവരുണാ സ്പൂർധൻപ്രിയാ ധാമ യുവധിതാ മിനന്തി |**

**ന യേ ദേവാസ ഓഹസാ ന മർതാ അസാചോ അപ്യോ ന പുത്രാഃ ||**

ഹേ മിത്രാവരുണൻമാരേ! വിദ്വേഷിയായ യാതൊരുവ്യക്തി നിങ്ങളുടെ കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുന്നുവോ യാതൊരുത്തൻ സ്തോത്രശൂന്യനാകുന്നുവോ, അവരെ നശിപ്പിക്കേണമേ.

**10. വി യദ്വാചം കിസ്താസോ ഭരന്തേ ശംസന്തി കേ ചിന്നിവിദോ മനാനാഃ |**

**ആദ്വാ ബ്രവാമ സത്യാന്യുക്ഥാ നകിർദേവേഭിർയതഥോ മഹിത്വാ ||**

വിദ്വാൻമാർ സ്തുതിക്കുമ്പോൾ മഹിമാവാൻമാരായി മറ്റുദേവകളോടുകൂടി പോകരുതേ.

**11. അവോരിത്ഥാ വാം ഛർദിഷോ അഭിഷ്ഠൗ യുവോർമിത്രാവരുണാവാസ്തേധായു |**

**അനു യദ് ഗാവഃ സ്ഫുരാനൃജിപ്യം ധൃഷ്ണം യദ്രണേ വൃഷണം യുനൻ ||**

ഹേ മിത്രാ വരുണാ! സ്തുതികൾ നടത്തപ്പെടുമ്പോൾ സോമം കൊവന്നു വയ്ക്കുന്നു. അപ്പോൾ ഗൃഹദാനത്തിനായി നിങ്ങൾ ആഗരാകുകയും ഞങ്ങൾക്ക് ഗൃഹം ലഭിക്കുകയും ചെയ്യുന്നു.

## സൂക്തം 68

**ഋഷി ഭരദ്വാജൻ, ദേവത, ഇന്ദ്രാവരുണൻമാർ, ഛന്ദസ് ത്രിഷ്ടുപ്, ജഗതി.**

**1. ശ്രുഷ്ഠീ വാം യജ്ഞ ഉദ്യതഃ സജോഷാ മാനുഷ്വദ് വൃക്തബർഹിഷോ യജധ്യൈ |**

**ആ യ ഇന്ദ്രാവരുണാവിഷേ അദ്യ മഹേ സുമ്നായ മഹ ആവവർതത് ||**

ഹേ ഇന്ദ്രാ! വരുണാ! യജമാനൻെറ സുഖത്തിനുവേി യാതൊരനുഷ്ഠാനം ചെയ്യപ്പെടുന്നുവോ ആ അനുഷ്ഠങ്ങൾ തന്നെ നിങ്ങൾക്കുവേിയും നടത്തുന്നു.

**2. താ ഹി ശ്രേഷ്ഠാ ദേവത താ തുജാ ശരണാം ശവിഷ്ഠ താഹി ഭൂതം |**

**മഘോനാം മഹിഷ്ഠാ തുവിശുഷ്മഋഥേന വൃത്രതുരാ സർവസേനാ ||**

ഹേ ഇന്ദ്രാ! വരുണാ! നിങ്ങൾ യജ്ഞത്തിൽ ധനദാതാക്കളും, ശ്രേഷ്ഠൻമാരുമാകുന്നു, ശത്രുഹിംസകരും, സേനകളാലും, ഐശ്വര്യത്താലും സമ്പന്നരുമാകുന്നു.

**3. താ ഗൃണീഹി നമസ്യേഭിഃ ശൂഷൈഃ സമ്നേഭിരിന്ദ്രാവരുണാ ചകാനാ |**

**വജ്രേണാന്യഃ ശവസാഹന്തി വൃത്രം സിഷക്ത്യന്യോ വൃജനേഷു വിപ്രഃ ||**

ഹേ സ്തോതാവേ! ഇന്ദ്രനേയും വരുണനേയും സ്തുതിക്കൂ. അവരിൽ ഇന്ദ്രൻ വൃത്രഹന്താവും, വരുണൻ പ്രജാരക്ഷകനും ആകുന്നു.

**4. ഗ്നാശ്ച യന്നരശ്ച വാവൃധന്ത വിശ്വേ ദേവാസോ നരാം സ്വഗുർതാഃ |**

**പ്രൈഭ്യ ഇന്ദ്രാവരുണാ മഹിത്വാ ദ്യൗശ്ച പൃഥിവി ഭൂതമുർവീ ||**

ഹേ ഇന്ദ്രാ! വരുണാ! സ്തോതാക്കൾ നിങ്ങളെ വളർത്തുമ്പോൾ നിങ്ങൾ അത്യന്തം മഹിമാൻമാരായിഅവരുടെ നേതാക്കളാകുന്നു. ഹേ വിശാലമായ സ്വർഗ്ഗമേ! ഭൂമിയേ നിങ്ങളും ഇവരുടെ നേതാക്കളാകുവിൻ.

**5. സാ ഇത്സുദാനുഃ സ്വവാം ഋതാവേന്ദ്രാ യോ വാ വരുണദാശതി ത്മൻ |**

**ഇഷ സ ദ്വിഷസ്തരേദ്ദാസ്വാന്വംസദ് രയിം രയവതശ്ച ജനാൻ ||**

ഹേ ഇന്ദ്രാ! വരുണാ! നിങ്ങൾക്ക് ഹവിസ്സ് നൽകുന്ന യജമാനൻ ദാനിയും, ധനികനും, യജ്ഞവാനുമാകുന്നു. അവൻ ശത്രുക്കളിൽ നിന്നും ക്ഷിതനായി ധനത്തേയും പുത്രൻമാരെയും പ്രാപിക്കുന്നു.

**6. യം യുവം ദാശ്വധ്വരായ ദേവാ രയിം ധത്ഥോ വസുമന്തം പുരുക്ഷും |**

**അസ്മേ സ ഇന്ദ്രാവരുണാവപി ഷ്യാത്പ്ര യോ ഭനക്തി**

**വനുഷാമശസ്തീഃ ||**

ഹേ ഇന്ദ്രാ! വരുണാ! നിങ്ങൾ ഹവിസ്സ് മാതാവിനു നൽകുന്ന ധനം അത് ശത്രുക്കൾ പരത്തിയ അപകീർത്തിയെ നശിപ്പിക്കുന്നതായിരിക്കണം അത് ഞങ്ങൾക്കും തരണമേ.

**7. ഉത നഃ സുറതാത്രോ ദേവഗോപാഃ സൂരിഭ്യ ഇന്ദ്രാവരുണാ രയിഃ ഷ്യാത് |**

**യേഷാം ശുഷ്മഃ പൃതനാസു സാഹ്വാൻപ്ര സദ്യോ ദ്യുമ്നാ തിരതേ തതുരി ||**

ഹേ ഇന്ദ്രാ! വരുണാ! ഞങ്ങൾ നിങ്ങളുടെ സ്തോതാക്കളാകുന്ന ദേവകൾ സംരക്ഷിക്കുന്ന നിങ്ങളുടെ ധനം ഞങ്ങൾക്കു ലഭിക്കേണേ. ഞങ്ങളുടെ ബലം ശത്രുക്കളെ പരാജയപ്പെടുത്തുന്നതും അവരെ തിരസ്കരിക്കുന്നതുമാകണേ.

**8. നൂ ന ഇന്ദ്രാവരണാ ഗൃണാനാ പൃങ്ക്തം രയിം സൗശ്രവസായ ദേവാ |**

**ഇത്ഥാ ഗൃണന്തോ മഹിനസ്യ ശർധോ പോ ന നാവാ ദുരിതാ തരേമ ||**

ഹേ ഇന്ദ്രാ! വരുണാ! ഞങ്ങൾക്ക് ശ്രേഷ്ഠമായ അന്നത്തിനുവേി ധനം നൽകണമേ. നിങ്ങൾ മഹാൻമാരാണല്ലോ നിങ്ങളുടെ ബലത്തെ ഞങ്ങൾ വള്ളം വഴിയായിതരണം ചെയ്യുന്നതുപോലെ പാപത്തിൽ നിന്നും തരണം ചെയ്യണേ.

**9. പ്ര സമ്രാജേ ഹൃഹതേ മൻമ നു പ്രിയമർച ദേവായ വരുണായ സപ്രഥഃ |**

**അയം യ ഉർവീ മഹിനാ മഹിവ്രതഃ ക്രത്വാ വിഭാത്യജരോ ന ശോചിഷാ ||**

ആര് മഹാകർമ്മാവും, മഹിമാമയനും, തേജസ്വിയും, ജരാരഹിതനും വാനൂഴികൾക്ക് വിസ്താരം വർദ്ധിപ്പിക്കുന്നവനുമാകുന്നുവോ, വരുണനെത്തന്നെ അധികമായി സ്തുതിക്കുവിൻ.

**10. ഇന്ദ്രാവരുണാ സുതപാവിമം സുതം സോമം പിബിതം മദ്യം ഘൃതവ്രതാ |**

**യുവോ രഥോ അധ്വരം ദേവവീതയേ പ്രതി സ്വസരമുപ യാതി പീതയേ ||**

ഹേ ഇന്ദ്രാ! വരുണാ! നിങ്ങൾ സോമപാണികളാണല്ലോ. അതിനാൽ വർഷകാരിയായ ഈ സോമം പാനം ചെയ്താലും. ഹേ വ്രതധാരീ, മിത്രാവരുണാ! ദേവകൾക്കു പാനം ചെയ്യുന്നതിനുവേി നിങ്ങളുടെ രഥം യജ്ഞത്തിലേയ്ക്ക് വന്നുകൊിരിക്കുന്നു.

**11. ഇന്ദ്രാവരുണാ മധുമത്തമസ്യ വൃഷ്ണ സോമസ്യ വൃഷേഥാം |**

**ഇന്ദ്രം വാമന്ധഃ പതിഷിക്തമസ്മേ ആസദ്യാസ്തിൻബർഹിംഷി മാദയേഥാം ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങൾ ശ്രേഷ്ഠമായ ഈ സോമം പാനം ചെയ്താലും. നിങ്ങൾക്കുവേി ഈ സോമം പാത്രത്തിലേയ്ക്കൊഴിക്കുന്നു. അതിനാൽ ഈ യജ്ഞത്തിലുപവിഷ്ഠരായി സോമപാനം വഴി ഹർഷിതരായാലും.

## സൂക്തം 69

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ, വിഷ്ണു, ഛന്ദസ് ത്രിഷ്ടുപ്.**

**1. സം വാം കർണോ സമിഷാ ഹിനോമിന്ദ്രാവിഷ്ണൂ അപസസ്പാരേ അസ്യ |**

**ജുഷേഥാംയജ്ഞം ദ്രവിണം ച ധത്തമരിഷ്ടൈർനഃ പഥിഭിഃ പാരയന്താ ||**

ഹേ ഇന്ദ്രാ! വിഷ്ണൂ! ഈ സ്തോത്രത്തേയും ഹവിസ്സിനേയും നിങ്ങളുടെ നേരെ ഞാൻ പ്രേരിപ്പിക്കുന്നു. അതിനുശേഷം നിങ്ങൾ യജ്ഞത്തെ സേവിച്ചാലും. നിങ്ങൾ ഞങ്ങളെ ഉപദ്രവരഹിതമായ മാർഗ്ഗത്തിൽകൂടി കൊു പോകുന്നു. അതിനാൽ ധനം പ്രദാനം ചെയ്യേണമേ.

**2. യാ വിശ്വാസാം ജനിതാരാ മതീനാമിന്ദ്രാ വിഷ്ണൂ കലശാ സോമധാനാ |**

**പ്ര വാം ഗിരഃ ശസ്യമാനാ അവന്തു പ്ര സ്തോമാസോ ഗീയമാനസോ അർകൈഃ ||**

ഹേ ഇന്ദ്രാ! വിഷ്ണൂ! നിങ്ങൾ സ്തുതികളുടെ കാരണാരൂപരാകുന്നു. സ്തുതികൾ നിങ്ങളെ പ്രാപിക്കണേ. സ്തോതാക്കളിൽനിന്നു ഗാനയോഗ്യമായ സ്തോത്രങ്ങളും നിങ്ങളെ പ്രാപിക്കണേ.

**3. ഇന്ദ്രാവിഷ്ണൂ മദപതീ മദാനാമാ സോമം യാതം ദ്രവിണോ ദധാനാ |**

**സം വാമഞ്ജന്ത്വക്തുഭിർമതീനാം സം സ്തോമാസഃ ശസ്യമാനാസ ഉക്ഥൈഃ ||**

ഹേ ഇന്ദ്രാ! വിഷ്ണൂ! നിങ്ങൾ സോമങ്ങളുടെ ഈശ്വരനാകുന്നു. നിങ്ങൾ ധനം ദാനം ചെയ്തുകൊ് സോമത്തിനു മുമ്പിൽ വന്നാലും സ്തോത്രങ്ങളും ഉക്ഥങ്ങളും ധിക്കുകളെ വളർത്തേണമേ.

**4. ആ വാമശ്വാസോ അഭിമാതിഷാഹ ഇന്ദ്രാവിഷ്ണൂ സധമാദോ വഹന്തു |**

**ജുഷേഥാം വിശ്വാ ഹവനാ മതീനാമുപ ബ്രഹ്മാണി ശൃണുതം ഗിരോ മേ ||**

ഹേ ഇന്ദ്രാ! വിഷ്ണൂ! ഹിംസകൻമാരെ തോല്പിക്കുന്ന അശ്വങ്ങൾ നിങ്ങളെ വഹിക്കേണമേ. നിങ്ങൾ സ്തുതികളെ സേവിച്ചുകൊ് എൻെറ നിവേദനങ്ങളെ ശ്രദ്ധിക്കേണമേ.

**5. ഇന്ദ്രാവിഷ്ണൂ തത്പനയാഹ്യ വാം സോമസ്യ മദ ഉരു ചക്രമാഥേ |**

**അകൃണുതമന്തരിക്ഷം വരീയോ പ്രഥമം ജീവസേ നോ രജാംസി ||**

ഹേ ഇന്ദ്രാ! വിഷ്ണൂ! സോമത്തിൻെറ മത്തുപിടിച്ച നിങ്ങൾ പ്രദക്ഷിണം ചെയ്യുന്നു. നിങ്ങൾ അന്തരീക്ഷത്തെ വിശാലമാക്കി. ഞങ്ങൾക്ക് ജീവിക്കാൻ ലോകത്തെയും വലുതാക്കി.

**6. ഇന്ദ്രാവിഷ്ണൂ ഹവിഷാ വാവൃധാനാഗ്രാദ്വാ നമസാ രാതഹവ്യാ |**

**ഘൃതാസുതീ ദ്രവിണം ധത്തമസ്മേ സമുദ്രഃ സ്ഥഃ കലശഃ സോമധാനം ||**

ഹേ ഇന്ദ്രാ, വിഷ്ണൂ! നിങ്ങൾ സോമത്താൽ വളരുന്നു. യജമാനൻ നിങ്ങൾക്ക് നമസ്കാരത്തോടുകൂടി ഹവിസ്സ് നൽകുന്നു. അതിനാൽ നിങ്ങൾ ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യണമേ.

**7. ഇന്ദ്രാവിഷ്ണൂ പിബതം മധ്വോ രമ്യ സോമസ്യ ദസ്രാ ജഠരം**

**പൃണേഥാം |**

**ആ വാമന്ധാംസി മദിരാണ്യഗ്മന്നുപ ബ്രഹ്മാണി ശൃണുതം ഹവാ മേ ||**

ഹേ ഇന്ദ്രാ, വിഷ്ണോ! നിങ്ങൾ സോമപാനത്താൽ നിങ്ങളുടെ ഉദരത്തെ നിറയ്ക്കുവിൻ, നിങ്ങളുടെ അടുക്കലേയ്ക്ക് ലഹരിയുള്ള സോമം വന്നുചേരണേ. നിങ്ങൾ എൻെറ സ്തുതികൾ ശ്രവിച്ചാലും.

**8. ഉഭാ ജിഗ്യഥുർന പരാ ജയേഥേ ന പരാ ജിഗ്യേ കതരശ്ചനൈനോഃ |**

**ഇന്ദ്രശ്ച വിഷ്ണോ യദപസ്പൃധേഥാം ത്രേധാ സഹസ്രം വി തദൈരയേഥാം ||**

ഹേ ഇന്ദ്രാ, വിഷ്ണോ, നിങ്ങൾ അജയ്യരാകുന്നു. നിങ്ങളിൽ ആരും ഒരിക്കലും പരാജിതരാകുന്നില്ല. നിങ്ങൾ യാതൊന്നിനായി രാക്ഷസൻമാരെ എതിർത്തുവോ, ആ അപരിമിതമായത് നിങ്ങളെ പ്രാപിക്കട്ടെ.

## സൂക്തം 70

**ഋഷി ഭരദ്വാജൻ ദേവത ദ്യാവാപൃഥ്വീ, ഛന്ദസ് ജഗതി**

**1. ഘൃതവതീ ഭുവനാനാമഭിശ്രിയോർവീ പൃഥ്വീ മധുദുഘേസുപേശസാ |**

**ദ്യാവാപൃഥിവീ വരുണസ്യ ധർമണാ വിഷ്ണുഭിതേ അജരേ ഭൂരിരേതസാ ||**

ഹേ ദ്യാവ്യാപൃഥ്വീ! നിങ്ങൾ ജലവതികളാണല്ലോ, സുന്ദരരൂപമുള്ളവരും വരുണനാൽ വഹിക്കപ്പെടുന്നവരും, നിത്യരും, അനന്തകർമ്മിണികളുമാകുന്നുവല്ലോ.

**2. അസശ്ചന്തീ ഭൂരിധാരേ പയസ്വതീ ഘൃതം ദുഹാതേ സകൃതേ ശുചിവ്രതേ |**

**രാജന്തീ അസ്യ ഭുവനസ്യ രോദസീ അസ്മേ രേതഃ സിഞ്ചതം യൻമനുർഹിതം ||**

ഹേ വാനൂഴികളെ സൽകർമ്മികളായ പുരുഷൻമാർക്ക് നിങ്ങൾ ജലം പ്രദാനം ചെയ്യുന്നു. നിങ്ങൾ ഭുവനത്തിൻെറ അധീശ്വരികളാകുന്നു. ഞങ്ങൾക്ക് ഹിതകരമായ ബലം പ്രദാനം ചെയ്താലും.

**3. യോ വാമൃജവേ ക്രമണായ രോദസീ മർതോ ദദാശ ധിഷണേ സ സാധി |**

**പ്ര പ്രജാഭിരജായതേ ധർമണസ്പരി യുവോഃ സിക്താ വിഷുരൂപണി സവ്രതാ ||**

ഹേ വാനൂഴികളെ നിങ്ങളുടെ ഉപാസകൻമാർ സിദ്ധകർമ്മികളാകുന്നു. അവർ സന്താനസഹബിതം അഭിവൃദ്ധിപ്രാപിക്കുന്നു.

**4. ഘൃതേന ദ്യാവാപൃഥിവീ അഭീവൃതേ ഘൃതശ്രിയാ ഘൃതപൃചാ ഘൃതാവൃധാ |**

**ഉർവീ പൃഥ്വീ ഹോതൃവൂർയേ പുരോഹിതേ തേ ഇദ്വിപ്രാ ഈളതേ സുമ്നമിഷ്ടയേ ||**

ദ്യാവാപൃഥ്വികൾ ജലത്താൽ ആച്ഛാദിതവും, ജലത്തെത്തന്നെ ആശ്രയിക്കുകയും ചെയ്യുന്നു. അവർ വിസ്തീർണ്ണങ്ങളും, ജലത്തോട് സാമ്യം പ്രാപിച്ചവരും, ജലവൃഷ്ടിയെ നിയന്ത്രിക്കുന്നവരും ആകുന്നു. യജ്ഞം നടത്തുന്ന യജമാനൻമാർ അവരോട് സുഖം യാചിക്കുന്നു.

**5. മധു നോ ദ്യാവാപൃഥിവീ മിമിക്ഷതാം മധുശ്ചുതാ മധുദുഘേ മധുവ്രതേ |**

**ദധാനേ യജ്ഞം ദ്രവിണം ച ദേവതാ മഹി ശ്രവോ വാജമസ്മേ സുവീര്യം ||**

ജലത്തെ ദോഹനം ചെയ്യുന്നവരും യജ്ഞം, ധനം, യശസ്സ്, അന്നം, ബലം മുതലായവദാനം ചെയ്യുന്നവരുമായ ദ്യാവാപൃഥ്വികൾ നമ്മെ മധുവാൽ അഭിഷേകം ചെയ്യണേ.

**6. ഊർജം ന ദ്യൗശ്ച പൃഥിവീ ച പിന്വതാം പിതാ മാതാ വിശ്വവിദാ സുദംസസാ |**

**സരരാണേ രോദസീ വിശ്വശംഭുവാ സനിം വാജം രയിസ്മേ സമിന്വതാം ||**

ഹേ പിതാവായ സ്വർഗ്ഗമേ മാതാവായ പൃഥ്വി ഞങ്ങൾക്ക് അന്നം തരേണമേ. നിങ്ങൾ ജഗത്തെ അറിയുന്നവരും, സുഖദായിനികളും ആകുന്നു. ഞങ്ങൾക്ക് ധനവും, സുഖവും സന്താനങ്ങളും പ്രദാനം ചെയ്താലും.

## സൂക്തം 71

**ഋഷി ഭരദ്വാജൻ ദേവത സവിതാവ് ഛന്ദസ് ജഗതി ത്രിഷ്ടുപ്.**

**1. ഉദുഷ്യ ദേവഃ സവിതാ ഹിരണ്യയാ ബാഹൂ അയംസ്ത സവനായ സുക്രതുഃ |**

**ഘൃതേന പാണീ അഭി പ്രൂഷ്ണതേ മഖോ യുവാസുദക്ഷോ രജസോ വിധർമണി ||**

ശ്രേഷ്ഠകർമ്മാവായ സവിതാദേവൻ ലോകത്തെ തൻെറ ഭുജങ്ങൾക്കുപരിയുയർത്തി രക്ഷിക്കണേ. മഹനീയനും സുയജ്ഞനം ഉലകത്തെ താങ്ങുന്നവനുമായ ആ യുവാവും ജലപൂർണ്ണങ്ങളായ കൈപ്പടങ്ങൾ നീട്ടുന്നു.

**2.ദേവസ്യ വയം സവിതുഃ സഷീമനി ശ്രേഷ്ഠേ സ്യാമ വസുനശ്ച ദാവനേ |**

**യോ വിശ്വസ്യ ദ്വിപദോ യശ്ചരൂഷ്പദോ നിവേശനേ പ്രസവേ ചാസി ഭൂമനഃ ||**

ആ സവിതാവിൻെറ ധനലാഭത്തിനു നാം അർഹരാകണേ. ഹേ സവിതാവേ നീ ഇരുകാലുകളിലും, നാല്ക്കാലികളുമായ എല്ലാത്തിനേയും സൃഷ്ടിച്ചു.

**3.അദബ്ധേഭിഃ സവിതഃ പായുഭിഷ്വം ശിവേമിരദ്യ പരി പാഹി നോ ഗയം |**

**ഹിരണ്യജിഹ്വഃ സുവിതായ നവ്യസേ രക്ഷാ മാതിർനോ അധശംസ ഈശത ||**

ഹേ സവിതാവേ! അഹിംസിതമായ തേജസ്സാൽ ഞങ്ങളുടെ വീടുകളെ രക്ഷിക്കുകയും ഞങ്ങൾക്കു മംഗളമരുളുകയും ചെയ്യേണമേ. ഞങ്ങൾ നശിക്കുവാനാഗ്രഹിക്കുന്ന ശത്രുക്കൾ ഞങ്ങളുടെ ഭരണാധിപൻമാരാകാതിരിക്കണേ.

**4. ഉദുഷ്യ ദേവഃ സവിതാ ദമൂന ഹിരണ്യപാണിഃ പ്രതിദോഷമസ്ഥാത് |**

**അയോഹനുർയജതോ മന്ദ്രജിഹ്വ ആ ദാശുഷേ സുവതി ഭൂരി വാമം ||**

ശാന്തചിത്തനും, സ്വർണ്ണഹസ്തനും യശോയോഗ്യനും ആയ സവിതാദേവൻ രാത്രിയുടെ അവസാനത്തിൽ ചൈതന്യവാനായി

ഹവിസ്സ് ദാതാവിനുവേി അന്നത്തെ പ്രേരിപ്പിക്കണേ.

**5. ഉദു അയാം ഉപവക്തേവ ബാഹു ഹിരണ്യയാ സവിതാ സുപ്രതീകാ |**

**ദിവോ രോഹാംസ്യരുഹത്പൃഥിവ്യാ അരീരമത് പതയത് കച്ചിദഭ്വം ||**

ആ സവിതാവ് ഇരുഭുജങ്ങളും ഉയർത്തികൊ്, ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിൻെറ ഉന്നതപ്രദേശത്തേയ്ക്ക് ആരൂഢനാകുന്നു. അവൻ എല്ലാ. മഹാ വസ്തുക്കളേയും പുഷ്ഠിപ്പെടു ത്തുന്നു.

**6. വാമമദ്യ സുവിർവാമമു ശ്വേ ദിവേദിവേ വാമമസ്മഭ്യം സാവീഃ |**

**വാമസ്യ ഹി ക്ഷയസ്യ ദേവ ഭൂരേരയാ ധിയാ വാമഭാജഃ സ്യാമ ||**

ഹേ സവിതാവേ! ഞങ്ങൾക്ക് ഇന്നു ധനം തരണേ. നാളെയും തരണേ. ഇതുപോലെ എന്നും തന്നുകൊയേിരിക്കണേ. നീ അപരിമിതമായ ധനത്തോടു കൂടിയവനാണല്ലോ. അതിനാൽ ഞങ്ങൾ സ്തുതികളാൽ ധനത്തെ പ്രാപിക്കണേ.

## സൂക്തം 72

**ഋഷി ഭരദ്വാജൻ ദേവത ഇന്ദ്രൻ, സോമൻ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഇന്ദ്രാസോമാ മഹി തദ്വാം മഹിത്വം യുവം മഹാനി പ്രഥമാനി ച്ക്രഥുഃ |**

**യുവം സൂര്യം വിവിദഥുർയുവം സ്വർ വിശ്വാ തമാംസ്യഹതം നിദശ്ച ||**

ഹേ ഇന്ദ്രാ ! സോമാ ! നിങ്ങൾ മഹാമഹിമാക്കളാണല്ലോ. നിങ്ങൾ പ്രഭുക്കളേയും ഭൂതങ്ങളേയും സൃഷ്ടിച്ചു. നിങ്ങൾ തന്നെ നിന്ദകരേയും അന്ധകാരത്തേയും നശിപ്പിച്ചു.

**2. ഇന്ദ്രാസോമാ വാസയഥ ഉഷാ സമുത്സൂര്യം നയഥോ ജോതിഷാ സഹ |**

**ഉപ ദ്യാം സ്തംഭഥു സ്കംഭനേനാപ്രഥതം പ്രഥിവീ മാതരഃ വി ||**

ഹേ ഇന്ദ്രാ, സോമാ! നിങ്ങൾ ഉഷസ്സിനെ ഉദിപ്പിക്കുകയും, സുര്യദീപ്തിയെ മുകളിലേയ്ക്ക് ഉയർത്തുകയും ചെയ്യുവിൻ. അന്തരീക്ഷം വഴിയായി സ്വർഗ്ഗത്തെ സ്തംഭിതമാക്കുകയും മാതാവായ ഭൂമിയെ പൂർണ്ണമാക്കുകയും ചെയ്താലും.

**3. ഇന്ദ്രാസോമാവഹിമപഃ പരിഷ്ഠാം ഹലോ വൃത്രമനു വാം ദ്യൗരമനത |**

**പ്രാർണാംസ്യൈരയതം നദീനാമാ സമുദ്രാണി പപ്രഥുഃ പുരുണീ ||**

ഹേ ഇന്ദ്രാ! സോമാ! നിങ്ങൾ ജലത്തെതടയുന്നവനായ വൃത്രനെ വധിച്ചാലും സ്വർഗ്ഗം നിങ്ങളെ വളർത്തിയല്ലേ, അതിനാൽ നദീജലത്താൽ സമുദ്രത്തെ നിറയ്ക്കേണമേ.

**4.ഇന്ദ്രാസോമാ പുത്വമാമാ സ്വന്തർനി ഗവാമിദ്ദധഥൂർവം ക്ഷണാസു |**

**ജഗൃഥുഭരന പിനദ്ധമാസു രുശചിത്രാസു ജഗതീഷ്വന്തഃ ||**

ഹേ ഇന്ദ്രാ! സോമാ! ഗോക്കളിൽ പാകം വന്നപാൽ നിറയ്ക്കുകയും വിവിധവർണ്ണങ്ങളുള്ള ഗോക്കളിൽ ശ്വേതവർണ്ണത്തോടുകൂടിയ നറുംപാൽ സ്ഥാപിക്കുകയും ചെയ്യണേ.

**5. ഇന്ദ്രാസോമാ യുവമങ്ഗതരൂത്രവമപത്യസാചം ശ്രുത്യം രരാഥേ |**

**യുവം ശുഷ്മം നർയം ചർഷണിഭ്യഃ സം വിവ്യഥുഃ പൃതനാഷാഹമുഗ്രാ ||**

ഹേ ഇന്ദ്രാ! സോമാ, നിങ്ങൾ ഞങ്ങൾക്ക് ഉദ്ധാരകൻമാരായ പുത്രൻമാരെ നൽകണേ. നിങ്ങൾ ശത്രുക്കളെ സംഹരിക്കുന്ന സ്വന്തംബലത്തെ വർദ്ധിപ്പിക്കേണമേ.

## സൂക്തം 73

**ഋഷി -ഭരദ്വാജൻ ദേവത -ബൃഹസ്പതി ഛന്ദസ് -ത്രിഷ്ടുപ്.**

**1. യോ അദ്രിഭിത് ഥ്രമജാ ഋതാവാ ബൃഹസ്പതിരങ്ഗിരസോ ഹവിഷ്മാൻ |**

**ദ്വിവർഹജ്മാ പ്രാധർമസത്പിതാ ന ആ രോദസീ വൃഷഭോ രോരവീതി ||**

യാതൊരു ബൃഹസ്പതി ഒന്നാമതായി ജനിച്ചുവോ. യാതൊരുത്തൻ പർവ്വതങ്ങളെ തകർത്തുവോ, യാതൊരുത്തൻ അംഗിരസ്സായും, യജ്ഞയോഗ്യനായും ഇരുലോകങ്ങളിലും വഴിയാംവണ്ണം സഞ്ചരിക്കുന്നവനുമാകുന്നുവോ. ആ ബൃഹസ്പതിതന്നെ സ്വർഗ്ഗത്തിലും ഭൂമിയിലും മഴയ്ക്കായി ഇടിമുഴക്കുന്നു.

**2. ജനായ ചിദ്യ ഈവത ഉ ലോകം ബൃഹസ്പതിർദേവഹൂതൗ ചകാര |**

**ധ്നൻവൃത്ര ണി വി പുരോ ദർദരീതി ജയഞ്ഛത്രമിത്രാൻപൃത്സു സാഹൻ ||**

യജ്ഞത്തിൽ സ്തോതാവിനു സ്ഥാനം നൽകുന്ന ആ ബൃഹസ്പതി തന്നെ വൃത്രഹന്താവും ശത്രുവിജേതാവും ആകുന്നു. അവൻ തൻെറ വൈരികളെ തോല്പിച്ച് രാക്ഷസനഗരങ്ങൾ തകർത്തു.

**3. ബൃഹസ്പതിഃ സമജയദ്വസൂനി മഹൗ വ്രജാൻ ഗോമതോ ദേവ ഏഷഃ |**

**അപഃ സിഷാസൻത്സ്വ രപ്യതീതോ ഹൃഹസ്പതിർഹന്ത്യമിത്രമർകൈഃ ||**

ഈ ബൃഹസ്പതി രാക്ഷസൻമാരുടെ ഗോധനം പിടിച്ചെടുക്കുകയും മന്ത്രങ്ങൾ വഴിയായി സ്വർഗ്ഗശതുക്കളെ കൊല്ലുകയും ചെയ്തു.

## സൂക്തം 74

**ഋഷി ഭരദ്വാജൻ ദേവത സോമൻ രുദ്രൻമാർ ഛന്ദസ് ത്രിഷ്ടുപ്.**

**1. സോമരുദ്രാ ധാരയേഥാമസൂര്യം പ്രവാമിഷ്ടയോ രമശ്വനുവന്തു |**

**ദമേദമേ സപ്ത രത്നാ ദധാനാ ശം നോ ഭൂതം ദ്വി പദേശം ചതുഷ്പദേ ||**

ഹേ സോമാ, രുദ്രാ! ഞങ്ങൾക്ക് മഹത്തായ ബലം തരേണമേ. എല്ലാ യജ്ഞങ്ങളും നിങ്ങളെ വലിയവരാക്കുന്നു. നിങ്ങൾ സപ്തരത്നങ്ങൾ ധരിക്കുന്നു. ഞങ്ങൾക്കു നിങ്ങൾ മംഗളദായകരും ഞങ്ങളുടെ മനുഷ്യർക്കും മൃഗങ്ങൾക്കും സുഖം നൽകുന്നവരും ആകണേ.

**2. സോമരുദ്രാ വി ബൃഹതം വിഷൂചീമമീവാ യാനോ**

**മയമാവിവേശ |**

**ആരേ ബാധേഥാം നിരുർജതിം പരാചൈ രസ്മേ ഭദ്രാ സൗശ്രവസാനീ സന്തു ||**

ഹേ സോമാ! രുദ്രാ ഞങ്ങളുടെ ഭവനങ്ങളിൽ നിന്നും രോഗങ്ങളെ അകറ്റേണമേ. ദാരിദ്ര്യം ഞങ്ങളുടെ അടുക്കൽ നിന്നും പാലായനം ചെയ്യണേ. ഞങ്ങൾ അന്നപ്രാപ്തിവഴിയായി സുഖം പ്രാപിക്കണേ.

**3. സോമാരുദ്രയുവമേതാന്യസ്മേ വിശ്വാ തനൂഷു ഭേഷജാനി ധത്തം |**

**അവ സയതം മുഞ്ചതം യന്നോ അസ്തി തനൂഷു ബദ്ധം കൃതമേനോ അസ്മത് ||**

ഹേ സോമാ! രുദ്രാ ഞങ്ങളുടെ ദേഹം രക്ഷയ്ക്കുവേ ഔഷധികളെ സ്വീകരിക്കേണമേ. ഞങ്ങളുടെ പാപങ്ങളെ അകറ്റേണമേ.

**4. തിഗ്മായുധൗ തിഗ്മഹേതീ സുശേവൗ സോമാരുദ്രാവിഹ മൃളതം നഃ |**

**പ്ര നാ മുഞ്ചതം വരുണസ്യ പാശാദ് ഗോപായതം നഃ സുമനസ്യമാനാ ||**

ഹേ സോമാ! രുദ്രാ നിങ്ങൾക്ക് ശ്രേഷ്ഠമായ ധനുസ്സും, തീക്ഷ്ണങ്ങളായ ബാണങ്ങളും ഉല്ലോ നിങ്ങൾ മനോഹരങ്ങളായ സ്തുതികളെ ഗ്രഹിച്ചുകൊ് ഞങ്ങൾക്കു സുഖം നൽകേണമേ.

## സൂക്തം 75

**ഋഷി ഭരദ്വാജൻ വായു, ദേവത ധനുസ്സ്; സാരഥി. രഥം തുടങ്ങിയവ. ഛന്ദസ് ത്രിഷ്ടുപ്, ജഗതി അനുഷ്ടുപ്; ഉഷ്ണിക, പംക്തി.**

**1. ജീമൂതസ്യേവ ഭവതിപ്രതീകം യദ്വർമീ യാതി സമദാമുപസ്ഥേ |**

**അനാവിദ്ധായ തന്വാ ജയ ത്വം സ ത്വാ വരമണോ മഹിമാ പിപർതു ||**

ഇരുമ്പുകവചം ധരിച്ച് യുദ്ധത്തിനു പുറപ്പെടുന്ന ഈ രാജാവ് മേഘത്തിന്റെ പ്രതീതിയുളവാക്കുന്നു. ഹേ രാജൻ നീ ഹിംസാരഹിതനായി വിജയിച്ചാലും മഹിമമായ കവചം അങ്ങയുടെ രക്ഷകനായിരിക്കണേ.

**2. ധന്വാനാ ഗാ ധന്വനാജിം ജയേമ ധന്വനാ തീവ്രാഃ സം ദോ ജയേമ |**

**ധനുഃ ശംത്രോരപകാമം കൃണോതി ധന്വനാ സർവാ പ്രദിശാ ജയേമ ||**

ധനുസ്സിന്റെ പ്രഭാവത്താൽ ഞങ്ങൾ യുദ്ധം ജയിച്ച് ഗോക്കളെ വീടെടുക്കും. ശത്രുക്കളുടെ അഭീഷ്ടങ്ങൾ നശിക്കട്ടെ. നാം ഈ ധനുസ്സാൽ എല്ലാ ദിക്കുകളിലും നിലയുറപ്പിച്ചിരിക്കുന്ന ശത്രുക്കളെ അകറ്റിക്കളയും.

**3. വാക്ഷ്യന്തീവേദാ ഗനീഗന്തി കർണം പ്രിയം സഖായം പരിഷസ്വജാന |**

**യേഷേവ ശിങ്ക്തേ വിത താധി ധന്വജ്ഞ്യാ ഇയം സമനേ പാരയന്തീ ||**

വില്ലിന്റെ ഞാൻ യുദ്ധത്തിന്റെ അക്കരെകടക്കുവാനായി പ്രിയവചനമുച്ചരിച്ചുകൊ് കർണ്ണങ്ങൾക്കരികിലെത്തുന്നു. ഈ ഞാൻ ബാണത്തൊടുകൂടി ശബ്ദിക്കുന്നു.

**4. തേ ആചരന്തീ സമനേവ യോഷാ മാതേവ പുത്രം വിഭൃതാമുപസ്ഥേ |**

**അപ ശത്രൂൻ വിധ്യതാം സംവിദാനേ ആർത്നീ ഇമേ വിഷ്ഫുരന്തീ അമിത്രാൻ ||**

ആക്രമണസമയത്ത് ഈ ധനുഷ്കോടികൾ മാതാവു പുത്രനെ രക്ഷിക്കുന്നതുപോലെ ഈ രാജാവിനെ രക്ഷിക്കുകയും, ശത്രുക്കളെ പിളർക്കുകയും ചെയ്യണേ.

**5. ബഹുവീനാം പിതാ ബഹുരസ്യ പുത്രാശ്ചാശ്ചാ കൃണോതി സ മനാവഗത്യ |**

**ഇഷുധിഃ സങ്കാഃ പൃതനാശ്ച സർവാഃ പൃഷ്ഠേ നിനദ്ധോ ജയതി പ്രസൂതഃ ||**

ഈ തുണീരാ ബാണങ്ങളുടെ പിതാവിനു തുല്യമാകുന്നു. അതിന്റെ പുത്രൻമാരായി അനേകം ബാണങ്ങളു് ബാണം പുറപ്പെടുമ്പോഴുാകുന്ന ശബ്ദം ശത്രുസേനകളുടെമേൽ വിജയം വരുത്തുന്നു.

**6. രഥേ തിഷ്ഠന്നയതി വാജിനഃ പുരോ യത്രയത്ര കാമയതേ സുഷാരഥിഃ |**

**അഭീനു നാം മഹിമാനം പനായത മനഃ പശ്ചാദനു യന്തി രശ്മയഃ ||**

ശ്രേഷ്ഠനായ സാരഥി മുമ്പിൽ പൂട്ടപ്പെട്ട അശ്വങ്ങളെ ഇഷ്ടാനുസരണം നയിക്കുന്നു. കടിഞ്ഞാണുകളും ഇഷ്ടാനുസരണം അശ്വങ്ങളെ സ്വേഛാനുസരണം മുമ്പോട്ടും പിമ്പോട്ടും നടത്തുന്നു. ആ കടിഞ്ഞാണിന്റെ മഹിമയെ വാഴ്ത്തുവിൻ.

**7. തീവ്രാൻ ഘോഷാൻ കൃണ്വതേ വൃഷപാണ യോ ശ്വാ രഥേഭി സഹ വാജയന്തഃ |**

**അവക്രാമന്തഃ പ്രപദൈരമിത്രാൻ ക്ഷിണന്തി ശത്രൂംരനപവ്യയന്തഃ ||**

രഥസഹിതം അതിവേഗം ഗമിച്ചുകൊിരിക്കുന്ന അശ്വങ്ങൾപൊടിയുയർത്തുന്ന ശബ്ദംകേൾപ്പിക്കപ്പെടുന്നു. അവ പിൻമാറാതെ ശത്രുക്കളെ ചവിട്ടിയരച്ചുകൊ് മുന്നേറുന്നു.

**8. രഥവാഹനം ഹവിരസ്യ നാമ യത്രായുധം നിഹിതമസ്യ വർമ |**

**തത്രാ രഥമുപ ശഗ്മം സദേമ വിശ്വാഹാ വയം സുമനസ്യമാനാഃ ||**

ഹവിസ്സ് അഗ്നിയെ വളർത്തുന്നതുപോലെ രഥം വഴിയായി കൊവരുന്ന ധനം രാജാവിനെ അഭിവൃദ്ധിപ്പെടുത്തണേ. ഈ രാജാവിന്റെ ശാസ്ത്രാശസ്ത്രങ്ങളിരിക്കുന്ന രഥത്തിന്റെ സമീപത്തേയ്ക്കു സന്തോഷത്തോടുകൂടി നാം പോകുന്നു.

**9. സ്വാദുഷംസദഃ പിതരോ വയോധാഃ കൃഛ്റേശ്രിതഃ ശക്തിവന്തോ ഗഭീരാഃ |**

**ചിത്രസേനാ ഇഷുബലാ അമൃധ്രാ; സതോവീതാ ഉരവോ വ്രാതസാഹാഃ ||**

ശത്രുക്കളുടെ അന്നത്തെ രഥാരക്ഷകൻമാർ നശിപ്പിക്കുകയും അന്നം നൽകുകയും ചെയ്യുന്നു. സങ്കടകാലങ്ങളിൽ ഇവരെ ആശ്രയം പ്രാപിക്കുന്നു. എന്തുകൊന്നൊൽ അവർ അനേകം ശത്രുക്കളെ

വിജയിക്കുന്നവരാകുന്നു.

**10. ബ്രഹ്മണാസാഃ പിതരഃ സോഭ്യാസഃ ശിവേ നോ ദ്യാവാപൃഥിവീ അനേഹസാ |**

**പൂഷാ നഃ പാതു ദുരിതാദ് ഋതാവൃധോ രക്ഷാ മാകിർനോ അധശംസ ഈശത ||**

ഹേ ബ്രാഹ്മണരേ! പിതൃക്കളെ! നിങ്ങൾ ഞങ്ങളുടെ രക്ഷകരാകുവിൻ. വാനൂഴികൾ ഞങ്ങൾക്കു മംഗളമേകണേ. പൂഷാവ് പാപങ്ങളിൽനിന്നും രക്ഷിക്കണേ. ശത്രുക്കൾ ഞങ്ങളെ ഭരിക്കാതിരിക്കണേ.

**11.സുപർണം വസ്തേ മൃഗോ അസ്യാ ദന്തോ ഗോഭിഃ സന്നദ്ധാ പതതി പ്രസൂതാ |**

**യത്രാ നരഃ സം ച വി ച ദ്രവന്തി തത്രാസ്മഭ്യ മിഷവഃ ശർമ യംസൻ ||**

മനോഹരമായ തൂവലോടുകൂടിയ ബാണത്തിന്റെ ദന്തം മൃഗത്തിന്റെ കൊമ്പാകുന്നു. ഇത് ഞാണിൽ കൊടുത്തിരിക്കുന്നു. ഇത് എയ്തുവീഴ്ത്തുന്നു. നേതാവു വസിക്കുന്ന ഇടത്തിൽ ഈ ബാണം നമുക്കാശ്രയം നൽകണേ.

**12. ഋജീതേ പരി വൃങ്ധി നോ ശ്മാ ഭവതു നസ്തനൂഃ |**

**സോമോ അധി ബ്രവീതു നോ ദിതിഃ ശർമ യച്ഛതു ||**

ഹേ ബാണമെ! ഞങ്ങളെ വളർത്തണമെ. ഞങ്ങളുടെ ശരീരം പാറപോലെ ഉറപ്പുള്ളതാകുന്നു. സോമൻ ഞങ്ങളുടെ പക്ഷത്തായിരിക്കണേ. അദിതി മംഗളമേകണേ.

**13. ആ ജങ്ഘന്തി സന്വേഷാം ജഘനാമ ഉയ ജിഘ്നതേ |**

**അശ്വാജനി പ്രചേതസോ ശ്വാൻ സമത്സു ചോദപ ||**

ഹേ ചമ്മട്ടി! സാരഥി! നീ വഴിയായി അശ്വങ്ങളെ നടത്തുന്നു. നീ അശ്വങ്ങളെ രണഭൂമിയിലേയ്ക്കാനയിച്ചാലും.

**14. അഹിരിവ ഭോഗൈഃ പര്യേതിഃ ബാഹും ജ്യായ ഹേതിം പരിബാധമാനഃ |**

**ഹസ്തഘ്നോ വിശ്വാ വയുനാനി വിദ്വാൻ പുമാൻപുമാംസ പരി പാതു വിശ്വതഃ ||**

ഹേ കയ്യുറേ! ഞാണിന്റെ പ്രഹരത്തിൽ നിന്നും രക്ഷിച്ചുകൊ് സർപ്പത്തെപ്പോലെ നീ കൈത്തിനെ ചുറ്റിയിരിക്കുന്നു.

**15. അലക്താ യാ രുരുശീഷ്ണ്യർ ഥോ യസ്യാ അയോ മുഖം |**

**ഇദം പർജന്യരേതസ ഇഷ്വൈ ദേവ്യൈ ബൃഹന്നമഃ ||**

യാതൊരു ബാണം വിഷയുക്തവും, ഇരുമ്പുമയവും, ഹിംസാമുഖത്തോടുകൂടിയതുമായിരിക്കുന്നുവോ അത് പാർജന്യനാൽ നിർമ്മിക്കപ്പെട്ടതാകുന്നു. അതിനു നമസ്ക്കാരം.

**16. അവസൃഷ്ടാ പരാ പത ശരവ്യേ ബ്രഹ്മസംശിതേ |**

**ഗച്ഛാമിത്രാൻപ്ര പദ്യസ്വ മാമീഷാം കം ചനോച്ഛിഷഃ ||**

മന്ത്രത്താൽ തിഷ്ണമായ ബാണമേ! വധകർമ്മത്തിൽ ചതുരനാണല്ലോ. അതിനാൽ തൊടുത്തയക്കുമ്പോൾ തന്നെ ശത്രുക്കളെ ഇല്ലാതാക്കിയിലും.

**17. യത്ര ബാണാഃ സംപതന്തി കുമാര വിശിഖാഇവ തത്രാ നോ ബ്രഹ്മണസ്പതിരദിതിഃ ശർമ യച്ഛതു വിശ്വാഹാ ശർമ യച്ഛതു ||**

യാതൊരു സംഗ്രാമത്തിൽ അമ്പുകൾ പതിക്കുന്നുവോ, ആ യുദ്ധത്തിൽ ബ്രാഹ്മണസ്പതിയും, അദിതിയും നമുക്ക് സുഖം പ്രദാനം ചെയ്യണേ.

**18. മർമാണി തേ വർമണാ ഛാദയാമി സ്തോമസ്ത്വാ രാജാമൃതേനാനു വസ്താം |**

**ഉരോർവരിയോ വരുണസ്തേ കൃണോതു ജയന്തം ത്വാനു ദേവാ മദന്തു ||**

ഹേ രാജൻ! ഞാൻ നിന്റെ മർമ്മസ്ഥാനത്തെ കവചം കൊു മറയ്ക്കുന്നു. സോമൻ നിന്നെ അമൃതം കൊുപൊതിയുകയും വരുണൻ മഹത്തായ സുഖം പ്രദാനം ചെയ്യുകയും ചെയ്യണേ. നിന്റെ വിജത്തിൽ ദേവകൾ പുളകമണിയുന്നു.

**19. യോ നഃ സ്വോ അരണോ യശ്ച നിഷ്ട്യോ ജിഘാംസതി |**

**ദേവാസ്തം സർവേ ധൂർവന്തു ബ്രഹ്മ വർമ മമാന്തരം ||**

യാതൊരു ബന്ധുക്കൾ രുഷ്ടരായി ഞങ്ങളെ കൊല്ലുവാനാഗ്രഹിക്കുന്നുവോ, അവരെല്ലാം ഹിംസിക്കപ്പെടട്ടെ. ഈ മന്ത്രം തന്നെ ഞങ്ങളുടെ കവചരൂപമാകുന്നു.

## മണ്ഡലം 7

## അനുവാകം 1 സൂക്തം 1

**ഋഷി വസിഷ്ഠൻ, ദേവത അഗ്നി ഛന്ദസ് ഗായത്രി, ത്രിഷ്ടുപ്**

**1. അഗ്നിം നരോ ദീധിതിഭിരരണ്യോർഹസ്തച്യുതീ ജനയന്ത പ്രശസ്തം |**

**ദൂരേദൃശം ഗൃഹപതിമഥർയും ||**

ഋത്വിക്കുകൾ മഹാനും, വിശാലകായനും ആകുന്നു. വസിക്കുന്നവനും ആയ അഗ്നിയെ അരണികളിൽ നിന്നും പ്രത്യക്ഷമാകുന്നു.

**2. തമഗ്നിമസ്തേ വസവോ ന്യൂർണ്വൻത്സുപ്രതിചക്ഷമവസേ കുതശ്ചിത് |**

**ദക്ഷായ്യോ യേ ദമ ആസ നിത്യഃ ||**

വീടുകളിൽ നിത്യവും പൂജിക്കപ്പെടുന്ന ആ അഗ്നിയെ ഭയത്തിൽ നിന്നും രക്ഷപ്രാപിക്കുവാൻ വസിഷ്ഠൻ സ്വന്തം ഭവനങ്ങളിൽ സ്ഥാപിച്ചിരുന്നു.

**3. പ്രേദ്ധോ അഗ്നേ ദീദിഹി പുരോ നോ ജസ്രയാ സൂർമ്യാ യവിഷ്ഠ |**

**ത്വാം ശശ്വന്ത ഉപ യന്തി വാജാഃ ||**

ഹേ യുവാഗ്നേ! നീ ശരിയാംവിധം പ്രദീപ്തനായി ജ്വാലാസഹിതം തേജസ്സിനെ പ്രാപിച്ചാലും. നിന്റെ അടുക്കലേയ്ക്ക് പ്രചുരമായ അന്നം വന്നു ചേരുന്നു.

**4. പ്ര തേ അഗ്നയോ ഗ്നിഭ്യോ വരം നിഃ സുവീരാസഃ ശോശുചന്ത ദ്യുമന്തഃ |**

**യത്രാ നരഃ സമാസതേ സുജാതാഃ ||**

യാതൊരഗ്നിയുടെ അടുക്കൽ ശ്രേഷ്ഠകുലജാതരായ ഋത്വിക്കുകൾ ഇരിക്കുന്നുവോ. അവർ സാംസാരികാഗ്നിയേക്കാൾ അധികം തേജസ്വിയും മംഗലമയനും പുത്രപൗത്രാദികളെ ദാനം ചെയ്യുന്നവനും പ്രകാശമാനനും ആകുന്നു.

**5. ദാ നോ അഗ്നേ ധിയാ രയിം സുവീരം സ്വപത്യം സഹസ്യ പ്രശസ്തം |**

**ന യം യാവ തരതി യാതുമാവാൻ ||**

ശത്രുക്കൾക്കു പരാജയം നൽകുന്ന ഹേ അഗ്നേ! ഹിംസകൻമാരായ രാക്ഷസൻമാർക്ക് ഞങ്ങളുടെ യജ്ഞങ്ങളിൽ വിഘ്നം സൃഷ്ടിക്കുവാൻ കഴിയാത്ത വിധത്തിലുള്ള രക്ഷയും, പൗത്രാദികളും, ശ്രേഷ്ഠമായ ധനവും ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**6. ഉപ യുമേതി യുവതിഃ സുദക്ഷം ദോഷാ വസ്തോർഹവിഷ്മതീ ധൃതാചീ |**

**ഉപ സ്വൈനമരമതിർവസൂയുഃ ||**

ഹവിസ്സോടുകൂടിയ നാരി ജൂഹുവിനെ അറിയുന്നവളാകുന്നു. അവൾ അഗ്നിയുടെ അരുകിലേയ്ക്കു വരുന്നു. അവൾ സ്വയം ഉത്ഭവിക്കുന്ന ദീപ്തി ധനത്തെ കാംക്ഷിച്ചുകൊ് അതിൻെറ അടുക്കലെത്തുന്നു.

**7. വിശ്വാ അഗ്നേ പ ദഹാരാതിർയേഭിസ്ത പോഭിരദഹോ ജരൂഥം |**

**പ്ര നിസ്വരം ചാതയസ്വാമീവാം ||**

ഹേ അഗ്നേ! കഠോര വാക്കുകളുച്ചരിക്കുന്നവരായ രാക്ഷസൻമാരെ യാതൊരു തേജസ്സാൽ നീ ദഹിപ്പിക്കുന്നുവോ, നിൻെറ ആ തേജസ്സൽ തന്നെ മറ്റെല്ലാ ശത്രുക്കളെയും ഭസ്മമാക്കണേ എല്ലാ തടസ്സങ്ങളെയും ഞങ്ങളുടെ എല്ലാ വ്യാധിളെയും നശിപ്പിച്ച് രക്ഷിക്കേണമേ.

**8. ആ യസ്തേ അഗ്ന ഇധതേ അനീകം വസിഷ്ഠ ശുക്ര ദീദിവ പാവക |**

**ഉതോ ന ഏഭിഃ സ്തവഥൈരിഹ സ്യാഃ ||**

ഹേ പാവകാ! നീ ഉജ്ജ്വലമായ ജ്യോതിസ്സിനാൽ പ്രദീപ്തനാകുന്നു. നീ നിൻെറ തേജസ്സാൽ പ്രദീപ്തനാകുന്നു. നീ നിൻെറ വളർത്തുന്നവൻെറയടുക്കലിരിക്കുന്നതുപോലെ തന്നെ ഈ സ്തോത്രങ്ങളിൽ പ്രസന്നനായി ഞങ്ങളുടെ യാഗങ്ങളിൽ വളിക്കേണമേ.

**9. വി യേ തേ അഗ്നേ ഭേജിരേ അനീകം മർതാ നര പിത്രാസ്യഃ പുരുത്രാ |**

**ഉതോ ന ഏഭിഃ സുമനാ ഇഹ സ്യാഃ ||**

ഹേ അഗ്നേ! പിതൃക്കളുടെ ഹിതത്തിനുവേി യാതൊരു കർമ്മവീരൻമാർ നിൻെറ തേജസ്സിനെ വിഭിന്ന കർമ്മങ്ങൾക്കായി വിഭജിച്ചുവോ ഈ സ്തോത്രത്താൽ പ്രസന്നനായി നീ അതേപ്രകാരം തന്നെ ഞങ്ങളുടെ ഈ യാഗത്തിലും വസിക്കേണമേ.

**10. ഇമേ നരോ വൃത്രഹത്യേഷു ശൂരാ വിശ്വാ അദേവീരഭി സന്തു മാ യാഃ |**

**യേ മേ ധിയം പനയന്ത പ്രശസ്താം ||**

ആര് എൻെറ ഉത്തമങ്ങളായ കർമ്മങ്ങളെ പ്രശംസിക്കുന്നുവോ, അവർ രണഭൂമിയിലെത്തി രാക്ഷസൻമാരുടെ മായകളെ നശിപ്പിക്കണേ.

**11. മാ ശൂനേ അഗ്നേ നി ഷദാമ നൃണാം മാശേഷസോ വീരതാ പരി ത്വാ |**

**പ്രജാ വതീഷു ദുര്യാസു ദുർയ ||**

ഹേ അഗ്നേ! ഞങ്ങൾ മറ്റുള്ളവരുടെ ഭവനങ്ങളിൽ വസിക്കുന്നില്ല,ശൂന്യമായ ഗൃഹത്തിലും വസിക്കുകയില്ല, ഞങ്ങൾ പുത്രരഹിതരും വീരശൂന്യരുമാകാതെ നിൻെറ അനുഗ്രഹത്താൽ സൽപുത്രവാൻമാരായി, സമൃദ്ധമായ ഗൃഹത്തിൽ വസിക്കണേ.

**12. യമശ്വീ നിത്യമുപയാതി യജ്ഞം പ്രജാവന്തം സ്വപത്യം ക്ഷയം നഃ |**

**സ്വജൻമനാ ശേഷസാ വാവൃധാനം ||**

അശ്വയുക്തനായ അഗ്നി ഏതൊരു യജ്ഞയുക്തമായ ഗൃഹത്തിൽ ദിവസംതോറും വന്നുകൊിരിക്കുന്നുവോ. അങ്ങിനെയുള്ള അപത്യയുക്തവും, ഭൃത്യയുക്തവും, സമ്പന്നവുമായ ഗൃഹം ഞങ്ങൾക്കു കിട്ടുമാറാകണേ.

**13. പാഹി നോ അഗ്നേ രക്ഷസോ അജൂഷ്ഠാത്പാഹി | ധൂർതേരരരുഷോ അഘായോഃ**

**ത്വാ യുജാ പൃതനായും രഭി ഷ്യാം ||**

ഹേ അഗ്നേ! ദുർധർഷരായ രാക്ഷസൻമാരിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ അദാനികളായ പാപികളിൽനിന്നും, ഹിംസകൻമാരിൽനിന്നും രക്ഷിക്കേണമേ. നിൻെറ ആനുകൂല്യം ലഭിക്കുന്ന ഞങ്ങൾ സൈന്യശേഖരണം നടത്തുന്ന ശത്രുക്കളെ പരാജയപ്പെടുത്തും.□□□□

**14 സേദഗ്നിരഗ്നീരത്യസ്ത്വന്യാന്യത്ര വാജി തനയോ വിളൂഷാണിഃ |**

**സഹസ്രപാഥാ അക്ഷരാ സമേതി ||**

ഞങ്ങളുടെ ദൃഢഭുജൻമാരും, ശക്തൻമാരുമായ പുത്രൻമാർ യാതൊരഗ്നിയെ പരിചരിക്കുന്നുവോ, ആ അഗ്നി മറ്റുള്ളവരുടെ അഗ്നിയേയും പ്രകടമാക്കണേ.

**15 സേദഗ്നിർയോ വനുഷ്യതോ നിപാതി സമേദ്ധാരമം ഹസ ഉരുഷ്യാത് |**

**സുജാതാസഃ പരിചരന്തി വീരാഃ ||**

യാതൊരനുഷ്ഠാവ് പ്രബോധകനെ രക്ഷിക്കുന്നുവോ, ഉത്തമ കുലജാതരായ വീരൻമാർ ആരെ സേവിക്കുന്നുവോ, അവൻ മഹാനായ അഗ്നി തന്നെയാകുന്നു.

**16 അയം സോ അഗ്നിരാഹുതഃ പുരുഷാ യമീ ശാനഃ സമിദിദ്ധേ ഹവിഷ്മാൻ |**

**പരി യമേത്യധ്വരേഷു ഹോതാ ||**

ഹവിസ്സ് സമ്പന്നനായ യജമാനൻ യാതൊരുത്തനെ ശരിയായവിധം പ്രദീപ്തനാക്കുന്നുവോ; യജ്ഞത്തിൽ യാതൊരുത്തനെ പ്രദക്ഷിണം ചെയ്യുന്നുവോ, ആ അഗ്നിയെ അനേകം ദേശങ്ങളിൽ ആഹ്വാനം ചെയ്യപ്പെടുന്നു.

**17 ത്വേ അഗ്ന ആഹവനാനി ഭൂരീശാനാസ ആ ജൂഹുയാമനിത്യാ |**

ഹേ അഗ്നേ! വിത്തേശരായ ഞങ്ങൾ ദിവസംതോറും നിന്നെ സ്തുതിക്കുകയും, ഹവ്യാദികൾ നൽകുകയും ചെയ്യും.

**18 ഇമോ അഗ്നേ വീതതമാനി ഹവ്യാജസ്രോ വക്ഷി ദേവതാതിമച്ഛ |**

**പ്രതി ന ഈം സുരഭീണി വ്യന്തു ||**

ഹേ അഗ്നേ! നീ ദേവകളുടെ അടുക്കൽ ഈ ഹവിസ്സ് എത്തിച്ചാലും. എന്തുകൊണ്ടെന്നാൽ എല്ലാ ദേവകളും ശ്രേഷ്ഠമായ ഈ യജ്ഞത്തെ പ്രാപിക്കുവാനാഗ്രഹിക്കുന്നവരാകുന്നു.

**19 മാ നോ അഗ്നേവീരതേ പരാദാ ദുർവാസസേമതയേ മാ നോ അസ്യൈ |**

**മാ നഃ ക്ഷുധേ രക്ഷസ ഋതാവോ മാ നോ ദമേ മാ വന ആ**

**ജുഹൂർഥാഃ ||**

ഹേ അഗ്നേ! ഞങ്ങൾ സന്തതിഹീനരാകാതിരിക്കണേ. നികൃഷ്ടമായ വസ്ത്രം ധരിക്കാതിരിക്കണേ. ഞങ്ങളുടെ ബുദ്ധി നശിക്കാതിരിക്കണേ, ഞങ്ങൾ ക്ഷുധാർത്തരാകാതിരിക്കണേ. ഞങ്ങൾ രാക്ഷസൻമാരുടെ പിടിയിൽ അകപ്പെടാതിരിക്കണേ. ഹേ അഗ്നേ! ഞങ്ങൾ ഭവനങ്ങളിലോ, വനങ്ങളിലോ, മാർഗ്ഗമധ്യേയോ ഒരിടത്തും മൃത്യുവിനെ പ്രാപിക്കാതിരിക്കണേ.

**20 നൂ മേ ബ്രാഹ്മാണ്യഗ്നേ ഉച്ഛശാധി ത്വം ദേവ മഘവദ്ഭ്യുഃസുഷൂദഃ |**

**രാതൗ സ്യാമോഭയാസ ആ തേ യൂയും പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ അന്നം വെടിപ്പുള്ളതാകണേ. യജ്ഞം നടത്തുന്നവർക്ക് നീ അന്നം നൽകണമേ. സ്തോതാക്കളായ ഞങ്ങളും യജമാനനും, രുകൂട്ടരും നിന്റെ ദാനത്തെ പ്രാപിക്കണേ. നീ എപ്പോഴും ഞങ്ങൾക്കു തുണയായിരിക്കണമേ.

**21 ത്വമഗ്നേ സുഹവോ രണ്വസൻദൃക്സുദീതി സൂനോ സഹസോ ദിദീഹി |**

**മാ ത്വേ സചാ തനയേ നിത്യ ധാ ധങ്മാ വീരോ അസ്മന്നർയോ വി ദാസീത് ||**

ഹേ അഗ്നേ! നീ ശരിയാംവിധം ആഹ്വാനം ചെയ്യപ്പെടുന്നു. നീ ദർശനയോഗ്യമായ ജ്വാലകളോടുകൂടി പ്രത്യക്ഷനാകണമേ. നീ ഞങ്ങളുടെ മകളെ ദഹിപ്പിക്കരുതേ. ഞങ്ങളുടെ പുത്രൻമാർ ചിരംജീവികളാകണേ. നീ ഞങ്ങൾക്ക് ഇപ്രകാരമുള്ള ഉപകാരങ്ങൾ ചെയ്യേണമേ.

**22 മാ നോ അഗ്നേ ദുർഭൃതയേ സചൈഷു ദേവേദ്ധഷ്വഗ്നിഷു പ്ര വോചഃ |**

**മാ തേ അസ്മാന്ദുർമതയോ ഭൃമാച്ചിദ്ദേവസ്യ സൂനോ സഹസോ നശന്ത ||**

ഹേ അഗ്നേ! നീ ഞങ്ങളെ സഹായിച്ചാലും. ഋത്വിജൻമാരാൽ പ്രദീപ്തമായ അഗ്നിയാൽ ഞങ്ങളുടെ സുഖം പൂർണ്ണമാകുന്നതിന് അരുളിച്ചെയ്താലും. നീ ബലോൽപ്പന്നനാണല്ലോ. ഞങ്ങളുടെ ബുദ്ധിഭ്രമത്തിൽപെടാതിരിക്കണേ.

**23 സ മർതോ അഗ്നേ സ്വനീക രേവാനമർത്യേ യ ആജൂഹോതിഹവ്യം |**

**സ ദേവതാ വസുവനിം ദധാതി യം സൂരിരർഥീ പൃച്ഛമാന ഏതി ||**

ഹേ അഗ്നേ! നിനക്കു ഹവിസ്സ് ദാനം ചെയ്യുന്ന യാജ്ഞികൾ ധനസമ്പന്നനായിത്തീരുന്നു. ധനത്തിനുവേിയുള്ള സ്തോത്രങ്ങൾ ആരുടെ ആശ്രയത്തെ ലക്ഷ്യമാക്കി പോകുന്നുവോ, ആ അഗ്നി യജമാനനെ സദാസമയവും രക്ഷിച്ചുകൊിരിക്കുന്നു.

**24 മഹോ നോ അഗ്നേ സുവിതസ്യ വിദ്വാൻരയിം സുരിഭ്യ വഹാ ബൃഹന്തം**

**യേന വയം സഹസാവൻമദേമാവിക്ഷിതാസ ആയുഷാ സവീരാഃ**

ഹേ അഗ്നേ! ഞങ്ങളുടെ മംഗളകരമായ എല്ലാകാര്യങ്ങളും നീ അറിയുന്നു. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങൾ ആയുസ്സുമുഴുവൻ പുത്രപൗത്രാദികളോടുകൂടി സുഖപൂർണ്ണമായ ജീവിതം നയിക്കുന്നതിനുവേി എല്ലാധനവും നൽകേണമേ.

**25 നൂ മേ ബ്രഹ്മാണ്യഗ്ന ഉച്ഛശാധി ത്വം ദേവ മഘവദ്ഭ്യഃ സുഷൂദഃ |**

**രാതൗ സ്യാമോഭയാസ ആ തേയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ അന്നത്തെ നല്ലരീതിയിൽ സംസ്ക്കരിക്കേണമേ. നീ യജ്ഞകർത്താക്കൾക്ക് അന്നംപ്രദാനം ചെയ്താലും. സ്തോതാക്കളായ ഞങ്ങളും യജമാനനും രുകൂട്ടരും നിന്റെ ദാനത്തെ പ്രാപിക്കണേ. നിന്റെ മംഗളമയമായ രക്ഷകളാൽ ഞങ്ങളെ എപ്പോഴും രക്ഷിക്കേണമേ.

# അദ്ധ്യായം 2

## സൂക്തം 2

**ഋഷി വസിഷ്ഠൻ ദേവത സമിദ്ധ്യാഗ്നികൾ ഛ ന്ദ സ ് ത്രിഷ്ടുപ്, പംക്തി**

**1 ജൂഷസ്വ ന സമിധമഗ്നേ അദ്യ ശോചാ ബൃഹദ്യ ജതം ധൂമമൃണ്വൻ |**

**ഉപ സ്പൃശ ദിവ്യം സാനു സ്തൂപൈഃ സം രശ്മിഭിസ്തതനഃ സുര്യസ്യ ||**

ഹേ അഗ്നേ! ഞങ്ങളുടെ ഹവിസ്സ് സ്വീകരിക്കേണമേ. യജ്ഞയോഗ്യമായ ധൂമത്താൽ സമ്പന്നനായി പ്രകാശിതനാകേണമേ. നീ സ്വന്തം ജ്വാലകൾ വഴിയായി അന്തരീക്ഷത്തിലുയരുകയും സൂര്യരശ്മികളോടുകൂടി ചേരുകയും ചെയ്യണമേ.

**2 നരാശംസസ്യ മഹിമാനമേഷാമൂപ സ്തോഷാമ യജതസ്യ യജ്ഞൈഃ**

**യേ സുക്രതവഃ ശുചയോ ധിയന്ധഃ സ്വദന്തി ദേവാ ഉഭയാനി ഹവ്യാ**

സപ്രജ്ഞരായ തേജസ്വികളായ കർമ്മങ്ങളെ നിലനിർത്തുന്നവരായ യാതൊരുത്തർ രുതരം ഹവിസ്സുകളും ആസ്വദിക്കുമോ. ആ ദേവൻമാരിൽ യജ്ഞാർച്ചനീയനായ നരാശംസന്റെ മഹിമാവിനെ ഞങ്ങൾ സ്തുതിക്കുന്നു.

**3 ഈളേന്യം വോ അസുരം സുദക്ഷമന്തർദൂതം രോദസീ സത്യവാചം |**

**മനുഷ്വദഗ്നിം മനുനാ സമിദ്ധം സമധ്വരായ സദമിൻമഹേമ ||**

ഹേ യജമാനൻമാരേ സ്തുതിക്കപ്പെടുവാൻ യോഗ്യനും, ബലവാനും, ആകാശത്തിലും ഭൂമിയിലും ദൂതരൂപത്തിൽ സഞ്ചരിക്കുന്നവനും ആയ അഗ്നിയെ നിങ്ങൾ സദാപൂജിക്കുവിൻ.

**4 സപര്യവോ ഭരമാണാ അഭിജ്ഞം പ്ര വൃജ്യഃ തേ നമസാ ബർഹിരഗ്നൗ |**

**ആജുഹ്വാനാ ഘൃതപൃഷ്ഠം പൃഷദ്വദധവർയവോ ഹവിഷാ മർജയധ്വം ||**

സേവനത്തെ ആഗ്രഹിച്ചുകൊ് യാജ്ഞികർ പാത്രം നിറയ്ക്കുകയും ഹവിസ്സ് നൽകുകയും ചെയ്യുന്നു. ഹേ അധ്വര്യക്കളേ നിങ്ങൾ ഹവനം ചെയ്തു ഘൃതവും ദർഭയും പ്രദാനം ചെയ്യുവിൻ.

**5 സ്വാധ്യോവി ദുരോ ദേവയന്തോശിശ്രയു**

**രഥയൂർദേവതാതാ |**

**പൂർവീ ശിശും മാതരാ രിഹാണേ സമഗ്രുവോ നസമനേഷ്വഞ്ജൻ ||**

ദേവകാമൻമാരും, സുന്ദരകർമ്മാക്കളും, രഥാഭിലാഷികളായ പുരുഷൻമാർ യജ്ഞം വഴിയായി ശരണം പ്രാപിച്ചിരിക്കുന്നു. ഗോക്കൾ കിടാക്കളെ നക്കുന്നതുപോലെ നക്കുന്ന അഗ്നിയെ അധ്വര്യുക്കൾ നദികൾക്കുതുല്യം നനയ്ക്കുന്നു.

**6 ഉത യോഷണേ ദിവ്യേ മഹീ ന ഉഷാസനാക്താ സുദുഘേവ ധേനുഃ |**

**ബർഹിഷദാ പുരുഹൂതേ മഘോനീ ആ യജ്ഞിയേ സുവിതായ ശ്രയേതാം ||**

ദിവ്യരൂപിണിയായി മഹതിയായി, കുശസ്ഥിതയായി ബഹുസ്തുതയായിരിക്കുന്ന അഹോരാത്രങ്ങൾ കാമധേനുവിനുതുല്യം മംഗളദായിനിയായി നമുക്കാശ്രയം നൽകണേ.

**7 വിപ്രാ യജ്ഞേഷു മാനുഷേഷു കാരു മന്യേ വാം ജാതവേദസാ യജധ്യൈ |**

**ഊർധ്വം നൗ അധ്വരംതാ കൃതം ഹവേഷാ ദേവേഷാ വനഥോ വാർയാണി ||**

ഹേ യജ്ഞം നടത്തുന്നവരേ! ഞാൻ നിങ്ങളോട് യജ്ഞം നടത്തുവാൻ പ്രാർത്ഥിക്കുന്നു. സ്തുതികൾക്കുശേഷം നിങ്ങൾ ഞങ്ങളുടെ സരളമായ ഈ യജ്ഞത്തെ ദേവകളുടെ അടുക്കൽ എത്തിച്ചാലും ദേവകളുടെ അടുക്കലുള്ള ധനത്തെ ഞങ്ങൾക്കായി പങ്കിട്ടുതരേണമേ.

**8 ആ ഭാരതീ ഭാരതീഭിഃ സജഷാ ഇള ദേവൈർമനുഷ്യേഭിരഗ്നിഃ |**

**സരസ്വതീ സാരസ്വതേഭിരർവാക് തിസ്രോ ദേവീർബർഹിരേദം സദന്തു ||**

സൂര്യാത്മകമായ വാണിയോടുകൂടി ഭാരതി ആഗതയാകണേ. ദേവകളോടും മനുഷ്യരോടുംകൂടി ഇളയും വന്നുചേരണേ. സരസ്വതിയും ഇങ്ങോട്ട് എഴുന്നള്ളിവരണേ ഈ മൂന്നു ദേവിമാരും കുശാസനത്തിൽ വിരാജിക്കണേ.

**9 തന്നസ്തുരീപമധ പോഷയിത്നു ദേവ ത്വഷ്ടർവിരരാണഃ സ്യസ്വ |**

**യതോ വീരഃ കർമണ്യഃ സുദക്ഷോ യുക്തഗ്രാവാജായതേ ദേവകാമഃ ||**

ഹേ ത്വഷ്ടാവേ! നീ അഗ്നിക്കുതുല്യം തേജസ്വിയാണല്ലോ. എപ്രകാരം സോമം ഇടിച്ചുപിഴിയുന്നവനും, ബലവാനും ദേവഭക്തനുമായ പുത്രനെ പ്രാപിക്കുന്നുവോ, അതുപോലെ തന്നെ പുഷ്ഠികരമായ ബലവും ഞങ്ങൾക്കു തരേണമേ.

**10 വനസ്പതേവ സൃജോപ ദേവാനഗ്നിർഹവിഃ ശമിതാ സൂദയാതി |**

**സേദു ഹോതാ സത്യതരോ യജാതി യഥാ ദേവാനാം ജനിമാനി വേദ ||**

ഹേ വനസ്പതേ! നിങ്ങൾ അഗ്നിരൂപരായി ദേവകളെ തൊട്ടാനയിച്ചാലും അഗ്നി ദേവകൾക്ക് ഹവിസ്സ് പ്രദാനം ചെയ്യട്ടെ. അവൻതന്നെ ദേവകളെ ആഹ്വാനം ചെയ്യുന്നവനായി യജ്ഞം നടത്തണേ ദേവകളുടെ ഉത്ഭവത്തെപ്പറ്റി അറിയുന്നവൻ ആ അഗ്നിതന്നെയാകുന്നു.

**11 ആ യാഹ്യഗ്നേ സമിധാനോ അർവാങ്ങിന്ദ്രേണ ദേവൈഃ സരഥം തുരേഭിഃ |**

**ബർഹിർന ആസ്താമദിതിഃസപുത്രാ സ്വാഹാ ദേവാ അമൃതാ മാദയന്താം ||**

ഹേ അഗ്നേ! നീ ഇന്ദ്രാദിദേവകളോടൊത്ത് ഒരേരഥത്തിലിരുന്ന് തേജോയുക്തനായി ഞങ്ങളുടെ അടുക്കലേക്ക് വരണമേ. പുത്രവതിയായ അദിതി ഞങ്ങളുടെ യജ്ഞത്തിൽ കുശമേൽ വിരാജിതയാകണേ. ഞങ്ങളുടെ ഹവിസ്സിനെ പ്രാപിക്കുന്ന ദേവകൾ തൃപ്തരാകണേ.

## സൂക്തം 3

**ഋഷി വിസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1 അഗ്നിം വോ ദേവമഗ്നിഭിഃ സജോഷാ യജിഷ്ഠം ദൂതമധ്വരേ കൃണുധ്വം |**

**യോ മർത്യേഷു നിധ്രുവിർഋതാവാ തപുർ മൂർധാ ഘൃതാന്നഃ പാവകഃ ||**

ഹേ ദേവകളേ! യാതൊരഗ്നി യജ്ഞവാനും, സുകർമ്മാവും, താപകനും മനുഷ്യരോടുകൂടി വസിക്കുന്നവനും, തേജസ്വിയും, അന്നാദികളെ മിത്രീകരിക്കുന്നവനും ആകുന്നുവോ, അവൻ യജ്ഞം നടത്തുന്നവരുടെ നേതാവായി മറ്റഗ്നികളോടു ചേരുന്നു. നിങ്ങൾ ആ അഗ്നിയേത്തന്നെ സ്വന്തം ദൂതനായി നിയോഗിച്ചാലും.

**2 പ്രോഥദശ്വോ ന യവസേവിഷ്യന്യദാ മഹഃ സംവരണദ്വ്യസ്ഥാത് |**

**ആദസ്യ വാതോ അനു വാതി ശോചിരധ സ്മ തേ വ്രജനം കൃഷ്ണമസ്തി ||**

അശ്വം തൃണം ഭക്ഷിക്കുന്നതുപോലെ അഗ്നി തൃണം ഭക്ഷിക്കുകയും വൃക്ഷങ്ങളിൽ ആളിപടരുകയും ചെയ്യുന്നു. ആ സമയം അവൻെറ തേജസ്സ് പ്രവഹിച്ചുകൊട ഇരിക്കുന്നു. അനന്തരം ഹേ അഗ്നേ! അങ്ങയുടെ മാർഗ്ഗങ്ങൾ കൃഷ്ണവർണ്ണമായിത്തീരുന്നു.

**3 ഉദ്യസ്യ തേ നവജാതസ്യ വൃഷ്ണോഗ്നേ ചരന്ത്യജരാ ഇധാനാഃ |**

**അച്ഛാ ദ്യാമരുഷോ ധൂമ ഏതി സ ദൂതോ അഗ്നേ ഈയസേ ഹി ദേവാൻ ||**

ഹേ അഗ്നേ! നിൻെറ അഭിനവവും, സമൃദ്ധവും, ഉന്നതവും ആയ ജ്വാലകളുടെ ധൂമം ആകാശംവരെ വ്യാപിക്കുകയും നീ ദൂതരൂപത്തിൽ ദേവകളുടെ അടുക്കലെത്തുകയും ചെയ്യുന്നു.

**4 വി യസ്യ തേ പൃഥിവ്യാം പാജോ അശ്രേത്തൃഷുയദന്നാ സമവൃക്ത ജംഭൈഃ |**

**സേനേവ സൃഷ്ടാ പ്രസിതിഷ്ഠ ഏതി യവം ന ദസ്മ ജൂഹ്വാ വിവേക്ഷി ||**

ഹേ അഗ്നേ! നീ സ്വന്തം ജ്വാലാരൂപമാകുന്ന പല്ലുകളാൽ വിറകു മുതലായവയെ ഭക്ഷിക്കുമ്പോൾ നിൻെറ തേജസ്സ് ഭൂമിയിൽ വ്യാപിക്കുന്നു. നിൻെറ ജ്വാലകൾ തയ്യാറായ സൈന്യങ്ങൾപോലെ പുറപ്പെടുന്നു മനുഷ്യർ യവം ഭക്ഷിക്കുന്നതുപോലെ നീ മരത്തടികളെ ഭക്ഷിക്കുന്നു.

**5 തമിദ്ദോഷാ തമുഷസി യവഷ്ഠമഗ്നി മത്യും ന മർജയന്ത**

**നരഃ |**

**നിശിശാനാ അതിഥിമസ്യ യോനൗ ദീദായ ശോചിരാഹുതസ്യ വൃഷ്ണഃ ||**

പൂജ്യനായ അഗ്നി അതിഥിക്കുതുല്യമായി പൂജിക്കപ്പെടുന്നു. ഉപാസകൻമാർ എപ്പോഴും സഞ്ചരിച്ചുകൊിരിക്കുന്ന അശ്വത്തേപ്പോലെ അഗ്നിയെ പരിചരിക്കുന്നു. അപ്പോൾ അനുഗ്രഹവർഷകനായ അഗ്നിയുടെ ജ്വാലകൾ ദീപ്തിമത്തായിത്തീരുന്നു.

**6 സുസൻദൃക്തേ സ്വനിക പ്രതീകം വി യദ്രുക്മോ ന രോചസ ഉപാകേ |**

**ദിവോ ന തേ തന്യതുരേതി ശുഷ്മശ്ചിത്രോ ന സൂര പ്രതി ചക്ഷി ഭാനും ||**

ഹേ അഗ്നേ! ഭവാൻ മഹാനും തേജസ്വിയുമാണല്ലോ. നീ സൂര്യനെപ്പോലെ പ്രകാശിക്കുമ്പോൾ നിൻെറ രൂപം ദർശനയോഗ്യമായി ഭവിക്കുന്നു. നിൻെറ തേജസ്സ് വിദ്യുത്‌രൂപത്തിൽ അന്തരീക്ഷത്തിൽ പ്രകടമാകുന്നു. നീ സൂര്യനെപ്പോലെതന്നെ പ്രകാശം പൊഴിക്കുന്നവനാകുന്നു.

**7 യഥാ വഃ സ്വാഹാഗ്നയേ ദാശേമ പരീളാഭിർഘൃതവദ്ഭിശ്ച ഹവ്യൈഃ |**

**തേഭിർനോ അഗ്നേ അമിതൈർമഹോഭിഃ ശതം പൂർഭി രായസീഭിർനി പാഹി ||**

ഹേ അഗ്നേ! ഞങ്ങൾ എപ്രകാരം ക്ഷീരയുക്തമായ ഹവിസ്സിനാൽ നിന്നെ തൃപ്തനാക്കുന്നുവോ, അതുപോലെതന്നെ നീ അപരിമിതമായ നിൻെറ തേജസ്സിൻെറ ബലത്താൽ ഞങ്ങളെ രക്ഷിച്ചാലും.

**8 യാ വാ തേ സന്തി ദാശുഷേ അധൃഷ്ടാ ഗിരോ വാ യാഭിർനൃവതീരുരുഷ്യാഃ |**

**താഭിർനഃ സൂനോ സഹസോ നി പാഹി സ്മത്സൂരഞ്ജ രിതൃഞ്ജതവേദഃ ||**

ഹേ അഗ്നേ! നീ ബലത്തിൽനിന്നു ജനിച്ചവനും, ദാനശീലനുമാണ്. നീ നിൻെറ യാതൊരു തേജസ്സോടുകൂടിയ ജ്വാലകളാലും, വാക്യങ്ങളാലും പുത്രവാനായേ യജമാനനെ രക്ഷിച്ചുവോ,അതുവഴിയായി ഞങ്ങളേയും രക്ഷിക്കേണമേ. നീ ഹവിസ്സ് ദാനം ചെയ്യുന്ന യജമാനൻെറ രക്ഷകനാകണമേ.

**9 നിർയത്പൂതേവ സ്വാധിതിഃ ശുചിർഗാത്സ്വയാ കൃപാ തന്വാ രോചമാമന |**

**ത്ത യോ മാത്രോരുശേന്യോ ജനിഷ്ട ദേവയജ്യായ സുക്രതുഃ പാവകഃ ||**

തൻെറ ശരീരം വഴിയായി തീക്ഷ്ണതയെ പ്രാപിച്ച് അഗ്നി വിറകുകളിൽക്കൂടി ആവിർഭവിക്കുമ്പോൾ യജ്ഞകർമ്മത്തിൽ സമർത്ഥനായിത്തീരുന്നു, ഈ കർമ്മത്തിൽ സമർത്ഥനായ അഗ്നി മാതൃരൂപമായ അരണികളിൽനിന്നും ജനിക്കുന്നു.

**10 ഏതാ നോ അഗ്നേ സൗഭഗാ ദീദിഹ്യപി ക്രതും സുചേതസം വതേമ |**

**വിശ്വാ സ്തോതൃഭ്യോ ഗൃണതേ ച സന്തു യൂയം പാതസ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! ഞങ്ങൾക്ക് ശ്രേഷ്ഠമായ ധനം ദാനം ചെയ്യണമേ. യജ്ഞം നടത്തുന്ന ഞങ്ങൾ നല്ല പുത്രൻമാരെ സമ്പാദിക്കണേ. ഉദ്ഗാതാക്കൾക്കും, സ്തോതാക്കൾക്കും എല്ലാധനവും ലഭിക്കണേ. നീ എപ്പോഴും ഞങ്ങൾക്ക് മംഗളകാരിയാകണമേ.

## സൂക്തം 4

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1 പ്ര വഃ ശുക്രായ ഭാനവേ ഭരധ്വം ഹവ്യം മതിം ചാഗ്നയേ സുപൂതം |**

**യോ ദൈവ്യാനി മാനുഷാ ജനൂഷ്യന്തർവിശ്വാനി വിദ്മനാ ജിഗാതി ||**

ഹേ ഹവിർവാൻമാരായ യജമാനൻമാരേ! നിങ്ങൾ ശ്രേഷ്ഠനും പ്രദീപ്തനും അഗ്നിയ്ക്കും വിശുദ്ധമായ ഹവിസ്സ് നൽകുവിൻ. ഈ അഗ്നി തൻെറ ബുദ്ധിവഴിയായി ദേവകളുടേയും മനുഷ്യരുടേയും എല്ലാ പദാർത്ഥങ്ങളുടേയും ഇടയിൽക്കൂടി സഞ്ചരിക്കുന്നു.

**2 സ ഗൃത്സോ അഗ്നിസ്തരുണശ്ചിദസ്തു യതോ യവിഷ്ഠോ അജനിഷ്ട മാതുഃ |**

**സം യോ വനാ യുവതേ ശുചിദൻ ഭൂരി ചിദന്നാ സമിദത്തി സദ്യഃ ||**

തരുണനായ അഗ്നി രാണികളിൽനിന്നും ജനിക്കുന്നു. അതിനാൽ അവൻ മേധാവിയും ദീപ്തിയുക്തമായ ശിഖയാൽ സമ്പന്നനുമാകുന്നു. അവൻ വനങ്ങളിൽ പടർന്നു പിടിച്ച് യഥേഷ്ടം കഷ്ഠാദികളായ അന്നം ഭക്ഷണമാക്കുന്നു.

**3 അസ്യ ദേവസ്യ സംസദ്യനീകേ യം മർതാസഃ ശ്യേതം ജഗൃഭ്രേ |**

**നി യേ ഗൃഭം പൗരുഷേ യീമുവോച ദുരോകമഗ്നി രായവേ ശുശോച ||**

പവിത്രമായ സ്ഥാനങ്ങളിൽ മനുഷ്യരാൽ യാതൊരഗ്നി സ്ഥാപിക്കപ്പെടുന്നുവോ, യാതൊരഗ്നി മനുഷ്യരാൽ സ്വീകാര്യയോഗ്യമായ വസ്തുക്കളെ സേവിക്കുന്നുവോ, ആ അഗ്നിതന്നെ മനുഷ്യർക്കുവേി ശത്രുക്കൾക്കും സ്വീകാര്യയോഗ്യമായ തേജസ്സിനെ വഹിക്കുന്നു.

**4 അയം കവിരകവിഷു പ്രചേതാ മർത്യേഷ്വഗ്നിരമൃതോ നി ധായി |**

**സ മാ നോ അത്ര ജുഹുരഃ സഹസ്വഃ സദാ ത്വേ സുമനസഃ സ്യാമ ||**

അജ്ഞാനികളായ മനുഷ്യരുടെ ഇടയിൽ ജ്ഞാനിയും അവിനാശിയും, തേജസ്വിയുമായ അഗ്നി വസിക്കുന്നു. ഹേ അഗ്നേ! അങ്ങേയ്ക്കുവേി ഞങ്ങൾ ഞങ്ങളുടെ ബുദ്ധിയെ എപ്പോഴും കാത്തുസൂക്ഷിക്കും ഞങ്ങളെ ഹിംസിക്കരുതേ

**5 ആയോ യോനിം ദേവകൃതം സമാദ ക്രത്വാ ഹ്യഗ്നിരമൃതാം അതാരീത് |**

**തമോഷധീശ്ച വനിനശ്ച ഗർഭം ഭൂമിശ്ച വിശ്വധായസം ബിഭർതി ||**

അഗ്നി തൻെറ ബുദ്ധിയാൽ ദേവകളെ കരയ്ക്കു കൊവന്നു. അതിനാൽ അവൻ ദേവകളുടെ സ്ഥാനം പ്രാപിച്ചു കഴിഞ്ഞു. വൃക്ഷങ്ങളും, ഔഷധികളും അഗ്നിയെത്തന്നെ വഹിക്കുന്നു.

ഈ ഭൂമിയും അഗ്നിയ്ക്കും സേവനമനുഷ്ഠിക്കുന്നു.

**6 ഈശേ ഹ്യഗ്നിരമൃതസ്യ ഭൂരേരാശേ രായഃ സുവീരസ്യ ദാതോഃ**

**മാ ത്വാ വയം സഹസാവന്നവീരാ മാപ്സവഃ പരിഷദാമ മാദുവഃ**

അമൃതം ദാനം ചെയ്യുന്നതിൽ അഗ്നിസമർത്ഥനാകുന്നു. അവൻ ശ്രേഷ്ഠമായ അമൃതത്വത്തെ പ്രദാനം ചെയ്യുന്നവനാകുന്നു. ഹേ അഗ്നേ! ഞങ്ങൾ പുത്രരഹിതരാകാതിരിക്കണേ, ഞങ്ങൾ വിരൂപരാകാതിരിക്കണേ. അതുപോലെ അങ്ങയുടെ സേവനത്തിലും ഒരിക്കലും വിരക്തരാകാതിരിക്കണേ.

**7 പരിഷദ്യം ഹ്യരണസ്യ രേക്ണോ നിത്യസ്യ രായഃ പതയഃ സ്യാമ |**

**ന ശേഷോ അഗ്നേ അന്യജാതമസ്ത്യചേതാനസ്യ മാ പഥോ വി ദുക്ഷഃ ||**

ആരുടെ അടുക്കൽ പ്രചുരമായ ധനം ഉായിരിക്കുന്നുവോ, അവൻ ഋണമുക്തനായിരിക്കുന്നു. ഞങ്ങൾ ഋണരഹിതരാകുന്നതിനായി ധനത്തിൻെറ ഉടമകളാകും. ഹേ അഗ്നേ! ഞങ്ങൾക്ക് ദത്തുപുത്രൻമാരുാകാതിരിക്കണേ. അങ്ങ് മഠയൻെറ മാർഗ്ഗത്തിൽക്കൂടി പോകരുതേ.

**8 നഹി ശ്രദ്ധയാരണഃ സുശേവോന്യോദര്യോ മനസാ മന്തവാ ഉ |**

**അധാ ചിദോകഃ പുനരിത്സ ഏത്യാ നോ വാജ്യഭീഷളേതു നവ്യഃ ||**

ദത്തുപുത്രൻെറ ഹൃദയത്തെ സ്വന്തം പുത്രനു തുല്യമായി സ്വീകരിക്കുവാൻ സാധിക്കുന്നില്ല. എന്തുകൊന്നൊൽ അവൻെറ മനസ്സ് എന്നോടു ചേരുന്നില്ല. ഹേ അഗ്നേ! ഞങ്ങൾക്ക് ശത്രുനാശകനും,അന്നസമ്പന്നനും നവജാതനുമായ ശിശുവിനെ കിട്ടുമാറാക്കണേ.

**9 ത്വമഗ്നേ വനുഷ്യതോ നി പാഹി ത്വമു നഃ സഹസാവന്നവദ്യാത് |**

**സം ത്വാ ധ്വസ്മന്വദഭ്യേതു പാഥഃ സം രയിഃ സ്പൃഹയായ്യഃ സഹസ്രീ ||**

ഹേ അഗ്നേ! ഹിംസകൻമാരിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. പാപത്തിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. പവിത്രമായ ഹവിസ്സ് നിൻെറ നേരെ ഗമിക്കണേ. ഞങ്ങളും ആയിരക്കണക്കിനു ധനം പ്രാപിക്കണേ.

**10 ഏതാ നോ അഗ്നേ സൗഭഗാ ദിദീഹ്യപി ക്രതും സുചേതസം വതേമ**

**വിശ്വാ സ്തോതൃഭ്യോ ഗൃണതേ ച സന്തു യൂയം പാത സ്വസ്തിഭിഃ സദാഃ നഃ**

ഹേ അഗ്നേ! ശ്രേഷ്ഠമായ ധനം നൽകണമേ. യജ്ഞകർത്താക്കളായ ഞങ്ങൾക്ക് പുത്രൻമാരെ കിട്ടുമാറാക്കണം. സ്തോതാക്കൾക്കും, ഉദ്ഗാതാക്കൾക്കും എല്ലാസമ്പത്തുകളും കിട്ടുമാറാകണേ. നീ തൻെറ നൻമ വഴിയായി ഞങ്ങളെ രക്ഷിക്കുമാറാകണേ.

## സൂക്തം 5

**ഋഷി വസിഷ്ഠൻ ദേവത വൈശ്വാനരാഗ്നി ഛന്ദസ് ത്രിഷ്ടുപ് പംക്തി**

**1 പ്രാഗ്നയേ തവസേ ഭരധ്വം ഗിരം ദിവോ അരതയേ പൃഥിവ്യാഃ |**

**യോ വിശ്വേഷാമമൃതാനാമുപസ്ഥേ വൈശ്വാനരോ വാവൃധേ ജാഗൃവദ്ഭിഃ ||**

യജ്ഞത്തിൽ ചൈതന്യനായി ദേവകളോടുകൂടിയ അഗ്നി വൃദ്ധി പ്രാപിക്കുന്നു. ഹേ സ്തോതാക്കളേ! നിങ്ങൾ പാർഥിവവും, ദിവ്യവുമായ ആ അഗ്നിയെ സ്തുതിക്കുവിൻ.

**2 പൃഷ്ഠോ ദിവി ധായ്യഗ്നിഃ പൃഥിവ്യാം നേതാ സിന്ധൂനാം വൃഷഭഃ സ്തിയാനാം |**

**സ മാനുഷീരഭി വിശോ വിഭാതി വൈശ്വാനരോ വാവൃധാനോ വരേണ ||**

യാതൊരു വൈശ്വാനരനായ അഗ്നി നദികളുടെ നേതാവായും, മഴ പെയ്യിക്കുന്നവനായും, പൂജ്യനും ആയി അന്തരീക്ഷത്തിലും ഭൂമിയിലും ആവിർഭവിക്കുന്നുവോ, അവൻ ഹവിസ്സിനാൽ പ്രവൃദ്ധനായി ശോഭാമാനനായിത്തീരുന്നു.

**3 ത്വദ്ഭിയാ വിശ ആയന്നസിക്നീരസമനാ ജഹതീർഭോജനാനി |**

**വൈശ്വാനര പൂരവേ ശോശുചാനഃ പുരോ യദഗ്നേ ദരയന്നദീദേഃ ||**

ഹേ അഗ്നേ! നീ പുരുവിൻെറ ശത്രുനഗരങ്ങളെ തകർത്തപ്പോൾ, തൻെറ തേജസ്സാൽ പ്രദീപ്തനായപ്പോൾ, നിന്നോടുള്ള ഭയത്താൽ ദുഷ്ക്കർമ്മികളായ വ്യക്തികൾ പലായനം ചെയ്തു.

**4 തവ ത്രിധാതു പൃഥിവീ ഉത ദ്യൗർവൈശ്വാനര വ്രതമഗ്നേ സചന്ത |**

**ത്വം ഭാസാ രോദസീ ആ തതന്ഥാജസ്ത്രേണ ശോചിഷാ ശോശുചാനഃ ||**

ഹേ അഗ്നേ! ആകാശവും, ഭൂമിയും, അന്തരീക്ഷവും അങ്ങേയ്ക്കുവേി പ്രവർത്തിക്കുന്നു. നീ സ്വന്തം തേജസ്സും വഴി പ്രകാശിതനായി ആകാശത്തേയും ഭൂമിയേയും സമൃദ്ധമാക്കണമേ.

**5 ത്വാമഗ്നേ ഹരിതോ വാവശാനാ ഗിരഃ സചന്തേ ധുനയോ ഘൃതാചീഃ |**

**പതിം കൃഷ്ടനാം രഥ്യം രയീണാം വൈശ്വാനരമുഷ സാം കേതുമഹ്നാം ||**

ഹേ അഗ്നേ! നീ മനുഷ്യരുടെ സ്വാമിയും ദിവസത്തിൻെറ ധ്വജരൂപവുമാകുന്നു. നിന്നെ ആഗ്രഹിക്കുന്ന അശ്വം നിന്നെ സേവിക്കുന്നു. സ്നിഗ്ധവും, പാപരഹിതവുമായ വാണി സ്തുതിക്കുന്നു.

**6 ത്വേ അസുര്യം വസവോ ന്യർണവൻക്രതും ഹി തേ മിത്രമഹോ ജൂഷന്ത |**

**ത്വം ദസ്യുംരോകസോ അഗ്ന ആജ ഉരു ജ്യോതിർജനയന്നർയായ ||**

ഹേ അഗ്നേ! നീ മിത്രങ്ങളെ ബഹുമാനിക്കുന്നു. വസുക്കൾ നിന്നെ ബലവാനാക്കി നീ കർമ്മവാൻമാരായ പുരുഷൻമാരെ രക്ഷിക്കുവാനായി തൻെറ തേജസ്സാൽ രാക്ഷസൻമാരെ അവരുടെ സ്ഥാനത്തുനിന്നും ഓടിച്ചു.

**7 സ ജായമാനഃ പരമേ വ്യോമന്വായുർന പാഥഃ പരിപാസി**

**സദ്യഃ |**

**ത്വം ഭുവനാ ജനയന്നഭി ക്രന്നപത്യായ ജാതവേദോ ദശസ്യൻ ||**

ഹേ അഗ്നേ! നീ സൂര്യരൂപത്തിൽ പ്രത്യക്ഷനായി വായുവിനു തുല്യം ഒന്നാമതായി സോമം പാനം ചെയ്യുന്നു. ജലത്തെ ഉൽപ്പാദിപ്പിച്ചുകൊ്, അന്നത്തെ ആഗ്രഹിക്കുന്നവർക്ക് ആശനൽകി വിദ്യുത്തിൻെറ രൂപത്തിൽ നീ ഗർജ്ജിക്കുന്നു.

**8 താമഗ്നേ അസ്മേ ഇഷമേരയസ്വ വൈശ്വാനര ദ്യുമതീം ജാതവേദഃ |**

**യയാ രാധഃ പിന്വസി വിശ്വവാര പൃഥുശ്രവോ ദാശുഷേ മർത്ത്യായ ||**

ഹേ അഗ്നേ! നീ എല്ലാവരിലും വരണയോഗ്യനാകുന്നു. നീ യാതൊരന്നം വഴിയായി ധനത്തെ വർദ്ധിപ്പിക്കുകയും, ഹവിർദാതാവിൻെറ യശസ്സിന് ക്ഷീണം സംഭവിക്കുവാനനുവദിക്കാതിരിക്കുകയും ചെയ്യുന്നുവോ, ആ ശ്രേഷ്ഠമായ അന്നത്തെ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**9 തം നോ അഗ്നേ മഘവദ്ഭ്യഃ പുരുക്ഷും രയിം നിവാജം ശ്രുത്യം യുവസ്വ**

**വൈശ്വാനര മഹി നഃ ശർമ യച്ഛ യുദ്രേഭിരഗ്നേ വസുഭിഃ സജോഷാഃ**

ഹേ അഗ്നേ! ഹവിസ്സ് ദാതാക്കളായ യജമാനൻമാർക്ക് അന്നവും, ധനവും പ്രശംസനീയവുമായ ബലവും പ്രദാനം ചെയ്യണമേ. രുദ്രഗണത്തോടും വസുക്കളോടുംകൂടി അങ്ങ് ഞങ്ങൾക്കു സുഖം നൽകണമേ.

## സൂക്തം 6

**ഋഷി വസിഷ്ഠൻ ദേവത വൈശ്വാനരൻ ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1 പ്ര സമ്രാജോ അസുരസ്യ പ്രശസ്തിം പുംസഃ കൃഷ്ടീനാമനുമാദ്യസ്യ |**

**ഇന്ദ്രസ്യേവ പ്ര തവസസ്കൃതാനി വന്ദേ ദാരും വന്ദമാനോ വിവിക്മി ||**

നഗരങ്ങളെ തകർത്തവനായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു. ആ അഗ്നിസ്തുത്യനും, ബലവാനും, സമ്രാട്ടായ ഇന്ദ്രനു തുല്യനും ആകുന്നു. ഞാനദ്ദേഹത്തിൻെറ യശസിനെ വർണ്ണിക്കുന്നു.

**2 കവിം കേതും ധാസിംഭാനുമദ്രോർഹിന്വന്തി ശംരാജ്യം രോദസ്യോഃ |**

**പുരന്ദരസ്യ ഗീർഭിരാ വിവാസേഗ്നേർവ്രതാനി പൂർവ്യാ മഹാനി ||**

അഗ്നിതേജസ്വിയും, പർവ്വതങ്ങളെ വഹിക്കുന്നവനും, ജ്ഞാനിയും, കല്യാണപ്രദനും, ആകാശത്തിൻേറയും ഭൂമിയുടേയും അധിപതി ആകുന്നു. കവികൾ ആ അഗ്നിയെ പ്രസാദിപ്പിക്കുന്നു. ഞാനും അദ്ദേഹത്തിൻെറ ദോചീനകർമ്മങ്ങളെ വാഴ്ത്തി സ്തുതിക്കുന്നു.

**3 ന്യക്രതൻ ഗ്രഥിനോ മൃധ്രവാചഃ പണീരശ്രദ്ധാം അവൃധാം അയജ്ഞാൻ |**

**പ്രപ്ര താന്ദസ്യൂരഗ്നിർവിവാസ പൂർവശ്ചകാരാപരാം അയജ്യൂൻ ||**

യജ്ഞവിരോധികളും, കടുവക്താക്കളും, ദുർബുദ്ധികളുമായ അഗ്നി ഓടിക്കുകയും, പതിപ്പിക്കുകയും ചെയ്യണേ.

**4 യോ അപാചീനേ തമസി മദന്തീഃ പ്രാചീശ്ചകാരനൃതമഃ ശചീഭിഃ |**

**തമീശാനം വസ്വോ അഗ്നിം ഗൃണീഷേനാനത ദമയന്തം പൃതന്യൂൻ ||**

അന്ധകാരത്തിൽ വസിച്ച ജീവികൾക്ക് അഗ്നിമാർഗ്ഗം കാണിച്ചു. അഗ്നി ധനത്തിൻെറ അധിപനും ദുഷ്ടൻമാരെ പരാജയപ്പെടുത്തുന്നവനുമാകുന്നു. ഞാൻ അവനെ സ്തുതിക്കുന്നു.

**5 യോ ദേഹ്യോ അനമയദ്വധസ്നൈര്യോ അര്യപത്നീരുഷസശ്ചകാര**

**സ നിരുധ്യാ നഹുഷാ യഹ്വോ അഗ്നി വിംശശ്ചക്രേ ബലിഹൃതഃ സഹോഭിഃ**

യാതൊരുത്തൻ തൻെറ ആയുധങ്ങളാൽ അസുരൻമാരുടെ മായകളെ നശിപ്പിക്കുകയും, ഉഷസ്സുകളെ രചിക്കുകയും ചെയ്തുവോ, ആ അഗ്നി പ്രജകളെ തൻെറ ബലത്താൽ തടയുകയും, രാജാനഹുഷന് കപ്പം കൊടുപ്പിക്കുകയും ചെയ്തു.

**6 യസ്യ ശർമന്നുപ വിശ്വേ ജനാസ ഏവൈവ സ്തസ്ഥുഃ സുമതിം ഭിക്ഷമാണാഃ |**

**വൈശ്വാനരോ വരമാ രോദസ്യോരാഗ്നിഃ സസാദപിത്രോരുപസ്ഥം ||**

സുഖത്തിനുവേി എല്ലാ മനുഷ്യരും ഹവിസ്സുമായി അഗ്നിയുടെ കൃപയെ ആഗ്രഹിക്കുന്നുവോ, ആ വൈശ്വാനരാഗ്നി മാതാപിതാക്കൾക്കു തുല്യം വാനൂഴികൾക്കിടയിൽ സ്ഥിതിചെയ്യുന്ന അന്തരീക്ഷത്തിൽ പ്രത്യക്ഷനാകുന്നു.

**7 ആ ദേവോ ദദേ ബുധ്ന്യാ വസൂനി വൈശ്വാനര ഉദിതാ സൂര്യസ്യ |**

**ആ സമുദ്രാദവാരാദാ പരസ്മാദാഗ്നിദദേ ദിവ ആ പൃഥിവ്യാഃ ||**

സൂര്യനുദിക്കുന്ന സമയത്ത് വൈശ്വാനരാഗ്നി അന്ധകാരത്തെ അകറ്റിക്കളയുന്നു. സമുദ്രം, ആകാശം, ഭൂമി ആദിയായ എല്ലാ സ്ഥാനങ്ങളിലേയും അന്ധകാരം അദ്ദേഹത്തിൽ ലീനമായിത്തീരുന്നു.

## സൂക്തം 7

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ് പംക്തി**

**1 പ്ര വോ ദേവം ചിത് സഹസാനമഗ്നിമശ്വ ന വാജിനം ഹിഷേ മോഭിഃ |**

**ഭവാ നേദുതോ അധ്വരസ്യ വിദ്വാൻ ത്മനാ ദേവേഷു വിവിദേ മിതദ്രു ||**

ഹേ അഗ്നേ! അശ്വത്തേപ്പോലെ വേഗവാനായ നീ രാക്ഷസൻമാരെ പലായനം ചെയ്യിച്ചു. നീ മേധാവിയാണ്. ദേവകളിൽ നീ വൃക്ഷങ്ങളെ ദഹിപ്പിക്കുന്നവൻ എന്ന പേരിൽ പ്രസിദ്ധനാണ്. ഞങ്ങളുടെ യജ്ഞത്തിൽ ദൗത്യകർമ്മം നിർവ്വഹിച്ചാലും.

**2 ആ യാഹ്യഗ്നേ പഥ്യാ അനു സ്വാ മന്ദ്രോ ദേവാനാം സഖ്യം ജുഷാണാഃ |**

**ആ സാനു ശുഷ്മൈർനദയൻ പൃഥിവ്യാ**

**ജംഭേഭിർവിശ്വമുശധഗ്വാനാനി ||**

ഹേ സ്തുത്യനായ അഗ്നേ! നീ ദേവകളുടെ മിത്രമാണ്. നിൻെറ തേജസ്സാൽ പൃഥ്വീതടത്തെ ശബ്ദമുഖരിതമാക്കി. എല്ലാ വചനങ്ങളേയും ഭസ്മീകരിച്ച് സ്വന്തം മാർഗ്ഗങ്ങളിൽക്കൂടി ആഗമിച്ചാലും.

**3. പ്രാചീനോ യജ്ഞഃ സുധിതം ഹി ബർഹിഃ പ്രീണീതേ അഗ്നിരീളിതോ ന ഹോതാ**

**ആ മാതരാ വിശ്വവാരേ ഹുവാനോ യുതോ യവിഷ്ഠജജ്ഞിഷേ സുശേവഃ**

ഹേ അഗ്നേ! നീ തരുണനാകുന്നു. നീ ശോഭനമായ രൂപത്തോടുകൂടി പ്രത്യക്ഷനാകുമ്പോൾ എല്ലാവരും യജ്ഞം നടത്തുന്നു. നീ ഹോതാരൂപത്തിൽ ഉപവിഷ്ടനായി തൃപ്തിപ്രാപിക്കുന്നു.

**4 സദ്യോ അധ്വരേ രഥിരം ജനന്ത മാനുഷാസോ വിചേ തസോ യ ഏഷാം |**

**വിശാമധായി വിസ്പതിർദുരോണേഗ്നിർമന്ദ്രോ മധുവചാ ഋതാവാ ||**

ആ സമയം എല്ലാവർക്കും സ്വീകാര്യയും, മാതൃഭൂതയുമായ ആകാശഭൂമികളുടെ ആഹ്വാനകാരിയും, യജ്ഞനേതാവും ആയ അഗ്നിയെ ജ്ഞാനികൾ പ്രത്യക്ഷമാക്കുന്നു. ഹവിസ്സ് വാഹകനായ അഗ്നി മനുഷ്യഗേഹങ്ങളിൽ വസിക്കുന്നു.

**5 അസാദി വൃതോ വഹ്നിരാജഗന്വാനഗ്നിർബ്രഹ്മാനൃഷദനേ വിധർതാ |**

**ദ്യൗശ്ച യ പൃഥിവീ വാവൃധാതേ ആ യം ഹോതാ യജതി വിശ്വവാരം ||**

ആകാശവും ഭൂമിയും ഏതൊരഗ്നിയെ വളർത്തുന്നുവോ, യാതൊരഗ്നിയ്ക്കുവേ ഹോതാവും യാഗം നടത്തുന്നുവോ, ആ അഗ്നി ഹവിസ്സിനെ വഹിക്കുന്നവനും, ബ്രഹ്മാദിദേവകളെ വഹിക്കുന്നവനും ആകുന്നു. അവൻ മനുഷ്യരുടെ ഗൃഹങ്ങളിൽ വസിക്കുന്നു.

**6 ഏതേ ദ്യുമ്നേഭിർവിശ്വമാതിരന്ത മന്ത്രം യേ വാരം നര്യാ അതക്ഷൻ |**

**പ്ര യേ വിശസ്തിരന്ത ശ്രോഷമാണ ആ യേ മേ അസ്യ ദീധയന്നൃതസ്യ ||**

യാതൊരുത്തർ മന്ത്രങ്ങളാൽ സംസ്ക്കരിച്ച് അവനെ വളർത്തുകയും യാതൊരുത്തൻ യജ്ഞാഭിലാഷികളായി അഗ്നിയെ പ്രോജ്ജ്വലിപ്പിക്കുകയും ചെയ്തുവോ അവർ അഗ്നി വഴിയായി എല്ലാ പോഷകബലങ്ങളേയും പ്രവൃദ്ധമാക്കുന്നു.

**7 നൂ ത്വാമഗ്ന ഈമഹേ വസിഷ്ഠാ ഈശാനം സൂനോ സഹസോ വസൂനാം |**

**ഇഷം സ്തോതൃഭ്യോ മഘവദ്ഭ്യ ആനാഡ്യൂയം പാതസ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! നീ വസുക്കളുടെ സ്വാമിയാകുന്നു. വസിഷ്ഠവംശജരായ മഹർഷിമാർ നിന്നെ സ്തുതിക്കുന്നു. നീ ഹവിസ്സ്ദാതാവായ യജമാനനേയും, സ്തോതാവിനേയും അന്നത്താൽ അതിവേഗം പരിപൂർണ്ണരാക്കുകയും, ഞങ്ങളെ സദാ രക്ഷിക്കുകയും ചെയ്യണമേ.

## സൂക്തം 8

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1 ഇന്ധേ രാജാ സമര്യോ നമോഭിർയസ്യ പ്രതീകമാഹുതം ഘൃതേന |**

**നരോ ഹവ്യേഭിരീളതേ സബാധ അഗ്നിരഗ്ര ഉഷസാമശോചി ||**

അഗ്നിയുടെ രൂപത്തെ ഘൃതത്താൽ ആഹുതി ചെയ്യുന്നു. ജ്ഞാനികൾ ഹവിസ്സ് നൽകി ആരെ സ്തുതിക്കുന്നുവോ ആ അഗ്നി സ്തുതികളോടുകൂടിത്തന്നെ വളരുന്നു. ആ അഗ്നി ഉഷസ്സിനു മുമ്പേതന്നെ ജ്വലിപ്പിക്കപ്പെടുന്നു.

**2 അയമു ഷ്യ സുമഹാം അവേദി ഹോതാ മന്ദ്രോ മനുഷോ യഹ്വോ അഗ്നിഃ |**

**വി ഭാ അകഃ സസൃജാനഃ പൃഥിവ്യാം കൃഷ്ണാപവിരോഷധീഭിർവവക്ഷേ ||**

ഈ അഗ്നി ഹോതാവാകുന്നു. ഇതിനെ മഹാനെന്നു വിളിയ്ക്കപ്പെടുന്നു. ഇതിൻെറ ദീപ്തി എല്ലാഭാഗങ്ങളിലും വ്യാപിക്കുന്നു. ഇതിൻെറ മാർഗ്ഗം കറുപ്പാകുന്നു. ഇത് ഔഷധികളാൽ പ്രവൃദ്ധമാകുന്നു.

**3 കയാ നോ അഗ്നേ വിവസഃ സുവൃക്തി കാമു സ്വധാമൃണവഃ ശസ്യമാനഃ |**

**കദാ ഭവേമ പതയഃ സുദത്ര രായോ വന്താരോ ദുഷ്ടരയ സാധോഃ ||**

ഹേ അഗ്നേ! നീ ഏതൊരു ഹവിസ്സിനെ പ്രാപിച്ച് ഞങ്ങളുടെ സ്തുതികളാൽ പ്രസന്നനാകും. നീ ഏതൊരു സ്വധയെ ഇഷ്ടപ്പെടും? നീ ദാനിയാണല്ലോ? നീ ഞങ്ങളുടെ ദാനം സ്വീകരിച്ച് എപ്പോൾ ധനേശനാകും?

**4 പ്രപ്രായമഗ്നിർഭരതസ്യ ശൃണ്വേ വി യത്സൂര്യോ ന രോചതേ ബൃഹദ്ഭാഃ |**

**അഭി യഃ പുരും പൃതനാസു തസ്ഥൗ ദ്യുതാനോ ദൈവ്യോ അതിഥിഃ ശുശോച ||**

അഗ്നി സൂര്യനെപ്പോലെ തേജസ്വിയായി പ്രകാശം പരത്തുമ്പോൾ അവൻ യജമാനനാൽ പ്രശംസിക്കപ്പെടുന്നു. യാതൊരഗ്നി പുരുവിനെ പരാജയപ്പെടുത്തിയോ, ആ അഗ്നി തന്നെ ദേവകൾക്കുവേ പ്രദീപ്തനാകുന്നു.

**5 അസന്നിത്വേ ആഹവനാനി ഭൂരി ഭുവോ വിശ്വേഭിസുമനാ അനീകൈഃ |**

**സ്തുതശ്ചിദഗ്നേ ശൃണ്വിഷേ ഗൃണാനഃ സ്വയം വർധസ്വ തന്വം സുജാത ||**

ഹേ അഗ്നേ! നിനക്ക് പ്രചുരമായ ഹവ്യം നൽകപ്പെട്ടിരിക്കുന്നു. നീ തേജസ്സോടുകൂടി പ്രസന്നനായി സ്വന്തം ശരീരത്തെ വളർത്തിയാലും.

**6 ഇദം വചഃ ശതസാഃ സംസഹസ്രമുദഗ്നയേ ജനിഷീഷ്ടദ്വിബർഹാഃ |**

**ശം യത്സ്തോതൃഭ്യ ആപയേ ഭവാതി ദ്യുമദമീവചാ തനം രക്ഷോഹാ ||**

നൂറും ആയിരവും ഗോക്കളോടുകൂടിയവരും, കർമ്മവാൻമാരും, ജ്ഞാനികളുമായ വസിഷ്ഠൻമാർ അഗ്നിയെ

സന്തോഷിപ്പിക്കുവാനായി ഈ സ്തോത്രം രചിച്ചിരിക്കുന്നു.

**7 നൂ ത്വാമഗ്ന ഈമഹേ വസിഷ്ഠാ ഈശാനം സൂനോ സഹസോ വസൂനാം |**

**ഇഷം സ്തോതൃഭ്യോ മഘവദ്ഭ്യ ആനഡ്യൂയം പാതസ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! നീ വസുക്കളുടെ നായകനാകുന്നു, നീ ബലത്താൽ ഉത്ഭവിച്ചിരിക്കുന്നു. വസിഷ്ഠൻ നിൻെറ സ്തുതികളിൽ മുഴുകിയിരിക്കുന്നു. നീ ഹവിസ്സ്യുക്തനായ യജമാനനേയും സ്തോതാവിനേയും അന്നത്താൽ സമ്പന്നരാക്കണമേ. ശ്രേഷ്ഠമായ രക്ഷകളാൽ ഞങ്ങളേയും അനുഗ്രഹിക്കണമേ.

## സൂക്തം 9

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1 അബോധി ജാര ഉഷസാമുപസ്ഥാദ്ധോതാ മന്ദ്രഃ കവിതമഃ പാവകഃ |**

**ദധാതി കേതുമുഭയസ്യ ജന്തോർഹവ്യ ദേവേഷു ദ്രവിണം സുകൃത്സു ||**

അഗ്നി എല്ലാ ജീവികളേയും പവിത്രീകരിക്കുന്നവനും, ഹർഷദായകനും, ഉഷസ്സിൻെറ നടുവിൽ ചൈതന്യത്തോടുകൂടിയവനും ആകുന്നു. അവൻ ദേവകളുടേയും മനുഷ്യരുടേയും ബുദ്ധിയെ വഹിക്കുന്നവനും പുണ്യകർമ്മാക്കളായ യജമാനൻമാരിൽ ധനം സ്ഥാപിക്കുകയും ചെയ്യുന്നു.

**2 സ സുക്രതുര്യോ വി ദുരഃ പണീനാം പനാനോ അർകം പുരുഭോജസം ന |**

**ഹോതാ മന്ദ്രോ വിശാം ദമൂനാസ്തിരസ്തമോ ദദൃശേ രാമാണ്യാം ||**

പണികളുടെ മാർഗ്ഗങ്ങളെ ഉത്ഘാടനം ചെയ്ത് അഗ്നി ശ്രേഷ്ഠമായ കർമ്മം അനുഷ്ഠിക്കുന്നു. അവൻ പയസ്വിനികളായ ഗോക്കളെ നമുക്കു നൽകി. ശാന്തചിത്തനായ അഗ്നി തൻെറ വിശിഷ്ടമായ തേജസ്സാൽ സമ്പന്നനായി ഉഷസ്സിൻെറ മധ്യത്തിൽ ജാഗ്രത്താകുകയും അന്നരൂപത്തിൽ ഔഷധികളിൽ പ്രവേശിക്കുകയും ചെയ്യുന്നു.

**3 അമൂരഃ കവിരദിതിർവിവസ്വാസുസംസൻമിത്രോ അതിഥിഃ ശിവോ നഃ**

**ചിത്രഭാനുരുഷസാം ഭാത്യഗ്രേപാം ഗർഭഃ പ്രസ്വ ആ വിവേശ**

മൗഢ്യമില്ലാത്തവനും, ജ്ഞാനിയും,ദീനരഹിതനും, ദീപ്തിമാനും, ശോഭനസ്ഥാനനും, മിത്രനും, അതിഥിയും, നമുക്ക് നൻമ ചെയ്യുന്നവനുമായ ചിത്രഭാനുവും ഉഷസ്സുകൾക്കു മുന്നിലായി ഉദ്ഭാസിക്കുന്നു. തണ്ണീരിൻെറ ഗർഭമായിട്ട് ഔഷധികളിൽ പ്രവേശിക്കുന്നു.

**4 ഈളേന്യോ വോ മനുഷോ യുഗേഷു സമനഗാഅശുചജ്ജാതവേദാഃ |**

**സുസൻദൃശാ ഭാനുനാ യോ വിഭാതി പ്രതി ഗാവഃ സമിധാനം ബുധന്ത ||**

ഹേ അഗ്നേ! നീ മനുഷ്യരുടെ യജ്ഞാനുഷ്ഠാനങ്ങളിൽ സ്തുതികൾക്കു പാത്രമാകുന്നു. നീ യുദ്ധഭൂമിയിൽ അത്യന്തം തേജസ്വിയാകുന്നു. സ്തുതികൾ നിന്നെ ഉണർത്തുന്നു.

**5 അഗ്നേ യാഹി ദൂത്യം മാ രിഷണ്യോ ദേവാം അച്ഛാ ബ്രഹ്മകൃതാ ഗണേന |**

**സരസ്വതീംമരുതോ അശ്വിനാപോ യക്ഷി ദേവാന്നത്നധേയായ വിശ്വാൻ ||**

ഹേ അഗ്നേ! ദൂതകർമ്മത്തിനുവേി ദേവകളുടെ അടുക്കലേക്കു വരണമേ. നീ സ്തുതിക്കുന്നതിനായി മരുത്തുക്കൾക്കും അശ്വിനികൾക്കും, ജലത്തിനും സരസ്വതിക്കുംവേി യജ്ഞം നടത്തുന്നു.

**6 ത്വാമഗ്നേ സമിധാനോ വസിഷ്ഠോ ജരൂഥം ഹന്യക്ഷി രായേ പുരന്ധിം |**

**പുരുണീഥാജാതവേദോ ജരസ്വ യൂയം പാത സ്വസ്തിഭി സദാ നഃ ||**

ഹേ അഗ്നേ! വസിഷ്ഠൻ നിന്നെ പരിചരിക്കുന്നു. നീ കടുഭാഷികളായ ദൈത്യരെ ഹനിക്കേണമേ. അനേകം സ്തുതികളാൽ ദേവകളെ പ്രസാദിപ്പിക്കുകയും ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ.

## സൂക്തം 10

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1 ഉഷോ ന ജാരഃ പൃഥു പാജോ അശ്രേദ്ദവിദ്യ തദീദ്യച്ഛോശുചാനഃ |**

**വൃഷാ ഹരിഃ ശുചിരാ ഭാതി ഭാസാ ധി യോ ഹിന്വാന ഉശതീരജീഗഃ ||**

സൂര്യനെപ്പോലെതന്നെ അഗ്നിയും അത്യന്തം തേജസ്വിയാകുന്നു. അഭിലാഷങ്ങൾ വർഷിക്കുന്നവനും, ഹവിസ്സുകളെ പ്രേരിപ്പിക്കുന്നവനും പ്രദീപ്തനുമായ ആ അഗ്നി കർമ്മങ്ങളെ പ്രേരിപ്പിച്ച് യശസ്സ് പ്രാപിക്കുന്നു. ആ അഗ്നി അഭിലാഷികളായ ഉപാസകരെ ജാഗ്രതയുള്ളവരാക്കുന്നു.

**2 സ്വർണവസ്തോരുഷസാമരോചി യജ്ഞം തന്വാനാ ഉശിജോ ന മൻമ |**

**അഗ്നിർജൻമാനി ദേവ ആ വി വിദ്വാന്ദ്രവദ്ദൂതോ ദേവായവാ വനിഷ്ഠഃ ||**

ഉഷക്കാലത്തിൽ അഗ്നി സൂര്യനെപ്പോലെ പ്രകാശിക്കുന്നു. അവൻ യജ്ഞത്തെ വളർത്തി ശ്രേഷ്ഠമായ സ്തുതികളുച്ചരിക്കുന്നു. അഗ്നി ദേവത എല്ലാ ജീവികളേയും കനിയ്ക്കുന്നു.

**3 അച്ഛാ ഗിരോ മതയോ ദേവയന്തീരഗ്നിം യന്തി ദ്രവിണം ഭിക്ഷമാണാഃ |**

**സുസൻദൃശം സുപ്രതീകം സ്വഞ്ചം ഹവ്യവാഹമരതിം മാനുഷാണാം ||**

ദേവകാമ്യങ്ങളായ സ്തുതികൾ ധനത്തെ യാചിച്ചുകൊ് അഗ്നിയുടെ മുമ്പിലേയ്ക്കു ചെല്ലുന്നു. ആ അഗ്നി സുന്ദരദർശകനും, ശ്രേഷ്ഠവാനും, മനുഷ്യർക്കുവേി ഹവിസ്സിനെ വഹിക്കുന്നവനും ആകുന്നു.

**4 ഇന്ദ്രം നോ അഗ്നേ വസുഭിഃ സജോഷാ രുദ്രം രുദ്രേ ഭിരാ വഹാ ബൃഹന്തം |**

**ആദിത്യേഭിരദിതിം വിശ്വജന്യാം ബൃഹസ്പതിമൃക്വഭിർവിശ്വവാരം ||**

ഹേ അഗ്നേ! വസുക്കളോടു ചേർന്ന് ഇന്ദ്രനെ വിളിച്ചാലും.

രുദ്രൻമാരോടു ചേർന്ന് അദിതിയെ ആഹ്വാനം ചെയ്താലും. അംഗിരസ്സുകളോടുചേർന്ന് വരണീയനായ ബൃഹസ്പതിയെ ആഹ്വാനം ചെയ്താലും.

**5 മന്ദ്രം ഹോതാരമശിജോ യവിഷ്ഠമഗ്നിം വിശ ഈളതേ അധ്വരേഷു |**

**സ ഹി ക്ഷപാവാം അഭവദ്രയീണാമതന്ദ്രോ ദൂതോ യജഥായ ദേവാൻ ||**

കാമിയായ പുരുഷൻ സ്തുത്യനായ അഗ്നിയെ സ്തുതിക്കുന്നു. അഗ്നി രാത്രിയിൽ ശോഭാസമ്പനാകുന്നു. ദേവയാഗത്തിൽ അവൻ ഹവിസ്സ് നൽകുന്ന ദൂതനായിത്തീരുന്നു.

## സൂക്തം 11

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1 മഹാം അസ്യധ്വരസ്യ പ്രകേതോ ന ഋതേ ത്വദമൃതാ മാദയന്തേ |**

**ആ വിശ്വേഭിഃ സരഥം യാഹി ദേവൈർന്യഗ്നേ ഹോതാ പ്രഥമഃ സദേഹ ||**

ഹേ അഗ്നേ! നീ മഹാനും, യജ്ഞത്തെ പൂർണ്ണമാക്കുന്നവനും, ദേവകളെ പ്രസാദിപ്പിക്കുന്നവനും ആകുന്നു. നീ എല്ലാദേവകളോടും കൂടി രഥാരൂഢനായി ആഗതനാകുകയും മുഖ്യഹോതാവായി കുശാസനത്തിൽ വിരാജിതനാകുകയും ചെയ്യണമേ.

**2 ത്വാമീളതേ അജിരം ദൂത്യായ ഹവിഷ്മന്തഃ സദമിൻഭാനുഷാസഃ |**

**യസ്യ ദേവൈരാസദോ ബർഹിരഗ്നേഹാന്യസ്മൈ സുദിനാ ഭവന്തി ||**

ഹേ അഗ്നേ! നീ ഗതിമാനാണല്ലോ ഹവിസ്സ് നൽകുന്നു യജമാനൻനിന്നെ എപ്പോഴും ദൂതനാക്കുന്നു. നീ യാതൊരെജമാനന്റെ കുശാസനത്തിൽ ദേവകളോടു വിരാജിക്കുന്നുവോ, ആ യജമാനൻ സുദിനങ്ങളോടു കൂടിയവനാകുന്നു.

**3. ത്രിശ്ചിദക്തോഃ പ്ര ചികിതുർവസൂനി ത്വേ അന്തരദാശുഷേ മർത്യായ |**

**മനുഷ്വദഗ്ന ഇഹ യക്ഷി ദേവാൻഭവാ നോ ദൂതോ അഭിശസ്തിപാവ ||**

ഹേ അഗ്നേ! ഋത്വിക്കുകൾ മൂന്നു സവനങ്ങളിലും നിനക്ക് ഹവിസ്സ് നൽകുന്നു. നീ ഞങ്ങളുടെ ഈ യജ്ഞത്തിൽ ദൂതനായി ഹവിസ്സിനെ വഹിക്കുകയും ശത്രുക്കളിൽനിന്നും ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ.

**4 അഗ്നിരീശേ ബൃഹതോ അധ്വരസ്യാഗ്നിർവിശ്വസ്യ ഹവിഷഃ കൃതസ്യ |**

**ക്രതും ഹ്യസ്യ വസവോ ജുഷന്താഥാ ദേവാ ദധിരേ ഹവ്യവാഹം ||**

മഹായജ്ഞത്തിൽ ഹവ്യസേവനാർത്ഥം ദേവകളെ ആഹ്വാനം ചെയ്താലും. ഈ യജ്ഞത്തിൽ ഇന്ദ്രാദികളെ ഹർഷയുക്തരാക്കണമേ. യജ്ഞദ്രവ്യങ്ങളെ ആകാശത്തിലേക്കു കൊുപോയി ഞങ്ങളെ രക്ഷിക്കണമേ.

## സൂക്തം 12

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1 അഗൻമ മഹാ നമസാ യവിഷ്ഠം യോ ദീദായ സമിദ്ധഃ സ്വേദുരോണേ |**

**ചിത്രഭാനും രോദസീ അന്തരുർവ്വീ സ്വാഹുതം വിശ്വതഃ പ്രത്യഞ്ചം ||**

യാതൊരഗ്നി സ്വസ്ഥാനത്തുവളർന്ന് തേജസ്സമ്പനാകുന്നുവോ, യാതൊരുത്തൻ അത്ഭുതജ്വാലയോടുകൂടിയ മഹാനാകുന്നുവോ, വാനൂഴികൾക്കിടയിൽ സ്ഥിതനാകുന്നുവോ, ശോഭനാഹ്വാനനാകുന്നുവോ, അങ്ങിനെയുള്ള അഗ്നിയുടെ അടുക്കലേക്ക് നാം നമസ്ക്കാരത്തോടുകൂടി ചെല്ലുന്നു.

**2 സ മഹ്നാ വിശ്വാ ദുരിതാനി സാഹ്വാനഗ്നിഃ ഷ്ടവേ ദമ ആ ജാതവേദാഃ |**

**സ നോ രക്ഷിഷദ്ദുരിതാദവദ്യാദസ്മാൻ ഗൃണത ഉത നോ മഘോനഃ ||**

തന്റെ മഹിമവഴിയായി എല്ലാ പാപങ്ങളേയും ആ അഗ്നി നശിപ്പിക്കുന്നു. യജ്ഞത്തിൽ അവൻ സ്തുതിക്കപ്പെടുന്നു. യജ്ഞകർത്താവും അവനെ സ്തുതിക്കുന്നു. അവൻ പാപങ്ങളിൽനിന്നും നമ്മെ രക്ഷിക്കണേ.

**3 ത്വം വരുണ ഉത മിത്രോ അഗ്നേ ത്വാം വർധന്തി മതിഭിർവസിഷ്ഠാഃ |**

**ത്വേ വസു സുഷണനാനി സന്തു യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! മിത്രാവരുണൻമാർ നീ തന്നെയാകുന്നു. വസിഷ്ഠൻമാർ നിന്നെ സ്തുതിച്ചു നിന്റെ ധനം ഞങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കണേ. നീ ഞങ്ങളുടെ സംരക്ഷകനായിരിക്കണമേ.

## സൂക്തം 13

**ഋഷി വസിഷ്ഠൻ ദേവത വൈശ്വാനരൻ ഛന്ദസ് പംക്തി**

**1 പ്രാഗ്നയേ വിശ്വശുചേ ധിയന്ധേസുരഘ്നേ മൻമ ധീതിം ഭരധ്വം |**

**ഭരേ ഹവിർന ബർഹിഷി പ്രീണാനോ വൈശ്വാനരായ യതയേ മതീനാം ||**

ഹേ സ്തോതാക്കളേ! രാക്ഷസൻമാരെ സംഹരിക്കുന്ന കർമ്മവാനായ അഗ്നിക്കുവേി യജ്ഞാനുഷ്ഠാനങ്ങൾ നടത്തി അദ്ദേഹത്തെ സ്തുതിക്കുവിൻ ഞാൻ പ്രസന്നചിത്തനായി അഭീഷ്ടദായകനായ അഗ്നിയെ സ്തുതിക്കുന്നു.

**2 ത്വമഗ്നേ ശോചിഷാ ശോശുചാന ആ രോദസീ അപൃണാ ജായമാനഃ |**

**ത്വം ദേവാം അഭിശസ്തേരമുഞ്ചോ വൈശ്വാനര ജാതവേദോ മഹിത്വാ ||**

ഹേ അഗ്നേ! നീ ജനിച്ചപ്പോൾ തന്നെ കത്തുന്ന തേജസ്സുകൊ് വാനൂഴികളെ പരിപൂർണ്ണമാക്കി. തന്റെ മഹിമയാൽ ദേവകളെ ശത്രുക്കളുടെ കരങ്ങളിൽനിന്നും മോചിപ്പിച്ചു.

**3 ജാതോ യദഗ്നേ ഭുവനാ വ്യഖ്യഃ പശുന്ന ഗോപാ ഈര്യഃ**

**പരിജ്മാ |**

**വൈശ്വാനര ബ്രഹ്മണേ വിന്ദ ഗാതും യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! സൂര്യരൂപത്തിൽ തന്നെ നീ ജനിച്ചു നീ ജീവികളെ സന്ദർശിച്ച സമയം സ്തുതികൾ നിന്നെ പ്രാപിച്ചുവല്ലോ. നീ ഇടയൻമാർ മാടുകളെ എന്നപോലെ ഭുവനങ്ങളെ സംരക്ഷിക്കുന്നു. നീ ഞങ്ങളെ എപ്പോഴും രക്ഷിച്ചുകൊിരിക്കണമേ.

## സൂക്തം 14

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് ബൃഹതി, ത്രിഷ്ടുപ്**

**1 സമിധാ ജാതവേദസേ ദേവായ ദേവഹൂതിഭിഃ |**

**ഹവിർഭിഃ ശുക്രശോചിഷേ നമസ്വിനോ വയം ദാശേമാഗ്നയേ ||**

ഞങ്ങൾ അന്നവാൻമാരായ യജമാനൻമാർ ജാതവേദസ്സായ അഗ്നിയെ പരിചരിക്കുന്നു. ഞങ്ങൾ ദേവകളെ സ്തുതിച്ചുകൊ് അഗ്നിയെ പ്രസാദിപ്പിക്കും. മംഗളമയിയായ ജ്വാലകളാൽ സമ്പന്നനായ ഹേ അഗ്നേ! ഹവിസ്സ് ദാനം വഴിയായി ഞങ്ങൾ നിൻെറ സേവനത്തിൽ തല്പരരായിരിക്കും.

**2 വയം തേ അഗ്നേ സമിധാ വിധേമ വയം ദാശേമ സുഷ്ടുതീ യജത്ര |**

**വയം ഘൃതേനാധ്വരസ്യ ഹോതർവയം ദേവ ഹവിഷാ ഭദ്രശോചേ ||**

ഹേ അഗ്നേ! ഞങ്ങൾ സമിധകൊും, സ്തുതികൾ കൊും നിന്നെ പ്രസന്നനാക്കും. ഹേ മംഗലമായമായ ജ്വാലകളോടുകൂടിയ അഗ്നി ദേവാ! ഹവിസ്സു നൽകിക്കൊ് ഞങ്ങൾ നിന്നെ പ്രസാദിപ്പിക്കും.

**3 ആ നോ ദേവേഭിരുപ ദേവഹൂതിമഗ്നേ യാഹി വഷട്കൃതിം ജുഷാണഃ |**

**തുഭ്യം ദേവായ ദാശതഃ സ്യാമ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! നീ ദേവകളോടുകൂടി ഞങ്ങളുടെ യാഗത്തിൽ ആഗതനാകണമേ. ഞങ്ങൾ അങ്ങയുടെ തേജസ്സിൻെറ ഉപാസകരാകണേ. നീ ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

## സൂക്തം 15

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛസ് ഗായത്രി, ഉഷ്ണിക**

**1. ഉപസദ്യായ മീളഹുഷ ആസ്യേ ജുഹുതാ ഹവിഃ |**

**യോ നോ നേദിഷ്ഠമാപ്യം ||**

ഹേ ഋത്വിജരേ! യാതൊരഗ്നി നമ്മുടെ ആപ്തബന്ധുവായിരിക്കുന്നുവോ, അവൻെറ കൂട്ടുകാരനും, കാമ്യസാധകനുമായ അഗ്നിയുടെ വായിൽ ഹവിസ്സ് വിതറുവിൻ.

**2. യഃ പഞ്ച ചർഷണീരഭി നിഷസാദ ദമേദമേ |**

**കവിർഗൃഹപതിർയുവാ ||**

ഭവനങ്ങൾ കാത്തുരക്ഷിക്കുന്ന യുവാവായ അഗ്നി, പഞ്ചജനങ്ങൾക്കുമുമ്പായി ഓരോ ഭവനങ്ങളിലും അധിവസിക്കുന്നു.

**3. സ നോ വേദോ അമാത്യമഗ്നീ രക്ഷതു വിശ്വതഃ |**

**ഉതാസ്മാൻപാത്വംഹസഃ ||**

യാതൊരഗ്നി നമ്മുടെ മന്ത്രങ്ങൾ ഉപദേശിച്ചുതരുന്നുവോ; അവൻ തന്നെ നമ്മെ എല്ലാ വിഘ്നങ്ങളിൽ നിന്നും രക്ഷിക്കണേ. അവൻ തന്നെ നമ്മുടെ ധനത്തെ രക്ഷിക്കുകയും നമ്മെ പാപത്തിൽ നിന്നും മോചിപ്പിക്കുകയും ചെയ്യണേ.

**4. നവം നു സ്തോമമഗ്നയേ ദിവഃ ശ്യേനായ ജീജനം |**

**വസ്വഃ കവിദ്വനാതി നഃ ||**

ഗരുഡനെപ്പോലെ ദ്രുതഗാമിയായ അഗ്നിക്കുവേി നാം സ്തോത്രങ്ങൾ രചിക്കുന്നു. അവൻ നമുക്കു മഹത്തായ ധനം പ്രദാനം ചെയ്യണേ.

**5. സ്പാർഹ യസ്യ ശ്രിയോ ദൃശേ രയിർവീരവതോ യഥാ |**

**അഗ്രേ യജ്ഞസ്യ ശോചതഃ ||**

യജ്ഞത്തിൻെറ അഗ്രഭാഗത്തായി പ്രകാശിച്ചുകൊിരിക്കുന്ന അഗ്നി ജ്വാലകൾ പുത്രവാനായ യജമാനൻെറ ധനം പോലെ ശോഭനാജനകമാകുന്നു.

**6. സോമാം വേതു വഷ്ക്യതിമഗ്നിർജുഷത നോ ഗിരഃ |**

**യജിഷ്ഠോ ഹവ്യവാഹനഃ ||**

യജ്ഞകർത്താക്കളുടെ ശ്രേഷ്ഠമായ ഹവിസ്സ് വഹിച്ചുകൊുപോകുന്ന അഗ്നി നമ്മുടെ ഹവിസ്സുകളാലും, സ്തോത്രങ്ങളാലും പ്രസന്നമാകണേ.

**7. നി ത്വാ നക്ഷ്യ വിശ്പതേ ദ്യുമന്തം ദേവ ധീമഹി |**

**സുവീരമഗ്ന ആഹുത ||**

ഹേ അഗ്നേ! നീ യജമാനരാൽ ആഹുതനാക്കപ്പെടുന്നു. നീ വീരകർമ്മാവും, തേജസ്വിയും ആകുന്നു. ഹേ ലോകനായകാ! നിന്നെ ഞങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു.

**8. ക്ഷപ ഉസ്രശ്ച ദീദിഹി സ്വഗ്നയസ്ത്വയാ വയം |**

**സവീരസ്ത്വമസ്മയുഃ ||**

ഹേ അഗ്നേ! നീ രാവും പകലും ജ്വലിച്ചുകൊിരിക്കേണമേ. നീ ഞങ്ങളുടെമേൽ കൃപയുള്ളവനായി ശ്രേഷ്ഠകർമ്മങ്ങളെ ചെയ്യുന്നവനാകണമേ.

**9. ഉപ ത്വാ സാതയേ നരോ വിപ്രാസോ യന്തി ദീതിഭിഃ |**

**ഉപാക്ഷരാ സഹസ്ത്രിണീ ||**

ഹേ അഗ്നേ! ധനത്തെ അഭിലഷിക്കുന്ന യജമാനൻ അനുഷ്ഠാനങ്ങൾ വഴിയായി നിന്നെ സന്തുഷ്ടനാക്കുന്നു.

**10. അഗ്നീ രക്ഷാംസി സേധതി ശുക്രേശോചിരമർത്യഃ |**

**ശുചിഃ പാവക ഈഡ്യഃ ||**

ഹേ സ്തുത്യനായ അഗ്നേ! നീ ശ്രേഷ്ഠമായ ജ്വാലകളോടുകൂടിയവനും, പരിശുദ്ധനും, പരീക്ഷകനുമാണല്ലോ. രാക്ഷസൻമാരുടെ ഹിംസകാരികളായ പ്രയത്നങ്ങളെ തടയേണമേ.

**11. സ നോ രാധാംസ്യാ ഭരേശാനഃ സഹസോ യഹോ |**

**ഭഗശ്ച ദാതു വാര്യം ||**

ഹേ അഗ്നേ ലോകപാലകനായ ഭവാൻ ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യേണമേ. ഭഗദേവനും ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യണേ.

**12. ത്വമഗ്നേ വീരവദ്യശോ ദേവശ്ച സവിതാ ഭഗഃ |**

**ദിതിശ്ച ദാതി വാര്യം ||**

ഹേ അഗ്നേ! പുത്രപൗത്രാദികളാൽ സമ്പന്നമായ ധനം ഞങ്ങൾക്കു പ്രദാനം ചെയ്താലും സവിതാവും, ഭഗനും അദിതിയും

നമുക്കു ധനം പ്രദാനം ചെയ്യണേ.

**13.അഗ്നേ രക്ഷാണേ അംഹസഃ പ്രതി ഷ്മ ദേവ രീഷതഃ |**

**തവിഷ്ഠൈരജരോ ദഹ ||**

ഹേ അഗ്നേ! നീ ജരാരഹിതനാണല്ലോ. ഹിംസകൻമാരെ നിൻെറ സന്താപദായകമായി തേജസ്സാൽ ഭസ്മാക്കുകയും പാപങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ.

**14. അധാ മഹീന ആയസ്യനാവൃഷ്ടോ നൃപീതയേ |**

**പൗർഭവാ ശതഭുജിഃ ||**

ഹേ ദുർധർഷനായ അഗ്നേ! നീ ഞങ്ങളുടെ മനുഷ്യരുടെ രക്ഷയ്ക്കുവേി ഇരുമ്പു നഗരങ്ങൾ പണിയണമേ.

**15. ത്വം നഃ പാഹ്യം ഹസോ ദോഷാവസ്തരധായതഃ |**

**ദിവാ നക്തമദാഭ്യഃ ||**

ഹേ അഗ്നേ! അന്ധകാരത്തെ അകറ്റിയാലും ഞങ്ങളെ പാപങ്ങളിൽ നിന്നും, ദുഷ്ടരിൽനിന്നും രക്ഷിക്കണമേ.

## സൂക്തം 16

**ഋഷി വസിഷ്ഠൻ, ദേവത അഗ്നി, ഛന്ദസ് അനുഷ്ടുപ്, ബൃഹതി, പംക്തി.**

**1. ഏനാ വോ അഗ്നിം നമസോർജോ ന പാതമാ ഹുഹേ |**

**പ്രിയം ചേതിഷ്ഠമരതിം സ്വധ്വരം വിശ്വസ്യ ദൂതമമൃതം ||**

ഹേ യജമാനാ! ഞാൻ നിങ്ങൾക്കുവേി നവജാതനും, ഗതിമാനും, യജ്ഞവാനും, ദേവദൂതനും ആയ അഗ്നിയെ ആഹ്വാനം ചെയ്യുന്നു.

**2. സ യോജതേ അരുഷാ വിശ്വഭോജസാ സ ദുദ്രവത്സ്വാഹുതഃ |**

**സുബ്രഹ്മാ യജ്ഞഃ സുശമീ വസൂനാം ദേവം രാധോ ജനാനാം ||**

എല്ലാത്തിൻെറയും പാലകനാണല്ലോ ആ അഗ്നി. അവൻ അശ്വദ്വയത്തെ രഥത്തിൽ പൂട്ടുകയും ദേവകളുടെ അടുക്കലേയ്ക്കു പോകുകയും ചെയ്യുന്നു. അവൻ ശ്രേഷ്ഠമായ ആഹൂതിയോടുകൂടിയവനും, യജ്ഞയോഗ്യനും, സുന്ദരകർമ്മാവുമാകുന്നു. ആ അഗ്നിയുടെ ധനത്തെ വസിഷ്ഠവംശജരായ മഹർഷിമാർ പ്രാപിക്കണേ.

**3. ഉദസ്യ ശോചിർസ്ഥാദാജുഹ്വാനസ്യ മീളഹൂഷഃ |**

**ഉദ്ധൂമാസോ അരുഷാസോ ദിവിസ്പൃശഃ സമഗ്നി മിന്ധതേ നരഃ ||**

ഹേ ആഹ്വാനീയനായ അഗ്നിയുടെ തേജസ്സ് ഉയർന്നുകൊയേിരിക്കുന്നു. ഇതിൻെറ ധൂമം അന്തരീക്ഷത്തെ സ്പർശിക്കുന്നു. എല്ലാമനുഷ്യരും അഗ്നിയെ പ്രദീപ്തമാക്കുന്നു.

**4. തം ത്വാ ദൂതം കൃൺമഹേ യശസ്തമം ദേവാം ആ വീതയേ വഹ |**

**വിശ്വാ സൂനോ സഹസോ മർതഭോജാ രാസ്വ തദ്യത്ത്വേമഹ ||**

ഹേ അഗ്നേ! നീ യശ്വസിയാകുന്നു. ഞങ്ങളങ്ങയെ ദൂതരൂപത്തിൽ വരിക്കുന്നു. നീ ഹവിസ്സ് വഹിച്ചുകൊ്ദേവഹ്വാകകനാകേണമേ. ഞങ്ങൾ യാചിക്കുമ്പോൾ ഞങ്ങൾക്ക് ഉപയോഗയോഗ്യമായ ധനം ദാനം ചെയ്യണമേ.

**5. ത്വമഗ്നേ ഗൃഹപതി സ്ത്വം ഹോതാ നോ അധ്വരേ |**

**ത്വം പാതാ വിശ്വവാര പ്രചേതാ യക്ഷി വേഷി ച വാര്യം ||**

ഹേ അഗ്നേ! എല്ലാ ജീവികളും നിന്നെ പൂജിക്കുന്നു. ഭവാൻ ഞങ്ങളുടെ യജ്ഞത്തിൽ ഗൃഹപതിയാകണമേ. നീ ഹോതവും പോതാവുമാണല്ലോ. നീ യജ്ഞത്തിൽവന്നു ഹവിസ്സ് ഭക്ഷിക്കണേ.

**6. കൃധി രത്നം യജമ നായ സുക്രതോ ത്വം ഹി രത്ധാ അസി |**

**ആ ന ഋതേ ശിശീഹി വിശ്വമൃത്വിജം സുശംസോ യശ്ച ദക്ഷതേ ||**

ഹേ അഗ്നേ! ശ്രേഷ്ഠകർമ്മാവായ നീ യജമാനന് രത്നങ്ങൾ ദാനം ചെയ്യണമേ. ഞങ്ങളുടെ യജ്ഞത്തിൽ എല്ലാവരേയും തേജസ്ക്കരിക്കണമേ. ഹോതാവിനെ വൃദ്ധിപ്പെടുത്തണമേ.

**7. ത്വേ അഗ്നേ സ്വാഹുത പ്രിയാസഃ സന്തു സൂരയഃ |**

**യന്താരോ യേ മഘവാനോ ജനാന മൂർവാന്ദയന്ത ഗോനാം ||**

ഹേ അഗ്നേ! വിധിപ്രകാരം നിന്നെ ആഹ്വാനം ചെയ്യുന്നു, ഏതെങ്കിലും ധനികനായ ദാതാവ് ഗോധനം ദാനം ചെയ്യുന്നുവോ, അവൻ ദേവകൾക്കു പ്രീതിഭാജനമായി ഭവിക്കുന്നു.

**8. യേഷാമിളാ ഘൃതഹസ്താ ദുരോണ ആം അപി പ്രാതാ നിഷീദതി |**

**താം സ്ത്രായസ്വ സഹസ്യു ദ്രുഹോ നിദോ യച്ഛാ ന ദീർഘശ്രുത് ||**

യാതൊരുഭവനങ്ങളിൽ ഹവിസ്സ് രൂപിണിയായ ദേവി പൂർണ്ണായി വസിക്കുന്നുവോ. ഹേ ബലവാനായ അഗ്നേ! ആ ഭവനങ്ങളെ ദുഷ്ടരിൽ നിന്നും, നിന്ദകൻമാരിൽ നിന്നും രക്ഷിക്കേണമേ. ഞങ്ങൾക്കു സുഖം പ്രദാനം ചെയ്യണേ. ഇതുകൊ് ഞങ്ങൾ നിന്നെ സ്തുതിച്ചുകൊിരിക്കും.

**9. സ മന്ദ്രയാ ച ജിഹ്വയാ വഹ്നിരാസാ വിദുഷ്ടരഃ |**

**അഗ്നേ രയിം മഘവദ്ഭ്യോ ന ആ വഹ ഹവ്യദാതിം ച സൂദയ ||**

ഹേ അഗ്നേ! നീ മേധാവിയും ഹവിസ്സ് വാഹകനുമാണല്ലോ. നീ ഞങ്ങൾക്ക് സുഖത്തിൽ സ്ഥിരമായ മധുരവാണി വഴിയായി ധനം നല്കണേ. ഹവിസ്സ് ദനികളായ ഞങ്ങളെ കർമ്മനിരതനാക്കണമേ.

**10. യേ രാധാംസി ദദത്യശ്വ്യാ മഘാ കാമേന ശ്രവസോ മഹഃ |**

**താം അംഹസഃ പിപൃഹി പിതൃഭിഷ്ട്വം ശതം പൂഭിര്യ വിഷ്ഠ്യ ||**

ഹേ അഗ്നേ! നിൻെറ യജമാനൻ യശസ്സിനെ കാംക്ഷിച്ചുകൊ് ഹവിസ്സ് ദാനം തുടരുന്നു. അവനെ പാപത്തിൽ നിന്നും രക്ഷിക്കേണമേ.

**11. ദേവോ വോ ദ്രവിണോദാഃ പൂർണാം വിവഷ്ട്വാസിചം |**

**ഉദ്വാ സിഞ്ചധ്വമുപ വാം പൃണധ്വമാദിദ്വോ ദേവ ഓഹതേ ||**

ഹേ സ്തോവേ! അഗ്നി നിങ്ങളുടെസ്വവത്തെ ഇഷ്ടപ്പെടുന്നു. നിങ്ങൾ സ്വന്തം പാത്രത്തെ സോമത്താൽ പൂർണ്ണമാക്കി വക്കുവിൻ അപ്പോൾ അവൻ നമ്മുടെ യജ്ഞത്തെ വഹിച്ചുകൊപോകും.

**12. തം ഹോതാരമധ്വരസ്യ പ്രചേതസം വഹ്നിം ദേവാ അകൃണ്വത |**

**ദധാതി രത്നം വിധതേ സുവീര്യമഗ്നിർജനായ ദാശുഷേ ||**

ഹേ ദേവകളെ! നിങ്ങൾ ബുദ്ധിമാനായ അഗ്നിയെ

ഹോതാവാക്കി നിശ്ചയിച്ചു. അഗ്നി യജമാനനു സുന്ദരമായ ദ്രാനം ചെയ്യുന്നവനാകണേ.

## സൂക്തം 17

**ഋഷി വസിഷ്ഠൻ ദേവത അഗ്നി ഛന്ദസ് ഉഷ്ണിക, ത്രിഷ്ടുപ്, പംക്തി**

**1. അഗ്നേ ഭവ സുഷമിധാ സമിദ്ധ ഉത വർഹിരുർവിയാ വി സ്തൃണീതാം ||**

ഹേ അഗ്നേ! സമിധവഴിയായി സമൃദ്ധിയെ പ്രാപിച്ചാലും. ഈ യജ്ഞത്തിൽ അധ്വര്യുക്കൾ കശപ്പുല്ലു വിരിച്ചിരിക്കുന്നു.

**2. ഉത ദ്വാര ഉശതീർവി ശ്രയന്താമുത ദേവാം ഉശത ആ വഹേഹ ||**

ഹേ അഗ്നേ! ദേവകളെ ആഗ്രഹിക്കുന്നവർക്കുവേ വാതലുകൾ തുറന്ന് ആശ്രയരൂപനായി, യജ്ഞത്തെ ആഗ്രഹിക്കുന്ന ദേവകളെ ആഹ്വാനം ചെയ്താലും.

**3. അഗ്നേ വീഹി ഹവിഷാ യക്ഷി ദേവാൻത്സ്വധ്വരാ കൃണുഹി ജാതവേദഃ ||**

ഹേ അഗ്നേ! ദേവകൾക്കഭിമുഖമായി ഗമിച്ചാലും. ഹവിസ്സിനാൽ യജ്ഞം നടത്തുകയും, ഞങ്ങളുടെ യജ്ഞത്തെ ദേവകളുടെ സന്തോഷത്തിനും കാരണമാക്കുകയും ചെയ്താലും.

**4. സ്വധ്വരാ കരതി ജാതവേദാ യക്ഷദ്ദേവാം അമൃതാൻപി പ്രയച്ച ||**

ഹേ അഗ്നേ! അവിനാശികളായ ദേവകളെ യജ്ഞത്തോടു ചേർക്കണമേ. അവർക്കു ഹവിസ്സ് നൽകി സ്തുതികളാൽ പ്രസന്നനാക്കൂ.

**5. മംസ്വ വിശ്വാ വാര്യാണി പ്രചേതഃ സത്യാ ഭവന്ത്വാശിഷോ നോ അദ്യ ||**

ഹേ അഗ്നേ! ഞങ്ങൾക്ക് എല്ലാ ധനവും നൽകേണമേ, ഞങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന ആശീർവചനങ്ങൾ സത്യമാകണേ.

**6. ത്വാമു തേ ദധിരേ ഹവ്യവാഹ ദേവാസോ അഗ്ന ഊർജ ആ നപാതം ||**

ഹേ ബലോല്പന്നനായ അഗ്നേ ! എല്ലാദേവകളും നിന്നെ ഹവിർവാഹകനാക്കിയിരിക്കുന്നു.

**7. തേ തേ ദേവായ ദാശതഃ സ്യാമ മഹോ നോ രത്നാ വി ദധ ഇയാനഃ ||**

ഹേ അഗ്നേ! നീ തേജസ്വിയാണല്ലോ.ഞങ്ങൾ നിനക്കു ഹവിസ്സ് പ്രദാനം ചെയ്യും. നീ മഹാനാകുന്നു. ഞങ്ങൾക്ക് രത്നധനം പ്രദാനം ചെയ്യണേ.

## അനുവാകം 2 സൂക്തം 18

**ഋഷി വസിഷ്ഠൻ, ഛന്ദസ് ത്രിഷ്ടുപ്, ദേവത ഇന്ദ്രൻ.**

**1. ത്വേ ഹ യത്പിതരശ്ചിന്ന ഇന്ദ്ര വിശ്വാ വാമാ ജരിതരേ അസന്വൻ |**

**ത്വേ ഗാവഃ സുദുഘാസ്ത്വേ ഹ്യശ്വാസ്ത്വം വസു ദേവയതേ വനിഷ്ഠഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ പൂർവ്വൻമാർ നിൻെറസ്തുതികൾ വഴിയായി സമസ്തസമ്പത്തുകളും പ്രാപിച്ചിരിക്കുന്നു. നിൻെറ കർമ്മത്താൽ തന്നെ ഗോക്കൾ ദോഹനകർമ്മം വഴിയായി പാലുള്ളവയായിത്തീർന്നു. ദേവകളുടെ ഉപാസകൻമാർക്ക് ശ്രേഷ്ഠമായ ധനം നീ ദാനം ചെയ്യുന്നു.

**2. രാജേവ ഹി ജനിഭി ക്ഷേഷ്യേവാവ ദ്യുഭിരഭി വിദുഷ്കവിഃസൻ |**

**പിശാ ഗിരോ മഘവൻഗോഭിരശ്വൈസ്ത്വായ തഃ ശിശീഹി രായേ അസ്മാൻ ||**

ഹേ ഇന്ദ്രാ! നീ മഹാ തേജസ്വിയായിക്കൊരിക്കുന്നു. ഭവാൻ മേധാവിയും കവിയുമാകുന്നു. സ്തോതാക്കൾക്ക് ഗോക്കളേയും, സ്വർണ്ണത്തേയും നൽകണമേ. ഞങ്ങൾ നിന്നെ ഉപാസിക്കുന്നു. നീ ഞങ്ങളെ ധനത്തിനു യോഗ്യരാക്കേണമേ.

**3. ഇമാ ഉ ത്വഅ പസ്പൃധാനസോ നത്ര മന്ദ്രാ ഗിരോ ദേവയന്തീരൂപ സ്ഥുഃ |**

**അർവാചീ തേ പഥ്യാ രായ ഏതു സ്യാമ തേ സുമതാവിന്ദ്ര ശർമൻ ||**

ഹേ ഇന്ദ്രാ! നിൻെറ അടുക്കലേയ്ക്ക് രമണീയങ്ങളായ ഞങ്ങളുടെ സ്തുതികൾ പുറപ്പെട്ടിരിക്കുന്നു. നിൻെറ ധനം ഞങ്ങളിൽ വന്നു ചേരട്ടെ. ഞങ്ങൾ നിൻെറ അനുഗ്രഹത്താൽ സുഖം പ്രാപിക്കണേ.

**4. ധേനും ന ത്വാ സൂയവസേ ദുദുക്ഷന്നുപ ബ്രഹ്മാണി സസൃജേ വസിഷ്ഠഃ |**

**ത്വമിൻമേ ഗോപതിം വിശ്വ ആഹാ ന ഇന്ദ്രഃ സുമതിം ഗന്ത്വച്ഛ ||**

ജ്ഞാനിയായ വസിഷ്ഠൻ നല്ല പുല്ലു തിന്നുന്നവളും തൊഴുത്തിൽ വസിക്കുന്നവളുമായ ഗോവിനു തുല്യമായി സ്തോത്രരൂപമായ കിടാവിനെ ജനിപ്പിക്കുന്നു. എല്ലാവരും നിന്നെ ഗോക്കളുടെ സ്വാമിയായംഗീകരിക്കുന്നു. ഹേ ഇന്ദ്രാ! ഞങ്ങളുടെ സ്തുതികളെ സമീപിച്ചാലും.

**5. അർണാംസി ചിത്പപ്രഥാനാ സുദാസ ഇന്ദ്രോ ഗാധാന്യകൃണോത്സുപാരാ |**

**ശർധന്തം ശിമ്യുമുപഥസ്യ നവ്യഃശാപം സിന്ധൂനാമകൃണോദശസ്തീഃ ||**

ഹേ ഇന്ദ്രാ! വക്രഗതിയായ പരാഷ്ണി നദിയിൽക്കൂടി സുദാസരാജനെ കരയ്ക്കു വരുവാൻ യോഗ്യനാക്കി. നദിയുടെ തരംഗങ്ങളിൽക്കൂടിയുള്ള സ്തോതാവിൻെറ പോക്കുവരവിനെ തടയുന്ന ശാപത്തെ നീ തന്നെ നശിപ്പിച്ചു.

**6. പുരോളാ ഉത്തുർവശോ യക്ഷുരാസീദ്രയോ മത്സ്യാസോ നിശിതാ അപീവ |**

**ശ്രുഷ്ടിം ചക്രുർഭൃഗുവോ ദ്രുഹ്യവശ്ച സഖാ സഖായമതരദ്വിഷൂ ചോഃ ||**

തുർവശൻ എന്ന യജ്ഞകർത്താവായ രാജാവ് ഭൃഗുക്കളും മത്സ്യത്തെപ്പോലെ വലയിൽക്കെടുത്തിയിട്ടും തുർവ്വശനും സുദാസനും ധനത്തിനുവേ ഇന്ദ്രന സന്ദർശിച്ചു. ഇവരിൽ ഒരാളെ ഇന്ദ്രൻ വധിക്കുകയും സുദാസനെ കരകയറ്റുകയും ചെയ്തു.

**7. ആ പക്ഥാ സോ ഭലാനസോ ഭനന്താലിനാസോ വിഷാണിനഃ ശിവാസഃ |**

**ആ യോ നയ ത്സധമാ ആര്യസ്യ ഗവ്യാ തൃത്സുഭ്യേ അജഗന്ന്യുധാ നൃൻ ||**

ഹവിസ്സ് പാകം ചെയ്യുന്നവരും, മംഗളസുഖരായ

ദീക്ഷിതപുരുഷരും ഇന്ദ്രൻ ഗോക്കളെ മോചിപ്പിച്ചുകൊുവരുന്നു. അപ്പോൾ ഗോക്കളെ മറച്ചവരായ രാക്ഷസൻമാരെ അവൻ വധിച്ചു.

**8. ദുരാധ്യോ അദിതിം സ്രേവയന്തോ ചേതസോ വി ജഗൃഭ്രേ പരുഷ്ണീം |**

**മഹ്നാവിവ്യക് പൃഥിവീ പത്യമാനഃ പശുഷ്കവിരശയച്ചായമാഃ ||**

ദുഷ്ടഹൃദയരായ ശത്രുക്കൾ പരുഷ്ണിനദിയെ ഇടിച്ചുനിരപ്പാക്കി സുദാസൻ ഇന്ദ്രൻെറ കൃപാബലം പ്രാപിച്ചുകഴിഞ്ഞിരുന്നു ചായമാനൻെറ പുത്രനായ കവിയെ സുദാസൻ വളർത്തുമൃഗത്തെപ്പോലെ നിലംപതിച്ചു.

**9. ഈയുരർഥ ന ന്യർഥ പരുഷ്ണീശുശ്ചനേ ദഭിപിത്വം ജഗാമ |**

**സുദാസ ഇന്ദ്രഃ സുതുകാം അമിത്രനരന്ധയൻമാനുഷേ വധ്രിവാചഃ ||**

ഇന്ദ്രൻ പരുഷ്ണിനദിയുടെ തീരത്തെ ശരിയാക്കി അപ്പോൾ അതിലെ ജലം നിശ്ചിത ദിക്കിലേക്കു പോയി അപ്പോൾ ഇന്ദ്രൻ സുദാസൻെറ ശത്രുക്കളെ തനിക്കധീനമാക്കി.

**10. ഈയുർഗാവോ ന യവസാദപോ യഥാകൃതമഭി മിത്രം ചിതാസഃ |**

**പൃശ്നിഗാവഃ പൃിനിപ്രേഷിതാസഃ ശ്രുതിം ചക്രുർനിയുതേ രന്തയശ്ച ||**

ഇടയനെക്കൂടാതെ ഗോക്കൾ യവവയിലിലേയ്ക്കു പ്രവേശിക്കുന്നതുപോലെ, മാതാവിനാൽ പ്രേരിതമായ മരുത്തുക്കൾ തങ്ങളുടെ ഇഷ്ടാനുസരണം ഇന്ദ്രൻെറ അടുക്കലേയ്ക്കുചെന്നു അപ്പോൾ മരുത്തുക്കളുടെ അംശങ്ങളും പ്രസന്നതയെ പ്രാപിച്ചു.

**11. ഏകം ച യോ വിംശതിം ച ശ്രവസ്യാ വൈകർണയോജനാൻരാജാ ന്യസ്തഃ |**

**ദസ മോ ന സദ്മന്നി ശിശാതി ബർഹിഃ ശൂരഃ സർഗമകൃണോദിന്ദ്രഃ ||**

രാജാവായ സുദാസൻ രു പ്രദേശങ്ങളിലെ ഇരുപത്തൊന്നു പുരുഷൻമാരെ വധിച്ച് ീർത്തി സമ്പാദിച്ചു. അധ്വര്യുക്കൾ ദർഭമുറിക്കുന്നതുപോലെ രാജാവ് ശത്രുക്കളെ അരിഞ്ഞുവീഴ്ത്തി. സുദാസനൻെറ സഹായത്തിനുവേി ഇന്ദ്രൻ മരുത്തുക്കളെ പ്രകടമാക്കി.

**12. അധ ശ്രുതം കവഷം വൃദ്ധമപ്സ്വനു ദ്രുഹ്യം നി വൃണഗ്വജ്രബാഹുഃ |**

**വൃണാന അത്ര സഖ്യായ സഖ്യം ത്വായന്തോ യേ അമദന്നനു ത്വാ ||**

പിന്നീട് വജ്രഹസ്തനായ ഇന്ദ്രൻ ദ്രുഹ്യു, ശ്രുതൻ, വൃദ്ധൻ എന്നീ പേരുകളോടുകൂടിയ ശത്രുക്കളെ ജലത്തിൽ മുക്കി. ആ സമയംഅവനെ സ്തുതിച്ചു പുരുഷൻമാരെല്ലാം അവൻെറ സഖാക്കളായിത്തീർന്നു.

**13. വി സദ്യോ വിശ്വാ ദൃംഹിതാ ന്യേഷാമിന്ദ്രഃ പുരഃ സഹസാ സപ്ത ദർദഃ |**

**വ്യാനമസ്യ തൃത്സവേ ഗയം ഭാഗ്ജേഷ്മ പൂരം വിദഥേ മൃധ്രവാചം ||**

ഇന്ദ്രൻ തൻെറ ശക്തിയാൽ മുൻപറഞ്ഞ ശത്രുക്കളുടെ നഗരങ്ങളെ തകർക്കുകയും അനുപുത്രനെ തൃത്സുവിനു പിടിച്ചുകൊടുക്കുകയും ചെയ്തു. ഹേ ഇന്ദ്രാ! കഠോരവക്താക്കളായ ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കത്തക്കവിധം ഞങ്ങളുടെ മേൽ കൃപ ചെയ്യണമേ.

**14. നി ഗവ്യാവോ നവോ ദുഹ്യവശ്ച ഷഷ്ടിഃ ശതാ സുഷുപുഃ ഷ് സഹസ്രാ |**

**ഷഷ്ടിർവീരാസോഅധി ഷഡ് ദുവോയു വിശ്വേദിന്ദ്രസ്യ വീര്യാ കൃതാനി ||**

അനുവിൻെറയും, ദ്രുഹ്യുവിൻെറയും ഗോക്കളെ കാമിച്ച അറുപതിനായിരത്തി അറുപത്തിയാറു സംബന്ധികളെ സുദാസനുവേി വധിച്ചു. ഈ കർമ്മങ്ങളെല്ലാം ഇന്ദ്രൻെറ വീരത്വത്തെ പ്രകടമാക്കുന്നു.

**15. ഇന്ദ്രേണൈതേ തൃത്സവോ വേവിഷാണാ ആപോ ന സൃഷ്ടാ അഘവന്ത നീചിഃ |**

**ദുർമിത്രാസഃ പ്രകലവിൻമിനാനാ ജജൂഹൂർവിശ്വാനി ഭോജനാ സുദാസോ ||**

അപ്പോൾ ഈ തൃത്സുവംശജർ രണഭൂമിയിൽ നിന്നും പാലായനം ചെയ്യുവാൻ തുടങ്ങി. എന്നാൽ തടസ്സം സൃഷ്ടിച്ചതുകാരണം തങ്ങളുടെ ധനമെല്ലാം അവർ സുദാസനു കാഴ്ച വച്ചു.

**16. അർധം വീരസ്യ ശൃതപാമനിന്ദ്രം പര ശർധന്തം നുനുദേ അഭി ക്ഷാഃ |**

**ഇന്ദ്രോ മന്യും മന്യുമ്യോ മിമായ ഭേജേ പഥോ വർതാനിം പത്യമാനഃ ||**

ഹിംസകരും യാഗശൂന്യരും ഇന്ദ്രവിരോധികളുമായ പുരുഷൻമാരെ സുദാസനുവേി ഇന്ദ്രൻ ഭൂമിയിൽ നിന്നും വിരട്ടിയോടിച്ചു. അവൻ ക്രോധിതരായ ശത്രുക്കളുടെ ക്രോധത്തെ വ്യർഥമാക്കി. അപ്പോൾ സുദാസൻെറ ശത്രുക്കൾ യുദ്ധത്തിൽ നിന്നു പിൻവാങ്ങി.

**17. ആധ്രേണ ചിത്തദോകം ചകാര സിംഹ്യം ചിത്പേത്വേനാ ജഘ്നാനഃ |**

**അവ സ്രക്തീർവേശ്യാവൃശ്ചദിന്ദ്ര പ്രായച്ഛദ്വിശ്വാ ഭോജനാ സുഭാസേ ||**

ഇന്ദ്രൻ നിസ്വനെ കൊുമഹാദാനം നല്കിച്ചതുപോലെ മാടിനെ കൊു സിംഹത്തെ കൊല്ലിച്ചതുപോലെ മൂവത്തിൻെറയും മറ്റും കോണുകൾ തുശിയാൽ ചെത്തിച്ചതുപോലെ വേതെല്ലാം സുദാസനു നൽകി.

**18. ശശ്വന്തോ ഹി ശത്രവോ രാരധുഷ്ടേ ഭേദസ്യ ചിച്ഛർധാതോ വിന്ദ രന്ധിം |**

**മർതാം ഏനഃ സ്തുവതോ യഃ കൃണോതി തിഗ്മം തസ്മിന്നി ജഹി വജ്രമിന്ദ്ര ||**

ഹേ ഇന്ദ്രാ! നീ തൻെറ ശത്രുക്കളെ പശീഭൂതരാക്കുന്നു. ഈ നാസ്തികനെ വശീകരിക്കേണമേ. ഇവൻ നിൻെറ സ്തോതാവിന് അഹിതം പ്രവർത്തിക്കുന്നു. ഇവനെ നശിപ്പിക്കേണമേ.

**19. ആവദിന്ദ്രം യമുനാ തൃത്സവശ്ച പ്രാത്ര ഭേദം സർവതാതാ മുഷായത് |**

**അജാസശ്ച ശിഗ്രവോ യക്ഷവശ്ച ബലിം ശീർഷാണി ജഭ്രു**

**രശ്വ്യാനി ||**

ഈ യുദ്ധത്തിൽ ഇന്ദ്രൻ നാസ്കിതനെ വധിച്ചു. യമുന അവനെ സുഖിപ്പിച്ചു. യക്ഷുവും അജനും ഉപകാരങ്ങൾ സമർപ്പിച്ചു. തൃസുക്കൾ അവനെ പ്രസാദിപ്പിച്ചു.

**20. ന ത ഇന്ദ്ര സുമതയോ ന രായഃ സഞ്ചക്ഷേ പൂർവാ ഉഷസോ ന നൂത്നാഃ |**

**ദേവകം ചിൻമാന്യമാനം ന രായഃ സഞ്ചക്ഷേ ത്മനഹൃഹതഃ ശംബരഭേത് ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ പ്രാചീനകർമ്മങ്ങൾ ഉഷസ്സിനു തുല്യം വർണ്ണനാതീതങ്ങളാകുന്നു. നിൻെറ നവീനകർമ്മങ്ങളെ വർണ്ണിക്കുന്നതും വളരെ വിഷമമാണ്. നീ ദേവകനെ കൊന്നു, കല്ലുകൊ് ശംബരനേയും സംഹരിച്ചു.

**21. പ്ര യേ ഗ്രഹാദമമദുസ്ത്വായാ പരാശരഃ ശതയാതുർവ സിഷ്ഠഃ |**

**ന തേ ഭോജസ്യ സഖ്യം മൃഷന്താധാ സൂരഭ്യഃ സുദിനാ വ്യച്ഛാൻ ||**

ഹേ ഇന്ദ്രാ! ആരെകൊല്ലുവാൻ രാക്ഷസൻമാഗ്രഹിച്ചിരുന്നുവോ, ആ വസിഷ്ഠനും, പരാശരനും നിന്നെ സ്തുതിച്ചിരുന്നു. അവർ നിൻെറ മൈത്രിയെ മറന്നിരുന്നില്ല. എന്തുകൊന്നൊൽ നീ അവരെ രക്ഷിച്ചിരുന്നുവല്ലോ.

**22. ദ്വേ നപ്തുർദേവവതഃശതേ ഗോർദ്വാ രഥാ വധൂമന്താ സുദാസഃ |**

**അർഹന്നഗ്നേ പൈജവനസ്യ ദാനംഹോരേവ സദ്മപർയേഭി രേഭൻ ||**

ഹേ ഇന്ദ്രാ! നീ ദേവൻമാരിൽ ശ്രേഷ്ഠനുമാകുന്നു. ഞാൻ നിന്നെ സ്തുതിച്ചുകൊ് സുദാസനിൽ നിന്നും നൂറുഗോക്കളേയും രുരഥത്തേയും സ്വീകരിച്ചു. ഹോതാവിനെപ്പോലെ ഞാനും യാഗസ്ഥലത്തേയ്ക്കു പോകുന്നു.

**23. ചത്വാരോ മാ പൈജവനസ്യ ദാനാഃ സ്മാദ്ദിഷ്ടയഃ കൃശനിനോ നിരേകേ |**

**ഋജ്രാസോ മാ പൃഥിവിഷ്ഠാഃ സുദാസസ്തോകം തോകായ ശ്രവസേ വഹന്തി ||**

സുദാസരാജാവിൻെറ ഭക്തിദാനാദികർമ്മങ്ങളോടു കൂടിയ സ്വർണ്ണാലങ്കാര വിഭൂഷതങ്ങളും സരളഗാമികളുമായ നാലരശങ്ങൾ പാലനയോഗ്യനായ വസിഷ്ഠനെ പുത്രനെപ്പോലെ കൊുപോകുന്നു.

**24. യസ്യ ശ്രവോ രോദസീ അന്തരുർവി ശീർഷ്ണേ ശീർഷ്ണേ വിബഭാജാ വിഭക്താ |**

**സപ്തേദിന്ദ്രം ന സ്രവതേ ഗൃണന്തി നി യുധ്യാമധിമശിശാദഭീകേ ||**

ആകാശത്തിലും ഭൂമിയിലും വളർന്ന യശസ്സോടു കൂടിയ സുദാസരാജൻ ഉത്തമകർമ്മാക്കളായ ബ്രാഹ്മണർക്ക് ധനം ദാനം നൽകുന്നു. ഇന്ദ്രനു തുല്യം അവൻ സ്തുതിക്കപ്പെടുന്നു. യുദ്ധമുകുമ്പോൾ യുധ്യാമതി എന്നു പേരുള്ള ശത്രുവിനെ നദികൾ നശിപ്പിച്ചിരുന്നു.

**25. ഇമം നരോ മരുതഃ സശ്ചതാനു ദിവോദാസം ന പിതരം സുദാസഃ |**

**അവിഷ്ടനാ പൈജവനസ്യ കേതം ദൂണാശം ക്ഷത്രമജരം ദുവോയു ||**

ഹേ മരുത്തുക്കളേ! ഈ രാജാവ് സുദാസൻെറ പിതാവാകുന്നു. നിങ്ങൾ ഇവനെപ്പോലെ സുദാസനേയും രക്ഷിക്കണം. ഇവൻെറ ശക്തിക്ഷയിക്കാതിരിക്കണേ. നിങ്ങൾ ഇവൻെറ ഭവനത്തെയും രക്ഷിക്കണേ.

## സൂക്തം 9

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ് പംക്തി.**

**1. യസ്തിമശൃങ്ഗോ വൃഷഭോ ന ഭീമ ഏകഃ കൃഷ്ടീശ്ച്യാവയതി പ്ര വിശ്വാഃ |**

**യഃ ശശ്വതോ അദാശുഷോ ഗയസ്യ പ്രയന്താസി സുഷ്വിതരായ വേദഃ ||**

കൊമ്പുകൂർത്ത വൃഷഭംപോലെ ഉഗ്രനായ ഇന്ദ്രൻ തൻെറ ശത്രുക്കളെ ഏകനായി നിലം പതിപ്പിക്കുകയും അവരുടെ വീടുകൾ പിടിച്ചെടുക്കുകയും ചെയ്യുന്നു, ഇന്ദ്രൻ സോമം പിഴിയുന്ന യജമാനന് ധനം നൽകുന്നു.

**2. ത്വം ത്യഹദിന്ദ്ര കുത്സമാവഃ ശുശ്രൂഷമാണസ്തന്വാ സമർയേ |**

**ഭാസം യച്ഛ്തൂഷ്ണം കുയവം ന്യസ്മാ അരന്ധയ ആർജ്ജുനേയായ ശിക്ഷൻ ||**

ഹേ ഇന്ദ്രാ! നീ കുത്സനും ധനം നൽകിയല്ലോ. ദസ്യുക്കളായ ശുഷ്ണനെയും കുയവനേയും ജയിച്ച സമയം കുത്സനെ രക്ഷിക്കുകയും ചെയ്തിരുന്നുവല്ലോ.

**3. ത്വം ധൃഷ്ണോ ധൃഷതാ വീതഹവ്യം പ്രാവോ വിശ്വാമിന്ദ്രതിഭിഃ സുദാസം |**

**പ്ര പൗരുകുത്സിം ത്രസദസ്യുമാവഃ ക്ഷേത്രസാതാ വൃത്രഹത്യേഷു പൂരും ||**

ഹേ ഇന്ദ്രാ! ഹവിസ്സ് ദാതാവായ സുദാസനെ രക്ഷിച്ചരുളണമേ. രണഭൂമിയിൽപുരുകുത്സപുത്രനായ പുരുവിനെയും രക്ഷിക്കേണമേ.

**4. ത്വം നൃഭിർനൃമ്ണോ ദേവവീതൗ ഭൂരീണി വൃത്രാ ഹർയശ്വ ഹംസി |**

**ത്വം നി ദസ്യും ചുമരിം ധുനിം ചാസ്വാപയോ സുഹന്തു ||**

ഹേ ഇന്ദ്രാ!നീ സ്തുത്യനാകുന്നു. മരുത്തുക്കളുടെ സഹായത്തോടുകൂടി അനേകം ശത്രുക്കളെ വധിച്ചു. ദഭീതിയെ രക്ഷിക്കുവാൻ വേി നീ ദസ്യുവിയേും, ചുമരിനേയും, ധുനിയേയും സംഹരിച്ചു.

**5. തവ ച്യൗത്നാനി വജ്രഹസ്താനി തവ യത്പുരോ നവതിം ച സദ്യഃ |**

**നിവേശനേ ശതമാവിവേഷീരഹൻ ച വൃത്രം നമുചിമുതാഹൻ ||**

ഹേ വജ്രായുധാ! നീ ശംബരൻെറതൊണ്ണൂറ്റൊൻപതു നഗരങ്ങളെ ധ്വംസിക്കുകയും നൂറാമത്തെ നഗരത്തെ തൻെറ നിവാസത്തിനായി അധീനത്തിലാക്കുകയും വൃത്രനേയും നമുചിയേയും കൊല്ലുകയും ചെയ്തു.

**6. സനാതാ ത ഇന്ദ്ര ഭോജനാനി രാതഹവ്യായ ദാശുഷേ സദാസേ |**

**വൃഷ്ണേ തേ ഹരീ വൃഷണാ യുനജ്മി വ്യന്തു ബ്രഹ്മാണി**

**പുരുശാക വാജം ||**

ഹേ ഇന്ദ്രാ! സുദാസൻ നിൻെറ ഐശ്വര്യം പ്രാപിച്ചു. നീ അഭീഷ്ടവർഷകനാണല്ലോ. ഞാൻ നിനക്കുവേി അശ്വങ്ങളെ പൂട്ടു. നീ മഹാശക്തനുമാകുന്നു. ഈ സ്തുതി അങ്ങയുടെ അടുക്കലേയ്ക്കു വരുന്നു.

**7. മാ തേ അസ്യാം സഹസാവൻപരിഷ്ടാവധായ ഭൂമ ഹരിവഃ പരാദൈ |**

**ത്രായസ്വ നോ വൃകേഭിർ വരൂഥസ്തൈവപ്രിയാസഃ സൂരിഷ്ഠ സ്യാമ ||**

ഹേ ശക്തിമാനേ! നിൻെറ ഈ യജ്ഞത്തിൽ ഞങ്ങൾ പാപത്തിൻെറ പങ്കാളികളാകാതിരിക്കണേ. നീ ഞങ്ങളെ എല്ലാപ്രകാരത്തിലും രക്ഷിക്കേണമേ. ഞങ്ങൾ സ്തോതാക്കളിൽ സർവ്വപ്രിയരാകണേ.

**8. പ്രിയാസ ഇത്തേ മഘയന്നഭിഷ്ടൗ നരോ മദേമ ശരണേ സഖായഃ |**

**നി തുർവശം നി യാദ്വം ഗിശീഹ്യതിഥിഗ്വായ ശംസ്യം കരിഷ്യൻ ||**

ഹേ ഇന്ദ്രാ! നിൻെറ യജ്ഞത്തിൽ ഭവാൻെറ പ്രീതിഭാനങ്ങളായ ഞങ്ങൾ സുഖികളാകണേ. നീ അതിഥി പൂജകായ സുദാസനു സുഖി നൽകുകയും കുർവശനേയും യാദ്വാനേയും തനിക്കധീനമാക്കുകയും ചെയ്യണേ.

**9. സദ്യശ്ചിന്നു തേ മഘവന്നിഷ്ട നരഃ ശംസന്ത്യുക്ഥശാസ ഉക്ഥാ |**

**യേ തേ ഹവേഭിർവി പംണീരദാശന്നസ്മാൻ വൃണീഷ്വ യുജ്യായ തസ്മൈ ||**

ഹേ ഇന്ദ്രാ! നിൻെറ യജ്ഞത്തിൽ ഞങ്ങൾ ഉക്ഥം ഉച്ചിരിക്കുന്നു. നിൻെറ ഹവിസ്സ് വഴിയായി ലഭ്യമായ ധനത്താൽ ഞങ്ങൾ പ്രമാണികളേയും സഹായിക്കുന്നു. നീ സ്വന്തം മിത്രമായി ഞങ്ങളെക്കരുതണ്വം.

**10. ഏതേ സ്തോമാ നരാം നൃതമതുഭ്യസ്മദ്ര്യ ഞ്ചോ ദദതോ മഘാനി |**

**തേഷാമിന്ദ്ര വൃത്രഹത്യേ ശിവോ ഭൂഃ സഖാ ച ശൂരോ വിതാ ച നൃണാം ||**

ഹേ ഇന്ദ്രാ! ശ്രേഷ്ഠമായ ഹവിർദാനം വഴി സ്തുതികൾ നിന്നെ ഞങ്ങൾക്കുവേി പ്രസന്നനാക്കി നീ രണഭൂമിയിൽ സ്തോതാക്കളെ രക്ഷിക്കുകയും എപ്പോഴും അവരുടെ മിത്രമായിരിക്കുകയും ചെയ്യണേ.

**11. നൂ ഇന്ദ്ര ശൂര സ്തവമാന ഊതീ ബ്രഹ്മജൂതസ്തന്വാ വാവൃധസ്വ |**

**ഉപ നോ വാ ജാൻമിമീഹ്യുപ സ്തീനയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഇന്ദ്രാ! നീ സ്തുതിക്കപ്പെടുന്നവനും, പുകഴ്ത്തപ്പെടുന്നവനും ആയി വൃദ്ധിയെ പ്രാപിച്ചാലും. ഞങ്ങൾക്കന്നവും ഗൃഹവും പ്രദാനം ചെയ്യണമേ. എപ്പോഴും ഞങ്ങളുടെ രക്ഷകനായിരിക്കണമേ.

## സൂക്തം 20

**ഋഷി വസിഷ്ണൻ, ദേവത ഇന്ദ്രൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. ഉഗ്രോ ജജ്ഞേ വീര്യായ സ്വധാവാംചക്രരപോ നര്യോ യത്കരിഷ്യൻ |**

**ജഗ്മിർയുവാ നൃഷദനമവോഭിസ്ത്രാതാ ന ഇന്ദ്ര ഏനസോ മഹശ്ചിത് ||**

ബലം കാരണമായി ഇന്ദ്രൻെറ ഉത്ഭവം സംഭവിച്ചു അവൻ മനുഷ്യർക്കായി യാതൊന്നു ചെയ്യുവാനാഗ്രഹിക്കുന്നുവോ, ആർക്കും അതു തടയുവാൻ സാദ്ധ്യമല്ല. ആ ഇന്ദ്രൻ യാഗശാലയിലേക്കു പോകുന്നു. അവൻ പാപങ്ങളിൽ നിന്നും നമ്മെ രക്ഷിക്കണേ.

**2. ഹന്താ വൃത്രമിന്ദ്രഃ ശൂശുവാനഃ പ്രവീന്നു വീരോ ജരിതാരമൂതി |**

**കർതാ സുദാസേ വാ ഉ ലോകം ദാ വസു മുഹുരാ ദാശുഷേ ഭൂത് ||**

വൃത്രഹനനത്തിനായി നാം ഇന്ദ്രനെ ശരണം പ്രാപിക്കുന്നു. വീരനായ ഇന്ദ്രൻ സ്തോതാവിന് ആശ്രയം പ്രദാനം ചെയ്ത് അവനെ രക്ഷിക്കുന്നു. അവൻ നവനിർമ്മിതമായ പ്രദേശത്തെ സ്തോതാവിന് നൽകി. അവൻ സ്തോതാവിനു തുടർച്ചയായി ധനം പ്രദാനം ചെയ്തുകൊിരിക്കുന്നു.

**3. യുധ്മാ അനർവാ ഖകൃത്സമദ്വാ ശൂരഃ സത്രാഷാഡ് ജനുഷേമഷാള്ഹഃ |**

**വ്യാസ ഇന്ദ്ര പൃതനഃ സ്വോജാ അധാ വിശ്വം ശത്രൂ യന്തം ജഘാന ||**

യുദ്ധത്തിൽ ദുർധർഷനായ ഇന്ദ്രൻ മഹാവീരനാകുന്നു. അവൻ ഏകനായിത്തന്നെ അനേകം ശത്രുക്കളെ പരാജിതരാക്കുന്നു. അവൻ തന്നെ ശത്രു സേനകളിൽ കുഴപ്പം സൃഷ്ടിച്ചിരിക്കുന്നു. അവൻ ശത്രുക്കളെ കൊന്നൊടുക്കുന്നു.

**4. ഉഭേ ചിദിന്ദ്ര രോദസീ മഹീത്വാ പപ്രാഥ തവിഷീഭിസ്തു വിഷ്മഃ |**

**നി വജ്ജമിന്ദ്രോ ഹരിവാൻമിമിക്ഷന്ത് സമന്ധസാ മദേഷു ഉവോച ||**

ഹേ ഇന്ദ്രാ! നീ തൻെറ ബലത്താൽ വാനൂഴികളെ പരിപൂർണ്ണമാക്കി. നീ ശത്രുക്കളുടെ മേൽ വജ്രംമെറിയുമ്പോൾ സോമരസം വഴിയായി നിനക്കു സേവനം ചെയ്യപ്പെടുന്നു.

**5. വൃഷാ ജജാന വൃഷണം രണായ സമു ചിന്നാര സത്വാ സസൂവ |**

**പ്ര യഃ സേനാനിരധ നൃഭ്യോ അസ്തീനഃ സത്വാ ഗവേഷണഃ സ ധൃഷ്ണുഃ ||**

കശ്യപൻ യുദ്ധത്തിനുവേി ഇന്ദ്രനെ അപ്രത്യക്ഷനാക്കി. അവൻ മനുഷ്യരുടെ ഈശ്വരനും, സേനാനായകനും ആകുന്നു. ഇവൻ തന്നെ ശത്രുസംഹാരകനും ഗോക്കളെ അന്വേക്ഷിക്കുന്നവനും വൃത്രനെ നശിപ്പിക്കുന്നവനും ആകുന്നു.

**6. നൂ ചിത്സ ഭ്രേഷതേ ജനോന രേഷമൻമനോ വോ അസ്യ ഘോരമാവിവാസാത് |**

**യജ്ഞൈർയ ഇന്ദ്രോ ദധതേ ദുവാംസി ക്ഷയത്സരായ ഋതപാ ഋതേജാഃ ||**

ഇന്ദ്രൻെറ മനസ്സ് ശത്രുഹനനത്തിൽ മുഴുകിയിരിക്കുന്നു. യാതൊരുത്തൻ അവൻെറ ആ മനസ്സിനെ ധ്യാനിക്കുന്നുവോ, അവൻ തൻെറ സ്ഥാനത്തുനിന്നും ഒരിക്കലും പതിക്കുന്നില്ല. ഇന്ദ്രൻ തൻെറ

സ്തോതാവിനും ധനം പ്രദാനം ചെയ്യണേ.

**7. യദിന്ദ്ര പൂർവോ അപരായ ശിക്ഷന്നയജ്യായാൻ കനീയസോ ദേഷ്ണം |**

**അമൃത ഇത് പര്യാസീത ദൂരമാ ചിത്ര ചിത്ര്യം ഭരാ രയിം നഃ ||**

ഹേ ഇന്ദ്രാ! ജ്യേഷ്ഠൻ അനുജനു യാതൊരു ധനം നൽകുന്നുവോ, അനുജനിൽ നിന്നു യാതൊരു ധനം ജ്യേഷ്ഠനു ലഭിക്കുന്നുവോ, ഈ മൂന്നിനം ധനത്തേയും ഇവിടെ കൊു വരണമേ.

**8. യസ്ത ഇന്ദ്ര പ്രിയോ ജനോ ദദാശദസന്നിരേകേ അദ്രിവഃ തേ |**

**വയം തേ അസ്യാം സുമതൗ ചനിഷ്ഠാഃ സ്യാമ വരൂഥേ അഘ്നതോ നൃപീതൗ ||**

ഹേ വജ്രായുധാ! നിനക്ക് മിത്രരൂപനായ യാതൊരുവ്യക്തി ഹവിസ്സ് നൽകുന്നുവോ, അവൻ എപ്പോഴും നിന്റെ അനുഗ്രഹത്തിനു പാത്രമായി, അന്നവാനായി, രക്ഷാസാധനങ്ങളാൽ സമ്പന്നമായ ഗൃഹത്തിൽ വസിക്കണേ.

**9. ഏഷ സ്തോമോ അചിക്രദദ്വൃഷാ ത ഉത സ്താമുർ മഘവന്നക്രിപിഷ്ട |**

**രായസ്കാമോ ജരിതാരം ത ആഗന്ത്വമങ്ഗ ശക്ര വസ്വ ആ ശകോ നഃ ||**

ഹേ ഇന്ദ്രാ! ഈ പിഴിടേുത്ത സോമം നിന്നെ കാത്തിരിക്കുന്നു. സ്തോതാക്കൾ നിന്റെ സ്തുതികളിൽ വ്യാപൃതരായിരിക്കുന്നു. ഞാൻ നിന്റെ ധനത്തിനു വേി സ്തുതിച്ചുകൊിരിക്കുന്നു. നീ അതിവേഗം ഞങ്ങൾക്ക് ധനം നല്കുമാറാകണം.

**10. സ ന ഇന്ദ്ര ത്വയതായാ ഇഷേ ധാസ്ത്മനാ ച യേ മഘവാനോ ജുനന്തി |**

**വസ്വീ ഷു തേ ജരിത്രേ അസ്തു ശക്തിർയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഇന്ദ്രാ! നീ തന്നെ ധനത്തെ ഉപഭോഗം ചെയ്യുവാനുള്ള സാമർത്ഥ്യം ഞങ്ങൾക്കു തരണമേ. ഹവിർദാതാവിനെ പാലിച്ചാലും. ഞങ്ങൾ സ്തുതികളിൽ മനസ്സിനെ ലീനമാക്കുന്നു. നീ എപ്പോഴും എന്ന രക്ഷിക്കേണമേ.

## സൂക്തം 21

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അസാവി ദേവം ഗോഋജീകമന്ധോ ന്യസ്മിന്നിന്ദ്രോ ജനുഷേമുവോച |**

**ബോധാമസി ത്വാ ഹര്യശ്വ യജ്ഞൈർബോധാ നഃ സ്തോമമന്ധസോ മദേഷു ||**

ഈ ഗവ്യയക്തമായ സോമം നിഷ്പന്നമായി തേജോമയമായിരിക്കുന്നു. ഇന്ദ്രൻ അതിനെ ഇഷ്ടപ്പെടുന്നു. ഇന്ദ്രാ! ഞങ്ങൾ നിന്നെ യജ്ഞം വഴിയായി ഉണർത്തും നീ ഞങ്ങളുടെ സ്തുതികൾ ശ്രദ്ധിക്കേണമേ.

**2. പ്ര യന്തി യജ്ഞം വിപയന്തി ബർഹിഃ സോമമാദോ വിദഥേ ദുധ്രവാചഃ |**

**ന്യു ഭ്രിയന്തേ യശസോ ഗൃഭാദാ ദൂരഉപബ്ദോ വൃഷണോ നൃപാചഃ ||**

യജമാനൻ യജ്ഞത്തിനായി കുശവിരിക്കുന്നു. അവിടെ സോമം ഇടിക്കുന്ന കല്ല് ഘോരമായ ശബ്ദം പുറപ്പെടുവിക്കുന്നു. അന്നയുക്തരായ ഋത്വിജൻമാരാൽ ഈ കല്ല് ഗൃഹത്തിൽ നിന്നും കൊുവരപ്പെടുന്നു.

**3. ത്വമിന്ദ്ര സ്രവിതവാ അപസ്കം പരിഷ്ഠിതാ അഹിനാ ശൂര പൂർവീഃ |**

**ത്വദ്വാവക്രേ രഥ്യോ ന ധേനാരേജന്തേ വിശ്വാ കൃത്രിമാണി ഭീഷാ ||**

ഹേ വീരനായ ഇന്ദ്രാ! വൃത്രനാൽ തടയപ്പെട്ടിരുന്ന ജലത്തെ നീ ഒഴുകുമാറാക്കി, നീ തന്നെയാണല്ലോ നദികളെ രഥാരൂഢരായ വീരൻമാർക്കുതുല്യം പ്രവാഹയോഗ്യമാക്കിയത് ലോകം നിന്നെ ഭയന്നുവിറക്കുന്നു.

**4. ഭീമോ വിവേഷായുധേഭിരേഷാമപാംസി വിശ്വാ നര്യാണി വിദ്വാൻ |**

**ഇന്ദ്രഃ പുരോ ജർഹൃഷാണോ വി ദൂധോദ്വിവജ്രഹസ്തോ മഹിനാ ജഘാന ||**

മനുഷ്യരുടെ ഹിതങ്ങൾ അറിയുന്നവനായ ഇന്ദ്രൻ അസുരൻമാരുടെ കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുകയും അവരുടെ എല്ലാസ്ഥാനങ്ങളേയും പ്രകമ്പനം കൊള്ളിക്കുകയും ചെയ്തു. അനന്തരം അവൻ തന്റെ വജ്രത്താൽ രാക്ഷസൻമാരെ നശിപ്പിക്കുകയും ചെയ്തു.

**5. ന യാതാ ഇന്ദ്ര ജൂജുവുർനോ ന വന്ദനാ ശവിഷ്ഠ വേദ്യാഭിഃ |**

**മ ശർധദര്യോ വിഷുണസ്യ ജന്തോർമാ ശിശ്നദേവാ അപി ഗുർഋതം നഃ ||**

ഹേ ഇന്ദ്രാ! ദൈത്യഗണം ഞങ്ങളെ ഹിംസിക്കാതിരിക്കണേ. അവർ ഞങ്ങളെ ഞങ്ങളുടെ പ്രജകളിൽ നിന്നും വേർപിരിക്കാതിരിക്കണേ. ഞങ്ങളുടെ യജ്ഞത്തിൽ ബ്രഹ്മചര്യവിമുഖനായ വ്യക്തിബാധകനാകാതിരിക്കണേ.

**6. അഭി ക്രേതോന്ദ്രഭൂരഘ ജ്മന്നതേ വിവ്യങ്മഹി മാനം രജാംസി |**

**സ്വേനാ ഹി വൃത്രം ശവസാ ജഘന്ഥ ന ശത്രുരന്തം വിവദദ്യുധാ തേ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം കർമ്മത്താൽ എല്ലാ ജീവികളേയും കീഴടക്കി നിന്റെ മഹിമയെ വ്യർത്ഥമാക്കുവാൻ ലോകത്തിനു സാധ്യമല്ല. നീ സ്വന്തം ബലത്താൽ വൃത്രനെ കൊന്ന് അവന് നിന്റെ ബലത്തെ അതിജീവിക്കുവാൻ കഴിഞ്ഞതുമില്ല.

**7.ദേവാശ്ചിത്തേ അസുര്യായ പൂർവ്വേ നു ക്ഷത്രായ മമിരേ സഹാംസി |**

**ഇന്ദ്രോ മഘാനി ദയതേ വിഷഹ്യേന്ദ്രം വാജസ്യ ജോഹുവന്ത സാതൗ ||**

ഹേ ഇന്ദ്രാ! പ്രാചീനദേവകളും തങ്ങളെത്തന്നെ സ്വയം നിന്നെക്കാൾ ദുർബ്ബലരായി കരുതിയിരുന്നു. നീ ശത്രുക്കളെ തോല്പിച്ച് ഉപാസകൻമാർക്കു ധനം നല്കുന്നു. സ്തോതാക്കൾ അന്നത്തിനുവേി നിന്നെ ആഹ്വാനം ചെയ്യുന്നു.

**8. കീരിശ്ചിദ്ധി ത്വാമവസേ ജുഹാവേശാനമിന്ദ്ര സൗഭഗസ്യ ഭൂരേഃ |**

**അവോ ബഭ്രൂഥ ശതമൂതേ അസ്മേ അഭിക്ഷത്തുസ്ത്വാവതോ വരൂത ||**

ഹേ ഇന്ദ്രാ! നീ ഈശ്വരനാകുന്നു. സ്തോതാക്കൾ രക്ഷയ്ക്കായി നിന്നെ വിളിക്കുന്നു. നീ അനേകരെ ദുഃഖത്തിൽ നിന്നും രക്ഷിക്കുന്നു. ഭീകരൻമാരും ഹിംസകൻമാരും ആയവരെ നശിപ്പിക്കേണമേ.

**9. സഖായസ്ത ഇന്ദ്ര വിശ്വഹ സ്യാമ നമോ വൃധാസോ മഹിനാ തരൂത്ര |**

**വന്വന്തു സ്മാ തേ വസാ സമീകേ ഭീതിമർയാ വനുഷാം ശവാംസി ||**

ഹേ ഇന്ദ്രാ! നിന്നെ സ്തുതികളാൽ വളർത്തുന്നവരായ ഞങ്ങൾ എപ്പോഴും നിൻേറതുമാത്രമായിരിക്കണേ. നീ സ്വന്തം മഹിമയാൽ എല്ലാവരേയും കരയ്ക്കെത്തിക്കുന്നു. നിന്നാൽ രക്ഷിതനായ സ്തോതാവ് ആക്രമണകാരികളുടെ മേൽ വിജയം വരിക്കണേ.

**10. സ ന ഇന്ദ്ര ത്വയതായാ ഇഷേ ധാസ്ത്മനാ ച യേ മഘവാനോ ജജൂനന്തി |**

**വസ്വീ ഷു തേ ജരിത്രേ അസ്തു ശക്തിർയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് നിൻെറ അന്നം ഉപഭോഗം ചെയ്യുന്നതിനുള്ള ശക്തി നൽകണേ. നീ ഹവിസ്സ് ദാതാവിനെ പാലിച്ചാലും. ഞങ്ങൾ സ്തുതികർമ്മങ്ങളിൽ മനസ്സിനെ വ്യാപൃതമാക്കണേ. നീ എപ്പോഴും ഞങ്ങളുടെ രക്ഷകനായിരിക്കേണമേ.

## സൂക്തം 22

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ, ഛന്ദസ് ഉഷ്ണിക, പംക്തി, ത്രിഷ്ടുപ്, അനുഷ്ടുപ്.**

**1. പിബാ സോമ മിന്ദ്രമന്ദതു ത്വാ യം തേ സൂഷാവ ഹര്യശ്വാദ്രിഃ |**

**സോതുർബാഹുഭ്യാം സുയതോ നാർവാ ||**

ഹേ ഇന്ദ്രാ! ഇമ്പം നൽകുന്ന ഈ സോമം പാനം ചെയ്താലും. ഇരുകരങ്ങളിലും പിടിച്ചിരിക്കുന്ന അമ്മിക്കല്ല് ഇതിനെ നിഷ്പന്നമാക്കിയിരിക്കുന്നു.

**2. യസ്തേ മദോ യുജ്യശ്ചാരുരസ്തി യേന വൃത്രാണി ഹര്യശ്വ ഹംസി |**

**സ ത്വാമിന്ദ്ര പ്രഭൂവസോ മമത്തു ||**

ഹേ ഹര്യശ്വ! നിനക്കു പ്രിയങ്കരമായ സോമരസം ശക്തി നൽകി വൃത്രാദികളായ ശത്രുക്കളെ നശിപ്പിച്ചു. ആ സോമം തന്നെ നിനക്കു ആനന്ദം നൽകണേ.

**3. ബോധാ സു മേ മഘവന്വാചമേമാം യാം തേ വസിഷ്ഠോ അർചതി പ്രശസ്തിം |**

**ഇമാ ബ്രഹ്മ സധമമാ ദേ ജജൂഷസ്വ ||**

ഹേ ഇന്ദ്രാ! വസിഷ്ഠനായ ഞാൻ നിന്നെ സ്തുതിക്കുന്നു. നീ ആ സ്തുതിയെ അറിയുകയും സ്വീകരിക്കുകയും ചെയ്യണേ.

**4. ശ്രുധീം ഹവം പിപിപാനസ്യാദ്രേർബോധാ വിപ്രസ്യാർചതോ മനീഷാം |**

**കൃഷ്വാ ദുവാ സ്യന്തമാ സചേമാ ||**

ഹേ ഇന്ദ്രാ! സോമമിടിക്കുന്ന ഈ കല്ലിൻെറ ശബ്ദത്തേയും സ്തോതാവിൻെറ സ്തോത്രത്തേയും ശ്രവിക്കണേ. എൻെറ സ്തുതികളാൽ പ്രസന്നനായി എന്നെ ശ്രേഷ്ഠമായ ബുദ്ധിയിൽ സ്ഥാപിക്കണമേ.

**5. ന തേ ഗിരോ അപി മൃഷ്യേ തുരസ്യ ന സുഷ്ടു തിമസുര്യസ്യ വിദ്വാൻ |**

**സദാ തേ നാമ സ്വയശോ വിവവ്മി ||**

ഹേ ശത്രുജേതാവായ ഇന്ദ്രാ! നിൻെറ ബലത്തെ ഞാനറിയുന്നു. എനിക്ക് നിൻെറ സ്തോത്രത്തിൽ നിന്നും അകന്നു നില്ക്കുവാൻ സാധ്യമല്ല. ഞാനെപ്പോഴും നിൻെറ നാമത്തെ കീർത്തിച്ചുകൊിരിക്കാം.

**6. ഭൂരി ഹി തേ സവനാ മാനുഷേഷു ഭൂരി മനീഷി ഹവതേ ത്വാമിത് |**

**മാരേ അസ്മമൻമഘവഞ്ജ്യോക്കഃ ||**

ഹേ ഇന്ദ്രാ! നീ അനേകം സവനത്തോടു കൂടിയവനാണല്ലോ. നീ സ്വയം ഞങ്ങളിൽ നിന്നും അകന്നു പോകരുതേ. ഞാൻ നിന്നെ ആഹ്വാനം ചെയ്യുന്നു.

**7. തുഭ്യേദിമാ സവനാ ശൂര വിശവാ തുഭ്യം ബ്രഹ്മാണി വർധനാ കൃണോഭി |**

**ത്വം നൃഭിർഹവ്യോ വിശവധാസി ||**

ഹേ ഇന്ദ്രാ! നീ അനേകം സവനത്തോടുകൂടിയവനാണല്ലോ. നീ സ്വയം ഞങ്ങളിൽ നിന്നും അകന്നുപോകരുതേ. ഞാൻ നിന്നെ ആഹ്വാനം ചെയ്യുന്നു.

**8. നൂ ചിന്നു തേ മന്യമാനസ്യ ദസ്മോദശ്നുവന്തി മഹിമാനമുഗ്ര |**

**ന വീര്യമിന്ദ്ര തേ ന രാധഃ ||**

ഹേ ഇന്ദ്രാ! ഏതൊരു സ്തോതാവാണ് നിൻെറ കൃപയെ പ്രാപിക്കാതിരിക്കുന്നത്.

**9. യേ ച പൂർവ ഋഷയോ യേ ച നൂത്ാ ഇന്ദ്ര ബ്രഹ്മാണി ജനയന്ത വിപ്രാഃ |**

**അസ്മേ തേ സന്തു സഖ്യാ ശിവാനി യൂയം പാത സ്വസ്തിഭിഃസദാ നഃ ||**

പ്രാചീനരും നവീനരുമായ എല്ലാ ഋഷിമാരും നിനക്കുവേി സ്തോത്രങ്ങൾ രചിച്ചു. നിൻെറ മൈത്രി ഞങ്ങൾക്കു മംഗളദായകമാകണേ. നീ ഞങ്ങളെ എപ്പോഴും രക്ഷിച്ചുകാിരിക്കണമേ.

## സൂക്തം 23

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി ത്രിഷ്ടുപ്**

**1. ഉദു ബ്രഹ്മാണ്യൈരത ശ്രവസ്യേ തതാനോ ശ്രതോ മ വസിഷ്ഠ |**

**ആ യോ വിശ്വാനി ശവസാ തതാനൊ ശ്രതോ മ ഈ വതൊ വചാംസി ||**

അന്നകാമ്യനായ സ്തോതാവ് എല്ലാ സ്തോത്രങ്ങളും ഉച്ചരിക്കുന്നു. ഹേ വസിഷ്ഠാ! ഈ യജ്ഞത്തിൽ ഇന്ദ്രനെ സ്തുതിക്കൂ. അവൻ തൻെറ മഹിമയാൽ എല്ലാ ലോകങ്ങളെയും വിശാലമാക്കിയിരിക്കുന്നു. ഞാനവൻെറ സന്നിധാനത്തിൽ ചെല്ലുവാനാഗ്രഹിക്കുന്നു, അവൻ എൻെറ ആഹ്വനത്തെ ശ്രവിക്കണേ.

**2. അയാമി ഘോഷ ഇന്ദ്ര ദേവജാമിരജ്യന്ത യച്ഛുരു ധോ**

**വിവാചി |**

**നഹി സ്വമായുശ്ചികിതേ ജനേഷു താനീദം ഹ്യാംസ്യതി പർഷ്യസ്മാൻ ||**

ഔഷധികൾ വളരുന്ന കാലത്ത് ദേവകൾ സ്തുതിക്കപ്പെടുന്നു. ഹേ ഇന്ദ്രാ നിൻെറ ആയുസ്സിനെ അറിയുന്നവനായി മനുഷ്യരിൽ ആരും തന്നെ എല്ല. നീ ഞങ്ങളെ എല്ലാ പാപങ്ങളിൽ നിന്നും കരകയറ്റണമേ.

**3. യുജേ രഥം ഗവേഷണം ഹരിഭ്യ മുപ ബ്രഹ്മാണി ജുഷാണമസ്ഥു: |**

**വ വിധിഷ്ഠസ്യ രോദസീ മഹിത്വേന്ദ്രോ വൃത്രാണ്യപ്ര തീ ജഘന്വാൻ ||**

ഇന്ദ്രൻെറ രഥത്തിൽ അവൻെറ രുകുതിരകളേയും ഞാൻ പൂട്ടുന്നു. അവൻ നമ്മുടെ സ്തുതികൾ സ്വീകരിക്കുന്നു. അവൻെറ മഹിമയാൽ വാനൂഴികൾ വികസിക്കുന്നു. ഇന്ദ്രൻ എല്ലാ ശത്രുക്കളേയും നശിപ്പിക്കുന്നവനാകുന്നു.

**4. ആപശ്ചിത്പിപ്യു: സ്തര്യോ ന ഗാവോ നക്ഷന്നൃതം ജിതാരസ്ത ഇന്ദ്ര |**

**യാഹി വായുർന നിയുതോ നോ അച്ഛാ ത്വം ഹി ധീഭിർദയസേ വി വാജാൻ ||**

ഹേ ഇന്ദ്രാ! ജലം വളരട്ടെ. വായു നിശ്ചിതലക്ഷ്യത്തിലേയ്ക്കു പോകുന്നതുപോലെ നീ എൻെറ നേരെ ആഗതനാകുകയും കർമ്മങ്ങൾ വഴിയായി ശ്രേഷ്ഠമായ അന്നം നൽകുവാൻ കൃപയുള്ളവനാകുകയും ചെയ്യണമേ.

**5. തേ തവാ മദാ ഇന്ദ്ര മാദയന്തു ശുഷ്മിണം തുവിരാധസം ജരിത്രേ |**

**ഏകോ ദേവത്രാ ദയസേ ഹി മർതാനസ്മിച്ഛൂര സവനേ മാദയസ്വ ||**

ഹേ ഇന്ദ്രാ! സോമം നിനക്ക് മദകാരിയാകണേ. സ്തോതാവിനെ നീ പുത്രവാനാക്കണം. നീ മനുഷ്യരുടെ മേൽ കൃപയുള്ളവനാകണേ. ഈ യജ്ഞത്തിൽ ഞങ്ങളുടെ മേൽ കൃപ ചെയ്യേണമേ.

**6. ഏവേദിന്ദ്രം വൃഷണം വജ്രബാഹും വസിഷ്ഠാസോ അഭ്യർചന്ത്യർകൈഃ |**

**സ നഃ സ്തുതോ വീതവത്പാതു ഗോമദ്യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

വസിഷ്ഠൻമാർ ഈ സ്തോത്രങ്ങളാൽ ഇന്ദ്രനെ പൂജിക്കുന്നു. സ്തുതനായ അവൻ ശ്രേഷ്ഠമായ ഗോധനം നൽകി നമ്മെ സദാപാലനം ചെയ്യണേ.

## സൂക്തം 24

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ് പംക്തി.**

**1. യോനിഷ്ട ഇന്ദ്ര സദനേ അകാരി തമാ നൃഭിഃപാരൂഹൂത പ്ര യാഹി |**

**അസോ യഥാ രനാ വിതാ വൃധേ ച ദദോ വസൂനി മമദശ്ച സോമൈ ||**

നിൻെറ യജ്ഞത്തിനായുള്ള സ്ഥാനം തയ്യാറാക്കിയിരിക്കുന്നു. ഹേ ഇന്ദ്രാ! മരുത്തുക്കളോടു കൂടി വന്നാലും. നീ ഞങ്ങളുടെ രക്ഷകനായിരിക്കുന്നതുപോലെ ഞങ്ങൾക്കു ധനം പ്രദാനം ചെയ്യണമേ. നീ ഞങ്ങളുടെ സോമത്തിൽ നിന്നും ആനന്ദം സ്വീകരിച്ചാലും.

**2. ഗൃഭീതം തേ മന ഇന്ദ്ര ദ്വിബർഹാഃസുതഃ സോമഃ പരിഷിക്താ മധൂനി |**

**വിസൃഷ്ടധേനാ ഭരതേ സുവൃക്തിരിയമിന്ദ്രം ജോഹുവതീ മനീഷാ ||**

ഹേ പൂജനീയനായ ഇന്ദ്രാ! ഞങ്ങൾ നിൻെറ മനസ്സിനെ ആകർഷിച്ചു. സോമം ഇടിച്ചുപിഴിഞ്ഞു. ഞങ്ങൾ മധുരരസത്തെ പാത്രത്തിൽ നിറച്ചു ഈ സ്തുതി നിന്നെ ആഹ്വാനം ചെയ്യുന്നു.

**3. ആ നോ ദിവ ആ പൃഥിവ്യാ ഋജീ ഷിന്നിദം ബർഹിഃ സോമപേയായ യാഹി |**

**വു ത്വാ ഹരയോ മദ്ര്യഞ്ചമാങ് ഗൂഷമച്ഛാ തവസം മദായ ||**

ഹേ ഇന്ദ്രാ! ഈ യജ്ഞത്തിൽ സോമം പാനം ചെയ്യുവാൻ വന്നാലും. നിൻെറ ഹര്യശ്വങ്ങൾ നിന്നെ ഞങ്ങളുടെ അടുക്കലേയ്ക്കു കൊ ു വരണേ.

**4. ആ നോ വിശ്വാഭിരൂതിഭിഃ സജോഷാ ബ്രഹ്മ ജൂഷാണോ ഹര്യശ്വ യാഹി**

**വരീവൃജത് സ്ഥവിരേഭിഃ സുശി പ്രാസ്മേ ദധദ്വൃഷണം ശൂഷ്മമിന്ദ്ര ||**

ഹേ ഇന്ദ്രാ! നീ മരുത്തുക്കളോടുകൂടി ശത്രുക്കളെ സംഹരിക്കണമേ. നീ സ്തോതാക്കളുടെ അടുക്കലേയ്ക്കു വരണമേ.

**5. ഏഷ സ്തോമോ മഹ ഉഗ്രായ വാഹേ ധുരീ വാത്യോ ന വാജയന്നധായി |**

**ഇന്ദ്ര ത്വായമർക ഈട്ടേ വസൂനാം ദിവീവ ദ്യാമധി നഃ ശ്രോമതം ധാഃ ||**

ബലകാരകനായ ഈ സ്തോത്രം ഇന്ദ്രനുവേി ഉച്ചരിക്കപ്പെടുന്നു. ഹേ ഇന്ദ്രാ! ഈ സ്തോതാവ് ധനം യാചിക്കുന്നു. നീ ഞങ്ങൾക്ക് ഐശ്വര്യവാൻമാരായ പുത്രൻമാരെ ദാനം ചെയ്യുന്നു.

**6. ഏവാ ന ഇന്ദ്ര വാര്യസ്യ പൂർധി പ്ര തേ മഹീം സുമതി വേവിദാമ |**

**ഇഷം പിന്വ മഘവദ്ഭ്യഃ സുവീരാം യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളെ ധനത്താൽ സമ്പന്നരാക്കണമേ. ഞങ്ങൾ നിൻെറ കൃപയെ പ്രാപിക്കുമാറാകണേ. ഹവിർ ദാതാക്കളായ ഞങ്ങൾ പുത്ര സമ്പന്നരും ഐശ്വര്യവാൻമാരുമാകണേ. നീ ഞങ്ങളെ എപ്പോഴും പാലനം ചെയ്യണമേ.

## സൂക്തം 25

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രൻ. ഛന്ദസ് ത്രിഷ്ടുപ് പംക്തി**

**1. ആ തേ മഹ ഇന്ദ്രോത്യുഗ്ര സമന്യവോ യത്സമരന്ത സേനാഃ |**

**പതാതി വിദ്യുന്നര്യസ്യ വഹ്വോർമാ തേ മനോ വിഷ്വദ്ര്യഗ്വി ചാരീത് ||**

ഹേ ഇന്ദ്രാ! അങ്ങ് മനുഷ്യരുടെ ഹിതം നിറവേറ്റുന്നവനാകുന്നു. യുദ്ധാവസരത്തിൽ അങ്ങയുടെ വജ്രം ഞങ്ങളുടെ രക്ഷക്കുവേി ശത്രുക്കളുടെമേൽ പതിക്കണേ.

**2. നി ദുർഗേ ഇന്ദ്ര ശ്നഥിഹ്യമിത്രാനഭി യേ നോ മർതാസോ**

**അമന്തി |**

**ആരേ തം ശംസം കൃണുഹി നിനിത്സോരാ നോ ഭര സംഭരണം വസൂനാം ||**

ഹേ ഇന്ദ്രാ! യാതൊരുത്തൻ ഞങ്ങളുടെ മേൽ വിജയം ആഗ്രഹിക്കുന്നുവോ, യാതൊരുത്തൻ ഞങ്ങളെ നിന്ദിക്കുന്നുവോ, അവരുടെ യജ്ഞത്തെ നീ ഇല്ലാതാക്കുകയും ഞങ്ങളെ ധനവാൻമാരാക്കുകയും ചെയ്യണമേ.

**3. ശതം തേ ശിപ്രിന്നൂതയഃ സുദാസേ സഹസ്രം ശംസാ ഉത രാതീരസ്തു |**

**ജഹി വധർവനുഷോ മർത്യാസ്യാസ്മേ ദ്യുമ്നമധി രത്നം ച ധേഹി ||**

ഹേ ഇന്ദ്രാ! സുദാസനായ ഞാൻ നിൻെറ അസംഖ്യം രക്ഷകൾ പ്രാപിക്കും. നിൻെറ അസംഖ്യങ്ങളായ ദാനങ്ങൾ എനിക്കുള്ളതാകണേ. ഹിംസകരായ ശത്രുക്കളുടെ ആയുധങ്ങളെ നശിപ്പിക്കേണമേ. നീ ഞങ്ങൾക്ക് യശസ്സും ധനവും നൽകണേ.

**4. ത്വാവതോ ഹീന്ദ്ര ക്രത്വേ അസ്മി ത്വാവതോ വിതുഃ ശൂര രാതൗ |**

**വിശ്വേദഹാനി തവിക്ഷീവ ഉഗ്രം ഓകഃ കൃണുഷ്വ ഹരിവോ ന മർ ധീഃ ||**

ഹേ ഇന്ദ്രാ! ഞാൻ നിൻെറ ഉപാസനയിൽ വ്യാപൃതനാകുന്നു. ഞാൻ നിൻെറ ദാനത്തെ ആശ്രയിക്കുന്നു. നീ ഞങ്ങളെ കർമ്മങ്ങളിലേക്കു നയിക്കേണമേ. ഞങ്ങളുടെ മേൽ നീ ഒരിക്കലും ക്രോധിതനാകരുതേ.

**5. കുത്സാ ഏതേ ഹര്യശ്വായ ശൂഷമിന്ദ്രേ സഹോ ദേവജൂതമിയാനാഃ |**

**സത്രാ കൃധി സുഹനാ ശൂര വൃത്രം വയം തരുത്രാഃ സുനുയാമ വാജം ||**

ഞങ്ങൾ ഇന്ദ്രനെ സ്തുതിച്ചുകൊ് അവരിൽ നിന്നും ദിവ്യങ്ങളായ ബലങ്ങളെ യാചിക്കുന്നു. ഹേ ഇന്ദ്രാ! ഹവിസ്സ് സമ്പന്നരായ ഞങ്ങൾ യജമാനൻമാർക്ക് പുത്രയുക്തമായ ഐശ്വര്യം പ്രദാനം ചെയ്യുകയും എപ്പോഴും ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ.

**6. ഏവാ ന ഇന്ദ്ര വാര്യ പുർധി പ്രതേ മഹിംസുമതിം വേവിദാമ |**

**ഇഷം പിന്വ മഘവദ്ഭ്യഃ സുവിരാം ശ്നമം പാത സ്വസ്തീഭിഃ സമാനഃ ||**

## സൂക്തം 26

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. ന സോമ ഇന്ദ്രമസൂതോ മമാദനാ ബ്രാഹ്മാണോ മഘവാനം സുതാസഃ |**

**തസ്മാ ഉക്ഥം ജനയേ യജ്ജുജോഷന്ന്യവന്നവീയഃ ശൃണവദ്യഥാ നഃ ||**

പിഴിയപ്പെടാത്ത സോമത്താൽ അവൻ തൃപ്തനാകുന്നില്ല. നമ്മുടെ ഉക്ഥം ഇന്ദ്രൻെറ ഉപാസകനാണല്ലോ. നാമതിനെ ഇന്ദ്രനുവേി ഉച്ചരിക്കുന്നു.

**2. ഉക്ഥ ഉക്ഥേ സോമ ഇന്ദ്രം മമാദ നീഥേനീഥേ മഘാവനം സുതാസഃ |**

**യദീം സബാധഃ പിതരം ന പുത്രാഃ സമാനദക്ഷാ അവസേ ഹവന്തേ ||**

സ്തുതിക്കുന്ന സമയം പ്രസ്തുതമായ സോമം ഇന്ദ്രനെ തൃപ്തനാക്കുന്നു. പിതാവു പുത്രനെ വിളിക്കുന്നതുപോലെ ഋത്വിക്കുകൾ രക്ഷയ്ക്കുവേി ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**3. ചകാര ത കൃണവന്നൂനമന്യാ യാനി ബ്രുവന്തി വേധസഃ സുതേഷു |**

**ജനീരിവ പതിരേകഃ സമാനോ നി മാമൃജേ പുര ഇന്ദ്രഃ സു സർവാഃ ||**

സോമം ഇടിച്ചു പിഴിഞ്ഞതിനുശേഷം സ്തോത്രകാരൻമാർ ഇന്ദ്രൻെറ ഏതെല്ലാം കർമ്മങ്ങളെ വർണ്ണിക്കുന്നുവോ. അവയെല്ലാം അവൻ പ്രാചീനകാലത്തിൽ ചെയ്തിരുന്നവയായിരുന്നു. ഇന്ദ്രൻ ഏകനായിത്തന്നെ ശത്രു നഗരങ്ങളെ നിർമാർജ്ജനം ചെയ്തു. രാക്ഷസൻമാരെ ഇല്ലാതാക്കി.

**4. ഏവാ തമാഹുരുത ശൃണ്വ ഇന്ദ്ര ഏകോ വിഭക്താ തരണിർമഘാനാം |**

**മിഥസ്തൂര ഊതയോ യസ്യ പൂർവീരസ്മേ ഭദ്രാണി സശ്ചത പ്രിയാണി ||**

ഇന്ദ്രൻ അനേകം രക്ഷാസാധാനങ്ങളാൽ സമ്പന്നനാകുന്നു. എല്ലാ ധനത്തിൻെറയും ദാതാവാകുന്നു. അവൻ നമ്മെ കുടങ്ങളിൽ നിന്നും മോചിപ്പിക്കുന്നു. നാം അവൻെറ എല്ലാ നൻമകളേയും പ്രാപിക്കണേ.

**5. ഏവാ വസിഷ്ഠ ഇന്ദ്രമൂതയേ നൃത്കൃഷ്ഠീനാം വൃഷഭംസുതേ ഗൃണാതി |**

**സഹസ്രിണ ഉപ നോ മാഹി വാജാൻ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

സോമാഭിഷവകാരിയായ വസിഷ്ഠൻ ഇന്ദ്രനെ സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! ഞങ്ങൾക്കു വിഭിന്നരീതിയിലുള്ള അന്നം തരണമേ. ഞങ്ങളെ സദാ പാലിക്കണമെ.

## സൂക്തം 27

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. ഇന്ദ്രം നരോ നേമധിതാ ഹവന്തേ യത്പാര്യാ യുനജതേ ധിയസ്താഃ |**

**ശൂരോ നൃഷാതാ ശവസശ്ചകാനാ ആ ഗോമതി പ്രജേ ഭജാ ത്വം നഃ ||**

യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ പൂർണ്ണമായിക്കഴിയുമ്പോൾ സഹായത്തിനായി ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. ഹേ ഇന്ദ്രാ! നീ മനുഷ്യർക്കു ധനം നൽകുന്നവനായി ഞങ്ങളെ സമ്പന്നമായ കൊഴുത്തിൽ പ്രതിഷ്ഠിക്കണമേ.

**2. യ ഇന്ദ്ര ശുഷ്മോ മഘവന്തേ അസ്തി ശിക്ഷാ സഖിഭ്യഃ പുരുഹൂത നൃഭ്യഃ |**

**ത്വം ഹി ദൃള്ഹാമഘവന്വിചേതാ അപാ വൃധി പരിവൃതം ന രാധഃ ||**

ഹേ ഇന്ദ്രാ! നിൻെറ ബലത്തിൽ നിന്നും സ്തോതാവിനെ ബലവാനാക്കണമേ. നീ ശത്രുക്കളുടെ ഉറപ്പേറിയ നഗരങ്ങൾ

തകർത്തുവല്ലോ. അതിനാൽ ബുദ്ധിദാനം വഴിയായി മറഞ്ഞു കിടക്കുന്ന ധനത്തെ പ്രകാശിക്കണമേ.

**3. ഇന്ദ്രോരാജാ ജഗതശ്ചർഷണീതനമാധി ക്ഷമി വിഷുരൂപം യദസ്തി |**

**തതോ ദദാതി ദാശുഷേ വസൂനി ചോദദ്രാംധ ഉപസ്തുതശ്ചിദവാർക് ||**

ഇന്ദ്രൻ എല്ലാ ജീവികളുടേയും ഈശ്വരനാകുന്നു. എല്ലാ പാർത്ഥിവധനത്തിൻെറയും രാജാവും ഇന്ദ്രൻ തന്നെയാകുന്നു. അവൻ ഹവിസ്സ് വാനായ യജമാനന് ധനം പ്രദാനം ചെയ്യുന്നു. അവൻ നമ്മുടെ സ്തുതികളാൽ പ്രസന്നനായി നമുക്കെല്ലാം ധനവും കിട്ടുമാറാക്കണേ.

**4. നൂ ചിന്ന ഇന്ദ്രോ മഘവാ സഹൂതീ ദാനോ വാജംനി യമതേ ന ഊതീ |**

**അനൂനാ യസ്യ ദക്ഷിണാ പിപായ വാമം നൃഭ്യോ അഭിവീതാ സഖിഭ്യഃ ||**

ഞങ്ങൾ ജ്ഞാനവാനായ ആ ഇന്ദ്രനെ മരുത്തുക്കൾ സഹിതം ആഹ്വാനം ചെയ്തിരിക്കുന്നു. അവൻ നമ്മുടെ ശരീരരക്ഷയ്ക്കു വേി അന്നം നൽകണമേ. ഇന്ദ്രൻ ആർക്ക് ധനം നൽകുവാനിഷ്ടപ്പെടുന്നുവോ, അവൻ ശ്രേഷ്ഠമായ ധനം നേടുന്നു.

**5. നൂ ഇന്ദ്ര രായേ പരിവസ്കൃധീ ന ആ തേ മനോ വാവൃത്യാമ മഘായ |**

**ഗോമദശ്വാവദ്രഥവദ്വ്യയന്തോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളെ അതിവേഗം ധനവാൻമാരാക്കേണമേ. ഞങ്ങളുടെ സ്തുതികൾ വഴിയായി നിൻെറ മനസ്സിനെ ഞങ്ങളിലേയ്ക്കാകർഷിക്കുക. നീ ഞങ്ങളെ എപ്പോഴും രക്ഷിക്കേണമേ.

## സൂക്തം 28

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ബ്രഹ്മാണ ഇന്ദ്രോയാഹി വിദ്വാനർവാഞ്ചസ്തേ ഹരയഃ സന്തു യുക്തഃ |**

**വിശ്വേ ചിദ്വാത്വാ വിഹവന്ത മർതാ അസ്മാകമിച്ഛ്ണുഹി വിശ്വമിന്വ ||**

ഹേ ഇന്ദ്ര! ഞങ്ങളുടെ സ്തുതികളിലേയ്ക്കു വന്നാലും. നിൻെറ അശ്വങ്ങളെ ഇങ്ങോട്ടു പൂട്ടുക എല്ലാവരും പ്രത്യേകം പ്രത്യേകമായി നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങളുടെ ആഹ്വാനങ്ങളെ ശ്രവിച്ചാലും.

**2. ഹമം ത ഇന്ദ്ര മഹിമാ വ്യാനഡ്ബ്രഹ്മ യത്പാസി ശവസിന്നൃഷേണാം |**

**ആ യദ്വജ്രജം ദധിഷേ ഹസ്ത ഉഗ്ര ഘോരഃ സൻ ക്രത്വാ ജനിഷ്ഠാ അഷളഹഃ ||**

ഹേ ഇന്ദ്രാ, സ്തോതാക്കളെ രക്ഷിക്കുമ്പോൾ നിൻെറ മഹിമതന്നെ അവരെ പാലിക്കുന്നു. നീ വജ്രം ധരിക്കുമ്പോൾ തൻെറ കർമ്മത്തിൽ ഉഗ്രനായിത്തീരുന്നു.

**3. തവ പ്രണീതിന്ദ്ര ജോഹൂവാനാൻത്സം യന്നൃന്ന രോദസീ നിനേഥ |**

**മഹേ ക്ഷത്രായ ശവസേ ഹി ജജ്ഞേ രൂതുജിംചിരൂതുജിരശിശ്നത് ||**

ഹേ ഇന്ദ്രാ! ആര് നിന്നെ നിരന്തരം സ്തുതിക്കുന്നുവോ , അവരെ നീ ആകാശത്തിലും ഭൂമിയിലും പ്രതിഷ്ഠയുള്ളവരാക്കുന്നു. ആര് നിനക്കായി യജ്ഞം നടത്തുന്നുവോ അവൻ ശത്രുക്കളെ കൊല്ലുവാനുള്ള ശക്തി പ്രാപിക്കുന്നു.

**4. ഏഭിർന ഇന്ദ്രാഹഭിർദശസ്യ ദുർമിത്രാസോ ഹി ക്ഷിതയഃ പവന്തേ |**

**പ്രതി യച്ചഷ്ടേ അനൃതമനേനാ അവ ദ്വിതാ വരുണോ മായി നഃ സാത് ||**

ഹേ ഇന്ദ്രാ! ദുഷ്ടൻമാരുടെ ധനം പിടിച്ചെടുത്തു ഞങ്ങൾക്കു തരണമേ. പാപനാശനായ വരുണൻ ഞങ്ങളെ പാപങ്ങളിൽ നിന്നു മുക്തനാക്കണേ.

**5. വോചേമേദിന്ദ്രം മഘവാനമേനം മഹോ രായോരാധസോ ദൂദേന്നഃ |**

**യോ അർചതോ ബ്രഹ്മ കൃതിമവിഷ്ഠോ യൂയം പാത സ്വസ്തിഭി സദാ നഃ ||**

ഞങ്ങൾക്കു അഭീഷ്ടധനം നൽകിയ ഇന്ദ്രൻ സ്തുതികളെ രക്ഷിക്കുന്ന ഞങ്ങൾ ആ ഇന്ദ്രനെ സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! നീ എപ്പോഴും ഞങ്ങളുടെ സംരക്ഷകനായിരിക്കണമേ.

## സൂക്തം 29

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ് പംക്തി**

**1. അയം സോമ ഇന്ദ്ര തുഭ്യം സൂന്വ ആ തു പ്ര യാഹി ഹരിവസ്തദോകഃ |**

**പിബാ ത്വസ്യ സുഷുതസ്യ ചാരോർദദോ മഘാനി മഘവന്നിയാനഃ ||**

ഹേ ഇന്ദ്രാ! നിനക്കായി സോമം പിഴിഞ്ഞിരിക്കുന്നു. നീ അതുപാനം ചെയ്യുവാനായി എഴുന്നള്ളിയാലും. ഇന്ദ്രാ! ഈ സോമം പാനം ചെയ്തും ഞങ്ങളുടെ ധനയാചനയെ പൂർണ്ണമാക്കണേ.

**2. ബ്രഹ്മന്വീര ഭ്രഹ്മകൃതിം ജജൂഷാണോ ർവാചീനോ ഹരിഭിർയാഹി തൂയം |**

**അസ്മിന്നൂ ഷു സവനേ മാദയസ്വോപ ബ്രഹ്മാണി ശൃണവ ഇമാ നഃ ||**

ഹേ ഇന്ദ്രാ! സ്തോത്രകൃതിയെ സ്വീകരിക്കുന്ന നീ അശ്വാരൂഢനായി വേഗം വന്നാലും. ഞങ്ങളുടെ സ്തുതികൾ ശ്രവിച്ച് പ്രസാദിച്ചാലും.

**3. കാ തേ അസ്ത്യരങ്കൃതിഃ സുകതൈഃ കദാ നൂനം തേ മഘവൻ ദാശേമ വിശ്വാ മതിരാ തതനേ ത്വാ യാധാ മ ഇന്ദ്ര ശൃണവോ ഹവേമാ ||**

ഹേ ഇന്ദ്രാ! നിൻെറ സ്തോതാക്കളുടെ സ്തുതികൾ സുശോഭിതമായിക്കൊരിരിക്കുന്നു. ഞങ്ങൾ നിന്നെ പ്രസാദിപ്പിക്കുവാൻ എപ്പൊൾ പരിശ്രമിക്കും. ഈ സ്തുതികൾ നിനക്കായി നടത്തപ്പെടുന്നു. ഇവയെ ശ്രവിക്കണമേ.

**4. ഉതോ ഘാ തേ പുരുഷ്യാ ഇദാസന്യേഷാം പൂർവഷാമശൃണോഋഷീണാം |**

**അധാഹം ത്വാ മഘവൻജോഹവീമി ത്വം ന ഇന്ദ്രാസി പ്രമതിഃ പിതേവ ||**

ഹേ ഇന്ദ്രാ! നീ മനുഷ്യഹിതൈഷികളായ പൂർവ്വമഹർഷിമാരുടെ സ്തോത്രങ്ങൾ ശ്രവിച്ചിരുന്നുവല്ലോ. നീ പിതാവിനു തുല്യം ഞങ്ങളുടെ ഹിതങ്ങൾ നിറവേറ്റുന്നവനാകണേ. അതിനാൽ ഞാനങ്ങയെ നിരന്തരം ആഹ്വാനം ചെയ്യുന്നു.

**5. വോചേമേമിന്ദ്രം മഘവാനമേനം മഹോ രായോ രാധസോ യദ്ദദന്നഃ |**

**യോ അർചതോ ബ്രഹ്മകൃതിമവിഷ്ഠോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

മഹത്തായ ധനം പ്രദാനം ചെയ്യുന്നവനും സ്തുതികളെ രക്ഷിക്കുന്നവനും ആയ ഇന്ദ്രനെ നാം സ്തുതിക്കുന്നു. അവൻ എപ്പോഴും നമ്മുടെ രക്ഷകനായിരിക്കണേ.

## സൂക്തം 30

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ് പംക്തി.**

**1. ആനോ ദേവ ശവസാ യാഹി ശുഷ്മിൻഭവാ വൃധ ഇന്ദ്ര രായോ അസ്യ |**

**മഹേ നൃമാണായ നൃപതേ സുവജ്ര മഹി ക്ഷത്രായ പൌംസ്യായ ശൂര ||**

ഹേ ഇന്ദ്രാ! നീ ബലത്തോടുകൂടി ആഗതനായാലും. ഞങ്ങളുടെ ധനത്തെ വളർത്തണമേ. നീ ശത്രുനാശനത്തിനായി സ്വന്തം ശക്തി വളർത്തിയാലും.

**2. ഹവന്ത ഉ ത്വാ ഹവ്യം വിവാചി തനൂഷ ശൂരാഃ സര്യസ്യ സാതൌ |**

**ത്വം വിശ്വേഷു സേന്യോ ജനേഷു ത്വം വൃത്രാണി രന്ധയാ സുഹന്തു ||**

ഹേ ഇന്ദ്രാ! ശരീരത്തിന്റെ രക്ഷയ്ക്കായി ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു. നീ തന്നെയാണല്ലോ ശ്രേഷ്ഠനായ സേനാനായകൻ നീ സ്വന്തം വജ്രത്താൽ എല്ലാ ശത്രുക്കളുടെ മേലും വിജയം പ്രാപിക്കണേ.

**3. അഹാ യദിന്ദ്ര സൂദിനാ വ്യുഛാന്ദധോ യത്കേുമുപമം സുമത്സു |**

**ന്യഗ്നിഃ സീദദസുരോ ന ഹോതാ ഹുവാനോ അത്ര സുഭഗായ ദേവാൻ ||**

ഹേ ഇന്ദ്ര! ശുഭദിനങ്ങളിൽ ഹോതാരൂപനായ അഗ്നി ശ്രേഷ്ഠമായ ധനദാനത്തിനായി ഈ യജ്ഞത്തിൽ വിരാജിതനായി ദേവകളെ ആഹ്വാനം ചെയ്യുന്നു.

**4. വയം തേ ത ഇന്ദ്ര യേ ച ദേവ സ്തവന്ത ശൂര ദദതോ മഘാനി |**

**യച്ഛാ സൂരിഭ്യ ഉപമം വരൂഥം സ്വാഭുവോ ജരണാ മശ്നവന്ത ||**

ഹേ ഇന്ദ്രാ! ഞങ്ങൾ അങ്ങയുടെ തന്നെയാണല്ലോ. ഹവിസ്സ് ദാതാക്കളായ യജമാനൻമാരും നിന്റേതു തന്നെയാകുന്നു. അവർക്കു ശ്രേഷ്ഠമായ വാസസ്ഥാനങ്ങൾ നൽകിയാലും. അവർ ജരരഹിനരും സ്ഥാനസ്ഥിരുമാകണേ.

**5. വോചേമേദിന്ദ്രം മഘവാനമേനം മഹോ രായോ രാധസോ യദ്ദദന്നഃ |**

**യോ അർചതോ ബ്രഹ്മകൃതിമവിഷ്ഠോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

നമുക്കു ധനം നൽകിയവനും, സ്തുതികളെ രക്ഷിക്കുന്നവനും ആയ ആ ഇന്ദ്രനെ നാം സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! നീ ഞങ്ങളെ സദാസമയവും രക്ഷിക്കേണമേ.

## സൂക്തം 31

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് ഗായത്രി, അനുഷ്ടുപ്.**

**1. പ്ര വ ഇന്ദ്രായ മാദനം ഹര്യശ്വായ ഗായത |**

**സഖായഃ സോമപാവ്നേ ||**

ഹേ മിത്രങ്ങളേ സോമപാനിയായ ഇന്ദ്രനെ സ്തുതികളാൽ പ്രസാദിപ്പിക്കുവിൻ.

**2. ശംസേദുക്ഥം സുദാനവ ഉത ദ്യുക്ഷം യഥാ നരഃ |**

**ചകൃമാ സത്യരാധസേ ||**

ശ്രേഷ്ഠനായ ധനികൻ ഇന്ദ്രനെ സ്തുതിക്കുന്നതുപോലെ, ഞാനും നിങ്ങളും ആ സ്തുതികളെത്തന്നെ അഭയം പ്രാപിക്കും.

**3. ത്വം ന ഇന്ദ്ര വാജയസ്ത്വം ഗവ്യഃ ശതക്രതോ |**

**ത്വം ഹിരണ്യയുർവസോ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ അന്നദാതാവാകണമേ. നീ ഞങ്ങൾക്ക് ഗോക്കളും സ്വർണ്ണവും നൽകിയാലും.

**4. വയമിന്ദ്ര ത്വയവോ ഭി പ്രാണാനുമോ വൃഷൻ |**

**വിദ്ധീ ത്വസ്യ നോ വസോ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നെ വിശിഷ്ടമായി സ്തുതിക്കുന്നു. ഞങ്ങളെ അനുഗ്രഹിക്കേണമേ.

**5.മാ നോ നിദേ ച വക്തവേ ര്യോ രന്ധീരാവ്ണേ |**

**ത്വേ അപി ക്രതുർമമ ||**

ഹേ ഇന്ദ്രാ! കടുഭക്ഷികളും, നിന്ദകരും ദാനരഹിതരുമായ വ്യക്തികളുടെ കരങ്ങളിൽ ഞങ്ങളെ ഏല്പിക്കരുതേ. ഞങ്ങളുടെ സ്തുതികൾ അങ്ങയെ പ്രാപിക്കണേ.

**6. ത്വം വർമാസി സപ്രഥഃ പുരോയോധശ്ച വൃത്രഹൻ |**

**ത്വയാ പ്രതി ബ്രുവേ യുജാ ||**

ഹേ ഇന്ദ്രാ! നീ വൃത്രഹന്താവും, വിഖ്യാതനുമാണല്ലോ. ഞാനങ്ങയുടെ സഹായത്താൽ ശത്രുക്കളെ സംഹരിക്കും.

**7.മഹാം ഉതാസി യസ്യ തേ നു സ്വധാവരീ സഹഃ |**

**മമ്നാതേ ഇന്ദ്ര രോദസീ ||**

ഹേ ഇന്ദ്രാ! നിന്റെ ബലത്തിനു മുന്നിൽ ആകാശവും ഭൂമിയും നമിക്കുന്നു. നീ മഹാനാകുന്നു. ഹേ ഇന്ദ്രാ! നീ ശുഭദർശകനാണല്ലോ. നിനക്കു വേി സോമം തയ്യാറാക്കിയിരിക്കുന്നു.

**8. ത ത്വാ മരുത്വതീ പരി ഭൂവദ്വാണീ സയാവരീ |**

**നക്ഷമാണാ സഹ ദ്യുഭിഃ ||**

ഹേ ഇന്ദ്രാ! താദൃശനായ സ്തോതാവിന്റെ വാണികൾ അനുഗമിക്കുന്നു. നീ അങ്ങിനെ സ്വീകരിക്കേണമേ.

**9. ഊരധ്വാസസ്ത്വാതിന്ദവോ ഭൂവന്ദസ്മമുപ ദ്യവി |**

**സം തേ നമന്ത കൃഷ്ടയഃ ||**

ഹേ ഇന്ദ്രാ! ശുഭദർശകനായ നിനക്കു വേി സോമം തയ്യാറാക്കിയിരിക്കുന്നു. എല്ലാ ജീവികളും നിന്നെ പ്രണമിക്കുന്നു.

**10. പ്ര വോ മഹേ മഹിവൃധോ മരധ്വം പ്രചേതസേ പ്ര സുമതിം കൃണുധ്വം |**

**വിശഃ പൂർവ്വീഃ പ്ര ചരാ നർഷണി പ്രാഃ ||**

ഹേ മനുഷ്യരേ! ധനലാഭത്തിനായി സോമം പിഴിഞ്ഞെടുക്കുകയും. ഇന്ദ്രനെ സ്തുതിക്കുകയും ചെയ്യുവിൻ. യാതൊരുത്തൻ നിനക്ക് ഹവിസ്സ് നൽകി സന്തുഷ്ടനാക്കുന്നുവോ അവൻെറ മുമ്പിൽ പ്രത്യക്ഷനാകണമേ.

**11. ഊരുവ്യചസേ മഹിനേ സുവ്യക്തിമിന്ദ്രായമ ബ്രഹ ജനയന്ത വിപ്രാഃ |**

**തഗ്യ വ്രതാനി മിനന്തി ധീരാഃ ||**

വ്യാപകനും, മഹാനും ആയ ഇന്ദ്രനു വേി ഹവിസ്സ് ശേഖരിച്ചിരിക്കുന്നു. സ്തോത്രങ്ങൾ രചിക്കപ്പെട്ടിരിക്കുന്നു. ഇന്ദ്രൻെറ അനുഷ്ഠാനാദികർമ്മങ്ങളെ ജ്ഞാനികൾ സദാ രക്ഷിച്ചുകൊിരിക്കുന്നു.

**12. ഇന്ദ്രം വാണീനുത്തമന്യമേവ സത്രാ രാജാനാം ദധിരേ സഹധ്യൈ |**

**ഹർയശ്വായ വർഹയാ സമാപീൻ ||**

ഇന്ദ്രനായിക്കൊു എല്ലാ സ്തുതികളും ശത്രുക്കളെ പതിപ്പിക്കുന്നവനാകുന്നു. അതിനാൽ ഹേ സ്തോതാക്കളേ! ഇന്ദ്രനെ സ്തുക്കുവാൻ എല്ലാമിത്രങ്ങളേയും ഉത്സാഹിപ്പിക്കുവിൻ.

## സൂക്തം 32

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രൻ ഛന്ദസ് ബൃഹതി, പംക്തി, അനുഷ്ടുപ്**

**1. മോ ഷു ത്വാ വാഘതശ്ചനാരേ അസ്മന്നി രീരമൻ |**

**ആരാത്തച്ചിത് സധമാദം ന ആ ഗഹീഹ വാ സന്നുപ ശ്രുധി ||**

ഹേ ഇന്ദ്രാ! മറ്റുള്ള യജമാനനമാർ തടയാതിരിക്കട്ടെ. നീ ദൂരെ നിന്നാണെങ്കിലും ഞങ്ങളുടെ യജ്ഞത്തിലാഗതനായി സ്തോത്രങ്ങളെ ശ്രവിക്കേണമേ.

**2. ഇമേ ഹി തേ ബ്രഹ്മകൃതഃ സുതേ സചായധൗ ന മക്ഷ ആസതേ |**

**ഇന്ദ്രേ കാമം ജരിതാരോ വസൂയവോ രഥേ ന പാദമാ ദധുഃ ||**

ഹേ ഇന്ദ്രാ സോമം തയ്യാറാക്കിയതിനുശേഷം സ്തോതാക്കൾ യജ്ഞം നടത്തുകയും ധനം ആഗ്രഹിക്കുകയും ചെയ്യുന്നു.

**3. രായസ്കാമോ വജ്രഹസ്തം സുദക്ഷിണം പുത്രോ ന ചിതരം ഹുവേ ||**

പുത്രനാൽ പിതാവു വിളിക്കപ്പെടുന്നതുപോലെ സ്തോതാവായ ഞാൻ ദാനിയായ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**4. ഇമം ഇന്ദ്രായ സുന്വിരേ സോമാസോ ദധ്യാശിരഃ |**

**താം ആ മദായ വജ്രഹസ്ത പീതയേ ഹരിഭ്യാം യോഹ്യോക ആ ||**

ഘൃതയുക്തമായ സോമരസം ഇന്ദ്രനുവേി വച്ചിരിക്കുന്നു. ഹേ വജ്രായുധാ! ഈ സോമം പാനം ചെയ്യുന്നതിനായി ഞങ്ങളുടെ യാഗവേദിയിലേയ്ക്കു വന്നാലും.

**5. ശ്രവച്ഛ്റത് കർണ ഈയതേ വസൂനാം നൂ ചിന്നോ മർധിഷദ് ഗിരഃ |**

**സദ്യശ്ചിദ്യഃ സഹസ്രാണി ശതാ ദദന്നകിർദിത്സ ന്തമാ മിനത് ||**

യാചന സ്രവിക്കുന്ന ഇന്ദ്രനോട് നാം ധനം യാചിക്കുന്നു. നമ്മുടെ ആശകൾ നിഷ്ഫലമാകാതിരിക്കണേ. സഹസ്രദാനിയായ ഇന്ദ്രനെ ആർക്കും തടയുവാൻ സാധ്യമല്ല.

**6. സ വീരാ അപ്രകിഷ്കത ഇന്ദ്രേണ ശൂശുവേ നൃഭിഃ |**

**യസ്മേ ഗഭീരാ നവസാനി വൃത്രഹൻത്സുനോത്യാ ച ധാവതി ||**

ഹേ ഇന്ദ്രാ! സോമകർത്താവായ യാതൊരുത്തൻ നിൻെറ അനുചരനായിരിക്കുന്നുവോ, ആ വീരനെ എതിർക്കുവാനുള്ള സാഹസം ആരിലും ഉാകുന്നില്ല.

**7. ഭവാം വരൂഥം മഘവൻമഘോനം യത്സമാസി ശർധതഃ |**

**വി ത്വാഹതസ്യ വേദനം ഭൂജേമഹ്യാ ദുണാശോ ഭരാ ഗയം ||**

ഹേ ഇന്ദ്രാ! നീ ഹവിസ്സ് ദാതാവിൻെറ വിഘ്നങ്ങളെ സംഹരിക്കണമേ. ആ ശത്രുക്കളുടെ ധനം ഞങ്ങൾക്കു കിട്ടുമാറാക്കണേ. നീ ഞങ്ങളെ ധനമുള്ളവരാക്കണമേ.

**8. സുനോതാ സോമപാവ്നേ സോമമിന്ദ്രായ വജ്രിണേ |**

**പചതാ പക്തിരവസേ കൃണുധ്വമിത്പൃണന്നിത് പൃണതേ മയഃ ||**

ഹേ മനുഷ്യരേ! സോമപാനിയും വജ്രഹസ്തനുമായ ഇന്ദ്രനുവേി നറും സോമം തയ്യാറാക്കുവിൻ. അവനുവേി പുരോഡാശം പാകം ചെയ്യുവിൻ ആ ഇന്ദ്രൻ യജമാനന് എല്ലാ സുഖങ്ങളും നല്കുന്നു.

**9. മാ ശ്ര ധത സോമിനോ ദക്ഷതാ മഹേ കൃണുധ്വം രായ ആതുജേ |**

**തരണിജ്ജയതി ക്ഷേതി പുഷ്യതി ന ദേവാസഃ കവത്നവേ ||**

ഹേ മനുഷ്യരേ! സോമപാനത്തിൽ വിമുഖരാകാതിരിക്കുവിൻ. ഇന്ദ്രനെ ഉദ്ദേശിച്ചുകൊ് ധനപ്രാപകമായ യജ്ഞത്തിൽ വ്യാപൃതരാകുവിൻ. ശുഭകർമ്മാവായ പുരുഷൻ ബലവാനായി ശത്രുക്കളുടെമേൽ വിജയം വരിക്കുന്നു. അശുഭകർമ്മാവായ പുരുഷൻ ദേവവിഹീനനായിത്തീരുന്നു.

**10. നകിഃ സുദാസോ രഥം പര്യാസ ന രീരമത് |**

**ഇന്ദ്രോ യസ്യാവിതാ യസ്യ മരുതോ ഗമത്സ ഗോമതി വ്രജേ ||**

ദാനിയുടെ രഥത്തെ ആർക്കും തടയുവാനോ നശിപ്പിക്കുവാനോ സാധ്യമല്ല. ഇന്ദ്രനും മരുത്തുക്കളും യാതൊരുത്തനെ രക്ഷിക്കുന്നുവോ. അവൻ ഗോസമ്പൂർണ്ണമായ തൊഴുത്തിനെ നേടുന്നു.

**11. ഗമദ്വാജം വാജയന്നിന്ദ്ര മർതോ യസ്യ ത്വമവിതാ ഭൂവഃ |**

**അസ്മാകം ബോധ്യാവിതാ രഥാനാമസ്മകം ശൂര നൃണാം ||**

ഹേ ഇന്ദ്രാ! നീ ഏതൊരു സ്തോതാവിനെ രക്ഷിക്കുന്നുവോ. അവൻ അന്നം പ്രാപിക്കും. നീ ഞങ്ങളേയും , ഞങ്ങളുടെ മക്കളേയും രക്ഷിക്കേണമേ.

**12. ഉദിന്ന്വസ്യരിച്യതേം ശോ ധന നം ജിഗ്യുഷഃ |**

**യ ഇന്ദ്രോ ഹരിവാന്ന ദമന്തി തം രിപോ ദക്ഷം ദധാതി സോമിനി ||**

ഹര്യശ്വനായ ഇന്ദ്രൻ ഏതൊരു യജമാനനോടു ചേർന്നു

നിൽക്കുന്നുവോ. അവനെ ശത്രുക്കൾക്ക് ഹിംസിക്കുവാൻ സാദ്ധ്യമല്ല. ഇന്ദ്രൻെറ കർമ്മങ്ങളെല്ലാം എല്ലാ ശക്തൻമാർക്കും ഉപരിയാകുന്നു.

**13. മന്ത്രമഖർവംസുധിതം സുപേശസം ദധാത യജ്ഞി യേഷ്വാ |**

**പൂർവീശ്ചന പ്രസിതയസ്തരന്തി തം യ ഇന്ദ്രേ കർമണാ ഭുവത് ||**

ഹേ സ്തോതാക്കളേ ഇന്ദ്രനുവേി സുന്ദരങ്ങളായ സ്തുതികൾ അർപ്പിക്കുവിൻ. ഇന്ദ്രൻെറ മനസ്സിനെ തന്നിലേയ്ക്കാകർഷിക്കുന്ന പുരുഷൻ യാതൊരു ബന്ധനങ്ങളിലും പതിക്കുന്നില്ല.

**14. കസ്തമിന്ദ്ര ത്വാവസുമാ മർത്യോ ഭധർഷതി |**

**ശ്രദ്ധാ ഇത്തേ മഘവൻപാർയേ ഭിവി വാജീ വാജം സിഷാസതി ||**

ഹേ ഇന്ദ്രാ! നീ ആരുടെ മേൽ കൃപാലുവാകുന്നുവോ ആർക്കവനെ നശിപ്പിക്കുവാൻ കഴിയും? നിന്നെ ഭക്തിയോടെ സ്മരിക്കുന്ന ഹവിസ്സ് ദാതാവ് ദിവ്യമായ ധനത്തെ പ്രാപിക്കുന്നു.

**15. മഘോനഃ സവൃത്രഹത്യേ ഷുമ്ചോദയ തേ ദദതി പ്രിയ വസു |**

**തവ പ്രണീതീം ഹര്യശ്വസൂരിഭിർവിശ്വാം തരമേ ദുരിതാ ||**

ഹേ ഇന്ദ്രാ! നിനക്കു ഹവിസ്സ് നൽകുന്നവരെ രണക്ഷേത്രത്തിൽ സഹായിക്കണേ. ഞങ്ങൾ നിൻെറ സ്തുതികൾ വഴിയായി എല്ലാപാപങ്ങളുടേയും മറുകരപ്രാപിക്കും.

**16. തവേദിന്ദ്രാവമം വസു ത്വം പൂഷ്യസി മധ്യമം |**

**സത്രാ വിശ്വസ്യ പരമസ്യ രാജസി നകിഷ്ട്വാ ഗോഷ്ഠ വൃണ്വതേ ||**

ഹേ ഇന്ദ്രാ! നീ ഭൂമിയിലും, അന്തരീക്ഷത്തിലും, സ്വർഗ്ഗത്തിലുമുള്ള എല്ലാ ധനങ്ങളുടേയും അധിപനാകുന്നു, ദാനം ചെയ്യുന്നതിൽ നിന്നും നിന്നെ ആർക്കും തടയുവാൻ സാധ്യമല്ല.

**17. ത്വം വിശ്വസ്യ ധനദാ അസി ശ്രുതോ യ ഈം ഭവന്ത്യാജയഃ |**

**തവായം വിശ്വഃ പൂരുഹൂത പാർഥിവേ വസ്യുർനാമ ഭിക്ഷതേ ||**

ഹേ ഇന്ദ്രാ! ധനദാതാവെന്ന നാമത്തിൽ നീ പ്രസിദ്ധനായിരിക്കുന്നു. ഈ മനുഷ്യരെല്ലാം തങ്ങളുടെ ജീവൻ നിലനിൽത്തുവാനായി നിന്നോട് അന്നം യാചിക്കുന്നു.

**18. യദിന്ദ്ര യാവതസ്ത്വമേതാവദഹമീശീയ |**

**സ്തോതാരമിദ്ധിഷേയ രദാവസോ ന പാപത്വായ രാസീയ ||**

ഹേ ഇന്ദ്രാ! നിനക്കുള്ളതായ ധനം ഞങ്ങൾക്കു തരുമാറാകണം. സ്തോതാവായ ഞാൻ ആ ധനത്തെ സംരക്ഷിക്കും. പാപികൾക്കു ഞാൻ ധനം നൽകുകയില്ല.

**19. ശിക്ഷേയമിൻമഹയതേ ദിവേദിവേ രായ ആ കുഹചിദ്വിദേ |**

**നഹി ത്വദന്യൻമഘവന്ന ആപ്യം വസ്യോ അസ്തി പിതാ ചന ||**

ശ്രേഷ്ഠനായ പുരുഷനു ഞാൻ ധനം നൽകും. ഹേ ഇന്ദ്രാ! നീ തന്നെ ഞങ്ങളുടെ ബന്ധുവും പിതാവുമാകുന്നു.

**20. തരണിരിത്സിഷാസതി വാജ പൂരന്ധ്യാ യുജാ |**

**ആ വ ഇന്ദ്രം പുരുഹൂതം നമേ ഗിരാ നേമിം തഷ്ടേവ സുദ്ര്വം ||**

ശുഭകർമ്മാവുതന്നെ സുഖമനുഭവിക്കുന്നു. ആശാരി മരച്ചക്രം വളയ്ക്കുന്നതു പോലെ, ഞാൻ സ്തുതികൾ വഴിയായി ഇന്ദ്രനെ വളയ്ക്കും.

**21. ന ദുഷ്ടുതീ മർത്യോ വിന്ദതേ വസു ന സ്രേധന്തം രയിർനശത് |**

**സുശക്തിരിൻമഘവന്തുഭ്യം മാവതേ ദേഷ്ണം യത്പാര്യേ ദിവി ||**

നിന്ദയോടെ സ്തുതിക്കുന്നവന് ധനമുാകുന്നില്ല. ഹിംസകൻ ധനവാനാകുന്നില്ല. ഹേ ഇന്ദ്രാ! നിൻെറ അടുക്കൽ ദാനയോഗ്യമായി യാതൊന്നുാേ, അതിനെ ഉത്തമകർമ്മാവായ പുരുഷൻതന്ന പ്രാപിക്കുന്നു.

**22. അഭി ത്വാ ശൂര നോനുമോദുഗ്ധാ ഇവ ധേനവഃ |**

**ഈശാനമസ്യ ജഗതഃ സ്വർദൃശമീശാനമിന്ദ്ര തസ്ഥുഷഃ ||**

ഹേ ഇന്ദ്രാ! സ്ഥാവരജംഗമേശനായ നിന്നെ നിരന്തരം കറക്കാത്ത പശുക്കളെപ്പോലുള്ള ഞങ്ങൾ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു.

**23. ന ത്വാവാം അന്യോ ദിവ്യോ ന പാർഥിവോ ന ജാതോ ന ജനിഷ്യതേ |**

**അർശ്വായന്തോ മഘവന്നിന്ദ്ര വാജിനോ ഗവസ്ത്വാ ഹവാമഹേ ||**

ഹേ ഇന്ദ്രാ! ഭൂമിയിൽ നിനക്കുതുല്യനായി ആരും ജനിച്ചിട്ടില്ല. ഇനി ജനിക്കുകയുമില്ല. ഞങ്ങൾ ഗോക്കളേയും അശ്വങ്ങളേയും, അന്നത്തെയും ആഗ്രഹിച്ചുകൊ് നിന്നെ ആഹ്വാനം ചെയ്യുന്നു.

**24. അഭീ ഷുതസ്തദാ ഭരേന്ദ്ര ജ്യായഃ കനീയസഃ |**

**പൂരൂവസുർഹി മഘവൻത്സനാദസി ഭരേഭരേ ച ഹവ്യം ||**

ഹേ ഇന്ദ്രാ! നീ വലിയവനാണല്ലോ. ഞാൻ തുഛനായ മനുഷ്യനാകുന്നു. നീ എനിക്കുവേി ധനം കൊുവരണമേ. ഞങ്ങൾക്ക് എല്ലാ യുദ്ധത്തിനും വേിയ ധനം കിട്ടുമാറാക്കണം.

**25. പരാ ണുദസ്വ മഘവന്നമിത്രാൻത്സുവേദാ നോ വസൂ കൃധി |**

**അസ്മാകം ബോധ്യവിതാ മഹാധനേ ഭവാ വൃധഃ സഖീനാം ||**

ഹേ ഇന്ദ്രാ! ശത്രുക്കളെ ഓടിക്കണമേ! ഞങ്ങൾക്കു ധനം കിട്ടുമാറാക്കണേ. നീ ഞങ്ങളുടെ മിത്രമായി യുദ്ധത്തിൽ രക്ഷിക്കണമേ.

**26. ഇന്ദ്ര ക്രതുംന ആ ഭര പിതാ പുത്രേഭ്യോ യഥാ |**

**ശിക്ഷാ ണോ അസ്മിൻപുരൂഹൂത യാമനി ജീവാ ജ്യോതിരശീമഹീ ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്കു ബുദ്ധി നൽകണേ. പിതാവു പുത്രനു നൽകുന്നതുപോലെ ഞങ്ങൾക്കു ധനം നൽകിയാലും ഞങ്ങൾ നിത്യവും സൂര്യനെ ദർശിക്കണേ.

**27. മാ നോ അജ്ഞാതാ വൃജനാ ദുരാധ്യോ മാശിവാസോ അവ ക്രമുഃ |**

**ത്വയാ വയം പ്രവ്യതഃ ശശ്വതീരപോ തിംശൂര തരാമസി ||**

ഹേ ഇന്ദ്രാ! ശത്രുക്കൾ ഞങ്ങളെ ആക്രമിക്കാതിരിക്കണേ. ഞങ്ങൾ നിന്നെ നമസ്കരിച്ചുകൊ് അനേകം കാര്യങ്ങൾ സാധിക്കും.

## സൂക്തം 33

**ഋഷി വസിഷ്ഠൻ, വസിഷ്ഠപുത്രൻ. ദേവത വസിഷ്ഠവംശജർ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ശ്വിത്യഞ്ചോ മാ ദക്ഷിണതസ്കപർദാ ധിയജ്ജിന്വാ സോ അഭി ഹി പ്രമന്ദുഃ |**

**ഉത്തിഷ്ഠന്വോചേ പരി ബർഹിഷോ ന്യന്ന മേ ദൂരാദവിതവേ വസിഷ്ഠാഃ ||**

വസിഷ്ഠവംശജരായ മഹർഷിമാർ തങ്ങുട ശിരസ്സിൻെറ മേൽ ദക്ഷിണഭാഗത്തു ചൂഡാമണി ധരിക്കുന്നു. അവർ നമ്മുടെ മേൽ കൃപയുള്ളവരാകുന്നു. ഞാൻ എല്ലാവരുടേയും സമക്ഷത്തിൽ നിന്നുകൊു നിവേദനം ചെയ്യുന്നു. അവൻ നമ്മെ വിട്ട് മറ്റെങ്ങും പോകരുതേ എന്ന്.

**2. ദൂരാമിന്ദ്രനയന്നാ സുതേന തിരോ വൈശന്തമതി പാന്തമുഗ്രം |**

**പാശദ്യുമ്നസ്യ വായതസ്യ സോമാത്സുതാദിന്ദ്രോ അവൃണീതാ വസിഷ്ഠാൻ ||**

പാശദ്യുമ്നെ തിരസ്കരിച്ചുകൊ് സോമം പാനം ചെയ്തുകൊിരിക്കുന്ന ഇന്ദ്രനെ വസിഷ്ഠഗോത്രത്തിലെ മഹർഷിമാർ കൊു വന്നു ഇന്ദ്രനും ആ മഹർഷിമാരെ തന്നെ സ്വീകരിച്ചു.

**3. ഏവേ ന്നു കം സിന്ധുമേഭിസ്തതാരേവേന്നു കം ഭേടമേഭിർജഘാന |**

**ഏവേന്നു കം ദാശരജ്ഞേ സുദാസം പ്രാവദിന്ദ്രോ ബ്രഹ്മണാ വോ വസിഷ്ഠാഃ ||**

വസിഷ്ഠൻമാർ നദികടന്ന് ശത്രുക്കളെ കൊന്നു. ഹേ വസിഷ്ഠരേ! ദാശരാജ യുദ്ധത്തിൽ നിങ്ങളുടെ സ്തോത്രത്തിൻെറ ശക്തിയാൽ തന്നെ ഇന്ദ്രൻ സുദാസനെ രക്ഷിച്ചിരിക്കുന്നു.

**4. ജുഷ്ടീ നരോ ബ്രഹ്മണാ വഃ പിതൃണാമക്ഷമവ്യയം ന കിലാ രിഷാഥ |**

**യച്ഛക് വരീഷു ബൃഹതാ രവേണേന്ദ്രേ ശുഷ്മദധാതാ വസിഷ്ഠാഃ ||**

ഹേ സ്തോതാക്കളേ! നിങ്ങളുടെ സ്തോത്രങ്ങൾ പിതൃക്കളെ തൃപ്തിപ്പെടുത്തുന്നവയാകുന്നു. നിങ്ങൾ ക്ഷീണിതരാകരുത്. ഹേ വസിഷ്ഠരേ നിങ്ങൾ ശ്രേഷ്ഠങ്ങളായ മന്ത്രങ്ങളാൽ ഇന്ദ്രനിൽ നിന്നും ബലം പ്രാപിച്ചുവല്ലോ.

**5. ഉദ്ദ്യാമിവേത്തൃ ഷ്ണജോ നാതിതാസോ ദീധയുർദാ ശരാജ്ഞേ വൃതാസഃ |**

**വസിഷ്ഠസ്യ സ്തവത ഇന്ദ്രോ അശ്രോദുരും തൃത്സുഭ്യോ അകൃണോദു ലോകം ||**

വർഷത്തെ ആഗ്രഹിച്ചുകൊ് വസിഷ്ഠൻമാരുമായി യുദ്ധം ചെയ്തുകൊിരുന്ന ഇന്ദ്രനെ സൂര്യനെപ്പോലെ ഉയർത്തി. വസിഷ്ഠൻമാരുടെ സ്തുതികളെ ഇന്ദ്രൻ ശ്രവിക്കുകയും തൃത്സുവംശരാജാക്കൻമാർക്ക് ശ്രേഷ്ഠമായ സ്ഥാനം നൽകുകയും ചെയ്തു.

**6. ദണ്ഡാ ഇവേദ്ഗോ അജനാസ ആസൻപരിച്ഛിന്നാ ഭരതാ അഭകാസഃ |**

**അഭവച്ച പുരുഏതാ വസിഷ്ഠ ആദിത്തൃത്സൂനാം വിശോ അപ്രഥന്ത ||**

ഭരതൻമാർ ശത്രുക്കളാൽ വലയം ചെയ്യപ്പെടുകയും അവരുടെ എണ്ണം കുറയുകയും ചെയ്തു, വസിഷ്ഠൻ അവരുടെ പുരോഹിതനായപ്പോൾ അവരുടെ സന്തതികൾ പെരുകിത്തുടങ്ങി.

**7. ത്രയഃ കൃണ്വന്തി ഭുവനേഷു രേതസ്തിസ്രഃ പ്രജാ ആര്യാ ജ്യോതിരഗ്രാഃ |**

**ത്രയോ ധർമാസ ഉഷസം സചന്തേ സർവാ ഇത്താം അനു വദുർവസിഷ്ഠാഃ ||**

സൂര്യൻ, അഗ്നി, വായു, ഇവർ ജഗത്തിനു ജലം പ്രദാനം ചെയ്യുന്നു. അവർക്ക് ആദിത്യാദികളായ പ്രജകളും ു്. അവർ മൂന്നുഷസ്സുകളേയും പ്രകടമാക്കുന്നു. വസിഷ്ഠൻമാർ അവരെ അറിയുന്നവരാകുന്നു.

**8. സൂര്യസ്യേവ വക്ഷഥോ ജ്യോതിരേഷാം സമുദ്രസ്യേവ മഹിമാ ഗഭീരഃ |**

**വാതസ്യേവ പ്രജവോ നാന്യേന സ്തോമോ വസിഷ്ഠാ അന്വേതവേ വഃ ||**

ഹേ വസിഷ്ഠൻമാരേ! നിങ്ങളുടെ തേജസ്സ് സൂര്യനുതുല്യം പ്രകാശിതമാകുന്നു. അത് സമുദ്രം പോലെ ഗംഭീരവുമാകുന്നു. നിങ്ങളുടെ സ്തോത്രങ്ങളുടെ അനുഗാമികളാകുവാൻ മറ്റാർക്കും സാധിക്കുന്നില്ല.

**9. ത ഇന്നിണ്യം ഹൃദയസ്യ പ്രകേതൈഃ സഹസ്രവല്ശമഭി സം ചരന്തി |**

**യമേന തതം പരിധിം വയന്തോ പ്സരസ ഉപ സേദുർവസിഷ്ഠാഃ ||**

ആ വസിഷ്ഠൻമാർ ആയിരക്കണക്കിനു സ്ഥാനങ്ങളോടു കൂടിയ ജഗത്തിൽ ഭ്രമണം ചെയ്തു. അവർ യമൻ വഴിയായി വിതിയുള്ള വസ്ത്രം നെയ്തുകൊ്, മാതൃരൂപമായ അപ്സരസ്സിൻെറ അടുക്കലേയ്ക്കു പോയി.

**10. വിദ്യുതേ ജ്യോതിഃ പരി സഞ്ജിഹാനം മിത്രാവരുണാ യദപശ്യതാം ത്വാ**

**തത്തെ ജൻമോതൈകം വസിഷ്ഠാഗസ്ത്യോ യത്വാ വിശ ആജഭാര ||**

ഹേ വസിഷ്ഠ! നിങ്ങൾ ദേഹം ധരിക്കുന്നതിനുവേി സ്വന്തം തേജസ്സിനെ ഉപേക്ഷിച്ചപ്പോൾ മിത്രാവരുണൻമാർ നിങ്ങളെ ദർശിച്ചു. ആ സമയം നിങ്ങൾ ഏകജൻമാവുമായിത്തീർന്നു. അഗസ്ത്യനും നിങ്ങളെ ഇങ്ങോട്ടുകൊുവന്നു.

**11. ഉതാസി മൈത്രാവരുണോ വസിഷ്ഠോർവശ്യാ ബ്രഹ്മൻമനസോ ധി ജാതഃ |**

**ദ്രപ്സം സ്കന്നം ബ്രഹ്മണാ ദൈവ്യേന വിശ്വേ ദേവാഃ പുസ്കരേ താദദന്ത ||**

ഹേ വസിഷ്ഠാ! നീ ഉർവശിയുടെ മാനസപുത്രനും മിത്രാവരുണൻമാരുടെ സന്താനവുമാണല്ലോ. വിശ്വദേവതകൾ നിന്നെ

പുഷ്പകത്തിൽ സ്തോത്രങ്ങൾ വഴിയായി സ്വീകരിച്ചു.

**12. സ പ്രകേത ഉഭയസ്യ പ്രവിദ്വാൻത്സഹസ്രദാന ഉത വാ സദാനഃ |**

**യമേന തതം പരിധിം വയഷ്യന്നപ്സരസഃ പരി ജജ്ഞേ വസിഷ്ഠഃ ||**

ജ്ഞാനിയായ വസിഷ്ഠൻ ഇരുലോകങ്ങളുടേയും ജ്ഞാതാവായ സർവ്വജ്ഞാനിയായിത്തീർന്നു. യമനാൽ വിരിക്കപ്പെട്ട വസ്ത്രം നെയ്യുന്നതിനായി ഉർവശിയിൽ നിന്നും ഉത്ഭവിച്ചു.

**13. സത്രേ ഹ ജാതാവിഷിതാ നമോഭിഃ കുമ്ഭേ രേതഃ സിഷിചതുഃ സമാനം |**

**തതോ ഹ മാന ഉദിയായ മധ്യാത്തതോ ജാതമൃഷിമാഹുർവസിഷ്ഠം ||**

യജ്ഞത്തിൽ സ്തുതിക്കപ്പെടുന്ന മിത്രാവരുണൻമാർ കുംഭത്തിൽ ബീജം വീഴ്ത്തി. അതിൽ നിന്നും വസിഷ്ഠൻെറ ജനനം സംഭവിച്ചു എന്നു പറയപ്പെടുന്നു.

**14. ഉക്ഥഭൃതം സാമഭൃതംബിഭർതി ഗ്രവാണം സിഭ്രത്പ്ര വദാത്യഗ്രേ |**

**ഉപൈനമാധ്വം സുമനസയമാനാ ആ വോ ഗച്ഛാതി പ്രതൃദോ വസിഷ്ഠഃ ||**

ഹേ പ്രതൃസുക്കളേ! വസിഷ്ഠൻ നിങ്ങളുടെ സമീപത്തേക്കു വരുന്നു. നിങ്ങൾ അദ്ദേഹത്തെ പൂജിക്കുവിൻ. ഈ വസിഷ്ഠൻ എല്ലാ കർമ്മങ്ങളും ഉപദേശിക്കുന്നവനാകുന്നു.

## സൂക്തം 34

**ഋഷി വസിഷ്ഠൻ ദേവത വിശ്വോദേവൻമാർ ഛന്ദസ് ഗായത്രി ത്രിഷ്ടുപ്.**

**1. പ്ര ശുക്രൈതു ദേവീ മനീഷാ അസ്മത്സുതഷ്ടോ രഥോ ന വാജീ ||**

നമ്മുടെ ശ്രേഷ്ഠമായ സ്തുതികൾ വേഗമേറിയ രഥം പോലെ ദേവകളുടെ നേരെ ഗമിക്കണേ.

**2. വിദുഃ പൃഥിവ്യാ ദിവോ ജനിത്രം ശൃണ്വന്ത്യാ പോ അധ ക്ഷരന്തീഃ ||**

വൃഷ്ടിജലം സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും ഉത്ഭവത്തെ അറിയുന്നു. ജലം സ്തുതികളെ ശ്രവിക്കുന്നു.

**3. ആപശ്ചിദസ്മൈ പിന്വ പൃഥ്വീർവൃത്രേഷ്ഠ ശൂരാ മംസന്ത ഉഗ്രാഃ ||**

ജലം ഇന്ദ്രനെ തൃപ്തനാക്കുന്നു. വിഘ്നങ്ങൾ നേരിടുമ്പോൾ മനുഷ്യൻ ഇന്ദ്രനെ സ്തുതിക്കുന്നു.

**4. ആ ധൂർഷ്വേ സ്മൈ ദധാതാശ്വാനിന്ദ്രോ ന വജ്രി ഹിരണ്യബാഹുഃ ||**

ഹേ സ്തോതാക്കളെ! ഇന്ദ്രനു വരുവാനായി അശ്വങ്ങളെ പൂട്ടുവിൻ. ആ ഇന്ദ്രൻ സ്വർണ്ണഹസ്തനും, വജ്രധാരിയുമാണല്ലോ.

**5. അഭി പ്രേ സ്ഥാതാഷേവ യജ്ഞം യാതേവ പത്മൻത്മനാ ഹിനോത ||**

ഹേ മനുഷ്യരേ! നിങ്ങൾ യജ്ഞത്തിൻെറ സമീപത്തേക്കു പോകുവിൻ യാത്രാമാർഗ്ഗങ്ങളിൽകൂടി പഥികനെപോലെ നടക്കുവിൻ.

**6. ത്മനാ സമത്സു ഹിനോത യജ്ഞം ദധാത കേതും ജനായ വീരം ||**

മനുഷ്യരേ! രണഭൂമിയിലേയ്ക്കു പോകുവിൻ. അനന്തരം പാപകനാശത്തിനായി യാഗം കഴിക്കുവിൻ.

**7. ഉദസ്യ ശുഷ്മാദ്ഭാനുർനാർത വിർഭതി ഭാരം പൃഥിവീ ന ഭൂമ ||**

സൂര്യൻ ഈ യജ്ഞത്തിൻെറ പ്രഭാവത്തിൽ നിന്നുമുയി. ഭൂമി ജീവികളെ വഹിക്കുന്നതുപോലെ തന്നെ യജ്ഞവും വഹിക്കുന്നു.

**8. ഹ്വയാമി ദേവാം അയാതുരഗ്നേ സാധന്യതേന ധിയം ദധാമി ||**

ഹേ അഗ്നേ! അഹിംസയോടുകൂടി നടത്തപ്പെടുന്ന ഈ യജ്ഞത്തിൽ അഭീഷ്ടപൂർത്തിയ്ക്കായി ഞാൻ ദേവകളെ ആഹ്വാനം ചെയ്യുന്നു.

**9. അഭി വോ ദേവിം ധിയ ദധിധ്വം പ്ര വോ ദേവത്രാ വാചം കൃണുധ്വം ||**

ഹേ സ്തോതാക്കളേ! ദേവകൾക്കുവേി ശ്രേഷ്ഠമായ കർമ്മങ്ങളനുഷ്ഠിക്കുകയും സ്തുതിക്കുകയും ചെയ്യുവിൻ.

**10. ആ ചഷ്ഠ ആസാം പാഥോ നദീനാം വരുണ ഉഗ്രഃ സഹസ്രചക്ഷാഃ ||**

അനേകം നേത്രങ്ങളുള്ളവനായ വരുണൻ നദികളിലെ ജലത്തെ നിരീക്ഷിച്ചുകൊിരി ക്കുന്നു.

**11. രാജാ രാഷ്ട്രനാം പേശോ നദീനാമനുത്തമസ്മൈ ക്ഷത്രം വിശ്വായു ||**

വരുണൻ ദേശങ്ങളുടെ രാജാവും നദികളെ രൂപപ്പെടുത്തുന്നവനുമാകുന്നു. അവൻ തൻെറ ബലത്തോടു കൂടി എങ്ങും സഞ്ചരിക്കുന്നു.

**12. അവിഷ്ടോ അസ്മാൻ പിശ്വാസു വിക്ഷ്വദ്യും കൃണോത ശംസ സിനിത്സോഃ ||**

ഹേ ദേവകളേ! ഞങ്ങളുടെ രക്ഷകരാകണമേ!, നിന്ദകരുടെ ശക്തിയെ ക്ഷയിപ്പിക്കണേ.

**13.വ്യേതു ദിദ്യുദ്വിഷാമശേവാ യുയോത വിഷ്വഗ്രപസ്തനൂനാം ||**

ശത്രുക്കളുടെ വിഘ്നികാരിയായ ആയുധങ്ങൾ നശിക്കണേ. ഞങ്ങളെ പാപങ്ങളിൽ നിന്നും മോചിപ്പിക്കണമേ.

**14. അവിന്നോ അഗ്നിർഹവ്യാന്നമോഭിഃ പ്രേഷ്ഠോ അസ്മാ അധായി സ്തോമഃ ||**

ഹേ സ്തോതാക്കളേ! ദേവകളുടെ സഖാവായ അഗ്നിയോടുകൂടി നാം മിത്രത്വം സ്ഥാപിക്കണേ. അവർ നമുക്കു മംഗളമരുളണേ.

**15. സജൂർദേവേഭിരപാം നപാതം സഖായം കൃധ്വം ശിവോ നോ അസ്തു ||**

മേഘങ്ങളെ തകർക്കുന്നവും ജലത്തിൽ സ്ഥിതിചെയ്യുന്നവനുമായ അഗ്നിയെ നാം സ്തുതിക്കുന്നു.

**16. അബ്ജാമുക്ഥൈരഹിം ഗൃണീഷേ ബുധ്നേ നദീനാം രജാസു ഷീദൻ ||**

ഹേ അഗ്നേ! ഞങ്ങളെ ഹിംസകൻമാർക്കേല്പിച്ചുകൊടുക്കരുതേ. യജ്ഞകർത്താവിൻെറ യജ്ഞം വ്യർഥമാകാതിരിക്കണേ.

**17. മാ നോ ഹിർബുധ്ന്യോരി ഷേ ധാൻമാ യജ്ഞോ അസ്യ സ്രിധദ്യതായോഃ ||**

ദേവകൾ നമുക്കുവേി അന്നം വഹിക്കുന്നു. നമ്മുടെ ശത്രുക്കൾ നാശത്തെ പ്രാപിക്കണേ.

**18. ഉത നഃ ഏഷ നൃഷു ശ്രവോ ധുഃ പ്ര രായേ യന്തു ശർധന്തോ അര്യഃ ||**

നമ്മുടെ ആളുകൾക്ക് അവർ അന്നം കിട്ടുമാറാക്കണേ. ധനത്തിനുഴറുന്ന ശത്രുക്കൾ തെക്കോട്ടു പാകണേ.

**19. തപന്തി ശത്രു സ്വർണ ഭൂമാ മഹാസേനാസോ അമേഭിരേഷാം ||**

സൂര്യൻ ലോകങ്ങളെയെല്ലാം തപിപ്പിക്കുന്നതുപോലെ ദേവകളുടെ കൃപാത്രമായ രാജാവ് സേനകളോടു കൂടി ശത്രുക്കളെ തപിക്കണേ.

**20. ആ യന്നഃ പത്നീർഗമന്ത്യച്ഛാ ത്വഷ്ടാ സുപാണിർദധാതു വീരൻ ||**

ദേവനാരികൾ നമ്മുടെ അടുക്കൽ വരുമ്പോൾ ത്വഷ്ടാവ് നമ്മെ പുത്രവാൻമാരാക്കണേ.

**21. പ്രതി നഃ സ്തോമം ത്വഷ്ടാ ജുഷേത സ്യാദസ്മേ അരമതിർവസൂയുഃ ||**

ത്വഷ്ടാവ് നമ്മുടെ സ്തോത്രങ്ങളെ ശ്രവിക്കുന്നു. അവൻ നമുക്കുവേ ധനം നൽകുവാൻ കൃപയുള്ളവനാകണേ.

**22. താ നോ രാസന്റാതിഷാപോ വസൂന്യാ രോദസീ വരുണാനീ ശൃണുതു |**

**വരൂത്രീഭിഃ സുശരണോ നോ അസ്തു ത്വഷ്ടാ സുദത്രോ വിദധാതു രായഃ ||**

ദേവനാരിമാർ നമ്മുടെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കണേ. ആകാശവും, ഭൂമിയും വരുണനും നമ്മുടെ നിവേദനം ശ്രവിക്കണേ. ത്വഷ്ടാവ് നമുക്കാശ്രയം നൽകണേ.

**23. തന്നോ രായഃ പവതാസ്തന്ന ആപസ്തദ്രാതിഷാച ഓഷധീരത ദ്യൗ |**

**വനസ്പതിഭിഃ പൃഥിവീ സജോഷാ ഉഭേ രോദസീ പാസതോ നഃ ||**

പാർവ്വതങ്ങൾ നമ്മുടെ ധനത്തെ രക്ഷിക്കണേ. ജലം നമ്മുടെ ധനത്തെ പാലിക്കണേ. ദേവപത്നിമാരും, വാനൂഴികളും അന്തരീക്ഷവും വനസ്പതികളും നമ്മെ രക്ഷിക്കേണമേ.

**24. അനു തദുർവീ ജരാദസി ജിഹാതാനു ദ്യുക്ഷോ വരുണ ഇന്ദ്രസഖാ |**

**അനു വിശ്വേ മരുതോ യേ സഹാസോ രായഃ സ്യാമ ധരുണം ധിയധ്യൈ ||**

നമുക്കാവശ്യമായ ധനം ലഭിക്കുമാറാകണേ. ആകാശവും ഭൂമിയും നമ്മെ സഹായിക്കണേ. ഇന്ദ്രനും വരുണനും മരുത്തുക്കളും നമ്മുടെ ധനത്തെ സമർത്ഥമാക്കണേ.

**25. തന്ന ഇന്ദ്രോ വരുണോ മിത്രോ അഗ്നിരാപ ഓഷധീ ർവനിനോ ജജുഷന്ത |**

**ശർമന്ത്സ്യാമ മരുതാമുപസ്ഥേ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

മിത്രൻ, വരുണൻ, ഇന്ദ്രൻ അഗ്നി, ജലം ഔഷധികൾ,വൃക്ഷങ്ങൾ, മുതലായവർ നമ്മുടെ സ്തുതികൾ ശ്രവിക്കണേ. നാം മരുത്തുക്കളുടെ ആശ്രയത്തിൽ സുഖമായി വസിക്കുമാറാകണേ. നിങ്ങൾ എപ്പോഴും ഞങ്ങളെ കാത്തുരക്ഷിക്കേണമേ.

## സൂക്തം 35

**ഋഷി വസിഷ്ഠൻ ദേവത വിശ്വദേവൻമാർ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ശം ന ഇന്ദ്രാഗ്നി ഭവതാമവോഭിഃ ശം ന ഇന്ദ്രാവരുണാ രാതഹവ്യാ |**

**ശമിന്ദ്രാസോമ സുവിതായ ശം യോ ശം നം ഇന്ദ്രോ പൂഷാണാ വാജസാതൗ ||**

ഹേ ഇന്ദ്രാഗേ! നിങ്ങൾ നിങ്ങളുടെ രക്ഷയ്ക്കായി ശാന്തി നൽകുന്നവനാകണേ. ഹേ ഇന്ദ്രാ വരുണാ! യജമാനൻ ഹവിസ്സ് നൽകിയിരിക്കുന്നു. നിങ്ങൾ മംഗളദായകരാകണേ. ഇന്ദ്രനും സോമനും കല്യാണപ്രദരാകേണമോ ഇന്ദ്രനു പൂഷാവും നമ്മെ സുഖികളാക്കേണമേ.

**2. ശം നോ ഭഗഃ ശമു നഃ ശംസോ അസ്തു ശം നഃ പുരന്ധിഃ ശംസു സന്തു രായഃ |**

**ശം നഃ സത്യസ്യ സുയമസ്യ ശംസഃ ശം നോ അര്യമാ പുരുജാതോ അസ്തു ||**

ഭഗദേവൻ നമ്മെ സുഖികളാക്കണേ സത്യവചനങ്ങൾ വഴിയായും നാം സുഖം പ്രാപിക്കട്ടെ. അര്യമാവ് നമുക്കു മംഗളമേകണേ.

**3. ശം നഃ സത്യസ്യ സുയമസ്യ ശംസഃ ശം നോ അര്യമാ പുരുജാതോ അസ്തു |**

**ശം രോദസീ ബൃഹതീ ശം നോ അദ്രിഃ ശം നോ ദേവാനാം സുഹവാനി സന്തു ||**

ധാതാവും വരുണനും പൃഥ്വിയും പർവ്വതനും ദേവാഹ്വാനവും നമുക്കു സുഖം നൽകണേ.

**4. ശം നോ അഗ്നിർജ്യോതിനീകോ അസ്തുശം നോ മിത്രാവരുണാവശ്വിനാ ശം |**

**ശം നഃ സുകൃതാം സുകൃതാനി സന്തു ശം ഇഷിരോ അഭിവാതു വാതഃ ||**

ജ്വാലാമുഖി നമുക്കു ശീതളമുള്ളതാകണേ. മിത്രവരുണൻമാരും, അശ്വിനികളും വായുവും പുണ്യകർമ്മങ്ങളെല്ലാം നമുക്കു ശാന്തി പ്രദാനം ചെയ്യണേ.

**5. ശം നൊ ദ്യാവാപൃഥിവീ പൂർവഹൂതൗ ശമന്തരിക്ഷം ദൃശയേ നോ അസ്തു |**

**ശം ന ഔഷധീർവനിനോ ഭവന്തു ശം നോ രജസ്പതിരസ്തു ജിഷ്ണുഃ ||**

വാനൂഴികളും അന്തരിക്ഷവും ഔഷധികളും ലോകേശ്വരനായ ഇന്ദ്രനും നമുക്കുശാന്തി പ്രദാനം ചെയ്യണേ.

**6. ശം ന ഇന്ദ്രോ വസുഭിർദേവോ അസ്തു ശമാദിത്യേഭിർവരുണഃ സുശുംസഃ |**

**ശം നോ രുദ്ര രുദ്രേഭിർജലാഷഃ ശം നസ്ത്വഷ്ടാ ഗ്നാഭിരിഹ ശൃണോതു ||**

വസുക്കളോടു കൂടി പ്രധാന രുദ്രനും ദേവസ്ത്രീകളോടു കൂടി ത്വഷ്ടാവും നമുക്കു ശാന്തി നൽകണേ.

**7. ശം നഃ സോമോ ഭവതു ബ്രഹ്മ ശം നഃ ശം നോ ഗ്രാവാണഃ ശമു സന്തു യജ്ഞാഃ |**

**ശം നഃ സ്വരുണാം മിതയോ ഭവന്തു ശു നഃ പ്രസ്വഃ ശമ്വസ്തു വേദിഃ ||**

സോമവും സോമം ഇടിക്കുന്ന അമ്മിക്കല്ലും യജ്ഞവും സ്തോത്രങ്ങളും യൂപവും ഔഷധികളും വേദിയും എല്ലാം നമുക്കു ശാന്തി നൽകണേ.

**8. ശം നഃ സൂര്യ ഉരുചക്ഷാ ഉദേശു ശം നശ്ചതസ്രഃ പ്രദിശോ ഭവന്തു |**

**ശം നഃ പർവതാ ധ്രുവയോ ഭവന്തു ശം നഃ സിന്ധവ ലമു സന്ത്വാപഃ ||**

മഹാതേജസ്വിയായി സൂര്യനും ദിക്കുകളും പർവ്വതങ്ങളും നദികളും ജലവും നമുക്കു ശാന്തി നൽകണേ.

**9. ശം നോ അദിതിഭവതു വ്രതേഭിഃ ശം നോ ഭവന്തു മരുതഃ സ്വർകാഃ |**

**ശം നോ വിഷ്ണുഃ ശമു പൂഷാ നോ അസ്തു ശം നോ ഭവിത്രം ശമ്വസ്തു വായുഃ ||**

അദിതിയും മരുത്തുക്കളും വിഷ്ണുവും പൂഷാവും അന്തരീക്ഷവും വായുവും നമുക്കു ശാന്തി നൽകണേ.

**10. ശം നോ ദേവഃ സവിതാ ത്രായമാണഃ ശം നോ ഭവന്തുഷസോ വിഭാതീഃ |**

**ശം നഃ പർജന്യോ ഭവതു പ്രജാഭ്യഃ ശം നഃ ക്ഷേത്രസ്യ പതിരസ്തു ശംഭൂഃ ||**

സവിതാവും പർജന്യനും, ഉഷസ്സും ക്ഷേത്രപതിയും നമുക്കു ശാന്തി പ്രദാനം ചെയ്യണേ.

**11. ശം നോ ദേവ വിശ്വദേവാ ഭവന്തു ശംസരസ്വതീ ഹ ധാഭിരസ്തുഃ |**

**ശമഭിഷാചഃ ശമു രാതിഷാചഃ ശം നോ ദിവ്യാഃ പാർഥിവാ ശം നോ അപ്യാ ||**

വിശ്വേദേവകളും സരസ്വതിയും യജ്ഞാനുഷ്ഠാനവും പൃഥ്വിയും ആകാശവും അന്തരീക്ഷവും ദേവകളും ഗോക്കളും ഋഭുക്കളും നമുക്കു ശാന്തി നൽകുന്നവരാകണേ.

**12. ശം നഃ സത്യസ്യ പതയോ ഭവന്തു രംനോ അർവന്തഃ ശമു സന്തു ഗാവഃ |**

**ശം നഃ ഋഭവഃ സുകൃതഃ സുഹസ്താഃ ശം നോ ഭവന്തു പിതരോ ഹവേഷു ||**

ബഹുസ്തോത്രങ്ങളായ ദേവൻമാർ നമുക്കു ശാന്തി നൽകണേ. സരസ്വതി സ്തുതികളോടു കൂടി ശാന്തി നൽകണേ. യഷ്ടാക്കൾ ശാന്തി നൽകണേ. കൈവിരുതുള്ള സുകർമ്മാക്കളായ ഋഭുക്കൾ നമുക്കു ശാന്തി നൽകണേ. സ്തുതിക്കപ്പെട്ട പിതൃക്കൾ നമുക്കു ശാന്തി നൽകണേ.

**13. ശം നോ അജ ഏകപാദ്ദേവോ അസ്തു ശം നോ ഹി ബുധ്ന്യഃ ശം സമുദ്രഃ |**

**ശം നോ അപാം നപാത്പേരുരുസ്തു ശം നഃ പൃശ്നിഭ വതു ദവഗോപാഃ ||**

ഏകപാദനായ അജനും അഹിർബുധ്വദേവനും സമുദ്രവും അഹാന്നപാത്തും, പൃശ്നിയും നമുക്കു ശാന്തി നല്കണേ.

**14.ആദിത്യാ രുദ്രാ വസവോ ജജൂഷന്തേദം ബ്രഹ്മ ത്രിയമാണ നവീയഃ |**

**ശൃണ്വന്തു നോ ദിവ്യാഃ പാരഥിവാസോ ഗോജാതാ ഉത യേ യജ്ഞിയാസഃ ||**

ഈ നവീനസ്തോത്രങ്ങൾ നാം രചിക്കുന്നു. ആദിത്യൻമാരും മരുത്തുക്കളും വസുക്കളും ഇതിനെ ശ്രവിക്കണേ. ആകാശവും ഭൂമിയും സകല യജ്ഞീയ ദേവകളും നമ്മുടെ ആഹ്വാനം ശവിക്കേണമേ.

**15. യേ ദേവാനാം യജ്ഞിയാ യജ്ഞിയാനാം മനോർയ ജത്രാ അമൃതാ ഋതജ്ഞാഃ |**

**തോ നോ രാസന്തമുരുഗായമദ്യ യൂയം പാത സ്വസ്തിഭി സദാ നഃ ||**

ഹേ ദേവകളേ! പ്രജാപതിയായ മനുവും, അവിനാശികളും, പ്രത്യക്ഷതമായ ദേവകളും നമുക്കു പുത്രരെ നൽകണേ. നിങ്ങൾ ഞങ്ങളെ മനോഹരമായ രീതിയിൽ രക്ഷിക്കേണമേ.

# അദ്ധ്യായം 4

## സൂക്തം 36

**ഋഷി വസിഷ്ഠൻ ദേവത വിശ്വേദേവൻമാർ ഛന്ദസ് പംക്തി ത്രിഷ്ടുപ്.**

**1. പ്ര ബ്രഹ്മൈതു സദനാദൃതസ്യ വി രശ്മിഭിഃസസൃജേ സൂര്യോ ഗാഃ |**

**വി സാനുനാ പൃഥിവീ സസ്ര ഉർവീ പൃഥു പ്രതീകമധ്യധേ അഗ്നിഃ ||**

യജ്ഞത്തിൽ ഉച്ചരിക്കപ്പെടുന്ന സ്തോത്രങ്ങൾ സൂര്യൻെറ നേരെ ഗമിക്കണേ.സൂര്യരശ്മികളാൽ വൃഷ്ടി ജലത്തെ പൊഴിക്കുന്നു. വിശാലമായ ഭൂമിയുടെ മുകളിലായി അഗ്നി പ്രകാശിച്ചുകൊിരിക്കുന്നു.

**2. ഇമാം വാ മിത്രുവരുണ സുവൃക്തിനിമിഷം ന കൃണ്വേ അസുരാ നവീയഃ |**

**ഇനോ വാമന്യഃ പദവീരദബ്ധോ ജനം ച മിത്രോ യയതി ബ്രുവാണഃ ||**

ഹേ മിത്രാ വരുണാ! നിങ്ങൾക്കു വേി അഭിനവങ്ങളായ സ്തോത്രങ്ങൾ ഉച്ചരിക്കുന്നു. നിങ്ങളിൽ ഒരുവൻ ഒരുസ്ഥാനത്തെ പ്രകടമാക്കുന്നവനും മിത്രൻ സ്തോതാക്കളെ കർമ്മങ്ങൾക്കു പ്രേരിപ്പിക്കുകയും ചെയ്യുന്നു.

**3. ആ വാതസ്യ ധ്രജതേ രന്ത ഇത്യാ അപീപയന്ത ധേനവോ നസൂദാഃ |**

**മഹോ ദിവഃ സദനേ ജായമാനോ ചിക്രദദ് ഷഭഃ സസ്മിന് നൂധൻ ||**

വായുവിൻെറ ഗതി എല്ലാ ഭാഗത്തു ശോഭിച്ചുകൊിരിക്കുന്നു. പയസ്വനിയായ ഗോവ് വൃദ്ധിയെ പ്രാപിക്കുന്നു. സൂര്യൻെറ സ്ഥാനതതത്ത് ഉത്മവിച്ച മേഘം അന്തരീക്ഷത്തിൽ ഘോരമായ ശബ്ദം

മുഴക്കുന്നു.

**4. ഗിരാ യ ഏതാ ത ഇന്ദ്ര പ്രിയ സുരഥാ ശൂര ധായൂ |**
**പ്ര യോ മന്യും രരീക്ഷതോ മിനിത്യാ സുക്രതുമർയമണം വവൃത്യാം ||**

ഹേ ഇന്ദ്രാ! ആര് നിൻെറ ഇരു അശ്വങ്ങളെ യോജിപ്പിക്കുന്നുവോ അവൻെറ യജ്ഞത്തിൽ ആഗതനാകണമേ. ഹിംസകരുടേയും പാപികളുടേയും ക്രോധത്തെ അര്യമാവ് നിഷ്ഫലമാക്കുന്നു. ശ്രേഷ്ഠകർമ്മാവായ ആ അര്യമാവിനെ ഞാൻ സ്തുതിക്കുന്നു.

**5. യജന്തേ അസ്യ സഖ്യം വയശ്ച നമസ്വിനഃ സ്വഃ ഋതസ്യ ധാമൻ |**
**വി പൃക്ഷോ വാവധേ നൃഭിഃസ്തവാന ഇദം നമോ രുദ്രായ പ്രേഷ്ഠം ||**

അന്നവാനായ യജമാനൻ രുദ്രൻെറ മിത്രതയെ കാംക്ഷിക്കുന്നു. സ്തുതികളാൽ പ്രസന്നനായ രുദ്രൻ അന്നം ദാനം ചെയ്യുന്നു. ഞാൻ ആ രുദ്രനെ പ്രണമിക്കുന്നു.

**6. ആ യത്സാകം യശസോ വാവനാശഃ സരസ്വതീ സപ്തഥീ സിന്ധുമാതാ |**
**യാഃ സുഷ്വയന്ത സുദുധാഃ സുധാരാ അഭി സ്വേന പയസ പീപ്യാനാഃ ||**

സിന്ധുനദികളുടെ മാതാവാകുന്നു. സരസ്വതി എഴാമത്തവളാകുന്നു. മനോഹരപ്രവാഹിനികളായ ഈ നദികൾ അഭീഷ്ടദായിനികളാകുന്നു.തങ്ങളുടെ ജലം വഴിയായി വൃദ്ധിയെ പ്രാപിക്കുന്നു. നദി ഒന്നിച്ച് അന്നദാനം ചെയ്യുന്നവരാകുന്നു.

**7. ഉത ത്യേ നോ മരുതോ മന്ദസാനാ ധിയം തോകം ച വാജിനോ വന്തു |**
**മാ നഃ പരി ഖ്യദക്ഷരാ ചരന്ത്യവീവൃധന്യുജ്യം തേ രയിം നഃ ||**

വേഗവാൻമാരായ മരുത്തുക്കൾ നമ്മുടെ അനുഷ്ഠാനങ്ങളുടേയും ആപത്യങ്ങളുടേയും രക്ഷകരാകണേ. വാണീഭഗവതി നമ്മെ ഉപേക്ഷിച്ച് മറ്റുള്ളവരുടെ മേൽ കൃപാദൃഷ്ടിയുള്ളവളാകാതിരിക്കണേ. ഇവൾ നമ്മുടെ ധനത്തെ അഭിവൃദ്ധിപ്പെടുത്തണമേ.

**8. പ്ര വോ മഹീമരമതിം കൃണുധ്വം പ്ര പൂഷണം വിദഥ്യം ന വീരം |**
**ഭഗം ധിയോ വിതാരം നോ അസ്യാഃസാതൗ വാജം രാതിഷാചം പുരന്ധിം ||**

ഹേ സ്തോതാക്കളെ! വിശാലമായ ഭൂമിയെയും യജ്ഞീയനായ പൂഷാവിനെയും ഭഗനേയും വാജദേവനേയും ഈ യജ്ഞത്തിൽ ആഹ്വാനം ചെയ്യുവിൻ.

**9. അച്ഛായം വോ മരുതഃ ശ്ലേ ക ഏത്വച്ഛാ വിഷ്ണം നിഷിക്തപാമവോഭിഃ |**
**ഉത പ്രജായൈ ഗൃണതേ വയോ ധുര്യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ മരുത്തുക്കളേ! ഈ സ്തോത്രം നിങ്ങളെ അഭിമുഖീകരിക്കണേ. വിഷ്ണുവിൻെറ സന്നിതിയിലും ചെന്നുചേരണേ. അവർ സ്തോതാവിന് സന്താനങ്ങളെയും അന്നവും നൽകണേ. നിങ്ങൾ സ്വന്തം രക്ഷകളാൽ ഞങ്ങളെ എപ്പോഴും പാലിക്കണമേ.

## സൂക്തം 37

**ഋഷി വസിഷ്ഠൻ ദേവത വിശ്വേദേവൻമാർ, ഛന്ദസ്സ് ത്രിഷ്ടുപ് പംക്തി**

**1. ആ വോ വാഹിഷ്ഠോ വഹുതു സ്തവധ്യൈ രഥോ വാജാ ഋഭുക്ഷണോ അമൃക്തഃ |**
**അഭി ത്രി പൃഷ്ഠൈഃ സവനേഷു സോമൈർമദേ സുശിപ്രാ മഹഭിഃ പൃണധ്വം ||**

ഹേ ഋഭുക്കളേ! നിങ്ങൾ തേജസ്വികളാണല്ലോ. നിങ്ങൾ വഹനക്ഷമമായ രഥത്തിൽ ആഗതരാകണമേ മിശ്രിതമായ സോമരസത്താൽ നിങ്ങളുടെ ഉദരങ്ങളെ നിറയ്ക്കുവിൻ.

**2. യൂയം ഹ രത്നം മഘവത്സു ധത്ഥ സ്വർദൃശ ഋഭുക്ഷണോ അമൃക്തം |**
**സം യജ്ഞേഷു സ്വധാവന്തഃ പിബധ്വം വി നോ രാധാംസി മതിഭിർദയധ്വം ||**

ഹേ ഋഭുക്കളേ! നിങ്ങൾ ഹവിർദാതാക്കൾക്കുവേി രത്നം വഹിക്കുവിൻ, പിന്നെബലവാൻമാരുമായി സോമം പാനം ചെയ്യുകയും ഞങ്ങൾക്ക് ധനം നൽകുകയും ചെയ്യുവിൻ.

**3.ഉവോചിഥ ഹി മഘവക്ഷേണം മഹോഅർഭസ്യ വസുവോ വിഭാഗേ**
**ഉഭാ തേ പൂർണാ വസുനാ ഗഭസ്തീ ന സൂനൃതാ ന യമതേ വസവ്യാ**

ഹേ ഇന്ദ്രാ ധനം ദാനം ചെയ്യുന്ന സമയത്ത് അന്നം സേവിക്കുന്നുവല്ലോ. നിന്റെ ഇരുകരങ്ങളിലും ധനമുല്ലോ. നിന്റെ ദാനത്തെ ആർക്കും തടയുവാൻ സാധ്യമല്ല.

**4. ത്വമിന്ദ്ര സ്വയശാ ഋഭുക്ഷാ വാജോ ന സാധുരസ്തമേഷ്യർക്വാ |**
**വയം ന തേ ദാശ്വംസഃ സ്യാമബ്രഹ്മ കൃണ്വന്തോ ഹരിവോ വസിഷ്ഠാഃ ||**

ഹേ ഇന്ദ്രാ! നീ ഋഭുക്കളുടെ നായകനാണല്ലോ, നീ സ്തോതാക്കളുടെ ഭവനങ്ങളിലേയ്ക്കു എഴുന്നള്ളണേ. ഇന്നു ഞങ്ങൾ ഹവിസ്സ് നൽകി നിന്നെ സ്തുതിക്കുന്നു.

**5. സനിതാസി പ്രവതോ ദാശുഷേ ചിദ്യാഭിർ വിവേഷോ ഹർയശ്വ ധീഭിഃ |**
**വവൻമാ നൃ തേ യുജ്യാഭിരൂതി കദാ ന ഇന്ദ്ര രായ ആ ദശസ്യേ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ സ്തുതികളിൽ പ്രസന്നനായി ധനം നൽകുന്നു. നീ ഞങ്ങൾക്കിപ്പോൾ ധനം പ്രദാനം ചെയ്യും? ഞങ്ങൾ അങ്ങയുടെ സ്തുതികളാൽ രക്ഷിതരായിരിക്കും.

**6. വാസയസീവ വേധസസ്ത്വം നഃ കദാ നഃ ഇന്ദ്ര വചസോ ബുവോധഃ |**
**അസ്ത താത്യാ ധിയാ രയിം സുവീരം പൃക്ഷോ നോ അർവാ ന്യുഹീത വാജി ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ സ്തുതികളെ നീ എപ്പോൾ ശ്രദ്ധിക്കും നീ ഞങ്ങൾക്ക് നല്ല വാസസ്ഥാനം നൽകിയിരിക്കുന്നു. നിന്റെ അശ്വങ്ങൾ ഞങ്ങൾക്കാവശ്യമായ ധനവുമായി ഞങ്ങളുടെ ഭവനങ്ങളിൽ വന്നുചേരണേ.

**7. അഭി യം ദേവീ നിർഋതിശ്ചിദീശ നക്ഷന്ത ഇന്ദ്രം ശരദഃ സുപൃക്ഷഃ |**

**ഉപ ത്രിബന്ധുർജരദഷ്ടിമേത്യസ്വവേശം യം കൃണവന്ത മർതാഃ ||**

പൃഥ്വി ആരെ ഈശ്വരനാക്കുവാൻ പ്രയത്നിക്കുന്നുവോ അന്നമായ വർഷകനായി ആരെ ഈശ്വരരൂപത്തിൽ സ്വീകരിക്കുകയും സ്തോതാവ് തന്റെ ഭവനത്തിലേയ്ക്ക് ആരെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നുവോ, ആ ഇന്ദ്രൻ അന്നഭക്ഷണത്താലുള്ള ബലത്തെ പ്രാപിക്കുന്നു.

**8. ആ നോ രാധാംസി സവിതഃ സ്തവധ്യാ ആ രായോയന്തു പർവതസ്യ രാതൗ |**

**സദാ നോ ദിവ്യഃ പായുഃ നിഷക്തു യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ സവിതാവേ! നിന്റെ പ്രശംസനീയമായ ധനം ഞങ്ങൾക്കു ലഭിക്കുമാറാകണേ. പർവ്വതം ദാനം ചെയ്യുന്ന ദാനം ഞങ്ങളെ പ്രാപിക്കണേ. ഇന്ദ്രൻ ഞങ്ങളുടെ സേവനത്തെ സ്വീകരിക്കണേ. ഹേ ദേവകളേ! നിങ്ങൾ എപ്പോഴും ഞങ്ങളെ കാത്തുരക്ഷിക്കണമേ.

## സൂക്തം 38

**ഋഷി വസിഷ്ഠൻ ദേവത സവിതാവ്, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. ഉദുഷ്യ ദേവഃസവിതാ യയാമ ഹിരണ്യയീ മമതിം യാമശിശ്രേത് |**

**നൂനം ഭഗോ ഹവ്യോ മാനുഷേഭിർവിയോ രത്നാ പുരൂവസുർദധാതി |**

സ്വന്തം പ്രഭയോടു കൂടി പ്രകാശിക്കുന്ന സൂര്യൻ ഉദയത്തെ പ്രാപിക്കുന്നു. അവൻ മുഷ്യരുടെ സ്തുതികൾക്കു യോഗ്യനാകുന്നു. അവൻ സ്തോതാക്കൾക്കു ശ്രേഷ്ഠമായ ധനം പ്രദാനം ചെയ്യുന്നു.

**2. ഉദു തിഷ്ഠ സവിതഃ ശ്രുധ്യസ്യ ഹിരണ്യപാണേ പ്രഭൃതാ വൃതസ്യ |**

**വ്യുർവീം പൃഥ്വീമമതിം സൃജാന ആ നൃഭ്യോം മർത ഭോജനം സുവാനഃ ||**

ഹേ സവിതാവേ! ഉദയത്തെ പ്രാപിച്ചാലും നേതാക്കൾക്ക് ഉപഭോഗധനം നൽകികൊ് യജ്ഞം ആരംഭിച്ചിരിക്കുന്നു. നീ ഞങ്ങളുടെ സ്തുതികൾ ശ്രവിക്കേണമേ.

**3. അപി ഷ്ടുതഃ സവിതാ ദേവോ അസ്തു യമാ ചിദ്വിശ്വേ വസവോ ഗൃണന്തി |**

**സ നഃ സ്തോമന്നമസ്യ ശ്ചനോ ധാദ്വിശ്വേഭിഃ പാതു പായുഭിർനിഃ സൂരീൻ ||**

സവിതാവു നമ്മളാൽ പൂജിക്കപ്പെടുന്നു. യാതൊരുത്തനെ എല്ലാവരും സ്തുതിക്കുന്നുവോ; പൂജ്യനായ ആ സവിതാവ് നമ്മുടെ സ്തുതികളെ വൃദ്ധിപ്പെടുത്തുകയും, സ്തോതാവിനെ എല്ലാ വിധത്തിലും രക്ഷിക്കുകയും ചെയ്യണേ.

**4. അഭി യം ദേവ്യദിതിർഗൃണാതി സവം ദേവസ്യ സവിതുർജ്ജൂഷാണാ |**

**അഭാ സമ്രാജോ വരുണോ ഗൃണന്ത്യഭിമിത്രാളോ അർയമാ സജോഭാഃ ||**

അദിതിയും, വരുണനും, മിത്രനും, അര്യമാവും മറ്റുള്ള ദേവകളും സവിതാവിനെ സ്തുതിക്കുന്നു.

**5. അഭി യേ മിഥോ വനുഷഃ സപന്തേ രാതിം ദിവോ രാതിഷാചഃ പൃഥിവ്യാഃ |**

**അഷിർബുധ്ന്യ ഉതനഃ ശൃണോതു വരൂണ്യേകധേനുഭിർനി പാതു ||**

ദാനശീലനായ യജമാനൻ സവിതാവിനെ ഉപാസിക്കുന്നു. അഹിർ ബുധ്ന്യൻ നമ്മുടെ സ്തുതികളെ ശ്രവിക്കണേ. വാണീദേവി നമ്മെ എല്ലാവിധത്തിലും രക്ഷിക്കണേ.

**6. അ നു തന്നോ ജാസ്പതിർമം സീഷ്ഠ രത്നം ദേവസ്യ സവിതുരിയാനഃ |**

**ഭഗ മുഗ്രോ വശേ ജോഹവീതി ഭഗമനുഗ്രോ അധ യാതി രത്നം ||**

സവിതാവായ ദേവൻ യാചകരായ നമുക്ക് ധനം പ്രദാനം ചെയ്യണേ. ഞാൻ സ്വന്തം രക്ഷയ്ക്കും ധനത്തിനും വേി ഭഗനെ ആഹ്വാനം ചെയ്യുന്നു.

**7. ശം നോ ഭവന്തു വാജിനോ ഹവേഷു ദേവ തതാ മിത്രദ്രവഃ സ്വർകാഃ |**

**ജമ്ഭയന്തോ ഹിം വൃകും രക്ഷാംസി സന്യേമ്യസ്മദ്യുയവന്നമീവാഃ ||**

വാജീദേവകൾ നമുക്കു സുഖം നൽകണേ. ആ ദാനശിലരും, രാക്ഷസൻമാരും നശിക്കണേ. രോഗങ്ങളെല്ലാം നമ്മിൽ നിന്നും അകന്നുപോകണേ.

**8. വാജേവാജേ വത വാജിനോ ഹവേഷു ദേവ തതാ മിതദ്രവഃ സ്വർകാഃ |**

**ജമ്ഭയന്തോ ഹിം വൃകും രക്ഷാംസി സനേമ്യസ്മദ്യുയവന്നമീവാഃ ||**

ഹേ ദേവകളേ! സത്യത്തെ അറിയുന്ന നിങ്ങൾ എല്ലാ യുദ്ധങ്ങളിലും ഞങ്ങൾക്കു തുണയായിരിക്കണമേ. നിങ്ങൾ ഈ സോമം കൊ് ഇമ്പം കൊള്ളുവിൻ. അനന്തരം ദേവയാനമാർഗ്ഗത്തിലൂടെ പോകുവിൻ.

## സൂക്തം 39

**ഋഷി വസിഷ്ഠൻ ദേവത വിശ്വേദേവൻമാർ, ഛന്ദസ്സ് ത്രിഷ്ടുപ്.**

**1. ഊർധ്വോ അഗ്നിഃ സുമതിം വസ്വേ അശ്രേത് പ്രതീചി ജജൂർണിർദേവതാതിമേതി |**

**ഭേജാതേ അദ്രീ രഥ്യേവ പന്ഥാമൃതം ഹോതാ ന ഇഷിതേ യജാതി ||**

അഗ്നിദേവൻ സ്തോതാവിന്റെ സ്തുതികളെ ഉന്നതിയിലേയ്ക്കുയർത്തണേ. ഉഷാദേവി യജ്ഞത്തിൽ ആഗതയാകണേ. പത്നീ യുക്തനായ യജമാനൻ യജ്ഞമാർഗത്തിൽക്കൂടി ചരിക്കുകയും യജ്ഞം നടത്തുകയും ചെയ്യണേ.

**2. പ്ര വാവൃജേ സുപ്രയാ ബർഹിരേഷാമാ വിശ്വതീവ വീരി ഇയാതേ |**

**വിശാമക്തോരുഷസഃ പൂർവഹൂതൗ വായുഃ പൂഷാ സ്വസ്തയേ നിയുത്വാൻ ||**

ഈ യജമാനൻ കുശയെ ഹവിസ്സിനോടു പൂർണ്ണമാക്കുന്നു. വായുവും, പൂഷാവും എല്ലാവർക്കും നല്ലതു വരുത്തുവാനായി ഉഷസ്സിനു മുമ്പേവന്നു ചേരണേ.

**3. ജ്മയാ അത്ര വസവോ രത്ന ദേവാ ഉരാവന്തരിക്ഷേ മർജയന്ത ശുഭ്രാഃ |**

**അർവാക് പഥ ഉരുജ്രജയഃ കൃണ്വധ്വം ശ്രോതാ ദൂതസ്യ ജഗ്മുഷോ നോ അസ്യ ||**

വസുഗണം ഈ യജ്ഞത്തിൽ വഹിക്കണേ. അന്തരീക്ഷസ്ഥരായ മരുത്തുക്കളുടെ സേവനവും ഉാകണേ. ഹേ വസുക്കളേ!മരുത്തുക്കളേ! നിങ്ങളുടെ മാർഗ്ഗത്തെ ഞങ്ങളുടെ നേരെ തിരിക്കുവിൻ. യാതൊരുത്തൻ ഞങ്ങളുടെ ദൂതനായി സേവനത്തിനായെത്തുന്നുവോ അവന്റെ നിവേദനത്തെ ശ്രദ്ധിക്കേണമെ.

**4. തേ ഹി യജ്ഞേഷു യജ്ഞിയാസ ഊമാഃ സദസ്ഥം വിശ്വേ അഭി സന്തി ദേവാഃ |**

**താംഅധ്വര ഉശതോ യക്ഷ്യഗ്നേ ശ്രുഷ്ടീം ഭഗം നാസത്യാ പുരന്ധിം ||**

വിശ്വദേവകൾ നമ്മുടെ യജ്ഞത്തിൽവരുന്നു. ഹേ അഗ്നേ! അവർക്കുവേി യജ്ഞം നടത്തിയാലും ഭഗനേയും, അശ്വനികളേയും, ഇന്ദ്രനേയും പൂജിക്കണേ.

**5. അഗ്നേ ഗിരോ ഭിവ ആ പൃഥിവ്യാ മിത്രം വഹ വരുണമിന്ദ്രമഗ്നിം |**

**അര്യമണമദിതിം വിഷ്ണുമേഷാം സരസ്വതീ മരുതോ മാദയന്താം ||**

ഹേ അഗ്നേ! ഇന്ദ്രൻ, മിത്രൻ, വരുണൻ, അര്യമാ, അഗ്നി, അദിതി, വിഷ്ണു ഇവരെ ഞങ്ങളുടെ യജ്ഞത്തിൽ വിളിക്കൂ. സരസ്വതിയുടേയും മരുത്തുക്കളുടേയും കൃപയെ യാചിച്ചാലും.

**6. രരേ ഹവ്യം മതിഭിര്യജ്ഞിയാനാം നക്ഷത്കാമം മർത്യാനാമസിന്വൻ |**

**ധാതാ രയിമവിദസ്യം സദാസാം സക്ഷീമഹി യുജ്യേഭിർനു ദേവൈഃ ||**

യജ്ഞയോഗ്യരായ ദേവകൾക്ക് നാം ഹവിസ്സ് നൽകുന്നു. അഗ്നി നമ്മുടെ അഭിലാഷങ്ങളിൽ ബാധകനാകുന്നില്ല. ഹേ ദേവഗണമേ നിങ്ങൾ ഞങ്ങൾക്ക് ഗ്രഹണീയമായ ധനം ദാനം ചെയ്യണമേ. ഞങ്ങൾ ഞങ്ങളുടെ സഹായകരായ ദേവകളെ ഇന്നു സന്ദർശിക്കും.

**7. നൂ രോദസീ അഭിഷ്ടുതേ വസിഷ്ഠൈർഋതാവനോ വരുണോ മിത്രോ അഗ്നിഃ |**

**യച്ഛന്തു ചന്ദ്രാ ഉപമം നോ അർകം യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഇന്ന് ആകാശവും ഭൂമിയും വഴിയാംവണ്ണം സ്തുതിക്കപ്പെട്ടു ഇന്ദ്രനും, വരുണനും അഗ്നിയും സ്തുതിക്കപ്പെട്ടു. കല്യാണപ്രദരായ ദേവകൾ നമുക്കു ശ്രേഷ്ഠമായ അന്നം നൽകുകയും കാത്തു രക്ഷിക്കുകയും ചെയ്യണേ.

## സൂക്തം 40

**ഋഷി വസിഷ്ഠൻ, ദേവത വിശ്വേദേവൻമാർ, ഛന്ദസ് പംക്തി ത്രിഷ്ടുപ്.**

**1. ശ്രുഷ്ടിർവിദഥ്യാ സമേതു പ്രതി സ്തോമം ദധീമഹി തുരാണാം |**

**യദദ്യ, ദേവഃ സവിതാ സുവിതാ സ്യാമാസ്യ രത്നിനോ വിഭാഗേ ||**

ഹേ ദേവകളേ! നിങ്ങളുടെ ശ്രേഷ്ഠമായ സുഖം ഞങ്ങളെ പ്രാപിക്കണേ. ഞങ്ങൾ ദേവകളെ സ്തുതിക്കുന്നു. സവിതാ ദേവൻ ഞങ്ങൾക്കായി പ്രേരിപ്പിക്കുന്ന ധനത്താൽ സന്തുഷ്ടരായിരിക്കും.

**2. മിത്രസ്തന്നോ വരുണോ രോദസീ ച ദ്യുഭക്തമിന്ദ്രോ അര്യമാ ദദാതു |**

**ദിദേഷ്ടു ദേവ്യദിതീ രേക്ണോ വായുശ്ച യന്നിയുവൈതേ ഭഗശ്ച**

മിത്രാവരുണൻമാരും ദ്യാവാപൃഥ്വികളും പ്രശംസനീയമായ ആ ധനം നമുക്കു നൽകണേ. ഇന്ദ്രനും, അര്യമാവും നമുക്കു ധനം നൽകണേ. വായുവും ഭഗനും നമുക്കു തരുവാനിഷ്ടപ്പെടുന്ന ധനത്തെ അദിതി തരികതന്നെ ചെയ്യണേ.

**3. സേദുഗ്രോ അസ്തു മരുതഃ സ ശുഷ്മീ യം മർത്യം പൃഷദശ്വാ അവാഥ |**

**ഉതേമഗ്നിഃ സരസ്വതീ ജുനന്തി ന തസ്യ രായ പർയേതാസ്തി ||**

പൃഷാശ്വരായ മരുത്തുക്കളേ! നിങ്ങൾ ആരുടെ രക്ഷകനാകുന്നുവോ, ആ ഉപാസകർ ബലവും തേജസ്സും പ്രാപിക്കണേ. അഗ്നി സരസ്വതി ആദിയായ ദേവകൾ യജമാനനെ കർമ്മങ്ങൾക്കു പ്രേരിപ്പിക്കണേ. അവന്റെ അടുക്കലുള്ള ധനത്തെ ആർക്കും നശിപ്പിക്കുവാൻ കഴിയാതിരിക്കണേ.

**4. അയം ഹി നേതാ വരുണാ ഋതസ്യ മിത്രോ രാജാനാ അര്യമാപോ ധുഃ |**

**സുഹവാ ദേവ്യദിതിരനർവാ തേ നോ അംഹോ അതി പർഷന്നരിഷ്ടാൻ ||**

മിത്രൻ വരുണനും അര്യമാവും സർവ്വശക്തി സമ്പന്നരാകുന്നു. നമ്മുടെ യജ്ഞാനുഷ്ഠാനങ്ങളെ വഹിക്കുന്നു. പ്രകാശമയിയായ അദിതി സുന്ദരാഹ്വാനസമ്പന്നയാകുന്നു. ഈ എല്ലാ ദേവകളും നമ്മെ പാപത്തിൽ നിന്നും മോചിപ്പിക്കണേ.

**5. അസ്യ ദേവസ്യ മീളഹുഷേ വയാ വിഷ്ണോരേഷസ്യ പ്രഭൃഥേ ഹവിർഭിഃ |**

**വിദേ ഹി രുദ്രാ രുദ്രിയം മഹിത്വം യാസിഷ്ടം വർതിശ്വിനാവിരാവത് ||**

മറ്റുള്ള എല്ലാ ദേവകളും വിഷ്ണുവിന്റെ അംശരൂപമാകുന്നു. രുദ്രൻ തന്റെ കൃപ നമുക്കു തരണേ. ഹേ അശ്വിനികളേ! ഞങ്ങളുടെ ഹവിസ്സ് സമ്പന്നമായ ഭവനങ്ങളിൽ വന്നുചേരുവിൻ.

**6. മാത്ര പൂഷണാഘൃണ ഇരസ്യേ വരൂത്രീ യദ്രാതിഷാചശ്ച രാസൻ |**

**മയോഭുവേ നോ അർവന്തോ നി പാന്തു വൃഷ്ടിം പരിജ്മാ വാതോ ദദാതു ||**

ഹേ പൂഷാവേ! സരസ്വതിയും മറ്റുള്ളവരും ഞങ്ങൾക്കു നൽകുന്ന ധനത്തിൽ നീ ബാധയുാക്കരുത് കല്യാണദാതാക്കളായ

ദേവകൾ ഞങ്ങളെ രക്ഷിക്കേണമേ. നമുക്കു മഴ തരണേ.

**7. നൂ രോദസീ അഭിഷ്ടുതേ വസി ഷ്ഠൈർഋതാവാനോ വരുണോ മിത്രോ അഗ്നിഃ |**

**യച്ഛന്തു ചന്ദ്രാ ഉപമം നോ അർകം യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഇന്ന്ദേവകൾ വാനൂഴികളെ വഴിയാം വണ്ണം സ്തുതിച്ചു. ദേവഗണം നമുക്ക് വരണീയ ധനം നൽകണേ. വരുണനേയും ഇന്ദ്രനേയും അഗ്നിയേയും സ്തുതിക്കപ്പെട്ടു, ഇവൻ നമ്മെ എപ്പോഴും കാത്തുരക്ഷിക്കണേ.

## സൂക്തം 41

**ഋഷി വസിഷ്ഠൻ ദേവത ലിംഗോക്തവ്, ഭഗവാൻ, ഉഷസ്സ്, ഛന്ദസ്സ് ത്രിഷ്ടുപ്, ജഗതി; പംക്തി.**

**1. പ്രാതരഗ്നിം പ്രാതരിന്ദ്രം ഹവാമഹേ പ്രാതർമിത്രാ വരുണാ പ്രാതരശ്വിനാ |**

**പ്രാതഭർഗം പൂഷണം ബ്രഹ്മണസ്പതിം പ്രാതഃ സോമമുത രുദ്രം ഹുവേമ ||**

നാം നമ്മുടെ പ്രഭാതസവനത്തിൽ ഇന്ദ്രനേയും, മിത്രനേയും, വരുണനേയും വിളിക്കുന്നു. അശ്വിനികളേയും ഭഗനേയും പൂഷാവിനേയും ബ്രാഹ്മണസ്പതിയേയും സോമനേയും രുദ്രനേയും സ്തുതിക്കുന്നു.

**2. പ്രാതിർജിതം ഭഗമുഗ്രം ഹുവേമ വയം പുത്രമാദിതേർയോ വിധർതാ |**

**ആധ്രശ്ചിദ്യം മന്യമാനസ്തുരശ്ചിദ്രാജാ ചിദ്യം ഭഗം ഭക്ഷീത്യാഹ ||**

അദിതിയുടെ വിജയശീലനായ പുത്രൻ ഭഗനെ നാം നമ്മുടെ പ്രഭാതസവനത്തിൽ ആഹ്വാനം ചെയ്യുന്നു ദാരിദ്രനും, ധനവാനായ രാജാവും രുപേരും അവനോട് ധനം യാചിക്കുന്നു.

**3. ഭഗ പ്രണേതർഭഗ സത്യരാധോ ഭഗേമാം ധിയമുദവാ ദദന്നഃ |**

**ഭഗ പ്ര ണോ ജനയ ഗോഭിരശ്വൈർഭ നൃഭിർനൃവന്തഃ സ്യാമ ||**

ഹേ ഭഗാ! നീ ശ്രേഷ്ഠനായ നേതാവും, സത്യധമനനുമാകുന്നു. ഞങ്ങൾ ആഗ്രഹിക്കുന്ന വസ്തുക്കൾ അങ്ങു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ ഗോക്കൾ മുതലായ മൃഗങ്ങളെ അഭിവൃദ്ധിപ്പെടുത്തണമേ. ഞങ്ങൾ പുത്രാദികളാൽ സമ്പന്നരും, സൗഭാഗ്യശാലികളും ആകണേ.

**4. ഉതേദാനീം ഭഗവന്തഃ സ്യാമോത പ്രപിത്വ ഉത മധ്യേ അഹ്നാം |**

**ഉതോദിതാ മഘവൻത്സൂര്യസ്യ വയം ദേവാനാം സുമതൗ സ്യാമ ||**

ഞങ്ങൾ നിന്റെ കൃപാപാത്രമാകണേ. ദിവസത്തിന്റെ ആരംഭത്തിലും മധ്യത്തിലും നിന്റെ കൃപയെ പ്രാപിക്കണേ. ഹേ ഭഗാ ഉദയവേളയിൽ ഞങ്ങൾ ഇന്ദ്രാദിദേകളുടെ കൃപയെ പ്രാപിക്കുന്നവരാകണേ.

**5. ഭഗ ഏവ ഭഗവാം അസ്തു ദേവാസ്തേന വയം ഭഗവന്തഃ സ്യാമ |**

**തം ത്വാ ഭഗ സർവ ഇജ്ജോഹവീതി സ നോ ഭഗ പുര ഏത ഭവേഹ ||**

ഹേ ദേവകളേ! ഞങ്ങൾ ഭഗന്റെ ക‚പയാൽ സമ്പന്നരാകേണമേ ഹേ ഭഗാ! ഞങ്ങളുടെ ഈ യാഗത്തിൽ ഒന്നാമനായി വന്നു ചേരേണമേ. ഞങ്ങൾ നിരന്തരം ആഹ്വാനം ചെയ്യുന്നു.

**6. സമധ്വരായേഷസോ നമന്ത ദധിക്രവേവ ശുചയേ പദായ| അർവാചീനം വസുവിദം ഭഗം നോ രഥമിവാശ്വാ വാഹിന ആ വഹന്തു ||**

ഉഷസ്സ് നമ്മുടെ യജ്ഞത്തിൽ ആഗതയാകണേ, ദ്രുതഗാമികളായ അശ്വങ്ങളാൽ യുക്തമായ രഥത്തിനു തുല്യം ഉഷസ്സ് ഭഗനെ നമുക്കഭിമുഖമാക്കണേ.

**7. അശ്വാവതീർഗോമതീർന ഉഷാസോ വീരവതീഃ സദമുച്ഛന്തു ഭദ്രാഃ |**

**ഘൃതം ദുഹാനാ വിശ്വതഃ പ്രപീതാ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||☐**

സർവ്വഗുണസമ്പന്നനായ ഉഷസ്സ് അശ്വങ്ങൾ ഗോക്കൾ, അപത്യാദികൾ എന്നിവയാൽ യുക്തയായി രാത്രിയുടെ അന്ധകാരത്തെ അകറ്റുകയും നമ്മെ പാലിക്കുകയും ചെയ്യണമേ.

## സൂക്തം 42

**ഋഷി വസിഷ്ഠൻ ദേവത വിശ്വദേവൻമാർ. ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1 പ്ര ബ്രഹ്മാണോ അങ്ഗിരസോ നക്ഷന്ത പ്ര ക്രന്ദനുർനഭന്യസ്യ വേതു |**

**പ്ര ധേനവ ഉദപ്രുതോ നവന്ത യുജ്യാതാമദ്രീ അധ്വരസ്യ പേശഃ ||**

അംഗിരസ്സുകൾ എങ്ങും വ്യാപിക്കണേ. പാർജന്യൻ നമ്മുടെ സ്തുതികളെ ഇഷ്ടപ്പെടണേ. നദികൾ ജലസേചനം ചെയ്തുകൊ ു പ്രവഹിക്കണേ. യജമാന ദമ്പതികൾ യജ്ഞം നിർവ്വഹിക്കണേ.

**2. സുഗസ്തേ അഗ്നേ സനവിത്തോ അധ്വാ യുംക്ഷ്വാ സുതേ ഹരിതോ രോഹിതശ്ച |**

**യേ വാ സദ്മന്നരുഷാ വീരവാഹോ ഹൂവേ ദേവാ നാം ജനിമാനി സത്തഃ ||**

ഹേ അഗ്നേ! അങ്ങയുടെ സനാതനമായ മാർഗ്ഗം സുഗമമാകണേ കരിങ്കുതിരകളും ചെങ്കുതിരകളും അങ്ങയെപ്പോലെ മഹാദേവതകളെ യജ്ഞഗൃഹത്തിൽ കൊ ു വരണേ. അവയെ രഥത്തിൽ പൂട്ടിയാലും. ഞാൻ യാഗമണ്ഡപത്തിലിരുന്നു കൊ ് ദേവകളെ ആഹ്വാനം ചെയ്യുന്നു.

**3. സമു വോ യജ്ഞം മഹയന്നമോഭിഃ പ്ര ഹോതാ മന്ദ്രോ രിരിച ഉപാകേ |**

**യജസ്വ സൂപൂർവണീക ദേവാനാ യജ്ഞിയാമരമതിം വവൃത്യാഃ ||**

ഹേ ദേവകളേ! സ്തോതാക്കൾ യജ്ഞത്തിൽ നിങ്ങളെ പൂജിക്കുന്നു. ഞങ്ങളുടെ അടുത്തുള്ള ഹോതാവ് സർവ്വോത്തമനാകുന്നു. ദേവകൾക്ക് വഴിയാം വണ്ണം യജ്ഞം നടത്തുവിൻ. നിങ്ങൾ തേജസ്സിനെ വഹിക്കുവിൻ; ഭൂമിയെ പ്രാപിക്കുവിൻ.

**4. യദാ വീരസ്യ രേവതോ ദുരോണേ സ്യോനശീരതിഥിരാചികേതത് |**

**സുപ്രീതോ അഗ്നിഃ സുധിതോ ദമ ആ സ വിശേ ദാതി വാർയമിയത്യൈ ||**

അതിഥിരൂപനായ അഗ്നി യാതൊരു യജമാനന്റെ ഗൃഹത്തിൽ ശയിക്കുന്നുവോ, യാതൊരു സമയം ചൈതന്യനും പ്രസന്നനും ആകുന്നുവോ ആ സമയം ഗ്രഹണീയമായ ദാനം ചെയ്യുന്നു.

**5. ഇമം നോ അഗ്നേ അധ്വരം ജുജു ഷസ്വ മരുത്സ്വിദ്രേ യശസം കൃദീ നഃ |**

**ആ നക്താ ബർഹിഃ സദതാമുഷാസോശന്താ മിത്രാവരുണാ യുജേഹി ||**

ഹേ അഗ്നേ! ഞങ്ങളുടെ യജ്ഞത്തെ സേവിക്കണമേ. ഇന്ദ്രന്റെയും മരുത്തുക്കളുടേയും ഇടയിൽ ഞങ്ങളുടെ യശസ്സിനെ വർദ്ധിപ്പിക്കണമേ. അങ്ങ് രാത്രിയിലും ഉഷസ്സിലും യജ്ഞീയദർഭയിൽ വിരാജിതനാകണമേ. യജ്ഞത്തെ ആഗ്രഹിക്കുന്ന മിത്രാവരുണൻമാരെ പൂജിക്കേണമേ.

**6 ഏവാഗ്നിം സഹസ്യം വസിഷ്ഠോ രായസ്കാമോ വിശ്വപ്സ്നയസ്യ സ്തൗത് |**

**ഇഷംരയിം പപ്രഥദ്വാജമസ്മേ യൂയം പാത സ്വസ്തിഭി സദാ നഃ ||**

ധനത്തെ ആഗ്രഹിച്ചുകൊ് വസിഷ്ഠൻ അഗ്നിയെ സ്തുതിച്ച് നമുക്ക് ബലവും, അന്നവും, ധനവും പ്രദാനം ചെയ്യണമേ. നമ്മെ എപ്പോഴും പാലിക്കുകയും ചെയ്യണേ.

## സൂക്തം 43

**ഋഷി വസിഷ്ഠൻ, ദേവത വിശ്വോദേവൻമാർ, ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. പ്ര വോ യജ്ഞേഷു ദേവയന്തോ അർചന്ത്യാവാ നമോഭിഃ പൃഥിവീ ഇഷധ്യൈ |**

**യേഷാം ബ്രഹ്മാണ്യ സമാനി വാപ്രവിഷ്വഗ്വിയന്തി വനിനോ ന ശാഖാഃ ||**

യാതൊരു വിദ്വാൻമാരുടെ സ്തുതികൾ എല്ലായിടത്തും വ്യാപിക്കുന്നുവോ ആ വിദ്വാൻമാർ നിങ്ങളെ പ്രാപിക്കുന്നതിനായി സ്തുതിക്കുന്നു. വാനൂഴികളേയും സ്തുതിക്കുന്നു.

**2. പ്ര യജ്ഞ ഏതു ഹേത്വോ ന സപ്തിരുദ്യച്ഛധ്വം സമനസോ ഘൃതാചീഃ |**

**സ്തൃണീത ബഹിർധ്വരായ സാധൂർധ്വാ ശോചീഷിം ദേവയൂന്യസ്ഥുഃ ||**

ഹേ ഋത്വിക്കുകളേ! ദ്രുതഗാമികളായ അശ്വങ്ങളെപ്പോലെ വന്നുചേരുവിൻ. ഏക മനസ്സുള്ളവരായി സ്രുക്കിനെ വഹിച്ചിരിക്കുന്ന നിങ്ങളുടെ രശ്മികൾ മുകളിലേക്കു മുഖം തിരിക്കണേ.

**3. ആ പുത്രാസോ ന മാതരം വിഭൃത്രാഃ സാനൗ ദേവാസോ ബർഹിഷഃ സദന്തു |**

**ആ വിശ്വാചീ വിദഥ്യാമനക്ത്വഗ്നേ മാ നോ ദേവതാതാ മൃദസ്കഃ ||**

പുത്രൻ മാതാപിതാക്കളുടെ മടിയിൽ പോയിരിക്കുന്നതുപോലെ, ദേവഗണം യജ്ഞത്തിന്റെ ശ്രേഷ്ഠമായ സ്ഥാനങ്ങളിൽ ഉപവിഷ്ഠരാകണേ. ഹേ അഗ്നേ! നിന്റെ യജ്ഞയോഗ്യമായ ജ്വാലകളുടെ ജഹു ശരിയായ വിധം സേചനം ചെയ്യണേ. നീ ഞങ്ങളുടെ ശത്രുക്കളെ സഹായിക്കരുതേ.

**4. തേ സീഷപന്ത ജോഷമാ യുജത്രാ ഋതസ്യ ധാരാഃ സുദുഘാ ദുഹാനാഃ|**

**ജ്യേഷ്ഠം വോ അദ്യ മഹ ആ വസൂനാമാ ഗന്തന സമനസോ യതിഷ്ഠ ||**

ജലത്തിന്റെ ദോഹനശീലമായ ധാരകളെ സേചനംചെയ്തുക്കൊ് ദേവഗണം നമ്മുടെ പൂജയെ സ്വീകരിക്കണേ. ഹേ ദേവകളേ സർവ്വശ്രേഷ്ഠമായ ധനം ഞങ്ങൾക്കു ലഭിക്കണേ. നിങ്ങൾ ഏകമനസ്സുള്ളവരായി വന്നു ചേരുവിൻ.

**5. ഏവാ നോ അഗ്നേ വിക്ഷ്വാ ദശസ്യ ത്വയാ വയം സഹസാവന്നാസ്ക്രാഃ |**

**രായാ യുജാ സധമാദോ അരിഷ്ടാ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! നീ ഞങ്ങൾക്കു ധനം പ്രദാനം ചെയ്യേണമേ. നീ ഞങ്ങളെ ത്യജിക്കരുതേ ഞങ്ങൾ എപ്പോഴും സുഖമുള്ളവരാകണേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കണമേ.

## സൂക്തം 44

**ഋഷി വസിഷ്ഠൻ, ദേവത ദധിക്രാവ്, ഛന്ദസ് ജഗതിത്രിഷ്ടുപ്, പംക്തി.**

**1. ദധിക്രാം വഃ പ്രഥമമശ്വിനോഷസമഗ്നിം സമിദ്ധം ഭഗമൂതയേ ഹുവേ |**

**ഇന്ദ്രം വിഷ്ണും പൂഷണം ബ്രഹ്മണസ്പതി മാഭിത്യാന്ദ്യാവാപൃഥിവീ അപഃ സ്വഃ ||**

രക്ഷയ്ക്കു വേി ഞാൻ ദധിക്രാവിനെയും, അശ്വിനികളേയും, ഉഷസ്സിനേയും, അഗ്നിയേയും, ഭഗനേയും, ഇന്ദ്രനേയും, വിഷ്ണുവിനേയും, പൂഷാവിനേയും, ബ്രഹ്മണസ്പതിയേയും, ആദിത്യൻമാരെയും, ആകാശത്തെയും ഭൂമിയേയും, സൂര്യനേയും ആഹ്വാനം ചെയ്യുന്നു.

**2. ദധിക്രാമു നമസാ ബോധയന്താ ഉദീരാണാ യജ്ഞമുപപ്രയന്തഃ |**

**ഇളാം ദേവീം ബർഹിഷി സാദയന്തോശ്വിനാ വിപ്രാ സുഹവാ ഹുവേമ ||**

യജ്ഞം ആരംഭിക്കുമ്പോൾ നാം ദധിക്രാവിനെ സ്തുതിക്കുന്നു. ഇളയെ സ്ഥാപിച്ച്, ശോഭനരായ അശ്വിനികളെ ആഹ്വാനം ചെയ്യുന്നു.

**3. ദധിക്രാവാണം ബുബുധാനോ അഗ്നിമുപ ബ്രുവ ഉഷസം സൂര്യം ഗാം |**

**ബ്രധ്നം മംശ്ചതോർവരുണസ്യ ബ്രഭ്രൂതംതേ വിശ്വാസ്മദ് ദുരിതാ യാവയന്തു**

ദധിക്രാവിനെ ആഹ്വാനം ചെയ്തിട്ട് അഗ്നിയേയും, ഉഷസ്സിനേയും, വാണിയേയും സ്തുതിക്കുന്നു. വരുണന്റെ അശ്വത്തേയും സ്തുതിക്കുന്നു. എല്ലാ ദേവകളും എന്നെ പാപത്തിൽ നിന്നും മോചിപ്പിക്കണേ.

**4. ദധിക്രാവാ പ്രഥമോ വാജ്യുർവാഗ്രേ രഥാനാം ഭവതി പ്രജാനൻ |**

**സംവിദാന ഉഷസാ സൂര്യേണാദിത്യേഭിർവസുഭിരങ്ഗിരോഭിഃ**

||

അശ്വങ്ങളിൽ പ്രമുഖനായ ദധിക്രാവ് അറിയേതായ എല്ലാ കാര്യങ്ങളും അറിഞ്ഞുകൊ് ഉഷസ്സിനോടും ആദിത്യഗണനോടും വസുക്കളോടും കൂടിചേർന്ന് രഥത്തിന്റെ അഗ്രഭാഗത്തായി ചരിക്കുന്നു.

**5. ആ നോ ദധിക്രാഃ പഥ്യാമനക്ത് വ്യതസ്യ പന്ഥാമന്വേതവാ ഉ |**

**ശൃണോതു നോ ദൈവ്യം ശർധോ അഗ്നിഃ ശൃണ്വന്തു വിശ്വേ മഹിഷാ അമൂരാഃ ||**

ദധിക്രാവ് സത്യത്തിലും ന്യായത്തിലും കൂടി ചലിച്ചുകൊു നമ്മെ ധർമ്മത്തിന്റെയും ലോകത്തിൻെറയും ഹിതകരങ്ങളായ മാർഗ്ഗങ്ങളിൽകൂടി ആനയിക്കണേ. അദ്ദേഹം അഗ്നിക്കു തുല്യം പ്രകാശനായ നമുക്കു ശക്തി പ്രദാനം ചെയ്യണേ.

## സൂക്തം 45

**ഋഷി വസിഷ്ഠൻ, ദേവത സവിതാവ്, ഛന്ദസ് ത്രിഷ്ടുപ്.**

**1. ആദേവോ യാതു സവിതാ സുരത്നോന്തരിക്ഷപ്രാ വഹമാനോ അശ്വൈഃ |**

**ഹസ്തേ ദധാനോ നര്യാ പുരൂണി നിവേശയഞ്ച പ്രസുവഞ്ച ഭൂമ ||**

സവിതാദേവൻ മനുഷ്യർക്കുവേ കല്യാണികാരിയായ ധനം വഹിച്ചുകൊ്, ജീവജാലങ്ങളെ കർമ്മങ്ങൾക്കായി പ്രേരിപ്പിച്ചുകൊ് ഉദയം ചെയ്യണേ.

**2. ഉദസ്യ ബാഹൂ ശിഥിരാ ബൃഹന്താ ഹിരണ്യയാ ദിവോ അന്താം അനഷ്ടാം |**

**നൂനം സോ അസ്യ മഹിമാ പനിഷ്ഠ സൂരശ്ചിദസ്മാ അനുടാദപസ്യം ||**

സവിതാദേവൻ അന്തരീക്ഷത്തിന്റെ അതിരുകളെ വ്യാപിപ്പിക്കണേ. നാം എപ്പോൾ അദ്ദേഹത്തിന്റെ മഹിമയെ വർണ്ണിക്കും. സൂര്യൻ നമ്മെ കർമ്മങ്ങളിലേക്കു തിരിക്കണേ.

**3. സ ഘാ നോ ദേവഃ സുവിതാ സഹാവാ സാവിഷദുസുപതിർവസൂനി |**

**വിശ്രയമാണോ അമതി മുരൂചീം മർതഭോജനമധ രാസതേ നഃ ||**

സവിതാദേവൻ ധത്തെ പ്രേരിപ്പിക്കണേ. വിശാലരൂപനായ അവൻ നമുക്ക് ഉപഭോഗ്യധനം പ്രദാനം ചെയ്യണേ.

**4. ഇമാ ഗിരഃ സവിതാരം സുജിഹ്വം പൂർണഗഭസ്തിമീളതേ സുപാണിം |**

**ചിത്രം വയോ ബൃഹദസ്തേ ദധാതു യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

അവൻ നമുക്കു ശ്രേഷ്ഠമായ അന്നം നൽകണേ. നമ്മെ പാലിക്കുകയും ചെയ്യണേ.

## സൂക്തം 46

**ഋഷി വസിഷ്ഠൻ, ദേവൻ രുദ്രൻ. ഛന്ദസ്സ് ത്രിഷ്ടുപ് പംക്തി**

**1. ഇമാ രുദ്രായ സ്ഥിരധന്വനേ ഗിര; ക്ഷിപ്രേഷവേ ദേവായ സ്വധാവ്നേ |**

**ഉഷാളഹായ സഹമാനായ വേധസേ തിഗ്മായുധായ ഭരതാ ശൃണോതു നഃ ||**

ഹേ സ്തോതാക്കളേ! ധനുർധാരിയും, അജയ്യനും, സർവ്വജിത്തുമായ രുദ്രനെ സ്തുതിക്കുവിൻ. അവൻ നമ്മുടെ പ്രാർത്ഥനകളെ ശ്രവിക്കണേ.

**2. സ ഹി ക്ഷയേണ ക്ഷമസ്യ ജൻമനഃ സാമ്രാജ്യേന ദിവ്യസ്യ ചേതതി |**

**അവന്നവന്തീരുപ നോ ദുരശ്ചരാനമീവോ രുദ്ര ജാസു നോ ഭവ ||**

പാർഥിവവും ദിവ്യവുമായ ഐശ്വര്യത്തോടെ അവനു അനുഭൂതിയുാകുന്നു. ഹേ രുദ്രാ! നിന്നെ സ്തുതിക്കുന്ന ഞങ്ങളുടെ പുരുഷൻമാരെ രക്ഷിക്കുവാനായി വരണമേ. നീ ഞങ്ങളെ രോഗരഹിതരാക്കണമേ.

**3. യാ തേ ദിദ്യുദവസൃഷ്ടാ ദിവസ്പരി ക്ഷ്മയാ ചരതി പരി സാ വൃണക്തു നഃ |**

**സഹസ്രം തേ സ്വപി വാത ഭേഷജാ മാ നമസ്തോകേഷു തനയേഷു രീരിഷഃ ||**

ഹേ രുദ്രാ! അന്തരീക്ഷസ്ഥിതമായ വിദ്യുത്ത് ഭൂമിയെ പരിഭ്രമണം ചെയ്യുന്നു; ഞങ്ങളെ നശിപ്പിക്കാതിരിക്കണം അങ്ങ് ആയിരണക്കിനു ഔഷധികളോടു കൂടിയവനാണല്ലോ. ഞങ്ങളുടെ പുത്രപൗത്രാദികളെ നശിപ്പിക്കരുതേ.

**4. മാ നോ വധീ രുദ്ര മാ പരാ ദാ മാ തേ ഭൂമ പ്രസിത ഹീളിതസ്യ |**

**ആ നോ ബജ ഭർഹിണി ജിവശംസേ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ രുദ്രാ! ഞങ്ങളെ ഹിംസിക്കരുതേ ഞങ്ങൾ നിന്റെ കോപപാശത്തിൽ വീഴാതിരിക്കണേ. നീ ഞങ്ങളെ യശസ്വികളാക്കുകയും, സദാ പാലിക്കുകയും ചെയ്യേണമേ.

## സൂക്തം 47

**ഋഷി വസിഷ്ഠൻ ദേവത അപ്പുകൾ, ഛന്ദസ് ജഗതി ത്രിഷ്ടുപ് പംക്തി.**

**1. ആപോ യം വഃ പ്രഥമം ദേവയന്ത എന്ദ്രപാനമൂർമിമ കൃണ്വതേളഃ |**

**ത വോ വയം ശുചിമരിപ്രമദ്യ ഘൃതപ്രുഷം മധുമന്തം വനേമ ||**

ഹേ ജലദേവതകളേ! അധ്വരയുക്കൾ ഇന്ദ്രനുപാനയോഗ്യമായ സോമരസം നിഷ്പന്നമാക്കുന്നു. അതു ഞങ്ങളും പാനം ചെയ്യണമേ.

**2. തമൂർമിമാപോ മധുമത്തമം വോ പാം നപാദവത്വശുഹേമാ |**

**യസ്മിന്നിന്ദ്രോ വസുഭിർമാദയാതേ തമശ്യാമ ദേവയന്തോ വോ അദ്യം ||**

അപാനപാത്തായ ദേവൻ നിങ്ങളുടെ രസയുക്തമായ സോമത്തെ വളർത്തണേ. വധുക്കൾ സഹിതം ഇന്ദ്രൻ യാതൊന്നിനാൽ ഹർഷം പ്രാപിക്കുന്നുവോ, ആ സോമരസത്തെ ദേവകളെ ആഗ്രഹിച്ചുകൊ് ഞങ്ങൾ പ്രാപിക്കുന്നു.

**3. ശതപവിത്രാഃ സ്വധയാ മദന്തീർദേവീർദേവാനാമപി യന്തി പാഥഃ |**

**താ ഇന്ദ്രസ്യ ന മിനന്തി വ്രതാനി സിന്ധുഭ്യോ ഹവ്യം ഘൃതവജ്ജുഹോത ||**

ജലദേവത ദേവസ്ഥാനത്തേക്കു പോകുന്നു. അവർ ഇന്ദ്രന്റെ യജ്ഞാനുഷ്ഠാനങ്ങളാൽ ബാധകരാകുന്നില്ല. ഹേ അധ്വര്യുക്കളേ! നിങ്ങൾ സിന്ധു മുതലായവകൾക്കും ഹവിസ്സ് ദാനം ചെയ്യുവിൻ.

**4. യാഃ സൂര്യോ രശ്മിഭിരാതതാന യാഭ്യ ഇന്ദ്രോ അരദദ് ഗാതുമൂർമിം |**

**തേ സിന്ധവോ വരിവോ ധാതനാ നോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

തന്റെ രശ്മികളാൽ സൂര്യൻ യാതൊരു ജലത്തെ വളർത്തിയോ, യാതൊരു നദികൾക്ക് പ്രവഹിക്കുവാനുള്ള മാർഗ്ഗം ഇന്ദ്രൻ വെട്ടിത്തുറന്നുവോ ഹേ സിന്ധുക്കളേ! അങ്ങിനെയുള്ള നിങ്ങൾ വേധനം വഹിച്ചുകൊവരികയും ഞങ്ങളെ പാലിക്കുകയും ചെയ്യണമേ.

## സൂക്തം 48

**ഋഷി വസിഷ്ഠ ദേവത ഋഭുക്കൾ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്**

**1. ഋഭുക്ഷണോ വാജാ മാദയധ്വമസ്മേ നരോ മഘവാന സുതസ്യ |**

**ആ വോ ർവാചഃ ക്രതവോ ന യാതാം വിഭ്വോ രഥം നർയം വർതയന്തു**

ഹേ ഋഭുക്കളേ! ഞങ്ങളുടെ സോമം പാനം ചെയ്ത് പ്രസന്നരാകുവിൻ. നിങ്ങളുടെ കർമ്മവാൻമാരായ അശ്വങ്ങൾ ഞങ്ങളുടെ മുമ്പിലാഗതരായി മനുഷ്യഹിതം നിറവേറ്റണമേ.

**2. ഋഭുർഋഭുഭിരഭി വഃ സ്യാമ വിഭ്വോ വിഭുഭിഃ ശവസാ ശവാംസി |**

**വാജോ അസ്മാം അവതു വാജസാതാവിന്ദ്രേണ യുജാ തരുഷേമ വൃത്രം ||**

ഞങ്ങൾ നിങ്ങൾ വഴിയായി തന്നെ സമ്പന്നരായിരിക്കുന്നു. നിങ്ങൾ സമർത്ഥരാണല്ലോ. ഞങ്ങളുടെ സഹായത്തോടുകൂടി ശത്രുക്കളെ പരാജിതരാക്കും. ആ ഋഭുക്കൾ ഞങ്ങളുടെ രക്ഷകരാകണേ ഇവന്റെ കൃപയാൽ ഞങ്ങൾ വൃത്രനാൽ ഹിംസിതരാകാതിരിക്കണേ.

**3. തേ ചിദ്ധി പൂർവീരഭി സന്തി ശാസാ വിശ്വാം അർയ ഉപരതാതിവന്വൻ |**

**ഇന്ദ്രോ വിഭ്വാം ഋഭുക്ഷാ വാജോ അർയഃ ശത്രോർമിഥ ത്യാ കൃണവന്വി നൃമ്ണം ||**

നമ്മുടെ ശത്രുക്കളുടെ സേനകളെ ഇന്ദ്രനും ഋഭുക്കളും പരാജയപ്പെടുത്തുന്നു. അവർ രണക്ഷേത്രത്തിൽ വച്ചുതന്നെ എല്ലാശത്രുക്കളേയും കൊന്നൊടുക്കുന്നു. വിദ്വാൻ, ഋഭുക്ഷാവ്, വാജൻ എന്നീ ഋഭുത്രയവും, ഇന്ദ്രനും ശത്രുക്കളെ നശിപ്പിക്കും.

**4. നൂ ദേവാസോ വരിവഃ കർതനാ നോഭൂത നോ വിശ്വോ വസേ സജോഷാഃ |**

**സമസ്മേ ഇഷം വസവോ ദദീരൻയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഋഭുകളേ! നിങ്ങൾ ധനദാതാക്കളാകുവിൻ, ഞങ്ങളെ രക്ഷിക്കുവിൻ, ഞങ്ങൾക്കന്നം തരുവിൻ, ഞങ്ങൾക്കു നൻമവരുത്തുവിൻ.

## സൂക്തം 49

**ഋഷി വസിഷ്ഠൻ, ദേവത അപ്. ഛന്ദസ് ത്രിഷ്ടുപ്**

**1. സമുദ്രജ്യേഷ്ഠാഃ സലിലസ്യ മധ്യാത്പുനാനാ യന്ത്യനിവിശമാനാഃ |**

**ഇന്ദ്രോ യാ വജ്രീ വൃഷഭോ രരാദ താ ആപോ ദേവീരിഹ മാമവന്തു ||**

യാതൊരു ജലങ്ങളാൽ സമുദ്രം വലുതാകുന്നുവോ, ആ ജലം പ്രവാഹയുക്തമാകുന്നു. ജലദേവത അന്തരീക്ഷത്തിൽ നിന്നും ആഗതയാകുന്നു. ഇന്ദ്രൻ മോചിപ്പിച്ച ജലം നമ്മുടെ രക്ഷയ്ക്കാകണേ.

**2. യാ ആപോ ദിവ്യാ ഉത വാ സ്രവന്തി ഖനിത്രിമാ ഉത വാ യാഃ സ്വയംജാഃ |**

**സമുദ്രാർഥാ യാഃ ശുചയാഃ പാവകാസ്താ ആപോ ദേവീരിഹ മാമവന്തു ||**

അന്തരീക്ഷത്തിൽ നിന്നുള്ള ജലവും നദികളിലെ പ്രവാഹജലവും; കിണറ്റിൽ നിന്നുള്ള ജലവും, സമുദ്രത്തിലേയ്ക്കൊഴുകുന്ന ജലവും നമ്മുടെ രക്ഷകരാകണേ.

**3. യാസാം രാജാ വരുണോ യാതി മധ്യേ സത്യാനൃതേ അവപശ്യഞ്ജനാനാം |**

**മധുശ്ചുതഃ ശുചയേ യാഃ പാവകാസ്താ അപോ ദേവീരിഹ മാമവന്തു ||**

യാതൊരു ജലങ്ങളുടെ സ്വാമിയായ വരുണൻ മധ്യലോകത്തിൽ സഞ്ചരിക്കുന്നുവോ, പ്രകാശയുക്തവും, രസസമ്പന്നവുമായ ആജലം നമ്മുടെ രക്ഷകരാകണേ.

**4. യാസു രാജാ വരുണോയാസു സോമോ വിശ്വേ ദേവാ യാ സൂർജം മദന്തി**

**വൈശ്വാനരോ യാസ്വഗ്നിഃ പ്രവിഷ്ടസ്താ ആപോ ദേവീരിഹ മാമവന്തു ||**

വരുണനും സോമവും ആരിൽ വസിക്കുന്നുവോ, യാതൊരുത്തരുടെ അന്നത്താൽ വിശ്വദേവകൾ പ്രസന്നരാകുന്നുവോ,യാതൊരുത്തരിൽ വൈശ്വനരാഗ്നി കുടിയിരിക്കുന്നുവോ, ആ ജലദേവതകൾ നമ്മുടെ രക്ഷകരാകണേ.

## സൂക്തം 50

**ഋഷി വസിഷ്ഠൻ, ദേവത മിത്രാവരുണൻ, അഗ്നി, വിശ്വേദേവകൾ, ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. ആ മാം മിത്രാവരുണേഹ രക്ഷതം ക്ലലായയദ്വിശ്വയൻമാ ന ആ ഗൻ |**

**അജകാവം ദുർദൃശീകം തിരോ ദധേമാ മാം പദ്യേന രപസാ വിദത്സരുഃ ||**

ഹേ മിത്രാ, വരുണാ! നിങ്ങൾ ഞങ്ങളുടെ രക്ഷകരായി മാരകങ്ങളായ വിഷയങ്ങളിൽ നിന്നും രക്ഷിയ്ക്കേണമേ. പതുങ്ങിനടക്കുന്ന സർപ്പങ്ങൾ ഞങ്ങളെ ആക്രമിക്കാതിരിക്കണേ.

**2. യദ്വിജാമൻ പരുഷി വന്ദനം ഭുവദഷ്ഠീവന്തൗ പരി കുല്ഫൗ ച ദേഹത് |**

**അഗ്നിഷ്ടച്ഛോചന്നപ ബാധതാമിതോ മാ മാം പദ്യേന രപസാ**

**വിദത്സരുഃ ||**

ഹേ അഗ്നിദേവാ! വൃക്ഷാദികളിലുാകുന്നതും, കാലുകളുടെ സന്ധികളിൽ വീക്കമുാകുന്നതുമായ വിഷത്തെ ആ വ്യക്തിയിൽ നിന്നും അകറ്റികളയണമേ. പതുങ്ങിനടക്കുന്ന സർപ്പങ്ങൾക്ക് ഞങ്ങളെ അറിയുവാനിടയാകാതിരിക്കണേ.

**3. യച്ഛൽമലൗ ഭവതി യന്നദീഷു യദോഷധീഭ്യഃ പരി ജായതേ വിഷം |**

**വിശ്വേ ദേവാ നിരിതസ്തത്സുവന്തു മാ മാം പദ്യേന രപസാ വിദത്സരുഃ ||**

ഇലവുമരത്തിലുള്ള വിഷത്തിൽ നിന്നും, നദികളിലെ ഗുല്മ, ലതാദികളിലുാകുന്നതുമായ വിഷത്തിൽ നിന്നും വിശ്വദേവകൾ നമ്മെ രക്ഷിക്കണമേ. പതുങ്ങി നടക്കുന്ന സർപ്പങ്ങൾക്ക് നമ്മെ ഉപദ്രവിക്കുവാൻ കഴിയാതെ വരണേ.

**4. യാഃ പ്രവതോ നിവത ഉദ്വത ഉദവതിരനുകകാശ്ച യാഃ |**

**താ അസ്മഭ്യം പയസാ പിന്വമാനാഃ ശിവാ ദേവീരശിപദാ ഭവന്തു സർവാ നദ്യോ അശിമിദാ ഭവന്തു ||**

ചരിഞ്ഞ സ്ഥലത്തും ഉയർന്നസ്ഥലത്തും, താണസ്ഥലത്തും ഒഴുകിക്കൊിരിക്കുന്ന നദികളിലെ ജലം വഴിയായി മനുഷ്യരുടെ ആവശ്യങ്ങൾ പൂർണ്ണമാക്കുന്നു. ലോകോപകാരിണികളായ ആ നദികൾ ഇവന്റെ ശിപദരോഗത്തെ മാറ്റുവാൻ കൃപയുാകണേ. ആ നദികൾ നമുക്കു ഹാനിവരുത്താതിരിക്കണേ.

## സൂക്തം 51

**ഋഷി വസിഷ്ഠൻ, ദേവത ആദിത്യൻ, ഛന്ദസ് ത്രിഷ്ടുപ്**

**1. ആദിത്യാനാമാവസാ നൂതനേന സക്ഷീമഹി ശർമണാ ശാന്തമേന |**

**അനാഗസ്ത്വ അദിതിത്വേ തുരാസ ഇമം യജ്ഞം ദധതു ശ്രോഷമാണാഃ ||**

ആദിത്യൻമാരുടെ കൃപയാൽ നാം സുഖപ്രദമായ ഭവനത്തെ പ്രാപിക്കണേ. അവർ നമ്മുടെ സ്തുതികളാൽ പ്രസന്നരായി യജ്ഞകർത്താവായ യജമാനനെ നിർദോഷനും, ദാരിദ്ര്യരഹിതനും ആക്കണേ.

**2. ആദിത്യാസോ അദിതിർമാദയന്താം മിത്രോ അര്യമാ വരുണോ രജിഷ്ഠാഃ |**

**അസ്മാകം സന്തു ഭുവനസ്യ ഗോപാഃ പിബന്തു സോമമവസേ നോ അദ്യ ||**

ആദിത്യനും, അദിതിയും, മിത്രനും, വരുണനും, അര്യമാവും ഹർഷയുക്തരാകണേ. ദേവഗണം നമ്മെ രക്ഷിക്കുകയും സോമം പാനം ചെയ്യുകയും ചെയ്യണേ.

**3. ആദിത്യാ വിശ്വേ മരുതശ്ച വിശ്വേ ദേവാശ്ച വിശ്വ ഋഭവശ്ച വിശ്വേ |**

**ഇന്ദ്രോ അഗ്നിരശ്വിനാ തുഷ്ടവാനയൂയം പാതസ്വസ്തിഭീ സദാ നഃ ||**

ദ്വാദശാദിത്യൻമാരെയും, നാല്പത്തിയൊൻപതു മരുത്തുക്കളേയും; മൂവായിരമുപ്പത്തിമൂന്നു ദേവകളേയും, മൂന്ന് ഋഭുക്കളേയും, അശ്വിനികളേയും, ഇന്ദ്രനേയും, വരുണനേയും നാം സ്തുതിച്ചിരിക്കുന്നു. അവർ നമ്മെ പാലിക്കണേ.

## സൂക്തം 52

**ഋഷി വസിഷ്ഠൻ, ദേവത ആദിത്യൻ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. ആദിത്യാസോ ആദിതയഃ സ്യാമ പൂർദേവത്രാ വസുവോ മർത്യത്രാ |**

**സനേമ മിത്രാവരുണാ സനന്തോ ഭവേമ ദ്യുവാ പൃഥിവീ ഭവനന്തഃ ||**

ആദിത്യൻമാരുടെ പ്രിയരായ ഹിംസാരഹിതരാകണേ. ഹേ വസുക്കളേ! നിങ്ങൾ രക്ഷകരാകുവിൻ. ഹേ മിത്രാ വരുണാ! ഉപാസനകൾ വഴിയായി ഞങ്ങൾ ധനം പ്രാപിക്കണേ, ഹേ ദ്വാവാ, പൃഥ്വി ഞങ്ങൾ ശക്തൻമാരാകുളേ.

**2. മിത്രസ്തന്നോ വരുണോ മാമഹന്ത ശർമ തോകായ തനയായ ഗോപാഃ |**

**മാ വോ ഭുജേമാന്യ യജാതമേനോ മാ തത്കർമ വസവോ യച്ചയധ്വേ ||**

മിത്രാവരുണാദികളും, ആദിത്യനും നമ്മുടെ പുത്രപൗത്രാദികൾക്കും സുഖദായകരാകണേ. മറ്റുള്ളവർ ചെയ്ത പാപത്തിന്റെ ഫലം നമ്മെ തീാതിരിക്കണേ. ഹേ വസുക്കളേ! യാതൊരു കർമ്മത്താൽ നിങ്ങൾ ഞങ്ങളെ നശിപ്പിക്കുമോ ഞങ്ങളാകർമ്മം നടത്താതിരിക്കണേ.

**3. തുരണ്യവോങ്ഗിരസോ നക്ഷന്ത രത്നം ദേവസ്യ സവിതുരിനായാഃ |**

**പിതാ ച തന്നോ മഹാന്യുജത്രോ വിശ്വേദേവാഃ സമനസോ ജുഷന്ത ||**

സവിതാവിനെ പ്രാർത്ഥിച്ച അംഗിരസ്സുകൾ യാതൊരുധനം പ്രാപിച്ചിരുന്നുവോ, പ്രജാപതിയും; സമസ്തദേവകളും ആ ധനത്തെ നമുക്കു പ്രദാനം ചെയ്യണേ.

## സൂക്തം 53

**ഋഷി വസിഷ്ഠൻ. ദേവത ദ്യാവാപൃഥിവി. ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്ര ദ്യാവാ യജ്ഞൈഃ പൃഥിവീ നമോഭി സബാധ ഈളേ ബൃഹതീ യജത്രേ |**

**തേ ചിദ്ധി പൂർവേ കവയോ ഗൃണന്തഃ പുരോ മഹാ ദധിരേ ദേവപുത്രേ ||**

വിസ്തീർണ്ണങ്ങളായ വാനൂഴികളെ സ്തുതിച്ചുകൊ് സ്തോതാക്കൾ മുമ്പിലായി പ്രതിഷ്ഠിച്ചുവല്ലോ. ഞാനും അവരെ സ്തുതിക്കുന്നു.

**2. പ്ര പൂർവജെ പിതരാ നവ്യസീഭിർഗീർഭിഃ കൃണ്വധ്വം സദനേ ഋതസ്യ |**

**ആ നോ ദ്വവാപൃഥിവീ ദൈവ്യേന ജനേന യാതം മഹിം വാം വരുഥം ||**

ഹേ സ്തോതാക്കളേ! മാതാപിതരുപരായ ആകാശഭൂമികളെ യജ്ഞത്തിന്റെ അഗ്രഭാഗത്തായി പ്രതിഷ്ഠിക്കുവിൻ. ഹേ ദ്വാവാപൃഥ്വി! ദേവകളോടുകൂടി ധനദാനത്തിനായി വരണമേ.

**3. ഉതോ ഹി വാം രത്നധേയാനി സന്തി പുരൂണി ദ്വവാപൃഥിവീ സുദാസോ |**

**അസ്മേ ധത്തം യദസ്ക്യധോയു യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ദ്യാവാപൃഥ്വി! നിങ്ങളുടെ അടുക്കൽ ഹവിർദാതാവിനു നൽകുവാനുള്ള ധനം ധാരാളമായുല്ലോ. അതിനാൽ ഞങ്ങൾക്കും അക്ഷയമായ ധനം ദാനം ചെയ്യുകയും, ഞങ്ങളെ എപ്പോഴും പാലിക്കുകയും ചെയ്യണമേ.

## സൂക്തം 54

**ഋഷി വസിഷ്ഠൻ, ദേവത വാസ്തോഷ്പതി, ഛന്ദസ് ത്രിഷ്ടുപ്.**

**1. വാസ്തോഷ്പതേ പ്രതി ജാനീഹ്യസ്മാൻ ത്സ്വാവേശോ അനമീവോ ഭവാ നഃ |**

**യത്ത്വേമഹേ പ്രതി തന്നോ ജുജുഷസ്വശം നോ ഭവ ദ്വിപദേ ശം ചതുഷ്പദേ ||**

ഹേ വാസ്തോഷ്പതേ! ഞങ്ങളെ ഉണർത്തൂ. ഞങ്ങളുടെ ജനങ്ങളിൽ രോഗം ഉാകാതിരിക്കണേ. യാചിക്കപ്പെട്ട ധനം ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ മൃഗങ്ങൾക്കും മനുഷ്യർക്കും സുഖം പ്രദാനം ചെയ്യണമേ.

**2. വാസ്തോഷ്പതേ പ്രതരണോ ന ഏധി ഗയസ്ഫാനോ ഗോഭിരശ്വേഭിരിന്ദോ |**

**അജരാസസ്തേ സഖ്യേ സ്യാമ പിതേവ പുത്രാൻ പ്രതി നോ ജുജൂഭ സ്വ ||**

ഹേ വാസ്തോഷ്പതേ! ഞങ്ങളുടെ ധനത്തെ വർദ്ധിപ്പിക്കുന്നവനാകണമേ, നിന്റെ മിത്രതയെ പ്രാപിക്കുന്ന ഞങ്ങൾ അജരൻമാരും ഗോക്കൾ ആദിയായ മൃഗങ്ങൾ സമ്പന്നരും ആകണേ. പിതാവും പുത്രനെ പാലിക്കുന്നതുപോലെ നീ ഞങ്ങളെ പാലിക്കേണമേ.

**3 വാസ്തോഷ്പതേ ശഗ്മയാ സംസദാ തേ സക്ഷീമഹി രണ്വയാ ഗാതുമത്യാ |**

**പാഹി ക്ഷേമ ഉത യോഗേ വരം നോ പൂയം പാത സ്വസ്തിഃ സദാ നഃ ||**

ഹേ വാസ്തോഷ്പതേ! സുഖകരവും ഐശ്വര്യസമ്പന്നവുമായ സ്ഥാന്യം നിന്നിൽ നിന്നും ഞങ്ങൾ പ്രാപിക്കണേ. നീ ഞങ്ങളുടെ ധനത്തെ രക്ഷിക്കുകയും, ഞങ്ങളെ എപ്പോഴും പാലിക്കുകയും ചെയ്യണമേ.

## സൂക്തം 55

**ഋഷി വസിഷ്ഠൻ, ദേവത വാസ്തോഷ്പതി, ഇന്ദ്രൻ. ഛന്ദസ് ത്രിഷ്ടുപ്, ഗായത്രി, ബൃഹതി; അനുഷ്ടുപ്.**

**1. അമീവഹാ വാസ്തോഷ്പതേ വിശ്വാ രുപാണ്യാവിശൻ |**

**സഖാ സുശേവ ഏധി നഃ ||**

ഹേ വാസ്തോഷ്പതേ! നീ രോഗങ്ങളെ നശിപ്പിക്കുന്നവനാണ്. നീ ഞങ്ങളുടെ ഹിതൈഷിയായ മിത്രമാകണമേ.

**2. യദർജ്ജുന സാരമേയ ദതഃ പിശങ്ഗ യച്ഛസേ |**

**വീവ ഭ്രാജന്ത ഋഷ്ടയ ഉപ സ്രക്വേഷു വപ്സതോ നി ഷു സ്വപ ||**

ഹേ വാസ്തോഷ്പതേ! നിന്റെ പല്ലുമുളച്ചപ്പോൾ ആയുധം പോലെ പ്രശോഭിക്കുന്നു. ഇപ്പോൾ ഭവാൻ സുഖപൂർവ്വം ശയിച്ചാലും.

**3.സ്തേനം രായ സാരമേയ തസ്കരം വാ പുഃ സര |**

**സ്തോതൃന്നിന്ദ്രസ്യ രായസി കിമസ്മാന്ദുച്ഛുനായസേ നി ഷു സ്വപ ||**

ഹേ സാരമേയമേ! നീ പോകുന്നിടത്തേയ്ക്കു വീും വന്നുചേരുന്നു. നീ കള്ളൻമാരുടേയും ദസ്യുക്കളുടേയും അടുക്കലേയ്ക്കു പോകൂ. ഇന്ദ്രനെ സ്തുതിക്കുന്നവരുടെ അടുക്കലേക്കു എന്തിനുപോകുന്നു. അവരുടെ കർമ്മങ്ങളിൽ എന്തിനു വിഘ്നം സൃഷ്ടിക്കുന്നു. നീ സുഖമായുറങ്ങൂ.

**4. ത്വം സൂകരസ്യ ദർദ്യഷി തവ ദർദർതു സൂകരഃ |**

**സ്തോതൃനിന്ദ്രസ്യ രായസി കിമസ്മാന്ദൂച്ഛനായസേ നി ഷു സ്വപ ||**

നീ സുകരാദികളെ കീറിപിളരൂ. ഇന്ദ്രന്റെ ഉപാസകരുടെ അടുക്കൽ ചെന്ന് എന്തിനു ബാധ സൃഷ്ടിക്കുന്നു? നീ സുഖമായുറങ്ങൂ.

**5. സസ്തു മാതാ സസ്തു പിതാ സസ്തു ശ്വാ സസ്തു വിശ്പതിഃ|**

**സസന്തു സർവേ ജ്ഞാതയഃ സസ്ത്വയമമിതോ ജനഃ**

നിന്റെ അച്ഛനും അമ്മയും ഉറങ്ങണേ. നീയും ഉറങ്ങൂ. ഗൃഹവും സ്വാമിയും, ബന്ധുക്കളും മറ്റുള്ള എല്ലാമനനുഷ്യരും ഉറങ്ങണേ.

**6. യ ആസ്തേ യശ്ച ചരതി യശ്ച പശ്യുതി നോ ജനഃ |**

**തേഷാം സം ഹൻമോ അക്ഷാണി യഥേദം ഹർമ്യം തഥാ ||**

ഇവിടെയുള്ളവന്റെയും സഞ്ചരിക്കുന്നവന്റെയും, ഞങ്ങളെ നോക്കുന്നവന്റെയും കണ്ണുകളെ ഞങ്ങളെ പൊട്ടിക്കും. അവർ ഈ മാളികപോലെ നിശ്ചലരായിത്തീരും.

**7. സഹസ്രശൃംഗോ വൃഷഭോ യഃ സമുദ്രാദുദാചരത് |**

**തേനാ സഹസ്യേനാ വയം നി ജനാന്ത്സ്വപയാമസി ||**

സഹസ്രകിരണനായ സൂര്യൻ സമുദ്രത്തിനുമുകളിൽ ഉദിക്കുന്നു. അവന്റെ സഹായത്തോടുകൂടി ഞങ്ങൾ എല്ലാ മനുഷ്യരേയും നിദ്രാഗ്രസ്തരാക്കും.

**8. പ്രാഷ്ഠേശയാ വഹ്യേശയാ നാരീര്യാസ്തല്പശീവരീഃ |**

**സ്ത്രിയോ യഃ പുണ്യഗന്ധാസ്തഃ സർവാഃ സ്വപയാമസി ||**

മുറ്റത്തുറങ്ങുന്നവളേയും വാഹനത്തിൽ ശയിക്കുന്നവളേയും; കിടക്കയിൽ ശയിക്കുന്നവളേയും സ്ത്രീകളെയെല്ലാം ഞങ്ങളുറക്കം.

## അനുവാകം 4 സൂക്തം 56

**ഋഷി വസിഷ്ഠൻ ദേവത മരുത്തുക്കൾ ഛന്ദസ് ഗായത്രി, ബൃഹതി, ഉഷ്ണിക, ത്രിഷ്ടുപ്, പംക്തി.**

**1. ക ഈം വ്യക്താ നരഃ സനീളാ രുദ്രസ്യ മർയാ അധാ സ്വശ്വാഃ ||**

തുലൗഗൃഹാവാസികളും, അശ്വയുക്തരുമായ ഈ രുദ്രപുത്രൻമാർ ആരാകുന്നു?

**2. നകിർഹ്യേഷാം ജനൂംഷി വേദ തേ അങ്ഗ വിദ്രോ മിഥോ ജനിത്രം||**

ഇവരുടെ ജനനത്തെ ഇവർ മാത്രം അറിയുന്നു, മറ്റാർക്കും അറിഞ്ഞുകൂടാ.

**3. അഭി സ്വപൂർഭിർമിഥോ വപന്ത വാതസ്വനസഃ ശ്യേനാ അസ്പൃധ്രൻ ||**

ഇവർ സ്വയം സഞ്ചരിക്കുകയും പരുന്തിനെപ്പോലെ പരസ്പരം

മത്സരിക്കുകയും ചെയ്യുന്നു.

**4. ഏതാനി ധീരോ നിണ്യാ ചികേത പൃശ്നിർയദൂധോ മഹീ ജഭാര ||**

ശാസ്ത്ര വിശാരദൻമാർ ഇവരെ അറിയുന്നു. പൃശ്നി ഇവരെ അന്തരീക്ഷത്തിൽ വഹിച്ചിരിക്കുന്നു.

**5. സാ വിട് സുവീരാ മരുദ്ഭിരസ്തുസനാത്സഹന്തീ പുഷ്യന്തീ നൃമ്ണം ||**

അവൾ മരുത്തുക്കളുടെ സഹായത്തോടുകൂടി ശത്രുക്കളെ കീഴമർത്തുന്നവളും ധനാദാത്രിയും പുത്രവതിയുമാകുന്നു.

**6. യാമം യേഷ്ഠാഃ ശുഭാ ശോഭിഷ്ഠാഃ ശ്രിയ സമ്മിശ്ലാഓജോഭിരുഗ്രാഃ ||**

ഈ മരുത്തുക്കൾ പോകേ സ്ഥാനങ്ങളിലേയ്ക്ക് അധികമായിപ്പോകുന്നു. അവർ അലംകൃതരും, തേജസ്വികളും, ഓജസ്വികളുമാകുന്നു.

**7. ഉഗ്രം വ ഓജഃ സ്ഥിരാ ശവാംസ്യധാ മരുദ്ഭിർഗണസ്തുവിഷ്മാൻ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ സ്ഥിരബലരും, ശ്രേഷ്ഠബുദ്ധികളും ഉഗ്രതേജസ്വികളും ആകുന്നു.

**8. ശുഭ്രോ വഃ ശുഷ്മഃ ക്രുധമീ മനാംസി ധുനുർമുനിരിവ ശർധസ്യ ധൃഷ്ണോഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ബലത്താൽ സുശോഭിതരാണല്ലോ നിങ്ങൾ ക്രോധയുക്തമായ മനസ്സോടുകൂടിയവരാകുന്നു. നിങ്ങളുടെ വേഗം സ്തോതാക്കൾക്കു തുല്യം ശബ്ദമുാക്കുന്നു.

**9. സന്യേമ സ്മദ്യുയോത ദിദ്യു മാവോദുർമതിരിഹ പ്രണങ്ങ്നഃ||**

ഹേ മരുത്തുക്കളേ! ഞങ്ങളുടെ ജീർണ്ണിച്ച ആയുധങ്ങളെ ഞങ്ങളിൽ നിന്നു മാറ്റിത്തരണമേ. ഞങ്ങള നിങ്ങളുടെ ക്രൂരതയ്ക്കു ലക്ഷ്യമാകാതിരിക്കണേ.

**10. പ്രിയാ വോ നാമ ഹുവോ തുരാണാമായാത്തൃപൻമരുതോ വാവശാനാഃ||**

ഹേ പ്രിയ കർമ്മാക്കളായ മരുത്തുക്കളേ! ഞങ്ങൾ നിങ്ങളുടെ നാമോച്ചാരണം ചെയ്യുന്നു. അതുകൊ് നിങ്ങൾ സന്തുഷ്ടരാകേണമേ.

**11. സ്വായുധാസഃ ഇഷ്മിണസുനിഷ്കാ ഉത സ്വയം തന്വഃ ശുമ്ഭമാനാഃ ||**

നല്ല ആയുധങ്ങളാൽ മരുത്തുക്കൾ സുശോഭിതരാകുന്നു. അവർ നമ്മെ അലങ്കാരങ്ങളാൽ സജ്ജീകരിക്കുന്നു.

**12. ശുചീ വോ ഹവ്യാ മരുതഃ ശുചീനാം ശുചിം ഹിന്വോമ്യധ്വരം ശുചിഭ്യഃ |**

**ഋതേന സത്യമൃതസാപ ആയച്ഛുചിജൻമാനഃ ശുചയഃ പാവകാഃ ||**

ഹേ മരുത്തുക്കളേ! ഈ ഹവിസ്സ് നിങ്ങൾക്കുവേിയുള്ളതാകുന്നു. നിങ്ങൾ പവിത്രരാണല്ലോ. ഞങ്ങളും പവിത്രമായ ഈ യജ്ഞം നടത്തിക്കൊിരിക്കുന്നു. നിങ്ങൾ സത്യത്തിൽനിന്നും സത്യത്തെ പ്രാപിച്ചവരാണല്ലോ. പവിത്രജൻമാക്കളായ നിങ്ങൾ മറ്റുള്ളവരേയും പവിത്രരാക്കുന്നു.

**13. അംസേഷ്വാ മരുതഃ ഖാദയോ വോ വക്ഷഃ സു രുക്മാ ഉപശിശ്രിയാണാഃ |**

**വി വിദ്യുതോ ന വൃഷ്ടി ഭീ രുചാനാ അനു സ്വധാമായു ധൈർയച്ഛമാനാ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ തോളുകളിൽ വളകളും മാറിൽ മാലകളും സ്ഥിതിചെയ്യുന്നു. മഴപെയ്യുമ്പോൾ വിദ്യുത് എപ്രകാരം പ്രശോഭിക്കുന്നുവോ അതുപോലെതന്നെ നിങ്ങൾ ജലം വർഷിച്ചുകൊ് ശോഭിതരാകുന്നു.

**14. പ്ര ധന്വ്യാ വ ഈരതേ മഹാംസി പ്ര നാമാനി പ്രയജ്യവസ്തിരധ്വം |**

**സഹസ്രിയം ദമ്യം ഭാഗമേതം ഗൃഹമേധീയം മരുതോ ജുജുഷധ്വം ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ഉഗ്രമായ തേജസ്സ് ഗമനശീലത്തോടുകൂടിയതാണല്ലോ. നിങ്ങൾ യജ്ഞയോഗ്യരാകുന്നു. ജലത്തെവർഷിക്കേണമേ. ഈ യജ്ഞത്തിൽ നൽകപ്പെടുന്ന അംശത്തെ നിങ്ങൾ സ്വീകരിക്കേണമേ.

**15. യദി സ്തുതസ്യ മരുതോ അധീഥേത്ഥാ വിപ്രസ്യ വാജിനോ ഹവീമൻ |**

**മക്ഷൂരായാഃ സുവീര്യസ്യ ദാത നൂ ചിദ്യമന്യ ആദഭദരാവാ ||**

ഹ മരുത്തുക്കളേ! നിങ്ങൾ ഹവിസ്സ് സമ്പന്നമായ സ്തുതികളുടെ ദാതാക്കളാകുന്നു. ഞങ്ങൾക്ക് പുത്രയുക്തമായ ധനം പ്രദാനം ചെയ്യണമേ. നിന്റെ ധനത്തെ ശത്രുക്കൾക്ക് നശിപ്പിക്കുവാൻ സാധ്യമല്ല.

**16. അത്യാസോ ന യേ മരുതഃ സ്വഞ്ചോ യക്ഷ ദൃശോ ന ശുഭയന്ത മർയാഃ |**

**തേ ഷർമ്യേഷ്ഠാഃ ശിശവോ ന ശുഭാ വത്സാസോ ന പ്രക്രീളിനഃ പയോധാഃ ||**

മരുത്തുക്കൾ അശ്വത്തെപ്പോലെ പാഞ്ഞുനടക്കുന്നവരും മനുഷ്യരേയും ശിശുക്കളേയും പോലെ സുന്ദരൻമാരുമാകുന്നു. അവർ കളിക്കുന്ന ബാലനു തുല്യം ജലത്തെ വഹിക്കുന്നു.

**17. ദശസ്യന്തോ നോ മരുതോ മൃളന്തു വരിവസ്യന്തോ രോദസീ സുമേകേ |**

**ആരേ ഗോഹാ നൃഹാ വധോ വോ അസ്തു സുമ്നേഭിരസ്മേ വന വോ നമധ്വം ||**

മരുത്തുക്കൾ തങ്ങളുടെ മഹിമയാൽ ആകാശത്തേയും ഭൂമിയേയും പരിപൂർണ്ണമാക്കണേ. അവർ നമ്മുടെ മംഗലദായകരാകണേ. ഹേ മരുത്തുക്കളേ! മനുഷ്യരെ നശിപ്പിക്കുന്ന നിങ്ങളുടെ ആയുധം ഞങ്ങളിൽ നിന്നും അകന്നുപോകണേ. നിങ്ങൾ ഞങ്ങളുടെ മുമ്പിലേക്ക് സുഖപ്രദമായ രൂപത്തിൽ വരണമേ.

**18. ആ വോ ഹോതാ ജോഹവീതി സത്തഃ സറതാചീം രാതിം മരുതോ ഗൃണാനഃ |**

**യ ഈവതോ വൃഷണോ അസ്തി ഗോപാഃ സോ അദ്വയാവീ ഹവതേ വ ഉക്ഥൈഃ ||**

ഹേ മരുത്തുക്കളേ! ഹോതാക്കൾ നിങ്ങളെ നിരന്തരം ആഹ്വാനം ചെയ്യുന്നു. യജമാനരക്ഷകനും, ഹോതാവുമായ അവൻ മായാരഹിതനായി നിങ്ങളുടെ സ്തുതികളിൽ മുഴുകിയിരിക്കുന്നു.

**19. ഇമേ തുരം മരുതോ രാമയന്തീമേ സഹഃ സഹസ ആ നമന്തി |**

**ഇമേ ശംസം വനുഷ്യതോ നി പാന്തി ഗുരു ദ്വേഷോ അരരുഷേ**

**ദധന്തി ||**

യജ്ഞകർമ്മിയായ യജമാനനെ മരുത്തുക്കൾ സുഖിമാനാക്കുന്നു. ഈ പരാക്രമികൾ ദുഷ്ടൻമാരെ നിഗ്രഹിക്കുകയും, സ്തോതാക്കളെ രക്ഷിക്കുകയും ചെയ്യുന്നു. ഇവർ ഹവിസ്സ് നൽകാത്തവർക്ക് അനിഷ്ടം വരുത്തുന്നവരാകുന്നു.

**20. ഇമേ രധ്രം ചിൻമരുതോ ജ്ജൂനന്തി ഭൃമിം ചിദ്യഥാ വസവോ ജ്ജൂഷന്ത |**

**അപ ബാധധ്വം വൃഷണ്ന്തമാംസി വിശ്വം തനയം തോകമസ്മേ ||**

ധനികർക്കും ദാരിദ്രർക്കും രുകുട്ടർക്കും പ്രേരണ നൽകുന്നു. മരുത്തുക്കളേ! അന്ധകാരത്തെ അകറ്റി ഞങ്ങൾക്ക് പുത്രപൗത്രാദികളെ ദാനം ചെയ്യണമേ.

**21. മാ വോ ദാത്രാൻമരുതോ നിരരാമ മാ പശ്ചാദ്ദ്ധ്മ രഥ്യോ വിഭാഗേ |**

**ആ ന സ്പാർഹേ ഭജതനാ വസവ്യേ യദീം സുജാതം വൃഷണോ വോ അസ തി ||**

ഞങ്ങൾ നിങ്ങളുടെ ദാനദൃഷ്ടിയിൽ നിന്നും രക്ഷപ്പെടാതിരിക്കണം ഞങ്ങളെ ധനദാനത്തിൽ വിമുഖരാക്കാതിരിക്കണം. നിങ്ങളുടെ ധനത്തിൽ നല്ലഭാഗം ഞങ്ങൾക്കു തരുമാറാകണം.

**22. സം യദ്ധനന്ത മന്യുഭിർജനാസഃ ശൂരാ യഹ്വിഷ്വോഷധീഷു വിക്ഷു |**

**അധ സ്മാ നോ മരുതോ രുദ്രിയാസസ്ത്രാതാരോ ഭൂത പൃതനാസ്വര്യഃ ||**

ഹേ മരുത്തുക്കളേ! ബലവാൻമാർ ക്രോധവിവശരായി സംഗ്രാമതല്പരരാകുമ്പോൾ നിങ്ങൾ ഞങ്ങളെ രക്ഷിക്കേണമേ.

**23. ഭൂരി ചക്ര മരുതഃ പിത്ര്യാണ്യുക്ഥാനി യാ വഃ ശസ്യന്തേ പുരാ ചിത് |**

**മരുദ്ഭിരുഗ്രഃ പൃതനാസു സാള്ഹാ മരുദ്ഭിരിത്സനിതാ വാജമർവാ ||**

ഹേ മരുത്തുക്കളേ! ഞങ്ങളുടെ പൂർവ്വപുരുഷൻമാരുടെ ഹിതമനുസരിച്ച് നിങ്ങൾ അനേകം കർമ്മങ്ങൾ ചെയ്തിരിക്കുന്നു. പൂർവപ്രശംസിനങ്ങായ എല്ലാകർമ്മങ്ങളും നിങ്ങൾ വഴിയായിത്തന്നെ സംഭവിച്ചു! നിങ്ങളുടെ സഹായത്താൽ തന്നെ യുദ്ധത്തിൽ ശത്രുക്കളെ പരാജിതരാക്കി നിങ്ങളുടെ കൃപ ലഭിച്ച സ്തോതാവ് അന്നം ഭുജിക്കുന്നു.

**24. അസ്മേ വീരോ മരുതഃ ശുഷ്മസ്യ ജനാനാം യോ അസുരോ വിധർതാ |**

**അപോ യേന സുക്ഷിതയേ തരേമാധ സ്വമോകോ അഭി വഃ സ്യാമ ||**

ഹേ മരുത്തുക്കളേ! ഞങ്ങളുടെ പുത്രൻമാർ ബലവാൻമാരാകണേ. അവരുടെ രക്ഷയ്ക്കുവേി ഞങ്ങൾ ശത്രുക്കളെ വധിക്കുകയും, നിങ്ങളുടെ ആശ്രയത്തിൽ വസിക്കുകയും ചെയ്യും.

**25. തന്ന ഇന്ദ്രോ വരുണോ മിത്രോ അഗ്നിരാപ ദാഷധീർവനിനോ ജ്ജൂഷന്ത |**

**ശർമന്ത്സ്യാമ മരുതാമുപസ്ഥേ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

മിത്രൻ, വരുണൻ, ഇന്ദ്രൻ, അഗ്നി, ജലം; ഔഷധികൾ, വൃക്ഷങ്ങൾ ഇവയെല്ലാം നമ്മുടെ സ്തോത്രങ്ങളെ പ്രാപിക്കളേ. മരുത്തുക്കളുടെ ആശ്രയത്തിൽ നാം സുഖമായി ജീവിക്കും. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 57

**ഋഷി വസിഷ്ഠൻ, ദേവത മരുത്തുക്കൾ, ഛന്ദസ് ത്രിഷ്ടുപ്.**

**1. മധ്വോ വോ നാമ മാരുതം യജത്രാഃ പ്ര യജ്ഞേഷു ശവസാ മദന്തി |**

**യേ രേജയന്തി രോദസീ ചിദുർവീ പിന്വന്ത്യുത്സം യദയാസുരുഗ്രാഃ||**

ഹേ മരുത്തുക്കളേ! സ്തോതാക്കൾ നിങ്ങളെ സ്തുതിക്കുന്നു. നിങ്ങൾ ആകാശത്തെയും ഭൂമിയേയും വിറപ്പിക്കുകയും മേഘങ്ങളെ വർഷിപ്പിച്ചുകൊ് എങ്ങും സഞ്ചരിക്കുകയും ചെയ്യുന്നു.

**2. നിചേതാരോ ഹി മരുതോ ഗൃണന്തം പ്രണേതാരോ ജയമാനസ്യ മൻമ |**

**അസ്മാകമദ്യ വിദഥേഷു ബർഹിരാ വീതയേ സദത പിപ്രിയാണാഃ ||**

മരുത്തുക്കളേ! സ്തോതാക്കളെ ഇഷ്ടപ്പെടുന്നു. അവർ യജമാനന്റെ അഭീഷ്ടങ്ങൾ സഫലമാക്കുന്നു. ഹേ മരുത്തുക്കളേ! ഞങ്ങളുടെ ഈ യജ്ഞത്തിൽ വിരിക്കപ്പെട്ടിരിക്കുന്ന ദർഭയിൽ സന്തുഷ്ടരായിരുന്ന് സോമം പാനം ചെയ്താലും.

**3. നൈതാവദന്യേ മരുതോ യഥേമേ ഭ്രാജന്തേ രുക്മൈരായുധൈസ്തനൂഭിഃ |**

**ആ രോദസീ വിശ്വപിശഃ പിശാനാഃ സമാനഞ്ജ്യഞ്ജതേ ശുഭേ കം ||**

മരുത്തുക്കളെപ്പോലെ ദാനികളായി മറ്റാരുമില്ല. അവർ അലങ്കാരങ്ങളായ ആയുധങ്ങളാലും; സ്വന്തം തേജസ്സിനാലും സുശോഭിതരാകുന്നു. ഇവർ വാനൂഴികളെ തേജസ്സാൽ പരിപൂർണ്ണമാക്കുന്നു.

**4. ഋധകസാ വോമരുതോ ദിദ്യുദസ്തു യദ്വ ആഗഃ പുരുഷതാ കരാമ |**

**മാ വസ്തസ്യാമപി ഭൂമാ യജത്രാ അസ്മേ വോ അസ്തു സുമതിശ്ചനിഷ്ഠാ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ വിനാശകാരിയായ ആയുധം ഞങ്ങളെ സമീപിക്കാതിരിക്കണേ. മനുഷ്യരായ ഞങ്ങൾ അപരാധികൾ ചെയ്തെന്നിരിക്കിലും നിങ്ങളുടെ കോപ ഭാജനമാകാതിരിക്കണേ. നിങ്ങളുടെ അന്നദാത്രിയായ മനസ്സ് ഞങ്ങളുടെ മേൽ വസിക്കണേ.

**5. കൃതേ ചിദത്ര മരുതോ രണന്താനവദ്യാസഃ ശുചയഃ പാവകഃ |**

**പ്ര ണോ വത സുമതിഭിർയജത്രാഃ പ്രവാജേഭിസ്തിരത പുഷ്യസേ നഃ ||**

മരുത്തുക്കൾ നമ്മുടെ യാഗവേദിയിൽ വിഹരിക്കണേ. അവർ പവിത്രീകരിക്കുന്നവരും നിന്ദാരഹിതരുമാണല്ലോ. ഹേ മരുത്തുക്കളേ! ഞങ്ങളുടെ സ്തുതികളാൽ പ്രസന്നരാകണമേ. ഞങ്ങളെ പരിപാലിച്ച് വൃദ്ധർപ്പെടുത്തേണമേ.

**6. ഉത സ്തുതാസോ മരുതോ വ്യന്തു വിശ്വേഭിർനാമഭിർനരോ ഹവീഷി |**

**ദദാത നോ അമൃതസ്യ പ്രജായൈ ജിഗൃതരായഃ സൂനൃതാ മഘാനി ||**

നമ്മളർപ്പിക്കുന്ന ഹവിസ്സിനെ മരുത്തുക്കൾ സേവിക്കണേ. അവ എല്ലാ ജലങ്ങളാലും സമ്പന്നരാണല്ലോ. മരുത്തുക്കളേ! ഞങ്ങളുടെ സന്തതികൾക്കുവേി ജലവും, ഹവിർദാതാവിന് ശ്രേഷ്ഠമായ ധനവും പ്രദാനം ചെയ്യണമേ.

**7. ആ സ്തുതാസോ മരുതോ വിശ്വ ഊതി അച്ഛാ സൂരിൻത്സർവതാതാ ജിഗാത |**

**യേ നസ ത്മനാ ശതിനോ വർധയന്തി യൂയം പാ സ്വസ്തിഭിഃ സദാ നഃ ||**

സ്തുതികളാൽ പ്രസന്നരായ മരുത്തുക്കൾ എല്ലാ രക്ഷയോടും കൂടി സ്തോതാവിനെ അഭിമുഖീകരിക്കണേ. ഇവർ സ്തോതാക്കൾക്ക് അസംഖ്യം പുത്രാദികളെ നൽകുന്നു. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 58

**ഋഷി വസിഷ്ഠൻ, ദേവത മരുത്തുക്കൾ ഛന്ദസ് ത്രിഷ്ടുപ് പംക്തി.**

**1. പ്ര സാകമുക്ഷേ അർചതാ ഗണായ യോ ദൈവ സ്യ ധാമ്നസ്തുവിഷ്മാൻ |**

**ഉത ക്ഷോദന്തി രോദസീ മഹിത്വാ നക്ഷന്തേ നാകം നിർഋതേരവംശാത് ||**

ഹേ സ്തോതാക്കളേ! മരുത്തുക്കളെ പൂജിക്കുവിൻ. ഇവരെല്ലാം മേധാവികളാണല്ലോ. ഇവർ തങ്ങളുടെ മഹിമകളാൽ ആകാശത്തെയും ഭൂമിയേയും വിസ്തീർണ്ണമാക്കുന്നു.

**2. ജനൂശ്ചിദ്വോ മരുതസ്ത്വേഷ്യേണ ഭീമാസസ്തുമന്യവോയാസഃ |**

**പ്ര യേ മഹോഭിരോജസേ സന്തി വിശ്വേ വോ യാമൻഭയതേ സ്വർദൃക് ||**

ഹേ മരുത്തുക്കളേ! നിങ്ങൾ രുദ്രപുത്രൻമാരാണല്ലോ. ഈ മരുത്തുക്കൾ പ്രഭാവശാലികളാകുന്നു. ഹേ മരുത്തുക്കളെ! സൂര്യനെ ദർശിക്കുന്ന എല്ലാ ലോകങ്ങളും നിങ്ങളുടെ ഗമനവേഗത്തെ ഭയപ്പെടുന്നു.

**3. ബൃഹദിയോ മഘവദ്ഭ്യോ ദധാത ജുജൂജോഷന്നിൻമരുത സുഷ്ടുതിം നഃ |**

**ഗതോ നാധ്വാ വിതിരാതി ജന്തും പ്ര ണഃ സ്പാർഹാഭിരൂതീഭിസ്തിരേത ||**

നിങ്ങൾ ഹവിർ ദാതാവിന് അന്നം ദാനം ചെയ്യുവിൻ. ഞങ്ങളുടെ സ്തുതികളാൽ വളരുവിൻ. മരുത്തുക്കളുടെ മാർഗ്ഗത്തെ അവരോധിക്കുവാൻ ആർക്കും കഴിവില്ല. അവർ നമുക്ക് ഐശ്വര്യം പ്രദാനം ചെയ്യണേ.

**4. യുഷ്മോതോ വിപ്രോ മരുതഃ ശതസ്വീ യുഷ്മോതോ അർവാ സഹുരിഃ സഹസ്രീ |**

**യുഷ്മോതഃ സമ്രാളുത ഹന്തി വൃത്രം പ്രതദ്വോ അസ്തു ധൂതയോ ദേഷ്ണം||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ കൃപയാൽ സ്തോതാക്കൾ സഹസ്രധന സമ്പന്നരായിത്തീരുന്നു. അവർ ശത്രുക്കളെ വശീകിക്കുന്നവനും ഐശ്വര്യവാൻമാരുമായിത്തീരുന്നു. നിങ്ങളിൽ നിന്നും പ്രദത്തമായ വൃദ്ധിധനത്തെ പ്രാപിക്കണേ.

**5. താം ആ രുദ്രസ്യ മീളഹുഷോ വിവാസോ കുവിന്നം സന്തേ മരുതഃ പുനർനഃ |**

**യത്സസ്വർതാ ജിഹീളിരേ യദാവിരവ തദേന ഈമഹേ തുരാണാം ||**

ഞാൻ മരുത്തുക്കളുടെ ഉപാസകനാകുന്നു. അവർ നമ്മുടെ മുമ്പിൽ വന്നുചേരണേ. യാതൊരപരാധം കാരണം അവർ ക്രോധിതരായിരിക്കുന്നുവോ, ആ അപരാധത്തെ സ്തുതികൾ ദ്വാരാ ഞങ്ങൾ അകറ്റിക്കളയും.

**6. പ്ര സാ വാചി സുഷ്ടുതിർമഘോനാമിദം സൂക്തം മരുതോ ജുജുഷന്ത |**

**ആരാച്ചിദ് ദ്വേഷോ വൃഷണോ യുയതോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

(ഈ സൂക്തത്തിൽ വൈഭവയുക്തരായ മരുത്തുക്കൾ മനോഹരമായി സ്തുതിക്കപ്പെടുന്നു. അവർ ഇപ്രകാരമുള്ള സൂക്തങ്ങളെ സ്വീകരിക്കേണമേ. ഹേ മരുത്തുക്കളേ! ശത്രുക്കളെ ദൂരേയ്ക്കറ്റേണമേ. നിങ്ങൾ ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

## സൂക്തം 59

**ഋഷി വസിഷ്ഠൻ, ദേവത മരുത്, രുദ്രൻ, ഛന്ദസ് ബൃഹതി പംക്തി, അനുഷ്ടുപ് , ത്രിഷ്ടുപ്, ഗായത്രി.**

**1. യം ത്രായധ്വ ഇദമിദം ദേവാസോ യം ച നയഥ |**

**തസ്മാ അഗ്നേ വരുണ മിത്രാര്യമൻമരുതഃ ശർമയച്ഛത ||**

ഹേ ദേവകളേ! സ്തോതാക്കളെ ഭയമുക്തരാക്കുവിൻ. ഹേ അഗ്നി, വരുണാ, മിത്രാ, അര്യമാവേ, മരുത്തുക്കളേ! നിങ്ങൾ ആരെ ശ്രേഷ്ഠമായ മാർഗ്ഗങ്ങളിൽകൂടി നയിക്കുന്നുവോ, ആ യജമാനനെ സുഖിമാനാക്കേണമേ.

**2. യുഷ്മാകം ദേവാ അവസാഹനി പ്രിയ ഈജാന സ്തരതി ദ്വിഷഃ |**

**പ്ര സ ക്ഷയം തിരതേ വി മഹീരിഷോ യോ വോ വരായ ദാശതി ||**

ഹേ ദേവൻമാര! നിങ്ങളുടെ കൃപയാൽ ആർ യജ്ഞം നടത്തുന്നുവോ, ശത്രുക്കളെ കൊല്ലുന്നുവോ. നിങ്ങൾക്ക് ഹവിസ്സ് നൽകുന്നുവോ, ആ മനുഷ്യൻ തന്റെ നിവാസസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുന്നു.

**3. നഹി വശ്ചരമം ചന വസിഷ്ഠ പരിമംസതേ |**

**അസ്മാകമദ്യ മരുതഃ സുതേ സചാ വിശ്വേ പിബത കാമിനഃ ||**

ഹേ മരുത്തുക്കളേ! സോമത്തെ ആഗ്രഹിക്കുന്ന നിങ്ങൾ ഞങ്ങളുടെ യജ്ഞത്തിൽ ആഗതരാകുകയും സോമംപാനം ചെയ്യുകയും ചെയ്താലും.

**4. നഹി വ ഊതിഃ പൃതനാസു മർധതി യസ്മാ അരാധ്വം നരഃ |**

**അഭി വ ആവർത്സുമതിർനവീയസീ തൂയം യാത പിപിഷവഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ആഗ്രഹിക്കുന്ന ഫലം നൽക്കുന്നു. നിങ്ങളുടെ രക്ഷാസാധനങ്ങൾ ഞങ്ങളെ രക്ഷിക്കുന്നു. നിങ്ങളുടെ അഭിനവമായ കൃപ ഞങ്ങളെ പ്രാപിക്കണേ. നിങ്ങൾ അതിവേഗം ഇങ്ങോട്ടുവരണമേ.

**5. ഓ ഷു ഘൃഷ്വിരാധനോ യാതനാന്ധാംസി പീതയേ**

**ഇമാ വോ ഹവ്യാ മരുതോ രരേ ഹീ കം മോ ഷ്വന്യത്ര ഗന്തന ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ധനം കൂടിച്ചേർന്നിരിക്കുന്നു. നിങ്ങൾ ഹവിസ്സ് സേവിക്കുന്നതിനായി ആഗതരാകുവിൻ. ഞാൻ നിങ്ങൾക്ക് ഹവിസ്സ് നൽകുന്നു. നിങ്ങൾ മറ്റെങ്ങും പോകരുതേ.

**6. ആ ച നോ ബർഹിഃ സദതാവിതാ ച നഃ സ്പാർഹാണി ദാതവേ വസു |**

**അസ്രേധന്തോ മരുതഃ സോമ്യേ മധൗ സ്വാഹേഹ മാദയാധ്വൈ ||**

ഹേ മരുത്തുക്കളേ! ഞങ്ങളുടെ കുശമേലിരുന്നും നിങ്ങൾ ധനദാനത്തിനായി ഇവിടെ വരുകയും ഉൻമാദകാരിയായ സോമം പാനം ചെയ്യുകയും ചെയ്യണമേ.

**7. സസ്വശ്ചിദ്ധി തന്വഃ ശുമ്ഭമാനാ ആ ഹംസാസോ നീലപൃഷ്ഠാ അപപ്തൻ |**

**വിശ്വം ശർധോ അഭിതോ മാ നി ഷേദ നരോന രണ്വാഃ സവനേ മദന്തഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ശരീരത്തെ അലങ്കരിച്ച് ആഗതരാകുകയും ഈ യജ്ഞത്തിൽ വിരാജിതരാകുകയും ചെയ്യുവിൻ.

**8.യോ നോ മരുതോ അഭി ദുർഹൃണായുസ്തിരശ്ചിത്താനി വസവോ ജിംഘാംസതി |**

**ദ്രുഹഃ പാശാൻപ്രതി സ മുചീഷ്ട തപിഷ്ഠേന ഹൻമനാ ഹന്തനാ തം||**

ഹേ മരുത്തുക്കളേ! യാതൊരുത്തൻ ഞങ്ങളുടെ മനസ്സിനെ നശിപ്പിക്കാനാഗ്രഹിക്കുന്നുവോ അഥവാ യാതൊരുത്തൻ ഞങ്ങളെ വരുണപാശത്താൽ ബന്ധിക്കുവാൻ പ്രയത്നിക്കുന്നുവോ അങ്ങിനെയുള്ള പാപികളെ നിങ്ങൾ നിങ്ങളുടെ ആയുധത്താൽ സംഹരിക്കേണമേ.

**9. സാന്തപനാ ഇദം ഹവിർമരുതസ്തജ്ജുജുഷ്ഠന |**

**യുഷ്മാകോതീ രിശാദസഃ ||**

ഹേ ശത്രുക്കളേ പീഡിപ്പിക്കുന്നവരേ! ഇത് നിങ്ങൾക്കായുള്ള ഹവിസ്സാകുന്നു. നിങ്ങൾ ശത്രുക്കളെ ഭക്ഷിക്കുന്നവരാണല്ലോ. ഞങ്ങളുടെ ഹവിസ്സിനെ സ്വീകരിക്കേണമേ.

**10. ഗൃഹമേധാസ ആ ഗത മരുതോ മാപ ഭൂതന |**

**യുഷ്മാകോതീ സുദാനവഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ സുന്ദരദാനികളാണല്ലോ. നിങ്ങൾ സ്വന്തം രക്ഷാസാധനങ്ങൾ സഹിതം വന്നാലും.

**11. ഇഹേഹ വഃ സ്വതവസഃ കവയഃ സൂര്യത്വചഃ |**

**യജ്ഞം മരുത ആ വൃണേ ||☐☐**

ഹേ മരുത്തുക്കളേ! നിങ്ങൾ സ്വന്തം മഹിമയാൽ വളരുന്നവരാണല്ലോ. ഞാൻ യജ്ഞത്തിനുവേ ഏർപ്പാടുകൾ ചെയ്യുന്നു.

**12. ത്ര്യംബകം യജാമഹേ സുഗന്ധിം പുഷ്ടിവർധനം |**

**ഉർവാ രുകമിവ ബന്ധനാൻമൃത്യോർമുക്ഷീയ മാമൃതാത് ||**

സുരഭിലവും പുഷ്ടിവധകനും ആയ ത്ര്യംബകനെ ഞാൻ പൂജിക്കുന്നു. ഹേ ഇന്ദ്രാ! ഞങ്ങളെ മൃത്യുപാശത്തിൽ നിന്നും മോചിപ്പിക്കേണമേ. അ രഥത്തിൽ നിന്നും അകറ്റരുതേ.

## അദ്ധ്യായം 5

## സൂക്തം 60

**ഋഷി വസിഷ്ഠൻ, ദേവത, മിത്രാവരുണൻ സൂര്യൻ ഛന്ദസ് ത്രിഷ്ടുപ്.**

**1. യദദ്യ സൂര്യ ബ്രവോ നാഗാ ഉദ്യൻമിത്രായ വരുണായ സത്യം |**

**വയം ദേവത്രാദിതേ സ്യാമ തവ പ്രിയാസോ അര്യമൻ ഗൃണന്തഃ ||**

ഹേ സൂര്യാ! അനുഷ്ഠാനങ്ങളുടെ അവസരങ്ങളിൽ ഉദയം ചെയ്ത് പാപത്തിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ. ഹേ അദിതീ! ദേവകളിൽ മിത്രനും വരുണനും ഞങ്ങൾ പ്രിയപ്പെട്ടവരാകണേ. ഹേ അര്യമാ! ഞങ്ങൾ സ്തുതികൾ വഴിയായി നിന്നെ പ്രസന്നനാക്കണേ.

**2. ഏഷ സ്യ മിത്രാവരുണാ നൃചക്ഷാ ഉഭേ ഉദേതി സൂര്യോ അഭി ജ്മൻ |**

**വിശ്വസ്യ സ്ഥാതുർജഗതശ്ച ഗോപാ ഋജു മർതേഷു വൃജിനാ പശ്യൻ ||**

ഹേ മിത്രാ, വരുണാ! ആകാശത്തെയും ഭൂമിയേയും നോക്കികൊ് സൂര്യനുദിച്ച് എല്ലാ ജീവികളേയും പരിപോഷിപ്പിക്കുന്നു. അവൻ മനുഷ്യരുടെ പാപപുണ്യങ്ങളെ കാണുന്നു.

**3. അയുക്ത സപ്ത ഹരിതഃ സധസ്ഥാദ്യാ ഈം വഹന്ത സൂര്യം ഘൃതാചീഃ |**

**ധാമാനി മിത്രാവരുണാ യുവാകുഃ സ യോ യൂഥേവ ജനിമാനി ചഷ്ടേ ||**

ഹേ മിത്രാ, വരുണാ, സൂര്യൻ തന്റെ സപ്താശ്വങ്ങളെ പൂട്ടിയിരിക്കുന്നു. അവ സൂര്യനെ വഹിച്ചുകൊ് ജലത്തെ പ്രദാനം ചെയ്യുന്നു. സൂര്യൻ ലോകത്തിലെ എല്ലാജീവികളേയും ദർശിച്ചുകൊ് നിങ്ങൾ രുപേരെയും ഭജിക്കുന്നു.

**4. ഉദ്വാം പൃക്ഷാസോ മധുമന്തോ അസ്ഥുരാ സൂര്യോ അരുഹച്ഛുക്രമർണഃ |**

**യസ്മാ ആദിത്യാ അധ്വനോ രദന്തി മിത്രോ അർയമം വരുണഃ സജോഷാഃ ||**

ഹേ മിത്രാ, വരുണാ! അന്നവും, പുരോഡാശവും നിങ്ങൾക്കുള്ളതാകുന്നു. സൂര്യൻ അന്തരീക്ഷത്തിലുയരുന്നു. മിത്രൻ; അയർമാവ്; വരുണൻ; ആദിയായ ദേവൻമാർ സൂര്യനുവേി വഴിയൊരുക്കുന്നു.

**5. ഇമേ ചേതാരോ അനൃതസ്യ ഭൂരേർമിത്രോ അര്യമാ വരുണോ ഹി സന്തി |**

**ഇമ ഋതസ്യ വാവൃധുർദുരോണേ ശഗ്മാസഃ പുത്രാ ആദിതേരബ്ധാഃ ||**

മിത്രൻ, വരുണൻ അയർമാവാദി ദേവൻമാരും പാപനാശകരാകുന്നു. അദിതിയുടെ ഈ പുത്രൻമാർ മംഗലദായകരാകുന്നു. യജ്ഞ സ്ഥാനത്ത് ഇവർ വൃദ്ധിയെ പ്രാപിക്കുന്നു.

**6. ഇമേ മിത്രോ വരുണോ ദൂളഭാസോ ചേതസം ചിച്ചിതയന്തി ദക്ഷൈഃ |**

**അപി ക്രതും സുചേതസം വതന്തസ്തിരശ്ചിദംഹഃ സുപഥാ നയന്തി ||**

മിത്രനും വരുണനും ആദിത്യനും ആർക്കും വിധേയരാകുന്നില്ല. ഇവർ ദുഷ്കർമ്മങ്ങളെ നശിപ്പിച്ച് കർമ്മവാൻമാരായ പുരുഷൻമാരെ സൻമാർഗ്ഗങ്ങളിലേക്കാനയിക്കുന്നു.

**7. ഇമേ ദിവോ അനിമിഷാ പൃഥിവ്യാശ്ചികിത്വാംസോ അചേതസം നയന്തി |**

**പ്രവ്രാജേ ചിന്നദ്യോഗാധമസ്തി പാരം നോ അസ്യ വിഷ്പതസ്യ പർഷൻ ||**

ഇവർ ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാജ്ഞാനരഹിതരേയും കർമ്മങ്ങളിൽ വ്യാപൃതരാക്കുന്നു. ഇവരുടെ ബലത്താൽ നദികളുടെ അടിഭാഗത്തും ഭൂതലം ഉാകുന്നു. ഇവർ നമ്മെ കർമ്മങ്ങളിലേയ്ക്കു പ്രേരിപ്പിക്കണേ.

**8. യദ് ഗോപാവദദിതിഃ ശർമ ഭദ്രം മിത്രോ യച്ഛന്തി വരുണഃ സുദാസോ |**

**തസ്മിന്നാ തോകം തനയം ദധാനാ മാ കർമ ദേവഹേളനം തുരാസഃ ||**

അയർമാവും, മിത്രനും, വരുണനും, യാതൊരുസുഖം ഹവിർദാതാവിനു പ്രദാനം ചെയ്യുന്നുവോ, നാമും അതേ സുഖത്തെ പ്രാപിച്ചുകൊ് ദേവകൾ ക്രോധിതരാതിരിക്കത്തക്കവിധമുള്ള കാര്യങ്ങൾ അനുഷ്ഠിക്ക്.

**9. അവ വേദിം ഹോത്രാഭിര്യജേത രിപഃ കാശ്ചിദ്വരുണ ധ്രുതഃ സഃ |**

**പരി ദ്വേഷോഭിരര്യമാ വൃണക്തൂരം സുദാസേ വൃഷണാ ഉ ലോകം ||**

ദേവകളെ സ്തുതിക്കാത്തവരായ നമ്മുടെ വൈരികളെ വരുണൻ നശിപ്പിക്കണേ. അര്യമാവ് നമ്മെ രാക്ഷസൻമാരിൽ നിന്നും രക്ഷിക്കണേ. മിത്രനും വരുണനും നമുക്കു ശ്രേഷ്ഠമായ സ്ഥാനം നൽകണേ.

**10. സസ്വശ്ചിദ്ധി സമൃതിസ്ത്വേഷ്യേഷാമപീച്യേന സഹസാ സഹന്തേ |**

**യുഷ്മദ്ഭിയാ വൃഷണോ രേജമാനാ ദക്ഷസ്യ ചിൻമഹിനാ മൃളതാ നഃ ||**

ഈ മിത്രാദിദേവൻമാർ ശ്രേഷ്ഠരായ കൂട്ടുകാരാകുന്നു. ഇവർ വൈരികളെ തോല്പിക്കുന്നു. ഹേ മിത്രാദിദേവകളേ! ഞങ്ങളുടെ വിരോധികൾ നിങ്ങളെ ഭയന്നുവിറക്കുന്നു. നിങ്ങളുടെ കൃപയാൽ ഞങ്ങളെ സുഖികളാക്കണമേ.

**11. യോ ബ്രഹ്മണേ സുമതിമായജാതേ വാജസ്യ സാതൗ പരമസ്യ രായാഃ|**

**സീക്ഷന്ത മന്യും മഘവാനോ അര്യ ഉരു ക്ഷയായ ചക്രിരേ സുധാതു ||**

ആര് ശ്രേഷ്ഠമായ ദാനത്തിനുവേി നിങ്ങളെ സ്തുതിക്കുന്നുവോ ആ യജമാനന്റെ സ്തോത്രത്താൽ പ്രസന്നരായ ദേവകൾ അവന് സുന്ദരമായ ഗൃഹം ദാനം ചെയ്യുന്നു.

**12. ഇയം ദേവ പുരോഹിതിർയുവഭ്യാം യജ്ഞേഷു മിത്രാ വരുണാവകാരി |**

**വിശ്വാനി ദുർഗാ പിപൃതം തിരോ നോ യൂയം ത സ്വസ്തിഭിഃ സദാ നഃ ||**

ഹേ മിത്രാവരുണൻമാരേ! നിങ്ങളുടെ സ്തുതികൾ നടത്തപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ ദുഃഖമെല്ലാമകറ്റണമേ. നിങ്ങൾ ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

## സൂക്തം 61

**ഋഷി വസിഷ്ഠൻ, ദേവത മിത്രാവരുണർ, ഛന്ദസ് പംക്തി, ത്രിഷ്ടുപ്.**

**1. ഉദ്വാം പക്ഷൂർവരുണ സുപ്രതീകം ദേവയോരേതി സൂര്യസ്തതന്വാൻ |**

**അഭി യോ വിശ്വാ ഭൂവനാനി ചഷ്ടേ സ മന്യം മർത്യേഷ്വാ ചികേത ||**

ഹേ മിത്രാ, വരുണാ! നിങ്ങൾ തേജസ്വികളാകുന്നു. നിങ്ങളുടെ നേത്രരൂപമായ സൂര്യൻ തേജസ്സിനെ വളർത്തിക്കൊ് അന്തരീക്ഷത്തിലുയരുകയും, എല്ലാജീവികളേയും ദർശിക്കുകയും ചെയ്യുന്നു. അദ്ദേഹം മനുഷ്യരിലുള്ള സ്തോത്രങ്ങളുടെ ജ്ഞാതാവാകുന്നു.

**2. പ്ര വാം സ മിത്രാവരുണാവൃതാവാ വിപ്രോ മൻമാനി ദീർഘശ്രുദിയർതി |**

**യസ്യ ബ്രഹ്മാണി സുക്രൂതു അവാഥ ആ യത്ക്രത്വാ ശരദഃ പൃണൈഥേ ||**

ഹേ മിത്രാ, വരുണാ, യജ്ഞകർത്താവും, വസിഷ്ഠനും, നിങ്ങളുടെ സ്തോത്രങ്ങളെ രചിക്കുന്നു. ശ്രേഷ്ഠകർമ്മാക്കളായ നിങ്ങൾ വസിഷ്ഠന്റെ കർമ്മങ്ങളെ സഫലമാക്കിയിരിക്കുന്നു.

**3. പ്രോരോർമിത്രാവരുണാ പൃഥിവ്യാഃ പ്ര ദിവ ഋഷ്വദ്ഭൃഹതഃ സുദാനൂ |**

**സ്പർശോ ദധാഥേ ഓഷധീഷു വിക്ഷ്വൃധഗ്യതോ അനിമിഷം രക്ഷമാണാ ||**

ഹേ മിത്രാ, വരുണാ! നിങ്ങൾ ആകാശത്തെയും, ഭൂമിയേയും പ്രദക്ഷിണം ചെയ്തിരിക്കുന്നു. നിങ്ങൾ ഔഷധികൾക്കും, ജീവികൾക്കും വേി രൂപം സ്വീകരിച്ചിരിക്കുന്നു. ശ്രേഷ്ഠമായ മാർഗ്ഗങ്ങളിൽകൂടി രൂപം സ്വീകരിച്ചിരിക്കുന്നു. ശ്രേഷ്ഠമായ മാർഗ്ഗങ്ങളിൽകൂടി ചരിക്കുന്നവർക്ക് നിങ്ങൾ രക്ഷകരാകുന്നു.

**4. ശംസാ മിത്രസ്യ വരുണസ്യ ധാമ ശൂഷ്മോ രോദസീ ബദ്ബധേ മഹിത്വാ |**

**അയൻമാസാ അയജ്വനാമവീരാഃ പ്ര യജ്ഞമൻമാ വൃജനം തിരാതേ ||**

ഹേ ഋഷേ! മിത്രാവരുണൻമാരുടെ തേജസിനെ സ്തുതിക്കുവിൻ. ഇവർ വാനൂഴികളെ തങ്ങളുടെ മഹിമയാൽ വേർതിരിച്ചിരിക്കുന്നു.

അയാജ്ഞികർ പുത്രഹീനരാകണേ. യജ്ഞം നടത്തുന്നവർ പുത്രാദികളാൽ സമ്പന്നരാകണേ.

**5. അമൂരാ വിശ്വാ വൃഷണാവിമാ വാം ന യാസു ചിത്രം ദദൃശേ ന യക്ഷം |**

**ദ്രുഹഃ സചന്തേ അനൃതാ ജനാനാം ന വാം നിണ്യാന്യചിതേ അഭൂവൻ ||**

ഹേ മിത്രാ, വരുണാ! നിങ്ങൾക്കുള്ള സ്തുതികളിൽ വിശേഷതയൊന്നുമില്ല. വിരോധികളായ വ്യക്തികൾ മുഖസ്തുതികളെ സ്വീകരിക്കുന്നു. നിങ്ങളുടെ സ്തുതികൾ അജ്ഞാനം പകരുന്നവയാകാതിരിക്കണേ.

**6. സമു വാം യജ്ഞം മഹയം നമോഭിർഹുവേ വാം മിത്രാവരുണാ സബാധഃ |**

**പ്ര വാം മൻമാന്യൃചസേ നവാനി കൃതാനി ബ്രഹ്മ ജുജുഷന്നിമാനി ||**

ഹേ മിത്രാവരുണൻമാരേ! ഞാനീ യജ്ഞത്തിൽ നമസ്കാരപൂർവ്വം നിങ്ങളെ പൂജിക്കുന്നു. ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങൾക്കുവേി പുതിയ സ്തോത്രങ്ങൾ രചിക്കുന്നു, എന്നാൽ എകീകരിക്കപ്പെട്ടിരിക്കുന്ന സ്തോത്രങ്ങൾ നിങ്ങളെ ആനന്ദിപ്പിക്കണേ.

**7. ഇയം ദേവ പുരോഹിതിർയുവഭ്യാം യജ്ഞേഷു മിത്രാവരുണാവകാരി |**

**വിശ്വാനി ദുർഗാ പിപൃതം തിരോ നോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ മിത്രാ, വരുണാ! ഈ യജ്ഞത്തിൽ നിങ്ങൾ സ്തുതിക്കപ്പെടുന്നു. നിങ്ങൾ ഞങ്ങളെ ആപത്തുകളുടെ മറുകരയ്ക്കെത്തിക്കണമേ. ഞങ്ങളെ എപ്പോഴും പാലിക്കുകയും ചെയ്യണമേ.

## സൂക്തം 62

**ഋഷി വസിഷ്ഠൻ, ദേവത സൂര്യൻ, മിത്രാവരുണൻ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഉത്സൂര്യോ ബൃഹദർചീഷ്യശ്രേത്പുരു വിശ്വാ ജനിമ മാനുഷാണാം |**

**സമോ ദിവാ ദദൃശേ രോചമാനഃ ക്രത്വാ കൃതഃ സുകൃതഃ കർതൃഭിർഭൂത് ||**

സൂര്യൻ മഹാതേജസ്വിയാകണേ. അവൻ മനുഷ്യർക്കു പ്രിയങ്കരനാകണേ. അവൻ പകൽ അത്യന്തം പ്രകാശവാനാകുന്നു. അവൻ എല്ലാത്തിന്റെയും സൃഷ്ടികർത്താവും, പ്രജാപതിയുടെ തേജസിനെക്കാൾ തേജസ്വിയുമാകുന്നു.

**2. സസൂര്യ പ്രതി പുരോ ഉദ്ഗാ ഏഭിഃ സ്തോമേഭിരേതശേഭിരേവൈഃ |**

**പ്ര നോ മിത്രായ വരുണായ വോചോ നാഗസോ അർയമ്ണ അഗ്നയേ ച ||**

ഹേ സൂര്യ! നീ ഗമനശീലരായ അശ്വങ്ങൾ വഴിയായി സ്തോതാക്കളുടെ അടുക്കലേക്കു വരണമേ. മിത്രനും; വരുണനനും; അയർമാവും; അഗ്നിയും നമുക്ക് ആയിരക്കണക്കിനു ധനം പ്രദാനം ചെയ്യണേ.

**3. വി നഃ സഹസ്രം ശുരുധോരദന്ത് ഋതാവാനോ വരുണോ മിത്രോ അഗ്നിഃ |**

**യച്ഛന്തു ചന്ദ്രാ ഉപമം നോ അർകമാ നഃ കാമം പൂപുരന്തു സ്തവാനാഃ ||**

ദുഃഖത്തെ തടയുന്ന സത്യവാൻമാരായ മിത്രനും, വരുണനും അഗ്നിയും ഞങ്ങൾക്കായിരം ധനം തരണേ. ആ ആഹ്ലാദകൻമാർ ഞങ്ങൾക്ക് സ്തുതവും പൂജനീയവുമായിട്ടുള്ളതും നല്കട്ടെ. സ്തുതിക്കുന്ന ഞങ്ങളുടെ അഭീഷ്ടം നിറവേറ്റണേ.

**4. ദ്യാവാഭൂമീ അദിതേ ത്രാസീഥാം നോ യേ വാംജജ്ഞു സുജനിമാന ഋഷ്വേ |**

**മാ ഹേളേ ഭൂമ വരുണസ്യ വായോർമാ മിത്രസ്യ പ്രിയതമസ്യ നൃണാം ||**

ഹേ ആകാശമേ, ഭൂമി, അദിതി! നിങ്ങൾ ഞങ്ങളെ രക്ഷിക്കണേ. ഞങ്ങൾ ശ്രേഷ്ഠജൻമാക്കളാകുന്നു. ഞങ്ങൾ വരുണന്റേയും, വായുവിന്റെയും മിത്രന്റെയും കോപഭാജനങ്ങളാകാതിരിക്കണേ.

**5. പ്ര ബാഹവാ സിസൃതം ജീവസേ ന ആനോഗവ്യൂതിമുക്ഷതം ഘൃതേന |**

**ആനോ ജനേ ശ്രവയതം യുവാന ശ്രുത മേ മിത്രാ വരുണാ ഹവേമാ ||**

ഹേ മിത്രാ! വരുണാ! നിങ്ങളുടെ ഭുജങ്ങളെ വിരിക്കേണമേ. ഞങ്ങളുടെ ഭൂഭാഗങ്ങൾ ജലത്താൽ നനക്കണമേ. നിങ്ങൾ ഞങ്ങളെ യശസ്വികളാക്കുകയും, ഞങ്ങളുടെ വിളികൾ കേൾക്കുകയും ചെയ്യണമേ.

**6. നൂ മിത്രോ വരുണോ അർയമാ നസ്ത്മനേ തോകായ വരിവോ ദധന്തി |**

**സുഗാ നോ വിശ്വാ സുപഥാനി സന്തു യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ മിത്രാ, വരുണാ, അര്യമാ! നിങ്ങൾ ഞങ്ങളുടെ പുത്രൻമാരെ ധനവാൻമാരാക്കിയാലും ഞങ്ങളുടെ എല്ലാ വഴികളും നേരുള്ളതാകണേ. നിങ്ങൾ ഞങ്ങളെ എപ്പോഴും സംരക്ഷിക്കണമേ.

## സൂക്തം 63

**ഋഷി വസിഷ്ഠൻ ദേവത സൂര്യൻ, മിത്രാവരുണർ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഉദ്വേതി സുഭഗോ വിശ്വചക്ഷാഃ സാധാരണഃ സൂര്യോ മാനുഷാണാം |**

**ചക്ഷുർമിത്രസ്യവരുണസ്യ ദേവർശ്ചർമേവ യഃ സമവിവ്യക്തമാംസി ||**

മിത്രാവരുണൻമാരുടെ നേത്രരൂപമായ സൂര്യൻ ഉദിച്ചുകൊിരിക്കുന്നു. അത് അന്ധകാരത്തെ മറയ്ക്കുന്നു.

**2. ഉദ്വേതി പ്രസവീതാ ജനനാം മഹാൻ കേതുരർണവഃ സൂര്യസ്യ |**

**സമാനം ചക്രം പർയാവിവൃത്സന്യദേതശോ വഹതി ധൂർഷു യുക്തഃ ||**

ആ സൂര്യൻ മനുഷ്യരുടെ സൃഷ്ടികർത്താവും, പ്രേരകനും, ബലദാതാവും ആകുന്നു. പച്ചനിറത്തോടുകൂടിയ അശ്വങ്ങൾ അവനെ വഹിക്കുന്നു.

**3. വിഭ്രാജമാന ഉഷസാമുപസ്ഥാദ്രേഭൈരുദേത്യനുമദ്യമാനഃ |**

**ഏഷ മേ ദേവഃ സവിതാ ചച്ഛന്ദ യഃ സമാനം ന പ്രമിനാതി ധാമ ||**

സ്തോതാക്കളുടെ സ്തുതികളെ ശ്രവിച്ചുകൊ് ഈ സൂര്യൻ ഉഷസ്സുകളുടെ മധ്യേ ഉദിക്കുന്നു. ഇവൻ കാമ്യവസ്തുക്കൾ നൽകുന്നവനാകുന്നു. അവൻ തന്റെ തേജസ്സിനെ കറക്കുന്നില്ല.

**4. ദിവോ രുക്മ ഉരുചക്ഷാ ഉദേതി ദൂരേ അർഥുസ്തരണിർഭ്രാജമാനഃ |**

**നൂനം ജനാഃ സൂര്യേണ പ്രസൂതാ അയന്നർഥാനി കൃണവന്നപാംസി ||**

തേജസ്വിയായ ആ സൂര്യൻ അന്തരീക്ഷത്തിൽ ഉദിക്കുന്നു, ജീവികൾ ഈ സൂര്യനാൽത്തന്നെ കർമ്മൾക്കു പ്രേരിപ്പിക്കപ്പെടുന്നു.

**5. യത്രാ ചക്രൂരമൃതാ ഗാതുമസ്മൈ ശ്യേനോ ന ദീയന്നന്വേതി പാഥഃ |**

**പ്രതിവാം സൂര ഉദിതേ വിധേമ നമോഭിർമിത്രാ വരുധോണ ഹവൈഃ ||**

ദേവകൾ സൂര്യനു സഞ്ചരിക്കുവാനുള്ള മാർഗ്ഗം നിർമ്മിച്ചു ഈ മാർഗ്ഗ അന്തരീക്ഷത്തോടു കൂടി പോകുന്നു. ഹേ മിത്രാ, വരുണാ! സൂര്യോദയത്തിൽ നമസ്കാരയുക്തമായ ഹവിസ്സ് നൽകി ഞങ്ങൾ നിങ്ങളുടെ യജ്ഞം നടത്തുന്നു.

**6. നൂ മിത്രോ വരുണോ അർയമാനാ സ്തമനേ തോകായ വരിവോ ദധന്തു |**

**സുഗാ നോ വിശ്വാ സുപഥാനി സന്തു യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

മിറതനും, വരുണനും, അയർമാവും നമ്മുടെ മക്കൾക്ക് ക്രോധം നൽകാതിരിക്കണേ. നമ്മുടെ മാർഗ്ഗങ്ങൾ നേരെയുള്ളവയാകണേ; നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കണമേ.

## സൂക്തം 64

**ഋഷി വസിഷ്ഠൻ, ദേവത മിത്രാവരുണർ. ഛന്ദസ് ത്രിഷ്ടുപ്.**

**1. ദീവി ക്ഷയന്താ രജസഃ പൃഥിവ്യാം പ്ര വാം ഘൃതസ്യ നിർണിജോ ദദീരൻ |**

**ഹവ്യം നോ മിത്രോ അര്യമാ സുജാതോ രാജാ സുക്ഷത്രോ വരുണോ ജജൂഷന്ത ||**

ഹേ മിത്രാവരുണാ! അന്തരീക്ഷത്തിലേയും, ഭൂമിയിലേയും ജലത്തിന്റെയും അധിപൻമാർ നിങ്ങളാണ്, മേഘങ്ങൾ നിങ്ങളുടെ പ്രേരണയാൽ ജലത്തെ രചിക്കുന്നു. മിത്രനും, വരുണനും, അര്യമാവും, നമ്മുടെ ഹവിസ്സിനെ സ്വീകരിക്കണേ.

**2. ആ രാജാനാ മഷ ഋതസ്യ ഗോപാ സിന്ധുപതീ ക്ഷത്രിയാ യാതമർവാക് |**

**ഇളാം നോ മിത്രാവരുണോത വൃഷ്ടിമവ ദിവ ഇന്വതം ജീതദാനൂ ||**

നിങ്ങൾ യാഗസംരക്ഷകരും, നദികളുടെ ഈശ്വരൻമാരും, വീരകർമ്മാക്കളുമാണ്, ഹേ വേഗവൻമാരായ മിത്രവരുണൻമാരേ. മിത്ര! വരുണൻമാരേ! നിങ്ങൾ അന്തരീക്ഷത്തിൽ നിന്നും അന്നരൂപമായ വൃഷ്ടിയെ വർഡിച്ചാലും.

**3. മിത്രസ്തന്നോ വരുണേ ദേവോ അർയഃ പ്ര സാധിഷ്ഠേഭിഃ പഥിഭിർനയന്തു |**

**ബ്രവദ്യഥാ ന ആദരിഃ സുദാസ ഇഷാ മദേമ സഹ ദേവഗോപാഃ ||**

മിത്രനും, വരുണനും, അർയമാവും നമ്മെ യോഗ്യമായ മാർഗ്ഗങ്ങളിൽകുടി നടത്തണേ. ദാതാവായ അരയമാവ് ഉപദേശം നൽകണേ. നിങ്ങളുടെ രക്ഷയിൽ വസിച്ചുകൊ് പുത്രാദികളോടുകൂടി ഞങ്ങൾ ആനന്ദം അനുഭവിക്കുമാറാകണേ.

**4. യോ വാം ഗർതം മസാ തക്ഷദേതമൂർധ്വാം ധീതിം കൃണവദ്ധാരയച്ച |**

**ഉക്ഷേഥാം മിത്രാവരുണാ ഘൃതേന താ രാജാനാ സുക്ഷിതീസ്തർപയേഥാം ||**

ഹേ മിത്രാ! വരുണാ! യാതൊരുത്തൻ നിങ്ങൾക്കുവേി മാനസിക രഥം നിർമ്മിക്കുന്നുവോ. ശ്രേഷ്ഠകർമ്മാവായ യാതൊരുത്തൻ നിങ്ങളുടെ യജ്ഞത്തിൽ ധാരകനായിരിക്കുന്നുവോ, നിങ്ങളവനെ ജലത്താൽ നനക്കുകയും നല്ല വാസസ്ഥലം നൽകി സന്തോഷിക്കുകയും ചെയ്യണമേ.

**5. ഏഷ സ്തോമോ വരുണ മിറത തുഭ്യം സോമഃ ശുക്രോ ന വായവേ യാമി |**

**അവിഷ്ടം ധിയോ ജിഗൃതം പുരന്ധീര്യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ മിത്രാ വരുണാ! നിങ്ങൾക്കും വായുവിനുംവേി ഈ സോമം പിഴിഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ കർമ്മങ്ങളിൽ വന്നുചേർന്ന് ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിക്കുകയും, ഞങ്ങളെ എപ്പോഴും സംരക്ഷിക്കുകയും ചെയ്യണമേ.

## സൂക്തം 65

**ഋഷി വസിഷ്ഠൻ, ദേവത മിത്രാവരുണർ, ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്രതി വാം സൂര ഉദിതേ സൂക്തൈർമിത്രം ഹുവേ വരുണം പൂതദക്ഷം |**

**യയോരസുര്യ മക്ഷിതം ജ്യേഷ്ഠം വിശ്വസ്യ യാമന്നാചിതാ ജിഗത്നു ||**

ഹേ മിത്രാ വരുണാ! സൂര്യോദയത്തിൽ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. മഹാബലവാൻമാരായ നിങ്ങൾ രണഭൂമിയിൽ സദാ വിജയിതരായി മുന്നേറുന്നു.

**2. താ ഹി ദേവാനാമസുര താവര്യാതാ നഃ ക്ഷിതീഃ കരതമൂർജയന്തീഃ |**

**അശ്യാമ മിത്രാവരുണാ വയം വാം ദ്യാവാച യത്ര പീപയന്നഹാ ച ||**

അവർ രും മഹാ ബലവാൻമാരാണല്ലോ അവർ നമ്മുടെ പ്രജകളെ അഭിവൃഡിപ്പെടുത്തണേ. ഹേ മിത്രാ; വരുണാ! ഞങ്ങൾ നിങ്ങൾക്കു സേവനം ചെയ്യും. വാനുജികൾ നിങ്ങളുടെ മഹിമയാൽ ഞങ്ങളെ പരിപൂർണ്ണരാക്കും.

**3. താ ഭൂരിപാശാവന്യതസ്യ സേതു ദുരത്യേരു രിപവേ മർത്യായ |**

**ഋതസ്യ മിത്രാ വരുണാ പഥാ വാമപോ ന നാവാ ദുരിതാ തരേമ**

മിത്രന്റെയും വരുണന്റെയും കൈവശം ബലമേറിയ പാശം കാണപ്പെടുന്നു. അവർ യജ്ഞരഹിതരായ മനുഷ്യരെ ബന്ധനത്തിൽ കുരുക്കുന്നു. ശത്രുക്കൾക്കെതിരെ അവർ ഭയങ്കരരൂപിയാകുന്നു. ഹേ മിത്രാ വരുണാ! തോണിയാൽ മറുകരകടക്കുന്നതുപോലെ ഞങ്ങൾ നിങ്ങളുടെ യജ്ഞരൂപമാകുന്ന തോണി വഴി മറുകരയെത്തും.

**4. ആ നോ മിത്രാവരുണാ ഹവ്യജൂഷ്ടിം ഘൃതൈർഗ്യൂതിമുക്ഷതമിളാഭിഃ |**

**പ്രതി വാമത്ര വരമാ ജനായ പൃണീത മുദ്നോ ദിവ്യസ്യ ചാരോഃ ||**

മിത്രാ വരുണൻമാർ നമ്മുടെ ഹവിസ്സ് ഭക്ഷിക്കുന്നതിനായി വന്നു ചേരണേ. അവർ നമ്മുടെ കൃഷിഭൂമികളെ ജലത്താൽ നിറയ്ക്കണേ. ഹേ മിത്രാ വരുണാ! ഞങ്ങളല്ലാതെ മറ്റാര് നിങ്ങൾക്കു ശ്രേഷ്ഠമായ ഹവിസ്സ് പ്രദാനം ചെയ്യും? നിങ്ങൾ സ്വച്ഛമായ ജലം പ്രദാനം ചെയ്താലും.

**5. ഏഷ സ്തോമോ വരുണ മിത്ര തുഭ്യം സോമഃ ശുക്രോ ന വായവേ യാമി |**

**അവിഷ്ടം ധിയോ ജിഗൃതം പുരന്ധീർയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ മിത്രാ വരുണാ! നിങ്ങൾക്കും വായുവിനും വേി സോമം ഇടിച്ചുപിഴിഞ്ഞിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ യജ്ഞത്തിലാഗതരായി സ്തോത്രങ്ങൾ ശ്രവിക്കുകയും എപ്പോഴും ഞങ്ങളെ പാലിക്കുകയും ചെയ്യണമേ.

## സൂക്തം 66

**ഋഷി വസിഷ്ഠൻ ദേവത മിത്രാവരുണൻ, ഛന്ദസ് ബൃഹതി ഉഷ്ണിക.**

**1. പ്ര മിത്രയോർവരുണയോഃ സ്തോമോ ന ഏതു ശൂഷ്യഃ |**

**നമസ്വാന്തു വിജാതയോഃ ||**

മിത്രാവരുണൻമാർ നിരന്തരം പ്രത്യക്ഷരാകുന്നു. അവരുടെ സ്തുതികൾ അവരെ പ്രാപിക്കണേ.

**2. യാ ധാരയന്ത ദേവാഃ സുദക്ഷാ ദക്ഷപിതരാ |**

**അസൂര്യായ പ്രമഹസാ ||**

മിത്രാവരുണൻമാർ ശ്രേഷ്ഠമായ ബലത്താലും തേജസ്സാലും യുക്തരാകുന്നു. ഇവരെ ബലത്തിനുവേി ദേവകൾ വഹിക്കുന്നു.

**3. താ നഃ സ്തിനാ തനൂപാ വരുണ ജരിതൄണാം |**

**മിത്ര സാധയതം ധിയഃ ||**

മിത്രാവരുണൻമാർ വീടിന്റെയും ശരീരത്തിന്റെയും രക്ഷകരാകുന്നു. നിങ്ങൾ രുപേരും സ്തോതാവിന്റെ കർമ്മങ്ങളെ ബലയുക്തരാക്കൂ.

**4. യദദ്യ സൂര ഉദിത നാഗാ മിത്രോ അര്യമാ |**

**സുവാതി സവിതാ ഭഗഃ ||**

സൂര്യോദയത്തിൽ മിത്രനും, ഭഗനും, അർയമാവും സവിതാവും നമുക്കുവേി ധനം അയയ്ക്കണേ.

**5. സുപ്രാവീരസ്തു സ ക്ഷയഃ പ്ര നു യാമൻത്സുദാനവഃ |**

**യേ നോ പ്രാഹോ തിപിപ്രതി ||**

ഹേ മിത്രാവരുണാ! നിങ്ങൾ ദാനികളാണല്ലോ; ഞങ്ങളുടെ പാപങ്ങളെ നശിപ്പിക്കണമേ. നിങ്ങൾ ആഗതരാകുകയാണെങ്കിൽ ഞങ്ങളുടെ ഭവനം രക്ഷപ്പെടും.

**6. ഉത സ്വരാജോ അദിതിരദബ്ധസ്യ വ്രതസ്യ യേ |**

**മഹോ രാജാന ഈശതേ ||**

മിത്രാദികളായ ദേവകൾ കർമ്മപാലകരാകുന്നു. അവർ ശ്രേഷ്ഠമായ ധനങ്ങളുടെ ഈശ്വരൻമാരാകുന്നു.

**7. പ്രതി വാം സൂര ഉദിതേ മിത്രം ഗൃണീഷേ വരുണം |**

**അര്യമണം രിശാദസം ||**

സൂര്യോദയകാലത്തിൽ മിത്രനേയും വരുണനേയും അർയമാവിനെയും ഞാൻ സ്തുതിക്കുന്നു.

**8. രായാ ഹിരണ്യയാ മതിരിയമവൃകായ ശവസേ |**

**ഇയം വിപ്രാ മേധസാതയേ ||**

ഈ സ്തുതി നമുക്ക് ഹിംസകളിൽ നിന്നും രക്ഷപ്പെടുവാനുള്ള ബലം കിട്ടുമാറാക്കണേ.

**9. തേ സ്യാമ ദേവ വരുണതേ മിത്ര സൂരിഭിഃ സഹ |**

**ഇഷം സ്വശ്ച ധീമഹി ||**

ഹേ മിത്രാ വരുണാ! ഞങ്ങൾ ഋത്വിജൻമാരോടുകൂടി നിങ്ങളെ സ്തുതിക്കുകയും അന്നബലം പ്രാപിക്കുകയും ചെയ്യും.

**10. ബഹവഃ സൂരചതക്ഷയേഗ്നിജിഹ്വാ ജതാവൃധഃ |**

**ത്രീണി യേ യേമുർവിദത്ഥാനി ധീതിഭിർവിശ്വാനി പരിഭൂതിഭിഃ ||**

ഈ ദേവത സൂര്യനുതുല്യം തേജസ്വിയും യശസ്സ് വർദ്ധിപ്പിക്കുന്നവനും ആകുന്നു. അവർ കർമ്മങ്ങൾ വഴിയായി വ്യാപിക്കുന്നവരും സ്ഥാനങ്ങൾ നൽകുന്നവരും ആകുന്നു.

**11. വി യേ ദധുഃ ശരദം മാസമാദഹര്യജ്ഞമക്തും ചാദൃചം |**

**അനാപ്യം വരുണോ മിത്രോ അര്യമാ ക്ഷത്രം രാജാന ആശത ||**

വർഷം, മാസം, ദിവസം, രാത്രി, യജ്ഞം, മന്ത്രം ഇവയെ യാതൊരുത്തർ സൃഷ്ടിച്ചുവോ, ആ മിത്രനും വരുണനും അർയമാവും ശ്രേഷ്ഠമായ ബലം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു.

**12. തദോ അദ്യ മനാമഹേ സൂക്തൈഃ സൂര ഉദിതേ |**

**യദോഷതേ വരുണോ മിത്രോ അര്യമാ യൂയമൃതസ്യ രഥ്യഃ ||**

ഇന്നത്തെ സൂര്യോദയത്തിൽ ഞങ്ങൾ നിങ്ങളോട് ധനം യാചിക്കും. ആ ധനത്തെ മിത്രനും, വരുണനും, അർയമാവും വഹിച്ചുകൊിരിക്കുന്നു.

**13. ഋതാവാന ഋതജാതാ ഋതാ ധോ ഘോരസോ അനൃതദ്വിഷഃ |**

**തേഷാം വഃ സുമ്നേ സുച്ഛർദിഷ്ടമേ നരഃ സ്യാമ യേ ച സൂരയഃ ||**

നിങ്ങൾ യജ്ഞാദികളായ ശ്രേഷ്ഠകർമ്മങ്ങൾക്കുവേി ജന്മമെടുക്കുകയും യജ്ഞവിമുഖരായ മനുഷ്യരെ വെറുക്കുകയും ചെയ്യുന്നു. ഞങ്ങൾക്കും ഋത്വിജൻമാർക്കും കല്യാണകാരികളായ നിങ്ങളുടെ ധനം ലഭിക്കുമാറാകണേ.

**14. ഉദു ത്യദ്ദർശതം വപുർദിവ ഏതിപ്രതിഹ്വരേ |**

**യദീമാശൂർവഹതി ദേവ ഏതശോ വിശ്വസ്മൈ ചക്ഷസേ അരം ||**

അന്തരീക്ഷത്തിനടുത്തായി മംഗളകാരിയായ ഈ മണ്ഡലം കാണപ്പെടുന്നു. എല്ലാവർക്കും ദർശിക്കുന്നതിനുവേി ഹരിതാശ്വങ്ങൾ അതിനെ വഹിച്ചുകൊിരിക്കുന്നു.

**15. ശീർണഃ ശീർഷ്ണോ ജഗസ്തസ്ഥുഷസ്പതിം സമയാ വിശ്വമാ രജഃ |**

**സപ്ത സ്വസാരഃ സുവിതായ സൂർയം വഹന്തി ഹരിതോ രഥേ ||**

എല്ലാത്തിന്റെയും ശീർഷരൂപവും, എല്ലാത്തിന്റെയും ഈശ്വരനും ആയ സൂര്യനെ അവന്റെ സപ്താശ്വങ്ങൾ വിശ്വത്തിന്റെ നൻമയ്ക്കുവേി വഹിച്ചുകൊു പോകുന്നു.

**16. തച്ചക്ഷുർദേവവഹിതം ശുക്രമുച്ചരത് |**

**പശ്യേമ ശരദഃ ശതം ജീവേമ ശരദ ശതം ||**

പ്രകാശയുക്തവും; ശ്രേഷ്ഠവുമായ ആ സൂര്യമണ്ഡലം പ്രകടമാകുന്നു. അതിനെ നൂറുസംവത്സരക്കാലം ദർശിച്ചുകൊിരിക്കണേ. നൂറുസംവത്സരക്കാലം ജീവിക്കണേ.

**17. കാവ്യേഭിരദാഭ്യാ യാതം വരുണ ദ്യുമത് |**

**മിത്രശ്ച സോമപീതയേ ||**

ഹേ വരുണാ! മിത്രനും നീയും മഹാതേജസ്വികളാണ്. നിങ്ങൾ ഞങ്ങളുടെ സ്തോതാക്കളുടെ അടുക്കൽ വന്ന് സോമം പാനം ചെയ്യണേ.

**18. ദിവോ ധാമഭിർവരുണമിത്രശ്ച യാതമദ്രുഹാ |**

**പിബതം സോമമാതുജീ ||**

ഹേ മിത്രാവരുണാ നിങ്ങൾ പോഷരഹിതരാണല്ലോ ശത്രുക്കളെ കൊല്ലുന്നതിനായി നിങ്ങൾ ആകാശത്തിൽ നിന്നും ആഗതരായി സോമം പാനം ചെയ്താലും.

**19. ആ യാതം മിത്രാവരുണാ ജുഷാണാവാഹുതിം നരാ പാതം സോമവൃതാവൃധാ ||**

യജ്ഞത്തിനു നേതൃത്വം വഹിക്കുന്നവരാണല്ലോ മിത്രനും വരുണനും. നിങ്ങൾ ആഹുതികളിലേക്കു വരികയും സോമം കുടിക്കുകയും ചെയ്യുവിൻ.

## സൂക്തം 67

**ഋഷി വസിഷ്ഠൻ, ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്രതിവാം രഥം നൃപതീ ജരധ്യൈ ഹവിഷ്മതാ മനസാ യജ്ഞിയേന |**

**യോ വാം ദൂതോ ന ധിഷ്ണായ്വജീഗരച്ഛാ സൂനുർന പിതരാ വിവക്മി ||**

ഹേ അശ്വിനികളേ ഞങ്ങൾ നിങ്ങളുടെ രഥത്തെ സ്തുതിക്കുന്നു. പുത്രൻ പിതാവിനെ ഉണർത്തുന്നതുപോലെ രഥം എല്ലാവരെയും ചൈതന്യവാൻമാരാക്കുന്നു.

**2. അശോച്യഗ്നിഃ സമിധാനോ അസ്മേ ഉപോ അദൃശ്രന്തമസശ്ചിദന്താഃ |**

**അചേതി കേതരുഷസഃ പുരസ്താച്ഛ്റിയേ ദിവേ ദുഹിതുർജായമാനഃ ||**

അഗ്നി നമുക്കുവേി ദീപ്തിയെ വഹിക്കുന്നു. അപ്പോൾ അന്ധകാരത്തി എല്ലാ ഭൂഭാഗങ്ങളും കാണപ്പെടുന്നു. സൂര്യൻ ഉഷസ്സിന്റെ പൂർവ്വഭാഗത്തായി ഉദിച്ചുയരുന്നു.

**3. അഭി വാം നൂനമശ്വിനാ സുഹോതാ സ്തോമൈഃ സിഷക്തി നാസത്യാ വിവക്വാൻ |**

**പൂർവീഭിർയാത പഥ്യാഭിരർവാക്സ്വർവിദാ വസുമിതാ രഥേന ||**

ഹേ അശ്വിനികളേ! ഞങ്ങൾ നിങ്ങളെ സേവിക്കുന്നു. നിങ്ങൾ പൂർവ്വദിക്കിൽ നിന്നും രഥാരൂഢമായി ഞങ്ങൾക്കഭിമുഖമായി വരുവിൻ.

**4. അവോർവാം നൂനമശ്വിനാ യുവാകുർഹുവേ യദ്വാം സുതേ മാധ്വീ വസൂയുഃ |**

**ആ വാം വഹന്തു സ്ഥവിരാസോ അശ്വാഃ പീബാഥോ അസ്മേ സുഷുതാ മധൂനി ||**

ഹേ അശ്വിനികളേ! ധനത്തെ ആഗ്രഹിക്കുന്ന സ്തോതാവായ ഞാൻ സോമം പിഴിഞ്ഞുകഴിയുമ്പോൾ നിങ്ങളെ സ്തുതിക്കുന്നു. നിങ്ങളുടെ അശ്വങ്ങൾ നിങ്ങളെ ഇങ്ങോട്ടു കൊുവരണേ. നിങ്ങൾ ഞങ്ങളുടെ സോമം പാനം ചെയ്താലും.

**5. പ്രാചീമു ദേവാശ്വിനാ ധിയം മോമൃധ്രാം സാതയേ കൃതം വസൂയം |**

**വിശ്വാ അവിഷ്ടം വാജ ആ പുരന്ധീസ്താ നഃ ശക്തം ശചീപതീ ശചീഭിഃ ||**

ഹേ അശ്വിനികളേ! ധനത്തെ ആവാഹിക്കുന്ന ഞങ്ങളുടെ ബുദ്ധിയെ തീഷ്ണമാക്കണമേ. നിങ്ങൾ കർമ്മങ്ങൾ വഴിയായി ഞങ്ങളുടെ ധനം നൽകണമേ.

**6. അവിഷ്ടം ധീഷ്വശ്വിനാ ന ആസു പ്രജാവദ്രേതോ അഹ്രയം നോ അസ്തു |**

**ആ വാം തോകേ തനയേ തൂതുജാനാഃ സുരത്നാഃ സന്ന ദേവവീതിം ഗമേമ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളുടെ രക്ഷകൻമാരാകണേ. ഞങ്ങൾ പുത്രോല്പത്തിയിൽ സമർത്ഥരാകണേ. ശ്രേഷ്ഠമായധനത്തോടു കൂടിയ ഞങ്ങൾ പുത്രപൗത്രാദികൾക്കു ധനം നൽകി ദേവതകളുടെ യജ്ഞത്തിൽ ഉപസ്ഥിതരാകണേ.

**7. ഏഷസ്യ വാം പൂർവഗത്വേവ സഖ്യേ നിധിർഹിതോ മാധ്വീ രാതോ അസ്മേ |**

**അഹേളതാ മനസാ യാതമർവാഗശ്നന്താ ഹവ്യം മാനുഷീഷു വിക്ഷു ||**

ഹേ അശ്വിനികളേ! ഞങ്ങൾ പിഴിഞ്ഞെടുത്ത ഈ സോമം നിധിരൂപത്തിൽ വച്ചിരിക്കുന്നു. നിങ്ങൾ ക്രോധരഹിത ഭാവത്തോടുകൂടി ഞങ്ങൾക്കഭിമുഖരാകുവിൻ. ഹവിസ്സ്, ഭക്ഷിക്കുകയും ചെയ്യുവിൻ.

**8. ഏകസ്മന്യോഗേ ഭൂരണാ സമാനേ പരി വാം സപ്ത സ്രവതോ രഥോ ഗാത് |**

**ന വായന്തി സുഭ്വോ ദേവയുക്താ യേ വാം ധൂർഷ്ഠ തരണയോ വഹന്തി ||**

ഹേ അശ്വിനികളേ! നിങ്ങളുടെ രഥം സപ്തനദികളെ കടന്നുവരുന്നു. നിങ്ങളുടെ ശ്രേഷ്ഠൻമാരായ അശ്വങ്ങൾ നിങ്ങളെ വഹിക്കുന്നതിൽ ഒരിക്കലും ക്ഷീണിക്കുന്നില്ല.

**9. അസശ്ചതാ മഘവദ്ഭ്യോ ഹി ഭൂതം യേ രായാ മഘദേയം ജുനന്തി |**

**പ്ര യോ ബന്ധും സൂനൃതാഭിസ്തിരന്തേ ഗവ്യാ പൃഞ്ചന്തോ അശ്വ്യാ മഘാനി ||**

ഹേ അശ്വിനികളേ! നിങ്ങൾ നിർലോരാകുന്നു. യാതൊരുത്തൻ ഹവിസ്സ് ദാനം ചെയ്യുന്നുവോ, യാതൊരുത്തൻ സുഹൃദ്വചനങ്ങളാൽ

അഭിവൃദ്ധിപ്പെടുകയും; ഗോക്കൾ ആദിയായ ധനം നൽകുകയും ചെയ്യുന്നുവോ, അങ്ങിനെ നിങ്ങൾ സൽകർമ്മികളുടെ ഹിതൈഷികളുമാണ്.

**10. നൂ മേ ഹവമാ ശ്വണുതം യുവാനാ യാസിഷ്ടംവർതിരശ്വിനാവിരാവത് |**

**ധത്തം രത്നാനി ജരതം ച സൂരീൻയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളുടെ ആഹ്വാനം ശ്രവിച്ച് മുമ്പോട്ടുവരികയും രത്നാദികളായ ധനം ദാനം ചെയ്യുകയും ചെയ്യുവിൻ. സ്തോതാക്കളെ അഭിവൃദ്ധിപ്പെടുത്തുകയും ഞങ്ങളെ എപ്പോഴും പാലിക്കുകയും ചെയ്യണമേ.

## സൂക്തം 68

**ഋഷി വസിഷ്ഠൻ ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്**

**1. ആ ശുഭ്രാ യാതമശ്വിനാ സ്വശ്വാ ഗിരോ ദസ്രാ ജുജുഷാണാ യുവാകോഃ |**

**ഹവ്യാനി ച ക്രിഭൃതാ വീതം നഃ ||**

ഹേ അശ്വിനികളേ! ശത്രുക്കളെ സംഹരിക്കുന്നവനായ നിങ്ങൾ ആഗതരായി സ്തുതികളെ ശ്രവിക്കുകയും ഞങ്ങളുടെ ഹവിസ്സിനെ സേവിക്കുകയും ചെയ്യുവിൻ.

**2. പ്ര വാമന്ധാംസി മദ്യന്യസ്ഥുരം ഗന്തം ഹവിഷോ വീതയേ മേ |**

**തിരോ അർയോ ഹവനാനി ശ്വതം നഃ ||**

ഹേ അശ്വിനികളേ! ഇതാ സോമം തയ്യാറായിരിക്കുന്നു. ഹവ്യസേവനാർത്ഥം ആഗതരാകുവിൻ. നിങ്ങൾ ഞങ്ങളുടെ ശത്രുക്കളുടെ ആഹ്വാനം ശ്രവിക്കാതെ ഞങ്ങളുടെ ആഹ്വാനം ശ്രവിക്കേണമേ.

**3. പ്ര വാം രഥോ മനോജവാ ഉയർതി തിരോ രജാംസ്യ ശ്വിനാ ശതോതിഃ |**

**അസ്മഭ്യം സൂർയാവസൂ ഇയാനഃ ||□ □**

ഹേ അശ്വിനികളേ! നിങ്ങൾ സൂര്യന്റെ രഥത്തിൽ ആരൂഢരാണല്ലോ. ഞങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങളുടെ രഥം എല്ലാലോകങ്ങളെയും വിട്ട് യജ്ഞത്തിൽ വന്നുചേരുന്നു.

**4. അയം ഹ യദ്വാം ദേവയാ ഉ അദ്രീരുർധ്വോ വിവക്തി സോമസദ്യുവഭ്യാം |**

**ആ വല്ഗു വിപ്രോ വവൃതീത ഹവ്യൈഃ ||**

ഹേ അശ്വിനികളേ! യജ്ഞത്തിൽ ഞാൻ നിങ്ങളെ ദേവകളായി മാനിച്ചുകൊ് സോമം ഇടിച്ചു പിഴിയുമ്പോൾ ഈ അമ്മിക്കല്ല് ഘോരമായ ശബ്ദം പുറപ്പെടുവിക്കുന്നു, മേധാവികളായ സ്തോതാക്കൾ നിങ്ങൾക്കുവേി ഹവിസ്സ് ഒരുക്കുകയും ചെയ്യുന്നു.

**5. ചിത്രം ഹ യദ്വാം ഭോജനം ന്വസ്തി ന്യത്രയേ മഹി ഷ്വന്തം യുയോതം |**

**യോ വാമോമാനം ദധതേ പ്രിയഃ സൻ ||□**

നിങ്ങളുടെ ധനത്തെ ഞങ്ങൾക്കു നൽകണേ. നിങ്ങൾദാനം ചെയ്തു സുഖത്തെ അത്രി അനുഭവിക്കുന്നു. അവനിൽ നിന്നും മഹിഷ്വദത്തെ വേർപെടുത്തുവിൻ.

**6. ഉത ത്യദ്വാംജ്ജൂരതേ അശ്വിനാ ഭൂച്യവാനായ പ്രതീത്യഹവിർദേ |**

**അധി യദ്വർപ ഇതഊരി ധത്ഥഃ ||**

ഹേ അശ്വിനികളേ! ഹവിസ്സ് നൽകുന്നവനായിരുന്ന, വൃദ്ധനായ ച്യവനമഹർഷിയ്ക്ക് നിങ്ങൾ രൂപം കൊടുവന്നു നൽകി. തൻമൂലം അദ്ദേഹം യുവാവായിതീർന്നു.

**7. ഉത ത്യം ഭുജ്യുമശ്വിനാ സഖായോ മധ്യേ ജഹുർദുരേ വാസഃ സമുദ്രേ |**

**നരീം പർഷദരാവ യോ യുവാകുഃ ||**

ദുഷ്ടൻമാർ ഭുജ്യുവിനെ സമുദ്രത്തിലുപേക്ഷിച്ചു. നിങ്ങൾ തന്നെ അവനെ കരയ്ക്ക് കൊുവന്നു. ഭുജ്യൻ ഒരിക്കലും യാതൊരു നിന്ദ്യകർമ്മങ്ങളും ചെയ്തിട്ടില്ല. അവൻ നിരന്തരം നിങ്ങൾക്കു സേവനം ചെയ്തുകൊിരിക്കുന്നു.

**8. വൃകായ ചീജ്ജസമാനായ ശക്തമുത ശ്വതം ശയവേ ഹൂയമാനാ |**

**യാവധ്ന്യാമപിന്വതമപോ ന സ്തര്യം ചിച്ഛക്ത്യശ്വിനാ ശചീഭിഃ ||**

ഹേ അശ്വിനികളേ! ക്ഷീണിതനായ വൃകമഹർഷിയ്ക്ക് നിങ്ങൾ ധനം നൽകി ശയുമഹർഷിയുടെ വിളി നിങ്ങൾ കേട്ടു. നദികൾ വയലുകളെ ജലത്താൽ നിറക്കുന്നതുപോലെ വൃദ്ധയായ ഗോവിനെ നിങ്ങൾ ജലത്താൽ തൃപ്തയാക്കി.

**9. ഏഷ സ്യ കാരുർജരതേ സൂക്തൈരഗ്രേ ബുധാന ഉഷസാം സുമൻമാ |**

**ഇഷാം ത വർധദധ്ന്യാ പയേഭിർയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

മനോഹരമായ ബുദ്ധിയോടുകൂടിയവനായ (വസിഷ്ഠൻ) സ്തോതാവ് ഉഷസ്സിനു മുമ്പായുണർന്ന് സ്തുതിക്കുന്നു. അവനെ അന്നത്താലും ക്ഷീരദികളാലും പ്രവൃദ്ധനാക്കണമേ. അവന്റെ ഗോക്കളെ പുഷ്ടിപ്പെടുത്തണമേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കണമേ.

## സൂക്തം 69

**ഋഷി വസിഷ്ഠൻ, ദേവത അശ്വിനികൾ, ഛന്ദസ് ത്രിഷ്ടുപ്**

**1. ആ വാം രഥോ രോദസീ ബദ്ബധാനോ ഹിരണ്യയോന്ദ്രഷഭിര്യാത്വശ്വൈഃ |**

**ഘൃതവർതിനിഃ പവിഭീ രുചാന ഇഷാം വിളോഹാ ന്യപതിർവാജിനീവാൻ ||**

നിങ്ങളുടെ അശ്വയുക്തമായ രഥം വന്നുചേരണേ. ആ സ്വർണ്ണരഥം വാനൂഴികളെ വലുതാക്കുന്നു. അതിന്റെ ചക്രങ്ങൾ ജലമയമാകുന്നു. ആ ചക്രങ്ങൾ ദണ്ഡുകൾ വഴിയായി തേജസ്വിയായ അന്നത്തെ വഹിക്കുന്നവനും യജമാനൻമാരുടെ ഈശ്വരനുമാകുന്നു.

**2. സ പപ്രഥാനോ അഭി പഞ്ച ഭൂമാ ത്രിബന്ധുരോ മനസാ യാതു യുക്തഃ |**

**വിശോ യനേ ഗച്ഛഥോ ദേവയന്തീഃ കുത്രാ ചിദ്യാമമശ്വിനാ ദധാനാ ||**

ഈ രഥം ജീവജാലങ്ങളെയെല്ലാം പ്രകടമാക്കുന്നതും, ബന്ധുക്കളോടും സ്തോതാക്കളോടും കൂടിയതുമാകുന്നു. ഹേ അശ്വിനികളേ! നിങ്ങളാഗ്രഹിക്കുമ്പോൾ ഇതുവഴിയായി എല്ലായിടങ്ങളിലും സഞ്ചരിക്കുവിൻ ഈ ദേവകാമ്യമായ യജ്ഞത്തിലും

വന്നുചേരുവിൻ.

**3. സ്വശ്വാ യശസാ യാതമർവാഗ്ദസ്രാ നിധിം മധുമന്തം പിബാഥഃ |**

**വി വാം രഥോ വധ്വായാദമാനോന്താന്ദിവോ ബാധതേ വർതനിഭ്യാം ||**

നിങ്ങൾ സ്വന്തം അശ്വങ്ങളോടും അന്നത്തോടും കൂടി വരുവിൻ നിങ്ങളിവിടെ സോമം പാനം ചെയ്താലും സൂര്യഹിതംഗമനം ചെയ്യുന്ന നിങ്ങളുടെ രഥം എല്ലാസ്ഥാനങ്ങളെയും വ്യാപ്തമാക്കുന്നു.

**4. യുവോഃ ശ്രിയം പരി യോഷാവൃണീത സൂരോ ദുഹിതാപരിതക്മ്യായാം |**

**യദ്ദേവയന്തമവഥഃ ശചീഭിഃ പരി ധ്രംസമോമനാ വാം വയോ ഗാത് ||**

സൂര്യപുത്രി നിങ്ങളുടെ രഥത്തെ വലയം ചെയ്യുന്നു. നിങ്ങൾ മാനിനെ രക്ഷിക്കുമ്പോൾ തേജസ്വിയായ അന്നം നിങ്ങളുടെ നേരെ വരുന്നു.

**5. യോ ഹ സ്യ വാം രഥിരാ വസ്ത ഉസ്രാ രഥോ യുജാനഃ പരിയാതി വർതിഃ |**

**തേന നഃ ശം യോരുഷസോ വ്യുഷ്ഠൗ ന്യശ്വിനാ വഹതം യജ്ഞേ അസ്മിൻ**

ഹേ അശ്വിനികളേ! അശ്വയുക്തമായ നിങ്ങളുടെ രഥം എല്ലാ തേജസ്സുകളേയും റയ്ക്കുന്നു. ഉഷസ്സുകാലത്തിൽ ആ രഥം വഴിയായി ഞങ്ങളുടെ യജ്ഞത്തിൽ കല്യാണത്തിനുവേി ആഗതരാകുവിൻ.

**6. നരാ ഗൗരേവ വിദ്യുതം തൃഷാണാസ്മാക മദ്യ സവനോപ യാതം |**

**പുരുത്രാ ഹി വാം മതിഭിർഹവന്തേ മാ വാമന്യേ നി യമന്ദേ വയനുഃ ||**

ഹേ അശ്വിനികളേ! ഇന്ന് ഞങ്ങളുടെ സദനങ്ങളിൽ സോമം പാനം ചെയ്യുവാനായി വന്നു ചേർന്നാലും. യജമാനൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദേവകാമൻമാരായ മറ്റുവ്യക്തികൾ നിങ്ങളുടെ ഹവിസ്സ് നൽകുവാനിടയാക്കരുതേ.

**7. യുവം ഭുജ്യുമവവിദ്ധം സമുദ്ര ഉദൂഹഥു രർണസോ അസ്രിധാനൈഃ |**

**പതത്രിഭിരശ്രമൈരവ്യഥിഭിർദസനാഭിരശ്വിനാ പാരയന്താ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ ജലനിമിഗ്നമായ ഭുജ്യുവിനെ നിങ്ങളുടെ ദ്രുതഗാമികളായ അശ്വങ്ങളുടെ സഹായത്തോടുകൂടി കരയ്ക്കുകയറ്റി രക്ഷിച്ചു.

**8. നൂ മേ ഹവമാ ശൃണുതം യുവാനാ യാസിഷ്ടം വർതിരശ്വിനാവിരവത് |**

**ധത്തം രത്നാനി ജരതംചു സൂരീൻയൂയം പാത സ്വസ്തിഭിഃ സദാനഃ ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ സ്തോത്രങ്ങളെ ശ്രവിക്കുവിൻ, അങ്ങയുടെ ഭവനങ്ങളിലാഗതരായി രത്നാദികളായ ധനം ദാനം ചെയ്യണമേ. ഞങ്ങളെ എപ്പോഴും പാലിക്കണമേ.

## സൂക്തം 70

**ഋഷി വസിഷ്ഠൻ, ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്.**

**1. ആ വിശ്വാവാരാശ്വിനാ ഗതം നഃ പ്ര തത്സ്ഥാനഭവാചി വാം പൃഥിവ്യാം |**

**അശ്വോ ന വാജീ ശുനപൃഷ്ഠോ അസ്ഥാദാ യത്സേദഥുർധ്രുവസേ ന യോനിം ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ യജ്ഞത്തിൽ വരുവിൻ, ഭൂമിയിൽ ഇതു തന്നെയാണല്ലോ നിങ്ങളുടെ സ്ഥാനം. നിങ്ങൾ കയറി സഞ്ചരിക്കുന്ന അശ്വം നിങ്ങളോടു കൂടി വസിക്കണേ.

**2. സിഷക്തി സാ വാം സുമതിശ്ചനിഷ്ഠാതാപി ധർമോ മനുഷോ ദുരോണേ |**

**യോ വാം സമുദ്രാൻസരിതഃ പിപർത്യേതഗ്വാ ചിന്ന സുയുജാ യുജാനഃ ||**

ഹേ അശ്വിനികളേ! ഈ സ്തുതി നിങ്ങളെ പ്രശംസിക്കുന്നു. മനുഷ്യരുടെ യജ്ഞമണ്ഡപത്തിൽ ധർമ്മം തപിച്ചുകൊിരിക്കുന്നു. ആധർമ്മനദികളെയും സമുദ്രങ്ങളേയും വൃഷ്ടിജലത്താൽ നിറക്കുന്നു. അശ്വങ്ങൾ രഥത്തിൽ പൂട്ടുന്നതുപോലെ നിങ്ങൾ യജ്ഞത്തിൽ കെട്ടപ്പെടുന്നു.

**3. യാനി സ്ഥാനാന്യശ്വിനാ ദധാഥേ ദിവോ യഹ്വീഷ്വോദീഷു വിക്ഷു |**

**നി ർവതസ്യ മൂർധനി സദന്തേഷാം ജനായ ദാശുഷേ വഹന്താ ||**

ഹേ അശ്വനികളേ! നിങ്ങൾ സ്വർഗത്തിൽ നിന്നും ആഗതരായി ഔഷധികളിലും ഇരിക്കുന്ന സ്ഥാനത്തെ യജമാനനു കിട്ടുമാറാക്കണം.

**4. ചനിഷ്ഠം ദേവാ ഔഷധീഷ്വപ്സു യദ്യോഗ്യാ അശ്നവൈഥേ ഋഷീണാം |**

**പുരൂണി രത് നാ ദധതൗ ന്യസ്മേ അനു പൂർവാണീ ചഖ്യഥുർയുഗാനി ||**

ഹേ അശ്വിനികളേ! നിങ്ങൾ ഔഷധികളിലും ജലങ്ങളിലും വച്ച് അതികമനീയമായിട്ടുള്ളതും ഋഷിമാരുടെ സ്തുതികളും കൈകൊള്ളും. ഞങ്ങൾക്കായി വളരെ രത്നങ്ങൾ കയ്യിൽ വെയ്ക്കും. മുമ്പത്തെ ഇണകളെ പുകൾപ്പെടുത്തും.

**5. ശുശ്രുവാംസാ ചിദശ്വിനം പുരുണ്യഭി ബ്രഹ്മാണി ചക്ഷാഥേ ഋഷീണാം |**

**പ്രതി പ്ര യാതം വരമാ ജനായാസ്മേ വാമസ്തു സുമതീശ്ചനിഷ്ഠാ ||**

ഹേ അശ്വിനികളേ! നിങ്ങൾ അനേകം ഋഷികർമ്മാക്കളെ പ്രകടമാക്കിയിരിക്കുന്നു. നിങ്ങൾ യജമാനന്റെ യജ്ഞത്തിലാഗതരാകുവിൻ. നിങ്ങൾ ഞങ്ങളുടെമേൽ അന്നത്തോടുകൂടിയ അനുഗ്രഹദൃഷ്ടി പതിപ്പിക്കണേ.

**6. യോ വാം യജ്ഞോ നാസത്യാ ഹവിഷ്മാൻകൃത ബ്രഹ്മാ സമര്യോ ഭവാതി |**

**ഉപ പ്ര യാതം വരമാ വസിഷ്ഠമിമാ ബ്രഹ്മാണ്യർ ച്യന്തേ യുവഭ്യാം ||**

ഹേ അശ്വിനികളേ! കൃതസ്തോത്രനും, ഹവ്യയുക്തനും, വരണീയനുമായ വസിഷ്ഠനു നേരെ ഗമിക്കുവിൻ. ഈ സ്തുതി നിങ്ങൾക്കുള്ളതുമാകുന്നു.

**7. ഇയം മനീഷാ ഇയമശ്വിനാ ഗീരിമാം സുവൃക്തിം വൃഷണാ ജുജൂഷേഥാം |**

**ഇമാ ബ്രഹ്മാണി യുവയൂന്യഗ്മന്യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അശ്വിനികളേ! ഈ സ്തോത്രം നിങ്ങൾക്കുള്ളതാകുന്നു. നിങ്ങൾ ഈ സ്തുതികളാൽ പ്രസന്നരാകുകയും ഈ എല്ലാകർമ്മങ്ങളേയും സ്വീകരിക്കുകയും ചെയ്യുവിൻ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 71

**ഋഷി വസിഷ്ഠൻ, ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്.**

**1. അപ സ്വസുരുഷസോ നഗ്ജിഹീതേ രിണക്തി കൃഷ്ണീരരുഷായ പന്ഥാം |**

**അശ്വാമഘാ ഗോമഘാ വാം ഹുവേമ ദിവാ നക്തം ശരുമസ്മദ്യുയോതം ||**

രാത്രി തന്റെ സഹോദരിയായ ഉഷസ്സിനെ ആഗമനത്തോടു കൂടി കടന്നുപോകുന്നു. കറുത്തരാത്രി സൂര്യനു വഴികാണിക്കുന്നു. ഹേ അശ്വിനികളേ! ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങൾ രാവും പകലും ഹിംസകരായ ശത്രുക്കളെ ഞങ്ങളിൽ നിന്നും അകറ്റണമേ.

**2. ഉപായാതം ദാശഉഷേ മർത്ത്യായ രഥേന വാമമശ്വിനാ വഹന്താ |**

**യുയുതമസ്മദനിരാമമീവാം ദിവാ നക്തം മാധ്വീ ത്രാസീഥാം നഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഹവിസ്സ് ദാനികൾക്കുവേി ശ്രേഷ്ഠമായ പദാർത്ഥങ്ങളുമായി വരുവിൻ. ഞങ്ങളിൽ നിന്നും രോഗത്തെയും ദാരിദ്ര്യത്തെയും അകറ്റേണമേ. രാവും പകലും ഞങ്ങളെ രക്ഷിക്കേണമേ.

**3. ആ വാം രഥമവമസ്യാം വ്യുഷ്ഠൗ സുമ്നായവോ വൃഷണോ വർതയന്തു |**

**സ്യൂമഗഭസ്തിമൃതയുഗ്ഭിരശ്വൈരാശ്വിനാ വസുമന്തം വഹേഥാം ||**

നിങ്ങളുടെ രഥത്തിൽ പൂട്ടപ്പെട്ട അശ്വങ്ങൾ നിങ്ങളെ ഇങ്ങോട്ടു കൊുവരണേ. ധനം കയറ്റിയ രഥം അശ്വങ്ങളെകൊു വലിപ്പിക്കേണമേ.

**4. യോ വാം രഥോ നൃപതീ അസ്തി വോളഹാത്രി ബന്ധുരോ വസുമാം ഉസ്രയാമാ |**

**ആ ന ഏനാ നാസത്യോപ യാതമഭി യദ്വാം വിശ്വപ്സ്ന്യോ ജിഗാതി ||**

ഹേ അശ്വിനികളേ! നിങ്ങളെ വഹിക്കുന്ന രഥം മൂന്നു സ്ഥാനങ്ങളോടുകൂടിയതാണല്ലോ. അത് വ്യാപകമായ രൂപത്തിൽ ദിവസത്തിലേക്കു വരുന്ന നിങ്ങൾ ആ രഥത്തിൽ തന്നെ ആഗതരാകുവിൻ.

**5. യുവം ച്യവാനം ജരസോ മുമുക്തം നി പേദവ ഊഹഥു രാശുമശ്വം |**

**നിരംഹസസ്തമസഃ സ്പർതമത്രിം നി ജാഹുഷം ശിഥിരേ ധാതമന്തഃ ||**

നിങ്ങൾ ച്യവനമഹർഷിയുടെ വൃദ്ധാവസ്ഥ അകറ്റിയല്ലോ, രണക്ഷേത്രത്തിൽ പേദുരാജാവിനുവേി ദ്രുതകഗാമിയായ അശ്വത്തെ പ്രേരിപ്പിച്ചു. അത്രിയെ അന്ധകാരത്തിൽ നിന്നും പുറത്തേക്കു കൊുവന്നു. സ്ഥാനഭ്രഷ്ടനായ ജാഹുഷന് അവന്റെ രാജ്യം തിരിച്ചുകൊടുപ്പിച്ചു.

**6. ഇയം മനീഷാ ഇയമശ്വിനാ ഗീരിമാം സുവൃക്തിം വൃഷണാ ജുഷേഥാം |**

**ഇമാ ബ്രഹ്മാണി യുവയൂന്യഗ്മൻയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അശ്വിനികളേ! ഈ സ്തുതി നിങ്ങൾക്കുള്ളതാകുന്നു. നിങ്ങൾ ഇതുമൂലം പ്രസന്നരാകുവിൻ. ഈ എല്ലാ കർമ്മങ്ങളും നിങ്ങളിൽ ചേരണേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കുവിൻ.

## സൂക്തം 72

**ഋഷി വസിഷ്ഠൻ ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്.**

**1. ആ ഗോമതാ നാസത്യാ രഥേനാശ്വാവതാ പുരുശ്ചന്ദ്രേണ യാതം**

**അഭി വാം വിശ്വാ നിയുതഃ സചന്തേ സ്പാർഹയാ ശ്രിയാ തന്വാ ശുഭാനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഗോധനം നിറച്ചു രഥത്തിൽ ആഗതരാകുവിൻ. അനേകം സ്തുതികൾ നിങ്ങളെ പ്രതീക്ഷിച്ചു കൊിരിക്കുന്നു. നിങ്ങൾ ശ്രേഷ്ഠമായ തേജസ്സാൽ ശോഭിക്കുവിൻ.

**2. ആ നോ ദേവേഭിരുവയാതമവാക് സജോഷസാ നാസത്യാ രഥേന |**

**യുവോർ ഹി നഃ സഖ്യാ പിത്രാണി സമാനോ ബന്ധുരുത തസ്യ വിത്തം ||**

ഹേ അശ്വിനികളേ നിങ്ങൾ തുല്യപ്രീതരായി രഥരൂഢരായി ഞങ്ങളുടെ അടുക്കൽ വരുവിൻ ഞങ്ങളുടെ പൂർവ്വജൻമാരോടും നിങ്ങൾ ബന്ധുത്വം സ്ഥാപിച്ചിരുന്നു. ഞങ്ങളുടെയും നിങ്ങളുടേയും പൂർവ്വജൻ ഒരാൾതന്നെ ആയിരുന്നുവല്ലോ.

**3. ഉദു സ്തോമാസോ അശ്വിനോരബുധ്രഞ്ജാമി ബ്രഹ്മാണ്യഷസശ്ച ദേവീഃ |**

**ആവിവാസന്ന് രോദസീ ധിഷ്ണ്യേമേ അച്ഛാ വിപ്രോ നാസത്യാ വിവക്തി ||**

ഈ സ്തുതികൾ അശ്വനികുമാരൻമാരേ ഉണർത്തുന്നു. എല്ലാകർമ്മങ്ങളും ഉഷസ്സിനെ ചൈതന്യവതിയാക്കുന്നു. വസിഷ്ഠൻ വാനൂഴികൾക്കു സവനം ചെയ്തുകൊ് അശ്വിനികളെ സ്തുതിക്കുന്നു.

**4. വി ചേദുഛന്ത്യശ്വിനാ ഉഷാസഃ പ്ര വാം ബ്രഹ്മാണി കാരവോ ഭരന്തേ |**

**ഊർധ്വം ഭാനും സവിതാ ദേവോ അശ്രേദ് ബൃഹദഗ്നയഃ സമിധാ ജരന്തേ ||**

ഹേ അശ്വിനികളേ! നിങ്ങൾ എല്ലാ ദിക്കുകളിൽ നിന്നും വരുവിൻ പഞ്ചജനങ്ങൾക്കു മംഗളമരുളുന്ന ധനവുമായി ആഗതരായി ഞങ്ങളെ എപ്പോഴും പാലിക്കണമേ.

## സൂക്തം 73

**ഋഷി വസിഷ്ഠൻ ദേവത അശ്വിനികൾ ഛന്ദസ് ത്രിഷ്ടുപ്.**

**1. അതാരിഷ്മ തമസസ്പാരമസ്യ പ്രതി സ്തോമം ദേവയന്തോ ദധാനാഃ |**

**പുരുദംസാ പുരുതമാ പുരാജാമർത്യാ ഹവതേ അശ്വിനാ ഗീഃ ||**

ഞങ്ങൾ ദേവകളെ സ്തുതിച്ച് അജ്ഞാനത്തെ അകറ്റും ഹേ അശ്വിനികളേ സ്തോതാക്കൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**2 ന്യു പ്രിയോ മനുഷഃ സാദി ഹോതാ നാസത്യാ യോ യജതേ വന്ദതേ ച |**

**അശ്നീതം മധ്വ അശ്വിനാ ഉപാക ആ വാം വോചേ വിദഥേഷു പ്രിയസ്വാൻ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ പ്രീതിപാത്രമായ ഉപാസകർ ഇവിടെ കർമ്മം നടത്തികൊിരിക്കുന്നു. നിങ്ങൾ അവന്റെ മധുരമായ സോമം പാനം ചെയ്യുവിൻ.ഞാൻ ഹവിസ്സോടുകൂടി നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**3. അഹേമ യജ്ഞം പഥാമുരാണാ ഇമാം സുവൃക്തിം വൃഷണാ ജുഷേഥാം |**

**ശ്രുഷ്ഠീവേവ പ്രേഷിതോ വാമബോധി പ്രതി സ്തോമൈർജരമണോ വസിഷ്ഠഃ ||**

ഹേ അശ്വിനികളേ! സ്തോതാക്കളായ ഞങ്ങൾ ദേവയാഗത്തെ വളർത്തുന്നു. നിങ്ങൾ ഈ സ്തുതികളിൽ പ്രസന്നരാകുവിൻ, വസിഷ്ഠനായ ഞാൻ നിങ്ങളുടെ അടുക്കൽ ദൂതനെപ്പോലെ വന്നുനിന്നു സ്തുതിക്കുന്നു.

**4. ഉപ ത്യാ വഹ്നീ ഗമതോ വിശം നോ രക്ഷോഹണാ സമ്ഭൃതാ വീളുപാണീ |**

**സമന്ധാംസ്യഗ്മത മത്സരാണി മാ നോ മരധിഷ്ഠമാ ഗതം ശിവേന ||**

ദൃഢാംഗരും, ദൃഢഭുജരുമായ അശ്വിനികൾ രാക്ഷസൻമാരുടെ സംഹാരകരാകുന്നു. അവർ നമ്മുടെ പുത്രാദികളുടെ അടുക്കൽ ആഗതരാകട്ടെ. ഹേ അശ്വിനികളേ! നിങ്ങൾ ഹർഷദായകായ ഈ അന്നത്തെ സ്വീകരിക്കുവിൻ. നിങ്ങൾ കല്യാണത്തോടുകൂടിവരുവിൻ. നിങ്ങൾ ഞങ്ങളെ ഹിംസിക്കരുത്.

**5. ആ പശ്ചാതാന്നാസത്യാ പുരസ്താദാശ്വിനാ യാതമധരാദുദക്താത് |**

**ആ വിശ്വതഃ പാഞ്ചജന്യേന രായാ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഏതെങ്കിലും ദിക്കിലാകട്ടെ, അവിടെ നിന്നും വരുവിൻ. കൂടെ പഞ്ചജനങ്ങൾക്കു ഗുണം ചെയ്യുന്ന ധനത്തെയും കൊ വരുവിൻ. ഞങ്ങളെ എപ്പോം പാലിക്കേണമേ.

## സൂക്തം 74

**ഋഷി വസിഷ്ഠൻ ദേവത അശ്വിനികൾ, ഛന്ദസ് ബൃഹതി.**

**1. ഇമാ ഉ വാം ദിവിഷ്ടയ ഉസ്രാ ഹവന്തേ അശ്വിനാ |**

**അയം വാമഹ്വേ വസേ ശചീവസൂ വിശംവിശം ഹി ഗച്ഛഥ ||**

ഹേ അശ്വിനികളേ! സ്വർഗ്ഗം കാമിക്കുന്ന വ്യക്തി നിങ്ങളെ ആഹ്വാനംചെയ്യുന്നു. വസിഷ്ഠനായ ഞാനും രക്ഷയ്ക്കുവേി നിങ്ങളെ വിളിക്കുന്നു. നിങ്ങൾ എല്ലാവരുടേയും അടുക്കൽ പോകുന്നവരാണേ?

**2. യുവം ചിത്രം ദദഥുർഭോജനം നരാ ചോദേഥാം സൂനൃതാവതേ |**

**അർവാഗ്രഥം സമനസാ നി യച്ഛതം പിബതം സോമ്യം മധു ||**

ഹേ അശ്വിനികളേ! നിങ്ങളുടെ ധനം സ്തോതാക്കൾക്കു കിട്ടുമാറാക്കണമെ. നിങ്ങൾ നിങ്ങളുടെ രഥത്തെ ഇവിടെ കൊവന്ന് തുല്യമനസ്കരായി സോമം പാനം ചെയ്താലും.

**3. ആ യാതമുപഭൂഷതം മധ്വഃ പിബതമശ്വിനാ ദുഗ്ധ| പയോ വൃഷണാ ജേന്യാവസൂ മാ നോ മർധിഷ്ഠമാ ഗതം ||**

ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളുടെ അടുക്കൽ വന്ന് സോമം പാനം ചെയ്യുവിൻ. നിങ്ങൾ ജലത്തെ ദോഹനം ചെയ്തുകൊവന്നാലും ഞങ്ങളെ ഹിംസിക്കരുതേ.

**4. അശ്വാസോ യേ വാമുപ ദാശുഷേ ഗൃഹം യുവാം ദീയന്തി ബിഭ്രതഃ |**

**മക്ഷൂയുഭിർനരാ ഹയേഭിരശ്വിനാദേവാ യാതമസ്മയൂ ||**

ഹവിർദാതാവായ യജമാനന്റെ അടുക്കൽ പോകുന്ന നിങ്ങളുടെ അശ്വങ്ങൾ വഴി ഞങ്ങളുടെ ഭവനങ്ങളിൽ വരണമേ.

**5. അധാ ഹ യന്തോ അശ്വിനാ പൃക്ഷഃ സചന്ത സൂരയഃ |**

**താ യം സതോ മഘവദ്ഭ്യോ ധ്രുവം യശശ്ഛർദിരസ്മഭ്യം നാസത്യാ ||**

ഹേ അശ്വിനികളേ! സ്തോതാക്കൾ പ്രസൂതമായ അന്നത്തെ പ്രാപിക്കുന്നു. നിങ്ങൾ ഞങ്ങൾക്ക്, സ്ഥിരമായ ഗൃഹവും യശസ്സും പ്രദാനം ചെയ്യണമേ. ഞങ്ങൾ നിങ്ങളുടെ കൃപയാൽ ധനസമ്പന്നരായിരിക്കുന്നു.

**6. പ്ര യേ യയുരവൃകാസോ രഥാ ഇവ നൃപാതാരോ ജനാനാം |**

**ഉത സ്വേന ശവസാ ശൂശുവുർനര ഉത ക്ഷിയന്തി സുക്ഷിതിം ||**

ആര് മറ്റുള്ളവരുടെ ധനം എടുക്കാതെ മനുഷ്യരുടെ രക്ഷകരായി നിങ്ങളെ സമീപിക്കുന്നുവോ, അവർ തങ്ങളുടെ ബലത്താൽ വൃദ്ധിയേയും, ശ്രേഷ്ഠമായ വാസസ്ഥലത്തെയും പ്രാപിക്കുന്നു.

## സൂക്തം 75

**ഋഷി വസിഷ്ഠൻ ദേവത ഉഷസ്. ഛന്ദസ് ത്രിഷ്ടുപ്.**

**1. വ്യുഷാ ആവോ ദിവിജാ ഋതേനാ വിഷ്കൃണ്വാന മഹിമാനമാഗാത് |**

**അപ ദ്രുഹസ്തമ ആവരജുഷ്ടമങ്ഗിരസ്തമാ പഥ്യാ അജീഗഃ ||**

അന്തരീക്ഷത്തിൽ പ്രകടമായ ഉഷസ്സ് റപകാശത്തെ ഉത്പാദിപ്പിച്ചു അവൾ മഹിമയെ പ്രകടമാക്കി. അവൾ ശത്രുക്കളേയും, അന്ധകാരത്തെയും നശിപ്പിച്ചു. അതുപോലെ ജീവികൾക്ക് കർമ്മമാർഗ്ഗങ്ങളെ കാണിച്ചു കൊടുത്തു.

**2. മഹേ നോ അദ്യ സുവിതായ ബോധ്യുഷോ മഹേ സൗഭാഗായ പ്ര യന്ധി |**

**ചിത്രം രയിം യശസം ധേഹ്യസ്മേ ദേവി മർതേഷു മാനുഷി ശ്രവസ്യം ||**

ഹേ ഉഷേ! ഞങ്ങളുടെ നൻമയ്ക്കുവേി

ചൈതന്യവതിയാകണമേ. നീ ഞങ്ങൾക്ക് സൗഭാഗ്യം നൽകണമേ. ഞങ്ങൾക്കുവേി ധനം വഹിക്കണമേ. നീ മനുഷ്യർക്ക് അന്നവും, പുത്രൻമാരേയും നൽകണമേ.

**3. ഏതേ ത്യേ ഭാനവോ ദർശതായാശ്ചിത്രാ ഉഷസോ അമൃതാസാ ആഗുഃ |**

**ജനയന്തോ ദൈവ്യാനി വ്രതാന്യപൃണന്തോ അന്തരിക്ഷാ വ്യസ്ഥുഃ ||**

ഉഷസ്സിന്റെ കിരണങ്ങൾ ദേവകളുടെ കർമ്മത്തെ പ്രകടമാക്കുന്നു. അവർ അന്തരീക്ഷത്തെ പൂർണ്ണമാക്കി എല്ലാ ഭാഗങ്ങളിലും വ്യാപിക്കുന്നു.

**4. ഏഷാ സ്യാ യുജാന പരാകാത്പഞ്ച ക്ഷിതീഃ പരി സദ്യോ ജിഗാതി |**

**അഭിപശ്യന്തീ വയുനാ ജനാനാം ദിവോ ദുഹിതാ ഭുവനസ്യ പത്നീ ||**

സ്വർഗ്ഗപുത്രിയെ പാലിക്കുന്നവളായ ഉഷപഞ്ചുജനങ്ങളെ ദർശിച്ചുകൊ് അവരുടെ അടുക്കലേക്കുവരുന്നു.

**5. വാജിനീവതീ സൂര്യസ്യ യോഷാ ചിത്രാമഘാ രായ ഈശേ വസൂനാം |**

**ഋഷിഷ്ടുതാ ജരയന്തീ മഘോന്യുഷാ ഉച്ഛതി വഹ്നിഭിർഗൃണാനാ ||**

അത്ഭുതധനമായ ഉഷസ്സ് ദിവ്യധനത്തിന്റെ അധീശ്വരിയാകുന്നു. ഋഷികളാൽ സ്തുതിക്കപ്പെടുന്ന ആ ഉഷസ്സ് പ്രഭാതത്തിന്റെ ജനയത്രിയാകുന്നു.

**6. പ്രതി ദ്യുതാനാമരുഷാസോ അശ്വാശ്ചിത്രാ അദൃശ്രന്നുഷസം വഹന്തഃ |**

**യാതി ശുഭ്രാ വിശ്വപിശാ രഥേന ദധാതി രത്നം വിധതേ ജനായ ||**

തേജസ്വിനിയായ ഉഷസ്സിനെകൊുവരുന്ന ശ്രേഷ്ഠാശ്വങ്ങൾ കാണപ്പെടുന്നു. ആ ഉഷസ്സ് അനേകം രൂപങ്ങളോടുകൂടിയ രഥം വഴിയായി എല്ലായിടത്തും ആഗതയായി സേവകൻമാർക്ക് രത്നധനം പ്രദാനം ചെയ്യുന്നു.

**7. സത്യാ സത്യേഭിർമഹതീ മഹദ്ഭിർദേവീ ദേവേഭിര്യതാ യജത്രൈഃ |**

**രുജദ്ദൃളഹാനി ദദദുസ്രിയാണം പ്രതി ഗാവ ഉഷസം വാവശന്ത ||**

ആ ഉഷസ്സ് യജ്ഞയോഗ്യരായ ദേവകളോടുകൂടി ആഗതയായി അന്ധകാരത്തെ കീറിപിളർക്കുകയും ഗോക്കൾക്കു മേയുന്നതിനായി പ്രകാശം നൽകുകയും ചെയ്യുന്നു. ഗോക്കൾ ആ ഉഷസ്സിനെ തന്നെഇഷ്ടപ്പെടുന്നു.

**8. നൂ നോ ഗോമദ്വീരവദ്ധേഹി രത്നമുഷോ അശ്വാവത്പുരുഭോജോ അസ്മേ |**

**മാ നോ ബർഹിഃ പുരുഷതാ നിദേ കര്യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഉഷേ! ഞങ്ങൾക്ക് ഗോക്കളാൽ സമ്പന്നമായ ധനം പ്രധാനം ചെയ്യണമേ. ഞങ്ങൾക്ക് പ്രചുരമായ അന്നവും നൽകേണമേ. ഭവതി ഞങ്ങളുടെ യജ്ഞത്തെ നിഷേധിാതെ എപ്പോഴും ഞങ്ങളെ പാലിച്ചരുളണമേ.

## സൂക്തം 76

**ഋഷി വസിഷ്ഠൻ, വേത ഉഷസ്സ്. ഛന്ദസ് ത്രിഷ്ടുപ്.**

**1. ഉദു ജ്യോതിരമൃതം വിശ്വജന്യം വിശ്വാനരഃ സവിതാ ദേവോ അശ്രേത് |**

**ക്രത്വാ ദേവാനാമജനിഷ്ഠ ചക്ഷുരാവിരകർഭുവനം വിശ്വമുഷാഃ ||**

എല്ലാവർക്കും മംഗളമരുളുന്ന ജ്യോതിയെ സവിതാദേവൻ വഹിക്കുന്നു. അവൾദേവകർമ്മങ്ങൾക്കായി ഉദിക്കുന്നു. ഉഷസ്സ് ലോകങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നു.

**2. പ്ര മേ പന്ഥാ ദേവയാനാ അദൃശ്രന്നമതർധന്തോ വസുഭിരിഷ്കൃതാസഃ |**

**അഭൂദു കേതുരുഷസഃ പുരുസ്താത് പ്രതീച്യാഗാദധി ഹർമ്മേയഭ്യ ||**

ശ്രേഷ്ഠമായ തേജസാൽ സമ്പന്നമായദേവയാനമാർഗ്ഗത്തെ ഞാൻ കു. ഉഷസ്സിന്റെ തേജസ്സ് പൂർവ്വദിക്കിലുമുായിരുന്നു. നമ്മുടെ മുമ്പിൽ കാണപ്പെടുന്ന ഉഷസ്സ് ഉന്നതലോകത്തിൽ നിന്നും വന്നവളാകുന്നു.

**3. താനീദഹാനി ബഹു ലാന്യാസന്യാ പ്രാചീനമുദിതാ സുര്യസ്യ |**

**യതഃ പരി ജാരഇവാചരന്ത്യുഷോ ദദൃക്ഷേ ന പുനര്യതീവ ||**

ഹേ ഉഷേ! ഭഗവതിയുടെ തേജസ്സ് സൂര്യോദയത്തിനുമുമ്പായിത്തന്നെ കാണപ്പെടുന്നു.ഭവതി ശ്രേഷ്ഠയായ കാമിനിക്കുതുല്യം പ്രഭൂതമായ തേജസ്സോടുകൂടിയവളാണല്ലോ.

**4. ത ഇദ്ദേവാനാം സധമാദാ ആസന്നൃതാവാനഃ കവയഃ പൂർവ്യാസഃ |**

**ഗൂളഹം ജ്യോതിഃ പിതരേ അംന്വവിന്ദൻത്സത്യമന്ത്ര അജനയന്നുഷാസാ ||**

അംഗിരസ്സുകൾ നിഗൂഢമായ തേജസ്സിനെ പ്രാപിച്ച് മന്ത്രങ്ങളാൽ ഉഷസ്സിനെ പ്രകടമാക്കി. ആ അംഗിരസ്സുകൾ തന്നെ ദേവകളോടു സുസംഗരാവുകയും ചെയ്തു.

**5. സമാന ഊർവേ അധി സങ്ഗതാസഃ സം ജാനതേനി യതന്തേ മിഥസ്തേ |**

**തേ ദേവാനാം ന മിനന്നതി പ്രതാന്യമർധന്തോ വസുഭിര്യാദമാനാഃ ||**

അവൻ സുസംഗതരായി ഗോക്കൾക്കുവേി തുല്യമനസ്സുള്ളവരായിത്തീർന്നു. അവർ പരസ്പരം പ്രയത്നിച്ചില്ലല്ലോ. അവർ ദേവകർമ്മങ്ങളിൽ വിമതരായിരുന്നില്ല. അവർ തങ്ങളുടെ വാസദാതാവിന്റെ തേജസ്സോടുകൂടി ചരിക്കുന്നു.

**6. പ്രതി ത്വാ സ്തോമൈരീളതേ വസിഷ്ഠാ ഉഷർബുധ സുഭഗേ തുഷ്ടുവാംസഃ |**

**ഗവാം നേത്രീ വാജപത്നീ ന ഉച്ഛോഷഃ സുജാതേ പ്രഥമാ ജരസ്വ ||**

സ്തോതാവായ വസിഷ്ഠമഹർഷി, ഹേ ഉഷേ! ഭവതിയെ സ്തുതിക്കുന്നു. ഭഗവതി ഗോക്കളെയും, അന്നത്തെയും രക്ഷിക്കുന്നവളാണല്ലോ. ഞങ്ങൾക്കുവേി ഭവതി പ്രഭാതത്തെ

പ്രകടമാണേ, ഭവതിയെ ആദ്യമായി സ്തുതിക്കുന്നു.

**7. ഏഷാ നേത്രീ രാധസഃ സൂനൃതാനാമുഷാ ഉച്ഛന്തീ രിഭ്യതേ വസിഷ്ഠൈഃ |**

**ദീർഘശ്രുതം രയിമസ്മേ ദധാന യൂയം പാത സ്വസ്തിഭിഃ സദാനഃ ||**

സ്തോതാവിന്റെ സ്തോത്രങ്ങൾക്ക് ഉഷസ് നേതൃത്വം വഹിക്കുന്നു. ഇവൾ അന്ധകാരത്തെ നശിപ്പിക്കുകയും, വസിഷ്ഠൻമാർ സ്തുതിപ്പെടുകയും ചെയ്യുന്നു. ഭവതി ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

## സൂക്തം 77

**ഋഷി വസിഷ്ഠൻ ദേവത ഉഷസ്സ് ഛന്ദസ് ത്രിഷ്ടുപ്.**

**1. ഉപോ രുരുചേ യുവതിർന യോഷാ വിശ്വം ജീവം പ്രസുവന്തീ ചരായൈ |**

**അഭൂദഗ്നിഃസമിധേ മാനുഷാണാമകർജ്യോതിർഭാധമാനാ തമാംസി ||**

ഉഷസ്സ് എല്ലാ ജീവികളേയും പ്രേരിപ്പിച്ചുകൊ് സൂര്യനിൽനിന്നും തേജസ്സിനെ പ്രാപിക്കുന്നു. അഗ്നിദേവൻ മനുഷ്യരുടെ സമാധിയ്ക്കുയോഗ്യനാകുന്നു. അവൻ തന്നെ അന്ധകാരത്തെ നശിപ്പിക്കുന്ന തേജസ്സിനെ ഉല്പാദിപ്പിക്കുന്നു.

**2. വിശ്വം പ്രതീചി സപ്രഥാ ഉദസ്ഥാദ്രു ദ്വാശസോ ബിഭ്രൂതീ ശുത്രമശ്വൈത് |**

**ഹിരണ്യവർണാ സുദൃശീകസൻദൃഗ ഗവാം മാതാ നേത്രഹ്നാമരോചി ||**

സർവ്വ പ്രസിദ്ധയായ ഉഷസ്സ് പ്രത്യക്ഷയായി അവൾ തന്റെതേജോമയമായ വസ്ത്രസഹിതം വളർന്നു. ഈ ശോഭാമയിയായ ഉഷസ്സ് പകലുകളുടെ നയനങ്ങളും, എല്ലാജീവികളുടേയും മാതാവുമാകുന്നു.

**3. ദേവാനാം ചക്ഷുഃ സുഭഗാ ബഹന്തീ ശ്വേതം നയന്തീ സുദൃശീകമശ്വം |**

**ഉഷാ അദർശി രശ്മിഭിർവ്യക്താ ചിത്രാമഘാ വിശ്വമനു പ്രഭൂതാ ||**

തേജസ്സിനെ വഹിക്കുന്നവളും, രശ്മികളാൽ പ്രകാശമയിയുമായ ഉഷസ്സ് മനോഹരമായി കാണപ്പെടുന്ന അശ്വങ്ങളെ ഉജ്ജ്വലമാക്കുന്നു.

**4. അന്തിവാമാ ദൂരേ അമിത്രമുച്ഛോർവീം ഗവ്യൂതിമഭയം കൃധീ നഃ |**

**യാവയ ദ്വേഷ ആ ഭരാ വസൂനി ചോദയ രാധോ ഗൃണതേ മഘോനി ||**

ഹേ ഉഷേ! ശത്രുക്കളെ അകറ്റികൊ് അത്ഭുതമായ ധനവുമായി ഭവതി ഞങ്ങളുടെ അടുക്കൽ വരണമേ. ഞങ്ങളുടെ കൃഷിഭൂമികൾ ഭയരഹിതങ്ങളാകുന്നതിനുവേി ഭവതി വൈരികളെ അകറ്റണമേ. ഭവതി ശത്രുക്കളുടെ ധനത്തെ സ്തോതാക്കളുടെ നേരെ പ്രേരിപ്പിച്ചാലും.

**5. അസ്മേ ശ്രേഷ്ഠോഭിർഭാനുഭിർവി ഹ്യുഷോ ദേവി പ്രതിരന്തീ ന ആയുഃ |**

**ഇഷം ച നോ ദധതീ വിശ്വവാരേ ഗോമദശ്വാവദ്രഥവച്ച രാധഃ||**

ഹേ ഉഷേ! ഭവതി ശ്രേഷ്ഠങ്ങളായ രശ്മികൾ സഹിതം പ്രകാശിതയായി ഞങ്ങളുടെ ആയുസ്സിനെ വർദ്ധിപ്പിക്കുകയും ഞങ്ങൾക്ക് ഗോക്കളേയും,അശ്വങ്ങളെയും നൽകുകയും ചെയ്യണമേ.

**6. യാം ത്വാ ദിവോ ദുഹിതർവർധയന്ത്യുഷഃ സുജാതേ മതിഭിർവസിഷ്ഠാഃ|**

**സാസ്മാസു ധാ രയിമൃഷ്വം ബൃഹന്തം യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഉഷേ! വസിഷ്ഠഗുണം ഭവതിയെ സ്തുതികളാൽ വളർത്തുന്നു. ഭവതി ഞങ്ങൾക്കു ശ്രേഷ്ഠമായ ധനം നൽകുകയും ഞങ്ങളെ എപ്പോഴും പാലിക്കുകയും ചെയ്യണമേ.

## സൂക്തം 78

**ഋഷി വസിഷ്ഠൻ ദേവത ഉഷസ്സ് ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്രതി കേതവഃ പ്രഥമാ അദൃശ്രന്നൂർധ്വാ അസ്യാ അഞ്ജയോ വി ശ്രയന്തേ |**

**ഉഷോ അർവാചാ ബൃഹതാ രഥേന ജ്യോതിഷ്മതാ വാമമസ്മഭ്യം വക്ഷി ||**

കേതു രൂപിയായ ഉഷസ്സ് ഒന്നാതായിക്കാണപ്പെടുന്നു. അവളുടെ കിരണങ്ങൾ ഊർധ്വമുഖികളായി എങ്ങും ചരിക്കുന്നു. ഹേ ഉഷേ! ഭവതി സ്വന്തം പ്രകാശമാനമായ രഥത്തിൽ ഞങ്ങൾക്കുവേി ധനവുമായി വരണമേ.

**2. പ്രതി ഷീമഗ്നിർജരതേ സമിദ്ധഃ പ്രതി വിപ്രാസോ മതിഭിർഗൃണന്തഃ |**

**ഉഷാ യാതി ജ്യോതിഷാ ബാധമാന വിശ്വാ തമാംസി ദുരിതാപ ദേവീ ||**

അഗ്നി എല്ലായിടത്തും വൃദ്ധിപ്രാപിക്കുന്നു. അവൻ സ്തുതികളാൽ വളരുന്നു. ഉഷസ്സും എല്ലാപാപങ്ങളേയും, അന്ധകാരത്തെയും അകറ്റുന്നു.

**3. ഏതാ ഉ ത്യാഃ പ്രത്യുദൃശ്രൻ പുരസ്താജ്ജ്യോതിര്യച്ഛന്തീരുഷസോ വിഭാതീഃ |**

**അജീജനൻത്സൂര്യം യജ്ഞമഗ്നിമപാചീനം തമോ അഗാദജുഷ്ടം ||**

ഈ ഉഷസ്സുകൾ പ്രഭാതത്തിന്റെ കാരണരൂപങ്ങളും കിഴക്കുദിക്കിൽ കാണപ്പെടുകയും ചെയ്യുന്നു. ഇവർ തന്നെ സൂര്യനേയും അഗ്നിയേയും, യജ്ഞത്തെയും പ്രകടമാക്കിയിരിക്കുന്നു. ഇവൾ വഴിയായി അന്ധകാരം അകന്നുപോകുന്നു.

**4. അചേതി ദിവോ ദുഹിതാ മഘോനീ വിശ്വേ പശ്യ ന്ത്യുഷസം വിഭാതീം |**

**ആസ്ഥാദ്രഥം സ്വധയാ യുജ്യമാനമാ യമശ്വാസഃ സുയുജോ വഹന്തി ||**

സ്വർഗപുത്രയായി ഉഷസ്സ് ധനയുക്തയും, പ്രഭാതത്തിൽ ഈശ്വരിയുമാകുന്നു. അവൾ അന്നയുക്തമായ രഥത്തിൽകയറി അശ്വങ്ങൾ വഴിയായി ആഗതയാകുന്നു.

**5. പ്രതി ത്വാദ്യ സുമനസോ ബുധന്താസ്മാകാസൊ മഘവാനോ വയം ച |**

**തില്വിലായധ്വമുഷസോ വിഭാതീര്യൂയം പാത സ്വസ്തിഭിഃ**

**സദാ നഃ ||**

ഹേ ഉഷസ്സേ! ശ്രേഷ്ഠൻമാരായ പുരുഷൻമാർ സഹിതം ഞങ്ങൾ ഭവതിയെ ഉണർത്തുന്നു. പ്രഭാതത്തെ സൃഷ്ടിക്കുന്ന ഭവതി സന്ധ്യയെ സ്നിഗ്ധതായുക്തമാക്കിയാലും. ഞങ്ങളെ എപ്പോഴും പാലിച്ചരുളണമേ.

## സൂക്തം 79

**ഋഷി വസിഷ്ഠൻ, ദേവത ഉഷസ്സ് ഛന്ദസ് ത്രിഷ്ടുപ്.**

**1. വ്യുഷാ ആവഃ പഥ്യാ ജനാനാം പഞ്ചക്ഷിതീർമാനുഷീർബോധയന്തീ |**

**സുസൻദൃഗ്ഭിരുക്ഷഭാനുമശ്രേദ്വിസൂര്യോ രോദസീ ചക്ഷസാവഃ ||**

ഈ ഉഷസ്സ് അന്ധകാരത്തെ നശിപ്പിച്ച് മനുഷ്യരുടെ ഹിതം നിറവേറ്റുന്നു. എല്ലാ മനുഷ്യരെയും ഉണർത്തുന്നു.ഇവൾ സൂര്യൻെറ ആശ്രിതയാകുന്നു. സൂര്യൻ തന്റെ പ്രകാശത്താൽ ഭൂമിയെ പുതപ്പിക്കുന്നു.

**2. വ്യഞ്ജതേ ദിവോ അന്തേഷ്വക്തൂന്വിശോ നയുക്ത ഉപസോ യതന്തേ |**

**സം തേ ഗവാസ്തമ ആ വർതയന്തി ജ്യോർയച്ഛന്തി സവിതേവ ബാഹൂ ||**

അന്തരീക്ഷത്തിൽ പ്രകാശിക്കുന്ന ഉഷസ്സുകൾ ഒന്നിച്ചുചേർന്ന് അന്ധകാരത്തെ നശിപ്പിക്കുന്നു. ഹേ ഉഷസ്സേ ഭവതിയുടെ കിരണങ്ങൾ തമോനാശിനികളാണല്ലോ അവ സൂര്യതേജസിനുതുല്യം പ്രകാശം പരത്തുന്നു.

**3. □അഭൂദുഷാ ഇന്ദ്രതമാ മഘോന്യജീജനത് സുവിതായ ശ്രവാംസി |**

**വി ദിവോ ദേവീ ദുഹിതാ ദധാത്യങ്ഗിരസ്തമാ സുകൃതേ വസൂനി ||**

ധനവതിയായ ഈ ഉഷസ്സ് ഉത്ഭവിച്ചു അവൾ എല്ലാവരും ഇഷ്ടപ്പെടുന്ന അന്നത്തെ ഉല്പാദിപ്പിച്ചു. സ്വർഗ്ഗപുത്രിയും;അംഗിരേല്പന്നവുമായ ഉഷസ്സ് സൽകർമ്മങ്ങളക്കുവേി ധനത്തെ വഹിക്കുന്നവളാകുന്നു.

**4. താവദുഷോ രാധോ അസ്മഭ്യം രാസ്വയാവത് സ്തോതൃ ഭ്യോ അരദോ ഗൃണാന |**

**യാം ത്വാ ജജ്ഞാർവൃഷഭസ്യാ രവേണ വി ദൃളസ്യ രോ അദ്രേരൗർണോഃ ||**

ഹേ ഉഷേ പൂർവ്വകാല സ്തോതാക്കൾക്ക് ഭവതി എത്രമാത്രം ധനം പ്രദാനം ചെയ്തിന്നുവോ, അത്രയും ഞങ്ങൾക്കു എല്ലാവരും ഭവതിയെ സ്തോത്രധ്വനികളാൽ അറിയുന്നു. ഭവതിയെതന്നെയാണല്ലൊ ഗോക്കളുടെ അപഹരണകാലത്ത് പർവ്വതത്തിലെ ദ്വാരങ്ങൾ കാണിച്ചുകൊടുത്തിരുന്നത്.

**5. ദേവദേവം രാധസേ ചോദയന്ത്യസ്മദ്രുക്സൂനൃതാ ഈരയന്തീ |**

**വ്യുച്ഛന്തീ ന സനയേ ധിയോ ധാ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ഉഷേ! സ്തോതാക്കളുടേയും ഞങ്ങളുടേയും മുമ്പിലേയ്ക്ക് സത്യവാണിയെ പ്രേരിപ്പിക്കുകയും അന്ധകാര നശിപ്പിച്ചു ഞങ്ങൾക്ക് ബുദ്ധിയുപദേശിക്കുകയും ചെയ്യണമേ. ഭവതി ഞങ്ങൾക്ക് എപ്പോഴും മംഗളമരുളണമേ.

## സൂക്തം 80

**ഋഷി വസിഷ്ഠൻ, ദേവത മിത്രാവരുണൻ, ഛന്ദസ് ത്രിഷ്ടുപ്**

**1. പ്രതി സ്തോമേഭിരുഷസം വസിഷ്ഠാ ഗീർഭിർവി പ്രാസഃ പ്രഥമാ അബുധ്രൻ |**

**വിവർതയന്തീം രജസീ സമന്തേ ആവിഷ്കൃണ്വതീം ഭൂവനാനി വിശ്വാ ||**

വസിഷ്ഠൻമാർ സ്തുതികളാൽ ഉഷസ്സിനെ ഒന്നാമതായിയുയർത്തി. ആ ഉഷസ്സ് വാനൂഴികളെ മൂടുകയും എല്ലാ ജീവികൾക്കും പ്രകാശം നൽകുകയും ചെയ്യുന്നു.

**2. ഏഷ സ്യാ നവ്യമായുർദധാനാ ഗുഢ്വീ തമോ ജ്യോതിഷോഷാ അബോധി |**

**അഗ്ര ഏതി യുവതിരഹ്രയാണാ പ്രാചികിതതപൂർയ യജ്ഞമഗ്നിം ||**

ഈ ഉഷസ്സ് തന്റെ തേജസ്സാൽ അന്ധകാരത്തെ നശിപ്പിച്ചുകൊള്ളുതായിരുന്നു. ഇവൻ സൂര്യന്റെ മുമ്പിൽ ആഗതയായി സൂര്യനേയും അഗ്നിയേയും യജ്ഞത്തെയും പ്രകടമാക്കുന്നു.

**3. അശ്വാവതീർഗോമതീർന ഉഷസോ വീരവതീഃ സദമുച്ഛന്തു ഭദ്രാഃ |**

**ഘൃതം ദുഹാന വിശ്വതഃ പ്രപീത യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഗോക്കളാലും അശ്വങ്ങളാലും സമ്പന്നമായ ഉഷസ്സുകൾ അന്ധകാരത്തെ നശിപ്പിക്കുന്നു. അവർ ജലത്തെ വർഷിച്ചുകൊ് വൃദ്ധിയെ പ്രാപിക്കുന്നു. നിങ്ങള ഞങ്ങൾക്കു മംഗളമരുളണേ.

# അദ്ധ്യായം 6

## സൂക്തം 81

**ഋഷി വസിഷ്ഠൻ ദേവത, ഉഷസ്സ്, ഛന്ദസ് ബൃഹതി**

**1. പ്രത്യു അദർശ്യായത്യുച്ഛന്തീ ദുഹിതാ ദിവഃ**

**അപോ മഹി വ്യയതി ചക്ഷസേ തമോ ജ്യോതിഷ് കൃണോതി സൂനരീ ||**

ആകാശപുത്രിയായ ഉഷസ്സ് അന്ധകാരത്തെ നശിപ്പിക്കുകയും ദർശനശക്തി നൽകി തേജസ്സിനെ വളർത്തുകയും ചെയ്യുന്നു.

**2. ഉദുസ്രിയാഃ സൃജതേ സൂര്യഃ സചാം ഉദ്യന്നക്ഷത്രമർചിവത് |**

**തവേദുഷോ വ്യുഷി സൂര്യസ്യ ചസം ഭക്തേന ഗമേമഷി ||**

അവൾ തന്റെ രശ്മികളെ സൂര്യനോടു കടി അയയ്ക്കുന്നു. ഗ്രഹനക്ഷത്രാദികളെയും അവൾ പ്രകാശിപ്പിക്കുന്നു. ഹേ ഉഷേ! ഭവതിയുടെയും സൂര്യന്റെയും പ്രകാശം ലഭിക്കുന്ന ഞങ്ങൾ അന്നയുക്തരാകണേ.

**3. പ്രതി ത്വാ ദുഹി തർദിവ ഉഷോ ജീരാ അഭൂത്സ്മഹി |**

**യാവഹസി പൂരു സ്പാർഹം പനന്വതി രത്നാ ന ദാശുഷേ മയഃ ||**

ഹേ ഉഷേ! ഞങ്ങൾ ഭവതിയെ ഉണർത്തും, നീ ഞങ്ങളാഗ്രഹിക്കുന്ന ധനം കൊുവരുന്നു. യജമാനൻമാർക്കുവേി

രത്നാദികളായ ധനവും വഹിക്കുന്നുല്ലോ.

**4. ഉച്ഛന്തീ യാ കൃണോഷി മഹനാ മഹി പ്രഖ്യൈ ദേവി സ്വർദൃശേ |**

**തസ്യാസ്തേ രത്നഭാജ ഈമഹേ വയം സ്യാമ മാതുർന സൂനവഃ ||**

ഹേ ഉഷേ! നീ മഹിമാവയിയും അന്ധകാരനാശിനിയുമാകുന്നു, നീ വിശ്വത്തിനു ചൈതന്യം നൽകി അതിനു ദർശനശക്തി പ്രദാനം ചെയ്യുന്നു, രത്നവതിയായ ഉഷേ, ഞങ്ങൾ യാചിക്കുന്നു, മാതാവുപുത്രനെ പ്രിയപ്പെടുന്നതുപോലെ ഞങ്ങളും ഭവതിക്കു പ്രിയപ്പെട്ടവരാകണേ.

**5. തച്ചിത്രം രാധ ആ ഭരോഷോ യദ്ദീർഘശ്രുത്തമം |**

**യത്തേ ദിവോ ദുഹിതർമർതഭോജനം തദ്രാസ്വ ഭുനജാമഹൈ ||**

ഹേ ഉഷേ! നിന്റെ ഭുവനപ്രസിദ്ധമായ ധനത്തെ ഇവിടെ കൊവരണമേ. ഇപ്പോൾ നിന്റെ അടുക്കലുള്ളത് ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ഞങ്ങൾ അതെല്ലാം അനുഭവിക്കണേ.

**6. ശ്രവഃ സൂരിഭ്യോ അമൃതം വസുത്വനം വാജാം അസ്മഭ്യം ഗോമതഃ |**

**ചോദയിത്രീ മഘോനഃ സൂനൃതാവത്യുഷാ ഉച്ഛദപസ്രിധഃ ||**

ഹേ ഉഷേ! സ്തോതാക്കൾക്ക് നാശരഹിതമായ യശസ്സ് നൽകി. അവർക്ക് ഭവനവും അന്നവും ഗോക്കൾ ആദിയായ ധനവും നൽി. സത്യവാദിനിയായ ഉഷസ്സ് നമ്മുടെ ശത്രുക്കളെ പലായം ചെയ്യിക്കണേ.

## സൂക്തം 82

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രാവരുണൻ. ഛന്ദസ് ജഗതി**

**1. ഇന്ദ്രാവരുണാ യുവമധ്വരായ നോ വിശേ ജനായ മഹി ശർമ യച്ഛതം |**

**ദീർഘ പ്രയജ്യുമതി യോ വനുഷ്യതി വയം ജയേമ പതനാസു ദൂഢ്യഃ ||**

ഹേ ഇന്ദ്രാ! വരുണാ! ഈ ഉപാസകന് ശ്രേഷ്ഠമായ ഗൃഹം നൽകണമേ. യജ്ഞകർത്താവിന്റെ ഹിംസകരായ ശത്രുക്കളെ യുദ്ധത്തിൽ ഞങ്ങൾ ജയിക്കുമാറാകണേ.

**2. സമ്രാളന്യ സ്വരാളന്യ ഉച്യതേ വാം മഹാന്താവിന്ദ്രാ വരുണാ മഹാവസൂ |**

**വിശ്വേ ദേവാസഃ പരമേ വ്യോമിനി സം വാമാജോ വൃഷണ സം ബലം ദധുഃ ||**

ഹേ ഇന്ദ്രാ! വരുണാ! നിങ്ങൾ ശ്രേഷ്ഠമായ ധനത്തോടുകൂടിയവരാണല്ലോ. നിങ്ങളിൽ ഒരുവൻ സ്വയം പ്രകാശിതനും അപരൻ രാജാവുമാണല്ലോ. നിങ്ങളെ വിശ്വദേവതകൾ തേജസ്വികളാക്കിയിരിക്കുന്നു.

**3. അന്വപാം ഖാന്യത്രന്തമോജസാ സൂര്യമൈരയതം ദിവിപ്രഭം |**

**ഇന്ദ്രാവരുണാ മദേഅസ്യ മായിനോ പിന്വതമപിതഃ പിന്വതം ധിയഃ ||**

ഹേ ഇന്ദ്രാ; വരുണാ! നിങ്ങൾ സ്വന്തം ബലത്താൽ ജലത്തിന്റെ ദ്വാരങ്ങൾ തുറക്കുകയും സൂര്യനെ ആകാശത്തിലേയ്ക്കയക്കുകയും ചെയ്തു. സോമപാനത്താൽ ഹർഷിതരാകുമ്പോൾ നിങ്ങൾ ഉണങ്ങിവര നദികളെ ജലപൂർണ്ണമാക്കുന്നു.

**4. യുവാമിദ്യുത്സു പൃതനാസു വഹ്നയോ യുവാം ക്ഷേമസ്യ പ്രസവേ മിതജ്ഞവഃ |**

**ഈശാനാ വസ്വ ഉഭയസ്യ കാരവ ഇന്ദ്രാവരുണാ സുഹവാ ഹവാമഹേ ||**

ഹേ ഇന്ദ്രാ, വരുണാ! ശത്രുസേനകളുടെ മദ്ധ്യത്തിൽ നിന്നും, സ്തോതാക്കളും അംഗിരസ്സുകളും നിങ്ങളെ വിളിക്കുന്നു. നിങ്ങൾ ദിവ്യങ്ങളും, പാർഥിവങ്ങളുമായ ധനങ്ങളുടെ ഈശ്വരൻമാരും ആഹ്വാനയോഗ്യരും ആകുന്നു. ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**5. ഇന്ദ്രാവരുണാ യദിമാനി ചക്രഥുർവിശ്വാ ജാതാനി ഭുവനസ്യ മജ്മനാ |**

**ക്ഷേമേണ മിത്രോ വരുണം ദുവസ്യതി മരുദ്ഭിരുഗ്രഃ ശുഭമന്യ ഈയതേ ||**

ഹേ ഇന്ദ്രാ; വരുണാ! നിങ്ങളാണല്ലോ എല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ചിരിക്കുന്നത്. നിങ്ങളിൽ ഇന്ദ്രൻ മരുത്തുക്കളോടുകൂടി തേജോമയനും; അലങ്കാരയുക്തനും, വരുണനെ എല്ലാവരും സേവിക്കുകയും ചെയ്യുന്നു.

**6. മഹേ ശുല്കായ വരുണസ്യ നു ത്വിഷ ഓജോ മിമാതേ ധ്രുവമസ്യ യത്സ്വം |**

**അജാമിമന്യഃ ശ്നഥയന്തമാതിരദ്ഭ്രേഭിരന്യഃ പ്ര വൃണോതി ഭൂയസഃ ||**

ധനപ്രാപ്തിയ്ക്കുവേി ഇന്ദ്രനേയും വരുണനേയും വിളിക്കുന്നു. ഇവർ അതുല്യബലവാൻമാരാണ് ഇവരിലൊരാൾ അനേകം ശത്രുക്കളെ അമർച്ചവരുത്തുന്നവനും അപരൻ ഹിംസകൻമാരെ കൊല്ലുകയും ചെയ്യുന്നു.

**7. ന തമംഹോ ന ദുരിതാനി മർത്യമിന്ദ്രാവരുണാ ന തപഃ കുതശ്ച ന |**

**യസ്യ ദേവാ ഗച്ഛഥോ വീഥോ അധ്വരം ന തം മർതസ്യ നശതേ പരിഹ്വൃതിഃ ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങൾ ആരുടെ യജ്ഞത്തിൽ പോകുന്നുവോ. അവന്റെ യാഗത്തിന് വിഘ്നം സംഭവിക്കുകയില്ല, പാപവും ദുഷ്കർമ്മവും സന്താപവും അവനെ സമീപിക്കുന്നില്ല.

**8. അർവാങ് നരാ ദൈവ്യേനാവസാ ഗതം ശൃണുതം ഹവം യദി മേ ജുജോഷഥഃ |**

**യുവോർഹി സഖ്യമുത വാ യദാപ്യം മാർഡീകമിന്ദ്രാവരുണാ നി യച്ഛതം ||**

ഹേ ഇന്ദ്രാ, വരുണാ! എന്റെ രക്ഷയ്ക്കുവേി വന്നുചേരുവിൻ. എന്റെ സ്തുതികളെ ശ്രവിക്കുവിൻ, നിങ്ങളുടെ മിത്രത്വം സുഖത്തെ പ്രദാനം ചെയ്യുന്നു. നിങ്ങൾ ഞങ്ങളുടെ മിത്രങ്ങളും ബന്ധുക്കളുമാകണമേ.

**9. അസ്മാകമിന്ദ്രാവരുണാ ഭരേ ഭരേ പുരോയോധാ ഭവതം കൃഷ്ട്യോജസാ |**

**യദ്വാം ഹവന്ത ഉഭയേ അധ സ്പൃധി നരസ്തോകസ്യ തനയസ്യ സാതിഷു ||**

ഹേ ഇന്ദ്രാ, വരുണാ! എല്ലാ യുദ്ധങ്ങളിലും നിങ്ങൾ ഞങ്ങളുടെ മുമ്പിൽ നില്ക്കണമേ. പ്രാചീനരും നവീനരും ആയ സ്തോതാക്കൾ

നിങ്ങളെ രണക്ഷേത്രത്തിലേക്കും അതുപോലെ സന്താനപ്രാപ്തിക്കും വേി ആഹ്വാനം ചെയ്യുന്നു.

**10. അസ്മേ ഇന്ദ്രോ വരുണോ മിത്രോ അർയമാ ദ്യുമ്നം യച്ഛന്തു മഹി ശർമ സപ്രഥഃ |**

**അവധ്രം ജ്യോതിരദിതേർഋതാവൃധേ ദേവസ്യ ശ്ലോകം സവിതുർമനാമഹേ ||**

ഇന്ദ്രൻ, മിത്രൻ, വരുണൻ, അര്യമാവ് ഇവർ നമുക്ക് ധനവും വീടും നൽകണേ. അദിതിയുടെ തേജസ്സ് നമ്മെ ഹിംസിക്കാതിരിക്കണേ. നമുക്കു സവിതാവിനെ സ്തുതിക്കാം.

## സൂക്തം 83

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രാവരുണൻ, ഛന്ദസ് ജഗതി.**

**1. യുവാം നരാ പശ്യമാനാസ ആപ്യം പ്രാചാ ഗവ്യന്തഃ പൃഥുപർശവോ യയുഃ |**

**ദാസാ ച വൃത്രാ ഹതമര്യാണി ച സുദാസമിന്ദ്രാ വരുണാവസാവതം ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങളുടെ ബന്ധുത്വം പ്രാപിച്ച് ഗോധനം ആഗ്രഹിക്കുന്ന യജമാനൻ കിഴക്കോട്ടുപോയി നിങ്ങൾ വൃത്രാദികളെ വധിക്കുകയും, സുദാസന്റെ രക്ഷകരായി വരികയും ചെയ്യുവിൻ.

**2. യത്രാ നരഃസമയന്തഃ കൃതധ്വജോ യസ്മിന്നാജാ ഭവതി കിംചന പ്രിയം |**

**യത്രാ ഭയന്തേ ഭുവനാ സ്വർദൃശസ്തത്രാ ന ഇന്ദ്രാവരുണാധി വോചതം ||**

ഹേ ഇന്ദ്രാ, വരുണാ! എവിടെ ഇരുപക്ഷക്കാരും പരസ്പരം യുദ്ധത്തിനുവേി കരങ്ങളുയർത്തുന്നുവോ, യാതൊരു യുദ്ധത്തിൽ സ്വർഗ്ഗദർശനം പ്രാപ്തമാകുന്നുവോ ആ യുദ്ധത്തിൽ നിങ്ങൾ ഞങ്ങളുടെ പക്ഷം സ്വീകരിക്കണം.

**3. സം ഭൂമ്യാ അന്താ ധ്വസിരാ അദൃക്ഷദേതന്ദ്രാവരുണാ ദിവിഘോഷ ആരുഹത് |**

**അസ്ഥുർജനാനാമുപ മാമരാതയോർവാഗവസി ഹവനശ്രുതാ ഗതം ||**

ഹേ ഇന്ദ്രാ; വരുണാ! സൈന്യങ്ങൾ ഞങ്ങളുടെ ധാന്യമെല്ലാം നശിപ്പിക്കുന്നു. അവരുടെ കോലാഹലം ആകാശം വരെ വ്യാപിക്കുന്നു. എന്റെ ശത്രുക്കൾ എന്നോടടുത്തു കൊിരിക്കുന്നു. നിങ്ങൾ സ്വന്തം രക്ഷാസാധനങ്ങളുമായി ഉടൻ വന്നെത്തണേ.

**4. ഇന്ദ്രാ വരുണാ വധനാഭിരപ്രതി ഭേദം വന്വന്ത പ്ര സുദാസമാവതം |**

**ബ്രഹ്മാണ്യേഷാം ശൃണുതം ഹവീമനി സത്യാ തൃത്സൂനാമഭവത്പുരോഹിതിഃ ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങൾ സുദാസനെ രക്ഷിക്കുകയും ത്വത്സക്കളുടെ സ്തോത്രങ്ങളെ കേൾക്കുകയും ചെയ്തുവല്ലോ. യുദ്ധം ആരംഭിച്ചു കഴിഞ്ഞപ്പോൾ അവരുടെ പൗരോഹിത്യം സഫലമായിത്തീർന്നിരിക്കുന്നു.

**5. ഇന്ദ്രാ വരുണഭ്യാ തപന്തി മാഘാന്യരോ വുഷാമരാതയഃ |**

**യുവം ഹി വസി ഉഭയസ്യ രാജഥോ ധ സ്മാ നോ വതം പാര്യേ ദിവി ||**

ഹേ ഇന്ദ്രാ, വരുണാ! ഞങ്ങൾ ശത്രുക്കളുടെ ആയുധങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. ശത്രുക്കൾ എന്നെ പലപ്രകാരത്തിലും കഷ്ടപ്പെടുത്തികൊിരിക്കുന്നു. നിങ്ങൾ ധനേശ്വരൻമാരാണ്. യുദ്ധാവസരത്തിൽ ഞങ്ങളുടെ രക്ഷകരാകണേ.

**6. യുവാം ഹവന്ത ഉഭയാസ ആജിഷ്വിന്ദ്ര ച വസ്വോ വരുണം ച സാതയേ |**

**യത്ര രജഭിർദശഭിർനിവാധിതം പ്ര സുദാസമാവതം തൃത്സുഭിഃ സഹ ||**

യുദ്ധം ആസന്നമാകുമ്പോൾ ഇന്ദ്രനേയും വരുണനേയും ആഹ്വാനം ചെയ്യുന്നു. നിങ്ങൾ പത്തുരാജാക്കൻമാരാൽ ഗ്രസിതനായ സുദാസനെ തൃൽസുക്കൾ സഹിതം രക്ഷിച്ചിരുന്നുവല്ലോ.

**7. ദശ രാജാനാഃ സമിതാ അയജ്യവഃ സുദാസമിന്ദ്രവുണാ ന യുയുധുഃ |**

**സത്യാ നൃണാമദ്മസദാമുപസ്തിർദേവാ ഏഷാമഭവന്ദേവഹൂതിഷു ||**

ഹേ ഇന്ദ്രാ, വരുണാ! യജ്ഞവിമുഖരായ പത്തു രജാക്കൻമാർക്കും സുദാസന്റെ മേൽ വിജയം പ്രാപിക്കാൻ കഴിഞ്ഞില്ല. യജ്ഞത്തിൽ നേതാക്കളുടെ സ്തുതികൾ സഫലമായി. ആ യജ്ഞത്തിൽ എല്ലാ ദേവകളും വന്നിരുന്നു.

**8. ദാശരാജ്ഞേ പരിയത്തായ വിശ്വതഃ സുദാസ ഇന്ദ്രാവരുണാവശിക്ഷതം |**

**ശ്വിത്യഞ്ചോ യത്ര നമസാ കപർദിനോ ധിയാ ധീവന്തോ അസപന്ത തൃത്സവഃ ||**

കർമ്മവാൻമാരായ തൃത്സുക്കൾ എവിടെ ഉപാസം നടത്തിയിരുന്നുവോ അവിടെത്തന്നെപത്തുരാജാക്കൻമാരാൽ വലയം ചെയ്യപ്പെട്ടിരുന്ന സുദാസന് നിങ്ങൾ ബലം നലകിയിരിക്കുന്നു.

**9. വൃത്രാണ്യന്യഃ സമിഥേഷു ജിഘ്നതേ പ്രവതാന്യന്യോ അഭി രക്ഷതേ സദാ |**

**ഹവാമഹേ വാം വൃഷണാ വൃഷണാ സുവൃക്തിഭിരസ്മേ ഇന്ദ്രാവരുണാ ശർമ യച്ഛതം ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങളിൽ ഇന്ദ്രൻ വൃത്രഹന്താവും വരുണൻ കർമ്മപാലകനുമാണല്ലോ. നിങ്ങൾ ഞങ്ങൾക്കു മംഗളമരുളണേ. ഞങ്ങൾ ശ്രേഷ്ഠമായ സ്തോത്രങ്ങൾ വഴി നിങ്ങളെ വിളിക്കുന്നു.

**10. അസ്മേ ഇന്ദ്രോ വരുണോ മിത്രോ അര്യമാ ദ്യുമ്നം യച്ഛന്തു മഹി ശർമ സപ്രഥഃ |**

**അവധ്രം ജ്യോതിരദിതേർഋതാവൃധോ ദേവസ്യ ശ്ലോകം സവിതുർമനാമഹേ ||**

ഇന്ദ്രനും, മിത്രനും, വരുണനും അര്യമാവും നമുക്കു ധനവും ഭവനവും നൽകുമാറാകണേ. അദിതിയുടെ തേജസ്സ് നമ്മെ നശിപ്പിക്കാതിരിക്കണേ. ഞങ്ങൾ സവിതാദേവനെ നമസ്കരിക്കുന്നു.

## സൂക്തം 84

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രാവരുണൻ. ഛന്ദസ് ത്രിഷ്ടുപ്.**

**1. ആ വാം രാജാനാവധ്വരേ വവൃത്യാം ഹവ്യേഭിരിന്ദ്രാവരുണോ നമോഭിഃ |**

**പ്ര വാം ഘൃതാചീ സാഹ്വോർദധാനാ പരി ത്മനാ**

**വിഷുരൂപാ ജിഗാതി ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങളെ ഞാൻ യജ്ഞത്തിലേക്കു വിളിക്കുന്നു. കയ്യിലെടുത്ത ജൂഹു നിങ്ങളുടെ നേരെ ഗമിക്കുന്നു.

**2. യുവോ രാഷ്ട്രം ബൃഹദിന്വതി ദ്യൗർയൗ സേതൃഭിരരജ്ജുഭിഃ സി നീഥഃ |**

**പരി നോ ഹേളോ വരുണസ്യ വൃജ്യാ ഉരും ന ഇന്ദ്രഃ കൃണവദു ലോകം ||**

ഹേ ഇന്ദ്രാ, വരുണാ! നിങ്ങളുടെ സ്വർഗ്ഗം വൃഷ്ടിജലത്താൽ എല്ലാത്തിനും സുഖം നൽകുന്നു. നിങ്ങൾ പാപികളെ ബന്ധനത്തിലാക്കുന്നു. ഇന്ദ്രൻ നമ്മുടെ സ്ഥലങ്ങളെ അഭിവൃദ്ധിപ്പെടുത്തണേ. വരുണന്റെ ക്രോധം നമ്മുടെ രക്ഷയ്ക്കായിരിക്കണേ.

**3. കൃതം നോ യജ്ഞം വിദഥേഷു ചാരും കൃതം ബ്രഹ്മാണി സൂരിഷു പ്രശസ്താ |**

**ഉപോ രയിർദേവജൂതോ ന ഏതു പ്ര ണഃ സ്പാർഹാഭിരുതീസ്തിരേതം ||**

ഹേ ഇന്ദ്രാ, വരുണാ! ഞങ്ങളുടെ ഗൃഹയജ്ഞത്തെ സുന്ദരമാക്കണമേ. സ്തോതാക്കളുടെ സ്തുതികൾ ഉന്നതത്തിലെത്തണേ. ദേവപ്രേരിതമായ ധനം ഞങ്ങൾക്കു കിട്ടുമാറാക്കണേ. അവർ നമ്മേ അഭിലാഷങ്ങളാൽ രക്ഷിക്കുമാറാകണേ.

**4. അസ്മേ ഇന്ദ്രാവരുണാ വിശ്വവാരം രയിം ധത്തം വസുമന്തം പുരുക്ഷും |**

**പ്ര യ ആദിത്യോ അനൃതാ മിനാത്യാമിതാ ശൂരോ ദയതേ വസൂനി ||**

ഹേ ഇന്ദ്രാ, വരുണാ! ഞങ്ങൾക്ക് വരണീയമായ വീടും അന്നസമ്പന്നമായ ധനവും നൽകി അനുഗ്രഹിക്കേണമേ. അസത്യനാശകനായ ആദിത്യൻ വീരൻമാർക്ക് പ്രചുരമായ ധനം പ്രദാനം ചെയ്യുന്നു.

**5. ഇയമിന്ദ്രം വരുണമഷ്ട മേ ഗീഃ പ്രാവത്തോകേ തനയേ രുതുജാനാ |**

**സുരത്നാസോ ദേവവീതിം ഗമേമ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

എന്റെ സ്തുതികൾ ഇന്ദ്രനേയും വരുണനേയും സേവിക്കണേ. എന്റെ സ്തുതികൾ പുത്രാദികളുടെ രക്ഷകരായിരിക്കണമേ. ഞങ്ങൾക്കു ശ്രേഷ്ഠങ്ങളായ രത്നാദികളെ നല്കണേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിച്ചരുളണമേ.

## സൂക്തം 85

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രാവരുണന, ഛന്ദസ് ത്രിഷ്ടുപ്.**

**1. പുനീഷേ വാമരക്ഷസം മിഷാം സോമമിന്ദ്രായ വരുണായ ജുഹ്വത് |**

**ഘൃതപ്രതീകാമുഷസം ന ദേവീം താ നോ യാമന്നുരുഷ്യതാമഭീകേ ||**

ഹേ ഇന്ദ്രാ, വരുണാ ഞാൻ നിങ്ങൾക്കായി സോമരസത്തെ ഹോമിക്കുന്ന, രാക്ഷസൻമാർ തീയിട്ടില്ലാത്ത സ്തുതികളെ ഉഷസ്സിന്റെ തേജസ്സുപോലെ പരിഷ്കരിക്കുന്നു. അവർ യുദ്ധത്തിലും യാത്രയിലും ഞങ്ങളെ രക്ഷിക്കണേ.

**2. സ്വർധന്തേ വാ ഉ ദേവഹൂയേ അത്ര യേഷു ധ്വജേഷു ദിദ്യവഃ പതന്തി |**

**യുവം താം ഇന്ദ്രാവരുണാമിത്രാൻഹതം പരാചഃ ശർവാ വിഷൂചഃ ||**

ഹേ ഇന്ദ്രാ,വരുണാ! യുദ്ധത്തിൽ ശത്രുഗണം ഞങ്ങളുടെ പ്രതിദ്വന്ദികളാകുന്നു. യാതൊരുയുദ്ധത്തിൽ പതാകമേൽ ആയുധം പതിപ്പിക്കുന്നുവോ. ആ യുദ്ധത്തിൽ പിൻമാറുന്ന ശത്രുക്കളെപ്പോലും കൊന്നൊടുക്കണമേ.

**3. ആപശ്ചിദ്ധി സ്വയശസഃ സദഃ സു ദേവീരിന്ദ്രം വരുണം ദേവതാ ധുഃ |**

**കൃഷ്ടോരന്യോ ധാരയതി പ്രവിക്താ വൃത്രാണ്യന്യോ അപ്രതീനി ഹന്തി ||**

എല്ലാസോമവും തേജസ്വികളായി ഇന്ദ്രനേയും വരുണനേയും വഹിക്കുന്നു. അവരിൽ ഇന്ദ്രൻ ശത്രുക്കളെ സംഹരിക്കുകയും വരുണൻ പ്രജകളെ വേർതിരിച്ചു നിർത്തുകയും ചെയ്യുന്നു.

**4. സസു ക്രതുഋതചിദസ്തു ഹോതാ യ ആദിത്യ ശവസ വാം നമസ്വാൻ |**

**ആവവർതദവസേ വാം ഹവിഷ്മാനസദിത്സ സുവിതായ പ്രയസ്വാൻ ||**

ഹേ ബലവാൻമാരായ ആദിത്യൻമാരേ! ആര് നിങ്ങളെ സേവിക്കുന്നുവോ, അവൻ ശ്രേഷ്ഠകർമ്മാവും യജ്ഞത്തെ അറിയുന്നവനുമാകുന്നു. ഹവിസ്സ് യുക്തനായ യാതൊരുത്തൻ നിങ്ങളെ തൃപ്തരാക്കുവാനുള്ള ആഗ്രഹത്തോടു കൂടി വിളിക്കുന്നുവോ, അവൻ അന്നസമ്പന്നനും, ഫലപ്രാപ്തനുമായി ഭവിക്കണേ.

**5. ഇയമിന്ദ്രം വരുണമഷ്ട മേ ഗീഃ പ്രാവത്തോകേ തനയേ രുതുജാനാ |**

**സുരത്നാസോ ദേവവീതിം ഗമേമ യൂയം പാത സ്വസ്തിഭിഃ സദാ നഃ||**

എന്റെ സ്തോത്രങ്ങൾ ഇന്ദ്രന്റെ അടുത്തും വരുണന്റെ അടുത്തും എത്തണേ. ഇതിനാൽ എന്റെ പുത്രപൂത്രാദികള രക്ഷപ്പെടുമാറാകണേ. ഞങ്ങൾ ശ്രേഷ്ഠമായ ധനത്താലും, യശസ്സിനാലും സമ്പന്നരാകണേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 86

**ഋഷി വസിഷ്ഠൻ, ദേവത വരുണൻ ഛന്ദസ് ത്രിഷ്ടുപ്.**

**1. ധീരാ ത്വസ്യ മഹിനാ ജനൂംഷി വി യസ്തസ്തമ്ഭ രോദസീ ചിദുർവീ |**

**പ്ര നാകമൃഷ്വം നുനുദേ ബൃഹന്തം ദ്വിതാ നക്ഷത്രം പപ്രഥച്ച ഭൂമ ||**

വരുണന്റെ ജനനം മഹിമയോടുകൂടിയതായി. അവൻ വിസ്തീർണ്ണമായ വാനൂഴികളെ സ്ഥാപിച്ചു. അവൻ തന്നെ ആകാശത്തെയും നക്ഷത്രങ്ങളെയും വേർതിരിച്ചു. പൃഥിയെ വിശാലമാക്കി.

**2. ഉതസ്വായാ തന്വാസം വദേ തത്കദാ ന്വന്തർവരുണേ**

**ഭുവാനീ |**

**കിം മേ ഹവ്യമഹൃണാനോ ജജൂഷേത കദാ മൃളീകം സുമാന അഭിരവ്യം ||**

ഞാൻ വരുണനോടു കൂടി എപ്പോൾ വസിക്കും? അവൻ എന്റെ ഹവിസ്സ് എപ്പോൾ സ്വീകരിക്കും? എനിക്കവനെ ദർശിക്കുവാൻ എപ്പോൾ സാധിക്കും?

**3. പൃച്ഛേ തദേനോ വരുണ ദിദൃക്ഷൂപോ ഏമി ചികിതുഷോ വിപൃച്ഛം |**

**സമാനമിൻമേ കവയിശ്ചിദാഹുരയം ഹ തുഭ്യം വരുണോ ഹൃണീതേ ||**

ഹേ വരുണാ! ഞാൻ നിന്നോട് ആ പാപനിവാരണത്തെപ്പറ്റി ചോദിക്കും. ഞാൻ വിദ്വാൻമാരോട് ഇത് ചോദിച്ചിരിക്കുന്നു. വരുണൻ നിങ്ങളോട് കോപിച്ചിരിക്കുന്നു എന്ന് എല്ലാവരും പറയുന്നു.

**4. കിമാഗ ആസ വരുണ ജ്യേഷ്ഠം യത്സ്തോതാരം ജിഘാംസസി സഖായം |**

**പ്ര തന്മേ വോചോ ഭൂള്ഭ സ്വധാവോ വ ത്വനോനാ നമസാ തുര ഇയാം ||**

ഹേ വരുണാ! നീ എന്റെ മിത്രമായ സ്തോതാവിനെ വധിക്കുവാനാഗ്രഹിക്കത്തക്കവിധം എന്നിൽ നിന്നും എന്തപരാധമാണുായിട്ടുള്ളത്? എന്നോടുക്കാര്യം പറയണമേ. അതനുസരിച്ച് സൽകർമ്മങ്ങളനുഷ്ഠിച്ചുകൊ് നിന്റെ സന്നിധിയിലെത്തിക്കൊള്ളാം.

**5. അവ ദ്രുഗ്ധാനി പിത്രാ സൃജാ നോ വ യാ വയം ചകൃമാ തനൂഭിഃ |**

**അവ രാജൻപശുതൃപ്ഷം ന തായും സൃജാ വത്സം ന ദാമ്നോ വസിഷ്ഠം ||**

ഹേ വരുണാ! ഞങ്ങളുടെ പൈതൃകമായ അപരാധങ്ങളെ അകറ്റണമേ. ഞങ്ങൾ ഞങ്ങളുടെ ദേഹം കൊു ചെയ്ത അപരാധങ്ങളിൽ നിന്നും മോചിപ്പിക്കണമേ. മൃഗചോരൻ മൃഗങ്ങളെ തൃണം കാണിച്ച് തൃപ്തിപ്പെടുത്തുന്നതുപോലെയും, കന്നുകുട്ടി കെട്ടഴിഞ്ഞു പോകുന്നതുപോലെയും എന്നെ പാപങ്ങളിൽ നിന്നും മോചിപ്പിക്കണേ.

**6. ന സ സ്വോ ദക്ഷോ വരുണധ്രുതിഃ സാ സുരാ മന്യുർവിഭീദകോ അചിത്തിഃ |**

**അസ്തി ജ്യായാൻകനീയസ ഉപാരേ സ്വപ്നശ്ചനേദതൃസ്യ പ്രയോതാ ||**

പാപം അതിന്റെ ദോഷം കാരണമായി പ്രാപ്തമാകുന്നില്ല. പിന്നയോ അത് ക്രോധം, ഭ്രമം, ചൂതുകളി, അജ്ഞാനം അഥവാ ദൈവഗതി എന്നിവകളാൽ പ്രാപ്തമാകുന്നു. പലപ്പോഴും ജ്യേഷ്ഠൻ അനുജനെപ്പോലും കുമാർഗ്ഗങ്ങളിലേക്കാനയിക്കുന്നു. അതുപോലെ സ്വപ്നത്തിലും ചിലപ്പോൾ പാപം ജനിക്കുന്നു.

**7. അരം ദാസോ ന മീലഹുഷേ കരാണ്യഹം ദേവായ ഭൂർണയേ നാഗാഃ |**

**അചേതയദചിതോ ദേവാ അര്യോ ഗൃത്സം രായേ കവിതരോ ജജൂനാതി ||**

ഞാൻ പവിത്രനായി വരുണനെ സേവിക്കും. അവൻ ജ്ഞാനഹീനരായ നമുക്ക് ജ്ഞാനമ നൽകണേ. സ്തോതാക്കൾക്കു ധനം നൽകണേ.

**8. അയം സു തുഭ്യം വരുണസ്വധാവോ ഹദി സ്തോമ ഉപശ്രിതശ്ചിദസ്തു |**

**ശം നഃ ക്ഷേമേ ശമു യോഗേ നോ അസ്തു യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ വരുണാ! ഈ സ്തുതി നിനക്കുള്ളതാകുന്നു. ലാഭവും ക്ഷേമവും ഞങ്ങൾക്കു കല്യാണകാരിയാകണേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കണമേ.

## സൂക്തം 87

**ഋഷി വസിഷ്ഠൻ ദേവത വരുണൻ ഛന്ദസ് ത്രിഷ്ടുപ്**

**1 രദത്പഥോ വരുണഃ സൂര്യായ പ്രാർണാംസി സമുദ്രിയാ നദീനാം |**

**സർഗോ ന സൃഷ്ടോ അർവതീർഋതായഞ്ചകാരമഹീരവനീരഹഭ്യഃ ||**

വരുണൻ തന്നെയാണ് അന്തരീക്ഷത്തിൽ സൂര്യനും വേി വഴിതെളിച്ചത്. അവർ നദികൾക്കു ജലം നലകി അതിവേഗം പോകുവാനുള്ള ആഗ്രഹത്തോടുകൂടി രാത്രിയെ പകലിൽ നിന്നും വേർപെടുത്തി.

**2. ആത്മാ തേ വാതോരജ ആ നവീനോത്പശൂർന ഭൂർണിർയവസേ സസവാൻ |**

**അന്തർമഹീ ബൃഹതീ രോദസീമേ വിശ്വാ തേ ധാമ വരുണ പ്രിയാണി ||**

ഹേ വരുണാ! ലോകത്തിന്റെ ആത്മാവായ വായു ജലത്തെ എല്ലാ ഭാഗത്തേക്കും അയക്കുന്നു. പുല്ലു തിന്നുന്ന മൃഗം അന്നം വഹിച്ചുകൊു പോകുന്നതുപോലെ വായുവും അന്നം വഹിച്ചുകൊുപോകുന്നു വിശാലമായ വാനൂഴികളിൽ നിങ്ങളുടെ എല്ലാ സ്ഥാനങ്ങളും എല്ലാവരും ഇഷ്ടപ്പെടുന്നു.

**3. പരി സ്പർശോ വരുണസ്യ സ്മദിഷ്ടാ ഉഭേ പശ്യന്തി രോദസീ സുമേ**

**ഋതാവാനഃ കവയോ യജ്ഞധീരാഃ പ്രചേതസോ യ ഇഷയന്ത മൻമ ||**

വരുണന്റെ എല്ലാ അനുചരൻമാരും പ്രശംസായോഗ്യരാകുന്നു. അവർ ദ്യാവാപൃഥ്വികളുടെ മനോഹരമായ രൂപത്തെ നോക്കുന്നു. ജ്ഞാനികളുടെ സ്തോത്രങ്ങളേയും നോക്കുന്നു.

**4. ഉവാച മേ വരുണോ മേധരിയാ ത്രിഃ സപ്ത നാമാഘ്ന്യാ ബിഭർതി |**

**വിദ്വാൻപദസസ്യ ഗുഹ്യാ ന വോചദ്യുഗായ വിപ്ര ഉപരായ ശിക്ഷൻ ||**

ഞാൻ മേധാവിയായ ഋത്വിജനാകുന്നു. പൃഥ്വിക്ക് ഇരുപത്തിയൊന്നു പേരുകളുന്നെ് വരുണൻ പറഞ്ഞിരിക്കുന്നു. മേധാവിയായ വരുണൻ യോഗ്യനായ ശിക്ഷന് എല്ലാകാര്യങ്ങളും ഉപദേശിച്ചുകൊടുത്തിരുന്നു.

**5. തിസ്രോ ദ്യാവോ നിഹിതാ അന്തരസ്മിന്തിസ്രോ ഭൂമീരുപരാഃ ഷഡ്വിധാനാഃ |**

**ഗൃത്സോ രാജാ വരുണശ്ചക്ര ഏതം ദിവി പ്രേങ്ഖം ഹിരണ്യയം ശുഭേകം ||**

ഈ വരുണനിൽ മൂന്നുസ്വർഗ്ഗവും മൂന്നിനം ഭൂമികളും ആറിനം ദിക്കുകളും ഉ്. വരുണൻ സൂര്യനെ സ്വർണ്ണ ഊഞ്ഞാലുപോലെ തേജസ്സോടുകൂടി സൃഷ്ടിച്ചു.

**6. അവം സിന്ധും വരുണോ ദ്യൗരിവ സ്ഥാദ് ദ്രപ്സോ ന ശ്വേതോ മൃഗസ്തുവിഷ്മാൻ |**

**ഗംഭീരശംസോ രജസോ വിമാനഃ സുപാരക്ഷത്രം സതോ അസ്യ രാജാ ||**

വരുണൻ സൂര്യനെപ്പോലെത്തന്നെ സമുദ്രത്തെയും സൃഷ്ടിച്ചു. അവൻ മൃഗതുല്യം ബലവാനും ജലത്തെ രചിച്ചവനും ദുഃഖങ്ങളുടെ മറുകരയെയെത്തുന്നവനും, ജൻമമെടുത്ത എല്ലാത്തിന്റെയും ഈശ്വരനുമാകുന്നു.

**7. യോ മൃളയാതി ചക്രുഷേ ചിദാഗോ വയം സ്യാമ വരുണേ അനാഗാഃ |**

**അനു വ്രതാന്യദിതേഋ ധന്തോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

അവൻ അപരാധികളുടെ മേൽ ദയകാട്ടുന്നവനാകുന്നു. അവന്റെ കർമ്മങ്ങളെ വളർത്തി അപരാധങ്ങളിൽ നിന്നും മുക്തരാകും. നിങ്ങൾ ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

## സൂക്തം 88

**ഋഷി വസിഷ്ഠൻ ദേവത വരുണൻ ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്ര ശുന്ധ്യുവം വരുണായ പ്രേഷ്ഠാം മതിം വസിഷ്ഠ മീളഹുഷേ ഭരസ്വ |**

**യ ഈമർവാഞ്ചം കുരതേ യജത്രം സഷസ്രമാഘം വൃഷണം ബൃഹന്തം ||**

ഹേ വസിഷ്ഠാ! വരുണൻ അഭിലാഷവർഷകനാകുന്നു. നീ അവനെ സ്തുതിച്ചാലും അവൻ യജ്ഞയോഗ്യനും, സമ്പത്തുക്കളുടെ നാഥനും ആകുന്നു. അതുപോലെ അവൻ സൂര്യനെ എല്ലാവരുടേയും മുമ്പിലേയ്ക്കു കൊുവരികയും ചെയ്യുന്നു.

**2. അധാ ന്വസ്യ സൻദൃശം ജഗന്വാനഗ്നേരനീകം വരുണസ്യ മംസി |**

**സ്വര്യദശ്മന്നധിപാ ഉ അന്ധോ ഭി മാ വപുർദൃശയേ നിനീയാത് ||**

വരുണനെ ദർശിച്ചുകൊ് അഗ്നിജ്വാലകളെ ഞാൻ നമസ്കരിക്കുന്നു. അമ്മിക്കല്ലാൽ ഇടിച്ചുപിഴിഞ്ഞ സോമരസത്തെ വരുണൻ വളരെയധികമായി പാനം ചെയ്യുന്നു. അപ്പോൾ ദർശനത്തിനുവേി എന്റെ ശരീരം വളരുന്നു.

**3. ആ യദ്രുഹാവ വരുണശ്ച നാവം പ്ര യത്സമുദ്രമീരയാവ മധ്യം |**

**അധി യദപാ സ്നുഭിശ്ചരാവ പ്രേങ്ഖഈങ്ഖയാഹൈ ശുഭേ കം ||**

ഞാനും വരുണനും തോണിയിൽ കയറുകയും സമുദ്രത്തിൽ തോണി ശരിയാവിധം നടത്തപ്പെടുകയും ചെയ്യുമ്പോൾ ഞങ്ങൾ ആനൗകാരൂപമായ ഊഞ്ഞാലിൽ സുഖപൂർവ്വം ക്രീഡിച്ചിരുന്നു.

**4. വസിഷ്ഠം ഹഃ വരുണോ നാവ്യാധാദൃഷിം ചകാര സ്വപാ മഹോഭിഃ |**

**സ്തോതാരം വിപ്രഃ സുദിനത്വേ അഹ്നാം യാന്നു ദ്യാവസ്തനന്യാദുഷാസഃ ||**

ജ്ഞാനിയായ വരുണൻ ദിനരാത്രങ്ങളെ വളർത്തുകയും എന്നെ തോണിയിൽ കയറ്റുകയും ചെയ്തു. തന്റെ രക്ഷാകർമ്മങ്ങളാൽ അവൻ വസിഷ്ഠനെ സുകർമ്മാവാക്കി.

**5. ക്വത്യാനി നൗ സഖ്യാ ബഭൂവുഃ സചാവഹേ യദവൃകം പുരാചിത് |**

**ബൃഹന്തം മാനം വരുണ സ്വധാവഃ സഹസ്രദ്വാരം ഗമാ ഗൃഹം തേ ||**

ഹേ വരുണാ!നാം പ്രാചീനഭാരതത്തിൽ എപ്പോൾ മിത്രങ്ങളായിരുന്നു? തമ്മിലുായിരുന്ന ഹിംസാരഹിതമായ മിത്രതയെ നാം നിരന്തരം പുലർത്തിക്കൊിരിക്കുന്ന. വരുണാ! നീ അന്നത്തിന്റെ സ്വാമിയാണല്ലോ. ഞാൻ നിന്റെ ആയിരം വാതലുകളോടുകൂടിയ ഗൃഹത്തിൽ പ്രവേശിക്കും.

**6. യ ആപിർനിത്യോ വരുണ പ്രിയഃ സന്ത്വാമാഗാംസി കൃണവത്സഖാ തേ |**

**മാ ത ഏനസ്വന്തോ യക്ഷിനഭുജേമ യന്ധി ഷ്മാ വിപ്രഃ സ്തുവതേ വരൂഥം ||**

ഹേ വരുണാ! പ്രാചീനകാലത്ത് നിത്യബന്ധുക്കളായിരുന്നവർ നിനക്കെതിരായി അപരാധം ചെയ്തിരിക്കുന്നു. അവരിപ്പോൾ നിന്റെ മിത്രങ്ങളാകണേ. ഞങ്ങൾ ആത്മീയമായ പാപം ഭുജിക്കാതിരിണേ. നീ സ്തുതിക്കുന്നവർക്ക് നല്ല ഗൃഹം നൽകണമേ.

**7. ധ്രുവാസു ത്വാസു ക്ഷിതിഷു ക്ഷിയന്തോ വ്യസ്മത് പാശം വരുണോ മുമോചത് |**

**അവോ വന്വാനാ അദിതേരു പസ്ഥാദ്യുയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ വരുണാ! ഞങ്ങൾ നിന്റെ സ്തോതാക്കളാകുന്നു. ഞങ്ങളെ ബന്ധനവിമുക്തരാക്കണമേ. ഞങ്ങൾ അങ്ങയുടെ രക്ഷയെ അനുഭവിക്കണേ. നീ ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

## സൂക്തം 89

**ഋഷി വസിഷ്ഠൻ ദേവത വരുണൻ ഛന്ദസ് ഗായത്രി; ജഗതി**

**1. മോ ഷു വരുണ മൃൻമയം ഗൃഹം രാജന്നഹം ഗമം |**

**മൃളാ സുക്ഷത്ര മൃളയ ||**

ഹേ വരുണാ! ഞാൻ മണ്ണുകൊുള്ള പുരയെ പ്രാപിക്കാതിരിക്കണേ. നീ എന്റെ മേൽ കൃപയുള്ളവനായി സുഖം നൽകണേ.

**2. യദേമി പ്രസ്ഫുരന്നിവ ദൃതിർന ധ്മാതോ അദ്രിവഃ |**

**മൃളാ സുക്ഷത്ര മൃളയ ||**

ഹേ വരുണാ! വായുവിനാലിളക്കപ്പെട്ട മേഘം പോലെ ഞാൻ കമ്പിതനായിക്കൊിരിക്കുന്നു. നീ എന്നിൽ ദയയുള്ളവനായി എനിക്കു സുഖം തരണമേ.

**3. ക്രത്വഃ സമഹ ദീനതാ പ്രതീപം ജഗമാ ശുചേ |**

**മൃളാ സുക്ഷത്ര മൃളയ ||**

ഹേ വരുണാ! ദാരിദ്ര്യവും; കഴിവുകുറവും കാരണം അനുഷ്ഠാനങ്ങൾ നടത്തുവാൻ എനിക്കു കഴിയുന്നില്ല. നീ എന്റെ മേൽ കൃപയുള്ളവനായി മംഗളമരുളണമേ.

**4. അപാം മധ്യേ തസ്ഥിവാംസം തൃഷ്ണാവിദജ്ജരിതാരം |**

**മൃളാ സുക്ഷത്ര മൃളയാ ||**

ഞാൻ സമുദ്രത്തിൽ വസിക്കുന്നവനായിട്ടും എനിക്ക് ദാഹം അനുഭവപ്പെടുന്നു. നീ കൃപാപൂർവ്വം തന്നെ സുഖമുള്ളവനാക്കണമേ.

**5.യക്തിംചേദംവരുണ ദൈവ്യേ ജനേ ഭിദ്രോഹം മനുഷ്യാശ്ചരാമസി |**

**അചിത്തി യത്തവ ധർമാ യുയോപിമ മാ നസ്തസ മാദേനസോ ദേവരിരിഷഃ ||**

ഹേ വരുണാ! ഞങ്ങൾ മനുഷ്യർ ദേവകളോടപരാധം ചെയ്തിരിക്കാം, അഥവാ അജ്ഞാനത്താൽ നിങ്ങളുടെ കർമ്മങ്ങളിൽ തെറ്റുകൾ വരുത്തിയിരിക്കാം. ആ പാപങ്ങൾ കാരണം ഞങ്ങളെ ഹിംസിക്കരുതേ.

## സൂക്തം 90

**ഋഷി വസിഷ്ഠൻ ദേവത വായു, ഇന്ദ്രവായു ഛന്ദസ് ത്രിഷ്ടുപ്**

**1. പ്ര വിരയാ ശുചയോ ദദ്രിരേ വാമധ്വര്യുഭിർമധുമന്തഃ സുതാസഃ |**

**വഹ വായോ നിയുതോ യാഹ്യച്ഛാ പിബാ സുതസ്യാന്ധഃ സാ മദായ ||**

ഹേ വീരകർമ്മാവായ വായോ! മധുരരസമാർന്ന ഈ സോമം അധ്വര്യുക്കൾ തയ്യാറാക്കിയിരിക്കുന്നു. നീ അശ്വങ്ങളെ തേരിൽ പൂട്ടി ഇവിടെ വന്ന് സോമം പാനം ചെയ്യണമേ.

**2. ഈശാനായ പ്രഹുതിം യസ്ത അനാദ് ശുചിം സോമം ശുചി പാസ്തുഭ്യം വായോ |**

**പ്രശസ്തം ജാതാ ജാതോ കൃണോഷി തം മർത്യേഷു ജായതേ വാജ്യസ്യ ||**

ഹേ വായോ! യാതൊരു ജയമാനൻ അങ്ങയെ ഈശ്വരനായിക്കരുതി ആഹുതി സമർപ്പിക്കുന്നുവോ. ഹേ വരുണാ! ആര് നിനക്ക് സോമം സമർപ്പിക്കുന്നുവോ, അവനെ മനുഷ്യരിൽ പ്രമുഖനാക്കണമേ. അവൻ സർവ്വശ്രേഷ്ഠനായി ധനം സമ്പാദിക്കുന്നു.

**3. രായേ നു യം ജജ്ഞതു രോദസീമേ രായേ ദേവീ ധിഷണാധാതി ദേവം |**

**അധ വായും നിയുകഃ സശ്ചത സ്വാ ഉത ശ്വേതം വസുധിതിം നിരേകേ ||**

യാതൊരു വായുവിനെ ധനത്തിനുവേി വാനുഴികൾ പ്രകടമാക്കിയോ, അതിനാൽ സ്തുതികൾ യാതൊരു വായുവിനെ പ്രാപിക്കുന്നുവോ. ആ വായു തന്റെ അശ്വങ്ങൾ വഴിയായി സേവനത്തിനു വന്നു ചേരുന്നു.

**4. ഉച്ഛണഷസഃ സുദിനാ അരിപ്രാ ഉരു ജ്യോതിർവിവിദുദീർഘ്യാനാഃ |**

**ഗവ്യം ചിദൂർവമുശിജോ വി വവ്രുസ്തേഷാമനു പ്രദിവഃ സസ്രൂരാപഃ ||**

പാപരഹിതകളായ ഉഷസുകൾ അന്ധകാരത്തെ നശിപ്പിക്കുന്നു. അവർ വിശിഷ്ടമായ ദീപ്തിയോടുകൂടിയവരാകുന്നു. അംഗിരസ്സുകൾ ഗോധനം പ്രാപിക്കുകയും, പ്രാചീനജലം അവരെ അനുഗമിക്കുകയും ചെയ്തിരുന്നു.

**5. തേ സത്യേന മനസാ ദീധ്യാനാഃ സ്വേന യുക്താസഃ ക്രതുനാ വഹന്തി |**

**ഇന്ദ്രവായൂ വീരവാഹം രഥം വാമീശാനയോരഭി പൃക്ഷഃ സചന്തേ ||**

ഹേ ഇന്ദ്രാ, വായു! നിങ്ങൾ ഈശ്വരൻമാരാണല്ലോ. യജമാനൻ തന്റെ ഹാർദ്ദവമായ സ്തുതികൾ വഴിയായി നിങ്ങളുടെ രഥത്തെ അവരുടെ യജ്ഞത്തിൽ വഹിക്കുകയും എല്ലാ അന്നവും നിങ്ങൾക്കു സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു.

**6. ഈശാനാസോ യേ ദധതേ സ്വർണോഗോഭിരശ്വേഭിർവസുഭിഹിരണ്യൈഃ |**

**ഇന്ദ്രവായൂ സൂരയോ വിശ്വമായുരർവദ്ഭിർവീരൈഃ പൃതനാസു സഹ്യുഃ ||**

ഹേ ഇന്ദ്രാ, വായു! സമർത്ഥരായ യാതൊരുത്തർ ഞങ്ങൾക്ക് ഗോക്കളേയും അശ്വങ്ങളേയും സ്വർണ്ണം മുതലായവകളും നൽകുന്നുവോ ആ ദാതാക്കൾ ദീർഘജീവിതത്തിൽ വിജയം പ്രാപിക്കുന്നു.

**7. അർവന്തോ ന ശ്രവസോ ഭിക്ഷമാണാ ഇന്ദ്രവായൂ സുഷ്ടുതിഭിർവസിഷ്ഠാഃ |**

**വാജയന്തഃ സ്വവസേ ഹുവേമ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

അശ്വത്തെപ്പോലെ ഹവിസ്സ് വഹിക്കുന്നവരായ വസിഷ്ഠൻമാർ ശ്രേഷ്ഠമായ സ്തുതികൾ വഴി ഇന്ദ്രനേയും വായുവിനേയും ഹ്വാനം ചെയ്തു. നിങ്ങൾ ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 91

**ഋഷി വസിഷ്ഠൻ, ദേവത വായു; ഇന്ദ്രവായു, ഛന്ദസ് ത്രിഷ്ടുപ്.**

**1. കുവിദങ്ഗ നഭസാ യേ വൃധാസഃ പുരാ ദേവാ അനവദ്യാസ ആസൻ |**

**തേ വായവേ മനവേ വാധിതായാവാസയന്നുഷസം സൂര്യേണ ||**

യാതൊരു സ്തോതാവ് വായുവിനെ സ്തുതിച്ച് സമൃദ്ധനായോ അദ്ദേഹം സങ്കടഗ്രസ്തരെ ഉദ്ധരിക്കുന്നതിനായി വായുവിന് ഹവിസ്സ് പ്രദാനം ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടി സൂര്യനേയും ഉഷസ്സിനേയും ഒന്നിച്ചു തടഞ്ഞിരുന്നു.

**2. ഉശന്താ ദൂതാ ന ദഭായ ഗോപാ മാസശ്ച പാഥഃ ശരദശ്ച പൂർവീഃ |**

**ഇന്ദ്രവായൂ സുഷ്ടുതിർവാമിയാനാ മാർഡീകമീട്ടേ സുവിതം ച നവ്യം ||**

ഹേ ഇന്ദ്രാ! വായു! നിങ്ങൾ ഞങ്ങളുടെ രക്ഷകരാണല്ലോ, ഞങ്ങളെ ഹിംസിക്കരുതേ ശ്രേഷ്ഠമായ ധനം യാചിക്കുന്നു.

**3. പീവോഅന്നന്യ രയിവൃധഃ സമുമേധാഃ ശ്വേതഃ സിഷക്തി നിയുതാമഭിശ്രീഃ |**

**തേ വായവേ സമനസോ വി തസ്ഥുർ വിശ്വേന്നരഃ സ്വപത്യാനി ചക്രുഃ ||**

ഉജ്ജ്വലവർണ്ണനായ വായു യാതൊരു പുരുഷൻമാർക്ക് ആശ്രയം നൽകുന്നുവോ; ആ പുരുഷൻമാർ ഏകമനസ്സുള്ളവരായി വായുവിന് യജ്ഞം നടത്തുന്നു. അവർ സന്താനപ്രാപ്തിയ്ക്കുവേി യജ്ഞരൂപമായ കർമ്മങ്ങൾ നടത്തി.

**4. യാവത്തരസ്തന്വേ യാവദോജോ യാവന്നരശ്ചക്ഷസാ ദീധ്യാനാഃ |**

**ശുചിം സോമം ശുചിപാ പാതമസ്മേ ഇന്ദ്രവായൂ സദതം ബർഹിരേദം ||**

ഹേ ഇന്ദ്രാ, വായോ! നിങ്ങളുടെ ദേഹങ്ങളിൽ ബലവും വേഗവും ഉ ായിരിക്കുന്നതുവരെ ഈദർഭയിലിരുന്ന് സോമം പാനം ചെയ്യണേ.

**5. നിയുവാനാ നിയുതഃ സ്പാർഹവീരാ ഇന്ദ്രവായൂ സരഥം യാതമർവാക്||**

**ഇദം ഹി വാം പ്രഭൃതം മധ്വോ അഗ്രമധ പ്രീണാനാ വി മുമുക്തമസ്മേ ||**

ഇന്ദ്രാവായുക്കളേ! നിങ്ങളുടെ സ്തോതാവ് ആശാഭരിതനാകുന്നു. നിങ്ങൾ സ്വന്തം അശ്വങ്ങളെ കെട്ടി ആഗതരാകുവിൻ. നിങ്ങൾക്കുവേി തയ്യാറാക്കിയ ഈ സോമം പാനം ചെയ്ത് ഞങ്ങളെ പാപങ്ങളിൽ നിന്നും മോചിപ്പിക്കണേ.

**6. യാ വാ ശത നിയതോ യാഃ സഹസ്രമിന്ദ്രവായൂ വിശ്വവാരാഃ സചന്തേ |**

**ആഭിർയാതം സുവിദത്രാഭിരർവാക്പാതം നരാ പ്രതിഭൃതസ്യ മധ്വഃ ||**

ഇന്ദ്രവായുക്കളേ! നിങ്ങളുടെ എണ്ണമറ്റ അശ്വങ്ങൾ നിങ്ങളുടെ സേവനത്തിൽ തല്പരരായിരിക്കുന്നു. ആ അശ്വങ്ങൾ വരണീയങ്ങളാണല്ലോ. അവയോടുകൂടി ഞങ്ങളുടെ അടുക്കൽ വരണേ.

**7. അർവന്തോ ന ശ്രവസോ ഭിക്ഷമാണാ ഇന്ദ്രവായൂ സുഷ്ടുതിഭിർവസിഷ്ഠാ |**

**വാജയന്തഃ സ്വവസേ ഹുവേമ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹവിസ്സ് വാഹകരും, അന്നയാചകരുമായ വസിഷ്ഠൻ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളാൽ ഇന്ദ്രനേയും വായുവിനേയും, ആഹ്വാനം ചെയ്യുന്നു. നിങ്ങൾ ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

## സൂക്തം 92

**ഋഷി വസിഷ്ഠൻ ദേവത വായു, ഇന്ദ്രവായു. ഛന്ദസ് ത്രിഷ്ടുപ്.**

**1. ആ വായോ ഭൂഷ ശുചിപാ ഉപ നഃ സഹസ്രം തേ നിയുതോ വിശ്വവാര |**

**ഉപാ തേ അന്ധോ മദ്യമയാമി യസ്യ ദേവ ദധിഷേ പൂർവപേയം ||**

ഹേ സോമപായിയായ വായോ! നീ ഞങ്ങൾക്കഭിമുഖമായി വന്നാലും നീ സഹസ്രാശ്വനാണല്ലോ. ആദ്യം കുടിക്കേവനാണല്ലോ. കുടിക്കേ തായ സോമം പാത്രത്തിൽ സ്ഥിതിചെയ്യുന്നു.

**2. പ്ര സോതാ ജീരോ അധ്വരേഷ്വസ്ഥാത്സോമമിന്ദ്രായ വായവേ പിബധ്യൈ |**

**പ്രയദ്വാം മധ്വോ അഗ്രിയം ഭരന്ത്യധ്വര്യവോ ദേവയന്തഃ ശചീഭിഃ ||**

ശ്രേഷ്ഠകർമ്മാക്കളായ അധ്വര്യുക്കൾ ഇന്ദ്രനും വായുവിനുംവേി സോമം തയ്യാറാക്കിയിരിക്കുന്നു. ഹേ ഇന്ദ്രാ! വായു! അധ്വര്യുക്കൾ യജ്ഞത്തോടുകൂടി സോമത്തിന്റെ അഗ്രഭാഗം നിങ്ങൾക്കായി സമർപ്പിച്ചിരിക്കുന്നു.

**3. പ്ര യാഭിര്യാസി ദശ്വാംസമച്ഛാ നിയുദ്ഭിർവായവിഷ്ടയേ ദുരോണേ |**

**നി നോരയിം സുഭോജസം യുവസ്വ നി വീരം ഗവ്യമശ്വ്യം ച രാധഃ ||**

ഹേ വായു! നിങ്ങൾ ഹവിസ്സ് ദാതാതവായ യജമാനന്റെ ഗൃഹത്തിൽ അങ്ങയുടെ എതെല്ലാമശ്വങ്ങളുമായി പോയിരിക്കുന്നുവോ; അവയോടുകൂടി ഇവിടെ വരികയും ഞങ്ങൾക്ക് ശ്രേഷ്ഠമായ അന്നവും ധനവും പ്രദാനം ചെയ്യുകയും ചെയ്യണമേ.

**4. യേ വായവ ഇന്ദ്രമാദനാസ ആദേവാസോ നിതോശനാസോ അര്യഃ |**

**ഘ്നന്തോ വൃത്രാണി ശൂരിഭിഃ ഷ്യാമ സാസഹ്വാംസോ യുധാ നൃഭിരമിത്രാൻ ||**

ഇന്ദ്രനേയും വായുവിനെയും സന്തുഷ്ടരാക്കുന്ന ദേവോപാസകൻ ശത്രുക്കളെ സംഹരിക്കുന്നവനാകുന്നു. നമുക്കവന്റെ സഹായത്തോടുകൂടി ശത്രുക്കളെ നശിപ്പിക്കാം.

**5. ആ നോ നിയുദ്ഭിഃ ശതിനീഭിരധ്വരം സഹസ്രിണീഭിരുപ യാഹി യജ്ഞം |**

**വായോ അസ്മിൻത്സവനേ മാദയ സ്വയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ വായു! നിന്റെ അസംഖ്യങ്ങളായ അശ്വങ്ങളോടുകൂടി യജ്ഞത്തിൽ വരികയും സോമപാനത്താൽ ഹർഷിതനായിത്തീരുകയും ചെയ്യണമേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 93

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രാഗ്നി, ഛന്ദസ് ത്രിഷ്ടുപ്.**

**1. ശുചിംനു സ്തോമം നവജാതമദ്യേന്ദ്രാഗ്നീ വൃത്രഹണാ ജുജുഷേഥാം |**

**ഉഭാ ഹി വാം സുഹവാ ജോഹവീമി താ വാജ സദ്യ ഉശതേ ധേഷ്ഠാ ||**

ഹേ ഇന്ദ്രാഗ്നേ! എന്റെ അഭിനവമായ സ്തോത്രത്തെ ശ്രവിക്കുവിൻ. നിങ്ങൾ ആഹ്വാനയോഗ്യനാണല്ലോ. ഞാൻ നിങ്ങളെ നിരന്തരമായി ആഹ്വാനം ചെയ്യുന്നു. നിങ്ങൾ ആശാഭരിതനായ യജമാനന് അന്നം പ്രദാനം ചെയ്യുന്നു.

**2. താ സാനസീ ശവസാനാ ഹി ഭൂതം സാകം വൃധാ ശവസാ ശുശുവാംസാ |**

**ക്ഷയന്തൗ രായോ യവസസ്യ ഭൂരേഃ പൃങ്ക്തം വാജസ്യ വിരസ്യ ധൃഷ്ണോഃ ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ യജനിയരാണ്. നിങ്ങൾ ശത്രുക്കളെ നശിപ്പിക്കുന്നവരാകുവിൻ. നിങ്ങൾ പ്രചുരമായ ധനത്തിന്റെയും അന്നത്തിന്റെയും ഈശീൻമാരാകുന്നു. ഞങ്ങൾക്ക് ശത്രുനാശകമായ അന്നം പ്രദാനം പ്രദാനം ചെയ്യണമേ.

**3. ഉപോ ഹ യദ്വിദഥം വാജിനോ ഗുർധീഭിർവിപ്രാഃ പ്രമതിമിച്ഛമാ നാഃ |**

**അർവന്തേ ന കാഷ്ഠാം നക്ഷമാണാ ഇന്ദ്രാഗ്നീ ജോഹുവതോ നരസ്തോ ||**

യജ്ഞകർമ്മങ്ങളിൽ വ്യാപൃതനായിരിക്കുന്ന ഹവിർദാതാവ് അശ്വത്തെപ്പോലെ ഇന്ദ്രാഗ്നികളുടെ കർമ്മങ്ങളെ വ്യാപ്തമാക്കിക്കൊ് അവരെ നിരന്തരം അഹ്വാനം ചെയ്യുന്നു.

**4. ഗീർഭിർവിപ്രഃ പ്രമതിമിച്ഛമാന ഈട്ടേ രയിം യശസം പൂർവഭാജം |**

**ഇന്ദ്രാഗ്നീ വൃത്രഹണാ സുവജ്രാ പ്രഃ നോ നവ്യേഭിസ്തിരതംദേഷ്ണൈഃ ||**

ഹേ ഇന്ദ്രാഗ്നേ! ഉപഭോഗ്യധനത്തിനു വേി വിപ്രനായ സ്തോതാവ് നിങ്ങളെ സ്തുതിക്കുന്നു. നിങ്ങൾ വൃതഹന്താക്കളും ശ്രേഷ്ഠനുമാണല്ലോ. ഞങ്ങളെ ദാനയോഗ്യമായ ധനത്താൽ വളർത്തണമേ.

**5 സം യൻമഹീ മിഥതീ സ്പർധമാനേ തനൂരുചാ ശൂരസാതാ യതൈതേ |**

**അദേവയും വിദഥേ ദേവയുഭിഃ സത്രാഹതം സോമസുതാ ജനേന ||**

രണക്ഷേത്രത്തിൽ വന്നുചേർന്നിരിക്കുന്ന ശത്രുസേനകളെ തങ്ങളുടെ തേജസ്സിനാൽ നശിപ്പിക്കുകയും ദേവകളെ ഇഷ്ടപ്പെടുന്ന യജമാനനുവേി ദേവന്വേഷികളെയു അയാജ്ഞികൻമാരെയും നശിപ്പിക്കണേ.

**6. ഇനാമുഷ സോമസുതിമുപ ന ഏന്ദ്രാഗ്നീ സൗമനസായ യാതം |**

**നൂ ചിദ്ധി പരിമമ്നാഥേ അസ്മാന വാം ശശ്വദ്ഭിർവവൃതീയ വാജൈഃ ||**

ഹേ ഇന്ദ്രാഗ്നീ! ഞങ്ങളുടെ സോമാഭിഷവ കമ്മത്തിൽ എഴുന്നള്ളണമേ. നിങ്ങൾ ഞങ്ങളെയല്ലാതെ മറ്റാരേയും അറിയുന്നില്ലല്ലോ. അതിനാൽ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**7 സോ അഗ്ന ഏനാ നമസാ സമിദ്ധോ ച്ഛാ മിത്രം വരുണമിന്ദ്രം വോചേഃ |**

**യത്സീമാഗശ്ചകൃമാ തത്സു മൃള തദർയമാദിതിഃ ശിശ്രഥന്തു ||**

ഹേ അഗ്നേ! സമിധകൾവഴിയായി വളരുന്ന നീ ഇന്ദ്രനോടും മിത്രനോടും, ഇവൻ നമ്മുടെ രക്ഷയ്ക്കുയോഗ്യനാണെന്നു പറയൂ. നിങ്ങൾ ഞങ്ങളുടെ അപരാധങ്ങൾ അകറ്റി ഞങ്ങളെ രക്ഷിക്കുവിൻ. അദിതിയും അർയ്യമാവും നമ്മെ ദോഷയുക്തരാക്കണേ.

**8. ഏതാ അഗ്ന ആശുഷണാസ ഇഷ്ടീർയുവോഃ സചാഭ്യ ശ്യാമ വാജാൻ |**

**മേന്ദ്രോ നോ വിഷ്ണുർമരുതഃ പരി ഖ്യനയൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ അഗ്നേ! ഞങ്ങൾ ഈ യജ്ഞം വഴിയായി നിങ്ങളുടെ അന്നം അതിവേഗം നടത്തണേ. ഇന്ദ്രനും വിഷ്ണുവും മരുത്തുക്കളും വിരോധികളുടെ മേൽ കൃപചൊരിയാതിരിക്കണേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കണമേ.

## സൂക്തം 94

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രാഗ്നി, ഛന്ദസ് ത്രിഷ്ടുപ്.**

**1. ഇമം വാമസ്യ മൻമന ഇന്ദ്രാഗ്നി പൂർവ്യസ്തുതിഃ |**

**അഭ്രാദ്വൃഷ്ടിരിവാജനി ||**

ഹേ ഇന്ദ്രാഗ്നേ! മേഘത്തിൽ നിന്നും മഴവെള്ളം ജനിക്കുന്നതുപോലെ ഈ സ്തോതാവ് സ്തുതികളെ ഉല്പാദിപ്പിക്കുന്നു.

**2. ശൃണുതം ജരിതുർഹവമിന്ദ്രാഗ്നീ വനതം ഗിരഃ |**

**ഈശാനാ പിപ്യതം ധിയഃ ||**

ഇന്ദ്രാഗ്നേ! വിളികൾ കേൾക്കേണമേ. നിങ്ങൾ ഈശ്വരൻമാരാണല്ലോ. ഈ അനുഷ്ഠാനത്തെ പൂർത്തിയാക്കണമേ.

**3. മാ പാപത്വായ നോ നരേന്ദ്രാഗ്നീ മാഭിശസ്തയേ |**

**മാ നോ രീരധതം നിദേ ||**

ഹേ ഇന്ദ്രാഗ്നേ! ഞങ്ങളെ പരാജയത്തിലും, നിന്ദയിലും, ഹീനതയിലും പതിപ്പിക്കരുതേ.

**4. ഇന്ദ്രേ അഗ്നാ നമോ ബൃഹത്സുവൃക്തിമേരയാമഹേ |**

**ധിയാ ധേനാ അവസ്യവഃ ||**

ഞങ്ങൾ രക്ഷയ്ക്കുവേി ഇന്ദ്രനേയും അഗ്നിയേയും ഹവ്യം നല്കുകയും വിധിപോലെ സ്തുതിക്കുകയും ചെയ്യുന്നു.

**5. താ ഹി ശശ്വന്ത ഈളത ഇത്ഥാ വിപ്രാസ ഊതയേ |**

**സഭാനോ വാജസാതയേ ||**

മേധാവികളായ സ്തോതാക്കൾ ഇന്ദ്രാഗ്നികളെ സ്തുതിക്കുന്നു. തുല്യദുഃഖിതരായ മറ്റു സ്തോതാക്കളും അന്നത്തിനുവേി അവരെ സ്തുതിക്കുന്നു.

**6. താ വാം ഗീർഭിർവിപന്യവഃ പ്രയസ്വന്തോ ഹവാമഹേ |**

**മേധസാതാ സനിഷ്യവഃ ||**

അന്നധനം കാംക്ഷിക്കുന്ന ഞങ്ങൾ ആ ഇന്ദ്രാഗ്നികളെ സ്തുതികളാൽ ആഹ്വാനം ചെയ്യുന്നു.

**7. ഇന്ദ്രാഗ്നീ അവസാ ഗതമസ്മഭ്യം ചർഷണീസഹാ |**

**മാ നോ ദുഃശംസ ഈശത ||**

ഹേ ഇന്ദ്രാഗ്നീ നിങ്ങളാണല്ലോ മനുഷ്യരെ സൃഷ്ടിക്കുന്നത് നിങ്ങൾ അന്നസഹിതം ആഗതരാകുവിൻ. കടുഭാഷികൾ തങ്ങളുടെ മേൽ ഭരണം നടത്താതിരിക്കണേ.

**8. മാ കസ്യ നോ അരരുഷോദൂർതിഃ പ്രണങ്മർത്യസ്യ |**

**ഇന്ദ്രാഗ്നീ ശർമ യച്ഛതം ||**

ഹേ ഇന്ദ്രാഗ്നേ! ഞങ്ങൾ ശത്രുക്കളാൽ ഹിംസിക്കപ്പെടരുതേ. ഞങ്ങൾക്കു മംഗളമരുളണമേ.

**9. ഗോമദ്ധിരണ്യവദ്വസൂയദ്വാമശ്വാ വദിമഹേ |**

**ഇന്ദ്രാഗ്നീ തദ്വനേമഹി ||**

ഹേ ഇന്ദ്രാഗ്നേ! ഞങ്ങൾ നിങ്ങളോട് ഏതെല്ലാം ധനം യാചിക്കുന്നുവോ; അവ ഞങ്ങൾക്ക് ഉപഭോഗയോഗ്യങ്ങളാകണേ.

**10. യത്സോമ ആ സുതേ നര ഇന്ദ്രാഗ്നീ അജോഹവുഃ |**

**സപ്തീവന്താ സപർയവഃ ||**

സോമാഭിഷവത്തിനുശേഷം കർമ്മങ്ങളനുഷ്ഠിക്കുന്ന പുരുഷൻ ഇന്ദ്രാഗ്നികളെ നിരന്തരം ആഹ്വാനം ചെയ്യുന്നു.

**11. ഉക്ഥേഭിർവൃത്രഹന്തമാ യാ മന്ദാനാ ചിദാ ഗിരാ |**

**അങ്ഗൂഷൈരാവിവാസതഃ ||**

വൃത്രഹന്താക്കളായ ഇന്ദ്രനേയും അഗ്നിയേയും ഞങ്ങൾ സ്തുതികളാൽ സേവിക്കുന്നു.

**12. താവിദ്ദുഃശംസം മർത്യ ദുർവിദ്വാംസം രക്ഷസ്വിനം |**

**ആഭോഗം ഹൻമനാ ഹതമുദധിം ഹൻമനാ ഹതം ||**

ഹേ ഇന്ദ്രാഗ്നേ! നിങ്ങൾ അപഹാരകരമായ ദുഷ്ടൻമാരെ മൺകുടം പോലെ നിങ്ങളുടെ ആയുധത്താൽ തകർക്കണമേ.

## സൂക്തം 95

**ഋഷി വസിഷ്ഠൻ ദേവത സരസ്വതി സരസ്വാൻ ഛന്ദസ്സ് ത്രിഷ്ടുപ്.**

**1. പ്ര ക്ഷോദസാ ധായസാ സസ്ര ഏഷാ സരസ്വതീ ധരുണമായസീ പൂഃ |**

**പ്രവാബധാനാ രഥ്യേവ യാതി വിശ്വാ അപോ മഹിനാ സിന്ധുരന്യാഃ ||**

ലോഹനിർമ്മിതമായ പുരിപോലെ ധായയിത്രിയായി ഈ സരസ്വതി ധാരകമായ ജലത്തോടുകൂടി ഗമിക്കുന്നു. അവൾ തന്റെ മഹിമയാൽ എല്ലാ നദികളേയും കീഴ്പ്പെടുത്തികൊ് സാരഥിക്കു തുല്യം ഗമിക്കുന്നു.

**2. ഏകാചേതത്സരസ്വതീ നദീനാം ശുചിര്യതീ ഗിരിഭ്യ ആ സമുദ്രാത് |**

**രായശ്ചേതന്തീ ഭുവനസ്യ ഭൂരേർഘൃതം പയോ ദുദുഹേ നാഹുഷായ ||**

നദികളിൽ ശ്രേഷ്ഠയായ സരസ്വതി പർവതത്തിൽ നിന്നും പുറപ്പെട്ട് സമുദ്രം വരെ പോകുന്നു. അവൾ നഹുഷരാജൻെറ യാചനകൾ കേട്ടു അയാൾക്കു വേി ഘൃതദുഗ്ധത്തെ ദോഹനം ചെയ്തു.

**3 സ വാവൃധേ നര്യോ യോഷണാസു വൃഷാ ശിശുർവൃഷഭോ യജ്ഞിയാസു |**

**സ വാജിനം മഘദ്ഭ്യോ ദധാതി വി സാതയേ തന്വം മാമൃജീത ||**

വർഷിക്കുന്നതിൽ സമർത്ഥനായ സരസ്വാൻ (പാക്) മനുഷ്യരുടെ ഹിതത്തിനുവേി യജ്ഞിയയോഷിതകളുടെ മദ്ധ്യത്തിൽ വളരുന്നു. ഹവിസ്സോടുകൂടിയ യജമാനൻമാർക്ക് ബലവാനമാരായ പുത്രൻമാരെ പ്രദാനം ചെയ്യുകയും അവരുടെ ശരീരത്തെ ശുദ്ധമാക്കുകയും ചെയ്യുന്നു.

**5. ഇമാ ജുഹ്വാനാ യുഷ്മദാ നമോഭിഃ പ്രതി സ്തോമം സരസ്വതി ജുഷസ്വ |**

**തവ ശർമൻപ്രിയതമേ ദധാനാ ഉപ സ്ഥേയാമ ശരണം ന വൃക്ഷം ||**

ഹേ സരസ്വതീ ഞങ്ങൾ ഹവിസ്സ് വഹിച്ചുകൊും യജമാനൻ നമസ്കരിച്ചുകൊും നിന്നിൽ നിന്നും ധനം പ്രാപിക്കും. ഭവതി ഞങ്ങളുടെ സ്തുതികൾ സ്വീകരിച്ചാലും. അഭയം നൽകുന്ന വൃക്ഷം പോലെ ഞങ്ങൾ നിന്നെ ആശ്രയം പ്രാപിക്കും.

**6. അയമു തേ സരസ്വതി വസിഷ്ഠോ ദ്വാരാവൃതസ്യ സുഭഗേ വ്യാവഃ |**

**വർധ ശുഭ്രേ സ്തുവതേരാസി വാജാൻ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ സരസ്വതീ! ഭവതി ശ്രേഷ്ഠമായ ധനത്തോടുകൂടിയവളാണല്ലോ. ഈ വസിഷ്ഠൻ യജ്ഞത്തിൽ വാതിൽ തുറക്കുന്നു. ദേവി, ഞാനാകുന്ന സ്തോതാവിന് അന്നം പ്രാദാനം ചെയ്യുകയും ഞങ്ങളെ എപ്പോഴും പാലിക്കുകയും ചെയ്യണമേ.

## സൂക്തം 96

**ഋഷി വസിഷ്ഠൻ ദേവത സരസ്വതി സരസ്വതി, സരസ്വാൻ, ഛന്ദസ് ബൃഹതി, പംക്തി, ഗായത്രി.**

**1. ബൃഹദു ഗായിഷേ വചോ സുര്യാ നദീനാം |**

**സുരസ്വതീമിൻമഹയാ സുവൃക്തിഭിഃ സ്തോമൈർവസിഷ്ഠ രോദസീ ||**

ഹേ വസിഷ്ഠാ! ഏറ്റവും വേഗമതിയായ സരസ്വതി നദിയെ സ്തുതിച്ചാലും. അവളെ തന്നെ പൂജിക്കൂ.

**2. ഉഭേ യത്തേ മഹിനാ ശുഭേ അന്ധസീ അധിക്ഷിയന്തി പൂരവഃ |**

**സാനോ ബോധ്യവിത്രീ മരുത്സഖാ ചോദ രാധോ മഘോനാം ||**

ഹേ ഉജ്ജ്വലവർണ്ണയായ സരസ്വതി! ഭവതിയുടെ കൃപയാൽ ദിവ്യവും, പാർഥിവവും ആയ അന്നം ഞങ്ങൾക്കു ലഭിക്കുന്നു. ദേവി ഞങ്ങളെ രക്ഷിക്കുകയും ഹവിസ്സ് നൽകുന്ന യജമാനന് ധനം നൽകുകയും ചെയ്യണമേ.

**3. ഭദ്രമിദ്ഭദ്രാ കൃണവത്സരസ്വത്യകവാരീ ചേതതി വാജിനീവതീ |**

**ഗൃണാനാ ജമദഗ്നിവത്സ്തുവാനാ ച വസിഷ്ഠവത് ||**

സരസ്വരി മംഗളമരുളേണമേ. അവൾ നമുക്കു ബുദ്ധി നൽകണമേ. ജഗദഗ്നിയെപ്പോലെ ഞാൻ സതുതിക്കുമ്പോൾ വസിഷ്ഠന്റെ സ്തുതികളേയും സ്വീകരിക്കേണമേ.

**4. ജനീയന്തോ ന്വഗ്രവഃ പുത്രീയന്തഃ സുദാനവഃ |**

**സരസ്വന്തം ഹവാമഹേ ||**

സ്തോതാക്കളായ ഞങ്ങൾ സ്ത്രീപുരുഷൻമാരെ ആഗ്രഹിക്കുന്നു. ഞങ്ങൾ സരസ്വാൻ ദേവനേയും സ്തുതിക്കുന്നു.

**5. യേ തേ സരസ്വ ഊർമയോ മധുമന്തോ ഘൃതശ്രുതഃ |**

**തേഭിർനോ വിതാ ഭവ ||**

ഹേ സരസ്വാൻ നിന്റെ ജലരാശി മഴ പെയ്യിക്കുന്നു. അതു വഴിയായി ഞങ്ങൾക്കു മംഗളമരുളണമേ.

**6. പീപിവാംസ സരസ്വതഃ സ്തനം യോ വിശ്വദർശതഃ |**

**ഭക്ഷീമഹി പ്രജാമിഷം ||**

ഞങ്ങൾ സരസ്വാന്റെ ജലധാരകളെ പ്രാപിക്കുമാറാകണേ. ആ ദേവൻ എല്ലാവർക്കും ദരശനയോഗ്യനാണല്ലോ അവനിൽ നിന്നു നാം വൃദ്ധിയും അന്നവും പ്രാപിക്കുമാറാകണേ.

## സൂക്തം 97

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രൻ ബൃഹസ്പതി ഇന്ദ്രാബ്രാഹ്മണസ്പതി; ഛന്ദസ് ത്രിഷ്ടുപ്.**

**1. യജ്ഞേ ദിവോ നൃഷദനേ പൃഥിവ്യാ നരോ യത്ര ദേവയവോ മദന്തി |**

**ഇന്ദ്രായ യത്ര സവനാനി സുന്വേ ഗമൻമദായ പ്രഥമം വയശ്ച ||**

യാതൊന്നിൽ നിന്നും ദേവകാമമായ നേതാക്കൾ ഇമ്പം കൊള്ളുന്നുവോ യാതൊന്നിൽ ഇന്ദ്രനുവേി സോമം പിഴിയപ്പെടുന്നുവോ, ആ യജ്ഞത്തിൽ ഇന്ദ്രൻ സർവപ്രഥമമായി തന്റെ

അശ്വങ്ങൾ സഹിതം വന്നു ചേരണേ.

**2. ആ ദൈവ്യാ വൃണീമഹേ വാംസി ബൃഹസ്പതിർനോ മഹ ആ സഖായഃ |**

**യഥാ ഭവേമ മീളഹുഷേ അനാഗാ യോ നോ ദാതാ പാവതഃ പിതേവ ||**

ഞങ്ങൾ ദേവകളോട് രക്ഷയാചിക്കുന്നു. ബൃഹസ്പതി നമ്മുടെ ഹവിസുകൾ സ്വീകരിക്കേണമേ. ദൂരത്തുനിന്നും വന്ന പിതാവ് പുത്രനു ധനം നൽകുന്നതുപോലെ ബൃഹസ്പതി നമുക്കു ധനം നൽകണമേ. നാം അവന് അപരാധഹിതമായിരിക്കണം.

**3. തമു ജ്യേഷ്ഠം നമസാ ഹവിർഭിഃ സുശേവം ബ്രാഹ്മണസ്പതിം ഗൃണീഷേ |**

**ഇന്ദ്രം ശ്ലോകോ മഹി ദൈവ്യഃ സിഷക്തു യോ ബ്രഹ്മണോ ദേവകൃതസ്യ രാജാ ||**

ഞാൻ ആ ബ്രഹ്മണസ്പതിയ്ക്ക് നമസ്കാരവും ഹവിസ്സും അർപ്പിക്കുന്നു. മന്ത്രങ്ങളാൽ ശ്രേഷ്ഠമായ സ്തോത്രങ്ങൾ ഇന്ദ്രനെ സേവിക്കണമേ.

**4. സ ആ നോ യോനിം സദതു പ്രേഷ്ഠോ ബൃഹസ്പതിർവിശ്വവാരോ യോ അസ്തി |**

**കാമോ രായഃ സുവീരസ്യ തം ദാത്പർഷന്നോ അതി സശ്ചതോ അരിഷ്ടാൻ ||**

ബ്രാഹ്മണസ്പതി നമ്മുടെ വേദിയിൽ വിരാജിതനാകണേ. അവൻ നമ്മുടെ ധനാശയം, ബലാശയം പൂർണ്ണമാക്കണേ. അവൻ നമ്മെ നേരിടുന്ന എല്ലാ വിഘ്നങ്ങളേയും മറുകരയ്ക്കെത്തിക്കണേ.

**5. തമാ നോ അർകമമൃതായ ജുഷ്ടമിമേ ധാസുരമൃതാസഃ പുരാജഃ |**

**ശുചിക്രന്ദം യജതം പസ്ത്യാനാം ബൃഹസ്പതിമനർവാണം ഹുവേമ ||**

അവിനാശികളായ ദേവകൾ അന്നം നൽകുമാറാകണേ. യജ്ഞയോഗ്യനായ ബൃഹസ്പതിയെ നാം ആഹ്വാനം ചെയ്യുന്നു.

**6. തം ശഗ്മാസോ അരുഷാസോ അശ്വാം ബൃഹസ്പതി സഹവാഹോ വഹന്തി |**

**സഹശ്ചിദ്യസ്യ നീളവത്സധസ്ഥം നഭോ ന രൂപമരുഷം വസാനാഃ ||**

ആദിത്യനുതുല്യം തേജസ്വിയായ അശ്വം ആ ബൃഹസ്പതിയെ കൊണ്ടുവരണേ. ആ ബൃഹസ്പതിയുടെ അടുക്കൽ ഗൃഹവും, ശ്രേഷ്ഠവുമായ ബലവുമുല്ലോ.

**7. സ ഹി ശുചിഃ ശതപത്രഃ സ ശുന്ധ്യൂർഹിരണ്യവാശീർരിഷിരഃ സ്വർഷാഃ |**

**ബൃഹസ്പതിഃ സ സ്വാവേശ ഋഷ്വഃ പുരു സഖിഭ്യ ആസുതി കരിഷ്ഠഃ ||**

ബൃഹസ്പതിയ്ക്ക് അനേകം വാഹനങ്ങളുണ്ട്. അവ ശോധകങ്ങളും, രമണീയങ്ങളും, വാദ്യങ്ങളാൽ അലങ്കരിച്ചതും ആകുന്നു. ആ വാഹനങ്ങൾ സ്തോതാക്കൾക്ക് വളരെ അന്നവും മറ്റും കിട്ടുമാറാക്കണേ.

**8.ദേവീ ദേവസ്യ രോദസീ ജനിത്രീ ബൃഹസ്പതിം വാവൃധതുർമഹിത്വാ |**

**ദക്ഷയ്യായ ദക്ഷതാ സഖായഃ കരദ് ബ്രഹ്മണേ സുതരാ സുഗാധാ ||**

ജനനീരൂപികളായ ദ്യാവാപൃഥ്വികൾ ബൃഹസ്പതിയെ തങ്ങളുടെ മഹിമയാൽ വളർത്തണേ. മിത്രാവരുണൻമാരും അവനെ വളർത്തണേ. അവർ ജലങ്ങളെ അന്നത്തിനുവേി ദ്രവരൂപമാക്കുന്നു.

**9. ഇയം വാം ബ്രഹ്മണസ്പതേ സുവൃക്തിർബ്രഹ്മേന്ദ്രായ വജ്രിണേ അകാരി |**

**അവിഷ്ടം ധിയോ ജിഗൃതം പുരന്ധീർജജസ്തമര്യോ വനുഷാമരാതീ ||**

ഹേ ബ്രാഹ്മണസ്പതേ! ഞാൻ നിങ്ങളേയും വജ്രധാരിയായ ഇന്ദ്രനേയും സ്തുതിച്ചിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ യജ്ഞത്തെ രക്ഷിക്കേണമേ. ആക്രമിക്കുന്ന ശത്രുസൈന്യത്തെ സംഹരിക്കണമേ.

**10. ബൃഹസ്പതേ യുവമിന്ദ്രശ്ച വസ്വോ ദിവ്യസ്യേ ശാഥേ ഉത പാർഥിവസ്യ |**

**ധത്തം രയിം സ്തുവതേ കീരയേ ചിദ്യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ ബൃഹസ്പതീ, ഇന്ദ്രാ! നിങ്ങൾ പാർഥിവവും ദിവ്യവും ആയ ധനങ്ങളുടെ ഉടമസ്ഥരാണ്; സ്തോതാക്കൾക്കു ധനം നൽകുന്നവരുമാണ്. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കണമേ.

## സൂക്തം 98

**ഋഷി വസിഷ്ഠൻ, ദേവത ഇന്ദ്രൻ, ബൃഹസ്പതി, ഛന്ദസ് ത്രിഷ്ടുപ്.**

**1. അധ്വര്യവോ രുണം ദുഗ്ധമംശും ജുഹോതന വൃഷഭായ ക്ഷിതിനാം |**

**ഗൗരാദ്വേദീയാം അവപാനമിന്ദ്രോ വിശ്വാഹേദ്യാതി സുതസോമമിച്ഛൻ ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രനു സോമാഹുതി നൽകുവിൻ. ഇന്ദ്രൻ സോമം പിഴിഞ്ഞെടുക്കുന്ന യജമാനനെ എപ്പോഴും അന്വേക്ഷിച്ചുകൊുവരുന്നു.

**2. യദ്ദധിഷേ പ്രദിവി ചാർവന്നം ദിവേദിവേ പീതിമിദസ്യ വക്ഷി |**

**ഉത ഹൃദോത മനസാ ജുജുഷാണാ ഉശന്നിന്ദ്ര പ്രസ്ഥിതാൻപാഹി സോമാൻ ||**

ഹേ ഇന്ദ്രാ! പ്രാചീനകാലത്തിൽ നീ പാനം ചെയ്തിരുന്ന സോമം ഇപ്പോഴും സ്വീകരിക്കേണമേ. ഈ അർപ്പണം ചെയ്യപ്പെട്ട സോമം പാനം ചെയ്യണമേ.

**3. ജജ്ഞാനഃ സോമം സഹസേ പപാഥ പ്ര തേ മാതാ മഹിമാനമുവാച**

**ഏന്ദ്ര പപ്രാഥോർവന്തരുക്ഷം യുധാ ദേവേഭ്യോ വരിവശ്ചകർഥ ||**

ഹേ ഇന്ദ്രാ! നീ ജനിച്ചപ്പോൾ തന്നെ സോമം പാനം ചെയ്തിരിക്കുന്നു. നീ വിശാലമായ അന്തരീക്ഷത്തെ സ്വന്തം മഹിമയാൽ പരിപൂർണ്ണമാക്കിയിരിക്കുന്നു എന്ന് അദിതി പറഞ്ഞിരിക്കുന്നു. നീ യുദ്ധം വഴിയായി ദേവതകൾക്കു ധനം കിട്ടുമാറാക്കി.

**4. യദ്യോധയാ മഹതോ മന്യമാനാൻത്സാക്ഷാം താൻ**

**ബാഹുഭിഃ ശാശദാനാൻ |**

**യദ്വാ നൃഭിർവൃത ഇന്ദ്രാഭിയുധ്യാസ്തം ത്വയാജിം സൗശ്രവസം ജയേമ ||**

ഹേ ഇന്ദ്രാ! നീ അഹങ്കാരികളായ ശത്രുക്കളെക്കൊ് യുദ്ധം ചെയ്യിക്കുമ്പോൾ ഞങ്ങളവരെ പരാജിതരാക്കും നീ മരുത്തുക്കളോടുകൂടി യുദ്ധം ചെയ്യുമ്പോൾ ഞങ്ങൾ വിജയം പ്രാപിക്കുന്നു.

**5. പ്രേന്ദ്രസ്യ വോചാം പ്രഥമാ കൃതാനി പ്ര നൂതനാ മഘവാ യാ ചകാര |**

**യദേദദേവീരസഹിഷ്ഠ മായാ അഥാ ഭവത് കേവലഃ സോമോ അസ്യ ||**

ഞാൻ ഇന്ദ്രന്റെ പ്രാചീനകർമ്മങ്ങളെ വർണ്ണിക്കുന്നു. അവന്റെ നവീനകർമ്മങ്ങളെപ്പറ്റി ഞാൻ പറയും. അവൻ മായാരാക്ഷസിയെ നശിപ്പിച്ചിരിക്കുന്നു; അതിനാൽ ഈ സോമം അവനുമാത്രമായുള്ളതാകുന്നു.

**6. തവേദം വിശ്വമഭിതഃ പശ്വ്യം യത്പശ്യസി ചക്ഷസാ സൂര്യസ്യ |**

**ഗവാമസി ഗോപതിരേക ഇന്ദ്ര ഭക്ഷീമഹി തേ പ്രയതസ്യ വസ്വഃ ||**

ഹേ ഇന്ദ്രാ! സൂര്യപ്രകാശത്തിൽ കാണപ്പെടുന്ന ലോകങ്ങളെല്ലാം നിന്റെതു തന്നെയാണല്ലോ. നീ തന്നെ എല്ലാഗോക്കളുടെയും അധിപതി ആകുന്നു. ഞങ്ങൾ നിന്റെ ദാനത്തെ തന്നെ അനുഭവിക്കുന്നു.

**7. ബൃഹസ്പതേ യുവമിന്ദ്രശ്ച വസ്വോ ദിവ്യസ്യേശാഥേ ഉത പാർഥിവസ്യ |**

**ധത്തം രയിം സ്തവതേ കീരയേ ചിദ്യൂയം പാത സ്വസ്തിഃ സദാ നഃ ||**

ഹേ ബൃഹസ്പതേ, ഇന്ദ്രാ! നിങ്ങൾ രിനം ധനങ്ങളുടേയും അധിപൻമാരാണല്ലോ നിങ്ങൾ സ്തോതാക്കൾക്കു ധനം പ്രദാനം ചെയ്യുന്നു. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിച്ചരുളണമേ.

## സൂക്തം 99

**ഋഷി വസിഷ്ഠൻ ദേവത വിഷ്ണു, ഛന്ദസ് ത്രിഷ്ടുപ്.**

**1. പരോ മാത്രയാ തന്വാ വൃധാന ന തേ മഹിത്വമന്വശ്നുവന്തി |**

**ഉഭേ തേ വിദ്മ രജസീ പൃഥിവ്യാ വിഷ്ണോ ദേവ ത്വം പരസ്യ വിത്സേ ||**

ഹേ വിഷ്ണോ! നിന്റെ മഹിമയെ ആരും അറിയുന്നില്ല. ഞങ്ങൾ നിൻെറ രുലോകങ്ങൾ മാത്രമേ അറിയുന്നുള്ളൂ എന്നാൽ നിന്റെ പരലോകത്തെ നീ മാത്രമേ അറിയുന്നുള്ളൂ.

**2. ന തേ വിഷ്ണോ ജായമാനോ ന ജാതോ ദേവ മഹിമ്നഃ പരമന്തമാപ |**

**ഉദസ്തമ്നാ നാകമൃഷ്വം ബൃഹന്തം ദാധർഥ പ്രാചീം കകുഭം പൃതിവ്യാഃ ||**

ഹേ വിഷ്ണോ! ഭൂമിയിൽ ജനിച്ചിട്ടുള്ളതിലും ജനിക്കാതിരിക്കുന്നവരിലുമുള്ള അങ്ങയുടെ മഹിമയെ അറിയുന്നവരായി ആരും തന്നെ ഇല്ല. നീ വിരട് സ്വർഗ്ഗത്തെയും, ഭൂമിയുടെ കിഴക്കുദിക്കിനെയും താങ്ങിനെർത്തുന്നു.

**2. ഇരാവതീ ധേനുവതീ ഹി ഭൂതം സൂയവസിനീ മനുഷേ ദശസ്യാ |**

**വ്യസ്തഭ് നാരോദ സീ വിഷ്ണവതേ ദാധർഥ പൃഥിവീ മഭിതേ മയൂവൈഃ ||**

ഹേ വാനൂഴികളെ! നിങ്ങൾ സ്തോതാവിനു നൽകുവാനുള്ള ആഗ്രഹത്തോടുകൂടി അന്നവതികളും ഗോസമ്പന്നകളുമായിരിക്കുന്നു. ഹേ വിഷ്ണോ! നീ ആകാശത്തെയും ഭൂമിയെയും വിവിധപാദങ്ങളിൽ വഹിച്ചിരിക്കുന്നു.

**4. ഉരും യജ്ഞായ ചക്രഥുരു ലോകം ജനയന്താ സൂര്യമുഷാസമഗ്നിം |**

**ദാസസ്യ ചിദ്വൃഷശി പ്രസ്യമായാ ജഘ്നഥുർധരാ പൃതനാജ്യേഷ്ഠു ||**

ഹേ ഇന്ദ്രാ! വിഷ്ണോ! നിങ്ങൾ സൂര്യനെയും അഗ്നിയെയും ഉഷസ്സിനെയും പ്രകടമാക്കി. യജമാനനുവേി സ്വർഗ്ഗം രചിച്ചു. യുദ്ധക്ഷേത്രത്തിലെ ദസ്യുക്കളുടെ മായയെ നിങ്ങൾ നശിപ്പിച്ചു.

**5. ഇന്ദ്രാവിഷ്ണൂ ദൃംഹിതാഃ ശമ്ബരസ്യ നവ പുരോ നവതിം ച ശ്നഥിഷ്ടം |**

**ശതം വർചിനഃ സഹസ്രം ച സാകം ഹഥോ അപ്രത്യസുരസ്യ വീരാൻ ||**

ഹേ ഇന്ദ്രാ, വിഷ്ണോ! നിങ്ങൾ ശംബരന്റെ തൊണ്ണൂറ്റിയൊൻപതു പുരികളെ തകർക്കുകയും വർച്ചിയുടെ നൂറായിരം വീരൻമാരെ സംഹരിക്കുകയും ചെയ്തു.

**6. ഇയം മനീഷാ ബൃഹതീ ബൃഹന്തോരുക്രമാ തവസാ വർധയന്തീ |**

**ररേ വാം സ്തോമം വിദഥേഷു വിഷ്ണോപിന്വതമിഷോ വൃജനേഷ്വിന്ദ്ര ||**

ഈ സ്തുതി ഇന്ദ്രന്റെയും വിഷ്ണുവിന്റെയും ബലത്തെ വർദ്ധിപ്പിക്കും. ഹേ ഇന്ദ്രാ! വിഷ്ണോ! സംഗ്രാമഭൂമിയിൽ നിങ്ങൾക്കു സ്തോത്രം അർപ്പിച്ചിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ അന്നത്തെ വളർത്തേണമേ.

**7. വഷട് തേ വിഷ്ണവാസ ആ കൃണോമി തൻമേ ജുജുഷസ്വ ശപിവിഷ്ട ഹവ്യം |**

**വർധന്തു ത്വാ സുഷ്ടുതയോ ഗിരോ മേ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ വിഷ്ണോ! ഞാൻ യജ്ഞത്തിൽ സ്തുതിക്കുന്നു. നീ ഞങ്ങളുടെ ഹവിസ്സ് സ്വീകരിച്ചാലും. ഞങ്ങളുടെ സ്തുതികൾ നിന്നെ വളർത്തട്ടെ. നീ എപ്പോഴും ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 100

**ഋഷി വസിഷ്ഠൻ ദേവത വിഷ്ണു, ഛന്ദസ് ത്രിഷ്ടുപ്**

**1. ന മർതോ ദയതേ സനിഷ്യന്യോ വിഷ്ണവ ഉരുഗായായ ദാശത് |**

**പ്ര യഃ സത്രാചാ മനസാ യജാത ഏതാവന്തം നിര്യാ വിവാസാത് ||**

ആര് വിഷ്ണുവിന് ഹവിസ്സ് നൽകുന്നുവോ, മന്ത്രങ്ങളാൽ പൂജിക്കുന്നുവോ ധനേഛുവായ ആ മനുഷ്യൻ ധനം നേടുന്നു.

**2. ത്വം വിഷ്ണോ സുമതിം വിശ്വജന്യ മപ്രയുതാമേവയാവോ മതിം ദാഃ |**

**പർചോ യഥാ നഃ സുവിതസ്യ ഭൂരേരശ്വാവതഃ പുരുശ്ചന്ദ്രസ്യ രായഃ ||**

ഹേ വിഷ്ണോ! നീ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങള ചൊരിയണമേ. ഞങ്ങൾക്കു കിട്ടേ ധനം കിട്ടത്തക്കവിധം അനുഗ്രഹിച്ചാലും.

**3. ത്രിർദേവഃ പൃഥിവീമേഷ ഏതാം വി ചക്രമേ ശതർചസം മഹിത്വാ |**

**പ്ര വിഷ്ണുരസ്തു തവസസ്തവീയന്ത്വേഷം ഹ്യസ്യ സ്ഥവിരസ്യ നാമ ||**

വിഷ്ണു മൂന്നു പ്രാവശ്യം ഭൂമിയുടെ മേൽ പാദങ്ങൾ നിക്ഷേപിച്ചു. പ്രവൃദ്ധനായി വിഷ്ണു നമ്മുടെ ഈശ്വരനാകുന്നു. അദ്ദേഹം മഹാ തേജസ്വിയാകുന്നു.

**4. വി ചക്രമേ പൃഥിവീമേക്ഷ ഏതാം ക്ഷേത്രായ വിഷ്ണുർമനുഷോ ദശസ്യൻ |**

**ധ്രുവാസോ അസ്യ കീരയോ ജനാസ ഉരുക്ഷിതം സുജനിമാ ചകാര ||**

വിഷ്ണു ഭൂമിയെ വസിക്കാനായി പാദപ്രക്ഷേപം നടത്തുകയും വിശാലമായ സ്ഥാനത്തെ രചിക്കുകയും ചെയ്തു.

**5. പ്ര തത്തേ അദ്യ ശിപിവിഷ്ട നാമാര്യഃ ശംസാമി വയുനാനി വിദ്വാൻ |**

**തം ത്വാ ഗൃണാമി തവസമവ്യാൻക്ഷയന്തമസ്യ രജസഃ പരാകേ ||**

ഹേ വിഷ്ണോ ഞങ്ങൾ നിന്റെ പ്രസിദ്ധമായ നാമത്തെ പ്രകീർത്തിക്കും, പ്രവൃദ്ധനായ നിന്നെ അപ്രവൃദ്ധമനുഷ്യരായ ഞങ്ങൾ സ്തുതിക്കും.

**6. കിമത്തേ വിഷ്ണോ പരിചക്ഷ്യം ഭൂത്പ്രയദ്വവക്ഷേ ശിപിവിഷ്ടോ അസ്മി |**

**മാ വർപോ അസ്മദപ ഗുഹ ഏതദ്യദന്യരൂപഃ സമിഥേ ബഭൂഥ ||**

ഹേ വിഷ്ണോ! ഞാൻ നിന്റെ ശിപിവിഷ്ട എന്ന നാമം സ്വീകരിച്ചിരിക്കുന്നു. അത് ഉചിതമായിരിക്കുന്നില്ലേ? യുദ്ധങ്ങളിൽ നീ അനേകരൂപങ്ങൾ സ്വീകരിച്ചിരുന്നുവല്ലോ നീ സ്വന്തം രൂപത്തെ ഞങ്ങളിൽ നിന്നും മറയ്ക്കരുതേ.

**7. വഷട് തേ വിഷ്ണവാസ ആ കൃണോമി തൻമേ ജുജുഷസ്വ ശിപിവിഷ്ഠ് ഹവ്യം |**

**വർധന്തു ത്വാ സുഷ്ടുതയോ ഗിരോ മേ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ വിഷ്ണോ! ഞാൻ നിനക്കു വഷട്കാരം ഉച്ചരിക്കുന്നു. നീ ഞങ്ങളുടെ ഹവിസ്സ് സ്വീകരിച്ചാലും. ഞങ്ങളുടെ സ്തുതികൾ നിന്നെ വളർത്തണേ. നീ ഞങ്ങളെ എപ്പോഴും പാലിക്കേണമേ.

# ഏഴാം അദ്ധ്യായം

## സൂക്തം 101

**ഋഷി വസിഷ്ഠൻ, അഗ്നി പുത്രകുമാരൻ. ദേവത പാഞ്ചജന്യം. ഛന്ദസ് ത്രിഷ്ടുപ്.**

**1. തിസ്രോ വാചഃ പ്ര വദ ജ്യോതിരഗ്രാ യാ ഏതദ്ദുഹ്രേ മധുദോഘമൂധഃ |**

**സ വത്സം കൃണ്വൻ ഗർഭമോഷധീനാം സദ്യോ ജാതോ വൃഷഭോ രോരവീതി ||**

അഗ്രഭാഗത്തിൽ ഓംകാരയുക്തമായ ഋക്ക്, സാമം, യജുസ്സ് എന്നീ മൂന്നു വാങ്മയങ്ങൾ ജലത്തെ ദോഹനം ചെയ്യുന്നു. അവയെ ഉച്ചരിക്കുവിൻ. സഹവാസിയും, വിദ്യുത്രൂപവുമായ അഗ്നിയെ ഉപാദിപ്പിച്ചുകൊ് പർജന്യൻ വൃഷഭത്തെപ്പോലെ മുക്രയിടുന്നു.

**2. യോ വർധന ഓഷധീനാം യോ അപാം യോ വിശവസ്യ ജഗതോ ദേവ ഈശേ |**

**സത്രിധാതു ശരണം ശർമ യം സത്ത്രിവർ തു ജ്യോതിഃ സ്വഭിഷ്ട്യസ്മേ ||**

ഔഷധികളേയും ജലങ്ങളേയും വളർത്തുന്ന പർജന്യൻ നമുക്കു ഭൂമിയും വീടും നൽകി നമ്മെ സുഖികളാക്കണേ. അദ്ദേഹം മൂന്ന് ഋതുക്കുകളിലും വിദ്യുമാനുമാകുന്ന തേജസ്സിനെ നമുക്കു പ്രദാനം ചെയ്യണേ.

**3. സ്തരീരു ത്വദ്ഭവതി സൂത ഉ ത്വദ്യുഥാവശം തന്വം ചക്ര ഏഷഃ |**

**പിതുഃ പയഃ പ്രതി ഗൃഭ്ണാതി മാതാ തേന പിതാ വർധതേ തേന പുത്രഃ ||**

പർജന്യന്റെ ഒരു രൂപം മിച്ചപ്പശുവിനെപ്പോലെയും മറ്റത് വൃഷ്ടികാരകവും ആകുന്നു. ഇവൻ ഇച്ഛാനുസരണമുള്ള രൂപം സ്വീകരിക്കുന്നു. മാതൃരൂപിണിയായ ഭൂമി സ്വർഗ്ഗരൂപമായ പിതാവിങ്കൽ നിന്നും രസം സ്വീകരിക്കുന്നു. അപ്പോൾ സ്വർഗ്ഗം എല്ലാ ജീവികളേയും വളർത്തുന്നു.

**4. യസ്മിൻ വിശ്വാനി ഭൂവനാനി തസ്ഥുസ്തിസ്രോ ദ്യാവസ്ത്രേധാ സസ്രുരാപഃ |**

**ത്രയഃ കോശാസ ഉപസേചനാസോ മധ്വഃ ശ്ചോതന്ത്യഭിതോ വിരപ്ശം ||**

ആരിൽ എല്ലാ ജീവികളും എല്ലാ ലോകങ്ങളും നിവസിക്കുന്നുവോ, ആരിൽ നിന്നും മൂന്നിനം ജലം പുറപ്പെടുന്നുവോ, ആ ദേവൻ പർജന്യൻ തന്നെയാകുന്നു.

**5. ഇദം വചഃ പർജന്യായ സ്വരാജേ ഹൃദോ അസ്ത്വന്തരം തജ്ജുജോഷത് |**

**മയോഭുവോ വൃഷ്ടയഃ സന്ത്വസ്മേ സുപിപ്പലാ ഓഷധീർദേവഗോപാഃ ||**

ഈ സ്തുതി പാർജന്യനനുവ്േി ചെയ്യപ്പെട്ടു. അവൻ ാതിനെ സ്വീകരിക്കണേ. നമുക്ക് കല്യാണകാരിയായ വർഷം ഉാകണേ. ഔഷധികൾ ഉത്തമഫലങ്ങളോടുകൂടിയവയാകണേ.

**6. സ രേതോധാ വൃഷഭഃ ശശ്വതീനാം തസ്മിന്നാത്മാ ജഗതസ്തസ്ഥുഷശ്ച |**

**തൻമ ഋതം പാതു ശതശാരദായ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

പർജന്യൻ അനേകം ഔഷധിക്കൾക്കുവേി ജലത്തെ

വഹിക്കുന്നു. എല്ലാ ജീവികളുടേയും ആത്മാവ് അവനിൽ തന്നെ അധിവസിക്കുന്നു. അവന്റെ ജലം എന്നെ നൂറുവർഷം വരെ രക്ഷിക്കേണമേ. നിങ്ങൾ എപ്പോഴും ഞങ്ങളെ പാലിക്കേണമേ.

## സൂക്തം 102

**ഋഷി വസിഷ്ഠൻ ദേവത പാഞ്ജജന്യം ഛന്ദസ് ത്രിഷ്ടുപ്.**

**1. പർജന്യായ പ്ര ഗായത ദിവസ്പുത്രായ മീളഹുഷേ |**
**സ നോ യവസമിച്ഛതു ||**

ഹേ സ്തോതാക്കളേ! മഴ പെയ്യിക്കുന്ന അന്തരീക്ഷപുത്രനായ പാർജന്യത്തെപ്പറ്റി സ്തുതിക്കുവിൻ. അവൻ നമുക്കു ഭക്ഷ്യം നൽകണേ.

**2. യോ ഗർഷമോഷധീനാം ഗവാം കൃണോത്യാർവതാം |**
**പർജന്യഃ പുരുഷീണാം ||**

ആ പർജന്യൻ ഔഷധികളേയും ഗോക്കളേയും ഉല്പാദിപ്പിക്കുന്നു. മനുഷ്യൻ സ്ത്രീകൾക്കു ഗർഭം ഉാക്കുന്നു.

**3. തസ്മാ ഇദാസ്യേ ഹവിർജ്ജൂഹോതാ മധുമത്തമം |**
**ഇളാം നഃ സംയതം കരത് ||**

ആ പർജന്യത്തിനുവേി അഗ്നിയിൽ ആഹൂതി നൽകുവിൻ. ആ ദേവൻ നമുക്കന്നം പ്രദാനം ചെയ്യുമാറാകട്ടെ.

## സൂക്തം 103

**ഋഷി വസിഷ്ഠൻ. ദേവത മണ്ഡൂകങ്ങൾ ഛന്ദസ് ത്രിഷ്ടുപ്**

**1. സംവത്സരം ശശയാനാ ബ്രാഹ്മണാ വ്രതചാരിണഃ |**
**വാചം പർജന്യ ജീവിന്വിതാം പ്ര മണ്ഡൂകാ അവാദിഷുഃ ||**

വ്രതമനുഷ്ഠിക്കുന്ന ബ്രാഹ്മണനെപ്പോലെ ഒരു വർഷക്കാലം ഉറങ്ങിക്കഴിഞ്ഞിരിക്കുന്ന തവളകൾ പർജന്യനെ സ്തുതിക്കുന്നു.

**2. ദിവ്യാ ആപോ അഭി യദേനമായൻദൃതിം ന ശുഷ്കം സരസീ ശയാനം |**
**ഗവാമഹ ന ജായുർവത്സിനീനാം മണ്ഡൂകാനാം വഗ്നുരത്രാ സമേതി ||**

പൊയ്കയിൽ തോൽതുരത്തികൾ പോലെ ഉറങ്ങുന്ന തവളകളുടെ അടുക്കൽ ദിവ്യജലം എത്തുമ്പോൾ കറവപ്പശുവിനെപ്പോലെ തവളകൾ ശബ്ദിക്കുന്നു.

**3. യദീമേനാം ഉശതോ അഭ്യവർഷീത്തൃഷ്യവതഃ പ്രാവൃഷ്യാഗതായാം |**
**അഖ്ഖലീകൃത്യാ പിതരം ന പുത്രോ അന്യോ അന്യമുപ വദമേതി ||**

വർഷാരംഭത്തിൽ പിപാസുക്കളായ തവളകളെ പർജന്യൻ നനക്കുമ്പോൾ തവളകൾ പരസ്പരം അടുത്തുച്ചെല്ലുന്നു.

**4. അന്യോ അന്യമനു ഗൃഭ്ണാത്യേനോരപാം പ്രസർഭഗ യദമിന്ദിഷാതാം |**
**മണ്ഡൂകോ യദഭിവൃഷ്ഠഃ കനിഷ്കൻപൃശ്നീഃ സംപൃങ്ക്തേ ഹരിതേന വാചം ||**

ജലവർഷത്താൽ ആഹ്ലാദിച്ച ഒന്നു മറ്റൊന്നിനെ പിൻതുടരുന്നു. സന്തോഷത്താൽ തുള്ളിച്ചാടുന്നു; ഒരു പച്ചത്തവള തവിട്ടുതവളയോടു സല്ലപിക്കുന്നു.

**5. യദേഷാമന്യോ അന്യസ്യ വാചം ശാക്തസ്യേവ വദതി ശിക്ഷമാണഃ |**
**സർവം തദേഷാം സമൃധേവ പർവ യത്സുവാചോ വദഥാധ്യപ്സു ||**

ശിക്ഷ്യൻ ഗുരുവിനെ അനുകരിക്കുന്നതുപോലെ തവള ഒന്നു മറ്റൊന്നിന്റെ ശബ്ദത്തെ അനുകരിക്കുന്നു. ഹേ തവളകളേ! നിങ്ങൾ മനോഹരമായി ശബ്ദിച്ചുകൊ് ജലത്തിനുമീതെ കുതിച്ചുച്ചാടുന്നു. അപ്പോൾ ശരീരാവയവങ്ങൾ പുഷ്ടിപ്പെടുന്നു.

**6. ഗോമായുരേകോ അജമായുരേകഃ അജമായുരേകഃ പൃശ്നിരേകോ ഹരിത ഏക യേഷാ |**
**സമാനം നാമ ബിഭ്രതോ വിരൂപാഃ പുരുത്ര വാചം പിപിശുർവദന്തഃ||**

ചില തവളകൾ ഗോക്കളെപ്പോലെയും ചില തവളകൾ ആടുകളെപ്പോലെയും ശബ്ദിക്കുന്നു. ചിലതു ധൂമ്രവർണ്ണത്തോടുകൂടിയതും മറ്റു ഹരിതവർണ്ണത്തോടു കൂടിയതുമാകുന്നു. വിഭിന്ന ജലങ്ങളോടുകൂടിയതും ആ തവളകൾ അനേക സ്ഥാനങ്ങളിൽ ശബ്ദിച്ചുകൊു പ്രകടമാകുന്നു.

**7. ബ്രാഹ്മണാസോ അതിരാത്രേ ന സോമേ സരോ ന പൂർണമമിതോ വദന്തഃ |**
**സംവാത്സരസ്യ തദഹഃ പരി ഷ്ഠ യൻമണ്ഡൂ കാഃ പ്രാവൃഷീണം ബഭൂവ ||**

ഹേ തവളകളേ അതിരാഗമെന്ന സോമയാഗത്തിൽ സ്തോതാവു ശബ്ദിക്കുന്നതുപോലെ നിറഞ്ഞ സരസുകളിൽ ശബ്ദിച്ചുകൊ് നാലു ദിക്കിലും വസിക്കുവിൻ.

**8. ബ്രാഹ്മണാസഃ സോമിനോ വാചമക്രത ബ്രഹ്മ കൃണ്വന്തഃ പരിവത്സരീണം |**
**അധ്വര്യവോധർമിണഃ സിഷ്വിദാനാ ആവിർഭവംന്തി ഗുഹ്യാ ന കേ ചിത് ||**

ഈ തവളകൾ സാംവത്സരിക സ്തോത്രം ചൊല്ലുന്ന സോമയുക്തരായ ബ്രാഹ്മണർപോലെ ശബ്ദം വയ്ക്കുന്നു. ചിലത് പ്രാവർഗ്ഗ്യമനുഷ്ഠിക്കുന്ന അധ്വര്യുക്കൾ പോലെ വിയർത്തുകൊ് ചിലപ്പോൾ മറവിൽ നിന്നും വെളിയിൽ വരുന്നു.

**9. ദേവഹിതം ജുഗുപുർദ്വാദശസ്യ ഋതും നരോ ന പ്ര മിനന്ത്യേതേ |**
**സംവത്സരേ പ്രാവൃഷ്യാഗതായാം തപ്താ ധർമാ അശ്നുവതേ വിസർഗം ||**

തവളകൾ ദേവ നിയമങ്ങളുടെ സംരക്ഷരാകുന്നു. അവ ഋതുക്കളെ നഷ്ടപ്പെടുത്തുന്നില്ല വർഷം പൂർണ്ണക്കഴിഞ്ഞാൽ ആഗതമാകുന്ന വർഷത്താൽ പ്രസന്നരായ അവഗർത്ത ബന്ധനത്തിൽ നിന്നും മുക്തരാകുന്നു.

**10. ഗോമായുരദാദജമായുരദാത് പൃശ്നി ദാദ്ധരിതോ നോ വസൂനി |**
**ഗവാം ണ്ഡൂകാ ദദതഃ ശതാനി സഹസ്രസാവോ പ്ര തിരന്ത ആയുഃ ||**

പശുക്കളെപ്പോലെ ശബ്ദിക്കുന്ന തവളകൾ നമുക്കുധനം പ്രദാനം ചെയ്യണേ. ആടിനെപ്പോലെ കരയുന്ന തവളകളും നമുക്കുധനം നൽകണേ. തവിട്ടുനിറത്തിലും പച്ചനിറത്തിലും ഉള്ള തവളകളും നമ്മുടെ ധനദാതാക്കളാകണേ. ആയിരക്കണക്കിനു വനസ്പതികളെ ജനിപ്പിക്കുന്ന വർഷഋതുവിൽ ഈ തവളക്കൂട്ടം നമുക്കു ഗോക്കളെ തരണേ. നമ്മുടെ ആയുസിനേയും വർദ്ധിപ്പിക്കണേ.

## സൂക്തം 104

**ഋഷി വസിഷ്ഠൻ ദേവത ഇന്ദ്രസോമാഗ്നികൾ മരുത്ത് ഛന്ദസു ജഗതി. ത്രിഷ്ടുപ്, അനുഷ്ടുപ്.**

**1. ഇന്ദ്രാസോമാ തപതം രക്ഷ ഉബ്ജതം ന്യർപയതം വൃഷണാ തമോവൃധഃ |**

**പരാ ശൃണീതമചിതോ ന്യോഷതം ഹതമ നുദേഥാം നി ശിശീതമത്രിണഃ ||**

ഹേ ഇന്ദ്രാ, സോമാ! നിങ്ങൾ രാക്ഷസൻമാരെ സന്തപ്തരാക്കുകയും നശിപ്പിക്കുകയും ചെയ്യണം അന്ധകാരത്തിൽ വളരുന്ന രാക്ഷസൻമാരേ പതിപ്പിക്കണം അവരെ അടിച്ചോടിക്കണം. അഥവാ എറിഞ്ഞോടിക്കണം.

**2. ഇന്ദ്രാസോമാ സമഘശസമഭ്യഘം തപുർയയസ്തു ചരുരഗ്നിവാം ഇവ |**

**ബ്രഹ്മദ്വിഷേ ക്രവ്യാദേ ഘോരചക്ഷസേ ദ്വേഷോ ധത്തമനവായം കിമീദിനേ ||**

ഇന്ദ്ര സോമൻമാരേ! ഈ രാക്ഷസനെ അടിച്ചമർത്തുവിൻ ഇവനെ അഗ്നിയിലെറിഞ്ഞ് പായസംപോലെ കുറുക്കിവറ്റിക്കൂ. ബ്രാഹ്മണവൈരികളും മാംസാഹാരികളും, കടുഭാഷികളും, വക്രദൃഷ്ടികളും ആയ രാക്ഷസൻമാരോട് എപ്പോഴും ശത്രുതയിൽ വർത്തിക്കേണമേ.

**3. ഇന്ദ്രാസോമാ ദുഷ്കൃതോ വവ്രേ അന്തരനാരമ്ഭണേ തമസി പ്ര വിധ്യതം |**

**യഥാ നാതഃ പുനരേകശ്ചനോഭയത്തദ്വാമസ്തുസഹസേ മന്യുമച്ഛവഃ ||**

ഇന്ദ്രസോമൻമാരേ ദുഷ്കർമ്മികളായ രാക്ഷസൻമാരെ കൊന്നുകളയണമേ. ഒറ്റരാക്ഷസൻപോലും അവശേഷിക്കാതിരിക്കണേ, നിങ്ങളുടെ ക്രോധയുക്തമായ ബലം അവരെ നിങ്ങൾക്കടിമകളാക്കളേ.

**4.ഇന്ദ്രാസോമാ വർതയതം ദിവോ വധ സം പൃഥിവ്യാ അഘശംസാ തർഹണം |**

**ഉത്തക്ഷത സ്വര്യം പർവതേഭ്യോ യേന രക്ഷോ വാവൃധാനം നിജൂർവഥഃ ||**

ഹേ ഇന്ദ്രാ സോമാ! അന്തരീക്ഷത്തിൽ നിന്നും ഹിംസകമായ ആയുധം സൃഷ്ടിക്കുവിൻ. മേഘത്തിൽ നിന്നും രാക്ഷസൻമാരെ നശിപ്പിക്കുവാനുള്ള വജ്രായുധം സൃഷ്ടിക്കുവിൻ, ഇടിവാൾ സൃഷ്ടിക്കൂ.

**5. ഇന്ദ്രാസോമാ വർതയതം ദിവ്പര്യഗ്നി തപ്തേഭിര്യുമശ്മഭൻമഭിഃ |**

**തപുവധേഭിരജരേഭിരത്രിണോ നി പർശാനേ വിധ്യതം യന്തു നിസ്വരം ||**

ഇന്ദ്രാ! സോമാ! ഓരോ ദിക്കിലും ആയുധങ്ങൾ പ്രയോഗിക്കുവിൻ. അഗ്നി കല്ലുകൊുള്ള അസ്ത്രങ്ങളാൽ രാക്ഷസൻമാരുടെ വാരിഭാഗത്തെ തുളക്കണേ. അവർ ഭയാതീതരായി പാലായനം ചെയ്യണേ.

**6. ഇന്ദ്രാസോമാ പരി വാം ഭൂതു വിശ്വത ഇയമ മതിഃ കക്ഷ്യാശ്വേവ വാജിനാ |**

**യാം വാം ഹോത്രാം പരിഹിനോഭി മേധയേമാ ബ്രഹ്മണി നൃപതീവ ജിന്വതം ||**

ഹേ ഇന്ദ്രാ! സോമാ! കയറ് അശ്വത്തെ ബന്ധിക്കുന്നതുപോലെ ഈ സ്തുതി നിങ്ങളെ ബന്ധിക്കളെ, ഞാൻ ഈ സ്തോത്രത്തെ നിങ്ങളുടെ നേരെ അയക്കുന്നു, നിങ്ങൾ ഇതിനെ രാജാവിനു തുല്യം പൂർണ്ണമാക്കുവിൻ.

**7. പ്രതി സ്മരേഥാം തുജയദ്ഭിരേവൈർഹതം ദുഹോ രക്ഷസോ ഭങ്ഗുരാവതഃ |**

**ഇന്ദ്രാസോമാ ദുഷ്കൃതേ മാ സുഗം ഭൂദ്യോ നഃ കദാ ചിദഭിദാസതി ദ്രുഹാ ||**

ഹേ ഇന്ദ്രാ സോമാ! നിങ്ങൾ അശ്വങ്ങളെ പുറത്തുവരുവിൻ, ഹിംസകനായ രാക്ഷസൻമാരെ നശിപ്പിക്കുവിൻ. പാപികൾ ഒരിക്കലും ശത്രുക്കളെ കൊല്ലാതിരിക്കത്തവിധം അവർ സുഖം പ്രാപിക്കാതിരിക്കട്ടെ.

**8. യോ മാ പാകേന മസാ ചാന്തമഭിചേഷ്ഠ അനൃതേഭിർവചോഭിഃ |**

**ആപഇവ കാശിനാ സങ്ഗൃഭീതാ അസന്നസ്ത്വാസത ത ഇന്ദ്ര വക്താ ||**

ഹേ ഇന്ദ്രാ! മിഥ്യാഭാഷികളായ രാക്ഷസൻമാർ ഉള്ളം കയ്യിൽ കോരിയെടുത്ത ജലം പോലെ അസ്തിത്വഹീനരായിത്തീരണേ.

**9. യേ പാകശംസം വിഹരന്ത ഏവൈര്യോ വാ ഭദ്രം ദൂഷയന്തി സ്വധാഭിഃ |**

**അഹയോ വാ താൻ പ്രദദാത് സോമ ആ വാ ദധാതു നിർഋതേരൂപസ്ഥേ ||**

സത്യപ്രിയനെ ആർ സ്വാർത്ഥതയ്ക്കുവേി പാലിക്കുന്നുവോ, നല്ലവനെ പ്രബലരായ യാതൊരുത്തർ ദുഷിക്കുന്നുവോ അവരെ സർപ്പത്തിനെറിഞ്ഞു കൊടുക്കട്ടെ.

**10. യോ നാ രസാ ദിപ്സതി പിത്വോ അഗ്നേ യോ അശ്വാനാ യോ ഗവാം യസ്തനൂനാം |**

**രിപുഃ സ്തേനഃ സ്തേയകൃദ്ദഭ്രമേതു നിഷ ഹീയതാം തന്വാ തനാ ച ||**

ഹേ അഗ്നേ! യാതൊരു ദുഷ്ടൻ ഞങ്ങളുടെ അന്നത്തെയും, ഗോക്കളേയും, അശ്വങ്ങളേയും സന്താനാദികളേയും നശിപ്പിക്കുന്നുവോ, അവൻ ഹിംസിക്കപ്പെടട്ടെ, അവന്റെ സന്താനങ്ങൾ നശിച്ചുപോകട്ടെ.

**11. പരഃ സോ അസ്തു തന്വാ തനാ ച തിസ്രഃ പൃഥിവീരധോ അസ്തു വിശ്വാഃ |**

**പ്രി ശുഷ്യതു യശോ അസ്യ ദേവാ യോ നോ ദിവാ ദിപ്സതി യശ്ച നക്തം ||**

ആ രാക്ഷസൻ ദേഹരഹിതനാകട്ടെ, സന്താനരഹിതനാകട്ടെ, ത്രിലോകങ്ങളുടെ അടിയിൽ പതിക്കട്ടെ. ഹേ ദേവകളേ! ഹിസയെ കാമിക്കുന്ന രാക്ഷസന്റെ കീർത്തി ശുഷ്ക്കരമായിത്തീരട്ടെ.

**12. സുവിജ്ഞാനം ചികിതുഷേ നായ സച്ചാസച്ച വചസീ പസ്പൃധാതേ |**

**തയോര്യത്സത്യം യതരദൃജീയസ്തദിത്സോമാ വതി ഹന്ത്യാസത് ||**

മിഥ്യയും സത്യവും പരസ്പരം മത്സരിക്കുന്നു. ജ്ഞാനികൾ അതറിയുന്നു. സോമൻ സത്യത്തെ രക്ഷിക്കുകയും അസത്യത്തെ

നശിപ്പിക്കുകയും ചെയ്യുന്നു.

**13. വ വാ ഉ സോമോ വൃജിനം ഹിനോതി ന ക്ഷത്രിയം മിഥുയാ ധാരയന്തം |**

**ഹന്തി രക്ഷോ ഹന്ത്യാസദ്വദന്തമുഭാവിന്ദ്രസ്യ പ്രസിതൗ ശയാതേ ||**

പാപിയായ മിഥ്യയേയും, അസത്യവാദിയേയും സോമൻ നശിപ്പിക്കുന്നു. അസത്യഭാഷിയായ ദുഷ്ടൻ ഇന്ദ്രൻെറ മുൻപിൽ പതിക്കും.

**14. യദി വാഹമനൃതദേവ ആസ മോഘം വാ ദേവാം അപ്യൂഹേ അഗ്നേ |**

**കിമസ്മഭ്യം ജാതവേദോ ഹൃണീഷേ ദ്രോഘവാചസ്തേ നിർഋതം സചന്താം ||**

ഞാൻ അസത്യദേവനെ ഉപാസിക്കുന്നു. എങ്കിൽ ഹേ അഗ്നേ! നീ എന്തിനു കോപിക്കുന്നു. മിഥ്യഭാഷിയായ പുരുഷൻ നിന്റെ ഹിംസക്കു ലക്ഷ്യമാകട്ടെ.

**15. അദ്യാ മുരീയാ യദി യാതുധാനോ അസ്മി യദി വായുസ്തതപ പുരുഷസ്യ |**

**അദ്യാ സ വീരൈർദശഭിരവി യൂയായോ മാ മോഘം യാതുധാനേത്യാഹ ||**

ഞാൻ രാക്ഷസനേ, ആരുടെ എങ്കിലും ആയുസിന്റെ നാശകാരണനോ ആണെങ്കിൽ ഇപ്പോൾ തന്നെ മരിച്ചുകൊള്ളാം. ആര് എന്നെ രാക്ഷസനെന്നു പറയുന്നുവോ; അവന്റെ സന്തതികൾ നശിക്കട്ടെ.

**16. യോ മായാതു യാതുധാന്യോത്യാഹയോ വാ രക്ഷാഃ ശുചിരസ്മീത്യാഹ |**

**ഇന്ദ്രസ്തം ഹന്തു മഹതാ വധേന വിശ്വസ്യ ജന്തോരധമസ് പദീഷ്ട ||**

സാധുവായ എന്നെ ആർ രാക്ഷസനെന്നു പറയുകയും, അവൻ സ്വയം സാധുവാണെന്ന് പറയുകയും ചെയ്യുന്നു, അവനെ ഇന്ദ്രൻ തന്റെ വജ്രത്താൽ വധിക്കട്ടെ. അവൻ എല്ലാ ജീവികളെക്കാളും നികൃഷ്ടമായ ഗതിയെ പ്രാപിക്കണേ.

**17. പ്ര യാ ജിഗാതി ഖർഗലേവ നക്തമപ ദ്രുഹാ തന്വം ഗുഹമാനാ |**

**വവ്രാം അനന്താം അവ സാ പദീഷ്ട ഗ്രാവണോ ഘ്നന്തു രക്ഷസ ഉപബ്ദൈഃ ||**

രാത്രിയിൽ ഉലുകത്തെപ്പോലെ ശരീരം മറച്ചു നടക്കുന്ന രാക്ഷസി മുഖം കുത്തി ഘോരമായ ഗർത്തത്തിൽ പതിക്കട്ടെ. അമ്മിക്കല്ലും അതിന്റെ ശബ്ദത്താൽ രാക്ഷസൻമാരെ നശിപ്പിക്കട്ടെ.

**18. വി തിഷ്ടധ്വം മരുതോ വിക്ഷ്വിഛത ഗൃഭായത രക്ഷസഃ സം പിനഷ്ടന |**

**വയോ യേ ഭൂത്വീ പതയന്തി രക്തഭിര്യോ വാ രിപോ ദധിരേ ദേവേ അധ്വരേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ വിഭിന്നരായ പ്രജകളിൽ വസിക്കുവിൻ. രാത്രികാലങ്ങളിൽ പക്ഷികളെപ്പോലെ വരുന്ന യജ്ഞനാശകരായ രാക്ഷസൻമാരെ ധൂളിയാക്കി പറത്തുവിൻ.

**19. പ്ര വർതയ ദിവോ അശ്മാനമിന്ദ്ര സോമശിതം മഘവൻത്സം ശിശാധി |**

**പ്രാക്തദപാക്താദരാദുക്താദഭി ജഹി രക്ഷസഃ പർവതേന ||**

ഹേ ഇന്ദ്രാ! അന്തരീക്ഷത്തിൽ നിന്നും വജ്രത്തെ വീശേണമേ. എല്ലാ ദിക്കുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.

**20. ഏത ഉ ത്യേ പതയന്തി ശ്വയാതവ ഇന്ദ്രം ദിപ്സന്തി ദിപ്സവോ ദാഭ്യം |**

**ശിശീതേ ശത്രഃ പിശുനേഭ്യോ വധം നൂനം സൃജദശനിം യാതുമദ്ഭ്യഃ ||**

ഈ രാക്ഷസൻ പട്ടികളോടുകൂടി ഇവിടെ വന്നിരിക്കുന്നു. ഇന്ദ്രനെ കൊല്ലുവാനാഗ്രഹിക്കുന്ന രാക്ഷസനെ കൊല്ലുവാൻ ഇന്ദ്രൻ തന്റെ വജ്രത്തിനു മൂർച്ചകൂട്ടുന്നു. ഇന്ദ്രൻ രാക്ഷസൻമാരുടെ മേൽ തന്റെ വജ്രം പ്രയോഗിക്കട്ടെ.

**2. ഇന്ദ്രോ യാതുനാമഭവത് പരാശരോ ഹവിർമഥീനാ മഭ്യാ വിവാസാതം |**

**അഭീദു ശക്രഃ പരശുര്യഥാ വനം പാതേവ ഭിന്ദൻത്സത ഏതി രക്ഷസഃ ||**

ഹിംസകൻമാരെ ഇന്ദ്രൻ ഹിംസിക്കുന്നു. കോടാലികൊു മരം മുറിക്കുന്നതുപോലെയും. ഗദകൊു പാത്രം ഉടയ്ക്കുന്നതുപോലെയും, ഇന്ദ്രൻ തൻെറ ഉപാസകരുടെ രക്ഷയ്ക്കുവേി രാക്ഷസൻമാരെ പൊടിയാക്കിക്കൊിരിക്കുന്നു.

**22. ഉലൂകയാതും ശുശുലുകയാതും ജഹി ശ്വയാതുമുത കോകയാതും |**

**സുപർണയാതുമുത ഗൃധ്രയാതും ദൃഷ്ദേവ പ്ര മൃണ രക്ഷ ഇന്ദ്ര ||**

ഹേ ഇന്ദ്രാ! ഉലൂകങ്ങളോടുകൂടി ഹിംസാകർമ്മങ്ങൾ നടത്തുന്ന രാക്ഷസൻമാരെ കൊല്ലണമേ. ഉലൂകരൂപം ധരിച്ച് ഹിംസാകർമ്മങ്ങൾ നടത്തുന്നവരെ സംഹരിക്കേണമേ. കുക്കുടം, ചക്രവാതം, പരുന്ത്, കഴുകൻ എന്നിവകളുടെ രൂപം ധരിച്ചു ഹിംസനടത്തുന്നവരേയും അങ്ങയുടെ ലോഹനിർമ്മിതമായ വജ്രത്താൽ നശിപ്പിക്കേണമേ.

**23. മാ നോ രക്ഷോ അഭി നഡ്യാതുമാവതാമപോച്ഛതു മിഥുനാ യാ കിമീദിനാ |**

**പൃഥിവീനഃ പാർഥിവാത് പാത്വംഹസോ ന്തരിക്ഷം ദിവ്യാത്പത്വസ്മാൻ ||**

രാക്ഷസൻമാർ ഞങ്ങളെ വളയാതിരിക്കണേ. രാക്ഷസൻമാർ ചിതറിപ്പോകണേ. ഇതെന്ത്? എന്നുപറഞ്ഞുകൊു സഞ്ചരിക്കുന്ന രാക്ഷസൻമാർ ഓടിപ്പോരണേ. അന്തരീക്ഷത്തിൽ നിന്നും പ്രാപിച്ച പാപത്തിൽ നിന്നും ഭൂമി നമ്മെ രക്ഷിക്കണേ. ദിവ്യപാപത്തിൽ നിന്നും അന്തരീക്ഷം നമ്മെ രക്ഷിക്കണേ.

**24. ഇന്ദ്ര ജഹി പുമാംസം യാതുധാനമുത സ്ത്രിയം മായയാ ശാശദാനാം |**

**വിഗ്രീവാസോ മൂരദേവാ ഋദന്തു മാ തേ ദൃശൻത്സൂര്യ മുച്ചരന്തം ||**

ഹേ ഇന്ദ്രാ! രാക്ഷസൻമാരെയും രാക്ഷസികളേയും നശിപ്പിക്കേണമേ. ഹിംസക്രീഡയിൽ മുഴുകിയിരിക്കുന്ന രാക്ഷസൻമാരുടെ ശിരസ് ഛിന്നഭിന്നമായിത്തീരണേ. അവർക്ക്

ഉദയസൂര്യനെ ദർശിക്കുവാൻ കഴിയാതെ വരണേ.

**25. പ്രതി ചക്ഷ്വ വി ചക്ഷ്വേന്ദ്രശ്ച സോമ ജാഗൃതം |**
**രക്ഷോഭ്യോ വധമസ്യതമശനിം യാതുമദ്ഭ്യഃ ||**

സോമാ! ഇന്ദ്രാ! നിങ്ങൾ എല്ലാവരെയും നന്നായിനോക്കേണമേ. രാക്ഷസൻമാരുടെമേൽ വജ്റായുധത്തെ പ്രയോഗിക്കേണമേ.

# മണ്ഡലം 8

## അനുവാകം 1 സൂക്തം 1

**ഋഷി കണ്വഗോത്രൻ മേധാതിഥി, മേധ്യാതിഥി കണ്വൻമാർ, ദേവത ഇന്ദ്രൻ, ഛന്ദസുകൾ ബൃഹതി, ത്രിട്ഷുപ്.**

**1. മാ ചിദന്യദ്വി ശംസത സവായോ മാ രിഷണ്യത |**
**ഇന്ദ്രമിത് സ്തോതാ വൃഷണം സചാ സുതേ മുഹുരുക്ഥാ ച ശംസത ||**

ഹേ മിത്രങ്ങളേ! ഇന്ദ്രനെയല്ലാതെ മറ്റാരെയും സ്തുതിക്കരുത്. അല്ലെങ്കിൽ ദണ്ഡനീയരായിത്തീരും. സോമം ഇടിച്ചുപിഴിയുമ്പോൾ അഭിലാഷ വർഷകനായ ഇന്ദ്രനെ സ്തുതിക്കുവാൻ നിരന്തരം സ്തോത്രോച്ചാരണം നടത്തുവിൻ.

**2. അവക്രക്ഷിണം വൃഷഭംയഥാജൂരം ഗാം ന ചർഷണീസഹം |**
**വിദ്വേഷണം സംവനനോഭയങ്കരം മംഹിഷ്ഠമുഭയാവിനം ||**

വൃഷഭത്തെപ്പോലെ ശത്രുക്കളെ കൊല്ലുന്നവനും, സക്യശരേയും ജയിക്കുന്നവനും, സ്തോതാക്കളാൽ സ്തുതിക്കപ്പെടുന്നവനും ദിവ്യവും പാഥിവവുമായ ധനങ്ങളുടെ ഉടമസ്ഥനും ദാതാക്കളിൽ പ്രമുഖനുമായ ഇന്ദ്രനെ സ്തുതിക്കുവിൻ.

**3. യച്ചിദ്ധി ത്വാജനാ ഇമേ നാനാ ഹവന്ത ഊതയേ |**
**അസ്മാകം ബ്രഹ്മേമിന്ദ്ര ഭൂതു തേ ഹാ വിശ്വാ ച വർധനം ||**

ഹേ ഇന്ദ്രാ! നിന്റെ രക്ഷയ്ക്കുവേ മനുഷ്യർ പ്രത്യേകം പ്രത്യേകം സ്തുതിക്കുന്നു് എന്നിരുന്നാലും ഈ സ്തുതി നിന്നെ വളർത്തുന്നതാകണേ.

**4. വി തർതൂര്യന്തേ മഘവൻ വിപശ്ചിതോ ര്യോ വിപോ ജനാനാം |**
**ഉപ ക്രമസ്വ പുരുരൂപമാ ഭര വാജം നേദിഷ്ഠമൂതയേ ||**

ഹേ ഐശ്വര്യവാനായ ഇന്ദ്രാ! നിന്റെ സ്തോതാക്കൾ ശത്രുക്കളെ വിറപ്പിച്ചുകൊ് ആപത്തുകളിൽ നിന്നും രക്ഷപ്പെട്ടിരിക്കുന്നു. നീ ഞങ്ങളുടെ അടുക്കൽ വരണമേ. ഞങ്ങൾക്കുവേ ബഹുവിധമായ അന്നം പ്രദാനം ചെയ്യണമേ.

**5. മഹേ ചന ത്വമദ്രിവഃ പരാ ശുല്കായ ദേയാം |**
**ന സഹസ്രായ നായുതായ വജ്രിവോ ന ശതായ ശതാമഘ ||**

ഹേ വജ്റായുധ! നിന്റെ ഭക്തിയുടെ മഹാമൂല്യത്തെ ഞാൻ വിലക്കുകയില്ല എണ്ണമറ്റ ധനത്തിനുപകരമായും അതു ഞാൻ കൈമാറ്റം ചെയ്യുകയില്ല.

**6. വസ്യാം ഇന്ദ്രാസി മേ പിതുരുത ഭ്രാതുരഭുഞ്ജതഃ |**
**മാതാ ച മേ ഛദയഥഃ സാ വസോ വസുത്വനായ രാധസേ ||**

ഹേ ഇന്ദ്രാ നീ എന്റെ പിതാവിനേക്കാൾ അധികം വൈഭവശാലിയാണ്. യുദ്ധത്തിൽ പിന്തിരിഞ്ഞോടാത്ത എന്റെ സഹോദരനേക്കാളും അധികം ബലവാനുമാണല്ലോ. എന്റെ മാതാവും അങ്ങും തുല്യരായി എന്നെ വ്യാപകമായ ധനത്തിന്റെ അവകാശിയാക്കേണമേ.

**7. ക്വേയഥ ക്വേദസി പുരുത്രാ ചിദ്ധി തേ മനഃ |**
**അലർഷി യുധ്മ ഖജകൃത് പുരന്ദര പ്ര ഗായത്രാ അഗാസിഷുഃ ||**

ഹേ ഇന്ദ്രാ നീ എവിടെയാണ്? നിന്റെ മനസ്സ് എങ്ങും വ്യാപിച്ചിരിക്കുന്നു, നീ രണകുശലനും നഗരങ്ങളുടെ വിജേതാവുമാണ്. ഗായകൻമാർ നിന്നെ സ്തുതിക്കുന്നു.

**8. പ്രാ സ്മൈ ഗായത്രമർചത വാവാതുർയഃ പുരന്ദരഃ |**
**യാഭിഃ കാണ്വസ്യോപ ബർഹിരാസദം യാസദ്വജ്രീ ഭിനത്പുരഃ ||**

ഇന്ദ്രനെ പ്രശംസിച്ചുപാടുവിൻ. ശത്രുനഗരങ്ങൾ തകർത്ത ഇന്ദ്രൻ എല്ലാവർക്കും സ്തുത്യനാകുന്നു. കണ്വപുത്രൻമാരുടെ യാഗത്തിൽ ഏതുമന്ത്രം ഉച്ചരിക്കപ്പെടുന്നുവോ? ഏതൊരുമന്ത്രത്താൽ ശത്രുക്കളുടെ നഗരങ്ങൾ തകർത്തുവോ, ആ മന്ത്രങ്ങളാൽതന്നെ അവനെ സ്തുതിക്കുവിൻ.

**9. യേ ത സന്തി ദശഗ്വിനന്ന ശതിനോ യേ സഹസ്രിണഃ |**
**അശ്വാസോ യേ തേ വൃഷണോ രഘുദ്രുവസ്തേഭിർസ്തുയമാ ഗഹി ||□□**

ഹേ ഇന്ദ്രാ! അങ്ങയുടെ അശ്വങ്ങൾ പത്തുയോജന നടക്കുന്നവയാണ്. അവ ശീഘ്രഗാമികളുമാകുന്നു. നീ അവയുടെ മേൽ അതിവേഗം വളരണമേ

**10. ആ ത്വദ്യ സബർദുഘാം ഹുവേ ഗായത്രവേപസം |**
**ഇന്ദ്രം ധേനും സുദുധാമന്യാമിഷമരുധാരാമങ്കൃതം ||**

കറവയുള്ളതും വേഗതിയുമായ ഗോവിനു തുല്യം ഞാൻ ഇന്ദ്രൻ സ്തുതിക്കുന്നു. നാം ആഗ്രഹിക്കുന്ന മഴയെ വഴിയാംവിധം വർഷിക്കുന്നവനായ ഇന്ദ്രനെ ഞാൻ ഹാർദവമായി സ്തുതിക്കുന്നു.

**11. യത്തുദത് സൂര ഏതശം വങ്കൂ വാതസ്യ പർണിനാ |**
**വഹത് കുത്സാർജ്ജുനേയം ശതക്രതുസ്ത് സരദ് ഗന്ധർവമസ്തൃതം ||**

സൂര്യൻ ഏതശനെ പീഡിപ്പിച്ചപ്പോൾ, വക്രഗതിയോടുകൂടിയവരും; ദ്രുതഗാമികളുമായ അശ്വങ്ങൾ കുത്സനെ വഹിക്കുകയും ഇന്ദ്രൻ അഹിംസിതനായ സൂര്യനെ കപടവേഷത്തിൽ അക്രമിക്കുകയും ചെയ്തു.

**12. യ ഋതേ ചിദഭിശ്രിഷഃ പുരാ ജത്രുഭ്യ ആതൃദഃ |**
**സന്ധാതാ സന്ധിം മഘവാ പുരുവസുരിഷ്കർതാ വിഹ്രുതം പുനഃ ||**

കഴുത്തുമുറിഞ്ഞ് രക്തം വരുന്നതിനുമുമ്പ് തന്നെ മുറിഞ്ഞ ഭാഗത്തെ കൂട്ടിച്ചേർത്ത് സുഖപ്പെടുത്തുകയും, ഛിന്നഭിന്നമായവരെ സുഖപ്പെടുത്തുകയും ചെയ്യുന്നത് ഇന്ദ്രൻ തന്നെയാകുന്നു.

**13. മാ ഭൂമ നിഷ്ട്യാഇവേന്ദ്ര ത്വദരണാ ഇവ |**
**വനാനി ന പ്രജഹിതാന്യദ്രിവോ ദുരോഷാസോ അമൻമഹി ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്റെ അനുഗ്രഹത്താൽ പതിതരാകാതിരിക്കണേ. ദുഃഖമനുഭിക്കാതിരിക്കണേ. ഇല കൊഴിഞ്ഞ് ക്ഷീണിച്ച വനം പോലെ ഞങ്ങൾ സന്താനശൂന്യരാകാതിരിക്കണേ, വജ്റായുധാ! മറ്റുവ്യക്തികൾ ഞങ്ങളെ പിഡിപ്പിക്കാതിരിക്കണേ.

ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**14. അമൻമഹീദനാശവോനുഗ്രസശ്ച വൃത്രാഹൻ |**

**സുകൃത്സു തേ മഹതാ സൂര രാധസാനു സ്തോമം മുദീമഹി ||**

ഞങ്ങൾ ക്രൂരതവെടിഞ്ഞ് വെമ്പൽ കൂടാതെ മന്ദം മന്ദമായി നിന്നെ പ്രസാദത്താൽ വളരെ ധനം ഞങ്ങൾക്കു ലഭ്യമാകണേ.

**15. യദി സ്തോമം മമ ശ്രവദസ്മാകുമിന്ദ്രമിന്ദവഃ |**

**തിരഃ പവിത്രം സസൃവാംസ ആശവോ മന്ദന്തു തുഗ്രാവൃധഃ ||**

ഇന്ദ്രൻ നമ്മുടെ സ്തുതികളെ കേൾക്കുമാറാകണേ. എങ്കിൽ നാം സോമരസത്താൽ അവനെ തൃപ്തനാക്കും. സോമം അരിപ്പയിൽ അരിച്ചെടുത്തതും ജലത്താൽ ശുദ്ധമാക്കപ്പെട്ടതുമാകുന്നു. സോമം അരിപ്പയിൽ അരിച്ചെടുത്തതും ജലത്താൽ ശുദ്ധമാക്കപ്പെട്ടതുമാകുന്നു. എല്ലാ സോമങ്ങളും പുഷ്ഠിവർദ്ധകങ്ങളാകുന്നു.

**16. ആ ത്വദ്യ സധസ്തുതിം വാവാതുഃ സഖ്യുതാ ഗഹി |**

**ഉപസ്തുതിർ മഘോനാം പ്ര ത്വാവത്വധാ തേ വശ്മി സുഷ്ടുതിം ||**

അവൻ തന്റെ സ്തോതക്കളുടെ അടുക്കലേയ്ക്ക് അതിവേഗം വന്നുചേരണേ. ഹവിസ്സുകളാൽ യുക്തമായ സ്തോത്രം അങ്ങയെ പ്രാപിക്കുമാറാകണേ. ഞാൻ നിന്റെ ശ്രേഷ്ഠമായ സ്തോത്രത്തെ വളരെയധികം ഇഷ്ടപ്പെടുന്നു.

**17. സോതാ ഹി സോമമദ്രിഭിരേമേനമപ്സു ധാവത |**

**ഗവ്യാ വസ്ത്രേവ വാസയന്ത ഇന്നരോ നിർധുക്ഷന്വക്ഷണാഭ്യഃ ||**

ഹേ അധ്വര്യുക്കളേ! അമ്മിക്കല്ലാൽ സോമമിടിക്കുകയും ജലത്താൽ ശുദ്ധമാക്കുകയും ചെയ്യുവിൻ, മരുത്തുക്കൾ മേഘങ്ങളിൽ നിന്നും ജലത്തെ ദോഹനം ചെയ്ത്നദികളെ പരിപൂർണ്ണമാക്കുന്നു.

**18. അധ ജ്മോ അധ വാ ദിവോ ബൃഹതേ രോചനാ ദധി |**

**അയാ വർധസ്വ തന്വാ ഗിരാ മാ ജാതാ സുക്രതോ പൃണ ||**

ഭൂമിയിൽ നിന്നും, അന്തരീക്ഷത്തിൽ നിന്നും, സ്വർഗ്ഗത്തിൽ നിന്നും ആഗതനാകുന്ന ഇന്ദ്രൻ എന്റെ സ്തുതികളാൽ വളരണേ. അവൻ നമ്മുടെ മനുഷ്യർക്ക് സൽഫലം പ്രദാനം ചെയ്യണേ.

**19. ഇന്ദ്രായ സു മദിന്തമം സോമം സോതാ വരേണ്യം |**

**ശക്ര ഏണം പീപദ്വിശ്വയ ധിയാ ഹിന്വാനം ന വാജയും ||**

ഹേ അധ്വര്യുക്കളേ പുഷ്ടികരമായ സോമം ഇന്ദ്രനു കാഴ്ച സമർപ്പിക്കുവിൻ. ആ ഇന്ദ്രൻ തന്റെ എല്ലാ കർമ്മങ്ങളാലും പ്രസന്നതാപ്രദവും അന്നത്തിനുവേയുള്ളതുമായ യജ്ഞത്തെ വളർത്തുമാറാകണേ.

**20. മാ ത്വാ സോമസ്യ ഗല്ദയാ സദാ യാചന്നഹം ഗിരാ |**

**ഭൂർണിം മൃഗം ന സവനേഷു ചക്രുധം ഈശാനം ന യാചിഷത് ||**

ഹേ ഇന്ദ്രാ യജ്ഞത്തിൽ ഞാൻ സോമമർപ്പിക്കുകയും, സ്തുതിക്കുകയും ചെയ്തു അവനെ ഒരിക്കലും ദുഷ്ടനാക്കുകയില്ല അവനോട് പ്രാർത്ഥിക്കാത്തവരായി ലോകത്തിൽ ആരും തന്നെ ഇല്ലല്ലോ.

**21. മദേ നേഷിതം മദ മുഗ്രമുഗ്രേണ ശവസാ |**

**വിശ്വേഷാം തരുതാരം മദച്യുതം മദേ ഹി ഷ്മാ ദദാതി നഃ ||**

ഹേ ഇന്ദ്രാ നീ മഹാപരാക്രമിയാണ് ഹർഷാഭിലാഷിയായ സ്തോതാവിനാൽഹർത്തെ പാനം ചെയ്യണമേ. സോമഹർഷത്താൽ പ്രസന്നനാകുന്ന ഇന്ദ്രൻ വിശ്വജിന്നായ പുത്രനെ നമുക്കു പ്രദാനം ചെയ്യുന്നു.

**22. ശേവാരേ വാർയാ പൂരു ദേവോ മർതായ ദാശുഷേ |**

**സ സുന്വതേ ച സ്തുവതേ ച രാസതേ വിശ്വഗൂർതോ അരിഷ്ടുതഃ ||**

സുഖദായകമായ യജ്ഞത്തിൽ ഇന്ദ്രൻ ഹവിർദാതാവായ യജമാനന് വരണയോഗ്യമായ ധനം പ്രദാനം ചെയ്യുന്നു. അദ്ദേഹം എല്ലാ കർമ്മങ്ങളും ചെയ്യുന്നവനാകുന്നു.

**23. ഇന്ദ്ര യാഹി മത്സ്വ ചിത്രേണ ദേവ രാധസാ |**

**സരോ ന പ്രാസ്യുദരം സപീതിഭിരാ സോമേഭിരുരു സ്ഫിരം ||**

ഹേ ഇന്ദ്രാ! വരൂ ദർശനീയമായ ഐശ്വര്യത്താൽ സമ്പന്നനാകണമേ. നീ മഞ്ഞവർണ്ണത്തോടുകൂടിയ സോമത്താൽ സ്വന്തം ഉദരത്തെ പൂർണ്ണമായി നിറച്ചാലും.

**24. ആ ത്വാ സഹസ്രമാ ശതം യുക്താ രഥേ ഹിരണ്യയേ |**

**ബ്രഹ്മയുജേ ഹരയ ഇന്ദ്ര കേശിനോ വഹന്തു സോമപീതയേ ||**

ഹേ ഇന്ദ്രാ! ധാരാളം സ്ക്കന്ധലരാമങ്ങളുള്ള നിന്നെ നൂറായിരം അശ്വങ്ങൾ സോമപാനത്തിനായി രഥത്തിൽ കൊവരണേ.

**25. ആ ത്വാ രഥേ ഹിരണ്യയേ ഹരീ മയരശേഷ്യാ |**

**ശീതിപൃഷ്ഠാ വഹതാം മധ്വോ അന്ധസോ വിവക്ഷണസ്യ പീതയേ ||**

ശ്വേതപീഠത്തോടുകൂടിയ മയൂരവർണ്ണകുതിരകൾ മധുരസ്തുതികൾക്കും സോമപാനത്തിനും ആയി ഇന്ദ്രനെ ഇവിടെ കൊവരണേ.

**26. പിബാ ത്വസ്യ ഗിർവണഃ സുതസ്യ പൂർവപാ ഇവ |**

**പരിഷ്കൃതസ്യ രസിനം ഇയമാസുതിശ്ചാരുർമദായ പത്യതേ ||**

ഹേ ഇന്ദ്രാ! നീ ആദ്യമായി ഒരു കുടിയനെപ്പോലെ സോമത്തെ പാനം ചെയ്യുന്നു. ഇത് വളരെ ശുദ്ധമായതാണു ഇത് ഹർഷകാരിയും സുന്ദരവുമാകുന്നു. പ്രസന്നതയ്ക്കുവേി തന്നെ ഇതു തയ്യാറാക്കപ്പെട്ടിരിക്കുന്നു.

**27. യ ഏതോ അസ്തിദസനാ മഹാം ഉഗ്രോ അഭി വ്രതൈഃ |**

**ഗമത്സ ശിപ്രീ ന സ യോഷദാ ഗമദ്ധവം ന പരി വർജതി ||**

ഏകനായിത്തന്നെ തന്റെ ബലത്താൽ എല്ലാ ശത്രുക്കളെയും പരാജയപ്പെടുത്തുന്നവനും വിശാലകർമ്മാവും ആയ ഇന്ദ്രൻ ഇവിടെ ആഗതനാകുമാറാകണേ. അവൻ നമ്മിൽ നിന്നും അകലാതിരിക്കണേ. നമ്മുടെ സ്തോതാക്കളുടെ അടുക്കൽ വരുമാറാകണേ.

**28. ത്വം പുരം ചരിഷ്ണവം വധൈഃശൂഷസ്യ സ പിണക് |**

**ത്വം ഭാ അനുചരോ അധ ദ്വിതായദിരൂഹവ്യോ ഭുവഃ ||**

ഹേ ഇന്ദ്രാ! ഭവാൻ ശുഷ്ണന്റെ നിവാസസ്ഥാനത്തെ വജ്രത്താൽ തകർത്തു. നീ യജ്ഞകർത്താക്കളിൽ ആഹ്വാനം ചെയ്യപ്പെടുന്നു. നീ തേജസ്വിയായ ശുഷ്ണനെ പിന്തുടർന്നു.

**29. മമ ത്വാ സൂര ഉദിതേ മമ മധ്യന്ദിനേ ദിവഃ |**
**മമ പ്രപിത്വേ അപിശർവരേ വസവാ സ്തോമാസോ ആ്യത്സതഃ ||**

സൂര്യനുദിക്കുമ്പോൾ എന്റെ സ്തോത്രങ്ങളെ നീ വീും ചൈതന്യപ്പെടുത്തണമേ പകലിന്റെ മധ്യത്തിലും അവസാനത്തിലും, രാത്രിയിലും എൻെറ സ്തോത്രങ്ങളെ ആവർത്തിപ്പിക്കേണമേ.

**30. സ്തുഹി സ്തുഹീദേതേ ധാ തേ മംഹിഷ്ഠാസോ മഘോനാം |**
**നിന്ദിതാശ്വഃ പ്രപഥീ പരമജ്യാ മഘസ്യ മേധ്യാതിഥേ ||**

ഹേ മേധാതിഥീ നിങ്ങളെന്നെ നിരന്തരം സ്തുതിക്കുവിൻ ഞങ്ങളിൽ നിന്നും അധികമായ ധനം നൽകുന്നു. എന്റെ ശക്തിയിൽ നിന്നുതന്നെ മറ്റുള്ളവരുടെ ആശ്രയത്തെ നിയുക്തമാക്കുന്നു. എന്റെ ആയുധവും മാർഗ്ഗവും ശ്രേഷ്ഠമായതാകുന്നു.

**31. ആ യദശ്വാന്വനന്വതഃ ശ്രദ്ധയാഹം രഥേ രുഹം |**
**ഉത വാമസ്യ വസുനശ്ചികേതതി യോ അസ്തി യാദ്വഃ പശുഃ ||**

ഞാൻ ശ്രദ്ധയോടുകൂടി നിന്റെ രഥത്തിൽ അശ്വങ്ങളെ പൂട്ടി. ഞാൻ സുന്ദരദാനിയാകുന്നു. ഞാൻ യദുകുലത്തിൽ ജനിച്ചവനാകുന്നു.

**32. യ ഋജ്രാ മഹ്യം മാമഹേ സഹ ത്വചാ ഹിരണ്യയാ |**
**ഏഷ വിശ്വാന്യഭ്യസ്തു സൗഭാഗാസങ്ഗസ്യ സ്വനദ്രഥഃ ||**

ആര് സുവർണ്ണമായ ചർമ്മാസ്തരണസഹിതം എനിക്ക് സുന്ദരമായ ധനം നൽകിയിരിക്കുന്നുവോ, ആ ആസംഗൻ ശബ്ദമുള്ള രഥത്തോടുകൂടിയവായി ശത്രുക്കളുടെ ധനത്തിൻമേൽ വിജയം വരിക്കുന്നു.

**33. അധ പ്ലായോഗിരതി ദാസദന്യാ നാസനാസങ്ഗോ അഗ്നേ ദശഭിഃ സഹസ്രൈഃ |**
**അധോക്ഷണേ, ദശ മഹ്യം രുശന്തോ നലം ഇവ സരസോ നിരതിഷ്ഠൻ ||**

ഹേ അഗ്നേ! പ്ലായോഗന്റെ പുത്രനായ അസംഗൻ പതിനായിരം ഗോക്കളെ ദാനം ചെയ്തുവല്ലോ. അതു കാരണം അയാൾ എല്ലാ ദാനികളെക്കാളും ശ്രേഷ്ഠനായിത്തീർന്നു. അപ്പോൾ സേചനസമർത്ഥരായ യാഗങ്ങൾ അവന്റെ അടുക്കൽ ചെന്നു ചേർന്നു.

**34. അന്വസ്യ സ്ഥൂരം ദദൃശേ പുരസ്താദനസ്യ ഊരുരവരമ്ബമാണഃ |**
**ശശ്വതോ നായഭിചക്ഷ്യാഹ സുഭദ്രമര്യ ഭോജനം വിഭർഷി ||**

ആ സംഗൻ നന്നായി തടിച്ചു കൊഴുത്തു. അവന്റെ ശക്തിയുക്തമായ ദേഹം വിശാലവും, ദീർഘയുക്തവും ആയി. അയാളുടെ ഭാര്യയായ ശശ്വതി ഇപ്രകാരം പറഞ്ഞിരുന്നു ഹേ സ്വമിൻ നീ പരമസൗഗ്യവാനും സകലരിലും ശ്രേഷ്ഠനുമാകുന്നു.

## സൂക്തം 2

**ഋഷി മേധാതിഥി പ്രിയമേധൻ ദേവൻ ഇന്ദ്രൻ ഛന്ദസ് ഗായത്രി അനുഷ്ടുപ്.**

**1. ഇദം വസോ സുതമന്ധഃ പിബാ സുപൂർണമുദരം |**
**അനാഭയിന്നരിമാ തേ ||**

ഹേ ഇന്ദ്രാ! ഈ അഭിഷ്ഠതമായ സോമത്തെ പാനം ചെയ്യണമേ. നിന്റെ ഉദരം ഇതിനാൽ പരിപൂർണ്ണമാകണേ. ഹേ ഇന്ദ്രാ! ഞങ്ങൾ നിനക്കു സോമം പ്രദാനം ചെയ്യും.

**2. നൃഭിർധൂതഃ സുതോ അശ്നൈരവ്യോ വാരൈ പരിപൂതഃ |**
**അശ്വോ ന നിക്തോ നദീഷു ||**

ജ്ഞാനികൾ ഇടിച്ചു പിഴിഞ്ഞ് തുണിയിലരിച്ചെടുത്ത സോമം നദിയിലിറങ്ങിക്കുളിച്ചുവന്ന കുതിരക്കു സമാനം സുശോഭിതമായിരിക്കുന്നു.

**3. തം തേ യവം യഥാ ശോഭിഃ സ്വാദുമകർമ ശ്രീണന്തഃ |**
**ഇന്ദ്ര ത്വാസ്മിൻസധമാദേ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ അന്നം പോലെ മുൻപറഞ്ഞ സോമത്തെ നിനക്കു വേി പശുവിൻ പാൽ മുതലായവചേർത്ത് രുചിയുള്ളതാക്കിയിരിക്കുന്നു. അതു പാനം ചെയ്യുവാനായി ഞാനങ്ങയെ വിളിക്കുന്നു.

**4. ഇന്ദ്ര ഇത് സോമപാ ഏക ഇന്ദ്രഃ സുതപാ വിശ്വായുഃ |**
**അന്തർദേവാൻ മർത്യശ്ച ||**

മനുഷ്യരിലും ദേവകളിലും സോമം പാനം ചെയ്യുവാനുള്ള അവകാശം ഇന്ദ്രനു മാത്രമാണുള്ളത് സോമപാനിയായ ആ ഇന്ദ്രൻ എല്ലാ അന്നത്താലും സമ്പന്നനാകുന്നു.

**5. ന യ ശുക്രോ ന ദുരാശീർന തൃപ്രാ ഉരുവ്യചസം |**
**അപസ്പൃതേ സുഹാർദം ||**

യാതൊരിന്ദ്രനെ സോമം രുഷ്ടനാക്കിയില്ലയോ,ക്ഷീരാദികളാൽ യുക്തമായ സോമം യാതൊരുത്തനെ രുഷ്ടനാക്കുന്നില്ലയോ, ആറു ഇന്ദ്രനെ ഞങ്ങൾ സ്തുതിക്കുന്നു.

**6. ഗോഭിര്യദീമന്യേ അസ മൻമൃഗം ന വ്രാ മൃഗയന്തേ |**
**അഭിത്സരന്തി ധേനുഭി ||**

വല വിരിച്ച വേടൻ ഇരയെ തേടി നടക്കുന്നതുപോലെ ഋത്വിക്കുകൾ സോമവുമായി ഇന്ദ്രനെ അന്വേഷിച്ചു നടക്കുന്നു. ഹൃദയംഗമമായി ഇന്ദ്രനെ സമീപിക്കുന്ന വ്യക്തിയ്ക്ക് അവനെ പ്രാപിക്കുവാൻ കഴിയുന്നില്ല.

**7. ത്രയ ഇന്ദ്രസ്യ സോമാഃ സുതാസഃ സന്തു ദേവസ്യ |**
**സ്വേ ക്ഷയേ സുതപാവനഃ ||**

അരിച്ചെടുത്ത സോമം പാനം ചെയ്യുന്നവനായ ഇന്ദ്രനുവേി മൂന്നു സവനങ്ങളിൽ, യജ്ഞഗൃഹത്തിൽ അതു തയ്യാറാക്കപ്പെടുന്നു.

**8. ത്രയഃ കോശാസഃ ശ്ചാതന്തി തിസ്രശ്ചമ്വ സുപൂർണാഃ|**
**സമാനേ അധി ഭാർമൻ ||**

ഋത്വിക്കുകളെ പാലിക്കുന്ന യജ്ഞത്തിൽ മൂന്നിനത്തിലുള്ള കലശം സോമരസത്താൽ നിറയ്ക്കപ്പെടുന്നു.

**9. ശുചിരസി പുരുനിഃ ഷ്ഠാ ക്ഷീരൈർമധ്യത ആശീർത |**
**ദധ്നാം മന്ദിഷ്ഠഃ ശൂരസ്യ ||**

ഹേ സോമമേ! നീ പവിത്രങ്ങളായ പാത്രങ്ങളിൽ ക്ഷീരത്താലോ ഘൃതത്താലോ മിശ്രതവുമാകുന്നു. നീ ആനന്ദദായകമായ സ്വന്തം പ്രഭാവത്താൽ വീരനായ ഇന്ദ്രനെ തടിയനാക്കണമേ.

**10. ഇമേ ത ഇന്ദ്ര സോമമാസ്തീവ്രാ അസ്മേ സുതാസഃ |**
**ശുക്രാ ആശിരം യാചന്തേ ||**

ഹേ ഇന്ദ്രാ! നിന്റെ ഈ സോമം ഹരം പിടിക്കുന്നതാണല്ലോ. ഞങ്ങളുടെ ഇടിച്ചു പിഴിഞ്ഞതും മിശ്രണയുക്തവായ സോമം നിന്നെ വളരെ ഇഷ്ടപ്പെടുന്നു.

**11. താം ആശിരം പുരാലാശമിന്ദ്രേമ ശ്രീണീ ഹി |**

**രേവന്തം ഹി ത്വാ ശൃണോമി ||**

ഹേ ഇന്ദ്രാ! ആ സോമത്തെയും മിശ്രണവസ്തുക്കളേയും ഏകീകരിച്ചാലും, പുരോഡാശത്തെയും സോമരസത്തെയും ഒന്നാക്കൂ. അതുകൊ് ഞാൻ ധനവാനാകും.

**12. ഹത്സു പീതാസോ യുദ്ധ്യന്തേ ദുർമദാസോ ന സുരായാം |**

**ഊധർ ന നഗ്നാ ജരന്തേ ||**

മധുപാനത്തിനുശേഷം അതിന്റെ മദം കുടിയന്റെ ഉള്ളിൽ മത്തുാക്കുന്നതിനുവേി യുദ്ധം ചെയ്യുന്നതുപോലെ, കുടിക്കപ്പെട്ട സോമവും ഹൃദയങ്ങളിൽ സമരം ചെയ്യുന്നു. ഹേ ഇന്ദ്രാ! നീ സോമത്താൽ പൂർണ്ണനാണല്ലോ. പശുവിന്റെ പാൽ നിറഞ്ഞു നില്ക്കുന്ന സ്തനത്തെ രക്ഷിക്കുന്നതുപോലെ സ്തോതാക്കൾ നിന്നെ രക്ഷിക്കുന്നു.

**13. രേവാം ഇന്ദ്രേവതഃ സ്തോതാ സ്യാത്ത്വാവതോ മഘോനഃ |**

**പ്രേംദു ഹരിവഃ ശ്രുതസ്യ ||**

ഹേ ഇന്ദ്രാ! നീ ഐശ്വര്യവാനാണ് നിന്റെ സ്തോതാക്കൾ ധനം പ്രാപിക്കണേ നിന്നെപോലെ ധനികനും പ്രസിദ്ധനും ആയ ദേവനെ സ്തുതിക്കുന്നവൻ വൈഭവയുക്തമായിത്തീരുന്നു.

**14. ഉക്ഥം ചന ശസ്യമാനമഗോരിരാ ചികേത |**

**ന ഗായത്രം ഗീയസാനം ||**

സ്തുതിക്കാത്തമനുഷ്യൻ ഇന്ദ്രന് ശത്രുവാകുന്നു. അവൻ പാടുന്ന സ്തോത്രങ്ങളെ അറിയുന്നു. ആ സമയത്ത് യോഗ്യമായ സ്തോത്രം പാടുന്നു.

**15. മാ ന ഇന്ദ്ര പീയത്നവേ മാ ശർധതേ പരാ ദാഃ**

**ശിക്ഷാ ശചീവ ശചീഭിഃ**

ഹേ ഇന്ദ്രാ! എന്നെ ശത്രുകരങ്ങളിൽ ഏല്പിക്കരുതെ കൊള്ളക്കാരുടെ കരങ്ങളിലേക്കു തള്ളിവിടരുതേ. ഇന്ദ്രാ! നിന്റെ കർമ്മത്താലും ബലത്താലും ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യുമാറാകണം.

**16. വയമു ത്വാ തദിർഥാ ഇന്ദ്ര ത്വായന്തഃ സഖായഃ |**

**കണ്വാ ഉനതേമിർജരന്തേ ||**

ഹേ ഇന്ദ്രാ ഞങ്ങൾ നിന്റെ മിത്രങ്ങളാണല്ലൊ. നിന്നെത്തന്നെ ആഗ്രഹിച്ചു ജീവിക്കുന്നു. ഞങ്ങളുടെ ലക്ഷ്യം നിന്റെ സ്തോത്രങ്ങൾ ഉച്ചരിക്കുകതന്നെയാകുന്നു. ഞങ്ങൾ നിന്റെ സ്തോതാക്കളാകുന്നു. കണവംശീയരായ മഹർഷിമാർ നിന്നെ സ്തുതിക്കുന്നു.

**17. ന ഘേപന്യഭാ പപനം വജ്രിജിന്നപസോ നവിഷ്ടൗ |**

**തവേദു സ്തോമം ചികേത ||**

ഹേ വജ്റായുധാ! നീ കർമ്മങ്ങൾ അനുഷ്ഠിക്കുന്നവനാണ്. നിന്റെ യജ്ഞത്തിൽ ഞാൻ മറ്റാരെയും സ്തുതിക്കുകയില്ല. ഞാൻ നിന്റെ സ്തോത്രങ്ങളെ മാത്രമേ അറിയുന്നുള്ളൂ.

**18. ഇച്ഛന്തി ദേവാഃ സുന്വന്തം ന സ്വപ്നായ സ്പൃഹയന്തി |**

**യന്തി പ്രമാദമതന്ദ്രാഃ ||**

സോമം ഇടിച്ചുപിഴിയുന്ന യജമാനനെ ദേവകൾ എപ്പോഴും ഇഷ്ടപ്പെടുന്നു. അവർ ഉറങ്ങുന്നവരെ ഇഷ്ടപ്പെടുന്നില്ല. ആലസ്യരഹിതരായ ആ ദേവകൾ ഹർഷകാരിയായ സോമത്തെ അത്യന്തം ഇഷ്ടപ്പെടുന്നു.

**19. ഓ ഷു പ്ര യാഹി വാജേഭിർമാ ഹൃണീഥാ അഭ്യസ്താൻ||**

ഹേ ഇന്ദ്രാ! അന്നസഹിതം ഞങ്ങളുടെ അടുക്കലേക്ക് എഴുന്നള്ളിവരണമ, ഗുണവതിയായ ഭാര്യയെ ചിന്താശീലനായ ഭർത്താവ് വെറുക്കാതിരിക്കുന്നതുപോല നീ ഞങ്ങളെ വെറുക്കരുതേ.

**20. മോ ഷ്വദ്യ ദുർഹണാവാൻത്സായം കരദാരെ അസ്മത് |**

**അശ്രീര ഇവ ജാമാത ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ അടുക്കൽ വരണമേ. വിളിക്കപ്പെട്ട അഹങ്കാരിയായ വരനെപ്പോലെ സായം കാലത്തിൽ വരരുതേ.

**21. വിദ്മാ ഹ്യസ്യ ഭൂരീദാവരീ സുമതിം |**

**ത്രിഷു ജാതസ്യ മനാംസി ||**

ഞങ്ങൾ ഈ മഹാദായനിയായ ഇന്ദ്രന്റെ മംഗളകാരിണിയായ കൃപബുദ്ധിയെ അറിയുന്നു. ത്രിലോകങ്ങളിലും പ്രത്യക്ഷനാകുന്ന ആ ഇന്ദ്രനെ ഞങ്ങളറിയുന്നു.

**22. ആ രൂ ഷിഞ്ച കണ്വമന്തം ന ധാ വിദ്മ ശവസാ നാത് |**

**യശസ്തേരം ശതമൂതേഃ ||**

ഹേ അധ്വര്യുക്കളേ! കണവംശത്തിലെ സ്തോതാക്കളായ മഹർഷിമാർ ഇന്ദ്രനുവേി അതിവേഗം സോമയാഗം നടത്തട്ടെ. മഹാപരാക്രമിയും രക്ഷകനുമായ ഇന്ദ്രനെക്കാൾ യശസ്സുള്ള മറ്റൊരു ദേവനെയും ഞങ്ങളറിയുന്നില്ല.

**23. ജ്യേഷ്ഠേന സോതരിന്ദ്രായ സോമം വീരായ ശക്രായ**

**ഭരാ വിവന്നര്യായ ||**

സോമം അരിച്ചെടുക്കുന്ന അധ്വര്യുക്കൾ മനുഷ്യരുടെ ഹിതകാരിയും പരാക്രമിയും ആയ ഇന്ദ്രന്റെ സോമദാതാക്കളാകണേ. അവൻ സോമം പാനം ചെയ്യണേ.

**24. യോ വേദിഷ്ഠോ അവ്യഥിഷ്വശ്വാവന്തം ജരിതൃഭ്യഃ |**

**വാജം സ്തോതൃഭ്യോ ഗോമന്തം ||**

സുഖദാതാവായ യാതൊരുത്തൻ സ്തോതാക്കളുടെ ജ്ഞാതാവാകുന്നുവോ, ആ ഇന്ദ്രൻ ഹോക്കൾക്കും സ്തോതാക്കൾക്കും അനേകം അശ്വങ്ങളേയും നൽകുന്നു.

**25. പന്യം പന്യമിത്സോതാര ആ ധാവത മദ്യായ |**

**സോമം വീരായ ശൂരായ ||**

ഹേ സോമം പിഴിയുന്നവരേ! നിങ്ങൾ തടിപ്പിക്കുന്നതും, പ്രശംസയോഗ്യവുമായ സോമം വീരനായ ഇന്ദ്രനു പ്രദാനം ചെയ്യുവിൻ.

**26. പാതാ വൃത്രഹാ സുമതാ ധാ ഗമന്നാരോ അസ്മത് |**

**നി യമതേ ശതമൂതിഃ ||**

സോമപാനത്തിൽ മുഴുകിയും മൃഗങ്ങളെ കൊന്നും കഴിയുന്ന ഇന്ദ്രൻ ഇവിടെ ആഗതനാകണേ. അവൻ നമ്മിൽ നിന്നും അകന്നുപോകാതിരിക്കണേ. അനേകം രക്ഷകളോടുകൂടിയ ഇന്ദ്രൻ നമ്മുടെ ശത്രുക്കളുടെ മാനം നശിപ്പിക്കണേ.

**27. ഏഹ ഹരീ ബ്രഹ്മയുജാ ശഗ്മാ വക്ഷതഃ സഖായം |**

**ഗീർഭിഃ ശ്രുതം ഗിർവണസം ||**

മന്ത്രങ്ങൾകൊു പൂട്ടപ്പെട്ട അശ്വങ്ങള രും ആശ്രയദാതാവും മിത്രരൂപനുമായ ഇന്ദ്രനെ ഇവിടെ കൊുവരണേ.

**28. സ്വാദവഃ സോമ ആ യാഹി ശ്രീതാഃ സോമാ ആ യാഹി |**

**ശിപ്രന്നൃഷീവഃ ശചീവോ നായമച്ഛാ സധമാദം ||**

ഹേ ശക്തനായ ഇന്ദ്രാ! സോമം അത്യന്തം സ്വാദുനിറഞ്ഞതാണ്. നീ ഇവിടേയ്ക്ക് വന്നാലും. എല്ലാ സോമവും പാലും ചേർത്തു

വച്ചിരിക്കുന്നു. നീ വളർന്നു തടിയനാകുവാൻ ആഗ്രഹിക്കുന്നുവല്ലോ. അതിനാൽ ഇങ്ങോട്ടുവരണമേ. സ്തുതിക്കുന്നവനായ സാധകൻ നിന്നെ സ്തുതിക്കുന്നു.

**29. സ്തുതശ്ച യാസ്ത്വ വർധന്തി മഹേ രാധസേ നൃമ്ണായ |**

**ഇന്ദ്ര കാരിണം വൃധന്ത ||**

ഹേ ഇന്ദ്രാ! സ്തുതിക്കുന്നവരും എല്ലാ സ്തോത്രങ്ങളും മഹത്തായ ഐശ്വര്യവും പരാക്രമവും നിമിത്തം നിന്നെ വർദ്ധമാനനാക്കുന്നു.

**30. ഗിരശ്ച യാസ്തേ ഗിർവാഹ ഉക്ഥാ ച തുഭ്യം താനി |**

**സത്രാ ദധിരേ ശവാംസി ||**

ഹേ ഇന്ദ്രാ! നിനക്കുള്ള സ്തോത്രങ്ങളെല്ലാം ഏകത്രമായി നിന്റെ പരാക്രമത്തെ പ്രാപിക്കുമാറാകണേ.

**31. ഏവേദേഷ തുവികൂർമിർവാജാം ഏകോ വജ്രഹസ്തഃ |**

**സനാദമൃക്തോ ദയതേ ||**

ഹേ ഇന്ദ്രാ! നീ വിഘ്നകർമ്മാവും, വജ്രധാരിയുമാണല്ലൊ. നിന്നെ ആർക്കും ഒരിക്കലും തോല്പിക്കുവാൻ സാധ്യമല്ല. നീ സ്തുതിക്കുന്നവനായ യജമാനനെ ബലവാനാക്കുന്നു.

**32. ഹന്താ വൃത്രം ദക്ഷിണേനേന്ദ്രഃ പുരു പുരു ഹൂതഃ |**

**മഹാൻമഹോഭിഃ ശചീഭിഃ ||**

ഇന്ദ്രൻ വലം കയ്യാൽ വൃത്രനെ കൊന്നു. അവൻ അനേകം സ്ഥാനങ്ങളിൽ നിന്നും അനേകം പ്രാവശ്യം ആഹ്വാനം ചെയ്യപ്പെടുന്നു. അവൻ വിവിധ കർമ്മങ്ങളാൽ അത്യന്തം മഹാനാകുന്നു.

**33. യസ്മിൻ വിശ്വാശ്ചർഷണയ ഉത ച്യൗത്നാ ജ്രയാംസി ച |**

**അനു ഘേൻമന്ദീ മഘോനഃ ||**

പ്രജാവത്സലനും മഹാപരാക്രമിയും അഭിനവനുമായ ആ ഇന്ദ്രൻ യജമാനനെ പുലർത്തുന്നവനായിത്തീരണേ.

**34. ഏഷ ഏതാനി ചകാരേന്ദ്രോ വിശ്വാ യോ തി ശൃ വേ |**

**വാജദാവാ മഘോനാം ||**

ഈ കാര്യങ്ങളെല്ലാം ഇന്ദ്രൻ നിർവ്വഹിച്ചു എന്ന് ലോകം മുഴുവൻ പറയുന്നു. അവൻ ഹവിസ്സ് നൽകുന്നവർക്ക് അന്നം പ്രദാനം ചെയ്യുന്നു.

**35. പ്രഭർതാ രഥം ഗവ്യന്തമപാകാച്ചിദ്യമവതി |**

**ഇനോ വസു സ ഹി വോളഹാ ||**

ഹേ ഇന്ദ്രാ! നീ ഗോക്കളെ ആഗ്രഹിക്കുന്ന യജമാനനെ ദുർബുദ്ധികളായ ശത്രുക്കളിൽ നിന്നും രക്ഷിക്കുന്നു. ആ യജമാനൻ ധനത്തിൻെറ ഉടമസ്ഥനായിത്തീരുന്നു.

**36. സനിതാ വിപ്രോ അർവദ്ഭിർഹനാ വൃത്രം നൃഭിഃ ശൂരഃ |**

**സത്യോ വിതാ വിധന്തം ||**

ഐശ്വര്യവാനായ ഇന്ദ്രൻ ഉചിതമായ സ്ഥാനങ്ങളിൽ അശ്വങ്ങളുടെ സഹായത്തോടുകൂടി പോകുന്നു. അവൻ മരുത്തുകളുടെ സഹായത്തോടുകൂടി വൃത്രനെ സംഹരിച്ചു. അവൻ സത്യസ്വരൂപനും, തൻെറ ഉപാസകരുടെ രക്ഷകനുമാകുന്നു.

**37. യജധ്വൈനം വിയമേധാ ഇന്ദ്രം സത്രാചാ മനസാ |**

**യോ ഭൂത്സോമൈഃ സത്യമദ്വാ ||**

ഹേ പ്രിയമേധാ ഇന്ദ്രനിൽ മനസ്സുചെലുത്തി അവനുവേ യജ്ഞം നടത്തു. സോമപാനം കൊ് ഹർഷിതനാകുമ്പോൾ അവൻെറ ഹർഷം വ്യാർഥമാകുന്നില്ല.

**38. ഗാഥശ്രവസം സത്പതിം ശ്രവസ്കാകം പുരുത്മാനം കണ്വാസോ ഗാത വാജിനം**

ഹേ കണ്വപുത്രൻമാരേ നിങ്ങൾ സജ്ജനരക്ഷകനും, അന്നകാമൻമാരുടെ എല്ലാസ്ഥാനങ്ങളിൽ പോകുന്നവനും വേഗവാനും യജ്ഞത്തിൽ ഗാനയോഗ്യനുമായ ഇന്ദ്രനെ സ്തുതിക്കുവിൻ.

**39. യ ഋതേ ചിദ്ഗാസ്പദേഭ്യോദാത് സഖാ നൃഭ്യഃ ശചീവാൻ |**

**യേ അസ്മിൻ കാമശ്രിയൻ ||**

കാലടിപ്പാടുകൾ കാണാതിരുന്നിട്ടും ഉത്തമകർമ്മാവും മിത്രരൂപനുമായ ഇന്ദ്രൻ ദേവകളുടെ ഗോക്കളെ വീും അന്വേഷിച്ച് കുപിടിച്ച് തിരിച്ചേല്പിച്ചു ദേവകൾ ഇന്ദ്രനിൽ നിന്നും അവരാഗ്രഹിച്ച ധനം പ്രാപിച്ചു.

**40. ഇത്ഥാ ധീവന്തമദ്രിവഃ കണ്വം മേധ്യാതിഥം |**

**മേഷോ ഭൂതോ ഭിയന്നമഃ ||**

ഹേ വജ്രായുധാ! സ്തുതിച്ചുകൊ് മുമ്പിൽ നിന്നുപോയ മേഘരൂപനായ കണ്വപുത്രൻ മേധാതിഥിയെ നീ കൊുവന്നു.

**41. ശിക്ഷാ വിഭിന്ദോ അസ്മൈ ചത്വാര്യുതാ ദദത് |**

**അഷ്ടാ പരഃ സഹസ്രാ ||**

ഹേ വിദുന്ദുരാജൻ! നീ മഹാദാനിയാണല്ലോ. നീ എനിക്ക് നാല്പതിനായിരം സംഖ്യയോടുകൂടിയ ധനം പ്രദാനം ചെയ്തു. അതിനുശേഷം എണ്ണായിരം സംഖ്യയുടെ ധനവും തന്നു.

**42. ഉത സു ത്യേ പയോവൃധാ മാകീ രണസ്യ നപ്ത്യാ |**

**ജനിത്വനായ മാമഹേ ||**

സുപ്രസിദ്ധമായ വൃഷ്ടിയെ വർഷിക്കുന്നവരും, പ്രാണികൾക്കു ജീവൻ നൽകുന്നവരും, സ്തോതാക്കളുടെ മേൽകൃപ ചൊരിയുന്നവരും ആയ ആകാശ പൃഥ്വികളെ ധനം ഉല്പാദിപ്പിക്കുന്നതിനു വേി സ്തുതിക്കുവിൻ.

## സൂക്തം 3

**ഋഷി മേധാതിഥി ദേവത ഇന്ദ്രൻ ഛന്ദസ്സ് ബൃഹതി പംക്തി ഗായത്രി അനുഷ്ടുപ്**

**1. പിബാ സുതസ്യ രസിനോ മത്സ്വാ ന ഇന്ദ്ര ഗോമതഃ |**

**ആപിർനോ വോധി സധമാദ്യോ വൃധേസ്മാം അവന്തു തേ ധിയഃ ||**

ഹേ ഇന്ദ്രാ! അരിച്ചെടുത്ത സോമരസത്താൽ നീ തൃപ്തനാകണമേ. നീ മാത്രമായി ഞങ്ങളെ വളർത്തുന്നതിനുവേി സ്വയം വളരണമേ നിൻെറ തിരുവുള്ളം ഞങ്ങളെ പാലിക്കുമാറാകണേ.

**2. ഭൂയാമ തേ സുമതൗ വാജിനോ വയം മാ നഃ സ്വരഭി മാതയേ |**

**അസ്മാഞ്ചിത്രാഭിരവതാദഭിഷ്ടിഭിരാനഃ സുമ്നേഷുയാമയ ||**

ഹേ ഇന്ദ്രാ! നിൻെറ അനുഗ്രഹത്താൽ ഞങ്ങൾ ഹവിസ്സോടുകൂടിയവരാകണേ ഞങ്ങളെ ശത്രുക്കൾക്കുവേി പീഡിപ്പിക്കരുതേ ഞങ്ങളെ രക്ഷിച്ചുകൊ് എപ്പോഴം സുഖമുള്ളവരാക്കണമേ.

**3. ഇമാ ഉ ത്വാ പുരുവസോ ഗിരോ വർധന്തു യാ മമ |**

**പാവകവർണാഃ ശുചയോ വിപശ്ചിതോ ഭി സോമൈരനൂഷത ||**

ഹേ ഇന്ദ്രാ! എൻെറ സ്തുതിരൂപമായ വാണി നിന്നെ വളർത്തണേ. അഗ്നിക്കുതുല്യം തേജസ്വിയും ജ്ഞാനിയുമായ പുരുഷൻ നിന്നെ സ്തുതിക്കുന്നു.

**4. അയം സഹസ്രമൃഷിഭിഃ സഹസ്കൃതഃ സമുദ്ര ഇവ പപ്രഥേ |**

**സത്യഃ സോ മഹിമാ ഗൃണേ ശവോ യജ്ഞേഷു വിപ്രരാജ്യേ ||**

ആയിരക്കണക്കിനു മഹർഷിമാരിൽ നിന്നും ഫലം പ്രാപിച്ച് ഇന്ദ്രൻ വളർന്ന് അവൻെറ പ്രസിദ്ധമായ മഹിമയും പരാക്രമവും സദാ പ്രശംസിക്കപ്പെടുന്നു.

**5. ഇന്ദ്ര മദ്ദേവതാതയ ഇന്ദ്രം പ്രയത്യധ്വരേ |**

**ഇന്ദ്രം സമീകേ വനിനോ ഹവാമഹ ഇന്ദ്രം ധനസ്യ സാതയേ ||**

യജ്ഞാരംഭത്തിൽ നാം ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. യജ്ഞത്തിൻെറ അവസാനത്തിലും നാം ഇന്ദ്രനെത്തന്നെ ആഹ്വാനം ചെയ്യുന്നു. ധന പ്രാപ്തിക്കുവേയും നാം ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**6. ഇന്ദ്രോ മഹ്നാ രോദസീ പപ്രഥച്ഛവ ഇന്ദ്രഃ സൂര്യ മരോചയത് |**

**ഇന്ദ്രേ ഹ വിശ്വാ ഭുവനാനി യേമിര ഇന്ദ്രേ സുവാനാസ ഇന്ദവഃ ||**

തൻെറ മഹിമയാൽ ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും വിസ്തൃതമാക്കി. ഇന്ദ്രൻ തന്നെ സൂര്യനു പ്രകാശം നൽകി. ഇന്ദ്രങ്കൽതന്നെ ലോകമെല്ലാം ഒതുങ്ങിനിൽക്കുന്നു. സോമവും അവനിൽ ഒതുങ്ങി നിൽക്കുന്നു.

**7. അഭി ത്വാ പൂർവ്വപീതയ ഇന്ദ്ര സ്തോമേഭിരായവഃ |**

**സമീചീനാസ ഋഭവഃ സമസ്വരൻ രുദ്രാ ഗൃണന്ത പൂർവ്യം ||**

ഹേ ഇന്ദ്രാ! സ്തുതിക്കുന്നവരായ ആളുകൾ സോമം പാനം ചെയ്യുവാനായി എല്ലാ ദേവകൾക്കു മുമ്പേ നിന്നെ സ്തുതിക്കുന്നു. ഋഭുക്കളും നിന്നെ സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! നീ പുരാതനനാണല്ലോ. രുദ്രൻമാർ നിന്നെ സ്തുതിച്ചിരുന്നു.

**8. അസ്യേദിന്ദ്രോ വാവൃധേ വൃഷ്ണ്യം ശവോ മദേ സുതസ്യ വിഷ്ണവി |**

**അദ്യാ തമസ്യ മഹിമാനമായവോ നുഷ്ടു വന്തി പൂർവഥാ ||**

അരിച്ചെടുത്ത സോമം കുടിച്ചുകഴിയുമ്പോൾ മദോൻമത്തനാകുന്ന ഇന്ദ്രൻ യജമാനൻെറ ബലവീരത്തെ വർദ്ധിപ്പിക്കുന്നു. പ്രാചീന കാലത്തേതുപോലെതന്നെ ഇന്നും സ്തോതാക്കൾ അവൻെറ ഗുണങ്ങളെ പാടി പുകഴ്ത്തുന്നു.

**9. തത്ത്വ യമി സുവീര്യ തദ് ബ്രഹ്മ പൂർവചിത്തയേ |**

**യേനാ യതിഭ്യോ ഭൃഗവേ ധനേ ഹിതേ പ്രസ്കണ്വാമാവിഥ ||**

ഹേ ഇന്ദ്രാ! നീ സുന്ദരമായ വീര്യത്തോടുകൂടിയവനാണല്ലോ. ഞാൻ നിന്നോട് ഉത്തമമായ അന്നം യാചിക്കുന്നു. കർമ്മരഹിതരായ മനുഷ്യരിൽ നിന്നും ധനമെടുത്ത് പ്രസ്കണ്വനെ രക്ഷിക്കുകയും ചെയ്തുവല്ലോ ഞാൻ നിന്നിൽനിന്നും അതേ വീര്യത്തേയും അന്നത്തേയും യാചിക്കുന്നു.

**10. യേനാ സമുദ്രമസൃജാ മഹീരപസ്തദിന്ദ്ര വൃഷ്ണി തേ ശവഃ |**

**സദ്യഃ സോ അസ്യ മഹിമാന സന്നശേ യം ക്ഷോണീതനുചക്രദേ ||**

ഹേ ഇന്ദ്രാ! നീ യാതൊരു ബലത്താൽ സമുദ്രത്തിന് ഉത്തമവും പ്രചുരവുമായ ജലം പ്രദാനം ചെയ്തുവോ; ആ നിൻെറ ബലം അഭീഷ്ടങ്ങളെ പൂർണ്ണമാക്കുന്നു. നിൻെറ മഹിമയെ പൃഥ്വി അനുഗമിക്കുന്നു.

**11. ശഗ്ധീ ന ഇന്ദ്ര യത്ത്വാ രയിം യാമി സുവീര്യം |**

**ശഗ്ധീ വാജായ പ്രഥമം സിഷാസതേ ശഗ്ധീ സ്തോമായ പൂർവ്യ ||**

ഹേ ഇന്ദ്രാ! ഞാന യാചിക്കുന്ന വീര്യയുക്തമായ ധനം എനിക്കു നൽകണമേ, ഹവിസ്സ് യുക്തനായ യജമാനന് ഏറ്റവും ആദ്യമായി ധനം നൽകണം. പിന്നീട് സ്തോതാവിനും നൽകണം.

**12. ശഗ്ധീ നോ അസ്യ യുദ്ധ പോരമാവിഥ ധിയ ഇന്ദ്ര സിഷാസത |**

**ശഗ്ധീ യഥാ രുശമം ശ്യാവകം കൃപമിന്ദ്ര പ്രാവഃ സ്വർണരം ||**

ഹേ ഇന്ദ്രാ! നീ യാതൊരു ബലത്താൽ പുരുപുത്രനെ രക്ഷിച്ചുവോ ആ ബലത്താൽ യജമാനൻമാരെയും രക്ഷിക്കണമേ. രുശ്മൻ, ശ്യാവകൻ, കൃപൻ മുതലായവരെ നീ രക്ഷിച്ചതുപോലെ എല്ലാ ഹവിസ്സ് ദാതാക്കളേയും രക്ഷിക്കേണമേ.

**13. കന്നവ്യോ അതസീനാം തുരോ ഗൃണീത മർത്യഃ |**

**നഹി ന്വസ്യ മഹിമാനമിന്ദ്രിയം സർഗൃണന്ത ആനശുഃ ||**

ഏതൊരു മനുഷ്യനാണ് ഗമനശീലമായ സ്തുതികളാൽ ഇന്ദ്രനെ സ്തുതിക്കുന്നത്? ഇന്ദ്രൻെറ സ്തോതാവിന് അവൻെറ മഹിമയെ പ്രാപിക്കുവാൻ കഴിയുന്നില്ല.

**14. കദു സ്തുവ ഋതയന്ത ദേവത ഋഷിഃ കോ വിപ്ര ഓഹതേ |**

**കദാ ഹവം മഘവന്നിന്ദ്ര സുന്വതഃ കദു സ്തുവത ആഗമഃ ||**

ഹേ ഇന്ദ്രാ! നീ ദേവനാണല്ലോ. ഏതൊരു സ്തോതാവിനാണ് നിനക്കുവേ യജ്ഞം നടത്തുവാനുള്ള ശക്തിയുള്ളത് നിനക്കുള്ള സ്തുതികൾ വഹിക്കുന്നതേതു മഹർഷിയാണ്? ഇന്ദ്രാ! സ്തോതാവിൻെറ ആഹ്വാനത്തിൻമേൽ നീ എപ്പോൾ വരും?

**15. ഉദ ത്യേ മധുമത്തമാ ഗിരഃ സ്തോമാസ ഈരതേ |**

**സത്രാജിതോ ധനസാ അക്ഷിതോതയോ വാജയന്തോ രഥാ ഇവ ||**

ആ മധുരതരങ്ങളായ ശസ്ത്രങ്ങളും, സ്തോത്രങ്ങളും ഒപ്പം ജയിച്ച് ധനം നേടിയ രക്ഷയ്ക്കിവിടില്ലാത്ത അന്നം തേടുന്ന രഥങ്ങൾ പോലെ മേല്പോട്ടു പോകുന്നു.

**16. കണ്വാ ഇവ ഭൃഗവഃ സൂര്യാ ഇവ വിശ്വമിദ്ധീ ഗമാനശുഃ |**

**ഇന്ദ്രം സ്തോമേഭിർമഹയന്ത ആയവഃ പ്രിയമേധാസോ അസ്വരൻ ||**

കണ്വനെപ്പോലെ ഭൃഗുക്കളും സൂര്യകിരണങ്ങൾപോലെ ഇന്ദ്രനെ പ്രാപിച്ചു. പ്രിയമധേൻ സ്തോത്രങ്ങൾ വഴിയായി ഇന്ദ്രനെ തന്നെ പൂജിച്ചിരുന്നു.

**17. യുക്ഷ്വാ ഹി വൃത്രഹന്തമ ഹരീ ഇന്ദ്ര പരാവതഃ |**

**അർവാചീനോ മഘവൻസോപീതയേ ഉഗ്ര ഋഷ്വേഭിരാ ഗഹി**

||

ഹേ ഇന്ദ്രാ! നീ വൃത്രനെ ശരിക്കുംകൊന്നു. നീ അശ്വദ്വയത്തെ രഥത്തിൽ കെട്ടിയാലും. ഇന്ദ്രാ! ഭവാൻ ഉഗ്രകർമ്മാവും ധനികനുമാണ്. ദർശനീയരായ മരുത്തുക്കൾ സഹിതം സോമം പാനം ചെയ്യുവാൻ എഴുന്നള്ളിയാലും.

**18. ഇമേ ഹി തേ കാരവോ വാവശുർധിയാ വി പ്രാസോ മേധസാതയേ |**

**സ ത്വ നോ മഘവന്നിന്ദ്ര ഗിർവണോ വേനോ ശൃണുധീ ഹവം ||**

ഹേ ഇന്ദ്രാ! കർമ്മവാനായ യജമാനൻ യജ്ഞത്തിൽ നിന്നെ സ്തുതിക്കുന്നു. ഹേ ധനികനായ ഇന്ദ്രാ! ഭവാൻ സ്തുത്യർഹനാകുന്നു. ഭർത്താവ് ഭാര്യയുടെ വിളികേൾക്കുന്നതുപോലെ ഞങ്ങളുടെ ആഹ്വാനം ശ്രവിക്കേണമേ.

**19. നിരിന്ദ്ര ബൃഹതീഭ്യോ വൃത്രം ധനുഭ്യോ അസ്ഫുരഃ |**

**നിരർബുദസ്യ മൃഗയസ്യ മായിനോ നിഃ**

**പർവതസ്യ ഗാ ആജഃ ||**

ഹേ ഇന്ദ്രാ! നീ വൃത്രനെ സംഹരിച്ചു. മായാവിയായ അർബുദനേയും, മൃഗയനേയും വധിച്ചു. പർവ്വതത്തിൽ നിന്നും ഗോക്കളെ മോചിപ്പിച്ചു.

**20. നിരഗ്നയോ രുരുചുർനിരു സൂര്യോ നിഃ സോമ ഇന്ദ്രിയോ രസഃ |**

**നിരന്തരിക്ഷാദധമോ മഹാമഹിം കൃഷേ തദിന്ദ്ര പൗസ്യം ||**

ഹേ ഇന്ദ്രാ! നീ അന്തരീക്ഷത്തിൽ നിന്നും വൃത്രനെ മാറ്റിയപ്പോൾ ബലത്തെ പ്രകടമാക്കി. ആ സമയം അഗ്നിയും, സൂര്യനും, സോമരസവും ഉജ്ജ്വലമായിത്തീർന്നു.

**21. യം മേ ദുരിന്ദ്രോ മരുതഃ പാകസ്ഥാമാ കൗരയാണഃ |**

**വിശ്വേഷാം ത്മനാ ശോഭിഷ്ഠമുപേവ ദിവി ധാവമാനം ||**

ഇന്ദ്രനും മരുത്തുക്കളും എനിക്കുതന്നതുപോലെ കരുയാണപുത്രനായ പാകത്ഥമാവും തന്നു ആധനം എല്ലാ ധനങ്ങളിലുംഃ പ്രകാശമാനവും സൂര്യനെപ്പോലെ പ്രകാശിക്കുന്നതുമാകുന്നു.

**22. രോഹിതം മേ പാകസ്ഥാമാ സുധുരം കക്ഷ്യപ്രാം |**

**അദാദ്രായോ വിബോധനം ||**

പാകസ്ഥാമാവ് എനിക്കു ചുമന്ന നിറമുള്ളതും, സുന്ദരമായതും ശ്രേഷ്ഠമായ ധനത്തെ കൊണ്ടുവരുന്നതും ആയ അശ്വത്തെ തന്നു.

**23. യസ്മാ അന്യോ ദശ പ്രതി ധുര വഹന്തി വഹ്നയഃ |**

**അസ്തം വയോ ന തുഗ്ര്യം ||**

ആ അശ്വത്തിൻെറ പ്രതിനിധികളായി പത്ത് അശ്വങ്ങളു്. അവയെന്നെ വഹിച്ചുകൊു പോകുന്നു. ഇപ്രകാരം അശ്വങ്ങൾ തുഗ്രപുത്രനായ ഭുജ്യവിനെ വഹിച്ചു.

**24. ആത്മാ പിതുസ്തനൂർവാസ ഓജോദാ അഭ്യഞ്ജനം |**

**തുരോയമിന്ദ്രോഹിതസ്യ പാകസ്ഥാമാനം ഭോജം ഭാതാരമബ്രവം ||**

പാകസ്ഥാമാവ് തൻെറ പിതാവിൻെറ ശ്രേഷ്ഠനായ പുത്രനാകുന്നു. അവൻ വാസസ്ഥലവും, ബലവും നൽകുന്നവനാകുന്നു. അവൻ ശത്രുക്കളെ ഹിംസിക്കുന്നവനാകുന്നു. ചെങ്കുതിരയെ പ്രദാനം ചെയ്യുന്നവനായ പാകസ്ഥാമാവിനെ ഞാൻ സ്തുതിക്കുന്നു.

## സൂക്തം 4

**ഋഷി കണ്വഗോതിൽ ദേവാതിഥി ദേവത ഇന്ദ്രൻ ഛന്ദസ്സ് അനുഷ്ടുപ് പക്തി ബൃഹതി ഉഷ്ണിക.**

**1. യദിന്ദ്ര പ്രാഗപാഗുദങ് ന്യഗ്വാ ഹൂയസേനൃഭിഃ |**

**സിമാ പുരു നൃഷൂതോ അസ്യനവേ സി പ്രശർധതുവശേ ||**

ഹേ ഇന്ദ്രാ! നീ എല്ലാദിക്കുകളിലും വസിക്കുന്ന സ്തോതാക്കളാൽ ആഹ്വാനം ചെയ്യപ്പെടുന്നു. എങ്കിലും സ്തോതാക്കളാൽ സ്തുതിക്കപ്പെട്ട് പ്രതിദായകനായിത്തീരുകയും അനുപുത്രൻേറയും തൂർവ്വശൻേറയും സമീപം എത്തുകയും ചെയ്യുന്നു.

**2. യദ്വാ രുമേ രുശമേ ശ്യാവകേ കൃപ ഇന്ദ്ര മാദയസേ സചാ |**

**കണ്വാസസ്ത്വാ ബ്രഹ്മഭിഃ സ്തോമവാഹസ ഇന്ദ്രാ യച്ഛന്ത്യാ ഗഹി ||**

ഹേ ഇന്ദ്രാ! നീ രുമൻ, രുശമൻ, ശ്യാവകൻ, കൃപൻ എന്നിവരോടുകൂടി സല്ലപിക്കുകയായിരിക്കാം എന്നിരുന്നാലും കണ്വപുത്രൻമാർ നിന്നെ സ്തുതിക്കുന്നു. നീ ആഗതനായാലും.

**3. യഥാ ഗൗരോ അപാ കൃതം തൃഷ്യന്നേത്യവേരിണഷം |**

**ആപിത്വേ നഃ പ്രപിത്വേ തൂയമാ ഗഹി കണ്വേ സു സചാ പിവ ||**

ദാഹിക്കുന്നു മൃഗം ജലപൂർണ്ണവും, തൃണയുക്തവുമായ സ്ഥാനം അന്വേഷിച്ചറിയുന്നതുപോലെ ഹേ ഇന്ദ്രാ! ബന്ധുത്വം സ്ഥാപിച്ച് നീ ഞങ്ങളുടെ അടുക്കൽ വരേണമേ, കണ്വപുത്രൻമാരായ ഞങ്ങളോടുകൂടി സോമപാനം ചെയ്യണേ.

**4. മദന്തു ത്വാ മഘവന്നിന്ദ്രേന്ദവോ രാധോദേയായ സുന്വതേ |**

**ആമുഷ്യാ സോമമപിവശ്ചമൂ സുതം ജ്യേഷ്ഠം തദ്ദധിഷേ സഹഃ ||**

ഹേ ഐശ്വര്യയുക്തനായ ഇന്ദ്രാ! മഘവാവേ സോമം പിഴിയുന്നവർക്ക് നീ ധനം നൽകി. ഇരുപലകകളാൽ പിഴിഞ്ഞസോമം കട്ടുകുടിച്ചതിനാൽ നീ ബലം പ്രാപിച്ചിരിക്കുന്നുവല്ലോ.

**5. പ്ര ചക്രേ സഹസാ സഹോബഭഞ്ജ മന്യുമോജസാ |**

**വിശ്വേത ഇന്ദ്ര പൃതനായവോ യഹോ നി വൃക്ഷാ ഇവയേമിരേ ||**

ഇന്ദ്രൻ തൻെറ വീരകർമ്മത്താൽ ശത്രുക്കളെ കീഴടക്കി ബലത്താൽ മറ്റുള്ളവർ പ്രകടമാക്കിയ ക്രോധത്തെ അദ്ദേഹം നശിപ്പിച്ചു. ആ മഹാനായ ഇന്ദ്രൻ യുദ്ധകുതുകികളായ ശത്രുക്കളെ മരംവെട്ടി വീഴിക്കുന്നതുപോലെ നിലം പതിപ്പിച്ചു.

**6. സഹസ്രേണേവ സചതേ യവീയുധാ യസ്ത ആനലുപ സ്തുതിം |**

**പുത്രം പ്രാവർഗ കൃണുതേ സുവീര്യേ ദാശനോതി നമ ഉക്തി ഭിഃ ||**

ഹേ ഇന്ദ്രാ! ആർ നിന്നെ സ്തുതിക്കുന്നുവോ, അവൻ ഒരായിരം വജ്രായുധം നേടുന്നു ആര് നമസ്ക്കാരപൂർവ്വം ഹവിസർപ്പിക്കുന്നുവോ അവൻ മഹാപരാക്രമിയും ശത്രുക്കളെ കൊല്ലുന്നവനുമായ പുത്രനെ

ജനിപ്പിക്കുന്നു.

**7. മാ ഭേമ മാ ശ്രാമഷ്മോഗ്രസ്യ സഖ്യേ തവ |**
**മഹത്തേ വൃഷ്ണോ അഭിപക്ഷ്യം കൃത പശ്യേമ തുർവശം യദും ||**

ഹേ ഇന്ദ്രാ! നീ ഉഗ്രകർമ്മാവാണല്ലോ നിൻെറ ബന്ധുത്വം പ്രാപിക്കുന്ന ഞങ്ങൾ ഭയപ്പെടുകയില്ല ഞങ്ങൾ പരീക്ഷീണതരാകുകയും ഇല്ല. ഹേ ഇന്ദ്രാ! നീ അഭിലാഷ വർഷകനാണല്ലോ നിൻെറ എല്ലാ മഹാകർമ്മങ്ങളെപ്പറ്റിയും ഞങ്ങൾക്ക് പറഞ്ഞുതരണം തുർവശനേയും, യദുവിനെയും നീ കിരുന്നുവല്ലോ.

**8. സഖ്യാമനു സ്ഫിഗ്യം വാവസേ വൃഷാ ന ദാനോ അസ്യ രോഷതി |**
**മധ്വാ സമ്പൃക്താഃ സാരഘേണധേന സ്രൂമേഹി ദ്രവാ പിബ ||**

അഭിലാഷവർഷകനായ ഇന്ദ്രൻ എല്ലാ ജീവികളേയും അച്ഛാദനം ചെയ്തു. ഹേ ഹവിർദാതാക്കളേ! ഇന്ദ്രനെ കുപിതനാക്കാതിരിക്കുവിൻ. ഹേ ഇന്ദ്രാ! തേൻ ചേർത്ത സോമം അതിവേഗം പാനം ചെയ്താലും.

**9. അശ്വീ രഥീ സുരുപ ഇദ് ഗോമാം ഇദിരൂ തേ സഖാ ശ്വാത്രഭാജാ വയസാ സചതേ സദാ ചന്ദ്രദോ യാതി സഭാമുപ ||**

ഹേ ഇന്ദ്രാ! നിൻെറ മിത്രം അശ്വത്തോടും രഥത്തോടും ഗോക്കളോടും കൂടിയവനായിരിക്കും സുന്ദരനുമായിരിക്കും അവൻ ശ്രേഷ്ഠമായ ധനത്തോടു കൂടിയവനും സന്തുഷ്ടനുമായി സഭകളിൽ വന്നുചേരുന്നു.

**10. ഋശ്യോ ന തൃഷ്യന്നവപാനമാ ഗഹി പിബാ സോമം വശാം അനു |**
**നിമേധമാനോ മഘവന്ദിവേദിവ ഓജിഷ്ഠും ദധിഷേ സഹഃ ||**

ഋശ്യ മൃഗത്തെപ്പോലെ പാത്രത്തിലിരിക്കുന്ന സോമത്തിൻെറ അടുത്തു വന്നാലും ഇഷ്ടംപോലെ കുടിച്ചാലും. ഹേ ഐശ്വര്യവാനായ ഇന്ദ്രാ! നീ മഴ പെയ്യിക്കുന്നവനും പരാക്രമിയുമാകുന്നു.

**11. അധ്വര്യോ ദ്രാവയാ ത്വം സോമമിന്ദ്രഃ പിപാസതി |**
**ഉപ നൂനം യയുജേ വൃഷണാ ഹരി ആ ച ജഗാമ വൃത്രഹാ ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രൻ സോമപാനം ചെയ്യുവാനാഗ്രഹിക്കുന്നു. നിങ്ങൾ സോമം തയ്യാറാക്കുവിൻ. ഇന്ന് കരുത്തൻമാരായ രുകുതിരകൾ പൂട്ടപ്പെട്ടിരിക്കുന്നു. വൃത്രാഹന്താവായ ആ ഇന്ദ്രൻ ഇതാ വരികയായി.

**12. സ്വയം ചിത്സാ മന്യതേ ദാശൂരിർജനോ യത്രാ സോമസ്യ തൃമ്പസി |**
**ഇദം തേ അന്നം യൂജ്യം മുക്ഷിതം തസ്യോഹി പ്ര ദ്രവാ പിബ ||**

ഹേ ഇന്ദ്രാ! ആരുടെ സോമത്താൽ നീ തൃപ്തനാകുന്നുവോ, ഹവിർദാതാവായ ആ യജമാനൻ മാത്രം അതിയുന്നു. നിനക്കുവേി പിഴിയപ്പെട്ട സോമം അതാ പാത്രത്തിലിരിക്കുന്നു. നീ ആഗതനായി അതു പാനം ചെയ്താലും.

**13. രഥേഷ്ഠായാധ്വര്യവഃ സോമമിന്ദ്രായ സോതന |**
**അധി ബ്രധ്നസ്യാദ്രയോ വി ചക്ഷതേ സുന്വന്തോ ദാശ്വധ്വരം ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രൻ രഥത്തിൽ കയറിയിരിക്കുന്നു. അവനു സോമം നൽകുവിൻ. ഇടിച്ചുപിഴിയുന്നതിനുള്ള സോമം ചർമ്മത്തിൻ മേൽ പ്രകാശിച്ചുകൊിരിക്കുന്നു.

**14. ഉപ ബ്രധ്നം വാവാതാ രഷണാ ഹരീ ഇന്ദ്രസപസു വക്ഷതഃ |**
**അർവാഞ്ചം ത്വാ സപ്തയോ ധ്വരശ്രിയോ വഹന്തു സവനേദുപ ||**

അന്തരീക്ഷത്തിൽ സഞ്ചരിക്കുന്ന അശ്വദ്വയം ഞങ്ങളുടെ യജ്ഞത്തിൽ ഇന്ദ്രനെകൊുവരട്ടെ. ഹേ ഇന്ദ്രാ! അശ്വങ്ങൾ രും നിന്നെ യജ്ഞത്തിന്നടുത്തേക്ക് കൊുവരട്ടെ.

**15. പ്ര പൂഷണം വൃണീമഹേ യുജ്യായ പരുവസും |**
**സ ശക്ര ശിക്ഷ പുരുഹൂത നോ ധിയാ തുജേ രായേ വിമോചന ||**

ഞങ്ങൾ പൂഷാവിൻെറ! മിത്രത വരിക്കുന്നു. ഹേ ഇന്ദ്രാ! അനേകരാൽ വിളിക്കപ്പെടുന്ന പാപനാശകനായ പൂഷാവേ! നിങ്ങൾ രുപേരും ഞങ്ങളുടെ ബുദ്ധിയെ ധനസമ്പാദനത്തിനും ശത്രുനിഗ്രഹത്തനുവേി വളർത്തണമേ.

**16. സം നഃ ശിശീഹി ഭൂരിജോരിവ ക്ഷുരം രാസ്വ രായോ വിമോചന |**
**ത്വേ തന്നഃ സുവേദമുസ്രീയം വസൂയം ത്വം ഹിനോഷി മർത്യം ||**

ഞങ്ങളുടെ ബുദ്ധിയെ ക്ഷൗരക്കത്തിപോലെ തീക്ഷ്ണമാക്കണമേ. ഹേ പാപനാശകാ! ഞങ്ങൾക്കു ധനം പ്രദാനം ചെയ്താലും നിൻെറ ഗോ രൂപമാകുന്ന ധനം ഞങ്ങൾക്കു സുലഭമായി കിട്ടുമാറാക്കണം. നീ മനുഷ്യർക്കുവേി ധനം നേടുന്നുവല്ലോ.

**17. വേമി ത്വാ പൂഷന്നുഞ്ജസേ വേമി സ്തോതവ ആഘൃണേ |**
**ന തസ്യ വേമ്യരണം ഹി തദ്വസോ സ്തുഷേ വജ്രായ സാമ്നേ ||**

ഹേ പൂഷാവേ! നിന്നെ പ്രസന്നനാക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ നിന്നെ സ്തുതിക്കുന്നു. ഞാൻ മറ്റു ദേവകളെ ഇഷ്ടപ്പെടുന്നില്ല. നീ സോമ സ്തോവിന് ഇച്ഛിതമായ ധനം പ്രദാനം ചെയ്താലും.

**18. പരാ ഗവോ യവസം കച്ചിദാഘൃണേ നിത്യം രേക്ക്ണോ അമർത്യ |**
**അസ്മാകം പൂഷന്നവിതാ ശിവോ ഭവ മഹിഷ്ഠോ വാജസാതയേ ||**

ഹേ പൂഷാവേ! ഭവാൻ തേജസ്വിയും മരണരഹിതനുമാകുന്നു, ഞങ്ങളുടെ ഗോക്കൾ മേഞ്ഞുകഴിഞ്ഞ് തിരിച്ചുവരട്ടെ ഞങ്ങളുടെ ഗോക്കൾ ആദിയായയധനം സുസ്ഥിരമാകട്ടെ. നീ ഞങ്ങളെ രക്ഷിക്കുന്നവനും നൻമകൾ നൽകുന്നവനുമാകണമെ നീ അന്നം നൽകുന്ന മഹാനാകണമേ.

**19. സ്ഥൂരം രാധഃ ശതാശ്വം കുരുങ്ഗസ്യ ദിവിഷ്ടിഷു രാജ്ഞസ്ത്വേഷസ്യ സുഭഗസ്യ രാതിഷു തുർ വശേഷ്വ മൻമഹി ||**

സ്വർഗ്ഗ പ്രാപ്തിക്കുവേിയുള്ള കുരുംഗരാജാവിൻെറ

യാഗദാനത്തിൽ ഞങ്ങൾക്ക് അശ്വങ്ങളോടുകൂടിയ ധനം ലഭിച്ചു.

**20. ധീഭിഃ സാതാനി കാണ്വസ്യ വാജിനഃ പ്രിയമേധൈ രഭിദ്യുഭിഃ |**

**ഷഷ്ഠിം സഹസ്രാനു നിർമജാമജേ നിര്യൂഥാനി ഗവാമൃഷിഃ ||**

കണ്വപുത്രനും, പ്രിയമേധനും അവരുടെ സ്തോതാക്കളും സ്വീകരിച്ചതുപോലെ ഞാനും അൻപതിനായിരം ഗോക്കളെ പ്രതിഗ്രഹിച്ചു.

**21. വൃക്ഷാശ്ചിൻമേ അഭിപിത്വേ അരാരഃ |**

**ഗാം ഭജന്ത മേഹനാ ശ്വം ഭജന്ത മേഹനാ ||**

എനിക്കു ധനം കിട്ടിയപ്പോൾ വൃക്ഷങ്ങളും ഹർഷധ്വനി മുഴക്കി, ഞാൻ സ്തുത്യർഹമായ ഗോക്കളേയും അശ്വരൂപമായ ധനത്തേയും പ്രാപിച്ചു എന്നവർ പറഞ്ഞു.

# അദ്ധ്യായം 3

## സൂക്തം 5

**ഋഷി കണ്വഗോത്രൻ ബ്രഹ്മാതിഥികൾ ദേവത അശ്വികൾ ഛന്ദസ്സ് ഗായത്രി ബൃഹതി അനുഷ്ടുപ്.**

**1. ദൂരാദിഹേവ യത്സത്യരുണപ്സുര രി ശ്വിതത് |**

**വി ഭാനും വിശ്വധാതനത് ||**

ദൂരെനിന്ന് അടുത്തുള്ളതുപോലെ കാണപ്പെടുന്നതുവളായ ഉഷസ്സ് എല്ലാ വസ്തുക്കളേയും ശ്വേതീകരിക്കുമ്പോൾ അവൾ തൻെറ കാന്തിയെ വ്യാപിപ്പിച്ചുകൊ് വളരുന്നു.

**2. നൃവദ്ദസ്രാ മനോയുജാ രഥേന പൃഥുപാജസാ |**

**സചേഥേ അശ്വിനോഷസം ||**

ഹേ ദസ്രരായ അശ്വിനികളേ! നിങ്ങൾ അഗ്രഗണ്യരാണല്ലോ, നിങ്ങളാഗ്രഹിക്കുമ്പോൾ തന്നെ അശ്വങ്ങളെ പൂട്ടിയ രഥത്തിൽ ഉഷസ്സിനെ സമീപിയ്ക്കുന്നു.

**3. യുവാഭ്യാം വാജിനീവസൂ പ്രതി സ്തോമാ അദൃക്ഷത വാചം ദൂതോ യഥോഹിഷേ ||**

ഹേ അശ്വിനികളേ! നിങ്ങൾ അന്നത്തോടും ധനത്തോടും കൂടിവരുന്നു. ഞാൻ രചിച്ച സ്തോത്രങ്ങളെ അവലോകനം ചെയ്യുവിൻ. ദൂതൻ യജമാനൻെറ വചനങ്ങളെ യാചിക്കുന്നതുപോലെ ഞാൻ നിങ്ങളുടെ വചനങ്ങൾക്കുവേി യാചിക്കുന്നു.

**4. പുരുപ്രിയാണ ഊതയേ പുരുമന്ദ്രാ പുരുവസൂ |**

**സ്തുഷേകണ്വാസോ അശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ അനേകർക്കു പ്രിയപ്പെട്ടവരാകുന്നു. വളരെ ധനത്തോടുകൂടിയവരായ നിങ്ങൾ അനേകം ധനം പ്രദാനം ചെയ്യുന്നു ഞങ്ങൾ നാശരഹിതമായ ഞങ്ങളുടെ രക്ഷയ്ക്കുവേി അശ്വിനികുമാരൻമാരോടു യാചിക്കുന്നു.

**5. മംഹിഷ്ഠാ വാജസാതമേഷയന്താ ശുഭസ്പതീ |**

**ഗന്താരാ ദാശുഷോ ഗൃഹം ||**

ഹേ അശ്വിനികളേ! നിങ്ങൾ പൂജനീയരും, സർവ്വാധികളും, അന്നം നൽകുന്നവരുമാകുന്നു. നിങ്ങൾ സുന്ദരമായ ധനത്തിൻെറ അധിപതികളുമാകുന്നു. നിങ്ങൾ മംഗളകാരികളും യജമാനൻെറ ഭവനത്തിൽ പോകാറുള്ളവരുമാകുന്നു.

**6. താ സുദേവായ ദാശുഷേ സുമേധാമവിതാരിണീം |**

**ഘൃതൈർഗവ്യൂതിമുക്ഷതം ||**

ആ നിങ്ങൾ ദേവകളെ യജിക്കുന്ന ഹവിഷ്പ്രദാനത്തിനുവേി നല്ല യജ്ഞത്തോടുകൂടിയതും നിരപായവുമായ മേച്ചിൽ നിലം ജലംകൊു നനച്ചാലും.

**7. ആനഃ സ്തോമമുപ ദ്രവത്തൂയും ശ്യേനേ ഭിരാശുഭിഃ |**

**യാതമശ്വേഭിരശ്വിനാ ||**

ഹേ അശ്വിനികളേ! അശ്വങ്ങളുടെമേൽ കയറി ഞങ്ങളുടെ സ്തുതികൾ കേൾക്കാനായി വേഗം വന്നാലും നിങ്ങളുടെ അശ്വങ്ങളുടെ ഗതി സ്തുത്യർഹമാകുന്നു.

**8. യേഭിസ്തി സ്രഃ പരാവതോ ദിവോ വിശ്വാനി രോചനാ |**

**ത്രീംരക്തൂൻപരിദീയഥഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ മൂന്നുപകലും രാത്രിയും നിങ്ങളുടെ കുതിരകളുടെ സഹായത്തോടുകൂടി എല്ലാ നക്ഷത്രമണ്ഡലങ്ങളിലും ചുറ്റി നടക്കാറുല്ലോ?

**9. ഉത നോ ഗോമതീരിഷ ഉത സാതരഹർവിദാ |**

**വി പഥഃ സാതയേ സിതം ||**

ഹേ അശ്വിനികളേ! നിങ്ങൾ പ്രഭാതസവനത്തിൽ സ്തുതിക്കപ്പെടുന്നു. ഞങ്ങളുടെ ഉപഭോഗത്തിനുവേി ധനവും ഗോക്കളോടുകൂടിയ അന്നവും പ്രദാനം ചെയ്യണേ.

**10. ആ നോ ഗോമന്തമശ്വിനാ സുവീരം സുരഥം രയിം |**

**വോള്ഹമശ്വാവതീരിഷം ||**

ഹേ അശ്വനികളേ! നിങ്ങൾ ഞങ്ങൾക്ക് ഗോക്കൾ, രഥം, അശ്വങ്ങൾ, സുന്ദരമായ സന്താനങ്ങളോടുകൂടിയ ധനം എന്നിവ കൊുവരുവിൻ.

**11. വാവൃധാനാ ശുഭസ്പതീ ദസ്രാ ഹിരണ്യവർതനീ |**

**പിബതം സോമ്യം മധു ||**

ഹേ അശ്വിനികളേ! സുന്ദരവസ്തുക്കളെല്ലാം നിങ്ങളുടേതാണല്ലോ. നിങ്ങൾ ഉജ്ജ്വലമായ മാർഗ്ഗത്തോടുകൂടിയവരും ദർശനീയരുമാകുന്നു. സ്വർണ്ണത്തേരുള്ളവരും വളരുന്നവരുമായ നിങ്ങൾ സോമമധു നുകർന്നാലും.

**12. അ സ്മഭ്യം വാജിനീവസൂ മഘവാദ്ഭ്യശ്ച സപ്രഥഃ |**

**ഛർദിർയന്തമദാഭ്യം ||**

ഹേ അശ്വിനികളേ! നിങ്ങൾ യുക്തരാണല്ലോ ഹവിസ്സുകൊ് സമ്പന്നരായ ഞങ്ങൾക്ക് നിങ്ങൾ വിശാലമായ ഗൃഹം തന്നാലും.

**13. നി ഷു ബ്രഹ്മ ജനാനാം യാവിഷ്ടം തൂയമാ ഗതം |**

**മോ ഷ്വന്യാം ഉപാരതം.**

ഹേ അശ്വിനികളേ! മനുഷ്യരുടെ സ്തോത്രങ്ങളെ രക്ഷിയ്ക്കേണമേ. നിങ്ങള അതിവേഗം ഞങ്ങളുടെ അടുക്കൽ വന്നാലും മറ്റുള്ളവരുടെ അടുക്കൽ പോകരുതേ.

**14.അസ്യ പിബതമശ്വിനാ യുവം മദസ്യ ചാരുണഃ |**

**മധ്വോരാതസ്യ ധിഷ്ണയാ ||**

ഹേ അശ്വിനികളേ! നിങ്ങൾ സ്തുതിക്കു പാത്രമാകുന്നു. ഹർഷകാരിയായ ഞങ്ങളുടെ മധുര സോമം പാനംചെയ്താലും.

**15. അസ്മേ ആ വഹതം രയിം ശതവന്തം സഹസ്രിണം ||**

**പുരുക്ഷും വിശ്വധായസം |**

ഹേ അശ്വിനികളേ! ഞങ്ങൾക്കുവേി നൂറും ആയിരവും ധനം നിവാസസ്ഥാനത്തോടുകൂടി ഞങ്ങൾക്ക് നൽകണേ.

**16. പുരുത്രാ പിഢി വാം നരാവിഹ്വയന്തേ മനിഷിണ |**

**വാധദഭിരശ്വിനാ ഗതം ||**

ഹേ അശ്വിനികളേ! ജ്ഞാനികൾ നിങ്ങളെ അനേകം സ്ഥാനങ്ങളിലേക്ക് ആഹ്വാനം ചെയ്യുന്നു. നിങ്ങൾ സ്വന്തം അശ്വങ്ങളുടെ സഹായത്തോടുകൂടി ആഗതരാകുവിൻ.

**17. ജനാസോർവൃക്തബർഹിഷോ ഹവിഷ്മന്തോ അരങ്കൃതഃ |**

**യുവാം ഹവന്തേ അശ്വിനാ ||**

ഹേ അശ്വിനികളേ! ഹവിർവാനായ യജമാനൻ ദർഭമുറിച്ച് നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**18. അസ്മാകമദ്യവാമയം സ്തോമ വാഹിഷ്ഠോ അന്തമഃ |**

**യുവാഭ്യാം ഭൂത്വശ്വിനാ ||**

അശ്വിനികുമാരൻമാരേ! ഞങ്ങളുടെ ഈ സുന്ദരമായ സ്തോത്രം എല്ലാ സ്തോത്രങ്ങളേക്കാളും അധികം വാഹകമായി നിങ്ങളുടെ അടുക്കലെത്തട്ടെ.

**19. യോ ഹവാംമധു നോ ദൃതിരാഹിതോ രഥുവർഷണോ |**

**തതഃ പിബതമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ അടുക്കൽ മധുനിറച്ച പാത്രം വച്ചിട്ടുല്ലോ. അതിൽനിന്നും മധുപാനം ചെയ്താലും.

**20. തേന നോ വാജിനീവസൂ പശ്വേ തോകായ ശം ഗവേ |**

**വഹതം പീവരിരിഷഃ ||**

ഹേ അശ്വികളേ! അന്നവാൻമാരും, ധനവാൻമാരുമായ നിങ്ങൾ ഞങ്ങളുടെ ഗോക്കൾക്കും, സന്താനങ്ങൾക്കും വേി വളരെയധികം അന്നംകൊുവന്നാലും.

**21. ഉത നോ ദിവ്യാ ഇഷ ഉത സിന്ധും രഹർവിദാ |**

**അപ ദ്വാരേവ വർഷഥഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ പ്രഭാതത്തിൽ വരികയും പോകുകയും ചെയ്യുന്നു. നിങ്ങൾ ഞങ്ങൾക്കാവശ്യമായ ദിവ്യ ജലത്തെ ഞങ്ങളുടെ വാതലുകളിൽ തളിക്കേണമേ.

**22. കദാ വാം തൗഗ്ര്യോ വിധത്സമുദ്രേ ജഹിതോ നാരാ |**

**യദ്വാം രഥോ വിമിഷ്പതാത് ||**

ഹേ അശ്വിനികളേ! സമുദ്രത്തിൽ പതിച്ച ഉഗ്രപുത്രനായ ഭുജ്യം എപ്പോൾ നിങ്ങളെ സ്തുതിച്ചു? നിങ്ങളുടെ അശ്വരഥം അവരുടെയടുക്കൽ പോയപ്പോൾ.

**23. യുവ കണ്വായ നാസത്യാപിരിപ്തായ ഹർമ്യേ |**

**ശശ്വദൂതിർദശസ്യഥഃ ||**

ഒരിക്കലും അസത്യം പറയാത്തവരായ അശ്വിനികളേ! അസുരൻമാരാൽ മാളികയുടെ അടിയിൽ ബന്ധിക്കപ്പെട്ടിരുന്ന കണ്വനെ നിങ്ങൾ രക്ഷിച്ചുവല്ലോ.

**24. താഭിരാ യാതമൂതിഭിർനവ്യസീഭിഃ സുശസ്തിഭിഃ |**

**യദ്വാം വൃഷണ്വസൂ ഹൂവേ ||**

ഹേ അശ്വിനീ കുമാരൻമാരേ നിങ്ങൾ വർഷണശീലരും, വൈഭവശാലികളുമാകുന്നുവല്ലേ. ഞാൻ നിങ്ങളെ വിളിക്കുമ്പോൾ നിങ്ങളുടെ വിശാലവും അഭിനവവുമായ രക്ഷാ സാധനങ്ങളോടുകൂടി ആഗതരാകുവിൻ.

**25. യഥാ ചിത്കണ്വമാവതം പ്രിയമേധമുപസ്തുതം |**

**അത്രിം ശിഞ്ജാരമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ കണ്വൻ, പ്രിയമേധൻ, ഉപസ്തുതൻ, അത്രി എന്നിവരെര രക്ഷിച്ചതുപോലെ ഞങ്ങളെയും രക്ഷിക്കുവിൻ.

**26. യഥോത കൃത്വ്യേ ധനേ ശും നോഷ്യഗസ്ത്യം |**

**യഥാ വാജേഷു സോഭരിം ||**

ധനത്തിനുവേി അംശുവിനേയും; ഗോക്കൾക്കുവേി അഗസ്ത്യനേയും; അന്നത്തിനുവേി സൗഭാരനേയും രക്ഷിച്ചതുപോലെ ഞങ്ങളേയും രക്ഷിക്കേണമേ.

**27. ഏതാവദ്വാം വൃഷണ്വ സൂ അതോ വാ ഭൂയോ അശ്വിനാ |**

**ഗൃണന്തഃ സുമ്മീമഹേ ||**

ഹേ അശ്വിനകളേ! നിങ്ങൾ വർഷണശീലരും ഐശ്വര്യശാലികളുമാണല്ലോ. സ്തുതിക്കുന്നവരായ ഞങ്ങള വളരെ ധനം യാചിക്കുന്നു.

**28. രഥം ഹിരണ്യവന്ധുരം ഹാരണ്യാഭീശുമശ്വിനാ |**

**ആഹി സ്ഥാഥോ ദിവിസ്പൃശം ||**

ഹേ അശ്വിനകളേ! നിങ്ങൾ സ്വർണ്ണച്ചട്ടവും, സ്വർണ്ണകടിഞ്ഞാണുമുള്ള രഥത്തിൽ കയറി വരുവിൻ.

**29. ഹിരണ്യയീ വാം രഭിരീഷാ അക്ഷോ ഹിരണ്യയഃ |**

**ഉഭാ ചക്രാ ഹിരണ്യയാ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ രഥത്തിൻെറ ഇരിപ്പിടവും, അക്ഷവും, ചക്രങ്ങൾ രും സ്വർണ്ണ നിർമ്മിതമാകുന്നു.

**30. തേന നോ വാജിനീവസു പരാവതശ്ചിദാ ഗതം |**

**ഉപേമാം സുഷ്ടുതിം മമാ ||**

ഹേ അന്നധനയുക്തരായ അശ്വിനകളേ! നിങ്ങൾ ദൂരെയാണെങ്കിലും ഈ രഥത്തിൽ വരുവിൻ. ഞങ്ങളുടെ വളരെ മനോഹരങ്ങളായ സ്തുതിയുടെ അടുക്കൽ വരുവിൻ.

**31. ആ വഹേഥേ പരാക്ത്പൂർവീരശ്നന്താവശ്വിനാ |**

**ഇഷോ ദാസീരമർത്യാ ||**

ഹേ അശ്വിനികളേ! അവിശാശികളായ നിങ്ങൾ ദുഷ്ടൻമാരുടെ അനേകം പുരികളെ തകർത്ത് അന്നവുമായി വരുവിൻ.

**32. ആ നോ ദ്യുമ്നൈരാ ശ്രവോഭിരാ രായാ യാതമശ്വിനാ |**

**പുരുശ്ചന്ദ്രാനാസത്യാ ||**

ഹേ അശ്വിനികളേ! സത്യശീലരും അനേകരുടെ സഖാക്കളുമായ നിങ്ങൾ ഞങ്ങളുടെ അടുക്കൽ അന്നവുമായി വന്നാലും. യശസ്സോടും, ധനത്തോടും വരണമേ.

**33. ഏഹ വാം പ്രുഷിതപ്സവോ വയോ വഹന്തു പർണിനഃ |**

**അച്ഛാ സ്വധ്വരം ജനം ||**

ഹേ അശ്വിനികളേ! പക്ഷികളെപ്പോലെ വേഗമേറിയ അശ്വങ്ങൾ നിങ്ങളെ യാഗം നടത്തുന്ന യജമാനൻെറ അടുക്കൽ കൊുവരട്ടെ.

**34. രഥം വാമനുഗായസം യ ഇഷാ വർതതേ സഹ |**

**ന ചക്രമഭി ബാധതേ ||**

രഥത്തിൽ പൂട്ടുന്നവയും, സ്തോതാക്കൾ പ്രശംസിക്കുന്നവയുമായ നിങ്ങളുടെ അശ്വങ്ങൾ ഞങ്ങളുടെ കാര്യത്തിൽ സഹായികളാകട്ടെ.

**35. ഹിരണ്യയേന രഥേന ദ്രവത്പാണിഭിരശ്വൈഃ |**

**ധീജവാനാ നാസത്യാ ||**

ഹേ അശ്വിനികളേ! നിങ്ങൾ എല്ലാവരേയുംകാൾ വേഗൻമാരാണല്ലോ. നിങ്ങൾ ദ്രുതഗാമികളായ അശ്വങ്ങളാൽ യുക്തമായ സ്വർണ്ണ രഥത്തിൽ കയറി ഇവിടെ ആഗതരാകുവിൻ.

**36. യുവം മൃഗം ജാഗൃവാംസം സ്വദഥോ വാ വൃഷണ്വസൂ |**
**താ നഃ പൃങ്ക്തമിഷഃ രയിം ||**

ഹേ അശ്വിനികളേ! നിങ്ങൾ എപ്പോഴും ചൈതന്യത്തോടുകൂടിയവരും സോമപാനികളുമാണല്ലോ നിങ്ങൾ ഞങ്ങൾക്ക് അന്ന ദാനം ചെയ്യുവിൻ.

**37. താ മേ അശ്വിനാ സനീനാം വിദ്യാതം നവാനാം യഥാ ചിച്ചൈദ്യഃ കശുഃ ശതമുഷ്ട്രാനാം ദദത്സഹസ്രാ ദശ ഗോനാം ||**

ഹേ അശ്വിനികളേ! നിങ്ങൾ പുതിയ ധനം എനിക്കു തരുവിൻ ചേദിരാജാവായ കശു നൂറ് ഒട്ടകങ്ങളേയും, ആയിരം ധേനുക്കളേയും, എനിക്കു നൽകിയിരുന്നു. നിങ്ങളതറിയുന്നുവോ.

**38. യോ മേ ഹിരണ്യസന്ദൃശോ ദശ രാജ്ഞോ അമംഹത |**
**അധസ്പദാ ഇച്ചൈദ്യസ്യ കൃഷ്ടയശ്ചർമ്മന്നാ അഭിതോ ജനാഃ ||**

എൻെറ ആവശ്യത്തിനായി കശുരാജാവ് സ്വർണ്ണംപോലെ പ്രകാശിക്കുന്ന പത്തു രാജാക്കൻമാരേ ദാസൻമാരായിത്തന്നു. ആ കശുവിൻെറ പ്രജകൾ അവനെ ആശ്രയിച്ചു കഴിയുന്നു.

**39. മാകിരേനാ പഥാ ഗാദ്യേനേമേ യന്തി ചേദയഃ |**
**അന്യോ നേത്സൂരിരോഹ തേ ഭൂരിദാവത്തരോജനഃ ||**

ചേദിവംശക്കാർ ഏതു മാർഗ്ഗത്തിൽക്കൂടി പോകുന്നു എന്ന് ആരും അറിയുന്നില്ല. കശുവിനെക്കാൾ ഉന്നതനായ ദാനിയേയോ, വിദ്വാനേയോ, സ്തോതാവിനേയോ കാൺമാനില്ല.

## അനുവാകം 2 സൂക്തം 6

**ഋഷി കണ്വപുത്രൻ വത്സൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ഗായത്രി**

**1. മഹാം ഇന്ദ്രോ യ ഓജസാ പർജന്യോ വൃഷ്ടിമാം ഇവിസ്തോമൈർവത്സസ്യ വാവൃധേ ||**

പർജ്ജന്യനെപ്പോലെ പരാക്രമിയായ ഇന്ദ്രൻ വത്സൻെറ (എൻെറ) സ്തോത്രങ്ങൾകൊ് വർദ്ധിക്കുന്നു.

**2. പ്രജാമൃതസ്യ പിപ്രതഃ പ്ര യദ്ഭരന്ത വഹ്നയഃ |**
**വിപ്രാ ഋതസ്യ വാഹസാ ||**

എപ്പോൾ ആകാശത്തെ പരിപൂർണ്ണമാക്കുന്ന യജ്ഞരൂപമായ അശ്വം ഇന്ദ്രനെ വഹിക്കുന്നുവോ അപ്പോൾ ജ്ഞാനികൾ സ്തോത്രങ്ങളാൽ അവനെ സ്തുതിക്കുന്നു.

**3. കണ്വാ ഇന്ദ്രം യദക്രത സ്തോമൈർ യജ്ഞസ്യ സാധനം |**
**ജാമി ബ്രുവത ആയുധം ||**

കണ്വവംശജൻമാർ സ്തോത്രങ്ങളാൽ ഇന്ദ്രനെ യജ്ഞത്തിൻെറ സാധനകർത്താവായി നിയുക്തനാക്കുന്നു. ഇന്ദ്രനെ മിത്രമെന്നു വിളിക്കുന്നു.

**4. സമസ്യ മന്യവേ വിശോ വിശ്വാ നമന്ത കൃഷ്ടയഃ |**
**സമുദ്രായേവ സിന്ധവ ||**

നദികൾ സമുദ്രത്തെ സ്തുതിക്കുന്നതുപോലെ എല്ലാ മനുഷ്യരും ഭയത്താൽ ഇന്ദ്രനെ സ്തുതിക്കുന്നു.

**5.ഓജസ്തദസ്യ തിത്വിഷ ഉഭേ യത്സമവതർയത് |**
**ഇന്ദ്രശ്ചർമേവ രോദസീ ||**

ഏതു ബലത്താൽ ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും തോലുപോലാക്കുന്നുവോ അത് അത്യന്തം തേജോപൂർണ്ണമാകുന്നു.

**6. വി ചിദ്വൃ ത്രസ്യദോധതോ വജ്രേണ ശതപർവണ |**
**ശീരോവിഭേദ വൃഷ്ണിനോ ||**

വിറച്ചുകൊിരുന്ന വൃത്രൻെറ ശിരസ്സിനെ ഇന്ദ്രൻ നൂറു വായ്ത്തലകളുള്ള വജ്രത്താൽ കൊയ്തുവല്ലോ.

**7. ഇമാ അഭി പ്രണോനുമേ വിപാമഗ്രേഷു ധിതയഃ |**
**അഗ്നേഃ ശോചിർന ദിദ്യുതഃ |**

ഞങ്ങൾ സ്തുതിക്കുന്നവരുടെ മുമ്പിൽ വെചച് അഗ്നിയുടെ തേജസ്സുപോലെ പ്രകാശിക്കുന്ന ഈ സ്തോത്രങ്ങളെ കൂടെകൂടെ ഉച്ചരിക്കും.

**8. ഗുഹാ സതീരുപത്മനാ പ്ര യച്ഛോചന്ത ധിതയഃ |**
**കണ്വാ ഋതസ്യ ധാരയ ||**

ഗുഹയിലെ സ്തുതികൾ ഇന്ദ്രൻെറ അടുക്കൽച്ചെന്ന് ആശ്വസിക്കുന്നു. അവയെ കണ്വമഹർഷിമാർ സോമത്താൽ നനയ്ക്കട്ടെ.

**9. പ്ര തമിന്ദ്ര നശീമഹി രയിം, ഗോമന്തമശ്വിനം |**
**പ്ര ബ്രഹ്മ പൂർവചിത്തയേ ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് ഗോക്കളോടും അശ്വങ്ങളോടും കൂടിയ ധനവും അന്നവും ആദ്യമായി ലഭിക്കട്ടെ.

**10.അഹമിദ്ധി പിതുഷ്പരി മേധാമൃതസ്യ ജഗ്രഭ |**
**അഹം സൂര്യ ഇവാജനി ||**

ഞാൻ സത്യരൂപനും പിതൃതുല്യനുമായ ഇന്ദ്രൻെറ കൃപയെ പ്രാപിച്ച് സൂര്യനെപ്പോലെ തേജസ്വിയായി.

**11. അഹം പ്രത്നേന മൻമാ ഗിരഃ ശുമ്ഭാമി കണ്വവത് |**
**യേനേന്ദ്രഃ ശുഷ്മമിദ്ദധേ ||**

കണ്വനെപ്പോലെ സനാതന സ്തോത്രം വഴി ഞാൻ വാണിയെ അലങ്കരിക്കുന്നു. ആ സ്തോത്രത്താൽ തന്നെ ഇന്ദ്രൻ ബലം പ്രാപിക്കുന്നു.

**12. യേ ത്വാമിന്ദ്ര ന തുഷ്ടുവുർഷയോ യേ ച തുഷ്ടുവുഃ |മമേദ്വർധസ്വസുഷ്ടുതഃ ||**

ഹേ ഇന്ദ്രാ! നിന്നെ സ്തുതിക്കാത്തവരിലും, സ്തുതിക്കുന്നവരിലും വച്ച് എൻെറ ഉത്തമസ്തുതിയാൽ നീ വർദ്ധിക്കണേ.

**13. യദസ്യ മ ന്യുരധ്വനീദ്വി വൃത്രം പർവശോ രുജൻ |**
**അപഃ സമുദ്രമൈരയത് ||**

ഇന്ദ്രൻെറ ക്രോധത്താൽ ഛിന്നഭിന്നമാക്കി ഗർജ്ജിച്ചുകൊിരുന്നപ്പോൾ ജലത്തെ (ഇന്ദ്രൻ) സമുദ്രത്തിലേയ്ക്കു അയച്ചു.

**14. നി ശുഷ്ണ ഇന്ദ്ര ധർണസിം വജ്രം ജഘന്യ ദസ്യവി |**
**വൃഷാ ഹ്യഗ്ര ശൃണ്വിഷേ ||**

ഹേ ഇന്ദ്രാ! നീ ശുഷ്ണനുവേി വജ്രം പ്രയോഗിച്ചു. ഇന്ദ്രാ, നീ അഭിലാഷ വർഷകനാണല്ലൊ.

**15. ന ദ്യാവ ഇന്ദ്രമോജസാ നാന്തരിക്ഷാണി വജ്രിണം |**
**ന വിവ്യചന്ത ഭൂമയഃ ||**

ആകാശത്തിനും, അന്തരീക്ഷത്തിനും, ഭൂമിക്കും തങ്ങളുടെ

ബലത്താൽ ഇന്ദ്രദ നാടുകിടനിൽക്കുവാന സാധ്യമല്ല.

**16. യസ്ത ഇന്ദ്ര മഹീരഷഃ സ്തഭൂയമാന ആശയത് |**
**നി തം പദ്യാസു ശിശ്നഥം ||**

ഹേ ഇന്ദ്രാ! അന്തരീക്ഷത്തിൽ ജലത്തെ തടഞ്ഞു നിർത്തിയ ആ വൃത്രനെ നീ തന്നെ കൊന്ന് വെള്ളത്തിലിട്ടു.

**17. യ ഇമേ രോദസീ മഹീ സമീചീ സമജഗ്രഭീത് |**
**തമോഭിരിന്ദ്ര തം ഗുഹഃ ||**

മഹത്വവതികളായ വാനുഴികളെ മറച്ചിരുന്ന ആ വൃത്രനെ ഇന്ദ്രാ നീ തന്നെയാണല്ലോ മരണരൂപമായ അന്ധകാരത്തിൽ തള്ളിയത്.

**18. യാ ഇന്ദ്ര യതയസ്ത്വാ ഭൃഗവോ യേ ച തുഷ്ടുവുഃ |**
**മമേദുഗ്ര ശ്രുധീ ഹവഃ ||**

ഹേ പരാക്രമിയായ ഇന്ദ്രാ! അംഗിരസ്സുകളും ഭൃഗുക്കളും നിന്നെ സ്തുതിക്കുന്നു. എൻെറ സ്തുതികളും നീ കേൾക്കേണമേ.

**19. ഇമാസ്ത ഇന്ദ്ര പൃശ്നയോ ഘൃതം ദുഹത ആശിരം |**
**ഏനാമൃതസ്യ പിപ്യുഷീഃ ||**

ഹേ ഇന്ദ്രാ! യജ്ഞത്തെ വളർത്തുന്ന ഗോക്കൾ പാലും നെയ്യും പ്രദാനം ചെയ്യുന്നു.

**20. യാ ഇന്ദ്ര പ്രസ്വസ്ത്വാസാ ഗർഭചക്രിരൻ |**
**പരി ധർമേവ സൂര്യം ||**

ഹേ ഇന്ദ്രാ! പ്രസവിക്കുന്ന ഗോക്കൾ നിൻെറ അന്നം ഭക്ഷിച്ചിട്ടാണല്ലോ സൂര്യരശ്മികൾ ഏറ്റ ജലംപോലെ ഗർഭം ധരിച്ചിരുന്നത്.

**21. ത്വാമിച്ഛവസസ്പതേ കണ്വാ ഉക്ഥേന വാവൃധുഃ |**
**ത്വാം സുതാസ ഇന്ദവഃ ||**

ഹേ ഇന്ദ്രാ! ബലത്തിൻെറ സ്വാമിയായ നിന്നെ കണ്വൻമാർ സ്തോത്രങ്ങൾ വഴി വളർത്തുന്നു. പിഴിഞ്ഞ സോമരസവും നിന്നെ വളർത്തുന്നു.

**22. തവേദിന്ദ്ര പ്രണീതിഷുത പ്രശസ്തിരദ്രിവഃ |**
**യജ്ഞോ വിതന്തസായ്യഃ ||**

ഹേ വജ്രായുധാ! നിനക്ക് മാർഗ്ഗ ദർശനത്താൽ ശ്രേഷ്ഠമായ സ്തോത്രങ്ങളോടുകൂടി യജ്ഞം നടത്തപ്പെടുന്നു.

**23. ആ ന ഇന്ദ്ര മഹീമിഷം പുരം ന ദർഷി ഗോമതീം |**
**ഉത പ്രജാം സുവീര്യം ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് മഹത്തായ ഗോക്കളേയും,അന്നവും വീര്യവും പുത്രൻമാരേയും ദാനം ചെയ്യുന്നതിനേപ്പറ്റി ചിന്തിക്കേണമേ.

**24. ഉത ത്യദാശ്വശ്വ്യം യദിന്ദ്ര നാഹുഷീഷ്വ |**
**അഗ്രേ വിക്ഷ പ്രദീദയത് ||**

ഹേ ഇന്ദ്രാ! നഹുഷന് പ്രജകളുടെ മുമ്പിൽ വച്ച് ദ്രുതഗാമികളായ അശ്വങ്ങളേയും മഹത്തായ ബലത്തേയും നൽകിയതുപോലെ ഞങ്ങൾക്കും നൽകണമേ.

**25.അഭി വ്രജം ന തത്നിഷേ സൂര ഉപാകചക്ഷസം |**
**യദിന്ദ്ര മൃളയാസി നഃ ||**

ഹേ ഇന്ദ്രാ! നീ ജ്ഞാനിയാണല്ലോ. ഗോക്കളുടെ മനോഹരമായ ഈ തൊഴുത്തിനെ പരിപൂർണ്ണമാക്കുകയും ഞങ്ങളെ സുഖികളാക്കുകയും ചെയ്യണമേ.

**26. യദങ്ഗ തവിഷീയസ ഇന്ദ്ര പ്രരാജസി ക്ഷിതീഃ |**
**മഹാം അപാര ഓജസാ ||**

ഹേ ഇന്ദ്രാ! നീ ഒരു ബലം തന്നെയാകുന്നു. മനുഷ്യരുടെ രാജാവുമാകുന്നു. നീ സ്വന്തം ബലത്താൽ അജയ്യനാകുന്നു.

**27. താം ത്വാ ഹവിഷ്മതീർവിശ ഉപബ്രുവത ഊതയേ |**
**ഉരുജ്രയസമിന്ദുഭിഃ ||**

ഹേ ഇന്ദ്രാഃ സർവ്വവ്യാപകനായ നിന്നെ ഹവിർവാനായ വ്യക്തി സോമത്താൽ തൃപ്തനാക്കുവാനായി അടുത്തു വ.ന്നു സ്തുതിക്കുന്നു.

**28. ഉപഹ്വരേ ഗിരീണാം സങ്ഗഥേ ച നദീനാം |**
**ധിയാ വിപ്രോ അജായത ||**

പർവ്വതങ്ങളിലും നദീ സംഗമങ്ങളിലും നടത്തപ്പെടുന്ന യജ്ഞാനുഷ്ഠാനങ്ങളിൽ ജ്ഞാനിയായ ഇന്ദ്രൻ പ്രത്യക്ഷനാകുന്നു.

**29. അതഃ സമുദ്രമുദ്വതശ്ചികിത്വാം അവ പശ്യതി |**
**യതോ വിപാന ഏജതി ||**

ഹേ ഇന്ദ്രാ! നീ സർവ്വവ്യാപിയാണല്ലോ സ്വർഗ്ഗലോകത്തിൽക്കൂടി സഞ്ചരിക്കുന്ന ഇന്ദ്രൻ താഴോട്ടുമുഖം തിരിച്ച് സമുദ്രത്തെ നോക്കുന്നു.

**30. ആദിത്പ്രത്നസ്യ രേതസോ ജ്യോതിഷ്പശ്യന്തി വാസരം |**
**പരോ യദിധ്യതേ ദിവാ ||**

ആകാശത്തിൽ ഇന്ദ്രൻ തൻെറ പ്രകാശം പരത്തുമ്പോൾ, പ്രാചീന ജലദാതാവായ ഇന്ദ്രൻെറ പ്രകാശത്തെ എല്ലാവരും പകൽ മുഴുവൻ ദർശിക്കുന്നു.

**31. കണ്വാസ ഇന്ദ്ര തേ മതിം വിശ്വേ വർധന്തി പൗംസ്യം |**
**ഉതോ ശവിഷ്ഠവൃഷ്ണ്യം ||**

ഹേ ഇന്ദ്രാ! നിൻെറ ബുദ്ധിബലത്തെ കണ്വൻമാർ വളർത്തുന്നു. അവർ നിൻെറ വീരകർമ്മങ്ങളേയും പ്രചണ്ഡമാക്കുന്നു.

**32. ഇമം മ ഇന്ദ്ര സുഷ്ടുതിം ജുഷസ്വ പ്ര സു മാമവാ |**
**ഉത പ്രവർധയാ മതിം ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ മനോഹരസ്തുതികളെ ശ്രവിക്കേണമേ. ഞങ്ങളെ ശരിയായവിധം രക്ഷിച്ച് ഞങ്ങളുടെ ബുദ്ധിയെ വളർത്തിയാലും.

**33. ഉഥ ബ്രഹ്മണ്യ വയം തുഭ്യം പ്രവൃദ്ധ വജ്രിവഃ |**
**വിപ്രാ അതക്ഷമാ ജീവസേ ||**

ഹേ വജ്രായുധാ! ഞങ്ങൾ വിദ്വാൻമാരാകുന്നു. ഞങ്ങളുടെ ജീവിത രക്ഷയ്ക്കുവേി ഞങ്ങൾ നിൻെറ സ്തോത്രങ്ങളെ ഉച്ചരിക്കുന്നു.

**34. അഭി കണ്വാ ആനൂഷതാപോ ന പ്രവതാ യതീഃ |**
**ഇന്ദ്രം വനന്വതീ മതിഃ ||**

കണ്വവംശജർ നിന്നെ സ്തുതിക്കുന്നു. താഴോട്ടൊഴുകുന്ന ജലംപോലെ സ്തുതികൾ സ്വയം ഇന്ദ്രസന്നിധി പ്രാപിക്കുന്നു.

**35. ഇന്ദ്രമുക്ഥാനി വാവൃധുഃ സമുദ്രമിവ സിന്ധുവഃ |**
**അനുത്തമന്യുമജരം ||**

നദികൾ സമുദ്രത്തെ എപ്രകാരം വളർത്തുന്നുവോ അപ്രകാരം തന്നെ ഉക്ഥങ്ങൾ ഇന്ദ്രനെ വളർത്തുന്നു ആ ഇന്ദ്രൻ ജരാരഹിതനാകുന്ന അവൻെറ പ്രഭാവത്തെ ആർക്കും തടയുവാൻ സാധ്യമല്ല.

**36. ആ നോ യാഹി പരാവതോ ഹരിഭ്യാം ഹർയതാഭാം |**
**ഇമാമിന്ദ്ര സുതം പിബ ||**

ഹേ ഇന്ദ്രാ മനോഹരമായ രഥത്തിൽ വളരെയകലെ നിന്നും

ആഗതനായി ഞങ്ങളുടെ ഈ സോമരസം പാനം ചെയ്യണമേ

**37. ത്വാമിദ്‌വൃത്രഹന്തമ ജനാസോ വൃക്തബർഹിഷഃ |**

**ഹവന്തേ വാജസാതയേ ||**

ഹേ ഇന്ദ്രാ! നീയാണല്ലോ ഏറ്റവും കൂടുതൽ രാക്ഷസൻമാരെ സംഹരിച്ചത്. ദർഭമുറിക്കുന്ന സാധാകൻമാർ അന്നത്തിനുവേി നിന്നെ ആഹ്വാനം ചെയ്യുന്നു.

**38. അനു ത്വാ രോദസീ ഉഭേ ചക്രം ന വർത്യേതശം |**

**അനു സുവാനാസ ഇന്ദവഃ ||**

ഹേ ഇന്ദ്രാ! രഥത്തിൻെറ ചക്രങ്ങൾ അശ്വങ്ങളുടെ പിന്നാലെ ഉരുളുന്നതുപോലെ ആകാശവും, ഭൂമിയും, സോമവും നിന്നെ പിന്തുടരുന്നു.

**39. മന്ദസ്വാ സു സ്വർണര ഉതേന്ദ്ര ശയർണാവതി |**

**മത്സ്വാ വിവസ്വതോ മതീ ||**

ഹേ ഇന്ദ്രാ! ശരണ്യദേശത്തിലെ കുളക്കരയിൽ(കുരുക്ഷേത്രം) ഋഷിമാരെല്ലാംകൂടി നടത്തുന്ന യജ്ഞത്തിൽ തൃപ്തനാകുകയും, സ്തുതികളാൽ പുഷ്ഠിപ്രാപിക്കുകയും ചെയ്താലും.

**40. വാവൃധാന ഉപ ദ്യവി വൃഷാ വജ്ര്യരോരവീത് |**

**വൃത്രഹാ സോമപാതമഃ ||**

അഭിലാഷവർഷകനും, പ്രവൃദ്ധനും, പരാക്രമിയും വളരെയധികം സോമംപാനം ചെയ്യുന്നവനുമായ വൃത്രഹന്താവ് ആകാശത്തിൽ നിന്ന് ഗർജ്ജിക്കുന്നു.

**41. ഋഷിർഹി പൂർവജാ അസ്യേക ഈശാന ഓജ സാ |**

**ഇന്ദ്ര ചോഷ്കൂയസേ വസു ||**

ഹേ ഇന്ദ്രാ! നീ ഒരു ഋഷിരൂപത്തിൽ ആദ്യം ജനിച്ചു. പിന്നെ തൻെറ മഹത്തായ ബലത്താൽ എല്ലാദേവകളുടേയും അധിപനായി ഞങ്ങൾക്ക് വീുംവീും ധനം പ്രദാനം ചെയ്തുകൊിരിക്കുന്നു.

**42. അസ്മാകം ത്വാ സുതാം ഉപ വീതപൃഷ്ഠാ അഭി പ്രയഃ |**

**ശതം വഹന്തു ഹരയഃ ||**

നല്ല ഉറപ്പും വീതിയുമുള്ള മുതുകോടുകൂടിയ അശ്വങ്ങൾ ഞങ്ങളുടെ സോമവും, അന്നവും ഭുജിപ്പാൻ നിന്നെ ഇവിടെ കൊുവരട്ടെ.

**43. ഇമാം സുപൂർവ്യാം ധിയം മധോര്ഘൃതസ്യപി പ്യുഷീം**

**കണ്വാ ഉക്ഥേന വാവൃധുഃ ||**

പ്രാചീനക്കാരുടെ ഈ മധുരോദക പ്രവർദ്ധകമായ കർമ്മത്തെ കണ്വൻമാർ ഉക്ഥംകൊു കൈവളർത്തുന്നു.

**44. ഇന്ദ്രമിദ്ദിമഹീനാം മേധേ വൃണീത മർത്യഃ |□**

**ഇന്ദ്രം സനിഷ്യുരൂതയേ ||**

എല്ലാ ദേവകളും മഹാൻമാരാകുന്നു അവരിൽ മികച്ചവനായ ഇന്ദ്രനെ രക്ഷയ്ക്കുവേിയും, ധനത്തിനുവേിയും മനുഷ്യർ ഭജിക്കുന്നു.

**45.അർവാചം ത്വാ പുരുഷ്ടുത പ്രിയമേധസ്തുതാ ഹരീ |**

**സോമപേയായ വക്ഷതഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ സ്തുതിക്കപ്പെടുന്നു. യജ്ഞം നടത്തുന്ന ഋഷിമാരാൽ പ്രശംസിക്കപ്പെടുന്ന അശ്വങ്ങൾ സോമം പാനം ചെയ്യുവാനായി നിന്നെ ഞങ്ങളുടെ അടുക്കൽ കൊുവരട്ടെ.

**46. ശതമഹം തിരിന്ദിരേ സഹസ്രം പർശാവാ ദദേ |**

**രാധാംസി യാദ്വാനാം ||**

യദുവംശീയരിൽ പരശുവിൻെറ പുത്രനായ തിരിന്ദിരനിൽ നിന്നും ആയിരക്കണക്കിനു ധനം ഞാൻ വാങ്ങിയിരിക്കുന്നു.

**47. ത്രീണി ശതാർന്യർവതാം സഹസ്രാ ദശ ഗോനാം |**

**ദദുഷ്പജ്രായ സാമ്നേ ||**

ആ തിരിന്ദിര രാജാവ് മുന്നൂറു കുതിരകളേയും, ഒരായിരം ഗോക്കളേയും സാമജ്ഞനായ പജ്രനു നൽകി.

**48. ഉദാനട്കകുഹോ ദിവമുഷ്ട്രാഞ്ചതുർയുജോ ദദത്**

**|ശ്രവസാ യാദ്വം ജനം ||**

ആ തിരിന്ദിരരാജൻ നാലുഭാരം സ്വർണ്ണത്തോടുകൂടിയ ഒട്ടകങ്ങളെ ദാനം ചെയ്യുകയും തൻെറ യജ്ഞത്തിൻെറ യശസ്സ് സ്വർഗ്ഗത്തിൽ വ്യാപിപ്പിക്കുകയും ചെയ്തു.

## സൂക്തം 7

**ഋഷി കണ്വ ഗോത്രൻ മുനർവത്സൻ ദേവത വാർജന്യം ഛന്ദസ്സ് ത്രിഷ്ടുപ്**

**1. പ്ര യദ്വസ്ത്രിഷ്ടുഭമിഷം മരുതോ വിപ്രോ അക്ഷരത് |**

**വി പർവതേഷു രാജഥ ||**

ഹേ മരുത്തുക്കളേ! മേധാവികളായ ജനങ്ങൾ യജ്ഞത്തിൻെറ മൂന്നു സവനങ്ങളിലും ഹവിസ്സൊഴിക്കുമ്പോൾ നിങ്ങൾ പർവ്വതങ്ങളിൽ പ്രകാശം പരത്തുവിൻ.

**2. യദങ്ഗ തവിഷീയവോ യാമം ശുഭ്രാ അചിധ്വം |**

**നി പർവതാ അഹാസത ||**

ഹേ ബലവാൻമാരും സുന്ദരരൂപരുമായ മരുത്തുക്കളേ നിങ്ങൾ കുതിരകളെ രഥത്തിൽ പൂട്ടുമ്പോൾ പർവതങ്ങൾ പോലും വിറയ്ക്കുവാൻ തുടങ്ങുന്നു.

**3. ഉദീരയന്ത വായുഭിർവാശ്രാസഃ പൃശ്നിമാതരഃ |**

**ധുക്ഷന്ത പിപ്യുഷീമിഷം ||**

അലറുന്നവരായ മരുത്തുക്കൾ പായുവേഗത്തോടുകൂടി മേഘാദികളെ മുകളിലേയ്ക്കുയർത്തി മഴപെയ്യിച്ച് അന്നം പ്രദാനം ചെയ്യുന്നു.

**4. വപന്തി മരുതോ മിഹം പ്ര വേപയന്തി പർവതാൻ |**

**യദ്യാമം യാന്തി വായുഭിഃ ||**

മരുത്തുക്കൾ വായുക്കളോടുകൂടി ഗമിക്കുമ്പോൾ അവർ മഴ പെയ്യിച്ചു പർവതങ്ങളെ കമ്പിതമാക്കുന്നു.

**5. നി യദ്യാമായ വോ ഗിരിർനി സിന്ധവോ വിധർമണേ |**

**മഹേശുഷ്മായ യേമിരേ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ രഥത്തിൻെറ ഗതി പർവ്വതങ്ങളിൽ നിശ്ചിതമാകുന്നു. നദികൾ നിങ്ങളുടെ രക്ഷയ്ക്കും ഗമനത്തിനും വേി നിയുക്തമാകുന്നു.

**6.യുഷ്മാം ഉന്നക്തമൂതയേ യുഷ്മാന്ദിവാ ഹവാമഹേ |**

**യുഷ്മാൻ പ്രയത്യധ്വരേ ||**

രാത്രിയിലും, പകലും യജ്ഞത്തിൻെറ ആരംഭത്തിലും ഞങ്ങൾ രക്ഷയ്ക്കുവേി നിങ്ങളെ വിളിക്കുന്നു.

**7. ഉദു ത്യേ അരുണപ്സവശ്ചിത്രാ യാമേഭിരീരതേ |**

**വാശ്രാ അധിഷ്ണുനാ ദിവഃ ||**

അരുണവർണ്ണനും, അത്ഭുതരും, ഗർജ്ജിക്കുന്നവരുമായ മരുത്തുക്കൾ രക്ഷാരൂഢരായി സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു.

**8. സൃജന്തി രശ്മിമോജസാ പന്ഥാം സൂര്യായ യാതവേ |**

**തേ ഭാനുഭിർവി തസ്ഥിരേ ||**

മരുത്തുക്കൾ സൂര്യന് നടപ്പാനായി കിരണയുക്തമായ മാർഗ്ഗമൊരുക്കുന്നു. അവർ അവനെ പ്രകാശപൂർണ്ണമാക്കുന്നു.

**9. ഇമാം മാരുതോ ഗിരേമിമം സ്തോമമൃഭുക്ഷണഃ |**
**ഇമം മേ വനതാ ഹവം ||**

ഹേ മരുത്തുക്കളേ! എൻെറ ഈ സ്തവങ്ങൾ കേൾക്കേണമേ. ഹേ മഹാകർമ്മാക്കളേ! ഈ സ്തോത്രങ്ങൾ നിങ്ങൾ കേൾക്കേണമേ. എൻെറ വിളി നിങ്ങൾ കേൾക്കേണമേ.

**10. ത്രീണി സരാംസി പൃശ്നയോ ദുദുഹ്രേ വജ്രിണേ മധു |**
**ഉത്സം കബന്ധമുദ്രിണം ||**

പൃശ്നി പുത്രരായ മരുത്തുക്കൾ വജ്രധാരിയായ ഇന്ദ്രനുവേി മധുരമായ സോമരസത്തെ ഇത്സ, കബന്ധ, ആദ്രീ എന്നീ സരോവരങ്ങളിൽ നിറയ്ക്കാനായി കാറ്റിൽ നിന്ന് കറക്കുന്നു.

**11. മരുതോ യദ്ധ വോ ദിവഃ സുമ്നായന്തോ ഹവാമഹേ |**
**ആ തൂ ന ഉപ ഗന്തനാ ||**

ഹേ മരുത്തുക്കളേ! സുഖകാമികളായ ഞങ്ങൾ വിളിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും അതിവേഗം ഞങ്ങളുടെ അടുക്കൽ വരേണമേ.

**12. യൂയം ഹി ഷ്ഠാ സുദാനവോ രുദ്രാ ഋഭുക്ഷണോ ദമേ |**
**ഉത പ്രചേതസോ മദേ ||**

ഹേ ദാനശീലരും, സുന്ദരൻമാരും, തേജസ്വികളുമായ മരുത്തുക്കളേ! നിങ്ങൾ യജ്ഞസ്ഥാനത്തു നിന്നും ഹർഷകാരിയായ സോമം പാനം ചെയ്ത് ശ്രേഷ്ഠരായ ജ്ഞാനികളായിത്തീരുന്നു.

**13. ആ നോ രയിം മദച്യുതം പുരുക്ഷും വിശ്വധായസം |**
**ഇയർതാ മരുതോ ദിവഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഞങ്ങൾക്കായി സ്വർഗ്ഗത്തിൽ നിന്ന് ഹർഷകാരിയും വളരെ സുഖകരമായ നിവാസ സ്ഥലത്തോടു കൂടിയതും ശത്രുവദനാശകവും പോഷണ സമർത്ഥവുമായ ധനം കൊുവരുവിൻ.

**14. അധീവ യദ്ഗിരീണാം യാമ ശുഭ്രാ അചിധ്വം |**
**സുവാനൈർമന്ദധ്വ ഇന്ദുഭിഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ പർവ്വതത്തിൽ സ്വന്തം രഥവുമായി എത്തിച്ചേരുമ്പോൾ സോമ ഹർഷത്താൽ തടിച്ചു കൊഴുക്കുന്നു.

**15. ഏതാവതശ്ചിദേഷാം സുമ്നം ഭിക്ഷേത മർത്യഃ |**
**അദാഭ്യസ്യ മൻമഭിഃ ||**

സ്തുതിക്കുന്നവരായ മനുഷ്യർ സ്തോത്രങ്ങൾ വഴി മരുത്തുക്കളോട് തങ്ങൾക്ക് സുഖം യാചിക്കുന്നു.

**16. യേ ദ്രപ്സാ ഇവ രോദസീ ധമന്ത്യനു വൃഷ്ടിഭിഃ |**
**ഉത്സം ദുഹന്തോ അക്ഷിതം ||**

മരുത്തുക്കൾ അക്ഷീണരായ മേഘങ്ങളെ കറന്ന് ജലബിന്ദുക്കൾക്കു തുല്യം വർഷത്താൽ വാനൂഴികളെ നിറയ്ക്കുന്നു.

**17. ഉദു സ്വാനേഭിരീരത ഉദ്രഥൈരുദു വായുഭിഃ |**
**ഉത്സ്തോമൈഃ പൃശ്നിമാതരഃ |**

പൃശ്നിപുത്രരായ മരുത്തുക്കൾ ഗർജ്ജിച്ചു കൊുയരുന്നു. അവർ തങ്ങളുടെ രഥത്തോടുകൂടി ഊർദ്ധ്വഗാമികളാകുന്നു. അവർ വായുവിൻേറയും, മന്ത്രത്തിൻേറയും, ശക്തിയാൽ മുകളിലേയ്ക്കു കയറുന്നു.

**18. യേനാവ തുർവശം യദും യേന കണ്വം ധനസ്പൃതം |**
**തയേ സു തസ്യ ധീമഹി ||**

ഹേ മരുത്തുക്കളേ! നിങ്ങൾ യാതൊരു രക്ഷാ സാധനങ്ങളാൽ യദുവിനെയും തുർവസനേയും രക്ഷിച്ചുവോ, യാതൊരു രക്ഷകളാൽ ധനകാമികളായ കണ്വൻമാരെ രക്ഷിച്ചുവോ ആ ധനത്തിന് ഞങ്ങളും ആഗ്രഹിയ്ക്കുന്നു.

**19. ഇമാ ഉ വഃ സുദാനവോ ഘൃതം ന പിപ്യുഷീരിഷഃ |**
**വർധാൻകാണ്വസ്യ മൻമഭിഃ ||**

ഹേ ദാനശീലരായ മരുത്തുക്കളേ! നെയ്യും, പാലും ശരീരത്തെ ബലിഷ്ഠമാക്കുന്ന ഈ അന്നവും കണ്വജനായ എൻെറ സ്തോത്രങ്ങളും നിങ്ങളെ വളർത്തേണമേ.

**20. ക്വ നൂനം സുദാനവോ മദഥാ വൃക്തബർഹിഷഃ|**
**ബ്രഹ്മാ കോ വഃ സപര്യതി ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ദാനശീലരാകുന്നുവല്ലോ നിങ്ങൾക്കു വേി ഈ ദർഭമുറിയ്ക്കപ്പെട്ടിരിക്കുന്നു. ഈ സമയത്ത് നിങ്ങൾ എവിടെ വിഹരിക്കുന്നു? ഏതു സ്തോതാവാണ് നിങ്ങളെ പൂജിക്കുന്നത്?

**21. നഹി ഷ്മ യദ്ധ വഃ പുരാ സ്തോമേഭിർവൃക്ത ബർഹിഷഃ |**
**ശർധാം ഋതസ്യ ജിന്വഥ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ മറ്റുള്ളവരുടെ സ്തോത്രങ്ങളാൽ നിങ്ങളുടെ യജ്ഞീയ ബലത്തെ വളർത്തിക്കൊ് അവയുടെ സ്ഥാനങ്ങളിൽ ഞങ്ങളുടെ സ്തോത്രങ്ങളെ സ്വീകരിക്കേണമേ.

**22. സമു ത്യേ മഹതീരപഃ സുക്ഷോണീ സമു സൂര്യം |**
**സം വജ്രം പർവശോ ദധുഃ ||**

മരുത്തുക്കൾ ഔഷധാദികളിൽ ജലത്തെ ചേർത്തു ആകാശത്തേയും, ഭൂമിയേയും അവയുടെ സ്ഥാനങ്ങളിൽ ഉറപ്പിച്ചു. സൂര്യനേയും സ്ഥാനത്ത് പ്രതിഷ്ഠിച്ചു. അവർ വൃത്രനെ തുുതുാക്കുന്നതിനായി വജ്രായുധത്തെ ധരിച്ചു.

**23. വി വൃത്രം പർവശോ യയുർവി പർവതാം അരാജിനഃ|**
**ചക്രാണാ വൃഷ്ണി പൗംസ്യം ||**

സ്വഛന്ദം വിഹരിക്കുന്നവരും, ബലത്തെ വർദ്ധിപ്പിക്കുന്നവരുമായ മരുത്തുക്കൾ പർവ്വതതുല്യനായ വൃത്രനെ ഛിന്നഭിന്നമാക്കി.

**24. അനു ത്രിതസ്യ യുധ്യതഃ ശുഷ്മമാ വന്നുത ക്രതും |**
**ആന്വിന്ദ്രം വൃത്രതൂര്യേ ||**

മരുത്തുക്കൾ വീരനായ ത്രിതൻെറ ബലത്തേയും ത്രിതൻെറ യജ്ഞങ്ങളേയും രക്ഷിച്ചു. വൃത്രനെ വധിക്കുന്ന കാര്യത്തിൽ ഇന്ദ്രനേയും രക്ഷിച്ചു.

**25. വിദ്യുദ്ധസ്താ അഭിദ്യവഃ ശിപ്രാഃ ശീർഷൻ ഹി ണ്യയിഃ |**
**ശുഭ്രാ വ്യഞ്ജത ശ്രിയേ ||**

കരങ്ങളിൽ ആയുധമേന്തിയ സുന്ദരൻമാരും തേജസ്വികളുമായ മരുത്തുക്കൾ തങ്ങളുടെ ശിരസ്സുകളിൽ ശോഭയ്ക്കുവേി സ്വർണ്ണത്തൊപ്പികൾ ധരിച്ചു.

**26. ഉശനാ യത്പരാവത ഉക്ഷ്ണോ രന്ധ്രമയാതന |**
**ദ്യൗർന ചക്രദദ്ഭിയാ ||**

ഹേ മരുത്തുക്കളേ സ്തുതിക്കുന്നവരെ കാമിച്ചുകൊ് അഭിലാഷ വർഷകമായ രഥത്തിൽ നിങ്ങൾ കയറിയപ്പോൾ ദേവകളും മർത്ത്യലോകത്തിലെ ജീവികളും ഭയം കൊുവിറച്ചു.

**27. ആ നോ മഖസ്യദാവനേ ശ്വൈർഹിരണ്യപാണിഭിഃ |**
**ദേവാസ ഉപ ഗന്തനാ ||**

മരുത്ദേവകൾ യജ്ഞത്തിൽ ദാനത്തിനായി സ്വർണ്ണപാദരായ അശ്വങ്ങളിൽ കയറി ആഗതരാകണേ.

**28. യദേഷാം പൃഷതീ രഥേപ്രഷ്ടീർവഹതി രോഹിതഃ |**
**യാന്തി ശുഭ്രാ രിണന്നപഃ ||**

ഈ മരുത്തുക്കളുടെ രഥത്തിൽ പെൺപുള്ളിമാനുകളും, ദ്രുതഗാമികളായ രോഹിത മൃഗവും കയറുമ്പോൾ സുന്ദരൻമാരായ മരുത്തുക്കൾ പുറപ്പെടുകയായി ആ സമയത്ത് ജലം വർഷിക്കപ്പെടുന്നു.

**29. സുഷോമേ ശര്യണാവത്യാർജീകേ പസ്ത്യാവതിഃ**
**യയുർന്നിചക്രയാ നരാഃ ||**

ഋഷീകദേശത്തെ ശരണ്യാവത്തിൽ യജ്ഞം തുടങ്ങിയാൽ മുഖ്യരായ മരുത്തുക്കൾ ശ്രേഷ്ഠമായ സോമപാനം ചെയ്യാൻ യാഗശാലയിലേയ്ക്ക് ആകാശത്തു നിന്ന് ഇറങ്ങി ചെല്ലും.

**30. കദാ ഗച്ഛാഥ മരുത ഇത്ഥാ വിപ്രം ഹവമാനം |**
**മാർഡീകേ ഭിർനാധമാനം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ധനകാമൻമാരായ സ്തോതാക്കളുടെ അടുക്കൽ സുഖദായകമായ ധനവുമായി എപ്പോൾ വരും?

**31.കദ്ധ നൂനം കധപ്രിയോ യദിന്ദ്രമജഹാതന |**
**കോ വഃ സഖിത്വ ഓഹതേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ സ്തോതാക്കളിൽ പ്രസാദിക്കുന്നവരാണല്ലൊ. നിങ്ങൾ ഇന്ദ്രനെ എപ്പോൾ ഉപേക്ഷിച്ചു. നിങ്ങളുടെ മൈത്രി ആർക്കു നേടാൻ സാധിക്കും.

**32. സഹോ ഷു ണോ വജ്രഹസ്തൈഃ കണ്വാസോ അഗ്നിം മരുദ്ഭിഃ |**
**സ്തുഷേ ഹിരണ്യവശീഭിഃ ||**

കണ്വവംശജരേ നിങ്ങൾ വജ്രധാരികളായ മരുത്തുക്കളേയും അഗ്നിയേയും സ്തുതിക്കുവിൻ.

**33. ഓ ഷു വൃഷ്ണഃ പ്രയജ്യൂനാ നവ്യസേ സുവിതായ |**
**വവൃത്യാം ചിത്രവാജാൻ ||**

യജനയോഗ്യരും, അത്ഭുതപരാക്രമികളും, വർഷണശീലരുമായ മരുത്തുക്കളേ സുഖപ്രാപ്തി നൽകുന്ന ധനത്തിനുവേ ഞാൻ വിളിക്കുന്നു.

**34. ഗിരയശ്ചിന്നി ജിഹതേ പർശാനാസോ മന്യമാനാഃ |**
**പർവതാശ്ചിന്നി യേമിരേ ||**

എല്ലാ കുന്നുകളും മരുത്തുക്കളുടെ ആഘാതമേൽക്കുമ്പോൾ സ്വസ്ഥാനത്തു നിന്നികും വലിയ മലകൾ മരുത്തുക്കളുടെ വേഗതയിൽ അടങ്ങും.

**35. അക്ഷ്ണയാവാനോ വഹന്ത്യന്തരിക്ഷേണ പതതഃ |**
**ധാതരാഃ സ്തുവതേ വയഃ ||**

വളരെ ദൂരം സഞ്ചരിക്കുവാൻ കഴിവുള്ള അശ്വങ്ങൾ ആകാശമാർഗ്ഗങ്ങളിൽ കൂടി മരുത്തുക്കളെ വഹിച്ചുകൊവരുന്നു. അവർ സ്തോതാക്കൾക്കും അന്നം ദാനം ചെയ്യുന്നു.

**36. അഗ്നിർഹി ജാനി പൂർവശ്ഛന്ദോ ന സൂരോ അർചിഷാ |**
**തേ ഭാനുഭിർവി തസ്ഥിരേ ||**

അഗ്നി സ്വന്തം തേജസ്സിന്റെ ബലത്താൽ സൂര്യനു തുല്യമായി ഏറ്റവും ശ്രേഷ്ഠനായി പ്രകടമാകുന്നു. ഈ മരുത്തുക്കളും തങ്ങളുടെ തേജസ്സിന്റെ ബലത്തോടുകൂടി വിഭിന്നങ്ങളായ സ്ഥാനങ്ങളിൽ വസിക്കുന്നു.

## സൂക്തം 8

**ഋഷി കണ്വഗോത്രൻ സധ്വസൻ ദേവത അശ്വിനികൾ ഛന്ദസ്സ് ത്രിഷ്ടുപ്പ്**

**1. ആ നോ വിശ്വാഭിരുതിഭിരശ്വിനാ ഗച്ഛതം യുവം |**
**ദസ്രാ ഹിരണ്യവർതനീ പിബതം സോമ്യം മധു ||**

ഹേ അശ്വിനികളേ! നിങ്ങൾ നിങ്ങളുടെ സ്വർണ്ണരഥത്തിൽ കയറി എല്ലാ രക്ഷകളോടുകൂടി വരികയും സോമരൂപമായ മധുപാനം ചെയ്യുകയും ചെയ്യണേ.

**2. ആ നൂനം യാതമശ്വിനാ രഥേന സൂര്യത്വചാ |**
**ഭുജീ ഹിരണ്യപേശസാ കവീ ഗംഭീരചേതസാ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ സ്വർണ്ണമയമായ ശരീരത്തോടുകൂടിയവരും, ഉജ്ജ്വലകർമ്മാക്കളും, മഹാജ്ഞാനികളുമാണല്ലൊ നിങ്ങൾ സൂര്യനെപ്പോലെ തേരിൽ കയറി ഞങ്ങളുടെ അടുക്കൽ വന്നാലും.

**3. ആ യാതം നഹുഷസ്പര്യാന്തരിക്ഷാത്സുവൃക്തിഭിഃ**
**പിബാഥോ അശ്വിനാ മധു കണ്വാനാം സവനേ സുതം ||**

ഹേ അശ്വിനികളേ! നിങ്ങൾ ഞങ്ങളുടെ സ്തുതികൾ വഴിയായി അന്തരീക്ഷത്തിൽക്കൂടി ഇവിടെ വരികയും കണ്വൻമാരുടെ യജ്ഞത്തിൽ സോമംപാനം ചെയ്യുകയും ചെയ്താലും.

**4. ആ നോ യാതം ദിവസ്പര്യാന്തരിക്ഷാദധപ്രിയാ |**
**പുത്രഃ കണ്വസ്യ വാമിഹ സുഷാവ സോമ്യം മധു ||**

കണ്വൻമാർ ഈ യജ്ഞത്തില നിങ്ങൾക്കുവേ സോമം പിഴിയുന്നു. ഹേ അശ്വനികളേ നിങ്ങൾ പ്രസന്നരായി സ്വർഗ്ഗത്തിൽ നിന്നോ അന്തരീക്ഷത്തിൽ നിന്നോ വന്നു ചേരുവിൻ.

**5. ആ നോ യാതമുപശ്രുത്യശ്വിനാ സോമപീതയേ |**
**സ്വാഹാ സ്തോമസ്യവർധനാപ്രകവീ ധാതിഭിർനരാ ||**

ഹേ അശ്വിനികളേ ഞങ്ങളുടെ സ്തുതികളോടുകൂടിയ ഈ യജ്ഞത്തിൽ സോമപാനത്തിനായി വരികയും സ്വന്തം ബുദ്ധിയാലും കർമ്മത്താലും സ്തോതാക്കളെ വളർത്തുകയും ചെയ്യണമേ.

**6. യച്ചിദ്ധി വാം പുര ഋഷയോ ജൂഹുരേ വസ നരാ |**
**ആയാതമശ്വിനാ ഗതമുപേമാം സുഷ്ടത മമ ||**

ഹേ അശ്വിനികളേ! പ്രാചീനരായ ഋഷിമാർ രക്ഷയ്ക്കുവേ നിങ്ങളെ വിളിച്ചപ്പോൾ നിങ്ങൾ വന്നുചേർന്നു അതിനാൽ എന്റെ സ്തുതികളിലും വരണമേ.

**7. ദിവിശ്ചദ്രോചനാദധ്യാ നോ ഗന്തം സ്വർവിദാ |**
**ധീഭിർവത്സപ്രചേതസാ സ്തോമേഭിർഹന ശ്രുതാ ||**

ഹേ അശ്വിനികളേ! നിങ്ങൾ സൂര്യനെ അറിയുന്നുവല്ലോ. ആകാശത്തിൽ നിന്നും അന്തരീക്ഷത്തിൽ നിന്നും ഞങ്ങളുടെ അടുക്കൽ വരുവിൻ സ്തുതിക്കുന്നവർക്കു വേ ഉത്കൃഷ്ടമായ ബുദ്ധിയോടുകൂടി ആഗമിക്കുവിൻ.

**8. കിമന്യേ പര്യാസതേ സ്മത്സ്തോമേഭിരശ്വിനാ |**
**പുത്രഃ കണ്വസ്യ വാമൃഷിർഗീർഭിർവത്സോ അവീവൃധത് ||**

ഞങ്ങൾക്കല്ലാതെ മറ്റേതൊരു സാധകുനാണ് അശ്വനികളെ സ്തുതിക്കുവാൻ സാധിക്കുന്നത്? കണ്വപുത്രനായ വത്സമഹർഷി സ്തോത്രങ്ങൾ വഴി നിങ്ങളെ വളർത്തുന്നു.

**9. ആ വാം വിപ്ര ഇഹാവസേ ഹ്വത്സ്തോതു മേഭിരശ്വിനാ |**

**അരിപ്രാ വൃത്രഹന്തമാ താ നോ ഭൂതം മയോഭുവാ ||**

ഹേ അശ്വിനികളേ! ഈ യജ്ഞത്തിൽ രക്ഷയ്ക്കുവേ സ്തോതാക്കൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഹേ നാസത്യരേ! ഹേ ശത്രുനാശകരേ! നിങ്ങൾ ഞങ്ങൾക്കു മംഗളമരുളണമേ.

**10. ആ യദ്വാം യോഷണാ രഥമധിഷ്ഠദ്വാജിനീവസൂ |**

**വിശ്വാന്യശ്വിനാ യുവം പ്ര ധീതാന്യഗച്ഛതം ||**

നിങ്ങളുടെ തേരിൽ സൂര്യൻ കയറി ഇരുന്നല്ലോ. ധനവാൻമാരും, അന്നവാൻമാരുമായ അശ്വിനികുമാരൻമാരേ! ഞങ്ങളാഗ്രഹിക്കുന്ന എല്ലാ വസ്തുക്കളും ഞങ്ങൾക്ക് നൽകണമേ.

**11. അതഃ സഹസ്രനിർണിജാ രഥേനാ യാതമശ്വിനാ |**

**വത്സോവാം മധുമദ്വചോ ശംസീത്കാവ്യഃ കവിഃ |**

ഹേ അശ്വനികളേ! നിങ്ങൾ ഏതു ലോകത്തിലാണോ; അവിടെ നിന്നും സുന്ദരമായ രഥത്തിലാരോഹണം ചെയ്ത് ഇവിടെ വന്നാലും കവിപുത്രൻ നിങ്ങൾക്കായി കാവ്യമധുരമായ വാണി ഉച്ചരിക്കുന്നു.

**12. പുരുമന്ദ്രാ പുരൂവസൂ മനോതരാ രയീണാം |**

**സ്തോമം മേ അശ്വിനാവിമമഭി വഹ്നീ ആനൂഷാതാം ||**

ഹേ അശ്വിനകളേ! ബൃഹത്തായ ഈ ലോകത്തെ വഹിക്കുന്നവരും മത്തേറിയവരും ധനദാതാക്കളുമായ നിങ്ങൾ എൻെറ ഈ സ്തുതി കേൾക്കണമേ.

**13. ആ നോ വിശ്വാന്യശ്വിനാ ധത്തം രാധാംസ്യഹ്രയാ |**

**കൃതം ന ഋത്വിയാവതോ മാ നോ രീരധതം നിദേ ||**

ഹേ അശ്വനികളേ! ഞങ്ങൾക്കു ധനം നൽകണമേ. പ്രജോല്പാദന കർമ്മത്തിൽ ഞങ്ങളെ സമർത്ഥരാക്കണമേ ഞങ്ങളെ നിന്ദകൻമാർക്കേപ്പിച്ചുകൊടുക്കരുതേ.

**14. യന്നാസത്യാ പരാവതി യദ്വാ സ്ഥേ അധ്യാമ്ബരേ |**

**അതഃ സഹസ്ര നിർണിജാ രഥേനാ യാതമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ സത്യശീലരാണല്ലോ. നിങ്ങൾ ദൂരെയോ അടുത്തോ എവിടെയെങ്കിലുമാകട്ടെ വിവിധ രൂപങ്ങളോടുകൂടി രഥത്തിൽ ആഗതരാകുവിൻ.

**15. യോ വാം നാ സത്യാവൃഷിർഗീർഭിർവത്സോ അവീവൃധത് |**

**തസ്മൈ സഹസ്രനിർണിജമിഷം ധത്തം ധൃതശ്ചുതം ||**

ഹേ അശ്വിനികളേ! ഏതൊരു വത്സമഹർഷി തൻെറ സ്തുതികളാൽ നിങ്ങളെ വളർത്തിയോ അവന് വിവിധ രൂപങ്ങളോടുകൂടിയതും ഘൃതരുക്തവുമായ അന്നം പ്രദാനം ചെയ്യണേ.

**16. പ്രാസ്മാ ഊർജ ഘൃതശ്ചുതമശ്വിനാ യച്ഛതം യുവം |**

**യോ വാം വാം സുമ്നായ തുഷ്ടവദ്വസൂയാ ദ്ദാനുനസ്പതീ ||**

ഹേ അശ്വിനികളേ നിങ്ങൾ സ്തുതിക്കുന്നവർക്ക് ഘ്രുതയുക്തവും, ബലവർദ്ധകവുമായ അന്നം നൽകുവിൻ. ഈ സ്തോതാക്കൾ നിങ്ങളെ സുഖം നൽകുന്നതിനായി സ്തുതിച്ചിരിക്കുന്നു. ഇവൻ സ്വന്തമായി ധനം ആഗ്രഹിക്കുന്നു.

**17. ആ നോ ഗന്തം രിശാദസേമം സ്തോമം പുരുഭുജാ |**

**കൃതം നഃശുശ്രിർയോ നരേമാ ദാതമഭിഷ്ടയേ ||**

ഹേ അശ്വിനികളേ! നിങ്ങൾ ശത്രുക്കളേയും, ഹവിസ്സിനേയും ഭക്ഷണമാക്കുന്നു. ഞങ്ങളുടെ സ്തുതികൾക്കായി ആഗതരായി ഞങ്ങളെ ഐശ്വര്യമുള്ളവരാക്കണമേ.

**18. ആ വാം വിശ്വാം ഭിരൂതിഭിഃ പ്രിയമേധാ അഹൂഷത |**

**രാമന്താവധ്വരാണാമശ്വിനാ യാമഹൂതിഷു |**

പ്രിയമേധമഹർഷികൾ ദേവകളെ ആഹ്വാനം ചെയ്ത സമയം രക്ഷാസാധനങ്ങൾ സഹിതം വരുവാൻ നിങ്ങളേയും ആഹ്വാനം ചെയ്തു. ഹേ അശ്വിനികളേ! നിങ്ങൾ ഈ യജ്ഞത്തിലാഗതരായി വിരാജിക്കുവിൻ.

**19. ആ നോ ഗന്താമയോഭൂവാശ്വിനാ ശമംഭുവാ യുവം |**

**യോ വാം വിപന്യൂ ധീതിർഭിഗീർഭിർവത്സോ അവീവൃധത് ||**

ഹേ അശ്വിനികളേ! നിങ്ങൾ സുഖദായകരും, ആരോഗ്യദാതാക്കളും, സ്തുത്യർഹരുമാണല്ലോ. നിങ്ങളെ സ്തുതികളാൽ വളർത്തിയ വത്സൻെറ അടുക്കൽ എഴുന്നള്ളിവരണമേ.

**20. യാഭിഃ കണ്വം മേധാതിഥിം യാഭിർവശം ദശവ്രജം**

**യാഭിർഗോശര്യമാവത താഭിർനോ വതം നരാ ||**

നിങ്ങൾ കണ്വൻ, മേധാതിഥി, ദശവ്രജൻ, ഗോശ്യൻ എന്നിവരെ രക്ഷിച്ച രക്ഷകളാൽ ഞങ്ങളേയും രക്ഷിക്കേണമേ.

**21. യാഭിർനരാ ത്രസദസ്യുമാവതം കൃത്യേ ധനേ |**

**താഭിഃ ഷ്വസ്മാം അശ്വിനാ പ്രാവതം വാജസാതയേ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ ത്രസദസ്യുക്കളെ രക്ഷിച്ച രക്ഷാസാധനങ്ങളാൽ ഞങ്ങളേയും രക്ഷിക്കേണമേ.

**22. പ്ര വാം സ്തോമാഃ സുവൃക്തയോ ഗിരോ വർധന്ത്വശ്വിനാ ||**

**പുരുത്രാ വൃത്രഹന്തമാ താ നോ ഭൂതം പുരുസ്പൃഹാ ||**

ഹേ അശ്വിനികളേ! നിങ്ങൾ അനേകരുടെ രക്ഷകരും ശത്രുക്കളെ നശിപ്പിക്കുന്നവരിൽ പ്രമുഖരുമാകുന്നു. നിർദ്ദോഷവും, സ്തോത്രമയങ്ങളുമായ വാക്യങ്ങൾ നിങ്ങളെ വളർത്തട്ടെ നിങ്ങൾ ഞങ്ങൾക്കനുഗ്രഹദാതാക്കളാകണമേ.

**23. ത്രീണി പദാന്യശ്വിനോരാവിഃ സാന്തി ഗുഹാ പരഃ |**

**കവീ ഋതസ്യ പത്മഭിരർവാഗ്ജീവേഭ്യസ്പരി ||**

അശ്വിനികരുടെ മൂന്നുചക്രരഥം നിഗൂഢമായിരുന്നിട്ടും വീം കാണപ്പെടുന്നു. ഹേ അശ്വിനികളേ! യജ്ഞത്തിൻെറ കാരണരൂപമായ രഥത്തോടുകൂടി ഇവിടെ ആഗതരാകേണമേ.

## സൂക്തം 9

**ഋഷി ശശകർണ്ണൻ. ദേവത. അശ്വിനികൾ ഛന്ദസ്സ് ബൃഹതി, ഗായത്രി, ഉഷ്ണിക, അനുഷ്ടുപ്, പംക്തി, ജഗതി.**

**1. ആ നൂനമശ്വിനാ യുവം വത്സസ്യ ഗന്തമവസേ |**

**പ്രാസ്മൈ യച്ഛതമവൃകം പൃഥുഛർദിർയുയുതം യാ അരാതയഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ വത്സമഹർഷിയെ രക്ഷിയ്ക്കുവാൻ പോയിരുന്നുവല്ലോ. ആ മഹർഷിക്ക് വിഘ്നരഹിതമായ ഭവനം നൽകുകയും അവൻെറ ശത്രുക്കളെ ഓടിക്കുകയും ചെയ്തു.

**2. യദന്തരിക്ഷേ യദ്ദിവി യത്പഞ്ച മാനുഷാം അനു |**

**നൃമ്ണം തദ്ധതമശ്വിനാ ||**

ഹേ അശ്വിനികളേ! അന്തരീക്ഷത്തിലും, സ്വർഗ്ഗത്തിലും,

പഞ്ചജനങ്ങളിലും യാതൊരു ധനമുോ അതു ഞങ്ങൾക്കു തന്നരുളേണമേ.

**3. യേ വാം ദസാംസ്യശ്വിനാ വിപ്രാസഃ പമിമാമൃശുഃ |**

**ഏവേത്കാണ്വസ്യ ബോധതം ||**

ഹേ അശ്വിനികളേ! നിങ്ങൾക്കു വേി അനുഷ്ഠാനങ്ങൾ നടത്തുന്ന സാധകനെ നിങ്ങൾ അറിയുന്നുല്ലോ. അതുപോലെ കണ്വപുത്രൻമാരുടെ കർമ്മങ്ങളേയും അറിയുവിൻ.

**4. അയം വാം ധർമോ അശ്വിനാ സ്തോമേന പരിഷിച്യതേ |**

**അയം സേ മോ ധുമാന്വാജിനീവസൂ യേന വൃത്രം ചികേതഥഃ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ ധർമ്മം സ്തോത്രത്താൽ നനയ്ക്കപ്പെടുന്നു. നിങ്ങൾ അന്നധനൻമാരാണല്ലോ. നിങ്ങൾ യാതൊരു സോമത്താൽ വൃത്രനെ അറിഞ്ഞിരുന്നുവോ, ആ മധുരസോമം ഇതാ ഇവിടെത്തന്നെയിരിക്കുന്നു.

**5. യദപ്സു യദ്വനസ്പതൗ യദോഷധീഷു പുരുദംസ സാ കൃതം |**

**തേന മാവിഷ്ടമശ്വിനാ ||**

ഹേ വിവിധ കർമ്മാക്കളായ അശ്വിനികളേ! ജലത്തിലും, വനസ്പതികളിലും, ലതകളിലും നിങ്ങൾ സ്ഥാപിച്ചിരിക്കുന്ന ഔഷധഗുണത്താൽ ഞങ്ങളെ രക്ഷിക്കേണമേ.

**6. യന്നാസത്യാ ഭുരണ്യഥോ യദ്വാ ദേവ ഭിഷജ്യഥഃ ||**

**അയം വാം വത്സോ മതിഭിർന വിന്ധതേ ഹവിഷ്മന്തം ഹി ഗച്ഛഥഃ ||**

ഹേ സത്യശീലരായ അശ്വിനികളേ! നിങ്ങൾ ലോകത്തെ രക്ഷിച്ചു അതിനാരോഗ്യം നൽകി. സ്തുതികളാൽ വത്സന് നിങ്ങളെ പ്രാപിക്കുവാൻ സാധിക്കുകയില്ല. നിങ്ങള ഹവിർമാൻമാരായ സാധകൻമാരുടെ അടുക്കലേയ്ക്കു പോകുന്നവരാണല്ലോ?

**7. ആ നൂനമശ്വിനോരൃഷിഃ സ്തോമം ചികേതവാമയാ |**

**ആ സോമം മധുമത്തമം ധർമം സിഞ്ചാദഥർവണി ||**

വത്സമഹർഷി ഉത്തമമായ ബുദ്ധിയോടുകൂടി അശ്വിനികുമാരൻമാരുടെ സ്തുതികളെ അറിഞ്ഞു. സ്തുതികൾ രയിച്ചു. അവൻ കാച്ചിയ പാലും, മധുരസോമവും, ഹവിസ്സും അർപ്പിക്കുകയും ചെയ്തിരിക്കുന്നു.

**8. ആ നൂനം രഘുവർതനിം രഥം തിഷ്ഠാഥോ അശ്വിനാ |**

**ആ വാം സ്തോമാ ഇമേ മമ നഭോ ന ചുച്യവീരത ||**

ഹേ അശ്വിനികളേ! നിങ്ങൾ വേഗമേറി രഥത്തിൽ കയറുവിൻ. സൂര്യനെപ്പോലെ തേജസ്സോടുകൂടിയ നിങ്ങളെ എൻെറ ഈ സ്തോത്രം പ്രാപിക്കുന്നു.

**9. യദദ്യ വാം നാസത്യോക്ഥൈരാചുച്യവീമഹി |**

**യദ്വാ വാണീഭിരശ്വിനേപേത്കാണ്വസ്യ ബോധതം ||**

ഹേ അശ്വിനികളേ! ഞങ്ങൾ സ്തോത്രങ്ങളാൽ നിങ്ങളെ കൊു പോകുന്നതുപോലെ നിങ്ങൾ എൻെറ സ്തോത്രങ്ങളെ അറിയുവിൻ.

**10. യദ്വാം കക്ഷീവാം ഉത യദ്വ്യശ്വ ഋഷീർയദ്വാം ദീർഘതമാ ജുഹാവ |**

**പൃഥീ യദ്വാം വൈന്യഃ സാദനേഷ്വേവേദതോ അശ്വിനാ ചേതയേഥാം ||**

ഹേ അശ്വിനികളേ! കക്ഷീവാൻ നിങ്ങളെ ആഹ്വാനം ചെയ്തിരുന്നതുപോലെ വ്യശ്വനും, ദീർഘതമനും, വേനപുത്രൻ പൃഥുവും യജ്ഞസ്ഥാനത്തിൽ നിങ്ങളെ എങ്ങിനെ ആഹ്വാനം ചെയ്തിരുന്നോ അതുപോലെ തന്നെ ഞാനും സ്തുതിക്കുന്നു. എൻെറ സ്തോത്രത്തെ അറിയേണമേ.

**11. യാതം ഛർദിഷ്പാ ഉത നഃ പരസ്പാ ഭൂതം ജഗത് പാ ഉത നസ്തനൂപാ |**

**വർതിസ്തോകായ തനയായ യാതം ||**

ഹേ അശ്വിനികളേ! പാലകൻമാരായ നിങ്ങൾ ഞങ്ങളുടെ വീടുകൾ രക്ഷിക്കുവാൻ വരണേ. ലോകപാലകരായ നിങ്ങൾ പുത്രൻേറയും പൗത്രൻേറയും വീടുകളിൽ വരണേ.

**12. യദിന്ദ്രേണ സരഥം യാഥോ അശ്വിനാ യദ്വാ വായുനാ ഭവഥഃ സമോകസാ |**

**യദാദിത്യേഭിർഋഭുഭിഃ സജോഷസാ യദ്വാ വിഷ്ണോർവിക്രമണേഷു തിഷ്ഠഥഃ |**

ഹേ അശ്വനികളേ! നിങ്ങൾ ഇന്ദ്രനോടുകൂടി രഥത്തിൽ പോവുകയാണെങ്കിൽ നിങ്ങൾ വായുവിനോടുകൂടി ഒരു സ്ഥാനത്തു വസിക്കുകയാണെങ്കിൽ നിങ്ങൾ വിഷ്ണുവിൻെറ കാലടികളെ പിന്തുടർന്ന് ലോകത്രയങ്ങളിൽ വ്യാപിച്ചിരിക്കുകയാണെങ്കിൽ ഇവിടെ വരേണമേ.

**13. യദദ്യാശ്വിനാവഹം ഹുവയേ വാജസാതയേ |**

**യത്പൃത്സുതുർവണേ സഹസ്തച്ഛ്രേഷ്ഠ മശ്വിനോരവഃ ||**

യുദ്ധത്തിനുവേി ഞാൻ അശ്വിനികളെ വിളിക്കുമ്പോൾ അവർ വന്നു ചേരണേ ശത്രുക്കളെ നശിപ്പിക്കുവാനുള്ള അത്യുൽകൃഷ്ഠമായ രക്ഷാസാധനങ്ങൾ അവർക്കുല്ലോ.

**14. ആ നൂനം യാതമശ്വിനേമാ ഹവ്യാനി വാം ഹിതാ |**

**ഇമേ സോമാസോ അധി തുർവശേ യദാവിമേ കണ്വേഷു വാമഥ ||**

ഹേ അശ്വിനികളേ! ഈ ഹവിസ്സുകൾ നിങ്ങൾക്കു വേിയാകുന്നു. നിങ്ങൾ ആവശ്യം വരുമാറാകണം. ഈ സോമം തുർവശനും, യദുവും തയ്യാറാക്കിയതാണ്. ഇത് കണ്വപുത്രകൻമാർ തയ്യാറാക്കിയതാണ്.

**15. യന്നാസത്യാ പരാകേ അർവാകേ അസ്തി ഭേഷജം |**

**തേന നൂനം വിമദായ പ്രചേതസാ ഛർദിർവത്സായ യച്ഛതം ||**

ഹേ സത്യാചരണരേ! മരുന്നുകൾ അടുത്തും അകലെയുമുല്ലോ. അവയോടുകൂടിയ ഒരു ഗൃഹം വിമദനു നിങ്ങൾ കൊടുത്തതുപോലെ നിവാസയോഗ്യമായ ഗൃഹം വത്സനും കൊടുക്കുവിൻ.

**16. അഭുത്സ്യു പ്ര ദേവ്യാ സാകം വചഹമശ്വിനോഃ |**

**വ്യാവർദേവ്യാ മതിം വി രാതിം മർത്യേഭ്യഃ ||**

ഞാൻ അശ്വിനികളുടെ സ്തോത്രങ്ങളോടുകൂടി ഉണർന്നു. ഹേ കാന്തി മതിയായ ഉഷേ! എൻെറ സ്തുതികളാൽ അന്ധകാരത്തെ അകറ്റുകയും മനുഷ്യർക്കു ധനം നൽകുകയും ചെയ്യുമാറാകണേ.

**17. പ്ര ബോധയോഷോ അശ്വിനാ പ്ര ദേവി സൂനൃതേ മഹി |**

**പ്ര യജ്ഞഹോതാരനുഷക്പ്ര മദായ ശ്രവോ ബൃഹത് ||**

സുന്ദരനയനയായ ഉഷാദേവീ! അശ്വിനികളെ ഉണർത്തണമേ

ദേവകളെ വിളിക്കുന്നവളേ! നീ അശ്വിനികളെ എപ്പോഴും ചൈതന്യരാക്കേണമേ. അവരുടെ ഹർഷത്തിനുവേ വലിയ അന്നം ഇവിടെ വെച്ചിരിക്കുന്നു. യജ്ഞഹോതാവേ, നീ ഇടവിടാതെ സ്തുതിക്കൂ.

**18. യദുഷോ യാസി ഭാനുനാ സം സൂര്യേണ രോചസേ |**

**ആ ഹായമശ്വിനോ രഥോ വർത്തിര്യാതി നൃപായ്യം ||**

ഹേ ഉഷേ! നീ തേജസ്സോടുകൂടി വരുമ്പോൾ സൂര്യനെപ്പോലെ ശോഭിക്കുന്നു. ആ സമയത്ത് അശ്വിനികുമാരൻമാരുടെ ഈ രഥം മനുഷ്യരെ പോഷിപ്പിക്കുന്നതിനായി യാഗശാലയിലെത്തുന്നു.

**19. യദാപീതാസോ അംശവോ ഗാവോ ന ദുഹ്ര ഊധ ഭിഃ |**

**യദ്വാ വാണീരനൂഷത പ്ര ദേവയന്തോ അശ്വിനാ ||**

എപ്പോൾ മഞ്ഞവർണ്ണത്തോടുകൂടിയ സോമലത ഗോക്കളെപ്പോലെ കറക്കപ്പെടുന്നുവോ എപ്പോൾ ദേവകാമരായ മനുഷ്യർ സ്തുതിക്കുന്നുവോ അപ്പോൾ ഹേ അശ്വിനികളേ! നിങ്ങൾ രക്ഷയ്ക്കായി വരണേ.

**20. പ്ര ദ്യുമ്നായ പ്ര ശവസേ പ്ര നൃഷാഹ്യായ ശർമണേ |**

**പ്ര ദക്ഷായ പ്ര ചേതസാ ||**

ഹേ അശ്വിനികളേ! ധനത്തിനുവേ നിങ്ങൾ ഞങ്ങളെ രക്ഷിക്കുമാറാകണം. ബലത്തിനുവേ രക്ഷിക്കണം. മനുഷ്യരുടെ സുഖസമൃദ്ധിക്കുവേ രക്ഷകൻമാരാകണം.

**21. യന്നൂനം ധീഭിരശ്വിനാ പിതുര്യോനാ നിഷീദഥഃ |**

**യദ്വാ സുമ്നേഭിരുക്ഥ്യാ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ പിതാവിനെപ്പോലെ സ്വർഗ്ഗത്തിൽ കർമ്മസഹിതം വസിക്കുകയായിരിക്കാം പ്രശംസാ യോഗ്യരായി സുഖസഹിതം വസിക്കുകയാവാം എങ്കിലും ഞങ്ങളുടെ അടുക്കൽ വരണമേ.

## സൂക്തം 10

**ഋഷി, കണ്വപുത്രൻ, പ്രഗാഥൻ ദേവത അശ്വിനികൾ ഛന്ദസ്സ് ബൃഹത, ത്രിഷ്ടുപ്, പംക്തി.**

**1. യത്സ്ഥോ ദീർഘപ്രസദ്മനി വദ്വാദോ രോചനേ ദിവഃ |**

**യദ്വാ സമുദ്രേ അധ്യാകൃതേ ഗൃഹേ ത ആ യാതമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ ബൃഹത്തായ യാഗശാലകളിൽ വസിക്കയായിരിക്കാം അല്ലെങ്കിൽ തേജോമയമായ സ്വർഗ്ഗത്തിലോ, അന്തരീക്ഷത്തിൽ നിർമ്മിച്ചിട്ടുള്ള ഗൃഹത്തിലോ വസിക്കയായിരിക്കാം. അവിടെ നിന്നും ഇങ്ങെത്തണേ.

**2. യദ്വാ യജ്ഞം മനവേ സംമിമിക്ഷഥുരേ വേത്കാണ്വസ്യ ബോധതം |**

**ബൃഹസ്പതിം വിശ്വാന്ദേവാം അഹ ഹുവ ഇന്ദ്രാ വിഷ്ണൂ അശ്വിനാവാശൂഹേഷസാ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ മനുഷ്യന്റെ യജ്ഞത്തിൽ വർഷിച്ചിരുന്നതുപോലെ കണ്വപുത്രൻമാരുടെ യജ്ഞത്തേയും അറിയണേ. ബൃഹഹതി, ഇന്ദ്രൻ, വിഷ്ണു, അശ്വിനികൾ മുതലായ എല്ലാ ദേവകളേയും ഞാൻ വിളിയ്ക്കുന്നു.

**3. ത്യാ ന്വശ്വിനാ ഹുവേ സുദം സസാ ഗൃഭേ കൃതാ |**

**യയോരസ്തി പ്രണഃ സഖ്യം ദേവേഷ്വധ്യാപ്യം ||**

അശ്വിനികൾ സുന്ദരകർമ്മാക്കളാകുന്നു. അവർ ജനിച്ചതു തന്നെ നമ്മുടെ ഹവിസ്സ് സ്വീകരിക്കുന്നതിനുവേയാണ്. ഞാൻ അവരെ ആഹ്വാനം ചെയ്യുന്നു. അശ്വിനികളുടെ മിത്രത നമുക്കു വളരെ സുലഭമായി കിട്ടുന്നു.

**4. യയോരധി പ്ര യജ്ഞാ അസൂരേ സന്തി സൂരയഃ |**

**താ യജ്ഞസ്യാധ്വരസ്യ പ്രചേതസാ സ്വധാഭിര്യാ പിബതഃ സോമ്യംമധു ||**

ആരിൽ യജ്ഞകർമ്മങ്ങൾ കുടികൊള്ളുന്നുവോ ആർ സ്തോത്രരഹിത സ്ഥാനങ്ങളിലും സ്തുതിക്കപ്പെടുന്നുവോ അവർ ഹിംസാശൂന്യമായ യജ്ഞത്തിന്റെ ജ്ഞാതാക്കളാകുന്നു. അവർ സ്തുതികളോടുകൂടിയ സോമമധുപാനം ചെയ്യണേ.

**5. യദദ്യശ്വിനാവപാഗ്യത് പ്രാക്സ്ഥോ വാജിനീവസൂ |**

**യദ് ദ്രുഹ്യവ്യനവി തുർവശേ യദൗ ഹുവേ വാമഥ മാ ഗതം ||**

ഹേ അശ്വിനികളേ! അന്നധനൻമാരായ നിങ്ങൾ ഈ സമയം കിഴക്കോ, പടിഞ്ഞാറോ ആയിരിക്കാം. അല്ലെങ്കിൽ ദ്രുഹ്യന്റേയോ, അനുവിന്റേയോ, തുർവ്വശന്റേയോ, യദുവിന്റേയോ അടുക്കലായിരിക്കാം. അവിടെ നിന്നും എന്റെ ആഹ്വാനം കേട്ടുവരണേ.

**6. യദന്തരീക്ഷേ പതഥഃ പുരുഭൂജാ യദ്വേമേ രോദസീ അനു |**

**യദ്വാ സ്വധിഭിരധിതിഷ്ഠഥോ രഥമത ആ യാതമശ്വിനാ ||**

ഹേ അശ്വിനികളേ! വളരെ ഹവിസ്സുണ്ണുന്നവരായ നിങ്ങൾ അന്തരിക്ഷത്തിലാണെങ്കിൽ ആകാശത്തിലും, ഭൂമിയിലും ആണെങ്കിൽ തേജസ്സോടുകൂടി രഥത്തിലാണെങ്കിൽ ഈ എല്ലാ സ്ഥലങ്ങളിൽ നിന്നും വന്നുചേരണേ.

## സൂക്തം 11

**ഋഷി കണ്വഗോത്രൻ വത്സൻ ദേവത അഗ്നി ഛന്ദസ്സ് ഗായത്രി ത്രിഷ്ടുപ്.**

**1. ത്വമഗ്നേ വ്രതപാ അസി ദേവ ആ മർത്യേഷ്വാ |**

**ത്വം യജ്ഞേഷ്വീഡ്യഃ ||**

ഹേ അഗ്നേ നീ മനുഷ്യരുടെ കർമ്മങ്ങളെ രക്ഷിക്കുന്നവനാകുന്നു. അതിനാൽ ഈ യജ്ഞത്തിൽ സ്തുതിയ്ക്കു യോഗ്യനാകുന്നു.

**2. ത്വമസി പ്രശസ്യോ വിദഥേഷു സഹന്ത്യ|**

**അഗ്നേ രഥീരധ്വാരാണാം ||**

ഹേ അഗ്നേ! നീ ശത്രുക്കളെ പരാജിതനാക്കുന്നവനാണല്ലോ. നീ യജ്ഞത്തിൽ വളരുന്നു യജ്ഞങ്ങളുടെ നേതാവാകുന്നു.

**3. സത്വമസ്മദപദ്വിഷോ യുയോധി ജാതവേദഃ |**

**അദേവീരഗ്നേ അരാതീഃ ||**

ഹേ അഗ്നേ നീ ജനിച്ചിട്ടുള്ള എല്ലാവസ്തുക്കളേയും അറിയുന്നു. ഞങ്ങളുടെ ശത്രുക്കളെ അകറ്റേണമേ, ഹേ അഗ്നേ നീ ദേവകളുടെ ശത്രുക്കളേയും അവരുടെ സേനകളേയും അകറ്റേണമേ.

**4. അന്തി ചിത്സന്തമഹ യജ്ഞം മർതസ്യ രിപോ: |**

**നോപ വേഷി ജാതവേദഃ ||**

ഹേ അഗ്നേ! അടുത്തുവസിക്കുകയാണെങ്കിലും നീ ശത്രുക്കളുടെ യജ്ഞത്തെ ഒരിക്കലും ആഗ്രഹിക്കരുതേ.

**5. മർതാ അമർത്യസ്യ തേ ഭൂരി നാമ മനാമഹേ |**

**വിപ്രാസോ ജാതവേദസഃ ||**

ഹേ സർവ്വജ്ഞാനിയായ അഗ്നേ! വിപ്രൻമാരായ ഞങ്ങൾ

അങ്ങയുടെ സ്തോത്രങ്ങളെ സ്തോത്രങ്ങളെ വളർത്തും.

**6. വിപ്രം വിപ്രാസോ വസേ ദേവം മർതാസ ഊതയേ |**
**അഗ്നിം ഗീർഭിർഹവാമഹേ ||**

ഞങ്ങൾ അഗ്നിയെ ഹവിസ്സു വഴിയായി പ്രസാദിപ്പിക്കുന്നതിനു വേി സ്വന്തം രക്ഷയ്ക്കുവേി സ്തോത്രങ്ങൾ ആഹ്വാനം ചെയ്യുന്നു.

**7. ആ തേ വത്സോ മനോ യമത്പരമാച്ചിത്സധസ്ഥാത് |**
**അഗ്നേ ത്വാംകാമയാ ഗിരാ ||**

ഹേ അഗ്നേ ശ്രേഷ്ഠമായ വാസസ്ഥാനത്തുനിന്നും വത്സമഹർഷി നിൻെറ മനസ്സിനെ ആകർഷിക്കുന്നു. അവൻെറ സ്തുതി നിന്നെ ഇഷ്ടപ്പെടുന്നു.

**8. പുരുത്രാ ഹി സാദ്യങ്ങ്ങസി വിശോ വിശ്വാ അനു പ്രഭുഃ |**
**സമത്സു ത്വാ ഹവാമഹേ ||**

അനേകം ദേശങ്ങളിൽ നീ ഒരേ രൂപത്തിൽ കാണപ്പെടുന്നു. നീ പ്രജകളുടെയെല്ലാം അധിപനുമാണ്. ഞങ്ങള യുദ്ധത്തിൽ നിന്നെ വിളിക്കുന്നു.

**9. സമത്സ്വഗ്നിമവസേ വാജയന്തോ ഹവാമഹേ |**
**വാജേഷു ചിത്രരാധസം ||**

ഞങ്ങൾ അന്നകാമൻമാരായി രണക്ഷേത്രത്തിൽ രക്ഷയ്ക്കുവേി അഗ്നിയെ ആഹ്വാനം ചെയ്യുന്നു. ആ അഗ്നിയുദ്ധസ്ഥലത്ത് അത്ഭുത ധനനാകുന്നു.

**10. പ്രത്നോ ഹി കമീഡ്യോ അധ്വരേഷു സനാച്ച ഹോതാ നവ്യശ്ച സത്സി |**
**സ്വാം ചാഗ്നേ തന്വം പിപ്രയസ്വാസ്മഭ്യം ച സൗഭഗമാ യജസ്വ ||**

ഹേ അഗ്നേ! നീ പുരാതനനാണ്. നീ യജ്ഞത്തിൽ വിരാജിതനാകുന്നു. നീ വളരെക്കാലമായി ഹോതാവും, സ്തുതിക്കപ്പെടുന്നവനും, യജ്ഞത്തിൽ വളരുന്നവനും ആകുന്നു. നീ സ്വന്തം ശരീരത്തെ ഹവിസ്സിനാൽ സന്തോഷിപ്പിക്കൂ. ഞങ്ങളേയും സൗഭാഗ്യശാലികളാക്കേണമേ.

# അഷ്ടകം 6

# അധ്യായം 1

# സൂക്തം 12

**ഋഷി കണ്വഗോത്രൻ പർവതൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ഉഷ്ണിക**

**1. യ ഇന്ദ്ര സോമപാതമോ മദഃ ശവിഷ്ഠ ചേതതി |**
**യേനാ ഹംസി ന്യത്രിണം തമീമഹേ ||**

ഹേ ഇന്ദ്രാ! നീ വലിയ സോമ പ്രേമിയാണല്ലോ. പരാക്രമികളിൽ മുഖ്യനും സോമപാനത്താൽ മത്തനാകുന്നവനും ആയ നീ സ്വന്തം കർമ്മങ്ങളെ ശരിയാംവിധം അറിയുന്നു. എപ്രകാരം സോമപാനത്തിൽ നിന്നുളവാകുന്ന പരാക്രമത്താൽ നീ ദൈത്യൻമാരേ ഹനിക്കുന്നുവോ; അതുപോലെ തന്നെ ഹർഷയുക്തനാകുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**2. യേനാ ദശഗ്വമധ്രിഗുംവേ പയന്തം സ്വർണരം |**
**യേനാ സമുദ്ര മാവിഥാ തമീമഹേ ||**

ഹേ ഇന്ദ്രാ! നീ സോമത്തിൻെറ ഏതൊരു ശക്തിയാൽ അംഗിരവംശജനായ അധിഗുരുവിനേയും, നിശാന്തകനായ സൂര്യനേയും, സമുദ്രത്തെയും രക്ഷിച്ചുവോ ആ ശക്തിയോടു കൂടിയവനാകുവാൻ ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു.

**3. യേന സിന്ധും മഹീരപോ രഥാംഇവ പ്രചോദയഃ |**
**പന്ഥാമൃതസ്യ യാതവേ തമീമഹേ ||**

ഹേ ഇന്ദ്രാ! സോമപാനത്തിൽ നിന്നുളവായ ബലത്താൽ രഥത്തെ എന്നപോലെ ജലത്തെ സമുദ്രത്തിലേയ്ക്കു പ്രേരിപ്പിച്ചുവോ അങ്ങിനെയുള്ള ശക്തിയാൽ യുക്തരായ ഞങ്ങൾ നിന്നോട് യജ്ഞമാർഗ്ഗത്തിനായി യാചിക്കുന്നു.

**4. ഇമം സ്തോമമഭിഷ്ടയേ ഘൃതം ന പൂതമദ്രിവഃ |**
**യേനാ നുസദ്യ ഓജസാ വവക്ഷിഥ ||**

ഹേ വജ്രായുധാ! ഏതു സ്തുതികളാൽ പൂജിതനാകുന്ന നീ സ്വന്തം ശക്തിയാൽ ഞങ്ങളുടെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കുന്നുവോ, ആ പവിത്ര സ്തുതികളെ അഭീഷ്ടസാധ്യത്തിനു വേി സ്വീകരിക്കേണമേ.

**5. ഇമം ജുഷസ്വ ഗിർവണഃ സമുദ്ര ഇവ പിന്വതേ |**
**ഇന്ദ്ര വിശ്വാഭിരൂതിഭിർവവക്ഷിഥ ||**

ഹേ ഇന്ദ്രാ! നീ സ്തോത്രങ്ങളാൽ ഉപാസനീയനാകുന്നു. ഞങ്ങളുടെ സ്തോത്രങ്ങളെ സ്വീകരിക്കേണമേ ഈ സ്തോത്രം സമുദ്രത്തിനു തുല്യം വിശാലമാണ്. ഇന്ദ്രാ! നീ ആ സ്തോത്രങ്ങൾ വഴിയായി എല്ലാ രക്ഷാ സാധനങ്ങളാലും ഞങ്ങൾക്കു മംഗളമരുളുന്നതിൽ സമർത്ഥനാണല്ലോ.

**6. യോ നോ ദേവഃ പരാവതഃ സഖിത്വനായ മാമഹേ |**
**ദിവോ ന വൃഷ്ടിം പ്രഥയന്വവക്ഷിഥ ||**

ഇന്ദ്രൻ ദൂരെ നിന്നും ആഗതനായി സഖ്യഭാവത്തോടുകൂടി നമുക്കു ധനം പ്രദാനം ചെയ്യണേ ഹേ ഇന്ദ്രാ! ആകാശത്തു നിന്നു വർഷിക്കുന്ന മഴയ്ക്കുതുല്യം നീ ഞങ്ങളുടെ ഐശ്വര്യത്തെ വളർത്തി ഞങ്ങളെ കർമ്മ നിരതരാക്കുന്നു.

**7. വവക്ഷുരസ്യ കേതവ ഉതവജ്രോ ഗഭ സ്ത്യോഃ | യത്സൂര്യോ ന രോദസീ അവർധയത് ||**

ആ ഇന്ദ്രൻ എല്ലാത്തിനും പ്രേരണ നൽകുന്ന സൂര്യനുതുല്യം വൃഷ്ടി ആദിയായവകളാൽ വാനൂഴികളെ അഭിവൃദ്ധിപ്പെടുത്തുമ്പോൾ അവൻെറ പതാകകളും കരങ്ങളിൽ പ്രശോഭിക്കുന്ന വജ്രായുധവും നമുക്കു മംഗളകാരികളായിത്തീരുന്നു.

**8. യദിപ്രവൃദ്ധ സത്പതേ സഹസ്രം മഹീഷാം അധഃ**
**ആദിത്ത ഇന്ദ്രിയം മഹി പ്ര വാവൃധേ ||**

ആദിത്ത രക്ഷിക്കുന്നവനായ ഇന്ദ്രാ! നീ ആയിരക്കണക്കിനു വൃത്രാദികളായ രാക്ഷസൻമാരെ കൊന്നു കഴിഞ്ഞപ്പോൾ നിന്റെ പരാക്രമം വളർന്നുകഴിഞ്ഞിരുന്നു.

**9. ഇന്ദ്രഃ സൂര്യസ്യ രശ്മിഭിർന്യർശസാനാ മോഷതി |**
**അഗ്നിർവനേവ സാസഹിഃ പ്ര വാവൃധേ ||**

ദാവാഗ്നിവനങ്ങളെ ദഹിപ്പിക്കുന്നതുപോലെ, ഇന്ദ്രൻ വിഘ്നകാരികളായ ശത്രുക്കളെ സൂര്യരശ്മികൾ വഴിയായി ദഹിപ്പിക്കുന്നു. ശത്രുക്കളെ കീഴമർത്തുന്നവനായ ഇന്ദ്ര നീ ശരിയായവിധം പ്രവൃദ്ധനാകുന്നു.

**10. ഇയം ത ഋത്വിയാവതീ ധീതിരേതി നവീയസീ |**
**സപര്യന്തീ പുരുപ്രിയ മിമീത ഇത് ||**

ഹേ ഇന്ദ്രാ! എൻെറ സ്തോത്രം നിന്നിലേയ്ക്കു വരുന്നു. ഈ സ്തോത്രം വസന്തകാലയജ്ഞത്തിൽ നടത്തപ്പെട്ടതും അത്യന്തം സുഖദായകവുമാകുന്നു.

**11. ഗർഭോ യജ്ഞസ്യ ദേവയുഃ ക്രതും പുനീത ആനുഷക്**
**സ്തോമൈരിന്ദ്രസ്യ വാവൃധേ മിമിത ഇത് ||**

ഈ സ്തുതിക്കുന്നവൻ ഇന്ദ്ര യജ്ഞത്തിൻെറ കർത്താവാകുന്നു. ഇവൻ ഇന്ദ്രനു കുടിക്കുവാനുള്ള സോമം പിഴിഞ്ഞരിച്ച് പാത്രങ്ങളിൽ നിറയ്ക്കുന്നു ഇവൻ സ്തോത്രത്താൽ ഇന്ദ്രനെ വളർത്തുകളയും സ്തോത്രത്താൽ തന്നെ അദ്ദേഹത്തെ വശീകരിയ്ക്കുകയും ചെയ്യുന്നു.

**12.സനിർമിത്രസ്യ പപ്രഥ ഇന്ദ്രഃ സോമസ്യ പീതയേ**
**പ്രാചീ വാശീവ സുന്വതേ മിമീത ഇത് ||**

സ്തുതിക്കുന്ന സഖാക്കൾക്കുവേി ദാനശീലനായ ഇന്ദ്രൻ ഗുണഗായകരുടെ വാണിയ്ക്കുതുല്യം ധനം നൽകുകയാൽ തന്റെ ശരീരത്തെ വളർത്തുകയും ഈ സ്തുതിരൂപമായ വാണി ഇന്ദ്രന്റെ ഗുണങ്ങൾക്കതിരിടുകയും ചെയ്തു.

**13. യം വിപ്രാ ഉക്ഥവാഹസോ ഭിപ്രമന്ദുരായവഃ |**
**ഘൃതം ന പിപ്യ ആ സന്യൃതസ്യ യത് ||**

ജ്ഞാനികളായ സ്തോതാക്കൾ ആരെ വഴിയാം വണ്ണം പ്രസന്നനാക്കുന്നുവോ, ആ ഇന്ദ്രൻെറ വായിൽ ഞാൻ യജ്ഞത്തിന്റെ ഹവിസ്സുകളെ ഘൃതംപോലെ ഒഴിറക്കം.

**14. ഉത സ്വാരജേ അദിതിഃ സ്തോമമിന്ദ്രായ ജീജനത് |**
**പുരുപ്രശസ്തമൂതയ ഋതസ്യ യത് ||**

അദിതി സ്വയം പ്രകാശിതനായ ഇന്ദ്രനുവേി, രക്ഷാകരവും അനേകരാൽ പ്രശംസിതമായ സത്യരൂപ സ്തോത്രത്തെ പ്രകടമാക്കി.

**15. അംഭിവഹനയ ഊതദയ നുഷത പ്രശസ്തയേ |**
**നദേവ വിവ്രതാ ഹരീ ഋതസ്യ യത് ||**

യജ്ഞവാഹികളായ ഋത്വിക്കുകൾ രക്ഷയ്ക്കുവേി ഇന്ദ്രനെ സ്തുതിക്കുന്നു. ഹേ ഇന്ദ്രാ! വിവിധ കർമ്മാക്കളായ കുതിരകൾ രും അങ്ങയെ യാഗശാലയിലേയ്ക്കു വഹിച്ചുകൊവരുന്നു.

**16. യത്സോമമിന്ദ്ര വിഷ്ണവി യദ്വാ ഘ ത്രിത ആപ്ത്യേ |**
**യദ്വാ മരുത്സു മന്ദസേ സമിന്ദുഭിഃ ||**

ഹേ ഇന്ദ്രാ! വിഷ്ണുവിന്റെയും ആപ്തത്രിതന്റെയും, മരുത്തുക്കളുടേയും ആഗമനവേളയിൽ നീ മറ്റുള്ളവരുടെ യജ്ഞത്തിൽ സോമപാനം ചെയ്യുകയായിരിക്കാം എന്നിരുന്നാലും നീ ഞങ്ങളുടെ ഈ സോമനീര് പാനം ചെയ്ത് മത്തനാക്കണമേ.

**17. യദ്വാ ശക്ര ചരാവതി സമുദ്ര അധി മന്ദസേ |**
**അസ്മാകമിത്സുതേ രണാ സമിന്ദുഭിഃ ||**

ഹേ ഇന്ദ്രാ! നീ ദൂരദേശത്ത് ഹവ്യരൂപമായ സോമം പാനം ചെയ്ത് രസിക്കുകയായിരിക്കാം. എങ്കിലും ഞങ്ങളർപ്പിച്ച ഈ സോമം പാനം ചെയ്ത് രസിക്കേണമേ.

**18. യുദ്വാസി സുന്വതോ വൃധോ യജമാനസ്യ സത്പതേ |**
**ഉക്ഥേ വായസ്യ രണ്യസി സമിന്ദുഭിഃ ||**

ഹേ ഇന്ദ്രാ! നീ സത്യത്തെ പാലിക്കുന്ന സോമം പിഴിയുന്നവരെ വളർത്തുന്നു. നീ ആരുടെ സ്തോത്രത്താൽ പ്രസന്നനാകുന്നുവോ ആ യജമാനന്റെ സോമത്താൽ മത്തനാകണമേ.

**19. ദേവംദേവം വോ വസ ഇന്ദ്രമിന്ദ്രം ഗൃണീഷണിം |**
**അധാ യജ്ഞായ തുർവണേ വ്യാനശുഃ ||**

ഹേ ഋത്വിജൻമാരേ! നിങ്ങളുടെ രക്ഷയ്ക്കുവേി ഞാൻ ഇന്ദ്രനെ സ്തുതിക്കുന്നു. യജ്ഞത്തിനുവേി ആ ഇന്ദ്രനെ എന്റെ സ്തുതികൾ പ്രാപിക്കണേ.

**20. യജ്ഞേഭിര്യജ്ഞവാഹസം സോമേഭിഃ സോമപാതമം |**
**ഹോത്രാഭിരിന്ദ്രം വാവൃധുർവ്യാനശുഃ ||**

ഹവ്യ, സ്തോത്രം, സോമം എന്നിവകളാൽ അത്യധികം സോമം പാനം ചെയ്യുന്നവനായ ഇന്ദ്രനെ സ്തോതാവായ യജമാനൻ വളർത്തുകയും, വ്യാപിപ്പിക്കുകയും ചെയ്യുന്നു.

**21. മഹീരസ്യ പ്രണീതയഃ പൂർവിരുത പ്രശസ്തയഃ |**
**വിശ്വാ വസൂനി ദാശുഷേ വ്യാനശുഃ ||**

ഇന്ദ്രന്റെ ദാനം പ്രചുരമായ അളവിൽ ലഭിക്കുന്നു. നീ മഹായശസ്വിയാണ്. ഹവിസ്സ് നൽകുന്ന യജമാനനുവേി എല്ലാ ഐശ്വര്യങ്ങളേയും വളർത്തുന്നു.

**22. ഇന്ദ്ര വൃത്രായ ഹന്തവേ ദേവാസോ ദധിരേ പുരഃ |**
**ഇന്ദ്രം വാണീനരനൂഷതാ സമോജസേ ||**

വൃത്രനാശത്തിനായി ദേവകൾ ഇന്ദ്രനെ സ്തുതിച്ചിരുന്നു. ബലത്തിനുവേി നമ്മുടെ വാണിയും ഇന്ദ്രനെ സ്തുതിക്കുന്നു.

**23. മഹാന്ത മഹിനാ വയം സ്തോമേഭിർഹവനശ്രുതം |**
**അർകൈരഭി പ്ര ണോനുമഃ സജോമസേ ||**

അത്യന്തം മഹിമയോടുകൂടിയവനും ആഹ്വാനം ശ്രവിക്കുന്നവനും ആയ ഇന്ദ്രനെ ബലപ്രാപ്തിക്കുവേി ഞങ്ങൾ നിരന്തരം സ്തുതിക്കുന്നു.

**24. ന യം വിവിക്തോ രോദസീ നാന്തരിക്ഷാണി വജ്രിണം**
**|അമാദിദസ്യം തിത്വിഷേ സമോജസഃ ||**

ആകാശവും, ഭൂമിയും, അന്തരീക്ഷവും ആരെ തങ്ങളിൽ നിന്നും വേർപെടുത്തുന്നില്ലയോ വജ്രധാരിയായ ആ ഇന്ദ്രന്റെ പ്രഭാവത്താൽ ലോകം പ്രകാശിതമാകുന്നു.

**25. യദിന്ദ്ര പൃതനാജ്യേ ദേവാസ്ത്വാ ദധിരേ പുരഃ |**
**ആദിത്തേ ഹര്യത ഹരീ വവക്ഷതുഃ ||**

ഹേ ഇന്ദ്രാ! പണ്ടൊ ദേവകൾ നിന്നെ യുദ്ധത്തിൽ മുൻനിറുത്തിയപ്പോൾ അശ്വങ്ങൾ നിന്നെ അവിടെ വഹിച്ചുകൊവന്നിരുന്നു.

**26. യദാ വൃത്രം നദീവൃതം ശവസാ വജ്രിന്നവധീഃ |**
**ആദിത്ത ഹര്യതാ ഹരീ വവക്ഷതുഃ ||**

ഹേ ഇന്ദ്രാ! നീ ജലത്തെ തടഞ്ഞു നിർത്തിയിരുന്ന വൃത്രനെ സംഹരിച്ചപ്പോൾ നിന്നെ കുതിരകൾ വഹിച്ചിരുന്നു.

**27. യദാതേ വിഷ്ണുരോജസാ ത്രീണി പദാ വിചക്രമേ |**
**ആദിത്തേ ഹര്യതാ ഹരീ വവക്ഷതുഃ ||**

ഹേ ഇന്ദ്രാ! വിഷ്ണു മൂന്നടികളാൽ ലോകത്രയത്തെ അളന്നപ്പോൾ നിന്നെ രശ്വങ്ങൾ വഹിച്ചിരുന്നു.

**28. യദാ തേ ഹര്യതാ ഹരീ വാവൃധാതേ ദിവേ ദിവേ |**
**ആദിത്തേ വിശ്വാ ഭുവനാനി യേമിരേ ||**

ഹേ ഇന്ദ്രാ! നിന്റെ അശ്വങ്ങൾ രും വളർച്ച പ്രാപിച്ചപ്പോൾ ലോകം മുഴുവൻ നിന്റെ നിയന്ത്രണത്തിലായിക്കഴിഞ്ഞു.

**29. യദാ തേ മാരുതീർവിശസ്തുഭ്യമിന്ദ്രനിയേമിരേ |**
**ആദിത്തേ വിശ്വാ ഭുവനാനി യേമിരേ ||**

ഹേ ഇന്ദ്രാ! നിന്റെ മരുത്തുക്കൾ എല്ലാ ജീവികളേയും നിയന്ത്രിച്ചപ്പോൾ എല്ലാലോകങ്ങളും നിനക്ക് വിധേയമായിത്തീർന്നു.

**30. യദാ സൂര്യമമും ദിവി ശുക്രം ജ്യോതിരധാരയഃ |**
**ആദിത്തേവിശ്വാ ഭുവനാനി യേമിരേ ||**

ഹേ ഇന്ദ്രാ! ജ്യോതിഷ്മാനായ ഈ സൂര്യനെ നീ

സൂര്യമണ്ഡലത്തിലുറപ്പിച്ചപ്പോൾ ഈ ലോകങ്ങളെല്ലാം നിനക്ക് അധീനമായിത്തീർന്ന്.

**31. ഇമാം ത ഇന്ദ്ര സുഷ്ടുതിം വിപ്ര ഇയാർതി ധീ തിഭിഃ**

**ജാമിം പദേവ പിപ്രതീം പ്രാധ്വരേ ||**

ഹേ ഇന്ദ്രാ! എല്ലാവരും തങ്ങളുടെ ബന്ധുക്കളെ ഉന്നതസ്ഥാനങ്ങളിലേയ്ക്കു കൊുപോകുന്നതുപോലെ വിദ്വാൻമാരായ സ്തോതാക്കൾ പ്രസന്നമാക്കുന്ന സ്തുതികളെ യജ്ഞത്തിൽ നിന്റെ അടുക്കൽ കൊുവരുന്നു.

**32. യദസ്യ ധാമനി പ്രിയേ സമീചീനാസോ അസ്വരൻ |**

**നാഭാ യജ്ഞസ്യ ദോഹനാ പ്രധ്വരേ ||**

ഇന്ദ്രന്റെ തേജസ്സിനെ ആഗ്രഹിച്ചുകൊ് യജ്ഞസ്ഥാനത്തിൽ ഏകത്രിതരായ സ്തോതാക്കൾ ശരിയായ വിധം സ്തുതിക്കുമ്പോൾ, ഹേ ഇന്ദ്രാ! യജ്ഞത്തിന്റെ നാഭീരൂപമായ അഭിഷവസ്ഥാനത്തുനിന്നും ധനം പ്രദാനം ചെയ്യണമേ.

**33. സുവീര്യം സ്വശ്വ്യം സുഗവ്യ മിന്ദ്ര ദദ്ധിനഃ |**

**ഹോതേവ പൂർവചിത്തയേ പ്രാധ്വരേ ||**

ഹേ ഇന്ദ്രാ! ശ്രേഷ്ഠമായ പരാക്രമത്തോടും, ശ്രേഷ്ഠമായ ഗോക്കളോടും ശ്രേഷ്ഠമായ അശ്വങ്ങളോടു കൂടിയ ഐശ്വര്യത്തെ ഞങ്ങൾക്കു പ്രദാനം ചെയ്യണേ. ഞാൻ ഏറ്റവും ആദ്യമായി ജ്ഞാനപ്രാപ്തിക്കായി ഹോതാവിനുതുല്യം യജ്ഞഗൃഹത്തിൽ നിന്നെ സ്തുതിച്ചിരുന്നു.

## അനുവാകം 3 സൂക്തം 13

**ഋഷി കുണ്വാഗോത്രൻ നാരദൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ഉഷ്ണിക**

**1. ഇന്ദ്രഃ സുതേഷു സോമേഷു ക്രതും പുനീത ഉക്ഥ്യം |**

**വിദേ വൃധസ്യ ദക്ഷസോ മഹാൻഹിഷഃ ||**

സോമം അർപ്പിക്കപ്പെടുമ്പോൾ യജ്ഞം നടത്തുന്നവരേയും, സ്തോതാക്കളേയും ഇന്ദ്രൻ പവിത്രരായി കരുതുന്നു. ഇന്ദ്രൻ തന്നെ വളർത്തുന്ന ബലപ്രാപ്തിയ്ക്കു വേി മഹത്വമുള്ളവനാകുന്നു.

**2. സ പ്രഥമേ വ്യോമനി ദേവാനാം സദനേ വൃധഃ |**

**സുപാരഃ സുശ്രവസ്തമഃ സമപ്സു ജിത് ||**

ആ ഇന്ദ്രൻ പ്രഥമവ്യോമത്തിലും, സ്വർഗ്ഗത്തിലും യജമാനൻമാരെ രക്ഷിയ്ക്കുന്നു. അവൻ ആരംഭിച്ച കർമ്മത്തെ പൂർണ്ണമാക്കുന്നവനാകുന്നു. അവൻ മഹായശസ്വിയും, ജല പ്രാപ്തിക്കുവേി വൃത്രന്റെ മേൽ വിജയം പ്രാപിച്ചവനുമാകുന്നു.

**3. തമഹ്വേ വാജസാതയ ഇന്ദ്രം ഭരായ ശുഷ്മിണം |**

**ഭവാ നഃ സുമ്നേ അന്തമഃ സഖാവൃധേ ||**

ഞാൻ പരാക്രമിയായ ഇന്ദ്രനെ യുദ്ധസ്ഥലത്തേക്കാഹ്വാനം ചെയ്യുന്നു. ഹേ ഇന്ദ്രാ! ഞങ്ങൾ ധനത്തെ ആഗ്രഹിക്കുമ്പോൾ, നീ സന്തുഷ്ടിയ്ക്കുവേി ഞങ്ങളുടെ മിത്രമാകണമേ.

**4. ഇയം ത ഇന്ദ്ര ഗിർവണോ രാതിഃ ക്ഷരതി സുന്വതഃ |**

**മന്ദാനോ അസ്യ ബർഹിഷോ വി രാജസി ||**

ഹേ സ്തുതികളാൽ പൂജനീയനായ ഇന്ദ്രാ! നിനക്കുവേി യജമാനൻ ആഹുതി അർപ്പിക്കുന്നു. നീ പ്രസന്നനായി ഞങ്ങളുടെ യജ്ഞത്തിൽ വിരാജിക്കണമേ.

**5. നൂനം തദിന്ദ്ര തദ്ധി നോ യത്വാ സുന്വന്ത ഈമഹേ**

**രയാം നശ്ചിത്രമാ ഭരാ സ്വർവിഭം ||**

ഹേ ഇന്ദ്രാ! സോമം തയാറാക്കുന്നവർ നിന്നോടു അപേക്ഷിക്കുന്നു നീ തീർച്ചയായും എനിക്ക് ഐശ്വര്യം നൽകണം അത്ഭുതകരവും സ്വർഗ്ഗപ്രാപ്തിയ്ക്കുതകുന്നതുമായ ആ ഐശ്വര്യവുമായി വരേണമേ.

**6. സ്തോതായത്തേ വിചർഷണിരതിപ്രശർധയദ് ഗീരഃ |**

**വയാ ഇവാനു രോഹതേ ജൂഷന്ത യത് ||**

ഹേ ഇന്ദ്രാ! ശത്രുക്കളെ പരാജയപ്പെടുത്തുവാൻ വേി നിന്നെ സ്തുതിക്കുമ്പോൾ എല്ലാ വചനങ്ങളും നിന്നെ ഹർഷിതനാക്കുമ്പോൾ നീ സകലഗുണസമ്പന്നനാകുന്നു.

**7. പ്രത്നവജ്ജനയാ ഗിരഃ ശൃണുധീ ജരിതുർഹവം |**

**മദേമദേ വിവക്ഷിഥാ സുകൃത്വനേ ||**

ഹേ ഇന്ദ്രാ! പൂർവ്വകാലത്തിലെ പോലെ സ്തോത്രങ്ങൾ പ്രകടമാക്കണമേ. സ്തോതാക്കളുടെ ആഹ്വാനം ശ്രവിക്കുമാറാകണം. സോമപാനത്താൽ നീ മത്തനാകുമ്പോൾ സൽകർമ്മാക്കളായ യജമാനൻമാർക്ക് ഫലം നൽകുന്നു.

**8. ക്രീളന്ത്യസ്യ സൂനൃതാ ആപോ ന പ്രവതാ യതീഃ |**

**അയാ ധിയായ ഉച്യതേ പതിർദിവഃ ||**

ഇന്ദ്രന്റെ സത്യവാണി ജലത്തിനുതുല്യം താഴോട്ടൊഴുകുന്നു. സ്വർഗ്ഗാധിപനായ ഇന്ദ്രൻ ഈ സ്തുതികളാൽ യശപ്രാപ്തനാകുന്നു.

**9.ഉതോ പതിർയ ഉച്യതേ കൃഷ്ടീനാമേക ഇദ്വശീ |**

**നമോ വൃധൈരവസ്യുഭിഃ സുതേ രണ ||**

ഇന്ദ്രൻ ഒരുത്തൻമാത്രമാകുന്നു. മനുഷ്യരുടെ രക്ഷകൻ ഹേ ഇന്ദ്രാ! നീ സ്തോത്രങ്ങൾ വഴിയായി വളർത്തുന്നവരോടും, യുദ്ധകാമൻമാരോടും കൂടി സോമത്താൽ ഹൃഷ്ഠനാകേണമേ.

**10. സ്തുഹി ശ്രുതം വിപശ്ചിതം ഹരീ യസ്യ പ്രസക്ഷിണാ |**

**ഗാന്താരം ദാശുഷോ ഗൃഹനമസ്വിനഃ ||**

ഹേ സ്തോതാക്കളേ! നിങ്ങൾ മേധാവിയും, പ്രസിദ്ധനും ആയ ഇന്ദ്രനെ സ്തുതിക്കുവിൻ. ശത്രുക്കളെ വിജയിക്കുന്ന അശ്വങ്ങൾ രും ഹവിസ്സോടും നമസ്ക്കാരത്തോടും കൂടിയ യജമാനന്റെ ഗൃഹത്തിലെത്തിയിരിക്കുന്നു.

**11. തുതുജാനോ മഹേമതേ ശ്വേഭിഃ പ്രുഷിതപ്സുഭിഃ |**

**ആ യാഹി യജ്ഞമാശുഭിഃ ശമിദ്ധി തേ ||**

ഹേ ഇന്ദ്രാ! നിന്റെ ബുദ്ധിമഹത്തായ ഫലങ്ങളെ പ്രദാനം ചെയ്യുന്നു. നീ ദ്രുതഗാമികളായ സ്വന്തം അശ്വങ്ങൾ സഹിതം ഞങ്ങളുടെ യജ്ഞത്തിൽ വരണമേ. എന്തുകൊന്നൊൽ നീ യജ്ഞത്തിൽ നിന്നു തന്നെ സുഖം പ്രാപിക്കുന്നവനാണ്.

**12. ഇന്ദ്ര ശവിഷ്ഠ സത്പ രയി ഗൃണത്സു ധാരയ |**

**ശ്രവഃസൂരിഭ്യോ അമൃതം സുത്വനം ||**

ഹേ സജ്ജനരക്ഷകനും പരാക്രമിയുമായ ഇന്ദ്രാ! ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ഞങ്ങൾക്കു ധനം നൽകണമേ. ഒരിക്കലും നശിക്കാത്തയശസ്സ് സ്തോതാക്കൾക്കു നൽകണമേ.

**13. ഹവേത്വാ സൂര ഉദതേ ഹവേ വധ്യന്ദിനേ ദിവ |**

**ജൂഷാണ ഇന്ദ്ര സപ്തിഭിർന ആ ഗഹി ||**

ഹേ ഇന്ദ്രാ! സൂര്യോദയത്തിൽ ഞാൻ നിന്നെ വിളിക്കുന്നു. ദിവസത്തിന്റെ മധ്യസവനത്തിലും ഞാൻ നിന്നെ വിളിക്കുന്നു. നീ സന്തുഷ്ടനായി ഗതിവേഗമുള്ള ആ അശ്വങ്ങളോടുകൂടി ആഗതനാകേണമേ.

**14.ആ തൂ ഗഹി പ്ര തു ദ്രവ മത്സ്വാ സുതസ്യ ഗോമതഃ**

**തന്തും തനുഷ്വ പൂർവ്യ യഥാ വിദേ ||**

ഹേ ഇന്ദ്രാ! എവിടെ സോമമുള്ളോ അവിടേയ്ക്കതിവേഗം വരേണമേ. പാലുചേർത്ത സോമത്താൽ സന്തുഷ്ടനായാലും. പിന്നീട് ഞാനാഗ്രഹിക്കുന്നതുപോലെ എന്റെ യജ്ഞത്തെ പൂർണ്ണമാക്കിയാലും.

**15. യച്ഛകാസി പരാവതി യദർവാവതി വൃത്രഹൻ |**

**യദ്വാ സമുദ്രേ അന്ധസോ വിതേ ദസി ||**

ഹേ വൃത്രഹന്താവായ ഇന്ദ്രാ! നീ വളരെ ദൂരെയോ അടുത്തോ അഥവാ അന്തരീക്ഷത്തിലെ വിടെയെങ്കിലുമോ ആകട്ടെ. അവിടെ നിന്നും ആഗതനായി സോമരസം കുടിയ്ക്കുകയും ഞങ്ങളുടെ രക്ഷകനാകുകയും ചെയ്യണമേ.

**16. ഇന്ദ്രം വർധന്തു നോ ഗിര ഇന്ദ്രം സുതാസ ഇന്ദവഃ |**

**ഇന്ദ്രേ ഹവിഷ്മതീർവിശോ അരാണിഷ്ഃ ||**

ഞങ്ങളുടെ സ്തുതികൾ ഇന്ദ്രനെ വളർത്തണേ. പിഴിഞ്ഞെടുത്ത സോമം ഇന്ദ്രനെ വളർത്തുമാറാകണേ. ഹവിസ്സ്വാനായ യജമാനൻ ഇന്ദ്രന്റെ സാധനകളിൽ ലീനനായിരിക്കുന്നു.

**17. തമിദ്വാപ്രാ അവസ്യവഃ പ്രവത്വതീഭിരുതിഭി |**

**ഇന്ദ്രം ക്ഷോണീരവർധയന്വയാ ഇവ ||**

രക്ഷാകാമൻമാരായ ജ്ഞാനികൾ ഇന്ദ്രനെ തൃപ്തിപ്പെടുത്തിക്കൊണ്ട് ആഹുതികളാൽ വളർത്തുന്നു. ഭൂമിയിലെ സകലജീവരാശികളും വൃക്ഷ ശിഖരങ്ങൾ പോലെ അദ്ദേഹത്തെ വളർത്തുന്നു.

**18. ത്രികദ്രുകേഷു ചേതന ദേവാസോ യജ്ഞമത്നത |**

**തമിദ്വർധന്തു നോ ഗിരഃ സദാ വൃധം ||**

ത്രികദ്രുക യജ്ഞത്തിൽ ചൈതന്യം പ്രദാനം ചെയ്ത ഇന്ദ്രനെ ദേവകൾ ബഹുമാനിച്ചിരിക്കുന്നു. നമ്മുടെ വർദ്ധകങ്ങളായ സ്തുതികൾ അവനെ സദാമഹോന്നതനാക്കണേ.

**19. സ്തോതാ യത്തേ അനുവ്രത ഉക്ഥാന്യ യൃതുഥാദധേ |**

**ശുചിഃ പാവക ഉച്യതേസോ അദ്ഭുതഃ ||**

ഹേ ഇന്ദ്രാ! നിന്നെ സ്തുതിക്കുന്നവർ കാലാകാലങ്ങളിൽ സ്തോത്രോച്ചാരണങ്ങൾ നടത്തുന്നു. നീ വിചിത്രവേഷധാരിയും, പവിത്രീകരിക്കുന്നവനും, സ്തുത്യർഹനും ആകുന്നു.

**20. തദിദ്രുദസ്യ ചേതതി യഹ്വം പ്രത്നേഷു ധാമസു |**

**മനോ യത്രാ വി തദ്ധുർവി ചേതസഃ ||**

ആർക്കുവേണ്ടി മേധാവികൾ സ്തോത്രങ്ങളുച്ചരിക്കുന്നുവോ, രുദ്രപുത്രൻമാരായ ആ മരുത്തുക്കൾ തങ്ങളുടെ പൂർവ്വസ്ഥാനങ്ങളിൽ നിലകൊണ്ടിരുന്നു.

**21. യദിമേ സഖ്യമാവര ഇമസ്യ പാഹ്യന്ധസഃ |**

**യേന വിശ്വാ അതി ദിഷോ അതാരിം ||**

ഹേ ഇന്ദ്രാ! നീ എനിക്ക് നിന്റെ സഹായം നൽകുകയും ഈ സോമരസം നീ പാനം ചെയ്യുകയും ആണെങ്കിൽ എനിക്ക് എല്ലാശത്രുക്കളുടെ മേലും വിജയം പ്രാപിക്കുവാൻ കഴിയും.

**22. കദാതഇന്ദ്ര ഗിർവണഃ സ്തോതാ ഭവാതി ശന്തമഃ |**

**കദാ നോ ഗവ്യേ അശ്വ്യേവ സൗദധഃ ||**

ഹേ ഇന്ദ്രാ! നീ സ്തുതികൾക്കു പാത്രമാകുന്നു. നിന്നെ സ്തുതിക്കുന്നവർ സുഖം കുറഞ്ഞവരാകുമോ? നീ ഞങ്ങൾക്ക് അശ്വാദികളാൽ യുക്തവും സുന്ദരവുമായ ഗൃഹത്തോടു കൂടിയതുമായ ധനം എപ്പോൾ തരും?

**23. ഉത തേ സുഷ്ടുതാ ഹരീ വൃഷണാ വഹതോ രഥം |**

**അജൂര്യസ്യ മന്ദിതമം യയീമഹേ ||**

ഹേ ഇന്ദ്രാ! നീ ജരാരഹിതനും അഭിലാഷവർഷകനും ആണല്ലോ. ശരിയായ വിധം സ്തുതിക്കപ്പെടുന്ന നിന്റെ അശ്വങ്ങൾ നിന്റെ രഥത്തെ ഇവിടെകൊണ്ടു വരണേ എന്നു മഹാശക്തനായ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**24. തമീമഹേ പുരുഷ്ടുതം യഹ്വം പ്രത്നാഭിരുതിഭിഃ |**

**നി ബർഹിഷി പ്രിയേ സദദധ ദ്വിത്വാ ||**

അനേകരാൽ സ്തുതിക്കപ്പെടുന്നവനും മഹാനുമായ ഇന്ദ്രനെ തൃപ്തിപ്പെടുത്തുന്ന സ്തുതികൾ സഹിതം ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവൻ പ്രസന്നതാപ്രദമായ കുശമേൽ വിരാജിതനാകണേ.

**25. വർധസ്വാ സു പുരുഷ്ടുത ഋഷിഷ്ടുതാഭിരുതിഭിഃ |**

**ധുക്ഷ സ്വ പിപ്യഷീമിഷമവാ ച നഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാലും ഋഷിമാരാലും സ്തുതിയ്ക്കപ്പെടുന്നു. നിന്റെ രക്ഷകളോടുകൂടി ഞങ്ങളെ വളർത്തുകയും ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്യുകയും ചെയ്യണമേ.

**26. ഇന്ദ്ര ത്വമവിതേ ദസീത്ഥാ സ്തുവതോ അദ്രിവഃ |**

**ഋതാദിയർമി തേ ധിയം മനോ യുജം ||**

ഹേ വജ്രായുധാ! നീ സ്തുതിക്കുന്നവരുടെ രക്ഷകനാണല്ലോ. ഞാൻ നിന്റെ സ്തോത്രങ്ങളോടുകൂടിയ മനോഹരങ്ങളായ കർമ്മങ്ങളെ പ്രാപിക്കുന്ന ഹോതാവാകുന്നു.

**27. ഇഹ ത്യാ സധമാദ്യാ യുജാന സ്തോമപീതയേ |**

**ഹരീ ഇന്ദ്ര പ്രതസൂ അഭി സ്വര ||**

ഹേ ഇന്ദ്രാ! നീ സ്വന്തം പ്രസന്നമനസ്സോടുകൂടി ദൃഢവും. ധനയുക്തവും ആയ രശ്വങ്ങളെ കെട്ടിയരഥത്തിൽ സോമപാനത്തിനുവേണ്ടി ഇവിടെ വന്നാലും.

**28. അഭി സ്വരന്തു യേ തവരുദ്രാസഃ സക്ഷതഃ ശ്രിയം |**

**ഉതോ മരുത്വതീ ർവിംശോ അഭി പ്രയഃ ||**

ഇന്ദ്രൻ എവിടെയാണെങ്കിലും അവന്റെ മരുത് പ്രജകൾ അവനെ പരിചരിച്ചുകൊണ്ടിരിക്കുന്നു. നാം ധനം നേടുന്നതുപോലെ തന്നെ അവൻ യജ്ഞത്തിന്റെ നാഭിസ്ഥാന വസിക്കുന്നു.

**30. അയം ദീർഘായ പക്ഷസേ പ്രാചി പ്രയത്യധ്വരേ |**

**മിമീത യജ്ഞമാനുഷഗ്വി ചക്ഷ്യ ||**

യജ്ഞത്തിന്റെ പ്രാചീന ഗൃഹത്തിൽ യജ്ഞം ആരംഭിച്ചു കഴിഞ്ഞാൽ അതിനെ യഥാവിധി സംരക്ഷിക്കുകയും അതിന്റെ ശരിയായ ഫലം നൽകുകയുംചെയ്തുകൊണ്ട് ആ യജ്ഞത്തെ ഇന്ദ്രൻ തന്നെ നിർവഹിക്കുന്നു.

**31. വൃഷായമിന്ദ്ര തേ രഥ ഉതാ തേ വൃഷണാ ഹരീ |**

**വൃഷാ ത്വം ശതക്രതോ വൃഷാഹവഃ ||**

ഹേ ഇന്ദ്രാ! നിന്റെ രഥം അഭീഷ്ടങ്ങളെ പൂർണ്ണമാക്കുന്നു. നിന്റെ അശ്വങ്ങൾ രും അനുഗ്രഹങ്ങൾ വർഷിക്കുന്നു. അനന്തകർമ്മാവായ ഇന്ദ്രാ! നീ അഭീഷ്ടവർഷകനാണ്. നിന്നെ ആഹ്വാനം ചെയ്യുമ്പോൾ ഇച്ഛിത ഫലം ഉളവാക്കുന്നു.

**32. വൃഷാ ഗ്രാവാ വൃഷാ മദോ വൃഷാ സോമോ അയം സുതഃ |**

**വൃഷാ യജ്ഞോ യമിന്വസി വൃഷാ ഹവഃ |**

സോമമിടിക്കുന്ന കല്ല് അഭിലാഷങ്ങളെ വർഷിക്കുന്നു സോമം മനോരഥങ്ങളെ ദാനം ചെയ്യുന്നു. നീ പ്രാപിക്കുന്ന യജ്ഞവും

അഭീഷ്ടവർഷകമാകുന്നു. നിന്നോടുള്ള ആഹ്വാനവും ആഗ്രഹഫലം നൽകുന്നതാകുന്നു.

**33. വൃഷാത്യാ വൃഷണം ഹുവേ വജ്രേഞ്ചിത്രാമിരുതിഭിഃ|**

**വാവർന്ഥ ഹി പ്രതിഷ്ടു തിം വൃഷാ ഹവഃ ||**

ഹേ വജ്രായുധാ! നീ അഭിലാഷങ്ങളെ വർഷിക്കുന്നവനാണ്. ഞാൻ ഹവിസ്സൊഴിക്കുന്നവനാകുന്നു. നിനക്കുവേി നടത്തപ്പെട്ട സ്തുതികളെ സ്വീകരിച്ചാലും. നിന്നെ ആഹ്വാനം ചെയ്യുമ്പോൾ ഇഷ്ട ഫലമുളവാകുന്നു.

## സൂക്തം 14

**ഋഷി കണ്വഗോത്രരായ ഗോസൂക്തിയും അശ്വസൂക്തിയും ദേവത ഇന്ദ്രൻ ഛന്ദസ്സ് ഗായത്രി**

**1. യദിന്ദ്രാഹം യഥാ ത്വമീശീയ വസ്വ ഏകഇത് |**

**സ്തോതാ മേ ഗോഷഖാ സ്യാത് ||**

ഹേ ഇന്ദ്രാ! നീ എല്ലാത്തിന്റേയും ഈശ്വരനായിരിക്കുന്നതുപോലെ ഞാനും ധനവാനായിത്തീരുകയാണെങ്കിൽ എന്റെ സ്തോതാവ് ഗോക്കളോടു കൂടിയവനാകും.

**2.ശിക്ഷേയമസ്മൈ ദിത്സേയം ശചീപതേ മനിഷിണേ |**

**യദഹം ഗോപതിഃ സ്യാ ||**

ഹേ ഇന്ദ്രാ! നീ സർവ്വശക്തനാണ്. നിന്റെ കൃപയാൽ ഞാൻ ഗോധനയുക്തനാകുമെങ്കിൽ ഈ സ്തുതിക്കുന്നവർക്ക് ഗോക്കളേയും ധനവും നൽകുവാൻ ആഗ്രഹിക്കുമായിരുന്നു.

**3. ധേനുഷ്ടു സുനൃതാ യജമാനായ സുന്വതേ |**

**ഗാമശ്വം പിത്യുഷീ ദുഹേ ||**

ഹേ ഇന്ദ്രാ! നിന്റെ സത്യപ്രിയയും വളർത്തുന്നതും ആയ സ്തുതി രൂപധേനു സോമം പിഴിയുന്നവന് ഗോക്കളേയും പ്രദാനം ചെയ്യുന്നു.

**4. ന ത വർതാസ്തി രാധനാ ഇന്ദ്രദേവോ ന മർത്യഃ |**

**യദ്ദിത്സസി സ്തുതോ മഘം ||**

ഹേ ഇന്ദ്രാ! നീ സ്തുതിക്കപ്പെടുന്നവനായി ധനം നൽകുവാൻ ആശിക്കുന്നു. ദേവനോ മനുഷ്യനോ ആർക്കും ആ ധനത്തെ തടയുവാൻ സാധ്യമല്ല.

**5. യജ്ഞ ഇന്ദ്രമ വർധയദ്യദ്ഭൂമിം വ്യവതയത് |**

**ചക്രാണ ഓപശം ദിവി ||**

യജ്ഞം ഇന്ദ്രനെ വളർത്തിയിരിക്കുന്നു. ഇന്ദ്രൻ സ്വർഗ്ഗത്തിൽ മേഘത്തെ ഉറക്കി ഭൂമിക്ക് മഴയെ നൽകി സ്ഥിരപ്പെടുത്തി.

**6. വാവൃധാനസ്യ തേ വയം വിശ്വാ ധനാനി ജിഗ്യുഷഃ |**

**ഊതിമിന്ദ്രാ വൃണീമഹേ ||**

ഹേ ഇന്ദ്രാ! നീ മുന്നേറുന്നവനും ശത്രുക്കളുടെ ധനത്തെ ജയിച്ചടക്കുന്നവനും ആകുന്നു. ഞങ്ങൾ നിന്റെ രക്ഷയാഗ്രഹിക്കുന്നു.

**7. വ്യന്തരിക്ഷമതിരൻമദേ സോമസ്യ രോചനാ |**

**ഇന്ദ്രോ യദഭിനബലം ||**

സോമപാനത്തിൽ നിന്നുായ ഹർഷത്തിൽ നിന്നും ഇന്ദ്രൻ അന്തരീക്ഷത്തെ വളർത്തി എന്തുകൊന്നാൽ അവന്റെ മേഘ ദ്വാരങ്ങളെ തുറന്നു.

**8. ഉദ്ഗാ ആ ജദങ്ഗിരോഭ്യ ആവിഷ്കൃണ്വൻഗുഹാ സതീഃ |**

**അർവാഞ്ചം നുനുദേ ബലം ||**

ഇന്ദ്രൻ ഗുഹയിലൊളിപ്പിച്ചിരുന്ന ഗോക്കളെ വെളിയിൽ കൊു വന്ന് അംഗിരസ്സുകൾക്കു പ്രദാനം ചെയ്യുകയും ഗോക്കളെ മോഷ്ടിച്ച പണികളുടെ നേതാവായ ബാലനെ നിലം പതിപ്പിക്കുകയും ചെയ്തു.

**9. ഇന്ദ്രേണ രോചനാ ദിവോ ദൃലഹാകി ദൃംഹിതാനിച |**

**സ്ഥിരാണി ന പരാണുദേ ||**

ഇന്ദ്രൻ ആകാശത്തിലുറപ്പിച്ച നക്ഷത്രങ്ങളെ അവയുടെ സ്ഥാനങ്ങളിൽ നിന്നും ഇളക്കുവാൻ ആർക്കും സാധ്യമല്ല.

**10. അപാ മൂർമിർമദന്നിവ സ്തോമ ഇന്ദ്രാജിരായതേ |**

**വി തേ മദാ അരാജിഷുഃ |**

ഹേ ഇന്ദ്രാ! സമുദ്രത്തിലെ തിരമാലകൾ പോലെ നിന്റെ സ്തുതികൾ അതിവേഗം പോകുന്നു. നിന്റെ ദൃഷ്ടിസദാ തേജസ്സിനെ പ്രാപിച്ചു കൊിരിക്കുന്നു.

**11. ത്വം ഹി സ്തോമവർധന ഇന്ദ്രാസ്യുക്ഥവർധനഃ |**

**സ്തോതൃണാമുത ദദ്കൃത് ||**

ഹേ ഇന്ദ്രാ! നീ സ്തോത്രങ്ങളാലും, ഉക്ഥങ്ങളാലും വളരുന്നു. നീ സ്തുതിക്കുന്നവർക്ക് മംഗളദായകനാകുന്നു.

**12. ഇന്ദ്ര മിത്കേശിനാ ഹരീ സോമപേയായ വക്ഷതഃ |**

**ഉപ യജ്ഞ സുരാധസം ||**

ഇന്ദ്രന്റെ അശ്വങ്ങൾ രും സോമപാനത്തിനായി അദ്ദേഹത്തെ യാഗവേദിയിലേയ്ക്കു കൊുവരുന്നു.

**13. അപാം ഫേനേന നമുചേഃ ശരിഃ ഇന്ദ്രാ ദവർതയഃ | വിശ്വാ യദ്ജയഃ സ്പൃധഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാ രാക്ഷസൻമാരെയും പരാജിതനാക്കിയപ്പോൾ ജലത്തിലെ നുരയാൽ നമുചിയുടെ ശിരസ്സിനെ വേർപെടുത്തിയല്ലോ.

**14. മായാഭിരുത്സിത സ്പൃസത ഇന്ദ്ര ദ്യാമാരുരുക്ഷതഃ |**

**അവദസ്യം രഘൂനുഥാഃ ||**

ഹേ ഇന്ദ്രാ! നീ മായാരൂപത്തിൽ എങ്ങും വ്യാപിച്ചിരിക്കുന്നു. സ്വയം ഉയരുവാനാഗ്രഹിച്ച ശത്രുക്കളെ നീ താഴെ വീഴ്ത്തിയല്ലോ.

**15. അസുന്വാമിന്ദ്ര സസദം വിഷൂചീം വ്യനാശയഃ |**

**സോമപാ ഉത്തരോ ഭവൻ ||**

ഹേ ഇന്ദ്രാ! സോമംപാനം ചെയ്തു ശ്രേഷ്ഠനായ നീ യജ്ഞം നടത്താത്തവരായ വ്യക്തികളെ പരസ്പരം കലഹിപ്പിച്ച് നശിപ്പിച്ചു കളഞ്ഞുവല്ലോ.

## സൂക്തം 15

**ഋഷി കണ്വഗോത്രനായ ഗോസൂക്തിയും അശ്വസൂക്തിയും ദേവത ഇന്ദ്രൻ ഛന്ദസ്സ് ഗായത്രി**

**1. തമ്വഭി പ്ര ഗായത പുരുഹൂത പുരുഷ്ടുതം |**

**ഇന്ദ്രം ഗീർഭിസ്തവിഷമാ വിവാസത് ||**

ഹേ മനുഷ്യരേ! അനേകരാൽ ആഹൂതനും അനേകരാൽ സ്തുതിക്കപ്പെടുന്നവനും ആയ ആ ഇന്ദ്രനെ തന്നെ നിങ്ങൾ സ്തുതിക്കുവിൻ സുന്ദരമായ വാണികളിൽ അവനെ പൂജിക്കുവിൻ.

**2. യസ്യ ദ്വിബർഹസോ ബൃഹത്സ ഹോ ദാധാര രോദസി |**

**ഗരീരിന്ദ്രാം അപഃ സ്വർഷന്വനാ ||**

ഇന്ദ്രന്റെ പ്രശംസനീയമായ പരാക്രമം ആകാശത്തേയും ഭൂമിയേയും താങ്ങി നിർത്തുന്നു. ശീഘ്രഗാമിയായ മേഘത്തേയും ഗതിശീലമായ ജലത്തേയും തന്റെ പരാക്രമത്താൽ

വഹിച്ചുകൊിരിക്കുന്നു.

**3. സരാജസി പുരുഷ്ടുതം ഏകോ വൃത്രാണി ജഘ്നസേ**
**ഇന്ദ്ര ജൈത്രാ ശ്രവസ്യാ ച യന്തവേ ||**

ഇന്ദ്രാ! നീ അനേകരാൽ സ്തുതിക്കപ്പെടുന്നു. നീ പ്രകാശവാനാകുന്നു. ജയിക്കുന്നതിനും ശ്രവിക്കുന്നതിനും യോഗ്യമായ ധനത്തെ സ്വതന്ത്രമാക്കുന്നതിന് നീ വൃത്രാദികളായ രാക്ഷസൻമാരെ സംഹരിച്ചിരിക്കുന്നു.

**4. തം തേ മദം ഗൃണീമസി വൃഷണം പൃത്സു സാസഹിം |**
**ഉ ലോകകൃത്നു മദ്രിവോ ഹരിശ്രിയം ||**

ഹേ ഇന്ദ്രാ! നിന്റെ പരാക്രമത്തെ തന്നെ ഞങ്ങൾ സ്തുതിക്കുന്നു. അത് അഭീഷ്ടങ്ങൾ പൂർണ്ണമാക്കുന്നതും ശത്രുക്കളെ പരാജയപ്പെടുത്തുന്നതും അശ്വങ്ങളാൽ സേവായോഗ്യവുമാകുന്നു.

**5. യേ ന ജ്യോതീഷ്യായവേ മനവേ ച വിവേദിഥ |**
**മന്ദാനോ അസ്യ ബർഹിഷോ വിരാജസി ||**

ഹേ ഇന്ദ്രാ! നീ യാതൊരു തേജസ്സാൽ സൂര്യാദി ജ്യോതിസുകളെ പ്രകടമാക്കിയിരുന്നുവോ അതുവഴിയായി വളർന്നു നീ യജ്ഞകർമ്മം നടത്തുന്നവനായിത്തീർന്നു.

**6. തദദ്യാ ചിത്ത ഉക്ഥിനോ നുഷ്ടു വന്തി പൂർവഥാ |**
**വൃഷപത്നീരപോ ജയാ ദിവേ ദിവേ ||**

ഹേ ഇന്ദ്രാ! മുമ്പെന്നതുപോലെ ഇപ്പോഴും സ്തോതാക്കൾ നിന്റെ ബലത്തെ സ്തുതിക്കുന്നു. ജലസ്വാമിയായ പർജന്യനെ നീ മോചിപ്പിച്ചാലും.

**7. തവ ത്യദിന്ദ്രിമം ബൃഹത്തവ ശുഷ്മമുത ക്രതും |**
**വജ്രം ശിശാതി ധിഷണാ വരേണ്യം ||**

ഹേ ഇന്ദ്രാ! നിന്റെ പരാക്രമത്തേയും കർമ്മങ്ങളേയും വജ്രത്തെയും ഞങ്ങളുടെ സ്തുതികൾ തീക്ഷ്ണങ്ങളാക്കുന്നു.

**8. തബ ദൗരിന്ദ്ര പൗംസ്യ പൃഥിവീ വർധതി ശ്രവഃ |**
**ത്വാമാപ പർവതാസശ്ച ഹിന്വിരേ ||**

ഹേ ഇന്ദ്രാ! ആകാശം നിൻെറ ബലത്തേയും ഭൂമി നിന്റെ യശസ്സിനെയും അന്തരീക്ഷവും മേഘങ്ങളും നിന്റെ പ്രസന്നതയേയും വളർത്തുന്നു.

**9. ത്വാം വിഷ്ണുർബൃഹൻ ക്ഷയോ മിത്രോ ഗൃണാതി വരുണഃ |**
**ത്വം ശർധോ മദത്യനു മാരുതം ||**

ഹേ ഇന്ദ്രാ! പാലകരായ വിഷ്ണുമിത്രൻ വരുണൻ എന്നിവർ നിന്നെ സ്തുതിക്കുന്നു. മരുത്തുക്കൾ നിന്നോടുള്ള വിശ്വാസത്താൽ അധികാരത്തെ പ്രാപിക്കുന്നു.

**10. ത്വം വൃഷാ ജനാനാം മഹിഷ്ഠ ഇന്ദ്ര ജജ്ഞിഷേ |**
**സത്രാ വിശ്വാ സ്വപത്യാനി ദധിഷേ ||**

ഹേ ഇന്ദ്രാ! നീ വർഷണശീലനും ദാനശീലനുമാണ് നീ അപതിയുക്തമായ ധനത്തെ വഹിക്കുന്നവനുമാകുന്നു.

**11. സത്രാ ത്വം വരുഷ്ടുതം ഏകോ വൃത്രാണി തോശതേ |**
**നാന്യ ഇന്ദ്രാന്തക്കരണം ഭൂയ ഇന്വതി ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ സ്തുതിക്കപ്പെടുന്നു. നീ ഏകനായി തന്നെ അസംഖ്യം ശത്രുക്കളെ സംഹരിക്കുന്നു. ഇന്ദ്രനേക്കാൾ ഉപരിയായി പ്രവർത്തിക്കുന്നവർ ആരും തന്നെ ഇല്ല.

**12. യദിന്ദ്ര മൻമശസ്ത്വാ നാനാ ഹവന്ത ഊതയേ |**
**അസ്മാകേഭിനൃഭിരത്രാ വർജസ്യ ||**

ഹേ ഇന്ദ്രാ! രക്ഷയ്ക്കുവേി ഏതൊരു യുദ്ധത്തിൽ നീ പൂജിയ്ക്കപ്പെടുന്നുവോ ആ യുദ്ധത്തിൽ വിളിക്കപ്പെട്ട നീ ശത്രുബലത്തിന്റെ മേൽ വിജയം പ്രാപിക്കണമേ.

**13. അരം ക്ഷയായ നോ മഹേ വിശ്വാ രുപാണ്യാവിശൻ**
**ഇന്ദ്രം ജൈത്രായ ഹർഷയാ ശചീപതിം ||**

ഹേ സ്തോതാക്കളേ! നമ്മുടെ മഹാഗൃഹത്തിനു വേി സർവ്വത്ര വ്യാപ്തനും കർമ്മരക്ഷകനുമായ ഇന്ദ്രനെ വിജയയോഗ്യമായ ധനത്തിനു വേി സ്തുതിക്കുവിൻ.

## സൂക്തം 16

**ഋഷി കണ്വഗോത്രൻ ഇരിംബിരി ദേവത ഇന്ദ്രൻ ഛന്ദസ്സ് ഗായത്രി.**

**1. പ്ര സമ്രാജം ചർഷണീനാമിന്ദ്രം സ്തോതാ നവ്യം ഗീർഭിഃ |**
**നരം നൃഷാഹം മംഹിഷ്ഠം ||**

ഹേ സ്തോതാക്കളേ! മനുഷ്യരുടെ സാമ്രാട്ടായ ഇന്ദ്രനെ സ്തുതിക്കുവിൻ അവൻ സ്തുതികളാൽ പ്രശംസിതനും, ശത്രുക്കളെ ഭയപ്പെടുത്തുന്നവനും മറ്റുള്ളവരെ അപേക്ഷിച്ച് അധികം നൽകുന്നവനുമാകുന്നു.

**2. യസ്മിക്ഥാനി രണ്യന്തി വിശ്വാനി ച ശ്രവസ്യാ |**
**അപാമവോ ന സമുദ്രേ ||**

ജലതരംഗങ്ങൾ സമുദ്രത്തിൽ പ്രശോഭിക്കുന്നതുപോലെ തന്നെ സ്ത്രോത്രങ്ങളും ഹവിന്നാരവും ഇന്ദ്രനിൽ തിളങ്ങുന്നു.

**3. തം സൂഷ്ടുത്യാ വിവാസേ ജ്യേഷ്ഠരാജം ഭരേ കൃതിനും |**
**മഹോ വാജിനം സനിദ്യഃ ||**

ഞാൻ മനോഹരങ്ങളായ സ്തോത്രങ്ങളാൽ ധനപ്രാപ്തിക്കുവേി ഇന്ദ്രനെ സ്തുതിക്കുന്നു. ആ ഇന്ദ്രൻ ശ്രേഷ്ഠൻമാരായ എല്ലാ ദേവകളിലും സുശോഭിതനാകുന്നു. അവൻ പരാക്രമിയും രണക്ഷേത്രത്തിൽ മഹാബലം പ്രകടമാക്കുകയും ചെയ്യുന്നു.

**4. യസ്യാ നൂനാ ഗംഭീരാ മദാ ഉരവസ്തരുതാഃ ശൂരസാതൗ ||**

ഇന്ദ്രന്റെ ശക്തിമഹത്തും, ഗംഭീരവും, വിശാലവും ശത്രുക്കളിൽ നിന്നും രക്ഷപ്പെടുത്തുന്നതും, വീരൻമാരുടെ യുദ്ധത്തിൽ ഇമ്പം കൊള്ളുന്നതും ആകുന്നു.

**5. തമിദ്ധനേഷു ഹിതേഷ്വധിവാകായ ഹവന്തേ |**
**യേഷാമിന്ദ്രസ്തേ ജയന്തി ||**

ധനം കിട്ടേപ്പോൾ സ്തോതാക്കൾ തങ്ങളുടെ പക്ഷത്തേക്ക് ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. ഇന്ദ്രൻ ഏതുപക്ഷത്തായിരിക്കുന്നുവോ ആ പക്ഷം വിജയം വരിക്കുന്നു.

**6. തമിച്ച്യൗത്നൈ രര്യന്തി തം കൃതേഭിശ്ചർഷണയഃ |**
**ഏഷ ഇന്ദ്രോ വരിവസ്കൃത് ||**

തങ്ങളുടെ ശക്തിമത്തുക്കളായ സ്തോത്രങ്ങളാൽ ഇന്ദ്രനെത്തന്നെ ഈശ്വരനാക്കപ്പെടുന്നു. തന്റെ കർമ്മങ്ങളാൽ തന്നെ മനുഷ്യർ അവനെ ഈശ്വരനായാരാധിക്കുന്നു. ഇന്ദ്രൻ തന്നെ ധനത്തിന്റെ കർത്താ സ്വരൂപനാകുന്നു.

**7. ഇന്ദ്രോ ബ്രഹ്മേന്ദ്ര ഋഷിരിന്ദ്രഃ പുരു പുരുഹൂതഃ |**

**മഹാൻമഹീഭിഃ ശചീഭിഃ ||**

ഇന്ദ്രൻ അനേകരാൽ വിളിക്കപ്പെടുന്നു അവൻ തന്റെ മഹത്കർമ്മങ്ങളാൽ മഹാനായിത്തീർന്നിരിക്കുന്നു.

**8. സഃ സ്തോഭ്യഃ സഹവ്യഃ സത്യഃ സത്വാ തുവികൂർവിഃ ഏകശ്ചിത്സന്നിഭിഭൂതി ഃ |**

ഇന്ദ്രൻ സ്തുതികൾ ആഹ്വാനങ്ങൾക്കും യോഗ്യനാകുന്നു അവൻ ശത്രുക്കളെ പീഡിപ്പിക്കുന്നവനും, ബഹുകർമ്മാവും ഏകനായി അനേകം ശത്രുക്കളെ പാലായനം ചെയ്യിക്കുന്നവനും ആകുന്നു.

**9. തമർകേഭിസ്തം സമാഭിസ്തം ഗായ ത്രൈശ്ചർഷണയഃ ഇന്ദ്രം വർധന്തി ക്ഷിതയഃ**

ജ്ഞാനികളായ മനുഷ്യർ പൂജാസാധകങ്ങളായ സ്തോത്രങ്ങളാൽ ഇന്ദ്രനെ വളർത്തുന്നു. ഗായകൻമാർ മനോഹര സ്തോത്രങ്ങളാലും ഗായത്രി മുതലായ ഛന്ദസ്സുകളാലും യുദ്ധമന്ത്രങ്ങളാലും വളർത്തുന്നു.

**10. പ്രണേതാരം വസ്യോ അഛാ കർതാരം ജ്യോതി സമത്സു |**

**സാ സഹ്വാംസു യുധാമിത്രാൻ ||**

ആ ഇന്ദ്രൻ പ്രശംസായോഗ്യനും, ധനത്തെ പ്രകടമാക്കുന്നവനും രണക്ഷേത്രത്തിൽ പരാക്രമം പ്രദർശിപ്പിക്കുന്നവനും ആയുധത്താൽ ശത്രുക്കളെ പരാജയപ്പെടുത്തുന്നവനും ആകുന്നു.

**11. സ നഃപപ്രിഃ പാരയാതി സ്വസ്തി നാവാ പുരൂഹുത | ഇന്ദ്രോ വിശ്വാ അതി ദ്വിഷഃ ||**

ആ ഇന്ദ്രൻ എല്ലാകർമ്മങ്ങളോടു കൂടിയവനും അനേകരാൽ വിളിക്കപ്പെടുന്നവനും ആകുന്നു. അവൻ നമ്മെ തന്റെ രക്ഷരൂപമാകുന്ന തോണി വഴിയായി ശത്രുക്കളുടെ തടസങ്ങളുടെ മറുകരയ്ക്കു എത്തിക്കണേ.

**12. സത്വം ന ഇന്ദ്ര വാജേഭിർദശസ്യ ച ഗാതുയാച | അഛാ ച നഃ സുമ്നം നേഷി ||**

ഹേ ഇന്ദ്രാ! നിന്റെ ബലത്താൽ ഞങ്ങൾക്കു ധനം നൽകേണമേ. ഞങ്ങൾക്ക് ശ്രേഷ്ഠമായ മാർഗ്ഗം നൽകേണമേ. ഞങ്ങൾക്കു സുഖവും നൽകേണമേ.

## സൂക്തം 17

**ഋഷി കണ്വഗോത്രൻ ഇരിംബരി. ദേവത ഇന്ദ്രൻ ഛന്ദസ്സ് ഗായത്രീ**

**1. ആ യാഹി സുഷുമാ ഹിത ഇന്ദ്ര സോമം പിബാ ഇമം | ഏദം ബർഹി സദോ മമ ||**

ഹേ ഇന്ദ്രാ! നിനക്കുവേ പിഴിഞ്ഞുവച്ചിരിക്കുന്ന സോമപാനം ചെയ്യുവാൻ ഇവിടെ വരേണമേ. ഞാൻ തയ്യാറാക്കിയിരിക്കുന്ന ഈ കുശാസനത്തിൽ വിരാജിതനായി സോമരസം പാനം ചെയ്താലും.

**2. ആ ത്വാ ബ്രഹ്മയുജ ഹരീ വഹതാമിന്ദ്ര കേശിനാ | ഉപ ബ്രഹ്മാണി നഃ ശൃണുഃ ||**

ഹേ ഇന്ദ്രാ! മരുത്തുക്കളാൽ പൂട്ടപ്പെട്ട മനോഹരമായ രോമങ്ങളോടു കൂടിയ അശ്വങ്ങൾ നിന്നെകൊവരണേ. നീ ഈ യജ്ഞസ്ഥാനത്താഗതനായി ഞങ്ങളുടെ സുന്ദരമായ സ്തോത്രങ്ങൾ ശ്രവിക്കേണമേ.

**3. ബ്രഹ്മാസ്ത്വാ വയ യജദ സോമപാമിന്ദ്ര സോമിനഃ | സുതാവന്തോ ഹവാമഹേ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ സ്തുതിക്കുന്നവരാകുന്നു. ആഹ്വനീയമായ സ്തോത്രങ്ങളാൽ നിന്നെ ആഹ്വാനം ചെയ്യുന്നു. ഞങ്ങൾ അഭിഷ്ടിതമായ സോമത്തോടുകൂടിയവരാണ്. സോമം പാനം ചെയ്യുന്നവനായ ഇന്ദ്രനെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**4. ആ നോ യാഹി സുതാവതോ സ്മാകം സുഷ്ടുതീരുപ | പിഗാ സുശിപ്രിന്നന്ധസഃ ||**

ഹേ ഇന്ദ്രാ! സോമവാൻമാരായ ഞങ്ങളുടെ അടുക്കലേയ്ക്ക് നീ വരേണമെ ശ്രേഷ്ഠമായ ഞങ്ങളുടെ സ്തോത്രങ്ങൾ സ്വീകരിക്കേണമേ. മനോഹരമായ മകുടം ധരിച്ചിരിക്കുന്ന നീ അന്നം ഭക്ഷിച്ചാലും.

**5. ആ തേ സിഞ്ചാമി കുക്ഷ്യോരനു ഗാത്രാ വി ധാവതു ഗൃഭായ ജിഹ്വതാ മധു ||**

ഹേ ഇന്ദ്രാ നിന്റെ ഇടത്തും വലത്തുമുള്ള ഉദരങ്ങളെ സോമത്താൽ ഞാൻ പരിപൂർണ്ണമാക്കുന്നു. ആ സോമം നിന്റെ ശരീരത്തെ പരിപുഷ്ഠമാക്കണേ. നീ ഈ മധുരമയമായ സോമരസത്തെ നക്കിക്കുടിച്ചാലും.

**6. സ്വാദുഷ്ടേ അസ്തു സം സുദേ മധുമാന്തന്വേ തവ | സോമഃ ശമസ്തുതേ ഹൃദേ ||**

ഹേ ഇന്ദ്രാ നിന്റെ ദാനശീലമായ ശരീരത്തിനുവേ ഈ സോമം മധുരയുക്തമാക്കി വെച്ചിരിക്കുന്നു. ഈ സോമൻ നിനക്കുവേ സോമം ഉല്പാദിപ്പിക്കുന്നവനാകണേ.

**7. അയമുത്വാ വിചർഷണേ ജനീരിവാഭി സംവൃതഃ | പ്ര സോമ ഇന്ദ്ര സർപതു ||**

ഹേ ഇന്ദ്രാ! ഈ സോമം സുരക്ഷിതമായിരിക്കുന്നതിനുവേ എല്ലാ ഭാഗങ്ങളും മറച്ചുകൊ് അങ്ങയുടെ സമീപത്തണയണേ.

**8. തുവിഗ്രീവോ വപോദരഃ സുബാഹുരന്ധസോ മദേ | ഇന്ദ്രോ വൃത്രാണി ജിന്ധതേ ||**

വിശാസ്കന്ധനും സ്ഥൂലിച്ച ഉദരത്തോടുകൂടിയവനും അജാന ബാഹുക്കളോടു കൂടിയവനുമായ ഇന്ദ്രൻ അന്നരൂപമായ സോമത്തിന്റെ പ്രഭാവത്താൽ വൃത്രാദികളായ സകല അസുരവർഗ്ഗത്തേയും സംഹരിക്കുന്നു.

**9. ഇന്ദ്ര പ്രേഹി പുരസ്ത്വം വിശ്വസ്യേശാന ഓജസാ | വൃത്രാണി വൃത്രഹഞ്ജഹി ||**

ഹേ ഇന്ദ്രാ! നീ ബലത്തിന്റെ കാരണരൂപനും ലോകത്തിന്റെ ഈശ്വരനുമാകുന്നു. നീ ഞങ്ങളുടെ അടുക്കൽ വരേണമേ. ഹേ വൃത്രഹന്താവായ ഇന്ദ്രാ നീ ശതുക്കളെയും അസുരസേനകളെയും സംഹരിക്കേണമേ.

**10. ദീർഘസ്തേ അസ്ത്വങ്കുശോയേനാ വസു പ്രയഛസി |**

**യത്രമാനായ സുന്വതേ ||**

ഹേ ഇന്ദ്രാ! നീ യാതൊരങ്കുശത്താൽ യജമാനനു ഐശ്വര്യം പ്രദാനം ചെയ്യുന്നുവോ, നിന്റെ ആ അങ്കുശം (തോട്ടി) മഹത്തായതാകുന്നു.

**11. അയം ത ഇന്ദ്ര സോമോ നിപൂതോ അധി വർഹിഷി | ഏഹി മസ്യ ദ്രവാ പിബാ ||**

ഹേ ഇന്ദ്രാ! വേദിയിൽ വരിച്ചിരിക്കുന്ന ദർഭയിൽ നിനക്കുവേ വിശേഷരീതിയിൽ തയ്യാറാക്കിയിരിക്കുന്ന സോമം വെച്ചിരിക്കുന്നു. നീ അതിന്റെ അടുക്കൽ വന്ന് ശീഘ്രം അതു പാനം ചെയ്യണമേ.

**12. ശചിഗോ ശാചി പൂജനായ രണായ തേ മുതിഃ |**
**ആ ഖണ്ഡല പ്ര ഹൂയസേ ||**

ഹേ പ്രസിദ്ധമായ പൂജയ്ക്കനുയോഗ്യനായ ഇന്ദ്രാ നിന്നെ പ്രസാദിപ്പിക്കുന്നതിനായി സോമം പഴിഞ്ഞിരിക്കുന്നു. ഹേ ശത്രുഹന്താവേ! നീ ശ്രേഷ്ഠങ്ങളായ സ്തുതികളാൽ വിളിക്കപ്പെടുന്നു.

**13. യസ്തേ ശൃങ്ഗ വൃഷോ നപാത് പ്രണപാത്കണ്ഡ പായ്യഃ |**
**ന്യസ്മിന്ദ്ധ്ര ആ മനഃ ||**

ഹേ ഇന്ദ്രാ! നിന്റെ രക്ഷ കുണ്ഡപായി യജ്ഞമാകുന്നു. അതിൽ ഋഷിഗണം ലീനരായിരിക്കുന്നു.

**14. വാസ്തോഷ്പതേ ധ്രുപാ ക്തൂണാം സത്ര സോമ്യാനം |**
**ദ്രപ്സോ ഭേത്താ പുരാം ശശ്വതീലാമിന്ദ്രോ മുനീനാം സഖാ ||**

ഹേ ഇന്ദ്രാ! നീ ഗൃഹപതിയാണല്ലോ. വീടിന്റെ ആധാരസ്തംഭം ഉറപ്പുള്ളതാകട്ടെ ഞങ്ങൾ സോമത്തന്റെ ഉടമകളാകുന്നു. ഞങ്ങളുടെ സ്കന്ധങ്ങളിൽ രക്ഷക്കുവേിയ സാമർത്ഥ്യം ഉായിരിക്കണേ. സോമപാനിയും അനേകം നഗരങ്ങൾ തകർത്തവനുമായ ഇന്ദ്രൻ ഋഷിമാരുടെ സഖാവാകണേ.

**15. പൃദാകുസ്യനു യയജതോ ഗവേഷണ ഏകഃ സന്നഭി ഭൂയസഃ |**
**ഭൂർണിവശ്വ നയുത്തുജാ പുരോഗ്യന്ദ്രേ സോമസ്യ പീതയേ ||**

ഉയർന്ന ശിരസ്സോടുകൂടിയവനും യജ്ഞയോഗ്യമായ ഗോക്കളെ പ്രകടമാക്കിയവനുമായ ഇന്ദ്രൻ ഏകനായി അസംഖ്യം ശത്രുക്കളെ സംഹരിയ്ക്കുന്നു. സ്തുതിക്കുന്നവരായ ജ്ഞാനികൾ ആ വിശാലകായനായ ഇന്ദ്രനെ സോമപാനത്തിനായി നമ്മുടെ മുമ്പിൽ കൊുവരണേ.

## സൂക്തം 18

**ഋഷി ഇരിംബിരി ദേവത ആദിത്യൻ, അശ്വിനികൾ സൂര്യൻ വായു ഛന്ദസ്സ് ഉഷ്ണിക.**

**1. ഇദം ഹ നൂനമേഷാം സുമ്നംഭിക്ഷേത വർത്യഃ |**
**ആദിത്യാനാമപൂർവ്യ സവീമനി ||**

ഇപ്പോൾ മനുഷ്യർ ആദിത്യൻമാരുടെ മുമ്പിൽ അപൂർണ്ണമായ സുഖത്തെ പരിപൂർണ്ണമാക്കുന്നതിനുവേി യാചിക്കണേ.

**2. അനർവാണോ ഹ്യേഷാം പന്ഥാ ആദിത്യാനാം |**
**അടബ്ബാഃ സന്തി പായവഃ സൂഗേവൃധഃ ||**

ഈ ആദിത്യൻമാരുടെ മാർഗ്ഗം ഹിംസാരഹിതമാകുന്നു. ആ മാർഗ്ഗങ്ങളിൽ കൂടി മറ്റാരും നടക്കുന്നില്ല. അവൻ പരിപാലകനും സർവ്വസുഖങ്ങളെ വളർത്തുന്നവനും ആകുന്നു.

**3. തത്സുനഃ സവിതാ ഭഗോ മിത്രോ അര്യമാ |**
**ശർമ യച്ഛന്തു സപ്രഥോ യദിമഹേ ||**

നാം അത്യന്തം സുഖപ്രദമായ ഏതൊരു സുഖത്തെ ഗ്രഹിക്കുന്നുവോ ആ സുഖത്തെ സവിതാവും ഭഗനും മിത്രനും വരുണനും അയർമാവും നമുക്കു നൽകണേ.

**4. ദേവേഭിർദേവ്യദിതേ രിഷ്ടഭർമന്നാ ഗഹി |**
**സ്മത്സൂരിഭഃ പുരുപ്രിയേ സൂശർമഭിഃ ||**

ഹേ ദേവകളേ! അഹിംസയെ വളർത്തുന്നവളും ബഹുപ്രിയയുമായ അദിതി വിദ്വാൻമാരോടും സുഖദായകരായ ദേവകളോടും കൂടി സുഖസ്വരൂപരായി ഇവിടെ വരുമാറാകണേ.

**5. തേ സി പുത്രാസോ അദിതേർവിദേർവേ ഷാംസി യോതവേ |**
**അഹോശ്ചിദൂരുചക്രയോ നേഹസഃ ||**

അദിതിയുടെ ബന്ധുക്കളും പുത്രാദികളും വൈരികളെ ഓടിക്കുവാനറിയുന്നു. മഹാകർമ്മങ്ങളനുഷ്ഠിക്കുന്നവരും രക്ഷിക്കുന്നതിൽ സമർത്ഥരും ആയ അവരെല്ലാം നമ്മെ പാപങ്ങളിൽ നിന്നും രക്ഷിക്കുവാനും അറിയുന്നു.

**6. അദിതിർനോ ദിവാ പശുമദിതർനക്ത മദ്വയഃ |**
**അദിതിഃ പാത്വംഹസഃ സദാവൃധാ ||**

രാവും പകലും മാതാവായ അദിതി നമ്മുടെ പശുക്കളെ രക്ഷിക്കണേ. അതുപോലെ തന്നെ അവർ തങ്ങളുടെ മഹാരക്ഷകളാൽ നമ്മെ പാപങ്ങളിൽ നിന്നും രക്ഷിയ്ക്കുമാറാകണേ.

**7. ഉതസ്യാ നോ ദിവാ മതിരദിതിരുത്യാ ഗമത് |**
**സാ ശന്താതി മയസ്കരദപ ബ്രിധഃ ||**

സ്തുതിക്കു പാത്രമായ അദിതി തന്റെ രക്ഷകൾ സഹിതം ആഗതയാകണേ. അവർ ശാന്തി പ്രദമായ സുഖം നമുക്കു പ്രദാനം ചെയ്യണേ. ആ ദേവി വിഘ്നകാരികളെ നമ്മിൽ നിന്നും അകറ്റണേ.

**8. ഉതത്യാ ദൈവ്യാഭിഷജാ ശംനഃ കരതോ അശ്വിനാ |**
**യുയുയാതാവിതോ രപോ അപസ്രിധഃ ||**

ദേവകളുടെ വിഖ്യാതചികിത്സകരായ അശ്വിനികുമാരൻമാർ നമുക്കു സുഖം പ്രദാനം ചെയ്യണേ പാപങ്ങളെ നമ്മുടെ അടുത്തു നിന്നും അകറ്റണേ. ശത്രുക്കളെ പലായനം ചെയ്യിക്കണേ.

**9. ശമഗ്നിരഗ്നിഭിഃ കരച്ചം നസ്തപതു സൂര്യഃ |**
**ശം വാതോ വാത്വരപാ അപസ്രിധഃ ||**

അഗ്നിദേവൻ നമ്മുടെ രോഗങ്ങൾ ശമിപ്പിക്കണേ. സൂര്യന്റെ താപം സുഖദായകമാകണേ. വായു പാപതാപരഹിതനായി പ്രവഹിക്കുകയും സകല ശത്രുക്കളേയും ഓടിക്കുകയും ചെയ്യണേ.

**10. അപാമീവാമഷ സ്രിധമപ സേധത ദുർമതിം |**
**ആദിത്യാസോ യുയോതനാ നോ അംഹസഃ ||**

ഹേ ആദിത്യൻമാരേ! രോഗങ്ങളെ ഞങ്ങളിൽ നിന്നും അകറ്റണമേ. ശത്രുക്കളേയും ദൂരേക്കോടിക്കേണമേ. ദുർഗതികളേയും അകറ്റി നിർത്തണേ.

**11. യുയോതാ ശരുമസ്മദാം ആദിത്യാസ ഉതാമതിം |**
**ഋധഗ് ദ്വേഷഃ കൃണതു വിശ്വവേദസഃ ||**

ഹേ ആദിത്യൻമാരേ! ഹിംസകൻമാരേയും കുബുദ്ധികളേയും ഞങ്ങളിൽ നിന്നും അകറ്റേണമേ.

**12. തത്സു ന ശർമ യച്ഛതാദിത്യാ യൻമുമോചതി |**
**ഏനസ്വന്തം ചിദേന സഃ സുദാനവഃ ||**

മഹാദാനികളായ ആദിത്യൻമാരേ! പാപികളായ സ്തോതാക്കളുടെയും പാപങ്ങളെ പോക്കുന്ന നിങ്ങളുടെ സുഖത്തെ ഞങ്ങൾക്കും നൽകേണമേ.

**13. യോ നഃ കശ്ചിദിരിക്ഷതി രക്ഷസ്ത്വേന മർത്യഃ |**
**സ്വൈഃഷ ഏവൈ രിരിഷീഷൂ യുർജനഃ |**

യാതൊരുത്തൻ രാക്ഷസവൃത്തിയാൽ ഞങ്ങളെ വധിക്കുവാനാഗ്രഹിക്കുകയാണെങ്കിൽ അവൻ സ്വന്തം കർമ്മത്താൽ

കൊല്ലപ്പെടട്ടേ. അവൻ ഞങ്ങളിൽ നിന്നും അകന്നു വസിക്കണേ.

**14. സമിത്തമഘമശ്നവദ്ദുശസം മർത്യരിപും |**

**യോ അസ്മത്രാ ദുഹണാവാം ഉപദ്വയുഃ ||**

കുപ്രസിദ്ധനായ വ്യക്തി കാപട്യനും ഞങ്ങളുടെ ഹിംസകനുമാണെങ്കിൽ അവനേ അവന്റെ പാപം തന്നെ നശിപ്പിക്കണേ.

**15.പാകത്രാ സ്ഥന ദേവാ ഹൃത്സു ജാനീഥ മർത്യം |**

**ഉപദ്വയു ചാദ്വയും ച വസവഃ ||**

മനോഹരമായ വാസസ്ഥാനം നൽകുന്നവനായ ആദിത്യൻമാരേ! നിങ്ങൾ പൂർണ്ണജ്ഞാനികളാണല്ലോ. അതിനാൽ നിങ്ങൾ വഞ്ചകൻമാരേയും രിനത്തിൽ പെട്ടവരേയും ശരിയ്ക്കു മനസ്സിലാക്കുന്നു.

**16. ആ ശർമ പർവതാനാ മോതാ വൃണീഹേ |**

**ദ്യാവാക്ഷാമാരേ അസ്മദ്രപ സ്കൃതം ||**

ഞങ്ങൾ പർവ്വതത്തിന്റെയും ജലത്തിന്റെയും സുഖം ആഗ്രഹിക്കുന്നു. ഹേ ആകാശമേ ഭൂമിയേ! നിങ്ങൾ പാപങ്ങളെ ഞങ്ങളിൽ നിന്ന് വളരെ അകലത്താക്കണമേ.

**17. തേ നോ ഭദ്രേണ ശർമണാ യുസ്മാകം നാവാവസവഃ |**

**അതി വിശ്വാനി ദുരിതാ പിപർതന ||**

ഹേ വാസഗൃഹം ദാനം ചെയ്യുന്ന ആദിത്യൻമാരേ! നിങ്ങളുടെ മനോഹരവും സുഖദായകവുമായ തോണിവഴിയായി എല്ലാ പാപങ്ങളുടേയും മറുകരകടത്തണമേ.

**18. തുചേ തനായ തത്സു യജ്ഞോഹീലോവീ |**

**അന്തര ആദിത്യാ അസ്തി മൃളത ||**

ഹേ ആദിത്യൻമാരേ! നിങ്ങൾ മഹാ തേജസ്വികളാണല്ലോ. ഞങ്ങളുടെ സന്താനങ്ങൾക്കു ദീർഘായുസ്സു കൊടുക്കണമേ.

**19. യുഷ്മേ ഇദ്വോ അപി ഷ്മസി സജാത്യേ |**

ഹേ ആദിത്യൻമാരേ! ഞങ്ങൾ നടത്തുന്ന യജ്ഞം നിങ്ങളുടെ അടുക്കലാകുന്നു. നിങ്ങൾ ഞങ്ങൾക്കു സുഖം നൽകു. നിങ്ങളുടെ ബന്ധുത്വം പ്രാപിക്കുന്ന ഞങ്ങൾ എപ്പോഴും നിങ്ങളുടേതായിരിക്കും.

**20. ബൃഹദ്വരൂഥം മരുതാം ദേവം സ്രാതാർമശ്വിനാ |**

**മിത്രമീമഹേ വരുണം സ്വസ്തയേ ||**

മരുത്തുക്കളുടെ പാലകനായ ഇന്ദ്രാ! അശ്വിനികളേ! മിത്രാ! വരുണാ! ഞങ്ങൾ നിങ്ങളോട് ശീതതാപാദി നിവാരകമായ ഭവനത്തെ സ്വന്തം സുഖത്തിനുവേി യാചിക്കുന്നു.

**21. അനേ ഹോ മിത്രാർയമന്ന്യവദ്വരുണ ശംസ്യം |**

**ത്രിവരുഥ മരുതോ യന്ത നശ്ഛർദിഃ ||**

ഹേ മിത്രാ! അയർമാ! വരുണാ! മരുത്തുക്കളേ! നിങ്ങൾ സ്വയം സ്തുത്യരാണല്ലോ. ശീത, താപ, വർഷാദിനിവാരകവും, സന്താനയുക്തവും ആയ ഗൃഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**22. യേ ച്ഢിമൃത്യു ബന്ധവ ആദിത്യാ മനവഃ സ്മസി |**

**പ്ര സൂ ന ആയുർജീവ സേതിരേതന ||**

ഹേ ആദിത്യൻമാരേ! യാതൊരുത്തൻ മരണത്തോടടുക്കുന്നുവോ (അല്പായുസ്സ്) അവന്റെ ജീവതത്തിനുവേി ആയുസ്സിനെ ദീർഘിപ്പിക്കേണമേ.

## സൂക്തം 19

**ഋഷി കണ്വഗോത്രൻ സോഭരി ദേവത അഗ്നി ആദിത്യൻ ഛന്ദസ്സ് ഉഷ്ണിക പംക്തി ബൃഹതി**

**1. തം ഗുർധയാ സ്വർണരം ദേവാസോ ദേവമാരതിം ദധാന്വിരേ |**

**ദേവത്രാ ഹവ്യമോഹിരേ ||**

ഹേ സ്തോതാക്കളേ! അഗ്നിയെ സ്തുതിക്കുവിൻ. അവനാണല്ലോ സ്വർഗ്ഗത്തിൽ ഹവിസ്സ് എത്തിക്കുന്നത് ഋത്വിക്കുകൾ തങ്ങളുടെ സ്വാമിയായ അഗ്നിയുടെ സന്നിധിയിലെത്തി ദേവകൾക്കായി പുരോഡാശാദികൾ നൽകുന്നു.

**2. വിഭ്രതരാതിം വിപ്ര ചിത്രശോചിഷമഗ്നി മീലിഷ്വയന്തുരം |**

**അസ്യ മേധസ്യ സോമ്യസ്യ സോഭരേ പ്രേമധ്വരായ പൂർവ്യം ||**

ഹേ ജ്ഞാനികളേ! ഈ അത്ഭുതതേജസ്സോടു കൂടിയവനും ദാനിയും യജ്ഞത്തിൻെറ നിയന്താവും സോമസാധ്യനും പ്രാചീനനുമായ അഗ്നിയെ യജ്ഞത്തിനുവേി സ്തുതിക്കുവിൻ.

**3. യജിഷ്ഠ്യാ വവൃമഹേ ദേവം ദേവത്രാ ഹോതാരമ മർത്യം |**

**യജ്ഞസ്യ സുക്രതും ||**

ഹേ അഗ്നേ! നീ യാജ്ഞികരിൽ ശ്രേഷ്ഠനും ദേവകളിൽ അത്യന്തം ദാനാദിഗുണയുക്തനും അവിനാശിയും ഹോതാവും യജ്ഞകർത്താവും ആകുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**4.ഊർജോ നപാതം സുഭഗം സുദീദിതിമഗ്നി ശ്രേഷ്ഠയോ ചിഷം |**

**സ നോ മിത്രസ്യ വരുണസ്യ സോ അപാമാ സുമ്നം യക്ഷതേ ദിവി ||**

അന്നദാതാവും സുന്ദരനായ ധനദാതാവും അത്യന്തം തേജസ്വിയും പ്രകാശയുക്തനുമായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു. അവൻ നമ്മുടെ ദേവക്കുവേി നടത്തപ്പെടുന്ന യജ്ഞത്തിൽ മിത്രനും വരുണനും വേി യജ്ഞം നടത്തണേ.

**5. യഃ സ ഗിധായ അഹൂതി യോ വേദേന ദദാസ മർതോ അഗ്നയേ |**

**യോ നമസാ സ്വധ്വരഃ ||**

യാതൊരുത്തൻ സമിധാദികളാൽ അഗ്നിയെ സേവിക്കുന്നുവോ യാതൊരുത്തൻ അഹൂതികളാൽ അഗ്നിയെ സേവിക്കുന്നുവോ യാതൊരുത്തൻ വേദാധ്യയനത്താലോ യജ്ഞാദി അനുഷ്ഠാനങ്ങളാൽ നമസ്കാര പൂർവ്വം അഗ്നിയെ സേവിക്കുന്നുവോ.

**6. തസ്യേദർവന്തോ രഹയന്ത ആശവസ്തസ്യ ദ്യുമ്നിതമം യശഃ |**

**ന തമംഹോ ദേവ കൃത കുതശ്ചന ന മർത്യകൃതം നശത് ||**

അവന്റെ അശ്വങ്ങൾ അതികായൻമാരും ദ്രുതഗാമികളമായിരിക്കും. അവനെ ദൈവീകമോ ദൈഹീകമോ ആയ താപം ബാധിക്കുകയില്ല.

**7. സ്വഗ്നയോ വോ അഗ്നിഭിഃ സ്യാമ സ്തനോ സഹസ ഊർജാ പതേ |**

**സൂവീരസ്ത്വ മസ്മയുഃ ||**

ഹേ ബലപുത്രനും അന്നാദികളുടെ സ്വാമിയുമായുള്ളവനേ! ഞങ്ങൾ അങ്ങയുടെ ഗാർഹ്യപത്യാദികളായ അഗ്നിപുംജങ്ങൾ വഴി സുന്ദരാഗ്നികളായിത്തീരും. നീ വീരൻമാരോടുകൂടിയവനായി ഞങ്ങളുടെ രക്ഷകനായാലും.

**8. പ്രശംസ മാനോ അതിഥിർന മിത്രയോഗ്നീരഥോ ന വേദ്യഃ**

|

ത്വേ ക്ഷേമാസോ അപി സന്തി സാധവസ്ത്വം രാജാ രയീണാം ||

അതിഥികൾക്കു തുല്യം ബഹുമാന്യനായ അഗ്നിദേവൻ സ്തോതാക്കളുടെ ഹിതസാധകനും, രഥത്തിനുതുല്യം ഫലദായകനുമാകുന്നു. അഗ്നിദേവാ! നീ രക്ഷായുക്തനും, സമ്പത്തുകളുടെ ഉടയവനുമാണല്ലോ. |

9. സോ അദ്ധാ ദാശ്വധ്വരോഗ്നേ മർതഃ സുഭഗ സ പ്രശംസ്യഃ

സ ധീഭിരസ്തു സനിതാ ||

ഹേ അഗ്നേ! യജ്ഞകർമ്മങ്ങളോടുകൂടിയ മനുഷ്യൻ സത്യഫലത്തോടുകൂടിയവനുമാകുന്നു. അവൻ സ്തോത്രങ്ങളാൽ നിന്നെ ഭയക്കുന്നവനാകുന്നു.

10. യസ്യ ത്വമൂർധ്വോ അധ്വരായ തിഷ്ഠസി ക്ഷയദ്വീരഃ സ സാധതേ |

സോ അർവദ്ഭിഃ സനിതാ സ വിപന്യുഭിഃ സശൂരൈഃ സനിതാ കൃത ||

ഹേ അഗ്നേ! യാതൊരു യജമാനന്റെ യജ്ഞകർമ്മം നടത്തുന്നതിനായി നീ ഉച്ചസ്ഥാനത്തിരിക്കുന്നുവോ ആ യജമാനൻ ഗൃഹത്തോടുകൂടിയവനും വീരപുത്രൻമാരോടു കൂടിയവനുമായി തന്റെ എല്ലാ കാര്യങ്ങളും സാധിച്ചെടുക്കുന്നു. അവൻ അശ്വങ്ങൾ വഴിയായി വിജയം പ്രാപിക്കുകയും വിദ്വാൻമാരാലും വീരൻമാരാലും യുക്തനായി ന്യായം നടത്തുന്നവനായും ഭാവിക്കുന്നു.

11. യസ്യാഗ്നിർവപുർഗൃഹേ സ്തോമം ചനോ ദധീത വിശ്വവാര്യഃ |

ഹവ്യാവാ വേവിഷദ്വിഷഃ ||

ആ അഗ്നി ആരുടെ ഭവനത്തിൽ നിന്നും സ്തോത്രവും അന്നവും സ്വീകരിക്കുന്നുവോ ആ യജമാനന്റെ ഹവിസ്സുകൾ ദേവകളെ പ്രാപിക്കുന്നു.

12. വിപ്രസ്യ വാ സ്തുവതഃ സഹസോ യഹോ മക്ഷൂതമസ്യ രാതിഷു |

അവോദേവമുപരിമർത്യ കൃധി വസോ വിവിദുഷോ വചഃ ||

ഹേ അഗ്നേ! നീ ബലപുത്രനും നിവാസ പ്രദനുമാകുന്നു. ജ്ഞാനികളുടെ സ്തോത്രങ്ങളിലെ വചനങ്ങളെ ദേവകളക്കു താഴെയും മനുഷ്യരുടെ മുകളിലുമായിട്ടുയർത്തേണമേ.

13. യോ അഗ്നിം ഹവ്യദാത ഭിർനമോ ഭിർവാ സുദക്ഷമാ വിവാസതി |

ഗിരാ വാജിരശോചിഷം ||

ആര് ഹവിർദാനത്താലും നമസ്ക്കാരത്താലും തേജോമയനായ അഗ്നിയെ പൂജിക്കുന്നുവോ ആ യജമാനൻ സമൃദ്ധിയെ പ്രാപിക്കുന്നു.

14. സമിധാ യോ നിശിതി ദാശദദിതി ധാമഭിരസ്യ മർത്യഃ |

വിശ്വേത്സ ധീഭിഃ സുഭഗോ ജനാം അതി ദ്യുമ്ന തദന ഇവ താരിഷത് ||

ഈ അഗ്നിയെ ആര് സമിധാദികളാൽ പൂജിക്കുന്നുവോ അവൻ തന്റെ കർമ്മങ്ങളാൽ തന്നെ ഭാഗ്യവാനായി സർവ്വജനങ്ങളേയും ജലമെന്നതുപോലെ കടന്നുപോകുന്നു.

15. തദഗ്നേ ദ്യുമ്നമാ ഭര യത് സാസഹത്സദനേ കം ചിദത്രിണം |

മന്യും ജനസ്യ ദൂഢ്യഃ ||

ഹേ അഗ്നേ! യാതൊരു ധനം ഗൃഹത്തിലെ അസുരവൃത്തികളേയും പാപികളായ മനുഷ്യരുടെ ക്രോധത്തെയും അമർത്തുമോ ആ ധനവുമായി വന്നാലും.

16. യേന ചഷ്ടേ വരുണോ മിത്രോ അര്യമാ യേന നാസത്യ ഭഗഃ |

വയം തത്തേ ശവസാ ഗാതുവിത്തമാ ഇന്ദ്രത്വോതാ വിധേമഹി ||

അഗ്നിയുടെ യാതൊരു തേജസ്സാൽ വരുണനും, മിത്രനും അയർമാവും പ്രകാശം പരത്തുന്നുവോ യാതൊരു തേജസ്സാൽ അശ്വിനികളും ഭഗനും പ്രകാശം നൽകുന്നുവോ ഹേ അഗ്നേ! ഞങ്ങൾ ഇന്ദ്രനിൽ നിന്നും പ്രാപിച്ചതും ബലത്താൽ അധികം സ്തോത്രങ്ങളോടുകൂടിയതും ആയ തേജസ്സിനെ സേവിയ്ക്കുന്നു.

17. തേ ധേദഗ്നേ സ്വാധ്യോ യേ ത്വാ വിപ്ര നിദധിരേ നൃചക്ഷസം |

വിപാസോ ദേവ സുക്രതും ||

ഹേ ജ്ഞാനിയും തേജസ്വിയും ആയ അഗ്നിദേവാ! മേധാവികളായ യാതൊരുത്തൻ മനുഷ്യരുടെ സാക്ഷിരൂപനും ശ്രേഷ്ഠകർമ്മാവും ആയ ആളുകളെ സ്വീകരിക്കുന്നുവോ അവർ ശ്രേഷ്ഠ്യനികളായിത്തീരുന്നു.

18. ത ഇദ്വേദിം സുഭഗ ത ആഹുതിം തേ സോതുപക്രിരേ ദിവി |

ത ഇദ്വാജേഭിർജി ഗ്യുർമഹദ്ധനം യേ ത്വേ കാമം ന്യേരിരേ ||

ഹേ അഗ്നേ! ആര് നിനക്കുവേി വേദിയൊരുക്കുന്നുവോ ആഹൂതി നൽകുന്നുവോ സോമം പിഴിഞ്ഞെടുക്കുന്നുവോ ആ യജമാനൻ സ്വന്തം ബലത്താൽ തന്നെ അഭിഷ്ട ധനം പ്രാപിക്കുന്നു.

19. ഭദ്രോ നാ അഗ്നിരാഹുതോ ഭദ്രാ രുതിഃ സുഭഗ ഭദ്രോഃ അധ്വരഃ |

ഭദ്രാ ഉത പ്രശസ്തയഃ ||

ആ ആഹൂതി അഗ്നിയ്ക്കു സുഖപ്രദമാകണേ. ഹേ അഗ്നേ! നിൻെറ ദാനം ഞങ്ങൾക്കു മംഗളകാരിയാകണേ. ഈ യജ്ഞവും സ്തുതികളുമെല്ലാം കല്യാണകാരികളാകണേ.

20. ഭദ്രംമനഃ കൃണുഷ്വ വൃത്രതൂര്യേ യേനാ സമത്സു സാസഹഃ |

അവ സ്ഥിരാ തനുഹി ഭൂരി ശധതാം വനേമാ നേ അഭിഷ്ടിഭിഃ ||

യുദ്ധത്തിൽ നിന്റെ മനസ്സ് നൻമയെ വഹിയ്ക്കണേ. ഹേ അഗ്നേ! മനസ്സുവഴിയായി തന്നെ നീ ശത്രുക്കളെ കീഴമർത്തേണമേ. ശത്രുക്കളുടെ ചുരങ്ങളെ കീഴ്പ്പെടുത്തണേ. ഞങ്ങൾ നിന്നിൽ നിന്നും ഇഷ്ടഫലം നേടണേ.

21. ഈളേ ഗിരാ മനുർഹിതയം ദേവാ ദൂതമരതിം ന്യേരിരേ |

യജിഷ്ഠം ഹവ്യവാഹനം ||

പ്രജാപതിയാൽ സ്ഥാപിതമായ അഗ്നിയെ ഞാൻ പൂജിയ്ക്കുന്നു അവൻ ഏറ്റവുമധികം യജ്ഞം നടത്തുന്നവനും ഹവിസ്സ് വാഹകനും ഈശ്വരരൂപനും ആകുന്നു. ദേവകൾ അദ്ദേഹത്തെ ദൂതരൂപത്തിൽ അയച്ചിരിക്കുന്നു.

22. തിഗ്മ ജമ്ഭായ തരുണായ രാജതേ പ്രയോ ഗായ

**സ്വഗ്നയേ |**

**യഃ പിംശതേ സൂനൃതാഭി സുവീര്യമഗ്നി ഘൃതേഭിരാഹുതഃ ||**

നിത്യയുവാവും, സുശോഭിതനും തീക്ഷ്മണമായ ജ്വാലകളോടുകൂടിയവനും ആയ അഗ്നിയെ ലക്ഷ്യമാക്കി ഹവ്യരൂപമായ ഗാനം ആലപിക്കുവിൻ പ്രയങ്കരനും സത്യവാണിയാൽ സ്തുതിക്കപ്പെടുന്നവനും ഘൃതഹുതികളെ സ്വീകരിക്കുന്നവനുമായ ആ അഗ്നി സ്തോതാക്കൾക്ക് ശ്രേഷ്ഠമായ വീര്യം പ്രദാനം ചെയ്യുന്നു.

**23. യദീ ഘൃതേഭിരാഹുതോ വാശീമഗ്നിർഭരത ഉച്ചാവ ച അസുപ ഇവ നിർണിജം ||**

ഘൃതത്താൽ ആഹൂതനായ അഗ്നിമുകളിലും താഴെയുമായി ശബ്ദമുാക്കുമ്പോൾ മഹാപരാക്രമിയായ സൂര്യനെപ്പോലെ തന്റെ തേജസ്സിനെ പ്രകടമാക്കുന്നു.

**24. യോ ഹവ്യാന്യൈരയതാ മനുർഹിതോ ദേവ ആസാ സുഗന്ധിനാ |**

**തിവാസതേ വീര്യാണി സ്വധ്വരോ ഹോതാ ദേവോ അമർത്യഃ ||**

പ്രജാപതിയാൽ സ്ഥാപിതമായ അഗ്നി തന്റെ വായിൽ ഹവിസ്സു വച്ചുകൊ് ദേവകളുടെ അടുക്കലെത്തുമ്പോൾ സുന്ദരനും യജ്ഞവാനും, ദേവാഹ്വാകകനും തേജസ്വിയും അവിനാശിയും ആയ അഗ്നി ധനം പ്രദാനം ചെയ്യുന്നു.

**25. യദഗ്നേ മർത്യസ്ത്വ സ്യാമഹം മിത്രമഹോ അമർത്യ യദഗ്നേ മർത്യസ്ത്വം സ്യാമഹ മിത്രമഹോ |**

**അമർത്യഃ സഹസഃ സുനവാം ഹൂത ||**

ഹേ അഗ്നേ! നീ ബലപുത്രനാൽ ആഹൂതനും സുന്ദരമായ തേജസോടുകൂടിയവനുമാണല്ലോ ഞാൻ മരണധർമ്മാവായ മനുഷ്യൻ നിന്നെ ഉപാസിച്ചുകൊ് നിന്നെപ്പോലെ അമരത്വം പ്രാപിക്കണേ.

**26. നത്വാ രാസിയാഭിശസ്തയേ വസോ ന പാപത്വായസന്ത്യ |**

**ന മേ സ്തോതാമതീവ ന ദുർഹിതഃ സ്യാദഗ്നേ ന പപയാ ||**

ഹേ അഗ്നേ! മിഥ്യാപവാദത്താൽ ഞാൻ നിന്നെ തിരസ്ക്കരിക്കുകയില്ല. പാപം ചെയ്തും ഞാൻ നിന്നെ തിരസ്ക്കരിക്കുകയില്ല. എൻെറ സ്തോതാവ് അനുചിതവാക്കുകളാൽ നിന്നെ തിരസ്ക്കരിക്കുകയില്ല എന്റെ ശത്രുക്കൾ കുബുദ്ധികളാകാതിരിക്കണേ. ആ പാപബുദ്ധികൾ എനിക്കു വിഘ്നകൻമാരാകാതിരിക്കണേ.

**27. പിതേർന പുത്രഃ സുഭൃതോ ദുരോണ ആ ദേവാം ഏതു പ്രണോ ഹവിഃ ||**

അച്ഛനാൽ മകനെന്നപോലെ പിളർത്തപ്പെക്കവൻ യാഗശിലയിൽ ഞങ്ങളുടെ ഹവിസ്സ് ദേവകൾക്കയയ്ക്കണേ.

**28. തവാഹമഗ്ന ഊതിഭിർനേദിഭ്ഠാഭിഃ സചേയ ജോഷമാവസോ |**

**സദാ ദേവസ്യ മർത്യ ||**

ഹേ അഗ്നേ! യജമാനയായ ഞാൻ നികടവർത്തിയായ സാധനങ്ങളാൽ നിൻെറ പ്രസന്നതയെ പ്രാപിയ്ക്കുമാറാകണേ.

**29. തവ ക്രത്വാ സനേയം തവ രാതിഭിരാഗ്നേ തവ പ്രശസ്തിഭിഃ |**

**ത്വാമിദാഹുഃ പ്രമതിം വസോ വമാഗ്നേ ഹർഷസ്വ ദാതവേ ||**

ഹേ അഗ്നേ! നിന്നെ സേവിച്ചുകൊതന്നെ ഞാനുപാസിക്കും. ഹവിസ്സിനാലും സ്തുതികളാലും നിന്നെ ഉപാസിക്കും നീ ജ്ഞാനിയാണല്ലോ നീ എന്റെ രക്ഷകനെന്നു വിളിയ്ക്കപ്പെടണേ ഹേ അഗ്നേ നീ എനിക്കു നൽകുന്നതിൽ സന്തുഷ്ടനാകണമേ.

**30. പ്ര സോ അഗ്നേ തവോതിഭിഃ സുവീരാഭിസ്തിരതേ വാജമർമഭിഃ |**

**യസ്യ ത്വം സഖ്യമാബരഃ ||**

ഹേ അഗ്നേ! നീ ഏത് യജമാനനെ സഖാവാക്കുന്നുവോ അവൻ നിന്റെ ബലത്താലും അന്നത്താലും യുക്തമായ രക്ഷയാൽ വർദ്ധിക്കുന്നു.

**31. തവദ്രപ്സോ നീലവാന്വാശ ഋത്വിയ ഇന്ധാനഃ സിഷ്ണുവാദഭേ |**

**ത്വം മഹീനാമുഷസാമസി പ്രിയഃ ക്ഷപോ വസ്തുഷു രാജസി ||**

സോമത്താൽ സേചനം ചെയ്യപ്പെടുന്നതും ശബ്ദമുാക്കുന്നതും തേജസ്വിയുമായ അഗ്നേ നിനക്കുവേി സോമം എടുക്കപ്പെടുന്നു. നീ വിശാലരുപകളായ ഉഷസ്സുകളുടെ സഖാവാണല്ലോ നീ രാത്രിയിൽ വസ്തുക്കളെ കാണിയ്ക്കുന്നു.

**32. തമഗൻമ സോഭരയഃ സഹസ്രമുഷ്തം സ്വഭിഷ്ടിമവസേ |**

**സമ്രാജ ത്രാസദസ്യവം ||**

രക്ഷയ്ക്കുവേി ഞങ്ങൾ അഗ്നിയെ അഭയം പ്രാപിക്കുന്നു. ഹേ അഗ്നേ! നീ മഹാതേജോമയനാണല്ലോ. സുന്ദരരുപനായ നീ ത്രസദ്യുവിനാൽ പൂജിതനാണല്ലോ.

**33. യസ്യതേ അഗ്നേ അഗ്യേ അഗ്നയ ഉപക്ഷിതോ വയാ ഇവ |**

**വിപ്രോ ന ദ്യുമ്നാനിയുവേ ജനാനാം തവ ക്ഷത്രാണി വർധയൻ |**

ഹേ അഗ്നേ! മറ്റുള്ള അഗ്നികൾ വൃക്ഷത്തിന്റെ ശാഖകൾ പോലെ നിന്റെ ശാഖാരൂപങ്ങളാകുന്നു. ആ നിന്റെ ബലത്തെ വളർത്തിക്കൊും ഞാൻ അതുല്യമായ യശസ്സ് പ്രാപിക്കും.

**34. യമാദിത്യാസോ അദ്രുഹ പാരം നയഥ മർത്യം |**

**മഘോനാവി ശ്വഷാം സുദാനവഃ ||**

മഹാദാനികളും, ദ്രോഹരഹിതരുമായ ആദിത്യൻമാരേ ഹവിഷ്മാരായ യജമാനൻമാരിൽ ആരെയെങ്കിലും നിങ്ങൾ മറുകരയണയ്ക്കുമോ അവർ ഉത്തമഫലം പ്രാപിക്കുന്നു.

**35. യൂയം രാജാനഃ കം ചിച്ചർഷണീ സഹഃ സഹ ക്ഷയന്ത മാനുഷാം അനു |**

**വയം തേ വോ വരുണ മിത്രാർയമൻത്സ്യാമേ ദ്യതസ്യ രഥ്യഃ ||**

ഹേ ആദിത്യൻമാരേ നിങ്ങൾ ശോഭാസമ്പന്നരും ശത്രുക്കളെ പരാജയപ്പെടുത്തുന്നവരുമാകുന്നു. അതിനാൽ ഹിംസകൻമാരായ മനുഷ്യശത്രുക്കളെ നശിപ്പിച്ചാലും വരുണനും, മിത്രനും, അര്യമാവും ഈ യജ്ഞത്തിൽ പ്രധാനികളായിരിക്കും.

**36. അദാമേ പോരു കൃത്സ്യഃ പഞ്ചാശതം ത്രവദസ്യൂർവധൂനാം**

**മഷിഷ്ഠോ അർയഃ സത്പതിഃ ഉതമേ പ്രയിയോ |**

**യോർവയിയോ സുവാത്സ്വാ അധി തുഗ്വനി ||**

പുരുത്സകന്റെ പുത്രൻ ത്രസദസ്യു അൻപതു വധുക്കളെ

എനിക്കുതന്നു. അവൻ മഹാദാനിയും സ്തുതിക്കുന്നവരുടെ രക്ഷകനുമാകുന്നു.

**37. തി സ്വണാം സപ്തീനാം ശ്യാവഃ പ്രണേതാ ഭുവദ്വസൂർദയാനാം പതിഃ ||**

സുന്ദരമായ നദീതീരത്തുവച്ച് ഗോപതിയും ധനദാനിയും ഇരുനൂറ്റിപ്പത്തു ഗോക്കളുടെ അധിപനുമായ ത്രസദസ്യവീടും വസ്ത്രാദികളും എനിക്കു ദാനമായി തന്നിരുന്നു.

## സൂക്തം 20

**ഋഷി സോഭരി ദേവത മരുത്തുക്കൾ ഛന്ദസ്സ് ഉഷ്ണിക ഛന്ദസ്സ്**

**1. ആ ഗന്താ ചിന്നമയിഷ്ണ്യത പ്രസ്ഥാവാനോ മാപസ്ഥാതാ സമന്യവ |**

**സ്ഥിരാ ചിന്നമയിഷ്ണുവഃ ||**

ഹേ മരുത്തുക്കളേ! ഗതിശീലരായ നിങ്ങൾ ഞങ്ങളെ ഹിംസിക്കരുതേ. ഞങ്ങളെ ത്യജിച്ച് മറ്റെവിടെയെങ്കിലും വസിക്കുവിൻ. നിങ്ങൾ തുല്യ തേജസ്സുള്ളവരായി മഹാ പർവ്വതങ്ങളെപ്പോലും പ്രകമ്പനം കൊള്ളിയ്ക്കുന്നു നിങ്ങൾ വിട്ടു നില്ക്കരുതേ.

**2. വീളുപവിഭിർമരുത ഋഭക്ഷണ ആ രുദ്രാസഃ സുദീതിഭിഃ |**

**ഇഷാനോ അദ്യാ പുരുസ്പൃഹോ യജത്രമാമോഭരീ യവഃ ||**

ഹേ രുദ്രപുത്രൻമാരേ! നിങ്ങൾ നല്ല ആവാസത്തോടുകൂടിയവരും തേജസ്വികളുമാണല്ലോ അച്ചുതിൽ കോർത്ത ചക്രങ്ങളോടുകൂടിയ രഥത്തിൽ വരുവിൻ, നിങ്ങൾ എല്ലാവരാലും ഇഷ്ടപ്പെടുന്നു. പുരുകാമ്യൻമാരേ! ഞാനാകുന്ന സൗഭരിയിൽ കനിവുള്ളവരായ നിങ്ങൾ ഞങ്ങളുടെ, യാഗവേദിയിൽ അന്നസഹിതം വന്നുചേരുവിൻ.

**3. വിദ്മാ ഹി രുദ്രിയാണി ശുഷ്മനുഗ്രം മരുതാം ശിമീവതാം |**

**വിഷ്ണോ രേഷസ്യ മീളഹൂഷാം ||**

കർമ്മനിരതനായ വിഷ്ണുവിന്റെയും കാമ്യജലം വർഷിക്കുന്ന രുദ്രപുത്രരായ മരുത്തുക്കളുടേയും വീരപരാക്രമങ്ങളെ ഞങ്ങളറിയുന്നു.

**4. വിദ്വീപാനി പാപതന്തിഷുദ്ദുഞ്ഞനോധേ യുജന്ത രോദസീ |**

**പ്ര ധന്വാൻ പൈരത ശുഭ്രഖാദയോ യദേജഥ സ്വഭാനവഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ തേജോയുക്തരും ആയുധസമ്പന്നരുമാകുന്നു നിങ്ങൾ കമ്പനകർമ്മം നിർവഹിക്കുമ്പോൾ എല്ലാ ദ്വീപുകളും ഇളകിമറിയുന്നു. ജലം അലതല്ലുന്നു. വാനുഴികൾ വിറകൊള്ളുന്നു. സ്ഥാവരവസ്തുക്കൾ ആപത്തിനെ നേരിടുന്നു.

**5. അച്യുതാ ചിദ്വോ അജ്മന്നാ നാനവതി പർവതാസാ വനസ്പതിഃ |**

**ഭൂമിര്യമേഷു രേജതേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ യുദ്ധത്തിനുള്ള പ്രയാണമാരംഭിക്കുമ്പോൾ പതന ശീലരായ മേഘങ്ങളും വനസ്പതികൾ മുതലായവയും ഘോരമായ് അലറുവാൻ തുടങ്ങുന്നു. ഭൂമണ്ഡലവും വിറയാൽ കൊള്ളുന്നു.

**6. അമായ വോ മരുതോ യാതവേ ദ്യൗർജിഹീഥ ഉത്തരാ ബൃഹത് |**

**യത്രാ നരോ ദേദിശതേ തനൂഷ്വാത്വക്ഷാംസി ബാഹ്വോജസഃ ||**

ഹേ മരുത്തുക്കളേ! വിശാലമായ ആകാശം നിങ്ങളുടെ ബലത്തിന്റെ പരിഭ്രമണം കാരണം അന്തരീക്ഷത്തിൽ നിന്നും വേർപെട്ട് മുകളിലേയ്ക്കുയർന്നിരിക്കുന്നു. നേതാക്കളും മഹാബല സമ്പന്നരുമായ മരുത്തുക്കൾ ഇവിടെ വച്ച് തങ്ങളുടെ ദേഹത്തെ ഉജ്ജ്വലമാക്കുന്നു.

**7. സ്വധാനുമിശ്രയം നരോ മഹി ത്വേഷാ അമവന്തോ വൃഷപ്സവഃ |**

**വഹന്തേ അഹ്രുതപ്സവഃ ||**

ഈ നേതാക്കളായ മരുത്തുക്കൾ ശക്തിശാലികളും, കൗടില്യരഹിതരും, തേജസ്വികളും, സേചനസമർത്ഥരുമാകുന്നു.

**8. ഗോഭിർവാണോ അജ്യത സോഭരീണാം രഥേ കോശേ ഹിരണ്യയേ |**

**ഗോ ബന്ധവഃ സുജാതാസ ഇഷേ ഭുജേ മഹാന്തോ നഃ സ്പരസേ നു ||**

മരുത്തുക്കളുടെ വീണ സൗഭരി മഹർഷിമാരുടെ ശബ്ദങ്ങളോടുകൂടി സ്വർണ്ണരഥത്തിന്റെ മധ്യത്തിൽ നിന്നും ആവിർഭവിച്ചു കൊിരിക്കുന്നു. ആ മരുത്തുക്കൾ ഉന്നതവംശത്തിൽ ജനിച്ചവരും ഗോതാക്കളോടുകൂടിയവരും ആകുന്നു. അവർ നമ്മുടെ പ്രീതയും, അന്നവും ഭോഗങ്ങളും പ്രാപ്തമാക്കുന്നതിൽ പ്രയത്നശീലരാകുമാറാകണേ.

**9. പ്രതിവോ വൃഷദഞ്ജയോവൃഷ്ണേശർധായമാരുതായ ഭരധ്വം |**

**ഹവ്യാ വൃഷപ്രായവീണേ ||**

ഹേ അധ്വര്യുക്കളെ! നിങ്ങൾ സോമം വർഷിക്കുന്നവരാണല്ലോ. അതിനാൽ നിങ്ങൾ വർഷ പ്രദായകരായ മരുത്തുക്കളുടെ ബലത്തിനുവേി ഹവിസ്സും അന്നവും കൊുവരുവിൻ.

**10. വൃഷണ ശ്വേന മരുതോ വൃഷപ്സുനാ രഥേന വൃഷനാഭിനാ |**

**ആ ശ്യേനാസോ ന പക്ഷിണേ വൃഥാ നരോ ഹവ്യാ നോവീതയേ ഗത ||**

അഭീഷ്ടവർഷകരായ ആ മരുത്തുക്കൾ മഴപെയ്യിക്കുന്നവരുടെ രൂപത്തിൽ അശ്വങ്ങളെപ്പോലെ നമ്മുടെ ഹവിസ്സിന്റെ സമീപം വന്നുചേരണേ.

**11. സമാനമഞ്ജ്യേഷാം വി ഭ്രാജന്ത്യേ രുക്മാസോ അധി വാഹൂഷു |**

**ദവിദ്യുത ത്യൃഷ്ടയഃ ||**

ആ മരുത്തുക്കളുടെ വേഷഭൂഷകൾ ഒന്നുപോലുള്ളതാകുന്നു. അവരുടെ വക്ഷപ്രദേശത്ത് തിളങ്ങുന്ന സുവർണ്ണ ഹാരങ്ങൾ പ്രശോഭിക്കുന്ന അവരുടെ ഭുജങ്ങളിൽ ആയുധങ്ങൾ വെട്ടിത്തിളങ്ങുന്നു.

**12. ത ഉഗ്രാസോ വൃഷണ ഉഗ്രേ ബാഹവോ നകിഷ്ടനുഷു യേതിരേ |**

**സ്ഥിരാ ധന്വാന്യായുധം രഥേഷു വോ നികേഷ്വധി ശ്രീയഃ ||**

മരുത്തുക്കൾ പരാക്രമികളും ഉഗ്രകർമ്മാക്കളും മഴപെയ്യിക്കുന്നവരുമാണല്ലോ അവർ തങ്ങളുടെ ദേഹത്തെ

രക്ഷിക്കുവാൻ പണിപ്പെടേതില്ല. ഹേ മരുത്തുക്കളേ! നിങ്ങളുടെ രഥം ആയുധങ്ങളാൽ സമ്പന്നമാണല്ലോ അതിനാൽ രണക്ഷേത്രത്തിൽ എല്ലാ സേനകളുടേയും മുഖത്ത് വിജയഭാവം പ്രകടമാകുന്നു.

**13. യേഷാമർണോ ന സപ്രഥോ നാമ ത്വേഷം ശശ്വതാമേകമിദ്ഭജേ |**

**വയോ ന പിത്ര്യം സഹഃ ||**

ഈ ബഹുസംഖ്യരായ മരുത്തുക്കളുടെ നാമം ഒന്നാണെങ്കിലും ഭോഗത്തിനു പൈതൃക സമ്പത്ത് യഥേഷ്ടം ലഭിക്കുന്നതുപോലെ തന്നെ ഇഷ്ടാനുസരണമായി ലഭിക്കുന്നു. ഇവർ തേജസ്വികളും ജലം പോലെ സർവത്ര വിസ്താരയുക്തരുമാകുന്നു.

**14. താന്വന്ദസ്വ മരുതസ്താം ഉപ സ്തുഹി തേഷാം ഹി ധുനീനാം |**

**അരാണാം ന ചരമസ്തദേഷാം ദാനാ മഹ്നാതദേഷ്യാം ||**

യജമാനന്റെ എളിയ സേവകനു തുല്യം നാം വിറപ്പിക്കുന്ന മരുത്തുക്കളുടെ എളിയ സേവകനാകുന്നു. അവരുടെ ദാനം മഹിമയുള്ളതാകുന്നു. അതിനാൽ അവരെ സ്തുതിച്ചുകൊ് നമസ്കരിക്കുവിൻ.

**15. സുഭഗഃ സ വ ഉതിഷ്വാസ പൂർവാസു മരുതോ വ്യുഷ്ടിഷു |**

**യോ വാ നൂനമുതാസതി ||**

ഹേ മരുത്തുക്കളേ! പ് നിങ്ങളുടെ സ്തോതാക്കൾ നിങ്ങളാൽ രക്ഷിയ്ക്കപ്പെട്ടിരുന്നു. നിങ്ങളെ സ്തുതിച്ചപ്പോൾ തന്നെ അവർ നിങ്ങളുടെതായിത്തീർന്നു.

**16. യസ്യ വാ യൂയം പ്രതി വാജിനോ നര ആ ഹവ്യാ വീതയേ ഗഥ |**

**അഭി ഷ ദ്യുമ്നൈരുത വാജസാതിഭിഃ സുമ്നാ വോ ധൂതയോ നശത് ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഏതു ഹവിഷ്മാവിന്റെ അടുക്കൽ ഹവിസ്സുണ്ണുവാൻ വരുന്നുവോ, അവൻ യശസ്സുകൊും അന്നലാഭം കൊും നിങ്ങളുടെ സുഖം പ്രാപിക്കും.

**17. യഥാ രുദ്രസ്യ സൂനവോ ദിവോ വശന്ത്യസുരസ്യ വേധസഃ |**

**യുവാനസ്തഥേദസത് ||**

ഈ രുദ്രപുത്രൻമാർ മഹാ ബലശാലികളും നിത്യതരുണൻമാരാകുന്നു. അവർ അന്തരീക്ഷത്തിൽക്കൂടിവന്ന് നമ്മെ ഇഷ്ടപ്പെടത്തക്കവിധമുള്ളതായിരിക്കട്ടെ നമ്മുടെ സ്തോത്രങ്ങൾ.

**18. യേ ചാർഹന്തി മരുതഃ സുദാനവഃ സ്മൻമീളഹുഷ്ചരന്തി യേ |**

**അതശ്ചിദാ ന ഉപ വസ്യസാ ഹൃദാ യുവാന ആ വവൃധ്വം ||**

ഹവിസ്സ്ദാതാവായ യാതൊരുത്തൻ ഇവരെ ഹവിസ്സ് നൽകി പൂജിക്കുന്നുവോ അഥവാ ദാനശീലനായ യാതൊരുത്തൻ ഇവരെ ഉപാസിക്കുന്നുവോ ഈ രു യജമാനൻമാരെപ്പോലെ ഞങ്ങൾ ആയിതരണേ. ഹേ മരുത്തുക്കളേ! മഹത്തായ ധനം നൽകുവാനുള്ള മനസ്സോടുകൂടിയവരായി വന്നു ഞങ്ങളെ പ്രാപിക്കേണമേ.

**19. യൂന ഊ ഷു നവിഷ്ഠയാ വൃഷ്ണഃ പാവകാം അഭി സോഭരേ ഗിരാ |**

**ഗായ ഗാ ഇവ ചർകൃഷത് ||**

മഹാവർഷകരും, നിത്യയുവാക്കളും പവിത്രീകരിക്കുന്നവരുമായ മരുത്തുക്കളെ സ്തുതിക്കുവിൻ.

**20. സാഹാ യേ സന്തി മുഷ്ടിഹേവ ഹവ്യോ വിശ്വാസു പൃത്സു ഹോതൃഷു |**

**വൃഷ്ണശ്ചന്ദ്രാന്ന സുശ്രവസ്തമാൻ ഗിരാ വന്ദസ്വാ മരുതോ അഹ ||**

ഈ മരുത്തുക്കൾ വീരൻമാരാൽ ആഹ്വാനം ചെയ്യപ്പെടുമ്പോൾ വിജയിപ്പിക്കുന്നവരായിത്തീരുന്നു. ആഹ്വാനയോഗ്യരായ അവർ ആനന്ദദായകരാകുന്നു. മഹാവർഷണ സമർത്ഥരും തേജസ്വികളുമായ ആ മരുത്തുക്കളെ സുന്ദരസ്തോത്രങ്ങളാൽ പൂജിയ്ക്കുവിൻ.

**21. ഗാവശ്ചിദ്ധാ സമന്യവഃ സജാത്യേന മരുതഃ സബന്ധവഃ |**

**രിഹതേ കകുഭോ മിഥഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ തുല്യതേജസ്സോടു കൂടിയവരാണല്ലോ തുല്യ ജാതിയായതു കാരണം ഗോക്കളും തുല്യബന്ധുത്വത്തെ പ്രാപിച്ച് എല്ലാ ദിക്കുകളിലും ചെന്ന് പരസ്പരം കൂടിച്ചേരുന്നു.

**22. മർതശ്ചിദ്വോ നൃതവോ രുക്മ വക്ഷസ ഉപ ഭ്രാതൃത്വമായതി |**

**അധി നോ ഗാത മരുതഃ സദാഹി വ ആപിത്വമസ്തി നി ധ്രുവി ||**

ഹേ മരുത്തുക്കളേ! നിങ്ങൾ വക്ഷപ്രദേശത്തു സ്വർണ്ണാഭരണങ്ങൾ ധരിച്ചിരിക്കുന്നു. മരുത്തുക്കളേ! നിങ്ങൾ നർത്തന വിദഗ്ധരാണല്ലോ. മനുഷ്യരും നിങ്ങളുടെ ബന്ധുത്വം ആഗ്രഹിക്കുന്നു. അതിനാൽ നിങ്ങൾ ഞങ്ങൾക്കുവേി ആത്മീയമായി പാടുന്നവരാകുവിൻ. എല്ലാധാരക യജ്ഞങ്ങളിലും നിങ്ങളുടെ ബന്ധുഭാവം സദാനിലനിന്നു വരുന്നുല്ലോ.

**23. മരുദതാ മാരുതസ്യ ന ആ ഭേഷജസ്യ വഹതാ സുദാനവഃ |**

**യൂയം സഖായഃ സപ്തയഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ മിത്രരൂപരാണല്ലോ. നിങ്ങൾ സുന്ദരൻമാരും ദാനശീലരും ഗമനശീലരുമാകുന്നു. നിങ്ങൾ നിങ്ങളോടു ബന്ധമുള്ള ഔഷധം ഞങ്ങൾക്കു കൊുവന്നാലും.

**24. യാഭിഃ സിന്ധുമവഥ യാഭിസ്തൂർവഥ യാഭിർദശസ്യഥാ ക്രിവിം |**

**മയോ നോ ഭൂതോതിഭിർമയോ ഭുവഃ ശിവാഭിരസചദ്വിഷഃ ||**

ഹേ മരുത്തുക്കളേ! നിങ്ങളുടെ ഏതു രക്ഷാ സാമർത്ഥ്യത്താൽ ഗൗതമനു കൂപം കൊടുത്തുവോ യാതൊന്നിനാൽ യജമാനന്റെ ശത്രുക്കളെ സംഹരിച്ചുവോ അതുപോലെ തന്നെ യാതൊന്നിനാൽ നിങ്ങൾ സമുദ്രത്തെ രക്ഷിച്ചുവോ ആ സാമർത്ഥ്യത്താൽ ഞങ്ങൾക്കും സുഖം ഉല്പാദിപ്പിക്കേണമേ.

**25. യത്സിന്ധൗ യദസിക്ന്യാം യത്സമുദ്രേഷു മരുതഃ സുവർഹിഷഃ |**

**യത്പർവതേഷു ഭേഷജം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ശോഭന യജ്ഞൻമാരാണല്ലോ സമുദ്രങ്ങളിലും നദികളിലും പർവ്വതാദികളിലും നിങ്ങളുടെ ഔഷധികൾ തന്നെയാണല്ലോ ഉള്ളത്.

**26. വിശ്വം പശ്യന്തോ വിഭൃതാ തനൂഷ്വാ തേനാനോ വോചത**

|

**ക്ഷമാ രപോ മരുത ആതുരസ്യ ന ഇഷ്‌കർതാ വിഹ്യതം പുനഃ ||**

ഹേ മരുത്തുക്കളേ! ഞങ്ങളുടെ ശരീരത്തെ ചികിത്സിക്കുന്നതിനുപയുക്തമായ ഔഷധികളെ കൊുവരുവിൻ. വ്യാധിഗ്രസ്തമായ ഞങ്ങളുടെ ശരീരാവയവങ്ങളെ രോഗവിമുക്തമാക്കണേ.

# അദ്ധ്യായം 2

## സൂക്തം 21

**ഋഷി സോഭരി ദേവത ഇന്ദ്രൻ ഛന്ദസ്സ് ഉഷ്ണിക പംക്തി**

**1. വയമു ത്വാമപൂർവ്യ സ്ഥൂരം ന കച്ചിഭരന്തോ വസ്യവഃ |**

**വാജേ ചിത്രം ഹവാമഹേ ||**

ഹേ ഇന്ദ്രാ! നീ അത്ഭുതനാണല്ലോ നീ വിഭിന്നങ്ങളായ രൂപങ്ങൾ ധരിക്കുന്നവനാകുന്നു. ജ്ഞാനികളെപ്പോലെ ഞങ്ങളും രക്ഷയ്ക്കുവേ സോമത്താൽ പുഷ്ടിപ്പെടുന്നതിനുവേ നിന്നെ ആഹ്വാനം ചെയ്യുന്നു.

**2. ഉപ ത്വാ കമർന്നൂതയേ സ നോ യുവോഗ്രശ്ചകാമ യോ ധൃഷത് |**

**ത്വാമിദ്ധ്യവിതാരം വവൃമഹേ സഖായ ഇന്ദ്ര സാനസിം ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ ജയിച്ചടക്കുന്നവനും, ഭയങ്കരനും, ഉഗ്രനും ആകുന്നു. നീ ഞങ്ങളുടെ മുമ്പിൽ വരേണമേ. ഞങ്ങൾ ഞങ്ങളുടെ യജ്ഞത്തിന്റെ രക്ഷയ്ക്കുവേ നിന്നെ ആശ്രയിക്കുന്നു. ഹേ ഇന്ദ്രാ! നീ ഉപാസനീയനും ഞങ്ങളുടെ മിത്രവുമാണല്ലോ ഞങ്ങൾ നിന്നെ വരിക്കുന്നു.

**3. ആ യാഹീമ ഇന്ദവോ ശ്വപതേ ഗോപത ഉർവരാപതേ |**

**സോമം സോമപതേ പിബ ||**

ഹേ ഇന്ദ്രാ! സോമത്തിന്റെ അധിപതിയായ നി ഇവിടെ ആഗതനായി സോമം പാനം ചെയ്താലും. നീ ഗോക്കളുടെയും ഉർവരഭൂമിയുടെയും അശ്വങ്ങളുടെയും സ്വാമിയാകുന്നു.

**4. വയം ഹിമ്വതാ ബന്ധുമന്തമഛന്ധവോ വിപ്രാസ ഇന്ദ്ര യേമമ |**

**യാ തേ ധാമാനി വൃഷഭ തേഭിരാ ഗഹി വിശ്വേഭിഃ സോമപീതയേ ||**

ഹേ ഇന്ദ്രാ! നീ അഭിലാഷവർഷകനാകുന്നു. നീ സ്വന്തം ശാരീരിക ശക്തി സഹിതം ആഗതനായി സോമം പാനം ചെയ്യേണമേ ബന്ധുരഹിതരായ ഞങ്ങൾ ബന്ധുവായ അങ്ങയോട് ബന്ധുത്വം സ്ഥാപിക്കുവാനാഗ്രഹിക്കുന്നു.

**5. സീദന്തസ്തേതു വയോ യഥാ ഗോശ്രീതേ മധൗ മദിരേ | വിവക്ഷണേ**

**അഭി ത്വാമിന്ദ്ര നോനുമഃ ||**

ഹേ ഇന്ദ്രാ! സ്വർഗ്ഗപ്രാപ്തിക്കുവേ ഗോരസ മിശ്രിതമായ സോമത്തിന്റെ മുമ്പിലിരിക്കുന്ന നിന്നെ ഞങ്ങൾ പക്ഷികളെപ്പോലെ മധുരമായ ശബ്ദത്തിൽ സ്തുതിക്കുന്നു.

**6. അഛാ ച ത്വൈനാ നമസാ വദാമസി കിം മുഹുശ്ചിദ്ധി ദീധയഃ |**

**സന്തി കാമാസോ ഹരിവോ ദദിഷ്ട്വം സ്മോ വയം സന്തി നോ ധിയഃ ||**

ഹേ ഇന്ദ്രാ! നീ ചിന്തിക്കരുതേ ഞങ്ങൾ ഈ സ്തോത്രത്താൽ നിന്നെ സ്തുതിക്കും. ഞങ്ങൾ പുത്രൻമാരെയും പശുക്കളെയും ആഗ്രഹിക്കുന്നു. നീ ധനം ദാനം ചെയ്യുന്നവനാണല്ലോ. അതിനാൽ ഹേ ഹര്യശ്വനായ ഇന്ദ്രാ! ഞങ്ങളുടെ ശ്രേഷ്ഠകർമ്മങ്ങൾ നിനക്കു മാത്രം ലഭ്യമാകുന്നു.

**7. നൂത്നാ ഇദിന്ദ്ര തേ വയമൂതീ അഭൂമ നഹി നൂ തേ അദ്രിവഃ |**

**വിദ്മാ പുരാ പരീണസഃ ||**

ഹേ ഇന്ദ്രാ! നിന്റെ രക്ഷയെ പ്രാപിക്കുന്ന ഞങ്ങൾ സദാ നവീനരായിരിക്കും ഹേ വജ്രായുധാ നീ സർവ്വവ്യാപിയാണല്ലോ. അക്കാര്യം ഞങ്ങൾ ഇപ്പോൾ അറിഞ്ഞിരിക്കുന്നു. പ് ഞങ്ങളിക്കാര്യം അറിഞ്ഞിരുന്നില്ല.

**8. വിദ്മാ സഖിത്വമുത ശൂര ഭോജ്യമാ തേ താ വജ്രിന്നീമഹേ |**

**ഉതോ സമസ്മിന്നാ ശിശീഹി നോ വസോ വാജേ സുശിപ്ര ഗോമതി ||**

ഹേ ഇന്ദ്രാ! വജ്രായുധാ! ഞങ്ങൾ സഖ്യസ്വഭാവത്തെ അറിഞ്ഞ് അതിനെ കാംക്ഷിക്കുന്നു. ഞങ്ങൾ നിന്റെ ധനത്തെ അറിയുന്നു. അതുകൊു നിന്നോടു ധനം യാചിക്കുന്നു. നീ സുന്ദരമായ മുകുടം ധരിക്കുന്നവനും ഗൃഹദാതാവുമാണല്ലോ. അതിനാൽ ഗോക്കൾ ആദിയായ ധനത്താൽ ഞങ്ങളെ സമ്പന്നരാക്കേണമേ.

**9. യോ ന ഇദമിദം പുരാ പ്ര വസ്യ ആനിയായ തമു വഃ സ്തുഷേ |**

**സഖായ ഇന്ദ്രമൂതയേ ||**

ഹേ സഖാക്കളായ ഋത്വിക്കുകളേ യജമാനൻമാരേ! പ്രാചീനകാലത്തു നമ്മുടെ രക്ഷയ്ക്കുവേ ആര് സമ്പൂർണ്ണമായ ഐശ്വര്യവുമായി വന്നിരുന്നുവോ ആ ഇന്ദ്രനെ നമ്മുടെ രക്ഷയ്ക്കുവേ ഞാൻ സ്തുതിക്കുന്നു.

**10. ഹര്യശ്വം സത്പതിം ചഷണീസഹം സ ഹി ഷ്മാ യോ അമന്ദത |**

**ആ തു നഃ സ വയതി ഗവ്യമശ്വ്യം സ്തോതൃഭ്യോ മഘവാ ശതം ||**

ആര് ഹര്യശ്വയുക്തരും ദേവകളുടെ നായകനും ശത്രുക്കളെ വശീകരിയ്ക്കുന്നവനും ആയ ഇന്ദ്രനെ സ്തുതിക്കുന്നുവോ അവൻ തൃപ്തനായിത്തീരുന്നു. ആ ഇന്ദ്രൻ സ്തോതാക്കളായ നമുക്കുവേ നൂറുനൂറു ഗോക്കളേയും, അശ്വങ്ങളേയും കൊുവന്നിരുന്നു.

**11. ത്വയാ ഹ സ്വിദ്യുജാ വയം പ്രതി ശ്വസന്തം വൃഷഭ ബ്രൂവീമഹി |**

**സാംസ്ഥേ ജനസ്യ ഗോമതഃ ||**

ഹേ ഇന്ദ്രാ! നീ അഭീഷ്ടങ്ങൾ നിറവേറ്റുന്നവനാണല്ലോ. ശത്രുക്കളുമായി യുദ്ധം ചെയ്തുകൊിരിക്കുന്ന ഗോസമ്പന്നരായ ഞങ്ങൾ നിന്റെ സഹായത്താൽ അത്യന്തം കുപിതനായ ശത്രുവിനെപ്പോലും ശാന്തരാക്കും.

**12. ജയേമ കാരേ പുരുഹൂത കാരിണോ ഭി തിഷ്ഠേമ ദൂഢ്യഃ**

**നൃഭിർവൃത്രം ഹന്യാമ ശൂശൂയാമ ചാവേരിന്ദ്ര പ്ര ണോ ധിയഃ**

ഹേ ഇന്ദ്രാ! നീ അനേകരാൽ ആഹൂതനാക്കപ്പെടുന്നു. ഞങ്ങൾ പാപബുദ്ധികളും ഹിംസകരുമായ ശത്രുക്കളെ രണക്ഷേത്രത്തിൽ

പരാജിതനാക്കും. മരുത്തുക്കളുടെ സഹായത്തോടുകൂടി ഞങ്ങൾ വൃത്രരൂപരായ ശത്രുക്കളും സംഹരിച്ച് വീരകർമ്മത്തെ വൃദ്ധിപ്പെടുത്തും. ഹേ ഇന്ദ്രാ! നീ ഞങ്ങളെ എല്ലാ കർമ്മങ്ങളുടേയും രക്ഷകനാകണമേ.

**13. അഭ്രാതൃവ്യ അനാ ത്വമനാ പിരിന്ദ്ര ജനുഷാ സനാദസി |**

**യുധേദാപിത്വമിഛസേ ||**

ഹേ ഇന്ദ്രാ! നീ ജനിച്ചപ്പോൾ തന്നെ ശത്രുരഹിതനായിരുന്നു. നീ വളരെക്കാലം മുതലെ ബന്ധു രഹിതനാണ്. നീ സഖ്യം ആഗ്രഹിക്കുമ്പോൾ അത് സംഗ്രാമത്തിൽ നിന്നും തേടുന്നു.

**14. നകീ രേവന്തം സഖ്യായ വിന്ദസേ പീയന്തി തേ സുരാശ്വഃ |**

**യദാ കൃണോഷി നദനും സമൂഹസ്യാദിത്പിതേവ ഹൂയസേ ||**

ഹേ ഇന്ദ്രാ! അജ്ഞാനികളായ മനുഷ്യർ മദ്യം കുടിച്ച് ഉൻമത്തരാവുകയും ചെയ്യുന്നു. ഹിംസിക്കുന്നതിൽ വ്യാപൃതരാകുകയും ചെയ്യുന്നു. അതിനാൽ ധനമുണ്ടെങ്കിൽ പോലും അജ്ഞാനികന് നീ ആശ്രയം നൽകുന്നില്ല. സ്തുതിക്കുന്നവർ നിന്നെ പിതാവിനെപ്പോലെ കരുതി ആഹ്വാനം ചെയ്യുമ്പോൾ നി അവരെ തന്റെ സ്വന്തക്കാരായിരുത്തി ധനം പ്രദാനം ചെയ്യുന്നു.

**15. മാ തേ അമാജൂരോ യഥാ മുരാസ ഇന്ദ്ര സഖ്യേ ത്വാവതഃ |**

**നി ഷദാമ സുചാ സുതേ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ സോമം പിഴിയുന്നതിൽ വഞ്ചിതരാകാതിരിക്കണേ. ഞങ്ങൾക്ക് അങ്ങയെപ്പോലുള്ള ദേവന്റെ ബന്ധുത്വത്തെ നിരസിക്കുവാനിടവരാതിരിക്കണേ. ഞങ്ങൾ ഒന്നായിട്ട് സോമത്തിൽ വർത്തിയ്ക്കുമാറാകണേ.

**16. മാ തേ ഗോദത്ര നിരരാമ രാധസ ഇന്ദ്ര മാ തേ ഗൃഹാമഹി |**

**ദൃളഹി ചിദര്യഃ പ്ര മൃശാഭ്യാ ഭര ന തേ ദാമാന ആദഭേ ||**

ഹേ ഇന്ദ്രാ! നീ ഗോക്കളെ പ്രദാനം ചെയ്യുന്നവനാകുന്നു. ഞങ്ങൾ ധന രഹിതരാകാതിരിക്കണേ. ഞങ്ങൾ നിങ്ങളുടേതാണല്ലോ. ഹേ സ്വാമിൻ! നിന്റെ ദാനത്തെ വിഘ്നപ്പെടുത്തുവാൻ സാധ്യമല്ല. അതിനാൽ നിന്റെ സ്ഥായിയായ ധനത്തെ ഞങ്ങളിലേയ്ക്കു പ്രേരിപ്പിക്കണമേ.

**17. ഇന്ദ്രോ വാ ഘേദിയൻമഘം സരസ്വതീ വാ സുഭഗാ ദദിർവസു |**

**ത്വം വാ ചിത്ര ദാശുഷേ ||**

ഹേ ചിത്രാ! ഞാനാകുന്ന ഹവിസ്സ് ദാനിക്ക് ഇന്ദ്രനാണോ ഈ ദാനം ചെയ്തത്? അതോ സുന്ദരമായ ധനത്തിൻെറ സ്വാമിനിയായ സരസ്വതിയോ? അഥവാ നീ തന്നെയാണോ ദാനം ചെയ്തത്?

**18. ചിത്ര ഇന്ദ്രാജാ രാജകാ ഇദന്യകേ യകേ സരസ്വതീമനു |**

**പർജന്യ ഇവ തതനദ്ധി വൃഷ്ട്യാ സഹസ്രമയുതാ ദദത് ||**

മേഘം വർഷത്താൽ ഭൂമിയെ പുഷ്ടിപ്പെടുത്തുന്നതു പോലെ രാജാവായ ചിത്രൻ സരസ്വതീ നദീതടങ്ങളിൽ വസിക്കുന്നവർക്ക് ധനം പ്രദാനം ചെയ്തുകൊ് അവരെ സുഖികളാക്കുന്നു.

## സൂക്തം 22

**ഋഷി സോഭരി ദേവത അശ്വിനികൾ ഛന്ദസ്സ് ബൃഹസ്പതി പംക്തി അനുഷ്ടുപ് ഉഷ്ണിക ത്രിഷ്ടുപ്.**

**1. ഓ ത്യമഹ്വ ആ രഥമദ്യാ ദംസിഷ്ഠമൂതയേ |**

**യമശ്വിനാ സുഹവാ രുദ്രവർതനീ ആ സൂര്യായൈ തസ്ഥഥുഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ സ്തൂയമാന മാർഗ്ഗനും ശോഭനാഹ്വാനരുമാണല്ലോ. നിങ്ങൾ സൂര്യപുത്രിയെ വരിക്കുവാൻ എഴുന്നള്ളുന്ന രഥത്തെ ഞാൻ രക്ഷയ്ക്കുവേി ആഹ്വാനം ചെയ്യുന്നു.

**2. പൂർവായുഷം സുഹവം പുരുസ്പൃഹം ഭുജ്യം വാജേഷു പൂർവ്യം |**

**സചനാവന്തം സുമതിഭിഃ സോഭരേ വിദ്വേഷസമനേ ഹസം ||**

ഹേ സോഭരീ! ഈ പ്രാചീന രഥം സ്തുതിക്കുന്നവരെ പുഷ്ടിപ്പെടുത്തുന്നതാകുന്നു. അതിനാൽ മംഗളമായ സ്തോത്രങ്ങളാൽ നീയിതിനെ ഉന്നതിപ്പെടുത്തൂ. ഈ രഥം പാപരഹിതവും യുദ്ധക്ഷേത്രത്തിൽ മുൻപന്തിയിൽ നിൽക്കുന്നതും എല്ലാവരേയും രക്ഷിക്കുന്നതും വളരെപ്പേർ ഇഷ്ടപ്പെടുന്നതും സുന്ദരാഹ്വാന സമ്പന്നവുമാകുന്നു.

**3.ഇഹ ത്യാ പുരുഭൂതമാ ദേവാ നമോഭിരശ്വിനാ |**

**അർവചീനാ സ്വവസേ കരാമഹേ ഗന്താരാ ദാശുഷോ ഗൃഹം ||**

ഹേ ശത്രുവിജേതാക്കളായ അശ്വിനികളേ! നിങ്ങൾ ഹവിസ്സ് ദാതാവായ ഈ യജമാനന്റെ സ്വാമിമാരാണല്ലോ ഞങ്ങൾ ഈ യജ്ഞകർമ്മത്തിൽ രക്ഷപ്രാപ്തിക്കുവേി നമസ്ക്കരിച്ചുകൊ് നിങ്ങളെ ഞങ്ങളുടെ അടുക്കലേയ്ക്കു വിളിക്കുന്നു.

**4. യുവോ രഥസ്യ പരി ചക്രമീയത ഈർമാന്യദ്വാ മിഷണ്യതി |**

**അസ്മാം അഛാ സുമതിർവാം ശുഭസ്പതീ ആ ധേനുരിവ ധാവതു ||**

ഹേ അശ്വിനികളേ! നിങ്ങളുടെ രഥത്തിന്റെ ഒരു ചക്രം നിങ്ങളോടുകൂടി വസിക്കുന്നു. മറ്റത് സ്വർഗ്ഗലോകം വരെ എത്തുകയും ചെയ്യുന്നു. നിങ്ങൾ ജലങ്ങളുടെ ഈശ്വരൻമാരും എല്ലാ കർമ്മങ്ങളുടെയും പ്രേരകൻമാരും ആകുന്നു. നിങ്ങളുടെ കല്യാണമയിയായ സുബുദ്ധ് ഗോക്കളെപ്പോലെ ഞങ്ങളെ പ്രാപിക്കണേ.

**5. രഥോ യോ വാം ത്രിവന്ധുരോ ഹിരണ്യാഭീ ശൂരശ്വിനാ |**

**പരി ദ്യാവാപൃഥിവീ ഭൂഷതി ശ്രുതസ്തേന നാസത്യാ ഗതം ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങളുടെ രഥം മൂന്നു സിംഹാസനങ്ങളോടും സ്വർണ്ണകടിഞ്ഞാണോടുകൂടിയതുമാണ്. ആ രഥം വാനൂഴികളെ പ്രകാശ ഭരിതമാക്കുന്നു.

**6. ദശസ്യാന്ത്യാ മനവേ പൂർവ്യം ദിവി യവം വൃകേണ കർഷഥഃ |**

**താ വാമദ്യ സുമതിഭിഃ ശുഭസ്പതീ അശ്വിനാ പ്രസ്തുവീ മഹി ||**

ഹേ അശ്വിനികളേ! നിങ്ങൾ ആകാശസ്ഥിതമായ പ്രാചീന ജലത്തെ മനുവിനു കൊടുക്കുകയും കലപ്പകൊ് യവം കൃഷിചെയ്യുകയും ചെയ്തു. ജലപാലകൻമാരായ നിങ്ങളെ ഞങ്ങൾ സുന്ദരമായ സ്തോത്രങ്ങളാൽ പൂജിക്കുന്നു.

**7. ഉപ നോ വാജിനീവസൂ യാതമൃതസ്യപഥിഭിഃ |**

**യേഭിസ്ത്യക്ഷിം വൃഷണാ ത്രം സദസ്യവം മഹേ ക്ഷത്രായ ജിന്വഥഃ ||**

ഹേ അശ്വിനികളേ! അന്നവാൻമാരും ധനാവാൻമാരുമായ നിങ്ങൾ ധനത്തെ ദാനം ചെയ്യുന്നവരാകുന്നു. നിങ്ങൾ ഏതുമാർഗ്ഗത്തിൽക്കൂടി വന്ന് ത്രസദസ്യുവിന്റെ പുത്രനായ തൃക്ഷിക്ക് അളവില്ലാത്ത ധനം നൽകി സന്തുഷ്ടനാക്കിയോ ആ യാമാർഗ്ഗത്തിൽക്കൂടി തന്നെ ആഗതരാകുവിൻ.

**8. അയം വാമദ്രിഭിഃ സുതഃ സോമോ നരാ വഷണ്വസൂ |**

**ആ യാതം സോമപീതയേ പിബതം ദാശുഷേ ഗ്രഹേ ||**

ഹേ അശ്വിനികളേ! ഈ സോമം അമ്മിക്കല്ലുകൊ് നിങ്ങൾക്കായി സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു. ഹേ ധനസമ്പന്നരും വർഷകരുമായ അശ്വിനികളേ ഈ ഹവിസ്സ് ദാതാവിന്റെ ഭവനത്തിലാഗതരായി മധുരമയമായ സോമം പാനം ചെയ്താലും.

**9. ആ ഹി രുഹതമശ്വിനാ രഥേ കോശേ ഹിരണ്യയേ വൃഷണ്വസൂ |**

**യുഞ്ജാഥാം പീവ രീരിഷഃ ||**

ഹേ വർഷകരായ അശ്വിനികളേ! നിങ്ങളുടെ രഥം സ്വർണ്ണക്കടിഞ്ഞാണോടു കൂടിയതും ആയുധങ്ങളുടെ ഭണ്ഡാരവുമാണല്ലോ. നിങ്ങൾ ആ രമണീയമായ രഥത്തിൽ ആരൂഢരാകുവിൻ.

**10. യാഭിഃ പക്ഥമവഥോ യാഭിരധ്രിഗും യാഭിർബഭ്രും വിജോഷസം |**

**താഭിർനോ മക്ഷൂ തൂയമശ്വിനാ ഗതം ഭിഷജ്യതം യദാതുരം ||**

ഹേ അശ്വിനികളേ! നിങ്ങൾ ഏതു രക്ഷകളാൽ അധ്രിഗു, പക്ഥൻ എന്നീ രാജാക്കൻമാരെ രക്ഷിച്ചുവോ യാതൊരു രക്ഷകളാൽ നീ ബഭ്രൂരാജാവിന്റെ സോമംപാനം ചെയ്ത് അയാളെ രക്ഷിച്ചുവോ ആ രക്ഷകളോടുകൂടി ഈ രോഗിയുടെ രക്ഷയ്ക്കുവേി അതിവേഗം ഞങ്ങളുടെ അടുക്കൽ വന്നു ചേരണമേ.

**11. യദധ്രിഗാവോ അധ്രിഗു ഇദാ ചിദഹ്നോ അശ്വിനാ ഹവാമഹേ |**

**വയം ഗീർഭിർവിപ ന്യവഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ രണക്ഷേത്രത്തിൽ ശത്രുക്കളെ വധിക്കുവാൻ വെമ്പൽ കൊള്ളുന്നതുപോലെ ഞങ്ങൾ ഞങ്ങളുടെ കർമ്മങ്ങളിൽ കുശലരും ക്ഷിപ്രകാരികളുമാകുന്നു. ഈ പ്രഭാത സവനത്തിൽ ഞങ്ങൾ നിങ്ങളെ സ്തോത്രങ്ങളാൽ ആഹ്വാനം ചെയ്യുന്നു.

**12. താഭിരാ യാതം വൃഷണോപ മേ ഹവം വിശ്വപ്സും വിശ്വാവാര്യം |**

**ഇഷാ മംഹിഷ്ഠാ പുരുഭൂതമാ നരാ യാഭിഃ ക്രിവിം വാവൃധുസ്താഭിരാ ഗതം ||**

ഹേ അശ്വിനികളേ! നിങ്ങൾ വിവിധ രൂപരും വർഷണശീലരും എല്ലാ ദേവകളാലും ബഹുമാനിതരും ഹവിസ്സിനെ കാമിക്കുന്നവരും രണക്ഷേത്രത്തിൽ നിന്നും ധനം പിടിച്ചെടുക്കുന്നവരും ധനം വളരെയധികം ദാനം ചെയ്യുന്നവരും ആണല്ലോ. നിങ്ങൾ ഏതു രക്ഷകളാൽ കൂപത്തെ നിറച്ചുവോ അവയോടുകൂടി ഞങ്ങളുടെ ആഹ്വാനം ശ്രവിച്ച് ആഗതരാകേണമേ.

**13. താവിദാ ചിദഹാനാം താവശ്വിനാ വന്ദമാന ഉപ ബ്രുവേ |**

**താ ഊ നമോഭിരീമഹേ ||**

ഞാൻ ആ അശ്വിനികുമാരൻമാരോട് സ്തുതികൾ വഴിയായി ധനാദികളെ യാചിക്കുന്നു. ഈ പ്രഭാത സവനത്തിൽ ഞാനവരെ നമസ്ക്കാരപൂർവ്വം സ്തുതിക്കുന്നു.

**14. താവിദ്ദോഷാ താ ഉഷസി ശുഭസ്പതീ താ യാമന്രുദ്രവർതനീ |**

**മാ നോ മർതായ രിപവോ വാജിനീവസൂ പരോ രുദ്രാവതി ഖ്യതം ||**

ഞങ്ങൾ അശ്വിനികുമാരൻമാരേ വർഷകാലത്തും, രാത്രിയിലും, പകലും, മൂന്നു നേരങ്ങളിലും ആഹ്വാനം ചെയ്യുന്നു. അവർ രണത്തിൽ സ്തൂയമാന മാർഗ്ഗരും ജലങ്ങളെ പുഷ്ടിപ്പെടുത്തുന്നവരും ആകുന്നു. ഹേ അശ്വിനികളേ! നിങ്ങൾ ധനവാൻമാരും അന്നവാൻമാരും ആണല്ലോ. ഞങ്ങളെ ശത്രുക്കൾക്കധീനരാക്കരുതേ.

**15. ആ സുഗ്മ്യായ സുഗ്മ്യം പ്രാതാ രഥേനാശ്വിനാ വാ സക്ഷണീ |**

**ഹുവേ പിതേവ സോഭരീ ||**

ഹേ അശ്വിനികളേ! സോഭരീ മഹർഷിയായ ഞാൻ സുഖം പ്രാപിക്കുവാനവകാശിയാകുന്നു. സ്വന്തം പിതാവിനെയെന്നപോലെ ഞാനും നിങ്ങളെ വിളിക്കുന്നു. നിങ്ങൾ രുപേരും സേചന സമർത്ഥരാണല്ലോ. നിങ്ങൾ സ്വന്തം രഥത്തിലാരൂഢരായി പ്രഭാതത്തിൽ തന്നെ സുഖവും വഹിച്ചുകൊ് ഇവിടെ വന്നു ചേരുവിൻ.

**16. മനോജവസാ വൃഷണാ മദച്യുതാ മക്ഷുങ്ഗമാഭിരൂതിഭിഃ |**

**ആരാത്തച്ചിദ് ഭൂതമസ്മേ അവസേ പൂർവിഭിഃ പുരുഭോജസാ ||**

ഹേ അശ്വിനികളേ! നിങ്ങൾ ധനവർഷകരും, ശീഘ്രഗാമികളും, അനേകരുടെ രക്ഷകരും, ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥരുമാണല്ലോ അതിനാൽ വേഗമേറിയ രക്ഷാ സാധനങ്ങളോടുകൂടി ഞങ്ങളുടെ രക്ഷയ്ക്കുവേി വരേണമേ.

**17. ആ നോ അശ്വാവദശ്വിനാ വർതിര്യാസിഷ്ഠം മധുപാതമാ നരാ |**

**ഗോമദ്ദസ്രാ ഹിരണ്യവത് ||**

ഹേ അശ്വിനികളേ! നിങ്ങൾ നേതാക്കളും, വളരെയധികം സോമം കുടിക്കുന്നവരും, ദർശനയോഗ്യരുമാണല്ലോ. നിങ്ങൾ ഞങ്ങളുടെ യജ്ഞ മാർഗ്ഗത്തെ ഗോക്കൾ, അശ്വങ്ങൾ, സ്വർണ്ണം എന്നിവകളാൽ സമ്പന്നമാക്കി ആഗതരാകുവിൻ.

**18. സുപ്രാവർഗ്ഗാ സുവീര്യം സുഷ്ഠു വാര്യമനാധൃഷ്ഠം രക്ഷസ്വിനാ |**

**അസ്മിന്നാ വാമായാനേ വാജിനീവസൂ വിശ്വാ വാമാനി ധീമഹി ||**

യാതൊരുത്തന്റെ മനോഹരരൂപം എല്ലാവർക്കും വരണയോഗ്യമാകുന്നുവോ യാതൊന്നിൻെറ ബലവും ദാനവും സുന്ദരമായിരിക്കുന്നുവൊ യാതൊന്നിനെ പരാക്രമിയായ പുരുഷനുപോലും പരാജയപ്പെടുത്തുവാൻ സാധിക്കുന്നില്ലയോ അങ്ങിനെയുള്ള ധനത്തെ ഞങ്ങൾ വഹിക്കുന്നു ഹേ അശ്വിനികളേ! നിങ്ങൾ അന്ന ധനൻമാരാണല്ലോ. നിങ്ങൾ വരികയാണെങ്കിൽ ഞങ്ങൾക്ക് എല്ലാ ധനവും നേടുവാൻ സാധിക്കും.

## സൂക്തം 23

**ഋഷി വിശ്വപുത്രൻ വിശ്വമനസ്സ് ദേവത അഗ്നി ഛന്ദസ്സ് ഉഷ്ണിക**

**1. ഈളിഷ്വാ ഹി പ്രതീവ്യം യജസ്വാ ജാതവേദസം |**
**ചരിഷ്ണു ധൂമമഗൃ ഭീതശോചിഷും ||**

എങ്ങും പുകപരത്തുന്നവരും ആരാലും പിടിയ്ക്കപ്പെടാൻ സാധ്യമല്ലാത്ത ജ്വാലകളോടുകൂടിയവനും ആയ അഗ്നി ശത്രുക്കൾക്കെതിരേ ചെല്ലുന്നു. ആ ജാതവേദസ്സിനെ സ്തുതിക്കുകയും പൂജിക്കുകയും ചെയ്യുവിൻ.

**2. ദാമാനം വിശ്വചർഷണേ ഗ്നിം വിശ്വ മനോ ഗിരാ |**
**ഉതസ്തുഷേ വിഷ്പർധസോ രഥാനാം ||**

ഹേ വിശ്വമന മഹർഷേ! നീ സർവഥാ ദർശകനാണല്ലോ. നീ ഈ യജമാനനുവേ രഥാദികൾ ദാനം ചെയ്യുന്ന അഗ്നിദേവനെ സ്തോത്രങ്ങളാൽ സ്തുതിച്ചാലും.

**3. യേഷാമാബാധ ഋഗ്മിയ ഇഷഃ പൃക്ഷശ്ച നിഗ്രഭേ |**
**ഉപവിദാ വഹ്നിർവിന്ദതേ വസു ||**

യാതൊരുത്തരുടെ അന്നത്തേയും മധുര സോമത്തെയും ശത്രുക്കളെ നശിപ്പിക്കുന്ന മന്ത്രങ്ങൾ വഴിയായി സ്വീകരിക്കുന്നുവോ ആ യജമാനന് ധനം ലഭ്യമാകുന്നു.

**4. ഉദസ്യ ശോചിരസ്ഥാദ്ദീദിയുഷോ വ്യരജരം |**
**തപുർജമ്ഭസ്യ സുദ്യതോ ഗണശ്രിയഃ ||**

ആ അഗ്നി അത്യന്തം താപപ്രദനും തേജസ്വിയും സുന്ദരദീപ്തിമാനും ദണ്ഡോടുകൂടിയവനും ആകുന്നു. അവൻ യജമാനൻമാരുടെ ആശ്രയത്തിൽ വസിച്ചുകൊ് തൻെറ നവീനമായ ദീപ്തി പ്രകടമാക്കുന്നു.

**5. ഉദുതിഷ്ഠ സ്വധ്വര സ്തവാനോ ദേവ്യാ കൃപാ |**
**അഭിഖ്യാ ഭാസാ ബൃഹതാശുശുക്വനിഃ ||**

ഹേ സുന്ദരയജ്ഞകനായ അഗ്നേ നീ ദീപ്തിയാൽ പ്രകാശിതനാകുന്നു. നീ വെട്ടിത്തിളങ്ങുന്ന സ്വന്തം ജ്വാലകളോടുകൂടി ഉയരേണമേ.

**6. അഗ്നേ യാഹി സുശസ്തിഭിർഹവ്യാ ജുഹ്വാന ആനുഷക് |**
**യഥാ ദൂതോ ബഭൂഥ ഹവ്യവാഹനഃ ||**

ഹേ അഗ്നേ! നീ ഹവിസ്സ് വഹിച്ചുകൊ് പോകുന്ന ദൂതനാണല്ലോ. അതിനാൽ ദേവകൾക്ക് ഹവിസ്സ് എത്തിക്കുവാൻ സ്തോത്രങ്ങളുമായി ഗമിച്ചാലും.

**7. അഗ്നിംവഃ പൂർവ്യം ഹുവേ ഹോതാരം ചർഷണീനാം |**
**തമയാ വാചാ ഗൃണേ തമു നഃ സ്തുഷേ ||**

യജ്ഞസമ്പാദകനായ പ്രാചീനാഗ്നിയെ ഞാനാഹ്വാനം ചെയ്യുന്നു. സൂക്ത വചനങ്ങളാൽ നിങ്ങൾക്കു വേ ആ അഗ്നിയെ സ്തുതിക്കുന്നു.

**8. യജ്ഞേഭിരദ്ഭുതക്രതും യം കൃപാ സൂദയന്ത ഇത് |**
**മിത്രം ന ജനേ സുധിതമൃതാവനി ||**

അഗ്നിദേവൻ മഹാജ്ഞാനിയും മിത്രരൂപനുമാകുന്നു. അവൻ തൃപ്തനായിക്കഴിഞ്ഞാൽ യജ്ഞത്തിന്റെ ബലവും, അവന്റെ കൃപയാൽ യജമാനന്റെ അഭീഷ്ടങ്ങളും സഫലമാകുന്നു.

**ഋതാവാനാമൃതായവോ യജ്ഞസ്യ സാധനം ഗിരാ |**
**ഉപോ ഏനം ജുജുഷുർനമസസ്പദേ ||**

ഹേ യജ്ഞകാമരേ നിങ്ങൾ ഹവിസ്സോടുകൂടിയ യജ്ഞസാധകരൂപനായ അഗ്നിയെ സ്തോത്രങ്ങൾ വഴിയായി പൂജിക്കണേ.

**10. അച്ഛാ നോ അങ്ഗിരസ്തമം യജ്ഞാസോ യന്തു സംയതഃ |**
**ഹോതാ യോ അസ്തി വിക്ഷ്വാ യശസ്തമഃ ||**

ഈ അഗ്നി യജ്ഞ സമ്പാദകനും മഹാ തേജസ്വിയുമാകുന്നു. നമ്മുടെ യജ്ഞം ആ അംഗിരസ്സാഗ്നിയുടെ മുമ്പിൽതന്നെ എത്തണേ.

**11. അഗ്നേ തവ ത്യേ അജരേന്ധാനാസോ ബൃഹദ്ഭാഃ |**
**അശ്വാ ഇവ ഷണസ്തവിഷീയവഃ ||**

ഹേ അഗ്നേ! നീ ജരാരഹിതനാകുന്നു നിന്റെ രശ്മികൾ അത്യന്തം തേജസ്സോടുകൂടിയതും അഭിലാഷങ്ങളെ വർഷിക്കുന്നവയുമാകുന്നു. അവ അശ്വതുല്യമായ ബലത്തെ ഉല്പാദിപ്പിക്കുന്നു.

**12. സംത്വം ന ഊർജാ പതേ രയിം രാസ്വ സുവീര്യം പ്രാവ തസ്തോകേ തനയേ സമത്സ്വാ ||**

ഹേ അഗ്നേ! നീ അന്നപതിയാണല്ലോ. ഞങ്ങൾക്ക് സുന്ദരമായ ബലത്താൽ സമ്പന്നമായ ധനം പ്രദാനം ചെയ്യണമേ. യുദ്ധാവസരങ്ങളിൽ ഞങ്ങളുടെ പുത്രപൗത്രാദികളുടെ അടുത്തു സ്ഥിതിചെയ്ത് ധനത്തെ രക്ഷിക്കേണമേ.

**13. യദ്വാ ഉ വിശ്പതിഃ ശിതഃ സുപ്രീതോ മനുഷോ വിശി |**
**വിശ്വേദഗ്നിഃ പ്രതിരക്ഷാംസി സേധതി ||**

തീക്ഷ്ണനും, മനുഷ്യരക്ഷകനുമായ ആ അഗ്നി അത്യന്തം പ്രസന്നനായി ഭവനങ്ങളിൽ വസിക്കുമ്പോൾ എല്ലാ ദൈത്യൻമാരെയും സംഹരിക്കുന്നു.

**14. ശ്രുഷ്ട്യഗ്നേ നവസ്യ മേ സ്തോമസ്യ വീര വിശ്പതേ |**
**നി മായി നസ്തപുഷാ രക്ഷസോ ദഹ ||**

ഹേ അഗ്നേ! നീ മനുഷ്യരുടെ രക്ഷകനാണ്. ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിച്ച് മായാവികളായ ദൈത്യൻമാരെ നിന്റെ സന്താപ ജനകമായ തേജസ്സാൽ ഭസ്മീകരിക്കേണമേ.

**15. നതസ്യ മായയാ ചന രിപുരീശീതമർത്യഃ |**
**യോ അഗ്നേയേ ദദാശ ഹവ്യദാതിഭിഃ ||**

അഗ്നിയ്ക്കായി ഹവിസ്സർപ്പിക്കുന്ന യജമാനനെ മനുഷ്യ ശത്രുക്കളായ ദൈത്യൻമാർക്ക് അവരുടെ മായകളാൽപോലും അധീനമാക്കുവാൻ സാധിക്കുന്നില്ല.

**16. വ്യശ്വസ്ത്വാ വസുവിദമുക്ഷണ്യർ പ്രീണാദൃഷിഃ |**
**മഹോ രായേ തമു ത്വാ സമിധീമഹി ||**

ഹേ അഗ്നേ! വ്യശ്വമഹർഷി ധനവർഷകനായ നിന്നെ പ്രസന്നനാക്കിയിരുന്നു. ഹേ അഗ്നേ! ധനദാനിയായ നിന്നെ ഞങ്ങളും മഹാത്തായ ധനത്തിനായി പ്രദീപ്തമാക്കുന്നു.

**17. ഉശനാ കാവ്യ സ്ത്വോ നി ഹോതാരമസാ ദയത് |**
**ആയ ജിം ത്വാ മനവേ ജാതവേദസം ||**

ഹേ അഗ്നേ! ജൻമമെടുത്തിട്ടുള്ളവയുടെ ജ്ഞാതാവും. കവിയും യജ്ഞശീലനുമായ ഉശനൻ നിന്നെ ഹോതാവിന്റെ രൂപത്തിൽ മനുവിന്റെ ഗൃഹത്തിൽ പ്രതിഷ്ഠിച്ചിരുന്നു.

**18. വിശ്വേ ഹിത്വാ സജോഷസാ ദേവാസോ ദൂതമക്രത |**
**ശ്രുഷ്ടീ ദേവ പ്രഥമോ യജ്ഞിയോ ഭുവഃ ||**

ഹേ അഗ്നേ നീ ദേവകളിൽ പ്രമുഖനാണ്. ദേവകളെല്ലാം എപ്പോൾ നിന്നെ തങ്ങളുടെ ദൂതനാക്കിയിരുന്നോ അപ്പോൾ മുതൽ നീ യജ്ഞ

യോഗ്യനായിക്കഴിഞ്ഞു.

**19. ഇമം ധാ വീരോ അമൃതം ദൂത കൃണ്വീത മർത്യ |**

**പാവകം കൃഷ്ണവർതിനിം വിഹായസം ||**

ഈ അഗ്നി ധൂമ്രമാർഗ്ഗനും നാശരഹിതനും തേജസ്വിയും പവിത്രനും ആകുന്നു. വീരൻമാരായ മനുഷ്യർ ഇവനെ ദൂതനായി നിയോഗിച്ചിരുന്നു.

**20. തം ഹൂവേമ യതസ്രുചഃ സുഭാസം ശുക്രശോചിഷം |**

**വിശാമഗ്നിമജര പ്രത്നമീഡ്യം ||**

ആ അഗ്നി മനുഷ്യരാൽ സ്തുതിക്കപ്പെടുന്നവനും തേജസ്വിയും ഉജ്ജ്വലവർണ്ണനും സുന്ദരനുമായ ദീപ്തിയോടുകൂടിയവനും ആകുന്നു. ജരാരഹിതനായ ആ അഗ്നിയെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**21. യോ അസ്മൈ ഹവ്യദാതിഭിരാഹുതിം മർതോ വിധത്**

**ഭൂരിപോഷം സ ധത്തേ വീരവദ്യശഃ ||**

യജമാനൻ ഈ ഹവിസ്സ് അഗ്നിയ്ക്കു പ്രദാനം ചെയ്യുകയാണെങ്കിൽ അവർ പുഷ്ടിയേയും വീര സന്താനങ്ങളേയും അന്നാദികളേയും പ്രാപിക്കുന്നു.

**22. പ്രഥമം ജാതവേ ദസമഗ്നിം യജ്ഞേഷു പൂർവ്യം |**

**പ്രതി സ്രുഗേതി നമാസാ ഹവിഷ്മതി ||**

അഗ്നി ജനിച്ചിട്ടുള്ള എല്ലാത്തിന്റേയും ജ്ഞാതാവും ദേവകളിൽ പ്രധാനിയും പുരാതനനും ആകുന്നു. ഹവിസ്സോടുകൂടിയ സ്രുകം നമസ്കാര സഹിതം അവന്റെ അടുക്കലെത്തുന്നു.

**23. ആഭിർവിധേമാഗ്നയേ ജ്യേഷ്ഠാഭിർവ്യശ്വവത് |**

**മഹിഷ്ഠാഭിർമതിഭിഃ ശുക്രശോചിഷേ ||**

പൂജ്യനും, ഉജ്ജ്വലനും, തേജസ്വിയും, സ്തുതികളാൽ വളരുന്നവനും ആയ അഗ്നിയെ ഞങ്ങൾ സേവിക്കുന്നു.

**24. നൂനമർച വിഹായസേ സ്തോമേഭിഃ സ്ഥൂരയൂപവത്**

**ഋഷേ വൈ യശ്വ ദമ്യായാഗ്നയേ ||**

ഹേ വിശ്വമന മഹർഷേ! നീ സ്ഥൂലയൂപ മഹർഷിയേപ്പോലെ യജമാനന്റെ വീട്ടിൽ പ്രകാടമാക്കുന്ന അഗ്നിയെ സ്തോത്രങ്ങൾ വഴിയായി പൂജിച്ചാലും.

**25. അതിഥിം മനുഷാണാം സൂനും വനസ്പതീനാം |**

**വിപ്രാ അഗ്നിമവസേ പ്രത്നമീളതേ ||**

ജ്ഞാനികളായ യജമാനൻമാർ വനസ്പതികൾ വഴിയായി ജനിച്ചവനും, പ്രാചീനനും, മനുഷ്യരുടെ അതിഥി രൂപനുമായ അഗ്നിയെ രക്ഷയ്ക്കു വേി സ്തുതിക്കുന്നു.

**26. മഹോ വിശ്വാം അഭിഷതോഭിഹവ്യാനി മാനുഷാ |**

**അഗ്നേ നിഷത്സി നമസാധി വർഹിഷി ||**

ഹേ അഗ്നേ! നീ സ്തുതിക്കാത്തവരുടെ മുമ്പിൽ ദർഭയിൽ പ്രതിഷ്ഠിതനാകുമ്പോൾ മനുഷ്യരാൽ നൽകപ്പെടുന്ന ഹവിസ്സുകളെ സ്വീകരിക്കേണമേ.

**27. വംസ്വാ നോ വാര്യാ പുരു വംസ്വ രായഃ പുരുസ്പൃഹഃ |**

**സുവീര്യസ്യ പ്രജാവതോ യശസ്വതഃ ||**

ഹേ അഗ്നേ! വരണയോഗ്യവും അനേകർ ആഗ്രഹിക്കുന്നതും സുന്ദരപൗത്രാദികളാലും യശസ്സിനാലും സമ്പന്നമായ ധനം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**28. ത്വം വരോ സുഷ്മാണേ ഗ്നേ ജനായ ചോദയ |**

**സദാ വസോ രാതിം യവിഷ്ഠ ശശ്വതേ ||**

ഹേ അഗ്നേ! നീ വരണീയനും നിവാസപ്രദനും ആകുന്നു. സുന്ദര സുന്ദരൻമാരായ ഈ സോമഗായകർക്കുവേി ധനാദികളെ പ്രേരിപ്പിക്കേണമേ.

**29. ത്വം ഹി സുപ്രതൂരിരസി ത്വം നോ ഗോമതീരിഷഃ |**

**മഹോ രായഃ സാതിമഗ്നേ അപാ വൃധി ||**

ഹേ അഗ്നേ! നീ മഹാദാനിയാകുന്നു. മൃഗ സമ്പന്നമായ ധനം ഞങ്ങൾക്കു പ്രദാനം ചെയ്യണേ.

**30. അഗ്നേ ത്വം യശാ അസ്യാ മിത്രാവരുണാ വഹ |**

**ഋതാവാനാ സമ്രാജാപൂതദക്ഷസാ ||**

ഹേ അഗ്നേ! നീ ദേവകളിൽ ഏറ്റം പ്രമുഖനാണല്ലോ. നീ മഹാബലകളും, സത്യനിഷ്ഠരും, പ്രതിഷ്ഠിതരുമായ മിത്രാവരുണൻമാരേ ഞങ്ങളുടെ യജ്ഞകർമ്മങ്ങളിലേയ്ക്കു കൊവരേണമേ.

## സൂക്തം 24

**ഋഷി വിശ്വമനസ്സ് ദേവത ഇന്ദ്രൻ ഛന്ദസ്സ് ഉഷ്ണിക**

**1.സഖായ ആ ശിഷാമഹി ബ്രഹ്മേന്ദ്രായ വജ്രിണേ |**

**സ്തുഷ ഊഷു വോ നൃതമായ ധൃഷ്ണവേ**

ഹേ സഖാക്കളായ ഋത്വിക്കുകളേ! ഈ സ്തോത്രത്താൽ ഞാനിന്ദ്രനെ സ്തുതിക്കും. അവൻ ശത്രുക്കളെ വലിച്ചിഴയ്ക്കുന്നവനും ആയുധ സമ്പന്നനും ആകുന്നു. യുദ്ധത്തിൽ വരുന്നതിനു വേി ഞാൻ ഇന്ദ്രനെ സ്തുതിക്കുന്നു.

**2. ശവസാ ഹ്യസി ശ്രുതോ വൃത്രഹത്യേന വൃത്രഹാ |**

**മഘൈർമഘോനോ അതി ശൂര ദാശസി |**

ഹേ ഇന്ദ്രാ! വൃത്രഹനനം കാരണം നീ സ്വന്തം പരാക്രമത്താൽ തന്നെ വിഖ്യാതനായിരി ക്കുന്നു. ഹേ വീരാ! നീ ധനവാൻമാരായ പുരുഷൻമാരെ തന്റെ ധനത്താൽ അധികം ധനമുള്ളവരാക്കിത്തീർക്കുന്നു.

**3. സ നഃ സ്തവാന ആ ഭര രയിം ചിത്രശ്രവസ്തമം |**

**നിരേകേ ചിദ്യോഹരിവോ വസുർദദിഃ ||**

ഹേ ഇന്ദ്രാ! നീ അശ്വയുക്തനാണല്ലോ. ഞങ്ങൾ സ്തുതിക്കുമ്പോൾ വിഭിന്നങ്ങളായ അന്നങ്ങളോടുകൂടിയ ധനം ഞങ്ങൾക്കു തന്നാലും നീ ആഗതനാകുന്ന സമയം തന്നെ ശത്രുക്കളുടെ ധനത്തേയും ഞങ്ങൾക്കു നൽകുന്നു.

**4. ആ നിരേകമുത പ്രിയമിന്ദ്ര ദർഷി ജനാനാം |**

**ധൃഷതാ ധൃഷ്ണോ സ്തവമാന ആ ഭര ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്കായി ധനത്തെ പ്രകടമാക്കിയാലും നീ ശത്രുക്കളെ നശിപ്പിച്ച് അവരുടെ ധനം ഞങ്ങൾക്കു തരുമാറാകണേ.

**5. ന തേ സവ്യം ന ദക്ഷിണം ഹസ്തം വരന്ത ആമുരഃ |**

**ന പരിബാധോ ഹരിവോ ഗവിഷ്ടിഷു ||**

ഹേ അശ്വയുക്തനായ ഇന്ദ്രാ! നീ ഗോക്കളെ അന്വേഷിക്കുമ്പോൾ വീരപുരുഷൻമാർക്കു പോലും നിന്റെ ഇടം വലം കരങ്ങളെ തടയുവാൻ സാധിക്കുന്നില്ല. നീ ബാധരഹിതനാണല്ലോ. അതിനാൽ വൃത്രാദികൾക്കും നേരിടുവാനുള്ള കഴിവില്ല.

**6. ആ ത്വാ ഗോഭിരിവ വ്രജും ഗീർഭിർഋണോമ്യദ്രിവഃ |**

**ആ സ്മാ കാമം ജരിതുരാ മനഃ പൃണാ ||**

ഹേ വജ്രായുധാ! ഗോക്കൾ തൊഴുത്തിനെ പ്രാപിക്കുന്നതുപോലെ ഞാൻ സ്തുതികളാൽ നിന്നെ പ്രാപിക്കുന്നു.

**7. വിശ്വാനി വിശ്വമനസോ ധിയാനോ വൃത്രഹന്തം |**

**ഉഗ്ര പ്രണേതരധിഷു വസോ ഗഹി ||**

ഹേ ഇന്ദ്രാ! നീ ഉത്തമമായ വാസസ്ഥാനം നൽകുന്നവനു നേതാവും ഉഗ്രനും വൃത്രാളികളുടെ നാശകനുമാണല്ലോ വിശ്വനമഹർഷിയുടെ എല്ലാ സ്തോത്രങ്ങളേയും നീ അഭിമുഖീകരിക്കേണമേ.

**8. വയം തേ അസ്യ വൃത്രഹന്വിദ്മാശൂര നവ്യസഃ |**
**വസോഃ സ്പാർഹസ്യ പുരുഹൂത രാധസഃ ||**

അനേകരാൽ ആഹൂതനും, വൃത്രാഹന്താവും ആയ ഇന്ദ്രാ നിന്നിൽ നിന്നും സുഖത്തിന്റെ സാധനരൂപവും സ്പൃഹണീയവും നവീനവും ആയ ധനത്തെ പ്രാപിക്കും.

**9. ഇന്ദ്ര യഥാ ഹ്യസ്തി തേ പരീതം നൃതോ ശവഃ |**
**അമൃക്താരാതിഃ പുരുഹൂത ദാശുഷേ ||**

ഹേ ഇന്ദ്രാ! നിന്റെ ബലത്തെ അമർച്ച വരുത്തുവാൻ ശത്രുക്കൾക്കു കഴിവില്ല. നീ അനേകരാൽ ആഹൂതനും എല്ലാത്തിനേയും നൃത്തം വെപ്പിക്കുന്നവനും ആണല്ലോ നീ ആർക്കു ധനം പ്രദാനം ചെയ്യുന്നുവോ ആ ഹവിസ്സ് ദാതാവിനെ നശിപ്പിക്കുവാൻ ആർക്കും സാധ്യമല്ല.

**10. ആ വൃഷസ്വ മഹാമഹ നൃതമ രാധസേ |**
**ദൃളഹശ്ചിദ് ദൃഹ്യ മഘവൻമഘത്തയേ ||**

ഹേ ഇന്ദ്രാ! നീ ഗോക്കളിൽ ഉൽകൃഷ്ടനും അത്യന്തം പൂജ്യനുമാകുന്നു. ധനപ്രാപ്തിക്കായി നീ ശത്രുക്കളുടെ ഉറപ്പേറിയ പുരികളെ തകർക്കേണമേ മഹാധനം കാരണം നിന്റെ ബൃഹത്തായ ഉദരത്തെ തൃപ്തിപ്പെടുത്തേണമേ.

**11. നൂ അന്യത്രാ ചിദദ്രിവസ്ത്വന്നോ ജഗ്മുരാശസഃ |**
**മഘവച്ഛഗ്ധി തവ തന്ന ഊതിഭിഃ ||**

ഹേ വജ്രായുധാ! നിനക്ക് മുമ്പ് ഞങ്ങൾ മറ്റു ദേവകളോടു യാചിച്ചിരുന്നു. ഇപ്പോൾ നീ ഞങ്ങൾക്കു ധനം നൽകി രക്ഷകനാകേണമേ.

**12. നഹ്യംഗ നൃതോ ത്വദന്യം വിന്ദാമി രാധസേ |**
**രായേ ദ്യുമ്നായ ശവസേ ച ഗിർവണഃ ||**

ഹേ സ്തവനീയനായ ഇന്ദ്രാ! നീ എല്ലാവരേയും നൃത്തം വയ്പിക്കുന്നു. അന്നത്തെ പ്രകടമാക്കുന്നവനേ ബലത്തിനും, യശസ്സിനും വേി നിന്നെ മാത്രം ഞാനറിയുന്നു.

**13. എന്ദുമിന്ദ്രായ സിഞ്ജത പിബാതി സോമ്യം മധു |**
**പ്രി രാധസാ ചോദയാതേ മഹിത്വനാ ||**

ഇന്ദ്രൻ നിങ്ങളുടെ മധുരമയമായ സോമം പാനം ചെയ്യുന്നു. അതിനാൽ അവനുവേി നിങ്ങൾ സോമം തളിക്കുവിൻ ആ ഇന്ദ്രൻ തൻെറ മഹിമയാൽ അന്നയുക്തമായ ധനാദികളെ പ്രേരിപ്പിക്കുന്നു.

**14. ഉപോ ഹരീണാം പതിം ദക്ഷം പൃഞ്ചന്തമബ്രവം |**
**നൂനം ശ്രുധി സ്തുവതോ അശ്വ്യസ്യ ||**

തന്നെ വളർത്തുന്ന ബലത്തെ ഇന്ദ്രൻ മറ്റുള്ളവർക്കു പ്രദാനം ചെയ്യുന്നു അതിനാൽ അശ്വസ്വാമിയായ ഇന്ദ്രനെത്തന്നെ സ്തുതിക്കാം. ഹേ ഇന്ദ്രാ! ഞാനാകുന്ന വൃശ്വപുത്രന്റെ സ്തുതിയെ ശ്രവിക്കേണമേ.

**15. നഹ്യഗംഃ പുരാ ചന ജജ്ഞേ വീരതരസ്ത്വത് |**
**നകീ രായാ നൈവഥാ ന ഭന്ദനാ ||**

ഹേ ഇന്ദ്രാ! പുരാതന കാലത്ത് നിന്നെക്കാൾ അധികം ബലശാലിയും ധനവാനും ആശ്രയദാതാവും സ്തുതികളാൽ സമ്പന്നമായ മറ്റൊരുത്തനും ഉായിട്ടില്ല.

**16. ഏദു മധ്വോ മദിന്തരം സിഞ്ച വാധ്വര്യോ അന്ധസഃ |**
**ഏവാ ഹി വീരഃ സ്തവതേ സദാവൃധഃ |**

ഹേ ഋത്വിജൻമാരേ! സോമരൂപമായ അന്നത്തിന്റെ മദം പിടിപ്പിക്കുന്ന രസത്തെ ഇന്ദ്രനുവേി പിഴിയുവിൻ എന്തുകൊന്നൊൽ ഈ ഇന്ദ്രൻ സദാ വളർന്നു കൊിരിക്കുന്നവനും വീരനും ആകുന്നു. എല്ലാ സ്തോതാക്കളും ഇദ്ദേഹത്തെ തന്നെ സ്തുതിയ്ക്കുന്നു.

**17. ഇന്ദ്ര സ്ഥാതർഹരീണാം നകിഷ്ടേ പൂർവ്യസ്തുതിം |**
**ഉദാനംശ ശവസാ ഭന്ദനാ ||**

ഹേ ഇന്ദ്രാ! നീ ഹരിതാശ്വങ്ങളുടെ സ്വാമിയാണല്ലോ. നിനക്കുവേി ആദ്യം നടത്തപ്പെടുന്ന സ്തുതിയെ യാതൊരു ധനികനോ, ബലവാനോ ഉല്ലംഘിക്കുവാൻ സാധ്യമല്ല.

**18. തം വോ വാജാനാം പതിമ ഹൂമഹി ശ്രവസ്യവഃ |**
**അപ്രായുഭിര്യജ്ഞേഭിർവാവൃധേന്യം ||**

ഞങ്ങൾ അന്നത്തെ കാംക്ഷിച്ചുകൊ് ഋത്വിക്കുകൾ അലസരാകാതെ നടത്തുന്ന യജ്ഞങ്ങളിൽ അന്നാധിപനായ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**19. ഏതോന്വിന്ദ്രം സ്തവാമ സഖായ: സ്തോമ്യം നരം |**
**കൃഷ്ടീര്യോ വിശ്വാ അഭ്യസ്തേക്യ ഇത് ||**

ഹേ സഖാക്കളായ ഋത്വിക്കുകളേ നിങ്ങൾ അതിവേഗം ഇവിടേയ്ക്കുവന്നാലും ഞങ്ങൾ സ്തുത്യർഹനായ ഇന്ദ്രനെത്തന്നെ സ്തുതിക്കുക എന്തുകൊന്നൊൽ അവൻ ഏകനായി ശത്രുക്കളെ പരാജയപ്പെടുത്തുന്നു.

**20. അഗോരുധായ ഗവിഷേ ദ്യുക്ഷായ ദസ്മ്യം വചഃ |**
**ഘൃതാത്സ്വാദീയോ മധുനശ്ച വോചത ||**

ഹേ ഋത്വിക്കുകളേ! ആര് സ്തുതികളാഗ്രഹിക്കുന്നുവോ ആര് സ്തുതികളെ തടയുന്നില്ലയോ ആ ഇന്ദ്രനുവേി നെയ്യും തേനും പോലെ മധുരമായ വാണിയെ ഉച്ചരിക്കുവിൻ.

**21. യസ്യാമിതാനി വാര്യാ ന രാധഃ പര്യേതവേ**
**ജ്യോതിർന വിശ്വമഭ്യസ്തി ദക്ഷിണാ ||**

ആര് അസീമ കർമ്മാവാകുന്നുവോ ആരുടെ ധനത്തെ ശത്രുക്കൾക്കു പിടിച്ചെടുക്കുവാൻ സാധിക്കുന്നില്ലയോ ആരുടെ ദാനം പ്രകാശം പോലെ സ്തുതിക്കുന്നവരിൽ വന്നുചേരുന്നുവോ, ഹേ സ്തോതാക്കളേ! അഹിംസിതനും, ബലവാനും ആയ ആ ഇന്ദ്രനെത്തന്നെ വൃശ്വ മഹർഷിയെപ്പോലെ സ്തുതിക്കുവിൻ.

**22. സ്തുഹീന്ദ്രം വ്യശ്വ വദനൂർമഭിം വാജിനം യമം |**
**അര്യോ ഗയം മംഹമാനം വി ദാശുഷേ ||**

ഹേ ഋത്വിക്കുകളേ! വൃശ്വർഷിയേപ്പോലെ നിങ്ങളും ബലവാനായ ഇന്ദ്രനെ സ്തുതിക്കുവിൻ. ആ ഇന്ദ്രൻ ഹവിസ്സ് ദാനികൾക്ക് വിശാലമായ ഗൃഹം പ്രദാനം ചെയ്യുന്നു.

**23. ഏവാ നൂനമുപ സ്തുഹി വൈയശ്വ ദശമം നവം |**
**സുവിദ്വാംസം ചർകൃത്യം ചരണീനാം ||**

ഹേ വിശ്വനമഹർഷേ! ഇന്ദ്രൻ മനുഷ്യരുടെ പത്താമത്തെ പ്രാണനും, നമസ്ക്കാരയോഗ്യനും, ജ്ഞാനിയും, അഭിനവനും ആകുന്നു. നിങ്ങൾ ആ ഇന്ദ്രനെത്തന്നെ സ്തുതിച്ചാലും.

**24. വേത്ഥാ ഹി നിഋർതീനാം വജ്രഹസ്ത പരിവൃജം |**
**അഹരഹഃ ശുന്ധ്യുഃ പരിപദാമിവ ||**

ഹേ വജ്രായുധാ! സൂര്യൻ നിത്യവും പക്ഷികളുടെ പറക്കലിനെ

അറിയുന്നതുപോലെ നീ നിദ്യതികളുടെ വരവിനെ അറിയുന്നുല്ലോ.

**25. തദിന്ദ്രാവ ആ ഭര യേനാ ദംസിഷ്ഠ കൃത്വനേ |**

**ദ്വിതാ കുത്സായ ശിശ്നഥോ നി ചോദയ ||**

ഹേ ഇന്ദ്രാ! നീ അതീത ദർശിയാണല്ലോ. കുത്സമഹർഷിക്കുവേ രു രക്ഷകളാൽ നീ ശത്രുക്കളെ നിഗ്രഹിച്ചു. ആ രക്ഷകളെ ഞങ്ങൾക്കു നൽകേണമേ. ഈ കർമ്മങ്ങൾ നടത്തുന്ന യജമാനൻമാർക്ക് നിന്റെ ശരണം പ്രദാനം ചെയ്താലും.

**26. തമു ത്വാ നൂനമീമഹേ നവ്യം ദംസിഷ്ഠ സന്യസേ |**

**സ ത്വം നോ വിശ്വാ അഭിമാതഃ സക്ഷണിഃ ||**

ഹേ സ്തുത്യർഹനായ ഇന്ദ്രാ! നീ ദർശന യോഗ്യനാകുന്നു. ഞങ്ങൾ നിന്നോടു ധനം യാചിക്കുന്നു. നീ ഞങ്ങളുടെ ശത്രുസേനകളെ തോല്പിക്കുന്നവനാണല്ലോ.

**27. യ ഋക്ഷാദംഹസോ മുചദ്യോ വാര്യാത്സപ്ത സിന്ധുഷു |**

**വധർദാസസ്യ തുവിനൃമ്ണ നീനമഃ ||**

സപ്തനദികളുടെ തീരത്ത് നിവസിക്കുന്ന യജമാനൻമാരുടെ അടുക്കലേയ്ക്ക് ആര് ധനത്തെ പ്രേരിപ്പിക്കുന്നുവോ ആര് നിരതിയുടെ ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കുന്നുവോ അങ്ങിനെയുള്ള ഹേ ഇന്ദ്രാ നീ രാക്ഷസൻമാരേ സംഹരിക്കുന്നതിന് ആയുധത്തെ താഴ്ത്തേണമേ.

**28. യഥാ വരോ സുഷാമ്ണേ സനിഭ്യ ആവഹോ രയിം |**

**വ്യശ്വേഭ്യഃ സുഭഗേ വാജിനീവതി ||**

ഹേ വരു! പ്രാചീനകാലത്തിൽ നിങ്ങൾ സുഷമ രാജനുവേ യാചകർക്കു ധനം നൽകിയതുപോലെ വ്യശ്വൻമാരായ ഞങ്ങൾക്കും ധനം നൽകേണമേ ഹേ ഉഷേ! നീ ശോഭനമായ അന്ന ധനത്താൽ സമ്പന്നയാണല്ലോ, അതിനാൽ ഭവതിയും ധനം പ്രദാനം ചെയ്യണമേ.

**29. ആ നാര്യസ്യ ദക്ഷിണാ വിശ്വാം ഏതു സോമിനഃ |**

**സ്ഥൂരം ച രാധഃ ശതവത്സഹസ്രവത് ||**

ഈ വരുരാജാവിന്റെ ദക്ഷിണ വ്യശ്വ പുത്രൻമാരായ ഞങ്ങളെ പ്രാപിക്കണേ നൂറായിരം ധനം ഞങ്ങളുടെ അടുക്കൽ വരുമാറാകണമേ.

**30. യത്ത്വാ പൃച്ഛാദീജാനഃ കുഹയാ കുഹയാകൃതേ |**

**ഏഷോ അപശ്രിതോ ബലോ ഗോമതീമവ തിഷ്ഠതി ||**

ഹേ ഉഷേ! ജിജ്ഞാസുക്കൾക്ക് വരു എവിടെ വസിക്കുന്നു എന്നു ചോദിക്കുന്നു. നിന്നോട് ഈ ആശ്രയസ്ഥാനത്തേയും വരുരാജാവിനേയും സംബന്ധിച്ച് ചോദിക്കുകയാണെങ്കിൽ അവൻ ഗോമതീതടത്തിൽ വസിക്കുന്നു എന്നുപറയണം.

## സൂക്തം 25

**ഋഷി വിശ്വമനസ്സ് ദേവത വിശ്വേദേവകൾ ഛന്ദസ്സ് ഉഷ്ണിക**

**1. താ വാം വിശ്വസ്യ ഗോപാ ദേവാ ദേവേഷു യജ്ഞിയാ |**

**ഋതവാനായജസേ പൂതദക്ഷസാ ||**

ഹേ മിത്രാ, വരുണാ! വിശ്വപാലകരായ നിങ്ങൾ ദേവകളിൽ ഉപാസനായോഗ്യരാണല്ലോ. നിങ്ങൾ ഹവിസ്സിനുവേ യജമാനനെ ആശ്രയിക്കുവിൻ. വേവ്യശ്വാ! ധനവാൻമാരും, യജ്ഞാർഹരുമായ മിത്രാവരുണൻമാരേ ഭവാൻ ഭജിച്ചാലും.

**2. മിത്രാ തനാ ന രഥ്യാ വരുണോ യശ്ച സുക്രതുഃ**

**സനാത്സുജാതാ തനയ ഘൃതവ്രതാ ||**

മിത്രാ, വരുണൻ അദിതിപുത്രൻമാരാണ്. അവർ വ്രതധാരികളും, സുന്ദരകർമ്മാക്കളും, ഉന്നതകുലജാതരും, ധനവും രഥവുമുള്ളവരും ആകുന്നു.

**3. താ മാതാ വിശ്വവേദസാ സൂര്യായ പ്രമഹസാ |**

**മഹീ ജജാനാദിതിർഋതാവരീ ||**

സത്യനിഷ്ഠയും, മഹിമാമയിയും ആയ അദിതി, തേജസ്വികളും, ഐശ്വര്യശാലികളും ആയ ആ മിത്രാവരുണൻമാരെ രാക്ഷസൻമാരുടെ ബലം നശിപ്പിക്കുവാനായി ജനിപ്പിച്ചു.

**4. മഹാന്താ മിത്രാവരുണാ സമ്രാജാ ദേവാവസുരാ |**

**ഋതാവാനാ വൃതമാ ഘോഷതോ ബൃഹത് ||**

ആ മിത്രാവരുണൻമാർ സത്യസമ്പന്നരും, ബലിഷ്ഠരായ സാമ്രാട്ടുകളും, മഹാൻമാരും ആകുന്നു. അവർ ശോഭനമായ യജ്ഞത്തെ പ്രകടമാക്കുന്നവരാകുന്നു.

**5. നപാതാ ശവസോ മഹഃ സൂനു ദക്ഷസ്യ സുക്രരൂ |**

**സൃപ്രാദാനൂ ഇഷോ വാസ്ത്വാധി ക്ഷിതഃ ||**

മിത്രാവരുണൻമാർ വേലത്തിന്റെ വേഗത്തിൽ ഉല്പാദിതരും സുന്ദരകർമ്മാക്കളും പ്രചുരമായ ധനദാതാക്കളും ബലത്തിന്റെ പൗത്രൻമാരും ആകുന്നു. അവർ അന്നനിലയത്തിൽ വസിയ്ക്കുന്നു

**6. സം യാ ദാനൂനി യേഥ്യുർദിവ്യാഃ പാർഥി വീരിഷഃ |**

**നഭസ്വതീരാ വാം ചരന്തുവൃഷ്ടയഃ ||**

ഹേ മിത്രാവരുണൻമാരേ! നിങ്ങൾ ദ്വാവാപൃഥ്വിയിൽ അന്നവും ധനവും പ്രദാനം ചെയ്യുന്നു. ജലസമ്പന്നമായ വൃഷ്ടി നിങ്ങളെ ആശ്രയിയ്ക്കുന്നു.

**7. അധി യാ ബൃഹതോ ദിവോഭിയൂഥേവ പശ്യതഃ |**

**ഋതാവാനാ സമ്രാജാ നമസേ ഹിതാ ||**

ഹേ മിത്രാ വരുണൻമാരേ! വൃഷഭങ്ങൾ ഗോക്കളെ നോക്കുന്നതു പോലെ, നിങ്ങൾ പ്രസന്നരാക്കുന്നവരും ദേവകളെ സംരക്ഷിക്കുന്നവരും സത്യനിഷ്ഠരും സാമ്രാട്ടുകളും ഹവിസ്സിനെ പ്രേമിക്കുന്നവരും ആകുന്നു.

**8.ഋതാവാനാ നി ഷേദതുഃ സാമ്രാജ്യായ സുക്രരൂ |**

**ഘൃതവ്രതാ ക്ഷത്രിയാ ക്ഷത്രമാശതുഃ ||**

വരുണൻമാർ സാമ്രാജ്യത്തിനുവേ പ്രതിഷ്ഠിതരാകണേ വ്രതധാരികളായ അവർ ജലത്തെ വർഷിക്കുമാറാകണേ.

**9. അക്ഷ്ണാശ്ചിദ്ഗാതുവിത്തരാനുല്ബണേന ചക്ഷസാ |**

**നി ചിൻമിഷന്താ നിചിരാ നിചിക്യാതുഃ ||**

കണ്ണുാകുന്നതിനു മുമ്പേ തന്നെ എല്ലാജീവികളേയും അറിഞ്ഞവരും എല്ലാവർക്കും പ്രേരണ നൽകുന്നവരും ആയ മിത്രാ വരുണൻമാർ തേജസ്സാലും ബലത്താലും സുശോഭിതരായിരിക്കുന്നു.

**10. ഉത നോ ദേവ്യദിതിരുരുഷ്യതാം നാസത്യാ |**

**ഉരുഷ്യന്തു മരുതോ വൃദ്ധശവസഃ ||**

അദിതിയും, അശ്വിനികുമാരൻമാരും വേഗവാൻമാരായ മരുത്തുക്കളും ഞങ്ങളുടെ രക്ഷരാകുമാറാകണേ.

**11. തേ നോ നാവമുരുഷ്യത ദിവാ നക്തം സുദാനവഃ |**

**അരിഷ്യന്തോ നി പായുഭിഃ സചേമഹി ||**

ഹേ മരുത്തുക്കളേ നിങ്ങൾ സുന്ദര ദാനികളാണല്ലോ നിങ്ങളെ ഹിംസിക്കുവാൻ ആർക്കും സാധ്യമല്ല. നിങ്ങൾ രാത്രിയിലും പകലും ഞങ്ങളുടെ തോണിയെ സംരക്ഷിക്കേണമേ. ഞങ്ങൾ നിങ്ങളുടെ രക്ഷയെ പ്രാപിച്ച് ഐക്യമുള്ളവരാകട്ടേ.

**12. അഘ്നതേ വിഷ്ണവേ വയമരിഷ്യന്തഃ സുദാനവേ |**

**ശ്രുധി സ്വയാവൻത്സിന്ധോ പൂർവചിത്തയേ ||**

മനോഹരമായ സ്തോത്രങ്ങളോടുകൂടിയവരും യുദ്ധത്തിനു ഏകനായി പോകുന്നവനും ധനം വർഷിക്കുന്നവനും ആയ വിഷ്ണുവിനെ നിർബാധരായി ഞങ്ങൾ സ്തുതിക്കും.

**13. തദ്വാര്യം വൃണിമഹേ വരിഷ്ഠം ഗോപയ ത്യം |**

**മിത്രോ യത്പാന്തി വരുണോ യദര്യമാ ||**

വിഷ്ണു യുദ്ധതന്ത്രങ്ങളിൽ കുശലനാണ്. ഹേ വിഷ്ണോ! നീ സ്തുതിക്കുന്നവർക്ക് ധനം പ്രദാനം ചെയ്യുന്നു. യജ്ഞം നടത്തുന്നവാനാരംഭിക്കുന്ന യജമാനന്റെ സ്തുതികളെ ശ്രവിക്കേണമേ.

**14. ഉത നഃ സിന്ധുരപാം തൻമരുതസ്ത്യദശ്വിനാ |**

**ഇന്ദ്രോ വിഷ്ണുരമീഢ്വാംസഃ സജോഷസഃ ||**

ഞങ്ങൾ സ്വയമായും ഏറ്റവും വലിയ രക്ഷകവും വരണീയവുമായ ധനത്തെ ആശ്രയിക്കുന്നു. ഈ ധനത്തിന്റെ രക്ഷകർ മിത്രനും വരുണനും ആര്യാവുമാകുന്നു. മരുത്തുക്കൾ ഞങ്ങളുടെ ധനത്തെ രക്ഷിയ്ക്കണേ. പാർജന്യൻ ഞങ്ങളുടെ ധനത്തെ രക്ഷിക്കണേ. വിഷ്ണുവും, അഭിലാഷവർഷകരായ സകലദേവകളും ഞങ്ങളുടെ ധപത്തിന്റെ രക്ഷകരാകണേ.

**15. തേ ഹി ഷ്മാ വനുഷോ നരോ ഭിമാതിം കയസ്യ ചിത് |**

**തിഗ്മം ന ക്ഷോദഃ പ്രതിഘ്നന്തി ഭൂർണയഃ ||**

ദേവതകൾ പൂജനീയരും നേതാക്കളും കുത്തൊഴുക്ക് വൃക്ഷത്തെ പിഴുതുകളയുന്നതുപോലെ ശത്രുക്കളെ സമൂലം പിഴുതെറിയുന്നവരും ആകുന്നു.

**16. അയമേക ഇത്ഥാ പുരുരു ചഷ്ടേ വി വിശ്പതിഃ |**

**തസ്യ വ്രതാന്യനുവശ്ചരാമസി ||**

ഞാൻ നിങ്ങൾക്കുവേി മിത്രാവരുണൻമാരിൽ മിത്രന്റെ വ്രതത്തെ അനുഷ്ഠിക്കുന്നു. ആ മിത്രൻ ദേവലോകത്തിന്റെ അധിപതിയും തന്റെ തേജസ്സിൽക്കൂടി എല്ലാ പ്രധാന ദ്രവ്യങ്ങളേയും ദർശിക്കുന്നവരും ആകുന്നു.

**17. അനു പൂർവാണ്യോക്യാ സാമ്രാജ്യസ്യ സശ്ചിമ |**

**മിത്രസ്യ വ്രതാ വരുണസ്യ ദീർഘശ്രുത് ||**

ഞങ്ങൾ സാമ്രാട്ടായ വരുണനിൽ നിന്നും ഗൃഹം സ്വീകരിക്കും മഹാ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള മിത്രദേവന്റെ വ്രതത്തെ ഞങ്ങളനുഷ്ഠിക്കും.

**18. പരി യോ രശ്മിനാ ദിവോ ന്താൻമേ പൃഥിവ്യാഃ |**

**ഉഭേ ആ പപ്രൗ രോദസീ മഹിത്വാ ||**

തന്റെ തേജസ്സാൽ സ്വർണ്ണത്തേയും, വിശ്വത്തിന്റെ അന്നത്തേയും പ്രകടമാക്കുന്ന മിത്രദേവത ഇവ രിനേയും തന്റെ മഹിമയാൽ പൂർണ്ണമാക്കുന്നു.

**19. ഉദു ഷ്യ ശരണേ ദിവോ ജ്യോതിരയംസ്ത സൂർയ: |**

**അഗ്നിർനഃ ശുക്രഃ സമിധാന ആഹുതഃ ||**

ആ മിത്രാവരുണൻമാർ സൂര്യസ്ഥാനത്തിന്റെ തങ്ങളുടെ ജ്യോതിയെ പ്രകടമാക്കുന്നു. അനന്തരം എല്ലവരാലും വിളിയ്ക്കപ്പെട്ട് അഗ്നിയേപ്പോലെ പ്രകാശിച്ചുകൊ് ഗമിക്കുന്നു.

**20. വചോ ദീർഘപ്രസദ്മനീശേ വാജസ്യ ഗോമതഃ |**

**ഈശേ ഹി പിത്വോ വിഷസ്യ ദാവനേ ||**

ഹേ സ്തോതാക്കളേ മിത്രാവരുണൻമാർ വിശാല മഹാധിപൻമാരാകുന്നു. നിങ്ങളവരെത്തന്നെ സ്തുതിക്കുവിൻ. വരുണൻ പശുക്കളാൽ സമ്പന്നനും അന്നത്തിന്റെ ഉടയവനും ആകുന്നു. അവൻ പുഷ്ഠിദായകമായ അന്നം പ്രദാനം ചെയ്യുന്നു.

**21. തത്സൂർയ രോദസീ ഉഭേ ദോഷാ വസ്തോരുപ ബ്രുവേ |**

**ഭോജേഷ്വസ്മാം അഭ്യുച്ചരാ സദാ ||**

ഞാൻ മിത്രാവരുണൻമാരുടെ തേജസ്സിനെ സ്തുതിക്കുന്നു. രാവും പകലും ദ്യാവാ പൃഥ്വികളേ സ്തുതിക്കുന്നു. ഹേ വരുണാ! ഞങ്ങളെ നിന്റെ ദാനത്തിനു മുമ്പിൽ നിർത്തേണമേ.

**22. ഋജ്രമുക്ഷണ്യായനേ രജതം ഹരയാണേ |**

**രഥം യുക്തമസനാമ സുഷാമണി ||**

ഉക്ഷഗോത്രത്തിലെ സുഷമന്റെ പുത്രനായ വരുരാജാവിനാൽ വെള്ളിപോലെ ശുഭവർണ്ണശ്വയുക്തവും, സരളഗാമിയുമായ രഥം ഞങ്ങൾക്കു ലഭ്യമായിരുന്നു. ആ രഥം ശത്രുക്കളുടെ ആയുസ്സിനെയും ധനത്തേയും അപഹരിക്കുന്നതിൽ സമർത്ഥമാകുന്നു.

**23. താ മേ അശ്വ്യാനാം ഹരീണാം നിതോശനാ |**

**ഉതോ നു കൃത്വ്യാനാം നൃവാഹസാ ||**

ശത്രുക്കളിൽ ദുഃഖം സൃഷ്ടിക്കുന്ന തേരിൽ പൂട്ടിയ പച്ചക്കുതിരകളിൽ നിന്നും രണ്ണെത്തെ വരുരാജാവ് നമുക്കു തരുമാറാകണേ.

**24. സ്മദഭീശൂ കശാവന്താ വിപ്രാ നവിഷ്ഠായാ മതീ |**

**മഹോ വാജിനാമർവന്താ സചാസനം ||**

മനോഹരമായ കടിഞ്ഞാണോടുകൂടിയവയും രോമയുക്തവും ദ്രുതഗാമികളും ആയ രശ്വങ്ങളെ അഭിനവ സ്തോത്രങ്ങളാൽ ഞാൻ പ്രാപിക്കും.

## സൂക്തം 26

**ഋഷി വൈയശ്വ അംഗിരസൻ വിശ്വമനസ്സ് ദേവത അശ്വിനികൾ വായു ഛന്ദസ്സ് ഉഷ്ണിക ഗായത്രി അനുഷ്ടുപ്**

**1. യുവോരു ഷൂ രഥം ഹുവേ സധസ്തുത്യായ സൂരിഷു |**

**അതൂർതദക്ഷാ വൃഷണാ വൃഷണ്വസൂ ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരും ധനവാൻമാരും ബലവാൻമാരും വർഷണശീലരുമാണല്ലോ. നിങ്ങളുടെ ബലത്തെ നശിപ്പിക്കുവാൻ ആർക്കും സാധ്യമല്ല. ഞാൻ നിങ്ങളുടെ രഥത്തെ സ്തോതാക്കളുടെ മധ്യത്തിലേയ്ക്കു വിളിയ്ക്കുന്നു.

**2. യവ വരോ സുഷാമ്ണേ മഹേ തനേ നാസത്യാ |**

**അവോമിര്യാഥോ വൃഷണാ വൃഷണ്വസൂ ||**

ഹേ അശ്വിനികളേ! നിങ്ങൾ അഭിലാഷവർഷകരും, ധനശാലികളും, സത്യസ്വരൂപരും ആണല്ലോ. നിങ്ങൾ സുഷാമ രാജാവിന് ധനം നൽകുവാൻ വന്നിരുന്നതു പോലെ നിങ്ങളുടെ രക്ഷകൾ സഹിതം വന്നുചേരണമേ. ഹേ വരുരാജൻ! നീ ഇപ്രകാരം യാചിക്കു.

**3. താ വാമദ്യ ഹവാമഹേ ഹവ്യേഭിർ വാജിനീവസൂ |**

**പൂർവിരിഷ ഇഷയന്താവതി ക്ഷപഃ ||**

ഹേ അന്ന ധനസമ്പന്നരായ അശ്വിനികുമാരൻമാരേ! പ്രഭാത കാലത്തിൽ ഞങ്ങൾ ഹവിസ്സോടുകൂടി നിങ്ങളെ ആഹ്വാനം ചെയ്യും.

**4. ആ വാം വാഹിഷ്ഠോ അശ്വിനാ രഥോ യാതു ശ്രുതോ നരാ |**

**ഉപ സ്തോമന്തുരസ്യ ദർശഥഃ ശ്രിയേ ||**

ഹേ അശ്വിനികളേ! ഏറ്റവുമധികം ഭാരം വഹിക്കുന്ന രഥം ഇവിടെ വരുമാറാകണേ. നിങ്ങൾ സ്തോതാക്കൾക്കു സ്വന്തം ധനം

നൽകുന്നതിന് അവരുടെ സ്തോത്രങ്ങളെ വഹിക്കുമാറാകണമേ.

**5. ജൂഹുരാണാ ചിദശ്വിനാ മന്യേഥാം വൃഷണ്വസൂ |**

**യുവം ഹി രുദ്രാ പർഷഥോ അതിദ്വിഷഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ അഭിലാഷങ്ങൾ നിറവേറ്റുന്നവരാണല്ലോ. നിങ്ങൾ രുദ്രൻമാരാണല്ലോ. കുടിലകർമ്മികളായ ശത്രുക്കളെ കഠിനമായി വേദനിപ്പിക്കുകയും വൈരികളെ പീഡിപ്പിക്കുകയും ചെയ്യുവിൻ.

**6. ദസ്രാ ഹി വിശ്വമാനുഷങ്മക്ഷൂഭിഃ പരിദീയഥഃ |**

**ധിയഞ്ജിന്വാ മധുവർണാ ശുഭസ്പതീ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഹർഷപ്രദായകരും, കാന്തിസമ്പന്നരും, എല്ലാവർക്കും ദർശനയോഗ്യരും ജലങ്ങളുടെ പോഷകരുമാണല്ലോ. നിങ്ങൾ ദ്രുതഗാമികളായ നിങ്ങളുടെ അശ്വങ്ങളോടുകൂടി ഈ യജ്ഞത്തിൽ വന്നു ചേരുവിൻ.

**7. ഉപ നോ യാതമശ്വിനാ രായാ വിശ്വപുഷാ സഹ |**

**മഘവാനാ സുവീരാ വനപച്യുതാ ||**

ഹേ അശ്വിനികളേ! നിങ്ങൾ വീരൻമാരും, അജയ്യരും ആകുന്നു. അതിനാൽ ലോകത്തെ ഭരിക്കുന്നതിനുള്ള ധനവുമായി ഞങ്ങളുടെ യജ്ഞത്തിൽ വന്നു ചേരുവിൻ.

**8. ആ മേ അസ്യ പ്രതീവ്യമിന്ദ്രനാസത്യാഗതം |**

**ദേവാ ദേവേഭിരദ്യ സചനസ്തമാ ||**

ഹേ ഇന്ദ്രാ! അശ്വിനികളേ! നിങ്ങൾ എല്ലാ ദേവകളുമായി എൻെറ ഈ യജ്ഞത്തിൽ എഴുന്നള്ളണേ.

**9. വയം ഹി വാം ഹവാമഹ ഉക്ഷണ്യന്തോ വ്യശ്വവത് |**

**സുമതിഭിരുപ വിപ്രാവിഹാ ഗതം ||**

ധനാശയോടുകൂടി വ്യശ്വനേപ്പോലെ ഞങ്ങളും നിങ്ങളെ ആഹ്വാനം ചെയ്യുന്നു. അതിനാൽ ഇവിടെ വന്നു ചേരുവിൻ.

**10. അശ്വിനാ സ്വൃഷേ സ്തുഹി കുവിത്തേ ശ്രവതാ ഹവം |**

**നേദീയസഃ കൂളയാതഃ പണീംരുത ||**

ഹേ ഋഷേ! നിങ്ങളുടെ ആഹ്വാനങ്ങൾ ശ്രവിക്കുന്ന അശ്വിനികുമാരൻമാർ അടുത്തുള്ള ശത്രുക്കളേയും പണികളേയും സംഹരിക്കേണമേ. അതിനായി ആ അശ്വനികളെ സ്തുതിക്കുവിൻ.

**11. വൈയശ്വസ്യ ശ്രുതം നരോതോ മേ അസ്യ വേദഥഃ**

**സജോഷസാ വരുണോ മിത്രോ അര്യമാ ||**

ഹേ നേതാക്കളേ! വൈയശ്വൻെറ സ്തോത്രങ്ങളെയും ഞങ്ങളുടെ ആഹ്വാനത്തേയും ശ്രവിക്കുവിൻ മിത്രാവരുണൻമാരും അര്യമാവും എപ്പോഴും സംയുക്തരായിരിക്കട്ടെ. ഒന്നിച്ചുകേൾക്കട്ടെ.

**12. യുവാദത്തസ്യ ധിഷ്ണ്യാ യുവാനീതസ്യ സൂരിഭിഃ |**

**അഹരഹർവൃർഷണാ മഹ്യം ശിക്ഷതം ||**

ഹേ അശ്വിനികളേ! നിങ്ങൾ അനുഗ്രഹങ്ങൾ നൽകുന്നവരും സ്തുത്യർഹരുമാകുന്നു. നിങ്ങൾ സ്തോതാക്കൾക്ക് എന്തുകൊവന്നു കൊടുക്കുന്നുവോ അത് എനിക്കും നിത്യവും നൽകേണമേ.

**13. യോ വാം യജ്ഞേഭിരാവൃതോ ധിവസ്ത്രാ വധൂരിവ |**

**സപര്യന്താ ശുഭേ ചക്രാതേ അശ്വിനാ ||**

വജ്രത്താൽ പൊതിയപ്പെട്ട് വധുവിനെപ്പോലെ യജമാനൻ യജ്ഞത്തെ പൊതിയുന്നു. അവൻ്റെ മേൽ ദൃഷ്ടികൾ പതിപ്പിക്കുന്ന അശ്വിനികൾ അവനു നൻമ പ്രദാനം ചെയ്യുന്നു.

**14. യോ വാമുരു വ്യചസ്തമം ചികേതതി നൃപായ്യം |**

**വർതിരശ്വിനാ പരി യാതമസ്മയൂ ||**

ഹേ അശ്വിനികളേ! ആര് പാന യോഗ്യമായ സോമരസം നൽകുവാനറിയുന്നുവോ, ആ യജമാനൻെറ വീട്ടിലേക്ക് സോമപാനത്തിനായി വരുവിൻ.

**15. അസ്മഭ്യം സുവൃടണ്വസൂ യാതം വർതിർനൃപായ്യം |**

**വിഷുദ്രുഹേവ യജ്ഞമൂഹഥുർഗിരാ ||**

ഹേ അശ്വിനികളേ! നിങ്ങൾ ധനവാൻമാരും ആവശ്യങ്ങൾ നിറവേറ്റുന്നവരുമാണല്ലോ. നിങ്ങൾ സോമപാനത്തിനായി ഇവിടെ വരുവിൻ. സ്തോത്രങ്ങളാൽ യജ്ഞത്തെ സമ്പൂർണ്ണമാക്കുവിൻ.

**16. വാഹിഷ്ഠോ വാം ഹവാനാം സ്തോമോ ദൂതോ ഹുവന്നരാ |**

**യുവാഭ്യാം ഭൂത്വശ്വിനാ ||**

ഹേ അശ്വിനികളേ! സ്തോത്രങ്ങൾ നിങ്ങളുടെ അടുക്കൽ ഒരു ദൂതനെപ്പോലെ വന്ന് നിങ്ങളെ വിളിക്കട്ടെ. നിങ്ങളെ ഇമ്പം കൊള്ളിക്കട്ടെ.

**17. യദ്ദോ ദിവോ അർണവ ഇഷോ വാ മദഥോ ഗൃഹേ |**

**ശ്രുതമിൻമേ അമർത്യാ ||**

ഹേ അശ്വിനികളേ! ഭൂലോകത്തിലെ തണ്ണീരിടത്തിലോഃ അഥവാ അന്നം കാമിക്കുന്ന യജമാനൻെറ വീട്ടിലോ നിങ്ങൾ തിമിർക്കുകയായിരിക്കാം. എന്നാൽ എൻ്റെ ഈ സ്തുതികളെ ശ്രവിക്കണേ.

**18. ഉതസ്യാ ശ്വേതയാവരീ വാഹിഷ്ഠാ വാം നദീനാം |**

**സിന്ധുർഹിരണ്യ വർതനിഃ ||**

ഹിരണ്യമാർഗ്ഗമായ ശ്വേതയാവരീ നദി സ്തുതികൾ വഴിയായി നിങ്ങളുടെ അടുക്കൽ എത്തുന്നു.

**19. സ്മദേതയാ സുകീർത്യാശ്വിനോ ശ്വേതയാ ധിയാ |**

**വഹേഥേ ശുഭ്രയാവാനാ ||**

ഹേ അശ്വിനികളേ! ശ്വേതവർണ്ണയും, യശസ്വിയും, പുഷ്ഠിദായിനിയും ആയ ശ്വേതാവരി നദിയെ നിങ്ങൾ ഒഴുകുവാനനുവദിക്കേണമേ.

**20. യുക്ഷ്വാ ഹി ത്വം രഥാസഹാ യുവസ്വ പോഷ്യാ വസോ |**

**ആന്നോ വയോ മധു പിബാസ്മാകം സവനാ ഗഹി ||**

ഹേ വായു! വാഹകരായ അശ്വങ്ങളെ രഥത്തിൽ പൂട്ടിയാലും, നിങ്ങൾ വാസസ്ഥാനം നൽകുന്നവനും പോഷിപ്പിക്കുന്നവനും ആയ അശ്വിനികളെ രണക്ഷേത്രത്തിലേക്കു കൊവന്നാലും അതിനുശേഷം ഹർഷപ്രദായകമായ ഞങ്ങളുടെ സോമപാനത്തിനായി മൂന്നു സവനങ്ങളിലും ആഗതരാകണേ.

**21. തവ വായവൃതസ്പതേ ത്വഷ്ടുർജാമാതരദ്ഭുത |**

**അവാംസ്യാ വൃണീമഹേ ||**

ഹേ വിചിത്ര കർമ്മാവായ വായുദേവാ നീ യജ്ഞേശ്വരനും ത്വഷ്ടാവിൻ്റെ ജാമാതാവുമാണല്ലോ. ഞങ്ങൾ നിൻ്റെ രക്ഷകളെ പ്രാപിക്കുമാറാകണേ.

**22. ത്വഷ്ടുർജാമാതരം വയമീശാനം രായ ഈമഹേ |**

**സുതാവന്തോ വായും ദ്യുമ്നാ ജനാസഃ ||**

സമർത്ഥനായ വായു ത്വഷ്ടാവിൻ്റെ ജാമാതാവാകുന്നു. സോമം സംസ്ക്കരിച്ചു കഴിഞ്ഞിട്ട് ഞങ്ങൾ അവനോട് ധനം യാചിക്കുന്നു. അവൻ ധനം തരുമ്പോൾ നാം ധനവാൻമാരായിത്തീരുന്നു.

**23. വായോ യാഹി ശിവാ ദിവോ വഹസ്വാ സു സ്വശ്വ്യം |**
**വഹസ്വ മഹഃ പൃഥുപക്ഷസാ രഥേ ||**

ഹേ വായൂ! നീ മഹാനാണല്ലോ. അശ്വയുക്തമായ രഥത്തിലൂടെ സ്വർഗ്ഗത്തിൽ നിന്നും നൻമകൊവരണേ. സ്ഥൂലപാർശ്വരായ ഈ അശ്വങ്ങളെ രഥത്തോടു സംയുക്തമാക്കണേ.

**24. ത്വാം ഹി സുപ്സരസ്തമം നൃഷദനേഷു ഹൂമഹേ |**
**ഗ്രാവാണം നാശ്വപൃഷ്ഠം മംഹനാ ||**

ഹേ വായൂ! നീ അത്യന്തം സുന്ദരരൂപനാണല്ലോ അങ്ങയുടെ എല്ലാ അംഗങ്ങളും മഹിമാസമ്പന്നമാകുന്നു സോമം പിഴിയുന്നവരായ ഞങ്ങൾ അമ്മിക്കല്ലോടുകൂടിയവരായി അങ്ങയെ യജ്ഞത്തിൽ ആഹ്വാനം ചെയ്യുന്നു.

**25. സ ത്വം നോ ദേവ മനസാ വായോ മന്ദാനോ അഗ്രിയഃ |**
**കൃധി വാജാം അപോ ധിയഃ ||**

ഹേ വായൂ! നീ ദേവകളിൽ പ്രമുഖനാണല്ലോ നീ ഹൃദയത്തിൽ പ്രസന്നനായി ഞങ്ങൾക്ക് അന്നവും, ജലവും, കർമ്മവും തരുമാറാകണേ.

## സൂക്തം 27

**ഋഷി വൈവസ്വതമനു ദേവത വിശ്വേദേവകൾ ഛന്ദസ്സ് ബൃഹതി പംക്തി**

**1. അഗ്നിരുക്ഥേ പുരോഹിതോ ഗ്രാവാണോ ബർഹിരധ്വരേ |**
**ഋചാ യാഗി മരുതോ ബ്രഹ്മണസ്പതിം ദേവാം അവോ വരേണ്യം ||**

ഈ സ്തോത്രമയമായ യജ്ഞത്തിൽ സോമാഭിഷവത്തിനുള്ള അമ്മിയും അഗ്രഭാഗത്തിൽ കശയും വിരിക്കപ്പെട്ടിരിക്കുന്നു. ഞാൻ ബ്രാഹ്മണസ്പതിയോടും, മരുത്തുക്കളോടും മറ്റു ദേവകളോടും സ്തുതികളോടും കൂടി രക്ഷയെ യാചിക്കുന്നു.

**2. ആ പശൂം ഗാസി പൃഥിവീം വനസ്പതീനു ഷാസാ നക്തമോഷധീഃ |**
**വിശ്വേ ച നോ വസവോ വിശ്വവേദസോ ധീനാം ഭൂത പ്രാവിതാരഃ ||**

ഹേ അഗ്നേ പശു, പൃഥ്വി, വൃക്ഷങ്ങൾ, ലതകൾ, ഉഷസ്സ്, രാത്രി എന്നിവരെ നീ സ്തുതിക്കൂ. വസുക്കളേ വിശ്വനേദസുകളെ നിങ്ങളെല്ലാവരും ഞങ്ങളുടെ കർമ്മങ്ങളെ സംരക്ഷിച്ചാലും.

**3. പ്ര സൂന ഏത്വധ്വരോഗ്നാ ദേവേഷു പൂർവ്യഃ |**
**ആദിത്യേഷു പ്ര വരുണേ ഘൃതവ്രതേ മരുത്സു വിശ്വഭാനുഷു ||**

അഗ്നയുടെയും മറ്റുദേവകളുടെയും അടുക്കൽ പ്രാചീനയജ്ഞം ഉത്തമമായി ചെന്നു ചേരട്ടെ. അതുപോലെ മരുത്തുക്കളുടേയും അടുക്കലും ചെന്നു ചേരട്ടെ.

**4. വിശ്വേ ഹിഷ്മാ മനവേ വിശ്വവേദസോ ഭുവൻവൃധേ രിശാദസഃ |**
**അരിഷ്ടേഭിഃ പായുഭിർ വിശ്വ വേദസോ യന്താ നോ വൃകം ഛർദിഃ ||**

വിശ്വദേവകൾ ശത്രുക്കളെ നശിപ്പിക്കുന്നവരും വളരെയധികം ധനത്തിന്റെ ഉടമസ്ഥരുമാകുന്നു. ഇവർ മനുവിനെ വൃദ്ധിപ്പെടുത്തുമാറാകണേ. ഹേ സർവ്വജ്ഞാനികളായ ദേവകളേ! നിങ്ങൾ ഞങ്ങളെ രക്ഷിച്ചുകൊ് ബാധാരഹിതമായ ഗൃഹം പ്രദാനം ചെയ്യണമേ.

**5. ആ നോ അദ്യ സമനസോ ഗന്താ വിശ്വേ സജോഷസഃ |**
**ഋചാ ഗിരാ മരുതോ ദേവ്യദിതേ സദനേ പസ്ത്യേ മഹി ||**

ഹേ വിശ്വദേവകളേ! ഇന്നത്തെ ഈ യജ്ഞത്തിൽ തുല്യമനസ്സുള്ളവരായിട്ടും പരസ്പരം ബന്ധപ്പെട്ടവരായും ഋചാരൂപമായ വാണികളോടുകൂടി ഞങ്ങളുടെ അടുക്കൽ വരണേ. ഹേ അദിതീദേവീ, ഹേ മരുത്തുക്കളേ! നിങ്ങളും ഞങ്ങളുടെ ഈ യജ്ഞഗൃഹത്തിൽ വിരാജിതരാകണേ.

**6. അഭി പ്രിയാ മരുതോ യാ വോ അശ്വ്യാ ഹവ്യാ മിത്ര പ്രയാഥന |**
**ആ ബർഹിരിന്ദ്രോ വരുണസ്തുരാ നര ആദിത്യാസഃ സദന്തു നഃ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ പ്രിയപ്പെട്ട നിങ്ങളുടെ അശ്വങ്ങളോടുകൂടി ഈ യജ്ഞത്തിൽ വരണേ. ഹേ മിത്രദേവ! ഈ ഹവിസ്സിനുവേി വരണമേ. രണക്ഷേത്രത്തിൽ അതിവേഗ ശത്രുവധം നടത്തുന്ന ആദിത്യനും, ഇന്ദ്രാവരുണൻമാരും ഈ യജ്ഞത്തിൽ ആഗതരായി കുശാസനത്തിൽ വിരാജിതരാകണേ.

**7. വയം വോ വൃക്ത ബർഹിഷോ ഹിത പ്രയസ ആനുഷക് |**
**സുതസോമാസോ വരുണ ഹവാമഹേ മനുഷ്വദിദ്ധാഗ്നയഃ ||**

ഹേ വരുണാ! ഞങ്ങളും മനുവിനെപ്പോലെ സോമം സംസ്ക്കരിച്ചു അഗ്നിയെ പ്രദീപ്തമാക്കി. ഹവിസ്സർപ്പിച്ച് നിന്നെ വിളിക്കുന്നു.

**8. ആ പ്ര യാത മരുതോ വിഷ്ണോ അശ്വിനാ പൂഷൻമാകീനയാ ധിയാ |**
**ഇന്ദ്ര ആ യാതു പ്രഥമഃ സനിഷ്യുഭിർവൃഷാ യോ വൃത്രഹാ ഗൃണേ ||**

ഹേ മരുത്തുക്കളേ! ഹേ വിഷ്ണോ! പുഷാവിനോടും അശ്വിനികളോടും കൂടിയ എന്റെ സ്തുതികൾ കേൾക്കുമ്പോൾ തന്നെ യജ്ഞത്തിൽ വരേണമേ. ഇന്ദ്രനും ഇവരോടുകൂടി ഒന്നാമതായി വരുമാറാകണേ. ഇന്ദ്രന്റെ സ്തോതാക്കൾ അവനെ വൃത്രഹന്താവായിക്കരുതി സ്തുതിക്കുന്നു.

**9. വി നോ ദേവാസോ അദ്രുഹോ ഛിദ്രം ശർമ യഛത |**
**യ യദ്ദൂരാദ്വസവോ നൂ ചിദന്തിതോ വരൂഥമാദധർഷതി ||**

ഹേ ദേവകളേ! എനിക്ക് ബാധശൂന്യമായ ഭവനം നൽകേണമേ. നിങ്ങൾ നൽകപ്പെട്ട വരണിയമായ ഭവനത്തെ അടുത്തുള്ളവർക്കോ അകലെയുള്ളവർക്കോ ആർക്കും നശിപ്പിക്കുവാൻ സാധ്യമല്ല.

**10. അസ്തിഹി വഃ സജാത്യം രിശാദസോ ദേവാസോ അസ്ത്യാപ്യം |**
**പ്ര ണഃ പൂർവസ്മൈ സുവിതായ വോചത മക്ഷൂം സുമ്നായ നവ്യസേ ||**

ഹേ ദേവകളേ! നിങ്ങൾ ശത്രുക്കളെ ഭക്ഷിക്കുന്നതിൽ സമർത്ഥരാണല്ലോ നിങ്ങൾ ബന്ധുഭാവപൂർണ്ണരാകുന്നു. ഞങ്ങളുടെ അഭ്യുദയത്തിനുവേിയും അഭിനവമായ ധനത്തിനുവേിയും നിങ്ങൾ അതിവേഗം ആജ്ഞകൊടുത്താലും.

**11. ഇദാഹി വാ ഉപസ്തുതി ആ മിാ വാമസ്യ ഭക്തയേ |**
**ഉപ വോ വിശ വേദസോ നമസ്യുരാം അസൃക്ഷ്യന്യാമിവ ||**

ഹേ ദേവകളേ! നിങ്ങൾ എല്ലാ സമ്പത്തുകളുടേയും നാഥൻമാരാണല്ലോ ഞാൻ നിങ്ങളോട് അന്നം യാചിക്കുന്നു. യാതൊരുകർമ്മം ഇതുവരെ ആരും ചെയ്തിട്ടില്ലയോ അങ്ങിനെയുള്ള കർമ്മത്തെ നിങ്ങളുടെ വരണീയമായ ധനത്തെ നേടുന്നതിനായി ഞാൻ ചെയ്യുന്നു.

**12. ഉദു ഷ്യ വഃ സവിതാ സുപ്രണീതയോ സ്ഥാദൂർദ്ധ്വോ വരേണ്യഃ |**

**നിപാദശ്ചതുഷ്പാദോ അർഥിനോ വിശ്രൻപതയിഷ്ണവഃ ||**

ഹേ ശോഭനസ്തോത്രരായ മരുത്തുക്കളേ! നിങ്ങൾക്കു മുകളിലായി ഗമിക്കുന്നവനും കർമ്മപ്രേരകനും ആയ സൂര്യൻ ഉദിക്കുമ്പോൾ മനുഷ്യരും, മൃഗങ്ങളും, പക്ഷികളും എല്ലാം കർമ്മനിരതനായിത്തീരുന്നു.

**13. ദേവന്ദേവം വോ വസേ ദേവന്ദേവമഭിഷ്ടയേ |**

**ദേവന്ദേവം ഹുവേമ വാജസാതയേ ഗൃണന്തോ ദേവ്യാ ധിയാ ||**

ഞങ്ങളുടെ കർമ്മങ്ങളുടെ രക്ഷയ്ക്കുവേ നിങ്ങളിൽ മഹാനായ ദേവനെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. അഭീഷ്ടപ്രാപ്തിക്കുവേ തേജസ്വികളായ ദേവതകളെ ഞങ്ങളാഹ്വാനം ചെയ്യുന്നു. അന്ന പ്രാപ്തിക്കുവേ ദിവ്യദേവതകളെ ഞങ്ങളാഹ്വാനം ചെയ്യുന്നു.

**14. ദേവാസോ ഹി ഷ്മാ മനവേ സമന്യവോ വിശ്വേ സാകം സരാതയഃ |**

**തേ നോ അദ്യ തേ അപരം തുചേ തു നോ ഭവന്തു വാരിവോ വിദഃ ||**

വിശ്വദേവകൾ ഞാനാകുന്ന മനുവിന് ധനാദികൾ നൽകുന്നതിനായി ഏകമാനസരായി പ്രവർത്തിക്കുമാറാകണേ അവർ എനിക്കും എൻെറ പുത്രൻമാർക്കും നിത്യവും വരണീയമായ ധനം പ്രദാനം ചെയ്യുന്നവരാകണേ.

**15. പ്ര വഃ ശംസാമ്യദ്രുഹഃ സംസ്ഥ ഉപസ്തുതീനാം |**

**ന തം ധൂർതിർവരുണ മിത്രം മർത്യയോ വോ ധാമഭ്യോ വിധത് ||**

ഹേ ദേവകളെ സ്തോത്രങ്ങളെ ആശ്രയിച്ചിരിക്കുന്ന ഈ യജ്ഞത്തിൽ ഞാൻ നിങ്ങളെ അത്യധികം സ്തുതിക്കുന്ന മിത്രാവരുണൻമാരേ ആര് നിങ്ങൾക്കായി ഹവിസ്സർപ്പിക്കുന്നുവോ അവനെ ശത്രുക്കളുടെ ഹിംസകർമ്മങ്ങൾ ബാധിക്കുന്നില്ല.

**16. പ്ര സ ക്ഷയം തിരതേ വി മഹിരിഷോ യോ വോ ഭാശതി**

**പ്ര പ്രജാഭിർജായതേ ധർമണസ്പര്യരിഷ്ടഃ സർവ ഏധതേ ||**

ഹേ ദേവൻമാരേ! യാതൊരുത്തർ ധനകാമൻമാരായി നിങ്ങൾക്ക് ഹവിസ്സ് അർപ്പിക്കുന്നുവോ ആ യജമാനൻമാർ തങ്ങളുഷെ അന്നഗൃഹാദികളെ വളർത്തുന്നവരാകുന്നു. അവൻ സന്താന സമ്പന്നരായി സമൃദ്ധി പ്രാപിക്കുന്നു. അവരെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല.

**17. ഋതേ സ വിന്ദതേ യുധഃ സുഗേഭിര്യാത്യധ്വനഃ |**

**അര്യമാ മിത്രോ വരുണഃ സരാതയോയം ത്രായന്തേ സജോഷസഃ ||**

വരുണനാലും, അര്യമാവിനാലും രക്ഷിതനാകുന്ന ആ പുരുഷൻ യുദ്ധം കൂടാതെ തന്നെ ധനം നേടുന്നു. അതുപോലെ നല്ല അശ്വങ്ങളുടെ പുറത്തു സഞ്ചരിക്കുകയും ചെയ്യും.

**18. അജ്രേ ചിദസ്മൈ കൃൺഥാ ന്യഞ്ചനം ദുർഗേചിദാ സുസരണം |**

**ഏഷാ ചിദസ്മാദശനിഃ പരോ നു സാസ്രേധന്തീ വി നശ്യതു ||**

ഹേ ദേവകളെ അറിയപ്പെടാത്തതും വിഷമിച്ചറിയുന്നതും ആയ മാർഗ്ഗങ്ങളെ സുഗമമാക്കണമേ. ഈ ആയുധം ഞങ്ങളിൽ ആരെയും ഹിംസിക്കാതെ സ്വയം നാശമടയണേ.

**19. യദദ്യ സൂര്യ ഉദ്യതി പ്രിയക്ഷത്രാ ഋതം ദധ യന്നിമ്രുചി**

**പ്രബുധി വിശ്വവേദസോ യദ്വാ മധ്യന്ദിനേ ദിവഃ ||**

ഹേ ദേവകളേ! ഇന്നു സൂര്യോദയത്തിൽ നിങ്ങൾ മംഗളമയമായ ഭവനത്തെ വഹിക്കുവിൻ. നിങ്ങൾ സകല ധനസമ്പന്നരാണല്ലോ. അതിനാൽ സായാഹ്നത്തിലും പ്രഭാതത്തിലും മധ്യാഹ്നത്തിലും മനുവിനുവേ എല്ലാ സമ്പത്തുകളേയും വഹിക്കുവിൻ.

**20. യദ്വാഭിപിത്വേ അസുര ഋതം യതേ ഛർദിര്യേമ വി ദാശുഷേ |**

**വയം തദ്വോ വസുവോ വിശ്വവേദസ ഉപ സ്ഥേയാമ മധ്യ ആ ||**

ഹേ ദേവകളേ! നിങ്ങളുടെ ലാഭപ്രാപ്തിക്കുവേ ഹവിർദാനിയായ യജമാനനു നിങ്ങൾ ഭവനം നൽകുകയാണെങ്കിൽ ഞങ്ങൾ ആ മംഗളമായ ഭവനത്തിൽ നിങ്ങളെ ഉപാസിക്കും.

**21. യദദ്യ സൂര ഉദിതേ യൻമധ്യന്ദിന ആതുചി |**

**വാമം ധത്ഥ മനവേ വിശ്വവേദസോ ജൂഹ്വാനായ പ്രചേതസേ ||**

**22. വയം തദ്ധഃ സമ്രാജ ആ വൃണീമഹേ പുത്രോ ന ബഹുപായ്യം |**

**അശ്യാമ തദാദിത്യാ ജൂഹ്വതോ ഹവിർയേനേ വസ്യോ നശാമഹൈ ||**

ഹേ ദേവകളേ! നിങ്ങൾ സകലസമ്പത്തുകളുടേയും നാഥരാണല്ലോ. സൂര്യോദയത്തിലും, മധ്യാഹ്നത്തിലും, സായംകാലത്തിലും യാതൊരു രമണീയമായ ധനത്തെ ഞാനാകുന്ന ഹവിർദാതാവിനും മേധാവിയായ മനുവിനും വേ വഹിക്കുന്നുവോ നിങ്ങളുടെ പുത്രൻമാരേപ്പോലെ ഞങ്ങളാ ധനത്തെ പ്രാപിക്കുകയും ഉപഭോഗം ചെയ്യുകയും ചെയ്യും. ഹേ ആദിത്യൻമാരേ ഞങ്ങൾ യജ്ഞം നടത്തിക്കൊുതന്നെ നിങ്ങളുടെ ആ ധനത്താൽ ധനവാൻമാരായിത്തീരും.

## സൂക്തം 28

**ഋഷി, മനു, ദേവത, വിശ്വേദേവകൾ ഛന്ദസ്സ് ഗായത്രി ഉഷ്ണിക**

**1. യേ ത്രിംശതി ത്രയസ് പരോ ദേവാസോ ബർഹിരാ സദനു |**

**വ്വിദന്നഹ ദ്വിതാസനൻ ||**

കുശാസനങ്ങളിൽ വിരാജിതരായ മുപ്പത്തിമൂന്നു ദേവകളും ഞങ്ങളെ അറിയുകയും കൂടെക്കൂടെ ധനം പ്രദാനം ചെയ്യുകയും ചെയ്യണേ.

**2. വരുണോ മിത്രോ അര്യമാ സ്നദ്രാതിഷാചോ അശ്നയഃ**

**പത്നീവന്തോ വഷ്ക്യതാഃ ||**

വരുണനനും, മിത്രനും, അർയ്യമാവും ദേവപത്നിമാർ സഹിതം ഹവിസ്സ് ദാതാവായ യജമാനന്റെ വിഭിന്നവഷ്ട്ക്യതരായി ആഹ്വാനം ചെയ്യപ്പെടുന്നു.

**3. തേ നോ ഗോപാ അപാച്യാസ്ത ഉദക്ത ഇത്ഥാ ന്യക് | പുരസ്താത്സർവയാ വിശാ ||**

ഹേ വരുണാദി ദേവകളേ! നിങ്ങളുടെ എല്ലാ ഗുണങ്ങളോടും കൂടി എല്ലാഭാഗങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.

**4. യഥാ വശന്തി ദേവാസ്തഥേദസത്തദേഷാം നകിരാ മിനത് | അരാവാ ചന മർത്യഃ |**

ദേവകൾ എന്താഗ്രഹിക്കുന്നുവോ അതുതന്നെ നടക്കുന്നു. അവരുടെ ആഗ്രഹങ്ങളെ ആർക്കും നശിപ്പിക്കുവാൻ സാധ്യമല്ല. ആ ദാനശീലർ പിന്നീട് ഹവിസ്സ് ദാതാക്കളാകുകയാണെങ്കിൽ അവരെയും ആർക്കും നശിപ്പിക്കുവാൻ സാധ്യമല്ല.

**5. സപ്താനാം സപ്ത ഋഷയഃ സപ്ത ദ്യുമ്നാന്യേഷാം | സപ്തോ അധി ശ്രയോ ധിരേ ||**

മരുത്തുക്കൾക്ക് ഏഴിനം ആയുധങ്ങളും ഏഴിനം ആഭരണങ്ങളും ഏഴിനം തേജസ്സുകളും ഉ്.

## സൂക്തം 29

**ഋഷി മരീചിപുത്രൻ ശ്യപനും മനുവും ദേവത വിശ്വേദേവകൾ ഛന്ദസ്സ് ഗായത്രി**

**1. ബഭ്രൂരേകോ വിഷ്ഠ സൂനരോ യുവാഞ്ജ്യങ്ക്തേ | ഹിരണ്യയം ||**

രാത്രിയുടെ നേതാക്കളായ വരുണ സോമദേവതകൾ ഹിരൺമയ പ്രകാശത്തെ പ്രകടമാക്കുന്നു.

**2. യോനിമേക ആ സസാദ ദ്യോതനോ ന്തർദേവേഷു മേധിരഃ ||**

അഗ്നിദേവത പ്രദീപ്തനും, സമ്പന്നനും, ജ്ഞാനിയുമാകുന്നു. അവൻ തന്റെ സ്ഥാനത്തെ പ്രാപിക്കുന്നു.

**3. വാശീമേകോ വിഭർതി ഹസ്ത ആയ സീമന്തർദേവേഷു നിധ്രുവിഃ ||**

ദേവകളുടെ മദ്ധ്യേ വിരാജിക്കുന്ന ത്വഷ്ടാവ് തന്റെ കരങ്ങളിൽ ലോഹനിർമ്മിതമായ കുരാരം വഹിച്ചിരിക്കുന്നു.

**4. വജ്രമേകോ ബിഭർതി ഹസ്ത അഹിതം തേന വൃത്രാണി ജിഘ്നതേ ||**

ഇന്ദ്രൻ ഏകനായി വജ്രം ധരിച്ച് വ്യത്രാദികളെ സംഹരിക്കുന്നു.

**5. തിഗ്മമേകോ ബിഭർതി ഹസ്ത ആയുധം ശുചിരുഗ്രോ ജലാഷഭേഷജഃ ||**

പവിത്രനും, സുഖദാതാവും, വികരാളനുമായ രുദ്രൻ തന്റെ കരങ്ങളിൽ മൂർച്ചയേറിയ ആയുധം വഹിച്ചിരിക്കുന്നു.

**6. പഥ ഏകഃ പീപായ തസ്കരോ യഥാം ഏഷ വേദനിധീനാം ||**

മോഷ്ടാക്കൾ എല്ലാവരുടേയും ധനത്തെ അറിയുന്നതുപോലെ പൂഷാവ് എല്ലാവരുടേയും ധനത്തെ അറിയുന്നു. അവൻ മാർഗ്ഗം സംരക്ഷകനാകുന്നു.

**7. ത്രീണ്യേക ഉരുഗായോ വി ചക്രമേ യത്രദേവാസോ മദന്തി ||**

വിഷ്ണു മൂന്നടികളാൽ ത്രിലോകങ്ങളെ അളന്നു അവന്റെ ഈ കർമ്മത്തിൽ ദേവകൾ ഹർഷിതരായി അവൻ അനേകരുടെ സ്തുതിക്കുപാത്രമാകുന്നു.

**8. വിഭീർദ്വാ ചരത ഏകയാ സഹ പ്ര പ്രവാസേ വസതഃ ||**

അശ്വിനികൾ സൂര്യപുത്രിയോടുകൂടി പ്രവാസികളെപ്പോലെ അശ്വങ്ങളുടെ പുറത്ത് സഞ്ചരിക്കുന്നു.

**9. സദോദ്വാ ചക്രാതേ ഉപമാ ദിവി സമ്രാജാ സർപി രാസുതി ||**

**10. അചർന്ത ഏകേ മഹി സാമ മന്വത തേന സൂര്യമാരോചയൻ ||**

മത്രാവരുണൻമാർ ഘ്യതരൂപമാകുന്ന ഹവിസ്സമ്പന്നൻമാരും അത്യന്തം പ്രകാശവാൻമാരുമാകുന്നു. അവർ സ്വർഗ്ഗമാർഗ്ഗം നിർമ്മിക്കുന്നവരാകുന്നു. സ്തോതാക്കളായ ജ്ഞാനികൾ സമാഗാനത്താൽ സൂര്യനെ തീക്ഷ്ണനാക്കുന്നു.

## സൂക്തം 30

**ഋഷി മനു ദേവത വിശ്വേദേവകൾ ഛന്ദസ്സ് ഗായത്രി ഉഷ്ണിക ബൃഹതി അനുഷ്ടുപ്**

**1. നഹി വോ അസ്ത്യർഭകോ ദേവാസോ ന കുമാരകഃ | വിശ്വേ സതോ മഹാന്ത ഇത് ||**

ഹേ വിശ്വദേവകളേ! നിങ്ങളുടെ ഇടയിൽ കുട്ടികളുമില്ല, കുമാരൻമാരുമില്ല. എല്ലാവരും മഹാൻമാരാകുന്നു.

**2. ഇതി സ്തുതാസോ അസഥാ രിശാദസോ യേ സ്ഥ ത്രയശ്ച ത്രിശച്ച | മനോർദേവാ യജ്ഞിയാസഃ ||**

ദേവൻമാരേ! നിങ്ങൾ ശത്രുക്കളെ ഭക്ഷിക്കുന്നവരും യജ്ഞാർഹരും ആകുന്നു. മുപ്പത്തിമൂന്നു ദേവകളുടെ രൂപത്തിൽ നിങ്ങൾ സ്തുതിക്കപ്പെടുന്നു.

**3. തേ നസ്ത്രാധ്വം തേ വത ത ഉ നോ അദി വോചത | മാ നഃ പഥഃ പിത്ര്യാൻമാനവാദധി ദൂരം നൈഷ്ട പരാവതഃ ||**

ഹേ ദേവൻമാരേ! രാക്ഷസൻമാരിൽ നിന്നും ഞങ്ങളെ പാലിക്കേണമേ. നിങ്ങൾ ഞങ്ങളോട് അനുഗ്രഹവചനങ്ങൾ ഉച്ചരിക്കേണമേ. മനുമുതൽ നിലനിന്നുവരുന്ന സൻമാർഗ്ഗത്തിൽ നിന്നും ദുരസ്ഥിതമായ മാർഗ്ഗത്തിൽ നിന്നും നിങ്ങൾ ഞങ്ങളെ ഭ്രഷ്ടരാക്കരുതേ.

**4. യേ ദേവാസ ഇഹ സ്ഥന വിശ്വേ വൈശ്വാനരാ ഉത | അസ്മഭ്യം ശർമ സപ്രഥോ ഗവേശ്വായ യച്ഛത ||**

ഹേ ദേവൻമാരേ! യജ്ഞത്തിൽ പ്രത്യക്ഷനാകുന്ന അഗ്നേ! നിങ്ങൾ ഇവിടെ പ്രതിഷ്ഠിതരായി ഞങ്ങൾക്ക് ഗോക്കൾ അശ്വങ്ങൾ മുതലായ ധനവും അവയുടെ സുഖവും നൽകിയാലും.

# അനുവാകം 5

## സൂക്തം 31

**ഋഷി മനു ദേവത യജ്ഞവും ദമ്പതിമാരും ഛന്ദസ്സ് ഗായത്രി അനുഷ്ടുപ് പംക്തി**

**1. യോ യജാതി യജാത ഇത്സുനവച്ച പചാതിച**

**ബ്രഹ്മേ ദിന്ദ്രസ്യ ചാകനത്**

**2. പുരോളാശം യോ അസ്മൈ സോമം ररत ആശിരം |**

**പാദിത്തം ശക്രോ അംഹസഃ ||**

യാതൊരു യജമാനൻ തുടർച്ചയായി യജ്ഞം നടത്തി സോമം പിഴിയലും, പുരോഡാശപാകവും നടത്തുന്നുവോ യാതൊരു യജമാനൻ ഇന്ദ്രനെ തുടർച്ചയായി സ്തുതിക്കുവാനാഗ്രഹിയ്ക്കുകയും ചെയ്യുന്നുവോ യാതൊരു യജമാനൻ പുരോഡാശവും ഗോരസവും മിശ്രിതമാക്കി ഇന്ദ്രനു നൽകുന്നുവോ അവനെ ഇന്ദ്രൻ പാപത്തിൽ നിന്നും മോചിപ്പിയ്ക്കുന്നു.

**3. തസ്യ ദ്യുമാം അസദ്രഥോ ദേവജൂതഃ സ ശുശൂവത് വിശ്വാ വന്വന്നമിത്രിയാ ||**

ദേവകളാൽ അയയ്ക്കപ്പെട്ട പ്രകാശിക്കുന്ന രഥം ആ യജമാനനുള്ളതാകുന്നു. അവൻ ശത്രുക്കളുടെ ബാധകളെ നശിപ്പിച്ചുകൊ് ഐശ്വര്യ സഹിതം സമൃദ്ധിയെ പ്രാപിക്കുന്നു.

**4. അസ്യ പ്രജാവതീ ഗൃഹേ സശ്ചന്തീ ദിവേദിവേ |**

**ഇളാ ധേനുമതീ ദുഹേ ||**

ഈ യജമാനന്റെ വീട്ടിൽ പുത്രാദികളാൽ സമ്പന്നമായ നാശ രഹിതമായ ധനം പ്രതിദിനം കുന്നുകൂടുന്നു.

**5. യാ ദമ്പതീ സ മനസാ സുനുത ആ ച ധാവതഃ**

**ദേവാസോ നിത്യയാശിരാ ||**

ഹേ ദേവഗണമേ! പതിയും പത്നിയും യജമാന തുല്യമനസ്കരായി സോമം പിഴിഞ്ഞരിച്ച് അതിൽ ഗോരസം ചേർത്തു മധുരമുള്ളതാക്കുന്നു.

**6. പ്രതി പ്രാശവ്യാം ഇതഃ സമ്യഞ്ചാ ബർഹിരാശാതേ**

**ന താ വാജേഷു വായത: ||**

ആ ദമ്പതികൾ അന്നാദികൾ പ്രാപിക്കുന്നു. അവർക്ക് അന്നത്തിനു വേി ആരുടേയും അടുക്കൽ പോകേതായി വരുന്നില്ല.

**7. ന ദവാനാമപിഹുതഃസുമതിം ന ജുഗുക്ഷതഃ |**

**ശ്രവോ ബൃഹദ്വിവാസതഃ ||**

ആ ദമ്പതിമാർ ദേവകളെ ഉപേക്ഷിക്കുന്നില്ല. മഹത്തായ അന്നം അവർ ദേവകൾക്കു നിവേദിക്കുന്നു.

**8. പുത്രിണാ താ കുമാരിണാ വിശ്വമായുർവ്യശ്രുതഃ |**

**ഉഭാ ഹിരണ്യപേശസാ ||**

അവർ പുത്രവാൻമാരായി സ്വർണ്ണാദി ധനങ്ങളാൽ സുസജ്ജിതരായി പൂർണ്ണായുസ്സോടുകൂടിയവരായിത്തീരുന്നു.

**9. വീതീഹോത്രാ കൃതദ്വസൂ ദശസ്യന്താമൃതായകം |**

**സമൂധോ രോമശം ഹതോ ദേവേഷു കൃണുതോ ദുവഃ ||**

യജ്ഞം നടത്തുന്ന ദമ്പതിമാർ സ്തുതികളാൽ ദേവകളെ സന്തോഷിപ്പിക്കും അവർക്ക് ഹവിസ്സ് രൂപമാകുന്ന അന്നം നൽകും. സന്താനലാഭത്തിനു വേി ലിംഗംയോനിയോടു ചേർക്കും. അവർ ദേവകളെ ഉപാസിക്കുന്നവരായിരിക്കും.

**10. ആ ശർമ പർവതനാം വൃണീമഹേ നദീനാം |**

**ആ വിഷ്ണോഃ സചാഭുവഃ ||**

ഞങ്ങൾ ദേവകൾ സഹിതം വിഷ്ണുവിൽ നിന്നും സുഖം യാചിക്കുന്നു. ഞങ്ങൾ പർവ്വതങ്ങളിൽ നിന്നും നദികളിൽ നിന്നും സുഖം കാംക്ഷിക്കുന്നു.

**11. ഐതു പൂഷാ രയിർഭഗഃ സ്വസ്തി സർവധാതമഃ |**

**ഉരുരധ്വാ സ്വസ്തയേ ||**

പൂഷാവ് ധനം പ്രധാനം ചെയ്യുന്നവനും എല്ലാത്തിനേയും പോഷിപ്പിക്കുന്നവനും ആകുന്നു. അവൻ തന്റെ രക്ഷാത്മകമായ ശക്തികളൊടുകൂടി ആഗതനാകണേ. അവന്റെ വിസ്തൃതമായ ഭാഗം നമുക്കു കല്യാണ ദായകമാകണേ.

**12. അരമതിരനർവണോ വിശ്വേ ദേവസ്യ മനസാ |**

**ആദിത്യാനാമനേഹ ഇത് ||**

പൂഷാവിന്റെ സ്തോതാക്കൾ ശ്രദ്ധാപൂർവ്വം സ്തുതിക്കുന്നു. അവൻ ആർക്കും വശംവദനാകുന്നില്ല. ആദിത്യൻമാരുടെ ദാനം പാപരഹിതമാകുന്നു.

**13. യഥാ നോ മിത്രോ അര്യമാ വരുണഃ സന്തി ഗോപാഃ |**

**സഗാ ഋതസ്യ പന്ഥാഃ ||**

മിത്രനും, വരുണനും, അര്യമാവും നമ്മെ രക്ഷിക്കുന്നതുപോലെ യജ്ഞത്തിന്റെ എല്ലാ മാർഗ്ഗങ്ങളും നമുക്കു സുഗമമായിത്തീരണേ.

**14. അഗ്നിംവഃ പൂർവ്യം ഗിരാ ദേവമീളേ വസൂനാം |**

**സപര്യന്തഃ പുരുപ്രിയം മിത്രം ന ക്ഷേത്രസാധസം ||**

ഹേ ദേവകളേ! നിങ്ങളിൽ പ്രമുഖനായ അഗ്നിദേവനെ ധന പ്രാപ്തിക്കുവേി ഞാൻ സ്തുതിക്കുന്നു. നിങ്ങളുടെ സേവകൻ അനേകർക്കു പ്രിയങ്കരനാകുന്നു. അവർ മിത്രങ്ങളെപ്പോലെ യജ്ഞസാധകനായ അഗ്നിയെ പൂജിക്കുന്നു.

**15. മക്ഷൂ ദേവവതോ രഥഃ ശൂരോ വാ പൃത്സു കാസു ചിത |**

**ദേവാനാം യ ഇൻമോ യജമാന ഇയക്ഷത്യഭീ യജ്വ നോ ഭുവത്||**

വീരൻമാർ സൈന്യത്തിൽ പ്രവേശിക്കുന്നതുപോലെ ദേവോപാസകനായ മനുഷ്യന്റെ രഥം അതിവേഗം കോട്ടയിൽ പ്രവേശിയ്ക്കുന്നു. ദേവപൂജ നടത്തുന്ന യാജ്ഞികൾ അയാജ്ഞികരെ പരാജിതരാക്കുന്നു.

**16. ന യജുമാന തിഷ്യസി ന സുന്വാന നദേവയോ |**

**ദേവാനാം യ ഇൻമനോ യജമാന ഇയക്ഷത്യഭീദയജ്വനോ ഭുവത്||**

ഹേ യജമാനാ! നീ സോമം പിഴിയുന്നവരാണ്. അഹിംസിതനായ നീ ദേവകാമനാണ് അതിനായി നീ നാശത്തെ പ്രാപിക്കുകയില്ല. ദേവകളെ പൂജിക്കുന്ന യജമാനൻ അയാജ്ഞികരെ പരാജിതനാക്കുന്നു.

**17. നകിഷ്ടം കർമണാ നശന്ന പ്ര യോഷന്ന യോഷതി |**

**ദേവാനാം യ ഇൻമനോ യജമാന ഇയക്ഷത്യഭീദയജ്വനോ ഭുവത്||**

ദേവയജ്ഞം നടത്തുന്ന യജമാനനെ കർമ്മങ്ങൾകൊും അടുക്കുവാൻ ആരും സമർത്ഥരാകുന്നില്ല. അവനെ സ്ഥാനഭ്രഷ്ടനാക്കുവാനും സാധ്യമല്ല. അവൻ പുത്രാദികളിൽ നിന്നും അകന്നുപോകുന്നില്ല. യാതൊരുത്തൻ സ്തോത്രങ്ങളാൽ ദേവകളെ പൂജിയ്ക്കുന്നുവോ അവൻ അജയാജ്ഞികരെ പരാജയപ്പെടുത്തുന്നു.

**18. അസദത്ര സുവീര്യമുത ത്യദാശ്വശ്വ്യം |**

**ദേവാനാം യ ഇൻമനോ യജമാന ഇയ്യക്ഷത്യഭീദയജ്വനോ ഭുവത്||**

ദേവകൾക്കു യജ്ഞം നടത്തുവാനാഗ്രഹിക്കുന്ന യജമാനൻ സുന്ദരമായ പുത്രൻമാരോടുകൂടിയവനാകുന്നു. അവന് അശ്വാദിയുക്തമായ ധനം ലഭിയ്ക്കുന്നു. യാതൊരുത്തൻ സ്തുതികൾ

വഴിയായി ദേവപൂജ നടത്തുന്നുവാനാഗ്രഹിയ്ക്കുന്നുവോ അവൻ യജ്ഞവിഹിനരെ പരാജയപ്പെടുത്തുന്നതിൽ സമർത്ഥനാകുന്നു.

# അദ്ധ്യായം 3

## സൂക്തം 32

**ഋഷി കണ്വഗോത്രൻ മേധാതിഥി ദേവത ഇന്ദ്രൻ ഛന്ദസ്സ് ഗായത്രി**

**1. പ്ര കൃതാന്യൃർജീഷിണഃ കണ്വാ ഇന്ദ്രസ്യ ഗാഥയാ |**

**മദേ സോമസ്യ വോചത ||**

ഹേ കണ്വമഹർഷിമാരേ! ഇന്ദ്രൻെറ കീർത്തനങ്ങളിൽ അവന്റെ ശക്തിയെ നയിക്കുമ്പോൾ അദ്ദേഹത്തിന്റെ എല്ലാകർമ്മങ്ങളേയും വർണിക്കുവിൻ.

**2. യഃ സൃബിന്തമനർശനിം പിപ്രും ദാസമഹിശുവം |**

**വധീദുഗ്രോ രിണന്നപഃ ||**

ജലത്തെ പ്രേരിപ്പിക്കുന്നവനും പരാക്രമിയുമായ ഇന്ദ്രൻ അനർശനി പിപ്രൻ സ്വവിന്ദൻ ദാസൻ അഹിശ്വൻ എന്നിവരെ സംഹരിച്ചു.

**3. ന്യർബുദസ്യ വിഷ്ടപംവർഷ്മാണം ബൃഹതസ്തിര |**

**കൃഷേ തദിന്ദ്ര പൗംസ്യം ||**

ഹേ ഇന്ദ്രാ! വൃത്രനെ ഛേദിച്ചാലും ഈ വീരകർമ്മത്തിൽ തല്പരനായാലും.

**4. പ്രതി ശ്രുതായ വോ ധൃഷത്തുണിശംന ഗാരേരധിം |**

**ഹുവേ സുശിപ്രമൂതയേ ||**

ഹേ സ്തോതാക്കളേ! മേഘത്തോടു ജലത്തെ യാചിക്കുന്നതുപോലെ ശത്രുക്കളെ നശിപ്പിക്കുന്നവനായ ഇന്ദ്രനോട് നിങ്ങളുടെ രക്ഷയ്ക്കുവേ ഞാൻ പ്രാർത്ഥിക്കുന്നു.

**5. സ ഗോരശ്വസ്യ വി വ്രജംമന്ദാനഃ സോമ്യേഭ്യഃ |**

**പുരം ന ശൂര ദർഷസി ||**

ഹേ വീരനായ ഇന്ദ്രാ! നി പ്രസന്നനായിരിക്കുമ്പോൾ വൃത്രപുരത്തന്റെ വാതിൽ തുറന്നതുപോലെ സ്തോതാക്കൾക്കുവേ ഗോക്കളുടേയും അശ്വങ്ങളുടേയും സ്ഥാനങ്ങളുടെ വാതിലുകൾ തുറന്നു തരുന്നു.

**6. യദി മേ രാരണഃ സുത ഉക്‌ഥേ വാ ദധസേ ചനഃ |**

**ആരാദുപ സ്വധാ ഗഹി ||**

ഹേ ഇന്ദ്രാ! എൻെറ സോമത്തേയും, സ്തോത്രത്തെയും ആഗ്രഹിക്കുന്നുവെങ്കിൽ എനിക്കന്നം നൽകുവാനായി ദൂരദേശത്തുനിന്നും അന്നവുമായി ഇവിടെ വരേണമേ.

**7. വയം ധാ തേ അപി ഷ്മസി സ്തോതാര ഇന്ദ്ര ഗിർവണഃ |**

**ത്വം നോ ജിന്വ സോമപാഃ ||**

ഹേ സോമപാനിയായ ഇന്ദ്രാ! ഞങ്ങൾക്കു അങ്ങയെ സ്തുതിക്കുന്നവരാണല്ലോ. അങ്ങ് ഞങ്ങളെ സന്തുഷ്ടരാക്കണമേ.

**8. ഉത നഃ പിതുമാ ഭര സംരരാണോ അവിക്ഷിതം |**

**മഘവൻമൂരി തേ വസു ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ മേൽ പ്രസാദിക്കേണമേ. ക്ഷയിയ്ക്കാത്ത അന്നം ഞങ്ങൾക്കു പ്രദാനം ചെയ്യുമാറാകണേ. എന്തുകൊണ്ടെന്നാൽ നീ അപരിമിതമായ ധനത്തോടു കൂടിയവനാണല്ലോ.

**9. ഉത നോ ഗോമതസ്കൃധി ഹിരണ്യവതോ അശ്വിനഃ |**

**ഇളാഭി സം രഭേമഹി ||**

ഹേ ഇന്ദ്രാ! ഞങ്ങൾ അന്നത്താൽ സമ്പന്നരാകണം ഞങ്ങളെ ഗോക്കൾ, അശ്വങ്ങൾ, സ്വർണ്ണം ആദിയായ ധനങ്ങളാൽ സമ്പന്നരാക്കേണമേ.

**10. ബൃവദ്ക്ഥം ഹവാമഹേ സൃപ്രകരസ്നമൂതയേ |**

**സാധുകൃണ്വന്തമവസേ ||**

ഇന്ദ്രൻ ജഗത്തിന്റെ രക്ഷയ്ക്കുവേ തന്റെ കരങ്ങളെ വിരിയ്ക്കുകയും പരിരക്ഷണത്തിനനുയോജ്യമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു. ഞങ്ങൾ ആ ഉക്ഥവാനായ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**11. യഃ സംസ്ഥേ ചിച്ഛത ക്രതുരാദീം കൃണോതി വൃത്രഹാ |**

**ജരിതൃഭ്യഃപുരുവസുഃ ||**

ബഹുകർമ്മാവായ ഇന്ദ്രൻ രണക്ഷേത്രത്തിൽ ശത്രുക്കളെ സംഹരിക്കുന്നു വൃത്രഹന്താവായ ആ ഇന്ദ്രൻ തന്നെ സ്തോതാക്കളുടെ ധനേശ്വരനാകുന്നു.

**12. സ നഃ ശകശ്ചിദാ ശകാദ്ദാനവാം അന്തരാഭരഃ |**

**ഇന്ദ്രോ വിശ്വാഭിരൂതിഭിഃ ||**

ഇന്ദ്രൻ ദാനശീലനാകുന്നു. അവർ തന്റെ രക്ഷകളാൽ നമ്മുടെ പഴുതുകളെല്ലാം അടയ്ക്കുന്നു. അവൻ നമ്മെ ശക്തിയുള്ളവരാക്കണേ.

**13. യോ രായോ വനിർമഹാൻ ത്സുപാരഃ സുന്വതഃ സഖാ |**

**തമിന്ദ്രമഭി ഗായത ||**

ആര് സോമം പിഴിയുന്നവന്റെ സഖാവായിരിക്കുന്നുവോ ആര് സുന്ദരമായി അക്കര കടത്തുന്നവനായിരിക്കുന്നുവോ ആര് രക്ഷകനായിരിക്കുന്നുവോ ആ ഇന്ദ്രനെത്തന്നെ സ്തുതിക്കുവിൻ.

**14. ആയന്താരം മഹി സ്ഥിരം പൃതനാസു ശ്രവോജിതം |**

**ഭൂരേരോശാനമോജസാ ||**

രണക്ഷേത്രത്തിൽ വിചലിതനാകാത്തവിധം അന്നങ്ങളെ വിജയിയ്ക്കുന്നവനുമായ ഇന്ദ്രൻ അപരിമിതമായ സമ്പത്തുകളുടെ ഉടമസ്ഥനാകുന്നു.

**15. നകിരസ്യ ശചീനാം നിയന്താ സൂനൃതാനാം |**

**നകിർ വക്താന ദാദിതി ||**

ഇന്ദ്രൻ ദാനഹീനനാണെന്ന് ആരും പറയുന്നില്ല. അവന്റെ സുന്ദരകർമ്മങ്ങളെ ആർക്കും തടയുവാൻ സാധ്യമല്ല.

**16. ന നൂനം ബ്രഹ്മണാമൃണം പ്രാശൂനാമസ്തി സുന്വതാം |**

**ന സോമോ അപ്രതാ പപേ ||**

സോമം പിഴിയുന്നവരും സോമം പാനം ചെയ്യുന്നവരും ആയ ബ്രാഹ്മണർ ഋണയുകതരാകുന്നില്ല. യാതൊരുത്തന്റെ അടുക്കൽ അസീമിതമായ ധനം ഉായിരിക്കുന്നുവോ അവൻ സോമംപാനം ചെയ്യുന്നതിൽ സമർത്ഥരാകുന്നു.

**17. പന്യഇദുപ ഗായത പന്യ ഉക്ഥാനി ശംസത |**

**ബ്രഹ്മാ കൃണോത പന്യ ഇത് ||**

സ്തുത്യർഹനായ ഇന്ദ്രനെ സ്തുതിക്കുവിൻ അവനുവേ സ്തോത്രാച്ചാരണം നടത്തുവിൻ. അവനുവേ സ്തോത്രങ്ങൾ രചിക്കുവിൻ.

**18. പന്യ ആ ദർദിരച്ഛതാ സഹസ്രാ വാജ്യവൃതഃ |**

**ഇന്ദ്രോ യോ യജ്വനോ വൃധഃ ||**

പരാക്രമിയായ ഇന്ദ്രൻ ആയിരക്കണക്കായ ശത്രുക്കളെ കൊന്നുവീഴ്ത്തി. ശത്രുക്കൾക്കവനെ മറയ്ക്കുവാൻ കഴിയുന്നില്ല. അവൻ യഷ്ടാവായ യജമാനനെ വൃദ്ധിപ്പെടുത്തുന്നു.

**19. വിഷൂചര സ്വധാ അനു കഷ്ടീനാമന്വാഹുവഃ |**
**ഇന്ദ്ര പിബ സുതാനാം ||**

ഇന്ദ്രൻ ആഹ്വാനപാത്രനാകുന്നു ഹേ ഇന്ദ്രാ! നീ മനുഷ്യരുടെ ഹവിസ്സുകളുടെ ചുറ്റും സഞ്ചരിക്കുകയും സംശുദ്ധമാക്കപ്പെട്ട സോമംപാനം ചെയ്യുകയും ചെയ്യണമേ.

**20. പിബ സ്വധൈനവാനാമുത യസ്തുഗ്രയേ സചാ |**
**ഉതായമിന്ദ്ര യസ്തവ ||**

ഹേ ഇന്ദ്രാ! ജലമിശ്രിതവും, ഗോവിനെ നൽകി വാങ്ങിയതും ആയ ഈ സോമത്തെ പാനം ചെയ്യേണമെ.

**21. അതീഹി മന്യുഷാവിണംസുഷ്ടവാംസ മുപാരണേ |**
**ഇമം രാതം സുതം പിബ ||**

ഹേ ഇന്ദ്രാ! ആര് അനുപയുക്തമായ സ്ഥാനത്തോ ക്രോധഭാവത്തോടുകൂടിയോ സോമം പിഴിയുന്നുവോ അവനെ കടന്നുപോന്ന് ഞങ്ങൾ പിഴിഞ്ഞു വെച്ചിരിയ്ക്കുന്ന ഈ സോമത്തെ പാനം ചെയ്യണേ.

**22. ഇഹി തിസ്രഃ പരാവത ഇഹി പഞ്ച ജനാം അതി |**
**ധേനാ ഇന്ദ്രാവചാകശത് ||**

ഹേ ഇന്ദ്രാ! നീ ദൂരെനിന്നും മുമ്പിൽക്കൂടിയോ പിന്നിൽക്കൂടിയോ വശത്തുകൂടിയോ ഞങ്ങളുടെ അടുക്കൽ വന്നാലും നീ ഞങ്ങളുടെ സ്തോത്രങ്ങളെ അറിഞ്ഞിരിക്കുന്നു. അതിനാൽ പിതൃക്കളേയും ഗാന്ധർവ്വൻമാരേയും ദേവൻമാരെയും രാക്ഷസൻമാരേയും കടന്ന് ഇങ്ങോട്ടു വന്നാലും.

**23. സൂര്യോ രശ്മിം യഥാ സൃജാ ത്വാ യച്ഛന്തു മേ ഗിരഃ |**
**നിമ്നമാപോ ന സധ്ര്യക് ||**

ഹേ ഇന്ദ്രാ! സൂര്യൻ രശ്മികളെ ദാനം ചെയ്യുന്നതുപോലെ നീ ഞങ്ങൾക്കു ധനം പ്രദാനം ചെയ്യണമേ ജലം നിമ്നഭൂമിയെ പ്രാപിക്കുന്നതുപോലെ എന്റെ സ്തോത്രങ്ങൾ നിന്നെ പ്രാപിക്കണേ.

**24. അധ്വര്യവാ തു ഹി ഷിഞ്ച സോമം വീരായ ശിപ്രിണേ |**
**ഭരാ സുതസ്യ പീതയേ ||**

ഹേ അധ്വര്യുക്കളേ നിങ്ങൾ അതിവേഗം സുന്ദരമായ അണയോടുകൂടിയ ഇന്ദ്രനുവേി സോമം പിഴിയുവിൻ അവനെ അതുപാനം ചെയ്യുവാൻ ആദരവോടുകൂടി ആഹ്വാനം ചെയ്യുവിൻ.

**25. യേ ഉദ്നഃ ഫലിഗം മിനന്ന്യക്സിന്ധൂംവാസൃജത് |**
**യോഗേഷേ പക്വം ധാരയത് ||**

ആര് ജലത്തിനുവേി മേഘത്തെ കീറിപ്പിളർന്നുവോ ആര് അന്തരീക്ഷത്തിൽ നിന്നും ഭൂമിയിലേയ്ക്കു ജലത്തെ പ്രേരിപ്പിച്ചുവോ ആര് ഗോക്കളിൽ മധുരമയമായ പാൽ നിറച്ചുവോ ആ എല്ലാകർമ്മങ്ങളുടെയും കർത്താവ് ഇന്ദ്രൻ തന്നെയാകുന്നു.

**26. അഹൻവൃത്രമൃചീഷമ ഓർണവാഭമഹീ ശുവാം |**
**ഹിമേനാവിധ്യദർബുദം ||**

ഇന്ദ്രൻ ഔർണ്ണനാഭനേയും അഹിശുവനേയും വൃത്രനേയും സംഹരിച്ചു തുഷാരജലത്താൽ മേഘത്തെ കീറിപ്പിളർന്നു.

**27. പ്ര വ ഉഗ്രായ നിഷ്ടുരേ ഷാളഹായ പ്രസക്ഷിണേ |**
**ദേവത്തം ബ്രഹ്മ ഗായത ||**

ഹേ സോമഗായകരേ യാതൊരുത്തൻ പരാക്രമികളും കഠോരൻമാരുമായ ശത്രുക്കളെ പരാജയപ്പെടുത്തുന്നവനായിരിക്കുന്നുവോ ആ ഇന്ദ്രനുവേി ദേവകളെ പ്രസാദിപ്പിക്കുവാൻ പ്രാപ്തമായ സുന്ദരസ്തോത്രങ്ങളെ ആലപിക്കുവിൻ.

**28. യോ വിശ്വാന്യഭി വ്രതാ സോമസ്യ മദേ അന്ധസഃ |**
**ഇന്ദ്രോ ദേവേഷു ചേതതി ||**

സോമത്തിൻെറ ലഹരിപിടിക്കുമ്പോൾ ഇന്ദ്രൻ എല്ലാദേവകൾക്കും തന്റെ കർമ്മങ്ങളെപ്പറ്റിയുള്ള സൂചനനൽകുന്നു.

**29. ഇഹ ത്വാ സധമാദ്യാ ഹരീ ഹിരണ്യകേശ്യാ |**
**വോളഹാമഭി പ്രയോ ഹിതം ||**

തുല്യശക്തരും, സ്വർണ്ണകേശരും ആയ ഹര്യശ്വങ്ങൾ ഈ സോമയാഗത്തിൽ നമ്മുടെ അന്നത്തിന്റെ മുമ്പിലേയ്ക്ക് ഇന്ദ്രനെ വഹിച്ചുകൊുവരണേ.

**30. അർവാഞ്ചം ത്വാ പുരുഷ്ടുത പ്രിയമേധസ്തുതാ ഹരീ |**
**സോമപേയായ വക്ഷതഃ ||**

ഇന്ദ്രൻ അനേകരാൽ സ്തുതിക്കപ്പെടുന്നു. അശ്വിനികുമാരൻമാർ പ്രിയമേധനാലും അവർ നമ്മുടെ സോമംപാനം ചെയ്യുവാൻ മുമ്പിൽ വരുമാറാകണേ.

## സൂക്തം 33

**ഋഷി മേധാതിഥി കണ്വൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് ബൃഹതി ഗായത്രി അനുഷ്ടുപ്**

**1. വയം ധ ത്വാ സുതാവന്ത ആപോ ന വൃക്തബർഹിഷഃ |**
**പവിത്രസ്യ പ്രസ്രവണേഷു വൃത്രഹൻപരി സ്തോതാരം ആസതേ ||**

ഹേ വൃത്രഹന്താവേ ഞങ്ങൾസോമം പിഴിഞ്ഞിരിക്കുന്നു. ദർഭമുറിച്ച ഞങ്ങൾ ജലംപോലെ നിൻെറ മുമ്പിൽവന്ന് നിന്നെ പൂജിയ്ക്കുന്നു.

**2. സ്വരന്തി ത്വാ സുതേ നരോ വസോ നിരേക ഉക്ഥിനഃ |**
**കദാ സുതംതൃഷാണ ദാക ആ ഗമ യന്ദ്ര സ്വബ്ദീവ വംസഗഃ ||**

ഹേ വാസകനായ ഇന്ദ്രാ! സോമം പിഴിഞ്ഞ് ഉക്ഥഗായകർ സ്തുതിക്കുന്നു. വൃഷഭസമാനനായ ഇന്ദ്രൻ ശബ്ദിച്ചുകൊ് എപ്പോൾ ഇങ്ങോട്ടുവരും.

**3. കണ്വേഭിർധൃഷ്ണവാ ധൃഷദ്വാജം ദർഷി സഹസ്രിണം |**
**വിശങ്ഗരൂപം മഘവൻവിചർഷണേമക്ഷൂ ഗോമന്തമീമഹേ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ നശിപ്പിക്കുന്നവനാണല്ലോ കണ്വവംശീയരായ മഹർഷിമാർക്ക് ആയിരക്കണക്കിന് അന്നം പ്രദാനം ചെയ്യണേ. ധനവാനായ നിന്നോട് മഞ്ഞനിറത്തിലുള്ള ധനവും ഗോക്കളോടുകൂടിയ അന്നവും ഞങ്ങൾ യാചിക്കുന്നു.

**4. പാഹി ഗായാന്ധസോ മദ ഇന്ദ്രായ മേധ്യാതിഥേ |**
**യഃ സമിശ്ലോ ഹര്യോര്യഃ സുതേ സചാ വജ്രി രഥോ ഹിരണ്യയഃ ||**

ഹേ മേധാതിഥേ! നീ സോമം കുടിക്കൂ. അതിന്റെ ലഹരിയിൽ ഇന്ദ്രനെപ്പറ്റി പാടുക. അവൻ സ്വർണ്ണത്തേരിൽ ഹരിതാശ്വങ്ങളെ പൂട്ടുന്നവനും പിഴിഞ്ഞാൽ തുണയ്ക്കുന്നവനുമാണ്.

**5. യഃ സുഷവ്യഃ സുദക്ഷിണ ഇനോ യഃ സുക്രതുർഗൃണേ |**

**യ ആകരഃ സഹസ്രാ യ ശതാമധ ഇന്ദ്രോ യഃ പൂർഭിദാരിതഃ ||**

യാതൊരുത്തന്റെ മസ്തകവും, ദക്ഷിണഹസ്തവും സുന്ദരമായിരിയ്ക്കുന്നുവോ മേധാവിയും സഹസ്രകർമ്മാവുമായിരിക്കുന്നുവോ യാതൊരുത്തൻ മഹാ ധനികനായിരിയ്ക്കുന്നുവോ യാതൊരുത്തൻ ശത്രുപുരങ്ങൾ തകർത്തുവോ യാതൊരുത്തൻ യജ്ഞത്തിൽ സ്ഥിരമായി വസിയ്ക്കുന്നുവോ ആ ഇന്ദ്രനെ സ്തുതിക്കുവിൻ.

**6. യോ ധൃഷിതോ യോ വൃതോ യോ അസ്തി ശ്മശ്രുഷു ശ്രിതഃ |**

**വിഭൂതദ്യമ്നശ്ച്യവനഃ പുരുഷ്ടുതഃ ക്രത്വാ ഗൗരിവശാകിനഃ ||**

വളരെ ധനമുള്ളവനും ശത്രുമർദ്ദകനും സോമം പാനം ചെയ്യുന്നവനും അനേകരാൽ സ്തുതിക്കപ്പെടുന്നവനും ആയ ഇന്ദ്രൻ തന്റെ കർമ്മങ്ങളിൽ മുഴുകിയിരിക്കുന്ന യജമാനന് പാൽ നൽകുന്ന ഗോവിനു തുല്യനാണ്. അദ്ദേഹത്തെ തന്നെ സ്തുതിക്കുവിൻ.

**7. ക ഈം വേദ സുതേ സചാ പിബന്തം കദ്വയോ ദധേ |**

**അയം യ: പുരോ വിഭിനത്ത്യോജസാ മന്ദാനഃ ശിപ്ര്യന്ധസഃ ||**

സോമത്താൽ തൃപ്തിപ്പെടുന്നവന്റെ താടി വളരെ മനോഹരമാകുന്നു. ശത്രുപുരങ്ങളെ തകർക്കുന്ന സോമപാനിയായ ഇന്ദ്രനെ ആരറിയും? അവനുവേി അന്നത്തെ ആരു വഹിയ്ക്കും?

**8. ദാനാ മൃഗോ ന വാരണഃ പുരുത്രാ ചരഥം ദധേ |**

**നകിഷ്ട്വാ നി യമദാ സുതേ ഗമോ മഹാംശ്ചരസ്യോജസാ ||**

ശത്രുക്കളെ അന്വേഷിക്കുന്ന മദയാനയെപ്പോലെ ഇന്ദ്രൻ യജ്ഞത്തിൽ മദയുക്തമായ ഭാവം സ്വീകരിയ്ക്കുന്നു ഹേ ഇന്ദ്രാ! നിന്നെ ആർക്കും തടയുവാൻ സാധ്യമല്ല. നീസ്വന്തം ബലത്താൽ എങ്ങും സഞ്ചരിക്കുന്നവനാകുന്നു. ഈ പിഴിഞ്ഞു വെച്ചിരിക്കുന്ന സോമത്തിന്നടുക്കലേക്കു വന്നാലും.

**9. യ ഉഗ്രഃ സന്നനിഷ്ടതഃ സ്ഥിരോ രണായ സംസ്കൃതഃ |**

**യദി സ്തോതുർമഘവാ ശൃണവദ്ധവം നേന്ദ്രോ യോഷത്യാ ഗമത ||**

ഇന്ദ്രൻ പരാക്രമമുള്ളവനാകുമ്പോൾ അവനെ അമർച്ച വരുത്തുവാൻ ആർക്കും സാധ്യമല്ല. അവൻ യുദ്ധത്തിനുവേി ആയുധങ്ങളാൽ സുസജിതനാകുന്നു. അവൻ യജ്ഞാഹ്വാനം ശ്രവിക്കുകയാണെങ്കിൽ മറ്റെങ്ങും പോകാതെ അവിടെത്തന്നെ എത്തുന്നു.

**10 സത്യമിത്ഥാ വൃഷേദസി വൃഷജൂതിർനോ വൃതഃ**

**വൃഷാ ഹ്യുഗ്ര ശൃണ്വിഷേ പരാവതി വൃഷോ അർവാവതി ശ്രുത:**

ഹേ ഇന്ദ്രാ! അഭിലാഷവർഷകനായ നീ അഭിലാഷങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. ശത്രുക്കൾക്ക് നിന്നെ മറയ്ക്കുവാൻ സാധിക്കുന്നില്ല. നീ അടുത്തും അകലെയും അഭിലാഷവർഷരൂപത്തിൽ പ്രസിദ്ധനാകുന്നു.

**11. വൃഷണസ്തേ അഭീശവോ വൃഷാ കശാ ഹിരണ്യയീ |**

**വഷാ രഥോ മഘവൻ വൃഷണാ ഹരീ വൃഷാ ത്വം ശതക്രതോ ||**

ഹേ ഇന്ദ്രാ! നിന്റെ കുതിരകളുടെ കടിഞ്ഞാണും; ചമ്മട്ടിയും അഭിലാഷങ്ങൾ വർഷിക്കുന്നവയാകുന്നു. നിന്റെ അശ്വങ്ങൾ ആഗ്രഹങ്ങൾ നിറവേറ്റുന്നവയാകുന്നു. അതുപോലെ നീ ഇഛകളെ വളർത്തുന്നവനാകുന്നു.

**12. വൃഷാ സോതാ സുനോതു തേ വൃഷന്നൃജീപിന്നാ ഭര |**

**വൃഷാ ദധന്വേ വൃഷണം നദീഷ്വാ തുഭ്യം സ്ഥാതർഹരീണാം ||**

ഹേ ഇന്ദ്രാ! നിനക്കായി സോമം പിഴിയുന്നവർ അഭിലാഷവർഷകനായി സോമം പിഴിയണേ. നിനക്കുവേി ജലത്തിൽ സോമം സംസ്ക്കരിക്കുന്ന ഋത്വിജൻ സോമത്തെ വഹിച്ചിരിക്കുന്നു. ഹേ ഇന്ദ്രാ! ഞങ്ങൾക്കു ധനം പ്രദാനം ചെയ്യേണമേ.

**13. ഏന്ദ്രാ യഹി പീതയേ മധു ശവിഷ്ഠ സോമ്യം |**

**നായമഛാ മഘവാ ശൃണുവദ് ഗിരോ ബ്രഹ്മോക്ഥാ ച സുക്രതുഃ ||**

ഹേ ഇന്ദ്രാ! നീ വരാതെ സ്തുതികളും; സ്തോത്രങ്ങളും; ഉക്ഥങ്ങളും കേൾക്കുന്നില്ല. അതിനാൽ മധുരമയമായ സോമം നുകരുവാൻ ആഗതനായാലും.

**14. വഹന്തു ത്വാ രഥേഷ്ഠാ ഹരയോ രഥയുജഃ |**

**തിരശ്ചിദർഥം സവനാനി വൃത്രഹന്നന്യേഷാം യാ ശതക്രതോ ||**

ഹേ മേധാവിയായ ഇന്ദ്രാ! നീ രഥസമ്പന്നനും, വൃത്രഹന്താവും, ഈശ്വരനും ആകുന്നു. നിന്റെ അശ്വങ്ങൾ മറ്റുള്ളവരെ കടന്ന് ഈ യജ്ഞസ്ഥാനത്തേയ്ക്ക് നിന്നെ കൊുവരണേ.

**15. അസ്മാക മദ്യാന്തമം സ്തോമം ധിഷ്വാ മഹാമഹ |**

**അസ്മാകം തേ സവനാ സന്തു ശന്തമാ മദായ ദ്യുക്ഷ സോമപാ: ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ അടുത്തിരിയ്ക്കുന്ന സോമത്തെ വഹിക്കേണമേ. ഈസോമം നിനക്ക് ഹർഷവും സുഖവും ഉളവാക്കണേ.

**16. നഹി ഷസ്തവ നോ മമ ശാസ്ത്രേ അന്യസ്യ രണ്യതി |**

**യോ അസ്മാന്വീര ആനയത് ||**

ഇന്ദ്രൻ നമ്മുടെ പ്രഭുവാകുന്നു. അവൻ ഞങ്ങളുടെയോ, നിങ്ങളുടേയോ, മറ്റാരുടെയെങ്കിലുമോ വിധേയത്വം സ്വീകരിക്കുന്നില്ല.

**17. ഇന്ദ്രശ്ചിദ് ധാ തദ്വ ബ്രവീത് സ്ത്രീയാ അശാംസ്യം മനഃ |**

**ഉവോ അഹ ക്രതും രഘും ||**

സ്ത്രീയുടെ മനസ്സിനെ നിയന്ത്രിക്കുക എന്നതു വളരെ ദുഷ്കരമായ കാര്യമാണ്. എന്തുകൊന്നൊൽ സ്ത്രീ ചഞ്ചലയാകുന്നു എന്ന് ഇന്ദ്രൻ പറയുന്നു.

**18. സപ്തീ ചിദ് ധാ മദച്യുതാ മിഥുനാ വഹതോ രഥം**

**ഏവേദ്ധൂർ വൃഷ്ണ ഉത്തരാ ||**

സോമത്തിന്റെ അടുക്കൽ വരുന്ന ഇന്ദ്രന്റെ അശ്വങ്ങൾ രും രഥത്തെ വഹിയ്ക്കുന്നു. അവൻ അഭിലാഷങ്ങളെ വർഷിയ്ക്കുന്നു. അതിനാൽ അവന്റെ രഥം അശ്വങ്ങളുടെ സമാനതയിൽ ശ്രേഷ്ഠമാകുന്നു. ഇതിനു എത്രയുു കനം.

**19. അധഃ പശ്യസ്വ മോപരി സന്തരാം പാദകൗ ഹര |**

**മാ തേ കശപ്ലകൗ ദൃശൻ സ്ത്രീ ഹി ബ്രഹ്മാ ബഭൂവിഥ ||**

ഇന്ദ്രൻ പറഞ്ഞു ഹേ പ്രയോഗി! (സ്ത്രീയായി തീർന്ന പ്രയോഗപുത്രൻ) നീ സ്തോതാവായിരുന്നിട്ടും സ്ത്രീയായിരിക്കുന്നു. നീ കീഴ്പോട്ടു നോക്കൂ. മേല്പോട്ടു നിന്റെ കാലുകൾ ചേർത്തുവെയ്ക്കരുത് നിന്റെ കണങ്കാലുകൾ കാണപ്പെടരുത്.

## സൂക്തം 31

**ഋഷി നീപതിഥി കണ്വൻ ദേവത ഇന്ദ്രൻ ഛന്ദസ്സ് അനുഷ്ടുപ് ഗായത്രി**

**1. ഏന്ദ്ര യാഹി ഹരിഭിരുപ കണ്വസ്യ സുഷ്ടുതിം |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! കണ്വമഹർഷിമാർ സ്തുതിക്കുന്നതിനാൽ തന്റെ അശ്വങ്ങൾ സഹിതം വരണമേ. നീ സ്വർഗ്ഗാധിപനാണല്ലോ. അതിനാൽ സ്വർഗ്ഗലോകത്തിലേയ്ക്കു ഗമിച്ചാലും.

**2. ആ ത്വാ ഗ്രാവാ വദന്നിഹ സോമീ ഘോഷേണ യച്ഛതു |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ സോമം ചതയ്ക്കുന്ന ഈ കല്ല് ശബ്ദിച്ചുകൊ് നിനക്ക് ഈ യജ്ഞത്തിൽ സോമം നൽകണേ. നീ തിളങ്ങുന്ന ഹവിസ്സോടുകൂടിയവനും സ്വർഗ്ഗാധിപനുമാണല്ലോ, അതിനാൽ സ്വർഗ്ഗലോകത്തിലേയ്ക്കെഴുന്നള്ളിയാലും.

**3. അത്രാ വി നേമിരേഷാമുരാം ന ധുനുതേ വൃകഃ |**
**ദിവോ അമുഷ്യ ശാ സതോ ദിവം യയ ദിവോവ സോ ||**

ഈ ഇടികല്ല് യാഗഭൂമിയെ സിംഹം ആടിനെ വിറപ്പിക്കുന്നതുപോലെ വിറപ്പിയ്ക്കുന്നു. തിളങ്ങുന്ന ഹവിസ്സ് സമ്പന്നനായ ഇന്ദ്രൻ സ്വർഗ്ഗാധിപനാകുന്നു. അതിനാൽ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചാലും.

**4.ആ ത്വാ കണ്വാ ഇഹാവസേ ഹവന്തേ വാജ സാതയേ |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

അതുപോലെ തന്നെ നിങ്ങൾക്കും സംസ്ക്കരിക്കപ്പെട്ട സോമം രസം നൽകും. ഇന്ദ്രൻ സ്വർഗ്ഗാധിപനാണല്ലോ. ഹേ ഹവിർവാനായ ഇന്ദ്രാ! നീ സ്വർഗ്ഗലോകത്തേയ്ക്കു പോയാലും.

**6. സ്മത്പുരന്ധിർന ആ ഗഹി വിശ്വതോധീർന ഊതയേ |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! നിന്റെ ബന്ധുക്കൾ സ്വർഗ്ഗ നിവാസികളാണല്ലോ. നീ ഞങ്ങളുടെ അടുക്കൽ വരേണമേ. ഇന്ദ്രൻ സ്വർഗ്ഗാധിപനാകുന്നു ഹേ ഹവിദ്യുക്തനായ ഇന്ദ്രാ! നീ സ്വർഗ്ഗലോകത്തിലേയ്ക്കു ഗമിച്ചാലും.

**7. ആ നോയാഹി മഹേമതേ സഹസ്രോതേ ശതാമഘ |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ നീ മഹാജ്ഞാനിയും മഹാനും ഐശ്വര്യവാനും ആയിരം രക്ഷകളോടുകൂടിയവനുമാണല്ലോ നീ ഞങ്ങളുടെ അടുക്കൽ വരേണമേ. ഇന്ദ്രൻ സ്വർഗ്ഗാധിപനാകുന്നു. ഹേ ഹവിസ്സ്വാനായ ഇന്ദ്രാ! നീ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചാലും.

**8. ആ ത്വാ ഹോതാ മനുർഹിതോ ദേവത്രാ വക്ഷദീഡ്യഃ**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ മനുഷ്യരാൽ വീടുകളിൽ ഹോതാരൂപത്തിൽ പ്രതിഷ്ഠിതനായ അഗ്നിദേവൻ ദേവകളാൽ സ്തുതിക്കപ്പെടുന്നു. ദേവൻമാരിൽ വച്ച് സ്തുത്യനായ ഹോതാവ് നിന്നെ ഇവിടെ വരുത്തട്ടെ ഇന്ദ്രൻ സ്വർഗ്ഗത്തിന്റെ ഭരണാധിപനാകുന്നു. ഹേ ഹവിർവാനായ ഇന്ദ്രാ! നീ സ്വർഗ്ഗത്തിലേക്കു ഗമിച്ചാലും.

**9. ആ ത്വാ മദച്യുതാ ഹരീ ശ്യേനം പക്ഷേവ വക്ഷതഃ ||**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! കഴുകനെ അതിന്റെ രു ചിറകുകൾ വഹിയ്ക്കുന്നതുപോലെ ശക്തിശാലികളായ അശ്വങ്ങൾ രും നിന്നെ വഹിച്ചുകൊുപോകുന്നു. ഇന്ദ്രൻ സ്വർഗ്ഗാധിപനാകുന്നു. ഹേ ഇന്ദ്രാ! നീ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചാലും.

**10. ആ യാഹര്യ ആ പരി സ്വാഹാ സോമസ്യ പീതയേ |**
**ദിവോ അമൂഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! നീ എല്ലാ ഭാഗത്തുകൂടിയും വരണമേ. നിനക്കു കുടിയ്ക്കുവാൻ സോമരൂപമാകുന്ന ഹവിസ്സ് നൽകുന്നു. ഇന്ദ്രൻ സ്വർഗ്ഗാധിപനാകുന്നു ഹേ തിളങ്ങുന്ന ഹവിസ്സ് സമ്പന്നനായ ഇന്ദ്രാ! നീ സ്വർഗ്ഗത്തിലേയ്ക്കും പ്രയാണം ചെയ്താലും

**11.ആ നോ യാഹ്യപശ്രുത്യുക്ഥേഷു രണയാ ഇഹ |**
**ദിദോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! ഈ ഉക്ഥങ്ങളോടുകൂടിയ ഈ യജ്ഞത്തിൽ ഞങ്ങളുടെ അടുക്കൽ വന്ന് ഞങ്ങളെ സന്തുഷ്ടരാക്കേണമേ. ഇന്ദ്രൻ സ്വർഗ്ഗത്തെ ഭരിക്കുന്നു. ഹേ ദീപ്ത ഹവിസ്സോടുകൂടിയ ഇന്ദ്രാ! നീ സ്വർഗ്ഗലോകത്തിലേയ്ക്കു പ്രയാണം ചെയ്താലും.

**12. സുരൂ പൈരാ സുനോ ഗഹി സംഭൃതൈഃ സമ്ഭൃതാശ്വ: |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! നിന്റെ അശ്വങ്ങൾ തടിച്ചു കൊഴുത്തവയാണല്ലോ? ഏകരൂപരായ ആ അശ്വങ്ങളോടുകൂടി ആഗതനാകേണമേ. ഇന്ദ്രൻ സ്വർഗ്ഗത്തെ ഭരിക്കുന്നവനാണല്ലോ. സുന്ദര ഹവിസ്സോടു കൂടിയ ഇന്ദ്രാ! നീ സ്വർഗ്ഗത്തിലേയ്ക്കു പ്രയാണം ചെയ്താലും.

**13. ആ യാഹി പർവതേഭ്യഃ സമുദ്രസ്യാധി വിഷ്ടപഃ |**
**ദിവോ അമുഷ്യ ശാസതോ ദവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! അന്തരീക്ഷത്തിൽ നിന്നോ പർവ്വതത്തിൽ നിന്നോ ആഗതനാകേണമേ. നീ സ്വർഗ്ഗത്തിന്റെ ശാസുകനാണല്ലോ. ഹേ ശ്രേഷ്ഠമായ ഹവിസ്സിനാൽ സമ്പന്നനായ ഇന്ദ്രാ! നീ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചാലും.

**14. ആ നോ ഗവ്യാന്ന്യശ്വ്യാ സഹസ്രാ ശൂര ദർദൃഹി |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! നീ ആയിരമായിരം ഗോക്കളേയും അശ്വങ്ങളെയും ദാനം ചെയ്യുന്നു. ഇന്ദ്രൻ സ്വർഗ്ഗത്തിന്റെ ഭരണാധിപനാകുന്നു. ശ്രേഷ്ഠങ്ങളായ ഹവിസ്സുകളോടുകൂടിയ ഇന്ദ്രാ! അങ്ങ് സ്വർഗ്ഗത്തിലേയ്ക്ക് ഗമിച്ചാലും.

**15. ആ നഃ സഹസ്രശോ ഭരായുതാനി ശതാനി ച |**
**ദിവോ അമുഷ്യ ശാസതോ ദിവം യയ ദിവാവസോ ||**

ഹേ ഇന്ദ്രാ! ഞങ്ങൾക്ക് ആയിരക്കണക്കിനു വീതികളിലുള്ള വസ്തുക്കൾ നൽകിയാലും ഇന്ദ്രൻ സ്വർഗ്ഗത്തിന്റെ ഭരണാധിപനാകുന്നു. ഹേ ഹവിർസമ്പന്നനായ ഇന്ദ്രാ! നീ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചാലും.

**16. ആ യദിന്ദ്രശ്ച ദദ്വഹേ സഹസ്രം വസുരോചിഷഃ |**
**ഓജിഷ്ഠമശ്വ്യം പശും ||**

ഞങ്ങൾ ആയിരം പേരു്. ഞങ്ങളും നിങ്ങളുടെ നേതൃത്വം വഹിയ്ക്കുന്ന ഇന്ദ്രനും ബലിഷ്ഠങ്ങളായ കുതിരകൾ മുതലായ മൃഗങ്ങളെ പരിപാലിയ്ക്കുന്നു. അങ്ങിനെ ഞങ്ങൾ ധനം വഴിയായി പ്രതിഷ്ഠയെ പ്രാപിയ്ക്കുന്നു.

**17. യജ്ജാ വാതരംഹസോ രുഷാസോ രഘുഷ്യദഃ |**
**ഭ്രാജന്തേ സൂര്യാ ഇവ ||**

വായുവിനെപ്പോലെ വേഗമുള്ളതും, സുഗമമായി സഞ്ചരിക്കുന്നതും മനോഹരവുമായ അശ്വം സൂര്യനെപ്പോലെ പ്രകാശിക്കുന്നു.

**18. പാരാവതസ്യ രാതിഷു ദ്രവച്ചക്രേഷ്വാശുഷു |**

**തിഷ്ഠം വനസ്യ മധ്യ ആ ||**

രഥചക്രങ്ങളുരുട്ടുന്നതിൽ സമർത്ഥരായ ഈ അശ്വങ്ങളെ പരാവതൻ നൽകിയപ്പോൾ ഞാൻ വനത്തിലായിരുന്നു.

## സൂക്തം 35

**ഋഷി ശ്യാവാശ്വൻ. ദേവത, അശ്വിനികൾ ഛന്ദസ്സ് ജഗതി ത്രിഷ്ടുപ് പംക്തി.**

**1. അഗ്നിനേന്ദ്രേണ വരുണേന വിഷ്ണനാദിത്യൈ രുദ്രൈർവസുഭിഃ സചാഭുവാ |**

**സജോഷസാ ഉഷസാ സൂര്യേണ ശൂ സോമം പിബതമശ്വിനാ ||**

ഹേ അശ്വിനികുമാരൻമാരേ! ആദിത്യൻമാരോടും, രുദ്രൻമാരോടും, വസുക്കളോടും, വിഷ്ണു, അഗ്നി, ഇന്ദ്രൻ, വരുണൻ, ഉഷസ്, സൂര്യൻ എന്നിവരോടും കൂടി സോമം പാനം ചെയ്യുവിൻ.

**2. വിശ്വാഭിർധീഭിർഭുവനേന വാജിനാ ദിവാ പൃഥിവ്യാദ്രിഭിഃ സചാഭുവാ |**

**സജോഷസാ ഉഷസാ സൂര്യേണ ച സോമം പിബതമശ്വിനാ ||**

പരാക്രമികളായ അശ്വിനികളേ! എല്ലാ ജീവികളോടും, പ്രജകളോടും സ്വർഗ്ഗം, ഭൂമി, പർവ്വതംഠ സൂര്യൻ എന്നിവരോടും കൂടി നിങ്ങൾ സോമം പാനം ചെയ്യുവിൻ.

**3. വിശ്വൈർദേവൈസ്ത്രിഭിരേകാദശൈരിഹാ ദ്ഭിർമരുദ്ഭിർഭൃഗുഭിഃ സചാഭുവാ |**

**സജോഷസാ ഉഷസാ സൂര്യേണ ച സോമം പിബതമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ മുപ്പത്തിമൂന്നു ദേവകളോടും ഭൃഗുക്കളോടും മരുത്തുക്കളോടും സൂര്യനോടും കൂടി വന്നു ചേരുവിൻ.

**4. ജുഷേഥാം യജ്ഞം ബോധതം ഹവസ്യ മേ വിശ്വേഹ ദേവൗ സവനാവ ഗച്ഛതം |**

**സജോഷസാ ഉഷസാ സൂര്യേണ ചേഷം നോ വോളഹമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ എൻെറ വിളിശ്രവിച്ച് എന്റെ യജ്ഞത്തെ സ്വീകരിക്കുവിൻ ഈ യജ്ഞത്തിന്റെ എല്ലാ സവനത്തിലും വസിക്കുകയും സൂര്യനോടും ഉഷസ്സിനോടും കൂടി ഞങ്ങളുടെ ഹവിരാന്നം ഭുജിക്കുകയും ചെയ്യുവിൻ.

**5. സ്തോമം ജുഷേഥാം യുവശേവ കന്യനാം വിശ്വേഹ ദേവൗ സവനാവ ഗച്ഛതം |**

**സജോഷസാ ഉഷസാ സൂര്യേണ ചേഷം നോ വോളഹമശ്വിനാ ||**

ഹേ അശ്വിനികളേ! കന്യകയെ യുവാവു സ്വീകരിക്കുന്നതുപോലെ ഈ യജ്ഞത്തിലെ സ്തോത്രത്തെ നിങ്ങൾ സ്വീകരിക്കുവിൻ. നിങ്ങൾ ഈ യജ്ഞത്തിന്റെ എല്ലാ സവനങ്ങളിലും വസിക്കുവിൻ ഉഷസ്സിനോടും കൂടി.

**6. ഗിരോ ജുഷേഥ മധ്വരം ജുഷേഥാം വിശ്വേഹ ദേവൗ സവഗാവ ഗച്ഛതം |**

**സജോഷസാ ഉഷസാ സൂര്യേണ ചേഷം നോ വോളഹമശ്വിനാ ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ സ്തുതികളേയും യജ്ഞത്തെയും സേവിക്കണേ. ഈ യജ്ഞത്തിൽ എല്ലാ സവനങ്ങളിലും വസിക്കുവിൻ. ഉഷസ്സിനോടും സൂര്യനോടും കൂടി ഞങ്ങളുടെ ഹവിസ്സാകുന്ന അന്നം സേവിക്കുവിൻ.

**7. ഹാരിദ്രവേവ പതഥോ വനേദുപ സോമം സുതം മഹിഷേവാവ ഗച്ഛഥഃ |**

**സജോഷസാ ഉഷസാ സൂര്യേണ ച ത്രിവർതിര്യാ തമശ്വിനാ ||**

രു ഹാരിദ്രവങ്ങൾ (ഒരിനം പക്ഷി) ജലത്തിനു നേരെ കുനിയുന്നതുപോലെ ഈ പിഴിഞ്ഞ സോമത്തിനു നേരെ നിങ്ങൾ കുനിയുവിൻ. രു പോത്തുകളെപ്പോലെ സോമത്തെ അറിയുവിൻ. ഹേ അശ്വിനികളേ! നിങ്ങൾ സൂര്യനോടും, ഉഷസ്സിനോടും കൂടി മൂന്നു മാർഗ്ഗങ്ങളിൽക്കൂടി വരുവിൻ.

**8. ഹംസാവിവ പതഥോ അധ്വാഗാവിവ സോമം സുതം മഹിഷേവാവ ഗച്ഛഥഃ |**

**സജോഷസാ ഉഷസാ സൂര്യേണ ച ത്രിർവർതിര്യാതമശ്വിനാ ||**

നിങ്ങൾ രരയന്നങ്ങളെപ്പോലെയും ദാഹിക്കുന്ന രു പൃഥികരേപ്പോലെയും സോമത്തിനു നേരെ വരുവിൻ. ഹേ അശ്വിനികളേ! ഉഷസ്സിനോടും സൂര്യനോടുംകൂടി മൂന്നു മാർഗ്ഗങ്ങളിൽക്കൂടി വരുവിൻ.

**9. ശ്യേനാവിവ പതഥോ ഹവ്യദാതയേ സോമം സുതം മഹിഷേവാവ ഗച്ഛഥഃ |**

**സജോഷസാ ഉഷസാ സൂര്യേണ ച ത്രിവർതിര്യാതമശ്വിനാ ||**

ഹേ അശ്വിനികളേ! രുപരുന്തുകളേപ്പോലെയും, രു പോത്തുകളെപ്പോലെയും സോമത്തിനടുത്തേക്ക് ആഗതരാകുവിൻ. ഉഷസ്സിനോടും, സൂര്യനോടും കൂടി മൂന്നു മാർഗ്ഗങ്ങളിൽ കൂടി വരുവിൻ.

**10. പിബതം ച തൃഷ്ണതം ചാ ച ഗച്ഛതം പ്രജാം ച ധത്തം ദ്രവിണം ച ധത്തം |**

**സജോഷസാ ഉഷസാ സൂര്യേണ ചോർജ നോ ധത്തമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ സോമം പാനം ചെയ്ത് തൃപ്തിയടയുവിൻ. ഞങ്ങൾക്ക് ധനവും; സന്താനങ്ങളേയും നൽകേണമേ. സൂര്യനോടും, ഉഷസ്സിനോടും കൂടി നിങ്ങൾ രുപേരും ഞങ്ങൾക്ക് ബലം പ്രദാനം ചെയ്യണമേ.

**11. ജയതം ച പ്ര സ്തുതം ച പ്ര ചാവതം പ്രജാ ച ധത്തം ദ്രവിണം ച ധത്തം |**

**സജോഷസാ ഉഷസാ സൂര്യേണ ചോർജ നോ ധത്തമശ്വിനാ ||**

ഹേ അശ്വിനികളേ! ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കണേ. സ്തോതാക്കളെ രക്ഷിച്ചുകൊ് അവരെ പ്രശംസിക്കുവിൻ. ധനസന്താനങ്ങളെ നൽകി ഉഷസ്സിനോടും കൂടി ഞങ്ങൾക്കു ബലം പ്രദാനം ചെയ്യണേ.

**12. ഹതം ചു ശത്രൂന്യതരം ച മിത്രിണഃ പ്രജാം ച ധത്തം ദ്രവിണം ച ധത്തം**

**സജോഷസാ ഉഷസാ സൂര്യേണ ചോർജം നോ ധത്തമശ്വിനാ**

ഹേ അശ്വിനികുമാരൻമാരേ! മൈത്രായോടുകൂടി രണക്ഷേത്രത്തിൽവന്ന് ശത്രുക്കളെ നശിപ്പിക്കണേ. ഞങ്ങൾക്ക് ധനവും, സന്താനങ്ങളേയും നൽകണേ. ഉഷസ്സിനോടും, സൂര്യനോടും കൂടി നിങ്ങൾ രുപേരും ഞങ്ങൾക്ക് ബലം പ്രദാനം ചെയ്യണേ.

**13. മിത്രാവരുണ വന്താ ഉത ധർമവന്താ മിരുത്വന്താ ജരിതുർഗച്ഛഥോ ഹവം |**

**സജോഷസാ ഉഷസാ സൂര്യേണ ചാദിത്യൈര്യാതമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ മിത്രാവരുണൻമാരോടും, മരുത്തുക്കളോടും, ധർമ്മത്തോടും കൂടി സ്തുതിക്കുന്നവരുടെ ആഹ്വാനത്തെ ശ്രവിക്കണേ. ഉഷസ്സിനേയും, സൂര്യനേയും നിങ്ങളോടു ചേർത്തു കൊള്ളണേ.

**14. അങ്ഗിരസ്വന്താ ഉത വിഷ്ണുവന്താ മരുത്വന്താ ജരിതുർഗഛതോ ഹവം |**

**സജോഷസാ ഉഷസാ സൂര്യേണ ചാദിത്യൈര്യാതമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങൾ മരുത്തുക്കളോടും, വിഷ്ണുവിനോടും, അംഗിരസ്സിനോടും, ഉഷസ്സിനോടും, സൂര്യനോടും കൂടി സ്തോതാക്കളുടെ ആഹ്വാനത്തിനു നേരെ ഗമിയ്ക്കുവിൻ.

ഹേ അശ്വനികളേ! എന്റെ ഈ യജ്ഞത്തിൽ നടത്തപ്പെടുന്ന നമസ്ക്കാരങ്ങളെ പ്രതി ആഗതരായി സോമംപാനം ചെയ്യണേ. നിങ്ങളുടെ രക്ഷയെ കാംക്ഷിച്ചുകൊ് ഞാൻ ആഹ്വാനം ചെയ്യുന്നു. ഹവിസ്സ് ദാതാവായ എനിക്ക് രത്നങ്ങളും ധനവും നല്കണേ.

**2. സ്വാഹാകൃതസ്യ തൃമ്പതം സുതസ്യ വേവാന്ധസഃ |**

**ആ യാതമശ്വിനാ ഗതമവസ്യുർവാമഹം ഹുവേ ധത്തം രത്നാനി ദാശുഷേ ||**

ഹേ അശ്വിനികളേ! ഈ സോമം കൊു നൽകപ്പെടുന്ന ആഹുതിയാൽ നിങ്ങൾ തൃപ്തരാകണേ രക്ഷയ്ക്കുവേി ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. അതിനാൽ ഈ യജ്ഞത്തിലാഗതരായി ഹവിസ്സ് ദാതാവിന് രത്നങ്ങളും ധനവും പ്രദാനം ചെയ്യണേ.

## സൂക്തം 36

**ഋഷി ശ്യാവാശ്വൻ ദേവത ഇന്ദ്രൻ ഛന്ദസ് ശക്വരി ജഗതി**

**1. അവിതാസി സുന്വതോ വൃക്തബർഹിഷഃ പിബാ സോമം മദായക ശതക്രതോ |**

**യം ത ഭാഗമധാരയന്വിശ്വാഃ സേഹാന പൃതനാ ഉരു ജ്രയഃ സമപ്തസു ജിൻമരുത്വാം ഇന്ദ്ര സത്പതേ ||**

ഹേ ഇന്ദ്രാ! നീ അന്തകർമ്മാവാണല്ലോ, സോമം പിഴിയുന്നവരും ദർഭ മുറിയ്ക്കുന്നവരുമായ യജമാനൻമാരേ നീ രക്ഷിക്കുന്നു. നീ സത്യ സ്വരൂപനും മരുത്തുക്കളോടുകൂടിയവനും ആകുന്നു. നിനക്കുള്ള സോമാശം ശക്തിക്കുവേിയും. ശത്രുക്കളെ തോല്പിക്കുന്നതിനുവേിയും പാനം ചെയ്താലും.

**2. പ്രാവ സ്തോതാരംമഘവന്നവ ത്വാംപിബാസോമംകം ശതക്രതോ |**

**യം തേ ഭാഗമധാരയൻവിശ്വാഃ സേഹാനഃപൃതാനാ ഉരുജ്രയഃ സമപ്സുജിൻമരുത്വാ ഇന്ദ്ര സത്പതേ ||**

ഹേ ഇന്ദ്രാ! സോമം പാനം ചെയ്ത് സ്വയം പുഷ്ഠിപ്രാപിക്കുകയും സ്തുതിക്കുന്നവനെ പോഷിപ്പിക്കുകയും ചെയ്യണമേ. നീ സത്യസ്വരൂപനും മരുത്തുക്കളോടുകൂടിയവനും ആണല്ലോ. നിനക്കു നിശ്ചയിച്ചിരിക്കുന്ന സോമാംശത്തെ ശക്തിക്കുവേിയും ശദ്രുക്കളെ തോല്പിക്കുന്നതിനുവേിയും പാനം ചെയ്യണേ.

**3. ഊർജാ ദേവാം അവസ്യോജസാ ത്വാം പിബാ സോമം മദായക കം ശതക്രതോ |**

**യം തേ ഭാഗമധാരയൻവിശ്വാഃ സേഹാനഃപൃതാനാ ഉരുജ്രയഃ സമപ്സുജിൻമരുത്വാ ഇന്ദ്ര സത്പതേ ||**

ഹേ ഇന്ദ്രാ! നീ വീര്യത്താൽ സ്വയം പുഷ്ഠിപ്പെടുന്നു. അന്നത്താൽ ദേവകളെ പോഷിപ്പിക്കുന്നു. നീ അനന്തകർമ്മവും സത്യസ്വരൂപനും മരുദ്ഗുണയുക്തനും ആകുന്നു. ദേവകൾ നിനക്കായി യാതൊരു സോമാംശം നിശ്ചയിച്ചിരിയ്ക്കുന്നുവോ ശത്രുക്കളെ വേഗം കീഴടക്കിന്നതിനും ജലത്തെ അടക്കുന്നതിനും വേി ആ സോമാംശം പാനം ചെയ്യണേ.

**4. ജനിതാ ദിവോ ജനിതാ പൃഥിവ്യാഃ പിബാ സോമം മായ കം ശതക്രതോ |**

**യം തേ ഭാഗമധാരയൻവിശ്വാഃ സേഹാനഃപൃതാനാ ഉരുജ്രയഃ സമപ്സുജിൻമരുത്വാ ഇന്ദ്ര സത്പതേ ||**

ഹേ ഇന്ദ്രാ! നീ സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും സൃഷ്ടികർത്താവും സത്യസ്വരൂപനും അനന്തകർമ്മാവും മരുത്ഗണയുക്തനും ശത്രുക്കളുടെ ശക്തിയെ അമർച്ചചെയ്യുന്നതിനും ജലത്തെ വിജയിക്കുന്നതിനും ശക്തിയ്ക്കും വേി പാനം ചെയ്താലും.

**5. ജനിതാശ്വാനം ജനിതാ ഗവാമസി പിബാ സോമം മദായ കം ശതക്രതോ |**

**യം തേ ഭാഗമധാരയൻവിശ്വാഃ സേഹാനഃപൃതാനാ ഉരുജ്രയഃ സമപ്സുജിൻമരുത്വാ ഇന്ദ്ര സത്പതേ ||**

ഹേ ഇന്ദ്രാ! നീ ഗോക്കളുടേയും അശ്വങ്ങളുടേയും പിതാവാകുന്നു. അനന്തകർമ്മാവും സത്യസ്വരൂപനും മരുത്ഗണയുക്തനും ആകുന്നു. നിനക്കുവേി ദേവകൾ നിശ്ചയിച്ചിരിയ്ക്കുന്ന സോമഭാഗത്തെ ശത്രുക്കളുടെ വേഗത്തെ അമർച്ചവരുത്തുന്നതിനും ജലത്തെ വിജയിക്കുന്നതിനും ശക്തിയ്ക്കും വേി പാനം ചെയ്യണേ.

**6. അത്രീണാം സ്തോമമദ്രിവോ മഹസ്കൃധി പിബാ സോമം മദായക കം ശതക്രതോ |**

**യം തേ ഭാഗമധാരയൻവിശ്വാഃ സേഹാനഃപൃതാനാ ഉരുജ്രയഃ സമപ്സുജിൻമരുത്വാ ഇന്ദ്ര സത്പതേ ||**

ഹേ ഇന്ദ്രാ! നീ പർവ്വതങ്ങളോടും മരുത്തുക്കളോടും കൂടിയവനാണല്ലോ. നീ സത്യസ്വരൂപനും അനന്തകർമ്മാവും ആകുന്നു. നിനക്കുവേി ദേവകൾ നിശ്ചിയിച്ചിരിക്കുന്ന സോമഭാഗത്തെ ശത്രുക്കളുടേയും ജലത്തിന്റേയും മേൽവിജയം പ്രാപിക്കുന്നതിനായി പാനം ചെയ്താലും.

**7. ശ്യാവാശ്വസ്യ സുന്വതസ്തഥാ ശ്യണു യഥാ ശ്യണോര ത്രേഃ കർമ്മിണീ കൃണ്വതഃ |**

**പ്ര വസദസ്യമാവിഥ ത്വമേക ഇന്നൃഷാഹ്യ ഇന്ദ്ര ബ്രഹ്മാണി വർധയൻ ||**

ഹേ ഇന്ദ്രാ! യജ്ഞം നടത്തിയ അത്രിമഹർസിയുളടെ സ്തുതികൾപോലെ സോമം പിഴിയുന്ന ശ്യാവശ്വനായ എന്റെ

സ്തുതികളേയും ശ്രവിയ്ക്കേണമേ നീ ഏകനായിരണക്ഷേത്രത്തിൽ ത്രസദസ്യുവിനെ, സ്തേത്രങ്ങൾ വളർത്തിരക്ഷിച്ചുവല്ലോ.

## സൂക്തം 37

**ഋഷി ശ്യാവാശ്വൻ ദേവത ഇന്ദ്രൻ ഛ് അതിജഗതിമഹാപംക്തി**

**1.പ്രേദം ബ്രഹ്മ വൃതരൂർയേഷ്വാവിഥ പ്ര സുന്വതഃ ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ |**

**മാധന്ദിനസ്യ സവനസ്യ വൃത്രഹനനേദ്യ പിബാ സോമസ്യൂവജ്രിവാ ||**

ഹേ യജ്ഞേശ്വതനായ ഇന്ദ്രാ! നീ എല്ലാരക്ഷസാധനങ്ങളോടുംകൂടി യുദ്ധത്തിൽ ഈ സ്തോത്രത്തെ രക്ഷിക്കണേ. നീ നിദ്രാരഹിതനും വജ്രധാരിയും വൃത്രഹന്താവുമാകുന്നു. എന്റെ സോമാഭിഷവ കർമ്മത്തെ രക്ഷിച്ചുകൊ് ഈ മധ്യാഹ്നത്തിൽ ആഗതനായി സോമംപാനം ചെയ്യണേ.

**2. സേഹാന ഉഗ്ര പൃതനാ അഭി ദ്രുഹഃ ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ |**

**മാധ്യന്ദിനസ്യ സവനസ്യ വൃത്രഹന്നനേദ്യ പിബാ സോമസ്യ വജ്രിവഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാകർമ്മങ്ങളുടേയും ഈശ്വരനും ഉഗ്രകർമ്മാവുമാകുന്നു. നിൻറ രക്ഷകളാൽ ശത്രുസേനകളെ പരാജിതരാക്കി ഈ സ്തോത്രത്തെ രക്ഷിക്കണേ. നീ അനിന്ദ്യനും വജ്രധാരിയും വൃത്രഹന്താവുമാണല്ലോ മധ്യസവനത്തിൽ ആഗതനായി സോമംപാനം ചെയ്യണമേ.

**3. ഏതരാളസ്യ ഭൂവനസ്യ രാജസി ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ |**

**മാധ്യന്ദിനസ്യ സവനസ്യ ത്രഹന്നനേദ്യ പിബാ സോമസ്യ വജ്രിവഃ ||**

ഹേ യജ്ഞേശ്വരനായ ഇന്ദ്രാ! നീ ഈ ലോകത്തിന്റെ ഏകനായ രാജാവായി എല്ലാ രക്ഷകളാലും സമ്പന്നനായിരിക്കുന്നുവല്ലോ. അതിനാൽ ഈ സ്തോത്രത്തെ രക്ഷിക്കുമാറാകണം. നീ നിന്ദാരഹീതനും വജ്രധാരിയും വൃത്രഹന്താവുമാണല്ലോ. ഈ മധ്യദിനസവനത്തിലാഗതനായി സോമം പാനം ചെയ്യണേ.

**4. സസ്ഥാവാനം യവയസി ത്വമേക ഇച്ഛചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ |**

**മാധ്യന്ദിനസ്യ സവനസ്യ വൃത്രഹന്നനേദ്യ പിബാ സോമസ്യ വജ്രിവഃ ||**

ഹേ ഇന്ദ്രാ! നീ രു ലോകങ്ങളേയും വേർപ്പെടുത്തി, രിലും തുല്യ രൂപത്തിൽ സ്ഥിതിചെയ്യുന്നു അതിനാൽ നീ നിന്ദാരഹിതനും വൃത്രഹന്താവും വജ്രധാരിയുമാകുന്നു. ഈ മധ്യഹ്നസേവനത്തിൽ ആഗതനായി സോമം പാനം ചെയ്യണേ.

**5. ക്ഷേമസ്യ ച പ്രയുജശ്ച ത്വമീശിഷേ ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ |**

**മാധ്യനൂന്ദിനസ്യ സവനസ്യ വൃത്രഹന്നനേദ്യ പിബാ സോമസ്യ വജ്രിവഃ ||**

ഹേ യജ്ഞപതേ ഇന്ദ്രാ! നീ എല്ലാ രക്ഷകളാലും സമ്പന്നനും അഖിലലോകങ്ങളുടേയും എല്ലാ നൻമകളുടേയും എല്ലാ പ്രയോഗങ്ങളുടേയും ഈശ്വരനുമാണല്ലോ, വൃത്രഹന്താവും നിന്ദാരഹിതനും വജ്രധാരിയുമായ നീ ഈ മധ്യാഹ്നസവനത്തിൽ ആഗതനായി പാനം ചെയ്യണേ

**6. ക്ഷത്രായ ത്വമസി ന ത്വമാവിഥ ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ |**

**മാധ്യനിന്ദനസ്യ സവനസ്യ വൃത്രഹന്നനേദ പിബാ സോമസ്യ വജ്രിവഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാ രക്ഷകളാലും ബലവാനാകുന്നു. നിനക്ക് മറ്റാരുടേയും രക്ഷകളുടെ ആവശ്യമാകുന്നില്ല. നീ വൃത്രഹന്താവും അനിന്ദ്യനും വജ്രധാരിയും ആകുന്നു. ഈ മധ്യാഹ്നസവനത്തിൽ സോമം പാനം ചെയ്താലും

**7. ശ്യാവാശ്വസ്യ രേഭതസ്തഥാ ശൃൺ യഥാ ശൃണോരത്രേഃ കർമ്മാണി കൃണ്വതഃ |**

**പ്ര ത്രസദസ്യുമാവിഥ ത്വമേക ഋൃഹാഹ്യ ഇന്ദ്ര ക്ഷത്രാണി വർധയൻ ||**

ഹേ ഇന്ദ്രാ! അനുഷ്ഠാതാവായ സ്തുതികളെ നീ കേട്ടതുപോലെ ശ്യാവായശ്വനായ എന്റെ സ്തുതികളേയും ശ്രവിയ്ക്കേണമേ. നീ ഏകനായി സ്തോത്രങ്ങളെ വളർത്തി യുദ്ധത്തിൽ ത്രസദസ്യവിനെ രക്ഷിച്ചുവല്ലോ.

## സൂക്തം 38

**ഋഷി ശ്യാവാശാൻ ദേവത ഇന്ദ്രാഗ്നികൾ ഛന്ദസ് ഗായത്രി**

**1. യജ്ഞസ്യ ഹി സ്ഥ ഋത്വിജാ സസ്നി വാജേഷു കർമസു|**

**ഇന്ദ്രാഗ്നി തസ്യ ബോധതം ||**

ഹേ ഇന്ദ്രാഗ്നികളേ! പരിശുദ്ധരായ നിങ്ങൾ യജ്ഞത്തിൻറ ഋത്വിക്കുകളാണ്. യുദ്ധങ്ങളിലും കർമ്മങ്ങളിലും നിങ്ങൾ ഇവനെ അറിയുവിൻ.

**2. തോശാസാ രഥയാവാനാ വൃത്രഹണാ പരാജിതാ |**

**ഇന്ദ്രാഗ്നിരസ്യ ബേ ധതം ||**

ഹേ ഇന്ദ്രാഗ്നികളേ! നിങ്ങൾ ശത്രുക്കളെ ഹിംസിക്കുന്നവരും രഥത്തിൽ സഞ്ചരിക്കുന്നവരും വൃദ്രഹന്താക്കളും അജയ്യരുമാണല്ലോ. നിങ്ങൾ എന്നെ അറിയണേ.

**3. ഇദം വാ മദിരം മധ്വദുക്ഷദ്രിഭിർനരഃ |**

**ഇന്ദ്രാഗ്നീ തസ്യ ബോധതം ||**

ഹേ ഇന്ദ്രാഗ്നികളേ! യജ്ഞത്തിൽ ഹർഷകാരിയായ സോമം കല്ലുകൊ് ഇടിച്ചു പിഴിഞ്ഞിരിക്കുന്നു. നിങ്ങൾ ഞാനാകുന്ന യജമാനനെ അറിയണേ.

**4. ജൂഷേഥാം യജ്ഞമിഷ്ഠയേ സുതം സോമം സധസ്തുതീ|**

**ഇന്ദ്രാഗ്നീ ആ ഗതം നരാ ||**

ഹേ ഇന്ദ്രാഗ്നികളേ! യജ്ഞത്തിൽ ഹർഷകാരിയായ സോമം കല്ലുകൊ് ഇടിച്ചു പിഴിഞ്ഞിരിക്കുന്നു നിങ്ങൾ ഈ യജ്ഞത്തെ സേവിയ്ക്കുകയും പിഴിഞ്ഞസോമത്തിന്റെ നേർക്ക് വരികയും ചെയ്യണേ.

**5. ഇമാ ജൂഷേഥാം സവനാ യേഭിർഹവ്യാന്യൂഹഥുഃ |**

**ഇന്ദ്രാഗാനീ ആ ഗതം നരാ ||**

ഹേ ഹോതാക്കളായ ഇന്ദ്രാഗ്നികളെ നിങ്ങൾ ഇവിടെ വരണേ. യാതൊന്നു വഴിയായി നിങ്ങൾ സോമം വഹിയ്ക്കുന്നുവോ ആ

സവനത്തെ സേവിയ്ക്കണേ.

**6. ഇമാം ഗായത്രവർത്തനിം ജുഷേഥാം സുഷ്ടുതിം മമ |**
**ഇന്ദ്രാഗ്നീ ആ ഗതം നരാ ||**

ഹേ ഇന്ദ്രാഗ്നികളേ! നിങ്ങൾ ആഗതരായി ഗായത്രീ ഛന്ദസ്സിലുള്ള മനോഹരമായ ഈ സ്തുതിയെ ശ്രവിക്കണേ.

**7. പ്രാതർയാവഭിരാ ഗതം ദേവേഭിർജേന്യാവസൂ |**
**ഇന്ദ്രാഗ്നീ സോമപീതയേ ||**

ഇന്ദ്രാഗ്നികളേ! നിങ്ങൾ ധനജിത്തുകളാണല്ലോ. പ്രഭാതസവനത്തിൽ ദേവകളോടുകൂടിവന്ന് സോമം പാനം ചെയ്യണേ.

**8. ശ്യാവാശ്വസ്യ സുന്വതോ ത്രീണാം ശൃണുതം ഹവം |**
**ഇന്ദ്രാഗ്നീ സോമപീതയേ ||**

ഹേ ഇന്ദ്രാഗ്നികളേ! സോമം പിഴിയുന്ന ശ്യാവാശ്വന്റെ ഋത്വിക്കുകളും സോമപാനത്തിനായുള്ള വിളികേൾക്കണേ.

**9. ഏവാ വാമഹ്വ ഊതയേ യഥാഹുവന്ത മേധിതാഃ |**
**ഇന്ദ്രാഗ്നീ സോമപീതയേ ||**

ഹേ ഇന്ദ്രാഗ്നികളേ! പണ്ടത്തെ വിദ്വാൻമാർ നിങ്ങളെ ആഹ്വാനം ചെയ്തിരുന്നതുപോലെ രക്ഷയ്ക്കുവേിയും സോമപാനത്തിനുവേിയും നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**10. ആഹം സരസ്വതീവതോര ന്ദ്രാഗ്ന്യോരവോ വൃണേ |**
**യാഭ്യാം ഗായത്രമൃച്യതേ ||**

ആർക്കുവേി ഗായത്രി ഉച്ചരിയ്ക്കപ്പെടുന്നുവോ, രക്ഷയ്ക്കുവേി ആ ഇന്ദ്രാഗ്നികളോട് ഞാൻ പ്രാർത്ഥിക്കുന്നു.

## സൂക്തം 39

**ഋഷി കണ്വഗോത്രൻ നാഭാഗൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ് ജഗതി.**

**1. അഗ്നിമസ്തോഷ്യൃഗ്മിയമഗ്നിമീളാ യജധ്യൈ**
**അഗ്നിർദേവാം അർനക്തു ന ഉഭേ ഹീ വിദഥേ |**
**കവിരന്തശ്ചരതി ദൂത്യം നഭന്താമന്യകേ സമേ ||**

ഞാൻ യജ്ഞത്തിനുവേി ഋക്ക്മന്ത്രങ്ങൾക്കു പാത്രമായ അഗ്നിനെ സ്തുതിക്കുന്നു. ആ അഗ്നി ഞങ്ങളുടെ യജ്ഞത്തിൽ ഹവിസ്സുകളാൽ ദേവകളെ പൂജിയ്ക്കണേ. സ്വർഗ്ഗത്തിലും ഭൂമിയിലും ദൗത്യകർമ്മം നിർവഹിക്കുന്ന ജ്ഞാനിയായ ആ അഗ്നി നമ്മുടെ ശത്രുക്കളെ സംഹരിയ്ക്കണേ.

**2. ന്യഗ്നേ നവ്യസാ വചസ്തനൂഷു ശംസമേഷാം ന്യരാതീ രരാവ്ണാംവിശ്വാഅർയോ അരാതീരിതോ |**
**യുച്ഛന്ത്വാമുരോ ന ഭന്താമന്യകേ സമേ ||**

ഹേ അഗ്നേ! ഞങ്ങൾക്കുവേി ശത്രുക്കളിൽ വ്യാപിച്ചിരിയ്ക്കുന്ന ഹിംസാഭാവത്തെ അഭിനവസ്തോത്രങ്ങളാൽ ഭസ്മമാക്കണേ. മൂഢൻമാരായ എല്ലാശത്രുക്കളും ഇവിടെ നിന്നും പാലായനം ചെയ്യണേ. അഗ്നിദേവൻ ഞങ്ങളുടെ ശത്രുക്കളെയെല്ലാം സംഹരിയ്ക്കേണമേ.

**3. അഗ്നേ മൻമാനി തുഭ്യം ഘൃതം ന ജുഹ്വ ആസനി സ ദേവേഷു പ്ര ചികിദ്ധി ത്വം ഹ്യസി പൂർവ്യഃ |**
**ശിവോ ദൂതോ വിവസ്വതോ നഭന്താമന്യകേ സമേ ||**

ഹേ അഗ്നേ! സുഖകാരിയും ഘൃതയുക്തവും ആയ ഹവിസ്സ് സ്തോത്രങ്ങളോടുകൂടി ഞാൻ നിങ്ങളുടെ വായിലേയ്ക്ക് ഒഴിയ്ക്കുന്നു. നിങ്ങൾ പ്രാചീനനും സുഖദായകനും ദേവദൂതനുമാണല്ലോ. ദേവകളുടെ മധ്യെം ഞങ്ങളുടെ സ്തോത്രങ്ങളെ അറിയുകയും ഞങ്ങളുടെ എല്ലാ ശത്രുക്കളേയും സംഹരിയ്ക്കുകയും ചെയ്യേണമേ.

**4. തത്തദഗ്നിർവയോ ദധേ യഥായഥാ കൃപണ്യതി |**
**ഊർജാഹുതി വർസൂനാം ശം ച യോശ്ച മയോ ദധേ**
**വിശ്വസ്യൈ ദേവ ഹൂത്യൈ നഭന്തോ മന്യകേ സമേ ||**

സ്തുതിയ്ക്കുന്നവൻ ഏതന്നത്തെ ആഗ്രഹിയ്ക്കുന്നുവോ അഗ്നി ദേവൻ അതുതന്നെ അവർക്കുകൊടുക്കുന്നു. ഹവിസ്സുവഴിയായി ആഹുതനാകുന്ന അഗ്നിദേവൻ യജമാനൻമാർക്ക് ഉപയോഗയോഗ്യവും മംഗളദായകവും ആയ സുഖത്തെ പ്രദാനം ചെയ്യുന്നു. എല്ലാ ദേവകളേയും വിളിയ്ക്കുന്നവനായ അഗ്നി നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിക്കണേ.

**5. സ ചികേത സഹീയസിശ്ചിത്രേണ കർമണാ |**
**സ ഹോതാ ശശ്വതീനാം ദക്ഷിണാഭിരഭീ വൃത ഇനോതി ച പ്രതീവ്യം ന ഭന്താമന്യകേ സമേ ||**

അഗ്നി എല്ലാ ദേവകളുടേയും ഹോതാവാകുന്നു. വിവിധങ്ങളായ കർമ്മങ്ങളാൽ അവൻ അറിയപ്പെടുന്നു. ശത്രുനിരകളിലെത്തുന്നു. അഗ്നി നമ്മുടെ ശത്രുക്കളെ സംഹരിക്കണേ.

**6. അഗ്നിർജാരാ ദേവാനാമഗ്നിർ ദേവാനാമഗ്നിർവേദ മർതാനാമപീച്യം |**
**സഗ്നിഃസ ധ്രവിണോദാ അഗ്നിർദ്വാരാ വ്യൂർണുതേ സ്വാഹുതോ നവീയസാ നഭന്താമനകേ സമേ ||**

അഗ്നി മനുഷ്യരുടെ രഹസ്യത്തെ അഅറിയുന്നു. അവൻ ദേവകളുടെ ഉല്പത്തി അറിയുന്നു. ധനദായകനായ അഗ്നി ഹവിസ്സുവഴിയായി വിളിക്കപ്പെടുമ്പോൾ ധനത്തിന്റെ വാതിൽ തുറക്കുന്നു. ആ അഗ്നി നമ്മുടെ ശത്രുക്കളെയെല്ലാം സംഹരിയ്ക്കണേ.

**7. അഗ്നിർദേവേഷു സംവസുഃ സ വിക്ഷു യജ്ഞി യാസ്വാ |**
**സ മുദാ കാവ്യാ പുരു വിശ്വം ഭൂമേവ പുഷ്യതി ||**

ആ അഗ്നി ദേവൻമാരിലും വസിയ്ക്കുന്നു. പൃഥിവിശ്വത്തെയാകെ പോഷിപ്പിയ്ക്കുന്നതുപോലെ അഗ്നി എല്ലാകാര്യങ്ങളും പൂർണ്ണമാക്കുന്നു. ദേവകളുടെ യജ്ഞപാത്രമായ ആ അഗ്നി നമ്മുടെ ശത്രുക്കളെയെല്ലാം സംഹരിയ്ക്കുമാറാകണേ.

**8. യോ അഗ്നിഃ സപ്തമാനുഷഃ ശ്രിതോ വിശ്വോ ഷു സിന്ധുഷൂ |**
**തമാഗൻമ ത്രിപസ്ത്യം മന്ധാതുർസ്യുഹന്തമമഗ്നിം യജ്ഞേഷു പൂർവ്യം നഭന്താമന്യകേ സമേ ||**

അഗ്നി സപ്തപ്രദേശങ്ങളിലെ മനുഷ്യരിലും എല്ലാ നദികളിലും വ്യാപിച്ചിരിയ്ക്കുന്നു. അവൻ മൂന്നുസ്ഥാനങ്ങളിൽ തുല്യരൂപത്തോടുകൂടി വസിയ്ക്കുന്നു. അവൻ യൗവ്വനാശ്വപുത്രനായ മന്ധാതാശിനുവേി രാക്ഷസൻമാരേ നശിപ്പിച്ചു. യജ്ഞത്തിൽ മുഖ്യനായ അഗ്നി നമ്മുടെ ശത്രുക്കളെയെല്ലാം നശിപ്പിയ്ക്കണേ.

**9. അഗ്നിസ്ത്രീണി ത്രിധാരുന്യാ ക്ഷേതി വിദഥാ കവിഃ |**
**സ ത്രീം തേകാദശാം ഇഹ യക്ഷച്ച പിപ്രയച്ച നോ വിപ്രോ ധൂതഃ പരിഷ്കൃതോ നഭന്താമന്യകേ സമേ ||**

മൂന്നു സ്ഥാനങ്ങളിലും വസിയ്ക്കുന്നവനായ അഗ്നി ഈ യജ്ഞത്തിൽ ദൗത്യകർമ്മാവായും ജ്ഞാനിയായും പ്രശോഭിതനായി മുപ്പത്തി മൂന്നു ദേവതകൾക്കും യജനം ചെയ്യണേ. അവൻ നമ്മുടെ അഭിലാഷങ്ങളെയെല്ലാം പൂർത്തീകരിച്ച് എല്ലാ ശത്രുക്കളേയും

സംഹരിയ്ക്കുമാറാകട്ടെ.

**10. ത്വം നോ അഗ്ന ആയുഷു ത്വം ദേവേഷു പൂർവ്യ വസ്വ ഏക ഇരജസി |**

**ത്വമാപഃ പരിസ്രുതഃ പരി യന്തി സ്വസേതവോ നഭന്താമന്യകേ സമേ ||**

ഹേ അഗ്നേ! നീ പ്രാചീനനാണല്ലോ. നീ ദേവകളുടേയും മനുഷ്യതുടേയും ഈശ്വരനാകുന്നു. ഈ ജലം നിനക്കു ചുറ്റും പ്രവഹിയ്ക്കുന്നു. ഈ അഗ്നി എല്ലാ ശത്രുക്കളേയും സംഹരിയ്ക്കണേ.

## സൂക്തം 40

**ഋഷി നാഭാഗഃകണ്വൻ ദേവത ഇന്ദ്രൻ, അഗ്നി ഛന്ദസ് ത്രിഷ്ടുപ് ശക്വരി ജഗതി**

**1. ഇന്ദ്രാഗ്നി യുവം സുനഃ സഹന്താ ദാസഥോ രയിം**

**യേന ദൃളഹാ സമത്സ്വാ വീളു ചിത്സാ|**

**ഹിഷീമഹ്യഗ്നിർവനേവ ||**

ഹേ ഇന്ദ്രാദികളേ! ശത്രുക്കളെ പരാജയപ്പെടുത്തുവിൻ ഞങ്ങൾക്കു ധനം പ്രദാനം ചെയ്യുവിൻ അഗ്നിവായുവിനോടൊത്ത് വനത്തെ അമർത്തുന്നതുപോലെ ഞങ്ങളും ശത്രുക്കളെ കീഴമർത്തും ഈ ഇന്ദ്രാദികൾ നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിയ്ക്കുമാറാകട്ടെ.

**2. നഹി വാം വവ്രയാമഹേ ഥേന്ദ്രമിദ്യജാമഹേ ശവിഷ്ഠം നൃണാം വരം |**

**സ നഃ കദാ ചിദർവതാ ഗമദാ വാജസാതയേ ഗമദാ മേഘസാതയേ നഭന്തമന്യകേ സമേ ||**

ഹേ ഇന്ദ്രാഗ്നികളേ! ഞങ്ങൾ നിങ്ങളോട് ധനം യാചിക്കുന്നില്ല. നേക്കാക്കളുടെ നേതാവും മഹാബലിയുമായ ഇന്ദ്രനുവേി ഞങ്ങൾ യജ്ഞം നടത്തുന്നു. ആ ഇന്ദ്രൻ ചിലപ്പോൾ യജ്ഞപ്രാപ്തിക്കുവേിയും ചിലപ്പോൾ അന്നപ്രാപ്തിക്കുവേിയും ആഗതനാകുന്നു. ആ ഇന്ദ്രാദികൾ നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിക്കണേ.

**3. താ ഹി മധ്യം ഭരണാമിന്ദ്രാഗ്നീ അധിക്ഷിതഃ**

**താ ഉ കവിത്വനാ കവീ പൃച്ഛ്യമാനാ സഖീയതേ |**

**ക ധീതമശ്നതം നരാ നഭന്താമന്യകേ സമേ ||**

ഹേ നേകാക്കളേ! നിങ്ങൾ മിത്രത്തെ ആഗ്രഹിച്ച് യജമാനനാൽ നടത്തപ്പെടുന്ന കർമ്മത്തെ വളർത്തുന്നു രണക്ഷേത്രത്തിൽ വസിയ്ക്കുന്ന ഇന്ദ്രാഗ്നികൾ നമ്മുടെ എ ശത്രുക്കളേയും സംഹരിയ്ക്കുമാറാകണേ.

**4. അഭ്യുർച്ച നഭാകവദിന്ദ്രാഗ്നീ യജസാഗിരാ യായോർവിശ്വമിദം ജഗദിയം ദ്യൗഃ പൃഥിവീ മഹ്യുപസ്ഥേ|**

**വിഭൃതോ വസു നഭാതാമന്യകേ സമേ ||**

ഇന്ദ്രാഗ്നികളിൽ ലോകമെല്ലാം സ്ഥിതിചെയ്യുന്നു. ഈ ഇന്ദ്രനേയും അഗ്നിയേയും യജ്ഞത്താലും സ്തുതികളാലും സന്തോഷിപ്പിയ്ക്കുവിൻ. ഇവരുടെ അങ്കതലത്തിൽ സ്വർഗ്ഗവും മഹിമാമയമായ ഭൂമിയും ധനത്തെ വഹിച്ചുകൊിരിക്കുന്നു. ആ ഇന്ദ്രാഗ്നികൾ നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിയ്ക്കട്ടെ.

**5. പ്ര ബ്രഹ്മാണി നഭാകവദിന്ദ്രാഗ്നിഭ്യാമിരജ്യത യാ സപ്തബുധ്ന മർണവം ജിമബാരമഷോർണുത ഇന്ദ്ര|**

**ഈശാന രാജസാ നഭന്താമന്യകേ സമേ ||**

ഈ ഇന്ദ്രാഗ്നികൾ സപ്തലോകങ്ങളോടുകൂടിയവരും ബലത്തിൽ ഈശ്വരനും തന്റെ തേജസ്സാൽ സമുദ്രത്തെ ആഛാദനം ചെയ്യുന്നവരുമാകുന്നു. ഋഷിഗണം ഈ ഇന്ദ്രാഗ്നികളെ നാദാകനേപ്പോലെ സ്തുതിയ്ക്കുന്നു. ഹേ ഇന്ദ്രാ! അഗ്നീ ഞങ്ങുളുടെ എല്ലാ ശത്രുക്കളേയും വധിക്കേണമേ.

**6. അഭിവൃശ്ച പുരുരാണവദ്വ്രതതേരിവ ഗുഷ്പിത മോജോ ദാസസ്യ ദമ്ഭയ |**

**വയം തദസ്യ സം ഭൃതം വസ്വിന്ദ്രേണ വിഷജേമഹി നഭന്താമന്യകേ സമേ ||**

ഹേ ഇന്ദ്രാ! നീ ദസ്യുക്കളുടെ ശക്തിയെ നശിപ്പിയ്ക്കേണമേ. ലതകളുടെ ശാഖകൾ മുറിച്ചിടുന്നതുപോലെ ഞങ്ങളുടെ എല്ലാ ശത്രുക്കളേയും മുറിച്ചിടേണമേ. ഇന്ദ്രൻെറ കൃപയാൽ കുന്നുകൂടിയ ധനത്തെ ഞങ്ങൾ വീതിച്ചെടുക്കും. ആ ഇന്ദ്രനും അഗ്നിയും നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിയ്ക്കുമാറാകണേ

**7. യദിന്ദ്രാഗ്നീ ജമാ ഇമേ വിഹ്വയന്തേ തനാ ഗിരാ അസ്മാകേഭിർനൃഭിർവയം സംസഹ്യാമ പൃതന്യതോ |**

**വനുയാമ വനുഷ്യതോ നഭന്താമന്യകേ സമേ ||**

ആളുകൾ ഇന്ദ്രാഗ്നികളെ ധനത്താലും സ്തുതികളാലും ആഹ്വാനം ചെയ്യുന്നു. ഞങ്ങളിൽ സേനകളോടുകൂടിയ വ്യക്തി തന്റെ വീരൻമാരോടുകൂടി ശത്രുക്കളെ ബന്ധിയ്ക്കും.

**8. യാ നു ശ്വേതാമേവ ദിവ ഉച്ചരാത ഉപ ദ്യുഭിഃ ഇന്ദ്രാഗ്ന്യോരനു വ്രതമുഹാനാ യന്തി സിന്ധവോ യാൻത്സീംബന്ധാദമു ഞ്ചതാം|നഭന്താമന്യകേ സമേ**

ദീപ്തിവഴിയായി ആകാശത്തേയ്ക്ക് ഊർധ്വഗമനം നടത്തുന്ന ഇന്ദ്രാഗ്നികൾക്കുവേി ഹവിസ്സ് വാഹകനായ യജമാനൻ യജ്ഞം നടത്തുന്നു. ആ ഇന്ദ്രനും അഗ്നിയും പ്രസിദ്ധങ്ങളായ സിന്ധു മുതലായ നദികളെ തുറന്നു വിട്ടു. ആ ഇന്ദ്രാഗ്നികൾ നമ്മുടെ എല്ലാ ശത്രുക്കളേയും ശഹരിയ്ക്കേണമേ.

**9. പൂർവോഷു കഇന്ദ്രോപമാതയഃ പൂർവീരുത പ്രശസ്തയഃ സൂനോ ഹിന്വസ്യ ഹരിവഃ |**

**വസ്വോ വീരസ്യാ പൃചോ യാനു സാധന്ത നോ ധിയോ നഭന്താമന്യകേ സമേ ||**

ഹേ വജ്രായുധാ! നീ സ്നേഹമുള്ള ധനവാനും ഹരിതശ്വേനുമാണല്ലോ. നിനക്ക് വളരെയധീകം പ്രാചീന സ്തുതികളു്. ഈ സ്തോത്രങ്ങൾ ഞങ്ങളുടെ ബുദ്ധിയെ വളർത്തണം. ആ ഇന്ദ്രാഗ്നികൾ നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിയ്ക്കുമാറാകണേ.

**10. തം ശിശീതാ സുവൃക്തിഭിസ്ത്വേഷം സത്വാന മൃഗ്മീയം ഉതോ നു ചിദ്യ ഓജസാ ശുഷ്ണസ്യണ്ഡാനി ഭേദതി |**

**ജേഷത്സ്വർവതീരപോ നഭന്താമന്യകേ സമേ ||**

ഹേ സ്തോതാക്കളേ! ധനത്തിന്റെ ഭണ്ഡാരവും പ്രകാശമാനനും മന്ത്രയോഗ്യനും ആയ ഇന്ദ്രനെ ഭണ്ഡാരവും പ്രകാശമാനനും മന്ത്രയോഗ്യനും ആയ ഇന്ദ്രനെ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളാൽ വളർത്തുവിൻ. ശുഷ്കാസുരന്റെ സന്താനങ്ങളെ വധിച്ച ഇന്ദ്രൻതന്നെ ജലങ്ങളെ കീഴടക്കിയിരിക്കുന്നു. ആ ഇന്ദ്രാഗ്നികൾ നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിക്കുമാറാകണേ.

**11. തം ശിശീതാ സ്വമധ്വരം സത്യ സതാനമൃത്വിയം**

**ഉതോ നു ചിദ്യ ഓഹന്ത ആണ്ഡാ ശുഷ്ണസ്യ ഭേദത്യജൈഃ|**

**സ്വർവാതീരപോ നഭന്താമന്യകേ സമേ ||**

ഹേ സ്തോതാക്കളേ! ഇന്ദ്രൻ യജനീയനും നാശരഹിതനും ഐശ്വര്യവനാനും സുന്ദതകർമ്മാവും ആകുന്നു. അവനെ സ്തുതികളാൽ വളർത്തുവിൻ. ആ ഇന്ദ്രൻ ശുഷ്മന്റെ മുട്ടകളെ നശിപ്പിച്ച് ദിവ്യജലത്തെ അഭിഭൂതമാക്കി യജ്ഞത്തിൽ വ്യാപിയ്ക്കുന്നു. ആ ഇന്ദ്രനും അഗ്നിയും നമ്മുടെ ശത്രുക്കളെ നശിപ്പിയ്ക്കണേ.

**12. ഏവേന്ദ്രാഗ്നിഭ്യാം പിതൃബന്നബ്രവീയോ മന്ധാതൃവദങ്ഗിഗിര സ്വദവാചി |**

**ത്രിധാതുനാ ശർമണാ പാതമസ്മാൻ വയം സ്യാമ പതയോ രയീണാം ||**

ഇന്ദ്രനും അഗ്നിക്കും വേി ഞാൻ എന്റെ പിതാവായ വന്ധാതാവിനേയും അംഗിരസ്സിനേയും പോലെ അഭിനവങ്ങളായ സ്തോത്രങ്ങൾ ആലപിച്ചിരിക്കുന്നു. അവർ എനിക്ക് മൂന്നുനിലയുള്ള മാളിക നൽകണേ. അവരുടെ കൃപയാൽ ഞങ്ങൾ ധനവാൻമാരാകണേ.

## സൂക്തം 41

**ഋഷി നാഭാഗഃകണ്വൻ ദേവത വരുണൻ ഛന്ദസ് ത്രിഷ്ടുപ് ജഗതി.**

**1. അസ്മാ ഊ ഷ്ഠ പ്രഭൂതയേ വരുണായ മരുദ്ഭ്യോർചാ വിദുഷ്ടുരഭ്യഃ |**

**യോ ധീതാ മനുഷാണാം പശ്വോ ഗാ ഇവ രക്ഷതി നഭന്താമന്യകേ സമേ ||**

ഹേ സ്തോതാക്കളേ! ഇന്ദ്രനേയും വരുണനേയും മരുത്തുക്കളേയും ധനപ്രാപ്തിയ്ക്കുവേി സ്തുതിയ്ക്കുവിൻ. മനുഷ്യർ ഗോക്കളെ രക്ഷിക്കുന്നതുപോലെ വരുണൻ എല്ലാ ശത്രുക്കളിൽനിന്നും നമ്മെ രക്ഷിയ്ക്കണേ. അവൻ നമ്മുടെ ശത്രുക്കളെ വധിയ്ക്കണേ.

**2. തമു ഷു സമനാ ഗിരാ പിതൄണാം പ മൻമഭിഃ**

**നാഭാ കസ്യ പ്രശസ്തഭിർയഃ സിന്ധുനാസുപോദയേ|**

**സപ്തസ്വസാ മധ്യമോ നഭന്താമന്യകേ സമേ ||**

സുന്ദരമായ സ്തോത്രത്താൽ ഞാൻ വരുണനെ സ്തുതിയ്ക്കുന്നു. ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളാൽ പിതൃക്കളെ സ്തിയ്ക്കുന്നു. നാഭാകന്റെ സ്തോത്രങ്ങളാൽ സപ്തനദികൾക്കടുത്തുദിക്കുന്നവനെ ഞാൻ സ്തുതിക്കുന്നു. അവൻ എന്റെ ശത്രുക്കളെ നശിപ്പിയ്ക്കേണമേ.

**3. സ ക്ഷപഃ പരി ഷസ്വജേ ന്യു സ്രോ മായയാ ദധേ സ വിശ്വം പരി ദർശതഃ |**

**തസ്യ വേനീരനു വ്രതമുഷസ്തിസ്രോ അവർധയന്നഭന്താമന്യകേ സമേ ||**

ദർശനീയനായ ആ വരുണൻ ഭൂമിയിൽ ദിക്കുകളെ സ്ഥാപിയ്ക്കുന്നു. അവൻ നമ്മൾ സഞ്ചരിയ്ക്കുന്ന ഭൂമിയുടേയും സ്വർഗ്ഗത്തിന്റേയും നാഥനാകുന്നു. അവൻ നമ്മുടെ ഗോക്കളുടെ രക്ഷകനും ഈശ്വരനും സൃഷ്ടാവുമാകുന്നു. അവൻ ശത്രുക്കളെ വധിക്കുമാറാകണേ.

**5. യോ ധർത്താ ഭുവനാനാം യ ഉസ്രാണമപീച്യാവേദ നാമാനി ഗുഹ്യാ |**

**സ കവിഃ കാവ്യാ പുരുരൂപം ദ്യൗരിവ പുഷ്യതി നഭന്താമന്യകേ സമോ ||**

എല്ലാലോകങ്ങളേയും വഹിക്കുന്നവനും രശ്മികളിൽ നിഹിതങ്ങളായ നാമങ്ങളുടെ ജ്ഞാതാവും ആയ വരുണൻതന്നെ ആകാശനുതുല്യം കവി കർമ്മങ്ങളെ പുഷ്ടിപ്പെടുത്തുന്നു. അവൻ എല്ലാ ശത്രുക്കളേയും വധിക്കുമാറാകണേ.

**6. യസ്മിൻ വിശ്വാനി കാവ്യാ ചക്രേ നാഭിരിവ ശ്രിതാ ത്രിതം ജൂതീ സപര്യത വജ്രേ ഗാവോ ന സംയുജേ യുജേ അശ്വാം|**

**അയുക്ഷത നഭന്തോമന്യകേ സമേ ||**

ചക്രാനാഭിപോലെ എല്ലാ കാവ്യങ്ങളും ആരെ ആശ്രയിക്കുന്നുവോ, ആ വരുണനെ സേവിയ്ക്കുവിൻ. ഗോക്കളെ തൊഴുത്തിൽ കെട്ടുന്നതുപോലെ ശത്രുക്കളെ പരാജയപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി ഞങ്ങൾ അശ്വങ്ങളെ യുദ്ധത്തിനുവേിതയ്യാറാക്കുന്നു. എല്ലാ ശത്രുക്കളേയും അവൻ ശംഹരിയ്ക്കേണേ.

**7. യ ആസ്വത്ക ആശയേ വിശ്വാ ജാത ന്യേഷാം പരിധാമാനി മർമൃശദ്ധരുണസ്യ പുതോ ഗയേ വിശ്വേ ദേവാ അനു വ്രതം| നഭന്താമന്യകേ സമേ ||**

എല്ലാ ദിക്കുകളിലും വ്യാപരിച്ചിരിക്കുന്ന വരുണൻ ശത്രുക്കളുടെ എല്ലാ നഗരങ്ങളും തകർക്കുന്നു. ദേവകളെല്ലാം വരുണന്റെ രഥത്തിന്റെ മുമ്പിൽ പ്രവർത്തിയ്ക്കുന്നു. ആ വരുണൻ നമ്മുടെ ശത്രുക്കളെയെല്ലാം സംഹരിയ്ക്കേണമേ.

**8. സ സമുദ്രേ അപീച്യസ്തുരോ ദ്യാമിവ രോഹത നി യദാസു യജൂർദധേ |**

**സ മായാ അർചിനാ മദാസ് ത്യണാന്നാകമാരുഹന്നഭന്താമ ന്യകേ സമേ ||**

സമുദ്രരൂപത്തിൽ പ്രത്യക്ഷനായ വരുണൻ ആദിത്യനെപ്പോലെതന്നെ ആകാശത്തിലാരൂഢനായി എല്ലാദിക്കുകളിലും സ്ഥിതനായി പ്രജകൾക്കു ദാനം ചെയ്യുന്നു. അവൻ തൽസ്ഥാനത്തുനിന്നും മായയെ നശിപ്പിച്ച് സ്വർഗ്ഗത്തിലേക്കുപോകുന്നു. ആ വരുണൻ നമ്മുടെ എല്ലാ ശത്രുക്കളേയും സംഹരിക്കുമാറാകണമേ.

**9. യസ്യശ്വേതാവിചക്ഷണാ തിസ്രോ ഭൂമീ രധിക്ഷിതഃ ത്രിരുത്തരാണി പ്രപ്രതുർവരുണസ്യ ധ്രുവം സദഃ |**

**സ സപ്താനാമിരജ്യാാതി നഭന്താമന്യകേ സമേ ||**

വരുണൻ അന്തരീക്ഷത്തിൽ വസിയ്ക്കുന്നു. അവന്റെ അത്ഭുതകരവും ഉജ്ജ്വലവുമായ മൂന്നു തേജസ്സുകൾ മൂന്നുലോകങ്ങളിലും വിഖ്യാതമാകുന്നു. നിശ്ചലസ്ഥാനനായ അവൻ സപ്തനദികളുടെ ഈശ്വരനാകുന്നു. അവൻ നമ്മുടെ ശത്രുക്കളെയെല്ലാം വധിക്കുമാറാകണേ.

**10. യഃ ശ്വേതാം അധിനിർണിജശ്ചക്രേ കൃാം അനുവ്രതാ സ ധാമ പൂർവ്യം മമേ യഃ സ്കമ്ഭേന വിരോദസീ അ ജോ ന| ദ്യാമധാരയന്നഭന്താമന്യകേ സമേ ||**

ആരുടെ കിരണങ്ങൾ പകൽ ശ്വേതവർണ്ണത്തോടും രാത്രിയിൽ കറുപ്പുവർണ്ണത്തോടും കൂടിയതായിരിയ്ക്കുന്നുവോ, ആ വരുണൻ ആകാശത്തേയും അന്തരീക്ഷത്തേയും സ്വന്തം കർമ്മങ്ങൾക്കുവേി സൃഷ്ടിച്ച സൂര്യൻ സ്വർഗ്ഗത്തെ വഹിയ്ക്കുന്നതുപോലെ വരുണനും. വാനൂഴികളെ അന്തരീക്ഷം വഴിയായി താങ്ങിനിർത്തുന്നു. അവൻ എല്ലാശത്രുക്കളേയും സംഹരിയ്ക്കണേ.

**സൂക്തം 41**

**ഋഷി നാഭാഗനോ അർച്ചനാനസോ ദേവത വരുണൻ അശ്വനികൾ ഛന്ദസ് ത്രിഷ്ടുപ് അനുഷ്ടുപ്**

**1. അസ്താഭ്നാദ്ദ്യാമസുതോ വിശ്വവേദാ അമിമീത വരിമാണം പൃഥിവ്യാഃ |**

**ആസീദദ്വിശ്വാ ഭൂവനാനി സമ്രാഡ്വിശ്വേത്താനി വരുണസ്യ വ്രതാനി ||**

വരുണൻ എല്ലാമറിയുന്നവനും ബലവാനുമാകുന്നു. അവൻ ഭൂമിയെ വിശാലമാക്കി ആകാശത്തെ ഉറപ്പിച്ചു അവൻ എല്ലാ ലോകങ്ങളുടേയും അധീശ്വരനായി പ്രതിഷ്ഠിയ്ക്കപ്പെട്ടു. ഇങ്ങിനെ അനേകം കർമ്മങ്ങൾ വരുണന്റേതായു്.

**2. ഏവാ വന്ദസ്വാ വരുണം ബൃഹന്താം നമസ്യാ ധീരമമൃതസ്യ ഗോപാം |**

**സ നഃ ശർമ ത്രിവരൂഥം വി യസത്പാതം ദ്യാവാപൃഥിവീ ഉപസ്ഥേ ||**

ഹേ സ്തോതാക്കളേ! വരുണൻ മഹാനാകുന്നു. ധീരനായ അവൻ അമൃതത്തെ കാത്തുരക്ഷിക്കുന്നു. നമസ്ക്കാരപൂർവ്വം അവനെ പൂജിക്കണേ. ആ വരുണൻ നമുക്ക് മൂന്നുനിലമാളിക പ്രദാനം ചെയ്യണേ. നാം അവനനോടൊത്ത് നിർഭീകരായി വസിയ്ക്കുന്നു. വാനൂഴികൾ നമ്മെ പാലിയ്ക്കുന്നവരാകണേ.

**3. ഇമാം ധിയം ശിക്ഷമാണസ്യ ദേവക ക്രതും ദക്ഷം വരുണ സം ശിശാധി |**

**യയാതി വിശ്വാ ഭൂരിതാ തരേമ സുതർമാണമധി നാവം രുഹേമ ||**

ഹേ വരുണാ! എന്റെ യജ്ഞം കർമ്മം, ജ്ഞാനം, ബലം എന്നിവകളെ പ്രബുദ്ധമാക്കണമേ. എല്ലാ ദുഷ്ക്കർമ്മങ്ങളുടേയും അക്കര കടത്തുന്ന വള്ളത്തിൽ ഞങ്ങൾ ആരൂഢരാകും.

**4. ആ വാം ഗ്രാവാണോ അശ്വിനാ ധീർഭിർവിപ്രാ അചുച്യു വുഃ|**

**നാസ്യാ സോമപീതയേ നഭന്താമന്യകേ സമേ ||**

അശ്വിനികുമാരൻമാർ സത്യരൂപരാകുന്നു. ഋത്വിജൻമാരുടെ അമ്മിക്കല്ലുകളെല്ലാം നിങ്ങളുടെ കർമ്മങ്ങൾക്കു മുന്നിലെത്തുന്നു. അവർ രുപേരും നമ്മുടെ ശത്രുക്കളെ സംഹരിക്കുമാറാകണേ.

**5. യഥാ വാമത്രിരശ്വിനാ ഗീർഭിവിപ്രോ അജോ ഹവീത് |**

**നാസത്യാ സോമപീതയേ നഭന്താമന്യകേ സമേ ||**

ഹേ അശ്വിനികളേ! അത്രിമഹർഷി തന്റെ സ്തോത്രങ്ങൾ വഴിയായി നിങ്ങളെ സോമപാനത്തിനായി ആഹ്വാനം ചെയ്തിരുന്നതുപോലെ ഞാനും നിങ്ങളെ അഹ്വാനം ചെയ്യുന്നു. ആ അശ്വിനികൾ എന്റെ ശത്രുക്കളെ നശിപ്പിക്കണേ.

**6. ഏവാ വാമഹ്വ ഊതവേ യഥാഹുവന്ത മേധിതാഃ |**

**നാസത്യാ സോമപീതയേ നഭന്താമന്യകെ സമേ ||**

ഹേ അശ്വിനികുമാരൻമാരേ! വിദ്വാൻമാർ സോമപാനത്തിനായി നിങ്ങളെ വിളിക്കുന്നതുപോലെ ഞാനും എന്റെ രക്ഷയ്ക്കുവേി നിങ്ങളെ വിളിക്കുന്നു. അശ്വിനികുമാരൻമാർ എന്റെ ശത്രുക്കളേയും നശിപ്പിക്കുമാറാകണേ.

# അനുവാകം 6

## സൂക്തം 43

**ഋഷി വിരൂപൻ അംഗിരസ്ദേവത അഗ്നി ഛന്ദസ് ഗായത്രി**

**1. ഇമേ വിപ്രസ്യ വേധസോ ഭഗരസ്തൃതയ ജ്വനഃ |**

**ഗിരഃ സ്തോമാസ ഈരതേ ||**

അഗ്നി വിധാതാവുതന്നെയാകുന്നു. ജ്ഞാനിയായ അവൻ തന്റെ യജമാനൻമാരെ ഒരിക്കലും ഹിംസിയ്ക്കുന്നില്ല. ഞങ്ങളുടെ സ്തോതാക്കൾ ആ അഗ്നിയെത്തന്നെ പൂജിയ്ക്കുന്നു.

**2. അസ്മൈ തേ പ്രതിഹര്യതേ ജാതവേദോ വിചർഷണേ |**

**അഗ്നേ ജാനാമി സുഷ്ടുതിം ||**

ഹേ ദർശനീയമായ അഗ്നേ! ഞാൻ നിനക്കുവേി സുന്ദരമായ സ്തോത്രം രചിയ്ക്കുന്നു. എന്തുകൊന്നൊൽ നീ നൽകുന്നവനാണല്ലോ

**3. ആരോ കാ ഇവ ധേദഹ തിഗ്മാ അഗ്നേ തവത്വിഷഃ |**

**ദദ്ഭിർവനാനി വപ്സതി ||**

ഹേ അഗ്നേ! മൃഗങ്ങൾ മൂർച്ചയുള്ള പല്ലുകൾ കൊ് തൃണാദികളെ ഭക്ഷിയ്ക്കുന്നതുപോലെ, നിന്റെ തീക്ഷ്ണങ്ങളായ ജ്വാലകൾ വനത്തെ ഭക്ഷിയ്ക്കുന്നു.

**4. ഹരയോ ധൂമകേതവോ വാതജൂതാ ഉപ ദ്യവി |**

**യ തന്തേ വൃഥാഗഗ്നയഃ ||**

ധൂമരൂപധ്വജനായ അഗ്നി ഹരണശീലനാകുന്നു. അവൻ വായുവിനാൽ പ്രേരിതനായി വിവിധരൂപങ്ങളോടുകൂടി അന്തരീക്ഷത്തിൽ സഞ്ചരിയ്ക്കുന്നു.

**5. ഏതേത്യേ വൃഥഗഗ്നയ ഇദ്ധാസഃ സദൃക്ഷതഃ |**

**ഉഷ സാമിവ വേതവഃ ||**

ആ അഗ്നി ഹോതാക്കൾ വഴിയായി ഉഷസ്സിന്റെ ധ്വജം പോലെ കാണപ്പെടുന്നു.

**6. കൃഷ്ണാ രജാംസി പത്സുതഃ പ്രയാണേ ജാതവേ ദസഃ |**

**അഗ്നിര്യദ്രോധതി ക്ഷമി ||**

അപ്പോൾ ജൻമമെടുത്തിട്ടുള്ള ജീവികളുടെ ജ്ഞാതാവായ അഗ്നി ഭൂമിയിലെ ഉണക്കുമരങ്ങളെ ആശ്രയിക്കുന്നു. ആ സമയം ധൂളികൾ കൃഷ്ണവർണ്ണത്തോടുകൂടിയവനാകുന്നു.

**7. ധാസിം കൃണ്വാന ഓഷധീർബപ്സദഗ്നിർ ന വായതി |**

**പുനര്യന്തരുണീരപി ||**

ഔഷധികളെ അന്നമായിക്കരുതി അവയെ ഭക്ഷിക്കുന്നതുകൊു മാത്രം അഗ്നി തൃപ്തനാകുന്നില്ല. അവൻ തരുണാവസ്ഥയെ പ്രാപിച്ച ഔഷധികളിൽ വ്യാപിയ്ക്കുന്നു.

**8. ജിഹ്വാഭിരഹ നന്നമദർചിഷാ ജഞ്ജനാഭവൻ|**

**അഗ്നിർവനേഷു രോചതേ |**

വനസ്പതികളെ തന്റെ നാക്കുകൊ് നക്കികൊ് അഗ്നി തേജസ്സോടുകൂടി പ്രശോഭിയ്ക്കുന്നു.

**9. അപ്സ്വഗ്നേ സധിഷ്ഠവ ഓഷധീരനു രുധ്യസേ |**

**ഗർഭേ സഞ്ജായസേ പുനഃ ||**

ഹേ അഗ്നേ! നീ ജലത്തിൽ പ്രവേശിക്കുന്നു. നീ ഔഷധികളിൽ സ്ഥിതനായി അവയുടെ ധർമ്മങ്ങളെ പ്രകടമാക്കുന്നു.

**10. ഉദഗ്നേ തവതദ്ഘൃതാദർചീ രോചത ആഹുതം |**

**നിംസാനം ജൂഹ്വോ മുഖേ ||**

ഹേ അഗ്നേ! നീ ഘൃതയുക്തമായ ജൂഹുവിന്റെ വായ്

നക്കിത്തുടയ്ക്കുന്നു. അപ്പോൾ നിന്റെ ജ്വാലകൾ അത്യന്തം പ്രശോഭിതങ്ങളാകുന്നു.

**11. ഉക്ഷാന്നായ ദശാന്നായ സോമപൃഷ്ഠായ വേധസേ |**
**സ്തോമൈർവിധേമാഗ്നയേ ||**

യാതൊരുത്തന്റെ അന്നം കാമയോഗ്യവും ഹവിസ്സ് ഭക്ഷണയോഗ്യവുമാകുന്നുവോ, ആ സോമ പൃഷ്ഠനായ അഗ്നിയെ സുന്ദരങ്ങളായ സ്തോത്രങ്ങളാൽ ഞങ്ങൾ സേവിയ്ക്കുന്നു.

**12. ഉത ത്വാ നമസാ വയം ഹോതർവരേണ്യക്രതോ |**
**അഗ്നേ സമിദ്ഭിരീമഹേ ||**

ഹേ ജ്ഞാനാഗ്നേ! നീ വരണീയനും ദേവദൂതനുമാണല്ലോ. സമിദ നൽകുന്ന ഞങ്ങൾ നിന്നെ നമസ്ക്കരിക്കുന്നു.

**13. ഉത ത്വാ ഭൃഗുവച്ചുവേ മനുഷ്വദഗ്നേ ആഹുത: |**
**അങ്ഗിരസ്വദ്ധവാമഹേ ||**

ഹേ അഗ്നേ! നിന്നെ ഭൃഗുവും മനുവും എപ്രകാരം വിളിയ്ക്കുന്നുവോ അതുപോലെ തന്നെ ഞങ്ങളും വിളിക്കുന്നു.

**14. ത്വം ഹ്യഗ്നേ അഗ്നിനാ വിപ്രോ വിപ്രേണ |**
**സൽസതാ സഖ്യാ സമി ദ്ധ്യസേ ||**

നീ മിത്രവും ദിവ്യനും ജ്ഞാനിയും ആകുന്നു. നീ ഇവരുടെ ഗുണങ്ങളോടുകൂടിയ അഗ്നികൾവഴിയായി ജ്വലിപ്പിക്കപ്പെടുന്നു.

**15. സ ത്വം വിപ്രായ ദാശുഷേ രയിം ദേഹി സഹസ്രിണം|**
**അഗ്നേ വീരവതീമിഷം ||**

ഹേ അഗ്നി നീ ഹവിസ്സ് ദാതാവായ വിദ്വാൻമാർക്ക് ആയിരം ധനവും പുത്രാദിസമ്പന്നമായ അന്നവും പ്രദാനം ചെയ്യണേ.

**16. അഗ്നേ ഭ്രാത: സഹസ്കൃത രോഹിദശ്വ ശുചിവ്രത ഇമം | സ്തോമം ജുഷസ്വ മേ ||**

യജമാനൻമാരുടെ സഖാവും രോഹിതാശ്വനും ബാലോല്പാദകനും ആയ പാവകാ! നീ ഞങ്ങളുടെ സ്തോത്രങ്ങളാൽ പ്രതിഷ്ഠിതനാകണമേ.

**17. ഉത ത്വാഗ്നേ മമ സ്തുതോ വാശ്രായ പ്രതീഹര്യതേ |**
**ഗോഷ്ഠം ഗാവ ഇവാശത ||**

ഹേ അഗ്നേ! കിടാവിന്റെ അടുക്കലേയ്ക്കു കരഞ്ഞുകൊ് പോകുന്ന തള്ളപ്പശുവിനെപ്പോലെ ഞങ്ങളുടെ സ്തോത്രങ്ങൾ നിന്റെ അടുക്കലേയ്ക്കു പാഞ്ഞുവരുന്നു.

**18. തുഭ്യം താ അങ്ഗിരസ്മ വിശ്വാ: സുക്ഷിതയ: പൃഥക് |**
**അഗ്നേ കാമായ യേമിരേ ||**

ഹേ അഗ്നേ! നീ അംഗിരസ്സുകളിൽ ശ്രേഷ്ഠനാകുന്നു. അഭീഷ്ടപ്രാപ്തിയ്ക്കുവേ പ്രജകളെല്ലാം നിന്നെ കാമിയ്ക്കുന്നു.

**19. അഗ്നിം ധീഭിർമനീഷിണോ മേ ധിരാസോ വിപശ്ചിത: |**
**അദ്മസ ദ്യായ ഹിന്വിരേ ||**

സമർത്ഥൻമാരായ എല്ലാ വിദ്വാൻമാരും അണലാഭത്തിനുവേ അഗ്നിദേവതയെ പ്രദീപ്തമാക്കുന്നു.

**20. തം ത്വാമജ്മേഷു വാജിനം തന്വാനാ അഗ്നേ അധ്വരം |**
**വഹ്നിം ഹോതാരമീള തേ ||**

ഹേ അഗ്നേ! നീ ഹോതാവും പരാക്രമിയും ഹവിസ്സ് വാഹകനും ആണ്. സ്തോതാക്കൾ തങ്ങളുടെ വീടുകളിൽ അനുഷ്ഠാനങ്ങൾ നടത്തുന്നു. അവർ നിന്നെ സ്തുതിയ്ക്കുന്നു.

**21. പൂരുത്രാ ഹി സദൃങ്ങസി വിശോ വിശ്വാ അനുപ്രഭു: |**
**സമത്സു ത്വാ ഹവാമഹേ ||**

ഹേ അഗ്നി! നീ എല്ലാവരേയും നോക്കുന്നവനും സർവ്വവ്യാപിയും ഈശ്വരനും ആകുന്നു. യുദ്ധാവസരത്തിൽ ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

**22. തമീ ളിഷ്വയ ആഹൂതോ ഗ്നിർവിഭ്രാജതേ ഘൃതൈ: ഇമം|**
**ന : ശൃണ്വദ്ധവം ||**

ഘൃതാഹുതിയാൽ അഗ്നിപ്രദീപ്തമാകുന്നു. അവൻ നമ്മുടെ ആഹ്വാനം ശ്രവിക്കുന്നു. ഹേ സ്തോതാക്കളേ! അഗ്നിയെ സ്തുതിയ്ക്കുവിൻ.

**23. തം ത്വാ വയം ഹവാമഹേ ശൃണ്വന്തം ജാതവേദസം |**
**അഗ്നേഘ്നന്തമപ ദ്വിഷ: ||**

ഹേ അഗ്നേ! നീ ശത്രുക്കളെ വധിയ്ക്കുന്നതിൽ സമർത്ഥനാണല്ലോ. നീ ജനിച്ചവരിൽ ധനം പ്രദാനം ചെയ്യുന്നു. നീ ഞങ്ങളുടെ ആഹ്വാനത്തെ കേൾക്കുന്നു. അതിനാൽ ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

**24. വിശാം രാജാനമദ്ഭ തമധ്യക്ഷം ധർമണാമിമം|**
**അഗ്നിമീളേ സ ഉ ശ്രുവത് ||**

അഗ്നി മഹത്തായ കർമ്മങ്ങളുടെ സ്വാമിയും മനുഷ്യരുടെ പതിയുമാകുന്നു. അവനു സ്തോത്രം ചെയ്യുന്നു.

**25. അഗ്നിം വിശ്വായുവേപസം മര്യം നവാജിനം ഹിതം |**
**സപ്തിം ന വാജയാമസി ||**

അഗ്നി മനുഷ്യരുടെ കാര്യങ്ങൾ ഒന്നുപോലെ നടത്തുന്നവനും ശക്തിശാലിയും സർവ്വവ്യാപിയുമാകുന്നു. ഞങ്ങൾ ആ അഗ്നിയെ അശ്വത്തേപ്പോലെ ബലവാനാക്കും.

**26. ഘ്നൻമൃ ധ്രാണ്യപ ദ്വിഷോ ദഹൻരക്ഷാംസി വിശ്വഹാ |**

**അഗ്നേ തിഗ്മേന ദീദിഹി ||**

ഷേ അഗ്നി! നീ രാക്ഷസൻമാരെ ഭസ്മീകരിച്ചു. ഹിംസാശീലരായ പാപികളെ നശിപ്പിച്ചും സ്വന്തം തേജസ്സിനെ വളർത്തിയാലും

**27. യം ത്വാ ജനാസ ഇന്ധതേ മനുഷ്വദങ്ഗിരസ്മ |**
**അഗ്നേ സ ബോധി മേ വച: ||**

ഹേ അഗ്നേ! അംഗിരസ്സുകളിൽ നീ ശ്രേഷ്ഠനാകുന്നു.. മനു നിന്നെ പ്രദീപ്തനാക്കിയതുപോലെ ഈ മനുഷ്യരും ചെയ്യുന്നു. എന്റെ സ്തുതികളേയും അതുപോലെ കരുതേണമേ.

**28. യദഗ്നേ ദിവിജാ അസ്യപ്സുജാ വാ സഹസ്കൃത |**
**തം ത്വാ ഗീർഭിർഹവാമഹേ ||**

ഹേ അഗ്നി! നീ അന്തരീക്ഷത്തിൽനിന്നും ഉത്ഭവിച്ച ബലത്തിൽ നിന്നും പ്രകടമായി. നിന്നെ സ്തോത്രങ്ങളാൽ വിളിയ്ക്കുന്നു.

**29. തുഭ്യം ഘേത്തേ ജനാ ഇമേ വിശ്വാ: സുക്ഷിതയ: പൃഥക് |**

**ധാസിം ഹിന്വന്ത്യത്തവേ ||**

ഹേ അഗ്നേ! നീ സുന്ദരകർമ്മാവും സർവ്വദർശിയുമായി, ദുർഗ്ഗമങ്ങളായ എല്ലാ സ്ഥലങ്ങളേയും കടന്നുപോകുന്നു.

**30. തേ ഘേദഗ്നേ ഹാ വിശ്വാ നൃചക്ഷസ: |**
**തരന്ത സ്യാമ ദുർഗഹാ ||**

ഹേ അഗ്നേ! നീ സുന്ദരകർമ്മാവും സർവ്വദർശിയുമായി ദുർഗ്ഗമങ്ങളായ എല്ലാ സ്ഥലങ്ങളേയും കടന്നുപോകുന്നു.

**31. അഗ്നിം മന്ദ്രം പുരുപ്രിയം ശീരം പാവകശോചിഷം |**
**ഹൃദ്ഭിർമന്ദ്രഭിരീമഹേ ||**

അഗ്നി പവിത്രമായ ദീപ്തിയോടുകൂടിയവനും എല്ലാവർക്കും പ്രിയങ്കരനും യജ്ഞത്തിൽ ശയിക്കുന്നവനുമാണല്ലോ. സന്തോഷപ്രദമായ സ്തോത്രങ്ങളാൽ അവനെ പ്രസാദിപ്പിക്കണേ.

**32. സ ത്വമഗ്നേ വിഭാവസുഃസൃജൻത്സൂര്യോ ന രശ്മിഭിഃ |**
**ശർധ ന്തമാം സി ജിഘ്നസേ ||**

ഹേ അഗ്നേ! രശ്മികൾ സൂര്യന്റെ ബലത്തെ വർദ്ധലപ്പിയ്ക്കുന്നതുപോലെ സ്വന്തം ജ്വാലകളാൽ നീ ബലത്തെ വർദ്ധിപ്പിച്ച് അന്ധകാരത്തെ നശിപ്പിക്കുന്നു.

**33. തത്തേ സഹസ്വ ഈമഹേ ദാത്രം യന്നേപദസ്യതി |**
**ത്വദഗ്നേ വാർം വസു ||**

ഹേ അഗ്നേ! വരണയോഗ്യവും ദാനയോഗ്യവുമായ നിന്റെ ധനം സദാഅക്ഷയമായിരിക്കുന്നു. ഞാൻ ആ ധനത്തെ മാത്രം യാചിക്കുന്നു.

## സൂക്തം 44

**ഋഷി വിരൂപൻ അംഗിരൻ ദേവത അഗ്നിഛന്ദസ് ഗായത്രി**

**1. സമിധാഗ്നിം ദുവസ്യത ഘൃതൈർബോധ വതാതിഥിം |**
**അസ്മിൻ ഹവ്യാ ജൂഹോതാനാ ||**

ഹേ ഋത്വിജൻമാരേ! അതിഥിതുല്യനായ അഗ്നിയെ ഹവിസ്സുകളാൽ സേവിയ്ക്കുവിൻ അവനെ ഘൃതത്താൽ ഉത്തേജിപ്പിയ്ക്കുവിൻ.

**2. അഗ്നേ സ്തോമം ജൂഷസ്വ മേ വർദ്ധസ്വനേന മൻമാന പ്രതി|**
**സൂക്താനി ഹർയ നഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ സ്തോത്രങ്ങൾ സ്വീകരിക്കേണമേ. അതുവഴിയായി വളരേണമേ. ഞങ്ങളുടെ സൂക്തങ്ങളെ ഇഷ്ടപ്പെടണമേ.

**3. അഗ്നിം ദൂതം പുരോ ദധേ ഹവ്യവാതമുപ ബ്രുവേ ദേവാം|**
**ആ സാദയാദിഹ ||**

കഞാൻ ഹവിർവാഹകനായ അഗ്നിയെ സ്തുതിയ്ക്കുന്നു. അവൻ ഈ യജ്ഞത്തിൽ ദേവകളെ ആഹ്വാനം ചെയ്യുമാറാകണേ.

**4. ഉത്തേ ഹൃബന്തോ അർചയഃ സമിധാനസ്യ ദീദിവഃ |**
**അഗ്നേശുക്രാസ ഈരതേ ||**

ഹേ അഗ്നേ! നീ പ്രദീപ്തനാകുമ്പോൾ നിന്റെ ജ്വാലകൾ ഉയർന്നു പ്രകാശിക്കുന്നു.

**5. ഉപ ത്വാ ജൂഹ്വോ മമ ഘൃതാചീർയന്തു ഹർയത |**
**അഗ്നേ ഹവ്യാ ജൂഷസ്വ നഃ ||**

ഹേ അഗ്നേ ഘൃതദാത്രിയായ സൃകം നിന്റെ നേരേ ഗമിക്കണേ. നീ ഞങ്ങളുടെ ഹവിസ്സുകളെ ഭക്ഷിച്ചാലും.

**6. മന്ദ്രം ഹോതാരമൃത്വിജം ചിത്രഭാനും വിഭാവസും |**
**അഗ്നിമീളേ സ ഉ ശ്രവത്. ||**

അഗ്നി ഋത്വിക് രൂപനും ഹോതാരൂപനും പ്രകാശിതനും ആകുന്നു. ഞാനവനെ സ്തുതിയ്ക്കുന്നു. ആ സ്തോത്രങ്ങളെ അവൻ കേൾക്കുമാറാകണേ.

**7. പ്രത്നം ഹോതാരമീഡ്യം ജൂഷ്ടഗ്നിം കവിക്രതും |**
**അധ്വാരാണാമഭിശ്രിയം ||**

അഗ്നി യജ്ഞഭൂമിയുടെ ആശ്രിതനും മേധാവിയും സ്തുത്യനും പ്രാചീനഹോതാവും ആകുന്നു. ഞാനദ്ദേഹത്തെ സ്തുതിയ്ക്കുന്നു.

**8. ജൂഷാണോ അങ്ഗിരസ്തമേമാ ഹവ്യാന്യാനുഷക് അഗ്നേ | യജ്ഞം നയ ഋതുഥാ ||**

ഹേ അഗ്നേ! അംഗിരസ്സുകളാൽ നീ മഹാനാണല്ലോ. ഞങ്ങളുടെ യജ്ഞത്തിൽ കൊുവന്നാലും.

**9. സമിധാന ഉ സന്ത്യ ശുക്രശോച ഇഹാ വഹ ചികിത്വാൻ | ദൈവ്യം ജനം ||**

ഹേ അഗ്നേ! നീ യജമനീയനും ദർശനീയനും ദീപ്തിമാനും ആണല്ലോ. പ്രകാശിതനായ നീ ദേവകളെ ഞങ്ങളുടെ യജ്ഞത്തിൽ കൊുവന്നാലും.

**10. പി പ്രം ഹോതാരമദ്രുഹ ധൂമകേതും വിഭാവസും |**
**യജ്ഞാനാം കേതുമീമഹേ ||**

അഗ്നി ധുമധ്വജനും ദ്രോഹരഹിതനും മേധാവിയും ഹോതാവും ആകുന്നു. ഞങ്ങൾ അവനോട് സ്വന്തം അഭിലാഷങ്ങളെ യാചിയ്ക്കുന്നു.

**11. അഗ്നേ നി പാഹി നസ്ത്വം പ്രതി ഷ്മ ദേവ രീഷതഃ |**
**ഭിന്ധി ദ്വേഷം സഹസ്കൃത ||**

ഹേ ഹലപുത്രാ! ഹിംസാകൻമാരായ ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിച്ച് അവരെ ഹനിക്കേണമേ.

**12. അഗ്നിഃ പ്രത്നേന മൻമനാ ശുമ്ഭാനസ്തന്വം സ്വാം |**
**കവിർവിപ്രേണ വാവൃധേ ||**

ഞാൻ പ്രാചീനനാകുന്നു. സുന്ദരസ്തോത്രങ്ങളാൽ പ്രശോഭിതനുമായ അഗ്നിയെ പ്രാപിയ്ക്കുന്നു.

**13. ഊർജോ നപാതമാ ഹുവേഗ്നിം പാവകശോചിഷം |**
**അസ്മിന്യജ്ഞ സ്വധ്വരേ ||**

ബലോല്പന്നനും പവിത്രമായ ദീപ്തിയാൽ സമ്പന്നനുമായ അഗ്നിയെ ഹിംസാരഹിതമായ യജ്ഞം ഞാൻ വിളിക്കുന്നു.

**14. സ നോ മിത്രമഹസ്ത്വമഗ്നേ ശുക്രേണ ശോചിഷാ |**
**ദേവൈരാ സത്സി ബർഹിഷി ||**

ഹേ അഗ്നേ! നീ സഖാക്കളായ ഞങ്ങളാൽ പൂജിയ്ക്കപ്പെടുന്നു. നിന്റെ ഉജ്ജ്വലമായ തേജസ്സോടുകൂടി ദേവകൾ സഹിതം യജ്ഞത്തിൽ പ്രതിഷ്ഠിതനാകേണമേ.

**15. യോ അഗ്നി തന്വോദമേ ദേവം മർതഃ സപർയതി തസ്മാ | ഇദ്ദീദയദ്വസു ||**

ധനമാകനായ യാതൊരു മനുഷ്യൻ തന്റെ ഭവനത്തിൽ അഗ്നിയെ സേവിയ്ക്കുന്നുവോ അവൻ അവനു ധനം പ്രദാനം ചെയ്യുന്നു.

**16. അഗ്നിർമൂർധാ ദിവഃ കുത്പതി പൃഥിവ്യാ അയം**
**അപാം രേതാംസി ജിന്വതി**

അഗ്നിജലജീവികളെ സന്തുഷ്ടരാക്കുന്നു. അവൻ ഭൂമിയുടെ രക്ഷകനും ആകാശത്തിന്റെ കൊടിമരവും ദേവകളുടെ ശിരോരൂപനും ആകുന്നു.

**17. ഉദഗ്നേ ശചയസ്തവ ശുക്രാ ഭ്രാജന്ത ഈരതേ**
**തവ ജ്യോതീംഷ്യർചയഃ**

ഹേ അഗ്നേ! അങ്ങയുടെ ഉജ്ജ്വലമായ പ്രഭ നിന്നെ തേജസ്വിയാക്കുന്നു.

**18. ഈശിഷേ വാർയസ്യ ഹി ദാത്രസ്യാഗ്നേ സ്വർപതിഃ**
**സ്തോതാ സ്യാം തവ ശർമണി**

ഹേ അഗ്നേ! നീ വരണീയമായ ധനത്തിന്റേയും സ്വർഗ്ഗത്തിന്റെയും അധീശനാകുന്നു. സ്തുതിയ്ക്കുന്നവനായ ഞാൻ സുഖപ്രാപ്തിയ്ക്കായി നിന്നെ സ്തുതിയ്ക്കും.

**19. ത്വാമഗ്നേ മനീഷിണ സ്ത്വാംഹീന്വന്തി ചിത്തിഭിഃ ത്വാം വർധന്തു നോ ഗിരഃ**

ഹേ അഗ്നേ! വിദ്വജ്ജനങ്ങൾ നിന്നെ സ്തുതിച്ചുകൊ്, അവരുടെ സുന്ദരകർമ്മങ്ങളാൽ നിന്നെ പ്രസാദിപ്പിക്കുന്നു. ഞങ്ങളുടെ സ്തുതികൾ നിന്നെ വളർത്തണേ.

**20. അദബ്ധസ്യ സ്വധാവതോ ദൂതസ്യ രേഭതഃ സദാ അഗ്നേഃ സഖ്യം വൃണീമഹേ**

ഹേ അഗ്നേ! നീ ദേവകളുടെ ദൂതനും അവരുടെ സ്തോതാവുമാണല്ലോ. നീ ബലവാനും ഹിംസാരഹിതനുമാണ്. നിന്റെ സത്വഭാവത്തെ ഞങ്ങൾ എപ്പോഴും ആഗ്രഹിയ്ക്കുന്നു.

**21. അഗ്നിം ശുചിവ്രതതമഃ ശുചിർവിപ്രഃ ശുചിഃ കവിഃ ശുചീ രോചത ആഹുതഃ**

അഗ്നിമേധാവിയും പവിത്രശുഭകർമ്മനും കവിയുമാകുന്നു. അവൻ ആഹുതികളാൽ സുശോഭിതനാകുന്നു.

**22. ഉത ത്വാ ധിതയോ മമ ഗിരോ വർധന്തു വിശ്വഹാ അഗ്നേ സഖ്യസ്യ ബോധിനഃ**

ഹേ അഗ്നേ! എന്റെ അനുഷ്ഠാനങ്ങളും സ്തുതികളും നിന്നെ വളർത്തണേ. നീ ഞങ്ങളുടെ ബന്ധുഭാവത്തെ എപ്പോഴും അറിയേണമേ.

**23 യദഗ്നേ സ്യാമ ത്വം ത്വം വാ ധാ സ്യാ അഹം സ്യുഷ്ഷേ സത്യാ ഇഹാശിഷഃ**

ഹേ അഗ്നേ! ഞാൻ അത്യന്തം ഐശ്വര്യവാനായി ത്തീർന്നാലും. നിന്റെ മുമ്പിൽ മുമ്പെന്നപോലെ വർത്തിയ്ക്കും. നിന്റെ ആശീർവാദം സഫലമാകണേ.

**24. വസുർവസുപതിർഹി കമസ്യഗ്നേ വിഭാവസുഃ സ്യാമ തേ സുമതാവപി**

ഹേ അഗ്നേ! നീ ധനനേശ്വരനും വാസദാതവുമാ ണല്ലോ. ഞങ്ങൾ നിന്റെ കൃപയ്ക്കുപാത്രമാകണേ.

**25. അഗ്നേ ധൃതവ്രതായ തേ സമുദ്രായേവ സിന്ധവഃ ഗിരോ വാശ്രാസ ഈരതേ**

ഹേ അഗ്നേ! നീ കർമ്മങ്ങളെ വഹിക്കുന്നവനാണല്ലോ. നദികൾ സമുദ്രത്തിലേയ്ക്കു പ്രവഹിയ്ക്കുന്നതുപോലെ മനോഹരമായ ശബ്ദത്തോടുകൂടിയ എന്റെ സ്തുതികൾ നിന്നെ സമീപിക്കുന്നു.

**26. യുവാനം വിശ്പതിം കവിം വിശ്വാദം പുരുവേപസം അഗ്നിം ശുമ്ഭാമി മൻമഭിഃ**

സ്വന്തം കർമ്മങ്ങോടുകൂടിയ അഗ്നി ലോകങ്ങളുടെ ഈശ്വരനും നിത്യതരുണനും സർവ്വഭക്ഷകനും കവിയും ആകുന്നു. ഞാൻ അദ്ദേഹതെത സ്തോമത്താൽ വളർത്തുന്നു.

**27. യജ്ഞാനാം രഥ്യേ വയം തിഗ്മജമ്ഭായ വീളവേ സ്തോമൈരിഷേമാഗ്നയേ**

തീക്ഷ്ണങ്ങളായ ജ്വാലകളോടുകൂടിയവനും പരാക്രമിയും യജ്ഞദായകനുമായ അഗ്നിയെ സ്തോത്രങ്ങളാൽ സ്തുതിയ്ക്കുവാൻ ഞങ്ങളിഷ്ടപ്പെടുന്നു.

**28. അയ മഗ്നേ ത്വേ അപി ജരിതാ ഭൂതു സന്ത്യ തസ്മൈ പാവക മൃളയ**

ഹേ അഗ്നേ! നീ പവിത്രീകരിയ്ക്കുന്നവനാണല്ലോ. ഞങ്ങളുടെ സ്തോതാക്കൾ നിന്നെ ഉപാസിക്കണേ. നീ അന്യർക്കു മംഗളം വരുത്തേണമേ.

**29. പുരാഗ്നേ ദുരിതേഭ്യഃ പുരാ മൃധ്രേഭ്യഃ കവേ പ്ര ണ ആയുർവസോ തിര**

ഹേ അഗ്നേ! നീ വാസസ്ഥാനദായകനാണല്ലോ. പാപികളിൽ നിന്നും ഹിംസകരിൽ നിന്നും ഞങ്ങളെ രക്ഷിക്കൂ. ഞങ്ങളുടെ ആയുസ്സിനെ ദൈർഘ്യപ്പെടുത്തു.

## സൂക്തം 45

**ഋഷി കണ്വഗോത്രൻ ത്രിശോകൻ. ദേവത ഇന്ദ്രൻ അഗ്നി ഛന്ദസ്സു ഗായത്രി**

**1. ആ ധാ യേ അഗ്നിമിന്ധതേ സ്പൃണന്തി ബർഹിരാനുഷക് യേഷാമിന്ദ്രോ യുവാ സഖാ**

നിത്യതരുണനായ ഇന്ദ്രനോട് മൈത്രിയിൽക്കഴിയുന്ന ഋഷിമാരെല്ലാം ദർഭവിരിച്ച് അഗ്നിയെ ചൈതന്യപ്പെടുത്തുന്നു.

**2. ബൃഹന്നിദധ്മ ഏഷാം ഭൂരി ശസ്തം പൃഥുഃ സ്വരുഃ യേഷാമിന്ദ്രോ യുവാ സഖാ**

ഋഷിമാരുടെ സമിധികൾ മഹിമാമയികളാകുന്നു. ഇത് പ്രചുരമായ സ്തോത്രങ്ങളോടുകൂടിയതും അവരുടെ യജ്ഞം മഹത്തും ആകുന്നു. ഇവയെല്ലാം നിത്യതരുണനായ ഇന്ദ്രനുമായി സഖ്യം പുലർത്തുന്നു.

**3. അയുദ്ധ ഇദ്യുധാ വൃതം ശൂരാ ആജതി സത്വഭിഃ യേഷാമിന്ദ്രാ യുവാ സഖാ**

ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട മുമ്പു യുദ്ധം ചെയ്യാത്ത മനുഷ്യൻ യുവവായ ഇന്ദ്രന്റെ ബലത്താൽ ബലവാനായി ശത്രുക്കളെ ജയിക്കും.

**4. ആ ബുന്ദം വൃത്രഹാ ദദേ ജാതഃ പൃഛദീവ മാതരം ക ഉഗ്രാ കേ ഹ ശൃണ്വിരേ**

ഹേ ഇന്ദ്രാ! നീ ജനിച്ചപ്പോൾ തന്നെ അമ്പെടുത്ത് സ്വന്തം അമ്മയോടു ചോദിച്ചു. ലോകത്തിലെ മഹാപരാക്രമികൾ ആരെല്ലാമാണ്.

**5. പ്രതി ത്വാ ശവസീ വദദഗിരാവപ്സോ ന യോധിഷത്**

ബലിഷ്ഠയായ ആ മാതാവു പറഞ്ഞു നിന്റെ ശത്രു ആനയെപ്പോലെ മലയിൽ വസിക്കുന്നു.

**6. ഉത ത്വം മഘവഞ്ഛൃണ്‍ യസ്തേ വഷ്ഠിവവക്ഷി തത് വദ്വീളയാസി വീളു തത്**

ഹേ ഇന്ദ്രാ! നീ സ്തോതാക്കളുടെ അഭീഷ്ടങ്ങൾ നിറവേറ്റുന്നു. നീ യാതൊന്നിനെ ദൃഢമാക്കുന്നുവോ. അഅത് ഉറപ്പുള്ളതായിത്തീരുന്നു. അതിനാൽ ഞങ്ങളുടെ സ്തുതികളെ ശ്രവിച്ചാലും.

**7. യദാജിം യത്യാജികൃദിന്ദ്രഃ സ്വശ്വയുരുപ രഥീതമോ രഥീനാം**

ആ ഇന്ദ്രൻ അശ്വകാമനായി രണക്ഷേത്രത്തിൽ വരുമ്പോൾ അവൻ തേരാളികളിൽ മഹാതേരാളിയായിത്തീർന്നു.

**8. വിഷു വിശ്വാ അഭിയുജോ വജ്രിന്വിഷ്വ ഗ്യഥാ വൃഹ ഭവാ നഃ സുശ്രുവ സ്തമഃ**

ഹേ വജ്രായുധാ! ആശാഭരിതരായ എല്ലാ പ്രജകളും യാതൊന്നിനാൽ വളരുന്നുവോ, അതുപോലെ നീയും വളരേണമേ. നീ

ഞങ്ങൾക്കു വേി അധികം അന്നമുള്ളവനാകേണമേ.

**9. അസ്മാകം സുരഥം പുര ഇന്ദ്രഃ കൃണോതു സാതയേ ന യം ധൗർവന്തി ധൂർതയഃ**

ഹിംസകർക്ക് ആരേ ഹിംസിയ്ക്കുവാൻ സാധ്യമാകുന്നില്ലയോ. ആ ഇന്ദ്രൻ നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റുന്നതിനായി തന്റെ സുന്ദരമായ രഥത്തെ മുമ്പിൽ കൊുവരണേ.

**10. വൃജ്യാമ തേ പരി ദ്വിഷോരം തേ ശക്ര ദാവനേ ഗമേമേദിന്ദ്ര ഗോമതഃ**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്റെ ശത്രുക്കളുടെ അടുക്കൽ വസിയ്ക്കുകയില്ല. നീ വളരെയധികം ഗോക്കളോടുകൂടിയ ധനം പ്രദാനം ചെയ്യുമ്പോൾ ഞങ്ങൾ നിന്നോടൊത്തുായിരിക്കണേ.

**11. ശനൈശ്ചിദ്യന്തോ അദ്രിവേ ശ്വാനന്തഃ**

**ശതഗ്വിനഃ**

**വിവക്ഷണാ അനേഹസഃ**

ഹേ വജ്രായുധാ! ഞങ്ങൾ അശ്വസമ്പന്നനും ഐശ്വര്യവാൻമാരും അത്മുതരും വീരൻമാരുമാകണേ.

**12. ഊർധ്വാ ഹി തേ ദിവേദിവേ സഹസ്രാസൂനൃതാ ശതാ ജിരതൃഭ്യോ വിമൻഹതേ**

ഹേ ഇന്ദ്രാ! നിന്നെ സ്തുതിയ്ക്കുന്ന വിദ്വാൻമാർക്ക് ഈ യജമാനൻ ദിനംപ്രതി നൂറും ആയിരവും കണക്കിൽ പ്രിയവസ്തുക്കൾ പ്രദാനം ചെയ്യുന്നു്.

**13. വിദ്മാ ഹി ത്വാ ധനഞ്ജയമിന്ദ്ര ദൃഉഹാ ചിദാരുജം ആദാരിണം യഥാ ഗയം**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നെ ധനത്തെ ജയിക്കുന്നവനായും ശത്രുക്കളെ നശിപ്പിയ്ക്കുന്നവനായും ഉപദ്രവങ്ങളിൽനിന്നും വീടുപോലുള്ള രക്ഷാസങ്കേതമായും അറിയുന്നു.

**14. കകുഹം ചിത്ത്വാ കവേ മന്ദന്തു ധൃഷ്ണവിന്ദവഃ ആ ത്വാ പണിം യദീ മഹേ**

ഹേ ഇന്ദ്രാ! നീ ശ്രേഷ്ഠനും വർഷകനും കവിയും വണിക്കും ആകുന്നു. ഞങ്ങൾ നിന്നോട് സ്വന്തം ആഗ്രഹങ്ങൾ യാചിക്കുമ്പോൾ ഈ സോമം നിന്നെ ലഹരിപിടിപ്പിയ്ക്കുന്നതും മധുരമയവുമാകണേ.

**15. യസ്തേ രേവാം അദാശുരിഃ പ്രമമർഷ മഘത്തയേ തസ്യ നോ വേദ ആ ഭര**

ഹേ ഇന്ദ്രാ! യാതൊരുത്തൻ ദാതാവായിട്ടും നിന്നെ വെറുക്കുന്നുവോ അഥവാ യാതൊരുത്തൻ ധനവായായിരുന്നിട്ടും ദാനശീലനാകുന്നില്ലയോ അങ്ങിയെയുള്ള രുകൂട്ടരുടേയും ധനത്തെ പിടിച്ചെടുത്ത് ഞങ്ങളുടെ അടുക്കലേയ്ക്ക് വന്നാലും.

**16. ഇമ ഉ ത്വാ വി ചക്ഷതേ സഖായ ഇന്ദ്ര സോമിനഃ പുഷ്ഠാ വന്തോ യഥാ പശും**

ഹേ ഇന്ദ്രാ! മൃഗപാലകൻ പുല്ലുമായി വന്ന് തന്റെ മൃഗത്തെനോക്കുന്നതുപോലെ ഞങ്ങളുടെ ഈ മിത്രം സോമം പിഴിഞ്ഞ് അങ്ങയെ നോക്കുന്നു.

**17. ഉത ത്വാ ബധിരം വയം ശ്രുത് കർണ സംതമൂതയേ ദൂരാദിഹ ഹവാമഹേ**

ഹേ ഇന്ദ്രാ! ശ്രോത്രേന്ദ്രിയ സമ്പന്നനായ നീ ബധിരനാകുന്നില്ല. അതിനാൽ ഞങ്ങൾ സ്വന്തം രക്ഷയ്ക്കുവേി ദൂരദേശത്തു നിന്നും നിന്നെ വിളിയ്ക്കുന്നു.

**18. യച്ഛംശ്രുയാ ഇമം ഹവം ദുർമർഷം ചക്രിയാ ഉത ഭവേരാപിർനോ അന്തമഃ**

ഹേ ഇന്ദ്രാ! ഞങ്ങളുടെ വിളികേട്ട് ശത്രുക്കളുടെ ബലത്തെ നശിപ്പിച്ചു ഞങ്ങളുടെ അടുത്ത ബന്ധുവാകേണമേ.

**19. യച്ചിദ്ധി തേ അപി വ്യഥിർജഗന്വാംസോ അമൻമഹി ഗോദാ ഇദിന്ദ്ര ബോധി നഃ**

ഹേ ഇന്ദ്ര! ഞങ്ങൾ നിർധനരായി അങ്ങയെ ശരണം പ്രാപിയ്ക്കുമ്പോൾ നീ ഞങ്ങൾക്ക് ഗോക്കളെ നൽകുവാൻ മനസ്സുള്ളവനാകണേ.

**20. ആ ത്വാ രമ്ഭം ന ജിവ്രയോ രരമ്ഭാ ശവസസ്പതേ ഉശ്മസി ത്വാ സധസ്ഥ ആ**

ഹേ ബലേശ്വരനായ ഇന്ദ്ര! ദുർബലരായ ഞങ്ങൾ ഒരു വടിയെന്നതുപോലെ നിന്നെ സ്വീകരിയ്ക്കും. യജ്ഞത്തിൽ ഞങ്ങൾ അങ്ങയെ ആഗ്രഹിയ്ക്കും.

**21. സ്തോത്രമിന്ദ്രായ ഗായത പുരു നൃമ്ണായ സത്വനേ നകിർയം വൃണ്വതേ യുധി**

ഹേ സ്തോതാക്കളേ! ഇന്ദ്രൻ മഹാനും ഐശ്വര്യസമ്പന്നനും ദാനശീലനുമാകുന്നു. നിങ്ങൾ അവനുവേി സ്തോത്രോച്ചാരണം നടത്തുവിൻ. യുദ്ധത്തിൽ ആർക്കും അവനെ ജയിക്കുവാൻ സാധ്യമല്ല.

**22. അഭി ത്വാ വൃഷഭാ സുതേ സുതം സൃജാമി പീതയേ തൃമ്പാ വ്യശ്നുഹീ മദം**

ഹേ ഇന്ദ്രാ! നീ ബലവാനാകുന്നു. ഞാൻ പിഴിഞ്ഞ ഈസോമം നിനക്കു കുടിക്കുവാൻ നൽകുന്നു. ഹർഷപ്രദാനകമായ ഇത് പാനം ചെയ്ത് തൃപ്തനായാലും.

**23. മാ ത്വാ മൂരാ അവിഷ്യവോ മോപഹസ്വാന ആ ഭദൻ മാകീം ബ്രഹ്മദ്വിഷോ വനഃ**

ഹേ ഇന്ദ്രാ! രക്ഷയാഗ്രഹിയ്ക്കുന്ന മൂഢൻ നിന്നെ പരിഹസിക്കാതിരിക്കണേ. അവൻ നിന്നെ ഹിംസിയ്ക്കാതിരിക്കണേ. ബ്രാഹ്മണരെ വെറുക്കുന്നവർക്ക നീ അഭയം നൽകരുത്.

**24. ഇഹ ത്വാ ഗോപരീണസാ മഹേ മന്ദന്തു രാധസേ സരോ ഗൗരോ യഥാ പിബ**

ഹേ ഇന്ദ്രാ! മഹാധനപ്രാപ്തിയ്ക്കുവേി ഈ യജ്ഞത്തിൽ ഗോരസമിശ്രിതമായ സോമം പാനം ചെയ്തു ഹർഷയുകതനായാലും ദാഹത്താൽ വലയുന്ന മൃഗം സരസിൽനിന്നും ജലം പാനം ചെയ്ത് തൃപ്തനാകുന്നതുപേലെ നീ സോമംപാനം ചെയ്ത് തൃപ്തനായാലും.

**25. യാ വൃത്രഹാ പരാവതി സനാ നവാ ന ചുച്യുവേ താ സംസത്സു പ്ര വോചത**

ഹേ വൃത്രഹന്താവേ! നീ ദൂരദേശത്തേയ്ക്കയച്ച പുരാതനവും നവീനവുമായ ധനത്തെപ്പറ്റി ഈ യജ്ഞത്തിൽ വർണ്ണിച്ചാലും.

**26. അപിബത്കദ്രുവഃ സുതമിന്ദ്രഃ സഹസ്രബാഹ്വേ അത്രാദേദിഷ്ട പൗസ്യം**

ഹേ ഇന്ദ്രാ! നീ രുദ്രമഹർഷിയുടെ സോമം കുടിയ്ക്കുകയും സഹസ്രബാഹുവായ ശത്രുവിനെ കൊല്ലുകയും ചെയ്തുവല്ലോ. ആ സമയം നിന്റെ ബലം അത്യന്തം ദീപ്തിമത്തായിത്തീർന്നിരുന്നു.

**27. സത്യം തത്തുർവശേ യദൗ വിദാനോ അഹ്നവായ്യം വ്യാനട് തുർവണേ ശമി**

ഹേ ഇന്ദ്രാ! യാദവൻമാരുടെ പ്രസിദ്ധമായ കർമ്മങ്ങളെ യഥാർത്ഥമായിക്കരുതി യുദ്ധത്തിൽ അഹ്നവായ്യനെ എതിർത്തു തോല്പിച്ചു.

**28. തരണിം വോ ജനാനാം ത്രദം വാജസ്യ ഗോമതഃ സമാനമു പ്രശസിഷം**

ഹേ സ്തോതാക്കളേ! നിങ്ങളുടെ പുത്രാദികൾക്കു നൻമവരുത്തുന്നവനും ശത്രുക്കളെ മർദ്ദിയ്ക്കുന്നവനും ഗോസമ്പന്നമായ അന്നം നൽകുന്നവനും ആയ ഇന്ദ്രനെ പൂജിയ്ക്കുവിൻ.

**29. ഋഭൂക്ഷണം ന വർതവ ഉക്ഥേഷു തുഗ്രയാവൃധം ഇന്ദ്രം സോമേ സചാ സുതേ**

**30. യഃ കൃന്തദിദ്വി യോന്യം ത്രിശോകായ ഗിരിം പൃഥും ഗോഭ്യോ ഗാതും നിരേതവേ**

ജലമൊഴുക്കുന്നതിനുവേി മേഘത്തിന്റെ വാതിലുകൾ തകർകത്ത ഇന്ദ്രൻ ത്രിശോക മഹർഷിയുടെ സ്തോത്രത്താൽ ആ ഇലത്തിനൊഴുകുവാനുള്ള മാർഗ്ഗത്തേ നിർമ്മിച്ചു.

**31. യദ്ദധിഷേ മനസ്യസിം മന്ദാനഃ പ്രേദിയക്ഷസി മാ തത്കരിന്ദ്ര മൃളയ**

ഹേ ഇന്ദ്രാ! നീ പ്രസന്നനായി യാതൊന്നു ധരിക്കുന്നുവോ, യാതൊന്നു നൽകുന്നുവോ, യാതൊന്നിനെ പൂജിക്കുന്നുവോ. ആ കർമമങ്ങളൊക്കെ ഞങ്ങൾക്കുവേി എന്തുകൊ് ചെയ്യുന്നില്ല.?

**32. ദഭ്രം ചിദ്ധി ത്വാവതഃ കൃതം ശൃണ്വേ അധി ക്ഷമി ജിഗാത്വിന്ദ്ര തേ മനഃ**

ഹേ ഇന്ദ്രാ! നിന്റെ കൃപയാൽ സ്വല്പകർമ്മാവായ മനുഷ്യനും ഭൂമിയിൽ പ്രസിദ്ധയെ പ്രാപിക്കുന്നു. അതിനാൽ നിന്റെ മനസ്സ് എന്റെ നേരെ ആകർഷിതമാകണേ.

**33. തവേദു താഃ സുകീർതയോസന്നുതഃ പ്രശസ്തയഃ യാദിന്ദ്ര മൃളയാസി നഃ**

ഹേ ഇന്ദ്രാ! നീ യാതൊരു സ്തുതികളെ പ്രാപിച്ച് ഞങ്ങൾക്കു സുഖം നൽകുന്നുവോ, ആ സ്തുതികൾ നിന്നെത്തന്നെ പ്രാപിയ്ക്കണേ.

**34. മാ ന ഏകസ്മിന്നാ ഗസി മാദ്വയോരുത ത്രിഷു വധീർമാ ശൂര ഭൂരിഷു**

ഹേ ഇന്ദ്രാ! ഞങ്ങളിൽ നിന്നും ഒരപരാധയുാകുകയാണെങ്കിൽ ഞങ്ങളെ ഭണ്ഡിക്കരുതേ. രോ മൂന്നോ തവണയും അപരാധം ഉാകുകയാണെങ്കിലും ഞങ്ങളെ ശിക്ഷിയ്ക്കരുതേ.

**35. വിഭയാ ഹി ത്വാവത ഉഗ്രാദഭിപ്രഭങ്ഗിണഃ ദസ്മാ ദഹ മൃതീഷഹഃ**

ഹേ ഇന്ദ്രാ! നീ ഉഗ്രനും ശത്രുഹിംസകനും പാപികളെ സംഹരിയ്ക്കുന്നവനും ശത്രുക്കളാൽ പ്രേരിപ്പിക്കപ്പെടുന്ന ഹിംസകർമ്മങ്ങളെ സഹിക്കുന്നവനും ആകുന്നു. ഞാൻ നിന്നെ ഭയപ്പെടുകയില്ല.

**36. മാ സഖ്യം ശൂനമാ വിദേ മാ പുത്രസ്യ പ്രഭൂവസോ ആവൃത്വദ്ഭ്രതു തേ മനഃ**

ഹേ ഇന്ദ്രാ! നിന്റെ ധനത്തിനളവില്ല. നിന്നോട് നിന്റെ മിത്രങ്ങളേയും അവരുടെ മക്കളുടെയും കാര്യങ്ങൾ ഞാൻ പറയുന്നു. നിൻെറ മനസ്സ് എന്നിൽ വിരക്തമാകാതിരിക്കണേ.

**37. കോനു മര്യാ അമിഥിതഃ സഖാ സഖാവമ ബ്രവീത് ജഹാ കോ അസ്മദീഷതേ**

ഹേ മനുഷ്യരേ! ഞാൻ ആരെ കൊന്നു. ആര് എന്നെ ഭയന്ന് ഓടിപ്പോകും? എന്ന് ചോദിക്കുന്നതിനുമുമ്പേ പറയുന്നവൻ ഇന്ദ്രനല്ലാതെ മറ്റേതൊരു ദ്വേഷരഹിതനായ സഖാവാണ്.

**38. ഏവാരേ വൃഷഭാ സുതേ സിമ്വഭ്ര്യാവയഃ ശ്വഘ്നീവ നിവതാ ചരൻ**

ഹേ ഇന്ദ്രാ! നീ ആഗ്രഹങ്ങൾ നിറവേറ്റുന്നു. പിഴിഞ്ഞുകഴിഞ്ഞാൽ സോമം നിന്റെ നേരെ എത്തുന്നു. ദേവകൾ നിന്റെ മുമ്പിൽ നിന്നു. തലതാഴ്ത്തി കടന്നുപോകുന്നു.

**39. ആ ഏതാ വചോ യജാ ഹരീ ഗൃഭ്ണേ സുമദ്രഥാ യ ദീം ബ്രഹ്മസ്യ ഇദ്ദദഃ**

മന്ത്രം വഴിയായി രഥത്തിൽ പൂട്ടപ്പെട്ടതു ഇന്ദ്രന്റെ രുകുതിരകളെയും ഞാനാകർഷിയ്ക്കുന്നു. ഹേ ഇന്ദ്രാ! നീ ബ്രാഹ്മണർക്കു ധനം പ്രദാനം ചെയ്യുന്നു.

**40. ഭിന്ധി വിശ്വാ അപ ദ്വിഷഃ പരിബാധോ ജഹീ മൃധഃ വസുസ്പാർഹം തദാ ഭര**

ഹേ ഇന്ദ്രാ! എല്ലാ ശത്രുക്കളേയും കീറിപ്പിളർക്കുകയും യുദ്ധസമാപ്തിയിൽ ധനമെല്ലാം കൊുവരികയും ചെയ്യണമേ.

**41. യദ്വീളാവിന്ദ്ര യത്സ്ഥിരേ യത്പർശാനേ പരാഭൃതം വസു സ്പാർഹം തദാ ഭര**

ഹേ ഇന്ദ്രാ! നീ യാതൊരുധനത്തെ ഉറപ്പുള്ളസ്ഥാനത്തു സ്ഥിരമായ സ്ഥാനത്തു സന്നിഗ്ധസ്ഥാനത്തും വെച്ചിരിയ്ക്കുന്നുവോ വരണീയമായ ആ ധനത്തെ എടുത്തുകൊ് ഇവിടെ വന്നാലും

**42. യസ്യ തേ വിശ്വമാനുഷോ ഭ്രരേർദത്തസ്യ വേദതി വസു സ്പാർഹം തദാ ഭര**

ഹേ ഇന്ദ്രാ! നീ യാതൊരുധനത്തെ അറിയാതെ മറ്റാർക്കെങ്കിലും നൽകിയോ വരണയോഗ്യമായ ആ ധനത്തെ ഇവിടെ കൊുവരേണമേ.

## അദ്ധ്യായം 4

## സൂക്തം 6

**ഋഷി വശോശ്വ്യൻ, ദേവത ഇന്ദ്രനും വായുവും ഛന്ദസ് ഗായത്രി ഉഷ്ണികഃ ബൃഹതി, അനുഷ്ടുപ്, പംക്തി, ജഗതി**

**1. ത്വാവതഃ പുരുവസോ വയമിന്ദ്ര പ്രണേതഃ സ്മസി സ്ഥാതർഹരീണാം**

ഹേ ഐശ്വര്യവാനും കർമ്മങ്ങളിൽ വ്യാപൃതനും ആയ ഇന്ദ്രാ! ഞങ്ങൾ നിന്നെപ്പോലുള്ള സമ്പന്നരായ ദേവകളുടെ സ്വന്തമാകുന്നു. നീ അശ്വനായകനാണല്ലോ.

**2. ത്വം ഹി സത്യമദ്രിവോ വിദ്മ ദാതാരമിഷാം വിദ്മ ദാതാരം രയീണാം.**

ഹേ വജ്രായുധാ! നീ അന്നദാതാവാണെന്നു ഞങ്ങളറിയുന്നു. നീ ധനദാതാവാണെന്നതും ഞങ്ങളറിയുന്നു.

**3. ആയാസ്യ തേ മഹിമാനം ശതമുതേ ശമക്രതോ ഗീർഭിർഗൃണന്തി കാരവം**

ഹേ ഇന്ദ്രാ! നീ ബഹുകർമ്മാവാണല്ലോ. സ്തോതാക്കൾ നിന്റെ ഈ മഹിമയെ സ്തുതികൾക്കൂടി വർണ്ണിയ്ക്കുന്നു.

**4. സുനീഥോ ധാസ മർത്യോയം മരുതോ യമര്യമാ മിത്രം പാന്ത്യദ്രുഹഃ**

മരുത്തുക്കളും മിത്രനും അയർമാവും യാതൊരുപുരുഷനെ രക്ഷിയ്ക്കുന്നുവോ, അവൻ യജ്ഞവാനാകുന്നു.

**5.**

സൂര്യന്റെ കൃപയാൽ യജമാനൻ ഗോക്കളോടും അശ്വങ്ങളോടും വീര്യാദികളോടും കൂടിയവനായി വൃദ്ധിപ്രാപിക്കും. അവൻ ആഗ്രഹിയ്ക്കുന്ന അസംഖ്യം ധനത്താൽ പ്രവൃദ്ധനായിത്തീരും

**6. തമിന്ദ്രം ദാനമീമഹേ ശവർസാനമഭീർവം**

**ഈശാനം രായ ഈമഹേ**

ബലവാനും എല്ലാത്തിന്റേയും ഈശ്വനുമായ ഇന്ദ്രനോട് ഭയരഹിതരായി ഞങ്ങൾ ധനം യാചിയ്ക്കുന്നു.

**7. തസ്മിൻഹി സന്ത്യൂതയോ വിശ്വാ അഭീരവഃസചാ**

**തമാ വഹന്തു സപ്തയഃ പുരൂവസും മദായ ഹരയഃ സുതം**

എങ്ങും സഞ്ചരിക്കുന്നവരും ഭയരഹിതരുമായ മരുത്ഗണ സേനകൾ ഇന്ദ്രന്റേതു തന്നെയാകുന്നു. അസീമിതമായ ധനം പ്രദാനം ചെയ്യുന്ന ഇന്ദ്രൻ അവന്റെ ദ്രുതഗാമികളായ അശ്വങ്ങളെ നമ്മുടെ സോമസമീപത്തിൽ കൊുവരണേ.

**8. യസ്തേ മദോ വരേണ്യോ യ ഇന്ദ്ര വൃത്രഹന്തമഃ യ ആദദിഃ**

**സ്വസ്യർഭിര്യഃ പൃതന സു ദുഷ്ടരഃ**

ഹേ ഇന്ദ്രാ! നിന്റെ മദം വരണീയവും ശത്രുക്കളെ തുലോം ഹനിക്കുന്നതും അവരിൽനിന്നും സ്വത്തടക്കുന്നതും യുദ്ധങ്ങളിൽ ദുസ്തരവുമാാണ്.

**9. യോ ദുഷ്ടരോ വിശ്വവാര ശ്രവായ്യോ വാജേഷ്വസ്തി തരുതാ**

**സ നഃ ശവിഷ്ഠ സവനാ വസോ ഗഹി ഗമേമ ഗോമതി വ്രജേ**

എല്ലാവരാലും വരണീയനും ശത്രുക്കളെ കടന്നുപോകുന്നവനും മഹാ പരാക്രമിയും പ്രസിദ്ധനുമായ ഇന്ദ്രൻ അതേ മദത്തോടുകൂടി നമ്മുടെ യജ്ഞത്തിൽ ആഗതനാകണേ. അപ്പോൾ നാം ഗോക്കൾനിറഞ്ഞ തൊഴുത്തിൽ പ്രതിഷ്ഠിതരാകും.

**10. ഗവ്യോ ഷു ണോ യഥാ പുരാശ്വയോത രഥയാ വരിവസ്യ മഹാമഹ**

ഹേ ഐശ്വര്യസമ്പന്നനായ ഇന്ദ്രാ! ഗോക്കൾ, അശ്വങ്ങൾ, രഥം എന്നിവ കിട്ടണമെന്നാഗ്രഹിക്കുമ്പോൾ പത്തേപ്പോലെ ഞങ്ങൾക്ക് എല്ലാം തരുമാറാകണം.

**11. നഹി തേ ശൂര രാധസോന്തം വിന്ദാമി സത്രാ**

**ദശസ്യാ നോ മഘവന്നൂ ചിദദ്രിവോ ധിയോ വാജേ ഭിരാവിഥ**

ഹേ ഇന്ദ്രാ! നിന്റെ ധനത്തിന് യഥാർത്ഥത്തിൽ അതിരുകളില്ല. അതിനാൽ ഞങ്ങൾക്കു ധനം പ്രദാനം ചെയ്യണമേ. ഹേ വജ്രായുധാ! ധനം നൽകി ഞങ്ങളുടെ കർമ്മങ്ങളെ അന്നം വഴി രക്ഷിച്ചാലും.

**12. യഃ ഋഷ്വഃ ശ്രാവയത്സഖാ വിശ്വേത്സവേദ ജനിമാ പുരുഷ്ടുതഃ**

**തം വിശ്വേ മാനുഷാ യാഗേന്ദ്രം ഹവന്തേ തവിഷം യത സ്രുചഃ**

ദർശനീയനായ ഇന്ദ്രൻ ഋത്വിജൻമാരുടെ മിത്രമാകുന്നു.അവൻ ലോകത്തിലെ എല്ലാ ജീവികളുടേയും ജ്ഞാതാവും അനേകരാൽ സ്തുതിക്കപ്പെടുന്നവനും ആകുന്നു. എല്ലാ മനുഷ്യരും ഹവിസ്സ് വഴി ആ ഇന്ദ്രനെത്തന്നെ ആഹ്വാനം ചെയ്യുന്നു.

**13. സ നോ വാജേഷ്വ വിതാ പുരൂവസുഃപുരഃ സ്ഥാതാ മഘവാ വൃത്രഹാ ഭവത്**

വൃത്രഹന്താവായ ആ ഇന്ദ്രൻ അപരിമിതമായ ധനത്താൽ സമ്പന്നനാകുന്നു. രണക്ഷേത്രത്തിൽ അവൻ നമ്മുടെ മുമ്പിൽനിന്നുകൊ് നമ്മെ രക്ഷിക്കണേ.

**14. അഭി വോ വീരമന്ധസോ മദേഷു ഗായ ഗിരാ മഹാ വിചേതം**

**ഇന്ദ്രം നാമ ശ്രുത്യം ശാകിനം വചോ യഥാ**

ഹേ സ്തോതാക്കളേ! സോമത്താൽ ഹർഷിതരാകുമ്പോൾ സ്വന്തം വാണിയുടെ സ്ഫൂർത്തിയ്ക്കനുസരണമായി മഹത്തായ സ്തോത്രങ്ങളാൽ ഇന്ദ്രനെ സ്തുതിയ്ക്കുവിൻ. ആ ഇന്ദ്രൻ ശത്രുക്കളെ പരിപിക്കുന്നവനും ശക്തിശാലിയും സർവവിഖ്യാതനും മഹാജ്ഞാനിയും ആകുന്നു.

**15. ദദീ രേക്ണസ്തന്വേ ദദിർവസു ദദിർവാജേഷു പുരുഹൂത വാജിനം**

**നൂന മഥ**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്കു ധനവും യുദ്ധത്തിൽ അന്നസമ്പന്നമായ ധനവും തരിക. ഞങ്ങളുടെ പുത്രൻമാർ ആഹ്വാനം ചെയ്യുമ്പോൾ അവർക്കും ധനം നൽകണേ.

**16. വിശ്വേഷാമിരജ്യന്തം വസൂനാം സാസഹ്വാംസം ചിദസ്യ വർപസഃ**

**കൃപയതോ നൂ ന മത്യഥ**

ഹേ സ്തോതാക്കളേ! സമസ്ത സമ്പത്തുകളുടെയും ഉടയവനും യുദ്ധത്തിൽ ശത്രുക്കളെ വിറപ്പിയ്ക്കുന്നവനും ശത്രുക്കളെ പരാജയപ്പെടുത്തുന്നവനുമായ ഇന്ദ്രനെ സ്തുതിയ്ക്കുവിൻ. എന്തുകൊന്നൊൽ നമ്മെ ധനവാൻമാരാക്കുന്നതിൽ അവൻ സമർത്ഥനാകുന്നു.

**17. മഹഃ സുവോ അതമിഷേ സ്തവാമഹേ മീളഹുഷേ അരങ്ഗമായ ജഗ്മയേ**

**യജ്ഞേഭിർ ഗീർഭിർവിശ്വമനുഷാം മരുതാമിയക്ഷസി ഗായേ ത്വാ നമസാ ഗിരാ**

ഹേ ഇന്ദ്രാ! ഞാൻ നിന്നെ വിളിയ്ക്കുവാനാഗ്രഹിക്കുന്നു. എന്തുകൊന്നൊൽ നീ എങ്ങും സഞ്ചരിയ്ക്കുന്നവനും വർഷകനുമാണല്ലോ. ഞാൻ നിന്നെ വണങ്ങി സുന്ദരസ്തോത്രങ്ങളാൽ നിന്റെ ഗുണങ്ങളെപ്പാടുന്നു.

**18. യേ പാതയന്തേ അജ്മഭിർഗിരീണാം സ്നുഭിരേഷാം യജ്ഞം മഹിഷ്വണീനാം സുമ്നം തുവിഷ്വണീനാം പ്രാ ധ്വരേ**

ബലകതമായ മേഘജലത്തോടുകൂടി പറന്നുപോകുന്നവർ ആരാണോ ആ ഗംഭീര നിനദൻമാരെ ഞങ്ങൾ യജ്ഞിക്കുന്നു. ഞങ്ങൾക്കവരിൽനിന്നു യാതൊരു നൻമപ്രാപിക്കുവാൻ കഴിയുമോ, അതിനെ പ്രാപിക്കാനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**19. പ്രഭങ്ഗ ദുർമതീനാമിന്ദ്ര ശവിഷ്ഠാ ഭര**

**രയിമ സ്മഭ്യം യുജ്യം ചോദയൻമതേ ജ്യേഷ്ഠം ചോദയൻമതേ**

ഹേ ഇന്ദ്രാ! നീ പാപബുദ്ധികളെ നശിപ്പിക്കുന്നു.നിൻെറ ബുദ്ധിധനത്തെ പ്രേരിപ്പിക്കുന്നതിൽ മുഴുകിയിരിക്കുന്നു. അതിനാൽ ഞങ്ങൾ നിന്നോടുധനം യാചിക്കുന്നു. ഞങ്ങൾക്കുവേണ്ടി ശ്രേഷ്ഠമായ ധനവുമായി വന്നാലും.

**20. സനിതഃ സുസനിത രുഗ്ര ചിത്ര ചേതിഷ്ഠ സൂ നൃത**

**പ്രാസഹ സമ്രാട് സഹൂരിം സഹന്തം ഭൂജ്യം വാജേഷു**

**പൂർവ്യം**

ഹേ ഇന്ദ്രാ! നീ ശത്രുക്കളേ പരാജയപ്പെടുത്തുന്നവനും പരാക്രമിയും സത്യഭാഷിയും ദാതാവും എല്ലാവർക്കും പ്രിയങ്കരനായ നായകനുമാണല്ലോ. യുദ്ധത്തിൽ ശത്രുക്കളെ പരാജയപ്പെടുത്തുവാനുള്ള ധനം നീ ഞങ്ങൾക്കു തന്നരുളണം.

**21. ആ സ ഏതു ഈവദാം അദേവഃ പൂർതാദദേ**

**യഥാ ചിദ്വശോ അശ്വ്യഃ പൃഥുശ്രവസി കാനീതേ സ്വാ വ്യുഷ്യാദദേ**

കന്യാപുത്രിയായ പൃഥുശ്രുവങ്കൽനിന്നും അശ്വപുത്രനായ വശൻ ധനം വാങ്ങിയല്ലോ ആവശൻ ഇവിടെ വന്നെത്തട്ടെ.

**22. ഷഷ്ഠിം സഹസ്രാശ്വ്യസ്യായുതാസനമുഷ്ട്രാണാം വിംശതി ശതാ**

**ദശ ശ്യാവീനം ശതാ ദശ ത്ര്യരൂഷീണാം ദശ ഗവാം സഹസ്രാ**

ഞാൻ എഴുപതിനായിരം അശ്വങ്ങളേയും രായിരം ഒട്ടകങ്ങളേയും ആയിരം കറുത്തപെൺകുതിരകളേയും ശ്വേതവർണ്ണകളായ പതിനായിരം ഗോക്കളേയും മൂസ്ഥാനങ്ങളിൽ നിന്ന് സമ്പാദിച്ചു.

**23. ദശ ശ്യാവാ ഋധദ്രയോ വീതവാരാസ ആശവഃ**

**മഥ്റാ നേമിം നി വാവൃതുഃ**

പത്തുകരിങ്കുതിരകൾ രഥത്തെ വലിക്കുന്നു. ആ കുതിരകൾ ദ്രുതഗാമികളും ശക്തരും മഥിയ്ക്കുന്നവയുമാകുന്നു.

**24. ദാനാസഃ പൃഥുശ്രവസഃ കാനീതസ്യ സുരാധസഃ**

**രഥം ഹിരണ്യയം ദദൻമംഹിഷ്ഠഃ സൂരിരഭൂദ്വർഷ്ഠ മകൃത ശ്രവഃ**

കന്യപുത്രനായ പൃഥുശ്രവൻ വലിയ ധനികനാകുന്നു. അവന്റെ ദാനങ്ങളിൽ സ്വർണ്ണത്തേരും ഉൾപ്പെടുന്നു. അവൻ മഹാദാനിയാണ്. അതിനാൽ അവൻ മഹത്തായ കീർത്തിനേടിയിരിക്കുന്നു.

**25. ആ നോ വായോ മഹേ തനേ മഖായ പാജസേ**

**വയം ഹി തേ ചകൃമാ ഭൂരി ദാവനേ സദ്യശ്ചിൻമഹി ദാവനേ**

ഹേ വായൂ! പൂജനീയമായ ബലത്തോടും ബൃഹത്തായ ബലത്തോടും കൂടി ഞങ്ങളുടെ അടുക്കൽ വരണമേ. ഞങ്ങൾ നിന്നെ സ്തുതിയ്ക്കുന്നു. എന്തുകൊന്നൊൽ ഭവാൻ മഹാ ദാനിയാണല്ലോ നിന്റെ ആഗമനവേളയിൽ ഞങ്ങൾ നിന്നെ സ്തുതിയ്ക്കുന്നു.

**26. അശ്വേഭിർവഹതേയോ വസ്ത ഉസ്രാസ്ത്രിഃ സപ്ത സപ്തതീനാം**

**ഏഭിഃ സോമേഭിഃ സോമസുദ്ഭിഃ സോമപാ ദാനായ ശുക്രപൂതപാഃ**

സോമപാനം ചെയ്യുന്നവനും ദീപ്തനുമായ വായുവേ! കുതിരകളോടുകൂടിയവനും ആയിരത്തിനാനൂറ്റെഴുപതു ഗോക്കളോടുകൂടിചേർന്ന് സോമം പ്രദാനം ചെയ്യുവാനായി ഇതാ വന്നിരിക്കുന്നു.

**27. യോ മ ഇമം ചിദു ത്മനാമന്ദച്ചിത്രം ഭാവനേ**

**അരട് വേ അക്ഷേ നഹുഷേ സുകൃത്വനി സുകൃത്തരായ സുക്രതുഃ**

ആര് ഗോക്കളേയും അശ്വാദികളേയും ദാനം ചെയ്യുവാനുദ്ദേശിച്ച് പ്രസന്നനായോ ശ്രേഷ്ഠകർമ്മാവായ ആ പൃഥുശ്രവൻ തന്റെ വിഭാഗാദ്ധ്യൻമാരായ അക്ഷനോടും നാഹുഷനോടും സുകൃത്വനോടും അഷ്ടനോടും അതിന് കല്പിച്ചു.

**28. ഉചഥ്യേവപുഷി യഃ സ്വരാളുത വായോ ഘൃതസ്നാഃ**

**അശ്വേഷിതം രാജേഷിതം ശുനേഷിതം പ്രാജ്മ തദിദം നു തത്**

ഹേ വായൂ ഉപഥ്യൻ, വച്ചസ് എന്നീ രാജാക്കൻമാരുടേയും മേലേയാണ്. രാജാവായ പൃഥുശ്രവസ്സ് അശ്വങ്ങളും ഒട്ടകങ്ങളും ശ്വാനൻമാരും വഴി പൃഥുശ്രവസ്സ് അയച്ച ആ അന്നം ഇതാ.

**29. അധ പ്രിയമിഷിരായ ഷഷ്ടിം സഹസ്രാസനം**

**അശ്വാനാമിന്ന വൃഷ്ണാം**

ധനാദികൾ ദാനം ചെയ്യുന്ന രാജാവിന്റെ കൃപയാൽ ഞാൻ അറുപതിനായിരം കുതിരകളേയും അത്രയും ഗോക്കളേയും സമ്പാദിച്ചു.

**30.ഗാവോന യൂഥമുപ യന്തി വധ്രയ ഉപ മാ യന്തി വധ്രയഃ**

ഗോക്കളെ തന്നതുപോലെ തന്നെ പൃഥുശ്രവൻ എനിയ്ക്കു കാളകളേയും തന്നു.

**31.അധ യച്ചാരഥേ ഗണേ ശതമുഷ്ട്രാ അചിക്രദത്**

**അ്യ ശ്വിത്നേഷു വിംശതിം ശതാ**

ഒട്ടകങ്ങൾ വനത്തിലേയ്ക്കയയ്ക്കപ്പെടുമ്പോൾ നൂറൊട്ടകവും രായിരം ഗോക്കളും എനിയ്ക്കുവേ കൊവുവരപ്പെട്ടു.

**32. ശതം ദാസേ ബൽബൂഥേ വിപ്രസ്തരുക്ഷ പ്രസ്ഥരുക്ഷ ആദദേ**

**തേ തേ വായവിമേ ജനാ മദന്തീന്ദ്രഗോപാ മദന്തി ദേവ ഗോപാഃ**

ഞാൻ ഗോക്കളുടേയും അശ്വങ്ങളുടേയും പാലകനായ ബ്രാഹ്മണനാകുന്നു. ഞാൻ ബൂഥനിൽനിന്നും നൂറുഗോക്കളേയും അശ്വങ്ങളേയും സ്വീകരിച്ചു ഹേ വായൂ!! ഇവയെല്ലാം നിന്റേതുതന്നെയാണല്ലോ. ഇന്ദ്രാഗ്നിദേവകളുടെ രക്ഷയാൽ ഇവരെല്ലാം സുഖമായിരിക്കുന്നു.

**33.അധ സ്യാ യോഷണാ മഹീ പ്രതീചി വശമശ്വ്യം**

**അധിരുക്മാ വി നീയതേ**

രാമപൃഥുശ്രവന്റെ ദാനത്തോടുകൂടി ദത്തമായ സ്വർണ്ണാഭരണഭൂഷിതയും പൂജനീയയുമായ കന്യകയെ അവർ അശ്വപുത്രനായ വശന്റെ മുമ്പിലേയ്ക്കു കൊവുവന്നു.

## സൂക്തം 47

**ഋഷി ത്രിത ആപ്ത്യൻ ദേവത ആദിത്യൻ ഉഷസ്സ് ഛന്ദസ്സ് ജഗതി നിച്യജഗതി ത്രിഷ്ടുപ്**

**1. മഹി വോ മഹതാമവോ വരുണ മിത്ര ദാശുഷേ**

**യമാദിത്യാ അഭി ദ്രുഹോ രക്ഷഥാ നേമഘം നശദനേ ഹസോ**

**വ ഊതയഃ സ്വഊതയോ വ ഊതയഃ**

ഹേ മിത്രാവരുണൻമാരേ! ഹവിർദ്ദാതാവിനുവേയുള്ള നിങ്ങളുടെ രക്ഷ മാഹാത്മ്യമേറിയവയാണ്. നിങ്ങൾ ആരെ ഇഷ്ടപ്പെടുന്നുവോ അവൻ ശത്രുക്കളുടെ കരങ്ങളിൽ പതിക്കുകയില്ല. പാപവും അവനെ സ്പർശിയ്ക്കുന്നില്ല. നിങ്ങളാൽ രക്ഷിയ്ക്കപ്പെട്ട വ്യക്തിയോടുള്ള ഉപദ്രവം വ്യർത്ഥമായിത്തീരുന്നു. നിങ്ങളുടെ രക്ഷകൾ സുന്ദരങ്ങളാണല്ലോ.

**2. വിദാ ദേവാ അഘാനാമാദിത്യാസോ അപാകൃതിം**

**പക്ഷാ വയോ യഥോപരിവ്യസ്മേ ശർമ യഛതാനേ ഹസോവ ഊതയേഃ സുഊതയോ വ ഊതയഃ**

ഷേ ആദിത്യൻമാരേ നിങ്ങൾക്ക് ദുഃഖമകഹാവാനറിയാം. പക്ഷികൾ ചിറകുകൾ വിരിച്ച് തങ്ങളുടെ കുഞ്ഞുങ്ങൾക്ക് സുഖം പകരുന്നതുപോലെ ഞങ്ങൾക്കുസുഖം പ്രദാനം ചെയ്യുവിൻ നിങ്ങളുടെ രക്ഷാസാമർത്ഥ്യം ശോഭനീയമാണല്ലോ. അതു പ്രാപ്തമായാൽ യാതൊരുപദ്രവങ്ങളേയും ഭയപ്പെടേതായി വരുന്നില്ല.

**3. വ്യസ്മേ അധീ ശർമ തത്പക്ഷാ വയോാ നയത്ന**

**വിശ്വാനി വിശ്വവേദസോ വരൂഥ്യാ മനാ മഹേ**

പക്ഷികളുടെ പക്ഷങ്ങൾപോലെ യാതൊന്നു നിങ്ങളുടെ അടുക്കലുോ അതിനെ ഞങ്ങൾക്കുതന്നാലും ഹേ ആദിത്യൻമാരേ! ഞങ്ങൾ നിങ്ങളോട് ഭവനയോഗ്യമായ ധനം യാചിക്കുന്നു. നിങ്ങളുടെ രക്ഷകൾ മനോപ്പരങ്ങളാകുന്നു. അവ ലഭിയ്ക്കുന്നവൻ യാതൊരുപദ്രവങ്ങളേയും ഭയപ്പെടുന്നില്ല.

**4. യസ്മാ അരാസത ക്ഷയം ജീവാതും ച പ്രചേതസഃ**

**മനോർ വിശ്വസ്യ ധേദിമ ആദിത്യാ രായ ഈശതേ നേഹസോ**

**വ ഊതയഃ സഊതയോ വ ഊതയഃ**

ഈ ആദിത്യൻമാർ അന്നം നൽകുന്ന യജമാനനുവേി എല്ലാ മനുഷ്യരുടെയും ധനത്തെ പിടിച്ചടക്കുന്നു. നിങ്ങളുടെ രക്ഷകൾ സുന്ദരങ്ങളാകുന്നു. അവ ലഭിച്ചുകഴിഞ്ഞാൽ യാതൊരുപദ്രവങ്ങളേയും ഭയപെടേതില്ല.

**5. പരി ണോ വ്യണജന്നഘാ ദുർഗാണി രഥ്യോ യഥാ**

**സ്യാമേ ദിന്ദ്രസ്യ ശർമണ്യാ ദിത്യാനാമുതാവസ്യ നേഹസോ**

**വ ഊതയഃ സു ഊതയോ വ ഊതയഃ**

രഥം വലിക്കുന്ന അശ്വങ്ങൾ ദുർഗ്ഗമങ്ങളായ വഴികളിൽക്കൂടി പോകാതിരിക്കുന്നതുപോലെ ഞങ്ങളും പാപമാർഗ്ഗങ്ങളിൽക്കൂടി ചലിക്കുന്നില്ല. ഞങ്ങൾ ആദിത്യരിൽനിന്നും രക്ഷയും നൻമയും പ്രാപിയ്ക്കും. അവരുടെ രക്ഷാസാധനങ്ങൾ ശ്രേഷ്ഠമാണല്ലോ. അവ ലഭിച്ചാൽ യാതൊന്നിനേയും ഭയപ്പെടേതില്ല.

**6. പരിഹ് വൃതേദനാ ജനോ യുഷ്മാദത്തസ്യ വായതി**

**ദേവാ അഅദഭ്രമാശ വോ യമാദിത്യാ അ ഹേതനാനേ**

**ഹസോ വ ഉതയഃ സുഊതയഃ വ ഊതയഃ**

ഹേ ആദിത്യൻമാരേ! നിങ്ങളുടെ ധനം വളരെ കഷ്ടസാധ്യമാണല്ലോ. നിങ്ങൾ ശീഘ്രഗമനരായി ആരിൽ അനുഗ്രഹങ്ങൾ ചൊരിയുന്നുവോ അവൻ ധനവാനായി ഭവിക്കുന്നു. നിങ്ങളുടെ രക്ഷാത്മകമായ ആയുധം ശ്രേഷ്ഠമാകുന്നു. അതു ലഭിക്കുന്നവൻ ഭയപ്പെടുന്നില്ല.

**7. ന തം തിഗ്മം ചന ത്യജോ ന ദ്രാസദഭി തം ഗുരു യസ്മാം**

**ഉ ശർമ സപ്രഥു ആദിത്യാസോ അരാധ്വ മനേഹസോ വ**

**ഊതയഃ സു ഊതയോവ ഊതയഃ**

ഹേ ആദിത്യൻമാരേ! നിങ്ങൾ ആർക്കുസുഖം നൽകുന്നുവോ, അവൻ ക്രോധരഹിതനായി ദുഃഖങ്ങളിൽനിന്നും രക്ഷപ്പെടുന്നു. നിങ്ങളുടെ രക്ഷാത്മങ്ങളായ ആയുധങ്ങൾ ശ്രേഷ്ഠങ്ങളാകുന്നു. അവയാൽ ഉപദ്രവങ്ങളെ ഭയപ്പെടേിവരുന്നില്ല.

**8. യുഷ്മേ ദേവാ അപി ഷ്മസി യുധന്ത ഇവ വർമസു**

**യൂയം മഹോ ന ഏനസോ യൂയമർഭാദുരുഷ്യതാനേ ഹസോ**

**വ ഊതയഃ സു ഊതയോ വ ഊതയഃ**

ഹേ ആദിത്യൻമാരേ! കവചത്തിന്റെ രക്ഷയിൽ പോരാളികൾ വസിയ്ക്കുന്നതുപോലെ ഞങ്ങൾ നിങ്ങളുടെ രക്ഷയിൽ വസിക്കും. നിങ്ങൾ ഞങ്ങളെ കൂടിയതും കുറഞ്ഞതും ആയ അനിഷ്ടങ്ങളിൽനിന്നും രക്ഷിയ്ക്കേണമേ. നിങ്ങളുടെ രക്ഷാത്മകമായ ആയുധം ശ്രേഷ്ഠമാകുന്നു. അതിനാൽ ഞങ്ങൾ ഉപദ്രവങ്ങളെ ഭയപ്പെടുന്നില്ല.

**9. അദിതിർന ഉരുഷ്യത്വദിതിഃ ശർമ യച്ഛതു മാതാ മിത്രസ്യ**

**രേവതോര്യമ്ണോ വരുണസ്യ**

**ചാനേഹസോ വ ഊതയഃ സു ഊതയോ വ ഊതയഃ**

മഹതിയായ അദിതി ഞങ്ങൾക്കു സുഖം നൽകട്ടെ. അവൾ ഞങ്ങൾക്ക് മംഗളമരുളട്ടെ. മിത്രന്റേയും വരുണന്റേയും അര്യമാവിന്റേയും മാതാവായ ആ അദിതി ധനസമ്പന്നയാകുന്നു. നിങ്ങളുടെ രക്ഷകൾ ശ്രേഷ്ഠങ്ങളാണല്ലോ. അവലംബിക്കുന്നവൻ ഉപദ്രവങ്ങളിൽ പെടുന്നില്ല.

**10. യദ്ദേവാഃ ശർമ ശരണം തദ്ഭദ്ര യദനാതുരം**

**ത്രിധഅതു യദ്വരുഥ്യം തദസ്മാസു വി യന്തനാനേ ഹസോ**

**വ ഊതയഃ സ ഉതയോഃ വ ഊതയഃ**

ഹേ ആദിത്യൻമാരേ! നിങ്ങൾ ഞങ്ങൾക്ക് രോഗരഹിതവും സുസേവനീയവുമായ സുഖത്തെ നൽകുവിൻ. നിങ്ങളുടെ രക്ഷകൾ ശ്രേഷ്ഠങ്ങളാണല്ലോ. അവയെ പ്രാപിച്ചാൽ യാതൊരുപദ്രവങ്ങളേയും ഭയപ്പെടേതില്ല.

**11. ആദിത്യാ അവ ഹി ഖ്യാധി കൂലാദിവ സ്പർശഃ**

**സുതീർഥ മവേതോ യഥാനു നോനേഷഥാ സുഗമനേ ഹസോ**

**വ ഊമയഃ സു ഊതയഃ വ ഊതയഃ**

ഹേ ആദിത്യൻമാരേ! തീരസ്ഥിരരായ മനുഷ്യർ താഴോട്ടുവസ്തുക്കളെ നോക്കുന്നതുപോലെ മുകളിൽനിന്നും നിങ്ങൾ ഞങ്ങളെ നോക്കേണേ. കുതിരയെ മനോഹരമായകടവിലേയ്ക്കു കൊുപോകുന്നതുപോലെ നിങ്ങൾ ഞങ്ങളെ മനോഹരമായ സ്ഥലത്തേയ്ക്കുകൊുപോയാലും നിങ്ങളുടെ രക്ഷകൾ വളരെ ശ്രേഷ്ഠങ്ങളാകുന്നു. അവയുള്ളിടത്തോളം ഭയപ്പെടുന്നില്ല.

**12. നേഹ ദ്രം രക്ഷത്വിൻേ നാവയെ നോപയാ ഉത ഗവേ**

**ച ഭദ്രം ദേനവേ വീരായച ശ്രവസ്യതേ നേഹസോ ഊതയഃ**

**സു ഊതയോ വ ഊതയഃ**

ഹേ ആദിത്യൻമാരേ! ഞങ്ങളെ ഹിംസിക്കുവാനാഗ്രഹിക്കുന്നവർ സുഖികളാകാതിരി ക്കട്ടെ. നിങ്ങളുടെ രക്ഷകൾ ഉത്തമങ്ങളാണ്. അവയെ പ്രാപിച്ചാൽ ഉപദ്രവങ്ങളാണ്. ഉപദ്രവങ്ങളെ ഭയപ്പെടേതില്ല.

**13. യദാവിർയദപീച്യം ദേവാസോ അസ്തി ദുഷ്ക്കൃതം |**

**ത്രിതേ തദ്വിശ്വമാപ്ത്യാ ആരേ അസ്മധാതനാനേഹസോ വ**

**ഊതയഃ സൂ ഊതയോ വ ഊതയഃ ||**

ഹേ ആദിത്യൻമാരേ! പ്രകടവും അപ്രകടവുമായ യാതൊരുപാപങ്ങളും എന്നെ തീരുത്. എന്നിൽനിന്നും അവയെ അകറ്റി നിർത്തണമേ. നിങ്ങളുടെ രക്ഷകൾ ശ്രേഷ്ഠങ്ങളാകുന്നു. അവയെ പ്രാപിച്ചാൽ യാതൊരുപദ്രവങ്ങളേയും ഭയപ്പെടേതില്ല.

**14. യച്ചഗോഷ ദുഃസ്വപ്ന്യം യച്ചാസ്മേ ദുഹിതർദിവഃ |**

**ത്രിതായ തദ്വിഭാര്യാപ്ത്യായ പരാവഹാ നേഹസോ വ**

**ഊതയഃ സൂ ഊതയോ വ ഊതയഃ ||**

ഹേ സൂര്യപുത്രിയായ ഉഷേ! ഞങ്ങളുടെ ഗോക്കളുടെ ദുസ്വപ്നങ്ങളകറ്റേണമേ. നിങ്ങളുടെ രക്ഷകൾ ശ്രേഷ്ഠങ്ങളാകുന്നു. അവയെ പ്രാപിച്ചാൽ യാതൊരു പദ്രവങ്ങളേയും ഭയപ്പെടുന്നില്ല.

**15. നിഷ്കം വാ ധാ കൃണവതേ സ്വജം വ ദുഹിതർദിവഃ**

**ത്രിതേ ദുസ്വപ്ന്യം സർവമാപ്ത്യേ |**

**പരി ദദ് മസ്യതേ ഹസാ വ ഊതയഃ സൂ ഊതയോ വ ഊതയഃ||**

ഹേ ഉഷേ! പൊൻപണിക്കാരനും മലാകാരനും യാതൊരു ദുസ്വപ്നമാകുന്നുവോ, അതിനെ അകറ്റേണമേ. നിങ്ങളുടെ രക്ഷകൾ ശ്രേഷ്ഠങ്ങളാകുന്നു. അവയെ പ്രാപിച്ചാൽ ഒരു വിധത്തിലുള്ള ഉപദ്രവങ്ങളെയും ഭയപ്പെടേതില്ല.

**16. തദന്നായ തദപസേ തം ഭാഗുപസേ ദൂഷ ത്രിതായയ ച ദ്വിതായചോഷോ ദുഃ സ്വപ്ന്യം വഹാ നേഹസോ വ ഊതയഃ| സൂ ഊതയോ വ ഊതയഃ ||**

ഹേ ഉഷേ! സ്വപ്നത്തിൽ അന്നം പ്രാപിക്കുന്നതുപോലെയുള്ള ദുഃസ്വപ്നപാപത്തെ അകറ്റേണമേ. നിങ്ങളുടെ രക്ഷകൾ ശ്രേഷ്ഠങ്ങളാകുന്നു. അവയെ പ്രാപിച്ചാൽ യാതൊരുപദ്രവങ്ങളേയും ഭയപ്പെടുന്നില്ല.

**17. യഥാ കലാം യഥാ ശഴ യഥ ഋണം സന്നയാമസി | ഏവാ ദുഃഷ്വപ്ന്യംനേഹസോ വ ഊതയഃ സൂ ഊതയോ വ ഊതയഃ ||**

യജ്ഞത്തിൽ ദാനത്തിനുവേി വിവിധവസ്തുക്കൾ ക്രമമായി നൽകുവാൻ യോഗ്യമാകുന്നതുപോലെയും ഋണം, കുറേശ്ശെയായിത്തീർക്കുന്നതുപോലെയും ഞങ്ങൾ എല്ലാ ദുസ്വപ്നങ്ങളേയും ക്രമമായി അകറ്റിക്കളയണേ. നിങ്ങളുടെ രക്ഷികൾ ശ്രേഷ്ഠങ്ങളാകുന്നു.

**18. അജൈഷ്മാദ്യാ സ നാ മ ചാഭ്രമാനാഗസോ വയും ഉഷോ യസ്മാദ്ദുഷ്വപ്ന്യാ ദഭൈഷ്മാപ തദുഛത്വനേ ഹസോ| വ ഊതയഃ സൂ ഊതയോ വ ഊതയഃ ||**

ഞങ്ങൾ ഇന്നും പാപരഹിതരാകും. ഇന്ന് ഞങ്ങൾക്ക് മംഗളമു ാകും. ഇന്നു ഞങ്ങൾ വിജയം പ്രാപിക്കും. ഹേ ഉഷേ! ഞങ്ങൾ ദുഃസ്വപ്നങ്ങളെ ഭയപ്പെടുന്നു. നിങ്ങളുടെ ശ്രേഷ്ഠങ്ങളായ രക്ഷകളെ പ്രാപിച്ചാൽ ഞങ്ങൾ യാതൊരു വിധത്തിലുള്ള ഉപദ്രവങ്ങളേയും ഭയപ്പെടുന്നില്ല. നിങ്ങളുടെ രക്ഷകൾ ശ്രേഷ്ഠങ്ങളാകുന്നു.

## സൂക്തം 48

**ഋഷി കണ്വഗാത്രൻ പ്രഗാഥൻ ദേവത സോമം ഛന്ദസ് ത്രിഷ്ടുപ് ജഗതി.**

**1. സ്വാദേരാഭക്ഷി വയസഃ മുമേധാഃ സ്വാമധ്യോ വരിവോ വിത്തരസ്യ |**

**വിശ്വേ യം ദേവാ ഉത മര്യാസോ മധു ബ്രാവന്തോ അഭി സഞ്ചരന്തി ||**

ഞാൻ ശ്രേഷ്ഠബുദ്ധിയും ഉത്തമകർമ്മാവും അധ്യായന സമ്പന്നനും ആകുന്നു. അത്യന്തം പൂജനീയവും സ്വാദിഷ്ഠവും ആയ അന്നം ഞാൻ സ്വദിക്കും. വിശ്വദേവതകളും മനുഷ്യരും സേവന യോഗ്യമായ ഈ അന്നത്തെ സ്വീകരിയ്ക്കുന്നു.

**2. അന്ത ശ്ച പ്രാ ഗാഅദതിർഭവാ സ്വവയാതാ ഹരസോ ദേവ്യസ്യ |**

**ഇന്ദ്ര വിന്ദ്രസ്യ സഖ്യം ജൂഷാണഃ ശ്രൗഷ്ടീവധൂര മനുരായഃ ഋധ്യാഃ ||**

ഹേ സോമമേ! നീ ഹൃദയത്തിൽ പ്രവേശിയ്ക്കുന്നു. നീ ദേവകളെ ക്രോധരഹിതരാക്കുന്നു. നീ ഇന്ദ്രനുമായി സാമ്യം പ്രാപിച്ച് അശ്വത്തേപ്പോലെ ഞങ്ങളുടെ ധനത്തെ വഹിച്ചാലും.

**3.അപാമ സോമമമൃതാ അഭ്രമാ ഗന്യ ജ്യോതിരവിദാമ ദേവാൻ|**

**കിം നൂന മസ്മാൻ കൃണവദരാതിഃ കിമു ധൂർതിരമൃത മർത്യസ്യ ||**

ഹേ സോമമേ! നീ അമൃതത്വത്തോടുകൂടിയവനാണല്ലോ ഞങ്ങൾ നിന്നെ പാനം ചെയ്തുതന്നെ അമരൻമാരാകും. അനന്തരം സ്വർഗ്ഗത്തിലെത്തി ഞങ്ങൾ ദേവകളെ പരിചയപ്പെടും. ഞാൻ മനുഷ്യനാകുന്നു. ഹിംസകനായ ശത്രുവിന് എന്നോടെന്തു ചെയ്യുവാൻ കഴിയും?

**4. ശം നോംഭവ ഹൃദ ആപീത ഇന്ദ്രോ പിതേവ സോമസൂനവേ സുശേവഃ |**

**സഖേവ സഖ്യം ഊരുശംസ ധീർ പ്രണ ആയുർജീവസേ സോമ താരീഃ ||**

പുത്രനു പിതാവെന്നതുപോലെ സുഖകരമായ സോമം പാനം ചെയ്യപ്പെടുമ്പോള സന്തോഷദായകനായാലും മേധാവിയും പ്രശംസിതനുമായ സോമമേ അധികജീവിതത്തിനുവേി നീ ഞങ്ങളുടെ ആയുസ്സിനെ ദീർഘിപ്പിക്കട്ടെ.

**5. ഇമേ മാപീതാ യശസ ഉരുഷ്യവോ രഥം ന ഗാവഃ സമനാഹഃ പർവസു |**

**തേ മാ രക്ഷന്തു വി ശ്രസഞ്ചരിത്ര ദുത മാ സ്രാമാദ്യ വയന്ത്വിന്ദവഃ ||**

അശ്വങ്ങൾ രഥത്തിൽ പൂട്ടപ്പെടുന്നതുപോലെ പാനമ ചെയ്തുകഴിയുമ്പോൾ ഈ സോമം എന്റെ ഓരോ അവയവങ്ങളേയും കർമ്മങ്ങളോടുകൂടി ബന്ധിക്കണേ. ഈ സോമം രോഗങ്ങളിൽ നിന്നും എന്നെ രക്ഷിക്കണേ.

**6. അഗ്നി ന മാ മഥിതം സം ദിദീവം പ്രചക്ഷയ കൃൺഹി വസ്യസോ നഃ**

**അഥാ ഹി തേ മദ ആ സോമ സന്യേ രേവാം ഇവ പ്രചരാ പുഷ്ടിമഛ**

ഹേ സോമമേ! പാനം ചെയ്തുകഴിഞ്ഞാൽ പ്രദീപ്തനായ അഗ്നിയേപ്പേലെ എന്നെ തേജസ്വിയാക്കണമേ എന്റെ മേൽ അനുഗ്രഹദൃഷ്ടി പതിപ്പിച്ച് ധനം നൽകിയാലും ഞാൻ നിന്റെ ഹർഹത്തെ യാചിക്കുന്നു. അതിനാൽ ധനം വഴിയായി എന്നെ

**7. ഇഷിരേണ തേ മനസാ സുതസ്യ ഭക്ഷീമഹി പിത്ര്യശ്യേവ രായഃ**

**സോമ രാജൻ പ്ര ണ ആയൂംഷി താരോ രഹാനീവ സൂര്യോ വാസരാണി**

പിതൃസമ്പത്തുപോലെ ഞങ്ങൾ ഈ പിഴിഞ്ഞസോമം പാനം ചെയ്യും ഹേ സോമമേ! സൂര്യൻ പകലിനെ വളർത്തുന്നതുപോലെ നീ എന്റെ ആയുസ്സിനെ

**8. സോമ രാജൻ മൃലയാ നഃ സ്വസ്തി തവ സ്മസി വ്രത്യാ സ്തസ്ത വിദ്ധി**

**അലതിം ദക്ഷ ഉത മ്യുരിന്ദ്രോ മാനോ അര്യോ അനുകാമ പരാ ദാഃ**

ഹേ സോമമേ! മൃത്യുവിൽനിന്നും രക്ഷിച്ച് ഞങ്ങൾക്ക് സുഖം നൽകിയാലും വ്രതൻമാരായയ ഞങ്ങൾ നിന്റേതുതന്നെയാണല്ലോ. അതിനാൽ ഞങ്ങളെ അറിയേണമേ. ഹേ ഇന്ദ്രാ! ഞങ്ങളുടെ ശത്രുക്കൾ വളരെ മുന്നേറിയിരിക്കുന്നു. അവർ കോപം നിറഞ്ഞവരായിരിക്കുന്നു.

അവരെ ദണ്ഡിച്ച് എന്നെ രക്ഷിക്കേണമേ.

**9. ത്വം ഹി നസ്തന്വഃ സോമ ഗോപാ ഗാത്രേ ഗാത്രേ നിപസത്ഥാ നൃചബാം**

**യത്തേ വയം പ്രമിനാമ വ്രതാനി സനോ മൃള സുഷഖാ ദേവ വസ്യാ**

ഹേ സോമമേ! നീ ഞങ്ങളുടെ ദേഹത്തെ രക്ഷിക്കുന്നവനാണല്ലോ. നീ കർമ്മപ്രേരകരെ നോക്കുന്നു. എല്ലാ അവയങ്ങളിലും നീ വ്യാപിക്കുന്നു. നിന്റെ കാര്യങ്ങളിൽ ഞങ്ങൾ വിഘ്നകാരികളാണങ്കിലും ഒരു മിത്രത്തോടെന്നപോലെ ഞങ്ങൾക്കു മംഗളമരുളണമേ.

**10. ഋദൂദരേണ സഖ്യാ സചേയ യോ മാ ന രിഷ്യേയദ്ധ ശ്യ പീതഃ**

**അയം യഃ സോമോ ന്യധായ്യസ്മേ തസ്മാ ഇന്ദ്ര പ്രതിരമേ മ്യായുഃ**

ഹേ സോമമേ! നീ മിത്രരൂപത്തിൽ ശരീരത്തിൽ നിറഞ്ഞുവസിക്കുന്നു. അതിയായൊരുരോമത്തേയും സൃഷ്ടിക്കരുത്. പാനം ചെയ്യുന്നതിനുശേഷം എന്നെ ഹിംശിക്കരുത്. ഹേ ഇന്ദ്രാ! എന്റെ ഉദരണത്തിലേക്കുപോയ

**11. അപ ത്യാ അസ്ഥുരനിരാ അഭീവാ നിര ത്രസന്ത മിഷീ ചീരഷ്ഠഃ**

**ആ സോമോ അസ്മാം അരുഹദ്വിഹായാ അഗൻമ യത്ര പ്രതിരന്ത ആയുഃ**

ബലവതികളായ വ്യാധികൾ ശരീരത്തെ വിറപ്പിയ്ക്കുന്നു. അതിനാൽ ഈ അസഹ്യമായ പീഡകൾ എന്നിൽ നിന്നും അകന്നു പോകണേ. ഈ മഹത്തായ സോമപാനത്തിൽ ആയുസ്സ് വർദ്ധിയ്ക്കുന്നു. മനുഷ്യരായ നാം ഈ സോമത്തിന്റെ സാമീപ്യം പ്രാപിയ്ക്കും.

**12. ഗോ ന ഇന്ദുഃ പിതരോ ഹൃത്സു പീതോ മർത്തോ മർത്ത്യാ അവിവേശ**

**തസ്മൈ സോമഗ്രഹ വിഷാ വിധേമ മൃളീകേ അസ്യ സുമതൗ സ്യാമ**

ഹേ പിതൃക്കളേ! യാതൊരു സോമം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നുവോ, ആ സോമത്തെ ഹവിസ്സ് വഴിയായി സേവിച്ചുകൊ് ഞങ്ങൾ അതുവഴിയായി പ്രാപിച്ച സുന്ദരമായ ബുദ്ധിയിൽ വസിക്കും.

**13. ത്വം സോമ പിതൃഭിഃ സവിദാനോ നു ദ്യാവാപൃഥിവീ ആതതന്ഥ**

**തസ്മൈ ത ഇന്ദ്രോ ഹവിഷാ വിധേമ വയം സ്യാമ പതയോ രയീണാം**

ഹേ സോമമേ! നീ പിതൃക്കളോട്ചേർന്ന് ആകാശത്തേയും ഭൂമിയേും വിസ്തൃതമാക്കുന്നു. ഞങ്ങൾ ഹവിസ്സിനാൽ നിങ്ങളെ സേവിച്ചുകൊ് ധനവാൻമാരായിത്തീരും.

**14. ത്രാതാരോ ദേവാ അധി വോചതാ നോ മാ നോ നിദ്രാ ഈശത മോത ജല പി**

**വയം സോമസ്യ വിശ്വഹ പ്രിയാസം സൂവീരാശോ വിദഥഗാ വധേമ**

ഹേ ദേവകളേ! ഞങ്ങളോട് മധുരവാണിയിൽ സംസാരിയ്ക്കുവിൻ. ഞങ്ങൾ ദുസ്വപ്നങ്ങളിൽ പതിയ്ക്കാതിരിക്കണേ. ഞങ്ങൾ സോത്തിനെ പ്രിയങ്കരൻമാരായി സുന്ദരമായ സ്തോത്രങ്ങളെ മധുരമായുച്ചരിയ്ക്കണേ. നിന്ദകരമായ ശത്രുക്കൾക്ക് ഞങ്ങളെ ഒരിയ്ക്കലും നിന്ദിയ്ക്കുവാൻ കഴിയാതിരിക്കണേ.

**15. ത്വം നഃ സോമ വിശ്വതോ വയോധാസ്ത്വം സ്വർചിദാ വിശാ നൃചക്ഷാഃ**

**രത്വം ന ഇന്ദ്ര ഊതിഭിഃ സജോഷാഃ പാഹി പശ്ചാതാദൂത വാപുരുസ്താത്**

ഹേ സോമമേ! നീ സ്വർഗദായകനും സർവ്വദർശിയും എല്ലാ ഭാഗങ്ങളിലും അന്നം ദാനം ചെയ്യുന്നവനുമാകുന്നു. നീ ഞങ്ങളുടെ ശരിരങ്ങളിൽ പ്രവേശിച്ച് പ്രസന്നതാപൂർവ്വം സ്വന്തം രക്ഷാത്മകമായ ശക്തി വഴിമുന്നിലും പിന്നിലും നിന്ന് ഞങ്ങളെ രക്ഷിയ്ക്കേണമേ.

# ബാലഖില്യം

## സൂക്തം 49

**ഋഷി കണ്വപുത്രൻ പ്രസ്കണ്വൻ ദേവത ഇന്ദ്രൻ ഛന്ദസ് ബൃഹതി സതോബൃഹതി**

**1. അഭി പ്ര വഃ സുരാധ സ മൃന്ദ മച യഥാവിദേ യോ ജരിസ്തൃഭ്യോ മഘവാ പുരുവസൂഃ**

**സഹസ്രേണേവ ശിക്ഷിത**

ഹേ സ്തോതാക്കളേ! ശോഭനധനനായ ഇന്ദ്രനെ അഭിമുഖമായി പൂജിയ്ക്കുവിൻ. അവൻ സ്തുതിയ്ക്കുന്നവർക്ക് ആയിരക്കണക്കിന് ധനം കൊടുക്കുന്നു.

**2. ശതാനീകവ പ്ര ജിഗാതി ധൃഷ്ണുയാ ഹന്തി വൃത്രാണി ദാശുഷേ**

**ഗിരേരിവ പ്രരസാ അസ്യ പിന്വരേ ദത്രാണി പുരുഭോജസഃ**

ഒരു ശതാധിപനേപ്പോലെ അഹങ്കാരത്തോടുകൂടി ഇന്ദ്രൻ വരുന്നു. ഹവിസ്സ് നൽകുന്നവരുടെ ഹിതത്തിനുവേി അവൻ മേഘത്തെ പിളർക്കുന്നു. അ്വനു നൽകപ്പെടുന്ന സോമം.

**3. ആ ത്വാ സൂതായ ഇന്ദ്രവോ മുദായ ഇന്ദ്ര ഗിർവണഃ**

**ആപോ ന വജ്രീന്നന്വോക്യം സരഃ പൃണന്തി ശൂര രാധസേ**

ഹേ ഇന്ദ്ര! മദകരമായ സോമം നിനക്കുവേി പിഴിഞ്ഞിരിക്കുന്നു. ഹേ വജ്രായുധാ! ജലം അതിന്റെ ആശ്രയസ്ഥാനമായ സരസിനെ നിയറ്ക്കുന്നതുപോലെ ഈ സോമം നിന്നെ നിറയ്ക്കണേ.

**4. അനേഹസം പ്രതരണം വിവക്ഷണ മധ്വഃ സ്വാദിഷ്ഠ മീം പിബ**

**ആ യഥാ മന്ദസാനഃ കിരാസി നഃ പ്ര ക്ഷുദ്രേവാ ത്മനാ ധൃഷത്**

ഹേ ഇന്ദ്രാ! സ്വർഗ്ഗദായകനും, പാലകനും പാപരഹിതനും ആയ നീ ഈ മധുരരസം പാനം ചെയ്യണമേ ഇതിന്റെ ശക്തിയിൽനിന്നും മത്തനായി ക്ഷുദ്രായെന്ന ദാനവതിയേപ്പോലെ ഞങ്ങളാഗ്രഹിക്കുന്നവയെ പ്രദാനം ചെയ്യണമേ.

**5. ആനഃ സ്യോമമുപ ദ്രവദ്ധയാനീ അശ്വോ ന സോതൃഭിഃ**

**യം തേ സ്വധാവന്തസ്വദയന്തി ധേയവ ഇന്ദ്ര കണ്വേഷു രാതയഃ**

ഹേ അന്നവാനായ ഇന്ദ്രാ! കണ്വഗോത്രക്കാർക്ക് ഹർഷപ്രദമായ യാതൊന്ന് അഭിഷവകർത്താക്കൾ വഴിയായി ആഹൂതനായി ആ സോമത്തിനടുക്കലേക്ക് അതിവേഗം ആഗതനായാലും.

**6. ഉഗ്രം നവീരം നവസോപ സേദിമ വിഭ്രതിമക്ഷിതാ വസും**
**ഉദ്രീവ വജ്രിന്നവയോ ന സിഞ്ചതേ ക്ഷരന്തീരു**
**ദീതയ**

ഇന്ദ്രൻ അക്ഷയധനനും പരാക്രമിയും വിദൂതിരൂപനും ആകുന്നു. നാം അവനെ സമസ്ക്കാരത്താൽ പ്രാപിക്കും. ഹേ വജ്രായുധാ! ജലപൂർണ്ണമായ ജലാശയം വയലുകളെ നനയ്ക്കുന്നതുപോലെ, ഞങ്ങളുടെ എല്ലാ സ്തോത്രങ്ങളും നിന്നെ നനയ്ക്കുന്നു.

**7. യുദ്ധ നൂനം യദ്വാ യജ്ഞേയദ്വാ പൃഥവിവ്യാമധി**
**അതോ നോ യജ്ഞമാശുഭിർമഹേമത ഉഗ്ര ഉഗ്രേഭിരാ ഗഹി**

ഹേ ഇന്ദ്രാ! നീ യജ്ഞം നടക്കുന്ന സമയത്ത് ഭൂമിയിലോ അഥവാ മറ്റെവിടെയെങ്കിലുമോ ആയരിക്കട്ടെ. അവിടെനിന്നും ശീഘ്രഗാമികളായ സ്വന്തം കുതിരകൾ സഹിതം ഞങ്ങളുടെ യാഗവേദിയിൽ ആഗതനാകണമേ.

**8. അജിരാസോ ഹരയോ യേ ത ആശവോ വാതാഇവ പ്രസക്ഷിണഃ**
**യേഭിരപത്യം മനുഷഃ പരീയസേ യേഭിർവിശ്വം**

ഹേ ഇന്ദ്രാ! നിന്റെ ഹര്യശ്വങ്ങൾ ശത്രുജിത്തുകളും ദ്രുതഗാമികളുമാണല്ലോ. നീ ആ കുതിരകൾ വഴിയായി ലോകത്തിലുള്ള എല്ലാ വസ്തുക്കളേയും കാണുവാൻ സഞ്ചരിക്കുന്നു.

**9.ഏതാവസ്യ ഈമഹ ഇന്ദ്ര സുമ്നസ്യ ഗോമുതഃ**
**യഥാ പ്രാവോ മഘവൻ മേധ്യതിഥി യഥാ നീപാതി ഥിം ധനേ**

ഹേ ഇന്ദ്രാ! ഗോസമേതനായ നിന്റെ ധനം ഞങ്ങൾ യാചിക്കുന്നു. നീ മേധാതിഥിയേയും നീ പാതിഥിയേയും ധനം കൊടുരക്ഷിച്ചുവല്ലോ.

**10. യഥാ കണ്വേ മഘവശ്ര സദസ്യവി യഥാ പക്ഥേ ദശ്വജ്രേ**
**യഥാ ഗോശർയേ അപ്തനോർഋജിശ്വനീന്ദ്ര ഗോദ്ധിരണ്യവത്**

ഹേ ഇന്ദ്രാ! സദസ്യ ഋജിശ്വൻ ഗൗശര്യൻ കണ്വൻ, പക്ഥൻ, ദശ പ്രജൻ ആദിയായ സ്തോതാക്കൾക്ക് നീ തന്നെയാണല്ലോ ഗോക്കളേയും സ്വർണ്ണസമ്പന്നമായ ധനത്തേയും പ്രദാനം ചെയ്തിരുന്നത്.

## സൂക്തം 50

**ഋഷി കണ്വപുത്രൻ പുഷ്ടിഗു ദേവത ഇന്ദ്രൻ ഛന്ദസ് ബൃഹതി സതോബൃഹതി**

**1. പ്ര സു ശ്രുത സുരാധസമ ചാം ശ ക്രമഭിഷ്ടയേ**
**യഃ സുമ്പതേ സ്തുവതേ കാമ്യ വസു സഹസ്രേണേവ മംഹ തേ**

ഹേ ഇന്ദ്രാ! നീ സുന്ദരസമ്പന്നനും ദാനത്തിൽ പ്രസിദ്ധനുമാണല്ലോ. ഹേ സ്തോതാക്കളേ! ഈ ഇന്ദ്രൻ ആയിരം തരത്തിലുള്ള ഉപഭോഗധനം പ്രദാനം ചെയ്യുന്നു. അതിനാൽ ആ ഇന്ദ്രനെത്തന്നെ പൂജിയ്ക്കുവിൻ.

**2. ശത നീകാഹേതയീ അസ്യ ദുഷ്ടരാ ഇന്ദ്രസ്യാ സമിഷോ മഹീഃ**
**ഗിരർന്ന ഭുജ്മാ മഘവത്സു പിന്വതേ യദാം സുതാ അമന്ദിഷുഃ**

ഇന്ദ്രന് അസംഖ്യം ആയുധങ്ങളുു്. അത് ഇന്ദ്രന്റെ അന്നത്താൽ തന്നെ പ്രകടമാകുന്നു. സംസ്ക്കരിക്കപ്പെട്ട സോമം ഇന്ദ്രനെ ഹർഷയുക്തനാക്കുമ്പോൾ അവൻ പർവ്വതത്തേപ്പോലെ ഉപഭോഗവസ്തുക്കൾ നൽകി ധനികരായ യജമാനൻമാരെ പ്രീതിപ്പെടുത്തുന്നു.

**3. യദീം സുതാസ ഇന്ദവോ ഭി പ്രയമ; മന്ദിഷുഃ**
**ആ പോ ന ധായി സവനം മ ആ വസാ ദുധാ ഇവോപ ദാശുഷേ**

സോമരസത്താൽ ഇന്ദ്രൻ പ്രസന്നനായപ്പോൾ ഗോക്കളേപ്പോലെ ഹവിസ്സ് ദാതാവിനു ജലം സ്ഥിതമായി.

**4. അനേ ഹസം വോ ഹവമാനമൂതയേ മധ്വഃ ക്ഷരന്തി ധീതയഃ**
**ആ ത്വാ വസോ ഹവമാനാസ ഇന്ദവ ഉപ സ്തോത്രേഷു ദധിരേ**

ഹേ ഋത്വിജൻമാരേ! ആഹൂതനാക്കപ്പെട്ട ഇന്ദ്രനെ, ഈ എല്ലാ കർമ്മങ്ങളും നിങ്ങൾക്കുവേി മധുവർഷിയ്ക്കുന്നു. ഹേ ഇന്ദ്രാ! സ്തോത്രം ചെയ്യുന്ന സമയം സോമത്തെ അങ്ങയുടെ മുമ്പിൽ വയ്ക്കുന്നു.

**5. ആ നഃ സോമേ സ്വധ്വത ഉയാനോ അത്യോ ന തോ ശതേ**
**യം തേ സ്വാദാവൻ സ്വദന്തി ഗർതയഃ പൗരേ ഛന്ദ്രയസേ ഹവം**

ശ്രേഷ്ഠനായ അശ്വത്തെപ്പോലെ പോകുന്ന ഇന്ദ്രൻ യജ്ഞത്തിൽ പിഴിഞ്ഞ സോമത്താൽ പ്രേരിതനാകുന്നു. ഹേ ഇന്ദ്രാ! നിന്റെ സ്തോതാക്കൾ ഈ സോമത്തെ സ്വാദിഷ്ടമാക്കിയിരിക്കുന്നു. നീ പുരുഷപുത്രന്റെ ആഹ്വാനം ശ്രവിയ്ക്കേണമേ.

**6. പ്ര വീരമുഗ്രം വിവിചിം ധനസ്പൃതം വിഭ്രതിം രാധസോ മഹഃ**
**ഉദ്രീവ വജ്രിന്ന വതോ വസുത്വനാ സദാ പീപേഥ ദാശുഷേ**

ഈ മഹാൻ വിഭ്രതി യുക്തനും പരാക്രമിയും ഭയങ്കരനും സന്തോഷം പ്രദാനം ചെയ്യുന്നവനും ആകുന്നു. ഞങ്ങൾ അവനെ സ്തുതിയ്ക്കുന്നു. ഹേ വജ്രായുധാ! ജലം നിറഞ്ഞ കിണർ പോലെ മഹത്തായ ധനവുമായി വന്ന് ഹവിസ്സ് ദാതാവിന്റെ സുഖത്തിനുവേി ഈ സോമം പാനം ചെയ്താലും

**7. യദ്ധ നൂനം പരാവതീ യദ്വാ പൃഥിവ്യം ദിവി**
**യു ജാന ഇന്ദ്ര ഹരിഷ്ടിർമഹേമത ഋഷ്വ ഋഷ്വേഭിരാ ഗഹി**

ഹേ ഇന്ദ്രാ! നീ ഭൂമിയിലോ സവർഗ്ഗത്തിലോ മറ്റെവിടെയെങ്കിലുമോ ആണെങ്കിലും അവിടെനിന്നും നിന്റെ അശ്വയുക്തമായ രഥത്തിൽ ആഗതനാകണമേ.

**8. രഥിരാസോ ഹരയോ യേ തേ അസ്രിധ ഓജോ വാതസ്യ പിപ്രതി**
**യേഭിർനി ദസ്യും മനുഷോ നിധോഷയോ യേഭിഃ സ്വഃ പരീയസേ**

നിന്റെ രഥം വലിക്കുന്ന അശ്വങ്ങൾ അഹിംസിതങ്ങളും വാക്ക വേഗതയുള്ളവരും ആണല്ലോ. നീ ഇവരുടെ സഹായത്താൽ എല്ലാ വസ്തുക്കളും വ്യാപ്തമാക്കി. ദൈത്യരെ വധിച്ചു. മനുവിനെ പ്രസിദ്ധനാക്കി.

**9. ഏതാവാവരുസ്തേ വസോ വിദ്യാമ ശൂര നവ്യസഃ**

**യഥാ പ്രാവ ഏതശം കൃത്വ്യേ ധനേ യഥാ വശം ദശവജ്രേ**

ഹേ ഇന്ദ്രാ! നിന്റെ എല്ലാ ധനത്തേയും ഞങ്ങളറിയുന്നു. നീ ഏതശനേയും ദശവജ്രനേയും ധനത്തിനുവേി രക്ഷിച്ചുവല്ലോ.

**10. യഥാ കണ്വേ മഘവൻമേധേ അധ്വരേ ധീർഘനീഥേ ദമൂനസി**

**യഥാ ഗോശർയേ അസിഷാസോ അദ്രിവോ മയിഗോത്രം ഹരിശ്രിയം.**

ഹേ വജ്രായുധാ! ശത്രുനാശത്തെ ആഗ്രഹിച്ചിരുന്ന ദീർഘനീഥനേയും ഗൗശര്യനേയും യജ്ഞത്തിൽ എപ്രകാരം രക്ഷിച്ചുവോ അപ്രകാരം അശ്വങ്ങളോടുകൂടി വന്ന് ഞങ്ങളേയും രക്ഷിക്കേണമേ.

**സൂക്തം 51**

**ഋഷി കണ്വപുത്രൻ ശ്രുഷ്ടിഗു ദേവത ഇന്ദ്രൻ ഛന്ദസ് ബൃഹതി പംക്തി ബൃഹതി**

**1. യഥാ മനൗ സാംവരണൗ സോമമിന്ദ്രാ പിവഃ സുതം**

**നീപാതിഥൗ മഘവൻമേധ്യതിഥൗ പുഷ്ടിഗൗ ശ്രുഷ്ടിഗൗ സചാ**

ഹേ ഇന്ദ്രാ! സാവർണ്ണിപുത്രൻെറ പ്രാർത്ഥനപ്രകാരം നീ പിഴിഞ്ഞസോമം പാനം ചെയ്തുവല്ലോ അതുപോലെ മേധാതിഥിയുടേയും നീ പാതിഥിയുടേയും പുഷ്ടിഗുവിന്റെയും ശ്രുഷ്ടിഗുവിൻെറയും സോമം ഒന്നിച്ചു പാനം ചെയ്താലും.

**2. വാർഷദ്വാണഃ പ്രസ്കണ്വം സമാസാദയച്ഛയാനം ജിവ്രിമുദ്ധിതം**

**സഹസ്രാണ്യസി ഷാസദ്ഗവാമൃഷീസ്തോതോ ദസ്യാവേ വൃകഃ**

ഹേ ഇന്ദ്രാ! പാർഷദ്വാണൻ പ്രസുപ്തനും വൃദ്ധനുമായ പ്രസ്കണനെ പക്ഷിയെപ്പോലെ മുകളിലേയ്ക്കുയർത്തി. അപ്പോൾ നീ സ്വന്തം രക്ഷകളാൽ അവനേയും ആയിരം ഗോക്കളേയും രക്ഷിച്ചു.

**3. യ ഉക്ഥേഭിർ വിന്ധുതേ ചികിദ്യ ഋഷിചോദനഃ**

**ഇന്ദ്രം തമച്ഛാ വദ നവ്യസ്യാ മത്യവിഷ്യാന്തം ന ഭോജസേ**

യാതൊരുത്തൻ ഉക്ഥാൽ പ്രാപ്തനാകുന്നുവോ, മഹർഷിമാരുടെ പ്രേരണയാൽ യാതൊരുത്തൻ സർവ്വജ്ഞാനിയായിരിക്കുന്നുവോ യാതൊരുത്തൻ രക്ഷകൾ നൽകുന്നവനാകുവോ ആ ഇന്ദ്രനെ അഭിനവസ്തോത്രങ്ങളാൽ സ്തുതിക്കുവിൻ.

**4. യസ്മാ അർകം സപ്തശീർഷാണമാന്യചൂ സ്ത്രീധാതുതുത്തമേ പദേ**

**സത്വിമാ വിശ്വാ ഭുവനാനീ ചിക്രദദാതിജജനിഷ്ഠ പൗസ്യം**

ആർക്കുവേി സപ്തശീർഷകങ്ങളോടും ത്രിസ്ഥാനങ്ങളോടുംകൂടിയ സ്തോത്രങ്ങളുച്ചരിക്കപ്പെടുന്നുവോ? ആ ഇന്ദ്രൻ ബലത്തെ ഉല്പാദിപ്പിച്ച് വിശ്വത്തെ ശബ്ദയുക്തമാക്കി.

**5. യോ നോ ദാതാ വസൂനാമിന്ദ്രം തം ഹൂമഹേ വയം**

**വിദ്മാ ഹ്യസ്യ സുമതിം നവീയസീം ഗമേമ ഗോമതി വജ്രേ**

ഞങ്ങൾ ധനദാതാവായ ആ ഇന്ദ്രനെ അറിയുന്നു. അതിനാൽ അവനു ആഹുതി നൽകുന്നു. ഹേ ഇന്ദ്രാ! ഞങ്ങൾ ഗോക്കൾ നിറഞ്ഞ തൊഴുത്തിന്റെ ഉടമസ്ഥരാകണേ.

**6. യസ്മൈ ത്വം വസോ ദാനായ ശിക്ഷസി സ രായ സ്പോഷ മ ശ്നുതേ**

**തം ത്വാ വയം മഘവന്നിന്ദ്ര ഗിർവണഃ സുതാ വന്തോ ഹവാമഹേ**

ഹേ ഇന്ദ്രാ! നീ ആർക്കു കെടുക്കുവാനാഗ്രഹിക്കുന്നുവോ, അവൻ തന്നെ നിന്നിൽ നിന്നും ധനയുക്തമായ രക്ഷയെ പ്രാപിക്കുന്നു. നിന്റെ ഈ പ്രഭാവം കാരണം സോമം പിഴിയുന്നവരായ ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു.

**7. കദാചന സ്തരീരസി നേന്ദ്ര സഞ്ചസി ദാശുഷേ**

**ഉപോപേന്നു മഘവൻഭ്രയ ഇന്നു തേ ദാനം ദേവസ്യ പൃച്യതേ**

ഹേ ഇന്ദ്രാ! നീ ദേവനാണല്ലോ നീ ഒരിയ്ക്കലും രചനാരഹിനാകുന്നില്ല. നിന്റെ ദാനം തുടർച്ചയായി വന്നു ചേരുന്നു. നീ ഹവിർ ദാതാവായ ഈ യജമാനനോട് സ്നേഹത്തിൽ വർത്തിച്ചാലും.

**8. പ്ര യോ നനക്ഷേ അഭ്യോജസാ ക്രിവിം വധൈഃ ശുഷ്ണം നിഘോഷയം**

**യദേ ദസ്തംഭീത് പ്രഥയമൂം ദിവമാദിജജനിഷ്ഠ പാർഥിവഃ**

യാതൊരുത്തൻ തന്റെ ബലത്താൽ ശുഷ്ണുനെ കൊന്ന് കൂപത്തെ നിറച്ചുവോ യാതൊരുത്തൻ ആകാശത്തെ ആകൃഷ്ടമാക്കുകയും ഭൂമിയിലെ എല്ലാ വസ്തുക്കളേയും പ്രകടമാക്കുകയും ചെയ്തുവോ

**9. യസ്യായം വിശ്വ ആര്യോ ദാസഃ ശേവധിപാ അരിഃ**

**തിരശ്ചി ദര്യേ രുശമേ പവീരവി തുഭ്യേത് സോ അജ്യതേ രയിഃ**

ആരുടെ ധനത്തെ സ്തോതാക്കൾ രക്ഷിക്കുന്നുവോ, ആരും ശ്വേതപവീരുവിനെ അഭിമുഖീകരിയ്ക്കുന്നുവോ ആ ധനദാനിയായ ഇന്ദ്രൻ നിങ്ങളോടും ബന്ധപ്പെട്ടു വസിയ്ക്കുന്നു.

**10. തുര ണ്യവോ മധുമന്തം ഘൃതശ്ചുതം വിപ്രാസോ അർകമാ നൃചുഃ**

**അസ്മേ രയിഃ പപ്രഥേ വൃഷ്ണ്യം ശവോ സ്മേ സുവാനാസ ഇന്ദവഃ**

വിദ്വാൻമാരായ ബ്രാഹ്മണർ പൊഴിക്കുന്ന സമ്പന്നനെ പൂജാമന്ത്രങ്ങളാൽ സ്തുതിക്കുന്നു. ഇവർക്കുവേി ധനവും ബലവും സോമരസവും പ്രസിദ്ധിയെ പ്രാപിയ്ക്കുന്നു.

## സൂക്തം 52

**ഋഷി കണ്വപുത്രൻ ആയു ദേവത ഇന്ദ്രൻ ഛന്ദസ്സ് ബദൂഹതി സതോബൃഹതി**

**1. യഥാ മനൗ വിവസ്വതി സോമം ശക്രാപിബഃ സുതം**

**യഥാ ത്രിതേ ഛന്ദ ഇന്ദ്ര ജൂജോഷസ്യായൗ മാ ദയ സേ സചാ**

ഹേ ഇന്ദ്രാ! പ്രാചീനകാലത്ത് നീ ദൈവസ്വതമനുവിൻെറ സോമം കുടിയ്ക്കുകയും ത്രിതന്റെ മനസിനെ ഞാനാകുന്ന ആയുവിനോടുകൂടി ഹർഷ യുക്തനായിരുന്നു.

**2. പൃഷധ്രേ മേധ്രേ മാതരിശ്വനീന്ദ്ര സുവാനേ അമന്ദഥാഃ**

**യഥാ സോമം ദശരിപ്രേ ദശോണ്യേ സ്യൂമരശ്മാ വൃജൂനസി**

ഹേ ഇന്ദ്രാ! നീ സോമം പിഴിയുന്ന മാതരിശ്വാവിന്റേയും പൃഷധ്യന്റേയും അടുക്കൽ നിന്നും ഷർഷയുക്തനായതുപോലെ ദശശിപ്രന്റെ സോമത്തേപാനം ചെയ്യുന്നു.

**3. യ ഉക്ഥാ കോവലാ ദധേ യഃ സോമം ധൃഷിതാ പിബത്**

**യ സ്മൈ വിഷ്ണു സ്ത്രീണി പദാ വിചക്രമ ഉപമിത്രസ്യ**

**ധർമഭിഃ**

ആര് നിർഭീകനായി സോമം പാനം ചെയ്യുന്നുവോ ആര് ഉക്ഥങ്ങളെ സ്വീകരിയ്ക്കുന്നുവോ അദ്ദേഹത്തിനുവേി ഭ്രാതൃത്വയമായ കർത്തവ്യപാലനത്തിനായി വിഷ്ണു മൂന്നു പ്രാവശ്യം പാദപ്രഹരം നടത്തി.

**4. യസ്യ ത്വമി സ്തോമേഷു ചാകനോ വാജേ വാജിഞ്ഛത ക്രതോ**

**തം ത്വാ വയം സുദുധാമിവ ഗോദുഹോ ജൂഹൂമസി ശ്രവസ്യവഃ**

ഹേ ശതകർമ്മാവായ ഇന്ദ്രാ! നീ യാതൊരുത്തന്റെ യജ്ഞത്തിൽ സ്തുതികളെ ആഗ്രഹിയ്ക്കുന്നുവോ ആയജ്ഞത്തിൽ ഞങ്ങൾ അന്നത്തെ കാംക്ഷിച്ചുകൊ് കറവക്കാരൻ ഗോവിനെ വിളിയ്ക്കുന്നതുപോലെ നിന്നെ വിളിയ്ക്കുന്നു.

**5. യോ നോ ദാതാ സ നഃ പിതാ മഹാം ഉഗ്ര ഈശാന കൃത് |**

**അയാമന്നുഗ്രോ മഘവാ പുരൂവസൂഗോരശ്വസ്യ പ്ര ദാതു നഃ ||**

ഇന്ദ്രൻ നമുക്കു പിതാവാകുന്നു അവൻ ഐശ്വര്യദായകനും പരാക്രമിയുമാകുന്നു. ഉഗ്രകർമ്മാവും മഹാനും ആയ ഇന്ദ്രൻ നമുക്ക് ഗോക്കൾ അശ്വങ്ങൾ മുതലായവയെ പ്രദാനം ചെയ്യണേ.

**6 യസ്മൈ ത്വം വസോ ദാനായ മംഹസോ സ രായ സ്പോഷഗിന്വതി |**

**വ സൂയ വോ വസുപതിം ശത ക്രതും സ്തോമൈരിന്ദ്രം ഹവാമഹേ ||**

ഹേ ഇന്ദ്രാ! നീ ആർക്ക് ദാതവ്യം നൽകുമോ അവന് സമ്പത്തു പെരുകിവരും അതിനാൽ ധനകാമരായ ഞങ്ങൾ ധനപാലകനായ നിന്നെ സ്തോത്രങ്ങളാൽ വിളിയ്ക്കുന്നു.

**7. കദാ ചന പ്ര യുഛസ്യഭേ നാപാസുി ജൻമനീ |**

**തുരീയാദിത്യ ഹവനം ത ഇന്ദ്രിയമാ തസ്ഥാവമൃതം ദിവി ||**

ഹേ ആദിത്യാ! നിന്റെ ആഹ്വാനം സൂര്യമണ്ഡലത്തിലെത്തുന്നു. നീ പലപ്പോഴും മായാവലയത്തിൽപ്പെട്ട് ദിനം ജീവികളെ പുലർത്തിപ്പോരുന്നു.

**8. യസ്മൈ ത്വം മഘവന്നിന്ദ്ര ഗിർവണഃ ശിക്ഷോ ശിക്ഷസി ദാശുഷേ |**

**അസ്മാകം ഗിര ഉത സുഷ്ടുതിം വാസോ കണ്വവച്ഛുണുധീ ഹവം ||**

ഹേ ഇന്ദ്രാ! ഭവാൻ സ്തവനീയനും ധനവാനും ദതാവും ആകുന്നു. സ്തോതാക്കളായ ഞങ്ങൾക്കു ധനം നൽകേണമേ. നീ കണ്വന്റെ സ്തോത്രങ്ങൾ ശ്രവിച്ചപോലെ ഞങ്ങളുടെ സ്തോത്രങ്ങളേയും ശ്രവിയ്ക്കേണമേ.

**9. അസ്താവി മൻമ പൂർവ്യം ബ്രഹ്മേന്ദ്രായ വോചത പൂർവീർ |**

**ഋതസ്യ വൃഹതീർഷനൂത സ്തോതുമേർഘാ അസ്രക്ഷത ||**

ഹേ സ്തോതാക്കളേ! പ്രാചീനങ്ങളായ സ്തോത്രങ്ങളാൽ ഇന്ദ്രനെ സ്തുതിയ്ക്കുവിൻ പ്രാചീന സ്തോത്രങ്ങൾ ഉച്ചരിയ്ക്കുകയും തങ്ങളുടെ ബുദ്ധികളെ തീവ്രമാക്കുകയും ചെയ്യുവിൻ.

**10. സമിന്ദ്രോ രായോ വൃഹതീ രധുനുത സംക്ഷോണീ സമുസൗര്യം |**

**സം ശുക്രാസഃ ശുചയഃ സ ഗവാഗിരഃ സോമാ ഇന്ദ്രമ മന്ദിഷുഃ ||**

ഇന്ദ്രൻ ആകാശത്തേയും ഭൂമിയേയും സരിയായി സ്ഥാപിച്ചു. സൂര്യനെ ഉജ്ജ്വലമാക്കി വസ്തുക്കളേയും ധനത്തേയും പ്രേരിപ്പിച്ചു. ഈ ഇന്ദ്രനെ പാലുചേർത്ത മധുരസോമം ശരിയായവിധം തൃപ്തമാക്കിയിരുന്നു.

## സൂക്തം 53

**ഋഷി കണ്വപുത്രൻ മേദ്യൻ ദേവത ഇന്ദ്രൻ ഛന്ദസ് ബൃഹതി സ്വരാട് ബൃഹതി**

**1. ഉപമം ത്വാ മഘോഞ്ജോഷുഞ്ച വൃഷഭാണാം |**

**പൂർഭിത്തമം മഘവന്നിന്ദ്ര ഗോവിന്ദമീശിനം രായ ഈമഹേ ||**

ഹേ ഇന്ദ്രാ! നീ അഭിലാഷവർഷകനും ദേവകളിൽ വലിയവനും ശത്രുപുരികൾ തകർത്തവനും ധനവാനും സാക്ഷാൽ ഈശ്വരനുമാകുന്നു. ഞാൻ ധനമാഗ്രഹിച്ചുകൊ് നിന്നെ സ്തുതിക്കുന്നു.

**2. യ ആയും കത്സമതിഥിഗ്വമർദയോ വാവൃധാനോ ദിവേദിവേ |**

**തം ത്വാ വയം ഹർയശ്വം ശത്രക്രതും വാജയന്തോ ഹവാമഹേ ||**

ആര് ദിനംതോറും വളർന്ന് കത്സനേയും അതിഥിഗ്വനേയും രക്ഷിച്ചുവോ, ആ ഇന്ദ്രനെ അന്നകാമരായ ഞങ്ങൾ വിളിക്കുന്നു.

**3. ആ നോ വിഹേഷാം രസം മധ്വഃ സിഞ്ചന്ത്വദ്രയഃ |**

**യേ പരാവതി സുന്വിരേ ജനേഷ്വാ യേ അർവാ വതീന്ദവഃ ||**

ദൂരെയോ അടുത്തോ എവിടെ സോമം ആളുകളുടെ ഇടയിൽ പിഴിയപ്പെടുമോ അവിടെ ഞങ്ങളുടെ അമ്മിക്കല്ലുകൊ് ഇടിച്ചപ്പോ പുറത്തുവന്ന സോമരസം മധുരരസം ഒഴുക്കണേ.

**4. വിശ്വാ ദ്വേഷാംസി ജഹി ചാവ ച കൃധി വിശ്വേ സന്വന്ത്വാ വസു |**

**ശീഷ്ടേടു ചിത്തേ മദിരാസോ അശ്വോ യത്രാ സോമസ്യ തൃമ്പസിഃ ||**

ഹേ ഇന്ദ്രാ! നീ എവിടെനിന്നും സോമം കുടിച്ച് തടിച്ചുകൊഴുക്കുന്നുവോ അവിടെയുള്ള ശത്രുക്കളെയെല്ലാം നശിപ്പിക്കേണമേ. ഈ സോമം നിന്റെ ആനന്ദത്തിനുപയുക്തമാകണേ.

**5. ഇന്ദ്ര നേദീയ ഏദിഹീ മിതമേധാഭിരൂതിഭിഃ |**

**ആ ശന്തമ ശന്തമാഭിരഷ്ഠിഭിരാ സ്വാപേ സ്വാപിഭിഃ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്കു മംഗളമരുളുന്നവനും നികടസ്ഥനായ ബന്ധുവുമാണല്ലോ നീ അതീവ ബുദ്ധിയോടും കാമ്യങ്ങളായ ധനത്തോടും കല്ല്യാണക്കാരികളായ രക്ഷകളോടുംകൂടി ഞങ്ങളുടെ അടുക്കൽവരേണമേ.

**6. ആജിതുരം സത്പതിം വിശ്വചർഷണിം കൃധി പ്രജാസ്വാഭഗം |**

**പ്ര സു തിരാ ശചീഭിര്യേ ത ഉക്ഥിനഃ ക്രതുംപനക ആനുഷക് ||**

ഹേ സ്തോതാക്കളെ! സജ്ജനരക്ഷകനും ഭുവനേശ്വരനും

ക്ഷിപ്രകാരിയും പ്രജകളിൽ വ്യാപ്തനുമായ ഇന്ദ്രനെ പൂജിയ്ക്കുവിൻ അവൻ കർമ്മങ്ങൾക്കു സുന്ദരമായ ഫലം നൽകുന്നവനാകുന്നു. അവൻ നമ്മുടെ യജ്ഞത്തെ സംരക്ഷിക്കണേ.

**7. യസ്തേ സാധിഷ്ഠോ വസേ തേ സ്യാമ ഭരേഷുതേ**

**വയം ഹോത്രാഭിരുത ദേവഹൂതിഭിഃ സസവാംസോ മനാമഹേ**

ഹേ ഇന്ദ്രാ! രക്ഷയ്ക്കുവേ നിന്നെ ആശ്രയിക്കുന്നു. നിന്റെ അടുക്കലുള്ള സർവ്വശ്രേഷ്ഠമായ ധനത്തെ ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ. യുദ്ധാവസരങ്ങളിലും ഞങ്ങളങ്ങയെ സ്തുതിയ്ക്കുകയും വിളിയ്ക്കുകയും ചെയ്യും.

**8. അഹം ഹി തേ ഹരിവോ ബ്രഹ്മ വാജയുരാജിം യാമി സദോതീഭിഃ |**

**ത്വാമിദേവ തമമേ സമശ്വയുർഗവ്യഗ്രേ മഥീനാം ||**

ഹേ ഹര്യശ്വനായ ഇന്ദ്രാ! അന്നം, അശ്വങ്ങൾ, ഗോക്കൾ ഇവയെ ആഗ്രഹിച്ചുകൊ് ഞാൻ നിന്നെ സ്തുതിയ്ക്കുകയും നിന്റെ രക്ഷയാൽ രണക്ഷേത്രത്തിൽപോകുകയും ഭയം ഉാകുകയാണെങ്കിൽ ശത്രുമധ്യേ നിന്നെ പ്രതിഷ്ഠിക്കുകയും ചെയ്യും.

**സൂക്തം 54**

**ഋഷി സണ്വപുത്രൻ മാതിരിശ്വാവ് ദേവത ഇന്ദ്രൻ ഛന്ദസ് ബൃഹതി സതോബൃഹതി**

**1. ഏതത്ത ഇ(ന്ദ്ര) വീർയ ഗോഭിർഗൃണന്തി കാരവഃ |**

**തേ സ്തോഭന്ത ഊർജമാവൻ ഘൃതശ്വതം പൗരാശോ നക്ഷന്ധീതിഭിഃ ||**

ഹേ ഇന്ദ്രാ! സ്തോതാക്കൾ നിന്റെ സ്തുതികളാൽ ബലം പ്രാപിച്ചിരുന്നുവല്ലോ. പ്രജകൾ തങ്ങളുടെ കർമ്മങ്ങളാൽ നിന്നെ വളർത്തി സ്തോതാക്കൾ നിന്റെ ബലത്തെ എപ്പോഴും പാടിപുകഴ്ത്തുന്നു.

**2. നക്ഷന്ത ഇന്ദ്രമവസേ സുകൃത്യയാ യേഷാം സുതേഷു മഗുസേ**

**യഥാ സവർതേ അമദോ യഥ കൃശ ഏവാസ്മേ ഇന്ദ്ര മത്സ്വ**

ഹേ ഇന്ദ്രാ! നീ ആരുടെ സോമനീരിൽ ലഹരികൊള്ളുന്നുവോ, ആ യജമാനൻമാർ തങ്ങളുടെ കാര്യങ്ങൾക്കായി നിന്നെ സമീപിക്കുന്നു. നീ സംവർത്തന്റെ മേലും കുശന്റെമേലും കൃപചൊരിഞ്ഞതുപോലെ എന്റെ മേലും ചൊരിയേണമേ.

**3. ആ നോ വിശ്വേ സജോ ഷസോ ദേവാസോ ഗന്തനോപ നഃ**

**വസവോ തുദ്രാ അവസേ ന മമഛ ണ്വന്തു മരുതോ ഹവം**

എല്ലാദേവകളും നമ്മുടെ മുന്നിൽ വന്നുചേരണേ. അവർ നമ്മുടെ മേൽ തുല്യരീതിയിൽ പ്രസന്നരായിവരുമാറാകണേ. വസുക്കളും രുദ്രൻമാരും മരുത്തുക്കളും ഞങ്ങളുടെ രക്ഷയ്ക്കുവേ സ്തുതികൾ ശ്രവിക്കണേ.

**4. പുഷാ വിഷ്ണുർഹവനം മേ സരസ്വത്യവന്തു സപ്ത സിന്ധവഃ**

**ആപോ വാതഃ പർവതാസോ വനസ്പതിഃ ശൃണോതു പൃഥി വീ ഹവം**

വിഷ്ണു പൂഷാവ്, സപ്തനദികൾ സരസ്വതി, വനസ്പതികൾ, ജലം, വായു പർവതം എല്ലാം എന്റെ യജ്ഞത്തെ രക്ഷിക്കണേ. ഭൂമിയും എന്റെ സ്തോത്രങ്ങളെ ശ്രവിക്കുമാറാകണേ.

**5. യദിന്ദ്ര രാധോ അസ്തി തേ മാഘോനം മഘവത്തമ**

**തേന നോ ബോധി സധമദ്യോ വൃധേ ഭഗോ ദാനായ വൃത്രഹൻ**

ഹേ വൃത്രഹന്താവായ ഇന്ദ്രാ! നീ സ്വന്തം ധനത്തോടുകൂടി ലഹരി പിടിച്ചവനായി ഞങ്ങൾക്കു ധനം നൽകുവാൻ മുമ്പോട്ടുവന്നാലും.

**6. ആജിപതേ നൃപതേ ത്വമിദ്ധി നോ വാജ ആ വക്ഷി സുക്രതോ**

**വീതി ഹോത്രാഭിരുത ദേവവീതിഭിഃ സസവാംസോവി ശൃണ്വിരേ**

ഹേ രാജൻ! നീ ഞങ്ങളെ രണഭൂവിലേക്കു കൊുപോയാലും സ്തോത്രത്തിന്റേയും യജ്ഞത്തിന്റെയും സമയത്ത് ദേവകൾ ഭക്ഷണത്തിനിരിക്കുന്നു എന്ന് പറയപ്പെടുന്നു.

**7. സന്തിഹ്യര്യ ആ ശിഷ ഇന്ദ്ര ആയുർജനാനാം**

**അസ മ**

**ാക്ഷഭസ്വ മഘവന്നുപാവാസ ധുക്ഷസ്വപി പിപ്യുഷീമിഷം**

ഇന്ദ്രന്റെയടുക്കൽ മനുഷ്യരുടെ ആയുസ്സിന്റേയും സമൃദ്ധിയുടേയും ആശീർവാദം കുടികൊള്ളുന്നു. ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് പൗഷ്ഠികമായ അന്നം നൽകേണമേ.

**8. വയം ത ഇന്ദ്ര സ്തോമേഭിർവിധേമ ത്വമസ്മാകം ശതക്രതോ**

**മഹി സ്ഥരം ശശയം രാധോ അഹ്രയം പ്രസ്കണ്വായ നിതോശയ**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെതാണല്ലോ, സ്തുതികളാൽ ഞങ്ങൾ നിന്നെ ഉപാസിക്കും. നീ പ്രസ്കണ്വനെ രക്ഷിയ്ക്കുവാൻ സ്ഥലവും സമൃദ്ധവുമായ ധനം നൽകണേ.

## സൂക്തം 55

**ഋഷി കണ്വപുത്രൻ കൃശൻ ദേവത പ്രസ്കണ്വദനം ഛന്ദസ് ഗായത്രി അനുഷ്ടുപ്**

**1. ഭ്രരീദിന്ദ്രസ്യ വീർയം വ്യഖ്യമഭ്യായതി രാധസ്തേ ദസ്യവേ വൃക**

ഇന്ദ്രൻ രാക്ഷസൻമാർക്ക് വ്യാഘ്രതുല്യനാകുന്നു. ഞങ്ങൾ അവന്റെ അസംഖ്യം കാര്യങ്ങളറിയുന്നു ഹേ ഇന്ദ്രാ! നിന്റെ ധനം ഞങ്ങൾക്കുള്ളതാണല്ലോ.

**2. ശതം ശ്വേമാസ ഉക്ഷണോ ദിവിതാരോ ന രോചന്തേ**

**മഹ്നാ ദിവം നതസ്തഭൂഃ**

ആകാശത്തിൽ നക്ഷത്രങ്ങൾ പ്രകാശിയ്ക്കുന്നതു പോലെ നൂറുനൂറുകാളകൾ ശോഭിച്ചുകൊ് തങ്ങളുടെ മഹിമയാൽ സ്വർഗ്ഗത്തെ സ്തബ്ധമാക്കുന്നു.

**3. ശതം ഹേണൂ ഞ്ചതം ശൂനഃ ശതം ചർമാണി മ്ലാതാനിം ശതം മേ ബല്ബജസ്തുകാ അരുഷീണാം ചതുഃശതം**

നൂറുനായ്ക്കൾ നൂറുമുള, നാറുദർഭക്കറ്റകൾ, നാനൂറു പൈകൾ എന്നിവ എനിക്കു നൽകപ്പെട്ടു.

**4. സുദേവാഃ സ്ഥ കണ്വായനാ വയോവയോ വയോ**

**വിചരന്തഃ**

**അശ്വാസോ ന ചങ് ക്രമത**

ഹേ കണ്വമഹർഷിമാരേ! നിങ്ങളെല്ലാം അന്നത്തിൽ രചിച്ചകൊ് അശ്വങ്ങളെപ്പോലെ സഞ്ചരിച്ച് സുന്ദരമായ ദേവൻമാരായിരിക്കുന്നു.

**5. ആദിത്സാപ്തസ്യ ചർകിരന്നാനൂതസ്യ മഹി ശ്രവഃ**

**സ്യാവീരതിധ്വസൻപഥശ്ചക്ഷുഷാ ചന സന്നശേ**

## സൂക്തം 56

**ഋഷി കണ്വപുതൻ പൃഷധ്യൻ ദേവത ഇന്ദ്രൻ അഗ്നി സൂര്യൻ ഞന്ദസ് ഗായത്രി പംക്തി**

**1. പ്രതിതേ ദസ്വവേ വൃകാരാധോ അദർശ്യഹ്രയം ദ്യൗർന പ്രഥിനാ ശവഃ**

രാക്ഷസൻമാർക്ക് വാഘ്രരൂപമായ ഇന്ദ്രാ! നിന്റെ ധനം മഹത്വമുള്ളതാകുന്നു. നിന്റെ സേന ആകാശവും ഭൂമിയും പോലെ മഹിമാമയിയാകുന്നു.

**2. ദശം മഹ്യം പൗതക്രതഃ നഹസ്രാ ദസ്വവേ വൃകഃ**

**നിത്യാദ്രായോ അമംഹത**

രാക്ഷസൻമാർക്ക് വാഘ്രരൂപനായ ഇന്ദ്രാ! നിന്റെ ധനം നിത്യമാകുന്നു. അതിൽ നിന്നും പതിനായിരം എനിയ്ക്കു നൽകേണമേ.

**3. ശതം മേ ദർദഭാനാം ശതമൂർണാവതീനാം**

**ശതം ദാസാം അതി സ്രജഃ**

ഹേ ഇന്ദ്രാ! എനിയ്ക്ക് ഒന്നൊന്നായി നൂറാടുകളേയും കഴുതകളേയും ദാസൻമാരേയും പ്രദാനം ചെയ്യു.

**4.തത്രോ അപി പ്രാണീയത പൂതക്രതായൈ വ്യക്താ അശ്വാനമാമിന്ന യൂഥ്യം**

യാതൊരു പുരുഷൻ സുന്ദരമായ ബുദ്ധിയോടുകൂടിയവനാകുന്നുവോ അവന്റെയടുക്കൽ അശ്വസമൂഹം പോലെ പ്രകടമായ ഈ ധനം ചെന്നു ചേരേണമേ.

**5. പ്രചേത്യഗ്നിശ്ചികിരുർഹവ്യവാട്സ് സമുദ്രഥഃ**

**അഗ്നിഃ ശുക്രേണ ശോചിഷാ ബൃഹത്സുരോ**

**അരോചത ദിവി സൂർയോ അരോചത**

അഗ്നി പ്രകടമായി അവൻ മേധാവിയും സുന്ദരമായ രഥത്തോടുകൂടിയവനും ഹവിസ്സുകളെ വഹിക്കുന്നവനും ആകുന്നു. സുര്യബലത്തിൽ സൂര്യൻ പ്രകാശിക്കുന്നതു പോലെ അഗ്നിവിരാടും സ്വയംഗാമിയായി പ്രശോഭിക്കുന്നു.

## സൂക്തം 57

**ഋഷി കണ്വപുത്രൻ മേധ്യൻ ദേവത അശ്വികൾ ഛന്ദസ് ത്രിഷ്ടുപ്**

**1. യുവം ദേവാ ക്രതുനാ പൂർവ്യേണ യുക്താ രഥേന തവിഷം യജത്രാ**

**ആഗഛതം നാസത്യാ ശചീഭിരിദം തൃതീയം സവനം പിബാഥഃ**

ഹേ അശ്വിനികളേ! പുനിർമ്മിച്ച രഥത്തിലാരുഢരായി യജ്ഞത്തിൽ വരുവിൻ. ദിവ്യരായ നിങ്ങൾ സ്വന്തം കർമ്മശക്തിയാൽ മൂന്നാം സവനത്തിൽ വസിക്കുന്നു.

**2. യവാം ദേവാസ്രയ ഏകാദശസഃ സത്യാഃ സത്യസ്യ ദദൃശേ പുരസ്താത്**

**അസ്മാകം യജ്ഞം സവനം ജൂഷാണ സോമാശ്വിനാ ദീദ്യഗ്നീ**

മുപ്പത്തിമൂന്നുദേവകളും സത്യസ്വരൂപരാകുന്നു. അവർ യജ്ഞത്തിന്റെ മുമ്പിലു്. ഹേ അശ്വിനികളേ! നിങ്ങൾ ആകാശത്തിലും അന്തരീക്ഷത്തിലും ഭൂമിയിലും യഥേഷ്ടം ജലത്തെ വർഷിക്കുന്നു.

**3. പനായ്യം തദശ്വിനാം കൃതം വാം വൃഷഭോ ദിവോ രജസഃ പൃഥിവ്യാ**

**സഹസ്രം ശസാ ഉത യേ ഗവിഷ്ഠൗ സർവാം ഇത്താം ഉപ യാതാപിബധ്യൈ**

ഞങ്ങൾ നിങ്ങൾക്കുവേി തന്നെ സ്തുതിച്ചിരിക്കുന്നു. ആയിരം സ്തോതാക്കൾക്കും ഗോപകൻമാർക്കും യജ്ഞകർത്താക്കൾക്കും വേി അവരുടെ ആഹ്വാനത്തിൽ സോമം കുടിക്കുവാൻ വന്നുചേരണേ.

**4. അയം വാം ഭാഗോ നിഹിതോ യജത്രേമാം ഗിരോ നാസത്യോപ യാതം**

**പിബതം സോമം മധുമന്തമസ്മേ പ്ര ദ്വാശ്വാം സമവതം ശചീഭിഃ**

ഹേ അശ്വിനികളേ! നിങ്ങളിവിടെ വന്നാലും നിങ്ങൾക്കുള്ള യജ്ഞാംശം ഇവിടെ വെച്ചിരിക്കുന്നു. നിങ്ങളുടെ രക്ഷകളാൽ ഹവിസ്സ് ദാതാവിനെ രക്ഷിക്കുകയും സോമരസം കുടിക്കുകയും ചെയ്യുവിൻ.

## സൂക്തം

**ഋഷി കണ്വപുത്രൻ മേധ്യൻ ദേവത വിശ്വേദേവകൾ ഛന്ദസ് ത്രിഷ്ടുപ്**

**1. യമൃത്വിജോ ബഹുധാ കല്പയന്തഃ സചേതസോ യജ്ഞമിമം വഹന്തി**

**യോ അനൂചാനോ ബ്രാഹ്മണോ യുക്ത അസീത്കാസ്വിത്തത്ര യജമാനസ്യ സംവിത്**

വിഭിന്നങ്ങളായ കല്പനകളോടുകൂടി ऋത്വികൾ ഈ യജ്ഞം നിർവഹിച്ചിരിക്കുന്നു. വേദപാരാംഗതനായ ബ്രാഹ്മണൻ പറയുകണാണെങ്കിൽ അതുസംബന്ധമായി യജമാനൻ എന്തറിയുന്നു.

**2. ഏക ഏവാഗ്നിർബഹുധാ സമിദ്ധ ഏകഃ സൂർയോ വിശ്വമനു പ്രഭൂതഃ**

**ഏകൈവോഷാഃ സർവമിദം വി ഭാത്യേകം വാ ഇദം വി ബഭൂവ സർവം**

ഒരഗ്നി അനേകം കർമ്മങ്ങൾ ചെയ്യുന്നു. ഒരു സൂര്യൻ സ്ഥാനഭേദത്താൽ അനേകനാകുന്നു. ഉഷസ്സ് അവയുടെയെല്ലാം മുമ്പിൽവരുന്നു ഇവയെല്ലാം ഒന്നുതന്നെയാകുന്നു.

**3. ജ്യോതിഷ്മന്തം കേതുമന്തം ത്രിചക്രം സുഖം രഥം സുഷദം ഭൂരിവാരം**

**ചിത്രാമഘാ യസ്യ യോഗേ ധിജജ്ഞേ തം വാം ഹുവേ അതി രിക്ത പിബധ്യൈ**

## സൂക്തം 59

**ഋഷി കണ്വഗോത്രൻ ദേവത ഇന്ദ്രൻ വരുണൻ ഛന്ദസ് ജഗതി**

**1. ഇമാനി വാം ഭാഗധേയാനി സിസ്രത ഇന്ദ്രാ വരുണാ പ്ര മഹേ സുതേഷ വാം**

**യജ്ഞേയജ്ഞേ ഹ സവനാ ഭരണ്യഥോ യത്സുന്വതേ യജമാനായ ശിക്ഷഥഃ**

ഹേ ഇന്ദ്രാ! വരുണൻമാരേ ഈ സോമാഭിഷവത്തിൽ നിങ്ങൾ വിളിയ്ക്കപ്പെടുന്നു. ഇതിൽ നിങ്ങൾക്കുള്ള പങ്കിനെ സ്വീകരിയ്ക്കേണമേ. സോമവാനായ യജമാനന്റെ അഭീഷ്ടങ്ങൾ നിറവേറ്റി എല്ലാ വീടുകളിലും സോമത്തെ പുഷ്ടിപ്പെടുത്തേണമേ.

**2. നിഃ ഷിധ്വരീരോഷധീരാപ ആസ്താമിന്ദ്രാ വരുണാ മഹിമാനമാശത**

**യസിസ്രരൂ രജസഃ പാരേ അധ്വനോ യയോഃ ശത്രുർനകിരാദേവ ഓഹതേ**

ഹേ ഇന്ദ്രാവരുണൻമാരേ! സപ്തവാണിയായ കൃഷ മഹർഷിയുടെ സോമത്തെ നിങ്ങൾക്കു വേി മറന്നുവല്ലോ. നിങ്ങൾ ശുഭകർമ്മാക്കളുടെ രക്ഷകരാണല്ലോ യാതൊരുത്തൻ തന്റെ കർമ്മത്താൽ നിങ്ങളെ പ്രസാദിപ്പിയ്ക്കുന്നുവോ. ആ ഹവിസ്സ് ദാതാവായ യജമാനനെ നിങ്ങൾ രക്ഷിയ്ക്കുവിൻ.

**3. സത്യ തദിന്ദ്രാവരുണാ കൃശസ്യ വാം മധ്വ ഊർമിം ദുഹുതേ സുപ്ത വാണീഃ**

**താഭിർദാശ്വാ സമവതം ശുഭസ്പതീ യോ വാമദബ്ധോ അഭി പാതി ചിത്തിഭിഃ**

ഹേ ഇന്ദ്രാവരുണൻമാരേ! സപ്തവാണിയായ കൃഷ മഹർഷിയുടെ സോമത്തെ നിങ്ങൾക്കു വേിമറന്നുവല്ലോ. നിങ്ങൾ ശുഭകർമ്മാക്കളുടെ രക്ഷകരാണല്ലോ. യാതൊരുത്തൻ തന്റെ കർമ്മത്താൽ നിങ്ങളെ പ്രസാദിപ്പിയ്ക്കുന്നുവോ, ആ ഹവിസ്സ് ദാതാവായ യജമാനനെ നിങ്ങൾ രക്ഷിയ്ക്കുവിൻ.

**4. ഘൃത പ്രുഷഃ സൗമ്യാ ജീരദാനവഃ സപ്ത സ്വസാരഃ സദാ ഋതസ്യ**

**യാ ഹ വാമിന്ദ്രാവരുണാ ഘൃതശ്രു തസ്താഭിർ ധത്തം യജമാനായ ശിക്ഷതം**

യഥേഷ്ടം നൽകുന്നവരായയ സപ്തരശ്മികൾ അഭീഷ്ടങ്ങൾ പ്രദാനം ചെയ്യുന്നു. ഹേ ഇന്ദ്രാവരുണാ! ആര് നിങ്ങളെ നനയ്ക്കുന്നുവോ അ്വനുവേി യജ്ഞം നിർവ്വഹിച്ചുകൊ് യജമാനന്റെ അഷീഷ്ടങ്ങൾ പൂർണ്ണമാക്കിയാലും.

**5.അവോചാമ മഹതേ സധഭഗായ സത്യം ത്വേഷാഭ്യം മഹിമാനമിന്ദ്രിയം**

**അസ്മാൻത്സിന്ദ്രാ വരുണാ ഘൃതശ്ചുതസ്രിഭിഃ സാപ്തേഭിരവതം ശുഭസ്പതീ**

ഇന്ദ്രനിൽ നിന്നും വരുണനിൽനിന്നുള്ള സൗഭാഗ്യ പ്രാപ്തിക്കുവേി അവരുടെ യഥാർത്ഥമയ മഹിമകളെ നമുക്കു വർണ്ണിക്കാം. ഘൃതം തളിക്കുന്നവരായ നമ്മേ ഇരുപത്തൊന്നു കാര്യങ്ങൾ വഴി അവർ രക്ഷിക്കുമാറാകണേ. എന്തുകൊന്നൊൽ അവർ എല്ലാ ശുഭകർമ്മങ്ങളുടെ ഈശ്വരൻമാരാകുന്നു.

**6. ഇന്ദ്രാവരുണാ യദൃഷിഭ്യോ മനീഷാം വാചോ മതിം ശ്രുതമദത്തമഗ്രേ**

**യാനി സ്ഥാനന്യസൃജന്ത ധീരാ യജ്ഞ തന്വാനാസ്തപസാഭ്യപശ്യം**

ഹേ ഇന്ദ്രാവരുണൻമാരേ! നിങ്ങൾ പത്തെ മഹർഷിമാർക്കു കൊടുത്തിരുന്ന ബുദ്ധി, ബലം, വാണി, ശ്രുതി സ്തുതി ഇവയെ എല്ലാം ഈ യജ്ഞത്തിൽ തപം വഴിയായി ഞങ്ങൾ കിരിയ്ക്കുന്നു.

**7.ഇന്ദ്രാവരുണാ സൗമനസമദൃപ്തം രായസ്പോഷം യജമാനേഷു ധത്തം**

**പ്രജാംപുഷ്ഠി ഭ്രതിമസ്മാസു ധത്തം ദീർഘായുത്വായ പ്രിതിരതം ന ആയുഃ**

ഹേ ഇന്ദ്രാ വരുണൻമാരേ! യാതൊരു ധനം അഹങ്കാരത്തെ വർദ്ധിപ്പിക്കാതെ മനസ്സിനെ സന്തുഷ്ടമാക്കുന്നുവോ, അത് ഈ യജമാനനു നൽകേണമേ. ഞങ്ങൾക്ക് സന്താനങ്ങളും ധനവും സമൃദ്ധിയും നൽകി, ഞങ്ങളുടെ ധിർഘജീവിതത്തിനുവേി ആയുസ്സിനെ രക്ഷിക്കേണമേ.

# ബാലഖില്യം സമാപ്തം

## സൂക്തം 60

**ഋഷി പ്രഗാഥപുത്രൻ ഭർഗവൻ ദേവത അഗ്നി ഛന്ദസ് ബൃഹതി പംക്തി**

**1. അഗ്ന ആ യാഹ്യഗ്നിഭിർഹോതാരം ത്വാ വൃണീ മഹേ**

**ആ ത്വാമനകതു പ്രയതാ ഹവിഷ്മതീ യജിഷ്ഠം ബർഹിരാസദേ**

ഹേ അഗ്നേ ഞങ്ങൾ ഹോതാവായി നിന്നെ വരിക്കുന്നു. നീ മറ്റഗ്നികളുമായി വരേണമേ. അധ്വര്യുക്കളാൽ വിരിക്കപ്പെട്ട കശാസനത്തിൽ പ്രിഷ്ഠിസ്സ് ഞങ്ങളങ്ങയെ പൂജിക്കും.

**2. അഛാ ഹി ത്വാ സുഹസൂനോ അങ്ഗിരഃസ്രചശ്വ രന്ത്യധ്വരേ**

**ഊർജോ നപാതം ഘൃതകേശീമമഹേ ഗ്നിം യജ്ഞോഷു പൂർവ്യം**

ഹേ അംഗിരസ്സുകളിൽ ശ്രേഷ്ഠമായ അഗ്നേ നീ ബലത്തിൽനിന്നും ജനിച്ചു. നിന്നെ പ്രാപിക്കുവാനായി ഞങ്ങൾ വലം വെക്കുന്നു.

**3. അഗ്നേ കവിർവോധോ അസി ഹോതാ പാവക യക്ഷ്യഃ**

**മന്ദ്രോ യജിഷ്ഠോ അധ്വരേഷ്വാഡ്യോ വിപ്രേഭിഃ ശുക്ര മൻമഭിഃ**

ഹേ അഗ്നേ നീ ഫലങ്ങളുടെ വിധാതാവാണല്ലോ യജ്ഞത്തിൽ വിദ്വാൻമാരായ ബ്രാഹ്മണർ സന്തുഷ്ടനും തേജസ്വിയും ആയ നിന്നെ സ്തുതിക്കുന്നു.

**4. അദ്രോധമാ വഹോശതോയവിഷ്ഠ്യ ദേവാം അജസ്ര വീതയേ**

**അഭി പ്രയാംസി സുധിതാ വസോ ഗഹി മന്ദസ്വ ധീതിഭിർഹിതം**

ഹേ നിത്യതരുണനായ അഗ്നേ ദേവഗണം എന്നെ ഇഷ്ടപ്പെടുന്നു. എന്തുകൊന്നൊൽ ഞാൻ ദ്രോഹിരഹിതനാണ് നീ ആ ദേവകളെ ഹവിർഭോജനത്തിനുവേി ഇവിടെ കൊുവന്നാലും. നീ നല്ലവാസസ്ഥാനം നൽകുന്നവനാണല്ലോ. ഈ ഹവിരാന്നത്തിന്നടുക്കൽവന്ന് സ്തുതികളിൽനിന്നുള്ള ഹർഷത്തെ പ്രാപിച്ചാലും.

**5. ത്വമിത്സപ്രഥാ അസ്യഗ്നേ ത്രാതഋതർസ്കവിഃ**

**ത്വാം വിപ്രാസഃ സമിധാന ദീദിവ ആ വിവാസന്തി വേധസഃ**

ഹേ അഗ്നേ നീ ഞങ്ങളെ രക്ഷിക്കുന്ന ജ്ഞാനിയും ദ്രദീപ്തനും വിസ്തൃതനും ആകുന്നു. ഈ സ്തുതിക്കുന്നവൻ സുന്ദരങ്ങളായ മന്ത്രങ്ങളോടുകൂടി നിന്നെ സേവിയ്ക്കുന്നു.

**6. ശോചാ സോചിഷ്ഠ ദീദിഹി വിശേ മയോ രാസ്വ സ്തോത്ര മഹാം അസി**

**ദേവാനാം ശർമൻമസന്തു സൂരയഃ ശത്രുഷാഹഃ**

ഹേ അഗ്നേ കത്തിജ്വലിക്കുക ഹേ പാവകാ സ്തോതാക്കൾക്കും പ്രജകൾക്കും നൻമവരുത്തുക. ഇ! സ്തോതാവ് ദേവകളുടെ സുഖം പ്രാപിക്കണേ. അവർ ശത്രുവിജയികളാകണേ.

**7.യഥാ ചിദ്വൃദ്ധമതസമഗ്നേസഞ്ജൂർവസി ക്ഷമി**

**ഏവാദഹ മിത്രമഹോ യോഅസ്മധ്രുഗ്ദുർമൻമകാശ്ച വേനതി**

ഹേ മിക്രപൂജകരായ സ്തോതാക്കളേ നിങ്ങൾ ഉണക്കവിറക് ഭസ്മമാക്കുന്നപോലെ അഗ്നി പൂജവഴിയായി ഞങ്ങളുടെ വൈരികളേയും പാപബുദ്ധികളായ ഹിംസകൻമാരേയും ഭസ്മീകരിക്കുവിൻ.

**8. മാ നോ മർതായരിപവേ രക്ഷ സ്വിനേ മാഘ ശംസായ രീരധഃ**

**അസ്തേധദ്ഭിസ്തരണിഭിർ യവിഷ്ഠ്യ ശിവേഭിഃ പാഹി പായുഭിഃ**

ഹേ അഗ്നേ! ഞങ്ങളെ ഹിംസകൻമാർക്കും അധീനരാക്കരുതേ. ആര് ഞങ്ങൾക്കു തിൻമയാഗ്രഹിക്കുന്നുവോ അവരുടെ പിടിയിൽ ഞങ്ങളെ അകപ്പെടുത്തരുതേ. ഹേ അഗ്നേ! നീനിത്യതരുണനാണല്ലോ. നിന്റെ സുഖകരവും ഉദാരകവുമായ രക്ഷകളാൽ ഞങ്ങളുടെ രക്ഷകനാകേണമേ.

**9. പാഹി നോ അഗ്ന ഏകയാ ജാഷ്യത ദ്വിതീയതാ പാഹി ഗിർഭിസ്തിസൃഭിരൂർജാമ്പതേ പാഹി ചതസൃഭിർവസോ**

ഹേ അഗ്നേ! ഒന്നോ രണ്ടോ മൂന്നോ ഋക്കുകളാൽ ഞങ്ങളെ രക്ഷിച്ചാലും നല്ഋക്കുകളാലും ഞങ്ങളെ രക്ഷിക്കേണമേ.

**10. പാഹി വിശ്വസ്മാദ്രക്ഷസോ അരാവണഃ പ്രസ്മ വാജേഷു നോ വ**

**ത്വാമിദ്ധി നേദിഷ്ഠം ദേവതാതയ ആപിം നക്ഷാ മഹേ വൃധേ**

എല്ലാ ദേവകളിൽനിന്നും അദാനികളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. നീ ഞങ്ങളുടെ അടുത്തബന്ധുവാണല്ലോ. യുദ്ധക്ഷേത്രത്തിൽ ഞങ്ങളെ രക്ഷിക്കൂ. യജ്ഞത്തിനും ഐശ്വര്യപ്രാപ്തിക്കും. വേി ഞങ്ങൾ നിന്റെ ആശ്രയം സ്വീകരിക്കും.

**11. ആ നോ അഗ്നേ വയോവൃധം രയിം പാവക ശംസ്യ രസ്വാ ച ന ഉപമാതേ പുരുസ്പൃഹം സുനീതി സ്വയശസ്തരം**

ഹേ പാവകാ! ഞങ്ങൾക്ക് അന്നത്തെ വളർത്തുന്ന യശോപൂർണ്ണമായ ധനം നൽകൂ. നീ ഞങ്ങളുടെ അടത്തബന്ധുവും ധനദായകനും ആണല്ലോ അതിനാൽ അനേകർക്ക് സ്വീകാര്യയോഗ്യവും മഹത്തായ യശ്വസിനെ പ്രദാനം ചെയ്യുന്നതും ആയ ധനം ഞങ്ങൾക്കു നൽകിയാലും

**12. യേന വം സാമ പൃതനാസു ശർധതസ്തരന്തോ അർയ ആദിശഃ**

**സ ത്വം നോ വർധ പ്രയസാ ശചീവസോ ജിന്വാ ധിയോ വസുവിദഃ**

അമ്പെയ്തു കൊല്ലുന്ന ശത്രുക്കളിൽനിന്നും രക്ഷപെട്ട് ഞങ്ങൾക്കവരെ കൊല്ലുവാൻ കഴിയാത്ത വിധമുള്ള ധനം നൽകേണമേ. നീ സ്വന്തം സുന്ദരമായ ബുദ്ധിയിൽനിന്നും നല്ലവസസ്ഥാനം നൽകുന്നു. നീ ഞങ്ങളെ അന്നത്താൽ വളർത്തേണമേ. ഏതുകർമ്മത്താൽ ധനം പ്രാപിക്കുവാൻ കഴിയുമോ ആ കർമ്മത്തെ ഉറപ്പിക്കേണമേ.

**13. ശിശാനോ വൃഷഭോ യഥാഗ്നിഃ ശൃംഗേ ബവിധ്വത് തിഗ്മാ അസ്യ ഹനവോ ന പ്രതിധൃഹേ സുജമ്ഭഃ സഹസോ യഹുഃ**

കാളയെപ്പോലെ തന്റെ കൊമ്പുകളാകുന്ന ജ്വാലകൾ വളർത്തി അഗ്നി തന്റെ ശിരസിനെ കമ്പിതമാക്കുന്നു. അവന്റെ തീക്ഷണമായ അണക്കട്ടു തകർക്കുവാനുള്ള സാമർത്ഥ്യം ആരിലും ഉാകുന്നില്ല. അവൻ ബലപുത്രനും മനോഹരമായ പല്ലുകളുള്ളവനും ആകുന്നു.

**14. നഹി തേ അഗ്നേ വൃഷഭ പ്രതിധൃഷേ ജഗ്ഭാസോ യദ്വിതിഷ്ഠസേ**

**സ ത്വം നോ ഹോതഃ സുഹുതം ഹവിഷ്കൃധി വംസ്വാനോ വാർയാ പുരു**

ഹേ അഗ്നേ! നീ വൃഷ്ടികാരകനാകുന്നു. നീ കത്തിപ്പടരുമ്പോൾ ആർക്കും നിന്നെ തടുക്കുവാൻ സാധിക്കുന്നില്ല. നീ ഹോതാരുപത്തിൽ ഞങ്ങളുടെ ഹവിസ്സുകളെ വ്യാപിക്കുന്നവനാകുന്നു. ഞങ്ങൾക്ക് വരണയോഗ്യമായ ധനം പ്രദാനം ചെയ്യണമേ.

**15. ശേഷേ വനേഷു മാത്രോഃ സംത്വാ മർതാസ ഇന്ധതേ അതന്ദ്രോ ഹവ്യാ വഹസി ഹവിഷ്കൃത ആദിദ്ദേവേഷു രാജസി**

ഹേ അഗ്നേ നീ ര് അരണിരൂപകളായ മാതാക്കളിൽ വിരാജിക്കുന്നു. മനുഷ്യരാൽ നീ വളർത്തപ്പെടുന്നു. നീ പ്രമാദ രഹിതനായി ഞങ്ങളുടെ ഹവിസ്സുകളെ ദേവകളുടെ അടുത്തെത്തിയ്ക്കുകയും ആ ദേവകളിൽ പ്രകാശിയ്ക്കുകയും ചെയ്യണേ.

**16. സപ്ത ഹോതാരസതമിദീളതേ ത്വാഗ്നേ സുജ്യമഹ്രയം ഭിനത്സ്യദ്രിം തപസാ വി ശോചിഷാ**

**പ്രാഗ്നേ തിഷ്ഠ ജനാം അതി**

ഹേ അഗ്നേ നീ ഇഛിതം നിറവേറ്റുന്നവനും പ്രദീപ്തനുമാണല്ലോ. ഏഴു ഹോതാക്കൾ നിന്നെ സ്തുതിയ്ക്കുന്നു. നീ സന്താപജനകമായ സ്വന്തം തേജസ്സിനാൽ മേഘത്തെ പിളർക്കുന്നു. ഹേ അഗ്നേ! ഞങ്ങളെ കടന്ന് മുമ്പോട്ടുപോയാലും.

**17. അഗ്നിമഗ്നിം വോ അധ്രിഗും ഹുവേമ വൃക്ത ബർഹിഷഃ അഗ്നിം ഹിതപ്രയസഃ ശശ്വതീഷ്വാ ഹോതാരം ചർഷണീനാം**

ഹേ അഗ്നേ! സുഖദായകമായ യജ്ഞത്തിൽ സന്താനയവാൻമാരായ മനുഷ്യരോടുകൂടി യജമാനൻ നിന്നെ സ്തുതിയ്ക്കുന്നു. നീ ഞങ്ങളുടെ രക്ഷയ്ക്കുവേി പല വിധത്തിലുള്ള അന്നവുമായി വരണമേ.

**18. കേതന ശർമൻത്സപതേ സുഷാമണ്യഗ്നേ തുഷ്യം ചികിത്വനാ**

**ഇഷണ്യാനഃ പുരൂരൂപമാ ഭര വാജം നേദിഷ്ഠമൂതയേ**

ഹേ അഗ്നേ! സുഖദായകമായ യജ്ഞത്തിൽ സന്താനവാൻമാരായ മനുഷ്യരോടുകൂടി യജമാനൻ നിന്നെ സ്തുതിക്കുന്നു. നീ ഞങ്ങളുടെ രക്ഷയ്ക്കുവേി പല വിധത്തിലുള്ള അന്നവുമയി വരണമേ.

**19. അഗ്നേ ജരിതർവിശ്പതിസ്തേ ദേവ രക്ഷസഃ**
**അപ്രോഷിവാൻ ഗൃഹപതിർമഹാംഅസി**
**വേദൂസ്പായൂർരോണയുഃ**

ഹേ അഗ്നേ! നീ സ്തുതിയ്ക്കപ്പെടുവാൻ യോഗ്യനാകുന്നു. നീ പ്രജാരക്ഷകനുമാണ്. നീ യജമാനന്റെ ഗൃഹത്തെ സംരക്ഷിയ്ക്കുന്നു. അതിനെ ഒരിക്കലും ത്യജിക്കുന്നില്ല. നീ മഹാനാകുന്നു.

**20. മാനോ രക്ഷ ആ വേശീദാഘൃണീ വസോ മാ യാതുര്യാതുമാവതാം**
**പരോഗവ്യൂത്യനിതാമപ ക്ഷുധമഗ്നേ സ്വേ ധ രക്ഷസ്വിനം**

ഹേ അഗ്നേ! ഞങ്ങളുടെ ശരീരങ്ങളിൽ പാപരൂപമായ രാക്ഷസൻ പ്രവേശിയ്ക്കാതിരിയ്ക്കണേ. പിശാചുക്കൾ മുതലായവയ്ക്കും പ്രവേശിയ്ക്കുവാൻ കഴിയാതെ വരണേ. ആ ക്രൂരകർമ്മാക്കളായ രാക്ഷസൻമാരേയും പിശാചാദികൾയും ദാരിദ്ര്യത്തേയും ഞങ്ങളുടെ അടുക്കൽ വരുവാനനുവദിക്കരുതേ.

**സൂക്തം 61**

**ഋഷി പ്രഗാഥപുത്രൻ ഭർഗവൻ ദേവത ഇ ഛന്ദസ് ബധഹതി സതോബൃഹതി**

**1. ഉഭയം ശ്രുണവച്ച ന ഇന്ദ്രോ അർവാഗിദം വചഃ**
**സത്രാച്യാ മഘവാ സോമപീതയേ ധിയാ ശവിഷ്ഠ ആ ഗമത്**

ഹേ ഇന്ദ്രാ! ഞങ്ങളുടെ സ്തുതിവചനങ്ങളെ കേൾക്കേണമേ. ആ ഇന്ദ്രൻ നമ്മുടെ കർമ്മങ്ങളാൽ ആകൃഷ്ടനായി സോമം പാനം ചെയ്യുവാൻ ഇവിടെ ആഗതനാകണേ.

**2. തംഹി സ്വരാജം വൃഷഭം തമോജസേ ധിഷണേ നിഷ്ഠതക്ഷതുഃ**
**ഉതോപമാനാം പ്രഥമോ നി ഷീദസി സോമകാമം ഹി തേ മനഃ**

ആകാശവും ഭൂമിയും ഇന്ദ്രനെ ബലത്തിനുവേ സംസ്കരിയ്ക്കപ്പെട്ടിരിക്കുന്നു. ഹേ ഇന്ദ്രാ! നീ ദേവകളിൽ പ്രമുഖനായി ഈ വേദിയിൽ പ്രതിഷ്ഠിതനാകണേ. എന്തുകൊന്നൊൽ നിന്റെ മനസ്സ് സോമത്തെ ആഗ്രഹിച്ചുകൊിരിയ്ക്കുന്നു.

**3. ആ വൃഷസ്വ പൂരൂവസോ സുതസ്യേന്ദ്രാന്ധസഃ**
**വിദ്മാ ഹി ത്വാ ഹരിവഃ പൃത്സു സാസഹിമധൃഷ്ടം ചിദദധൃഷ്വണിം**

ഹേ ഇന്ദ്രാ! നീ സ്വന്തം ഉദരത്തിൽ സോമത്തെ പകർന്നാലും നീ രണക്ഷേത്രത്തിൽ ശത്രുക്കളെ കീഴമർത്തുന്നവനാണെന്നും ആർക്കും കീഴടങ്ങാത്തവനാണെന്നും ഞങ്ങളറിയുന്നു.

**4. അപ്രാമിസത്യ മഘവന്തനേദസദിന്ദ്ര ക്രത്വാ യഥാ വശഃ**
**സനേമ വാജം തവ ശിപ്രിന്നവസാ മക്ഷു ചിദ്യന്തോ അദ്രിവഃ**

ഹേ ഇന്ദ്രാ! വാസ്തവത്തിൽ നീ ഹിംസിതനാകുന്നില്ല. ഞങ്ങൾക്ക് ഏതൊരുകർമ്മത്താൽ വിജയം പ്രാപിക്കുവാൻ സാധിയ്ക്കുമോ. ആ കർമ്മം തന്നെ ഞങ്ങളെ പ്രാപിക്കണേ. ഹേ വജ്രായുധാ! നീ മൂലം പോഷിതരായ ഞങ്ങൾ അന്നം സേവിച്ചുകൊ് ശത്രുക്കളെ അതിവേഗം പലായനം ചെയ്യിക്കും.

**5. ശഗ്ധ്യൂ ഷു ശചീപത ഇന്ദ്ര വിശ്വാഭിരൂതിഭിഃ**
**ഭഗം ന ഹി ത്വാ യശസം വസുവിദമനു ശൂര**

ഹേ ഇന്ദ്രാ! നിന്റെ എല്ലാ രക്ഷകളോടും കൂടി ഞങ്ങളിച്ഛിയ്ക്കുന്ന ഫലം നൽകിയാലും. നീ മഹായശസ്വിയും ധനേശൻും ആകുന്നു. ഞങ്ങൾ ശരിയായവിധം നിന്നെ ഉപാസിയ്ക്കുന്നു.

**6. പൗരോ അശ്വസ്യ പുരുകൃദ്ഗവാമസ്യുത്സോ ദേവ ഹരണ്യയഃ**
**നകിർഹി ദാനം പരിമർധിഷത്ത്വേ യദ്യദ്യാമി തദാ ഭര**

ഹേ ഇന്ദ്രാ! നീ ഗോക്കളേയും അശ്വങ്ങളേയും വർദ്ധിപ്പിയ്ക്കുന്നവനും സ്വവർണ്ണമുള്ളവനും ആകുന്നു. നീ യാതൊന്ന് ഞങ്ങൾക്ക് നൽകുവാനാഗ്രഹിക്കുന്നുവോ അതിനെ നശിപ്പിയ്ക്കുവാൻ സാധ്യമല്ല. അതിനാൽ ഞാൻ യാചിയ്ക്കുന്നതുമായി വന്നുചേരണമേ.

**7. ത്വം ഹ്യേഹി ചേരവേ വിദാ ഭഗം വസുത്തയേ**
**ഉദ്വാ വൃഷസ്വ മഘവൻഗവിഷ്ടയേ ഉദിന്ദ്രാശ്വമിഷ്ടയേ**

ഹേ ഇന്ദ്രാ! നീ വന്നാലും സ്വന്തം ഉപാസകൻമാർക്ക് ശ്രേഷ്ഠമായ ധനം നൽകിയാലും ഞാൻ ഗോക്കളേയും അശ്വങ്ങളേയുമ ആഗ്രഹിക്കുന്നു. അതിനാൽ അവയെല്ലാം എനിക്കു ദാനമായിത്തന്നാലും.

**8. ത്വം പുരൂ സഹസ്രാണി ശതാനി ച യൂഥാ ദാനായ മംഹസേ**
**ആ പുരന്ദരം ചകൃമ വിപ്രവചസ ഇന്ദ്രം ഗായന്തോ വസേ**

ഹേ ഇന്ദ്രാ നീ ആയിരം പതിനായിരം കണക്കിന് ഗോക്കളെ ദാനശിലനായ യജമാനനു ദാനം ചെയ്യുന്നു. ശത്രുപുരികളെ തകർത്ത ഇന്ദ്രനെ സ്തുതിച്ചുകൊ് അവനെ ഞങ്ങളിവിടെ കൊുവരും.

**9. അവിപ്രോ വാ യദവിധദ് വിപ്രോ വേന്ദ്ര തേ വചഃ**
**സ പ്ര മമന്ദത്ത്വാവാ ശതക്രതോ പ്രാചാമന്യോ അഹംസന**

ഹേ അനന്ത കർമ്മാവായ ഇന്ദ്രാ നീ അജയനും യുദ്ധത്തിൽ അഭിമാനം കൊള്ളുന്നവനും ആണല്ലോ. യാതൊരുത്തൻ ജ്ഞാനിയോ അഥവാ മായനോ നിന്നെ ഉപാസിക്കുന്നുവോ അവൻ നിന്റെ കൃപയെപ്രാപിച്ചു സുഖിമാനായിത്തീരുന്നു.

**10. ഉഗ്രം ബാഹുർമക്ഷ്വകൃത്വാ പുരന്ദരോ യദി മേ ശൃണവദ്ധവം**
**വസൂയവോ വസൂപതിം ശതക്രതും സ്തോമൈരിന്ദ്രം ഹവാമഹേ**

ഹേ ഇന്ദ്രാ നീ രാക്ഷസൻമാരെ ഹിംസിക്കുന്നവനും പൂരങ്ങൾ തകർക്കുന്നവനും ഉഗ്രബാഹുവും ആണല്ലോ. ആ ഇന്ദ്രൻ എന്റെ സ്തോത്രങ്ങൾ ശ്രവിക്കുകയാണെങ്കിൽ ഞങ്ങൾ അദ്ദേഹത്തിന്റെ ധനത്തെ ആശിച്ചുകൊ് ആഹ്വാനം ചെയ്യും.

**11. ന പാപാസോ മനാമഹേ നാരായാസോ ന ജളഹവഃ**
**യദിന്ന്വിന്ദ്രം വൃഷണം സചാ സുതേ സഖായം കൃണവാമഹൈ**

ഞങ്ങൾ ഇന്ദ്രനെ അഗ്നിരഹിതനായും നിർധനനായും അബ്രഹ്മചാരിയായും മാനിക്കുന്നില്ല. ഞങ്ങൾ അവനായി സോമം പിഴിഞ്ഞുകൊ് അവനെ സ്വന്തം സഖാവാക്കും.

**12. ഉഗ്രം യയുജ്മ പൃതനാസു സാസഹിമൃണകാതിമദാഭ്യം**
**വേദാ ഭൃമം ചിത്സനിതാരഥീതമോ വാജിനം യമിദൂ നശത്**

ഇന്ദ്രനെ സ്തുതിക്കുന്നത് ഋണംപോലെ ഫലദായകമാണ്. അശ്വങ്ങളിൽ വേഗമേറിയ അശ്വതെത ആ രഥനായകൻ അറിയുന്നു. അനേകം യജമാനൻമാരിൽ നമ്മെ അവൻ പ്രാപിച്ചിരിക്കുന്നു.

**13.യത ഇന്ദ്ര ഭയാമഹേ തതോ നോ അഭയം കൃധീ**

**മഹവഷരഞ്ഞഗ്ധിതവ തന്ന ഊതിഭിർവി ദ്വിഷോ വി മൃധോ ജഹി**

ഹേ ഇന്ദ്രാ ആര് ഞങ്ങളെ ഭയപ്പെടുത്തുന്നുവോ ആ ഹിംസകന്റെ ഭയത്തിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. നീ ഞങ്ങൾക്കു ഭയം നൽകുവാൻ ആ രക്ഷകൾവഴിയായി ആ ഹിംശകൻമാരെ സംഹരിക്കേണമേ.

**14.ത്വം ഹി രാധസ്പതേ രാധസോ മഹഃ ക്ഷയസ്യാസി വിധതഃ**

**തംത്വാ വയം ന്നിന്ദ്ര ഗിർവണഃ സുതാവന്തോ ഹവാമഹേ**

**ആയ യാഹി കൃണുവോ മ ത ഇന്ദ്ര ബ്രഹ്മാണി വർധനാ**

ഹേ ഇന്ദ്രാ! നീ ധനേശനും ഉപാസകരുടെ വീടുകളിൽ സമൃദ്ധിവരുത്തുന്നവനും സ്തുത്യർഹനുമാണല്ലോ. സോമം പിഴിഞ്ഞുകൊ് ഞങ്ങൾ നിന്നെ വിളിയ്ക്കുന്നു.

**15. ഇന്ദ്ര സ്പളത വ്യത്രറ്റു പരസ്പാ നോ വരേണ്യഃ**

**സനോ രക്ഷിഷച്ചരമംസ മധ്യമം സ പശ്ചാത്പാതു നഃ പുരഃ**

ഇന്ദ്രൻ വ്യത്രഹന്താവും സർവ്വജ്ഞാനിയും പാലകനും വരണയോഗ്യനും ആകുന്നു. അവൻ നമ്മുടെ മൂത്തവനും ഇളയവനും മദ്ധ്യമനും ആയ പുത്രൻമാരെ രക്ഷിയ്ക്കേണമേ. മുന്നിലും പിന്നിലും അവൻ നമ്മുടെ രക്ഷകനാകണേ.

**16. ത്വം നഃ പശ്ചാദധതാദുത്തതാര്പു ഇന്ദ്ര നി പാഹി വിശ്വതഃ**

**ആരേ അസ്മത്കൃണഹി ദൈവ്യം ഭയമാരേ ഹേതീരദേവീം**

ഹേ ഇന്ദ്രാ! നാലുദിക്കിലും സ്ഥിതിചെയ്യുന്ന ഭയങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമേ. രാക്ഷസൻമാരുടേയോ ദേവകളുടേയോ ഭയങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കേണമേ.

**17. അദ്യാദ്യാ ശ്വശ്വോ ഇന്ദ്രാ ത്രാസ്വ പാര ച നഃ**

**വിശ്വാ ച നോ ജരിത്യൻ സത്പതേ അഹാ ദിവാ നക്തം ച രക്ഷിഷഃ**

ഹേ ഇന്ദ്രാ ഞങ്ങൾ നിന്റെ സ്തോതാക്കളും നീ സാധുജനപാലകനും ആണല്ലോ. ഇന്നും നാളെയും മറ്റന്നാളും ദിവസം മുഴുവനും നീ ഞങ്ങളുടെ രക്ഷകനാണല്ലോ.

**18. പ്രഭങ്ഗീ ശുരോ മഘവാ തുവീമഘാ സമ്മിശ്ലാ വീര്യായ കം**

**ഉഭാ തേ ബാഹൂ വ്യഷണാ ശതക്രതോ നീ യാ വജ്രം മിമിക്ഷതുഃ**

ഈ ഇന്ദ്രൻ വളരെ ഐശ്വര്യവാനാകുന്നു. അവൻ എല്ലാവരോടും സ്നേഹത്തിൽ കഴിയുന്നു. ഹേ ശതകർമ്മാവേ! ഇ്യ നിന്റെ അഭിലാഷദായകങ്ങളായ ഇരുഭുജങ്ങളും വജ്രത്തെ വഹിയ്ക്കണേ.

## സൂക്തം 62

**ഋഷി പുത്രൻ പ്രഗാഥൻ ദേവത ഇന്ദ്രൻ ഛന്ദസ് ബ്യഹതി പംക്തി**

**1. പ്രോ അസ്മാ ഉപ സ്തുതിം ഭരതാ യജ്ജൂജോഷതി**

**ഉക്ഥൈരിന്ദ്രസ്യ മാഹിനം വയോ വർധന്തി**

**സോമിനോ ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ഹേ സ്തോതാക്കളേ! സേവകനായ ഇന്ദ്രനെ സ്തുതിയ്ക്കുവിൻ അവന്റെ അന്നത്തെ ഉക്ഥങ്ങളാൽ വളർത്തുവിൻ. അവൻ നൽകുന്ന ധനമംഗളദായകമാകുന്നു.

**2. അയൂജോ അസമോ ന്യഭിരേകഃ കൃഷ്ടീരയാസ്യഃ**

**പൂർവീരതി പ്ര വാവൃധേ വിശ്വാ ജതാന്യോജസാ ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ദേവകളിൽ പ്രമുഖനായ ഇന്ദ്രൻ പ്രാചീനരായ പ്രജകളെ കടന്നു മുന്നേറുന്നു. അവന്റെ ദാനം മംഗളകാരിയകുന്നു.

**3. അഹിതേന ചിദവതാ ജീരദാന്തഃ സിഷാസതി പ്രവാച്യമിന്ദ്രം തത്തവ വീര്യാണി കരിഷ്യതോ ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ക്ഷിപ്രപ്രദാനിയായ ആ ഇന്ദ്രൻ ആനന്ദം ആഗ്രഹിയ്ക്കുന്നു. ഹേ ഇന്ദ്രാ! നീ സാമർത്ഥ്യം നൽകുന്നവനാകുന്നു. നിന്റെ മഹിമ പ്രശംസനീയവും നിന്റെ ദാനം മംഗളദായകവുമാകുന്നു.

**4. യേഭിഃ ശവ്ഠ ചാകനോ ഭദ്രമിഹ ശ്രവ സ്യതേ ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ഹേ ഇന്ദ്ര! ഞങ്ങൾ നിൻെറ ഉത്സാഹത്തെ ്വർദ്ധിപ്പിക്കുന്ന സ്തോത്രങ്ങൾ ഉച്ചരിക്കുന്നു. അതിനാൽ ഇവിടെ വരണമേ. നീ അന്നം ആശിക്കുന്ന സ്തോതാവിന്റെ നൻമയെ ആഗ്രഹിക്കുന്നു. ഹേ മഹാബലിയായ ഇറന്ദ! നിന്റെ ദാനം മംഗളകാരിയാണല്ലോ.

**5. ധ്യഷതശ്ചിധ്യദ് ഷൻമഃ കൃണോനീന്ദ്രയത്ത്വം**

**തീവ്രൈഃ സോമൈഃ സ്പർയതോ നമോഭിഃ പ്രിഭൂഷതോ ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ഹേ ഇന്ദ്രാ യജമാനൻ സോം പിഴിഞ്ഞ് സമസ്കാരങ്ങൾ വഴിയായി നിന്നെ പൂജിയ്ക്കുന്നു. നീ ഞങ്ങൾക്കു അപരിമിതമായ പലം ദാനം ചെയ്യുന്നു. നിന്റെ ദാനം മംഗളകാരിയാകുന്നു.

**6. അവ ചഷ്ട ഋചീഷമോ വതാം ഇവ മാനുഷഃ**

**ജൂഷ്ടീ ദക്ഷസ്യ സോമിനഃ സഖായം കൃണുതേ യുജം ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ഹേ ഇന്ദ്രാ! മനുഷ്യർ കൂപതെതനോക്കുന്നതുപേലെ നീ ഞങ്ങളുടെ സ്തുതികളിൽ ആകൃഷ്ടനായി ഞങ്ങളെ നോക്കിക്കൊരിരിക്കുന്നു. നീ സോമസമ്പന്നനായ യജമാനന്റെ രക്ഷകനാകുന്നു. നിന്റെ ദാനം മംഗളകാരിയാ.കുന്നു.

**7. വിശ്വേത ഇന്ദ്ര വീര്യം ദേവാ അനു ക്രതുഃ ദദുഃ**

**ഭൂവോ വിശ്വസ്യ ഗോപതിഃ പുരുഷ്ടുത ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ഹേ ഇന്ദ്രാ നിന്റെ വീര്യവുമ ബഢുദ്ധിയുമനുസരിച്ചാണല്ലോ. എല്ലാ ദേവൻമാരും വീര്യൻമാരും ബുദ്ധിമാൻമാരും ആകുന്നത്. നീ പ്രസിദ്ധങ്ങളായ സ്തുതികളുടെ അധീശനും അനേകരാൽ സ്തുതിക്കപെടുന്നവനും ആകുന്നു. നിന്റെ മനസ്സ് കല്ല്യാണകാരിയാകുന്നു.

**8. ഗൃണേ തദിന്ദ്ര തേ ശവ ഉപമം ദേവ താതയേ**

**യുദ്ധ സി വ്യത്രമോജസാ ശചീപതേ ഭദ്രാ ഇന്ദ്രസ്യ**

ഹേ ഇന്ദ്രാ യജ്ഞത്തിനുവേി ഞാൻ നിന്റെ ഉപമായോഗമായ ബലത്തെ പ്രശംശിക്കുന്നു. നീ സ്വന്തം ബലത്താലാണല്ലോ വ്യത്രനെ സംഹരിച്ചത്. ആ ഇന്ദ്രനെ ദാനം കല്ല്യാണകാരിയാകുന്നു.

**9. സമനേവ വപുഷ്യതഃ കൃണ്വൻമാനുഷോ യുഗാ**

**വിധേ തദിന്ദ്രതേനമധ ശ്രുതോ ഭദ്രാ ഇന്ദ്രസ്യ രാതയഃ**

സൗന്ദര്യം ആഗ്രഹിയ്ക്കുന്ന പുരുഷനെ കാമുകിയായ പത്നി വശീകരിക്കുന്നതുപോലെ ഇന്ദ്രൻ എല്ലാ ജീവികളേയും വശത്താക്കുന്നു. സംവത്സരാദികാലരൂപങ്ങൾ ഇന്ദ്രൻ തന്നെ

കല്പിച്ചിരിക്കുന്നു. ആ ഇന്ദ്രന്റെ ദാനം കല്യാണകാരിയാകുന്നു.

**10. ഉജ്ജാതമിന്ദ്ര തെ ശവ ഉത്ത്വാമുത്തവ ക്രതും ഭ്രരിഗോ ഭ്രരി വാവൃധുർമഘവന്തവ ശർമണി ഭദ്രാ ഇന്ദ്രസ്യ രാതയഃ**

ഹേ ഇന്ദ്രാ! മൃസമ്പന്നനായ യജമാനൻ നീ നൽകിയ സുഖത്തെ അനുഭവിയ്ക്കുന്നു. അവൻ നിന്റെ ബലത്തെ വളർത്തുന്നു. നിന്റെ ബുദ്ധിയും നിന്നേയും വളർത്തുന്നു. നിന്റെ മാനം മംഗളമയിയാകുന്നു.

## സൂക്തം 63

**ഋഷി : പ്രഗാഥൻ, ദേവത ഇന്ദ്രൻ, ഛന്ദസ് അനുഷ്ടുപ്, ഗായത്രി, ത്രിഷ്ടുപ്.**

**1. സപൂർവ്യോ മഹാനാം വേനഃ ക്രതുഭിരാനജേ |**
**യസ്യ ദ്വാരാ മനുഷ്പിതാ ദേവേഷു ധിയ ആനജേ ||**

ഇന്ദ്രൻ പൂജനീയങ്ങളായ കർമ്മങ്ങൾ വഴി തേജസ്വിയാകുന്നു. ദേവകളുടെ പിതാവായ മനു ഇന്ദ്രപ്രാപ്തിയ്ക്കുള്ള സാധനകളെ അന്വേഷിച്ചു. പ്രമുഖനായ ആ ഇന്ദ്രൻ സാധനങ്ങളുമായി വരുന്നു.

**2. ദിവോമാനം നോത്സദൻ സോമപൃഷ്ഠാസോ അദ്രയഃ |**
**ഉക്ഥാ ബ്രഹ്മ ശംസ്യാ ||**

സോമം ഇടിക്കുന്ന അമ്മിക്കല്ല് ഇന്ദ്രനെ ഉപേക്ഷിച്ചില്ല. അവനെ പ്രാപിക്കുന്നതിനുവേി സ്തോത്രങ്ങളും ഉക്ഥങ്ങളും ഉച്ചരിക്കേിയിരിക്കുന്നു.

**3. സ വിദ്വാം അങ്ഗിരോഭ്യ ഇന്ദ്രോ ഗാ അവൃണോദപ**
**സ്തുഷേ തദസ്യ പൗസ്യം ||**

അംഗിരസ്സുകൾക്ക് വേി ഇന്ദ്രൻ ഗോക്കളെ സൃഷ്ടിച്ചു. ഞാനിന്ദ്രൻെറ പരാക്രമത്തെ പ്രശംസിക്കുന്നു.

**4. സ പ്രത്നഥാ കവിവൃധ ഇന്ദ്രോ വാകസ്ഥ വക്ഷണിഃ |**
**ശിവോ അർകസ്യ ഹോമന്യസ്മത്ര ഗന്ത്വവസേ ||**

ഇന്ദ്രൻ വിദ്വാൻമാരെ വളർത്തുന്നു. അവൻ ഹോതാവിൻെറ കർമ്മങ്ങൾ നിർവ്വഹിക്കുന്നു. സോമാഹുതിയുടെ സമയത്ത് ഇന്ദ്രൻ തങ്ങളുടെ രക്ഷയ്ക്ക്വേി വരുമാറാകണേ.

**5. ആ ദൂനു തേ അനുക്രതം സ്വാഹാ വരസ്യ യജ്വവഃ |**
**ശ്വാത്രമർക ആനൂഷതേന്ദ്ര ഗോത്രസ്യ ദാവനേ ||**

ഹേ ഇന്ദ്രാ! യജ്ഞപതിയായ അങ്ങേയ്ക്ക് വേി സ്വാഹാകാരം നടത്തുന്നവർ നിൻെറ യശസ്സിനെ തന്നെ പാടിപുകഴ്ത്തുന്നു. സ്തുതിക്കുന്നവർ വേഗം ധനം നൽകുന്നതിനുവേി നിന്നെതന്നെ സ്തുതിക്കുന്നു.

**6. ഇന്ദ്രേ വിശ്വാനി വീർയാ കൃതാനി കർത്വാനി ച |**
**യമർകാ അധ്വരം വിദുഃ ||**

സമസ്തകർമ്മങ്ങളും ഇന്ദ്രനിൽ തന്നെ സ്ഥിതിചെയ്യുന്നു. സ്തുതിക്കുന്നവരായ ജ്ഞാനികൾ ഇന്ദ്രനെ ഹിംസാരഹിതനായി വിഭാവനം ചെയ്യുന്നു.

**7. യത്പാഞ്ച ച ജന്യയാ വിശേന്ദ്ര ഘോഷാ അസൃക്ഷത |**
**അസ്തൃണാദ് ബർഹണാ വിപോ ർയോ മാനസ്യ സ ക്ഷയഃ||**

ചതുർവർണ്ണങ്ങളാൽ ഈ ഇന്ദ്രനെ സ്തുതിക്കുമ്പോൾ അവൻ തൻെറ ബലത്താൽ ശത്രുക്കളെ കൊല്ലുന്നു. സ്തോതാക്കളുടെ പൂജയ്ക്കുള്ള സ്ഥാനം ഇന്ദ്രൻ തന്നെയാകുന്നു.

**8. ഇയമു തേ അനുഷ്ടുതിശ്ചകൃഷ്ണേ താനി പൗംസ്യാ |**
**പ്രാവശ്ചക്രസ്യ വർത്ത നിം ||**

ഹേ ഇന്ദ്രാ! നിൻെറ പരാക്രമം പ്രശംസിക്കപ്പെടുന്നു. നീ ഈ രഥമാർഗ്ഗത്തെ രക്ഷിച്ചാലും.

**9. അസ്യ വൃഷ്ണോ വ്യോദന ഉരു ക്രമിഷ്ട ജീവസേ |**
**യവം ന പശ്വ ആ ദദേ ||**

ഇന്ദ്രൻ വൃഷ്ടി വഴിയായി വിവിധാന്നങ്ങൾ പ്രാപിച്ചു കഴിയുമ്പോൾ എല്ലാ ജീവികളും വിവിധങ്ങളായ കർമ്മങ്ങളിൽ വ്യാപൃതരാകുകയും, മനുഷ്യരെല്ലാം മൃഗങ്ങളെപ്പോലെ യവ തിന്നുകയും ചെയ്യുന്നു.

**10. തദ്ദധാനാ അവസ്യവോ യുഷ്മാഭിർദക്ഷപിതരഃ |**
**സ്യാമ മരുത്വതോ വൃധേ ||**

രക്ഷകൻമാരായ ഞങ്ങൾ (സ്തോതാക്കൾ) ഇന്ദ്രൻെറതാകുന്നു. ഹേ ഋത്വിക്കുകളേ! നിങ്ങളുടെ യത്നത്തോടുകൂടി മരുത്വാനായ ഇന്ദ്രനെ പ്രാവൃദ്ധനാക്കുവാൻവേി ഞങ്ങൾ അന്നവാൻമാരായിത്തീരും.

**11. വളരത്വിയായ ധാമ്ന ഋക്വഭിഃ ശൂര നോനുമഃ |**
**ജേഷാമേന്ദ്ര ത്വയാ യുജാ ||**

ഹേ ഇന്ദ്രാ! നീ യജ്ഞസമയത്ത് സ്വയം തേജസ്വിയാകുന്നു. ഞങ്ങൾക്ക് നിൻെറ സഹായത്തോടുകൂടി വിജയം പ്രാപിക്കുവാൻ കഴിയും അതിനാൽ മന്ത്രങ്ങളാൽ ഞങ്ങൾ നിന്നെ സ്തുതിക്കും.

**12. അസ്മേ രുദ്രാ മേഹനാ പർവതാസോ വൃത്രഹത്യേ ഭരഹൂതൗ സജോഷാഃ |**
**യഃ ശംസതേ സ്തവതേ ധായി ഇന്ദ്ര ജേഷ്ഠാ അസ്മാം അവന്തു ദേവാഃ ||**

യുദ്ധകാലത്തിൽ ആഹ്വാനം ചെയ്യുമ്പോൾ ശക്തിസമ്പന്നനും വൃത്രഹന്താവുമായ ഇന്ദ്രൻ സ്തോതാക്കളുടേയും യജമാനൻമാരുടേയും അടുക്കൽ വേഗം വന്നുചേരുന്നു. ആ ഇന്ദ്രൻ തന്നെ ദേവതകളിൽ ജ്യേഷ്ഠനാകുന്നു. അവൻ തങ്ങളുടെ രക്ഷകനാകുന്നു.

## സൂക്തം 64

**ഋഷി പ്രഗാഥൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി.**

**1. ഉത്ത്വാ മന്ദന്തു സ്തോമാഃ കൃണുഷ്വ രാധോ അദ്രിവഃ**
**അവ ബ്രഹ്മദ്വിഷോ ജഹി ||**

ഹേ ഇന്ദ്രാ! ഈ സ്തുതികൾ നിന്നെ ആനന്ദഭരിതനാക്കണേ. നീ വജ്റധാരിയാണല്ലോ. അതിനാൽ സ്തുതിവിദ്വേഷികളെ നശിപ്പിച്ച് ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യണമേ.

**2. പദാപണീം രരാധസോ നി ബാധസ്വ മഹാം അസിം**
**നഹി ത്വാ കുശ്ചന പ്രതി ||**

പിശുക്കൻമാരുടേയും യജ്ഞവിഹീനൻമാരുടേയും പാദങ്ങൾ തകർക്കണമേ. ഹേ ഇന്ദ്രാ നിനക്ക് പ്രതിദ്വീന്ദികളായി യാതൊരുത്തരും ഇല്ല. നീ മഹാനാണല്ലോ.

**3. ത്വമീശിഷേ സുതാനാമിന്ദ്ര ത്വമസുതാനാം |**
**ത്വം രാജാ ജനാനാം ||**

ഹേ ഇന്ദ്രാ! നീ പിഴിഞ്ഞതും പിഴിയാത്തതുമായ സോമത്തിൻെറ സ്വാമിയും, പ്രജകളുടെ രാജാവും ആകുന്നു.

**4. ഏഹി പ്രേഹി ക്ഷയോ ദിവ്യാ ഘോഷഞ്ചർഷണീം |**
**മാം ഓഭേ പൃണാസി രോദസീ ||**

ഹേ ഇന്ദ്രാ! ഈ യാഗമണ്ഡപത്തെ ശബ്ദമുഖരിതമാക്കികൊ് ആഗതനായാലും. നീ വാനൂഴികളെ വൃഷ്ടി ജലത്താൽ തൃപ്തിപ്പെടുത്തുന്നു.

**5. ത്വം ചിത്പർവതം ഗിരിം ശതവന്തം സഹസ്രിണം |**
**വിസ്തോതൃഭ്യോ രുരോജിഥ ||**

ഹേ ഇന്ദ്രാ! നീ നൂറിനം ജലത്തോടു കൂടിയവനും, സീമാരഹിതനുമായ ജലരാശിയോടു കൂടിയ മേഘത്തെ

ഖണ്ഡിക്കുന്നവനും ആകുന്നു.

**6. വയമു ത്വാ ദിവാ സുതേ വയം നക്തം ഹവാമഹേ**

**അസ്മാകം കാമമാ പൃണ ||**

ഹേ ഇന്ദ്രാ! സോമം പിഴിഞ്ഞു കഴിഞ്ഞ് പകലും രാത്രിയിലും ഞങ്ങളങ്ങയെ വിളിക്കുന്നു. നീ ഞങ്ങളുടെ അഭീഷ്ടങ്ങളെ പൂർണ്ണമാക്കണമേ.

**7. ക്വ സ്യ വൃഷഭോ യുവാ തുവിഗ്രീവോ അനാനതഃ |**

**ബ്രഹ്മാ കസ്തം സപരയതി ||**

നിത്യതരുണനും, വിശാലസ്ക്കന്ധനും, വൃഷ്ടിദാതാവും ആയ ഇന്ദ്രൻ എവിടെ? ഇപ്പോൾ ആരാണവനെ രക്ഷിക്കുന്നത്?

**8. കസ്യ സ്വിത്സവനം വൃഷാ ജുജുജുഷ്വാം അവ ഗച്ഛതി |**

**ഇന്ദ്രം ക ഉ സ്വിദാ ചകേ ||**

ഇന്ദ്രൻ പ്രസന്നിതനാകുമ്പോൾ വരുന്നു. അവനെ സ്തുതിക്കുവാൻ അറിയുന്ന യജമാനൻ ആര്?

**9. കം തേ ദാനാ അസക്ഷത വൃത്രഹൻകം സുവീർയാ |**

**ഉക്ഥേ കം ഉ സ്വിദന്തമഃ ||**

ഹേ ഇന്ദ്രാ! സുന്ദരവും വീര്യമുള്ളതുമായ സ്തോത്രം നിന്നെ സേവിക്കുന്നു. യജമാനപ്രദത്തമായ ദാനം നിന്നെ സേവിക്കുന്നു. രണക്ഷേത്രത്തിൽ ഏതൊരു യോദ്ധാവിനു നിൻെറ സാമീപ്യം പ്രാപിക്കുവാൻ കഴിയും?

**10. അയം തേ മാനുഷേ ജനേ സോമഃ പുരുഷു സൂയതേ |**

**തസ്യേഹി പ്ര ദ്രവാ പിബ ||**

ഞാൻ നിനക്കുവേി സോമം പിഴിയുന്നു. നീ അതിന്നടുക്കൽ വന്നാലും. ഈ സോമം പാനം ചെയ്താലും.

**11. അയം തേ ശർയണാവതി സുഷോമായാമധി പ്രിയഃ |**

**ആർജീകീയേ മദിന്തമഃ ||**

ഹേ ഇന്ദ്രാ! ഈ സോമം തൃണപൂർണ്ണമായ പുഷ്ക്കരണിയിലും, സുഷോമയിലും വ്യാസാദിനദികളുടെ തീരത്തും ഉായതാണ്. ഇത് നിനക്ക് അധികം ശക്തി നൽകുന്നു.

**12. തമദ്യ രാധസേ മഹേ ചാരും മദായ ഘൃഷ്വയേ |**

**ഏഹീ മിന്ദ്ര ദ്രവാ പിബ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് തരുന്നതിനും ശത്രുക്കളെ നശിപ്പിക്കുന്നതിനും വേി ശക്തിയുക്തനാകുവാൻ ഈ രമണീയമായ സോമം പാനം ചെയ്യൂ. ഹേ ഇന്ദ്രാ! ഈ സോമപാത്രത്തിനടുക്കലേയ്ക്ക് അതിവേഗം വന്നാലും.

## സൂക്തം 65

**ഋഷി പ്രഗാഥൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി.**

**1. യദിന്ദ്ര പ്രാഗപാഗുദങ് ന്യഗ്വാ ഹൂയസേ നൃഭിഃ |**

**ആ യാഹി തൂയമാശുഭിഃ ||**

ഹേ ഇന്ദ്രാ! എല്ലാ ദിക്കുകളിലുമുള്ള മനുഷ്യർ നിന്നെ വിളിക്കുന്നു. അതിനാൽ അശ്വങ്ങൾ വഴി വേഗം വന്നാലും.

**2. യദ്വാ പ്രസ്രവണേ ദിവോ മാദയാസേ സ്വർണരേ യദ്വാ**

**സമുദ്രേ അന്ധസഃ ||**

ഹേ ഇന്ദ്രാ! നീ അന്നത്തിൻെറ അപദാനമായ അന്തരീക്ഷത്തിലും, അമൃതം വർഷിക്കുന്ന സ്വർഗ്ഗത്തിലും, അതുപോലെ തന്നെ ഭൂമിയിലും ശക്തിയുക്തനാണല്ലോ.

**3. ആ ത്വാ ഗീർഭിമഹാമുരും ഹുവേ ഗാമിവ ഭോജസേ,**

**ഇന്ദ്ര സോമസ്യ പീതയേ ||**

ഹേ ഇന്ദ്രാ! സ്തുതികൾ വഴിയായി ഞാൻ നിന്നെ വിളിക്കുന്നു. ഞാൻ നിന്നെ സോമം പാനം ചെയ്യുന്നതിനും സുഖം ദാനം ചെയ്യുന്നതിനും വേി പശുവിനെ എന്നപ്പോലെ വിളിക്കുന്നു. എന്തുകൊന്നാൽ നീ മഹാനാണല്ലോ.

**4. ആ ത ഇന്ദ്ര മഹിമനം ഹരയോ ദേവ തേ മഹഃ |**

**രഥേ വഹന്തു ബിഭ്രതഃ ||**

രഥത്തിൽ കെട്ടിയ അശ്വങ്ങൾ നിൻെറ മഹിമയേയും തേജസ്സിനേയും വഹിച്ചുകൊ് ഇവിടെ വരുമാറാകണേ.

**5. ഇന്ദ്ര ഗൃണീഷ ഉസ്തുഷേ മഹാം ഉഗ്ര ഇശാനകൃത്ഃ |**

**ഏഹി നഃ സുതം പിബ ||**

ഹേ ഇന്ദ്രാ! നീ സ്തുതികളാൽ പൂജിതനാകുന്നു. നീ മഹത്തായ കാര്യങ്ങൾ നിർവ്വ ഹിക്കുന്നവനും, ഐശ്വര്യ ം ദാനം ചെയ്യുന്നവനും, ആകുന്നു. അതിനാൽ ഇവിടെ വന്ന് സോമം കുടിച്ചാലും.

**6. സുതാവന്തസ്ത്വാ വയം പ്രയസ്വന്തോ ഹവാമഹേ |**

**ഇദം നോ ബർഹിരാസദേ ||**

അന്നവാൻമാരും സോമവാൻമാരുമായ ഞങ്ങൾ യജമാനനമാർ ഞങ്ങളുടെ കുശാസനങ്ങളിൽ വിരാജിക്കുവാനായി നിന്നെ വിളിക്കുന്നു.

**7. യച്ചിദ്ധി ശശ്വതാ മസിന്ദ്ര സാധാരണ സ്ത്വം**

**തം ത്വാ വയം ഹവാമഹേ ||**

ഹേ ഇന്ദ്രാ! നീ അനേകം യജമാനൻമാർക്ക് സാധാരണയായി പ്രാപ്തനാകുന്നു. അതിനാൽ ഞങ്ങളങ്ങയെ ആഹ്വാനം ചെയ്യുന്നു.

**8. ഇദം തേ സോമ്യം മധ്വധുക്ഷന്നദ്രിഭിർനരഃ |**

**ജുജുഷാണഇന്ദ്ര തത്പിബ ||**

സോമരൂപമാകുന്ന മധുവിനെഅധ്വര്യുക്കളായ ഞങ്ങൾ പിഴിഞ്ഞെടുക്കുന്നു. ഹേ ഇന്ദ്ര! നീ പ്രസന്നനായി അതു പാനം ചെയ്യണേ.

**9. വിശ്വാം അര്യോ വിപശ്ചിതോ തി ഖ്യസ്തൂയമാ ഗഹി |**

**അസ്മേ ധേഹി ശ്രവോ ബൃഹത് ||**

ഹേ ഇന്ദ്രാ! നീ ഈശ്വരനാകുന്നു. നീ എല്ലാ സ്തോതാക്കളേയും കടന്ന് വേഗം ഇവിടെവരണമേ. ഞങ്ങൾക്ക് മഹത്തരമായ അന്നം നൽകണമേ.

**10. ദാതാ മേ പൃഷതീനാം രാജാ ഹിരണ്യവീനാം |**

**മാ ദേവാ മഘവാ രിഷത് ||**

ഇന്ദ്രൻ സ്വർണ്ണത്തിൻേറയും ഗോക്കളുടേയും സ്വാമിയാകുന്നു. അവൻ നമ്മുടെ ഈശ്വരനുമാകുന്നു. ദേവകളേ! ഇന്ദ്രനെ ആർക്കും ഹിംസിക്കുവാൻ സാദ്ധ്യമല്ല.

**11. സഹസ്രേ പൃഷതീനാ മധിശ്ചന്ദ്രം ബൃഹത്പൃഥുഃ |**

**ശുക്രം ഹിരണ്യമാ ദദേ ||**

സന്തുഷ്ടനായ ഞാൻ വിസ്തൃതവും, സ്വഛവുമായ സ്വർണ്ണത്തെ സ്വീകരിക്കുന്നു.

**12. നപാതേ ദുർഗഹസ്യ മേ സഹറേസണ സുരാധസഃ |**

**ശ്രവോ ദേവേഷ്വ ക്രത ||**

ഞാൻ രക്ഷാരഹിതനും, സങ്കടഗ്രസ്തനുമാണ്. എൻെറ പ്രജകൾ അപരിമിതമായ സമ്പത്തുക്കളുടെ ഉടമരാകണേ. ദേവകളുടെ പ്രസന്നതയിൽ നിന്നും യശസ്സ് ലഭിക്കുന്നു.

# സൂക്തം 66

**ഋഷി പ്രഗാഥപുത്രൻ കലി, ദേവത ഇന്ദ്രൻ ഛന്ദസ് ബൃഹതി, പംക്തി, അനുഷ്ടുപ്.**

**1. ത രോഭിവോ വിദ്ദ്വാസു മിന്ദ്രം സുബാധ ഊതയേ | ബൃഹദ് ഗായന്തഃ സുത സോമേ അധ്വരേ ഹുവേ ഭരം ന കാരിണം ||**

ഹേ ഋത്വിജൻമാരേ! ആര് വേഗമേറിയ അശ്വത്തിൽ ആഗതനായി ധനം നൽകുന്നുവോ, ആ ഇന്ദ്രനെ സാമഗാനങ്ങളാൽ പ്രസന്നനാക്കി പൂജിക്കുവിൻ. യാതൊരുത്തൻ കുടുംബത്തിൻെറ ഹിതൈഷിയും പാലകനുമാകുന്നുവോ അവനെ വിളിക്കുന്നതുപോലെ തന്നെ സോമയാഗത്തിൽ ഇന്ദ്രനെ വിളിക്കുന്നു.

**2. ന യം ദുധ്രാ വരന്തേ ന സ്ഥിരാ മുരോ മദേ സുശുപ്രമന്ധസഃ | യ ആ ദൃത്യാ ശശമാനായ സുന്വതേ ദാതാ ജരിത്ര ഉക്ഥ്യ ||**

മനോഹരമായ താടിയോടു കൂടിയവനായ ഇന്ദ്രനെ ഭയങ്കരൻമാരും ക്രൂരൻമാരുമായ ശത്രുക്കൾപ്പോലും എതിർക്കുവാൻ സാധ്യമല്ല. മനുഷ്യരും അക്കാര്യത്തിൽ സമർത്ഥരാകുന്നില്ല. സോമയാഗം വഴി ഇന്ദ്രനെ പ്രസാദിപ്പിക്കുന്ന യജമാനന് അവൻ ഐശ്വര്യം നൽകുന്നു.

**3. യഃ ശക്രോ മൃക്ഷോ അശ്വ്യോ യോ വാ കീ ജോ ഹിരണ്യയഃ | സ ഊർവസ്യ രേജയന്ത്യപാ വൃതിമിന്ദ്രോ ഗവ്യസ്യ വൃത്രഹാ ||**

ഇന്ദ്രൻ അശ്വവിദ്യയിൽ പാരങ്ഗതനും, സേവ്യനും, ഹിരണൻമയനും, വൃത്രഹന്താവും, അത്ഭുതനുമാകുന്നു. അതുപോലെ അനേകം ഗോസമൂഹത്തെ തനിയ്ക്ക് അധീനമാക്കി വിറപ്പിയ്ക്കുന്നു.

**4. നിഖാതം ചിദ്യഃ പുരസമ്ഭൃതം വസൂദിദ്വപതി ദാശുഷേ | വജ്രജീ സുശിപ്രോ ഹ യശ്വ ഇത് കരിദിന്ദ്രഃ ക്രത്വാ യതാ വശത്||**

യജമാനനുവേി ആര് ഭൂമിയിൽ ഉത്ഭവിച്ചിട്ടുള്ളതും. സംഗ്രഹിച്ചിട്ടുള്ളതും ആയ ധനത്തെ വളർത്തുന്നുവോ, ഹര്യശ്വനായ ആ ഇന്ദ്രൻ മനോഹരമായ താടിയെല്ലോടു കൂടിയവനാകുന്നു. അവൻ തനിയ്ക്കഷ്ടമാം വർണ്ണം കർമ്മങ്ങൾ നിർവ്വഹിക്കുന്നു.

**5. യദ്വാവന്ഥ പുരുഷ്ടുത പുരാ ചിച്ഛം നൃണാം | വയം തത്ത ഇന്ദ്ര സം ഭരാമസി യജ്ഞമുക്ഥം തുരം വചഃ||**

ഇന്ദ്രൻ അനേകരാൽ വിളിക്കപ്പെടുന്നു. ഹേ ഇന്ദ്രാ! നീ പ്രാചീന സ്തോതാക്കളിൽ നിന്നും എന്നാഗ്രഹിച്ചിരുന്നുവോ, ഞങ്ങളതു പൂർണ്ണമാക്കുന്നു. യജ്ഞവും ഉക്ഥവും, വാണിയും ഞങ്ങൾ നിനക്കു നൽകുന്നു.

**6. സചാ സോമേഷു പുരുഹൂത വജ്രജിവോ മദായ ദ്യുക്ഷ സോമപാഃ | ത്വമിദ്ധി ബ്രഹ്മകൃതേ കാമ്യം വസു ദേഷ്ഠഃ സുന്വതേ ഭുവഃ||**

ഹേ ഇന്ദ്രാ! നീ വജ്രധാരിയും, അനേകരാൽ പൂജിതനും, സോമപാനിയും, സ്വർഗ്ഗശക്തനുമാണല്ലോ. സോമം സംസ്കരിക്കപ്പെടുമ്പോൾ നീ ശക്തി സമ്പന്നനുമാകുന്നു. പിഴിയുന്നവന് നീ തന്നെ ധനദായകമാകണമേ.

**7. വയമേനമിദാ ഹ്യോ പീപേമേഹ വജ്രജിണം | തസ്മാ ഉ അദ്യ സമനാ സുതം ഭരാ നൂനം ഭൂഷത ശ്രുതേ ||**

ഞങ്ങൾ ഇന്ദ്രനുവേി ഇന്നും നാളെയും സോമം പിഴിയും അവൻ ഞങ്ങളുടെ സ്തുതികൾ ശ്രവിച്ച് ആഗതനാകണേ. അവനുവേി പിഴിഞ്ഞ സോമം ഇവിടെ കൊുവന്നുവയ്ക്കുവിൻ.

**8. വൃകശ്ചിദസ്യ വാരണ ഉരാമഥിരാ വയുനേഷു ഭൂഷതി | സേമം നഃ സ്തോമം ജുജൂജുഷാണ ആ ഗഹീന്ദ്ര പ്ര ചിത്രയാ ധിയാ ||**

കവർച്ചക്കാർ എല്ലാ പഥികരേയും നശിപ്പിക്കുന്നവരാണെങ്കിലും ഇന്ദ്രനെ ഹിംസിക്കുവാൻ അവർക്കു കഴിയില്ല. ഹേ ഇന്ദ്രാ! നീ കർമ്മങ്ങളാൽ പ്രസന്നനായി ഇവിടേയ്ക്കാഗതനാകണേ.

**9. കദൂ ന്വസ്യാകൃതമിന്ദ്രസ്യാസ്തി പൗംസ്യം | കേനോ നുകം ശ്രോമതേന നശുശ്രുവേ ജനുഷഃ പരി വൃത്രഹാ ||**

ഇന്ദ്രനു തുല്യം പരാക്രമിയായി ആരും തന്നെ ഇല്ല. അവൻെറ വൃത്രഹനനകർമ്മം പ്രസിദ്ധമാണല്ലോ.

**10. കദൂ മഹീരധൃഷ്ടാ അസ്യ തവിഷീഃ കദു വൃത്രഘ്നോ അസ്തൃതം | ഇന്ദ്രോ വിശ്വാൻ വേകനാടാം അഹൻദൃശ ഉത ക്രത്വാ പരിണഭി ||**

ഇന്ദ്രൻെറ പൗരുഷം എപ്പോഴും വർഷകനായി നിലക്കൊള്ളുന്നു. അവൻ ആരെ കൊല്ലുവാൻ ഉദ്ദേശിക്കുന്നുവോ അവനെ രക്ഷിക്കുവാൻ ആർക്കും സാധ്യമല്ല. ധനലാഭികളെ അവൻ ഇല്ലാതാക്കുന്നു.

**11. വയം ഘാ തേ അപൂർവ്യേന്ദ്ര ബ്രഹ്മാണി വൃത്രഹൻ | പൂരൂതമാസഃ പുരുഹൂത വജ്രജിവോ ഭൃതിം ന പ്ര ഭരാമസി||**

ഹേ ഇന്ദ്രാ നീ വജ്രധാരിയും, വൃത്രഹന്താവും ആണല്ലോ. ഞങ്ങൾ നിൻെറ വേതനാഭോഗികളെപ്പോലെ നവീനസ്തോത്രങ്ങളാൽ സ്തുതിക്കുന്നു.

**12. പൂർവീശ്ചിദ്ധി ത്വേ തുവികൂർമിന്നാശസോ ഹവന്ത ഇന്ദ്രോതയഃ | തിരശ്ചിദർയഃ സവനാ വസോ ഗഹി ശവിഷ്ഠ ശ്രുധി മേ ഹവം ||**

ഹേ ഇന്ദ്രാ! നീ ബഹുകർമ്മാവാകുന്നു. നിന്നിൽ ഞങ്ങളുടെ രക്ഷകളും ആശകളും വ്യാപിച്ചിരിക്കുന്നു. സ്തോതാക്കൾ നിന്നെ ആഹ്വാനം ചെയ്യുന്നു. അതിനാൽ ശത്രുക്കളുടെ എല്ലാ സവനങ്ങളേയും ഉല്ലംഘനം ചെയ്തുകൊ് ഞങ്ങളുടെ യജ്ഞത്തിൽ ആഗതനാവുകയും ഞങ്ങളുടെ ആഹ്വാനം ശ്രവിക്കുകയും ചെയ്യണമേ.

**13. വയം ഘാ തേ ത്വേ ഇദ്വിന്ദ്ര വിപ്രാ അപി ഷ്മസി | നഹി ത്വദന്യഃ പുരുഷൂത കശ്ചന മഘവന്നസ്തി മർഢി ||**

ഹേ ഇന്ദ്രാ സ്തോതാക്കളായ ഞങ്ങൾ നിൻെറതു

മാത്രമാണല്ലോ. ഞങ്ങൾ അനേകം പ്രാവശ്യം നിന്നെ പൂജിച്ചിരിക്കുന്നു. ഞങ്ങൾക്ക് നീയല്ലാതെ സുഖം നൽകുന്നവരായി മറ്റാരും തന്നെ ഇല്ല.

**14. ത്വം നോ അസ്യ അമതേരുത ക്ഷുധോ ഭിശസ്തേർവ സ്പൃധി |**

**ത്വം ന ഊതി തവ ചിത്രയാ ധിയാ ശിക്ഷാ ശചിഷ്ഠ ഗാതുവിത് ||**

ഹേ ഇന്ദ്രാ! ദാരിദ്ര്യം, വിശപ്പ്, പരിഹാസം എന്നിവകളുടെ പിടിയിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ. നിന്റെ അത്ഭുതകർമ്മങ്ങളും രക്ഷകളും വഴിയായി ഞങ്ങളാഗ്രഹിക്കുന്ന വസ്തുക്കൾ തന്നാലും.

**15. സോമ ഇദ്വഃ സൂതോ അസ്തു കലയോ മാ ബിഭീതന |**

**അപേദേഷ ധ്വസ്മായതി സ്വയം ധൈഷാ അപായതി ||**

നിങ്ങൾ സോമം പിഴിയുവിൻ. ഹേ കാലമഹർഷിയുടെ പുത്രൻമാരേ! ഭയപ്പെടാതിരിക്കുവിൻ. ഈ ദൈത്യാദികൾ സ്വയം അകന്നുകൊിരിക്കുന്നു.

## സൂക്തം 67

**ഋഷി സമ്മദപുത്രനായ മത്സ്യമോ മിത്രവരുണ പുത്രനായ മാന്യനോ, ദേവത ആദിത്യൻമാർ, ഛന്ദസ് ഗായത്രി**

**1. ത്യാന്നുക്ഷത്രിയാം അവ ആദിത്യാന്യാ ചിഷാമഹേ |**

**സുമൃളീകാം ആഭീഷ്ടയേ ||**

അഭീഷ്ടഫലം പ്രാപിക്കുന്നതിനും , ബാധകളുടെ അക്കരകടക്കുന്നതിനും, ക്ഷാത്രധർമ്മികളായ ഞങ്ങൾ ആദിത്യൻമാരോട് രക്ഷയെ യാചിക്കുന്നു.

**2. മിത്രോ നോ അത്യം ഹതിം വരുണഃ പർഷദര്യമാ |**

**ആദിത്യാസോ യഥാ വിദുഃ ||**

മിത്രനും, വരുണനും, അർയമാവ്, എല്ലാ ആദിത്യൻമാരും, കഠിനങ്ങളായ കാര്യങ്ങൾ അറിയുന്നു. അവർ പാപത്തിൽ നിന്നും നമ്മെ രക്ഷിക്കുമാറാകണേ.

**3. തേഷാം ഹി ചിത്രമുക്ഥ്യം വരൂഥമസ്തി ദാശുഷേ |**

**ആദിത്യാനാമരങ്കൃതേ ||**

ഈ ആദിത്യൻമാരുടെ അടുക്കൽ പ്രശംസനീയമായ ധനമുല്ലോ. അവരുടെ ആ ധനം ഹവിസ്സ് ദാതാവായ പുരുഷൻ പ്രാപിക്കുന്നു.

**4. മഹി വോ മഹതാമവോ വരുണ മിത്രാര്യമൻ |**

**അവാംസ്യാ വൃണീമഹേ ||**

ഹേ ദേവകളേ! ഹവിസ്സ് ദാതാക്കളേ രക്ഷിക്കുന്നവരായ നിങ്ങൾ മഹാൻമാരാണല്ലോ. ഞങ്ങൾ നിങ്ങളോടു രക്ഷ യാചിക്കുന്നു.

**5. ജീവാന്നോ അഭി ധേതനാദിത്യാസഃ പുരാ ഹഥാത് |**

**കദ്ധ സ്ഥ ഹവനശ്രുതഃ ||**

ഹേ ആദിത്യൻമാരേ! ഞങ്ങൾ വലയിൽ കുരുങ്ങിയെങ്കിലും ഇപ്പോഴും ജീവനുള്ളവരാണ്. നിങ്ങൾ ഞങ്ങളുടെ മരണത്തിനുമുമ്പേ തന്നെ അഭിമുഖരാകണേ.

**6. യദ്വഃ ശ്രാന്തായ സുന്വതേ വരൂഥമസ്തി യച്ഛർദിഃ |**

**തേനാ നോ അധി വോചത ||**

സോമം പിഴിയുന്ന യജമാനൻമാർക്ക് യാതൊരു വരണീയമായ ധനം നൽകുന്നുവോ അതുവഴിയായി ഞങ്ങളെ സുഖികളാക്കണമേ.

**7. അസ്തി ദേവാ അംഹോരുർവസ്തി രത്നമനാഗസഃ |**

**ആദിത്യാ അദ്ഭുതൈനസഃ ||**

ഹേ ദേവകളേ! പാപകർമ്മങ്ങൾ ചെയ്യുന്നവൻ പാപിയും സൽകർമ്മങ്ങൾ ചെയ്യുന്ന മനുഷ്യൻ ധർമ്മാവാണെന്നും പറയപ്പെടുന്നു. നിങ്ങൾ പാപരഹിതരാണല്ലോ. അതിനാൽ ഞങ്ങളുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കണമേ.

**8. മാ നഃ സേതുഃ സിപേദയം മഹേ വൃണക്തു നസ്പരി |**

**ഇന്ദ്രം ഇദ്ധി ശ്രുതോ വശോ ||**

ഇന്ദ്രൻ എല്ലാത്തിനേയും വശീകരിക്കുന്നു. അവൻ നമ്മെ വലയിൽ കുരുക്കാതിരിക്കണേ.

**9. മാ നോ മൃചാ രിപൂണാം വൃജിനാനാമവിഷ്യവഃ |**

**ദേവാ അഭിപ്ര മൃക്ഷതു ||**

ഹേ ദേവകളേ! ഞങ്ങൾ മുക്തരാക്കണമേ. ഞങ്ങളെ ഹിംസകരായ ശത്രുക്കളുടെ വലയിൽപ്പെടുത്തരുതേ.

**10. ഉത ത്വാമദിതേ മഹ്യഹം ദേവ്യുപ ബ്രവേ |**

**സുമൃളീകാമഭിഷ്ഠയേ ||**

ഹേ ദേവകളേ! ദേവി മഹിമാമഹിയും സുഖദായിനിയും ആണല്ലോ. ഞാൻ അഭീഷ്ടപ്രാപ്തിയ്ക്കായി അവിടത്തെ സ്തുതിക്കുന്നു.

**11. പർഷി ദീനേ ഗഭീര അംഉഗ്രപുത്രേ ജിഘാംസതഃ |**

**മാകിസ്തോകസ്യ നോ രിഷത് ||**

ഹേ ദേവകളേ! ഞങ്ങളെ എല്ലാഭാഗത്തുനിന്നും രക്ഷിക്കേണമേ. ഹിംസകരുടെ വല ഞങ്ങളുടെ മക്കളെ ഹിംസിക്കാതിരിക്കട്ടെ.

**12. അനേഹോ ന ഉരുവ്രജ ഉരൂചി വി പ്രസർതവേ |**

**കൃധി തോകായ ജീവസേ ||**

ഹേ അദിതീ! ഞങ്ങളെ എല്ലാഭാഗത്തുനിന്നും രക്ഷിക്കേണമേ. ഹിംസകരുടെ വല ഞങ്ങളുടെ മക്കളെ ഹിംസിക്കാതിരിക്കട്ടെ.

**13. തേ മൂർധാനഃ ക്ഷിതീനാമദബ്ധാസഃ സ്വയശസഃ |**

**വ്രത്രാ രക്ഷന്തേ അദ്രുഹഃ ||**

ഹേ ആദിത്യൻമാരേ! നിങ്ങൾ മഹാ യശസ്വികളും, അഹിംസകരും, ദ്രോഹരഹിതരുമായി ഞങ്ങളുടെ കർമ്മങ്ങളുടെ രക്ഷകരാകണേ.

**14. തേ ന ആസ്നോ വൃകാണാമാദിത്യാസോ മുമോചത |**

**സ്തേനം ബദ്ധമിവാദിതേ ||**

ഹേ ആദിത്യരേ! ഹിംസകരാൽ കള്ളൻമാരെപ്പോലെ പിടിക്കപ്പെട്ട ഞങ്ങൾ നിങ്ങളോട് രക്ഷ യാചിക്കുന്നു.

**15. അപോ ഷു ണ ഇയം ശരുരാ ദിത്യാ അപ ദുർമതിഃ |**

**അസ്മദേത്വജഘ്നുഷീ ||**

ഹേ ആദിത്യരേ! ഈ വല ഞങ്ങളെ ഹിംസിക്കാതിരിക്കണേ. ഇതിനെ അകറ്റിക്കളയണമേ. കുബുദ്ധികളേയും ഞങ്ങളിൽനിന്നും അകറ്റണമേ.

**16. ശശ്വദ്ധി വഃ സുദാനവ ആദിത്യാ ഊതിഭിർവയം**

**പുരാ നൂനം ബുഭുജ്മഹേ ||**

ഹേ ആദിത്യരേ! നിങ്ങളുടെ ദാനം മനോഹരമാകുന്നു. നിങ്ങളുടെ രക്ഷകളിൽ വസിച്ചുകൊ് വിവിധങ്ങളായ സുഖങ്ങളെ ഞങ്ങളനുഭവിക്കും.

**17. ശശ്വന്തം ഹി പ്രചേതസഃ പ്രതിയന്തം ചിദേനസഃ |**

**ദേവാഃ കൃണുഥ ജീവസേന ||**

ഹേ ആദിത്യരേ! ഞങ്ങളുടെ നേരെകൂടെ വന്നുക്കൊിരിക്കുന്ന ക്രൂരകർമ്മികളെ ഞങ്ങളുടെ രക്ഷയ്ക്ക്വേി അകറ്റണമേ.

**18. തത്സൂ നോ നവ്യം സന്യസ ആദിത്യാ യന്മു മോചതി |**

**ബന്ധാദ് ബദ്ധ മിവാദിതേ ||**

ഹേ ആദിത്യൻമാരേ! ബദ്ധസ്ഥനായ പുരുഷൻ മോചിതനാകുമ്പോൾ ബന്ധനം അവനെ ഉപേക്ഷിച്ചു പോകുന്നതുപ്പോലെ, നിൻെറ കൃപയാൽ ആര് ഞങ്ങളെ മോചിപ്പിക്കുന്നുവോ, അവൻ ഞങ്ങളുടെ സ്തുതി യോഗ്യനാകുന്നു.

**19. നാ സ്മാകമസ്തി തത്തര ആദിത്യാസോ അതിഷ്തദേ |**

**യൂയമസ്മഭ്യം മൃളത ||**

ഹേ ആദിത്യൻമാരേ! ഞങ്ങൾ നിങ്ങളെപ്പോലെ വേഗവാൻമാരല്ല. ആ വേഗത്തിന് ഞങ്ങളെ മോചിപ്പിക്കുവാൻ കഴിയും, അതിനാൽ ഞങ്ങൾക്ക് സുഖം നൽകണേ.

**20. മാ നോ ഹേതിർവിവസ്വത ആദിത്യാഃ ക്രിത്രിമാ ശരുഃ |**

**പുരാ നു ജരസോ വധീത് ||**

ഹേ ആദിത്യൻമാരേ! സൂര്യൻെറ ആയുധം പോലുള്ള ഈ കൃത്രിമവല ഞങ്ങളെപ്പോലുള്ള ദുർബ്ബലൻമാരെ ഹിംസിക്കാതിരിക്കണേ.

**21. വി ഷു ദ്വേഷോ വ്യംഹതിമാദിത്യാസോ വി സംഹിതം |**

**പിഷ്വഗ്വി ബൃഹതാ രപഃ ||**

ഹേ ആദിത്യൻമാരേ! വൈരികളേയും പാപികളേയും സംഹരിക്കണമേ. വലകളെ നശിപ്പിക്കേണമേ. പാപത്തെ അകറ്റണമേ.

## സൂക്തം 68

**ഋഷി പ്രിയമേധൻ, ദേവത ഇന്ദ്രൻ, ഛന്ദസ് അനുഷ്ടുപ്, ഗായത്രി.**

**1. ത്വാം രഥം യഥോതയേ സുമ്നായ വർതയാമസി |**

**തൂവികൂർമി മൃതീഷഹമിന്ദ്ര ശവിഷ്ഠ സത്പതേ ||**

ഹേ സത്യേശ്വരനായ ഇന്ദ്രാ! നീ അനന്തകർമ്മാവാണല്ലോ. ഹിംസകരെ പലായനം ചെയ്യിക്കുന്നവൻ നീയാണല്ലോ. രക്ഷാരൂപമായ സുഖത്തിനുവേി ഞങ്ങളങ്ങയെ വിളിക്കുന്നു.

**2. തൂവിശുഷ്മ തുവിക്രതോ ശചീവോ വിശ്വയാ മതേ |**

**ആ പപ്രാഥ മഹിത്വാന ||**

ഹേ ഇന്ദ്രാ! നീ മഹാപരാക്രമിയും, മേധാവിയും പൂജ്യനും, ബഹുകർമ്മാവും ആണല്ലോ. നീ ലോകവ്യാപിനിയായ നിൻെറ മഹിമവഴിയായി ലോകത്തെ പൂർണ്ണമാക്കി.

**3. യസ്യ തേ മഹിനാ മഹഃ പരി ജ്മായന്ത മീയതുഃ |**

**ഹസ്താ വജ്രം ഹിരണ്യയം ||**

ഹേ ഇന്ദ്രാ! നീ മഹാനാണല്ലോ. നിൻെറ ഇരുകരങ്ങളും ഭൂമിയിൽ വ്യാപിക്കുന്ന സ്വർണ്ണ വജ്രത്തെ പിടിച്ചിരിക്കുന്നു.

**4. വിശ്വാനരസ്യ വസ്പതി മനീതനസ്യ ശവസഃ |**

**ഏവൈശ്ച ചർഷണീ നാമൂതി ഹുവേ രഥാനാം ||**

ബലത്തിൻെറ സ്വാമിയും, ശത്രുക്കളുടെ നേരെ കോപത്തോടുകൂടി പോകുന്നവനുമായ ഇന്ദ്രനെ, മരുത്തുക്കളോടും, രഥത്തോടും കൂടി ഞാനാഹ്വാനം ചെയ്യുന്നു.

**5. അഭിഷ്ഠയേ സദാവൃധം സ്വർമീളഹേഷു യം നരഃ |**

**നാനാ ഹവന്ത ഊതയേ ||**

നേതാക്കൾ രക്ഷയ്ക്ക് വേി ആരെ വിളിക്കുന്നുവോ, നിത്യപ്രവൃദ്ധനായ ആ ഇന്ദ്രനെ സഹായത്തിനുവേി ഞാൻ വിളിക്കുന്നു.

**6. പരോമാത്രമൃചീഷമമിന്ദ്രമുഗ്ര സുരാധസം |**

**ഈശാനം ചിദ്ധസൂനാം ||**

ധനവാനും, സുന്ദരനും, വിസ്തൃതനും, സ്തുതികളിൽ പരിമിതനുമായ ഇന്ദ്രനെ ഞാൻ വിളിക്കുന്നു.

**7. തന്ത തമിന്ദ്രധസേ മഹ ഇന്ദ്രം ചോദാമി പീതയേ |**

**യഃ പൂർവ്യാമനുഷ്ഠീതിമീശേ കൃഷ്ടീനാം നൃതുഃ ||**

നേതാവും യജ്ഞമുഖത്തു സ്ഥിതനും, സ്തുതികൾ ശ്രവിക്കുന്നവനുമായ ഇന്ദ്രനെ ധനത്തിനുവേി സോമപാനത്തിനു വിളിക്കുന്നു.

**8. ന യസ്യ തേ ശവസാന സഖ്യമാനംശ മർത്യഃ |**

**നകിഃ ശവാംസി തേ നശത് ||**

ഹേ ഇന്ദ്രാ! മനുഷ്യർക്ക് നിൻെറ ബലത്തെ വ്യാപ്തമാക്കുവാൻ സാധിക്കുന്നല്ല. നിൻെറ മിത്രതയെ വലയം ചെയ്യുവാൻ സാധിക്കുകയില്ല.

**9. ത്വോതാസസ്ത്വാ യുജാപ്സ്വം സൂര്യേ മഹദ്ധനം |**

**ജയേമ പൃത്സു വജ്രിവഃ ||**

ഹേ വജ്രായുധാ! നിൻെറ രക്ഷയിൽ വസിച്ചുകൊ് ഞങ്ങൾ ജലത്തിനും സൂര്യദർശനത്തിനും വേി രണക്ഷേത്രത്തിൽ അസീമിതമായ ധനത്തെ പ്രാപിച്ച് നിൻെറ അനുഗ്രഹത്തെ സ്വീകരിക്കും.

**10. തം ത്വാ യജ്ഞേഭിരീമഹേ തം ഗീർഭിർഗിർവണസ്തമം |**

**ഇന്ദ്ര യഥാ ചിദാവിഥ വജേഷു പുരുമായ്യം ||**

ഹേ ഇന്ദ്രാ! നീ സ്തുതികളാൽ പ്രശംസിക്കപ്പെടുന്നു. യുദ്ധത്തിൽ എപ്രകാരം ഞങ്ങളെ രക്ഷിക്കുവാൻ കഴിയുമേ. അപ്രകാരം ചെയ്യുന്നതിന് സ്തോതാക്കളായ ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു.

**11. യസ്യ തേ സ്വാദു സഖ്യം സ്വാദ്വീ പ്രണീതിരദ്രിവഃ |**

**യജ്ഞോ വിതന്ത സായ്യഃ ||**

ഹേ വജ്റായുധാ! നിൻെറ മിത്രഭാവം മധുരപൂർണ്ണമാകുന്നു. നിൻെറ ധനാദികൾ സ്വാദുറ്റതാകുന്നു, വിശാലമാകുന്നു.

**12. ഉരുണസ്തന്വേ തന ഉരു ക്ഷയായ നസ്കൃധി |**

**ഉരു ണോ യന്ധി ജീവസേ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ പുത്രപൗത്രാധികൾക്ക് അവരിഷ്ടപ്പെടുന്ന ധനം നൽകിയാലും. ഞങ്ങളുടെ മനോഹരമായ വസതിയ്ക്ക്വേി ആവശ്യമുള്ള ധനം പ്രദാനം ചെയ്യൂ. ഞങ്ങളുടെ ജീവിതത്തിനുവേി സമ്പത്തു നൽകണമേ.

**13. ഉരും നഭ്യ ഉരും ഗവ രഥായ പന്ഥാം |**

**ദേവവീതിം മനാമഹേ ||**

ഹേ ഇന്ദ്രാ! മനുഷ്യരുടേയും, ഗോക്കളുടേയും ഹിതങ്ങൾ നിറവേറ്റുവാൻ ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ

രഥങ്ങൾക്കു പോവുവാൻ നല്ലമാർഗ്ഗങ്ങൾ നൽകുമാറാകണേ. ഞങ്ങളുടെ യജ്ഞകർമ്മങ്ങൾ സംപുഷ്ടമാകണേ.

**14. ഉപ മാ ഷഡ് ദ്വാദ്വാ നരഃ സോമസ്യ ഹർഷ്യാ |**

**തിഷ്ഠന്തി സ്വാദുരതായഃ ||**

സോമം കുടിച്ച് ലഹരിപുതുകാരണം ഉപഭോഗ്യസാധനസമ്പന്നരായ നൂററുനേതാക്കളിൽ നിന്നും ര് ചെങ്കുതിരകളും ഇന്ദ്രോതരാജപുത്രനിൽ നിന്നും മന്ദഗാമികളായ രശ്വങ്ങളും എനിക്ക് കിട്ടി.

**15. ഋജ്രേജാവിന്ദ്രോത ആ ദദേ ഹരീ ഋഷസ്യ സൂനവി |**

**അശ്വമേധേ സുപേശസഃ ||**

അതിഥിഗ്വപുത്രനായ ഇന്ദ്രനിൽ നിന്നും സുന്ദരമായ രഥത്തോടു കൂടിയതുമായ അശ്വങ്ങൾ എനിയ്ക്ക് കിട്ടി. ഋഷപുത്രങ്കൽ നിന്നും മനോഹരമായ കടിഞ്ഞാണുകളോടു കൂടിയതും അശ്വമേധപുത്രനിൽ നിന്നും രു സുന്ദരങ്ങളായ അശ്വങ്ങളേയും ഞാൻ പ്രാപിച്ചു.

**17. ഷളശ്വാം ആതിഥിഗ്വ ഇന്ദ്രോതേ വധൂമതഃ |**

**സചാ പൂതക്രതൗ സനം ||**

ശ്രേഷ്ഠകർമ്മാവായ ഇന്ദ്രോതങ്കൽ നിന്നും പെൺകുതിരകൾ സഹിതം ആറ് അശ്വങ്ങളേയും, ഋക്ഷപുത്രൻ; അശ്വമേധപുത്രൻ എന്നിവരുടെ അശ്വങ്ങളേയും എനിയ്ക്ക് കിട്ടി.

**18. ഐഷു ചേതദ് വൃഷണ്വന്തർഋജ്രേജഷ്വരുഷീ |**

**സ്വഭീശുഃ കശാവതി ||**

ഈ കുതിരകളിൽ വിഖ്യാതയും മനോഹരമായ കടിഞ്ഞാണോടു കൂടിയതും ഒരു പെൺകുതിരയായിരുന്നു.

**19. ന യുഷ്മേ വാജവന്ധവോ നിനിത്സുശ്ചന മർത്യഃ |**

**അവദ്യമധി ദീധരത് ||**

ഹേ രാജാക്കളേ! നിങ്ങൾ അന്നദാതാക്കളാണല്ലോ. നിന്ദകൻമാർക്ക് പോലും നിങ്ങളെ നിന്ദിക്കുവാൻ ഉള്ള സാമർത്ഥ്യം ഉ ാകുന്നില്ല.

## സൂക്തം 69

**ഋഷി പ്രിയമേധൻ, ദേവത ഇന്ദ്രൻ, വിശ്വേദേവകൾ, വരുണൻ ഛന്ദസ് അനുഷ്ടുപ്, ഉഷ്ണിക, ഗായത്രി, പംക്തി, ബൃഹതി.**

**1. പ്രപ്ര വസ്ത്രിഷ്ടുഭമിഷം മന്ദദ്വീരായേന്ദവേ |**

**ധിയാ വോ മേധസാതയേ പുരന്ധ്യാ വിവാസതി ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രൻ വീരൻമാരിൽ സാഹസികത്വം നിറയ്ക്കുന്നു. അവനുവേ അന്നം സംഭരിക്കുവിൻ. ഇത് പ്രജകളോടു കൂടിയ കർമ്മങ്ങൾ വഴി യജ്ഞഫലം പ്രാപിക്കുന്നതിന് നിങ്ങളെ സർത്ഥരാക്കുന്നു.

**2. നദം വ ഓദതീനാം നദം യോയുവതീനാം |**

**പതിമ വോ അധ്ന്യാനാം ധേനൂനാമിഷുധ്യസി ||**

ഇന്ദ്രൻ ഉഷസ്സുകളെ സൃഷ്ടിക്കുന്നു. അവൻ അഹിംസായോഗ്യങ്ങളായ ഗോക്കളുടെ ഉടമസ്ഥനാണല്ലോ. യജമാനൻ ആ കറവപ്പശുക്കളിൽ നിന്നും പാലിനെ ആശിക്കുന്നു.

**3. താ അസ്യ സൂദദോഹസഃ സോമം ശ്രീണന്തി പൃശ്നയഃ |**

**ജൻമന്ദേവാനാം വിശ്വസ്ത്രിഷ്വാ രോചേനേ ദിവഃ ||**

യാതൊരു ഗോക്കൾക്ക് ദേവകളുടെ ഉത്തമവസ്ഥാനത്തുനിന്നും സൂര്യന്റെ പ്രയധാമമായ സ്വർഗ്ഗത്തിലും പോകുവാൻ സാധിക്കുമോ, യാതൊന്നുകളുടെ ക്ഷീരത്താൽ കൂപങ്ങൾ നിറക്കുന്നുവോ, ആ ഗോക്കൾ ഇന്ദ്രനുവേ മൂന്നു സവനങ്ങളിലും തങ്ങളുടെ ക്ഷീരത്തെ സോമത്തിൽ കലർത്തുന്നു.

**4. അഭി പ്ര ഗോപതിം ഗിരേന്ദ്രമർച്ച യഥാ വിദേ |**

**സൂനം സത്യസ്യ സത്പതിം ||**

ഹേ ഇന്ദ്രാ! നീ സാധുക്കളുടെ ഈശ്വരിനിൽ, യജ്ഞത്തിന്റെ പുത്രനും ആകുന്നു. ആ ഇന്ദ്രന് യജ്ഞത്തിൽ അഭീഷ്ടങ്ങൾ എപ്രകാരം ഗ്രഹിക്കുവാൻ കഴിയോ, അതനുസരിച്ച് അവനെ പൂജിക്കുവിൻ.

**5. ആ ഹരയഃ സസൃജ്റീരേ രുഷീരധി ബർഹിഷി |**

**യത്രാഭി സന്നവാമഹേ ||**

ഹേ ഹരിതാശ്വങ്ങളേ! നിങ്ങൾ വേഗവാൻമാരായി ഇന്ദ്രനെ ഞങ്ങളുടെ ദർഭയിൽ ഇറക്കിവിടൂ. ഞങ്ങൾക്ക് അവനെ സ്തുതിക്കുവാൻ ആഗ്രഹിക്കുന്നു.

**6. ഇന്ദ്രായ ഗാവ ആശിരം ദുദുഹ്രേ വജ്രിണേ മധു |**

**യത്സീയ പഹ്വരേ വിദത് ||**

ഇന്ദ്രൻ അടുത്തിരിക്കുന്ന സോമത്തിന്റെ എല്ലാഭാഗത്തുനിന്നും അനുഗ്രഹിക്കുമ്പോൾ ഗോക്കൾ സോമത്തിൽ ചേർക്കുവാനുള്ള പാൽ നൽകുന്നു.

**7. ഉദ്യുദ് ബ്രധ്നസ്യ വിഷ്ടയം ഗൃഹമിന്ദ്രശ്ച ഗന്വാഹി |**

**മധ്വഃ പീതാ സചേവഹി ത്രിഃ സ്പത സഖ്യഃ പദേ ||**

ഇന്ദ്രനും ഞാനും സൂര്യമണ്ഡലത്തിൽ ചെല്ലുമ്പോൾ സോമരസം പാനം ചെയ്ത് സൂര്യന്റെ ഇരുപത്തിയൊന്നു സ്ഥാനങ്ങളിലും വസിക്കും.

**8. അർചന്ത പ്രാർചത പ്രിയമേധാസോ അർചത |**

**അർചന്തു പുത്രകാ ഉത പുരം ന ധൃഷ്ണ്വർചത ||**

ഹേ അധ്വര്യുക്കളേ! ഇന്ദ്രനെ പൂജിക്കുവിൻ. ഹേ ഹേ പ്രിയമേധവംശരേ! പുരങ്ങളെ നശിപ്പിച്ച ഇന്ദ്രനെ പൂജിക്കേപ്പോലെ പൂജിക്കുവിൻ.

**9. അവസ്വരാതി ഗർഗരോ ഗോധാ പരി സനിഷ്വണത് |**

**പിങ്ഗാ പരി ചനിഷ്കദദിന്ദ്രായ ബ്രഹ്മോദ്യം ||**

രണഭേരി ഭയങ്കരമായി മുഴങ്ങുന്നു. ചുററും കയ്യുറ മുരളുന്നു. വിൽഞാൺ അലയടിക്കുന്നു. അതിനാൽ ഇന്ദ്രനെ സ്തുതിക്കുവിൻ.

**10. ആ യത്പതന്ത്യേന്യഃ സുദുധാ അനപസ്ഫരഃ |**

**അപസ്ഫുരം ഗൃഭായത സോമമിന്ദ്രായ പാതവേ ||**

ശ്വേതവർണങ്ങളായ നദികൾ ശക്തിയോടു കൂടി പ്രവഹിക്കുമ്പോൾ അത്യന്തം ഗുണമേറിയ സോമത്തെ ഇന്ദ്രനു കുടിയ്ക്കുവാനായി ഇവിടെ കൊവരുവിൻ.

**11. അപാദിന്ദ്രോ അപാദഗ്നിരവിശ്വേദേ വാ അമത്സത |**

**വരുണ ഇദിഹ ക്ഷയത്തമാപോ അഭ്യനൂഷത വത്സം സംശിശ്വരീരിവ ||**

ഇന്ദ്രൻ സോമം കുടിച്ചു. വിശ്വദേവകളും കുടിച്ചു തൃപ്തരായി ഈ വീട്ടിൽ വരുണൻ വസിക്കട്ടെ. പശുക്കൾ തങ്ങളുടെ വത്സങ്ങൾക്കുവേ കരയുന്നതുപോലെ ഉപ്ഥത്തെ സ്തുതിക്കുന്നു.

**12. സുദേവോ അസിവരുണ യസ്യ തേ സപ്ത സിന്ധവഃ |**

**അനുക്ഷരന്തി കാകുദം സൂർമ്യം സുഷിരാമിവ ||**

ഹേ വരുണാ! നീ ശ്രേഷ്ഠനായ ഒരു ദേവനാണല്ലോ. രശ്മികൾ സൂര്യന്റെ മുമ്പിൽ വന്നുച്ചേരുന്നതുപോലെ, ഗംഗ മുതലായ

സപ്തനദികൾ നിൻെറ അണ്ണാക്കിൽ പതിയ്ക്കുന്നുവല്ലോ.

**13. യോ വ്യതീരഫാണത് സുയക്താം ഉപ ദാശുഷേ |**
**തക്തേ നേതാ തദിദ്വപുതുപമാ യോ അമുച്യത ||**

ആര് രഥയുക്തരായ അശ്വങ്ങളെ യജമാനൻെറ അടുക്കൽ അഴിച്ചു വിടുന്നുവോ, ആര് എല്ലാവരിൽ നിന്നും മാർഗ്ഗം സ്വീകരിക്കുന്നുവോ ആ ഇന്ദ്രൻ യജ്ഞത്തിൽ പോകുന്ന സമയം എല്ലാവരാലും പ്രമുഖനായിത്തീരുന്നു.

**14. അതീദു ശക്ര മാഹത ഇന്ദ്രോ വിശ്വാ അതി ദ്വിഷഃ |**
**ഭിനത്കനീന ഓദനം പച്യമാനം പരോ ഗിരാ ||**

ഇന്ദ്രൻ ശത്രുക്കളെ കടന്നുപോകുന്നതിൽ സമർത്ഥനാകുന്നു. അവൻ ശത്രുക്കളെയെല്ലാം നശിപ്പിക്കുകയും തൻെറ ശബ്ദത്താൽ മേഘത്തെ വിദീർണ്ണമാക്കുകയും ചെയ്യുന്നു.

**15. അർഭകോ ന കുമാരകോ ധി തിഷ്ഠന്നവം രഥം |**
**സ പക്ഷൻമഹിഷം മൃഗം പിത്രേ മാത്രേ വിഭൂക്രതും ||**

ഈ ഇന്ദ്രൻ ഒരു പുതുതായ രഥത്തിൽ ഇരിക്കുന്നു. ബഹുകൂർമ്മാവായ ഇന്ദ്രൻ മേഘത്തെ വർഷകാരിയായി മാറ്റുന്നു.

**16. ആ തൂ സുശിപ്ര ദമ്പതേ രഥം തിഷ്ഠാ ഹിരണ്യയം |**
**അധ ദ്യുക്ഷം സചേവഹി സഹസപാദ മരുഷം**
**സ്വസ്തിഗാമനേഹസം ||**

ഹേ രഥാധിപനായ ഇന്ദ്രാ! നീ മനോഹരമായ തനുവിനോടു കൂടിയവനാണല്ലോ. നിൻെറ പവിത്രവും, സ്വർണ്ണമയവുമായ രഥത്തിൽ ആരൂഢനായി വരുമ്പോൾ നമുക്കുരുപേർക്കും ഒരുമിക്കാം.

**17. തം ഘേമിത്ഥാ നമസ്വിന ഉപ സ്വരാജമാസതേ |**
**അർഥം ചിദസ്യ സുധിതം യദേതവ ആവർതയന്തി**
**ദാവനേ||**

തേജസ്വിയായ ആ ഇന്ദ്രനെ അന്നസമ്പന്നനായ യജമാനൻ പൂജിക്കുന്നു. പിന്നീട് ധനത്തോട് ചേർക്കുന്നു.

**18. അനു പ്രത്നർസ്യാകസഃ പ്രിയമേധാസ ഏഷാം |**
**പൂർവാമനു പ്രയതിം വൃക്തബർഹിഷോ ഹിതപ്രയസ**
**ആശത ||**

ആ ഇന്ദ്രൻെറ പുരാതനസ്ഥാനത്തെ പ്രിയമേധവംശജർ പ്രാപിക്കുകയും, കുശവിരിച്ച് അതിൻമേൽ ഹവിസ് വയ്ക്കുകയും ചെയ്തു.

## അനുവാകം 8

## സൂക്തം 70

**ഋഷി പുരുഹൻമാവ്, ദേവത ഇന്ദ്രൻ, ഛന്ദസ് ബൃഹതി, സതോ ബൃഹതി, ഉഷ്ണിക, അനുഷ്ടപ്, പംക്തി.**

**1. യോ രാജാ ചർഷണീനാം യാതാ രഥേഭിരധ്രിഗുഃ |**
**വിശ്വാസാം തരുതാ പൃതനാം ജ്യേഷ്ഠോ യോ വൃത്രഹാ**
**ഗൃണേ ||**

എല്ലാവരുടേയും നായകനും, എല്ലാ സൈന്യങ്ങളുടേയും ഉദ്ധാരകനും, എല്ലായിടത്തും സഞ്ചരിക്കുന്നവനും, രഥഗാമിയും, വൃത്രഹന്താവും. ജേഷ്ഠനുമായ ഇന്ദ്രനെ ഞാൻ സ്തുതിക്കുന്നു.

**2. ഇന്ദ്രതം ശുമ്ഭ പുരുഹൻമന്നവസേ യസ്യ ദ്വിതാ**
**വിധർതരി |**
**ഹസ്തായ വജ്രഃ പ്രതി ധായി ദർശതോ മഹോ ദിവേ ന**
**സൂര്യഃ ||**

സ്വന്തം രക്ഷയ്ക്ക് വേി ഇന്ദ്രനെ പൂജിക്കുവിൻ, അവൻ ഉഗ്രനും, ഉദാരനും രിനം സ്വഭാവത്തോടു കൂടിയവനും ആകുന്നു. അവൻ വഹിച്ചിരിക്കുന്ന വജ്റം സൂര്യനെപ്പോലെ തേജസ്സോടു കൂടിയതാണ്.

**3. നകിഷ്ടം കർമണാ നശദ്യശ്ചകാര സദാവൃധം |**
**ഇന്ദ്ര ന യജ്ഞൈർവിശ്വ ഗൂർത മൃഭ്വസമദൃഷ്ടം**
**ധൃഷ്ണേവോജസം ||**

പൂജ്യനും, പ്രവൃദ്ധനും, യജനീയനുമായ ഇന്ദ്രനെ ആർ തനിയ്ക്ക് അനുകൂലിയ്ക്കുന്നുവോ ആ യജമാനൻ അല്ലാതെ മറ്റൊരു വ്യക്തിയ്ക്കും അവനെ പ്രാപിക്കുവാൻ സാധ്യമല്ല.

**4. അഷാളഹമുഗ്രം പൃതനാസു സാസഹിം**
**യസ്മിൻഹീരുരുജ്റയഃ |**
**സം ധേനവോ ജായമാനേ അനോനവുർദ്യാവഃ ക്ഷാമോ**
**അനോനവുഃ ||**

ശത്രുജേതാവും, പരാക്രമിയും ആയ ഇന്ദ്രനെ ഞാൻ സ്തുതിക്കുന്നു. അവൻ ജനിച്ചപ്പോൾ തന്നെ വേഗവതികളായ ഗോക്കളും, ആകാശവും ഭൂമിയും അവനെ സ്തുതിച്ചിരുന്നു.

**5. യദ് ദ്യാവ ഇന്ദ്ര തേ ശതം ഭൂമീരുത സ്യുഃ |**
**ന ത്വാ വജ്റിൻത്സഹസ്രം സൂര്യാ അനു ന ജാലമഷ്ട**
**രോദസീ ||**

ഹേ ഇന്ദ്രാ! നൂറാകാശങ്ങൾക്ക് നിന്നോട് തുല്യത വഹിക്കുവാൻ സാധിക്കുന്നില്ല. നൂറുഭൂമികൾക്ക് നിൻെറ തുല്യത വഹിക്കുവാൻ കഴിയുന്നില്ല. നൂറു സൂര്യൻമാർക്കും നിനക്കു ആകാശം നൽകുവാൻ കഴിവില്ല. ആകാശമോ, ഭൂമിയോ, പിന്നെ എന്തെല്ലാം ഭൂമിയിൽ നിന്നും ഉത്ഭവിച്ചിട്ടുാേ, അവയെല്ലാം ഒന്നായിച്ചേർന്നാൽ പോലും നിനക്ക് തുല്യമാകുന്നില്ല.

**6. ആ പപ്രാഥ മഹിനാ വൃഷ്ണാ വൃഷ്ണ്യാ വൃഷന്വിശ്വാ**
**ശവിഷ്ഠ ശവസാ |**
**അസ്മാം അവ മഘവൻഗോമതി വ്രജേ**
**വജ്രിഞ്ചിത്രാഭിരൂതിഭിഃ ||**

ഹേ ഇന്ദ്രാ നീ മഹാബലവാനും, വജ്റധാരിയും, ധനവാനുമാണല്ലോ. നീ യജമാനന് ഇഛിതഫലം നൽകുന്നു. ഞങ്ങളുടെ ഗോക്കൾക്കു വേിയും, ഞങ്ങൾക്കുവേിയും രക്ഷകനാകണേ.

**7. ന സീമദേവ ആപദിഷം ദീർഘായോ മർത്യഃ |**
**ഏതഗ്വാ ചിദ്യാ ഏതശാ യുയോജതേ ഹരീ ഇന്ദ്രോ**
**യുയോജതേ ||**

ഹേ ഇന്ദ്രാ! ആർ രഥത്തിൽ ശ്വേതവർണ്ണത്തോടുകൂടിയ രശ്വങ്ങളെ പൂട്ടുന്നുവോ, ഇന്ദ്രൻ അവനുവേി ര് ഹരിതാശ്വങ്ങളിൽ എഴുന്നള്ളുന്നു. ദേവകളിൽ വിമുഖനായ മനുഷ്യൻ അവരിൽ നിന്നും അന്നം പ്രാപിയ്ക്കുന്നില്ല.

**8. തം വോ മഹോ മഹായ്യമിന്ദ്രം ദാനായ സക്ഷണിം |**
**യോ ഗാധേഷു യ ആരണേഷു ഹവ്യോ വാജേഷ്വസ്തി**
**ഹവ്യഃ ||**

ഹേ ഋത്വിജൻമാരേ! ഇന്ദ്രനെ പൂജിയ്ക്കുവിൻ. ജലപ്രാപ്തിയ്ക്ക്

വേി അവനെ ആഹ്വാനം ചെയ്യുവിൻ. നിമ്നപ്രാപ്തിയ്ക്ക് വേിയോ അഥവാ യുദ്ധത്തിനുവേിയോ ഇന്ദ്രനെ വിളിക്കുവിൻ.

**9. ഉദൂ ഷു ണോ വസോ മഹേ മൃശസ്വ ശൂര രാധസേ |**
**ഉദൂ ഷു മഹൈ്യ മഘവൻമഘത്തയ ഉദിദ്ര ശ്രവസേ മഹേ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളെ ധനപ്രാപ്തിയ്ക്ക് വേി ഉയർത്തിയാലും. മഹത്തായ ധനം വഴിയായി യശസ്സ് പ്രദാനം ചെയ്താലും.

**10. ത്വം നഇന്ദ്ര ഋതസുസ്ത്വാനിദോ നി തൃംപസി |**
**മധ്യേ വസിഷ്വ തുവിനൃമ്ണോർവോർനി ദാസം ശിശ്നഥോ ഹഥൈഃ ||**

ഹേ ഇന്ദ്രാ! യജ്ഞകാമനായ ഭവാൻ തൻെറ നിന്ദകൻമാരുടെ ധനം പിടിച്ചെടുത്ത് സന്തുഷ്ടനാകുന്നു. നീ ഞങ്ങളുടെ രക്ഷയ്ക്ക് വേി നിൻെറ ആശ്രയം നൽകിയാലും.

**11. അന്യവ്രത മമാനുഷമയജ്വാനമദേ വയും |**
**അവസ്വഃ സഖാ ദുധുവീത പർവ്വതഃ സൂധ്നായ ദസ്യം പർവതഃ ||**

ഹേ ഇന്ദ്രാ! നിൻെറ മിത്രമായ പർവ്വതൻ യജ്ഞരഹിതരേയും, ദേവകളേയും, വിദ്വേഷികളേയും സ്വർഗ്ഗത്തിൽ നിന്നും താഴെ പതിപ്പിക്കുന്നു.

**12. ത്വം ന ഇന്ദ്രാസാം ഹസ്തേ ശവിഷ്ഠ ദാവനേ |**
**ധനാനാം ന സം ഗൃഭായാസ്മയുർദ്ധിഃ സം ഗൃഭായാസ്മയുഃ||**

ഹേ ഇന്ദ്രാ! നീ ബൽവാനാണല്ലോ? യവമലരുകൾ ഉള്ളം കയ്യിൽ എടുക്കുന്നതുപൊലെ ഞങ്ങൾക്കു നല്കുവാനായി ഗോക്കളെ കൈകളിൽ എടുക്കണമേ. നീ അസ്മാൽക്കാമനായിട്ടു രാമതും പിടിച്ചാലും.

**13. സഖായഃ ക്രതുമിച്ഛത കഥാ രാധാമ ശരസ്യ |**
**ഉപസ്തുതിം ഭോജഃ സൂരിരര്യോ അഹ്രയഃ ||**

ഹേ സഖാക്കളേ! ഇന്ദ്രനു വേി കർമ്മങ്ങൾ ചെയ്യുവിൻ. ഇന്ദ്രൻ ശത്രുരക്ഷകനാണ്. ഊട്ടുന്നവനും, പുറപ്പെടുവിക്കുന്നവനും, തലകുനിക്കാത്തവനുമാണ്.

**14. ഭൂരിഭിഃ സമഹ ഋഷിഭിർബർഹ ിഷ്മദ്ഭിഃ സ്തവിഷ്യസേ |**
**യദിത്ഥ മേ കമി ഛരച് വത്സാൻ പരാദദഃ ||**

ഹേ ഇന്ദ്രാ! ഹവിസ്സ് ദാതാവായ സ്തോതാവ് നിന്നെ സ്തുതിക്കുന്നു. നീ ആ സ്തോതാക്കൾക്ക് പശുകുട്ടികളെ പ്രദാനം ചെയ്യുന്നു.

**15. കർണഗൃഹ്യാ മഘവാ ശൗരദേവ്യോ വത്സം നസ്ത്രിഭ്യ നയത് |**
**അജാം സൂരിർന ധാതവേ ||**

ഇന്ദ്രൻ ധനവാനാകുന്നു. ഇന്ദ്രൻ ഹിംസകരായ ശത്രുക്കളുടെ ഗോക്കളെയും, കിടാങ്ങളേയും അജപാലൻ പെണ്ണാടിനെ പിടിച്ചു കൊവരുന്നതുപോലെ നമ്മുടെയടുക്കൽ കൊവരണേ.

## സൂക്തം 71

**ഋഷി സുദീതിയോ പുരുമീളഹനോ, ദേവത അഗ്നി ഛന്ദസ് ഗായത്രി, ബൃഹതി.**

**1. ത്വം നോ അഗ്നേ മഹോഭിഃ പാഹി വിശ്വസ്യാ അരാതേഃ |**
**ഉത ദ്വിഷോ മർതൃസ്യ ||**

ഹേ അഗ്നേ! പിശുക്കൻമാരിൽ നിന്നും പിടിച്ചെടുത്ത ധനം കൊ് ഞങ്ങളെ പാലിക്കുകയും ശത്രുക്കളിൽ നിന്നും രക്ഷിക്കുകയും ചെയ്യണമേ.

**2. നഹി മന്യുഃ പൗരുഷേയ ഈശേ ഹവഃ പ്രിജായത |**
**ത്വമിദസി ക്ഷപാവൻ ||**

ഹേ അഗ്നേ! നീ രാത്രിയിൽ അത്യധികം പ്രാശവാനാകുന്നുവല്ലോ. മനുഷ്യരുടെ ക്രോധങ്ങൾക്ക് നിൻെറ കാര്യങ്ങളിൽ തടസ്സമുാക്കുവാൻ സാധിക്കുന്നില്ല.

**3. സ നോ വിശ്വേഭിർദേവേ ഭിരൂർജോ നപാദ്ഭദ്ര ശോചേ |**
**രയിം ദേഹി വിശ്വവാരം ||**

ഹേ അഗ്നേ! നീ മഹാതേജസ്സിയാണല്ലോ. എല്ലാ ദേവകളോടും കൂടി വരണയോഗ്യമായ ധനം ഞങ്ങൾക്ക് പ്രധാനം ചെയ്യണമേ.

**4. ന തമഗ്നേ അരാതയോ മർതം യുവന്ത രായഃ |**
**യം ത്രായസേ ദാശ്വാംസം ||**

ഹേ അഗ്നേ! നീ ആരെ രക്ഷിക്കുന്നുവോ, ആ ഹവിസ്സ് ദാതാവിനെ ഹിംസിക്കുവാൻ അദാനികളായ വ്യക്തികൾക്ക് സാധ്യമല്ല.

**5. യം ത്വം വിപ്ര മേധസാതവഗ്നേ ഹിനോഷി ധനായ**
**സ തവോതീ ഗോഷു ഗന്താ ||**

ഹേ അഗ്നേ! നീ ആരെ ധനലാഭത്തിനുവേി യജ്ഞകർമ്മങ്ങളിൽ പ്രേരിപ്പിക്കുന്നുവോ, അവൻ ഗോസമ്പന്നനായിത്തീരുന്നു.

**6. ത്വം രയിം പുരുവീരമഗ്നേ ദാശുഷേ മർതായ |**
**പ്രണോ നയ വസ്യോ അച്ഛ ||**

ഹേ അഗ്നേ! നീ ഹവിസ്സ് ദാതാവിന് വളരെയധികം വീരൻമാരാൽ സമ്പന്നമായ ധനം നൽകുകയും നിവാസയോഗ്യമായ ഗൃഹത്തിൽ വ്രതമനുഷ്ഠിക്കുകയും ചെയ്യണമേ.

**7. ഉരുഷ്യാണോ മാ പരാ ദാ അഘായതേ ജാതവേദഃ**
**ദുരാധ്യേ മർതായ ||**

ഹേ അഗ്നേ! ഹിംസകരായ ശത്രുക്കളുടെ കരങ്ങളിൽ ഞങ്ങളെ ഏൽപ്പിക്കരുതേ . നീ ഞങ്ങളെ രക്ഷിക്കേണമേ.

**8. അഗ്നേ മാകിഷ്ടേ ദേവസ്യ രാതിമദേവോ യുയോത**
**ത്വമീശിഷോ വസൂനാം ||**

ഹേ അഗ്നേ! നീ ജ്യോതിർമയനാകുന്നു. ദേവകളിൽ വിമുഖനായ യാതൊരു വ്യക്തിയ്ക്കും നിന്നെ ധനം നൽകുന്നതിൽ ന ിന്നും തടയുവാൻ സാധിക്കുന്നില്ല.

**9. സ നോ വസ്വ ഉപ മാസ്യൂർജോ നപാൻമാഹിനസ്യ |**
**സഖേ വസോ ജരിതൃഭ്യ ഃ ||**

ഹേ അഗ്നേ! നീ സ്തോതാക്കളായ ഞങ്ങൾക്ക് മഹത്തായ ഐസവര്യം നൽകിയാലും, എന്തുകൊന്നൊൽ മനോഹരമായ വാസസ്ഥാനം നൽകുന്നത് നീയാണല്ലോ.

**10. അച്ഛാ നഃ ശീരശോചിഷം ഗിരോ യന്തു ദർശതം**
**അച്ഛാ യജ്ഞാസോ നമസാ പുരൂവസും പുരു പ്രശസ്ത മൂതയേ ||**

ഞങ്ങളുടെ സ്തുതികൾ അഗ്നിയെ സമീപിക്കണേ.

യജ്ഞത്തിൻെറ രക്ഷയ്ക്ക് വേ എല്ലാ ഹവിസ്സുക്കളോടും യുക്തമായി ഈ സ്തോത്രം അഗ്നിയുടെ നേരെ ഗമിക്കുന്നു.

**11. അഗ്നിം സൂനും സഹസോ ജാതവേദസം ദാനായ വാർയാണാം |**

**ദ്വിതാ യോ ഭൂദമൃതോ മർത്യേഷ്വാ ഹോത മന്ദ്രതമോ ||**

എല്ലാ സ്തുതികളും അഗ്നിയെ സമീപിക്കണേ. ആ അഗ്നി മനുഷ്യരുടെ ഇടയിൽ വസിക്കുന്നുങ്കിലും അമരനായി കഴിയുന്നു. ഇവൻ യജ്ഞം നിർവ്വഹിക്കുന്നവനും ശക്തിപ്രദാനം ചെയ്യുന്നവനുമാണല്ലോ.

**12. അഗ്നിം വോ ദേവയജ്യയാഗ്നിം പ്രയത്യധ്വരേ അഗ്നി ധീഷു പ്രഥമമഗ്നിമർതവ്യഗ്നിം ക്ഷൈത്രായ സാധസേ ||**

ഹേ യജമാനൻമാരേ! ഞാൻ ദേവപൂജയ്ക്ക് വേ അഗ്നിയെ സ്തുതിക്കുന്നു. യജ്ഞത്തിൻെറ ആരംഭകാലത്തിലും, അനുഷ്ഠാനങ്ങളുടെ സമയത്തും ബന്ധുത്വപ്രാപ്തിയ്ക്കും വേ അഗ്നിയെ പൂജിക്കുന്നു.

**13. അഗ്നിരിഷാം സഖ്യേ ദാദാതു ന ഇശേ യോ വാർയാണാം|**

**അഗ്നിം തോകേ തനയേ ശശ്വദീമഹേ വസും സന്തം തനൂപാം ||**

ഞങ്ങൾ അഗ്നിയുടെ മിത്രങ്ങളും അഗ്നി ഞങ്ങളുടെ ധനത്തിൻെറ ഉടയവനും ആകുന്നു. അവൻ ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്യണേ. ഞങ്ങൾ സ്വന്തം പുത്രപൗത്രാദികൾക്ക് വേ യഥേഷ്ടമായി ധനം യാചിക്കുന്നു.

**14. അഗ്നിമീളിഷ്വാവസേ ഗാഥാഭിഃ ശീരശോചിഷം അഗ്നിം രായേ പുരുമീളഹ ശ്രുതം നരോ ഗ്നിം സുദീതയേ ഛർദിഃ ||**

രക്ഷാകാമൻമാരായി നിങ്ങൾ അഗ്നിയെ സ്തുതിക്കുവിൻ, അവൻെറ ജ്വാലകൾ ഭസ്മമാക്കുന്നവയാണ്. എല്ലാ യജമാനൻമാരും ഈ അഗ്നിയെ സ്തുതിക്കുകയും, വാസപ്രദമായ ഗൃഹം യാചിക്കുകയും ചെയ്യുവിൻ.

**15. അഗ്നിം ദ്വേഷോ യോതവൈനോ ഗൃണീമസ്യഗ്നിം ശം യോശ്വ ദാതാവേ |**

**വിശ്വാസു വിക്ഷ്വവിതേവ ഹവ്യോ ഭവദ്വസ്തുർ ഋഷൂണാം ||**

ശത്രുക്കളിൽ നിന്നും മോചനം പ്രാപിക്കുവാനായി ഞങ്ങൾ അഗ്നിയോടു പ്രാർത്ഥിക്കുന്നു. അഗ്നി രാജതുല്യനും വാസദാതാവും ആകുന്നു. അവനിൽ നിന്നും സുഖവും അഭയവും പ്രാപിക്കുന്നതിനുവേ അദ്ദേഹത്തെ ആഹ്വാനം ചെയ്യുന്നു.

## സൂക്തം 72

**ഋഷി പ്രഗാഥപുത്രൻ ഹര്യതൻ, ദേവത അഗ്നി, ഛന്ദസ് ഗായത്രി.**

**1. ഹവിഷ്കൃണുധ്വമാ ഗമദ്ധ്വര്യുർവനതേ പുനഃ |**

**വിദ്വാം അസ്യ പ്രശാസനം ||**

ഹേ അധര്യക്കളേ! നിങ്ങൾ ഹവിസ്സ് കൊവരുവിൻ അഗ്നി പ്രത്യക്ഷനായിരിക്കുന്നു. ആ അധര്യുക്കൾ യജ്ഞത്തിൽ ഹവിസ്സ് അർപ്പിക്കുന്നു.

**2. നി തിഗ്മമഭ്യം സീദദ്വോതാ മനാവധി |**

**ജുജുഷാണോ അസ്യ സഖ്യം ||**

ഈ യജമാനന് അഗ്നിയുമായി മൈത്രീബന്ധമുു്. എന്തുകൊന്നൊൽ അവൻ തീഷ്ണമായ ജ്വാലകളോടു കൂടിയ അഗ്നിയുടെ സമീപത്തിരിക്കുന്നുല്ലോ.

**3. അന്തരിച്ഛന്തി തം ജനേ രുദ്രം പരോ മനീഷയാ |**

**ഗൃഭ്ണന്തി ജിഹ്വയാ സസം ||**

യജമാനൻെറ അഭീഷ്ട സിദ്ധിയ്ക്കായി ആ അധ്വര്യുക്കൾ അഗ്നിയെ മുിൽ സ്ഥാപിച്ച് സ്തുതികൾ വഴിയായി വളർത്തുന്നു.

**4. ജാമ്യതീതപേ ധനുർവയോധാ അരുഹദ്വനം |**

**ദൃഷമം ജിഹ്വയാവധീത് ||**

അന്ന ദായകനായ അഗ്നി എല്ലാവരേയും കടന്നുവരുന്നു. അവൻ അന്തരീക്ഷത്തെ ഉല്ലംഘിക്കുകയും, മേഘത്തെ ഹരിയ്ക്കുകയും ചെയ്യുന്നു. അവൻ ജലോപരി ഉപസ്ഥിതിതനാകുന്നു.

**5. ചരന്വത്സോ രുശന്നിഹ നിദാതാരം ന വിന്ദതേ |**

**വേതി സ്തോതവ അഭ്യം ||**

ഉജ്ജ്വലവർണ്ണനായ ആ അഗ്നി കുഞ്ഞുങ്ങളെപ്പോലെ ചഞ്ചലനാകുന്നു. അവൻ വിദ്വേഷികളെ പ്രാപിക്കുന്നില്ല. സ്തുതിക്കുന്നവരുടെ സമീപ്യം ഇച്ഛിക്കുന്നു.

**6. ഉതോ ന്വസ്യ യൻമഹദശ്വാവദ്യോജനം ബൃഹത് |**

**ദാമാ രഥസ്യ ദദൃശേ ||**

ഈ അഗ്നിയെ കൂട്ടിച്ചേർക്കുന്ന അശ്വങ്ങൾ സമ്പന്നവും, മഹിമവുമായ രഥത്തിൻെറ കടിഞ്ഞാണുകളാണ്.

**7. ദുഹന്തി സപ്തൈകാമുപ ദ്വാ പഞ്ച സൃജതഃ |**

**തീർഥേ സിന്ധോരധി സ്വരേ ||**

സിന്ധു തടത്തിൽ ഏഴ് ഋത്വിജൻമാർ ദോഹനം നടത്തുന്നു. അവരിൽ രുപേർ മറ്റഞ്ചുപേരെ സ്വീകരിക്കുന്നു.

**8. ആദർശഭിർവിവസ്വത ഇന്ദ്രഃ കോശമച്യുവീത് ഖേദയാ ത്രിവൃതാ ദിവഃ ||**

യജമാനൻെറ പത്തു വിരലുകളാൽ പൂജിതനായ ഇന്ദ്രൻ മേഘത്തിൽ നിന്നും മൂന്നു കിരണങ്ങൾ വഴിയായി ജലത്തെ വർഷിച്ചു.

**9. പരി ത്രിധാതുരധ്വരം ജൂജൂർണിരേതി നവീയസീ | മധ്വാ ഹോതാരോ അജ്ഞതേ ||**

വേഗവാനും തീവർണ്ണനുമായ അഗ്നിജ്വാലകൾ സഹിതം യജ്ഞത്തിൽ വരുന്നു. അധ്വര്യുക്കൾ അവനെ തേൻകൊ് പൂജിക്കുന്നു.

**10. സിഞ്ചതി നമസാവതമുച്ചാചക്രം പരിജ്മാനം |**

**നീചീന വാരമ ക്ഷിതം ||**

ചക്രയുക്തനും, പ്രകാശസമ്പന്നനും, അക്ഷയനും ആയ അഗ്നിയുടെ മേൽ കുനിഞ്ഞുകൊ് അധ്വര്യുക്കൾ ഘൃതം തളിയ്ക്കുന്നു.

**11. അഭ്യാരമിദദ്രയോ നിഷിക്തം പുഷ്കരേ മധു |**

**അവതസ്യ വിസർജനേ ||**

അധ്വര്യുക്കൾ അഗ്നിയെ വിസർജ്ജിക്കുമ്പോൾ വിശാലമായ പാത്രത്തിൽ മധു ഒഴിക്കുന്നു.

**12. ഗാവ ഉപാവത വതം മഹീ യജ്ഞസ്യ രപ്സുദാ |**

**ഉഭാ കരണാ ഹിരണ്യയാ ||**

ഹേ ഗോക്കളേ! മന്ത്രങ്ങൾ വഴിയായി പാലിൻെറ

ആവശ്യമാകുമ്പോൾ നിങ്ങൾ അഗ്നിയെ സമീപിക്കിൻ. അവൻെറ ചെവികൾ രും സ്വർണ്ണം കൊും, വെള്ളികൊും ഉള്ളതാകുന്നു.

**13. ആ സുതേ സിഞ്ചത ശ്രിയ രോദസ്യോരഭിശ്രിയം |**

**രസാ ദധീത വൃഷഭം ||**

ഹേ അധ്വര്യുക്കളേ! ആകാശത്തേയും, ഭൂമിയേയും, ആശ്രയിച്ചിരിക്കുന്നതും, മിശ്രണയോഗ്യവും ആയ പാലിനെ തളിയ്ക്കുവിൻ. അതിനുശേഷം ആട്ടിൻ പാലിൽ അഗ്നിയെ പ്രതിഷ്ഠിക്കുവിൻ.

**14. തേ ജാനത സ്വമോക്യം സം വത്സാ നോ ന മാതൃഭിഃ |**

**മിഥോ നസന്ത ജാമിഭിഃ ||**

ഗോക്കള തങ്ങളുടെ ആശ്രയദാതാവായ അഗ്നിയെ അറിഞ്ഞു. ശിശുക്കൾ തങ്ങളുടെ അമ്മമാരോടു ചേരുന്നതുപ്പോലെ ഗോക്കൾ തങ്ങളുടെ ബന്ധുക്കളോടു ചേരുന്നു.

**15. ഉപ സ്രക്വേഷു ബപ്സതഃ കൃണ്വതേ ധരുണം ദിവി |**

**ഇന്ദ്രേ അഗ്നാ നമഃ സ്വഃ ||**

ജ്വാലകൾ വഴിയായി ഭക്ഷണം കഴിയ്ക്കുന്ന അഗ്നിയുടെ അന്നം ഇന്ദ്രനും അഗ്നിയും കൂടി പുഷ്ടിപ്പെടുത്തുന്നു. ആ അന്നം അന്തരീക്ഷത്തെ പാലിയ്ക്കുന്നു. അതിനാൽ ഇന്ദ്രാഗ്നികൾക്ക് അന്നം സമർപ്പിക്കുവിൻ.

**16. അധുക്ഷത്പിപ്യുഷീ മിഷമൂർജം സപ്തപദീമരിഃ |**

**സൂര്യസ്യ സപ്ത രശ്മിഭിഃ ||**

ചുറ്റിത്തിരിയുന്ന ഗോവിങ്കൽ നിന്നും ഏഴു രശ്മിയാൽ വായു പോഷകാന്ത രസങ്ങളെ കറന്നു നൽകി. ഗോവ് സോമരസത്തിൻെറ ഇടി ഒച്ചയാണ്. അപ്പോൾ മഴ പെയ്തു. എന്നു വ്യാഖ്യാനിക്കാം.

**17. സോമസ്യ മിത്രാവരുണോ ദിതാ സൂര ആ ദദേ |**

**തദാ തുരസ്യ ഭേഷജം ||**

മിത്രാ വരുണൻമാർ സൂര്യോദയത്തിൽ സോമത്തെ സ്വീകരിക്കുന്നു. അത് നമുക്ക് ഹിതകരമായ ഔഷധത്തിനു തുല്യമാണ്.

**18. ഉതോ ന്വസ്യ യത്പദം ഹര്യതസ്യ നിധാന്യം |**

**പരി ദ്യാം ജിഹ്വയാ തനത് ||**

ഹർയത മഹർഷിയുടെ സ്ഥാനം യജ്ഞത്തിനു പയുക്തമാകുന്നു. തൻെറ ജ്വാലകൾ വഴിയായി അവിടെ നിന്നും സ്വർഗ്ഗത്തെ വിശാലമാക്കുന്നു.

## സൂക്തം 73

**ഋഷി അത്രേഗോത്രൻ; ഗോപവനനോ സപ്തവധർമിനോ, ദേവത അശ്വികൻ, ഛന്ദസ് ഗായത്രി.**

**1. ഉദീരാഥാമൃതായതേ യഞ്ജാഥാമശ്വിനാ രഥം |**

**അന്തിഷദ്ഭൂതു വാമപഃ ||**

ഹേ അശ്വനികുമാരൻമാരേ! യജ്ഞകാമനായ എനിയ്ക്ക്വേി ഉദയം ചെയ്യുവിൻ. നിങ്ങളുടെ രക്ഷകർ ഞങ്ങളുടെ അടുക്കൽ ഉറച്ചു നിൽക്കണേ. അതിനാൽ നിങ്ങൾ സ്വന്തം രഥത്തിൽ അശ്വങ്ങളെ പൂട്ടുവിൻ.

**2. നിമിഷശ്ചിജ്ജവീയസാ രഥേനാ യാതമശ്വിനാ |**

**അന്തി ഷദ്ഭൂതു വാമവഃ ||**

ഹേ അശ്വിനികളേ! വേഗമേറിയ രഥത്തിൽ ആഗതരാകുവിൻ. നിങ്ങളുടെ രക്ഷാസമാർത്ഥ്യം ഒങ്ങളുടെ നികടവർത്തിയാകണമേ.

**3. ഉപ സ്തൃണീതമത്രയേ ഹിമേന ധർമമശ്വിനാ |**

**അന്തീ പദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളേ !അത്രിയ്ക്ക് വേി അഗ്നിയുടെ ദഹനസ്വഭാവത്തെ ഹിമത്താൽ തടയുവിൻ. നിങ്ങളുടെ രക്ഷാശക്തി ഞങ്ങളുടെ അടുക്കലേയ്ക്ക് വരുമാറാകണേ.

**4. കുഹ സ്ഥഃ കുഹ ജഗ്മഥുഃ കുഹ ശ്യേനേവ പേതഥുഃ**

**അന്തി ഷദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ ആഹ്വാനത്തെ എപ്പോൾ എവിടെ വെച്ച് നിങ്ങൾ കേൾക്കും? നിങ്ങളുടെ രക്ഷകൾ ഞങ്ങളുടെ നികടത്തിൽ വസിക്കണേ.

**6. അശ്വിനാ വാമഹൂതമാ നേദിഷ്ടം യാമ്യാപ്യം |**

**അന്തിഷദ്ഭൂതു വാമഹഃ ||**

അഹ്വാനീയരായ അശ്വിനികളുടെ അടുക്കലേയ്ക്ക് ഞാൻ പോകുന്നു. അവരുടെ ബന്ധുക്കളുടെ അടുക്കലേയ്ക്ക് ഞാൻ പോകുന്നു. ഹേ അശ്വിനികളേ! നിങ്ങളുടെ രക്ഷകൾ ഞങ്ങളുടെ അടുക്കൽ വസിക്കുമാറാകണേ.

**7. അവന്തമത്രയേ ഗൃഹം കൃണുതും യുവമശ്വിനാ |**

**അന്തി ഷദ്ഭൂത വാമവഃ ||**

ഹേ അശ്വനികളേ! നിങ്ങൾ അത്രിയെ രക്ഷിക്കുന്നതിനുവേി വീടുാക്കി നൽകിയല്ലോ. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കണമേ.

**8. വരേഥേ അഗ്നിമാതപോ വദതേ ബല്ഗ്വത്രയേ |**

**അന്തിഷദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളേ! അത്രി നിങ്ങളെ മനോഹരങ്ങളായ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു. അഗ്നിയുടെ ദഹനസ്വഭാവത്തിൽ നിന്നും അദ്ദേഹത്തെ രക്ഷിച്ചാലും നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കേണമേ.

**9. പ്ര സപ്തവധ്രിരാശസാ ധാരാമഗ്നേരശായത |**

**അന്തിഷദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളെ! നിങ്ങളുടെ സ്തുതികളുടെ പ്രഭാവത്താൽ സപ്തവധ്റിമഹർഷി അഗ്നിജ്വാലയെ മംജൂഷയിൽ നിന്നും മാറ്റിയിട്ട് വീും അതിൽ തന്നെ ഉറക്കിയിരുന്നു. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കണേ.

**10. ഇഹാ ഗതം വൃഷണ്വസൂ ശൃണുതം മ ഇമം ഹവം |**

**അന്തി ഷദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ ധനവാൻമാരും വൃഷ്ടിപ്രദരും ആണല്ലോ. ഇവിടെ വന്ന് ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിച്ചാലും. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കണേ.

**11. കിമിം വാം പുരാണവജ്ജരതോരിവ ശസ്യതേ |**

**അന്തി ഷദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളേ! നിങ്ങളെ വൃദ്ധാവസ പ്രാപിച്ച വ്യക്തികളേപ്പോലെ എന്തുകൊ് വിളിക്കപ്പെടുന്നു? കിഴവൻമാർ എത്രവിളിച്ചാലും വരില്ലല്ലോ. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കണേ.

**12. സമാനംവാം സജാത്യം സമാനോ ബന്ധുരശ്വിനാ |**

**അന്തി ഷദ്ഭൂതു വാമവഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരും തുല്യബലവാൻമാരാണല്ലോ. നിങ്ങളുടെ ബന്ധുക്കളും സമാനരാണല്ലോ. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കണേ.

**13. യോം വാമ രജാം സ്വശ്വിനാ രഥോ വിയതി രോദസീ |**

**അന്തി ഷദ്ഭൂതു വാമവഃ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ രതം വാനൂഴികളിലും; മറ്റെല്ലാ ലോകങ്ങളിലുംസഞ്ചരിക്കുന്നു. നിങ്ങളുടെ രക്ഷകൾ ഞങ്ങളോടുകൂടി ഉായിരിക്കണേ.

**14. ആ നോ ഗവ്യേഭിരശ്വ്യൈ സഹസ്രൈരുപ ഗച ഛതം|**

**അന്തി ഷദ്ഭൂതു വാമവഃ ||**

ഹേഅശ്വിനികളേ! അസംഖ്യം ഗോക്കളോടു കൂടി ഞങ്ങളുടെ അടുക്കൽ ആഗതരാകുവിൻ. നിങ്ങളുടെ രക്ഷകൾ ഞങ്ങളോടുകൂടി ഉായിരിക്കണേ.

**15. മാ നോ ഗവ്യേഭിരശ്വ്യൈഃ സഹസ്രേഭി രതി ഖ്യതം |**

**അന്തി ഷദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളേ! സംഖ്യയില്ലാത്ത ഈ ഗോക്കളുടേയും അശ്വങ്ങളുടേയും ദാനത്തെ തടയരുത്. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കണേ.

**16. അരുണപ്സുരുഷാ അഭൂദകർജ്യോതിർഋതാവരീ |**

**അന്തി ഷദ്ഭൂത വാമവഃ ||**

ഹേ അശ്വിനികളേ! ഉഷസ്സ് ഉജ്ജ്വലവർണ്ണയും, യജ്ഞസമ്പന്നയും, ജ്യോതിസ്സിനെ പ്രകടിപ്പിക്കുന്നവളും ആണ്. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കണേ.

**17. അശ്വിനാ സു വിചാകശദ് വൃക്ഷ പരശുമാം ഇവ |**

**അന്തി ഷദ്ഭൂത വാമവഃ ||**

മരം വെട്ടുന്ന പുരുഷൻ അക്കാര്യത്തിൽ സമർത്ഥനായിരിക്കുന്നതുപോലെ ജ്യോതിഷ്മാനായ ആദിത്യൻ അന്ധകാരത്തെ നശിപ്പിക്കുന്നു. ഞാൻ അശ്വിനികുമാരൻമാരെ ആഹ്വാനം ചെയ്യുന്നു. അവരുടെ രക്ഷകൾ ഞങ്ങളെ പ്രാപിക്കുന്നു.

**18. പൂരം ന ധൃഷ്ണവാ കൃഷ്ണായാ ബാദിതോ വിശാ |**

**അന്തി ഷദ്ഭൂത വാമവഃ ||**

ഹേ സപ്തവധ്രീ! നീ കരിം പെട്ടിയിൽ ആയിരുന്നു. പിന്നെ നീ അതിനെ പുരത്തെ എന്നപ്പോലെ ഭസ്മമാക്കി. നിങ്ങളുടെ രക്ഷകൾ ഞങ്ങളെ പ്രാപിയ്ക്കട്ടെ.

## സൂക്തം 74

**ഋഷി ഗോപവനൻ, ദേവത അഗ്നി, ഛന്ദസ് അനുഷ്ടുപ്, ഗായത്രി.**

**1. വിശോവിശോ വോ അതിഥിം വാജയന്തഃ പുരുപ്രിയം |**

**അഗ്നിം യോ ദുര്യം വചഃ സ്തുഷേ ശൂഷസ്യ മൻമഭി ഃ ||**

ഋത്വിജൻമാരേ! യജമാനൻമാരേ! അന്നകാമരായ നിങ്ങൾ മനുഷ്യരുടെ അതിഥിയും, പ്രിയങ്കരനുമായ അഗ്നിയെ സ്തുതികളാൽ പൂജിയ്ക്കുവിൻ. ഞാൻ നിങ്ങളുടെ നൻമയ്ക്ക് വേി ശ്രേഷ്ഠമായ സ്തോത്രങ്ങളേയും ഗംഭീരമായ വാണിയേയും പ്രയോഗിക്കുന്നു.

**2. യും ജനാസോ ഹവിഷ്മന്തോ മിത്രം ന സർപിരാസുതിം |**

**പ്രശംസന്തി പ്രശസ്തിഭിഃ ||**

യാതൊരഗ്നിയ്ക്ക് ഘൃതാഹുതി നൽകപ്പെടുന്നുവോ, യാതൊരുത്തനെ ഹവിസ്സ് ദാനത്താലും സ്തുതികളാലും പ്രസന്നനാക്കപ്പെടുന്നുവോ.

**3. പന്യാംസം ജാതവേദസം യോ ദേവതാത്യുദ്യതാ |**

**ഹവ്യാന്യൈരയിദ്ദിവി ||**

ജാതധനനായ യാതൊരഗ്നി സ്തോതാക്കളെ പ്രശംസിച്ചുകൊ് യജ്ഞത്തിൽ പ്രദത്തമായ ഹവിസ്സിനെ സ്വർഗ്ഗത്തിലെത്തിക്കുന്നുവോ.

**4. ആഗൻമ വൃത്രഹന്തമം ജ്യേഷ്ഠമഗ്നി മാനവം |**

**യസ്യ ശ്രുതർവാ വൃഹന്നാർക്ഷോ അനീക ഏധതേ ||**

യാതൊരഗ്നിയുടെ ജ്വാലകൾ ശ്രുതർവനേയും ഋക്ഷ്യപുത്രനേയും വളർത്തിയോ, ആ അഗ്നി മനുഷ്യരുടെ ഹിതൈഷിയും പാപികളെ നശിപ്പിക്കുന്നവനുമാകുന്നു. ഞാനാ അഗ്നിയെ ശരണം പ്രാപിയ്ക്കുന്നു.

**5. അമൃതം ജാതവേദസം തിരസ്തമാംസി ദർശതം |**

**ഘൃതാ ഹവനമീഢ്യം ||**

അഗ്നി സ്തുതിക്കു യോഗ്യനും, ജാതധനനും, നാശരഹിതനും ആകുന്നു. അവനു ഘൃതാഹൂതി നൽകപ്പെടുന്നു. ഈ അഗ്നി അന്ധകാരത്തെ നശിപ്പിക്കുന്നു.

**6. സബാധോ യം ജനാ ഇമേഗ്നിം ഹവ്യേഭിരീളതേ |**

**ജജൂഹ്വാനാസോ യതസ്രു ചഃ ||**

ഈ കാമ്യപുരുഷൻ തൻെറ യജ്ഞത്തിൽ സ്വകമെടുത്ത് ഹവിസ്സ് നൽകി അഗ്നിയെ സ്തുതിക്കുന്നു.

**7. ഇയം തേ നവ്യസീ മതിരഗ്നേ അധായ്യസ്മദാ |**

**മന്ദ്ര സൂജാത സുക്രതോ മൂര ദസ്മാതിഥേ ||**

ഹേ അഗ്നേ! നീ സുന്ദരജൻമാവും, ദർശനീയനും, മേധാവിയും ആണല്ലോ. ഞങ്ങൾ അങ്ങയെ പൂജിക്കുന്നു.

**8. സാ തേ അഗ്നേ ശന്തമാ ചനിഷ്ഠാഭവതു പ്രിയാ |**

**തയാ വർധസ്വ സുഷ്ടുതഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ ഈ സ്തുതി നിനക്കു സുഖം നൽകുന്നതും, പ്രയംകരവും, അന്നസമ്പന്നനും ആകുന്നു. നാം അതുവഴി വളർന്നാലും.

**9. സ ദ്യുമ്നൈർദ്ദ്യുമ്നിനീ ബൃഹദുപോപ ശ്രവസി ശ്രവഃ |**

**ദധീത വൃത്രതൂര്യേ ||**

ഹേ അഗ്നേ! അന്നത്തോടു കൂടിയ ഈ സ്തുതി രണക്ഷേത്രത്തിൽ അന്നത്തിനുമേൽ അന്നം കുന്നുകൂടുന്നതാകുന്നു.

**10. അശ്വമിദ്ഗാം രഥപ്രാം ത്വേഷമിന്ദ്രം ന സത്പതിം |**

**യസ്യ ശ്രവാംസി തൂർവഥ പന്യം പന്യം ച കൃഷ്ടയഃ ||**

യാതൊരഗ്നി തൻെറ ബലത്താൽ ശത്രുക്കളുടെ അന്നധനത്തെ നശിപ്പിക്കുന്നുവോ, രഥാദികളാൽ സമ്പന്നമായ ആ അഗ്നിയേയും, ദ്രുതഗാമികളായ അശ്വങ്ങളോടും, സത്യത്തിൻെറ ഈശ്വരനുമായ ഇന്ദ്രനു തുല്യം പൂജിക്കപ്പെടുന്നു.

**11. യം ത്വാ ഗോപവനോ ഗിരാ ചനിഷ്ഠദഗ്നേ അങ്ഗിരഃ |**

**സ പാവക ശ്രുധീ ഹവം ||**

ഹേ അഗ്നേ! നീ ഗോഷവനമഹർഷിയുടെ സ്തുതികൾ ശ്രവിച്ച് അന്നം പ്രദാനം ചെയ്തിരുന്നുവല്ലോ. നീ യുദ്ധം ചെയ്യുന്നവനും, സർവ്വ വ്യാപിയും ആകുന്നു. ഗോഷവൻെറ സ്തുതികളെ ശ്രവിക്കേണമേ.

**12. യം ത്വാ ജനാസ ഈളതേ സവാധോ വാജസാതയേ |**

**സ വോധി വൃത്രതൂര്യേ ||**

ബാധപ്രാപിച്ച പുരുഷൻ അന്നപ്രാപ്തിയ്ക്ക് വേി നിന്നെ സ്തുതിക്കുന്നു. നീ കർമ്മരംഗത്ത് ചൈതന്യവാനാകണമേ.

**13. അഹം ഹുവാന ആർ ക്ഷേ ശ്രുതവർണി മദച്യുദി | ശർധാംസീവ സ്തുകാവിനാം മൃക്ഷാ ശീർഷാ ചതുർണാം ||**

ഋക്ഷപുത്രനായ ശ്രുതർവാവ് ശത്രുക്കളുടെ ഗർവ്വടക്കുന്നവനാകുന്നു. അവൻ വിളിക്കപ്പെടുന്ന ഞാൻ കുറിയാടിൻെറ രോമങ്ങൾപോലെ നാലെണ്ണത്തിൻെറ തലകൾ കൈകൊ് കഴുകുകയായി.

**14. മാംചത്വാര ആശവഃ ശവിഷ്ഠസ്യ ദ്രവിത്നവഃ | സുരഥാസോ അഭി പ്രയോ വക്ഷന്വയോ ന തുഗ്ര്യം ||**

ആ ശ്രുതർവാവിൻെറ നാലശ്വശ്രേഷ്ടൻമാരും രഥത്തിൽ കെട്ടപ്പെട്ട് എന്നെ അന്നത്തിലേയ്ക്ക് നാലു വള്ളങ്ങളിൽ തുഗ്രപുത്രനായ ഭുജ്യനെ എന്നപ്പോലെ കൊു നടന്നു.

**15. സത്യമിത്തു വാ മഹേ നദി പുരുരുഷ്ണ്യവ ദേദിശം | നേമാപോ അശ്വദാതരഃ ശവിഷ്ഠാദസ്തി മർത്യഃ ||**

ഹേ പരുഷ്ണീനദീ, ഹേ ജലമേ! ഞാൻ സത്യമായി പറയുന്നു, ഈ മഹാബലവാനായ ശ്രുതിരവാവിനെക്കാൾ അധികമായി അശ്വങ്ങളെ ദാനം ചെയ്യുന്നവരായി ആരും തന്നെ ഇല്ല.

## സൂക്തം 75

**ഋഷി വിരൂപൻ, ദേവത അഗ്നി, ഛന്ദസ് ഗായത്രി.**

**1. യുക്ഷ്വാ ഹി ദേവഹൂതമാം അശ്വാം അഗേ രഥീരിവ | നി ഹോതാ പൂർവ്യഃ സദഃ ||**

ഹേ അഗ്നേ! ദേവകളെ കൊുവരുന്നതിനായി വേഗമുള്ള അശ്വങ്ങളെ സാരഥിയേപ്പോലെ പൂട്ടിയാലും. നീ ഹോതാവാകുന്നു. അതിനാൽ പ്രധാനിയായി വിരാജിച്ചാലും.

**2. ഉത നോ ദേവ ദേവാം അച്ഛാ വോചോ വിദുഷ്ടരഃ ശ്രദ്വിശ്വാ വാര്യാ കൃധി ||**

ഹേ അഗ്നേ! ദേവകളുടെ മുമ്പിൽ ഞങ്ങളെ വിദ്വാൻമാരിൽ ശ്രേഷ്ഠരെന്നറിയിച്ചുകൊ് ഗ്രഹണീയമായ ഈ ഹവിസ്സിനെ അവരുടെ അടുക്കൽ എത്തിച്ചാലും.

**3. ത്വം ഹ യദ്യവിഷ്ഠ്യ സഹസഃ സൂനബാഹൂത | ഋതാവാ യജ്ഞിയോ ഭുവഃ ||**

ഹേ ബലോൽപന്നനായ അഗ്നേ! നീ സത്യസമ്പന്നനും, അനുഷ്ഠാനയോഗ്യനും ആകുന്നു.

**4. അയമഗ്നിഃ സഹസ്രിണോ വാജസ്യ ശതിന സ്പതിഃ | മൂർധാ കവീ രയീണാം ||**

ഈ അഗ്നി ജ്വാലകളോടു കൂടിയ മേധാവിയും, ഗനേശ്വരനും, നൂറും ആയിരവും പ്രകാശങ്ങളിലുള്ള അന്നേശ്വരനും ആകുന്നു.

**5. തം നേമിമൃദുവോ യഥാ നമസ്വ സഹൂതിഭിഃ | നേദിയോ യജ്ഞമങ്ഗിരഃ ||**

ഹേ അഗ്നേ! നീ ഗമനശിലരാണല്ലോ, ഋഭുഗണം നേമിയെ രഥത്തിൽ കൊുവരുന്നതുപോലെ, വിളിക്കപ്പെട്ട ദേവകൾ സഹിതം യജ്ഞത്തെ കൊു വന്നാലും.

**6. തസ്മൈ നൂനമഭിദ്യവേ വാചാ വിരൂപ നിത്യയാ | വൃഷ്ണേ ചോദസ്വ സുഷ്ടുതിം ||**

ഹേ മഹർഷേ! അഭിലാഷവർഷകനും, സത്യസ്തുതികളാൽ സന്തുഷ്ടനും ആകുന്ന അഗ്നിയെ സ്തുതിച്ചാലും.

**7. കമു ഷ്വിദസ്യ സേനയാഗ്നേ രപാക ചക്ഷസഃ | പണിം ഗോഷു സ്തരാമഹേ ||**

ഈ വിശാലനേത്രനായ അഗ്നിയുടെ ജ്വാലകളിൽകൂടി ഗോപ്രാപ്തിയ്ക്ക് വേി നാം ഏതു പണിയെ വധിയ്ക്കും?

**8. മാ നോ ദേവാനാം വിശഃ പ്രസ്നാതീ രിവോസ്രാഃ | കൃശം ന ഹാസുര ധ്ന്യാഃ ||**

കറവപ്പശുക്കളെ ആരും ഉപേക്ഷിക്കുകയില്ല. ഗൊക്കൾ അവയുടെ കിടാക്കളെ ഉപേക്ഷിക്കുന്നില്ല. അതുപോലെ തന്നെ അഗ്നി ഞങ്ങളെ ഉപേക്ഷിക്കാതിരിക്കണേ. എന്തുകൊന്നൊൽ ഞങ്ങൾ ദേവകളുടെ സേവകൻമാരാകുന്നു.

**9. മാ നഃ സമസ്യ ദൂഢ്യഃ പരിദ്വേഷസോ അംഹതിഃ | ഊർമിർന നാവമാ വധീത് ||**

സമുദ്രത്തിലെ തിരമാലകളാൽ തോണികളെ തടയുന്നു. അതുപോലെ ശത്രുക്കളുടെ കുബുദ്ധി ഞങ്ങളെ തടയാതിരിക്കണേ.

**10. നമസ്തേ അഗ്നേ ഓജസേ ഗൃണന്തി ദേവ കൃഷ്ടയഃ | അമൈരമിത്രമർദ്ദയ ||**

ഹേ അഗ്നേ! നീ സ്വന്തം ബലത്താൽ ശത്രുക്കളെ നശിപ്പിച്ചാലും. നിൻെറ ബലത്തെ പ്രാപിക്കുന്നതിനായി ഞങ്ങൾ നിന്നെ നമസ്കരിക്കുന്നു.

**11. കുവിത്സു നോ ഗവിഷ്ടയേ ഗ്നേ സംവേഷിഷോ രയിം | ഉരുകൃദുരുണസ്കൃധി ||**

ഹേ അഗ്നേ! ഗോക്കളെ ലഭിക്കുവാൻ അനുഗ്രഹിക്കണമേ. ഞങ്ങളെ ഐശ്വര്യയുക്തരാക്കണമേ.

**12. മാ നോ അസ്മിൻഹാധനേ പരാ വർഗ്ഭാ ഭൃദ്യഥാ | സംവർഗം സം രയിം ജയം ||**

ഹേ അഗ്നേ! ശത്രുക്കൾ കാരണമായി ധനം നശിച്ചുകൊിരിക്കുന്നു. ഞങ്ങളുടെ സമൃദ്ധിയ്ക്ക് വേി അവരുടെ മേൽ അധികാരം നടത്തണമേ. യുദ്ധത്തിനാൽ ഞങ്ങളെ ഉപേക്ഷിക്കരുതേ.

**13. അന്യമസ്മദ്ഭിയാ ഇയമഗ്നേ സിഷക്തു ദുച്ഛുനാ | വർദ്ധാ നോ അമവച്ഛവഃ ||**

ഹേ അഗ്നേ! സ്തുതിക്കാത്തവർക്കുവേിതന്നെ വിഘ്നങ്ങൾ ഉാകണേ. ഞങ്ങൾ നിൻെറ ബലമേറിയ വേഗത്തെ വളർത്തും.

**14. യസ്യാജജുഷണമസ്വിനഃ ശമീദുർമഖസ്യ വാ | തം ധേദഗ്നിർവൃധാവതി ||**

ആര് യജ്ഞാദികർമ്മങ്ങളാൽ അഗ്നിയെ നമസ്കാരങ്ങളാൽ പൂജിക്കുന്നുവോ, അവൻെറ അടുക്കലേയ്ക്ക് തന്നെ അഗ്നി വന്നുച്ചേരുന്നു.

**15. പരസ്യാ അധി സംവതോ വ്വരാം അഭ്യാ തര | യത്രഹാമസ്മി താം അവ ||**

ഞങ്ങളുടെ സേനകളെ ശത്രുസേനകളിൽ നിന്നും വേർതിരിക്കണെ. ഞാൻ ഏത് സൈന്യമധ്യത്തിലാണോ, അതിനെ രക്ഷിക്കേണമേ.

**16. വിദ്മാ ഹിതേ പുരാ വയമഗ്നേ പിതുര്യഥാവസഃ | അധാ തേ സുമ്നമീമഹേ ||**

ഹേ അഗ്നേ! പ്രാചീനരെപ്പോലെ ഞങ്ങളും അങ്ങയുടെ രക്ഷകളെ അറിയുന്നു. നീ രക്ഷകനാണല്ലോ. ഞങ്ങൾ നിന്നോടു സുഖം യാചിക്കുന്നു.

## സൂക്തം 76

**ഋഷി കണ്വഗോത്രൻ, കുരുസുതി, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി.**

**1. ഇമം നു മായിനം ഹൂവ ഇന്ദ്രമീശാനമോജസാ |
മരുത്വന്തം ന വൃഞ്ജസേ ||**

ശത്രുഹന്താവായ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. മരുത്വാനായ അവൻ സ്വന്തം ബലത്താൽ തന്നെ എല്ലാത്തിൻേറയും ഈശ്വരനായിരിക്കുന്നു.

**2. അയമിന്ദ്രോ മരുത് സഖാ വി വൃത്രസ്യാഭിന ച്ഛിരഃ |
വജ്രേണ ശതപർവണാ ||**

മരുത്വാനായ ഈ ഇന്ദ്രൻ തന്നെ തൻെറ നൂറുമുനകളോടു കൂടിയ വജ്റത്താൽ വൃത്രൻെറ ശിരസ്സിനെ വേർപ്പെടുത്തി.

**3. വാവൃധാനോ മരുത്സഖേന്ദ്രോ വി വൃത്രമൈരയത് |
സൃജൻസമുദ്രിയാ അപഃ ||**

ഇന്ദ്രൻ മരുത്തുക്കളുടെ സഹായത്തോടുകൂടി വൃത്രനെ കീറിപ്പിളർക്കുകയും അന്തരീക്ഷത്തിൽ ജലത്തെ വർഷിക്കുകയും ചെയ്തു.

**4. അയം ഹ യേന വാ ഇദം സ്വർമരുത്വതാ ജിതം |
ഇന്ദ്രേണ സോമപീതയേ ||**

സോമം പാനം ചെയ്യുവാൻ മരുത്തുക്കളുടെ സഹായത്തോടു കൂടി സ്വർഗ്ഗത്തിൻെറ മേൽ അധികാരം സ്ഥാപിച്ച ആ ഇന്ദ്രൻ ഇവൻ തന്നെയാകുന്നു.

**5. മരുത്വന്തമൃജീഷിണ മോജസ്വന്തം വിരപ്ശിനം |
ഇന്ദ്രം ഗീർഭിർഹവാമഹേ ||**

മരുത്വാനായ ഇന്ദ്രൻ സോമസമ്പന്നനും, ഓജസമ്പന്നനും, മഹാനും ആകുന്നു. അവനെ സ്തുതികളോടുകൂടി ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**6. ഇന്ദ്രം പ്രത്നേന മൻമനാ മരുത്വന്തം ഹവാമഹേ |
അസ്യ സോമസ്യ പിതയേ ||**

മരുത്വാനായ ഇന്ദ്രനെ സോമം പാനം ചെയ്യുവാൻ പ്രാചീന സ്തുതികളാൽ ആഹ്വാനം ചെയ്യുന്നു.

**7. മരുത്വാം ഇന്ദ്ര മീഢ്വ ഃ പിബാസോമം ശതക്രതോ |
അസ്മിന്യജ്ഞേ പുരുഷ്ടുത് ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ വിളിക്കപ്പെടുന്നവനും, ഫലവർഷകനും, അനന്തകർമ്മാവും ആണല്ലോ ഭവാൻ മരുത്തുക്കളോടു കൂടി ഈ യജ്ഞത്തിലാഗതനായി സോമം പാനം ചെയ്യണമേ.

**8. തുഭ്യേമിന്ദ്ര മരുത്വതേ സുതാഃ സോമസോ അദ്രിവഃ |
ഹൃദാ ഹൂയന്തഃ ഉക്ഥിനഃ ||**

ഹേ വജ്റായുധാ! ഈ സോമം നിനക്കും മരുത്തുക്കൾക്കും വേി പിഴിഞ്ഞിരിക്കുന്നു. പിന്നെ ഉക്ഥങ്ങളാൽ സ്തുതിക്കുന്ന വിദ്വാൻമാർ ഭക്തിയോടു കൂടി നിങ്ങളെ വിളിക്കുന്നു.

**9. പിബേദിന്ദ്ര മരുത്സഖാ സുതം സോമം ദിവിഷ്ടിഷു |
വജ്രം ശിശാന ഓജസാ ||**

ഹേ മരുത്സഖനായ ഇന്ദ്രാ! നീ ഈ സ്വർഗ്ഗദായകമായ യജ്ഞത്തിൽ സോമം പാനം ചെയ്യുകയും, തൻെറ ബലത്താൽ വജ്രത്തെ തീഷ്ണമാക്കുകയും ചെയ്യണമേ.

**10. ഉത്തിഷ്ഠന്നോജസാ സഹ പീത്വീ ശിപ്രേ അവേപയഃ |
സോമമി ദ്രപമൂസുതം ||**

ഹേ ഇന്ദ്രാ! നീ സോമം പാനം ചെയ്തുകൊ് ബലിഷ്ഠനായുയർന്ന് തൻെറ താടിയെല്ലുകളെ വിറപ്പിച്ചാലും.

**11. അനു ത്വാ രോദസീ ഉഭേ ക്രക്ഷമാണമകൃപേതാം |
ഇന്ദ്ര യദ്ദസ്യുഹാഭവഃ ||**

ഹേ ഇന്ദ്ര! നീ ശത്രുക്കളെ വധിക്കുന്നവനാണല്ലോ. നീ രാക്ഷസൻമാരെ കൊല്ലുമ്പോൾ ആകാശവും ഭൂമിയും നിന്നെ സംരക്ഷിക്കുന്നു.

**12. വാചമഷ്ടാപദീമഹം നവസ്രക്തി മൃതസ്പർശം |
ഇന്ദ്രാത്പരി തന്വം മമേ ||**

നാലുദിക്കുകളേയും, നാലുകോണുകളേയും, ആദിത്യനോടു കൂടിയ യശസ്സിനേയും സ്പർശിക്കുന്ന സ്തോത്രങ്ങളും ഇന്ദ്രനെക്കാൾ കുറവുള്ളതാകുന്നു. ഇന്ദ്രനു വേിയും ഞാനീസ്തോത്രം ഉച്ചരിക്കുന്നു.

## സൂക്തം 77

**ഋഷി കുരുസുതി, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി, ബൃഹതി, പംക്തി.**

**1. ജ ജ്ഞാനോ ന ശതക്രതുർവി പൃഛദിതി മാരംത |
ക ഉഗ്രാഃ കേ ഹ ശൃണ്വിരേ ||**

ജനിച്ചപ്പോൾ തന്നെ അനന്തകർമ്മാവായ ഇന്ദ്രൻ തൻെറ മാതാവിനോട് ചോദിച്ചു. പ്രസിദ്ധനും പരാക്രമിയും ആരാണ്?

**2. ആദീം ശവസ്യ ബ്രവീദൗർണവാഭമഹീശുവം |
തേ പുത്ര സന്തു നിഷ്ടുര ഃ ||**

മാതാവു മറുപടി പറഞ്ഞു, ഊർണനാഥൻ, അഹോശുദൻ, മുതലായി എത്രയോ പേരു് അവരെ കടന്നു പോകണം.

**3. സതിത്താൻവൃത്രഹാഖിദത്ഖേ അരാം ഇവ ഖേദയാ |
പ്രവൃദ്ധോ ദസ്യുഹാഭവത് ||**

വൃത്രഹന്താവായ ഇന്ദ്രൻ അവരെ ഒപ്പം ചക്രകൂടത്തിൽ ഏർക്കാലുകളെ കയർകൊന്നെപ്പോലെ വലിച്ചു മുറുക്കി ദസ്യുക്കളെ വധിച്ച് വളരുകയും ചെയ്തു.

**4. ഏകയാ പ്രതിധാപിബത് സാകം സരാംസി ത്രിംശതം |
ഇന്ദ്രഃ സോമസ്യ കാണുകാ ||**

ഈ ഇന്ദ്രൻ തന്നെ സോമരസം നിറച്ച മൂന്നുപാത്രം കുടിച്ചു തീർത്തു.

**5. അഭിഗന്ധർവ മതൃണദബുധ്നേഷു രജഃ സ്വാ |
ഇന്ദ്രോ ബ്രഹ്മഭ്യ ഇദ്വൃധേ ||**

ബ്രാഹ്മണൻമാരെ വളർത്തുന്നതിനുവേി ഇന്ദ്രൻ അന്തരീക്ഷത്തിൽ മേഘങ്ങളെ കീറിപ്പിളർന്നു.

**6. നിരാവിധ്യദിഗർദ്യ ആ ധാരയത്പ ക്വംമോദനം |
ഇന്ദ്രോ ബുംദം സ്വാതതം ||**

ഇന്ദ്രൻ വലിയ ബാണത്താൽ മേഘത്തെ തകർത്തു. മനുഷ്യർക്ക് വേി പാകമായ അന്നത്തെ വിഭാവനം ചെയ്തു.

**7. ശത ബ്രധ്ന ഇഷുസ്തവ സഹസ്രപർണ ഏക ഇത് |**

**യദിന്ദ്ര പക്യഷേ യുജം ||**

ഹേ ഇന്ദ്രാ! സായകത്തിന് നൂറുമുനകളും ആയിരം ചിറകുകളും ഉ്. ഇതാണല്ലോ നിൻെറ സഹായകൻ.

**8. തേന സ്തോതൃഭ്യ ആ ഭര നൃഭ്യോ നാരിഭ്യോ അത്തവേ |**

**സദ്യോ ജാത ഋഭുഷ്ഠിര ||**

ജനിച്ചപ്പോൾ തന്നെ വളർന്ന് ഉറപ്പുനേടിയ ആ ശരം കൊ് സ്തോതാക്കൾക്കും മക്കൾക്കും സ്ത്രീകൾക്കും ആഹാരത്തിന് ആവശ്യമായ ധനം കൊുവരണേ.

**9. ഏതാ ച്യോത്നാനി തേ കൃതാ വർഷിഷ്ഠാനി പരീണസാ |**

**ഹൃദാ വീഡ്വധാരയഃ ||**

ഹേ ഇന്ദ്രാ! നീ വിശാലനും വിസ്തൃതവും ആയ പർവ്വതങ്ങളെ സൃഷ്ടിച്ചത് നീ തന്നെയാണല്ലോ. അവയെ സ്ഥിരമായ രൂപത്തോടുകൂടി വഹിക്കുന്നവനാകണമേ.

**10. വശ്വേത്താ വിഷ്ണുരാഭരദുരുക്രമസ്ത്വേഷിതഃ |**

**ശതം മഹിഷാൻക്ഷീരപാകമോദനം വരാഹമിന്ദ്ര ഏമഷം ||**

ഹേ ഇന്ദ്രാ! നിൻെറ ജലത്തെ വിഷ്ണു നൽകുന്നു. ആ വിഷ്ണു നിൻെറ പ്രേരണയാൽ ആകാശത്തിൽ സഞ്ചരിക്കുന്നു. മൃഗങ്ങൾ, ക്ഷീരം, അന്നം, ജലം എന്നിവകളുടെ അപഹരണകർത്താവായ മേഘത്തെ നീ തന്നെ പിളർത്തി.

**11. തു വിക്ഷം തേ സുകൃതം സൂമയം ധനുഃ സാധുർബുന്ദോ ഹിരണ്യയഃ |**

**ഉഭാ തേ ബാഹൂ സുരണ്യാ സുസംസ്കൃത ഋദൂപേ ചിദൃദൂവൃധാ ||**

ഹേ ഇന്ദ്രാ! നിൻെറ ബാണം സ്വർണ്ണനിർമ്മിതമാണല്ലോ. നിൻെറ വില്ല് സുഖം നൽകുന്നതും അനേകം ബാണങ്ങളെ എറിയുന്നതുമാണല്ലോ. നിൻെറ ഭുജങ്ങൾ സുന്ദരങ്ങളും യജ്ഞത്തെ വളർത്തുന്നതും ആണല്ലോ?

## സൂക്തം 78

**ഋഷി കുരുസുതി, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി, ബൃഹതി.**

**1. പുരോഡാശം നോ അന്ധസ ഇന്ദ്ര സഹസ്രമാ ഭരഃ |**

**ശതാ ച ശൂര ഗോനാം ||**

ഹേ ഇന്ദ്രാ! ഈ പുരോഡാശം സ്വീകരിച്ച് ഞങ്ങൾക്ക് നൂറു ഗോക്കളെ ദാനം ചെയ്യണേ.

**2. ആ നോ ഭര വ്യഞ്ജനം മഗാമശ്വമഭ്യഞ്ജനം |**

**സചാ മനാ ഹിരണ്യയാ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് ഗോക്കൾ, അശ്വങ്ങൾ, കാളകൾ, മനോഹരമായ സ്വർണ്ണാഭരണങ്ങൾ എന്നിവ പ്രദാനം ചെയ്യണേ.

**3. ഉത നഃ കർണശോഭനാ പുരൂണി ധൃഷ്ണവാ ഭര |**

**ത്വം ഹി ശൃണ്വിഷേ വസോ ||**

നീ സുന്ദരമായ ധനം ദാനം ചെയ്യുന്നവ നും; ശത്രുക്കളെ നശിപ്പിക്കുന്നവനും ആകുന്നു. നീ ഞങ്ങൾക്ക് വളരെയധികം കണ്ഡലാദികളായ അലങ്കാരങ്ങൾ തരുമാറാകണേ.

**4. ന കീം വൃധീക ഇന്ദ്ര തേ ന സൂഷാ ന സുദാ ഉത |**

**നാന്യസ്ത്വച്ഛൂര വാധതഃ ||**

ഹേ ഇന്ദ്രാ! നീയല്ലാതെ മറ്റ് യാതൊരുവർദ്ധകനുമില്ല. നീയല്ലാതെ യുദ്ധക്ഷേത്രത്തിൽ മറ്റാരും ഉറച്ചു നില്ക്കുന്നില്ല. നീയല്ലാതെ മറ്റൊരു ശ്രേഷ്ഠനായ ദാതാവോ, ഋത്വിജൻമാരോ യാതൊരു നേതാവോ ഇല്ല.

**5. നകീമിന്ദ്രോ നികർതവേ ന ശക്രഃ പരിശക്തവേ |**

**വിശ്വം ശൃണോതി പശ്യതി ||**

ഇന്ദ്രൻ ആരാലും പരാജിതനാകുന്നില്ല. അവൻ ആരെയും അപമാനിക്കുന്നില്ല. അവൻ എല്ലാപേരുടേയും ദ്രഷ്ടാവും ്, ശ്രോതാവുമാകുന്നു.

**6. സ മന്യും മർത്യാനാമദബ്ധോ നി ചികീഷതേ |**

**പുരാ നിദശ്ചികിഷതേ ||**

മനുഷ്യന് ഇന്ദ്രനെ ഹിംസിക്കുവാനുള്ള കഴിവില്ല. നിന്ദയ്ക്ക് മുമ്പേതന്നെ അവൻ അതിനെ കൊന്നുകളയുന്നു. അവൻെറ ഹൃദയത്തിൽ ക്രോധത്തിന് അൽപം പോലും സ്ഥാനമില്ല.

**7. ക്രത്വ ഇത് പൂർണമുദരം തുരസ്യാസ്തി വിധതഃ |**

**വൃത്രഘ്നഃ സോമപാവ്നഃ ||**

സോമപാനിയും, വൃത്രഹന്താവും ആയ ഇന്ദ്രൻെറ ഉദരം ഉപ ാസകൻമാരുടെ കർമ്മങ്ങളാൽ പൂർണ്ണമാകുന്നു.

**8. ത്വേ വസൂനി സങ്ഗതാ വിശ്വാ ച സോമ സൗഭഗ ാ സുദാത്വ പരിഹ്വൃതാ ||**

ഹേ ഇന്ദ്രാ! നീ സകലധനസമ്പന്നനാണല്ലോ. എല്ലാ സോമഭാഗ്യവും നിന്നിൽ നിഹിതമാകുന്നു. സുന്ദരമായ ദാനത്തിൽ കുടിലത ഉായിരിക്കുകയില്ലല്ലോ.

**9. ത്വമിദ്യവയുർമമ കാമോ ഗവ്യുർഹിരണ്യയുഃ |**

**ത്വാ മശ്വയുരേഷതേ ||**

ഹേ ഇന്ദ്രാ! എൻെറ മനസ്സ്, യവം, അശ്വം, സ്വർണ്ണം, ഇവയെ ആശിച്ചുകൊ് നിൻെറ അടുക്കലെത്തുന്നു.

**10. നവേദിന്ദ്രാഹമാശസാ ഹസ്തേ ദാത്രം ചനാ ദദേ |**

**ഭിനസ്യ വാ മഘവൻ സംഭൃതംസ്യ വാ പൂർധി യവസ്യ കാശിനാ ||**

ഹേ ഇന്ദ്രാ! ഞാനങ്ങയെ ചിന്തിച്ചുകൊ് ഈ അരിവാൾ കയ്യിലെടുക്കുന്നു. നീ കൊയ്ത്തുക്കൂട്ടിയ യവക്കറ്റകളാൽ ഞങ്ങളുടെ ആശകൾ പൂർണ്ണമാക്കിയാലും.

## സൂക്തം 79

**ഋഷി കൃത്നുഭാർഗവൻ, ദേവത സോമം, ഛന്ദസ് ഗായത്രി, അനുഷ്ടപ്.**

**1. അയം കൃത്നുരഗൃഭീതോ വിശ്വജിദുദ്ഭിത് സോമഃ |**

**ഋഷിർവിപ്രഃ കാവ്യേന ||**

ഈ മഹർഷി മേധാവിയും, കവിയും, സോമം പിഴിയുന്നവനും ആകുന്നു. ഇവൻ വിശ്വജിത്തും, ഉദ്ഭിത്തും എന്നുപേരുള്ള സോമയാഗങ്ങൾ പൂർത്തിയാക്കി ക്കഴിഞ്ഞിരിക്കുന്നു.

**2. അഭ്യൂർണോതി യന്നഗ്നംഭിഷക്തി വിശ്വാം യത്തുരം പ്രേമന്ധഃ രുഖ്യന്നിഃ ശ്രേണോ ഭൂത് ||**

സോമം രോഗിയെ സുഖപ്പെടുത്തുന്നു. നഗനെ ആഛാദനം ചെയ്യുന്നു. മുടന്തന് ഗമനശക്തി നൽകുന്നു. അന്ധന് ദർശനശക്തി നൽകുന്നു.

**3. ത്വം സോമ തനൂകൃദ്ഭ്യോദ്വേഷോദ്യോ ന്യ കൃതേഭ്യഃ |**

**ഉരു തന്താസി വരൂഥം ||**

ഹേ സോമമേ! നീ ശരീരത്തെ ദുർബ്ബലപ്പെടുത്തുന്ന വ്യാധികളിൽ നിന്നും രക്ഷിക്കുന്നവനാണ്.

**4. ത്വം ചിത്തീ തവ ദക്ഷൈർ ദിവ ആ പൃഥിവ്യാ**

**ഋജീഷിൻ|**

**യാവീരധസ്യ ചിദ്ദ്വേഷഃ ||**

ഹേ ഋജീഷവാൻ സോമമേ ഭവാൻ സ്വന്തം ബുദ്ധി ശക്തിവഴിയായി വാനൂഴികളിൽ നിന്നും, ഞങ്ങളുടെ സ്ഥാനത്തുനിന്നും ശത്രുക്കളുടെ ദുഷ്കർമ്മങ്ങളെ അകറ്റിക്കളയണമേ.

**5. അർഥിനോ യന്തി ചേദർഥംഗച്ഛാനിദ്ദ ദുഷോ രാതിം |**

**വവൃജ്യുസ്തൃഷ്യതഃ കാമം ||**

ധനകാമനായ പുരുഷൻ ധനവാൻെറ അടുക്കൽ പോകുകയാണെങ്കിൽ ദാന പ്രാപ്തമായ ധനത്താൽ യാചകൻെറ ഇഛപൂർണ്ണമാക്കുന്നു.

**6. വിദദ്യുത്പൂർവ്യം നഷ്ടമുദീമൃതായുമീരയത് |**

**പ്രേമായുസ്താരീദതീർണം ||**

പ്രാചീനധനം പ്രാപിക്കുന്ന സമയം യജ്ഞകാമ്യനായ പുരുഷന് പ്രേരണനൽകുന്നു. ആ യജ്ഞം വഴിയായി ദീർഘായുസ്സിനെ പ്രാപിക്കണേ.

**7. സശേവോ നോ മൃടയാകുദൃപ്തക്രതു രവാതഃ |**

**ഭവാ യഃ സോമ ശം ഹൃദേ ||**

ഹേ സോമമേ! നീ ഞങ്ങൾക്കു സുഖകാരിയും കല്യാണപ്രദനും ആകുന്നു. നീ നിശ്ചലനും, യജ്ഞപൂർണനും ആകുന്നു.

**8. മാ നഃസോമ സം വീവിജോ മാ വി വീഭിഷഥാ രാജൻ |**

**മാ നോ ഹാർദ്രിം ത്വിഷാ വധീ ||**

ഹേ സോമമേ! അവിടന്ന് ഞങ്ങളുടെ അവയവങ്ങളെ വിറപ്പിക്കരുത്. ഞങ്ങളെ ഭയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യരുത്.

**9. ആ മയത്സ്വേ സധസ്ഥേ ദേവാനാം ദുർമതീരീക്ഷേ**

**രാജന്നപ ദ്വിപഃ സേധ മീഢ്വോ അപ സ്രിധഃ സേധ ||**

ഹേ സോമമേ! ശത്രുക്കളെ ഓടിക്കുകയും ഹിംസകൻമാരെ നശിപ്പിക്കുകയും ചെയ്താലും. നിൻെറ ഭവനത്തിൽ കുബുദ്ധികൾ പ്രവേശിക്കാതിരിക്കണേ.

## സൂക്തം 80

**ഋഷി ഏകദ്യൂർനൗദസൻ, ദേവത ഇന്ദ്രൻ, ദേവൻമാർ ഛന്ദസ് ഗായത്രി, ത്രിഷ്ടുപ്.**

**1. നഹ്യന്യം ബളാകരം മർഡിതാരം ശതക്രതോ |**

**ത്വം ന ഇന്ദ്ര മൃഡയ ||**

ഹേ ഇന്ദ്രാ! ഞാൻ നിന്നെ അല്ലാതെ മറ്റൊരുദേവനേയും ഇതുപോലെ സല്ക്കരിക്കുന്നില്ല. അതിനാൽ എനിയ്ക്ക് സുഖം പ്രദാനം ചെയ്യണേ.

**2. യോ നഃ ശശ്വതത് പുരാവിഥാമൃധ്രോ വാജസാതയേ |**

**സ ത്വംന ഇന്ദ്ര മൃഡയ ||**

അന്നത്തിന് വേി ആര് ഞങ്ങളെ രക്ഷിച്ചുകൊുവരുന്നുവോ, ആ ഇന്ദ്രൻ എപ്പോഴും ഞങ്ങൾക്ക് മംഗളം അരുളണമേ.

**3. കിമംഗ രധ്രചോദനഃ സുന്വാനസ്യാവിതേദസി |**

**കവിത്സ്വിന്ദ്രണഃ ശകഃ ||**

ഹേ ഇന്ദ്രാ! നീ സോമം പിഴിയുന്നവനെ സംരക്ഷിക്കുന്നു. അതിനാൽ ഞങ്ങൾക്ക് ഇഷ്ടംപോലെ ധനം നൽകുകയും , ഉപാസകരെ കർമ്മങ്ങളിൽ നിന്നും വ്യാപൃതരാക്കുകയും ചെയ്യണമേ.

**4. ഇന്ദ്ര പ്ര ണോ രഥമവ പശ്ചാച്ചിത്സന്തമദ്രിവഃ |**

**പ രസ്താദേനം മേ കൃധി ||**

ഹേ ഇന്ദ്രാ! വജ്റായുധാ! ഞങ്ങളുടെ പിന്നിൽ നിൽക്കുന്ന രഥത്തെ രക്ഷിച്ചുകൊ് മുമ്പിൽ കൊു വന്നാലും.

**5. ഹന്തോ നു കിമാസസേ പ്രഥമം നോ രഥം കൃധി |**

**ഉപമം വാജയ ശ്രവഃ ||**

ഹേ ഇന്ദ്രാ! നീ ശത്രു സംഹാരകനാണല്ലോ. ഇപ്പോൾ മൗനമെന്തിന്? ഞങ്ങളുടെ രഥത്തെ ഉത്കൃഷ്ടമാക്കിയാലും. ഞങ്ങൾ ആഗ്രഹിക്കുന്ന അന്നം അങ്ങയുടെ അടുക്കൽ തന്നെയുല്ലോ.

**6. അവാനോ വാജയും രഥം സുകരം തേ കിമിത്പരി |**

**അസ്മാൻത്സു ജിഗ്യുഷസ്കൃധി ||**

ഹേ ഇന്ദ്രാ! അന്നകാംക്ഷിയായ ഞങ്ങളുടെ രഥത്തെ രക്ഷിച്ചാലും. രണക്ഷേത്രത്തിൽ നീ ഞങ്ങൾക്കു വിജയം നേടിത്തരണമേ.

**7. ഇന്ദ്ര ദൃഹ്യസ്വ പൂരസി ഭദ്രാം തം ഏതി നിഷ്കൃതം |**

**ഇയം ധീർ ഋത്വിയാവതീ ||**

ഹേ ഇന്ദ്രാ! നീ കോട്ടപ്പോലെ ഉറപ്പുള്ളവനാകണം. നി യജ്ഞം നിർവ്വഹിക്കുന്നവനാണല്ലോ. കല്യാണകാരിയായ യജ്ഞകർമ്മം നിൻെറ നേരെ ഗമിക്കണേ.

**8. മാ സീമവദ്യ ആ ഭാഗുർവീ കാഷ്ഠാ ഹിതം ധനം |**

**അപാവൃക്താ അരത്നയഃ ||**

ഞങ്ങളുടെ അടുക്കൽ ശത്രുക്കൾ വരാതിരിക്കണേ. ഞങ്ങൾ എല്ലാദിക്കുകളിലും നിറഞ്ഞു നില്ക്കുന്ന ധനത്തിൻെറ ഉടമസ്ഥരാകണേ. ഞങ്ങളുടെ ശത്രുക്കൾ നശിച്ചുപോകണേ.

**9. തുരീയം നാമ യജ്ഞിയം യദാ കരസ്തദുശ്മസി |**

**ആദിത്പതിർന ഓഹസേ ||**

ഹേ ഇന്ദ്രാ! നിൻെറ യജ്ഞാത്മകമായ നാലാമത്തെ പേരു വഹിക്കുവാൻ ഞങ്ങളാഗ്രഹിച്ചിരുന്നു. നീ ഞങ്ങളുടെ രക്ഷകനും പാലകനുമാകുന്നു.

**10. അവീവൃധദ്വോ അമൃതാ അമന്ദീദേക ദ്യുർദേവീ ഉത യാശ്ച ദേവീഃ |**

**തസ്മാ ഉ രാധഃ കൃണുത പ്രശസ്തം പ്രാതർമക്ഷു ധിയാവസുർ ജഗമ്യാത് ||**

ഹേ അവിനാശികളായ ദേവകളേ! ഏകദ്യു മഹർഷി നിങ്ങളേയും, നിങ്ങളുടെ പത്നിമാരേയും തൃപ്തിപ്പെടുത്തുന്നു. നിങ്ങൾ വളരെയധികം ധനം ഞങ്ങൾക്ക് നൽകുമാറാകണേ. കർമ്മ പ്രേരകനായ ഇന്ദ്രൻ പ്രഭാതസവനത്തിൽ തന്നെ എഴുന്നള്ളണമേ.

# അനുവാകം 9

## സൂക്തം 81

**ഋഷി കണ്വപുത്രൻ കുസീദി, ദേവത ഇന്ദ്രൻ, ഛന്ദസ്**

ഗായത്രി.

1. ആ തൂ ന ഇന്ദ്ര ക്ഷുമന്തം ചിത്രം ഗ്രാഭം സങ്ഗൃഭായ |
മഹാഹിസ്തീ ദക്ഷിണേന ||

ഹേ ഇന്ദ്രാ! നീ വലിയ കൈകളോടു കൂടിയവനാണല്ലോ. അതിനാൽ ഞങ്ങൾക്ക് ആവശ്യമായ ധനത്തെ വലം കയ്യിലെടുത്താലും.

2. വിദ്മാ ഹിത്വാ തുമികൂമി തൂവിദേഷ്ണം തൂവിമഘം |
തൂവിമാത്രമവോഭിഃ ||

ഹേ ഇന്ദ്രാ! നീ അനന്തകർമ്മാവും, മഹാദാനിയും അളവറ്റധനമുള്ളവനും, മഹത്തായ രക്ഷകളോടു കൂടിയവനും ആകുന്നു.

3. നഹിത്വാ ശൂര ദേവാന മർതാസോ ദിത്സന്തം |
ഭീമം ന ഗാം വാരയന്തേ ||

ഹേ ഇന്ദ്രാ! നീ ദാനതൽപരനാകുമ്പോൾ ദേവകൾക്കോ, മനുഷ്യാദികൾക്കോ നിന്നെ തടയുവാൻ സാധിക്കുകയില്ല.

4. ഏതോനിന്ദ്ര സ്തവാമേശാനം വസ്വഃസ്വവരാജം |
ന രാധസാ മർധിഷന്നഃ ||

ഹേ മനുഷ്യരേ! പ്രകാശമാനനും, ധനേശ്വരനും ആയ ഇന്ദ്രനെ ഇവിടെ വന്നു സ്തുതിക്കുവിൻ. അവൻ തൻെറ ധനത്താൽ മറ്റുധനികരേപ്പോലെ കുഴപ്പക്കാരനാകാതിരിക്കണേ.

5. പ്ര സ്തോഷദുപ ഗാസിഷച്ഛവത്സാമ ഗീയമാനം |
അഭി രാധസാ ജജൂഗുരത് ||

ഹേ സ്തോതാക്കളേ! നിങ്ങളുടെ സ്തുതികളാൽ ഇന്ദ്രനെ പ്രശംസിക്കുവിൻ ഇന്ദ്രനെ സോമഗാനം കേൾപ്പിച്ചാലും. ധനസമ്പന്നനായ അവൻ നമ്മുടെ മേൽ കൃപചൊരിയണേ.

6. ആ നോ ഭര ദക്ഷിണേനാഭിസവ്യേന പ്ര മൃശ |
ഇന്ദ്ര മാ നോ വസോർനിർഭാക് ||

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് വേി വരണമേ. രുകരങ്ങൾ കൊു ഞങ്ങൾക്ക് വാരിത്തരണമേ. ഞങ്ങളെ ധനഹീനരാക്കേണമേ.

7. ഉപ ക്രമ സ്വാ ഭര ധൃഷതാ ധൃഷ്ണോ ജനാനാം |
അദാശൂഷ്ടർസ്യ വേദഃ ||

ഹേ ഇന്ദ്രാ! നീ ധനത്തിങ്കലേയ്ക്ക് ഗമിച്ചാലും. അദാനശീലരുടെ ധനത്തെ കൊുവന്ന് ഞങ്ങൾക്ക് തന്നാലും.

8. ഇന്ദ്ര യ ഉ നുതേ അസ്തി വാജോ വിപ്രേഭിഃ സനിത്വഃ |
അസ്മാഭിഃ സു തം സനുഹി ||

ഹേ ഇന്ദ്രാ! ബ്രാഹ്മണരാൽ യജനീയമായധനം നിൻെറ തന്നെയാണല്ലോ. ഞങ്ങൾ ആ ധനത്തെ യാചിക്കുമ്പോൾ തരേണമേ.

9. സദ്യോജജൂവസ്തേ വാജാ അസ്മഭ്യം വിശ്വശ്ചന്ദ്രാഃ |
വശൈശ്ച മക്ഷൂ ജരന്തേ ||

ഹേ ഇന്ദ്രാ! നിൻെറ അന്നം എല്ലാവർക്കും തൃപ്തികരമാണല്ലോ. അത് വേഗം ഞങ്ങളെ സമീപിയ്ക്കുമാറാകണേ. വിവിധകാമൻമാരായ ഞങ്ങളുടെ സ്തോതാക്കൾ നിന്നെ സ്തുതിക്കുന്നു.

# അദ്ധ്യായം 6

## സൂക്തം 82

ഋഷി കസീദി, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി.

1. അ പ്ര ദ്രവഃ പരാവതോർ വാവതശ്ച വൃത്രഹൻ |
മധ്വ പ്രതി പ്രഭർമണി ||

ഹേ വൃത്രഹന്താവായ ഇന്ദ്രാ! നീ ഈ യജ്ഞത്തിൻെറ ഹർഷപ്രദായകമായ സോമത്തിനുവേി ദൂരെയോ, അടുത്തോ, മറ്റെവിടെയെങ്കിലുമോ ആയിരിക്കട്ടെ, അവിടെ നിന്നും നീ അതിവേഗം വരേണമേ.

2. തീവ്രാഃ സോമസ ആ ഗഹി സുതാസോ മാദയിഷ്ണവഃ |
പിബാദധ്യഗ്യയഥോ ചിഷേ ||

ഹർഷപ്രദായകമായ സോമം പിഴിയപ്പെട്ടിരിക്കുന്നു.. ഹേ ഇന്ദ്രാ! നീ ഇവിടെ വന്ന് അതു പാനം ചെയ്യണേ.

3. ഇഷാ മന്ദ സ്വാദുതേ രം വരായ മന്യവേ |
ഭവതത ഇന്ദ്രം ശം ഹൃദേ ||

ഹേ ഇന്ദ്രാ! സോമരൂപമായ അന്നത്താൽ നീ സന്തുഷ്ടനായാലും. അതിൻെറ ശക്തി ശത്രുക്കളെ ഓടിയ്ക്കുന്നതിനും ക്രോധത്തെ ഉല്പാദിപ്പിക്കുന്നതിനും ആകണേ. ഈ സോമം നിൻെറ ഹൃദയത്തിനു സുഖമരുളണേ.

4. ആ ത്വശത്രവാ ഗഹി ന്യുക്ഥാനി ച ഹൂയസേ |
ഉപമേ രോചനേ ദിവഃ ||

ഹേ ഇന്ദ്രാ! വേഗം വന്നാലും. സ്വർഗ്ഗനിവാസികളായ ദേവകളുടെ തേജസ്സാൽ പ്രകാശിതമായ യജ്ഞത്തിൽ നീ ഉക്ഥ ങ്ങളാൽ വിളിക്കപ്പെടുന്നു.

5. തുഭ്യായ മദ്രിഭിഃ സുതോ ഗോഭിഃ ശ്രിതോ മദായ കം |
പ്ര സോമ ഇന്ദ്ര ഹൂയതേ ||

ഹേ ഇന്ദ്രാ! ഈ സോമം ഇടിച്ചുപിഴിഞ്ഞിരിക്കുന്നത് അമ്മിക്കല്ലുകൊാകുന്നു. ഗവ്യമിശ്രിതമാക്കി ഇതിനെ നിൻെറ പ്രസന്നതയ്ക്കുവേി ഹോമിയ്ക്കുന്നു.

6. ഇന്ദ്ര ശ്രുധി മേ ഹവമസ്തേ സുതത്യ ഗോമതഃ |
വി പീതിയേതൃപ്തിമശ്നുഹി ||

ഹേ ഇന്ദ്രാ! ഞങ്ങൾ പി ഴിഞ്ഞ സോമം കുടിയ്ക്കേണമേ. ഇത് ക്ഷീരമിശ്രിതമാണ്. ഇതിനാൽ തൃപ്തനാകണേ. ഹേ ഇന്ദ്രാ! നീ എൻെറ ആഹ്വാനത്തെ ശ്രവിക്കേണമേ.

7. യ ഇന്ദ്ര ചമസേഷ്വാ സോമഞ്ചമൂഷു തേ സുതഃ |
പിബേദസ്യ ത്വമീ ശിഷേ ||

ഹേ ഇന്ദ്രാ! ചമൂ, ചമസ്സ് എന്നീ പാത്രങ്ങളിൽ സോമം പിഴിഞ്ഞു വച്ചിരിക്കുന്നു. ഇത് കുടിച്ചാലും. ഇതിൻെറ ഉടമസ്ഥൻ നീയാണല്ലോ.

8. യോ അപ്സം ചന്ദ്രമാ ഇവ സോമശ്ചുമുഷു ദദൃശേ |
പിബേദസ്യ ത്വമീശിഷേ ||

ഹേ ഇന്ദ്രാ! നീ ഈശ്വ രനാണല്ലോ. ചന്ദ്രിക ജലത്തിൽ ഉജ്ജ്വലമായി കാണുന്നതുപോലെ ചമൂവിൽ കാണുന്നുവോ അതിനെ പാനം ചെയ്താലും. നീയാണല്ലോ ഇതിൻെറ ഉടമസ്ഥൻ.

9. യം തേ ശ്യേനഃ പദാഭരത്തിരോ രജാംസ്യസ്പൃതം |
പിബേദസ്യ ത്വമീശിഷേ ||

ഹേ ഇന്ദ്രാ! ഗായത്രിപക്ഷി, സോമരക്ഷകരായ ഗന്ധർവ്വൻമാരെ തിരസ്കരിച്ചുകൊ് യാതൊന്നിനെ കൊു വഹിച്ചുകൊു വന്നിരിക്കുന്നുവോ, ആ സോമത്തെ നീ ഇരുസവനങ്ങളിലും പാനം ചെയ്താലും. നീയാണല്ലോ ഇതിൻെറ ഉടമസ്ഥൻ.

## സൂക്തം 83

ഋഷി കുസീദി, ദേവത വിശ്വദേവൻമാർ, ഛന്ദസ് ഗായത്രി.

**1. ദേവാനാമിദവോ മഹത്തദാ വൃണീമഹേ മയം |**

**വൃഷ്ണാമസ്മഭ്യമൂതയേ ||**

ഹേ ദേവകളേ! സ്വന്തം രക്ഷകൻമാരായ ഞങ്ങൾ നിങ്ങളുടെ അഭീഷ്ടവർഷിണികളായ രക്ഷകളെ യാചിക്കുന്നു.

**2. തേ നഃ സന്തു യുജഃ സദാ വരുണോ മിത്രോ അര്യമാ |**

**വൃധാസശ്ച പ്രചേതസാഃ ||**

ഹേ വിശ്വദേവതകളേ! വരുണൻ; മിത്രൻ, അര്യമാവ് എന്നിവർ ഞങ്ങളുടെ സഹായകൻമാരായി ഞങ്ങളെ വളർത്തണമേ.

**3. അതി നോ പിഷ്പിതാ പുരു നൗഭിരപോ ന പർഷഥ |**

**യൂയമൃതസ്യഥ രഥ്യഃ ||**

ഹേ യജ്ഞത്തിൻെറ തേരാളികളേ! വള്ളം ജലത്തിൽക്കൂടി മറുകരയിൽ അണയുന്നതുപോലെ; ഞങ്ങളെ നിങ്ങൾ ബഹുകർമ്മാക്കളുടെ മറുകരയിൽ എത്തിക്കണേ.

**4. വാമം നോ അസ്ത്വര്യ മന്വാമം വരുണ ശംസ്യം |**

**വാമം ഹ്യാ വൃണീമഹേ ||**

ഹേ അര്യമാവേ! ഹേ വരുണാ യജനീയവും, പ്രശംസനീയവുമായ ധനം ഞങ്ങൾക്കു്. ഞങ്ങൾ ധനത്തിനുവേ നിങ്ങളോടു യാചിക്കുന്നു.

**5. വാമസ്യ ഹി പ്രചേതസ ഈശാനാസോ രിശാദസഃ |**

**നേ മാദിത്യാ അഘസ്യ യത് ||**

പ്രകൃഷ്ടജ്ഞാനൻമാരേ! വിദ്വേഷികളെ നിങ്ങൾ തട്ടിനിക്കുന്നു. നിങ്ങൾ ധനത്തിൻെറ അധിപതികളാണല്ലോ. ആദിതേയരേ; പാപത്തിൻെറ പണം എനിയ്ക്ക് വേ.

**6. വയമിദ്വഃ സുദാനവഃ ക്ഷിയന്തോ യന്തോ അധ്വന്നാ |**

**ദേവാസധായ ഹൂമഹേ ||**

ഹേ ദേവകളേ! ഞങ്ങൾ വഴിയിലോ ഗൃഹത്തിലോ എവിടയായിരുന്നാലും അവിടെ നിന്നും അന്നവൃദ്ധിയ്ക്കായി നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**7. അധി ന ഇന്ദ്രൈഷാം വിഷ്ണോ സജാത്യാനാം |**

**ഇതാ മരുതോ അശ്വിനാ ||**

ഹേ ഇന്ദ്രാ! അശ്വനികളെ മരുത്തുക്കളേ! നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യരിൽ, ഞങ്ങളുടെ അടുത്തുമാത്രം വരണമേ.

**8. പ്ര ഭ്രാതൃത്വം സുദാനവോ ധ ദ്വിതാ സമാന്യാ |**

**മാതുർഗർഭേ ഭരാമഹേ ||**

ഹേ ദേവൻമാരേ! നിങ്ങളുടെ ദാനം സുന്ദരമാണല്ലോ. ഞങ്ങൾ ആദ്യമായി നിങ്ങളെ വെളിപ്പെടുത്തുന്നു. പിന്നീട് ഈ രായി ബന്ധുത്വത്തേയും പ്രകടമാക്കും, ഭാതൃത്വത്തെ വെളിപ്പെടുത്തും.

**9. യൂയം ഹി ഷ്ഠാ സുദാനവ ഇന്ദ്രജ്യേഷ്ഠാ അഭിദ്യവഃ |**

**അധാ ചിദ്വ ഉത ബ്രൂവേ ||**

ഹേ ദേവൻമാരേ നിങ്ങളിൽ ഇന്ദ്രനാണല്ലോ ജേഷ്ഠൻ. നിങ്ങളെല്ലാവരും ഞങ്ങളുടെ യജ്ഞത്തിൽ പ്രതിഷ്ഠിതരാകുവിൻ. പിന്നീട് ഞങ്ങൾ നിങ്ങളെ സ്തുതിക്കും.

## സൂക്തം 84

**ഋഷി കവിപുത്രൻ ഉശനസ്, ദേവത അഗ്നി, ഛന്ദസ് ഗായത്രി.**

**1. പ്രേഷ്ഠം വോ അതിഥിം സ്തുഷേ മിത്രമിവ പ്രിയം |**

**അഗ്നിം രഥം ന വേദ്യം ||**

അതിഥിയേപ്പോലെ പ്രിയങ്കരനും, രഥം പോലെ വഹിക്കുന്നവനും ആയ അഗ്നിയെ നിങ്ങൾക്കുവേി ഞാൻ സ്തുതിക്കുന്നു.

**2. കവിമിവ പ്രസേതസം യം ദേവാസോ അധ ദ്വിതാ |**

**നി മർത്ത്യേഷ്വാ ദധുഃ ||**

മഹാജ്ഞാനിയെപ്പോലുള്ള യാതൊരു അഗ്നിയെ ദേവകൾ രുവിധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടുവോ, ഞാനാ അഗ്നിയെ സ്തുതിക്കുന്നു.

**3. ത്വം യവിഷ്ഠ ദാശുഷോ നൄംഃ പാഹി ശ്രുണുധീ ഗിരഃ |**

**രക്ഷാതോകമുതാത്മനാ ||**

ഹേ അഗ്നേ! ഈ മനുഷ്യരുടെ സ്തുതികൾ ശ്രവിച്ച് ഞങ്ങളേയും ഞങ്ങളുടെ സന്താനങ്ങളേയും രക്ഷിക്കേണമേ.

**4. കയാ തേ അഗ്നേ അങ്ഗിര ഊർജോ നപാദുപസ്തുതിം |**

**വരായ ദേവ മന്യവേ ||**

ഹേ ബലോൽപന്നനായ അഗ്നേ! നീ ശത്രുക്കളെ നേരിടുന്നവനാകുന്നു. ഞാനങ്ങയെ ഏതു സ്തോത്രത്താൽ സ്തുതിക്കും?

**5. ദാശേമ കസ്യ മനസാ യജ്ഞസ്യ സഹസോ യഹോ |**

**കദു വോച ഇദം നമഃ ||**

ഹേ ബലോൽപന്നനായ അഗ്നേ ഞങ്ങൾ നിനക്ക് യജമാനൻെറ ഇഛാനുസരണം ഹവിസ്സ് പ്രദാനം ചെയ്യും. ഞാൻ നിന്നെ എപ്പോൾ നമസ്കരിക്കും?

**6. അധാ ത്വം ഹിനസ്കരോ വിശ്വാ അസ്മഭ്യം സുക്ഷിതീഃ |**

**വാജദ്രവണസോ ഗിരഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ എല്ലാ സ്തോത്രങ്ങൾക്കും വീടും, ധനവും, അന്നവും തന്നരുളണമേ.

**7. കസ്യ നൂനം പരീണയോ ധിയോ ജിന്വസി ദമ്പതേ |**

**ഗോഷാതാ യസ്യ തേ ഗിരഃ ||**

ഹേ ഗാർഹവത്യാ നീ ഈ സമയത്ത് ആരുടെ കർമ്മങ്ങൾ സഫലമാക്കികൊിരിക്കുന്നു? നിനക്കുള്ള സ്തോത്രങ്ങൾ ധനം പ്രദാനം ചെയ്യുന്നവയാണല്ലോ.

**8. തം മർജയന്ത സുക്രതും പുരോയവാനമാജിഷു |**

**സ്വേഷു ക്ഷയേഷു വാജിനം ||**

ഈ അഗ്നി ബലവാനും, യുദ്ധത്തിൽ അഗ്രഗണ്യനും, മഹാജ്ഞാനിയും ആകുന്നു. യജമാനൻ തൻെറ ഗൃഹത്തിൽ ഈ അഗ്നിയെ പൂജിക്കുന്നു.

**9. ക്ഷേതി ക്ഷേമേഭിഃ സാധുഭിർനകിർയം ഘ്നന്തി ഹന്തിയഃ|**

**അഗ്നേ സുവീര ഏധതേ ||**

ഹേ അഗ്നേ! യാതൊരുത്തൻ നിൻെറ രക്ഷകൾ സഹിതം തൻെറ ഗൃഹത്തിൽ വസിക്കുന്നുവോ അവയെ ഹിംസിക്കുവാൻ ആർക്കും സാധ്യമല്ല. അവൻ ശത്രുനാശകനായി, പുത്രപൗത്രാദികളാൽ സമ്പന്നനായി വൃദ്ധിയെ പ്രാപിക്കുന്നു.

## സൂക്തം 85

**ഋഷി അംഗിരഗോത്രൻ, കൃഷ്ണൻ, ദേവത അശ്വിനികൾ, ഛന്ദസ് ഗായത്രി.**

**1. ആ മേ ഹവം നാസത്യാശ്വിനാ ഗച്ഛതം യുവം |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വിനികളേ! എന്റെ ആഹ്വാനം ശ്രവിച്ച്, എന്റെ യജ്ഞത്തിൽ ഹർഷപ്രദമായ സോമത്തിന്നടുക്കൽ വരുവിൻ.

**2. ഇമം മേ സ്തോമമശ്വിനേമം മേ ശൃണതം ഹവം |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വിനികളേ! ഈ ഹർഷപ്രദായകമായ സോമത്തെ പാനം ചെയ്യുവാൻ എന്റെ സ്തോത്രരൂപമായ ആഹ്വാനത്തെ ശ്രവിച്ചാലും.

**3. അയം വാ കൃഷ്ണോ അശ്വിനാ ഹവതേ വാജിനീവസൂ |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വിനികളേ! നിങ്ങൾ അന്ന ധനസമ്പന്നരാണല്ലോ. കൃഷ്ണമഹർഷിയായ ഞാൻ ഹർഷദായകമായ സോമത്തിനുവേി വിളിക്കുന്നു.

**4. ശൃണുതം ജരിതുർഹവം കൃഷ്ണസ്യ സ്തുവതീ നരാ |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വിനികളേ! ഹർഷദായകൻമാരായ സോമം പാനം ചെയ്യുവാനുള്ള കൃഷ്ണനായ എന്റെ ആഹ്വാനം ശ്രവിക്കുവിൻ.

**5. ഛർദിര്യന്തമദാഭ്യം വിപ്രായ സ്തുവതേ നരാ |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വികളേ! വിദ്വാൻ സ്തോതാവായ കൃഷ്ണമഹർഷിയ്ക്ക് വേി ഹർഷപ്രദമായ സോമത്തിന് എനിയ്ക്ക് ഒരു വീടുതരൂ.

**6. ഗച്ഛതം ദാശുഷോ ഗൃഹമിത്ഥാസ്തുവതേ അശ്വിനാ |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വിനികളേ! ഹവിസ്സ്ദാതാവായ എന്റെ വീട്ടിൽ സോമം പാനം ചെയ്യുവാനായി വന്നുച്ചേരുവിൻ.

**7. യുഞ്ജാഥാം രാസഭം വിരേഥവങ്ഗേ വൃഷണ്വസം |**
**മധ്വഃ സോമസ്യ പീതതേ ||**

ഹേ അശ്വിനികളേ! ഹർഷപ്രദമായ ഈ സോത്തിനുവേി ഉറപ്പുള്ള രഥത്തിൽ അശ്വങ്ങളെ പൂട്ടിയാലും.

**8. ത്രിബന്ധുരേണ ത്രിവൃതാ രഥേന യാതമശ്വിനാ |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വിനികളേ! മൂന്നിരിപ്പിടമുള്ള ത്രികോണരഥത്തിൽ ഹർഷപ്രദായകമായ സോമം പാനം ചെയ്യുവാൻ വരുവിൻ.

**9. നൂ മേ ഗിരോ നാസത്യശ്വിനാ പ്രാവതം യുവം |**
**മധ്വഃ സോമസ്യ പീതയേ ||**

ഹേ അശ്വിനികളേ! എന്റെ സ്തുതിരൂപമായ വാണികളേ പ്രതി സോമം പാനം ചെയ്യുന്നതിന് വേഗം വരുവിൻ.

## സൂക്തം 86

**ഋഷി കൃഷ്ണപുത്രൻ വിശ്വകനോ കൃഷ്ണനോ, ദേവത അശ്വിനികൾ, ഛന്ദസ് ജഗതി.**

**1. ഉഭാ ഹി ദസ്രാ ഭിഷജാ മയോഭൂവോമാ ദക്ഷസ്യ വചസൊ ബഭൂവഥുഃ |**
**താ വാം വിശ്വകോ ഹവതേ തനൂകൃഥേ മാ നോ വി യൗഷ്ടം സഖ്യാ മുമോചതം ||**

ഹേ അശ്വിനികളേ! ന ിങ്ങൾ ദർശനീയരും, സുഖദായകരും ആണല്ലോ. ദക്ഷൻ സ്തുതിച്ച സമയത്ത് നിങ്ങളും ഉായിരുന്നല്ലോ. വിശ്വകനായ ഞാൻ സന്താനങ്ങൾക്ക് വേി നിങ്ങളെ സ്തുതിക്കുന്നു. നമ്മുടെ ബന്ധുത്വത്തെ നിഷേധിക്കരുതേ. അശ്വങ്ങളുടെ കടിഞ്ഞാൺ അഴിക്കുവിൻ.

**2. കഥാ നൂനം വാം വിമനാ ഉപ സ്തവദ്യുവം ധിയം ദദഥുർവസ്യ ഇഷ്ടയേ |**
**താ വാം വിശ്വകോ ഹവതേ തനൂകൃഥേ മാ നോ വി യൗഷ്ടം സഖ്യാ മുമോചതം ||**

ഹേ അശ്വിനികളേ! പ്രാചീനകാലത്ത് വിമനമഹർഷി നിങ്ങളെ സ്തുതിച്ചിരുന്നു. വിമനന് ധനം നൽകുന്നതിനെപ്പറ്റി നിങ്ങള ചിന്തിക്കുകയും ചെയ്തിരുന്നു. വിശ്വകനായ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ബന്ധുത്വം പിരിയാതിരിക്കണേ. അശ്വങ്ങളുടെ കടിഞ്ഞാൺ അഴിക്കുവിൻ.

**3. യുവം ഹി ഷ്മാ പുരുഭുജേമമേധതും വിഷ്ണാപ്വേ ദദഥുർവസ്യ ഇഷ്ടയേ |**
**താ വാം വിശ്വകോ ഹവതേ തനൂകൃഥേ മാ നോ വി യൗഷ്ടം സഖ്യാ മുമോചതം ||**

ഹേ അശ്വിനികളേ! നിങ്ങൾ അനേകരെ സുഖപ്പെടുത്തി. എന്റെ പുത്രനായ വിഷ്ണുപൂവിന്റെ ആഗ്രഹപൂർത്തിയ്ക്ക് വേി നിങ്ങൾ ധനം കൊടുത്തിരുന്നുവല്ലോ. അതുപോലെ വിശവകനായ ഞാൻ സന്താന പ്രാപ്തിയ്ക്ക്വേി നിങ്ങളെ വിളിക്കുന്നു. നമ്മുടെ ബന്ധുത്വം വേർപെടാതിരിക്കണേ. അശ്വങ്ങളുടെ കടിഞ്ഞാണഴിക്കുവിൻ.

**4. ഉത ത്യം വീരം ധനസാമൃജീഷിണം ദൂ രേ ചിത് സന്തമവസേ ഹവാമഹേ |**
**യസ്യ സ്വാദിഷ്ഠാ സുമതിഃ പിതുർയഥാ മാ നോ വി യൗഷ്ഠം സഖ്യാ സുമോചതം ||**

ഹേ അശ്വിനികളേ! സോമസമ്പന്നനായ വിഷ്ണുപൂവ് നിങ്ങളെ ആഹ്വാനം ചെയ്യുന്നു. എന്റെതുപോലെ അയാളുടെ സ്തോത്രവും മധുരഭരിതമാകുന്നു. നിങ്ങൾ നമ്മുടെ മിത്രത്വത്തെ അകറ്റരുതേ.

**5. ഋതേന ദേവഃ സവിതാ സമായത ഋതസ്യ ശൃംഗമുർവിയാ വി പപ്രഥേ |**
**ഋതം സാസാഹ മഹി ചിത്പൃതന്യതോ മാ നോ യൗഷ്ടം സഖ്യാ മുമോചതം ||**

ഹേ അശ്വിനികളേ! സത്യത്തിൽ നിന്നും സൂര്യൻ തന്റെ കിരണങ്ങളെ സ്വീകരിക്കുന്നു. പിന്നെ രശ്മിസമൂഹത്തെ വ്യാപിപ്പിക്കുന്നു. ആ സൂര്യൻ തന്നെ സേനാസമ്പന്നരായ ശത്രുക്കളെ അമർച്ച വരുത്തുന്നു, സത്യം വഴി നമ്മുടെ ബന്ധുത്വം സ്ഥിരപ്പെടുത്തണേ. അശ്വങ്ങളുടെ കടിഞ്ഞാണഴിക്കുവിൻ.

## സൂക്തം 87

**ഋഷി വസിഷ്ഠപുത്രൻ ദ്യുമ്നികനോ, അംഗിര ഗോത്രൻ പ്രിയമേധനോ, കൃഷ്ണനോ. ദേവത അശ്വിനികൾ. ഛന്ദസ് ബൃഹതി, പംക്തി.**

**1. ദ്യുമ്നീ വാം സ്തോമോ അശ്വിനാ ക്രിവിർന സേക ആ ഗതഃ |**
**മധ്വഃ സുതസ്യ സ ദിവി പ്രിയോ നരാ പാതം ഗൗരാവിവേരിണേ ||**

ഹേ അശ്വിനികളേ! ദ്യുമ്നികി മഹർഷി എന്ന സ്തോതാവും യജ്ഞത്തിൽ നമസ്കരിക്കപ്പെട്ടതും ഹർഷദായകവും ആയ സോമം അരിച്ചു. വർഷകാലത്തിൽ കിണർ നിറയുന്നതുപോലെ നിങ്ങൾ സോമത്തിൽ വരുവിൻ. ഹരിണം കുളത്തിൽ നിന്നും വെള്ളം കുടിക്കുന്നതുപോലെ നിങ്ങൾ ഈ സോമം കുടിക്കുവിൻ.

**2. പിബതം ധർമം മധുമന്തമശ്വിനാ ബഹിഃ സീദതം നരാ |**
**താ മന്ദസാനാ മനുഷോ ദുരോണ ആ നി പാതം വേദസാ വയഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ യജ്ഞത്തിൽ പ്രതിഷ്ഠിതരായി ഹവിസ്സോടു കൂടിയ സോമം പാനം ചെയ്യുവിൻ. നിങ്ങൾ മനുഷ്യരുടെ കരങ്ങളിൽ സോമത്താൽ മത്തരായി ധനവും ആയുസ്സും രക്ഷിച്ചരുളുവിൻ.

**3. ആ വാം വിശ്വാഭിരൂതിഭിഃ പ്രിയമേധാ ആഹൂഷത |**
**താ വർതിര്യാമുപ വ്യക്തബർഹിഷോ ജൂഷ്ടം യജ്ഞ ദിവിഷ്ടിഷു ||**

ഹേ അശ്വിനികളേ! ആര് നിങ്ങൾക്കുവേ ദർഭവിരിച്ചിരിക്കുന്നുവോ അവന്റെ സമ്പന്നമായ ഹവിസ്സിനുവേ പ്രഭാതത്തിൽ തന്നെ ആഗതരാകുവിൻ. ഈ യജമാനൻ എല്ലാ സംരക്ഷണശക്തിയോടും കൂടി നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**4. പിബിതം സോമം മധുമന്തമശ്വിനാ ബർഹിഃ സീദതം സുമത് |**
**താ വാവൃധാനാ ഉപ സുഷ്ടുതിം ദിവോ ഗന്തം ഗൗരാ വിവേരിണം ||**

ഹേ അശ്വിനികളേ! ഈ രസമയമായ സോമം പാനം ചെയ്ത് ദർഭയിൽ വിരാജിക്കുവിൻ. ശ്വേതഹിരണങ്ങൾ ജലാശയത്തിലേയ്ക്ക് പോകുന്നതുപോലെ മുന്നേറി നിങ്ങളുടെ സ്തുതികളിലേയ്ക്ക് വരുവിൻ.

**5. ആ നൂനം യാതമശ്വിനാ ശ്വേഭിഃ പ്രുഷിതപ്സുഭിഃ**
**ദസ്രാ ഹിരണ്യവർതനീ ശുഭസ്പതീ പാതം സോമ മൃതാവൃധാ ||**

ഹേ അശ്വിനികളേ! നിങ്ങൾ അശ്വങ്ങൾ സഹിതം ആഗതരാകുവിൻ, നിങ്ങൾ രും സ്വർണ്ണരഥയുക്തരും, ജലരക്ഷകരും, യജ്ഞവർദ്ധകരുമാണല്ലോ. ഇവിടെ വന്ന് സോമം നുകരുവിൻ.

**6. വയം ഹി വാം ഹവാമഹേ വിപന്യവോ വിപ്രാസോ വാജസാതയേ |**
**താ വല്ഗു ദസ്രാ പുരുദം സസാ ധിയാശ്വിനാ ശ്രുഷ്ഠ്യാ ഗതം||**

ഹേ അശ്വിനികളേ! സ്തുതിക്കുന്നവരായ ഞങ്ങൾ ബ്രാഹ്മണരാകുന്നു. നിങ്ങള അനന്തകർമ്മാക്കളും സുന്ദരമായി ചരിക്കുന്നവരാണല്ലോ. ഞങ്ങൾ അന്നത്തിനുവേ നിങ്ങളെ വിളിക്കുന്നു. നിങ്ങൾ ഞങ്ങളുടെ സ്തോത്രങ്ങളെ പ്രതി അതിവേഗം ആധതരാകുവിൻ.

## സൂക്തം 88

**ഋഷി ഗോതമഗോത്രൻ നോധസ്, വേത ഇന്ദ്രൻ, ഛന്ദസ് പ്രഗാഥം, ബൃഹതി.**

**1. തം വോ ദമമൃതീഷഹം വസോർമന്ദാനമന്ധസഃ |**
**അഭിവത്സം ന സ്വസരേഷു ധേനവ ഇന്ദ്രം ഗീർഭിനവാമഹേ ||**

ഗോക്കൾ തങ്ങളുടെ കിടാക്കളെ വിളിക്കുന്നതുപോലെ ഞങ്ങൾ ശത്രുഹന്താവും, ദുഃഖനാശകനും സേനാപാലകനും, ദർശനീയനുമായ ഇന്ദ്രനെ സ്തോത്രങ്ങളാൽ വിളിക്കുന്നു.

**2. ദ്യുക്ഷം സുദാമു തവിഷീഭിരാവൃതം ഗിരിം ന പൂരുഭോജസം |**
**ക്ഷുമന്തം വാജം ശതിനം സഹസ്രിണം മക്ഷൂ ഗോമന്തമീമഹേ ||**

ഇന്ദ്രൻ അനേ കരെ പ്രാപിക്കുന്നു, അവൻ ബലത്താൽ ആഛാദിതനും ശ്രേഷ്ഠനായ ദാനിയും, സ്വർഗത്തിൽ അധിവസിക്കുന്നവനും ആകുന്നു. ഞങ്ങൾ അവനോട് പുത്രാദികളേയും, സന്താനങ്ങളേയും, നൂറായിരം ധനത്തേയും, ഗോക്കളോടു കൂടിയ അന്നത്തേയും യാചിക്കുന്നു.

**3. ന ത്വാ ബൃഹന്തോ അദ്രയോ വരന്ത ഇന്ദ്ര വീളവഃ |**
**യദ്ദിത്സസി സ്തുവതേ മാവതേ വസു നികഷ്ടദാ മിനാതി തേ ||**

ഹേ ഇന്ദ്രാ! ഈ വിശാലമായ പർവ്വതത്തിനുപോലും നിന്റെ കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുവാനുള്ള കഴിവില്ല. നീ സ്തോതാവായ എനിക്കു നൽകുവാൻ ആഗ്രഹിക്കുന്ന ധനത്തെ മറ്റാർക്കും തടയുവാൻ സാധ്യമല്ല.

**4. യോദ്ധാസി ക്രത്വാ ശവസോത ദംന നാ വിശ്വാ ജാതാഭി മജ്മനാ |**
**ആ ത്വായമർക ഊതയേ വവർതതിയം ഗോതമാ അജീജനൻ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം വജ്രത്താൽ ശത്രുക്കളുടെ സംഹാരകർമ്മം നിർവ്വഹിക്കുന്നു. നീ ബലത്താൽ തന്നെ എല്ലാത്തിന്റെ മേലും അധികാരം നടത്തുന്നു. സ്തോതാവായ ഞാൻ ദേവപൂജകനാകുന്നു. ഞാൻ എന്റെ രക്ഷയെക്കരുതി നിന്നെ ശരണം പ്രാപിക്കുന്നു. നിന്നെ ഗൗതമൻമാരാണല്ലോ പ്രകടമാക്കിയത്.

**5. പ്ര ഹി രിരിക്ഷേ ഓജസാ ദിവോ അന്തേഭ്യസ്പരി |**
**ന ത്വാ വിവ്യാച രജ ഇന്ദ്ര പാർഥിവമനു സ്വധാം വവക്ഷിഥ||**

ഹേ ഇന്ദ്രാ! നീ ആകാശത്തെക്കാളും വലിയവനാകുന്നു. നിനക്ക് തുല്യത വഹിക്കുവാൻ ഭൂമിയ്ക്ക് പോലും ആകില്ല. ഞങ്ങളുടെ അന്നത്തിനു വേ വന്നാലും.

**6. നകിഃ പരിഷ്ടിർമഘവൻമഘസ്യ തേ യദ്ദാശുഷേ ദശസ്യസി |**
**അസ്മാകം ബോധ്യുചഥസ്യ ചോദിതാ മം ഹിഷ്ഠോ വാജസാതയേ ||**

ഹേ ഇന്ദ്രാ! നീ ഹവിസ്സ് ദാതാവിനു ധനം കൊടുക്കുമ്പോൾ അതാരും തടയുന്നില്ല. നീ ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിച്ച് ധനത്തെ

പ്രേരിപ്പിക്കുന്നവനും മഹാദാനവനായും തീരണമേ.

## സൂക്തം 89

**ഋഷി അംഗിരഗോത്രജരായ നൃമേധനും, പുരുമേധനും, ദേവത ഇന്ദ്രൻ, ഛന്ദസ് പ്രഗാഥം, അനുഷ്ടുപ്, ബൃഹതി.**

**1. ബൃഹദിന്ദ്രായ ഗായത മരുതോ വൃത്രഹന്തമം |**
**യേന ജ്യോതി ർജനയന്നൃതാവൃധോ ദേവം ദേവായ ജാഗൃവി||**

ഹേ മരുത്തുക്കളേ! ഇന്ദ്രൻെറ പവിത്രമായ ഗുണങ്ങളെ പാടുവിൻ. വിശ്വദേവൻമാർ തേജസ്വിയായ ഇന്ദ്രനെ ഈ ഗാനത്താൽ ചൈതന്യവാനാക്കുകയും, സൂര്യരൂപത്തിൽ ജോതിഷനാക്കുകയും ചെയ്തു.

**2. അപാധ മദഭിശസ്തീരശസ്തിഹാഥേന്ദ്രോ ദ്യുമ്ന്യാഭവത് |**
**ദേവാസ്ത ഇന്ദ്ര സഖ്യായ യേമിരേ ബൃഹദ്ഭാനോ മരുദ്ഗണ||**

ഇന്ദ്രൻ സ്തോത്രരഹിതരുടെ നാശകനാകുന്നു. അവൻ ശത്രുക്കളുടെ ഹിംസാകർമ്മങ്ങളെ നശിപ്പിച്ചു. അനന്തരം അദ്ദേഹം യശസ്വിയായിത്തീർന്നു. മരുത്വാനായ ഇന്ദ്രാ! നിൻെറ മൈത്രിയെ ദേവൻമാർ സ്വീകരിച്ചിരിക്കുന്നു.

**3. പ്ര വ ഇന്ദ്രായ ബൃഹതേ മരുതോ ബ്രഹ്മാർചത |**
**വൃത്രം ഹനതി വൃത്രഹാ ശതക്രതുർവജ്രേണ ശതപർവണാ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ മഹാനായ ഇന്ദ്രനെ സ്തുതിക്കുവിൻ. അനന്തകർമ്മാവായ ഇന്ദ്രൻ നൂറുമുനകളുള്ള വൃത്രനെ സംഹരിച്ചിരുന്നുവല്ലോ.

**4. അഭി പ്ര ഭര ധൃഷ താ ധൃഷനഃ ശ്രവശ്ചിത്തേ ആസദ് ബൃഹത് |**
**അർഷന്ത്വാപോ ജവസാ വി മാതരോ ഹനോ വൃത്രം ജയാ സ്വഃ ||**

ഹേ ഇന്ദ്രാ! നീ ശത്രുനിധനത്തിനു പോകുമ്പോൾ നിൻെറ അടുക്കൽ വളരെയധികം അന്നമുല്ലോ. അതിനാൽ ഞങ്ങൾക്ക് സുന്ദരമായ ധനം പ്രദാനം ചെയ്താലും. ഞങ്ങളുടെ മാതൃഭൂതമായ ജലം ഭൂമിയിലേയ്ക്ക് ഒഴുക്കണേ. നീ സ്വർഗ്ഗത്തിൻെറ മേൽ ഭരണം നടത്തുകയും ജലത്തെ മുടിയ്ക്കുന്ന വൃത്രനെ സംഹരിക്കുകയും ചെയ്യണമേ.

**5. യജ്ഞായഥാ അപൂർവ്യ മഘവൻ വൃത്രഹം ത്യായ |**
**തത്പൃഥിവീമപ്രഥയസ്തദസ്തഭ്നാ ഉതം ദ്യാം ||**

ഹേ ഇന്ദ്രാ! നീ ഐശ്വര്യവാനാകുന്നു. നീ വൃത്രനെ കൊല്ലുവാൻ പ്രത്യക്ഷനായപ്പോൾ ഭൂമിയെ ഉറപ്പിക്കുകയും, ആകാശത്തെ മുകളിൽ തന്നെ തടഞ്ഞു നിർത്തിയതും നീ തന്നെയാണല്ലോ.

**6. തത്തേ യജ്ഞോ അജായത തദർക ഉത സംസ്കൃതിഃ |**
**തദ്വിശ്വമഭിഭൂരസി യജ്ജാതം യച്ച ജന്ത്വം ||**

ആ സമയത്ത് സുന്ദരമായ യജ്ഞവും, ഹർഷദായകങ്ങളായ മന്ത്രങ്ങളും നിനക്കുവേി ഉത്ഭവിച്ചു. അപ്പോൾ നീ എല്ലാ ലോകങ്ങളേയും സ്വന്തം അധീനതയിലാക്കി.

**7. ആമാസു പക്വമൈരയം ആ സൂര്യം രോഹയോ ദിവി |**
**ധർമ ന സുമാന്തപതാ സുവൃക്തിഭിർജ്ജൂഷ്ടം ഗിർവണസേ ബൃഹത് ||**

ഹേ ഇന്ദ്രാ! നീ പാകമാകാത്ത ഗോക്കളെ പാലുള്ളവയാക്കി. സൂര്യനെ ആകാശത്തിൽ ഉയർത്തി പ്രതിഷ്ഠിച്ചു. ആ ഇന്ദ്രനെ സോമഗാനത്താൽ വളർത്തുവിൻ. എന്തുകൊന്നൊൽ അവൻ സ്തുതികളെ സേവിക്കുന്നവനാകുന്നു.

## സൂക്തം 90

**ഋഷി നൃമേധനും പുരുമേധനും, ദേവത ഇന്ദ്രൻ, ഛന്ദസ് ബൃഹതി, പംക്തി.**

**1. ആ നോ വിശ്വാസു ഹവ്യം ഇന്ദ്രഃ സമത്സു ഭൂഷത |**
**ഉപ ബ്രഹ്മാണി സവനാനി ബൃത്രഹാ പരമജ്യാ ഋചീഷമഃ ||**

ഇന്ദ്രൻ എല്ലാ യുദ്ധങ്ങിലും വിളിക്കപ്പെടുവാൻ യോഗ്യനാകുന്നു. അവൻെറ വില്ലിൻെറ ഒരു ഞാണു ഒരിക്കലും പൊട്ടുന്നില്ല. വൃതഹന്താവായ അവൻ സ്തുതികൾ വഴിയായി അഭിമുഖനായിത്തീരുന്നു.

**2. ത്വ ദാതാ പ്രഥ മേ രാധസാമസ്യ സത്യ ഈശാനകൃത് |**
**തുവിദ്യുമ്നസ്യ യുജ്യാ വൃണീമഹേ പുത്ര സ്യ ശ്രവസോ മഹഃ ||**

ഹേ ഇന്ദ്രാ! നീ എല്ലാ ധനദാതാക്കളിലും പ്രമുഖനാകുന്നു. സ്തോതാക്കളായ ഞങ്ങളെ ധനസഹനരാക്കണേ, ഞങ്ങൾ നിൻെറ ധനത്തെ അഭയം പ്രാപിക്കുന്നു.

**3. ബ്രഹ്മാ ത ഇന്ദ്ര ഗിർവണഃ ക്രിയന്തേ അനതിത്ഭൂതാ |**
**ഇമാ ജൂജൂഷസ്യ ഹര്യശ്വ യോജനേന്ദ്ര യാ തേ അമൻമഹി ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ യഥാർത്ഥ സ്തോത്രങ്ങളുമായി ബന്ധപ്പെടുകയും അവയെ സേവിക്കുകയും ചെയ്യൂ. ഞങ്ങൾ ഉച്ചരിക്കുന്ന മന്ത്രങ്ങളെ സ്വീകരിച്ചുകൊ് സന്തുഷ്ടനായാലും.

**4. തവം ഹീ സത്യോ മഘവന്നനാനതോ വൃത്രാ ഭൂരി ന്യർ ഞ്ജസേ |**
**സത്വം ശവിഷ്ഠ വജ്രഹസ്ത ദാശുഷേ ർവാഞ്ചം രയിമാ കൃധി ||**

ഹേ ഇന്ദ്രാ! നീ സത്യസ്വരൂപനും, ധനവാനും ആണല്ലോ. നീ ആരുടേയും വശത്തിൽ പതിയ്ക്കുന്നില്ല. നീ അനേകം രാക്ഷസൻമാരെ കൊന്നിരിക്കുന്നു. ഹവിസ്സ് ദാതാവ് ആഗ്രഹിക്കുന്നതുപോലെ അവനു ധനം നൽകിയാലും.

**5. ത്വമിന്ദ്ര യശാ സ്യൃജീഷീ ശവസസ്പതേ |**
**ത്വം വ്രത്രാണി ഹംസ്യ പ്രതീന്യേ ക ഇദനുത്താ ചർഷണീധൃത ||**

ഹേ ഇന്ദ്രാ! നീ സോമം വഴി തേജസ്സിയായിരിക്കുന്നു. നീ ഏകനായി അജയ്യൻമാരായ രാക്ഷസൻമാരെ വജ്റത്താൽ സംഹരിച്ചുവല്ലോ.

**6. തമു ത്വാ നൂനമസുര പ്രചേതസം രാധോ ഭാഗവിവേമഹേ|**
**മഹീവ കൃത്തിഃ ശരണാ ത ഇന്ദ്ര പ്ര തേ സുമ്നാ നോ അശ്നവൻ ||**

ഹേ ഇന്ദ്രാ! നീ ബലവാനും ശ്രേഷ്ഠനുമായ ജ്ഞാനിയും

ആകുന്നു. ഞങ്ങൾ പിതൃസമ്പത്താവശ്യപ്പെടുന്നതുപൊലെ അങ്ങയോട് ധനം യാചിക്കുന്നു. നിൻെറ യശസ്സിന്നനുരൂപമായിട്ടുള്ളതാണല്ലോ സ്വർഗ്ഗലോകത്തിൽ നിനക്കായിട്ടുള്ള വാസസ്ഥാനം. ഞങ്ങൾ നിൻെറ നൻമയിൽ ശങ്കാരഹിതനായിരിക്കും.

## സൂക്തം 91

**ഋഷി അപല, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി.**

**1. കന്യാ വാരവായുതി സോമമപി സ്രുതാവിദത് |**
**അസ്തം ഭപന്ത്യബ്രവീദ്രായര സുനവൈ ത്വ ശക്രായ സുനവൈ ത്വാ ||**

വെള്ളത്തിൽപോയ കന്യകയ്ക്ക് വഴിയിൽ വച്ച് ഒരു സോമലത കിട്ടി, അവൾ അത് വീട്ടിലേയ്ക്ക് കൊുവരുമ്പോൾ സോമത്തോടു പറഞ്ഞു. ഞാൻ നിന്നെ സമർത്ഥനായ ഇന്ദ്രനുവേി പിഴിയും.

**2. അസൗ യ ഏഷി വീരകോ ഗൃഹഗൃഹം വിചാകശത് |**
**ഇമം ജമ്ഭസുതം പിബ ധാനാവന്തം കരമ്ഭിണമപൂപവന്തമുക്ഥിനം ||**

ഹേ ഇന്ദ്രാ! നീ ഓരോവീട്ടിലും പോകാറുല്ലോ. നീ മഹാതേജസ്സിയും വീരനും ആകുന്നു. നീ ഉക്ഥങ്ങളോടുകൂടിയ പുരോഢാശത്തേയും പിഴിഞ്ഞ സോമരസത്തേയും പാനം ചെയ്താലും.

**3. ആ ചന ത്വമ ചികിതസാമോ ധി ചനത്വാ നേമസി |**
**ശനൈരിവ ശകകൈരിവേന്ദ്രായേന്ദോ പരിസ്രവ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നെ അറിയുവാൻ ആഗ്രഹിക്കുന്നു. ഇതുവരെ ഞങ്ങൾക്ക് നിന്നെ പ്രാപിക്കുവാൻ കഴിഞ്ഞില്ല. ഹേ സോമമേ! നീ ഇന്ദ്രനുവേി പതുക്കെപ്പതുക്കെയും, പിന്നീട് അതിവേഗത്തിലും നീരൊഴുക്കുക.

**4. കുച്ഛകത് കുവിത് കരത് കുവിന്നോ വസ്യസസ്കരത്|**
**കവിത് പതി ദ്വിഷോ യതീരിന്ദ്രേണ സങ്ഗമാമഹേ ||**

അവൻ ഞങ്ങളേയും, അനാഥരേയും പൂജയ്ക്ക് വേ സുന്ദരവാണിയാൽ സമ്പന്നമാക്കണേ. ആ ഇന്ദ്രൻ പലവുരു നമുക്ക് ധനം തരുമാറാകണേ. അവൻ വളരെ പ്രവർത്തിക്കണേ. ഞങ്ങൾ ഭർത്താക്കൻമാരാൽ ഉപേക്ഷിക്കപ്പെട്ടതിനാൽ ഇവിടെ വന്ന് ഇന്ദ്രനോട് ചേരും.

**5. ഇമാനി ത്രീണി വിഷ്ടപാ താനീന്ദ്ര വി രോഹയ |**
**ശിരസ്തസ്യോർവരാമാദിദം മ ഉപോദരേ ||**

ഹേ ഇന്ദ്രാ! എൻെറ പിതാവിൻെറ ശിരസ്സിനും, കൃഷിസ്ഥലത്തിനും എൻെറ ഗുപ്താംഗത്തിനും, ഈ മൂന്നുസ്ഥാനങ്ങൾക്കും ഉല്പാദനശക്തി നൽകണമേ.

**6. അസൗ ച യാ ന ഉർവരാദിമാം തന്വം മമ |**
**അഥോ തതസ്യ യച്ഛിരഃ സർവാ താ രോമശാ കൃധി ||**

എൻെറ പിതാവിൻെറ മരുസ്ഥലം പോലുള്ള കൃഷിസ്ഥലത്തും, പിതാവിൻെറ കേശരഹിതമായ ശിരസ്സിലും, എൻെറ ശരീരത്തിലും രോമം മുളപ്പിക്കണേ.

**7. ഖേ രഥസ്യ ഖേ നസഃ ഖേ യുഗസ്യ ശതക്രതോ |**
**അപാലാമിന്ദ്ര ത്രിഷ്പൂത്വ്യകൃണോഃ സൂര്യത്വചം ||**

ഇന്ദ്രൻ അനന്തകർമ്മാവാകുന്നു. അവൻ തൻെറ രഥത്തിൻെറ വലിയ ദ്വാരത്തിലും, വിയുടെ ദ്വാരത്തിലും, അച്ചുതിൻെറ തുളയിലും ഉപനയനം വഴിയായി ശുദ്ധമാക്കി അപാലയെ സൂര്യനുതുല്യം തേജസ്വിനിയാക്കിത്തീർത്തു.

## സൂക്തം 92

**ഋഷി ശ്രുതകാക്ഷനോ സുകാക്ഷനോ, ദേവത ഇന്ദ്രൻ, ഛന്ദസ് അനുഷ്ടുപ്, ഗായത്രി.**

**1. പാന്തമാ വോ അന്ധസ ഇന്ദ്രമഭി പ്ര ഗായത |**
**വിശ്വാസാഹം ശതക്രതും മംഹിഷ്ഠം ചർഷണീനാം ||**

ഋത്വിജൻമാരേ! സോമം പാനം ചെയ്യുന്ന ഇന്ദ്രനെ സ്തുതിക്കുവിൻ. അവൻ എല്ലാവരേയും വശീകരിക്കുന്നവനും, അനന്തകർമ്മാവും, വളരെ ധനം നശിക്കുന്നവനും ആകുന്നു.

**2. പുരുഹൂതം പുരുഷ്ടതം ഗാഥാന്യം സനശ്രുതശ്രം |**
**ഇന്ദ്ര ഇതി ബ്രവീതന ||**

അനേകരാൽ അഹൂതൻ. അനേകരാൽ സ്തുതൻ. പാടിപുകഴ്ത്തുവാൻ യോഗ്യൻ. ഇപ്രകാരമുള്ള ദേവനെ നിങ്ങൾ സനാതനായി വാഴ്ത്തുവിൻ.

**3. ഇന്ദ്ര ഇന്നോ മഹാനാം ദാതാ വാജാനാം നൃതുഃ |**
**മഹാം അഭിജ്ഞവാ യമത് ||**

ഇന്ദ്രൻ ഞങ്ങൾക്ക് ധനം നൽകുന്നവനും, അന്നദാതാവും, എല്ലാവരേയും നൃത്തം ചവിട്ടിക്കുന്നവനും ആകുന്നു. മഹാനായ അവൻ ഞങ്ങൾക്ക് അഭിമുഖമായി വന്ന് ധനം പ്രദാനം ചെയ്യുമാറാകണേ.

**4. അപാദു ശിപ്ര്യ ഋന്ധസഃ സുദക്ഷസ്യ പ്രഹോഷിണഃ |**
**ഇന്ദ്രോരിന്ദ്രോ യവാശിരഃ ||**

സുന്ദരമുകുടധാരിയായ ഇന്ദ്രൻ ഹോമിക്കുന്ന സുദക്ഷൻെറ യവയുക്തമായ സോമം തൃപ്തിയും വിധം കുടിച്ചു.

**5. തമ്വഭി പ്രാർചതേന്ദ്രം സോമസ്യ പീതയേ |**
**തദിദ്ധ്യസ്യ വർധനം ||**

ഈ സോമം ഇന്ദ്രനെ തടിപ്പിക്കും. അതിനാൽ ഇതു കുടിക്കുവാൻ അവനോട് പ്രാർത്ഥിക്കുവിൻ.

**6. അസ്യ പീത്വാ മദാനാം ദേവോ ദേവസ്യസൗജസാ |**
**വിശ്വഭി ഭൂവതാ ഭ്യവത് ||**

ഈ ഇന്ദ്രൻ സോമത്തിൻെറ ലഹരിയുള്ള രസം പാനം ചെയ്തിട്ടാണല്ലോ ലോകത്തെ കീഴടക്കിയത്.

**7. ത്യമു വഃ സത്രാസാഹം വിശ്വാസു ഗീർഷ്വായതം |**
**ആ ച്യാവവസ്യൂതയേ ||**

ഹേ സ്തോതാക്കളേ! നിങ്ങളുടെ സ്തോത്രങ്ങളിൽ വളർന്നവനും, വിശ്വത്തെ നൃത്തം വയ്പിക്കുന്നവനും ആയ ഇന്ദ്രനെ തന്നെ നിങ്ങളടെ രക്ഷയ്ക്ക്വേി വിളിക്കുവിൻ.

**8. യുധ്മം സന്തമനർവാണം സോമപാമനച്യുതം |**
**നരമവാര്യക്രതും ||**

ഇന്ദ്രൻെറ കർമ്മങ്ങളിൽ യാതൊരു വിഘ്നങ്ങളും സൃഷ്ടിക്കുവാൻ സാധ്യമല്ല. എന്തുകൊന്നൊൽ അവൻ സോമപാനിയും, എല്ലാവരുടേയും നേതാവും, രാക്ഷസൻമാർക്ക് ദുർധഷനുമാകുന്നു.

**9. ശിക്ഷാണ ഇന്ദ്ര രായ ആ പുരു വിദ്വാം ഋചീഷമ |**
**അവാ നഃ പര്യേ ധനേ ||**

ഹേ ഇന്ദ്രാ! നീ മേധാവിയും; സ്തുതികളാൽ സംബോധിതനും ആണല്ലോ. ശത്രുക്കളിൽ നിന്നും പലപ്പോഴും ധനം പിടിച്ചെടുത്ത് ഞങ്ങൾക്ക് തരണമേ. ശത്രുക്കളുടെ ആ ധനം കൊ് തന്നെ ഞങ്ങളെ

പാലിച്ചാലും.

**10. അതിശ്വദിന്ദ്ര ണ ഉപാ യാഹി ശതവാജയാ |**

**ഇഷാ സഹസ്രവാജയാ ||**

ഹേ ഇന്ദ്രാ! നീ സ്വർഗ്ഗത്തിൽ നിന്നും സഹസ്രഗുണവും അന്നവും,ബലവുമായി ഇവിടെ വരണമേ.

**11. അയാമ ധീവതോ ധിയോ ർവദ്ഭിഃ ശക ഗോദരേ |**

**ജയേമ പൃത്സു വജ്രിവഃ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ കർമ്മവാൻമാരാകുന്നു. യുദ്ധത്തിൽ വിജയം വരിയ്ക്കുവാൻ വേി ഞങ്ങൾ പ്രവർത്തിക്കുകയും കുതിരകൾ വഴിയായി യുദ്ധത്തെ ജയിക്കുകയും ചെയ്യും.

**12. വയമു ത്വാ ത്വാ ശതക്രതോ ഗാവോ ന യവസേഷ്വ |**

**ഉത്ഥേഷു രണയാമസി ||**

ഗോപാലകൻ തൃണാദികളാൽ ഗോക്കളെ തൃപ്തിപ്പെടുത്തുന്നതുപോലെ ഹേ ഇന്ദ്രാ! ഞങ്ങൾ ഉക്ഥാദികളാൽ നിന്നെ എല്ലാ പ്രകാരത്തിലും തൃപ്തിപ്പെടുത്തുന്നു.

**13. വിശ്വാ ഹി മർത്ത്യത്വനാനുകാമാ ശതക്രതോ |**

**ആഗൻമ വജ്രിന്നാശസഃ ||**

ഹേ ശതകർമ്മാവായ ഇന്ദ്രാ! ലോകമെല്ലാം എന്തെങ്കിലും ആശിക്കുന്നു. അതുപോലെ ഞങ്ങളും ധനാദികളെ ആശിക്കുന്നു.

**14. ത്വേ സു പുത്ര ശവസോ വൃത്രൻകാമകാതയഃ |**

**ന ത്വാ മിന്ദ്രാതിരി രിച്യതേ ||**

ഹേ ഇന്ദ്രാ! അഭീഷ്ടപ്രാപ്തിയ്ക്ക് വേി എല്ലാവരും നിന്നെ ആശ്രയിക്കുന്നു. അതിനാൽ യാതൊരു ദേവകളും അതിലംഘിക്കുന്നില്ല.

**15. സ നോ വൃഷൻത്സനിഷ്ഠയാ സം ഘോരായാ ദ്രവിത്ന്വാ|**

**ധിയാ വിഢ്ഢ് പുരന്ധ്യാ ||**

ഹേ ഇന്ദ്രാ! നീ എല്ലാവരേക്കാളും ധനം നൽകുന്നവനാണല്ലോ, നീ ധനത്താൽ ഞങ്ങളെ പാലിക്കേണമേ. എന്തുകൊണ്ടെന്നാൽ നീ അനേകരെ പാലിയ്ക്കുന്നതിൽ സമർത്ഥനാണല്ലോ. ഭീകരൻമാരായ ശത്രുക്കളേയും നശിപ്പിക്കേണമേ.

**16. യസ്തേ നൂനം ശതക്രതവിന്ദ്ര ദ്യുമ്നിതമേ മദഃ |**

**തേന നൂനം മദേ മദേഃ ||**

ഹേ ഇന്ദ്രാ! പ്രാചീനകാലത്തിൽ ഞങ്ങൾ നിനക്കു വേി യാതൊരു സോമം സംസ്കരിച്ചിരിക്കുന്നുവോ. അതുവഴി ഹർഷിതനായി, നീ ഞങ്ങൾക്ക് ഇന്നും ഹർഷം പ്രദാനം ചെയ്യണമേ.

**17. യസ്തേ ചിത്ര ശവസ്തമേ യ ഇന്ദ്ര വൃത്രഹന്തമഃ |**

**യ ഓജോദാതമോ മദേഃ ||**

ഹേ ഇന്ദ്രാ! ഭവാൻെറ മദം വിഭിന്നഃ യജ്ഞങ്ങളാൽ സമ്പന്നമാകുന്നു. അതിനാൽ ഞങ്ങൾ പിഴിഞ്ഞിരിക്കുന്ന സോമം സർവ്വാധികം ബലപ്രദവും, പാപനാശകനും ആകുന്നു.

**18. വിദ്മാ ഹിയസ്തേ അദ്രിവസ്ത്വദത്തഃ സത്യ സോമപാഃ |**

**വിശ്വാസു ദസ്മ കൃഷ്ടിഷു ||**

ഹേ വജ്റായുധാ! ഹേ സോമപായീ! എല്ലാ മനുഷ്യർക്കും നൽകിയിരിക്കുന്ന ധനത്തെ ഞങ്ങളറിയുന്നു.

**19. ഇന്ദ്രായ മദ്വനേ സുതം ഹരി ഷ്ടോഭന്തു നോ ഗിരഃ |**

**അമർതർചന്തു കാവശഃ ||**

ഞങ്ങളുടെ സ്തോത്രങ്ങൾ ഇന്ദ്രൻെറ ഹർഷത്തിനുവേി സോമത്തെ സ്തുതിക്കണേ. സ്തുതിക്കുന്നവർ സോമത്തെ വിധിപൂർവ്വം പൂജിയ്ക്കണേ.

**20. യസ്മിൻ വിശ്വാ അധിശ്രിയോ രണന്തി സപ്ത സംസദഃ|**

**ഇന്ദ്ര സുത ഹവാമഹേ ||**

ആരിൽ എല്ലാ തേജസ്സും വിദ്യുത്മാനായിരിക്കുന്നുവോ, ആർക്കും സപ്തഹോതാക്കൾ സോമം നൽകുവാൻ തല്പരനായിരിക്കുന്നുവോ; ആ ഇന്ദ്രനെ സോമം പിഴിഞ്ഞപോകുമ്പോൾ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**21. ത്രികദ്രുകേഷു ചേതനം ദേവാസോ യജ്ഞമന്തത |**

**തമിദ്വർധന്തു നോ ഗിരഃ ||**

ഹേ ദേവൻമാരെ! നിങ്ങൾ ത്രികദ്രുവിനുവേി ജ്ഞാനത്തിൻെറ സാധനാരൂപമായ യജ്ഞത്തെ വിസ്തൃതമാക്കി. ഞങ്ങളുടെ സ്തോത്രങ്ങൾ ആ യജ്ഞത്തെ വളർത്തണമേ.

**22. ആ ത്വാ വിശന്ത്വിന്ദവഃ സമുദ്രമിവ സിന്ധവഃ |**

**ന ത്വാമിന്ദ്രാതി രിച്യതേ ||**

നദികൾ സമുദ്രത്തിൽ പ്രവേശിക്കുന്നതുപോലെ ഈ സോമം നിൻെറ ശരീരത്തിൽ പ്രവേശിക്കേണമേ. ഹേ ഇന്ദ്രാ! നിന്നെ എതിർത്തു ജയിക്കുവാൻ ആർക്കും സാധ്യമല്ല.

**23. വിവ്യക്ഥ്ഥ മഹീനാ വൃക്ഷൻപക്ഷം സോമസ്യ ജാഗ്രവേ |**

**യ ഇന്ദ്ര ജംരേഷു തേ ||**

ഹേ ഇന്ദ്രാ! നീ അഭീഷ്ടപൂരകനും, ചൈതന്യനും ആണല്ലോ. നീ സ്വന്തം ബലത്താൽ സോമത്തിന്വേി എങ്ങും വ്യാപ്തനാകുന്നു. ആ സോമം നിൻെറ ജംരത്തിൽ എത്തിയല്ലോ.

**24. അരം ത ഇന്ദ്ര കുക്ഷയേ സോമോ ഭവതു വൃത്രഹൻ |**

**അര ധാമഭ്യ ഇന്ദവഃ ||**

ഹേ ഇന്ദ്രാ! ഈ സേചനം ചെയ്യപ്പെടുന്ന സോമം നിൻെറ ശരീരത്തിൽ യഥേഷ്ടം പ്രവേശിക്കണമേ.

**25. അരമശ്വായ കുക്ഷയേ സോമോ ഭവതു വൃത്രഹൻ |**

**അര ധാമഭ്യ ഇന്ദവഃ ||**

ശ്രുതകർക്ഷനായ ഞാൻ അശ്വലാഭത്തിനുവേി ഇന്ദ്ര ഭവനത്തിൻെറ ഗുണങ്ങൾ പാടിസ്തുതിക്കുന്നു.

**26. അരം ഹിഷ്മാ സുതേഷു ണഃ സോമേഷ്വിന്ദ്ര ഭൂഷസി |**

**അരം തേ ശക്ര ദാവനേ ||**

ഹേ ഇന്ദ്ര! പിഴിയുന്ന സോമം നിനക്ക് ഇഷ്ടം പോലെയാകണേ. നീ ധനം ദാനം ചെയ്യുന്നവൻ ആണല്ലോ.

**27. പരാകാത്താച്ചി ദദ്രിസ്ത്വാം നക്ഷന്ത നോ ഗിരഃ |**

**അരം ഗമാമ തേ വയം ||**

ഹേ വജ്റായുധാ! നീ ദൂരെയാണെങ്കിലും ഞങ്ങളുടെ സ്തോത്രങ്ങൾ നിൻെറ അടുക്കൽ എത്തും. തൻമൂലം സ്തോതാക്കളായ ഞങ്ങൾക്ക് നിന്നിൽ നിന്നും ധനം പ്രാപിക്കുവാൻ കഴിയും.

**28. ഏവാ ഹ്യസി വീരയുരേവാ ശൂര ഉത സ്ഥിരഃ |**

**ഏവ തേ രാധ്യം മനഃ ||**

ഹേ ഇന്ദ്രാ! നീ വീരകർമ്മസമ്പന്നനാണല്ലോ. നി വീരൻമാരെ ഇഷ്ടപ്പെടുന്നു. ഞങ്ങൾ നിന്റെ മനസ്സിന്റെ ഉപാസകനാണേ.

**29. ഏവാ രാതിസ്തുവീമഘ വിശ്വേഭിർധായ ധാതൃഭിഃ |**

**അധാ ചിദിന്ദ്രമേ സചാ ||**

ഹേ ഇന്ദ്രാ! നീ ധനപതിയാകുന്നു. നീ എന്നെ സഹായിക്കേണമേ. എല്ലാ യജമാനൻമാരുടെ അടുക്കലും നിന്റെ ധനം ഉല്ലോ.

**30. മോ ഷു ബ്രഹ്മേ വ തന്ദ്രയുർഭുവോ വാജാനാം പതേ |**

**മത്സ്വാ സുതസ്യ ഗോമതഃ ||**

ഹേ ഇന്ദ്രാ! ഭവാൻ അന്നേശ്വരനാകുന്നു. നീ നിദ്രാമഗ്നനായ സ്തോതാവിനെപ്പോലെയാകരുത്. ദുഗ്ദമിശ്രിതമായ സോമം കുടിച്ച് മത്തനായാലും.

**31. മാ ന ഇന്ദ്രാഭ്യാദിശഃ സൂരോ അക്തുഷ്വാ യമൻ |**

**ത്വാ യുജാ വനേമ തത് ||**

ഹേ ഇന്ദ്രാ! ബാണം പ്രയോഗിക്കുന്ന രാക്ഷസൻമാർ രാത്രിയിൽ ഞങ്ങളെ ഉപദ്രവിക്കാതിരിക്കണേ. നിന്റെ സഹായത്തോടെ ഞങ്ങളവരെ സംഹരിക്കും.

**32. ത്വയേദിന്ദ്ര യുജാ വയം പ്രതി ബ്രുവീമഹി സ്പൃധഃ |**

**ത്വമസ്മാകം തവ സ്മസി ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്റെ സഹായത്തോടുകൂടി ശത്രുക്കളെ പലായനം ചെയ്യിക്കും. എന്തുകൊണ്ടെന്നാൽ സ്തോതാക്കളായ ഞങ്ങൾ നിന്റേതു തന്നെയാണല്ലോ.

**33. ത്വാമിദ്ധി ത്വായവോ നുനോവതശ്ചരാൻ |**

**സഖായ ഇന്ദ്ര കാരവഃ ||**

ഹേ ഇന്ദ്രാ! നിന്നെ ഇഷ്ടപ്പെടുന്ന ബന്ധുരൂപരായ സ്തോതാക്കൾ വീും വീും സ്തുതിച്ചുകൊ് നിന്നെ പൂജിക്കുന്നു.

## സൂക്തം 93

**ഋഷി സുകക്ഷൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഗായത്രി.**

**1. ഉദ്ഘേദഭി ശ്രുതാമഘം വൃഷഭം നര്യാപസം |**

**അസ്താരമേഷി സൂര്യ ||**

ഹേ സൂര്യനായുള്ളവനേ! നീ യശസ്വിയും, ധനസമ്പന്നനും, അഭീഷ്ടരൂപനും ആണല്ലോ. നീ അദ്യുദാരനായി ഉദിക്കുന്നു.

**2. നവ യോ നവതിമ പുരോ വിഭേദ വാഹ്വോജസാ |**

**അഹിം ച വൃത്രഹാവധീത് ||**

ആര് തൊണ്ണൂറ്റിയൊമ്പത് അസുരപുരങ്ങൾ തകർത്തുവോ, ആര് മേഘത്തെ കീറിപ്പിളർന്നുവോ.

**3. സ നഃ ഇന്ദ്രഃ ശിവഃ സഖാശ്വാവദ്ഗോമദ്യവമത് |**

**ഉരുധാരേവ ദോഹതേ ||**

ആ ഇന്ദ്രൻ നമുക്കുവേി ഗോക്കൾ, അശ്വങ്ങൾ, യവം എന്നിവയെ കറവപ്പശുക്കളെയെന്നപ്പോലെ കറന്നുത്തരണേ.

**4. യദദ്യ കച്ച വൃതഹന്നുദഗാ അഭി സൂര്യാ |**

**സർവം തദിന്ദ്രോ തേ വശേ ||**

ഹേ സൂര്യാത്മകനായ ഇന്ദ്രാ! എല്ലാ വസ്തുകളും മുന്നിൽ ലഭ്യമാകുന്നു. ഈ വിശ്വം മുഴുവൻ ഭവാന് അധിപനാണല്ലോ.

**5. യദ്വാ പ്രവൃദ്ധ സത്പതേ ന മരാ ഇതി മന്യസേ |**

**ഉതോ തത്സത്യമിത്തവാ ||**

ഹേ ഇന്ദ്രാ! നീ സ്വയം അവിനാശിയെന്ന് കരുതുന്നു. ഇക്കാര്യം സത്യം തന്നെ.

**6. യോ സോമസാഃ പരാവതി യേ അർവാവതി സുന്വിരേ |**

**സുർവാംസ്താം ഇന്ദ്ര ഗച്ഛസി ||**

ഹേ ഇന്ദ്രാ! യാതൊരു സോമം അടുത്തോ, അകലെയോ പിഴിയപ്പെടുന്നുവോ, നീ അവിടെയെല്ലാം എത്തുന്നുല്ലോ.

**7. തമിന്ദ്രം വാജയാമസി മഹേ വൃത്രായ ഹന്തവേ |**

**സ വൃഷാ വൃഷമോ ഭുവത് ||**

വൃത്രനാശനായി ഇന്ദ്രനെത്തന്നെ നമുക്ക് ബലവാനാക്കാം. ഹേ ഇന്ദ്രാ! നീ അഭീഷ്ഠദായകനാകുന്നു.

**8. ഇന്ദ്രഃ സ ദാമനേ കൃത ഓജിഷ്ഠഃ സ മദേ ഹിതഃ |**

**ദ്യുമ്നീ ശ്ലോകീ സ സോമ്യഃ ||**

ധനലാഭത്തിനുവേിത്തന്നെ ഈ ഇന്ദ്രൻ പ്രജാപതിയെ സൃഷ്ടിച്ചു. അവൻ സോമപാത്രവും യശസ്വിയും ഓജസ്വിയും ആകുന്നു.

**9. ഗിരാ വജ്രോ ന സമ്ഭൃതഃ സബലോ അനപച്യുതഃ |**

**വവക്ഷ ഋഷ്വോ അസ്തൃതഃ ||**

സ്തുതികളാൽ വളരുന്ന ഇന്ദ്രൻ ധനാദികളെ വഹിക്കുന്നതിൽ അതീവതല്പരനാകുന്നു.

**10. ദുർഗേ ചിന്നഃ സുഗം കൃധി ഗൃണാന ഇന്ദ്ര ഗിർവണഃ |**

**ത്വം ഞ്ച മഘവന്വശഃ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളെ അനുഗ്രഹിക്കുമ്പോൾ ദുർഗ്ഗങ്ങളായ പഥങ്ങളും സുഗമങ്ങളായിത്തീരുന്നു.

**11. യസ്യ തേ നൂ ചിംദാദിശം ന മിനന്തി സ്വരാജ്യം |**

**ന ദേവോ നാധ്രിഗുർജനഃ ||**

ഹേ ഇന്ദ്രാ! നിന്റെ ബലത്തേയോ, ശാസനേയോ ഇന്നുവരെയും ആരും ലംഘിച്ചിക്കില്ല. ദേവൻമാർക്കോ, രണകുശലരായ വീരൻമാർക്കോ നിന്നെ നശിപ്പിക്കുവാനും കഴിഞ്ഞിട്ടില്ല.

**12. അധാ തേ അപ്രതിഷ്കുതം ദേവീ ശുഷ്മം സപര്യതഃ |**

**ഉഭേ സുശിപ്ര രോദസീ ||**

ഹേ ഇന്ദ്രാ! ആകാശവും ഭൂമിയും ഇവ രും നിന്റെ ദുർധർഷമായ ബലത്തെ പൂജിക്കുന്നു.

**13. ത്വ മേദധാരയഃ കൃഷ്ണാ സൂരോഹിണീഷു ച |**

**പരുഷ്ണീഷു രുശത്പയഃ ||**

ഹേ ഇന്ദ്രാ! നീയാണല്ലോ കറുത്ത പൈക്കളേയും, ചുവന്നപശുക്കളേയും വെളുത്ത പാലാൽ പൂർണ്ണമാക്കിയത്.

**14. വി യദഹേരധ ത്വിഷോ വിശ്വേ ദേവാസോ അക്രമുഃ |**

**വിദൻമൃഗസ്യ താം അമഃ ||**

**15. ആദു മേ നിവരോ ഭുവദ്വൃത്രഹാദിഷ്ട പൗംസ്യം |**

**അജാതശത്രുരസ്തൃതഃ ||**

വൃത്രനെ ഭയന്ന് എല്ലാ ദേവൻമാരും ഓടിപ്പോയപ്പോൾ, അവന്റെ ശക്തിയുടെ മുന്നിൽ ഉറച്ചു നിൽക്കുവാൻ കഴിയാലെ വന്നപ്പോൾ ഇന്ദ്രൻ തന്നെ അവനെ വധിച്ചു. അവൻ തന്റെഎ പൗരുഷത്താൽ അവനെ ജയിച്ചു.

**16. ശ്രുതം വോ വൃത്രഹന്തമം പ്ര ശർധമ ചർഷണീനാം |**

**ആ ശുഷേ രാധസേ മഹേ ||**

ഹേ ഋത്വിജൻമാരേ! വൃത്രഹന്താവായ ആ ഇന്ദ്രനെ

സ്തുതിച്ചതിനുശേഷം ഞാൻ നിങ്ങൾക്ക് ധനം നൽകാം.

**17. അയാ ധിയാ ച ഗവ്യായാ പുരുണാമൻ പുരുഷ്ടുത |**

**യത് സോമേസോമ ആഭവഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ, അനേകം നാമങ്ങളാൽ പൂജിക്കപ്പെടുന്നു. നീ എല്ലാ സോമപാനത്തിലും പോകുന്നു. അപ്പോൾ ഞങ്ങൾക്ക് ഗോംകാക്ഷ നിറവേറുമാറാകണേ.

**18. ബോധിൻമനാ ഇദസ്തു നോ വൃത്രഹാ ഭൂര്യ സുതിഃ |**

**ശൃണോതു ശക്ര ആശിഷം ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ ഇച്ഛകൾ അറിയുന്നു. ഞങ്ങളുടെ ആഹ്വാനം ശ്രവിക്കൂ.

**19. കയാ ത്വന്ന ഊത്യാഭി പ്ര മന്ദസേ വൃഷൻ |**

**കയാ സ്തോതൃഭ്യ ആ ഭരാ ||**

ഹേ ഇന്ദ്രാ! നീ അഭിലാഷവർഷകനാണല്ലോ. നീ ഏതൊരു സേവനം കൊണ്ട് സ്തോതാക്കളായ ഞങ്ങൾക്ക് ധനം നൽകി ആഹ്ലാദിപ്പിക്കുന്നത്?

**20. കസ്യ വൃഷാ സുതേ സചാ നിയുത്വാൻ വൃഷഭോ രണത്|**

**വൃത്രഹാ സോമ പീതയേ ||**

വൃത്രഹന്താവും, കാമ്യവർഷകനും, മരുത്വാനുമായ ആ ഇന്ദ്രൻ സോമപാനത്തിനുവേി ഏതു യജ്ഞത്തിൽ രമിക്കും?

**21. അഭീ ഷു ണസ്ത്വം രയിം മന്ദസാനഃ സഹസ്രിണം |**

**പ്രിയന്താ ബോധി ദാശുഷേ ||**

ഹേ ഇന്ദ്രാ! നീ ഹവിസ്സ് ദാതാവിനെ നിയുക്തനാക്കുന്നവനാണല്ലോ. അതിനാൽ ഹർഷം പ്രാപിക്കുന്നതിനുമേൽ ഞങ്ങൾക്ക് ആയിരക്കണക്കായ ഐശ്വര്യം പ്രദാനം ചെയ്താലും.

**22. പത്നീവന്തഃ സുതാ ഇമ ഉശന്തോ യന്തി വീതയേ |**

**അപാം ജഗ്മിർനിചുമ്പുണഃ ||**

ജലയുക്തമായ ഈ സോമം പിഴിയപ്പെട്ടിരിക്കുന്നു. ഇന്ദ്രനെ കാമിച്ചുകൊ് സോമം അവന്റെ അടുക്കലേയ്ക്ക് പോകുന്നു. ഇന്ദ്രൻ അതു കുടിക്കുമ്പോൾ അതദ്ദേഹത്തെ മത്തനാക്കുന്നു.

**23. ഇഷ്ടാ ഹോത്രാ അസൃക്ഷതേന്ദ്രം വൃധാസോ അധ്വരേ |**

**അച്ഛാവഭൃഥമോജസാ ||**

യജ്ഞത്തെ വളർത്തുന്ന സപ്തഹോതാക്കൾ യജ്ഞത്തിന്റെ സമാപ്തിയിൽ ഇന്ദ്രനെ തിരിച്ചറിയുന്നു.

**24. ഇഹ ത്യാ സധമാദ്യാ ഹരീ ഹിരണ്യകേശ്യാ |**

**ബോള്ഹാമഭി പ്രയോഹിതം ||**

സ്വർണ്ണരോമങ്ങളുള്ള ഇന്ദ്രന്റെ ഹര്യശ്വങ്ങൾ അവനോടൊപ്പം മത്താടുന്നു. ഇവൻ ഇന്ദ്രനെ അന്നത്തിലേയ്ക്ക് കൊുവരണമേ.

**25. തുഭ്യം സോമാഃ സുതാ ഇമേ സ്തീർണം ബർഹിർവിഭാവസോ |**

**സ്തോതൃഭ്യ ഇന്ദ്രമാ വഹ ||**

ഹേ അഗ്നേ! ഈ സോമം നിനക്കുവേി സംസ്കരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ കുശാസനവും വിരിയ്ക്കപ്പെട്ടിരിക്കുന്നു. സോമപനാർത്ഥം ഇന്ദ്രനെ വിളിച്ചാലും.

**26. ആ തേ ദക്ഷമ വി രോചനാ ദധദ്രത്നാ വി ദാശുഷേ |**

**സ്തോതൃഭ്യ ഇന്ദ്രമർചതാ ||**

ഹേ യജമാനൻമാരേ! ഹവിസ്സ് ദാനത്തിനുവേി ഇന്ദ്രൻ നിങ്ങൾക്ക് ധനം നൽകണേ. സ്തോതാക്കൾക്ക് രത്നാദികൾ പ്രദാനം ചെയ്യണേ. അതിനായി അവനെ സ്തുതിക്കുവിൻ.

**27. ആ തേ ദധാമീന്ദ്രിയമുക്ഥാ വിശ്വാ ശതക്രതോ |**

**സ്തോതൃഭ്യ ഇന്ദ്ര മൃളയാ ||**

ഹേ ഇന്ദ്രാ! നിനക്കുവേി വീര്യമേറിയ സോമവും, സുന്ദരവുമായ സ്തോത്രവും സമ്പാദിച്ചിരിക്കുന്നു. നീ സ്തോതാക്കൾക്ക് സുഖം നൽകുമാറാകണേ.

**28. ഭദ്രം ഭദ്രം ന ആ ഭരേഷുമൂർജം ശതക്രതോ |**

**യദിന്ദ്ര മൃളയാസി നഃ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് സുഖം നൽകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അന്നത്തോടും, ബലത്തോടും കൂടി ഞങ്ങളെ അനുഗ്രഹിച്ചാലും.

**29. സ നോ വിശ്വാന്യാ ഭര സുവിതാനി ശതക്രതോ |**

**യദിന്ദ്ര മൃളയാസി നഃ ||**

ഹേ ഇന്ദ്രാ! നീ നൻമചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ സുഖങ്ങളോടും കൂടി ഇവിടെ വന്നാലും.

**30. ഉപ നോ ഹരിഭിഃ സുതം യാഹി മദാനാമ്പ |**

**ഉപ നോ ഹരിഭിഃ സുതം ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളെ സുഖിക്കുവാൻ ആഗ്രഹിക്കുന്നു. അതിനാൽ ഞങ്ങൾ പിഴിഞ്ഞ സോമരസവുമായി നിന്നെ വിളിക്കുന്നു.

**31. ഉപ നോ ഹരിഭിഃ സുതം യാഹി മദാനാമ്പ |**

**ഉപ നോ ഹരിഭിഃ സുതം ||**

ഹേ ഇന്ദ്രാ! നീ ഹരികളോടു കൂടി സോമത്തിന്നരികെ വന്നാലും.

**32. ദ്വിതാ യോ വൃത്രഹന്തമോ വിദഃ ഇന്ദ്രഃ ശതക്രതുഃ |**

**ഉപ നോ ഹരിഭിഃ ||**

ഇന്ദ്രാ! വൃത്രഹന്താവേ! അനന്തകർമ്മാവേ നീ ഇപ്രകാരമെല്ലാം അറിയപ്പെടുന്നു. ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ സോമത്തിനരികെ വന്നാലും.

**33. ത്വ ഹി വൃത്രഹന്നേഷാം പാതാ സോമനാസി |**

**ഉപ നോ ഹരിഭിഃ സുതം ||**

ഹേ ഇന്ദ്രാ! നീ സോമം പാനം ചെയ്യുന്നവൻ ആണല്ലോ. അതിനാൽ അശ്വങ്ങൾ സഹിതം നമ്മുടെ സോമത്തിനരികെ വന്നാലും.

**34. ഇന്ദ്ര ഇഷേ ദദാതു ന ഋഭുക്ഷണമൃഭം രയിം |**

**വാജീ ദദാതു വാജിനം ||**

അവിനാശിയും, അന്നദാതാവും ആയ ഋഭുവിനേയും, അവന്റെ ഭ്രാതാവായ വാജനേയും ഇന്ദ്രൻ നമുക്കു വരുമാറാകണേ.

## അനുവാകം 10

## സൂക്തം 94

**ഋഷി ബിന്ദുവോ പുതദക്ഷനോ, ദേവത മരുത്തുക്കൾ, ഛന്ദസ് ഗായത്രി.**

**1. ഗൗർധയതി മരുതാം ശ്രവസ്യുർമാതാ മഘോനാം |**

**യുക്താ വഹ്നീ രഥാനാം ||**

മരുത്തുക്കളുടെ മാതാവായ ധേനു തന്റെ പുത്രൻമാരേ സോമം

കുടിപ്പിക്കുന്നു. ആ പൂജ്യയായ ധേനു മരുത്തുക്കളെ രഥത്തിൽ നയിക്കുകയും അന്നത്തെ കാമിക്കുകയും ചെയ്യുന്നു.

**2. യസ്യാ ദേവാ ഉപസ്ഥേ വ്രതാ വിശ്വേ ധാരയന്തേ |**

**സൂർയാമാസാ ദൃശേ കം ||**

ദേവൻമാരെല്ലാം ഗോവിൻെറ അവയവങ്ങളിൽ വസിച്ചുകൊ് അവരവരുടെ കർമ്മങ്ങളിൽ വ്യാപൃതരാകുന്നു. സൂര്യനും, ചന്ദ്രനും ഇവരുടെ അടുക്കലിരുന്ന് ലോകങ്ങളെ പ്രകാശിപ്പിക്കുന്നു.

**3. തത്സു നോ വിശ്വേ അർയ ആ സദാ ഗൃണന്തി കാരവഃ |**

**മരുതഃ സോമപീതയേ ||**

ഞങ്ങളുടെ സ്തോതാക്കളായ വിദ്വാൻമാർ സോമം പാനം ചെയ്യുവാൻ മരുത്തുക്കളോട് പ്രാർത്ഥിക്കുന്നു.

**4. അസ്തി സോമോ അയം സുതഃ പിബൻസ്യസ്യ മരുതഃ |**

**ഉത സ്വരാജോ അശ്വിനാ ||**

മരുത്തുക്കളും അശ്വിനികളും ഇവിടെ ആഗതരായി പിഴിഞ്ഞ ഈ സോമരസം പാനം ചെയ്യണേ.

**5. പിബന്തി മിത്രോ അര്യമാ തനാ പൂതസ്യ വരുണഃ |**

**ത്രിഷധസ്ഥസ്യ ജാവതഃ ||**

മിത്രനും, അർയമാവും, വരുണനും, അരിപ്പയിൽ കൂടി അരിച്ചെടുത്തതും മൂന്നുസ്താനങ്ങളിൽ സ്ഥാപിതവും ആയ ഈ സോമരസം പാനം ചെയ്യണേ.

**6. ഉതോ ന്വസ്യ ജോഷമാം ഇന്ദ്രഃ സുതസ്യ ഗോമതഃ |**

**പ്രാതർഹോതേവ മത്സതി ||**

പിഴിഞ്ഞതും, ഗവ്യമിശ്രിതവും ആയ സോമത്തെ ഇന്ദ്രൻ പ്രഭാതസവനത്തിൽ ഹോതാവിനെപ്പോലെ പ്രശംസിക്കുന്നു.

**7. കദത്വിഷന്ത സൂരയസ്തിര ആപ ഇവ സ്രിധഃ |**

**അർഷന്തി പൂതദക്ഷസഃ ||**

മേധാവികളായ മരുത്തുക്കൾ വക്രഗതിയിൽ എപ്പോൾ പ്രത്യക്ഷമാകും? ആ ശത്രുഹന്താക്കൾ നമ്മുടെ യജ്ഞത്തിൽ എപ്പോൾ വന്നുചേരും?

**8. കദ്വോ അദ്യ മഹാനാം ദേവാനാമവോ വൃണേ |**

**ത്മനാ ച ദസ്മവർചസാം ||**

ഹേ മരുത്തുക്കളേ! നിങ്ങൾ തേജസ്വികളും, മഹാൻമാരും, ദീപ്തരും ആകുന്നു. ഞാൻ നിങ്ങളെ എപ്പോൾ പുഷ്ടിപ്പെടുത്തും?

**9. ആ യേ വിശ്വാ പാർഥിവായി പപ്രഥന്നോചനാ ദിവഃ |**

**മരുതഃ സോമപീതയേ ||**

ഭൂമിയിലെ എല്ലാവസ്തുക്കളെക്കാൾ ആകാശത്തിലെ എല്ലാ ജ്യോതിസ്സുകളേയും സമൃദ്ധമാക്കിയ മരുത്തുക്കളെ സോമപാനത്തിനായി ഞാൻ ആഹ്വാനം ചെയ്യുന്നു.

**10. ത്യാ നു പൂതദക്ഷസോ ദിവോ വോ മരുതോ ഹുവേ |**

**അസ്യ സോമസ്യ പീതയേ ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ശുദ്ധരും, ബലവാൻമാരും ആണല്ലോ. സോമം പാനം ചെയ്യുവാൻ നിങ്ങളെ ഞാൻ വിളിക്കുന്നു.

**11. ത്യാന്നു യേ വി രോദസീ തസ്തഭുർമരുതോ ഹുവേ |**

**അസ്യ സോമസ്യ പീതയെ ||**

ആകാശത്തെ താങ്ങിനെർത്തുകയും ഭൂമിയെ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നവരായ മരുത്തുക്കളെ സോമപാനത്തിനായി ഞാൻ വിളിക്കുന്നു.

**12. ത്യം നു മാരുതം ഗണമ ഗിരിഷ്ടാം വൃഷണം ഹുവേ |**

**അസ്യ സോമസ്യ പീതയേ ||**

യാതൊരുത്തർ പർവ്വതങ്ങളിൽ വസിക്കുന്നവരും, വൃഷ്ടി ജല സമ്പന്നരും, എങ്ങും നിറഞ്ഞിരിക്കുന്നവരും ആകുന്നുവോ, ആ മരുത്തുക്കളെ സോമപാനത്തിനായി ഞാനാഹ്വാനം ചെയ്യുന്നു.

## സൂക്തം 95

**ഋഷി തിരശ്ചി, ദേവത ഇന്ദ്രൻ, ഛന്ദസ് അനുഷ്ടുപ്**

**1. ആ ത്വാ ഗിരോ രഥീരി വാസ്ഥുഃ സുതേഷു ഗിർവണഃ**

**അഭി ത്വാ സമനൂഷ തേന്ദ്ര വത്സം ന മാതരഃ ||**

ഹേ ഇന്ദ്രാ! നീ സ്തുത്യാർഹനാകുന്നു. ഞങ്ങളുടെ സ്തോത്രങ്ങൾ തേരാളിയെപ്പോലെ നിന്നെ സമീപിക്കുന്നു. ഗോക്കൾ തങ്ങളുടെ കിടാക്കളെ നോക്കി ശബ്ദിക്കുന്നതുപോലെ, സോമം പിഴിഞ്ഞു കഴിഞ്ഞാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**2. ആ ത്വാ ശുക്രാ അചുച്യവുഃ സുതാസ ഇന്ദ്ര ഗിർവണഃ |**

**പിബാ ത്വ സ്യാന്ധസ ഇന്ദ്ര വിശ്വാസു തേ ഹിതം ||**

ഹേ ഇന്ദ്രാ! നീ സ്തുത്യർഹനാകുന്നു. പാത്രസ്ഥിതമായിരിക്കുന്ന സോമം നിൻെറ നേരെ ഗമിക്കണേ. ഭവാൻ ഈ സോമരസം പാനം ചെയ്യണേ. ചരിവും പുരോഡാശാദികളും ഇവിടെ എല്ലായിടത്തും വച്ചിട്ടു്.

**3. പിബാ സോമം മദായ കമിന്ദ്ര ശ്യേനാഭൃതം സുതം |**

**ത്വം ഹി ശശ്വതീനാം പതീ രാജാ വിശാമസി ||**

ഹേ ഇന്ദ്രാ! പക്ഷിരൂപിണിയായ ദേവി ഈ സോമത്തെ സ്വർഗ്ഗത്തിൽ നിന്നും കൊുവന്നിരിക്കുന്നു. നീ എല്ലാ ദേവൻമാരുടേയും മരുത്തുക്കളുടേയും നായകനാണല്ലോ. ഈ സോമം കുടിച്ചാലും.

**4. ശ്രുധീ ഹവം തിരശ്ച്യാ ഇന്ദ്ര യസ്ത്വാ സപര്യതി |**

**സുവീര്യസ്യ ഗോമതോ രായസ്പൂർധി മഹാം അസി ||**

ഹേ ഇന്ദ്രാ! ഹവിസ്സ് വഴിയായി പൂജിയ്ക്കുന്ന ഞാനാകുന്നു. തിരശ്ചിയുടെ ആഹ്വാനത്തെ ശ്രവിക്കണമേ. നീ ഞങ്ങൾക്ക് സുന്ദരമായ പുത്രൻമാർ, ഗോക്കൾ, മുതലായവയോടു കൂടിയ ധനം നൽകി ഞങ്ങളെ ഐശ്വര്യവാൻമാരാകണേ.

**5. ഇന്ദ്ര യസ്തേ നവീയസീം ഗിരം മന്ദ്രാമജീജനത് |**

**ചികിത്വിന്മനസം ധിയം പ്രത്നമൃതസ്യ പിപ്യുഷീം□||**

നിനക്കുവേ ഹർഷപ്രദമായ നവീന സ്തോത്രം രചിച്ചവൻെറ രക്ഷയ്ക്ക് നിൻെറ വൃദ്ധികാരവും, സത്യസമ്മിളവും സതാനവും ആയ ജ്ഞാനത്തെ നൽകേണമേ.

**6. തമു ഷ്ടവാമ യം ശിര ഇന്ദ്രമുതഥാനി വാവൃധുഃ |**

**പുരുണ്യസ്യ പൗംസ്യാ സിഷാസന്തോ വനാമഹേ ||**

ഞങ്ങളുടെ സ്തോത്രങ്ങളേയും ഉക്ഥങ്ങളേയും ആരുവളർത്തിയോ ആ ഇന്ദ്രനെ ഞങ്ങൾ സ്തുതിക്കുന്നു. അവൻെറ അനേകം ബലങ്ങളെ ഉപഭോഗം ചെയ്യുന്നതിനായി അവനോടു യാചിക്കാം.

**7. ഏതോ ന്വിന്ദ്രം സ്തവാമ ശുദ്ധം ശുദ്ധേന സാമ്ന |**

**ശുദ്ധൈ രുക്ഥൈർവാവൃധ്വാസം ശുദ്ധ ശാശീർവാൻമത്തു ||**

ഹേ ഋഷിമാരേ! ഇവിടെ വരുവിൻ. സാമഗാനത്താലും ഉക്ഥങ്ങളാലും നമുക്ക് ഇന്ദ്രനെ പൂജിക്കാം. പിഴിഞ്ഞ സോമത്താൽ അവയെ ഹർഷിതനാക്കുകയും ചെയ്യാം.

**8. ഇന്ദ്ര ശുദ്ധോ ന ആ ഗഹി ശുദ്ധഃ ശുദ്ധാഭിരൂതിഭിഃ |**
**ശുദ്ധോ രയിം നി ധാരയ ശുദ്ധോ മമദ്ധി സോമ്യഃ ||**

ഹേ ഇന്ദ്രാ! നീ പവിത്രനാകുന്നു. സ്വന്തം രക്ഷകളോടും, മരുത്തുക്കളോടും കൂടി ആഗതനാകേണമേ. നീ സോമപാനത്തിനർഹനാകുന്നു. അതിനാൽ ഇവിടെ വന്ന് ഹർഷയുക്തനായി ഞങ്ങളെ ധനത്തിൽ പ്രതിഷ്ഠിച്ചാലും.

**9. ഇന്ദ്ര ശുദ്ധോ ഹി നോ രയിം ശുദ്ധോ രത്നാനി ദാശുഷേ |**
**ശുദ്ധോ വൃത്രാണി ജിഘ്നസേ ശുദ്ധോ വാജം സിഷാസസി||**

ഹേ ഇന്ദ്രാ! നീ പരിശുദ്ദനാകുന്നു. ഞങ്ങൾക്ക് ധനം നൽകിയാലും. ഹവിസ്സ് ദാതാവിനും രത്നാദികളായ ധനം നൽകേണമേ. ഹേ വൃത്രഹന്താവേ! നീ ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നു. നീ പരിശുദ്ധനാകുന്നു.

# സൂക്തം 96

**ഋഷി തിശ്ചീർദ്യുതനാനോ, മതത്തോ, ദേവത ഇന്ദ്രൻ, മരുത്തുക്കൾ, ബൃഹസ്പതി , ഛന്ദസ് ത്രിഷ്ടുപ്, പംക്തി.**

**1. അസ്മാ ഉഷാസ ആതിരന്ത യാമമിന്ദ്രായ നക്തമൂർമ്യാഃ സുവാചഃ |**
**അസ്മാ ആപോ മാതരഃ സപ്ത തസ്ഥുർനൃഭ്യസ്തരായ സിന്ധവഃ സുപാരാഃ ||**

ഉഷസ്സുകൾ ഇന്ദ്രനെ ഭയന്ന് തങ്ങളുടെ ഗതിശക്തിക്കൂട്ടി അപ്പോൾ ഇന്ദ്രനുവേി രാത്രികൾ വന്നുത്തുടങ്ങി. വരാനുള്ള രാത്രികൾക്കുവേി രാത്രി ശബ്ദമുി. ഗംഗ മുതലായ സപ്തനദികൾ ഇന്ദ്രനുവേി സർവവ്യാപിനിയായ മനുഷ്യർക്കു കടക്കാവുന്നവയായിത്തീരുന്നു.

**2. അതിവിദ്ധാ വിഥുരേണ ചിദസ്ര ത്രിഃ സപ്ത സാനു സഹിതാ ഗിരീണാം |**
**ന തദ്ദേവോ ദ മർത്യസ്തുര്യാദ്യാപി പ്രവൃദ്ധോ വൃഷഭശ്ചകാര ||**

ഇന്ദ്രൻ ആരുടേയും സഹായം കൂടാതെ തന്നെ ഇരുപത്തിയൊന്ന് പർവ്വതനിരകളെ അങ്ങോളം കീറിപ്പിളർന്നു. ആ അഭീഷ്ഠദാതാവായ ഇന്ദ്രനെപ്പോലെ പരാക്രമം പ്രവർത്തിക്കുവാൻ യാതൊരു ദേവനോ, മനുഷ്യനോ സാധ്യമല്ല.

**3. ഇന്ദ്രസ്യ വജ്രജ ആയസോ നിമിശ്ല ഇന്ദ്രസ്യ വാഹ്വോർഭൂയിഷ്ഠമോജഃ |**
**ശീർഷിന്നിന്ദ്രസ്യ ക്രതവോ നിരേക ആസന്നേഷന്ത ശ്രുത്യാ ഉപാകേ ||**

ഇന്ദ്രൻെറ ലോഹവജ്രം അവൻെറ കരുത്തേറിയ കരങ്ങളിൽ ശോഭിക്കുന്നു. അവൻ യുദ്ധത്തിനു പോകുന്നതുവരെ, തൻെറ ശിരസ്സിൽ കിരീടാദികൾ ഉായിരിക്കും. അവൻെറ നിർദ്ദേശത്തിനുവേി എല്ലാവരും തിരുമുമ്പിൽ ഹാജരാക്കുന്നു.

**4. മന്യേ ത്വാ യജ്ഞിയം യജ്ഞിയാനാം മന്യേ ത്വാ ച്യവനമച്യുതാനാം |**
**മന്യേ സത്വാ സത്വനാമിന്ദ്ര കേതും മന്യേ ത്വാ വൃഷഭം ചർഷണീനാം ||**

ഹേ ഇന്ദ്രാഃ നീ യജ്ഞപാത്രമാകുന്നു. നീ പർവ്വതങ്ങളെ തകർക്കുന്നവനാകുന്നു. നീ സൈന്യങ്ങൾക്ക് വിജയപതാകാരൂപനാകുന്നു. നീ മനുഷ്യരുടെ ഇഛകൾ നിറവേറ്റുന്നു. ഇപ്രകാരം ഞാനറിയുന്നു.

**5. ആ യദ്വജ്രം വഹ്വോരിന്ദ്ര ധത്സേ മദച്യുതമഹയേ ഹന്താവാ ഉ |**
**പ്ര പർവതാ അനവന്ത പ്ര ഗാവഃ ബ്രഹ്മാണോ അഭിനക്ഷന്ത ഇന്ദ്രം ||**

ഹേ ഇന്ദ്ര! നീ വൃത്രനാനർഥം വജ്റമുയർത്തുമ്പോൾ ശത്രുക്കളുടെ അഹങ്കാരത്തെ നശിപ്പിക്കുന്നു. മേഘങ്ങളും ജലവും ശബ്ദക്കുമ്പോൾ സ്തോതാക്കൾ ഇന്ദ്രൻെറ ചുറ്റും നിന്ന് അവനെ പൂജിക്കുന്നു.

**6. തമു ഷുവാമ യ ഇമാ ജജാന വിശ്വാ ജാതന്യ വരാണ്യസ്മാത് |**
**ഇന്ദ്രേണ മിത്രം ദിധീഷേമ ഗീർഭിരുപോ നമാഭിർവൃഷഭം വിശേമ ||**

ഏതൊരിന്ദ്രനുശേഷം ലോകമുരുവിച്ചുവോ, ആര് എല്ലാജീവികളേയും സൃഷ്ടിച്ചുവോ, ആ സ്തുതികൾ വഴിയായി നമുക്ക് സഖാവാക്കാം നമുക്ക് അഭീഷ്ടദായകനായ ഇന്ദ്രനെ നമസ്ക്കാരപൂർവ്വം അഭിമുഖീകരിക്കാം.

**7. വൃത്രസ്യ ത്വാ ശ്വസഥാദീഷമാണാ വിശ്വേ ദേവാ അ ജഹൂര്യേ സഖായഃ |**
**മരുത്ഭിരിന്ദ്ര സഖ്യം തേ അസ ത്വഥേമാ വിശ്വാഃ പൃതനാ ജയാസി ||**

ഹേ ഇന്ദ്രാ! നിൻെറ മിത്രങ്ങളായിരുന്ന വിശ്വദേവകളെല്ലാം വൃത്രൻെറ കൂർക്കം വലി കേട്ടമാത്രയിൽ ഓടിപ്പോയി അവർ നിന്നെ ഏകനായി തന്നെ വട്ടുപോയി ഇപ്പോൾ നീ മരുത്തുക്കളുമായി ബന്ധപ്പെട്ടു സത്രുക്കളുടെ മേൽ വിജയം പ്രാപിച്ചു.

**8. ത്രിഃ ഷഷ്ഠിസ്ത്വാ മരുതോ വാവൃധാനാ ഉസ്രാ ഇവ രാശയോ യജ്ഞിയാസഃ |**
**ഉപ ത്വേമഃ കൃധി നേ ാ ഭാഗധേയം ശുഷ്മം ത ഏനാ ഹവിഷാ വിധേമ ||**

ഹേ ഇന്ദ്രാ! ഗോസമൂഹം പോലെ മരുത്തുക്കൾ കൂട്ടം ചേർന്ന് നിന്നെ വളർത്തിയിരുന്നു. അതിനാൽ അവർ ഉപാസ്യരായി ഞങ്ങളും ആ ഇന്ദ്രനെത്തന്നെ അഭയം പ്രാപിക്കും. ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് മഹത്തായ ബലം പ്രദാനം ചെയ്താലും ഞങ്ങളും ശത്രുനാശകമായ ശക്തി നിനക്കു പ്രദാനം ചെയ്യും.

**9. തിഗ്മമായുധം മരുതാമനീകം കസ്ത ഇന്ദ്ര പ്രതി വജ്രജം ദധർഷ |**
**അനായുധാസോ അസുരാ അദേവാശ്ചക്രേണ താം അപ വപ ഋജീഷിൻ ||**

ഹേ ഇന്ദ്രാ! നിൻെറ സേനകൾ ഈ മരുത്തുക്കളാണോ അങ്ങയുടെ ആയുധം വളരെ മൂർച്ചയുള്ളതാകുന്നു. അങ്ങയുടെ വജ്റത്തെ നിഷ്ഫലമാക്കുവാനുള്ള കഴിവ് ആർക്കു്? ഹേ

സോമവാനേ! ദേവവിദ്വേഷികളായ രാക്ഷസൻമാരെ ചക്രത്താൽ നശിപ്പിക്കേണമേ.

**10. മഹ ഉഗ്രായ തവസേ സുവൃക്തിം പ്രേരയ ശിവതായ പശ്വഃ |**
**ഗിവാഹസേ ഗിര ഇന്ദ്രായ പൂർവീർധേഹി തന്വേ കുവിദങ് വേദത് ||**

ഹേ സ്തോതാക്കളേ! മഹാപരാക്രമിയായ ആ ഇന്ദ്രനെ മൃഗപ്രാപ്തിക്കുവേി സ്തുതിക്കുവിൻ. ഇന്ദ്രൻ സ്തുതിക്കു പാത്രമാകുന്നു. അദ്ദേഹം നമ്മുടെ പുത്രൻമാർക്ക് ധനവും യഥേഷ്ടം നല്കണേ.

**11. ഉക്ഥവാഹസേ വിഭ്വേ മനീഷാം ദ്രുണാ ന പാരമീരയ നദീനാം |**
**നിസ്പൃശധിയാ തന്വി ശ്രുതസ്യ ജുജൂഷ്ഠരസ്യ കുവിദങ് വേദത്||**

ഹേ സ്തോതാക്കളേ! ഇന്ദ്രൻ മന്ത്രങ്ങളാൽ പ്രത്യക്ഷനാകുന്നു. അദ്ദേഹത്തിന് തോണിപോലെ സ്തോത്രങ്ങൾ അയക്കുവിൻ. ആ ഇന്ദ്രൻ നമുക്കും, നമ്മുടെ പുത്രൻമാർക്കും ധനം കിട്ടുമാറാക്കണേ.

**12. തദ്വിവിഡ്ഢി യത്ത ഇന്ദ്രോ ജുജൂജോഷതിസ്തുഹി സഷ്ടുതി നമസാ വിവാസ |**
**ഉപ ഭൂഷാ ജരിതർമാരു വണ്യഃ ശ്രാവയാ വാചം കവിദങ്ഗ വേദത് ||**

ഹേ സ്തോതാക്കളേ! ഇന്ദ്രനെ സുന്ദരമായി സ്തുതിക്കുവിൻ. നിങ്ങൾ ഇഷ്ടപ്പെടുന്നതുപോലെ ചെയ്യുവിൻ. നിങ്ങൾ സ്വന്തം ദാരിദ്രത്തിൽ ദുഃഖിതരാകരുത്. ഹൃദയംഗമമായി ഇന്ദ്രനെ സ്തുതിക്കുവിൻ. അവൻ നിങ്ങൾക്ക് ഇഷ്ടം പോലെ ധനം നൽകും.

**13. അവ ദ്രപ്സോ അംശുമതീമതിഷ്ഠദിയാനഃ കൃഷ്ണോ ദശഭിഃ സഹസ്രൈഃ |**
**ആവത്തമിന്ദ്രഃ ശച്യാ ധമന്തമപ സ്നേഹിതീർ നൃമ്ണാ അധത്ത ||**

കൃഷ്ണാസുരൻ തൻെറ പതിനായിരം സൈനികരോടുകൂടി അംശുമതീ നദിയുടെ തീരത്ത് വസിച്ചിരുന്നു. ഇന്ദ്രൻ അവനെ സമീപിക്കുകയും തൻെറ ബുദ്ധിയാൽ മനുഷ്യഹിതത്തിനുവേി അവൻെറ സൈന്യങ്ങളെ നശിപ്പിക്കുകയും ചെയ്തു.

**14. ദ്രപ്സമപശ്യം വിഷുണേ ചരന്തി മുപഹ്വരേ നദ്യോ അംശുമത്യാഃ |**
**നഭോ ന കൃഷ്ണമതസ്ഥിവാം സമിഷ്യാമി വോ വൃഷണോ യുധ്യതാമൗ ||**

ആ സമയത്ത് ഇന്ദ്രൻ പറഞ്ഞു, കൃഷ്ണാസുരനെ ഞാൻ കുപിടിച്ചിരിക്കുന്നു. അവൻ അംശുമതീതടത്തിലുള്ള വനത്തിൽ സഞ്ചരിക്കുന്നു. ഹേ അഭിലാഷവർഷകരായ മരുത്തുക്കളേ! നിങ്ങൾ യുദ്ധത്തിൽ അവനെ കൊല്ലുവാൻ ഞാനാഗ്രഹിക്കുന്നു.

**15. അധ ദ്രപ്സോ അംശുമത്യാ ഉപസ്ഥേ ധാരയത്തന്വം തിത്വിഷാണഃ |**
**വിശോ അദേവീരഭ്യാ**
**ചരന്തീർബൃഹസ്പതിനായിയുജേന്ദ്രഃ സസാഹേ ||**

അംശുമതീ തീരത്ത് ദ്രുതഗാമിയായ കൃഷ്ണാസുരൻ തേജസ്വിയായി വസിക്കുന്നു. അവനോടു കൂടി അവൻെറ എല്ലാ സേനകളേയും ബൃഹസ്പതിയുടെ സഹായത്തോടുകൂടി ഇന്ദ്രൻ കൊന്നൊടുക്കി.

**16. ത്വം ഹ ത്യത്സപ്തഭ്യോ ജായമാനോ ശത്രുഭ്യോ അഭവഃ ശത്രുരിന്ദ്രഃ |**
**ഗുളഹേ ദ്യാവാപൃഥിവീ അന്വവിന്ദോ വിഭൂമദ് ദ്യൗ ഭുവനേഭ്യോ രണംധാഃ ||**

ഹേ ഇന്ദ്രാ! നീ മഹാപരാക്രമിയാണല്ലോ. നീ ജനിച്ചപ്പോൾ തന്നെ കൃഷ്ണൻ, വൃത്രൻ, മണി, ശുഷ്ണൻ് ശുംബരൻ, നമുചി മുതലായ ഏഴസുരൻമാരുടെ ശത്രുവായിത്തീർന്നു. നീ അന്ധകാരത്തിലാു കിടന്ന ആകാശത്തേയും ഭൂമിയേയും കുപിടിച്ചു. നീ ലോകനൻമയ്ക്ക്വേി മരുത്തുക്കൾ സഹിതം ആനന്ദത്തെ വഹിക്കുന്നു.

**17. ത്വം ഹ ത്യദപ്രതി മാനമോജോ വജ്രേണ വജ്രിൻ ധൃഷിതോ ജഘന്ഥ |**
**ത്വം ശുഷ്ണസ്യാവാതിരോ വധത്രൈസ്ത്വഗാ ഇന്ദ്ര ശച്യേദവിന്ദ ഃ ||**

ഹേ ഇന്ദ്രാ! രണകുശലനായ നീ തൻെറ വജ്രത്താൽ ശുഷ്ണൻെറ ഭീഷണമായ ബലത്തെ നശിപ്പിച്ചു. രാജർഷിയായ കുത്സനുവേി നീ തന്നെ അവനെ മുഖം കുത്തി വീഴുന്നു. നീ സ്വന്തം പരാക്രമത്താൽ ഗോക്കളെ കുപിടിച്ചു.

**18. ത്വം ഹ ത്യുദ്വൃഷഭ ചർഷണീനാങ്ഘനോ ത്രാണാം തവിഷോ ബഭൂഥ |**
**ത്വം സിന്ധൂം രസൃജസ്തഭാനാൻ ത്വമപോ അജയോ ദാസപത്നീഃ ||**

ഹേ ഇന്ദ്രാ! നീ മനുഷ്യരെ പ്രാപിക്കുന്ന ഉപദ്രവങ്ങളെ അകറ്റുന്നതിനായി വൃദ്ധയെ പ്രാപിച്ചുവല്ലോ, തടയപ്പെട്ട നദികളെ ഒഴുകുന്നതിനായി അങ്ങുതന്നെ മോചിപ്പിച്ചു. പിന്നെ ശത്രുക്കൾ കൈവശപ്പെടുത്തിയിരുന്ന ജലത്തെ നിൻെറ അധികാരത്തിൽ കൊുവന്നു.

**19. സ സുക്രതൂ രണിതാ യഃ സുതേഷ്വനുത്തമന്യുർയോ അഹേവ രേവാൻ |**
**സ ഏക ഇന്നര്യാപാംസി കർതാ സ വൃത്രഹാ പ്രതീദന്യമാഹുഃ ||**

സുന്ദരബുദ്ധിയായ ഇന്ദ്രൻ പിഴിഞ്ഞസോമം കുടിക്കുവാൻ ഉത്സാഹിതനാകുന്നു. അവൻ പകൽപോലെ ഐശ്വര്യവാനാണല്ലോ. അവൻെറ ക്രോധത്തെ സഹിക്കുവാനുള്ള കഴിവ് യാതൊരുത്തർക്കും ഇല്ല. അവൻ വൃത്രഹന്താവാകും; ശത്രുസേനകളെല്ലാം സംഹരിക്കുന്നവനാകുന്നു.

**20. സ വൃത്രഹേന്ദ്രശ്ചർഷണീധൃത്തം സുഷ്ടുത്യാ ഹവ്യം ഹുവേമ |**
**സ പ്രാവിതാ മഘവാ നോ ധിവക്താ സ വാജസ്യ ശ്രവസ്യുസ്യ ദാതാ ||**

ഇന്ദ്രൻ മനുഷ്യരെ പാലിക്കുന്നവനും, ആഹ്വാനയോഗ്യനും, വൃത്രഹന്താവും ആകുന്നു. നാം നമ്മുടെ യജ്ഞത്തിൽ സുന്ദരമായ സ്തുതികളാൽ അവനെ ആഹ്വാനം ചെയ്യുന്നു. ആ ഐശ്വര്യവാൻ നമ്മുടെ രക്ഷകനും, യശസ്സിനെ പ്രദാനം ചെയ്യുന്നവനും ആകുന്നു.

**21. സ വൃത്രഹേന്ദ്ര ഋഭുക്ഷാ സദ്യോ ജജ്ഞാനോ ഹവ്യോ**

**ബഭൂവ |**
**കൃണ്വന്നപാംസി നര്യാ പുരൂണി സോമോ ന പീതോ ഹവ്യഃ സഖിഭ്യഃ ||**

ജനിച്ചപ്പോൾ തന്നെ ഇന്ദ്രൻ ആഹ്വാനപാത്രമായി. അവൻ വൃത്രനെ കൊല്ലുകയും മനുഷ്യർക്ക് ഉപയോഗപ്രദമായ അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. അങ്ങനെ അവർ മിത്രങ്ങളാൽ ആഹ്വാനിതരായി.

## സൂക്തം 97

**ഋഷി രേഭൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ബൃഹതി, അതിജഗതി, ത്രിഷ്ടുപ്.**

**1. യ ഇന്ദ്ര ഭുജ ആഭരഃ സ്വർവാ അസുരേഭ്യഃ |**
**സ്തോതാരമിൻമഗവന്നസ്യ വർധയ യേ ച ത്വേ വൃക്ത ബർഹിസഃ ||**

ഹേ ഇന്ദ്രാ! നീ രാക്ഷസൻമാരാൽ കൊവുന്ന ഉപഭോഗ്യ ധനത്താൽ സ്തോതാക്കളെ പോഷിപ്പിച്ചാലും. ഹേ സുഖസമ്പന്നനായ ഇന്ദ്രാ! ഈ ദർഭ നിനക്കായി വിരിച്ചിരിക്കുന്നു.

**2. യമിന്ദ്ര ദധിഷേ ത്വമശ്വം ഗാം ഭാഗമവ്യയം |**
**യജമാനേ സുന്വതി ദക്ഷിണാവതി തസ്മിൻ തം ദേഹി മാ പാണൗ ||**

ഹേ ഇന്ദ്രാ! നിൻെറ അടുക്കൽ ഗോക്കൾ, അശ്വങ്ങൾ എന്നീ സ്ഥായിയായി ധനമുല്ലോ. അവയെല്ലാം സോമം പിഴിയുന്നുവരും ദക്ഷിണ നൽകുന്നവരും ആയ യജമാനൻമാർക്ക് പ്രദാനം ചെയ്താലും. നീ ആ ധനത്തെ അയാജ്ഞികരായ പണികൾക്ക് നൽകരുത്.

**3. യ ഇന്ദ്ര സസ്ത്യവ്രതോ നുഷ്വാപമദേവയുഃ |**
**സ്വൈഃ ഷ ഏവൈവർ മു മുരത്പാഷ്യം രയിം സനുതർധേഹി തം തതഃ ||**

ഹേ ഇന്ദ്രാ! ദേവകളെ ആദരിയ്ക്കാത്ത അനാചാരിയും, ഉൻമത്തനുമായവൻ സ്വകർമ്മത്താൽ തന്നെ സമ്പത്തുക്കളെയെല്ലാം നശിപ്പിയ്ക്കും, നീ അവനെ കർമ്മരഹിതമായ സ്ഥാനത്തു സ്ഥാപിച്ചാലും.

**4. യച്ഛക്രാസി പരാവതി യദർവാവതി വൃതഹൻ |**
**അതസ്ത്വാ ഗീർഭിദ്യുഗദിന്ദ്ര കേശിഭിഃ സുതാവാം ആ വിവാസതി ||**

ഹേ ഇന്ദ്രാ! നീ വൃത്രനേപ്പോലുള്ള ഭയങ്കരൻമാരായ ശത്രുക്കളുടെ സംഹാരകനാണല്ലോ. നീ അടുത്തോ അകലെയോ എവിടെയെങ്കിലുമായിരിക്കട്ടെ. അവിടെ നിന്നും സോമസമ്പന്നനായ യജമാനൻ സ്തോത്രങ്ങളാൽ, യജ്ഞത്തിലേയ്ക്ക് നിന്നെ വിളിക്കുന്നു.

**5. യദ്വാ സി രോചേന ദിവഃ സമുദ്രസ്യോധി വിഷ്ടപി |**
**യത്പാർഥിവേ സദ്രനേ വൃത്രഹന്തമ യദന്തരിക്ഷ ആ ഗഹി||**

ഹേ ഇന്ദ്രാ! നീ വെട്ടിത്തിളങ്ങുന്നു സൂര്യമണ്ഡലത്തിൽ വസിക്കുന്നു. നീ ഭൂമിയിലോ, അന്തരീക്ഷത്തിലോ, സമുദ്രത്തിലോ,എവിടെയാണെങ്കിലും അവിടെ നിന്നും ആഗതനാകേണമേ.

**6. സനഃ സോമേഷു സോമപാഃ സതേഷ്ഠ ശവസസ്പതേ |**
**മാദയസ്വ രാധസാ സൂനൃതാ വതേന്ദ്ര രായാ പരീണസാ ||**

ഹേ ബലവാനായ ഇന്ദ്രാ! നീ സോമം പിഴിഞ്ഞു കഴിയുമ്പോൾ ബലത്തിൻെറ സാധനാരൂപമായ അന്നം നൽകി നീ ഞങ്ങളെ സന്തുഷ്ടനാക്കേണമേ.

**7. മാ ന ഇന്ദ്ര പരാ വൃണഗ്ഭവാ നഃ സധമാദ്യഃ |**
**ത്വം ന ഊ തി ത്വമിന്ന ആപ്യം മാ ന ഇന്ദ്ര ഇന്ദ്ര പരാ വൃണക്||**

ഹേ ഇന്ദ്രാ! ഞങ്ങളെ ഉപേക്ഷിക്കരുതേ, ഞങ്ങളോടു കൂടി സോമം കുടിച്ച് മത്തടിച്ചാലും. ഞങ്ങളുടെ ഏറ്റവും അടുത്ത ബന്ധം നീ തന്നെയാകുന്നു. ഞങ്ങളെ നിൻെറ രക്ഷയിൽ സ്ഥാപിച്ചാലും. ഞങ്ങളെ ഉപേക്ഷിക്കരുതേ.

**8. അസ്നേ ഇന്ദ്ര സചാ സുതേ നി ഷദാ പീതയേ മധു |**
**കൃധീ ജരിത്രേ മഘവന്നവോ മഹദസ്മേ ഇന്ദ്ര സചാ സുതേ||**

ഹേ ഇന്ദ്രാ! പിഴിഞ്ഞസോമം പാനം ചെയ്യുന്നതിന് ഞങ്ങളോടു കൂടി ഇരുന്ന് ഈ സ്തോതാവിന് നിൻെറ ഉറപ്പുള്ള രക്ഷകൾ നൽകണേ.

**9. ന ത്വാ ദേവാസാ അശത ന മർത്യാസോ അദ്രിവഃ |**
**വിശ്വാ ജാതാനി ശവസാഭിഭൂരസി ന ത്വാ ദേവാസ ആശത ||**

ഹേ വജ്റായുധാ! ഒരു ദേവനും മനുഷ്യനും, നിന്നോട് അടുക്കാൻ കഴിവില്ല. നീ സ്വന്തം ബലത്താൽ എല്ലാത്തിനേയും കീഴടക്കിയിരിക്കുന്നു.

**10. വിശ്വാഃ പൃതനാ അഭിഭൂതരം നരം സജൂസ്തക്ഷുരിന്ദ്രം ജജനുശ്ച രാജസേ |**
**കൃത്വാ വരിഷ്ഠം വര ആമുരിമുതോഗ്രഭമാജിഷ്ഠം തവസം തരസ്വിനം ||**

ശത്രുക്കളെ ജയിക്കുന്നവനായ ഇന്ദ്രനെ എല്ലാ സേനകളും ആയുധാദികളാൽ സുസജ്ജിതനാക്കുന്നു. സ്തോതാക്കൾ യജ്ഞത്തിൽ സൂര്യാത്മകനായ ഇന്ദ്രനെ പ്രകടമാക്കുന്നു. ആ ഇന്ദ്രൻ കർമ്മങ്ങളിൽ ബലിഷ്ഠനും, ശത്രുസംഹാരകനും, ഉഗ്രനും, പ്രവൃദ്ധനായ വേഗവാനും, തേജസ്വിയും ആകുന്നു. ധനത്തിനുവേി സ്തോതാക്കളെല്ലാം അവനെ സ്തുതിക്കുന്നു.

**11. സമീം രേഭാസോ അസ്വരന്നിന്ദ്രം സോമസ്യപീതയേ |**
**സ്വർപതിം യദീം വൃധേ ഘൃതവ്രതോ ഹ്യോജസാ സഭൂതിഭിഃ ||**

രേഭ മഹർഷി സോമപാനത്തിനായി ഇന്ദ്രനെ വിളിച്ചിരുന്നു. ഇന്ദ്രനെ പ്രാവൃദ്ധനാക്കുന്നതിനുവേി സ്തോത്രങ്ങൾ ഉച്ചരിക്കപ്പെട്ടപ്പോൾ ഇഷ്ടിയും ബലവും വഴി ഇന്ദ്രൻ അവരെ പ്രാപിക്കുന്നു.

**12. നേമിം നമന്തി ചക്ഷസാ മേഷം വിപ്രാ അഭിസ്വരാ |**
**സുദീതയോ വോ അദ്രുഹോ പി കർണേ കരസ്വിനഃ സമൃക്വഭിഃ ||**

കശ്യപനും, വശിയും, രേഭനും ഇന്ദ്രനെ കാണുമ്പോൾ തന്നെ പ്രണമിക്കുന്നു. വിദ്വജ്ജനും അജതുല്യനായ ഇന്ദ്രനെ പൂജിക്കുന്നു. സ്തോക്കളേ! നിങ്ങൾ മഹാതേജസ്സികളാണല്ലോ, അതിനാൽ ഇന്ദ്രൻെറ ചെവികളിൽ നിങ്ങളുടെ സ്തുതിമന്ത്രങ്ങൾ മുഴക്കുവിൻ.

**13. തമിന്ദ്രം ജോഹവീമി മഘവാനമുഗ്രം സത്രാ ദധാനമ പ്രതിഷ്കൃതം ശവാംസി |**

**മംഹിഷ്ഠോ ഗീർഭിരാ ച യജ്ഞിയോ വവർത്തദ്രായേ നോ വിശ്വാ സുപഥാ കൃണോതു വജ്രീ ||**

സത്യബലനും, ധനേശ്വരനും, ഭീകരനും ദുർധർഷണിനും ആയ ഇന്ദ്രനെ ഞാനാഹ്വാനം ചെയ്യുന്നു. വജ്റധാരിയായ അവൻ നമ്മുടെ ധനാഗമമാർഗ്ഗങ്ങളെ സംഗമമാക്കണേ. നമ്മുടെ സ്തുതികളാൽ യജ്ഞത്തിൽ വന്നുചേരണേ.

**14. ത്വ പുര ഇന്ദ്ര ചികിദേന. വ്യോജസാ ശവിഷ്ഠ ശക്ര നാശയധ്യൈ |**

**ത്വദ്വിശ്വാനി ഭുവനാനി വജ്രിൻദ്യാവ രേജേതേ പൃഥിവീ ച ഭീഷാ ||**

ഹേ ഇന്ദ്രാ! ശത്രുക്കളെ നശിപ്പിക്കുവാൻ നീ സമർത്ഥനാണല്ലോ. നീ സ്വന്തം ബലത്താൽ ശംബരൻെറ പുരങ്ങൾ തകർക്കുന്നു. ഹേ വജ്റായുധാ! നിന്നെ ഭയന്ന് ആകാശവും ഭൂമിയും വിറകൊള്ളുന്നു.

**15. തൻമ ഋതമിന്ദ്ര ശൂര ചിത്ര പാത്വപോ ന വജ്രിന്ദു രിതാതി പർഷിഭൂരി |**

**കദാ ന ഇന്ദ്ര രായ ആ ദശസോർവിശ്വ പ്സ്നസ്യ സ്പൃഹയായ്യസ്യ രാജൻ ||**

ഹേ ഇന്ദ്രാ! നീ ബലവാനാകുന്നു. നിൻെറ സത്യം വഴി എനിയ്ക്ക് രക്ഷയുാകണേ. വജ്റായുധാ! ജലത്തിൽ കൂടി അക്കരെയെത്തുന്നവപോലെ, എന്നെ പാപങ്ങളുടെ അക്കരെ എത്തിക്കേണമേ. വിഭിന്നരൂപങ്ങളിൽ ഉള്ള ധനം നീ എപ്പോൾ ഞങ്ങൾക്ക് തരും?

# അദ്ധ്യായം 8

## സൂക്തം 98

**ഋഷി നൃമേധൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ഉഷ്ണിക, കകുമ്മതി.**

**1. ഇന്ദ്രായ സാമ ഗായത വിപ്രായ ബൃഹതേ ബൃഹത് | ധർമകൃതേ വിപശ്ചിതേ പനസ്യവേ ||**

ഹേ ഉദ്ഗാതാക്കളേ! സ്തോത്രകാവനും, മേധാവിയും ആയ ഇന്ദ്രന് നിങ്ങൾ ബൃഹത്സാമം പാടുവിൻ.

**2. ത്വമിന്ദ്രാഭിഭൂരസി ത്വ സൂര്യമരോചയഃ | വിശ്വകർമാ വിശ്വദേവോ മഹാം അസി ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ കീഴമർത്തുന്നവനും, എല്ലാവരുടേയും ദേവനും ഏറ്റവും ഉന്നതനും, ജഗത്തിൻെറ സ്വഷ്ടാവും ആകുന്നു. നീ സ്വന്തം തേജസ്സുകൊ് ആദിത്യനെ ഉദ്ഭാസിതനാക്കി.

**3. വിഭ്രജഞ്ജ്യോനിഷാ സ്വരഗഛോ രോചന ദിവഃ | ദേവാസ്ത ഇന്ദ്ര സഖ്യായ യേമിരേ ||**

ഹേ ഇന്ദ്രാ! നീ ജ്യോതിസ്സ് വഴി സൂര്യനെ പ്രകാശിതനാക്കി. നിൻെറ മൈത്രിയ്ക്ക് വേി ദേവകളെല്ലാം ഉത്സുകരായിരുന്നു. നീ തന്നെ സ്വർഗ്ഗത്തെ പ്രഭാപൂരിതമാക്കി.

**4. ഐന്ദ്ര നോ ഗധി പ്രിയഃ സത്രാജിദഗോഹാഃ | ഗിരിർന വിശ്വസ്പൃഥുഃ പതിർദിവഃ ||**

ഹേ ഇന്ദ്രാ! നീ മഹാവ്യക്തികളെ വശീകരിക്കുന്നു. നിന്നെ ആർക്കും മറക്കുവാൻ സാധ്യമല്ല. നീ സർവ്വവ്യാപിയും സ്വർഗ്ഗാധിപനും ആകുന്നു. ഞങ്ങളെ ഇവിടെ ആഗതനാകേണമേ.

**5. അഭി ഹി സത്യ സോമപാ ഉഭേ ബഭൂഥഃ രോദസീ | ഇന്ദ്രാസി സുന്വതോ വൃധഃ പതിർദിവഃ ||**

ഹേ സോമം പാനം ചെയ്യുന്നവനേ! നീ ആകാശത്തേയും ഭൂമിയേയും ജയിച്ചിരിക്കുന്നു. നീ സ്വർഗത്തിൻെറ അധിപനാകുന്നു. അഭിലാഷകർത്താവ് നിൻെറ കൃപയാൽ തന്നെ വൃദ്ധിയെ പ്രാപിക്കുന്നു.

**6. ത്വം ഹി ശശ്വതീനാമിന്ദ്ര ദർതാപുരാമസി | ഹന്താ സസ്യോർമനോർവൃധഃ പതിർദിവഃ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളുടെ അനേകം നഗരങ്ങളെ തകർത്തവനാണല്ലോ. ശത്രുക്കളെ നശിപ്പിക്കുന്നതിലും നീ സമർത്ഥകനാകുന്നു. നീ യജമാനൻമാരെ വസിപ്പിക്കുന്നവനും സ്വർഗ്ഗത്തിൻെറ അധിപനും ആകുന്നു.

**7. അധാഹീന്ദ്ര ഗിർവണഃ ഉപ ത്വാ കാമാൻമഹഃ സസൃജ്മഹേ | ഉദേവ യന്ത ഉദഭിഃ ||**

ഹേ ഇന്ദ്രാ! നീ സ്തുതികളുടെ അടുത്തുതന്നെയുല്ലോ. വെള്ളത്തിലൂടെ പോകുന്നവർ വെള്ളം തെറിപ്പിച്ചു ക്രീഢിക്കുന്നതുപോലെ ഞങ്ങൾ അങ്ങേയ്ക്ക് വേി സ്തോത്രങ്ങളെ പ്രേരിപ്പിക്കുന്നു.

**8. വാർണത്വാ യവ്യാഭിർവർധന്തി ശൂര ബ്രഹ്മാണി | വാവൃധ്വാം സം ചിദദ്രിവോ ദിവേദിവേ ||**

ഹേ വജ്റായുധാ! നദികൾ ജലസ്ഥാനങ്ങളെ വിസ്തീർണ്ണമാക്കികൊ് വളരുന്നതുപോലെ സ്തോതാക്കൾ നിന്നെ ദിവസംതോറും സ്തോത്രങ്ങളാൽ വളർത്തുന്നു.

**9. യുഞ്ജന്തി ഹരി ഉഷിരസ്യ ഗാഥയോരൗ രഥ ഉരുയുഗേ | ഇന്ദ്രവാഹാ വചോയുജാ ||**

ഇന്ദ്രൻെറ രഥത്തിൽ കഥനമാത്രയിൽ പൂട്ടപ്പെടുന്ന ര് ഹരിതാശ്വങ്ങൾ അവനെ വഹിച്ചുകൊുപോകുന്നു. സ്തോതാക്കൾ മന്ത്രങ്ങളാൽ അവയെ പൂട്ടുന്നു.

**10. ത്വം ന ഇന്ദ്രഭരം ഓജോ നൃമ്ണം ശതക്രതോ വിചർഷണേ | ആ വീരം പൃതാനഷഹം ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കളുടെ പരാക്രമികളായ സേനകളെ ജയിക്കുന്നവനും, രണകുലശനും, അനന്തകർമ്മാവും ആകുന്നു. നീ ഞങ്ങൾക്ക് ധനവും ബലവും പ്രദാനും ചെയ്താലും.

**11. ത്വം ഹിനഃ പിതാ വസോ ത്വം മാതാ ശതക്രതോ ബഭൂവിഥ | അധാ തേ സുമ്നമീമഹേ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് പിതൃതുല്യനായ രക്ഷകൻ ആകുന്നു. മാതാവിനു തുല്യം പുഷ്ടിപ്പെടുത്തുന്നവനും ആകണമേ. പിന്നെ ഞങ്ങൾ നിന്നോടു സുഖം യാചിക്കും.

**12. ത്വാം ശുഷ്മിൻ പുരുഹൂത വാജയന്ത മുപ ബ്രുവേ ശതക്രതോ | സ നോ രാസ്വ സുവീര്യം ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ വിളിക്കപ്പെടുന്നു. ഞാനും നിന്നെ

സ്തുതിക്കുന്നു. എനിക്ക് വീര്യമുള്ള ഐശ്വര്യം പ്രദാനം ചെയ്യണേ.

## സൂക്തം 99

**ഋഷി നൃമേധൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ബൃഹതി, പംക്തി.**

**1. ത്വമിദാ ഹ്യോ നരോ പീപ്യന്വജ്രിൻഭൂർണയഃ |**
**സ ഇന്ദ്ര സ്തോമവാഹ സാമിഹ ശ്രുധ്യുപ സ്വസരമാ ഗഹി ||**

ഹേ വജ്റായുധാ! ഹവിസ്സുക്കളാൽ പാലിക്കുന്നവരായ നേതാക്കൾ നി ന്നെ സോമം കുടിപ്പിച്ചുവല്ലോ. നീ യജ്ഞത്തിൽ സ്തോതാക്കളായ ഞങ്ങളുടെ പ്രാർത്ഥനകൾ ശ്രവിക്കുകയും ഇവിടേയ്ക്ക് ആഗതനാവുകയും ചെയ്യണമേ.

**2. മത്സ്വാ സുശിപ്ര ഹരിവസ്തദീമഹേത്വേ ആ ഭൂഷന്തി വേധസഃ |**
**തവ ശ്രാവംസ്യുപമാന്യുകഥ്യാ സുതേഷ്വിന്ദ്ര ഗിർവണഃ ||**

ഹേ ഇന്ദ്രാ! നിൻെറ ഉപാസകർ സോമം പിഴിയുന്നു. അതുപാനം ചെയ്ത് ഹർഷം പ്രദാനം ചെയ്താലും. അഭിഷവാനന്തരം നിൻെറ അന്നം വിസ്തൃതമാക്കണേ. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**3. ശ്രായന്ത ഇവ സൂര്യം വിശ്വേദിന്ദ്രസ്യ ഭക്ഷത |**
**വസൂനി ജാതേ ജനമാന ഓജസാ പ്രതി ഭാഗം ന ദീധിമ ||**

ഹേ യജമാനൻമാരേ! സൂര്യനെ ആശ്രയിക്കുന്നു രശ്മികൾ അവനെ ഇഷ്ടപ്പെടുന്നു. അതുപോലെ നിങ്ങളും സൂര്യൻെറ എല്ലാ ധനങ്ങളേയും കാമിക്കുവിൻ. ഇന്ദ്രൻെറ എല്ലായിനം ധനങ്ങളേയും പൈതൃകസമ്പത്തുപോലെ ഞങ്ങൾ പ്രാപിക്കും.

**4. അനർശരാതിം വസുദാമുപ സ്തുഹി ഭദ്രാ ഇന്ദ്രാസ്യ രാതയഃ |**
**സോ അസ്യ കാമം വിധതോ നരോഷതി മനോ ദാനായ ചോദയൻ ||**

നീ പാപശൂന്യനായ വ്യക്തിയ്ക്കും ധനം നൽകുന്നു. നിൻെറ ദാനമംഗളവാഹിയാകുന്നു. സേവകരുടെ ആശകളെ നശിപ്പിക്കാതെ നീ അവൻെറ ഇച്ഛകൾ നിറവേറ്റുന്നു.

**5. ത്വമിന്ദ്ര പ്രതൂർതിഷ്വഭി വിശ്വാ അസിസസ്പൃധഃ |**
**അശസ്തിഹാ ജനിതാ വിശ്വതൂരസി ത്വം തൂർയ തരുഷ്യതഃ ||**

ഹേ ഇന്ദ്രാ! നീ ശത്രുക്കൾക്ക് വിഘ്നകാരിയാണല്ലോ. നീ അവരുടെ സേനകളെ വശത്താക്കുന്നു. നീ ദൈത്യൻമാരെ നശിപ്പിക്കുന്ന മഹാനാകുന്നു.

**6. അനു തേ ശുഷ്മം തുരയന്തമീയതുഃ ക്ഷോണീ ശിശും ന്നമാതരാ |**
**വിശ്വാസ്തേ സ്പൃധഃ ശ്നഥയന്ത മന്യവേ വൃത്രം യദിന്ദ്ര തൂർവസി ||**

ഹേ ഇന്ദ്രാ! പിതാവ് ബാലൻെറ പിന്നാലെ പോകുന്നതുപോലെ ആകാശവും , ഭൂമിയും നിൻെറ ബലത്തെ ഹിംസിക്കുന്ന ശത്രുക്കളുടെ പിന്നാലെ പോകുന്നു. നീ വൃത്രഹന്താവാണല്ലോ. അതിനാൽ യുദ്ധം ചെയ്യുന്ന സേനകളെല്ലാം നിന്നെ ഭയപ്പെടുന്നു.

**7. ഇത ഊതീ വോ അജര പ്രഹേതാരമ പ്രഹിതം |**
**ആശും ജേതാരം ഹേതാരം രഥീതമമതൂർതം തുഗ്ര്യാവൃധം||**

ഇന്ദ്രൻ ശ്രേഷ്ഠനായ തേരാളിയാകുന്നു. അവൻ ഗമനശീലമായ ജലത്തെ വർദ്ധിപ്പിക്കുന്നവനും, ശത്രുപ്രേരകനും, അഹിംസകനുമാകുന്നു. അവനെ സ്വന്തം രക്ഷയ്ക്ക്വേി മുന്നോട്ടയക്കുവിൻ.

**8. ഇഷ്കർതാരനിഷ്കൃതം സഹസ്കൃതം ശതമൂതിം ശതക്രതും ||**

ശത്രുക്കളുടെ ശോധകനും, അന്യർ വഴി വശത്തു വരുന്നവനും, അസംഖ്യം യജ്ഞങ്ങളോടു കൂടിയവനും, ധനത്തെ മറയ്ക്കുന്നവനും ആയ ഇന്ദ്രനെ സ്വന്തം രക്ഷകൻമാരായി ആഹ്വാനം ചെയ്യുന്നു.

## സൂക്തം 100

**ഋഷി നേമൻ, ദേവത ഇന്ദ്രൻ, ഛന്ദസ് ത്രിഷ്ടുപ്, ജഗതി, അനുഷ്ടുപ്.**

**1. അയം ത ഏമി തന്വാ പുരസ്താദ്വിശ്വേ ദേവാ അഭി മാ യന്തി പശ്ചാത് |**
**യദാ മഹ്യം ദീധരോ ഭാഗമിന്ദ്രാദിൻമയാ കൃണവോ വീര്യാണി||**

ഹേ ഇന്ദ്രാ! ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കുന്നതിന് ഞാനെൻെറ പുത്രനോടുകൂടി നിൻെറ മുമ്പിൽ നടക്കുന്ന ദേവകളെല്ലാം എൻെറ പിന്നാലെയും, ഹേ ഇന്ദ്രാ! എനിക്കു പരാക്രമം തരു. എന്തുകൊണ്ടെന്നാൽ നീ ശത്രുക്കളുടെ ധനത്തിൻെറ അംശം എനിയ്ക്ക് തരുവാൻ ആഗ്രഹിക്കുന്നു.

**2. ദധാമി തേ മധുനോ ഭക്ഷമഗ്രേ ഹിതസ്തേ ദാഗഃ സുതോ അസ്തു സോമഃ |**
**അസശ്ച ത്വം ദക്ഷിണതഃ സഖാ മേ ധാ വൃത്രാണി ജങ്ഘനാവ ഭൂരി ||**

ഹേ ഇന്ദ്രാ! ഹർഷപ്രദായകമായ ഈ സോമം നിനക്ക് നൽകുന്നു. ഇത് നിൻെറ ഹൃദയത്തിൽ വ്യാപിക്കട്ടെ. നീ എൻെറ മിത്രമായി വലംകൈപോലെയായാലും. പിന്നെ നമുക്ക് രുപേർക്കും ചേർന്ന് രാക്ഷസനെ നശിപ്പിക്കാം.

**3. പ്ര സു സ്തോമം ഭരതക വാജയന്ത ഇന്ദ്രായ സത്യം യദിം സത്യമസ്തി |**
**നേ ന്ദ്രോ അസ്തീതി നേമ ഉ ത്വ ആഹ ക ഈം ദദർശ കമഭിഷ്ടവാമ ||**

ഹേ രണകാംക്ഷികളേ! നിങ്ങൾ ഇന്ദ്രൻെറ സത്തയെ സത്യമാണെന്ന് അംഗീകരിക്കുന്നുവെങ്കിൽ അവനെ സത്യരൂപമായ സോമമെന്നു പറയുവിൻ. ഇന്ദ്രൻ എന്നത് ആരുടേയും പേരല്ല. ആരും ഇന്ദ്രനെ കിട്ടില്ല. പിന്നെ ആരെ സ്തുതിക്കും എന്ന് ഭൃഗുകലോത്ഭവനായ നേമി മഹർഷി പറയുന്നു.

**4. അയമസ്മി ജരിതഃ പശ്യ മേഹ വിശ്വാ ജാതാന്യഭ്യരിമ മഹ്നാ |**
**ഋതസ്യ മാ പ്രദിശോ വർധയന്ത്യാദർദിരോ ഭുവനാ ദർദരീമി||**

ഹേ സ്തോതാവായ നേമി മഹർഷേ! ഇന്ദ്രനായ ഞാൻ നിൻെറ അടുക്കൽ വന്നിരിക്കുന്നു. ഞാനെൻെറ മഹിമയാൽ വിശ്വത്തെ വളർത്തുന്നു. ഞാൻ എല്ലാ ലോകങ്ങളുടേയും പാലകനാകുന്നു.

**5. ആ യൻമാ വേനാ അരുഹന്നൃതസ്യം ഏകമാസീനം**

**ഹർയതസ്യ പൃഷ്ഠേ |**

**മനശ്ചിൻമേ ഹൃദ ആ അത്യവോചദച ക്രദഞ്ഛിശുമന്ത സഖായഃ ||**

യജ്ഞകാമൻമാർ എന്നെ ഏകനായി സ്വർഗത്തിൽ കൊപോയിരുന്നു. അപ്പോൾ അവരുടെ മനസ്സ് എനിക്കും നിർദ്ദേശം തന്നു. എൻെറ പുത്രവാൻമാരായ സ്നേഹിതൻമാർ എനിയ്ക്ക്വേി കരഞ്ഞുകൊിരിക്കുന്നു.

**6. വിശ്വേത്താ തേ സവനേഷു പ്രാവച്യാ യാ ചകർഥ മഘവന്നിന്ദ്ര സുന്വതേ |**

**പാരാവതം യത്പുരുസംഭൃത വസ്വപാ വൃണോഃ ശരഭായ ഋഷിഖന്ധവേ ||**

ഹേ ഇന്ദ്രാ! ഈ യാജ്ഞികരുടെ ഹിതത്തിനുവേി നീ യാതൊന്നു ചെയ്തുവോ, അത് വർണ്ണനായോഗ്യമാണ്. നിൻെറ മിത്രരൂപമായ ശരഭമഹർഷിയ്ക്ക് വേി പരാവതൻെറ ധനം നീ പിടിച്ചെടുത്തു.

**7. പ്ര നൂന ധാവതാ പ,തങ്ഗേഹ യോ വോ അവാവരീത് |**

**നി ഷീം വൃത്രസ്യ മർമണി വ്രജമിന്ദ്രോ അപീപതത് ||**

ഹേ ഇന്ദ്രാ! നിന്നെ വ്യാപ്തനാക്കാതെ ഓടികൊിരിക്കുന്ന ശത്രുവിൻെറമേൽ നീ വജ്രത്തെ പ്രഹരിച്ചുവല്ലോ.

**8. മനോജവാ അയപാന ആയസീ മതരത്പുരം |**

**ദിവം സുപർണോഗത്വായ സോമം വജ്രിണ ആഭരത് ||**

ദ്രുതവേഗതയുള്ള ഗരുഡൻ ലോഹമയമായ പുരത്തിനു സമീപം ചെന്ന് ഇന്ദ്രനുവേി സോമം കൊവന്നു.

**9. സമുദ്രേ അന്തഃ ശയത ഉദ്നാ വജ്രോ അഭീവൃതഃ |**

**ദരന്ത്യസ്മൈ സംയതഃ പുരഃ പ്രസ്രവണാ ബലിം ||**

നിൻെറ വജ്രം ജലത്താൽ മൂടപ്പെട്ട സമുദ്രത്തിൽ ശയിക്കുന്നു. ആ വജ്രത്തിന്വേി യുദ്ധകതുകികളായ ശത്രുക്കൾ തങ്ങളുടെ പ്രാണനെ കാഴ്ച വയ്ക്കുന്നു.

**10. യദ്വാഗ്വദന്ത്യ വിചേതനാനി രാഷ്ട്രീ ദേവാനാം നിഷസാദമന്ദ്രാ |**

**ചതസ്ര ഊർജംദുഹേ പയാംസി ക്വ സ്വിദസ്യാഃ പരമം ജഗിമ||**

യജ്ഞത്തിൽ രാഷ്ട്രത്തേയും ദേവകളേയും പ്രസന്നമാക്കുന്ന സ്തോത്രങ്ങൾ പ്രതിഷ്ഠിക്കുമ്പോൾ അന്നവും ജലവും ദോഹനം ചെയ്യപ്പെടുന്നു. അതിലെ ശ്രേഷ്ഠമായ വാണി എവിടെപ്പോയി?

**11. ദേവീ വാചമജനയന്ത ദേവാസ്താം വിശ്വരൂപാഃ വശവോ വദന്തി |**

**സാ നോ മന്ദ്രേഷമൂർജ ദുഹാനാ ഗേനുർവാർഗസ്മാ നുപ സുഷ്ടുതൈതു ||**

യാതൊരു ഓജസ്വിനിയായ വാണിയെ ദേവഗണം പ്രദീപ്തമാക്കിയോ, ആ വാണിയെ ഗോവെന്നു വിളിക്കുന്നു. അന്നരസപ്രദാത്രിയായ ഗോവിനു തുല്യം ആ ആനന്ദപ്രതായിനി ആയ വാണി നമ്മളാൽ സ്തുതിക്കപ്പെട്ടു നമുക്ക് പ്രാപ്തമാകണേ.

**12. സഖേ വിഷ്ണോ വിതരം വി ക്രമസ്വ ദ്യൗർദേഹി ലോകം വജ്രജായ വിഷ്കഭേ |**

**ഹനാവ വൃത്രം രിണചാവ സിന്ധൂനിന്ദ്രസ്യ യന്തുപ്രസവേ വിസൃഷ്ടാഃ ||**

ഹേ ആകാശമേ! വജ്റത്തിനു പോകുവാൻ വഴി നൽകു. ഹേ വിഷ്ണോ! നീ പാദങ്ങൾ നീട്ടിവെച്ചാലും. ഞാൻ നിങ്ങളോട് കൂടിച്ചേർന്ന് വൃത്രനെ കൊന്ന് നദികളെ കൊവരാം. ആ നദികൾ ഇന്ദ്രൻെറ കൽപന പ്രകാരം പ്രവാഹവതികളാകണമേ.

# സൂക്തം 101

**ഋഷി ജമദഗ്നി, ദേവത മിത്രാവരുണൻ, ആദിത്യൻ, അശ്വികൾ വായു സൂര്യൻ, ഉഷസ്സ്, ചവമാനൻ, ഛന്ദസ് ബൃഹതി, ഗായത്രി.**

**1. ഋധഗിത്ഥാ സമത്യഃ ശശമേ ദേവതിതയേ |**

**യോ നൂനം മിത്രാവരുണാവഭിഷ്ഠയ ആ ചക്രേ ഹവ്യദാതയേ ||**

യാതൊരു വിദ്വാൻ ഹവിർദാതാവായ യജമാനനുവേി മിത്രാവരുണൻമാരെ സംബോധന ചെയ്യുന്നുവോ, അവൻ സത്വമായും യജ്ഞത്തിനുവേി ഹവിസ്സ് ഒരുക്കി വയ്ക്കുന്നു.

**2. വർഷിഷ്ഠ ക്ഷത്രാ ഉരുചക്ഷസാ നരാ രാജാനാ ദോർധശ്രുത്തമാ |**

**താ ബാഹൂതാ ന ദംസനാ രഥർയതഃ സാക സൂര്യസ്യ രശ്മിഭിഃ ||**

മിത്രാവരുണൻമാർ മഹാജ്ഞാനികളും, മഹാബലവാൻമാരും, സുന്ദരൻമാരും, ദർശനീയരും, നേതാക്കളും ആകുന്നു. അവൻ സൂര്യരശ്മികളോടു കൂടി ഇരുകരങ്ങളെപ്പോലെ കർമ്മങ്ങളിൽ വ്യാപൃതരാകുന്നു.

**3. പ്രയോ വാം മിത്രാ വരുണാ ജിരോ ദൂതോ അദ്രവത് |**

**അയഃ ശാർഷാ മദേരഘുഃ ||**

ഹേ മിത്രാവരുണൻമാരേ! തുടർച്ചയായി ചോദിക്കുമ്പോഴും, തുടർച്ചയായി ആമന്ത്രണം ചെയ്യുമ്പോഴും, കേൾക്കുമ്പോഴും യാതൊരു ശത്രു പ്രസന്നനാകുന്നില്ലയോ, അവൻെറ ആക്രമണത്തിൽ നിന്നും, ബാഹുബലത്തിൽ നിന്നും നിങ്ങൾ ഞങ്ങളെ രക്ഷിക്കേണമേ.

**5. പ്ര മിത്രായ പ്രാര്യമ്ണേ സച ധ്യുമൃതാവസാ |**

**വഖ്ഥ്യാ വരുണേ ച്ഛന്ദ്യം വചഃ സ്തോത്രം രാജസം ഗായത ||**

ഹേ സ്തോതാക്കളേ! മിത്രദേവനുവേി മണ്ഡപത്തിലുായ സ്തോത്രങ്ങൾ പാടുവിൻ, അർയമാവിനേയും, വരുണൻേറയും യശസ്സിനെ ഉദ്ഗാനം ചെയ്യുവിൻ. മിത്രാദികളായ മൂവരേയും സ്തുതിക്കുവിൻ.

**6. തേ ഹിന്വരേ അരുണം ജേന്യം വസ്വേ കം തിസൃണാം |**

**തേ ധാമന്ത മൃ താ മർത്യാനാ മദബ്ധാ അഭി ചക്ഷതേ ||**

ആകാശം, ഭൂമി, അന്തരീക്ഷം ഇവ മൂന്നിനും വേി ദേവഗണം സൂര്യരൂപനായ ഏകപുത്രനെ നൽകുന്നു. അവിനാശിയായ ആ ദേവത മനുഷ്യസ്ഥാനത്തിൻെറ മേൽ ദൃഷ്ടിപതിപ്പിക്കുന്നു.

**7. ആ മേ വചാംസ്യു ദ്യത്താദ്യുമത്തമാനി ക്രത്വാ ||**

**ഉഭാ യാതം നാസത്യാ സജോഷസാ പ്രതി ഹവ്യാനി വീതയേ||**

ഹേ അശ്വിനികളേ! എന്നാലുച്ചരിക്കപ്പെട്ട ഓജസ്വിനിയായ വാണിയ്ക്ക് വേി ഹവിർസേവനാർത്ഥം വന്നുച്ചേരുവിൻ.

**8. രാതിം യദ്വാ മരക്ഷസ ഹവാമഹ യുവാഭ്യാം വാജിനീവസൂ |**
**പ്രാചീ ഭ്വോത്ര പ്രതിരന്താ വിതം നരാ ഗണാന ജമദഗ്നിനാ ||**

ഹേ അന്നധനസമ്പന്നരായ അശ്വിനികളേ! നിങ്ങളുടെ പാപരഹിതമായ ദാനത്തെ ഞങ്ങൾ യാചിക്കുന്നു. ജമദഗ്നിയാൽ ആഹൂതരായി നിങ്ങൾ വന്നുചേരണം.

**9. ആ നോ യജ്ഞം ദിവി പൃഹാ വായോ യാഹിഃ സൂമൻഭിഃ|**
**അന്തഃ പവിത്ര ഉപരി ശ്രോണാനോ യ ശുക്രോ അയാമി തേ||**

ഹേ വായൂ! അരിപ്പയിൽ അരിച്ച സ്വച്ഛവും ഉജ്ജ്വലവും ആയ സോമം നിനക്കുവേി വെച്ചിരിക്കുന്നു. നീ സ്വർഗത്തെ സ്പർശിക്കുന്ന ഞങ്ങളുടെ യജ്ഞത്തിൽ സുന്ദരമായ സ്തോത്രങ്ങൾക്കുവേി വന്നുച്ചേരണേ.

**10. വേത്യ ധ്വര്യുഃ പഥിഭീ രജിഷ്ഠൈഃ പ്രതി ഹവ്യാനി വീതയേ |**
**അധാ നിയുത്വാ നഃ ശുചിം സോമം ഗവാശിരം ||**

ഹേ വായൂ! ഈ അധ്വര്യു നിനക്കു സേവിക്കുവാനായി ഹവിസ്സെടുത്തുകൊുവന്ന് സരളമായ മാർഗ്ഗത്തിൽകൂടി നിന്നെ സമീപിക്കുന്നു. അതിനാൽ നീ ര് ഇനം സോമങ്ങളും പാനം ചെയ്താലും.

**11. വണ്മഹാം അസി സൂര്യ ബലാദിത്യ മഹാം അസി മഹസ്തേ സതോ മഹിമാ പനസ്യതേ ദ്ധാ ദേവ മഹാം അസി||**

ഹേ ആദിത്യാ! നീ യഥാൽത്ഥത്തിൽ മഹാൻ തന്നെയാകുന്നു. നിൻെറ മഹിമ വളരെ യശോവതിയാകുന്നു.

**12. വട്സൂയ ശ്രവസാ മഹാം അസി സത്രാ ദേവ മഹാം അസി |**
**മഹ്നാ ദേവാനാമസ്യുരഃ പുരോഹിതോ വിഭൂ ജ്യോതിരദാഭ്യം ||**

ഹേ സൂര്യാ! നീ സ്വന്തം മഹിമയാൽ പ്രവൃദ്ധനാകുന്നു. ഇത് അസത്യമല്ല. നീ ശത്രുക്കളുടെ നാശകനും, ദേവകളുടെ ഹിതൈഷിയുമാകുന്നു. ഇക്കാര്യം യഥാർത്ഥമാണല്ലോ. നിൻെറ മഹാതേജസ്സ് ഹിംസാത്മകമാകുന്നില്ല.

**13. ഇയം യാ നീച്യർകിണോ രൂപാ രോഹിണ്യാ കൃതാ |**
**ചിത്രേവ പ്രത്യദർശായത്യന്തദശയും ബാഹുഷു ||**

സുന്ദരിയായ ഉഷസ്സ് താഴോട്ടുമുഖം തിരിച്ചവളും സൂര്യൻെറ മഹിമയുള്ളവളും ആയി ദർശിതയാകുന്നു. ഇവൾ വിശ്വത്തെ പത്തുദിക്കുകളിലും നിന്ന് ആഗതയായി ചിത്രത്തിലെ പശുവിനെപ്പോലെ ദർശീയനുമാകുന്നു.

**14. പ്രജാ ഹതിസ്രോ അത്യായമീയുർന്യാ ന്യാ അർകമഭിതോ വിവിശ്രേ |**
**ബൃഹദ്വ തസ്ഥൗ ഭുവനേഷ്വന്തഃ പവമാനോ ഹരിത ആ വിവേശ ||**

മൂന്നുപ്രജകൾ കടന്നുപോയി. മറ്റുള്ള പ്രജകൾ അഗ്നിയെ അഭയം പ്രാപിച്ചു. അപ്പോൾ വായുദിക്കുകളിൽ പ്രവേശിച്ചു. സൂര്യൻ മഹാനായ ലോകങ്ങളുടെ മേൽ വാണരുളി.

**15. മാതാരുദ്രാണം ദുഹിതാ വസൂനാമ സ്വസാദിത്യാ നാമമൃതസ്യ നാഭിഃ |**
**പ്ര നു വോജ ചികിതുഷേ ജമായ മാ ഗാമനാഗ മദിതിം വധിഷ്ഠ് ||**

ആദിത്യൻമാരുടെ ഭഗിനിയും, രുദ്രമാരുടെ ജനനിയും, വാസുക്കളുടെ പുത്രിയും പയസ്വിനിയും ആയ ഗോവിനെ കൊല്ലരുത്. ഇക്കാര്യം ഞാൻ മേധാവിയായ മനുഷ്യനോട് പറഞ്ഞിരുന്നു.

**16. വചോ വിദം വാചമുദീരയന്തീ വിശ്വാഭിയർധീ ഭിരുപതിഷ്ഠ് മാനാം |**
**ദേവീം ദേവേഭ്യഃ പരിയെയുഷീം ഗാമാ വാവൃക്തമർത്യോ ഭദ്രചേതാഃ ||**

പ്രകാശം സമ്പന്നമായ വാണി നൽകുന്നവളും, ദേവകൾക്ക് എന്നെ പരിചയപ്പെടുത്തുന്നവളും, സ്തോത്രങ്ങളാൽ ഉപസ്ഥിതയുമാകുന്ന ഗോരൂപിയായ ദേവിയെ അല്പബുദ്ധിയായ മനുഷ്യൻ ഹിംസിക്കുന്നു.

## സൂക്തം 102

**ഋഷി പ്രയോഗൻ, ദേവത അഗ്നി, ഛന്ദസ് ഗായത്രി**

**1. ത്വമഗ്നേ ബൃഹദ്വയോ ദധാസി ദേവ ദാശുഷേ |**
**കവിർ ഗൃബഹപതിർയുവാ ||**

ഹേ അഗ്നേ! നീ ഗൃഹരക്ഷകനും, ജ്ഞാനിയും, നിത്യയുവാവും, യജമാനൻമാർക്ക് ഇഷ്ടംപോലെ അന്നം നൽകുന്നവനും ആകുന്നു.

**2. സ ന ഈളാനയാ സഹ ദേവാം അഗ്ന ദുവസ്യുവാ |**
**ചികിദ്വിഭാനവാ വഹ ||**

ഹേ അഗ്നേ! നീ എല്ലാമറിയുന്നവളായി ഞങ്ങളുടെ വാണികളാൽ ദേവകളെ ഇവിടെ ആനയിച്ചാലും. എന്തുകൊന്നൊൽ ഞങ്ങൾ നിൻെറ സഹായത്തോടുകൂടി അന്ന പ്രാപ്തിയ്ക്ക് ശത്രുക്കളെ കീഴടുക്കും.

**3. ത്വയാ സ്വിദ്യജാ വയ ചോദിഷ്ഠേന യവിഷ്ഠ്യ |**
**അഭി ഷ്മോ വാജസാതയേ ||**

ഹേ അഗ്നേ! അത്യുദാരനായ നിൻെറ സഹായത്താൽ തന്നെ അന്നലബ്ധിയ്ക്കായി ഞങ്ങളെ ശത്രുക്കളെ കീഴടക്കും.

**4. ഔർവാഭൃഗുവച്ഛുചിമപ്നവാനവദാ ഹുവേ |**
**അഗ്നിം സമുദ്ര വാസസം ||**

ഔർവൻ, ഭൃഗു, അപ്വാനൻ എന്നീ മഹർഷിമാരെപ്പോലെ ഞാനും സമുദ്രത്തിൽ സ്ഥിതിചെയ്യുന്നു അഗ്നിയെ വിളിക്കുന്നു.

**5. ഹുവേ വാതസ്വന കവിം പജന്യ ക്രന്ദ്യം സഹഃ |**
**അഗ്നിം സമുദ്രവാസസം ||**

മേഘത്തെപ്പോലെ ഗർജ്ജിക്കുന്നവനും, വായുപ്പോലെ ഇരമ്പുന്നവനും, സമുദ്രത്തിൽ ശയിക്കുന്നവനും, ബലിഷ്ഠനും, മേധാവിയും ആയ അഗ്നിയെ ഞാൻ ആഹ്വാനം ചെയ്യുന്നു.

**6. ആ സവം സവിതുര്യഥാ ഭഗസ്യേവ ഭുജിം ഹുവേ |**
**അഗ്നിം സമുദ്ര വാസസം ||**

ഭഗൻെറ ഭോഗം പോലെയും, സൂര്യൻെറ ഉദയം പോലെയും സമുദ്രത്തിൽ ശയിക്കുന്നവനായ അഗ്നിയെ ഞാൻ ആഹ്വാനം ചെയ്യുന്നു.

**7. അഗ്നിം വോ വൃധന്തമ ധ്വരാണാം പുരുതമം |**
**അഛാ നപ്ത്രേ സഹസ്വതേ ||**

ഹേ ഋത്വിജൻമാരേ! മനുഷ്യരുടെ മിത്രവും, പ്രവൃദ്ധനും, അഹിംസനീയനും, ബലവാനുമായ അഗ്നിയുടെ നേരെ ചെല്ലുവിൻ.

**8. അയം യഥാ ന ആഭുവത്ത്വഷ്ടാ രൂപേവ തക്ഷ്യാ**
**അസ്യ ക്രത്വാ യശസ്വതഃ ||**

ഞങ്ങൾ അഗ്നിയുടെ ജ്ഞാനത്തിൽക്കൂടി യശസ്സ് നേടും. എന്തുകൊന്നൊൽ ആ അഗ്നിയെ ഞങ്ങളെ കർമ്മങ്ങളിലേയ്ക്ക് പ്രേരിപ്പിക്കുന്നു.

**9. അയം വിശ്വ അഭി ശ്രിയോ ഗ്നിർദേവേഷു പത്യതേ |**
**ആ വാജൈരുപം നോ ഗമത് ||**

ദേവകളിൽ അഗ്നിതന്നെയാകുന്നു. മനുഷ്യരുടെ സമ്പത്തുക്കുകളെ ഭരിക്കുന്നത്. ആ അഗ്നി അസഹിതം ഇവിടെ വരുമാറാകട്ടെ.

**10. വിശ്വേഷാമിഹ സ്തുഹി ഹോതൃണാം യശസ്തമം |**
**അഗ്നി യജ്ഞേഷു പൂർവ്യം ||**

ഹേ സ്തോതാക്കളേ! ഹോതാക്കളിൽ ശ്രേഷ്ഠനായ യജ്ഞാഗ്നിയെ പൂജിക്കുവിൻ.

**11. ശീരം പാവകശോചിഷം ജ്യേഷ്ഠോ യോ ദമേഷ്വാ |**
**ദീദായ ദീർഘശ്രുത്തമഃ ||**

ദേവകളിൽ മുഖ്യനും, മഹാജ്ഞാനിയും ആയ അഗ്നിയെ യജ്ഞകർത്താക്കൾ യജമാനൻമാരുടെ ഭവനങ്ങളിൽ പ്രോജ്വലിപ്പിക്കുന്നു. പവിത്രമായ തേജസ്സോടു കൂടിയ ആ അഗ്നിയെ പൂജിക്കുവിൻ.

**12. തമർവന്തന്ന സാനസിം ഗൃണീഹി വിപ്രശുഷ്മിണം**
**മിത്രം ന യാതയജ്ജനം ||**

ഹേ സ്തോതാക്കളേ! അഗ്നി ബലവാനും, ശത്രുഹന്താവും, ഭോഗ്യനും, മേധാവിയും, മിത്രരൂപനുമാകുന്നു. നിങ്ങൾ അവനെ സ്തുതിക്കുവിൻ.

**13. ഉപ ത്വാ ജാമയോ ഗിരോ ദേദിശതീർ ഹവിഷ്കൃതഃ |**
**വായോരനീകേ അസ്ഥിരൻ ||**

ഹേ അഗ്നേ! ഭഗിനികളെപ്പോലെ യജമാനൻമാരുടെ സ്തോത്രങ്ങൾ നിന്നെ പൂജിച്ചുകൊ് നിന്നെ വായുവിൻെറ നികിടത്തിൽ പ്രതിഷ്ഠിക്കുന്നു.

**14. യസ്യ ത്രിധാത്വവൃതം ബർഹിസ്തസ്ഥാസന്ദിനം**
**ആപശ്ചിണി ദധാ പദം ||**

മൂന്നുകളോടു കൂടിയ അഗ്നിയെ ജലവും ആശ്രയിക്കുന്നു.

**15. പദം ദേവസ്യ മീളഹുഷോ നാധൃഷ്ഠാഭിരൂതിഭിഃ |**
**ഭദ്രാ സൂർയ ഉ വോപദൃക് ||**

അഗ്നി കാമ്യവർഷകനും, പ്രകാശസമ്പന്നനും ആകുന്നു. അവൻെറ സ്ഥാനം ഭോഗയോഗ്യവും സുരക്ഷിതത്വവും ആകുന്നു. സൂര്യൻേറതുപോലെ തന്നെ. അവൻെറ ദൃഷ്ടിയും കല്യാണകാരിയാകുന്നു.

**16. അഗ്നേ ഘൃതസ്യ ധീതിഭിസ്തേ പാനോ ദേവ**
**ശോചിഷാ |**
**ആ ദേവാന്വക്ഷി യക്ഷിച ||**

ഹേ അഗ്നേ! നിൻെറ വളർച്ചയുടെ സാധനരൂപമായ ഘൃതത്താൽ വളർന്ന നിൻെറ ജ്വാലകളാൽ ദേവകളെ ആഹ്വാനം ചെയ്താലും.

**17. തം ത്വാ ജനന്ത മാതരഃ കവിം ദേവാസോ അങ്ഗിരഃ |**
**ഹവ്യവാഹമമർത്യം ||**

ഹവിർദാതാവും, കവിയും അവിനാശിയും, സനാതനനും ആയ അഗ്നിയെ ദേവഗണസ്വരൂപികളായ മാതാക്കൾ പ്രകടമാക്കി.

**18. പ്രസേതസം ത്വാ കവേ ഗ്നേ ദൂതം വരേണ്യം |**
**ഹവ്യവാഹം നിഷേദിരേ ||**

ഹേ അഗ്നേ! നിൻെറ ചുറ്റും ദേവകൾ വിരാജിക്കുന്നു. എന്തുകൊന്നാൽ നീ കവിയും വരണയോഗ്യനായ ദൂതനും, ഹവിസ്സുകൾ വഹിച്ചുകൊുപോകുന്നവനും ആണല്ലോ.

**19. നഹി മേ യസ്ത്യഘ്ന്യാ ന സ്വധിതിർവനന്വതി |**
**അഥൈതാദൃഗ്ഭരാമി തേ ||**

ഹേ അഗ്നേ! എനിയ്ക്ക് ഗോക്കളുടെ അനുഭാവമു്. വിറകു കീറുവാനുള്ള കോടാലിയും എൻെറ കൈവശം ഇല്ല. ഇതെല്ലാം ഞാൻ നിനക്ക് തന്നുവല്ലോ.

**20. യദഗ്നേ കാനി കാനി ചിദാ തേ ദാരുണീ ദധ്മസി |**
**താ ജുജുഷസ്വ യവിഷ്ഠ്യ ||**

ഹേ അഗ്നേ! ഞാൻ നിനക്കുവേി എന്തെങ്കിലും കർമ്മം നടത്തുമ്പോൾ നീ കീറിയ വിറകിനെ സേവിച്ചാലും.

**21. യദത്ത്യുപജിഹ്വികാ യദ്വമ്രോ അതിസർപതി |**
**സർവം തദസ്തു തേ ഘൃതം ||**

യാതൊരു വിറക് നിൻെറ ജ്വാലകളാൽ ജ്വലിക്കുന്നുവോ, അഥവാ യാതൊന്ന് കത്താതെ രക്ഷപ്പെടുന്നുവോ, ഹേ അഗ്നേ! ആ വിറകുകളെല്ലാം നിനക്ക് ഘൃതത്തിന് തുല്യമായിത്തീരണമേ.

**22. അഗ്നിമിന്ധനോ മനസാധിയം സചേത മർത്യ : |**
**അഗ്നിമീധേ വിവസ്വഭിഃ ||**

വിറകുകൾ വഴിയായി അഗ്നിയെ പ്രോജ്ജ്വലിപ്പിക്കുന്ന പുരുഷൻ കർമ്മങ്ങൾ നടത്തുമ്പോൾ ഋത്വിക്കുകൾ അഗ്നിയെ പ്രവൃദ്ധമാക്കുന്നു.

## സൂക്തം 103

**ഋഷി സോഭരി, ദേവത അഗ്നി, മരുത്തുക്കൾ, ഛന്ദസ്**
**ബൃഹതി, പംക്തി, കകുപ്, ഗായത്രി, അനുഷ്ടുപ്.**

**1. അദർശി ഗാതുവിത്തമോയസ്മിൻ വ്രതാന്യാദധുഃ |**
**ഉപോഷു ജാതമാർയസ്യ വർധനമഗ്നിം നക്ഷന്ത നോ**
**ഗിരഃ||**

യജമാനൻമാരുടെ എല്ലാ കർമ്മങ്ങളും ആരിൽ വെക്കപ്പെട്ടിരിക്കുന്നുവോ. ആ അഗ്നിയുടെ മാർഗ്ഗങ്ങൾ വളരെ വിസ്താരമേറിയതാകുന്നു. ആ അഗ്നി പ്രത്യക്ഷമാകുമ്പോൾ നമ്മുടെ സ്തുതികൾ അവനെ സമീപിക്കുന്നു.

**2. പ്ര ദൈവോദാസോ അഗ്നിർദേവാം അച്ഛാ നമജ്മനാ |**
**അനു മാതരം പൃഥിവീം വി വാവൃതേ തസ്ഥൗ നാകസ്യ**
**സാനവി ||**

ദിവോദാസൻ ആ അഗ്നിയെ ആഹ്വാനം ചെയ്തിരുന്നു. അപ്പോൾ അവൻ തൻെറ മാതാവായ പൃഥ്വിയുടെ മുന്നിൽ ദേവകൾക്കുള്ള ഹവിസ്സ് വാഹകകർമ്മത്തിനു തയ്യാറായില്ല. ദിവോദാസൻെറ നിർബന്ധപൂർവകമായ വിളിയനുസരിച്ച്, ആ അഗ്നി സ്വർഗ്ഗത്തിൽ

തൻെറ സമീപത്തു തന്നെ വസിച്ചു.

**3. യസ്മാദ്രേജന്ത കൃഷ്ടയശ്ചർകൃത്യാനി കൃണ്വതഃ |**
**സഹസ്രസാം മേധസാതവിവത്മനാഗ്നിം ധീഭിഃ സപർയത||**

ഹേ മനുഷ്യരേ! ആയിരം ധനം നൽകുന്നവനാണല്ലോ ഈ അഗ്നി. യാതൊരുത്തൻ കർമ്മങ്ങൾ ചെയ്യുന്നില്ലയോ, അവൻ കർമ്മവാൻമാർക്ക് അധീനനാകുന്നു. അതിനാൽ യജ്ഞരൂപമാകുന്ന കർമ്മത്തിൽ അഗ്നിയെ പരിചരിക്കുവിൻ.

**4. പ്ര യം രായേ നിനീഷസി മർതോ യസ്തേ വസോ ദാശത് |**
**സ വീരം ധത്തേ അഗ്നേഉക്ഥശംസിനം ത്മനാ സഹസ്രപോഷിണം ||**

ഹേ അഗ്നേ! നീ സുന്ദരമായ വാസസ്ഥാനം പ്രദാനം ചെയ്യുന്നു. നീ യാതൊരുത്തനെ ധനദാനത്തിനായി പ്രേരിപ്പിക്കു ന്നുവോ അവൻ നിനക്ക് ഹവിസ്സ് പ്രദാനം ചെയ്ത് ആയിരകണക്കായ സേവനങ്ങൾ ചെയ്യുന്നവനായ പുത്രനെ പ്രാപിക്കുന്നു.

**5. സ ദൃളഹേ ചിദഭി തൃണത്തി വാജമർവതാ സുധത്തേ അക്ഷിതി ശ്രവഃ |**
**ത്വേദേവത്രാ സദാ പുരുവസോ വിശ്വ വാമാനി ധീമഹി ||**

ഹേ അഗ്നേ! ഹേ ധനേശാ! നിനക്ക് ഹവിസ്സ് നൽകുന്ന യജമാനൻ ശത്രുക്കളുടെ ഉറപ്പേറിയ നഗരങ്ങളെ തകർത്ത് അവരുടെ അന്നത്തെ നശിപ്പിച്ച് മഹത്തായ ധനത്തെ വഹിക്കുന്നു. ഞങ്ങളും നിനക്ക് ഹവിസ്സ് നൽകി നിൻെറ ഗാനത്തെ പ്രാപിക്കുമാറാകണം.

**6. യോ വിശ്വാ ദയതേ വസു ഹോതാ മന്ദ്രോ ജനാനാം |**
**മഘോർന പാത്രാ പ്രഥമാന്യസ്മൈ പ്ര സ്തോമയന്ത്യഗ്നയേ||**

മംഗളമയനും, അന്നദാതാവും ആയ അഗ്നിയ്ക്ക് വേി ഹർഷകരമായ സോമപാത്രത്തെ എപ്പോഴും തയ്യാറാക്കി വയ്ക്കുന്നു.

**7. അശ്വം ന ഗീർഭീ രഥ്യം സുദാനവോ മർമൃജ്യന്തേ ദേവയവഃ|**
**ഉഭേ തോകേ തനയേ ദസ്മ വിശ്പതേ പർഷി രാധോ മഘോനാം ||**

ഹേ അഗ്നേ! നീ ലോകങ്ങളെ പാലിക്കുന്നവനും, ദർശനീയനും ആകുന്നു. ദേവൻമാരായ യജമാനൻമാർ തങ്ങളുടെ സുന്ദരമായ സ്തുതികളാൽ നിന്നെ സേവിക്കുന്നു. ഹേ അഗ്നേ! നീ ഞങ്ങളുടെ പുത്രാദികളെ ധനവാൻമാരാക്കേണമേ.

**8. പ്ര മംഹിഷ്ഠായ ഗായത ഋതാവ്നേ ബൃഹതേ |**
**ശുക്രശോചിഷേ ഉപ സ്താസോ അഗ്നയേ ||**

ഹേ സ്തോതാക്കളേ! അഗ്നി യജ്ഞത്താൽ സമ്പന്നരും പ്രദീപ്തമായ തേജസ്സോടുകൂടിയവനും സർവ്വശ്രേഷ്ഠനായ ദാനിയും ആകുന്നു. അവനെ സ്തുതിക്കുവിൻ.

**9. ആ വംസതേ മഘവാ വീരവദ്യശഃ സമിദ്ധോ ദ്യുമ്ന്യാഹുതഃ |**
**കവിന്നോ അസ്യ സുമതിർനവീയസ ഛം വജേഭിരാഗമത് ||**

അഗ്നി വീരനെപ്പോലെ പ്രതാപിയും, ധനത്താലും അന്നത്താലും മഹാനും, ആഹ്വാനം ചെയ്യപ്പെട്ടാൽ യശസ്വിയും അന്നദാനിയും ആകുന്നു. അവൻെറ അന്നവതിയായ വൃദ്ധി ഇവിടെ വരുമാറാകണേ.

**10. പ്രേഷ്ഠമു പ്രിയണാം സ്തുഹ്യാസാവാതിഥിം |**
**അഗ്നിം രഥാനാം യമം ||**

ഹേ സ്തോതാക്കളേ! അഗ്നി പൂജ്യനായ അതിഥിയും പ്രിയരിൽ പ്രിയനും, രഥത്തെ നിയന്ത്രിക്കുന്നവനും ആകുന്നു. ആ അഗ്നിയെ സ്തുതിക്കുവിൻ.

**11. ഉദിതാ യോ നിദിതാ വേദിതാ വസ്വാ യജ്ഞിയോ വവർത്തി |**
**ദുഷ്ടരായ യസ്യ പ്രവണേ നോർമയോ ധിയാ വജ്രജം സിഷാ സതഃ ||**

ആര് കേട്ടിട്ടുള്ളതും കാണപ്പെട്ടിട്ടുള്ളതും ആയ ധനത്തെ കൊവരുന്നുവോ, യാതൊരുത്തൻെറ മഹത്തായ ജ്വാലകൾ താഴോട്ടുപോയി സമുദ്രത്തിലെ തിരമാലകൾ പോലെ ഉത്തംഗങ്ങളാകുന്നുവോ, ഹേ സ്തോതാക്കളേ! ആ അഗ്നിയെ സ്തുതിക്കുവിൻ.

**12. മാ നോ ഹൃണീതാമതിഥിർവസുരഗ്നിഃ പുരു പ്രശസ്ത ഏഷഃ |**
**യഃ സുഹോതാ സ്വധ്വരഃ ||**

ആ അഗ്നി ദേവകളെ ആഹ്വാനം ചെയ്യുന്നവനും, അനേകരാൽ സ്തുതിക്കപ്പെടുന്നവനും, സുന്ദരമായ യജ്ഞത്തോടുകൂടിയവനും ആകുന്നു. ആഗ്നി ആരാലും തടയപ്പെടാതെ ഇവിടെ വരുമാറാകണേ.

**13. മോതേ രിഷന്യ അഗ്നേരാക്തിഭിർവസോ ഗ്നേ കേഭിശ്ചിദേവൈഃ |**
**കീരിശ്ചിദ്ധി ത്വമീട്ടേ ദൂത്യായ രാതഹവ്യഃ സ്വധ്വരഃ ||**

ഹേ അഗ്നേ! സ്തുതികളാൽ യാതൊരുത്തൻ നിൻെറ ആഗ്രഹം പ്രാപിക്കുവാൻ നിന്നെ പരിചരിക്കുന്നുവോ, ആ മനുഷ്യൻ ഹിംസിക്കപ്പെടാതിരിക്കണേ. ഹവിസ്സ് ദാതാവായ ഈ സ്തോതാവ് ശ്രേഷ്ഠമായ ഈ യജ്ഞത്തിൽ നിന്നെ പൂജിക്കുന്നു.

**14. ആഗ്നേ യാഹി മരുത്സഖാരുദ്രേഭിഃ സോമപീതയേ |**
**സോഭര്യാ ഉപ സുഷ്ടുതിം മാദയസ്വ സ്വർണരേ ||**

ഹേ അഗ്നേ! ഞങ്ങളുടെ ഈ യജ്ഞത്തിൽ നിന്നും, നിൻെറ പ്രായങ്കമായ മരുത്തുക്കളുമായി വന്ന് ഈ സോമം പാനം ചെയ്താലും. ഹേ അഗ്നേ! സൗഭരിയായ എൻെറ സ്തോത്രങ്ങളുടെ മുമ്പിൽ ആഗതനായി സോമത്താൽ ഹർഷയുക്തനാകണമേ.

# മണ്ഡലം 9

## അദ്ധ്യായം 7

## അനുവാകം 1 സൂക്തം 1

**ഋഷി മധുച്ഛന്ദസ്, ദേവത പവമാന സോമം, ഛന്ദസ് ഗായത്രി**

**1. സ്വാദിഷ്ഠയാ മദിഷ്ഠയാ പവസ്വ സോമ ധാരയാ |**
**ഇന്ദ്രായ പാതവേ സുതഃ ||**

ഹേ സോമമേ! അഭിഷുതമാകുമ്പോൾ സ്വാദുള്ളതായി നീ നിൻെറ ഹർഷപ്രദമായ ധാരകളെ ഒഴുക്കിയാലും.

**2. രാക്ഷോഹാ വിശ്വചർഷണിരഭി യോനിമയോ ഹതം |**
**ദ്രുണാ സധസ്ഥമാസദത് ||**

ഈ സോമം അസുരൻമാരെ നശിപ്പിക്കുന്നു. ഇത് സ്വർണ്ണത്താൽ ചതക്കപ്പെട്ട് കലശസ്ഥിതമായി അഭിഷവസ്ഥാനത്തു സ്ഥിതിചെയ്യുന്നു.

**3. വാരിവോധാതമോ ഭവ മംഹിഷ്ഠോ വൃത്രഹന്തമഃ |**

**പർഷി രാധോ മഘോനാം ||**

ഹേ സോമമേ! നീ സ്വന്തം ദാനം വഴിയായി ശത്രുക്കളെ നശിപ്പിക്കുകയും, ധനികരായ ശത്രുക്കളുടെ ധനമെല്ലാം ഞങ്ങൾക്കു കിട്ടുമാറാക്കുകയും ചെയ്യണമേ.

**4. അഭ്യർഷണ മഹാനാം ദേവാനാം വീതിമന്ധസാ |**

**അഭി വാജമുത ശ്രവഃ ||**

ഹേ സോമമേ! നീ അന്നസഹിതം ദേവയജ്ഞത്തിലേയ്ക്ക് ഗമിച്ചാലും. ഭവാൻ മഹിമാമയനാണല്ലോ. അതിനാൽ അന്നബലത്താൽ സമ്പന്നരാക്കിയാലും.

**5. ത്വമച്ഛാ ചരാമസി തദിദർഥം ദിവേദിവേ |**

**ഇന്ദ്രോ ത്വേ ന ആശാസഃ ||**

ഹേ സോമമേ! ഞങ്ങൾ നിൻെറ അടുക്കൽ എത്താം എന്നും ഇതുമാത്രമേ വേണ്ടതായുള്ളൂ. ഞങ്ങളുടെ ആശകൾ നിൻെറ അടുത്തു തന്നെയാണ്.

**6. പുനാതി തേ പരിസ്രുതം സോമം സൂര്യസ്യ ദുഹിതാ |**

**വാരേണ ശശ്വതാ തനാ ||**

ഹേ സോമമേ! സൂര്യപുത്രിയായ ശ്രദ്ധ നിൻെറ സോമം പിഴിഞ്ഞ് നിത്യവും നിവർത്തിയ ഈടുറ്റ രോമം കൊ് അരിക്കുന്നു.

**7. തമീമണ്വീഃ സമർയ ആ ഗൃഭ്ണന്തി യോഷണോ ദശ |**

**സ്വസാരഃ പാർയേ ദിവി ||**

സോമം മരിക്കുന്ന സമയം ഭഗിനീ തുല്യരായ പത്തുവിരലുകളെന്ന സ്ത്രീകൾ ആ സോമത്തെ ആദ്യമായി പിടിക്കുന്നു.

**8. തമീം ഹിന്വന്ത്യഗ്രുവോ ധമന്തി ബാകുരം ദൃതിം |**

**ത്രിധാതു വാരണം മധു ||**

അംഗുലികളാൽ പിഴിയപ്പെടുന്ന സോമരൂപമാകുന്ന മധു മൂന്നു സ്ഥാനങ്ങളിൽ അവസ്ഥിതമാകുകയും, ശത്രുക്കളുടെ നിയമകനായിത്തീരുകയും ചെയ്യുന്നു.

**9. അഭീം വമഘ്ന്യാ ഉത ശ്രീണന്തി ധേനവഃ ശിശും |**

**സോമമിന്ദ്രായ പിതവേ ||**

അഹിംസികളായ ഗോക്കൾ വത്സതുല്യനായ സോമത്തെ ഇന്ദ്രനു ദാനം ചെയ്യുവാൻ ക്ഷീരത്താൽ സമ്പന്നമാക്കുന്നു.

**10. അസ്യേദിന്ദ്രോ മദേഷ്വാ വിശ്വാ വൃത്രാണി ജിഘ്നതേ |**

**ശൂരോ മഘാ ച മംഹതേ ||**

സോമം പാനം ചെയ്ത് ഹർഷയുക്തനായ ഇന്ദ്രൻ ശത്രുക്കളെ സംഹരിച്ച് യജമാനൻമാർക്ക് ധനം പ്രദാനം ചെയ്യുന്നു.

**സൂക്തം 2**

**ഋഷി മേധാതിഥി, ദേവത പവമാനസോമം, ഛന്ദസ് ഗായത്രി.**

**1. പവസ്വ ദേവവീരതി പവിത്രം സോമ രംഹ്യാ |**

**ഇന്ദ്രമിന്ദോ വൃഷാവിശ ||**

ഹേ സോമമേ! നീ ദേവകൾക്കിഷ്ടനായി അരിപ്പയിൽക്കൂടി പൊഴിഞ്ഞാലും ഹേ ഇന്ദ്രാ! നീ സോമമധ്യേ പ്രതിഷ്ഠിതനാകേണമേ.

**2. ആ വച്യസ്വ മഹി പ്സരോ വൃഷേന്ദോ ദ്യുമ്നവത്തഃ |**

**ആ യോനിം ധർണസിഃ സദഃ ||**

ഹേ സോമമോ! നീ ദേവകൾക്കിഷ്ടനായി അരിപ്പയിൽക്കൂടി പൊഴിഞ്ഞാലും. ഹേ ഇന്ദ്രാ! നീ സോമമധ്യേ പ്രതിഷ്ഠിതനാകേണമേ.

**3. അധുക്ഷത പ്രിയം മധു ധാരാ സുതസ്യ വേധസഃ |**

**അപോ വസിഷ്ഠ സുക്രതുഃ ||**

സോമം അഭിലാഷങ്ങളെ നിറവേറ്റുന്നു. അതിൻെറ ധാരകൾ മധുര രസത്തെ കറന്നെടുക്കുന്നു. മനോഹരഗുണങ്ങളോടു കൂടിയ സോമം ജലത്തെ സ്വന്തമാക്കിത്തീർക്കുന്നു.

**4. മഹാന്തം ത്വാ മഹീരന്വാപോ അർഷന്തി സിന്ധവഃ |**

**യദ്ഗോഭിർവാസയിഷ്യസേ ||**

ഹേ സോമമേ! നീ ഗോരസത്താൽ ആഛാദനം ചെയ്യപ്പെടുമ്പോൾ ജലം നിനക്കഭിമുഖമായി വരുന്നു.

**5. സമുദ്രോ അപ്സു മാമൃജേ വിഷ്ഠംഭോ ധരുണോ ദിവഃ |**

**സോമഃ പവിത്രേ അസ്മയുഃ ||**

ഈ സോമം സ്വർഗ്ഗത്തെ താങ്ങിനെർത്തുന്നു. അതിനെ സ്തബ്ധമാക്കുന്നു. ഇത് നമ്മെ ഇഷ്ടപ്പെട്ടുകൊ് അരിപ്പയിൽക്കൂടി ജലത്തിലേയ്ക്ക് അരിക്കപ്പെടുന്നു. ഇതിൽ നിന്നും മധുരരസം പ്രവഹിക്കുന്നു.

**6. അചിക്രദദ്വൃഷാ ഹരിർമഹാന്മിത്രോ ന ദർശതഃ |**

**സം സൂര്യേണ രോചതേ ||**

ഹരിതവർണ്ണനും, കാമ്യവർദ്ധകനും, മിത്രതുല്യം ഉപകാരിയും ആയ ഈ സോമം സൂര്യനോടുകൂടി ഗുണവൃദ്ധനായി ശബ്ദിക്കുന്നു.

**7. ഗിരസ്ത ഇന്ദ്ര ഓജസാ മർമൃജ്യന്തേ അപസ്യുവഃ |**

**യാഭിർമദായ ശുമ്ഭസേ ||**

ഹേ സോമമേ നിന്നെ യാതൊരു സ്തുതികൾ ഹർഷപ്രദായകനായിരിക്കുന്നുവോ. ആ സ്തുതികൾ നിൻെറ ബലത്താൽ തന്നെ ശുദ്ധമായി ഭവിക്കുന്നു.

**8. തം ത്വാ മദായ ധൃഷ്വയ ഉ ലോകുകൃത്നു മീമഹേ |**

**തവ പ്രശസ്തയോ മഹീഃ ||**

ഹേ സോമമേ! ശത്രുക്കളെ മർദ്ദിക്കുവാനാഗ്രഹിക്കുന്ന യജമാനൻമാർക്കുവേി നീ ശ്രേഷ്ഠമായ ഒരു ലോകം സൃഷ്ടിച്ചിരിക്കുന്നു. നിൻെറ മഹിമ മാഹാത്മ്യമേറിയതാകുന്നു. ഞങ്ങൾ നിന്നിൽ നിന്നും ഹർഷത്തെ യാചിക്കുന്നു.

**9. അസ്മഭ്യമിന്ദ വ ന്ദ്ര യുർമധ്വഃ പവസ്വ ധാരയാ |**

**പർജന്യോ വൃഷ്ടിമാം ഇവ ||**

ഹേ സോമമേ! നീ ഇന്ദ്രനെ കാമിച്ചുകൊ് വൃഷ്ടിസമ്പന്നമായ മേഘത്തെപ്പോലെ വർഷകനായി തൻെറ മധുരരസത്തെ ഞങ്ങൾക്കഭിമുഖമാക്കേണമേ.

**10. ഗോഷാ ഇന്ദ്രോ നൃഷാ അസ്യശ്വസാ വാജസാ ഉത |**

**ആത്മാ യജ്ഞസ്യ പൂർവ്യഃ ||**

ഹേ സോമമേ! പ്രാചീനകാലം മുതൽ യജ്ഞകർമ്മത്തിൻെറ പ്രാണനായ നീ ഞങ്ങൾക്ക് ഗോക്കളേയും, പുത്രാദികളേയും, അന്നത്തേയും തരുമാറാകണേ.

## സൂക്തം 3

**ഋഷി ലനശ്ശേവൻ, ദേവത പവമാനസോമം, ഛന്ദസ് ഗായത്രി.**

**1. ഏഷ ദേവോ അമർത്യഃ പർണവീരിവ ദീയതി |**

**അഭി ദ്രോഷന്യാസദം ||**

ദ്രോണകലശത്തിലിരിക്കുന്നതിനായി അമരത്വ ഗുണത്തോടു കൂടിയ ഈ സോമം പക്ഷിയെപ്പോലെ അഭിമുഖഗമനം ചെയ്യുന്നു.

**2. ഏഷ ദേവോ വിപാ കൃതോ തി ഹ്വരാംസി ധാവതി |**

**പവമാനോ അദാഭ്യഃ ||**

അംഗുലികളാൽ പിഴിയപ്പെടുന്ന ഈ പവമാന സോമദേവൻ അഹിംസ്യനായി ശത്രുക്കളുടെ നേരെ പായുന്നു.

**3.ഏഷ ദേവോ വിപന്യുഭിഃ പവമാന ഋതായുഭിഃ |**

**പരിർവാജായ മൃ ജ്യതേ ||**

യജ്ഞകാമനായ യജമാനൻ യുദ്ധത്തിനായി ഈ പവമാന സോമനെ സ്തുതികളാൽ ഒരു അശ്വത്തെപ്പോലെ ചമയിക്കുന്നു.

**4. ഏഷ വിശ്വാനി വാര്യാ ശൂരോ യന്നിവസത്വഭിഃ |**

**പവമാനഃ സിഷാസതി ||**

ഈ സോമം സ്വന്തം ബലത്താൽ പോകുകയും എല്ലാ ധനങ്ങളും വിതരണം ചെയ്യുവാനാഗ്രഹിക്കുകയും ചെയ്യുന്നു.

**5. ഏഷ ദേവോ രഥര്യതി പവമാനോ ദ രസ്യതി |**

**ആ വിഷ്കൃണോ തി വഗ്വനം ||**

ഈ പവമാനദേവൻെറ രഥത്തെ ഇഷ്ടപ്പെടുകയും, അഭീഷ്ടസിദ്ധിവരുത്തുകയും, ശബ്ദിക്കുകയും ചെയ്യുന്നു.

**6. ഏഷ വിപ്രൈരഭിഷ്ടുതോ പോ ദേവവി ഗാഹതേ |**

**ദധദ്രാത്നാനി ദാശുഷേ ||**

ജ്ഞാനികൾ ഈ സോമത്തെ സ്തുതിക്കുമ്പോൾ ഇവൻ ഹവിസ്സ് ദാനിയായ യജമാനന് രത്നാദികൾ നൽകി ജലത്തിൽ നിവസിക്കുന്നു.

**7. ഏഷ ദിവം വി ധാവതി തിരോ രജാംസി ധാരയാ |**

**പവമാനഃ കനിക്രദത് ||**

ഈ സോമം സ്വർഗ്ഗത്തിലേയ്ക്ക് പോയി എല്ലാ ലോകങ്ങളുടെ മേലും വിജയം പ്രാപിക്കുന്നു.

**8. ഏഷ ദിവം വ്യാസരത്തിരോ രജിംസ്യസ്പൃതഃ**

**പവമാനഃ സ്വധ്വരഃ ||**

ഈ സോമം യജ്ഞസമ്പന്നനായി എല്ലാ ലോകങ്ങളേയും പരാജയപ്പെടുത്തി സ്വർഗ്ഗഗമനം ചെയ്യുന്നു.

**9. ഏഷ പ്രത്നേന ജൻമനാ ദേവേ ദേവേഭ്യഃ സുതഃ |**

**ഹരിഃ പവിത്രേ അർഷതി ||**

ഈ പച്ചനിറത്തോടുകൂടിയ സോമം പുരാതനകാലം മുതൽ തന്നേ ദേവകൾക്കുവേി സംസ്കരിക്കപ്പെടുന്നതിന് അരിപ്പയുടെ നേരെ പോയിരുന്നു.

**10. ഏഷ ഉ സ്യ പുരുവ്രതോ ജജ്ഞാനോ ജനയന്നിഷഃ |**

**ധാരയാ പവതേ സുതഃ ||**

ഈ സോമം അനന്തകർമ്മാവാകുന്നു. തൻെറ ജനനത്തിനുശേഷം ഇവൻ സംസ്ക്കാരിതനായി ധാരാത്യപത്തിൽ പൊഴിയുകയും അന്നത്തെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു.

## സൂക്തം 4

**ഋഷി ഹിരണ്യസ്തുപൻ, ദേവത പവമാനസോമം, ഛന്ദസ് ഗായത്രി.**

**1. സനാ ച സോമ ജേഷി ച പവമാന മഹി ശ്രവഃ |**

**അഥാ നോ വസ്യ സസ്കൃധി ||**

ഹേ പവമാന സോമമേ! നീ മഹാനാണല്ലോ; ഞങ്ങളെ ജയശീലരാക്കി മംഗളദായകനാക്കണേ.

**2. സനാ ജ്യോതി സനാ സ്വർവിശ്വാ ച സോമ സൗഭഗാ |**

**അഥാ സോ വസ്യ സസ്കൃധി ||**

ഹേ സോമമേ! ഞങ്ങൾക്ക് സ്വർഗ്ഗവും, സൗഭാഗ്യവും തരിക. ജ്യോതിസ്സും തരിക. പിന്നെ ഞങ്ങളെ ശ്രേയസ്സികളാക്കുക.

**3. സനാ ദക്ഷമുത ക്രതുമപപ സോമമൃധോ ജഹി |**

**അഥാ നോവസ്യസസ് കൃധി ||**

ഹേ സോമമേ! ഞങ്ങളുടെ ഹിംസകൻമാരെ നശിപ്പിക്കണേ.

**4. പവിതാരന്ന പുനീതന സോമമിന്ദ്രായ പാതവേ |**

**അഥാ നോ വസ്യ സസ്കൃധി ||**

ഹേ സോമം പിഴിയുന്നവരേ! നിങ്ങൾ ഇന്ദ്രനുവേി സോമം പിഴിയുവിൻ. പിന്നെ ഞങ്ങൾക്ക് സുഖം പകരുവിൻ.

**5. ത്വം സൂർയേ ന ആ ഭജ തവ ക്രത്വാ തവോതിഭിഃ |**

**അഥാ നോ വസ്യ സസ്കൃധി ||**

ഹേ സോമമേ! അങ്ങയുടെ രക്ഷകളാലും, ശക്തിയാലും ഞങ്ങളെ സൂര്യഗുണപ്രാപ്തരാക്കുകയും ഞങ്ങൾക്ക് ശ്രേയസ്സ് വരുത്തുകയും ചെയ്യൂ.

**6. തവ ക്രത്വാ തവോതിഭിർജ്യോക് പശ്യേമ സൂർയ്യം |**

**അഥാ നോ വസ്യ സസ്കൃധി ||**

ഹേ സോമമേ! നിൻെറ രക്ഷകൊ് ഞങ്ങൾ ദീർഘനാൾ സൂര്യനെ കാണുന്നവരായിത്തീരും. നീ ഞങ്ങളെ സുഖികളാക്കേണമേ.

**7. അഭ്യർഷസ്വായുധ സോമ ദ്വിബർഹസം രയിം |**

**അഥാ നോ വസ്യ സസ്കൃധി ||**

ഹേ സോമമേ! നിൻെറ രക്ഷകൾ സുന്ദരങ്ങളാണ്. നീ ഞങ്ങൾക്ക് ദിവ്യവും പാർഥിവവും ആയ ധനങ്ങൾ നൽകി സുഖികളാക്കേണമേ.

**8. അഭ്യഷാനപച്യുതോ രയിം സമത്സു സാസഹിഃ |**

**അഥാ നോ വസ്യ സസ്കൃധി ||**

ഹേ സോമമേ! ഭവാൻ ശത്രുക്കളെ ജരാജയപ്പെടുത്തുന്നു എന്നിരുന്നാലും, നീ സ്വയം വിളിക്കപ്പെടുന്നില്ല. ദേവകൾമാത്രം വിളിക്കപ്പെടുന്നു. നീ ഞങ്ങൾക്ക് ധനം നൽകി സുഖികളാക്കേണമേ.

**9. ത്വാം യജ്ഞൈരവീവൃധൻ പവമാന വിധർമണി |**

**അഥാ നോ വസ്യസസ്കൃധി ||**

ഹേ സോമമേ! യജമാനൻ തൻെറ രക്ഷയ്ക്ക് വേി യജ്ഞത്തിൽ നിന്നെ വളർത്തുന്നു. നീ ഞങ്ങൾക്ക് സ്രേയസ്സ് നൽകണമേ.

**10. രയിം ന ശ്ചിത്രമശ്വിന മിന്ദ്രോ വിശവായുമാ ഭര |**

**അഥാ നോ വസ്യ സസ്കൃധി ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് വിവിധ വർണ്ണങ്ങളോടു കൂടിയ അശ്വങ്ങളാൽ സമ്പന്നമായ ഐശ്വര്യം പ്രദാനം ചെയ്തു ഞങ്ങൾക്ക് സുഖം നൽകേണമേ.

## സൂക്തം 5

**ഋഷി കാശ്യപനോ ദേവലനോ, ദേവത പവമാനസോമം, ഛന്ദസ് ഗായത്രി, അനുഷ്ടുപ്.**

**1. സമിദ്ധോ വിശ്വശസ്പതിഃ പവമാനോ വി രാജതി |**

**പ്രീണൻവൃഷാ കനി ക്രദത് ||**

അഭിലാഷവർഷകനായ പവമാന സോമൻ എല്ലാത്തിൻേറയും അധിപനാകുന്നു. എന്തുകൊന്നൊൽ അവൻ ശബ്ദവാനായി ദേവകളെ പ്രസന്നനാക്കി വിരാജിക്കുന്നു.

**2. തനൂനപാത് പവമാനഃ ശൃങ്ഗേ ശിശാനോ അർഷ തി |**
**അന്തരീക്ഷേണ രാരജത് ||**

പാവമാനനും, ജലപൗത്രനും ആയ സോമൻ ഉന്നത ഭൂഭാഗങ്ങളിൽ തേജസ്വിയായി അന്തരീക്ഷത്തിൽക്കൂടി സഞ്ചരിക്കുന്നു.

**3. ഈളേന്യഃ പവമാനോ രയിർവി രാജതി ദ്യുമാൻ |**
**മധോർധാരാഭിരോജസാ ||**

ഹേ സോമമേ! നീ അഭീഷ്ടദാതാവും, സ്തുത്യർഹനും, തേജസ്വിയും ആകുന്നു. ഭവാൻ സ്വന്തം മധുരരസത്തോടുകൂടി സുശോഭിതനാകുന്നു.

**4. ബർഹിഃ പ്രാചീനമോജസാ പവമാനഃ സ്തൃണൻഹരിഃ |**
**ദേവേഷു ദേവ ഈയതേ ||**

പച്ചനിറത്തോടു കൂടിയ ഈ സോമം യജ്ഞത്തിൻെറ കിഴക്കുഭാഗത്തായി കുശവിരിച്ച് സ്വന്തം ഗുണങ്ങളോടു കൂടി വേഗം നടകൊള്ളുന്നു.

**5. ഉതാതൈർജിഹതേ ബൃംഹദ് ദ്വാരോ**
**ദേവീർഹിരണ്യയീഃ |**
**പവമാനേന സുഷ്ടുതാഃ ||**

പവമാന സോമത്തോടു കൂടി പൂജിക്കപ്പെടുന്ന സുവർണ്ണരശ്മികൾ ദിക്കുകളിൽ വളരുന്നു.

**6. സുശില്പേ ബൃഹതീ മഹീ പവമാനോ വൃഷണ്യതി |**
**നക്തോഷാസാ ന ദർശതേ ||**

ഈ സോമം സുന്ദരരൂപിണികളും, മഹിമാമയികളും, വിശാലകളുമായ ദിനരാത്രങ്ങളെ ഭജിക്കുന്നു.

**7. ഉഭാ ദേവോ നൃചക്ഷസാ ഹോതാരാ ദൈവ്യാ ഹുവേ |**
**പവമാന ഇന്ദ്രോ വൃഷാ ||**

മനുഷ്യരുടെ ദ്രഷ്ടാവും, ഹോതാവുമായ രുദേവകളേയും ഞാനാഹ്വാനം ചെയ്യുന്നു. ഈ സോമം കാമവർഷകനാകുന്നു.

**8. ഭാരതീ പവമാനസ്യ സരസ്വതീലാ മഹീ |**
**ഇമം നോ യജ്ഞമാ ഗമന്തിസ്രോ ദേവീഃ സുപേശസഃ ||**

ഞങ്ങളുടെ ഈ യജ്ഞത്തിൽ ഭാരതിയും, സരസ്വതിയും, ഇളയും ഈ മൂന്നുദേവിമാരും ആഗതരാകണേ.

**9. ത്വഷ്ടാമഗ്രജാം ഗോപാം പുരോയാവാനമാ ഹുവേ |**
**ഇന്ദുരിന്ദ്രോ വൃഷാ ഹരിഃ പവമാനഃ പ്രജാപതിഃ ||**

ഏറ്റവും ആദ്യമായി ജനിച്ചവനും, ഏറ്റം മുന്നിൽ നടക്കുന്നവനും, പ്രജകളുടെ പാശകനും ആയ ത്വഷ്ടാനിനെ ഞാനേറ്റവും ആദ്യമായി വിളിക്കുന്നു. ദേവകളിൽ ശ്രേഷ്ഠനും, അഭീഷ്ടവർഷകനും ആയ പ്രജാപതി അവനാകുന്നു.

**10. വനസ്പതിം പവമാനമധ്വാ സമങ്ഗ്ധി ധാരയാ |**
**സഹസ്രവല്ശം ഹരിതം ഭ്രാജമാനം ഹിരണ്യയം ||**

ഹേ സോമകളേ! ഹരിത, സ്വർണ്ണവർണ്ണങ്ങളോടുകൂടിയ സഹസ്രശാഖികളായ വനസ്പതികളേ അവിടത്തെ മധുര ധാരകളാൽ ശുദ്ധീകരിക്കേണമേ.

**11. വിശ്വേ ദേവാഃ സ്വാഹാകൃതിം പവമാനസ്യാ ഗത |**
**വായുർബൃഹസ്പതിഃ സൂര്യോഗ്നിരിന്ദ്രഃ സജോഷസഃ ||**

ഹേ ഇന്ദ്രാ! അഗ്നീ, വായൂ, ബൃഹസ്പതീ, വിശ്വദേവകളേ! നിങ്ങളെല്ലാവരും സ്വാഹാകാരത്തിനു വന്നു ചേരുവിൻ.

## സൂക്തം 6

**ഋഷി അസിതനോ, ദേവലനോ, ദേവത പവമാനസോമം, ഛന്ദസ് ഗായത്രി.**

**1. മന്ദ്രായ സോമ ധാരയാ വൃഷാ പവസ്വ ദേവയുഃ |**
**അവ്യോ വാരേഷ്വസ്മയുഃ ||**

ഹേ സോമമേ് നീ ദേവകാമനും, കാമ്യവർഷകനും, ആകുന്നു. നീ ഞങ്ങളെ ഇഷ്ടപ്പെടുന്നു. അരിപ്പയിൽ മധുരരസത്തെ അരിച്ചുകൊ് നീ ഞങ്ങളുടെ രക്ഷകനാകേണമേ.

**2. അഭി ത്യം മദ്യം മദമിന്ദവിന്ദ്ര ഇതി ക്ഷര |**
**അഭി വാജിനോ അർവതഃ ||**

ഹേ സോമമേ! നീ മദകരമായ സോമത്തേയും, വേഗമേറിയ അശ്വങ്ങളേയും ഞങ്ങൾക്കുവേി ഒഴുവാക്കിയാലും.

**3. അഭി ത്യം പൂർവ്യം മദം സുവാനോ അർഷ പവിത്ര ആ |**
**അഭി വാജമുത ശ്രവഃ ||**

ഹേ സോമമേ! നീ പിഴിയട്ടവനായി ഹർഷപ്രദായകമായ രസത്തോടുകൂടി അരിപ്പയെ സമീപിക്കുകയും അന്നത്തേയും ബലത്തേയും ഒഴുവാക്കുകയും ചെയ്യേണമേ.

**4. അനുദ്രപ്സാസം ഇന്ദവ ആപോ ന പ്രവതാസരൻ |**
**പുനാനാ ഇന്ദ്രമാശത ||**

ജലം താഴോട്ടൊഴുകുന്നതുപോലെ ഇന്ദ്രൻെറ നേരെ ദ്രുതഗതിയിൽ പോകുന്ന സോമരസം അവനെ ഹർഷയുക്തനാക്കുന്നു.

**5. യമത്യമിവ വാജിനം മൃജന്തി യോഷണേ ദശ |**
**വനേ ക്രീളന്തമത്യവിം ||**

ബലമേറിയ അശ്വത്തെപ്പോലുള്ള പത്തുവരികൾ സോമത്തെ അരിപ്പയിൽ കടത്തി പരിചരിക്കുന്നു.

**6. തം ഗോഭിർമൃഷണം രസം മദായ ദേവവീതയേ |**
**സുതം മരായ സം സൃജ ||**

ഹേ യജമാനൻമാരേ! ദേവകൾ കുടിച്ചു കഴിഞ്ഞാൽ മദമുാക്കുന്നതും അഭീഷ്ടപൂരകവുമായ സോമരസത്തെ ക്ഷീരാദികളാൽ സംയുക്തമാക്കുവിൻ.

**7. ദേവോ ദേവായ ധാരയേന്ദ്രായ പവതേ സുതഃ |**
**പയോ യദസ്യ പീപയത് ||**

ഇന്ദ്രനാവേി സോമം ധാരധാരയായി പതിക്കുകയും അത് അവനെ വളർത്തുകയും ചെയ്യുന്നു.

**8. ആത്മാ യജ്ഞസ്യ രംഹ്യാ സുഷ്വാണഃ പവതേ സുതഃ |**
**പ്രത്നം നിപാതി കാവ്യം ||**

യജ്ഞത്തിൻെറ പ്രാണരൂപമായ സോമം അതിവേഗം പിഴിയപ്പെട്ട് യജമാനൻമാരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നു.

**9. ഏവാ പുനാന ഇന്ദ്രയുർമദം മദിഷ്ഠ വീതയേ |**
**ഗുഹാ ചിദ്ദധിഷേ ഗിരഃ ||**

ഹേ സോമമേ! നീ ഇന്ദ്രകാമനായി അദ്ദേഹത്തിനു പാനം ചെയ്യുവാൻ യജ്ഞമണ്ഡപത്തിൽ ശബ്ദവാനാകേണമേ.

## സൂക്തം 7

**ഋഷി അസിത കാശ്യപനോ, ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. അസ്യഗ്രമിന്ദവഃ പഥാ ധമന്യതസ്യ സശ്രിയഃ |**
**വിദാനാ അസ്യ യോജനം ||**

ഈ സോമം ഇന്ദ്രൻെറ സംബന്ധത്തെ അറിയുന്നു. സുന്ദരധനസമ്പന്നമായ ഈ സോമം യജ്ഞത്തിൽ ശുദ്ധീകരിക്കപ്പെടുന്നു.

**2. പ്ര ധാരാ മധ്വോ അഗ്രിയോ മഹോരപോ വി ഗാഹതേ |**
**ഹവിർഹവിഷ്ഷു വന്ദ്യഃ ||**

സോമം ജലത്തിൽ കഴുകുകയും പിന്നീട് അതിൻെറ രസത്തെ പിഴിഞ്ഞെടുക്കുകയും ചെയ്യുന്നു. ഇത് എല്ലാ ഹവിസ്സുകളിലും ശ്രേഷ്ഠമാകുന്നു.

**3. പ്ര യുജോ വചോ അഗ്രിയോ വൃഷാവ ചക്രദദ്വനേ |**
**സദ്മാഭി സത്യോ അധ്വരഃ ||**

ഈ സോമം ഹിംസാരഹിതവും, സത്യരൂപവും, കവ്യവർഷകവും ആകുന്നു. ഇത് യാഗവേദിയിൽ ജലത്തോടു കൂടി ശബ്ദം പുറപ്പെടുവിക്കുന്നു.

**4. പരി യത്കാവ്യാ കവിർനൃമ്ണാം വസാനോ അർഷതി |**
**സ്വർവാജീ നിഷാസതിഃ ||**

ധനത്തെ വഹിക്കുന്ന സോമം സ്തോത്രങ്ങളുടെ ജ്ഞാതാവായിത്തീരുമ്പോൾ, അത് ഇന്ദ്രൻെറ ബലത്തെ സ്വർഗ്ഗത്തിൽ പ്രകടമാക്കുന്നു.

**5. പാവമാനോ അഭി സ്പൃധോ വിശോ രാജേവ സീദതി |**
**യദിമൃണ്വന്തി വേധസഃ ||**

ഈ സോമം യജ്ഞകർത്താക്കളാൽ പ്രേരിക്കപ്പെടുമ്പോൾ ഒരു രാജാവിനെപ്പോലെ വിഘ്നകാരികളുടെ നേർക്കടുക്കുന്നു.

**6. അവ്യോ വാരേ പരിപ്രിയോ ഹരിർവനേഷു സീദതി |**
**രേഭോ വനുഷ്യതേ മതീ ||**

അരുമപ്പെട്ട പച്ചനിറക്കാരൻ ജലത്തോട് ചേർന്നിട്ട്, കമ്പിളിയിലിരിക്കുന്നു. ശബ്ദമുാക്കികൊ് സ്തുതിക്കപ്പെടുകയും ചെയ്യുന്നു.

**7. സ വായുമിന്ദ്രശ്വിനാ സാകം മദേന ഗഛതി |**
**രണാ യോ അസ്യ ധർമഭിഃ ||**

സോമത്തിൻെറ ഈ കർമ്മത്താൽ ഹർഷിതനായ പുരുഷൻ ഇന്ദ്രൻ, വായു, അശ്വിനികുമാരൻമാർ, എന്നിവരുടെ അടുക്കൽ ലഹരിയോടെ ചെന്നെത്തുന്നു.

**8. ആ മിത്രാവരുണ ഭഗം മധ്വഃ പവന്ത ഊർമയഃ |**
**വിദാനാ അസ്യ ശക്മഭിഃ ||**

യാതൊരുത്തൻ സോമധാരകൾ മിത്രൻ, വരുണൻ, ഭഗൻ എന്നീ ദേവകളെ നനക്കുന്നുവോ, ആ യജമാനൻ സോമത്തിൻെറ ഗുണങ്ങളുടെ ജ്ഞാതാവായി സദാസുഖത്തെ പ്രാപിക്കുന്നു.

**9. അസ്മഭ്യം രോദസീ രയിം മധ്വോ വാജസ്യ സാതയേ |**
**ശ്രവോ വസൂനി സഞ്ചരത്രം ||**

ഹേ ആകാശമേ! ഭൂമിയേ ഞങ്ങൾക്ക് അന്നം, പശു, ധനം, മുതലായവയെ പ്രദാനം ചെയ്താലും; തൻമൂലം ഹർഷകാരിയായ സോമത്തെ പ്രാപിക്കുമാറാകണേ.

## സൂക്തം 8

**ഋഷി അസിതകാശ്യപനോ, ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏതേ സോമാ അഭി പ്രിയമിന്ദ്രസ്യ കാമമക്ഷരൻ |**
**വർധന്തോ അസ്യ വീര്യം ||**

ഈ സോമം ഇന്ദ്രൻെറ ബലത്തെ വർദ്ധിപ്പിക്കുകയും, അവനുവേി രുചികരവും ഇഛിതവും ആയ രസങ്ങളെ വർഷിക്കുകയും ചെയ്യുന്നു.

**2. പുനാനാസശ്ചമൂഷദോ ഗഛന്തോ വായുമശ്വിനാ |**
**തേ നോ ധാന്തു സുവീര്യം ||**

സോമം ഇടിച്ചുകൂട്ടുന്നു. ചമസത്തിൽ നിറക്കുന്നു അപ്പോൾ അതു വായുവിങ്കലും അശ്വിനികളുടെ അടുക്കലും ചെല്ലുന്നു. ഈ ദേവകൾ നമുക്ക് കർമ്മബലം നൽകുമാറാകണേ.

**3. ഇന്ദ്രസ്യ സോമ രാധസേ പുനാനോ ഹാർദി ദചാദയ |**
**ഋതസ്യ യോനിമാസദം ||**

ഹേ സോമമേ! നീ അഭീഷ്ടാനുരൂപമായി യാഗമണ്ഢത്തിൽ ഇന്ദ്രനെ പ്രസന്നനാക്കുവാനായി വിരാജിക്കേണമേ.

**4. മൃജന്തി ത്വം ദശ ക്ഷിപോ ഹിന്വന്തി സപ്ത ധീതയഃ |**
**അനു വിപ്രാ അമാദിഷ്ഠുഃ ||**

ഹേ സോമമേ! സപ്തഹോതാക്കളും, ദശാംഗുലികളും നിനക്കു സേവനം ചെയ്യുകയും വിദ്വാൻമാർ നിന്നെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

**5. ദേവേഭ്യസ്ത്വാ മദായ കം സൃജാനമതി മേഷ്യഃ |**
**സംഗോഭിർവാസയാമസി ||**

ഹേ സോമമേ! നീ ആടിൻെറ രോമങ്ങളാലും ജലത്താലും ശുദ്ധീകരിക്കപ്പെടുന്നു. ഞങ്ങൾ നിന്നെ ദേവകൾക്കിഷ്ടമുാക്കുന്നതിനുവേി നെയ്യ് മുതലായവയുമായി മിശ്രതമാക്കുന്നു.

**6. പുനാനഃ കലശേഷ്വാ വസ്ത്രാണ്യരുഷോ ഹരിഃ |**
**പരി ഗവ്യാൻഗ്രവ്യത ||**

ശുദ്ധീകരിച്ചതും കലശത്തിൽ നിറച്ചതും , പച്ചനിറത്തോടുകൂടിയതും, ഊജ്ജ്വലവും ആയ സോമം, ഘൃതം മുതലായവയെ വസ്ത്രതുല്യം ആഛാദനം ചെയ്യുന്നു.

**7. മഘോന ആ പവസ്വ നോ ജഹിവിശ്വാ അപദ്വിഷഃ |**
**ഇന്ദ്രോ സഖായമാ വിശ ||**

ഹേ സോമമേ! നീ ധനവാൻമാരായ ഞങ്ങളുടെ മുമ്പിൽ നീരൊഴുക്കുകയും ഞങ്ങളുടെ മിത്രമായ ഇന്ദ്രനെ സന്തുഷ്ടനാക്കുകയും ചെയ്താലും. അതിനുശഷം എല്ലാ ശത്രുക്കളേയും സംഹരിക്കേണമേ.

**8. വൃഷ്ഠിം ദിവഃ പരിസ്രവ ദധ്യുമ്ന പൃഥിവ്യാ അധി |**
**സഹോ ന സോമ പൃപ്സു ധാഃ ||**

ഹേ സോമമേ! നീ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്ക് മഴ വർഷിക്കണേ. യുദ്ധത്തിൽ ഞങ്ങളെ ഉറപ്പുള്ളവരാക്കി ധനവും നിവാസസ്ഥാനവും പ്രദാനം ചെയ്യണേ.

**9. നൃചക്ഷസം ത്വാ വയമിന്ദ്രപീതം സ്വർവിദം |**
**ഭക്ഷീമഹി പ്രജാമിഷം ||**

ഹേ സോമമേ! ഭവാൻ പ്രമുഖരായ ദേവൻമാരെ ദർശിക്കുന്നവനും,

എല്ലാവരേയും അറിയുന്നവനും ആണല്ലോ. ഇന്ദ്രൻ പാനം ചെയ്യുമ്പോൾ ഞങ്ങളും നിന്നെ പാനം ചെയ്യുന്നു. നിന്റെ പ്രതാപത്തിൽ നിന്നും അന്നവും, സന്തതിയും സമ്പാദിക്കുമാറാകണേ.

## സൂക്തം 9

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പരി പ്രിയാ ദിവഃ കവിർവയാംസി സപ്ത്യോർഹിതഃ |**
**സുവാനോ യാതി കവിക്രതുഃ ||**

ഈ സോമം പിഴിയുന്നവർ അമ്മിക്കല്ലുകൊ് പിഴിഞ്ഞ സോമവുമായി ആകാശത്തിലെ പ്രിയപ്പെട്ട പക്ഷികളെ പോലെ ഗമനം ചെയ്യുന്നു.

**2. പ്രപക്ഷയായ പന്യസേ ജനായ ജഷ്ടോ അദ്രുഹേ |**
**വീതർഷ ചനിഷ്ഠയാ ||**

ഹേ സോമമേ! സ്തുതിക്കുന്നവരും, ദേവസേവകരും, ആയ പുരുഷൻമാർക്കുവേി അന്നവുമായി വന്നാലും.

**3. സ സൂനുർമാതരാ ശുചിർജാതോ ജാതേ അരാചയത് |**
**മഹാൻമഹീ ഋതാവൃധാ ||**

വാനുഴികളുടെ പവിത്രനും, മഹാനും പുത്രരൂപനും ആയ സോമം യജ്ഞത്തെ വളർത്തുന്ന ഈ രു പേരെയും തേജോയുക്തരാക്കുന്നു.

**4. സ സ്പ്ത ധീതിഭിർഹിതോ നദ്യോ അജിന്വദദ്രുഹഃ |**
**യാ ഏകമക്ഷി വാവൃധുഃ ||**

സോമം നദീ ജലത്താൽ വളരുന്നു. ഈ സോമം അംഗുലികളാൽ വർഷിക്കപ്പെട്ട് സപ്തനദികളെ ഉല്ലാസവതികളാക്കുന്നു.

**5. താ അഭി സന്തമസ്തൃതം മഹേ യുവാനമാ ദധുഃ |**
**ഇന്ദുമിന്ദ്ര തവ വ്രതേ ||**

ഹേ ഇന്ദ്രാ! അംഗുലികൾ അഹിംസിതമായ, യുവാവായ, സോമത്തെ നിനക്കുവേി വഹിക്കുന്നു.

**6. അഭി വഹ്നിരമർത്യഃ സപ്ത പശ്യതി വാവഹിഃ |**
**ക്രിവിർദേവവീരതർപയത് ||**

ദേവകളെ തൃപ്തിപ്പെടുത്തുന്ന സോമം സപ്തനദികളെ നോക്കുകയും പൂർണ്ണമായി നദികളെ ഒരു കിണറുപോലെ പരിപൂർണ്ണമാക്കുകയും ചെയ്യുന്നു.

**7. അവാ ഫല്പേഷു നഃ പുമസ്തമാംസി സോമ യോധ്യാ |**
**താനി പുനാന ജങ്ഘനഃ ||**

ഹേ പവനസോമമേ! യജ്ഞദിവസങ്ങളിൽ നീ ഞങ്ങളെ രക്ഷിക്കണേ. യുദ്ധം തമസ്സുകളെ തകർക്കണേ.

**8. നൂ നവ്യസേ നവീയസേ യൂക്തായ സാധയാ പഥഃ |**
**പ്രത്നവദ്രോചയാ രുചാഃ ||**

ഹേ സോമമേ! നീ സ്തുത്യർഹമായ സൂക്തത്തിനു വേി ശീഘ്രം ആഗതനായി സ്തോത്രങ്ങളെ പ്രകാശിപ്പിച്ചാലും, മുമ്പത്തെപ്പോലെ വെളിച്ചം വീശിയാലും.

**9. പവമാന മഹി ശ്രവോ ഗാമശ്വം രാസി വീരവത് |**
**സ നാ മേധാം സനാ സ്വഃ ||**

ഹേ സോമമേ! നീ ഞങ്ങൾക്ക് അപത്യയുക്തമായ ധനവും, ഗോക്കളേയും, അശ്വങ്ങളേയും, അന്നാദികളേയും നൽകുന്നവനാണല്ലോ. അതിനാൽ ഇവയെല്ലാം നൽകി ഞങ്ങളുടെ അഭീഷ്ടങ്ങള പൂർണ്ണമാക്കണേ.

## സൂക്തം 10

**ഋഷി അസിതനോ ദേവപാലനോ, ദേവത സോമം,ഛന്ദസ് ഗായത്രി.**

**1. പ്ര സ്വനാസോ രഥാ ഇവാർവന്തോ ശ്രവസ്യവഃ |**
**സോമാസോ രായേ അക്രമുഃ ||**

ഹേ സോമമേ! നീ രഥം പോലെയും അശ്വം പോലെയും ശബ്ദമാക്കുന്നു. നീ യജമാനന് അന്നത്തിനും ധനത്തിനും വേി വന്നെത്തുന്നു.

**2. ഹിന്വാനോസോ രഥാ ഇവ ദധന്വിരേ ഗഭസ്ത്യോഃ |**
**ഭരാസഃ കാരിണാമിവ ||**

സോമം യജ്ഞത്തിനുനേരെ രഥം പോലെ പോകുന്നു. ചുമട്ടുകാരൻ ഭാരത്തെ തന്റെ കരങ്ങളാൽ വഹിക്കുന്നതുപോലെ ഋത്വിക്കുകൾ ഈ സോമങ്ങളെ തങ്ങളുടെ ഭുജങ്ങളിൽ വസിക്കുന്നു.

**3. രാജനേ ന പ്രശസ്തിഭിഃ സോമസോ ഗോംഭിംഞ്ജതേ |**
**യജ്ഞോ ന സപ്ത ധാതൃഷി ||**

രാജാവിനെ സ്തുതികള പൂർണ്ണമാക്കുന്നതുപോലെയും, സപ്തഹോതാക്കൾ യജ്ഞത്തെ പൂർണ്ണമാക്കുന്നതുപോലെയും സോമം ഗോരസത്താൽ പൂർണ്ണമാക്കുന്നു.

**4. പരി സുവാനാസ ഇന്ദവോ മദായ ബർഹാ ഗിരാ |**
**സുതാ അർഷന്തി ധാരയാ ||**

മഹിമാഭയമായ സ്തുതികളാൽ സംസ്കരിക്കപ്പെട്ട സോമം ഹർഷോല്പാദനത്തിനുവേി ധാരാരൂപത്തിൽ പതിക്കുന്നു.

**5. ആപാനാസോ വിവസ്വതോ ജനന്ത ഉഷസോ ഭഗം |**
**സുരാ അവം വി തന്വതേ ||**

ഈ സോമം ഇന്ദ്രന്റെ സ്ഥാനരൂപവും ഉഷസ്സിന്റെ ഭാഗ്യത്തെ ഉണർത്തുന്നതും ആകുന്നു. ഇത് പതിക്കുമ്പോൾ ശബ്ദമുക്കുന്നു.

**6. അപ ദ്വാരാ മതീനാം പ്രത്നാ ഋണ്വന്തി കാരവഃ |**
**വൃഷ്ണോ ഹരസ ആയവഃ ||**

ഹേ സ്തോതാവേ! സോമത്തിന്റെ പാഠം അറിയാവുന്നവനും, അഭിലാഷങ്ങൾ വർഷിക്കുന്നവനും ആയ പുരുഷൻ യജ്ഞത്തിന്റെ വാതിൽ തുറക്കുന്നു.

**7. സമീചീനാസ ആസതേ ഹോതാരന്ന സപ്തജാമയഃ |**
**പദമേകസ്യ പിപ്രതഃ ||**

ഏഴുബന്ധുക്കളെപ്പോലെ സോമത്തിന്റെ സ്താനത്തെ പൂർണ്ണമാക്കുന്നവനായ ഏഴുഹോതാക്കൾ യാഗശാലയിലിരിക്കു ന്നു.

**8. നാഭാ നാഭിം ന ആ ദദേ ചക്ഷുശ്ചിത്സൂർയേ സചാ |**
**കവേരപത്യമാ ദുഹേ ||**

യജ്ഞത്തിന്റെ നാഭീരൂപമായ സോമത്തെ ഞാനെന്റെ നാഭിയിൽ സ്ഥാപിക്കുന്നു. സൂര്യനിൽ കണ്ണുകൾ പതിക്കുന്നതുപോലെ കവിയായ ഞാൻ സോമത്തിന്റെ ഗുണങ്ങൾ വർണ്ണിക്കുന്നു. കവിയുടെ കുഞ്ഞിനെ ഞാൻ വളർത്തുന്നു. കവിയുടെ കുഞ്ഞ് സോമവല്ലി തയ്യ്.

**9. അഭി പ്രിയാ ദിവസ്പ ദമധ്വര്യുഭിർഗുഹാ ഹിതം |**
**സൂരഃ പശ്യതി ചക്ഷസാ ||**

യാതൊരു സോമം ഇന്ദ്രന്റെ ഹൃദയപ്രദേശത്തിൽ

രസിക്കുന്നുവോ, അതിനെ അവൻ സ്വന്തം കണ്ണുകളാൽ ദർശിക്കുന്നതിൽ സമർത്ഥനാകുന്നു.

# സൂക്തം 11

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഉപാസ്മൈ ഗായതാ നരഃ പവമാനായേന്ദവേ |**
**അഭി ദേവാം ഇയക്ഷതേ ||**

ഹേ നേതാക്കളേ! ഈ പവമാന സോമം ദേവയാഗത്തെ ആഗ്രഹിക്കുന്നു, അതിനുവേ നിങ്ങൾ ഗാനം ചെയ്യുവിൻ.

**2. അഭി തേ മധുനാ പയോ ഥർവാണോ അശിശ്രയുഃ |**
**ദേവം ദേവായ ദേവയു ||**

ഹേ സോമമേ! ദേവകാമമായ നിന്റെ രസത്തെ അഥർവ്വൻമാർ പശുവിൻ പാലിൽ ചേർത്തു ഇന്ദ്രനുവേ വെച്ചിരിക്കുന്നു.

**3. സ നഃ പവസ്വ ശം ഗവേ ശം ജനായ ശമർവതേ |**
**ശം രാജന്നോഷധീഭ്യഃ ||**

ഹേ സോമമേ! ഞങ്ങളുടെ ഗോക്കൾ, അശ്വങ്ങൾ, ഔഷധികൾ, പുത്രൻമാർ, മുതലായവർക്കുവേ സുഖമുാക്കുവാൻ നീരൊഴുക്കിയാലും.

**4. ബഭ്രവേ സ്വതവസേ രുണായ ദിവിസ്പൃശേ |**
**സോമായ ഗാഥമർചത ||**

ഹേ സ്തോതാക്കളേ! മഞ്ഞനിറമാർന്ന, അരുണവർണ്ണമാകുന്ന സ്വർഗ്ഗസ്പർശിയായ സ്തോതാക്കളെ സ്തുതിക്കുവിൻ.

**5. ഹസ്തച്യുതേഭിരദ്രിഭിഃ സുതം സോമം പുനീതന |**
**മാധാവാ ധാവതാ മധു ||**

അമ്മിക്കല്ലുകൊ് ഇടിച്ചു പിഴിഞ്ഞ സോമനീരിൽ പശുവിൻ പാൽ ചേർക്കുവിൻ.

**6. നമസേദു സീദത ദധ്നേദഭി ശ്രീണീതന |**
**ഇന്ദുമിന്ദ്രേ ദധാതന ||**

ഹേ ഋത്വിജൻമാരേ! സോമത്തിന്റെ അടുക്കൽ ചെന്ന് നമസ്ക്കരിക്കുവിൻ. തൈരുചേർത്ത സോമം ഇന്ദ്രന്റെ മുമ്പിൽ വയ്ക്കുവിൻ.

**7. അമിത്രഹാ വിചർഷണിഃ പവസ്വ സോമ ശം ഗവേ |**
**ദേവേഭ്യോ അനുകാമകൃത് ||**

ഹേ സോമമേ! നീ ശത്രുക്കളെ സംഹരിക്കുന്നവനാകുന്നു. നീ ദേവകളുടെ ഇഷ്ടം നിറവേറ്റുന്നു. ഞങ്ങളുടെ ഗോക്കൾക്കുവേ നീരൊഴുക്കിയാലും.

**8. ഇന്ദ്രായ സോമ പാതവേ മദായ പരി ഷിച്യസേ |**
**മനശ്ചിൻമനസ്പതിഃ ||**

ഹേ സോമമേ! നീ മനസ്സറിയുന്നവനാകുന്നു. ഇന്ദ്രന്റെ സന്തോഷത്തിനുവേ നിന്നെ പാത്രങ്ങളിൽ പകർന്നു വെച്ചിരിക്കുന്നു.

**9. പവമാന സുവീര്യം രയിം സോമ രിരീഹി നഃ |**
**ഇന്ദ്ര വിന്ദ്രേണ നോ യുജാ ||**

ഹേ സോമമേ! നീ ഇന്ദ്രനെ പ്രസന്നനാക്കി ഞങ്ങൾക്കു ബലവും ധനവും പ്രദാനം ചെയ്യണമേ.

# സൂക്തം 12

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. സോമാ അസൃഗ്രമിന്ദവഃ സുതാ ഋതസ്യ സാദനേ |**
**ഇന്ദ്രായ മധുമത്തമാഃ ||**

അത്യന്തം മധുപൂർണ്ണമായ ഈ സോമം യജ്ഞമണ്ഡപത്തിൽ ഇന്ദ്രനുവേ പിഴിഞ്ഞു കൊിരിക്കുന്നു.

**2. അഭി വിപ്രാ അനൂഷത ഗാവോ വത്സം ന മാതരഃ|**
**ഇന്ദ്രം സോമസ്യ പീതയേ ||**

കിടാക്കളെ നോക്കിക്കരയുന്ന ഗോക്കളെപ്പോലെ, വിദ്വാൻമാർ സോമം പാനം ചെയ്യുന്നതിന് ഇന്ദ്രനെ വിളിക്കുന്നു.

**3. മദച്യുത്ക്ഷേതി സാദനേ സിന്ധോരൂർമാ വിപശ്ചിത് |**
**സോമോ ഗൗരീ അധി ശ്രിതഃ ||**

ഹർഷപ്രദായകമായ സോമം നദികളിലെ തിരമാലകളിലും, ജ്ഞാനിയായ സോമം വാണിയെ ആശ്രയിക്കുകയും ചെയ്യുന്നു.

**4. ദിവോ നാഭാ വിചക്ഷണോ വ്യോ വാരേ മഹീയതേ**
**സോമോ യഃ സുക്രതുഃ കവിഃ**

സൂക്ഷ്മദർശകവും, സുന്ദരവും ആയ ഈ സോമം അന്തരീക്ഷത്തിന്റെ നാഭീരൂപമായ കമ്പിളിരോമങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുന്നു.

**5. യഃ സോമഃ കുലശേഷ്വാം അംതഃ പവിത്ര ആഹിതഃ |**
**തമിന്ദുഃ പാരി ഷസ്വജേ ||**

അരിപ്പയിലൊഴിച്ചതും, കലശത്തിലൊഴിച്ചതും ആയ സോമം അംഗങ്ങളിൽ സ്വയം പ്രവിഷ്ടമാകുന്നു.

**6. പ്ര വാചമിന്ദുരിഷ്യതി സമുദ്രസ്യാധി വിഷ്ടപി |**
**ജിന്വൻകോശം മധുശ്ചുതം ||**

മേഘത്തെ പ്രസന്നമാക്കുന്ന സോമം അന്തരീക്ഷരൂപമായ അരിപ്പയിൽ കൂടി ശബ്ദിക്കുന്നു.

**7. നിത്യസ്തോത്ര വനസ്പതിർധീനാമന്തഃ സബർദുഘഃ |**
**ഹിന്വാനോ മാനുഷോ യുഗാ ||**

അമൃതത്തെ ദോഹനം ചെയ്യുന്ന സോമം, മനുഷ്യരുടെ കർമ്മങ്ങളിൽ പ്രസന്നനായി ഒരു ദിവസം വസിക്കുന്നു.

**8. അഭി പ്രിയാ ദിവസ്പദാ സോമോ ഹിന്വാനോ അർഷതി |**
**വിപ്രസ്യ ധാരയാ കവിഃ ||**

കവിയായ സോമം അന്തരിക്ഷത്തിൽ കൂടി പ്രേരിതമായി, ധാരാരൂപത്തിൽ മേധാവിയുടെ പ്രിയപ്രസ്ഥാനങ്ങളിൽ ചെന്നുച്ചേരുന്നു.

**9. ആ പാവമാന ധാരയ രയിം സഹസ്ര വർചസം |**
**അസ്മേ ഇന്ദോ സ്വാഭുവം ||**

ഹേ സോമമേ! ഞങ്ങൾക്ക് യശസ്സും, ധനവും, ഗൃഹവും പ്രദാനം ചെയ്യേണമേ.

# അദ്ധ്യായം 8

# സൂക്തം 13

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. സോമഃ പുനാനോ അർഷതി സഹസ്രധാരോ അത്യവിഃ |**
**വയോരിന്ദ്രസ്യ നിഷ്കൃതം ||**

അസംഖ്യം ധാരകളോടു കൂടിയ സോമം അരിപ്പയിൽ കൂടി പുറപ്പെട്ട് വായുവിനും ഇന്ദ്രനും കുടിക്കുന്നതിനുവേി ശുദ്ധമായ പാത്രത്തിൽ പതിക്കുന്നു.

**2. പവമാനമവസ്യവോ വിപ്രമഭി പ്ര ഗായത |**
**സുഷ്വാണൻ ദേവവീതയേ ||**

ഹേ രക്ഷകനമാരേ! നിങ്ങൾ ദേവതകൾക്കു കുടിക്കുവാനുള്ള സോമത്തിനുനേരെ പോകുവിൻ.

**3. പവന്തേ വാജസാതയേ സോമാഃ സഹസ്രപാജസഃ |**
**ഗൃണാനാ ദേവപീതയേ ||**

വീര്യമേറിയ സോമം യജ്ഞത്തെ പൂർണ്ണമാക്കുന്നതിനും, അന്നപ്രാപ്തിക്കും വേി പിഴിയപ്പെടുന്നു.

**4. ഉത നോ വാജസാതയേ പവസ്വ ബൃഹതീരിഷഃ |**
**ദ്യുമദിന്ദോ സുവീര്യം ||**

ഹേ സോമമേ! ഞങ്ങൾക്ക് അന്നം കിട്ടുമാറാകുന്നതിനു വേി ബലദായകവും; മഹിമാമയിയും ആയ രസധാരകളെ വർഷിച്ചാലും.

**5. തേ നഃ സഹസ്രിണം രയിം പവന്താമ സുവീര്യം |**
**സുവാന ദേവാസ ഇന്ദവഃ ||**

ഈ പിഴിഞ്ഞ സോമം ഞങ്ങൾക്ക് ആയിരക്കണക്കിനു ധനവും, വീര്യവും പ്രദാനം ചെയ്യുമാറാകണേ.

**6. അത്യാ ഹിയാന ന ഹേതൃഭിരസൃഗ്രം വാജസാതയേ |**
**വി വാരമവ്യമാശവഃ ||**

യുദ്ധരംഗത്തേയ്ക്ക് അശ്വങ്ങളെ അയക്കുന്നതുപോലെ, സോമം അരിപ്പയിൽ കൂടി പുറപ്പെട്ട് അന്നപ്ര ാപ്തിയ്ക്ക് വേി ഗമിക്കുന്നു.

**7. വാശ്രാ അർഷന്തീന്ദവേ ഭി വത്സം ന ധേനവഃ |**
**ദധന്വിരേ ഗഭസ്ത്യോഃ ||**

കിടാക്കളുടെ അടുക്കലേയ്ക്ക് ചെല്ലുന്ന ഗോക്കൾ ശബ്ദിക്കുന്നതുപോലെ, പാത്രത്തിലേയ്ക്ക് വീഴുന്ന സോമം ശബ്ദിക്കുന്ന ആ സോമങ്ങളെ ഋത്വിക്കുകൾ തങ്ങളുടെ കരങ്ങളിൽ വഹിക്കുന്നു.

**8. ജുഷ്ട ഇന്ദ്രായ മത്സരഃ പവമാനഃ കനിക്രദത |**
**വിശ്വാ അപ ദ്വിഷോ ജഹി ||**

ഈ സോമം ഇന്ദ്രനു വളരെ പ്രിയങ്കരമാകുന്നു. ഇത് അവനെ മത്തനാക്കുന്നു. ഹേ സോമമേ! നീ ശബ്ദവാനായി എല്ലാ വൈരികളേയും കൊന്നൊടുക്കേണമേ.

**9. അപഘ്നന്തോ അരാവ്ണഃ പവമാനാഃ സ്വർദൃശ |**
**യാനാ തസ്യ സിദത് ||**

ഹേ സോമമേ! നീ പിശുക്കൻമാരെ നശിപ്പിക്കുവാനും, എല്ലാജീവികളേയും രക്ഷിക്കുന്നവനും ആണല്ലോ. നീ യജ്ഞമണ്ഡപത്തിൽ പ്രതിഷ്ഠിതനാകേണമേ.

## സൂക്തം 14

**ഋഷി അസിതനോ, ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പരി പ്രാസിഷ്യ ദതകവിഃ സിന്ധോരൂർമാവധി ശ്രിതഃ |**
**കാരം വിഭ്രത് പുരസ് പൃഹം ||**

ഈ സോമത്താൽ ശബ്ദത്തെ അനേകർ ഇഷ്ടപ്പെടുന്നു. നദീജലത്തിൽ വസിക്കുന്ന ഇത് ശബ്ദിച്ചുകൊ് നീരൊഴുക്കുന്നു.

**2. ഗിരാ യദീ സബന്ധവഃ പഞ്ച വ്രാതാ അപസ്യവഃ |**
**പരിഷ്കൃണ്വന്തി ധർണാസിം ||**

പഞ്ചദേശക്കാരായ മനുഷ്യർ കർമ്മകുതുകികളായി സ്തുതികളാൽ സാമത്തെ അലങ്കരിക്കുമ്പോൾ, സോമത്താൽ പശുവിൻ പാൽചേർത്തുവകളെല്ലാം അതിൽകൂടി ഹർഷത്തെ പ്രാപിക്കുന്നു.

**3. ആദസ്യ ശുഷ്മിണോ രസേ വിശ്വേ ദേവാ അമത്സത |**
**യദീ ഗോഭിർവസായതേ ||**

സോമത്തെ ഗോരസമുടുപ്പിച്ച് ദേവൻമാരെല്ലാം ഈ കരുത്തൻെറ സത്തിൽ മത്തടിക്കുകയായി.

**4. നിരിണാനോ വിധാവതി ജഹച്ചര്യാണി താന്വാ |**
**അത്രാ സജ്ജിഘ്നതേ യുജാ ||**

അരിപ്പയുടെ ദ്വാരങ്ങളിൽ കൂടി പുറപ്പെടുന്ന സോമം പാഞ്ഞ് ചെന്ന് സഖാവായ ഇന്ദ്രനോടു ചേരുന്നു.

**5. സപ്തീഭിര്യോ വിവസ്വതഃ ശുഭ്രോ ന മാമൃജേ യുവാ |**
**ഗാഃ കൃണ്വാനോ ന നിർണിജം ||**

യുവാവും ഗമനശീലനും ആയ അശ്വത്തെ സ്വഛമാക്കുന്നതുപോലെ തനിക്കുവേി ഗോരസം മിശ്രിതമായ സോമം ഉപാസകരുടെ അംഗുലികളാൽ കഴുകപ്പെടുന്നു.

**6. അതി ശ്രിതീ തിരശ്ച താ ഗവ്യാ ജിഗാത്യൺവ്യാ |**
**വഗ്നുമിയതിം യം വിദേ ||**

ശുദ്ധീകരിച്ച സോമം ഗവ്യത്തിൽ മിശ്രിതമാക്കുന്നതിനു വേി ശബ്ദമുാക്കി കൊാടുന്നു. ഞാനാ സോമത്തെ തന്നെ പ്രാപിക്കും.

**7. അഭി ക്ഷിപഃ സമഗ്മത മർജയന്തീരിഷപ്സതിം |**
**പൃഷ്ഠാ ഗൃഭ്ണത വാജിനഃ ||**

ശുദ്ധീകരിക്കപ്പെട്ട അംഗുലികൾ സോമവുമായി ബന്ധപ്പെട്ടു അതിൻെറ മുതുകിൽ തലോടുന്നു.

**8. പരി ദിവ്യാനി മർമൃശദ്വിശ്വാനി സോമ പാർഥിവാ**
**വസ്ത്രനി യാഹ്യസ്മയുഃ ||**

ഹേ സോമമേ! ദിവ്യവും, പാർഥിവവുമായ എല്ലാ ധനങ്ങളുമായി ഞങ്ങളുടെ അടുക്കൽ വരേണമേ.

## സൂക്തം 15

**ഋഷി അസിതനോ, ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏഷ ധിയാ യാത്യൺവ്യാ ശൂരോ രഥേഭിരാശുഭിഃ |**
**ഗച്ഛന്നിന്ദ്രസ്യ നിഷ്കൃതം ||**

അംഗുലികളാൽ ശുദ്ധമാക്കപ്പെട്ട സോമം കൽമ്മത്താലും ബലത്താലും രഥാരൂഢനായി ഇന്ദ്രനോടു കൂടി പോകുന്നു.

**2. ഏഷ പുരൂ ധിയായതേ ബൃഹതേ ദേവതാതയേ |**
**യത്രമൃതാസ ആസതേ ||**

ദേവകൾ വസിക്കുന്ന എല്ലാ യജ്ഞസ്ഥാനങ്ങളിലും സോമം വളരെയധികം കർമ്മങ്ങളെ ആഗ്രഹിക്കുന്നു.

**3. ഏഷ ഹിതോ വി നിയതേ ന്തഃ ശുഭാവതാ പഥാ യദി**

**തുജ്ഞന്തി ഭൂർണയഃ ||**

ഹവ്യത്തിൽ ചേർക്കപ്പെടുന്ന ഈ സോമം ഹവിസ്സിൻെറ മാർഗ്ഗങ്ങളിൽ കൂടി ആഹ്വാനം ചെയ്യപ്പെടുമ്പോൾ അധ്വര്യുക്കളും ഇതിനെ പ്രാപിക്കുന്നു.

**4. ഏഷ ശൃംങ്ഗാണി ദോധുവച്ഛിശീരേ യുഥ്യോ വൃഷാ |**

**നൃമ്ണാ ദധാന ഓജസാ ||**

ഈ സോമം കൊമ്പുകൾ കുലുക്കപ്പെടുന്നു. ഇത് സ്വന്തം ബലത്താൽ ധനത്തെ വഹിക്കുന്നു.

**5. ഏഷ രുക്മിഭിരീയതേ വാജീ ശുഭ്രേഭിരംശുഭിഃ |**

**പതിഃ സിന്ധൂനാം ഭവൻ ||**

ഉജ്ജ്വലരസമുള്ളവനായ സോമം ഒഴുകുന്ന സകലരസങ്ങളുടേയും സ്വാമിയായി എഴുന്നള്ളുന്നു.

**6. ഏഷ വസൂനി പിബ്ദനാ പരുഷാ യയിവാം അതി |**

**അവ ശാദേഷു ഗച്ഛതി ||**

ഈ സോമം ആഛാദന കർത്താക്കളായ അസുരൻമാരെ കടന്നുപോകുന്നു അവരെ കാണുകയും ചെയ്യുന്നു.

**7. ഏതം മൃജന്തി മർജ്യമുപ ദ്രോണേഷ്വായവഃ |**

**പ്രചക്രാണം മഹീരിഷഃ ||**

ശുദ്ധീകരിച്ച ഈ സോമത്തെ ദ്രോണകലശങ്ങളിൽ പിഴിഞ്ഞൊഴിക്കുന്നു. ഈ സോമം രസാധിക്യങ്ങളാൽ സമ്പന്നമാക്കുന്നു.

**8. ഏതമുത്യം ദശ ക്ഷിപോ മൃജന്തി സപ്ത ധീതയഃ |**

**സ്വായുധം മദിന്തമം ||**

പത്തംഗുലികളും, ഏഴ് ഋത്വിക്കുകളും സുന്ദരമായ സോമത്തെ കഴുകി സ്വഛമാക്കികൊരിരിക്കുന്നു.

## സൂക്തം 16

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര തേ സോതാര ഓണ്യോരസം മദായ ധൃഷ്വയേ |**

**സർഗോ ന തക്ത്യേ തശഃ ||**

ഹേ സോമമേ! നീ ആകാശത്തിൻേറയും ഭൂമിയുടേയും ഇടയിൽ ശത്രുക്കളെ പരാജയപ്പെടുത്തുവാനുള്ള ശക്തിയ്ക്കു വേി പ്രകടമായി. അശ്വത്തെപ്പോലെ അയക്കപ്പെടുന്നു.

**2. ക്രത്വാ ദക്ഷസ്യ രഥ്യമപോ വസാനമന്ധസാ |**

**ഗോഷാമണ്വേഷു സശ്ചിമ ||**

ജലത്തെ മറക്കുന്ന അന്നവാനും, ബലവാനും ആയ സോമത്തോടു കൂടി കർമ്മങ്ങളിൽ വർത്തിക്കുന്ന വിരലുകളെ ചേർക്കുന്നു.

**3. അനപ്ത മപ്സു ദുഷ്ടരം സോമം പവിത്ര ആ സൃജ |**

**പുനീഹീന്ദ്രായ പാതവേ ||**

ഹേ പിഴിയുന്നവരേ! ഈ സോമം അന്തരീക്ഷത്തിൽ സ്ഥിതവും ശത്രുക്കൾക്ക് പ്രാപ്തവും ആകുന്നു. ഇതിനെ ഇന്ദ്രനു കുടിക്കുന്നതിനുവേി അരിപ്പയിൽ ഒഴിച്ച് ശുദ്ധമാക്കുവിൻ.

**4. പ്ര പുനാനസ്യ ചേതസാ സോമഃ പവിത്രേ അർഷതി |**

**ക്രത്വാ സധസ്തമാസദത് ||**

പവിത്രമായ സോമം സ്തുതികൾ വഴിയായി അരിപ്പയിലേയ്ക്ക് ഗമിക്കുകയും, ദ്രോണകലശത്തിൽ വസിക്കുകയും ചെയ്യുന്നു.

**5. പ്ര ത്വാ നമോഭിരിന്ദവ ഇന്ദ്ര സോമാ അസൃക്ഷത |**

**മഹേ ഭരായ കാരിണഃ ||**

ഹേ ഇന്ദ്രാ! നമസ്കാരയുക്തരായ സ്തോതാക്കളാൽ തേജസ്വിയായ സോമം നിന്നെ യുദ്ധത്തിൽ ശക്തനാക്കുവാനായി പ്രാപിക്കുന്നു.

**6. പുനാനോ രൂപേ അവ്യയേ വിശ്വാ ആർഷന്നഭി ശ്രിയഃ |**

**ശൂരോ ന ഗോഷു തിഷ്ഠതി ||**

കമ്പിളിയിൽ തേജസ്ക്കരിക്കപ്പെട്ട സോമം ഒരു വീരനെപ്പോലെ ഗോലാഭത്തിനുവേി പ്രവർത്തിക്കുന്നു.

**7. ദിവോ ന സാനു വിപ്യുഷീ ധാരാ സുതസ്യ വേധസഃ |**

**വൃഥാ പവിത്രേ അർഷതി ||**

അന്തരീക്ഷത്തിൽ നിന്നും ഭൂമിയിലേയ്ക്ക് ജലം വർഷിക്കുന്നതു പോലെ സോമത്തിൻെറ ബലോല്പാദകമായ ധാരകൾ അരിപ്പയിൽ വീഴുന്നു.

**8. ത്വം സോമ വിപശ്ചിതം തനാ പുനാന ആയുഷു |**

**അവ്യോ വാര വി ധാവസി ||**

ഹേ സോമമേ! മനുഷ്യരിൽ ആര് സ്തുതിക്കുന്നവനാകുമോ അവനെ അങ്ങു രക്ഷിക്കുന്നു. തുണിയിലരിക്കപ്പെട്ടിരിക്കുന്ന നീ കമ്പിളിയിൽ സ്ഥിതിചെയ്യുന്നു.

## സൂക്തം 17

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര നിമ്നനേവ സിന്ധവോ ഘ്നന്തോ വൃത്രാണി ഭൂർണവഃ |**

**സോമാ അസൃഗ്രമാശവഃ ||**

നദീജലം താഴോട്ടു പ്രവഹിക്കുന്നതുപോലെ ദ്രുതഗാമിയായ സോമം കുടത്തിലേയ്ക്ക് ഒഴുക്കുന്നു.

**2. അഭി സുവാനാസ ഇന്ദവോ വൃഷ്ടയഃ പൃഥിവീമിവ |**

**ഇന്ദ്രം സോമസോ അക്ഷരൻ ||**

വർഷജലം ഭൂമിയുടെമേൽ പതിക്കുന്നതുപോലെ സമ്പന്നമായ സോമം ഇന്ദ്രൻെറമേൽ പതിക്കുന്നു.

**3. അത്യൂർമിർത്സിരോ മദഃ സോമഃ പവിത്രേ അർഷതി**

**വിഘ്നന്റക്ഷാംസി ദേവയുഃ ||**

വളരെ വലുതായ സോമം അസുരൻമാരെ സംഹരിച്ചുകൊ് ദേവകാമനായി അരിപ്പയിലേയ്ക്ക് ഒഴുകുന്നു.

**4. ആ കലശേഷു ധാവതി പവിത്രേ പരി ഷിച്യതേ |**

**ഉക്ഥൈർയജ്ഞേഷു വർധതേ ||**

കലശത്തെ പ്രാപിക്കുന്നതിനുവേി സോമം അരിപ്പയിൽ പിഴിഞ്ഞുവീഴുകയും, ഉക്ഥങ്ങളാൽ വളരുകയും ചെയ്യുന്നു.

**5. അതി ത്രീ സോമ രോചനാ രോഹന്ന ഭ്രാജസേ ദിവം |**

**ഇഷ്ണൻ സൂര്യം ന ചോദയഃ ||**

ഹേ സോമമേ! നീ ത്രിലോകങ്ങളേയും കടന്ന് സ്വർഗ്ഗത്തെ പ്രകാശിതമാക്കുകയും സൂര്യനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

**6. അഭി വിപ്രാ അനൂഷത മൂർധന്യജ്ഞസ്യ കാരവഃ |**

**ദധാനാക്ഷസി പ്രിയം ||**

ജ്ഞാനികളായ സ്തോതാക്കൾ സോമം പിഴിയുന്നവരേയും

സോമത്തേയും അതിയായി സ്തുതിക്കുന്നു.

**7. തമു ത്വാ വാജിനം നരോ ധീൽവിപ്രാ അവസ്യവഃ |**
**മൃജന്തി ദേവതാതയേ ||**

ഹേ സോമമേ! ജ്ഞാനികൾ അന്നം ആഗ്രഹിച്ചുകൊ് കർമ്മങ്ങളിൽ നിന്നെ സംസ്കരിക്കുന്നു.

**8. മധോർധാരാമനു ക്ഷര തീവ്രഃ സധസ്ഥമാസദഃ |**
**ചാരുർ ഋതായ പീതയേ ||**

ഹേ സോമമേ! നീ പ്രവഹിച്ചുകൊ് മധുരമയമാകുകയും, യജ്ഞസ്ഥാനത്തിൽ പ്രതിഷ്ഠിതനാകുകയും ചെയ്യണേ.

## സൂക്തം 18

**ഋഷി അസിതനോ, ദേവലനോ, ദേവത സോമം ഛന്ദസ് ഗായത്രി.**

**1. പരി സുവാനോ ഗാരിഷ്ഠാഃ പവിത്രേ സോമോ അക്ഷാഃ |**
**മദേഷു സർവധാ അസി ||**

ഈ സോമം കല്ലിൻെറ പുറത്തിരിക്കുന്നു. ഇത് അരിപ്പയിൽ പിഴിഞ്ഞൊഴിക്കുന്നു. ഹേ സോമമേ! നീ എല്ലാവരേയും വഹിക്കുന്നവനാണല്ലോ.

**2. ത്വം വിപ്രസ്ത്വം കവിർമധു പ്ര ജാതമന്ധസഃ |**
**മദേഷു സർവധാ അസി ||**

ഹേ സോമമേ! നീ ജ്ഞാനിയാകുന്നു. അന്നത്തിൽ നിന്നും ഉല്പന്നമാകുന്ന മധുരരസം പ്രദാനം ചെയ്താലും. എന്തുകൊന്നൊൽ നീ എല്ലാത്തിൻേറയും ധാരകനും, ഹർഷയുക്തനും ആണല്ലോ.

**3. തവ വിശ്വേ സജോഷസോ ദേവാസഃ പീതിമാശത |**
**മദേഷു സവധാ അസി ||**

ഹേ സോമമേ! ദേവകളെല്ലാം നിന്നെ പാനം ചെയ്യുന്നു. ഹർഷോല്പന്നമായ എല്ലാ വസ്തുക്കളേയും നീ തന്നെ വഹിക്കുന്നു.

**4. ആ യോ വിശ്വാനി വാര്യാ വസൂനി ഹസ്തയോർദധേ |**
**മദേഷു സർവധാ അസി ||**

വരണീയമായ ധനങ്ങളെ സോമം സ്തോതാക്കൾക്കു കിട്ടുമാറാകുന്നു. ഹേ സോമമേ! നീ എല്ലാത്തിൻേറയും ധാരനാകുന്നു.

**5. യ ഇമേ രോദസീ മഹീ സം മാതരേവ ദോഹതേ |**
**മദേഷു സർവധാ അസി ||**

ഹേ സോമമേ! ഒരു ബാലനെ രമ്മമാർ പാലിക്കുന്നതുപോലെ ആകാശവും ഭൂമിയും വഴിയായി നീ പുഷ്ടപ്പെടുന്നു.

**6. പരി യോ രോദസീ ഉഭേ സദ്യോ വാജേഭിരർഷതി |**
**രദേഷു സർവധാ അസി ||**

വീര്യവാനായ സോമം പിഴിയപ്പെടുന്ന സമയത്ത് ശബ്ദിച്ചുകൊ് കലശത്തിലേയ്ക്ക് പോകുന്നു.

## സൂക്തം 19

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. യത്സോമ ചിത്രമുക്ഥ്യം ദിവ്യം പാർഥിവം വസ തന്നഃ**
**പുനാന ആ ഭര ||**

ഹേ സോമമേ! ആകാശത്തിലും ഭൂമിയിലും എത്രമാത്രം ധനമുാേ അവയെല്ലാം നീ പിഴിയപ്പെടുമ്പോൾ ഞങ്ങൾക്കു കിട്ടുമാറാക്കണേ.

**2. യുവം ഹിസ്ഥഃ സ്വർപതീ ഇന്ദ്രശ്ച സോമ ഗോപതീ |**
**ഈശാനാ പിപ്യതം ധിയഃ ||**

ഹേ സോമമേ! ഞങ്ങളുടെ ഭാഗ്യത്തെ തഴപ്പിക്കേണമേ. നീയും ഇന്ദ്രനും രുപേരും ഗോപാലകരും എല്ലാത്തിൻേറയും ഈശ്വരൻമാരുമാണല്ലോ.

**3. വൃഷാ പുനാന ആയുഷു സ്തനയന്നധി ബർഹിഷി |**
**ഹരിഃ സന്യോനിമാസദത് ||**

പിഴിഞ്ഞുകഴിയുമ്പോൾ കാമ്യവർഷകനായ ഈ സോമം പച്ചനിറമാർന്ന് വിരിച്ചിട്ടു ദർഭരിൽ ശബ്ദമുാക്കി ക്കൊിരുന്നു.

**4. അവാവശന്ത ധീതയോ വൃഷഭസ്യാധി രേതസി |**
**സൂനോർവത്സസ്യ മാതരഃ ||**

കടിക്കപ്പെടുന്ന തണ്ണീരുകൾ മകനായ കുന്നിൻെറ തള്ളമാർ വൃഷഭത്തെ സ്വർഗ്ഗീയമായ സമ്പത്തുകൊ് വീും വീും വളർത്തുവാൻ ആഗ്രഹിക്കുന്നു.

**5. കുവിദ്വഷണ്യന്തീഭ്യഃ പുനാനോ ഗർഭമാദധത് |**
**യാഃ ശുക്രം ദുഹതേ പയഃ ||**

അരിക്കപ്പെടുന്ന സോമം വൃഷമനെ ഇഛിച്ച് ചുരത്തുന്നവയെ പലവുരു ഗർഭ ധരിപ്പിക്കുന്നു.

**6. ഉപ ശിക്ഷാപതസ്ഥുഷോ ഭിയസമാ ദേഹി ശത്രുഷു |**
**പവമാന വിദാ രയിം ||**

ഹേ സോമമേ! ഞങ്ങളുടെ യാതൊരാഗ്രഹങ്ങൾ ദൂരത്തായി കാണപ്പെടുന്നുവോ, അവയെ ചാരത്തുകൊുവന്നാലും. ശത്രുക്കളെ ഭയപ്പെടാത്ത അവരുടെ ധനത്തെ കൊുവന്നാലും.

**7. നീ ശത്രോഃ സോമ വൃഷ്ണ്യം നി ശുഷ്മം നി വയസ്തിര**
**ദൂരേ വാ സതോ അന്തി വാ ||**

ഹേ സോമമേ! നീ അടുത്തോ അകലയോ എവിടെയെ ങ്കിലുമോ ആകട്ടെ. അവിടെ നിന്നും വന്ന് ശത്രുക്കളുടെ ബലത്തെ നശിപ്പിച്ചാലും, അവരുടെ തേജസ്സിനെ ഇല്ലാതാക്കണമേ.

## സൂക്തം 20

**ഋഷി അസിതനോ, ദേവലനോ, ദേവത സോമം ഛന്ദസ് ഗായത്രി.**

**1. ഏതേ ധാവന്തീന്ദവഃ സോമാ ഇന്ദ്രായ ഘൃഷ്വയഃ |**
**മത്സുരസഃ സ്വർവിദഃ ||**

സോമം ഹർഷപ്രദായകവും ലോകങ്ങളെ സംരക്ഷിക്കുന്നവനും ആകുന്നു. അവൻ ഇന്ദ്രങ്കലേക്കു പായുന്നു.

**2. സ ഹിഷ്മാ ജരിതൃഭ്യ ആ വാജം ഗോമന്തമിന്വതി |**
**പവമാനഃ സഹസ്രിണം ||**

ഈ സോമം സ്തോതാക്കൾക്കു ഗോക്കളേയും അസീമിതമായ അന്നവും കൊടുക്കുന്നു.

**3. പരി വിശ്വാനി ചേതസാ മൃശസേ പവസേ മതീ |**
**സ നഃ സോമ ശ്രവോ വിദഃ ||**

ആയാസരഹിതമായി കളിയാടുന്ന സോമം ഒരേസ്ഥലത്തു നീരൊഴുക്കുന്നു. ദ്രോണകലശത്തിൽ പതിച്ച് ഒന്നായിത്തീരുകയും ചെയ്യുന്നു.

**4. അഭ്യർഷ ബൃഹദ്യശോ മഘവദ്ഭ്യോ ധ്രുവം രയിം |**

**ഇഷം സ്തോതൃഭ്യ ആ ഭര ||**

ഹേ സോമമേ! നീ മഹത്തായ യശസ്സ് പ്രദാനം ചെയ്താലും. സ്തോതാക്കൾക്ക് അന്നവും ഹവിർദാതാവിന് ധനവും കൊടുക്കുമാറാകണേ.

**5. ത്വം രാജേവ സുവ്രതോ ഗിരഃ സോമാ വിവേശിഥ |**

**പുനാനോ വഹ്നേ അദ്ഭുത ||**

ഹേ സോമമേ! നീ സൽകർമ്മാവാണല്ലോ പിഴിയപ്പെടുന്ന ഭവാൻ ഞങ്ങളുടെ സ്തുതികളെ ഒരു രാജാവിനെപ്പോലെ സ്വീകരിച്ചാലും, നീ വിചിത്രഗതിക്കാരനും, വാഹകനുമാകുന്നു.

**6. സ വഹ്നിരപ്സു ദുഷ്ടരോ മൃജ്യമാനോ ഗഭസ്ത്യോഃ |**

**സോമശ്ചമൂഷു സീദതി ||**

സോമം കഠിനമായി മർദ്ദിക്കപ്പെടുന്നു. അപ്പോൾ അത് പാത്രത്തിൽ വീഴുന്നു. ആ സോമം തന്നെ അന്തരീക്ഷത്തിൽ വിരാജിക്കുന്നു.

**7. ക്രീളുർമഖോ ന മംഹയുഃ പവിത്രം സോമ ഗച്ഛസി |**

**ദധത്സ്തോത്രേ സുവീര്യം ||**

ഹേ സോമമേ! നീ തരുവാനാഗ്രഹിക്കുന്നു. അതിനാൽ സ്തോതാവിന് ശ്രേഷ്ഠമായ ബലം നല്കി അരിപ്പയിൽ പിഴിഞ്ഞു വീണാലും.

## സൂക്തം 21

**ഋഷി അസിതനോ, ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏതേ ധാവന്തീന്ദവഃ സോമാ ഇന്ദ്രായ ഘൃഷ്വയഃ |**

**മത്സുരാസഃ സ്വർവിദഃ ||**

സോമം ഹർഷപ്രദായകനും ലോകങ്ങളെ സംരക്ഷിക്കുന്നവനും ആകുന്നു. അവൻ ഇന്ദ്രങ്കലേയ്ക്ക് പായുന്നു.

**2. പ്രവൃണ്വന്തോ അഭിയുജഃ സുഷ്വയേ വരിവോവിദഃ |**

**സ്വയം സ്തോത്രേ വയസ്കൃതഃ ||**

സോമം പിഴിയലിനെ ആശ്രയിച്ച് കൊ് എല്ലാവരോടും ചേരുന്നു. സ്തോതാക്കൾക്കന്നവും യജമാനനു ധനവും നൽകുന്നു.

**3. വൃഥാക്രീലന്ത ഇന്ദവഃ സാധസ്ഥമഭ്യേകമിത് |**

**സിന്ധോരൂർമാ വ്യക്ഷരൻ ||**

ആയാസരഹിതമായിക്കളിയാട്ടുന്ന സോമം ഒരേ സ്ഥലത്തു നീരൊഴുക്കുന്നു. ദ്രോണകലശത്തിൽ പതിച്ച് ഒന്നായിത്തീരുകയും ചെയ്യുന്നു.

**4. ഏതേ വിശ്വാനി വാര്യാ പവമാനാസ ആശത |**

**ഹിതാ ന സപ്തയോ രഥേ ||**

രഥത്തിൽ പൂട്ടപ്പെട്ട അശ്വങ്ങൾ ഭാരം വഹിക്കപ്പെടുന്നതുപോലെ ഈ പിഴിഞ്ഞ സോമം എല്ലാ ധനങ്ങളും വഹിച്ചുകൊുവരുന്നു.

**5. ആസ്മിൻപിശങ്ഗമിന്ദവോ ദധാതാ വേനമാദിശേ |**

**യോ അസ്മഭ്യമരാവാ ||**

ഹേ സോമമേ! യജമാനൻെറ എല്ലാ ആശകളും നിറവേറ്റുന്നതിനുള്ള ധനം നൽകു. എന്തുകൊന്നൊൽ ഈ യജമാനൻ ഞങ്ങൾക്ക് ദാനം നൽകുന്നവനാകുന്നു.

**6. ഋഭൂർന രഥ്യം നവന്ദധാതാ കേമാദിശേ |**

**ശുക്രാഃ പവധ്വമർണസാ ||**

ഹേ സോമമേ! ഋഭുഗുണം സാരഥിയ്ക്ക് ചാതുര്യം നൽകുന്നതുപോലെ ഈ യജമാനന് ബുദ്ധി നൽകിയാലും. ജലത്തോടു ചേർത്തു ഉജ്ജ്വലാക്കി പിഴിയുവിൻ.

**7. ഏത ഉ ത്യേ അവീവശൻകാഷ്ഠാം വാജിനോ അക്രത |**

**സതഃ പ്രാസാവിഷുർമതിം ||**

ഈ സോമം യജ്ഞകാമനാകുന്നു. യജമാനൻെറ ബുദ്ധിയെ പ്രേരിപ്പിക്കുന്നവനും, വാസസ്ഥാനദാതാവും ആകുന്നു.

## സൂക്തം 22

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏതേ സോമാസ ആശവോ രഥാ ഇവ പ്ര വാജിനഃ |**

**സർഗാ സൃഷ്ടാ അഹേഷതഃ ||**

രണഭൂമിയിലേയ്ക്ക് രഥവും അശ്വങ്ങളും എപ്രകാരം പോകുന്നുവോ, അതുപോലെ തന്നെ ഈ സോമം അരിപ്പയുടെ അടുക്കലേയ്ക്ക് ചെല്ലുന്നു.

**2. ഏതേ വാതാ ഇവോരവ ഃ പർജന്യസ്യേവ വൃഷ്ടയഃ |**

**അഗ്നേരിവ ഭ്രമാ വൃഥാ ||**

ഈ സോമം വായു, മേഘം, അഗ്നിജ്വാലകൾ എന്നിവപോലെ എങ്ങും നിറഞ്ഞു വിലസുന്നു.

**3. ഏതേ പൂതാ വിപശ്ചിതഃ സോമാസോ ദധ്യാശിരഃ |**

**വിപാ വ്യാനശുർധിയഃ ||**

ശുദ്ധീകരിക്കപ്പെട്ട ഈ സോമം ക്ഷീരമിശ്രിതമാക്കപ്പെട്ട് നമ്മിൽ രമിക്കുന്നു.

**4. ഏതേ മൃഷ്ടാ അമർത്യാഃ സസൃവാംസോ ന ശശ്രമുഃ |**

**ഇയക്ഷന്തഃ പഥോ രജഃ ||**

എല്ലാ സോമങ്ങളും പവിത്രവും അമരത്വയുക്തവും ആകുന്നു. ഇവ സഞ്ചരിക്കുമ്പോൾ ക്ഷീണിക്കുന്നേയില്ല.

**5. ഏതേ പൃഷ്ഠാനി രോദസീർവിപ്രയന്തോ വ്യാനശുഃ |**

**ഉതേദമുത്തമം രജഃ ||**

ഈ സോമൻമാർ ആകാശത്തിൻേറയും ഭൂമിയുടേയും മുതുകിൽ കൂടി സഞ്ചരിച്ച് സ്വർഗ്ഗലോകത്തിൽ ചെല്ലുന്നു.

**6. തന്തും തന്വാനമുത്തമമനു പ്രവത ആശത |**

**ഉതേദമുത്തമായ്യം ||**

യജ്ഞത്തെ വളർത്തുന്ന ശ്രേഷ്ഠമായ സോമത്തെ ജലം വളർത്തുന്നു. സോമത്താൽ യജ്ഞവും ശ്രേഷ്ഠമായി ഭവിക്കുന്നു.

**7. ത്വം സോമ പണിഭ്യ ആ വസു ഗവ്യാനി ധാരയഃ |**

**തത തന്തുമചിക്രദഃ ||**

ഹേ സോമമേ! നീ ഗോരൂപമായ, ഹിതകാരിയായ ധനത്തെ പിശുക്കൻമാരിൽ നിന്നും പിടിച്ചെടുക്കുന്നു. ഈ യജ്ഞത്തെ വളർത്തുവാനുള്ള ശബ്ദം പുറപ്പെടുവിച്ചാലും.

## സൂക്തം 23

**ഋഷി അസിതനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. സോമാ അസൃഗ്രമാശവോ മധോർമദസ്യ ധാരയാ |**

**അഭി വിശ്വാനി കാവ്യാ ||**

ഈ ദ്രുതഗാമിയായ സോമം സ്തോത്രം നടത്തുന്ന സമയം പിഴിയപ്പെടുന്നു.

**2. അനു പ്രത്നാന ആയവഃ പദം നവീയോ അക്രമുഃ |**

**രുചേ ജനന്ത സൂര്യം ||**

പ്രാചീനസോമം നവീനനായി സൂര്യനെ പ്രകാശമാനനാക്കുന്നു.

**3. ആ പവമാന നോ ഭരാര്യോ അദാശുഷോ ഗയം |**

**കൃധി പ്രജാവതീ രിഷഃ ||**

ഹേ സോമമേ! നീ പിഴിയപ്പെട്ടവനായി അദാനശീലരുടെ വീടുകൾ ഞങ്ങൾക്കു കിട്ടുമാറാകുകയും സന്താനങ്ങളും; ധനവും പ്രദാനം ചെയ്യുകയും ചെയ്യേണമേ.

**4. അഭി സോമാസ ആയവഃ പവന്തേ മദ്യം മദം |**

**അഭി കോശം മധു ശ്രുതം ||**

ഈ സോമം അതിന്റെ ഹർഷദായകവും, മധു സ്രാവിയും ആയ രസത്തെ വർഷിക്കുന്നു.

**5. സോമോ അഷധി ധർണസിർദധാന ഇന്ദ്രിയം രസം |**

**സു വീരോ അഭിശസ്തി പാഃ ||**

ഈ സോമം ലോകങ്ങളെ താങ്ങി നെർത്തുന്നു. ഇന്ദ്രിയങ്ങളെ പുഷ്ടിപ്പെടുത്തുന്ന രസത്തെ വഹിച്ചുകൊ് ഹിംസയിൽ നിന്നും രക്ഷിച്ച് വീരകർമ്മങ്ങളാൽ യുക്തനാകുന്നു.

**6. ഇന്ദ്രായ സോമ പവസേ ദേവേഭ്യഃ സധമാദ്യഃ |**

**ഇന്ദ്രോ വാജം സിഷാസസി ||**

ഹേ സോമമേ! നീ യജ്ഞത്തിൻ പാത്രമാകുന്നു. ഇന്ദ്രാദിദേവകൾക്കു വേി പിഴിയപ്പെടുകയും, ഞങ്ങളക്കന്നം നൽകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

**7. അസ്യ പീത്വാ മദാനാമിന്ദ്രോ വൃത്രാണ്യപ്രതി |**

**ജഘാന ജഘനച്ച നു ||**

ഇന്ദ്രൻ അജയ്യനാകുന്നു. അവൻ ഹർഷപ്രദായകമായ ഈ സോമം പാനം ചെയ്ത് ശത്രുക്കളെ വധിച്ചു. ഇപ്പോഴും അങ്ങിനെ തന്നെ ചെയ്തുകൊിരിക്കുന്നു.

## സൂക്തം 24

**ഋഷി അസിതാനോ ദേവലനോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര സോമാസോ അധന്വിഷുഃ പവമാനസ ഇന്ദ്രനവഃ |**

**ശ്രീണാനാ അപ്സു മൃജ്ഞതം ||**

ഈ സോമം ദീപ്തനായി ക്ഷീരാദികളാൽ മിശ്രിതമാവുകയും ജലത്തിൽ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

**2. അഭി ഗാവോ അധന്വിഷുരാപോ ന പ്രവതാ യതീഃ |**

**പുനാനാ ഇന്ദ്രമാശത ||**

ജലം നിമ്നഭാഗങ്ങളിലേയ്ക്ക് ഒഴുകുന്നു. അതുപോലെ സോമവും ഇന്ദ്രങ്കലേയ്ക്ക് ഒഴുകുന്നു.

**3. പ്ര പവമാന ധന്വസി സോമേന്ദ്രായ പാതവേ |**

**നൃഭിർയതോ വി നീയസേ ||**

ഹേ സോമമേ! പിഴിഞ്ഞു കഴിയുമ്പോൾ മനുഷ്യൻ നിന്നെ അയക്കുന്നു. ഇവിടെ ഇന്ദ്രനു കൂടിക്കുവാൻ ചെന്നുച്ചേരുന്നു.

**4. ത്വം സോമ നൃമാദനഃ പവസ്വ ചർഷണീ സഹേ |**

**സസ്നിര്യോ അനുമാദ്യഃ ||**

ഹേ സോമമേ! ഭവാൻ ശത്രുസംഹാരകനായ ഇന്ദ്രനുി ഒഴുകിയാലും നീ മനുഷ്യർക്ക് ഹർഷപ്രദായനാണല്ലോ.

**5. ഇന്ദ്രോ യദദ്രിഭിഃ സുതഃ പവിത്രം പരിദാവസി |**

**അരമിന്ദ്രസ്യ ധാമ്നേ ||**

ഹേ സോമരസമേ! നീ അമ്മിക്കല്ലുകൊ് ഇടിക്കപ്പെട്ട് അരിപ്പയിൽ എത്തുമ്പോൾ ഇന്ദ്രൻ തൃപ്തനാകുന്നു.

**6. പവസ്വ വൃത്രഹന്ത മോക്ഥേഭിരനുമാദ്യഃ |**

**ശുചിഃ പാവകോ അദ്ഭുതഃ ||**

ഹേ സോമരസമേ! വ്രത്യഹനനത്തിന് നീ ഇന്ദ്രനോടു കൂടിയുായിരുന്നു. നീ ഉക്ഥങ്ങളിൽ സ്തുതിക്കപ്പെട്ടവനായി അത്ഭുതഗുണങ്ങളോടു കൂടിയവനും പരിശുദ്ധനും ആകുന്നു.

**7. ശുചിഃ പാവക ഉച്യതേ സോമഃ സുതസ്യ മധ്വഃ |**

**ദേവാ വീരധശം സഹാ ||**

സോമം ശുദ്ധീകരിക്കപ്പെടുന്നു. അത് ശത്രുക്കളെ നശിപ്പിക്കുകയും, ദേവികൾക്ക് ഹർഷം ഉളവാക്കുകയും ചെയ്യുന്നു.

# അനുവാകം 8

## സൂക്തം 25

**ഋഷി അഗസ്ത്യപുത്രൻ ദൃളഹച്യുതൻ, ദേവത സോമം, ഛന്ദസ് ഗായത്രി**

**1. പവസ്വ ദക്ഷാസാധനോ ദേവേഭ്യഃ പീതയേ ഹരേ |**

**മരുദ്ഭ്യോ വായവേ മദഃ ||**

ഹേ സോമമേ! നീ പാപനാശകനും ബലവർദ്ധകനും ആകുന്നു. നീ പാപനാശകൾക്കും വായുവിനും, ദേവകൾക്കും വേി നീരൊഴുക്കിയാലും.

**2. പവമാന ധിയാ ഹിതോഭി യോനി കനിക്രദത് |**

**ധർമണാ വായുമാ വിശ ||**

ഹേ സോമമേ! നീ ശബ്ദിച്ചുകൊ് സ്വസ്ഥാനത്തെത്തുകയും വായുവിനോട് ചേരുകയും ചെയ്യേണമേ.

**3. സം ദേവൈഃ സോഭതേ വൃഷാ കവിർയോനാവധി പ്രിയഃ |**

**വൃത്രഹാ ദേവ വീതമഃ ||**

ഈ സോമം അഭീഷ്ടവർഷിയും, പ്രിയങ്കരനും; ഉജ്ജ്വലനും, വൃത്രഹന്താവും, ദേവകാമനും, ശുദ്ധനും ആകുന്നു.

**4. വിശ്വാരൂപാണ്യാവിശൻപുനാനോ യാതി ഹർയതഃ |**

**യത്രാമൃതാസ ആസതേ ||**

പിഴഞ്ഞതും സ്വചരവുമായ ഈ സോമം ദേവസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു.

**5. അരുണോ ജനയൻഗിരഃ സോമഃ പവത ആയുഷക് |**

**ഇന്ദ്രം ഗഛൻ കവിക്രതുഃ ||**

സുന്ദരമായ സോമം ശബ്ദിച്ചുകൊ് വീഴുകയും, ഇന്ദ്രനെ പ്രാപിച്ച് ജ്ഞാനിയായിത്തീരുകയും ചെയ്യുന്നു.

**6. ആ പവസ്വ മദിന്തമ പവിത്രം ധാരയാ കവേ |**

**അർകസ്യയോനിമാസദം ||**

ഏറ്റവുമധികം ലഹരിപ്രദായകമായ സോമം അരിപ്പയിൽകൂടി കടന്ന് ഇന്ദ്രനിൽ ചെന്നുചേരുന്നു.

## സൂക്തം 26

**ഋഷി ഇധ്മവാഹൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. തമമൃക്ഷന്ത വാജിനമുപസ്ഥേ അദിതേരധിം |**
**വി്രാസോ അൺവ്യാ ധിയാ ||**

വേഗവാനായ സോമം വിദ്വാൻമാരുടെ അംഗുലികളാലും സ്തുതികളായും ശുദ്ധീകരിക്കപ്പെടുന്നു.

**2. തം ഗാവോ അഭ്യനൂഷത സഹസ്രധാരാ മക്ഷിതം |**
**ഇന്ദും ധർതാരമാ ദിവഃ ||**

വളരെ ധാരകളോടുകൂടിയ സോമത്തെ സ്വർഗ്ഗവാഹകനായി മാനിച്ച് സ്തുതികളാൽ പൂജിക്കുന്നു.

**3. തം വേധാം മേധയാഹ്യൻപവമാനമധി ദ്യവി |**
**ധർണസി ഭൂരിംധായസം ||**

സോമം എല്ലാവരുടേയും നേതാവും അനന്തകർമ്മാവും, എല്ലാത്തിനേയും വഹിക്കുന്നവനും ആകുന്നു. ജ്ഞാനികൾ അവനെ പിഴിഞ്ഞ് സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കുന്നു.

**4. തമഹ്യൻ ഭൂരിജോർധിയാ സവസാനം വിവസ്വതഃ |**
**പതിം വാചോ അദാഭ്യം ||**

പാത്രത്തിൽ പ്രതിഷ്ഠിക്കപ്പെടുന്ന സോമം സ്തുതികളുടെ സ്വാമിയും അഹിംസിതനും ആകുന്നു. അതിനെ ഋത്വിക്കുകൾ പത്തുവിരലുകൾ കൊും പിഴിയുന്നു.

**5. തം സാനാവധി ജാമയേ ഹരിം ഹിന്വന്ത്യദ്രിഭിഃ |**
**ഹര്യതം ഭൂരിചക്ഷസം ||**

ദർശനീയവും, രമണീയവും ആയ സോമത്തെ ഇടിച്ചുപിഴിയുന്നതിനായി വിരലുകൾ മേൽപോട്ടുയർത്തുന്നു.

**6. തംത്വാ ഹിന്വന്തി വേധസഃ പവമാന ഗിരാവൃധം |**
**ഇന്ദ്രവിന്ദ്രായ മത്സരം ||**

ഹേ സോമമേ! ഭവാൻ സ്തുതിക്കപ്പെടുന്നവനും, വളർന്നവനും, ഹർഷപ്രദായകനും ആകുന്നു. ഋത്വിക്കുകൾ അങ്ങയെ ഇങ്കലേയ്ക്ക്യക്കുന്നു.

## സൂക്തം 27

**ഋഷി നൃമേദൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏഷ കവിരഭിഷ്ടുതഃ പവിത്രേ അധി ശോശതേ |**
**പ ുനാനോ ധ്നന്നപ സ്രിധഃ ||**

ഈ സോമം എല്ലാവരാലും പ്രശംസിക്കപ്പെടുന്നു. ഇത് അരിപ്പയിൽ കൂടി കടന്നുപോകുന്നു. പിഴിഞ്ഞു കഴിഞ്ഞാൽ ഇതു ശത്രുക്കളെ നശിപ്പിക്കുന്നു.

**2. ഏപ ഇന്ദ്രായ വായവേ സ്വർജിത് പരി ഷ്ച്യതേ |**
**പവിതേ ദക്ഷസാധനഃ ||**

ഈ സോമം അത്യന്തം ബലദായകവും, വിജയശീലത്തോടു കൂടിയതുമാകുന്നു. ഇതിനെ ഇന്ദ്രനും വായുവിനും വേി അരിപ്പയിൽ ഒഴിക്കുന്നു.

**3. ഏഷ നൃഭിർമി നീയതേ ദിവോ മൂർധാ വൃഷാ സുതഃ |**
**സോമോ വനേഷു വിശ്വവിത് ||**

ഈ സോമം ആകാശത്തിന്റെ മൂർധാവാകുന്നു. മനുഷ്യൻ ഇതിനെ പല രീതികളിൽ സൂക്ഷിക്കുന്നു. സുന്ദരമായ പാത്രത്തിൽ വയ്ക്കപ്പെട്ടിരിക്കുന്ന ഈ സോമം സർവ്വജ്ഞാനിയും സംസ്കൃതനും ആകുന്നു.

**4. ഏഷ ഗവ്യുരാചക്രദത് പവമാന ഹിരണ്യയുഃ |**
**ഇന്ദുഃ സത്രാജിതസ്തൃതഃ ||**

പിഴിയുമ്പോൾ ശബ്ദമുാക്കുന്ന ഇവൻ നമുക്ക് ഗോക്കളും സ്വർണ്ണവും തരുന്നു. ഇവൻ ശത്രുക്കളെയെല്ലാം അമർത്തുന്നവനും, ദീപ്തനും, ഹിംസാരഹിതനും ആകുന്നു.

**5. ഏഷ സൂര്യേണ ഹാസതേ പവമാനോ അധിദ്യവി**
**പവിത്രേ മത്സരോ മദഃ ||**

ഹർഷപ്രദായകമായ ഈ സോമം ശുദ്ധീകരിക്കുന്നവനാകുന്നു. പവിത്രമായ സൂര്യമണ്ഡലത്തിൽ സൂര്യനാൽ ഇത് അരിക്കപ്പെടുന്നു.

**6. ഏഷ ശുഷ്മ്യസിഷ്യദന്തരിക്ഷേ വൃഷാ ഹരിഃ |**
**പുനാന ഇന്ദുരിന്ദ്രമാ ||**

ഈ സോമം അരിപ്പയാകുന്ന അന്തരീക്ഷത്തിൽ കൂടി ഇന്ദ്രനെ പ്രാപിക്കുന്നു. ഇത് ഹരിതവർണ്ണനും, അഭീഷ്ടവർഷകനും, ശുദ്ധീകരിക്കുന്നവനും ഇജ്ജ്വലനും ആകുന്നു.

## സൂക്തം 28

**ഋഷി പ്രവിയമേധൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏഷ വാജീ ഹിതോ നൃഭിർവിശ്വവിൻമന സസ്പതിഃ |**
**അന്യോ വാരം വിധാവതി ||**

പാത്രസ്ഥിതമായ സോമം സർവ്വജ്ഞാനിയും, അഖിലേശ്വരനും; ഗമനശീലനുമായി കമ്പിളിയരിപ്പിലേയ്ക്ക് പോകുന്നു.

**2. ഏഷ പവിത്രേ അക്ഷരത് സോമോ ദേവേഭ്യഃ സുതഃ |**
**വിശ്വാ ധാമാന്യവിശൻ ||**

ദേവകൾക്കുവേി പിഴിയപ്പെട്ട സോമം ദേവശരീരത്തിൽ പ്രവേശിക്കുന്നതിനായി അരിപ്പയിലേയ്ക്ക് ഒഴുകുന്നു.

**3. ഏഷ ദേവഃ ശുഭായതേ ധി യോനാവമർത്യഃ |**
**വൃത്രഹാ ദേവവീതമഃ ||**

ഈ സോമം ദേവകളെ കാമിക്കുകയും, വൃതഹന്താവായി തന്റെ സ്ഥാപനത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

**4. ഏഷ വൃഷാ കനിക്രദദ്ദശഭിർജാമിഭിര്യതഃ |**
**അഭി ദ്രോണാനി ധാവതി ||**

ഈ അഭീഷ്ടവർഷകൻ അംഗുലികളാൽ പിഴിയപ്പെട്ട് ദ്രോണകലശത്തിലേയ്ക്ക് ഒഴുകുന്നു.

**5. ഏഷ സൂര്യ മരോചയത്പവമാനോ വിചർഷണിഃ |**
**വിശ്വാ ധാമാനി വിശ്വവിത് ||**

സർവദർശിയും, തേജസ്വിയും ആയ സോമം സൂര്യാദികളായ തേജപുജ്ഞങ്ങളെയെല്ലാം ശുദ്ധമാക്കുന്നു.

**6. ഏഷ ശുഷ്മ്യദാഭ്യഃ സോമഃ പുനാനോ അർഷതി |**
**ദേവാവീരധശംസഹാ ||**

ഈ സോമം അഹിംസിതനും, ബലവാനും, പാപികളെ നശിപ്പിക്കുന്നവനും, ദേവകളെ പോഷിപ്പിക്കുന്നവനും ആകുന്നു.

## സൂക്തം 29

**ഋഷി നൃമേധൻ, ദേവത സോമം, ഛന്ദസ് ഗായത്രി .**

**1. പ്രാസ്യ ധാരാ അക്ഷരൻവൃഷ്ണഃ സുപ്രസ്യൗജസാ |**
**ദേവാം അനു പ്രഭൂഷതഃ ||**

ഈ സോമം വർഷകനാകുന്നു. ദേവകളെ പ്രഭാവിതമാക്കുന്ന ഈ

സോമം ധാരാത്മപത്തിൽ പതിക്കുന്നു.

**2. സപ്തിം മൃജന്തി വേധസോ ഗൃണന്തഃ കാരവോ ഗിരാ |**
**ജ്യോതിർജജ്ഞാന മുക്ഥ്യം ||**

ഹേ സ്തോതാക്കളേ! കർമ്മികളായ അധ്വര്യുക്കൾ തേജസ്വിയായ ഈ സോമത്തെ സംസ്കരിച്ചെടുക്കുന്നു.

**3. സുഷഹാ സോമ താനി തേ പുനാനായ പ്രഭൂവസോ**
**വർധാ സമുദ്രമുക്ഥ്യം ||**

ഹേ ഐശ്വര്യ സമ്പന്നമായ സോമമേ! പിഴിയുന്ന സമയത്ത് ഭവാൻെറ സുന്ദരമായ തേജസ്സ് പ്രവൃദ്ധമാകുന്നു. അതിനാൽ ജലം സമുദ്രത്തെ പൂർണ്ണമാക്കുന്നതുപോലെ നീ ദ്രോണകലശത്തെ പൂർണ്ണമാക്കിയാലും.

**4. വിശ്വാ വസൂനി സഞ്ജയൻ പവസ്വ സോമ ധാരയഃ |**
**ഇനു ദ്വേഷാംസി സധ്യക് ||**

ഹേ സോമമേ! ധനമെല്ലാം വശത്താക്കി ധാരാരൂപത്തിലൊഴുകിയാലും, എല്ലാ ശത്രുക്കളേയും അകറ്റേണമേ.

**5. രക്ഷാ സു നോ അരരുഷഃ സ്വനാത്സമസ്യ കസ്യചിത് |**
**നിദോ യത്ര സമുച്മഹേ ||**

ഹേ സോമമേ! അദാനികളിൽ നിന്നും നിന്ദകൻമാരിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.

**6. ഏന്ദോ പാരഥിവം രയിം ദിവ്യം പവസ്വധാരയാ |**
**ദ്യമന്തം ശുഷ്മമാ ഭര ||**

ഹേ സോമമേ! ധാരധാരയായി വീഴുന്ന നീ പാർഥിവവും, സ്വർഗ്ഗീയവുമായ ധനങ്ങളോടും യശസ്സേറിയ ബലത്തോടും കൂടി ആഗതനായാലും.

# സൂക്തം 30

**ഋഷി ബിന്ദു, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര ധാരാ അസ്യ ശുഷ്മിണോ വൃഥാ പവിത്രേ**
**അക്ഷരൻ |**
**പുനാനോ വാചമിഷ്യതി ||**

സോമത്തിൻെറ ധാരകൾ അരിപ്പയിൽ കൂടി ഒഴുകി ശുദ്ധമാക്കുന്നു. ആ സമയം അത് ശബ്ദം പുറപ്പെടുവിക്കുന്നു.

**2. ഇന്ദുർഹിയാനഃ സോതൃഭിർമൃജ്യമാനഃ കനിക്രദത് |**
**ഇയർതി വഗ്നുമിന്ദ്രീയം ||**

പിഴിയുന്നവരാൽ ശുദ്ധമാക്കപ്പെട്ട ബലവാനായ സോമം ഇന്ദ്രൻെറ ശബ്ദം പുറപ്പെടുവിക്കുന്നു.

**3. ആ നഃ ശൂഷ്മം നൃഷാഹ്യം വീരവന്തം പുരുസ്പൃഹം |**
**പവസ്വ സോമ ധാരയാ ||**

ഹേ സോമമേ! നീ ധാരാ രൂപത്തിൽ വർഷിക്കുകയും മനുഷ്യർക്ക് ബലത്തേയും, വീര്യത്തേയും, ധനത്തേയും നൽകുമാറാകണേ.

**4. പ്ര സോമോ അതി ധാരയാ പവമാനോ അസിഷ്യദത് |**
**അഭി ദ്രോണാന്യാസദം ||**

ശുദ്ധീകരിക്കപ്പെട്ട ഈ സോമം ധാരാരൂപത്തിൽ അരിപ്പകളെ കടന്ന് കടത്തെ പ്രാപിക്കുന്നു.

**5. അപ്സു ത്വാ മധുമത്തമം ഹരിം ഹിന്വന്ത്യദ്രിഭിഃ |**
**ഇന്ദമിന്ദ്രായ പീതയേ ||**

ഹേ സോമമേ! പച്ചനിറമാർന്നതിൻെറ രസം ഏറ്റവുമധികം മധുരമയമായതാകുന്നു. ഇന്ദ്രനു പാനം ചെയ്യുവാൻ നിന്നെ അമ്മിക്കല്ലുകൊ് ചതയ്ക്കുന്നു.

**6. സുനോതാ മധുമത്തമം സോമമിന്ദ്രായ വജ്രിണേ |**
**ചാരും ശർധായ മത്സരം ||**

ഹേ ഋത്വിജൻമാരേ! നിങ്ങൾ ബലകാരിയും, രമണീയവുമായ സോമത്തെ ഇന്ദ്രനുവേി പിഴിയുവിൻ.

# സൂക്തം 31

**ഋഷി ഗോതമൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര സോമാസഃ സ്വാധ്യഃ പവമാനാസോ അക്രമുഃ |**
**രയിം കൃണ്വന്തി ചേതനം ||**

ഈ സോമം ശ്രേഷ്ഠകർമ്മാവാണല്ലോ? ഇത് ഗമനം ചെയ്തുകൊ് നമുക്ക് ധനം പ്രദാനം ചെയ്യുന്നു.

**2. ദിവസ്പൃഥിവ്യാ അധി ഭവേന്ദോ ധ്യൂമ്നവർധനഃ |**
**ഭവാ വാജാനാം പതിഃ ||**

അന്നാധിപനായ സോമമേ! നീ വാനൂഴികളെ പ്രകാശിപ്പിക്കുന്നവനും ധനത്തെ വളർത്തുന്നവനും ആകുന്നു.

**3. തുഭ്യം വാതാ അഭിപ്രിയസ്തുഭ്യമർഷന്തി സിന്ധവഃ |**
**സോമ വർധന്തി തേ മഹഃ ||**

സോമമേ! വായു നിന്നെ തൃപ്തനാക്കുന്നു. നദികൾ നിൻെറ നേരെ വന്ന് നിന്നെ ഗുണവാനാക്കുന്നു.

**4. ആ പ്യായസ്വ സമേതു തേ വിശ്വതഃ സോമ വൃഷ്ണ്യതം**
**ഭവാ വാജസ്യ സംഗഥേ ||**

ഹേ സോമമേ! നീ ജലത്താലും വായുവിനാലും വളർന്നാലും. നിനക്ക് എല്ലാ ഭാഗങ്ങളിൽ നിന്നും ബലം കിട്ടുമാറാകണേ. നീ യുദ്ധക്ഷേത്രത്തിൽ അന്നത്തെ വിജയിച്ചാലും.

**5. തുഭ്യം ഗാവോ ഘൃതം പയോ ബഭ്രോ ദുദുഹ്രേ**
**അക്ഷിതം|**
**വർഷിഷ്ഠേ അധി സാനവി ||**

ഹേ സോമമേ! ഗോക്കൾ നിനക്ക് അക്ഷയമായ പാലും നെയ്യും നൽകുന്നു. നീ ഉന്നതങ്ങളിൽ വസിക്കുന്നു.

**6. സ്വായുധസ്യ തേ സതോ ഭുവനസ്യ പതേ വയം**
**ഇന്ദ്രോ സഖിത്വമുശ്മസി ||**

ഹേ ലോകപാലകനായ സോമമേ! ഞങ്ങൾ നിൻെറ മിത്രത്വത്തെ കാംക്ഷിക്കുന്നു. എന്തുകൊന്നൊൽ നിൻെറ ആയുധം ശ്രേഷ്ഠമാണല്ലോ.

# സൂക്തം 32

**ഋഷി ശ്യാവാശ്വൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര സോമസോ മദച്യുതഃ ശ്രവസേ നോ മഘോനഃ |**
**സുതാ വിദഥേ അക്രമുഃ ||**

ഹർഷത്തെ നനയ്ക്കുന്ന ഈ സോമം ഹവിസ്സ് ദാതാവിൻെറ യജ്ഞത്തിൽ പിഴിയപ്പെട്ട് അന്നത്തിനുവേി പോകുന്നു.

**2. ആദീം ത്രതസ്യ യോഷണോ ഹരിം ഹിന്വന്ത്യാ ദ്രിഭിഃ |**
**ഇന്ദു മിന്ദ്രായ പീതയേ ||**

ത്രിതമഹർഷി ഇന്ദ്രനു കുടിക്കുവാൻ പച്ചവർണ്ണത്തോടു

കൂടിയ സോമത്തെ അംഗുലികളാൽ ഇടിച്ചു പിഴിഞ്ഞു.

**3. ആദീം ഹംസോ യഥാ ഗണം വിശ്വസ്യാ വീവശൻമതിം |**

**അത്യോ ന ഗോഭിരജ്യതേ ||**

അരയന്നം ജലത്തിൽ പ്രവേശിക്കുന്നതുപോലെ എല്ലാ സോമവും സ്തോതാക്കളുടെ മനസ്സിൽ വസിക്കുന്നു. ഈ സോമം ഘൃതാദികളാൽ സ്നഗ്ധമാകുന്നു.

**4. ഉഭേ സോമവചാകശൻമൃഗോ ന തക്തോ അർഷസി |**

**സീദന്നൃതസ്യ യോനിമാ ||**

ഹേ സോമമേ! ഭവാൻ യജ്ഞമണ്ഡപത്തെ ആശ്രയിക്കുന്ന മൃഗത്തേപ്പോലെ ആകാശത്തേയും ഭൂമിയേയും കാണുന്നവനാണല്ലോ.

**5. അഭി ഗാവോ അനൂഷത യോഷാ ജാരമിവ പ്രിയം**

**അഗന്നാജിം യഥാ ഹിതം ||**

സ്ത്രീ പുരുഷനെ വാഴ്ത്തുന്നതുപോലെ ഹേ സോമമേ! നീ സ്വന്തം ഹിതത്തിനുവേി ലക്ഷ്യത്തിലെത്തുന്നു.

**6. അസ്മേ ധേഹി ദ്യുമദ്യശോ മഘവദ്ഭ്യശ്ചമഹ്യം ച |**

**സുനിം മേധാ മുത ശ്രവഃ ||**

ഹേ സോമമേ! ഹവിസ്സ് ദാതാവായ എനിക്ക് ബുദ്ധിയും ബലവും ധനവും അന്നവും യശസ്സും പ്രദാനം ചെയ്യേണമേ.

## സൂക്തം 33

**ഋഷി ത്രിതൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര സോമാസോ വിപശ്ചിതോ പാം ന യന്ത്യൂർമയഃ |**

**വനാനി മഹിഷാ ഇവ ||**

ജലതരംഗങ്ങൾ പോലെ സോമം പാത്രത്തിൽ ഇളകിക്കളിക്കുന്നു. വൃദ്ധനായ ഹരിണം വനത്തിൽ പ്രവേശിക്കുന്നതുപോലെ സോമവും പ്രവേശിക്കുന്നു.

**2. അഭി ദ്രോണാനി ബഭ്രവഃ ശുക്രാ ഋതസ്യ ധാരയാ |**

**വാജം ഗോമന്തമക്ഷരൻ ||**

ആ സോമം ഗോക്കളോടു കൂടിയ അന്നത്തെ നല്കികൊ് ധാരധാരകളായി കലശത്തിൽ വീഴുന്നു.

**3. സുതാ ഇന്ദ്രായ വായവേ വരുണായ മരുണായ**

**മരുദ്ഭ്യഃ |**

**സോമാ അർഷന്തി വിഷ്ണവേ ||**

ഇന്ദ്രൻ, വായു, വരുണൻ, വിഷ്ണു, മരുത്തുക്കൾ എന്നിവരുടെ നേരെ പിഴിഞ്ഞസോമം അതിവേഗം ചെല്ലുന്നു.

**4. തിസ്രോ വാച ഉദീരതേ ഗാവോ മിമന്തി ധേനവഃ |**

**ഹരിരേതി കനിക്രദത് ||**

മൂന്നു സ്തുതികൾ പ്രകടമാക്കുന്നു. പാലു കറക്കുന്നതിനായി പയസ്വികളായ ഗോക്കൾ ശബ്ദിക്കുന്നു. ഈ പച്ചനിറമാർന്ന സോമം ഒച്ചയിട്ടുകൊ് കുടത്തിലേയ്ക്ക് ഒഴുകുന്നു.

**5. അഭി ബ്രഹ്മീരനൂഷത യഹ്വീർഋതസ്യ മാതരഃ |**

**മർമൃജ്യന്തേ ദിവഃ ശിശും ||**

യജ്ഞത്തിൻെറ മാതാരൂപിണിയായ സ്തുതികൾ സ്തോതാക്കളാൽ ഉച്ചരിക്കപ്പെട്ടുകൊിരിക്കുന്നു. അവ വഴിയായി സ്വർഗ്ഗത്തിലെ ശിശു (സൂര്യൻ) വിനെപ്പോലെ സോമം പ്രഭാപൂരിതമായിത്തീരുന്നു.

**6. രായഃ സമുദ്രാം ശ്ചതുരോ സ്മഭ്യം സോമ വിശ്വതഃ |**

**ആ പവസ്വ സഹിസ്രിണഃ ||**

ഹേ സോമമേ! ധനസമ്പന്നമായ ആയിരം സമുദ്രങ്ങളുടെ സ്വാമിത്വത്തെ ദിക്കുകളിൽ കൂടി എടുത്ത് ഞങ്ങളുടെ അടുത്തുവരുകയും, ഞങ്ങൾക്ക് അപരിമിതമായ അഭിലാഷങ്ങൾ കിട്ടുമാറാക്കുകയും ചെയ്യേണമേ.

## സൂക്തം 34

**ഋഷി ത്രിതൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര സുവാനോ ധാരയാ തനേന്ദുർഹി ന ്വാ നോ**

**അർഷതി|**

**രുജദ്ദ്യ ഉഹാ വ്യോജസാ ||**

പിഴിഞ്ഞ സോമം അതിനുശേഷം അരിപ്പയിൽ വീഴുകയും, ശത്രുക്കളുടെ ഉയറപ്പേറിയ നഗരങ്ങളെ തകർത്തു വീഴിക്കുകയും ചെയ്യുന്നു.

**2. അഭി ദ്രോണാനി ബഭ്രവഃ ശുക്രാ ഋതസ്യ ധാരയാ |**

**വാജം ഗോമന്തമക്ഷരൻ ||**

ആ സോമം ഗോക്കളോടു കൂടിയ അന്നത്തെ നൽകികൊ് ധാരകളായി കലശത്തിൽ വീഴുന്നു.

**3. സുതാ ഇന്ദ്രായ വായവേ വരുണായ മരുണായ**

**മരുദ്ഭ്യഃ |**

**സോമാ അർഷന്തി വിഷ്ണവേ ||**

ഇന്ദ്രൻ, വായു, വരുണൻ, വിഷ്ണു, മരുത്തുക്കൾ എന്നിവരുടെ നേരെ പിഴിഞ്ഞ സോമം അതിവേഗം ചെല്ലുന്നു.

**4. തിസ്രോ വാച ഉദീരതേ ഗാവോ മിമന്തി ധേനവഃ |**

**ഷരിരേതി കനിക്രദത് ||**

മൂന്നു സ്തുതികൾ പ്രകടമാക്കുന്നു. പാലു കറക്കുന്നതിനായി പയസ്വികളായ ഗോക്കൾ ശബ്ദിക്കുന്നു. ഈ പച്ചനിറമാർന്ന സോമം ഒച്ചയിട്ടുകൊ് കുടത്തിലേയ്ക്ക് ഒഴുകുന്നു.

**5. അഭി ബ്രഹ്മീരനൂഷത യഹ്വീർഋതസ്യ മാതരഃ |**

**മർമൃജ്യന്തേ ദിവഃ ശിശും ||**

യജ്ഞത്തിൻെറ മാതാരൂപിണികളായ സ്തുതികൾ സ്തോതാക്കളാൽ ഉച്ചരിക്കപ്പെട്ടുകൊിരിക്കുന്നു. അവ വഴിയായി സ്വർഗ്ഗത്തിലെ ശിശു (സൂര്യൻ)വിനെപ്പോലെ സോമം പ്രഭാപൂരിതമായിരിക്കുന്നു.

**6. രായഃ സമുദ്രം ശ്ചതുരോ സ്മഭ്യം സോമ വിശ്വതഃ |**

**ആ പവസ്വ സഹിസ്രിണഃ ||**

ഹേ സോമമേ! ധനസമ്പന്നമായ ആയിരം സമുദ്രങ്ങളുടെ സ്വാമിത്വത്തെ ദിക്കുകളിൽ കൂടി എടുത്ത് ഞങ്ങളുടെ അടുത്തുവരുകയും ഞങ്ങൾക്ക് അപരിമിതമായ അഭിലാഷങ്ങൾ കിട്ടുമാറാക്കുകയും ചെയ്യേണമേ.

## സൂക്തം 34

**ഋഷി ത്രിതൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര സുവാനോ ധാരയാ തനേന്ദുർഹി ന്വാ നോ**

**അർഷതി |**

**രുജദ്ദ്യ ഉഹാ വ്യോജസാ ||**

പിഴിഞ്ഞസോമം അതിനുശേഷം അരിപ്പയിൽ വീഴുകയും, ശത്രുക്കളുടെ ഉറപ്പേറിയ നഗരങ്ങളെ തകർത്തുവീഴിക്കുകയും ചെയ്യുന്നു.

**2. സുത ഇന്ദ്രായ വായവേ വരുണായ മരുദ്ഭ്യഃ |**

**സോമോ അർഷതി വിഷ്ണുവേ ||**

ഇന്ദ്രൻ, വരുണൻ, വായു, വിഷ്ണു, മരുത്തുക്കൾ, എന്നിവരുടെ മുമ്പിലേയ്ക്ക് ഈ പിഴിഞ്ഞ സോമം ഒഴുകിച്ചെല്ലുന്നു.

**3. വൃഷാണം വൃഷഭിര്യതമ സുന്വന്തി സോമമദ്രിഭിഃ |**

**ദുഹന്തി ശവമാന പയഃ ||**

അമ്മിക്കല്ലുകൊടിച്ച ഈ സോമത്തെ അധ്വര്യുക്കൾ പിഴിഞ്ഞെടുക്കുന്നു. അവർ തങ്ങളുടെ കർമ്മങ്ങളാൽ പാൽ കറന്നെടുക്കുന്നു.

**4. ഭൂവ ത്ത്യിതസ്യ മർജ്യോ ഭുവദിന്ദ്രായ മത്സരഃ |**

**സം രൂപൈ രജ്യതേ ഹരിഃ ||**

ത്രിതമഹർഷിയാൽ കൊുവരപ്പെട്ട ഈ സോമം പച്ചനിറത്തോടു കൂടിയതാണ്. ഇന്ദ്രനു കുടിയ്ക്കുവാനായി ഇത് ശുദ്ധീകരിക്കപ്പെടുന്നു.

**5. അഭീമൃതസ്യ വിഷ്ടപം ദുഹതേ പൃശ്നിമാതരഃ |**

**ചാരുപ്രിയതമം ഹവിഃ ||**

യജ്ഞത്തിൻെറ ആശ്രയരൂപമായ സോമത്തെ പൃശ്നിപുത്രരായ മരുത്തുക്കൾ തങ്ങളുടെ ബലത്താൽ ദോഹനം ചെയ്യുന്നു.

**6. സമേന ഹ്രൂ താ ഇമാ ഗിരോ അർഷന്തി സസ്രുതഃ |**

**ധേനർവാശ്രോ അവീവശത് ||**

സുന്ദരമായ സ്തുതികൾ ശബ്ദവതികളായി സോമത്തോടു ചേരുകയും ശബ്ദിക്കുന്ന സോമം ആ സ്തുതികളെ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

## സൂക്തം 35

**ഋഷി പ്രഭുവസു, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ആ നഃ പവസ്വ ധാരയാ പവമാന രയിം പൃഥും |**

**യയാ ജ്യോതിർവിദാസി നഃ ||**

ഹേ സോമമേ! നീ ഞങ്ങളുടെ നാലുഭാഗത്തും വർഷിക്കുകയും ഞങ്ങൾക്ക് യജ്ഞത്തോടുകൂടിയ ധനം പ്രദാനം ചെയ്യുകയും ചെയ്യേണമേ.

**2. ഇന്ദ്രോ സമുദ്രസീങ്ഖംയ പവസ്വ വിശ്വമേ ജയ |**

**തായോ ധർതാ ന ഓജസാ ||**

ഹേ സോമമേ! നീ ശത്രുക്കളെ വിറപ്പിക്കുന്നവനും, ജലങ്ങളെ പ്രേരിപ്പിക്കുന്നവനും ആകുന്നു. നീ സ്വന്തം ബലത്താൽ ഞങ്ങൾക്കുവേി ധനത്തെ വഹിക്കുന്നവനാകേണമേ.

**3. ത്വയാ വീരേണ വീരവോ ഭിഷ്യാമ പൃതന്യതഃ |**

**ക്ഷരാണോ അഭി വാർയം ||**

ഹേ സോമമേ! യുദ്ധോധ്യുക്തരായ ശത്രുക്കളെ ഞങ്ങൾ നിൻെറ ബലത്താൽ പരാജയപ്പെടുത്തും. നീ വരണീയമായ ധനത്തെ ഞങ്ങൾക്കു വേി പ്രേരിപ്പിക്കേണമേ.

**4. പ്ര വാജമിന്ദുരിഷ്യതി സിഷാസന്വാജസാ ഋഷിഃ |**

**വ്രതാ വിദാന ആയുധാ ||**

അന്നദാതാവും, കർമ്മജ്ഞാനിയും, ദ്രഷ്ടാവും ആയ സോമം യജമാനൻെറ ആശ്രിതനായി അന്നത്തെ പ്രേരിപ്പിക്കുന്നു.

**5. തം ഗീഭിർവാച മിങ്ഖയം പുനാനം വാസയാമസി |**

**സോമം ജനസ്യ ഗോപതിം ||**

സ്തോത്രങ്ങളാൽ ഞാനാസോമത്തെ സ്തുതിക്കുന്നു. ആ സോമം ഗോക്കളെ പാലിക്കുന്നവനും, സ്തുതികളെ പ്രേരിപ്പിക്കുന്നവനും ആകുന്നു. ഞങ്ങൾ ആ സോമത്തെ തന്നെ ആശ്രയിക്കും.

**6. വിശ്വോ യസ്യ വ്രതോ ജനോ ദാധാര ധർമണസ്പതേഃ |**

**പുനാനസ്യ പ്രഭൂവസോഃ ||**

ഈ സോമം കർമ്മങ്ങളുടെ സ്വാമിയും, പവിത്രധനനും ആകുന്നു. ഞങ്ങൾ നിൻെറ അഭീഷ്ടകർമ്മത്തെ ആശിക്കുന്നു.

## സൂക്തം 36

**ഋഷി പ്രഭൂവസു, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. അസർജി രഥ്യോ യഥാ പവിത്രേ ചമ്വോഃ സുതഃ |**

**കാർഷമ്ന്വ ജീ ന്യക്രമീത് ||**

തേരിൽ പൂട്ടിയ അശ്വങ്ങളെപ്പോലെ പിഴിഞ്ഞരിച്ച സോമം രു സ്വകങ്ങളിലായി കർമ്മങ്ങളിൽ (യജ്ഞം) സഞ്ചരിക്കുന്നു.

**2. സ വഹ്നിഃ ജാഗൃവിഃ പവസ്വ ദേവവീരതി |**

**അഭി ക്രോശം മധുശ്ചുതം ||**

ഹേ സോമമേ! നീ ദേവകാമനും, ചൈതന്യനും, വാഹകനും ആണല്ലോ, നീ അരിപ്പയെ തരണം ചെയ്താലും.

**3. സ നോ ജ്യോതീംഷി പൂർവ്യ പവമാന വിരോചയ |**

**ക്രത്വേ ദക്ഷായ നോ ഹിനു ||**

ഹേ സോമമേ! നീ ഞങ്ങൾക്കുവേി സ്വർഗ്ഗാദിലോകങ്ങളെ തുറക്കുകയും, ഞങ്ങളെ യജ്ഞാദികർമ്മങ്ങൾക്കായി പ്രേരിപ്പിക്കുകയും ചെയ്യേണമേ.

**4. ശുമ്ഭമാന ക്രതായുഭിർമൃജ്യമാനോ ഗഭസ്ത്യോഃ |**

**പവതേ വാരേ അവ്യയേ ||**

യജ്ഞകാമരായ ഋത്വിജൻമാരാൽ പിഴിയപ്പെട്ട സോമം കമ്പിളിയരിപ്പയിൽ ശുദ്ധീകരിക്കപ്പെടുന്നു.

**5. സ വിശ്വാ ദാശുഷേ വസു സോമോ ദിവ്യാനി പാർഥിവാ |**

**പവതാമാന്തരിക്ഷ്യാ ||**

ഈ പിഴിഞ്ഞ സോമം ഹവിസ്സ് ദാനികളായ യജമാനൻമാർക്ക് ഭൂമിയിലേയും, ആകാശത്തിലേയും, അന്തരീക്ഷത്തിലേയും ധനമെല്ലാം പ്രദാനം ചെയ്യണമേ.

**6. ആ ദിവസ്പൃഷ്ഠാമശ്വയുർഗവ്യ യുഃ സോമ രോഹസി |**

**വീരയുഃ ശവസസ്പതേ ||**

ഹേ സോമമേ! സ്തുതിക്കുന്നവർക്ക് ഗോക്കൾ, അശ്വങ്ങൾ, വീരപുത്രൻമാർ, എന്നിവ നൽകുവാൻ ആകാശത്തിൻെറ മുതുകിൽ നീ ആരൂഢനായാലും.

## സൂക്തം 37

**ഋഷി രഹൂഗുണൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. സ സുതഃപിതയേ വൃഷാ സോമ പവിത്രേ അർഷതി |**

**ദീഘ്നന്രക്ഷാംസി ദേവയുഃ ||**

ഇന്ദ്രാതിദേവകൾക്കു പാനം ചെയ്യുന്നതിനായി അഭീഷ്ടവർഷകനും ദേവകാമ്യനും, അസുരഹന്താവും ആയ ഈ സോമം പിഴിഞ്ഞ് അരിപ്പയിൽ ശുദ്ധീകരിക്കപ്പെടുന്നു.

**2. സ പവിത്രേ വിചക്ഷണോ ഹരിരഷതി ധർണസിഃ |**

**അഭി യോനിം കനികദത് ||**

സർവ്വദ്രഷ്ടാവായ സോമം സർവ്വവാഹകനായി അരിപ്പയിൽ പതിക്കുന്നു. അനന്തരം പച്ചവർണ്ണത്തോടു കൂടിയ ആ സോമം ശബ്ദിച്ചുകൊ് കുടത്തിൽ വീഴുന്നു.

**3. സ വാജീ രോചനാ ദിവഃ പവമാനോ വി ധാവതി |**
**രക്ഷോഹാ വാരമവ്യയം ||**

ഈ പിഴിഞ്ഞ സോമം സർഗ്ഗപ്രദായകനായി അജരോമ നിർമ്മിതമായ അരിപ്പയിൽ കൂടി കടന്നുപോകുന്നു.

**4. സത്രിതസ്യാധി സാനവി പവമാനോ ആ രോചയത് |**
**ജാമിഭിഃ സൂര്യ സഹ ||**

ത്രിതമഹർഷിയുടെ വീട്ടിൽ വച്ച് പവിത്രനായ ആ സോമം തന്റെ മഹാതേജസ്സാൽ സൂര്യനെ ജ്യോതിഷ്മാനാക്കി.

**5. സ വ്രത്രഹാ വൃഷാ സുതോ പരിവോ വിദാദ്യഃ |**
**സോമദേ വാജമിവാസരത് ||**

രണഭൂമിയിലേയ്ക്ക് പോകുന്ന അശ്വങ്ങളെപ്പോലെ വൃത്രനാശകനും അഹിംസനീയനും, പിഴിയപ്പെട്ടവനും, കാമവർഷകനും ആയ സോമം ദ്രോണകലശത്തിൽ പ്രവേശിക്കുന്നു.

**6. സദേവഃ കവിനേഷതോഭി ദ്രോണാനി ധാവതി |**
**ഇന്ദുരിന്ദ്രായ മംഹനാ ||**

സോമം വിദ്വാൻമാരാൽ പ്രേരിതനും, മഹാനും ആകുന്നു. അവൻ ഇന്ദ്രകാമനായി ദ്രോണകലശത്തിൽ പ്രവിഷ്ടമാകുന്നു.

## സൂക്തം 38

**ഋഷി രാഹുഗുണൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏഷ ഉഷ്യ വൃഷാ രഥോ ബ്യോ വാരേഭിരർഷതി |**
**ഗഛൻ വാജം സഹസ്രിണം ||**

യജമാനന് അപരിമിതമായ ധനം നൽകുവാനുള്ള ആഗ്രഹത്തോടു കൂടി ഈ സോമം കമ്പിളിയരിപ്പയിൽക്കൂടി കടന്ന് കുടത്തിലേയ്ക്ക് പോകുന്നു.

**2. ഏതം ത്രിതസ്യ തോഷണോ ഹരി ഹിന്വന്ത്യഭൂഭിഃ |**
**ഇന്ദു മിന്ദ്രായ പീതയേ ||**

ത്രിതമഹർഷിയുടെ കരാംഗുലികൾ ഈ പച്ചവർണ്ണമായ സോമത്തെ ഇന്ദ്രനു കുടിക്കുവാനായി അമ്മിക്കല്ലുകൊു മർദ്ധിക്കുന്നു.

**3. ഏതം ത്യം ഹരിതോ ദശ മർന്ദ്യജ്യന്തേ അപസ്യുവഃ |**
**യാഭിർമദായ ശുമ്ഭതേ ||**

അംഗുലികൾ പത്തും കൂടി ഈ സോമത്തെ പിഴിയുന്നു. ഇന്ദ്രനു വേി ഇത് ശുദ്ധീകരിക്കപ്പെടുന്നു.

**4. ഏഷ സ്യ മാനുഷീഷ്വാ ശ്യേനോ ന വിക്ഷു സീദതി |**
**ഗഛഞ്ജാരോ ന യോഷിതം ||**

ഈ സോമം മനുഷ്യരുടെ ഇടയിൽ പരുന്തിനെപ്പോലെ പോയിരിക്കുന്നു. പതി പത്നിയുടെ അടുക്കലേയ്ക്ക് ചെല്ലുന്നതുപോലെ ഈ സോമം കുടത്തിലേയ്ക്ക് പ്രവേശിക്കുന്നു.

**5. ഏവ സ്യ മദ്യോ രസോ വ ചഷ്ടേ ദിവഃ ശിശു |**
**യ ഇന്ദുർവാരമാവിശത് ||**

സോമത്തിന്റെ മാതകമായ രസം എല്ലാ പദാർത്ഥങ്ങളുടേയും ദ്രഷ്ടാവാകുന്നു. സ്വർഗ്ഗപുത്രനായ സോമം അരിപ്പയിൽകൂടി വീണുകൊിരിക്കുന്നു.

**6. ഏഷസ്യ പീതയേ സുതോ ഹരിരർഷതി ധർണസിഃ |**
**ക്രന്ദന്യോനിമഭി പ്രിയം ||**

ഹരിതവർണ്ണനും, ധർത്താവം ആയ സോമം പാനത്തിനായി പിഴിയപ്പെട്ട് ദ്രോണകലശത്തിൽ പതിക്കുന്നു.

## സൂക്തം 39

**ഋഷി ബൃഹന്മതി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ആശുരർഷ ബൃഹന്മതേ പരി പ്രിയേണ ധാമ്ന |**
**യത്ര ദേവാ ഇതി ബ്രവൻ ||**

എവിടെ ദേവകളുടോ, ആ ദിക്കിലേയ്ക്ക് ഞങ്ങൾ പോകുന്നു എന്ന് സോമം പറയുന്നു. ഹേ സോമമേ! നീ ദേവകളുടെ ശരീരവുമായി രമിക്കുന്നതിന് അതിവേഗം പോയാലും.

**2. പരിഷ്കൃണ്വന്ന നിഷ്കൃതം ജനായ യാതയന്നിഷഃ |**
**വൃഷ്ഠം ദിവഃ പരിസ്രവ ||**

ഹേ സോമമേ! എല്ലാത്തിനേയും ശുദ്ധമാക്കികൊ് യജ്ഞകർത്താവിന് അനുരൂപമായ വൃഷ്ടി പ്രദാനം ചെയ്താലും.

**3. സൂത ഏതി പവിത്ര ആ ത്വിഷിം ദധാന ഓജസാ |**
**വിചക്ഷാണോ വിരോചയൻ ||**

തേജസ്വിയായി ഈ സോമം പദാർത്ഥങ്ങളെ കാണുകയും, ശീഘ്രം അരിപ്പയിൽ കൂടി ഒഴുകുകയും ചെയ്യുന്നു.

**4. അയം സ യോ ദിവസ്പരിഘുയാമാ പവിത്ര ആ |**
**സിന്ധോരൂർമാ വ്യക്ഷരത് ||**

ജലത്തിലെ തിരമാലകൾ പോലെ ഈ സോമം അരിച്ചുവീഴുകയും സ്വർഗ്ഗത്തിലേയ്ക്ക് പോകുവാനാശിക്കുകയും ചെയ്യുന്നു.

**5. ആവിവാസൻ പരാവതോ അഥോ അർവാവതഃ സുതഃ |**
**ഇന്ദ്രായ സിച്യതേ മധു ||**

ഈ പിഴിഞ്ഞ സോമം അടുത്തും അകലെയും നിന്ന് ഇന്ദ്രനുവേി മധുരരസം വർഷിക്കുന്നു.

**6. സമീചിനാ അനൂഷത ഹരിം ഹിന്വന്ത്യദ്രിഭിഃ |**
**യോനാ വൃതസ്യ സീദത ||**

സ്തോതാക്കൾ ഒന്നായിച്ചേർന്ന് ഹരിത വർണ്ണമായ സോമത്തെ അമ്മിക്കല്ല്കൊ് ഇടിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അതിനാൽ ഹേ ദേവതകളേ! നിങ്ങൾ ഈ യജ്ഞത്തിൽ പ്രതിഷ്ഠിതരാകുവിൻ.

## സൂക്തം 40

**ഋഷി ബൃന്മതി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പുനാനോ അക്രമീദഭി വിശ്വാ മൃധോ വിചർഷണിഃ |**
**ശുമ്ഭന്തി വിപ്രം ധീതിഭീഃ ||**

എല്ലാ കാണുന്ന സോമം ഹിംസകൻമാരെ കടന്നുപോരുന്നു. ആ സോമത്തെ സ്തോതാക്കൾ സ്തുതികളാൽ അലങ്കരിക്കുന്നു.

**2. ആ യോനി മരുണോ രുഹദ്ഗമദിന്ദ്രം വൃഷാ സുതഃ |**
**ധ്രുവേ സദസി സീദതി ||**

ഈ അരുണവർണ്ണനായ സോമം ദ്രോണകലശത്തെ പ്രാപിക്കുന്നു. പിന്നീട് അഭിലാഷവർഷകനായി ഇന്ദ്രനെ സമീപിക്കുകയും യഥാസ്ഥാനത്ത് എത്തുകയും ചെയ്യുന്നു.

**3. നൂ നോ രയിം മഹാമിന്ദ്രോ സ്മഭ്യ സോമ വിശ്വതഃ |**
**ആ പവസ്വ സഹസ്രിണം ||**

ഹേ സോമമേ! നീ ഞങ്ങൾക്ക് അനേകായിരം വിധത്തിലുള്ള

ധനം കൊുവന്നാലും.

**4. വിശ്വാ സോമ പവമാന ദ്യുമ്നാനീന്ദവാ ഭര |**

**വിദാഃ സ ഹസ്രിണീരിഷഃ ||**

ഹേ സോമമേ! നീ ഞങ്ങൾക്ക് അനേകായിരം തരത്തിലുള്ള അന്നവും ധനവും കൊുവന്നുതരു.

**5. സ നഃ പുനാന ആ ഭര രയിം സ്തോത്രേ സുവീര്യം |**

**ജരിതുർവർധയാ ഗിരഃ ||**

ഹേ സോമമേ! നീ ശുദ്ധീകരിക്കപ്പെടുന്ന സമയത്ത് ആകാശത്തിലും ഭൂമിയിലുമുള്ള ധനങ്ങളെ ഞങ്ങൾക്കു കൊുവന്നുതരേണമേ.

**6. പുനാന ഇന്ദവാ ഭര സോമ ദ്വിബർഹസം രയിം |**

**വൃഷന്നി ന്ദോ ന ഉക്ഥ്യം ||**

ഹേ സോമമേ! നീ ശുദ്ധീകരിക്കപ്പെടുന്ന സമയത്ത് ആകാശത്തിലും ഭൂമിയിലും ഉള്ള ധനങ്ങളെ ഞങ്ങൾക്കു കൊുവന്നുതരേണമേ.

## സൂക്തം 41

**ഋഷി മേധ്യാതിഥി, ദേവത തോമം, ഛന്ദസ് ഗായത്രി.**

**1. പ്ര യേ ഗാവോ ന ഭൂർണയസ്ത്വേഷാ ആയാസോ അക്രമുഃ |**

**ഘ്നന്തഃ കൃഷ്ണാമപ ത്വചം ||**

ഹേ സ്തോതാക്കളേ! അസുരൻമാരെ കൊല്ലുന്നവനും, ജലം പോലെ ദ്രാവകനും, തേജോയുക്തനും, പിഴിയപ്പെട്ടവനും ആയ സോമത്തെ ശരിയായ വിധം സ്തുതിക്കണേ.

**2. സുവിതസ്യ മനാമഹേ തി സേതും ദുരാവ്യം |**

**സാഹ്വാംസോ ദസ്യുമവ്രതം ||**

ദുഷ്ടബുദ്ധികളെ തിരസ്കരിച്ചുകൊ് രാക്ഷസൻമാരെ കൊല്ലുന്ന സ്തുതികളെ സോമത്തിനുവേി ഞങ്ങൾ ഉച്ചരിക്കുന്നു.

**3. ശൃണ്വേ വൃഷ്ടേരിവ സ്വനഃ പവമാനസ്യ ശുഷ്മിണഃ |**

**ചരന്തി വിദ്യുതോ ദിവി ||**

ബലവാനായ സോമത്തിൻെറ തേജസ്സ് പിഴിയുന്ന സമയം അന്തരീക്ഷത്തിൽ സഞ്ചരിക്കുന്നു. അതുപോലെ സോമത്തിൻെറ ശബ്ദം മഴയുടെ ശബ്ദം പോലെ കേൾക്കപ്പെടുകയും ചെയ്യുന്നു.

**4. ആ പവസ്വ മഹീമിഷം ഗോമദിന്ദോ ഹിരണ്യവത് |**

**അശ്വാവദ്വാജവത്സുതഃ ||**

ഹേ സോമമേ! നീ നിഷ്പന്നനായി ഗോക്കൾ, അശ്വങ്ങൾ, പുത്രൻമാർ മുതലായ ധനത്തെ ഞങ്ങൾക്കായി പ്രേരിപ്പിക്കേണമേ.

**5. പ പവസ്വ വിചർഷണ ആ മഹീ രോദസീ പൃണ |**

**ഉഷാഃ സൂര്യോ ന രശ്മിഭിഃ ||**

ഹേ സോമമേ! സൂര്യൻ ദിവസങ്ങളെ പൂർണ്ണമാക്കുന്നതുപോലെ നീ ആകാശത്തേയും ഭൂമിയേയും പൂർണ്ണമാക്കണമേ.

**6. പരിണഃ ശർമയന്ത്യാ ധാരയാ സോമ വിശ്വതഃ |**

**സരാ രസേവ വിഷ്ടപം ||**

ഹേ സോമമേ!നദികൾ ഭൂമിയെ പൂർണ്ണമാക്കുന്നതുപോലെ, നിൻെറ കല്യാണമയിയായ ധാരകളാൽ സമ്പന്നതയെ പ്രദാനം ചെയ്യണമേ.

## സൂക്തം 42

**ഋഷി മേധ്യാതി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ജനയന്രോ ദിവോ ജനയന്നപ്സു സൂര്യം |**

**വസാനോ ഗാ അപോ ഹരിഃ ||**

ഹരിതവർണ്ണങ്ങളൊടു കൂടിയ ഈ സോമം നക്ഷത്രങ്ങളേയും ഉല്പാദിപ്പിച്ചുകൊ്, താഴോട്ടു പതിക്കുന്ന ജലങ്ങളാൽ മറയ്ക്കപ്പെടുന്നു.

**2. ഏഷ പ്രത്നേന മൻമനാ ദേവോ ദേവേഭ്യസ്പരീ |**

**ധാരയാ പവതേ സുതഃ ||**

ഈ സോമം പഴയരീതിയിൽ പിഴിയപ്പെട്ട് ദേവകൾക്കുവേി ധാരാരൂപത്തിൽ ഒഴുക്കുന്നു.

**3. വാവൃധാനായ തൂർവയേ പവന്തേ വാജസാതയേ |**

**സോമാഃ സഹസ്രപാജസഃ ||**

അസംഖ്യങ്ങളായ ഈ സോമങ്ങൾ വളരുന്ന അന്നങ്ങൾക്കുവേി അതിവേഗം വർഷിക്കുന്നു.

**4. ദുഹാനഃ പ്രത്നമിത്പയഃ പവിത്രേ പരിഷിച്യതേ |**

**ക്രന്ദന്ദേവാം അജീജനത് ||**

ഈ രസയുക്തമായ സോമം അരിപ്പയിൽ കൂടി ശബ്ദിക്കുകയും ദേവകളെ പ്രത്യക്ഷരാക്കുകയും ചെയ്യുന്നു.

**5. അഭി വിശ്വനി വാര്യാഭി ദേവാം ഋതാവൃധഃ |**

**സോമഃ പുനാനോ അ ർഷതി ||**

ഈ സോമം പിഴിയുന്ന സമയത്ത് തൻെറ ധനങ്ങൾ സഹിതം, യജ്ഞത്തെ വളർത്തുവരായ ദേവകളെ അഭിമുഖീകരിക്കുന്നു.

**6. ഗോമന്നഃ സോമ വീരവദശ്വാവദ്വാജവത്സുതഃ |**

**പവസ്വ ബൃഹതീരിഷഃ ||**

ഹേ സോമമേ! നീ പിഴിയപ്പെട്ട് ഞങ്ങൾക്ക് ഗോക്കളേയും, കുതിരകളേയും, വീരൻമാരേയും, ധനത്തേയും പ്രദാനം ചെയ്യേണമേ.

## സൂക്തം 43

**ഋഷി മധ്യാതിഥി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. യോ അത്യ ഇവ മൃജ്യതേ ഗ്രോഭിർമദായ ഹര്യതഃ |**

**തമ ഗീർഭിർവാസയാമസി ||**

നിരന്തരം ഒഴുകികൊിരുന്ന സോമം ദേവകൾക്കുവേി ഗോരസത്താൽ മിശ്രിതമാക്കപ്പെടുന്നു. ഞങ്ങൾ ആ സോമത്തെ സ്തുതികളിൽ പ്രാപിക്കുന്നു.

**2. തം നോ വിശ്വാ അവസ്യുവോ ഗിരഃ ശുമ്ഭാന്തി പൂർവഥാ |**

**ഇന്ദുമിന്ദ്രായ പീതയേ ||**

രക്ഷാകാമങ്ങളായ സ്തോത്രങ്ങൾ ഇന്ദ്രനുവേി സോമത്തെ ഗുണയുക്തമാക്കുന്നു.

**3. പുനാനോ യാതി ഹർയതഃ സോമോ ഗീർഭിഃ പരിഷ്കൃതഃ|**

**വിപ്രസ്യ മേധ്യാതിഥേഃ ||**

പിഴിയപ്പെടുന്ന സമയം മേധ്യതിഥിക്കുവേി ഈ സോമം സ്തുതികളാൽ അലംകൃതനായി കലശത്തിലെത്തുന്നു.

**4. പവമാന വിദാ രയിമസ്മഭ്യം സോമ സുശ്രിയം |**

**ഇന്ദോ സഹസ്രവർചസം ||**

ഈ പിഴിയപ്പെട്ട സോമം ഞങ്ങൾക്ക് സുന്ദരവും, തിളങ്ങുന്നതും

സമൃദ്ധവും ആയ ധനം നൽകുമാറാകണേ.

**5. ഇന്ദുരത്യോ വാജസൃത്കനിക്രന്തി പവിത്ര ആ |**

**യദക്ഷാരതി ദേവയുഃ ||**

ആ സോമങ്ങൾ യുദ്ധത്തിനു പോകുന്ന അശ്വങ്ങളെ പോലെ ശബ്ദം മുഴക്കികൊ് ദേവകളെ വിളിക്കുന്നു.

**6. പവസ്വ വാജസാതയേ വിപ്രസ്യ ഗൃണതോ വൃധേ |**

**സോമരാസ്വ സുവീര്യം ||**

ഹേ സോമമേ! സ്തുതിക്കുന്ന മേധ്യാതിഥിയായ എനിയ്ക്ക് വേി വർഷിച്ചാലും. ഹേ സോമമേ! എനിക്ക് നല്ല ബലവാൻമാരായ പുത്രൻമാരേയും അന്നവും പ്രദാനം ചെയ്യണമേ.

# അഷ്ടകം 7

# അദ്ധ്യായം 1

## സൂക്തം 44

**ഋഷി അംഗിര ഗോത്രൻ അയസ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്രണ ഇന്ദോ മഹേ തന ഊർമിം ന ബിഭ്രദർഷസി |**

**അഭി ദേവാം അയാസ്യഃ ||**

ഹേ സോമമേ! നീ ഞങ്ങൾക്കുവേി മഹത്തായ ധനം നൽകുന്നതിനായി വരുന്നുവോ അയാസ്യമഹർഷിദേവപൂജയ്ക്ക് വേി നിന്റെ ധാരകളെ വഹിച്ചുകൊു പോകുന്നു.

**2. മതീ ജുജുഷ്ടോ ധിയാ ഹിതഃ സോമമോ ഹിന്വേ പരാവതി |**

**വിപ്രസ്യ ധാരയാ കവിഃ ||**

സ്തോതാക്കൾ സോമത്തെ സ്തുതിച്ചുകൊ് യജ്ഞത്തിൽ സ്ഥാപിച്ചു. ആ സോമത്തിന്റെ ധാരകൾ ദൂരദേശം വരെ വ്യാപിക്കുന്നു.

**3. അയം ദേവേഷു ജാഗൃവി സുത ഏതി പവിത്ര ആ |**

**സോമോ യാതി വിചർഷണിഃ ||**

ഈ സോമം പിഴിയപ്പെട്ട് ദേവകളിലേയ്ക്ക് ചെല്ലുന്നു. ഇതാദ്യമായി അരിപ്പയിൽ പതിക്കുന്നു.

**4. സ നഃ പവസ്വ വജയുശ്ചക്രാണശ്ചാരുമധ്വരം |**

**ബർഹിഷ്മാം ആ വിവാസതി ||**

ഹേ സോമമേ! ഋത്വിക്കുകൾ ദർഭവിരിച്ച് നിന്നെ സേവിക്കുന്നു. നീ ഞങ്ങൾക്ക് വേി ആകർഷിതനായി; ഞങ്ങളുടെ അഹിംസാത്മകമാ യജ്ഞത്തെ പൂർണ്ണമാക്കി അതിൽ പതിക്കേണമേ.

**5. സനോ ഭഗായ വായവേ വിപ്രവിദഃ സദാവൃധഃ |**

**സോമോ ദേവേഷ്മയമത് ||**

**6. സ നോ അദ്യ വസുത്തയേ ക്രതുവിദ് ഗാതു വിത്തമഃ |**

**വാജാ ജേഷി ശ്രവോ ബൃഹത് ||**

ജ്ഞാനികൾ സോമങ്ങളെ ഭഗനും വായുവിനും സമർപ്പിക്കുന്നു. എപ്പോഴും വളർന്നുകൊിരിക്കുന്ന ഈ സോമം യജമാനൻമാരായ ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യുമാറാകണേ.

## സൂക്തം 45

**ഋഷി അയസ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. സ പവസ്വ മദായ കം നൃചക്ഷാ ദേവവീതയേ |**

**ഇന്ദ്ര വിന്ദ്രായ പീതയേ ||**

ഹേ സോമമേ! നീ ദേവകളെ കാണുന്നവനാണല്ലോ. നീ ദേവകളുടെ ആഹ്വാനത്തിനുവേി ശക്തി സഹിതം വർഷിച്ചാലും.

**2. സ നോ അർഷാഭി ദൂത്യം ത്വമിന്ദ്രായ തോശസേ |**

**ദേവാൻ സഖിഭ്യ ആ വരം ||**

ഹേ സോമമേ! നീ ഇന്ദ്രനാൽ പാനം ചെയ്യപ്പെടുന്നു. ഞങ്ങൾക്കുവേി ദൗത്യകർമ്മാവായി ദേവകളുടെ അടുക്കൽ നിന്നും ശ്രേഷ്ഠവും, വരണീയവും ആയ ധനത്തെ കൊു വന്നാലും.

**3. ഉത ത്വാമരുണം വയം ഗോഭരഞ്ജാമോ മദായ കം |**

**വി നോ രായേ ദുരോ വൃധി ||**

ഹേ സോമമേ! ഞങ്ങളങ്ങയെ ഗോരസവുമായി കലർത്തുന്നു. നിങ്ങൾക്കുവേി ധനവാതിലുകളെ ഉദ്ഘാടനം ചെയ്താലും.

**4. അത്യൂ പവിത്രമക്രമീ ദ്വാജീ ധുരം യാമനി |**

**ഇന്ദുദരേവേഷു പത്യതേ ||**

കുതിരകൾ രഥത്തിൽ നുകം വിട്ടുപോകുന്നതുപോലെ അരിപ്പയിൽ കടന്ന സോമം ദേവകളിൽ ചെന്നുചേരുന്നു.

**5. സമീ സഖായോ അസ്വരന്വനേ ക്രീളന്തമത്യാ വിം |**

**ഇന്ദും നാവാ അനൂഷത ||**

ഈ സോമം അരിപ്പയിൽ കൂടി കടന്നുപോയി ക്രീഢിക്കുമ്പോൾ സ്തോതാക്കൾ അതിനെ സ്തുതിക്കുന്നു.

**6. തയാ പവസ്വ ധാരയാ യയാ പീതോ വി ചക്ഷസേ |**

**ഇന്ദ്രോ സ്തോത്ര സുവീര്യം ||**

ഹേ സോമമേ! ഏതൊരു ധാരാപാനത്താൽ നീ സ്തോതാവിനു സുന്ദരമായ ബലം പ്രദാനം ചെയ്യുന്നുവോ, അതേ ധാരാ രൂപത്തോടു കൂടി നീ പിഴിയപ്പെടേണമേ.

## സൂക്തം 46

**ഋഷി അയാസ്യൻ, ദേവത സോമം, ഛന്ദസ് ഗായ്രതി**

**1. അസൃഗ്രന്ദേ വവീതയേ ക്യാസഃ കൃത്വ്യാ ഇവ |**

**ക്ഷരന്തഃ പർവതാവൃധഃ ||**

അമ്മിക്കല്ലുകൊിടിക്കുമ്പോൾ രസരൂപം, കർത്തവ്യപഥത്തിൽ കൂടി മുന്നേറുന്ന അശ്വത്തെപ്പോലെ യജ്ഞത്തിൽ ചെന്നുച്ചേരുന്നു.

**2. പരിഷ്കൃതാസ ഇന്ദവോ യോഷേവ പിത്ര്യാവതീ |**

**വായും സോമാ അസൃക്ഷത ||**

പിതാവിനാൽ അലംകൃതമായ കന്യക പതിയുടെ നേരെ ചെല്ലുന്നതുപോലെ ഈ സോമം വായുവിന്റെ നേരെ കടന്നുചെല്ലുന്നു.

**3. ഏതേ സോമസാ ഇന്ദവഃ പ്രയസ്വന്തശ്വമൂ സുതാഃ**

**ഇന്ദ്രം വർധന്തി കർമഭിഃ ||**

എല്ലാവരും അന്നസമ്പന്നരായി യജ്ഞത്തിൽ ഇന്ദ്രനെ ഹർഷിതനാക്കുന്നു.

**4. ആ ധാവതാ സുഹസ്ത്യഃ ശുക്രാ ഗൃഭ്ണീത മന്ഥിനാ |**

**ഗോഭിഃ ശ്രീണീത മത്സരം ||**

ഹേ ഋത്വിജൻമാരേ! നിങ്ങളുടെ ഭുജങ്ങൾ സുന്ദരകർമ്മാക്കളാണല്ലോ. നിങ്ങള വേഗം ഇവിടെ വന്ന് ഈ ഉജ്ജ്വലമായ സോമത്തെ മഥനിയാൽ മഥിക്കുവിൻ. അതിനുശേഷം ക്ഷീരാദികൾ കലർത്തി അതിനെ രുചികരമാക്കിയാലും.

**5. സ പവസ്വ ധനജ്ഞയ പ്രയന്താ രാധസോ മഹഃ |**

**അസ്മഭ്യം സോമ ഗാതുവിത് ||**

നീ ശത്രുക്കളുടെ ധനത്തെ ജയിച്ചെടുക്കുന്നവനും, അഭീഷ്ടമാർഗ്ഗങ്ങളിൽ കൂടി കൊുപോകുന്നവനും ആകുന്നു. നീ ഞങ്ങൾക്ക് അപരിമിതമായ ധനം നൽകുന്നവനായി പതിച്ചാലും.

**6. ഏതം മൃജന്തിമർജ്യം പവമാനം ദശ ക്ഷിപഃ |**

**ഇന്ദ്രായ മത്സരം മദം ||**

വിരലുകൾ പത്തും കൂടി പിഴിഞ്ഞ സോമത്തെ അരിപ്പയിൽ ശുദ്ധീകരിക്കുന്നു.

## സൂക്തം 47

**ഋഷി ഭൃഗുപുത്രൻ കവി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. അയാ സോമഃ സുകൃത്യയാ മഹിശ്ചദഭ്യവർധത |**

**മന്ദാന ഉദ്വൃഷായതേ ||**

ഈ സോമം ശ്രേഷ്ഠമായ സംസ്കാരകർമ്മങ്ങളാൽ വളർച്ച പ്രാപിക്കുകയും പ്രസന്നനായി ശക്തനായ വൃഷഭത്തെപ്പോലെ ഒച്ചയിടുകയും ചെയ്യുന്നു.

**2. കൃതാനീദസ്യ കർത്വാ ചേതന്തേ ദസ്യുതർഹണാ |**

**ഋണാ ച ധൃഷ്ണുശ്ചയതേ ||**

അസുരനാശകർമ്മങ്ങൾക്കു വേി ഞങ്ങളീ സോമത്തെ സമ്പന്നമാക്കി. ഈ സോമം എല്ലാ ഋണങ്ങളും വീട്ടുകളയും ചെയ്യുന്നു.

**3. ആത്സോമ ഇന്ദ്രിയോ രസോ വജ്രഃ സഹസ്രാസാ ഭുവത്|**

**ഉക്ഥം യദസ്യ ജായതേ ||**

ഇന്ദ്രന്റെ സ്തോത്രങ്ങൾ പ്രകടമാകുമ്പോൾ തന്നെ ബലമേറിയതും, വജ്രസന്നിഭവും, അഹിംസനീയവും ഹർഷപ്രദവുമായ രസത്താൽ സമ്പന്നവും ആയ സോമം ധനദാതാവായ ഇന്ദ്രനുവേി പിഴിയപ്പെടുന്നു.

**4. സ്വയം കവിർവിധർതരി വിപ്രായ രത്നമിച്ഛതി |**

**യദീ മർമൃജ്യതേ ധിയഃ ||**

അംഗുലികളാൽ പിഴിയപ്പെട്ട സോമം കാവ്യവാഹകനായ ഇന്ദ്രനിൽ നിന്നും മേധാവികളായ സ്തോതാക്കൾക്കുവേി ധനം കൊുവരുന്നു.

**5. സിഷാസതൂ രയീണാം വജേഷ്വർവതാമിവ |**

**ഭരേഷു ജിഗ്യുഷാമസി ||**

ഹേ സോമമേ! രണഭൂമിയിലേയ്ക്ക് പോകുന്ന അശ്വങ്ങൾക്ക് തൃണാദികൾ നൽകുന്നതുപോലെ നീയും രണഭൂവിൽ ശത്രുക്കളെ സംഹരിക്കുന്നവർക്ക് ധനം പ്രദാനം ചെയ്യുന്നു.

## സൂക്തം 48

**ഋഷി ഭൃഗുപുത്രൻ കവി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. തം ത്വാ നൃമ്ണാനി വിഭ്രതം സദസ്ഥേഷു മഹോ ദിവഃ |**

**ചാരും സുകൃത്യയേ മഹേ ||**

ഹേ സോമമേ! നീ സ്വർഗ്ഗനിവാസിയും, ദേവകളിൽ സ്ഥിതനും, ധനങ്ങളെ വഹിക്കുന്നവനും ആണല്ലോ. നിന്റെ മാധ്യമം വഴിയായി യജ്ഞം നടത്തി നിന്നോട് ധനത്തെ യാചിക്കുന്നു.

**2. സംവൃക്ത ധൃഷ്ണുമുക്ഥ്യം മഹാമഹിവ്രതം മദം |**

**ശതം പുരോ രുരുക്ഷണിം ||**

ഹേ സോമമേ! നീ പ്രശംസനീയനും, ശ്രേഷ്ഠകർമ്മാവും, ശത്രുഹന്താവും, ശത്രുക്കളുടെ ഉറപ്പേറിയ നഗരങ്ങൾ തകർക്കുന്നവനും ആകുന്നു. അതിനാൽ നിന്നോടു ഞങ്ങൾ ധനം യാചിക്കുന്നു.

**3. അതസ്ത്വാ രയിമഭി രാജാനം സുക്രതോ ദിവഃ |**

**സുപർണോ അവ്യഥിർഭരത് ||**

ഹേ സുകർമ്മാവായ സോമമേ! നീ ധനേശ്വരനാണല്ലോ. കഴുകൻ നിന്നെ സ്വർഗ്ഗത്തിൽ നിന്നും ആയാസ രഹിതമായി ഇവിടെ കൊുവന്നിരിക്കുന്നു.

**4. വിശ്വസ്മാ ഇത് സ്വർദൃശേ സാധാരണം രജസ്തുരം |**

**ഗോപാമൃതസ്യ വിർഭരത് ||**

യജ്ഞസംരക്ഷകനും, ജലപ്രേരകനും, സ്വർഗ്ഗവാസികളുമായ ദേവതകൾക്കുവേി കഴുകൻ പക്ഷി സ്വർഗ്ഗത്തിൽ നിന്നും സോമത്തെ കൊുവന്നിരിക്കുന്നു.

**5. അധാ ഹിന്വംന ഇന്ദ്രിയം ജ്യായോ മഹിഷ്വമാനശേ |**

**അഭീഷ്ടി കൃദ് വിചർഷണിഃ ||**

ഹേ സോമമേ! നീ യജമാനൻമാരുടെ അഭീഷ്ടങ്ങളേയും മനുഷ്യരുടെ കർമ്മങ്ങളേയും സൂക്ഷ്മതയോടു കൂടി കാണുന്നുവല്ലോ. നീ സ്വന്തം സ്തുക്കു യോഗ്യമായ മഹിമയെ പ്രാപിക്കുന്നു.

## സൂക്തം 49

**ഋഷി ഗുപ്രതൻ കവി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പവസ്വ വൃഷ്ടിമാ സു നോ പാമൂർമിം ദിവസ്പരി |**

**അയക്ഷ്മാ ബൃഹർതാ രിഷഃ ||**

ഹേ സോമമേ! ആകാശത്തിൽ ജലത്തെ തരംഗിതമാക്കൂ. ഞങ്ങൾക്കു വേി മഴ പെയ്യിച്ച് അക്ഷയമായ അന്നങ്ങളാൽ ഭൂമിയെ നിറയ്ക്കൂ.

**2. തയാ പവസ്വ ധാരയാ യയാ ഗാവ ഇഹാഗമൻ |**

**ജന്യാസ ഉപ നോ ഗൃഹം ||**

ഹേ സോമമേ! നിന്റെ ഏതൊരു ധാരയുടെ പ്രഭാവത്താൽ ശത്രുക്കളുടെ ദേശത്തുായ ഗോക്കളെ ഞങ്ങൾക്കു പ്രാപിക്കുവാൻ സാധിക്കുമോ. അതേ ധാരാരൂപത്തോടു കൂടി ഒഴുകുമാറാകണേ.

**3. ഘൃതം പവസ്വ ധാരയാ യജ്ഞഷു ദേവവീതമഃ |**

**അസ്മഭ്യം വൃഷ്ടിമാ പവ ||**

ഹേ സോമമേ! നീ ഈ യജ്ഞമണ്ഡപത്തിൽ ദേവകാമനാകുന്നു. നീ ഞങ്ങൾക്കുവേി ഘൃതസഹിതം ഓർക്കുമാറാകണം.

**4. സ ന ഊർജേ വ്യയം പവിത്രം ധാരയാ |**

**ദേവാസഃ ശൃണ വഹ്നി കം ||**

ഹേ സോമമേ! ഞങ്ങളുടെ അന്നത്തിനുവേി നീ അരിപ്പയിൽക്കൂടി ധാരാരൂപത്തിൽ ഒഴുകുമാറാകണേ. നിന്റെ ഗമനധ്വനി ദേവഗണം ശ്രുവിക്കുമാറാകണേ.

**5. പവമാനോ അസിഷ്യദദ്രക്ഷാംസ്യ പജങ് ഘനത് |**

**പ്രത്നവദ്രോചയൻരുചഃ ||**

ഈ സോമം രാക്ഷസൻമാരെ സംഹരിക്കുന്ന തന്റെ ദീപ്തിയെ വളർത്തികൊ് പിഴിഞ്ഞൊഴുകുന്നു.

## സൂക്തം 50

**ഋഷി ഉചത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഉത്തേ ശുഷ്മാസ ഈരതേ സിന്ധോരൂർമേ രിവ സ്വനഃ |**
**വാണസ്യ ചോദയാ പവിം ||**

ഹേ സോമമേ! നിൻെറ വേഗം സമുദ്രത്തിന് തുല്യമാകുന്നു. വില്ലിൽ നിന്നും തൊടുത്തുവിടുന്ന ശരം കണക്കേ നീ ശബ്ദിക്കുന്നു.

**2. പ്രസവേ ത ഉദീരിതേ തിസ്രോ വാചോ മഖസ്യുവഃ |**
**യദവ്യ ഏഷി സാനവി ||**

ഹേ സോമമേ! നീ അരിപ്പയെ പ്രാപിക്കുമ്പോൾ, നീ ശുദ്ധീകരിക്കപ്പെടുമ്പോൾ യജ്ഞം നടത്തുന്ന യജമാനൻെറ മുഖത്തുനിന്നും മൂന്നിനം വാക്കുകൾ പ്രകടീഭവിക്കുന്നു.

**3. അവ്യോ വാരേ പരി പ്രിയ ഹരിംഹിന്വന്ത്യദ്രിഭിഃ |**
**പവമാനം മധുശ്ചുതം ||**

ഈ സോമം അമ്മിക്കല്ലിലിടിച്ചു പിഴിയുന്നതും, മധുരസമ്പന്നവും, പച്ചനിറത്തോടുകൂടിയതും, ദേവകൾക്കു പ്രീയങ്കരവും ആകുന്നു. ഋത്വിക്കുകൾ ഇതിനെ ആട്ടിൻ രോമത്തിൽ സൂക്ഷിക്കുന്നു.

**4. ആ പവസ്വ മദിന്തമ പവിത്രം ധാരയാ കവേ |**
**അർകസ്യ യോനി മാസദം ||**

ഹേ സോമമേ! ഭവാൻ അത്യന്തം ശോഭകർമ്മാവും, അധികം മദഭരിതനും ആകുന്നു. നീ അരിപ്പയിൽ കൂടി കടന്ന് ഇന്ദ്രൻെറ ഉദരത്തെ പ്രാപിക്കുവാൻ അവൻെറ മുന്നിൽ പതിച്ചാലും.

**5. സ പവസ്വ മദിന്തമ ഗോഭിരഞ്ജാനോ അക്തുഭിഃ |**
**ഇന്ദ്രവിന്ദ്രായ പീതയേ ||**

ഹേ സോമമേ! നീ മധുരരസം നിറഞ്ഞ ക്ഷീരാദികളാൽ മിശ്രിതനായി ഇന്ദ്രനു  പാനം ചെയ്യുന്നതിന് ഹർഷപ്രദായകനായി വർഷിച്ചാലും.

# സൂക്തം 51

**ഋഷി ഉചത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. അധ്വര്യോ അദ്രിഭിഃ സുതം സോമം പവിത്രം ആ സൃജ |**
**പുനീഹീന്ദ്രായ പാതവേ ||**

ഹേ അധ്വര്യുക്കളേ! അമ്മിക്കല്ലുകൊ് ഇടിച്ചുപിഴിഞ്ഞ സോമത്തെ അരിപ്പയിൽ ഒഴിച്ച് ഇന്ദ്രനുവേി ശുദ്ധീകരിക്കുവിൻ.

**2. ദിവഃ പീയൂഷമുത്തമം സോമമിന്ദ്രായ വജ്രിണേ |**
**സുനോതാ മധുമത്തമം ||**

ഹേ അധ്വര്യുക്കളേ! സ്വർഗ്ഗത്തിൻെറ അമൃതരൂപായ മധുരസോമത്തെ വജ്റധാരിയായ ഇന്ദ്രനുവേി പിഴിയുവിൻ.

**3. തവത്യ ഇന്ദ്രോ അന്ധസോ ദേവാ  മധോർവ്യശ്നതേ |**
**പവമാനസ്യ മരുതഃ ||**

ഹേ സോമമേ! നിൻെറ ഹർഷപ്രദായകമായ രസത്തെ ഇന്ദ്രൻ, മരുത്തുക്കൾ ആദിയായ ദേവതകൾ തങ്ങളുടെ ശരീരത്തെ രമിപ്പിക്കുന്നു.

**4. ത്വം ഹി സോമ വർധയൻസുതോ മദാത ഭൂർണയേ |**
**വൃഷന്ത് സ്തോതാരമൂതയേ ||**

ഹേ സോമമേ! പിഴിയപ്പെട്ടതിനുശേഷം നീ ദേവകളെ മത്തരാക്കുകയും, കാമവർഷകനായി അതിവേഗം സ്തോതാക്കളുടെ രക്ഷയിൽ തല്പരനാവുകയും ചെയ്യേണമേ.

**5. അഭ്യർഷ വിചക്ഷണ പവിത്രം ധാരയാ സുതഃ |**
**അഭി വാജമുത ശ്രവഃ ||**

ഹേ സോമമേ! നീ പിഴിയപ്പെട്ട് അരിപ്പയിൽ എത്തുകയും, അന്ന സമ്പന്നമായ യശസ്സാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ.

# സൂക്തം 52

**ഋഷി ഉചത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പരി ദ്യുക്ഷഃ സനദ്രിയിർഭ്വാജം നോ അന്ധസാ |**
**സുവാനോ അർഷ പവിത്ര ആ ||**

ഹേ സോമമേ! നീ ധനദാതാവാകുന്നു. അരിപ്പയിൽ പിഴിഞ്ഞുവീഴുന്ന നീ ബലത്തെ വർദ്ധിപ്പിക്കുന്നവനാണ്.

**2. തവ പ്രത്നോ ഭിരധ്വഭിരവ്യോ പാരേ പരി പ്രിയഃ |**
**സഹസ്രധാരോ യാത്തനാ ||**

ഹേ സോമമേ! നിൻെറ ധാരകളാൽ ദേവൻമാർ ഹർഷിതരാകുന്നു. അവരാൽ വളർത്തപ്പെടുന്ന നീ അരിപ്പയിലേയ്ക്ക് പോകുന്നു.

**3. ചരൂർന യസ്തമീങ്ഖയേന്ദോ ന ദാനമീങ്ഖയാ |**
**വധൈർവധനസ്നവീങ്ഖയാ ||**

ഹേ സോമമേ! ചരുപോലുള്ളൊരു ഭക്ഷണം ഞങ്ങൾക്ക് തരുമാറാകണം. നീ അമ്മിക്കല്ലാൽ മഥിതനായി പ്രവാഹിക്കുന്നവനാകുന്നു. അതിനാൽ അമ്മിയാലിടിയ്ക്കപ്പെട്ട് രസരൂപത്തിൽ പ്രത്യക്ഷനാകേണമേ. (ചാരുപോലുള്ള ഊന്ന് അന്നപൂർണ്ണമാത്രം)

**4. നിശുഷ്മമിന്ദവേഷാം പരുഹൂത ജനാനാം |**
**യേ അസ്മാം  ആദിദേശതി ||**

ഹേ സോമമേ! നീ അനേകരാൽ വിളിക്കപ്പെടുന്നു. ഞങ്ങളുടെ യാതൊരു ശത്രുബലം ഞങ്ങളുടെ നേരെപോർവിളി നടത്തുന്നുവോ ആ ശത്രുക്കളെ ഞങ്ങളുടെ മുമ്പിൽ നിന്നും ആട്ടിപായിക്കണേ.

**5. ശതം ന  ഇന്ദ്രം ഊതിഭിഃ സഹസ്രം വാ ശുചീനാം |**
**പവസ്വ മംഹയദ്രിയിഃ ||**

ഹേ സോമമേ! നീ ധനവാനാകുന്നു. നിൻെറ സ്വച്ഛങ്ങളായ ധാരകൾ സഹിതം മുന്നേറി ഞങ്ങളുടെ പാലകനാകേണമേ.

# സൂക്തം 58

**ഋഷീ ഉചത്ഥ്യൻ, ദേവത സോമം,  ഛന്ദസ് ഗായത്രി.**

**1. ഉത്തേ ശുഷ്മാസോ അസ്ഥു രക്ഷോ ഭിന്ദന്തോ അദ്രിവഃ |**
**നുദസ്വ യാഃ പരിസ് പൃധഃ ||**

ഹേ സോമമേ! നിന്നെ കല്ലുതന്നെ പ്രകടമാക്കുന്നു. നീ രസരൂപനാകുമ്പോൾ നിൻെറ അസുരഹന്താവ് വേഗത്തിൽ ഉൽപന്നനാകുന്നു. നീ അവനാൽ തന്നെ ഞങ്ങളുടെ ബാധകരായ ശത്രുസേനകളെ തടഞ്ഞു നിർത്തണമേ.

**2. അയാ നി ജാഘ്നി രോജസാ രഥസങ്ഗേ ധനേ ഹിതേ |**
**സ്തവാ അബിഭ്യുഷാ ഹൃദാ ||**

ഹേ സോമമേ! ഞാൻ ഭയരഹിതനായി, ശത്രുക്കൾ രഥത്തിൽ കൊുപോകുന്ന ധനത്തിനുവേി സ്തുതിക്കുന്നു. എന്തുകൊന്നൊൽ നീ ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥനാണല്ലോ.

**3. അസ്യ വ്രതാനി നാധൃഷേ പവമാനസ്യ ദൂഢ്യാ രുജ |**

**തസ്ത്വാ പൃതന്യതി ||**

ഹേ സോമമേ! നീ നിന്റെ തേജസ്സിനെ സഹിക്കുവാൻ അസുരൻമാർ സമർത്ഥരാകുന്നില്ല. അങ്ങയോടു യുദ്ധം ചെയ്യുന്ന ശത്രുക്കളെ നശിപ്പിച്ചാലും.

**4. തം ഹിന്വന്തിം മദച്യുതം ഹരിം നദീഷു വാജിനം |**

**ഇന്ദ്രമിന്ദ്രായ മത്സരം ||**

പച്ചവർണ്ണത്തോടു കൂടി ഹർഷയുക്തനായ ഈ സോമത്തെ ഇന്ദ്രനു വേി ഋത്വിക്കുകൾ ജലയുക്തരാകുന്നു.

## സൂക്തം 54

**ഋഷി അവത്സാരൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. അസ്യ പ്രത്നാവനു ദ്യുതം ശുക്രം ദുദുഹ്രേ അഹ്രയഃ |**

**പയഃ സഹസ്രസാ മൃഷീം ||**

പ്രാചീനകാലം മുതൽ സോമത്തിന്റെ തേജസ്വിയായ രസത്തെ മേധാവികൾ ദോഹനം ചെയ്തിരുന്നു.

**2. അയം സൂര്യ ഇവോപദൃഗയം സരാംസി ധാവതി |**

**സപ്ത പ്രവത ആ ദിവം ||**

ഈ സോമം വിശ്വത്തെയെല്ലാം സൂര്യനെപ്പോലെ കാണുന്നു. ഇത് സ്വർഗ്ഗത്തേയും സപ്തനദികളേയും വ്യാപകമാക്കി യിരിക്കുന്നു. ഇത് മുപ്പതു ദിനരാത്രങ്ങളിലും സഞ്ചരിച്ചു കൊിരിക്കുന്നു.

**3. അയം വിശ്വനാി തിഷ്ഠതി പുനാനോ ഭൂവനോപരി |**

**സോമാ ദേവോ സൂര്യനഃ ||**

പിഴിയപ്പെട്ടു ഈ സോമം സൂര്യനെപ്പോലെ തന്നെ എല്ലാ ലോകങ്ങളുടേയും മുകളിൽ നിവസിക്കുന്നു.

**4. പരിണോ ദേവവീതയേ വാജാം അർഷസി ഗോമതഃ |**

**പുനാന ഇന്ദവിന്ദ്രയുഃ ||**

ഹേ സോമമേ! നീ നിഷ്പന്നനായി ഇന്ദ്രനു കാമിക്കുന്നു. ഞങ്ങളുടെ ഈ യജ്ഞത്തിൽ ഗോക്കളും അന്നവും എല്ലാ ഭാഗത്തു നിന്നും കിട്ടുമാറാകണേ.

## സൂക്തം 55

**ഋഷി ഉചത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. യവംയവം നോ അന്ധസാ പുഷ്മ്പുഷ്ടം പരിസ്രവ |**

**സോമ വിശ്വാ ച സോഭഗാ ||**

ഹേ സോമമേ! ഞങ്ങൾക്ക് അസംഖ്യം ഗോക്കൾ, അന്നം, സുന്ദരമായ ഭാഗ്യത്തോടു കൂടിയ ധനം എന്നിവ പ്രദാനം ചെയ്യണമേ.

**2. ഇന്ദ്രോ യഥാ തവ സ്തവോ യഥാ തേ ജാതമന്ധസഃ |**

**നി ബർഹിഷി പ്രിയേ സദഃ ||**

ഹേ സോമമേ! ഞങ്ങൾ നിന്റെ അന്നമയിയായ സ്തുതിയെ ഉച്ചരിക്കുന്നു. നീ ഞങ്ങളുടെ കുശാസനത്തിൽ വിരാജിച്ചാലും.

**3. ഉത നോ ഗോവിദശ്വവിത് പവസ്വ സോമാന്ധസാ |**

**മക്ഷൂതമേഭിരഹഭിഃ ||**

ഹേ സോമമേ! ഭവാൻ ഞങ്ങൾക്ക് ഗോക്കളേയും അശ്വങ്ങളേയും തരുന്നവനാണല്ലോ. നീ വേഗം അന്നത്തോടു കൂടി വർഷിച്ചാലും.

**4. യോ ജിനാതി ന ജീയതേ ഹന്തി ശത്രുഭീത്യ |**

**സ പവസ്വ പ്രഹസ്രജിത് ||**

ഹേ സോമമേ! നീ അസംഖ്യം വൈരികളെ ജയിക്കുന്നവനാകുന്നു. ശത്രുക്കളെ പതിപ്പിച്ചാലും. ഹേ സോമമേ! അങ്ങു ഒഴുകിയാലും.

## സൂക്തം 56

**ഋഷി ഉചിത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പരി സോമ ഋതം ബൃഹദാശുഃ പവിത്രേ അർഷതി |**

**വിഘ്നന്യക്ഷാംസി ദേവയുഃ ||**

ദേവകാമനായ സോമം അരിപ്പയിൽ കൂടി കടന്ന് പ്രചുരമായ അന്നം നൽകുന്നവനും, അസുരനാശകനും ആകുന്നു.

**2. യത്സോമോ വാജ മർഷതി ശതം ധാരാ അപസ്യുവഃ |**

**ഇന്ദ്രസ്യ സഖ്യജാവിശൻ ||**

കർമ്മകാമികളായ സോമത്തിന്റെ നൂറുധാരകൾ ഇന്ദ്രനുമായി സഖ്യഭാവം സ്ഥാപിക്കുമ്പോൾ സോമം വഴിയായിത്തന്നെ നമുക്കന്നലാഭമുാകുന്നു.

**3. അഭി ത്വാ യോഷണോ ദശ ജാരം ന കന്യാനൂഷത |**

**മൃജ്യസേ സോമ സാതയേ ||**

സ്ത്രീ അവളുടെ പ്രിയപുരുഷനെ വിളിക്കുന്നതുപോലെ, സോമമേ! ഞങ്ങളുടെ പത്തുവിരലുകൾ നാർജ്ജനത്തിനായി ഇന്ദ്രനുവേി നിന്നെ ശുദ്ധീകരിക്കുന്നു.

**4. ത്വമിന്ദ്രായ വിഷ്ണവേ സാദുരിന്ദോ പരി സ്രവ |**

**നൃന്ത് സ്തോതൃൻപാഹ്യംഹസഃ ||**

ഹേ സോമമേ! നീ അത്യന്തം മധുരരസനാകുന്നു. ഇന്ദ്രനും വിഷ്ണുവിനും വേി ഇറ്റ് ഇറ്റ് വീഴണേ. നീ ഞങ്ങളുടെ കർമ്മപ്രേരകനാണല്ലോ. അതിനാൽ പാപങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കേണമേ.

## സൂക്തം 57

**ഋഷി ഉചത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പ്ര തേ ധാരാ അസശ്ചതോ ദിവോ ന യന്തി വൃഷ്ടയഃ |**

**അഛാ വാജം സഹസ്രിണം ||**

ആകാശത്തുനിന്നും ഉാകുന്ന ജലവർഷം എങ്ങിനെ മനുഷ്യർക്ക് അന്നം പ്രദാനം ചെയ്യുന്നുവൊ, അത്രപോലെ തന്നെ ഹേ സോമമേ! നിന്റെ ശ്രേഷ്ഠങ്ങളായ ധാരകളും അന്നാഭിലാഷികളായ ഞങ്ങളുടെ അഭീഷ്ടങ്ങളും പൂർണ്ണമാക്കുന്നു.

**2. അഭി പ്രിയാണി കാവ്യ വിശ്വാ ചക്ഷാണോ അർഷതി |**

**ഹരിസ് തുഞ്ജാന ആയുധാ ||**

ഹരിതവർണ്ണമായ സോമം ദേവകളുടെ പ്രിയകർമ്മങ്ങളുടെ ദ്രഷ്ടാവായും രാക്ഷസൻമാരെ തന്റെ അസ്ത്രങ്ങളാൽ അമർച്ചവരുത്തിയും യജ്ഞമണ്ഡപത്തിൽ വന്നു ചേരുന്നു.

**3. സ മർമൃ ജന ആയുഭിരിഭോ രാജേവ സുവ്രതഃ |**

**ശ്യേനോ ന വാംസു ഷീദതി ||**

മനുഷ്യരാൽ പിഴിയപ്പെടുന്ന സോമം സുന്ദരകർമ്മങ്ങളാൽ യുക്തമായ ഈ സോമം രാജാവിനേയും പരുന്തിനേയും പോലെ ഭയരഹിതനായി ജലത്തിൽ വസിക്കുന്നു.

**4. സ നോ വിശ്വാ ദിവോ വസൂതോ പൃഥിവി അധി |**

**പുനാന ഇന്ദവാ ഭര ||**

ഹേ സോമമേ! നീ നിഷ്പീഢിതനായി വാനൂഴികളിലെ എല്ലാ ധനങ്ങളുമായി ഇവിടെ വന്നാലും.

## സൂക്തം 58

**ഋഷി ഉചത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ത രത്സ മന്ദീ ധാവതി ധാരാ സുതസ്യാന്ധസഃ |**

**തരത്സ മന്ദീ ധാവതി ||**

ഈ സോമം ദേവകൾക്ക് മദം പിടിപ്പിക്കുന്നു. ഇത് സ്തോതാക്കളുടെ നൻമയ്ക്ക് വേി വർഷിക്കുന്നു. പിഴിഞ്ഞ സോമത്തിൻെറ ഈ ധാരകൾ അന്നരൂപത്തിൽ ഒലിച്ചുച്ചേരുന്നു.

**2. ഉസ്രാ വേദ വസൂനാമർതം ദേവ്യവസ |**

**തരത്സ മന്ദീ ധാവതി ||**

സോമത്തിൻെറ ധാരകൾ ധനവർഷകങ്ങളും പ്രകാശസമ്പന്നവും, മനുഷ്യരുടെ രക്ഷകനും ആകുന്നു. സന്തോഷദായകങ്ങളായ ഈ സോമം സ്തോതാക്കളുടെ നൻമയ്ക്ക് വേി ഒലിച്ചുച്ചേരുന്നു.

**3. ധ്വസ്രയോഃ തുരുഷൻത്യോരാ സഹസ്രാണി ദദ്മഹേഃ |**

**തരത്സ മന്ദീ ധാവതി ||**

ധ്വസ്രൻ, പുരുപന്തി എന്നീ രാജാക്കൻമാർ ആയിരമായിരം സ്വർണ്ണം ഞങ്ങൾക്ക് പ്രദാനം ചെയ്തിരിക്കുന്നു. ഈ കല്യാണകാരിയായ സോമം സ്തോതാക്കളെ സന്തുഷ്ടനാക്കുന്നതിനുവേി ഒലിച്ചുവരുന്നു.

**4. ആ യയോസ്ത്രിംശതം തനാ സഹസ്രാണി ദദ്മഹേ |**

**തരത്സ മന്ദീ ധാവതി ||**

ധസ്ര്വനും, പുരുപന്തിയും ഞങ്ങൾക്ക് മുപ്പതിനായിരം വസ്ത്രങ്ങൾ ദാനം ചെയ്തിരിക്കുന്നു. ഈ സോമം നൻമയ്ക്ക് വേി ഒലിച്ചു വരുന്നു.

## സൂക്തം 59

**ഋഷി ഉചത്ഥ്യൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. പവസ്വ ഗോജിദശ്വ ജിദ്വിശ്വജിത് സോമ രണ്യജിത് ||**

**പ്രജാവേ ദ്ര ത് ന മാ ഭര ||**

ഹേ സോമമേ! നീ ഗോക്കൾ, അശ്വങ്ങൾ ആദിയായ എല്ലാ സുന്ദരധനങ്ങളേയും കീഴമർത്തുന്നവനാകുന്നു. നീ ഞങ്ങൾക്ക് പുത്രൻമാരേയും ധനത്തേയും കിട്ടുമാറാക്കി ഒലിച്ചുവന്നാലും.

**2. പവസ്വാദ്ഭ്യോ അദാഭ്യഃ പവിസ്വൗഷധീഭ്യഃ |**

**പവസ്വ ധിഷണാഭ്യഃ ||**

ഹേ സോമമേ! നീ സൂര്യരശ്മികളിൽകൂടി ജലത്തിൽ കൂടി ഔഷധികളിലും, കല്ലുകളിലും കൂടി ഒഴുകി വന്നാലും.

**3. ത്വം സോമ പവമാനോ വിശ്വാനി ദുരിതാ തരഃ |**

**കവിഃ സീദ നി ബർഹിഷിഃ ||**

ഹേ സോമമേ! നീ ദുഷ്ടൻമാരുടെ ഉപദ്രവങ്ങളെല്ലാം അകറ്റി ഈ കുശാസനത്തിൽ പ്രതിഷ്ഠിതനാകണമേ.

**4. പവമാന സ്വർവിദോ ജായമാനോ ഭവോ മഹാൻ |**

**ഇന്ദ്രോ വിശ്വാം അഭീദസി ||**

ഹേ സോമമേ! നീ ജനിക്കുമ്പോൾ തന്നെ പൂജ്യനായിത്തീരുകയും സകലശത്രുക്കളുടേയും പരാക്രമങ്ങളെ തകർക്കുകയും ചെയ്തു. അതിനാൽ ഈ യജമാനൻെറ അഭീഷ്ടങ്ങൾ പൂർണ്ണമാക്കിയാലും.

## സൂക്തം 60

**ഋഷി അവത്സാരൻ, ദേവത സോമം, ഛന്ദസ് ഗായത്രി ഉഷ്ണിക.**

**1. പ്ര ഗായത്രേണം ഗായത പവമാനം വിചർഷണിം |**

**ഇന്ദും സഹസ്ര ചക്ഷസം ||**

ഹേ സോമമേ! ഭവാൻ സഹസ്രാക്ഷനാണല്ലോ. ഹേ സ്തോതാക്കളേ ഈ സോമത്തെ സ്തോത്രങ്ങളാൽ പൂജിക്കുവിൻ.

**2. തം ത്വാ സഹസ്രചക്ഷസമഥോ സഹസ്രഭർണസം |**

**അതിവാരമപാവിഷുഃ ||**

ഹേ സോമമേ! ഋത്വിക്കുകൾ അങ്ങയെ പിഴിയുകയും കമ്പിളിയരിപ്പയിൽ അരിക്കുകയും ചെയ്യുന്നു.

**3. അതി വാരാൻപവമാനോ അസിഷ്യദത്ക ലശാം അഭിധാവതി |**

**ഇന്ദ്രസ്യ ഹാർദ്യാവിശൻ ||**

ആട്ടിൻ രോമത്തിൽ കൂടി ഇറ്റിറ്റുവീഴുന്ന സോമരസം ദ്രോണകലശത്തെ പ്രാപിക്കുന്നു. പിന്നീട് ഇന്ദ്രൻെറ ഹൃദയത്തിൽ രമിക്കുന്നു.

**4. ഇന്ദ്രസ്യ സോമ രാധസേ ശം പവസ്വ വിചർഷണേ |**

**പ്രജാവദ്രേത ആ ഭര ||**

ഹേ സോമമേ! നീ ഇന്ദ്രൻെറ പൂജയ്ക്ക് വേി പിഴിയപ്പെട്ടു, ഞങ്ങൾക്ക് പുത്രൻമാരേയും, ധനവും പ്രദാനം ചെയ്യണേ.

# അനുവാകം 7

## സൂക്തം 61

**ഋഷി അമഹീയു, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. അയാ വീതി പരി സ്രവ യസ്ത ഇന്ദ്രേ മഹേഹ്വാ |**

**അവഹന്നൂവ തീർനവ ||**

ഹേ സോമമേ! നിൻെറ യാതൊരു രസം യുദ്ധകതുകികളായ രാക്ഷസൻമാരുടെ തൊണ്ണൂറ്റിയൊമ്പതു പുരങ്ങളെ തകർത്തിരുന്നുവോ ആ രസത്തോടു കൂടി ഇന്ദ്രങ്കലേയ്ക്ക് ഒഴുകിയാലും.

**2. പുരഃ സദ്യ ഇത്ഥാധിയേ ,ദിവോദാനായ ശമ്ബരം |**

**അധ ത്യം തുർവശം യദും ||**

ശംബരൻെറ പുരങ്ങൾ തകർത്ത ആ സോമരസം തന്നെ ആ ശത്രുവിനെ ദിവോദാസത്തെ അടിമയാക്കി. പിന്നീട് അവൻെറ ശത്രുക്കളായിരുന്ന തുർവശനേയും യദുക്കളേയും വശത്താക്കി.

**3. പരിണോ അശ്വമശ്വവിദ്ഗോമദിന്ദോ ഹിരണ്യവത |**

**ക്ഷരാ സഹസ്രിണീരിക്ഷഃ ||**

ഹേ സോമമേ! ഗോക്കൾ അശ്വങ്ങൾ സ്വർണ്ണധനം ഇവയെ ഞങ്ങൾക്ക് വീതിച്ചു തരൂ. എന്തുകൊന്നാൽ നീ അശ്വദി ധനങ്ങളുടെ ദാതാവാണല്ലോ.

**4. പവമാനസ്യ തേ വയം പവിത്രമഭ്യുന്ദനഃ |**

**സഖിത്വമാ വൃണീമഹേ ||**

ഹേ സോമമേ! അരിപ്പയെ നനയ്ക്കുന്നവനാണല്ലോ, ഞങ്ങൾ അങ്ങയുടെ മിത്രത്വത്തെ ആഗ്രഹിക്കുന്നു.

**5. യേ തേ പവിത്രമൂർമയോ ഭിക്ഷരന്തി ധാരയാ |**

**തേ ഭിർന സോമ മൃളയ ||**

ഹേ സോമമേ! അരിപ്പയിൽ കൂടി ഒഴുകി വരുന്ന നിൻെറ ധാരകളാൽ ഞങ്ങളെ സുഖികളാക്കണമേ.

**6. സ നഃ പുനാനമൂർമയോ ഭിക്ഷരന്തി ധാരയാ |**

**തേഭിർന സോമ മൃളയ ||**

ഹേ സോമമേ! നീ എല്ലാ ലോകങ്ങളുടേയും ഈശ്വരനാകുന്നു. നീ പിഴിയപ്പെടുന്നവനായി പുത്രൻമാർ, ധനം അന്നം, മുതലായവയേ കൊുവരേണമേ.

**7. ഏതമു ത്യം ദശ ക്ഷിപോ മൃജന്തി സിന്ധുമാതരം |**

**സമാദിത്യേഭിരഖ്യത ||**

നദികൾ ജനനിമാരായിട്ടുള്ള സോമങ്ങളെ വിരലുകൾ പത്തും തലോടുന്നു. അപ്പോൾ ആ സോമങ്ങൾ ദേവൻമാരിലേയ്ക്ക് കുതിക്കുന്നു.

**8. സമിന്ദ്രേണോ വായുനാ സുത ഏതി പവിത്ര ആ |**

**സം സൂര്യസ്യ രശ്മിഭിഃ ||**

ഈ പിഴിഞ്ഞ സോമരസം അരിപ്പയിൽകൂടി ഒഴുകി ഇന്ദ്രൻ, വായു സൂര്യരശ്മികൾ മുതലായവരോടു ചേരുന്നു.

**9. സ നോ ഭഗായ വായവേ പൂഷ്ണേ പവസ്വ മധുമാൻ |**

**ചാരുമിത്രേ വരുണേച ||**

ഹേ സോമമേ! നീ പിഴിയപ്പെടുന്നവനും മധുരരസ സമ്പന്നനുമാണല്ലോ, നീ ഭഗൻ, പൂഷാവ്, മിത്രൻ, വരുണൻ, വായു എന്നീ ദേവൻമാരുടെ ഹർഷത്തിനുവേി പ്രാപിക്കണേ.

**10. ഉച്ചാതേ ജാതമന്ധസോ ദിവി ഷദ്ഭൂമ്യാ ദദേ |**

**ഉഗ്രം ശർമ മഹി ശ്രവഃ ||**

ഹേ സോമമേ! നിൻെറ അന്നം സ്വർഗ്ഗത്തിൽ പ്രകടമാകുന്നു. അന്നരൂപമായ സുഖം ഭൂമിയിൽ ഉാകണമേ. സോമത്താൽ ഞങ്ങൾ മനുഷ്യഭോജ്യങ്ങളെല്ലാം നേടുമാറാകണേ.

**11. ഏനാ വിശ്വാന്യയ ആ ദ്യുമ്നാനി മാനുഷാണാം |**

**സിഷാസന്തോ വനാമഹേ ||**

ഞങ്ങൾ ഞങ്ങളുടെ എല്ലാ സുഖങ്ങളേയും ഈ സോമത്തിൻെറ സഹായത്തോടുകൂടി പ്രാപിക്കുന്നു. ഇവയെ പങ്കിടുവാൻ ആഗ്രഹിക്കുമ്പോൾ വീതിച്ചെടുക്കുന്നു.

**12. സ ന ഇന്ദ്രായ യജ്യവേ വരുണായ മരുദ്ഭ്യഃ |**

**വരിവോവിത് പരി സ്രവ ||**

ഹേ സോമമേ! പിഴിയപ്പെട്ട് ഇന്ദ്രനും, വരുണനും, മരുത്തുക്കൾക്കും വേി പ്രവഹിച്ചാലും. എന്തുകൊന്നൊൽ നീ അന്നദാതാവാണല്ലോ.

**13. ഉപോ ഷുജാര മപ്തുരം ഗോഭിർഭങ്ഗംപരിഷ്കൃതം |**

**ഇന്ദും ദേവാ അയാസിഷുഃ ||**

ഈ സോമം ജലത്താൽ പ്രേരിതവും; ശത്രുക്കളെ മർദ്ദിക്കുന്നവനും; ചീരാദികളാൽ സംസ്കരിക്കപ്പെട്ടതും ആകുന്നു. ഇദ്ദേഹത്തെ ദേവതകൾ പ്രാപിക്കുന്നു.

**14. തമിദ്വർധന്തു നോ ഗിരോ വത്സം സംശിശ്വരീരിവ |**

**യ ഇന്ദ്രസ്യ ഹൃദസനിഃ ||**

ഇന്ദ്രൻെറ ഹൃദയത്തിൽ രമിക്കുന്ന സോമം ഞങ്ങളുടെ സ്തോത്രങ്ങളാൽ പ്രവൃദ്ധമാകട്ടെ. പയസ്വിനികളായ മാതാക്കൾ ഞങ്ങളുടെ ശിശുക്കളെ സ്നേഹിക്കുന്നതുപോലെ ഈ സ്തുതികൾ സോമത്തെ സ്നേഹിക്കുന്നു.

**15. അർഷാ ണ സോമ ശം ഗവേ ധുക്ഷസ്വ**

**പിഷ്യഷീമിക്ഷം |**

**വർധാ സമുദ്രമുക്ഥ്യം ||**

ഹേ സോമമേ! ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്യണമേ. ഞങ്ങളുടെ ഗോക്കളെ സുഖികളാക്കണമേ. നിർമ്മല ജലങ്ങളെ വളർത്തണമേ.

**16. പവമാനോ അജീജനദ്ദിവശ്ചിത്രം ന തന്യതും |**

**ജ്യോതിർ വൈശ്വാനരം ബൃഹത് ||**

സോമം വർഷിക്കുന്ന സമയം സ്വർഗ്ഗത്തിലെ വൈചിത്രങ്ങളെ വർദ്ധിപ്പിക്കുന്നതിനായി വൈശ്വരാഗ്നിയെ പ്രകടമാക്കി.

**17. പവമാനസ്യ തേ രസോ മദോ രാജന്നദുച്ഛുനഃ |**

**വി വാരമവ്യമർഷതി ||**

ഹേ സോമമേ! നിൻെറ ഹർഷപ്രദായകമായ രസം കമ്പിളി രോമങ്ങളിലേയ്ക്ക് പ്രവേശിക്കുന്നു.

**18. പവമാന രസസ്തവ ദക്ഷോ വിരാജതി ദ്യുമാൻ |**

**ജ്യോതിർ വിശ്വം സ്വർദ്യശേ ||**

ഹേ സോമമേ! നിൻെറ രസം പെരുകിയൊഴുകുകയും; ബ്രഹ്മാണ്ഡത്തെ മുഴുവൻ നിറച്ച് സ്വയം ദീപ്തിമയനായി അതിനെ ദർശിക്കുകയും ചെയ്യുന്നു.

**20. ജഘ്നിർവൃത്ര മമിത്രിയം സസ്നിർവാജം ദിവേദിവേ |**

**ഗോഷാ ഉ അശ്വസാ അസി ||**

ഹേ സോമമേ! നീ ശത്രുക്കളെ കൊന്നുവല്ലോ. ഭവാൻനിത്യവും രണക്ഷേത്രത്തെ ആശ്രയിക്കുന്നു. ഗോക്കളേയും അശ്വങ്ങളേയും നീ നൽകുന്നു.

**21. സമ്മിശ്ലോ അരുഷോ ഭവ സൂപസ്ഥാഭിർന ധേനുഭിഃ |**

**സീദഞ്ച്യേനോ ന യോനിമാ ||**

ഹേ സോമമേ! നീ ഗോരസത്താൽ മിശ്രിതനായി കഴുകനെപ്പോലെ ദ്രുതഗാമിയായി സ്വന്തം സ്ഥാനത്തിരുന്നാലും.

**22. സ പവസ്വ ആവിഥേന്ദ്രം വൃത്രായ ഹന്തവേ |**

**വ വ്രിവാംസം മഹീരപഃ ||**

ഹേ സോമമേ! വൃത്രൻ ജലത്തെ തടഞ്ഞപ്പോൾ അവനെ സംഹരിക്കുന്നതിന് നീ ഇന്ദ്രനെ സഹായിച്ചിരുന്നു ഇപ്രകാരമുള്ള ഗുണങ്ങളോടു കൂടിയ ഭവാൻ യജ്ഞത്തിൽ സ്രവിച്ചാലും.

**23. സുവിരാസോ വയം ധനാ ജയേമ സോമ മീദ്വഃ |**

**പുനാനോ വർധ നോ ഗിരഃ ||**

ഹേ സോമമേ! അംഗിരസുകളായ ഞങ്ങൾ അമഹിയു മുതലായ വൈരികളുടെ സ്വത്തിൻമേൽ അധികാരമുള്ളവരാകുമാറകണം. നീ സേചന സമർത്ഥനായി ഞങ്ങളുടെ സ്തുതികളെ വളർത്തേണമേ.

**24. ത്വേതാവസ്തവാവസാ സ്യാമ വന്വന്ത ആമുരഃ |**

**സോമ വ്രതേഷു ജാഗൃഹി ||**

ഹേ സോമമേ! നിൻെറ രക്ഷകളോടുകൂടി ഞങ്ങൾ ഞങ്ങളുടെ ശത്രുക്കളെ സംഹരിക്കും നീ ഞങ്ങളുടെ രക്ഷയിൽ ശ്രദ്ധാലുവാകണേ.

**25. അപഘ്നൻപവതേ മൃധോ പ സോമോ അരാവ്ണഃ |**

**ഗച്ഛന്നിന്ദ്രസ്യ നിഷ്കൃതം ||**

ഹേ സോമമേ! നീ അദാനികളേയും വൈരികളേയും വധിച്ചുകൊ് സ്രവിച്ചാലും.

**26. മഹോ നോരായ ആ ഭര പവമാന ജഹീ മൃധഃ |**

**രാസ്വേന്തോ വീരവദ്യശഃ ||**

ഹേ സോമമേ! ഞങ്ങൾക്കുവേി ശത്രുക്കളെ നശിപ്പിച്ചു ധനവും, പുത്രാദികളും, യശസ്സു ദാനം ചെയ്യേണമേ.

**27. ന ത്വാ ശതം ചന ഹ്രുതോ ദിത് സന്തമാ മിനൻ |**

**യത്പുനാനോ മഖസ്യസേ ||**

ഹേ സോമമേ! തൻെറ ശുദ്ധീകരണ സമയത്ത് ഞങ്ങൾക്കു ധനം നൽകുവാനാഗ്രഹിക്കുമ്പോൾ ഞങ്ങളെ അന്നാദികളാൽ ധന്യരാകുന്നു. അപ്പോൾ നൂറുശത്രുക്കൾപോലും നിന്നെ ഹിംസിക്കുവാൻ സാധിക്കുന്നില്ല.

**28. പവസ്വേന്ദോ വൃഷാ സുതഃ കൃധീ നോ യശസോ ജനേ |**

**വിശ്വ അപദ്വിഷോ ജഹി ||**

ഹേ സോമമേ! നീ ഞങ്ങളുടെ യശസ്സിനെ എല്ലാ ദേശങ്ങളിലും വ്യാപിപ്പിക്കേണമേ. ഞങ്ങളുടെ വൈരികളെ നശിപ്പിക്കുകയും ചെയ്യണമേ.

**29. അസ്യ തേ സഖ്യേ വയം തവേന്ദോ ദ്യുമ്നഉത്തമേ |**

**സസാഹകാമ പൃത്യതഃ ||**

ഹേ സോമമേ! ഞങ്ങളീ യജ്ഞത്തിൽ നിൻെറ മൈത്രിയെ പ്രാപിക്കുകയും, ശ്രേഷ്ഠമായ അന്നത്താൽ ബലവാൻമാരായി യുദ്ധകുതുകികളായ ശത്രുക്കളെ സംഹരിക്കുകയും ചെയ്യു.

**30. യാ തേ ഭീമാന്യായുധാ തിഗ്മാനി സന്തി ധൂർവണേ |**

**രക്ഷാ സമസ്യ നോ നിദഃ ||**

ഹേ സോമമേ! നിൻെറ യാതൊരായുധം ശത്രുക്കളെ ഹനിക്കുന്നതും, ഭയങ്കരവും, തീഷ്ണവും ആകുന്നുവോ, ആ ആയുധം വഴിയായി ഞങ്ങളെ ശത്രുക്കളിൽ നിന്നുാകുന്ന അപയശസ്സിൽ നിന്നും രക്ഷിക്കേണമേ.

## സൂക്തം 62

**ഋഷി ഭൃഗുപുത്രൻ ജമദഗ്നി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഏതേ അസൃഗ്ര മിന്ദവസ്തിരഃ പവിത്രമാശവഃ |**

**വിശ്വാന്യഭി സൗഭഗാ ||**

നമുക്കു സസകല സൗഭാഗ്യങ്ങളും ലഭിക്കുന്നതിനായി ഈ സോമം അതിവേഗം അരിപ്പയുടെ സമീപത്തേയ്ക്ക് കൊുവരുന്നു.

**2. വിഘ്നന്തോ ദുരിതാ പുരു സുഗാ തോകായ വാജിന |**

**തനാ കൃണ്വന്തോ അർവതേ ||**

ബലവാനായ ഈ സോമം നമ്മുടെ പുത്രാദികൾക്ക് സുഖം നൽകുന്നവനും നമ്മുടെ പാപങ്ങളെ അകറ്റുന്നവനും ആകുന്നു. അതിനുവേി നാമവനെ അരിപ്പയുടെ അരികത്തേയ്ക്ക് കൊുവരുന്നു.

**3. കൃണ്വന്തോ പരിവോ ഗവേ ദ്യർഷന്തി സുഷ്ടുതിം |**

**ഇലാമസ്മഭ്യം സംയതം ||**

ഈ സ്തോത്രം നമ്മുടെ ഗോക്കൾക്കും നമുക്കും അന്നം പ്രദാനം ചെയ്തുകൊ് നമ്മുടെ സ്തോത്രങ്ങളിലേയ്ക്ക് വരുന്നു.

**4. അസാവ്യം ശൂർമദായാപ്സു ദക്ഷോ ഗിരിഷ്ഠാഃ |**

**ശ്യേനോ ന യോനി മാസദൻ ||**

ഹേ സോമമേ! നീ പർവ്വതത്തിൽ ജനിച്ച്, ജലത്തിൽ വളർന്ന്, ഹർഷത്തിനു വേി പിഴിയപ്പെടുന്നു. ദ്രുതഗാമിയായ പരുന്തിനേപ്പോലെ ഇതും അതിവേഗം സ്വസ്ഥാനത്തെ പ്രാപിക്കുന്നു.

**5. ശുഭ്രമന്ധോ ദേവവാത തമപ്സു ധൂതേ നൃഭിഃ സുതഃ |**

**സ്വദന്തി ഗാവഃ പയോഭിഃ ||**

ഋത്വിജൻമാർ പിഴിയപ്പെട്ട സോമം ദേവകൾക്കു നിവേദിതവും രസയുക്തവും ആകുന്നു. ഇതിൽ ഗോരസം കലർത്തി രുചികരമാക്കിത്തീർക്കുന്നു.

**6. ആദീമശ്വം ന ഹോതാരോ ശുശുഭന്ന മൃതായ |**

**മധ്വോ രസം സദമാദേ ||**

പിന്നീട് ഋത്വിജൻമാർ ഹർഷപ്രദായകമായ സോമരസത്തെ യജ്ഞസ്ഥാനത്തിൽ അമൃതത്വപ്രാപ്തിയ്ക്കുവേി പ്രതിഷ്ഠിക്കുന്നു.

**7. യാസ്തേ ധാരാ മധുശ്ചുതോ സൃഗ്രമിന്ദ്ര ഊതയേ |**

**താഭിഃ പവിത്രമാസദഃ ||**

ഹേ സോമമേ! മദുരരസം വർഷിക്കുന്ന നിൻെറ ധാരകൾ രക്ഷയ്ക്കുവേി പ്രകടമായിരിക്കുന്നു. നീ അവയോടുകൂടി അരിപ്പയിൽ പ്രതിഷ്ഠിതനാകേണമേ.

**8. സോ അർഷേന്ദ്രായ പീതയേ തിരോ രോമാണ്യ വ്യയാ |**

**സീദന്യോനാ വനേഷ്വ ||**

ഹേ സോമമേ! അജരോമരൂപമായ അരിപ്പയിൽ നിന്നും പുറപ്പെട്ട് ഇന്ദ്രന് കുടിയ്ക്കുവാൻ പാത്രത്തിൽ സ്ഥിതിചെയ്താലും.

**9. ത്വമിന്ദ്രോ പരിസവ സ്വാദിഷ്ഠോ അങ്ഗിരോഭ്യഃ |**

**വരിവോവിദ് ഘൃതം പയഃ ||**

ഹേ സോമമേ! നീ ഞങ്ങളുടെ ധനപ്രാപ്തിയ്ക്കു സഹായിയാകേണമേ. നീ പാലിൻെറയും, നെയ്യുടേയും രൂപത്തിൽ അംഗിരസ്സുകളായ ഞങ്ങൾക്കുവേി വർഷിതനാകേണമേ.

**10. അയം വിചർഷണിർഹിതഃ പവമാനഃ സ ചേതതി**

**ബിന്വാന ആപ്യം ഹൃഹത് ||**

ഈ സോമം ജലത്തിൽ നിന്നുായ അതിൻെറ രസത്തെ പ്രദാനം ചെയ്യുന്നതുകൊ് ഞങ്ങളെല്ലാം അതിനെ ശരിക്കും അറിയുന്നു.

**11. ഏഷ വൃഷാ വൃഷവ്രതഃ പവമാനോ അശസ്തിഹാ |**

**കരദ്വസൂനി ദാശുഷേ ||**

ഈ സോമം ധനവർഷകനും വൃഷ്വനും, അസുരഹന്താവും, തുള്ളികളായി പതിക്കുന്നവനുമാകുന്നു, ഹവിർദാതാക്കളായ യജമാനൻമാർ ഇവൻ വഴി ധനത്തെ പ്രാപിക്കുന്നു.

**12. ആ പവസ്വ സഹസ്രിണം രയിം ഗോമന്തമശ്വിനം |**

**പുരുശ്ചന്ദ്രം പുരുസ്പൃഹം ||**

ഹേ സോമമേ! നീ യഥേഷ്ടനായി, അനേകർക്കുവേി കാമ്യങ്ങളായ ധനത്തോടും ഗോക്കളോടും കൂടി സ്രവിച്ചാലും.

**13. ഏഷ സ്യ പരി ഷിച്യതേ മർമൃജ്യമാന ആയുഭിഃ |**

**ഉരുഗായഃ കവിക്രതുഃ ||**

ഈ സമർത്ഥനായ സോമം മനുഷ്യരാൽ പിഴിയപ്പെട്ട്, നനക്കപ്പെടുന്നു. ഇത് അനേകം സ്തുതികളാൽ സുശോഭിതാകുന്നു.

**14. സഹസ്രോതിഃ ശതാമഘോ വിമാനോ രജസഃ കവിഃ |**

**ഇന്ദ്രായ പവതേ മദഃ ||**

ഇന്ദ്രനുവേി സ്രവിക്കുന്ന ഈ സോമം വിശ്വസൃഷ്ടാവും ക്രാന്തദർശിയും, ഹർഷപ്രദായകനും ആകുന്നു.

**15. ഗിരാ ജാത ഇഹ സ്തുത ഇന്ദുരിന്ദ്രായ ധീയതേ |**

**വിർയോനാ വസതാവിവ ||**

പക്ഷി അതിൻെറ നീഡത്തിലേയ്ക്കു വരുന്നതുപോലെ സ്തോതാക്കളാൽ സ്തുതിക്കപ്പെടുന്ന സോമം ഈ യജ്ഞത്തിൽ ഇന്ദ്രനുവേി വന്നുചേരുന്നു.

**16. പവമാനഃ സുതോ നൃഭിഃ സോമോ വാജമിവാ സരത് |**
**ചമൂഷു ശക്മനാ സദം ||**

പിഴിഞ്ഞ ഈ സോമം ചമസങ്ങളിൽ സ്വന്തം സ്ഥാനത്തെ പ്രാപിക്കുന്നതിനായി യാഗവേദിയിൽ പ്രവേശിക്കുന്നു.

**17. തം ത്രിപൃഷ്ഠേ ത്രിബന്ധുരേ രഥേ യുഞ്ജന്തി യാതവേ |**
**ഋഷീണാം സപ്ത ധീതിഭിഃ ||**

മൂന്നു മുതുകുകളോടും, മൂന്ന് ഇരിപ്പിടങ്ങളോടും, ഏഴുകയറുകളോടും കൂടിയ യജ്ഞരൂപമായ ഈ രഥത്തിൽ ദേവകൾക്കുവേി ഈ സോമത്തെ ബന്ധിപ്പിക്കുന്നു.

**18. തം സോതാരോ ധനസ്പൃതമാശും വാജായ യാതവേ |**
**ഹരി ഹി നോത വാജിനം ||**

ഹേ സോമം! പിഴിയുന്ന ഋത്വിക്കുകളേ ഈ സോമം ധനോല്പാദകനും, ബലവാനും ആകുന്നു. യുദ്ധത്തിനുവേി അശ്വങ്ങളെ അലങ്കരിക്കുന്നതുപോലെ യജ്ഞത്തിനുവേി ഇതിനെ അലങ്കരിക്കുവിൻ;

**19. ആവിശൻകയശം സുതോ വിശ്വാ അർഷണഭി ശ്രിയഃ |**
**ശൂരോ ന ഗോഷു തിഷ്ടതി ||**

ഗോക്കളുടെ ഇടയിലേയ്ക്കു ചെല്ലുന്ന വൃഷഭത്തെപ്പോലെ കലശങ്ങളിലേയ്ക്ക് ഗമിക്കുകയും, എല്ലാധനങ്ങളും നമുക്ക് പ്രദാനം ചെയ്യുകയും ചെ യ്തുകൊ് ഈ സോമം നിർദയനായി വസിക്കുന്നു.

**20. ആ ത ഇന്ദോ മദായ കം പയോ പൂഹന്ത്യായവഃ |**
**ദേവാ ദേവേഭ്യോ മധു ||**

ഹേ സോമമേ! ഇന്ദ്രാദിദേവകൾക്കുവേി സ്തോതാക്കൾ നിൻെറ മധുരരസത്തെ കറന്നെടുക്കുന്നു.

**21. ആ നഃ സോമം പവിത്ര ആ സൃജതാ മധുമത്തമം |**
**ദേവേഭ്യോ ദേവശ്രുത്തമം ||**

ഹേ ഋത്വിജൻമാരെ! യാതൊരു നാമം പോലും രുചികരമായിരിക്കുന്നുവോ, ആ സോമത്തെ ദേവകൾക്കുവേി അരിപ്പയിലൊഴിക്കുവിൻ.

**22. ഏതേ സോമാ അസൃക്ഷത ഗൃണാനാഃ ശ്രവസേ മഹേ |**
**മദിന്തമസയ ധാരയാ ||**

സ്തുത്യമായ ഈ സോമം മഹാന്നത്തിനുവേി അത്യന്തം ശക്തിശാലികളായ ധാരകളോടുകൂടി പ്രവഹിക്കുന്നു.

**23. അഭി ഗവ്യാനി വീതയേ നൃമ്ണാ പുനാനോ അർഷസി |**
**സനദ്വാജഃ പരി സ്രവ ||**

ഹേ പിഴിഞ്ഞ സോമമേ! നീ സേവനാർത്ഥം ഗവ്യാദികളെ പ്രാപിക്കുകയും, അന്നം നൽകികൊു സ്രവിക്കുകയും ചെയ്യുന്നു.

**24. ത ഉ നോ ഗോമതീരിഷോ വിശ്വാ അർഷ പരിഷ്ടുഭഃ |**
**ഗൃണാനോ ജമദഗ്നി ||**

ഹേ സോമമേ! ജമദഗ്നിമഹർഷിയായ ഞാൻ നിൻെറ സ്തോതാവാകുന്നു. നീ ഞങ്ങൾക്ക് ഗോക്കളോടുകൂടിയ ധനം പ്രദാനം ചെയ്താലും.

**25. പവസ്വ വാചോ അഗ്രിയഃ സോമ ചിത്രാഭിരുതിഭിഃ |**
**അഭി വിശ്വാനി കാവ്യാ ||**

ഹേ സോമമേ! പൂജ്യങ്ങളായ നിൻെറ രക്ഷകളോടുകൂടി നീ ഞങ്ങളുടെ സ്തോത്രങ്ങളിൻമേൽ സ്രവിച്ചാലും.

**26. ത്വം സമുദ്രിയാ അപോ ഗ്രിയോ വാച ഈരയൻ |**
**പവസ്വ വിശ്വമേജയ ||**

ഹേ സോമമേ! നീ ലോകത്തെ വിറപ്പിക്കുന്നവനാകുന്നു. ഞങ്ങളുടെ സ്തുതികളാൽ പ്രസന്നനായി ആകാശത്തിൽ നിന്നും ജലത്തെ വർഷിപ്പിക്കേണമേ.

**27. തുഭ്യേമാ ഭുവനാ കവേ മഹിമ്നേ സോമ തസ്ഥിരേ |**
**തുഭ്യമർഷന്തി സിന്ധവഃ ||**

ഹേ സോമമേ! ഈ ലോകം നിൻെറ മഹിമയാൽ നിലനിൽക്കുകയും, നദികളെല്ലാം നിനക്കനുകൂലമായി പ്രവഹിക്കുകയും ചെയ്യുന്നു.

**28. പ്ര തേ ദിവോ ന വൃഷ്ടയോ ധാരാ യന്ത്യ സശ്വതഃ |**
**അഭി ശുക്രാമുപസ്തിരം ||**

ഹേ സോമമേ! ദിവ്യങ്ങളായ ജലധാരകൾ പോലെ നിൻെറ ഉജ്ജ്വലങ്ങളായ ധാരകൾ അരിപ്പയിലേയ്ക്കു പതിക്കുന്നു.

**29. ഇന്ദ്രായേന്ദും പുനീതനോഗ്രം ദക്ഷായ സാധനം |**
**ഈശാനം വീതി രാധസം ||**

ഹേ ഋത്വിജൻമാരേ! ബലത്തിൻെറ കാരണരൂപനും, ധനേശ്വരനും, പ്രദാതാവും, ഉഗ്രകർമ്മാവുമായ സോമത്തെ ഇന്ദ്രനുവേി സമർപ്പിക്കുവിൻ.

**30. പവമാന ഋതഃ കവിഃ സോമഃ പവിത്രമാസദത് |**
**ദധത്സ്തോത്രേ സുവീര്യം ||**

ഈ സോമം ക്രാന്തദർശിയും, സത്യസ്വരൂപനും ആകുന്നു. നമ്മുടെ സ്തോത്രങ്ങളെ ശക്തിപ്പെടുത്തികൊ് ഈ സോമം അരിപ്പയിലിരിക്കുന്നു.

## സൂക്തം 63

**ഋഷി കശ്യപഗോത്രൻ നിധ്രുവി, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ആ പവസ്വ സഹസ്രിണം രയിം സോമ സുവീര്യം |**
**അസ്മേ ശ്രവാംസി ധാരയ ||**

ഹേ സോമമേ! നീ അസംഖ്യം ധനവും അന്നവും വർഷിക്കേണമേ, ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്യേണമേ.

**2. ഇഷമൂർജം ച പിന്വസ ഇന്ദ്രായ മത്സരിന്തമഃ |**
**ചമൂഷ്വാ നി ഷീദസി ||**

ഹേ സോമമേ! നീ അത്യന്തം ഹർഷപ്രദായകനാണല്ലോ. ഇന്ദ്രന് അന്നവും, ബലവും, രസവും നൽകി പൂർണ്ണനാക്കുന്നത് നീ തന്നെയാണല്ലോ. നീ ചമസങ്ങളിൽ സ്ഥിതിചെയ്യുന്നു.

**3. സുത ഇന്ദ്രായ വിഷ്ണുവേ സോമഃ കലശേ അക്ഷരത് |**
**മധുമാം അസ്തുവായവേ ||**

ഈ മധുരരസഭരിതമായ സോമം വിഷ്ണുവിനും, വായുവിനും,

ഇന്ദ്രനും വേ പിഴിയപ്പെട്ട് ദ്രോഷകലശത്തിലെത്തുന്നു.

**4.ഏതേ അസൃഗ്രമാശവോ തി ഹ്വരാംസി ബഭ്രൂവഃ |**

**സോമാ ഋതസ്യ ധാരയാ ||**

മഞ്ഞനിറമാർന്ന ഈ സോമം ജലത്താൽ മിശ്രിതമാകുമ്പോൾ അസുരമാരുടെ നേരെ ചെല്ലുകയും ചെയ്യുന്നു.

**5. ഇന്ദ്രം വർധന്തേ അപ്തുരഃ കൃണ്വന്തോ വിശ്വമാര്യം |**

**അപഘ്നന്തോ അരാവ്ണഃ ||**

ഈ സോമം ഇന്ദ്രനെ വളർത്തികൊ് ഞങ്ങൾക്ക് നൻമനൽകികൊും ഗമിക്കുന്നു. ഈ സോമരസം ലോഭികളായ വ്യക്തികളെ നശിപ്പിക്കുന്നു.

**6. സതാ അനു സ്വമാ രാജോ ഭ്യർഷന്തിഃ ബഭ്രൂവഃ |**

**ഇന്ദ്ര ഗഛന്ത ഇന്ദവഃ ||**

പിഴിയപ്പെട്ട ഈ സോമം സ്വസ്ഥാനത്തെ പ്രാപിക്കുന്നതിനായി ഇന്ദ്രങ്കലേയ്ക്കു ഗമിക്കുന്നു.

**7. അയാ ഏവസ്യ ധാരയാ യയാ സൂര്യമരോചയഃ |**

**ഹിന്വാനോമാനുഷീരപഃ ||**

ഹേ സോമമേ! നീ മനുഷ്യർക്കുപകാരിയായ ജലങ്ങളെ ആകാശത്തിൽ നിന്നും വർഷിക്കുകയും, സ്വന്തം രസത്താൽ സൂര്യനെ പ്രകാശിപ്പിക്കുകയും ചെയ്തു. നിൻെറ അതേ രസത്തെ ഇങ്ങോട്ടു പ്രവഹിപ്പിക്കേണമേ.

**8. അയുക്ത സൂര ഏതശം പവമാനോ മനാവധി |**

**അന്തരിക്ഷേണ യാതവേ ||**

മനുഷ്യരുടെ നൻമയ്ക്ക് അന്തരീക്ഷത്തിൽ സഞ്ചരിക്കുന്നതിനുവേ സോമം സൂര്യൻെറ അശ്വങ്ങളെ യോജിപ്പിക്കുന്നു.

**9. ഉത ത്യാ ഹരിതോ ദശ സൂരോ അയുക്ത യാതവേ |**

**ഇന്ദുരിന്ദ്ര ഇതി ബ്രുവൻ ||**

ഈ സോമം ഇന്ദ്രൻെറ നാമമുച്ചരിച്ചുകൊ് സൂര്യൻെറ രഥത്തിൽ ദേശദേശാന്തങ്ങളിൽ സഞ്ചരിക്കുന്നതിനായി അശ്വങ്ങളെ പൂട്ടുന്നു.

**10. പരീതോ വായവേ സുതം ഗിര ഇന്ദ്രായ മത്സരം |**

**അവ്യോ വാരേഷു സിഞ്ചത ||**

ഹേ സ്തോതാക്കളേ വായുവിനും ഇന്ദ്രനും വേ ഹർഷകാരിയും പിഴിഞ്ഞതുമായ സോമത്തെ ആട്ടിൻ രോമങ്ങളിൽ സ്ഥാപിക്കുവിൻ.

**11. പവമാന വിദാ രയിമസ്മഭ്യം സോമ ദുഷ്ടരം |**

**യോ ദൂണാശോ വനുഷ്യതാ ||**

ഹേ സോമമേ! യാതൊരുധനം ശത്രുക്കൾക്കു ദുർല്ലഭമായിരിക്കുന്നുവോ. യാതൊന്നിനെ ഹിംസകരായ അസുരൻമാർക്കുപോലും നശിപ്പിക്കുവാൻ സാധിക്കുന്നില്ലയോ, നിൻെറ ആ ധനത്തെ ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ.

**12. അഭ്യർഷ സഹസ്രിണം രയിം ഗോമന്തമശ്വിനം |**

**അഭി വാജമുത ശ്രവഃ ||**

ഹേ സോമമേ! അസംഖ്യം ഗോക്കൾ, അശ്വങ്ങൾ, ബലം, അന്നം മുതലായ ശ്രേഷ്ഠമായ ധനങ്ങൾ ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ.

**13. സോമോ ദേവോ ന സൂർയോ ദിഭിഃ പവതേ സുതഃ |**

**ദധാനഃ കലശേ രസം ||**

ഈ സോമം സൂര്യനെപ്പോലെ പ്രകാശിക്കുന്നു. അമ്മിക്കല്ലുകൊടിച്ചു പിഴിഞ്ഞ ഈ സോമം രസരൂപമായി കുടത്തിൽ വീഴുന്നു.

**14. ഏതേ ധാമാന്യാര്യാ ശുക്രാ ഋതസ്യ ധാരയാ |**

**വാജം ഗോമന്തമക്ഷരൻ ||**

പിഴിയപ്പെട്ടതും ഊജ്ജ്വലവുമായ ഈ സോമം അന്നം. മൃഗം എന്നീരൂപങ്ങളിൽ യജമാനൻമാരുടെ കുടത്തിൽ വീഴുന്നു.

**15. സുതാ ഇന്ദ്രായ വജ്രിണേ സോമസോ ദധ്യാശിരഃ |**

**പവിത്ര മത്യക്ഷരൻ ||**

തൈര് മുതലായവ ചേർത്ത് പിഴിഞ്ഞ ഈ സോമം ഇന്ദ്രനുവേ അരിപ്പയിലെത്തി തുള്ളിതുള്ളിയായി പൊഴിഞ്ഞു വീഴുന്നു.

**16. പ്ര സോമ മധുത്തമോ രായേ അർഷപവിത്ര ആ |**

**മദോ യോ ദേവവീതമഃ ||**

ഹേ സോമമേ! ദേവകൾ നിൻെറ മധുരരസം ഇച്ഛിക്കുന്നു. ആ രസത്തെ ഞങ്ങൾക്കു ധനലാഭത്തിനുവേ ഒഴുക്കുമാറാകണേ.

**17. തമീം മൃജന്ത്യായവോ ഹരിം നദീഷു വാജിനം |**

**ഇന്ദു മിന്ദ്രായം മത്സരം ||**

ഈ സോമം പച്ചനിറത്തോടു കൂടിയതാണ്. ഋത്വിജൻമാരിതിനെ ജലത്താൽ ശുദ്ധമാക്കി ഇന്ദ്രനുവേ പിഴിഞ്ഞെടുക്കുന്നു.

**18. ആ പവസ്വ ഹിരണ്യദശ്വാവത് സോമ വീരവത് |**

**വാജം ഗോമന്തമാ ഭര ||**

ഹേ സോമമേ! നീ പശുക്കൾ മുതലായ ധനങ്ങൾ ഞങ്ങൾക്കു കിട്ടുമാറാകണം. അശ്വാദികളാൽ സമ്പന്നമായ സ്വർണ്ണവും, പുത്രാദികളാൽ യുക്തമായ ധനവും ഞങ്ങൾക്ക് വീതിച്ചു തരേണമേ.

**19. പരി വാജേ ന വാജയുമവ്യോ വാരേഷു സിഞ്ചത |**

**ഇന്ദ്രായ മധുമത്തമം ||**

യജ്ഞകാമനായ ഈ സോമം ാത്യന്തം മധുരമയമാകുന്നു. ഹേ ഋത്വിജൻമാരേ! ഇതിനെ ശുദ്ധീകരിക്കുവിൻ.

**20. കവി മൃജന്തി മർജ്യം ധിഭിർവിപ്രാ അവസ്യവഃ |**

**വൃഷാ തനികദർഷതി ||**

രക്ഷാകാമൻമാരായ വിദ്വാൻമാർ യാതൊരു സോമത്തെ തങ്ങളുടെ പത്തുവിരലുകൾ കൊ് ശുദ്ധീകരിക്കുന്നുവോ, സ്രവണ സ്വഭാവത്തോടുകൂടിയ ആ സോമം ശബ്ദം പുറപ്പെടുവിച്ചുകൊ് കലശത്തെ പ്രാപിക്കുന്നു.

**21. വൃഷണം ധീഭിരപ്തുരം സോമമൃതസ്യ ധാരയാ |**

**മതീ വിപ്രാഃ സമവരൻ ||**

കാമവർസകനായ സോമത്തെ ഋത്വിക്കുകൾ ബുദ്ധിപൂർവം തങ്ങളുടെ വിരലുകളാൽ ജലസഹിതം പ്രേരിപ്പിക്കുന്നു.

**22. പവസ്വ ദേവായുഷഗിന്ദ്രം ഗച്ഛതു തേ മദഃ |**

**വായുമാരോഹ ധർമണാ ||**

ഹേ സോമമേ! നീ ഉജ്ജ്വലനാണല്ലോ നിൻെറ മദകാരിയായ രസം നിന്നെ ഇഷ്ടപ്പെടുന്ന ഇന്ദ്രൻെറ നേരെ ഒഴുകട്ടെ. ധാരകമായ സ്വന്തം രസം സഹിതം നീ വായുവിനോട് ചേരണമേ.

**23. പവമാന നി തോശസേ രയിം സോമ ശ്രവായ്യം |**

**പ്രിയഃ സമുദ്രമാ വിശ ||**

ഹേ സോമമേ! നീ ശത്രുക്കളുടെ ഐശ്വര്യത്തെ ഉൻമൂലമാക്കുന്നവനാണല്ലോ. നീ കുടത്തിൽ പ്രവേശിക്കണമേ.

**24. അപഘ്നൻ പവസ മൃധഃ ക്രതുവിത്സോമ മത്സരഃ |**

**നുദസ്വാദേവയും ജരം ||**

ഹേ സോമമേ! നീ ശത്രുസംഹാരകനും, മദകാരിയും ആകുന്നു. നീ ദേവകളെ വെറുക്കുന്ന അസുരൻമാരെ നശിപ്പിക്കുന്നു. നീ ഞങ്ങൾക്കു ബുദ്ധി പ്രധാനം ചെയ്തുകൊ് സ്രവിച്ചാലും.

**25.പവമാനന അസൃക്ഷസഃ സോമാഃ ശുക്രാസ ഇന്ദവഃ |**

**അഭീ വിശ്വാനി കാവ്യാ ||**

ഹേ സോമമേ! നീ ദീപ്തനും സ്രവണ ശീലനും ആകുന്നു. സ്തോത്രങ്ങളെ ശ്രവിച്ചുകൊ് നീ ഋത്വിജൻമാരാൽ ശുദ്ധീകരിക്കപ്പെടുന്നു.

**26. പവമാനാസ ആശവഃ ശുഭാ അസൃഗ്രമിന്ദവഃ |**

**ഘ്നന്തോ വിശ്വാ അപ ദ്വിഷഃ ||**

എല്ലാ ശത്രുക്കളേയും നശിപ്പിക്കുന്ന സോമം സുന്ദരനും, സ്രവണശീലനും, ശീഘ്രഗാമിയും ആകുന്നു.

**27. പുനാനാഃ ദിവസ്പര്യന്തരിക്ഷാദസൃക്ഷത |**

**പൃഥിവ്യാ അധി സാനവി ||**

എല്ലാ സോമങ്ങളും, ഭൂമിയുടെ ഉന്നതഭാഗമായ പർവ്വതത്തിലും, ആകാശത്തിലും, യാഗവേദിയിലും പ്രകടമാകുന്നു.

**28. പവമാനഃ സോമ ധാരയേന്ദ്രോ വിശ്വാ അപ സ്രിധഃ |**

**ജഹി രക്ഷാംസി സുക്രതോ ||**

ഹേ സോമമേ സുന്ദരകർമ്മാവാണല്ലോ. ധാരാരൂപത്തിൽ പ്രവാഹിതനായി എല്ലാ ശത്രുക്കളേയും സംഹരിക്കേണമേ.

**29. അപഘ്നൻത്സോമ രക്ഷസോ ഭ്യർഷ കനിക്രദത് |**

**ദ്യുമന്തം ശുഷ്മമുത്തമം ||**

ഹേ സോമമേ! ഞങ്ങളുടെ ശത്രുക്കളേയും അസുരൻ മാരേയും നശിപ്പിച്ചുകൊ് ഞങ്ങളെ യശസ്വികളും ബലവാൻമാരും ആക്കേണമേ.

**30. അസ്മേ വസൂനി ധാരയ സോമ ദിവ്യാനി പാർഥിവാ |**

**ഇന്ദ്രോ വിശ്വാനി വാർയ ||**

ഹേ സോമമേ! സ്വർഗ്ഗത്തിലും ഭൂമിയിലും കാണപ്പെടുന്ന നിൻെറ എല്ലാധനങ്ങളും ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ.

## സൂക്തം 64

**ഋഷി മരീചിപുത്രൻ കശ്യപൻ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. വൃഷാ സോമ ദ്യുമാം അസി വൃഷാ ദേവ വൃഷവ്രതഃ |**

**വൃഷാ ധർമാണി ദധിഷേ ||**

ഹേ വർഷകനായ സോമമേ! നീ മനുഷ്യരുടെ ഹിതകാരിയും, ദേവകളാൽ അനുമോദിക്കപ്പെടുന്ന കർമ്മങ്ങളെ വഹിക്കുന്നവനാണല്ലോ. നീ ഉജ്ജ്വലമായ ഗുണങ്ങളോടു കൂടി വർഷിക്കുന്നു.

**2. വൃഷ്ണസ്തേ വൃഷ്ണ്യം ശവോ വൃഷാ വനം വൃഷാ മദഃ |**

**സത്യം വൃഷൻവൃഷേദസി ||**

ഹേ സോമമേ! നീ ബലം കാമവർഷികനാകുന്നു. നിൻെറ അവയവങ്ങൾ വർഷങ്ങളാകുന്നു. നീ എല്ലാപ്രകാരങ്ങളിലും വർഷണശീലനും, മധുരഗുണസമ്പന്നനും.

**3. അശ്വേ ന ചക്രദോ വൃഷാ സം ഗാ ഇന്ദോ സമർവതഃ |**

**വി നോ രായേ ദുരോവൃധി ||**

ഹേ സോമമേ! നീ അശ്വത്തെപ്പോലെ ശബ്ദിക്കുന്നവനാണല്ലോ ഞങ്ങൾക്ക് അശ്വാദി മൃഗങ്ങളെ നൽകി, ധനത്തിൻെറ വാതിൽ തുറന്നു തരേണമേ.

**4. അസൃക്ഷത പ്ര വാജിനോ ഗവ്യാ സോമാസോ അശ്വയാ |**

**ശുക്രാസോ വീരയാശവഃ ||**

ഗോക്കൾ, അശ്വങ്ങൾ പുത്രാദികൾ എന്നിവകൾക്കുവേ സുന്ദരനും, വേഗവാനും ബലസമ്പന്നനുമായ ഈ സോമത്തെ പിഴിയുന്നു.

**5. ശുമ്ഭമാനാ ഋതായുഭിർമൃജ്യമാനാ ഗഭസ്ത്യോഃ |**

**പവന്തേ വാരേ അവ്യയേ ||**

യജ്ഞകർമ്മികളായ ജ്ഞാനികൾ തങ്ങളുടെ കരങ്ങളാൽ ഈ സോമങ്ങളെ ശുദ്ധീകരിക്കുന്നു. അപ്പോൾ ഈ സോമം മേഷ രോമങ്ങളിൽ പതിക്കുന്നു.

**6. തേ വിശ്വാ ദാശുഷേ വസു സോ ദിവ്യാനി പാർഥിവാ |**

**പവന്താ മാമന്തരിക്ഷ്യാ ||**

ഹവിസ്സ് ദാതാവായ യജമാനനുവേ സ്വർഗ്ഗീയവും, പാർഥിപവും, അന്തരീക്ഷസ്ഥവും ആയ എല്ലാധനങ്ങളേയും ഈ സോമത്തിൽ വർഷിക്കുമാറാകണേ.

**7. പവമാനസ്യ വിശ്വവിത്പ്ര തേ സർഗാ അസൃക്ഷത |**

**സൂർയസ്തേവ ന രശ്മയഃ ||**

ഹേ സോമമേ! നീ വിശ്വദർശിയാണല്ലോ. നിൻെറ ധാരകൾ സൂര്യരശ്മികൾ പോലെ പ്രകാശം ചൊരിഞ്ഞുകൊ് പുറപ്പെടുന്നു.

**8. കേതും കൃണ്വന്ദിവസ്പരി വിശ്വാ രൂപാഭ്യർഷസി |**

**സമുദ്രഃ സോമ പിന്വസേ ||**

ഹേ സോമമേ! അന്തരീക്ഷത്തിലെ സകല അന്നരൂപങ്ങളേയും നാം ഞങ്ങൾക്കയച്ചു തരേണമേ. വിഭിന്നരീതികളിലുള്ള ധനവും രത്നാദികളും ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ.

**9. ഹിന്വനോ വാചമിഷ്യസി പവമാന വിധർമണി |**

**അക്രാൻദേവോ ന സൂർയഃ ||**

ഹേ സോമമേ! സൂര്യൻ ആകാശത്തിൽ ഉദിച്ചുയരുന്നതുപോലെ നിൻെറ അരിപ്പയിൽ പ്രവേശിക്കുമ്പോൾ നീ ശബ്ദിച്ചുകൊ് ഓരോ മാർഗ്ഗത്തിലേയ്ക്ക് പ്രേരിപ്പിക്കപ്പെടുന്നു.

**10. ഇന്ദു പവിഷ്ട ചേതനഃ പ്രിയ കവീനാം മതീ |**

**സൃജദശ്വം രഥീരിവ ||**

ഈ സോമം ദേവകൾക്കു പ്രിയങ്കരനാകുന്നു. ഇത് സ്തോതാക്കളുടെ സ്തോത്രങ്ങളിൽ പതിക്കുന്നു. തേരാളി എപ്രകാരം തൻെറ അശ്വങ്ങളെ നയിക്കുന്നുവോ അതുപോലെ തന്നെ ഈ സോമം അതിൻെറ തരംഗങ്ങളെ നയിക്കുന്നു.

**11. ഊർമിര്യസ്തേ പവിത്ര ആദേവാവീഃ പര്യക്ഷരത് |**

**സീദന്നൃതസ്യ യോനിമാ ||**

ഹേ സോമമേ! ദേവകാമങ്ങളായ അങ്ങയുടെ തരംഗങ്ങൾ അരിപ്പയിലേയ്ക്ക് ഒഴുകുന്നു.

**12. സ നോ അർഷ പവിത്ര ആ മദോ യോ ദേവവീതമഃ |**

**ഇന്ദ്രവിന്ദ്രായ പീതയേ ||**

ഹേ ദേവകാമനായ സോമമേ! നീ മദകരമായ ഗുണത്തോടുകൂടി. ഇന്ദ്രനുപാനം ചെയ്യുവാനായി അരിപ്പയിൽ വീഴുന്നു.

**13. ഇഷേ പവസ്വ ധാരയാ മൃജ്യമാനോ മനീഷിഭിഃ |**

**ഇന്ദോ രുചാഭിഃ ഗാ ഇഹി || ☐☐**

ഹേ സോമമേ! നീ ഋത്വിക്കുകളാൽ സംസ്കരിക്കപ്പെട്ട്

ഞങ്ങളുടെ അന്നത്തിനുവേിയും, ഗോക്കളുടെ അഭിവൃദ്ധിക്കുവേിയും ഒഴുകുമാറാകണേ.

**14. പുനാനോ വരിവസ്കൃധ്യൂർജം ജനായ ഗിർവണഃ |**

**ഹരേ സൃജാന ആശിരം ||**

ഹേ സോമമേ! നീ ക്ഷീരാദികളിൽ മിശ്രിതമാക്കപ്പെടുന്നു. നിഷ്പന്നമാക്കപ്പെടുമ്പോൾ നീ യജമാനന് അന്നവും ധനവും പ്രദാനം ചെയ്യേണമേ.

**15. പുനാനോ ദേവവീതയ ഇന്ദ്രസ്യ യാഹി നിഷ്കൃതം |**

**ദ്യുതാനോ വാജിഭിര്യതഃ ||**

ഹേ സോമമേ! നീ യജമാനൻമാരിൽ കൊവരപ്പെടുമ്പോൾ യജ്ഞത്തിനുവേി പിഴിയപ്പെടുകയും ഇന്ദ്രങ്കലേയ്ക്കു പോവുകയും ചെയ്യേണമേ.

**16. പ്ര ഹിന്വാനാസ ഇന്ദവോ ഛാ സമുദ്രമാശവഃ |**

**ധിയാ ജൂതാ അസൃക്ഷത ||**

ഈ സോമം അന്തരീക്ഷത്തിലേയ്ക്കു പോകുന്നതിനായി വിരലുകളാൽ പിഴിയപ്പെടുന്നു.

**17. മർമൃജാനാസ ആയവോ വൃഥാ സമുദ്രമിന്ദവഃ |**

**അഗ്മന്നൃതസ്യ യോനിമാ ||**

ഈ സോമം മന്ദമായി അന്തരീക്ഷത്തിലേയ്ക്കു പോവുകയും ജലപാത്രത്തിൽ പ്രവിഷ്ഠമാകുകയും ചെയ്യുന്നു.

**18. പരിണോ യാഹ്യസ്മയുർ വിശ്വാ വസൂന്യോജസാ |**

**പാഹിനഃ ശർമ വീരവത് ||**

ഹേ സോമമേ! നീ ഞങ്ങളെ ഇഷ്ടപ്പെടുന്നു. നിന്റെ ബലത്താൽ ഞങ്ങളെ എല്ലാ ധനങ്ങളേയും പാലിക്കുകയും, ഞങ്ങളുടെ പുത്രൻമാരേയും ഭവനങ്ങളേയും വേ വിധം രക്ഷിക്കുകയും ചെയ്യേണമേ.

**19. മിമാതി വഗ്നിരേതശഃ പദം യുജാന ഋകാഭിഃ |**

**പ്ര യത്സമുദ്ര ആഹിതഃ ||**

ഹേ സോമമേ! വഹനശീലനായ അശ്വം ശബ്ദിച്ചുകൊ് യജ്ഞത്താൽ സ്തുതിക്കുന്നവരാൽ നിശ്ചിതസ്ഥാനത്തു വന്നു ചേരുന്നു. അപ്പോൾ ആ അശ്വത്തെപ്പോലെ നീ ജലത്തിലിറങ്ങുന്നു.

**20. ആ യദ്യോനിം ഹിരണ്യയമാശുർഋതസ്യ സീദതി |**

**ജഹാത്യപ്രചേതസഃ ||**

വേഗവാനായ സോമം യജ്ഞത്തിന്റെ ഹിരണ്മയസ്ഥാനത്തിൽ പ്രതിഷ്ഠിക്കപ്പെടുമ്പോൾ നീ സ്തുതിഹീനമായ മനുഷ്യരുടെ കർമ്മങ്ങളെ സ്വീകരിക്കുന്നില്ല.

**21. അഭീവേനാ അനൂഷതേ യക്ഷന്തി തചേതസഃ |**

**മജ്ജന്ത്യ വിചേതസഃ ||**

സുന്ദരമായ ബുദ്ധിയായ സ്തോതാവ് സോമത്തെ സ്തുതികളോടുകൂടി പൂജിക്കുന്നു. കുബുദ്ധിയായ പുരുഷൻ നരകത്തെ പ്രാപിക്കുന്നു.

**22. ഇന്ദ്രായേന്ദോ മരുത്വതേപവസ്വ മധുമത്തമഃ |**

**ഋതസ്യ യോനിമാസദം ||**

അത്യന്തം മധുരമയമായ സോമമേ! ഇന്ദ്രനും വരുണനും വേി യാഗവേദിയിൽ സ്രവിച്ചാലും.

**23. തം ത്വാ വിപ്രാ വചോവിദഃ പരിഷകൃണ്വന്തി വേധസഃ |**

**സം ത്വാ മൃജന്ത്യായവഃ ||**

ഹേ സോമമേ! കർമ്മികളായ സ്തോതാക്കൾ വഴിയാംവിധം പിഴിഞ്ഞതിനുശേഷം നിന്നെ സ്തുതികളാൽ അലങ്കരിക്കുന്നു.

**24. രസംതേ മിത്രാ അർമയാ പിബന്തി വരുണഃ കവേ |**

**പവമാനസ്യ മരുതഃ ||**

ഹേ സോമമേ! മിത്രൻ, അര്യമാവ്, വരുണൻ മുതലായ ദേവൻമാർ നിന്റെ രസത്തെ പാനം ചെയ്യുന്നു.

**25. ത്വം സോ വിപശ്ചിതം പുനാനോ വാചമിഷ്യസി |**

**ഇന്ദ്രോ സഹസ്രഭർണസം ||**

ഹേ സോമമേ! നീ ജ്ഞാനത്താൽ അരിക്കപ്പെടുന്നവനും അനേകരേ പാലിക്കുന്നതിൽ സമർത്ഥമായ ശബ്ദത്തെ പ്രേരിപ്പിക്കുന്നവനാകുന്നു.

**26. ഉതേ സഹസ്രഭർണസം വാചം സോമ മഖസ്യുവം |**

**പുനാന ഇന്ദ്രവാ ഭര ||**

ഹേ സ്രവണശീലനായ സോമമേ! നീ ആയിരം പേരെ ഭരിക്കുന്നതിനുള്ള യജ്ഞകാമയുക്തമായ വാക്യങ്ങളെ ഞങ്ങൾക്കു കിട്ടുമാറാകണേ.

**27. പുനാന ഇന്ദ്രവേഷാം പുരുഹൂത ജനാനാം |**

**പ്രിയഃ സമുദ്രമാവിശ ||**

ഹേ സോമമേ! നീ അനേകരാൽ ആഹൂതനും സ്രവണശീലനുമാണല്ലോ. നീ സ്തോതാക്കളുടെ സ്നേഹരൂപമായ കുടത്തിൽ വസിച്ചാലും.

**28. ദവിദ്യുതത്യാ രുച പരിഷ്ടോമന്ത്യാ കൃപാ |**

**സോമാഃ ശുക്ര ഗവാശിരഃ ||**

ക്ഷീരമിശ്രിതമായ ഈ സോമം എല്ലാ ദിക്കുകളിലും ശബ്ദമുാക്കുന്ന ദീപ്തിമയികളാൽ ധാരകളാൽ യുക്തമാകുന്നു.

**29. ഹിന്വാനോ ഹത്യഭിർയത ആ വാജം വാജ്യക്രമീത് |**

**സീദന്തോ വനുഷോ യഥാ ||**

വീരൻമാർ യുദ്ധസ്ഥലത്തെത്തുമ്പോൾ തന്നെ ആക്രമണം തുടങ്ങുന്നു. അതുപോലെ തന്നെ ഈ സോമം സ്തോക്കളാൽ പ്രേരിതനായി യജ്ഞത്തിൽ വ്യാപിക്കുന്നു.

**30. ഋധക്സോമ സ്വസ്തയേ സഞ്ജഗ്മാനോ ദിവഃ കവിഃ |**

**പവസ്യ സൂര്യോ ദൃശേ ||**

ഹേ സോമമേ! നീ ശ്രേഷ്ഠബലയുക്തനായി, സുന്ദരദർശനത്തിനായി ആകാശത്ത്കൂടി പ്രവഹിച്ചാലും.

## അദ്ധ്യായം 2

## സൂക്തം 65

**ഋഷി ജമദഗ്നിയോ ഭൃഗുവോ, ദേവത സോമം, ഛന്ദസ് ഗായത്രി.**

**1. ഹിന്വന്തി സൂ രമുസ്രയഃ സ്വസാരോ ജാമയസ്പതിം |**

**മഹാ മിന്ദും മഹീയുവഃ ||**

ഹേ സോമമേ! ഈ അംഗുലീരൂപിണികളായ പത്തു സ്ത്രീകൾ നിന്നെ അത്യന്തം സ്നേഹത്തോടുകൂടി പിഴിഞ്ഞൊഴുകുന്നു.

**2. പവമാന രുചാരുചാ ദേവോദേവേഭ്യസ്പരി |**

**വിശ്വാ വസൂന്യാ വിശ ||**

ഹേ സോമമേ! നീ അരിപ്പയിൽകൂടി ശുദ്ധീകരിക്കപ്പെട്ട് പ്രകാശിക്കുന്നു. നീ ദേവകളുടെ അടുക്കൽ നിന്നും ധനം കിട്ടുമാറാക്കണേ.

**3. ആ പവമാനസുഷ്ടുതിം വൃഷ്ടിം ദേവേഭ്യോ ദുവഃ |**
**ഇഷേ പവസ്വ സംയതം ||**

ഹേ സോമമേ! ദേവകളുടെ സേവനത്തിനായി സുന്ദരസ്തോത്രങ്ങളോടുകൂടി വൃഷ്ടിയെ വർഷിച്ച് ഞങ്ങൾക്കന്നം പ്രദാനം ചെയ്യണമേ.

**4. വൃസാഹ്യാസി ഭാനുനാ ദ്യുമന്തം ത്വാ ഹവാമഹേ |**
**പവമാന സ്വാധ്യ ഃ ||**

ഹേ സോമമേ! നീ ഇഛാവർഷകനാണല്ലോ. ഞങ്ങൾ സുന്ദരകർമ്മങ്ങളോടുകൂടിയ ഈ യജ്ഞത്താൽ നിന്നെ വിളിക്കുന്നു.

**5. ആ പവസ്വ സുവീര്യം മന്ദമാനഃ സ്വായുധ |**
**ഇഹോ ഷ്വിന്ദവാ ഗഹി ||**

ഹേ സോമമേ! നിന്റെ ആയുധം സുന്ദരമാകുന്നു. നീ ഞങ്ങളുടെ യജ്ഞത്തിൽ ദേവകളെ ഹർഷയുക്തരാക്കി ഞങ്ങൾക്ക് സുന്ദരൻമാരും ബലവാൻമാരുമായ പുത്രൻമാരെ പ്രദാനം ചെയ്യേണമേ.

**6. യദദ്ഭിഃ പരിഷിച്യ സേ മൃജ്യമാനോ ഗഭസ്ത്യോഃ |**
**ദ്രുണാ സധസ്ഥമശ്നുഷേ ||**

ഹേ സോമമേ! നീ ഭുജങ്ങൾദ്വാരാ ജലത്തിൽ ശുദ്ധമാക്കപ്പെടുന്നു. ആ സമയത്ത് നീ മരപ്പാത്രത്തിലിരുന്ന് സ്വസ്ഥാനത്തെ പ്രാപിക്കുന്നു.

**7. പ്ര സോമായ വ്യശ്വവത്പവമാനായ ഗായത |**
**മഹേ സഹസ്രചക്ഷസേ ||**

ഹേ സ്തോതാക്കളേ! വ്യശ്വമഹർഷി ശുദ്ധീകരണസമയത്തുത്തന്നെ സോമത്തെ സ്തുതിച്ചിരുന്നു. അതുപോലെ തന്നെ നിങ്ങളും പിഴിഞ്ഞതിനുമേൽ മഹിമാവാനായ സോമത്തെ സ്തുതിക്കുവിൻ.

**8. യസ്യ വർണം മധുശ്ചുതം ഹരിം ഹിന്വന്ത്യദ്രിഭിഃ |**
**ഇന്ദുമിന്ദ്രായ പീതയേ ||**

ഹേ അധ്വര്യക്കളേ! നിങ്ങൾ ശത്രുക്കളെ തടയുന്നവനും, ഹരിതവർണ്ണനും, മധുരരസയുക്തനും, പ്രകാശിതനും ആയ സോമത്തെ ഇന്ദ്രനുവേി ഇടിച്ചു പിഴിയുവിൻ.

**9. തസ്യ തേ വാജിനോ വയം വിശ്വാ ധനാനി ജിഗ്യുഷഃ |**
**സഖിത്വമാ വൃണീമഹേ ||**

ഹേ സോമമേ! നീ ശത്രുക്കളുടെ എല്ലാസമ്പത്തുക്കളുടേയും സ്വാമിയാകുന്നു. നീ ഞങ്ങളുടെ മൈത്രിയെ ഇഷ്ടപ്പെടുന്നു.

**10. വൃഷാ പവസ്വ ധാരയാ മരുത്വതേ ച മത്സരഃ |**
**വിശ്വാ ദധാന ഓജസാ ||**

ഹേ സോമമേ! ഇഛിത ഫലങ്ങളുടെ ദാതാവാണല്ലോ നീ. ദ്രോണകലശത്തിൽ ഒഴുകിച്ചേരുകയും ഇന്ദ്രനേയും മരുത്തുക്കളേയും മത്തരാക്കുകയും ചെയ്യേണമേ. നീ സ്തോതാക്കൾക്ക് ധനം നൽകി സ്വന്തം ശക്തിയെ വളർത്തേണമേ.

**11. തം ത്വാ ധർതാരമോണ്യോഃപവമാന സ്വർദൃശം |**
**ഹിന്വേ വാജേഷു വാജിനം ||**

ഹേ സേമമേ! സർവ്വദ്രഷ്ടാവായ ആകാശത്തിന്റേയും ഭൂമിയുടേയും ധാരകനായ നീ ബലവാനാണല്ലോ. ഞാനങ്ങയെ രണക്ഷേത്രത്തിലേയ്ക്കു പ്രേരിപ്പിക്കുന്നു.

**12. അയാചിത്തോ വിപാമയ ഹരിഃ പവസ്വ ധാരയാ |**
**യുജം വാജേഷു ചോദയ ||**

ഹേ സോമമേ! ഞങ്ങളുടെ വിരലുകളാൽ പിഴിയപ്പെട്ടവനായി ദ്രോണകലശത്തിലേയ്ക്കു ഗമിച്ചാലും. നീ പച്ചവർണ്ണനാണല്ലോ, സ്വന്തം സഖാവായ ഇന്ദ്രനെ ഹർഷിതനാക്കി രണക്ഷേത്രത്തിലേയ്ക്കു പ്രേരിപ്പിക്കേണമേ.

**13. ആ ന ഇന്ദ്രോ മഹീമിഷം പവസ്വ വിശ്വദർശതഃ |**
**അസ്മഭ്യം സോമ ഗാതുവിത് ||**

ഹേ സോമമേ! നീ ലോകത്തെ പ്രകാശിപ്പിക്കുന്നവനാകുന്നു. നീ ഞങ്ങൾക്ക് ഇഷ്ടം പോലെ അന്നം നൽകുകയും അവസാനം സ്വർഗ്ഗത്തിന്റെ വാതിൽ പറഞ്ഞുതരുകയും ചെയ്യേണമേ.

**14. ആ കലശാ അനൂഷതേന്ദ്രോ ധാരഭിരോജസാ |**
**എന്ദ്രസ്യ പീതയേ വിശ ||**

ഹേ സോമമേ! ശുദ്ധീകരിക്കപ്പെട്ടവയും ബലവതികളും ആയ നിന്റെ ധാരകൾ ദ്രോണകലശത്തിലെത്തി സ്തോതാക്കൾ വഴിയായി പ്രശംസിക്കപ്പെടുന്നു. ഹേ സ്രവണശീലനായ സോമമേ! നീ ഇന്ദ്രനു കുടിക്കുവാനായി ഇവിടെ വന്ന് ഈ ചമസത്തിൽ സ്ഥിതനാകണമേ.

**15. യസ്യതേ മദ്യം രസം തീവ്രം ദുഹന്ത്യദ്രിഭിഃ |**
**സ പവസ്വിമാതിഹാ ||**

ഹേ സോമമേ! നിന്റെ രസം ഹർഷപ്രദായകമാകുന്നു. അധ്വര്യുക്കൾ മുതലായവർ അതിനെ അമ്മിക്കല്ലുകൊ് കറക്കുന്നു. നീ പാപികളെ നശിപ്പിക്കുന്നവനായി പതിച്ചാലും.

**16. രാജാ മേധാഭിരീയതേ പവമാനോ മനാവധി |**
**അന്തരിക്ഷേണ യാതവേ ||**

യജ്ഞം ആരംഭിക്കുമ്പോൾ സോമം ആകാശത്തിൽ നിന്നും ഒഴുകി ദ്രോണകലശത്തിലെത്തുന്നതിനായി സ്തുതിക്കപ്പെടുന്നു.

**17. ആ ന ഇന്ദോ ശതഗ്വിനം ഗവാം പോഷം സ്വശ്വ്യം |**
**വഹാ ഭഗത്തിമൂതയേ ||**

ഹേ സോമമേ! ഞങ്ങളുടെ പോഷണത്തിനായി ആയിരം ഗോക്കളേയും പുഷ്ടിപ്രദമായ ധനത്തെയും അശ്വങ്ങളോടുകൂടിയ ഐശ്വര്യത്തേയും തരുമാറാകണേ.

**18. ആ ന സോമ സഹോജുവോരൂപം ന വർചസേ ഭര |**
**സുഷ്വാണീ ദേവവീതയേ ||**

ഹേ സോമമേ! നീ ദേവകൾക്കു കുടിക്കുവാൻ പിഴിയപ്പെടുകയും അതുപോലെ ശത്രുക്കളെ നശിപ്പിക്കുന്നതിനു സമർത്ഥമായ ബലവും ശ്രേഷ്ഠമായ സൗന്ദര്യവും ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ.

**19. ആർഷാ സോമ ദ്യുമത്തമോ ഭി ദ്രോണാനി രോരുവത് |**
**സീദഞ്ച്യേനോ നം യോനിമാ ||**

ഹേ സോമമേ! കഴുകൻ പക്ഷി അതിന്റെ നീഡത്തിലേയ്ക്കു പോകുന്നതുപൊലെ; പ്രഭാപൂരിതവും, ഉജ്ജ്വലവും സ്രവണശീലവുമായ സോമം അരിപ്പയിലരിക്കകപ്പെട്ട് ദ്രോണകലശത്തെ പ്രാപിക്കുന്നു.

**20. അപ്സാ ഇന്ദ്രായ വായവേ വരുണായ മരുദ്ഭ്യഃ |**
**സോമോ അർഷതി വിഷ്ണുവേ ||**

ഈ സോമം വിഷ്ണു, വായു, വരുണൻ, ഇന്ദ്രൻ, അതുപോലെ മറ്റെല്ലാ ദേവകൾക്കും വേി ഒഴുകികൊിരിക്കുന്നു.

**21. ഇഷം തോകായ നോ ദധസ്മഭ്യം സോമ വിശ്വതഃ |**
**ആ പവസ്വ സഹസ്രിണം ||**

ഹേ സോമമേ! ഞങ്ങൾക്ക് ആയിരക്കണക്കിനു ബലവും ധനവും പ്രദാനം ചെയ്യുകയും ഞങ്ങളുടെ പുത്രൻമാർക്ക് അന്നാദികൾ നൽകുകയും ചെയ്യേണമേ.

22. യേ സോമാസഃ പരിവതി യേ അർവാവതി സുന്വിരേ |
യേ വാദ ശര്യണാവതി ||
അടുത്തോ അകലയോ പിഴിയുന്ന സോമം ശര്യണാവതസരോവരത്തിലുായതാണ്. ശ്രേഷ്ഠഗുണത്തോടുകൂടിയ ആ സോമം നമുക്ക് ഇഛിതഫലം പ്രദാനം ചെയ്യേണമേ.

23. യ ആർജീകേഷു കൃത്വസു യേ മധ്യേ പസ്ത്യാനാം |
യേ വാ ജനേഷു പഞ്ചസു ||
യാതൊന്ന് ആർജികത്തിലും, സരസ്വതീ തീരത്തും പഞ്ചജന്യങ്ങളിലും പിഴിയപ്പെടുന്ന സോമം ആയിരിക്കുന്നുവോ അത് നമുക്കിഛിതഫലം പ്രദാനം ചെയ്യണേ.

24. തേ നോ വൃഷ്ടിം ദിവസ്പരി പവന്താമാ സുവീര്യം |
സുവാനാ ദേവാസ ഇന്ദവഃ ||
ഈ ഉജ്ജ്വലമായ സോമം ആകാശമാർഗ്ഗത്തിൽകൂടിവന്ന് ബലവാൻമാരായ പുത്രൻമാരേയും ധനവും പ്രദാനം ചെയ്യേണമേ.

25. പവതേ ഹര്യതോ ഹരിർഗൃണാനോ ജമദഗ്നിനാ |
ഹിന്വനോ ഗോരധി ത്വചി ||
ഈ ദേവകാമങ്ങളായ പച്ചനിറത്തോടുകൂടിയ ഈ സോമം ജമദഗ്നിയാൽ സ്തുതിക്കപ്പെട്ട് പാത്രത്തിൽ സ്ഥിതിചെയ്യുന്നു.

26. പ്ര ശുക്രാസോ വയോജ്ജൂവോ ഹിന്വാനാസോ ന നപ്തയഃ |
ശ്രീണാനാ അപ്സുമൃഞ്ജത ||
കുതിരയെ ജലത്താൽ കഴുകുന്നതുപോലെ അന്നത്തെ പ്രേരിപ്പിക്കുന്നവനും ഉജ്ജ്വലനുമായ ഈ സോമത്തെ ദുഗ്ധാദികളാൽ മിശ്രിതമാക്കപ്പെടുകയും, ശുദ്ധജലത്താൽ കഴുകുകയും ചെയ്യുന്നു.

27. തം ത്വാ സുതേഷ്വാഭുവോ ഹിന്വിരേ ദേവതാതയേ |
സ പവസ്വാ നയാ രുചാ ||
ഹേ സോമമേ! ശുദ്ധമാക്കിയതിനുശേഷം ഋത്വിക്കുകൾ നിന്നെ ദേവകൾക്കുവേി അമ്മിയാലിടിച്ചുകൂട്ടുന്നു. പിഴിഞ്ഞസോമമേ! നീ ശ്രേഷ്ഠമായ ധാരകളോടുകൂടി ദ്രോണകലശത്തെ പ്രാപിച്ചാലും.

28. ആ തേ ദക്ഷ മയോ ഭൂവം വഹ്നീമദ്യാ വൃണീമഹേ! |
പാന്തമാ പുരുസ്പൃഹം ||
ഹേ സോമമേ! യജ്ഞകർമ്മികളായ ഞങ്ങൾ നിൻെറ രക്ഷാകരവും സുഖകാരിയും ആയ ബലത്തെ യജ്ഞസ്ഥാനത്തിൽ ആഗ്രഹിക്കുന്നു.

29. ആ മന്ദ്രമാ വരേണ്യമാ വിപ്രമാ മനീഷിണം |
പാന്തമാ പുരുസ്പൃഹം ||
ഹേ ഹർഷപ്രദായിനിയായ സോമമേ! നീ അനേകരാൽ സ്തുതനും ജ്ഞാനിയും എല്ലാവരുടേയും രക്ഷകനും സുന്ദരബുദ്ധിയും ആകുന്നു. യജ്ഞകർത്താക്കളും വിദ്വാൻമാരും ആയ ഞങ്ങൾ നിന്നെ ആഗ്രഹിക്കുന്നു.

30. ആ രയിമാ സുചേതുനമാ സുക്രതോ തനൂഷ്വാ |
പാന്തമാ പുരുസ്പൃഹം ||
ഹേ സോമമേ! നീ ഞങ്ങളുടെ പുത്രൻമാരെ വളർത്തുകയും അവരെ ധനയുക്തരാക്കുകയും ചെയ്യേണമേ. നീ സർവ്വരക്ഷകനും അനേകരാൽ വിളിക്കപ്പെടുന്നവനും ആകുന്നു. ഞങ്ങൾ നിന്നെ ശരണം പ്രാപിക്കുന്നു.

## സൂക്തം 66

ഋഷി നൂറുവൈശാഖാനസൻമാർ, ദേവത സോമം, അഗ്നി. ഛന്ദസ് ഗായത്രി, അനുഷ്ടുപ്.

1. പവസ്വ വിശവ ചർഷണേ ഭി വിശ്വാനി കാവ്യാ |
സഖാ സഖിഭ്യ ഈഡ്യഃ ||
ഹേ സ്തുത്യനായ സോമമേ! നീ ഞങ്ങളുടെ മിത്രവും സൂക്ഷ്മദർശിയുമാണല്ലോ. നീ ഞങ്ങളുടെ സ്തുതികളോടു കൂടിയ ശ്രേഷ്ഠകർമ്മങ്ങളിൽ വരുമാറാകണേ.

2. താഭ്യാം വിശ്വസ്യ രാജസി യേ പവമാന ധാമനീ |
പ്രതീചീ സോമ തസ്ഥതുഃ ||
ഹേ സോമമേ! നീ സ്വന്തം പാത്രങ്ങൾ വഴിയായി സമ്പൂർണ്ണവിശ്വത്തിൻെറ അധിപതിയായിരിക്കുന്നു.

3. പരി ധാമാനി യാനി തേ ത്വം സോമാസി വിശ്വതഃ |
പവമാന ഋതുഭിഃ കവേ ||
ഹേ സോമമേ! നീ ശ്രേഷ്ഠകർമ്മാവാകുന്നു. നിൻെറ തേജസ്സ് എങ്ങും വ്യാപിച്ചിരിക്കുന്നു. നീ ആ തേജസ്സാൽ എല്ലാ ഋതുക്കളിലും വ്യാപിച്ച് ശോഭയെ പ്രാപിക്കുന്നു.

4. പവസ്വ ജനയന്നിഷോ ഭി വിശ്വാനി വാര്യാ |
സഖാ സഖിഭ്യ ഊതയേ ||
ഹേ മിത്രരൂപനായ സോമമേ! ഞങ്ങളുടെ രക്ഷയ്ക്കുവേി ഞങ്ങളുടെ സ്തോത്രങ്ങളെ ശ്രവിച്ചുകൊ് ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്യുന്നതിന് ആഗതരാകണമേ.

5. തവ ശുക്രാസോ അർചയോ ദിവസ്പൃഷ്ഠേ വി തന്വതേ |
പവിത്രം സോമ ധാമഭിഃ ||
ഹേ സോമമേ! നിൻെറ വെട്ടിത്തിളങ്ങുന്ന രശ്മികൾ ഭൂലോകത്തിൽ ജലത്തെ വളർത്തുന്നു.

6. തവേമേ സപ്ത സിന്ധവഃ പ്രശിഷം സോമ സിസ്രതേ |
തുഭ്യം ധാവന്തി ധേനവഃ ||
ഹേ സോമമേ! സപ്തനദികൾ നിന്നെ അനുസരിക്കുന്നു. ക്ഷീരാദികളാൽ നിന്നെ പൂർണ്ണമാക്കുന്നതിനായി ഗോക്കൾ ഓടിനടക്കുന്നു.

7. പ്ര സോമ യാഹി ധാരയാ സുത ഇന്ദ്രായ മത്സരഃ |
ദധാനോ അക്ഷിതി ശ്രവഃ ||
ഹേ സോമമേ! ഇന്ദ്രൻെറ ഹർഷത്തിനുവേി ഞങ്ങൾ നിന്നെ പിഴിഞ്ഞിരിക്കുന്നു. നീ അരിപ്പയിൽ കൂടി കുടത്തിലേയ്ക്ക് ഒഴുകുകയും ഞങ്ങൾക്ക് ഇഷ്ടംപോലെ ധനം പ്രദാനം ചെയ്യുകയും ചെയ്യേണമേ.

8. സമുത്വാ ധീഭിരസ്വരൻ ഹിന്വതീഃ സപ്തജാമയഃ |
വിപ്ര മാജാ വിവസ്വതഃ ||
ഹേ സോമമേ! നീ ജ്ഞാനിയും ശ്രവണശീലനും ആകുന്നു. സ്തോതാക്കളായ സപ്തഹോതാക്കൾ ദേവകൾക്കു സേവനം ചെയ്യുന്നതു ജയമാനൻെറ യാഗവേദിയിൽ സ്തുതിച്ചിരുന്നു.

9. മൃജന്തി ത്വാ സമഗ്രുവോ ജീരാവാധി ഷ്വണി |
രേഭോ യദജ്യസേ വനേ ||
ഹേ സോമമേ! നീ ശുദ്ധജലത്തിൽ നനക്കപ്പെട്ട് ശബ്ദമുാക്കുമ്പോൾ പത്തുവിരലുകൾ നിന്നെ പിഴിഞ്ഞ് കമ്പിളിയരിപ്പയിൽ വീഴിക്കുന്നു.

10. പവമാനസ്യ തേ കവേ വാജിൻത്സർശാ അസൃക്ഷത |

**അർവന്തോ ന ശ്രവസ്യവഃ ||**

ഹേ സോമമേ! അന്നവാഹകൻ ദ്രുതഗാമിയാകുന്നതുപോലെ നിൻെറ ഉജ്ജ്വലമായ ധാരകൾ യജമാനനുവേി അന്നേഛുമായി ദ്രുതഗതിയിൽ സഞ്ചരിക്കുന്നു.

**11. അഛാ കോശം മധുശ്ചുതമസൃഗ്രം വാരേ അവ്യയേ |**

**അവാവശന്ത ധീതയഃ ||**

ഋത്വിജൻമാരാൽ ദ്രോണകലശത്തിലും കമ്പിളി അരിപ്പയിലും മധുരരസവർഷകമായ സോമം വമിക്കപ്പെടുന്നു. ആ സോമത്തെ ശുദ്ധീകരിക്കുവാൻ ഞങ്ങളുടെ വിരലുകൾ കൊതിക്കുന്നു.

**12. അഛാ സമുദ്രമിന്ദവോ സ്തം ഗാവോ ന ധേനവഃ |**

**അഗ്മന്നൃതസ്യയോനിമാ ||**

കറവപ്പശുക്കൾ തൊഴുത്തിൽ പ്രവേശിക്കുന്നതുപ്പോലെ ഈ സോമം ദ്രോണകലശത്തിൽ പ്രവേശിക്കുന്നു. ഈ സോമം തന്നെ യാഗവേദിയിലും പ്രവേശിക്കുന്നു.

**13. പ്രണ ഇന്ദോ മഹേ രണ ആപോ അർഷന്തി സിന്ധവഃ |**

**യദ്ഗോഭിർവാശ യിഷ്യസേ ||**

ഹേ സോമമേ! നീ ഗവ്യം മിശ്രിതമാകുമ്പോൾ ഞങ്ങളുടെ യജ്ഞത്തിൽ ഒഴുകുന്ന ജലം വന്നുചേരുന്നു.

**14. അസ്യ തേ സഖ്യേ വയമിയക്ഷന്തസ്ത്വോതയഃ |**

**ഇന്ദ്രോ സഖിത്വമുശ്മസി ||**

ഹേ സോമമേ! പൂജകപരുഷരായ ഞങ്ങൾ നിൻെറ ബന്ധുത്വത്തെ പ്രാപിക്കുന്നതിനായി കർമ്മ ങ്ങളിൽ വ്യാപൃതരായി നിൻെറ രക്ഷാത്മാക്കളായ സാധനങ്ങളേയും മൈത്രീഭാവത്തേയും കൊതിക്കുന്നു.

**15. ആ ചവസ്വ ഗവിഷ്ഠയേ മഹേ സോമ ന ചക്ഷസേ |**

**എന്ദ്രസ്യ ജംരേ വീശ ||**

ഹേ സോമമേ! ആര് അംഗിരസ്സുകളെ അന്വേക്ഷിച്ചു കുപിടിച്ചിരിക്കുന്നുവോ, മഹാനായ ആ ഇന്ദ്രനുവേി പ്രവഹിച്ച് അവൻെറ ഉദരത്തിൽ സ്ഥിതി ചെയ്താലും.

**16. മഹാം അസി സോമ ജ്യേഷ്ഠ ഉഗ്രാണാമിന്ദ്ര ഓജിഷ്ഠഃ |**

**യുധ്വാ സഞ്ചശ്വജ്ജിഗേഥ ||**

ഹേ സോമമേ! നീ ദേവകൾക്കു നൽകുന്നവനും, സ്തുത്യനും, മഹാനും ആകുന്നു, യുദ്ധത്തിൽ നീ ശത്രുക്കളുടെ ധനത്തെ പിടിച്ചെടുത്തിരുന്നുവല്ലോ. നീ ശക്തരിൽ ശക്തനാകുന്നു.

**17. യ ഉഗ്രേഭ്യശ്ചിദോജീയാഞ്ചുരേഭ്യ ശ്ചിച്ഛൂരതിരഃ |**

**ഭൂരിദാഭ്യശ്ചിൻമംഹീയാൻ ||**

ഈ സോമം ബലവാൻമാരിൽ വലിയ ബലവാനും, വീരൻമാരിൽ വലിയ വീരനും ദാനികളിൽ മഹാദാനിയും ആകുന്നു.

**18. ത്വം സോമ സൂര ഏഷരസ്താകസ്യ സാതാ തനൂനാം |**

**വൃണീമഹേ സഖ്യായ വൃണീമഹേ യുജ്യായ ||**

ഹേ യജ്ഞപ്രേരകനായ സോമമേ! നീ ശോഭനമായ ബലത്തോടു കൂടിയവനാണല്ലോ. ഞങ്ങൾക്ക് പുത്രൻമാരെയും, അന്നാദിധനത്തേയും നൽകേണമേ. ഹേ സോമമേ! ശത്രുക്കളാൽ ഞങ്ങൾ വലയം ചെയ്യപ്പെടുമ്പോൾ നിന്നോടു രക്ഷയാചിക്കുന്നു. നിൻെറ മൈത്രിയേയും യാചിക്കുന്നു.

**19. ആഗ്ന ആയുംഷി പവസ സുവോർജമിഷം ച നഃ |**

**ആരേ ബാധസ്വ ദുഛൂനാം ||**

ഹേ സോമമേ! നീ ഞങ്ങളുടെ രക്ഷകനാണല്ലോ. അസുരൻമാരെ അകറ്റി ഓടിക്കേണമേ. ഞങ്ങൾക്ക് രസവും അന്നവും പ്രദാനം ചെയ്താലും.

**20. അഗ്നിഋഷിഃ പവമാനഃ പാഞ്ചജന്യഃ പുരോഹിതഃ |**

**തമീമഹേ മഹാഗയം ||**

അഗ്നിദേവൻ ഋഷിമാരുടേയും, ഋത്വിക്കുകളേയും, ചതുർവർണ്ണ മനുഷ്യരുടേയും നിഷാദൻമാരുടേയും ഹിതൈഷി ആകുന്നു. ആ അഗ്നിയോടു തന്നെ ഞങ്ങൾ അന്നധനാദികൾ യാചിക്കുന്നു.

**21. അഗ്നേ പവസ്വ സ്വപാ അസ്മേ വർചഃ സുവീര്യം |**

**ധദ്രയിം മയിം പോഷം ||**

ഹേ അഗ്നേ! ഭവാൻ സുന്ദരകർമ്മാവാണല്ലോ. ഞങ്ങളെ തേജസ്വികളാക്കുകയും അതുപോലെ ഗോക്കളാലും പുത്രാദികളാലും സമ്പന്നരാക്കുകയും ചെയ്യണമേ.

**22. പവമാനോ അതി സ്രിധോ ഭ്യർഷതി സുഷ്ടുതിം |**

**സൂരോ ന വിശ്വദർശതഃ ||□**

സോമം ശത്രുക്കളെ പിൻതള്ളുന്നു. അവൻ സൂര്യനെപ്പോലെ എല്ലാ ജീവികൾക്കും ദർശനയോഗ്യനാകുന്നു. അവൻ സ്തോതാക്കളുടെ സുന്ദരസ്തോത്രങ്ങളെ പ്രാപിക്കുന്നു.

**23. സ മർമൃജാന അയുഭിഃ പ്രയസ്വാൻ പ്രയസേ ഹിതഃ |**

**ഇന്ദുരത്യോ വിചക്ഷണഃ ||**

വീം വീം ശുദ്ധീകരിക്കപ്പെടുന്ന സോമം ദേവകളുടെ സാമീപ്യത്തെ പ്രാപിക്കുന്നു. സർവ്വദ്രഷ്ടാവായ ആ സോമം ഹിതൈഷിയും, ഹർഷദായകനും അന്നസമ്പന്നനും ആകുന്നു.

**24. പവമാന ഋതം ബൃഹച്ഛുക്രം ജ്യോതിരജീജനത് |**

**കൃഷ്ണാ തമാംസി ജങ്ഘനത് ||**

ഈ സോമം അന്ധകാരത്തെ നശിപ്പിച്ചു. ദീപ്തിവും സർവ്വവ്യാപിയും ഉജ്ജ്വലവുമായ തേജസ്സിനെ പ്രകടമാക്കി.

**25. പവരാസന്യ ജങ്ഘനതോ ഹരേശ്ചന്ദ്രാ അസൃക്ഷത |**

**ജീരാ അജിരശോചിഷഃ ||**

ഹരിതവർണ്ണനായ ഈ സോമം അന്ധകാരനാശകനാകുന്നു. സ്രവണശീലനും ആകുന്നു. അതിൻെറ മദകരമായ ധാരയെ അരിപ്പയിൽ അരിക്കപ്പെട്ടുകൊിരിക്കുന്നു.

**26. പവമാനോ രഥീതമഃ ശുഭ്രേഭിഃ ശുഭ്രശസ്തമഃ |**

**ഹരിശ്ചന്ദ്രോ മരുദ്ഗണഃ ||**

ഹേ സോമമേ! നീ സ്വന്തം തരംഗങ്ങളാൽ ലോകത്തെ നിറക്കുന്നു. നീ ഹരിതവർണ്ണനും, സ്വഛമായ കീർത്തിയോടുകൂടിയവനും സ്രവണശീലനും മരുത്തുക്കളുടെ സഖാവു ആകുന്നു.

**27. പവമാനോ വ്യശ്നദ്രശ്മിഭിർവാജസാതമഃ |**

**ദധത്സ്തോത്രേ സുവീര്യം ||**

ഈ സോമം ശ്രവണശീലനും അന്നദായകനും, സ്തോതാക്കളെ പുത്രവാൻമാരുമാക്കുന്നവനും ആകുന്നു. ഇവൻ തൻെറ തരംഗങ്ങളാൽ ലോകത്തെ മുഴുവൻ നിറയ്ക്കുന്നു.

**28. പ്ര സുവാന ഇന്ദുരക്ഷാഃ പവിത്രമത്യവ്യയം |**

**പുനാന ഇന്ദുരിന്ദ്രമാ ||**

കമ്പിളി അരിപ്പയിൽ നിന്നും വീഴുന്ന ഈ സോമം ഇന്ദ്രൻെറ ഉദരത്തിൽ സ്ഥിതി ചെയ്യണേ.

**29. ഏഷ സോമോ അധി ത്വചി ഗവാം ക്രീളത്യദ്രിഭിഃ |**
**ഇന്ദ്രം മദായ ജോഹുവത് ||**

തരംഗങ്ങളോടുകൂടിയ സോമം കല്ലുകളുമായി ക്രീഡിക്കുന്നു. ഇവൻ മത്തനായി ഇന്ദ്രനെ വിളിക്കുന്നു.

**30. യസ്യതേ ദ്യുമ്നവത് പയഃ പവമാനാ ഭൃതം ദിവഃ |**
**തേന നോ മൃള ജീവസേ ||**

ഹേ സോമമേ! നിൻെറ അടുക്കൽ രസരൂപമായ അന്നമുല്ലോ. അതിനെ ഞങ്ങൾക്കു ദീർഘായുസ്സിനായിത്തന്ന് ആനന്ദിപ്പിക്കേണമേ.

## സൂക്തം 67

**ഋഷി ഭരദ്വാജൻ, കശ്യപൻ, അത്രി, വസിഷ്ഠൻ, തുടങ്ങിയവർ, ദേവത സോമം, അഗ്നി, വിശ്വദേവതകൾ. ഛന്ദസസ്സുകൾ ഗായത്രി, അനുഷ്ടുപ്.**

**1. ത്വം സോമാസി ധാരയുർമന്ദ്ര ഓജിഷ്ഠോ അധ്വരേ |**
**പവസ്വം മംഹയദ്രയിഃ ||**

ഹേ സോമമേ! നീ അത്യന്തം ഓജസ്വിയാകുന്നു. ഈ ഹിംസാരഹിതമായ യജ്ഞത്തിൽ നീ സ്തോതാക്കൾക്കു ധനം നൽകുന്നു. ഹേ സോമമേ! നീ ദ്രോണകലശത്തിലേയ്ക്ക് ശ്രവിച്ചാലും.

**2. ത്വം സുതോ നൃമാദനോ ദധന്വന്മത്സരിന്തമഃ |**
**ഇന്ദ്രായ സൂരിരന്ധസാ ||**

നീ ഋത്വിജൻമാരെ പ്രസന്നരാക്കുന്നു. ഹേ സോമമേ! ആ ഋത്വിജൻമാർക്ക് ധനം നൽകി പിഴിഞ്ഞ അന്നത്തോടുകൂ ടി ഇന്ദ്രനെ മത്തനാക്കേണമേ.

**3. ത്വം സുഷ്വാസോ അദ്രിഭിരഭ്യർഷ കനിക്രദത് |**
**ദ്യുമന്തം ശുഷ്മമുത്തമം ||**

ഹേ സോമമേ! നീ കല്ലുകൊടിക്കപ്പെട്ട് കുടത്തിലേയ്ക്കു പോവുകയും ശത്രുക്കളെ ശുഷ്ക്കമാക്കുന്ന ഉജ്ജ്വലമായ ബലത്താൽ സമ്പന്നനാവുകയും ചെയ്യേണമേ.

**4. ഇന്ദുർഹിന്വനോ അർഷതിതിരോ വാരാണ്യവ്യയാ |**
**ഹരിർവാജമചിക്രദത് ||**

ഈ സോമം കെട്ടായി ചതച്ചു പിഴിയപെട്ട് കമ്പിളിയരിപ്പയിലിരിക്കുകയും ഈ പച്ചവർണ്ണൻ നിന്നോടുകൂടി ഇന്ദ്രനേയും വിളിക്കുന്നു എന്ന് അന്നത്തോടു ശബ്ദിക്കുകയും ചെയ്യുന്നു.

**5. ഇന്ദോ വ്യവമർഷസി വി ശ്രവാംസി വിസൗഭഗാ |**
**വി വാജൻത്സോമ ഗോമതഃ ||**

ഹേ സോമമേ! കമ്പിളിയരിപ്പയിൽ പിഴിയപ്പെടുന്ന നീ ഗോക്കളുടെ ബലത്തിലും സൗഭാഗ്യത്തിലും ഹവ്യത്തിലും വന്നുചേരുന്നു.

**6. ആ ന ഇന്ദോ ശതഗ്വിനം രയിം ഗോമന്തമശ്വിനം |**
**ഭരാ സോമ സഹസ്രിണം ||**

ഹേ സോമമേ! നീ പാത്രങ്ങളിലേയ്ക്ക് ഒഴുകുന്നു. ഞങ്ങൾക്ക് ആയിരം ഗോക്കളേയും അശ്വങ്ങളേയും ധനവും പ്രദാനം ചെയ്യണേ.

**7. പവമാനസ ഇന്ദവസ്തിരഃ പവിത്രമാശവഃ |**
**ഇന്ദ്രം യാമേഭിരാശത ||**

അരിപ്പയിലരിക്കപ്പെടുന്ന സോമം അനേകം ധാരകളായി കുടത്തിൽ വീഴുകയും ചമസാദികളാൽ കോരപ്പെട്ട തൻെറ ശക്തിയാൽ ഇന്ദ്രനെ മത്തു പിടിപ്പിക്കുകയും ചെയ്യുന്നു.

**8. കകുഹഃ സോമ്യോ രസ ഇന്ദുരിന്ദ്രായ പൂർവ്യഃ**
**ആയു പവത ആയവേ ||**

ഈ സോമം പൂർവപുരുഷൻമാരാൽ പിഴിയപ്പെട്ട സോമത്തെപ്പോലെ തന്നെ ഇന്ദ്രനുവേി കുടത്തിൽ പതിക്കുന്നു.

**9. ഹിന്വന്തി സൂരുമുസ്രയഃ പവമാനം മധുശ്ചുതം |**
**അഭി ഗിരാ സമസ്വരൻ ||**

കർമ്മനിരതനായ വിരലുകൾ മാദകമായ രസത്തെ പ്രേരിപ്പിക്കുന്നു. അപ്പോൾ ജ്ഞാനികളായ സ്തോതാക്കൾ ശരിയായവിധം സ്തുതിക്കുന്നു.

**10. അവിതാ നോ അജാശ്വഃ പൂഷാ യാമനിയാമനി |**
**ആ ഭക്ഷത് കന്യാ സു നഃ ||**

അജവാഹനനായ പൂഷാദേവൻ യാത്രകളിൽ ഞങ്ങളുടെ രക്ഷകനാകണേ. അവൻ ഞങ്ങൾക്ക് സുന്ദരിമാരായ വധുക്കളെ പ്രദാനം ചെയ്യണമേ.

**11. അയം സോമഃ കപർദിനേ ഘൃതം ന പവതേ മധു |**
**ആ ഭക്ഷത്കന്യാസു നഃ ||**

ഈ സോമം പൂഷാവിന് ഘൃതസമാനം പൊഴിയട്ടെ, നമുക്ക് നല്ല ബന്ധുവിനേയും നൽകുമാറാകണേ.

**12. അയം ത ആഘൃണേ സുതോ ഘൃതം ന പവതേ ശുചി |**
**ആ ഭക്ഷത്കന്യാ സുനഃ ||**

ഹേ തേജസ്വിയായ പൂഷാവേ! ശുദ്ധമായ ഘൃതംപോലെ ഈ പിഴിഞ്ഞസോമം നിനക്കുവേി ഒഴുകിവരുന്നു.

**13. വാചോ ജന്തുഃ കവീനാം പാവസ്വ സോമ ധാരയാ |**
**ദേവേഷാ രത്നധാ അസി ||**

ഹേ സോമമേ! നീ സ്തോക്കൾക്ക് സ്തോത്രങ്ങൾ സൃഷ്ടിച്ചു കൊടുക്കുന്നു. നീ ദിവ്യങ്ങളായ രത്നങ്ങളും നൽകുന്നവനാകുന്നു. നീ പിഴിയപ്പെട്ട് ദ്രോണകലശത്തെ പ്രാപിച്ചാലും.

**14. ആ കലശേഷു ധാവതി ശ്യേനോ വർമ വിഗാഹതേ |**
**അഭി ദ്രോണാ കനിക്രദത് ||**

പരുന്ത് അതിൻെറ മാളത്തിലേയ്ക്ക് പോകുമ്പോൾ ശബ്ദിക്കുന്നതുപോലെ ശബ്ദിച്ചുകൊ് ഈ സോമം ദ്രോണകലശം പൂകുന്നു.

**15. പതി പ്ര സോമ തേ രസോ സർജി കലശേ സുതഃ |**
**ശ്യേനോ ന തക്തോ അർഷതി ||**

ഹേ സോമമേ! നിൻെറ പിഴിഞ്ഞ രസം പരുന്തിനെപ്പോലെ എങ്ങും പറന്നു നടക്കുന്നു. ഇത് ചമസങ്ങളിൽ വളർച്ച പ്രാപിക്കുന്നു.

**16. പവസ്വ സോമ മന്ദയിന്നിന്ദ്രായ മധുമത്തമഃ ||**

ഹേ സോമമേ! അത്യന്തം മധുരസമ്പന്നനായ നീ ഇന്ദ്രനെ മദോൻമത്തനാക്കുന്നതിനായി ആഗതനായാലും.

**17. അസൃഗ്ര ദേവവീതയേ വാജയന്തോ രഥാ ഇവ ||**

ഋത്വിക്കുകൾ പിഴിഞ്ഞതും , അന്നയുക്തവുമായ സോമത്തെ ദേവകൾക്കു സമർപ്പിക്കുന്നു. ശത്രുക്കളുടെ ഐശ്വര്യത്തെ ഈ സോമം രഥത്തിനു തുല്യം തട്ടിയെടുക്കുന്നു.

**18. തേ സുതാസേ മദിന്തമാഃ ശുക്രാ വായുസൃക്ഷത ||**

ഉജ്ജ്വലവും, ദീപ്തവുമായ ഈ സോമം വായുവിനുവേി ശുദ്ധീകരിക്കപ്പെടുന്നു.

**19. ശ്രാവ്ണ തുന്നോ അഭീഷ്ടുതഃ പവിത്ര സോമ ഗഛസി |**

**ദധത്സ്തോത്രേ സുവീര്യം ||**

ഹേ സോമമേ! അമ്മിക്കല്ലുകൊ് ചതക്കപ്പെടുന്ന നിന്നെ സ്തോക്കൾക്ക് സുന്ദരമായ ധനം നൽകുന്നതിനായി അരിപ്പയിലേയ്ക്ക് ഒഴുകുന്നു.

**20. ഏഷ തുന്നോ അഭീഷ്ടുതഃ പവിത്രമതി ഗാഹതേ |**

**രക്ഷോഹാ വാരമവ്യയം ||**

അമ്മിക്കല്ലുകൊിടിച്ചു പിഴിഞ്ഞ ഈ സോമരസം രാക്ഷസൻമാരുടെ സംഹാരകനാകട്ടെ ഈ സോമം അരിപ്പയിൽ കൂടികടന്ന് ദ്രോണകലശത്തിലെത്തുന്നു.

**21. യദന്തി യച്ച ദൂരതേ ഭയം വിന്ദതി മാമിഹ |**

**പവമാന വിതജ്ജഹി ||**

ഹേ സോമമേ! അടുത്തോ അകലെയോ എവിടെയെങ്കിലും സ്ഥിതിചെയ്യുന്ന ഭയത്തെ നീ എന്നന്നേയ്ക്കുമായി നശിപ്പിച്ചാലും.

**22. പവമാനസോ അദ്യ നഃ പവിത്രേണ വിചർഷണിഃ |**

**യഃ പോതാ സ പുനാതു നഃ ||**

ഈ സോമം സർവ്വദ്രഷ്ടാവും ശ്രവണശീലനുമാകുന്നു. അരിപ്പയിൽ ശുദ്ധീകരിക്കപ്പെട്ടസോമം ഞങ്ങള ശുദ്ധീകരിക്കപ്പെടട്ടെ.

**23. യത്തേ പവിത്രമർചിഷ്യഗ്നേ വിതതമന്തരാ |**

**ബ്രഹ്മ തേന പുനീഹി നഃ ||**

ഹേ സോമമേ! നിങ്ങളുടെ തേജസ്സിൽ യാതൊരുത്തൻ ശുദ്ധീകരണ സമർത്ഥനാകുന്നുവോ, അതുവഴിയായി ഞങ്ങളുടെ ശരീരങ്ങളെ പുത്രാദികളെ വളർത്തുന്നതിനുള്ള സാമർത്ഥ്യത്താൽ സമ്പന്നരാക്കേണമേ.

**24. യത്തേ പവിത്രമർചിവദഗ്നേ തേന പുനീഹി നഃ |**

**ബ്രഹ്മസവൈഃ പുനീഹി നഃ ||**

ഹേ അഗ്നേ! നീ സൂര്യാദി ജ്യോതിസ്സുകളായ തേജസ്സ് ശുദ്ധീകരിക്കുന്നവയകാകുന്നു അവകൊ് ഞങ്ങളെ ശുദ്ധീകരിക്കേണമേ. സോമാഭിഷവം വഴിയും ഞങ്ങളിൽ പവിത്രത്വത്തെ സ്ഥിപിക്കേണമേ.

**25. ഉഭാഭ്യാം ദേവ സവിതഃ പവിത്രേണ സവേന ചാ |**

**മാം പുനീഹി വിശ്വതഃ ||**

സോമമേ! നീ തേജസ്വിയാണല്ലോ. നിന്റെ തേജസ്സ് പാപത്തെ ശുദ്ധമാക്കുന്നു. അതുവഴി എന്നെയും ശുദ്ധമാക്കണമേ.

**26. ത്രിഭിഷ്ട്വം ദേവ സഖിതർവർഷിഷ്ടം സോമ ധാമഭിഃ |**

**അഗ്നേദക്ഷൈഃ പുനീഹി നഃ ||**

ഹേ പാവമാനാഗ്നേ നിന്റെ സർവ്വസമർത്ഥങ്ങളായ മൂന്നുതേജസ്സുകൾ വഴിയായി ഞങ്ങളെ പവിത്രീകരിക്കേണമേ.

**27. പുനന്തുമാം ദേവജനാഃ പുനന്തു വസവോ ധിയാ |**

**വിശ്വേ ദേവാഃ പുനീത മാ ജാതവേദഃ പുനീഹിമാ ||**

ഇന്ദ്രദിദേവകൾ എന്നെ പരിശുദ്ധനാക്കട്ടെ. വായുദേവനും, അഗ്നിയും മറ്റുള്ള സകലദേവൻമാരും എന്നെ ശുദ്ധനാക്കണമേ.

**28. പ്ര പ്യായസ്വ പ്ര സ്യന്ദസ്വസോമവിശ്വേഭിരംശുഭിഃ |**

**ദേവേഭ്യ ഉത്തമം ഹവിഃ ||**

ഹേ സോമമേ! ഞങ്ങളെ വളർത്തുകയും നിന്റെ തരംഗങ്ങൾ വഴിയുമായി ദേവകളുടെ രസരൂപമായ അന്നം പ്രദാനം ചെയ്യുകയും ചെയ്യണമേ.

**29. ഉപ പ്രിയം പനിപ്നതം യുവാനമാഹൂതീവൃധം |**

**ആഗൻമ വിഭൂതോ നമഃ ||**

ഹേ സോമമേ! നീ ആഹൂതികളാൽ വളരുന്നവനാണല്ലോ. നീ ശബ്ദിക്കുന്നവനും ശ്രവണശീലനും ഹർഷദായകനും ആകുന്നു.

**30. അലായ്യസ്യ പരശൂർനനാശ തമാ പവ്വ ദേവ സോമ |**

**ആഖും ചിദേവ ദേവ സോമ ||**

ഹേ സോമമേ! നിന്റെ തേജസ്സോടുകൂടി ശ്രവിക്കണമേ. ഞങ്ങളെയെല്ലാം കൊല്ലുന്ന ശത്രുക്കളെ നീ നശിപ്പിക്കേണമേ. സോമമേ! ആ അക്രമണകാരികളുടെയെല്ലാം ആയുധങ്ങളും നശിപ്പിച്ചുകളയണമേ.

**31. യഃ പാവമാനീരധ്യേത്യര്ഷിഭിഃ സമ്ഭൃതം രസം |**

**സർവം സ പൂതമശ്നാതി സ്വദിതം മാതരിസ്വനാ ||**

ഋഷിമാരിൽ സമ്പാദിതമായ വേദങ്ങളുടെ സാരരൂപമായ സോമയുക്തസൂക്തങ്ങളെ പഠിക്കുന്ന പുരുഷൻ വായുവിനാൽ ശുദ്ധീകരിക്കപ്പെട്ട പാപരഹിതമായ അന്നത്തെ ഭുജിക്കുന്നു.

**32. പാവാ നിര്യോ അധ്യേത്യൃഋഷിഭിഃ സമ്ഭൃതം രസം |**

**തസ്മൈ സരസ്വതീ ദുഹേ ക്ഷീരം സപിർധൂദകം ||**

യാതൊരു പുരുഷൻ ഋഷിമാരാൽ സമ്പാദിക്കപ്പെട്ട വേദത്തിന്റെ സാരരൂപമായ സോമാത്മക സൂക്തങ്ങൾ പഠിക്കുന്നുവോ. ആ വേദപഠിതാവിനുവേി സരസ്വതീദേവി പാലും നെയ്യും സോമവും സ്വയം പകർന്നുകൊടുക്കുന്നു.

## സൂക്തം 63

**ഋഷി ഭലരുത പുത്രൻ വത്സപ്രീ, ദേവത സോമം, ഛന്ദസ്സുകൾ ജഗതി, ത്രിഷ്ടുപ്.**

**1. പ്ര ദേവമഛാ മധുമന്ത ഇന്ദവോ സിഷ്യദന്ത ഗാവ ആ ന ധേനവഃ |**

**ബർഹിഷാദോ വചനാവന്ത ഊധഭിഃ പരിസ്രുത മുസ്രിയാ നിർണിജം ധിരേ ||**

പാൽ ചുരത്തുന്ന ഗോക്കൾ ആനന്ദദായിനികളായിരിക്കുന്നതുപോലെ ശ്രവണസ്വഭാവത്തോടു കൂടിയ സോമം ഇന്ദ്രന് ഹർഷദായകമാകുന്നു. കരയുന്ന ഗോക്കൾ എങ്ങും പ്രാപിച്ചുകൊിരിക്കുന്ന സോമയുക്തമായ ക്ഷീരത്തെ ഇന്ദ്രനുവേി അകിടിൽ വഹിക്കുന്നു.

**2. സ രോരുവദഭി പൂർവാ അചിക്രദദുപാരുഹഃ ശ്രഥയൻസ്വാദതേ ഹരിഃ |**

**തിരഃ പവിത്രം പരിന്നുരുജജ്ജുയോയി ശര്യാണി ദധതേ ദേവ ആ വരം ||**

ഈ ഹരിതവർണ്ണാവായ സോമം സ്തോതാക്കളുടെ ശ്രേഷ്ഠമായ സ്തോത്രങ്ങളെ ശ്രവിച്ചുകൊ് വൃത്രന്റെ മേൽ ആരുഢനായി ഔഷധികളെ ഫലവതികളാക്കി അരപ്പയിൽകൂടി വേഗം പ്രവഹിക്കുകയും യജമാനൻമാരെ ശ്രേഷ്ഠരാക്കുകയും രാക്ഷസൻമാരെ ഹനിക്കുകയും ചെയ്യുന്നു.

**3. വി യോ മമേ യമ്യാ സംയതീ മദഃ സാകംവൃധാ പയസാ പിന്വദക്ഷിതാ |**

**മഹീ അപാരേ രജസീ വിവേവിദദഭി വ്രജന്നക്ഷിതം പാജ**

**ആ ദദേ ||**

ഈ സോമം തന്നോടുകൂടി സ്ഥിതിചെയ്യുന്ന ആകാശത്തേയും ഭൂമിയേയും സൃഷ്ടിക്കുകയും അവയ്ക്ക് വിശാലമായ സാമർത്ഥ്യം നൽകുന്നതി നായി തൻെറ രസത്താൽ നനയ്ക്കുകയും ചെയ്തു. അതിവിശാലമായ ആകാശഭൂമികളെ സൃഷ്ടിച്ച സോമം അമരത്വത്തെ പ്രാപിച്ചു.

**4. സ മാതരാ വിചരന്വാജയന്നപഃ പ്ര മേധിരഃ സ്വധയാ പിന്വതേ പദം |**

**അംശുര്യവേന പിപിശേ യതോ നൃഭിഃസം ജാമിഭിർനസതേ രക്ഷതേ ശിരഃ ||**

ഈ സോമം ആകാശത്തിലും ഭൂമിയിലും സഞ്ചരിക്കുകയും അന്തരീക്ഷത്തിൽ നിന്നും ജലത്തെ വർഷിക്കുകയും ചെയ്യുന്നു. അന്നത്തോടുകൂടിതന്നെ സ്വസ്ഥാനത്തു വസിക്കുകയും, ഋത്വിക്കുകളാൽ യവത്തോടു ചേർക്കപ്പെടുകയും വിരലുകളോടു ചേർന്ന് എല്ലാ ജീവികളേയും പോറ്റുകയും ചെയ്യുന്നു.

**5. സം ദക്ഷേണ മനസാ ജായതേ കവിര ഋതസ്യഗർഭോ നിഹിതേ യമാപരഃ |**

**യൂനാ ഹ സന്താ പ്രഥമം വി ജജ്ഞതുർഗുഹാ ഹിതം ജനിമ നേമമുദ്യതം ||**

യജ്ഞത്തിൽ സ്തുതിക്കപ്പെടുവാൻ യോഗ്യമായ സോമം ഭൂമിയിൽ ജനിക്കുന്നു. അവൻ ദേവകളാൽ നിയമിതമായ സൂര്യനിൽ രമിച്ചുകൊ് സർവ്വോദയകാലത്തിൽ വിശേഷാൽ പ്രകടാകുന്നു. ഇവരിൽ ഒരു സോമം ഗുഹയിലൊളിക്കുകയും മറ്റത് ജനിക്കുകയും ചെയ്യുന്നു.

**6. മന്ദ്രസ്യ രൂപം വിവിദുർമനിഷിണിഃ ശ്യനോ യദന്ധോ അമരത്പരാവതഃ |**

**തം മർജയന്ത സുവൃധം നദീഷ്വാം ഉശന്തമംശും പരിയന്തമൃഗ്മിയം ||**

ഈ സോമരൂപമായ അന്നത്തെ പക്ഷിരൂപിണിയായ ഗായത്രി സ്വർഗ്ഗത്തിൽ നിന്നും കൊുവന്നിരിക്കുന്നു. ജ്ഞാനികൾ ഇതിൻെറ സ്വരൂപത്തെ അറിയുന്നു. ഈ സോമം ദേവകാമനും എല്ലായിടത്തും സഞ്ചരിക്കുകയും, എല്ലാരീതികളിലും വളരുകയും സ്തുതിക്കപ്പെടുകയും ചെയ്യുന്നു. ഋത്വിക്കുകൾ ഇതിനെ ഒഴുക്കുജലത്തിൽ ശുദ്ധീകരിക്കുന്നു.

**7. ത്വാം മൃഞ്ജന്തി ദശ യോഷണഃ സുതസോമ ഋഷിഭിർമതിഭിർധീതിഭിർഹിതം |**

**അവ്യോവാരേഭിരുത ദേവഹൂതിഭിർനൃഭിർയതോ വാജമാ ദർഷി സാതയേ ||**

ഹേ സോമമേ! നീ ഋഷിമാരുടെ കരങ്ങളാൽ ഉല്പന്നനായി പാത്രങ്ങളിൽ വീഴുന്നു. അവരുടെ പത്തുവിരലുകൾ നിന്നെ അജരോമത്തിലരിച്ച് ശുദ്ധമാക്കുന്നു. ദേവാഹ്വാകകരായ ഋത്വിക്കുകളാൽ നീ ഏകീകരിക്കപ്പെട്ട്. സ്തോതാക്കൾക്ക് അന്നം പ്രദാനം ചെയ്യുന്നു.

**8. പരിപ്രയന്തം വയ്യം സുഷംസദം സോമ മനീഷാ അഭ്യനൂഷത സ്തുഭഃ |**

**യോധാരയാ മധുമാം ഊർമിണാ ദിവ ഇയർതി വാപം രയിഷാളമർത്യഃ ||**

ഈ സോമം പാത്രങ്ങളിലേയ്ക്കു പോകുന്നവനും, ദേവകാമനും, സുന്ദരസ്ഥാനത്തുമാകുന്നു. സ്തോതാക്കൾ ഇവനെ സ്തുതിക്കുന്നു. ഈ സോമം സ്വഛജലത്തോടുകൂടി കുടത്തിൽ പ്രവേശിക്കുന്നു. ഈ അമൃതഗുണത്തോടുകൂടിയ സോമം ശത്രുക്കളുടെ ധനത്തെ വശത്താക്കുന്നു.

**9. അയം ദിവ ഇയർതിം വിശ്വമാ രജഃ സോമഃ പുനാ നഃ കലശേഷു സീദതി |**

**അദ്ഭിർ ഗോഭിർ മൃജ്യതേ അദ്രിഭിഃ സുതഃ പുനാന ഇന്ദുർവരിവോ വിദത് പ്രിയം ||**

ആകാശത്തിൽ നിന്നും ജലങ്ങളെ വർഷിക്കുന്ന ഈ സോമം അരിപ്പയിലരിക്കപ്പെട്ട് ദ്രോണകലശത്തിൽ പ്രവേശിക്കുന്നു. ഈ സോമം അമ്മിക്കല്ലുകൊിടിക്കപ്പെടു കയും പാലും ജലവും ചേർക്കപ്പെടുകയും പിന്നീട് പൂർണ്ണമായി ശുദ്ധീകരിക്കപ്പെടുകയും സ്തോതാക്കൾക്ക് ഉത്കൃഷ്ടമായ ധനം പ്രധാനം ചെയ്യുകയും ചെയ്യുന്നു.

**10. ഏവാ നഃ സോമ പരിഷിച്യമാനോ വയോ ദധച്ചിത്രതമം പവസ്വ |**

**അദ്വേഷേ ദ്യാവാപൃഥിവീ ഹുവേമ ദേവാ ധത്ത രയിമസ്മേ സുവീരം ||**

ഹേ സോമമേ! അരിക്കപ്പെട്ടവനായ നീ വിവിധങ്ങളായ അന്നം ഞങ്ങൾക്ക് തരുമാറാകണം. ഹേ ദേവകളേ! ഞങ്ങൾക്ക് വീരൻമാരായ പുത്രൻമാരേയും ധനവും പ്രദാനം ചെയ്യേണമേ. ഞങ്ങൾ വാനൂഴികളെ സ്തുതിക്കുന്നു.

## സൂക്തം 69

**ഋഷി ഹിരണ്യസ്തപൻ, ദേവത പവമാനസോമം, ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. ഇഷുർന ധന്വൻ പ്രതി ധീയതേ മതിർവത്സോ മാതുരുഷ സർജ്യൂധനി |**

**ഉരുധാരവേ ദുഹേ അഗ്ര ആയസത്യ വ്രതേഷ്വപി സോമ ഇഷ്യതേ ||**

വില്ലിൻമേൽ അമ്പു വയ്ക്കപ്പെടുന്നതുപോലെ ഞങ്ങൾ സ്രവണശീലനായ ഇന്ദ്രനിൽ സ്വന്തം സ്തോത്രങ്ങൾ വയ്ക്കുന്നു. പാൽനിറഞ്ഞ അകിടോടുകൂടി കന്നുകുട്ടിയും ജൻമമെടുക്കുന്നു. അതുപോലെ തന്നെ ഇന്ദ്രൻ ക്രദ്ധനാകുന്നതോടുകൂടി ഞങ്ങൾ സോമത്തെ സൃഷ്ടിക്കുന്നു. കിടാവ് തള്ളപ്പശുവിനെ സമീപിക്കുന്നതുപോലെ ഇന്ദ്രൻ സ്തോതാക്കളാൽ നൽകപ്പെടുന്ന സോമത്തിനുവേി ആഗതനാകുന്നു.

**2. ഉപോ മതിഃ പൃച്യതേ സിച്യതേ മധു മന്ദ്രാ ജനീ ചോദതേ അന്തരാസനി |**

**പവമാനഃ സംതനിഃ പ്രഘ്നതാമിവ മധുമാന്ദ്രപ്സഃ പരി വാരമർഷതി ||**

ഇന്ദ്രനുവേി സോമത്തെ സേവിക്കുന്നു. ഇന്ദ്രനുവേി തന്നെ സ്തുതികൾ പോവുകയും മദകരമായ രസധാരകൾ അവൻെറ മുഖത്തു വർഷിക്കുകയും ചെയ്യുന്നു. രണകുശലനായ വീരനാൽ വിക്ഷേപിക്കപ്പെടുന്ന ബാണം അതിവേഗം ലക്ഷ്യത്തിൽ തറയ്ക്കുന്നപോലെ വീടുകളിൽ വക്കപ്പെടുന്ന മധുരവും, മാദകവും, പ്രവൃദ്ധവുമായ സോമം തീവ്രഗതിയോടുകൂടി കമ്പിളിയരിപ്പയെ പ്രാപിക്കുന്നു.

**3. അവ്യേ വധൂയുഃ പവതേ പരി ത്വചി ശ്രഥ്നീതേ നപ്തീരദിതേർഋതം യതേ |**
**ഹരിരക്രാന്യജതഃ സംയതോമദോ നൃമ്ണാ ശിശാനോ മഹിഷോ ന ശോഭതേ ||**

യാതൊന്നിൽ ഈ സോമം ശുദ്ധികരിക്കപ്പെടുകയും പിന്നീട് അതിനോട് ചേർക്കപ്പെടുകയും ചെയ്യുന്നുവോ ആ ശുദ്ധജലം സോമം വധുക്കൾക്കനുകൂല്യമാകുന്നു. അതുമായിച്ചേരുന്നതിന് ആ സോമം അജരോമത്തിൽ പതിക്കുന്നു. ഈ സോമം തന്നെ ഭൂമിയിലുായിട്ടുള്ള ഔഷധികൾ വഴിയായി സത്യകർമ്മരൂപമായ യജ്ഞത്തിൽ ചെന്ന് യജമാനനെ ഫലസമ്പന്നനാക്കുന്നു. ഈ സോമ ശത്രുക്കളുടെ ശക്തിയെ തൻെറ തേജസ്സാൽ കാക്കുകയും അവരെ കടന്നുപോവുകയും ചെയ്യുന്നു. എല്ലാവർക്കും യജ്ഞയോഗ്യനായ ഈ ഹരിതവർണ്ണൻ വീടുകളിൽ ശേഖരിക്കപ്പെടുന്നു.

**4. ഉക്ഷാ മിമാതി പ്രതി യന്തി ധേനവോ ദേവസ്യ ദേവീരുപ യന്തി നിഷ്കൃതം |**
**അത്യക്രമീദർജ്ജുനം വാരമവ്യയമത്കം ന നിക്തം പരി സോമോ അവ്യത ||**

ദേവകൾക്കുവേി പവിത്രമാക്കപ്പെട്ട സ്ഥാനത്ത് അവർ വന്നു ചേരുന്നതുപോലെ ഗോക്കൾ സോമസ്ഥാനങ്ങളിൽ വന്നുചേരുന്നു. സ്രവണശീലമായ സോമം ശബ്ദിച്ചുകൊ് ഉജ്ജ്വലമായ കമ്പിളിയരിപ്പയെ തരണം ചെയ്യുന്നു. ഈ സോമം ശുദ്രകവചം അണിയുന്നതുപോലെ ഗവ്യാദികളാൽ സ്വന്തം ദേഹത്തെ ആഛാദനം ചെയ്യുന്നു.

**5. അമൃക്തേന രുശതാ വാസസാ ഹരിരമർത്യോ നിർണിജാനഃ പരിവ്യത |**
**ദിവസ്പൃഷ്ഠം ബർഹണാ നിർണിജേ കൃതോപസ്തരണം ചമ്വോർനഭസ്മയം ||**

സ്വർഗ്ഗത്തിൻെറ പൃഷ്ഠഭാഗത്തുരൂഢനായ സൂര്യനെ പാപരഹിതമായ ശുദ്ധിക്കുവേി പ്രതിഷ്ഠിച്ചു. ആകാശത്തിൻേറയും ഭൂമിയുടേയും മുകളിൽ ഈ സൂര്യരൂപമായ തേജസ്സിനെ എല്ലാത്തിനേയും പവിത്രീകരിക്കുന്നതിനുവേി സ്താപിച്ചു. ഈ അമൃതഗുണവാനായ ഹരിതവർണ്ണൻ പിഴിയപ്പെടുന്ന സമയം വസ്ത്രത്താൽ മറയ്ക്കപ്പെടുന്നു.

**6. സൂര്യസ്യേവ രശ്മയോ ദ്രാവയിത്നവോ മത്സരാസഃ പ്രസുപഃ സാകമീരതേ |**
**തന്തും തതം പരി സർഗാസ ആശവോ നേന്ദ്രാദൃതേ പവതേ ധാമ കിം ചന ||**

ഈ സോമം ശത്രുക്കളെ മർദ്ദിക്കുന്നവനും, ചമസങ്ങളിൽ സ്ഥിതിതനും, സൂര്യകിരണങ്ങൾ പോലെ എല്ലായിടത്തും പ്രവഹിക്കുന്നവനും ആകുന്നു. ഇത് നൂൽവസ്ത്രം ഒപ്പം ഉടുക്കുന്നു. ഇന്ദ്രൻെറയല്ലാതെ മറ്റൊരു ദേവൻേറയും മുമ്പിൽ ഇത് വർഷിക്കുന്നില്ല.

**7. സിന്ധോരിവ പ്രവണേ നിമ്ന ആശവോ വൃഷച്യുതാ മദാസോ ഗാതുമാശതാ |**
**ശം നോ നിവേശേ ദ്വിപതേ ചതുഷ്പദേ സ്മേ വാജാഃ സോമ തിഷ്ഠന്തു കൃഷ്ഠയഃ ||**

നദികൾ സമുദ്രത്തിലേയ്ക്ക് ഒഴുകുന്നതുപോലെ ഈ സോമം ഋത്വിക്കുകളാൽ പിഴിയപ്പെട്ട് ഇന്ദ്രങ്കലേയ്ക്ക് ഒഴുകുന്നു. ഹേ സോമമേ! ഞങ്ങൾക്ക് അന്നപുത്രാദികളെ പ്രദാനം ചെയ്യേണമേ. ഞങ്ങളുടെ ഭവനങ്ങളിൽ സന്താന സന്താനങ്ങൾക്കും, നാല്ക്കാലികൾക്കും സുഖമരുളണമേ.

**8. ആ നഃ പവസ്വ വസുമദ്ധിരണ്യവദശ്വാവദ് ഗോമദ്യവത്സുവീര്യം |**
**യൂയം ഹി സോമ പീതരോ മമ സ്ഥാന ദിവോ മൂർധാനഃ പ്രസ്ഥിതാ വയസ്കൃതഃ ||**

ഹേ സോമമേ! നീ ഞങ്ങളുടെ പിതൃക്കളുടേയും സ്രഷ്ടാവാണല്ലോ! അതിനാൽ സ്വർഗ്ഗലോകത്തിലെ ഞങ്ങളുടെ ഹവിരാന്നത്തെ സൃഷ്ടിക്കുന്നവനും പിതാവുമാകുന്നു. ഹേ സോമമേ! നീ ഞങ്ങൾക്ക് ഗോക്കൾ, അശ്വങ്ങൾ, അന്നം, ഭൂമി, സ്വർണ്ണം, മുതലായ ധനം പ്രദാനം ചെയ്യണമേ.

**9. ഏതെ സോമാഃ പവമാനസ ഇന്ദ്രം രഥ. ഇവ പ്ര യയുഃ സാതിമഛ |**
**സുതാഃ പവിത്രമതി യന്ത്യവ്യം ഹിത്വി വവ്രിം ഹരിതോ വൃഷ്ടിമഛ ||**

അമ്മിക്കല്ലുകൊിടിച്ചു പിഴിഞ്ഞ സോമം കമ്പിളിയരിപ്പയെ കടന്നുപോകുന്നു. പച്ചവർണ്ണനായ സോമം വൃദ്ധാവസ്ഥയെ തള്ളിമാറ്റി മഴപെയ്യിക്കാനായി ഗമിക്കുന്നു. ഇന്ദ്രൻെറ രഥം രണക്ഷേത്രത്തിലേയ്ക്കു പോകുന്നതുപോലെ നിഷ്പന്നമായ സോമം ഇന്ദ്രനെ ആശ്രയം പ്രാപിക്കുന്നു.

**10. ഇന്ദ്രവിന്ദ്രായ ബൃഹതേ പവസ്വ സുമൃളീകോ അനവദ്യോ രിശാദാഃ |**
**ഭരാചന്ദ്രാണി ഗൃണതേ വസൂനി ദേവൈർദ്യാവാ പൃഥിവീ പ്രാവതം നഃ ||**

ഹേ സോമമേ! നീ ഇന്ദ്രന് ഹർഷം പ്രദാനം ചെയ്യുന്നവനും, നിന്ദാരഹിതനും ആകുന്നു. അങ്ങ് ഈ മഹാകർമ്മാവായ എനിക്ക് ആനന്ദദായകമായ ധനം പ്രദാനം ചെയ്യുകയും ചെയ്യണമേ. ഹേ വാനൂഴികളേ! നിങ്ങളുടെ ശ്രേഷ്ഠമായ ധനങ്ങളാൽ ഞങ്ങളെ പാലിക്കുവിൻ.

## സൂക്തം 70

**ഋഷി വിശ്വാമിത്രപുത്രൻ രേണു, ദേവത കുപവാമന, സോമം. ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. ത്രിരസ്മൈ സപ്ത ധേനവോ ദദുഹ്റേ സത്യാമാശിരം പൂർവ്യോ വ്യോമനി |**
**ചത്വാർയന്യാ ഭുവനാനി നിർണിജേ ചാരൂണി ചക്രേ യദൃതൈരവർധത ||**

യജ്ഞങ്ങളിൽ സോമപ്രവൃദ്ധമാക്കപ്പേടുമ്പോൾ അവൻ നാലു ജലങ്ങൾക്കു ശുദ്ധീകരണഗുണം പ്രദാനം ചെയ്തു. ആ യജ്ഞസ്ഥിതിയെ സോമത്തിനുവേി ഇരുപത്തിയൊന്നു ഗോക്കൾ പാലുചുരത്തുന്നു.

**2. സ ഭിക്ഷമാണോ അമൃതസ്യ ചാരുണി ഉഭേ ദ്യാവാ കാവ്യേനാ വി ശശ്രഥേ |**
**തേജിഷ്ഠാ അപോ മംഹനാ പരി വ്യത യദീ ദേവസ്യ ശ്രവസാ സദോ വിദുഃ ||**

യാജ്ഞികൻമാർ ജലം യാചിച്ചപ്പോൾ സോമം തന്നെ

ആകാശത്തേയും ഭൂമിയേയും ജലത്താൽ നിറച്ചു. ഈ സോമം അത്യന്തം ഉജ്ജ്വലനും ജലങ്ങളെ തൻെറ മഹിമാവിനാൽ അഛാദനം ചെയ്യുകയും ചെയ്യുന്നു. ഹവിസ്സ് സമ്പന്നരായ ഋത്വിക്കുകൾ ദീപ്തമായ ഈ സോമത്തിൻെറ സ്ഥാനം അറിയുന്നു.

**3. തേ അസ്യ സന്തു കേതവോ മൃത്യവോ ദാഭ്യസോ ജനുഷീ ഉഭേ അനു |**

**യേഭിർ നൃമ്ണാ ച ദേവ്യാ ച പുനത ആദിദ്രാ ജാനം മനനാ അഗൃഭ്ണത ||**

സോമത്തിൻെറ അവധ്യങ്ങളായ തരംഗങ്ങൾ എല്ലാ ജീവികളേയും പരിപോഷിപ്പിക്കേണമേ. തൻെറ ഈ തരംഗങ്ങൾ വഴിയായിത്തന്നെ ഈ സോമം ദേവതകൾക്കു യോഗ്യമായ അന്നം പ്രദാനം ചെയ്യുന്നു. ഈ സോമം പിഴിയപ്പെടുമ്പോൾ അവനുവേി സ്തുതികൾ പുറപ്പെടുകയുായി.

**4. സ മൃജ്യമാനോ ദശഭിഃ സുകർമഭിഃ പ്ര മധ്യമാസു മാതൃഷു പ്രമേ സചാ |**

**വ്രതാനി പാനോ അമൃതസ്യ ചാരുണ ഉഭേ നൃചക്ഷാ അനു പശ്യതേ വിശൗ ||**

ശ്രവണശീലമായ സോമം യജ്ഞാദികളെ ജലവൃഷ്ടിമൂലം രക്ഷിക്കുകയും അന്തരീക്ഷത്തിൽനിന്നും ഭൂമിലെ ജീവികളെ കാണുകയും ചെയ്യുന്നു. പത്തുവിരലുകളാൽ പിഴിയപ്പെട്ട സുകർമ്മാവായ സോമം അന്തരീക്ഷത്തിൻെറ മദ്ധ്യേവസിച്ചുകൊ് ലോകങ്ങളെ ദർശിക്കുന്നു.

**5. സ മർമൃജാന ഇന്ദ്രയായ ധായസ ഓഭേ അന്താ രോദസീ ഹർഷതേ ഹിതഃ |**

**വൃഷാ ശൂഷ്മേണ ബാധതേ വി ദൂർമതീരാദേദി ശാനഃ ശര്യഹേവ ശൂരധഃ ||**

വാനൂഴികളിൽ വർത്തിക്കുന്ന സോമം ഇന്ദ്രനെ മദയുക്തനാക്കുവാനായി അരിപ്പയിൽ ശുദ്ധീകരിക്കപ്പെട്ടവനായി എല്ലായിടത്തേയ്ക്കും ഒഴുകുന്നു. രണക്ഷേത്ത്രിൽ ശത്രുപക്ഷത്തെ അമ്പുകൾ കൊ് പിളർക്കുന്ന യോദ്ധാവിനെപ്പോലെ ഈ സോമം ദുഃഖകരമായ രാക്ഷസൻമാരോട് പോർവിളി നടത്തി അവരെ തൻെറ ബലത്തിനാൽ കീറിപിളർക്കുന്നു.

**6. സ മാതരാ ന ദദൃശാന ഉസ്രിയേ ാ നാനദദേതി മരുതാമിവ സ്വനഃ |**

**ജാനന്നൃതം പ്രഥമം യത്സ്വർണരം പ്രശസ്തയേ കമവൃണീത സുക്രതുഃ ||**

മരുത്തുക്കൾ ശബ്ദിച്ചുകൊുപോകുന്നതുപോലെയും കിടാക്കൾ ഗോക്കളെ നോക്കി കരഞ്ഞുകൊ് അവയുടെ നേർക്ക് അണയുന്നതുപോലെയും മാതൃഭൂതമായ ആകാശത്തേയും ഭൂമിയേയും നോക്കി ഈ സോമം ശബ്ദം മുഴക്കി സർവ്വത്രവ്യാപിക്കുന്നു. മനുഷ്യർക്ക് നൻമചെയ്യുന്ന ജലത്തിൻെറ ജ്ഞാതാവായ ഈ സോമം എൻെറയല്ലാതെ മറ്റാരുടെ സ്തോത്രങ്ങളിൽപ്പെടും?

**7. രുവതി ഭീമോ വൃഭഷസ്തവിഷ്യയാ ശൃങ്ഗേ ശിശാനോ ഹരിണീ വിചക്ഷണഃ |**

**ആ യോനിം സോമഃ സുകൃതം നി ഷീദതി ഗവ്യയി ത്വഗ്ഭവതി നീർണി ഗവ്യയീ ||**

ഈ പവമാനസോമം ജലത്തെ വർഷിക്കുന്നതും ശത്രുക്കൾക്ക് ദുർധഷനും. സർവ്വദർശകനും ആകുന്നു. ഈ ഹരിതവർണ്ണൻ ധാരാരൂപങ്ങളായ രുകൊമ്പുകളെ മൂർച്ചപ്പെടുത്തി ശബ്ദിക്കുകയും ദ്രോണകലശത്തിലേയ്ക്ക് ഒഴുകുകയും ചെയ്യുന്നു.

**8. ശുചിഃ പുനാനസ്തന്വമരേ പസമവ്യേ ഹരിർന്യ ധാവിഷ്ട സാനവി |**

**ജുജുഷ്ടോ മിത്രായ വരുണായ വായവേ ത്രി ധാതു മധു ക്രിയതേ സുകർമഭിഃ ||**

ഈ ഹരിതവർണ്ണമായ സോമം തൻെറ രൂപത്തെ ശുദ്ധീകരിച്ചുകൊ് ഉന്നതനായി അരിപ്പയിൽ കയറുന്നു. പിന്നീട് മിത്രൻ, വരുണൻ, വായു എന്നിവർക്കുവേി പാല്, തൈര്, ജലം എന്നിവകളാൽ മിശ്രിതനായി സുകർമ്മാവായ ഋത്വിക്കുകളാൽ അർപ്പിക്കപ്പെടുന്നു.

**9. പവസ്വ സോമ ദേവവീതയേ വൃഷേന്ദ്രസ്യ ഹാർദിം സോമധാനമാ വിശ |**

**പുരാ നോ ബാധാദ് ദുരിതാ തി പാരയ ക്ഷേത്രവിദ്ധി ദിശ ആഹാ വിപൃഛതേ ||**

ഹേ സോമമേ! ഈ രാക്ഷസൻ പീഡിപ്പിക്കുന്നതിന് മുമ്പേ തന്നെ ഞങ്ങളെ രക്ഷിക്കേണമേ. നീ ജലവർഷകനാണല്ലോ. അതിനാൽ ദേവതകൾക്കുവേി വർഷിച്ചാലും. മാർഗ്ഗജ്ഞനിയായ പുരുഷൻ പഥികനു മാർഗ്ഗനിർദേശം നൽകുന്നതുപോലെ, ഞങ്ങൾക്കു മാർഗ്ഗദർശനം നൽകണമേ.

**10. ഹിതോ ന സപ്തി വാജമർഷേന്ദ്രസ്യേന്ദോ ജഠരമാ പവസ്വ |**

**നാവാ ന സിന്ധൂമതി പർഷി വിദ്വാഞ്ചരുരോ ന യുധ്യന്നവ നോ നിദഃ സ്പഃ ||**

രണഭൂമിയിലേയ്ക്കു പ്രേരിപ്പിക്കപ്പെടുന്ന അശ്വം എപ്രകാരം പോകുന്നുവോ, അതുപോലെതന്നെ നീ ഋത്വിക്കുകളുടെ പ്രേരണയാൽ ദ്രോണകലശത്തെ പ്രാപ ിച്ചാലും. ഹേ സോമമേ! അതിനുശേഷം ഇന്ദ്രൻെറ ഉദരത്തെ സേചനം ചെയ്താലും. വള്ളക്കാരൻ നദിയുടെ അക്കരെക്കടക്കുന്നതുപോലെ നീ ഞങ്ങളെ അക്കരെകടത്തുകയും ഞങ്ങളുടെ രക്ഷയ്ക്കായി നിന്ദകൻമാരായ ശത്രുക്കളെ സംഹരിക്കുകയും ചെയ്യേണമേ.

## സൂക്തം 71

**ഋഷി വിശ്വാമിത്രൻ, ഋർഭൻ, ദേവത പവമാനസോമം, ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. ആ ദക്ഷിണാ സൃജ്യതേ ശുഷ്മ്യാ സദംവേതി ദ്രുഹോ രക്ഷസഃ പാതി ജാഗൃവിഃ |**

**ഹരിരോപശം കൃണുതേ നഭസ്പയ ഉപസ്തിരേ ചമ്വോർബ്രഹ്മ നിർണിജേ ||**

ഈ യജ്ഞത്തിൽ ബലവാനായ സോമം ദ്രോണകലശത്തിൽ (മരക്കുടം) സ്ഥിതിചെയ്യുന്ന ഋത്വിക്കുകൾക്ക് ദക്ഷിണനൽകപ്പെടുന്നു. സോമം വാനൂഴികളുടെ അന്ധകാരത്തെ നശിപ്പിക്കുന്നതിന് ആദിത്യനെ ആകാശത്തിൽ പ്രതിഷ്ഠിച്ചു. ഈ സോമം തന്നെ ആകാശത്തെ ജലവാഹകനാക്കുകയും അസുരൻമാരിൽ നിന്നും സ്തോതാക്കളെ രക്ഷിക്കുകയും ചെയ്യുന്നു.

**2. പ്ര കൃഷ്ടിഹേവ ശൂഷ ഏതി രോരുവദസ്യുര്യവർണം നീ രീണിതേ അസ്യ തം |**

**ജഹാതി വവ്രിം പിതുരേതി നിഷ്കൃതമുപപ്രൂതം**

**കൃൺതേ നിർണിജം തനാ ||**

ശത്രുസംഹാരത്തിൽ വർത്തിക്കുന്ന വീരൻ അലറുന്നതുപോലെ സോമം ശബ്ദിച്ചുകൊ് ഒഴുകുന്നു. ഇവൻ യുവാവസ്ഥയെ പ്രാപിച്ച് ശത്രുനാശകനായ ബലത്തെ ഉല്പാദിപ്പിക്കുന്നു. ഇവൻ ദ്രവരൂപത്തിൽ ദ്രോണകലശ ത്തിലെത്തി അരിപ്പയിൽ തൻെറ രൂപം ദർശിക്കുന്നു.

**3. അദ്രിഭിഃ സുതഃ പവതേ ഗഭസ്ത്യോർ വൃഷായതേ നഭസാ വേപതേ മതീ |**
**സ മോദതേ നസതേ സാധതേ ഗിരാ നേനിക്തേ അപ്സു യജതേ പരീമണി ||**

കരബലത്താൽ അമ്മിക്കല്ലുകൊിടിക്കപ്പെട്ട സോമം പാത്രങ്ങളിലേയ്ക്ക് ഒഴുകുന്നു. സ്തോത്രങ്ങളിലേയ്ക്ക് ഒഴുകുന്നു. സ്തോത്രങ്ങളാൽ പ്രസന്നമായ ഈ സോമം കാളയെപ്പോലെ ഹവിസ്സോടുകൂടിയ യജ്ഞത്തിൽ പൂജിപ്പിക്കപ്പെടുകയും സ്തോതാക്കൾക്ക് ധനം നൽകുകയും ചെയ്യുന്നു.

**4. പരി ദ്യുക്ഷം സഹസഃ പർവതാവൃധം മധ്വഃ സിഞ്ചന്തി ഹർമ്യസ്യ സക്ഷണിം |**
**ആ യസ്മിൻഗാവഃ സുഹുതാദ ഊധനി മൂർധഞ്ഛ്രീണന്ത്യഗ്രിയം വരീമഭിഃ ||**

ശത്രുപുരവിധ്വംസകനായ ഇന്ദ്രനെ ഈ സോമം തൃപ്തനാക്കുന്നു. ഇത് സ്വർഗ്ഗത്തിൽ വസിക്കുകയും മേഘങ്ങളെ വളർത്തുകയും ചെയ്യുന്നു. ഹവിസ്സ് സേവിനികളായ ഗോക്കൾ തങ്ങളുടെ പാലിൽ കലർത്തിയ സോമത്താൽ ഇന്ദ്രനെ പ്രേരിപ്പിക്കുന്നു.

**5. സമീ രഥം ന ഭുരിജോരഹേഷത ദശ സ്വസാരോ അദിതേരുപസ്ഥ ആ |**
**ജിഗാദുപ ജ്രയതി ഗോരപീച്യം പദം യദസ്യ മതുഥാ അജീജനൻ ||**

എങ്ങനെ രഥം പ്രേരിപ്പിക്കപ്പെടുന്നുവോ, അതുപോലെ പത്തുവിരലുകൾ യജ്ഞത്തിലേയ്ക്ക് പ്രേരിപ്പിച്ചു കൊിരിക്കുന്നു. സ്തോതാക്കൾ സോമത്തിൻെറ സ്ഥാനം നിശ്ചയിക്കുമ്പോൾ ഗോദുഗ്ധം ആ സ്ഥാനത്തു വന്നുചേരുന്നു.

**6. ശ്യേനോ ന യോനിം സദനം ധിയാ കൃതം ഹിരണ്യയമാസദം ദേവ ഏഷതി |**
**ഏ രിണന്തി ബർഹിഷി പ്രിയം ഗിരാശ്വോ ാ ന ദേവാം അപ്യേതി യജ്ഞിയഃ ||**

പരുന്ത് അതിൻെറ നീഡത്തിലേയ്ക്ക് പോകുന്നു. അതുപോലെ ശ്രവിക്കുന്ന സോമം തൻെറ കർമ്മങ്ങളിൽ ഉപലബ്ദമായ ഗൃഹത്തിലേയ്ക്ക് പോകുന്നു. യജ്ഞയോഗ്യമായ സോമം ദേവകളുടെ അടുക്കലേയ്ക്ക് അഴിച്ചുവിട്ടകുതിരയെപ്പോലെ ചെല്ലുന്നു. യജ്ഞത്തിൽ ഈ സോമത്തെ സ്തോതക്കൾ സ്തുതിക്കുന്നു.

**7. പരാ വ്യക്തോ അരുഷോ ദിവഃ കവിർവൃഷാ ത്രിപൃഷ്ഠോ അനവിഷ്ട ഗാ അഭി |**
**സഹസ്രണീതിര്യതിഃ പരായതീ രേഭോ ന പൂർവീരുഷസോ വി രാജതി ||**

അഭീഷ്ടപൂരകനും ത്രിവൃഷ്ടനും സുന്ദരനും ജലസേചകനുമായ സോമം ശുദ്ധമായി കുടത്തിൽ പ്രവേശിക്കുന്നു. വിഭിന്നങ്ങളായ പാത്രങ്ങളിൽ കയറിയിറങ്ങുന്ന ഈ സോമം സ്തുതികൾക്കുവേി ഒച്ചയിടുന്നു. വളരെ ഉഷസ്സുകളിൽ പിഴിയപ്പെടുന്ന സോമം ശബ്ദിച്ചുകൊ് വിളങ്ങുന്നു.

**8. ത്വേഷം രൂപ കൃണുതേ വർണോ അസ്യ സ യത്രാശയത്സമൃതാ സേധതി സ്രിധഃ |**
**അപ്സാ യാതി സ്വധയാ ദൈവ്യം ജനം സം സുഷ്ടുതീ നസതേ സം ഗോ അഗ്രയാ ||**

ശത്രുക്കളെ നശിപ്പിക്കുന്ന സോമത്തിൻെറ ദീപ്തി അതിൻെറ രൂപത്തെ ദർശിക്കുന്നു. അതു യുദ്ധക്ഷേത്രത്തിൽ ശത്രുക്കളെ നശിപ്പിക്കുന്നു. ഹവിസ്സോടുകൂടി ദേവോപാസകരുടെ അടുക്കലെത്തി സ്തുതികളോടു ചേരുന്നു. സ്തോതാക്കൾ വഴിയായി ഗോക്കളെ പ്രശംസിക്കുന്ന വാണിയോട് ഈ സോമം ചേരുന്നു.

**9. ഉക്ഷേവ യൂഥാ പരിയന്നരാവീദധി ത്വിഷീരധിത സൂര്യസ്യ|**
**ദിവ്യഃ സുപർണോ വ ചക്ഷത ക്ഷാം സോമഃ പരി ക്രതുനാ പശ്യതേ ജാഃ ||**

ഗോക്കളെ കു വൃഷഭം മുക്രയിടുന്നു.അതുപോലെ സോമവും സ്തുതികൾക്കുവേി ശബ്ദിക്കുന്നു. ഈ സോമം ആകാശത്തിലുത്ഭവിക്കുകയും ശരിയായവിധം സഞ്ചരിക്കുകയും ചെയ്യുന്നു. ആകാശത്തിൽ സ്ഥിതിചെയ്തുകൊ് അവൻ ഭൂമിയേയും പ്രജകളേയും ദർശിക്കുന്നു.

## സൂക്തം 72

**ഋഷി ഹരിമന്ദൻ, ദേവത പവമാനസോമം, ഛന്ദസ് ജഗതി.**

**1. ഹരിം മൃജന്ത്യരുഷോ ന യുജ്യതേ സം ധേനുഭിഃ കുലുശേ സോമോ അജ്യതേ |**
**ഉദ്വാചമീരയതി ഹിന്വതേ മതീ പുരുഷ്ടുതസ്യ കതി ചിത്പരിത്രിയഃ ||**

ഈ ഹരിതവർണ്ണനായ സോമത്തെ ഋത്വിക്കുകൾ ശുദ്ധീകരിക്കുന്നു. കലശസ്ഥിതമായ സോമം സ്തോതാക്കളാൽ സ്തുതിക്കപ്പെടുമ്പോൾ ശബ്ദിക്കുകയും സുന്ദരമായ ധനം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

**2. സാകം വദന്തി ബഹവോ മനിഷിണ ഇന്ദ്രസ്യ സോമം ജംരേ യദാദുഹുഃ |**
**യ ദീ മൃജന്തി സുഗഭസ്തയോ നരഃ സനീളാഭിർദശഭിഃ കാമ്യം മധു ||**

ഇന്ദ്രൻെറ ജാരം ഋത്വിജൻമാരാൽ സോമത്തെ ദോഹനം ചെയ്യുമ്പോൾ സ്തോതാക്കൾ ഒന്നുപോലുള്ള മന്ത്രങ്ങൾ ഉച്ചരിക്കുന്നു. ആ സമയം കർമ്മനിഷ്ഠമായ പുരുഷൻ ഈ കാമയോഗ്യമായ സോമം പിഴിയുന്നു.

**3. അരമമാണോ അത്യേതി ഗാ അഭി സൂര്യസ്യ പ്രിയം ദുഹിതുസ്തിരോ രവം |**
**അന്വസ്മൈ ജോഷമഭരദ്വിനംഗൃസഃ സം ദ്വയീഭിഃ സ്വസൃഭിഃ ക്ഷേതി ജാമിഭിഃ ||**

ദേവകളെ പ്രസാദിപ്പിക്കുന്നതിന് പാത്രസ്ഥിതമായ സോമം ക്ഷീരാദികളാൽ മിശ്രണം ചെയ്യപ്പെടുന്നു. അപ്പോൾ സോമപുത്രിയായ ഉഷസ്സിൻെറ ശബ്ദത്തെ ആരും ശ്രദ്ധിക്കുന്നില്ല. ശ്രേഷ്ഠമായ ഭുജങ്ങളാൽ പിഴിയപ്പെട്ട സോമം പരസ്പരം ഏകത്രയമായി

യജ്ഞത്തിൽ വർത്തിക്കുന്ന അംഗുലികളുമായി കൂട്ടുകൂടുന്നു. ആ സമയം സ്തോതാഗണം അവനെ സ്തുതിക്കുന്നു.

**4. ന്യധൂതോ അദ്രിഷുതോ ബർഹിഷി പ്രിയഃ പതിർഗവാം പ്രദിവ ഇന്ദുർ ഋത്വിയം |**
**പുരന്ധിവാൻമനുഷോ യജ്ഞസാധനഃ സുചിർധിയാ പവതേ സോമ ഇന്ദ്ര തേ ||**

ഹേ ഇന്ദ്രാ! കർമ്മങ്ങൾക്കു നേതൃത്വം വഹിക്കുന്ന ഋത്വിക്കുകളാൽ ശുദ്ധീകരിക്കപ്പെടുന്ന സോമം നിനക്കുവേി സ്രവിക്കുന്നു. ദേവകളെ പ്രസന്നരാക്കുന്ന ഈ സോമം അനന്തകർമ്മാവും, പാത്രങ്ങളിലേയ്ക്ക് ഒഴുകുന്നവനും, പുരാതനും, യജ്ഞസാധകനും ആകുന്നു. ഇത് അരിപ്പയിലരിക്കപ്പെട്ട് ദ്രവരൂപത്തിൽ നിനക്കുവേി പാത്രങ്ങളിൽ നിറയ്ക്കപ്പെടുന്നു.

**5. നൃബാഹുഭ്യാം ചോദിതോ ധാരയാ സുതോ നുഷ്വധം പവതേ സോമ ഇന്ദ്രതേ |**
**അപ്രാഃ ക്രതൂൻത്സമജൈരധ്വരേ മതീർവേർന ദ്രഷച്ചമ് വോരാസദദ്ധരിഃ ||**

ഹേ ഇന്ദ്രാ! കർമ്മവാൻമാരുടെ ബാഹുപുഷ്ഠിക്കുവേി ഒഴുകിവരുന്നു. അപ്പോൾ അതു പാനം ചെയ്ത് ശത്രുക്കളെ ജയിക്കുകയും കർമ്മങ്ങളെ പൂർണ്ണമാക്കുകയും ചെയ്യുന്നു. പക്ഷികൾ വൃക്ഷങ്ങളിൽ ഇരിക്കുന്നതുപോലെ ഈ ഹരിതസോമം പിഴിയുവാനായി വയ്ക്കപ്പെട്ടിരിക്കുന്നു.

**6. അംശുംദുഹന്തി സ്തനയന്തമക്ഷിതം കവിം കവയോ പസോ മനീഷിണഃ |**
**സമീഗാവോ മതയോ യന്തി സംയത ഋതസ്യ യോന സദനേ പുധർഭുവഃ ||**

ജ്ഞാനികളായ ഋത്വിക്കുകൾ ശബ്ദവാനായ സോമത്തെ ദോഹനം ചെയ്യുന്നു. പിന്നീട് ഉല്പാദന സർത്ഥകളായ ഗോക്കളും, മനനയോഗ്യമായ മന്ത്രങ്ങളും ഒന്നുചേർന്ന് സോമനോടുകൂടി ഉത്തരവേദിയിൽ ഏകീകരിക്കുന്നു .

**7. നാഭാ പൃഥിവ്യാ ധരുണോ മഹോ ദിവോ പാമൂർമൗ സിന്ധുഷ്വന്തരുക്ഷിതഃ |**
**ഇന്ദ്രസ്യ വജ്രോ വൃഷഭോ വിഭൂവസുഃ സോമോ ഹൃദേ പവതേ ചാരു മത്സരഃ ||**

ഈ അഭിലാഷവർഷകമായ സോമം ധനസമ്പന്നനും, ആകാശത്തെ താങ്ങി നിർത്തുന്നവനും, ഋത്വിജൻമാരാൽ ഉത്തരവേദിയിൽ സ്ഥിതനായി ജലത്തിൽ അഭിഷിക്തനും, ഇന്ദ്രനെ വജ്രരൂപവും ആകുന്നു. മധുരരസയുക്തമായ ഈ സോമം ഇന്ദ്രൻെറ സുഖത്തിനുവേി വർഷിക്കുന്നു.

**8. സ രൂ പവസ്വ പരി പാർഥിവം രജഃ സ്തോത്രേ ശിക്ഷാന്നാധൂന്വതേ ച സുക്രതോ |**
**മാ നോ നിർഭാഗ്വസുനഃ സാദന സ്പൃശോ രയിം പിശങ്ഗം ബഹുലം വസീമഹി ||**

ഹേ സോമമേ! മനുഷ്യർക്കുവേി അങ്ങ് ഭൂമിയിലേയ്ക്കൊഴുകേണമേ. ഹേ ശ്രേഷ്ഠകർമ്മാവേ! മൂന്നു സവനങ്ങളിലും നിന്നെ പിഴിയുന്നവർ നിന്നിൽ നിന്നും ധനത്തെ പ്രാപിക്കുമാറാകണേ. ഹേ സോമമേ! ഞങ്ങൾ വിവിധതരങ്ങളിൽ സ്വർണ്ണാദികളായ ധനങ്ങളെ പ്രാപിക്കണേ. ഞങ്ങളുടെ പുത്രൻമാരെയും, ധനത്തേയും ഞങ്ങളിൽ നിന്നും വേർപെടുത്തരുതേ.

**9. ആ രൂ ന ഇന്ദോ ശതദാത്വശ്വ്യം സഹസ്രദാതു പശുമദ്ധിരണ്യവത് |**
**ഉപ മാസ്വ ബൃഹതീ രേവതീ രിഷോ ധി സ്തോത്രസ്യ പവമാന നോ ഗഹി ||**

ഹേ സോമമേ! ഞങ്ങൾക്ക് അശ്വങ്ങളേയും ആയിരക്കണക്കിനു ധനവും പ്രദാനം ചെയ്യണമേ. അപരിമിതമായി പാലുതരുന്ന ഗോക്കളെ തരുമാറാകണേ. ഹേ പവമാന സോമമേ! ഞങ്ങളുടെ സ്തുതികളിൽ വന്നു ചേരുമാറാകണേ.

## സൂക്തം 73

**ഋഷി പവിത്രൻ, ദേവത പവമാനസോമം, ഛന്ദസ് ജഗതി.**

**1. സ്രക്വേ ദ്രപ്സ്യ ധമതഃ സമ്സ്വരന്നൃതസ്യ യോനാ സമരന്ത നാഭയഃ |**
**ത്രീൻത്സ മൂർധ്നോ അസുരശ്ചക്ര ആരഭേ സത്യസ്യ നാവഃ സുകൃതമപീരൻ ||**

യജ്ഞത്തിൻെറ ഓഷ്ഠ സോമം അലയടിച്ചുയരുന്നു. ഈ സോമം മനുഷ്യരുടെ ഉപഭോഗത്തിനുവേി ത്രിലോകങ്ങളെ ഉപയുക്തരാക്കുന്നു. നൗകകൾപോലെ ഈ സോമത്തിൻെറ നാലുസിരസുകൾ യജമാനന് ഇഛിതഫലം കൊ് പൂജിക്കുന്നു.

**2. സമ്യക് സമ്യഞ്ചോ മഹിഷാ അഹേഷത സിന്ധോരൂർമാവധി മേനാ അവീപൻ |**
**മധോർധാരാഭിരജയന്തോ അർകമിത് പ്രിയാമിന്ദ്രസ്യ തന്വ മവീവൃധൻ ||**

സ്വർഗ്ഗാദികാമൻമാരായ പ്രധാന ഋത്വിക്കികളെ പ്രവാഹകമാനായ ജലത്തിൽ സോമത്തെ കലർത്തുന്നു. എല്ലാവരും കൂടി ചേർന്ന് ഇതിനെ പിഴിയുന്നു. ശ്രേഷ്ഠമായി സ്തുതിക്കുന്ന സ്തോതാക്കൾ വഴിയായി ഹർഷപ്രദായകമായ ഈ സോമധാരകൾ വളരുന്നു.

**3. പവിത്രവന്തഃ പരി വാചമസതേ പിതൈഷാം പ്രത്നോ അഭി രക്ഷതിവ്രതം |**
**മഹഃ സമുദ്രം വരുണസ്തിരോ ദധേ ധീരാ ഉച്ഛേകർ ധരുണേഷ്വാ രഭം ||**

സോമകിരണങ്ങൾ അന്തരീക്ഷത്തിൽ വസിക്കുന്നു. കിരണങ്ങളുടെ പിതാവായ സോമം അവയുടെ തേജസ്സിനെ രക്ഷിക്കുന്നു. സ്വന്തം തേജസ്സാൽ വിശ്വത്തെ മറയ്ക്കുന്ന സോമ കിരണങ്ങൾ വഴിയായി അന്തരീക്ഷത്തെ വിശാലമാക്കുന്നു. സർവ്വവാഹകമായ ജലത്തിൽ ഋത്വിക്കുകൾ സോമത്തെ മിശ്രിതമാക്കുന്നു.

**4. സഹസ്രധാരേ വ തേ സമസ്വരന്ദിവോ നാകേ മധുജിഹ്വാ അസശ്ചതഃ |**
**അസ്യ സ്പശോ ന നിമിഷന്തി ഭൂർണയഃ പദേ പദേ പാശിനഃ സന്തി സേതവഃ ||**

അന്തരീക്ഷത്തിൽ സഹസ്രധാരയോടുകൂടി നിവസിക്കുന്ന സോമം അതിൻെറ ധാരകളെ ഭൂമിയിൽ വർഷിക്കുന്നു. ആകാശത്തിനു മുകളിൽ സ്ഥിതി ചെയ്യുന്നു. കല്യാണകാരികളായ രശ്മികൾ മധുര ജിഹ്വകളും, ശീഘ്രഗാമികളുമാകുന്നു. ഈ സോമരശ്മികൾ പാപികൾക്കു വിഘ്നരൂപമാകുന്നു.

**5. പിതുർമാതുരധ്യ യേ സമസ്വരന്നൃചാ ശോചന്തഃ സന്ദഹന്തോ അവ്രതാൻ |**
**ഇന്ദ്രദ്വിഷ്ടാമപ ധമന്തില മായയാ ത്വചമസിക് നീം ഭ്രമനോ ദിവസ് പരി ||**

ആകാശത്തിലും ഭൂമിയിലും അധികമായുാകുന്ന സോമരശ്മികൾ ഋത്വിക്കുകളുടെ സ്തോത്രങ്ങളാൽ പ്രകാശിക്കുന്നു. അവ കർമ്മരഹിതരെ നശിപ്പിച്ച്, അസുരനമാരെ ആകാശത്തിലും ഭൂമിയിലും നിന്ന് ഇന്ദ്രനു വേി ആട്ടിപ്പായിക്കുന്നു.

**6. പ്രത്നാന്മാനാദധ്യാ യേ സമസ്വരഞ്ഛ്ലു ലോകയന്ത്രാസോ രഭസസ്യ മന്തവഃ |**
**അപാനകക്ഷാസോ ബധിതാ അഹാസത ഋതസ്യ പന്ഥാം ന തരന്തി ദുഷ്കൃതഃ ||**

ദ്രുതഗാമികളായ ഈ സോമകിരണങ്ങള അന്തരീക്ഷത്തിൽ നിന്നും ഒരേ സമയം ഉത്ഭവിച്ചു ദേവവിരോധികൾക്കും, ദുഷ്ടൻമാർക്കും അവരുടെ കൂട്ടുകാർക്കും, ചക്ഷൂവിഹീനരായ പാപികൾക്കും, ആ കിരണങ്ങളെ പ്രാപിക്കുവാൻ കഴിയില്ല.

**7. സഹസ്രധാരേ വിരുതേ പവിത്ര ആ വാചം പുനന്തി കവയോ മനീഷിണഃ |**
**രുദ്രാസ ഏഷാമിഷിരാസോ അദ്രുഹഃ സ്പർശഃ സ്വഞ്ചഃ സുദൃശോ നൃചക്ഷസഃ ||**

സുകർമ്മാക്കളായ ഋത്വിജൻമാർ അനന്തരശ്മിയായ; അരിപ്പസ്ഥിതനായ സോമത്തെ സ്തുതിക്കുന്നു. യാതൊരുത്തൻ മരുത്തുക്കളുടെ മാതാവായ വാണിയ സ്തുതിക്കുന്നുവോ, അവൻെറ അപേക്ഷകളെ മരുത്തുക്കൾ നിഷേധിക്കുന്നില്ല. ആ മരുത്തുക്കൾ ദ്വോഷരഹിതരും, അഹിംസനീയരും, ശോഭനമാംവണ്ണം ഗമനശീലരും, കർമ്മങ്ങൾക്കു നേതൃത്വം വഹിക്കുന്നവരും ആകുന്നു.

**8. ഋതസ്യ ഗോപാ ന ദഭായ സുക്രതുസ്ത്രീ പവിത്രാ ഹൃദ്യന്തരാ ദധേ |**
**വിദ്വാൻത്സ വിശ്വാ ഭുവനാഭി പശ്യത്യ വാജുഷ്ടാന്വിധ്യതി കർതേ അവ്രതാൻ ||**

ഈ സോമം അഗ്നി, വായു, സൂര്യൻ, എന്നി മൂന്നുപേരുടേയും രൂപം ധരിക്കുന്നു. ഇവൻെറ മുമ്പിൽ ആർക്കും അഹങ്കരിക്കുവാൻ സാധിക്കുന്നില്ല. യജ്ഞരക്ഷകനായ ഈ സൂര്യരൂപനായ സോമം എല്ലാ ലോകങ്ങളേയും നോക്കികൊ് കർമ്മരഹിതനെ സംഹരിക്കുന്നു.

**9. ഋതസ്യ തന്തുർവിതതഃ പവിത്ര ആ ജിഹ്വായാ അഗ്രേ വരുണസ്യ മായയാ |**
**ധീരാശ്ചിത്തത് സമിനക്ഷന്ത ആശതാത്രാ കർതമവ പദാത്യപ്രഭുഃ ||**

യജ്ഞത്തെ വളർത്തുന്ന സത്യസ്വരൂപമായ ഈ സോമം കമ്പിളിയരിപ്പയിൽ ശുദ്ധജലത്തോടുകൂടി വസിക്കുന്നു. ഈ സോമങ്ങളെ കർമ്മികൾ മാത്രം പ്രാപിക്കുന്നു. കർമ്മരഹിതർ അവയെ പ്രാപിക്കുന്നില്ല, അവർ നരകത്തെ പ്രാപിക്കുന്നു.

## സൂക്തം 74

**ഋഷി കക്ഷീവാൻ, ദേവത പവമാനസോമം, ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. ശിശുർന ജാതോ വ ചക്രദദ്വനേ സ്വർയദ്വാ ജ്യരുഷഃ സിഷാസതി |**
**ദിവോ രേതസാ സചതേ പയോവൃധാ തമീമഹേ സുമതീ ശർമ സപ്രഥഃ ||**

ബലവാനായ കുരിരയെപ്പോലെ വേഗവാനായ ഈ സോമം സ്വർഗ്ഗത്തെ ആശ്രയിക്കുവാൻ ഇച്ഛിക്കുന്നു. പാൽ വളർത്തുന്ന ജലത്തിൽ ജൻമമെടുക്കുന്ന സോമം ഒരു ബാലനെപ്പോലെ മുഖം കുനിച്ചു കരയുന്നു. ആകാശ സ്ഥിതമായ സോമം ഔഷധികളുടെ രസരൂപത്തോടു കൂടി ഭൂമിയിലേയ്ക്കു വരുവാൻ ആഗ്രഹിക്കുന്നു. ഇപ്രകാരമുള്ള സോമങ്ങളോട് സുന്ദരമായ സ്തുതികളാൽ ധനസമ്പന്നമായ ഗൃഹത്തെ യാചിക്കുന്നു.

**2. ദിവോ യഃ സ്കമ്ഭോ ധരുണ; സ്വാതത അപൂർണോ അംശുഃ പർയേതി വിശ്വതഃ |**
**സേമേ മഹീ രോദസീ യക്ഷദൃതാ സമീചീനേ ദാധാര സമിക്ഷഃ കവിഃ ||**

ഈ സോമം എല്ലാഭാഗത്തും മുന്നേറുന്നവനാകുന്നു. എല്ലാത്തിനേയും വഹിക്കുന്നവനും, ആകാശത്തെ ഉറപ്പിച്ചു നിർത്തുന്നവനും, പാത്രസ്ഥിരമായ സോമങ്ങൾ എല്ലാഭാഗത്തേയ്ക്കും ഒഴുകുന്നു. മഹിമാമയികളായ വാനുഴികളെ തൻെറ സാമീപ്യത്താൽ ഈ സോമം പൂർണ്ണമാക്കണേ. സ്തോതാക്കൾക്ക് അന്നം പ്രദാനം ചെയ്യണേ. സോമം തന്നെ വാനുഴികളെ താങ്ങി നിർത്തിയിരിക്കുന്നു.

**3. മഹി പ്സരഃ സുകൃതം സോമ്യം മധൂർവീ ഗവ്യൂതിരദിതേർ ഋതം യതേ |**
**ഈശേ യോ വൃഷ്ടേരിത ഉസ്രിയോ വൃഷാപാം നേതാ യ ഇത ഊതിർ ഋഗ്മിയഃ ||**

സംസ്കരിക്കപ്പെട്ട സോമം വളരെ മധുരമുള്ളതും സ്വാദുള്ളതുമാകുന്നു. ഇത് ഇന്ദ്രനു വളരെ പ്രിയമുള്ളതാകുന്നു. ഭൂമിയിലേയ്ക്കു വരുവാനുള്ള ഇന്ദ്രൻെറ മാർഗ്ഗം വളരെ വീതിയുള്ളതാണ്. ആ ഇന്ദ്രൻ ജലവർഷകനും, യജ്ഞത്തിൻെറ നേതാവും ഗോക്കൾക്കു പ്രിയങ്കരനും ആകുന്നു.

**4. ആത്മന്വന്നഭോ ദുഹ്യതേ ഘൃതം ഋതസ്യ നാഭിരമൃതം വി ജായതേ |**
**സമീചീനാഃ സുദാനവഃ പ്രീണന്തി തം നരോ ഹിതമവ മേഹന്തി പേരവഃ ||**

സൂര്യമണ്ഡലത്തിൽ നിന്നും ഈ സോമം പാലും നെയ്യും കറന്നെടുക്കുന്നു. ഇതിൽ നിന്നും ജലരൂപമായ അമൃതം ഉത്ഭവിക്കുന്നു. എന്തുകൊന്നൊൽ ഇത് യജ്ഞത്തിൻെറ നാഭിക്കുതുല്യമാകുന്നു. ദാതാവായ സോമം ഈ സോമങ്ങളോടു ചേർന്ന് സന്തുഷ്ടമാകുന്നു. ഇവൻെറ രശ്മികൾ മഴ പെയ്യിക്കുന്നു.

**5. ആരാവീദംശുഃ സചമാന ഊർമിണാ ദേവാവ്യം മനുഷേ പിന്വതി ത്വചം |**
**ദധാത ഗഭമദിതേരുപസ്ഥ ആ യേന തോകം ച തനയം ച ധാമഹേ ||**

ഋത്വിജൻമാർ ജലത്തിൽ കലർത്തുമ്പോൾ സോമം ശബ്ദിക്കുന്നു. അവൻെറ പ്രവാഹമാനമായ ശരീരം ദേവകളെ പാലിക്കുന്നു. ഈ സോമം തൻെറ രശ്മികളോടുകൂടി ഔഷധികളിൽ ജനിക്കുന്നു. ഞങ്ങളും ആ സോമത്തിൽ നിന്നും ദുഃഖനാശകമായ പുത്രൻമാരെ പ്രാപിക്കുന്നു.

**6. സഹസ്രധാരേ വ താ അസശ്ചതസ്തൃതീയേ സന്തു**

**രജസി പ്രജാവതീഃ |**

**ചതസ്രോ നാഭോ നിഹിതാ അവോ ദിവോ**

**ഹവിഭരന്ത്യമൃതം ഘൃതശ്ചുതഃ ||**

പരസ്പരം സംയുക്തമായ സോമകിരണങ്ങൾ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കൊഴുകുന്നു. ഇത് അനേകം ധാരകളുടെ രൂപത്തിൽ സ്വർഗ്ഗത്തിനു താഴെ വസിക്കുന്നു. ഈ സോമകിരണങ്ങൾ ജലവൃഷ്ടിയുടെ രൂപത്തിൽ ദേവകൾക്കു വേി ഹവിസ്സ് ഉല്പാദിപ്പിക്കുന്നു.

**7. ശ്വേതം രൂപം കൃണുതേ യത്സിഷാസതി സോമോ**

**മിഢ്വാം അസുരോ വേദഭൂമനഃ |**

**ധിയാ ശമീ സചതേ സേമഭി പ്രവദ്ദിവസ്ക ബന്ധമവ**

**ദർഷദുദ്രിണം ||**

കാമവർഷകനും ബലവാനുമായ സോമം സ്തോതാക്കൾക്കു ധനം പ്രദാനം ചെയ്യുന്നു. ഇദ്ദേഹം തൻെറ ആശ്രയസ്ഥാനമായ പാത്രത്തെ ഉജ്ജ്വലമാക്കുന്നു. ഇദ്ദേഹം തൻെറ ബുദ്ധിയാൽ കർമ്മത്തെ പ്രാപിച്ച് മഴയ്ക്കുവേി മേഘത്തെ പിളർക്കുന്നു.

**8. അധ ശ്വേതം കലശം ഗോഭിരക്തം കാഷ്മർന്നാ**

**വാജ്യക്രമീത്സസവാൻ |**

**ആ ഹിന്വിരേ മനസാ ദേവയന്തഃ കക്ഷീവതേ ശതഹിമായ**

**ഗോനാം ||**

ഈ സോമം വെള്ളപാൽക്കുടത്തെ അശ്വത്തെപ്പോലെ ഉല്ലംഘിക്കുന്നു. ദേവകാരൻമാരായ ഋത്വിക്കുകൾ സോമത്തെ സ്തുതിക്കുന്നു. കക്ഷീവാൻ മഹിർഷിയുടെ പ്രാർത്ഥനയനുസരിച്ച് ഈ സോമം അവന് ഗോക്കളെ പ്രദാനം ചെയ്തു.

**9. അദ്ഭിഃ സോമ പപൃചാനസ്യ തേ രസോ വ്യോ പാരം വി**

**പാവമാന ധാവതി |**

**സ മൃജ്യമാനഃ കവിഭിർമദിന്തമ സ്വദസ്വേന്ദ്രായ പവമാന**

**പീതയേ ||**

ഹേ സോമമേ! ജലത്തോടു ചേർന്ന നിൻെറ രസം അരിപ്പയിലെത്തുന്നു. ഹേ ഹർഷകാരിയായ സോമമേ! നീ മഹാശ്രേഷ്ഠനാണല്ലോ സുകർമ്മാക്കളായ ഋത്വിജൻമാരാൽ സംസ്ക്കരിക്കപ്പെട്ടവനായി, ഇന്ദ്രനു പാനം ചെയ്യുവാൻ മധുരസമ്പന്നനായാലും.

## സൂക്തം 75

**ഋഷി കവി, ദേവത പവമാനസോമം, ഛന്ദസ് ജഗതി.**

**1. അഭി പ്രിയാണി പവതേ ചനോഹിതോ നാമാനി**

**യഹ്വോ അധി യേഷു വർധതേ |**

**ആ സൂര്യസ്യ ബൃഹതോ ബൃഹന്നധി രഥം വിഷ്വഞ്ച**

**മരുഹദ്വിചക്ഷണഃ ||**

ഈ സോമം ജലത്തിൻെറ ചുററും വീഴുന്നു. ഇത് അന്നത്തെ വളർത്തുന്നു ഈ സോമം ജലത്താൽ സ്വയം വളരുകയും, സൂര്യരഥത്തിൽ കയറി എല്ലാം നോക്കുകാണുകയും ചെയ്യുന്നു.

**2. ഋതസ്യ ജിഹ്വ പവതേ മധു പ്രിയംവക്താ പതിർധിയോ**

**അസ്യാ അദാഭ്യഃ |**

**ദയാധി പുത്രഃ പിത്രോരപീച്യം നാമ ശൃതീയമധി രോചന**

**ദിവഃ||**

സോമം കർമ്മപാലകനും, അഹിംസിതനും, ശബ്ദവാനും ആകുന്നു. ഇത് അത്യന്തം പ്രിയങ്കരമായ രസത്തെ ഒഴുക്കുന്നു. ആകാശത്തെ പ്രദീപ്തമാക്കുന്ന സോമം പിഴിയപ്പെടുമ്പോൾ പുത്രനാമം വഹിക്കുന്നു. അവൻെറ ഈ നാമത്തെ ജൻമമെടുത്തിട്ടുള്ള ആരും തന്നെ അറിയുന്നില്ല.

**3. അവ ദ്യുതാനഃ കലശാം അചിക്രദന്നൃഭിർയേമനഃ**

**കോശ ആഹിരണ്യയേ|**

**അഭീമൃതസ്യ ദോഹനാ അനൂഷതാധി ത്രിപഷ്ഠ ഉഷസോ**

**വി രാജതി||**

നേതാക്കളാൽ പൊന്നണിത്തോലിലാക്കപ്പെട്ട കലശത്തിലിറങ്ങുമ്പോൾ തിളങ്ങുന്ന സോമം ഒലികൊള്ളുന്നു. സോമത്തേ യജ്ഞക്കറവുകാരൻ പുകഴ്ത്തുന്നു. മൂന്നുസവനങ്ങളോടുകൂടിയ സോമം യജ്ഞത്തിൻെറ ദിനങ്ങളിൽ പ്രഭാതത്തിൽ അത്യാധികം സുശോഭിതമായി കലശത്തിൽ ശബ്ദിക്കുന്നു.

**4. അദ്രിഭിഃ സുതോ മതിഭിശ്ചനോഹിതഃ**

**പ്രരോചയന്നോദസീ മാതര ശൂചിഃ |**

**രോമാണ്യവ്യാ സമയാ വി ധാവതി മധോർധാരാ**

**പിന്വമാനാ ദിവേദിവേ ||**

അന്നോപയോഗിയായ സോമം അമ്മിക്കല്ലുകൊിടിച്ചു പിഴിയുന്നു. അരിപ്പയിൽ പ്രവേശിക്കുന്ന സോമം ആകാശത്തേയും ഭൂമിയേയും തേജസ്സാൽ പൂർണ്ണമാക്കുന്നു, ജലത്തിൽ കലർത്തപ്പെട്ട ഈ സോമധാരകൾ അരിപ്പയിൽക്കൂടി പ്രവഹിക്കുന്നു.

**5. പരി സോമ പ്ര ധന്വാ സ്വസ്തയേ നൃഭി പുനാനോ അഭി**

**വാസയാശരീരം |**

**യേ തേ മദാ ആഹനസോ വിഹായസസ്തേഭിരിന്ദ്രം**

**ചോദയദാതവേ മഘം ||**

ഹേ സോമമേ! നീ ഞങ്ങളുടെ സുഖത്തിനുവേി വരേണമേ. നീ ശത്രുനാശകനും, പ്രതിജ്ഞായുക്തനും അഭീഷ്ഠകനുംഷ മഹാനുമാകേണമേ. ഇപ്രകാരമുള്ള സോമം ധനദാതാവായ ഇന്ദ്രനെ ഞങ്ങളുടെ അടുക്കലേയ്ക്കു പ്രേരിപ്പിക്കണേ.

# അദ്ധ്യായം 3

## സൂക്തം 76

**ഋഷി ഭൃഗുപുത്രൻ കവി. ദേവത പവമാനസോമം. ഛന്ദസ് ത്രിഷ്ടുപ്, ജഗതി.**

**1. ധർതാ ദിവഃ പവതേ കൃത് വ്യോ രസോ ദക്ഷോ**

**ദേവാനാമനു മാദ്യോ നൃഭിഃ |**

**ഹരിഃ സൃജാനോ അത്യോ ന സത്വഭിർവൃഥാ പാജാംസി**

**കൃണുതേ നദീഷ്വാ ||**

ഈ സോമം അന്തരിക്ഷത്തിൽ നിന്നും വർഷിക്കുന്നു. ഇത് എല്ലാത്തിനേയും വഹിക്കുന്നു. ഇത് ബലത്തെ വർഷിക്കുന്നു. ഇത് ബലത്തെ വർഷിക്കുന്നവനും, ശുദ്ധീകരിക്കപ്പെടുവാൻ യോഗ്യനും; ഹരിതവർണ്ണനും, ഋത്വിക്കുകളാൽ സ്തുതിക്ക പ്പെടുന്നവനും ആകുന്നു. തൻെറ വേഗത്തെ ഒഴുക്കു ജലത്തിൽ അശ്വത്തിനു തുല്യം പ്രകടമാക്കുന്നു.

**2. ശൂരോ ന ധത്ത ആയുധാ ഗഭസ്ത്യോഃ**

**സ്വഃ സിഷാസന്നഥിരോ ഗവിഷ്ടിഷു |**
**ഇന്ദ്രസ്യ ശുഷ്മീരയന്ന പസ്യഭിരുന്ദുർഹി ന്വാനോ**
**അജ്യതേ മനീഷിഭിഃ ||**

ഗോക്കളെ അന്വേഷിച്ച സമയം ഈ സോമങ്ങൾ സ്വർഗ്ഗത്തെ കാമിച്ചിരുന്നു. യജമാനൻമാർക്ക് രഥം കൊടുപ്പിച്ചിരുന്നു. വീ രൻമാരേപ്പോലെ ആയുധങ്ങളാൽ സുസജ്ജമായ സോമം ബലത്തെ ഉത്തേജിപ്പിക്കുവാൻ ക്ഷീരാദികളാൽ മിശ്രിതമാക്ക പ്പെടുന്നു.

**3. ഇന്ദ്രസ്യ സോമ പവമാന ഊർമിണാ തവിഷ്യമാണോ ജഠരേഷ്വാ വിശ |**
**പ്രണഃ പിന്വേ വിദ്യുദഭ്രേവ രോദസീ ധിയാ ന വാജാം ഉപ മാസി ശശ്വതഃ ||**

ഹേ സോമമേ! നീ വളർന്നു ഇന്ദ്രൻെറ ഉദരത്തിൽ പ്രവേശിച്ചാലും, നീ സ്വന്തം കർമ്മങ്ങളേയും അനുഷ്ഠിച്ചു കൊ്, വിദ്യുത്മേഘത്തെ കറക്കുന്നതുപോലെ ആകാശത്തേ യും ഭൂമിയേയും കറന്ന് ഞങ്ങൾക്കന്നം പ്രദാനം ചെയ്യുന്നു.

**4. വിശ്വസ്യ രാജാ പവതേ സ്വർദൃശ ഋതസ്യ ധീതിമൃഷി ഷാളവീവശത് |**
**യ സൂര്യസ്യാസിരണേ മൃജ്യതേ പിതാ മതീനാമസാഷ്ടാകാവ്യഃ ||**

ഈ സത്യഭൂതമായ സോമം എല്ലാത്തിനേയും കാണുന്നവനും, വിശ്വത്തിൻെറ ഈശ്വരനും, എല്ലാവരിലും ശ്രേഷ്ഠനും ആകുന്നു. ഈ സ്രവണശീലനായ സോമം ഇന്ദ്രനു കർമ്മങ്ങൾക്കു പ്രേരണനൽകി. ഈ സോമൻെറ കർമ്മങ്ങളെ ജ്ഞാനികൾപോലും അറിയുന്നില്ല. നമ്മുടെ സ്തുതികളെ പുഷ്ടിപ്പെടുത്തുന്ന സോമം സൂര്യൻെറ നിമ്നമുഖികളായ രശ്മികളാൽ ശുദ്ധീകരിക്കപ്പെടുന്നു.

**5. വൃഷേവ യൂഥാ പരി കോശമർഷസ്യപാമുപസ്ഥേ വൃഷഭഃ കനിക്രദതു |**
**സ ഇന്ദ്രായ പവസേ മത്സരിന്തമോ യഥാ ജേഷാമ സമിഥേ ത്വോതയഃ ||**

ഹേ സോമമേ! നീ വർഷണശീലനും, ശബ്ദവാനും, ഹർഷപ്രദായവുമായി ഗോക്കളെ പ്രാപിക്കുന്ന വൃഷഭത്തെ പ്പോലെ അന്തരീക്ഷത്തിൽ നിന്നും ദ്രോണകലശത്തെ പ്രാപിക്കുന്നു. നീ ഇന്ദ്രനുവേി തന്നെ ഒഴുകുന്നു. നീ രക്ഷയിൽ നിർഭീകരായ ഞങ്ങൾ യുദ്ധത്തിൽ വിജയം പ്രാപിക്കും.

## സൂക്തം 77

**ഋഷി ഭൃഗുപുത്രൻ വകി, ദേവത പവമാനസോമം, ഛന്ദസ് ജഗതി.**

**1. ഏഷ പ്ര കോശേ മധുമാം അചിക്രദദിന്ദ്രസ്യ വജ്രോ വപുഷോ വപുഷ്ടരഃ |**
**അഭീമൃതസ്യ സുദുദാ ഘൃതശ്ചുതോ വാശ്രാ അർഷന്തി വയസേവ ധേനവഃ ||**

ഈ സോമം ബീജം സ്ഥാപിക്കുന്നതിൽ സമർത്ഥനും മധുരപൂർണ്ണനും, ഇന്ദ്രൻെറ വജ്രത്തിനു തുല്യം ഉഗ്രകർമ്മാവും ആകുന്നു. ഇതിൻെറ ധാരകൾ ജലം വർഷിക്കുന്നവയും ആകുന്നു. ഈ ധാരകൾ പയസ്വിനികളായ ഗോക്കളെപ്പോലെ നേരിട്ടു ചെല്ലുന്നു.

**2. സ പൂർവ്യഃ പവതേ യം ദിവസ്പരി ശ്യേനോ മഥായ ദിഷിതസ്തി രോ രജഃ |**
**സ മധ്വ ആ യുവതേ വേ ദവിജാന ഇത് കൃശാനോ രസ്തുർമനസാഹം ബിഭ്യഷാ ||**

മാതാവിനാലയക്കപ്പെട്ട പൽന്ത് അതിനേക്കാൾ പ്രാചീനവും ശ്രവണശീലവും മധുരസമ്പന്നവുമായ സോമത്തെ ആകാശ ത്തിൽ നിന്നും ഭൂമിയിലേയ്ക്കു കൊവന്നിരുന്നു. ആ സോമം മൂന്നാം ലോകത്തെ വേർതിരിക്കുന്നവനും അതുപോലെ മധുരദുഗ്ധാദികളാൽ മിശ്രിതവും ആകുന്നു.

**3. ഏതേ നഃ പൂർവാസ ഉപരാസ ഇന്ദവോ മഹേ വാജാ യ ധന്വന്തു ഗോമതേ |**
**ഈക്ഷേണ്യാസോ അഹ്യോന ചാരവോ ബ്രഹ്മ ബ്രഹ്മയേ ജുജ്ജൂഷുർഹവിർഹവിഃ ||**

മന്ത്രത്തിനേയും, ഹവിസ്സിനേയും ആര് കൈകൊള്ളുന്നു വോ, പും ഇന്നുമുള്ള ആ ദാർശനികൻ ഒരു സ്ത്രീയെപ്പോലെ അഴകുറ്റ ഇന്ദു ഞാനാകുന്ന സ്തോതാവിന് അന്നവും ഗോക്കളും നൽകുന്നവനാകണേ.

**4. അയം നോ വിദ്വാന്വന വദ്വനുഷ്യത ഇന്ദുഃ സത്രാചാ മനസാ പുരുഷ്ടുതഃ |**
**ഇന്ദ്രസ്യ യഃ സദനേ ഗർഭമാദധേ ഗവാമുരുബ്ജ മഭ്യർഷതി വജ്രം ||**

ഈ സ്രവണശീലൻ ഉത്തരവേദിയിൽ സ്ഥിതിചെയ്യുന്ന വനും, അനേകരാൽ സ്തുതിക്കപ്പെടുന്നവനും, ശത്രുഹന്താവു മാകുന്നു. അവൻ നമ്മുടെ ശത്രുക്കളെ സംഹരിക്കട്ടെ. ഈ സോമം പയസ്വനികളായ നമ്മുടെ ഗോക്കളെ (ഗർഭം ധരിപ്പിക്കു ന്നതു) അഭിവൃദ്ധിപ്പെടുത്തുകയും, ഔഷധികളെ ഗുണവതികളാ ക്കുകയും ചെയ്യണേ.

**5. ചക്രിർദിവഃ പവതേ കൃത്വ്യോ രസോ മഹാം അധബ്ധോ വരുണോ ഹുരുഗ്യതേ |**
**അസാവി മിത്രോ വൃജനേഷു യജ്ഞിയോ ത്യോ ന യൂഥേ വൃഷയുഃ കനിക്രദത് ||**

അഹിംസനീയനും, രസയുക്തനും, എല്ലാവരുടേയും ജനകനുമായ സോമം വരുണനു തുല്യം മഹാകർമ്മാവാകുന്നു. ആപത്തുകാലത്ത് വിചരണശീലനായ ഈ സോമം പിഴിയ പ്പെടുന്നു. സേചനസമർത്ഥനായ ഈ സോമം ശബ്ദിച്ചുകൊ് കുടത്തിൽ വീഴുന്നു.

## സൂക്തം 78

**ഋഷി ഭൃഗുപുത്രൻ കവി, ദേവത പവമാനസോമം, ഛന്ദസ് ജഗതി.**

**1. പ്ര രാജാ വാചം ജനയന്നസി ഷ്യദദപോ വസാനോ അഭി ഗാ ഇയക്ഷതി |**
**ഗൃഭ്ണാതി രി പ്രഭവിരസ്യ താന്വാ ശുദ്ധോ ദേവാനാമുപ യാതി നിഷ്കൃതം ||**

സോമൻെറ സാരരഹിതമായ ഭാഗം അരിപ്പയിലവ ശേഷിക്കുകയും ശുദ്ധീകരിക്കപ്പെട്ട രസം അതിൻെറ സ്ഥാനത്തെ പ്രാപിക്കുകയും ചെയ്യുന്നു. ജലത്തെ അഛാദനം ചെയ്തുകൊ് ആ സോമം സ്തുതികളുടെ നേരെ ശബ്ദിച്ചുകൊു ചെല്ലുന്നു.

**2. ഇന്ദ്രായ സോമ പരി ഷ്യച്യസ്യേ നൃഭിർഗ്യ ചക്ഷാ ഊർമിഃ കവിരജ്യസേ വനേ |**

**പൂർവീർഹി തേ സ്രുതയഃ സന്തി യാതവേ സഹസ്രമശ്വാ ഹരയശ്ചമൂഷദഃ ||**

ഹേ സോമമേ! ഋത്വിജൻമാരാൽ ഇന്ദ്രനുവേി നീ കൊവരപ്പെടുന്നു. ഹേ മേധാവി! നീ ജലത്തിൽ കലർത്തപ്പെട്ട് യജമാനൻമാരാൽ വളർത്തപ്പെടുന്നു. നിനക്കു സ്രവിക്കുവാൻ അനേകം ദ്വാരങ്ങളും പച്ചവർണ്ണത്തോടു കൂടിയ അസംഖ്യം രശ്മി കളും നിനക്കു ല്ലോ.

**3. സമുദ്രിയാ അപ്സരസോ മനീഷിണമാസീനാ അന്തരഭി സോമമക്ഷരൻ |**

**താ ഈം ഹിന്വന്തി ഷർമ്യസ്യ സക്ഷണിം യാചഃ സുമ്നം പവമാനമക്ഷിതം ||**

അന്തരീക്ഷത്തിലെ രശ്മികൾ യാഗവേദിയിലെ പാത്രങ്ങളിൽ സോമത്തെ വർഷിക്കുന്നു. ഈ യജ്ഞഗൃഹത്തെ സമൃദ്ധമാക്കുന്ന സോമത്തെ ആ രശ്മികൾ തന്നെ വളർത്തുന്നു. ഈ സോമത്തോട് സ്തോതാക്കൾ അക്ഷയമായ സുഖത്തെ യാചിക്കുന്നു.

**4. ഗോജിന്നഃ സോമോ രഥജിദ്ധിരണ്യജിത്സ്വർജി ദബ്ജിത് പവതേ സഹസ്രജിത് |**

**യം ദേവാ സശ്ചക്രിരേ പീതയേ മദം സ്വാദിഷ്ഠം ദ്രുപ്സമരുണം മയോ ഭുവം ||**

ഈ സോമം സ്വർണ്ണം, ഗോക്കൾ, അശ്വങ്ങൾ, രഥം മുതലാ യ മഹൈശ്വര്യങ്ങളെ അടക്കിവക്കുന്നു. ഹർഷദായകനും, അരു ണനും, രസയുക്തനും, സുഖദായകനും ആയ ഈ സോമം പാനത്തിനുാകുന്നു.

**5. ഏതാനി സോമ പവമാനോ അസ്മയുഃ സത്യാനി കൃണ്വന്ദ്രവിണാന്യർഷസി |**

**ജഹി ശത്രുമന്തികേ ദൂരകേ ച യ ഉർവീ ഗവ്യു തിഭയം ച നസ്കൃധി ||**

ഹേ പവമാന സോമമേ! നീ ഞങ്ങളാഗ്രഹിക്കുന്ന വസ്തു ക്കളെയൊക്കെ സത്യമാക്കുന്നു അടുത്തും അകലത്തുമുള്ള ശത്രുക്കളെ നീ വധിക്കേണമേ. നീ ഞങ്ങളുടെ മാർഗ്ഗങ്ങളെ ഭയരഹിതമാക്കിയാലും.

## സൂക്തം 79

**ഋഷി ഭൃഗുപുത്രൻ കവി, ദേവത സോമം, ഛന്ദസ് ജഗതി.**

**1. അചോദസോ നോ ധന്വന്ത്വിന്ദവഃ പ്ര സുവാനാസോ ബൃഹദ്ദിദേഷു ഹരയ |**

**വി ച നശന്ന ഇഷോ ആരാതയർയോ നശന്ത സനിഷന്ത നോ ധിയഃ ||**

പച്ചവർണ്ണനായ ഈ സോമം സ്രവണ സ്വഭാവനാകുന്നു. ഇത് സ്വയം യജ്ഞത്തിൽ നമ്മോടുകൂടി വന്നുചേരണേ. നമ്മുടെ അന്നം നശിപ്പിക്കുന്ന ശത്രുക്കൾ നാശത്തെ പ്രാപിക്കണേ. നമ്മുടെ അനുഷ്ഠാനങ്ങളെ ദേവതകൾ സ്വീകരിക്കുമാറാകണേ.

**2. പ്ര ണോ ധന്വന്തിന്ദവോ മദച്യുതോ ധനാ വാ യേഭിരർവതോ ജുജൂനീമസി |**

**തിരോ മർതസ്യ കസ്യ ചിത്പരിഹ്വൃതിം വയം ധനാനി വിശ്വധാ ഭരേമഹി ||**

സോമത്തിൻെറ പ്രഭാതത്താൽ നാം പരാക്രമികളായ ശത്രുക്കളേയും പിഴുതുനശിപ്പിക്കുന്നു. ശക്തിശാലിയായ സോമം നമ്മുടെയടുക്കൽ ധനസഹിതം വരുമാറാകണേ. നാം ബലവാൻ മാരുടെ ബലത്തെ നശിപ്പിക്കുന്നവരായി സദാ ധനം പ്രാപിക്കു മാറാകണം.

**3. ഉതാ സ്വസ്യാ അരാത്യാ ഉതാന്യസ്യാ അരാത്യാ വൃകോ ഹി ഷഃ |**

**ധന്വന്ന തൃഷ്ണാ സമരീത താം അഭി സോമ ജഹി വനമാന ദുരാധ്യഃ ||**

ഹേ സോമമേ! മരുഭൂമിയിൽ വെള്ളമില്ലാത്തതുകാരണം ദാഹം കൂടാതെയിരിക്കുന്നതുപോലെ നീ നിൻെറയും ഞങ്ങളു ടേയും ശത്രുക്കളെ പിൻതുടർന്ന് അവരെ നശിപ്പിക്കുന്നു. ഹേ അവരെ നശിപ്പിക്കുന്നു. ഹേ സോമമേ! സ്രവണശീലനായ അവിട ന്ന് ആ ശത്രുക്കളെ ഒഴുക്കിക്കളയണേ.

**4. ദിവി തേ നാഭാ പരമോ യ ആദദേ പൃഥിവ്യാസ്തേ രുരുഹുഃ സാനവി ക്ഷിപഃ |**

**അദ്രയസ്ത്വാ ബപ്സതി ഗോരധി ത്വച്യപ്സു ത്വാ ഹസ്തൈർദുദുഹൂർമനീഷിണഃ ||**

ഹേ സോമമേ! സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന നിൻെറ പരാമാംശം പൃഥിയിലേയ്ക്കൊഴുകി വന്നിരിക്കുന്നു, തൻമൂലം പർവ്വതങ്ങളിൽ വൃക്ഷോൽപ്പത്തിയുായി. സോമമേ! നിന്നെ അമ്മിക്കൊടിച്ച് ജ്ഞാനികളായ ഋത്വിക്കുകൾ ജലത്തിൽ കലർത്തുന്നു.

**5. ഏവാ ത ഇന്ദോ സുഭ്വം സുപേശസം രസം തുഞ്ജന്തി പ്രഥമാ അഭിശ്രിയഃ |**

**നിദം നിദം പവമാന നി താരിഷ അവസ്തേ ശുഷ്മോ ഭവതു പ്രിയോ മദഃ ||**

ഹേ സോമമേ! ജ്ഞാനികളായ മഹർഷിമാർ നിൻെറ ഉജ്ജ്വല മായ രസം പിഴിഞ്ഞെടുക്കുന്നു. നിൻെറ ഹർഷപ്രദായകവും, ബലദായകവും, പ്രിയങ്കരവുമായ രസത്തെ നീ വർഷിക്കുകയും, ഞങ്ങളുടെ നിന്ദകരായ ശത്രുക്കളെ സംഹരിക്കുകയും ചെയ്യണേ.

## സൂക്തം 80

**ഋഷി ഭരദ്വാപുത്രൻ വസു, ദേവത പവമാനസോമം, ഛന്ദസ് ജഗതി.**

**1. സോമസ്യ ധാരാ പവതേ നൃചക്ഷസ ഋതേന ദേവാൻ ഷവതേ ദിവസ്പരി |**

**ബൃഹസ്പതേ രവഥേനാ വി ദിദ്യുതേ സമുദ്രാസോ ന സവനാനി വിവ്യചുഃ ||**

യജമാനൻമാരെ നോക്കുന്ന ഈ സോമം അതിൻെറ ഒഴുകു ന്ന ധാരകളാൽ യജ്ഞം വഴിയായി ദേവകളെ പൂജിക്കുന്നു. ഈ സോമം സ്തുതികളാൽ പ്രദീപ്തമാക്കുന്നു. സ്വർഗ്ഗദേവൻമാരെ വിശ്വസിക്കുന്നു. യക്ഷൻെറ സോമസവനം സമുദ്രംപോലെ മഹി മായവും ഭൂമിയെ വളർത്തുകയും ചെയ്യുന്നു.

**2. യ ത്വാ വാജിന്നഘ്ന്യാ അഭ്യനൂഷ തായോഹതം യോനിമാ രോഹസി ദ്യുമാൻ |**

**മഘോനാമായുഃ പ്രതിരൻമഹി ശ്രവ ഇന്ദ്രായ സോമ**

**പവസേ വൃഷാ മദഃ ||**

ഹേ സോമമേ! നീ അന്നസമ്പന്നനാണല്ലോ. അക്ഷീണ സ്തുതികൾ നിന്നെ സ്തുതിക്കുന്നു. നീ ദീപ്തനായി നിൻെറ ശ്രേഷ്ഠമായ സ്ഥാനത്തു വിളിക്കുന്നു. നീ ഹവിസ്സു യുക്തനായ യജമാനൻെറ ആയുസ്സിനെ വളർത്തി യശസ്സമ്പന്നനാക്കേണമേ. ഹേ വർഷകനായ സോമമേ! നീ ഇന്ദ്രനുവേി ഒഴുകിവരു മാറാകണേ.

**3. എന്ദ്രസ്യ കുക്ഷാ പവതേ മദിന്തമ ഊർജം വസാനഃ ശ്രവസേ സുമംഗലഃ |**

**ക്രീളിൻഹരിതത്യഃ സ്യന്ദതേ വൃഷാ ||**

ബലകാരകമായ രസത്താൽ യുക്തമായ ഈ സോമം ജീവികളെ വളർത്തുവാനും, യജമാനൻമാരെ അന്നവാൻമാരും ആക്കുവാനുമായി ഇന്ദ്രൻെറ ഉദരത്തിൽ വസിക്കുന്നു. പച്ച വർണ്ണനും വൃഷ്ടാവും ആയ ഈ സോമം യജ്ഞവേദിയിലൊ ഴുകിക്കളിക്കുന്നു.

**4. തം ത്വാ ദേവേഭ്യോ മധുമത്തമം നരഃ സഹസ്രധാരം ദുഹതേ ദശ ക്ഷിപഃ |**

**നൃഭിഃ സോമ പ്രച്യുതോ ഗ്രാവഭിഃ സുതോ വിശവാന്ദേവാം ആ പവസ്വാ സഹസ്രജിത് ||**

ഹേ സോമമേ! നീ അമ്മിക്കല്ലുക്കൊിടിക്കപ്പെട്ട് മനുഷ്യരുടെ പത്തുവിരലുകളാൽ പിഴിയപ്പെടുന്നു. നീ ദേവകൾക്കുവേി ഒഴുകി ജയിക്കപ്പെടുന്നു. ധനവുമായി ഞങ്ങളുടെ അടുക്കൽ വരേണമേ.

**5. തം ത്വാ ഹസ്തിനോ മധുമന്തമദ്രിഭിർദുഹന്ത്യപ്സം വൃഷഭം ദശ ക്ഷി പഃ |**

**ഇന്ദ്രം സോമ മാദയന്ദൈവ്യം ജനം സിന്ധോരിവോർമിഃ പവമൂനോ അർഷസി ||**

ഈ സോമം അഭീഷ്ടവർഷകനാകുന്നു. സുന്ദരഭുജൻമാരായ പുരുഷൻമാരുടെ വിരലുകൾ ഇതിനെ ശുദ്ധീകരിക്കുന്നു. ഹേ സോമമേ! നീ ഇന്ദ്രനെ സന്തോഷിപ്പിച്ചുകൊ് സമുദ്രത്തിലെ തിരമാലകൾപോലെ മറ്റുദേവകളേയും പ്രാപിക്കണേ.

## സൂക്തം 81

**ഋഷി ഭരദ്വാജപുത്രൻ വസു, ദേവത പവമാനസോമം, ഛന്ദസ് ജഗതിഷ ത്രിഷ്ടുപ്.**

**1. പ്ര സോമസ്യ പവമാനസ്യോർമയ ഇന്ദ്രസ്യ യന്തി ജഠരം സുപേശ സഃ |**

**ദധ്നാ യദീമുന്നീതാ ഗവാം ദാനായ ശൂരമുദമന്ദിഷുഃ സുതാഃ ||**

പിഴിഞ്ഞസോമധാരകൾ ഇന്ദ്രൻെറ ഉദരത്തിലേയ്ക്കു പോകുന്നു. അപ്പോൾ ആ സോമം ഗവ്യമിശ്രിതമായി ഇന്ദ്രന് ഹർഷം പ്രദാനം ചെയ്യുകയും യജമാനൻെറ അഭീഷ്ടങ്ങൾ പൂർണ്ണമാക്കുകയും ചെയ്യുന്നു.

**2. അച്ഛാ ഹി സോമഃ കലശാം അസിഷ്യദദത്യോ ന വോളഹാ രഘുവർതനിർവൃഷാ |**

**അഥാ ദേവാനാമുഭയസ്യ ജൻമനോ വിദ്വാം അശ്നോത്യ ഇതശ്ചര യത് ||**

രഥം വലിക്കുന്ന അശ്വം അതിവേഗം പായുന്നതുപോലെ ഈ സോമം കുടത്തിലേയ്ക്കൊഴുകുന്നു. ഈ സോമം അഭിലാഷവർഷകനും, എല്ലാ ജീവികളേയും അറിയുന്നവനും, ദേവകളെ പ്രസന്നരാക്കുന്നവനുമാകുന്നു.

**3. ആ നഃ സോമ പവമാനഃ കിരാ വസ്വിന്ദോ ഭവാ മഘവാ രാധസോ മഹഃ |**

**ശിക്ഷാ വയോധാ വസവേ സൂ ചേതുനാ മാ നോ ഗയമാരേ അസ്മത്പരാ സിചഃ ||**

ഹേ സോമമേ! നീ ധനത്തിൻെറ ഉടമസ്ഥനാകുന്നു. ഞങ്ങൾക്ക് മഹത്തായ ധനം പ്രദാനം ചെയ്താലും. ഞങ്ങൾക്ക് ഗോക്കളോടുകൂടി ധനവും നൽകുമാറാകണേ. സോമമേ! അന്ന ധാരകനായ നീ ഞങ്ങൾക്കു കല്യാണപ്രദനായാലും. നീ ഞങ്ങളുടെ ധനത്തെ ഞങ്ങളിൽ നിന്നും വേർപ്പെടുത്തരുതേ.

**4. ആ നഃ പൂഷാ പവമാനഃ സുരാതയോ മിത്രോ ഗച്ഛന്തു വരുണഃ സജോഷസഃ |**

**ബൃഹസ്പതിർമരുതോ വായുരശ്വിനാ ത്വഷ്ടാ സവിതാ സുയമാ സരസ്വതീ ||**

ഒഴുകുന്ന സോമവും, മിത്രാവരുണൻമാരും മരുത്തുക്കളും, ദാനശീലനായ പുഷ്ടാവും, ത്വഷ്ടാവും, അശ്വിനികളും, ആദിത്യനും, സരസ്വതിയും തുല്യബുദ്ധികളായി നമ്മുടെ യജ്ഞഗൃഹത്തിൽ ആഗതരാകണേ.

**5. ഉഭേ ദ്യാവാപൃഥിവീ വിശ്വാ മിന്വേ അര്യമാ ദേവോ ഭഗോ | നൃശംസ ഉർവന്തരിക്ഷം വിശ്വേ ദേവാഃ പവമാനം ജുജൂഷന്ത ||**

മനുഷ്യരെ വളർത്തുന്ന ഭഗദേവനും, എങ്ങും വ്യാപിച്ചിരിക്കുന്ന ആകാശപൃഥികളും, മഹിമായമായ വിശ്വദേ വകളും, അദിതിയും ഇവരെല്ലാം നമ്മുടെ യജ്ഞത്തിൽ ഈ പവമാനസോമത്തെ ആശ്രയിക്കണേ.

## സൂക്തം 82

**ഋഷി ഭരദ്വാജപുത്രൻ വസു, ദേവത പവമാനസോമം, ഛന്ദസ് ജഗതി ത്രിഷ്ടുപ്.**

**1. അസാവി സോമോ അരുഷോ വൃഷാ ഹരീ രാജേവ ദസ്മോ അഭി ഗാ അചിക്രദത് |**

**പുനാനോ വാരം പരേത്യവ്യയം ശ്യേനോ ന യോനിം ഘൃതവന്ത മാസദം ||**

ദൃഷാവും, സുന്ദരവും, പച്ചവർണ്ണവുമായ ഈ പിഴിയപ്പെട്ട് രാജാവിനെപ്പോലെ മഹിമായുക്തനായി ജലത്തോടുകൂടി ശബ്ദിക്കുന്നു. ശുദ്ധീകരിക്കപ്പെട്ട സോമം സ്വസ്ഥാനത്തിനു നേരെ പരുന്തിനെപ്പോലെ അരിപ്പയിലേയ്ക്കു പോകുന്നു. ജലയുക്തമായ സ്ഥാനം ലക്ഷ്യമാക്കി ഈ സോമം സ്രവിക്കുന്നു.

**2. കവിർവേധസ്യാ പര്യേഷി മാഹിനമത്യോ ന മൃഷ്ടോ അഭി വാജമർഷസി |**

**അപസേധന്ദുരിതാ സോമ മൃളാഘൃതം വസാനഃ പരി യാസി നിർണിജം ||**

ഹേ സോമമേ! യജ്ഞകാമനായതു കാരണം അങ്ങ് പൂജനീയമായ അരിപ്പയെ പ്രാപിക്കുന്നു. ഹേ ക്രാന്തകർമ്മാവായ സോമമേ! നനക്കപ്പെടുമ്പോൾ ഒരു വീരനെപ്പോലെ നീ പോകുന്നു. നീ ജലത്തോട് ചേർന്ന് അരിപ്പയിലേയ്ക്കൊഴുകുന്നു. സോമമേ ഞങ്ങളുടെ പാപങ്ങളെ ക്ഷയിപ്പിച്ചു ഞങ്ങൾക്കു നൻമയരുളേണമേ.

**3. പർജന്യഃ പിതാ മഹിഷസ്യ പർണിനോ നാഭാ പൃഥിവ്യാ**
**ഗിരിഷു ക്ഷയം ദധേ |**
**സ്വസാരം ആപോ അഭി ഗാ ഉത്രാസരൻത്സം**
**ഗ്രാവഭിർനസതേ വീതേ അധ്വരേ ||**

മേഘപുത്രനും, വലിയ ഇലകളോടു കൂടിയവനുമായ സോമം യജ്ഞസ്ഥാനത്തു വസിക്കുന്നു. ജ്ഞാനികൾ വിരലുകൾ കൊ് അവനെ അമ്മിക്കല്ലോടു ചേർക്കുന്നു. അനന്തരം പാലോടും , ജലത്തോടും ചേർക്കുന്നു.

**4. ജായേവ പത്യാവധി ശേവ മംഹസേ പജ്രജായാ ഗർഭ**
**ശൃണഹി ബ്രഹീമി തേ |**
**അന്യർവാണീഷു പ്ര ചരാ സു ജീവസേ നിന്ദ്യോ വൃജനേ**
**സോമ ജാഗൃഹി ||**

ഹേ സോമമേ! നീ ഭൂമിയിൽ പിറന്നിരിക്കുന്നു. നീ എൻെറ സ്തോത്രങ്ങളെ ശ്രവിച്ചാലും. ഈ യജമാനസുഖം പ്രദാനം ചെയ്യേണമേ. ഞങ്ങളുടെ ജീവിതത്തിനുവേിയാണല്ലോ ജനിച്ചിരിക്കുന്നത്. ഹേ സ്ത്യുത്യനായ സോമമേ! ഭവാൻ ഞങ്ങളുടെ സ്തുതികളോടുകൂടി രമിക്കുകയും നിന്ദകരായ ഞങ്ങളുടെ ശത്രുക്കളെ സംഹരിക്കുകയും ചെയ്യേണമേ.

**5. യഥാ പൂർവേഭ്യഃ ശതസാ അമൃധ്രഃ സഹസ്രസാഃ**
**പർയയാ വാജമിന്ദോ |**
**ഏവാ പവസ്വ സുവിതായ നസ്യസേ തവ വ്രതമന്വാപഃ**
**സചന്തേ ||**

ഹേ സോമമേ! നീ പത്തെ സ്തോതാക്കൾക്ക് നൂറും ആയിരവും കണക്കിനു ധനം നൽകിയിരുന്നുവല്ലോ. അതുപോലെ ഇപ്പോൾ ഞങ്ങളെ ഉദ്ധരിച്ചുകൊ് വർഷിച്ചാലും. കർമ്മപ്രേരണയ്ക്കായി ഈ ജലത്തെ നിന്നോടു കലർത്തുന്നു.

## സൂക്തം 83

**ഋഷി അംഗിരോത്രൻ പവിത്രൻ, ദേവത പവാനസോമം,**
**ഛന്ദസ് ജഗതി.**

**1. പവിത്രം തേ വിതതം ബ്രഹ്മണസ്പതേ**
**പ്രഭൂർഗാത്രാണി പർയേഷി വിശ്വതഃ |**
**അതപ്തനൂർന തദാമോ അശ്നുതേ ശൃതാസ ഇദ്വ ഹന്ത**
**സ്തത്സമാശത ||**

ഹേ സോമമേ! സ്തോത്രങ്ങളുടെ സ്വാമിയായ നിൻെറ ദീപ്തി സർവ്വത്ര വ്യാപിക്കുന്നു. നീ കുടിയൻമാരുടെ എല്ലാ അവയവങ്ങളിലും വ്യാപിച്ച് അവനെ വശത്താക്കുന്നു. വ്രതം അനുഷ്ഠിക്കുന്ന ജ്ഞാനികൾ നിൻെറ തേജസ്സിനെ വഹിച്ച് തേജസ്വികളാകുന്നു.

**2. തപോഷ്പമിത്രം വിതതം ദിവസ്പദേ ശോചന്തോ അസ്യ**
**തന്തവോ വ്യസ്ഥിരൻ |**
**അവന്ത്യസ്യ പവീതാരമാശവോ ദിവസ്പുഷ്ഠമധി**
**തിഷ്ഠന്തി ചേതസാ ||**

ഹേ സോമത്തിൻെറ ശുദ്ധീകരിക്കപ്പെട്ട തേജസ്സ് ശത്രുക്കളെ സന്തപ്തരാക്കികൊ് ആകാശത്തിനു മുകളിൽ വ്യാപിക്കുന്നു. സോമത്തിൻെറ പ്രകാശരശ്മികൾ വിഭിന്നരൂപത്തിലുള്ളവ യാകുന്നു. ഈ സോമത്തിൻെറ പവിത്രമായ രസം ദ്രുതഗാമിയും യജമാനൻെറ രക്ഷയും ആകുന്നു. പിന്നെ അത് ദേവകളിലേയ്ക്കു പോകുന്ന സ്തുതികളോടുകൂടി സ്വർഗ്ഗത്തിൻെറ മുതുകുകളിൽ ആരൂഢനാകുന്നു.

**3. അരൂരുചദുഷസഃ പൃശ്നിരഗ്രിയ ഉക്ഷാ വിഭർതി**
**ഭൂവനാനി വാജയുഃ |**
**മായാവിനോ മമിരേ അസ്യ മായയാ നൃചക്ഷസഃ**
**പിതരോഗഗർഭമാ ദധുഃ ||**

സൂര്യരൂപത്തോടുകൂടി സ്ഥിതിചെയ്യുന്ന സോമം മുഖ്യനാകുന്നു. സോമം ജലവർഷം മൂലം ജീവികൾക്ക് അന്നം കിട്ടുമാറാകുകയും സോമത്താൽ പ്രേരിതനായ അഗ്നി ജഗത്തിൽ സൃഷ്ടിനടത്തുന്നവനാകുകയും ചെയ്യുന്നു. ഈ സോമത്തിൻെറ പ്രേരണയാൽ തന്നെ ദേവകൾ മനുഷ്യനൻമയ്ക്കുവേി ഔഷധികളെ ഗുണവതികളാക്കുകയും ചെയ്തു.

**4. ഗന്ധർവ ഇത്ഥാ പദമസ്യ രക്ഷതി പാതി ദേവാനാം**
**ജനിമാന്യദ്ഭുതഃ |**
**ഗൃഭ്ണാതിരിപും നിധയാ നിധാപതിഃ സുകൃത്തമാ**
**മധുനോ ഭക്ഷമാശത ||**

ഈ സോമം ദേവകളെ രക്ഷിക്കുന്നു. ഈ സോമം ആദിത്യമണ്ഡലത്തെ പരിപൂർണ്ണമാക്കുന്നു. ഈ സോമങ്ങളുടെ മധുരരസത്തെ സുകർമ്മാവായ വ്യക്തിക്കുമാത്രം പ്രാപിക്കുവാൻ കഴിയുന്നു.

**5. ഹവിർഹവിഷ്മോ മഹി സദ്മദൈവ്യം നഭോ വസാനഃ പരി**
**യാസ്യധ്വരം |**
**രാജാ പവിത്രരഥോ വാജമാരുഹഃ സഹസ്രഭൃഷ്ടിർജയസി**
**ശ്രവോ ബൃഹത് ||**

ഈ സോമം ജലത്തിൽ കലർന്ന് യജ്ഞഗൃഹത്തെ രക്ഷിക്കുന്നു. ഹേ സോമമേ! നീ രാജാവായി രഥത്തിൽ കയറി രണക്ഷേത്രത്തിങ്കലേയ്ക്കു പോകുന്നു. പിന്നെ അന്നത്തെ ജയിക്കുന്നവനാകുന്നു.

## സൂക്തം 84

**ഋഷി വാക്കിൻെറ പുത്രൻ പ്രജാപതി, ദേവത**
**പവമാനസോമം, ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. പവസ്വ ദേവമാദനോ വിചർഷണിരപ്സാ ഇന്ദ്രായ**
**വരുണായ വായവേ |**
**കൃധീ നോ അദ്യ വരിവഃ സ്വസ്തിമദുരുക്ഷിതൗ ഗൃണീഷി**
**ദൈവ്യം ജനം ||**

ജലദാതാവായ സോമമേ! നീ സൂക്ഷ്മദർശിയും, ഹർഷകാരിയുമാണല്ലോ, നീ ഇന്ദ്രനും, വരുണനും, വായുവിനുംവേി നീരൊഴുക്കി ഞങ്ങൾക്ക് അക്ഷയമായി ധനം പ്രദാനം ചെയ്താലും. ഭൂമിയിൽ ദേവകളുടെ ഉപാസകൻമാരായി എന്നെ മാനിക്കേണമേ.

**2. ആ യസ്തസ്ഥൗ ഭൂവനാന്യ മർത്യോ വിശ്വാനി സോമഃ**
**പരി താന്യർഷന്തി |**
**കൃണ്വൻ ത്സഞ്ച്യതം വിച്യത മഭിഷ്ഠയ ഇന്ദുഃ സിഷ**
**ക്ത്യുഷസം ന സൂര്യഃ ||**

എല്ലാ ഭുവനങ്ങളിലും വ്യാപിച്ചിരിക്കുന്ന സോമം അവിടങ്ങളിലെ പ്രജകളുടെ രക്ഷകനാകുന്നു. യജ്ഞത്തെ ഫലത്താൽ പൂർണ്ണമാക്കുന്ന ഈ സോമം ലോകത്തെ പ്രകാശിപ്പിക്കുന്ന സൂര്യൻ എപ്രകാരം ആണ്

ലോകത്തെ തന്നെ ആശ്രയിച്ചിരിക്കുന്നുവോ, അതുപോലെ തന്നെ യജ്ഞത്തെ രാക്ഷസൻമാരിൽ നിന്നും നിർമ്മലമായ യജ്ഞത്തെത്തന്നെ ആശ്രയിക്കുന്നു.

**3. ആ യോ ഗോഭിഃ സൃജ്യത ഓഷധീഷ്വാ ദേവാനാം സുമ്ന ഇഷയന്നുപാവസുഃ |**

**ആ വ്യുതാ പവതേ ധാരയാ സുത ഇന്ദ്രം സോമോ മാദയന്ദൈവ്യം ജനം ||**

രശ്മികൾ ഈ സോമത്തെ ദേവകളുടെ ഹർഷത്തിനു വേ ഔഷധികളിൽ സ്ഥാപിക്കുന്നു. ഇത് പിഴിയപ്പെട്ട് ഉജ്ജ്വലമായ ധാരാരൂപത്തിൽ പ്രവഹിക്കുന്നു. ദേവകാമനായ ഈ സോമം ശത്രുക്കളെ പരാജയപ്പെടുത്തുന്നവനും ഇന്ദ്രാദികളായ എല്ലാദേവൻമാർക്കും ശക്തി നൽകുകയും ചെയ്യുന്നു.

**4. ഏഷ സ്യ സോമഃ പവതേ സഹസ്രജിദ്ധിന്വാനോ വാചമിഷിരാമുഷർബുധം |**

**ഇന്ദുഃ സമുദ്രമുദിയർതി വായുഭിരേന്ദ്രസ്യ ഹാർദി കലശേഷു സീദതി ||**

ഗമനശീലനായ ഈ സോമം പ്രഭാത സവനത്തിൽ പാടപ്പെടുന്ന സ്തോത്രങ്ങളെ പ്രവൃദ്ധമാക്കി സഹസ്രധാരകളായി പൊഴിയുന്നു. ഇത് വായുവിനാൽ പ്രേരിതനായി രസത്തെ അതിവേഗം ഒഴുക്കുന്നു.

**5. അഭി ത്യം ഗാവഃ പയസാ പയോവൃധം സോമ ശ്രീണന്തി മതിഭിഃ സ്വർവിദം |**

**ധനഞ്ജയഃ പവതേ കൃത്വ്യോ രസോ വിപ്രഃ കവിഃ കാവ്യേനാ സ്വർചനാഃ ||**

സ്തുതിക്കപ്പെടുമ്പോൾ ഈ സോമം സർവ്വപ്രദായനായിത്തീരുന്നു. ഇദ്ദേഹത്തെ തങ്ങളുടെ ക്ഷീരത്താൽ നനക്കുന്നതിനായി ഗോക്കൾ അടുത്തു നില്ക്കുന്നു. ശത്രുക്കളുടെ വീടുകളിൽ അധികാരം നടത്തുന്നവനും, അന്നസമ്പന്നനും, രസരൂപനുമായ ഈ സോമം പിഴിയുമ്പോൾ തന്നെ പ്രത്യക്ഷമാകുന്നു.

## സൂക്തം 85

**ഋഷി ഭൃഗുഗോത്രൻ വേനൻ, ദേവത പവമാനസോമം, ഛന്ദസ് ജഗതി, ത്രിഷ്ടുപ്.**

**1. ഇന്ദ്രാവയ സോമ സുഷ്ഠുതഃ പരി സ്രാവാപാമീവാ ഭവതു രക്ഷസാ സഹാ |**

**മാ തേ രസസ്യ മത്സത ദ്വയാവിനോ ദ്രവിണ സ്വന്ത ഇഹ സന്ത്വിന്ദവഃ ||**

ഹേ സോമമേ! നിന്റെ രസം പാനം ചെയ്യുന്ന പാപിയായ മനുഷ്യൻ സുഖം പ്രാപിക്കാതിരിക്കണേ, രാക്ഷസൻമാരും, രോഗങ്ങളും രും നിന്റെ പ്രതാപത്താൽ നശിച്ചു പോകണേ. നീ വഴിപോലെ പിഴിയപ്പെട്ട് ഇന്ദ്രന്റെ അടുക്കലേയ്ക്ക് ഒഴുകിച്ചെന്നാലും.

**2. അസ്മാൻത്സമർയേ പവമാന ചോദയ ദക്ഷോ ദേവാനാമസി ഹി പ്രിയോ മദഃ |**

**ജഹി ശത്രൂംരഭ്യം ഭന്ദനായതഃ പിബേന്ദ്ര സോമമവ നോ മൃധോ ജഹി ||**

ഹേ പവമാന സോമമേ! നീ ദേവകളെ പ്രിയപ്പെട്ടവരാക്കുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ ഞങ്ങളെ പടയിലിറക്കുകയും ശത്രുക്കളെ നശിപ്പിക്കുകയും ചെയ്യേണമേ. ഹേ ഇന്ദ്രാ! നീ ഇവിടെ ആഗതനായി ഞങ്ങളുടെ ശത്രുക്കളെ സംഹരിക്കേണമേ.

**3. അദബ്ധ ഇന്ദോ പവസേ മദിന്തമ ആത്മേന്ദ്രസ്യ ഭവസി ധാസിരുത്തമഃ |**

**അഭി സ്വരന്തി ബഹവോ മനീഷിണോ രാജാനമസ്യ ഭുവനസ്യ നിംസതേ ||**

ഹേ അഹിംസിതനായ സോമമേ! നീ ഇന്ദ്രന്റെ അന്നമായി പതിക്കുന്നു. ഈ സോമം ലോകത്തിന്റെ ഈശ്വരനാകുന്നു. സ്തോതാക്കൾ ഇതിന്റെ യശസ്സിനെ പാടിപുകഴ്ത്തുന്നു.

**4. സഹസ്രണീഥഃ ശതധാരോ അദ്ഭുത ഇന്ദ്രായേന്ദു പവത കാമ്യ മധു |**

**ജയൻക്ഷേത്രമഭ്യർഷാ ജയന്നപ ഉരും നോ ഗാതും കൃൺ സോമ മീഢ്വഃ ||**

ഹേ സോമമേ! മഹാനായ നിനക്ക് അസംഖ്യം ധാരകളുല്ലോ. നീ അത്ഭുതനും സഹസ്രീയനുമാകുന്നു. നീ ഞങ്ങൾക്കുവേ വയലിൻേറയും ജലത്തിൻേറയുംമേൽ അധികാരം നടത്തി അരിപ്പയിലേയ്ക്കു ഗമിച്ചാലും, ഹേ വൃഷ്ടാവായ സോമമേ! ഞങ്ങളുടെ മാർഗ്ഗങ്ങളെ വിശാലമാക്കിയാലും. ഇന്ദ്രനാൽ കാമിക്കപ്പെട്ട സോമരൂപമായ ഈ മധുവിനെ ഞങ്ങൾ വർഷിക്കുന്നു.

**5. കനിക്രദത് കലശേ ഗോഭിരജ്യസേ വ്യവ്യയം കമസാ വാലരമർഷസി |**

**മർമൃജ്യമാനോ അത്യോ ന സാനസിരന്ദ്രസ്യ സോമ ജഠരേ സമക്ഷരഃ ||**

ഹേ സോമമേ! നീ കുടത്തിൽ സ്ഥിതിചെയ്യുന്നു. ഗോരസം ചേർക്കുമ്പോൾ നീ ശബ്ദിക്കുന്നു. പിന്നീട് അരിപ്പയിലേയ്ക്കു നീ ഗമിക്കുന്നു. ശുദ്ധീകരിക്കപ്പെട്ടു കഴിയുമ്പോൾ അശ്വത്തെപ്പോലെ നീ ഇന്ദ്രന്റെ ഉദരത്തെ വഴിപോലെ കുളിർപ്പിക്കുന്നു.

**6. സ്വാദുഃ പവസ്വ ദിവ്യായ ജൻമനേ സ്വാദുരിന്ദ്രായ സുഹവീതനാമ്നേ |**

**സ്വാദൂർ മിത്രായ വരുണായ വായവേ ബൃഹസ്പതയേ മധുമാം അദാഭ്യഃ ||**

ഹേ സോമമേ! നീ ഇന്ദ്രനും മറ്റുള്ള എല്ലാ ദേവകൾക്കുവേ നീരൊഴുക്കിയാലും. ഹേ രുചികരമായ സോമമേ! നീ അഹിംസനീയരും മധുരരസപൂർണ്ണമായ മിത്രനും, വരുണവായുവിനും, ബൃഹസ്പതിയ്ക്കും വേ നീ ഒഴുകി വന്നാലും.

**7. അത്യം മൃജന്തി കലശേ ദശ ക്ഷിപഃ പ്ര വിപ്രാണാം മതയോ വാച ഈരതേ |**

**പവമാന അഭ്യർഷന്തി സുഷ്ടുതിമേന്ദ്രം വിശന്തി മദിരാസ ഇന്ദവഃ ||**

അശ്വത്തെപ്പോലെ വേഗവാനായ സോമത്തെ അധ്വര്യുക്കളെ വിരലുകൾ പത്തുംകൂടി പിഴിയുന്നു. പിന്നെ സ്തോതാക്കൾ സ്തുതി മുഴക്കുന്നു. കീർത്തിമാനായ ഇന്ദ്രന്റെ അടുക്കൽ ഈ സോമം ഒഴുകിച്ചെല്ലുന്നു.

**8. പവമാനോ അഭ്യർഷാ സുവീര്യമുർവീ ഗവ്യൂതിം മഹി ശർമ സപ്രഥഃ |**

**മാകിർനോ അസ്യ പരിഷൂ തിരിശതേന്ദ്രോ ജയേമ ത്വയാ ധനം ധനം ||**

ഹേ സോമമേ! സുന്ദരമായ രൂപവും, ബലവും, ഭൂമിയും, വീടും

ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ഞങ്ങളുടെ കർമ്മങ്ങളാൽ വിദ്വേഷികളെ ഇല്ലാതാക്കേണമേ. ഞങ്ങൾ മഹത്തായ ധനത്തെ വിജയിക്കുന്നവരാകണം.

**9. അധി ധ്യാമസ്ഥാദ്ദ്വൃഷഭോ വിചക്ഷണോ രുചദ്വി ദിവോ രോചനാ കവിഃ |**
**രാജാ പവിത്രമത്യേതി രോരുവദ്ദിവം പീയൂഷം ദുഹതേ നൃചക്ഷസഃ ||**

ആകാശസ്ഥിതമായ സോമം നക്ഷത്രാദികളെ സുസജ്ജിതമാക്കി, ഈ സോമം അരിപ്പയെ കടന്നും വർഷിക്കുന്നു. മനുഷ്യരെ ദർശിക്കുന്ന ഈ സോമം ശബ്ദിച്ചുകൊ് ആകാശത്തിൽ നിന്നും അമൃതരൂപമാകുന്ന രസത്തെ വർഷിക്കുന്നു.

**10. ദിവോ നാകേ മധുജിഹ്വാ അസശ്ചതോ വേനാന്ദുഹന്ത്യുക്ഷണം ഗിരിഷ്ഠാം |**
**അപ്സുദ്രപ്സം വാവൃധാനം സമുദ്ര ആ സിന്ധോ രൂർമാ മധുമന്തം പവിത്ര ആ ||**

മധുഭാഷികളായ വേനൻമാർ ദുഃഖരഹിതസ്ഥാനമായ യജ്ഞത്തിൽ സോമത്തെ പ്രത്യേകം പ്രത്യേകം പിഴിഞ്ഞു. അവർ ജലത്തിൽ വളരുന്ന സോമത്തിൻെറ രസത്തെ വലിയ കുടത്തിൽ നിറച്ചു. അതിനുമുമ്പായി ഈ സോമം അരിപ്പയിൽ കൂടി വർഷിക്കപ്പെട്ടു.

**11. നാകേ സുപർണമുപപപ്തിവാംസം ഗിരോ വേനാനാമകൃപന്ത പൂർവീഃ |**
**ശിശും രിഹന്തി മതയഃ പനിപ്നതം ഹിരണ്യയം ശകുനം ക്ഷാമണി സ്ഥാം ||**

സ്രവണശീലനും, സുന്ദരനുമായ ഇലകളോടു കൂടിയവനും, ആകാശത്തിൽ സ്ഥിതിചെയ്യുന്നവനും ആയ സോമത്തെ ഞങ്ങൾ സ്തുതിക്കുന്നു. ആ സോമം ബാലനു തുല്യം സംസ്ക്കാരയോഗ്യനാകുന്നു. ഈ ഹവിസ്സ് അന്നത്തിൽ നിഹിതനും, ശബ്ദവാനും, പക്ഷിസമാനനുമായ സോമത്തോട് ഞങ്ങളുടെ സ്തുതികളെ ബന്ധപ്പെടുത്തുന്നു.

**12. ഊർധ്വോ ഗന്ധർവോ അധി നാകേ അസ്ഥാദ്വിശ്വാ രൂപാ പ്രതിചക്ഷാണോ അസ്യ |**
**ഭാനുഃ ശുക്രേണ ശോചിഷാ വ്യദ്യൌത് പ്രാരൂരുചദ്രോദസീ മാതരാ ശുചിഃ ||**

രശ്മിയുക്തനായ സോമം ആകാശത്തിൽ വസിച്ചുകൊ് ആദിത്യൻമാരുടെ എല്ലാ രൂപങ്ങളേയും ദർശിക്കുന്നു. സോമയുക്തമായ സൂര്യൻ തൻെറ മഹാതേജസ്സിൽകൂടി മിന്നിത്തിളങ്ങുന്നു. ഉജ്ജ്വലമായ ഈ സോമം ആകാശത്തേയും ഭൂമിയേയും തേജസ്സാൽ പൂർണ്ണമാക്കുന്നു.

## അനുവാകം 5 സൂക്തം 86

**ഋഷി അകൃഷ്ടമാഷർ, സികത നിവാവരികൾ, പൃശ്ന്യോൻജർ എന്നീ ഗണങ്ങളും ഭൂമിപുറതൻ അന്തിയും ഗൃത്സമദനും, ദേവത പവമാനസോമം, ഛന്ദസ് ജഗതി.**

**1. പ്ര ത ആശവഃ പവമാന ധീജവോ മദാ അർഷന്തി രഘുജാ ഇവ ത്മനാ |**
**ദിവ്യാഃ സുപർണാഃ മധുമന്ത ഇന്ദവോ മദിന്തമാസഃ പരി കോശമാസതേ ||**

ഹേ സോമമേ! നിൻെറ രസം കുതിരക്കുട്ടിയെപ്പോലെ തുള്ളിച്ചാടിക്കളിക്കുന്നു. നിൻെറ രസം ആകാശത്തിൽ ജനിക്കുന്നു. നിൻെറ ഇലകളിൽ നിന്നും പിഴിഞ്ഞ മധുര രസം ദ്രോണകലശത്തിലേയ്ക്കൊഴുകുന്നു.

**2. പ്ര തേ മദാസോ മദിരാസ ആശവോ സൃക്ഷത രഥ്യാസോ യഥാ പൃഥക് |**
**ധേനുർന വത്സം പയസാഭി വജ്രിണമിന്ദ്രമിന്ദവോ മധുമന്ത ഊർമയഃ ||**

ഹേ സോമമേ! അഴിച്ചുവിടപ്പെട്ട അശ്വത്തെപ്പോലെ നിൻെറ ഹർഷപ്രദായകമായ രസം കുതിച്ചുപായുന്നു. സ്രവണശീലനും മധുമയവും പെരുത്ത ഗുണത്തോടുകൂടിയതും ആയ ഈ സോമം കിടാവിൻെറ അടുക്കലേയ്ക്കു ചെല്ലുന്ന തള്ളപ്പശുവിനെപ്പോലെ ഇന്ദ്രങ്കലേയ്ക്കു ചെല്ലുന്നു.

**3. അത്യോ ന ഹിയാനോ അഭി വാജമർഷ സ്വർവിത് കോശം ദിവോ അദ്രിമാതരം |**
**വൃഷാ പവിത്രേ അധിസാനോ അവ്യയേ സോമഃ പുനാന ഇന്ദ്രിയായ ധായസേ ||**

ഹേ സോമമേ! അശ്വത്തെ പടക്കളത്തിലേയ്ക്കാനയിക്കുന്നതുപോലെ വന്നാലും സർവ്വജ്ഞാനിയായ നീ അകാശത്തിൽ മേഘങ്ങളെ സൃഷ്ടിക്കുന്ന ഇന്ദ്രങ്കലേയ്ക്കു ഗമിച്ചാലും. ഈ വർഷിക്കുന്ന സോമം ഇന്ദ്രനുവേി തന്നെ അരിപ്പയിൽ കടന്നു ശുദ്ധമാകുന്നു.

**4. പ്ര ത ആശ്വിനീഃ പവമാന ധീജൂവോ ദിവ്യാ അസൃഗ്രൻ പയസാ ധരീമണി |**
**പ്രാന്തർഋഷയഃ സ്ഥാവിരീരസൃക്ഷത യേ ത്വാ മൃജന്ത്യൃഷിഷാണ വേധസഃ ||**

ഹേ സോമമേ! നിൻെറ ദിവ്യധാരകൾ പാലുമായിക്കലർന്ന് കുടത്തിൽ വീഴുന്നു. ഋഷികൾ നിന്നെ പിഴിയുന്നു രശ്മികൾ ദേവകളുടെ ശരീരങ്ങളെ പ്രകാശമയമാകുന്നു. നീ സർവ്വവ്യാപകന്. സർവ്വദ്രഷ്ടാവും ആകുന്നു. നീ ധാരകമായ രസത്തെ ഒഴുക്കുന്നു.

**5. വിശ്വാ ധാമാനി വിശ്വചക്ഷ ഋഭ്വസഃ പ്രഭോസ്തേ സതഃ പരി യന്തി കേതവഃ |**
**വ്യാനശിഃ പവസേ സോമ ധർമഭിഃ പതിർവിശ്വസ്യ ഭുവനസ്യ രാജസി ||**

വിശ്വദർശികൻ പ്രഭുവായ നിൻെറ വലിയ അടയാളം എല്ലാത്തേജസ്സുകളിലും വലയം ചെയ്യുന്നു. സോമമേ! സർവ്വവ്യാപിയായ നീ ധർമ്മമൊഴുക്കുന്നു. ഉലകിനൊക്കെ ഉടമയായ രാജാവാണവിടുന്ന്.

**6. ഉഭയതഃ പവമാനസ്യ രശ്മയോ ധ്രുവസ്യ സതഃ പരി യന്തി കേതവഃ |**
**യദീ പവിത്രേ അധി മൃജ്യതേ ഹരിഃ സത്താ നി യോനാ കലശേഷു സീദതി ||**

ഈ സോമം അരിപ്പയിൽ ശുദ്ധനാകുന്നു. ഇതിൻെറ പ്രകാശരശ്മികൾ എല്ലായിടത്തും വ്യാപിക്കുന്നു. ഈ സോമം അതിൻെറ അഭയസ്ഥാനമായ കുടത്തിൽ വിശ്രമിക്കുന്നു.

**7. യജ്ഞസ്യ കേതുഃ പവതേ സ്വധ്വരഃ സോമോ ദേവാനാമുപ യാതി നിഷ്കൃതം |**

**സഹസ്രധാരഃ പരി കോശമർഷതി വൃഷാ പവിത്രമത്യേതി രോരുവത് ||**

യജ്ഞത്തെ സുശോഭിതമാക്കുന്ന ഈ സോമം ഒഴുകിച്ചെന്ന് ദേവസ്ഥാനത്തെ പ്രാപിക്കുന്നു. അസംഖ്യം ധാരകളോടുകൂടിയ ഈ സോമം അരിപ്പയെ തരണം ചെയ്ത് ദ്രോണകലശത്തിലേയ്ക്കെത്തിക്കുന്നു.

**8. രാജാ സമുദ്രം നദ്യോ വി ഗാഹതേ പാമൂർമിം നചതേ സിന്ധുഷു ശ്രിതഃ |**

**അധ്യസ്ഥ ത്സാനു പവമാനോ അവ്യയംനാ പൃഥിവ്യാ ധരുണേ മഹോ ദിവഃ ||**

നദികൾ സമുദ്രത്തിൽ ചേരുന്നതുപോലെ ജലത്തോടു ചേരുന്നു. ജലത്തിൽ വസിച്ചുകൊ് അരിപ്പയിലെത്തി ഭൂമിയുടെ നാഭീരൂപമായ യജ്ഞയിൽ നിവസിക്കുകയും ആകാശത്തെ താങ്ങി നിർത്തുകയും ചെയ്യുന്നു.

**9. ദിവോ ന സാനു സ്തനയന്ന ചിക്രദദ്ദ്യൗശ്ച യസ്യ പൃഥിവീ ച ധർമഭിഃ |**

**ഇന്ദ്രസ്യ സഖ്യം പവതേവിവേ വീദ്തസാമഃ പുനാന കലശേഷു സീദതി ||**

സ്വന്തം മഹിമയാൽ തന്നെ ഈ സോമം വാനുഴികളെ താങ്ങി നിർത്തുകയും, സ്വർഗ്ഗത്തിൻെറ ഉന്നതസ്ഥാനത്തിരുന്നു ശബ്ദിക്കുകയും ചെയ്യുന്നു. ഇന്ദ്രനുവേി മൈത്രീസ്ഥാപിക്കുന്നതിന് അരിപ്പയിലരിക്കപ്പെട്ട ഈ സോമം ദ്രോണകലശത്തിൽ പ്രവേശിക്കുന്നു.

**10. ജ്യോതിർ യജ്ഞസ്യ പവതേ മധു പ്രിയം ദേവാനാ ജനിതാ വിഭൂവസുഃ |**

**ദധാതി രത്നം സ്വധയോരപിച്യം മദിന്തമോമത്സര ഇന്ദ്രിയോ രസഃ ||**

ഈ സോമം ദേവകളുടെ പാലകനും, യജ്ഞത്തിൻെറ പ്രചാരകനും, ഐശ്വര്യവാനുമാകുന്നു. ഇതിൻെറ രസം ദേവകൾക്കു വളരെ പ്രിയങ്കരമാകുന്നു. തൻെറ രസത്തെ അവൻ വർഷിക്കുകയും ദിവ്യവും പാർഥിവവും ആയ ധനങ്ങളെ സ്തോതാക്കൾക്കു കൊടുക്കുകയും ചെയ്യുന്നു. ഇവൻ ഇന്ദ്രനെ തടിപ്പിക്കുകയും ചെയ്യുന്നു, രസരൂപനും അത്യന്തം ഹർഷകാരിയും ആകുന്നു.

**11. അഭിക്രന്ദൻകലശം വാജ്യർഷതി പതിർദിവഃ ശതധാരോ വിചക്ഷണഃ |**

**ഹിരർമിത്രസ്യ സദനേഷു സീദതി മർമൃജാനോ വിഭിഃ സിന്ധുഭിർവൃഷാ ||**

പച്ചവർണ്ണനും, നൂറുധാരകളോടു കൂടിയവനും ഗതിമാനും ആയ ഈ സോമം ദേവകളോടു ബന്ധപ്പെടുന്നതിനായി കുടത്തിൽ വീഴുകയും, ശബ്ദിക്കുകയും ചെയ്യുന്നു. അത് അരിപ്പയിൽകൂടി അരിപ്പയിൽ കൂടി അരിക്കപ്പെട്ട് എല്ലാത്തിനേയും ശുദ്ധീകരിക്കുന്നവനായിത്തീരുന്നു.

**12. അഗ്രേ സിന്ധൂനാം പവമാനോ അർഷ്യതഗ്രേ വാചോ അഗ്രിയോ ഗോഷു ഗഛതി |**

**അഗ്രേ വാജസ്യ ഭജതേ മഹാധനം സ്വായുധഃ സോതൃഭിഃ പൂയതേ വൃഷാ ||**

ഉത്കൃഷ്ടമായ സോമം മാധ്യമികമായ വാക്കുകളുടെ മുിൽ നടക്കുന്നു. ഈ ഗതിമാൻ ജലത്തിനുമുന്നിൽ നടക്കുന്നു. അന്നപ്രാപ്തിയ്ക്കുവേി യുദ്ധത്തെ വഹിക്കുന്നു. കിരണങ്ങളിൽ പ്രവിഷ്ടമായ സോമം സുന്ദരായുധനും, ഋത്വിക്കുകളാൽ ശുദ്ധീകരിക്കപ്പെടുന്നവനും ആകുന്നു.

**13. അയം മതവാഞ്ഛകനോ യഥാ ഹിതോ വ്യ സസാര പവമാന ഊർമിണാ |**

**കവ ക്രത്വാ രോദസീ അന്തരാ കവേ ശുചിർധിയാ പവതേ സോമ ഇന്ദ്ര തേ ||**

സ്തുതികളാൽ പൂർണ്ണമായ ഈ സോമം അതിൻെറ രസത്തോടു കൂടി പക്ഷിയുടെ വേഗത്തോടു കൂടി അരിപ്പയിലെത്തുന്നു. ഹേ ഇന്ദ്രാ! ആകാശത്തിൻേറയും ഭൂമിയുടേയും ഇടയിൽ സമ്പന്നമായ സോമം നിൻെറ കർമ്മത്താൽ തന്നെ ഒഴുകുന്നു.

**14. ദ്രാപിം വസാനോ യജതോ ദിവിസ്പൃശമന്തരി ക്ഷപ്രാ ഭൂവനേഷ്വർപിതഃ |**

**സ്വർജജ്ഞാനോ നഭസാഭ്യക്രമീത് പ്രത്നമസ്യ പിതരമാ വിവാസതി ||**

സ്വർഗ്ഗത്തെ സ്പർശിക്കുന്ന തേജോമയമായ സോമം അന്തരീക്ഷത്തെ പൂർണ്ണമാക്കുന്നു. ഇത് ജലത്തോടു ചേർന്ന് നവീനസ്വർഗ്ഗത്തെ സൃഷ്ടിക്കുകയും ജലരൂപത്തിൽ പ്രവഹിക്കുകയും ചെയ്യുന്നു. ആ സോമം ജലത്തെ സൃഷ്ടിക്കുന്ന സനാതനനായ ഇന്ദ്രനെ സേവിക്കുന്നു.

**15. സോ അസ്യ വിശേ മഹി ശർമ യഛന്തി യോ അസ്യ ധാമാ പ്രഥമം വ്യാനശേ |**

**പദം യദസ്യ പരമേ വ്യോമന്യുതോ വിശ്വാ അഭി സം യാതി സംയതഃ ||**

ഇന്ദ്രൻെറ മഹാശരീരത്തെ ആദ്യം പ്രാപിച്ചത് സോമം തന്നെയാണ്. ഇത് ഇന്ദ്രനു വളരെയധികം സുഖം നൽകുന്നു. ഇത് ഉത്തമമായ വേദങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇതിൽകൂടി തൃപ്തനായ ഇന്ദ്രൻ ജലത്തെ സൃഷ്ടിക്കുന്ന സനാതനനായ ഇന്ദ്രനെ സേവിക്കുന്നു.

**16. പ്രോ അയാസീദിന്ദുരിന്ദ്രസ്യ നിഷ്കൃത സഖാ സഖ്യുനർ പ്ര മിനാതി സങ്ഗിരം |**

**മർയഇവ യുവതിഭിഃ സമർഷതി സോമഃ കലശേ ശതയാമ്നാപഥാ ||**

ഇന്ദ്രൻെറ ഉദരത്തിൽ പ്രവേശിക്കുന്ന സോമം അവൻെറ ഹൃദയത്തെ കഷ്ടപ്പെടുത്തുന്നില്ല. ഈ സോമം ജലങ്ങളോടു കലർന്ന് അനേകം ദ്വാരങ്ങളോടുകൂടിയ അരിപ്പയെ തരണം ചെയ്ത് ദ്രോണകലശത്തെ പ്രാപിക്കുന്നു.

**17. പ്ര വോ ധിയോ മന്ദ്രയുവോ വിപന്യുവഃ പനസ്യുവഃ സംവസനേഷ്വക്രമുഃ |**

**സോമം മനീഷാ അഭ്യനൂഷത സ്തുഭോ ഭി ധേനവഃ പയസേമശിശ്രിയുഃ ||**

ഹേ സോമമേ! സ്തുതിതല്പരരായ സ്തോതാക്കൾ സോമയാഗമണ്ഡപത്തിൽ സഞ്ചരിക്കുന്നു. ഈ സ്തോതാക്കൾ സോമത്തെ സ്തുതിക്കുന്നു. ഗോക്കൾ ഇതിൽ പാൽ ചേർത്ത് മധുരമയമാക്കുന്നു.

**18. ആ നഃ സോമ സംയതം പീപ്യുഷീമിഷമിന്ദോ പവസ്വ പവമാനോ അസ്രിധം |**

**യാ നോ ദോഹതേത്രിരഹന്നാസശ്ചുഷീ**

**ക്ഷുമദ്വാജവൻമധുമത്സുവീര്യം ||**

ഹേ സോമമേ! അക്ഷുണ്ണമായ അന്നം ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ. നിൻെറ ആ അന്നം ആശ്രയം നൽകുന്നതും മധുഭാഷിണിയും, സുന്ദരവും, സമർത്ഥവും പുത്രപ്രാപ്തിക്കുതകുന്നതുമാണല്ലോ.

**19. വൃഷാമതീനാം പവതേ വിചക്ഷണഃ സോമോ അഹ്നഃ**

**പ്രതരീതോഷസോ ദിവഃ |**

**ക്രാണാ സിന്ധൂനാം കലശാ അവീവശദിന്ദ്രസ്യ ഹാർദ്യാ**

**അവീവശദിന്ദ്രസ്യ ഹാർദ്യാവിൽൻമനീഷിഭിഃ ||**

ഈ സോമം സ്തോതാക്കളുടെ അഭീഷ്ടങ്ങളെ രക്ഷിക്കുന്നവരെ പുഷ്ടിപ്പെടുത്തുന്നു. ഇത് സൂര്യനേയും ജലത്തേയും സൃഷ്ടിക്കുന്നു. കലശത്തിൽ പ്രവേശിക്കുന്ന ഈ സോമം ഇന്ദ്രൻെറ ഹൃദയത്തിൽ രമിക്കുന്നു.

**20. മനിഷിഭിഃ പവതേ പൂർവ്യഃ കവിർനൃഭിര്യതഃ പരി**

**കോശാം അചിക്രദത് |**

**ത്രിതസ്യ നാമ ജനയൻമധു ക്ഷരിദിന്ദ്രസ്യ വാ യോഃ**

**സഖ്യായ കർതവേ ||**

ഈ സോമം വിദ്വാൻമാരാലും ഋത്വിക്കികളാലും സംസ്കരിക്കപ്പെട്ട് കലശത്തിൽ ശബ്ദിക്കുന്നു. യജമാനനുവേി ജലം വർഷിക്കുന്ന ഈ സോമം ഇന്ദ്രനു വായുവും ആയി സഖ്യഭാവം പുലർത്തുന്നതിന് മധുവർഷിക്കുന്നു.

**21. അയം പുനാന ഉഷസോ വില രോചയദയം**

**സിന്ധുഭ്യോ അഭവദു ലോകകൃത |**

**അയം ത്രിഃ സപ്ത ദുദുഹാന ആശിരംസോമേ ഹൃദേ**

**പവതേ ചാരു മത്സരഃ ||**

പ്രഭാതസവനത്തിൽ ഈ സോമം അത്യന്തം സുസജ്ജിതമാകുന്നു. ശുദ്ധജലത്തിൽ വളരുന്ന ഈ സോമം ലോകങ്ങളുടെ രചയിതാവാകുന്നു. ഹർഷാകാരിയായ ഈ സോമം ഹൃദയത്തിൽ പ്രവേശിക്കുവാൻ ഉദ്യുക്തമാകുന്നു. ഇരുപത്തൊന്ന് ഋത്വിക്കുകൾ ഇതിനെ കറക്കുന്നു.

**22. പവസ്വ സോമ ദിവ്യേഷു ധാമസു സൃജാന ഇന്ദോ**

**കലശേഛ പവിത്ര ആ |**

**സീദന്നിന്ദ്രസ്യ ജംരേ കനിറകദന്നൃഭിയർതഃ**

**സൂര്യമാരോഹരോ യാദിവി ||**

ഹേ കലസസ്ഥിതമായ സോമമേ! നീ ദേവകളെ സേവിക്കുകയും അവരുടെ ഉദരത്തിർ വിശ്രമിക്കുകയും ചെയ്യു. ഋത്വിക്കുകളാൽ ഹോമിക്കപ്പെട്ട സോമം ഇന്ദ്രൻെറ ഉദരത്തിൽ ശബ്ദിക്കുന്നു. ഈ സോമം തന്നെയാണല്ലോ പകലിൻേറയും സ്രഷ്ടാവായ സൂര്യനെ ആകാശത്തിൽ പ്രതിഷ്ഠിച്ചത്.

**23. അദ്രിഭിഃ സുതഃ പവസേ പവിത്ര ആം ഇന്ദവിന്ദ്രസ്യ**

**ജാരേഷ്വാവിശൻ |**

**ത്വം നൃചക്ഷാ അഭവോ വിചക്ഷണ സോമ**

**ഗോത്രമങ്ഗിരോ ഭ്യോ വൃണോരപ ||**

ഹേ സോമമേ! നീ അമ്മികൊടിടിച്ചു പിഴിയപ്പെട്ട് അരിപ്പയിൽക്കൂടി കടന്ന് ഇന്ദ്രൻെറ ഉദരത്തിലെത്തുവാനാശിക്കുന്നു. നീ മനുഷ്യയത്നത്തിൽ സർവ്വദർശനനാകുന്നു. നീ തന്നെയാണല്ലോ ഗോക്കളെ മറിച്ചിരുന്ന പർവ്വതത്തെ അംഗിരസ്സുകൾക്കു തുറന്നുകൊടുക്കുന്നതു.

**24. ത്വാം സോമ പവമാനം സ്വാദ്യോ നു വിപ്രാസോ**

**അമദന്നവസ്യവഃ |**

**ത്വാം സുപർണ ആഭരദ് ദി വസ്പരീന്ദോ വിശ്വാഭിർമതിഭിഃ**

**പരിഷ്കൃതം ||**

ഹേ പവമാനസോമമേ! വിദ്വാൻമാരും രക്ഷാമാൻമാരുമായ സ്തോതാക്കൾ നിന്നെ സ്തുതിക്കുന്നു. നീ ആകാശത്തിൽ സ്തുതികളാൽ സുസജ്ജിതനായിരുന്നപ്പോൾ പരുന്ത് അങ്ങയെ ഇവിടേയ്ക്കുകൊുവന്നു.

**25. അവ്യേ പുനാനാം പരി വാര ഊർമിണാ ഹരിം നവന്തേ**

**അഭി സപ്തധേനവഃ |**

**അപാമുപസ്യേ അധ്യായവഃ കവിമൃതസ്യ വോനാ മഹിഷാ**

**അഹേഷത ||**

ഹേ സോമമേ! പച്ചവർണ്ണനായ നീ സപ്തഗായത്രാദികളാൽ ഛന്ദസ്സുകൾ അരിപ്പയിൽ വീഴിക്കുന്നു. ദീർഘായുഷ്മാൻമാരായ മെധാവികൾ നിന്നെ അന്തരീക്ഷത്തിൻെറ ജലത്തിൽ പ്രേരിതമാക്കുന്നു.

**26. ഇന്ദു പുനാനോ അതി ഗാഹതേ മൃധോ വിശവാനി**

**കൃണ്വൻസുപഥാനി യജ്യവേ |**

**ഗാഃ കൃണ്വാനോ നിർണിജം ഹര്യതഃ കവിരത്യോ ന**

**ക്രീളൻപരി വാരർഷതി ||**

യജ്ഞം നടത്തുന്ന യജമാനൻമാർക്കുവേി ഈ സോമം ശത്രുക്കളെ പിന്നിട്ട്; വഴിയൊരുക്കി കുടത്തിൽ വീഴുന്നു. ഈ സോമം അശ്വത്തെപ്പോലെ കുതിച്ചുചാടി രസായനരൂപനായി അരിപ്പയെ പ്രാപിക്കുന്നു.

**27. അസശ്ചതഃ ശതധാര അഭിശ്രിയോ ഹരിം നവന്തേ വ**

**താ ഉദന്യുവഃ |**

**ക്ഷിപോ മൃജന്തി പരി ഗോഭിരാവൃതംതൃതീയേ പൃഷ്ഠേ**

**അധി രോചനേ ദിവഃ ||**

ശതധാരകളോടു കൂടിയ സോമത്തെ ആശ്രിയിച്ചു കഴിയുന്ന സൂര്യരശ്മികൾ ഇന്ദ്രൻെറ അടുക്കലെത്തുന്നു. ആകാശസ്ഥിതവും, രശ്മികളാൽ ആഛാദിതവുമായ സോമത്തെ വിരലുകൾ സംസ്കരിക്കുന്നു.

**28. തവേമാഃ പ്രജാ ദിവ്യസ്യ രേതസസ്ത്വം വിശ്വസ്യ**

**ഭൂവനസ്യ രാജസി |**

**അഥേദം വിശ്വപവമാന തേ വശേ ത്വമിന്ദോ പ്രഥമോ**

**ധാമധാ അസി ||**

ഹേ വിശ്വാധിപതിയായ സോമമേ! എല്ലാ ജീവികളും നിൻെറ തേജസ്സിൽ നിന്നും ജനിക്കുന്നു. നീ ലോകത്തെ താങ്ങി നിർത്തുന്നു. അതിനാൽ ഈ ലോകം നിന്നെ ആശ്രയിച്ചിരിക്കുന്നു.

**29. ത്വം സമുദ്രോ ാസി വിശ്വവിത്ക വേ തവേമാഃ പഞ്ച**

**പ്രദിശോ വിധർമണി |**

**ത്വം ദ്യാം ചപൃഥിവീം ചാതി ജ ഭ്രഷേ തവ ജ്യോതിഷിം**

**പവമാന സൂര്യഃ ||**

ആകാശത്തേയും ദിക്കുകളേയും താങ്ങി നിർത്തുന്ന സോമമേ! നീ ആകാശത്തിൻേറയും ഭൂമിയുടേയും വാഹകനാകുന്നു. നീ

ലോകത്തെ അറിയുന്നവനാകുന്നു. നിന്റെ രശ്മികൾ സൂര്യനിൽക്കൂടി പുഷ്ടിയെ പ്രാപിക്കുന്നു.

**30. ത്വം പവിത്രേ രജസോ വിധർമണി ദേവേഭ്യഃ സോമ പവമാന പൂയസേ |**
**ത്വാമുശിജഃ പ്രഥമാ അഗൃഭ്ണത തുഭ്യേ മാ വിശ്വാ ഭുവനാനി യേമിരേ ||**

ഹേ സോമമേ! നീ അരിപ്പയിൽ ശുദ്ധീകരിക്കപ്പെടുന്നു. ജ്ഞാനികളായ ഋത്വിക്കുകൾ ദേവകൾക്കുവേി നിന്നെ സ്വീകരിക്കുന്നു. ലോകത്തിലെ എല്ലാ ജീവികളും നിന്റെ സേവയ്ക്കു തയ്യാറായിരിക്കുന്നു.

**31. പ്ര രേഭ ഏത്യതി വാരമവ്യയം വൃഷാ വനേഷ്വവ ചക്രദദ്ധരിഃ |**
**സം ധീതയോ വാവശാ നാ അനൂഷത ശിശും രിഹന്തി മതയഃ പനിപ്നതം ||**

ഹരിതവർണ്ണനും, സേചകനും ജലത്തിൽ ശബ്ദിക്കുന്നവനു മായ ഈ സോമം അരിപ്പയിൽ പ്രവേശിക്കുന്നു. സോമകാമ ങ്ങളായ സ്തോത്രങ്ങളും, അവയുടെ സ്തോതാക്കളും ബാലൻമാരെപ്പോടെ ഒച്ചവക്കുന്ന സോമത്തിന്റെ യശസ്സിനെ പ്രകീർത്തിക്കുന്നു.

**32. സ സൂര്യസ്യ രശ്മിഭിഃ പരി വ്യത തന്തും തന്വാനസ്ത്രിവൃതം യഥാ വിദേ |**
**നയന്നൃതസ്യ പ്രശിഷോ നവീയസീഃ പതിർജനീമുപ യാതി നിഷ്കൃതം ||**

മൂന്നുസവനങ്ങൾ വഴിയായി യജ്ഞത്തെ പൂഷ്ഠിപ്പെടുത്തുന്ന സോമം സ്വയം സൂര്യരശ്മികളാൽ ആഛാദനം ചെയ്യുന്നു. ശുദ്ധീകരിക്കപ്പെട്ട ഈ സോമം പാത്രങ്ങളിൽ പതിച്ച് എല്ലാവരാലും അറിയപ്പെട്ടവനായി എല്ലാജീവരാശികളുടേയും ഈശ്വരനായിത്തീരുന്നു.

**33. രാജാ സിന്ധൂനാം പവതേ പതിർദിവ ഋതസ്യ യാതി പഥിഭിഃ കനിക്രദത് |**
**സഹസ്രധാരഃ പരി ഷിച്യതേ ഹരിഃ പുനാനോ വാചം ജനയന്നുപാവസുഃ ||**

സ്വർഗ്ഗത്തിന്റേയും ജലത്തിന്റേയും നാഥനായ ഈ സോമം യജ്ഞമാർഗ്ഗത്തിൽകൂടി ശബ്ദിച്ചുകൊുപോകുന്നു. അസംഖ്യം ധാരകളോടുകൂടിയ ഇവൻ പ ാത്രങ്ങളിൽ സേചിക്ക പ്പെടുന്നു.

**34. പവമാന മഹ്യർണോ വി ധാവസി സൂരോ ന ചിത്രോ അവ്യയാനി പവ്യയാ |**
**ഗഭസ്തിപൂതോ നൃഭി രദ്രിഭിഃ സൂതോ മഹേ വാജായ ധന്യായ ധന്വസി ||**

ഹേ സോമമേ! രസവർഷകനായ നീ ആദിത്യനേപ്പോലെ പൂജനീയനാകുന്നു. നീ അനേകരാൽ പിഴിയപ്പെടുന്നു. ധനലാഭത്തിനായി നീ രണക്ഷേത്രത്തിങ്കലേയ്ക്കു പോകുന്നു.

**35. ഇഷമൂർജം പവമാനാഭ്യർഷസി ശ്യേനോ ന വംസു കലശേഷു സീദസി |**
**ഇന്ദ്രായ മദ്വാ മദ്യോ മദഃ സുതോദിവോ വിഷ്ടംഭ ഉപമോ വിചക്ഷണഃ ||**

ഹേ സോമമേ! പരുന്ത് അതിന്റെ നീഡത്തിലേയ്ക്കുപോകുന്നതുപോലെ നീ കുടത്തിലേയ്ക്കു പോകുന്നു. നീ അന്നവാനും, ദൂരദർശിയും, ആകാശത്തെ താങ്ങി നിർത്തുന്നവനും ആകുന്നു. നിന്റെ മദകരമായ രസം ഇന്ദ്രനു വേി പിഴിഞ്ഞിരിക്കുന്നു.

**36. സപ്ത സ്വസാരോ അഭി അഭി മാതരഃ ശിശും നവം ജജ്ഞാനം ജേന്യം വിപശ്ചിതം |**
**അപാം ഗന്ധർവം ദിവ്യം നൃചക്ഷസം സോമം വിശ്വസ്യ ഭുവനസ്യ രാജസേ ||**

ഈ സോമം ജലത്തിന്റെ പിതാവും, സ്വർഗ്ഗത്തിൽ ജനിച്ചവനും ജ്ഞാനികളായ മനുഷ്യരുടെ കർമ്മങ്ങളെ കാണുന്നവനും ആയ സോമനുതുല്യനാകുന്നു. മാതാപിതാക്കൾ തങ്ങളുടെ ശിശുക്കളുടെ അടുക്കലേയ്ക്കു പോകുന്നതുപോലെ സപ്തനദികൾ ഇദ്ദേഹത്തിന്റെ അടുക്കലേയ്ക്കു വരുന്നു.

**37. ഈശാന ഇമാ ഭുവനാനി വീയസേ യുജാന ഇന്ദോ ഹരിതഃ സുപർണ്യഃ |**
**താസ്തേ ക്ഷരന്തു മധുമദ്ഘൃതം പയസ്തവ വ്റതേ സോമ തിഷ്ഠന്തു കൃഷ്ടയഃ ||**

ഹേ സോമമേ! ഭവാൻ ഹരിതാഭനും, എല്ലാവരുടേയും നായകനും, എല്ലാലോകങ്ങളിലും സഞ്ചരിക്കുന്നവനും ആണല്ലോ. നിനക്കുവേി മധുരഘൃതത്തെയും, പാലിനേയും, ജലത്തേയും അശ്വം വഹിച്ചുകൊുവരണേ. മനുഷ്യൻ നിന്റെ അധീനതയിൽ വസിക്കണേ.

**38. ത്വം നൃചക്ഷാ അസി സോമ വിശ്വതഃ പവമാന വൃഷഭ താ വി ധാവസി |**
**സ നഃ പവസ്വ വസുമദ്ധിരണ്യവദ്വയം സ്യാമ ഭുവനേഷു ജീവസേ ||**

ഹേ ജലവർഷകനായ സോമമേ! നീ വിഭന്നഗതികളോടു കൂടി മനുഷ്യരെ നോക്കുന്നു. നീ ഞങ്ങൾക്ക് സ്വർണ്ണം, ഗോക്കൾ ആദിയായ ഐശ്വര്യം പ്രദാനം ചെയ്താലും. ഞങ്ങൾ ധനസമ്പന്നരായി പൂർണ്ണായുഷ്മാൻമാരായി ജീവിക്കണേ.

**39. ഗോവത്പവസ്വ വസുവിദ്ധിരണ്യവിദ്രേ തോധാ ഇന്ദോ ഭുവനേഷ്വർപിതഃ |**
**ത്വം സുവീരോ അസി സോമ വിശ്വവിത്തം ത്വാ വിപ്രാ ഉപ സിരേമ ആസതേ ||**

ഹേ സോമമേ! നീ ജലധാരകനും, ധനവർഷകനും, സ്വർണ്ണാദികൾ നൽകുന്നവനും, വീര്യവാനും ആകുന്നു. ഹേ എല്ലാമറിയുന്നവനേ! ജ്ഞാനികൾ നിന്നെ സ്തുതിക്കുന്നു. അതിനാൽ മധുരരസത്തോടുകൂടി നീ പ്രവഹിച്ചാലും.

**40. ഉൻമധ്വ ഊർമിർവനനാ അതിഷ്ഠിപദപോ വസാനോ | മഹിഷോ വ്യാജമാരുഹത്സഹസ്രഭൃഷ്ടിർജയതി ശ്രവോ ബൃഹത് ||**

മഹിമാന്വിതനായ ഈ സോമം ജലത്തിൽ കലർന്ന് കുടത്തെ ആശ്രയിക്കുന്നു. ഇവൻ തന്റെ അരിപ്പയാകുന്ന രഥത്തിൽ കയറി യുദ്ധം ചെയ്യുന്നു. പിഴിയുന്ന സമയം ഈ സോമം സ്തോത്രങ്ങളെ ചൈതന്യപ്പെടുത്തുകയും ഞങ്ങൾക്കുവേി അന്നരൂപമായ ഐശ്വര്യത്തെ കീഴടക്കുകയും ചെയ്യുന്നു.

**41. സ ഭന്ദനാ ഊദിയർതി പ്രജാവതീർവിശ്വായുർവിശ്വാഃ സുഭരാ അഹർദിവി |**
**ബ്രഹ്മ പ്രജാവദ്രയിമശ്വപസ്ത്യം പീത ഇന്ദവിന്ദ്രസ്മഭ്യം**

**യാചതാത് ||**

ഈ സോമം പ്രജകളേയും ദിവസങ്ങളേയും, പൂർണ്ണമാക്കുന്ന സ്തുതികളെ പ്രേരിപ്പിക്കുന്നു. ഹേ സോമമേ! ഇന്ദ്രനാൽ പാനം ചെയ്യപ്പെടുന്ന നീ ഞങ്ങൾക്കുവേി അത്യന്തം ഉപയുക്തമായ അന്നത്തേയും, വീടിനെ പരിപൂർണ്ണമാക്കുന്ന സുന്ദരമായ ഐശ്വര്യത്തേയും യാചിച്ചാലും.

**42. സോ അഗ്രേ അഹനാം ഹരിർഹയതോ മദഃ പ്ര ചേതസാ ചേതയതേ അനു ദ്യുഭിഃ |**
**ദ്വാ ജനാ യാതന്നന്തരീയതേ നരാ ച ശംസം ദൈവ്യം ച ധർതരി ||**

ഈ സോമം സ്തോതാക്കളുടെ പ്രഭാതകാല സ്തുതികൾ വഴിയായി അറിയപ്പെടുന്നു. വാനൂഴികളുടെ ഇടയിൽക്കൂടി സഞ്ചരിക്കുന്ന ഇവൻ ദേവകളേയും മനുഷ്യരേയും കർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നു. ദേവകളേയും മനുഷ്യരേയും കർമ്മങ്ങൾക്കായി പ്രേരിപ്പിക്കുന്നു.

**43. അഞ്ജതേ വ്യഞ്ജതേ സമഞ്ജതേ ഋതം രിഹന്തി മധുനാഭ്യഞ്ജതേ |**
**സിന്ധോരുഛ്റവാസേ പതയന്തമുക്ഷണം ഹിരണ്യ പാവാഃ പശുമാസു ഗൃഷ്ണതേ ||**

ഈ സോമരസത്തെ ഋത്വിക്കുകൾ പശുവിൻ പാലിൽ കലർത്തുകയും, ദേവഗണം, ബലകാരിയായ ഈ പേയത്തെ ആസ്വദിക്കുകയും ചെയ്യുന്നു. ഈ സോമം വർഷകനാകുന്നു. ഇവൻെറ രസം മുകളിലേയ്ക്കുയരുന്നു. അപ്പോൾ ഇവൻ നിമ്നഗാമിയാകുന്നു. പശുവിനെ ജലത്തിൽ കൊുചെന്ന് ശുദ്ധമാക്കുന്നതുപോലെ ജലത്തിൽ ചേർത്തു ഈ സോമം ശുദ്ധീകരിക്കപ്പെടുന്നു.

**44. വിപശ്ചിതേ പവമാനായ ഗായത മഹീ ന ധാരാത്യാ അർഷതി |**
**അഹിർന ജൂർണാമതി സർപതി ത്വചമത്യോ ന ക്രീളന്നസര ദ്വഷാ ഹരിഃ ||**

ഹേ ഋത്വിജൻമാരേ! സോമത്തെ സ്തുതിക്കുവിൻ. ഈ സോമം രസരൂപമായ അന്നത്തെ വിട്ടുപോരുന്നു. സർപ്പം അതിൻെറ പടം ഉപേക്ഷിക്കുന്നതുപോലെ ഈ സോമം പിഴിയൽ വഴിയായി സ്വന്തം ശരീരവുമായി വേർപെടുന്നു. ഇത് കളിക്കുന്ന കുതിരക്കുട്ടിയെപ്പോലെ അരിപ്പയിൽക്കൂടി കലശത്തി ലേയ്ക്കൊഴുകുന്നു.

**45. അഗ്രേഗോ രാജാപ്യസ്തവിഷ്യതേ വിമാനോ അഹ്നാം ഭുവനേഷ്വർപിതഃ |**
**ഹരിർഘ്യതസ്നുഃ സുദൃശീകോ അർണവോ ജ്യോതിരഥഃ പവതേ രായ ഓക്യഃ ||**

സുന്ദരഗുണവാനും; ജലത്തിൽ ശുദ്ധീകരിക്കപ്പെടുന്ന വനുമായ സോമം സ്തുതിക്കപ്പെടുന്നു. ഈ ഹരിതവർണ്ണൻ ജലത്തിൽ മിശ്രിതനും, ദിവസങ്ങളെ അളക്കുന്നവനും, ധനം കിട്ടുന്നവനും, മനോഹരമായിക്കാണപ്പെടുന്നവനും ആകുന്നു. ഇവൻ തൻെറ ഉജ്ജ്വലമായ അരിപ്പയാകുന്ന രഥത്തിൽക്കൂടി പ്രവഹിക്കുന്നു.

**46. അസർജി സ്തമ്ഭോ ദിവ ഉദ്യതോ മദഃ പരി ത്രിധാതുരഭുവനാന്യർഷതി |**
**അംശും രിഹന്തി മതയഃ പനിപ്നതം ഗിരാ യദി നിർണിജമൃഗ്മിണോ യയുഃ ||**

ഈ സോമങ്ങൾ തന്നെ വിണ്ണിനെ താങ്ങിനിർത്തിയിരിക്കുന്നു. ത്രിസ്ഥാനിയായ ഈ സോമം പിഴിയപ്പെടുന്നു. എല്ലാ ലോകങ്ങളിലും സ്ഥാപിതനായ ഈ സോമം ഋത്വിജൻമാരാൽ സ്തുതിക്കപ്പെടുന്നു. അപ്പോൾ അവരുടെ ശബ്ദത്തെ എല്ലാവരും ഇഷ്ടപ്പെടുന്നു.

**47. വ്ര തേ ധാരാ അത്യണ്വാനി മേഷ്യഃ പുനാനസ്യ സംയതോ യന്തി രംഹയഃ |**
**യദ് ഗോഭിരിന്ദോ ചമ്വോഃ സമജ്യസ ആ സുവാനപഃ സോമ കലുശേഷു സീദാംസി ||**

ഹേ സോമമേ! നീ ശുദ്ധീകരിക്കപ്പെടുമ്പോൾ നിൻെറ ഉജ്ജ്വലമായ ധാരകൾ അരിപ്പയെക്കടന്നൊഴുകുന്നു. നീ ജലത്തിൽ മിശ്രിതമാക്കപ്പെടുമ്പോൾ ദ്രോഷകലശത്തിൽ ഭവാൻ പ്രതിഷ്ഠിതനാകുന്നു.

**48. പാവസ്വ സോമ ക്രതുവിന്ന ഉക്ഥ്യേ വ്യോ വാരേ പരി ധംവ മധു പ്രിയം |**
**ജഹി വിശ്വാൻ രക്ഷസ ഇന്ദോ അത്രിണോ ബൃഹദ്വദേമ വിദഥേ സുവീരാഃ ||**

ഹേ സോമമേ! ഞങ്ങളുടെ യജ്ഞത്തിൽ ഒഴുകിയാലും. നീ ഞങ്ങളുടെ സ്തോത്രങ്ങളുടെ ജ്ഞാതാവാണല്ലോ, അതിനാൽ നിൻെറ പ്രിയങ്കരവും മധുരവുമായ രസത്തെ അരിപ്പയിൽകൂടി ഒഴുക്കിയാലും. ഹേ സോമമേ! ഞങ്ങളുടെ ശത്രുക്കളായ രാക്ഷസൻമാരെ വധിക്കേണമേ, ഞങ്ങൾ പുത്രവാൻമാരുമായി സുന്ദരസ്തുതികളുച്ചരിക്കുകയും നിന്നോട് ധനം യാചിക്കുകയും ചെയ്യും.

## സൂക്തം 87

**ഋഷി കവിപുത്രൻ ഉശതസ്സ്, ദേവത പവമാനസോമം, ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്ര തു ദ്രവ പരി കോശം നി ഷീദ നൃഭിഃ പുനാനോ അഭി വാജമർഷ |**
**അശ്വം ന ത്വാ വാജിനം മർജയന്തോ ച്ഛാ ബർഹീ രശനാഭിർനയന്തി ||**

ഹേ സോമമേ! ഋത്വിപൻമാരാൽ സംസ്ക്കരിക്കപ്പെട്ട് ദ്രോണകലശത്തിൽ വസിക്കുകയും യജമാനൻമാർക്ക് അന്നം പ്രദാനം ചെയ്യുകയും ചെയ്യേണമേ. ഹേ സോമമേ! നീ ഇവിടെ വേഗം വന്നാലും. അശ്വത്തെ കുളിപ്പിക്കുന്നതുപോലെ അധ്വര്യുക്കൾ ഈ സേ ാമത്തെ കഴുകിത്തുടയ്ക്കുന്നു.

**2. സ്വായുധഃ പവതേ ദേവ ഇന്ദുരശസ്തിഹാ വൃജനം അക്ഷമാണഃ |**
**പിതാ ദേവാനാം ജനിതാ സുദക്ഷോ വിഷ്ടമ്ഭോ ദിവോ ധരുണഃ പൃഥിവ്യാഃ ||**

ഈ സോമം അസുരൻമാരെ നശിപ്പിക്കുന്നു. ഈ പവമാനസോമസുന്ദരമായ ആയുധങ്ങളാൽ സമ്പന്നനും, വിഘ്നങ്ങളിൽ നിന്നും രക്ഷിക്കുന്നവനും, ദേവകളെ പാലിക്കുന്നവനും, ആകാശത്തേയും ഭൂമിയേയും ഉറപ്പിച്ചുനിർത്തുന്നവനും ആകുന്നു.

**3. ഋഷിർവിപ്രഃ പുരഏതാ ജനാനാമൃഭുർധീര ഉശനാ കാവ്യേന |**
**സ ചിദ്വിവേദ നിഹിതം യദാസാമപീച്യം ഗുഹ്യം നാമ ഗോനാം||**

മനുഷ്യരെ പ്രകടമാക്കുന്ന ഈ സോമം ജ്ഞാനിയും, അതീന്ദ്രിയദ്രഷ്ടാവും ആഗ്രഗാമിയും ആകുന്നു. ഈ സോമം ഋശ്നമഹർഷിയുടെ ഗോക്കളിലെ പാലിനോടും ജലത്തോടും ചേരുന്നു.

**4. ഏഷ സ്യ തേ മധ്യമാം ഇന്ദ്ര സോമോ വൃഷ്ണോ പരി പവിത്രേ അക്ഷാഃ |**
**സഹസ്രസ്ഥഃ ശതസാ ഭൂരിധാവ ശശ്വത്തമം ബർഹിരാ വാജ്യസ്ഥാത് ||**

ഹേ ഇന്ദ്രാ! നീ വൃഷ്ടിപ്രേരകനാണല്ലോ. മധുരമായ ഈ സോമരസം നിനക്കുവേി പിഴിഞ്ഞരിച്ചു വച്ചിരിക്കുന്നു. ഇത് ശതക്കണക്കിനും, സഹസ്രക്കണക്കിനും, ധനം നൽകുന്നു. ഇവൻ ബലയുക്തനും നിത്യനും; യജ്ഞത്തിൽ വസിക്കുന്നവനും ആകുന്നു.

**5. ഏതേ സോമാ അഭി ഗവ്യാ സഹസ്രാ മഹേ വാജായമൃതായ ശ്രവാംസി |**
**പവിത്രേഭിഃ പവമാനാ അസൃഗ്രഞ്ഛ്രവസ്യവോ ന പൃതനാജോ അത്യാഃ ||**

സേനകളെ ജയിക്കുന്ന കുതിരകളെപ്പോലെ അന്നകാമനായ സോമം ഗവ്യമിശ്രിതമായ അന്നസഹിതം അരിപ്പയിൽക്കൂടി ശുദ്ധീകരിക്കപ്പെട്ട് നാശരഹിതമായ ബലത്തോടു കൂടിയവനായിത്തീരുന്നു.

**6. പരി ഹി ഷ്മാ പുരുഹൂതോ ജനാനാം വിശ്വാസരഭ്ദോജനാ പൂയമാനഃ |**
**അഥാ ഭര ശ്യേനഭൃത പ്രയാംസി രയിം തുഞ്ജാനോ അഭി വാജമർഷ ||**

ശുദ്ധീകരിക്കപ്പെട്ട സോമം അനേകരാൽ വിളിക്കപ്പെടുന്നവനും, ഉപഭോഗ്യങ്ങളായ ധനങ്ങളെ പ്രദാനം ചെയ്യുന്നവനും ആകുന്നു. ഹേ സോമമേ! നീ ഞങ്ങൾക്ക് അന്നവും ധനവും നൽകിയാലും അതുപോലെ രസരൂപമായ അന്നവും കിട്ടുമാറാകണേ.

**7. ഏഷ സുവാനഃ പരി സോമം പവിത്രേ സർഗോ ന സൃഷ്ടോ അദധാവദർവാ |**
**തിഗ്മേ ശിശാരോ മഹിഷോ ന ശൃങ്ഗേ ഗാ ഗവ്യന്നഭിശൂരോ ന സത്വാ ||**

പിഴിഞ്ഞ സോമം ഓടുന്ന കുതിരയേപ്പോലെ അരിപ്പയിൽക്കു പോകുന്നു. അവൻ തൻെറ ധാരാരൂപമാകുന്ന കൊമ്പുകളെ തീക്ഷ്ണമാക്കിക്കൊ് ഗോക്കളേയും എരുമകളേയും ആഗ്രഹിക്കുന്ന വീരനെപ്പോലെ പാഞ്ഞുപ്പോകുന്നു.

**8. ഏഷാ യയൗ പരമാദന്തരദ്രേഃ കുചിത്സതീരൂർവേ ഗാ വിവേദ |**
**ദിവോ ന വിദ്യുത്സ്തനയന്ത്യഭ്രൈഃ സോമസ്യ തേ പവത ഇന്ദ്ര ധാരാ ||**

യാതൊരു സോമധാരകൾ പർവ്വതത്തിൽ ഒളിക്കപ്പെട്ട ഗോക്കളെ കുപിടിച്ചുവോ ആ ധാരകൾ മുകളിൽ നിന്നും ഒഴുകി പാത്രത്തിൽ വീഴുന്നു. ഹേ ഇന്ദ്രാ! ആകാശത്തിൽ പൊട്ടിച്ചിതറുന്ന ഇടിമിന്നൽപ്പോലെ ഈ ധാരകൾ നിനക്കുവേി സ്രവിക്കുന്നു.

**9. ഉത സ്മ രാശിം പരി യാസി ഗോനാമിന്ദ്രേണ സോമ സരഥം പുനാനഃ |**
**പൂർവീരിഷോ ബൃഹതീർജീരദാനോ ശിക്ഷാ ശചീവസ്തവ താ ഉപഷ്ടുത് ||**

ഹേ സോമമേ! ശുദ്ധനായ നീ മോഷ്ടിക്കപ്പെടപ്പെട്ട ഗോക്കളെ അന്വേക്ഷിക്കുന്നു. നീ ഇന്ദ്രനോടുകൂടി രഥാരൂഢനായി പോകുന്നു. സോമമേ! അന്നവാനായ നിന്നെ യജ്ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങൾക്ക് ശ്രേഷ്ഠമായ ഐശ്വര്യം നൽകണമേ.

## സൂക്തം 88

**ഋഷി ഉശനസ്, ദേവത പവമാനസോമം, ഛന്ദസ് ത്രിഷ്ടുപ്.**

**1. അയം സോമ ഇന്ദ്ര തുഭ്യം സുന്വേതുഭ്യം പവതേ ത്വമസ്യ പാഹി |**
**ത്വം ഹ യം ചകൃഷേ ത്വം വവൃഷ ഇന്ദും മദായ യുജ്യായ സോമം ||**

ഹേ ഇന്ദ്രാ! ഈ സോമം നിനക്കായി പിഴിഞ്ഞു വീഴ്ത്തുന്നു. നീ യാതൊരു സോമങ്ങളുടെ സ്രഷ്ടാവാകുന്നുവോ; അവയെ തന്നെ സ്വന്തം സഹായത്തിനുവേി സ്വീകരിച്ചാലും. ഹേ സോമപായി! മഹത്തായ ഹർഷം പ്രാപിക്കുന്നതിനായി ഈ സോമം പാനം ചെയ്യേണമേ.

**2. സ ഈം രഥോ ന ഭൂരിഷാളയോജി മഹഃ പുരൂണി സാതയേ വസൂനി |**
**ആദീം വിശ്വാ നഹുഷ്യാണി ജാതാ സ്വർഷാതാ വന ഊർധ്വാ നവന്ത ||**

രഥം അമിതമായ ഭാരം വഹിക്കുന്നതുപോലെ മഹിമാന്വിതനായ ഈ സോമം പ്രചുരമായ ഭാരം വഹിക്കുന്നു. ഈ ധനദാതാവായ സോമത്തെ രഥത്തെ എന്നതുപോലെ പൂട്ടപ്പെടുന്നു. യുദ്ധകാമൻമാരായ വീരനമാർ ഈ സോമങ്ങളെ വിജയത്തിനുവേി പടക്കളത്തിലേയ്ക്കുകൊുപോകുന്നു.

**3. വായുർന യോ നിയുത്വാം ഇഷ്ടയാമാ നാസത്യേവ ഷവ ആ ശമ്ഭവിഷ്ഠഃ |**
**വിശ്വവാരോ ദ്രവിണോദാഇവ തമൻപൂഷേവ ധീജവനോ സി സോമ ||**

വായുവിനെപ്പോലെ സ്വേച്ഛനുസരണം ഗമിക്കുന്നവനായ സോമം വായുവിൻെറ നിയുത്തുക്കളെ നയിക്കുന്നു. ഈ സോമം അശ്വിനികളേപ്പോലെ വിളിച്ചാലുടൻ തന്നെ വന്നുചേരുന്നു. സൂര്യതുല്യം തേജസ്വിയായ ഇവനു ധനികവ്യക്തിയെപ്പോലെ സർവ്വരാലും, ബഹുമാനിക്കപ്പെടുന്നു.

**4. ഇന്ദ്രോ ന യോ മഹാ കർമാണി ചക്രിർഹന്താ വൃത്രണാമസി സോമ പൂർഭിത് |**
**പൈദ്വോ ന ഹി ത്വമഹിനാമ്നാം ഹന്താ വിശ്വ സ്യാസി സോമ ദസ്യോഃ ||**

ഹേ സോമമേ! നീ ഇന്ദ്രനെപ്പോലെ തന്നെ മഹാകർമ്മാവും, ശത്രുക്കളെകൊല്ലുന്നവനും, അവരുടെ പുരങ്ങളെ തകർക്കുന്നവനും ആണ്. ഹേ സോമമേ! നീ ശത്രുക്കളുടേയും സംഹാരകനും ദുഷ്ടൻമാരെ നിഗ്രഹിക്കുന്നവനും ആകുന്നു.

**5.അഗ്നിർന യോ വന ആ സൃജ്യമാനോ വൃഥാ പജാംസി കൃണ്‌തേ നദീഷു |**
**ജനോ ന യുധ്വാ മഹത ഉപബ്ദിരിയർതി സോമഃ പവമാന ഊർമിം ||**

വനത്തിൽ പ്രത്യക്ഷമായ അഗ്നി തൻെറ ബലത്തെ പ്രകടിപ്പിക്കുന്നതുപ്പോലെ ജലത്തിൽ ജനിച്ച സോമം തൻെറ ബലം പ്രകടമാക്കുന്നു. സംഗ്രാമകതുകിയായ വീരനെപ്പോലെ ഭയങ്കരമായി ശബ്ദിക്കുന്ന ഈ സോമം അത്യന്തം ഗുണകരവും, മാധുര്യസമ്പന്നവുമായ രസത്തെ പ്രദാനം ചെയ്യുന്നു.

**6. ഏതേ സോമ അതി വാരാണ്യവ്യാ ദിവ്യാ ന കോശസോ**
**അഭ്ര വർഷാം |**
**വൃഥാ സമുദ്രം സിന്ധവോ ന നീചീഃ താസോ അഭി**
**കലശാം അസൃഗ്രൻ ||**

നദികൾ നിമ്നഗാമിനകളായി സമുദ്രത്തിൽ പതിക്കുന്നതുപോലെയും, മുകളിൽ നിന്നും പൃഷ്ടിജലം ഭൂമിയിലേയ്ക്കു ഭൂമിയിലേയ്ക്കുന്ന വരുന്നതുപോലെയും ഈ സോമം അരിപ്പയിൽക്കൂടിക്കടന്ന് കലശത്തിലെത്തുന്നു.

**7. ശുഷ്മീ ശർധോ ന മാരുതം പവസ്വാനഭിശസ്താ ദിവ്യാ**
**യഥാ വിട് |**
**അപോ ന മക്ഷൂ സുമതിർഭവാ ന സഹസ്രപ്സാഃ**
**പൃതനാഷാപ്ത യജ്ഞഃ ||**

മരുത്തുക്കളെപ്പോലെ ബലവാനായ സോമമേ! നീ ഭൂമിയിലേയ്ക്കൊഴുകിയാലും വായുവിനെപ്പോലെ ഒഴുകി ഞങ്ങൾക്കു സൽബുദ്ധി പ്രദാനം ചെയ്യണേ. ശത്രുജിത്തായ ഇന്ദ്രനുതുല്യം നീ യജമാനയോഗ്യനാകുന്നു.

**8. രാജ്ഞോ നു തേ വരുണസ്യ വ്രതാനി ബൃഹദ്ഭീരം**
**തവ സോമ ധാമ |**
**ശുചിഷ്മവ്മാസി പ്രിയോ ന മിത്രോ ദക്ഷായ്യോ**
**അർയമേവാസി സോമ ||**

ഹേ സോമമേ! നീ വിഘ്നങ്ങളെ ശാന്തമാക്കുന്നവനും, മഹാതേജസ്സോടുകൂടിയവനും, ഗംഭീരനുമാണല്ലോ. നീ അര്യമാവിനേപ്പോലെ പൂജനീയനും, മിത്രനുതുല്യം പവിത്രനുമാണല്ലോ. ഞാൻ നിൻെറ കർമ്മങ്ങളെ അതിവേഗം പ്രാപിക്കുന്നു.

## സൂക്തം 89

**ഋഷി ഉശിനസ്, ദേവത പവമാനസോമം, ഛന്ദസ് ത്രിഷ്ടുപ്.**

**1. പ്രോ സ്യ വഹ്നിഃ പഥ്യാഭിരസ്യാന്ദിവോ ന വൃഷ്ടിഃ**
**പവമാനോ അക്ഷാം |**
**സഹസ്രധാരോ അസദന്ന്യസ്മേ മാതുരുപസ്ഥേ വന ആ ച**
**സോമഃ ||**

ആകാശത്തിൽ നിന്നുള്ള മഴപോലെ യജ്ഞങ്ങളിൽ സോമരസം വർഷിക്കുന്നു. ആകാശത്തിൽ സ്ഥിതിചെയ്യുന്നു. അനേകം ധാരകളോടുകൂടിയ സോമം ഞങ്ങളുടെ അടുക്കൽ വിരാജിക്കുന്നു.

**2. രാജാ സിന്ധൂനാമവസ ഷ്ട വാസ ഋതസ്യ**
**നാവമാരുഹദ്രിജിഷ്ഠാം |**
**അപ്സു ദ്രപ്സോ വാവൃധേ ശ്യേനജൂതോ ദുഹ ഈം**
**പിതാ ദുഹ ഈം പിതുർജാം ||**

സോമം പയസ്വിനികളായ ഗോക്കളുടെ നായകനാകുന്നു. ഇത് പാലിൽ ചേർക്കപ്പെടുന്നു. ഇത് ാശത്തില നിന്നും പരുന്തിനാൽ കൊു വരപ്പെട്ടു. യജ്ഞത്തോണിയിൽ കയറുന്ന ഈ സോമത്തെ അവയുടെ രക്ഷകരും അധ്വര്യുക്കളും ദോഹനം ചെയ്യുന്നു.

**3. സിംഹം നസന്തമധ്വോ അയാസം ഹരിമരുഷം ദിവോ**
**അസ്യ പതിം |**
**ശൂരോ യുത്സു പ്രഥമഃ പൃച്ഛതേ ഗാ അസ്യ ചക്ഷസാ പരി**
**പാത്യുക്ഷാ ||**

ഈ സോമം ആകാശത്തിൻെറ അരചനാകുന്നു. ഇത് ജലങ്ങളുടെ പ്രേരകനും, ശത്രുഹന്താവും, ഹരിതവർണ്ണനും ആകുന്നു. യജമാനൻ ഈ സോമങ്ങളെ തനിക്കധീനമാക്കുന്നു. ഈ സോമം രണക്ഷേത്രത്തിൽ പ്രധാനയോദ്ധാവും, ദേവകളിൽ ശ്രേഷ്ഠനുമായി പണികളാൽ അപഹരിക്കപ്പെക്ക ഗോക്കളെ അന്വേഷിക്കുന്നു. ഈ സോമങ്ങളുടെ സഹായത്തോടുകൂടി ഇന്ദ്രൻ ജഗത്തിനെ പരിപാലിക്കുന്നു.

**4. മധുപൃഷ്ഠം ഘോരയാസമശ്വം രഥേ യുഞ്ജന്ത്യരുചക്ര**
**ഋഷ്വം |**
**ത്വസാര ഈം ജാമയോ മർജയന്തി സനാഭയോ**
**വാജിനമൂർജയന്തി ||**

ഈ സോമങ്ങളുടെ മുതുക് മധുരമുള്ളതാകുന്നു, ഇത് ദർശനയോഗ്യവും; കർമ്മങ്ങളിൽ ഭയങ്കരവും ഗമനശീലവും ആകുന്നു. ഇവയെ അശ്വങ്ങളെപ്പോലെ യജ്ഞരൂപമായ രഥത്തിൽ പൂട്ടപ്പെടുന്നു. പത്തുവിരലുകൾ ഇവയെ സംസ്കരിക്കുകയും, അധ്വര്യുക്കൾ ഇവയെ വളർത്തുകയും ചെയ്യുന്നു.

**5. ചതസ്ര ഈം ഘൃതാദുഹഃ സചന്തേ സമാനേ**
**അന്തർധരുണേ നിഷിത്താഃ |**
**താ ഈമർഷന്തി നമസാ പുനാനാസ്താ ഈം വിശ്വതഃ**
**പരി ഷന്തി പൂർവീ ||**

നാലു പയസ്വിനികളായ ഗോക്കൾ എല്ലാത്തിനേയും വഹിക്കുന്നവരായി അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്നു. ഘൃതപ്രദായിനികളായ ഈ ഗോക്കൾ സോമത്തെ സേവിക്കുന്നു; ഇപ്രകാരം മറ്റനേകം ഗോക്കളും തങ്ങളുടെ പാലുകൊ് ശുദ്ധീകരിക്കുന്നതിനുവേ സോമരസത്തെ എമ്പാട്ടും നോക്കുന്നു.

**6. വിഷ്ടമ്ഭോ ദിവോ ധരുണഃ പൃഥിവ്യാ വിശ്വാ ഉത**
**ക്ഷിതയോ ഹസ്തേ അസ്യ |**
**അസത്ത ഉത്സോ ഗൃണതേ നിയുത്വാൻമാധ്വേ അംശുഃ**
**പവത ഇന്ദ്രിയായ ||**

സോമം പൃഥ്വിയെ ഉറപ്പിച്ചു. ആകാശത്തെ സ്തംഭിപ്പിച്ചു. എല്ലാ ജീവികളും സോമത്തെ സ്തുതിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നു. മധുരരസയുക്തനായ ഈ സോമം നിങ്ങളെ അശ്വസമ്പന്നനാക്കണേ.

**7. വന്വന്നവാതോ അഭി ദേവവീതിമിന്ദ്രായ സോമ**
**വൃത്രഹാ പവസ്വ ||**
**ശഗ്ധി മഹഃ പുരുശ്ചന്ദ്രസ്യ രായഃ സുവീരസ്യ പതയഃ**
**സ്യാമ||**

ഹേ മഹിമാവാനായ സോമമേ! മഹാ ബലവാനായ നീ ഇന്ദ്രാദി ദേവകൾക്കു പാനം ചെയ്യുവാനായി സ്രവിച്ചാലും. നിൻെറ കൃപലഭിക്കുന്ന ഞങ്ങൾ ശ്രേഷ്ഠമായ ബലത്തിൻേറയും ഐശ്വര്യത്തിൻെറയും ഉടമകളാകണേ.

## സൂക്തം 90

**ഋഷി വസിഷ്ഠൻ. ദേവത പവമാനസോമം, ഛന്ദസ്**

ത്രിഷ്ടുപ്.

1. പ്ര ഹിന്വാനോ ജനിതാ രോദസ്യാ രഥോ ന വാജം സനിഷ്യന്നയാസീത് |
ഇന്ദ്രം ഗച്ഛന്നായുധാ സം ശിശാനോ വിശ്വാ വസു ഹസ്തയോരാ ദധാന ||

ഈ സോമം അധ്വര്യുക്കളാൽ പ്രേരിതനായി രഥത്തിനു തുല്യം അന്നം വഹിച്ചുകൊവരുന്നു. ആകാശത്തേയും ഭൂമിയേയും ഇത് പൂർണ്ണമാക്കുന്നു. ഇത് ഇന്ദ്രനെ പ്രാപിച്ച് തേജസ്സിനെ തീഷ്ണമാക്കുകയും എല്ലാ ധനങ്ങളേയും കരങ്ങളിലെടുത്ത് നമുക്കു തരികയും ചെയ്യുന്നു.

2. അഭി ത്രിപൃഷ്ഠം വൃഷണം വയോധാമാങ്ഗുഷാണാമവാവശന്ത വാണീഃ |
വനാ വസാനോ വരുണോ ന സിന്ധൂന്വി രത്നധാ ദയതേ വാര്യാണി ||

അന്നദാതാവും വർഷകനുമായ സോമത്തെ മൂന്നുസവനങ്ങളിലും സ്തോതാക്കളുടെ തീഷ്ണമാക്കുന്നു. ഈ സോമം വരുണനെപ്പോലെ ജലങ്ങളെ ആഛാദനം ചെയ്യുന്നു. സോമം സ്തോതാക്കൾക്കു ധനം പ്രദാനം ചെയ്യുന്നു.

3. ശൂരഗ്രാമഃ സർവവീരഃ സഹാവാഞ്ജേതാ പവസ്വ സനിതാ ധനാനി |
തിഗ്മായുധഃ ക്ഷിപ്രധന്വാ സമത്സ്വമാളഹഃ സാഹവൻ പൃതനാസു ശത്രൂൻ ||

ഹേ സോമമേ! നീ വീരൻമാരാൽ സമ്പന്നനും, സ്തോതാക്കൾക്കു ധനം പ്രദാനം ചെയ്യുന്നവനും ആണല്ലോ. നിൻെറ ആയുധം മൂർച്ചയേറിയതാകുന്നു. നീ സമർത്ഥനും വിജേതാവും അജയ്യനും ശത്രുക്കളെ പരാജയപ്പെടുത്തുന്നവനും ആകുന്നു.

4. ഉരു ഗവ്യൂതി രഭയാനി കൃണ്വൻത്സമീചീനേ ആ പവസ്വാ പുരം ധീ |
അപഃ സിഷാസന്നുഷസഃ സ്വർഗാഃ സം ചിക്രദോ മഹോ അസ്മഭ്യം വാജാൻ ||

ഹേ സോമമേ! നീ സ്തോതാക്കളെ ഭയരഹിതനാക്കുവാനായി വിശാലമായ മാർഗ്ഗങ്ങളിൽകൂടി ആഗതനായി വാനൂഴികളെ കൂട്ടിച്ചേർക്കുകയും ഒഴുകിവന്ന് ഞങ്ങൾക്ക് മഹത്തായ ധനം നൽകുന്നവനാകുകയും ചെയ്യണേ. നീ ഉഷസ്സിനോടും സൂര്യനോടും അവരുടെ രശ്മികളോടും ചേരുന്നതിനുവേി ശബ്ദിക്കുന്നു.

5. മത്സി സോമ വരുണം മത്സി മിത്രം മത്സീന്ദ്രമിന്ദോ പവമാന വിഷ്ണും |
മത്സി ശർധോ മാരുതം മത്സി ദേവാൻമത്സി മഹാമിന്ദ്രമിന്ദോ മദായ ||

ഹേ പവമാന സോമമേ! നീ മിത്രനും, വരുണനും, വിഷ്ണുവിനും, ഇന്ദ്രനും, മരുത്തുക്കൾക്കും മറ്റുള്ള എല്ലാ ദേവൻമാർക്കും വേി തൃപ്തികരമായി അവർക്ക് ഹർഷത്തെ പ്രദാനം ചെയ്യണേ.

6. ഏവാ രാജേവ ക്രതുമാം അമേന വിശ്വാ ഘനിഘ്നദ്ദുരിതാ പവസ്വ |
ഇന്ദോ സൂക്ത യ വചസേ വയോ ധാ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||

ഹേ സോമമേ! നീ എല്ലാ പാപങ്ങളേയും അകറ്റി ഞങ്ങൾക്ക് അന്നം പ്രദാനം ചെയ്യുകയും നിൻെറ മംഗളമയമായ രക്ഷകളാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ.

# അദ്ധ്യായം 4

## സൂക്തം 91

ഋഷി കശ്യപൻ, ദേവത പവമാനസോമം, ഛന്ദസ് ത്രിഷ്ടുപ്.

1. അസർജി വക്വാ രഥ്യേ യഥാജൗ ധിയാ മനോതാ പ്രഥമോ മനീഷീ |
ദശ സ്വസാരോ അധി സാനോ അവ്യേ ജന്തി വഹ്നിം സദനാന്യച്ഛ ||

പടക്കളത്തിൽ നിന്നും വരുന്ന കുതിരയെ വിരലുകളാൽ തിരുമ്മുന്നതുപോലെ ശബ്ദവാനായ സോമത്തെ യജ്ഞവേദി യിൽ കർമ്മങ്ങൾ വഴിയായി പിഴിയുന്നു. ഈ സോമം ദേവകളിൽ ശ്രേഷ്ഠനും എല്ലാസ്തുതികളുടേയും സ്വാമിയും ആകുന്നു. ഈ സോമത്തെ പത്തുവിരലുകൾ അരിപ്പയുടെ മുകളിൽ വയ്ക്കുന്നു.

2. വീതീ ജനസ്യ ദിവ്യസ്യ കവ്യൈരധി സുവാനോ നഹുഷ്യേഭിരിന്ദുഃ |
പ്ര യോ നൃഭിരമൃ തോ മർത്യേഭിർമർമൃജാനോ വിഭിർഗോഭിരിന്ദുഃ ||

ദേവകളുടെ സാഹചര്യം പ്രാപിച്ച ഈ സോമം നഹുഷവംശീയരാൽ പിഴിയപ്പെടുകയും യജ്ഞത്തിൽ ഒഴുകിവരുകയും ചെയ്യുന്നു. കർമ്മികളുടെ അഭിഷ്ഠതമായ സോമം ജലവും, ഗോരസവും കലർത്തി വീും വീും ശുദ്ധികരിക്കപ്പെട്ട് യജ്ഞത്തെ പ്രാപിക്കുന്നു.

3. വൃഷാ വൃഷ്ണേ രോരുവദംശുരസ്മൈ പവമാനോ രുശദീർതേ പയോ ഗോഃ |
സഹസ്രമൃക്വാ പഥിഭിർവചോവിദധ്വസ്മഭിഃ സൂരോ അണ്വം വി യാതി ||

ഈ പവമാനസോമം അഭിലാഷവർഷകനും ശബ്ദവാനും; സുന്ദരകർമ്മാവും ആകുന്നു. ഇവൻ ഇന്ദ്രനുവേി പാലിൻെറ അടുത്തേയ്ക്കു പോകുന്നു. ഈ സോമം സ്തുതികളാൽ സമ്പന്നനാകുന്നു. ഇവൻ സൂഷ്മഛിദ്രങ്ങളോടുകൂടിയ അരിപ്പയെ കടന്നു. ദ്രോണകലശത്തിൽ പതിക്കുന്നു.

4. രു ജാ ദൃലഹാ ചിദ്രക്ഷസഃ സദാംസി പുനാന ഇന്ദ ഊർണുഹി വി വാജാൻ |
വൃശ്ചോപരിഷ്ഠാത്തുജതാ വധേന യേ അന്തി ദൂരാദുപനായമേഷാം ||

ഹേ സോമമേ! നീ ശുദ്ധീകരിക്കപ്പെട്ടവനായി അന്നം കൊവരുന്നവനാകണേ. അസുരൻമാരുടെ ഉറപ്പേറിയ കോട്ടകളുളെയും തകർക്കുന്നവനാകണമേ. അടുത്തോ അകലെയോ നിന്നുവരുന്ന അക്രമണകാരികളായ രാക്ഷസൻമാരേയും, അവരുടെ പ്രേരകൻമാരെയും നിൻെറ തീഷ്ണങ്ങളായ ആയുധങ്ങളാൽ നശിപ്പിച്ചാലും.

5. സപ്രത്നവന്നവ്യസേ വിശ്വവാര സൂക്തായ പഥഃ കൃണുഹി പ്രാചഃ |
യേ ദുഃഷ്ഷഹാസോ വനുഷാ ബൃഹന്തസ്താംസ്തേ

**അശ്യാമ പുരുകൃത്പുരുഷോ ||**

ഹേ സോമമേ! നീ സർവ്വരാലും സ്തുതിക്കപ്പെടുന്നു. എൻെറ അഭിനവസൂക്തങ്ങളെ പ്രാചീനമാർഗ്ഗങ്ങൾ പോലെ സ്വീകരിച്ചാലും. നീ അനന്തകർമ്മാവും അസുരൻമാർക്ക് അസഹ്യവും ശത്രുക്കളുടെ ഹിംസകനും ആകുന്നു. നിൻെറ മഹത്തായ അംശത്തെ ഈ യജ്ഞവേദിയിൽ ഞങ്ങൾക്കു കിട്ടുമാറാകണേ.

**6. ഏവാ പുനാനോ അപഃ സ്വർഗാ അസ്മഭ്യം തോകാ തനയാനി ഭൂരി |**
**ശം നഃ ക്ഷേത്രമുരു ജ്യോതീംഷി സോമ ജ്യോങ്നഃ സൂര്യം ദൃശയേ രിരീഹി ||**

ഹേ പവമാനസോമമേ! ഞങ്ങൾക്ക് ഗോക്കളാൽ യുക്തമായ ധനവും; അനേകം സന്താനങ്ങളേയും, ജലത്തേയും, അന്നയുക്തമായ സ്വർഗ്ഗവും തരുമാറാകണേ. അന്തരീക്ഷത്തിലെ നക്ഷത്രങ്ങളെ തേജസ്വികളാക്കിയാലും. സൂര്യനെ വളരെക്കാലം ദർശിക്കുന്നതിന് ഞങ്ങളെ ദീർഘായുഷ്മാൻമാരാക്കിയാലും.

## സൂക്തം 92

**ഋഷി കശ്യപൻ, ദേവത പവമാനസോമം, ഛന്ദസ് ത്രിഷ്ടുപ്.**

**1. പരി സുവാനോ ഹരിരംശുഃ പവിത്രേ രഥോ ന സർജിം സനയേ ഹിയാനഃ |**
**ആപച്ഛ്ലോക മിന്ദ്രിയാ പൂയമാനഃ പ്രതി ദേവാം അജ്ജൂഷതഃ പ്രയോഭിഃ ||**

ഈ ഹരിതവർണ്ണമായ സോമം ശുദ്ധീകരിക്കപ്പെടുന്നു. ശത്രുവൃത്തിനായി പ്രേരിപ്പിക്കപ്പെടുന്ന രഥം പോലെ ഋത്വിക്കുകളാൽ ഇത് അരിപ്പയിലേയ്ക്കു പ്രേരിപ്പിക്കപ്പെടുന്നു. ഈ സോമം അതിൻെറ ആനന്ദകാരിയായ അന്നത്താൽ ദേവകൾക്കു സേവനീയനാകുന്നു. ദേവോപാസകനായ ഈ സോമം ഇന്ദ്രൻെറ സ്തോത്രങ്ങളെ പ്രാപിക്കുന്നു.

**2. അച്ഛാ നൃചക്ഷാ അസരത്പവിത്രേ നാമ ദധാനഃ കവിരസ്യ യോനൗ |**
**സീദൻ ഹോതാവേ സദനേ ചമൂഷൂ പേമഗ്മന്നൃഷയഃ സപ്ത വിപ്രാഃ ||**

ഈ സോമം ക്രാന്തദർശിയും മനുഷ്യരെ ദർശിക്കുന്നവനും ആകുന്നു. സ്തോതാക്കൾക്കുവേി ദേവകളുടെ അടുക്കൽ പോകുന്ന ഹോതാവിനെപ്പോലെ ഈ സോമം ജലമിശ്രിതനായി അരിപ്പയിൽക്കൂടി കടന്ന് ചമസാദികളിൽ ഒന്നിക്കുന്നു.

**3. പ്ര സുമേധാ ഗാതുവിദ്വിശ്വദേവഃ സോമഃ പുനാനഃ സദ ഏതി നിത്യം |**
**ഭൂവാദ്വിശ്വേഷു കാവ്യേഷു രന്താനു ജനാന്യതതേ പഞ്ച ധീരഃ ||**

ഈ സോമം  മാർഗ്ഗങ്ങളുടെ ജ്ഞാതാവും, സുന്ദരമായ ബുദ്ധിയോടു കൂടിയവനും, ദേവകളുടെ നികടസ്ഥനും ആകുന്നു. ഇവൻ എല്ലാ കാമങ്ങളിലും രമിക്കുന്നവനും പഞ്ചവർണ്ണങ്ങളുടെ അനുവർത്തിയും ദ്രോണകലശത്തിൽ സ്ഥിതിതനുമാകുന്നു.

**4. തവ ത്യേ സോമ പവമാന നിണ്യേ വീശ്വേ ദേവാസ്രയ ഏകദശാസഃ |**
**ദശ സ്വധാഭിരധി സാനോ അവ്യേ മൃജന്തി ത്വാ നദ്യഃ സപ്ത യഹ്വീഃ ||**

സ്രവണശീലനായ സോമമേ! വിഖ്യാതരായ മുപ്പത്തിമൂന്നുദേവൻമാരും നിൻെറ സ്വർഗ്ഗത്തിൽ നിവസിക്കുന്നു. പത്തുവിരലുകൾ അങ്ങയെ ഉയർത്തി അരിപ്പയിൽ ശുദ്ധീകരിക്കുന്നു.

**5. തന്നു സത്യം പവമാനസ്യാസ്തു യത്ര വിശ്വേ കാര വസം നസന്ത |**
**ജ്യോതിർദഹ്നേ അക്യണോടു ലോകം പ്രാവൻമനും ദസ്യവേ കരഭീകം ||**

യാതൊരു സ്ഥാനത്ത് സ്തോതാക്കൾ ഒന്നിച്ചുച്ചേർന്ന് സ്തുതിക്കുവാനിച്ഛിക്കുന്നുവോ, സോമത്തിൻെറ ആ സ്ഥാനത്തെ തന്നെ ഞങ്ങൾ പ്രാപിക്കുമാറാകണേ. പകലിനുവേി പ്രകാശിക്കുന്ന സൂര്യാത്മകമായ സോമത്തിൻെറ ജ്യോതിസ്സ് രാജർഷിയായ മനുവിനെ ശരിയായ വിധം രക്ഷിച്ചിരിക്കുന്നു. എല്ലാവരേയും നശിപ്പിക്കുവാനാഗ്രഹിക്കുന്ന രാക്ഷസൻമാർക്കു വേി സോമം തൻെറ തേജസ്സിനെ തീഷ്ണമാക്കി.

**6. പരി സദ്മേവ പശുമാന്തി ഹോതാ രാജാ ന സത്യഃ മതിതീരിയാനഃ |**
**സോമഃ പുനാനഃ യകലശാം അയസീത്സീദന്മൃഗോ ന മഹിഷോ വനേഷു ||**

ദേവാഹ്വാക്കളായ ഋത്വിക്കുകൾ യജ്ഞഗൃഹത്തിലേക്കു പോകുന്നതുപോലെയും, സത്കർമ്മികളായ രാജാവ് യുദ്ധക്ഷേത്രത്തിലേയ്ക്കു പോകുന്നതുപോലെയും, സ്രവണശീലമായ ഈ സോമം ജലത്തിൽ മുഴുകിയ പോത്തിനേപ്പോലെ ദ്രോണകലശത്തിലേയ്ക്കുപോകുന്നു.

## സൂക്തം 93

**ഋഷി നോദസ്, ദേവത പവമാനസോമം, ഛന്ദസ് ത്രിഷ്ടുപ്.**

**1. സാകുമുക്ഷോ മർജയന്ത സ്വസാരോ ദശ ധീരസ്യ ദീതയോ ധനുത്രീഃ |**
**ഹരിഃ പർയദ്രവജ്ജാ സൂർയസ്യ ദ്രോണം നനക്ഷേ അത്യോ ന വാജീ ||**

ഭഗിനികളേപ്പോലുള്ള സേചന സമർത്തമായ പത്തുവിരലുകൾ ഈ സോമത്തെ സംസ്കരിക്കുന്നു. ദേവകളിച്ഛിക്കുന്ന സോമത്തെ ഇവർ പ്രേരിപ്പിക്കുന്നു. ഹരിതവർണ്ണനായ സോമം ദിക്കുകളിലേയ്ക്കൊഴുകുകയും കുടത്തിൽ പതിക്കുകയും ചെയ്യുന്നു.

**2. സം മാതൃഭിർന ശിശൂർവാവശാനോ വൃഷാ ദധന്വേ പുരുവരോ അദ്ഭിഃ |**
**മര്യോ ന യോഷാമഭി നിഷ്കൃതം യൻത്സം ഗച്ഛതേ കലശ ഉസ്രിയാഭിഃ ||**

അഭിലാഷവർഷകനും, ദേവകാമനും ആയ ഈ സോമം മാതാവു ശിശുവിനെ പാലിക്കുന്നതുപോലെ പാലിക്കുന്നു ഈ സോമം ദുഗ്ധമിശ്രിതമായി തൻെറ അഭയസ്ഥാനമായ കുടത്തെ പ്രാപിക്കുന്നു.

**3. ഉത പ്ര പിപ്യ ഊധരധ്ന്യായ ജന്ദുർധാരാഭിഃ സചതേ സുമേധാഃ |**
**മൂർധാനം ഗാവഃ പയസാ ചമൂഷ്വഭി ശ്രീണന്തി വസുഭിർന നിക്തൈഃ ||**

ഈ സോമം ഗോക്കളുടെ സ്തനങ്ങളെ ചുംബിക്കുകയും ധാരാരൂപത്തിൽ ഒഴുകുകയും ചെയ്യുന്നു. അലക്കിയ വസ്ത്രത്താൽ ഏതെങ്കിലും വസ്തുപൊതിയപ്പെടുന്നതുപോലെ ചമസസ്ഥിതമായ സോമത്തെ ഗോക്കൾ തങ്ങളുടെ ഉജ്ജ്വലമായ പാലുകൊ് ആച്ഛാദനം ചെയ്യുന്നു.

**4. സ നോ ദേവേഭിഃ പവമാന രദേന്ദോ രയിമശ്വിനം വാവശാനഃ |**
**രഥിരായതാമുശതീ പുരന്ധിരസ്മദ്യ ഗാ ദാവനേ വസൂന ||**

ഹേ സോമമേ! നീ സ്രവണശീലനാണല്ലോ, നിൻെറ സ്രവണകാലത്തിൽ തന്നെ ഞങ്ങൾക്ക് അശ്വാദികളോടുകൂടിയ ഐശ്വര്യം ദാനം ചെയ്യണമേ. ഈ സോമം രഥയുക്തരായ ധനികരെ ഇഷ്ടപ്പെടുന്നു.  സോമത്തിൻെറ മനോഹരമായ ബുദ്ധിനമുക്കു ധനം നൽകുന്നതിനു പ്രാപ്തമാകണേ.

**5. നൂനോ രയിമുപ മാസ്വ നൃവന്തം പുനാനോ വാതാപ്യം**

വിശ്വശ്ചന്ദ്രം |
പ്ര വന്ദിതുരിന്ദോ താര്യായുഃ പ്രാതർമക്ഷൂ ധിയാവ
സുർജഗമ്യാത് ||

ഹേ സോമമേ! ജലത്തെ ആനന്ദദായകമാക്കണേ. ഞങ്ങൾക്ക് ആപത്യയുക്തമായ ധനം നൽകുമാറാകണം. സ്തോതാക്കളുടെ ആയുസ്സിനെ വർദ്ധിക്കുകയും ഞങ്ങളുടെ യജ്ഞത്തിൽ അതിവേഗം ആഗമിക്കുകയും ചെയ്യണേ.

## സൂക്തം 94

ഋഷി കണ്വൻ, ദേവത പവമാനസോമം, ഛന്ദസ് ത്രിഷ്ടുപ്.

1. അധി യദിസ്മിന്വാജിനീവ ശുഭഃ സ്പർധന്തേ ധിയഃ
സൂര്യേ ന വിശഃ |
അപോ വൃണാനഃ പവതേ കവീയൻ വ്രജം ന
പശുവർധനായ മൻമ ||

സൂര്യ രശ്മികൾ ഉയർന്ന് വരുമ്പോൾ സോമത്തെ അശ്വത്തെപ്പോലെ അലങ്കരിക്കുന്നു. ആ സമയം പരസ്പരമത്സരികളായ വിരലുകൾ സോമത്തെ സംസ്ക്കരിക്കുന്നു. ഗോക്കളെ ശുശ്രൂഷിക്കുന്നതിന് തൊഴുത്തിലേയ്ക്കു പോകുന്ന ഇടയനെപ്പോലെ ജലമിശ്രിതമായ സോമം കുടത്തിലേയ്ക്ക് പോകുന്നു.

2. ദ്വിതാ വ്യൂർണ്വന്നമൃതസ്യ ധാമ സ്വർവിദേഭുവനാനി
പ്രഥന്ത |
ധിയഃ പിന്വാനാഃ സ്വസരേ ന ഗാവ ഋതായന്തീരഭി വാവശ്ര
ഇന്ദൂം ||

ഈ സോമം ജലത്തെ വഹിക്കുന്ന അന്തരീക്ഷത്തെ തൻെറ തേജസ്സാൽ മായ്ക്കുന്ന സോമത്തിനുവേി ലോകങ്ങളെല്ലാം വിസ്തൃതമാകണേ. കറവപ്പശുക്കൾ തൊഴുത്തിൽ നിന്നു ശബ്ദിക്കുന്നതുപോലെ ജ്ഞാനത്തിൻെറ സാധനരൂപിണികളായ സ്തുതികൾ സോമത്തെ സ്തുതിക്കുന്നു.

3. പരി യത്കവിഃ കാവ്യാ ഭരതേ ശൂരോ ന രഥേ
ഭുവനാനി വിശ്വാ |
ദേവേഷു യശോ മർതായ ഭൂഷന്ദക്ഷായ രായഃ
പുരുഭൂഷു നവ്യഃ ||

സ്തോത്രങ്ങളുടെ നേരെ ഗമിക്കുന്ന സോമം വീരപുരുഷൻമാരുടെ സ്ഥാനങ്ങളിൽ സഞ്ചരിക്കുകയും ദേവകളുടെ ധനത്തെ യജമാനൻമാർക്ക് കിട്ടുമാറാക്കുകയും ചെയ്യണേ.

4. ശ്രിയേ ജാതഃ ശ്രിയ ആ നിരിയായ ശ്രിയം വയോ
ജരിതൃഭോ ദധാതി |
അയം വസാന അമൃതത്വമായൻ ഭവന്തി സത്യാ സമിഥാ
മിതദ്രൗ ||

ധനവൃദ്ധിക്കും സമൃദ്ധിക്കും വേി സോമം സ്തുതിക്കപ്പെടുന്നു. ഈ സോമം സ്തോതാക്കൾക്ക് അന്നവും ദീർഘായുസ്സും നൽകുന്നു, ധനപ്രദാനത്തിനായി ഇതിൻെറ കിരണങ്ങളെ പ്രകടമാക്കുന്നു. സോമത്തിൻെറ പ്രഭാവത്താൽ പടക്കളത്തിൽ വിജയം സുനിശ്ചിതമാകുന്നു. സോമത്തിൽ നിന്നും ധനം പ്രാപിച്ച സ്തോതാക്കൾ സ്ഥിരതയെ പ്രാപിച്ചിരുന്നു.

5. ഇഷമൂർജമഭ്യർഷാശ്വം ഗാമുരു ജ്യോതിഃ
കൃണുഹി മത്സി ദേവാൻ |

വിശ്വാനി ഹി സുഷഹാ താനി തുഭ്യം പവമാന വാധസേ
സോമ ശത്രൂൻ ||

ഹേ സോമമേ! ഈ ജ്യോതിസ്സിനെ വളർത്തണേ. ഞങ്ങൾക്ക് ഗോക്കൾ അശ്വങ്ങൾ മുതലായ മൃഗങ്ങളേയും അതുപോലെ ധനവും ബലവും പ്രദാനം ചെയ്യണേ. നീ ഇന്ദ്രനെ തൃപ്തനാക്കി എല്ലാ രാക്ഷസൻമാരെയും പരാജയപ്പെടുത്തുന്നവനാണല്ലോ. ാതിനാൽ ഞങ്ങളുടെ ഈ ശത്രുക്കളേയും സംഹരിക്കണേ.

## സൂക്തം 95

ഋഷി പ്രിസ്കണ്വൻ ദേവത പവമാനസോമം ഛന്ദസ്
ത്രിഷ്ടുപ്, ശക്തി.

1. കനിക്രന്തി ഹരിരാ സൃജ്യമാനഃ സീദന്വനസ്യ ജഠരേ
പുനാനഃ |
നൃഭിർയതഃ കൃണുതേ നിർണിജംഗാ അതോ
മതീർജനയത സ്വധാഭിഃ ||

ശത്രുക്കളുടെ ഗോക്കളെ പ്രാപിക്കുന്നതിനുള്ള ആഗ്രഹത്തോടുകൂടി സോമം സേനാനായകനെപ്പോലെ പടക്കളത്തിൽ മുന്നേറുന്നു. ആസമയം സോമപക്ഷീയരായ സേനകൾ ഉത്സാഹഭരിതരാകുന്നു. ഇന്ദ്രൻെറ ആഹ്വാനത്തെ മംഗളമാക്കിക്കൊ് സോമം മിത്രരൂപരായ യജമാനൻമാർക്കു വേി ഗവ്യാദികളെ സ്വീകരിച്ച് ഇന്ദ്രനെ അതിവേഗം വിളിക്കുന്നു.

2. സമസ്യ ഹരിം ഹരയോ മൃജന്ത്യശ്വഹമയൈര നിശിതം
നമോഭിഃ |
ആ തിഷ്ഠതി രഥമിന്ദ്രസ്യ സഖാ വിദാം ഏനാ സുമതിം
യാത്യച്ഛ ||

ഹരിതവർണ്ണനായ സോമത്തെ അംഗുലികൾ പിഴിയുന്നു. ഈ സോമം രഥരൂപമായ അരിപ്പയിൽ കയറുകയും അതിൽനിന്നും ശുദ്ധനായി സുന്ദരസ്തോത്രങ്ങളോടു കൂടിയ സ്തോതാവിനെ പ്രാപിക്കുകയും ചെയ്യുന്നു.

3. സ നോ ദേവ ദേവതാതേ പവസ്വ മഹേ സോമ പ്സരസ
ഇന്ദ്രപാനഃ |
കൃണ്വന്നപോ വർഷയന്ദ്യാമുതേമാമുരോ രാ നോ
വരിവസ്യാ പുനാനഃ ||

ഹേ സോമമേ! നീ ഇന്ദ്രനു സുഖകരമായപേയമാണല്ലോ നീ ഞങ്ങളുടെ ദേവകാമ്യമായ ഈ യജ്ഞത്തിൽ ഇന്ദ്രനുപാനം ചെയ്യുവാൻ ഒഴുകിവന്നാലും. നീ ജലത്തിൻെറ കാരണരൂപനും ആകാശപൃത്വികളെ ഒഴുക്കുന്നവനും ആകുന്നു. നീ വിശാലമായ അന്തരീക്ഷത്തിൽ നിന്നും ആഗതനായി പിഴിയലിനെ പ്രാപിച്ചാലും സുന്ദരമായ ധനം മുതലായവ ഞങ്ങൾക്കു തരണേ.

4. അജീതയേ ഹതയേ പവസ്വ സ്വസ്തയേ സർവതാതയേ
ബൃഹതേ |
തദുശന്തി വിശ്വ ഇമേ സഖായസ്തദഹം വശ്മി പവമാന
സോമ ||

ഹേ സോമമേ! ഞങ്ങൾ പരാജിതരാകാതിരിക്കണേ അതിനായി നീ ഞങ്ങളുടെ യജ്ഞത്തിലാഗതനാകണേ. എൻെറ മിത്രങ്ങളായ സ്തോതാക്കളും നിൻെറ രക്ഷയെ കാമിക്കുന്നു. ഹേ സോമമേ! ഞാനും നിൻെറ രക്ഷയെ യാചിക്കുന്നു.

5. സോമഃ പവതേ ജനിതാ മതീനാം ജനിതാ ദിവോ

**ജനിതാ പൃഥിവ്യാഃ |**

**ജനിതാഗ്രേർജനിതാ സൂര്യസ്യ ജനിതേന്ദ്രസ്യ ജനിതോത വിഷ്ണോഃ ||**

ഈ സ്രവണശീലമായ സോമം ആകാശം,ഭൂമി, അഗ്നി, സൂര്യൻ, ഇന്ദ്രൻ, വിഷ്ണു എന്നിവരേയും സൃഷ്ടിക്കുന്നവനാകുന്നു.

**6. ബ്രഹ്മാ ദേവാനാം പദവീഃ കവീനാമൃഷിർവി പ്രാണാം മഹിഷോ മൃഗാണം |**

**ശ്യേനോ ഗൃധ്രാണാം സ്വധിതിർവനാനാം സോമഃ പവിത്രമത്യേതി രേഭൻ ||**

ശബ്ദായമാനനായ സോമം അരിപ്പയെ കടന്നുപോകുന്നു. ഈ സോമം ദേവകളെ സ്തുതിക്കുന്നു. ഋത്വിജൻമാരുടെ ബ്രഹ്മാവും, ജ്ഞാനികളുടെ ഋഷിയും, കവികളുടെ ശബ്ദപ്രണോതാവും, പക്ഷികളുടെ നായകനും, വന്യമൃഗങ്ങളുടെ പ്രഭുവും ആയുധങ്ങളിൽ ശ്രേഷ്ഠമായ ആയുധവുമാകുന്നു.

**7. പ്രാ വീവിപദ്വാച ഊർമീം ന സിന്ധുർഗിരഃ സോമഃ പവമാനോ മനീഷാഃ |**

**അന്തഃ പശ്യൻ വൃജനേമാവരാണ്യാ തിഷ്ഠതി വൃഷഭോ ഗോഷു ജാനൻ ||**

തിരയടിച്ചിരമ്പുന്ന നദിക്കുതുല്യം ഈ സ്രവണശീലമായ സോമം സ്തുതിവാക്യങ്ങളെ പ്രേരിപ്പിക്കുന്നു. ഗോക്കളെ അറിയുന്നവനും, അഭീഷ്ടവർഷകനുമായ സോമം മറഞ്ഞിരിക്കുന്ന വസ്തുക്കളെ കാണുന്നു. ഈ സോമം ബലവാൻമാരെ തടുക്കുവാനുള്ള ശക്തിയോടുകൂടിയവനാകുന്നു. ഹേ സോമമേ! നീ ശത്രുക്കളെ ഭരിക്കുന്നവനും, അതിരറ്റ ബലവാനും ഹർഷകാരിയും ആകുന്നു. നീ ശത്രുക്കളുടെ ബലത്തെ ജയിക്കുകയും ഗോക്കളെ പ്രേരിപ്പിച്ചുകൊ് തൻെറ കിരണങ്ങളെ ഇന്ദ്രൻെറ സന്നിതിയിലേയ്ക്ക് അയക്കുകയും ചെയ്യണമേ.

**8. ന മത്സരഃ പൃത്സു വന്വന്നവാതഃ സഹസ്രരേതാ അഭി വാജമർഷ |**

**ഇന്ദ്രായേന്ദോ പവമാനനോ മനീഷ്യം ശോരൂർമിമീരയ ഗാ ഇഷണ്യൻ ||**

ഹേ സോമമേ! നീ ശത്രുക്കളെ ഭരിക്കുന്നവനും, അതിരറ്റ ശക്തിശാലിയും, ഹർഹകാരിയുമാണല്ലോ. നീ ശത്രുസേനകളെ തോല്പിക്കുകയും ഗോക്കളെ പ്രേരിപ്പിച്ച് നിൻെറ കിരണങ്ങളെ ഇന്ദ്രൻെറ സന്നിധിയിലേയ്ക്കയക്കുകയും ചെയ്യണമേ.

**9. പരി പ്രിയഃ കലശേ ദേവവാത ഇന്ദ്രായ സോമോ രണ്യോ മദായ |**

**സഹസ്രധാരഃ ശതവാജ ഇന്ദുർവാജി ന സപ്തിഃ സമനാ ജിഗാതി ||**

രമണീയവും, മദകരവുമായ ഈ സോമത്തിന്നടുത്തേക്കു ദേവഗണം വന്നുചേരുന്നു. പടനിലത്തിലേയ്ക്കു പോകുന്ന ബലവാനായ അശ്വത്തെപ്പോലെ അനേകം ധാരകളോടുകൂടിയ പവമാനസോമം ഇന്ദ്രനെ ആനന്ദിപ്പിക്കുവാൻ ദ്രോണകലശത്തിൽ പ്രവേശിപ്പിക്കുന്നു.

**10. സ പൂർവ്യോ വസുവിജ്ഞായമാനോ മൃജാനോ അപ്സുദുദുഹാനോ അദ്രൗ |**

**അഭിശസ്തിപാ ഭുവനസ്യ രാജാ വിദദ്ഗാതും ബ്രഹ്മണേ പൂയമാനഃ ||**

ഈ സോമം ധനേശനും, ശത്രുരക്ഷകനും, എല്ലാജീവികളുടേയും അധിപനുമാണല്ലോ. ഇവൻ ശുദ്ധനായി യജമാനന് ശ്രേഷ്ഠമായ കർമ്മമാർഗങ്ങളുപദേശിക്കുന്നു.

**11. ത്വയാ ഹി നഃ പിതരഃ സോമ പൂർവേ കർമാണി ചക്രുഃ പവമാന ധീരാഃ |**

**വന്വന്നവാതഃ പരിധീരപോർണ്ണു വീരേഭിരശ്വൈർമഘവാ ഭവാ നഃ ||**

ഹേ സോമമേ! കർമ്മചതുരൻമാരായിരുന്ന ഞങ്ങളുടെ പൂർവ്വപിതാക്കൻമാർ നിൻെറ സഹയോഗത്തോടുകൂടി യജ്ഞാദികർമ്മങ്ങൾ നടത്തിയിരുന്നു. ഗതികാമൻമാരായ അശ്വങ്ങളെ നീ ശത്രുഹനന കർമ്മത്തിന് പ്രേരിപ്പിച്ചു. ഹേ സോമമേ! നീ ഇന്ദ്രരൂപത്തിൽ ഞങ്ങൾക്കു ധനം പ്രദാനം ചെയ്യുകയും അസുരൻമാരെ ഞങ്ങളിൽ നിന്നും അകറ്റുകയും ചേയ്യണമേ.

**12. യഥാപവഥാ മനവേ വയോധാ അമിത്രഹാ വരിവോവിദ്ധവിഷ്മാൻ |**

**ഏവാ പവസ്വ ദ്രവിണം ദധാന ഇന്ദ്രേ സം തിഷ്ഠ ജനയായുധാനി ||**

രാജർഷിയായ മനുവിന് വേി നീ ശത്രുക്കളെകൊന്ന് അന്നവും ധനവും വഹിച്ചുകൊ് ാവൻെറ ഗൃഹത്തിൽ വന്നിരുന്നതുപോലെ ഹേ സോമമേ! ഞങ്ങൾക്കും ധനം നൽകുന്നതിനായി ഇന്ദ്രൻെറ ഉദരത്തിൽ പ്രവേശിച്ചാലും.

**13. പവസ്വ സോമ മധുമാം ഋതാവാപോ വസാനോ അധി സാനോ അവ്യേ |**

**അവദ്രോണാനി ഘൃതവാന്തി സീദ മദിന്തമേ മത്സര ഇന്ദ്രപാനഃ ||**

ഹേ സോമമേ! സത്യത്തിൽ നീ യജ്ഞകർത്താവാകുന്നു. നിൻെറ രസം ഹർഷപ്രദായമാകുന്നു. നീ ജലത്തിൽ കലർന്ന് അരിപ്പയിൽകൂടി അരിച്ചിറങ്ങിയാലും, നീ ഇന്ദ്രനു പാനയോഗ്യനും ദ്രോണകലശത്തിൽ സ്ഥിതിതനുമാകുന്നു.

**14. വൃഷ്ടിം ദിവഃ ശതധാരഃ പവസ്വ സഹസ്രസാ വാജയുർദേവ വീതൗ |**

**സം സിന്ധുഭിഃ കലശേ വാവനാശഃ സമുസ്രിയാഭിഃ പ്രതിരത്ന ആയുഃ ||**

ഹേ സോമമേ! യജ്ഞകർത്താക്കളായ യജമാനൻമാർക്ക് നീ പലവിധ ഐശ്വര്യങ്ങളും നൽകുന്നു. അന്നത്തെ ആഗ്രഹിച്ചുകൊ് നീ അനേകം ധാരകളായി പൊഴിയുന്നന്നു. നീ ആകാശത്തിൽ നിന്നും വർഷിക്കുകയും, ക്ഷീരാദികളാൽ മിശ്രിതമായി ദ്രോണകലശത്തെ ആശ്രയിച്ച് ഞങ്ങളുടെ ആയുസ്സിനെ വർദ്ധിപ്പിക്കുകയും ചെയ്യണേ.

**15. ഏഷ സ്യ സോമ മതിഭിഃ പുനാനോ ത്യോ ന വാജീ തരതീദര തീഃ |**

**പയോ ന ദുഗ്മദിതേ രിഷിരമുർവിവ ഗാതുഃ സുയമോ ന വോളഹാ ||**

വേഗമേറിയ അശ്വത്തെപോലെ ഈ സോമം ശത്രുക്കളെ കടന്നുപോകുന്നു. സ്തോത്രങ്ങളാൽ ഇവൻ പരിമാർജ്ജിതനാകുന്നു. ഈ സോമം പശുവിൻ പാൽപോലെ ആശ്രയസ്ഥാനവുമാകുന്നു. ചമ്മട്ടികൊ് നിയന്ത്രിക്കപ്പെടുന്ന അശ്വത്തെപ്പോല ഇവൻ സ്തോത്രങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു.

**16. സ്വായുധഃ സോതൃഭിഃ പൂയമാനോ ഭ്യർഷ ഗുഹ്യം |**
**ചാരുനാമ അഭി വാജം സപ്തിരിവ ശ്രവസ്യാഭി വായുമഭി ഗാ ദേവ സോമ ||**

ഋത്വിജൻമാരാൽ സംസ്ക്കരിക്കപ്പെട്ടസോമം തീഷ്ണധാരകളോടുകൂടിയ സോമം അതിൻെറ ദൃഢവും, തേജസ്സേറിയതുമായ രൂപത്തെ പ്രകടമാക്കട്ടെ. ഹേ സോമമേ! ഞങ്ങൾക്ക് മൃഗങ്ങളേയും, ആയുസ്സും പ്രദാനം ചെയ്താലും. നീ അശ്വത്തെപ്പോലെ എങ്ങും സഞ്ചരിക്കുന്നവനാണല്ലോ അന്നകാമൻമാരായ ഞങ്ങൾക്ക് നീ അന്നം പ്രദാനം ചെയ്താലും.

**17. ശിശും ജജ്ഞാന ഹര്യതം മൃജന്തി ശുമ്ഭന്തി വഹ്നിം മരുതോ ഗണേന |**
**കവിർഗീർഭിഃ കവ്യേനാ കവിഃ സൻത്സോമഃ പവിത്രമത്യേി രേഭൻ ||**

എല്ലാവരും ഇഷ്ടപ്പെടുന്ന സോമത്തെ ബാലനെ എന്നപോലെ മരുത്തുക്കൾ സംസ്ക്കരിക്കപ്പെടുന്നു. ഈ സോമം സ്തോത്രങ്ങളോടുക്കൂടിക്കടന്നുപോകുന്നു.

**18. ഋഷിമനാ യ ഋഷകൃത്സ്വർഷാഃ സഹസ്രണീഥഃ പദവീഃ കവീനാം |**
**തൃതീയം ധാമ മഹിഷഃ സിഷാസൻത്സോമോ വിരാജമനു രാജതി ഷ്ടുപ് ||**

ആകാശത്തിൽ വസിക്കുവാനിച്ഛിക്കുന്ന സോമം സർവദ്രഷ്ടാവും സ്തുത്യനും, വാക്യവിന്യാസകർത്താവും, ഋഷികളെപ്പോലെ മനസ്വിയും, സൂര്യഭക്തനും, പൂജനീയനുമാകുന്നു. ഈ സോമം യജ്ഞത്തിൽ വിരാജിക്കുന്നവനും, സ്തുതികളാൽ അലംകൃതനായ ഇന്ദ്രനെ പ്രകടമാക്കുന്നവനുമാകുന്നു.

**19. ചമൂഷച്ഛ്യേനഃ ശകുനോ വിഭൃത്വാ ഗോവിന്ദുർദ്രപ്സയായുധാനി ബിഭ്രത് |**
**അപാമൂർമി സചമാനഃ സമുദ്രം തുരീയ ധാമ മഹിഷോ വിവക്തി ||**

അന്തരീക്ഷത്തെ സേവിക്കുന്ന മഹിമായുക്തനായ സോമം ആയുധം ധരിക്കുന്ന, ജലത്തെ പ്രേരിപ്പിക്കുന്നു, പാത്രങ്ങളിൽ സ്ഥിതിചെയ്യുന്നു. പ്രശംസനീയകർമ്മാവായ ഈ സോമം ചന്ദ്രൻെറ നാലാം പദത്തിൽ സേവനം ചെയ്യുന്നു.

**20. മര്യോ ന ശുഭ്രസ്തന്വം മൃജാനോത്യോ സൃത്വാ സനയേ ധനാനാം |**
**വൃഷേവ യൂഥാ പരി കോശമർഷൻകനി ക്രദച്ചമ്വോരാ വിവേശ ||**

ഈ സോമം പാത്രത്തിലേയ്ക്കൊഴുകുന്നു. പിഴിയുന്ന ഫലകങ്ങളെ ആശ്രയിക്കുന്ന ഈ സോമം ധനത്തിനുവേി അശ്വത്തേപ്പോലെ പായുകയും വൃഷഭത്തേപ്പോലെ ശബ്ദിക്കുകയും ചെയ്യുന്നു.

**21. പവസ്വേന്ദോ പവമാനോ മഹോഭിഃ കനിക്രദത്പരി വാരാണ്യർഷ**
**ക്രീള ഞ്ചമ്വോ വിശം പൂയമാന ഇന്ദ്രം തേ രസോ മദിരോ മമത്തു**

ഹേ സോമമേ! നീ ഋത്വിജൻമാരാൽ പിഴിയപ്പെട്ടൊഴുകിയാലും വീും വീും ശബ്ദിച്ചുകൊ് നീ അരിപ്പയെ പ്രാപിച്ചാലും. മദകരമായ നിൻെറ രസം ഇന്ദ്രനെ മത്തനാക്കട്ടെ.

**22. പ്രാസ്യ ധാരാ ബൃഹതീര സൃഗ്രന്നക്തോ ഗോഭിഃ കലശാം ആ വിവേശ |**
**സാമ കൃണ്വൻത്സാ മന്യോ വിപശ്ചിത്ന്ദന്നേത്യഭിസഖ്യം ന ജാമിം ||**

ശബ്ദിക്കുന്ന ഈ സോമം ഗായകശ്രേഷ്ഠനെപോലെ പാടുന്നു. ഗവ്യയുക്തമായ ഈ സോമം ദ്രോണകലശത്തിലേയ്ക്കൊഴുകിക്കൊിരിക്കുന്നു. ഈ സോമം പാടിക്കൊു പാത്രങ്ങളെ പ്രാപിക്കുന്നു.

**23. അപഘ്നന്നോഷി പവമാന ശത്രൂൻപ്രിയാം ന ജാരോ അഭിഗീത ഇന്ദുഃ**
**സീദന്വനേഷു ശകുനോ ന പത്വാ സോമഃ പുനാനഃ കലശേഷു സത്താ**

ഹേ സോമമേ! നീ സ്തോതാക്കളാൽ പിഴിയപ്പെടുന്നവനും, പാത്രങ്ങളിലേക്ക് ഒഴുകുന്നവനുമാണല്ലോ. നീ ശത്രുക്കളെ വധിച്ചുകൊ് വന്നുചേരുന്നു. പക്ഷികൾ വൃക്ഷങ്ങളെ അഭയമ പ്രാപിക്കുന്നതുപോലെ ശുദ്ധമായി അരിക്കപ്പെട്ട സോമം കലശത്തെ ആശ്രയിക്കുന്നു.

**24. ആ തേ രുചഃ പവമസ്യ സോമ യേഷേവ യന്തി സുദുധാഃ സുധാരാഃ |**
**ഹരിരാനീതഃ പുതവാരോ അപ്സ്വചിക്രദത് കലശേ ദേവയൂനാം ||**

ഹേ സോമമേ! മാതാവ് തൻെറ കുഞ്ഞിനെ മുലയൂട്ടുന്നതു പോലെ നിൻെറ സുന്ദരമായ ധാരകൾ യജമാനൻമാർക്കുവേി ധനം ചുരത്തുന്നു. ഹരിതവർണനായ ഈ സോമം യജ്ഞത്തിൽ ഋത്വിജൻമാരാൽ വരിക്കപ്പെടുന്നു, ദേവകാമരായ യജമാനൻമാരുടെ യജ്ഞത്തിലും ഒഴുക്കുജലത്തിലും ഈ സോമം തുടർച്ചയായി ശബ്ദിക്കുന്നു.

## സൂക്തം 97

**ഋഷി വസിഷ്ഠൻ, വസിഷ്ഠഗോത്രനായ ഇന്ദ്രപ്രമതിയും വൃക്ഷധണനും ന്യേവൂം വ്യാഘ്റപാത്തും, ശക്തിയും കർണ്ണശ്രുത്തും മൃളീകനും, വസുക്രനും പരാശരനും, അംഗിരഗോത്രൻ കുത്സനും ദേവത പവമാനസോമം ഛന്ദസ് ത്രിഷ്ടുപ്.**

**1. അസ്യ പ്രേഷാ ഹേമാന പൂയമാനോ ദേവോ ദേവാഭിഃ സമപൃക്ത രസം |**
**സുതഃ പവിത്രം പർയേതി രേഭൻമിതേവ സദ്മ പശുമാന്തി ഹോതാ ||**

യജമാനൻെറ മൃഗസമ്പന്നമായ യജ്ഞമണ്ഡപത്തിൽ ഋത്വിജൻമാർ വരുന്നതുപോലെ പിഴിയപ്പെട്ട സോമം ശബ്ദിച്ചുകൊു അരിപ്പയിലേക്കു പോകുന്നു. ഈ സോമം സ്വർണ്ണത്താൽ ശുദ്ധീകരിക്കപ്പെട്ട തൻെറ അംഗയുക്തമായ സുമഗുരരസത്തെ ദേവകളുടെ അടുക്കലേയ്ക്കു പ്രേരിപ്പിക്കുന്നു.

**2. ഭദ്രാ വസ്ത്രാ സമന്യാ വസാനോ മഹാൻകവിർനി വചനാനി ശംസൻ |**
**ആ വച്യസ്വ ചമ്വോഃ പൂയമാനോ വിചക്ഷണോ**

**ജാഗൃവിർദേവവീതൗ ||**

ഹേ സോമമേ! നീ മംഗളകാരിയായ തേജസ്സിനെ വഹിക്കുന്നവരും സ്തോത്രങ്ങളെ പ്രശംസിക്കുന്നവനും ചൈതന്യപൂർണ്ണനും സർവദർശിയുമാകുന്നു. ഈ യജ്ഞമണ്ഡപത്തിലെ സോമം പിഴിയുന്ന പലകകളെ നീ ആശ്രയിച്ചാലും.

**3. സമൂ പ്രിയോ മൃജ്യതേ സാനോ അവ്യേ യശസ്തരോ യശസാം ക്ഷൈതോ അസ്മേ |**

**അഭി സ്വര ധന്വാ പൂയമാനോ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഈ സോമം അന്നപ്രദനും യശ്വസിയും, പാർത്ഥിവനുമാകുന്നു. ഇത് അരിപ്പയിൽ ശുദ്ധീകരിക്കപ്പെടുന്നു. ഹേ സോമമേ! നീ ശുദ്ധനായി ശബ്ദിക്കുകയും, നിൻെറ കല്യാണികാരിയായ രക്ഷകളാൽ ഞങ്ങടെ പാലിക്കുകയും ചെയ്യേണമേ.

**4. പ്ര ഗായതാഭ്യർ ചാമ ദേവാൻത്സോമംഹിനോത മഹതേ ധനായ |**

**സ്വാദുഃ പവാതേ അതി വാരമവ്യമാ സീദാതി കലശം ദേവയുർനഃ ||**

ഹേ സ്തോതാക്കളേ! ദേവകളെ പൂജിക്കുകയും അവരെ സുന്ദരമായി സ്തുതിക്കുകയും ചെയ്യുവിൻ, ഇഷ്ടധനത്തിനു വേി സോമത്തെ ശുദ്ധീകരിക്കുവിൻ. ഈ സോമം അരിപ്പയിലരിക്കപ്പെട്ട് കുടത്തിൽ വീഴുന്നു.

**5. ഇന്ദുർദേവാനാമുപ സഖ്യമായൻത്സഹസ്രധാരഃ പവതേ മദായ |**

**നൃഭിഃ സ്തവാനോ അനു ധാമ പൂർവമഗന്നിന്ദ്ര മഹതേ സനഭഗായ ||**

യജ്ഞം നടത്തുന്നവരാൽ പ്രേരിതമായ ദേവകളുടെ മൈത്രിക്കുവേി കുടത്തിൽ പതിക്കുകയും സ്തുതിക്കപ്പെട്ടവ നായി സ്വർഗ്ഗത്തിലേയ്ക്കു പോവുകയും ചെയ്യുന്നു. സുഖത്തിനും, സൗഭാഗ്യത്തിനും, നൻമയ്ക്കും വേി ഈ സോമം ഇന്ദ്രൻെറ സാമീപ്യത്തെ പ്രാപിക്കുന്നു.

**6. സ്തോത്രേ രായേ ഹരിരർഷാ പുനാനാ ഇന്ദ്രം മദോ ഗഛതു തേ ഭരായ |**

**ദേവൈര്യാഹി സരഥം രാധോ അഛാ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഹേ സോമമേ! സ്തുതിക്കപ്പെടുന്ന നീ ധനത്തിനായി ഇന്ദ്രസമീപം ഗമിച്ചാലും. നിൻെറ ഹർഷപ്രദായകമായ രസം ഇന്ദ്രനെ യുദ്ധത്തിൽ സഹായിക്കട്ടെ ഞങ്ങളുടെ രക്ഷയ്ക്കുവേി നീ ദേവകളോടുകൂടി ഒരേ രഥത്തിൽ കയറി ആഗതനായാലും.

**7. പ്ര കാവ്യമുശനേ ബ്രുവാണോ ദേവാ ദേവാനാം ജനിമാ വിവക്തി |**

**മ ഹിവ്രതഃ ശുചിബന്ധുഃ പാവകഃ പദ വരാഹോ അഭ്യേതി രേഭൻ ||**

ഈ മന്ത്രത്തിൻെറ രചിതാവ് ഉശനെപ്പോലെ സ്തോത്രങ്ങൾ, പാടുന്നു. ഈ ഇന്ദ്രൻെറ ഉൽപ്പത്തി അറിയുന്ന ഋഷിയുടെ മിത്രവും, പവിത്രീകരിക്കുന്നവനും. അനന്തകർമ്മാ വുമായ സോമം ശബ്ദിച്ചുകൊ് പാത്രങ്ങളിലേയ്ക്കൊഴുകുന്നു.

**8. പ്ര ഹംസാസസ്തൃപലം മന്യുമഛാ മാദസ്തം വൃഷഗണാ അയാസുഃ |**

**ആങ്ഗൂഷ്യം പവമാനം സഖായോ ദൂർമർഷം സാകം പ്ര വദന്തി വാണം ||**

വൃഷഗണമഹർഷി ശത്രുബലം ഭയന്ന് ശത്രുഹിംസകനായ സോമത്തിനു വേി യജ്ഞശാലയെ പ്രാപിച്ചു. ഈ പവമാനസോമം സ്തുത്യർഹനും ദുർധർഷനുമാകുന്നു. സ്തോതാക്കൾ ഇവനെ ശ്രേഷ്ഠമായ വാദ്യങ്ങളോടു കൂടി സ്തുതിക്കുന്നു.

**9. സ രംഹത ഉരുഗായസ്യ ജജൂതിം വൃഥാ കീളന്തം മിമതേ ന ഗാവഃ |**

**പരീണസം കൃണുതേതിഗ് മശൃങ്ഗോ ദിവാ ഹരിർദ ദൃശേ നക്തമൃജ്രഃ ||**

ഈ സോമം ബഹുസ്തനും, ശീഘ്രഗതാവും, ക്രീഡാകുശലനുമാകുന്നു. മറ്റാർക്കും ഇവനോട് തുല്യതവഹിക്കുവാൻ കഴിയുന്നില്ല. ഈ സോമം അനേകം വിധത്തിലുള്ള തേജസ്സുകളാൽ സമ്പന്നമാകുന്നു. ഈ സോമം പകൽ പച്ചയും രാത്രിയിൽ ശുദ്രവുമായ പ്രകാശത്തോടുകൂടി കാണപ്പെടുന്നു.

**10. ഇന്ദുർവാജീ പവതേ ഗോന്യോധാ ഇന്ദ്രേ സോമഃ സഹ ഇന്വൻമദായ |**

**ഹന്തി രക്ഷോ ബാധതേ പര്യരാതീർവരിവഃ കൃണ്വൻവൃജനസ്യ രാജാ ||**

അസുരസംഹാരകരും, പവമാനനും, ഗമനശീലനും, ബലിഷ്ഠനുമായ സോമം ഇന്ദ്രനുവേി ബലകാരിയായ രസത്തെ പ്രേരിപ്പിച്ചുകൊ് സ്രവിക്കുന്നു. ബലേശ്വരനായ ഈ സോമം വരണീയ ധനങ്ങളുടെ ദാതാവും ശത്രുക്കളെ നശിപ്പിക്കുന്നവനുമാകുന്നു.

**11. അധ ധാരയാ മധ്വാ പൃചാനസ്തിരോ രോമ പവതേ അദ്രിദുഗ്ധഃ |**

**ഇന്ദുരിന്ദ്രസ്യ സഖ്യം ജജൂഷാണോ ദേവോ ദേവസ്യ മത്സരോ മദായ ||**

ഈ സോമം അമ്മികൊ് ഇടിച്ചു പിഴിയപ്പെട്ട് തൻെറ മദകരമായ ധാരകൾ വഴിയായി ദേവകളെ മത്തരാക്കുന്നു. ഇത് അരിപ്പയിൽക്കൂടി സ്രവിക്കുന്നു. ഇജ്ജ്വലമായ ഈ സോമം ഇന്ദ്രൻെറ മൈത്രിക്കുവേി അവൻ ഹർഷം ചെയ്തു പ്രദാനം കൊ് വർഷിക്കുന്നു.

**12. അഭി പ്രിയാണി പവതേ പുനാനോ ദേവോ ദേവാൻത്സ്വേന രസേന പൃഞ്ചൻ |**

**ഇന്ദുർധർമാണ്യൃതുഥാ വസാനോ ദശ ക്ഷിപോ അവ്യത സാനോ അവ്യേ ||**

ശുദ്ധീകരിക്കപ്പെട്ടവനും, ക്രീഡാശീലരും, ഇന്ദ്രാദിദേവകളുടെ പൂജകനും, പ്രിയകർമ്മാവുമായ സോമം സ്രവിക്കുന്നു. അപ്പോൾ പത്തുവിരലുകൾ അവനെ അരിപ്പയിലിരുത്തുന്നു.

**13. വൃഷാ ശോണോ അഭികനിക്രദ്ദഗാ നിയേന്നേതി പൃഥിവീമുത ദ്യാം |**

**ഇന്ദ്രസ്യേവവഗ്ൻരാ ശൃണ്വ ആജൗ പ്രചേതയന്നർഷതി വാചമേമാം ||**

ഈ സോമം വൃഷഭത്തെപ്പോലെ ശബ്ദിച്ചുകൊ് വാനൂഴികളെ വിശാലമാക്കുന്നു. പടക്കളത്തിലും സോമത്തിൻെറ ശബ്ദം ഇന്ദ്രനുതുല്യം കേൾക്കപ്പെടുന്നു. ഈ സ്വരംകൊു തന്നെ ഇവനെ എല്ലാവരും

അറിയുന്നു.

**14. രസായ്യഃ പയസാ പയസാ പിന്വമാന ഈരയന്നേഷി മധുമന്തമംശും |**
**പവമാനഃ സംതനിമേഷി കൃണ്വന്നിന്ദ്രായ സോമ പരിഷിച്യമാനഃ ||**

ഹേ സോമമേ! നീ മധുരരസനും, ശബ്ദയുക്തനും, പാലോടു ചേരുന്നവനുമാകുന്നു. ഹേ പവമാന സോമമേ! ജലത്താൽ നനയ്ക്കപ്പെട്ട് നീ ശുദ്ധനാകുന്നു. നിൻെറ ധാരകൾ പെരുകുമ്പോൾ അത് ഇന്ദ്രനുവേി പ്രവഹിക്കുന്നു.

**15. ഏവാ പവസ്വ മദിരോ മദായോദഗ്രാഭസ്യ നമയന്വധസ്നൈഃ |**
**പരി വർണം ഭരമാണൊ രുശന്തം ഗവ്യുർനോ അർഷ പരി സോമ സിക്തഃ ||**

ഹേ സോമമേ! ജലത്തെ തടയുന്ന മേഘത്തെ മൂർച്ചയേറിയ നിൻെറ യുധത്താൽ കീറിപ്പിളർന്ന് താഴോട്ടൊഴുക്കേണമേ. ഇന്ദ്രൻെറ ആനന്ദത്തിനുവേി നീ സ്രവിച്ചാലും. നീ ഞങ്ങളുടെ ഗോക്കളെ ഇഷ്ടപ്പെടുന്നവനാണല്ലോ, അതിനാൽ അതിവേഗം സ്രവിച്ചാലും.

**16. ജുജൂഷ്ടീ ന ഉന്ദോ സുപഥാ സുഗാന്യുരൗ പവസ്വ പരിവാംസി കൃണ്വൻ |**
**ധനേവ വിഷ്വദ്ഗുരിതാനി വിഘ്നന്നധി ഷ്ണുനാധന്വ സാസേ അവ്യേ ||**

ഹേ സോമമേ! സ്തുതികളിൽ പ്രസാദിച്ചു നീ ഞങ്ങളുടെ യജ്ഞമാർഗ്ഗങ്ങളെ സുഗമമാക്കി ദ്രോണകലശത്തിൽ പതിച്ചാലും. നീ സ്വന്തം താരകളോടുകൂടി അരിപ്പയിൽ പ്രവേശിച്ച് ദുഷ്ടരായ ശത്രുക്കളെ തീഷ്ണമായ ആയുധങ്ങളാൽ ഹനിച്ചാലും.

**17. വൃഷ്ടിം നോ അർഷ ദിവ്യ ജിഗത്നുമിളാവതീം ശംഗയിം ജീരദാനും |**
**സ്തുകേവ വീതാ ധന്വാ വിചിന്വൻ ബന്ധൂംരിമാം അവരാം ഇന്ദോ വായൂൻ ||**

ഹേ സോമമേ! വളരെ സുഖദായകനും, ഗമനശീലയും, ആകാശത്തിൽ നിന്നുൽഭവിക്കുന്നവളും, ദാനശീലയുമായ വൃഷ്ടിയെ വർഷിച്ചാലും. അതുപോലെ ഭൂമിയിൽക്കൂടി സഞ്ചരിക്കുന്ന അവളുടെ പുത്രതുല്യനായ വായുവിനെ അന്വേഷിച്ചുകൊാഗതനായാലും.

**18. ഗ്രന്ഥിം ന വി ഷ്യ ഗ്രഥി തം പുനാന ഋജ്ജം ച ഗാതും വൃജിന ച സോമം |**
**അത്യോ ന ക്രദോ ഹരിതാ സൃജാനോ മര്യോ ദേവ ധന്വ പസ്ത്യാവാൻ ||**

ഹേ സോമമേ! കെട്ടഴിച്ച് വേർപെടുത്തുന്നതുപോലെ എന്നെ പാപങ്ങളിൽ നിന്നും മോചിപ്പിക്കണേ, ശ്രേഷ്ഠവും ബലമേറിയതുമായ മാർഗ്ഗങ്ങൾ എനിക്കുപദേശിച്ചു തന്നാലും. നീ അശ്വത്തെപ്പോലെ ശബ്ദിക്കുന്നവനും, ഗൃഹയുക്തനും, ശത്രുഹന്താവുമാണല്ലോ അതിനാൽ എൻെറ അടുക്കലേയ്ക്കു വന്നാലും.

**19. ജുജൂഷ്ഠോ മദായ ദേവതാത ഇന്ദോ പരി ഷ്നാ ധന്വ സാനോ അവ്യേ |**
**സഹസ്രധാരഃ സുരഭിരദബ്ധഃ പരി സ്രവ വാജസാതൗ നൃഷഹ്യേ ||**

ഹേ സോമമേ! നീ അത്യന്തം മദകരനാകുന്നു. ദേവകാമങ്ങളായ യജ്ഞങ്ങളിൽ ധാരകൾ സഹിതം ആഗതനാകേണമേ. സുഗന്ധരൂപഗുണങ്ങളോടുകൂടി മനുഷ്യരുടെ കർമ്മക്ഷേത്രങ്ങളിൽ സഞ്ചരിച്ച് അവർക്കും പ്രേരണനൽകിയാലും.

**20. അരശ്മാനോ യേ രഥാ അയുക്താ അത്യാസോ ന സസൃജാനാസ ആജൗ |**
**ഏതേ ശുക്രസോ ധന്വന്തി സോമാ ദേവാസസ്താം ഉപ യാതഃ പിബധ്യൈ ||**

അഴിച്ചുവിട്ട അശ്വത്തെ രഥത്തിൽ പൂട്ടി അതിവേഗം ലക്ഷ്യസ്ഥാനത്തേക്കു പോകുന്നതുപോലെ യജ്ഞത്തിൽ ശുദ്ധീകരിക്കപെട്ട സോമം ദ്രോണകലശത്തിലേക്കു പ്രയാണം ചെയ്യുന്നു. ഹേ ദേവകളെ! സോമം പാനം ചെയ്യുന്നതിന് അതിൻെറ സാമീപ്യം പ്രാപിച്ചാലും.

**21. ഏവാ ന ഇന്ദോ അഭി ദേവവീതിം പരിസ്രവ നഭോ അർണശ്ചമുഷു |**
**സോമോ അസ്നഭ്യം ബൃഹന്തം രയിം ദദാതു വീരവന്ത മുഗ്രം ||**

ഹേ സോമമേ! ആകാശത്തുനിന്നും ഞങ്ങളുടെ യജ്ഞത്തിൽ നിൻെറ രസത്തെ വർഷിച്ചാലും. നീ ഞങ്ങൾക്ക് കാമ്യവും, യോഗ്യവും, സമൃദ്ധവും, ഉചയുക്തവുമായ ധനം പ്രദാനം ചെയ്താലും.

**22. തക്ഷദ്യദീം മനസാ വേനതോ വാഗ്ജ്യേഷ്ഠസ്യ വാ ധർമണി ക്ഷീരനീകേ |**
**ആദിമായന്വരമാ വാവശാനാ ജുജൂഷ്ടം പതിം കലശേ ഗാവ ഇന്ദും ||**

അന്തഃക്കരണത്തിൽ നിന്നും ഇഷ്ടവചനങ്ങൾ പുറപ്പെടുന്നതുപോലെ യജ്ഞസമയത്ത് അത്യന്തം ചമത് കൃതമായ ദ്രവ്യംകൊുവരപ്പെടുന്നു. ഈ സോമരൂപമായ ദ്രവ്യത്തിനുവേി പശുവിൻ പാൽ അതിവേഗം വന്നുചേരുന്നു. അപ്പോൾ സോമം കലശത്തെ അഭയം പ്രാപിക്കുന്നു. ഈ സോമം പൂജ്യനുമാകുന്നു.

**23. പ്ര ദാനുദോദിവ്യോദാനുപിന്വഋതമൃതായ പവതേ സുമേധാഃ |**
**ധർമാഭുവദ്വൃ ജന്യഭ്യ രാജാ പ്ര രശ്മി മിർദശഭിർഭാരി ഭൂമ ||**

ദാനികളുടെ അഭീഷ്ടങ്ങളെ പാലിക്കുന്നവനും, ആകാശത്തിൽ ജനിച്ചവനും, സുന്ദരബുദ്ധിയുമായ സോമം സ്വന്തം രസത്തെ ഇന്ദ്രനുവേി ഒഴുക്കുന്നു. പത്തുവിരലുകൾ യഥേഷ്ടം സോമത്തെ പിഴിയുന്നു. ഈ സോമം സജ്ജനങ്ങളിൽ ബലത്തെ നിക്ഷേപിക്കുന്നു.

**24. പവിത്രേഭിഃ പവമാനൊ നൃചക്ഷാ രാജാ ദേവാനാമുത മർത്യാനാം |**
**ദ്വിതാ ഭൂവദ്രയിപതീ  രയീണാമൃതം ഭരത്സുഭ,തം ചാർവിന്ദുഃ ||**

ധനേശ്വരനും മനുഷ്യദ്രഷ്ടാവുമായ സോമം ദേവകളുടേയും മനുഷ്യരുടേയും ഹിതൈഷിയായ ജലത്തിൻെറ ഉടമസ്ഥനാ കുന്നു.

**25. അർവാം ഇവ ശ്രവസേ സാതിമച്ഛേന്ദ്രസ്യവയോരഭി വീതിമർഷ |**
**സ നഃ സഹ ബ്യാവ്യഹതീരിഷോ ദാ ഭവാ സോമ ദ്രവിണോ വിത്പുനാനഃ ||**

ഹേ സോമമേ! അശ്വം യുദ്ധത്തിലേക്കു പോകുന്നതുപോലെ നീ

യജമാനൻമാരുടെ അന്നലാഭത്തിപായി ഇന്ദ്രനും വായുവിനും പാനം ചെയ്യപ്പെടുവാൻ വന്നാലും ഞങ്ങൾക്കു നീ എല്ലാവിധ ഐശ്വര്യങ്ങളും പ്രധാനം ചെയ്യൂ. ഹേ സംസ്കരിക്കപ്പെട്ട സോമമേ! നീ ഞങ്ങൾക്കു ധനം തരുവിക്കുന്നവനാകണേ.

**26. ദേവാവ്യോ നഃ പരിഷിച്യമാനാഃ ക്ഷയം സുവീരം ധന്വന്തു സോമാഃ |**
**ആയജ്യവഃ സുമതിം വിശ്വവാരാ ഹോതാരോ ന ദിവിയജോ മന്ദ്രതമാഃ ||**

സുന്ദരബുദ്ധിയായ ഈ സോമം ദേവകളെ തൃപ്തിപ്പെടുത്തുന്നവനും യജ്ഞസമ്പന്നനും, എല്ലാവർക്കും സ്വീകാര്യനും; ഹോതാക്കളെപ്പോലെ ഇന്ദ്രാദികളുടെ സ്തോതാവും, മഹാശക്തിമാനുമാകുന്നു. ഈ സോമം നമുക്ക് അപത്യയുക്തമായ ഗൃഹം തരട്ടെ.

**27. ഏവാ ദേവ ദേവതാതേ പവസ്വ മഹേ സോമ പ്സരസേ ദേവപാനഃ |**
**മഹശ്ചിദ്ധി ഷ്മസി ഹിതാഃ സമർയേകൃധി സുഷ്ഠാനേ രോദസീ പുനാനഃ ||**

ഹേ സോമമേ! നീ സ്തുത്യനാണല്ലോ, ദേവകൾ നിന്നെ പാനം ചെയ്യുന്നു. ദേവകാമ്യമായ ഈ യജ്ഞത്തിൽ ദേവകൾക്കു പാനം ചെയ്യുവാൻ ഒഴുകിവന്നാലും. ഞങ്ങൾ നിന്നാൽ പ്രേരിപ്പിക്കപ്പെട്ട് ശത്രുക്കളെ പരാജയപ്പെടുത്തും പിഴിയപ്പെട്ട സോമം ഈ വാനൂഴികളെ ഞങ്ങൾക്കു സുഖവാസയോഗ്യ മാക്കണേ.

**28. അശ്വോ ന ക്രദോ വൃഷഭിർയുജാനഃ സിംഹോ ന ഭീമോ മനസോ ജവീയാൻ |**
**അർവാചീനൈഃ പഥിഭിർയേ രജിഷ്ഠാ ആ പവസ്വ സൗമനസം ന ഇന്ദോ ||**

ഹേ സോമമേ! നീ ശത്രുക്കൾക്കു ഭയങ്കരനും, മനസ്സിനേക്കാൾ അധികം വേഗവാനും, ഋത്വിക്കുകളാൽ പിഴിയപ്പെട്ടവനുമാണല്ലോ. നീ ഞങ്ങൾക്ക് സരളമായ മാർഗ്ഗം ഉപദേശിച്ച് ഞങ്ങളെ കർമ്മങ്ങളിൽ വ്യാപൃതരാക്കിയാലും.

**29. ശതം ധാരാ ദേവജാതാ അസൃഗ്രൻത്സഹസ്രമേനാഃ കവയോ മൃജന്തി |**
**ഇന്ദോ സനിത്രം ദിവം ആ പവസ്വ പുരഏതാസി മഹതോ ധനസ്യ ||**

ഹേ സോമമേ! നീ ദേവകൾക്കുവേിയാണല്ലോ ജൻമമെടുത്തത്. നിന്നെ ശുദ്ധീകരിക്കുന്ന ഋത്വിജൻമാർ നിൻെറ അസംഖ്യം ധാരകളെ ശുദ്ധമാക്കുന്നു. ഹേ സോമമേ! നീ വമ്പിച്ച സമ്പത്തുക്കളുടെ മുന്നിൽ ചിരക്കുന്നു. ആകാശത്തിൽ മറഞ്ഞിരിക്കുന്ന ധനത്തെ ഞങ്ങളുടെ നേരെ വർഷിച്ചാലും.

**30. ദിവോ ന സർഗാ ശ്രസസൃഗ്രമഹ്നാം രാജാ ന മിത്രം പ്രമിനാതി ധീരഃ |**
**പിതുർന പുത്രഃ ക്രതുഭിർയതാന ആ പവസ്വ വിശേ അസ്യാ അജീതിം ||**

സോമധാരകളും സൂര്യരശ്മികൾ പോലെ നിർമ്മിക്കപ്പെടുന്നു. കർമ്മവാനായ പുത്രൻ പിതാവിനെ പരാജയപ്പെടുത്തുന്നുമില്ല. അതുപോലെ നീ ഈ ജീവികളെ പരാജയപ്പെടുത്തരുതേ, എന്തുകൊന്നൊൽ നീ അവരുടെ മിത്രവും നായകനുമാണല്ലോ.

**31. പ്ര തേ ധാരാ മധുമതീരസൃഗ്രവാരാന്യത്പൂതോ അത്യേഷ്യവ്യാൻ |**
**പവമാന പവസേ ധാമ ഗോനാം ജജ്ഞാനഃ സൂര്യമപിന്വോ അരകൈ ||**

ഹേ സോമമേ! നീ അരിപ്പയിൽ കൂടി കടന്നുപോകുമ്പോൾ നിൻെറ ധാരകൾ മധുരമുള്ളതായിത്തീരുന്നു. നീ ഗോദുഗ്ധത്തിൽ ഒഴുകിച്ചേരുകയും നിൻെറ പൂജനീയമായ തേജസ്സാൽ ആകാശത്തെ പൂർണ്ണമാക്കുകയും ചെയ്യുന്നു.

**32. കനിക്രദദനു പന്ഥാമൃതസ്യ ശുക്രോ വി ഭാസ്യമൃതസ്യ ധാമ |**
**സ ഇന്ദ്രായ പവസേ മത്സരവാൻഹിന്വാനേ വാചം മതിഭിഃ കവീനാം ||**

ഈ സോമം യജ്ഞമാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ച് തുടർച്ചയായി ശബ്ദിക്കുന്നു, ഹേ സോമമേ! ഉജ്ജ്വലവും വിശിഷ്ടവുമായ ശോഭയെ പ്രാപിച്ചുകൊിരിക്കുന്നു, നീ സ്തോതാക്കളുടെ ബുദ്ധിയെ ശബ്ദോച്ചാരണത്തിനുവേി പ്രേരിപ്പിക്കുന്നു.

**33. ദിവ്യഃ സുപർണോ വ ചക്ഷി സോമ ചിന്വന്ധാരാഃ കർമണാ ദേവവീതൗ |**
**എന്ദോ വിശ കലശം സോമധാനം ക്രന്ദന്നിഹി സൂര്യസ്യോപ രശ്മിം ||**

ഹേ സോമമേ! നീ ഈ ദേവയജ്ഞത്തിൽ സ്വന്തം ധാരകളെ ഒഴുക്കിക്കൊ് കുടത്തിലേയ്ക്ക് ഗമിച്ചാലും. ആകാശത്തിൽ ജനിച്ച ഭഗവാൻ തൻെറ ശബ്ദം വഴിയായി സൂര്യതേജസ്സിനെ പ്രാപിച്ചാലും.

**34. തിസ്രോ വാച ഈരയന്തി പ്ര വഹ്നിർ ഋതസ്യ ധീതിം ബ്രഹ്മണോ മനീഷാം |**
**ഗാവോ യന്തി ഗോപതിം പൃച്ഛമാനാഃ സോമംയന്തി മതയോ വാവശാനാഃ ||**

മൂന്നുവേദങ്ങളുടെയും സ്തോതാവായ യജമാനൻ യജ്ഞത്തെ വഹിക്കുന്നവനാകുന്നു. അവൻ കല്യാണകാരിണി കളായ സ്തുതികളാൽ സോമത്തെ പുകഴ്ത്തുന്നു. ആ സോമത്തിൽ തങ്ങളുടെ പാൽ ചേർക്കുന്നതിനായി ഗോക്കൾ അതിനെ സമീപിക്കുന്നു.

**35. സോമം ഗാവോ ദേനവോ വാവശാനാഃ സോമം വിപ്രാ മതിഭിഃ പൃച്ഛമാനാഃ |**
**സോമഃ സുതഃ പൂയതേ അജ്യമാനഃ സോമേ അർകാസ്ത്രിഷ്ടുഭഃ സം നവന്തേ ||**

ജ്ഞാനികളായ സ്തോതാക്കൾ സ്തുതികളോടു കൂടി സോമത്തെ പൂജിക്കുന്നു. സന്തുഷ്ടകളായ ഗോക്കൾ സോമകാമിനികളായി ഗോസത്താൽ സോമത്തെ സേചനം ചെയ്യുന്നു. ആ സോമം ഋത്വിക്കുകളാൽ പൂർണ്ണമാക്കപ്പെടുന്നു. ത്രിഷ്ടുപ്ഛന്ദാത്മകമായ മന്ത്രങ്ങളും ഈ മന്ത്രങ്ങളെ സംയുക്തമാക്കുന്നു.

**36. ഏവാ നഃ സോമ പരിഷിച്യമാന ആ പവസ്വ പൂയമാനഃ സ്വസ്തി |**
**ഇന്ദ്രമാ വിശ ബൃഹതാ രവേണ വർധയാ വാചം ജനയാ പുരന്ധിം ||**

ഹേ സോമമേ! നീ ശബ്ദിച്ചുകൊ് പാത്രങ്ങളിൽ വീണിട്ട് കല്യാണകാരികളായ രക്ഷകളാൽ ഞങ്ങളുടെ സ്തോത്രങ്ങളെ വളർത്തുകയും മഹാശബ്ദത്തോടുകൂടി ഇന്ദ്രൻെറ ഉദരത്തിൽ

വിശ്രമിക്കുകയും ചെയ്യേണമേ. ഹേ സോമമേ! ഞങ്ങളുടെ സ്തുതികളെ ശക്തിപ്പെടുത്തിയാലും.

**37. ആ ജാഗ്രവിർവിപ്ര ഋതാ മതീനാം സോമഃ പുനാനോ അസദച്ചമൂഷു |**
**സപന്തി യം മിഥുനാസേ നികാമ അധ്വര്യവോ രഥിരാസഃ സുഹസ്താഃ ||**

കല്യാണഹസ്തരായ ഋത്വിജൻമാർ സംയുക്തമാക്കപ്പെട്ട ഈ സോമത്തെ അരിപ്പയിലൊഴിക്കുന്നു. ജാഗരണസ്വഭാവ ത്തോടുകൂടിയ ഈ സോമം ശുദ്ധമായി ചമസങ്ങളെ പ്രാപിക്കുന്നു.

**38. സ പുനാന ഉപ സൂരേ ന ധാതോഭേ അപ്രാ രോദസീ വി ഷ ആവഃ |**
**പ്രിയാ ചിദ്യസ്യ പ്രിയസാസ ഊതീസ തൂ ധനം കാരിണേ ന പ്ര യംസത് ||**

വാനുഴികളെ തൻെറ മഹിമയാൽ വളർത്തുന്നതും പിഴിയപ്പെട്ടതുമായ സോമം ഇന്ദ്രൻെറ അടുക്കൽ ചെല്ലുന്നു. ഈ സോമം അന്ധകാരത്തേയും നശിപ്പിക്കുന്നു. ഈ സോമത്തിൻെറ മധുരധാരകൾ പാലങ്ങളാകുന്നു. ഈ സോമം നമുക്ക് വേഗം ധനം തരണേ.

**39. സവർധിതാ വർധനഃ പൂയമാനഃ സോമോ മീഢ്വാം അഭി നോ ജ്യോതിഷാവീത് |**
**യേനാ നഃ പൂർവേ പിതരഃ പദജ്ഞാഃ സ്വർവിദോ അഭി ഗാ അദ്രിമുഷ്ണൻ ||**

ഈ സോമം അഭീഷ്ടവർഷകനും, ദേവകളെ വളർത്തുന്നവനും, പ്രബുദ്ധനും, അരിപ്പയിൽ പിഴിയപ്പെട്ടവനുമാകുന്നു. ഇവൻ സ്വന്തം തേജസ്സാൽ നമ്മെ പാലിയ്ക്കട്ടെ നമ്മുടെ സർവ്വജ്ഞരായ പൂർവ്വപിതാക്കൾ ഇവൻെറ സഹായത്താലാണ് സ്ഥലമറിഞ്ഞ് ഗോക്കളെ മലയിൽ നിന്നുകൊവന്നത്.

**40. അക്രാൻത്സമുദ്രഃ പ്രഥമേ വിധർമഞ്ജനയൻ പ്രജാ ഭുവനസ്യ രാജാ |**
**വൃഷാ പവിത്രേ അധി സാനോ അവ്യേ ബൃഹത്സോമോ വാവൃധേ സുവാന ഇന്ദുഃ ||**

ഈ സോമം ജലം വർഷിക്കുന്നവനും, ലോകങ്ങൾക്കു വേി ജലത്തെ വഹിക്കുന്നവനും, അന്തരീക്ഷത്തിൽ പ്രജകളെ സൃഷ്ടിക്കുന്നവനും, എല്ലാത്തിനേയും അതിജീവിക്കുന്നവനുമാ കുന്നു. കാമവർഷകനായ ഈ സോമം ഉയർന്ന അരിപ്പയിൽ വൃദ്ധിപ്രാപിക്കുന്നു.

**41. മഹത്തത്സോമോ മഹിഷശ്ചകാരാപാം യദ്ഗർഭോ വൃണീത ദേവാൻ |**
**അദധാദിന്ദ്രേ പവമാന ഓജോ ജനയത്സൂര്യേ ജ്യോതിരിന്ദുഃ ||**

ജവത്തിൽ ജനിച്ച സോമം ദേവകളുടെ ആശ്രിതനായി. ഇദ്ദേഹം ഇന്ദ്രനുവേി ബലത്തെ വഹിച്ചു സൂര്യന് തേജസ്സ് നല്കി. ഈ സോമം അനേകം പ്രശംസനീയങ്ങളായ കർമ്മങ്ങൾ ചെയ്തിരിക്കുന്നു.

**42. മത്സിവായുമിഷ്ടയേ രാധസേ ച മത്സി മിത്രാവരുണാ പൂയമാനഃ |**
**മത്സിശർധോ മാരുതം മത്സി ദേവാൻമത്സി ദ്യാവാപൃഥിവീ ദേവ സോമ ||**

ഹേ സോമമേ! നീ ശുദ്ധീകരിക്കപ്പെട്ടവനായി മിത്രവരുണൻമാരെ തൃപ്തരാക്കുക. മരുത്തുക്കൾക്കു ബലവും, ഇന്ദ്രനു മദവും വളർത്തുക. ഹേ സോമമേ! നീ വാനുഴികളെ പുഷ്ടിപ്പെടുത്തുക. ഞങ്ങളുടെ അന്നത്തിനും ധനത്തിനും വേി വായുവിനെ മദയുക്തനാക്കുക. ഞങ്ങൾക്കു ധനം പ്രദാനം ചെയ്യുക.

**43. ഋജുഃ പവസ്വ വൃജിനസ്യ ഹന്താപാമീവാം ബാധമാനോ മൃധശ്ച |**
**അഭിശ്രീണൻപയഃ പയസാഭി ഗോനാമിന്ദ്രസ്യ ത്വം തവ വയം സഖായഃ ||**

ഹേ സോമമേ! വിഘ്നങ്ങളെ നശിപ്പിക്കുന്നവനും, ഹിംസകൻമാരായ അസുരൻമാരേയും അവരുടെ കർമ്മങ്ങളേയും നശിപ്പിക്കുന്നവനുമാണല്ലോ. നീ സ്രവണശീലമായ രസത്തെ ക്ഷീരമിശ്രിതമാക്കി പാത്രങ്ങളിൽ നിറക്കുന്നു. ഹേ ഇന്ദ്ര സഖാവായ സോമമേ! ഞങ്ങളുടെയും സഖാവാകേണമേ.

**44. മധ്വഃ സൂദം പവസ്വ വസ്വ ഉത്സം വീരം ച ന ആ പവസ്വാ ഭഗം ച |**
**സ്വദസ്വേന്ദ്രായ പവമാന ഇന്ദോ രയിം ച ന പവസ്വാ സമുദ്രാത് ||**

ഹേ സോമമേ! നിൻെറ മധുമയമായ രസത്തെ വർഷിച്ചാലും. ഞങ്ങൾക്ക് ധനത്തേയും സുന്ദരൻമാരായ പുത്രൻമാരെയും നൽകിയാലും. ശുദ്ധനായ നീ ഇന്ദ്രനെ ആനന്ദിപ്പിക്കുന്നവനായും, ഞങ്ങൾക്ക് അന്തരീക്ഷത്തിലെ ധനം നല്കുന്നവനായും ഭവിക്കേണമേ.

**45. സോമഃ സുതോ ധാരയാത്യോ ന ഹിത്വാ സിന്ധുർന നിമ്നമഭി വാജ്യക്ഷാഃ |**
**ആ യോനിം വന്യമസദത് പുനാനഃ സമിന്ദുർഗോഭിരസരത്സമദ്ഭിഃ ||**

നദികൾ താഴോട്ടൊഴുകുന്നതുപോലെ സോമം താഴെയിരിക്കുന്ന കുടത്തിലേക്ക് ഒഴുകുന്നു. ദ്രുതഗാമിയായ അശ്വം ലക്ഷ്യത്തിലേക്കു പോകുന്നതുപോലെ പിഴിഞ്ഞ ഈ സോമം ഒഴുകിപോകുന്നു, ജലത്താൽ മിശ്രമാക്കപ്പെട്ട ഇത് കുടത്തിൽ പ്രവേശിക്കുന്നു.

**46. ഏഷ സ്യ തേ പവത ഇന്ദ്ര സോമശ്ചമൂഷു ധീര ഉശതേ തവസ്വാൻ |**
**സ്വർചക്ഷാ രഥിരഃ സത്യശുഷ്മഃ കാമോ ന യോ ദേവയതാമസർജി ||**

ഹേ സോമകാമനായ ഇന്ദ്രാ! വേഗവാനും, ശ്രേഷ്ഠനുമായ സോമം അതാ നിനക്കുവേി ചമസങ്ങളിലിരിക്കുന്ന സർവദർശിയും, സത്യബലനുമായ സോമം ദേവകാമരായ യജമാനൻമാരുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കുന്നതിന് സമർത്ഥനാക്കപ്പെട്ടിരിക്കുന്നു.

**47. ഏഷപ്രത്നേന വയസാ പുനാനസ്തിരോ വർഷാംസി ദുഹിതുർദധാനഃ |**
**വസാനഃ ശർമ ത്രിവരൂഥമപ്സു ഹോതേവ യാതിവ യാതി സമനേഷു രേഭൻ ||**

രസരൂപധാരകളോടു കൂടി സ്രവിക്കുന്ന സോമം ശീത താപവർഷാദികളുടെ ശമനകർത്താക്കളായ യജ്ഞത്തെ സൃഷ്ടിക്കുന്നു. ഈ സോമം തന്നെ ജലത്തിൽ വസിച്ചുകൊ് സ്തോത്രോച്ചാരകനായ ഹോതാവിനെപ്പോലെ ശബ്ദിച്ചുകൊ് യജ്ഞസ്ഥാനം പൂകുകയും, സ്വന്തം തേജസ്സാൽ ആകാശത്തേയും ഭൂമിയേയും വിശാലമാക്കുകയും

ചെയ്യുന്നു.

**48. നൂ നസ്ത്വ രഥിരേ ദേവ സോമ പരി സ്രവചമ്‌വോ പൂയമാനഃ |**
**അപ്സു സ്വാദിഷ്ഠോ മധുമാം ഋതാവാദേവോ ന യഃ സവിതാ സത്യമൻമാ ||**

ഹേ കാമയോഗ്യനായ സോമമേ! നീ ഞങ്ങളുടെ യജ്ഞത്തിലാഗതനാകുകയും വെള്ളത്തിലേക്കു പിഴിയപ്പെടുകയും ചെയ്യണേ. സർവപ്രേരകനും രഥിയും, യജ്ഞവാനും മധുരരസസമ്പൂർണ്ണനും, രുചികനുമാണല്ലോ. ദേവകളെപ്പോലെ നീ സത്യസ്തുതികളാൽ സമ്പന്നനാണല്ലോ.

**49. അഭി വായും വീത്യർഷാ ഗൃണാനോഭി മിത്രാവരുണാഃ പൂയമാനഃ |**
**അഭി നരം ധീജവനം രഥേഷാമഭീന്ദ്രം വൃഷണം വജ്രജബാഹും ||**

ഹേ സോമമേ! നീ പിഴിയപ്പെട്ട് വായു, മിത്രൻ വരുണൻ എന്നിവരുടെ അടുക്കലേക്ക് അവരുടെ പാനത്തിനായി ഗമിച്ചാലും വേഗമേറിയ രഥത്തിൽ കയറിപ്പോകുന്നവരായ അശ്വിനികളുടേയും; വജ്രമേറിയ രഥത്തിൽ കയറിപ്പോകുന്നവരുമായ അശ്വനികളുടേയും, വജ്രബാഹുവും അഭിലാഷവർഷകനുമായ ഇന്ദ്രൻെറയും അടുക്കൽ പോയാലും.

**50. അഭി വസ്ത്രാ സുവസനാന്യർഷാഭി ധേനൂഃ സുദുഘാഃ പൂയമാനഃ |**
**അഭി ചന്ദ്രാ ഭർതവേ നോഹിരണ്യാഭ്യശ്വാന്നഥിനോ ദേവ സോമ ||**

ഹേ സോമമേ! നീ സുന്ദരമായ വസ്ത്രാലങ്കാരത്തോടുകൂടി വന്നാലും നീ പിഴിയപ്പെട്ടവനായി, ഞങ്ങളുടെ പ്രതിഷ്ഠക്കുവേ സ്വർണ്ണം പ്രദാനം ചെയ്യണമേ. ഞങ്ങൾക്ക് രഥത്തോടുകൂടി അശ്വങ്ങളേയും, മധുരമുള്ള പാൽ തരുന്ന കറവപ്പശുക്കളേയും പ്രദാനം ചെയ്താലും.

**51. അഭീ നോ അർഷ ദിവ്യാ വസൂന്യഭി വിശ്വാ പാർഥിവാ പൂയമാനഃ |**
**അഭി യേന ദ്രവിണമശ്നവാമാഭ്യാർഷേയം ജമദഗ്നിവന്നഃ ||**

ഹേ സോമമേ! നീ അരിപ്പയിൽ കൂടി കടന്ന് ശുദ്ധവാനായി ഞങ്ങൾക്ക് ദിവ്യവും, പാർത്ഥിവവുമായ ധനം പ്രദാനം ചെയ്യേണമേ, ജഗദഗ്നിക്കു കൊടുത്തതുപോലെ ഞങ്ങൾക്കും ഉപഭോഗയോഗ്യങ്ങളായ ധനവും ധാനോപാർജനയോഗ്യമായ കർമ്മബലവും പ്രദാനം ചെയ്താലും.

**52. അയാ പവാ പവസ്വൈനാ വസൂനി മാംശ്ചത്വാ ഇന്ദോ സരസി പ്ര ധന്വ |**
**ബ്രധ്നശ്ചദത്ര വാതോ ന ജൂതഃ പുരുമേധശ്ചിത്തകവേ നരം ദാത് ||**

ഹേ സോമമേ! നീ യജമാനൻമാരുടെ വിശുദ്ധജലത്തെ പ്രാപിച്ചാലും. നിൻെറ പിഴിയപ്പെട്ട ധാരകളാൽ എല്ലാ സമ്പത്തുക്കളെയും വർഷിച്ചാലും. നിന്നോടൊപ്പം വായുവേഗനായ സുര്യനും, ഇന്ദ്രനും സഞ്ചരിക്കുന്നു. അവർ നിന്നാൽ തൃപ്തരായി പുത്രപ്രദായകരായിമാറട്ടെ. ഹേ സോമമേ! നീയും ശ്രേഷ്ഠകർമ്മാവായ പുത്രനെ എനിക്കു നൽകേണമേ.

**53. ഉത ന ഏനാ പവയാ പവസ്വാധി ശ്രുതേ ശ്രവായ്യസ്യ തീർഥേ |**
**ഷഷ്ടിംസഹസ്രാ നൈഗുതോ വസൂനി വൃക്ഷം ന പക്വം ധൂനവദ്രണായ ||**

ഹേ സോമമേ! നീ എല്ലാവർക്കും ആശ്രയദാതാവാണല്ലോ. ഞങ്ങളുടെ ഈ യജ്ഞത്തിൽ നീ സ്വന്തം ധാരകൾ വർഷിച്ചാലും പഴം ആശിക്കുന്നവർ വൃഷത്തെ കുലുക്കി പഴം സമ്പാദിക്കുന്നതുപോലെ, ശത്രുക്കളെ പരാജയപ്പെടുത്തി വിജയം പ്രാപിക്കുന്നതിന് അറുപതിനായിരം ധനം സോമം ഞങ്ങൾക്കു തന്നു.

**54. മഹീമേ അസ്യ വൃഷനാമ ശൂഷേ മാംശ്ചത്വേ വാ പൃശനേ വാ വധത്രേ |**
**അസ്വാപയന്നിഗുതഃ സ്നേഹയച്ചാപാമിത്രാം അപാചിരോ അചേതഃ ||**

സോമത്തിൻെറ രു കർമ്മബാണങ്ങളാണ് വൃഷ്ടിയും, ശത്രുഹനവും അതു വളരെ ആനന്ദകരവുമാണ്. കുതിരകൾ വഴിയുള്ള യുദ്ധം, ദ്വന്ദയുദ്ധം ഇവ രും വഴി സോമം ശത്രുക്കളെ കൊല്ലുകയും പലായനം ചെയ്യുകയും ചെയ്യുന്നു. ഹേ സോമമേ! അയാജ്ഞികരേയും എല്ലാവിധ ശത്രുക്കളേയും ഇവിടെനിന്നു ഓടിക്കേണമേ.

**55. സം ത്രീ പവിത്രാ വിതതാന്യേഷ്യന്വേകം ധാവസി പൂയാമാനഃ |**
**അസി ഭഗേ അസി ദാത്രസ്യ ദാതാസി മഘവാ മഘവദ്ഭ്യ ഇന്ദോ ||**

ഹേ സോമമേ! അഗ്നി, വായു, സൂര്യൻ ഈ മൂന്ന് അരികളിൽ വഴിപോലെ ചെല്ലുന്ന നീ കമ്പിളിയരിപ്പയെ പ്രാപിക്കുന്നു. നീ ദാനയോഗ്യമായ ധനത്തെ നൽകുന്നവരും ധനികൻമാരിൽ ശ്രേഷ്ഠനായ ധനികനുമാണല്ലോ.

**56. ഏഷ വിശ്വവിത്പവതേ മനീഷീസോമോ വിശ്വസ്യ ഭുവനസ്യ രാജാ |**
**ദ്രപ്സാം ഈരയന്വിദഥേഷ്വിന്ദുർവി വാരമവ്യം സമയാതി യാതി ||**

ഈ സോമം എല്ലാ ലോകങ്ങളുടേയും ഈശ്വരനും, ജ്ഞാനിയും എല്ലാമറിയുന്നവനുമാകുന്നു. അവൻ തൻെറ രസത്തെ യജ്ഞത്തിലേക്കു പ്രേരിപ്പിച്ചുകൊ് അരിപ്പയിൽക്കൂടി പുറപ്പെടുന്നു.

**57. ഇന്ദുരിഹന്തി മഹിഷാ അദബ്ധാഃ പദേ രേഭന്തി കവയോ ന ഗൃധ്രാഃ |**
**ഹിന്വന്തി ധീരാ ദശഭിഃ ക്ഷിപാഭിഃ സംജ്ഞതേ രൂപമപാം രസേന ||**

ധനാഭിലാഷികളായ സ്തോതാക്കൾ എപ്രകാരം ശബ്ദിക്കുന്നുവോ, അതുപോലെ കർമ്മജ്ഞാനികളായ ഋത്വിക്കുകൾ പത്തുവിരലുകളാൽ ശബ്ദായമാനനായ സോമത്തെ ശുദ്ധീകരിച്ച് ജലത്തോടു ചേർക്കുന്നു. ദേവഗണം ഈ സോമധാരകളുടെ അടുക്കൽവന്ന് ശബ്ദിച്ചുകൊു അതിൻെറ മധുരരസത്തെ ആസ്വദിക്കുന്നു.

**58. ത്വയാ വയം പവമാനേന സോമ ഭരേ കൃതം വി ചിനുയാമ ശശ്വത് |**
**തന്നോ മിത്രോ വരുണോ മാമഹന്താമദിതിഃ സിന്ധുഃ പൃഥിവീ ഉത ദ്യൗഃ ||**

ഹേ സോമമേ! അരിപ്പയിൽ പ്രശോഭിതനാകുന്ന നീ ഞങ്ങളെ യുദ്ധത്തിൽ അനേക കർമ്മവാൻമാരാക്കേണമേ. പൃഥ്വി, ആകാശം, സമുദ്രം, മിത്രൻ, വരുണൻ, അദിതി; മുതലായ എല്ലാവരും ഞങ്ങളെ ധനയുക്തരാക്കണേ.

## സൂക്തം 98

**ഋഷി അംബരീഷനും; ഋജിവും, ദേവത പവമാനസോമം ഛന്ദസ് അനുഷ്ടുപ്, ബൃഹതി.**

**1. അഭി നോ വാജസാതമം രയിമർഷ പുരുസ്പൃഹം |**
**ഇന്ദോ സഹസ്രഭർണ സം തുവിദ്യുമ്നംവിഭ്വാസഹം ||**

ഹേ സോമമേ! നീ വിഭിന്ന പുഷ്ടികളാൽ സമ്പന്നനാണല്ലോ നീ അനേകരാൽ കാമിക്കപ്പെടുന്നതും മഹാപരാക്രമിക്കളേപ്പോലും പരാജയപ്പെടുത്തുന്നതും ബലശാലിയുമായ അനല്പാന്നം പ്രദാനം ചെയ്താലും.

**2. പരി ഷ്യ സുവാനോ അവ്യയം രഥേ ന വർമാവ്യത |**
**ഇന്ദുരഭി ദ്രുണാ ഹിതോ ഹിയാനോ ധാരാഭിരക്ഷാഃ ||**

രഥാരൂഢനായ യോദ്ധാവ് കവചം ധരിച്ചിരിക്കുന്നതുപോലെ അരിപ്പയിൽക്കൂടി ഒഴുകുന്ന സോമം പാലു കൊഛാദിതമാകുന്നു. മരപ്പാത്രത്തിൽ നിന്നും ഒഴുകുന്ന സോമം ധാരാരൂപത്തിൽ വർഷിക്കുന്നു.

**3. പരിഷ്യ സുവാനോ അക്ഷാ ഇന്ദുരവ്യേ മദച്യുതഃ |**
**ധാരാ യ ഊർധ്വോ അധ്വരേ ഭ്രാജാ നൈതി ഗവ്യയുഃ ||**

സംസ്കരിക്കപ്പെട്ട സോമം ദേവകളുടെ പ്രേരണയാൽ മദത്തിനുവേ അരിപ്പയിൽ കയറുന്നു. സുന്ദരമായ തേജസ്സോടുകൂടിയ സോമം ദുഗ്ധാദികാമനായി ധാരരൂപത്തിൽ കമ്പിളിയിലേക്കൊഴുകുന്നു.

**4. സ ഹി ത്വം ദേവ ശശ്വതേ വസു മർതായ ദാശുഷ |**
**ഇന്ദോ സഹസ്ത്രിണം രയിം ശതാത്മാനം വിവാസസി ||**

സോമമേ നീ അനേകം ഉപാസകർക്കും; ഹവിർദ്ദാനികളായ യജമാനൻമാർക്കും ധനം പ്രദാനം ചെയ്തു. എനിക്കും വളരെയധികം പുത്രൻമാരേയും ധനവും നൽകണേ.

**5. വയ തേ അസ്യ വൃത്രഹന്വസോ വസ്വഃ പുരുസ്പൃഹഃ |**
**നി നേദിഷ്ഠതമാ ഇഷഃ സ്യാമ സുമ്നസ്യാ ധ്രിഗോ ||**

ഹേ സോമമേ നീ ഞങ്ങളുടേതാകുന്നു. നീ ശത്രുക്കളെ നശിപ്പിക്കുന്നതിൽ സമർത്ഥനാകുന്നു. അനേകരാൽ കാമിക്കപ്പെടുന്ന നിൻെറ ശ്രേഷ്ഠമായ ധനവും അന്നവും ഞ ങ്ങളുടെ അടുക്കൽ വരുമാറാകണേ.

**6. ദ്വിർയം പഞ്ച സ്വയശസം സ്വസംരോ അദ്രിസംഹതം |**
**പ്രിയാമിന്ദ്രസ്യ കാമ്യം പ്രസ്നാപയന്ത്യൂർമിണം ||**

യാതൊന്നിനെ മംഗളരൂപിണികളും, ഭഗിനിരൂപികളുമായ പത്തുവിരലുകൾ അമ്മി കൊടിച്ചു പിഴിയുകയും, സുന്ദരമായ അതിൻെറ ധാരകളെ പവിത്രമായ ജലത്തിൽ കലർത്തുകയും ചെയ്യുന്നുവോ. ആ സോമത്തെ യജമാനൻമാർ പിഴിയുന്നു.

**7. പരി ത്യം ഹർയതശ ബഭ്രും പുനന്തി വാരേണ |**
**യോ ദേവാന്വിശാം ഇത്പരി മദേന സഹ ഗഛതി ||**

എല്ലാവർക്കും പ്രിയങ്കരനായ സോമം കമ്പിളിയരിപ്പയിൽ ശുദ്ധീകരിക്കപ്പെടുന്നു. ഈ സോമം തൻെറ മദയുക്തവും; തടിപ്പിക്കുന്നതുമായ രസത്തോടുകൂടി ദേവകളുടെ അടുത്തേക്കു ചെല്ലുന്നു.

**8. അസ്യ വോ ഹ്യവസാ പാന്തോ ദക്ഷസാധനം |**
**യഃ സൂരിഷു ശ്രവോ ബൃഹദ്ദധേ സ്വർണ ഹർയതഃ ||**

ഹേ സ്തോതാക്കളേ! നിങ്ങൾ ബലത്തിൻെറ സാധനരൂപമായ സോമം പാനം ചെയ്ത് രക്ഷപ്രാപിക്കുവിൻ. എന്തുകൊണ്ടെന്നാൽ എല്ലാവർക്കും പ്രിയങ്കരനായ ഈ സോമം സ്തോതാക്കൾക്ക് യഥേഷ്ടം ധനം പ്രദാനം ചെയ്യുന്നവനാകുന്നു.

**9. സ വാം യജ്ഞേഷു മാനവീ ഇന്ദുർജനിഷ്ഠ രോദസീ |**
**ദേവീ ദേവീ ഗിരിഷ്ഠാ അസ്രേം ധന്തം തുവിഷ്വണി ||**

ഉറച്ച ശബ്ദം മുഴങ്ങുന്ന യജ്ഞത്തിൽ ഋത്വിജൻമാർ സോമം പിഴിഞ്ഞിരിക്കുന്നു, ഹേ മനുവിൻെറ വാനൂഴികളെ പർവതങ്ങളിൽ വസിക്കുന്ന സോമംതന്നെ നിങ്ങൾ ഇരുവരേയും പൂർണ്ണമാക്കിയിരിക്കുന്നു.

**10. ഇന്ദ്രായ സോമ പാതവേ വൃത്രഘ്നേ പരിഷിച്യസേ |**
**നരേ ച ദക്ഷിണാവതേ ദേവായ സദനാസദേ ||**

ഹേ സോമമേ! നീ വൃത്രഹന്താവായ ഇന്ദ്രന് പാനം ചെയ്യുവാൻ കുടങ്ങളിൽ വീഴുന്നു. ദേവകൾക്കു ഹവിസ് നൽകുവാനിഛിക്കുന്നവരും. ഋത്വിജൻമാർക്കു ദക്ഷിണനൽകുന്ന യജമാനൻമാരും ഫലലാഭത്തിനുവേ അങ്ങയെ യഥേഷ്ടം പിഴിയുന്നു.

**11.തേ പ്രത്നാസോ വ്യഷ്ഠിഷു സ്തോമാഃ പവിത്രേ അക്ഷരൻ |**
**അപപ്രോഥന്തഃ സുനുതർഹുരശ്ചിതം പ്രാതസ്താം അപ്രചേതസഃ ||**

നിത്യവും പ്രഭാതസവനത്തിൽ ഈ പ്രഭാതനനായ സോമം അരിപ്പയിൽ വീഴുന്നു. പ്രഭാതത്തിൽ പിഴിയുന്ന ആ സോമത്തെ കാണുമ്പോൾ തന്നെ ഹരശ്ചിതൻ എന്ന ദസയം അലിഞ്ഞു പോവുകയോ, എവിടെയെങ്കിലും ഓടി ഒളിക്കുകയോ ചെയ്യുന്നു.

**12. തം സഖായഃ പുരോരുചം യൂയം വയം സ സൂരയഃ |**
**അശ്യാമ വാജഗന്ധ്യം സനേമ വാജപസ്ത്യ ||**

ഹേ മിത്രങ്ങളേ! സുഗന്ധവാഹിയും, അത്യധികം മദയുക്തനുമായ ഈ സോമത്തെ ഞങ്ങളും നിങ്ങളും പാനം ചെയ്യട്ടെ, ആ ബാലകാരിയെത്തന്നെ നമുക്കു ശരണം പ്രാപിക്കാം.

## സൂക്തം 99

**ഋഷി കശ്യപഗോത്രജൻ രേഭസൂനു ദേവത പവമാന സോമം ഛന്ദസ് ബൃഹതി അനുഷ്ടുപ്**

**1 ആ ഹർയതായ ധൃഷ്ണവേധനുസ്തന്വന്തി പൗസ്യം |**
**ശുക്രാം വയന്ത്യത്സുരായ നിർണിജം വിപാമഗ്രേ മഹീയുവഃ ||**

ശത്രുക്കളെ അമർത്തുന്നവനും എല്ലാവർക്കും പ്രിയങ്കരനുമായ സോമത്തിനുവേ ശക്തി പ്രകടിപ്പിക്കുന്നവർ വില്ലിൽ ഞ ാൺ വലിച്ചുമുറുക്കുന്നു. പൂജയാഗ്രഹിക്കുന്ന ഋത്വിജൻമാരും വിദ്വാൻമാരും ദേവകളുടെ മുമ്പിൽ ശ്വേതവർണ്ണമായ അരിപ്പയെ വിസ്തൃതമാക്കുന്നു.

**2. അധ ക്ഷപാ പരിഷ്കൃതോ വാജാം അഭി പ്ര ഗാഹതേ |**
**യദീ വിവസ്വതോ ധിയോ ഹരിം ഹിന്വന്തി യാതവേ ||**

കർമ്മങ്ങളിൽ മുഴുകിയിരിക്കുന്ന യജമാനൻമാരുടെ വിരലുകൾ കുടത്തിലേക്ക് പോകുന്നതിനു സോമത്തെ പ്രേരിപ്പിക്കുന്നു. അപ്പോൾ ഈ സോമം യജ്ഞത്തിൽ ചെന്നുചേ രുന്നു.

ജലത്താൽ സുശോഭിതനാകുന്ന ഈ സോമം അന്നത്തിനു നേരെ ഗമിക്കുന്നു.

**3. തമസ്യ മർജയാമസി മദോ ഇന്ദ്രപാതമഃ |**
**യം ഗാവ ആസഭിർദധുഃ പുരാ നൂനം ച സൂരയഃ ||**

ഇന്ദ്രൻ പാനം ചെയ്യുന്ന രസത്തെ നാം അലങ്കരിക്കുന്നു. സ്തോതാക്കൾ പുരാതനകാലത്തും ഇപ്പോഴും ഗമനശീലനായ സോമത്തെ യജ്ഞം നടത്തുമ്പോൾ പാനം ചെയ്യുന്നു.

**4. തം ഗാഥയാ പുരാണ്യാ പുനാനമഭ്യനൂഷത |**
**ഉതോ കൃപന്ത ധീതയോ ദേവാനാം ബിഭ്രതീഃ ||**

പ്രാചീനസ്തോത്രങ്ങളെ ഉച്ചരിക്കുന്നവരായ സ്തോതാക്കൾ പിഴിഞ്ഞ സോമത്തെ സ്തുതിക്കുന്നു. വിരലുകളും സോമരൂപമായ ഹവിസ്സുകളെ ദേവകൾക്കു പ്രദാനം ചെയ്യുന്നു.

**5. തമുക്ഷമാണമവ്യയേ വാരേ പുനന്തി ധർണസിം |**
**ദൂതം ന പൂർവചിത്തയ ആ ശാസതേ മനീഷിണഃ ||**

സർവവാഹകനായ സോമത്തെ അരിപ്പയിൽ ശുദ്ധീകരിക്കുന്നു. ജലശക്തിയോടുകൂടിയ ആ സോമത്തെ ദൂതനെ എന്നപോലെതന്നെ സ്തോതാക്കൾ സ്തുതിക്കുന്നു.

**6. സ പുനാനോ മദിന്തമഃ സോമശ്ചമൂഷു സീദതി |**
**പ ശൗ ന രേത ആ ദധത്പതിർവചസ്യതേ ധിയഃ ||**

അത്യന്തം മാദകമായ സോമം ചമസങ്ങളിലിരിക്കുകയും രസം നൽകുകയും ചെയ്യുന്നു. പിഴിയപ്പെട്ട സോമം നമ്മുടെ കർമ്മങ്ങളുടെ ഈശ്വരനാകുന്നു.

**7. സ മൃജ്യതേ സുകർമഭിർദേവോ ദേവേഭ്യഃ സുതഃ |**
**വിദേ യദാസു സംദദിർമഹീരപോ വി ഗാഹതേ ||**

ദേവകൾക്കുവേി പിഴിയപ്പെട്ട ഉജ്ജ്വലമായ സോമത്തെ ഋത്വിജൻമാർ ശുദ്ധീകരിക്കുന്നു. അവൻ ജലത്തിൽ സ്നാനം ചെയ്യുമ്പോൾ പ്രജകൾക്കു ധനം നൽകുന്നവനായി മാനിക്കപ്പെടുന്നു.

**8. സുത ഇന്ദോ പവിത്ര ആ നൃഭിർതമോ വി നീയസേ |**
**ഇന്ദ്രായ മത്സരിന്തമശ്ചമൂഷ്വാ നി ഷീദസി ||**

ഹേ സോമമേ! നീ എല്ലായിടത്തും വളർന്ന് ശുദ്ധനായി അരിപ്പയിൽകൊു വരപ്പെടുന്നു. ഭവാൻ അത്യധികം മദകരനായി ഇന്ദ്രനുവേി ചമസമാസങ്ങളിൽ പ്രതിഷ്ഠിതനാകുന്നു.

## സൂക്തം 100

**ഋഷി കശ്യപഗോത്രൻ രേഭനും സൂനുവും ദേവത പവമാനസോമം ഛന്ദസി അനുഷ്ടുപ്**

**1. അഭീ നവന്തേ അദ്രുഹഃ പ്രിയമിന്ദ്രസ്യ കാമ്യം |**
**വത്സു ന പൂർവ ആയി ജാത രിഹന്തി മാതരഃ ||**

ആദ്യ പ്രസവിനിയായ ഗോവ് അതിൻെറ കുഞ്ഞിനെ നക്കിത്തുടയ്ക്കുന്നതുപോലെ, ഇന്ദ്രനും, മറ്റെല്ലാവർക്കും പ്രിയങ്കരമായ സോമത്തിന്നടുക്കലേക്ക് ജലം വന്നുചേരുന്നു.

**2. പുനാന ഇന്ദവാ ഭര സോമ ദ്വിബർഹസൂരയിം |**
**ത്വം വസൂനി പുഷ്യസി വിശ്വാനി ദാശുഷോ ഗൃഹേ ||**

ഹേ സോമമേ! തേജസ്വിയായ നീ ദിവ്യവും പാർത്ഥിവുമായ ധനം കിട്ടുമാറാക്കണം. യജമാനഗൃഹത്തിൽ വസിച്ചുകൊ് നീ അയാളുടെ എല്ലാ സമ്പത്തുകളേയും സംരക്ഷിച്ചാലും.

**3. ത്വം ധിയം മനോയുജം സൃജാ വൃഷ്ടിം ന തന്യതുഃ |**
**ത്വം വസനി പാർഥിവാ ദിവ്യാ ച സോമ പുഷ്യസി ||**

ഹേ സോമമേ! മേഘം എപ്രകാരം മഴപെയ്യിക്കുന്നുവോ അതുപോലെതന്നെ നീ സ്വന്തം ധാരകളെ വർഷിച്ചാലും. സ്വർഗ്ഗീയവും ഭൗതികവുമായ ധനങ്ങളെ നൽകുന്നവനാണല്ലോ നീ.

**4. പരി തേ ജിഗ്യുഷോ യഥാ ധാരാ രുതസ്യ ധാവതി |**
**രംഹമാണാ വ്യവ്യയം വാരം വാജീവ സാനസീഃ ||**

യുദ്ധങ്ങളിൽ ശത്രുക്കളെ പരാജിതരാക്കുന്ന യോദ്ധാവിൻെറ അശ്വം സ്വച്ഛന്ദം വിഹരിക്കുന്നതുപോലെ ഹേ സോമമേ! നിൻെറ വേഗതവതികളായ ധാരകൾ അരിപ്പയിലേക്കു പായുന്നു.

**5. ക്രത്വേ ദക്ഷായ നഃ പവസ്വ സോമ ധാരയാ |**
**ഇന്ദ്രായ പാതവേ സുതോ മിത്രായ വരുണായ ച ||**

ഹേ സോമമേ! നീ ഇന്ദ്രൻ, മിത്രൻ, വരുണൻ എന്നിവർക്ക് വേി പിഴിയപ്പെടുന്നു. നീ ഞങ്ങൾക്ക് ജ്ഞാനവും ബലവും നൽകുന്നവനായി പ്രവഹിച്ചാലും.

**6. പവസ്വ വാജസാതമഃ പവിത്രേ ധാരയാ സുതഃ |**
**ഇന്ദ്രായ സോമ വിഷ്ണവേ ദേവേഭ്യോ മധുമത്തമഃ ||**

ഹേ സോമമേ! പിഴിയപ്പെട്ട നീ അന്നദാതാവിനുവേി നീ ഉജ്ജ്വലമായ ധാരകൾ സഹിതം പ്രവഹിച്ചാലും. നീ ഇന്ദ്രനുംഷ വിഷ്ണുവിനും മറ്റുള്ള എല്ലാദേവകൾക്കും മത്തേകണേ.

**7. ത്വാം രിഹന്തി മാതരോ ഹരി പവിത്രേ അദ്രുഹഃ |**
**വത്സം ജാതം ന ധേനവഃ പവമാന വിധർമണി ||**

ഹേ സോമമേ! ഗോക്കൾ കിടാക്കളെ നക്കുന്നതുപോലെ ഹവിസ്സോടുകൂടിയ യജ്ഞത്തിൽ ജലം നിന്നെ നക്കിത്തുടക്കുന്നു.

**8. പവമാന മഹി ശ്രവശ്ചിത്രേഭിർയാസി രശ്മിഭിഃ |**
**ശർധന്തമാംസി ജിഘ്നസേ വിശ്വാനി ദാശുഷോ ഗൃഹേ ||**

ഹേ സോമമേ! നീ വിവിധ രശ്മികളോടെ അന്തരീക്ഷത്തിൽ സഞ്ചരിക്കുന്നു. നീ യജമാനൻെറ ഗൃഹത്തിൽ വസിച്ചുകൊ് എല്ലാ അന്ധകാരങ്ങളേയും നശിപ്പിക്കുന്നു.

**9. ത്വം ദ്യാം ച മഹിവ്രത പൃഥിവീം ചാതി ജഭ്രിഷേ |**
**പ്രതി ദ്രാപിമമുഞ്ചഥാഃ പവമാന മഹിത്വനാ ||**

ഹേ സോമമേ! നീ മഹാകർമ്മാവാകുന്നു. നീ സ്വന്തം മഹിമയോടുകൂടി കവചരൂപനായി വാനൂഴികളെ താങ്ങി നിർത്തുന്നു.

## സൂക്തം 101

**ഋഷി അന്ധീഗു, യയാതി, നഹുഷൻ, മനു, പ്രജാപതി ദേവത പവമാന സോമം ഛന്ദസ് അനുഷ്ടുപ്, ഗായത്രി**

**1. പരോജിതീ വോ അന്ധസഃ സുതായ മാദയിത്നവേ |**
**അപ ശ്വാനം ശ്നഥിഷ്ടന സഖായോ ദീർഘജിഹ്വ്യം ||**

ഹേ മിത്രങ്ങളേ! മുമ്പിലിരിക്കുന്ന ഭക്ഷണയോഗ്യവും പവിത്രവും ഹർഷപ്രദായകവുമായ സോമരസത്തിനുവേി നീളമുള്ള നാക്കു നീക്കുന്ന ജീവിയെ (പട്ടിയെ) ഇവിടെനിന്നും ഓടിക്കുവിൻ. വേഗവാനായ അശ്വത്തെപ്പോലെ ഈ സോമം, തൻെറ പാപനാശിനികളായ ധാരകളോടുകൂടി എങ്ങും പ്രവഹിക്കുന്നു.

**2. യോ ധാരയാ പാവകയാ പരിപ്രസ്യന്ദതേ സുതഃ |**
**ഇന്ദുരശ്വോ ന കൃത്വ്യഃ ||**

പവിത്രീകരിക്കുന്ന നീർധാരകളോടുകൂടി പ്രവഹിക്കുന്ന സോമം വലിയ ഒരശ്വത്തെപ്പോലെ പായുന്നു.

**3. തം ദുരോഷമഭീ നരഃ സോമം വിശ്വാച്യാധിയാ |**

**യജ്ഞം ഹിന്വന്ത്യദ്രിഭിഃ ||**

തങ്ങളുടെ എല്ലാ അഭിലാഷങ്ങൾ സഫലമായിക്കാണുവാനുള്ള ഉദ്ദേശത്തോടുകൂടി ഋത്വിക്കുകൾ കാമയോഗ്യമായ ഈ സോമത്തെ പിഴിയുന്നു.

**4. സുതാസോ മധുമത്തമാഃ സോമാ ഇന്ദ്രായ മന്ദിനഃ |**
**പവിത്രവന്തോ അക്ഷരന്ദേവാൻഗച്ഛന്തു വോ മദാഃ ||**

മദകരവും പിഴിയപ്പെട്ടതുമായ ഈ സോമം അരിപ്പയിലരിക്കപ്പെട്ട് ഇന്ദ്രനുവേി പാത്രങ്ങളിൽ പ്രവേശിക്കുന്നു. ഹേ സോമമേ! നിൻെറ മാദകമായ രസം ഇന്ദ്രാദിദേവകളെ പ്രാപിക്കട്ടെ.

**5. ഇന്ദുരിന്ദ്രായ പവത ഇതി ദേവാസോ അബ്രുവൻ |**
**വാചസ്പതിർമഖസ്യതേ വിശ്വസ്യേശാന ഓജസാ ||**

ഈ സോമം ഇന്ദ്രനുവേി പിഴിയപ്പെടുന്നു. ഇവൻ ശബ്ദിക്കുന്നവനും, സ്വബലത്താൽ ജഗത്തിൻെറ സ്വാമിയും, സ്തോത്രങ്ങളുടെ രക്ഷകനുമാകുന്നു. ഇവൻ അതിഥികളാൽ പൂജിക്കപ്പെടുവാനിച്ഛിക്കുന്നു.

**6. സഹസ്രധാരഃ പവതേ സമുദ്രോ വാചമീങ്ഖയഃ |**
**സോമഃ പതീ രയീണാം സഖേന്ദ്രസ്യ ദിവേദിവേ ||**

സോമം അനേകം ധാരാരൂപമായി സ്രവിക്കുന്നു. സ്തോത്രപ്രേരകനും ധനേശ്വരനും; ഇന്ദ്രൻെറ സഖാവുമായ സോമരസത്തെ ഇവ സേപനം ചെയ്യുന്നു.

**7. അയം പൂഷാ രയിർഭഗഃസോമഃ പുനാനോ അർഷതി |**
**പതിർവിശ്വസ്യ ഭൂമനോ വ്യഖദ്രോദസീ ഉഭേ ||**

ഈ സോമം പുഷ്ടികരവും, കാമ്യവും ധനത്തിൻെറ കാരണതൂപവുമാകുന്നു. ഇത് ശുദ്ധമായൊഴുകുകയും, തൻെറ തേജസ്സാൽ വാനൂഴികൾക്ക് പ്രകാശം നൽകുകയും ചെയ്യുന്നു.

**8. സ മു പ്രിയാ അനൂഷത ഗാവോ മദായ ധൃഷ്ണ്വയഃ |**
**സോമാസഃ കൃണ്വതേ പഥഃ പവമാനാസ ഇന്ദവഃ ||**

ശുദ്ധമായ സോമം പുഷ്ടിയുടെ മാർഗ്ഗങ്ങളിൽക്കൂടി പോവുകയും ഗോക്കൾ അവനു പ്രിയപ്പെട്ട ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**9. യ ഓജിഷ്ഠസ്തമാ ഭര പവമാന ശ്രവായ്യ |**
**യഃ പഞ്ച ചർഷണീരഭി രയിം യേന വനാമഹൈ ||**

ഹേ സോമമേ! നിൻെറ രസം ഓജസ്സാദിയായ ഗുണങ്ങളോടുകൂടിയതാണല്ലോ. ഇത് പഞ്ചവർണ്ണങ്ങളെ പ്രാപിക്കുന്നു. ആ രസം വഴി ഞങ്ങൾ ധനം പ്രാപിക്കും. നീ ആ രസത്തെ ഒഴുക്കിയാലും.

**10. സോമാഃ പവന്ത ഇന്ദവോസ്മഭ്യം ഗാതുവിത്തമാഃ |**
**മിത്രാഃ സുവാനാ അരേപസഃ സ്വാധ്യഃ സ്വർവിദഃ ||**

ഈ സോമം ദേവകളുടെ മിത്രവും, പാപരഹിതനും, സർവ്വത്ര സുന്ദരനുമാകുന്നു. പിഴിയപ്പെട്ട ഇവൻ നമുക്കുവേി തന്നെ വന്നിരിക്കുന്നു.

**11. സുഷ്വാണാസോ വ്യദ്രിഭിശ്ചിതാനാ ഗോരധി ത്വചി |**
**ഇഷമസ്മഭ്യമഭിതഃ സമസ്വരൻ വസുവിദഃ ||**

ഈ സോമം ഭാരിച്ച കല്ലുകൊിടിച്ചു പിഴിയപ്പെട്ട് ശബ്ദിക്കുകയും നമുക്ക് ധനം ലഭ്യമാക്കുകയും ചെയ്യുന്നു.

**12. ഏതേ പൂതാ വിപശ്ചിതഃ സോമാസോ ദധ്യാശിരഃ |**
**സൂര്യാസോ ന ദർശതാസോ ജിഗത്നവോ ധ്രുവാ ഘൃതേ ||**

ഈ സോമം അരിപ്പയിൽ ശുദ്ധീകരിക്കപ്പെട്ട് തൈരിൽ കലർന്നു ഒഴുകുന്ന ജലത്തോടുകലർന്ന് ഉജ്ജ്വലമായ പാത്രങ്ങളിലിരിക്കുന്നു.

**13. പ്ര സുന്വാനസ്യാന്ധസോ മർതോ ന വൃത ഃ തദ്വചഃ |**
**അപ ശ്വാനമരാധസ ഹതാ മഖം ന ഭൃഗവഃ ||**

പിഴിയപ്പെട്ട സോമത്തിൻെറ ശബ്ദം കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുന്ന പട്ടികളെ നശിപ്പിക്കട്ടെ ഹേ സ്തോതാക്കളേ! ഭൃഗുവംശീയരായ മഹർഷിമാർ പ്രാചീനകാലത്ത് മഖൻമാരെ കൊന്നതുപോലെ നിങ്ങൾ ദുഷ്ടനായ അശ്വാനനെ ഹിംസിക്കുവിൻ.

**14. ആ ജാമിരത്കേ അവ്യത ഭുജേ ന പുത്ര ഓണ്യോഃ |**
**സരജ്ജാരോ ന യോഷാണാം വരോ ന യോനി മാസദം ||**

മാതാപിതാക്കളുടെ രക്ഷകളിൽ ആശ്വസിക്കുന്ന പുത്രൻ അവരുടെ കരങ്ങളിൽ പതിക്കുന്നതുപോലെ ഈ സോമം അരിപ്പയിൽ പതിക്കുകയും പിന്നെ കടത്തിലിറങ്ങുകയും ചെയ്യുന്നു.

**15. സ വീരോ ദക്ഷസാധനോ വി യസ്തസ്തമ്ഭ രോദസീ |**
**ഹരിഃ പവിത്രേ അവ്യത വേധാ ന യോനിമാ സദം ||**

ബലസ്രഷ്ടാവായ ആ സോമം മഹാശക്തനാകുന്നു. ഇവൻ സ്വന്തം തേജസ്സാൽ വാനൂഴികളെ ആഛാദനം ചെയ്യുന്നു. യജമാനൻെറ വീട്ടിൽ ബ്രഹ്മാവു പ്രവേിക്കുന്നതുപോലെ ഹരിത വർണ്ണനായ ഈ സോമം കുടത്തിൽ പ്രവേശിക്കുന്നു.

**16. അവ്യോ വാരേഭിഃ പവതേ സോമോ ഗവ്യേ അധി ത്വചി |**
**കനിക്രദദ്വൃഷാ ഹരിരിന്ദ്രസ്യാഭ്യേതി നിഷ്കൃതം ||**

ഈ സോമം അരിപ്പയിൽ നിന്നും കുടത്തിൽ പ്രവേശിക്കുന്നു. കാമവർഷകനും ഹരിതവർണ്ണനുമായ ഈ സോമം ശബ്ദം മുഴക്കി ഇന്ദ്രൻെറ പവിത്രസ്ഥാനത്തെ പ്രാപിക്കുന്നു.

## സൂക്തം 102

**ഋഷി ത്രിതൻ   ദേവത പവമാനസോമം   ഛന്ദസ് ഉഷ്ണിക**

**1. ക്രാണാ ശിശുർമഹീനാം ഹിന്വന്നൃതസ്യ ദീധിതിം |**
**വിശ്വാ പരി പ്രിയാ ഭുവദധ ദ്വിതാ ||**

യജ്ഞം നടത്തുന്നവനും, ജലപുത്രനുമായ സോമം തൻെറ യജ്ഞധാരകമായ ബലത്താൽ ഹവ്യത്തെ വളർത്തുന്നു. ഈ സോമം വാനൂഴികളുടെ മധ്യത്തിൽ അന്തരീക്ഷത്തിൽ വസിക്കുന്നു.

**2. ഉപ ത്രിതസ്യ പാഷ്യോ രഭക്ത യദ്ഗുഹ പദം |**
**യജ്ഞസ്യ സപ്ത ധാമഭിരധ പ്രിയം ||**

ഈ സോമം ത്രിതൻെറ യജ്ഞത്തിൽ പിഴിയപ്പെട്ടു. ഋത്വിക്കുകൾ ഈ സോമത്തെ ഗായത്ര്യാദിഛന്ദസുകളിൽ സ്തുതിക്കുന്നു.

**3. ത്രീണി ത്രിതസ്യ ധാരയാ പൃഷ്ഠേഷ്വേരയാ രയിം |**
**മിമീതേ അസ്യ യോജനാ വി സുക്രതുഃ ||**

ഹേ സോമമേ! ഭവാൻ ത്രിതൻെറ മൂന്നുസവനങ്ങളിലും സ്രവിച്ചാലും ജ്ഞാനികളായ സ്തോതാക്കൾ ഇന്ദ്രനെ സ്തുതിക്കുന്നു. അതിനാൽ സോമം ഗാനം ചെയ്യപ്പെടുമ്പോൾ ഇന്ദ്രനെ ഇവിടെ കൊു വന്നാലും.

**4. ജജ്ഞാനം സപ്ത മാതരോ വേധാമശാസത ശ്രിയേ |**
**അയം ധ്രുവോ രയീണാം ചികേത യത് ||**

ഈ സോമം കർമ്മങ്ങൾക്കു കാരണമാകുന്നു. യജമാനൻമാരെ ഐശ്വര്യവാൻമാരാക്കുന്നതിനുവേി സപ്തഛന്ദസുകൾ

ഇദ്ദേഹത്തെ സ്തുതിക്കുന്നു. ഈ സോമം ധനജ്ഞനാകുന്നു.

**5. അസ്യവ്രതേ സജോഷസോ വിശ്വേ ദേവാസോ അദ്രുഹഃ |**

**സ്പാർഹാ ഭവന്തി രന്തയോ ജുഷന്ത യത് ||**

എല്ലാ ദേവകളും ഒന്നുപോലെ സോമകർമ്മത്തെ ആഗ്രഹിക്കുന്നു ഈ ദേവകൾ ഹർഷദായകനായ സോമത്തെ സേവിക്കുന്നു.

**6. യമീ ഗർഭ മൃതാവൃധോ ദൃശേ ചാരുമജീജനൻ □**

**കവിം മംഹിഷ്ഠമധ്വരേ പുരുസ്പൃഹം ||**

യജ്ഞത്തെ വളർത്തുന്ന വിശുദ്ധജലം യജ്ഞവേദിയിൽ ദർശനത്തിനായി സോമത്തെ പ്രകടമാക്കി. ഈ സോമം അനേകരാൽ ആരാധ്യനും, പൂജനീയനും എല്ലാവർക്കും നൻമ പ്രദാനം ചെയ്യുന്നവനുമാകുന്നു.

**7. സമീചീനേ അഭി ത്മനാ യഹ്വീ ഋതസ്യ മാതരാ |**

**തന്വാനാ യജ്ഞമാനുഷഗ്യദഞ്ജതേ ||**

യജ്ഞകർത്താക്കളായ ഋത്വിജൻമാർ സോമത്തെ ജലത്തിൽ മിശ്രിതമാക്കുന്നു. തുല്യമതികളും, സത്യസ്വരൂപരും, മഹിമാമയികളുമായ വാനുഴികളുടെ അടുക്കൽ ഈ സോമം സ്വയം വന്നുചേരുന്നു.

**8. ക്രത്വാശുക്രേ ഭിരക്ഷഭിർഋണോരപ വ്രജം ദിവഃ |**

**ഹിന്വന്നൃതസ്യ ദീധിതിം പ്രാധ്വരേ ||**

ഹേ സോമമേ! തേജസ്സാൽ ആകാശത്തിലെ അന്ധകാരത്തെ നശിപ്പിക്കണമേ. നീ അഹിംസിതമായ യജ്ഞസ്ഥാനത്തിൽ നിൻെറ സത്യവാഹിയായ ശ്രേഷ്ഠരസത്തെ വർഷിക്കുന്നു.

## സൂക്തം 103

**ഋഷി ദ്വിതൻ ദേവത പവമാനസോമം ഛന്ദസ് ഉഷ്ണിക**

**1. പ്ര പുനാനായ വേധസേ സോമായ വച ഉദ്യതം |**

**ഭൃതിം ന ഭരാ മതിഭിർജുജോഷതേ ||**

ഹേ ത്രിതാ! നീ കർമ്മവിധായകനായ സോമത്തിനുവേ ശ്രേഷ്ഠവും, പ്രസന്നതാപ്രദവുമായ സ്തുതികൾ രചിച്ചാലും.

**2. പരി വാരാണ്യവ്യയാ ഗോഭിരഞ്ജനോ അർഷതി |**

**ത്രീ ഷധസ്ഥാ പുനാനാഃ കൃണുതേ ഹരിഃ ||**

ഈ ഹരിതവർണ്ണനായ സോമം ഗോരസത്തോടുചേർന്ന് അരിപ്പയിലേക്ക് പോകുന്നു. പിഴിയപ്പെട്ട ഇവൻ തനിക്കുവേ മൂന്നിരിപ്പടങ്ങളെ സൃഷ്ടിക്കുന്നു.

**3. പരി കോശം മധുശ്ചുതമവ്യയേ വാരേ അർഷതി |**

**അഭി വാണീർഋഷീണാം സപ്ത നൂഷത ||**

ഈ സോമം സ്വന്തം രസത്തെ അരിപ്പയിൽക്കൂടി ഒഴുക്കുമ്പോൾ സപ്തഛന്ദസ്സുകൾ ആ സോമത്തെ സ്തുതിക്കുന്നു.

**4. പരി ണേതാ മതീനാം വിശ്വദേവോ അദാഭ്യഃ |**

**സോമഃ പുനാനശ്ചമ്വോർവിശദ്ധരിഃ ||**

സ്തുതികളെ വളർത്തുന്ന ഹരിതവർണ്ണനായ ഈ വിശുദ്ധസോമം അരിപ്പയിലേയ്ക്കുപോകുന്നു. പിഴിയപ്പെടുമ്പോൾ എല്ലാ ദേവകളും ഇവൻെറ അടുക്കലേയ്ക്കുവരുന്നു.

**5. പരി ദൈവീരനു സ്വധാ ഇന്ദ്രേണ യാഹ സരഥം |**

**പുനാനോ വാധദ്വാധദ്ഭീർമർത്യഃ ||**

ഹേ സോമമേ! രഥാരൂഢനായി ഇന്ദ്രനെപ്പോലെ തന്നെ ദേവസേനയിലെത്തിയാലും. ഋത്വിജൻമാരാൽ പിഴിയപ്പെട്ട ഈ സോമം സ്തോതാക്കളെ ഐശ്വര്യയുക്തരാക്കുന്നു.

**6. പരി സപ്തിർന വാജയുർദേവോ ദേവേഭ്യഃ സുതഃ |**

**വ്യാനശിഃ പവമാനോ വി ധാവതി ||**

അശ്വത്തെപ്പോലെ യുദ്ധകുതുകിയായ ഈ സോമം പാത്രങ്ങളിൽ സ്ഥിതിചെയ്യുന്ന തൻെറ തേജസ്സോടുകൂടി എങ്ങും സഞ്ചരിക്കുന്നു.

## സൂക്തം 104

**ഋഷി കണ്വപുത്രൻ, പർവതൻ, നാരദൻ, കാശ്യപ പുത്രിമാരായ ശിഖണ്ഡിനികൾ ദേവത പവമാനസോമം ഛന്ദസ് ഉഷ്ണിക**

**1. സഖായ ആ നിഷീദത പുനാനായ പ്ര ഗായത |**

**ശിശും ന യജ്ഞൈഃ പരി ഭൂഷത ശ്രിയേ ||**

ഹേ ഋത്വിജൻമാരേ! ഈ പിഴിഞ്ഞ സോമത്തിൻെറ യശസ്സിനെ പാടിപുകഴ്ത്തുവിൻ. മാതാപിതാക്കൾ ശിശുക്കളെ അലങ്കരിക്കുന്നതുപോലെ ഇതിനെ യജ്ഞത്തിൻെറ ഹവ്യാദികളാൽ അലങ്കരിക്കുവിൻ.

**2. സമീ വത്സ ന മാതൃഭിഃ സൃജതാ ഗയ സാധനം |**

**ദേവാവ്യം മദമഭി ദ്വിശവസം ||**

ഋത്വിജൻമാരേ! ഗൃഹദായകനും, മദകരനും, ദേവപാലകനും, ബലിഷ്ഠനുമായ സോമത്തെ, കിടാക്കളെ തള്ളപ്പശുവിനോടു ചേർക്കുന്നതുപോലെ ജലത്തോടു ചേർത്താലും.

**3. പുനാതാ ദക്ഷസാധനം യഥാ ശർധായ വീതയേ |**

**യഥാ മിത്രായ വരുണായ ശംതമഃ ||**

ബലദാതാവായ ഈ സോമത്തെ ശുദ്ധീകരിക്കുവിൻ മിത്രനും, മറ്റുദേവകൾക്കും പാനം ചെയ്യുവാൻവേ ഈ സോമം പ്രവൃദ്ധനും, കല്യാണകാരിയുമായിരിക്കുന്നു.

**4. അസ്മഭ്യം ത്വാ വസൂമിദമഭി വാണീരനൂഷത |**

**ഗോഭിഷ്ടേ വർണമഭി വാസയാമസി ||**

ഹേ സോമമേ! നീ ധനം നൽകുന്നവനാണല്ലോ. ഞങ്ങളുടെ വാണികൾ നിന്നെ സ്തുതിക്കുന്നു. നിൻെറ രസത്തിനെ ഞങ്ങൾ ഈ ഗോരസത്താൽ മറയ്ക്കുന്നു.

**5. സ നോ മദാനാം പത ഇന്ദോ ദേവപ്സരാ അസി |**

**സഖേവ സഖ്യേ ഗാതുർവിത്തമോ ഭവ ||**

ഹേ സോമമേ! നീ തേജോരൂപനും ആനന്ദത്തിൻെറ അധിപൻമാരാകുന്നു. നീ മിത്രത്തെപ്പോലെ സത്യമാർഗ്ഗത്തെ ഉപദേശിക്കുന്നു.

**6. സനേമി കൃധ്യ സ്മദാ രക്ഷസം കം ചിദത്രിണം |**

**അപാ ദേവം ദ്വയുമംഹോ യുയോധി നഃ ||**

ഹേ സോമമേ! നീ ഞങ്ങളുടെ മിത്രമാകണമേ. മായാവികളും ദുഷ്ടൻമാരുമായ രാക്ഷസൻമാരെ കൊന്ന്, ഞങ്ങളുടെ പാപങ്ങളെ അകറ്റിയാലും.

## സൂക്തം 105

**ഋഷി പർവതൻ, നാരദൻ ദേവത പവമാനസോമം ഛന്ദസ് ഉഷ്ണിക**

**1. തം വ സഖായോ മദായ പുനാനമഭി ഗായത |**

**ശിശും ന യജ്ഞൈഃ സ്വദയന്ത ഗൂർതിഭിഃ ||**

ഹേ ഋത്വിജൻമാരേ! ദേവൻമാരുടെ ഹർഷത്തിനുവേി സോമത്തെ സ്തുതിക്കുവിൻ. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ അലങ്കരിക്കുന്നതുപോലെ ഗോരസത്താൽ പവമാനസോമത്തെ അലങ്കരിക്കുവിൻ.

**2. സം വത്സഇവ മാതൃഭിരിന്ദുർഹിന്വാനോ അജ്യതേ |**

**ദേവാവീർമദോ മതിഭിഃ പരിഷ്കൃതഃ ||**

സ്തുതികളാൽ അലങ്കരിക്കപ്പെട്ട ഈ സോമം മദകരനും, സൈന്യങ്ങളുടെ രക്ഷകനുമാകുന്നു. കിടാക്കളെ തള്ളപ്പശു നക്കിമിനുക്കുന്നതുപോലെ ഈ സോമത്തെ ജലത്തോടു ചേർത്തു മിന്നിക്കുന്നു.

**3. അയം ദക്ഷായ സാധനോയം ശർധായ വീതയേ |**

**അയം ദേവേഭ്യോ മധുമത്തമഃ സുതഃ ||**

ഈ സോമരസം ബലവേഗദായകവും, ഹർഷകാരിയുമാകുന്നു. ഇത് ദേവഗണത്തെ നന്നായി മധുരിപ്പിക്കുന്നു.

**4. ഗോമന്ന ഇന്ദോ അശ്വവത്സുതഃ സുദക്ഷ ധന്വ |**

**ശുചിം തേ വർണമധി ഗോഷു ദീധരം ||**

ബലസാധകനായ സോമം ദേവകളുടെ സേവനത്തിന് അത്യന്തം സമ്പന്നമാകുന്നു. പിഴിയുന്നവരായ ഞങ്ങൾക്ക് ഗോക്കളോടുകൂടിയ ധനം കിട്ടുമാറാക്കണേ. ഞാൻ നിൻെറ രസത്തെ പാലോടു ചേർക്കുന്നു.

**5. സ നോ ഹരീണാം പത ഇന്ദോ ദേവപ്സരസ്തമഃ |**

**സഖേവ സഖ്യേ നര്യോ രുചേ ഭവ ||**

ഹേ സോമമേ! നീ ഹരിവർണ്ണനാണല്ലോ. ഋത്വിക്കുകൾ നിന്നെ കർമ്മങ്ങളിൽ പൂട്ടുന്നു. ഹേ മഹേശ്വരനായ സോമമേ! നീ ഞങ്ങൾക്കു പ്രകാശം നൽകണേ.

**6. സനേമി ത്വമസ്മദാം അദേവം കം ചിദത്രിണം |**

**സാഹ്വാം ഇന്ദോ പരി ബാധോ അപ ദ്വയും ||**

ഹേ സോമമേ! പണ്ടത്തെ മഹർഷിമാരുടെതന്നെപോലെ നീ ഞങ്ങളുടെയും സഖാവാകണമേ. ദേവവിദ്വേഷികളു നരഭോജികളുമായ രാക്ഷസൻമാരെ ഞങ്ങളിൽ നിന്നുമകറ്റണമേ. ഞങ്ങളുടെ കാര്യങ്ങളിൽ തടസ്സം സൃഷ്ടിക്കുന്ന ശത്രുക്കളെ നീ നേരിട്ടാലും ഉള്ളിലും പുറത്തും മായാവികളായ രാക്ഷസൻമാരെ ഇവിടെനിന്നും ആട്ടി ഓടിക്കണേ.

## സൂക്തം 106

**ഋഷി ചക്ഷുപുത്രൻ അഗ്നി, മനുപുത്രൻ ചക്ഷുസ്പുത്രൻ മനു ദേവത പവമാനസോമം ഛന്ദസ് ഉഷ്ണിക**

**1. ഇന്ദ്രമച്ഛ സുതാ ഇമേ വൃഷണം യന്തു ഹരയഃ |**

**ശ്രുഷ്ടീ ജാതാസ ഇന്ദവഃ സ്വർവിദഃ ||**

ഈ പുതിയതായി പിഴിഞ്ഞ സോമം സർവജ്ഞനും പാത്രങ്ങളിൽ വീഴുന്നവനും, ശുദ്ധമാകുന്നവനും, കാമവർഷകനുമാകുന്നു. ഇപ്രകാരമുള്ള ഗുണങ്ങളോടുകൂടിയ ഇന്ദ്രങ്കലേക്കു പോകട്ടെ.

**2. അയം ഭരായ സാനസിരിന്ദ്രായ പവതേ സുതഃ |**

**സോമോ ജൈത്രസ്യ ചേതതി യഥാ വിദേ ||**

ഈ സോമം ലോകത്തിലെ എല്ലാജീവികളേയും പോലെ ഇന്ദ്രനെ അറിയുകയും അവനു വേിതന്നെ സ്രവിക്കുകയും ചെയ്യുന്നു.

**3. അസ്യേദിന്ദ്രോ മദേഷ്വാ ഗ്രാഭംഗൃഭ്ണീത സാനസിം |**

**വജ്രം ച വൃഷണം ഭരത്സമപ്സുജിത് ||**

സോമത്തിൻെറ ഉത്സാഹിതനായ ഇന്ദ്രൻ, എല്ലാവരാലും മാനിക്കപ്പെടുന്ന വില്ലിനെ വഹിക്കുന്നു. ഈ ഇന്ദ്രൻ അന്തരീക്ഷത്തിലെ അഹിയെ ജയിച്ചവനാകുന്നു. അവൻ വർഷകമായ തൻെറ വജ്രായുധത്തെ വഹിക്കുന്നു.

**4. പ്ര ധന്വാ സോമ ജാഗൃവിരിന്ദ്രായേന്ദോ പരിസ്രവഃ |**

**ദ്യുമന്തം ശുഷ്മമാ ഭരാ സ്വർവിദം ||**

ഹേ ചൈതന്യവാനായ സോമമേ! ഇന്ദ്രനുവേി നീ പാത്രങ്ങളിൽ നിറഞ്ഞാലും. ഹേ സർവ്വജ്ഞാ! പവമാന സോമമേ! ശത്രുക്കളിൽനിന്നും രക്ഷിക്കുന്ന ബലത്തോടുകൂടി നീ ഇങ്ങോട്ടാഗമിച്ചാലും.

**5. ഇന്ദ്രായ വൃഷണം മദ പവസ്വ വിശ്വദർശതഃ |**

**സഹസ്രയാസാ പഥികൃദ്വിചക്ഷണഃ ||**

ഹേ സർവ്വദർശനനായ സോമമേ! നീ ആ വൃഷ്ടി ധാരണരൂപമായ മദത്തോടുകൂടി ഇന്ദ്രനുവേി സ്രവിച്ചാലും. നീ യജമാനൻമാർക്ക് സൻമാർഗ്ഗം ഉപദേശിക്കുന്നവനാണല്ലോ.

**6. അസ്മഭ്യം ഗാതുവിത്തമോ ദേവേഭ്യോ മധുമത്തമഃ |**

**അഹസ്രം യാഹി പഥിഭിന്ന കനിക്രദത് ||**

ഹേ സോമമേ! ദേവകൾ വന്നു കഴിയുമ്പോൾ നീ ശബ്ദിക്കുന്നു. നീ സ്വന്തം മധുരരസസഹിതം കലശത്തെ പ്രാപിക്കുകയും ഞങ്ങൾക്ക് സരളമായ മാർഗ്ഗം കാ ണിക്കുന്നവനാകുകയും ചെയ്യേണമേ.

**7. പവസ്വ ദേവവീതയ ഇന്ദോ ധാരാഭിരോജസാ |**

**ആ കലശം മധുമാൻസോമ നഃ സദഃ ||**

ഹേ സോമമേ! ദേവകളുടെ സേവനത്തിനായി നിൻെറ രസം ബലവത്തായും മധുരധാരകളുടെ രൂപത്തിലും സ്രവിക്കണേ. നീ അത്യന്തം മദകാരിയായ രസത്തോടുകൂടി കലശത്തിൽ പ്രതിഷ്ഠിതനാകണമേ.

**8. തവദ്രപ്സാ ഉദപ്രുത ഇന്ദ്രം മദായ വാവൃധുഃ |**

**ത്വാം ദേവാസോ അമൃതായ കം പപുഃ ||**

ഹേ സോമമേ! ഇന്ദ്രാദി ദേവകൾ അമരത്വപ്രാപ്തിക്കുവേി നിന്നെ പാനം ചെയ്യുന്നു. ജലമിശ്രിതവും പ്രവാഹിതവുമായ നിൻെറ രസം ഇന്ദ്രൻെറ വളർച്ചക്കു കാരണമാകുന്നു.

**9. ആ നഃ സുതാസ ഇന്ദവഃ പുനാനാ ധാവതാ രയിം |**

**വൃഷ്ടിദ്യാവോ രീത്യപഃ സ്വർവിദഃ ||**

ഹേ സോമമേ! നീ ഭൂമിയിൽ മഴപെയ്യിക്കുന്നതിൽ സമർത്ഥനാണല്ലോ. പിഴിയപ്പെടുമ്പോൾ നീ ഞങ്ങൾക്കുവേി ഐശ്വര്യം കൊുവരണമേ.

**10. സോമഃ പുനാന ഊർമിണ്വാവോ വാരം വി ധാവതി |**

**അഗ്രേ വാചഃ പവമാനഃ കനിക്രദത് ||**

ഈ സോമം സ്തോത്രങ്ങളുടെ മുമ്പിൽ ശബ്ദിച്ചുകൊ് അരിപ്പയിൽക്കൂടി പ്രവഹിക്കുന്നു.

**11. ധീഭിർഹിന്വന്തി വാജിനം വനേ ക്രീളന്തമത്യവിം |**

**അഭിത്രിപൃഷ്ഠം മതയഃ സമസ്വരൻ ||**

ഈ സോമം ജലവുമായി ക്രീഡിച്ചുകൊ് അരിപ്പയിൽക്കൂടി കടന്നുപോകുന്നു. സ്തോത്രങ്ങൾ സ്വയമായും ഈ ത്രിവസവനനെ സ്തുതിക്കുന്നു.

**12. അസർജി കലശാം അഭി മീലുഹേ സപ്തിർന വാജയുഃ |**

**പുനാനോ വാചം ജനയന്നസിഷ്യദത് ||**

യുദ്ധത്തിനായി കുതിരയെ സജ്ജമാക്കുന്നവപോലെ അന്നകാമൻമാർ സോമത്തെ കലശത്തിൽ അലങ്കരിക്കുന്നു. ശുദ്ധീകരിക്കപ്പെട്ട ഈ സോമം ശബ്ദിച്ചുകൊ് പാത്രത്തിലേക്കൊഴുകുന്നു.

**13. പവതേ ഹര്യതോ ഹരിരതി ഹ്വരാംസി രംഹ്യാ |**

**അഭ്യർഷൻസ്തോതൃഭ്യോ വീരവദ്യശഃ ||**

ഹരിതവർണ്ണനായ ഈ സോമം മന്ദഗതിയിൽ അരിപ്പയെ കടന്നുപോകുന്നു. ഈ സോമം സ്തോതാക്കൾക്ക് സന്താനങ്ങളേയും, കീർത്തിയേയും പ്രദാനം ചെയ്യുന്നു.

**14. അയാ പവസ്വ ദേവയുർമധോർധാരാ അസൃക്ഷത |**

**രേഭൻപവിത്രം പര്യേഷി വിശ്വതഃ ||**

ഹേ സോമമേ! നീ ദേവകാമനായി ധാരാരൂപത്തിൽ സ്രവിച്ചാലും. നിന്റെ ധാരകൾ ഹർഷപ്രദായകമാണല്ലോ. ഈ സോമം ശബ്ദിച്ചുകൊ് അരിപ്പയിൽ എങ്ങും വ്യാപിക്കുന്നു.

## സൂക്തം 107

**ഋഷി സപ്തർഷികൾ ദേവത പവമാനസോമം**

**ഛന്ദസ് ബൃഹതി, ഗായത്രി, പംക്തി**

**1. പരീതോഷിഞ്ചതാ സുതം സോമോ യ ഉത്തമംഹവിഃ |**

**ദധന്വാം യോ നര്യോ അപ്സ്വന്തരാ സുഷാവ സോമമദ്രിഭിഃ ||**

ദേവകളുടെ ഹവിസ്സായ സോമം, മനുഷ്യഹിതൈഷിയായി അത് ജലത്തിൽ സഞ്ചരിക്കുന്നു. ഋത്വിജൻമാർ സോമത്തെ അമ്മിക്കല്ലുകൊ് പിഴിഞ്ഞു. ഹേ ഋഷിജൻമാരേ! ആ സോമത്തെ ശുദ്ധമാക്കി നിങ്ങൾ ജലത്തിൽ പകരുവിൻ.

**2. നൂനം പുനാനോ വിഭിഃ പരി സ്രവാദബ്ധഃ സുരഭിന്തരഃ |**

**സുതേ ചിത്വാപ്സു മദാമോ അന്ധസേ ശ്രീണന്തോ ഗോഭിരുത്തരം ||**

ഹേ സോമമേ! നീ അരിപ്പയിൽക്കൂടി ഒഴുകിയാലും. പിഴിഞ്ഞു വെള്ളത്തിൽ പകർന്ന ശ്രേഷ്ഠനായ നിന്നെ ഞങ്ങൾ അന്നവും, ഗവ്യവും ചേർത്തു സ്തുതിക്കുന്നു.

**3. പരി സുവാനശ്ചക്ഷസേ ദേവമാദനഃ |**

**ക്രതുരിന്ദുർവിചക്ഷണഃ ||**

ഹേ സോമമേ! നീ പിഴിയപ്പെട്ട് ദേവകളെ തൃപ്തിപ്പെടുത്തുന്നു. എല്ലാവരുടെയും ദർശനത്തിനായി സ്രവിക്കുകയും ചെയ്യുന്നു.

**4. പുനാനഃ സോമ ധാരയാപോ വസാനോ അർഷസി |**

**ആ രത്നധാ യോനി മൃതസ്യ സീദസ്യുത്സോ ദേവ ഹിരണ്യയഃ ||**

ഹേ സോമമേ! നീ സംസ്ക്കരിക്കപ്പെട്ടവനായി വിശുദ്ധജലത്തിൽ യുക്തനും, ധാരാരൂപത്തിൽ ഒഴുകുന്നവനുമായി യജ്ഞത്തിൽ പ്രശോഭിക്കുന്നു. ഹേ സോമമേ! നീ സ്വർണ്ണവർണ്ണനും ദീപ്തിയുക്തനുമാകുന്നു.

**5. ദുഹാന ഊധർദിവ്യം മധു പ്രിയം പ്രത്നം സാധസ്ഥ മാസദത് |**

**ആപൃച്ഛ്യം ധരുണം വാജ്യർഷതി നൃഭിർധൂതോ വിചക്ഷണഃ ||**

പ്രസന്നതാപ്രദനായ ഈ സോമം ഗോദുഗ്ധം ദോഹനം ചെയ്യുന്നു. പിഴിയപ്പെടുന്നതിനുവേി ഇവൻ ഋത്വിജൻമാരാൽ വഹിക്കപ്പെട്ട് യജ്ഞത്തിന്റെ യൂപമായിത്തീരുന്നു. ഈ സോമം യജമാനന് അന്നം നൽകുവാനായി ഗമിക്കുന്നു.

**6. പുനാനഃ സോമ ജാഗൃവിരവ്യോ വാരേ പരി പ്രിയഃ |**

**ത്വം വിപ്രോ അഭവോങ്ഗിരസ്തമോ മധ്വാ യജ്ഞം മിമിക്ഷ നഃ ||**

ഹേ സോമമേ! നീ ശുദ്ധനായി അരിപ്പയിൽ വീഴുന്നു. ജ്ഞാനിയും അംഗിരസ്സുകൾക്കു മുമ്പുായവനുമായ ഭവാൻ ഞങ്ങളുടെ യജ്ഞത്തിൽ മധുരരസം വർഷിച്ചാലും.

**7. സോമോ മീഢ്വാൻപവതേ ഗാതുവിത്തമ ഋഷിർവിപ്രോ വിചക്ഷണഃ |**

**ത്വം കവിരഭവോ ദേവവീതമ ആ സൂര്യം രോഹയോ ദിവി ||**

ഈ സോമം എല്ലാവർക്കും വഴികാണിക്കുന്നവനും, കാമവർഷകനും, സൂക്ഷ്മദർശകനും, പവമാനനുമാണല്ലോ. ഹേ സോമമേ! നീ ദേവകളെ വളരെയധികം ഇഷ്ടപ്പെടുന്നു. സൂര്യനെ പ്രകാശമയനാക്കുന്നു.

**8. സോമ ഉ ഷുവാണഃ സോതൃഭിരധി ഷ്ണുഭിരവീനാം |**

**അശ്വയേവ ഹരിതാ യാതി ധാരയാ മന്ദ്രയാ യാതി ധാരയാ ||**

ഈ സോമം ഋത്വിജൻമാരാൽ പിഴിയപ്പെട്ട് കമ്പിളിയരിപ്പയിലെത്തുന്നു. പച്ചവർണ്ണത്തോടുകൂടയ ധാരകളോടുകൂടിയ ഈ സോമം കലശത്തിലേക്കൊഴുകുന്നു.

**9. അനൂപേ ഗോമാൻഗോഭിരക്ഷാഃ സോമോ ദുഗ്ധാഭിരക്ഷാഃ |**

**സമുദ്രം ന സംവരണാന്യഗ്മൻമന്ദീ മദായ തോശതേ ||**

താഴെവക്കപ്പെട്ട കുടത്തിൽ ഗോദുഗ്ധ മിശ്രിതമായ സോമം പതിക്കുന്നു. ദുഗ്ധാദിസമേതം പ്രവഹിക്കുന്ന ഈ സോമം ജലം സമുദ്രത്തിലേയ്ക്കെന്നപോലെ തന്റെ രസത്തോടുകൂടി ദ്രോണകലശം പൂകുന്നു. ദേവകൾക്കുവേി ഇത് ശുദ്ധീകരിക്കപ്പെടുന്നു.

**10. ആ സോമ സുവാനോ അദ്രിഭിസ്തിരോ വാരാണ്യവ്യയാ |**

**ജനോ ന പുരി ചമ്വോർവിംശദ്ധരിഃ സദോ വനേഷു ദധിഷേ ||**

മനുഷ്യർ തങ്ങളുടെ വീടുകളിലിരിക്കുന്നതുപോലെ ഈ സോമം കുടത്തിലിരിക്കുന്നു. അമ്മിക്കല്ലുകൊ് നിർമ്മിതനായ ഇവൻ അരിപ്പയിൽക്കൂടിക്കടന്ന് കുടത്തിലേയ്ക്കൊഴുകുന്നു.

**11. സ മാമൃജേ തിരോ അണ്വാനി മേഷ്യോ മീളഹേ സപ്തിർന വാജയുഃ |**

**അനുമാദ്യഃ പവമാനനോ മനീഷിഭിഃ സോമോ വിപ്രേഭിർഋക്വഭിഃ ||**

അന്നകാമനായ ഈ സോമം സൂക്ഷ്മഛിദ്രങ്ങളോടുകൂടിയ അരിപ്പയിൽനിന്നും പൊഴിയുന്നു. ഋത്വിജൻമാർ ഇതിനെ യുദ്ധത്തിൽ കുതിരയെ എന്നപോലെ അലങ്കരിക്കുന്നു.

**12. പ്ര സോമ ദേവവീതയേ സിന്ധുർന പിപ്യേ അർണസ.**

|

**അംശോഃ പയസാ മദിരോ ന ജാഗൃവിരച്ഛാ കോശം മധുശ്ചുതം ||**

ഹേ സോമമേ! ജലത്താൽ സമുദ്രം നിറയുന്നതുപോലെ, ദേവകൾക്കു പാനം ചെയ്യുന്നതിനായി നീ ജലത്താൽ പൂർണ്ണമാക്കപ്പെടുന്നു. സ്വന്തം മധുരരസത്തോടുകൂടിയ നീ ദ്രോണകലശത്തെ പ്രാപിക്കുന്നു.

**13. ആ ഹര്യതോ അർജുനേ അത്കേ അവ്യത പ്രിയഃ സൂനുർന മർജ്യഃ |**

**തമീം ഹിന്വന്ത്യപസോ യഥാ രഥം നദീഷ്വാ ഗഭസ്ത്യോഃ ||**

ഈ സോമം പുത്രനെപ്പോലെ സംസ്ക്കരിക്കപ്പെടുവാൻ യോഗ്യനാകുന്നു. ഇത് ശ്വേതമായ അരിപ്പയെ ആഛാദനം ചെയ്യുന്നു. വീരനായ യോദ്ധാവ് തൻെറ രഥത്തെ പടക്കളത്തിലേയ്ക്ക് നയിക്കുന്നതുപോലെ പത്തുവിരലുകൾ ഇതിനെ ജലത്തിലേയ്ക്ക് നയിക്കുന്നു.

**14. അഭി സോമാസ ആയവഃ പവന്തേ മദ്യം മദം |**

**സമുദ്രസ്യാധി വിഷ്ടപി മനീഷിണോ മത്സരാസഃ സ്വർവിദഃ ||**

മനീഷിയും മദകാരിയും എന്തും ലഭ്യമാക്കുന്നവനും ഗന്താവുമായ ഈ സോമം അതിൻെറ രസത്തെ എല്ലാ ഭാഗങ്ങളിലേയ്ക്കും ഒഴുക്കുന്നു.

**15. തരത്സമുദ്രം പവമാന ഊർമിണാ രാജാ ദേവ ഋതം ബൃഹത് |**

**അർഷൻമിത്രസ്യ വരുണസ്യ ധർമണാ പ്ര ഹിന്വാന ഋതം ബൃഹത് ||**

സത്യസ്വരൂപനായ ഈ സോമം മിത്രാവരുണൻമാരെ പാലിക്കുന്നതിനായി പോകുന്നു. ഇത് ശുദ്ധമായി കുടത്തിലേയ്ക്കുപോകുന്നു.

**16. നൃഭിര്യേമാനോ ഹര്യതോ വിചക്ഷണോ രാജാ ദേവഃ സമുദ്രിയഃ ||**

ഈ സോമം സൂക്ഷ്മദർശിയും, ദിവ്യനും, സ്പൃഹണീയനുമാകുന്നു. അതുപോലെതന്നെ ഇന്ദ്രനുവേി സ്രവിക്കുകയും ചെയ്യുന്നു.

**17. ഇന്ദ്രായ പവതേ മദഃ സോമോ മരുത്വതേ സുതഃ |**

**സഹസ്രധാരോ അത്യവ്യ മർഷതി തമീ മൃജന്ത്യായവഃ ||**

അനേകം ധാരകളോടുകൂടിയ സോമം അരിപ്പയിൽക്കൂടിക്കടന്നു പോകുന്നു. ഈ മദകാരിയെ ഋത്വിക്കുകൾ ശുദ്ധീകരിക്കുന്നു. ഈ സോമം ഇന്ദ്രനെ മത്തനാക്കുന്നു.

**18. പുനാനശ്ചമൂ ജനയൻമതിം കവിഃ സോമോ ദേവേഷു രണ്യതി |**

**അപോ വസാനഃ പരി ഗോഭിരുത്തരഃ സീദന്വനേ ഷ്വവ്യത ||**

ഈ സോമം സ്തുതികളെ പ്രകടമാക്കുന്നവനും, വിശുദ്ധനും, കാന്തകർമ്മാവും, ഇന്ദ്രാദി ദേവകളുടെ അടുക്കൽ ചെല്ലുന്നവനുമാകുന്നു. ജലത്തിൽ കലർന്നവനും, മരപ്പാത്രത്തിൽ സ്ഥിതിചെയ്യുന്നവനുമായ സോമം ക്ഷീരാദികളിൽ കലർത്തപ്പെടുന്നു.

**19. തവാഹം സോമ രാരണ സഖ്യ ഇന്ദോ ദിവേദിവേ |**

**പുരൂണി ബഭ്രോ നി ചരന്തി മാമവ പരിധീരതി താം ഇഹി ||**

ഹേ സോമമേ! ഞാൻ നിൻെറ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നു. ഞാൻ നിൻെറ മിത്രമാണല്ലോ. എൻെറ വഴികളിൽ രാക്ഷസൻമാർ വിഘ്നം സൃഷ്ടിച്ചിരിക്കുന്നു. നീ അവരെ സംഹരിക്കേണമേ.

**20. ഉതാഹം നക്തമുത സോമ തേ ദിവാ സഖ്യായ ബഭ്ര ഊധനി |**

**ഘൃണാതപന്തമതി സൂര്യ പരഃ ശകുനാഇവ പപ്തിമ ||**

ഹേ സോമമേ! ഞാൻ നിൻെറ സഖ്യത്തെ രാവും പകലും ആശിച്ചുകഴിയുന്നു. ഞങ്ങൾ നിന്നെ സൂര്യരൂപത്തിൽ കാണുവാൻ ആഗ്രഹിക്കുന്നു. സൂര്യനെ സമീപിക്കുവാൻ പറക്കുന്ന പക്ഷിയെപ്പോലെ ഞങ്ങൾ നിൻെറ അടുത്തേയ്ക്കുവരുന്നു.

**21. മൃജ്യമാനഃ സുഹസ്ത്യ സമുദ്രേ വാചമിന്വസി |**

**രയിം പിശങ്ഗം ബഹുലം പുരുസ്പൃഹം പവമാനാഭ്യർഷസി ||**

ഹേ സോമമേ! നീ അന്തരീക്ഷത്തിൽ ശബ്ദിക്കുന്നു. നീ സ്തോതാക്കളായ മിത്രങ്ങൾക്കും, മററനേകർക്കും കാമ്യമായ ധനം (മഞ്ഞനിറത്തിലുള്ളത്) പ്രദാനം ചെയ്യുന്നു.

**22. മൃജാനോ വാരേ പവമാനോ അവ്യയേ വൃഷാവ ചക്രദോ വനേ |**

**ദേവാനാം സോമ പവമാന നിഷ്കൃതം ഗോഭിരഞ്ജാനോ അർഷസി ||**

ഹേ സോമമേ! നീ ശുദ്ധജലത്തിൽ കലർത്തപ്പെട്ടുകൊ് കുടത്തിൽ ശബ്ദിക്കുകയും ക്ഷീരമിശ്രിതനായി ദേവസ്ഥാനത്തെ പ്രാപിക്കുകയും ചെയ്യുന്നു.

**23. പവസ്വ വാജസാതയേഭി വിശ്വാനി കാവ്യാ |**

**ത്വം സമുദ്രം പ്രഥമോ വി ധാരയോ ദേവേഭ്യഃ സോത മത്സരഃ ||**

ഹേ സോമമേ! നീ ദേവകൾക്ക് മദകാരിയായും എല്ലാസ്തോത്രങ്ങളേയും കാണുവനുമാണ്. നീ അന്നപ്രാപ്തിക്കുവേി സ്തോത്രങ്ങളിലേയ്ക്കു ഒഴുകണേ.

**24. സ തൂ പവസ്വ പരി പാർഥിവം രജോ ദിവ്യാ ച സോമ ധർമഭിഃ |**

**ത്വാം വിപ്രാസോ മതിഭിർവിചക്ഷണ ശുഭ്രം ഹിന്വന്ത ധീതിഭിഃ ||**

ഹേ സോമമേ! നീ ദിവ്യവും പാർത്ഥിവവുമായ ധനലാഭത്തിനുവേി സ്രവിച്ചാലും. ജ്ഞാനികൾ അവരുടെ വിരലുകളാലും സ്തോത്രങ്ങളാലും നിന്നെ സ്വഛമാക്കുന്നു.

**25. പവമാനാ അസൃക്ഷത പവിത്രമതി ധാരയാ |**

**മരുത്വന്തോ മത്സരാ ഇന്ദ്രിയാ ഹയാ മേധാമഭി പ്രയാംസി ച ||**

ഈ സോമം ഗമനശീലനും, മരുത്ഗണസമ്പന്നനുമാകുന്നു. ഇവൻ അന്നത്തേയും, സ്തുതികളേയും നോക്കിക്കൊ് മധുരധാരകൾ സഹിതം അരിപ്പയിലരിക്കപ്പെട്ട് സംസ്കൃതനായിത്തീരുന്നു.

**26. അപോ വസാനഃ പരി കോശമർഷതീന്ദുർഹിയാനഃ സോതൃഭിഃ |**

**ജനയഞ്ജ്യോതിർമന്ദനാ അവീവശദ്ഗാഃ കൃണ്വാനോ ന നിർണിജം ||**

പിഴിയുന്നവരാൽ ജലത്തിൽ കലർത്തപ്പെട്ട ഈ സോമം

കലശത്തിലേയ്ക്ക് ഗമിക്കുന്നു. ഇവൻ ക്ഷീരാദികളെ സ്വന്തം രൂപത്തിലാക്കി സ്തുതികാമനായിത്തീരുന്നു.

## സൂക്തം 108

**ഋഷി ശക്തിപുത്രൻ ഗൗരിപതി, ഋജിശ്വാവ്, ഊർദ്ധ്വസദ്മാവ്, കൃതയശസ് ദേവത പവമാനസോമം ഛന്ദസ് ബൃഹതി, പംക്തി ഗായത്രി**

**1. പവസ്വ മധുമത്തമ ഇന്ദ്രായ സോമ ക്രതുവിത്തമോ മദഃ |**
**മഹി ദ്യുക്ഷതമോ മദഃ ||**

ഹേ സോമമേ! നീ അത്യന്തം മഹാനും, പുത്രദാതാവുമാകുന്നു. ഇന്ദ്രനുവേി നി മദത്തോടും, മധുവോടുംകൂടി വർഷിച്ചാലും.

**2. യസ്യ തേ പീത്വാ വൃഷഭോ വൃസായതേസ്യ പീതാ സ്വർവിദഃ |**
**സസുപ്രകേതോ അഭ്യക്രമീദിഷോഛാ വാജ നൈതശഃ ||**

ഹേ കാമവർഷകനായ സോമമേ! നിന്നെ പാനം ചെയ്തിട്ടാണല്ലോ ഇന്ദ്രൻ ജ്ഞാനിയായിത്തീർന്നത് .ആ ഇന്ദ്രൻ യുദ്ധത്തിൽ ചെല്ലുന്ന അശ്വം ശത്രുസേനകളെ ആക്രമിക്കുന്നതുപോലെ ശത്രുക്കളുടെ അന്നത്തെ ആക്രമിക്കുന്നു.

**3. ത്വം ഹ്യങ്ഗ ദൈവ്യ പവമാന ജനിമാനി ദ്യുമത്തമഃ |**
**അമൃതത്വായ ഘോഷയഃ ||**

ഹേ സോമമേ! നീ ദേവകൾക്ക് അമരത്വം കിട്ടുമാറാക്കുന്നു. നീ അവർക്കുവേി വേഗം ശബ്ദിച്ചാലും.

**4. യേനാ നവഗ്വോ ദധ്യങ്ങപോർണുതേ യേന വിപ്രാസ ആപിരേ**
**ദേവാനാം സുമ്നേ അമൃതസ്യ ചാരുണോ യേന ശ്രവാംസ്യാനശുഃ**

നവഗ്വൻ ദധ്യങ് സോമമുപയോഗിച്ച് ഗുഹാദ്വാരം തുറന്ന് ഗോക്കളെ വീടെുത്ത് അംഗിരസ്സുകൾക്ക് നൽകി. ഇന്ദ്രാഗ്നിക്കു സുഖമെത്തിക്കുന്ന യജ്ഞത്തിൽ യാതൊരു സോമം വഴിയായി യജമാനൻമാർക്കും കല്യാണകാരിയായ അന്നം ലഭ്യമായിരുന്നുവോ, ആ സോമം ദേവകളുടെ അമരത്വത്തിനുവേി ശബ്ദിക്കുന്നു.

**5. ഏഷ സ്യ ധാരയാ സുതോവ്യോ വാരേഭിഃ പവതേ മദിന്തമഃ |**
**ക്രീളന്നൂർമിരപാമിവ ||**

അതീവ ഹർഷപ്രദായകനും, ക്രീഡാകാരിയുമായ സോമം തൻെറ ധാരാരൂപത്തോടുകൂടി അരിപ്പയിൽ ഒഴുകുന്നു.

**6. ന്ന ഉസ്രിയാ അപ്യാ അന്തർശ്മനോ നിർഗാ അകൃന്തദോജസാ |**
**അഭിവ്രജതം ത്നിഷേ ഗവ്യമശ്വ്യം വർമീവ ധൃഷ്ണവാരുജ ||**

അന്തരീക്ഷ സ്ഥിതമായ മേഘത്തിൽനിന്നും യാതൊരു സോമം വൃഷ്ടിയെ പ്രേരിപ്പിച്ചുവോ, ആ സോമം ഗോക്കളേയും അശ്വങ്ങളേയും വളർത്തുന്നു. ഹേ സോമമേ! നീ ശത്രുക്കളെ മർദ്ദിക്കുന്നവനാണല്ലോ. അതിനാൽ ദുഷ്ടൻമാരാ യ രാക്ഷസൻമാരെ സംഹരിച്ചാലും.

**7. ആ സോതാ പരി ഷിഞ്ചതാശ്വം ന സ്തോമമപ്തുരം രജസ്തുരം |**
**വനക്രക്ഷമുദപ്രുതം ||**

ഹേ ഋത്വിജൻമാരേ! സോമം അന്തരീക്ഷത്തിലെ ജലത്തെ പ്രേരിപ്പിക്കുന്നവനും, അശ്വത്തിനു തുല്യം വേഗവാനുമാകുന്നു. നിങ്ങൾ അവനെ പിഴിഞ്ഞുകൊ് സ്തുതിക്കുവിൻ.

**8. സഹസ്രധാരം വൃഷഭം പയോവൃധം പ്രിയം ദേവായ ജൻമനേ |**
**ഋതേന യ ഋതജാതോ വിവാവൃധേ രാജാ ദേവ ഋതം ബൃഹത്||**

ജലത്താൽ വളർത്തപ്പെടുന്നവനും, അഭിലാഷങ്ങളെ വർദ്ധിപ്പിക്കുന്നവനും സഹസ്രധാരായുക്തനുമായ ഈ സോമം ദേവകൾക്കു വളരെ പ്രിയങ്കരനാകുന്നു. ഈ സോമത്തെ അനേകം ധാരകളായി പിഴിയുവിൻ, ജലത്തിൽനിന്നും ഉത്ഭവിച്ച ഈ സോമം സ്തുത്യവാനും, ദിവ്യനും ജലത്താൽതന്നെ വളരുന്നവനുമാകുന്നു.

**9. അദി ദ്യുമ്നംബൃഹദ്യശഇഷസ്പതേ ദിദീഹി ദേവദേവയുഃ |**
**വി കോശം മധ്യമം യുവ ||**

ഹേ സോമമേ! സ്തുത്യനായ നീ ഞങ്ങൾക്ക് ദിവ്യമായ അന്നം പ്രദാനം ചെയ്താലും. ദേവകാമനായ നീ മഴക്കുവേി മേഘത്തെ കീറിപിളർന്നാലും.

**10. ആ വച്യസ്വ സുദക്ഷ ചമ്വോഃ സുതേ വിശാം വഹ്നിർന വിശ്പതിഃ |**
**വ്രൃഷ്ടിം ദിവഃ പവസ്വ രീതിമപാം ജിന്വാ ഗവിഷ്ടയേ ധിയഃ ||**

ഹേ സോമമേ! പിഴിയപ്പെടുന്നവനും രാജതുല്യനുമായ നീ ഗോക്കളെ ആഗ്രഹിക്കുന്ന യജമാനൻമാരുടെ യജ്ഞകർമ്മങ്ങളെ സമ്പന്നമാക്കുകയും കലശത്തിലെ ജലത്തെ വർഷിക്കുകയും ചെയ്യണേ.

**11. ഏതമു തയം മദചയുതം സഹസ്രധാരം വൃഷഭം ദിവോ ദുഹുഃ |**
**വിശ്വാ വസൂനി ബിഭ്രതം ||**

ദേവകാമൻമാരായ ഋത്വിജൻമാർ അനന്തധാരായുക്തനും, ധനവാഹകനും, അഭീഷ്ട വർഷകനുമായ സോമത്തെ ദോഹനം ചെയ്യുന്നു.

**12. വൃഷാ വിജ ജ്ഞേ ജയനന്നമർത്യഃ പ്രതപജ്യോതിഷാ തമഃ |**
**ക സുഷ്ടുതഃ കവിഭിനിർണിജം ദധേ ത്രിധാത്വസ്യ ദംസസാ ||**

ജ്ഞാനിയായ യാതൊരുത്തൻ സോമത്തെ സ്തുതിച്ചുകൊ് അതിനെ ദുഗ്ധാദികളാൽ മിശ്രിതമാക്കുന്നുവോ; അവർ വഴി കാമവർഷകനും, അന്ധകാരനാശകനും, അമൃതയുക്തനും, ശബ്ദവാനുമായ സോമം അറിയപ്പെടുന്നു. യജ്ഞത്തിൻെറ മൂന്നു സവനങ്ങളിലുള്ള എല്ലാ കർമ്മങ്ങളും സോമത്താൽ സമ്പന്നമാക്കപ്പെടുന്നു.

**13. സ സുന്വേ യോ വസൂനാം യോ രായാമാനേതാ യ ഇളാനാം |**
**സോമോ യഃ സുക്ഷിതീനാം ||**

സുന്ദരവും അപതയുക്തവുമായ ഗൃഹവും, ഗോക്കളും അന്നവും മറ്റെല്ലാസമ്പത്തുകളും ലഭ്യമാക്കുന്ന സോമം ഋത്വിക്കുകളാൽ

ശുദ്ധീകരിക്കപ്പെടുന്നു.

**14. യസ്യ ന ഇന്ദ്രഃ പിബാദ്യസ്യ മരുതോ യസ്യ |**

**വാര്യമണാ ഭഗഃ ||**

യാതൊന്നിനെ ഇന്ദ്രനും, മരുത്തുക്കളും, അശ്വമാവും, ഭഗനും മാനിക്കുന്നുവോ, യാതൊന്നിനാൽ മിത്രനേയും വരുണനേയും, ഇന്ദ്രനേയും നാം നമ്മുടെ മുമ്പിലേക്കു വിളിക്കുന്നുവോ ആ സോമം പിഴിയപ്പെടുന്നു.

**15. ആ യേന മിത്രാവരുണാ കരാമഹ ഏന്ദ്രമവസേ മഹേ |**

**ഇന്ദ്രായ സോമ പാതവേ നൃഭിര്യതഃ സ്വായുധോ മദിൻമഃ |**

**പവസ്വ മധുമത്തമഃ ||**

അത്യന്തം മധുരമയവും, മദകാരിയുമായ സോമമേ! നീ ഋത്വിജൻമാരാൽ പിഴിയപ്പെട്ട് ഇന്ദ്രന് പാനം ചെയ്യുവാനായി പ്രവഹിച്ചാലും.

**16. ഇന്ദ്രസ്യ ഹാർദി സോമധാനമാ വിശ സമുദ്രമിവ സിന്ധവഃ |**

**ജുഷ്ടോ മിത്രായ വരുണായ വായവേ ദിവോ വിഷ്ടംഭ ഉത്തമ ||**

ഹേ സോമമേ! നദികൾ സമുദ്രത്തിലേക്കു പോകുന്നതുപോലെ നീ കലശത്തിലേക്കു ഗമിച്ചാലും. നീ മിത്രൻ, വരുണൻ, വായു എന്നിവർക്ക് സന്തോഷം നൽകാനും ഇന്ദ്രൻെറ ഹൃദയത്തെ കുളുർപ്പിക്കുന്നതിനും ശ്രേഷ്ഠമായ രസത്തോടുകൂടിയവനുമാകണമേ.

## സൂക്തം 109

**ഋഷി ഈശ്വരപുത്രൻ അഗ്നി ദേവത**

**പവമാനസോമം, ഛന്ദസ് ദ്വിവിദവിരാട്, ഗായത്രി**

**1. പരി പ്ര ധന്വേന്ദ്രായ സോമ സ്വാദുർ മിത്രായ പൂഷ്ണേ ഭഗായ |**

ഹേ സോമമേ! നീ ആസ്വാദ്യകരനാണല്ലോ. ഇന്ദ്രനും, മിത്രനും, ഭഗനും, പൂഷാവിനുംവേി നീ സ്രവിച്ചാലും.

**2. ഇന്ദ്രസ്തേ സോമ സുതസ്യ പേയാഃ ക്രത്വേ ദക്ഷായ വിശ്വേ ച ദേവാ |**

ഹേ സോമമേ! നിൻെറ രസത്തിനും ബലത്തിനുംവേി പിഴിയപ്പെട്ട അംശത്തെ ഇന്ദ്രനും മറ്റുദേവകളും പാനം ചെയ്യട്ടെ.

**3. ഏവാ മൃതായ മഹേ ക്ഷയായ സ ശുക്രേ അർഷ ദിവ്യഃ പീയൂഷഃ |**

ഹേ സോമമേ! നീ ഉജ്ജ്വലനും ദിവ്യനുമാകുന്നു. ദേവകൾ നിന്നെ പാനം ചെയ്യുന്നു. നീ ഗൃഹദാതാവായി സ്രവിച്ചാലും.

**4. പവസ്വ സോമ മഹൻസമുദ്രഃ പിതാ ദേവാനാം വിശ്വാഭി ധാമ ||**

ഹേ സോമമേ! നീ എല്ലാവരേയും പാലിക്കുന്നവനും മഹത്തായ രസത്തെ ഒഴുക്കുന്നവനുമാണല്ലോ. ദേവകളുടെ ശരീരങ്ങളെ ലക്ഷ്യമാക്കി കുടത്തിൽ പതിച്ചാലും.

**5. ശുക്രഃ പവസ്വ ദേവേഭ്യഃ സോമ ദിവേ പൃഥിവ്യൈഃ ശം ച പ്രജായൈ ||**

ഹേ സോമമേ! നീ ദേവകൾക്കുവേി സ്രവിച്ചാലും. നിൻെറ തേജസ്സാൽ വാനൂഴികൾക്കും , സകലജീവജാലങ്ങൾക്കും സുഖം നൽകിയാലും.

**6. ദിവോ ധർതാസി ശുക്രഃ പീയൂഷഃ സത്യേ വിധർമ ന്വാജീ പവസ്വ ||**

ഹേ സോമമേ! ആകാശത്തെ താങ്ങിനിർത്തുന്ന നീ സത്യത്തിൻെറ ആശ്രയരൂപമായ ഈ യജ്ഞത്തിൽ വാനയോഗ്യനായി സ്വന്തം ബലത്തോടുകൂടി ഒഴുകിയാലും.

**7. പവസ്വ സോമ ദ്യുമ്നീ സുധാരോ മഹാമവീനാ മനു പൂർവ്യഃ ||**

ഹേ പ്രാചീന സോമമേ! അത്യന്തം യശസ്വിയായ നീ അരിപ്പയിൽനിന്നും പുറപ്പെട്ട് സുന്ദരമായ ധാരകളോടുകൂടിയവനായി പ്രവഹിച്ചാലും.

**8. നൃഭിര്യമാനോ ജജ്ഞാനഃ പൂതഃ ക്ഷരദ്വിശാനി മന്ദ്രഃ സ്വർവിത് ||**

ഈ സോമം സർവ്വജ്ഞാനിയും അരിപ്പയിലരിക്കപ്പെടുന്നവനുമാകുന്നു. ഇവൻ നമുക്ക് എല്ലാ ധനങ്ങളും പ്രദാനം ചെയ്യണേ.

**9. ഇന്ദുഃ പുനാനഃ പ്രജാ മുരാണ കരദ്വിശാനി ദ്രവിണാനി നഃ ||**

ദേവകളെ വളർത്തുന്നവനായ ഈ സോമം നമുക്ക് അപ്രത്യയുക്തമായ എല്ലാ ഐശ്വര്യങ്ങളും പ്രദാനം ചെയ്യണേ.

**10. പവസ്വ സോമ ക്രത്വേ ദക്ഷായാശ്വോ ന നിക്തോ വാജീ ധനായ ||**

ഹേ സോമമേ! അശ്വത്തെ ജലത്താൽ സ്വച്ഛമാക്കുന്നതുപോലെ നിന്നെ ശുദ്ധമാക്കുന്നു. നീ ഞങ്ങളുടെ ജ്ഞാനത്തിനും, ബലത്തിനും, ധനത്തിനുംവേി വർഷിച്ചാലും.

**11. തം തേ സോതാരോ രസം മദായ പുനന്തി സോമം മഹേ ദ്യുമ്നായ ||**

ഹേ സോമമേ! ശക്തിക്കുവേി നിൻെറ രസത്തെ പിഴിയുന്നവർ ശുദ്ധീകരിക്കുകയും മഹത്തായ അന്നത്തെ പ്രാപിക്കുകയും ചെയ്യുന്നു.

**12. ശിശും ജജ്ഞാനം ഹരിം മൃജന്തി പവിത്രേ സോമദേവേഭ്യ ഇന്ദും ||**

ഹരിതവർണ്ണനായ ഈ സോമം ജലത്താൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഋത്വിക്കുകൾ ഇതിനെ ദേവകൾക്കുവേി സംസ്ക്കരിക്കുന്നു.

**13. ഇന്ദുഃ പവിഷ്ട ചാരുർമദായാപാമുപസ്ഥേ കവിർഭഗായ ||**

ജലത്തിൻെറ ആശ്രയസ്ഥാനമായ അന്തരീക്ഷത്തിൽനിന്നും ഈ സോമം കാമയോഗ്യമായ ധനത്തിനുവേി വർഷിക്കുന്നു.

**14. ബിഭർതി ചാർവിന്ദ്രസ്യ നാമ യേന വിശ്വാനി വൃത്രാ ജഘാന ||**

ഇന്ദ്രനെ ഈ സോമം ഉൻമത്തനാക്കുന്നു. ഇതുവഴി ധാരണം ചെയ്യപ്പെട്ട ശരീരത്താൽ ഇന്ദ്രൻ പാപികളായ അസുരൻമാരെയെല്ലാം നശിപ്പിച്ചു.

**15. പിബന്ത്യസ്യ വിശ്വേ ദേവാസോ ഗോഭിഃ ശ്രീതസ്യ നൃഭിഃ സുതസ്യ ||**

ഋത്വിജൻമാരാൽ പിഴിയപ്പെട്ടതും, ശുദ്ധീകരിക്കപ്പെട്ടതുമായ സോമം പശുവിൻപാലിൽ കലർത്തപ്പെടുന്നു. അപ്പോൾ ഇതിനെ എല്ലാ ദേവൻമാരും പാനം ചെയ്യുന്നു.

**16. പ്ര സുവാനോ അക്ഷഃ സഹസ്രധാരസ്തിരഃ പവിത്രം വി വാരമവ്യം ||**

അനേകം ധാരകളോടുകൂടിയ ശുദ്ധീകരിക്കപ്പെട്ട ഈ സോമം അരിപ്പയിൽനിന്നും നാലുഭാഗത്തേയ്ക്കും ഒഴുകുന്നു.

**17. സ വാജ്യക്ഷാഃ സഹസ്രരേതാ അദ്ഭിർമൃജാനോ ഗോഭിഃ ശ്രീണാനഃ ||**

ജലത്താൽ ശുദ്ധീകരിക്കപ്പെട്ടതും പശുവിനാൽ പാൽ ചേർത്തതുമായ സോമം എല്ലാഭാഗത്തും പൊഴിഞ്ഞു കൊരിക്കുന്നു.

**18. പ്ര സോമ യാഹീന്ദ്രസ്യ കക്ഷാ നൃഭിർയേ മാനോ അദ്രിഭിഃ സുതഃ ||**

ഋത്വിജൻമാരാൽ പിഴിയപ്പെട്ട സോമമേ! നീ അരിപ്പകൾവഴി കുടത്തെ പ്രാപിച്ചാലും.

**19. അസർജി വാജീ തിരഃ പവിത്രമിന്ദ്രായ സോമഃ സഹസ്രധാരഃ ||**

ബലവാനും അനന്തധാരായുക്തനുമായ ഈ സോമം അരിപ്പയിൽക്കൂടി കടന്ന് ഇന്ദ്രനുവേി പ്രവഹിക്കുന്നു.

**20. അഞ്ജന്ത്യേനം മധ്വോ രസേനേന്ദ്രായ വൃഷ്ണ ഇന്ദും മദായ ||**

ഇന്ദ്രൻ കാമവർഷകനാണല്ലോ. ഋത്വിജൻമാർ ഇദ്ദേഹത്തിൻെറ ഹർഷത്തിനുവേി സോമത്തെ മധുമിശ്രിതമാകുന്നു. ഋത്വിജൻമാരാൽ പിഴിയപ്പെടുകയും, ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

**21. ദേവേഭ്യസ്ത്വാ വൃഥാ പാജസേപേ വസാനം ഹരിം മൃജന്തി ||**

ഇന്ദ്രനുവേി സോമരസം പിഴിയപ്പെടുന്നു. പിന്നീട് അത് ജലത്തിൽ കലർത്തി ഇളക്കപ്പെടുന്നു.

**22. ഇന്ദുരിന്ദ്രായ തോശതേ നി തോശതേ ശ്രീണന്നുഗ്രോ രിണന്നപഃ**

## സൂക്തം 110

**ഋഷി ത്ര്യരുണൻ, ത്രസദസ്യ ദേവത പവമാനസോമം ഛന്ദസ് അനുഷ്ടുപ്, ബൃഹതി**

**1. പര്യൂഷു പ്ര ധന്വ വാജസാതയേ പരി വൃത്രാണി സക്ഷണിഃ |**
**ദ്വിഷസ്തരധ്യാ ഋണയാ ന ഈയസേ ||**

ഹേ സോമമേ! നീ സഹനശീലനാണല്ലോ. അന്നപ്രാപ്തിക്കുവേി നീ രണക്ഷേത്രത്തിൽ പോയാലും. ഞങ്ങളുടെ കടം വീട്ടുന്നതിനും ശത്രുക്കളെ നശിപ്പിക്കുവാനും നീ ആക്രമിക്കുക.

**2. അനു ഹി ത്വാ സുതം സോമ മദാമസി മഹേ സമരയരാജ്യേ |**
**വാജാം അഭി പവമാന പ്ര ഗാഹസേ ||**

ഹേ പിഴിയപ്പെട്ട സോമമേ! ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നീ സ്വരാജ്യരക്ഷക്കുവേി ശത്രുക്കളെ നേരിടുന്നു.

**3. അജീജനോ ഹി പവമാന സൂര്യം വിധാരേ ശക്മനാ പയഃ |**
**ഗോജീരയാ രംഹമാണഃ പുരന്ധ്യാ ||**

ഹേ സോമമേ! നീ ധനം പ്രദാനം ചെയ്യുന്നു, നീ ജലത്തിൻെറ ആശ്രയസ്ഥാനമായ അന്തരീക്ഷത്തിൽ സ്വന്തം ബലത്താൽ സൂര്യനെ പ്രകാശിപ്പിച്ചിരിക്കുന്നു. നീ ദ്രുതഗാമിയും ജ്ഞാനസമ്പന്നനുമാണല്ലോ.

**4. അജീജനോ അമൃത മർത്യേഷ്വാം ഋതസ്യ ധർമന്നമൃതസ്യ ചാരുണഃ |**
**സദാസരോ വാജമച്ഛാ സനിഷ്യദത് ||**

ഹേ സോമമേ! നീ നാശരഹിതനാകുന്നു. മംഗലധാരകനായ നീയാണ് ജലധാരകമായ അന്തരീക്ഷത്തിൽ സൂര്യനെ പ്രകാശിപ്പിച്ചത്. നീ രണക്ഷേത്രത്തിലേക്ക് എപ്പോഴും പൊയ്ക്കൊരിക്കുന്നു.

**5. അഭ്യഭി ഹി ശ്രവസാ തതർദിഥോത്സം ന കം ചിജ്ജനപാനമക്ഷിതം |**
**ശര്യാഭിർന ഭരമാണോ ഗഭസ്ത്യോഃ ||**

ഹേ സോമമേ! ജലത്തിനുവേി ഗഹനമായ ജലാശയമുാക്കുന്നതുപോലെ നീ നിൻെറ സ്തോതാക്കളായ മിത്രങ്ങൾക്ക് അന്നം ദാനം ചെയ്യുന്നു.

**6. ആദീം കേ ചിത്പശ്യ മാനാസ ആപ്യം വസുരുചോ ദിവ്യാ അഭ്യനൂഷത |**
**വാരം ന ദേവഃ സവിതാ വ്യൂർണുതേ ||**

എല്ലാത്തിനും പ്രേരണ നൽകുന്ന ആദിത്യൻ അന്ധകാരത്തെ പൂർണ്ണമായി നശിപ്പിക്കുന്നതിനു മുമ്പേതന്നെ സ്വർഗ്ഗത്തിൽ ജനിച്ച വസുരുച് പുരുഷൻമാർ ബന്ധുരൂപനായ സോമത്തെ സ്തുതിച്ചു.

**7. ത്വേ സോമ പ്രഥമാ വൃക്തബർഹിഷോ മഹേ വാജായ ശ്രവസേ ധിയം ദധുഃ |**
**സ ത്വം നോ വീര വീര്യായ ചോദയ ||**

ഹേ സോമമേ! കുശമുറിക്കുന്ന യജമാനൻമാർ മഹത്തായ ബലത്തിനും അന്നത്തിനും വേി തങ്ങളുടെ ബുദ്ധി നിനക്ക് സമർപ്പിച്ചു. നീ ഞങ്ങളേയും രണകലശരാക്കണമേ.

**8. ദിവഃ പീയൂഷം പൂർവം യദുക്ഥ്യം മഹോ ഗാഹാദ്ദിവ ആ നിരധുക്ഷത |**
**ഇന്ദ്രമഭി ജായമാനം സമസ്വരൻ ||**

സ്വർഗ്ഗനിവാസികളായ ദേവകൾക്ക് പാനയോഗ്യമായ സോമത്തെ ആകാശത്തിൽനിന്നും കറന്നെടുക്കുന്നു. പിഴിഞ്ഞ ആ സോമത്തെ സ്തോതാക്കൾ ശ്രേഷ്ഠമായി സ്തുതിക്കുന്നു.

**9. അധ യദിമേ പവമാന രോദസീ ഇമാ ച വിശ്വാ ഭുവനാഭി മജ്മനാ |**
**യൂഥേ നഃ നിഷ്ഠോ വൃഷഭോ വി തിഷ്ഠസേ ||**

ഹേ സോമമേ! നീ സ്വന്തം ബലത്താൽ ആകാശത്തേയും ഭൂമിയേയും സകലജീവജാലങ്ങളേയും ഭരിക്കുന്നു.

**10. സോമഃ പുനാനോ അവ്യയേ വാരേ ശിശുർന ക്രീളൻപവമാനോ അക്ഷാഃ |**
**സഹസ്രധാരഃ ശതവാജ ഇന്ദുഃ ||**

അതീവസമർത്ഥനായ പവമാനസോമം ബാലനെപ്പോലെ അരിപ്പയിൽ ക്രീഡിക്കുന്നു. വലിയ പ്രഭയോടെ പുറത്തേക്കൊഴുകുന്നു.

**11. ഏഷ പുനാനോ മധുമാം ഋതാവേന്ദ്രായേന്ദുഃ പവതേ**

**സ്വാദുതൂർമിഃ |**

**വാജസനി വരിവോ വിദ്വയോധാഃ ||**

ഈ സോമം ആയുസ്സ് ദാനം ചെയ്യുന്നവനും രസധാരാസമ്പന്നനും ധനം കിട്ടിക്കുന്നവനുമാകുന്നു. ഈ സോമം പ്രവഹിച്ചുകൊായേിരിക്കുന്നു.

**12. പവസ്വ സഹമാനഃ പൃതന്യൂൻത്സേധന്ന്രക്ഷാം**

**സ്യപദുർഗഹാണി |**

**സ്വായുധഃ സാസഹ്വാൻത്സോമ ശത്രൂൻ ||**

യുദ്ധകുതുകിയായ ശത്രുക്കളെ ഈ സോമം പരാജയപ്പെടുത്തുകയും, ദുർധർഷരായ അസുരൻമാരെ വധിക്കുകയും ചെയ്യുന്നു. ഹേ സോമമേ! നീ സുന്ദരായുധനായി ശത്രുനാശക ഗുണങ്ങളോടുകൂടി പ്രവഹിച്ചാലും.

## സൂക്തം 111

**ഋഷി പരുച്ഛേപ പുത്രൻ അനാനതൻ ദേവത പവമാനസോമം ഛന്ദസ് അത്യഷ്ടി**

**1. അയാ രുചാ ഹരിണ്യാ പുനാനോ വിശ്വാ ദ്വേഷാംസി**

**തി തര സ്വായുഗ്വഭിഃസുരോസ്വയുഗാഭിഃ |**

**ധാരാസുതസ്യ രോചതേ പുനാനോ അരുഷോ ഹരിഃ**

**വിശ്വാ യദ്രൂപാ പരിയാത്യൃക്വഭിഃ ഋക്വഭിഃ ||**

സൂര്യൻ തൻെറ രശ്മികളാൽ ലോകത്തിൻെറ അന്ധകാരത്തെ അകറ്റുന്നതുപോലെ പിഴിയപ്പെട്ട സോമം എല്ലാ അസുരൻമാരെയും നശിപ്പിക്കുന്നു. ഇവൻെറ ഹരിതവർണ്ണം വളരെ മനോഹരമാകുന്നു. ഇവൻെറ ഉജ്ജ്വലമായ ധാരകൾ പ്രകാശിക്കുന്നു. ഇവൻ സപ്താസ്യങ്ങൾ കൊ് എല്ലാ നക്ഷത്രങ്ങളേയും അമർത്തുന്നു.

**2. ത്വം ത്യപണീനാം വിദോ വസു സം മാതൃഭിർമർജയസി**

**സ്വ ആ ദമ ഋതസ്യ ധീതിഭിർദമേ |**

**പരാവതോ ന സാമ തദ്യത്രാ രണന്തി ധീതയഃ |**

**ത്രിധാതുഭിരുഷീഭിർവയോ ദധേ രോചമാനോ വയോ ദധേ**

**||**

ഹേ സോമമേ! നീ യജ്ഞം വഹിക്കുന്നവനും, ജലത്തോടുകൂടി ശരിയാംവണ്ണം സംസ്ക്കരിക്കപ്പെടുന്നവനുമാകുന്നു. നീ പണികളാൽ മോഷ്ടിക്കപ്പെട്ട ഗോക്കളെ കുപിടിച്ചു. സാമവേദത്തിൻെറ ധ്വനി ദൂരെനിന്നും കേൾക്കപ്പെടുന്നതുപോലെ നിൻെറ ശബ്ദവും ദൂരെനിന്നും കേൾക്കപ്പെടുന്നു. ഈ സുന്ദരമായ സോമം സ്തുതികളാൽ വളരുകയും സ്തോതാക്കൾക്കന്നം നൽകുകയും ചെയ്യുന്നു. കർമ്മികളായ യജമാനൻമാർ സോമത്തിൻെറ ശബ്ദത്താൽ ആനന്ദം അനുഭവിക്കുന്നു.

**3. പൂർവാമനു പ്രദിശം യാതി ചേകിതത്സം രശ്മി ഭിർയത**

**തേ ദർശതോ രഥോ ദൈവ്യോ ദർശതോ രഥഃ |**

**അഗ്മന്നുക്ഥാനി പൗംസ്യേന്ദ്രം ജൈത്രായ ഹർഷയൻ |**

**വജ്രശ്ച യദ്ഭവഥോ അനപച്യുതാ സമത്സ്വനപച്യുതാ ||**

സർവജ്ഞാനിയായ സോമം പൂർവദിക്കിലെത്തി സൂര്യരശ്മിയോടു ചേരുന്നു. സ്തോതാക്കളുടെ സ്തോത്രങ്ങൾ ഇന്ദ്രങ്കലെത്തി അവനിൽ വിജയോല്ലാസം നിറയ്ക്കുന്നു. ഇന്ദ്രൻെറ അടുക്കൽ വജ്രമെത്തുമ്പോൾ, രണഭൂമിയെ പ്രാപിച്ച ഇന്ദ്രനും സോമവും ശത്രുക്കളെ പരാജയപ്പെടുത്തുമ്പോൾ സ്തോതാക്കൾ അവരെ സ്തുതിക്കുന്നു.

## സൂക്തം 112

**ഋഷി അംഗിരോഗോത്രൻ ശിശു ദേവത പവമാനസോമം ഛന്ദസ് പംക്തി**

**1. നാനാനം വാ ഉ നോ ധിയോ വി വ്രതാനി ജനാനാം |**

**തക്ഷാ രിഷ്ടം രുതം ഭിഷഗ്ബ്രഹ്മാ**

**സുന്വന്തമിച്ഛതീന്ദ്രായേന്ദോ പരിസ്രവ ||**

ഞങ്ങളുടെ കർമ്മങ്ങൾ വിഭിന്നങ്ങളാകുന്നു. ആശാരി തടിപ്പണി ഇഷ്ടപ്പെടുന്നു. ബ്രാഹ്മണൻ സോമം പിഴിയുന്ന യജമാനനെ ഇഷ്ടപ്പെടുന്നു. വൈദ്യൻ രോഗത്തെ ഇഷ്ടപ്പെടുന്നു. അതുപോലെ ഞാൻ സോമത്തെ ഇഷ്ടപ്പെടുന്നു. ഹേ സോമമേ! നീ ഇന്ദ്രനായൊഴുകിയാലും.

**2. ജരതീഭിരോഷധീഭി പർണേഭിഃ ശകുനാനാം |**

**കാർമാരോ അശ്മഭിർദ്യുഭിർഹിരണ്യവന്ത**

**മിഛതീന്ദ്രായേന്ദ്രോ പരിസ്രവ ||**

ഉറപ്പുള്ള കല്ലുകൊും, ഉണക്കത്തടികൊും, പക്ഷിത്തൂവൽ കൊും ബാണം നിർമ്മിക്കുന്നു. ശില്പികൾ തങ്ങളുടെ ബാണങ്ങൾ വിൽക്കുന്നതിനായി ധനമുള്ളവരെ അന്വേഷിക്കുന്നു. ഹേ സോമമേ! നീ ഇന്ദ്രനുവേി ഒഴുകിയാലും.

**3. കാരൂരഹം തതോ ഭിഷഗുപലപ്രക്ഷിണീ നനാ |**

**നാനാധിയോ വസൂയവോനു ഗാഇവ**

**തസ്ഥിമേന്ദ്രായേന്ദോ പരിസ്രവ ||**

ഞാൻ സ്തോതാവാകുന്നു. പുത്രൻ വൈദ്യനും, പുത്രി യവം പൊടിക്കുന്നവളുമാകുന്നു. എല്ലാവരും സ്വയം ഓരോരോ കാര്യങ്ങൾ നടത്തുന്നു. ഗോക്കൾ തൊഴുത്തിൽ കറങ്ങുന്നതുപോലെ ധനകാമരായ ഞങ്ങളും ഹേ സോമമേ! നിന്നെ പരിചരിക്കുന്നു. ഹേ സോമമേ! നീ ഇന്ദ്രനുവേി ഒഴുകിയാലും.

**4. അശ്വോവോളഹാ സുഖം രഥം ഹസനാമുപമന്ത്രിണഃ |**

**ശേപോ രോമണ്വന്തൗ ഭേദൗ വാരിൻമണ്ഡൂക**

**ഇച്ഛതീന്ദ്രായേന്ദോ പരിസ്രവ ||**

സുന്ദരവും, കല്യാണകാരിയും, സരളമായി ഗമിക്കുന്നതുമായ രഥത്തെ അശ്വം ഇഷ്ടപ്പെടുന്നതുപോലെ, സചിവൻമാർ സവ്യവൻമാർ വ്യംഗ്യാത്മകമായ കാര്യങ്ങൾ ഇഷ്ടപ്പെടുന്നതുപോലെ, ഞാൻ സോമത്തെ ഇഷ്ടപ്പെടുന്നു. ഹേ സോമമേ! നീ സ്വന്തം രസത്തെ ഇന്ദ്രനായൊഴുക്കിയാലും.

## സൂക്തം 113

**ഋഷി മരീചിപുത്രൻ കശ്യപൻ ദേവത പവമാനസോമം ഛന്ദസ് പംക്തി**

**1. ശര്യണാവതീ സോമമിന്ദ്രഃ പിബതു വൃത്രഹാ |**

**ബലം ദധാന ആത്മനി കരിഷ്യന്വീര്യ മഹദിന്ദ്രായേന്ദാ**

**പരിസ്രവ ||**

മഹാബലവാനും, വീര്യവാനുമാകുന്നതിനായി ശരണ്യാവത തടാകത്തിലെ സോമത്തെ ഇന്ദ്രൻ പാനം ചെയ്യട്ടെ. ഹേ സോമമേ! ഇന്ദ്രനുവേി മധുരരസത്തോടുകൂടി നീ സ്രവിച്ചാലും.

**2. ആ പവസ്വ ദിശാം പത ആർജീകാത്സോമ മീഢ്വഃ |**

**ഋതവാകേന സത്യേന ശ്രദ്ധയാ തപസാ സുത**

**ഇന്ദ്രായേന്ദോ പരിസ്രവ ||**

കാമവർഷകനും, ദിക്കുകളുടെ അധിപനുമായ നീ

ആർജികദേശത്തുനിന്നും ആഗതനാകേണമേ. പവിത്രങ്ങളായ സ്തോത്രങ്ങളോടും, ഭക്തിനിർഭരമായ കർമ്മങ്ങളോടുംകൂടി നിന്നെ പിഴിയുന്നു. ഹേ സോമമേ! നീ മധുരരസത്തോടുകൂടി ഇന്ദ്രങ്കലേക്കൊഴുകിയാലും.

**3. പർജന്യവൃദ്ധം മഹിഷം തം സൂര്യസ്യ ദുഹി താഭരത് |**
**തം ശന്ധർവാഃ പ്രത്യഗൃഭ്ണന്തം സോമേ**
**രസമാദധുരിംന്ദ്രായേന്ദോ പരിസ്രവ ||**

അന്തരീക്ഷത്തിലെ ജലത്തിൽ വളർന്നു ഈ സോമത്തെ സൂര്യപുത്രി സ്വർഗ്ഗത്തിൽനിന്നും ഇവിടെ കൊുവന്നു. ഗന്ധർവ്വൻമാർ അതിനെ സ്വീകരിച്ച് രസയുക്തമാക്കി. ഹേ സോമമേ! നീ സ്വന്തം രസത്തെ ഇന്ദ്രനുവേി ഒഴുക്കിയാലും.

**4. ഋതം വദന്നൃതദ്യുമ്ന സത്യം വദൻത്സത്യ കർമൻ |**
**ശ്രദ്ധാം വദൻത്സോമ രാജന്ധാത്രാ സോമ പരിഷ്കൃത**
**ഇന്ദ്രായേന്ദോ പരിസ്രവ ||**

ഹേ സോമമേ! നിൻെറ കർമ്മങ്ങൾ സത്യയുക്തങ്ങളാകുന്നു. നീ ഭക്തിപൂർവ്വം ശ്രേഷ്ഠകർമ്മികളായ സ്തോതാക്കളുടെ പ്രേരണയാൽ ഇന്ദ്രനുവേി ഒഴുകിയാലും.

**5. സത്യമുഗ്രസ്യ ബൃഹതഃ സ്തംസ്രവിം സംസ്രവാഃ |**
**സം യന്തി രസിനോ രസാഃപുനാനോ ബ്രഹ്മണാ ഷര**
**ഇന്ദ്രായേന്ദോ പരിസ്രവ ||**

പവമാനവും, മഹാബലവാനുമായ സോമത്തിൻെറ ധാരകൾ പൊഴിഞ്ഞുകൊിരിക്കുകയും അതിൻെറ മധുരരസം പ്രവഹിച്ചുകൊിരിക്കുകയും ചെയ്യുന്നു. ഹേ സോമമേ! ഋത്വിക്കുകളാൽ പിഴിയപ്പെട്ട് ഇന്ദ്രനുവേി ഒഴുകിയാലും.

**6. യത്ര ബ്രഹ്മാ പവമാന ഛന്ദസ്യാം വാചം വദൻ |**
**ഗ്രാവ്ണാ സോമേ മഹീയതേ സോമേനാനന്ദം**
**ജനയന്നിന്ദ്രായേന്ദോ പരിസ്ത്രവ ||**

ഹേ സോമമേ! എവിടെ സപ്തഛന്ദസ്സുകളാൽ സ്തോത്രങ്ങൾ ഉച്ചരിക്കപ്പെടുന്നുവോ, എവിടെവിടെ അമ്മിക്കല്ലുകളാൽ സോമം പിഴിയുന്നുവോ എവിടെ സോമാഭിഷവത്താൽ പ്രസന്നരായ ദേവകളെ സ്തോതാക്കൾ പൂജിക്കുന്നുവോ അവിടെ ഭവാൻ സ്വന്തം രസത്തെ പ്രാപിക്കണമേ.

**7. യത്ര ജ്യോതിരജസ്രം യസ്മിംല്ലോകേ സ്വർഹിതം |**
**തസ്മിൻമാം ധേഹി പവമാനാമൃതേ ലോകേ അക്ഷിത**
**ഇന്ദ്രായേന്ദോ പരിസ്രവ ||**

ഹേ സോമമേ! നീ ഇന്ദ്രനുവേി സ്രവിച്ച് എന്നെ അഖണ്ഡപ്രകാശവാനും നാശരഹിതമായ സ്വർഗ്ഗത്തിൻെറ അവകാശിയുമാക്കണമേ.

**8. യത്ര രാജാ പവസ്വതോ യത്രാവരോധനം ദിവഃ |**
**യത്രാമൂർയഹ്വതീരാപസ്തത്ര മാമമൃതം**
**കൃധീന്ദ്രായേന്ദോ പരിസ്രവ ||**

ഹേ സോമമേ! എവിടെ മന്ദാകിനി നദികൾ പ്രവഹിക്കുന്നുവോ, എവിടെ വൈവസ്വതൻ രാജ്യം ഭരിക്കുന്നുവോ, യാതൊന്നിനെ സ്വർഗ്ഗത്തിൻെറ കവാടം എന്നു വിളിക്കുന്നുവോ, അവിടെ എന്നെ സ്ഥാപിക്കുകയും ഇന്ദ്രനുവേി സ്രവിക്കുകയും ചെയ്യണമേ.

**9. യത്രാനുകാമം ചരണംത്രിനാകേ ത്രിദിവേ ദിവഃ |**
**ലോകാ യത്രജ്യോതിഷ്മന്തസ്ത്രമാമമൃതം**
**കൃധീന്ദ്രായേന്ദോ പരിസ്രവ ||**

സൂര്യൻെറ അലൗകികരശ്മികൾ യാതൊരുധ്വലോകത്തിലാകുന്നുവോ എവിടത്തെ നിവാസികൾ ജ്യോതിപുഞ്ജങ്ങൾപോലെ തേജസ്വികളായിരിക്കുന്നുവോ, ആ ലോകത്തിൽ ഹേ സോമമേ! എനിക്ക് സ്ഥായിയായ നിവാസസ്ഥാനം നൽകുകയും നിൻെറ മധുരരസത്തെ ഇന്ദ്രനുവേി ഒഴുക്കുകയും ചെയ്യണമേ.

**10. യത്ര കാമാ നികാമാശ്ച യത്ര ബ്രധ്നസ്യ വിഷ്ടപം |**
**സ്വധാ ച യത്ര തൃപ്തി ശ്ച തത്രമാമമൃതം**
**കൃധീന്ദ്രായേന്ദോ പരിസ്രവ ||**

എവിടെ എല്ലാകർമ്മങ്ങളുടെയും ആശ്രയഭൂതനായ ആദിത്യൻ വസിക്കുന്നുവോ, എവിടെ സ്വധാസഹിതം നൽകപ്പെടുന്ന ഹവിസ്സും, തൃപ്തിയും ഉായിരിക്കുന്നുവോ എവിടെ ഇന്ദ്രാദിദേവകൾ വസിക്കുന്നുവോ ആ ലോകത്തിൽ ഹേ സോമമേ! നീ എനിക്കു അവിനാശപദം നൽകുകയും നിൻെറ മധുരരസത്തെ ഇന്ദ്രൻെറമേൽ വർഷിക്കുകയും ചെയ്യണമേ.

**11. യത്രാനന്ദാശ്ച മോദാശ്ച മുദഃ പ്രമുദ ആസതേ |**
**കാമസ്യ യത്രാപ്താഃകാമാസ്ത്രത്ര മാമമൃതം**
**കൃധീന്ദ്രായേന്ദോ പരിസ്രവ ||**

ഹേ സോമമേ! ആനന്ദവും, സ്നേഹവും ഏതൊരു ലോകത്തിൽ നിലനിൽക്കുന്നുവോ, എവിടെ എല്ലാ അഭിലാഷങ്ങളും ഇഷ്ടാനുസരണം പൂർണ്ണമാക്കപ്പെടുന്നുവോ, ആ അമരലോകത്തിൽ എന്നെ വസിപ്പിക്കേണമേ. ഹേ സോമമേ! നീ ഇന്ദ്രനുവേി പ്രവഹിച്ച് അവനെ തൃപ്തനാക്കിയാലും.

## സൂക്തം 114

**ഋഷി മരീചിപുത്രൻ കശ്യപൻ ദേവത**
**പവമാനസോമം ഛന്ദസ് പംക്തി**

**1. യ ഇന്ദോഃ പവമാനസ്യാനു ധാമാന്യക്രമീത് |**
**തമാഹു സുപ്രജാ ഇതി യസ്തേ സോമാവിധൻമന**
**ഇന്ദ്രായേ ന്ദോ പരിസ്രവ ||**

മേധാവിയായ യാതൊരു സ്തോതാവ് സോമത്തിൻെറ തേജസ്സിനെ പുകഴ്ത്തുന്നുവോ, ആയുഷ്മാനായ അവൻ മംഗളമയനായ പുത്രവാനായിത്തീരുന്നു. അതുപോലെ യാതൊരു വ്യക്തി മാനനുകൂലമായ സോമത്തെ സേവിക്കുന്നുവോ അവനും ശ്രീമൽ പുത്രവാനാകും. ഹേ സോമമേ! നീ ശ്രവിച്ച് ഇന്ദ്രനെ തൃപ്തനാക്കിയാലും.

**2. ഋഷേ മന്ത്രകൃതം സ്തോമൈഃ കശ്യപീദ്വർധയൻഗിരഃ |**
**സോമം നമസ്യ രാജാനാം യോ ജജ്ഞേ വീരുധാം**
**പതിരിന്ദ്രായേന്ദോ പരിസ്രവ ||**

ഋഷികളും മന്ത്രദ്രഷ്ടാക്കളും സ്തോത്രരൂപവാക്യങ്ങളെ രചിച്ചിരിക്കുന്നു. ആ ഋഷികളെ അനുകരിച്ച് സ്തോത്രങ്ങളെ വളർത്തുകയും നായകരൂപനായ സോമത്തെ സ്തുതിക്കുകയും ചെയ്യുവിൻ. ഈ സോമം വനസ്പതികളെ രക്ഷിക്കുന്നു. സോമമേ! നീ വർഷിതനായി വജ്രധാരിയായ ഇന്ദ്രനെ തൃപ്തനാക്കിയാലും.

**3. സപ്ത ദിശോ നാനാ സൂര്യാഃ സപ്തഹോതാര ഋത്വിജം |**
**ദേവാ ആദിത്യാ യേ സപ്തതേഭിഃ സോമാഭി രക്ഷ ന**
**ഇന്ദ്രായേന്ദോ പരിസ്രവ ||**

സൂര്യന് ആശ്രയം നൽകുന്ന സപ്തദിക്കുകളും, സപ്തഹോതാക്കളും സപ്താദിത്യൻമാരും സഹിതം ഹേ സോമമേ! നീ ഞങ്ങളുടെ രക്ഷകനാകുകയും ഇന്ദ്രനുവേി പ്രവഹിച്ച് അവനെ തൃപ്തിപ്പെടുത്തുകയും ചെയ്താലും.

**4. യത്തേ രാജ ഞ്ഛൃത ഹവിസ്തേന സോമാഭി രക്ഷനഃ |**
**അരീതീവാ മാ തസ്താരീൻമോ ചനഃ കിം ചനാ**
**മദിന്ദ്രായേന്ദോ പരിസ്രവ ||**

ഹേ സോമമേ! ഹവനയോഗ്യമായ യാതൊരു ഹവിസ്സിനെ നിനക്കുവേി പാകപ്പെടുത്തിയോ, അതു സ്വീകരിച്ച് ഞങ്ങളെ പാലിക്കണമേ, ശത്രുക്കൾ ഞങ്ങളുടെ വസ്ത്രങ്ങൾ തട്ടിയെടുക്കാതിരിക്കട്ടെ. ഞങ്ങളെ ഹിംസിക്കാതിരിക്കട്ടെ, നീ ഇന്ദ്രനുവേി സ്രവിച്ച് അവനെ തൃപ്തനാക്കിയാലും.

## മണ്ഡലം 10

## അനുവാകം 1 സൂക്തം 1

**ഋഷി ത്രിതൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. അഗ്രേ ബൃഹന്നുഷസാമൂർധ്വോ**
**അസ്ഥാഗ്നിർജഗജ്വാന്തമസോ ജ്യോതിഷാഗത് |**
**അഗ്നിർഭാനുനാ രുശതാ സുങ്ഗ ആ ജാതോ വിശ്വാ**
**സദ്മാ ന്യപ്രാഃ ||**

അന്ധകാരത്തിൽ നിന്നും പുറപ്പെട്ടു അഗ്നി ആഹ്വാനീയരൂപത്തിൽ തൻെറ തേജസ്സോടും ഉഷകാലത്തിലെ ജ്വാലാരൂപത്തിലും പ്രകടമാകുന്നു. കർമ്മങ്ങൾക്കുവേി ശ്രേഷ്ഠമായ ജ്വാലകളാൽ പ്രോജ്ജ്വലിതമായ അഗ്നി തൻെറ തേജസ്സ് വഴിയായി യജ്ഞത്തെ സമ്പന്നമാക്കുന്നു.

**2. സ ജാതോ ഗർഭോ അസി രോദസ്യോരഗ്നേ**
**ചാരുർവിഭൃതാ ഓഷധീഷു |**
**ചിത്രഃ ശിശുഃ പരി തമാംസ്യ ക്തൂൻപ്ര മാതൃഭ്യോ അധി**
**കനീ ക്രദദ്ഗാഃ ||**

ഹേ അഗ്നേ! നീ അരണികളാൽ മഥിക്കപ്പെട്ട് പ്രദീപ്തനാക്കപ്പെടുന്നു. നീ ഔഷധികളിൽ സ്ഥിതനും ആകാശത്തിൻേറയും ഭൂമിയുടേയും ഗർഭരൂപനും അത്മുതവർണ്ണനും, മംഗളമയനുമാകുന്നു. നീ സ്വന്തം തേജസ്സാൽ കൃഷ്ണവർണ്ണരായ അസുരൻമാരെ പരാജയപ്പെടുത്തുന്നവനും, ഔഷധികളുടെ പുത്രരൂപനുമാകുന്നു. നീ ശബ്ദിച്ചുകൊ് തടികളിൽനിന്നും ഉത്മവിക്കുന്നു.

**3. വിഷ്ണുരിത്ഥാ പരമമസ്യ വിദ്വാഞ്ജാതോ ബൃഹന്നഭി**
**പാതി തൃതീയം |**
**ആസാ യദസ്യ പയോ അക്രത സ്വം സചേതസോ**
**അഭ്യർചന്ത്യത്ര ||**

ത്രിതമഹർഷിയായ എന്നെ ജ്ഞാനിയും, വ്യാപകനുമായ ഈ അഗ്നി എല്ലാ വിധത്തിലും രക്ഷിക്കണേ. ഈ അഗ്നി ഉത്കൃഷ്ടനും, മഹാനുമാകുന്നു. യജ്ഞകർത്താവായ യജമാനൻ ജലത്തെ യാചിച്ചുകൊ് ഇവനെ പൂജിക്കുന്നു.

**4. അത ഉ ത്വാ പിതൃഭൃതോ ജനിത്രീരന്നാവൃധം പ്രതി**
**ചരന്ത്യന്നൈഃ |**
**ഈ പ്ര ത്യേഷി പുതാരന്യരൂപാ അസി ത്വം വിക്ഷു**
**മാനുഷീഷു ഹോതാ ||**

ഹേ അഗ്നേ! അന്നപ്രാപ്തിക്കുവേി നിന്നെ സേവിക്കുന്നു. നീ വിശ്വത്തെ വഹിക്കുന്നവനും, വനസ്പതികളേയും അന്നത്തേയും ഉൽപ്പാദിപ്പിക്കുന്നവനും, ഉണക്കമരങ്ങളെ പ്രാപിക്കുന്നവനും ആകുന്നു. ഞങ്ങളുടെ യജ്ഞകർമ്മങ്ങളെ സമ്പന്നമാക്കുന്നത് നീ തന്നെയാകുന്നു.

**5. ഹോതാരം ചിത്രരഥ മധ്വരസ്യ യജ്ഞസ്യ യജ്ഞസ്യ**
**കേതും രുശന്തം |**
**പ്രത്യർധിം ദേവസ്യ ദേവസ്യ മഹ്നാ ശ്രിയാ ത്വഗ്നിമതിഥിം**
**ജനാനാം ||**

യജ്ഞത്തിൻെറ ധ്വജരൂപനും, ഉജ്ജ്വലനും, ദേവകളുടെ ആഹ്വാനകർത്താവും, സ്വാമിയും, യജമാനൻമാർക്ക് പൂജനീയനും, ഇന്ദ്രൻെറ അടുക്കൽ പ്രവർത്തിക്കുന്നവനുമായ അഗ്നിയെ കീർത്തിയോടുകൂടിയ ഐശ്വര്യം പ്രാപിക്കുന്നതിനായി യജ്ഞകർമ്മാക്കളായ ഞങ്ങൾ സ്തുതിക്കുന്നു.

**6. സ തു വസ്ത്രാണ്യധ പേശനാനി വസാനോ**
**അഗ്നിർനാഭാ പൃഥിവ്യാഃ |**
**അരുഷോ ജാതഃ പദ ഇളായാഃ പുരോഹിതോ**
**രാജന്നക്ഷീഹ ദേവാൻ ||**

ഹേ അഗ്നേ! നീ പൃഥ്വിയുടെ നാഭിയിൽ സ്വർണ്ണംപോലെ പ്രകാശിച്ച് തേജസ്സിനെ വഹിച്ചുകൊ് പ്രകടമാകുന്നു. നീ ആഹ്വാനീയസ്ഥാനത്തിൽ പ്രതിഷ്ഠിതനായി, സ്വന്തം തേജസ്സാൽ സുശോഭിതനായി ഞങ്ങളുടെ യജ്ഞത്തിൽ ഇന്ദ്രാദിദേവകളെ കൊുവരികയും ചെയ്യണമേ.

## സൂക്തം 2

**ഋഷി ത്രിതൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. പിപ്രീഹി ദേവാം ഉശതോ യവിഷ്ഠ വിദ്വാം ഋതുർ**
**ഋപതേ യജേഹ |**
**യേ ദൈവ്യാം ഋത്വിജസ്തേഭിരഗ്നേ ത്വം**
**ഹോതൃണാമസ്യായജിഷ്ഠഃ ||**

ദേവയജ്ഞത്തിൻെറ സമയത്തിൻെറ ജ്ഞാതാവും, സ്വാമിയും ആയ അഗ്നേ! നീ സ്തുതികാമൻമാരായ ദേവകളെ പൂജിച്ച് അവരെ പ്രസാദിപ്പിക്കേണമേ. ദേവകളിൽ സർവശ്രേഷ്ഠനായ അഗ്നേ! നീ ദേവപുരോഹിതൻമാരോടുകൂടി പൂജിച്ചാലും.

**2. വേഷി ഹോത്രമുത പോത്രം ജനാനാം മന്ധാതാസി**
**ദ്രവിണോദാ ഋതാവ |**
**സ്വാഹാ വയ കൃണവാമാ ഹവീംഷി ദേവോ**
**ദേവാനയജത്വഗ്നിരർഹൻ ||**

ഹേ അഗ്നേ! നീ സത്യസ്വരൂപനും, സത്യപ്രതിജ്ഞനുമാണ്. നീ ഹോതാക്കൾക്കും പോതാക്കൾക്കും, വിദ്വാൻമാർക്കും ഐശ്വര്യം നൽകുന്നവനാണല്ലോ. തേജസ്വിയും പ്രവൃദ്ധനുമായ നീ ദേവകൾക്ക് ഹവിസ്സു പ്രദാനം ചെയ്തുകൊ് അവരെ പൂജിച്ചാലും.

**3. ആ ദേവാനാമപി പന്ഥാമഗൻമ യച്ഛക്രനവാമ തദനു**
**പ്രവോള്ഹും |**
**അഗ്നിർവിദ്വാൻത്സ യജാത്സേദു ഹോതാ സോ**
**അധ്വാരൻത്സ ഋതുൻക ല്പയാതി ||**

നമുക്ക് ദേവകളുടെ മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കാം. നമ്മുടെ എല്ലാ കർമ്മങ്ങളും ശരിയായവിധം പൂർണ്ണമാകണേ. യജ്ഞനിർവാഹകനായ അഗ്നി യജ്ഞങ്ങളുടെ സമയം നിശ്ചയിച്ചുകൊ് ദേവകളെ വിധിപ്രകാരം പൂജിക്കണേ.

**4. യദ്വോ വയം പ്രമിനാമ വ്രതാനി വിദുഷാം ദേവാ അവിദൂഷ്ടരാസഃ |**
**അഗ്നിഷ്ഠദ്വിശ്വമാ പൃണാതി വിദ്വാന്യേഭിർദേവാം ഋതുഭിഃ കല്പയാതി ||**

ഹേ ദേവഗണമേ! ജ്ഞാനശൂന്യരായ ഞങ്ങൾ നിങ്ങളുടെ കർമ്മങ്ങളെ അറിഞ്ഞിരുന്നിട്ടും ഇപ്പോൾ ഉപേക്ഷിച്ചിരിക്കുന്നു. അതിനാൽ യജ്ഞത്തിനു യോഗ്യമായ സമയത്ത് ഞങ്ങൾ അഗ്നിയെ യോജിപ്പിക്കുന്നു. എല്ലാം ദാനം ചെയ്യുന്ന ആ അഗ്നിദേവൻ ഞങ്ങളുടെ എല്ലാ ശ്രേഷ്ഠകർമ്മങ്ങളേയും പൂർണ്ണമാക്കണേ.

**5. യത്പാകത്രാ മനസാ ദീനദക്ഷാ ന യജ്ഞസ്യ മന്വതേ മർത്യാസഃ |**
**അഗ്നിഷ്ഠദ്ധോതാ ക്രതുവിദ്വിജാനന്യജിഷ്ഠോ ദേവാം ഋതുശോ യജാതി ||**

മനുഷ്യരായ ഞങ്ങളുടെ യജ്ഞജ്ഞാന ശൂനമായ മനസ്സുകൾ ഞങ്ങളെ ബലഹീനരാക്കുന്നു. ഞങ്ങൾക്കറിഞ്ഞുകൂടാത്തതായ കർമ്മങ്ങളെ അഗ്നി അറിയുന്നു. അതിനാൽ യജ്ഞസമ്പാദകനായ അഗ്നി ഞങ്ങൾക്കുവേി ദേവകളുടെ യജ്ഞം നടത്തുന്നവനാകണേ.

**6. വിശ്വേഷാം ഹ്യധ്വാരാണാമനീകം ചിത്രം കേതും ജനിതാ ത്വാ ജജാന |**
**സ ആ യജസ്വ നൃവതീരനു ക്ഷാ സ്പാർഹാ ഇഷഃ ക്ഷുമതീർവിശ്വജന്യാഃ ||**

ഹേ അഗ്നേ! നീ ബ്രഹ്മാവിൽ നിന്നും യജ്ഞത്തിന്റെ ധ്വജരൂപത്തിൽ ജനിച്ചു. നീ എനിക്ക് ദാസൻമാരേയും, ഭൂമിയും, ഐശ്വര്യവും പ്രദാനം ചെയ്യുകയും സ്തുതികളോടുകൂടിയ ശ്രേഷ്ഠമായ ഹവിരാന്നത്തെ ദേവകൾക്കു പ്രദാനം ചെയ്യുകയും ചെയ്യണമേ.

**7. യം ത്വാ ദ്യാവാ പൃഥിവീ യ ത്വാപസ്ത്വഷ്ടാ വം ത്വാ സുമനിമാ ജജാന |**
**പന്ഥാമനു പ്രവിദ്വാൻപിതൃയാണം ദ്യുമദഗ്നേ സമിധാനോ വി ഭാഹി ||**

ഹേ അഗ്നേ! നീ ത്രിലോകങ്ങളിലും പ്രകടമാകുന്നു. പ്രജാപതി നിനക്കു ജൻമമരുളി നീ ദർഭകളിൽകൂടി വളരുകയും പിതൃയാന മാർഗത്തെ അറിയുകയും ചെയ്യുന്നു. നീ സ്വന്തം തേജസ്സാൽ സുശോഭിതനായിരിക്കുന്നു.

## സൂക്തം 3

**ഋഷി ത്രിതൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. ഇനോ രാജന്നരതിഃ സമിദ്ധോ രൗദ്രോ ദക്ഷായ സുഷുമാം അദർശി |**
**ചികിദ്വി ഭാതി ഭാഷാ ബൃഷതാ സിക്നീമേതി രുശതീമപാജൻ ||**

ഹേ സർവ്വേശ്വരനായ അഗ്നേ! നീ ഹവിസ്സുകളെ ദേവകളിലെത്തിക്കുന്നു, യജമാനൻമാർക്ക് ദനം വർദ്ധിപ്പിക്കുന്നവനായ നീ ഇരുട്ടിനെ പ്രകാശിപ്പിച്ച് എല്ലാവർക്കും ദർശനീയനാകുന്നു. നിന്റെ ഈ തേജസ്സാൽ അന്ധകാരത്തെ അകറ്റി വിവേകവാനും സർവജ്ഞാനിയും ആക്കുന്നു.

**2. കൃഷ്ണാം യദേനീമഭി വർഷസാ ഭൂജ്ജനയന്യോഷാം ബൃഹതഃ പിതുർജാം |**
**ഊർധ്വഭാനും സൂര്യസ്യ സ്തഭായന്ദിവോ വസുഭിരരതർവിഭാതി ||**

ഈ അഗ്നി പിതാവായ സൂര്യനിൽ നിന്നും ജനിച്ച് ഉഷസ്സുകളെ വളർത്തി തന്റെ തേജസ്സാൽ രാത്രിയെ അമർത്തുന്നു. ആകാശത്തെ താങ്ങി നിർത്തുന്ന തന്റെ തേജസ്സാൽ ഈ അഗ്നി സൂര്യനെ പ്രകാശിതനാക്കി പ്രതിഷ്ഠിക്കുന്നു.

**3. ഭദ്രോഭദ്രയാ സചമാന ആഗാത്സ്വസാരം ജാരോ അഭ്യേതി പശ്ചാത് |**
**സുപ്രകേതൈർദ്യുഭിരഗ്നിർവിതിഷ്ഠന്നുശദ്ഭിർ വർണ്ണൈ രഭി രാമമസ്ഥാത് ||**

ഉഷസ്സുകളാൽ സേവനീയനും മംഗളരൂപനുമായ ഈ അഗ്നി തന്റെ സഹോദരിയായ ഉഷസ്സിന്റെ സമീപത്തേക്കു ചെല്ലുകയും ഉജ്ജ്വലമായ തന്റെ തേജസ്സാൽ രാത്രിയുടെ കറുത്ത അന്ധകാരത്തെ നശിപ്പിക്കുകയും ചെയ്യുന്നു. ഈ ശത്രുനാശകനായ അഗ്നി തന്റെ ശ്രേഷ്ഠമായ ജ്ഞാനം, ഉജ്ജ്വലമായ വർണ്ണം, സ്വർണ്ണംപോലെ തിളങ്ങുന്ന തേജസ്സ് എന്നിവകളാൽ പ്രതിഷ്ഠിക്കപ്പെടുന്നു.

**4. അസ്യ യാമാസോ ബൃഹതോ ന വഗ്നൂനിന്ധാനാ അഗ്നേഃ സഖ്യുഃ ശിവസ്യ |**
**ഈഡ്യസ്യ വൃഷ്ണോ ബൃഹതഃ സ്വാസോ ഭാമാസോ യാമന്നക്തവശ്ചികിത്രേ ||**

അഗ്നിയുടെ കത്തിജ്വലിക്കുന്ന രശ്മികൾ സ്തോതാക്കൾക്കു ബാധകമാകുന്നില്ല. ഈ അഗ്നി സ്തുതികൾക്കു പാത്രവും സുഖകാരിണിയും മംഗളമയിയും സുന്ദരരശ്മികളാൽ ദർശനയോഗ്യനും, അന്ധകാരത്തെ നശിപ്പിക്കുന്നവനും ആകുന്നു. കാമവർഷകനായ ഈ അഗ്നിതിക്ഷ്ണമായ തേജസ്സോടുകൂടിയവനും ദേവകളെ തൃപ്തിപ്പെടുത്തുന്ന രൂപത്തിൽ വിഖ്യാതനുമാകുന്നു.

**5. സ്വനാ ന യസ്യ ഭാമാസഃപവ ന്തേ രോചമാനസ്യ ബൃഹതഃ സുദിവഃ |**
**ജ്യേഷ്ഠേഭിര്യസ്തേജിഷ്ഠഃ ക്രീലമദ്ഭിർവഷിഷ്ഠേ ഭിർഭർനക്ഷതി ദ്യാം ||**

സുന്ദരമായ ദീപ്തിയോടുകൂടിയവരും ശബ്ദത്തോടുകൂടിയവയും ആയ ഈ രശ്മികൾ ശബ്ദിച്ചുകൊതന്നേ ഉയരുന്നു. ഈ അഗ്നി വളരെ വിശാലകായനും, മഹാതേജസ്വിയും പ്രവൃദ്ധനും, ക്രീഡാമയനും ആകുന്നു. ആകാശ തേജസ്സാൽ വെട്ടിത്തിളങ്ങുന്നു.

**6. അസ്യശുഷ്മാസോ ദദൃശാന പവേർജേഹമാനസ്യ വസ്നയസിയുദ്ഭിഃ |**
**പ്രസ്നേഭിര്യോ രുശദ്ഭിർദൈവതമോവി രേഭദ്ഭിരരതിർഭാതി വിഭ്വാ ||**

ഈ പ്രകാശമാനങ്ങളായ ജ്വാലകളോടുകൂടിയ അഗ്നി ദേവകളിലേക്കു ചെല്ലുന്നു. വായുവിനോടു ചേർന്നുള്ള അഗ്നിയുടെ ശോഷകങ്ങളായ ജ്വാലകൾ ശബ്ദിക്കുന്നു. ഗമനശീലനും, വ്യാപകനും, പുരാതനനും ഉജ്ജ്വലവർണ്ണനും ദേവകളിൽ പ്രമുഖനുമായ ഈ അഗ്നി സ്വന്തം തേജസ്സോടുകൂടി തന്നെ പ്രകാശിക്കുന്നു.

**7. സ ആ വക്ഷി മഹി ന ആ ച സത്സി ദിവസ്പൃഥി വ്യോ രരതിർയുവത്യോഃ |**
**അഗ്നിഃ സുതുകഃ സുതുകേഭിരശ്വൈ രഭസ്വദ്ഭി രഭസ്വാം ഏഹ ഗമ്യാഃ ||**

ഹേ അഗ്നേ! മഹാൻമാരായ ദേവൻമാരേ ഞങ്ങളുടെ യജ്ഞത്തിൽ കൊവരേണമേ. അതുപോലെ നീയും എഴുന്നള്ളണമേ. നീ വാനൂഴികളുടെ ഇടയിൽ സൂര്യരൂപത്തിൽ പ്രകാശിക്കുന്നു. ഹേ അഗ്നേ! സ്തോത്രങ്ങൾ എളുപ്പത്തിൽ അങ്ങയെ പ്രാപിക്കുന്നു. വേഗവാനായ നീ ശബ്ദിക്കുന്നവനാണല്ലോ. നീ അശ്വങ്ങൾ സഹിതം ഞങ്ങളുടെ ഈ യജ്ഞത്തിൽ എഴുന്നള്ളേണമേ.

## സൂക്തം 4

**ഋഷി ത്രിതൻ, ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. പ്ര തേ യക്ഷി പ്ര തഇയർമി മൻമ ഭുവോയഥാ വന്ദ്യോ നോ ഹവേഷു |**
**ധന്വന്നിവ പ്രപാ അസി ത്വമഗ്ന ഇയക്ഷവേ പൂരവേ പ്രത്ന രാജൻ ||**

ഹേ അഗ്നേ! ഞാൻ സുന്ദരമായ സ്തോത്രങ്ങളാൽ സ്തുതിച്ചുകൊ് നിനക്ക് ഹവിസ്സ് സമർപ്പിക്കുന്നു. ഹേ സംപൂജ്യനായ അഗ്നേ! ദേവകളെ വിളിക്കുന്ന ഞങ്ങളുടെ എല്ലാ വിളികളിലും നീ വന്നു ചേരുന്നു. നീ അഖിലേശ്വരനും, പ്രാചീനനുമാകുന്നു. യജ്ഞകാമൻമാരെ നീ ധനദാനം വഴിയായി സുഖിപ്പിക്കുന്നു. ഹേ ഐശ്വര്യദാതാവായ അഗ്നേ ഞാൻ സ്തുതികളോടുകൂടി നിനക്ക് ഹവിസ്സ് നൽകുന്നു.

**2. യൻ ത്വാ ജനാസോ അഭി സഞ്ചരന്തി ഗാവ ഉഷ്ണമിവ വ്രജം യവിഷ്ഠ |**
**ദൂതോ ദേവാനാമസി മർത്യാനാമന്തർമഹാംശ്ചരസി രോചനേന ||**

ഹേ അഗ്നേ! നീ ദേവകളുടെയും മനുഷ്യരുടെയും ദൂതനാകുന്നു. നീ ആകാശത്തിന്റെയും ഭൂമിയുടെയും മധ്യേ ഹവനം ചെയ്തുകൊ് അന്തരീക്ഷത്തിലേയ്ക്കുയരുന്നു. ഗോക്കൾ തൊഴുത്തിലേയ്ക്ക് പ്രവേശിക്കുന്നതുപോലെ യജമാനൻ നിന്റെ ആശ്രയത്തിലേയ്ക്കുവരുന്നു.

**3. ശിശും ന ത്വാ ജേന്യം വധയന്തീ മാതാ ബിഭർതി സചനസ്യമാനാ |**
**ധനോരധി പ്രവതാ യാസി ഹര്യഞ്ജിഗീഷസേ പശുരിവാവസൃഷ്ടഃ ||**

ഹേ അഗ്നേ! മാതാവായ ഭൂമി വിജയിയായ പുത്രനേപ്പോലെ വളർത്തി നിന്നോടുചേരുവാനാഗ്രഹിക്കുന്നു. നീ അന്തരീക്ഷത്തിലെ വിശാലമായ മാർഗ്ഗങ്ങളിൽക്കൂടി യജ്ഞത്തിൽ ആഗതനാകുന്നു. തൊഴുത്തിലേയ്ക്കുപോകുന്ന ഗോവിനേപ്പോലെ നീ യാജ്ഞികൻമാരുടെ ഹവിസ്സിനെ സ്വീകരിച്ച് ദേവകളുടെ അരികത്തേയ്ക്കുപോകുവാനിച്ഛിക്കുന്നു. എന്തുകൊന്നൊൽ നീ യജ്ഞാദിശുഭകർമ്മങ്ങളുടെ അഭിലാഷിയാകുന്നു.

**4. മൂരാ അമൂരാ ന വയം ചികിത്വോ മഹിത്വമഗ്നേ ത്വമങ്ഗ വിത്സേ |**
**ശയേ വവ്രിശ്ചരതി ജിഹ്വയാദന്നേരിഹ്യതേ യുവിതം വിശ്പതിഃ സൻ ||**

ഹേ അഗ്നേ! ബുദ്ധിഹീനരായ ഞങ്ങൾ നിന്റെ മഹിമയെ അറിയുന്നില്ല. ഹേ ജ്ഞാനിയും ചൈതന്യരൂപനും ആയവനേ! നീ മാത്രമാണ് നിന്റെ വിശിഷ്ടമായ മഹിമയുടെ ജ്ഞാതാവ്. വനസ്പതികളുടെ നികടസ്ഥനായ നീ നിന്റെ നാക്കുകൾകൊ് തന്നെ അവയെ തിന്നുതീർക്കുന്നു. നീ തന്നെ പ്രജകളുടെ നായകനായി ആഹുതികളെ സേവിക്കുന്നു.

**5. കൂചിജ്ജായതേ സനയാസൂനവ്യോ വനേ തസ്ഥൗ പലിതോ ധൂമകേതുഃ |**
**അസ്നാതാപോ വൃഷഭോ ന പ്ര വേതി സചേതസോ യം പ്രണയന്തേ മർതാഃ ||**

നവോല്പന്നനായ അഗ്നി ഉണക്കമരത്തിൽക്കൂടി പ്രകടമാകുന്നു. ധൂമധ്വജരൂപനും ഉജ്ജ്വലനും പാലകനും ആയ ഈ അഗ്നിവനങ്ങളിൽ വസിക്കുന്നു. ഇവൻ സ്നാനം ചെയ്യാതെ തന്നെ പവിത്രനാകുന്നു. ദാഹിക്കുന്ന വൃഷഭം ജലാശയത്തിലേയ്ക്കു കുതിച്ചുപായുന്നതുപോലെ ഇവൻ വനത്തിലേയ്ക്കുപോകുന്നു. ഈ അഗ്നിയെ തന്നെ കർമ്മവാൻമാരായ എല്ലാ മനുഷ്യരും തുല്യമനസ്കരായി പ്രോജ്ജ്വലിപ്പിക്കുന്നു.

**6. തനൂത്യജേവ തസ്കാരനാ വനർഗു രശനാഭി ർദശഭിരഭ്യധീതാം |**
**ഇയ ന്തേ അഗ്നേ നവ്യസീ മനീഷാ യുക്ഷ്വാ രഥം ന ശുചയദ്ഭിരങ്ഗൈഃ ||**

വനത്തിൽ സഞ്ചരിക്കുന്ന രു കവർച്ചക്കാർ ഏതെങ്കിലും യാത്രക്കാരനെ കയറുകൊ് വരിഞ്ഞുറുക്കി വലിച്ചിഴക്കുന്നതുപോലെ പത്തുവിരലുകളോടുകൂടിയ ഞങ്ങളുടെ ഇരുകരങ്ങളും സമിധകൾ വഴിയായി അഗ്നിയെ മഥിക്കുന്നു. ഹേ അഗ്നേ! അഭിനവങ്ങളായ സ്തോത്രങ്ങളാൽ ഞ ാനങ്ങയെ സ്തുതിക്കുന്നു. രഥത്തിൽ കുതിരകളെ പൂട്ടുന്നതുപോലെ നീ ഞങ്ങളുടെ സ്തോത്രങ്ങളെ അറിഞ്ഞ് സ്വന്തം തേജസിനെ ഞങ്ങളുടെ യജ്ഞത്തിൽ പൂട്ടിയാലും.

**7. ബ്രഹ്മം ചതേ ജീതവേദോ നമസ്തേയം ച ഗീഃ സദമിദ്വർനീ ഭ്രതു |**
**രക്ഷാണോ അഗ്നേ തനയാനി തോകാ രക്ഷോത നസ്തന്വോ അപ്രയുഛൻ ||**

ഹേ അഗ്നേ! ഞങ്ങളുടെ ഹവിസ്സുകളും നമസ്കാരയുക്തമായ സ്തുതികളും നിന്നെ വളർത്തുകയും സ്വയം വളരുകയും ചെ യ്യണേ. നീ ഞങ്ങളുടെ ശരീരങ്ങളുടെ ശ്രദ്ധാപൂർവ്വമുള്ള രക്ഷകനാകണമേ. ഹേ അഗ്നേ! ഞങ്ങളുടെ പുത്രപൗത്രാദികളായ എല്ലാ ജനങ്ങളേയും രക്ഷിക്കേണമേ.

## സൂക്തം 5

**ഋഷി ത്രിതൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. ഏകഃ സമുദ്രോ ധരുണോ രയീണാമസ്മദ്ധൃദോ ഭൂരിജൻമാവി ചഷ്ടേ |**
**സിഷക്തയൂധർനിണ്യോരുപസ്ഥ ഉത്സസ്യ മധ്യേ നിഹിതം പദം വേഃ ||**

ഈ അഗ്നി സമുദ്രം പോലെ വിശാലനും, ആശ്രയദാതാവും, ധനത്തെ വഹിക്കുന്നവനും ആകുന്നു. വിവിധരൂപങ്ങളിൽ ഉത്ഭവിക്കുന്ന ഈ അഗ്നി വിഭിന്നരൂപങ്ങളോടുകൂടിയവനാകുന്നു. ഇദ്ദേഹം നമ്മുടെ ഹൃദയത്തിന്റെ അഭിലാഷങ്ങളെ അറിയുന്നവനും, അന്തരീക്ഷത്തിൽ നിന്നും മേഘങ്ങളെ വർഷിപ്പിക്കുകയും ചെയ്യുന്നു.

ഇവനു തുല്യത വഹിക്കുവാൻ ആർക്കും സാധ്യമല്ല. ഹേ അഗ്നേ! മേഘസ്ഥിതമായ വിദ്യുത്രൂപത്തിൽ നീ വന്നാലും.

**2. സമാനം നീളം വൃഷണോ വസാനാഃ സഞ്ജിഗ്മിരേ മഹിഷാ അർവതീഭിഃ |**

**ഋതസ്യപദം കവയോ നി പാന്തി ഗുഹാ നാമാനി ദധിരേ പരാണി ||**

ആഹുതികൾ നൽകുന്ന യജമാനൻ അഗ്നിക്കുവേി സ്തോത്രങ്ങളുച്ചരിച്ചുകൊ് പെൺകുതിരകളെ സമ്പാദിക്കുന്നു. ഈ അഗ്നി ജലത്തിന്റെ ആശ്രയരൂപമാകുന്നു. ജ്ഞാനികൾ ഈ അഗ്നിയെ സേവിച്ചുകൊും, ഇവന്റെ പ്രമുഖനാമങ്ങളുച്ചരിച്ചുകൊും സ്തുതിക്കുന്നു.

**3. ഋതായിനീ മായിനീസം ദധാതേ മിത്വാ ശിശും ജജ്ഞതുവർധയന്തീ |**

**വിശ്വസ്യ നാഭി ചരതോ ധ്രുവസ്യ കവേശ്ചിത്തന്തും മനസാ നിയന്തഃ ||**

മാതാപിതാക്കൾ കാലാകാലങ്ങളിൽ സന്താനങ്ങളെ ഉൽപ്പാദിപ്പിക്കുന്നതുപോലെ സത്യസ്വരൂപിണികളായ വാനൂഴികൾ ഈ അഗ്നിയെ പ്രകടമാക്കുന്നു. ഈ അഗ്നിതന്നെ ആകാശത്തേയും ഭൂമിയേയും പാലിക്കുന്നു. എല്ലാ സ്ഥാവരജംഗമ പ്രാണികളുടെ നാഭീരൂപനായ അഗ്നിയെ വളർത്തുന്ന വൈശ്വാനരാഗ്നിയെ നാമെല്ലാം ഉപാസിക്കുന്നു.

**4. ഋതസ്യഹി വർതനയഃ സുജാതമിഷോ വാജായ പ്രദിവഃ സചന്തേ |**

**അധീവാസം രോദസീ വാവമാന്നേ ഘൃതൈരന്നൈർ വാവൃധാതേ മധൂനാം ||**

എല്ലാലോകങ്ങളേയും പരിപാലിക്കുന്ന വാനൂഴികൾ അഗ്നി, വിദ്യുത്, സൂര്യൻ എന്നീ രൂപങ്ങളോടുകൂടി മൂവുലകിലും വിരാജിക്കുന്ന അഗ്നിയെ ഘൃതം, മധു, പുരോഡാശം എന്നിവകളാൽ വളർത്തി, അനുഗ്രഹങ്ങൾ ആശിക്കുന്നവനും, യജ്ഞസമ്പാദകനും ആയ യജമാനൻ ബലപ്രാപ്തിക്കുവേി പ്രകടമായ അഗ്നി ദേവകളെ പരിചരിക്കുന്നു.

**5. സപ്തസ്വസൃരരുഷീർവാവശാനോ വിദ്വാൻമധ്വ ഉജ്ജഭാരാ ദൃശേ കം |**

**അന്തർയേമേ അന്തരിക്ഷേ പുരാജാ ഇച്ഛന്വവ്രിമ വിദത്പൂഷണസ്യ ||**

അഗ്നി സർവ്വജ്ഞാനിയും സ്തുത്യനും ആകുന്നു. ഇവൻ ഭഗനീരൂപിണികളായ തന്റെ സപ്തജ്വാലകളെ, യജ്ഞം വഴിയായി എല്ലാവസ്തുക്കളെയും ദർശിക്കുന്നതിനായി വളർത്തി. ഈ ജ്വാലകളെ പ്രാചീനനായ അഗ്നി ആകാശത്തിന്റെയും മധ്യേപ്രതിഷ്ഠിച്ചു; യജമാനൻ ഈ അഗ്നിയെ എപ്പോഴും ഇഷ്ടപ്പെട്ടിരുന്നു. വർഷരൂപമായ ധനം നൽകിയത് ഈ അഗ്നിയാകുന്നു.

**6. സപ്തമർയാദാഃ**

**കവയസ്തതക്ഷുസ്താസാമേകാമിദഭ്യം ഹുരോ ഗാത്**

**അയോർ ഹസ്കമ്ഭ ഉപമസ്യ നീളേ പഥാം വിസർഗേ ധരുണേഷാതസ്ഥൗ ||**

ജ്ഞാനികൾ ഏഴുജഘന്യങ്ങളായ പാപങ്ങളെ പറഞ്ഞിരിക്കുന്നു. (മദ്യപാനം, ചൂതുകളി, സ്ത്രീസേവ, നായാട്ട്, ദണ്ഡം, പാരുഷ്യം, പരദൂഷണം) ഈ ഏഴുകർമ്മങ്ങളിൽ ഏതെങ്കിലും ഒന്നുചെയ്താൽ പോലും അവൻ പാപിയായി കരുതപ്പെടുന്നു. ഈ എല്ലാപാപങ്ങളിൽനിന്നും അഗ്നിക്കുമാത്രമേ രക്ഷിക്കുവാൻ സാധിക്കൂ. അഗ്നി സൂര്യരശ്മികളിലും ജലത്തിലും മനുഷ്യഭവനങ്ങളിലും വസിക്കുന്നു.

**7. അസച്ച സച്ചപരമേ വ്യോമൻദക്ഷസ്യ ജൻമന്നദിതേ രുപസ്ഥേ |**

**അഗ്നിർഷ നഃ പ്രഥമജാ ഋതസ്യ പൂർവ ആയുനി വൃഷഭശ്ച ധേനുഃ ||**

സൃഷ്ടിയ്ക്കുമുമ്പ് ഈ അഗ്നി അവ്യക്തനായിരുന്നു. ഇപ്പോൾ സൃഷ്ടിരചനയ്ക്കുശേഷം വ്യക്തനായിരിക്കുന്നു. അതിനാൽ അവൻ നമ്മേക്കാൾ പൂർവ്വജൻമഭുവാകുന്നു. അവൻ പരമധാമത്തിന്റെ ആശ്രിതനും, സൂര്യമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നവനും, യജ്ഞവേദിയിൽ നേരത്തേ സ്ഥാനം പിടിക്കുന്നവനും ആകുന്നു. അവൻ സ്വയം വൃഷഭവും സ്വയം ധേനുവും ആകുന്നു. അതായത് അവന് യാതൊരുലിംഗഭേദവുമില്ല.

# അദ്ധ്യായം 6

# സൂക്തം 6

**ഋഷി ത്രിതൻ ദേവത അഗ്നി, ഛന്ദസ് ത്രിഷ്ടുപ്, പംക്തി**

**1. അയം സ യസ്യ ശർമന്നവോഭിരഗ്നേരേധതേ ജരിതാഭിഷ്ടൗ |**

**ജ്യേഷ്ഠേഭിർയോ ഭാനുഭിർഋഷൂണാം പര്യേതി പരിവീതോ വിഭാവാ ||**

ആരുടെ രക്ഷകളാൽ യജ്ഞാവസരങ്ങളിൽ സ്തോതാക്കൾ രക്ഷിതരാകുന്നുവോ, യാതൊരുത്തൻ സൂര്യരശ്മികളുടെ രൂപത്തിൽ മഹത്തായ തേജസ്സുകളോടുകൂടി എങ്ങും ചരിക്കുന്നുവോ, അത് ആ അഗ്നി തന്നെയാകുന്നു.

**2. യോ ഭാനുഭിർവിഭാവാ വിഭാത്യഗ്നിർദേവേഭിർ ഋതാവജസ്രഃ |**

**ആയോ വിവായ സഖ്യം സഖിഭ്യോപരിഹ്വൃതോ അത്യോ ന സപ്തിഃ ||**

ഈ സത്യസമ്പന്നനായ അഗ്നിയെ ഹിംസിക്കുവാൻ ആർക്കും സാധ്യമല്ല. എന്തുകൊന്നൊൽ ഈ അഗ്നിദേവകളുടെ തേജസ്സാൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു. ഇവൻ തന്റെ സഖാവായ യജമാനന്റെ ഹിതം നിറവേറുന്നതിനായി അശ്വാരൂഢനായി വന്നുചേരുന്നു.

**3. ഈശേ യോ വിശ്വസ്യാ ദേവവീതേരീശേ വിശ്വായുരുഷസോ വ്യുഷ്ഠൗ |**

**ആ യസ്മിൻമനാ ഹവീംഷ്യഗ്നാവരിഷ്ടരഥഃ സ്കഭ്നാതി ശൂഷൈഃ ||**

എങ്ങും സഞ്ചരിക്കുന്നവനായ അഗ്നി യജ്ഞത്തിന്റെ ഈശ്വരനുമാകുന്നു. ഉഷസ്സിന്റെ ഉത്മവത്തോടുകൂടി ഇവൻ യജമാനൻമാരുടെ സ്വാമിയായിത്തീരുന്നു. ഇവന്റെ ഇഷ്ടാനുസരണം യജമാനൻ അഗ്നിയിൽ ഹവിസ്സ് ഒഴിക്കുന്നു. അതിനാൽ ശത്രുക്കളുടെ ബലത്തിന് ആ യജമാനൻമാരെ ഹിംസിക്കുവാൻ സാധ്യമല്ല.

**4. ശൂഷേർവൃധോ ജൂഷാണോ അർകൈർദേവാം അച്ഛ. രഘുപത്വാ ജിഗാതി |**

**മന്ദ്രോ ഹോതാ സജൂഹ്വാ യജിഷ്ഠഃ സമ്മിശ്ലോ അഗ്നിരാ**

**ജിഘർതി ദേവാൻ ||**

സ്തുതികളാൽ സ്തുതിക്കപ്പെടുന്നവനും, സ്വന്തം ബലത്താൽ വളരുന്നവനും ആയ അഗ്നി അതിവേഗം ദേവകളുടെ അടുക്കലേക്കുപോകുന്നു. ഈ അഗ്നി ദേവകളെ വിളിക്കുന്നവനും, സ്തുതിക്കപ്പെടുന്നവനും ദേവകളാൽ നിയുക്തനും ആകുന്നു.

**5. തമുസ്രാമിന്ദ്രം ന രേജമാനമഗ്നിം ഗീർഭിർ നമോഭിരാ കൃണുധ്വം |**
**ആ യം വിപ്രാസോ മതിഭിർഗൃണന്തി ജാതവേദസം ജൂഹ്വം സഹാനാം ||**

ഹേ ഋത്വിജൻമാരേ! എല്ലാ ഭോഗ്യവസ്തുക്കളും പ്രദാനം ചെയ്യുന്ന അഗ്നിയെ ഇന്ദ്രനെ സ്തുതിക്കുന്നതുപോലെ സ്തുതിക്കുകയും ഞങ്ങളുടെ മുമ്പിൽ പ്രകടമാക്കുകയും ചെയ്യുവിൻ. അവനു ഹവിസ്സ് നൽകുകയും ചെയ്യുവിൻ അവൻ ദേവകളെ ആഹ്വാനം ചെയ്യുന്നവനും മഹാജ്ഞാനിയും ആകുന്നു. സ്തോതാക്കൾ സ്തുതികളാൽ അവനെ പൂജിക്കുന്നു.

**6. സംയ സ്മിൻമിശാ വസൂനി ജഗ്മൂർവാജേ നാശ്വാഃ സപ്തീവന്ത ഏവൈഃ |**
**അസ്മേ ഊതിരിന്ദ്രവാതതമാ അർവാചീനാ അഗ്ന ആ കൃണുഷ്വ ||**

ഹേ അഗ്നേ! ദ്രുതഗാമിയായ അശ്വം പടക്കളത്തിലേയ്ക്കു പോകുന്നതുപോലെ ലോകത്തിലെ ധനമെല്ലാം നിന്റെ അടുക്കലേയ്ക്കുവരുന്നു. അഗ്നേ! ഇന്ദ്രന്റെ എല്ലാ രക്ഷകളും ഞങ്ങൾക്കു കിട്ടുമാറാക്കണേ.

**7. അധാ ഹ്യഗ്നേ മഹ്നാ നിഷദ്യാ സദ്യോ ജജ്ഞാനോ ഹവ്യോ ബഭൂഥ |**
**തം തേ ദേവാസോ അനു കേതമായന്ന ധാവർധന്ത പ്രഥമാസ ഊമാഃ ||**

ഹേ അഗ്നേ! നീ ജനിച്ചപ്പോൾ തന്നെ മഹാനും, പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ തന്നെ ആഹുതികൾക്കു പാത്രവുമായിത്തീർന്നു. നിന്നെ ദർശിച്ചപ്പോൾ തന്നെ ദേവകൾ നിന്റെ അടുക്കലേക്കു വന്നു. നീ ഉജ്ജ്വലനായപ്പോൾ യജമാനൻമാർ നിനക്കു ഹവിസ്സ് പ്രദാനം ചെയ്തു. ഹേ രക്ഷകനായ അഗ്നേ! നിന്റെ രക്ഷകളാൽ രക്ഷിതരായ ഋത്വിജൻമാർ അഭിവൃദ്ധി പ്രാപിച്ചു.

## സൂക്തം 7

**ഋഷി ത്രിതൻ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. സ്വസ്തി നോ ദിവോ അഗ്നേ പൃഥിവ്യാ വിശ്വയുർധേഹി യജഥായ ദേവ |**
**സചേമഹി തവ ദസ്മ പ്രകേതൈരുരുഷ്യാ ണ ഉരുഭിർദേവ ശംസൈഃ ||**

ഹേ അഗ്നേ! ദിവ്യനായ നീ ദർശനയോഗ്യനും യജ്ഞം നടത്തുന്നവനുമാണല്ലോ. നീ ഞങ്ങൾക്ക് ദിവ്യവും പാർഥിവവുമായ അന്നം പ്രദാനം ചെയ്യുകയും വിഭിന്നങ്ങളും ദൃഢവുമായ രക്ഷകളാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ.

**2. ഇമാ അഗ്നേ മതയസ്തുഭ്യം ജാതാ ഗോഭിരശ്വൈരഭി ഗൃണന്തി രാധഃ |**
**യദാ തേ മർതോ അനു ഭാഗമാനങ്വസോ ദധാനോ മതിഭിഃ സുജാത ||**

ഹേ അഗ്നേ! നീ ഗോക്കളും അശ്വങ്ങളും; ധനവും ഞങ്ങൾക്കു ദാനം ചെയ്തു. അതിനാൽ നീ സ്തുത്യനാകുന്നു, ഞങ്ങൾ ഈ സ്തോത്രം നിനക്കു വേി ആലപിച്ചിരിക്കുന്നു. നീ മനുഷ്യർക്ക് ഉപഭോഗ്യ വസ്തുക്കൾ നൽകുമ്പോൾ നിന്നെ സ്തുതിക്കപ്പെടുന്നു. നീ സ്വന്തം തേജസ്സാൽ വിശ്വത്തെ വിസ്തീർണ്ണപ്പെടുത്തുകയും സുന്ദരമായ കർമ്മങ്ങളെ വളർത്തുന്നതിനു വേി പ്രത്യക്ഷനായി ഞങ്ങൾക്ക് ധനം പ്രദാനം ചെയ്യുകയും ചെയ്യേണമേ.

**3. അഗ്നി മന്യേ പിതരമഗ്നിമാപിമഗ്നിം ഭ്രാതരം സദമിത്സഖായം |**
**അഗ്നേരനീകം ബൃഹതഃ സപര്യ ദിവി ശുക്രം യജതഃ സൂര്യസ്യ ||**

ആകാശത്തിൽ വിരാജിക്കുന്ന പൂജനീയനും, പ്രകാശിതനും ആയ സൂര്യനെ കാമിക്കുന്നതുപോലെ ഞാൻ ആ അഗ്നിയെ സ്വന്തം പിതാവും മാതാവും മിത്രവും ആയിക്കരുതി അവന്റെ മുഖത്തെ സേവിക്കുന്നു.

**4. സിധ്രാ അഗ്നേ ധിയോ അസ്മേ സനുത്രീര്യം ത്രായസേ ദമ ആ നിത്യഹോതാ |**
**ഋതാവാ സ രോഹിദശ്വഃ പുരുക്ഷുദ്യുർഭിരസ്മാ അഹഭിർവാമമസ്തു ||**

ഹേ അഗ്നേ! നീ നിത്യനായ ഹോതാവും, ദേവകളുടെ ആഹ്വാനകർത്താവും ആണല്ലോ. അതിനാൽ ഈ സ്തോത്രം നിനക്കായി രചിക്കുന്നു. നീ യാതൊരു സേവകനെ പാലിക്കുന്നുവോ, ഞാനാകുന്ന അവൻ നിന്റെ സമ്പർക്കത്തിൽ വസിച്ചുകൊ് യജ്ഞകർമ്മിയായിത്തീരും. നിനക്ക് ഹവിസ്സ് പ്രാപ്തമാകണേ. അതിനാൽ നീ വഴിയായി എനിയ്ക്ക് അശ്വാദികളായ ധനം കിട്ടുമാറാകണേ.

**5. ദ്യുമിർഹിതം മിത്രമിവ പ്രയോഗം പ്രത്നമൃത്വിജമധ്വരസ്യ ജാരം |**
**ബാഹുഭ്യാമഗ്നിമായവോജനന്തവിക്ഷുഹോതാരം ന്യസാദയന്ത ||**

ദേവകളെ ആഹ്വാനം ചെയ്യുന്നതിനുവേി മനുഷ്യർ അഗ്നിയെ പ്രദീപ്തമാക്കി. മിത്രത്തെപ്പോലെ കൂട്ടിനുയോഗ്യനായ അഗ്നി യജമാനൻമാരുടെ ഭുജങ്ങൾ വഴിയായി ഉത്ഭവിക്കുകയും ചെയ്തു.

**6. സ്വയം യജസ്വ ദിവി ദേവ ദേവാൻകി തേ പാകഃ കൃണവദപ്രചേതാഃ |**
**യഥായജ ഋതുഭിർദേവ ദേവാനേവാ യജസ്വ തന്വം സുജാത ||**

ഹേ അഗ്നേ! നീ ദിവ്യനാണല്ലോ, അതിനാൽ ദിവ്യലോകവാസികളായ ദേവകൾക്കു വേി യജ്ഞം നടത്തിയാലും. യാതൊരു മനുഷ്യനു നിന്റെ മഹിമയെ അറിയുവാൻ കഴിയുന്നില്ലയോ അവനെന്തു ചെയ്യുവാൻ കഴിയും? ഹേ സുന്ദരജൻമാവേ! നീ കാലാകാലങ്ങളിൽ യജ്ഞം നടത്തിക്കൊിരിക്കുന്നുവല്ലോ. അതിനാൽ ഇപ്പോഴും നടത്തേണമേ.

**7. ഭവാനോ അഗ്നേവിതോത ഗോപാ ഭവാ വയസ്കൃദുത നോ വയോധാഃ |**
**രാസ്വാ ച നഃ സുമഹോ ഹവ്യദാതിം ത്രാസ്വോത**

**നസ്തന്വോ അപ്രയൂഛൻ ||**

ഹേ അഗ്നേ! നീ പ്രകടവും, അപ്രകടവും ആയ ഭയങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലു നീ ശോഭനനും പൂജനീയനും ആകുന്നു. ഞങ്ങൾക്കുവേി അന്നോല്പാദന കർത്താവും ദാനിയും ആകേണമേ. ഹേ അഗ്നേ! ഞങ്ങളുടെ ശരീരത്തെ രക്ഷിച്ചുകൊ് ഞ ങ്ങളെ അന്നസമ്പന്നനാക്കണമേ.

## സൂക്തം 8

**ഋഷി ത്രിശിരസ്സ് ദേവത അഗ്നി, ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. പ്ര കേതുനാ ബൃഷതാ യാത്യഗ്നിരാ രോദസീ വൃഷഭോ രോരവീതി |**

**ദിവശ്ചിദന്താം ഉപമാം ഉദാനളപാമുപസ്ഥേ മഹിഷോ വിവർധ ||**

ദേവാഹ്വാകകനായ അഗ്നി വൃഷഭത്തേപ്പോലെ ശബ്ദിക്കുന്നു. ജലത്തിന്റെ ആശ്രയസ്ഥാനമായ അന്തരീക്ഷത്തിൽ വസിക്കുന്ന വിദ്യുത്രൂപനായ അഗ്നി തന്റെ മഹിമയാൽ തന്നെ വളരുന്നു. തന്റെ സമീപസ്ഥരെ വളർത്തുന്നവനായ അഗ്നി ധൂപരൂപമായ മഹത്പതാകയും വഹിച്ചുകൊ് ആകാശത്തിലും ഭൂമിയിലും സഞ്ചരിക്കുന്നു.

**2. മുമോദ ഗർഭോ വൃഷഭഃ കകുദ്മാനസ്രേമാ വത്സഃ ശമീവാം അരാവീത് |**

**സദേവതാത്യുദ്യതാനി കൃണ്വൻത്സ്വേഷു ക്ഷയേഷു പ്രഥമോ ജിഗാതി ||**

മഹാതേജസ്വിയും കാമവർഷകനുമായ അഗ്നി ആകാശത്തിന്റേയും ഭൂമിയുടേയും മധ്യേ സുഖമായി വസിക്കുന്നു. ശബ്ദായമാനനായ ഈ അഗ്നി രാത്രിയുടെയും ഉഷസ്സിന്റേയും ഗർഭത്തിൽനിന്നും ജൻമമെടുത്തുകൊ് യജ്ഞങ്ങളിൽ ശ്രേഷ്ഠകർമ്മാവാകുകയും ആഹ്വാനീയാദിസ്ഥാനങ്ങളെ പ്രാപിച്ചുകൊ് ദേവകളിൽ ശ്രേഷ്ഠനായി സഞ്ചരിയ്ക്കുന്നു.

**3. ആ യോ മൂർധാനം പിത്രോരഖ്യാന്യധ്വരേ ദധിരേ സൂരോ അർണഃ |**

**അസ്യ പത്മന്നരുഷീരശ്വബുധ്നാ ഋതസ്യ യോനൗ തന്വോജൂഷന്ത ||**

ആര് സുന്ദരബലവാനായ അഗ്നിയുടെ തേജസ്സിനെ യജ്ഞത്തിൽ വഹിക്കുന്നുവോ ആ അഗ്നി തന്റെ മാതാപിതാക്കളായ ആകാശത്തിന്റെയും ഭൂമിയുടെയും മേൽ തന്റെ രൂപത്തെ വളർത്തുന്നു. ഈ അഗ്നി യജ്ഞസ്ഥാനത്തെ വളർത്തുന്നവനും, ഹവ്യാദികളായ അന്നങ്ങളാൽ സമ്പന്നനും സുന്ദരമായ ജ്യോതിഷ്മാനുമാകുന്നു. ഹേ അഗ്നേ! ജ്ഞാനികൾ നിന്നെ പരിചരിക്കുന്നു.

**4. ഉഷ ഉഷോ ഹി വസോ അഗ്രമേഷി ത്വം യമയോരഭവോ വിഭാവോ |**

**ഋതായ സപ്ത ദധിഷേ പദാനി ജനയൻമിത്രം തന്വേസ്വായൈ ||**

ഹേ അഗ്നേ! നീ പരസ്പരം മേളിയ്ക്കുന്നവനും, ദിനരാത്രങ്ങളുടെ ശോഭയെ വളർത്തുന്നവനും, ഉഷകാലത്തിനുമുമ്പായി ആഗതനാകുന്നവനുമാണല്ലോ. നീ സ്വന്തം തേജസ്സാൽ സൂര്യനെ പ്രകടമാക്കിക്കൊ് സപ്തസന്താനങ്ങളെ പ്രാപിച്ച് യജ്ഞം നടത്തുന്നു.

**5. ഭുവശ്ചക്ഷുർമഹ ഋതസ്യ ഗോപാ ധുവോ വരുണോ യദൃതായ വേഷി |**

**ഭുവോ അപാം നപാജ്ജാതവേദോ ഭുവോ ദൂതോ യസ്യ ഹവ്യം ജുജോഷഃ ||**

ഹേ അഗ്നേ! നീ യജ്ഞരക്ഷകനും, ചക്ഷുരക്ഷകനും, ചക്ഷുസ്സുകൾക്കു തുല്യം ദർശനശക്തിസമ്പന്നനും ആകുന്നു. നീ ആദിത്യനായി യജ്ഞത്തിനുനേരെ ചെല്ലുമ്പോൾ നീ തന്നെ രക്ഷിക്കുന്നു. ഹേ ജലപൗത്രാ! നീ യജമാനന്റെ ഹവിസ്സിനെ സ്വീകരിക്കുമ്പോൾ അവന്റെ ദൂതനായിത്തീരുന്നു.

**6. ഭുവോ യജ്ഞസ്യ രജസശ്ച നേതാ യത്രാ നിയുദ്ഭിഃ സചസേ ശിവാഭിഃ |**

**ദിവി മൂർധാനം ദധിഷേ സ്വർഷാം ജിഹ്വാമഗ്നേ ഹവ്യവാഹം ||**

ഹേ അഗ്നേ! നീ അന്തരീക്ഷത്തിൽ സുഖദായകരായ, അശ്വസമ്പന്നരായവായുക്കളുമായി കൂട്ടുചേരുമ്പോൾ, നീ കർമ്മങ്ങളുടെയും, ജലത്തിന്റേയും നായകനായിത്തീരുന്നു. എല്ലാവർക്കും ഭജനീയനും, ആകാശത്തിൽ ശ്രേഷ്ഠനും ആയ സൂര്യനെ നീ താങ്ങി നിർത്തുന്നു. നിന്റെ ജ്വാലകൾ യജ്ഞത്തിൽ അർപ്പിക്കപ്പെടുന്ന ഹവിസ്സുകളെ വഹിച്ചുകൊുപോകുന്നു.

**7. അസ്യ ത്രിതഃ ക്രതുനാ വവ്രേ അന്തരിച്ഛന്ധീതിം പിതുരേവൈഃ പരസ്യ ||**

**സചസ്യമാനഃ പിത്രോരുപസ്ഥേ ജാമി ബ്രുവാണ ആയുധാനി വേതി ||**

ത്രിതമഹർഷി യജ്ഞസമ്പന്നനായപ്പോൾ യജ്ഞപിതാവിനോട് തന്റെ രക്ഷയെ യാചിച്ചു. അപ്പോൾ ആ ത്രിതമഹർഷി മാതാപിതാക്കളുടെ ശ്രേഷ്ഠങ്ങളായ സ്തുതികളുച്ചരിക്കുകയും, അവരെ പ്രസാദിപ്പിച്ച് യുദ്ധത്തിൽ രക്ഷക്കുള്ള സാധനരൂപമായ അസ്ത്രങ്ങൾ പ്രാപിക്കുകയും ചെയ്തിരുന്നു.

**8. സ പിത്ര്യാണ്യായുധാനി വിദ്വാനിന്ദ്രേഷിത ആപ്ത്യോ അഭ്യയുധ്യത് |**

**ത്രിശീർഷാണാം സപ്തരശ്മിം ജഘന്വാന്ത്വാ ഷ്ടസ്യ ചിന്നിഃ സസൃജേ ത്രിതോ ഗാഃ ||**

ഇന്ദ്രന്റെ പ്രേരണയാൽ ത്രിതമഹർഷി തന്റെ പിതാവിൽനിന്നും ആയുധം സ്വീകരിച്ച് യുദ്ധം ചെയ്തു. അപ്പോൾ അവൻ ഏഴുചരകളോടുകൂടിയ ത്രിശിരസിനെ സംഹരിച്ചു. ത്വഷ്ടാവിന്റെ പുത്രന്റെ ഗോക്കളെ കൊുവരികയും ചെയ്തു.

**9. ഭൂരീഭിന്ദ്ര ഉദിനക്ഷന്തമോജോവാഭിന സത്പതിർമന്യമാനം |**

**ത്വാഷ്ട്രസ്യ ചിദ്വിശ്വരൂപസ്യ ഗോനാമാചക്രാണസ്ത്രീണി ശീർഷാ പരാ വർക് ||**

ഇന്ദ്രൻ സജ്ജനങ്ങളുടെ രക്ഷകനാകുന്നു. അവൻ അത്യന്തം തേജസ്വിയും അഹങ്കാരിയുമായ ത്വഷ്ടാവിന്റെ പുത്രനായ വിശ്വരൂപനെ കീറിപ്പിളർന്നു. അവന്റെ ഗോക്കളെ വിളിച്ചുകൊ് അവന്റെ മൂന്നുശിരസ്സുകളും ഛിന്നഭിന്നമാക്കി.

## സൂക്തം 9

**ഋഷി സിന്ധുദ്വീവനോ ത്രിശിരസ്സോ ദേവത ജലം ഛന്ദസ്**

**ഗായത്രി, അനുഷ്ടുപ്**

**1. അപോ ഹിഷ്ഠാ മയോഭുവ സ്താന ഊർജേ ദധാതന |**
**മഹേരണായ ചക്ഷസേ ||**

ഹേ ജലമേ! സുഖം നൽകുന്നവനായ നീ ഞങ്ങളെ മേധാവികളും അന്നസമ്പന്നരുമാക്കേണമേ.

**2. യോ വഃ ശിവതമോ രാസസ്തസ്യ ഭാജയതേഹ നഃ |**
**ഉശതീരിവ മാതരഃ ||**

ഹേ ജലമേ! മാതാക്കൾ കുഞ്ഞുങ്ങൾക്ക് പാൽ നൽകുന്നതുപോലെ നീ നിന്റെ രസരൂപമായ സുഖം പ്രദാനം ചെയ്യണമേ.

**3. തസ്മാ അരങ്ഗമാമ വോ യസ്യ ക്ഷയായ ജിന്വഥ |**
**ആപോ ജനയഥാ ചനഃ ||**

ഹേ ജലമേ! നിങ്ങൾ ഏതൊരു പാപത്തെ അകറ്റുന്നതിനായി ഞങ്ങളെ പാലിക്കുന്നുവോ, ഞങ്ങൾ പാപത്തെ തന്നെ നശിപ്പിക്കുന്നതിനുള്ള ആഗ്രഹത്തോടുകൂടി നിങ്ങളെ ഞങ്ങളുടെ ശിരസിലൊഴിക്കുന്നു. നിങ്ങൾ ഞങ്ങളുടെ വംശത്തെ വളർത്തിയാലും.

**4. ശന്നോ ദേവീരഭിഷ്ടയ ആപോ ഭവന്തു പീതയേ |**
**ശം യോരഭി സ്രവന്തു നഃ ||**

ദിവ്യഗുണങ്ങളോടുകൂടിയ ജലം പാനയോഗ്യമായി. ഇപ്പോൾ അവ നമ്മുടെ യജ്ഞത്തിൽ കല്യാണസാരികളാകണേ. ഈ ജലം അപ്രകടമായ രോഗങ്ങളെ ഉാകുവാനനുവദിക്കാതിരിക്കുകയും പ്രകടമായ രോഗങ്ങളെ ശാന്തമാക്കുകയും ചെയ്യണേ. സുന്ദരഗുണങ്ങൾ നിറഞ്ഞ ഈ ജലം ആകാശത്തിൽനിന്നും വർഷിക്കുമാറാകണേ.

**5. ഈശാനാവാര്യാണാം ക്ഷയന്തീശ്ചർഷണീനാം |**
**ആപോ യാചാമി ഭേഷജം ||**

ഈ ജലം തന്നെ മനുഷ്യരുടെ ആശ്രയദാതാവും, കാമ്യവസ്തുക്കളുടെ ഈശ്വരനുമാകുന്നു. ജലത്തോട് ഔഷധികളെ ഗുണവതികളാക്കുവാൻ ഞങ്ങൾ യാചിക്കുന്നു.

**6. അപ്സമേ സോമോ അബ്രവീദന്തർവിശ്വാനി ഭേഷജാ |**
**അഗ്നിം ച വിശ്വശമ്ഭുവം ||**

ജലത്തിൽ അഗ്നി വസിക്കുന്നു; ഔഷധികൾ ഇവയെ ആശ്രയിക്കുന്നു എന്ന് സോമൻ പറയുന്നു.

**7.ആപഃ പൃണീത ഭേഷജം വരൂഥം തന്വേ മമ |**
**ജ്യോക്ച സൂര്യ ദൃശേ ||**

ഹേ ജലമേ! ഞങ്ങളുടെ ദേഹരക്ഷകരായ ഔഷധികളെ വളർത്തേണമേ, തൻമൂലം ഞങ്ങൾ ദീർഘകാലം വരെ സൂര്യനെ ദർശിക്കുന്നവരാകണേ.

**8. ഇദമാപഃ പ്ര വഹത യത്കിം ച ദുരിതം മയി |**
**യദ്വാഹമഭിദുദ്രോഹ യദ്വാ ശേഷ ഉതാനൃതം ||**

ഹേ ജലമേ! എന്നിൽനിന്നും ഹിംസമുതലായ ദുഷ്ക്കർമ്മങ്ങളും, മിഥ്യാഭാഷണാദിപാപങ്ങളും ഉായിട്ടുങ്കെിൽ, നിങ്ങൾ ആ പാപങ്ങളിൽ നിന്നെല്ലാം എന്നെ രക്ഷിക്കുമാറാകണേ.

**9. ആപോ അദ്യാന്വചാരിഷം രസേന സമഗസ്മഹി |**
**പയസ്വാനഗ്ന ആ ഗഹി തം മാസം സൃജ വർചസാ ||**

ഞാൻ ഇന്ന് ജലത്തെ അഭയം പ്രാപിച്ചിരിക്കുന്നു, ഹേ അഗ്നേ! നീയും ജലത്താൽ പൂർണ്ണനായി എനിക്ക് തേജസ്സ് പ്രദാനം ചെയ്താലും.

## സൂക്തം 10

**ഋഷി വൈവസ്വതരായയമിയും യമനും ദേവത യമിയും യമനും ഛന്ദസ് ത്രിഷ്ടുപ്**

**1. ഓ ചിത്സഖായം സഖ്യാ വവൃത്യാം തിരഃ പുരൂ ചിദർണവം ജഗന്വാൻ |**
**പിതുർന്നപാതമാ ദധീത വേധാ അധി ക്ഷമി പ്രതരം ദീധ്യാനഃ ||**

ഹേ യമാ! വിശാലമായ ഈ സമുദ്ര ദ്വീപിൽ ഞാൻ നിന്നോടു ചേരുവാനാഗ്രഹിക്കുന്നു. നീ മാതാവിന്റെ ഗർഭം മുതർ തന്നെ എന്റെ ജൻമത്തോടുകൂടിയുല്ലോ.

**2. ന തേ സഖാസഖ്യം വഷ്ട്യേതത്സലക്ഷ്മാ യദ്വിഷുരുപാ ഭവാതി**
**മഹസ്പുത്രാസോ അസുരസ്യ വീരാ ദിവോ ധർതാര ഉർവിയാ പരി ഖ്യൻ**

ഹേ യമീ! നീയെന്റെ സഹോദരിയാണല്ലോ. നാം ഇതാഗ്രഹിക്കുന്നില്ല. പ്രജാപതിയുടെ സ്വർഗ്ഗലോകത്തിലെ രക്ഷകരായ ദേവകൾ എല്ലാം ക് കൊ് സഞ്ചരിക്കുന്നു.

**3. ഉശന്തി ധാ തേ അമൃതാസ ഏതദേകസ്യ ചിത്ത്യജസം മർത്യസ്യ |**
**നി തേ മനോ മനസി ധായ്യസ്മേ ജന്യുഃ പതിസ്തമമാ വിവിശ്യാഃ ||**

ഹേ യമീ! ദേവകൾക്ക് അവരുടെ ഇഛകൾ നിറവേറ്റുന്നതിനുള്ള സാമർത്ഥ്യം ലഭിച്ചിട്ടു്. അതിനാൽ നീ എന്റെ ഇഷ്ടാനുസരണം വർത്തിച്ചാലും. നിന്റെ മനസ്സ് ഞങ്ങളുടെ മനസ്സിൽ പതിച്ചാലും. നീ ഭർത്താവായിട്ടു എന്റെ ദേഹത്തിൽക്കടന്നാലും. പ്രജാപതി മകളെ പുണർന്നിട്ടുല്ലോ.

**4. ന യത്പുരാചകൃമാ കദ്ധ നൂനമൃതാ വദന്തോ അനൃതം രപേമ |**
**ഗന്ധർവോ അപ്സ്വപ്യാ ച യോഷാ സാ നോ നാഭിഃ പരമം ജാമി തന്നൗ ||**

ഹേ യമീ! ഞങ്ങൾ സത്യഭാഷികളാണ്. ഒരിക്കലും കളവുപറയുന്നില്ല. സൂര്യലോകത്തിൽ വസിക്കുന്ന ആദിത്യനും അവിടത്തെ സ്ത്രീകളുമാണ ് നാമിരുവരെയും ഉൽപ്പാദിപ്പിച്ചത്. ഇത് അത്യുൽകൃഷ്ടമാകുന്നു.

**5. ഗർഭേ നു നൗ ജനിതാ ദമ്പതീ കർദേവസ്ത്വഷ്ടാ സവിതാ വിശ്വരൂപഃ |**
**ന കിരസ്യ പ്ര മിനന്തി വ്രതാനി വേദ നാവസ്യ പൃഥിവീ ഉത ദ്യൗഃ ||**

ഹേ യമീ! എല്ലാവരുടേയും ആത്മരൂപനായ പ്രജാപതി ഞങ്ങളെ ജൻമത്തോടുകൂടിത്തന്നെ ദമ്പതികളാക്കിയിരിക്കുന്നു. ആകാശവും ഭൂമിയും ഞങ്ങളുടെ ജൻമബന്ധത്തെ അറിയുന്നു. അതിനാൽ പ്രജാപതിയുടെ കർമ്മത്തെ ആരും അന്യഥാധരിക്കുന്നില്ല.

**6. കോ അസ്യ വേദ പ്രഥമസ്യാഹ്നഃ ക ഈം ദദർശ ക ഇഹ പ്ര വോചത് |**
**ബൃഹൻമിത്രസ്യ വരുണസ്യ ധാമ കദു ബ്രവ ആഹനോ**

**വീച്യാ ന്യൻ ||**

ഹേ യമാ! ഒന്നാം ദിവസത്തിലെ ആചരണത്തെ അറിയുന്നവനാര്? ആരതുകു? മിത്രാവരുണൻമാരുടെ മഹത്തായ ധാമത്തേപ്പറ്റി നിങ്ങൾ എന്തു പറയുവാനാഗ്രഹിക്കുന്നു?

**7. യമസ്യ മാ യമ്യം കാമ ആഗൻത്സമാനേ യോനൗ സഹശേ യ്യായ |**

**ജായേവ പത്യേ തന്വം രിരിച്യാം വി ചിദ്രുഹേവ രഥ്യേവ ചക്രാ ||**

ഹേ യമാ! രഥത്തിന്റെ ചക്രങ്ങൾ രും ഒരേ കാര്യം നിർവ്വഹിക്കുന്നതുപോലെ നാം തുല്യമനസ്ക്കതായി ഒരേ കാര്യത്തെ തന്നെ അനുഷ്ഠിക്കാം. യമനു എന്നോ കുറിച്ച് ഒരേയിടത്തു കൂടെ കിടക്കാൻ രതി തോന്നിക്കട്ടെ, ഞാൻ ഭാര്യാഭർത്താവിനെപോലെ ദേഹം വെളിപ്പെടുത്താം.

**8. ന തിഷ്ഠന്തി ന നിമിഷന്ത്യേതേ ദേവാനാം സ്പ ശ ഇഹ യേ ചരന്ത |**

**അന്യേന മദാഹനോ യാഹി തൂയം തേന വി വൃഹ രഥ്യേവ ചക്രാ ||**

ഹേ യതീ! ദേവകളുടെ ദൂതൻ സദാ ഉണർന്നിരിക്കുന്നു. അവനു രാത്രിയും പകലും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതിനാൽ നീ എന്റെ അടുത്തുനിന്നും അകന്നുപോകൂ. മറ്റൊരുവനോടുകൂടി ഇരുചക്രങ്ങൾ തേരിലെ എന്നപോലെ ഉയർത്തിക്കൊള്ളൂ.

**9. രാത്രീഭിരസ്മാ അഹഭിർദശസ്യേത്സൂര്യസ്യ ചക്ഷുർമുഹുരുൻമിമീ യാത് |**

**ദിവാ പൃഥിവ്യാ മിഥുനാ സബന്ധു യമീര്യമസ്യ ബിഭൃയാദജ മി ||**

പകലും രാത്രിയിലും യമന്റെ യജ്ഞഭാഗത്തെ യജമാനൻ പ്രദാനം ചെയ്യണേ. സൂര്യന്റെ തേജസ്സ് യമനെ തേജസ്വിയാക്കണേ. പരസ്പരം കൂട്ടിച്ചേർന്ന ആകാശവും ഭൂമിയും യമന്റെ ബന്ധുക്കളാകുന്നു. യമന്റെ സഹോദരിയായ യമി യമന്റെ ഭാതൃൻമഹീനത ഭേസിക്കൊള്ളാം.

**10. ആ ഘാ താ ഗച്ചാനുത്തരാ യുഗാനി യത്ര ജാമയഃ കൃണവന്നജാമി |**

**ഉപ ബർബൃഹി വൃഷഭായ ബാഹുമന്യമിഛസ്വ സുഭഗേ പതിം മത് ||**

ഹേ യമീ! നീ എന്റെ അടുക്കൽനിന്നും മറ്റേവിടെക്കെങ്കിലും കടന്നുപോകും. പെങ്ങൻമാർ ഞങ്ങളെ വേൾക്കാത്ത യുഗം വരും. നീ മറ്റൊരുവനെ കാമിക്കവ. നിന്റെ കൈ ആ സേക്താവിനു തവയിണയാകൂ.

**11. കിം ഭ്രാതാസദ്യദനാഥം ഭവതികിമു സ്വസാ യന്നിർഋതിർനിഗഛാത് |**

**|കാമമൂതാ ബഹ്വേ തദ്രപാമി തന്വാ മേതന്വം സം പിപൃഗ്ധി ||**

രക്ഷിക്കാത്തവൻ ഭ്രാതാവാകുമോ ദുഃഖം വരുത്തുന്നവൾ സോദരിയാകുമോ? കാമമൂർച്ഛയാലാണ്, ഇങ്ങനെ പലതും ഞാൻ പുലമ്പുന്നത്. നീ ദേഹം എന്റെ ദേഹത്ത് ഒട്ടിക്കൂ.

**12. ന വാ ഉ തേ തന്വാ തന്വംസം പപൃച്യാം**

**പാപമാഹുർയഃ സ്വസാരം നിഗഛാത് |**

**അന്യേന മത്പ്രമുദഃ കല്പയസ്വ ന തേ ഭ്രാതാ സുഭഗേ വഷ്ട്യേതത് ||**

ഹേ യമീ! ഞാൻ നിന്റെ സ്പർശനത്തിൽ നിന്നും അകന്നു ജീവിക്കുവാനാഗ്രഹിക്കുന്നു. പെങ്ങളെ പുണരുന്നവൻ പാപിയാണെന്നു പറയപ്പെട്ടിരിക്കുന്നു. അതിനാൽ നീ എന്റെ അടുക്കൽ നിന്നും അകന്നുപോയാലും. മറ്റൊരുവനോടുകൂടി രസിച്ചുകൊള്ളൂ. ഇതിൽ നിന്റെ സോദരനു താല്പര്യമില്ല.

**13. ബതോ ബതാസി യമ നൈവ തേ മനോ ഹൃദയം ചാവിദാമ**

**അന്യാ കില ത്വാ കക്ഷ്യേവ യുക്തം പരി ഷ്വജാതേ ലിബുജേവ വൃക്ഷം**

ഹേ യമാ! നിങ്ങൾ ദുർബുദ്ധിയാണല്ലോ. എനിക്കു നിങ്ങളുടെ മനസ്സിനെ അറിയുവാൻ കഴിയുന്നില്ല. നിങ്ങൾ എന്നെ ദൂരേയ്ക്ക് ഓടിക്കുവാനാഗ്രഹിക്കുന്നു.

**14. അന്യമൂ ഷു ത്വം യമ്യന്യ ഉ ത്വാം പരി ഷ്വജാതേ ലിബുജേവ വൃക്ഷം |**

**തസ്യ വാ ത്വം മന ഇഛാ സ വാ തവാധാ കുണുഷ്വ സംവിദം സുഭദ്രാം ||**

യമീ; നീ മറ്റൊരുവനെ വള്ളി വൃക്ഷത്തെയെന്നപോലെ കെട്ടിപ്പുല്കുക. ആ മറ്റൊരുവൻ നിന്നെയും നീ അവന്റെ മനസ്സിനെയും ആഗ്രഹിക്കൂ. അവൻ നിന്റെ മനസ്സിനെ ആഗ്രഹിക്കട്ടെ നീ സുമംഗളമായ സുഖം അനുഭവിക്കൂ.

## സൂക്തം 11

**ഋഷി അംഗിരപുത്രൻ ഹവിർദ്ധാനൻ ദേവത അഗ്നി ത്രിഷ്ടുപ്**

**1. വൃഷാ വൃഷ്ണേ ദുദുഹേ ദോഹസാ ദിവഃ പയാംസി യഹ്വോ അദിതേരദാഭ്യഃ |**

**വിശവം സ വേദ വരുണോ യഥാ ധിയാ സ യജ്ഞിയോ യജതു യജ്ഞിയാം ഋതൂൻ ||**

കാമവർഷകനായ അഗ്നി യജമാനന്റെ കർമ്മങ്ങൾ വഴിയായി ആകാശത്തിൽ നിന്നും ജലത്തെ ദോഹനം ചെയ്യുന്നു. സൂര്യാത്മകനായ അഗ്നി എല്ലാജഗത്തുക്കളുടേയും ജ്ഞാതാവും, യജ്ഞത്തിൽ നിന്നു ജനിച്ച അഗ്നിക്കനുകൂലമായി ഋതുക്കളെ പൂജിയ്ക്കുകയും ചെയ്യുന്നു.

**2. രപദ്ഗന്ധർവീരപ്യാ ച യോഷണാ നദസ്യ നാദേ പരി പാതു മേ മനഃ |**

**ഇഷ്ടസ്യ മധ്യേ അദിതിർനി ധാതു നോ ഭ്രാതാ നോ ജ്യേഷ്ഠഃ പ്രഥമോ വി വോചതി ||**

അഗ്നിഗുണങ്ങൾ വർണ്ണിക്കുന്ന ഗന്ധർവ്വപത്നിയും. ജലത്താൽ ശുദ്ധമാക്കപ്പെട്ട ഹവിസ്സുകളും അഗ്നിയെ പൂർണ്ണമാക്കി അഹിംസിതനായ ഈ അഗ്നി യജ്ഞകർമ്മങ്ങളിൽ നമ്മെ പ്രേരിപ്പിക്കട്ടെ. എല്ലാ യജമാനൻമാരിൽ പ്രമുഖനും നമ്മുടെ ജ്യേഷ്ഠഭ്രാതാവും ഞാനും ആ അഗ്നിയെ സ്തുതിക്കുന്നു.

**3. സോ ചിന്നു ഭദ്രാ ക്ഷുമതീയശസ്വത്യുഷാ ഉവാസ മനവേ സർവതീ |**

**യദീമുശന്തമുശതാമനു ക്രതമഗ്നിം ഹോതാരം വിദഥായ**

**ജിജനൻ ||**

ഉഷസ്സ് സുന്ദരകീർത്തിമതിയും, ഉപാസനായോഗ്യയും; സുന്ദരശബ്ദവതിയും ആകുന്നു. അവൾ സൂര്യനുമുമ്പായി പ്രകടമാക്കപ്പെടുന്നു. ദേവകളെ വിളിക്കുന്നവനായ ആ അഗ്നി യജ്ഞാകാമരായ യജമാനൻമാരുടെ മേൽ പ്രസാദിക്കുന്നു.

**4. അധ ത്യം ദ്രപ്സം വിഭ്വം വിചക്ഷണം വിരാഭരദിഷിതഃ ശ്യേനോ അധ്വരേ |**
**യദീ വിശോ വൃണതേ ദസ്മമാർയാ അഗ്നിം ഹോതരമധ ധീരജായത ||**

കഴുകൻ അഗ്നിയുടെ പ്രേരണയാൽ ആ മഹാസോമത്തെ കൊുവന്നു. സ്തോതാക്കൾ ദർശനീയനും, ദേവാഹ്വാകകനുമായ ഈ അഗ്നിയെ സ്തുതിക്കുമ്പോൾ യജ്ഞകർമ്മം ആരംഭിക്കുന്നു.

**5. സദാസി രണ്വോ യവസേവ പുഷ്യതേ ഹോത്രാഭിരഗ്നേ മനുഷഃ സ്വധ്വരഃ |**
**വിപ്രസ്യ വാ യച്ഛശമാന ഉക്ഥ്യം വാജം സസവാം ഉപയാസി ഭൂരിഭിഃ ||**

ഹേ അഗ്നേ! നീ തൃണം പോലെ സുകോമളനും, സ്തോതാക്കളുടെ സ്തോത്രങ്ങളാൽ പ്രസന്നനുമാകുന്നു. നീ ഹവിസ്സിനെ സ്വീകരിക്കുന്നു. ദേവകളോടുകൂടി സഞ്ചരിക്കുന്ന അഗ്നിദേവാ! നീ ഈ ഹവനത്തോടുകൂടി ഞങ്ങളുടെ യജ്ഞത്തെ പൂർണ്ണമാക്കിയാലും.

**6. ഉദീരയപിതരാ ജാര ആ ഭഗമിയക്ഷതി ഹർയതോ ഹൃത്ത ഇഷ്യതി |**
**വിവക്തി വഹ്നി സ്വപസ്യതേ മഖസ്തവിഷ്യതേ അസുരോ വേപതേ മതീ ||**

ഹേ അഗ്നേ! നക്ഷത്രാദികളെ പ്രകാശരഹിതമാക്കുന്ന സൂര്യൻ തന്റെ പ്രകാശത്തെ ഭൂമിയിലേക്കും ആകാശത്തിലേയ്ക്കുമയക്കുന്നതുപോലെ നീ അങ്ങയുടെ മാതാപിതാക്കളായ ആകാശഭൂമികളിലേക്കു നിന്റെ ജ്വാലകളെ പ്രേരിപ്പിച്ചാലും യജ്ഞാംശത്തെ ആഗ്രഹിക്കുന്ന ദേവകളുടെ തൃപ്തിക്കുവേി അഗ്നിദേവത സ്തുതികളെ വളർത്തുവാനിച്ഛിക്കുന്നു. ഋത്വിക്കുകൾ പ്രധാനബ്രാഹ്മകർമ്മത്തെ വിധിപൂർവ്വം നടത്തുന്നതിനായി സ്തോത്രങ്ങളെ വളർത്തുന്നു.

**7. യസ്തേ അഗ്നേ സുമതിം മർതോ അക്ഷത്സഹസഃ സൂനോ അതി സ പ്ര ശൃണ്വേ |**
**ഇഷം ദധാനോ വഹമാനോ അശ്വൈരാ സ ദ്യുമാം അമവാൻഭൂഷതി ദ്യൂൻ ||**

ഹേ അഗ്നേ! നീ ജൻമനാകൃപാകരനാണല്ലോ. യജമാനൻ സ്തുതികളാലും ഹവിസ്സുകളാലും അങ്ങയെ സേവിക്കുന്നു. ആ യജമാനൻ ദാനശീലനായ ഹോതാവായി പ്രസിദ്ധിയാർജ്ജിക്കുന്നു. അവൻ ബലദീപ്തികളാൽ സമ്പന്നനായി, അശ്വാദിധനങ്ങളോടുകൂടി സുഖിക്കുന്നു.

**8. യദഗ്ന ഏഷാ സമിതിർഭവാതി ദേവീ ദേവേഷുയജതാ യജത്ര |**
**രത്നാ ച യദ്വിഭജാസി സ്വധാവോ ഭാഗ നോ അത്ര വസുമന്തം വീതാത് ||**

ഹേ അഗ്നേ! ഞങ്ങൾ ദേവകളെ അളവറ്റു സ്തുതിക്കുമ്പോൾ നീ ഞങ്ങൾക്ക് ഉപഭോഗയോഗ്യമായ ധനം പ്രദാനം ചെയ്യേണമേ. ഞങ്ങൾക്ക് ധനം പ്രാപിക്കുവാൻ കഴിയത്തക്കവിധം നീ ഞങ്ങളുടെ ഹവിസ്സുകളെ സ്വീകരിക്കേണമേ.

**9. ശ്രുധീ നോ അഗ്നേ സദനേ സധസ്ഥേ യുക്ഷ്വാ രഥമമൃതസ്യ ദ്രവിത്നും |**
**ആ നോ വഹ രോദസീ ദേവപുത്രേ മാകിർദേവാനാ മപ ഭൂരിഹ സ്യാഃ ||**

ഹേ അഗ്നേ! എല്ലാ ദേവകളോടും കൂടിയ ഈ യജ്ഞത്തിൽ വസിച്ചുകൊ് നീ ഞങ്ങളുടെ സ്തോത്രങ്ങൾ ശ്രവിക്കുകയും, അമൃതവർഷകമായ രഥത്തെ പൂട്ടുകയും ചെയ്താലും നീ നിന്റെ മാതാപിതാക്കളായ വാനൂഴികളെ ഞങ്ങളുടെ ആശ്രയദാതാക്കളാക്കി, ഞങ്ങളുടെ യജ്ഞവേദിയിൽ വിരാജിച്ചാലും.

## സൂക്തം 12

**ഋഷി അംഗപുത്രൻ ഹവിർദ്ധാനൻ, ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. ദ്യാവാ ഹ ക്ഷാമാ പ്രഥമേ ഋതേനാഭിശ്രാവേ ഭവതഃ സത്യവാചാ ||**
**ദേവോ യൻമർതാന്യജഥായ കൃണ്വന്യത്സീദദ്ധോതാ പ്രത്യങ്സ്വമസും യന്നു് ||**

സർവ്വശ്രേഷ്ഠരായ ദ്യാവാപൃഥ്വികൾ യജ്ഞാനുഷ്ഠാനത്തിൽ ഒന്നാമതായി അഗ്നിദേവനെ ആഹ്വാനം ചെയ്യട്ടെ. ഈ അഗ്നിയും മനുഷ്യരെ പ്രേരിപ്പിച്ചുകൊ് തന്റെ ജ്വാലകൾ സഹിതം യജ്ഞത്തിൽ വിരാജിതനായിദേവകളെ ആഹ്വാനം ചെയ്യണേ.

**2. ദേവോ ദേവാൻപരിഭൂർഋതേന വഹാ നോ ഹവ്യം പ്രഥമശ്ചികിത്വാൻ |**
**ധൂമകേതുഃ സമിധാ ഭാഋജീകോ മന്ദ്രോ ഹോതാ നിത്യോ വാചാ യജീയാൻ ||**

ദിവ്യരൂപനായ അഗ്നി ഇന്ദ്രാദി ദേവകളുടെ അടുക്കൽ ചെന്ന് അന്നം കൊുവരട്ടെ. ഈ അഗ്നി യജമാനൻമാരുടെ യജ്ഞത്തെ പൂർണ്ണമാക്കുന്നവനും, സർവ്വജ്ഞാനിയും, സമിധയിൽക്കൂടി മുകളിലേയ്ക്കുയർന്നു ധൂമധ്വജത്തോടുകൂടിയവനും, ദേവകളെ വിളിക്കുന്നവനും ആകുന്നു.

**3. സ്വാവൃഗ്ദേവസ്യാമൃതം യദീ ഗോരതോ ജാതാസോ ധാരയന്ത ഉർവീ |**
**വിശ്വേ ദേവാ അനു തത്തേ യജുർഗുർദുഹേ യദേനീ ദിവ്യം ഘൃതം വാഃ ||**

യാതൊരു ജലത്തെ അഗ്നിദേവത ഉൽപ്പാദിപ്പിച്ചുവോ, അതുവഴിയായി ഭൂമി പോഷിക്കപ്പെടുന്നു. ഹേ അഗ്നേ! നിന്റെ ഉജ്ജ്വലങ്ങളായ ജ്വാലകൾ സ്വർഗ്ഗത്തിൽ നിന്നും വർഷരൂപമായ ജലത്തെ ദോഹനം ചെയ്യുന്നു. അപ്പോൾ നിന്റെ ജലദാനത്തെ ദേവകളെല്ലാം പാടിപ്പുകഴ്ത്തുന്നു.

**4. അർചാമി വാം വർധായാപോ ഘൃതസ്നൂ ദ്യാവാഭൂമീ ശൃണുതം രോദസീ മേ |**
**അഹാ യദ്യാവോസുനീതിമയൻമധ്വാ നോ അത്ര പിതരാ ശിശീതാം ||**

ഹേ അഗ്നേ! ഞങ്ങളുടെ യജ്ഞത്തെ വളർത്തേണമേ. ഹേ ആകാശമേ, ഭൂമിയേ നിങ്ങൾ മഴവെള്ളത്തെ തളിക്കുന്നവരാണല്ലോ.

ഞാൻ നിങ്ങളെ സ്തുതിക്കുന്നു. നിങ്ങൾ ഇതു ശ്രവിച്ചാലും. യജ്ഞാവസരത്തിൽ സ്തോതാക്കൾ നിങ്ങളെ സ്തുതിക്കുന്നു. അപ്പോൾ നിങ്ങൾ ജലത്തെ വർഷിച്ചുകൊ് ഞങ്ങളുടെ അപവിത്രതയെ ആട്ടിപ്പായിക്കേണമേ.

**5. കിം സ്വിന്നോ രാജാ ജഗൃഹേ കദസ്യാതി വ്രതം ചകൃമാ കോ വി വേദ |**

**മിത്രശ്ചിദി ഷ്മാ ജുഹുരാണോ ദേവാഞ്ഛ്ലോകോ ന യാതാമപി വാജോ അസ്തി ||**

നാം അഗ്നിയെ വിധിപൂർവ്വം പൂജിച്ചുവോ അവൻ നമ്മുടെ സ്തുതികളേയും, ഹവിസ്സുകളേയും സ്വീകരിച്ചുവോ ഇതാരറിയുന്നു? ക്ഷണിക്കപ്പെട്ട മിത്രം ആഗതനാകുന്നതുപോലെ ആഹ്വാനം ചെയ്യുമ്പോൾ അഗ്നിയും വന്നുചേരുന്നു. നമ്മുടെ ഈ സ്തുതികളും, നമ്മുടെ ഈ ഹവിസ്സുകളും, ദേവകളിൽ ചെന്നുചേരണേ.

**6. ദുർമന്ത്വത്രാമൃതസ്യ സചാമ സലക്ഷ്മാ യദ്വിഷുരൂപാ ഭവാതി |**

**യമസ്യ യോ മനവതേ സുമന്ത്വഗ്നേ തമൃഷ്വ പാഹ്യ പ്രയുച്ഛൻ ||**

സൂര്യനാൽ പ്രേരിതമായ അമൃതഗുണതുല്യമായ ജലം ഭൂമിയിൽ വിഭിന്നരൂപത്തിൽ വസിക്കുന്നു. ആ സൂര്യൻ യമനെ ദോഷമുക്തനാക്കുന്നു. ഹേ അഗ്നേ! ക്ഷമാശീലനായ സൂര്യനെ അവിടുന്നു പുഷ്ടിപ്പെടുത്തിയാലും.

**7. യസ്മിന്ദേവാ വിദഥേ മാദ യന്തേ വിവസ്വതഃ സദനേ ധാരയന്തേ |**

**സൂര്യേ ജ്യോതിരദധുർമാസ്യം ക്തുംൻപരി ദ്യോതനി ചരതോ അജസ്രാ ||**

യജമാനന്റെ യജ്ഞവേദിയിൽ സ്വയം പ്രതിഷ്ഠിതരായ ദേവകൾ അഗ്നിയുടെ സാമീപ്യം പ്രാപിച്ച് സന്തുഷ്ടരാകുന്നു .ദേവകൾ സൂര്യനിൽ തേജസ്സും, ചന്ദ്രനിൽ ശീതളതയും സ്ഥാപിച്ചു. അഗ്നിയും ദേവകളും വൃദ്ധിയെ പ്രാപിച്ചുകൊിരിക്കുകയും ചെയ്യുന്നു.

**8. യസ്മിന്ദേവാ മൻമനി സഞ്ചരന്ത്യപീച്യേ ന വയമസ്യ വിദ്മ |**

**മിത്രോ നോ അത്രാദിതിരനാഗാൻത്സവിതാ ദേവോ വരുണായ വോചത് ||**

ദേവകൾ ആരുടെ സാമീപ്യത്താൽ തങ്ങളെ പൂർണ്ണമാക്കുന്നുവോ, നാം ആ അഗ്നിയുടെ യഥാർത്ഥരൂപത്തെ അറിയുന്നില്ല. മിത്രനും, സൂര്യനും, ദേവകളും, അദിതിയും പവകനാമനായ അഗ്നിയാൽ നമ്മെ നിഷ്പാപരാക്കണേ.

**9. ശ്രുധീ നോ അഗ്നേ സദനേ സധസ്ഥേ യുക്ഷ്വാ രഥമമൃതസ്യ ദ്രവിത്നും |**

**ആ നോ വഹ രോദസീ ദേവപുത്രേ മാകിർദേവാനാമപ ഭൂരിഹ സ്യാഃ ||**

ഹേ അഗ്നേ! അമൃതരൂപമായ ജലത്തെ വർഷിക്കുന്ന നിന്റെ രഥത്തെ പൂട്ടിയാലും, എല്ലാ ദേവകളോടും കൂടിയ ഞങ്ങളുടെ യജ്ഞത്തിൽ വസിച്ചുകൊ് ഞങ്ങളുടെ സ്തുതികൾ ശ്രവിക്കേണമേ. നിന്റെ മാതാപിതാക്കളായ വാനുഴികളെ ഞങ്ങൾക്കു പ്രാപ്തമാക്കുകയും, നീ ദേവകളുടെ അടുക്കൽതന്നെ ഈ യജ്ഞത്തിൽ വിരാജിതനാകയും ചെയ്യേണമേ.

## സൂക്തം 13

**ഋഷി അദിതിപുത്രൻ വിവസ്വാൻ ദേവത ഹവർദ്ധനൻ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. യുജേ വാം ബ്രഹ്മ പൂർവ്യം നമോഭിർവി ശ്ലോക ഏതു പഥ്യേവ സൂരേഃ |**

**ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്ര ആ യേ ധാമാനി ദിവ്യാനി തസ്ഥുഃ ||**

ഹേ ശകടദ്വയമേ! പ്രാചീന സ്തുതികൾ വഴി സോമാദികളെ നിങ്ങളുടെ മേൽവച്ച് ഞാൻ നിങ്ങളെ കൊുപോകുന്നു. എന്റെ സ്തുതികൾ ഹവിസ്സിനു തുല്യമായി ദേവകളുടെ അടുക്കൽ ചെന്നുചേരണേ. സ്വർഗ്ഗവാസികളായ ദേവകൾ എന്റെ സ്തുതികളെ ശ്രവിക്കണേ.

**2. യമേ ഇവ യതമാനേ യദൈതം പ്ര വാം ഭരൻമാനുഷാ ദേവയന്തഃ |**

**ആ സീദതം സ്വമു ലോകം വിദാനേ സ്വാസസ്ഥേ ഭവതമിന്ദവേ നഃ ||**

ഹേ ശകടദ്വയമേ! നിങ്ങൾ ഇരട്ടപെറ്റവരെപ്പോലെ പോകുമ്പോൾ ദേവപൂജകൻമാരായ പുരുഷൻമാർ നിങ്ങളുടെ മേൽ വളരെയധികം പൂജാവസ്തുക്കൾ കയറ്റുന്നു. ഞങ്ങളുടെ സോമത്തിനുവേി നിങ്ങൾ സ്വസ്ഥാനം പ്രാപിച്ചാലും.

**3. പഞ്ച പദാനി രുപോ അന്വരോഹം ചതുഷ്പദീമന്വേമി വ്രതേന |**

**അക്ഷരേണ പ്രതി മിമ ഏതാമൃതസ്യ നാഭാവധി സം പുനാമി ||**

യജ്ഞത്തിന്റെ അഞ്ചുപ്രകരങ്ങളേയും യഥാസ്ഥാനത്തു വെച്ചുകൊ് നാലു ഛന്ദസ്സുകളെ വിധിപൂർവകം ഞാൻ പ്രയോഗിക്കുന്നു; യജ്ഞവേദിയിൽ സോമത്തെ ശുദ്ധീകരിച്ചുകൊ് പരമാത്മാവിന്റെ ഓം എന്ന നാമത്തെ പൂർണ്ണമാക്കുന്നു.

**4. ദേവേഭ്യഃ കവൃണീതമൃത്യും പ്രജായൈ കമമൃതം നാവൃണീത |**

**ബൃഹസ്പതിം യജ്ഞമകൃണ്വത ഋഷിം പ്രിയാം യമസ്തന്വം പ്രാരിരേചീത് ||**

മൃത്യുവിനെ അഭയം പ്രാപിക്കുന്ന ദേവത ആര്? അമരനായ മനുഷ്യൻ ആര് മന്ത്രത്താൽ സംസ്ക്കരിക്കപ്പെട്ട യജ്ഞത്തെ നടത്തുന്നു. അതിനാൽ യമൻ അവനെ രക്ഷിക്കുന്നു.

**5. സപ്ത ക്ഷരന്തി ശിശവേ മരുത്വതേ പിത്രേ പുത്രാസോ അപ്യവീവതന്നൃതം |**

**ഉഭേ ഇദസ്യോഭയസ്യ രാജത ഉഭേ യതേതേ ഉഭയസ്യ പുഷ്യതഃ ||**

പുത്രതുല്യരായ ഋത്വിജൻമാർ പിതൃതുല്യനായ സോമത്തിനുവേി ഏഴുഛന്ദസുകളുച്ചരിച്ചുകൊ് സ്തുതിക്കുന്നു. ഈ ശകടങ്ങൾ രും ദേവകൾക്കും മനുഷ്യർക്കും രുകൂട്ടർക്കും തേജസ്സിനെ നൽകി അവരെ പുഷ്ടിപ്പെടുത്തുന്നു.

## സൂക്തം 14

**ഋഷി യമൻ ദേവത അംഗിരപിതൃക്കൾ, അഥർവഭൃഗുക്കൾ,**

**പിതൃക്കൾ ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്, പംക്തി**

**1. പരേയിവാംസം പ്രവതോ മഹീരനു ബഹുഭ്യഃ പന്ഥാമനുസ്പശാനം |**

**വൈവസ്വതം സങ്ഗമനം ജനാനാം യമം രാജാനാ ഹവഷാ ദുവസ്യ ||**

ഹേ ഉപാസകാ! നീ പിതൃക്കളുടെ ഈശ്വരനായ യമനെ സേവിച്ചാലും. അവനെ ഹവിസ്സുകൊ് തൃപ്തനാക്കൂ. യമൻ സൽകർമ്മികൾക്ക് സുഖസമ്പന്നമായ ലോകം നൽകുന്നു. അവൻ അവരുടെ മാർഗ്ഗങ്ങളെ സുഗമങ്ങളാക്കുന്നു. എന്തുകൊന്നൊൽ എല്ലാ ജീവികളും അവന്റെ അടുക്കൽ തന്നെ ചെല്ലുന്നു.

**2. യമോ നോ ഗാതും പ്രഥമോ വിവേദ നൈഷാ ഗവ്യൂതിരപഭർതവാ ഉ |**

**യത്രാ നഃ പൂർവേ പിതരാഃ പരേയുരേനാ ജജ്ഞാനാഃ പഥ്യാ അനു സ്വാഃ ||**

യമന്റെ മാർഗ്ഗത്തെ ആർക്കും മറയ്ക്കുവാൻ സാദ്ധ്യമല്ല. ഏതൊരു മാർഗ്ഗത്തിൽക്കൂടി നമ്മുടെ പൂർവജൻമാർ പോയിരുന്നുവോ. എല്ലാ ജീവികളും അതേ മാർഗ്ഗത്തിൽക്കൂടി സഞ്ചരിച്ച് താന്താങ്ങളുടെ കർമ്മങ്ങൾക്കനുസരണമായ ലക്ഷ്യത്തിൽ ചെന്നുചേരും. ഹേ സർവശ്രേഷ്ഠനായ യമാ! ഞങ്ങളുടെ നല്ലതും ചീത്തയുമായ എല്ലാ കർമ്മങ്ങളേയും നീ അറിയുന്നവനാണല്ലോ.

**3. മാതലീ കവ്യൈര്യമോ അങ്ഗിരാഭിർബൃഹസ്പതിർ ഋക്വഭിർവാവൃധാനഃ**

**യാംശ്ച ദേവാ വാവൃധുര്യേ ച ദേവാൻത്സ്വാഹാന്യേ സ്വധയാന്യേ മദന്തി**

ഇന്ദ്രൻ കവ്യയുക്തരായ പിതൃക്കളുടെ സഹായത്തോടുകൂടി വളരുന്നു. ബൃഹസ്പതി ഋക്വനാമരായ പിതൃക്കളുടേയും, യമൻ അംഗിരസ്സ് എന്ന പിതൃക്കളുടെയും സഹായത്തോടുകൂടി വൃദ്ധിയെ പ്രാപിക്കുന്നു. ആര് ദേവകളെ വളർത്തുന്നുവോ, അഥവാ ആരെ ദേവകൾ വളർത്തുന്നു. അവർ എല്ലാപ്രകാരത്തിലും വളരുന്നു. ഇവരിൽ ചിലർ സ്വാഹയാലും മറ്റു ചിലർ സ്വധയാലും ഹർഷത്തെ പ്രാപിക്കുന്നു.

**4. ഇമം യമ പ്രസ്തരമാ ഹി സീദാങ്ഗിരോഭഃ പിതൃഭിഃ സംവിദാനം |**

**ആ ത്വാ മന്ത്രാഃ കവിശസ്താ വഹന്ത്വേനാ രാജൻഹവിഷാ മാദയസ്വ ||**

ഹേ യമാ! നാനാരൂപങ്ങളിലുള്ള യജ്ഞകർത്താക്കളായ അംഗിരസ്സുകളോടുകൂടി വരികയും ഞങ്ങളുടെ യജ്ഞത്തിൽ യജമാനനു സുഖം നൽകുകയും ചെ യ്യേണമേ. ഞാൻ നിന്റെ പിതാവായ ആദിത്യനേ ആഹ്വാനം ചെയ്യുന്നു. അവൻ ഞങ്ങളുടെ ദർഭയിലിരുന്ന് യജമാനന് സുഖംപകരണേ.

**6.അങ്ഗിരസോ നഃ പിതരോ നവഗ്വാ അഥർവാണോ ഭൃഗവഃ സോമാസഃ |**

**തേഷാം വയം സുമതൗ യജ്ഞിയാനാമപി ഭദ്രേ സൗമനസേ സ്യാമ ||**

സോമാർഹരായ അംഗിരസ്സുകളും, ഭൃഗുനാമരായ പിതൃക്കളും ഇവിടെ ആഗതരായി. ഞങ്ങൾ ആ പിതൃക്കളുടെ കൃപാപൂർണ്ണമായ ദൃഷ്ടിയിൽ വസിക്കുകയും അവരെ പ്രന്നരാക്കി മംഗളമയമായ മാർഗ്ഗങ്ങളിൽ ചരിക്കുകയും ചെയ്യുന്നു.

**7. പ്രേഹി പ്രേഹി പഥിഭിഃ പൂർവ്യേഭിര്യത്രാ നഃ പൂർവം പിതരഃ പരേയുഃ |**

**ഉഭാ രാജാനാ സ്വധയാ മദന്താ യമം പശ്യാസി വരുണം ച ദേവം ||**

ഹേ പിതൃക്കളേ! മനുഷ്യർ പ്രശംസിക്കുന്നതും, ദിവ്യമാർഗ്ഗത്തിൽ രക്ഷിക്കുന്നവയും അതുപോലെ ചതുർനേത്രരും, അത്ഭുതവർണ്ണരുമായ പട്ടികളുടെ അടുക്കൽനിന്നും നിങ്ങൾ അതിവേഗം അകന്നുപോകുവിൻ യമന്റെ അടുക്കൽ വസിക്കുന്നവരായ പിതൃക്കളുടെ അടുക്കലേക്ക് ശ്രേഷ്ഠമായ മാർഗ്ഗത്തിൽക്കൂടി ചെന്നുചേരുവിൻ.

**11. യൗ തേ ശ്വാനൗ യമ രക്ഷിതാരൗ ചതുരക്ഷൗ പഥിരക്ഷീ നൃചക്ഷസൗ |**

**താഭ്യാമേനം പരി ദേഹി രാജന്ത്സ്വസ്തി ചാസ്മാ അനമീവഞ്ച ധേഹി ||**

ഹേ യമരാജാവേ! ഈ ഭൃത്യനായ വ്യക്തിയെ നൻമയുടെ പങ്കുകാരനാക്കു. നിന്റെ ഗൃഹരക്ഷകരും, ചതുർനേത്രരും ആയ പട്ടികളിൽ നിന്നും രക്ഷിച്ചാലും.

**12. ഉരൂണസാവസുതൃപാ ഉദുമ്ബലൗ യമസ്യ ദൂതൗ ചരതോ ജനാം അനു |**

**താവസ്മഭ്യം ദൃശയേ സര്യായ പുനർദാതാ മസുമദ്യേഹ ഭദ്രം ||**

യമന്റെ ഈ രുദൂതൻമാരും നീളമുള്ള നാസികയോടുകൂടിയവരും മഹാശക്തൻമാരുമാകുന്നു. ഇവർ മറ്റുള്ളവരുടെ പ്രാണനെതിന്നു സന്തോഷിക്കുന്നു, ഇവർ രും ഞങ്ങൾക്ക് സൂര്യദർശനത്തിനായി പ്രാണനെ നൽകുമാറാകണേ.

**13. യമായ സോമം സുനുത യമായ ജുഹുതാ ഹവിഃ |**

**യമം ഹ യജ്ഞോ ഗഛത്യഗ്നിദൂതോ അരങ്കൃതഃ ||**

ഹേ ഋത്വിജൻമാരേ യമനുവേ ഹവിസ്സൊരുക്കുവിൻ, ഇവനു വേ സോമം അർപ്പിക്കുവിൻ അഗ്നിദേവൻ ഏതൊന്നിന്റെ ദൂതനാകുന്നുവോ. വിഭിന്ന പദാർത്ഥങ്ങളോടു കൂടിയ ആ യജ്ഞം യമനെ സമീപിക്കുന്നു.

**14. യമായ ഘൃതവദ്ധവിർജൂഹോത പ്ര ച തിഷ്ഠത |**

**സ നോ ദേവേഷ്വായമദ്ദീർധായുഃ പ്ര ജീവസേ ||**

ഹേ ഋത്വിജൻമാരേ! യമനുവേ ഘൃതപൂർണ്ണമായ ഹവിസ്സ് അർപ്പിച്ചുകൊ് അദ്ദേഹത്തെ സേവിക്കുവിൻ ദീർഘകാലം ജീവിതം നിലനിർത്തുന്നതിനുള്ള ആയുസ്സ് യമൻ നമുക്ക് പ്രദാനം ചെയ്യണേ.

**15. യമായ മധുമത്തമം രാജ്ഞേ ഹവ്യം ജൂഹോതന |**

**ഇദം നമ ഋഷിഭ്യഃ പൂർവജേഭ്യഃ പൂർവേഭ്യഃ പഥികൃദ്ഭ്യഃ ||**

ഹേ ഋത്വിജൻമാരേ! പുരാതന കാലത്തിൽ മാർഗ്ഗങ്ങൾ നിർമ്മിച്ചിരുന്ന ആ ഋത്വിജൻമാരെ ഞങ്ങൾ നമസ്ക്കരിക്കുന്നു. നിങ്ങൾ ഈ യജമാനൻമാർക്കുവേ ഹവിസ്സ് പ്രദാനം ചെയ്യുവിൻ.

**16. ത്രികദ്രുകേഭിഃ പതതി ഷലുർവീരേകമിദ്ബൃഹദ് |**

**ത്രിഷ്ടുമ്ബ് ഗായത്രീ ഛന്ദാംസി സർവാ താ യമ ആഹിതാ ||**

യമരാജൻ ത്രികദ്രുക യജ്ഞത്തിനു യോഗ്യനാകുന്നു. ആറുസ്ഥാനങ്ങളിൽ വസിക്കുന്നവനായ ആ യമൻ ലോകം മുഴുവൻ

ചുറ്റി സഞ്ചരിക്കുന്നു. ത്രിഷ്ടുപ്, ഗായത്രി എന്നീ ഛന്ദസ്സുകളിൽ ആ യമരാജനെ സ്തുതിക്കുന്നു.

## സൂക്തം 15

**ഋഷി യമപുത്രൻ ശംഖൻ ദേവത പിതൃക്കൾ ഛന്ദസ് ത്രിഷ്ടുപ് ജഗതി**

**1. ഉദോരതാമവര ഉത്പരാസ ഉൻമധ്യമാഃ പിതരഃ സോമ്യാസഃ |**
**അസും യ ഈയുരവൃകാ ഋതജ്ഞാസ്തേ നോവന്തുപിതരോ ഹവേഷു ||**

നമ്മുടെ രക്ഷക്കുവേി അഹിംസിതരായി ആഗതരാകുന്ന പിതൃക്കൾ നമ്മുടെ രക്ഷകരാകണേ. ഉത്തമൻമാരും, മധ്യമൻമാരും താണനിലയിലുള്ളവരും ആയ എല്ലാ പിതൃക്കളും നമ്മുടെമേൽ കൃപയുള്ളവരായി ഈ യജ്ഞത്തിൽ നമ്മുടെ ഹവിസ്സുകൾ സ്വീകരിക്കണേ.

**2. ഇദം പിതൃഭ്യോ നമോ അസ്ത്വദ്യ യേ പൂർവാസോ യ ഉപരാസ ഈയുഃ |**
**യേ പാർഥിവേ രജസ്യാ നിഷത്താ യേ വാ നൂനം സുവൃജനാ സു വിക്ഷു ||**

പൂർവ്വകാലത്തും അതിനുശേഷവും, മരിച്ചവരായ പിതൃക്കൾ അഥവാ യാതൊരുത്തർ ഭൂമിയിലേക്കു വന്നിരിക്കുന്നുവോ, അല്ലെങ്കിൽ യാതൊരുത്തർ ഭാഗ്യവാൻമാരുടെ ഇടയിൽ ജൻമമെടുത്തിരിക്കുന്നുവോ, അങ്ങിനെയുള്ള എല്ലാപിതൃക്കൾക്കും നമസ്ക്കാരം.

**3. ആഹം പിതൃൻത്സുവിദത്രാം അവിത്സി നപാതം ച വിക്രമണം ച വിഷ്ണോഃ |**
**ബർഹിഷദോ യേ സ്വധയാ സുതസ്യ ഭജന്ത പിത്വസ്ത ഇഹാഗപിഷ്ഠാഃ ||**

ഞാൻ ഈ യജ്ഞം പൂർണ്ണമാക്കുവാനുള്ള ഉപായം മനസ്സിലാക്കിയിരിക്കുന്നു. ദർഭയിൽ വിരാജിതരായി ഹവ്യയുക്തമായ സോമത്തെ സ്വീകരിക്കുന്ന പിതൃക്കൾ ഇവിടെ വന്നിരിക്കുന്നു എന്നെ ശരിക്കറിയുന്ന പിതൃക്കളും ഇവിടെ കാണപ്പെടുന്നു.

**4. ബർഹിഷദഃ പിതര ഊത്യർവാഗിമാ വോ ഹവ്യാ ചകൃമാ ജൂഷധ്വം |**
**ത ആ ഗതാവസാ ഗന്തമേനാഥാ നഃ ശം യോരരപോദധാത ||**

ഹേ പിതൃക്കളേ! നിങ്ങൾ കുശകളിൽ ഇരിക്കുന്നവരാണല്ലോ. നിങ്ങളുടെ ഉപഭോഗത്തിനായി വച്ചിരിക്കുന്ന വസ്തുക്കളെ സ്വീകരിച്ചുകൊ് ഞങ്ങൾക്കഭയം നൽകുവിൻ. ഞങ്ങളെ നൻമയുടെ പങ്കാളികളാക്കി ഞങ്ങ ളുടെ എല്ലാ പാപങ്ങളേയും അകറ്റിക്കളയണമേ. ഇപ്പോൾ ഇവിടെ വന്ന് എല്ലാ അമംഗളങ്ങളിൽനിന്നും ഞങ്ങളെ രക്ഷിച്ചാലും.

**5. ഉപഹൂതാഃ പിതരഃ സോമ്യാസോ ബർഹിഷ്യേഷു നിധിഷു പ്രിയേഷു |**
**ത ആ ഗമന്തു ത ഇഹ ശ്രുവന്ത്വധി ബ്രുവന്തു തേവന്ത്വസ്മാൻ ||**

ഈ ശ്രേഷ്ഠൻമാരെല്ലാം കുശമേൽ സ്ഥിരതാകണേ. സോമരസത്തോടുകൂടി ഇവയെ സേവിക്കുന്നതിനായി പിതൃക്കൾ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു. ആ പിതൃക്കൾ ഇവിടെവന്ന് പ്രസന്നത പ്രകടിപ്പിച്ച് നമ്മുടെ സ്തുതികളെ സ്വീകരിക്കണേ. നമ്മെ രക്ഷിക്കണേ.

**6. ആച്യാ ജാനു ദക്ഷിണതോ നിഷദ്യേമം യജ്ഞമഭി ഗൃണീത വിശ്വേ |**
**മാ ഹിംസിഷ്ട പിതരഃ കേന ചിന്നോ യദ്വ ആഗഃ പുരുഷതാ കരാമം ||**

ഹേ പിതൃക്കളേ! ഞങ്ങൾ അല പജ്ഞരാകുന്നു. അതിനാൽ ഞങ്ങളിൽനിന്നും അപരാധം ഉാവുക അസംഭവ്യമല്ലല്ലോ. ഞങ്ങളുടെ ഏതെങ്കിലും അപരാധം കാരണം ഞങ്ങളെ ഹിംസിക്കരുതേ, തെക്കോട്ടുമുട്ടുകുത്തിയിരുന്നുകൊ് ഞങ്ങളുടെ ഈ യജ്ഞത്തെ പ്രശംസിക്കുവിൻ.

**7. അസീനാസോ അരുണീനാമുപസ്ഥേ രയിം ധത്ത ദാശുഷേ മർത്യായ |**
**പുത്രഭ്യഃ പിതരസ്തസ്യ വസ്വഃ പ്ര യഛത ത ഇഹോർജം ദധാത ||**

ഹേ പിതൃക്കളേ! നിങ്ങളീ ചുവന്ന അഗ്നിശിഖകൾക്കരുകിലിരുന്നു ഈ ദാനശീലരായ യജമാനൻമാർക്ക് ധനം പ്രദാനം ചെയ്യുവിൻ. ഇവരുടെ പിതൃക്കളെ യജ്ഞത്തിനായി പ്രേരിപ്പിക്കുവിൻ.

**8. യേനഃ പൂർവേ പിതരഃ സോമ്യാസോനൂഹിരേ സോമപീഥം വസിഷ്ഠാഃ |**
**തേഭിർയമഃ സംരരാണോ ഹവീംഷ്യുശന്നു ശദ്ഭിഃ പ്രതീകാമമത്തു ||**

സോമപാനയോഗ്യരായ യാതൊരു പിതൃക്കൾ വിധിപൂർവം സോമം പാനം ചെയ്തിരുന്നുവോ അവർ ഹവ്യത്തേയും കാമിച്ചിരുന്നു. ആ പിതൃക്കളോടുകൂടി പ്രസന്നനായ യമരാജൻ ഹവിസ്സ് സേവിച്ച് തൃപ്തനാകുന്നു.

**9. യേ താതൃഷുർദേവത്രാ ജേഹമാനാ ഹോത്രാവിദഃ സ്തോമതഷ്ടാസോ അർകൈഃ |**
**ആഗ്നേ യാഹി സുവിദത്രേരർവാങ് സത്യൈഃ കവ്യൈഃ പിതൃഭിർധർമസദ്ഭിഃ ||**

ഹേ അഗ്നേ! അനേകം മന്ത്രങ്ങളുടെ രചയിതാക്കൾക്കും യജ്ഞവിധാനങ്ങളെ അറിയുന്നവരുമായ യാതൊരു പിതൃക്കൾ തങ്ങളുടെ ശ്രേഷ്ടമായ കർമ്മങ്ങൾ വഴിയായി ദേവത്വം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നുവോ അവർ വിശക്കുന്നവരും, ദാഹിക്കുന്നവരുമാണെങ്കിൽ ഞങ്ങളുടെ അടുക്കൽ വരട്ടെ. യജ്ഞത്തിലിരിക്കുന്ന ആ പിതൃക്കൾ ഞങ്ങളുടെ ശ്രേഷ്ഠമായ ഹവിസ്സാൽ സന്തുഷ്ടരാകണേ.

**10. യേ സത്യാസോ ഹവിരദോ ഹവിഷ്പാ ഇന്ദ്രേണ ദേവൈഃ സരഥം ദധാനാഃ |**
**ആ ഗ്നേ യാഹി സഹസ്രം ദേവവന്ദേഃ പരഃ പൂർവൈഃ പിതൃഭിർധമസദ്ഭിഃ ||**

ഹേ അഗ്നേ! സജ്ജനസ്വഭാവരായ യാതൊരു പിതൃക്കൾ ദേവകളോടുകൂടി ആഗതരായി ഹവിസ്സ് സേവിക്കുന്നുവോ, ആ ദേവോപാസകരും, അനുഷ്ഠാനകർത്താക്കളും, പ്രാചീനരും, നവീനരും ഇന്ദ്രനോടുകൂടി രഥാരൂഢരായിരിക്കുന്ന പിതൃക്കളോടുകൂടി അങ്ങും

ആഗതനാകണമേ.

**11. അഗ്നിഷ്വാത്താഃ പിതര ഏഹ ഗഛത സദഃ സദഃ സദത സുപ്രണീതയഃ |**

**അത്താ ഹവീംഷി പ്രയതാനി ബർഹിഷ്യഥാ രയിം സർവവീരം ദധാതന ||**

ഹേ പിതൃക്കളേ! എല്ലാവരും ഇവിടെ ആഗതരായി പ്രത്യേകം പ്രത്യേകം ആസനങ്ങളിൽ ആസനസ്ഥരാകുകയും കുശമേൽ വച്ചിരിക്കുന്ന ഹവ്യത്തെ സേവിക്കുകയും ചെയ്യുവിൻ. അനന്തരം ഞങ്ങൾക്ക് പുത്രപൗത്രാദികളെയും മൃഗങ്ങളാൽ യുക്തമായ ഐശ്വര്യത്തേയും പ്രദാനം ചെയ്യുവിൻ.

**12. ത്വമഗ്ന ഈളിതോ ജാതവേദോവാങ്ഢവ്യാനി സുരഭീണാ കൃത്വീ |**

**പ്രാദാഃ പിതൃഭ്യഃ സ്വധയാ തേ അക്ഷന്നദ്ധി ത്വം ദേവ പ്രയതാ ഹവീംഷി ||**

ഹേ അഗ്നേ! നീ സർവജ്ഞാനിയാണല്ലോ. നീ ഞങ്ങളുടെ ഹവിസ്സിനെ സുഗന്ധിതമാക്കി പിതൃക്കൾക്കു പ്രദാനം ചെയ്തുവല്ലോ. ഞങ്ങളുടെ ആ പിതൃക്കൾ സ്വധായുക്തമായ ഹവിസ്സിനെസ്വീകരിക്കണേ നീ ഭക്തിപൂർവ്വം സമർപ്പിക്കപ്പെട്ട ഞങ്ങളുടെ ഹവ്യത്തെ സേവിച്ചാലും. എന്തുകൊണ്ടെന്നാൽ ഞങ്ങൾ നിന്നെ സ്തുതിച്ചിരിക്കുന്നു.

**13. യേ ചേഹ പിതരാ യേ ച നേഹ യാംശ്ച വിദ്മയാം ഉ ച ന പ്രവിദ്മ |**

**ത്വം വേത്ഥ യതി തേ ജാതവേദഃ സ്വധാമിർയജ്ഞം സുകൃതം ജൂഷസ്വ ||**

ഹേ സർവവ്യാപകനായ അഗ്നേ! ഇവിടെ വന്നിട്ടുള്ളവരും, വരാത്തവരും, ഞങ്ങൾക്കു പരിചിതരും അപരിചിതരുമായ എത്ര പിതൃക്കളുടോ നീ അവരെയെല്ലാം അറിയുന്നു. ഹേ പിതൃക്കളേ! ഈസ്വധാ യുക്തമായ യജ്ഞത്താൽ തൃപ്തിപ്രാപിക്കുവിൻ.

**14. യേ അഗ്നിദഗ്ധാ യേ അനഗ്നിദഗ്ധാ മധ്യേ ദിവഃ സ്വധയാ മാദയന്തേ |**

**തേഭിഃ സ്വരാളസുനോരിമേതാം യഥാവശം തന്വം കല്പയസ്വ ||**

ഹേ അഗ്നേ! യാതൊരു പിതൃക്കളുടെ ദാഹസംസ്ക്കാരം നടക്കാതിരിക്കുന്നുവോ, സ്വർഗ്ഗലോകത്തിൽ അവരെല്ലാം സ്വധയാൽ തൃപ്തരാകുന്നു. അങ്ങ് അവരിൽനിന്നും സുഗന്ധിതനായി അവരുടെ ശരീരങ്ങൾക്ക് ദേവത്വം കൊടുപ്പിച്ചാലും.

## സൂക്തം 16

**ഋഷി യമപുത്രൻ ദമനൻ ദേവത അഗ്നി ഛ ന്ദസ് ത്രിഷ്ടുപ് അനുഷ്ടുപ്**

**1. മൈനമഗ്നേ വി ദഹോ മാമി ശോചോ മാസ്യ ത്വചം ചിക്ഷിപോമാ ശരീരം |**

**യദാ ശൃതം കൃണവോ ജാതവേദോഥേമേനം പ്ര ഹിണുതാത്പിതൃഭ്യഃ ||**

ഹേ അഗ്നേ! ഈ മൃതപുരുഷനെ കഷ്ടപ്പെടുത്തരുത്. ഇവന്റെ ദേഹത്തെ ഛിന്നഭിന്നമാക്കരുത്. അങ്ങയുടെ ജ്വാലകൾ ഇവന്റെ ദേഹത്തെ ഭസ്മീകരിക്കുവാൻ തുടങ്ങുമ്പോൾ പിതൃക്കളുടെ അടുക്കലേക്ക് ഇവനെ അയക്കണം.

**2. ശൃതം യദാ കരസി ജാതവേദോഥേമേനം പരിദത്താത്പിതൃഭ്യഃ |**

**യദാഗഛാത്യ സുനീതിമേതാമഥാ ദേവാനാം വശനീർഭവാതി ||**

ഹേ അഗ്നേ! ഈ മൃതകനെ നീ ദഹിപ്പിക്കുവാൻ തുടങ്ങുമ്പോൾ പിതൃക്കളെ ഏൽപ്പിക്കണം. ഇവൻ വീ‌ും പ്രാണവാനാകുമ്പോൾ ദേവകളുടെ ആശ്രയത്തിൽ വസിക്കും.

**3. സൂർയം ചക്ഷുർഗഛതു വാതു വംതമാത്മാ ദ്യാം ച ഗച്ഛ പൃഥിവീം ച ധർമണാ |**

**അപോ വാ ഗഛ യദി തത്ര തേ ഹിതമോഷധീഷു പ്രതി തിഷ്ഠാ ശരീരൈഃ ||**

ഹേ മൃതപുരുഷാ! നിന്റെ ശ്വാസം വായുവിൽ ലയിക്കട്ടെ നിന്റെ നേത്രങ്ങൾ സൂര്യനിൽ ചേരട്ടെ. നിന്റെ പുണ്യകർമ്മങ്ങളുടെ ഫലം അനുഭവിക്കുന്നതിനുവേ‌ി സ്വർഗ്ഗത്തിലോ, ഭൂമിയിലോ, ജലത്തിലോ വസിച്ച് നിന്റെ ശരീരത്തിന്റെ അംശം വനസ്പതികളിൽ വ്യാപിക്കട്ടെ.

**4. അജോഭാഗസ്തപസാ തം തപസ്വ തം തേ ശോചിസ്തപതു തം തേ അർചിഃ |**

**യാസ്തേ ശിവാസ്തന്വോ ജാതവേദസ്താമിർവ ഹൈനം സുകൃതാമു ലോകം ||**

ഹേ അഗ്നേ! ഈ ദേഹധാരിയുടെ ദേഹത്തിൽ യാതൊന്ന് അജൻമാവായിരിക്കുന്നുവോ അതിനെ നിന്റെ ജ്വാലകളാൽ തപിപ്പിച്ചാലും. കല്യാണമയികളായ നിന്റെ ജ്വാലകളാൽ ഇവനെ പുണ്യലോകം പ്രാപിച്ചാലും.

**5. അവ സൃജ പുനരഗ്നേ പിതൃഭ്യോ യസ്ത ആഹുതശ്ചരതി സ്വധാഭിഃ |**

**ആയു വസാന ഉപ വേതു ശേഷഃ സഗഛതാം തന്വാജാതവേദഃ ||**

ഹേ അഗ്നേ! നീ യജ്ഞത്തിൽ സമർപ്പിതമായ ഹവിസ്സിനെ സേവിക്കുന്ന സ്വന്തം രൂപത്തെ പിതൃക്കളിലേയ്ക്ക് പ്രേരിപ്പിച്ചാലും. ഇതിന്റെ അവശിഷ്ടം ആയുസ്സുള്ള പ്രാണവാനാകട്ടെ. ഹേ അഗ്നേ! ഈ മൃതനായ വ്യക്തി പുനർജൻമം പ്രാപിക്കണേ.

**6. യത്തേ കൃഷ്ണഃ ശകുന ആതുതോദ പിപീലഃ സർപ ഉത വാ ശ്വാപദഃ |**

**അഗ്നിഷദ്ധിശ്വാദഗദംകൃണോതു സോമശ്ച യോ ബ്രാഹ്മണാം ആവിവേശ ||**

ഹേ മൃതകാ! നിന്റെ ദേഹത്തിന്റെ യാതൊരവയവത്തെ കാക്കയോ, എറുമ്പോ, സർപ്പമോ കൊത്തിപ്പറിച്ചിട്ടുങ്കെിൽ അഗ്നിദേവൻ അവയെ പീഡാരഹിതമാക്കണേ. സോമവും അവയെ ദോഷരഹിതമാക്കണേ.

**7. അഗ്നേർവർമ പരി ഗോഭിവ്യയസ്വ സം പ്രോർണുഷ്വ പീവസാ മേദസാ ച |**

**നേത്ത്വാ ധൃഷ്ണുർഹരസാ ജൂർഹൃഷാണോ ദധൃഗ്വിധക്ഷ്യൻപര്യങ്ഖ യാതേ ||**

ഹേ മൃതകാ! നീ നിന്റെ മേദസ്സാലും, മാംസത്താലും, പരിപൂർണ്ണനാകുകയും അഗ്നിശിഖാരൂപമായ കവചം ധരിക്കുകയും ചെയ്യൂ. നീ ഇപ്രകാരം ചെ യ്താൽ നിന്ന ദഹിപ്പിക്കുവാൻ വരുന്ന അഗ്നി

നിന്നെ പൂർണ്ണമായും ദഹിപ്പിക്കുകയില്ല.

**8. ഇമ മഗ്നേ ചമസം മാ വി ജിഹ്വരഃ പ്രിയോ ദേവാനാമുത സോമ്യാനാം |**
**ഏഷ യശ്ചമസോ ദേവപാനസ്തസ്മിവാം അമൃതാ മദയന്തേ ||**

ഹേ അഗ്നേ! ഈ ചമസം സോമപാനികളായ ദേവകൾക്കാനന്ദം നൽകുന്നു. നീ ഇതിനെ നശിപ്പിക്കരുത്. ദേവകളെ കുടിപ്പിക്കുന്ന ഈ ചമസത്തെ കാൽ തന്നെ അവർ മത്തരുമാകുന്നു.

**9. ക്രവ്യാദമഗ്നിം പ്ര ഹിണോമി ദൂര യമരാജ്ഞോ ഗച്ഛതു രിപ്രവാഹഃ |**
**ഇഹൈവായ മിതരോ ജാതവേദാ ദേവേഭ്യോ ഹവ്യം വഹതു പ്രജാനൻ ||**

മാംസഭക്ഷിയായ അഗ്നി യമന്റെ സാമീപ്യം പ്രാപിക്കട്ടെ. സുവിദിതനായ മറ്റെ അഗ്നി നമ്മുടെ ഹവിസ്സുകളെ ദേവകളുടെ അടുക്കലെത്തിക്കട്ടെ.

**10. യോ അഗ്നിഃ ക്രവ്യാത്പ്രവിവേശ വോ ഗൃഹമിമം പശ്യന്നിതരം ജാതവേദസം |**
**തം ഹരാമി പിതൃയജ്ഞായ ദേവം സ ധർമമിന്വാത്പരമേ സധസ്ഥേ ||**

മാംസഭോജിയായ യാതൊരുത്തൻ ചിതയിൽ വസിക്കുന്നുവോ, അവനെ ഞ ാൻ നിങ്ങളുടെ അടുക്കൽ നിന്നും ദൂരേയ്ക്കകറ്റുന്നു, ഇതിൽ നിന്നും ഭിന്നനും, മേധാവിയുമായ അഗ്നിയെ ഞാൻ പിതൃക്കൾക്കുള്ള യജ്ഞത്തിനുവേ ി സ്വീകരിക്കുന്നു. അവൻ നമ്മുടെ യജ്ഞത്തെ സ്വർഗ്ഗത്തിൽ കൊ ു ചെല്ലണേ.

**11. യോ അഗ്നിഃ ക്രവ്യവാഹനഃ പിതൄന്യക്ഷദൃതാവൃധഃ |**
**പ്രേദു ഹവ്യാനി വോചതി ദേവേഭ്യശ്ച പിതൃഭ്യ ആ ||**

യജ്ഞവർദ്ധകനും ശ്രാദ്ധദ്രവ്യവാഹകനും ആയ അഗ്നി ദേവകളേയും പിതൃക്കളേയും ആഹ്വാനം ചെയ്യുകയും ഹവ്യാദികളെ അവരുടെയടുക്കലെത്തിക്കുകയും ചെയ്യുന്നു.

**12. ഉശന്തസ്ത്വാ നി ധീമഹ്യുശന്തഃ സമിധീമഹി |**
**ഉശന്നശത ആ വഹ പിതൄൻഹവിഷേ അത്തവേ ||**

ഹേ അഗ്നേ! നിന്റെ വിധിപൂർവ്വം പ്രതിഷ്ഠിക്കുകയും വിധിപൂർവം ജ്വലിപ്പിക്കുകയും ചെയ്യാം. നീ യജ്ഞകാമരായ ദേവകളുടേയും പിതൃക്കളുടേയും അടുക്കൽ ഹവിസ്സെത്തിക്കുന്നു.

**13. യം ത്വമഗ്നേ സമദഹസ്തമു നിർവാ പയാ പുനഃ |**
**കിയാമ്ബ്വത്ര രോഹതു പാകദൂർവാ വ്യല്കശാ ||**

ഹേ അഗ്നേ! നീ യാതൊന്നിനെ ദഹിപ്പിച്ചുവോ, അതിനെ ശാന്തമാക്കിയാലും, ഇവിടെ ശാഖകളോടുകൂടിയ പുല്ലും, ജലവും ഉ ായിവരണേ.

**14. ശീതികേ ശീതികാവതി ഹ്ലാദികാവതി |**
**മണ്ഡൂക്യാ സു സംഗമ ഇമം സ്വഗ്നിം ഹർഷയ ||**

ഹേ ശീതളവനസ്പതികളോടുകൂടിയ പൃഥ്വി! നിങ്ങൾ ശീതളയെ ധരിച്ചാലും. നിങ്ങൾ ആനന്ദമയികളായ ഔഷധികളാൽ സമ്പന്നയും സ്വയം മംഗളമയിയും ആണല്ലോ. അഗ്നിയെ തൃപ്തനാക്കി, തവളകളുടെ ഇച്ഛാനുകൂലമായി വൃഷ്ടിയെ കിട്ടുമാറാക്കിയാലും.

## അനുവാകം 2 സൂക്തം 17

**ഋഷി യമപുത്രൻ ദേവശ്രവസ് ദേവത സൂര്യൻ, സരസ്വതി, ജലം, സോമം ഛന്ദസ് ബൃഹതി, അനുഷ്ടുപ്**

**1. ത്വഷ്ടാ ദുഹിത്രേ വഹതും കൃണോതീതീദം വിശ്വം ഭുവനം സമേതി |**
**യമസ്യ മാതാ പര്യുഹ്യമാനാ മഹോ ജായാ വിവസ്വതോ നനാശ ||**

ത്വഷ്ടാവ് തന്റെ മകളുടെ വിവാഹം നടത്തുന്നു. അതിൽ പങ്കുചേരുന്നതിനായി വിശ്വത്തിലുള്ള എല്ലാവരും വന്നുചേർന്നു. അങ്ങിനെ യമന്റെ മാതാവായ സരണ്യുവിന്റെ പാണിഗ്രഹണം നടന്നു. അപ്പോൾ സൂര്യപത്നി എങ്ങോ മറഞ്ഞു.

**2. അപാഗൂഹന്നമൃതാം മർത്യേഭ്യഃ കൃത്വീ സവർണാമദദുർവിവസ്വതേ |**
**ഉതാശ്വിനാവഭരദ്യത്ത ദാസീദജഹാദു ദ്വാ മിഥുനാ സരണ്യുഃ ||**

സരണ്യു മനുഷ്യരുട ഇടയിൽ മറയ്ക്കപ്പെട്ടു, അപ്പോൾ അവളേപ്പോലെയുള്ള രൂപവതിയായ ഒരു സ്ത്രീയെ സൃഷ്ടിച്ച് സൂര്യനു നൽകി. അശ്വരൂപിണിയായ സരണ്യ അശ്വിനികളെ ഗർഭം ധരിക്കുകയും ഇരട്ടക്കുട്ടികളെ പ്രസവിക്കുകയും ചെയ്തു.

**3. പൂഷാ ത്വേതശ്ച്യാവയതു പ്ര വിദ്വാനനഷ്ടപശുർമുവനസ്യ ഗോപാഃ |**
**സ ത്വൈതേഭ്യഃ പരി ദദത്പിതൃഭ്യോഗ്നിർദേവേഭ്യഃ സുവിദത്രിയേഭ്യഃ ||**

ഹേ മേധാവിയായ പുരുഷാ! ലോകത്തിന്റെ പാലകനായ പൂഷാവ് നിങ്ങൾക്ക് ശ്രേഷ്ഠമായ ലോകം പ്രാപ്തമാക്കണേ. അഗ്നി ദേവൻ നിങ്ങളെ ധനവർഷകരായ ദേവകളുടെ അടുക്കൽ എത്തിക്കട്ടെ.

**4. ആയുർവിശ്വായുഃ പരി പാസതി ത്വാ പൂഷാ ത്വാ പാതു പ്രപഥേ പുരസ്താത് |**
**യത്രാസതേ സുകൃതോ യ ത്ര തേയയുസ്തത്ര ത്വാ ദേവഃ സവിതാ ദധാതു ||**

നിങ്ങളാഗ്രഹിക്കുന്ന സ്ഥാനം നൽകുന്നവനായ പൂഷാവ് സമ്പൂർണ്ണമായ വിശ്വത്തിന്റെ പ്രാണരൂപമാകുന്നു. അവൻ നിങ്ങളുടെ പ്രാണനെ രക്ഷിക്കുമാറാകണേ. സവിതാദേയൻ നിങ്ങളെ പുണ്യവാൻമാരുടെ ലോകത്തിൽ ചേർക്കണേ.

**5. പൂഷേമാ ആശാ അനു വേദ സർവാഃ സോ അസ്മാം അഭയതമേന നേഷത് |**
**സ്വസ്തിദാ ആഘൃണിഃ സർവവീരോപ്രയുച്ഛൻപുര ഏതു പ്രജാനൻ ||**

മംഗളദായകനായ പൂഷാവ് സകലദിക്കുകളുടേയും ജ്ഞാതാവാകുന്നു. അവൻ നമ്മേ ഭയരഹിതമാർഗ്ഗങ്ങളിൽക്കൂടി നയിക്കണേ. തേജസ്വിയായ അവനോടുകൂടി എല്ലാ യോദ്ധാക്കളുമുല്ലോ. അതിനാൽ നാക്കു സുപരിചിതനായ ആ ദേവൻ നമ്മുടെ മുമ്പിലായി പോകുവാൻ കൃപചെയ്യണേ.

**6. പ്രപഥേ പഥാമജനിഷ്ട പൂഷാ പ്രപഥേ ദിവഃ പ്രപഥേ പൃഥിവ്യാഃ |**
**ഉഭേ അഭി പ്രിയതമേ സധസ്ഥേ ആ ച പരാ ച ചരിത**

**പ്രജാനൻ ||**

പൂഷാദേവൻ ആകാശത്തിന്റെയും ഭൂമിയുടെയും മധ്യേ സ്ഥിതിചെയ്യുന്ന ഉത്കൃഷ്ടമായ മാർഗ്ഗത്തിൽ ദർശനം നൽകിയിരിക്കുന്നു. തന്നോടു ബന്ധപ്പെട്ടതും, അതുപോലെ പരസ്പരം ചേർന്നിരിക്കുന്നതുമായ ആകാശത്തേയും ഭൂമിയേയും വിശേഷരൂപത്തിൽ പൂർണ്ണമാക്കുന്നു.

**7. സരസ്വതീം ദേവയന്തോ ഹവന്തേ സരസ്വതീമധ്വരേ തായമാനേ |**

**സരസ്വതീം സുകൃതോ അഹ്വയന്ത സരസ്വതീ ദാശുഷേ വാര്യം ദാത് ||**

ദേവകൾക്കു വേി യജ്ഞം നടത്തുന്ന യജമാനൻ സരസ്വതിയെ ആഹ്വാനം ചെയ്യുകയും പൂജിക്കുകയും ചെയ്യുന്നു. വിസ്തൃതമായ ദേവയജ്ഞം ആരംഭിക്കുമ്പോൾ ശ്രേഷ്ഠകർമ്മികൾ സരസ്വതിയെ ആഹ്വാനം ചെയ്യുന്നു. ആ സരസ്വതീദേവി ദാനശീലനായ യജമാനന്റെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കണേ .

**8. സരസ്വതി യാ സരഥം യയാഥ സ്വധാഭിർദേവി പിതൃഭിർമദന്തീ |**

**ആസദ്യാസ്മിൻബർഹിഷി മാദയസ്വാനമീവാ ഇഷ ആ ധേഹ്യസ്മേ ||**

ഹേ സരസ്വതീ! ദേവി പിതൃക്കളോടുകൂടി ഒരേരഥത്തിൽ രൂഢയായി ആഗതയാവുകയും സന്തോഷത്തോടുകൂടി ഹവ്യാദികളെ ഉപഭോഗം ചെയ്യുകയും ചെയ്താലും ഞങ്ങളുടെ യജ്ഞത്തിൽ ആഗതയായി ആരോഗ്യവും അന്നവും പ്രദാനം ചെയ്യേണമേ.

**9. സരസ്വതീം യാം പിതരോ ഹവന്തേ ദക്ഷിണാ തജ്ഞമഭിനക്ഷമാണാഃ |**

**സഹസ്രാർദമിളോ അത്ര ഭാഗം രായസ്പോഷം യജമാനേഷു ധേഹി ||**

ഹേ സരസ്വതീ! യജ്ഞവേദിയുടെ ദക്ഷിണഭാഗത്തിരുന്നുകൊ് പിതൃക്കൾ ദേവിയെ ആഹ്വാനം ചെയ്യുന്നു. ഈ യജ്ഞം നടത്തുന്ന യജമാനനുവേി ദിവ്യമായ അന്നവും, ശ്രേഷ്ഠമായ ധനവും ഉല്പാദിപ്പിക്കണമേ.

**10. ആപോ അസ്മാൻമാതരഃ ശുന്ധയന്തു ഘൃതേന നോ ഘൃതപ്വഃ പുനന്തു |**

**വിശ്വം ഹി രിപ്രം പ്രവഹന്തി ദേവീരുദിദാഭ്യഃ ശുചിരാ പൂത ഏമി ||**

മാതാവിനെപ്പോലെ പോഷകമായ ജലം നമ്മെ പവിത്രമാക്കണേ. ഘൃതരൂപമായ ജലം നമ്മുടെ അഴുക്കുകളെ കഴുകിക്കളയണേ. ജലദേവത നമ്മുടെ പാപങ്ങളെ ഒഴുക്കിക്കളയണേ. ജലത്താൽ പവിത്രരായ നാം അശുദ്ധരാകാതിരിക്കട്ടെ.

**11. ദ്രപ്സശ്ചസ്കന്ദ പ്രഥമാം അനു ദ്യൂനിമം ചയോനി മനു യശ്ച പൂർവഃ |**

**സമാനം യോനിമനു സഞ്ചരന്തം ദ്രപ്സം ജുഹോഗ്യനു സപ്ത ഹോത്രാഃ ||**

ഈ യജ്ഞസ്ഥാനത്ത് ശ്രേഷ്ഠമായ രസത്തോടുകൂടിയ ഉജ്ജ്വലമായ സോമം സ്രവിച്ചുകൊിരിക്കുന്നു. ഏഴ് യജ്ഞകർത്താക്കൾ രസരൂപമായ ആ സോമത്തെ ആഹുതി നൽകുന്നു.

**12. ഷസ്തേ ദ്രപ്സഃ സ്കന്ദതി യസ്തേ അംശുർബാഹുച്യുതോ ധിഷണായാ ഉപസ്ഥാത് |**

**അധ്വര്യോർവാ പരി വാ യഃ പവിത്രാത്തം തേ ജുഹോമി മനസാ വഷട്കൃതം ||**

ഹേ സോമമേ! പിഴിയുന്ന പലകകളുടെ സമീപത്തുവീഴുന്ന നിങ്ങളുടെ അംശത്തെ, അരിപ്പയിലാരൂഢമായ നിങ്ങളുടെ അവയവങ്ങളെ, അല്ലെങ്കിൽ ബിന്ദുക്കളായി പതിക്കുന്ന നിങ്ങളുടെ രസത്തെ നമസ്ക്കരിച്ചുകൊ് ഞങ്ങൾ യജ്ഞം നടത്തുന്നു.

**13. യസ്തേ ദ്രപ്സഃ സ്കന്നോ യസ്തേ അംശുരവശ്ച യഃ പരസ്രുചാ |**

**അയം ദേവോ ബൃഹസ്പതിഃ സം തം സിഞ്ചതു രാധസേ ||**

ഹേ സോമമേ! സ്വകം എന്ന പാത്രത്തിന്റെ താഴെ പതിക്കുന്ന നിന്റെ അംശത്തെ അല്ലെങ്കിൽ പുറത്തു പോകുന്ന നിന്റെ രസത്തെ ഞങ്ങൾക്കു ധനം ലഭിക്കുന്നതിനുവേി ബൃഹസ്പതി പ്രാപിക്കണേ.

**14. പയസ്വതീരോഷധയഃ പയസ്വൻമാമകം വചഃ |**

**അപാം പയസ്വദിത്പയസ്തേന മാ സഹ ശുന്ധത ||**

വനസ്പതികൾ പാലുപോലുള്ള തരളരസത്താൽ സമ്പന്നരാകുന്നു. അതുപോലെ തന്നെ ഞങ്ങളുടെ സ്തുതികൾ പാലുപോലുള്ള മധുരമൊഴിയാൽ യുക്തമാകുന്നു. ഈ പദാർത്ഥങ്ങളിലെല്ലാം ഞങ്ങളെ ശുദ്ധീകരിച്ചാലും.

## സൂക്തം 18

**ഋഷി യമപുത്രൻ സംകുസുകൻ ദേവത മൃത്യു, ത്വഷ്ടാവ്, ദാതാവ്, പിതൃമേധാവ്, പ്രജാപതി ഛന്ദസ് ത്രിഷ്ടുപ്, പംക്തി, അനുഷ്ടുപ്.**

**1. പരം മൃത്യോ അനു പരേഹി പന്ഥാം യസ്തേ സ്വ ഇതരോ ദേവയാനാത് |**

**ചക്ഷുഷ്മതേ ശൃണ്വതേ തേ ബ്രവീമിമാനഃ പ്രജാം രീരിഷോ മോത വീരാൻ ||**

ഹേ മൃത്യു! നീ ദേവയാന മാർഗ്ഗത്തിൽക്കൂടിയല്ലാതെ സഞ്ചരിച്ചാലും. ഞങ്ങളുടെ പുത്രപൗത്രാദികളേയും, വീരൻമാരേയും ഹിംസിയ്ക്കരുതേ എന്ന് ഞാൻ നിന്നോടപേക്ഷിക്കുന്നു. നീ കണ്ണുള്ളവനും എല്ലാം അറിയുന്നവനുമാണല്ലോ.

**2. മൃത്യോഃ പദം യോപയന്തോ യദൈത ദ്രാഘീയആയുഃ പ്രതരം ദധാനാഃ |**

**ആപ്യായമാനാഃ പ്രജയാ ധനേന ശുദ്ധാഃ പൂതാ ഭവത യജ്ഞിയാസഃ ||**

ഹേ മൃതന്റെ കുടുംബക്കാരേ! നിങ്ങൾ ദേവയാന മാർഗ്ഗം ഉപേക്ഷിക്കുവിൻ; എന്നാൽ നിങ്ങൾ ദീർഘജീവികളായിത്തീരും. ഹേ യഷ്ടാക്കളേ! നിങ്ങൾ പുത്രപൗത്രാദികളോടും, മൃഗാദി സമ്പത്തുകളോടും കൂടി സുഖം പ്രാപിക്കുകയും പൂർവ്വജൻമത്തിന്റെ അഥവാ ഈ ജൻമത്തിന്റെ എല്ലാപാപങ്ങളിൽ നിന്നും മുക്തരാകുകയും ചെയ്യുവിൻ.

**3. ഇമേ ജീവാ വിഃ മൃതൈരാവവൃത്രന്നഭൂദ്ഭദ്രാ ദേവഹൂതിർനോ അദ്യ |**

**പ്രാഞ്ചോഅഗാമനൃതയേ ഹസായ ദ്രാഘീയ ആയുഃ പ്രതരം ദധാനാഃ ||**

നമ്മുടെ ഈ പിതൃമേധ യജ്ഞം മംഗളകരമാകണേ. ജീവിക്കുന്നവർ മരിക്കുന്നവരിൽ നിന്നും മടങ്ങിവരണേ. നാം എല്ലാ ക്രീഡകൾക്കും സാമർത്ഥ്യം പ്രാപിക്കുകയും ദീർഘജീവികളാകയും ചെയ്യണേ.

**4. ഇമം ജീവേഭ്യഃ പരിധിം ദധാമിമൈഷാം നു ഗാദപരോ അർഥമേതം |**
**ശതം ജീവന്തു ശരദഃ പുരുചീരന്തർമൃത്യും ദധാതാം പർവതേന ||**

പുത്രപൗത്രാദികളെ മരണമാർഗ്ഗത്തിൽ നിന്നും രക്ഷിക്കുന്നതിന്, മൃത്യുവിനെ തടയുന്നതിന് ഒരതിർത്തിക്കല്ലു ഞാൻ നാട്ടുന്നു. ഇവരെല്ലാം ഈ കൽക്കുറ്റി വഴിയായി ശതായുഷ്മാൻമാരായി ഭവിയ്ക്കണേ.

**5. യഥാഹാന്യനുപൂർവം ഭവന്തി യഥ ഋതവ ഋതുഭിർയന്തി സാധു |**
**യഥാ ന പൂർവമപരോ ജഹാത്യേവാ ധാതരായൂംഷി കല്പയൈഷാം ||**

പകൽ പോവുകയും വരികയും ചെയ്യുന്നു. അതുപോലെ തന്നെ ഋതുക്കളും പോവുകയും വരികയും ചെയ്യുന്നു. പൂർവപങ്കുഷൻമാർ ജീവിച്ചിരിക്കെ പുത്രാദികൾ മരിക്കാതിരിക്കുന്നതു പോലെ ഹേ വിധാതാവേ! ഞങ്ങളുടെ ആയുസ്സിനെ അകാലത്തിൽ ക്ഷീണിക്കുവാനനുവദിക്കരുതേ.

**6. ആ രോഹതായുർജരസം വൃണാനാ അനുർവം യുതമാനാ യതിഷ്ഠ |**
**ഇഹ ത്വഷ്ടാ സുജനിമാ സജോഷാ ദീർഘമായുഃ കരതി ജീവസേ വഃ ||**

ഹേ മൃതകന്റെ പുത്രൻമാരേ! ബന്ധുക്കളേ! നിങ്ങൾ സ്വന്തം ആയുസ്സിൽ ജീവിച്ചുകൊ് ജ്യേഷ്ഠനുശേഷം അനുജൻ എന്നീ ക്രമത്തിൽ കാര്യങ്ങൾ നടത്തുവിൻ. ഹേ ത്വഷ്ടാ ദേവാ! ശ്രേഷ്ഠജൻമാവായ നീ ഈ മനുഷ്യർക്ക് ദീർഘായുസ്സ് നൽകേണമേ.

**7. ഇമാ നാരീരവിധവാഃ സുപത്നീരാഞ്ജനേന സർപിഷാ സം വിശന്തു |**
**അനശ്രവോന മീവാഃ സുരത്നാ ആ രോഹന്തു ജനയോ യോനിമഗ്രേ ||**

സുന്ദരൻമാരായ പതികളോടുകൂടിയ ഈ അവിധകളായ നാരിമാർ നെയ്കൊു കണ്ണെഴുതി തങ്ങളുടെ ഗൃഹം പൂകണേ. ഈ നാരികൾ അശ്രുക്കളെയുപേക്ഷിച്ച് ഐശ്വര്യവതികളായി എല്ലാവരുടെയും മുമ്പിൽ നടന്ന് സ്വന്തം ഭവനത്തിൽ പ്രവേശിക്കണേ.

**8. ഉദീർഷ്വ നാര്യഭി ജീവലോകം ഗാതാസുമേതമുമ ശേഷ ഏഹി |**
**ഹസ്താഗ്യഭസ്യ ദിധിഷോസ്തവേദം മത്യുർജ നിത്വമഭി സം ബഭൂഥ ||**

ഹേ മൃതകന്റെ പത്നീ! നിന്റെ ഈ ഭർത്താവു മൃത്യുവാനെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി നീ ഇവന്റെ അടുത്തിരിക്കുന്നതു വ്യർഥമാണ്. നിന്റെ പുത്രൻമാരേയും വീടിനേയും വിചാരിച്ചുകൊ് എഴുന്നേൽക്കൂ. നിന്റെ ഈ പതിയോടുകൂടി ഗർഭധാരണാദികളായി സ്ത്രീകൾക്കുള്ള കർത്തവ്യങ്ങൾ നിറവേറ്റിക്കഴിഞ്ഞിരിക്കുന്നു. ഇവന്റെ പ്രാണൻ വിട്ടുപിരിഞ്ഞവിവരവും നീ അറിഞ്ഞിരിക്കുന്നു. അതിനാൽ ഭവനത്തിലേയ്ക്കു മടങ്ങിപ്പോകും.

**9. ധനുർഹസ്താദാദദാനോ മൃതസ്യാസ്മേ ക്ഷത്രായ വർചസേ ബലായ |**
**അത്രൈവ ത്വമിഹ വയം സുവീരാ വിശ്വാഃ സ്പൃധോ അഭിമാതീർജയേമ ||**

സന്താനാദികളുടെ രക്ഷയ്ക്കും, തേജസ്സിനും, ബലത്തിനുംവേി മൃതകന്റെ കർമ്മങ്ങളിൽ നിന്നും ഞാൻ വില്ല് ഊരിയെടുക്കുന്നു. ഞങ്ങൾ വീരസന്താനങ്ങളോടുകൂടിയവരും, ഞങ്ങളുടെ അഹങ്കാരികളായ വൈരികളെ പരാജയപ്പെടുത്തുന്നവരും ആകണേ. ഹേ മൃതകാ! നീ ഇവിടെത്തന്നെ വസിച്ചുകൊള്ളൂ.

**10. ഉപ സർപ മാതരം ഭൂമിമേതാമുരുവ്യപസം പൃഥിവീം സുശേവാം |**
**ഊർണമ്രദാ യുവതിർദക്ഷിണാവത ഏഷാ ത്വാ പാതു നിർഋതേരുപസ്ഥാത് ||**

ഹേ മൃതക! ഈ ഭൂമി നിനക്ക് മാതാവിനു തുല്യയാണ്, അതിനാൽ നീ സുഖദായിനിയായ, മഹിമാമയിയായ ഈ ഭൂമിയുടെ അങ്കത്തിലേയ്ക്കുതന്നെ പോവുക ഇവർ നിനക്കു കോമള സ്പർശിനിയാകണേ. നീ നടത്തിയിരുന്ന യജ്ഞാദി ഉത്തമകർമ്മങ്ങളുടെ ഫലരൂപമായി ഈ ഭൂമി നിന്നെ എല്ലാ പ്രകാരത്തിലും രക്ഷിക്കട്ടെ.

**11. അച്ച്വഞ്ചസ്വ പൃഥിവി മാ നിബാധഥാഃസൂപായനാ സ്മൈ ഭവ സൂപവഞ്ചനാ |**
**മാതാ പുത്രം യഥാ സിചഭ്യേനം ഭൂമ ഊർണുഹി ||**

ഹേ പൃഥ്വീ! ഈ മൃതനെ ദുഃഖത്തിൽനിന്നും രക്ഷപ്പെടുത്തുവാൻ അവനെ മുകളിലേക്കാക്കേണമേ. നിങ്ങൾ ഇവന്റെ പരിചാരികയാകേണമേ. ഒരു മാതാവ് തന്റെ പുത്രനെ പുതപ്പിക്കുന്നതുപോലെ ഈ കങ്കാളരൂപനായ മൃതനെ സ്വന്തം തേജസ്സുകൊു പുതപ്പിച്ചാലും.

**12. ഉച്ഛ്വഞ്ചമാനാ പൃഥിവീ സു തിഷ്ഠതു സഹസ്രം മിത ഉപ ഹി ശ്രയന്താം |**
**തേ ഗൃഹാസോ ഘൃതശ്ചുതോ ഭവന്തു വിശ്വാഹാസ്മൈ ശരണാഃ സന്ത്വത്ര ||**

ഭൂമി സ്തൂപാകാരയായി ഈ മൃതനെ ആഛാദനം ചെയ്യണേ. അവൾ നിന്റെ അസംഖ്യങ്ങളായധൂളികണങ്ങളെ ഇവന്റെമേൽ വർഷിക്കണേ. ഈ ഭൂമി ഘൃതസമ്പന്നനേപ്പോലെ ഇവന്റെ ആശ്രയദായിനിയായി ഇവനു സുഖം നൽകണേ.

**13. ഉത്തേ സ്തഭ്നാമി പൃഥിവീം ത്വത്പരീമം ലോഗം നിദധൻമോ അഹം രിഷം |**
**ഏതാം സ്ഥൂണാം പിതരോ ധാരയ ന്തുതേത്രാ യമഃ സാദനാ തേ മിനോതു ||**

ഹേ കങ്കാളമേ! ഞാൻ നിനക്കു മുകളിൽ മണ്ണമർത്താം. നിന്റെ മീതേ ഈ മണ്ണുരുളുവെച്ച ഞാൻ നിന്നെ ദ്രോഹിയ്ക്കയില്ല. നിന്റെ ഈ തൂൺ പിതൃക്കളുറപ്പിക്കട്ടെ. യമൻ നിന്റെ ഇരിപ്പിടത്തിങ്കൽ സദനങ്ങൾ നിർമ്മിക്കട്ടെ.

**14. പ്രതീചീനേ മാമഹനീഷ്വാഃ പർണമിവാ ദധുഃ |**
**പ്രതീചീം ജഗ്രഭാ വാചമശ്വം രശ്നയാ യഥാ ||**

ഹേ പ്രജാപതേ! അമ്പിന്റെ തിൽതൂവൽ ഘടിപ്പിച്ചിരിക്കുന്നതുപോലെ, എന്നെ ദേവകൾ സംവത്സരരൂപമായ ദിവസത്തിൽ സംകുസുകമഹർഷി പ്രതിഷ്ഠിച്ചിരിക്കുന്നു. കടിഞ്ഞാൺ കുതിരകളെ നിയന്ത്രിക്കുന്നതുപോലെ അങ്ങ് എന്റെ സ്തുതികളെ ഗ്രഹിച്ചാലും.

# അദ്ധ്യായം 7

## സൂക്തം 9

**ഋഷി യമപുത്രൻ മഥിതനോ വരുണപുത്രൻ ഭൃഗുവോ, ഭൃഗുപുത്രൻ ച്യവനനോ ദേവത തണ്ണീര്, പൈക്കൾ, അഗ്നി സോമം, ഛന്ദസ് അനുഷ്ടുപ്, ഗായത്രി.**

**1. നിവർത്തധ്വം മാനു ഗാതാസമാൻസ്തിത്ഷക്ത രേവതീഃ |**

**അഗ്നീഷോമൌ പുനർവസു അസ്മേ ധാരയതം രയിം ||**

ഹേ ഗോക്കളേ! നിങ്ങൾ ഞങ്ങളെ ഉപേക്ഷിച്ച് മറ്റാരുടെ അടുക്കലേക്കും പോകരുതേ. നിങ്ങൾ അന്നധനസമ്പന്നരാണല്ലോ. അതിനാൽ ദുഗ്പ്രദാനത്താൽ ഞങ്ങളെ സേവിക്കുവിൻ. ഹേ അഗ്നേ! നീ വീും വീും ധനം പ്രദാനം ചെയ്യുന്നവനാകുന്നു. അതിനാൽ നീയും സോമനും വീും ഞങ്ങൾക്കു ധനം പ്രദാനം ചെയ്താലും.

**2. പുനരേനാ വർതയ പുനരേനാ ന്യാ കുരു**

**ഇന്ദ്ര ഏണാ നിയഛത്വഗ്നിരേനാ ഉപാജതു**

ഹേ യജമാനനേ! ഈ ഗോക്കളെ എപ്പോഴും ഞങ്ങൾക്കഭിമുഖമാക്കിയാലും. പിന്നെ ഇവയുടെമേൽ അധികാരം നടത്തു. ഇന്ദ്രൻ ഈ ഗോക്കളെ നിങ്ങളുടെ സ്ഥാനത്തു കൊുവരികയും അഗ്നി ഇവകളിൽ പാൽ നിക്ഷേപിക്കുകയും ചെയ്യണേ.

**3. പുനരേതാ നിവർതന്താമസ്മിൻപുഷ്യന്തു ഗോപതൌ |**

**ഇഹൈവാഗ്ന നിധാരയേഹ തിഷ്ഠതു യാ രയിഃ ||**

എന്റെ ഈ ഗോക്കൾ എപ്പോഴും എന്റെ മുമ്പിലുായിരിക്കണേ. ഹേ അഗ്നേ! അങ്ങിവയെ എന്റെ അടുക്കൽ വസിക്കുവാനനുവദിച്ചാലും. അവ ഇവിടെ വസിച്ചു പുഷ്ഠിപ്രാപിക്കട്ടെ.

**4. യന്നിയാനം ന്യയനം സംജ്ഞാനം യത്പരായണം |**

**ആവർതനം നിവർതനം യോ ഗോപാ അപി തം ഹുവേ ||**

ഗോസമ്പമായ തൊഴുത്തിനെ ഞാൻ സ്തുതിക്കുന്നു. അവ വീട്ടിലേക്കു മടങ്ങിവരുന്നതിനും, എല്ലാം ഒന്നിച്ചു ചേരുന്നതിനും ഞാനാഗ്രഹിക്കുന്നു. അവ മേയുവാൻ പോകയും മടങ്ങി വരികയും ചെയ്യണേ. അവയെ മേയ്ക്കുന്ന ഇടയനേയും ഞാൻ സ്തുതിക്കുന്നു.

**5. യ ഉദാനഡ്വ്യയനം യ ഉദാനട്പരായണം |**

**ആവർതനംനിവർത്തനമപി ഗോപാ നിവർ താം ||**

ഗോക്കളെ മേയ്ക്കുന്ന ഇടയൻ അവയെ കുപിടിച്ച് വീട്ടിലേയ്ക്കു കൂട്ടിക്കൊുവരുന്നു, അവൻ ഗോക്കളെ മേയ്ച്ച് സന്തുഷ്ടനായി വീട്ടിലേക്കു തിരിച്ചുവരട്ടെ.

**6. ആ നിർവത നിവർതയ പുനർന ഇന്ദ്ര ഗദേഹി |**

**ജീവാഭിർഭുനജാമഹൈ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ പക്ഷത്തായിരിക്കേണമേ. ഞങ്ങൾക്കു ഗോക്കളെ പ്രദാനം ചെയ്യേണമേ. ഈ ഗോക്കൾ ദീർഘായുസ്സോടു കൂടിയവയാകണേ. ഇവയുടെ പാൽ ഞങ്ങൾക്കുപകാരപ്രദമാകണേ.

**7. പരിവോ വിശ്വതോ ദധ ഊർജാ ഘൃതേന പയസാ |**

**യേ ദേവാഃ കേ ച യജ്ഞിയാസ്തേ രയ്യാ സം സൃജന്തു നഃ ||**

ഹേ യജ്ഞാർഹരായ ദേവകളേ ഘൃതം, അന്നം, ക്ഷീരം എന്നിവകളോടുകൂടിയ ഹവിസ്സിനെ ഞാൻ നിങ്ങളോടുകൂടിയ ഹവിസ്സിനെ ഞാൻ നിങ്ങൾക്കു സമർപ്പിക്കുന്നു. നിങ്ങൾ ഗോക്കൾ മുതലായ ധനം എനിക്കു പ്രദാനം ചെയ്താലും.

**8. ആ നിവർതന വർതയ നിനിവർതന വർതയ |**

**ഭൂമ്യാശ്ചതസ്രഃ പ്രദിശസ്താഭ്യ ഏനാ നിവർതയ ||**

ഹേ ഗോപാലകാ! ഈ ഗോക്കളെ എന്റെ അടുക്കൽകൊുവരു, ഹേ ഗോക്കളെ! നിങ്ങളും ഇങ്ങോട്ടു മടങ്ങിവരുവിൻ. ഞാൻ എവിടെനിന്നും മടക്കിക്കൊുവരും? ഞങ്ങൾ എവിടെനിന്നും മടക്കിക്കൊുവരും? എല്ലാദിക്കുകളിൽനിന്നും ഗോക്കളെ തിരിച്ചുകൊുവരുവിൻ. ഹേ ഗോക്കളേ! നിങ്ങളും എല്ലാദിക്കുകളിൽ നിന്നും മടങ്ങിവരുവിൻ.

## സൂക്തം 20

**ഋഷി വിമദനോ വസുകൃത്തോ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്, ഗായത്രി**

**1. ഭദ്രം നോ അപി വാതയ മനഃ ||**

ഹേ അഗ്നേ! ഞങ്ങളുടെ മനസ്സിനെ സുന്ദരമാക്കു.

**2. അഗ്നിമീളേ ഭുജാ യവിഷ്ഠം ശാസാ മിത്രം ദുർധരീതും |**

**യസ്യ ധർമൻത്സ്വരേജീഃ സപര്യന്തി മാതുരൂധഃ ||**

ഞാനാഗ്നിയെ സ്തുതിക്കുന്നു. ഈ അഗ്നി ഹവിർവാഹകനും, ദേവകളിൽ ശ്രേഷ്ഠനും, നിത്യതരുണനും, ദുർധർഷനും, സഖാവും ആകുന്നു. ഈ അഗ്നിപയസ്വിനിയായ ഗോവിന്റെ അകിടിനെ ആശ്രയിച്ച് പ്രാണനെ നിലനിർത്തുന്നു.

**3. യമാസാ കൃപനീല ഭാഡാകേതും വർധയന്തി |**

**ഭ്രാജതേ ശ്രേണിദൻ ||**

ഈ അഗ്നി കർമ്മങ്ങളുടെ ആശ്രയരൂപനും ജ്വാലാമയനും ആകുന്നു. ജ്ഞാനികൾ ഇദ്ദേഹത്തെ സ്തുതികളാൽ വളർത്തുന്നു. ഈ അഗ്നി സ്തോതാക്കളുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കുകയും ചെയ്യുന്നു.

**4. അര്യോ വിശാം ഗാതുരേതി പ്രയദാൻ ഗദിവോ അന്താൻ |**

**കവിരഭ്രം ദീദ്യാനഃ ||**

യജമാനൻമാരുടെ ആശ്രയദായകനായ അഗ്നി പ്രോജ്വലിതനായി തന്റെ ജ്വാലകളെ ഉയർത്തുമ്പോൾ ആകാശത്തേയും മേഘത്തേയും വളർത്തുന്നു.

**5. ജൂഷദ്ധവ്യാ മാനുഷ്യസ്യോർസ്തധ്വ സ്ഥാവ്യ ഭ്വാ യജ്ഞേ |**

**മിന്വൻത്സദ്മ സമ പുരി ഏതി ||**

അഗ്നിദേവൻ അനേകം ജ്വാലകളോടുകൂടിയവനായി യജമാനന്റെ യജ്ഞത്തിൽ ഹവിസ്സിനെ സേവിച്ചുകൊ് ഉന്നതനായി ഉത്തരവേദിയെക്കടന്ന് മുമ്പേ പോകുന്നു.

**6. സ ഹി ക്ഷേമോ ഹവിര്യജ്ഞഃ ശ്രുഷ്ഠീദസ്യ ഗാതുരേതി |**

**അഗ്നി ദേവാ വാശീമന്തം ||**

അഗ്നി യജ്ഞവും, പുരോഡാശവും ആകുന്നു. അവൻ ദേവകളെ ആഹ്വാനം ചെയ്യുന്നവനും, എല്ലാവരുടേയും പാലകനുമാകുന്നു.

**7. യജ്ഞാസാഹം ദുവ ഇഷേഗ്നിം പൂർവസ്യ ശേവസ്യ**
**അദ്രേഃ സൂനുമായുമാഹുഃ ||**

കല്ലിന്റെ സംഘർഷണത്തിൽ നിന്നും ഉത്ഭവിക്കുന്ന അഗ്നി കല്ലിന്റെ പുത്രൻ എന്നു വിളിക്കപ്പെടുന്നു. അവൻ യജ്ഞത്തെ വളർത്തുന്ന ദേവകളെ ആഹ്വാനം ചെയ്യുന്നു. ഐശ്വര്യമയമായ സുഖപ്രാപ്തിയ്ക്കുവേി ഞാനാ അഗ്നിയെ പൂജിയ്ക്കുന്നു.

**8. നരോ യേ കേ ചാസ്മദാ വിശ്വേത്തേ വാമ ആസ്യുഃ |**
**അഗ്നിം ഹവിഷാ വർധന്തഃ ||**

നമ്മുടെ പുത്രാദികൾ പുരോഡാശാദികളാൽ അഗ്നിയെ വളർത്തുന്നു. ഇവർ ഗോക്കൾ മുതലായ ധനത്തിൽ പ്രതിഷ്ഠിതരാകും.

**9. കൃഷ്ണഃ ശ്വേതോരുഷോ യാമോ അസ്യ ബ്രധ്ന ഋജ്ര**
**ഉത ശോണോ യശസ്വാൻ |**
**ഹിരണ്യരൂപം ജനിതാ ജജാന ||**

കൃഷ്ണവർണ്ണവും, ശുഭ്രവർണ്ണവും കലർന്നുള്ളതും, സരളമായി ചരിക്കുന്നതും, ശ്രേഷ്ഠമായ യശസ്സോടുകൂടിയതും ആയ രഥം അഗ്നിക്കു സഞ്ചരിക്കുവാനുള്ളതാകുന്നു. വിധാതാവ് ആ രഥത്തെ സ്വർണ്ണംപോലെ പ്രകാശിക്കുന്നതായി രചിച്ചിരിക്കുന്നു.

**10. ഏവാ തേ അഗ്നേ വിമദോ മനീഷാമൂർജോഃ**
**നപാദമൃതേഭിഃ സജോഷാഃ |**
**ഗിര ആവക്ഷത്സുമതീ രിയാന ഇഷമൂർജം സുക്ഷിതിം**
**വിശമാഭാഃ ||**

ഹേ അഗ്നേ! നീ വനസ്പതികളുടെ പുത്രനെന്നു വിളിക്കപ്പെടുന്നു. എന്തുകൊന്നൊൽ സമിധകളിൽക്കൂടിയാണല്ലോ നിന്റെ ഉത്ഭവം. നീ നാശരഹിതമമായ ഐശ്വര്യത്തിന്റെ സ്വാമിയാകുന്നു. ഈ സ്തോത്രം ശ്രേഷ്ഠാനാകാംക്ഷിയായ വിമദമഹർഷി രചിച്ചതാണ്. അതിന് ഈ സ്തുതികളെ സ്വീകരിച്ചുകൊ് നീ വിമദനായ എനിക്ക് നല്ല വാസസ്ഥാനവും ശ്രേഷ്ഠമായ ബലവും അന്നാദികളും പ്രദാനം ചെയ്യണേ.

## സൂക്തം 21

**ഋഷി വിമദനോ വസുകൃത്തോ ദേവത അഗ്നി ഛന്ദസ്**
**പംക്തി**

**1. അഗ്നിംന സ്വവൃക്തിഭിർഹോതാരം ത്വാ വൃണീമഹേ |**
**യജ്ഞായ സ്തീർണ ബർഹിഷേ വി വോ മദേ ശീരം പാവ**
**ശോചിഷം വിവക്ഷസേ ||**

ഞങ്ങൾ സ്വരചിതങ്ങളായ സ്തോത്രങ്ങളാൽ ദേവകളെ വിളിക്കുന്നവനായ അഗ്നിയെ ഈ യജ്ഞത്തിൽ വരിക്കുന്നു. ഹേ അഗ്നേ! നീ അങ്ങയുടെ ശ്രേഷ്ഠമായ ജ്വാലകളെ വിമദന്റെ യജ്ഞത്തിൽ പ്രദീപ്തമാക്കിയാലും.

**2. ത്വാമു കേ സ്വാഭുവഃ ശുമ്ഭന്ത്യശ്വരാധസഃ |**
**വേതി ത്വാമുപസേചനീ വി വോ മദ ഋജീതിരഗ്ന**
**ആഹുതിർവിവക്ഷസേ ||**

ഹേ അഗ്നേ! ധനസമ്പന്നനായ യജമാനൻ നിന്നെ പ്രതിഷ്ഠിക്കുന്നു. സരളഗതിയോടുകൂടിയ സ്രവണശീലമായ ഹവിസ്സ് നിന്റെ നേരെ വരുന്നു. എന്തുകൊന്നൊൽ നീ മഹാമഹിമാവാണല്ലോ.

**3. ത്വേ ധർമാണ ആ സതേ ജുഹൂഭിഃ സിഞ്ചതീരിവ |**
**കൃഷ്ണാ രൂപാണ്യർജുനാ വി വോ മദേ വിശ്വാ അധി**
**ശ്രിയോ ധിഷേ വിവക്ഷസേ ||**

ഹേ അഗ്നേ! യജ്ഞനിർവ്വാഹകരായ ഋത്വാജൻമാർ ജലം ഭൂമിയെ നനയ്ക്കുന്നതുപോലെ ഹവനപാത്രങ്ങൾ വഴിയായി നിന്നെ നനയ്ക്കുന്നു. നീ ജ്വാലാരൂപനും; കൃഷ്ണാദിവർണ്ണഭാഷിതനുമായി ദേവകളെ ആനന്ദിപ്പിക്കുന്നു; എന്തുകൊന്നൊൽ നീ മഹാനാണല്ലോ.

**4. യമഗ്നേ മന്യസേ രയിം സഹസാവന്നമർത്യ |**
**തമാ നോ വാജസാതയേ വിവോ മദേ യജ്ഞേഷു ചിത്രമാ**
**ഭരാവിവക്ഷസേ ||**

ഹേ അഗ്നേ! നീ ബലവാനും; നാശരഹിതനുമാണല്ലോ. നീ യാതൊരൈശ്വര്യത്തെ ശ്രേഷ്ഠവുമായിക്കരുതുന്നുവോ, അന്നാദിയുക്തവും ശ്രേഷ്ഠവും ആയ ഐശ്വര്യത്തെ ഞങ്ങൾക്കുവേി കൊുവരേണമേ. ഹേ മഹാനായ അഗ്നേ! നീ എല്ലാ ദേവകളേയും ആ ധനത്താൽ തൃപ്തിപ്പെടുത്തേണമേ.

**5. അഗ്നിർജാതോ അഥർവണാ വിദദ്വിശ്വാനി കാവ്യാ |**
**ഭുവദ്ദൂതോ വിവസ്വതോ വിവോ മദേ പ്രിയോ യമസ്യ**
**കാമതോ വിവക്ഷസേ ||**

എല്ലാ സ്തോത്രങ്ങളും അറിയുന്ന ഈ അഗ്നിയെ അഥർവ്വ മഹർഷി പ്രകടമാക്കിയിരുന്നു. ഹേ അഗ്നേ! ദേവകളെ ആഹ്വാനം ചെയ്യുന്ന യജമാനൻമാരുടെ ദൗത്യകർമ്മം നീ നിർവഹിക്കുന്നു. ഹേ മഹാനായ അഗ്നേ! യജമാനൻ നിന്നെ ഇഷ്ടപ്പെടുന്നു.

**6. ത്വാം യജ്ഞേഷ്വീളതേഗ്നേ പ്രയത്യ ധ്വരേ |**
**ത്വം വസൂനി കാമ്യാ വി വോ മദേ വിശ്വാ ദധാസി ദാശുഷേ**
**വിവക്ഷസേ ||**

ഹേ അഗ്നേ! നീ മഹാനാകുന്നു. എന്തുകൊന്നൊൽ ഹവിസ്സ് ദാനിയായ വിമദന് എല്ലാ പ്രകാരത്തിലുമുള്ള ധനം അങ്ങു പ്രദാനം ചെയ്യുന്നു. യജ്ഞം ആരംഭിക്കുമ്പോൾ ഋത്വിജൻമാരും യജമാനൻമാരും എല്ലാം നിന്നെ സ്തുതിക്കുന്നു.

**7. ത്വാം യജ്ഞേഷ്വൃത്വിജം ചാരുമഗ്നേ നിഷേദിരേ |**
**ഘൃത പ്രതീകം മാനുഷോ വിവോ മദേ ശുക്രം ചേതിഷ്ഠ**
**മക്ഷഭിർവിവക്ഷസേ ||**

ഹേ അഗ്നേ! നീ മഹാനാകുന്നു. നിന്റെ വ്യാപകമായ തേജസ്സിൽക്കൂടി പ്രവഹിക്കുന്ന യജമാനൻ തന്റെ യജ്ഞത്തിൽ വിധിപ്രകാരം നിന്നെ പ്രതിഷ്ഠിക്കുന്നു. നീ ആഹുതികൾക്കു യോഗ്യമായ വായോടുകൂടിയവനും പ്രകാശപൂർണ്ണനും ആകുന്നു.

**8. അഗ്നേ ശുക്രേണ ശോചിഷോരു പ്രഥയസേ ബൃഹത് |**
**അഭി ക്രന്ദൻ വൃഷായസേ വിവോ മദേ ഗർഭം ദധാസി**
**ജാമിഷു വിവക്ഷസേ ||**

ഹേ മഹാനായ അഗ്നേ! മഹിമായുക്തമായ സ്വന്തം തേജസ്സാൽ നീ വിഖ്യാതനായിരിക്കുന്നു. അഹങ്കാരിയായ വൃഷഭത്തെപ്പോലെ യുദ്ധകാലത്തിൽ നീ ശബ്ദിക്കുന്നു. നീ ഔഷധികളിൽ ഗർഭം നിക്ഷേപിക്കുകയും സോമാദികളുടെ മദം പ്രാപിക്കുമ്പോൾ വളരുകയും ചെയ്യുന്നു.

## സൂക്തം 22

**ഋഷി വിമദനോ വസുകൃത്തേ ദേവത ഇന്ദ്രൻ ഛന്ദസ്**
**ബൃഹതീ അനുഷ്ടുപ്, ത്രിഷ്ടുപ്.**

**1.കുഹ ശ്രുത ഇന്ദ്രഃ കസ്മിന്നദ്യ ജനേ മിത്രോശ്രൂയതേ |**
**ഋഷീണാം വാ യഃ ക്ഷയേ ഗുഹാ വ ചർകൃഷേ ഗിരി ||**

ഇന്ന് ഇന്ദ്രൻ എവിടെ? അവൻ ആരുടെ അടുക്കലേയ്ക്ക് വിളിക്കപ്പെടുന്നു? ഏതോ ഋഷിയുടെ ആശ്രമത്തിൽ, അഥവാ ഏതെങ്കിലും ഗുഹയിൽ സ്തുതിക്കപ്പെടുകയായിരിക്കും, എന്തുകൊണ്ടെന്നാൽ വജ്രധാരിയായ ആ ഇന്ദ്രൻ സ്തുതികൾക്കു യോഗ്യനാകുന്നു.

**2. ഇഹ ശ്രുത ഇന്ദ്രോ അസ്മേ അദ്യ സ്തവേ വജ്രയുചീഷമഃ |**
**മിത്രോ ന യോജനേഷ്വാ യശശ്ചക്രേ അസാഭ്യാ ||**

സ്തോതാക്കളുടെ മിത്രമായ ആ ഇന്ദ്രൻ സ്തുതിക്കുന്നവരെ വിശേഷരൂപത്തിൽ പ്രശംസിക്കുന്നു. നമ്മളാൽ സ്തുതിക്കപ്പെടുന്നു.

**3. മഹോ യസ്പതിഃ ശവസോ അസാമ്യാ മഹോ നൃമ്ണസ്യ തൂതുജഃ |**
**ഭർതാ വജ്രസ്യ ധൃഷ്ണോഃ പിതാ പുത്രമിവ പ്രിയം ||**

വലിയ ബലത്തിന്റെ ഉടമസ്ഥനായ ഇന്ദ്രൻ സ്തുതിക്കുന്നവർക്ക് മഹത്തായ ഐശ്വര്യം നൽകുന്നു. അനന്തബിവാനായ അവൻ ശത്രുക്കളെ അമർത്തുന്നവനും, വജ്രധാരിയുമാകുന്നു. പിതാവുപുത്രനെ രക്ഷിക്കുന്നതുപോലെ ആ ഇന്ദ്രൻ നമ്മുടെ രക്ഷകനാകണേ.

**4. യുജാനോ അശ്വാ വാതസ്യ ധുനീ ദേവോ ദേവസ്യ വജ്രിവഃ |**
**സ്യന്താ പഥാ വിരുക്മതാ സൃജാനഃ സ്തോഷ്യധ്വ നഃ ||**

ഹേ വജ്രായുധാ! ദേവനായ നീ തിളങ്ങുന്ന വഴിയിലൂടെ വായുദേവനേക്കാൾ വേഗത്തിൽ പായുന്ന രശ്വങ്ങളെ പൂട്ടി മാർഗ്ഗങ്ങളുാക്കി സ്തുതിക്കപ്പെടുന്നു.

**5. ത്വം ത്യാ ചിദ്വാതസ്യാശ്വാഗാ ഋജ്രാത്മനാ വഹധ്യൈ |**
**യയോർദേവോ ന മർത്യോ യന്താ നകിർവിദായ്യഃ ||**

ഹേ ഇന്ദ്രാ! നീ സരളഗാമിയും; വായുവേഗത്തിൽ ചലിക്കുന്നതുമായ സ്വന്തം രഥത്തിൽ പൂട്ടപ്പെട്ട അശ്വങ്ങളെ നയിച്ചുകൊ് ഞങ്ങളുടെ മുമ്പിൽ വരുന്നു. ഈ അശ്വങ്ങളെ മറ്റൊരു ദേവനും നയിക്കുവാൻ കഴിവില്ല. ഈ മഹാശ്വങ്ങളുടെ ബലത്തെ ആരും അറിയുന്നില്ല.

**6. അധ ഗ്മന്തോശനാ പൃച്ഛതേ വാം കദർഥാ ന ആ ഗൃഹം |**
**ആ ജഗ്മഥുഃ പരാകാദ്ദിവശ്ച ഗ്മശ്ച മർത്യം ||**

ഇന്ദ്രാഗ്നേ! അങ്ങയുടെ സ്വന്തം ഭവനത്തിലേക്കു മടങ്ങിപോകുമ്പോൾ ഉശനൻ അങ്ങയോടു ചോദിച്ചു -'നീ ഇത്രയധികം ദൂരെത്തുനിന്നും എന്തിന് ഞങ്ങളുടെ അടുക്കൽ വന്നു. നീ ആകാശത്തിൽ നിന്നോ ഭൂമിയിൽനിന്നോ എന്റെ ഭവനത്തിലേക്ക് നിന്റെ കൃപകൊുമാത്രം എഴുന്നള്ളിയിരിക്കുന്നു.

**7. ആ ന ഇന്ദ്ര പൃക്ഷസേസ്മാകം ബ്രഹ്മോദ്യതം |**
**തത്ത്വാ യാചാമഹേവ ശുഷ്ണം യദ്വന്നമാനുഷം ||**

ഹേ ഇന്ദ്രാ! ഞങ്ങൾ ഈ യജ്ഞവസ്തുക്കൾ അർപ്പിച്ചിരിക്കുന്നു. നീ തൃപ്തിയാകുവോളം ഇതു സേവിച്ചാലും. ഞങ്ങളും നിന്നോട് അന്നം യാചിക്കുന്നു. ഞങ്ങളുടെ ഈ അന്നം നശിക്കാതിരിക്കണേ. രാക്ഷസൻമാരെ നശിപ്പിക്കുവാനുള്ള ബലവും ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ.

**8. അർകമാദസ്യുരഭി നീ അമന്തുരന്യവ്രതോ അമാനുഷഃ |**
**ത്വം തസ്യാ മിത്രഹന്വ ധർദാസസ്യ ദമ്ഭയ ||**

ഞങ്ങളുടെ ചുറ്റുപാടും യജ്ഞവിമുഖരായ രാക്ഷസൻമാർ വസിക്കുന്നു. അവർ വേദോക്തങ്ങളായ കർമ്മങ്ങളെ മാനിക്കുന്നില്ല. അതിനാൽ ശത്രുഹന്താവായ ഇന്ദ്രാ! ഈ അസുരൻമാരെ സംഹരക്കേണമേ.

**9. ത്വം ന ഇന്ദ്ര ശൂര ശൂരൈരുത ത്വോതാസോ ബർഹണാ |**
**പുരത്രാ തേ വി പൂർതയോ നവന്ത ക്ഷോണയോ യഥാഃ ||**

ഹേ ഇന്ദ്രാ! നിന്റെ രക്ഷയിൽ ഞങ്ങൾ ശത്രുക്കളെ സംഹരിക്കുന്നതിൽ സമർഥരാകണേ. നീ മരുത്തുക്കളോടുകൂടി ഞങ്ങളെ രക്ഷിച്ചാലും. സേവകൻ തന്റെ യജമാനനെ ചുറ്റി നിൽക്കുന്നതുപോലെ നിന്റെ പ്രഭർത്തമായ ധനം സ്തോതാക്കളെ ചുറ്റി നിൽക്കുന്നു.

**10. ത്വം താൻ വൃത്രഹത്യേ ചോദയോ നൃൻകാർപാണേ ശൂര വജ്രിവഃ |**
**ഗുഹാ യദീ കവീനാം വിശാം നക്ഷത്രശവസാം ||**

ഹേ വജ്രായുധാ! മരുത്തുക്കൾ പ്രസിദ്ധരാണല്ലോ. നീ സ്തോതാക്കളുടെ ശ്രേഷ്ഠമായ സ്തോത്രങ്ങൾ ശ്രവിക്കുമ്പോൾ വൃത്രനാശനത്തിനായി ആ മരുത്തുക്കളെ നീ പ്രേരിപ്പിക്കുന്നു.

**11. മക്ഷൂ താ ത ഇന്ദ്ര ദാനാപ്സ ആക്ഷാണേ ശൂര വജ്രിവഃ |**
**യദ്ധ ശുഷ്ണസ്യ ദമ്ഭയോ ജാത വിശ്വം സയാവഭിഃ ||**

ഹേ വജ്രായുധാ! പടക്കളത്തിൽ നീ ഉഗ്രകർമ്മാവായിത്തിരുന്നു. മരുത്തുക്കളോടുകൂടി നീ ശുഷ്ണനെ ഉൻമൂലനാശം വരുത്തി പ്രസന്നനാകുമ്പോൾ നീ സദാദാനശീലനുമാകുന്നു.

**12. മാകധ്ര യഗിന്ദ്ര ശൂര വസ്വിരസ്മേ ഭൂവന്നഭിഷ്ടയഃ |**
**വയംവയം ത ആസാം സുമ്നേ സ്യാമ വജ്രിവഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ അഭിലാഷങ്ങൾ നശിക്കാതിരിക്കണേ. ഹേ വജ്രായുധാ! ഞങ്ങളുടെ ആശകൾ ഫലീഭവിച്ച് മംഗളകാരിണികളാകണേ.

**13. അസ്മേ താ ത ഇന്ദ്ര നന്തു സത്യാഹിം സന്തീരുപസ്പൃശഃ |**
**വിദ്യാമ യാസാം ഭുജോ ധേനൂനാം ന വജ്രിവഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ ഹിംസകനാകരുതേ. നിന്റെ കൃപ ഞങ്ങളുടെമേൽ എപ്പോഴും ഉായിരിക്കണേ, പശുവിൻ പാൽ ഉപഭോഗയോഗ്യമാകുന്നതുപോലെ നിന്റെ ദാനഫലത്തെ ഞങ്ങൾ അനുഭവിക്കുമാറാകണേ.

**14. അഹസ്താ യദപദി വർധത ക്ഷാഃ ശചീഭിർവേദ്യാനാം |**
**ശുഷ്ണം പരി പ്രദക്ഷിണിവിശ്വായവേ നിശിശ്നഥഃ ||**

കാലും കൈയ്യുമില്ലാത്ത ഈ ഭൂമിയെ ദേവകളുടെ കർമ്മത്താൽ വിസ്തീർണ്ണമായിത്തീർന്നു. ഹേ ഇന്ദ്രാ! നീ ഈ ഭൂമിയെ പ്രദക്ഷിണം വെച്ചുതന്നെ ശുഷ്ണനെ കൊന്നുവല്ലോ.

**15. പിബാ പിബേദിന്ദ്ര ശൂര സോമം മാരിഷ്ണ്യോ വസവാന വസുഃ സൻ**

**ഉത ത്രായസ്വ ഗൃണതോ മഘോനോ മഘശ്ച രായോ രേവതസ്കൃധീ നഃ**

ഹേ ഐശ്വര്യശാലിയായ ഇന്ദ്രാ! ഈ സോമരസം വേഗം പാനം ചെയ്താലും. ഭവാൻ ഇതുവഴിയായി ബലിഷ്ഠനായി ഞങ്ങളെ ഹിംസിക്കരുതേ. ഹേ ഇന്ദ്രാ! സ്തോതാവായ യജമാനനെ രക്ഷിച്ചുകൊ്, അയാളെ മഹാധനികനാക്കണമേ.

## സൂക്തം 23

**ഋഷി വിമദനോ വസുകൃത്തോ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. യജാമഹ ഇന്ദ്രം വജ്രദക്ഷിണം ഹരീണം രഥ്യം വിവ്രതാനാം |**
**പ്രശ്മശ്രു ദോധുവദൂർധ്വഥാ ഭൂദ്വി സേനാഭിർദയമാനോ വി രാധസാ ||**

സ്വന്തം ഹരിതാശ്വങ്ങളെ രഥത്തിൽ പൂട്ടുന്നവനായ ഇന്ദ്രൻ ദക്ഷിണഹസ്തത്തിൽ വജ്രം ധരിക്കുന്നു. അങ്ങിനെയുള്ള ഇന്ദ്രനെ ഞങ്ങൾ പൂജിക്കുന്നു. അവൻ സോമപാനത്തിനുശേഷം തന്റെ മീശയെ കുടഞ്ഞുകൊ് മഹായുധങ്ങൾ സഹിതം ശത്രുസംഹാരത്തിനായി പ്രയാണം ചെയ്യുന്നു.

**2. ഹരീ ന്വസ്യ യാവനേ വിദേ വസ്വിന്ദ്രോ മഘൈർമഘവാ വൃത്രഹാ ഭുവത് |**
**ഋഭുർവാജ ഋഭുക്ഷാഃ പത്യതേ ശവോവ ക്ഷ്ണൗമി ദാസസ്യ നാമ ചിത് ||**

നല്ല പുല്ലുതിന്നുന്ന അശ്വങ്ങൾ രിനോടുംകൂടി ഇന്ദ്രൻ വൃത്രനെ സംഹരിച്ചു. ഈ ഇന്ദ്രൻ മഹാബലവാനും, ഭയങ്കരനും, തേജസ്വിയും, ധനത്തിന്റെ ഈശ്വരനും ആകുന്നു. അവന്റെ സഹായത്തോടുകൂടി ഞാനും രാക്ഷസൻമാരുടെ പേരുകൾ വരെ നശിപ്പിക്കുവാനാഗ്രഹിക്കുന്നു.

**3. യദാ വജ്രം ഹിരണ്യ മിദഥാ രഥം ഹരീ യമസ്യ വഹതോ വിസൂരിഭിഃ |**
**ആ തിഷ്ഠതി മഘവാ സനശ്രുത ഇന്ദ്രോ വാജസ്യ ദീർഘശ്രവ നസ്ഫതിഃ ||**

ഇന്ദ്രൻ തന്റെ തേജസ്സേറിയ വജ്രമുയർത്തുമ്പോൾ അവൻ തന്റെ പച്ചക്കുതിരകൾ വലിക്കുന്ന രഥത്തിൽ കയറുകയായി. ആ ഇന്ദ്രൻ ശ്രേഷ്ഠമായ അന്നത്തിന്റേയും ഉടമസ്ഥനാകുന്നു.

**4. സോ ചിന്നു വൃഷ്ടീർയൂഥ്യാ സ്വാ സചാം ഇന്ദ്രഃ ശ്മശ്രൂണി ഹരിതാഭി പ്രഷ്ണുതേ |**
**അവ വേതി സുക്ഷയം സുതേ മധൂദിദ്ധൂനോതി വാതോ യഥാ വനം ||**

വർഷജലം മൃഗങ്ങളെ നനയ്ക്കുന്നതുപോലെ പച്ച വർണ്ണമാർന്ന സോമരസത്താൽ ഇന്ദ്രൻ തന്റെ മീശയെ നനയ്ക്കുന്നു. പിന്നീട് അവൻ ശ്രേഷ്ഠമായ യജ്ഞവേദിയിൽചെ ന്ന് മധുരസോമം പാനം ചെയ്യുന്നു. വായുവനവൃക്ഷങ്ങളെ ഇളക്കുന്നതുപോലെ തന്റെ താടിയും മീശയും കുലുക്കുന്നു.

**5. യോ വാചാ വിവാചോ മൃധ്രുവാചഃ പുരു സഹസ്രാശിവാ ജഘാന |**
**തത്തദിദ സ്യ പൗംസ്യം ഗൃണീമസി പിതേവ യസ്തവിഷീം വാവൃധേ ശവഃ ||**

പല വിധത്തിലുള്ള വിദ്വേഷാത്മകങ്ങളായ വാക്യങ്ങളുച്ചരിക്കുന്ന ശത്രുക്കളെ ഇന്ദ്രൻ തന്റെ പോർവിളിയാൽ നിശ്ശബ്ദരാക്കുകയും ആയിരക്കണക്കായ ആ ശത്രുക്കളെ കൊന്നൊടുക്കുകയും ചെയ്തു. പിതാവ് അന്നത്താൽ പുത്രനെ പുഷ്ടിപ്പെടുത്തുന്നതുപോലെ ഇന്ദ്രൻ എല്ലാ മനുഷ്യരേയും പോഷിപ്പിക്കുന്നു. ഈ ഇന്ദ്രൻ എല്ലാ കർമ്മങ്ങളേയും ഞങ്ങൾ പ്രകീർത്തിക്കുന്നു.

**6. സ്തോമം ത ഇന്ദ്ര വിമദാ അജീജനന്നപൂർവ്യം പൂരതമം സുദാനവേ |**
**വിദമാ ഹ്യസ്യ ഭോജനമിനസ്യ യദാ പശും ന കരാമഹേ ||**

ഹേ ഇന്ദ്രാ! അങ്ങയെ ശ്രേഷ്ഠനായിക്കരുതി വിദമൻ മഹത്തായ ഈ സ്തോത്രം രചിച്ചിരിക്കുന്നു. ഞങ്ങൾ നിന്റെ സ്തുതികളെ അറിയുന്നു. ഇടയൻ വീറ്റകാണിച്ച് പ്രലോഭിപ്പിച്ച് ഗോക്കളെ അടുക്കലേക്കകർഷിക്കുന്നതുപോലെ ഞങ്ങളും ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു.

**7. മാകർന ഏനാ സഖ്യാ വി യൗഷുസ്തവ ചേന്ദ്ര വിമദസ്യ ച ഋഷേഃ |**
**വിദ്മാഹി തേ പ്രമതി ദേവ ജാമിവദസ്മേ തേസന്തു സഖ്യാ ശിവാനിം ||**

ഹേ ഇന്ദ്രാ! വിമദനുമായി നീ യാതൊരു സഖ്യം സ്ഥാപിച്ചുവോ, അതിനെ ശിഥിലമാകുവാനനുവദിക്കരുതേ. സഹോദരനും സഹോദരിയും തുല്യമനസ്ക്കരായിരിക്കുന്നതുപോലെ അങ്ങയുടെ മനസ്സ് ഞങ്ങളിലായിരിക്കണേ. നമ്മുടെ മിത്രഭ്വം എന്നേയ്ക്കും നിലനിൽക്കണേ.

## സൂക്തം 24

**ഋഷി വിമദൻ ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി, അനുഷ്ടുപ്**

**1. ഇന്ദ്ര സോമമിമം പിബ മധുമന്തം ചമൂ സുതം |**
**അസ്മേ രയിം നി ധാരയ വിവോ മദേ സഹസ്രിണം പുരുവസോ വിവക്ഷസേ ||**

ഈ മധുരസോമം ഈ പലകകളാൽ പിഴിയപ്പെട ുന്നു. ഹേ ഇന്ദ്രാ! ഇത് നിന്റെ മുന്നിൽ വെയ്ക്കപ്പെട്ടിരിക്കുന്നു. ഇതിനെ സ്വീകരിച്ചുകൊ് ഞങ്ങൾക്ക് ആയിരം ധനം പ്രദാനം ചെയ്യണേ. നീ മഹാനാണല്ലോ.

**2. ത്വാം യജ്ഞേഭിരുക്ഥൈരുപ ഹവ്യേഭിരീമഹേ |**
**ശചീപതേ ശചീനാം വി വോ മദേ ശ്രേഷ്ഠം നോ ധേഹി വാര്യം വിവക്ഷസേ ||**

ഹേ ഇന്ദ്രാ! ഞങ്ങൾ ഹവ്യാദികളോടുകൂടി നിന്നെ ആഹ്വാനം ചെയ്യുന്നു. നീ ഞങ്ങളുടെ എല്ലാ കർമ്മങ്ങളുടെയും ഈശ്വരനാകുന്നു. നീ ഞങ്ങൾക്ക് അത്യന്തം ശ്രേഷ്ഠമായ ഐശ്വര്യങ്ങൾ നൽകേണമേ. എന്തുകൊന്നാൽ വിമദനായ എനിക്ക് നീ മഹിമാന്വിതനാകുന്നു.

**3. യസ്പതിർവാര്യാണാമസി രധ്രസ്യ ചോദിതാ |**
**ഇന്ദ്ര സ്തോതൄണാമവിതാ നി വോ മർദേ ദ്വിഷോ നഃ പാഹ്യംഹസോ വിവക്ഷസേ ||**

ഹേ ഇന്ദ്രാ! നീ പൂജകന് സേവകന്റെ പ്രേരണ നൽകുന്നു. നീ വിഭിന്നങ്ങളായ കാമ്യവസ്തുക്കളുടെ ഈശ്വരനാകുന്നു. ഹേ സ്തോതാക്കളുടെ രക്ഷകനായ ഇന്ദ്രാ! ഞങ്ങളെ ശത്രുക്കളിൽനിന്നും

പാപത്തിൽനിന്നും മോചിപ്പിക്കേണമേ.

**4. യുവം ശക്രാ മായാവിനാ സമോചീ നിരമന്ഥതം |**
**വിമദേന യദീളിതാ നാസത്യാ നിരമന്ഥതം ||**

ഹേ അശ്വിനികളേ! നിങ്ങൾ വിചിത്രകർമ്മാക്കളും യഥാർത്ഥരൂപനുമാണല്ലോ. വിദമൻ നിങ്ങളെ സ്തുതിച്ചുകൊിരുന്നപ്പോൾ രു തടികളേയും ഏകീകരിച്ച് അവയുടെ ഘർഷണം വഴിയായി നിങ്ങളെ പ്രകടമാക്കി.

**5. വിശ്വേ ദേവാ അകൃപന്തേ സമീച്യോർ നിഷ്പതന്ത്യോഃ |**
**നാസത്യാവബ്രുവന്ദേവാഃ പുനരാ വഹതാദിതി ||**

ഹേ അശ്വിനികളേ! നിങ്ങളുടെ കൈകളിലിരിക്കുന്ന അരണികൾ അഗ്നിസ്ഫുലിംഗങ്ങളെ പറപ്പിക്കുവാൻ തുടങ്ങിയപ്പോൾ ദേവകളെല്ലാം അവനെ ഇപ്രകാരം തുടർച്ചയായി അഗ്നിസ്ഫുലിംഗങ്ങളെ ഉയർത്തികൊിരിക്കുവാൻ പറഞ്ഞു.

**6. മധുമൻമേ പരായണം മധുമത്പുനരായനം |**
**താ നോ ദേവാ ദേവതയാ യുവം മധുമതസ്കൃതം ||**

ഹേ അശ്വിനികുമാരൻമാരേ! ഞാൻ ശുഭമുഹൂർത്തത്തിൽ യാത്രചെയ്യും, മടങ്ങിവരും. അപ്പോഴും മധുരരസമയമാകണേ. നിങ്ങൾ ദിവ്യശക്തിയോടുകൂടിയവരാണല്ലോ. അതിനാൽ ഞങ്ങളെ എല്ലാവിധത്തിലും സുഖികളാക്കണേ.

## സൂക്തം 25

**ഋഷി വിഭേനോവസുകൃത്തോ ഛന്ദസ് പംക്തി**

**1. ഭദ്രം നോ അപി വാതയ മനോ ദക്ഷമത ക്രതും |**
**അഘാ തേ സഖ്യേ അന്ധസോ വി വോ മദേ രണൻഗാവോ**
**നയവസേ വിവക്ഷസേ ||**

ഹേ സോമമേ! ഞങ്ങളുടെ മനസ്സിനെ ശ്രേഷ്ഠകർമ്മങ്ങളിൽ നിപുണമാക്കേണമേ. ഗോക്കൾ തൃണത്തെ ആഗ്രഹിക്കുന്നതുപോലെ സ്തോതാക്കൾ അന്നത്തെ കാമിക്കുന്നു. നീ വിമദമഹർഷിക്കു മഹാഗുണവാനാകണമേ.

**2. ഹൃദ്സ്പൃശസ്ത ആസതേ വിശ്വേഷു സോമ ധാമസു |**
**അധാ കാമാ ഇമേ മമ വി വോ മദേ തിഷ്ഠന്ത വസൂയവോ**
**വിവക്ഷസേ ||**

ഹേ സോമമേ! തങ്ങളുടെ സ്തോത്രങ്ങളാൽ നിന്റെ മനസ്സിനെ ആകർഷിക്കുന്നവരായ സ്തോതാക്കൾ ചുറ്റുമിരിക്കുന്നു, അപ്പോൾ ധനപ്രാപ്തിക്കാശയു ാകുന്നു. നീ വിവദനു മഹാനായിത്തീർന്നാലും.

**3. ഉത വ്രതാനി സോമ തേ പ്രാഹം മിനാമി പാക്യാ |**
**അധാ പിതേവ സൂനവേ വിവോ മദേ മൃളാനോ അഭി**
**ചിദ്വധാദ്വിവക്ഷസേ ||**

ഹേ സോമമേ! ഞാനെന്റെ ശ്രേഷ്ഠമായ ബുദ്ധിയിൽക്കൂടി നിന്റെ കർമ്മങ്ങളെ വിസ്തരിച്ചറിയുന്നു. പിതാവു പുത്രനെ ഇഷ്ടപ്പെടുന്നതുപോലെ നീ ഞങ്ങളെ ഇഷ്ടപ്പെടുന്നവനാകേണമേ. ഹേ മഹാനായ സോമമേ വിവദനായ എനിക്കു സുഖം നൽകുന്നതിനുവേി ശത്രുക്കളെ സംഹരിക്കേണമേ.

**4. സമു പ്ര യന്തി ധീതയഃ സർഗാസോവതാം ഇവ |**
**കൃതും നഃ സോമ ജീവസേ വിവോമദേ ധാരയാ ചമസാം**
**ഇവ വിക്ഷസേ ||**

കിണറ്റിൽനിന്നും കുടംകൊ് വെള്ളം കോരിയെടുക്കുന്നതുപോലെ ഞങ്ങളുടെ സ്തോത്രങ്ങൾ നിന്നെ ചമസത്തിൽനിന്നും കോരിയെടുക്കുന്നു. ദാഹിതനായ മനുഷ്യൻ നദിക്കരയിൽ നിന്നുകൊ് പാത്രത്തിൽ ജലം നിറക്കുന്നതുപോലെ നീ ഞങ്ങളെ പൂർണ്ണനാക്കേണമേ. ഹേ മഹാനായ സോമമേ! നീ ഞങ്ങളുടെ ജീവരക്ഷയ്ക്കുവേി ഈ യജ്ഞത്തെ പൂർണ്ണമാക്കിയാലും.

**5. തവ ത്യേ സോമ ശക്തിഭിർനികാമാസോ വ്യർണ്വിരേ |**
**ഗൃത്സസ്യ ധീരാസ്തവസോ വി വോ മദേ വ്രജം**
**ഗോമന്തമശ്വിനം വിവക്ഷസേ ||**

വിഭിന്ന ഫലകാമരായ മനുഷ്യർ അനേകം കർമ്മങ്ങൾ നടത്തി. ഹേ സോമമേ! നിന്നെ സന്തുഷ്ടനാക്കിയിരിക്കുന്നു. അതിനാൽ ഗോക്കളും, അശ്വങ്ങളും നിറഞ്ഞ തൊഴുത്ത് ഞങ്ങൾക്ക് പ്രദാനം ചെയ്താലും. നീ മഹാകർമ്മാവും, മേധാവിയും ആണല്ലോ.

**6. പശും നഃസോമ രക്ഷസി പുരുത്രാ വിഷ്ഠിതം ജഗത് |**
**സമാകൃണോഷി ജീവസേ വി വോ മദേ**
**വിശ്വാസംശ്യൻഭുവനാ വിവക്ഷസേ ||**

ഹേ സോമമേ! ഞങ്ങളുടെ പശുക്കളേയും, സുസജ്ജിതമായ ഭവനങ്ങളേയും രക്ഷിക്കേണമേ. വിഭിന്നരൂപങ്ങളിൽ സ്ഥിതിചെയ്യുന്ന ലോകങ്ങളെ രക്ഷിക്കേണമേ. നീ സകലലോകങ്ങളേയും നോക്കിക്കൊ് ഞങ്ങൾക്കുവേി ജീവൻ വഹിച്ചുകൊുവരുന്നു. നീ വിമദനായ എനിക്ക് മഹാനാകേണമേ.

**7. ത്വം നഃ സോമ വിശ്വതോഅദാഭ്യോ ഭവ |**
**സേധ രാജന്നപ സ്രിധോ വി വോ മദേ മാ നോ ദുഃശംസ**
**ഈശതാ വിവക്ഷസേ ||**

ഹേ ദുർധർഷമായ സോമമേ! ഞങ്ങളെ രക്ഷിച്ചാലും. ഞങ്ങളുടെ ശത്രുക്കളെ ആട്ടിപ്പായിക്കേണമേ. ഹേ വിമദന്റെ മഹാഗുണവാനായ സോമമേ! ഞങ്ങളുടെ നിന്ദകൻമാർ അവരുടെ ദുഷ്ക്കർമ്മങ്ങളിൽ വിജയികളാകാതിരിക്കണേ.

**8. ത്വ നഃ സോമ സുക്രതുർവയോധേയായ ജാഗൃഹി |**
**ക്ഷേത്ര വിത്തരോ മാനുഷോ വി വോ മദേദ്രുഹോ നഃ**
**പാഹ്യംഹസോ വിവക്ഷസേ ||**

ഹേ ശ്രേഷ്ഠകർമ്മാവായ സോമമേ! നീ ധാന്യദാനത്തിനായി തയാറായിരിക്കുന്നു. നിന്നെപ്പോലെ ഞങ്ങൾക്കു ഭൂമിദാനം ചെയ്യുന്നവനായി മറ്റു യാതൊരു ദാതാവുമില്ല. ഹേ മഹാത്മൻ! നീ ഞങ്ങളെ പാപങ്ങളിൽ നിന്നും രക്ഷിക്കണേ. ശത്രുക്കളുടെ കരങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണേ.

**9. ത്വം നോ വൃത്രഹന്തമേന്ദ്രസ്യേന്ദ്രോ ശിവഃ സഖാ |**
**യത്സീം ഹവന്തേ സമിഥേ വി വോ യുധ്യമാനാസ്**
**തോകസാതൗ വിവക്ഷസേ ||**

ഭയങ്കരമായ യുദ്ധമുാവുകയാണെങ്കിൽ സ്വന്തം പ്രജകളെയും ബലിദാനം ചെയ്യേ തായിവരുന്നു. ഹേ സോമമേ! എല്ലാഭാഗങ്ങളിൽനിന്നും ഞങ്ങളുടെനേരെ പോർവിളിയുാകുമ്പോൾ നീ ഇന്ദ്രന്റെ സഹായത്തോടുകൂടി അവരെ രക്ഷിയ്ക്കേണമേ. നിനക്കു തുല്യനാകുവാൻ മറ്റാർക്കും സാധ്യമല്ലല്ലോ.

**10. അയം ധ സ തുരോ മദ ഇന്ദ്രസ്യ വർധത പ്രിയഃ |**
**അയം കക്ഷീവതോ മഹോ വിവോ മദേ മതിം വിപ്രസ്യ**
**വർധയദ്വക്ഷസേ ||**

ഹർഷപ്രദായകമായ സോമം ഇന്ദ്രനെ തൃപ്തനാക്കുന്നു. അവൻ

എല്ലാകാര്യങ്ങളും അതിവേഗം ചെയ്തുതീർക്കുന്നു. അവൻ കക്ഷീവാന്റെ ബുദ്ധിയെ തീഷ്ണമാക്കിയിരുന്നു. ഹേ സോമമേ! വിമദമഹർഷിയായ എനിയ്ക്ക് നീ മഹാനാകണമേ.

**11. അയം വിപ്രായ ദാശുഷേ വാജാം ഇയർതി ഗോമതഃ |**
**അയ സപ്തഭ്യ ആ വരം വി വോ മദേ പ്രാന്ധം**
**ശ്രോണംചതാ രിഷദ്‌വിവക്ഷസേ ||**

ഹവിസ്സ് നൽകുന്ന യജമാനന് സോമം മൃഗങ്ങളോടുകൂടിയ ധനം പ്രദാനം ചെ യ്യുന്നു. അതുപോലെ സപ്തഹോതാക്കൾക്കും ഉത്കൃഷ്ടമായ ധനം നൽകുന്നു. ഇവൻ ഋജാപരാവൃജാമഹർഷിക്ക് കാലുകളും, നേത്രഹീനനായ ദർദ്ധമ മഹർഷിക്ക് കണ്ണുകളും പ്രദാനം ചെയ്തിരുന്നുവല്ലോ. ഹേ സോമമേ നീ മഹാനാണല്ലോ.

## സൂക്തം 26

**ഋഷി വിമദനോ വസുകൃത്തോ ദേവത പൂഷാവ് ഛന്ദസ് ഉഷ്ണിക, അനുഷ്ടുപ്**

**1. പ്ര ഹ്യഛാ മനീഷാഃ സ്പാർഹായന്തി നിയുതഃ |**
**പ്ര ദസ്രാ നിയുദ്രഥഃ പൂഷാ അവിഷ്ടു മാഹിനഃ ||**

ഈ പൂഷാദേവനെ അത്യന്തം ഭവ്യങ്ങളായ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു. അവൻ എപ്പോഴും അശ്വങ്ങളെ രഥത്തിൽ പൂട്ടിക്കൊ് വരുന്നു. അവൻ യജമാനനേയും അദ്ദേഹത്തിന്റെ ഭാര്യയേയും രക്ഷിക്കുമാറാകണേ.

**2. യസ്യ ത്യൻമഹിത്വം വാതാപ്യമയം ജനഃ |**
**വിപ്ര ആ വംസദ്ധീതിമിശ്ചികേത സുഷ്ടുതീനാം ||**

മേധാവിയായ പൂഷാവിന്റെ സ്ഥാനത്ത് യാതൊരു ജലരാശിയുായിരിക്കുന്നുവോ, അതിനെ അവർ യജ്ഞം വഴിയായി ഭൂമിയുടെമേൽ വർഷിക്കണേ. അവൻ യജമാനന്റെ സ്തുതികൾ ശ്രദ്ധയോടുകൂടി ശ്രവിയ്ക്കുന്നു.

**3. സ വേദ സുഷ്ടുതീനാമിന്ദുർന പൂഷാ വൃഷാ |**
**അഭി പ്സുരഃ പ്രഷായതി വ്രജം ന ആ പ്രുഷായതി ||**

ഭവ്യങ്ങളായ സ്തോത്രങ്ങളെ ശ്രവിക്കുന്ന ഈ പൂഷാവ് സോമരസം വർഷിക്കുന്നു. മഴപെയ്യിക്കുന്ന ആ സൂര്യൻ നമ്മുടെ തൊഴുത്തിൽ ജലത്തെ വർഷിക്കുന്നു.

**4. മംസീമഹി ത്വാ വയമസ്മാകം ദേവ പൂഷൻ**
**മതീനാം ച സാധനം വിപ്രാണാം ചാധവം**

ഹേ പൂഷാവേ! നീ ഞങ്ങളുടെ സ്തോത്രങ്ങളെ തീക്ഷ്ണമാക്കിയാലും. ഞങ്ങൾ നിന്നെ ധ്യാനിച്ചുകൊ് സേവാനിരതരാകുന്നു.

**5. പ്രത്യർധിർയ ജ്ഞാനാമശ്വഹയോ രഥാനാം |**
**ഋഷിഃ സ യോ മനുർഹിതോ വിപ്രസ്യ യാവയത്സഖഃ ||**

യജ്ഞത്തിന്റെ അർദ്ധഭാഗം ഈ പൂഷാവു സ്വീകരിക്കുന്നു. അവൻ രഥത്തിൽ അശ്വങ്ങളെ പൂട്ടി സഞ്ചരിക്കുന്നു. അവൻ മനുഷ്യരുടെ ഹിതൈഷിയും, ജ്ഞാനിയായ മിത്രവും, ശത്രുക്കളെ ഓടിക്കുന്നവനും ആകുന്നു.

**6. ആധീഷമാണായാഃ പതിം ശുചായാശ്ച ശുചസ്യ ച |**
**വസോ വായോവീനാമാ വാസാംസി മർമൃജത് ||**

ഈ സൂര്യദേവൻ എല്ലാ മൃഗങ്ങളുടേയും ഈശ്വരനാകുന്നു. ആട്ടിൻരോമംകൊ് ഇവൻ വസ്ത്രം നെയ്യുകയും അതു നനയ്ക്കുകയും ചെയ്യുന്നു.

**7. ഇനോ വാജാനാം പതിരിനഃ പുഷ്ഠീനാം സഖാ |**
**പ്ര ശ്മശ്രു ഹര്യതോ ദൂതോദ്വി വൃഥാ യോ അദാഭ്യഃ ||**

സൂര്യൻ എല്ലാത്തിനേയും പുഷ്ഠിപ്പെടുത്തുന്ന അന്നത്തിന്റെ ഈശ്വരനാണല്ലോ. സുന്ദരനും തേജോരൂപനുമായ ആ പൂഷാവ് തന്റെ കർമ്മങ്ങളിൽ താടിയും മീശയും കുലുക്കിക്കൊ് കടന്നുപോകുന്നു.

**8. ആ തേ രഥസ്യ പൂഷന്നജാ ധുരം വവൃത്യുഃ |**
**വിശ്വസ്യാർഥിനഃ സഖാ സനോജാ അനപച്യുതഃ ||**

ഹേ പൂഷാവേ! നിന്റെ രഥത്തെ ആടുകൾ വലിക്കുന്നു. നീ വളരെ പുരാതനകാലത്തേ ജനിച്ചവനാണല്ലോ. സർവ്വകാമൻമാരായ ഉപാസകൻമാരെ നീ ഗ്രഹിക്കുന്നു.

**9. അസ്മാകമൂർജാ രഥം പൂഷാ ആവിഷ്ടു മാഹിനഃ |**
**ഭൂവദ്വാജാനാം വൃധ ഇമം നഃ വ്യണവദ്ധവം ||**

പൂഷാദേവൻ തന്റെ ബലത്താൽ നമ്മുടെ രഥത്തെ രക്ഷിക്കണേ. അവൻ നമ്മുടെ ആഹ്വാനങ്ങൾ ശ്രവിക്കുകയും അന്നത്തെ വളർത്തുകയും ചെയ്യണേ.

## സൂക്തം 7

**ഋഷി ഇന്ദ്രപുത്രൻ വസുക്രൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1.അസത്സു മേ ജരിതഃ സഭിവേഗോ യത്സുന്വതേ**
**യജമാനായ ശിക്ഷു |**
**അനാശീർദാമഹമസ്മി പ്രഹന്താ സത്യധ്വൃതം**
**വൃജിനായന്ത മാ ഭൂം ||**

ഇന്ദ്രൻ -ഹേ സ്തോതാവേ! ഞ ാൻ സോമയാഗം നടത്തുന്ന യജമാനന്റെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കും. സത്യത്തെ പാലിക്കാത്തവനേയും, യജ്ഞത്തിൽ ഹവിസ്സ് നൽകാത്തവനേയും ദുഷ്കർമ്മികളേയും ഞാൻ നശിപ്പിക്കും.

**2. യദീദഹ യുധയേ സന്നയാന്യദേവയുന്തന്വാ**
**ശുശുജാനാൻ |**
**അമാ തേ തുമ്രം വൃഷഭം പചാനി തീവ്രം സുതം പഞ്ചദശം**
**നിഷിഞ്ചം ||**

ഋഷി -ഹേ ഇന്ദ്രാ! ദേവകർമ്മങ്ങൾ നടത്താതെ സ്വന്തം ഉദരത്തെ നിറയ്ക്കുന്ന പാപികളുമായി ഞാൻ യുദ്ധം ചെയ്യും. ആ സമയം ഹവിസ്സ് നൽകി ഞാൻ നിന്നെ തൃപ്തനാക്കും. ഞാൻ നിത്യവും പക്ഷത്തിലെ പതിനഞ്ചുദിവസവും നിനക്കുവേി സോമരസം അർപ്പിക്കുന്നു.

**3. നാഹം തം വേദയ ഇതി ബ്രവീത്യദേവയൂൻത്സമരണേ**
**ജഘന്വാൻ |**
**യദാവാഖ്യത്സമണമൃഘാവദാദിദ്ധ മേ വൃഷഭാ പ്ര**
**ബ്യുവന്തി ||**

ഇന്ദ്രൻ -ദേവവിരോധികളും, കർമ്മശൂന്യരുമായ മനുഷ്യരെ കൊന്നിരിക്കുന്നു എന്നു പറയുന്ന ഒരു ആനയേയും ഞാനിതുവരെ കിട്ടില്ല. ദുഷ്ടരായ മനുഷ്യരുമായി യുദ്ധം ചെയ്ത് ഞാനവരെ കൊല്ലുമ്പോൾ എന്റെ ആ വീരകർമ്മത്തെ എല്ലാവരും കീർത്തിക്കുന്നു.

**4. യദജ്ഞാതേഷു വൃജനേഷ്വാസം വിശ്വേ സതോ**
**മഘവാനോ മ ആസൻ |**
**ജിനാമി വേത്ക്ഷേമ ആ സന്തമാഭും പ്രതം ക്ഷിണാം**

**പർവതേ പാദഗൃഹ്യ ||**

ആകസ്മികമായി ഞാൻ പടക്കളത്തിലെത്തുമ്പോൾ എല്ലാ ഋഷിമാരും എന്റെ ചുറ്റും വന്നുചേരുന്നു. മനുഷ്യരുടെ നൻമയ്ക്കുവേി ഞാൻ ഇപ്രകാരമുള്ള ശത്രുക്കളെ പരാജയപ്പെടുത്തുകയും അവരുടെ കാലിൽ പിടിച്ച് കല്ലിലടിക്കുകയും ചെയ്യും.

**5. ന വാ ഉ മാം വൃജനേ വാരയന്തേ ന പർവതാസോ യദഹം മനസ്യേ |**
**മമ സ്വനാത്കൃധുകർണോ ഭയാത ഏവേദനു ദ്യൂൻകിരണഃ സമേജാത് ||**

പടക്കളത്തിൽ എന്നെ തടുക്കുവാൻ ആർക്കും സാദ്ധ്യമല്ല. മഹാപർവ്വതങ്ങൾക്കുപോലും എനിയ്ക്കെതിരായി നിൽക്കുവാനുള്ള കഴിവില്ല. ഞാൻ ശബ്ദിക്കുമ്പോൾ ബധിരൻപോലും ഞ ടുങ്ങുന്നു. എന്റെ ശബ്ദത്തെ ഭയന്ന് സൂര്യൻപോലും കിടുകിടെ വിറക്കുന്നു.

**6. ദർശൻന്വത്ര ശൃതപാം അനിന്ദ്രാന്വാഹുക്ഷദഃ ശരവേ പത്യമാനാൻ |**
**ഘൃഷും വാ യേനിനിദുഃ സഖായമധ്യൂന്വേഷു പവയോ വവൃത്യുഃ ||**

യാതൊരുത്തൻ ഇന്ദ്രനായ എന്റെ ഭരണത്തെ സ്വീകരിയ്ക്കാതിരിക്കുന്നവരും, ദേവകൾക്ക് പാനയോഗ്യമായ സോമരസത്തെ സ്വയം പാനം ചെയ്യുന്നവരും, യഷ്ടാക്കളെ കരങ്ങളുയർത്തികൊല്ലുവാനായി വരുന്നവരും എന്റെ ദൃഷ്ടിയിൽ പെട്ടാൽ ഞാനവരെ നശിപ്പിക്കും. ഞാനാനിന്ദകരുടെമേൽ വജ്രം പ്രയോഗിക്കുകയും ഉപാസകരുടെ മിത്രമായിത്തീരുകയും ചെയ്യുന്നു.

**7. അഭൂർനവാക്ഷീർവ്യ ആയുരാനങ്ദർഷന്നു പൂർവോ അപരോ നു ദർഷത് |**
**ദ്വേ പവസ്തേ പരിതം ന ഭൂതോ യോ അസ്യ പാരേ രജസോ വിവേഷു ||**

ഋഷി -ഹേ ഇന്ദ്രാ! നീ ചിരംജീവിയാണ്. നീ ജലം വർഷിക്കുകയും, ദർശനം നൽകുകയും ചെയ്യുന്നു. പും ഇപ്പോഴും നീ ശത്രുഹന്താവാകുന്നു. എല്ലാ ലോകങ്ങളേക്കാളും ഉന്നതനാകുന്നു. ആകാശവും ഭൂമിയും നിനക്ക് തുല്യത വഹിക്കുന്നില്ല. നീ സർവവ്യാപിയാണ്.

**8. ഗാവോ യവം പ്രയുതാ അർയോ അക്ഷന്താ അപശ്യം സഹഗോപാശ്ചരന്തീഃ |**
**ഹവാ ഇദർയോ അഭിതഃ സമായൻകിയദാസ സ്വപതിശ്ഛന്ദയാതേ ||**

ഇന്ദ്രൻ -ഞാൻ ഇന്ദ്രനാകുന്നു. ഉടമസ്ഥനെപ്പോലെ ഈ ഗോക്കളെ ഞാൻ പാലിക്കുന്നു. അനേകം ഗോക്കൾ മേഞ്ഞുകൊിരിക്കുന്നു, ഇടയൻ മേയ്ക്കുന്നു. അവൻ വിളിക്കുമ്പോൾ അവയെല്ലാം ഒന്നിച്ചുകൂടുന്നു. അപ്പോൾ ഉടമസ്ഥൻ അവയെ കറക്കാൻ തുടങ്ങും.

**9. സം യദ്വയം യവസാദോ ജനാനാമഹം യവാദ ഉർവജ്രേ അന്തഃ |**
**അത്രാ യുക്തോവസാതാരമി ഛാദഥോ അയുക്തം യുനജദ്വവന്വാൻ ||**

ഋഷി -വിശ്വത്തിൽ അന്നവും, യവവും, തൃണാദികളും തിന്നുന്ന ആളുകൾ ഞങ്ങളാണ്. ഹൃദയാകാശത്തിൽ വിരാജിക്കുന്ന ബ്രഹ്മം ഞാൻ തന്നെയാകുന്നു. അതിൽ ഇരുന്നരുളുന്ന ഇന്ദ്രൻ തന്റെ ഉപാസകനെ പ്രീതിപ്പെടുത്തുന്നു. ബോധരഹിതനേയും, അത്യന്തം ഭോഗിയേയും അവൻ ശ്രേഷ്ഠമായ മാർഗ്ഗത്തിലേയ്ക്കുകൊു വരുവാൻ യത്നിക്കുന്നു.

**10. അത്രേദു മേ മംസസേ സത്യമുക്തം ദ്വിപാച്ച യച്ചതുഷ്പാത്സം സൃജാനി |**
**സ്ത്രീഭിര്യോ അത്ര വൃഷണം പൃതന്യാദയുദ്ധോ അസ്യ വിഭജാനി വേദഃ ||**

ഇന്ദ്രൻ ഇവിടെ പറഞ്ഞതെല്ലാം സത്യം തന്നെയാകുന്നു. ഇരുകാലിനാൽക്കാലികളെ സൃഷ്ടിക്കുന്നത് ഞാനാണ്. ആർ തന്റെ വീരൻമാരെ സ്ത്രീകളോടൊത്ത് യുദ്ധം ചെയ്യുവാൻ പ്രേരിപ്പിക്കുന്നുവോ, യുദ്ധം കൂടാതെ തന്നെ ആ പാപിയുടെ ഐശ്വര്യത്തെ പിടിച്ചെടുത്ത് എന്റെ ഉപാസകർക്കു ഞാൻ പ്രദാനം ചെയ്യും.

**11. യസ്യാനക്ഷാ ദുഹിതാ ജാത്വാസ കസ്താം വിദ്വാം അഭി മന്യാതേ അന്ധാം |**
**കതരോ മേനിം പ്രതി തം മുചാതേ യ ഈം വാഹതേ യ ഈം വാവരേയാത് ||**

എനിക്ക് കുരുടിയായ ഒരു മകൾ ഉായി. ആര് നേത്രഹീനയായ ആ കന്യകയുടെ (പ്രകൃതി) ആശ്രയ ദാതാവായിരിക്കും? ആര് അവളെ വരിക്കുകയും വഹിക്കുകയും ചെയ്യും? അവനെ ആർ എതിർക്കുകയും തടുക്കുകയും ചെയ്യും?

**12. കിയതീ യോഷാ മര്യതോ വധൂയോഃ പരിപ്രീതാ പന്യസാ വാര്യേണ |**
**ഭദ്രാ വധൂർഭവതി യത്സുപേശാഃ സ്വയം സാമിത്രം വനുതേ ജനേ ചിത് ||**

മനുഷ്യത്വമാർന്ന മഹിളാകാമങ്കൽ അന്തരക്തരായി എത്ര സുശീലകളും, സുന്ദരികളും, സൻമനസുള്ളവരുമായ സ്ത്രീകൾ ഇഷ്ടപ്പെട്ട പുരുഷനെ പതിയായി വരിക്കുന്നു.

**13.പത്തോ ജഗാര പ്രത്യഞ്ചമത്തി ശീർഷ്ണാ ശിരഃ പ്രതി ദധൗ വരൂഥം |**
**ആസീന ഊർധ്വാമുപസി ക്ഷിണാതി ന്യങ്ങുത്താനാമന്വേതി ഭൂമിം ||**

രശ്മികളിൽക്കൂടി സൂര്യൻ തന്റെ പ്രകാശത്തെ വ്യാപിപ്പിക്കുകയും ജലം വലിച്ചെടുക്കുകയും സ്വന്തം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പ്രകാശത്തേയും ജലത്തേയും തന്നിലേയ്ക്കാകർഷിച്ചെടുക്കുകയും ചെ യ്യുന്നു. അവൻ തന്നെ മറയ്ക്കുന്ന ജലത്തെ മനുഷ്യരുടെ ശിരസ്സുകളിൽ വീഴിക്കുന്നു. മുകളിലിരുന്നുകൊുതന്നെ അവൻ തന്റെ പ്രകാശത്തെ ഭൂമിയിൽ നിറയ്ക്കുന്നു, താഴേക്കിറങ്ങി വിശാലഭൂവിലെത്തുന്നു.

**14. ബൃഹന്നഛായോ അപലാശോ അർവാ തസ്ഥൗ മാതാവിഷിതോ അത്തി ഗർഭഃ |**
**അന്യസ്യാ വത്സം രിഹതീ മിമായ കയാ ഭവാ നിദധേ ധേനുരൂധഃ ||**

ഇലകളില്ലാത്ത ഉണക്കമരത്തിന് നിഴൽ വിരിക്കുവാൻ സാധിക്കാത്തതുപോലെ ഈ സൂര്യനും നിഴൽവിരിക്കുവാൻ കഴിയുന്നില്ല. സൂര്യരൂപനായ ഈ ബാലൻ ഏകനായി പാൽ കുടിക്കുന്നു എന്ന് ആകാശരൂപിണിയായ ഗോവ് അദിതി

രൂപിണിയായ അന്യമാതാവിന്റെ കിടാവിനെ (സൂര്യൻ) സ്നേഹത്തോടുകൂടി നക്കിത്തുടച്ച് ശക്തിപ്പെടുത്തി. ഈ പശുവിന്റെ അകിട് സൂര്യൻ ചുമക്കുന്നു.

**15. സപ്ത വീരാസോ**
**അധരാദുദയാന്നഷ്ഠോത്തരാത്താത്സമജഗ്മിരന്തേ |**
**നവ പശ്ചാതാത്സ്ഥിവിമന്ത ആയന്ദശപ്രാക്സാനു വിതി രന്ത്യശ്നഃ ||**

ഇന്ദ്രരൂപനായ പ്രജാപതി തന്റെ കുടിലിൽ നിന്ന് മിത്രാദികളായ സപ്തർഷികളെ സൃഷ്ടിച്ചു. അവന്റെ ശരീരത്തിന്റെ മേൽഭാഗത്തു നിന്നും ബാലഖില്യാദികളായ എട്ടുപേരും പിമ്പിൽ നിന്ന് ഭൃഗുക്കളാദിയായ ഒൻപതുപേരും ഉായി. അംഗിരസ്സാദികളായി പത്തുപേർ മുമ്പിൽനിന്നായി യജ്ഞാംശത്തെ സേവിക്കുകയും ഇവർ ആകാശത്തിന്റെ മുകൾ ഭാഗത്തെ വളർത്തുന്നു.

**16. ദശാനാമേകം കപിലം സമാനം തം ഹിന്വന്തി ക്രതവേ പാർയായ |**
**ഗർഭംമാതാ സു ധിതം വക്ഷണാസ്വവേനന്തം തുഷയന്തീ വിഭർതി ||**

പത്ത് അംഗിരസ്സുകളിൽ മുഖ്യൻ കപിലനാകുന്നു, അവൻ യജ്ഞകർമ്മങ്ങളിൽ വ്യാപൃതനായി അപ്പോൾ സന്തുഷ്ടയായ മാതാവ് ജലത്തിൽ വയ്ക്കപ്പെട്ട മനസ്സില്ലാഗർഭത്തെ (കപിലനെ) സസന്തോഷം വഹിച്ചു.

**17.പീവാനം മേഷമപന്ത വീരാ ന്യുപ്താ അക്ഷാ അനു ദീവ ആസൻ |**
**ദ്വാധനും വൃഹതീമപ്സ്വന്തഃ പവിത്രവന്താ ചരതഃ പുനന്താ ||**

പ്രജാപതിയുടെ പുത്രൻമാരായ അങ്ഗിരസുകൾ ആടിനെ വേവിച്ചു ച ൂതുകളിസ്ഥലത്ത് കരുക്കളെറിയപ്പെട്ടു. അവർ ധനുസ്തുല്യനായ കപിലനെ സ്തുതിച്ച് മന്ത്രങ്ങൾ വഴി തങ്ങളുടെ ദേഹത്തെ പവിത്രമാക്കി ജലത്തിൽ സഞ്ചരിക്കുവാൻ തുടങ്ങി.

**18. വി ക്രോശനാസോ വിഷ്വഞ്ച ആയൻപചാതി നേമോ നഹി പക്ഷദർധഃ |**
**അയം മേ ദേവഃ സവിതാ തദാഹ ദ്രവന്ന ഇദ്വന വത്സർപിരന്നഃ ||**

ഈ അംഗിരസ്സുകൾ പ്രജാപതിയാൽ ഉല്പാദിപ്പിക്കപ്പെട്ടു. ഇവരിൽ പകുതിപ്പേർ പ്രജാപതിക്കുവേി ഹവിസ്സ് പാകപ്പെടുത്തുന്നു. പകുതിപ്പേർ പാകപ്പെ ടുത്തുന്നില്ല. കാഷ്ഠരൂപമായ അന്നവും ഘൃതരൂപമായ ഓദനവും സ്വീകരിക്കുന്ന അഗ്നി പ്രജാപതിയെ ഇഷ്ടപ്പെടുന്നു. ഇത് സൂര്യൻ പറഞ്ഞതാണ്.

**19. അപശ്യം ഗ്രാമം വഹമാനമാരാഭചക്രയാ സ്വധയാ വർതമാനം |**
**സിഷക്തുയർയഃ പ്ര യുഗാ ജനാനാം സദ്യഃ ശിശ്നാ പ്രമിനാനോ നവീയാൻ ||**

തന്നാൽ ഉല്പാദിപ്പിക്കപ്പെട്ട ആഹാരത്താൽ പ്രാണസന്ധാരണം നടത്തുന്ന അനേകം വ്യക്തികൾ ദൂരെനിന്നും വരുന്നതായി കാണപ്പെടുന്നു. അവരുടെ നായകൻ ഈ രുപേരെ വീതം ചേർത്തിരുന്നു. നവീനാവസ്ഥയോടുകൂടിയ ആ നായകൻ തന്റെ ശത്രുക്കളെ അതിവേഗം കൊന്നൊടുക്കിയവൻ യജ്ഞങ്ങളിലെഴുന്നള്ളും.

**20. ഏതൗ മേ ഗാവൗ പ്രമരസ്യ യുക്തൗ മോ ഷു പ്ര സേധീർമുഹുരിൻമമന്ധി |**
**ആപശ്ചിദസ്യ വിനശന്ത്യർത്ഥം സൂരശ്ച മർക ഉപരോ ബഭൂവാൻ ||**

എന്നാൽ പൂട്ടപ്പെട്ട ഈ രു വൃഷഭങ്ങളെ നീ അകറ്റി വിടരുത്. ഇവയെ കൂടെകൂടെ വിളിച്ചുകൊുപോകുവിൻ. ഇവയുടെ വീട് ജലത്തിൽ നശിച്ചുപോകുന്നു. ഗോക്കളെ രക്ഷിക്കുന്ന വീരൻ ഉന്നതി പ്രാപിയ്ക്കുന്നു. ഇവനെ പിൻതുടരാൻ ജലത്തിനോ സൂര്യനോ കഴിവില്ല.

**21. അയം യോ വജ്രഃ പുരുധാ വിവൃത്തോവഃ സൂര്യസ്യ ബൃഹതഃ പുരീഷാത് |**
**ശ്രവ ഇദേനാ പരോ അന്യദസ്തി തദവ്യഥീ ജരിമാണസ്തരന്തി ||**

സൂര്യമണ്ഡലത്തിൽനിന്ന് താഴെയ്ക്കു ഈ വജ്രം അതിവേഗത്തിൽ പതിക്കുന്നു. പിന്നെ മുകളിൽ സൂര്യമണ്ഡലസ്ഥിതമായ മറ്റു ജലത്തെ സ്തോതാക്കൾ അന്വേഷിക്കുന്നു. ക്ലേശം കൂടാതെ താഴോക്കിറക്കുന്നു.

**22. വൃക്ഷേവൃക്ഷേ നിയതാ മീമയദ്ഗൗസ്തതോ വയഃ പ്ര പതാൻപുരുഷാദഃ |**
**അഥേദം വിശ്വം ഭുവനം ഭയാത ഇന്ദ്രായ സുന്വദൃഷയേ ച ശിക്ഷത് ||**

പ്രത്യേകമായ മരത്തിൽ (വില്ല്) നിന്നും ഞാണാകുന്ന ഗോവിൻ ഞരമ്പ് ഓലിയിടുന്നു, അപ്പോൾ ശത്രുഭക്ഷകനായ അമ്പ് പാഞ്ഞുപോകുന്നു. വിശ്വംമുഴുവൻ ആ ബാണത്തെ ഭയപ്പെടുകയു എല്ലാ മനുഷ്യരും ഋഷിഗണവും ഇന്ദ്രന് സോമരസം നൽകുകയും ചെയ്യുന്നു.

**23. ദേവാനാം മാനേ പ്രഥമാ അതിഷ്ഠൻകൃന്തത്രാദേഷാ മുപരാ ഉദായൻ |**
**ത്രയസ്തപന്തി പൃഥിവീമനൂപാ ദ്വാ ബൃബൂകം വഹതഃ പുരീഷം ||**

ദേവകൾ ജനിച്ചപ്പോൾ മേഘം കാണപ്പെട്ടു. ഇന്ദ്രൻ ആ മേഘങ്ങളെ കീറിപ്പിളർന്നപ്പോൾ ജലം പുറപ്പെട്ടു. പർജന്യനും സൂര്യനും, വായുവും ഉല്പന്നങ്ങളെ പാകപ്പെടുത്തുകയും സൂര്യനും വായുവും ജലത്തെ വലിച്ചെടുക്കുകയും ചെയ്യുന്നു.

**24. സാതേ ജീവാതുരുത തസ്യ വിദ്ധി മാ സ്മൈതാ ദൃഗപ ഗുഹഃ സമര്യേ |**
**ആവിഃ സ്വഃ കൃണുതേ ഗുഹതേ ബുസംസ പാദുരസ്യ നിർണിജോ ന മുച്യതേ ||**

ഹേ ഋഷികളേ! സൂര്യൻ നിങ്ങളുടെ ജീവന്റെ ആശ്രയരൂപമാകുന്നു. അതിനാൽ യജ്ഞകാലത്തിൽ സൂര്യന്റെ ഗുണങ്ങളെ കീർത്തിച്ചുകൊ് അവനെ നിങ്ങൾ നമ്ക്കരിക്കുവിൻ. എന്തുകൊന്നാൽ സൂര്യൻ എല്ലാ ജീവികളെയും, പദാർത്ഥങ്ങളേയും പവിത്രീകരിക്കുന്നവനാകുന്നു. അവൻ തന്റെ ഗതിയെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല, സ്വർഗ്ഗലോകത്തെ പ്രകാശിപ്പിക്കുന്നതും ഇവൻ തന്നെയാകുന്നു.

## സൂക്തം 28

**ഋഷികൾ വസുക്രപത്നിയും ഇന്ദ്രനും വസുക്രനും ദേവത**

**ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. വിശ്വേ ഹ്യന്യോ അരിരാജഗാമ മമേദഹ ശ്വശുരോ നാ ജഗാമ |**
**ജക്ഷീയാദ്ധാനാ ഉത സോമം പപീയത്സ്വാശിതഃ പുനരസ്തം ജഗായാത് ||**

ഋഷിപത്നി എല്ലാ ദേവകളും വന്നുകഴിഞ്ഞു. എന്നാൽ ശ്വശുരൻ ഇന്ദ്രൻ മാത്രം വന്നില്ല. അവൻ വന്നായിരുന്നു എങ്കിൽ പൊരിച്ചമലരോടുകൂടി സോമവും പാനം ചെയ്ത് മടങ്ങിപോകുമായിരുന്നു.

**2. സ രോരുവദ്വൃഷഭസ്തിഗ്മശൃങ്ഗോ വർഷ്മന്ത സ്ഥൗ വരിമന്നാ പൃഥിവ്യാഃ |**
**വിശ്വേഷ്വേനം വൃജനേഷു പാമി യോ മേ കുക്ഷീ സുത സോമഃ പൃണാതി ||**

ഇന്ദ്രൻ ഹേ പുത്രവധു! ഞാൻ കൂർത്ത കൊമ്പുകളുള്ള വൃഷഭത്തെപ്പോലെ ശബ്ദിക്കുന്നവനും ഭൂമിയുടെ വിശാലവും ഉന്നതവുമായ പ്രദേശത്തു വസിക്കുന്നവനുമാകുന്നു. ആര് എനിക്കു സോമം പ്രദാനം ചെയ്യുന്നുവോ, ഞാനവനെ എപ്പോഴും രക്ഷിച്ചുകൊിരിക്കും.

**3. അദ്രിണാതേ മന്ദിന ഇന്ദ്ര തൂയാൻത്സുന്വന്തി സോമാൻപിബസി ത്വമേഷാം |**
**പചന്തിതേ വൃഷഭാം അത്സി തേഷാം പൃക്ഷേണ യൻമഘവൻഹൂയമാനഃ ||**

ഋഷി ഹേ ഇന്ദ്രാ! യജമാനൻ സോമം പിഴിയുമ്പോൾ നീ അതുപാനം ചെയ്യുന്നു. ആ സമയം അന്നകാമനായ നിനക്ക് ഹവിസ്സും സ്തോത്രവും അർപ്പിക്കപ്പെടുന്നു. മഘവാവേ നീ അവരുടെ കാളക്കറിയും കഴിക്കാറു്.

**4. ഇദം സു മേ ജരിതാരാ ചികിദ്ധി പ്രതീപം ശാപം നദ്യോ വഹന്തി |**
**ലോപാശഃ സിംഹം പ്രത്യഞ്ചമത്സാഃ ക്രോഷ്ഠാ വരാഹം നിരതക്ത കക്ഷാത് ||**

ഹേ ഇന്ദ്രാ! ഞാനഗ്രഹിക്കുമ്പോൾ നദീജലം പിന്തിരിഞ്ഞൊഴുകട്ടെ തൃണം ഭക്ഷിക്കുന്ന ഹരിണം എതിരിടുന്ന സിംഹത്തെ നേരിടട്ടെ. കുറുക്കൻ വരാഹത്തെ ഓടിക്കട്ടെ.

**5.കഥാ ത ഏതദഹമാ ചികേതം ഗൃത്സസ്യ പാകസ്തവസോ മനീഷാം |**
**ത്വം നോ വിദ്വാ ഋതുഥാ വി വോചോ യമർധ തേ മഘവൻക്ഷേമ്യാ ധൂഃ ||**

ഹേ ഇന്ദ്രാ! നീ ജ്ഞാനിയും പുരാതനുമാണല്ലോ. അല്പബുദ്ധിയും ദുർബലനുമായ ഞാൻ നിന്നെ സ്തുതിക്കുവാൻ സമർത്ഥനല്ല. എന്നാൽ സമയാസമയങ്ങളിൽ നിന്റെ ഗുണഗാനങ്ങൾ കേട്ടുകൊ് നിന്നെ ഞാനല്പമായി സ്തുതിക്കുവാൻ തുടങ്ങുന്നു. നീ തന്നെ എന്റെ പാകപ്പിഴകൾ നീക്കണം.

**6. ഏവാ ഹി മാം തവസം വർധയന്തി ദിവശ്ചിൻമേ ബൃഹത ഉത്തരാ ധൂഃ |**
**പുരൂ സഹസ്രാ നിശിശാമി സാകുമശത്രും ഹി മാ ജനിതാ ജജാന ||**

ഇന്ദ്രൻ സ്തോതാക്കൾ പുരാണപുരുഷനായ ഇന്ദ്രനായ എന്നെ സ്തുതിച്ചുകൊ്, എന്റെ വിസ്തൃതമായ കർമ്മങ്ങൾ സ്വർഗ്ഗത്തേക്കാൾ മഹത്താണെന്ന് പറയുന്നു. ശത്രുക്കൾക്ക് എന്നെ നേരിടുവാൻ കഴിയാത്ത വണ്ണം ഞാൻ ജൻമനാ തന്നെ ബലവാനാകുന്നു. ഞാൻ ഒരേ സമയം ആയിരം ശത്രുക്കളുടെ ബലത്തെ നശിപ്പിക്കുന്നു.

**7. ഏവാ ഹി മാം തവസം ജജ്ഞുരുഗ്രം കർമ്മൻകർമ്മവൃഷണമിന്ദ്ര ദേവാഃ |**
**വധീം വൃത്രം വജ്രേണ മന്ദസാനോപവ്രജം മഹിനാ ദാശുഷേ വം ||**

ഋഷി ഹേ ഇന്ദ്രാ! ഞാൻ പ്രസന്നനായി വജ്രത്താൽ വൃത്രനെ പിളർക്കുകയും ദാനശീലനായ വ്യക്തിക്ക് ഗോക്കളാൽ സമ്പന്നമായ ധനം പ്രദാനം ചെയ്യുകയും ചെ യ്തു. അതിനാൽ ദേവകൾ എന്നെ നിനക്കു തുല്യം വൃഷാവും പുരാതനും, വീരനും കാമ്യഫലദായകനുമാക്കിക്കരുതുന്നു.

**8. ദേവാസ ആയൻപരശൂംരബിഭ്രന്വനാ വൃശ്ചന്തോ അഭി വിഡ്ഭിരായൻ |**
**നി സുദ്ര്വദധതോ വക്ഷണാസു യന്ദാ കൃപീടമനു തദ്ദഹന്തി ||**

ദേവകൾ മേഘങ്ങളെ പിളർക്കുന്നതിനായി പോകുന്നു. അപ്പോൾ അവർ ജലത്തെ പുറത്തുകൊുവന്ന് മഴ പെയ്യിക്കുന്നു. ആ ജലം ഉത്തമകളായ നദികളിൽ വസിക്കുന്നു. ദേവകൾ ഏതെല്ലാം മേഘങ്ങളാൽ ജലം ദർശിക്കുന്നുവോ; അവയെ വിദ്യുത്തിനാൽ ഭസ്മീകരിച്ച് ജലത്തെ വളർത്തുന്നു.

**9. ശശഃ ക്ഷുരം പ്രത്യഞ്ചം ജഗാരാദ്രിം ലോഗേന വ്യഭേദമാരാത് |**
**ബൃഹന്തം ചിദൃഹതേ രന്ധയാനി വയദ്വത്സോ വൃഷഭം ശൂശുവാനഃ ||**

ഇന്ദ്രൻ ആഗ്രഹിക്കുകയാണെങ്കിൽ എതിരിടുന്ന വ്യാഘ്രത്തെ മുയലിനു തോൽപിക്കുവാൻ കഴിയും. എനിക്കും അവന്റെ കൃപയാൽ ഒരു ചരൽക്കല്ലുകൊ് പർവ്വതത്തെ തകർക്കുവാൻ കഴിയും. ഇന്ദ്രൻ ആഗ്രഹിക്കുകയാണെങ്കിൽ ഒരു കാളക്കുട്ടിക്ക് കൂറ്റനായ വൃഷഭത്തെ നേരിടും. വലിയവനെ ചെറിയവന്നധീനമാക്കുവാനും കഴിയും.

**10. സുപർണ ഇത്ഥാ നഖമാ സിഷായാവരുദ്ധഃ പരിപദം ന സിംഹഃ |**
**നിരുദ്ധശ്ചിൻമഹിഷസ്തർഷ്യാ വാൻഗോധാ തസ്മാ അയഥും കർഷദേതത് ||**

കൂട്ടിൽ ബന്ധിക്കപ്പെട്ട സിംഹം അതിന്റെ പാദങ്ങൾകൊു മാന്തുന്നതുപോലെ കഴുകൻ പക്ഷിയും അതിന്റെ നഖങ്ങൾകൊു മാന്തി മഹിഷം ദാഹത്താൽ പരവശനാകുന്നതുപോലെ ഇന്ദ്രൻ സോമം ആഗ്രഹിച്ചപ്പോൾ പരുന്തിൻരൂപത്തിൽ ഗായത്രി സോമം കൊുവന്നു.

**11. തേഭ്യോ ഗോധാ അയഥം കർഷ ദേതദ്യേ ബ്രഹ്മണഃ പ്രതിപിയന്ത്യന്നൈഃ |**
**സിമ ഉക്ഷണോ വസൃഷ്ടാം അദന്തി സ്വയം ബുലാനി തന്വഃ ശൃണാനാഃ ||**

യജ്ഞത്തിന്റെ അന്നത്താൽ യാതൊരുത്തൻ തന്റെ ജീവൻ നിലനിർത്തുന്നുവോ, അവനുവേി ഗായത്രി അപ്രതീക്ഷിതമായി ജലം

കൊ വരുന്നു, ആ ഇന്ദ്രൻ സർവഗുണസമ്പന്നനും സോമപാനിയും ശത്രുക്കളുടെ ശരീരബലത്തെ നശിപ്പിക്കുന്നവനുമാകുന്നു.

**12. ഏതേ ശമീഭിഃ സുശമീ അഭൂവന്യേ ഹിന്വിരോ തന്വഃ സോമ ഉക്ഥൈഃ |**
**നൃവദ്വദന്നുപ നോ മാഹി വാജാന്ദിവി ശ്രവോ ദധിഷേ നാമ വീരഃ ||**

യാതൊരുത്തൻ സോമയാഗത്തിൽ സ്വന്തം ദേഹത്തെ ഉക്ഥങ്ങൾ കൊ് തടിപ്പിക്കുന്നുവോ, സുന്ദരകർമ്മാവായ ആ പുരുഷൻ ശ്രേഷ്ഠകർമ്മാവായി പറയപ്പെടുന്നു. ഇന്ദ്രാ നീ ഞങ്ങൾക്കുവേി അന്നം കൊ വരികയും മധുരവചനങ്ങൾ മൊഴിയുകയും ചെയ്യുന്നു. ഇങ്ങിനെ നീ ദാനവീരനെന്ന് പറയപ്പെടുന്നു.

## സൂക്തം 29

**ഋഷി വസുക്രൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. വനേ ന വായോ ന്യധായി ചാകഞ്ഛുചിർവാം സ്തോമോ ഭുരണാവജീഗഃ |**
**യസ്യേദിന്ദ്രഃ പുരുദിനേഷു ഹോതാ നൃണാം നര്യോ നൃതമഃ ക്ഷപാവാൻ ||**

ഹേ ദേവാ! എല്ലാ ഭാഗത്തും നോക്കിക്കൊിരിക്കുന്നു. പറവക്കുഞ്ഞിനെ പാലുള്ള എന്റെ സദ്ഭാവനകളോടുകൂടിയ സ്തോത്രങ്ങളെ രാത്രി സഹിതനായ ഇന്ദ്രൻ ക്ഷണിക്കുന്നു. ഈ ശ്രേഷ്ഠമായ സ്തോത്രത്തെ നിങ്ങൾക്കായി പ്രേരിപ്പിക്കുന്നു. അവൻ നേതാക്കളിൽ ശ്രേഷ്ഠനും മനുഷ്യരുടെ ഹിതൈഷിയുമാകുന്നു. ഞാനവനെ സ്തുതികളാൽ ആഹ്വാനം ചെയ്യുന്നു.

**2. പ്ര തേ അസ്യാ ഉഷസഃ പ്രാപരസ്യാ നൃതൗ സ്യാമ നൃതമസ്യ നൃണാം |**
**അനു ത്രിശോകഃ ശതമാവഹന്നൄൻ കുത്സേന രഥോ യോ അനത്സസവാൻ ||**

ഹേ നേതാക്കളിൽ ശ്രേഷ്ഠനായ ഇന്ദ്രാ! എല്ലാ ദിനങ്ങളിലും പ്രഭാതകാലങ്ങളിൽ നിന്നെ സ്തുതിക്കുന്നവരായ ഞങ്ങൾ ശ്രേഷ്ഠൻമാരാകണം. ത്രിശോകമഹർഷി നിന്നെ സ്തുതിച്ചുകൊു തന്നെ നിന്റെ സഹായം പ്രാപിച്ചിരുന്നു. കുത്സൻ നിന്നൊടൊപ്പം രഥത്തിൽ കയറി.

**3. കസ്തേ മദ ഇന്ദ്ര രന്ത്യോ ഭൂദ്ദുരോ ഗിരോ അഭ്യുഗ്രോ വി ധാവ |**
**കദ്വാഹോ അർവാഗപ മ നമമീഷാ ആ ത്വാ ശക്യാമുപമം രാധോ അന്നൈഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ സ്തുതികൾ ശ്രവിച്ച് ഈ യജ്ഞത്തിലേയ്ക്കു വന്നാലും. എങ്ങിനെയുള്ള സോമം നിന്നെ മത്തനാക്കും? നിന്നെ സ്തുതിക്കുന്ന എനിക്ക് എപ്പോൾ അന്നം ധനം പ്രാപിക്കുവാൻ കഴിയും? വാഹനാദികൾ എപ്പോൾ എനിക്ക് പ്രാപ്തമാകും?

**4. കദു ദ്യുമ്നമിന്ദ്ര ത്വാവ തോ നൄൻകയാ ധിയാ കരസേ കന്ന ആഗൻ |**
**മിത്രോ ന സത്യ ഉരുഗായ ഭൃത്യാ അന്നേ സമസ്യ യദസൻമനീനാഃ ||**

ഹേ ഇന്ദ്രാ! നീ എപ്പോൾ ധനം നൽകും? ഏതു സ്തുതികളാൽ പ്രസന്നനായാണ്. നീ മനുഷ്യരെ നിന്നേപ്പോലെ ഐശ്വര്യവാൻമാരാക്കുന്നത്? സ്തുതിക്കുമ്പോൾ തന്നെ ഒരു യഥാർത്ഥമിത്രത്തെപ്പോലെ നീ സ്തോതാവിനെ പാലിക്കുന്നവനായിത്തീരുന്നു.

**5. പ്രേരയ സുരോ അർഥ ന പാരം യേ അസ്യ കാമം ജനിധാ ഇവ ഗ്മൻ |**
**ഗിരശ്ച യേ തേ തുവിജാത പൂർവീർനര ഇന്ദ്ര പ്രതിശിക്ഷന്ത്യന്നൈഃ ||**

ഭർത്താവ് ഭാര്യയെ സന്തുഷ്ടയാക്കുന്നതുപോലെ യാതൊരുത്തൻ നിന്നെ സന്തുഷ്ടനാക്കുന്നുവോ, അവന് അഭീഷ്ടധനം പ്രദാനം ചെയ്താലും. യാതൊരുത്തൻ പ്രാചീന സ്തോത്രങ്ങൾ സോമം ഹിവിരണം തുടങ്ങിയവ നിനക്ക് നൽകുന്നുവോ അവന് ഐശ്വര്യം നൽകണേ. നീ അവരെ സൂര്യനു തുല്യം മറുകരയണച്ചാലും.

**6. മാത്രേ നു തേ സുമിതേ ഇന്ദ്ര പൂർവി ദ്യൗർമജ്മനാ പൃഥിവീ കാവ്യേന |**
**വരായ തേ ഘൃതവന്തഃ സുതാസഃ സ്വാദ്മൻഭവന്തു പീതയേ മധൂനി ||**

ഹേ ഇന്ദ്രാ! പ്രാചീനകാലത്ത് സൃഷ്ടിക്കപ്പെട്ട ദ്യാവാപൃഥ്വികൾ മാതൃസമാനകളാകുന്നു നിന്റെ ശത്രുനാശകശക്തി കൊാണവർ സൃഷ്ടിക്കപ്പെട്ടത്. ഈ സോമരസം നീ പാനം ചെയ്താലും. മധുരരസയുക്തമായ ഈ അന്നം സ്വാദുറ്റതാണ്. നീ ഇവയാൽ മത്തനും പ്രസന്നനുമാകണേ.

**7. ആ മധ്വോ അസ്മാ അസിചന്നമത്രമിന്ദ്രായ പൂർണം സ ഹിസത്യരാധാഃ |**
**സ വാവൃധേ വരിമന്നാ പൃഥിവ്യാ അഭി ക്രത്വാ നര്യഃ പൗംസ്യൈശ്ച ||**

ഇന്ദ്രൻ ഭൂമിയേക്കാൾ ശ്രേഷ്ഠനാകുന്നു. അവൻ മനുഷ്യരുടെ ഹിതാനുവർത്തിയും ധനദായകനുമാകുന്നു. അവന്റെ എല്ലാകർമ്മങ്ങളും ആശ്ചര്യജനകങ്ങളാണ്. അതിനാൽ അവനുവേി മധുരമായ സോമരസം പാത്രങ്ങളിൽ നിറച്ച് അവനു സമർപ്പിക്കുവിൻ.

**8. വ്യാനളിന്ദ്രഃ പൃതനാഃ സ്വോജാ ആസ്മൈ യതംന്തേ സഖ്യായ പൂർവീഃ |**
**ആസ്മ രഥം ന പൃതനാസു തിഷ്ഠ യം ഭദ്രയാ സുമത്യാ ചോദയാസേ ||**

ഈ ഇന്ദ്രൻ മഹാബനവാനാകുന്നു. ഭയങ്കരനായ ശത്രുവും ഇവനെ എതിർക്കാൻ ശക്തനല്ല. ഇവൻ ശത്രുസേനകളെ അനേകം പ്രാവശ്യം വലയം ചെയ്തു. ഹേ ഇന്ദ്രാ! ലോകത്തിന്റെ നൻമക്കുവേി നീ യാതൊരു രഥത്തിൽ ആരൂഢനായി പടക്കളത്തിലെത്തിയോ. അതേ രഥത്തിൽ ഇപ്പോൾ ആരൂഢനായാലും.

## അനുവാകം 3 സൂക്തം 30

**ഋഷി ഇലൂഷപുത്രൻ കുവഷൻ ദേവത അപാന്നവാദ്ധാ ഛന്ദസ് ത്രിഷ്ടുപ്**

**1. പ്ര ദേവത്രാ ബ്രഹ്മണേ ഗാതുരേത്വപോ അച്ഛാ മൻസോ ന പ്രയുക്തി |**
**മഹീം മിത്രസ്യവരുണസ്യ ധാസിം പൃഥുജ്രയശേ രീരധാ സുവൃക്തിം ||**

യജ്ഞത്തിന്റെ മുഹൂർത്തത്തിൽ ഈ സോമരസം

ദേവകൾക്കുവേി അതിവേഗം ജലത്തിലേയ്ക്കുപോകട്ടെ. ഹേ ഋത്വിജൻമാരേ! മിത്രനും വരുണനനുംവേി മഹത്തായ ആ അന്നത്തെ സംസ്ക്കരിക്കുവിൻ. ഇന്ദ്രനുവേി ശ്രേഷ്ഠമായ സ്തുതികൾ ആലപിക്കുവിൻ.

**2. അധ്വര്യവോ ഹവിഷ്മന്തോ ഹി ഭൂതാച്ഛാപ ഇതോശതീരുശന്തഃ |**
**അവ യാശ്ചഷ്ടേ അരുണഃ സുപർണസ്തമാസ്യധ്വമൂർമി മദ്യാ സുഹസ്താഃ ||**

ഹേ ഋത്വിജൻമാരേ! നിങ്ങൾ ഹവിരാന്നം പാകപ്പെടുത്തുവിൻ. ഈ ജലം നിങ്ങളെ പ്രീതിപ്പെടുത്തട്ടെ. നിങ്ങൾ എഀ ജലത്തിനു നേരെ പോകുവിൻ. സ്വർണ്ണപക്ഷിയെപ്പോലെ ഈ സോമം സ്രവിക്കുന്നു. നിങ്ങളതിനെ സ്വന്തം കരങ്ങളാൽ തരന്ഗീതമാക്കുവിൻ.

**3. അധ്വര്യവോപ ഇതാ സമുദ്രമപാം നപാതം ഹവിഷാ യജധ്വം |**
**സ വോ ദാദദൂർമിമദ്യാ സുപൂതം തസ്മൈ സോമനമധുമന്തം സുനോത ||**

ഹേ ഋത്വിജൻമാരേ! ജലപൂർണ്ണമായ സമുദ്രത്തിലേയ്ക്കുപോകുവിൻ. അവൻ നിങ്ങൾക്ക് ശ്രേഷ്ഠമായ ജലമാലകൾ നൽകട്ടെ. അതിനായി അവന് മധുമയമായ സോമരസം അർപ്പിക്കുവിൻ.

**4. യോ അനിധ്മോ ഭീദയപ്സ്വത്നർയം വിപ്രാസ ഈളതേ അധ്വരേഷു |**
**അപാം നപാൻമധുമതീരപോ ദാ യാഭിരിന്ദ്രോ വാവൃധേ വീര്യായ ||**

അപാന്നപാത്തേ! നീ മേഘങ്ങളുടെ ഇടയിൽ വിറകില്ലാതെ കത്തുന്നു. ജ്ഞാനികൾ നിന്നെ യാഗങ്ങളിൽ സ്തുതിക്കുന്നു. നീ മധുരമുള്ള തണ്ണീരുകൾ തന്നാലും . അവയെക്കൊണ്ടല്ലോ ഇന്ദ്രൻ വീരകർമ്മത്തിന് മുതിർന്നത്.

**5. യാമിഃ സോമോമോദതേ ഹർഷതേ ച കല്യാണീയുവതിഭിർന മർയഃ |**
**താ അധ്വർയോ അപോ അഛാപരേഹി യദാസിഞ്ചാ ഔഷധീഭിഃ പുനീതാത് ||**

ഈ ജലങ്ങളിൽ മിശ്രിതമായ സോമം വളരെ അത്ഭുത കർമ്മാവാകുന്നു. ജലവുമായിച്ചേരുമ്പോൾ തന്നെ ഇതു പുഷ്ടിയെ പ്രാപിക്കുന്നു. ഹേ ഋത്വിജൻമാരേ! ഈ സോമത്തെ ശുദ്ധീകരിയ്ക്കുമ്പോൾ കഴിവുള്ള ജലത്തെ നിങ്ങൾ കൊുവരുവിൻ.

**6. ഏവേദ്യൂനേ യുവതയോ നമന്ത യദീമുശന്നുശതീരോത്യഛ |**
**സം ജാനതേ മനസാ സഞ്ചികിത്രേധ്വർയവോ ധിഷണാപശ്ച ദേവീഃ ||**

സ്ത്രീപുരുഷൻമാരുടെ പരസ്പരമുള്ള ആകർഷണംപോലെ ഈ സോമം ജലത്തെ ആകർഷിക്കുന്നു. ഋത്വിജൻമാരെയും അവരുടെ സ്ത്രീകളുടെയും ജലരൂപിണികളായ ഈ ദേവൻമാർ തിരിച്ചറിയുന്നു. പരസ്പരം കാണുകയും ചെയ്യുന്നു.

**7. യോ വോ വൃതാഭ്യോ അകൃണോദു ലോകം യോ വോ മഹ്യാ അഭിശസ്തേരമുഞ്ചത് |**
**തസ്മാ ഇന്ദ്രായ മധുമന്തമൂർമിം ദേവമാദനം പ്ര ഹിണോതനാപഃ ||**

ഹേ ജലങ്ങളേ! തടയപ്പെട്ടപ്പോൾ ആര് നിങ്ങളെ മോചിപ്പിച്ച് മാർഗ്ഗം കാണിച്ചുതന്നുവോ ആ ഇന്ദ്രനുവേി നിങ്ങൾ ഹർഷപ്രദായകവും, മധുരവുമായ സോമജലം വർഷിച്ചാലും.

**8. പ്രാസ്മൈ ഹിനോത മധുമന്തമൂർമിഭോ യൊ വ സിന്ധവോ മധ്വ ഉത്സഃ |**
**ഘൃതപൃഷ്ഠമീഢ്യമധ്വരേഷ്വാപോ രേവതീഃ ശൃണുതാഹവം മേ ||**

ഹേ തണ്ണീരുകളേ! നിങ്ങളുടെ ധ്വജരൂപമായ മധുരസോമത്തിന്റെ തരംഗങ്ങളെ ഇന്ദ്രനിലേയ്ക്കയയ്ക്കുവിൻ. ഹേ ജലമേ! നിങ്ങൾ ഐസ്വര്യവതികളാണല്ലോ. എന്റെ ആഹ്വാനങ്ങളെ നിങ്ങൾ ശ്രവിയ്ക്കുവിൻ. നിങ്ങൾ ഘൃതാദികളോടുകൂടിത്തന്നെ സ്തുതിക്കപ്പെടേവരാണല്ലോ?

**9. തം സന്ധവോ മത്സരമിന്ദ്രപാനമൂർമിംപ്ര ഹേതയ ഉഭേ ഇയർതി |**
**മദച്യുതമൗശാനം നഭോജാം പരി ത്രിതന്തും വിചരന്ത മുത്സം ||**

ഹേ ജലമേ! നിങ്ങൾ നിങ്ങളുടെ ദിവ്യവും പാർത്ഥിവവുമായ തരംഗങ്ങളെ ഇന്ദ്രനുപാനം ചെയ്യുവാൻവേ ി തയ്യാറാക്കുവിൻ. ഹർഷത്തെ വളർത്തുന്നതും, അഭിലാഷങ്ങളെ തഴപ്പിക്കുന്നതും, ആകാശത്തിൽ ജനിച്ച് മൂന്നുലോകങ്ങളിൽ സഞ്ചരിയ്ക്കുന്നവനുമായ തരംഗങ്ങളെ നിങ്ങൾകൊു വരുവിൻ.

**10. ആവർവൃതതീരധ നു ദ്വിധാരാ ഗോഷ്ഠയുധോ ന നിയവം ചരന്തീഃ |**
**ഋഷേ ജനിത്രീർഭുവനസ്യ പത്നീരപോ വന്ദസ്വ സവൃധഃ സയോനീഃ ||**

വെള്ളത്തിനായി യുദ്ധം ചെയ്തവനായ ഇന്ദ്രനുവേി അനേകം ധാരകളായി വിഭക്തമായ ജലം തടവില്ലാതെ ഒഴുകുന്നു ആ ജലം വിശ്വരക്ഷകയായ മാതാവിനെപ്പോലെ സോമത്തിൽ കലരുന്നു. ഋഷിഗണം ഈ ജലത്തെ നമസ്ക്കരിക്കുന്നു.

**11. ഹിനോതാ നോ അധ്വരം ദേവയജ്യാ ഹിനോത ബ്രഹ്മ സനയേ ധനാനാം |**
**ഋതസ്യ യോഗേ വി ഷ്യധ്വമൂധഃ ശ്രുഷ്ഠീവരീർഭൂതനാസ്മഭ്യമാപഃ ||**

ഹേ ജലങ്ങളേ! ഞങ്ങളുടെ ഈ ദേവയാഗത്തിൽ നിങ്ങൾ സഹായികളാകുവിൻ. ഞങ്ങളെ പവിത്രരും ധനപ്രാപ്തരുമാക്കുവിൻ. ഞങ്ങളുടെ അനുഷ്ഠാനസമയങ്ങളിൽ തൊഴുത്തിന്റെ വാതിലുകൾ തുറന്നുകൊ് ഞങ്ങളെ സുഖികളാക്കുവിൻ.

**12. ആപോ രേവതീഃ ക്ഷയഥാ ഹി വസ്വഃ ക്രതും ച ഭദ്രം ബിഭൃഥാമൃതം ച |**
**രായശ്ച സ്ഥ സ്വപത്യസ്യ പത്നീഃ സരസ്വതീ നദ്ഗൃണതേ വയോ ധാത് ||**

ഹേ ജലങ്ങളേ! യജ്ഞം കല്യാണകാരിയാണ്. നിങ്ങൾ ധർമ്മത്തിന്റെ സാക്ഷാത്കരങ്ങളാണ്. നിങ്ങൾ ധനം, യജ്ഞം, അമൃതം ഇവയുടെ സ്വാമിനികളാണല്ലോ. ഞങ്ങളുടെ യജ്ഞത്തെ സമ്പന്നമാക്കി അമൃതംകൊുവരികയും ഞങ്ങളുടെ ധനത്തേയും, സന്താനങ്ങളേയും

രക്ഷിയ്ക്കുകയും ചെയ്യുവിൻ. സരസ്വതി സ്തോതാക്കൾക്കു ധനം പ്രദാനം ചെയ്യട്ടെ.

**13. പ്രതി യദാപോ അദൃശ്രമായതീർഘൃതം പയാംസി വിഭ്രതീർമധൂനി |**
**അധവര്യഭിർമനസാ സംവിദാനാ ഇന്ദ്രായ സോമം സുഷുതം ഭരന്തീഃ ||**

ഹേ ജലങ്ങളേ! നിങ്ങൾ പാലും, നെയ്യും, മധുവുമായി വരുന്നു, നിങ്ങൾ ശ്രേഷ്ഠവും, സംസ്ക്കരിക്കപ്പെട്ടതുമായ ഇന്ദ്രനു സമർപ്പിച്ചു.

**14. ഏമാ അഗ്മൻരേവതീർജീവധന്യാ അധ്വര്യവഃ സാദയതാ സഖായഃ |**
**നി ബർഹിഷി ധത്ത ന സോമ്യാസോപാം നപ്ത്രാ സംവിദാനാസ ഏനാഃ ||**

ഈ ജലം ധനത്തിന്റെ ആശ്രയരൂപവും ജീവജാലങ്ങളെ പോറ്റുന്നതുമാകുന്നു. ഹേ ഋത്വിജൻമാരേ ഈ വരുന്ന ജലങ്ങളെ സ്ഥാപിക്കുവിൻ. വൃഷ്ടിയുടെ അധിഷ്ഠാന ദേവതയുമായി ഈ ജലങ്ങൾക്ക് പരിചയമുട്. ഇവരെ കുശമേൽ പ്രതിഷ്ഠിക്കുവിൻ. ഇവർ സോമരസത്തിനനുകൂലമാകുന്നു.

**15. ആഗ്മന്നാപ ഉശതീർബർഹിരേദം ന്യധ്വരേ അസദന്ദേവയന്തീഃ |**
**അധ്വര്യവഃ സുനുതേന്ദ്രായ സോമമഭൂദു വഃ സുശകാ ദേവയജ്യാ ||**

ദേവകളിലേയ്ക്കു പോകുന്നതിനായി കുശകളിലേയ്ക്കു വരുന്ന ഈ ജലദേവിമാർ യാഗഭൂമിയെ പ്രാപിച്ചിരിക്കുന്നു. ഹേ ഋത്വിജൻമാരേ ജലം വന്നു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് പൂജാകർമ്മങ്ങൾ എളുപ്പത്തിൽ നടത്തുവാൻ കഴിയും. മധുമയമായ സോമരസത്തെ ഇന്ദ്രനുവേി സമർപ്പിക്കുവിൻ.

## സൂക്തം 31

**ഋഷി കവഷൻ ദേനത വിശ്വേദേവൻമാർ; ഛന്ദസ് ത്രിഷ്ടുപ്**

**1. ആനോ ദേവാനാമുപ വേതു ശംസോ വിശ്വേഭിസ്തുരൈരവസേ യജത്രഃ |**
**തേഭിർവയം സുഷവായോ ഭവേമ തരന്തോ വിശ്വാ ദുരിതാ സ്യാമ ||**

നമ്മുടെ സ്തുതികൾ വിശ്വദേവകളെ പ്രാപിക്കട്ടെ. യാഗദേവതകൾ നമ്മെ എല്ലാ ശത്രുക്കളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. അവർ നമ്മോട് മിത്രഭാവം പുലർത്തുകയും നമ്മെ സകലപാപങ്ങളിൽനിന്നും മോചിതരാക്കുകയും ചെയ്യട്ടെ.

**2. പരി ചിൻമർതോ ദ്രവിണം മമന്യാദൃതസ്യ പഥാ നമസാ വിവാസേത് |**
**ഉത സ്വേന ക്രതുനാ സം വദേത ശ്രേയാംസം ദക്ഷം മനസാ ജഗൃഭ്യാത് ||**

എല്ലാ വിധത്തിലുമുള്ള ധനങ്ങളെ അഭിലഷിക്കുന്ന പുരുഷൻ അനുഷ്ഠാനാദി സത്യകർമ്മങ്ങളിൽ മുഴുകി നൻമ പ്രാപിക്കട്ടെ. യജ്ഞം നടത്തുകയും ധ്യാനിക്കുകയും ആത്മാവിനെ ഗ്രഹിക്കുകയും ചെയ്ത് മനുഷ്യൻ സുഖം പ്രാപിക്കട്ടെ.

**3. അധായി ധീതിരസസൃഗ്രമംശാസ്തീർഥേ ന ദസ്മമുപ യന്ത്യമാഃ |**
**അഭ്യാനശ്മ സുവിതസ്യ ശൂഷം നവേദസോ അമൃതാനാമഭൂമ ||**

യജ്ഞത്തിനുള്ള എല്ലാ ഉപകരണങ്ങളും ആവശ്യാനുസൃതമായി വയ്ക്കപ്പെടട്ടെ. ഈ വസ്തുക്കൾ കാഴ്ചയ്ക്കുമനോഹരവും, രക്ഷക്കുപയുക്തങ്ങളുമാകുന്നു. യജ്ഞം ആരംഭിച്ചു. യജ്ഞഭാഗങ്ങൾ ദേവൻമാരെ പ്രാപിക്കുന്നു. നമുക്ക് സ്വർഗ്ഗാദിസളഖം ലഭിക്കണേ. നാം സോമരസാസ്വാദനം നടത്തി.

**4. നിത്യശ്ചാകന്യാത്സ്വപതിർദമൂനാ യസ്മ ഉ ദേവഃ സവിതാ ജജാന |**
**ഭഗോ വാ ഗോഭിരയേമേമനജ്യാത്സോ അസ്മൈ ചാരുശ്ഛദയദുത സ്യാത് ||**

പ്രജാപതി നാശരഹിതനാകുന്നു. അവൻ ദാനശീലമായ ഹൃദയത്തോടുകൂടി നമ്മെ അനുഗ്രഹിക്കട്ടെ. യജ്ഞകർത്താവായ യജമാനന് സൂര്യൻ സൽഫലം ദാനം ചെയ്യട്ടെ. ദേവകളെല്ലാവരും യജമാനനെ എല്ലാവിധത്തിലും അനുഗ്രഹിക്കണേ.

**5. ഇയം സാ ഭൂയാ ഉഷസാമിവ ക്ഷാ യദ്ധ ക്ഷുമന്തഃ ശവസാ സമായൻ |**
**അസ്യ സ്തുതിം ജരിതുർഭിക്ഷമാണാ ആ നഃ ശഗ്മാസ ഉപ യന്തു വാജാഃ ||**

ദേവകളെ കോലാഹലത്തോടുകൂടി വരുത്തുന്ന ഈ സ്തുതി, പ്രഭാതം കൊ് നമുക്ക് ഭൂമി എപ്രകാരമോ അതുപോലെ, പ്രാപ്യമാകട്ടെ. എല്ലാ സുഖവും നൽകുന്ന അന്നം നമുക്ക് പ്രാപ്തമാകണേ.

**6. അസ്യേദേഷാ സുമതിഃ പപ്രഥാനാഭവത്പൂർവ്യാ ഭൂമനാ ഗൗഃ |**
**അസ്യ സനീളാ അസുരസ്യ യോനൗ സമാന ആ ഭരണേ ബിഭ്രമാണാഃ ||**

മഹാൻമാരായ ദേവകളുടെ അടുക്കൽ ചെല്ലുന്നതിനുള്ള അഭിവാഞ്ചയോടുകൂടി നമ്മുടെ സ്തുതികൾ മഹിമാമയികളായി വിസ്തൃതിയെ പ്രാപിക്കുന്നു. എല്ലാദേവകളും നമ്മുടെ ഈ യജ്ഞത്തിൽ അവരവരുടെ സ്ഥാനങ്ങളിൽ വിരാജിതരായി ശ്രേഷ്ഠഫലങ്ങൾ തന്നരുളുവാൻ ആഗതരാകട്ടെ. അപ്പോൾ ഞാൻ ബലസമ്പന്നനാകും.

**7. കിം സ്വിദ്വന ക ഉ സ വൃക്ഷ ആസ യതോ ദ്യാവാപൃഥിവീ നിഷ്ടതക്ഷുഃ |**
**സന്തസ്ഥാനേ അജരേ ഇതഊമീ അഹാനി പൂർവീരുഷസോ ജരന്ത ||**

യാതൊരു വൃക്ഷത്തിന്റെയോ അല്ലെങ്കിൽ യാതൊരു വനത്തിന്റെയോ ഉപാദാനത്തോടുകൂടി ഈ ആകാശവും ഭൂമിയും രചിക്കപ്പെട്ടുവോ ആ വൃക്ഷം ഏതായിരിക്കും? ആ വനമേത്? തുല്യമനസ്ക്കകളായ വാനൂഴികൾ പരസ്പരം മേളിച്ചുകൊിരിക്കുന്നു. അവ ജീർണ്ണിയ്ക്കുകയോ പഴകുകയോ ചെയ്യുന്നില്ല. പ്രാചീനങ്ങളായ ദിവസങ്ങളും ഉഷസ്സുകളും ആരുാക്കിയോ അവർ സ്തുതിക്കപ്പെടുന്നു.

**8. നൈതാവദേനോ പരോ അന്യദസ്ത്യുക്ഷാസ ദ്യാവാപൃഥിവീ ബിഭർതി |**
**ത്വചം പവിത്രം കൃണുത സ്വധാവാന്യദീം സൂര്യം ന ഹരിതോ വഹന്തി ||**

ഈ ആകാശവും ഭൂമിയും അന്തിമമായിട്ടുള്ളതല്ല. ഇവക്കുമുകളിൽ ആരോ കുടികൊള്ളുന്നു. അവനത്രെ സൃഷ്ടിയുടെ രചയിതാവും ആകാശഭൂമികളുടെ ധാരകനും അവൻ അന്നത്തിന്റെ ഉടവനാകുന്നു. സൂര്യന്റെ അശ്വങ്ങൾ അവനെ വഹിയ്ക്കുവാനാരംഭിക്കുന്നതിനുമുമ്പ് അവൻ തന്റെ ദേഹത്തെ സ്വയം രചിച്ചിരുന്നു.

**9. സ്തേഗോ ന ക്ഷാമത്യേതി പൃഥ്വീംമിഹം ന വാതോ വിഹ വാതി ഭൂമ |**

**മിത്രോ യത്ര വരുണോ അജ്യമാനോഗ്നിർവനേ ന വ്യസൃഷ്ട ശോകം ||**

രശ്മിയുക്തനായ സൂര്യൻ ഭൂമിയെ പിന്നിട്ടുപോകുന്നില്ല, വായുദേവൻ വർഷത്തെ ഛിന്നഭിന്നമാക്കുന്നില്ല. വനത്തിൽ ജനിച്ച അഗ്നിക്കു തുല്യം മിത്രാവരുണൻമാർ പ്രകടരായി തങ്ങളുടെ പ്രകാശത്തെ എങ്ങും പരത്തുന്നു.

**10. സ്തരീര്യത്സൂത സദ്യോ അജ്യമാനാ വ്യഥിരവ്യഥീഃ കൃണുത സ്വഗോപാ |**

**പുത്രോ യത്പൂർവഃ പിത്രോർജനിഷ്ഠ ശമ്യാം ഗൗർജഗാര യദ്ധ പൃച്ഛാൻ ||**

വൃദ്ധയായ പശുവിന്റെ പ്രസവംപോലെ തന്നെ അരണികൾ അഗ്നിയെ പ്രസവിക്കുകയും ആ അഗ്നി ലോകത്തെ രക്ഷിക്കുകയും ചെയ്യുന്നു. യാതൊരുത്തർ അരണികളെ രക്ഷിക്കുന്നുവോ, അവരുടെ ക്ലേശങ്ങൾ നശിച്ചുപോകുന്നു. അഗ്നി അരണികളുടെ പുത്രനാകുന്നു. ഈ അരണീരൂപിണിയായ ധേനു ശമീ വൃക്ഷത്തിൽ നിന്നും ജനിക്കുന്നു.

**11. ഉത കണ്വം നൃഷദഃ പുത്ര മാഹുരുത ശ്യാവോ ധനമാദത്ത |**

**പ്ര കൃഷ്ണായ രുശദപിന്വതോധർദതമത്ര ന കിരസ്മാ അപീപേത് ||**

കരിവർണ്ണനായ കണ്വമഹർഷി അന്നവാനാകുന്നു. അവൻ നൃഷദന്റെ പുത്രനെന്നു വിളിക്കപ്പെടുന്നു. അവൻ ഐശ്വര്യം പ്രാപിച്ചിരുന്നു. ആ കണ്വനുവേി അഗ്നി തന്റെ ദിവ്യരൂപം പ്രകടമാക്കി. കണ്വൻ അഗ്നി ദേവതയ്ക്കു വേി നടത്തിയ യജ്ഞംപോലെ മറ്റൊരു യജ്ഞം ആരും തന്നെ നടത്തിയിട്ടില്ല.

## സൂക്തം 32

**ഋഷി കവഷൻ ദേവത വിശ്വേദേവൻ ഛന്ദസ് ത്രിഷ്ടുപ്**

**1. പ്ര സുഗ്മന്താ ധിയസാനസ്യ സക്ഷണി വരേഭിർവരാം അഭി ഷു പ്രസീദതഃ |**

**അസ്മാകമിന്ദ്ര ഉഭയം ജൂജോഷതി യത്സോഭ്യസ്യാന്ധസോ ബുബോധതി ||**

തന്നെ വിളിക്കുന്ന യജമാനന്റെ യജ്ഞത്തിൽ വന്ന് അവന്റെ പൂജകൾ സ്വീകരിക്കുന്നതിനായി ഇന്ദ്രൻ തന്റെ അശ്വങ്ങളെ പൂട്ടുന്നു; ഈ ഹരിതാശ്വങ്ങൾ അത്മുതഗതിയോടുകൂടിയവയാണ്. ഈ ഇന്ദ്രൻ ഏറ്റവും ഉത്കൃഷ്ടമായ വീടുമായ് വന്നിരിക്കുന്നു. യജമാനനും ഇവന് ഏറ്റവും ശ്രേഷ്ഠമായ വസ്തുക്കൾ അർപ്പിക്കുന്നു. നമ്മുടെ സ്തുതികളേയും ഹവിസ്സുകളേയും അവൻ സ്വീകരിക്കുവാനാഗ്രഹിക്കുമ്പോൾ മധുരമായ സോമരസം പാനം ചെയ്യുന്നു.

**2. വീന്ദ്ര യാസി ദിവ്യായി രോചനാ വി പാർഥിവാനി രജസാ പുരുഷ്ടുത |**

**യേ ത്വാ വഹന്തിമുഹുരധ്വരാം ഉപ തേ സു വന്വന്തു വഗ്വനാം അരാധസഃ ||**

ഹേ ഇന്ദ്രാ! നീ അനേകരാൽ സ്തുതിക്കപ്പെടുന്നു. നീ സ്വന്തം പ്രകാശത്തെ വളർത്തിക്കൊ് ദിവ്യലോകങ്ങളിൽ സഞ്ചരിക്കുന്നു. നീ സ്വന്തം ജ്യോതികളോടുകൂടി ഭൂമിയിൽ വരുമ്പോൾ, യജ്ഞത്തിൽ നിന്നെ കൊത്തെിക്കുന്ന നിന്റെ അശ്വങ്ങൾ രും ഞങ്ങളെ ധനവാൻമാരാക്കട്ടെ. ഹേ ഇന്ദ്രാ! ധനരഹിതരായ ഞങ്ങൾ ധനലാഭത്തിനുവേി ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങളിൽക്കൂടി നിന്നോട് ധനം യാചിക്കുന്നു.

**3. തദിൻമേ ഛന്ത്സദ്വപൂഷോ വപുഷ്ടരം പുത്രോ യജ്ജാനം പിത്രോരധീയതി |**

**ജായാ പതിം വഹതി വഗ്നുനാ സുമത്പുംസ ഇദ്ഭദ്രോ വഹതുഃ പരിഷ്കൃതഃ ||**

അത്യന്തം ശ്രേഷ്ഠമായ ധനത്തെ പുത്രൻ തന്റെ പിതാവിങ്കൽനിന്നും സ്വീകരിക്കുന്നതുപോലെ അത്മുതകരമായ ധനം ഇന്ദ്രൻ എനിക്കു തരുവാൻ കനിയട്ടെ. മധുഭാഷിണിയായ ഭാര്യ തന്റെ പതിക്ക് പ്രിയങ്കരിയായിരിക്കുന്നതുപോലെ നല്ല രീതിയിൽ സംസ്ക്കരിക്കപ്പെട്ട സോമം പൗരുഷമേറിയ ഇന്ദ്രനെ പ്രീതിപ്പെടുത്തട്ടെ.

**4. തദിത്സദസ്ഥമഭി ചാരു ദീധയ ഗാവോ യച്ഛാസന്വഹതും ന ധേനവഃ |**

**മാതാ യൻമന്തുയൂർഥസ്യ പൂർവ്യാഭി വാണസ്യ സപ്തധാതുരിജ്ജനഃ ||**

ഹേ ഇന്ദ്രാ! എവിടെ സ്തുതിരൂപികളായ ഗോക്കൾ കാണപ്പെടുന്നുവോ, നീ ആ യാഗസ്ഥാനത്തെ നിന്റെ തേജസ്സാൽ പ്രകാശിപ്പിച്ചാലും. പ്രാചീനങ്ങളും, പൂജായോഗ്യവുമായ യാതൊന്ന് സ്തോത്രങ്ങളുടെ മാതാവാകുന്നുവോ, അതിന്റെ ഏഴുഛന്ദസ്സുകളും യജ്ഞവേദിയിൽ മുഴങ്ങുന്നു.

**5. പ്ര വോച്ഛാ രിരിചേ ദേവയുഷ്പദമേകോ രുദ്രേഭിര്യാതി തുർവണിഃ |**

**ജരാ വാ യേഷ്വമൃതേഷു ദാവനേ പരി വ ഊമേഭ്യഃ സിഞ്ചതാ മധു ||**

രുദ്രൻമാരോടുകൂടി ഏകനായി തന്റെ സ്ഥാനത്തെ പ്രാപിക്കുന്ന അഗ്നി നിങ്ങളുടെ ഹിതത്തിനുവേി ദേവകളിലേയ്ക്കു പോകുന്നു. നാശരഹിതരായ ദേവകൾക്ക് വേഗം തന്നെ സോമരൂപമാകുന്ന മധു കാഴ്ചസമർപ്പിക്കുവിൻ. അപ്പോൾ ഈ ദേവഗണം വരദാതാക്കളായിത്തീരും.

**6. നിധീയമാനപഗൂളഹമപ്സു പ്രമേ ദേവാനാം വ്രതപാ ഉവാച |**

**ഇന്ദ്രോ വിദ്വാം അനു ഹിത്വാ ചചക്ഷ തേനാഹമഗ്നേ അനുശിഷ്ട ആഗാം ||**

പുണ്യയജ്ഞകർമ്മം ദേവകൾക്കായി നടത്തപ്പെടുന്നു. ഇന്ദ്രൻ അതിന്റെ സംരക്ഷകനാകുന്നു. ഹേ അഗ്നേ! നീ ജലത്തിൽ മറഞ്ഞിരിക്കുന്നു എന്ന രഹസ്യം ഇന്ദ്രൻ എന്നോട് പറഞ്ഞിരിക്കുന്നു. അതിൻപ്രകാരം ഞാൻ അടുത്തേയ്ക്കു വന്നിരിക്കുന്നു.

**7. അക്ഷേത്രവിത്ക്ഷേത്രവിദം ഹ്യപാട് പ്രൈതി ക്ഷേത്രവിദാനുശിഷ്ടഃ |**

**ഏതദ്വൈ ഭദ്രമനുശാസനസ്യോത സ്തുതിം വിന്ദത്യഞ്ജസീനാം ||**

വഴിയറിയാത്തവൻ വഴിയറിയുന്നവനോട് ചോദിച്ച് തന്റെ ലക്ഷ്യസ്ഥാനത്തെത്തി ചേരുന്നു. അതുപോലെ നിങ്ങൾ ജലത്തെ അന്വേഷിക്കാനാഗ്രഹിക്കുകയാണെങ്കിൽ അറിയാവുന്നവനോട് ചോദിച്ച് വിവരം മനസ്സിലാക്കി ജലത്തിനടുക്കലെത്തുവാൻ ശ്രമിക്കുവിൻ.

**8. അദ്യേദു പ്രാണീദമമന്നിമാഹാപീവൃതോ അധയൻമാതുരൂധഃ |**
**ഏമേനമാപ ജരിമാ യുവാനമഹേളന്വസുഃ സുമനാ ബഭൂവ ||**

ഗോവത്സരൂപമായ ഈ അഗ്നി ജനിച്ച് അല്പദിവസങ്ങൾക്കുള്ളിൽ പടിപ്പടിയായി വളർന്ന് കൊിരിക്കുന്നു. ഇവൻ തന്റെ മാതാവിന്റെ പാൽ കുടിച്ചു. ഇവൻ എല്ലാക്കാര്യങ്ങളും എളുപ്പത്തിൽ ചെയ്യുന്നവനും, മഹാധനികനും, ഹൃദയപരിശുദ്ധിയിൽ പരിപൂർണ്ണസമ്പന്നനുമാണ്. ഇവന് തരുണാവസ്ഥയോടൊപ്പം വൃദ്ധാവസ്ഥയും വന്നുചേർന്നു.

**9. ഏതാനി ഭദ്രാ കലശ ക്രിയാമ കുരുശ്രവണ ദദതോ മഘാനി |**
**ദാന ഇദ്വോ മഘവാനഃ സോ അസ്ത്വയം ച സോമോ ഹൃദി യം ബിഭർമി ||**

ഹേ ഇന്ദ്രാ! നീ സ്തുതികൾ ശ്രവിച്ച് ധനം പ്രദാനം ചെയ്യുന്നു. ഈ സ്തോത്രം നിനക്കുവേി രചിക്കപ്പെട്ടിരിക്കുന്നു. ഹേ സ്തോത്രസമ്പന്നരും, ധനസമ്പന്നരുമായ സ്തോതാക്കളെ! ഇന്ദ്രൻ നിങ്ങളുടെ ദാതാവാകട്ടെ, എന്റെ ഹൃദയത്തിൽ വിരാജിക്കുന്ന സോമവും ഐശ്വര്യവും നൽകുമാറാകട്ടെ.

# അദ്ധ്യായം 8

## സൂക്തം 33

**ഋഷി കവഷൻ ദേവത വിശ്വേദേവതകൾ, ഇന്ദ്രൻ, ദാനം, സാന്ത്വനം ഛന്ദസ് ത്രിഷ്ടുപ്, ബൃഹതി, ഗായത്രി**

**1. പ്ര മാ യുയുജ്രേ പ്രയുജോ ജനാനാം വഹാ മിസ്മ പൂഷണമന്തരേണ |**
**വിശ്വേ ദേവാസോ അധ മാമരക്ഷന്ദുഃ ശാസുരാ ഗാദിതി ഘോഷ ആസീത് ||**

എല്ലാത്തിനേയും കർമ്മങ്ങൾക്കു പ്രേരിപ്പിക്കുന്ന ദേവകൾ എന്നെയും കർമ്മങ്ങൾക്കായി പ്രേരിപ്പിച്ചു. വഴിയിൽ ഞാൻ പൂഷാവിനെ തുണക്കുകൂട്ടി കവഷനായ എന്നെ വിശ്വേദേവകൾ രക്ഷിച്ചു. പിന്നീട് ദുർധർഷരായ ഋഷിമാരുടെ ആഗമനവാർത്ത കേട്ടു.

**2. സം മാ തപന്ത്യഭിതഃ സപത്നീരിവ പർശവഃ |**
**നി ബാധതേ അമതിർനഗ്നതാ ജസുർവേർന വേവീയതേ മതിഃ ||**

എന്റെ വാരിയെല്ലുകൾ സപത്നിമാരേപ്പോലെ ക്ലേശിപ്പിക്കുന്നു. ദാരിദ്ര്യം എന്നെ വലക്കുന്നു. എന്റെ മനസ്സ് പക്ഷിയെപ്പോലെ ചിറകിട്ടടിക്കുന്നു. അതിനാൽ ഞാൻ ക്ഷീണിതനും നഗ്നനും, ദീനനുമായി കുബുദ്ധിയാൽ വേദനപ്പെട്ടു കൊിരിക്കുന്നു.

**3. മൂഷോ ന ശിശ്നാവ്യദന്തി മാധ്യഃ സ്തോതാരം തേ ശതക്രതോ |**
**സുകൃത്സു നോ മഘവന്നിന്ദ്ര മൃളയാധാ പിതേവ നോ ഭവ ||**

എലികൾ ചരടു കരു മുറിയ്ക്കുന്നതുപോലെ, നിന്റെ ഉപാസകനായ എന്നെ മനഃക്ലേശങ്ങൾ കാർന്നു തിന്നുകൊിരിക്കുന്നു. ഹേ ഇന്ദ്രാ! നീ ഐശ്വര്യവാനാണല്ലോ, ഒരു പിതാവിനെപ്പോലെ നീ ഞങ്ങളെ രക്ഷിക്കേണമേ.

**4. കുരുശ്രവമാവൃണി രാജാനാം ത്രാസദദ്ധ്യവം മംഹിഷ്ഠം വാധതാ മൃഷിഃ ||**

ത്രദസ്യപുത്രനായ കുരുശ്രവണരാജൻ വളരെ ശ്രേഷ്ഠനായ ദാതാവാണ്. ഞാനാകുന്ന കവഷഋഷി അവനോട് ഐശ്വര്യത്തെ യാചിച്ചു.

**5. യസ്യ മാഹരിതോ രഥേ തിസ്രോ വഹന്തി സാധുയാ |**
**സ്തവൈ സഹസ്രദക്ഷിണേ ||**

ഞാൻ രഥത്തിൽ കയറുമ്പോൾ പച്ചവർണ്ണത്തോടു കൂടിയ മൂന്നു കുതിരകൾ അതിനെ ശരിയാംവിധം വലിക്കുന്നു. എനിക്ക് ആയിരം ദക്ഷിണയായി നൽകപ്പെടുമ്പോൾ എല്ലാവരും അത് ഇഷ്ടപ്പെടുന്നു.

**6. യസ്യ പ്രസ്വാദസോ ഗിര ഉപമ ശ്രവസഃ പിതുഃ ക്ഷേത്രം ന രണ്വമൂചുഷേ ||**

ഉപമശ്രവസ്സിന്റെ പിതാവ് ആദർശത്തിന്റെ ഇരിപ്പിടമായിരുന്നു.അവന്റെ വചനം യുദ്ധഭൂമിയിലും ആനന്ദദായകമായിരുന്നു.

**7. അധി പുത്രോപമശ്രവോ നപാൻമിത്രാതിഥേരിഹി |**
**പിതുഷ്ടേ അസ്മി വന്ദിതാ ||**

ഹേ മിത്രാതിഥിയുടെ പുത്രനായ ഉപമശ്രവസ്സേ! ഞാൻ മിത്രാതിഥിയെ സ്തുതിക്കുന്നു. നീ ശോകം വരുത്താതെ എന്റെ സമീപം വരികയും ധനം കിട്ടുമാറാക്കുകയും ചെയ്യേണമേ.

**8. യദീശീയാമൃതാനാമുത വാ മർത്യാനാം |**
**ജീവേദിൻമഘവാ മമ ||**

ദേവകൾ നാശരഹിതരാകുന്നു. അവരുടെയും മനുഷ്യരുടെയും സ്വാമി ഇവിടെയുങ്കെിൽ ഐശ്വര്യസമ്പന്നനായ മിത്രാതിഥി ജീവിപ്പിക്കാനും മരിപ്പിക്കാനും ഞാൻ ആളല്ലോ.

**9. ന ദേവാനാമതി വ്രതം ശതാത്മാ ചന ജീവതി |**
**തഥാ യുജാ വി വാവൃതേ ||**

നൂറുവയസ്സുകാരനും, ദേഹയുക്തമാകുവാനാഗ്രഹമുങ്കെിലും, ദേവകളുടെ ഇഷ്ടം കൂടാതെ ആരും ജീവിക്കുന്നില്ല. നമ്മുടെ കൂട്ടുകാരിൽ നിന്നുള്ള നമ്മുടെ വിയോഗത്തിന്റെ ഹേതുവും ഇതുതന്നെയാകുന്നു.

## സൂക്തം 34

**ഋഷി കവഷൻ, മുജവൻ, പുത്രൻ അക്ഷൻ ദേവത ചുക്കിണികളും കൃഷിയും ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. പ്രാവേപാ മാ ബൃഹതോ മാദയന്തി പ്രവാതേജാ ഇരിണേ വർവൃതാനാഃ |**
**സോമസ്യേവ മൗജവതസ്യ ഭക്ഷോ വിഭീദകോ ജാഗൃവിർമഹ്യമച്ഛാൻ ||**

ചൂതുപലകമേൽ കരുക്കൾ അങ്ങിങ്ങുരുളുമ്പോൾ ഞാൻ ഇതു കാനന്ദിക്കുന്നു. പർവതത്തിലുാകുന്ന സോമം പാനം ചെയ്തു

ഹർഷഭരിതനാകുന്നതുപോലെ തടികൊുാക്കിയിട്ടുള്ള ചുതുകരുക്കൾ എനിക്കുത്സാഹം പ്രദാനം ചെയ്യുന്നു.

**2. ന മാ മിമേഥ ന ജിഹീള ഏഷാ ശിവാ സഖിഭ്യ ഉത മഹ്യമാസീത് |**
**അക്ഷസ്യാഹമേകപരസ്യ ഹേതോരനുവ്രതാമപ ജായാമരോധം ||**

സുന്ദരിയും, സുശീലയുമായ എന്റെ ഈ ഭാര്യ എന്നോടൊരിക്കലും സന്തുഷ്ടയായിട്ടില്ല. അവൾ എപ്പോഴും എന്നെയും എന്റെ കുടുംബക്കാരെയും സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തുകൊിരുന്നു. എന്നാൽ ഈ ചൂതുകരു എന്നിൽനിന്നും അത്യന്തം പ്രേമവതിയായ ആ ഭാര്യയെ വേർപെടുത്തി.

**3. ദ്വേഷ്ടി ശ്വശ്രുരപ ജായാ രുണദ്ധി ന നാഥിതോ വിന്ദതേ മഡിതാരം |**
**അശ്വസ്യേവ ജരതോ വസ്ന്യസ്യ നാഹം വിന്ദാമി കിതവസ്യ ഭോഗം ||**

ചൂതുകളിക്കുന്നവനെ അവന്റെ ശ്വശുര ശപിക്കുന്നു. സുന്ദരിയായ ഭാര്യയും അവനെ ഉപേക്ഷിക്കുന്നു. അവനാരും ഒരു ചില്ലിപോലും കടംകൊടുക്കുകയില്ല. വയസ്സൻ കുതിരയെ ആരും വിലക്കുവാങ്ങുവാനിഷ്ടപ്പെടുന്നില്ലാത്തതുപോലെ തന്നെ ചൂതുകളിക്കാരനെ അടുത്തിരിക്കുവാൻ പോലും ആരും അനുവദിക്കുകയില്ല.

**4. അന്യേ ജായാം പരി മൃശന്ത്യസ്യ യസ്യാഗൃധദ്വേദനേ വാജ്യക്ഷഃ |**
**പിതാ മാതാ ഭ്രാതര ഏനമാഹുർന ജാനീമോ നയതാ ബദ്ധമേതം ||**

ചൂതുകളിക്കാരൻ ആ കളിയിലേക്ക് ആകർഷിക്കപ്പെടുന്നു. അവന്റെ കരുക്കളുടെ ഗതി തകരാറിലായാൽ അവന്റെ ഭാര്യപോലും ഉത്തമയായിരിക്കുകയില്ല. അവന്റെ മാതാവും, പിതാവും, ഭ്രാതാക്കളും അവനെ അറിയാത്ത രീതി സ്വീകരിച്ച്, അവനെ പിടിപ്പിക്കുന്നു.

**5. യദാദീധ്യേ ന ദവിഷാണ്യേഭിഃ പരായദ്ഭ്യോവഹീയേ സഖിഭ്യഃ |**
**ന്യുപ്താശ്ച ബഭ്രവോ വാചമക്രതം ഏമീദേഷാം നിഷ്കൃതം ജാരിണീവ ||**

ഇനി ഞാൻ ചൂതുകളിക്കുകയില്ലെന്ന് പലപ്പോഴും വിചാരിക്കാറു്. ഇങ്ങിനെ ആ കളിക്കാരുമായുള്ള കൂട്ടുപേക്ഷിക്കുകയും ചെയ്തിട്ടു്. എന്നാൽ കളത്തിൽ മഞ്ഞക്കരുക്കൾ കാണുമ്പോൾ എന്റെ മനസ്സ് അതിലേക്ക് ഹഠാദാകർഷിക്കപ്പെടുകയും കളിക്കുള്ള ഇരിപ്പിടത്തിൽ ഞാൻ സ്ഥാനം പിടിക്കുകയും ചെയ്യും.

**6. സഭാമേതി കിതവാഃ പൃച്ഛമാനോ ജേഷ്യാമീതി തന്വാ ശുശുജാനഃ |**
**അക്ഷാസോ അസ്യ വി തിരന്തി കാമം പ്രതിദീവ്നേ ദധത ആ കൃതാനി ||**

ആ ചൂതുകളിക്കാരൻ ജയിക്കണമെന്നുള്ള ആശയോടും, ഉത്സാഹത്തോടും കൂടി കളിസ്ഥലത്തെത്തുന്നു. ചിലപ്പോൾ അവന്റെ ആഗ്രഹം നിറവേറുന്നു. ചിലപ്പോൾ എതിരാളിയുടെ ആഗ്രഹം പൂർണ്ണമാകുന്നു.

**7. അക്ഷാസ ഇദങ്കുശിനോ നിതോദിനോ നികൃത്വാനസ്തപനാ സ്താപയിഷ്ണവഃ |**
**കുമാരദേഷ്ണാ ജയതഃ പുനർഹണോ മധ്വാ സംപൃക്താഃ കിതവസ്യ ബർഹണാ ||**

എന്നാൽ കരവിരുത് തകരാറിലാകുമ്പോൾ ചൂതുകരുക്കളും ശത്രുക്കളാകുന്നു. അതവനനുകൂലമായി ചലിക്കാതെ വരുമ്പോൾ ആ കരു അവന്റെ ഹൃദയത്തിൽ അമ്പുപോലെ കൊു കയറുന്നു, കഠാരിപോലെ തോലുരിക്കുന്നു. മുള്ളുപോലെ തുളച്ചുകയറുന്നു, ചുട്ടുപഴുത്ത ലോഹത്തകിടുപോലെ തപിപ്പിക്കുന്നു. വിജയം പ്രാപിക്കുന്ന ചൂതുകളിക്കാരന് ആ കരു പുത്രന്റെ ജനനംപോലെ സന്തോഷമുളവാക്കുന്നു. ലോകത്തിലെ മാധുര്യമെല്ലാം അവനിൽ നിറയുന്നു. എന്നാൽ പരാജിതന്റെ മുന്നിൽ മരണംമാത്രം അവശേഷിക്കുന്നു.

**8.ത്രിപഞ്ചാശഃ ക്രീളതി വ്രാത ഏഷാം ദേവ ഇവ സവിതാ സത്യധർമാ |**
**ഉഗ്രസ്യ ചിൻമന്യവേ നാ നമന്തേ രാജാ ചിദേഭ്യോ നമ ഇത് കൃണോതി ||**

സൂര്യൻ തന്റെ രശ്മികളുമായി ക്രീഡിക്കുന്നതുപോലെ പലകപ്പുറത്ത് ചൂതുകരുക്കൾ ക്രീഡിക്കുന്നു. ഈ കരുക്കൾ മഹാവീരനുപോലും കീഴ്പ്പെടുന്നില്ല. രാജാക്കൻമാർപോലും അവയുടെ മുമ്പിൽ തലകുനിക്കുന്നു.

**9. നീചാ വർതന്ത ഉപരി സ്ഫുരന്ത്യഹസ്താസോ ഹസ്തവന്തം സഹന്തേ |**
**ദിവ്യാ അങ്ഗാരാ ഇരിണേ ന്യുപ്താഃ ശീതാഃ സന്തോഹൃദയം നിർദഹന്തി ||**

ഈ കരുക്കൾക്ക് ഭുജങ്ങളില്ലെങ്കിലും ചാടുകയും മറിയുകയും ചെയ്യുന്നു. കരങ്ങളുള്ള മനുഷ്യർ ഇവയോടു പരാജയപ്പെടുന്നു. ഇവ ശീതളമാണെങ്കിലും പ്രോജ്ജ്വലിതമായ തീക്കട്ടപോലെ മനസ്സ് നീറിക്കുന്നു. തറയിൽ കിടന്നാലും. ഇവ കളിക്കാരന്റെ ഹൃദയത്തിനു മുകളിൽ ഉരുളുന്നു.

**10. ജായാ തപ്യതേ കിതവസ്യ ഹീനാ മാതാ പുത്രസ്യ ചരതഃ ക്വ സ്വിത് |**
**ഋണാവാ വിഭ്യദ്ധനമിച്ഛമാനോന്യേഷാമസ്തമുപ നക്തമേതി ||**

ചൂതുകളിക്കാരന്റെ ഭാര്യ എപ്പോഴും സന്തപ്തയായിക്കഴിഞ്ഞു. ചൂതുകളിക്കാരൻ അലഞ്ഞു നടക്കുന്നു. സ്വന്തം പുത്രന്റെ കാര്യത്തിൽ അവന്റെ അമ്മ അത്യധികം ചിന്താതുരയായി നാൾ പോക്കുന്നു. ഈ ചൂതാളി മറ്റുള്ളവരുടെ ആശ്രയത്തിൽ രാത്രികഴിച്ചുകൂട്ടുന്നു. ആരെങ്കിലും അവനല്പം പണം കടം കൊടുത്താൽ; ആ കൊടുത്തവനതു തിരിച്ചുകിട്ടുമോ എന്നു സന്ദേഹിക്കുന്നു.

**11. സ്രിയം ദൃഷ്ടായ കിതവം തതാപാന്യേഷാം ജായാം സുകൃതം ച യോനിം |**
**പൂർവാഹ്ണേ അശ്വാന്യയുജേ ഹി ബഭ്രൂൻത്സോ അഗ്നേരന്തേ വൃഷലഃ പപാദ ||**

ഈ ചൂതുകളിക്കാരൻ തന്റെ ഭാര്യയുടെ സന്താപത്തിൽ സന്തപ്തനാണെങ്കിലും അന്യരുടെ ഭാര്യമാരുടെ സൗഭാഗ്യത്തിലും, ഐശ്വര്യത്തിലും മനസ്സു പുണ്ണാക്കുന്നു. വിജയിയായ

ചൂതുകളിക്കാരൻ രാവിലെ വളരെ ആഢംബരസമേതം കുതിരപ്പുറത്തു സഞ്ചരിക്കുന്നു. സന്ധ്യയായാൽ അവന്റെ പക്കൽ ദേഹത്തിലിടാൻ വസ്ത്രംപോലും ഉായിരിക്കുകയില്ല.

**2. യോ വഃ സേനാനിർമഹതോ ഗണസ്യ ഗണസ്യ രാജാ വ്രാതസ്യ പ്രഥമോ ബഭൂവ |**
**തസ്മൈ കൃണോമി ന ധനാ രുണധ്മി ദശാഹം പ്രാചീസ്ത ദ്യതം വദാമി ||**

ഹേ അക്ഷമേ! നിങ്ങളിൽ പ്രമുഖനാരോ അവനെ പത്തുവിരലുകളും കൂപ്പി ഞാൻ നമസ്ക്കരിക്കുന്നു. ഞാൻ നിങ്ങളിൽ നിന്നും ധനമേ ആശിക്കുന്നില്ല.

**3. അക്ഷൈർമാ ദീവ്യഃ കൃഷിർമിത്കൃഷസ്വ വിത്തേ രമസ്വ ബഹു മന്യമാനഃ |**
**തത്ര ഗാവഃ കിതവ തത്ര ജായാ തൻമേ വി ചഷ്ടേ സവിതായമര്യഃ ||**

ഹേ ചൂതുകളിക്കാരാ! ഈ ചൂതുകളി ഉപേക്ഷിച്ചു കൃഷിനടത്തു. അതിൽനിന്നുാകുന്ന ലാഭം കൊ് സന്തുഷ്ടനായി ജീവിക്കു. ഈ കൃഷിയിൽ നിന്നും ഗോക്കളും ഭാര്യാദികളും പ്രാപ്തമാകും, ഇത് സൂര്യൻ പറഞ്ഞതാണ്.

**14. മിത്രം കൃണുധ്വം ഖലു മൃളതാ നോ മാ ഘോരേണ ചരതാമയി ധൃഷ്ണ |**
**നിവോ നു മന്യുർവിശതാമരാതിരന്യോബഭ്രൂണാം പ്രസിതൗന്വസ്തു ||**

ഹേ അക്ഷമേ! ഞങ്ങളെ മിത്രമായിക്കരുതി ഞങ്ങൾക്കു മംഗളമേകേണമേ. ഞങ്ങളുടെമേൽ നിങ്ങളുടെ വിപരീതമായ പ്രഭാവം പതിപ്പിക്കരുതേ. നിങ്ങളുടെ ക്രോധം ഞങ്ങളുടെ ശത്രുക്കളിൽ പതിക്കട്ടെ. അവർ നിങ്ങളുടെ കരുക്കളിൽ പതിക്കട്ടെ.

## സൂക്തം 35

**ഋഷി ധനാകപുത്രൻ ലുശൻ ദേവത വിശ്വേദേവകൾ**
**ഛന്ദസ്സ് ജഗതി, ത്രിഷ്ടുപ്**

**1. അബുധ്രമു ത്യ ഇന്ദ്രവന്തോ അഗ്നയോ ജ്യോതിർഭരന്ത ഉഷസോ വ്യുഷ്ടിഷു |**
**മഹീ ദ്യാവാപൃഥിവീ ചേതതാമപോ ദ്യാ ദേവാനാമവ ആ വൃണീമഹേ ||**

അഗ്നി ആളിക്കത്തിക്കഴിഞ്ഞു. ഇന്ദ്രനും അവനോടൊപ്പം വന്നു ചേർന്നു. പ്രഭാതം അന്ധകാരത്തെ അകറ്റിക്കഴിയുമ്പോൾ എല്ലാ അഗ്നികളും തങ്ങളുടെ പ്രകാശസഹിതം പ്രദീപ്തമാകുന്നു. വിസ്തീർണ്ണങ്ങളായ ആകാശപൃഥ്വികൾ ജാഗരണശീലരാകട്ടെ. ദേവഗണം നമ്മുടെ രക്ഷകരാകട്ടെ.

**2. ദിവസ്പൃഥിവ്യോരവ ആ വൃണീമഹേ മാതൃൻ സിന്ധൂൻ പർവതഛർയണാവതഃ |**
**അനാഗാസ്ത്വസൂർയമുഷാസ്മീമഹേ ഭദ്രംസോമഃ സുവാനോ അദ്യാ കൃണോതു നഃ ||**

നദികളും പർവ്വതങ്ങളും അമ്മയെപ്പോലെ നമ്മുടെ രക്ഷകരാകട്ടെ. ആകാശവും ഭൂമിയും നമ്മെ രക്ഷിക്കട്ടെ. സൂര്യനും ഉഷസ്സുകളും പാപങ്ങളിൽ നിന്നും നമ്മെ രക്ഷിച്ചുകൊിരിക്കപ്പെട്ട ഈ മധുര സോമവും നമ്മുടെ സ്തുതികളെ ശ്രവിച്ചു കല്യാണകാരിയാകട്ടെ.

**3. ദ്യാവാ നോ അദ്യ പൃഥിവീ അനാഗസോ മഹീ ത്രായേതാം സുവിതായ മാതരാ |**
**ഉഷാ ഉച്ഛന്ത്യപ ബാധതാമഘം സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

നമ്മുടെ മാതാവിനു തുല്യരായ ആകാശപൃഥികൾക്കെതിരായി നാം അപരാധികളായിരിക്കട്ടെ. അവർ നമുക്ക് സുഖദായിനികളായ രക്ഷകരാകട്ടെ. അന്ധകാരത്തെ അകറ്റുന്നവരായ ഉഷസ്സുകൾ നമ്മുടെ പാപങ്ങളെല്ലാം നശിപ്പിക്കട്ടെ. തേജസ്വിയായ ആ അഗ്നിയോട് ഞങ്ങൾ മംഗളം യാചിക്കുന്നു.

**4. ഇയം ന ഉസ്രാ പ്രഥമാ സുദേവ്യം രേവത്സനിഭ്യോ രേവതീ വ്യച്ഛതു |**
**ആരേ മന്യും ദുർവിദത്രസ്യ ധീമഹി സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

ഉഷസ്സ് പാപങ്ങളേയും, അന്ധകാരത്തേയും അകറ്റുന്നവളാകുന്നു. ധനവതിയും ശ്രേഷ്ഠമായ ഈ ഉഷസ്സ് നമുക്ക് ധനം പ്രദാനം ചെയ്യട്ടെ. ദുർജ്ജനങ്ങളുടെ ക്രോധം നമ്മുടെമേൽ പതിക്കട്ടെ. പ്രദീപ്തനും, തേജസ്വിയുമായ അഗ്നി ദേവനോട് നാം മംഗളം യാചിക്കുന്നു.

**5. പ്ര യാഃ സിസ്രതേ സൂര്യസ്യ രശ്മിഭിർജ്യോതിർഭരന്തീരുഷസോ വ്യുഷ്ടിഷു |**
**ഭദ്രാ നോ അദ്യ ശ്രവസേ വ്യുച്ഛത സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

സൂര്യരശ്മികളോടു യുക്തനായ, പ്രഭാമയിയായ ഉഷസ്സ് അന്ധകാരത്തെ പലായനം ചെയ്യിക്കുന്നു. അവൾ നമുക്ക് ശ്രേഷ്ഠവും ഉപഭോഗയോഗ്യവുമായ അന്നം പ്രദാനം ചെയ്യട്ടെ. പ്രദീപ്തനും തേജസോടുകൂടി പ്രകാശിക്കുന്നവനുമായ ആ അഗ്നിയോട് ഞങ്ങൾ മംഗളം യാചിക്കുന്നു.

**6. അനമീവാ ഉഷസ ആ ചരന്തു ന ഉദഗ്നയോ ജിഹതാം ജ്യോതിഷാ ബൃഹത് |**
**ആയുക്ഷാതാമശ്വിനാ തൂതുജിം രഥം സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

ആരോഗ്യദായിയായ ഉഷസ്സ് നമ്മുടെ നേരെ വരുമ്പോൾ മഹാതേജസ്വിയായ അഗ്നിദേവനും ഉന്നതങ്ങളിലുയരട്ടെ. ഞങ്ങൾ ആ അഗ്നി ദേവനോട് തന്നെ മംഗളം യാചിക്കുന്നു. ദ്രുതഗാമിയായ രഥത്തിൽ അശ്വിനികളും ഇവിടെ വരുമാറാകട്ടെ.

**7. ശ്രേഷ്ഠം അദ്യ സവിതർവരേണ്യം ഭാഗമാ സുവ സ രത്നധാ അസി |**
**രായോ ജനിത്രീം ധിഷണാമുപ ബ്രുവേ സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

ഹേ ആദിത്യ! നീ അഭീഷ്ടങ്ങളെ ഫലപൂർണ്ണമാക്കുന്നു. നീ ശ്രേഷ്ഠമായ ധനത്തിന്റെ അംശം ഞങ്ങൾക്കു തന്നാലും. ധനത്തെ ജനിപ്പിക്കുന്ന സ്തുതികളെ ഞങ്ങളുച്ചരിക്കുന്നു. പ്രകാശമാനമായ അഗ്നി ദേവനോട് ഞങ്ങൾ മംഗളം യാചിക്കുന്നു.

**8. പിപർതു മാ തദൃതസ്യ പ്രവാചനം ദേവാനാം യൻമനുഷ്യാ അമൻമഹി |**
**വിശ്വാ ഇദുസ്രാഃ സ്പളുദേതി സൂര്യഃ സ്വസ്ത്യഗ്നിം**

**സമിധാനമീമഹേ ||**

കർമ്മവാനായ മനുഷ്യൻ ദേവയോഗ്യമായ യാതൊന്നു ചെയ്യുവാനാഗ്രഹിക്കുന്നുവോ, ആ യജ്ഞം എന്നെയും സമ്പന്നനാക്കട്ടെ. ആദിത്യൻ നിത്യവും പ്രഭാതത്തിൽ എല്ലാ വസ്തുക്കളേയും പ്രകാശിപ്പിക്കുവാനായി ഉദിക്കുന്നു. പ്രകാശമാനനായ അഗ്നിയോട് ഞങ്ങൾ മംഗളം യാചിക്കുന്നു.

**9. അദ്വേഷോ അദ്യ ബർഹിഷഃ സ്തരീമണി ഗ്രാവ്ണാം യോഗേ മൻമനഃ സാധ ഈമഹേ |**
**ആദിത്യാനാം ശർമണി സ്ഥാ ഭൂരണ്യസി സ്വസ്ത്യഗ്നിം സമിധംനമീമഹേ ||**

ഈ യാഗവേദിയിൽ ഇപ്പോൾ കുശവിരിക്കപ്പെട്ടിരിക്കുന്നു. സോമം പിഴിയുന്നതിനായി രു കല്ലുകളും എടുത്തിരിക്കുന്നു. ഹേ യജമാനാ! നിങ്ങളിപ്പോൾ സ്വന്തം അഭീഷ്ടപൂർത്തിക്കുവേി ദ്വേഷരഹിതരായ ദേവകളെ ശരണം പ്രാപിക്കൂ. നിങ്ങളുടെ ശ്രേഷ്ഠമായ അനുഷ്ഠാനങ്ങളാൽ പ്രസന്നരായ ആദിത്യൻമാർ നിങ്ങൾക്ക് സുഖം നൽകട്ടെ. ആളിക്കത്തുന്ന അഗ്നിയോട് ഞങ്ങൾ മംഗളം യാചിക്കുന്നു.

**10. ആ നോ ബർഹിഃ സധമാംദേ ബൃഹദ്ദിവി ദേവാം ഈളേ സാദയാ സപ്ത ഹോതൃൻ ഇന്ദ്രം മിത്രം വരുണം |**
**സാതയേ ഭഗം സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

ഹേ അഗ്നേ! ഞങ്ങൾ ആരംഭിച്ചിരിക്കുന്ന ഈ യജ്ഞത്തിൽ എല്ലാ ദേവകളും വിഹരിക്കണേ. ഈ യജ്ഞത്തിൽ വിരാജിക്കുന്നതിനായി നീ സ്വർഗ്ഗത്തിൽ നിന്നും ദേവകളെ ആഹ്വാനം ചെയ്താലും. സപ്തഹോതാക്കൾ മിത്രൻ, വരുണൻ, ഇന്ദ്രൻ എന്നിവരേയും ഇങ്ങോട്ടു കൊുവന്നാലും. ഞാൻ ശ്രേഷ്ഠമായ എല്ലാ ഐശ്വര്യങ്ങൾക്കും വേി എല്ലാ ദേവകളേയും സ്തുതിക്കുന്നു. ഈ പ്രോജ്ജ്വലിതമായ അഗ്നിയോട് ഞാൻ മംഗളം യാചിക്കുന്നു.

**11. ത ആദിത്യാ ആ ഗതാ സർവതാതയേ വൃധേ നോ യജ്ഞമവതാ സജോഷസഃ |**
**ബൃഹസ്പതിം പൂഷണമശ്വിനാ ഭഗം സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

ഹേ ആദിത്യൻമാരേ! വിശ്വവിഖ്യാതരായ നിങ്ങൾ ഞങ്ങളുടെ അടുക്കൽ വന്നുചേരുവിൻ. നിങ്ങളുടെ ആഗമനത്താൽ എല്ലാ ഐശ്വര്യങ്ങളും വൃദ്ധിപ്രാപിക്കും. ഞങ്ങളുടെ സുഖത്തിനുവേി എല്ലാദേവകളും ഈ യജ്ഞത്തെ പാലിക്കണേ. അശ്വിനികൾ, ഭഗൻ, ബൃഹസ്പതി, സൂര്യൻ, അഗ്നി എന്നിവരോട് ഞങ്ങൾ മംഗളം യാചിക്കുന്നു.

**12. തന്നോ ദേവാ യഛത സുപ്രവാചനം ഛർദിരാദിത്യാഃ സുഭരം നൃപായ്യം |**
**പശ്വേ തോകായ തനയായ ജീവസേ സ്വസ്ത്യഗ്നിം സമിധാനമീമഹേ ||**

ഹേ ദേവകളേ! ഞങ്ങളുടെ യജ്ഞത്തെ സർവ്വസമ്പന്നമാക്കണമേ. ഹേ ആദിത്യൻമാരേ! ഐശ്വര്യസമ്പന്നമായ രാജഭവനം ഞങ്ങൾക്കു പ്രദാനം ചെയ്താലും. ഞങ്ങൾ അഗ്നി ദേവതയോട് പുത്രൻമാർ പൗത്രൻമാർ, ഭാര്യ, മൃഗങ്ങൾ, ദീർഘായുസ് മുതലായവയെ യാചിക്കുന്നു.

**13. വിശ്വേ അദ്യ മരുതോ വിശ്വ ഊതീ വിശ്വേ ഭവന്ത്വഗ്നയഃ സമിദ്ധാഃ |**
**വിശ്വേ നോ ദേവാ അവസാ ഗമന്തു വിശ്വമസ്തു ദ്രവിണം വാജോ അസ്തേ ||**

മരുത്തുക്കൾ എല്ലാവിധത്തിലും ഞങ്ങളെ രക്ഷിക്കുമാറാകട്ടെ. അഗ്നിദേവൻ പ്രദീപ്തനാകട്ടെ. എല്ലാവിധ അന്നത്താലും, ധനത്താലും. പുത്രാദികളാലും മൃഗാദികളാലും നാം സമ്പന്നരാകുന്നതിനുവേി ദേവകളെല്ലാം രക്ഷാസാധനങ്ങളുമായി നമ്മുടെ യജ്ഞത്തിൽ ആഗതരാകണേ.

**14. യം ദേവാസോ വഥ വാജസാതൗ യം ത്രായധ്വേ യം പിപൃഥാത്യംഹഃ |**
**യോ വോ ഗോപീഥേ ന ഭയസ്യ വേദ തേ സ്യാമ ദേവവീതയേ തുരാസഃ ||**

ഹേ ദേവകളേ! നിങ്ങൾ ആരെ ഉദ്ധരിക്കുവാനാഗ്രഹിക്കുന്നുവോ, ആരെ അന്നം നൽകി രക്ഷിയ്ക്കുന്നുവോ, അവൻ നിങ്ങളുടെ ശരണത്തിൽ നിർഭീകനായി വസിക്കുന്നു.ദേ വാപാസകരായ ഞങ്ങളും അതുപോലെയാകണേ.

## സൂക്തം 36

**ഋഷി ധനാകപുത്രൻ ലുശൻ ദേവത വിശ്വേദേവകൾ ഛസ്സ് ജഗതി, ഗായത്രി**

**1. ഉഷാസാനക്താ ബൃഹതി സുപേശസാ ദ്യാവാക്ഷാമാ വരുണോ മിത്രോ അർയമാ |**
**ഇന്ദ്രം ഹുവേ മരുതഃ പർവതാം അപ ആദിത്യാന്ദ്യാവാ പൃഥിവീ അപഃ സ്വഃ ||**

ഞാനെന്റെ യജ്ഞത്തിൽ ഉഷസ്സ്, രാത്രി, വാനൂഴികൾ, മിത്രാവരുണൻമാർ, അർയമാ, ഇന്ദ്രൻ, മരുത്തുക്കൾ, ആദിത്യൻമാർ, പർവ്വതങ്ങൾ, ജലങ്ങൾ എന്നിവരെ ആഹ്വാനം ചെയ്യുന്നു. അന്തരീക്ഷം, സ്വർഗ്ഗലോകം, വാനൂഴികൾ എന്നിവയേയും ആഹ്വാനം ചെയ്യുന്നു. ദേവൻമാരുടെ രക്ഷക്കായി പ്രാർത്ഥിക്കുന്നു.

**2. ദ്യൗശ്ചനഃ പൃഥിവീ ച പ്രചേതസ ഋതാവരീ രക്ഷതാമംഹസോ രിഷഃ |**
**മാ ദുർവിദത്രാ നിഋർതിർന ഈശത തദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

യജ്ഞത്തിന്റെ അധിഷ്ഠാനരൂപിണികളും, വിശാലഹൃദയകളുമായ ദ്വാവാപൃഥ്വികൾ പാപത്തിൽനിന്നും നമ്മെ രക്ഷിക്കട്ടെ. പാപരൂപിണിയായ നിരൃതിക്ക് നമ്മെ അവളുടെ വശത്താക്കുവാൻ കഴിയാതെവരട്ടെ. ദേവകളോട് ശ്രേഷ്ഠമായ രക്ഷ ഞങ്ങൾ യാചിക്കുന്നു.

**3. വിശ്വസ്മാന്നോ അദിതിഃ പാത്വംഹസോ മാതാ മിത്രസ്യ വരുണസ്യ രേവത |**
**സ്വർവജ്യോതിരവൃകം നശീമഹി തദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

ധനികരായ മിത്രാവരുണൻമാരുടെ മാതാവായ അദിതി പാപങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുമാറാകട്ടെ. തൻമൂലം നമുക്ക് എല്ലാവിധത്തിലും അവിനാശിയായ ജ്യോതിസ്സിനെ പ്രാപിക്കുവാനുള്ള കഴിവുാകട്ടെ. ഞങ്ങൾ ആ ദേവകളിൽനിന്നും വിശിഷ്ട രക്ഷ യാചിക്കുന്നു.

**4. ഗ്രാവാ വദന്നപ രക്ഷാംസി സേധതു ദുഷ്വപ്ന്യംനിർരൂതിം വിശ്വമിത്രണം |**

**ആ ദിത്യം ശർമ മരുതാമശീമഹിതദ്ദേവാ നാമവോ അദ്യാ വൃണീമഹേ ||**

സോമമിടിക്കുന്ന അമ്മിക്കല്ല് അതിന്റെ ശബ്ദംകൊ് രാക്ഷസൻമാരേയും, ദുസ്വപ്നങ്ങളേയും, മരണരൂപമായ പാപത്തേയും, വിഘ്നരൂപങ്ങളായ എല്ലാ ശത്രുക്കളേയും ദൂരേയ്ക്കോടിക്കട്ടെ. ആദിത്യൻമാരും, മരുത്തുക്കളും നമുക്കു സുഖം നൽകുന്നവരാകട്ടെ. ദേവകളോട് ഞങ്ങൾ രക്ഷ യാചിക്കുന്നു .

**5. ഏന്ദ്രോ ബർഹിഃ സീദതുപിന്വതാമിളാ ബൃഹസ്പതിഃ സാമഭിർഋകോ അർചതു |**
**സുപ്രകേതം ജീവസേ മൻമ ധീമഹി തദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

ഇന്ദ്രനുവേി വിശിഷ്ടങ്ങളായ സ്തോത്രങ്ങളുച്ചരിക്കുമ്പോൾ അവൻ നമ്മുടെ വിരിച്ച ദർഭയിൽ വിരാജിതനാകട്ടെ. ബൃഹസ്പതി ഋക്സാമങ്ങളാൽ അവനെ പൂജിക്കട്ടെ. ദീർഘായുസ്സും, ഇഷ്ടപ്പെടുന്ന എല്ലാ വസ്തുക്കളും നമുക്കു ലഭിക്കട്ടെ. ദേവകളോട് നാം വിശിഷ്ടമായ രക്ഷകൾ യാചിക്കുന്നു.

**6. ദിവിസ്പൃശം യജ്ഞമസ്മാകമശ്വിനാ ജീരാധ്വരം കൃണുതം സുമ്നമിഷ്ടയേ |**
**പ്രാചീനരശ്മിമാഹുതം ഘൃതേന തദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

ഹേ അശ്വിനികളേ! ഞങ്ങളുടെ യജ്ഞം ദേവകളെ സ്പർശിക്കട്ടെ. യജ്ഞത്തിൽ സംഭവിക്കാവുന്ന എല്ലാ ബാധകളേയും അകറ്റേണമേ. ഞങ്ങളുടെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കി സുഖം നൽകിയാലും. യാതൊന്നിൽ ഘൃതാഹുതി പ്രദാനം ചെയ്യപ്പെടുന്നുവോ, ആ അഗ്നിയുടെ ജ്വാലകളെ ദേവകളുടെ അടുക്കലേയ്ക്കയയ്ക്കണമേ. ഞങ്ങൾ ഈ ദേവകളോട് രക്ഷ യാചിക്കുന്നു.

**7. ഉപ ഹ്വയേ സുഹവം മാരുതം ഗണം പാവകമൃഷ്വം സഖ്യായ ശംഭുവം |**
**രായസ്പോഷം സൗശ്രവസായ ധീമഹി തദ്ദേവാനാമവോ അദ്യം വൃണീമഹേ ||**

ശ്രേഷ്ഠരും, കല്യാണോല്പാദകരും, ധനത്തെ വളർത്തുന്നവരുമായ മരുത്തുക്കൾ എല്ലാത്തിനേയും പവിത്രീകരിക്കുന്നു. അവരെപ്പറ്റി ചിന്തിക്കുമ്പോൾ ഹൃദയം ആനന്ദഭരിതമാകുന്നു. ഞാൻ ആ മരുത്തുക്കളെ ആഹ്വാനം ചെയ്യുന്നു. അന്നപ്രാപ്തിക്കുവേി ഞാനവരെ ധ്യാനിച്ചുകൊ് വിശ്വദേവകളോട് വിശിഷ്ടങ്ങളായ രക്ഷകളെ യാചിക്കുന്നു.

**8. അപാ പേരും ജീവധന്യം ഭരാമഹേ ദേവാവ്യം സുഹവമധ്വര ശ്രിയം |**
**സുരശ്മിം സോമമിന്ദ്രിയം യമീമഹീ തദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

സൗഖ്യപ്രദായകമായ സോമം അതിന്റെ നാമം കൊുതന്നെ സന്തോഷം നൽകുകയും ദേവകളെ തൃപ്തരാക്കുകയും ചെയ്യുന്നു. ആ ശ്രേഷ്ഠമായ ദീപ്തി യജ്ഞത്തെ സുശോഭിതമാക്കുന്നു. ആ സോമത്തിൽ നിന്നും ബലത്തെ യാചിച്ചുകൊ ് ഞങ്ങളവനെ വഹിക്കുകയും ദേവകളോട് രക്ഷ യാചിക്കുകയും ചെയ്യുന്നു.

**9. സനേമ തത്സുസനിതാ സനിത്വഭിർവയം ജീവജീവാപുത്രാ അനാഗസഃ |**
**ബ്രഹ്മദ്വിഷോ വിഷ്വഗേനോ ഭരേരത നദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

ഞങ്ങളും ഞങ്ങളുടെ സന്താനങ്ങളും ദീർഘായുസ്സുള്ളവരാകട്ടെ. ഞങ്ങൾ ഞങ്ങളുടെ ഇടയിൽ സോമരസം പങ്കിട്ട് പാനം ചെയ്യട്ടെ. ഞങ്ങൾ ദേവകളുടെ മുമ്പിൽ അപരാധികളാകാതിരിക്കണം. ഞങ്ങൾ ദേവകളിൽ നിന്നും ശ്രേഷ്ഠമായ രക്ഷയാഗ്രഹിക്കുന്നു.

**10. യേ സ്ഥാ മനോർജ്ഞിയാസ്തേ ശൃണോതന യദ്വോ ദേവാ ഈമഹേ തദ്ദദാതന |**
**ജൈത്രം ക്രതും രയിമദ്വീരവദ്യശസ്തദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

ഹേ ദേവകളേ! നിങ്ങൾ യജ്ഞാംശത്തിന്നവകാശികളാണല്ലോ. ഞങ്ങൾ യാചിക്കുന്ന വസ്തുക്കൾ ഞങ്ങൾക്കു നൽകണമേ, ഞങ്ങൾ ബലവാൻമാരാകുവാൻ ഞങ്ങളെ ഉപദേശിക്കേണമേ. ഞങ്ങൾക്ക് യശസ്സും ഐശ്വര്യവും നൽകുവിൻ. ഞങ്ങൾ ദേവകളോട് രക്ഷ യാചിക്കുന്നു.

**11. മഹദദ്യ മഹതാമാ വൃണീമഹേവോ ദേവാനാം ബൃഹതാമനർവാണാം |**
**യഥാ വസു വീരജാതം നശാമഹൈ ദദ്ദേവാനാമവോ അദ്യാ വൃണീമഹേ ||**

പ്രചണ്ഡരും, അവിചലരും, മഹാൻമാരുമായിരിക്കുന്ന, ദേവൻമാരുടെ ഗുണങ്ങളെ ഞങ്ങൾ മാനിക്കുന്നു. ഹേ ദേവകളെ! ഞങ്ങൾ ധനവും ബലവും പ്രാപിക്കട്ടെ. ഞങ്ങൾ നിങ്ങളോടു രക്ഷ യാചിക്കുന്നു.

**12. മഹോ അഗ്നേഃ സമിധാനസ്യ ശർമണ്യനാ മിത്രേ വരുണേ സ്വസ്തയേ |**
**ശ്രേഷ്ഠേ സ്യാമ സവിതുഃ സവീമാനി തദ്ദേവാനാമപോ അദ്യാ വൃണാമഹേ ||**

ഞങ്ങൾ നിരപരാധികളാണെന്ന് മിത്രാവരുണൻമാരെ ബോധ്യപ്പെടുത്തിക്കൊ് സുഖം പ്രാപിക്കട്ടെ. പ്രദീപ്തനായ അഗ്നി ഞങ്ങൾക്കു മംഗളമരുളട്ടെ. സൂര്യൻ ഞങ്ങൾക്കു ശാന്തിദായകനാകട്ടെ. ദേവകളോടു ഞങ്ങൾ ശ്രേഷ്ഠമായ രക്ഷ യാചിക്കുന്നു.

**13. യേ സവിതുഃ സത്യസവസ്യ വിശ്വേ മിത്രസ്യ വ്രതേ വരുണസ്യ ദേവാഃ |**
**തേ സൗഭഗം വീരവദ്ഗോമദ്ഗനോ ദധാതന ദ്രവിണം ചിത്രമസ്മേ ||**

സത്യസ്വരൂപരായ സൂര്യനും, മിത്രനും, വരുണന്റെ യജ്ഞത്തിൽ സ്ഥിതരായിരിക്കുന്ന സകലദേവൻമാരും ഞങ്ങൾക്ക് ബലവും ധനവും ഗോക്കളാൽ യുക്തമായ സൗഭാഗ്യവും പ്രദാനം ചെയ്യട്ടെ.

**14. സവിതാ പശ്ചാതാത്സവിതാ പുരസ്താത്സവിതോത്തരാത്താത്സവിതാധരാത്താത് |**
**സവിതാ നഃ സുവതു സർവതാതിം സവിതാ നാ രാസതാം ദീർഘമായുഃ ||**

സൂര്യൻ നാലുദിക്കുകളിലും ഞങ്ങളുടെ ഐശ്വര്യസമ്പത്തു വളർത്തുകയും ഞങ്ങളെ ദീർഘായുഷ്മാൻമാരാക്കുകയും ചെയ്യട്ടെ.

## സൂക്തം 37

**ഋഷി സൂര്യപുത്രൻ അഭിതപസ്സ് ദേവത സൂര്യൻ, ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. നമോ മിത്രസ്യ വരുണസ്യ ചക്ഷസേ മഹോ ദേവായ തദൃതം സപര്യത |**
**ദൂരേ ദൃശേ ദേവജാതായ കേതവേ ദിവസ്പുത്രായ സൂര്യായ ശംസത ||**

ഋത്വിജൻമാരേ! മിത്രാവരുണൻമാരെ നോക്കുന്ന സൂര്യനെ പ്രണമിക്കുവിൻ. ഈ സൂര്യൻ സർവദർശിയും, തേജസ്വിയും, ദിവ്യജൻമാവും, പ്രകാശയുക്തനും, പവിത്രീകരിക്കുന്നവനും, ആകാശത്തിന്റെ പുത്രനുമാണല്ലോ, അവനെ പൂജിക്കുകയും സ്തുതിക്കുകയും ചെയ്യുവിൻ.

**2. സാ മാ സത്യോക്തിഃ പരിപാതു വിശ്വതോ ദ്യാവാ ച യത്ര തതനന്നഹാനി ച |**
**വിശ്വമന്യന്നിവിശതേ യദേജതി വിശ്വാഹാപോ വിശ്വാഹോദേതി സൂര്യഃ ||**

സത്യവാണിയെ അവലംബിച്ച് ആകാശം നിലനിൽക്കുന്നു. എല്ലാ ലോകങ്ങളും, സകല ജീവജാലങ്ങളും യാതൊന്നിനെ ആശ്രയിച്ചിരിക്കുന്നുവോ, യാതൊന്നിനാൽ പ്രകാശിക്കുകയും സൂര്യോദയമുാവുകയും ജലം നിരന്തരം പ്രവഹിച്ചുകൊിരിക്കുകയും ചെയ്യുന്നുവോ ആ സത്യവാണിതന്നെ എന്നെ രക്ഷിക്കട്ടെ.

**3. ന തേ അദേവഃ പ്രദിവോ നിവാസതേ യദേതശേഭിഃ പതരൈരഥര്യസി |**
**പ്രാചീനമന്യദനു വർതതേ രജ ഉദന്യേന ജ്യോതിഷാ യാസി സൂർയം ||**

ഹേ സൂര്യാ! നീ സ്വന്തം അശ്വങ്ങളെ തേരിൽ പൂട്ടി ആകാശത്തിൽ സഞ്ചരിക്കുമ്പോൾ ദേവവിരോധികളായ ആർക്കും നിന്റെ അടുക്കൽ വരുവാൻ സാധിക്കുന്നില്ല. നീ യാതൊന്നിനെ വഹിച്ചുകൊുദിക്കുന്നുവോ ആ ജ്യോതിസ്സ് എപ്പോഴും നിന്നെ അനുഗമിച്ചുകൊിരിക്കുന്നു.

**4. യേന സൂർയ ജ്യോതിഷാ വാധസേ തമോ ജഗച്ച വിശ്വമുദിയർഷി ഭാനുനാ |**
**തേനാസ്മദ്വിശ്വാമനിരാമനാഹുതിമപാമിവാമപ ദുഃഷ്വപ്ന്യം സുവ ||**

ഹേ സൂര്യാ! നീ സ്വന്തമായ യാതൊന്നിൽ അന്ധകാരത്തെ അകറ്റുകയും വിശ്വത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്നുവോ; ആ ജ്യോതിസ്സിനാൽ ഞങ്ങളുടെ പാപങ്ങളേയും, രോഗങ്ങളേയും, ക്ലേശങ്ങൾേയും, ദാരിദ്ര്യത്തേയും നശിപ്പിക്കേണമേ.

**5. വിശ്വസ്യ ഹി പ്രേഷിതോ രക്ഷസി വ്രതമഹേള യന്നുച്ചരസി സ്വധാ അനു |**
**യദദ്യ ത്വാ സൂർയോപ ബ്രവാമഹൈ തം നോ ദേവാ അനു മംസീരത ക്രതും ||**

പ്രഭാതകാലയജ്ഞം പോലെ ഉദിച്ചുയരുന്ന സൂര്യാ! നീ ആയാസരഹിതനായി ലോകത്തിലെ എല്ലാകർമ്മങ്ങളേയും പാലിക്കുന്നുവല്ലോ ഞങ്ങൾ നിന്റെ നാമമുച്ചരുച്ചുകൊ് നിന്നെ സ്തുതിക്കുമ്പോൾ ഞങ്ങളുടെ യജ്ഞത്തെ ദേവൻമാർ ഫലസമ്പന്നമാക്കട്ടെ.

**6. തം നോ ദ്യാവാ പൃഥിവീ തന്ന ആപ ഇന്ദ്രഃ ശൃണ്വന്തു മരുതോ ഹവം വചഃ |**
**മാ ശൂനേ ഭൂമ സൂര്യസ്യ സൻദൃശി ഭദ്രം ജീവന്തോ ജരണാമശീ മഹി ||**

ഇന്ദ്രനും, മരുത്തുക്കളും, ദ്യാവാപൃഥ്വികളും, ജലവും ഞങ്ങ ളുടെ ആഹ്വാനം ശ്രവിക്കട്ടെ. ആദിത്യന്റെ കൃപയാൽ ഞങ്ങൾ ദുഃഖം അനുഭവിക്കാതിരിക്കട്ടെ. സൗഭാഗ്യസമ്പന്നരായി നീനാൾ ജീവിക്കണേ.

**7. വിശ്വാഹാ ത്വാ സുമനസഃ സുചക്ഷസഃ പ്രജാവന്തോ അനമീവാ അനാഗസഃ |**
**ഉദ്യന്തം ത്വാ മിത്രമഹോ ദിവേദിവേ ജ്യോഗ്ജീവാഃ പ്രതി പശ്യേമ സൂർയഃ ||**

സൂര്യാ! നീ നിത്യവും ഉദിയ്ക്കുന്നു. അതുപോലെ തന്നെ ഞങ്ങൾ ജ്യോതിസമ്പന്നമായ ഞങ്ങളുടെ നേത്രങ്ങളാൽ നിത്യവും നിന്നെ ദർശിച്ചുകൊിരിക്കണേ. ഞങ്ങൾ രോഗരഹിതരും സന്താനവാൻമാരും പനിരപരാധരുമായിരിക്കണേ. നിന്റെ തേജസ്സ് അത്യന്തം ഉജ്ജ്വലമാണല്ലോ. നിന്റെ ദർശനം സുഖം നൽകുന്നു. നിന്റെ തേജസ്സ് ആകാശത്തിൽ വ്യാപിക്കുമ്പോൾ, ആ തേജോമയമായ രൂപത്തെ നിത്യവും ഞങ്ങൾ ദർശിക്കുമാറാകണേ.

**8.മഹി ജ്യോതിർബിഭ്രതം ത്വാ വിചക്ഷണ ഭാസ്വന്തം ചക്ഷുഷേ ചക്ഷുഷേ മയഃ |**
**ആരോഹന്തം ബൃഹതഃ പാജസസ്പരിം വയം ജീവാഃ പ്രതി പശ്യേമ സൂര്യ ||**

സൂര്യാ! നിന്റെ ദർശനം സുഖദായകമാകുന്നു. എപ്പോൾ നിന്റെ തേജസ്സ് ആകാശത്തിൽ വ്യാപിക്കുന്നുവോ, അപ്പോൾ ഞങ്ങൾ ആ തേജോരൂപമായ രൂപത്തെ നിത്യവും ദർശിച്ചുകൊിരിക്കണേ.

**9. യസ്യ തേ വിശ്വാ ഭുവനാനി കേതുനാ പ്ര ചേരതേ നി ച വിശന്തേ അക്തുഭിഃ |**
**അനാഗാസ്ത്വേന ഹരികേശ സൂർയാഹ്നാഹ്നാനോവസ്യസാവസസോദിഹി ||**

വിശ്വത്തെ പ്രകാശിപ്പിക്കുന്നതും, രാത്രിയുടെ അന്ധകാരത്തെ നിത്യവും അകറ്റിക്കൊിരിക്കുന്നതുമായ ധ്വജരൂപത്തെ നിന്റെ രശ്മികൾ സഹിതം നിത്യവും നീ ഉദിച്ചുയരണമേ. ഞങ്ങൾ പാപരഹിതരായി അതു ദർശിക്കുമാറാകണേ.

**10. ശം നോ ഭവ ചക്ഷസാ ശം നോ അഹ്നാ ശം ഭാനുനാ ശം ഹിമാ ശം ഘൃണേന |**
**യഥാ ശമധ്വഞ്ഛമസദ്ദുരോണേ തത്സൂർയ ദ്രവിണഹി ന്ധേ ചിത്രം ||**

നിന്റെ ദർശനമാത്രയിൽ ഞങ്ങൾക്കു മംഗളമുാകണേ. നിന്റെ രശ്മികളും, തേജസ്സും, താപവും, ശീതളതയുമെല്ലാം ഞങ്ങൾക്കു മംഗളമരുളട്ടെ. ഞങ്ങളുടെ ഗൃഹവാസവും, യാത്രകളും മംഗളമാകണേ. ഹേ സൂര്യാ ഞങ്ങൾക്ക് ശ്രേഷ്ഠമായ ഐശ്വര്യം പ്രദാനം ചെയ്യണമേ.

**11. അസ്മാകം ദേവാ ഉഭയായ ജൻമനേ ശർമ യഛത ദ്വിപദേ ചതുഷ്പദേ |**
**അദത്പിബദൂർജയമാനമാശിതം തദസ്മേ ശം യോരരപോ**

**ദധാതന ||**

ഹേ ദേവകളേ! ഞങ്ങളുടെ ആശ്രിതരായ മനുഷ്യർക്കും മൃഗങ്ങൾക്കും എല്ലാം സുഖം നൽകുവിൻ. എല്ലാ ജീവികളും ശ്രേഷ്ഠമായ ഭോജനം പ്രാപിച്ച് പുഷ്ടിയും ബലമുള്ളവരായി സ്വഛന്ദം ജീവിതം കഴിച്ചുകൂട്ടട്ടെ.

**12. യദ്വോ ദേവാശ്ചകൃമ ജിഹ്വയാ ഗുരു മനസോ വാ പ്രയുതി ദേവഹേളനം |**
**ആരാവാ യോ നോ അഭി ദുച്ഛുനായതേ തസ്മിന്തദേനോ വസവോ നി ധേതന ||**

ഹേ ദേവകളേ! കർമ്മങ്ങളും വചനങ്ങളും വഴിയായി ദേവകൾക്കു വിരുദ്ധമായി ഞങ്ങളിൽനിന്നും ഉായിരിക്കുന്നു. അപരാധങ്ങളെ പാപിയും, അദാനശീലനും, ഞങ്ങൾക്കനിഷ്ടമായി ചിന്തിക്കുന്നവനുമായ ശത്രുവിൽ തന്നെ ചുമത്തണമേ.

## സൂക്തം 38

**ഋഷി മുഷ്കേവാൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി**

**1. അസ്മിന്ന ഇന്ദ്ര പൃത്സുതൗ യശസ്വതി ശമീവതി ക്രന്ദസി പ്രാവ സാതയേ |**
**യത്ര ഗോഷാതാ ധൃഷിതേഷു ഖാദിഷു വിഷ്വക് പതന്തി ദിദ്യവോ നൃഷാഹ്യേ ||**

ഹേ ഇന്ദ്രാ! ഈ അലതല്ലുന്ന യുദ്ധത്തിൽ വിജയിയായിക്കഴിഞ്ഞാൽ സദായശോലാഭമാകുന്നു. നീ ഈ യുദ്ധത്തിൽ ശത്രുക്കളിൽ നിന്നും പിടിച്ചെടുത്ത ഗോക്കളെ രക്ഷിക്കുന്നു. യുദ്ധത്തിൽ ശത്രുക്കളുടെ മേൽ പതിക്കുന്ന തീക്ഷ്ണങ്ങളായ ബാണങ്ങൾ ക് ഞങ്ങൾ ഭയഭീതരായിത്തീരുന്നു.

**2. സ നഃ ക്ഷുമന്തം സദനേ വ്യൂർണുഹി ഗോ അർണസം രയിമിന്ദ്ര ശ്രവായ്യം |**
**സ്യാമ തേ ജയതഃശക്ര മേദിനോ യഥാ വയമുശ്മസി തദ്വസോ കൃധി ||**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ ഗൃഹങ്ങളെ അന്നം, ധനം, ഗോക്കൾ എന്നിവയാൽ പൂർണ്ണമാക്കേണമേ. ഞങ്ങൾ നിന്നോട് യാതൊന്ന് യാചിക്കുന്നുവോ ശ്രേഷ്ഠമായ ആ ധനം ഞങ്ങ ൾക്കു നൽകണേ. നീ ശത്രുക്കളെ പരാജിതരാക്കുമ്പോൾ ഞങ്ങളുടെമേൽ കൃപയുള്ളവനാകേണമേ.

**3. യോ നോ ദാസ ആര്യോ വാ പുരുഷ്ടുതാ ദേവ ഇന്ദ്രയുധയേ ചികേതതി |**
**അസ്മാഭിഷ്ടേ സുഷഹാഃ സന്തു ശത്രവസ്ത്വയാ വയം താന്വനുയാമ സങ്ഗമേ ||**

ഹേ ഇന്ദ്രാ! അനേകരാൽ ആഹുതനാകുന്ന നീ എപ്പോഴും പൂജിക്കപ്പെടട്ടെ. ഞങ്ങളോടു യുദ്ധം ചെയ്യുവാനാഗ്രഹിക്കുന്ന മനുഷ്യർ അവശ്യം പടക്കളത്തിൽ പരാജയമടയട്ടെ. നിന്റെ സഹായത്താൽ ഞങ്ങളവരെ തോൽപ്പിക്കട്ടെ.

**4. യോ ദഭ്രേഭിർഹവ്യോ യശ്ച ഭൂരിഭിർയോ അഭീകേ വരിവോവിന്നൃഷാഹ്യേ |**
**തം വിഖാദേ സസ്തിമദ്യ ശ്രുതം നരമർവാഞ്ചമിന്ദ്രമവസേ കരാമഹേ ||**

ആര് ശ്രേഷ്ഠമായ വസ്തുക്കളെ യുദ്ധത്തിൽ ജയിച്ചെടുക്കുന്നുവോ അത്യന്തം ദുസാധ്യമായ യുദ്ധത്തിൽ ആര് വിജയം വരിക്കുന്നുവോ; ആര് യുദ്ധത്തിൽ രമിക്കുകയും തന്റെ യശസ്സിനെ വളർത്തുകയും ചെയ്യുന്നുവോ, സകലമനുഷ്യരും ആരെ പൂജിക്കുന്നുവോ, ആ ഇന്ദ്രനെ തന്നെ ശരണം പ്രാപിക്കുന്നതിനായി അവനെ അനുകൂലനാക്കുന്നു.

**5. സ്വവൃജം ഹിത്വാമഹമിന്ദ്ര ശുശ്രവാനാനുദം വൃഷഭ രധ്രചോദനം |**
**പ്ര മുഞ്ചസ്വ പരികുത്സാദിഹാ ഗഹി കിമു ത്വാ വാൻമുഷ്കയേർബദ്ധ ആസതേ ||**

ഹേ ഇന്ദ്രാ! നീ സ്വന്തം ഉപാസകരിൽ ഉത്സാഹം നിറയ്ക്കുന്നു. ഞങ്ങളെ ഉത്സാഹിപ്പിക്കുന്നത് ആര് എന്ന് ഞങ്ങൾ നല്ലതുപോലെ അറിയുന്നു. ഞങ്ങളുടെ ബന്ധനം അറുത്തുമുറിക്കുന്നതിൽ നീ സമർത്ഥനാണല്ലോ. അതിനാൽ ഹേ ഇന്ദ്രാ! നീ എന്തിനു മുഷ്ക്കദ്വയന്റെ ബന്ധനത്തിൽ പതിക്കുന്നു. ഹേ ശക്രാ! നീ കുത്സന്റെ ബന്ധനത്തിൽ നിന്നു മോചിച്ച് ഇവിടെ ആഗതനായി ഞങ്ങളെ രക്ഷിക്കേണമേ.

## സൂക്തം 39

**ഋഷി കക്ഷീവൻ പുത്രി ഘോഷ ദേവത അശ്വികൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. യോം വാം പരിജ്മാ സുവൃദശ്വിനോ രഥോ ദോഷാ മുഷാസോ ഹവ്യോ ഹവിഷ്മതാ**
**ശശ്വത്തമാസസ്തമു വാമിദംവയം പിതുർന നാമ സുഹവം ഹവാമഹേ**

ഹേ അശ്വിനികളേ! നിങ്ങളുടെ യാതൊരു രഥം എങ്ങും സഞ്ചരിക്കുന്നതായിരിക്കുന്നുവോ; നിങ്ങൾക്കുവേി യാതൊരു ഉറപ്പുള്ള രഥത്തെ രാവും പകലും ആഹ്വാനം ചെയ്യുക യജമാനന്റെ കർത്തവ്യമായിരിക്കുന്നുവോ, ആ രഥത്തിന്റെ നാമത്തെ ഞങ്ങൾ ഉച്ചരിക്കുന്നു. പിതാവിന്റെ നാമം സ്മരിച്ച് മനുഷ്യർ സുഖികളാകുന്നതുപോലെ ഞങ്ങൾ ഈ രഥത്തിന്റെ നാമം സ്മരിച്ചുകൊ് സുഖികളാകുന്നു.

**2. ചോദയ തം സൂനൃതാഃ പിന്വതം ധിയ ഉത്പുരന്ധീരീരയതം തദുശ്മസി |**
**യശസം ഭാഗംകൃണുതംനോ ആശ്വിനസോമ ന ചാരും മഘവത്സു നസ്കൃതം ||**

ഹേ അശ്വിനികളേ! ഞങ്ങൾ മധുരഭാഷികളാകണം. ഞങ്ങ ളുടെ എല്ലാ കർമ്മങ്ങളും പൂർണ്ണമാകട്ടെ. ഞങ്ങളിൽ സൽബുദ്ധി ഉദിപ്പിക്കണേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾക്ക് ശ്രേഷ്ഠവും കീർത്തിയുള്ളതുമായ ഐശ്വര്യത്തിന്റെ അംശം പ്രദാനം ചെയ്താലും. സോമത്തിന്റെ മധുരരസം സ്നേഹമുല്പാദിപ്പിക്കുന്നതുപോലെ ഞങ്ങ ളും യജമാനൻമാർക്കുവേി സ്നേഹോല്പാദകരാകണം ഇപ്രകാരം ചെയ്യേണമേ.

**3. അമാജൂരശ്ചിദ്ഭവഥോ യുവം ഭഗോനാശോശ്ചിദവിതാരാപമസ്യചിത് |**
**അന്ധസ്യ ചിന്നാസത്യാ കൃശസ്യ ചിദ്യുവാമിദാഹുർഭിഷജാരുതസ്യ ചിത് ||**

ഞാൻ എന്റെ പിതാവിന്റെ ഗൃഹത്തിൽ വളർന്നു. വേൾക്കപ്പെടാതെ വൃദ്ധയായി. എനിക്ക് സൗഭാഗ്യരൂപനായ വരനെ

കൊുവന്നു. ഹേ അശ്വിനികളേ! മുടന്തനും, പതിതനും നിങ്ങൾ ശരണം പ്രദാനം ചെയ്യുന്നു. നിങ്ങൾ നേത്രഹീനൻ, ബലഹീനൻ, രോഗികൾ മുതലായവരെ ചികിത്സിക്കുന്നു. യജ്ഞങ്ങൾയും സ്വാസ്ഥ്യപ്പെടുത്തുന്നു.

**4. യുവം ച്യവാനം സനയം യഥാ രഥം പുനർയുവാനം ചരഥായ തക്ഷഥുഃ |**
**നിഷ്ഠൗഗ്ര്യഹമൂഹഥുരദ്ഭ്യസ്പരി വിശ്വേത്താവാം സവനേഷു പ്രവാച്യാ ||**

പഴയ രഥത്തിന്റെ കേടുപാടുകൾ തീർത്ത് അതിനെ പുതിയതാക്കുന്ന ഒരു വ്യക്തിയെപ്പോലെ നിങ്ങൾ വൃദ്ധാവസ്ഥയിൽ ജീർണ്ണിതനായിക്കഴിഞ്ഞിരുന്ന ച്യവനമഹർഷിയെ തരുണനാക്കിത്തീർത്തു. ഹേ അശ്വിനികളേ! നിങ്ങൾ തന്നെയാണല്ലോ തുഗ്രന്റെ പുത്രനെ ജലത്തിൽനിന്നും കരയ്ക്കുകൊുവന്നത്. നിങ്ങൾ രുപേരുടെയും ഈ പരാക്രമങ്ങൾ യജ്ഞത്തിൽ കീർത്തനയോഗ്യങ്ങളാകുന്നു.

**5. പുരാണാ വാം വീര്യാ പ്രബ്രവാ ജനേഥോ ഹാസഥുർഭിഷജാ മയോഭുവാ |**
**താ വാം നുനവ്യാവവസേ കരാമഹേയം നാസത്യാ ശ്രദരിര്യഥാ ദധത് ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ രുപേരുടെയും പരാക്രമങ്ങളെ വർണ്ണിച്ചുകൊ് ഞാനെങ്ങും നടക്കുന്നു. നിങ്ങൾ സമർഥരായ ചികിത്സകരാണല്ലോ. അതിനാൽ നിങ്ങളുടെ ശരണത്തിനുവേി ഞാൻ പ്രാർത്ഥിക്കുന്നു. ഹേ അശ്വിനികളേ! നിങ്ങൾ സത്യത്തിന്റെ സാക്ഷാത്കാരമാകുന്നു. എന്റെ സ്തുതികളെ യജമാനൻ അവശ്യം വിശ്വസിക്കും.

**6. ഇയം വാമഹ്വേ ശൃണുതം മേ അശ്വിനാ പുത്രയേവാ പിതരാ മഹ്യം ശിക്ഷതം |**
**അനാപരിജ്ഞാ അസജാത്യാമതിഃ പുരാ താസ്യാ അഭിശസ്തേരവ സ്പൃതം ||**

ഹേ അശ്വിനികളേ! എന്റെ ആഹ്വാനം ശ്രവിച്ചാലും. പിതാവുപുത്രനു ദീക്ഷ നൽകുന്നതുപോലെ നിങ്ങൾ എനിക്കു നൽകുവിൻ. ജ്ഞാനരഹിതനായ എനിക്ക് സഹോദരനുമില്ല. കുടുംബക്കാരുമില്ല. നല്ലബുദ്ധിപോലും എനിക്കില്ല. എന്നെ ഏതെങ്കിലും ക്ലേശം ബാധിക്കുന്നുെങ്കിൽ ആദ്യമായി അതകറ്റേണമേ.

**7. യുയം രഥേന വിമദായ ശുന്ധ്യവം ന്യൂഹഥുഃ പുരുമിത്രസ്യ യോഷണാം |**
**യുവം ഹവം വധ്രിമത്യാ അഗച്ഛതം യുവം സുഷുതിം ചക്രഥുഃ പുരന്ധയേ ||**

ഹേ അശ്വിനികളേ! നിങ്ങൾ രാജാപുരുമിത്രന്റെ പുത്രിയായ ശൂന്ധ്യവയെ രഥത്തിലിരുത്തിക്കൊുപോയി വിമദനു വിവാഹം കഴിച്ചുകൊടുത്തു. വധ്രിമതി നിങ്ങളെ ആഹ്വാനം ചെയ്തപ്പോൾ നിങ്ങൾ അവളുടെ ദുഃഖകഥ കേൾക്കുകയും അവൾക്ക് സമ്പത്തു നൽകുകയും ചെയ്തുവല്ലോ.

**8. യുവം വിപ്രസ്യ ജരാണാമുപേയുഷഃ പുനഃ കലേരണകൃണുതം യുവദ്വയഃ |**
**യുവം വന്ദനമൃശ്യദാദുദുപഥുർയുവം സദ്യോ വിശ്പലാമേതവേ കൃഥഃ ||**

കലി എന്ന വൃദ്ധസ്തോതാവിന് നിങ്ങൾ പുനർ യൗവ്വനം പ്രദാനം ചെയ്തു. നിങ്ങൾ തന്നെയാണല്ലോ. വന്ദനനെ കിണറ്റിൽനിന്നും കരയ്ക്കുകയറ്റിയത്. നിങ്ങൾ മുടന്തിയായ വിശ്പലയ്ക്ക് ഇരുമ്പുകാലു നൽകി അവളെ നടക്കുമാറാക്കി.

**9. യുവം ഹ രേഭം വൃഷണാ ഗുഹാ ഹിതമുദൈരയത മമൃവാംസമശ്വിനാ |**
**യുവമൃബീസ മുത തപ്തമത്രയ ഓമന്വന്തം ചക്രഥുഃ സപ്തവധ്രയേ ||**

ഹേ അശ്വിനികളേ! നിങ്ങൾ അഭിലാഷവർഷകരാകുന്നു ശത്രുക്കൾ രേഭനെ മരണാസന്നനാക്കി ഗുഹയിലെറിഞ്ഞപ്പോൾ നിങ്ങൾ തന്നെയാണല്ലോ അവനെ രക്ഷിച്ചത് അത്രി മഹർഷിയെ ഏഴുകെട്ടുകളിട്ടു മുറുക്കി അഗ്നികുണ്ഡത്തിലിട്ടപ്പോൾ നിങ്ങൾ അഗ്നികുണ്ഡത്തെ ശീതളമാക്കി. സപ്തവധ്രിയെ പെട്ടിയിൽ നിന്ന് മോചിപ്പിച്ചു.

**10. യുവം ശ്വേതം പേദവേശ്വിനാശ്വം നവഭിർവാജൈർനവതീ ച വാജിനം |**
**ചർകൃത്യംദദഥുദ്രാവയത്സഖം ഭഗംന നഭ്യോ ഹവ്യം മയോ ഭുവം ||**

ഹേ അശ്വിനികളേ! നിങ്ങൾ തൊള്ളായിരം കുതിരകളോടുകൂടി ഒരു ശ്രേഷ്ഠമായ വെള്ളക്കുതിരയേയും പേദുരാജാവിനു കൊടുത്തിരുന്നു. അത്ഭുതതേജസ്സോടുകൂടിയ ആ അശ്വത്തെ കപ്പോൾത്തന്നെ ശത്രുസേനകൾ ഭയന്നോടി മനുഷ്യദൃഷ്ടിയിൽ ആ കുതിര വളരെ വിലയേറിയതായിരുന്നു. അതിന്റെ ദർശനമാത്രയിൽ മനസ്സിൽ ആനന്ദം നിറയുകയും നാമോച്ചാരണത്താൽ സുഖം ലഭിക്കുകയും ചെയ്തിരുന്നു.

**11. ന തം രാജാനാവദിതേ കുതശ്ചന നാംഹോ അശ്നോതി ദുരിതം നകിർഭയം |**
**യമശ്വിനാ സുഹവാ രുദ്രവർതനീ പുരോരഥം കൃണ്ഥഃ പത്ന്യാ സഹ ||**

ഹേ അശ്വിനികളേ! നിങ്ങൾ സഞ്ചരിക്കുമ്പോൾ വഴിക്കുള്ള എല്ലാ മനുഷ്യരും നിങ്ങളെ സ്തുതിക്കുന്നു. നിങ്ങളുടെ നാമോച്ചാരണമാത്രയിൽ ആനന്ദം ആർത്തിരമ്പുന്നു. യജമാനദമ്പതികളെ രഥത്തിലഭയം കൊടുത്ത് നിങ്ങൾ കൊുപോകുകയാണെങ്കിൽ യാതൊരു പാപദോഷങ്ങൾക്കും, വിപത്തുകൾക്കും, വിഘ്നാദികൾക്കും അവരെ സ്പർശിക്കുവാൻ സാധ്യമല്ല.

**12. ആ തേന യാത മനസോ ജവീയസാ രഥം യം വാമൃഭവശ്ചക്രുരശ്വിനാ |**
**യസ്യ യോഗേ ദുഹിതാ ജായതേ ദിവ ഉഭേ അഹനീ സുദിനേ വിവസ്വതഃ ||**

ഹേ അശ്വിനികളേ! ഋഭുക്കൾ നിങ്ങൾക്കുവേി രഥത്തെ പ്രേരിപ്പിച്ചിരുന്നു. ആ രഥം പ്രകടമായപ്പോൾ തന്നെ ആകാശപുത്രിയായ ഉഷസ്സും ഉദിച്ചുകഴിഞ്ഞു. അവളിൽനിന്നും സൂര്യനെ ആശ്രയിച്ചു കഴിയുന്ന രാവും പകലും ജൻമമെടുത്തു അത്യന്തം വേഗമേറിയ നിങ്ങളുടെ ആ രഥത്തിലാരൂഢരായി കല്യാണദായകമായ മനസ്സോടുകൂടി നിങ്ങളിവിടെ വരണേ.

**13. താ വർതിർയതിം യുഷുഷാ വി പർവതമപിന്വതം ശയവേ ധേനുമശ്വിനാ |**

**വൃകസ്യ ചിദ്വർതി കാമന്തരാസ്യാദ്യുയുവം**
**ശചീമിർഗ്രസിതാമമുഞ്ചതം ||**

ഹേ അശ്വിനികളേ! നിങ്ങൾ ആ രഥത്തിൽതന്നെ ആരൂഢരായി പർവത മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ച് ശയുവിന്റെ വൃദ്ധപശുവിനെ വീം പയസ്വിനിയാക്കി നിങ്ങൾതന്നെയാണല്ലോ ചെന്നായുടെ വായിൽനിന്നും കാടപ്പക്ഷിയെ രക്ഷിച്ചത്.

**14. ഏതം വാം സ്തോമമശ്വിനവകർമാതക്ഷാമ ഭൃഗവോ ന രഥം |**
**ന്യമൃക്ഷാമ യോഷണാം ന മർയേ നിത്യം ന സൂനും തനയം ദധാനാം ||**

ഹേ അശ്വിനികളേ! ഭൃഗുക്കൾ രഥം നിർമ്മിക്കുന്നതുപോലെ നിങ്ങൾക്കുവേി ഞാൻ സ്തോത്രം രചിക്കുന്നു. കന്യകയുടെ പാണിഗ്രഹണവേളയിൽ അവളെ വസ്ത്രാലങ്കാരവിഭൂഷിതയാക്കുന്നതുപോലെ ഞങ്ങളീസ്തോത്രങ്ങളെ അലങ്കരിച്ചിരിക്കുന്നു. ഞങ്ങൾ പുത്രപൗത്രാദികളോ ടൊത്തു ചിരംജീവികളാകണേ.

## സൂക്തം 40

**ഋഷി കക്ഷീവൽപുത്രിഘോഷ ദേവത അശ്വിനികൾ**
**ഛന്ദസ്സ് ജഗതി, ത്രിഷ്ടുപ്**

**1. രഥം യാന്തം കുഹ കോ വാം നരാ പ്രതി ദ്യുമന്തം സുവിതായ ഭൂഷതി |**
**പ്രാതർയാവാണാം വിഭ്വം വിശേവിശേ യസ്തോർവ സ്തോർവഹമാനം ധിയാ ശമി ||**

ഹേ അശ്വിനികളേ! നിങ്ങൾ മനുഷ്യർക്കു കർമ്മത്തെ ഉപദേശിക്കുന്നു. നിങ്ങളുടെ രഥം പ്രഭാതകാലത്തിൽ എല്ലാ ഉപാസകരുടെയും ധനവുമായി വന്നുചേരുന്നു. അപ്പോൾ തങ്ങളുടെ യജ്ഞത്തെ സമ്പന്നമാക്കുന്നതിനായി ഏത് യജമാനനാണ് ആ രഥത്തെ സ്തുതിക്കുന്നത്? ആരുടെ സ്തുതിയാണ് നിങ്ങളെ വൈകിക്കുന്നത്?

**2. കുഹസ്വിദ്ദോഷാ കുഹ വസ്തോരശ്വിനാ കുഹാഭിപിത്വം കരതഃ കുഹോഷതുഃ |**
**കോ വാം ശയുത്രാ വിധവേവ ദേവരം മർയംന യോഷാ കൃണുതേ സധസ്ഥ ആ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഇപ്പോൾ എവിടേയ്ക്കുപോകുന്നു? പകലും രാത്രിയിലും എവിടെ പോകുന്നു? സ്വന്തം യജ്ഞത്തിൽ ആദരപൂർവ്വം സ്ത്രീപുരുഷനെയെന്നപോലെയും വിധവ ദേവരെ എന്നെപ്പോലെയും ആരാണ് നിങ്ങളെ ആഹ്വാനം ചെയ്യുന്നത്?

**3. പ്രാതർജരേഥേ ജരണേവ കാപയാ വസ്തോർ വസ്തോർയജതാ ഗ ഗഛതോഗൃഹം |**
**കസ്യ ധ്വസ്രാ ഭവഥഃ കസ്യ വാ നരാ രാജ പുത്രേവ സവമാവ ഗഛഥഃ ||**

ഹേ അശ്വിനികളേ! രു വൃദ്ധരായ രാജാക്കൻമാരെ വൈതാളികൻമാരുണർത്തുന്നതുപോലെ നിങ്ങളെ പ്രഭാതകാല സ്തുതികൾ കൊ് ആരാധിക്കുന്നു. യജ്ഞപ്രാപ്തിക്കുവേി നിത്യവും നിങ്ങളാരുടെ അടുത്തുപോകുന്നു? ഹേ കർമ്മോപാസകരേ! നിങ്ങൾ ആരുടെ പാപങ്ങളെ അകറ്റുന്നു.?

**4.യുവാം മൃഗേവ വാരണാ മൃഗണ്യവോ ദോഷം വസ്തോർഹവിഷാ നി ഹ്വയാമഹേ |**
**യുവം ഹോത്രാമൃതുഥാ ജുഹ്വതേ നരേഷ ജനായ വഹഥഃ ശുഭസ്പതീ ||**

ഹേ അശ്വിനികളേ! ഹവ്യസമ്പന്നനായ ഞാൻ രാവും പകലും നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങൾക്കുവേി യഥാകാലം യജ്ഞം നടത്തുന്നു. എല്ലാ നൻമകളുടേയും നാഥൻമാരായ നിങ്ങൾ സ്വന്തം ഉപാസകൻമാർക്കുവേി അന്നവുമായി വരുന്നു.

**5.യുവാം ഹ ഗോഷാ പർയശ്വിനാ യതീ രാജ്ഞ ഊചേ ദുഹിതാ പൃഛേ വാം നരാ |**
**ഭൂതം മേ അഹ്ന ഉത ഭൂതമക്തവേശ്വാവതേ രഥിനേ ശക്തമർവതേ ||**

ഹേ അശ്വിനികളേ! രാജകുമാരിയായ ഘോഷ എല്ലായിടങ്ങളിലും സഞ്ചരിച്ചുകൊ് നിങ്ങളുടെ ഗുണങ്ങൾ പാടിപ്പുകഴ്ത്തുന്നു. നിങ്ങളെത്തന്നെ ചിന്തിച്ചുകൊിരിക്കുകയും ചെയ്യുന്നു. നിങ്ങൾ രാവും പകലും അവളോടൊത്തു വസിച്ചുകൊ് രഥാശ്വസമ്പന്നയായ അവളുടെ ഭ്രാതൃപുത്രനെ വശത്താക്കിയാലും.

**6. യുവം കവീഷ്ഠഃപര്യശ്വിനാ രഥം വിശോ ന കുത്സോ ജര തുർനശാ യഥഃ |**
**യുവോർഹ മക്ഷാ പര്യശ്വിനാ മധ്വാസാ ഭരത നിഷ്കൃതം ന യോഷണാ ||**

ഹേ അശ്വിനികളേ! നിങ്ങൾ രഥത്തിൽ കയറുന്നു. കുത്സനെപ്പോലെ സ്തോതാവിന്റെ വീട്ടിലേയ്ക്ക് രഥത്തിൽ പോകുന്നു. നിങ്ങളുടെ മധുവിനെ ഈച്ചകൾ മഹിളമദ്യത്തെ എന്ന പോലെ വലിച്ചുകുടിക്കുന്നു.

**7. യുവം ഹ ഭുജ്യം യുവമശ്വിനാ വശം യുവം ശിഞ്ജാരമുശാനാമുപാരഥുഃ |**
**യുവോ രരാവാപരി സഖ്യമാസതേ യുവോരഹമവസാ സുമ്നമാ ചകേ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഭുജ്യുവിനെ സമുദ്രത്തിൽ നിന്നും രക്ഷിച്ചു. നിങ്ങൾ തന്നെ രാജാവായ വശനേയും അത്രിമഹർഷിയേയും ഉശനയേയും രക്ഷിച്ചു. ദാനശീലരുമായി നിങ്ങൾ മൈത്രി സ്ഥാപിക്കുന്നു. നിങ്ങളുടെ രണത്തിൽ നിന്നുള്ള സുഖത്തെ ഞാനാഗ്രഹിക്കുന്നു.

**8. യുവം ഹ കൃശം യുവമശ്വിനാ ശയും യുവ വിധന്തം വിധവാമുരുഷ്യഥഃ |**
**യുവം സനിഭ്യഃ സ്നയന്തമശ്വിനാപ വ്രജമൂർണുഥഃ സപ്താസ്യം ||**

ഹേ അശ്വിനികളേ! നിങ്ങൾ തന്നെയാണല്ലോ ശവിനെയും കൃശനേയും വിധവയായ സ്ത്രീയേയും സേവകനേയും രക്ഷിച്ചത്. യജ്ഞം നടത്തുന്നവർക്ക് വേി നിങ്ങൾ തന്നെ മേഘത്തെ കീറിപ്പിളർന്നു. ഗതിമാനത്തുകളായ മേഘങ്ങളെല്ലാം ജലവൃഷ്ടി നടത്തുന്നു.

**9. ജനിഷ്ട യൊഷാ പതയത്കീനകോ വി ചാരുഹന്വീരുധോ ദംസനാ അനു |**
**അസ്മൈ രീയന്തേ നിവനേവ സിന്ധവോസ്മാ അഹ്നേ ഭവാതി തത്പതിത്വം ||**

ഹേ അശ്വിനികളേ! ഘോഷയായ ഞാൻ എല്ലാ പ്രകാരത്തിലും

സൗഭാഗ്യവതിയായിരിക്കുന്നു. എന്റെ വിവാഹത്തിനു വരനേയും ലഭിച്ചിരിക്കുന്നു. നിങ്ങളുടെ വൃഷ്ടിയാൽ ധാന്യങ്ങളും ഉായിരിക്കുന്നു. താഴോട്ടൊഴുകുന്ന നദികൾ തങ്ങളുടെ ജലത്തെ ഇവരിലേയ്ക്കു പ്രേരിപ്പിക്കുന്നു. ഇവൻ ശക്തിസമ്പന്നനും രോഗരഹിതനുമായിരിക്കട്ടെ.

**10. ജീവം രുദന്തി വി മന്യന്തേ അധ്വരേ ദീർഘമനു പ്രസിതിം ദീധിയുർനരഃ |**
**വാമം പിതൃഭ്യോ യ ഇദം സമേരിരേ മയഃ പതിഭ്യോ ജനയഃ പരിഷ്വജേ ||**

ഹേ അശ്വിനികളേ! യാതൊരുത്തൻ തന്റെ പ്രേയസിയുടെ പ്രാണരക്ഷയ്ക്കുവേി കേഴുന്നുവോ, യാതൊരുത്തൻ അവളെ യജ്ഞത്തിലിരുത്തുന്നുവോ, യാതൊരുത്തൻ അവളെ സന്താനോൽപ്പത്തി നടത്തി പിതൃമാർഗ്ഗാദികളെ യുക്തമാക്കുന്നുവോ, അവരുടെ സ്ത്രീകൾ സുഖവതികളായിത്തീരുന്നു.

**11. ന തസ്യ വിദ്മ തദു ഷുപ്ര വോചത യുവാ ഹ യദ്വത്യാ ക്ഷേതി യോനിഷു |**
**പ്രിയോസ്രിയസ്യ വൃഷഭസ്യ രേതിനോ ഗ്രഹം ഗമേമാശ്വിനാ തദു ശ്മസി ||**

ഹേ അശ്വിനികളേ! ഞാൻ പതിയെ പ്രാപിക്കുന്നതിൽ നിന്നുളവാകുന്ന സുഖം അറിയുന്നില്ല. ആ സുഖത്തെ എനിക്കുപദേശിച്ചു തന്നാലും. എന്നെ ഇഷ്ടപ്പെടുന്ന ബലവാനായ പതിയെ ഞാൻ പ്രാപിക്കും. അതെന്റെ അഭിലാഷമാകുന്നു.

**12. ആ വാമഗൻത് സുമതിർജിനീവസു ന്യശ്വിനാ ഹൃത്സു കാമാ അയം സത |**
**അഭൂതം ഗോപാ മിഥുനാ ശുഭസ്പതീപ്രിയാ അർയമ്ണോ ദുംര്യാ അശീമഹി ||**

ഹേ അശ്വിനികളേ! അന്നത്തിന്റെയും ധനത്തിന്റെയും ഉടമസ്ഥരായ നിങ്ങൾ എന്റെ മേൽ ദയവുള്ളവരാകുവിൻ. ഹേ കല്യാണദായകരേ! എന്റെ അഭിലാഷങ്ങൾ പൂർണ്ണമാക്കുവിൻ. എന്റെ രക്ഷകരാകുവിൻ. ഞാനെന്റെ പതിയുടെ ഭവനത്തിലെത്തി പതിക്കു പ്രിയപ്പെട്ടവളായിത്തീരട്ടെ.

**13. താ മന്ദസാനാ മനുഷോ ദുരോണ ആ ധത്തം രയിം സഹവീരം വചസ്യവേ |**
**കൃതം തീർഥം സുപ്രപാണം സുഭസ്പതീ സ്ഥാണും പഥേഷ്ഠാമപ ദുർമതിം ഹതം ||**

ഹേ അശ്വിനികളേ! നിങ്ങൾ എന്റെ മേൽ പ്രസന്നരായി പതിയെ ധന, സന്താനങ്ങളാൽ പൂർണ്ണനാക്കൂ. നിങ്ങൾ രുപേരും മംഗളദായകരാണല്ലോ. എന്റെ പതിഗൃഹമാർഗ്ഗത്തിലുള്ള വിഘ്നങ്ങളെ നശിപ്പിക്കുകയും, ഞങ്ങൾ കുടിക്കുന്ന നദിയിലെ ജലത്തെ സുഖമയമാക്കുകയും ചെയ്യുവിൻ.

**14. ക്വ സ്വിദദ്യ കതമാശ്വശ്വിനാ വിക്ഷു സ്രോ മാദയേതേ ശുഭസ്പതീ |**
**ക ഈംനി യേമേതക മസ്യ ജഗ്മതുർവിപ്രസ്യ വാ യജമാനസ്യ വാഗൃഹം ||**

ഹേ അശ്വിനികളേ! നിങ്ങൾ സദാ മംഗളദായകരാണല്ലോ. നിങ്ങളുടെ ദർശനം അത്യന്തം മനോഹരമാകുന്നു. നിങ്ങളിപ്പോൾ എവിടെയാണ്? ഏതെജമാനന്റെ ഗൃഹത്തിൽ വിഹരിക്കുകയായിരിക്കും?

## സൂക്തം 41

**ഋഷി ഘോഷാപുത്രൻ സുഹസ്ത്യൻ ദേവത അശ്വികൾ ഛന്ദസ് ജഗതി**

**1. സമാനമു ത്യം പുരുഹൂത മുക്ഥ്യം രഥം ത്രിചക്രം സവനാ ഗനിഗ്മതം |**
**പരിജ്മാനം വിദഥ്യം സുവൃക്തിഭിർവയം വ്യുഷ്ടാ ഉഷസോ ഹവാമഹേ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ ഒരേ രഥത്തെ തന്നെ അനേകം ഉപാസകൻമാർ വിളിക്കുന്നു. മൂന്നു ചക്രങ്ങളുള്ള ആ രഥം യജ്ഞത്തിൽ വന്ന് ചുറ്റിസഞ്ചരിക്കുന്നു. സ്തോതാക്കളായ ഞങ്ങൾ നിങ്ങളുടെ അതേ രഥത്തെ ഞങ്ങളുടെ പ്രഭാതസവനത്തിൽ സ്തുതിച്ചുകൊ് വിളിക്കുന്നു.

**2. പ്രാതർയുജം നാസത്യാധി തിഷ്ഠയഃ പ്രാതയാർവാണം മധുവാഹനം രഥം |**
**വിശോ യേന ഗച്ഛഥോ യജ്വരീർനരാ കീരേശ്ചി ദ്യജ്ഞം ഹോതൃമന്തമശ്വിനാ ||**

ഹേ അശ്വിനികളേ! നിങ്ങളുടെ രഥം പ്രഭാതത്തിൽ അശ്വയുക്തമാകുകയും, മധു വഹിക്കുകയും ചെയ്യുന്നു. ആ രഥത്തിൽ കയറി നിങ്ങൾ യജ്ഞം നടത്തുന്നവരിലേക്കുപോകുവിൻ. ഹേ അശ്വിനികളേ! സ്വന്തം സ്തോതാക്കളുടെ യജ്ഞത്തിൽ അവശ്യം ചെന്നുചേരുവിൻ.

**3. അധ്വര്യും വാ മധുപാണിം സുഹസ്ത്യമഗ്നിംധ വാതധ്യക്ഷം ദമൂനസം |**
**വിപ്രസ്യവായത്സവനാനി ഗഛതോത ആ യാത മധൂപേയമശ്വിനാ ||**

ഹേ അശ്വിനികളേ! എന്റെ അടുക്കൽ വരുവിൻ, ഞാൻ മധുഹസ്തനായി അധ്വരുക്തന്റെ കർമ്മങ്ങൾ ചെയ്തുകൊിരിക്കുന്നു. അല്ലെങ്കിൽ നിങ്ങൾ അഗ്നിത്ത് എന്ന ഋത്വിക്കിന്റെ അടുത്ത് പോകുവിൻ. ഹേ അശ്വികളേ! നിങ്ങൾ എപ്പോഴും ജ്ഞാനികളുടെ യജ്ഞത്തിൽ പോകുന്നു. ഇന്ന് എന്റെ ഈ യജ്ഞത്തിൽ മധുപാനാർത്ഥം ആഗതരാകുവിൻ.

## സൂക്തം 42

**ഋഷി അംഗിരോഗാത്രൻ കൃഷ്ണൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. അസ്തേവ സു പ്രതരം ലായമസ്യൻഭൂഷന്നിവ പ്ര ഭരാ സ്തോമമസ്മൈ |**
**വാചാ വിപ്രാസ്തരത വാചമർയോ നി രാമയജരിതാഃ സോമ ഇന്ദ്രം ||**

ചതുരനായ വില്ലാളി ലക്ഷ്യത്തിലേയ്ക്കു നയിക്കുന്നതുപോലെ ഇന്ദ്രകലക്ക് സ്തുതികളെ അയക്കുവിൻ. ഹേ സ്തോതാക്കളേ! നിങ്ങളുടെ സ്തോത്രങ്ങളെ അലങ്കരിക്കുകയും, വളർത്തുകയും ചെയ്യുവിൻ. നിങ്ങളോടു സ്പർധയുള്ളവൻ നിങ്ങളുടെ സ്തോത്രങ്ങളാൽ പരാജയമടയട്ടെ. ഇപ്പോൾ ഇന്ദ്രനെ സോമരസത്തിങ്കലേയ്ക്കാനയിക്കുവിൻ.

**2. ദോഹേന ഗാമുപ ശിക്ഷാ സഖായം പ്ര ബോധയ ജരിതർജാരമിന്ദ്രം |**

**കോശം ന പൂർണം വസുനാ ന്യൃഷ്ടമാ ച്യാവയ മഘദേയായ ശൂരം ||**

ഹേ സ്തോതാക്കളെ! ഗോക്കളെ ദേഹനം ചെയ്ത് മനുഷ്യർ തങ്ങളുടെ കാര്യം സാധിക്കുന്നതുപോലെ നിങ്ങൾ ഇന്ദ്രനിൽനിന്നും നിങ്ങളുടെ കാര്യങ്ങൾ നേടുവിൻ. ഈ ഇന്ദ്രൻ സ്തുതികൾക്കു പാത്രമാകുന്നു. ഇവനെ ഉത്തേജിപ്പിക്കുവിൻ. അന്നം നിറഞ്ഞ പാത്രം കമഴ്ത്തി അതിൽനിന്നും അന്നം പുറത്തെടുക്കുന്നതുപോലെഇന്ദ്രനെ സ്തുതിയാൽ അനുകൂലനാക്കുവിൻ.

**3. കിമങ്ഗ ത്വാ മഘവൻഭോജമാഹുഃ ശിശീ ഹി മാ ശിശയം ത്വാ ശൃണോമി |**
**അപ്നസ്വതീ മമ ധീരസ്തു ശക്ര വസുവിദം ഭഗമിന്ദ്രാ ഭരാ നഃ ||**

ഹേ ഇന്ദ്രാ! നീ കാമ്യദാതാവെന്ന് എന്തുകൊുപറയപ്പെടുന്നു? നീ ദാതാവായതുകൊു തന്നെ മനുഷ്യർ ഇപ്രകാരം പറയുന്നു. നീ മൂർച്ചകൂട്ടുന്നവനാണല്ലോ. അതിനാൽ എന്നെയും മൂർച്ചയുള്ളവനാക്കു നീ ബുദ്ധിയെ കർമ്മങ്ങളിലേക്കു പ്രേരിപ്പിക്കുന്നവനാകുന്നു. അതിനാൽ എന്റെ ബുദ്ധിയെയും ധനോവാർജ്ജന യോഗ്യമാക്കിയാലും.

**4. ത്വാം ജനാ മമസത്യേഷിന്ദ്ര സന്തസ്ഥാനാ വിഹ്വയന്തേ സമീകേ |**
**അത്രാ യുജം കൃണുതേ യോ ഹവിഷ്മാന്നാസുന്വതാ സഖ്യംവഷ്ടിശൂരഃ ||**

ഹേ ഇന്ദ്രാ! യോദ്ധാക്കൾ പടക്കളത്തിലേക്കു പോകുമ്പോൾ നിന്റെ നാമം ഉച്ചരിക്കുന്നു. ഇന്ദ്രൻ യജമാനനെ സഹായിക്കുന്നു. യാതൊരുത്തൻ ഇന്ദ്രനുവേി സോമം പിഴിയുന്നില്ലയോ അവൻ ഇന്ദ്രന്റെ മിത്രത്വത്തെ പ്രാപിക്കുന്നില്ല.

**5. ധനം ന സ്വന്ദ്രം ബഹുലം യോ അസ്മൈ തീവ്രൻ ത്സോമാം ആസുനാതി പ്രയസ്വാൻ |**
**തസ്മൈ ശത്രൂൻ ത് സുതുകാൻപ്രാതർഹ്നോ നി സ്വഷ്ടാന്യുവതി ഹന്തി വൃത്രം ||**

അന്നവാനായ യാതൊരുത്തൻ ഇന്ദ്രനുവേി സോമം പിഴിയുന്നുവോ ഗോക്കളെ ദാനം ചെയ്യുന്ന ധനവാനെപ്പോലെ ഇന്ദ്രനു മധുരസോമം അർപ്പിക്കുന്നുവോ, ആ വ്യക്തിയെ ഇന്ദ്രൻ സഹായിക്കുന്നു. വൃത്രഹന്താവായ ഇന്ദ്രൻ തന്റെ ഉപാസകന്റെ അസംഖ്യം സേനകളോടുകൂടിയ ബലവാനായ ശത്രുവിനെ അതിവേഗം ആട്ടിയോടിക്കുന്നു.

**6. യസ്മിന്വയം ദധിമാ ശംസമിന്ദ്രേ യഃശിശ്രായ യഘവാ കാമമസ്മൈ |**
**ആരാച്ചിത് സൻഭയതാമസ്യ ശത്രുർന്യസ്മൈ ദ്യുമ്നാ ജന്യാ നമന്താം ||**

ഇന്ദ്രൻ ധനവാനാകുന്നു. ഞങ്ങൾ അവനെ സ്തുതിച്ചു. അവൻ ഞങ്ങളുടെ അഭീഷ്ടങ്ങൾ പൂർണ്ണമാക്കിയിരിക്കുന്നു. ഇന്ദ്രന്റെ മുമ്പിൽ നിന്നും ശത്രുഗണം അതിവേഗം ഓടിപ്പോകട്ടെ. അവരുടെ സമ്പത്തുകളെല്ലാം അവനെ പ്രാപിക്കട്ടെ.

**7. ആരാഛത്രുമപ ബാഘസ്വ ദൂരമുഗ്രോ യഃ ശംഭഃ പുരൂഹുത തേന |**
**അസ്മേ ധേഹി യവമദ്ഗോമദിന്ദ്ര കൃധീ ധിയം ജരിത്രേ വാജരത്നാം ||**

ഹേ ഇന്ദ്രാ! അനേകം ഉപാസകർ നിന്നെ ആഹ്വാനം ചെയ്യുന്നു. നീ എനിക്ക് ഗോക്കളോടുകൂടിയ അന്നവും ഗോക്കളോടുകൂടിയ ഐശ്വര്യവും തരേണമേ. മുക്തനായ സ്തോതാവിന്റെ സ്തോത്രത്തെ അന്നവും, ധനവും ഉല്പാദിപ്പിക്കുന്നവയാക്കേണമേ നിന്റെ ഭയങ്കരമായ വജ്രായുധത്താൽ നികടസ്ഥരായ ശത്രുക്കളെ അകറ്റിയോടിക്കേണമേ.

**8. പ്ര യമന്തർവൃഷസവാസോ അഗമന്തീ വ്രാഃ സോമാ ബഹുലാന്താസ ഇന്ദ്രം |**
**നാഹ ദാമാനം മഘവാ നി യം സന്നി സുന്വതേ വഹതി ഭൂരി വാമം ||**

അനേകം ധാരകളായി മധുരരസം വർഷിക്കുന്ന സോമം ഇന്ദ്രന്റെ ശരീരത്തിൽ രമിക്കുമ്പോൾ അവൻ ആ സോമദാനിയെ തടയുന്നില്ല. പിന്നെയോ സോമരസം അധികമധികമായി കാഴ്ചവയ്ക്കുന്നവന് ഉചിതവസ്തുക്കൾ പ്രദാനം ചെയ്യുന്നു.

**9. ഉത പ്രഹാമതിദീവ്യാ ജയാതി കൃതം യച്ഛ്വഘ്നീ വിചിനോതി കാലേ |**
**നോ ദേവകാമോ ന ധനാരുണദ്ധി സമിത്തം രായം സ്കൃജതി സ്വധാവാൻ ||**

ചൂതുകളിക്കാരൻ ആരോടുപരാജയപ്പെട്ടുവോ, അവനെ കുപിടിച്ചിട്ട് പരാജയപ്പെട്ടവൻ അവനെ തോല്പിക്കുവാൻ പരിശ്രമിക്കുന്നു. അതുപോലെ ദുഷ്ക്കർമ്മികളെ ഇന്ദ്രൻ പരാജയപ്പെടുത്തുന്നു. യാതൊരുത്തൻ ഉപാസനാകർമ്മങ്ങളിൽ കൃപണനാകുന്നില്ലയോ, അവനെ ഇന്ദ്രൻ മഹാധനവാനാക്കുന്നു.

**10. ഗോഭിഷ്ടരേമാമതിം ദുരേവാം യേവന ക്ഷുധം പുരുഹൂത വിശ്വാം |**
**വയം രാജഭിഃ പ്രഥമാ ധനാന്യസ്മാതേന വൃജാനേനാ ജയേമ ||**

ഇന്ദ്രൻ അനേകരാൽ ആഹ്വാനം ചെയ്യപ്പെടുന്നു. അവൻ നമ്മുടെ യവത്താൽ തന്റെ വിശപ്പടക്കട്ടെ. ഞങ്ങൾ ഗോക്കൾ വഴിയായി ഞങ്ങളുടെ ദാരിദ്ര്യത്തെ അകറ്റട്ടെ. ഞങ്ങൾ രാജാക്കൻമാരുടെ കൈകളിൽനിന്നും ഞങ്ങളുടെ ബലത്താൽ വിശാലമായ ധനത്തെ ജയിച്ചെടുക്കുന്നവരാകട്ടെ.

**11. ബൃഹസ്പതിർനഃ പരി പാതു പശ്ചാദുതോത്തരസ്മാദധരാദധായോഃ |**
**ഇന്ദ്രഃ പുരസ്താദുത മധ്യതോ നഃ സഖാ സഖിഭ്യോ വരിവ കൃണാതു ||**

ബൃഹസ്പതി ഞങ്ങളെ പശ്ചിമ ഉത്തര ദക്ഷിണ ദിക്കുകളിലെ ശത്രുക്കളിൽനിന്നും രക്ഷിക്കട്ടെ. ഇന്ദ്രൻ ഞങ്ങളെ പൂർവ്വാമധ്യദിക്കുകളിൽ രക്ഷിക്കട്ടെ. ഇന്ദ്രൻ ഞങ്ങളുടെ സഖാവും, ഞങ്ങൾ അവന്റെ സഖാക്കളുമാകുന്നു. ഇന്ദ്രൻ ഞങ്ങളുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കട്ടെ.

## അനുവാകം 4 സൂക്തം 43

**ഋഷി കൃഷ്ണൻ ദേവത ഇന്ദ്രൻ ഛന്ദസ് ജഗതി ത്രിഷ്ടുപ്**

**1. അഛാ മ ഇന്ദ്രം മതയഃ സ്വർവിദഃ സധ്രീചീർവിശ്വാ ഉശതീരനൂഷത |**
**പരിഷ്വജന്തേ ജനയോ യഥാ പതിം മര്യം ന ശുന്ധ്യം**

**മഘവാനമൂതയേ ||**

ഇന്ദ്രനെ ഉദ്ദേശിച്ച് എന്റെ സ്തോത്രങ്ങൾ അവന്റെ യശസ്സിനെ പ്രകീർത്തിച്ചിരിക്കുന്നു. സ്തുതികൾ എല്ലാ അഭിലാഷങ്ങളും പൂർണ്ണമാക്കുന്നു. ഞങ്ങളുടെ സ്തുതികൾ ഇന്ദ്രന്റെ ആശ്രയത്തിൽ ചെല്ലുന്നു.

**2. ന ധാ ത്വദ്രിഗപവേതി മേ മനസ്ത്വേ ഇത് കാമം പുരുഹൂത ശിശ്രയ |**

**രാജേവ ദസ്മ നിഷദോധി ബർഹിഷ്യസ്മിൻത്സുസോമേ വപാനമസ്തു തേ ||**

ഹേ ഇന്ദ്രാ! എന്റെ മനസ്സ് മറ്റെങ്ങും പോകുന്നില്ല. അത് നിന്നെ ഇഷ്ടപ്പെടുന്നു. നീ ഒരു രാജാവിനെപ്പോലെ കുശാസനത്തിൽ വിരാജിച്ചാലും. ഈ സോമത്തിൽ നിന്റെ പാനകർമ്മം പൂർണ്ണമാക്കട്ടെ.

**3. വിഷൂവൃദിന്ദ്രോ അമതേരുത ക്ഷുധഃ സ ഇന്ദ്രായോ മഘവാ വസ്വ ഈശതേ |**

**തസ്യേദിമേ പ്രവണേ സപ്ത സിന്ധവോ വയോ വർധന്തി വൃഷഭസ്യ ശുഷ്മിണഃ ||**

അന്നത്തിന്റെ അഭാവത്തിൽ നിന്നും ദുർദ്ദേശകളിൽ നിന്നും രക്ഷിക്കുന്നവനായ ഇന്ദ്രൻ നമ്മുടെ എല്ലാഭാഗങ്ങളിലും വസിക്കട്ടെ. എന്തുകൊന്നൊൽ അവൻ എല്ലാധനങ്ങളുടെയും ഐശ്വര്യങ്ങളുടെയും ഉടയവനാകുന്നു. അവൻ നമ്മുടെ ആശകൾ നിറവേറ്റുന്നവനാണല്ലോ. അവന്റെ ഇഛാനുസരണം സപ്തനദികൾ നിമ്നമുഖഗാമിനികളായി കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നു.

**4. വയോ ന വൃക്ഷം സുപലാശമാസദൻത്സോമാസ ഇന്ദ്രം മന്ദിനശ്ചമൂഷദഃ |**

**പ്രൈഷാമനീകം ശവസാ ദവിദ്യുതദ്വിദത്സ്വർമ നവേ ജ്യോതിരാര്യം ||**

പക്ഷികൾ സുന്ദരമായ ഇലകളോടുകൂടിയ വൃക്ഷത്തെ ആശ്രയം പ്രാപിക്കുന്നതുപോലെ ആനന്ദവർഷകമായ സോമം ഇന്ദ്രനെ ശരണം പ്രാപിക്കുന്നു. സോമരസപാനത്താൽ ഇന്ദ്രൻ തേജസ്വിയാകുന്നു. ആ ഇന്ദ്രൻ നമുക്ക് ശ്രേഷ്ഠമായ ജ്യോതിസ്സ് പ്രദാനം ചെയ്യട്ടെ.

**5. കൃതം ന ശ്വഘ്നീ വി ചിനോതി ദേവനേ സംവർഗം യൻമഘവാ സൂര്യ ജയത് |**

**ന തത്തേ അന്യോ അനു വീര്യം ശകന്ന പുരാണോ മഘവന്നോത നൂതനഃ ||**

ചൂതുകളിക്കുന്നവൻ തന്നെ തോൽപ്പിച്ചവനെ കുപിടിച്ച് തോൽപ്പിക്കുന്നതുപോലെ തന്നെ വർഷത്തെ തടയുന്ന വൃത്രനെ ഇന്ദ്രൻ തോൽപ്പിക്കുന്നു. ഹേ ധനേശ്വരനായ ഇന്ദ്രാ! നിന്നെ പോലെ പരാക്രമം പ്രവർത്തിക്കുവാൻ യാതൊരുത്തനും, പ്രാചീനനോ, നവീനനോ ആയ പുരുഷന് സാധ്യമല്ല.

**6.വിശംവിശം മഘവാ പര്യശായത ജനാനാം ധേനാ അവചാകശദ്വൃഷാ |**

**യസ്യാഹ ശക്രഃ സവനേഷു രണ്യതി സ തീവ്രൈഃ സോമൈഃ സഹതേ പൃതന്യതഃ ||**

കാമവർഷകനായ ഇന്ദ്രൻ എല്ലാവരുടെയും സ്തുതികൾ ശ്രവിക്കുന്നു. ധനദാതാവായ അവൻ മനുഷ്യരിൽ വസിക്കുന്നു. ഇന്ദ്രൻ ആരുടെയശസ്സിനെ വളർത്തുന്നുവോ, ആ യജമാനൻ തന്റെ വൈരികളെ അമർത്തുന്നതിൽ സമർത്ഥരായിത്തീരുന്നു.

**7. ആപോ ന സിന്ധു മഭി യത്സമക്ഷരൻത്സോമാസ ഇന്ദ്രം കല്യാ ഇവ ഹ്രദം |**

**വർധന്തി വിപ്രാ മഹോ അസ്യ സാദനേ യവം ന വൃഷ്ടിർദിവ്യേന ദാനുനാ ||**

ജലം ഒഴുകി ചെറിയ ജലാശയത്തിലോ നദിയിലോ ചേരുന്നു. അതുപോലെ സോമരസം ഇന്ദ്രനിൽ ചെന്നുചേരുന്നു. ദിവ്യജലവർഷം യവകൃഷിയെ വളർത്തുന്നതുപോലെ ജ്ഞാനികൾ ഈ സോമത്തിന്റെ തേജസ്സിനെ യാഗവേദിയിൽ വളർത്തുന്നു.

**8. വൃഷാ ന ക്രുദ്ധഃ പതയദ്രജഃ സ്വാ യോ അര്യപത്നീ രകൃണോദിമാ അപഃ |**

**സ സുന്വതേ മഘവാ ജീരദാനവേവിന്ദജ്ജ്യോതിർമ നവേ ഹവിഷ്മതേ ||**

ക്രോധിതരായ വൃഷഭങ്ങൾ പരസ്പരം ആഞ്ഞടുക്കുന്നതുപോലെ ഇന്ദ്രൻ മേഘത്തിനു നേരെ പാഞ്ഞടുത്ത് ജലം വർഷിപ്പിക്കുന്നു. യാതൊരുത്തൻ ദാനത്തിൽ ഉദാരനാകുന്നുവോ, സോമയാഗത്തിന്റെ കർത്താവാകുന്നുവോ, ഹവിർദ്ദാനിയാകുന്നുവോ അവന് ധനവാനായ ഇന്ദ്രൻ തേജസ്സ് പ്രദാനം ചെയ്യുന്നു.

**9. ഉജ്ജായതാം പരശുർജ്യോതിഷാ സഹ ഭൂയാ ഋതസ്യ സുദുഘാ പുരാണവത് |**

**വി രോചതാമരുഷോ ഭാനുനാ ശുചിഃ സ്വർണ ശുക്രം ശുശുചീത സത്പതിഃ ||**

തേജസ്വി ശ്രേഷ്ഠമായ ഒളിവീശി പ്രശോഭിക്കട്ടെ. സജ്ജനരക്ഷകനായ ആ ഇന്ദ്രൻ സൂര്യനേപ്പോലെ പ്രകാശിക്കട്ടെ. ഈ ഇന്ദ്രന്റെ തേജസ്സ് വജ്രസഹിതം പ്രകടമാകട്ടെ. പണ്ടത്തെപ്പോലെ ഇപ്പോഴും യജ്ഞത്തിൽ സ്തോത്രാദികൾ മുഴങ്ങട്ടെ.

**10. ഗോഭിഷ്ടരേമാമതിം ദുരേവാം യവേന ക്ഷുധം പുരുഹൂത വിശ്വാം |**

**വയം രാജഭിഃ പ്രഥമാ ധനാന്യസ്മാകേന വൃജനേനാ ജയേമ ||**

ഇന്ദ്രൻ അനേകരാൽ വിളിക്കപ്പെടുന്നു. അവൻ നമ്മുടെ വിശപ്പിനെ യവംകൊടു നശിപ്പിക്കട്ടെ. നാം രാജാക്കൻമാരോടുകൂടി മുന്നേറി സ്വന്തം ശക്തിയിൽ ശത്രുക്കളുടെ മഹാധനത്തെ വിജയിക്കുകയും, ഗോക്കൾ വഴി നമ്മുടെ ദാരിദ്ര്യത്തെ അകറ്റുകയും ചെയ്യട്ടെ.

**11. ബൃഹസ്പതിർനഃ പരിപാതു പശ്ചാദുതോത്തരസ്മാദ ധരാദഘായോഃ |**

**ഇന്ദ്രഃ പുരസ്താ ദുത മധ്യതോ നഃ സഖാ സഖിഭ്യോ വരിവഃ കൃണോതു ||**

ബൃഹസ്പതി ഞങ്ങളെ പടിഞ്ഞാറും, വടക്കും, തെക്കും നിന്നുള്ള ശത്രുക്കളിൽ നിന്നും രക്ഷിക്കട്ടെ. ഇന്ദ്രൻ കിഴക്കും മധ്യദിക്കിലുമുള്ള ശത്രുക്കളിൽനിന്നും ഞങ്ങളെ രക്ഷിക്കട്ടെ. ഇന്ദ്രൻ ഞങ്ങളുടെ മിത്രമാകുന്നു. ഞങ്ങളും അവന്റെ മിത്രങ്ങളാകുന്നു. ഇന്ദ്രൻ ഞങ്ങളുടെ അഭിലാഷങ്ങളെ പൂർണമാക്കുന്നവനാണല്ലോ.

## സൂക്തം 44

**ഋഷി കൃഷ്ണൻ ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. ആ യാത്വിന്ദ്രഃ സ്വപതിർമദായ യോ ധർമണാ തൂതുജാനതുവിഷ്മാൻ |**
**പ്രത്വക്ഷാണോ അതി വിശ്വാ സഹാംസ്യപാരേണ മഹതാ വൃഷ്ണ്യേന ||**

സ്ഥൂലശരീരനും, ബലത്തിൽ മഹാനും ബലസമ്പന്നമായ വസ്തുക്കളുടെ ബലത്തെ ഹനിക്കുന്നവനുമായ ഇന്ദ്രൻ തന്റെ രഥത്തിലാരൂഢനായി വജ്രവുമായി ഇവിടെ വരികയും മത്തനാവുകയും ചെയ്യണേ.

**2. സുഷാമാ രഥഃ യമാ ഹരീ തേ മിമ്യക്ഷ വജ്രോ നൃപതേ ഗഭസ്ഥൗ |**
**ശീഭം രാജൻത്സു പഥാ യാഹ്യർവാങ് വർധാമ തേ പപുഷോ വൃഷ്ണ്യാനി ||**

ഹേ ഇന്ദ്രാ! നിന്റെ രഥം പ്രകാശത്താൽ നിർമ്മിച്ചതാണല്ലോ. ആ രഥത്തിന്റെ അശ്വങ്ങൾ സമർത്ഥരാണ്. നീ വജ്രം ധരിച്ചിരിക്കുന്നു. ഹേ സ്വാമിൻ! നീ ഇപ്രകാരമുള്ള രൂപത്തോടുകൂടി ഇവിടെ എഴുന്നള്ളിവരണമേ. ഈ സോമം നിനക്കു കുടിക്കുവാനായി വെച്ചിരിക്കുന്നു. അതുവഴി ഞങ്ങൾ നിന്നെ അതിശക്തനാക്കും.

**3.ഏന്ദ്രവാഹോ നപതിം വജ്രബാഹുമുഗ്രമുഗ്രാസസ്ത വിശാസ ഏനം |**
**ഏത്വക്ഷസം വൃഷഭം സത്യശുഷ്മമേമസ്മതാ സധനാദോ വഹന്തു ||**

നേതൃശ്രേഷ്ഠനായ ഇന്ദ്രന്റെ കരങ്ങ ളിൽ വജ്രം മിന്നിത്തിളങ്ങുന്നു. അവന്റെ ക്രോധം നിരർത്ഥകമാകുന്നില്ല. അവൻ ശത്രുക്കളെ തന്റെ ബലത്താൽ ദുർബ്ബലരാക്കിത്തീർക്കുന്നു. ആ ഇന്ദ്രനെ അവന്റെ പച്ചക്കുതിരകൾ ഞങ്ങളുടെ യജ്ഞത്തിൽ കൊുവരണേ.

**4. ഏവാ പതിം ദ്രോണസാചം സചേതസമൂർജഃ സ്കമ്ഭം ധരുണ ആ വൃഷായസേ |**
**ഓജഃ കൃഷ്വ സംഗൃഭായ ത്വേ അപ്യസോ യഥാ കേനിപാനാമിനോ വൃധേ ||**

ഈ സോമം കലശത്തിൽ സംയുക്തമാക്കപ്പെട്ടിരിക്കുന്നു. ഇത് ബലത്തെ വർദ്ധിപ്പിക്കുന്നതും, ശരീരത്തിനു പുഷ്ഠികരവുമാകുന്നു. അതിനാൽ ഹേ ഇന്ദ്രാ! ഈ സോമത്താൽ നിന്റെ ഉദരത്തെ നനച്ചാലും. എന്നെ നിന്റെ മിത്രമാക്കി എന്റെ ദേഹത്തിൽ ബലത്തെ വർദ്ധിപ്പിക്കേണമേ നീ ജ്ഞാനികളുടെ ഈശ്വരനും, അവർക്ക് എല്ലാവിധ സമൃദ്ധികളും നൽകുന്നവനുമാണല്ലോ.

**5. ഗമന്നസ്മേ വസൂന്യാ ഹി ശംസിഷം സ്വാശിഷം ഭരമാ യാഹി സോമിനഃ |**
**ത്വമീശിഷേ സാസ്മിന്നാ സത്സി ബർഹിഷ്യാനാധൃഷ്യാ തവ പാത്രാണി ധർമണാ ||**

ഹേ ഇന്ദ്രാ! സ്തോതാവായ എന്റെ അടുക്കലേക്ക് വിശ്വത്തിലെ ധനമെല്ലാം വന്നുചേരണേ. ഞാൻ എന്റെ അഭീഷ്ടസിദ്ധിക്കു വേി സോമയാഗം നടത്തുവാൻ ആഗ്രഹിക്കുന്നു. ഹേ സ്വാമിൻ! നീ ഈ കുശാസനത്തിൽ ഉപവിഷ്ടനായാലും. നിനക്കു പാനം ചെയ്യുവാൻ സോമം നിറച്ചിരിക്കുന്ന പാത്രം അന്യർ ബലാൽപിടിച്ചെടുത്ത് പാനം ചെയ്യാതിരിക്കണേ.

**6. പൃഥക്പ്രായൻപ്രഥമാ ദേവഹൂതയോകൃണ്വത ശ്രമസ്യാനി ദുഷ്ടരാ |**
**ന യേ ശേകുർയജ്ഞിയാം നാവമാരുഹമീർമൈവ തേ ന്യവിശന്ത കേപയഃ ||**

പ്രാചീനകാലത്തെ ജ്ഞാനികളായ പുരുഷൻമാർ തങ്ങളുടെ യജ്ഞങ്ങളിൽ ദേവകളെ ആഹ്വഅനം ചെയ്തിരുന്നു. അവർ സകലവനങ്ങളേയും പ്രാപിച്ച് സൽഗതി പ്രാപിച്ചു. എന്നാൽ ദുഷ്ക്കർമ്മികളായവർ അഥവാ യജ്ഞത്തോണിയിൽ കയറാത്തവർ പതിതരാകുകയും അവരുടെ ശിരസ്സിലെ ഋഷഭാരം വളരുകയും ചെയ്തു.

**7. ഏവൈവാപാഗപരേ സന്തു ദൂഢ്യോ ശ്വാ യേഷാം ദുര്യുജ ആയുയുജ്രേ |**
**ഇത്ഥാ യേ പ്രാഗുപരേസന്തി ദാവനേ പുരൂണി യത്ര വായുനാനി ഭോജനാ ||**

വർത്തമാനകാലത്തിൽ കുബുദ്ധിയായ യാതൊരുത്തൻ ദേവവിമുഖനാകുന്നുവോ, അവനും പതിതൻ തന്നെയാകുന്നു. ഭാവിയിൽ അവൻ ഏതുഗതിയെ  പ്രാപിക്കും എന്നത് ആരും അറിയുന്നില്ല. യാതൊരുത്തൻ യജ്ഞാദികർമ്മങ്ങളിൽ ദാനം ചെയ്യുന്നുവോ, അവൻ ഭോഗപദാർത്ഥ സമ്പന്നമായ ലോകത്തെ പ്രാപിക്കുന്നു.

**8. ഗിരീരജ്രാന്റേ ജമാനാം അധാരയദ്യൗഃ ക്രന്ദദന്ത രിക്ഷാണി കോ പയത് |**
**സമീചീനേ ധിഷണേ വിഷ്ക്കഭായതി വൃഷ്ണാഃ പീത്വാ മദ ഉക്ഥാനി ശംസതി ||**

ഇന്ദ്രൻ സോമം കുടിച്ച് ഹർഷയുക്തനാകുമ്പോൾ എല്ലാ ഭാഗങ്ങളിലും സഞ്ചരിക്കുകയും, പറന്നുനടക്കുന്ന മേഘങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അപ്പോൾ വിചലിതമായ ആകാശം പ്രകമ്പനം കൊള്ളുന്നു. പരസ്പരം മേളിക്കുന്ന ആകാശഭൂമികളെ അവൻ പൂർവ്വാവസ്ഥയിൽ ഉറപ്പിച്ചു ശബ്ദിക്കുന്നു.

**9. ഇമം വിഭർമി സുകൃതം തേ അങ്കുശം യേനാ രുജാസി മഘവഞ്ഛഫാരുജഃ |**
**അസ്മിൻത്സുതേ സവനേ അസ്ത്വോക്യം സുത ഇഷ്ടൗ മഘവൻവോധ്യാഭഗഃ ||**

ഹേ ഇന്ദ്രാ! ഉത്തമമായ രീതിയിൽ നിർമ്മിച്ച ഈ അങ്കുശം നിനക്കുവേി ഞാനെന്റെ കയ്യിലെടുത്തിരിക്കുന്നു. ഈ സ്തോത്രരൂപമാകുന്ന അങ്കുശത്താൽ വലിയ വലിയ ആനകളേപ്പോലും അങ്ങേയ്ക്കു വശത്താക്കുവാൻ സാധിക്കും. ഹേ ഐശ്വര്യ സമ്പന്നാ! ഈ സോമയാഗത്താൽ അങ്ങയുടെ സ്ഥാനത്തു വിരാജിതനായി ഞങ്ങൾക്ക് ശ്രേഷ്ഠമായ സൗഭാഗ്യം പ്രദാനം ചെയ്യേണമേ.

**10. ഘോഭിഷ്ടരേ മാമതിം ദുരേവാം യവേന ക്ഷുധം പുരുഹൂത വിശ്വാം |**
**വയം രാജഭിഃ പ്രഥമാ ധനാന്യസ്മാകേന വൃജനേനാ ജയേമ ||**

ഇന്ദ്രൻ അനേകരാൽ വിളിക്കപ്പെടുന്നു. ഇദ്ദേഹം യവത്താൽ തന്റെ വിശപ്പടക്കട്ടെ. ഞങ്ങൾ രാജാവിനോടു കൂടിമുന്നേറി രണക്ഷേത്രത്തിൽ സ്വന്തബലത്താൽ ധനത്തെ വിജയിക്കുകയും ഇന്ദ്രനിൽ നിന്നും ലഭിച്ച ഗോക്കൾ വഴിയായി ദുഃഖവും ദാരിദ്ര്യവും അകറ്റുകയും ചെയ്യണേ.

**11. ബൃഹസ്പതിർനഃ പരി പാതു**

**പശ്ചാദുതോത്തരസ്മാദധരാദഘായോഃ |**
**ദന്ദ്രഃ പുരസ്താദുത മധ്യതോ നഃ സഖാ സഖിഭ്യോ വരിവഃ കൃണോതു ||**

പടിഞ്ഞാട്ടും, വടക്കം തെക്കും ദിക്കുകളിലുള്ള ശത്രുക്കളിൽനിന്നും ബൃഹസ്പതി രക്ഷിക്കണേ.പൂർവമധ്യ ഭാഗങ്ങളിൽനിന്നും ഇന്ദ്രൻ ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങൾ ഇന്ദ്രന്റെ സഖാക്കളാണല്ലോ? അതിനാൽ അവൻ ഞങ്ങളുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കണേ.

## സൂക്തം 45

**ഋഷി വത്സപ്രി ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. ദിവസ്പരി പ്രഥമം ജജ്ഞേ അഗ്നിരസ്മദ് ദ്വിതീയംപരിജാതവേദാഃ |**
**തൃതീയമപ്സു നൃമണാ അജസ്ത്രമിന്ധാന ഏനം ജരതേ സ്വാധീഃ ||**

അഗ്നിയുടെ ഒന്നാമത്തെ ജനനം സ്വർഗ്ഗലോകത്തിൽ വിദ്യുത്രൂപത്തിലും. രാമത്തെ ജനനം മനുഷ്യരായ നമ്മുടെ ഇടയിലും, മൂന്നാമത്തെ ജനനം ജലത്തിലും സംഭവിച്ചു. മനുഷ്യഹിതൈഷിയായ അഗ്നി എപ്പോഴും ജ്വലിച്ചുകൊിരിക്കുന്നു. അവനെ സ്തുതിക്കുന്നവർ തന്നെ അവനെ സേവിക്കുകയും ചെയ്യുന്നു.

**2. വിദ്മാ തേ അഗ്നേ ത്രേധാ ത്രയാണി വിദ്മാതേധാമ ബിഭൃതാ പുരുത്രാ |**
**വിദ്മാതേ നാമ പരമം ഗുഹായദ്വിദ്മാ തമുത്സംയത ആ ജഗന്ഥ ||**

ഹേ അഗ്നേ! ഞങ്ങൾ നിന്റെ മൂന്നുരൂപങ്ങളേയും അറിയുന്നു. എവിടെയെല്ലാം നീ വസിക്കുന്നുവോ ആ സ്ഥാനങ്ങളെ ഞങ്ങളറിയുന്നു. ഞങ്ങൾ നിന്റെ നിഗൂഢമയ നാമത്തെയും നീ ജനിച്ച സ്ഥാനത്തേയും അറിയുന്നവനാകുന്നു. നീ എവിടെ നിന്നുവരുന്നു എന്നതും ഞങ്ങളറിയുന്നു.

**3. സമുദ്രേ ത്വാ നൃമണാ അപ്സ്വന്തർനൃചക്ഷാ ഈധേ ദിവോ അഗ്ന ഊധൻ |**
**തൃതീയേ ത്വാ രജസി തസ്ഥിവാംസമപാമുപസ്ഥേ മഹിഷാ അവർധൻ ||**

ഹേ അഗ്നേ! വരുണൻ നിന്നെ സമുദ്രജലത്തിൽ ജ്വലിപ്പിച്ചുവയ്ക്കുന്നു. നീ ആകാശത്തിന്റെ സ്തനരൂപമായ സൂര്യനിൽ സ്വന്തം തേജസ്സോടുകൂടി പ്രോജ്ജ്വലിക്കുന്നു. നീ തന്നെ മേഘസ്ഥിതമായ ജലത്തിൽ വിദ്യുത്രൂപത്തിൽ സ്ഥിതിചെയ്യുന്നു. പ്രധാനദേവകൾ നിനക്കു തേജസ്സ് പ്രദാനം ചെയ്യുന്നു.

**4. അക്രന്ദദഗ്നിഃ സ്തനയന്നിവ ദ്യൗഃ ക്ഷാമാരേരിഹദ്വീരുധഃ സമഞ്ജൻ |**
**സദ്യോ യജ്ഞാനോ വി ഹീമിദ്ധോ അഖ്യദാരോ ദസീ ഭാനുനാ ഭാത്യന്തഃ ||**

അഗ്നി ആകാശത്തിൽ വജ്രം പതിക്കുന്നതുപോലെ കടകടശബ്ദം പുറപ്പെടുവിക്കുന്നു. അപ്പോൾ ആ അഗ്നി ഭൂമിയിലെ ലതാദികളെ സ്പർശിക്കുന്നു. ജനിച്ചപ്പോൾ തന്നെ അഗ്നി വിസ്തൃതവും പ്രവൃദ്ധവുമായ രൂപത്തിൽ ആളിക്കത്തുന്നു. ആകാശത്തിന്റെയും ഭൂമിയുടെയും ഇടയിൽ വളർന്നതുകാരണം അഗ്നിക്കു പ്രത്യേകമായ മഹിമയുായി.

**5. ശ്രീണാമുദാരാ ധരുണോ രയീണാം മനീഷാണാം പ്രാർപണഃ സോമഗോപാഃ |**
**വസുഃ സൂനുഃ സഹസോ അപ്സു രാജാ വി ഭാത്യഗ്ര ഉഷസാ മിധാനഃ ||**

പ്രഭാതത്തിന്റെ പ്രഥമചരണത്തിൽ അഗ്നി ജ്വലിക്കപ്പെടുമ്പോൾ അവൻ അത്യന്തം ശോഭായമാനനായിക്കാണപ്പെടുന്നു. എല്ലാ സമ്പത്തുകളുടേയും ആശ്രയരൂപനായ ഈ അഗ്നി സ്തുതികൾക്കു മൂർച്ചകൂട്ടിക്കൊു മധുമയമായ സോമരസത്തെ പുഷ്ടിപ്പെടുത്തുന്നു. ജലത്തിൽ വസിക്കുന്നവനായ അഗ്നിധനത്തിന്റെ സാക്ഷാത്രൂപമാകുന്നു. അവൻ ബലം വഴിയായി ജൻമമെടുക്കുന്നു.

**6. വിശ്വസ്യ കേതുർഭുവനസ്യ ഗർഭ ആ രോദസീ അപൃണാജ്ജായമാനഃ |**
**വീളും ചിദദ്രിമഭിനത്ചരായഞ്ജനാ യദഗ്നിമയജന്ത പഞ്ച ||**

അഗ്നി ജലത്തിൽ ജനിക്കുന്നു. അവൻ ജനിച്ചപ്പോൾ തന്നെ ആകാശഭൂമികളെ ഉറപ്പിക്കുകയും എല്ലാവസ്തുക്കളെയും പ്രകാശിപ്പിക്കുകയും ചെയ്തു. പഞ്ചവർണ്ണർ മനുഷ്യരിൽ അഗ്നിയെ യജ്ഞത്തിൽ പ്രകടമാക്കിയപ്പോൾ ആ അഗ്നിശ്രേഷ്ഠമായ രിതിയിൽ വിശാലമായ മേഘത്തെ കീറിപ്പിളർന്ന് ജലത്തെ വർഷിച്ചു.

**7. ഉശിക്പാവകോ അരതിഃ സുമേധാ മർതേഷ്വഗ്നിരമൃതോ നി ധായി |**
**എയർതി ധൂമമരുഷം ഭരിഭ്രദുച്ഛുക്രേണ ശോചിഷാ ദ്യാമിനക്ഷൻ ||**

എല്ലാത്തിനേയും പവിത്രീകരിക്കുന്ന അഗ്നി ഹവിസ്സിനെ കാമിക്കുന്നു. അവൻ എങ്ങും സഞ്ചരിക്കുന്നു. അവിനാശിയായ ആ അഗ്നി മരണശീലരായ മനുഷ്യരുടെ ഇടയിൽ വസിക്കുന്നു. എവിടെയും സഞ്ചരിച്ചുകൊിരിക്കുന്ന മനോഹരരൂപനായ ആ അഗ്നി തന്റെ ഉജ്ജ്വലമായ തേജസ്സാൽ ആകാശത്തേയും സമ്പന്നമാക്കുന്നു.

**8. ദശാനോരുക്മ ഉർവിയാ വ്യദ്യനദ്ദുമർഷസായുഃ ശ്രിയേ രുചാനഃ |**
**അഗ്നിരമൃതോ അഭവയോഭിർയദേന ദ്യൗർജനയത് സുരേതാഃ ||**

ജ്യോതിമയനായ അഗ്നി അത്യന്തം തേജസ്വിയാകുന്നു. അവൻ തന്റെ പ്രകാശത്തെ പൂർണ്ണമാക്കിക്കൊ് മഹത്തായ ശോഭയെ പ്രാപിക്കുന്നു. ആകാശം അഗ്നിയെ ജനിപ്പിച്ചു. അവൻ വനസ്പതികളാകുന്ന അന്നം ഭക്ഷിച്ചുകൊ് തന്നെ അമരത്വം പ്രാപിച്ചു.

**9. യസ്തേ അദ്യ കൃണവദ്ഭദ്രശോചേപൂപം ദേവ ഘൃതവന്തമഗ്നേ |**
**പ്ര തം നയ പ്രതരം വസ്യോ അച്ഛാഭി സുമ്നം ദേവഭക്തം യവിഷ്ഠ ||**

ഹേ അഗ്നേ! അവന്റെ ജ്വാലകൾ കല്യാണമയികളാകുന്നു. ആര് ഇന്ന് അങ്ങേക്കുവേി ഘൃതയുക്തമായ പുരോഡാശം കാഴ്ചവയ്ക്കുന്നുവോ, ശ്രേഷ്ഠനായ ആ യജമാനനെ മഹത്തായ ഐശ്വര്യത്തിലേയ്ക്കുനയിക്കണമേ. ആ ദേവോപാസകന് സുഖവും സ്വഛന്ദതയും പ്രാപ്തമാകണേ.

**10. ആ തം ഭജ സൗശ്രവസേഷ്വഗ്ന ഉക്ഥ ഉക്ഥ ആ ഭജ**

**ശസ്യമാനേ |**
**പ്രിയഃ സൂര്യേ പ്രിയോ അഗ്നാ ഭവാത്യുജ്ജാതേന ഭിനദദുജ്ജനിത്വൈഃ ||**

ഹേ അഗ്നേ! ശ്രേഷ്ഠമായ അന്നത്തോടുകൂടിയ യജ്ഞം നടത്തപ്പെടുമ്പോൾ നീ യജമാനന്റെ മേൽ കൃപയുള്ളവനാകണമേ. ആ യജമാനൻ സൂര്യന്റേയും അഗ്നിയുടേയും പ്രിയപ്പെട്ട ഭക്തനാകണേ. അവന്റെ ജനിച്ചപുത്രനും, ജനിക്കാനിരിക്കുന്ന പുത്രനും അവനോടുകൂടി ശത്രുക്കളെ വധിക്കുന്നവരാകണേ.

**11. ത്വാമഗ്നേ യജമാനാ അനു ദ്യൂന്വിശാ വസുദധിരേ വാര്യാണി |**
**ത്വയാദ്രവിണസഹമിച്ഛമാനാ വ്രജം ഗോമന്തമുശിജോവി വവ്രുഃ ||**

ഹേ അഗ്നേ! യജമാനൻ നിനക്ക് നിത്യവും ശ്രേഷ്ഠമായ ഹവിസ്സർപ്പിക്കുന്നു. ദേവകൾ നിന്നോടു കൂടിച്ചേർന്ന് യജമാനന്റെ ധനേച്ഛയെ പൂർണ്ണമാക്കുന്നതിനുവേി ഗോക്കൾ നിറഞ്ഞ തൊഴുത്തിന്റെ വാതിൽ തുറന്നു കൊടുത്തിരുന്നു.

**12. അസ്താ വ്യഗ്നിർനരാം സുശേവോ വൈശ്വനര ഋഷിഭിഃ സോമഗോപാഃ |**
**അദ്വേഷേ ദ്യാവാപൃഥിവീ ഹുവേമ ദേവാ ത്തധ രയിമസ്മേ സുവീരം ||**

മനുഷ്യരിൽ വസിക്കുന്ന അഗ്നിയുടെ സുശോഭിതമായ ആശയേയും സോമത്തെ പാലിക്കുന്ന അഗ്നിയേയും ഋഷിമാർ സ്തുതിച്ചു. ഹേ ദേവകളേ! ഞങ്ങൾക്ക് ധനവും, ബലവും പ്രദാനം ചെയ്യേണമേ. ദ്വേഷരഹിതകളായ ദ്യാവാപൃഥ്വികളെ ഞങ്ങളാഹ്വാനം ചെയ്യുന്നു.

# അഷ്ടകം 8

## അദ്ധ്യായം 1 സൂക്തം 46

**ഋഷി വത്സപ്രി ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. പ്ര ഹോതാ ജാതോ മഹാന്നഭോവിന്നൃഷദാ സീദദപാ മുപസ്ഥേ |**
**ദധിര്യോ ധായി സ തേ വയാംസി യന്താ വസൂനി വിധതേ തനൂപാഃ ||**

മനുഷ്യരിൽ വസിക്കുന്ന അഗ്നിയും, ജലത്തിൽ വസിക്കുന്ന അഗ്നിയും ആകാശത്തിൽ ജനിച്ച അഗ്നിയും സ്വന്തം ഗുണങ്ങളാൽ തന്നെ മഹിമാന്വിതനായി യജമാനൻമാരുടെ ഹോതാവായി ഭവിക്കുന്നു. യജ്ഞത്തെ ധാരണം ചെയ്യുന്ന ഈ അഗ്നിവേദിയിൽ പ്രതിഷ്ഠിക്കപ്പെടുന്നു. ഹേ വത്സപ്രി! നീ അഗ്നിയുടെ പൂജകനാണല്ലോ. ആ അഗ്നി നിനക്ക് അന്നാദികളായ ഐശ്വര്യങ്ങൾ പ്രദാനം ചെയ്യുകയും നിങ്ങളുടെ ദേഹത്തെ രക്ഷിക്കുകയും ചെയ്യണേ.

**2. ഇമം വിധന്തോ അപാം സധസ്ഥേ പശും ന നഷ്ടം പദൈരനു ഗ്മൻ |**
**ഗുഹാ ചതന്തമുശിജോ നമോഭിരിച്ഛന്തോ ധീരാ ഭൃഗവോവിന്ദൻ ||**

ജലത്തിലൊളിച്ച അഗ്നിയെ മേയാൻപോയ ഒരു മാടിനെ എന്ന പോലെ ഋഷികൾ അന്വേഷിച്ചു. അപ്പോൾ അവരിൽ മഹാ ജ്ഞാനികളായ ഭൃഗുക്കൾ സ്തുതികളാൽ ഗുഹാസ്ഥാനത്ത് നിലീനനായ അഗ്നിയെ കെ ത്തി.

**3. ഇമം ത്രിതോ ഭൂര്യവിന്ദദിച്ഛന്വൈഭൂവസോ മൂർധ ന്യഘ്ന്യായാഃ |**
**സ ശേവൃധോ ജാത ആ ഹർമ്യേഷു നാഭിര്യുവാ ഭവതി രോചനസ്യ ||**

അഗ്നികാമനായ വിഭുവസ്സിന്റെ പുത്രൻ ത്രിതൻ ശ്രേഷ്ഠനായ അഗ്നിയെ ഭൂമിയിൽ കത്തെി. ഈ അഗ്നി സ്വർഗ്ഗലോകത്തിന്റെ നാഭീരൂപമാകുന്നു. യജമാനൻമാരുടെ ഗൃഹങ്ങളിൽ ഉത്ഭവിക്കുന്ന തരുണനായ ആ അഗ്നി സുഖത്തെ വൃദ്ധിപ്പെടുത്തുന്നവനാകുന്നു.

**4. മന്ദ്രം ഹോതാരമുശിജോ നമോഭിഃ പ്രാഞ്ചയജ്ഞം നേതാര മധ്വരാണാം |**
**വിശാമകൃണ്വന്നരതിം പാവകം ഹവ്യവാഹംദധതോ മാനുഷേഷു ||**

ഈ അഗ്നി ആഹ്വാനയോഗ്യനും, യജ്ഞയോഗ്യനും പവിത്രീകരിക്കുന്നവനും ഗതിമാനും ഹവിർവാഹകനുമാകുന്നു. ഋഷിമാർ ഇദ്ദേഹത്തെ തങ്ങളുടെ ശ്രേഷ്ഠമായ സ്തോത്രങ്ങളാൽ വളർത്തിയിരിക്കുന്നു.

**5. പ്ര ഭൂർജയന്തം മഹാം വിപോധാം മൂരാ അമൂരം പുരാം ദർമാണം |**
**നയന്തോ ഗർഭംവനാം ധിയം ധുർഹിരിശ്മശ്രും നാർവാണം ധനർചം ||**

ഹേ സ്തോതാക്കളേ! ഈ അഗ്നി ജ്ഞാനികളെ വഹിക്കുന്നവനും, വിജയശീലനുമാകുന്നു. എല്ലാ മനുഷ്യരെയും അറിയുന്ന ഇദ്ദേഹം പുരങ്ങളെ തകർത്തവനും, സ്തുത്യനും അരണി ഗർഭനും ജ്വാലാമയനുമാകുന്നു. നിങ്ങൾ ഇദ്ദേഹത്തെതന്നെ സ്തുതിക്കുവിൻ. എന്തുകൊന്നൊൽ സകല വിദ്വാൻമാരും ഇദ്ദേഹത്തിന് ഹവിസ്സ് നൽകി ഇച്ഛിതഫലം പ്രാപിക്കുന്നു.

**6. നി പസ്ത്യാസു ത്രിതഃ സ്തഭൂയൻപരിവീതോ യോ നൗ സീദദന്തഃ |**
**അതഃ സങ്ഗൃഭ്യാ വിശാം ദമൂനാ വിധർമണാ യന്ത്രൈരീയതേ നൄൻ||**

ഗാർഹ പത്യാദികളായ മൂന്നുരൂപങ്ങളോടുകൂടിയ അഗ്നി യജമാനൻമാരുടെ വീടുകളെ സ്ഥിരപ്പെടുത്തുന്നു. അവൻ ജ്വാലാസമ്പന്നനായി യജ്ഞവേദിയിൽ വിരാജിക്കുന്നു. മനുഷ്യരാൽ നൽകപ്പെടുന്ന ഹവിസ്സാദികളാൽ പുഷ്ടിപ്പെടുന്നവനായ അഗ്നി യജമാനൻമാർക്ക് ദാനകാമനായി, ശത്രുസംഹാരകനായി ദേവകളുടെ അടുക്കലേക്കുപോകുന്നു.

**7. അസ്യാജരാസോ ദമാമരിത്രാ അർചദ് ധൂമാസോ അഗ്നയ പാവകാഃ |**
**ശ്വിതീചയഃ ശ്വാത്രാസോ ഭുരണ്യവോ വനർഷദോ വായവോ ന സോമാഃ ||**

ഈ യജമാനൻ അനേകം അഗ്നികളോടുകൂടിയവനാകുന്നു. ആ അഗ്നികളെല്ലാം ജരാരഹിതനും, ശത്രുസംഹാരകനും പവിത്രകർത്താക്കളും, ഉജ്ജ്വലരും വനവാസികളും ശ്രേഷ്ഠമായ ജ്വാലകളോടുകൂടിയവരുമാകുന്നു. ശീഘ്രഗാമിയായ സോമത്തേപ്പോലെ ഈ അഗ്നിയും ശീഘ്രഗാമിയാകുന്നു.

**8. പ്ര ജിഹ്വയാ ഭരതേ വേപോ അഗ്നിഃ പ്ര വയുനാനി**

**ചേതസാ പൃഥിവ്യാഃ |**

**തമായവഃ ശുചയന്തം പാവകം മന്ദ്രം ഹോതാരം ദധിരേ യജിഷ്ഠം ||**

ആർ നാവുകൊ് കർമ്മത്തേയും മനസ്സുകൊ് ഭൂമിയുടെ സ്തോത്രങ്ങളേയും വഹിക്കുന്നുവോ ആ സ്തുത്യനും യഷ്ടവ്യനുമായ അഗ്നിയെ ആളുകൾ ഹോതാവാക്കി വെച്ചിരിക്കുന്നു.

**9. ദ്യാവാ യമഗ്നിം പൃഥിവീ ജനിഷ്ഠാമാപസ്ത്വഷ്ടാ ഭൃഗവോ യം സഹോഭിഃ |**

**ഈളേന്യം പ്രഥമം മാതരിശ്വാ ദേവാസ്തത ക്ഷുർമനവേ യജത്രം ||**

ആകാശത്തിലും ഭൂമിയിലും ജനിച്ച അഗ്നിയെ ജലം, ത്വഷ്ടാവ്, ഭൃഗുക്കൾ ഇവർ തങ്ങളുടെ സ്തോത്രങ്ങൾ വഴി പ്രാപിച്ചു. മാതരിശ്വാവും മറ്റു ദേവകളും ആരെ മനുഷ്യരുടെ യജ്ഞാദികർമ്മങ്ങൾക്കുവേി പ്രകടമാക്കിയിരുന്നുവോ, ആ അഗ്നി സ്തുതിക്കുപാത്രമാകുന്നു.

**10. യം ത്വാദേവ ദധിരേ ഹവ്യവാഹം പുരുസ്പൃഹോ മാനുഷാസോ യജത്രം |**

**സ യാമന്നഗ്നേ സ്തുവതേ വയോ ധാഃ പ്ര ദേവയന്യശസഃ സം ഹി പൂർവീഃ ||**

ഹേ അഗ്നേ! ഹവിർവാഹകനായ നിന്നെ ദേവകൾ വഹിക്കുന്നു. നിന്നെ കാമിക്കുന്ന മനുഷ്യർ നിന്നെ പ്രതിഷ്ഠിച്ചിരിക്കുന്നു. ദേവോപാസകനായ യജമാനൻ നീ വഴിയായി യശസ്സ് പ്രാപിച്ചിരിക്കുന്നു. ഹേ പാവകാ! സ്തോതാവായ എനിക്ക് അന്നം പ്രദാനം ചെയ്യണമേ.

## സൂക്തം 47

**ഋഷി അംഗിരഗോത്രൻ സപ്തഗു, ദേവത വൈകുണ്ഠേത്രൻ, ഛന്ദസ് ത്രിഷ്ടുപ്.**

**1. ജ ഗൃഭ്മാ തേ ദക്ഷിണമിന്ദ്രഹസ്തം വസൂയവോ വസുപതേ വസൂനാം |**

**വിദ്മാ ഹിത്വാ ഗോപതിം ശൂര ഗോനാ മസ്മഭ്യം ചിത്രം വൃഷണം രയിം ദാഃ ||**

ഹേ ഇന്ദ്രാ! നീ വിവിധങ്ങളായ ധനങ്ങളുടെ ഉടമസ്ഥനാകുന്നു. ഞങ്ങൾ ധനത്തെ അഭിലഷിച്ചുകൊ് നിന്റെ വലം കൈപിടിക്കുന്നു. നീ അനേകം ഗോക്കളുടെ അധിപനാണല്ലോ. അതിനാൽ ഞങ്ങളെ പൂർണ്ണരാക്കുന്നതും അത്ഭുതകരവും ശ്രേഷ്ഠവുമായ ധനം പ്രദാനം ചെയ്താലും.

**2. സ്വായുധം സ്വവസം സുനീഥം ചതുഃസമുദ്രം ധരുണം രയീണാം |**

**ചർകൃത്യം ശംസ്യം ഭൂരിവാരമംസ്മഭ്യം ചിത്രം വൃഷണം രയിം ദാഃ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് ശ്രേഷ്ഠവും, വർഷകവുമായ ധനം പ്രദാനം ചെയ്യണേ. എന്തുകൊന്നൊൽ ഞങ്ങൾ നിന്നെ രക്ഷകനും തീക്ഷ്ണായുധനും ചാരുനേത്രനും സമുദ്രങ്ങളെ ജലപൂർണ്ണമാക്കുന്നവനും ധനധാരകനും അനേകരാൽ സ്തുതിക്കപ്പെടുന്നവനും, ദുഃഖനാശകനും ആയി അറിയുന്നു.

**3. സുബ്രഹ്മാണം ദേവവന്തം ബൃഹന്തമരും ഗഭീരം പൃഥു ബുധ്നമിന്ദ്ര |**

**ശ്രുത ഋഷിമുഗ്രമഭിമാനിഷാഹ മസ്മഭ്യം ചിത്രം വൃഷണം രയിം ദാഃ ||**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് ദേവകളെ ഉപാസിക്കുന്നവനും, സുന്ദരരൂപനും പ്രതിഷ്ഠയുള്ളവനും ഗംഭീരനും മേധാവിയും സ്തുതിശീലനും ജ്ഞാനിയും ശത്രുഹന്താവും ബഹുമാനിതനും വർഷകനും ആയ പുത്രനെ പ്രദാനം ചെയ്യണമേ.

**4. സനദ്വാജം വിപ്രവീരം തരുത്രം ധനസ്പൃതം ശൂശുവാംസം സുദക്ഷം |**

**ദസ്യുഹനം പൂർഭിദമിന്ദ്ര സത്യമസ്മഭ്യം ചിത്രം വൃഷണം രയിംദാഃ ||**

ഹേ ഇന്ദ്രാ! കടന്നുപോകുന്നവൻ, സുന്ദരൻ, ബലവാൻ, മേധാവി, വർഷകൻ, സത്യകർമ്മാവ്, പ്രവൃദ്ധൻ, അന്നവാൻ, ശത്രുനാശകൻ, ശത്രുനഗരങ്ങൾ തകർക്കുന്നവൻ, അത്ഭുതകർമ്മാവ് എന്നിങ്ങനെയുള്ള പുത്രനെ ഞങ്ങൾക്കുതന്നാലും.

**5. അശ്വാവന്തം രഥിനം വീരവന്തം സഹസ്രിണം ശതിന വാജമിന്ദ്ര |**

**ഭദ്രവ്രാതം വിപ്രവീരം സ്വർഷാമസ്മഭ്യം ചരിത്രം വൃഷണം രയിം ദാഃ ||**

ഹേ ഇന്ദ്രാ! വീരനും, തേരാളിയും, ഗോധനസമ്പന്നനും, സേവകൻമാർക്കു പ്രിയസ്വാമിയും, ബ്രാഹ്മണരുടെ കൃപാപാത്രവും അന്നവാന് പ്രതിഷ്ഠയുള്ളവനും, അശ്വയുക്തനും ആയ ശ്രേഷ്ഠപുത്രനെ ഞങ്ങൾക്കു നൽകേണമേ.

**6. പ്ര സപ്തഗുമൃതധീതിം സുമേധാം ബൃഷസ്പതിം മതി രച്ഛജിഗാതി |**

**യ ആങ്ഗിരസോ നമസോ പദ്യോസ്മഭ്യം ചിത്രം വൃഷണം രയിം ദാഃ ||**

ഞാൻ അംഗിരവംശജനായ സപ്തഗുവാകുന്നു. ഞാൻ സത്യകർമ്മാവും സൽബുദ്ധിയുക്തനും മന്ത്രാധിപനും ആകുന്നു. സ്തുതികൾ എന്റെ അടുക്കലേക്കുവരുന്നു. ഞാൻ നമസ്കാരയുക്തനായി ദേവകളുടെ അടുത്തേക്കു ചെല്ലുന്നു. ഹേ ഇന്ദ്രാ! നീ എനിക്ക് പ്രതിഷ്ഠയുള്ളവനും വർഷകനുമായ പുത്രനെ പ്രദാനം ചെയ്യേണമേ.

**7. വനീവാനോ മമ ദൂതാസ ഇന്ദ്രം സ്തോമാശ്ചരന്തി സുമതീ രിയാനാഃ |**

**ഹൃദിസ്പൃശോ മനസാ വച്യമാനാ അസ്മഭ്യം ചിത്രം വൃഷണം രയിം ദാഃ ||**

ശ്രേഷ്ഠവും ഹൃദയസ്പർശകവുമായ ഭാവങ്ങളോടുകൂടി സ്തോത്രങ്ങളെ രചിച്ച് ഞാനവയെ നിത്യവും പാടുന്നു. ഈ സ്തുതികൾ ശ്രോതാക്കളുടെ ഹൃദയങ്ങളെ സ്പർശിക്കുന്നു. സ്തോതാക്കൾ ഇന്ദ്രന്റെ സവിധത്തിലേക്കു ദൂതനെപ്പോലെ ഈ സ്തോത്രങ്ങളെ അയയ്ക്കുന്നു. ഹേ ഇന്ദ്രാ! എനിക്കു പൂജ്യനും വർഷകനുമായ പുത്രരത്നത്തെ പ്രദാനം ചെയ്യണമേ.

**8. യസ്വാ യാമി ദദ്ധി തന്ന ഇന്ദ്ര ബൃഹന്തം ക്ഷയമസമം ജനാനാം |**

**അഭി തദ്ദ്യാവാപൃഥിവി ഗൃണീതാമസ്മഭ്യം ചിത്രം വൃഷണം രയി ഭാഃ ||**

ഹേ ഇന്ദ്രാ! ഞാൻ നിന്നോട് യാതൊന്നു യാചിക്കുന്നുവോ,

എനിക്കതു പ്രദാനം ചെയ്താലും. എനിക്ക് അദ്വിതീയമായ വാസഗൃഹം തന്നരുളണമേ. എനിക്ക് പൂജനീയനും വർഷകനുമായ പുത്രധനവും നൽകുമാറാകണേ. ആകാശഭൂമികൾ എന്റെ ഈ യാചനയെ അനുമോദിക്കണേ.

## സൂക്തം 48

**ഋഷി വൈകുണ്ഠേന്ദ്രൻ ദേവത വൈകുണ്ഠേന്ദ്രൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. അഹം ഭുവം വസുനഃ പൂർവ്യസ്പതിരഹം ധനാനി സംജയാമി ശശ്വതഃ |**

**മാം ഹവന്തേ പിതരം ന ജന്തവോഹം ദാശുഷേ വി ഭജാമി ഭോജനം ||**

ഞാനാണ് ധനത്തിന്റെ അധിപൻ, ഞാൻ ശത്രുക്കളുടെ ധനം പിടിച്ചെടുക്കും. മനുഷ്യർ എന്നെ വിളിക്കുന്നു, പിതാവു പുത്രനു ധനം കൊടുക്കുന്നതുപോലെ ഹവിസ്സ് ദാതാവായ യജമാനന് ഞാൻ അന്നം കൊടുക്കുന്നു.

**2. അഹമിന്ദ്രോ രോധോ വക്ഷോ അഥർവണസ്ത്രിതായ ഗാ അജനയമഹേരധി |**

**അഹം ദസ്യുഭ്യഃ പരി നൃമ്ണമാ ദദേ ഗോത്രാ ശിക്ഷൻ ദധീചേ മാതരിശ്വനേ ||**

ഞാൻ തന്നെ ദധ്യന്ദ് മഹർഷിയുടെ ശിരസ്സ് മുറിച്ചു. കിണറ്റിൽ പതിച്ച ത്രിതനെ രക്ഷിക്കുവാൻ മേഘത്തിൽനിന്നും ജലം വർഷിച്ചതും ഞാൻ തന്നെ ശത്രുക്കളുടെ ധനം പിടിച്ചെടുത്തു. മാതരിശ്വാവ് പുത്രനായ ദധീചിക്കുവേി ജലത്തെ തടഞ്ഞ മേഘത്തെ കൊന്ന് ജലത്തെ വർഷിപ്പിച്ചതും ഞാൻതന്നെ.

**3. മഹ്യം ത്വഷ്ടാ വജ്രമതക്ഷദായസം മയി ദേവാസോവൃജന്നപി ക്രതും |**

**മമാനീകം സൂര്യസ്യേവ ദുഷ്ടരം മാമാര്യന്തി കൃതേന കർത്വേന ച ||**

ദേവകൾ എനിക്കുവേി യജ്ഞാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നു. ത്വഷ്ടാവ് എനിക്കുവേി ഒരുലോഹവജ്രം നിർമ്മിച്ചിരുന്നു. എന്റെ സേനകൾ സൂര്യനെപ്പോലെ ദുർഭേദ്യരാകുന്നു. വൃത്രഹനനം പോലുള്ള ഭയങ്കരകർമ്മം ഞാൻ ചെയ്തു. അതിനാൽ എല്ലാവരും എന്നെ ആരാധിക്കുന്നു.

**4. അഹമേതം ഗവ്യയമശ്വ്യം പശും പുരീഷിണം സായകേനാ ഹിരണ്യയം |**

**പുരു സഹസ്രാ നി ശിശാമി ദാശുഷേ യൻമാ സോമാസ ഉക്ഥിനോ അമന്ദിഷുഃ ||**

യജമാനൻ എനിക്ക് മധുരസോമം അർപ്പിക്കുമ്പോൾ, സ്തോത്രങ്ങളാൽ സന്തോഷിപ്പിക്കുമ്പോൾ ഞാൻ എന്റെ ആയുധങ്ങൾകൊ് ശത്രുക്കളുടെ അശ്വങ്ങളേയും ഗോക്കളേയും സ്വർണ്ണവും പാലുള്ള എല്ലാ പശുക്കളേയും പിടിച്ചെടുക്കും. ദാനശീലനായ യജമാനന്റെ ശത്രുക്കളെ നശിപ്പിക്കുന്നതിനുവേി ഞാൻ എന്റെ അനേകം ആയുധങ്ങൾക്കു മൂർച്ചകൂട്ടും.

**5. അഹമിന്ദ്രോ ന പരാ ജിഗ്യ ഇദ്ധനം ന മൃത്യവേ നസ്ഥേ കദാ ചന |**

**സോമമിൻമാ സുന്വന്തോ യാചതാ വസു ന മേ പൂരവഃ സഖ്യേ രിഷാഥന ||**

ഞാൻ സകല സമ്പത്തുക്കളുടേയും അധിപനാകുന്നു. എന്റെ ധനത്തെ ജയിച്ചടക്കുവാൻ ആർക്കും സാമർത്ഥ്യമില്ല. എന്റെ ഉപാസകരെ മരണം ഉപദ്രവിക്കുന്നില്ല. ഹേ പുരുഷരേ! മനുഷ്യൻ എന്റെ മിത്രം തകർക്കുന്നതിരിക്കണേ. ഹേ യജമാനാ! നിങ്ങൾ ആഗ്രഹിക്കുന്ന ധനം എന്നോടു യാചിക്കുവിൻ.

**6. അഹമേതാഞ്ഛാശ്വസതോ ദ്വാദ്വേന്ദ്രം യേ വജ്രം യുധയേകൃണ്വത |**

**ആഹ്വായമാനാം അവ ഹൻമനാഹനം ദൃളഹാ വദന്നനമസ്യുർനമസ്വിനഃ ||**

ഉച്ചത്തിൽ ശ്വസിക്കുന്നവരായ യാതൊരു ശത്രുക്കൾ ഈ രുപേരായി ഇന്ദ്രനായ ആയുധധാരിയായ എന്നോട് യുദ്ധം ചെയ്യുവാൻ തുടങ്ങിയോ. എതിരാളികൾ എന്ന നിലയിൽ യുദ്ധത്തിനുപോർ വിളി നടത്തിയോ. ഞാൻ അവരെ എന്റെ ആയുധത്താൽ മൃത്യുവിന്നിരയാക്കി ഇന്ദ്രനായ ഞാൻ ആരുടെ മുമ്പിലും കുനിയുകയില്ല.

**7. അഭീ ദമേകമേകോ അസ്മി നിഷ്ഷാളഭി ദ്വാ കിമു ത്രയഃ കരന്തി |**

**ഖലേന പർഷാൻ പ്രതി ഹൻമിഭൂരി കിം മാ നിന്ദന്തി ശത്രവോനിന്ദ്രാഃ ||**

ആക്രമികളായ ഒന്നോ രോ ശത്രുക്കളെ അതിവേഗം ഞാൻ പരാജയപ്പെടുത്തും. മൂന്നുശത്രു,ൾ ഒന്നിച്ചുവന്നാലും എന്നെ ഒന്നും ചെയ്യുവാൻ സാധ്യമല്ല. കർഷകൻ ധാന്യം പൊടിക്കുന്നതുപോലെ തന്നെ ഞാൻ ദുഷ്ടശത്രുക്കളെ സംഹരിക്കുന്നു.

**8. അഹ ഗുങ്ഗുഭ്യോ അതിഥിഗ്വമിഷ്കരമിഷം വൃത്രതുരം വിക്ഷു ധാരയം |**

**യത്പർണയഘ്ന ഉത വാ കരഞ്ജഹേ പ്രാഹം മഹേ വൃത്രഹത്യേ അശുശ്രവി ||**

അതിഥിഗ്വന്റെ പുത്രനായ ദിവോദാസനെ ഞാൻതന്നെ ഗുംഗുവിന്റെ ദേശത്തു വസിപ്പിച്ചു. ഇപ്പോൾ ഗുംഗുവിന്റെ വൈരികളെ കൊല്ലുകയും അവരുടെ ദുഃഖങ്ങളെ അകറ്റുകയും അവരെ എല്ലാത്തരത്തിലും പോഷിപ്പിക്കുകയും ചെയ്യുന്നു. ഞാൻ പാർണ്യനേയും കരംജനേയും യുദ്ധത്തിൽ കൊന്നതുകാരണം അത്യന്തം പ്രസിദ്ധനായിത്തീർന്നിരിക്കുന്നു.

**9. പ്ര മേ നമീ സാപ്യ ഈഷേ ഭുജേ ഭൂദ്ഗവാമേഷേ സഖ്യാ കൃണുത ദ്വിതാ |**

**ദിദ്യും യദസ്യ സമിഥേഷു മംഹയമാദിദേനം ശംസ്യമുക്ഥ്യം കരം ||**

എന്നെ സ്തുതിക്കുന്നവൻ എല്ലാവർക്കും ആശ്രയം നൽകുന്നവനും ഭോഗ്യവസ്തുക്കൾ പ്രദാനംചെയ്യുന്നവനും അന്നസമ്പന്നനും ആകുന്നു. അവനെ ജയിപ്പിക്കുന്നതിനായി യുദ്ധത്തിൽ ഞാൻ ആയുധങ്ങൾ ധരിക്കുകയും സ്തോതാക്കളുടെ യശസ്സിനെ വളർത്തുകയും ചെയ്യുന്നു.

**10. പ്ര നേമസ്മിന്ദദൃശേ സോമോ അന്തർഗോപാ നേമമാവിരസ്ഥാ കൃണോതി |**

**സ തിഗ്മശൃങ്ഗം വൃഷഭം യുയുത്സൻ ദ്രുഹസ്തസ്ഥൗ ബഹുലേ ബദ്ധോ അന്തഃ ||**

രുപേരിൽ ആർ സോമയാഗം നടത്തുന്നുവോ, അവനു വേി ഇന്ദ്രൻ വജ്രമെടുക്കുകയും, അവനെ ഐശ്വര്യ സമ്പന്നനാക്കുകയും ചെയ്തു. ഹേ തീക്ഷ്ണ തേജസ്സായ സോമമേ! യാതൊരുത്തൻ യജ്ഞകർത്താവിനോട് ശത്രുയുദ്ധം ചെയ്യുവാനാഗ്രഹിച്ചോ അപ്പോൾ അവൻ ഘോരമായ അന്ധകാരത്തിൽ പതിച്ചു.

**11. ആദിത്യാനാം വസൂനാം രുദ്രിയാണാം ദേവോ ദേവാനാം ന മിനാമി ധാമ |**
**തേ മാ ഭദ്രായ ശവസേ തതക്ഷുരപരാജിക മസ്തൃതമഷാള ഹം ||**

ആദിത്യൻമാരും വസുക്കളും രുദ്രൻമാരും എന്റെ നൻമയ്ക്കുവേിയും അതുപോലെ എന്നെ അജയ്യനും, അഹിംസിതനുമാകുന്നതിനു വേി ഏതെങ്കിലും അന്നത്തെ കല്പിച്ചുവോ, ഇന്ദ്രൻ ആ ദേവകളുടെ സ്ഥാനത്തെ തകർക്കാതിരിക്കണേ.

## സൂക്തം 49

**ഋഷി വൈകുണ്ഠേന്ദ്രൻ ദേവത വൈകുണ്ഠൻ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. അഹം ദാം ഗൃണതേ പൂർവ്യം വസ്വഹം ബ്രഹ്മ കൃണവം മഹ്യം വർധനം |**
**അഹം ഭുവം യജമാനസ്യ ചോദിതായജ്വനഃ സാക്ഷി വിശ്വസ്മിൻഭരേ ||**

യജ്ഞരൂപമാകുന്ന ശ്രേഷ്ഠകർമ്മങ്ങൾ എന്നെ വളർത്തുന്നു. ഞാൻ എന്റെ പ്രസന്നതയ്ക്കുവേി യജമാനന്റെ ധനത്തെ പ്രേരിപ്പിക്കുന്നു. സ്തോതാക്കൾക്ക് ശ്രേഷ്ഠമായ ധനം ഞാൻ കൊടുത്തു. ആർ യജ്ഞം നടത്തുന്നില്ലയോ, ഞാൻ അവനെ യുദ്ധത്തിൽ പരാജിതനാക്കും.

**2. മാം ധുരിന്ദ്രം നാമ ദേവതാ ദിവശ്വ ഗ്മശ്ചാപാം ച ജന്തവഃ |**
**അഹം ഹരീ വൃഷണാ വിവ്രതാ രഘൂ അഹം വജ്രം ശവസേ ധൃഷ്ണ്വാ ദദേ ||**

ജലജീവികളും, ലോകവാസികളും, സ്വർഗ്ഗവാസികളുമെല്ലാം എന്നെ ഇന്ദ്രനെന്നു വിളിക്കുന്നു. ഞാൻ പടക്കളത്തിൽ പോകുന്നതിനു വേി എന്റെ ബലവാൻമാരായ ഹരിതാശ്വങ്ങളെ രഥത്തിൽ പൂട്ടുകയും ഭയങ്കരമായ വജ്രത്തെ ശക്തിക്കുവേി ധരിക്കുകയും ചെയ്യുന്നു.

**3. അഹമത്കം കവയേ ശിശ്നഥം ഹഥൈരഹം കുത്സമാവമാമിരൂതിഭി |**
**അഹം ശുഷ്ണസ്യ ശ്നഥിതാ വധര്യമം ന യോ രര ആര്യം നാമ ദസ്യവേ ||**

ഉശനമഹർഷിയുടെ നൻമയ്ക്കുവേി ഞാൻ അൽക്കനെ പ്രഹരിച്ചു. വിഭിന്നങ്ങളായ സാധനങ്ങളാൽ ഞാൻ കുത്സനേയും രക്ഷിച്ചിരുന്നു. ഞാൻ വജ്രമുയർത്തി ശുഷ്ണനേയും സംഹരിച്ചു. അസുരൻമാരെയും ദുഷ്കർമ്മികളെയും ശ്രേഷ്ഠരെന്ന് ഞാനൊരിക്കലും പറഞ്ഞിട്ടില്ല.

**4. അഹം പിതേവ വേതസൂംരഭിഷ്ടയേ തുഗ്രം കുത്സായ സ്മദിഭം ച രന്ധയം |**
**അഹം ഭുവം യജമാനസ്യ രാജനി പ്ര യദ്ഭരേ തുജയേ ന പ്രിയാധൃഷേ ||**

ഞാൻ തുഗ്രനേയും സുഭിദനേയും കുത്സന്നധീനമാക്കി വേതസുദേശവും കുത്സനു നൽകി ഞാനെന്റെ ഉപാസകനായ യജമാനനെ പുത്രനെപ്പോലെ തന്നെ കരുതുന്നു. ഞാനവന് ഐശ്വര്യവും ധനവും കൊടുക്കും.

**5. അഹം രന്ധയം മൃഗയം ശ്രുതർവണേ യൻമാജിഹീത വയുനാ ചനാനുഷക് |**
**അഹം വേശം ന മ്രമായവേകരമഹംസവ്യായ പഡ്ഗൃഭിമരന്ധയം ||**

ശ്രുതർവൻ എന്നെ സ്തുതിച്ചപ്പോൾ ഞാൻ മൃഗയൻ എന്ന രാക്ഷസനെ അവനു കീഴ്പ്പെടുത്തി. ഷഡ്ഗൃഭിയെ സത്യന്റെ കീഴിലാക്കി. വേശനെ ആയുവിന്റെ ഭരണത്തിലാക്കി.

**6. അഹം സ യോ നവവാസ്തവം ബഹദ്രർഥ സം വൃത്രേവ ദാസം വൃത്രം ഹാരുജം |**
**യദ്വർധയന്തം പ്രഥയന്തമാനുഷഗ്ദൂരേ പാരേ രജസോ രോചനാകരം ||**

വൃത്രനെ ഞാനെപ്രകാരം വധിച്ചുവോ, അതുപോലെതന്നെ നവപാസ്ത്വനേയും ബൃഹദ്രഥനേയും വധിച്ചു. ഇവർ രുപേരും അക്കാലത്തെ പ്രസിദ്ധരായ ശക്തൻമാരായിരുന്നു. അവരുടെ ഉജ്ജ്വലമായ ഭാവിയെ ഞാൻ അവസാനിപ്പിച്ചു.

**7. അഹം സൂര്യസ്യ പരി യാമ്യാശുഭിഃ പ്രൈതശേഭിർ വഹമാന ഔജസാ |**
**യൻമാ സാവോ മനുഷ ആഹ നിർണിജ ഋധവക്യഷേ ദാസം കൃത്വ്യം ഹഥൈഃ ||**

ദ്രുതഗാമികളായ അശ്വങ്ങൾ എന്നെ വഹിക്കുമ്പോൾ ഞാൻ സൂര്യനെ പ്രദക്ഷിണം ചെയ്യുന്നു. സോമം പിഴിയുമ്പോൾ യജമാനനാൽ ഞാൻ ആഹ്വാനം ചെയ്യപ്പെടുന്നു. അപ്പോൾ ഹിംസകരായ ശത്രുക്കളെ എന്റെ മൂർച്ചയേറിയ ആയുധങ്ങളാൽ സംഹരിക്കുന്നു.

**8. അഹം സപ്തഹാ നഹുഷോ നഹുഷ്ടരഃ പ്രാശ്രാവയം ശവസാ തുർവശം യദും |**
**അഹം ന്യന്യം സഹസാസഹസ്കരം നവ വ്രാധതോ നവതിം ച വക്ഷയം ||**

ഞാൻ തുർവശനേയും യദുവിനേയും ബലവാൻമാരാക്കി പ്രസിദ്ധരാക്കുകയും മറ്റു സ്തോതാക്കൾക്ക് ശക്തിനൽകുകയും ചെയ്തു. ഞാൻ ഏഴു ശത്രുനഗരങ്ങൾ നശിപ്പിച്ചു. എന്നാൽ തൊണ്ണൂറ്റൊൻപതു പുരികളും ധ്വംസിക്കപ്പെട്ടു. ഞാൻ ആരെ ബന്ധിക്കുന്നുവോ,അവന് മോചിതനാകുവാൻ സാധ്യമല്ല.

**9. അഹം സപ്ര സ്ര വാതാ ധാരയം വൃഷാദ്രവിത്നവഃ പൃഥിവ്യാം സീരാ അധീ |**
**അഹമർണാംസി വി തിരാമി സുക്രതുർയുധാ വിദം മനവേ ഗാതുമിഷ്ഠയേ ||**

സിന്ധു മുതലായ ഏഴുനദികളെ യഥാസ്ഥാനത്തുകൂടി പ്രവഹിക്കുന്നതിനുവേി ഞാൻ തന്നെ പ്രേരിപ്പിച്ചു. ഞാൻ സുന്ദരകർമ്മാവും മഴപെയ്യിക്കുന്നവനുമാകുന്നു. യജ്ഞം നടത്തുന്നവർക്കുവേി യുദ്ധം ചെയ്ത് ഞാൻ തന്നെ അവരുടെ മാർഗ്ഗത്തെ വിശാലമാക്കി.

**10. അഹം തദാസു ദാരയം യദാസു ന ദേവശ്ചന**

**തവഷ്ടാധാരയദ്രുശത് |**

**സ്പാർഹം ഗവാമൂധഃ സു വക്ഷണസ്വാ മധോർമധു**

**ശ്വാത്ര്യം സോമമാശിരം ||**

ശ്രേഷ്ഠവും മധുരവും എല്ലാവർക്കും കാമ്യവും ആയ പാലുകൊ് ഗോക്കളുടെ സ്തനങ്ങളെ ഞാൻ നിറച്ചു. നദീപ്രവാഹം പോലെ അവയുടെ ആ അകിടുകൾ പാൽ ചുരത്തുന്നു. ആ പാല് സോമത്തോടുക കലർത്തപ്പെടുമ്പോൾ അത്യന്തം രുചികരവും സുഖകാരിയുമായിത്തീരുന്നു.

**11. ഏവാ ദേവാം ഇന്ദ്രോ വിവ്യേ നൃൻ പ്ര ച്യൗത്നേന മഘവാ സത്യരാധാഃ |**

**വിശ്വേത്താ തേ ഹരിവഃ ശചീവോഭി തുരാസഃ സ്വയശോ ഗൃണന്തി ||**

ഇന്ദ്രന്റെ അടുക്കൽ എല്ലാധനവുമുള്ളതിനാൽ അവൻ ധനികനാകുന്നു. ഹേ ഇന്ദ്രാ നീ അശ്വസമ്പന്നനും അനന്തകർമ്മാവും ആകുന്നു. നിന്റെ എല്ലാ കർമ്മങ്ങളും നിന്നെത്തന്നെ ആശ്രയിച്ചിരിക്കുന്നു. മേധാവികളായ ഋത്വിക്കുകൾ നിന്റെ ആ കർമ്മങ്ങളെ പുകഴ്ത്തി പാടുന്നു.

## സൂക്തം 50

**ഋഷി വൈകുണ്ഠേന്ദ്രൻ ദേവത വൈകുണ്ഠേന്ദ്രൻ ഛന്ദസ്സ് ജഗതി, അഭിസാരിണി, ത്രിഷ്ടുപ്**

**1. പ്ര വോ മഹേ മന്ദമാനായാന്ധസോർചാ വിശ്വാനരായ വിശ്വാഭുവേ |**

**ഇന്ദ്രസ്യ യസ്യ സുമഖം സഹോ മഹി ശ്രവോ നൃമ്ണം ച രോദസീ സപര്യതഃ ||**

ഹേ സ്തോതാക്കളേ! ഇന്ദ്രൻ എല്ലാത്തിന്റേയും സ്രഷ്ടാവും അധിപനുമാകുന്നു. അദ്ദേഹം നിങ്ങളാൽ നൽകപ്പെടുന്ന സോമത്താൽ ഹർഷിതനാകുന്നു. അവന്റെ ശക്തി അത്ഭുതകരവും കീർത്തിമഹത്തും ആകുന്നു. ലോകം മുഴുവൻ അവന്റെ കർമ്മങ്ങളെ പ്രശംസിക്കുന്നു. അതിനാൽ നിങ്ങൾ അദ്ദേഹത്തെ പൂജിക്കുവിൻ.

**2. സോ ചിന്നു സഖ്യാ നര്യ ഇനഃ സ്തുശ്ചർകൃത്യ ഇന്ദ്രേ മാവതേ നരേ |**

**വിശ്വാസു ധൂർഷു വാജ കൃത്യേഷു സത്പതേ വൃത്രേ വാപ്സ്വഭി ശൂര മന്ദസേ ||**

എല്ലാവരുടെയും ഈശ്വരനായ ഇന്ദ്രൻ സ്തുതികൾക്കു പാത്രമാകുന്നു. അവൻ സഹോദരനുതുല്യം മനുഷ്യരുടെ ഹിതങ്ങൾ നിറവേറ്റുന്നു. ഹേ ഇന്ദ്രാ! നീ സജ്ജനപാലനാണല്ലോ. ഏതെങ്കിലും ശക്തിയുടേയോ, കാര്യത്തിന്റേയോ ആവശ്യമുാകുമ്പോൾ അഥവാ മഴയുടെ ആവശ്യമോ ഉാകുകയാണെങ്കിൽ നീ പൂജിക്കപ്പെടുന്നു.

**3. കേ തേ നര ഇന്ദ്ര യേ ത ഇഷേ യേ തേ സുമ്നം സധന്യ മിയക്ഷാൻ |**

**കേ തേ വാജായാസൂര്യായ ഹിന്വിരേ കേ അപ്സു സ്വാസൂർവരാസു പൗംസ്യേ ||**

ഹേ ഇന്ദ്രാ! ഭാഗ്യവാനായ യാതൊരുത്തൻ രാക്ഷസൻമാരെ സംഹരിക്കുന്നതിനുവേി നിനക്ക് സോമം നൽകുകയും നിന്നിൽനിന്നും അന്നധനാദികളായ വൈഭവങ്ങൾ പ്രാപിക്കുകയും ചെയ്യുന്നുവോ, അവനാരാണ്? യാതൊരുത്തർ തങ്ങളുടെ വയലുകൾക്കുവേ വർഷജലത്തിനുവേിയും, അതുവഴിയായി അന്നപാനത്തിനുവേിയും നിനക്ക് സോമരസം അർപ്പിക്കുന്നുവോ അവർ ആരാണ്?

**4. ഭുവസ്ത്വമിന്ദ്ര ബ്രഹ്മണാ മഹാൻഭുവോ വിശ്വേഷു സവനേഷു യജ്ഞിയഃ |**

**ഭുവോ നൄംശ്ച്യൗത്നോ വിശ്വസ്മിൻഭരേ ജ്യേഷ്ഠശ്ച മന്ത്രോ വിശ്വചർഷണേ ||**

ഹേ ഇന്ദ്രാ! ഈ അനുഷ്ഠാനങ്ങൾ നിന്നെ മഹാനാക്കി. നീ എല്ലാ യജ്ഞങ്ങളിലും അവയുടെ അംശത്തിന്നധികാരിയാകുന്നു. നീ ശ്രേഷ്ഠങ്ങളായ മന്ത്രങ്ങൾക്കു തുല്യനാകുന്നു. എല്ലാ യുദ്ധങ്ങളിലും നീ പ്രമുഖനും ബലവാൻമാരായ ശത്രുക്കളെ വധിക്കുന്നവനും ആകുന്നു.

**5. അവാ നൂകം ജ്യായാൻ യജ്ഞവനസോ മഹീം ത ഓമാത്രാം കൃഷ്ടയോ വിദുഃ |**

**അസോ നു കമജരോ വർധാശ്ച വിശ്വേദേനു സവനാതുതുമാ കൃഷേ ||**

ഹേ ഇന്ദ്രാ! ശ്രേഷ്ഠങ്ങളായ എല്ലാ രക്ഷകളും നിന്നിൽ സംയുക്തമായിരിക്കുന്നു എന്ന് എല്ലാവരും അറിയുന്നു. അതിനാൽ ജരാരഹിതനായി നീ വൃദ്ധിയെ പ്രാപിച്ചാലും. ഷേ സർവ്വോൽകൃഷ്ടനായ ഇന്ദ്രാ! ഈ യജമാനൻമാരെ രക്ഷിക്കുകയും ഈ സോമയാഗത്തെ വേഗം പൂർണ്ണമാക്കുകയും ചെയ്യേണമേ.

**6. ഏതാ വിശ്വാ സവനാ തൂതുമാ കൃഷേ സ്വയം സൂനേ സഹസോ യാനി ദധിഷേ |**

**വരായ തേ പാത്രം ധർമണേ തനാ യജ്ഞോ മന്ത്രോ ബ്രഹ്മോദ്യതം വചഃ ||**

ഹേ ഇന്ദ്രാ! നീ ബലവാനാകുന്നു. നീ വഹിക്കുന്ന യജ്ഞത്തെ വേഗം പൂർണ്ണമാക്കണമേ. നിന്റെ ശരണത്തിൽ വരുന്നതിനുവേി ഞങ്ങളുടെ അടുക്കൽ ഈ ധനവും, ഈ യജ്ഞവും, ഈ സോമവും ഈ പവിത്രസ്തുതികളും മന്ത്രങ്ങളും തയാറായിരിക്കുന്നു.

**7. യേ തേ വിപ്ര ബ്രഹ്മകൃതഃ സുതേ സചാ വസൂനാം ച വസുനശ്ച ദാവനേ |**

**പ്ര തേ സുമ്നസ്യ മനസാ പഥാ ഭുവൻമദേ സുതസ്യ സോമ്യസ്യാന്ധസഃ ||**

ഹേ ഇന്ദ്രാ! സ്തുതികളാൽ രമിക്കുന്ന മേധാവികൾ നിന്നിൽനിന്നും വിവിധങ്ങളായ ഐശ്വര്യങ്ങൾ പ്രാപിക്കുവാനായി സോമയാഗം നടത്തുന്നു. സോമരൂപമാകുന്ന അന്നം പിഴിയപ്പെടുമ്പോൾ നീ സ്തുതികൾ വഴിയായി ആ സുമധുര സുഖത്തെ പ്രാപിച്ചാലും.

## സൂക്തം 51

**ഋഷി ദേവകൾ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. മഹത്തദുല്വം സ്ഥവിരം തദാസീദ്യേനാവിഷ്ടിതഃ പ്രവിവേശിഥാപഃ |**

**വിശ്വാ അപശ്യദ്ബഹുധാ തേ അഗ്നേ ജാതവേദസ്തന്വാ ദേവ ഏകഃ ||**

ഹേ അഗ്നേ! നീ ജലത്തിൽ പ്രതിഷ്ഠിതനായിരുന്നപ്പോൾ അത്യന്തം മേധാവിയും, സ്ഥൂലതയാൽ മറയ്ക്കപ്പെട്ടവനായും ഇരുന്നിരുന്നു. ഹേ ജനിച്ചവയെയെല്ലാം അറിയുന്നവനായ അഗ്നിദേവാ! ഒരു ദേവൻ നിന്റെ വിഭിന്നങ്ങളായ രൂപങ്ങളെ കത്തെി.

**2. കോ മാ ദദർശ കതമഃ സ ദേവോ യോ മേ തന്വോ പർയപശ്യാത് |**
**ക്വാഹ മിത്രാവരുണാ ക്ഷിയന്ത്യഗ്നേർവിശ്വാഃ സമിധോ ദേവയാനീഃ ||**

എന്റെ വിഭിന്നരൂപങ്ങൾ ദർശിച്ച ആ ദേവൻ ആരായിരുന്നു? മിത്രാവരുണൻമാരേ! അഗ്നിയുടെ ആ തേജസ്സും ദേവയാനത്തിനുള്ള ആ ശരീരവും എവിടെയെന്നു പറയു.

**3. ഐച്ഛാമ ത്വാ ബഹുധാ ജാതവേദഃ പ്രവിഷ്ടമഗ്നേ അപ്സ്വോഷധിഷു |**
**തം ത്വാ യമോ അചികേച്ചിത്രഭാനോ ദശാന്തരുഷ്യാ ദതിരോചമാനം ||**

ഹേ അഗ്നേ! നീ ജനിച്ചവരെയെല്ലാം അറിയുന്നു. നീ ജലത്തിലും ഔഷധികളിലും വസിക്കുന്നു. ഞങ്ങൾ നിന്നെത്തന്നെ അന്വേഷിച്ചു കൊിരിക്കുന്നു. യമൻ നിന്നെ കാണുകയും തിരിച്ചറിയുകയും ചെയ്തു. ആ സമയം നീ നിന്റെ പത്തുസ്ഥാനങ്ങളേയും കവിഞ്ഞ് ഉജ്ജ്വലിച്ചിരുന്നു.

**4. ഹോത്രാദഹം വരുണ ബിഭ്യദായം നേദേവ മാ യുനജന്നത്ര ദേവാഃ |**
**തസ്യ മേ തന്വോ ബഹുധാ നിവിഷ്ടാ ഏതമർഥം ന ചികേതാഹമഗ്നിഃ ||**

ഹേ വരുണാ! ഹോതാവിന്റെ കർമ്മം വളരെ ദുഷ്കരമാണ്. ഞാനതിനെ ഭയന്ന് ഇങ്ങോട്ടു പോന്നിരിക്കുന്നു. ഇനി ദേവകൾ എന്നെ യജ്ഞത്തിൽ നിയോഗിക്കരുതേ എന്നു ഞാനാശിക്കുന്നു. അതിനാൽ ഞാനാകുന്ന അഗ്നിയുടെ ശരീരം പത്തുസ്ഥാനങ്ങളിൽ ഗൂഢമായി വച്ചിരിക്കുന്നു.

**5. ഏഹി മനുർദേവയുർയജ്ഞകാമോർങ്ക്യത്യാ തമസി ക്ഷേഷ്യഗ്നേ |**
**സുഗാൻപഥഃ കൃണുഹി ദേവയാനാ വഹ ഹവ്യാനി സുമനസ്യമാനഃ ||**

ഹേ അഗ്നേ! നീ ഈ സമയം അന്ധകാരത്തിലാകുന്നു. ദേവകാമനായ മനു യജ്ഞം നടത്തുവാനാഗ്രഹിക്കുന്നു. അവൻ അനുഷ്ഠാനത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകഴിഞ്ഞു. അതിനാൽ നീ ഇവിടെവന്ന് മാർഗ്ഗം സുഗമമാക്കി പ്രസന്നചിത്തനായി ഹവിസ്സിനെ വഹിച്ചാലും.

**6. അഗ്നേഃ പൂർവേ ഭ്രാതരോ അർഥമേതം രഥീവാധ്വാനമന്വാവരീവുഃ |**
**തസ്മാദ്ഭിയാ വരുണ ദൂരമായം ഗൗരോ ക്ഷേപ് നോരവിജേ ജ്യായാഃ ||**

ഹേ ദേവകളെ! രഥത്തിൽ സഞ്ചരിക്കുന്നവർ ദൂരദേശത്തെത്തുന്നതുപോലെ അഗ്നിയായ എന്റെ മൂന്നുജ്യേഷ്ഠൻമാർ ഈ കർമ്മം നടത്തിതന്നെ നശിച്ചുപോയി. അതിനാൽ വിൽ ഞാണിനെ ഭയപ്പെടുന്ന ഗൗര മൃഗത്തെപോലെ ഞാനീ കർമ്മത്തെ ഭയപ്പെടുന്നു. അതുകൊാണ് ഞാനിവിടെ നിന്നുപോകുന്നത്.

**7. കുമർസ്ത ആയുരജരം യദഗ്നേ യഥാ യുക്തോ ജാത വേദോന രിഷ്യാഃ |**
**അഥാവഹാസി സുമനസ്യമാനോ ഭാഗം ദേവേഭ്യോ ഹവിഷഃ സുജാത ||**

ഹേ അഗ്നേ! നീ സർവ്വജ്ഞാനിയാണല്ലോ. അജരനായ നീ ഞങ്ങളാൽ നൽകപ്പെട്ട ആയുസ്സാൽ മൃത്യുവിനെ പ്രാപിക്കുന്നില്ല. അതിനാൽ ഇപ്പോൾ നീ പ്രസന്നചിത്തനായി ഹവിസ്സുകളെ വഹിച്ചുകൊ് ദേവകളായ ഞങ്ങളുടെ അടുക്കലേക്കുവന്നാലും.

**8. പ്രയാജാൻമേ അനുയാജാംശ്ച കേവലാനൂർജസ്വന്തം ഹവിഷോ ദത്തഭാഗം |**
**ഘൃതം ചാപാം പുരുഷം ചൗഷധീനാമഗ്നേശ്ച ദീർഘമായുരസ്തു ദേവാഃ ||**

ഹേ ദേവകളേ! യജ്ഞത്തിന്റെ സാരവത്തായ ഹവിരാഭഗം പ്രയോജനവും അനുയാജവും എനിക്കുതന്നെ തരണം. ജലത്തിന്റെ സത്തായഘൃതം, സസ്യങ്ങളുടെ പുരുഷഭാഗം എന്നിവയും തരണം. അഗ്നിക്കു ദീർഘായുസുാകട്ടെ.

**9. തവ പ്രയാജാ അനുയാജാശ്ച കേവലഊർജ സ്വന്തോ ഹവിഷഃ സന്തു ഭാഗാഃ |**
**തവാഗ്നേ യജ്ഞോയമസ്തു സർവതുഭ്യം നമന്താം പ്രദിശശ്ചതസ്രഃ ||**

ഹേ അഗ്നേ! യജ്ഞം എത്രയുടോ അവയെല്ലാം നിനക്കുള്ളതാകട്ടെ സാരവത്തായ ഹവിർഭാഗം നിന്നെ പ്രാപിക്കും. വിശ്വത്തിന്റെ നാലുദിക്കുകളും നിന്റെ മുമ്പിൽ നമിക്കുന്നവയാകട്ടെ.

## സൂക്തം 52

**ഋഷി സൗവീകാഗ്നി ദേവത വിശ്വദേവകൾ ഛന്ദസ് ത്രിഷ്ടുപ്**

**1. വിശ്വേ ദേവാഃ ശാസ്തന മാ യഥേഹ ഹോതാ വൃതോ മനവൈ യന്നിഷദ്യ |**
**പ്ര മേ ബ്രൂത ഭാഗധേയം യഥാ വോ യേന പഥാ ഹവ്യമാ വോ വഹാനി ||**

ഹേ വിശ്വദേവകളെ! നിങ്ങൾ എന്നെ ഹോതാവാക്കിയിരിക്കുകയാണല്ലോ. ഞാൻ ഏതു മന്ത്രമുച്ചരിക്കണമോ അവയെനിക്കുപദേശിച്ചുതരുവിൻ. ഈ യജ്ഞത്തിൽ നിങ്ങളുടെ ഭാഗം ഏത്? പറഞ്ഞുതരുവിൻ. അഗ്നിയായ ഞാൻ ഈ യജ്ഞത്തിലർപ്പിക്കപ്പെടുന്ന ഹവിസ്സിനെ ഏതുമാർഗ്ഗത്തിൽക്കൂടി നിങ്ങളുടെ അടുക്കലെത്തിക്കണമെന്നും പറഞ്ഞുതരുവിൻ.

**2. അഹം ഹോതാ ന്യസീദം യജീയാൻ വിശ്വേ ദേവാ മരുതോ മാ ജൂനന്തി |**
**അഹരഹരശ്വിനാധ്വർയവം വാ ബ്രഹ്മാ സമിദ്ഭവതി സാഹുതിർവാം ||**

ഹേ അശ്വിനികളേ! നിങ്ങൾ നിത്യവും അധ്വര്യുക്കളുടെ കർമ്മങ്ങളനുഷ്ഠിക്കുന്നു. തേജസ്വിയായ സോമം മന്ത്രതുല്യനായിരിക്കുന്നു. അതുപാനം ചെയ്യേതാണല്ലോ. എല്ലാദേവൻമാരും മരുത്തുക്കളും എന്നെ ഹോതാവാക്കിയിരിക്കുന്നു. അതിനാൽ യജ്ഞം നടത്തുവാനായി ഞാനിവിടെ ഇരിക്കുന്നു.

**3. അയം യോ ഹോതാ കിരു സ യമസ്യ കമപ്യൂഹേ യത്സമഞ്ജന്തി ദേവാഃ |**
**അഹരഹർജായതേ മാസിമാസ്യഥാ ദേവാ ദധിരേ ഹവ്യവാഹം ||**

ഹോതാവിന്റെ കർമ്മം എന്താണ്? ഹോതാവു ഹവനം ചെയ്യുന്ന യജമാനന്റെ വസ്തുക്കൾ ദേവകളെ പ്രാപിപ്പിക്കുന്നു. ഓരോ

മാസത്തിലും ഓരോ ദിവസത്തിലും യജ്ഞം നടക്കുന്നു. ആ അഗ്നിയെയെല്ലാം ഹവ്യവാഹനത്തിനായി ദേവകൾ നിയുക്തമാക്കിയിരിക്കുന്നു.

**4. മാ ദേവാ ദധിരേ ഹവ്യവാഹമപമ്ലുക്തം ബഹുകൃഛ്റാ ചരന്തം |**
**അഗ്നിർവിദ്വാന്യജ്ഞം നഃ കല്പയാതിപഞ്ചയാമം ത്രിവൃതം സപ്തതന്തും ||**

ഞാൻ പുറപ്പെട്ടുപോയിരുന്നു. ഞാൻ അനേകം കഷ്ടതകൾ സഹിച്ചിരുന്നു. എന്നെ ഇപ്പോൾ ഹവ്യവാഹകനായി ദേവകൾ വരിച്ചിരിക്കുന്നു. യജ്ഞത്തിന് അഞ്ചുവഴികളുണ്ട്. മൂന്നുസവനങ്ങളിൽ സോമം പിഴിയലും, ഏഴു ഛന്ദസ്സുകളിൽ സ്തുതിക്കപ്പെടലും നടക്കുന്നു ഞങ്ങളുടെ യജ്ഞങ്ങളെ ജ്ഞാനിയായ അഗ്നി സമ്പന്നമാക്കും എന്നു കരുതി അവർ എന്നെ ഹവിർ വാഹനനാക്കി.

**5. ആ വോ യക്ഷ്യമൃതത്വം സുവീരം യഥാ വോ ദേവാ വരിവഃ കരാണി |**
**ആ ബാഹ്വേർവജ്രമിന്ദ്രസ്യ ധേയാ മഥേമാ വിശ്വാഃ പൃതനാ ജയാതി ||**

ഹേ ദേവകളേ! ഞാൻ നിങ്ങളുടെ ഉപാസകനാകുന്നു. നിങ്ങളെന്നെ മൃത്യുവിൽനിന്നും രക്ഷിക്കുവിൻ. എനിക്കു സന്താനങ്ങളെ തരുവിൻ. ഞാൻ ഇന്ദ്രന്റെ ബാഹുക്കളിൽ വജ്രം പിടിപ്പിക്കുമ്പോൾ അവൻ ശത്രുസേനകളുടെ മേൽ വിജയം വരിക്കുന്നു.

**6. ത്രീണി ശതാ ത്രീ സഹസ്രാണ്യഗ്നിം ത്രിംശച്ച ദേവാ നവ ചാസപര്യൻ |**
**ഔക്ഷൻഘൃതൈരസ്തൃണൻബർഹിരസ്മാ ആദിദ്ധോതാരം ന്യസായദന്ത ||**

മൂവായിരത്തി മൂന്നൂറ്റി മുപ്പത്തൊൻപതു ദേവൻമാരും അഗ്നിയെ പരിചരിച്ചു. അവർ അഗ്നിയെ ഘൃതത്താൽ നനയ്ക്കുകയും യജ്ഞത്തിൽ ദർഭവിരിച്ച് ഹോതാരൂപത്തിൽ ( പ്രതിഷ്ഠിക്കുകയും ചെയ്തു.

## സൂക്തം 53

**ഋഷി ദേവകൾ ദേവത സൗചികാഗ്നി ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. യമൈഛാമ മനസാ സോയപാഗാദ്യജ്ഞസ്യ വിദ്വാൻപുരുഷശ്ചികിത്വാൻ |**
**സ നോ യക്ഷദ് ദേവതാതാ യജീയാന്നി ഹി ഷത്സദന്തരഃ പൂർവോ അസ്മ ത് ||**

യജ്ഞകോവിദനായ അഗ്നിയെ തന്നെ ഞങ്ങൾ കാമിക്കുന്നു. അവന്റെ ആഗമനം ഉായിരിക്കുന്നു. അവൻ പൂർണ്ണാംഗനാകുന്നു. അവനെപ്പോലെ യജ്ഞം നടത്തുവാനാർക്കും സാധിക്കുന്നില്ല. അവൻ യജ്ഞയോഗ്യരായ ദേവകളുടെ മധ്യേവേദിയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. അവൻ ഞങ്ങൾക്കുവേി യജ്ഞം നടത്തട്ടെ.

**2. അരാധി ഹോതാ നിഷദാ യജീയാനഭി പ്രയാംസി സുധിതാനി ഹി ഖ്യത് |**
**യജാമഹൈ യജ്ഞിയാൻഹന്ത ദേവാം ഈളാമഹാ ഈഡ്യാം ആജ്യേന ||**

യജ്ഞത്തെ വിധിപ്രകാരം സമ്പന്നമാക്കുന്നവനും ശ്രേഷ്ഠനായ ഹോതാവുമായ അഗ്നി വേദിയിൽ പ്രതിഷ്ഠിതനായി ഹവിസ്സിനെ സ്വീകരിക്കുന്നു. അവൻ യജ്ഞത്തിന്റെ എല്ലാ വസ്തുക്കളെയും, പൂജനീയരായ ദേവകൾക്കുവേി അതിവേഗം യജ്ഞം നടത്തുന്നതിന് ഉറ്റുനോക്കുന്നു.

**3. സാധ്വീമകർദേവവീതിംയോ അദ്യ യജ്ഞസ്യ ജിഹ്വാമവിദാമ ഗുഹ്യാം |**
**സ ആയുരാഗാത്സുരഭിർവസാനോ ഭദ്രാമകർദേവ ഹുതിം നോ അദ്യ ||**

ഞങ്ങളുടെ യജ്ഞത്തിൽ ദേവകളെ കൊുവരുന്ന സൽകർമ്മം അഗ്നി പൂർണ്ണമാക്കട്ടെ. ഞങ്ങൾ അഗ്നിരൂപമായ യജ്ഞജിഹ്വയെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അവിനാശിയായ ആ അഗ്നി ഗോരൂപത്തിൽ ഇവിടെ വന്നിരിക്കുന്നു. ഇവൻ ദേവാഹ്വാനം പൂർണ്ണമാക്കിയിരിക്കുന്നു.

**4. തദദ്യ വാചഃ പ്രഥമം മസീയ യേനാസുരം അഭി ദേവാ അസാമ |**
**ഊർജാദ ഉത യജ്ഞിയാസഃ പഞ്ച ജനാ മമ ഹോത്രം ജുഷധ്വം ||**

രാക്ഷസൻമാരെ പരാജയപ്പെടുത്തുവാൻ കഴിവുള്ള സ്തോത്രങ്ങൾ നമുക്കുച്ചരിക്കാം. ഹേ പഞ്ചജനമേ! ഹേ മനുഷ്യാദികളേ! നിങ്ങൾ അന്നഭോജികളും യജ്ഞം നടത്തുന്നവരുമാണല്ലോ. അതിനാൽ ഞങ്ങളുടെ ഈ യജ്ഞത്തിൽ വന്നുചേർന്ന് സഹകരിക്കുവിൻ.

**5. പഞ്ച ജനാ മമ ഹോത്രം ജൂഷന്തം ഗോജാതാ ഉത യേ സജ്ഞിയാസഃ |**
**പൃഥിവീന പാർഥിവാത്പാത്വംഹസോന്തരിക്ഷം ദിവ്യാത്പാത്വസ്മാൻ ||**

പഞ്ചജനം എന്റെ യജ്ഞത്തെ പൂർണ്ണമാക്കട്ടെ. ഹവിസ്സിനുവേി പ്രത്യക്ഷരായ യജ്ഞാർഹരായ ദേവൻമാർ എന്റെ യജ്ഞത്തെ പരിചരിക്കട്ടെ. ഭൂമിയും അന്തരീക്ഷവും പാപങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കട്ടെ.

**6. തന്തും തന്വന്രജസോ ഭാനുമന്വിഹി ജ്യോതിഷ്മതഃ പഥോ രക്ഷധിയാ കൃതാൻ |**
**അനുൽബണം വയത ജോഗുവാമപോ മനുർഭവ ജനയാ ദൈവ്യം ജനം ||**

ഹേ അഗ്നേ! ഞങ്ങളുടെ യജ്ഞത്തെ വളർത്തി സൂര്യമണ്ഡലംവരെ ഉയർത്തേണമേ. സൽകർമ്മങ്ങളാൽ പ്രാപ്തമാകുന്ന ജ്യോതിർമയ മാർഗ്ഗങ്ങളെ നീ സംരക്ഷിക്കേണമേ. പൂജനീയനായ നീ ദേവകളെ യജ്ഞത്തിലേയ്ക്ക് ക്ഷണിക്കുകയും സ്തോതാക്കളുടെ കർമ്മങ്ങളിലെ വിഘ്നങ്ങളെ അകറ്റുകയും ചെയ്യേണമേ.

**7. അക്ഷാനഹോ നഹ്യതനോത സോമ്യാ ഇഷ്കൃണുധ്വം രശനാ ഓത പിംശത |**
**അഷ്ടാബന്ധുരം വഹതാഭിതോ രഥം യേന ദേവാസോ അനയന്നഭി പ്രിയം ||**

ഹേ സോമാർഹരായ ദേവകളേ! നിങ്ങൾ നിങ്ങളുടെ അശ്വങ്ങളുടെ കടിഞ്ഞാണുകൾ തുടച്ചുവൃത്തിയാക്കുകയും അവയെ

രഥത്തിൽ പൂട്ടുകയും ചെയ്യുവിൻ. ആ അശ്വങ്ങളെ അലങ്കരിക്കുവിൻ. നിങ്ങളുടെ രഥം എട്ടുസാരഥികളോടുകൂടിയതാണല്ലോ. അവയെ സൂര്യരഥത്തോടുകൂടി ഈ യജ്ഞത്തിൽ കൊണ്ടുവന്നാലും. ഈ രഥത്തിലാണല്ലോ ദേവഗണം സഞ്ചരിക്കുന്നത്.

**8. അശ്മന്വതീ രീയതേ സം രഭധ്വമുത്തിഷ്ഠത പ്ര തരതാ സഖായഃ |**

**അത്രാ ജഹാമ യേ അസന്നശേവാഃ യേ ശിവാനവയ മുത്തരേ മാഭി വാജാൻ ||**

ഹേ ദേവൻമാരേ! അശ്മന്വതീ നദി ഒഴുകുന്നു. നിങ്ങൾ അതിനെ തരണം ചെയ്യുവിൻ. ഞങ്ങൾക്ക് നിങ്ങളുടെ സാന്നിദ്ധ്യത്തിൽ ദുഃഖങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ കഴിയും. നിങ്ങളിൽക്കൂടി ഞങ്ങൾക്ക് നദി കടക്കുവാൻ കഴിയും. അന്നത്തിനായി മറുകരയിലെത്തുകയും ചെയ്യാം.

**9.ത്വഷ്ടാ മായാ വേദപസാമപസ്തമോ ബിഭ്രത്പാത്രാ ദേവപാനാനി ശന്തമാ |**

**ശിശീതേ നൂനം പരശും സ്വായസം യേന വൃശ്ചാദേതസോ ബ്രാഹ്മണസ്പതിഃ ||**

ത്വഷ്ടാവ് നല്ല പാത്രങ്ങൾ നിർമ്മിക്കുന്നു. അവൻ ദേവൻമാർക്കുവേണ്ടി തിളങ്ങുന്ന പാത്രങ്ങൾ നിർമ്മിച്ചിരിക്കുന്നു. അവൻ ഇരുമ്പുകൊണ്ടുള്ള നല്ല മഴു ഉണ്ടാക്കി അതിനു മൂർച്ചകൂട്ടിക്കൊണ്ടിരിക്കുന്നു. ബ്രാഹ്മണസ്പതി ആ മഴുകൊണ്ട് പാത്രങ്ങൾ നിർമ്മിക്കുവാനുള്ള മരം മുറിക്കുന്നു.

**10. സത്തോ നൂനം കവയഃ സം ശിശീത വാശിഭിര്യാഭിരമൃതായ തക്ഷഥ |**

**വിദ്വാംസഃ പദാ ഗുഹ്യാനി കർതന യേന ദേവാസോ അമൃതത്വമാനശുഃ ||**

ഹേ വിദ്വാൻമാരേ! നിങ്ങൾ നിങ്ങളുടെ ഏതൊരു കോടാലികൊണ്ട് അമൃതം പാനം ചെയ്യുവാനുള്ള പാത്രം നിർമ്മിക്കുന്നുവോ ആകോടാലിയെ ശരിക്കും മൂർച്ചയുള്ളതാക്കുവിൻ. നിങ്ങൾ വാസഗൃഹം നിർമ്മിക്കുവിൻ. ആ ഗൃഹത്തിൽ വസിച്ചുകൊണ്ടാണല്ലോ ദേവൻമാർ അമരത്വം പ്രാപിച്ചത്.

**11. ഗർഭേ യോഷാമദധുർവത്സമാസന്യ പീച്യേന മനസോത ജിഹ്വയാ |**

**സ വിശ്വാഹാ സുമനാ യോഗ്യാ അഭി സിഷാസനിർവനതേ കാര ഇജ്ജിതം ||**

ഋഭുക്കൾ ചത്തപശുക്കളിൽ ഒന്നിനെ മാറ്റിവയ്ക്കുകയും അതിന്റെ വായിൽ ഒരു കിടാവിനെ വയ്ക്കുകയും ചെയ്തു. അവർ ദേവകളാകുവാനിച്ഛിച്ചിരിക്കുന്നു. അവരുടെ കഠാരം ഇക്കാര്യം സമ്പൂർണ്ണമാക്കുന്നതിൽ സാധനരൂപമാകുന്നു. ശത്രുക്കളുടെമേൽ വിജയം പ്രാപിക്കുന്ന ഋഭുക്കൾ തങ്ങളുടെ യോഗ്യവും ശ്രേഷ്ഠവുമായ സ്തോത്രങ്ങളെ നടപ്പിൽ വരുത്തി.

## സൂക്തം 54

**ഋഷി വാമദേവഗോത്രൻ ബൃഹദുക്ഥൻ, ദേവത ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്**

**1. താം സു തേ കീർതിം മഘവൻമഹിത്വാ യത്ത്വാ ഭീതേ രോദസീ അഹ്വയേതാം |**

**പ്രാവോ ദേവാം അതിരോ ദാസമോജഃ പ്രജായൈ ത്വസ്യൈ യദശിക്ഷ ഇന്ദ്ര ||**

ഹേ ഇന്ദ്രാ! ഞാൻ നിന്റെ ശ്രേഷ്ഠമഹിമയെ കീർത്തിക്കുന്നു. ഭയഭീതികളായ ദ്യാവാപൃഥ്വികൾ നിന്നെ വിളിച്ചപ്പോൾ നീ ദേവകളെ പാലിച്ചു. യജമാനന് ശക്തിപ്രദാനം ചെയ്തുകൊണ്ട് നീ ദുഷ്ടരായ രാക്ഷസൻമാരെ വധിച്ചു.

**2. യദചരസ്തന്വാ വാവൃധാനോ ബലാനീന്ദ്ര റപബുവാണോ ജനേഷു |**

**മായേത്സാ തേ യാനി യുദ്ധാന്യാഹുർനാദ്യ ശത്രും നനു പുരാ വിവിത്സേ ||**

ഹേ ഇന്ദ്രാ! നിനക്ക് യാതൊരു ശത്രുക്കളുമില്ല. പണ്ടൊരിക്കലും യാതൊരു ശത്രുവും ഇല്ലായിരുന്നു. നീ സ്വന്തം ദേഹത്തെ അധികം പുഷ്ഠിപ്പെടുത്തിക്കൊണ്ട് ബലംകൊണ്ട് സാധിക്കേണ്ടതായ കാര്യങ്ങൾ പൂർണ്ണമാക്കിയിരുന്നു. അവയെല്ലാം മായയാൽ പൂർണ്ണമാക്കപ്പെട്ടു. നിന്റെ എല്ലാ കർമ്മങ്ങളും മായാമയമാകുന്നു.

**3. ക ഉനു തേ മഹിമനഃ സമസ്യാസ്മത്പൂർവ ഋഷയോന്തമാപുഃ |**

**യൻമാതരം ച പിതരം സാകമജനയഥാസ്തന്വഃ സ്വായാഃ ||**

ഹേ ഇന്ദ്രാ! ഞങ്ങളുടെ പൂർവ്വ ഋഷിമാരും നിന്റെ മായയുടെ ആദിയും അന്തവും കണ്ടില്ല. നീ സ്വന്തം മാതാപിതാരൂപമായ ആകാശഭൂമികളെ നിന്റെ ദേഹത്തുനിന്നുതന്നെ പ്രകടമാക്കി.

**4. ചത്വാരി തേ അസുര്യാണിനാമാദാഭ്യാനി മഹിഷസ്യ സന്തി |**

**ത്വമങ്ഗ താനി വിശ്വാനി വിത്സേയേഭിഃ കർമാണി മഘവഞ്ചകർഥ ||**

ഹേ ഇന്ദ്രാ! നിന്റെ മഹിമ ബലവത്താകുന്നു. നിന്റെ അഹിംസനീയമായ ദേഹം രാക്ഷസൻമാരെ നശിപ്പിക്കുന്നതിൽ സമർത്ഥമാകുന്നു. നീ ആ വലിയ ദേഹം കൊണ്ട് എല്ലാ മഹാകാര്യങ്ങളും പൂർണ്ണമാക്കുന്നു.

**5. ത്വം വിശ്വാ ദധിഷേ കേവലാനി യാന്യാവിര്യാ ച ഗുഹാ വസൂനി |**

**കാമമിൻമേ മഘവൻമാ വി താരീസ്തവമാജ്ഞാതാ ത്വമിന്ദ്രാസി ദാതാ ||**

ഹേ ഇന്ദ്രാ! രണ്ടുപ്രകാരങ്ങളിലുള്ള ഐശ്വര്യങ്ങളുടേയും ഉടയവനാണല്ലോ. നീ എല്ലാവരുടെമേലും നിനക്കധികാരമുണ്ട്. ഹേ ഇന്ദ്രാ! നീ ദാനം ചെയ്യിക്കുകയും സ്വയം ദാനം ചെയ്യുകയും ചെയ്യുന്നു. അതിനാൽ എന്റെ അഭിലാഷങ്ങൾ നിറവേറ്റിയാലും.

**6. യോഅദധാ ജ്ജ്യോതിഷി ജ്യോതിരന്തര്യോ അസ്യജൻമധുനാ സം മധൂനി |**

**അധ പ്രിയം ശുഷ്മമിന്ദ്രായ മൻമ ബ്രഹ്മകൃതോ ബൃഹദുക്ഥാദവാചി ||**

ആര് തേജോമയങ്ങളായ വസ്തുക്കളിൽ ജ്യോതിയെ സ്ഥാപിച്ചുവോ, മധുരപ്രദാനം വഴിയായി സോമരസംപോലുള്ള മധുരരസങ്ങൾ ഉല്പാദിപ്പിച്ചുവോ, ആ ഇന്ദ്രനെ ബൃഹദുക്തമന്ത്രങ്ങളുടെ രചയിതാവായ ഋഷി പാടി സ്തുതിച്ചിരുന്നു.

## സൂക്തം 55

**ഋഷി വാമദേവഗോത്രൻ ബൃഹദുക്ഥൻ ദേവത ഇന്ദ്രൻ**

**ഛന്ദസ് ത്രിഷ്ടുപ്**

**1. ദൂരേ തന്നാമ ഗുഹ്യം പരാചൈര്യത്ത്വാ ഭീതേ അഹ്വയേതാം വയോധൈ |**

**ഉദസ്തഭ്നാ പൃഥ്വിവീം ദ്യാമഭീകേ ഭ്രാതുഃ പുത്രാൻ മഘവന്തിത്വിഷാണഃ ||**

ഹേ ഇന്ദ്രാ! ആകാശഭൂമികൾ അന്നത്തിനുവേ നിന്നെ വിളിച്ചപ്പോൾ നി സ്വന്തം അധീനതയിലുള്ള മേഘങ്ങളെ തീക്ഷ്ണമാക്കുകയും, ആകാശത്തെ ഭൂമിയുടെ ആകർഷണത്തിൽ നിർത്തുകയും ചെയ്തു.

**2. മഹത്തന്നാമ ഗുഹ്യം പുരുസ്പൃഗ്യേന ഭൂതം ജനയോ യേന ഭവ്യം |**

**പ്രത്നം ജാതം ജ്യോതിര്യദസ്യ പ്രിയം പ്രിയാഃ സമവിശന്ത പം ഞ്ച ||**

ഹേ ഇന്ദ്രാ! നിന്റെ അപ്രകടമായ ദേഹം അത്യന്തം ബലസമ്പന്നമാകുന്നു. ഭൂത ഭാവികാലങ്ങൾ നിന്റെ ആ ശരീരത്തിൽനിന്നുതന്നെ ജനിക്കുന്നു. പ്രകാശമാനങ്ങളായ യാതൊരു വസ്തുക്കളെ നീ പ്രകടമാക്കുവാനിച്ഛിച്ചിരുന്നുവോ അവയിൽനിന്നും സകലപ്രാചീനപദാർത്ഥങ്ങളുടെയും ഉല്പത്തിയുായി. തൻമൂലം പഞ്ചവർണ്ണങ്ങൾ പുഷ്ടി പ്രാപിച്ചു.

**3. ആ രോദസീ അപൃണാദോത മധ്യം പഞ്ചദേവാം ഋതുശഃ സപ്തസപ്ത |**

**ചതുസ്ത്രിംശതാ പുരുധാ വി ചഷ്ടേ സരൂപേണ ജ്യേതിഷാ വിവ്രതേന ||**

ആകാശത്തേയും ഭൂമിയേയും അന്തരീക്ഷത്തേയും ഇന്ദ്രൻതന്നെ തന്റെ ശരീരത്താൽ സമ്പന്നമാക്കി. അവൻതന്നെ പഞ്ചജനങ്ങളെ തന്റെ തേജസ്സ് വഴിയായി നിലനിർത്തുന്നു. അവൻതന്നെ സപ്തതത്ത്വങ്ങളെ തന്റെ വിഭിന്ന കർമ്മങ്ങൾക്കായി നിയോഗിച്ചു എല്ലാ കാര്യങ്ങളും സമാനഭാവത്തോടുകൂടി സംഭവിക്കുന്നു. ഈ എല്ലാകർമ്മങ്ങളിലും ഇന്ദ്രന്റെ സഹായികളായി മൂന്നുദേവൻമാർ പങ്കെടുക്കുന്നു.

**4. യദുഷ ഔഷഃ പ്രഥമാ വിഭാനാമജനയോ യേന പുഷ്ടസ്യ പുഷ്ടം |**

**യത്തേ ജാമിത്വമവരം പരസ്യാ മഹൻമഹത്വാ അസുരത്വമേകം ||**

ഹേ ഇന്ദ്രാ! എല്ലാ ജ്യോതിർമയ പദാർത്ഥങ്ങൾക്കും നി തന്നെ പ്രകാശം നൽകിയിരിക്കുന്നു. ഉഷസ്സ്, നക്ഷത്രം തുടങ്ങി എല്ലാം നിന്റെ പ്രകാശത്താൽ തന്നെ പ്രകാശിതങ്ങളാകുന്നു. യാതൊന്നു പുഷ്ഠമാകുന്നുവോ അത് നിന്റെ പുഷ്ഠിവഴു പുഷ്ടിയെ പ്രാപിക്കുന്നു. നീ ദിവ്യലോകത്തിൽ വസിക്കുന്നു എങ്കിലും ഭൂമിയിലെ മനുഷ്യരുടെ ബന്ധുവാകുന്നു. ഇത് നിന്റെ ശ്രേഷ്ഠമായ ബലത്തിന്റെയും മഹിമയുടെയും പ്രത്യക്ഷമായ ഉദാഹരണങ്ങളാണ്.

**5. വിധും ദദ്രാണം സമനേ ബഹൂനാം യുവാനം സന്തം പലിതോ ജഗാര |**

**ദേവസ്യ പശ്യ കാവ്യം മഹിത്വാദ്യാ മമാര സ ഹ്യഃ സമാന ||**

ഇന്ദ്രൻ തന്റെ തരുണാവസ്ഥയിൽതന്നെ എല്ലാകാര്യങ്ങളും ചെയ്തുതീർത്തു പടക്കളത്തിൽ അവനോടുള്ള ഭയത്താൽ അനേകം ശത്രുക്കൾ പലായനം ചെയ്തു. എന്നാൽ കാലങ്ങളിൽ അത്യന്തം പ്രവൃദ്ധമായ കാലം അവയെ എല്ലാംഭക്ഷിക്കുന്നു. ആര് ഇന്നലെ ജീവിച്ചിരുന്നുവോ, അവൻ ഇന്ന് മൃത്യുവിനെ പ്രാപിക്കുന്നു. നാളെ ജനിക്കുന്നു. ഇതും അവന്റെ മഹിമതന്നെ.

**6. ശാക്മനാ ശാകോ അരുണഃ സുപർണ ആ യോ മഹഃ ശൂരഃ സനാദനീലഃ |**

**യച്ചികേത സത്യമിത്തന മോഘ വസു സപാർഹമുത ജേതോത ദാതാ ||**

ഈ പക്ഷിയുടെ ബലം ബൃഹത്താണ്. അതിന് യാതൊരു നീഡവുമില്ല. ഇത് ഭയങ്കരനും മഹാനും സനാതനനുമാകുന്നു. അതാഗ്രഹിക്കുന്നതെന്തും ലോകത്തിൽ സംഭവിക്കുന്നു. അത് ശത്രുക്കളുടെ ധനം പിടിച്ചെടുക്കുകയും ഉപാസകർക്ക് അത് വിതിച്ചുകൊടുക്കുകയും ചെയ്യുന്നു.

**7. ഐഭിർദദേ വൃഷ്ണ്യാ പൗംസ്യാനി യേഭിരൗക്ഷദ്വ്യത്രഹത്യായ വജ്രീ |**

**യേ കർമണഃ ക്രിയമാണസ്യ മഹ്ന ഋതേകർമമുദജായന്ത ദേവാന്ന ||**

മരുത്തുക്കളോടുകൂടി ഇന്ദ്രൻ വർഷണസാമർത്ഥ്യം പ്രാപിച്ചു മരുത്തുക്കളോടുകൂടി തന്നെ അവൻ വൃത്രനെ കീറിപ്പിളർന്ന് ജലവർഷത്താൽ ഭൂമിയെ നനച്ചു മഹാനായ ഇന്ദ്രൻ ഏതെങ്കിലും മഹത്കാരയം നടത്തുവാനാഗ്രഹിക്കുമ്പോൾ മരുത്തുക്കൾ മഴ പെയ്യിക്കുവാൻ പ്രയത്നിക്കുകയായി.

**8. യുജാ കർമാണി ജനയന്വിശ്വൗജാ അശസ്തിഹ വിശ്വമനാസ്തുരാഷാട് |**

**പീത്വീ സോമസ്യ ദിവ ആ വൃധാനഃ ശൂരോ നിര്യുധാധമദ്ദസ്യൂൻ ||**

ഇന്ദ്രൻ ഈ എല്ലാകർമ്മങ്ങളും മരുത്തുക്കളുടെ സഹായത്തോടുകൂടി ചെയ്യുന്നു. അവൻ സകലരാക്ഷസൻമാരെയും കൊല്ലുന്നു. അവന്റെ തേജസ്സ് എല്ലായിടത്തും വ്യാപിക്കുന്നു. അവന്റെ മനസ്സ് വിശ്വവുമായി രമിക്കുന്നു. അവൻ അതിവേഗം വിജയം പ്രാപിക്കുന്നു. ഇന്ദ്രൻ സോമം പാനം ചെയ്ത് ശരീരത്തെ പുഷ്ഠിപ്പെടുത്തുകയും രാക്ഷസൻമാരെ കൊല്ലുകയും ചെയ്തു.

## സൂക്തം 56

**ഋഷി ബൃഹദുക്ഥൻ ദേവത വിശ്വേദേവൻമാർ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ഇദം ത ഏകം പര ഊ ത ഏകം തൃതീയേന ജ്യോതിഷാ സം വിശസ്വ |**

**സംവേശനേ തന്വശ്ചാരുരേധി പ്രിയോ ദേവാനാം പരമേ ജനിത്രേ ||**

ഹേ വാജി! ഈ അഗ്നി നിന്റെ ഒരംശം മാത്രമാകുന്നു. ഈ ആയുസ്സും നിന്റെ ഒരംശമാകുന്നു. ജ്യോതിർമയമായ ആത്മാവ് നിന്റെ മൂന്നാം അംശമാകുന്നു. നി നിന്റെ മൂന്നംശങ്ങളും വഴിയായി അഗ്നിയിലും വായുവിലും സൂര്യനിലും പ്രതിഷ്ഠിതനായാലും. നീ നിന്റെ ശരീരത്തിൽ പ്രവിഷ്ടമാകുന്ന സമയം കലയാണരൂപനാകുകയും സൂര്യലോകത്തിൽ എല്ലാവരിൽനിന്നും സ്നേഹം പ്രാപിക്കുകയും ചെയ്യൂ.

**2. തനൂഷ്ടേ വാജിന്തന്വം നയന്തി വാമമസ്മഭ്യം ധാതു ശർമ തുഭ്യം |**

**അഹ്രുതോ മഹോ ധരുണായ ദേവാന്ദിവീവ ജ്യോതിഃ**

**സ്വമാമീമിയാഃ ||**

ഹേ പുത്രനായ വാജീ! ഭൂമി നിന്റെ ദേഹത്തെ വഹിക്കുന്നു. അവൾ ഞങ്ങൾക്കും നിനക്കു മംഗളം വരുത്തട്ടെ. നീ സ്വന്തം സ്ഥാനത്തു നിന്നു വീഴരുത്. സ്വന്തം തേജസ്സിനെ പ്രദീപ്തമാക്കുന്നതിനുവേ സൂര്യബലത്തിൽ സ്ഥിതനായ സൂര്യൻ നിന്നെ തന്റെ ആത്മാവിനോടു ചേർക്കട്ടെ. നീ ദേവൻമാരിലും സൂര്യനിലും ചേരുക.

**3. വാജ്യസി വാജിനേന സുവേനിഃ സുവിതഃ സ്തോമം സുവിതോ ദിവം ഗാഃ |**
**സുവിതോ ധർമ പ്രഥമാനു സത്യാ സുവിതോ ദേവാൻത്സുവീതോനു പത്മ ||**

ഹേ പുത്രാവാജീ! സുന്ദരരൂപനും ബലവാനുമാകുന്നു. നീ എപ്രകാരം ശ്രേഷ്ഠമായി സ്തുതിച്ചിരുന്നുവോ; അതുപോലെ തന്നെ ലോകങ്ങളിൽ ശ്രേഷ്ഠമായ സ്വർഗ്ഗത്തെ പ്രാപിച്ചാലും. സൽക്കർമ്മങ്ങൾ ചെയ്തതു കാരണം നിനക്കു സൽഫലം ലഭിക്കട്ടെ. ശ്രേഷ്ഠൻമാരായ ദേവൻമാരോടും സൂര്യനോടും നീ സംയുക്തമായി ഭവിക്കൂ.

**4. മഹിമ്ന ഏഷാം പിതരശ്ചനേശിരേ ദേവാ ദേവേഷ്വദധുരപി ക്രതും |**
**സമവിവ്യുചുരുത യാന്യത്വിഷുരൈഷാം തനൂഷു നി വിവിശുഃ പുനഃ ||**

ദേവകളെപ്പോലെ തന്നെ ഞങ്ങളുടെ പിതൃക്കൾക്കും മഹിമ ലഭിച്ചിരിക്കുന്നു. അവർ ദേവത്വം പ്രാപിച്ച് അവരോടൊപ്പം വർത്തിക്കുന്നു. അവർ ദേവകളുടെ ശരീരത്തിൽ വസിക്കുന്നു. സകല ജ്യോതിർമ്മയ പദാർത്ഥങ്ങളും അവരോടു സംയുക്തമാകുന്നു.

**5. സഹോഭിർവിശ്വം പരി ചക്രമൂ രജഃ പൂർവാ ധാമാന്യമിതാ മിമാനാഃ |**
**തനൂഷു വിശ്വാ ഭുവനാ യേമിരേ പ്രാസാരയന്ത പുരുധപ്രജാ അനു ||**

ആ പിതൃക്കൾ തങ്ങളുടെ ശക്തിയാൽ സകല ലോകങ്ങളിലും സഞ്ചരിക്കുന്നു. പ്രവേശന യോഗ്യമല്ലാതിരുന്ന പ്രാചീന ലോകങ്ങളിലും അവർ സഞ്ചരിച്ചു. എല്ലാ ലോകങ്ങളിലും അവർ തങ്ങളുടെ ദേഹങ്ങൾ വളർത്തുകയും സ്വന്തം തേജസ്സ് എല്ലാ പ്രജകളിലും വ്യാപിക്കുകയും ചെയ്തു.

**6. ദ്വിധാ സൂനവോസുരം സ്വർവിദമാസ്ഥാപയന്ത തൃതീയേന കർമണാ |**
**സ്വാം പ്രജാം പിതരഃ പിത്ര്യം സഹ ആവരേഷ്വദധു സ്തന്തുമാതതം ||**

സൂര്യന്റെ പുത്രൻമാരായ ദേവകൾ, സ്വർഗ്ഗത്തെ അറിയുന്നവനും സർവ്വജ്ഞാനിയും, ബലവാനുമായ സൂര്യനെ രുപ്രകാരത്തിൽ പ്രതിഷ്ഠിച്ചു. സന്താനോല്പത്തിവഴിയായി എന്റെ പിതാക്കൾ പൈതൃകബലത്തെ സ്ഥിരപ്പെടുത്തുകയോ ചെയ്തപ്പോൾ അവരുടെ വംശം ചിരസ്ഥായി ആക്കി വർദ്ധിപ്പിച്ചു.

**7. നാവാ ന ക്ഷോദഃ പ്രദിശഃ പൃഥിവ്യാഃ സ്വസ്തിഭി രതി ദുർഗാണി വിശ്വാ |**
**സ്വാം പ്രജാം ബൃഹദുക്ഥോ മഹിത്വാവരേഷ്വദധാദാ പരേഷു ||**

മനുഷ്യർ തോണികൊ് ജലത്തെ തരണം ചെയ്യുന്നതുപോലെയും ലോകത്തിന്റെ ഭിന്നങ്ങളായ അവസ്ഥകളെ കടന്നുപോകുന്നതുപോലെയും കല്യാണസാധനകളാൽ ആപത്തുക്കളിൽ നിന്നും മോചനം നേടുന്നതുപോലെയും ബൃഹസ്പദുക്ഥ മഹർഷി തന്റെ മൃതനായ പുത്രനെ തന്റെ ബലത്താൽ അഗ്നി ആദിയായ ലോകതത്വങ്ങളിലും പുതിയ സൂര്യാദി ദിവ്യതത്വങ്ങളിലും പ്രതിഷ്ഠിച്ചു.

## സൂക്തം 57

**ഋഷി ബന്ധു സുബന്ധു, ശത്രുബന്ധു, വിപ്രബന്ധു ദേവത വിശ്വേദേവൻമാർ ഛന്ദസ് ഗായത്രി**

**1.മാ പ്ര ഗാമപഥോ വയം മാ യജ്ഞാദിന്ദ്ര സോമിനഃ |**
**മാന്തഃസ്ഥുർനോ അരാതയഃ ||**

ഹേഇന്ദ്രാ! ഞങ്ങൾ നല്ല മാർഗ്ഗങ്ങളിൽക്കൂടി പോകണം. ദപഥചാരികളാകാതിരിക്കട്ടെ. ഞങ്ങൾ സോമവാൻമാരായ യജമാനൻമാരുടെ ഗൃഹങ്ങളിൽ നിന്നും അകന്നു വസിക്കാതിരിക്കട്ടെ. ശത്രുക്കൾക്ക് ഞങ്ങളുടെമേൽ ബലം പ്രയോഗിക്കുവാൻ കഴിയാതെ വരട്ടെ.

**2. യോ യജ്ഞസ്യ പ്രസാധനസ്തന്തുർദേവേഷ്വാതതഃ**
**തമാഹുതം നശീമഹി ||**

യാതൊരഗ്നി പുത്രരൂപനായി ദേവതുല്യം വിശാലനാകുന്നുവോ യാതൊരഗ്നിയാൽ യജ്ഞകർമ്മം സമ്പന്നമാകുന്നുവോ, ഞങ്ങൾ ആ അഗ്നികൊ് യജ്ഞം നടത്തട്ടെ.

**3. മനോ ന്വാ ഹുവാമഹേ നാരാശംസേമനാസോമേന |**
**പിതൃണാം ച മൻമഭിഃ ||**

ഞങ്ങൾ വധിക്കപ്പെട്ട സുബന്ധുവിന്റെ മനസ്സിനെ സോമത്തോടുകൂടി ആഹ്വാനം ചെയ്യുന്നു. സ്തോത്രങ്ങളാൽ പിതൃക്കളുടെ മനസ്സിനെ ആഹ്വാനം ചെയ്യുന്നു.

**4. ആ ത ഏതു മനഃ പുനഃ ക്രത്വേ ദക്ഷായ ജീവസേഃ**
**ജ്യോക് ച സൂര്യം ദൃശേ ||**

ഹേ ഭ്രാതാവേ! നിന്റെ മനസ്സ് വീും വന്നുചേരട്ടെ. നീ കർമ്മങ്ങളിൽക്കൂടി ബലം പ്രകടമാക്കൂ. ജീവിക്കുന്നതുവരെ സൂര്യനെ ദർശിച്ചു കൊിരിക്കുവാൻ ഞങ്ങളെ ശക്തരാക്കൂ.

**5. പുനർനഃ പിതരോ മനോ ദദാതു ദൈവ്യോ ജനഃ |**
**ജീവം വ്രാതം സചേ മഹി ||**

ഞങ്ങളുടെ പൂർവ്വജൻമാർ മനസ്സിനെ വീും പ്രാപിക്കട്ടെ. അംഗിരസുകളും ദേവൻമാരും പ്രാണനേയും അതിന്റെ എല്ലാ വിഭൂതികളേയും നിനക്കും ഞങ്ങൾക്കും നൽകട്ടെ.

**6.വയം സോമ വ്രതേ തവ മനസ്തനൂഷു വിഭ്രതഃ |**
**പ്രജാവന്തഃ സപേമഹി ||**

ഹേ സോമമേ! ഞങ്ങൾ നിന്റെ ശരീരത്തിൽ മനസ്സിനെ പ്രതിഷ്ഠിക്കുന്നു. ഞങ്ങൾ സന്താനസമ്പന്നരായി നിനക്കുവേ പ്രവർത്തിക്കുന്നവരും യജ്ഞം നടത്തുന്നവരുമാകണം.

## സൂക്തം 58

**ഋഷി ബന്ധു തുടങ്ങിയവർ ദേവത മനസ്സ് ഛന്ദസ് അനുഷ്ടുപ്**

**1. യത്തേ യമം വൈവസ്വതം മനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഞങ്ങൾ നിന്റെ മനസ്സിനെ സൂര്യപുത്രന്റെ ഗൃഹത്തിൽ നിന്നും തിരിച്ചുകൊുവരുന്നു. ഹേ സുബന്ധൂ! നി ഈ ജഗത്തിൽ തന്നെ

വസിക്കുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നു.

**2. യത്തേ ദിവംയത് പൃഥിവീം മനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധൂ! വിദൂരമായ സ്വർഗ്ഗത്തിലേയ്ക്കുപോയ നിന്റെ മനസ്സിനെ ഞങ്ങൾ വീും മടക്കിക്കൊുവന്നു. നീ ഈ ജഗത്തിൽ തന്നെ വസിക്കുന്നതിനും ജീവിക്കുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നു.

**3. യത്തേ ഭൂമിം ചതുർഭൃഷ്ടിം മനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ ഭ്രാതാവേ! ഈ ലോകത്തിൽനിന്നും വിട്ട് വളരെ അകലെയുള്ള ലോകങ്ങളിലേക്കുപോയ നിന്റെ മനസ്സിനെ തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ നീ ലോകത്തിൽ വസിച്ച് ജീവിക്കണം.

**4. യത്തേ ചതസ്രഃ പ്രദിശോ മനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധൂ! വളരെ വിദൂരത്തെ പ്രാപിച്ച നിന്റെ മനസ്സിനെ ഞങ്ങൾ തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ നീ ലോകത്തിൽ വസിച്ച് ജീവിക്കണം.

**5. തത്തേ സമുദ്രമർണവം മനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധൂ! നിന്റെ മനസ്സ് ജലസമ്പന്നവും, വളരെ വിദൂരത്തിലുള്ളതുമായ സമുദ്രത്തിലേക്കു പോയിരുന്നു. അതിനെ ഞങ്ങൾ തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ ഭവാൻ ലോകത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യണം.

**6. യത്തേ മരീചിഃ പ്രവതോ മൻഅ ഋഘഅമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധോ! നിന്റെ മനസ്സ് എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന രശ്മികളിൽ സ്ഥിതമായിരിക്കുന്നു. അതിനെ തിരിച്ചു കൊുവരുന്നു, എന്തുകൊന്നൊൽ നീ ലോകത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യണം.

**7. യത്തേ അപോ യദോസധീർമനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധോ! ഞങ്ങൾ നിന്റെ കടന്നുപോയ മനസ്സിനെ വൃക്ഷാദികളിൽ നിന്നും ദൂരസ്ഥമായ ജലത്തിൽനിന്നും തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ നീ ലോകത്തിൽ വസിച്ചുകൊു ജീവിക്കണം.

**8. യത്തേ സൂര്യം യദുഷസംമനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ ഭ്രാതാവേ! സൂര്യനിലോ, ഉഷസ്സിലോ പോയി രമിക്കുന്ന നിന്റെ മനസ്സിനെ ഞങ്ങൾ തിരിച്ചുകൊുവരുന്നു, എന്തുകൊന്നൊൽ നീ ലോകത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യുവാനാഗ്രഹിക്കുന്നു.

**9. യത്തേ പർവതാൻ ബൃഹതോ മനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധോ! ലോകത്തിൽ നിന്നും വളരെ ദൂരെപോയ നിന്റെ മനസ്സിനെ ഞങ്ങൾ വീും തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ നീ ലോകത്തിൽ ജീവിക്കണം.

**10. യത്തേ വിശവമിദം ജഗൻമനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധോ! ദൂരേയ്ക്കുപോയ നിന്റെ മനസ്സിനെ ഞങ്ങൾ ആ സ്ഥാനത്തുനിന്നും തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ നീ ലോകത്തിൽ വസിക്കണം. ജീവിക്കണം.

**11. ത്തേ പരാഃ പരാവയതോ മനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ സുബന്ധോ! മറ്റു പല ദൂരസ്ഥലങ്ങളിലേക്കുപോയിരിക്കുന്നു. നിന്റെ മനസ്സിനെ ഞങ്ങൾ തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ നീ ലോകത്തിൽ വസിക്കുകയും ജീവിക്കുകയും ചെയ്യണം.

**12. യത്തേ ഭൂതം ച ഭവ്യം ചമനോ ജഗാമ ദൂരകം |**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ ||**

ഹേ ഭ്രാതാവേ നിന്റെ മനസ്സ് ഭൂതം, ഭാവി മുതലായി ഏതുകാലത്തോടു ചേർന്നിരിക്കുന്നുവോ അവിടെ നിന്ന് അതിനെ ഞങ്ങൾ തിരിച്ചുകൊുവരുന്നു. എന്തുകൊന്നൊൽ ഭവാൻ ലോകത്തിൽ വസിച്ചുകൊ് ജീവിക്കണം.

## സൂക്തം 59

**ഋഷി ബന്ധു തുടങ്ങിയവർ ദേവത നിർഋതി, സോമം അസുനിതി ദ്യോവാപൃഥ്വി, ഇന്ദ്രൻ, ഛന്ദസ് ഗായത്രി, അനുഷ്ടുപ്, പംക്തി**

**1. പ്ര താര്യായുഃ പ്രതരം നവീയഃ സ്ഥാതാരേവ ക്രതുമതാ രഥസയ |**
**അധ ച്യവാന ഉത്തവീമ്യർഥം പരാതരം സു നിർഋതിർജിഹീതാം ||**

സമർത്ഥനായ സാരഥിയാൽ രഥാരൂഢനായ വ്യക്തി ആശ്വസ്തനാക്കുന്നതുപോലെ സുബന്ധുവിന്റെ ആയുസ്സ് വൃദ്ധിപ്രാപിക്കട്ടെ. ക്ഷീണിക്കുന്ന ആയുസ്സോടുകൂടിയവൻ തന്റെ ആയുസ്സിനെ വളർത്തുവാനാഗ്രഹിക്കുന്നു. സുബന്ധുവിന്റെ അടുക്കൽ നിന്നും നിർഋതി അകന്നുപോകട്ടെ.

**2. സാമന്നു രായേ നിധിമന്ന്വന്നം കരാമഹേ സു പുരുധ ശ്രവാംസി |**
**താ നോ വിശ്വാനി ജരിതാ മമത്തു പരാതരം സു നിരുർതിർജിഹീതാം ||**

ഞങ്ങൾ പരമായു പ്രാപ്തിക്കുവേി സോമപാനം ചെയ്തുകൊ് യജ്ഞത്തിനുള്ള അന്നാദികളായ ഹവ്യങ്ങൾ ശേഖരിക്കുന്നു. നിർഋതി ദേവയേയും ഞങ്ങൾ സ്തുതിക്കുന്നു. ആ ദേവത ഞങ്ങളുടെ എല്ലാവസ്തുക്കളിലും പ്രസാദിച്ച് ഞങ്ങളിൽനിന്നും അകന്നുപോകട്ടെ.

**3.അഭീ ഷ്വര്യഃപൗംസ്യൈർഭവേഷ ദ്യൗർന ഭൂമിം ഗിരയോ നാജ്രാൻ |**
**താ നോ വിശ്വാനി ജരിതാ ചികേത പരാതരം സു നിർഋതിജിഹീ താം ||**

ഭൂമിയിൽനിന്നും ആകാശം എപ്രകാരം ഉയർന്നു നിൽക്കുന്നുവോ അതുപോലെ ഞങ്ങൾ ശത്രുക്കളെ പരാജിതരാക്കി അവരിൽനിന്നും ഉയർന്ന സ്ഥാനത്തെ പ്രാപിക്കും. മേഘങ്ങളുടെ ഗതിയെ പർവ്വതം തടയുന്നതുപോലെ ഞങ്ങൾ ശത്രുക്കളുടെ ഗതിയെ തടയുന്നതിൽ സമർത്ഥരാകട്ടെ. നിർഋതി ദേവകളുടെ സ്തുതികൾ ശ്രവിച്ച് ഞങ്ങളിൽനിന്നും അകന്നുപോകട്ടെ.

**4. മോഷുണഃ സോമ മൃത്യവേ പരാ ദാഃപശ്യേമണ നു സൂര്യമുച്ചരന്തം |**
**ദ്യുഭിർഹിതോ ജരിമാ സൂ നോ അസ്തു പരാതരം സു നിർഋതിർജിഹീതാം ||**

ഹേ സോമമേ! ഉദിക്കുന്ന സൂര്യനെ ഞങ്ങൾ നിത്യവും ദർശിക്കണേ ഞങ്ങളുടെ വാർദ്ധക്യം സുഖപൂർവ്വം കടന്നുപോകണേ. നിർഋതി ഞങ്ങളിൽനിന്നും അകന്നുപോകട്ടെ. നീ ഞങ്ങളെ മരണത്തിന്റെ വായിൽ തള്ളരുതേ.

**5. അസുനീതേ മനോ അസ്മാസു ധാരയ ജീവാതവേ സു പ്ര തിരാന ആയുഃ |**
**രാരന്ധി നഃ സൂര്യസ്യ സൻദൃശി ഘൃതേന ത്വം തന്വം വർധയസ്വ ||**

ഹേ അസുനീതി! നിന്റെ മനസ്സിനെ ഞങ്ങളിലേക്കു തിരിക്കേണമേ. ഞങ്ങളുടെ ജീവനുവേി പരമായുസ്സിനെ നൽകിയാലും. സൂര്യൻ എവിടെവരെ നോക്കുന്നുവോ, അവിടവരെ ഞങ്ങളെ വസിപ്പിക്കേണമേ.ഞങ്ങൾ നിന്റെ പുഷ്ടിക്കും പ്രസന്നതയ്ക്കുംവേി ഈ ഘൃതാഹുതി നൽകുന്നു.

**6. അസുനീതേ പുനരാസ്മാസു ചക്ഷുഃ പുനഃ പ്രാണമിഹ നോ ധേഹി ഭോഗം |**
**ജ്യോക പശ്യേമ സൂര്യമുച്ചരന്തമനുമതേ മൃളയാ നഃ സ്വസ്തി ||**

ഹേ അസനീതി! ഞങ്ങളുടെ പ്രാണനെ വീും ഞങ്ങളുടെ അടുക്കലേയ്ക്കു കൊുവന്നാലും. ഞങ്ങൾ ഭോഗങ്ങളിൽ സമർത്ഥരാകുന്നതിനുവേി ഞങ്ങൾക്ക് നേത്രങ്ങൾ വീും ദാനം ചെയ്യണമേ. ഞങ്ങൾ യാതൊരു നാശത്തേയും പ്രാപിക്കാതിരിക്കട്ടെ. എപ്പോഴും ഞങ്ങൾക്കു മംഗളമുാകട്ടെ. ഞങ്ങൾ ചിരകാലം സൂര്യനെ ദർശിക്കുന്നവരാകട്ടെ.

**7. പുനർനോ അസും പൃഥിവീ ദദാതു പുനർദ്യൗർദേവീ പുനരന്തരിക്ഷം |**
**പുനർനഃ സോമസ്തന്വം ദദാതു പുനഃ പൂഷാ പഥ്യാം യാ സ്വസ്തിഃ ||**

ആകാശവും അന്തരീക്ഷവും ഞങ്ങൾക്ക് വീും പ്രാണനെ പ്രദാനം ചെയ്യട്ടെ. ഭൂമി ഞങ്ങളെ പുനർജീവിപ്പിക്കട്ടെ. സോമം ഞങ്ങളുടെ ദേഹത്തെ വീും നിർമ്മിക്കുകയും പൂഷാവ് ഞങ്ങൾക്ക് സർവ്വശ്രേഷ്ഠവും മംഗളദായകവുമായ വാണിയേയും പ്രദാനം ചെയ്യണേ. അതുവഴി ഞങ്ങൾ സ്വന്തം ഹിതങ്ങൾ സാധിക്കട്ടെ.

**8. ശം രോദസീ സുബന്ധവേ യഹ്വീ ഋതസ്യ മാതരാ |**
**ഭരതാമപ യദ്രപോ ദ്യൗഃ പൃഥിവീ ക്ഷമാ രപോ മോ ഷു തേ കിം ചനാമമത് ||**

മഹിമാമയികളായ ആകാശഭൂമികൾ സുബന്ധുവിനു മംഗളമരുളട്ടെ. സ്വർഗ്ഗലോകവും ഭൂലോകവും സകല അമംഗളങ്ങളേയും ആട്ടിപ്പായിക്കട്ടെ. ഹേ സുബന്ധു! അവർ നിങ്ങൾക്കഹിതരാകാതിരിക്കണേ.

**9. അവ ദ്വകേ അവ ത്രികാ ദിവശ്ചരന്തി ഭേഷജാ |**
**ക്ഷമാ ചരിഷ്ണ്വേകകം ഭരതാമപ യദ്രപോ ദ്യൗഃ |**
**പൃഥിവീ ക്ഷര രപോ മോ ഷു തേ ചനാമമത് ||**

സ്വർഗ്ഗത്തിൽ രുമൂന്നു ഔഷധികളു്. അവയിലൊന്ന് ഭൂമിയിൽ കറങ്ങുന്നു. ഈ ഔഷധികളെല്ലാം സുബന്ധുവിന്റെ പ്രാണനെ പുഷ്ടിപ്പെടുത്തട്ടെ. ആകാശവും ഭൂമിയും എല്ലാ അപശകുനങ്ങളേയും അകറ്റട്ടെ. അവർ സുബന്ധുവിന് യാതൊരഹിതവും ചെയ്യാതിരിക്കണേ.

**10. സമിന്ദ്രേരയ ഗാമനഡ്വാഹം യ ആവഹദുശീനരാണ്യാ അനഃ |**
**ഭരതാമപയദ്രപോ ദ്യൗഃ പൃഥിവി ക്ഷമാ രപോ മോ ഷു തേ കിം ചനാമമത് ||**

ഹേ ഇന്ദ്രാ! ഉശീനറാണിയുടെ വി വലിക്കുന്ന കാളകൾക്കു പ്രേരണനൽകിയാലും ആകാശഭൂമികൾ എല്ലാ അമംഗളങ്ങളും അകറ്റട്ടെ. സുബന്ധുവിന് അഹിതം ഉാകുവാനനുവദിക്കാതിരിക്കണേ.

## സൂക്തം 60

**ഋഷി ബന്ധു തുടങ്ങിയവർ അവരുടെ അമ്മ ദേവത അസമാതി ഇന്ദ്രൻ, ആഹ്വാനവും സ്പർശനവും ഛന്ദസ് അനുഷ്ടുപ്, പംക്തി, ഗായത്രി**

**1. ആ ജനം ത്വേഷസൻദൃശം മാഹീനാനാമുപസ്തം |**
**അഗൻമ ബിഭ്രതോ നമഃ ||**

വളരെ ഐശ്വര്യപൂർണ്ണമാണ് അസമാതി രാജാവിന്റെ രാജ്യം. ജ്ഞാനികൾ ആ രാജ്യത്തെ പ്രശംസിക്കുന്നു. ഞങ്ങൾ വിനീതഭാവരായി ആ ദേശത്തുന ചെന്നെത്തണേ.

**2. ാസമാതിം നിതോശനം ത്വേഷം നിയയിതം രഥം |**
**ഭജേരഥസ്യ സത്പതിം ||**

ശത്രുനാശകനായ അസമാതി രാജാവ്. മഹാതേജസ്വിയാകുന്നു. രഥാരൂഢനാകുമ്പോൾ അനേകം അഭിപ്രായങ്ങൾ സംസിദ്ധമാകുന്നതുപോലെ അസമാതി രാജാവിനെ സന്ദർശിക്കുമ്പോൾ അക്കാര്യം വ്യക്തമാകുന്നു. അവൻ ഭജേരഥ രാജാവിനെ കീഴമർത്തിയവനും പ്രജകളെ ശ്രേഷ്ഠമാംവണ്ണം പാലിക്കുന്നവനുമാകുന്നു.

**3. യോ ജനാൻമഹിഷാം ഇവാതിതസ്ഥൗ പവീരവാൻ |**
**ഉതാപവീരവാന്യുധാ ||**

വ്യാഘ്രങ്ങളേയും, കാട്ടുപോത്തുകളേയും സിംഹം കൊല്ലുന്നതുപോലെ പരാക്രമിയായ അസാമതി രാജാവ്, ഖഡ്ഗായുധനായി എതിരാളികളെ കൊല്ലുമായിരുന്നു. ഇക്കാര്യങ്ങൾ ആയുധങ്ങൾകൂടാതെയും അവൻ നിർവ്വചിച്ചിരുന്നു.

**4. യസ്യേക്ഷ്വാകുരുപ വ്രതേ രേവാൻമരായ്യേധതേ |**
**ദിവീവ പഞ്ച കൃഷ്ടയഃ ||**

ശത്രുനാശകനും; ഐശ്വര്യവാനുമായ ഇക്ഷ്വാകുവംശജനായ രാജാവ് രക്ഷാകർമ്മത്തിൽ പ്രസിദ്ധനാകുന്നു. അവന്റെ രക്ഷയിൽ വസിക്കുന്ന പഞ്ചജനം സ്വർഗ്ഗീയസുഖം പ്രാപിക്കട്ടെ.

**5. ഇന്ദ്ര ക്ഷത്രാസമാതിഷു രഥപ്രോഷ്ഠേഷു ധാരയ |**
**ദിവീവ സൂര്യ ദൃശേ ||**

ഹേ ഇന്ദ്രാ! എല്ലാവർക്കും ദർശനത്തിനായി ആദിത്യനെ നീ ആകാശത്തിൽ ഉയർത്തി പ്രതിഷ്ഠിച്ചിരിക്കുന്നതുപോലെ, രഥാരൂഢനായ അസമാതി രാജാവിനെ നിറുത്തിയാലും. അവന്റെ ആജ്ഞകളെ പാലിക്കുന്നവരായ വീരൻമാരെ അവനു പ്രാപ്തമാക്കിയാലും.

**6. അഗസ്ത്യസ്യ നദ്ഭ്യഃ സപ്തീ യുനക്ഷി രോഹിതാ |**
**പണീന്ന്യക്രമീരഭി വിശ്വാൻരാജന്ന രാധസഃ ||**

ഹേ രാജൻ! അഗസ്ത്യമഹർഷി ദേവകൾക്കുവേി നൽകിയ ര ു ചെങ്കുതിരകളെ രഥത്തിൽ പൂട്ടിയാലും. പിശുക്കൻമാരുടെമേലും അദാനികളുടെമേലും നീ വിജയം വരിച്ചാലും.

**7. അയം മാതായം പിതായം ജീവാതുരാഗതും |**
**ഇദം തവ പ്രസർപണം സുബന്ധേവേഹി നിരിഹി ||**

മാതാപിതാതുല്യനും പ്രാണദായകനുമായ ഔഷധീരൂപനുമായ അഗ്നി ഇവിടെ വന്നിരിക്കുന്നു. സുബന്ധു! നിന്റെ ദേഹം ഇവിടെതന്നെ ഉ്. നീ ഇതിൽതന്നെ പ്രവേശിക്കു.

**8. യഥാ യുഗം വരത്രയാ നഹ്യന്തി ധരുണായ കം |**
**ഏമാ ദാധാര തേ മനോ ജീവാതവേ മൃത്യവേഥോ അരിഷ്ടതാതയേ ||**

രഥം വലിയ്ക്കുന്നതിന് നുകത്തുകൾ കയർകൊു കെട്ടുന്നതു പോലെ അഗ്നി നിന്റെ മനസ്സിനെ നിയന്ത്രിച്ചിരിക്കുന്നു. അതിനാൽ നിന്റെ മൃത്യു നിന്നെ വിട്ടോടിപ്പോകും നീ ജീവനുള്ളവനായി മംഗളമായമായ രൂപത്തോടുകൂടി എഴുന്നേറ്റിരിക്കും.

**9. യഥേയം പൃഥിവീ മഹീ ദാധാരേമാന്വനസ്പതീൻ |**
**ഏവാ ദാധാര തേ മനോ ജീവാതവേ ന മൃത്യവേഥോ അരിഷ്ടതാതയേ ||**

ഈ മഹിമാമയിയായ പൃഥ്വി മഹാവൃക്ഷങ്ങളെ വഹിച്ചുകൊിരിക്കുന്നതുപോലെ ഈ അഗ്നി നിന്റെ മനസ്സിനേയും വഹിച്ചുകൊിരിക്കുന്നു. തൻമൂലം നിന്റെ മൃത്യു അകന്നു പോകുകയും നീ ജീവൻ ധരിച്ച് മംഗളമയരൂപനാകയും ചെയ്യു.

**10. യമാദഹം വൈവസ്വതാത്സു ബന്ധോർമന ആഭരം |**
**ജീവാതവേ ന മത്യുവേഥോ അരിഷ്ടതാതയേ ||**

സുബന്ധുവിന്റെ മനസ്സിനെ സൂര്യപുത്രനായ യമന്റെ അടുക്കൽ നിന്നും ഞാൻ അപഹരിച്ചു. അതിനാൽ അവന്റെ മരണം അകന്നുപോകും. അവൻ മംഗളരൂപം ധരിച്ച് ജീവൻ പ്രാപിക്കും.

**11. ന്യഗ്വാതോവവാതി ന്യക്തപതി സൂർയഃ |**
**നീചീനമധ്ന്യാ ദുഹേ ന്യഗ്ഭവതു തേ രപഃ ||**

സ്വർഗ്ഗത്തിനു താഴെ, അന്തരീക്ഷത്തിൽ വായു സഞ്ചരിക്കുന്നു. സൂര്യൻ താഴോട്ടു മുഖമാക്കി തപിക്കുന്നു. ഗോക്കളിലെ ക്ഷീരവും താഴേയ്ക്കു കാണപ്പെടുന്നു. ഹേ സുബന്ധു അപ്രകാരം തന്നെ നിന്റെ പാപം താഴോട്ടുപോകട്ടെ.

**12. അയം മേ ഹസ്തോ ഭഗവാനയം മേ ഭഗവത്തരഃ |**
**അയം മേ വിശ്വഭേഷജോയം ശിവാഭിമർശനഃ ||**

അത്യന്തം സൗഭാഗ്യശാലിയായ എന്റെ ഈ കരങ്ങൾ എല്ലാവർക്കും ഔഷധത്തിനു തുല്യമാകുന്നു. ഇതിന്റെ സ്പർശനം വഴിയായി എല്ലാ അമംഗളങ്ങളും അകന്നുപോകട്ടെ.

## അനുവാകം 5 സൂക്തം 61

**ഋഷി മനുപുത്രൻ നഭാനേ ദിഷ്ഠൻ ദേവത വിശ്വേദേവകൾ, ഛന്ദസ് ത്രിഷ്ടുപ്പ്**

**1. ഇദമിത്ഥാ രൗദ്രം ഗൂർതവാ ചാ ബ്രഹ്മ ക്രത്വാ ശച്യാമന്തരാജൗ |**
**ക്രാണാ യദസ്യ പിതരാ മംഹനേഷ്ഠാഃ പർഷത് പക്ഥേ അഹന്നാ സപ്ത ഹോതൄൻ ||**

നാഭാനേദിഷ്ഠന്റെ മാതാപിതാഭ്രാതാദികൾ അയാൾക്ക് യജ്ഞാംശം കൊടുത്തില്ല. അയാൾ രുദ്രനെ സ്തുതിക്കുവാൻ തുടങ്ങി. നാഭാനേഷ്ഠരുദ്രനെ സ്തുതിക്കുവാനായി അംഗിരസ്സുകളുടെ യജ്ഞത്തിൽ പോയി യജ്ഞത്തിന്റെ ആറാം ദിവസം അംഗിരസ്സുകൾ മറന്നുപോയിരുന്ന കാര്യം സപ്തഹോതാക്കളെ അറിയിക്കുകയും പിന്നീട് യജ്ഞം പൂർണ്ണമാക്കുകയും ചെയ്തു.

**2. സ ഇദ്ദാനായ ദഭ്യായ വന്വംച്യവാനഃ സുദൈരമിമീത വേദിം |**
**തുർവയാണോ ഗുതവചസ്തമഃ ക്ഷോദോ ന രേത ഇതഊതി സിഞ്ചത് ||**

സ്തോതാക്കൾക്കു ധനം ദാനം ചെയ്യുന്നതിനുവേി വേദിയിൽ പ്രതിഷ്ഠിതനായ രുദ്രൻ ശത്രുക്കളെ നശിപ്പിക്കുവാനുള്ള അസ്ത്രാദികളാൽ അരക്കരെ വീഴിച്ചു. ജലവൃഷ്ടിവഴിയായി മേഘം എപ്രകാരം തന്റെ സാമർത്ഥ്യം പ്രകടമാക്കിയോ അതേപ്രകാരം രുദ്രദേവൻ യജ്ഞത്തിലാഗതനായി ഉപദേശം നൽകിക്കൊ് തന്റെ സാമർത്ഥ്യത്തെ എല്ലാ ഭാഗങ്ങളിലും പ്രകാശിപ്പിക്കുന്നു.

**3. മനോ ന യേഷു ഹവനേഷു തിഗ്മം വിപഃ ശച്യാ വനുധോ ഭൂവന്താ |**
**ആ യഃ ശര്യാഭീസ്തുവിനൃമ്ണോ അസ്യാശ്രീണീതാ ദിശം ഗഭസ്തൗ ||**

ഹേ അശ്വിനികളേ! ഞാൻ യജ്ഞത്തിനു വേതെല്ലാം തയ്യാറാക്കിയിരിക്കുന്നു. എന്റെ വിരലുകൾ പിടിക്കുകയും ഹവ്യസാമഗ്രികളെ ഏകീകരിക്കുകയും ചെയ്തുകൊ് നിങ്ങൾക്കുവേി സോമം പാകപ്പെടുത്തുന്നു. നിങ്ങൾ ഈ അധ്വര്യുവിന്റെ അനുഷ്ഠാനങ്ങളുടെ ആരംഭം കുകൊ് അവന്റെ യജ്ഞത്തിൽ ശീഘ്രമായി വന്നുചേരണേ.

**4. കൃഷ്ണാ യദ്ഗോഷ്വരുണീഷു സീദദ്ദിവോ നപാതാശ്വിനാ ഹുവേ വാം |**
**വീതം മേ യജ്ഞമാഗതം മേ അന്നം വവന്വാം സാ നേ മസ്മൃതധ്രു ||**

ഹേ ആകാശത്തിന്റെ പുത്രരായ അശ്വിനികളേ! രാത്രിയുടെ അന്ധകാരം അകന്നുപോകുമ്പോൾ പ്രഭാതകാലത്തിന്റെ അരുണിമ ദൃഷ്ടിഗോചരമാകുന്നു. അപ്പോൾ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങൾ എന്റെ യജ്ഞത്തിലാഗതരായി ഹവിസ്സ് സ്വീകരിച്ചാലും. ഞങ്ങൾക്കഹിതം സംഭവിക്കാതിരിക്കുന്നതിനുവേി രശ്വങ്ങളെപ്പോലെ അതിനെ സേവിച്ചാലും.

**5. പ്രഥിഷ്ഠ യസ്യ വീരകർമമിഷ്ണ ദനുഷ്ഠിതം നു നര്യോ അപൗഹത് |**
**പുനസ്തദാ വൃഹതി യത്കനായാ ദുഹിതുരാ അനുഭൃതമനർവാ ||**

പ്രജനനത്തിൽ കർമ്മസമർത്ഥനായ പ്രജാപതിയുടെ ബലം പ്രവൃദ്ധമായിക്കഴിഞ്ഞപ്പോൾ അവൻ ലോകഹിതാർത്ഥം പ്രജകളെ ഉല്പാദിപ്പിച്ചു.

**6. മധ്യാ യത്കർതവമഭവദഭീകേ കാമം കൃണ്വാനേ പിതരി യുവത്യാം |**
**മനസാഗ്രോതാജഹതൂർവീയന്താ സാനൗ നിഷിക്ത**

**സുകൃതസ്യ യോനൗ ||**

പ്രജകളുടെ വൃദ്ധിക്കുവേി പ്രജാപതിയുടെ വീര്യത്തിന്റെ പതനശ്രേഷ്ഠവും ഉപയുക്തവുമായ സ്ഥാനത്തിൽ സംഭവിച്ചു.

**7. പിതാ യത്സ്വാം ദുഹിതരമധിഷ്കൻക്ഷ്മയാ രേതഃ സഞ്ജഗ്മാനോ നിഷിഞ്ചത |**
**സ്വാധ്യോജനയൻബ്രഹ്മാ ദേവാ വാസ്തോഷ്പതി വ്രതപാം നിരതക്ഷൻ ||**

പ്രജാപതിയുടെ വീര്യത്തിന്റെ സംയോഗം ഭൂമിയുമായി സംഭവിച്ചപ്പോൾ അതിന്റെ പ്രഭാവത്തെ സ്വീകരിച്ചദേവകൾ വാസ്തോഷ്പതിയേയും രുദ്രനേയും സൃഷ്ടിച്ചു.

**8. സ ഈം വൃഷാ ന ഫേനമസ്യദാജൗ സ്മദാ പര്യദപ ദഭ്രചേതാഃ |**
**സരത്പദാ ന ദക്ഷിണാം പരാവൃങ് ന താ നു മേ പൃശന്യോ ജഗൃഭ്രേ ||**

നമുചി കൊല്ലപ്പെട്ടപ്പോൾ ഇന്ദ്രൻ എപ്രകാരം പടക്കളത്തിലെത്തിയോ അതുപോലെതന്നെ വാസ്തോഷ്പതി എന്റെ അടുക്കൽ നിന്നും മാറിപ്പോയി അംഗിരസ്സുകൾ എനിക്കു ദക്ഷിണയായി ദാനം ചെയ്തിരുന്ന ആ ഗോക്കളെ അവൻ തള്ളിക്കളഞ്ഞു. സ്വീകാര്യയോഗ്യമായിരുന്നെങ്കിലും അവൻ ആ ഗോക്കളെ സ്വീകരിച്ചില്ല.

**9. മക്ഷ ന വഹ്നിഃ പ്രജായാ ഉപബ്ദിരഗ്നിം ന നഗ്ന ഉപ സീദദൂധഃ |**
**സനിതേധ്മം സനിതോത വാജം സ ധർതാ ജജ്ഞേ സഹസാ യവീയുത് ||**

രുദ്രനാൽ രക്ഷിതമായ ഈ യജ്ഞത്തിൽ പ്രജകളെ കഷ്ടപ്പെടുത്തുന്നവനും, തുല്യനായ അഗ്നിയെ ജ്വലിപ്പിക്കുന്നവനുമായ ദൈത്യന് വരുവാൻ കഴിഞ്ഞില്ല. ഈ യജ്ഞാഗ്നിയുടെ നേരെ നഗ്നനായ അസുരന് രാത്രിയിൽപോലും വരുവാനുള്ള കഴിവില്ല. യജ്ഞരക്ഷകനായ അഗ്നി വിറകുകളെ സ്വീകരിച്ചുകൊ് അന്നരൂപമായ ധനം വീതിച്ചുകൊടുത്തു. ആ അഗ്നിതന്നെ പ്രകടമായി അസുരൻമാരുമായി യുദ്ധം ചെയ്യുവാൻ തുടങ്ങും.

**10. മക്ഷൂകനായാഃ സഖ്യം നവഗ്വാ ഋതം വദന്ത ഋതയുക്തിമഗ്മൻ |**
**ദ്വിബർഹസോ യ ഉപ ഗോപമാഗുര ദക്ഷിണാസോ അച്യുതാ ദുദുക്ഷൻ ||**

ഒൻപതുമാസക്കാലംവരെ യജ്ഞം നടത്തിക്കൊ് അംഗിരസ്സുകൾ ഗോക്കളെ പ്രാപിച്ചു. അവർ ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങൾ ഉച്ചരിച്ചുകൊ് യജ്ഞത്തെ സമ്പൂർണ്ണമാക്കി. അവർ ഐഹിതവും പാരത്രികവുമായ സമൃദ്ധികളെ പ്രാപിക്കുകയും ഇന്ദ്രന്റെ സമീപത്ത് സ്ഥിതിചെയ്യുകയും ചെയ്തു. അവർ ദക്ഷിണകൂടാതെ തന്നെ യജ്ഞം വഴിയായി അമരഫലം പ്രാപിച്ചു.

**11. മക്ഷൂകനായാഃ സഖ്യം നവീയോ രാധോ ന രേത ഋതമിത്തുരണ്യൻ |**
**ശുചിയത്ത രേക്ണ ആജയന്ത സബർദുധായാഃ പയ ഉസ്രിയായാഃ ||**

അമൃതു പോലെയുള്ള പാലു തരുന്ന ഗോക്കളുടെ നറുംപാലിനെ അംഗിരസുകൾ യജ്ഞത്തിൽ നൽകിയപ്പോൾ ശ്രേഷ്ഠമായ സ്തുതികളാൽ നിത്യനൂതനമായ വൈഭവം പോലെ ജലവർഷം പ്രാപ്തമായി.

**12. പശ്വാ യത്പശ്ചാ വിയുതാ ബുധന്തേതി ബ്രവീതി വക്തരീ രരാണഃ |**
**വസോർവ കാരവോനേഹാ വിശ്വം വിവേഷ്ടി ദ്രവിണമുപ ക്ഷു ||**

യജ്ഞം നടത്തുന്നവരുടെ മേൽ ഇന്ദ്രന്റെ വലിയഅനുഗ്രഹം വസിക്കുന്നു. ആരുടെ മൃഗം കാണാതായിരിക്കുന്നുവോ, അവന്റെ ആ മൃഗത്തെ ഇന്ദ്രൻ അന്വേഷിച്ചു കുപിടിക്കുന്നു.

**13. തദിന്വസ്യ പരിഷദ്വാനോ അസ്മൻപുരു സദന്തോ നാർഷദം ബിഭിത്സൻ |**
**വി ശുഷ്ണസ്യ സംഗ്രഥിതമനർവാ വിദത്പുരു പ്രജാതസ്യ ഗുഹാ യത് ||**

അത്യന്തം വിസ്തീർണ്ണമായ ശുഷ്ണന്റെ മാർഗ്ഗത്തെ ഇന്ദ്രൻ കുപിടിച്ച് അവനെ കൊല്ലുകയും നൃദന്റെ പുത്രനെ കീറിപ്പിളർക്കുകയും ചെയ്തപ്പോൾ, അവന്റെ അനുചരൻമാർ അവന്റെ ചുറ്റിലും വന്നുചേർന്നു.

**14. ഭർഗോഹ നാമോത യസ്യ ദേവാ സ്വർണഃയേ ത്രിഷധസ്ഥേ നിഷേദുഃ |**
**അഗ്നിർ ഹ നാമോത ജാതവേദാഃ ശ്രുധീ നോ ഹോതർഋതസ്യ ഹോതാധ്രുക് ||**

യാതൊരു ദേവന്റെ പവിത്രമായ ദർഭമേൽ ദേവൻമാർ യജ്ഞത്തിൽ വിരാജിക്കുന്നു. വാ, അഗ്നി, ജാതവേദസ്സെന്നീ പേരുകളുള്ള ആ തേജസ്സ് പ്രസിദ്ധമാണ്. ഈ അഗ്നിയുടെ ഒരു തേജസ്സിനെ ജാതവേദസ്സെന്നു പറയുന്നു. ഹേ അഗ്നേ! നീ യജ്ഞസമ്പാദനകർത്താവും ഹോതാവുമാകുന്നു. ഞങ്ങളുടെ ആഹ്വാനം ശ്രവിച്ച് നീ ഞങ്ങളെ അനുഗ്രഹിക്കണേ.

**15. ഉതത്യാ മേ രൗദ്രാവർചിമന്താനാസത്യാവിന്ദ്രഗൂർതയേ യജധ്യൈ |**
**മനുഷ്വദ്വൃക്തബർഹിസേ രരാണാ മന്ദൂ ഹിതപ്രയസാ വീക്ഷു യജ്യൂ ||**

ഹേ ഇന്ദ്രാ! നാസത്യൻ മനുവിന്റെ യജ്ഞത്തിൽ ഹർഷത്തെ പ്രാപിച്ചതുപോലെ എന്റെ യജ്ഞത്തിലും ഹർഷിതരാകട്ടെ. ഞാൻ അവർക്കുവേിത്തന്നെ ദർഭവിരിച്ചിരിക്കുന്നു. അവർ യജ്ഞത്തെ സ്വീകരിച്ച് പ്രജകളെ ഐശ്വര്യവാൻമാരാക്കട്ടെ.

**16. അയം സ്തുതോ രാജാ വന്ദി വേധാ അപശ്ച വിപ്രസ്തരതി സ്വസേതുഃ |**
**ത കക്ഷീവന്തം രേജയത്സോ അഗ്നിം നേമി ചക്രമർവതോ രഘുദ്രു ||**

എല്ലാവരും സോമത്തെ സ്തുതിക്കുന്നതുപോലെ ഞങ്ങളും സ്തുതിക്കുന്നു. ഈ സേതുരൂപമായ സോമം കർമ്മങ്ങളിൽ കുശലനും, ശ്രേഷ്ഠനുമാകുന്നു. അവൻ ജലത്തെ അതിക്രമിക്കുന്നു. ദ്രുതഗാമികളായ അശ്വങ്ങൾ രഥചക്രങ്ങളെ ഉരുട്ടുന്നതുപോലെ ഇവൻ അഗ്നിയേയും ഇളക്കിവിടുന്നു.

**17. സ ദ്വിബന്ധുർവൈതരണോ യഷ്ടാ സബർധും ധേനുമസ്വം ദുഹധ്യൈ |**
**സം യൻമിത്രാവരുണാ**

**വ്യഞ്ജഉക്ഥൈർജ്യേഷ്ഠേരഭിര്യമണം വരൂഥൈഃ ||**

യജ്ഞകർത്താവായ അഗ്നി എല്ലാവരേയും മറുകരക്കെത്തിക്കുന്നു. എവൻ ഇഹലോകത്തിലും പരലോകത്തിലും ഹിതം നിറവേറ്റുന്നവനാകുന്നു. പയസ്വിനിയായ ഗോവ് പാൽ തരാതിരിക്കുമ്പോൾ അവൻ അവളെ ഗർഭവതിയാക്കി ദുഗ്ധപൂർണ്ണയാക്കുന്നു. ആ സമയം മിത്രാവരുണൻമാരേയും അര്യമാവിനേയും ശ്രേഷ്ഠങ്ങളായ സ്തുതികളാൽ പ്രസന്നരാക്കപ്പെടുന്നു.

**18. തദ്ബന്ധുഃ സൂരർദിവി തേ ധിയ ധാ നാഭാനേദിഷ്ഠോ രപതി പ്രവേനൻ |**

**സാ നോ നാഭിഃ പരമാസ്യ വാ ധാഹം തത്പശ്ചാ കതിഥശ്ചിദാസ ||**

ഹേ സൂര്യാ! നീ സ്വർഗ്ഗത്തിൽ വസിക്കുന്നു. നിന്റെ സഹോദരൻമാർ നാഭാനേദിഷ്ഠനായ ഞാൻ നിന്നെ സ്തുതിക്കുന്നു. ഞാൻ ഗോക്കളെ ആഗ്രഹിക്കുന്നു. സ്വർഗ്ഗലോകം എന്റെയും സൂര്യന്റേയും ജൻമസ്ഥാനമാകുന്നു.

**19. ഇയം മേ നാഭിരിഹമേ സധസ്ഥമിമേ ദേവാ അയമസ്മി സർവഃ |**

**ദ്വിജാ അഹ പ്രഥമജാ ഋതസ്യേദം ദേനുരദുഹജ്ജായമാനാ ||**

ഞാൻ സ്വർഗ്ഗത്തിൽ വസിക്കുന്നു. എന്റെ ജൻമസ്ഥാനം ഇതുതന്നെ. ദേവൻമാരെല്ലാം എന്റെ ആത്മസുഹൃത്താണ്. സത്യസ്വരൂപനായ ബ്രഹ്മാവ് ദ്വിജൻമാരെ ആദ്യമായി സൃഷ്ടിച്ചു. യജ്ഞസ്വരൂപിണിയായ ധേനു ഇവരെയെല്ലാത്തിനേയും സൃഷ്ടിച്ചു.

**20. അധാസു മന്ദ്രോ അരതിർവിഭാവവ സ്യതി ദ്വിവർത നിർവനേഷാട് |**

**ഊർധ്വ യച്ഛ്രേണിർന ശിശുർദൻമക്ഷൂസ്ഥിര ശവ്യധം സൂത മാതാ ||**

അഗ്നി സ്വന്തം സ്ഥാനത്തെ സുഖപൂർവ്വം സ്വീകരിക്കുന്നു. ഈ തേജസ്വിയായ അഗ്നി വിറകുകളിൽക്കൂടി തന്റെ ജ്വാലകളെ ഉന്നതമാക്കുന്നു. ഇവൻ ഈ ലോകത്തിലും പരലോകത്തിലും സഹായം നൽകുന്നവനും സ്തുതിക്കപ്പെടുവാൻ യോഗ്യനുമാകുന്നു. അരണിരൂപകളായ മാതാക്കൾ സുഖമയനായ ഈ അഗ്നിയെ ഉല്പാദിപ്പിക്കുന്നു.

**21. അധാ ഗാവ ഉപമാതിംകനായാ അനു ശ്വാന്തസ്യ കസ്യ ചിത്പരേയുഃ |**

**ശ്രുധി ത്വം സുദ്രവിണോ നസ്ത്വം യാശാശ്വധ്നസ്യ വാവൃധേ സൂനൃതാഭിഃ ||**

നാമാനേദിഷ്ഠനായ ഞാൻ ശ്രേഷ്ഠമായ സ്തുതികളുച്ചരിച്ചുകൊ് ശാന്തിയെ പ്രാപിക്കുന്നു. എന്റെ സ്തോത്രങ്ങൾ ഇന്ദ്രനെ പ്രാപിച്ചിരിക്കുന്നു. ഹേ അഗ്നേ! ഈ ഇന്ദ്രനുവേി യജ്ഞം നടത്തിയാലും. ഞാൻ അശ്വമേധകർത്താവായ മനുവിന്റെ പുത്രനാകുന്നു. നീ എന്റെ സ്തോത്രങ്ങൾ വഴി വൃദ്ധിയെ പ്രാപിച്ചാലും.

**2. അധ ത്വമിന്ദ്ര വിദ്ധയ സ്മാൻമഹോ രായേ നൃപതേ വജ്രബാഹുഃ |**

**രക്ഷാ ച നോ മഘോനഃപാഹിസൂരിനനേഹസസ്തേ**

**ഹരിവോ അഭിഷ്ടോ ||**

ഹേ വജ്രായുധാ! നീ ഞങ്ങളുടെ ധനാശയെ അറിയേണമേ. ഞങ്ങൾ നിനക്ക് ഹവിസ്സ് സമർപ്പിച്ചുകൊ് നിന്നെ സ്തുതിക്കുന്നു. നീ എല്ലാപ്രകാരത്തിലും ഞങ്ങളെ രക്ഷിക്കേണമേ. ഹരിതാശ്വനായ ഇന്ദ്രാ! ഞങ്ങൾ നിന്റെ ആശ്രയത്തെ പ്രാപിക്കട്ടെ. ഞങ്ങൾ പാപരഹിതരാകട്ടെ.

**23. അധ യദ്രാജാനാ ഗവിഷ്ഠൗ സതത്സരണ്യഃ കാരവേ ജരണ്യുഃ |**

**വിപ്രഃ പ്രേഷ്ഠഃ സഹ്യേഷാം ബഭൂവ പരാ ച വക്ഷദുത പർഷദേനാൻ ||**

ഗോക്കളെ കിട്ടണമെന്ന വാഞ്ചയോടുകൂടി അംഗിരസ്സുകൾ യജ്ഞം നടത്തിയിരുന്നിടത്തേയ്ക്ക് സർവ്വജ്ഞാനിയായ നാഭാനേദിഷ്ഠൻ സ്തുതിച്ചുകൊ് ചെന്നു. ഹേ മിത്രാവരുണൻമാരേ! ഞാൻ സ്തുതികളോ ടുകൂടി യജ്ഞം പൂർണ്ണമാക്കി. അതിനാൽ എന്റെമേൽ അത്യധികം പ്രസാദിക്കണേ.

**24. അധാ ന്വസ്യ ജേന്യസ്യ പഷ്ഠൗ വൃഥാ രേഭന്ത ഈമഹേ തദൂനു |**

**സരണ്യുരസ്യ സൂനരശ്വാ വിപ്രശ്ചാസിശ്രവ സശ്ച സാതൗ ||**

ഗോക്കളെ പ്രാപിക്കുവാനുള്ള ആശയോടുകൂടി സ്തുതിച്ചുകൊ് ഞങ്ങൾ അജയ്യനായ വരുണന്റെ അടുത്ത് വരുന്നു. ആ വരുണന്റെ പുത്രരാണല്ലോ ദ്രുതഗാമികളായ അശ്വങ്ങൾ, ഹേ അന്നദാതാവായ വരുണാ! നീ ജ്ഞാനിയാണല്ലോ. നീ പൂജ്യനും അന്നം നൽകുന്നവനുമാണ്.

**25. യുവോര്യദി സഖ്യായാസ്മേ ശർധായ സ്തോമം ജുജുഷേ നമസ്വാൻ |**

**വിശ്വത്ര യസ്മിന്നാ ഗിരഃ സമീചിഃ പൂർവീവ ഗാതുർദാശത്സൂനൃതായൈ ||**

ഹേ മിത്രാവരുണൻമാരേ! ഋത്വിക്കുകൾ നിങ്ങളെ സ്തുതിക്കുന്നു. നിങ്ങളുടെ മൈത്രി അത്യന്തം ഹിതകാരിയാകുന്നു. ഞങ്ങൾ നിങ്ങളുടെ സ്നേഹത്തെ പ്രാപിക്കുമ്പോൾ എല്ലാഭാഗങ്ങളിൽനിന്നും സ്തുതിക്കപ്പെടും. നേരത്തെ അറിയപ്പെടുന്ന മാർഗ്ഗം കല്യാണ പ്രദമാകുന്നു. അതുപോലെ നിങ്ങളുടെ മൈത്രി ഞങ്ങളുടെ സ്തുതികളെ മംഗളമയികളാക്കട്ടെ. നിങ്ങൾ ഞങ്ങളുടെ മേൽ കൃപയുള്ളവരാകണമേ.

**26. സ ഗൃണാനോ അദ്ഭിർദേവവാനിതി സുബന്ധുർനമസാ സൂക്തൈഃ |**

**വർദദുക്ഥൈർവചോഭിരാ ഹി നൂനാ വ്യധ്വൈതി പയസ ഉസ്രിയായാഃ ||**

വരുണൻ ഞങ്ങളുടെ ഉറ്റമിത്രമാകുന്നു. അവൻ ഞങ്ങളുടെ ശ്രേഷ്ഠമായ സ്തുതികളാലും നമസ്കാരങ്ങളാലും വളരട്ടെ. പയസ്വിനികളായ ധേനുവിന്റെ ക്ഷീരധാരകൾ വരുണന്റെ യശസ്സിനുവേി ഒഴുകട്ടെ.

**27. ത ഊ ഷു ണോ മഹോ യജത്രാ ധൂത ദേവാസ ഊതയേ സജോഷാഃ |**

**യേ വാജാം അനയതാ വിയന്തോ യേസ്ഥാ നിചേതാരോ അമൂരാഃ ||**

ഹേ ദേവഗണമേ! നിങ്ങൾ ഞങ്ങളുടെ രക്ഷയ്ക്കുവേ തുല്യമനസ്തിതരാകുവിൻ. നിങ്ങൾ ഞങ്ങളുടെ യജ്ഞത്തിൽ സോമപാനത്തിനധികാരികളാണല്ലോ. ഹേ അംഗിരസ്സുകളേ! നിങ്ങൾ എനിക്ക് അന്നം പ്രദാനം ചെയ്തിരിക്കുന്നു. ഞങ്ങളുടെ ഈ യജ്ഞത്തിൽ നിങ്ങൾ ഗോരൂപത്തിൽ നിറഞ്ഞ ദുഗ്ധം കിട്ടുമാറാകണം.

## അദ്ധ്യായം 2

## സൂക്തം 62

**ഋഷി നാഭാനേദിഷ്ഠൻ ദേവത അംഗിരസ്സ്, വിശ്വേദേവൻമാർ, സാവർണ്ണിക മഹാരാജാവിന്റെ ദാനം, ഛന്ദസ് ജഗതി, അനുഷ്ടുപ്, ബൃഹതി, സതോബൃഹതി, ഗായത്രി, ത്രിഷ്ടുപ്.**

**1. യേ യജ്ഞേന ദക്ഷിണയാ സമക്താ ഇന്ദ്രസ്യ സഖ്യമമൃതത്വമാനശ |**
**തേഭ്യോ ഭദ്രമങ്ഗിരസോ വോ അസ്തു പ്രതി ഗൃമ്ണീത മാനവം സുമേധസഃ ||**

ഹേ അംഗിരസ്സുകളേ! നിങ്ങൾ ഹവ്യാദികളോടുകൂടി ഇന്ദ്രന്റെ മൈത്രിയും അമരത്വവും പ്രാപിച്ചിരിക്കുന്നു. നിങ്ങൾക്കു മംഗളമുാകട്ടെ. മനുപുത്രനായ എനിക്ക് നിങ്ങൾ ആശ്രയം നൽകുവിൻ. ഞാൻ വഴിപോലെ യജ്ഞാനുഷ്ഠാനങ്ങളിൽ വ്യാപൃതനാകും.

**2. യ ഉദാജൻപിതരൗ ഗോമയം വിസ്തൃതേനാഭിന്ദൻ പരിവത്സരേ ബലം |**
**ദീർഘായുത്വമംഗിരസോ വോ അസ്തു പ്രതി ഗൃമ്ണീത മാനവം സുമേധസഃ ||**

ഹേ അംഗിരസ്സുകളേ! നിങ്ങൾ ഞങ്ങൾക്ക് പിതൃതുല്യരാകുന്നു. അപഹരിക്കപ്പെട്ട ഗോക്കളെ നിങ്ങളാണല്ലോ തിരിച്ചുകൊ ുവന്നത്. നിങ്ങൾ ഒരു സംവത്സരക്കാലം യജ്ഞം നടത്തുകയും ബലാസുരനെ നശിപ്പിക്കുകയും ചെയ്തു. ദീർഘായുസ്സ് പ്രാപിച്ച നിങ്ങൾ മനുപുത്രനായ എനിയ്ക്ക് ആശ്രയം നൽകുവിൻ.

**3. യ ഋതേമ സൂര്യമാരോഹയൻ ദിവ്യപ്രഥയൻ പൃഥിവീം മാതരം വി |**
**സുപ്തസ്ത്വമംഗിരസോ വോ അസ്തു പ്രതി ഗൃഭ്ണീതമാനവം സുമേധസഃ ||**

നിങ്ങൾ സത്യസ്വരൂപമായ യജ്ഞത്തിൽക്കൂടി സൂര്യനെ ആകാശത്തിൽ പ്രതിഷ്ഠിക്കുകയും എല്ലാത്തിന്റേയും രചയിതാവായ പൃഥ്വിയെ പൂർണ്ണമാക്കുകയും ചെയ്തു. നിങ്ങൾ സന്താനസമ്പന്നരായാലും, മനുപുത്രനായ എനിക്ക് നിങ്ങളാശ്രയം നൽകുവിൻ. ഞാൻ വഴിയാംവണ്ണം അനുഷ്ഠാനാദി ശ്രേഷ്ഠകർമ്മങ്ങൾ നടത്താം.

**4. അയം നാഭാ വദതി വൽഗു വോ ഗൃഹേ ദേവപുത്രാ ഋഷയസ്തച്ഛ്റണോതന |**
**സുബ്രഹ്മണ്യമംഗിരസോ വോ അസ്തു പ്രതി ഗൃഭ്ണീത മാനവം സുമേധസഃ ||**

ഹേ അംഗിരസ്സുകളേ! ഈ നാഭാനേദിഷ്ഠൻ നിങ്ങളുടെ യജ്ഞത്തിൽ ശ്രേഷ്ഠമായി സ്തുതിക്കുന്നു. നിങ്ങൾ എന്റെ കാര്യങ്ങൾ ശ്രവിക്കുകയും ശ്രേഷ്ഠമായ ബ്രഹ്മതേജസ്സിനെ പ്രാപിക്കുകയും ചെയ്യുവിൻ. മനുപുത്രനായ എനിക്കു നിങ്ങൾ ആശ്രയം നൽകുവിൻ. ഞാൻ ശരിയാംവണ്ണം യജ്ഞാദി കർമ്മങ്ങൾ നടത്താം.

**5. വിരൂപാസ ഇദൃഷയസ്ത ഇദ്ഗമ്ഭീരവേപസഃ |**
**തേ അംഗിരസഃ സൂനവസ്തേ അഗ്നേഃ പരി ജജ്ഞിരേ ||**

ഈ അംഗിരസ്സുകൾ വിവിധരൂപരും, ശ്രേഷ്കർമ്മാക്കളുമാകുന്നു. ഈ അഗ്നിപുത്രൻമാർ എല്ലായിടങ്ങളിലും പ്രകടരാകുന്നു.

**6. യേ അഗ്നേഃ പരി ജജ്ഞിരേ വിരൂപാസോ ദിവസ്പരി |**
**നവഗ്വോ നു ദശഗ്വോ അങ്ഗിരസ്തമഃ സചാ ദേവേഷു മംഹതേ ||**

വിഭിന്നരൂപരായ ഈ അംഗിരസ്സുകൾ അഗ്നിവഴി ആകാശത്തിന്റെ എല്ലാഭാഗങ്ങളിലും ജനിച്ചു. അവരിൽ ചിലർ ഒൻപതുമാസം വരെയും ചിലർ പത്തുമാസംവരെയും യജ്ഞമനുഷ്ഠിച്ചു. തൻമൂലം അവർക്ക് ശ്രേഷ്ഠമായ ഗോധന പ്രാപ്തിയുായി. ഈ അംഗിരസ്സുകൾ ദേവകളോടുകൂടി വസിക്കുന്നു. ഇവരിൽ ശ്രേഷ്ഠനായ അംഗിരസ്സ് എനിക്കു ധനം പ്രദാനം ചെ യ്യട്ടെ.

**7. ഇന്ദ്രേണ യുജാനിഃ സൃജന്ത വാധതോ വ്രജ ഗോമന്ത മശ്വിനം |**
**സഹസ്രം മേ ദദതോ അഷ്ടകർണ്യഃ ശ്രവോ ദേവേഷ്വക്രത ||**

കർമ്മവാൻമാരായ അംഗിരസ്സുകൾ ഇന്ദ്രന്റെ സഹയോഗത്തോടുകൂടി ഗോക്കളും, അശ്വങ്ങളുള്ള സ്ഥാനം കത്തെി. ആ ദീർഘശ്രവണൻമാരായ അംഗിരസ്സുകൾ ഒരായിരം ഗോക്കളെ എനിക്ക് ദാനം ചെയ്യുകയും ദേവകൾക്ക് യജ്ഞാത്മകമായ ഒരശ്വത്തെ നൽകുകയും ചെയ്തു.

**8. പ്ര നൂനം ജായതാമയം മനസ്തോക്വേ രോഹതു |**
**യഃ സഹസ്രം ശതാശ്വം സദ്യോദാനായ മംഹതേ ||**

ജലം തെളിച്ചാൽ ബീജം മുളച്ചുവരുന്നു. അതുപോലെ സാവർണ്ണിക മനു കർമ്മങ്ങളുടെ ഫലമായി വൃദ്ധിയെ പ്രാപിച്ചു. ആ മനു ഇപ്പോൾ നൂറശ്വങ്ങളേയും ദാനം എനിക്ക് തന്നുവല്ലോ.

**9. ന തമേശ്നാതി കശ്ചന ദിവ ഇവ സാന്വാരഭം |**
**സാവർണ്യസ്യ ദക്ഷിണാ വി സിന്ധുരിവ പപ്രഥേ ||**

മനുവിനുതുല്യം ദാതാവായി യാതൊരുത്തനും ഇല്ല. അവൻ സ്വർഗ്ഗതുല്യം ഉന്നതമായ ഭാവനാസമ്പന്നനാകുന്നു. ആ സാവർണ്ണിമനുവിന്റെ ദാനം ഒരു നദിക്കു തുല്യം ഗംഭീരവും വിശാലവുമാകുന്നു.

**10. ഉത ദാസാ പരിവിഷേ സ്മദ്ദിഷ്ടീ ഗോപരീണസാ യദുസ്തുർവംശ്വ മാമഹേ ||**

യദു, തുർവ്വശൻ എന്ന രാജർഷിമാർ ഗോസമ്പന്നരും എപ്പോഴും നല്ലതുതന്നെ പ്രവർത്തിക്കുന്നവരുമാണ്. അവർ മനുവിന് പാൽ ചേർന്ന ഭക്ഷണത്തിനും വേി ഗോക്കളെ ദാനം ചെയ്യുന്നു.

**11. സഹസ്രദാ ഗ്രാമണീർമാ രിഷൻമനുഃ സൂര്യേണാസ്യ യതമാനൈതു ദക്ഷിണാ |**
**സാവർണേർദേവാഃ പ്രതിരന്ത്വാള യുർയസ്മിന്നശ്രാന്താ അസനാമ വാജം ||**

മനുഷ്യരുടെ നേതാവായ മനു ആയിരം ഗോക്കളെ ദാനം ചെയ്യുന്നവനാകുന്നു. അവയെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല. ദേവകൾ അവന്റെ ആയുസ്സിനെ വർദ്ധിപ്പിച്ച് അവന്റെ ദക്ഷിണയെ സൂര്യലോകത്തും, സകലലോകങ്ങളിലും വിഖ്യാതമാക്കട്ടെ. ഈ

അനന്തകർമ്മാവിൽ നിന്നും ഞങ്ങൾ അന്നം പ്രാപിക്കട്ടെ.

## സൂക്തം 63

**ഋഷി പ്ലതിയുടെ പുത്രൻ ഗയൻ ദേവത വിശ്വേദേവകൾ, പഥ്യാ സ്വസ്തി ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. പരാവതോ യേ ദിധിഷന്ത ആപ്യം മനുപ്രീതാസോ ജനിമാ വിവസ്വതഃ |**
**യയാതേർയേ നഹുഷ്യസ്യ ബർഹിഷി ദേവാ ആസതേതേ അധി ബ്രുവന്തു നഃ ||**

ദൂരലോകത്തിൽ നിന്നും ആഗതരായ യാതൊരു ദേവകൾ മനുഷ്യരുമായി സഖ്യഭാവം സ്ഥാപിക്കുന്നുവോ, പ്രസന്നരായ യാതൊരു ദേവൻമാർ വിവസ്വാന്റെ പുത്രനായ മനുവിന്റെ സന്താനങ്ങളെ പോഷിപ്പിക്കുന്നുവോ, യാതൊരുത്തൻ നഹുഷപുത്രനായ യയാതിയുടെ യജ്ഞത്തിൽ പൂജിക്കപ്പെടുന്നുവോ, അവർ ഞങ്ങൾക്ക് ധനാദികളായ ഐശ്വര്യങ്ങൾ ദാനം ചെയ്യുകയും, ഞങ്ങളുടെ വിഭൂതികളെ വളർത്തുകയും ചെയ്യട്ടെ.

**2. വിശ്വാ ഹി വോ നമസ്യാനി വന്ദ്യാ നാമാനി ദേവാ ഉത യജ്ഞിയാനി വഃ |**
**യേ സ്ഥജാതാ അദിതേരദ്ഭ്യ സ്പരിയേ പൃഥിവ്യാസ്തേ ഇഹ ശ്രുതാ ഹവം ||**

ഹേ ദേവകളേ! നിങ്ങളുടെ എല്ലാരൂപങ്ങളും സമനയോഗ്യവും, സ്തുത്യർഹവും യജ്ഞയോഗ്യവുമാകുന്നു. അദിതിയും, ജലവും ഭൂമിയിൽ കാണപ്പെടുന്ന സകലദേവകളും എന്റെ സ്തുതികളെ ശ്രവിക്കട്ടെ.

**3. യേഭ്യോ മാതാ മധുമത്പിന്വതേ പയഃ പീയൂഷം ദ്യൂരദിതിരദ്രീവർഹാഃ |**
**മൃക്ഥശുഷ്മാൻ വൃഷഭരാന്ത് സ്വപ്നസസ്താം ആദിത്യാം അനു മദാ സ്വസ്തയേ ||**

പൃഥ്വി എല്ലാത്തിന്റെയും രചയിത്രിയും മധുരരസം ഒഴുക്കുന്നവളുമാകുന്നു. മേഘയുക്തമായ ആകാശം ആർക്കുവേി അമൃതരൂപമായ ജലത്തെ വഹിക്കുന്നുവോ ആ എല്ലാ ആദിത്യൻമാരേയും സ്തുതിച്ചുകൊ് നൻമയെ പ്രാപിക്കുവിൻ. ഈ ആദിത്യൻമാരുടെ ബലം സ്തുതിക്കപ്പെടുന്നു. അവരുടെ കർമ്മങ്ങൾ അത്യന്തം ശ്രേഷ്ഠമാകുന്നു. അവർ ജലവൃഷ്ടി കൊവരുന്നവരാകുന്നു.

**4. നൃചക്ഷസോ അനിമിഷന്തോ അർഹണാ ബൃഹദ് ദേവാസോ അമൃതത്വമാനശുഃ |**
**ജ്യോതീരഥാ അഹിമായാ അനാഗസോ ദിവോ വർഷ്മാണം വസതേ സ്വസ്തയേ ||**

കണ്ണിമവെട്ടാതെ മനുഷ്യരെ നോക്കിക്കൊിരിക്കുന്ന ദേവകൾ പൂജിക്കപ്പെടാൻവേി അമൃതത്വം പ്രാപിച്ചിരിക്കുന്നു. അവരുടെ രഥം മിന്നിത്തിളങ്ങുന്നു. നിഷ്പാപരായ അവർ മനുഷ്യർക്കു മംഗളമരുളുന്നതിനായി ഉന്നതലോകത്തിൽ വസിക്കുന്നു. അവരുടെ കർമ്മങ്ങളെ ആർക്കും തടയുവാൻ സാധിക്കുന്നില്ല.

**5. സമ്രാജോ യേ സുവൃധോ യജ്ഞമായയുരപരിഹ്വതാ ദധിരേ ദിവി ക്ഷയം |**
**താം ആ വിവാസ നമസാ സുവൃക്തിഭിർ മഹോ ആദിത്യാം അദിതിം സ്വസ്തയേ ||**

യജ്ഞങ്ങളിലാഗതരാകുന്ന ദേവകൾ ശ്രേഷ്ഠമായ രീതിയിൽ വളർന്ന്, സ്വന്തം തേജസ്സിൽ പ്രതിഷ്ഠിതരാകുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്നവരായ ദേവകളേയും അദിതിയേയും സ്വസ്തിക്കായി ഹവിസ്സുകൊ് സേവിപ്പിൻ. അവർക്ക് നമസ്കാരവും സ്തുതിയും ചൊല്ലുവിൻ. വിവിധ രീതിയിൽ അവരെ സേവിക്കുവിൻ.

**6. കോ വഃ സ്തോമം രാധതി യം ജൂജോ ഷഥ വിശ്വേ ദേവസോ മനുഷോ യതി ഷ്ഠന |**
**കോ വോധ്വരം തുവിജാതാ അരം കരദ്യോ നഃ പർഷദത്യംഹഃ സ്വസ്തയേ ||**

ഹേ സർവജ്ഞരായ വിശ്വേദേവകളേ! എല്ലാരും സ്തുതിക്കത്തക്കവണ്ണം നിങ്ങളെ സ്തുതിക്കാനാരു്? ഞാൻ സ്തുതിക്കുന്നതുപോലെ മറ്റാർക്കും നിങ്ങളെ സ്തുതിക്കുവാൻ സാധ്യമല്ല. കല്യാണപ്രദവും, പാപങ്ങളിൽ നിന്നും രക്ഷിക്കുന്നതുമായ യജ്ഞം ശ്രേഷ്ഠമായ വിധം നടത്തുവാൻ എനിക്കല്ലാതെ മറ്റാർക്കു കഴിയും?

**7. യേഭ്യോ ഹോത്രാം പ്രഥമാമായേജേ മനുഃ സമിദ്ധാഗ്നിർമനസാ സപ്ത ഹോതൃഭിഃ |**
**ത ആദിത്യാ അഭയം ശർമ യഛത സുഗാ നഃ കർത സുപഥാ സ്വസ്തയേ ||**

ശ്രദ്ധാപൂർണ്ണമനസ്ക്കനായ മനു അഗ്നിയെ പ്രോജ്ജ്വലിപ്പിക്കുകയും സപ്തഹോതാക്കളോടുകൂടി ദേവൻമാർക്ക് ഹവനയോഗ്യമായ വസ്തുക്കൾ അർപ്പിക്കുകയും ചെയ്തു. ആ ദേവൻമാരെല്ലാം ഞങ്ങളുടെ ഭയങ്ങളെ അകറ്റുമാറാകട്ടെ. ഞങ്ങളുടെ എല്ലാ കർമ്മങ്ങളേയും ലഘൂകരിച്ചുകൊ് മംഗളം നൽകട്ടെ.

**8. യ ഈശിരേ ഭുവനസ്യ പ്രചേതസോ വിശ്വസ്യ സ്ഥാതുർജഗതശ്ച മന്തവഃ |**
**തേ നഃ കൃതാദകൃതാദേനസസ്പര്യദ്യാ ദേവാസഃ പിപൃതാ സ്വസ്തയേ ||**

ചരാചരജഗത്തിന്റെ ഈശ്വരൻമാരായ ദേവഗണം മേധാവികളും എല്ലാമറിയുന്നവരുമാകുന്നു. ഹേ ലോകപാലകരായ ദേവൻമാരേ! നിങ്ങൾ ഞങ്ങളെ ഭൂതകാലത്തിലേയും ഭാവികാലത്തിലേയും പാപങ്ങളിൽനിന്നും രക്ഷിക്കേണമേ, നിങ്ങൾ കല്യാണദായകരാകേണമേ.

**9. ഭരേഷ്വിന്ദ്രം സുഹവം ഹവാമഹേംഹോം മുചം സുകൃതം ദൈവ്യം ജനം |**
**അഗ്നിം മിത്രം വരുണം സാതയേ ഭഗം ദ്യാവാപൃഥിവീ മരുതഃ സ്വസ്തയേ ||**

ഞങ്ങൾ ഈ യജ്ഞത്തിൽ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്നു. അവനെ വിളിക്കുന്നത് മംഗളജനകമാണല്ലോ. ഞങ്ങൾ ദേവഗണത്തെ ആഹ്വാനം ചെയ്യുന്നു. അവർ ശ്രേഷ്ഠകർമ്മാക്കളും പാപനാശകരുമാണല്ലോ. അഗ്നി, മിത്രൻ, വരുണൻ, ഭഗൻ, ആകാശം, ഭൂമി, മരുത്തുക്കൾ എന്നിവരേയും ധനപ്രാപ്തിക്കും നൻമക്കും വേി ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

**10. സുത്രാമാണ പൃഥിവീ ഹ്യാമനേഹസം സുശർമാണ മദിതി സുപ്രണീതിം |**
**ദൈവീം നാവം സ്വരിത്രാമനാഗസമസ്രവന്തീമാ രുഹേമാ സ്വസ്തയേ ||**

ആകാശരൂപിണിയും മംഗലമയിയുമായ തോണിയിൽ

ആരൂഢരായി. ഞങ്ങൾ ദേവത്വം പ്രാപിക്കട്ടെ. ഈ തോണിയിൽ കയറുന്നതിനാൽ അരക്ഷയുടെ യാതൊരു ഭയവും അവശേഷിക്കുന്നില്ല. അതിൽ കയറുന്നതുകൊ് മഹത്തായ ആനന്ദപ്രാപ്തിയുാകുന്നു. ഈ അക്ഷയമായ തോണി സുവിസ്തീർണ്ണമാകണേ. ഇത് ശ്രേഷ്ഠകർമ്മിണിയും, സുദൃഢയുമാകണേ. ഇവൾ പാപരഹിതയും ഒരിക്കലും നശിക്കാത്തവളുമാകണേ.

**11. വിശ്വേ യജത്രാ അധി വോചതോതയേ ത്രായധ്വം നോ ദുരേവായാ അഭിഹ്രുതഃ |**
**സത്യയാ വോ ദേവഹൂത്യാ ഹുവേമ ശൃണ്വതോ ദേവാ അവസേ സ്വസ്തയേ ||**

ഹേ ദേവകളേ! നിങ്ങൾ യജ്ഞയോഗ്യരാകുന്നു. ഞങ്ങൾ രക്ഷയുടെ ആശ്വാസം പ്രദാനം ചെയ്താലും. നാശത്തിന്റെ ദുർഗ്ഗതിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണേ. ഞങ്ങൾ ശ്രേഷ്ഠമായ ഈ യജ്ഞം ആരംഭിച്ചുകൊ് നിങ്ങളെ വിളിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ആഹ്വാനം ശ്രവിച്ച് ഞങ്ങൾക്കു മംഗളമരുളിയാലും.

**12. ആപാമീവാമപ വിശ്വാമനാഹുതിമപാരാതിർ ദുർവിദത്രാഭഘായതഃ |**
**ആരേ ദേവാ ദ്വേഷോ അസ്മദ്യുയോതനോരുണ ശർമ യച്ഛതാ സ്വസ്തയേ ||**

ഹേ ദേവകളേ! ഞങ്ങളുടെ പാപബുദ്ധിയെ നശിപ്പിക്കണേ. ഞങ്ങളുടെ ബുദ്ധിദാനം വിമുഖമാകാതിരിക്കണേ. നിങ്ങൾ ഞങ്ങളുടെ ശത്രുക്കളെ ഞങ്ങളിൽനിന്നും അകറ്റേണമേ. അവരുടെ ദുഷ്ടബുദ്ധിയെ നശിപ്പിക്കേണമേ. ഞങ്ങൾക്ക് നൻമയും സുഖയും പ്രദാനം ചെയ്യണേ.

**13. അരിഷ്ടഃ സമർതോ വിശ്വ ഏധതേ പ്ര പ്രജാഭിർജായതേ ധർമണസ്പരി |**
**യമാദിത്യാസോ നയഥാ സുനീതിഭിരതി വിശ്വാനി ദുരിതാ സ്വസ്തയേ ||**

ഹേ ദേവകളേ! നിങ്ങൾ അദിതിപുത്രരാണല്ലോ. നിങ്ങൾ ആരെ ശ്രേഷ്ഠമായ മാർഗ്ഗത്തിൽക്കൂടി നടത്തി നൻമയുടെ നേരെ കൊുപോകുകയും, പാപങ്ങളിൽ നിന്നു വിടർത്തുകയും, ചെയ്യുന്നുവോ, ആ മനുഷ്യൻ ബുദ്ധിമാനാകുന്നു. അവന്റെ വംശം വൃദ്ധിയെ പ്രാപിക്കുന്നു. ധർമ്മകർമ്മാവായ ആ മനുഷ്യനെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല.

**14. യം ദേവാസോ വഥ വാജസാതൗ യം ശൂരസാതാ മരുതോ ഹി തേ ധനേ |**
**പ്രാതർയാവാണം രഥമിന്ദ്ര സാനസിമരിഷ്യന്തമാ രുഹേമാ സ്വസ്തയേ ||**

ഹേ ദേവൻമാരേ! നിങ്ങൾ അന്നലബ്ധിക്ക് രഥത്തിന്റെ രക്ഷകരാകുന്നു. ഹേ മരുത്തുക്കളേ! നിങ്ങൾ ഏതുരഥത്തെ ധനത്തിനുവേ യുദ്ധത്തിൽ രക്ഷിക്കുന്നുവോ രണക്ഷേത്രത്തിൽ ചെന്ന് ആ രഥത്തെ ഇന്ദ്രാ! നീ സ്വീകരിക്കണേ. ആ രഥത്തിൽ കയറി ഞങ്ങൾ ഐശ്വര്യപ്രാപ്തരാകണേ. ആ രഥത്തെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല.

**15. സ്വസ്തി നഃ പഥ്യാസു ധന്വസു സ്വസ്ത്യപ്സം വൃജനേ സ്വർവതി |**
**സ്വസ്തി നഃ പുത്രകൃഥേഷു യോനിഷു സ്വസ്തി രായേ മരുതോ ദധാതന ||**

നല്ലവഴികളിലോ, മരുഭൂമികളിലോ എവിടെ ഞങ്ങൾ പോയാലും അവിടെ ഞങ്ങൾക്കു മംഗളമാകണേ. ജലത്തിലും യുദ്ധത്തിലും ഞങ്ങൾ പരിപൂർണ്ണവിജയികളാകണേ. ഏതുയുദ്ധത്തിൽ ശാസ്ത്രാസ്ത്രങ്ങൾ പ്രയോഗിക്കപ്പെടുന്നുവോ ആ യുദ്ധത്തിൽ ഞങ്ങൾക്കു മംഗളമുാകണേ. ഗർഭസ്ഥരായ ഞങ്ങളുടെ ശിശുക്കൾക്ക് മംഗളമുാകണേ. ഹേ ദേവഗണമേ! ധനപ്രാപ്തിയാൽ ഞങ്ങൾക്ക് മംഗളമുാകണേ.

**16. സ്വസ്തിരിദ്ധി പ്രപഥേ ശ്രേഷ്ഠാ രേക്ണസ്വ സത്പഭി യാ വാമമേതി |**
**സ നോ അമാ സോ അരണേ നി പാതു സ്വവേശാ ഭവതു ദേവഗോപാ ||**

ഉത്തമ മംഗളമയമായ പഥത്തോടുകൂടിയവളും ശ്രേഷ്ഠമായ ധനത്താൽ സമ്പന്നയും, വരണയോഗ്യയുമായ ആ ഭൂമി യജ്ഞസ്ഥാനരൂപമാകുന്നു. അവൾ വീട്ടിലും, വനത്തിലും നമുക്കു മംഗളമരുളുന്നവളാകട്ടെ. ദേവകൾ ഭരണം നടത്തുന്ന ഭൂമിയിൽ ഞങ്ങൾ സുഖപൂർവം നിവസിക്കണേ.

**17. ഏവാ പ്ലതേഃ സൂനുരവീവൃധദ്വോ വിശ്വ ആദിത്യാ അദിതേ മനീഷീ |**
**ഈശാനാസോനരാ അമർത്യേനാസ്താവി ജനോ ദിവ്യോ ഗയേന ||**

ഹേ ദേവകളേ! ഹേ അദിതീ! പ്ലതിയുടെ പുത്രനായ ഗയൻ നിങ്ങളെ എല്ലാവരേയും ഇപ്രകാരം വർദ്ധിപ്പിച്ചു. ഗയൻ നിങ്ങളെ തന്നെ സ്തുതിച്ചു. നിങ്ങൾ പ്രസന്നരായാൽ മനുഷ്യർക്ക് സ്വാമിത്വ പ്രാപ്തിയുാകുന്നു.

## സൂക്തം 64

**ഋഷി പ്ലതിയുടെ പുത്രൻ ഗയൻ, ദേവത വിശ്വേദേവകൾ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. കഥാ ദേവാനാം കതമസ്യ യാമനി സുമന്തു നമ ശൃണ്വതാം മനാമഹേ |**
**കോ മൃളാതി കതമോ നോ മയസ്ക്കരത്കതമ ഊതീ അഭ്യാ വവർതതി ||**

ഞങ്ങൾ ഏതുദേവനു വേി, എപ്രകാരം സ്തോത്രങ്ങൾ രചിക്കണം ഏതു ദേവൻ ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിഞ്ഞ് ഞങ്ങളെ സുഖികളാക്കും? ഞങ്ങളുടെ രക്ഷയ്ക്കുവേി ഏതുദേവൻ ഞങ്ങളുടെ യജ്ഞത്തിലാഗതനാകും? ആ ദേവൻ യജ്ഞത്തിലാഗതനായി ഞങ്ങ ഉടെ സ്തോത്രങ്ങളെ ശ്രവിക്കണേ.

**2. ക്രതൂയന്തി ക്രതവോ ഹൃത്സു ധീതയോ വേനന്തി വേനാഃ പതയന്ത്യാ ദിശഃ |**
**ന മർഡിതാ വിദ്യതേ അന്യ ഏഭ്യോ ദേവേഷു മ അധി കാമാ അയംസത ||**

ഞങ്ങളുടെ ബുദ്ധി യജ്ഞാദികർമ്മങ്ങൾക്കായി ഞങ്ങളെ പ്രേരിപ്പിക്കണേ. ആ ബുദ്ധി ദേവകളെ കാമിക്കണേ. ഞങ്ങളുടെ അഭിലാഷങ്ങൾ ദേവകളിലേക്കു ചെല്ലുന്നു. അവരേപ്പോലെ സുഖം നൽകുന്നവരായി മറ്റാരും ഇല്ല. ഞങ്ങളുടെ ഇഛകൾ ഇന്ദ്രാദിദേവകളിൽ നിഹിതമായി ഫലത്തെ ആഗ്രഹിക്കുന്നു.

**3. നരാ വാ ശംസം പൂഷണമഗോഹ്യമഗ്നിം ദേവേദ്ധമഭ്യർചസേ ഗിരാ |**

**സൂര്യാമാസാ ചന്ദ്രമസാ യമം ദിവി ത്രിതം**
**വാതമുഷസമക്തു മശ്വിനാ ||**

ഹേ സ്തോതാക്കളേ! പൂഷാദേവൻ ധനം നൽകി പുഷ്ടിപ്പെടുത്തുന്നവനും ശത്രുക്കൾക്ക് ദുർധർഷകനുമാകുന്നു. നിങ്ങൾ അവനെ സ്തുതിക്കുകയും പൂജിക്കുകയും ചെയ്യുവിൻ. അത് എല്ലാ ദേവകളിലും തേജസ്വിയാകുന്നുവോ ആ അഗ്നിയെ സ്തുതിക്കുവിൻ. അതുപോലെ സൂര്യൻ, ചന്ദ്രൻ, യമൻ, വായു, ഉഷസ്സ്, രാത്രി, അശ്വിനികൾ എന്നിവരേയും സ്വർഗ്ഗത്തിൽ വസിക്കുന്ന ത്രിതനേയും നിങ്ങൾ സ്തുതിക്കുവിൻ.

**4. കഥാ കവിസ്തുവീരവാൻകയാ ഗിരാ**
**ബൃഹസ്പതിർവാവൃധതേ സുവൃക്തിഭിഃ |**
**അജ ഏകപാത്സുഹവേഭിർഋക്വഭിരഹിഃ ശൃണോതു**
**ബുധ്ന്യോ ഹവീമനി ||**

ജ്ഞാനിയായ അഗ്നി ഏതു സ്തോത്രങ്ങളാൽ പ്രസന്നനാകും? ബൃഹസ്പതി സുന്ദരമായ സ്തോത്രരൂപങ്ങളാൽ വളരുന്നു. ഏകപത്തായ അജനും അഹിർബുധ്ന്യനും ഞങ്ങളുടെ ശ്രേഷ്ഠമായ ആഹവാനത്തെ ശ്രവിക്കണേ.

**5. ദക്ഷസ്യ വാദിതേ ജൻമനി വ്രതേ രാജാന മിത്രാ**
**വരുണാ വിവാസസി |**
**അതൂർതപന്ഥാഃ പുരുരഥോ അര്യമാ സപ്തഹോതാ**
**വിഷുരൂപേഷു ജൻമസു ||**

ഹേ ഭൂമി! ഭവതി ഒരിക്കലും നാശം പ്രാപിക്കുന്നില്ല. സൂര്യന്റെ ഉത്ഭവകാലം മുതൽ ഭവതി മിത്രാവരുണൻമാരെ പരിച രിക്കുന്നു. സൂര്യൻ തന്നെ വിസ്തീർണ്ണമായ രഥത്തിലാരൂഢനായി സഞ്ചരിക്കുന്നു. അവൻ വിഭിന്നരൂപങ്ങളിൽ പ്രത്യക്ഷനാകുന്നു. സപ്തർഷികൾ ശ്രേഷ്ഠനായ ആ സൂര്യനെ ആഹ്വാനം ചെയ്യുന്നു.

**6. തേ നോ അർവന്തോ ഹവനശ്രുതോ ഹവം വിശ്വേ**
**ശൃണ്വന്തു വാജിനോ മിതദ്രവഃ |**
**സഹസ്രസാ മേധസാതാവിവ ത്മനാ മഹോ യേ ധനം**
**സമിധേഷു ജഭ്രിരേ ||**

ഇന്ദ്രന്റെ പച്ചക്കുതിരകൾ യുദ്ധത്തിൽ ശത്രുക്കളുടെ ധനം പിടിച്ചെ ടുക്കുകയും അവ സ്വയം വഹിച്ചുകൊുവരികയും ചെയ്യുന്നു. യജ്ഞാനുഷ്ഠാനങ്ങളിൽ സദാ ധനം പ്രദാനം ചെയ്യുകയും, അടിവെച്ചട ിവെച്ച് മുന്നേറുകയും ചെയ്യുന്ന അവ ഞങ്ങളുടെ ആഹ്വാനങ്ങൾ ശ്രവിക്കണേ. എന്തുകൊന്നൊൽ ആഹ്വാനം ചെയ്യപ്പെട്ടാൽ ആഅശ്വങ്ങൾ തടയപ്പെടുന്നില്ല.

**7. പ്ര വോ വായും രഥയുജം പുരന്ധിം സ്തോമൈഃ**
**കൃണുധ്വം സഖ്യായ പൂഷണം |**
**തേ ഹി ദേവസ്യ സവിതുഃ സവീമനി ക്രതു സചന്തേ ചിതഃ**
**സചേതസഃ ||**

ഹേ സ്തോതാക്കളേ! രഥം പൂട്ടുന്ന വായുവിനേയും, അനന്തകർമ്മാവായ ഇന്ദ്രനേയും പൂഷാവിനെയും സ്തുതിക്കുകയും അവരുടെ മിത്രത്വം പ്രാപിക്കുകയും ചെയ്യുവിൻ. അവരെല്ലാം തുല്യമനസ്കരായി നമ്മുടെ പ്രഭാതസവനത്തിൽ പ്രസന്നരായി എഴുന്നള്ളുന്നവരാണല്ലോ.

**8. ത്രിഃ സപ്ത സസ്രാ നദ്യോ മഹിരപോ വനസ്പതീൻ**
**പർവതാം അഗ്നിമൂതയേ |**
**കുശാനുമസ്ത്യന്തിഷ്യം സധസ്ഥ ആ രുദ്രം രുദ്രേഷു**
**രുദ്രിയം ഹവാമഹേ ||**

ഇരുപത്തൊന്നു നദികളേയും വനസ്പതികളേയും പർവതങ്ങളേയും സോമപാലകരായ ഗന്ധർവൻമാരേയും അമ്പെയ്യുന്നവരേയും നക്ഷത്രങ്ങളേയും രുദ്രൻമാരിൽ പ്രധാനരുദ്രനേയും അഗ്നിദേവനേയും രക്ഷയ്ക്കുവേി ഞങ്ങളാഹ്വാനം ചെയ്യുന്നു.

**9. സരസ്വതീ സരയുഃ സിന്ധുരൂർമിഭിർമഹോ മഹീ**
**രവസാ യന്തു വക്ഷണീഃ |**
**ദേവീരാപോ മാതരഃ സൂദയിത്ന വോ ഘൃതവത് പയോ**
**മധുമന്നോ അർചത ||**

വളരെ മഹത്വവതികളായ ഈ ഇരുപത്തൊന്നു നദികളും ഞങ്ങളെ രക്ഷിക്കുന്നവരാകട്ടെ. ഈ നദീരൂപിണികളായ എല്ലാദേവിമാരും ജലത്തെ പ്രേരിപ്പിക്കുന്നവരാകുന്നു. അതിനാൽ മധുവും ഘൃതവും പോലെ മധുരമായ ജലം പ്രദാനം ചെയ്യണേ.

**10. ഉത മാതാ ബൃഹദ്ദിവാ ശൃണോതു നസ്ത്വഷ്ടാ**
**ദേവേഭിർജനിഭിഃ പിതാ വചഃ |**
**ഋഭുക്ഷാ വാജോ രഥസ്പതിർ ഭഗോ രണ്വഃ ശംസഃ**
**ശശമാനസ്യ പാതു നഃ ||**

സ്വന്തം മഹിമയാൽ തേജസ്വിനിയായ ദേവമാതാവും, തന്റെ പുത്രപത്നികളും, പിതാവായ ത്വഷ്ടാവും ഞങ്ങളുടെ ആഹ്വാനം ശ്രവിക്കട്ടെ. ഇന്ദ്രനും, മരുത്തുക്കളും, വാജനും ഋഭുക്ഷ്വാവും മറ്റുള്ള ദേവൻമാരും സ്തുതികാമൻമാരായി ഞങ്ങളെ രക്ഷിക്കണേ.

**11.രണ്വൻ സഃദൃഷ്ടൗ പിതുമാം ഇവ ക്ഷയോ ഭദ്രാ**
**രുദ്രാണാം മരുതാമുപസ്തുതിഃ |**
**ഗോഭിഃ ഷ്യാമ യശസോ ജനേഷ്വാ സദാ ദേവാസ ഇലയാ**
**സചേമഹി ||**

അന്നപൂർണ്ണമായ ഭവന, കാഴ്സയ്ക്കു രമണീയമാകുന്നു. അതുപോലെ മരുത്തുക്കളും സുന്ദരദർശനരാകുന്നു. ഈ രുദ്രപുത്രൻമാരെക്കുറിച്ചുള്ള സ്തുതികൾ സദാമംഗലദായകമാകുന്നു. ഞങ്ങൾ സദാ അന്നവാൻമാരും ഗോധനയുക്തരായും സമാനപുരുഷരിൽ യശസ്വികളുമായും തീരണേ.

**12. യാം മേ ധിയം മരുത ഇന്ദ്ര ദേവാ അദദാത വരുണ**
**മിത്ര യൂയം |**
**താം പീപയത പയസേവ ധേനും കുവിദ്ഗിരോ അധി രഥേ**
**വഹാഥ ||**

ഗോക്കൾ പാലുകൊ് പരിപൂർണ്ണകളായിരിക്കുന്നതുപോലെ ഹേ ഇന്ദ്രാ! വരുണാ! മരുത്തുക്കളേ! മറ്റുദേവൻമാരേ! നിങ്ങൾ മനുഷ്യരിൽ സുകൃതഫലങ്ങൾ നിറക്കുവിൻ. എന്തുകൊന്നൊൽ നിങ്ങൾ രഥാരൂഢരായി; ഞങ്ങളുടെ ആഹ്വാനം ശ്രവിച്ചുകൊ് ഈ യജ്ഞത്തിൽ എഴുന്നള്ളിവരുന്നു.

**13. കുവിദങ്ഗ പ്രതി യഥാ ചിദസ്യ നഃ സജാത്യസ്യ**
**മരുതോ ബുബോധഥ |**
**നാഭാ യത്ര പ്രഥമം സംന്നസാമഹേ തത്ര**
**ജാമിത്വമദിതിർദധാതു നഃ ||**

ഹേ മരുത്തുക്കളേ! പുകാലത്ത് അനേകം പ്രാവശ്യം മനുഷ്യരുടെ മിത്രതയെ നിങ്ങൾ രക്ഷിച്ചു. അതുപോലെ ഇപ്പോഴും

രക്ഷിക്കേണമേ. ഞങ്ങൾ എവിടെ ഒന്നാമതായി വേദങ്ങളെ രചിക്കുന്നുവോ, അവിടെ എല്ലാ ജീവരാശികളുമായി പൃഥ്വി ഞങ്ങളുടെ ബന്ധുത്വത്തെ സ്ഥാപിക്കട്ടെ.

**14. തേ ഹി ദ്യാവാപൃഥിവീ മാതരാ മഹീ ദേവീ ദേവാ ഞ്ജൻമനാ യജ്ഞിയേ ഇതഃ |**
**ഉഭേ ബിഭൃത ഉഭയം ഭരീമഭിഃ രൂപു രേതാംസി പിതൃ ഭിശ്ച സിഞ്ചതഃ ||**

അത്യന്തം തേജസ്വിനികളും, രചയിതാക്കളും, ശ്രേഷ്ഠമഹിമായുക്തകളും, യജനീയകളുമായ ആകാശഭൂമികൾ പ്രകടമായപ്പോൾ തന്നെ ഇന്ദ്രനെ പ്രാപിക്കുന്നു. ഇവർ തങ്ങളുടെ രക്ഷകരോടും, ദേവകളുടെ സഹയോഗത്തോടും കൂടി മേഘങ്ങളെ വർഷിപ്പിക്കുന്നു.

**15. വി ഷാ ഹോ ത്രാ വിശ്വമശ്നോതി വാർയം ബൃഹസ്പാതി രരമതിഃ പനീയസീ |**
**ഗ്രാവാ യത്ര മധുഷുദുച്യതേ ബൃഹദവീവശന്ത മാതിഭിർമനീഷിണഃ ||**

മഹത്തുക്കളെ പാലിക്കുന്ന ആ അമിരതമായ സ്തുതി വചസ്സുകൾ വരണീയത്തെ എല്ലാം നേടുന്നു. യാതൊന്നിങ്കൽ തേനൊഴുകുന്ന വലിയ അമ്മി വർണ്ണിക്കപ്പെടുന്നുവോ, ആ യജ്ഞത്തെ മനീഷികൾ സ്തുതികൾ കൊ് കാമ്യമാക്കുന്നു.

**16. ഏവാ കവിസ്തുവീരവം ഋതജ്ഞാ ദ്രവിണസ്യുർദ്രവിണസശ്ചകാനഃ |**
**ഉക്ഥേഭിരത്ര മതിഭിശ്ച വിപ്രോ പീപയദ്ഗയോ ദിവ്യാനി ജൻമ ||**

മേധാവികളായ ഋഷിഗണം അനേകം സ്തോത്രങ്ങളാൽ സമ്പന്നരാകുന്നു. അവർധനത്തെ കാമിക്കുന്നു. അവർ തങ്ങളുടെ ശ്രേഷ്ഠങ്ങളായ വാക്യങ്ങൾ വഴിയായി ദേവകളെ പൂജിച്ചു.

**17. ഏവാ പ്ലതേഃ മനൂരവീവൃധദ്വോ വിശ്വ ആദിത്യാ അദിതേ മനീഷി |**
**ഈശാനാസോ നരോ അമർത്യേനാസ്താവി ജനോ ദിവ്യോ ഗയേന ||**

ഹേ ദേവകളേ! അദിതീ! പ്ലതി പുത്രൻ നിങ്ങളെ കർമ്മങ്ങളാൽ പ്രവൃദ്ധമാക്കി. അവൻ ദേവകളെ നല്ലപോലെ സ്തുതിച്ചു. എന്തുകൊന്നൊൽ ദേവകളെ പ്രസന്നരാക്കുന്ന മനുഷ്യർ തന്നെ ലോകത്തിൽ പ്രഭുത്വം പ്രാപിക്കുന്നു.

## സൂക്തം 65

**ഋഷി വസുക്രപുത്രൻ, വസുകർണ്ണൻ ദേവത വിശ്വേദേവകൾ ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. അഗ്നിരിന്ദ്രോ വരുണോ അര്യമാ വായുഃ പൂഷാ സരസ്വതീ സജോഷസഃ |**
**ആദിത്യാ വിഷ്ണുർമരുതഃ സ്വർബൃഹത്സോമോ രുദ്രോ അദിതിർബ്രഹ്മണസ്പതിഃ ||**

അഗ്നിയും, ഇന്ദ്രനും, മിത്രവരുണൻമാരും, അര്യമാവും, പൂഷാവും ആദിത്യൻമാരും, വിഷ്ണുവും, മരുത്തുക്കളും, സരസ്വതിയും, രുദ്രനും, സോമവും, സ്വർഗ്ഗലോകവും, അദിതിയും, ബ്രഹ്മണസ്പതിയും, ഞങ്ങളുടെ ബലത്താൽ അന്തരീക്ഷത്തെ പരിപൂർണ്ണമാക്കുന്നു.

**2. ഇന്ദ്രാഗ്നീ വൃത്രഹത്യേഷു സത്പതി മിഥോ ഹിന്വാനാ തന്വാ സമോകസാ |**
**അന്തരിക്ഷം മഹ്യാ പപ്രുരോജസാ സോമോ ഘൃതശ്രീർമഹിമാനമീരയൻ ||**

സജ്ജനരക്ഷകരായ ഇന്ദ്രാഗ്നികൾ ഒന്നിച്ചു ചേർന്ന് യുദ്ധത്തിൽ ശത്രുക്കളെ പരാജയപ്പെടുത്തുന്നു. ആ മഹാൻമാർ ആകാശത്തെ തങ്ങളുടെ തേജസ്സാൽ പരിപൂർണ്ണമാക്കുന്നു. ഘൃതമിശ്രിതമായ മധുരസോമരസം അവർ രുപേരുടെയും ബലത്തെ വളർത്തുന്നു.

**3. തേഷാം ഹി മഹ്നാ മഹതാമനവർണാം സ്തോമാം ഇയർമ്യൃറ് തജ്ഞാ ഋതാവൃധാം |**
**യേ അപ്സവമർണവം ചിത്രരാധസസ്തേ നോ രാസന്താം മഹയേ സു മിത്ര്യാഃ ||**

യജ്ഞത്തെ വളർത്തുന്നവരായ ദേവകൾക്കുവേ നടത്തപ്പെടുന്ന യജ്ഞത്തിൽ ഞാൻ ദേവൻമാരെ സ്തുതിക്കുന്നു. മേഘങ്ങളിൽ നിന്നു ജലം വർഷിക്കുന്ന ദേവൻ ഞങ്ങൾക്കു ധനം പ്രദാനം ചെയ്ത് യശസ്വികളാക്കുകയും ഞങ്ങളുടെ മിത്രമാകുകയും ചെയ്യണേ.

**4. സ്വർണരമന്തരിക്ഷാണി രോചനാ ദ്യാവാ ഭൂമി പൃഥിവീം സ്കമ്ഭുരോജസാ |**
**വൃക്ഷാ ഇവ മഹയന്തഃ സുരാതയോ ദേവാഃ സ്തവന്തേ മനുഷായ സൂരയഃ ||**

അഖിലത്തിന്റെയും അധിശ്വരനായ സൂര്യനേയും ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, ആകാശം, ഭൂമി മുതലായവകളേയും ആ ദേവകൾ തന്നെ അതാതു സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. ധനം ദാനം ചെയ്യുന്നവൻ സ്വീകരിക്കുന്നവനെ യശസ്വിയാക്കുന്നതുപോലെ ദേവകൾ മനുഷ്യരെ ധനദാനം വഴിയായി ബഹുമാനിതരാക്കുന്നു. ധനദാനം കാരണം അവർ സ്തുതികൾക്കു പാത്രമാകുന്നു.

**5. മിത്രാ യ ശിക്ഷ വരുണായ ദാശുഷേ യാ സമ്രാജാ മനസാ ന പ്രയുഛതഃ |**
**യയോർധാമ ധർമണാ രോചതേ ബൃഹദ്യയോരുഭേ രോദസീ നാധസീ വൃതൗ ||**

ഹേ സ്തോതാക്കളേ! മിത്രാവരുണൻമാർക്ക് ഹവിസ്സർപ്പിക്കുവിൻ. രാജാക്കളിൽ രാജാക്കൻമാരായ ഈ ദേവൻമാർ ഒരിക്കലും നിഷ്ക്രിയരായിരിക്കുന്നില്ല. ഇവരുടെ ലോകം ശരിയാംവിധം സ്ഥിരമായിരുന്ന് പ്രകാശം ചൊരിഞ്ഞ് കൊിരിക്കുന്നു. ആകാശവും ഭൂമിയും യാചകിമാരെപ്പോലെ ഇവരുടെ ആശ്രയത്തിൽ വസിക്കുന്നു.

**6. യാ ഗൗർവർതനി പർയേതി നിഷ്കൃതംപയോ ദുഹാനാ വ്രതനീരവാരതഃ |**
**സാ പ്ര ബ്രുവാണ വരുണായ ദാശുഷേ ദേവേഭ്യോ ദാശദ്ധവിഷാ വിവസ്വതേ ||**

യാഗവേദിയിൽ വന്നു ചേരുന്ന പരിശുദ്ധയായ ധേനു തന്റെ പാൽ വഴിയായി യജ്ഞത്തെ പരിപൂർണ്ണമാക്കുന്നു. ആ ധേനു ദാനശീലനായ വരുണനും മറ്റുദേവൻമാർക്കും ഹവിസ്സ് പ്രദാനം ചെയ്യുകയും ദേവോപാസകനായ എന്നെ പാലിക്കുകയും ചെയ്യട്ടെ.

**7. ദിവക്ഷസോ അഗ്നിജിഹ്വാ ഋതാവൃധ ഋതസ്യ യോനിം വിമൃശന്ത ആസതേ |**

**ദ്യാം സ്ക്കഭിത്വ്യാപ ആച ക്രൂരോജസാ യജ്ഞം ജനിത്വീ തന്വീ നി മാമൃജുഃ ||**

അഗ്നി ജിഹ്വാരൂപനായ ആർക്കുവേി ഹവിസ്സിനെ സ്വീകരിക്കുന്നുവോ, ആര് യജ്ഞത്തെ പ്രവൃദ്ധമാക്കുകയും, തന്റെ തേജസ്സാൽ ആകാശത്തെ വ്യാപ്തമാക്കുകയും ചെയ്യുന്നുവോ, ആ ദേവൻ ഈ യജ്ഞത്തിൽ സ്വസ്ഥാനത്ത് പ്രതിഷ്ഠിതനാകുന്നു. അവൻ സ്വന്തം മഹിമയാൽ തന്നെ വൃത്രനിൽനിന്നും ജലത്തെ പൊഴിക്കുകയും യജ്ഞീയ ഹവ്യത്തെ സേവിക്കുകയും ചെയ്യുന്നു.

**8. പരിക്ഷിതാ പിതരാ പൂർവജാവരീ ഋതസ്യ യോനാ ക്ഷയതഃ സമോകസാ |**
**ദ്യാവാപൃഥിവീ വരുണായ സവ്രതേ ഘൃതവത്പയോ മഹിഷായ പിന്വതഃ ||**

സർവ്വവ്യാപിനികളായ ദ്യാവാപൃഥ്വികൾ എല്ലാത്തിന്റേയും മാതാപിതാരൂപരാകുന്നു. സമാനസ്ഥാനീയരായ അവർ ഏറ്റവും ആദ്യമായി പ്രകടമായി. ഇവർ രുപേരുടെയും വാസം യജ്ഞത്തിൽ തന്നെയാകുന്നു. ഇവർ രും തുല്യബുദ്ധികളായി വരുണന്റെ മേൽ ഘൃതവും ദുഗ്ധവും അഭിഷേകം ചെയ്യുന്നു.

**9. പർജന്യാവാതാ വൃഷഭാ പുരീഷിണേന്ദ്രവായു വരുണോ മിത്രോ അര്യമാ |**
**ദേവാം ആദിത്യാം അദിതിം ഹവാമഹേ യേ പാർഥിവാസോ ദിവ്യാസോ അപ്സു യേ ||**

അഭിലാഷങ്ങളെ നനയ്ക്കുന്ന മേഘവും, വായുവും ജലസമ്പന്നരാകുന്നു. ഞങ്ങൾ ഇന്ദ്രൻ, വായു, മിത്രാവരുണൻമാർ, ആദിത്യൻമാർ മുതലായവരേയും അദിതിയേയും വിളിക്കുന്നു. ആകാശത്തിലും, ഭൂമിയിലും, ജലങ്ങളിലും ജനിച്ചവരായ ദേവകളേയും ഞങ്ങൾ വിളിക്കുന്നു.

**10. ത്വഷ്ടാരം വായുമൃഭവോ യ ഓഹതേ ദൈവ്യാ ഹോതാരാ ഉഷസം സ്വസ്തയേ |**
**ബൃഹസ്പതിം വൃത്രഖാദം സുമേധസമിന്ദ്രിയം സോമം ധനസാ ഉ ഈമഹേ ||**

ഹേ ഋഭുക്കളേ! നിങ്ങൾക്കു മംഗളം വരുത്തുവാനായി യാതൊരുത്തൻ ദേവാഹ്വാകനായി ത്വഷ്ടാവിങ്കലേക്കും വായുവിങ്കലേക്കും പോകുന്നുവോ യാതൊരുത്തൻ ബൃഹസ്പതിയുടേയും വൃത്രഹന്താവായ ഇന്ദ്രന്റെയും അടുക്കലെത്തി അവരെ തൃപ്തരാക്കുന്നുവോ ആ സോമത്തോട് ഞങ്ങൾ ധനം യാചിക്കുന്നു.

**11. ബ്രഹ്മ ഗാമശ്വം ജനയന്ത ഓഷധീർവനസ്പതീൻ പൃഥിവീം പർവതാം അപഃ |**
**സൂര്യം ദിവി രോഹയന്തഃ സുദാനവ ആര്യാ വ്രതാ വിസൃജന്തോ അധി ക്ഷമി ||**

ഭൂമി, വനം, വൃക്ഷം, ലത, പർവ്വതം, അന്നം ഇവയെല്ലാം ദേവകളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവർതന്നെ സൂര്യനെ ആകാശത്തിൽ കയറ്റുകയും ചെയ്തു. അവർ ഭൂമിയിൽ അത്യന്തം ശ്രേഷ്ഠങ്ങളായ കർമ്മങ്ങൾ ചെയ്തിരിക്കുന്നു. അവരുടെ ദാനം വളരെ ശ്രേഷ്ഠമാകുന്നു.

**12. ഭുജ്യമംഹസഃ പിപൃതോ നിരശ്വിനാ ശ്യാവം പുത്രം വധ്രിമത്യാ അജിന്വതം |**
**കമദ്യുവം വിമദായോഹഥുര്യുവം വിഷ്ണാപ്വം വിശ്വകായാവ സൃജഥഃ ||**

ഹേ അശ്വിനികളേ! നിങ്ങൾ ഭുജ്യുവിനെ രക്ഷിച്ചുവല്ലോ. നിങ്ങളുടെ കൃപകൊ് വധ്രിമതിക്ക് പിംഗലവർണ്ണനായ പുത്രനെ ലഭിച്ചു. നിങ്ങൾ തന്നെയാണല്ലോ വിമദന് ഒരു സുന്ദരിയായ ഭാര്യയെ കൊടുത്തതും. ആ നിങ്ങൾ തന്നെയാണല്ലോ വിശ്വകമഹർഷിക്ക് വിഷ്ണാപ്വനെന്ന പുത്രനെ കൊടുപ്പിച്ചതും.

**13. പാവീ രവീ തന്യതുരേപാദജോ ദിവോ ധർതാ സിന്ധുരാപഃ സമുദ്രിയഃ |**
**വിശ്വേ ദേവാസഃ ശൃണവൻവ ചാംസി മേ സരസ്വതീ സഹ ധീഭി പുരന്ധ്യാ ||**

ആയുധോപേതമായ ഇടിവാളും, ആകാശത്തെ താങ്ങി നിർത്തുന്ന ഏകവത്തായ അജയനും, ജ്ഞാനവതിയും വിവിധകർമ്മിണിയുമായ സരസ്വതിയും, വിശ്വേദേവകളും, സമുദ്രവും, വൃഷ്ടിജലവും എന്റെ നിവേദനം ശ്രവിക്കണേ.

**14. വിശ്വേ ദേവാഃ സഹ ധീഭിഃ പുരന്ധ്യാ മനോര്യജത്രാ അമൃതാ ഋതജ്ഞാഃ |**
**രാതിഷാചോ അഭിഷാചഃ സ്വർവിദഃ സ്വർഗിരോ ബ്രഹ്മ സൂക്തം ജൂഷേരത ||**

ഇന്ദ്രാദികളായ ദേവൻമാർ എല്ലാകർമ്മങ്ങൾക്കും പ്രേരിപ്പിക്കുന്നവരും മഹാജ്ഞാനികളും യജനീയരും അവിനാശികളും ഹവ്യവാഹകരും സത്യജ്ഞാനികളും യജ്ഞങ്ങളിൽ വരുന്നവരുമാകുന്നു. ഈ ദേവൻമാർ ഞങ്ങളാൽ അർപ്പിക്കപ്പെടുന്ന അന്നവും, ശ്രേഷ്ഠമായ സ്തുതികളും സ്വീകരിക്കണേ.

**15. ദേവേന്വസിഷ്ഠോ അമൃതാന്വവന്ദേ യേ വിശ്വാ ഭുവനാഭി പ്രതസ്ഥുഃ |**
**തേ നോ രാസാന്താമുരുഗായമദ്യ യൂയം പാത സ്വസ്തിഭിഃ സദാ നഃ ||**

ഈ ദേവൻമാർ എല്ലാ ലോകങ്ങളിലും വ്യാപിച്ചിരിക്കുന്നു. വസിഷ്ഠവംശജരായ ഋഷിമാർ ഇവരെ സ്തുതിച്ചു. ഇവർ ഞങ്ങളെ യശസ്വികളാക്കുന്ന അന്നം പ്രദാനം ചെയ്യട്ടെ. ഹേ ദേവകളേ! നിങ്ങൾ എല്ലാ വിധ മംഗളങ്ങളും ഞങ്ങൾക്കു പ്രദാനം ചെയ്താലും.

## സൂക്തം 66

**ഋഷി വസുകർണ്ണൻ ദേവത വിശ്വേദേവകൾ ഛന്ദസ് ജഗതിക്ക ത്രിഷ്ടുപ്**

**1. ദേവാൻഹുവേ വൃഷച്ഛ്രവസഃ സ്വസ്തയേ ജ്യോതിഷ്കൃതോ അധ്വരസ്യ പ്രചേതസഃ |**
**യേ വാവൃധുഃ പ്രതരം വിശ്വവേദസ ഇന്ദ്രജ്യേഷ്ഠാസോ അമൃതാ ഋതാവധഃ ||**

ഇന്ദ്രാത്മകരും, ജ്ഞാനികളും, മഹൈശ്വര്യവാൻമാരു, അന്നവാൻമാരും, പവിത്രീകരിക്കുന്നവരും, അവിനാശ ികളും, യജ്ഞസമ്പരുമായ ദേവൻമാരെ യജ്ഞം നിർവിഘ്നം സമ്പൂർണ്ണമാക്കുന്നതിനായി ഞാനാഹ്വാനം ചെയ്യുന്നു.

**2. ഇന്ദ്രപ്രസൂതാ വരുണപ്രശിഷ്ടാ യേ സൂരയസ്യ ജ്യോതിഷോ ഭാഗമാനശുഃ |**
**മരുദ്ഗണേ വൃജനേ മൻമ ധീമഹി മാഘോനേ യജ്ഞം**

**ജനയന്ത സൂരയഃ ||**

ഇന്ദ്രന്റെ പ്രേരണയാൽ കർമ്മനിരതരാകുന്നവരും, വരുണന്റെ അനുവാദത്തോടുകൂടി പ്രകാശവാനായ സൂര്യന്റെ മാർഗ്ഗങ്ങളെ ഞങ്ങൾ ഭക്തിപൂർവ്വം സ്തുതിക്കുന്നു. ഹേ ജ്ഞാനികളേ! ഇന്ദ്രന്റെ മരുത്തുക്കൾക്കുവേി യജ്ഞം ആരംഭിക്കുവിൻ.

**3. ഇന്ദ്രോ വസുഭിഃ പരി പാതു നോ ഗയ മാദിത്യൈർനോ അദിതിഃശർമ യഛതു |**
**രുദ്രോ രുദ്രേഭിർദേവോ മൃളയാതി നസ്ത്വഷ്ടാ നോ ഗ്നാഭിഃ സുവിതായ ജിന്വതു ||**

അദിതി ആദിത്യൻമാരോടുകൂടി ഞങ്ങൾക്ക് മംഗളമരുളട്ടെ. ഇന്ദ്രൻ വസുക്കളോടുകൂടി ഞങ്ങളുടെ ഭവനങ്ങളിൽ ഐശ്വര്യം വളർത്തട്ടെ. രുദ്രൻ മരുത്തുക്കൾ സഹിതം ഞങ്ങൾക്കു മംഗളമരുളുകയും സപത്നികനായ ത്വഷ്ടാവ് ഞങ്ങളുടെ സുഖത്തെ വളർത്തുകയും ചെയ്യട്ടെ.

**4. അദിതിർദ്യാവാപൃഥിവീ ഋത മഹദിന്ദ്രാവിഷ്ണമരുതഃ സ്വർബൃഹത് |**
**ദേവാം ആദിത്യാം അവസേ ഹവാമഹേ വസൂൻരുദ്രാൻത്സവിതാരം സുദംസസം ||**

അഗ്നി, ഇന്ദ്രൻ, വിഷ്ണു, മരുത്ഗണം, രുദ്രഗണം, വസുഗണം, വിശാല സ്വർഗ്ഗം, ആകാശഭൂമികൾ, അദിതി, മഹാദാനിയായ സൂര്യൻ എന്നിവരെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ഈ ദേവൻമാരെല്ലാം ശ്രേഷ്ഠങ്ങളായ രക്ഷകളോടുകൂടിയവരാകുന്നു. അതിനാൽ അവർ ഞങ്ങളെയും രക്ഷിക്കട്ടെ.

**5. സരസ്വാന്ധിഭിർവരുണോ ധൃതവ്രതഃ പൂഷാ വിഷ്ണുർമഹിമാ വായുരശ്വിനാ |**
**ബ്രഹ്മകൃതോ അമൃതാ വിശ്വവേദസഃ ശർമ നോ യംസന ത്രിവരൂഥമംഹസഃ ||**

മഹാമഹിമാമയനായ വിഷ്ണുവും കർമ്മവാനായ വരുണനും, പൂഷാവും, മേധാവിയുമായ സരസ്വാനും, അശ്വിനികൾ രുപേരും, പാപികളെ നശിപ്പിക്കുന്നവരും, മേധാവികളും സ്തോതാക്കളുടെ അന്നദാതാക്കളും അവിനാശികളുമായ ദേവഗണവും ഞങ്ങൾക്ക് ശ്രേഷ്ഠമായ ഗൃഹം പ്രദാനം ചെയ്യട്ടെ.

**6. വൃഷാ യജ്ഞോ വൃഷണഃ സന്തു യജ്ഞിയാ വൃഷണോ ദേവാ വൃഷണോ ഹവിഷ്കൃതഃ |**
**വൃഷണാ ദ്യാവാപൃഥിവീഋതാവരീ വൃഷാ പർജന്യോ വൃഷണോ വൃഷസ്തുഭഃ ||**

ഈ യജ്ഞം ഞങ്ങളുടെ ആഗ്രഹങ്ങൾ സഫലമാക്കട്ടെ. യജ്ഞത്തിന്റെ അധിഷ്ഠാന ദേവത ഞങ്ങളുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കട്ടെ. ഹവ്യം സംഭരിക്കുന്നവരും, ദേവഗണവും സ്തോതാക്കളും, പർജന്യനും, യജ്ഞഅധിഷ്ഠാന ദേവതമാരായ ആകാശഭൂമികളും, ഞങ്ങളുടെ അഭീഷ്ടങ്ങൾ പൂർത്തിയാക്കട്ടെ.

**7. അഗ്നീഷോമാ വൃഷണാ വാജസാതയേ പുരുപ്രശസ്താ വൃഷണാ ഉപ ബ്രുവേ |**
**യാവീജിരേ വൃഷണോ ദേവയജ്യയാ താ നഃ ശർമ ത്രിവരൂഥഃ വി യംസതഃ ||**

കാമ്യദാതാവായ അഗ്നിദേവനെ അന്നപ്രാപ്തിക്കായി ഞാൻ സ്തുതിക്കുന്നു. ലോകം മുഴുവൻ ദാതാവേ എന്നു വിളിച്ചുകൊ് അവനെ സ്തുതിക്കുന്നു. ഋത്വിക്കുകൾ അവനെ തന്നെ യജ്ഞത്തിൽ പൂജിക്കുന്നു. അവൻ ഞങ്ങൾക്ക് മനോഹരമായ ഗൃഹം ദാനം ചെയ്യട്ടെ.

**8. ഘൃതവ്രതാഃ ക്ഷത്രിയാ യജ്ഞനിഷ്കൃതോ ബൃഹദ്ദിവാ അധ്വരാണാമഭിശ്രിയഃ |**
**അഗ്നിഹോതാര ഋതസാപോ അദ്രുഹോപോ അസൃജന്നനു വൃത്രതൂര്യേ ||**

ആര് യജ്ഞത്തെ സുശോഭിതമാക്കുന്നുവോ, ആര് അത്യന്തം ബലവാൻമാരും, തേജസ്വികളുമാകുന്നുവോ, ആര് സത്യനിഷ്ഠനായ അഗ്നിയാൽ ആഹ്വാനം ചെയ്യപ്പെടുന്നുവോ, ആര് യജ്ഞത്തിലാഗതരായി യജ്ഞത്തെ സമ്പൂർണ്ണമാക്കുന്നുവോ, ആ ദേവകൾ വൃത്രനുമായി യുദ്ധം ചെയ്തു വർഷജലത്തെ ഒഴുക്കി.

**9. ദ്യാവാപൃഥിവീ ജനയന്നഭി വ്രതാപ ഓഷധീർദവനിനാനി യജ്ഞിയാ |**
**അന്തരിക്ഷം സ്വരാ വപ്രരൂതയേ വശം ദേവാസസ്തന്വീനി മാമൃജുഃ ||**

ദേവകൾ തങ്ങളുടെ ശ്രേഷ്ഠകർമ്മങ്ങൾ വഴി ആകാശഭൂമികളെ സൃഷ്ടിച്ചു. അതുപോലെ തന്നെ വനസ്പതികളേയും ജലത്തേയും, യജ്ഞയോഗ്യമായ വസ്തുക്കളേയും നിർമ്മിച്ചു. ആ ദേവകൾ തങ്ങളുടെ തേജസ്സാൽ സ്വർഗ്ഗത്തെ പ്രകാശപൂരിതമാക്കി. തങ്ങളെത്തന്നെ യജ്ഞത്തിലൊതുക്കി അതിന്റെ ശോഭവർദ്ധിപ്പിക്കുകയും ചെയ്തു.

**10. ധർതാരോ ദിവ ഋഭവഃ സുഹസ്താ വാതാപർജന്യാ മഹിഷസ്യ തന്യതോഃ |**
**ആപ ഓഷധീഃ പ്ര തിരന്തു നോ ഗിരാ ഭഗോ രാതിർവാജിനോ യന്തു മേ ഹവം ||**

വിശിഷ്ടഹസ്തരായ ഋഭുക്കൾ ആകാശത്തെ താങ്ങി. വായുവും മേഘവും വലിയശബ്ദം മുഴക്കി. ധനദാതാവായ ഭഗൻ എന്റെ യജ്ഞത്തിലാഗതനാകട്ടെ. ജലവും, വനസ ്പതികളും ഞങ്ങളുടെ സ്തുതികളെ സമൃദ്ധമാക്കട്ടെ.

**11. സമുദ്രഃ സിന്ധൂ രജോ അന്തരിക്ഷമജ ഏകപാത്ത നയിത്നുരർണവഃ |**
**അഹിർബുധ്ന്യഃ ശൃണവദ്വചാംസി മേ വിശ്വേ ദേവാസ ഉത സൂരയോ മമ ||**

ഗർജ്ജിക്കുന്ന മേഘവും, അജനും, ഏകപാത്തും, അഹിർബുദ്ധ്യനും സമുദ്രവും, നദിയും, ആകാശവും, ധൂളീയുക്തമായ ഭൂമിയും എന്റെ ആഹ്വാനത്തെ ശ്രവിക്കട്ടെ.

**12. സ്യാമ വോ മനവാ ദേവവീതയേ പ്രാഞ്ചം നോ യജ്ഞം പ്രണയത സാധുയാ |**
**ആദിത്യാ രുദ്രാവസവഃ സുദാനവ ഇമാ ബ്രഹ്മ ശസ്യമാനാനി ജിന്വത ||**

ഹേ ദേവകളേ! മനുഷ്യരായ ഞങ്ങൾ നിങ്ങൾക്കുവേി ഹവിസ്സർപ്പിക്കുന്നു. നിങ്ങൾ സനാതനമായ യജ്ഞത്തെ സമ്പന്നമാക്കിയാലും. ഹേ ആദിത്യഗണമേ! വസുക്കളേ! രുദ്രൻമാരേ! നിങ്ങൾ ശ്രേഷ്ഠമായ ധനം ദാനം ചെയ്യുന്നതിൽ സമർത്ഥരാണല്ലോ. അതിനാൽ ഞങ്ങളുടെ ഉൽകൃഷ്ടമായ ആഹ്വാനത്തെ ശ്രവിക്കുവിൻ.

**13. ദൈവ്യ ഹോതാരാ പ്രഥമാ പുരോഹിത ഋതസ്യ പന്താമന്വേമി സാധുയാ |**
**ക്ഷേത്രസ്യ പതിം പ്രതിവശമീമഹേ വിശ്വാന്ദേവാം അമൃതാം**

**അപ്രയുഛതഃ ||**

അഗ്നിയും ആദിത്യനും രുപേരും സർവ്വോല്ക്യഷ്ടരായ ദിവ്യഹോതാക്കളാകുന്നു. അവർതന്നെ ദേവകളെ വിളിക്കുന്നവരാകുന്നു. ഞാൻ ആ അഗ്നിക്കും ആദിത്യനും ഹവിസ്സ് നൽകിക്കൊ് യജ്ഞത്തിൽ നിർവിഘ്നം അവരെ പ്രാപിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ അടുത്തു വസിക്കുന്ന ക്ഷേത്രപതിയേയും അവിനാശികളായ ദേവഗണത്തേയും സ്തുതിച്ചുകൊ് അവരെ ശരണം പ്രാപിക്കുന്നു, എന്തുകൊന്നൊൽ ആ ദേവൻമാർ സ്തോതാക്കളുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കുന്നവരാകുന്നു.

**14. വസിഷ്ഠാസഃ പിതൃബദ്ധാചമക്യത ദേവാം ഈളാനാ ഋഷിവത്സ്വസ്തയേ |**

**പ്രീതാ ഇവ ജ്ഞാതയഃ കാമമേത്യാസ്മേ ദേവാസോവധൂനുതാ വസു ||**

വസിഷ്ഠവംശജരും വസിഷ്ഠനെപ്പോലെ തന്നെ മംഗളകാമൻമാരായി ദേവകളെ പൂജിക്കുകയും സ്തുതിക്കുകയും ചെയ്തു. ഹേ ദേവകളേ! എപ്രകാരം സ്വന്തം മിത്രത്തിന്റെ അഭീഷ്ടങ്ങൾ നിറവേറ്റിക്കൊടുക്കുന്നുവോ, അതുപോലെ ഇവിടെ വന്ന് തൃപ്തരായി ഞങ്ങളുടെ ആഗ്രഹങ്ങളേയും പൂർണ്ണമാക്കണമേ.

**15. ജദവാന്വസിഷ്ഠാ അമൃതാന്വവന്ദേ യേ വിശ്വാ ഭൂവനാദി പ്രതസ്ഥുഃ |**

**തേ നോ രാസന്താമുരുഗായമദ്യ യൂയം പാത സ്വസ്തിഭി സദാനഃ ||**

ഈ ദേവകൾ ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. വസിഷ്ഠൻമാർ ഇവരെ എല്ലാവരേയും ശ്രേഷ്ഠമായ രീതിയിൽ സ്തുതിച്ചു. ഞങ്ങളെ യശസ്വികളാക്കുന്ന ഇവർ അന്നം ദാനം ചെയ്യട്ടെ. നിങ്ങൾ ഞങ്ങൾക്ക് മംഗളദായകരായി എല്ലാവിധത്തിലും ഞങ്ങളെ പാലിക്കണമേ.

## സൂക്തം 67

**ഋഷി അംഗിരഗോത്രൻ അയാസ്യൻ ദേവത ബൃഹസ്പതി ഛന്ദസ് ത്രിഷ്ടുപ്**

**1. ഇമാം ധിയം സപ്ത ശീർഷ്ണീ പിതാ ന ഋത പ്രജാതാം ബൃഹതീമവിന്ദത് |**

**തുരീയം സ്വിജ്ജനയദ്വിശ്വജന്യോയാസ്യ ഉക്ഥമിന്ദ്രായ ശംസൻ ||**

ഞങ്ങളുടെ പൂർവൻമാർ സപ്തഛന്ദസുകളിലുള്ള വിസ്തൃതങ്ങളായ സ്തോത്രങ്ങൾ രചിച്ചു. ആ സ്തോത്രങ്ങൾ വഴിയായി ഉത്ഭവിച്ചതാണ് ബൃഹസ്പതി. വിശ്വത്തിന്റെ കല്യാണം ആഗ്രഹിച്ച അയാസ്യമഹർഷി ഏകപദത്തിലുള്ള സ്തോത്രം രചിച്ച് ഇന്ദ്രനെ സ്തുതിച്ചു.

**2. ഋതം ശംസന്ത ഋജു ദീധ്യാനാ ദിവസ്പുത്രാസോ അസുരസ്യ വീരാഃ |**

**വിപ്ര പദമങ്ഗിരസോ ദധാനാ യജ്ഞസ്യ ധാമ പ്രഥമം മനന്ത ||**

സത്യവാദികളും, സരളഭാവരും, സ്വർഗ്ഗത്തിന്റെ പുത്രരൂപരുമായ അംഗിരസ്സുകൾ ശ്രേഷ്ഠസ്ഥാനത്തേക്ക് പോകുവാൻ വിചാരിച്ചു. ബുദ്ധിമാൻമാരായി പ്രവർത്തിക്കുന്ന ആ അംഗിരസ്സുകൾ നല്ല ബലത്താൽ ഉൽകൃഷ്ടമായ മേധാശക്തിയാലും സമ്പന്നരാകുന്നു.

**3. ഹംസൈരിവ സഖിഭിർവാവദദ്ഭരശ്മയാനി നഹനാ വ്യസ്യൻ |**

**ബൃഹസ്പതി രഭികനികദദ്ഗാ ഉത പ്രസ്തൗദുച്ച വിദ്വാം അഗായത് ||**

ബൃഹസ്പതിയുടെ അനുചരൻമാർ അരയന്നങ്ങളെപ്പോലെ ശബ്ദം കൂട്ടുവാനാരംഭിച്ചു. അപ്പോൾ അവൻ അവരുടെ സഹയോഗത്തോടുകൂടി കരിങ്കൽ വാതിൽ തുറന്ന് അതിനുള്ളിൽ കരഞ്ഞുകൊിരിക്കുന്ന ഗോക്കളെ മോചിപ്പിച്ചു. അപ്പോൾ അവർ ഉച്ചസ്വരത്തിൽ ശ്രേഷ്ഠങ്ങളായ സ്തുതികൾ ആലപിച്ചു.

**4. അവോ ദ്വാഭ്യാം പര ഏകയാ ഗാ ഗുഹാ തിഷ്ഠന്തീര നൃതസ്യ സേതൗ |**

**ബൃഷസ്പതിസ്തമസീ ജ്യോതിരിഛന്നുദുസ്രാ ആകർവി ഹി തിസ്ര ആവഃ ||**

അടിയിൽ ഒന്നും മുകളിൽ രും ദ്വാരങ്ങളോടുകൂടിയ അന്ധകാര യുക്തമായ ഗുഹയിൽ ആ ഗോക്കൾ ഒളിപ്പിക്കപ്പെട്ടിരുന്നു. ബൃഹസ്പതി ആ അന്ധകാരത്തെ അകറ്റുന്നതിനുവേി മൂന്നു ദ്വാരങ്ങളും തുറന്ന് ഗോക്കളെ ഉദ്ധരിച്ചു.

**5. വിഭിദ്യാ പുരം ശയഥേമചാപീം നിസ്രീണി സാകമുദധേ രകൃന്തത് |**

**ബൃഷസ്പതിരുഷസം സൂര്യം ഗാമർകം വിവേദ സ്തനയിന്നവദ്യൗഃ ||**

രാത്രിയിൽ അവൻ നിശ്ശബ്ദനായി പുരിയുടെ പിൻഭാഗം തകർക്കുകയും സമുദ്രംപോലുള്ള ആ ഗുഹയുടെ മൂന്നുദ്വാരങ്ങളും തുറന്നിടുകയും ചെയ്തു. പ്രഭാതത്തിൽ അവൻ സൂര്യനേയും ഗോക്കളേയും ഒന്നിച്ചു കു. അപ്പോൾ അവൻ വീരരൂപത്തിൽ മേഘത്തെപ്പോലെ ഗർജ്ജിക്കുവാൻ തുടങ്ങി.

**6. ഇന്ദ്രോ ബലം രക്ഷിതാരം ദുധാനാം കരേണേവ വിചകർതാ രവേണ |**

**സ്വേദാഞ്ജിഭിരാശിരമിഛമാനോരോദയത്പണിമാ ഗാ അമുഷ്ണാത് ||**

ഏതൊരു ബലത്താൽ അവർ ഗോക്കളെ തടഞ്ഞു നിർത്തിയിരുന്നുവോ, ആബലത്തെ ഇന്ദ്രൻ തന്റെ ഗർജ്ജനത്താൽ ആയുധം കൊു മുറിക്കുന്ന പോലെ മുറിച്ചുകളഞ്ഞു. അവൻ മരുത്തുക്കളോടു ചേരുന്നതിനാഗ്രഹിച്ചുകൊ് ഗോക്കളെ കൂട്ടിക്കൊു പോരുകയും പാപരൂപരായ അസുരവർഗ്ഗത്തെ കരയിപ്പിക്കുകയും ചെയ്തു.

**7. സ ഈം സത്യേഭിഃ സഖിഭിഃ ശുചിദ്ഭിർഗോധായസം വി ധനസൈ രദർദഃ |**

**ബ്രഹ്മണസ്പതിർവൃഷഭിർവരാഹൈർധമസ്വേദേർഭിർദ്രവിണം വ്യാനട് ||**

തന്റെ സഹായികളോടുകൂടി ഇന്ദ്രൻ ബലനെ ഛിന്നഭിന്നമാക്കി, അവന്റെ സഹായികളായ മരുത്തുക്കൾ സത്യഭാഷിളും, ധനദായകരും, തേജസ്വികളും, വൃഷാക്കളും, ഉണർത്തുന്നവരും, നല്ല ഗതിയോടുകൂടിയവരുമാകുന്നു. ബ്രാഹ്മണസ്പതി ഇവരെ കൂട്ടിക്കൊ് ആ ഗോധനത്തിന്റെ മേൽ അധികാരമുറപ്പിച്ചു.

**8. തേ സത്യേന മനസാ ഗോപതിം ഗാ ഈയാനാസ**

**ഇഷണയന്ത ധീഭിഃ |**

**ബൃഹസ്പതിർമിഥോ അവദ്യപേഭിരുദുസ്രിയാ അസൃജത സ്വയുഗഭിഃ ||**

സത്യത്തെ ചൈതന്യപ്പെടുത്തുന്നവരായ മരുത്തുക്കൾ തങ്ങളുടെ കർമ്മത്താൽ ഗോക്കളെ നേടുകയും അപ്പോൾ ബൃഹസ്പതിയെ ഗോക്കളുടെ സ്വാമിയാക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. പരസ്പര സഹായികളായ മരുത്ഗണത്തോടുകൂടി ബൃഹസ്പതി ഗോക്കളെ വെളിയിൽ കൊവന്നു.

**9. തം വർധയന്തോ മതിഭിഃ ശിവാഭിഃ സിംഹമിവ നാനദതം സധസ്ഥേ |**

**ബൃഹസ്പതിം വൃഷണം ശൂരസാതൗ ഭരേഭരേ അനു മദേമ ജിഷ്ണും ||**

മരുത്തുക്കൾ സിംഹത്തെപ്പോലെ അന്തരീക്ഷത്തിൽ ഗർജ്ജിക്കുന്നു. കാമവർഷകരും, വിജയശീലരും, ബൃഹസ്പതിയെ വളർത്തുന്നവരുമായ മരുത്തുക്കളെ ഞങ്ങൾ സുന്ദരമായ സ്തോത്രങ്ങളാൽ സ്തുതിക്കുന്നു.

**10. യദാ വാജമസനദ്വിശ്വരൂപമാ ദ്യാമരുക്ഷദുത്തരാണി സദ്മ |**

**ബൃഹസ്പതിം വൃഷണം വർധയന്തോ നാനാസന്തോ ബിഭ്രതോ ജ്യോതിരാസാ ||**

ബൃഹസ്പതി അന്തരീക്ഷത്തിലാരൂഢനാവുകയും വിഭിന്നരീതിയിലുള്ള അന്നത്തെ സേവിക്കുകയും ചെയ്യുന്നു. അപ്പോൾ വൃഷാവായ ബൃഹസ്പതിയെ എല്ലാ ദേവകളും വിഭിന്ന ദിക്കുകളിൽ നിന്ന് സ്തുതിക്കുന്നു.

**11. സത്യാമാശിഷം കൃണുതാ വയോധൈ കോരിം ചിദ്ധ്യവഥ സ്വേഭിരേവൈഃ |**

**പശ്ചാ മൃധോ അപ ഭവന്തു വിശ്വാസ്തോദ്രോദസീ ശൃണുതം വിശ്വമിന്വേ ||**

അന്നപ്രാപ്തിക്കുള്ള എന്റെ സ്തുതികൾ ഫലവതികളാകട്ടെ. എനിക്കു ശരണം നൽകി രക്ഷിച്ചാലും. ഞങ്ങ ളുടെ എല്ലാ ശത്രുക്കളും നാശത്തെ പ്രാപിക്കട്ടെ. ജഗത്തിനെ പുഷ്ഠിപ്പെടുത്തുന്നവരായ ആകാശഭൂമികൾ ഞങ്ങളുടെ വിളികേൾക്കട്ടെ.

**12. ഇന്ദ്രോമഹ്നാ മഹതോ ാർണവസ്യ വി മൂർധാനമ മിഭിനദർവുദസ്യ |**

**അഹന്നഹിമരിണാ ത്സപ്ത സിന്ധൂന്ദേവൈർദ്യാവാപൃഥിവീ പ്രാവതം നഃ ||**

മഹിമാമയനായ ബൃഹസ്പതി ജലസമ്പന്നമായ മേഘത്തിന്റെ മസ്തകം തകർക്കുകയും നിരോധകരായ ശത്രുക്കളെ നശിപ്പിക്കുകയും ചെയ്തു. അതുകാരണം നദികളെല്ലാം ജലപൂർണ്ണകളായി സമുദ്രത്തിൽ ചെന്നു ചേർന്നു. ഹേ ആകാശഭൂമികളേ! നിങ്ങൾ എല്ലാദേവകളോടും കൂടി ഞങ്ങളെ പാലിച്ചരുളണേ.

## സൂക്തം 68

**ഋഷി അയാസ്യൻ ദേവത ബൃഹസ്പതി ഛന്ദസ് ത്രിഷ്ടുപ്**

**1. ഉദപ്രുതോ ന വയോ രക്ഷമാണാ വാവദതോ അഭ്രിയസ്യേവ ഘോഷാഃ |**

**ഗിരിഭ്രജോ നോർമയോ മദന്തോ ബൃഹസ്പതിമഭ്യർകാ അനാവൻ ||**

വയലിൽ നനയ്ക്കുന്നവർ പക്ഷികളെ ഓടിക്കുന്നതിനു ബഹളം കൂട്ടുന്നതുപോലെയും ഇടിവെട്ടുന്നരീതിയിലും, പർവ്വതങ്ങളിൽ കൂട്ടിമുട്ടുന്ന ജലതരംഗങ്ങൾ പോലെയും ബൃഹസ്പതിയെ പ്രശംസിക്കുന്ന സ്തുതികൾ സൂരികൾ ചൊല്ലുന്നു.

**2. സംഗോഭിരാങ്ഗിരസോ നക്ഷമാണോ ഭഗ ഇവേദര്യമണം നിനായ |**

**ജനേ മിത്രോ ന ദമ്പതീ അനക്തി ബൃഹസ്പതേ വാജയാശൂം രിവാജൗ ||**

അംഗിരസ്സിന്റെ പുത്രനായ ബൃഹസ്പതി ഗുഹയിൽ ഒളിപ്പിക്കപ്പെട്ട ഗോക്കളുടെ അടുക്കലേക്കു സൂര്യപ്രകാശം എത്തിച്ചപ്പോൾ അവന്റെ തേജസ്സ് ഭഗദേവനു തുല്യം വ്യാപ്തമായി മിത്രൻ ദമ്പതിമാരെ യോജിപ്പിക്കുന്നതുപോലെ ഞാൻ മനുഷ്യരോട് ഗോക്കളെ യോജിപ്പിച്ചു. പടക്കളത്തിലേക്ക് അശ്വങ്ങളെ ഓടിച്ചുകൊവരുന്നതുപോലെ ഹേ ബൃഹസ്പതേ! നീ സ്തോതാവിങ്കൽ നിന്റെ രശ്മികളെ അണക്കണമേ.

**3. സാധ്വര്യാ അതിഥിനിരിഷിരാഃ സ്പാർഹാഃ സുവർണാ അനവദ്യരൂപാഃ |**

**ബൃഹസ്പതിഃ പർവതേഭ്യോ വിതുര്യാ നിർഗാ ഊപേ യവമിവ സ്ഥിവിഭ്യഃ ||**

കളത്തിൽ നിന്നു യവം മാറ്റുന്നതുപോലെ ബൃഹസ്പതി ഗോക്കളെ പർവ്വതത്തിൽ നിന്നും വെളിയിൽ കൊവന്നു. ഈ ഗോക്കൾ സുന്ദരമായ വർണ്ണത്തോടും രൂപത്തോടും കൂടിയവയാണ്. അവ ശീഘ്രം ഗമിക്കുന്നവയും സ്പൃഹണീയകളും, കല്യാണകാരിണികളും, ക്ഷീരദായിനികളുമാകുന്നു.

**4. ആ പ്രുഷായൻമധുന ഋതസ്യ യോനിമവക്ഷിപന്നർക ഉല്കാമിവ ദ്യൗഃ |**

**ബൃഹസ്പതി രുദ്ധന്നശ്മനോ ഗാ ഭൂമ്യാ ഉദ്നേവ വി ത്വചം വിഭേദ ||**

ബൃഹസ്പതിയാലുദ്ധരിക്കപ്പെട്ട ഗോക്കൾ സത്കർമ്മസ്ഥാനമായ യജ്ഞത്തെ മധുരമയമായ പാലുകൊ് നനച്ചു. അപ്പോൾ ആകാശത്തിൽ നിന്നുള്ള ഉത്ക്കാപാതം പോലെ ബൃഹസ്പതി അത്യന്തം തേജസ്വിയായി കാണപ്പെട്ടു. അവൻ പാറമുകളിൽ നിന്നും ഗോക്കളെ താഴയിറക്കി അവയുടെ ഖുരങ്ങളാൽ ഭൂമിയുടെ ത്വക്കിനെ വർഷജലം ഭൂമിയിൽ ചാലുകീറുന്നതുപോലെ കീറിപ്പിളർന്നു.

**5. അഫ ജ്യോതിഷാ തമോ അന്തരിക്ഷാദുദ്നാഃ ശീപാലമിവ വാത ആജത് |**

**ബൃഹസ്പതരിനുമൃശ്യാ ബാലസ്യാഭ്രമിവ വാത ആ ചക്ര ആ ഗാഃ ||**

കാറ്റ് കരിമ്പായലടിച്ചു മാറ്റുന്നതുപോലെ ബൃഹസ്പതി ആകാശത്തിൽനിന്നും അന്ധകാരത്തെ അടിച്ചുമാറ്റി. വായു മേഘങ്ങളെ ചിതറിക്കുന്നതുപോലെ ബൃഷസ്പതി ബലനാൽ ഒളിപ്പിക്കപ്പെട്ട സ്ഥാനത്തുനിന്നും ഗോക്കളെ വെളിയിൽ കൊവന്നു.

**6. വദാ വലസ്യ പീയതോ ജസും മേദബൃഷസ്പതിരഗ്നിതപാഭിരർകൈഃ |**

**ദദ്ഭിർന ജിഹ്വാ**
**പരിവിഷ്ടമാദദാവിർനിധീംരകൃണോദുസ്രിയാണാം ||**

ബൃഹസ്പതിയുടെ അഗ്നിക്കുതുല്യം ദാഹകവും തേജസ്സുറ്റതുമായ ഭക്ഷകാകുന്ന ആയുധം ബലന്റെ അസ്ത്രങ്ങളെ മുറിച്ചിട്ട് അവൻ ആ ഗോക്കളെ തനിക്കധീനമാക്കി പല്ലുകളാൽ ചവയ്ക്കപ്പെട്ട പദാർത്ഥത്തെ നാക്കു ഭക്ഷിക്കുന്നതുപോലെ അപഹരണകർത്താക്കളായ പണികളെ വധിച്ച് ബൃഹസ്പതി ഗോക്കളെ വീടെടുത്തു.

**7. ബൃഹസ്പതിരമത ഹി ത്യദാസാം നാമ സ്വരീണാം സദനേ ഗുഹാ യത് |**
**ആണ്ഡേവ ഭിത്ത്വാ ശകുനസ്യ ഗർഭമുദുസ്രിയഃ പർവതസ്യ ത്മനാജത് ||**

ഗുഹയിൽ മറഞ്ഞിരുന്ന ഗോക്കൾ ശബ്ദിച്ചപ്പോൾ, ഗോക്കൾ അവിടെയുണ്ടെന്നുള്ള വിവരം ബൃഹസ്പതി മനസ്സിലാക്കി. അണ്ഡംപൊട്ടി പക്ഷിക്കുഞ്ഞിതിൽ നിന്നും പുറത്തുവരുന്നതുപോലെ, അവൻ പർവതത്തിൽ നിന്നും ഗോക്കളെ പുറത്തുകൊവുവന്നു.

**8. അശ്നാപിനദ്ധം മധു പര്യപശ്യൻമത്സ്യം ന ദീന ഉദനി ക്ഷിയന്തം |**
**നിഷ്ടജ്ജഭാര ചമസം ന വൃക്ഷാദ് ബൃഹസ്പതിർവിരവേണാ വികൃത്യ ||**

വറ്റിയ ജലത്തിലെ മത്സ്യങ്ങളെപ്പോലെ പർവതഗുഹയിൽ കഴിഞ്ഞിരുന്ന ഗോക്കളെ ബൃഹസ്പതി ദർശിച്ചു. വൃക്ഷത്തിൽനിന്നും സോമപാത്രത്തിനുള്ള തടിമുറിച്ചെടുക്കുന്നതുപോലെ അവൻ ആ ഗോക്കളെ പർവതത്തിൽ നിന്നും താഴെ കൊവുവന്നു.

**9. സോഷാമവിന്ദത്സഃ സ്വഃ സോ അഗ്നിം സോ അർകേണ വി ബബാധേ തമാംസി |**
**ബൃഹസ്പതിർഗോവപുഷോ ബലസ്യ നിർമജ്ജാനം ന പർവണോ ജഭാര ||**

ഗോക്കളെ വീടെടുത്ത ബൃഹസ്പതി ഉഷസ്സിനെ നേടി. അവൻ സൂര്യനേയും അഗ്നിയേയും കയ്യടക്കി. അന്ധകാരത്തെ അകറ്റി. അസ്ഥിയിൽനിന്നും മജ്ജയെ വെളിവാക്കുന്നതുപോലെ അവൻ ബലരാക്ഷസന്റെ പർവതത്തിൽനിന്നും ഗോക്കളെ പുറത്തുകൊവുവന്നു.

**10. ഹി മേവ പർണാ മുഷിതാ വനാനി ബൃഹസ്പതി നാ കൃപയദ്വലോ ഗഃ |**
**അനാനുകൃത്യനമപുനശ്ചകാര യാത്സൂര്യാമാസാ മിഥ ഉച്ചരാതഃ ||**

ഹിമം പദ്മപത്രങ്ങളെ ഹരിക്കുന്നതുപോലെ ബലനാൽ മറയ്ക്കപ്പെട്ട ഗോക്കളെ ബൃഹസ്പതി അപഹരിച്ചു. മറ്റൊരു വ്യക്തിക്കും അതു സാധ്യമായിരുന്നില്ല. അവന്റെ ഈ കർമ്മം കൊുതന്നെ സൂര്യനും, ചന്ദ്രനും ഉദയകർമ്മം ക്രമമായി നടത്താൻ ആരംഭിച്ചു.

**11. അഭി ശ്യാവം ന കൃശനേഭിരശ്വം നക്ഷത്രേഭിഃ പിതരോ ദ്യാമപിംശൻ |**
**രാവ്യാം തമോ ദധുർജ്യോതിരഹഹൻബൃഹസ്പതിർഭി നദ്രഭിം വിദദ്ഗാഃ ||**

പാലകരായ ദേവൻമാർ, കൃഷ്ണാശ്വത്തെ സ്വർണ്ണാഭരണങ്ങളാൽ അലങ്കരിക്കുന്നതുപോലെ, നക്ഷത്രങ്ങളാൽ ആകാശത്തെ അലങ്കരിച്ചു. അവർ പ്രകാശത്തെ പകലിനും, അന്ധകാരത്തെ രാത്രിക്കും നിയുക്തമാക്കി ബൃഹസ്പതി പർവതത്തെ പിളർന്ന് ഗോരൂപമായ നിധി കൈവശപ്പെടുത്തി.

**12. ഇദമകർമ്മ നമോ അഭ്രിയായ യഃ പൂർവിരന്വാനോനവീതി |**
**ബൃഹസ്പതിഃ സ ഹി ഗോഭിഃ സോ അശ്വൈഃ സവിരേഭിഃ സനൃഭിർനോ വയോ ധാത് ||**

അനേകം മന്ത്രങ്ങളുടെ രചയിതാവും, അന്തരീക്ഷത്തിൽ വസിക്കുന്നവനുമായ ബൃഹസ്പതിയെ ഞങ്ങൾ നമസ്കരിച്ചു. ആ ബൃഹസ്പതി ഞങ്ങൾക്ക് ഗോക്കൾ, അശ്വങ്ങൾ, സന്താനങ്ങൾ, ഭൃത്യൻമാർ, അന്നം, ധനം എന്നിവ കിട്ടുമാറാക്കണേ.

## അനുവാകം 6 സൂക്തം 69

**ഋഷി സുമിത്രൻ, ദേവത അഗ്നി ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. ഭദ്രാ അഗ്നേർവധ്ര്യ ശ്വസ്യ സൻദൃശോ വാമീ പ്രണീതിഃ സുരണാ ഉപേതയഃ |**
**യദീം സുമിത്രാ വിശോ അഗ്ര ഇന്ധതേ ഘൃതേനാഹുതോ ജരതേ ഭവിദ്യുതത് ||**

വധ്ര്യശ്വൻ അഗ്നിയെ പ്രതിഷ്ഠിച്ചു. ആ അഗ്നിയുടെ അനുഗ്രഹം ഞങ്ങൾക്കു മംഗളമരുളട്ടെ. അവന്റെ രൂപം ദർശനയോഗ്യമാകട്ടെ. അവന്റെ യജ്ഞസ്ഥാനത്തേക്കുള്ള വരവ് അത്യന്തം ശുഭകരമാകട്ടെ. ഞങ്ങൾ അഗ്നിദേവനെ പ്രതിഷ്ഠിക്കുമ്പോൾ അവൻ ഘൃതാഹുതിയെ പ്രാപിച്ച് പ്രദീപ്തനാകുന്നു. ഞങ്ങൾ ആ അഗ്നിയെ തന്നെ സ്തുതിക്കുന്നു.

**2. ഘൃതമഗ്നേർവധ്ര്യ ശ്വസ്യ വർധനം ഘൃതമന്നം ഘൃതമ്വസ്യ മേദനം |**
**ഘൃതേനാഹുത ഉർവിയാ വി പപ്രഥേ സൂര്യ ഇവ രോചതേ സരപിരാ സുതിഃ ||**

വധ്ര്യശ്വന്റെ അഗ്നി ഘൃതത്താൽ വൃദ്ധിയെ പ്രാപിക്കട്ടെ. ഘൃതരൂപമായ ആഹാരം തന്നെ അവനെ പോഷിപ്പിക്കട്ടെ. ഘൃതാഹുതി പ്രാപിച്ചു അഗ്നി അത്യധികമായി കത്തിപ്പടരുന്നു. ഘൃതപ്രാപ്തിക്കുശേഷം അഗ്നിയുടെ പ്രകാശം സൂര്യനു തുല്യം അത്യന്തം ഉജ്ജ്വലമായിത്തിരുന്നു.

**3. യത്തേ മനുര്യദനീകം സുമിത്രഃസമിധേ അഗ്നേ തദിദം നവീയഃ |**
**സ രേവച്ഛോപ സ ഗിരോ ജൂഷസ്വ സ വാജം ദർഷി സ ഇഹ ശ്രവോ ധാഃ ||**

ഹേ അഗ്നേ! മനു എപ്രകാരം നിന്നെ പ്രദീപ്തമാക്കിയോ, അതുപോലെ തന്നെ ഞാനും നിന്നെ പ്രദീപ്തമാക്കുന്നു. കിരണങ്ങളുടെ ഈ സമൂഹം നവീനമാണല്ലോ. അതിനാൽ നീ ഐശ്വര്യയുക്തനായി വളർന്നാലും. ഞങ്ങളുടെ സ്തുതികളെ സ്വീകരിച്ച് ശത്രുസേനയെ കീറിപ്പിളരുകയും ഞങ്ങളുടെ അടുക്കലേക്ക് അന്നം എത്തിക്കുകയും ചെയ്യേണമേ.

**4. യം ത്വാ പൂർവമീളിതോ വധ്ര്യശ്വഃ സമീധേ അഗ്നേ സം ഇദം ജൂഷസ്വ |**
**സ നഃ സ്തിപാ ഉത ഭവാ തനൂപാ ദാത്രം രക്ഷസ്വ യദിദം തേ അസ്മേ ||**

ഹേ അഗ്നേ! വധ്ര്യശ്വൻ തന്നെയാണല്ലോ നിന്നെ ആദ്യമായി ജ്വലിപ്പിച്ചത്. നീ ഞങ്ങൾക്ക് യാതൊന്ന് പ്രദാനം ചെയ്തിരുന്നുവോ, അത് അനശ്വരമായിരുന്നു. നീ ഞങ്ങളുടെ ഭവനങ്ങളേയും, ശരീരങ്ങളേയും രക്ഷിക്കേണമേ.

**5. ഭവാ ദ്യുമ്നീ മാധ്ര്യശ്വേത ഗോപാ മാ ത്വാ തരീദഭിമാതിർജനാനാം |**

**ശൂരം ഇവ ഘൃണശ്ച്യവനഃ സുമിത്ര പ്ര നു വോചം വാധ്ര്യശ്വസ്യ നാമഃ ||**

ഹേ വധ്ര്യശ്വന്റെ അഗ്നേ! നീ ജ്വലിച്ച് രക്ഷകനായാലും. ഹിംസകരായ ദുഷ്ടൻമാർക്ക് നിന്നെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. നീ വീരനുതുല്യം ശത്രുനാശകനാകണമേ. സുമിത്രനായ ഞാൻ ഈ അഗ്നി നാമങ്ങളെ ഉച്ചരിക്കുന്നു.

**6. സമജ്ര്യാ പർവത്യാ വസൂനിദാസാ വൃത്രാണ്യാര്യാ ജിഗേഥ |**

**ശൂര ഇവ ധൃഷ്ണശ്ച്യവനോ ജനാനാംത്വമഗ്നേ പൃതനാർയൂംരഭിഷ്മാഃ ||**

ഹേ അഗ്നേ! നീ പർവ്വതത്തിലെ ധനത്തെ ജയിച്ച് സ്വന്തം ഉപാസകർക്കു നൽകി. നീ വീരൻമാർക്കു തുല്യനായി ശത്രുസംഹാരകനാകണമേ. യുദ്ധത്തിനായി വരുന്ന ആ ശത്രുവിനെ നീ നേരിടേണമേ.

**7. ദീർഘതന്തുർബൃഹദുക്ഷായമഗ്നിഃ സഹസ്രസ്തരീഃ ശതനീഥ ഋഭ്വാ |**

**ദ്യുമാൻ ദ്യുമത്സു നൃഭിർമൃജ്യമാനഃ സുമിത്രേഷു ദീദയേ ദേവയത്സു ||**

ഈ അഗ്നി ദീർഘസൂത്രനാകുന്നു. ദാനികളിൽ പ്രമുഖനായ ഇവൻ ആയിരം സ്ഥാനങ്ങളെ മറയ്ക്കുന്നതിൽ സമർത്ഥനാകുന്നു. അസംഖ്യം ഭാഗങ്ങളിൽനിന്നും വരികയും ചെയ്യുന്നു. ഇവൻ പ്രകാശമാനത്തിൽ പ്രകാശമാനാകുന്നു. ഹേ അഗ്നേ! സുമിത്രൻമാരായ ഞങ്ങളുടെ ഭവനങ്ങളിൽ സുഖമായി ജ്വലിച്ചരുളേണമേ.

**8. ത്വ ധേനുഃ സുദുധാ ജാതവേദോസശ്ചതേവ സമനാ സബർധുക്|**

**ത്വം നൃഭിർദക്ഷിണാവദ്ഭിരഗ്നേ സുമിത്രേഭിരിധ്യസേ ദേവയദ്ഭിഃ||**

ഹേ മേധാവിയായ അഗ്നേ! നിന്റെ ഗോവ് എളുപ്പത്തിൽ കറക്കപ്പെടുന്നു. അവ നിർവിഘ്നം ദോഹനം ചെയ്യപ്പെടുന്നു. അവൾ അമൃതതുല്യമായ മധുരദുഗ്ധം നൽകുന്നവളാകുന്നു. ദേവോപാസകരായ സുമിത്ര വംശ മഹർഷിമാർ ദക്ഷിണായുക്തരായി നിന്നെ ജ്വലിപ്പിക്കുന്നു.

**9. ദേവാശ്ചിത്തേ അമൃതാ ജാതവേദോ മഹിമാനം വാധ്ര്യശ്വ പ്ര വോചൻ |**

**യത്സമ്പൃഛം മാനുഷീർവിശ ആയന്ത്വം നൃഭീരജയസ്ത്വാവൃധേഭിഃ ||**

ഹേ ധ്ര്യശ്വാഗ്നേ! മനുഷ്യർ നിന്റെ മഹിമയെ അറിയുവാനാഗ്രഹിച്ചിരുന്നപ്പോൾ പ്രവൃദ്ധരായ ദേവകളോടുകൂടി കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുന്നവരുടെമേൽ വിജയം വരിച്ചിരുന്നു. ആ ദേവകൾ തന്നെ നിന്റെ ശ്രേഷ്ഠമായ മഹിമയെ നന്നായി പാടി പുകഴ്ത്തുന്നു.

**10. പിതേവ പുത്രമവിഭരുപസ്ഥേ ത്വാമഗ്നേ വധ്ര്യയശ്വഃ സപര്യൻ |**

**ജൂഷാണോ അസ്യ സമിധം യവിഷ്ഠോത പൂർവാ അവനോർവ്രാധതശ്ചിത് ||**

ഹേ അഗ്നേ! പിതാവ് പുത്രനെ മടിയിലിരുത്തി ലാളിക്കുന്നതുപോലെ എന്റെ പിതാവ് നിന്നെ പരിചരിച്ചിരുന്നു. എന്റെ പിതാവിന്റെ സമിധകളെ സ്വീകരിച്ച് നീ ശത്രുക്കളെ നശിപ്പിച്ചു.

**11. ശശ്വദഗ്നിർവധ്ര്യജശ്വസ്യ ശത്രൂന്നൃഭിർജിഗായ സുതസോമ വദ്ഭിഃ |**

**സമനം ചിദദഹശ്ചിത്രഭാനോവവ്രാധന്തമഭിന്വദ്വ്റുധശ്ചിത് ||**

വർധൗശ്വന്റെ അഗ്നി സോമം പിഴിയു ഋഷിമാരോടു കൂടി ശത്രുക്കളുടെമേൽ സദാ വിജയം പ്രാപിച്ചു. ഹേ അഗ്നേ! നീ വിഭിന്നങ്ങളായ തേജസ്സുകളാൽ യുക്തനാണല്ലോ. നീ ഹിംസകരായ രാക്ഷസപ്പടയെ എപ്പോഴും ഭസ്മമാക്കിക്കളയുന്നു. ഹിംസകനായ യാതൊരുത്തൻ അധികം പ്രവൃദ്ധനായിരുന്നുവോ, അവനെ നീ അത്യധികം കഷ്ടപ്പെടുത്തി.

**12. അയനഗ്നി രവധ്ര്യയശ്വസ്യ വ്റുത്രഹാ സനകാത് പ്രേദ്ധോ നമസോ പവാക്യഃ |**

**സനോ അജാമീരുത വാ വിജാമീനഭി തിഷ്ഠ ശധം തോവാധ്യശ്ച ||**

വർധ്ര്യശ്വന്റെ അഗ്നി ശത്രുക്കളെ സംഹരിച്ചു. അവൻ എപ്പോഴും ജ്വലിച്ചുകൊിരിക്കുന്നു. അവൻ നമസ്ക്കരിക്കപ്പെടുന്നു. ഹേ അഗ്നേ! ഞങ്ങളുടെ ശത്രുക്കളെ പരാജയപ്പെടുത്തേണമേ.

## സൂക്തം 70

**ഋഷി സുമിത്രൻ ദേവത അഗ്നി, നരാശം ഛന്ദസ് ത്രിഷ്ടുപ്**

**1. ഇമാം മേ അഗ്ന സമിധം ജുഷസ്വേളസ്പദേ പ്രതി ഹര്യാ ഘൃതാചീം |**

**വർഷ്മൻ പൃഥിവ്യാഃ സുദിനത്വേ ആഹ്നാമൂർധ്വോ ഭവ സുക്രതോ ദേവയജ്യാ ||**

ഹേ അഗ്നേ! ഉത്തരവേദിയിൽ പ്രതിഷ്ഠിതനായി എന്റെ സമിധകളെ സ്വീകരിച്ചാലും. ഘൃതയുക്തമായ സ്രുകത്തെ കാമിച്ചുകൊ് ഭൂമിയുടെ ശ്രേഷ്ഠമായ സ്ഥാനത്ത് സ്വന്തം ജ്വാലകളെ ഉയർത്തിയാലും.

**2. ആ വേനാമഗ്രയാവേഹ യാതു നരാശംസോ വിശ്വരൂപേഭിരശ്വൈഃ |**

**ഋതസ്യ പഥാ നമസാ മിയേധോ ദേവേഭ്യോ ദേവതമഃ സുഷൂദത്||**

അഗ്നി ദേവകളുടെ മുന്നിലായി ചരിക്കുന്നു. മനുഷ്യർ അവനെ സ്തുതിക്കുന്നു. അവൻ വിഭിന്നരൂപരായ അശ്വങ്ങളോടുകൂടി ഞങ്ങളുടെ യജ്ഞത്തിൽ ആഗതനാകണേ. ദേവകളിൽ പ്രമുഖനും, കർമ്മങ്ങളിൽ ചതുരനുമായ അഗ്നി ഹവിസ്സിനെ സ്വീകരിക്കുമാറാകണേ.

**3. ശശ്വത്തമമിളതേ ദൂത്യായ ഹവിഷ്മന്തോ മനുഷ്യാസോ അഗ്നിം |**

**വഹിഷ്ഠൈരശ്വൈഃ സുവൃതാ രഥേനാ ദുവാന്വക്ഷി നി**

**ഷദേഹ ഹോതാ ||**

ഹവിർദ്ദാനിയായ യജമാനൻ ദൗത്യകർമ്മത്തിനുവേി അഗ്നിയെ സ്തുതിക്കുന്നു. സുന്ദരമായ രഥത്തെ വഹിക്കുന്ന അശ്വങ്ങളോടുകൂടി ഹേ അഗ്നേ! ഇന്ദ്രാദി ദേവകളെ യജ്ഞത്തിൽ കൊുവരികയും ഞങ്ങളുടെ ഈ യജ്ഞത്തിൽ ഹോതാരൂപനായി വിരാജിക്കുകയും ചെയ്യേണമേ.

**4. വി പ്രഥതാം ദേവജുഷ്ടം തിരശ്ചാ ദീർഘം ദ്രാധ്മാ സുരഭി ഭൂത്വസ്മേ |**

**അഹേളതാ മനസാ ദേവ ബർഹിരിന്ദ്രജ്യേഷ്ഠാം ഉശതോ യക്ഷി ദേവാൻ ||**

ദേവകളെ സേവിക്കുന്ന കുശ വ്യദ്ധയെ പ്രാപിക്കട്ടെ. സുരഭിക്കു തുല്യം സുഖദായകങ്ങളാകട്ടെ. ഹേ അഗ്നേ! ഹവ്യകാംക്ഷികളായ ഇന്ദ്രാദിദേവകളെ ഹർഷചിത്തനായി പൂജിച്ചാലും.

**5. ദിവോ വാ സാനു സ്പൃശതാ വരീയഃ പൃഥിവ്യാ വാ മാത്രയാ വി ശ്രയധ്വം |**

**ഉശതീർദ്വാരോ മഹിനാ വഹദ്ഭിർദേവം രഥം രഥയുർധാരയധ്വം ||**

ഹേ കവാടദേവിമാരെ! നിങ്ങൾ ഉന്നതകളായി ഭൂമിയേപ്പോലെ വളരുവിൻ. നിങ്ങൾ രഥകാമിനികളായി ദേവകളെ കാമിക്കുവിൻ. നിങ്ങൾ സ്വന്തം മഹിമയാൽ പ്രതിഷ്ഠിതരായി സഞ്ചാരസാധനമായ രഥത്തെ വഹിക്കുന്നവരാകുവിൻ.

**6. ദേവീ ദിവോ ദുഹിതരാ സുശില്പേ ഉഷാസാനക്താ സദതാം നി യോനൗ |**

**ആ വാം ദേവാസ ഉശതീ ഉരന്ത ഉരൗ സീദന്തു സുഭഗേ ഉപസ്ഥേ ||**

ആകാശത്തിന്റെ പുത്രിമാരും ശ്രേഷ്ഠതേജസ്സോടുകൂടിയവരുമായി ഉഷ, രാത്രികൾ ഞങ്ങളുടെ യജ്ഞത്തിൽ വിരാജിതരാകട്ടെ. ഹേ ധനവതികളായ ദേവിമാരേ! നിങ്ങളുടെ നികടത്തിൽ ഹവ്യകാമരായ ദേവൻമാർ വിരാജിക്കണേ.

**7. ഊർധ്വോ ഗ്രാവാ ബൃഹദഗ്നിഃ സമിദ്ധഃ പ്രിയാ ധാമാന്യദിതേരുപസ്ഥേ |**

**പുരോഹിതാ വൃത്വിജാ യജ്ഞേ അസ്മിൻ വിദുഷ്ടരാ ദ്രവിണമാ യജേഥാം ||**

സോമം ഇടിക്കുന്നതിനുവേി അമ്മി കരങ്ങളിലെടുക്കുമ്പോൾ മഹാനായ അഗ്നി പ്രദീപ്തമാകുമ്പോൾ ഹവിസ്സ് നിറച്ചപാത്രം യജ്ഞത്തിൽ വെക്കപ്പെടുമ്പോൾ. നിങ്ങൾ ഞങ്ങളുടെ യജ്ഞത്തിൽ ധനം പ്രദാനം ചെയ്യണേ.

**8. തിസ്രോ ദേവീർബർഹിരിദം വരീയ ആ സിതേ ചകൃമാ വഃ സ്യോനം |**

**മനുഷ്വദ്യജ്ഞ സുധിതാ ഹവീംഷീളാ ദേവീ ഘൃതപദീ ജുഷന്ത ||**

ഇഡാ ആദിയായ ത്രിദേവിമാരേ! നിങ്ങൾക്കുവേി ഈ കുശ വിരിച്ചിരിക്കുന്നു. നിങ്ങൾ ഇതിൻമേൽ ആസനസ്ഥരാകുവിൻ. ഹേ ഇഡേ ഓജസ്വിനിയും പ്രകാശവതിയും ആയ സരസ്വതി എപ്രകാരം മനുവിന്റെ യജ്ഞത്തിൽനിന്നും ഹവിസ്സ് സ്വീകരിച്ചിരുന്നുവോ അതുപോലെ ഞങ്ങളുടെ യജ്ഞത്തിൽ നിന്നും നിങ്ങൾ ഹവിസിനെ സ്വീകരിക്കുവിൻ.

**9. ദേവ ത്വഷ്ടർയദ്ധ ചാരുത്വമാനഡ്യദങ്ഗിരസാമഭവഃ സചാഭൂഃ |**

**സ ദേവാനാം പാഥ ഉപ പ്ര വിദ്വാനുശന്യക്ഷി ദ്രവിണോദഃ സുരത്നഃ ||**

ഹേ ത്വഷ്ടാവേ! നിന്റെ രൂപം കല്യാണകാരിയാണല്ലോ. നീ അംഗിരസ്സുകളുടെ മിത്രവുമാകുന്നു. ധനസമ്പന്നനായ നീ ഹവ്യത്തെ ആശിച്ചുകൊ് ദേവാംശത്തെ അറിഞ്ഞ് അന്നം ദാനം ചെയ്താലും.

**10. വനസ്പതേ രശനയാ നിയൂയാ ദേവാനാം പാഥ ഉപ വക്ഷി വിദ്വാൻ |**

**സ്വദാതി ദേവഃ കൃണവദ്ധവീംഷ്യവതാം ദ്യാവാ പൃഥിവീ ഹവം മേ ||**

ഹേ യൂപകാഷ്ഠമേ! നീ വനസ്പതിയിൽ നിന്നും നിർമ്മിക്കപ്പെട്ടിരിക്കുന്നു. നീ കയറുകൊ് ബന്ധിക്കപ്പെടുമ്പോൾ ഞങ്ങൾക്കന്നദായകനായി ഭവിക്കണമേ. വനസ്പതികൾ ഹവിസ്സ് സേവിച്ചിട്ട് ഞങ്ങളുടെ ഹവിസ്സുകളെ ദേവകളിലെത്തിക്കട്ടെ ആകാശഭൂമികൾ എന്റെ സ്തുതികളെ പാലിക്കട്ടെ.

**11. അഗ്നേ വഹ വരുണ മിഷ്ടയേ ന ഇന്ദ്രം ദിവോ മരുതോ അന്തരിക്ഷാത് |**

**സീദന്തു ബർഹിർ വിശ്വ ആയജത്രാഃ സ്വാഹാ ദേവാ അമൃതാ മാദയന്താം ||**

ഹേ അഗ്നേ! ഞങ്ങളുടെ യജ്ഞത്തിനുവേി ആകാശാന്തരീക്ഷങ്ങളിൽനിന്നും ഇന്ദ്രനേയും വരുണനേയും ഇവിടെ കൊുവരേണമേ. യജ്ഞയോഗ്യരായ ദേവൻമാർ കുശമേലിരിക്കുകയും ഞങ്ങളുടെ സ്വാഹാകാരത്താൽ പ്രസന്നരാവുകയും ചെയ്യണേ.

## സൂക്തം 71

**ഋഷി ബൃഹസ്പതി ദേവത ജ്ഞാനം ഛന്ദസ് ത്രിഷ്ടുപ്**

**1. ബൃഹസ്പതേ പ്രഥമം വാചോ അഗ്രം യത്പ്രൈരത നാമധേയം ദധാനഃ |**

**യദേഷാം ശ്രേഷ്ഠം യദരിപ്രമാസീത്പ്രേണാ തദേഷാം നിഹിതം ഗുഹാവിഃ ||**

ബൃഹസ്പതി പദാർത്ഥങ്ങളുടെ നാമകരണം ചെയ്യുന്നു. ഇത് അവന്റെ ജ്ഞാനത്തിന്റെ ആദ്യപരിപാടിയാകുന്നു. ഇവന്റെ ഗോപനീയമായ ജ്ഞാനം സരസ്വതിയുടെ കൃപയാൽ ഉത്ഭവിക്കുന്നു.

**2. സക്തുമിവ തിതഉ ന പുനന്തോ യത്ര ധീരാ മനസാ വാചമക്രത |**

**അത്രാ സഖായഃ സഖ്യാനി ജാനതേ ഭദ്രൈഷാം ലക്ഷ്മീർനിഹിതാധി വാചി ||**

മലര് മുറ്റംകൊ് പാറ്റി ശുദ്ധമാക്കുന്നതുപോലെ ജ്ഞാനികൾ തങ്ങളുടെ ബുദ്ധിജലത്താൽ ശുദ്ധീകരിക്കപ്പെട്ട ഭാഷയെ പ്രയുക്തമാക്കുന്നു. അപ്പോൾ ജ്ഞാനികൾ അവരുടെ പ്രകാട്യത്തെ അറിയുന്നവരായിത്തീരുന്നു. അവരുടെ വാണിയിൽ കല്യാണകാരിണിയായ ലക്ഷ്മി അധിവസിക്കുന്നു.

**3. യജ്ഞേന വാചഃ പദവീയമായന്താമന്വവിന്ദന്നൃഷിഷു പ്രവിഷ്ടാം |**

**താമാഭൃത്യാ വ്യദധുഃ പുരുത്രാ താം സപ്ത രേഭാ അഭി സം**

**നവന്തേ ||**

ജ്ഞാനികൾ യജ്ഞത്തിൽ ഭാഷയുടെ മാർഗ്ഗം കണ്ടെത്തി ഋഷിമാരുടെ അന്തക്കരണത്തിൽ സ്ഥിതമായ വാണിയെ അവർ പ്രാപിച്ചു. ആ വാണിതന്നെ എല്ലാ മനുഷ്യരാലും പഠിക്കപ്പെട്ടു. ഈ വാണിയുടെ സംയോഗത്തോടുകൂടി സപ്തഛന്ദസുകൾ സ്തുതിക്കുന്നതിൽ സമർത്ഥങ്ങളായിത്തീർന്നു

**4. ഉത ത്വഃ പശ്യന്ന ദദർശ വാചമുത ത്വഃ ശൃണ്വന്ന ശൃണോ ത്യേനാം |**

**ഉതോ ത്വസ്മൈ തന്വം വി സസ്രേ ജായേവ പത്യ ഉശതീ സുവാസാഃ ||**

ചിലർ അറിഞ്ഞിട്ടും, കിട്ടും, കേട്ടിട്ടും ഭാഷയെ അറിയുകയോ കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല. എന്നാൽ ചിലരുടെ മേൽ വാഗ്ദേവി സരസ്വതി കൃപയുള്ളവരായിത്തീരുന്നു.

**5. ഉത ത്വം സഖ്യേ സ്ഥിരപീതമാഹുർനൈനം ഹിന്വന്ത്യപി വാജിനേഷു |**

**അധേന്വാ ചരതി മായയൈഷ വാചംശുശ്രുവാം അഫലാമപുഷ്പാം ||**

പല പല വ്യക്തികളും വിദ്വാൻമാർക്കു തുല്യം അവരെക്കൂടാതെ ഒരു കാര്യവും നട,ുകയില്ലെന്നുള്ള നാട്യത്തിൽ ഗർവ്വിഷ്ഠരായിക്കഴിയുന്നു. എന്നാൽ പലരും നിരർത്ഥകങ്ങളായ വാക്കുകൾ പ്രയോഗിച്ചുകൊ് കഴിയുന്നു.

**6. യസ്തിത്യാജ സചിവിദം സഖായം ഹ തസ്യ വാച്യപി ഭാഗോ അസ്തി |**

**യദീം ശൃണോത്യലകം ശൃണോതി നഹി പ്രവേദ സുകൃതസ്യ പന്ഥാം ||**

മിത്രനിൽ വിമുഖനാകുന്ന വിദ്വാന് വാണിഫലഹിനമാകുന്നു. അവൻ കേട്ടതെല്ലാം വ്യർത്ഥമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ അവൻ സത്യമാർഗ്ഗത്തിൽ അറിവറ്റവനാകുന്നു.

**7.അക്ഷണ്വന്തഃ കർണവന്തഃ സഖായോമനോജവേ ഷ്വസമാ ബഭൂവുഃ |**

**ആദഘ് നാസഉപ കക്ഷാസ ഉ ത്വേ ഹ്രദാ ഇവ സ്നാത്വാ ഉ ത്വേ ദദൃശ്രേ ||**

കണ്ണും, ചെവിയുമുള്ളവർ മനസ്സിന്റെ ഭാവങ്ങളെ പ്രകാശിപ്പിക്കുന്നതിൽ പ്രത്യേകതയുള്ളവരായിരിക്കും. കയങ്ങളിൽ ചിലവായ് വരെയും. ചിലവകളിൽ അര വരെയും ജലമുായിരിക്കും. ചിലർ മഹാഹ്രദത്തിനു തുല്യം ഗംഭീരമായിരിക്കും.

**8. ഹൃദാ തഷ്ടേഷു മനസോ ജവേഷു യദ്ബ്രാഹ്മണാ സംജയന്ത സഖായഃ |**

**അത്രാഹ ത്വം വി ജഹുർവേദ്യാഭിരോഹബ്രഹ്മാണോ വി ചരന്ത്യു ത്വേ ||**

അനേകം ജ്ഞാനികൾ വേദാർത്ഥങ്ങളുടെ ഗുണദോഷങ്ങളെ വിവേചിക്കുന്നതിനായി ഒന്നിച്ചുകൂടുമ്പോൾ പലരും സ്തോത്രങ്ങളും വേദാർത്ഥങ്ങളും അറിയാവുന്നവരായി ഭാവിച്ച് എങ്ങും സഞ്ചരിക്കുന്നു. എന്നാൽ പലരും സർവ്വജ്ഞാന ശൂന്യരായും കാണപ്പെടുന്നു.

**9. ഇമേ യേ നാർവാങ്ന പരശ്ചരന്തി ന ബ്രാഹ്മണാ സോ ന സുതേകരാസഃ |**

**ത ഏതേ വാചമഭിപദ്യ പാപയാ സിരീസ്തന്ത്രം തന്വതേ അപ്രജജ്ഞയഃ ||**

ഇഹലൗകികനായ പുരുഷൻ വേദജ്ഞാനികളായ ബ്രാഹ്മണരോടും പരലോകദേവകളോടും കൂടി യജ്ഞാദികർമ്മങ്ങൾ നടത്തുന്നില്ലയോ, യാതൊരുത്തർ സ്തുതിക്കുന്നില്ലയോ, സോമയാഗം നടത്തുവാനിഷ്ടപ്പെടുന്നില്ലയോ, അവർ പാപത്തിന്റെ പിടിയിൽ കുരുങ്ങി മഠയൻമാരേപ്പോലെ കേവലം ലോകവ്യവഹാരങ്ങളുടെ കലപ്പയും വഹിച്ച് ജീവിക്കുന്നു.

**10. സർവേ നന്ദന്തി യശസാഗതേന സഭാസാഹേന സഖ്യാ സഖായഃ |**

**കില്വിഷ സ്പൃത്പിതുഷണിർഹ്യേഷാമരം ഹിതോ ഭവതി വാജിനായ ||**

യശസ്സ് മിത്രത്തിനു തുല്യമാകുന്നു. അതുവഴി സഭകളിൽ പ്രാമുഖ്യം ലഭിക്കുന്നു. യശസ്സുള്ള പുരുഷൻ സന്തുഷ്ടനാകുന്നു. യശസ്സിനാൽ തിൻമകളെല്ലാമകലുകയും അന്നം ലഭിക്കുകയും പലവിധത്തിൽ അതിന്റെ ഉപകാരം ഉാവുകയും ചെയ്യുന്നു.

**11. ഋചാം ത്വഃ പോഷമാസ്തേ പുപുഷ്വാൻഗായത്രം ത്വേ ഗായതി ശക്വരീഷു |**

**ബ്രഹ്മാ ത്വോ വദതി ജാതവിദ്യാം യജ്ഞസ്യ മാത്രാം വി മിമീതം ഉ ത്വഃ ||**

ഒരിനം ഉപാസകർ അനേകം മന്ത്രങ്ങളാൽ സ്തുതിച്ചുകൊ് യജ്ഞാദികർമ്മങ്ങളിൽ സഹായകരാകുന്നു. രാമതൊരു കൂട്ടം ഉപാസകർ ഗായത്രാഛന്ദോയുക്തമായ സോമം ഗാനം ചെയ്യുന്നു. യജ്ഞസ്ഥനായ ബ്രഹ്മാവ് വിവിധരീതികളിൽ വ്യാഖ്യാനിക്കുന്നു. അധ്വര്യുക്കൾ യജ്ഞത്തിന്റെ അനേകം കർമ്മങ്ങൾ അനുഷ്ഠിക്കുന്നു.

# അദ്ധ്യായം 3

## സൂക്തം 72

**ഋഷി ലോകന്റെ പുത്രൻ ബൃഹസ്പതിയോ അംഗിരപുത്രൻ ബൃഹസ്പതിയോ ദക്ഷപുത്രി അദിതിയോ ദേവത ദേവൻമാർ ഛന്ദസ് അനുഷ്ടുപ്**

**1. ദേവാനാം നു വയം ജാനാ പ്ര വോചാമ വിപന്യയാ |**

**ഉക്ഥേഷു ശസ്യമാനേഷു യഃ പശ്യാദുത്തരേ യുഗേ ||**

ഞങ്ങൾ ദേവകളുടെ ഉല്പത്തിയെ വിസ്തരിച്ചു വർണ്ണിക്കുന്നു. അടുത്ത യുഗത്തിൽ ദേവഗണം യജ്ഞത്തിന്റെ ആരംഭത്തിൽ സ്തോതാക്കളുടെ നേരെ നോക്കിക്കൊിരിക്കുന്നവരായിരിക്കും.

**2. ബ്രഹ്മണസ്പതിരേതാ സം കർമാര ഇവാ ധമത് |**

**ദേവാനാം പൂർവ്യേ യുഗേസതഃ സഭജായത ||**

ഒരു കരുവാനെപ്പോലെ സൃഷ്ടയുടെ ആരംഭത്തിൽ അദിതി ദേവകളെ ജനിപ്പിച്ചു. നാമരൂപരഹിതരായ ആ ദേവകൾ നാമരൂപാദികളോടുകൂടി പ്രത്യക്ഷരായി.

**3. ദേവാനാം യുഗേ പ്രഥമേസതഃ സദജായത |**

**നദാശാ അന്വജായന്ത തദത്താനാപദസ്പരി ||**

ദേവകൾ ഉത്ഭവിക്കുന്നതിനു മുൻപ് അസത്തിൽനിന്നും സത്ത് ഉത്ഭവിച്ചു. പിന്നീട് ദിക്കുകളും വൃക്ഷങ്ങളും ഉായി.

**4. മുർജജ്ഞ ഉത്താന പദോ ഭൂവ ആശാ അജായന്ത |**

**അദിതേർദക്ഷോ അജായത ദക്ഷാദ്വദിതിഃ പരി ||**

വൃക്ഷങ്ങൾക്കുശേഷം പൃഥ്വിയും, പൃഥ്വിയിൽ നിന്നും ദിക്കുകളും

ദക്ഷനിൽ നിന്നും അദിതിയും ഉത്ഭവിച്ചു.

**5. അദിതിർഹ്യ ജനിഷ്ഠ ദക്ഷ യാ ദുഹിതാ തവ |**
**താം ദേവാ അന്വജായന്ത ഭദ്രാ അമൃത ബന്ധവഃ ||**

ഹേ ദക്ഷാ! നിന്റെ പുത്രിയായ അദിതി ആർക്കെല്ലാം ജൻമം നൽകിയോ, ആ ദേവൻമാർ അവിനാശികളും സ്തുതിക്കുയോഗ്യരുമാകുന്നു.

**6. യദ്ദേവാ അദഃസലിലേ സുസംരബ്ധാ അതിഷ്ഠത |**
**അത്രാ വോ നൃത്യതാമിവ തീവ്രോ രേണുരപായത ||**

ദേവകൾ ഈ ഭൂമിയിൽ വസിച്ച് അത്യന്തം ഉത്സാഹം പ്രകടിപ്പിക്കുവാൻ തുടങ്ങി. അവർ നൃത്തം വയ്ക്കുതന്നെ ചെയ്തു. അതിൽനിന്നും കഷ്ടപ്രദമായ ധൂളികൾ എല്ലാഭാഗങ്ങളിലേക്കും ഉയരുവാൻ തുടങ്ങി.

**7. യദ്ദേവാ യതയോ യഥാ ഭുവനാന്യപിന്വത |**
**അത്രാ സമുദ്ര ആ ഗൂളഹമാ സൂര്യമജഭർതന ||**

ദേവകളുടെ മസ്തകം വിശ്വത്തെ മേഘസമാനം ആഛാദിതമാക്കി. ആകാശത്തിൽ മറഞ്ഞിരുന്ന സൂര്യനെ അവർ പ്രകാശിപ്പിച്ചു.

**8. അഷ്ടൗ പുത്രാസോ അദിതേര്യേ ജാതാസ്തന്വസ്പരി |**
**ദേവാം ഉപ പ്രൈത്സപ്തഭിഃ പരാ മാർതാണ്ഡമാസ്യത് ||**

അദിതിക്ക് എട്ടു പുത്രൻമാരുായി. അവരിൽ ഏഴുപേരെയും കൂട്ടികൊ് അവൾ സ്വർഗ്ഗലോകത്തിലേക്കുപോയി. എട്ടാമനായ സൂര്യൻ ആകാശത്തിൽതന്നെ വസിച്ചിരുന്നു.

**9. സപ്താഭി പുത്രൈരദിതിരുപ പ്രൈത്പൂർവ്യം യുഗം |**
**പ്രജായൈ മൃത്യവേ ത്വത്പുനർമാർതാണ്ഡമാഭരത് ||**

ആ ശുഭമുഹൂർത്തത്തിൽ അദിതി ഏഴുപുത്രൻമാരെ കൂട്ടിക്കൊുപോകയും, സൂര്യനെ ആകാശത്തിൽ തന്നെ പ്രതിഷ്ഠിക്കുകയും ചെയ്തു.

## സൂക്തം 73

**ഋഷി ഗൗതി വീതി, ദേവത മരുത്തുക്കൾ ഛന്ദസ് ത്രിഷ്ടുപ്**

**1. ജനിഷ്ഠാ ഉഗ്രഃ സഹസേ തുരയ മന്ദ്ര ഓജിഷ്ഠോ ബഹുലാഭിമാനഃ |**
**അവർധന്നിന്ദ്രം മരുത ശ്ചിദത്ര മാതാ യദ്വീരം ദധനദ്ധനിഷ്ഠാ ||**

ഇന്ദ്രന്റെ മാതാവ് അവനെ ജനിച്ചപ്പോൾ, മരുത്തുക്കൾ ംതജസ്വിയായ ആ ഇന്ദ്രനെ പ്രശംസിച്ചുകൊ് പറഞ്ഞു, നീ ശത്രുസംഹാരത്തിനായി പിറന്നിരിക്കുന്നു. നീ ഓപസ്വിയും, വീരനും, സ്തുതികൾപാത്രവുമാകുന്നു.

**2. ദ്രുഹോ നിഷത്താ പൃശനീ ചിദവൈഃ പുരൂ ശംസേന വാവൃധുഷ്ഠ ഇന്ദ്രം |**
**അഭീവൃതേവ താ മഹാപദേന ധ്വാന്താത്പപിത്വാദുദരന്ത ഗർഭാഃ ||**

ദോഹനകർത്താവായ ഇന്ദ്രന്റെ അടുക്കൽ ഗമനശീലരായ മരുത്തുക്കളോടുകൂടിയ സൈന്യം സുസജ്ജിതരായി നിലകൊള്ളുന്നു. ആ മരുത്തുക്കൾ ശ്രേഷ്ഠമായ സ്തുതികളാൽ ഇന്ദ്രനെ വളർത്തി. വിശാലമായ തൊഴുത്തിലടയ്ക്കപ്പെട്ട ഗോക്കൾ അതിൽനിന്നും പുറത്തേക്കുവരുന്നതുപോലെ ഘോരാന്ധകാരത്താൽ മറയ്ക്കപ്പെട്ട വർഷജലം വെളിയിലേയ്ക്കൊഴുകി.

**3. ഋഷ്വാ തേ പാദാ പ്ര യജ്ജിഗാസ്യ വർധന്വാജാ ഉത യേ ചിദത്ര |**
**ത്വമിന്ദ്ര സാലാവൃകാൻത്സഹസ്രമാസന്ദധിഷേ അശ്വിനാ വവൃത്യാഃ ||**

ഹേ ഇന്ദ്രാ! നീ മഹിമയോടുകൂടിയ ചരണങ്ങളോടുകൂടിയവനാണല്ലോ. നീ ആ ചരണങ്ങൾകൊ് സഞ്ചരിക്കുമ്പോൾ ഋഭുക്കൾ നിന്നെ വൃദ്ധി പ്രാപിക്കുന്നു. അപ്പോൾ എല്ലാ ദേവകളും മഹത്വീകരിക്കപ്പെടുന്നു. നീ ആയിരം വൃകങ്ങളെ വായിൽ ചേർത്തു. അശ്വിനികളെ തിരിച്ച് വിളിക്കുകയും ചെയ്തു.

**4. സമനാ തൂർണിരുപ യാസി യജ്ഞമാ നാസത്യാ സഖ്യായ വക്ഷി |**
**വസാവ്യാമിന്ദ്ര ധാരയഃ സഹസ്രാശ്വിനാ ശൂര ദദതുർമഘാനി ||**

ഹേ ഇന്ദ്രാ! നീ യുദ്ധത്തിനു പോകുവാൻ വെമ്പൽ കൊള്ളുമ്പോഴും യജ്ഞത്തിലേയ്ക്കു പോകുന്നു. ആ സമയം നീ ഞങ്ങൾക്കുവേി ആയിരം ധനം വഹിക്കുന്നു. അപ്പോൾ അശ്വിനികളും ഞങ്ങൾക്കു ധനം പ്രദാനം ചെയ്യുന്നു.

**5. മന്ദമാന ഋതാദധി പ്രജായൈ സഖിഭിരിന്ദ്ര ഇഷിരേഭിരർഥം |**
**ആഭിർഹി മായാ ഉപ ദസ്യുമാഗാൻമിഹഃ പ്ര തമ്രാ അവപത്തമാംസി ||**

യജ്ഞത്തിൽ പ്രസന്നനായ ഇന്ദ്രൻ മരുത്തുക്കളോടുകൂടിയ യജമാനന് ധനം ദാനം ചെയ്തു. ആയജമാനനു വേി അവൻ മായാരാക്ഷസിയെ നശിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്തു.

**6. സനാമാനാ ചിദ് ധ്വയസോ ന്യസ്മാ അവാഹന്നിന്ദ്ര ഉഷസോ യഥാ നഃ |**
**ഋഷ്വൈരഗഛഃ സഖിഭിർനികാമൈഃ സാകം പ്രതിഷ്ഠാ ഹൃദ്യാജഘന്ഥ ||**

ഇന്ദ്രൻ തന്റെ എല്ലാ ശത്രുക്കളേയും ഒരേ രീതിയിൽ നശിപ്പിക്കുന്നു. അവൻ ഉഷസ്സിനേയും അതുപോലെ ശത്രുവിനെയും തുല്യ രീതിയിൽ നശിപ്പിച്ചു. വൃത്രവധം ഇച്ഛിക്കുന്ന മഹാനായ ഇന്ദ്രൻ തന്റെ മിത്രങ്ങളായ മരുത്ഗണത്തോടുകൂടി നേത്രനെ വധിക്കുവാൻ വന്നുചേരുന്നു. ഹേ ഇന്ദ്രാ! നീ മഹാ സുന്ദരനായ പുരുഷനെപ്പോലും കൊന്നുവല്ലോ.

**7. ത്വം ജഘന്ഥ നമുചിം മഖസ്യം ദാസം കൃണ്വാന കൃഷയേ വിമായം |**
**ത്വം ചകർഥ മനവേ സ്യോനാൻപഥാ ദേവത്രാഞ്ജസേവ യാനാം ||**

നമുചി നിന്റെ ധനത്തെ ആഗ്രഹിച്ചു. നീ അവനെ കൊല്ലുകയും ചെയ്തു. നീ മനുവിന്റെ സമീപത്തുായിരുന്ന നമുചിയുടെ മായയെ നശിപ്പിച്ചു. നീ ദേവകളുടെ ഇടയിൽ മനുവിനുവേി മാർഗ്ഗം നിർമ്മിച്ചു. അതുവഴി വളരെ എളുപ്പത്തിൽ ദേവലോകത്തിലേയ്ക്ക് പോകുവാൻ കഴിയുന്നു.

**8. ത്വം മേതാനി പപ്രിഷേ വി നാമേശാന ഇന്ദ്ര ദധിഷേ ഗഭസ്തൗ |**
**അനു ത്വാ ദേവാ ശവസാ മദന്ത്യുപരി ബുധ്നാന്വനിനശ്ചകർഥ ||**

ഹേ ഇന്ദ്രാ! നീ വിശ്വത്തെ സ്വന്തം തേജസ്സാൽ നിറക്കുന്നു. നീ വജ്രം ധരിക്കുമ്പോൾ എല്ലാവരുടെയും സ്വാമിയായിത്തീരുന്നു. ബലവാൻമാരായ എല്ലാദേവൻമാരും നിന്നെ പ്രശംസിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ മേഘങ്ങളെ അധോമുഖരാക്കിയിരിക്കുന്നു.

**9. ചക്രം യദസ്യാപ്സ്വാ നിഷത്തമുതോ തദസ്മൈ മധ്വിച്ചഛദ്യാത് |**
**പൃഥിവ്യാമതിഷിതം യദൂധഃ പയോ ഗോഷ്വദധാ ഓഷധീഷു ||**

ഇന്ദ്രന്റെ ചക്രം ജലത്തിൽ സ്ഥിതിചെയ്യുന്നു. അത് അവനുവേി മധുപൊഴിക്കുന്നു. ഹേ ഇന്ദ്രാ! നീ തൃണലതാദികളിൽ സ്ഥാപിച്ചിരിക്കുന്ന മധുരരസം പശുവിൻ പാലിന്റെ രൂപത്തിൽ ഞങ്ങൾക്കു പ്രാപ്തമാകുന്നു.

**10. അശ്വാദിയായേതി യദ്വദന്ത്യോജസോ ജാതമുത മന്യ ഏനം |**
**മന്യോരിയായ ഹർമ്യേഷു തസ്യൗ യതഃ പ്രജജ്ഞ ഇന്ദ്രോ അസ്യ വേദ ||**

ഇന്ദ്രൻ അർക്കനിൽനിന്നും ജനിച്ചതായി ഒരു ചൊല്ലു്. എന്നാൽ അവൻ ബലത്തിൽനിന്നും ജനിച്ചതായി ഞാൻ വിശ്വസിക്കുന്നു. ഇന്ദ്രൻ ജനിച്ചപ്പോൾ തന്നെ ശത്രുക്കൾ മാളികകളിൽ ഓടിഒളിച്ചു. ഹേ ഇന്ദ്രാ! നീ എപ്രകാരം ജനിച്ചു എന്ന് നീയല്ലാതെ മറ്റാരും അറിയുന്നില്ല.

**11. വയഃസുപർണാ ഉപ സേദുരിന്ദ്രം പ്രിയമേധാ ഋഷയോ നാധമാനാഃ |**
**അപ ധ്വാന്തമൂർണുഹി പൂർധി ചക്ഷുർമുമഗ്ധ്യ സ്മാന്നിധയേവ ബദ്ധാൻ ||**

സൂര്യന്റെ രശ്മികൾ നല്ലപോലെ വ്യാപിക്കുന്നവയും താഴോട്ടു പതിക്കുന്നവയുമാകുന്നു. അവ ഇന്ദ്രന്റെ അടുക്കൽചെന്ന് യജ്ഞകാമരായ മഹർഷിമാർ പക്ഷിരൂപരായി ഇന്ദ്രന്റെ അടുക്കൽ എത്തി നിവേദനം സമർപ്പിച്ചു. ഹേ ഇന്ദ്രാ! എന്റെ ചക്ഷുസ്സുകളെ ജ്യോതി പൂർണ്ണങ്ങളാക്കേണമേ. അന്ധകാരത്തെ അകറ്റേണമേ. ഏതൊരു പാശത്താൽ ഞങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നുവോ, അതിൽനിന്നും നീ ഞങ്ങളെ മോചിപ്പിക്കണേ.

## സൂക്തം 74

**ഋഷി ഗൗരിവീതി, ദേവത മരുത്തുക്കൾ. ഛന്ദസ് ത്രിഷ്ടുപ്**

**1. വസൂനാം വ ചർകൃഷ ഇയക്ഷന്ധിയാ വാ യജ്ഞൈർവാ രോദസ്യാഃ |**
**അർവന്തോ വാ യേ രയിമന്തഃ സാതൗ വനും വാ യേ സുശ്രുണം സുശ്രുതോ ധുഃ ||**

സ്വത്തു നൽകുന്ന ഇന്ദ്രൻ ദേവകളാലും മനുഷ്യരാലും ആകർഷിതനാകുന്നു. യുദ്ധത്തിൽ ധനംനേടുന്ന അശ്വങ്ങൾ അവനെ തങ്ങളിലേക്കാകർഷിക്കുന്നു. ശത്രുക്കളെ നശിപ്പിക്കുന്നവരായ വീരയോദ്ധാക്കളും ഇന്ദ്രനെ തങ്ങളിലേക്കാകർഷിക്കുന്നു.

**2. ഹവ ഏഷാമസുരോ നക്ഷത ദ്യാം ശ്രവസ്യതാ മനസാ നിംസത ക്ഷാം |**
**ചക്ഷാണാ യത്ര സുവിതായ ദേവാ ദ്യൗർന വാരേഭിഃ കൃണവന്ത സ്വൈന്ന ||**

അംഗിരസ്സകളുടെ സ്തുതി നിർഘോഷം ആകാശത്തിൽ നിറഞ്ഞു ഹവിസ്സ് കാമരായ (അന്നം ആഗ്രഹിക്കുന്ന) ദേവൻമാർ യജ്ഞകർത്താക്കൾക്ക് ഗോക്കളെ കിട്ടിക്കുന്നതിന് ഭൂമിയെ പ്രാപിച്ചു. പണികളാൽ അപഹൃതങ്ങളായ ഗോക്കളെ അന്വേഷിച്ചുകൊ് ദേവകൾ സൂര്യനുതുല്യമായ തങ്ങളുടെ തേജസ്സാൽ ആകാശത്തെ പ്രകാശപൂർണ്ണമാക്കി.

**3. ഇയമേഷാ മമൃതാനൗ ഗീഃ സർവതാതാ യേ ക,പണന്ത രത്നം |**
**ധിയം ച യജ്ഞം ച സാധന്തസ്തേനോ ധാന്തുവസവ്യമസാമി ||**

നാശരഹിതരായ ദേവഗണം ഭിന്നരീതികളിലുള്ള ശ്രേഷ്ഠധനം യജ്ഞത്തിൽ പ്രദാനം ചെയ്യുന്നു. അപ്പോൾ അവർ സ്തുതിക്കപ്പെടുന്നു. അവർ ഞങ്ങളുടെ സ്തുതികളെ സ്വീകരിക്കുകയും മഹത്തായ ഐശ്വര്യം പ്രദാനം ചെയ്യുകയും ചെയ്യണേ.

**4. ആ തത്ത ഇന്ദ്രായവഃ പനന്താഭി യ ഊർഖം ഗോമന്തം തിതൃത്സാൻ |**
**സകൃത്സ്വം യേ പുരുപുത്രാം മഹീം സഹസ്രാധാരാം ബൃഹതീം ദുദുക്ഷൻ ||**

ഹേ ഇന്ദ്രാ! ശത്രുക്കളുട ഗോക്കളെ പിടിച്ചെടുക്കുവാനാഗ്രഹിക്കുന്ന ഉപാസകർ നിന്നെ സ്തുതിക്കുന്നു. ഒരിക്കൽ മാത്രം ജനിച്ച വിശാലയായ ഈ ഭൂമി അനേകർക്കു ജൻമം നൽകുന്നു. ഇവൾ സഹസ്രധാരകളോടുകൂടിയ ശ്രേഷ്ഠമായ ക്ഷീരം നൽകുന്നവളാകുന്നു. യാതൊരുത്തൻ ഭൂമിരൂപിണിയായ ധേനുവിനെ ദോഹനം ചെയ്യുവാനാഗ്രഹിക്കുന്നുവോ, അവരും ഇന്ദ്രനെ പൂജിക്കുന്നു.

**5. ശചീവ ഇന്ദ്രമവസേ കൃണുധ്വമനാനതം ദമയന്തം പൃതന്യൂൻ |**
**ഋഭുക്ഷണം മഘവാനം സുവൃക്തിം ഭർത്താ യോ വജ്രം നര്യം പുരുക്ഷുഃ ||**

ഹേ ഋത്വിജൻമാരേ! ഇന്ദ്രൻ ആരുടെ മുന്നിലും നമിക്കുന്നില്ല. അവൻ മനുഷ്യരുടെ ഹിതത്തിനുവേി വജ്രം ധരിക്കുകയും ശത്രുക്കളെ സംഹരിക്കുകയും ചെയ്യുന്നു. നിങ്ങൾ മഹാനും, ഐശ്വര്യവാനുമായ ഇന്ദ്രനോട് രക്ഷയാചിച്ചുകൊ് അവനെ അഭയം പ്രാപിക്കുവിൻ.

**6. യദ്വാവാന പുരുതമം പുരാഷാളവൃത്രദഹേന്ദ്രോ നാമാന്യപ്രാഃ |**
**അചേതി പ്രാസഹസ്പതിസ്തുവിഷ്മാന്യദീ മുശ്മസി കർതവേ കരത്തത് ||**

ഇന്ദ്രൻ ശത്രുനഗരങ്ങൾ തകർത്തു. അവൻ വൃത്രനെപ്പോലെ ദുർധർഷരായ ശത്രുക്കളെ ഹനിച്ചപ്പോൾ ഭൂമി ജലപൂർണ്ണയായി. അപ്പോൾ ഇന്ദ്രന്റെ ക്ഷമത എല്ലാത്തിലും പ്രകടമാകുകയും അവൻ കാമപൂരകനാണെന്ന് എല്ലാവരും അറിയുകയും ചെയ്തു.

## സൂക്തം 75

**ഋഷി പ്രിയമേധപുത്രൻ, സിന്ധുക്ഷിത്ത് ദേവത നദികൾ. ഛന്ദസ് ജഗതി**

**1. പ്ര സു വ ആപോ മഹിമാനമുത്തമം കാരുർവോചാതി സദനേ വിവസ്വതഃ |**
**ഫ്ര സപ്തസപ്ത ത്രേധാ ഹി ചക്രമുഃപ്ര സൃത്വരിണാമതി**

**സിന്ധുരോജസാ ||**

ഹേ ജലമേ! ഉപാസകനായ യജമാനന്റെ വീട്ടിൽ ഞാൻ നിന്റെ ശ്രേഷ്ഠമായ മഹിമയെ വർണ്ണിക്കുന്നു. ഏഴേഴിന്റെതായ രൂപത്തിൽ നദികൾ മൂന്നുരീതിയിൽ പ്രവഹിക്കുന്നു. അവയിൽ സിന്ധുനദി അത്യന്തം പ്രവാഹവതിയാകുന്നു.

**2. പ്രതേരദദ്വരുണോ യാതവേ പഥഃസിന്ധോ യദ്വാജാം അഭ്യദ്രവസ്ത്വം |**
**ഭൂവ്യാ അധി പ്രവതാ യാസി സാനുനാ യദേഷാമഗ്രം ജഗതാമിരജ്യസി ||**

ഹേ സിന്ധുനദീ! ദേവി ഹരിതപ്രദേശത്തേക്ക് ഒഴുകുന്നവളായി, ആ സമയം വരുണൻ ഭവതിയ്ക്കൊഴുകുന്നതിനുവേി വിശാലമായ മാർഗ്ഗം തെളിച്ചുതന്നു. ദേവി എല്ലാ നദികളിലും അത്യന്തം ശ്രേഷ്ഠയും ഭൂമിയിലെ ശ്രേഷ്ഠങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി പ്രവഹിക്കുന്നവളുമാണ്.

**3. ദിവി സ്വനോ യതതേ ഭൂമ്യോപഥയനന്തം ശുഷ്മമുദിയർതി ഭാനുനോ |**
**അഭ്രാദിവ പ്ര സ്തനയന്തി വൃഷ്ടയഃ സിന്ധുര്യദേതി വൃഷഭോ ന രോരുവത് ||**

സിന്ധുനദിയുടെ നിനാദം ഭൂമിയിൽനിന്നും ഉയർന്ന് ആകാശത്തിൽ പ്രതിധ്വനിക്കുന്നു. ഈ നദി അതിന്റെ പ്രചണ്ഡങ്ങളായ തരംഗങ്ങളോടും അപ്രതിരോധ്യമായ വേഗത്തോടും കൂടി പ്രവഹിക്കുന്നു. ഗർജ്ജിക്കുന്ന മേഘം വർഷിക്കുകയാണോ എന്ന് തോന്നുമാറ്, വൃഷഭസമാനം ഈ നദി ഗർജ്ജിക്കുന്നു.

**4. അഭി ത്വാ സിന്ധോ ശിശുമിന്ന മാതരോ വാശ്രാ അർഷന്തി പയസേവധേനവഃ |**
**രാജേവ യുധ്വാ നയസി ത്വമിത്സിചൗ യദാസാമഗ്രം പ്രവതാമിനക്ഷസി ||**

മാതാവ് തന്റെ ശിശുവിനെ സമീപിക്കുന്നതുപോലെ പയസ്വിനിയായ ഗോവ് അതിന്റെ കിടാവിന്റെ അടുക്കലേക്ക് ചെല്ലുന്നതുപോലെയും എല്ലാ നദികളും സിന്ധുവിനെ ലക്ഷ്യമാക്കി പ്രവഹിക്കുന്നു. യുദ്ധനിരതനായ രാജാവ് തന്റെ സേനകളെ പടക്കളത്തിലേക്കാനയിക്കുന്നതുപോലെ, അവൾ തന്നോടൊത്തൊഴുകുന്ന രു നദികളെ മുമ്പിൽ മുമ്പിൽ കൂട്ടിക്കൊ് പ്രയാണം ചെയ്യുന്നു.

**5.ഇമം മേ ഗങ്ഗേ യമനേ സരസ്വതി ശുതുദ്രി സ്തോമം സചതാ പരുഷ്ണ്യാ |**
**അസികനാ മരുദ്വൃധേ വിതസ്തയാർജീകീയേ ശൃണുഹ്യാ സുഷോമയാ ||**

ഹേ ഗംഗേ! യമുനേ! സരസ്വതീ! സത്ജലേ! പരുഷ്ണീ! അസികന്യേ! വിതസ്തേ! സുഷോമേ! ആർജീകിയേ! നിങ്ങൾ എന്റെ സ്തോത്രങ്ങളെ ശ്രവിക്കണേ.

**6. തൃഷ്ടാമയാ പ്രഥമം യാതവേ സജൂഃ സുസർത്വാ രസയാ ശ്വേത്യാ ത്യാ |**
**ത്വം സിം ധോ കുഭയാ ഗോമതീക്രമും മേഹത്ന്വാ സരഥം യാഭിരീയസേ ||**

ഹേ സിന്ധുനദീ! നീ ആദ്യം തൃഷ്ടാമയോടൊത്തൊഴുകി. പിന്നീട് സുസർത്തു, രസ, ശ്വേതി എന്നീ നദികളോടുകൂടി ഒഴുകി. കുംഭയോടും, മേഹത്തയോടും കൂടി ഒഴുകി. ഗോമതിയിൽ ചേർന്ന് നീ ഈ നദികളെ എല്ലാം ഒന്നിച്ച് ചേർത്ത് മുന്നോട്ടൊഴുകുന്നു.

**7. ഋജീത്യേനീ രുശതീ മഹിത്വാ പരി ജ്രൂയാംസി ഭരതേ രജാംസി |**
**അദബ്ധാ സിന്ധുരപസാമപസ്തമാശ്വാ ന ചിത്രാ വപുഷീവ ദർശതാ ||**

ശ്വേതവർണ്ണയായ സിന്ധു ആയാസരഹിതമായി ഗമിക്കുന്നു. അവളുടെ ജലം എല്ലായിടത്തും എത്തുന്നു. എന്തുകൊന്നൊൽ സിന്ധുനദി ഏറ്റവുമധികം വേഗവതിയാകുന്നു. അവൾ സ്ഥൂലിച്ചു നാരിയെപ്പോലെ ദർശനയോഗ്യയും, അശ്വത്തെപ്പോലെ സുന്ദരിയുമാകുന്നു.

**8. സ്വശ്വാ സിന്ധുഃ സുരഥാ സുവാഹിരണ്യയീ സാ സുകൃതാ വാജിനീവതീ |**
**ഉർണാവതി യുവതിഃ സീലമാവത്യുധാനി വസ്തേ സുഭഗാ മധുവൃധം ||**

സിന്ധുനദി സുന്ദരവും രഥം, അശ്വങ്ങൾ, വസ്ത്രങ്ങൾ, സ്വർണ്ണം മുതലായവയാൽ സമ്പന്നയുമാണ്. ഇതിന്റെ തീരത്ത് തൃണങ്ങൾ സമൃദ്ധിയായി വളരുന്നു. ഇത് മാധുര്യം വളർത്തുന്ന പുഷ്പങ്ങളാൽ ആവൃതമാണ്.

**9. സുഖം രഥം യയുജേ സിന്ധു രശ്വിനം തേന വാജം സനിഷദസ്മിന്നാജൗ |**
**മഹാൻഹ്യസ്യ മഹിമാ പനസ്യതേദബ്ധസ്യ സ്വയശസോ വിരപ്ശിനഃ ||**

ഈനദി മംഗളകാരികളായ അശ്വങ്ങളോടുകൂടിയ സുഖമാകുന്ന രഥം പൂട്ടുന്നു. തന്റെ ആ രഥം വഴി ഇവൻ നമുക്കു അന്നം പ്രദാനം ചെയ്യണേ. സിന്ധുനദിയുടെ ഈ രഥത്തെ യജ്ഞത്തിൽ പ്രശംസിക്കുന്നു. ഈ രഥം ഒരിക്കലും ഹിംസിക്കപ്പെടാത്തതും, മഹത്തായതും, യശസ്വിയുമാകുന്നു.

## സൂക്തം 79

**ഋഷി ഇരാവാന്റെ പുത്രൻ ജരത്കർണ്ണൻ (സർപ്പം) ദേവത അഗ്നി. ഛന്ദസ് ജഗതി**

**1. ആ വ ഋഞ്ജസ ഊർജാം വ്യുഷിഷ്വിന്ദ്രം മരുതോ രോദസി അനക്തന |**
**ഉഭേ യഥാ നോ അഹനീ സചാഭുവാ സദഃ സദോ വരിവസ്യാത ഉദ്ഭിദാ ||**

ഹേ അമ്മിക്കല്ലേ! ഞാൻ നിന്നെ ഉഷസ്സിന്റെ ആഗമനത്തോടുകൂടി അണിയിക്കുന്നു. നീ സോമപ്രദാനം വഴി ഇന്ദ്രന്റേയും മരുത്തുക്കളുടേയും ആകാശഭൂമികളുടേയും അനുഗ്രഹം ലഭ്യമാക്കണം. ഈ ആകാശഭൂമികൾ ഞങ്ങളെല്ലാവരുടെയും ഗൃഹങ്ങളിൽ സ്തുതികളെ സ്വീകരിച്ചുകൊ് ഞങ്ങളെ ധനസമ്പന്നരാക്കണേ.

**2. തദു ശ്രേഷ്ഠം സവനം സുനോതനാത്യോ ന ഹസ്തയതോ അദ്രിഃ സോതരി |**
**വിദദ്ധ്യര്യോ അഭിഭൂതി പൗസ്യം മഹോ രായേ ചിത്തരുതേ യദർവതഃ ||**

ഇടികല്ല് കരങ്ങളിലെടുക്കുമ്പോൾ അത് അശ്വത്തെപ്പോലെ

വേഗമുസ്സതായിത്തീരുന്നു. ഹേ അമ്മിക്കല്ലേ! നീ സോമത്തെ ഇടിച്ചു പിഴിഞ്ഞാലും തൻമൂലം പിഴിയുന്നവനായ യജമാനന് ശത്രുക്കളെ പരാജയപ്പെടുത്തുവാനുള്ള ശക്തി പ്രാപ്തമാകണേ. ഇത് അശ്വങ്ങളേയും ദാനം ചെയ്യും. അവന് അഭീഷ്ടധനവും പ്രാപ്തമാക്കുന്നു.

**3. തദിദ്ധ്യസ്യ സവനം വിവേരപോ യഥാ പുരാ മനവേ ഗാതുമശ്രേത് |**
**ഗോ അർണസി ത്വാഷ്ട്രേ അശ്വിനിർണിജി പ്രേമധ്വരേഷ്വധ്വരാം അശിശ്രയുഃ ||**

മനുവിന്റെ യജ്ഞത്തിൽ എപ്രകാരം സോമരസം വന്നിരുന്നുവോ അതുപോലെ തന്നെ അമ്മിക്കല്ലു വഴിയായ പിഴിയപ്പെട്ട് ഈ സോമം ജലത്തിൽ മിശ്രിതമാകട്ടെ. യജ്ഞത്തിൽ ഗോക്കളേയും അശ്വങ്ങളേയും ജലസ്നാനം നടത്തിക്കുക, വീടുകൾ നിർമ്മിക്കുക ആദിയായ കർമ്മങ്ങളിൽ സോമം ആശ്രയിക്കപ്പെടുന്നു.

**4. അപ ഹത രക്ഷസോ ഭങ്ഗുരാവതഃസ്കഭായത നിരൃതിം സേധതാമതിം |**
**ആ നോ രയിം സർവവീരം സുനോതന ദേവാവ്യം ഭരത ശ്ലോകമദ്രയഃ ||**

ഹേ അമ്മിക്കല്ലേ! ഹിംസകരായ രാക്ഷസൻമാരെ വധിച്ചാലും. പാപദേവതയേയും, കുബുദ്ധികളേയും ആട്ടി ഓടിക്കേണമേ. ദേവകൾക്കു ഹർഷപ്രദാനമായ സ്തോത്രങ്ങളെ സമ്പാദിച്ചുകൊ് ഞങ്ങൾക്ക് സന്താനയുക്തമായ ധനം പ്രദാനം ചെയ്യേണമേ.

**5. ദിവശ്ചിദാ വോമവത്തരേഭ്യോ വിഭ്വനാ ചിദാശ്വപസ്തരേഭ്യഃ |**
**വായോശ്ചിദാ സോമരമസ്തരേഭ്യോഗ്നേ ശ്ചിദർച പിതുകൃത്തരേഭ്യഃ ||**

സുധന്വന്റെ പുത്രനായ വിഭ്വാനേക്കാൾ വേഗത്തിൽ കാര്യങ്ങൾ നടത്തുന്നവനും, ആകാശത്തേക്കാൾ അധികം തേജസ്വിയും സോമാഭിഷവകർമ്മത്തിൽ വായുവിനേക്കാൾ അധികം വേഗവാനും, അഗ്നിയേക്കാൾ ഉപരിയായി ധനം നൽകുന്നവനുമായ അമ്മിക്കല്ലിനെ ദേവകളെ പ്രസാദിപ്പിക്കുന്നതിനുവേി നിങ്ങൾ പൂജിക്കുവിൻ.

**6. ഭുരന്തു നോ യശസഃ സോത്വന്ധസോ ഗ്രാവാണോ വാചാദിവിതാ ദിവിത്മതാ |**
**നരോ യത്ര ദുഹതേ കാമ്യം തധ്വാഘോഷയന്തോ അഭിതോ മിഥസ്തുരഃ ||**

ഈ അമ്മിക്കല്ല് ഞങ്ങളുടെ യജ്ഞത്തിൽ സോമം പിഴിയട്ടെ. ശ്രേഷ്ഠ സ്തോത്രരൂപമായ വാണിയാൽ നമ്മെ സോമ യാഗത്തിൽ പ്രതിഷ്ഠിക്കട്ടെ. ഋത്വിക്കുകൾ അതിവേഗം കർമ്മങ്ങൾ നടത്തി സോമയാഗത്തിൽ സ്തോത്രധ്വനികൾ ദ്വാരാ സോമരസം കറന്നെടുക്കുന്നു.

**7. സ ൂമ്പന്തി സോമ രഥിരാ സോ അദ്രയോ നിരസ്യ രസം ഗവിഷോ ദുഹന്തി തേ |**
**ദുഹന്ത്യ ധരുപ സേചനായ കം നരോ ഹവ്യാ ന മർജയന്ത ആസഭിഃ ||**

അമ്മിക്കല്ലുകൾ സോമത്തെ സ്രവിപ്പിക്കുന്നു. അഗ്നിയെ സേചിക്കുന്നതിനുള്ള ആഗ്രഹത്തോടുകൂടി സ്തോത്രങ്ങളെ കാംക്ഷിച്ചുകൊ് സോമരസത്തെ ദോഹനം ചെയ്യുന്നു. പിഴിയുന്നവരായ ഋത്വിജൻമാർ മിച്ചംവന്ന സോമരസം പാനം ചെയ്ത് സ്വയം പവിത്രരാകുന്നു.

**8. ഏതേ നരഃ സ്വപസോ അഭൂതന യ ഇന്ദ്രായ സുനുഥ സോമമദ്രയഃ |**
**വാമം വാമം വോ ദിവ്യായ ധാമ്നേ വസുവസുഃ വഃ പാർഥിവവായ സുന്വതേ ||**

അമ്മിക്കല്ലുകളേ! ഋത്വിക്കുകളേ! സുന്ദരമായ സോമം പിഴിയുവിൻ. ഇന്ദ്രനുവേി സോമത്തെ ശുദ്ധീകരിച്ചുകൊ്, സ്വർഗ്ഗപ്രാപ്തിക്കുവേി അത്ഭുതകരങ്ങളായ വസ്തുക്കളെ തയാറാക്കുകയും നിവാസയോഗ്യമായ ശ്രേഷ്ഠധനം യജമാനന് പ്രദാനം ചെയ്യുകയും ചെയ്യുവിൻ.

## സൂക്തം 77

**ഋഷി ഭൃഗുഗോത്രൻ, സൂര്യരശ്മി. ദേവത മരുത്തുക്കൾ ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. അഭ്രപ്രുഷോ ന വാച പ്രുഷാ വസും ഹവിഷ്മന്തോ ന യജ്ഞാ വിജാനുഷഃ |**
**സുമാരുതം ന ബ്രഹ്മാണമർഹസേഗണ മസ്തോഷ്യേഷാം ന ശോഭസേ ||**

സ്തുതികളാൽ പ്രസന്നരായ മരുത്തുക്കൾ മേഘത്തിൽ നിന്നും ജലബിന്ദുക്കളെ വൈഭവത്തോടെ വർഷിക്കുന്നു. അവർ തന്നെ സമ്പന്നമായ യജ്ഞത്തിനുതുല്യം വിശ്വരചയിതാക്കളുമാകുന്നു. എനിക്ക് ആ മരുത്സമൂഹത്തെ യഥാർത്ഥമായി പൂജിക്കുവാൻ കഴിഞ്ഞിട്ടില്ല. ഞാനവരെ സ്തുതിച്ചിട്ടുമില്ല.

**2. ശ്രിയേ മര്യാസോ അഞ്ജീരകൃണ്വത സുമാരുതം ന പൂർവീരതി ക്ഷപഃ |**
**ദിവസ്പുത്രാസ ഏതാ ന യേതിര ആദിത്യാസസ്തേ അക്രാ ന വാവൃധുഃ ||**

ആരംഭത്തിൽ മനുഷ്യരായിരുന്ന മരുത്തുക്കൾ തങ്ങളുടെ പുണ്യകർമ്മങ്ങളാൽ ദേവൻമാരായി ഭവിച്ചു. അനേകം സേനകൾ ഒന്നിച്ചു ചേർന്നാൽ പോലും അവരെ തോല്പിക്കുവാൻ സാധ്യമല്ല. ദിവ്യലോകവാസികളായ ഈ മരുത്തുക്കൾ ഇപ്പോൾ ഞങ്ങൾക്കു ദർശനം നൽകിയിട്ടില്ല. എന്തുകൊന്നൊൽ അവരിപ്പോൾ പുറത്തേക്കിറങ്ങുന്നില്ല.

**3. പ്ര യേ ദിവഃ പൃഥിവ്യാ ന ബർഹണാ ത്മനാ രിരിപ്രേ അഭ്രാന്ന സൂര്യഃ |**
**പാജസ്വന്തോ ന വീരാഃ പനസ്യവോ രിശാദസാ നമര്യാ അഭിദ്യവഃ ||**

ഈ മരുത്തുക്കൾ ഭൂമിയേക്കാളും സ്വർഗ്ഗത്തേക്കാളും വലുതാണ്. മേഘത്തിനു വെളിയിൽ വരുന്ന സൂര്യനെ പോലെയാണ് ഈ മരുത്തുക്കൾ. ഇവർ വീരപുരുഷൻമാരെപ്പോലെ പ്രശംസ കാംക്ഷിക്കുന്നു. ശത്രുസംഹാരകനായ മനുഷ്യർക്കുതുല്യം ഇവർ തേജസ്സുറ്റവരാകുന്നു.

**4. യുഷ്മാ കം ബുധ്നേ അപാം ന യാമനി വിധുര്യതി ന മഹീ ശ്രഥര്യതി |**
**വിശ്വപ്സുർയജ്ഞോ അർവാഗയം സുവഃ പ്രയസ്വന്തോ ന സത്രാച ആ ഗത ||**

ഹേ മരുത്തുക്കളേ! നിങ്ങൾ ഭൂമിയിൽ മഴ പെയ്യിക്കുമ്പോൾ ഭൂമി വ്യാകുലപ്പെടുന്നുമില്ല, ബലഹീനയാകുന്നുമില്ല. നിങ്ങൾ

അന്നവാൻമാരെപ്പോലെ ഒന്നിച്ചുവരുവിൻ.

**5. യൂയം ധൂർഷുപ്രയുജോന രശ്മിഭിർജ്യോതിഷ്മന്തോ ന ഭാസാ വ്യഷ്ഠിഷു |**

**ശ്യേനാസോ ന സ്വയശസോ രിശാദസഃ പ്രവാസോ ന പ്രസിതാസഃ പരിപ്രുഷഃ ||**

ഹേ മരുത്തുക്കളേ! കടിഞ്ഞാൺ കെട്ടിയ രഥം എപ്രകാരം പോകുന്നുവോ അതുപോലെ നിങ്ങളും പോകുന്നു. പ്രഭാതകാലത്തിലെ പ്രകാശം പോലെ നിങ്ങൾ പ്രകാശിതരും പരുന്തിനേപ്പോലെ ശത്രുക്കളെ ഓടിക്കുന്നവരുമാകുന്നു. നിങ്ങൾ സ്വയം പ്രകാശിതരും എങ്ങും ചരിച്ചുകൊ് ജലവൃഷ്ടി നടത്തുന്നവരുമാണ്.

**6. പ്രയദ്വഹധ്വേ മരുതഃ പരാകദ്യുയം മഹഃ സംവരണസ്യ വസ്വഃ |**

**വിധാനാസോ വസവോ രാധ്യസ്യാദിദ്വേഷഃ സനുതർയുയോത ||**

ഹേ മരുത്തുക്കളേ! വളരെ ദൂരത്തുനിന്നും നിങ്ങൾ ധനം കൊുവരുന്നു. ശത്രുക്കളെ ആട്ടിപ്പായിച്ച് നിങ്ങൾ അവരുടെ ധനങ്ങൾ പിടിച്ചെടുക്കുന്നു.

**7. യ ഉദൃചി യജ്ഞേ അധ്വരേഷ്ഠാ മരുദ്ഭ്യോ ന മാനുഷോ ദദാശത് |**

**രേവത്സ വയോ ദധതേ സുവീരം സ ദേവാനാമപി ഗോപീഥേ അസ്തു ||**

യജ്ഞത്തിന്റെ അവസാനത്തിൽ മരുത്തുക്കൾക്ക് ഹവിസ്സ് നൽകുന്നവനായ യജ്ഞകർത്താവ് അന്നവും ധനവും പുത്രൻമാരേയും പ്രാപിച്ച് ദേവകളോടുകൂടിയിരുന്ന് സോമം പാനംചെയ്യുന്നവനായിത്തീരുന്നു.

**8. തേ ഹി യജ്ഞേഷു യജ്ഞിയാസ ഊമാ ആദിത്യേന നാമ്നാ ശമ്ഭവിഷ്ഠാഃ |**

**തേ നോവന്തു രഥവതൂർമനീഷാം മഹശ്ചയാമന്നധ്വരേ ചകാനാഃ ||**

മരുത്തുക്കൾ യജ്ഞാവസരങ്ങളിൽ രക്ഷിക്കുന്നവരാണ്. അദിതി ജലത്താൽ സുഖം പ്രദാനം ചെയ്യുന്നു. ആ ദേവി തന്റെ രഥത്തിലാഗതയായി ഞങ്ങൾക്ക് സൽബുദ്ധി നൽകണേ.

## സൂക്തം 78

**ഋഷി സൂര്യരശ്മി ദേവത മരുത്തുക്കൾ. ഛന്ദസ് ത്രിഷ്ടുപ്, ജഗതി**

**1. വിപ്രാസോ ന മൻമഭിഃ സ്വാധ്യോ ന യജ്ഞൈഃ സ്വപ്നസഃ |**

**രാജാസോ ന ചിത്രാഃ സുസൻദൃശഃ ക്ഷിതീനാം ന മര്യാ അരേപസഃ ||**

ജ്ഞാനികളായ സ്തോതാക്കൾ സ്തോത്രങ്ങളാൽ ദേവൻമാരെ തൃപ്തിപ്പെടുത്തുന്നതുപോലെ മരുത്തുക്കൾ യജമാനന് നൻമയാഗ്രഹിക്കുന്നവരാണ്. ദേവകളെ തൃപ്തിപ്പെടുത്തുവാനാഗ്രഹിക്കുന്ന യജമാനൻ കർമ്മങ്ങളിൽ വ്യാപൃതനായിരിക്കുന്നതുപോലെ മരുത്തുക്കൾ വൃഷ്ടിപാതാദികർമ്മങ്ങളിൽ വ്യാപൃതരായിരിക്കുന്നു. മരുത്തുക്കൾ രാജാക്കൻമാർക്കുതുല്യം പൂജ്യരും, ഗൃഹനായകനു തുലയം സത്കാരയോഗ്യരുമാകുന്നു.

**2. അഗ്നിർന യ ഭ്രാജസാ രുക്മവക്ഷസോ വാതാസോ സ്വയുജഃ സദ്യഃ ഊതയഃ |**

**പ്രജ്ഞാതാരോഃ ന ജ്യേഷ്ഠാ സുനീതയഃ സുശർമാണോ ന സോമാ ഋതം യതേ ||**

അഗ്നിക്കുതുല്യം തേജസ്വികളായ മരുത്തുക്കൾ തങ്ങളുടെ മാറിൽ സുന്ദരമായ ആഭരണങ്ങൾ ധരിക്കുന്നു. അവർ വായുതുല്യം ശീഘ്രഗാമികളും ജ്ഞാനികൾക്കു തുലയം പൂജനീയരുമാകുന്നു. സോമത്തെപ്പോലെ, ശ്രേഷ്ഠമായ ചക്ഷുസ്സുകളോടും, വായോടും കൂടിയവരുമായ മരുത്തുക്കൾ യജ്ഞത്തിലേക്കു പോകുന്നു.

**3. വാതാസോ ന യേ ധുനയോ ജിഗത്നവോഗ്നീനാം ന ജിഹ്വാ വിരോകിണഃ |**

**വർമണ്വന്തോ ന യോധാഃ ശിമീവന്തഃ പിതൃണാം ന ശംസുഃ സുരാതയഃ ||**

ഇവർ വായുവിനെപ്പോലെ ശത്രുക്കളെ വിറപ്പിക്കുകയും വായുവേഗത്തിൽ സഞ്ചരിക്കുകയും ചെയ്യുന്നു. അഗ്നിജ്വാലകൾക്കു തുല്യം തേജസ്വികളും കവചം ധരിച്ച പോർ വീരൻമാരെപ്പോലെ വീരകർമ്മാക്കളും പിതാക്കൻമാരുടെ ആശീർവാദം പോലെ ദാതാക്കളുമാകുന്നു.

**4. രഥാനാം ന യേരാഃ സനാമയോ ജിഗീവാംസോ ന ശൂരാ അഭിദ്യവഃ |**

**വരേയവോ ന മര്യാ ഘൃതപ്രുഷോഭിസ്വർതാരോ അർകം ന സുഷ്ടുഭഃ ||**

അവർ രഥചക്രത്തിന്റെ ഏർക്കാലുകൾപോലെ ഓരോ നാഭിയിൽ യുക്തരാകുന്നു. അവർ ദാനികളെപ്പോലെ ജലം വർഷിക്കുന്നു. വീരൻമാരെപ്പോലെ ജയഭേരിമുഴക്കുന്നു. സ്തോത്രോച്ചാരണം പോലെ ശബ്ദം പുറപ്പെടുവിക്കുന്നു.

**5. അശ്വാസോ ന യേജ്യേഷ്ഠാ സഃആശവോ ദിധിഷവോ ന രഥ്യഃ സുദാനവഃ |**

**ആപോ ന നിമ്നൈരുദഭിർജിഗത്നവോ വിശ്വരൂപാ അങ്ഗിരസോ ന സാമഭിഃ ||**

അശ്വങ്ങളെപ്പോലെ ദ്രുതഗതിക്കാരായ മരുത്തുക്കൾ ധനസമ്പന്നമായ രഥത്തിന്റെ ഉടമസ്ഥനെപ്പോലെ ശ്രേഷ്ഠദാതാക്കളാകുന്നു. നദീജലം താഴോട്ടൊഴുകുന്നതുപോലെ അവർ താഴോട്ട് ജലം വർഷിക്കുന്നു. അവർ വിവിധരൂപം ധരിക്കുന്നവരും അംഗിരസ്സുകളേപ്പോലെ സാമം ഗാനം ചെയ്യുന്നവരുമാകുന്നു.

**6. ഗ്രാവാണോ ന സൂരയഃ സിന്ധുമാതരഃ ആദിർദിരാ സോ അദ്രയോ ന വിശ്വഹാ |**

**ശിശൂലാ ന ക്രീളയഃ സുമാതരോ മഹാഗ്രാമോ ന യാമന്നുത ത്വിഷാ ||**

അവർ ജലം നൽകുന്ന മേഘത്തെപ്പോലെ നദികളെ പ്രവഹിപ്പിക്കും. വജ്രാദി ആയുധങ്ങൾ പോലെ അവർ ശത്രുക്കളെ പിളർക്കും. വാത്സല്യമയിയായ മാതാവിന്റെയടുക്കൽ ശിശുക്കളെന്നപോലെ കളിക്കും. അവർ മഹിമാവാൻമാർക്കു തുല്യം യശസ്വികളാണ്.

**7. ഉഷസാം ന കേതവോധ്വരഃ ശ്രിയഃ ശുഭംയവോ നാഞ്ജിഭിർവ്യശ്വിതൻ |**

**സിന്ധവോ ന യയിയോ ഭ്രാജദ്വഷ്ടയഃ പരാവതോ ന യോജനാനി മമിരേ ||**

അവർ കല്യാണമാഗ്രഹിക്കുന്നവരെപ്പോലെ അലംകൃതരും, പുലരിക്കതിരുകൾ പോലെ യജ്ഞത്തിനാശ്രയം നൽകുന്നവരുമാകുന്നു. നദികളെപ്പോലെ പ്രവഹിക്കുന്നവരും, പ്രകാശിക്കുന്ന ആയുധങ്ങളോടകൂടിയവരുമാകുന്നു. ദൂരത്തേക്കുപോകുന്ന പഥികനെപ്പോലെ ആ മരുത്തുക്കൾ അനേകരെ പിന്നിട്ടു കടന്നു പോകുന്നു.

**8. സുഭാഗാന്നോ ദേവാഃ കൃണുതാ സുരത്നാ നസ്മാൻ സ്തോതൄൻമരുതോ വാവൃധാനാഃ |**
**അധി സ്തോത്രസ്യ സഖ്യസ്യ ഗാത സനാദ്ധി വോ രത്നധേയാനി സന്തി ||**

ഹേ മരുത്തുക്കളേ! നിങ്ങൾ സ്തുതികളാൽ പ്രസന്നരായി സ്തോതാക്കളെ ശ്രേഷ്ഠമായ ധനത്താൽ സമ്പന്നരാക്കണേ. നിങ്ങൾ ഞങ്ങൾക്ക് എന്നും തന്നെ ധനം നൽകി അതിനാൽ ഞങ്ങളുടെ സ്തോത്രങ്ങളെ സ്വീകരിച്ചാലും.

## സൂക്തം 79

**ഋഷി സൗചികാഗ്നിയോ വൈശ്വാനരാഗ്നിയോ വാജംബരപുത്രൻ സപ്തിയോ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. അപശ്യമസ്യ മഹതോ മഹിത്വമമർത്യസ്യ മർത്യാസു വിക്ഷു |**
**നാനാഹനൂ വിഭൃതേ സം ഭരേതേ അസിന്വതീ വപ്സതീ ഭൂര്യത്തഃ||**

മരണശീലരായ മനുഷ്യരുടെ ഇടയിൽ വസിക്കുന്നു. അവിനാശിയായ അഗ്നിയുടെ മഹത്വം ഞാനറിയുന്നു. അവൻ തന്റെ താടിവിടർത്തി ചവച്ചുതിന്നുന്നില്ല. പിന്നെയോ, കാഷ്ഠാദികൾ എത്രയുങ്കെിലും അവ ഭക്ഷിച്ചുതീർക്കുന്നു.

**2. ഗുഹാ ശിരോ നിഹിതമൃധഗക്ഷീ അസിന്വന്നത്തിജിഹ്വയാ വനാനി |**
**അത്രാണ്യസ്മൈ ഷഡ്ഭിഃ സംഭരന്ത്യുത്താനഹസ്താ നമസാധി വിക്ഷു ||**

ഗുപ്തസ്ഥാനത്ത് മസ്തകത്തോടുകൂടിയവനും, വിഭിന്നസ്ഥാനങ്ങളിൽ നേത്രങ്ങളോടുകൂടിയവനുമായ അഗ്നി ചവയ്ക്കാതെ തന്നെ കാഷ്ഠാദികൾ തിന്നുതീർക്കുന്നു. ഇദ്ദേഹത്തിനുവേ ഹവിസ്സൊരുക്കുന്ന യജമാനൻ ആ തിരുസന്നിധിയിലെത്തി കൈകൾ കൂപ്പി നമസ്ക്കരിക്കുന്നു.

**3.പ്ര മാതുഃ പ്രതരം ഗുഹ്യമിച്ഛൻകമാരോ ന വിരുധഃ സർപദുർവീഃ |**
**സ സു ന പക്വമവിദച്ഛുചന്തം രിരിഹ്വാംസം രിപ ഉപസ്ഥേ അന്തഃ ||**

അഗ്നി രൂപനായ ഈ ശിശു തന്റെ മാതാരൂപയായ പൃഥ്വിയിൽ വന്ന് ലതാദികളെ ഭക്ഷിക്കുന്നു. ഭൂമിയിലെ ആകാശ ചുംബികളായ വൃക്ഷങ്ങളെ ഈ അഗ്നി പാകം ചെയ്ത അന്നം കണക്കേ തന്റെ ജ്വാലകളാൽ ഭസ്മമാക്കുന്നു.

**4. തദ്വാമൃതം രോദസീ പ്ര ബ്രവീമി ജായമാനോ മാതരാ ഗർഭോ അത്തി |**
**നാഹംദേവസ്യ മർത്യശ്ചികേതാഗ്നിരങ്ഗവിചേതാഃ സ പ്രചേതാഃ ||**

ഹേ ആകാശഭൂമികളേ! ഞാൻ പറയുന്ന സത്യം ശ്രവിക്കേണമേ. അരണികളിൽ നിന്നും ജനിച്ച ഈ അഗ്നി ശിശു അതിന്റെ മാതാപിതാക്കളേയും ഭക്ഷണമാക്കുന്നു. അല്പജ്ഞനും മനുഷ്യനുമായ ഞാൻ അഗ്നിദേവനെ സംബന്ധിച്ച് അധികമൊന്നും അറിയുന്നില്ല. ഹേ വൈശ്വാനരാ! നിന്റെ ജ്ഞാനം എപ്രകാരമെന്നും ഞാനറിയുന്നില്ല.

**5. യോ അസ്മാ അന്നം തൃഷ്വാ ദധാത്യാജ്യൈർ ഘൃതൈർജുഹോതി പുഷ്യതി |**
**തസ്മൈ സഹസ്രമക്ഷ ഭിർവി ചക്ഷേഗ്നേ വിശ്വതഃ പ്രത്യങ്സി ത്വം ||**

അഗ്നിക്ക് വേഗം ഹവിസ്സ് നൽകുന്നവനും, ഗോഘൃതത്താലും സോമത്താലും ആഹുതി നൽകുന്നവനും കാഷ്ഠാദികളാൽ അഗ്നിയെ ജ്വലിപ്പിക്കുന്നവനുമായ യജമാനനെ അഗ്നി തന്റെ അസംഖ്യം ജ്വാലകളാൽ വീക്ഷിക്കുന്നു. അങ്ങിനെയുള്ള ഹേ അഗ്നേ! നീ ഞങ്ങളുടെമേൽ കൃപയുള്ളവനാണല്ലോ.

**6. കിം ദേവേഷു ത്യജ ഏനശ്ച കർഥാഗ്നേ പൃച്ഛാമി നു ത്വാമവിദ്വാൻ |**
**അക്രീളൻ ക്രീളൻ ഹരീരത്തവേദന്വി പർവശശ്ച കർത ഗാമിവാസിഃ ||**

ഹേ അഗ്നേ! അറിവില്ലാത്തവനായ ഞാൻ നിന്നോടു ചോദിക്കുന്നു. നീ എപ്പോഴെങ്കിലും ദേവകളോടു കോപിച്ചിട്ടുോ? ഹരിതവർണ്ണനായ അഗ്നി ക്രീഡിച്ചും ക്രീഡിക്കാതെയും കാഷ്ഠാദികളെ ഭക്ഷിക്കുമ്പോൾ അവയെ വാളുകൊു മുറിക്കുന്നതുപോലെ കഷണം കഷണമാക്കിത്തീർക്കുന്നു.

**7. വിഷൂചോ അശ്വാന്യുയുജേ വനേജാ ഋജീതിഭീ രശനാഭിർഗൃഭീതാൻ |**
**ചക്ഷദേ മിത്രാ വസുഭിഃ സുജാതഃ സമാനൃധേ പർവഭിർവാവൃധാനന്ന ||**

അഗ്നി വനങ്ങളിൽ ആളിക്കത്തുമ്പോൾ പുഷ്ടനായി ദ്രുതഗാമിയായ അശ്വത്തെ കയറിൽ കെട്ടിയപോലെ ലതകളാൽ ചുറ്റപ്പെട്ടവൻ മരങ്ങളെ കഷണം കഷണമാക്കും. വിറകുകഷണങ്ങളാൽ ആവൃതനായ അഗ്നി കാഷ്ഠരൂപമായ അന്നത്തെ പ്രാപിച്ച് അതിനെ ധൂളിമയമാക്കുന്നു. അഗ്നി കത്തിപ്പടർന്ന് വളരുന്നു.

## സൂക്തം 80

**ഋഷി സൗചീകനോ വൈശ്വാനരനോ ദേവത അഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1. അഗ്നിഃ സപ്തി വാജംഭരം ദദാത്യഗ്നിർവീരം ശ്രുത്യം കർമനിഷ്ഠാം |**
**അഗ്നീരോദസീവി ചരത്സമഞ്ജന്നഗ്നിർനാരീ വീരകുക്ഷിം പുരന്ധിം||**

യുദ്ധഭൂമിയിൽ ശത്രുക്കളുടെ ധനത്തെ ജയിച്ചെടുക്കുന്നതായ അശ്വത്തെ അഗ്നി തന്റെ ഉപാസകർക്കു ദാനം ചെയ്യുന്നു. അഗ്നി ആകാശഭൂമികളെ പ്രകാശിപ്പിച്ചുകൊ് സഞ്ചരിക്കുകയും സ്തോതാക്കൾക്ക് യജ്ഞകാമനായ വീരപുത്രനെ ലഭ്യമാക്കുകയും

ചെയ്യുന്നു. സ്ത്രീകൾ അവത്തിന്റെ കൃപയാൽ വീരപുത്രനെ പ്രസവിക്കുന്നു.

**2. അഗ്നേ രസ്പനസഃ സമിദസ്തു ഭദ്രാഗ്നിർമഹീ രോദസീ ആ വിവേശ |**
**അഗ്നിരേകം ചോദയത്സ്വഗ്നിർ വൃത്രാണി ദയതേ പുരൂണി ||**

അഗ്നിക്കുള്ള ചമത കല്യാണകാരിയാണ്. അവൻ തന്റെ തേജസ്സാൽ വാനൂഴികളെ പൂർണ്ണമാക്കുന്നു. യുദ്ധഭൂമിയിൽ അവൻ തന്റെ ഉപാസകരെ വിജയികളാക്കി അവരുടെ അനേകം ശത്രുക്കളെ സംഹരിക്കുന്നു.

**3. അഗ്നിർഹ ത്യം ജരതഃ അർകമാവാഗ്നിരദ്ഭയോ നിരദഹജ്ജരൂഥം |**
**അഗ്നിനിരത്രിം ധർമ ഉരുഷ്യദന്തരഗ്നിർനൃമേഘം പ്രജമാസൃജത്സം ||**

ജരൂഥനെന്ന ശത്രുവിനെ അഗ്നി ജലത്തിൽ നിന്നും കയറ്റി ഭസ്മമാക്കി. ജരത്കാരു മഹർഷിയെ നല്ലപോലെ രക്ഷിച്ചു. അഗ്നി തന്നെ അത്രി മഹർഷിയെ തപ്തകുണ്ഡത്തിൽനിന്നും ഉദ്ധരിച്ചു. സന്താനരഹിതനായ നൃമേധമഷർഷിയെ അവൻ സന്താനയുക്തനാക്കി.

**4. അഗ്നിർദാദ്ദ്രവിണം വീരപേശാ അഗ്നിർഋഷിം യഃ സഹസ്രാ സനാതി |**
**അഗ്നിർദിവി ഹവ്യമാ തതാനാഗ്നേർധാമാനി വിഭൃതാ പുരുത്രാ ||**

ജ്വാലാധനനായ അഗ്നി ആയിരം ഗോക്കളുള്ള ഋഷിക്ക് മന്ത്രഭ്രഷ്ടാവായ പുത്രനെ പ്രദാനം ചെയ്യുന്നു. അവന്റെ ദേഹം ഈ ഭൂമിയിൽ വിശാലമാകുന്നു. യജമാനൻമാരാൽ നൽകപ്പെടുന്ന ഹവിസ്സിനെ അഗ്നി സ്വർഗ്ഗത്തിലേക്കുകൊപോകുന്നു.

**5. അഗ്നിമുക്ഥൈർഋഷയോ വിഹ്വയന്തേഗ്നിം നരോ യാമനി ബാധിതാസഃ |**
**അഗ്നിം വയോ അന്തരിക്ഷേ പതന്തോഗ്നിഃ സഹസ്രാ പരിയാതി ഗോനാം ||**

യജ്ഞാരംഭത്തിൽ ഋഷിഗണം ശ്രേഷ്ഠമന്ത്രങ്ങളാൽ അഗ്നിയെ ആഹ്വാനം ചെയ്യുന്നു. യുദ്ധമുാകുമ്പോൾ ശത്രുക്കളുടെമേൽ വിജയം വരിക്കുന്നതിനുവേി മനുഷ്യർ അഗ്നിയെ ആഹ്വാനം ചെയ്യുന്നു. ആ അഗ്നി ആയിരം ഗോക്കളുടെ ചുറ്റും പടരുന്നു. അഗ്നിയെ വാനിൽ പറക്കുന്ന പക്ഷികൾ നോക്കുന്നു.

**6. അഗ്നിം വിശ ഈളതേ മാനുഷീര്യാ അഗ്നിം മനുഷോ നഹുഷോ വി ജാതാഃ |**
**അഗ്നിർഗാന്ധർവീ പഥ്യാമൃതസ്യാഗ്നേർഗവ്യൂ തിർഘൃത ആ നിഷത്താ ||**

മനുഷ്യർ, നഹുവംശക്കാരായ പുരുഷൻമാർ അഗ്നിയെ സ്തുതിക്കുന്നു. അഗ്നിദേവൻ ഗന്ധർവൻമാരുടെ ഹിതകാരികളായ വചനങ്ങൾ യജ്ഞത്തിനുവേി ശ്രവിക്കുന്നു. അഗ്നിയുടെ മാർഗ്ഗം നെയ്യിൽക്കൂടി കടന്ന് പോകുന്നു.

**7. അഗ്നയേ ബ്രഹ്മ ഋഭവതസ്തക്ഷുരഗ്നിം മഹാമവോചാമാ സുവൃക്തിം |**
**അഗ്നേ പ്രാവ ജരിതാരം യവിഷ്ഠാഗ്നേ മഹി ദ്രവിണാമാ യജസ്വ ||**

ജ്ഞാനികളായ ഋഭുക്കൾ അഗ്നി സംബന്ധിയായ സ്തോത്രങ്ങൾ രചിച്ചു. ഞങ്ങളും മഹിമാന്വിതനായ അഗ്നിയെ സ്തുതിച്ചു കഴിഞ്ഞിരിക്കുന്നു. ഹേ അഗ്നേ! മഹത്തായ ധനം നൽകി ഈ സ്തോതാവിനെ രക്ഷിക്കേണമേ.

## സൂക്തം 81

**ഋഷി വിശ്വകർമ്മാവ് ദേവത വിശ്വകർമ്മാവ് ഛന്ദസ് ത്രിഷ്ടുപ്**

**1. യ ഇമാ വിശ്വാ ഭുവനാനി ജുഹ്വദൃഷിർഹോതാ ന്യസീദക് പിതാ നഃ |**
**സ ആശിഷാ ദ്രവിണാമിച്ഛമാനഃ പ്രഥമച്ഛദവരാം ആ വിവേശ ||**

വിശ്വകർമ്മാവ് ഞങ്ങളുടെ പിതാവും ഹോതാവുമാകുന്നു. ആരംഭത്തിൽ അവൻ ലോകത്തിന്റെ യജ്ഞം നടത്തി സ്വയം അഗ്നിയിൽ പ്രതിഷ്ഠിതനായി സ്വർഗ്ഗരൂപമായ ധനം ആശിച്ചുകൊ് സ്തോത്രാദികളാൽ സമ്പന്നനായി തന്റെ അടുത്തുള്ള ജീവികളോടുകൂടി സ്വയം അഗ്നിയിൽ സാത്മ്യം പ്രാപിച്ചു.

**2. കിം സ്വിദാസീദധിഷ്ഠാനമാരംഭണംകരമത്സ്വിത്കഥാസീത് |**
**യതോ ഭൂമിം ജനയന്വിശ്വകർമാ വി ദ്യാമൗർണോൻമഹിനാ വിശ്വചക്ഷാഃ ||**

സൃഷ്ടിയുടെ ആരംഭത്തിൽ വിശ്വകർമ്മാവ് ആരെ ആശ്രയിച്ചു? സൃഷ്ടകർമ്മം അവൻ എങ്ങിനെ ആരംഭിച്ചു? വിശ്വത്തെ ദർശിച്ച ആവിശ്വകർമ്മാവ് ഏതു സ്ഥാനത്തെ ആശ്രയിച്ചിരുന്നു. എങ്ങിനെ വാനൂഴികളെ രക്ഷിച്ചു? അവയെ എന്തുകൊ് നിർമ്മിച്ചു.

**3. വിശ്വതശ്ചക്ഷിരുത വിശ്വതോമുഖോ വിശ്വാതോ ബാഹുരുത വിശ്വപസ്പാത് |**
**സം ബാഹുഭ്യാം ധമതി സം പതത്രൈർദ്യാവാഭൂമീ ജനയന്ദേവ ഏകഃ ||**

വിശ്വകർമ്മാവിന്റെ നേത്രങ്ങളും, മുഖങ്ങളും, ഭുജങ്ങളും, ചരണങ്ങളും എല്ലായിടത്തുമു്. അവൻ തന്റെ കരചരണങ്ങളാൽ വാനൂഴികളെ പ്രകടമാക്കി. ആ വിശ്വകർമ്മാവ് ഏകനാകുന്നു.

**4.കിം സ്വിദ്വനം ക ഉ സവൃക്ഷ ആസ യതോ ദ്യാവാപൃഥിവീ നിഷ്ടതക്ഷുഃ |**
**മനീഷിണോ മനസാ പൃച്ഛതേദു തദ്യദധ്യതിഷ്ഠദ്ഭുവനാനി ധാരയൻ||**

വിശ്വകർമ്മാവ് ഏതുവനത്തിലെ ഏതുവൃക്ഷം കൊ് ആകാശഭൂമികളെ രചിച്ചു? ഹേ മേധാവികളായ ജനങ്ങളേ! നിങ്ങൾ സ്വന്തം മനസ്സിനോടുതന്നെ ചോദിക്കുവിൻ. അവൻ ഏതുവസ്തുവിൻമേൽ നിന്നുകൊ് ലോകത്തെ ഉറപ്പിച്ചു എന്ന്.

**5. യാ തേ ധാമാനി പരമാണിയാവമാ യാ മധ്യമാ വിശ്വതർമന്നുതേമാ |**
**ശിക്ഷാ സഖിഭ്യോ ഹവിഷി സ്വധാമഃ സ്വയം യജസ്വ തന്വം വൃധാനഃ ||**

ഹേ വിശ്വകർമ്മാവേ! നീ യജ്ഞത്തെ സ്വീകരിക്കുന്നവനാണല്ലോ. നീ ഞങ്ങൾക്ക് യജ്ഞാവസരത്തിൽ ഉത്തമവും, മധ്യമവും സാധാരണവുമായ ശരീരത്തെ പറഞ്ഞു തരേണമേ. നീ

അന്നസമ്പന്നനാണെങ്കിലും യജ്ഞം വഴിയായി സ്വന്തം ശരീരത്തെ പോഷിപ്പിക്കുന്നു.

**6. വിശ്വകർമൻഹവിഷാ വാവൃധാനഃ സ്വയം യജസ്വ പൃഥിവീമുത ദ്യാം |**

**മുഹ്യന്ത്വന്യേ അഭിതോ ജനാസ ഇഹാസ്മാകം മഘവാ സൂരിരസ്തു ||**

ഹേ വിശ്വകർമ്മാവേ! ആകാശത്തിലും ഭൂമിയിലും യജ്ഞം നടത്തി നീ സ്വന്തം ദേഹത്തെ പരിപോഷിപ്പിക്കുന്നു. ഞങ്ങളുടെ യജ്ഞത്തെ വിരോധിക്കുന്ന ശത്രു ചൈതന്യമുള്ളവനാകാതിരിക്കട്ടെ. ഞങ്ങളുടെ യജ്ഞത്തിൽ വിശ്വകർമ്മാവ് ഞങ്ങൾക്ക് കർമ്മഫലരൂപമായ സ്വർഗ്ഗാദിലോകങ്ങൾ കിട്ടുമാറാക്കണേ.

**7. വാചസ്പതിം വിശ്വകർമാണമൂതയേ മനോജൂവം വാജേ അദ്യാ ഹുവേമ |**

**സ നോ വിശ്വാനി ഹവനാനി ജോഷദ്വിശ്വശമ്ഭൂരവസേ സാധുകർമാ ||**

സ്വന്തം യജ്ഞത്തിന്റെ രക്ഷക്കുവേ ഇന്നു ഞങ്ങൾ വിശ്വകർമ്മാവിനെ ആഹ്വാനം ചെയ്യുന്നു. അവൻ ഞങ്ങളുടെ എല്ലാ യജ്ഞങ്ങളിലും ഉപസ്ഥിതനാകണേ. ശ്രേഷ്ഠകർമ്മാവായ അവൻ ഞങ്ങളുടെ രക്ഷയിൽ ശ്രദ്ധയുള്ളവനായിരിക്കണേ.

## സൂക്തം 82

**ഋഷി ഭുവനന്റെ പുത്രൻ വിശ്വകർമ്മാവ് ദേവത വിശ്വകർമ്മാവ് ഛന്ദസ് ത്രിഷ്ടുപ്**

**1. ചക്ഷുഷഃ പിതാ മനസാ ഹി ധിരോ ഘൃതമേനേ അജനന്നമ്നമാനേ |**

**യദേദന്താ അദദൃഹന്ത പൂർവ ആദിദ്ദ്യാവാ പൃഥിവീ അപ്രഥേതാം ||**

ശരീരങ്ങളെ രചിക്കുന്നവനും അത്യന്തം ധിരനുമായ വിശ്വകർമ്മാവ് ആദ്യമായി ജലത്തെ സൃഷ്ടിച്ചു. പിന്നീട് ജലത്തിൽ അങ്ങിങ്ങായി ചലിച്ചുകൊിരുന്ന ആകാശഭൂമികളെ സൃഷ്ടിച്ചു. അനന്തരം വാനൂഴിപ്രദേശങ്ങളെ ഉറപ്പിച്ചു. അപ്പോൾ ആകാശഭൂമികൾക്കു ഖ്യാതിയുായി.

**2. വിശ്വകർമാ വിമനാ ആദ്വിഹായ ധാതാ വിധാതാ പരമോത സന്ദൃക് |**

**തേഷാമിഷ്ടാനി സമിഷാ മദന്തി യത്രാ സപ്ത ഋഷീൻപര ഏകമാഹുഃ ||**

വിശ്വകർമ്മാവിന്റെ മനസ്സ് മഹത്തായതാകുന്നു. അവൻ സ്വയം മഹാനുമാകുന്നു. അവൻ സർവ്വദ്രഷ്ടാവും, സർവ്വശ്രേഷ്ഠനും, സർവസ്രഷ്ടാവുമാകുന്നു. അവൻ സപ്തർഷികളുടെ ദൂരസ്ഥമായ സ്ഥാനത്തെ നോക്കുന്നു. ഇവിടെ അവൻ ഏകൻതന്നെയാണ് അവൻ വഴി ജ്ഞാനികളുടെ അന്നാൾ പൂർണ്ണമാകുന്നു.

**3. യോ നഃ പിതാ ജനിതാ യോ വിധാതാ ധാമാനി വേദ ഭുവനാനി വിശ്വാ |**

**യോ ദേവാനാം നാമധാ ഏക ഏവ തം സം പ്രശ്നം ഭുവനാ യന്ത്യന്യാ ||**

ലോകത്തിന്റെ സൃഷ്ടികർത്താവായ വിശ്വകർമ്മാവ് ഞങ്ങളുടെ ഉല്പാദകനും പാലകനുമാകുന്നു. അവൻ ജഗത്തിന്റെ എല്ലാ സ്ഥാനങ്ങളും അറിയുന്നു. അദ്ദേഹം ദേവകൾക്കു നാമകരണം ചെയ്തു. എല്ലാ ജീവകോടികളും ഏകമാത്രനായ ആ ദേവനെ പ്രാപിക്കുന്നതിനു ജിജ്ഞാസുക്കളാകുന്നു.

**4. ത ആജയന്ത ദ്രവിണം സമസ്മാ ഋഷയഃ പൂർവേ ജരിതാരോ ന ഭൂനാ |**

**അസൂർതേ സൂർതേ രജസി രിഷത്തേ യേ ഭൂതാനി സമകൃണ്വന്നിമാനി ||**

സ്ഥാവരജംഗമാത്മകമായ ഈ ലോകത്തിന്റെ ഉല്പത്തിക്കുമേൽ ധനാദികൾ നൽകിയ ആ പുരാതന മഹർഷിമാർ ധനം വ്യയം ചെയ്യുന്ന സ്തോതാക്കളെപ്പോലെ യജ്ഞകർമ്മം ആരംഭിച്ചിരുന്നു.

**5. പരോ ദിവാ പര ഏനാ പൃഥിവ്യാ പരോ ദേവേഭിര സുരൈരെയദസ്തി**

**കം സ്വിദ്ഗർഭം പ്രഥമം ദധ്ര ആപോ യത്ര ദേവാഃ സമപശ്യന്ത വിശ്വേ ||**

ആകാശഭൂമികൾക്കുമീതെ, ദേവാസുരൻമാർക്കുമീതെ, സ്ഥിതിചെയ്യുന്ന യാതൊരു ഗർഭത്തെയാണോ ജലങ്ങൾ ആദ്യമേ ധരിച്ചത്, അതിൽ ഇന്ദ്രാദി ദേവൻമാരെല്ലാം പരസ്പരം മേളിച്ചുകാണപ്പെടുന്നു.

**6. തമിദ്ഗർഭം പ്രഥമം ദധ്ര ആപോ യത്ര ദേവാഃ സമഗച്ഛന്ത വിശ്വേ |**

**അജസ്യ നാഭാവധ്യേകമർപിതം യസ്മിന്വിശ്വാനി ഭുവനാനി തസ്ഥുഃ ||**

ആ വിശ്വകർമ്മാവുതന്നെ ജലത്താൽ ഗർഭം ധരിക്കപ്പെട്ടു. ദേവൻമാരെല്ലാം ഗർഭത്തിൽ വളരുന്നു. അജന്റെ നാഭിയിൽ സ്ഥിതിചെയ്യുന്ന ബ്രഹ്മാണ്ഡത്തിൽ വിശ്വത്തിലെ ജീവകോടികളെല്ലാം അധിവസിക്കുന്നു.

**7. ന തം വിദാഥ യ ഇമാ ജാജാനാന്യദ്യുഷ്മാകമന്തരം ബഭൂവ |**

**നീഹാരേണ പ്രാവൃതാ ജല്പ്യാ ചാസുതൃപാ ഉക്പശാ സശ്ചരന്തി ||**

എല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ച ആ വിശ്വകർമ്മാവിനെ നിങ്ങളറിയുന്നില്ല. നിങ്ങളുടെ ഹൃദയം ഇപ്പോൾ അവനെ ശരിയായ രീതിയിൽ തിരിച്ചറിയുന്നില്ല. അജ്ഞാനത്താൽ അമർത്തപ്പെട്ട മനുഷ്യൻ വിഭിന്നരീതികളിൽ കാര്യങ്ങൾ നടത്തുന്നു. അവൻ സ്വന്തം ജീവനുവേി ഭോജനവും സ്തോത്രവും നടത്തുന്നു. അവൻ തന്റെ സ്വർഗ്ഗഫലത്തിനായുള്ള കർമ്മങ്ങളിൽ വ്യാപൃതനാകുന്നു.

## സൂക്തം 83

**ഋഷി തപസ്സിന്റെ പുത്രൻ, മന്യു ദേവത മന്യു ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. യസ്തേ മന്യോവിധദ്വജ്ര സായക സഹ ഓജഃ പുഷ്യതി വിശ്വമാനുഷക് |**

**സാഹ്യാമ ദാസമാര്യം ത്വയാ യുജാ സഹസ്കൃതേന സഹസാ സഹസ്വതാ ||**

ഹേ മന്യുദേവാ! നീ വജ്രവും ബാണവുംപോലെ തീക്ഷ്ണമായ ക്രോധത്തോടുകൂടിയവനാണല്ലോ. യാതൊരുത്തൻ നിന്നെ സ്തുതിക്കുന്നുവോ, ആയജമാനൻ ഓജസ്സും

ബലവുമുള്ളവനായിത്തീരുന്നു. നീ മഹാബലവാനാകുന്നു. അതിനാൽ നിന്റെ സഹായത്തോടുകൂടി ഞങ്ങൾ ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കും.

**2. മന്യുരിന്ദ്രോ മന്യുരേവാസ ദേവോ മന്യുർഹോതാ വരുണോ ജാതവേദാഃ |**
**മന്യുവിശ ഈജതേ മാനുഷീര്യാഃ പാഹി നോ മന്യോ തപസാ സജോഷാഃ ||**

മന്യു ദേവനാകുന്നു. മന്യുതന്നെ ജാതവേദസ്സും, ഇന്ദ്രനുമാകുന്നു. മന്യുതന്നെ വരുണനും ഹോതാവുമാകുന്നു. മനുഷ്യരെല്ലാം മന്യുവിനെ പൂജിക്കുന്നു. ഹേ മന്യോ! ഞങ്ങളുടെ തപസ്സോടൊപ്പം നീ ഞങ്ങളെ രക്ഷിച്ചാലും.

**3. അഭീഹി മന്യോ തവസസ്തവീയാന്തപസാ യുജാ വി ജഹി ശത്രൂൻ |**
**അഭിപ്രേതാ വൃത്രഹാ ദസ്യുഹ ച വിശ്വാ വസൂന്യാ ഭരാ ത്വം നഃ ||**

ഹേ മഹാബലിയായ മന്യോ! ഇവിടെ വന്ന് എന്റെ പിതാവിനെ സഹായിച്ച് ശത്രുക്കളെ നശിപ്പിച്ചാലും. നീ ശത്രുക്കളെ നശിപ്പിക്കുന്നവനും വൃത്രഹന്താവുമാണല്ലോ. നീ ഞങ്ങൾക്കുവേി എല്ലാ ധനങ്ങളേയും ഇങ്ങോട്ടുകൊവന്നാലും.

**4. ത്വം ഹീ മന്യോ അഭിഭൂത്യോജാഃ സ്വയംഭൂർഭാമോ അഭിമാതിഷാഹഃ |**
**വിശ്വചർഷണിഃ സഹുരിഃ സഹാവാനസ്മാസ്വോജഃ പൃതനാസുധേഹി ||**

ഹേ സ്വയംഭൂവയേ മന്യോ! നീ ശത്രുക്കളെ പരാജയപ്പെടുത്തുന്നതിൽ സമർത്ഥനാണല്ലോ. ശത്രുക്കളുടെ ആക്രമണത്തെ സഹിക്കുന്നവനും, മഹാബലവാനും, തേജസ്വിയും ആകുന്നു. അതിനാൽ ഞങ്ങളുടെ വീരൻമാരെയും തേജസ്വികളാക്കേണമേ.

**5. അഭാഗഃ സന്നപ പരേതോ അസ്മി തവ ക്രത്വാ തവിഷസ്യ പ്രചേതഃ |**
**തം ത്വാ മന്യോ അക്രതുർജിഹീളാഹം സ്വാ തനൂർ ബലദേയായ മേഹി ||**

ഹേ മന്യോ! നീ ശ്രേഷ്ഠജ്ഞാനിയും മഹാനുമാകുന്നു. എനിക്ക് നിന്റെ യജ്ഞം നടത്തുവാൻ കഴിയാതെ വന്നതിനാൽ നിന്നെ പൂജിക്കുവാൻ സാധിച്ചില്ല. നിന്റെ കർമ്മത്തിൽ തെറ്റുവരുത്തിയതുകാരണം ഞാൻ അത്യധികം ലജ്ജിക്കുന്നു. നീ നിന്റെ ഇഷ്ടാനുസരണം എന്നെ സശക്തനാക്കുന്നതിനായി ആഗതനാകണമേ.

**6. അയം തേ അസ്മ്യുപ മേഹ്യർവാങ് പ്രതീചീനഃ സഹുരേ വിശ്വധായഃ |**
**മന്യോ വജ്രിന്നഭി മാമാ വവൃത്സ്വ ഹനാവ ദസ്യൂംഹ വോധ്യാപേഃ ||**

ഹേ മന്യോ! ഞാനങ്ങയുടെ സമീപം വന്നിരിക്കുന്നു. നീ എന്റെ മേൽ അനുഗ്രഹിച്ച് എന്റെ മുമ്പിൽ പ്രകടമാകേണമേ. ഹേ സർവ്വധാരകനും, വജ്രധാരിയും സഹനശീലനും ആയ മന്യോ! നീ എന്റെയടുക്കൽ വളരുകയും എന്നെ അങ്ങയുടെ മിത്രമായിക്കരുതുകയും ചെയ്യേണമേ. നിന്റെ ഇപ്രകാരമുള്ള കൃപയാൽ എനിക്ക് രാക്ഷസൻമാരെ കൊല്ലുവാൻ കഴിയും.

**7. അഭി പ്രേഹി ദക്ഷിണതോ ഭവാ മേധാ വൃത്രാണി ചങ്ഘനാവ ഭൂരി |**
**ജൂഹോമി തേ ധരുണം മധ്യേ അഗ്രമുഭാ ഉപാംശു പ്രഥമാ പിബാവ ||**

ഹേ മന്യോ! നീ എന്റെ അടുക്കൽ വന്നാലും. എന്റെ വലതുഭാഗത്തിരുന്നാലും. അപ്പോൾ നമുക്ക് നമ്മുടെ ശത്രുക്കളെ കൊല്ലുവാൻ കഴിയും. ഞാൻ നിനക്ക് ശ്രേഷ്ഠമായ സോമമധു നൽകുന്നു. അനന്തരം നമുക്കൊന്നിച്ച് അതുപാനം ചെയ്യാം.

## സൂക്തം 84

**ഋഷി താപസ്സന്റെ പുത്രൻ മന്യു ദേവത മന്യു ഛന്ദസ് ജഗതി ത്രിഷ്ടുപ്**

**1. ത്വയാ മന്യോ സരഥമാരുജന്തോ ഹർഷമാണാസോ ധൃഷിതാ മരുത്വഃ |**
**തിഗ്മേഷവ ആയുധാ സംശിശാനാ അഭി പ്ര യന്തു നരോ അഗ്നിരൂപാഃ ||**

ഹേ മന്യോ! മരുത്തുക്കൾ മുതലായി, യുദ്ധത്തിനു നേതൃത്വം വഹിക്കുന്ന ദേവൻമാർ പുഷ്ടരായി മൂർച്ചയേറിയ ആയുധങ്ങൾ വഹിച്ച് അഗ്നിക്കുതുല്യം ദാഹകരായി നിന്നോടൊപ്പം രഥത്തിൽ കയറി സഹായത്തിനായി പടക്കളത്തിൽ എത്തുമാറാകണേ.

**2. അഗ്നിരിവ മന്യോ ത്വിഷിതഃ സഹസ്വ സേനാനീർനഃ സഹുരേ ഹുത ഏധി |**
**ഹത്വായ ശത്രൂന്വിഭജസ്വ വേദ ഓജോ മിമാനോ വി മൃധോ നുദസ്വ ||**

ഹേ മന്യോ! നീ അഗ്നിയേപ്പോലെ തേജസ്വിയായി ശത്രുക്കളെ പരാജയപ്പെടുത്തണേ. യുദ്ധത്തിൽ നീ ഞങ്ങളുടെ സേനാപതിയാകുന്നതിനുവേ ഞങ്ങൾ നിന്നെ ആഹ്വാനം ചെയ്യുന്നു. ഞങ്ങൾക്കു ബലംപ്രദാനം ചെയ്ത് ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കുന്നവരാക്കുകയും അവരുടെ ധനം പിടിച്ചെടുത്ത് ഞങ്ങൾക്കു നൽകുകയും ചെയ്യേണമേ.

**3. സഹസ്വ മന്യോ അഭിമാതിമസ്മേ രുജൻമൃണൻ പ്രമൃണൻപ്രേഹി ശത്രൂൻ |**
**ഉഗ്രം തേ പാജോ നന്വാ രുരുധ്രേ വശീ വശം നയസ ഏകജത്വം ||**

ഹേ മന്യോ! ഞങ്ങളുടെ പ്രതിദ്വന്ദികളായ ശത്രുക്കളെ നശിപ്പിക്കേണമേ. അവരെ വെട്ടിയും ചതച്ചും നേരിടേണമേ. നീ ഏകനായി സകലശത്രുക്കളേയും കീഴമർത്തുന്നു. എന്തുകൊന്നൊൽ നിന്റെ ബലത്തെ തടയുന്നതിനുള്ള ശക്തി ആരിലുമില്ലല്ലോ.

**4. ഏകോ വഹുനാമസി മന്യവീളിതോ വിശംവിശം യുധയേ സം ശിശാധി |**
**അകൃത്തരുക്ത്വ യാ യുജാ വയം ദ്യമന്നം ഘോഷം വിജയായ കൃണ്മഹേ ||**

ഹേ മാന്യോ! നീ ഏകനാകുന്നു. യുദ്ധത്തിനുവേ ഓരോ വ്യക്തിയേയും പ്രേരിപ്പിക്കണേ. നീ സഹായിക്കുമ്പോൾ ഞങ്ങളുടെ തേജസ്സ് ഒരിക്കലും നഷ്ടപ്പെടുകയില്ല, ഞങ്ങൾ വിജയകാമൻമാരായി സിംഹനാദം പുറപ്പെടുവിക്കുകയും നിന്നെ സ്തുതിക്കുകയും

ചെയ്യുന്നു.

**5. വിജേഷകൃദിന്ദ്ര ഇവാനവബ്രവോസ്മാകം മന്യോ അധിപാ ഭവേഹ |**
**പ്രിയം തേ നാമ സഹുരോ ഗൃണീമസി വിദ്മാ തമുത്സം യത ആബ്ഭൂഥ ||**

ഹേ മന്യോ! നീ അനിന്ദ്യനാകുന്നു. ഞങ്ങൾ നിനക്ക് പ്രിയങ്കരമായ സ്തോത്രങ്ങൾ ഉച്ചരിക്കുന്നു. നീ ഇന്ദ്രതുല്യനാണല്ലോ, ശത്രുക്കളെ കീഴമർത്തുന്നവനു തുല്യനാണല്ലോ, നീ ഞങ്ങളുടെ ഈ യജ്ഞത്തിന്റെ രക്ഷകനാകേണമേ. നീ ബലോല്പാദകനും സ്തുതികളാൽ വളർച്ച പ്രാപിക്കുന്നവനും ആകുന്നു.

**6. ആഭൂത്യാ സഹജാ വജ്ര സായക സഹോ ബിഭർഷ്യ ഭിഭൂത ഉത്തര |**
**ക്രത്വാ നോ മന്യോ സഹമേദ്യേധി മഹാധനസ്യ പുരുഹൂത സംസൃജി ||**

ഹേരി പുഹന്താവായ മാന്വാ! നീ ജൻമനാതന്നെ ശത്രുനാശകനാകുന്നു. നീ എപ്പോഴും ശ്രേഷ്ഠമായ തേജസ്സിനെ വഹിച്ചുകൊരിക്കുന്നു. യുദ്ധത്തിൽ നീ ഞങ്ങളുടെ കർമ്മങ്ങളാൽ പുഷ്ടിപ്രാപിച്ചാലും. അനേകം പേർ നിന്നെ ആഹ്വാനം ചെയ്യുന്നു.

**7. സംസൃഷ്ടം ധനമുഭയം സമാകൃതമസ്മഭ്യം ദത്താം വരുണശ്ച മന്യുഃ |**
**ഭിയം ദധാനാ ഹൃദയേഷു ക്ഷത്രവഃ പരാജിതാസോ അപ നിലയന്താം ||**

വരുണനും മനുവും കിട്ടിയതും, ജയിച്ചെടുത്തതും ആയ ധനം ഞങ്ങൾക്കു നൽകുമാറാകണേ. അവരെ പേടിക്കുന്നവനും പരാജിതരുമായ ശത്രുക്കൾ എവിടെയെങ്കിലും പോയൊളിക്കണേ.

## അനുവാകം 7 സൂക്തം 85

**ഋഷി സവിത്രപുത്രി സൂര്യദേവത സോമം, സൂര്യാവിവാഹം, ദേവൻമാർ, സോമസൂര്യൻമാർ, ചന്ദ്രൻ തുടങ്ങിയവർ ഛന്ദസ് അനുഷ്ടുപ്, ത്രിഷ്ടുപ്, ബൃഹതി, ജഗതി**

**1. സത്യേനോത്തഭിതാ ഭൂമിഃ സൂര്യേണോത്തഭിതാ ദ്യൗഃ |**
**ഋതേനാദിത്യാസ്തിഷ്ഠന്തി ദിവി സോമോ അധിശ്രിതഃ ||**

ദേവകളിൽ പ്രമുഖനായ ബ്രഹ്മാവ് ആകാശത്തിന്റെ ആകർഷണത്തിൽ ഭൂമിയെ താങ്ങി നിർത്തിയിരിക്കുന്നു. സൂര്യൻ സ്വർഗ്ഗത്തെ താങ്ങിനിർത്തിയിരിക്കുന്നു. ദേവകൾ യജ്ഞാഹുതികളെ ആഗ്രഹിച്ചു വസിക്കുന്നു. സോമം സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നു.

**2. സോമേനാദിത്യാ ബലിനഃ സോമേന പൃഥിവീ മഹീ**
**അഥോ നക്ഷത്രാണാമേഷാമുപസ്ഥേ സോമ ആഹിതഃ ||**

സോമത്തിന്റെ ബലത്താൽ ഇന്ദ്രാദിദേവൻമാർ ബലവാൻമാരായിത്തീരുന്നു. സോമത്തിന്റെ ബലത്താൽതന്നെ ഭൂമിമഹിമാമയിയായിരിക്കുന്നു. ഈ സോമം നക്ഷത്രങ്ങളുടെ സമീപം വയ്ക്കപ്പെട്ടിരിക്കുന്നു.

**3. സോമം മന്യതേ പപിവാന്യസം പിഷന്ത്യോഷധിം |**
**സോമേ യം ബ്രഹ്മാണോ വിദുർന തസ്യാ ശ്നാതികശ്ചന ||**

വനസ്പതിരൂപമായ സോമം പിഴിയുമ്പോൾ സോമം കുടിച്ചപോലുള്ള അനുഭവമുാകുന്നു. എന്നാൽ ബ്രാഹ്മണൻ യഥാർത്ഥമായ സോമമെന്നു പറയപ്പെടുന്നതിനെ യജ്ഞം നടക്കാത്തവരായ ആർക്കും പാനം ചെയ്യുവാൻ സാധ്യമല്ല.

**4. ആച്ഛാദ്വിധാനൈർഗുപിതോ ബാർഹതൈഃ സോമ രക്ഷിതഃ |**
**ഗ്രാവ്ണാമിച്ഛ്ണ്വന്തിഷ്ഠസി ന തേ അശ്നാതി പാർഥിവഃ ||**

ഹേ സോമമേ! സ്തോതാക്കൾ നിന്നെ അപ്രകടമാക്കി വെയ്ക്കുന്നു. നീ ഇടിക്കുന്ന ശബ്ദം കേട്ടുകൊരിക്കുന്നു. മനുഷ്യൻ നിന്നെ പാനം ചെയ്യുന്നില്ല.

**5. യത്ത്വാ ദേവ പ്രപിബന്തി തത ആ പ്യായസേ പുനഃ |**
**വായുഃസോമസ്യ രക്ഷിതാ സമാനാം മാസ ആകൃതിഃ ||**

ഹേ സോമമേ! നിന്നെ പാനം ചെയ്താൽ നീ വളരുന്നു. മാസവർഷത്തെ പോഷിപ്പിക്കുന്നതുപോലെ വായു സോമത്തെ പുഷ്ടിപ്പെടുത്തുന്നു. രും തുല്യരൂപരാണല്ലോ.

**6. രൈഭ്യാസീദനുദേയീ നാരാശംസീ ന്യോചനീ |**
**സൂര്യായാ ഭദ്രമിദ്വാസോ ഗായയൈതി പരിഷ്കൃതം ||**

സൂര്യയുടെ വിവാഹം നടന്നപ്പോൾ രൈഭി മന്ത്രങ്ങൾ അവളുടെ സഖികളും നാരാശസീ മന്ത്രങ്ങൾ അവളുടെ ദാസിമാരുമായി. അവളുടെ ശ്രേഷ്ഠമായ പരിധാനം സാമഗാനത്താൽ സുസജ്ജിതമായി.

**7. ചിത്തിരാ ഉപബർഹണം ചക്ഷുരാ അഭ്യുഞ്ജനം |**
**ദ്യൗർഭൂമിഃ കോശ ആസീദ്യദയാത്സൂര്യാ പതിം ||**

സൂര്യപതി ഗൃഹത്തിലെത്തിയപ്പോൾ അവിടെ ചൈതന്യം പുതപ്പായി, നേത്രങ്ങൾ മഷിയായി, ആകാശഭൂമികൾ പണപ്പെട്ടികളായി.

**8. സ്തോമാആസൻപ്രതിധയഃ കരീരം ഛന്ദ ഓപശഃ |**
**സൂര്യായ അശ്വിനാ വരാഗ്നിരാസീത്പുരോഗവഃ ||**

സ്തോത്രങ്ങൾ രഥത്തിന്റെ അച്ചുതായി. കരീരമെന്ന ഛന്ദസ് രഥത്തിന്റെ ഉൾഭാഗമായി. അഗ്നു മുമ്പേപോകുന്ന ദൂതനായി. അശ്വിനികൾ അവളുടെ വരൻമാരായിരുന്നു.

**9. സോമോ വധൂയുരഭവദശ്വിനാസ്താമുഭാ വരാ |**
**സൂര്യാ യത്പത്യേ ശംസന്തീം മനസാ സവിതാദദാത് ||**

സൂര്യൻ സൂര്യയെ വിവാഹം കഴിച്ചുകൊടുക്കുവാൻ നിശ്ചയിച്ചപ്പോൾ സോമൻ അവളെ വരിക്കുവാനാഗ്രഹിച്ചിരുന്നു. പതികാമയായ സൂര്യയുടെ വരൻമാരായി അശ്വിനികൾ നിശ്ചയിക്കപ്പെട്ടു.

**10. മനോ അസ്യാ അന ആസീദ് ദ്യൗരാസീദുത ഛദിഃ |**
**ശുക്രാവനഡ്വാഹാവാസ്താം യദയാത്സൂര്യാ ഗൃഹം ||**

സൂര്യപതി ഗൃഹത്തിലേയ്ക്കു പോയപ്പോൾ അവളുടെ മനസ്സ് ശകടമായി. ആകാശം മേൽക്കൂടായി, സൂര്യചന്ദ്രൻമാർ അവളുടെ രഥം വലിക്കുന്നവരായി.

**11. ഋക്സാമാഭ്യാ മഭിഹിതൗ ഗാവൗ തേസാമാനാവിതഃ |**
**ശ്രോത്രം തേ ചക്രേ ആസ്താം ദിവി പന്ഥാശ്ചരാചരഃ ||**

ഋഗ്വേദവും സാമവേദവും അലങ്കരിക്കപ്പെട്ട വൃഷഭങ്ങളേപ്പോലെയും സൂര്യചന്ദ്രൻമാർ അവളുടെ രഥത്തെ വലിക്കുന്നവരായി തീർന്നു. ഹേ സൂര്യേ! രഥത്തിന്റെ ചക്രങ്ങൾ രും നിന്റെ ചെവികളും ആകാശം രഥത്തിന്റെ വഴിയുമായി.

**12. ശുചീ തേ ചക്രേ യാത്യാ വ്യാനോ അക്ഷ ആഹതഃ |**
**അനോ മനസ്മയം സൂര്യാരോഹത്പ്രയതീ പതിം ||**

നിന്റെ ഗമനകാലത്തിൽ രഥത്തിന്റെ ചക്രങ്ങൾ രും കണ്ണുകൾ പോലെ ഉജ്ജ്വലങ്ങളായി. അപ്പോൾ സൂര്യ തന്റെ മനസ്സുപോലുള്ള രഥത്തിൽ ആരൂഢയായി.

**13.സൂര്യായാ വഹതുഃ പ്രാഗാത്സവിതാ യമവാസൃജത് |**

**അഘാസു ഹന്യന്തേ ഗാവോർജുന്യോഃ പര്യുഹ്യതേ ||**

പതിഗൃഹത്തിലേയ്ക്കു പുറപ്പെട്ടപ്പോൾ സൂര്യൻ അവൾക്കു നൽകിയിരുന്ന പുതപ്പ് മുമ്പേ പോയി. മകര നക്ഷത്രമുദിച്ചപ്പോൾ സ്ത്രീധനമായി നൽകപ്പെട്ട ഗോക്കൾ തെളിക്കപ്പെട്ടു. മറ്റുള്ളവ ഉത്രം നാളിൽ കേറ്റി അയയ്ക്കപ്പെട്ടു.

**14. യദശ്വിനാ പൃഛമാനാവയാതം ത്രിചക്രേണ വഹതും സൂര്യായാഃ |**

**വിശ്വേ ദേവാ അനു തദ്വാമജാനൻപുത്രഃ പിതരാവവൃണീത പൂഷാ ||**

ഹേ അശ്വിനികളേ! നിങ്ങൾ രുപേരും മൂന്നു ചക്രങ്ങളുള്ള രഥത്തിൽ കയറി സൂര്യയെ വിവാഹം കഴിച്ചപ്പോൾ ദേവകൾ നിങ്ങളെ അനുമോദിച്ചു. ആ സമയം പൂഷാവ് നിങ്ങളെ സ്വീകരിച്ചു.

**15. യദയാതം ശുഭസ്പതീ വരേയം സൂര്യാമുപ |**

**ക്വൈകം ചക്രം വാമാസീത്ക്വ ദേഷ്ടായ തസ്ഥയുഃ ||**

ഹേ അശ്വിനികുമാരൻമാരേ! നിങ്ങൾ വരൻമാരുടെ രൂപത്തിൽ സൂര്യയുടെ അടുക്കൽ ചെ ന്നപ്പോൾ നിങ്ങളുടെ രഥചക്രങ്ങൾ എവിടെയായിരുന്നു? നിങ്ങൾ വഴിയറിയുന്നതിനുവേി നിന്നിരുന്നത് ഏതു സ്ഥാനത്തായിരുന്നു.

**16. ദ്വേ തേ ചക്രേ സൂര്യേ ബ്രഹ്മാണ ഋതുഥാ വിദുഃ |**

**അഥൈകം ചക്രം യദ്ഗുഹാ തദദ്ധാ തയ ഇദ്വിദുഃ ||**

ഹേ അശ്വിദ്വയമേ! കാലാനുസൃതമായി ചലിക്കുന്ന നിങ്ങളുടെ രു ചക്രങ്ങൾ പ്രസിദ്ധങ്ങളാകുന്നു. ഗോപനീയമായ മറ്റൊരു ചക്രത്തെ ജ്ഞാനികൾ മാത്രം ശരിയായറിയുന്നു.

**17. സൂര്യായൈ ദേവേഭ്യോ മിത്രായ വരുണായ ച |**

**യേ ഭൂതസ്യ പ്രചേതസ ഇദം തേഭ്യോകരം നമഃ ||**

മിത്രാവരുണൻമാരും, സൂര്യനും മറ്റുള്ള എല്ലാ ദേവൻമാരും ജീവികളുടെ ഹിതൈഷികളാകുന്നു. അവരെ പ്രണമിക്കുന്നു.

**18. പൂർവാപരം ചരതോ മായയൈതൗ ശിശു ക്രീളന്തൗപരി യാതോ അധ്വരം |**

**വിശ്വാന്യന്യോ ഭുവനാഭിചഷ്ട ഋതുംരന്യോ വിദധജ്ജായതേ പുനഃ ||**

ഈ രു ബാലൻമാരും പൂർവപശ്ചിമദിക്കുകളിൽ തങ്ങളുടെ ശക്തിയാൽ സഞ്ചരിക്കുകയും ക്രീഡിക്കുകയും ചെയ്തുകൊ് യജ്ഞത്തിൽ വന്നുചേരുന്നു. ഇവരിൽ ചന്ദ്രൻ ഋതുക്കളെ പരിവർത്തനപ്പെടുത്തുന്നു.

**19. നവോനവോ ഭവതി യായമാനോഹ്നാം കേതുരുഷസാ മേത്യഗ്രം|**

**ഭാഗം ദേവേഭ്യോ വി ദധാത്യായൻ പ്ര ചന്ദ്രമാസ്മരതേ ദീർഘമായുഃ ||**

പകലിന്റെ അടയാളത്തെ സൂചിപ്പിക്കുന്ന സൂര്യൻ നിത്യവും പ്രഭാതത്തിൽ നവീനനായി ഉദിക്കുന്നു. അവന്റെ ആഗമനവേളയിൽ ദേവയാഗങ്ങൾ ആരംഭിക്കുന്നു. ചന്ദ്രൻ ദീർഘായുസ്സ് പ്രദാനം ചെയ്യുന്നു.

**20. സുകിംശുകം ശാല്മലിം വിശ്വരൂപം ഹിരണ്യവർണം സുവൃതം സുചക്രം |**

**ആ രോഹ സൂര്യേ അമൃതസ്യ ലോകം സ്യോനം പത്യേ വഹതും കൃണ്വഷ്വ ||**

ഹേ സൂര്യേ! ഭവതി പതിഗൃഹത്തിലേയ്ക്കു പോകുന്ന സമയം ശ്രേഷ്ഠമായ പലാശ, ശാല്മലീ വൃക്ഷത്തടികൊ് നിർമ്മിച്ച ആരൂഢയായാലും. ഭവതി സോമത്തിനുവേി സുഖദായകവും, നാശരഹിതവും ആയ സ്ഥാനത്തേയ്ക്കു പോയാലും.

**21. ഉദീർഷ്വാതഃ പതിവതീ ഹ്യേഷാ വിശ്വാവസും നമസാ ഗീർഭിരീളേ |**

**അന്യാമിഛ പിതൃഷദം വ്യക്താം സ തേ ഭാഗോ ജനുഷാ തസ്യ വിദ്ധി ||**

ഹേ വിശ്വാവസേ! ഈ കന്യകയുടെ പാണിഗ്രഹണം കഴിഞ്ഞിരിക്കുന്നു. ഇനി നീ ഇവിടെ നിന്നും എഴുന്നേറ്റാലും. ഈ സ്തോത്രങ്ങളാലും നമസ്ക്കാരങ്ങളാലും ഞാൻ നിന്നെ സ്തുതിക്കുന്നു. മറ്റേതെങ്കിലും കന്യകാവിവാഹയോഗ്യയായുങ്കെിൽ അവളെ പാണിഗ്രഹണം ചെയ്താലും.

**22. ഉദീർഷ്വാതോ വിശ്വാവസോ നമസേളാമഹേ ത്വാ |**

**അന്യാമിഛ പ്രഫർവ്യം സം ജായാം പത്യാ സൃജ ||**

ഹേ വിശ്വാവസേ! ഞാൻ നിന്നെ നമസ്ക്കാരയുക്തം പൂജിക്കുന്നു. നീ ഇവിടെനിന്നും പോയി മറ്റേതെങ്കിലും കന്യകയെ പാണിഗ്രഹണം നടത്തിയാലും.

**23. അനൃക്ഷരാ ഋജവഃ സന്തു പന്ഥാ യേഭിഃ സഖായോ യന്തി നോ വരേയം |**

**സമര്യമാ സം ഭഗോ നോ നിനീയാത്സം ജാസ്പത്യം സുയമമസ്തു ദേവാഃ ||**

ഹേ ദേവകളേ! ഏതൊരു മാർഗ്ഗത്തിൽക്കൂടി ഞങ്ങൾ ശ്വശുരഗൃഹത്തിൽ പോകണേ. ആ മാർഗ്ഗത്തെ കണ്ടകരഹിതവും സരളവുമാക്കണമേ. ഭഗനും അര്യമാവും ഞ ങ്ങളെ ശരിയായി അവിടെ കൊക്കണേ. ഈ പതിപത്നിമാർ തുല്യമതികളായി ജീവിക്കണേ.

**24. പ്ര ത്വാ മുഞ്ചാമി വരുണസ്യ പാശാദ്യേന ത്വാബധ്നാത= സവിതാ സുശേവഃ |**

**ഋതസ്യ യോനൗ സുകൃതസ്യ ലോകേരിഷ്ടാം ത്വാ സഹ പത്യാ ദധാമി ||**

ഹേ കന്യകേ! സൂര്യൻ ഭവതിയെ ബന്ധിച്ച ആ വരുണപാശത്തിൽനിന്നും ഞാൻ മോചിപ്പിക്കുന്നു. എവിടെ സത്കർമ്മങ്ങൾ വസിക്കുന്നുവോ, സത്യമാർഗ്ഗം എങ്ങോട്ടുപോകുന്നുവോ, സത്യരൂപമായ ആ സ്ഥാനത്തിൽ പതിയോടുകൂടി നിന്നെ ഞാൻ പ്രതിഷ്ഠിക്കുന്നു.

**25. പ്രേതോ മുഞ്ചാമി നാമുതഃ സുബദ്ധാമമുതസ്കരം |**

**യഥേയമിന്ദ്ര മീഢ്വഃ സുപുത്രാ സുഭഗാസതി ||**

പിതൃകുലത്തിൽ നിന്നും കന്യകയെ വേർപെടുത്തുന്നു. ഞാൻ ഇവളെ പതിഗൃഹത്തിൽ വഴിയാംവണ്ണം പ്രതിഷ്ഠിക്കുന്നു. ഹേ ഇന്ദ്രാ! ഈ കന്യക സൗഭാഗ്യവതിയും സന്താനവതിയുമാകണേ.

**26. പൂഷാ ത്വേതോ നയതു ഹസ്ത ഗൃഹ്യശ്വിനാ ത്വാ പ്ര വഹതാം രഥേന |**

**ഗൃഹാൻഗഛ ഗൃഹപത്നീ യഥാസോ വശിനീ ത്വം വിദഥമാ മദാസി ||**

ഹേ സൂര്യേ! പൂഷാവ് നിന്നെ കൈപിടിച്ചു കൊുപോകണേ, അപ്പോൾ അശ്വിനികുമാരൻമാർ രഥത്തിലിരുത്തി വീട്ടിൽകൊുപോകണേ. അവിടെ നീ നല്ല ഗൃഹിണിയായി, പതീഗൃഹത്തിൽ വസിച്ചുകൊ് ഭൃത്യാദികളുടെ മേൽ ഭരണം നടത്തണേ.

**27. ഇഹ പ്രിയം പ്രജയാ തേ സമൃധ്യതാമസ്മിൻഗൃഹേ ഗാർഹപത്യായ ജാഗൃഹി |**
**ഏനാ പത്യാ തന്വം സ സൃജസ്വാധാ ജിവ്രി വിദഥമാ വദാഥഃ ||**

ഹേ കന്യകേ! പതീഗൃഹത്തിൽ പുത്രവതിയായി സുഖംപ്രാപിക്കൂ. ഭർത്താവിനെ പ്രീതിപ്പെടുത്തുകയും വൃദ്ധാവസ്ഥവരെ സ്വന്തം ഗൃഹത്തെ ഭരിച്ചുകൊും ജീവിക്കൂ.

**28. നീലലോഹിതം ഭവതി കൃത്യാസക്തിർവ്യജ്യതേ |**
**ഏധന്തേ അസ്യാ ജ്ഞാതയഃ പതിർവേധേഷുബധ്യതേ ||**

പാപദേവത നീലയും ചുവപ്പും ആയിക്കൊിരിക്കുന്നു. ഈ സ്ത്രീയുടെമേൽ കൃത്യ പ്രേരിക്കപ്പെട്ടിരിക്കുന്നു. ഈ സ്ത്രീയുടെ സ്വജാതികൾ പ്രവൃദ്ധമായി കൊിരിക്കുന്നു. ഇവളുടെ ഭർത്താവ് സാംസാരികബന്ധങ്ങളിൽ ബദ്ധനായിരിക്കുന്നു.

**29. പരാ ദേഹി ശാമുല്യം ബ്രഹ്മഭ്യോ വി ഭജാ വസു |**
**കൃത്യൈഷാ പദ്വതീ ഭൂത്വ്യാ ജായാ വിശതേ പതിം ||**

ഹേ പതീ! പത്നീ! അഴുക്കു വസ്ത്രം ഉപേക്ഷക്കുക. ബ്രാഹ്മണർക്കു ധനം ദാനം നൽകൂ. ഈ കൃത്യ നടന്നുചെന്നു ഇനി പത്നിയായി ചമഞ്ഞ് പതിയോടു ചേർന്നേക്കും.

**30. അശ്രീരാ തനൂർഭവതി രുശതീ പാപയാമുയാ |**
**പതിർയദ്വധ്വോ വാസസാ സ്വമങ്ഗമഭിധിത്സതേ ||**

പത്നിയുടെ വസ്ത്രത്താൽ പതി തന്റെ ശരീരത്തെ മൂടുകയാണെങ്കിൽ അവന്റെ മേൽ കൃത്യയുടെ കോപമുാവുകയും സുന്ദരമായ ശരീരം മലിനമാകയും ചെയ്യുന്നു.

**31. യേ വധ്വശ്ചന്ദ്രം വഹുതും യക്ഷ്മ്യാ യന്തി ജനാദനു |**
**പുനസ്താന്യജ്ഞിയാ ദേവാ നയന്തു യത ആഗതാഃ ||**

യാതൊരു പാപഗ്രഹം വരനിൽക്കൂടി വധുവിനെ പ്രാപിച്ചു മാറ്റുവാനാഗ്രഹിക്കുന്നുവോ, യജ്ഞം സ്വീകരിക്കുന്ന ദേവൻമാർ അവരുടെ മനോരഥത്തെ വിഫലമാക്കണേ.

**32. മാവിദൻപരിപന്ഥിനോ യ ആസിദന്തി ദംപതീ |**
**സുഗേഭിർദുർഗമതീതാമപ ദ്രാന്ത്വരാതയഃ ||**

ഈ പത്നിമാരോട് യാതൊരുത്തൻ ശത്രുഭാവം പുലർത്തുന്നുവോ, അവർ നശിച്ചുപോകണേ, ഇവരുടെ ശത്രുക്കൾ ഓടിപ്പോകണേ. നൻമയുടെ മുമ്പിൽ അമംഗളം നാശത്തെ പ്രാപിക്കണേ.

**33. സുമങ്ഗലീരിയം വധൂരിമാം സമേത പശ്യത് |**
**സൗഭാഗ്യമസ്യൈ ദത്വായാഥാസ്തം വി പരേതന ||**

ആശീർവദിക്കുന്ന ജനങ്ങൾ ഈ വധുവിനെ നോക്കണേ ഈ സൗഭാഗ്യവതി തന്റെ പതിയുടെ പ്രിയപാത്രമാകണേ. ഇങ്ങനെ ആശീർവദിക്കണേ. അനന്തരം താന്താങ്ങളുടെ വീടുകളിലേക്കു മടങ്ങിപോകണേ.

**34. തൃഷ്ടമേത് കടുകമേതപാഷ്ഠവദ്വിഷവന്നൈതദത്തവേ |**
**സൂര്യാം യോ ബ്രഹ്മാ വിദ്യാത്സ ഇദ്വാധൂയമർഹതി ||**

ഈ വസ്ത്രം ഉപയോഗയോഗ്യമല്ല. ഇതു മലിനവും ദൂഷിതവും വിഷയുക്തവും ആകുന്നു. സൂര്യയെ അറിയുന്നവനായ ജ്ഞാനികളായ ബ്രാഹ്മണനു മാത്രമേ ഈ വസ്ത്രത്തെ പ്രാപിക്കുവാൻ സാധിയ്ക്കയുള്ളൂ.

**35. ആ ശസനം വിശസനമഥോ അധിവികർതനം |**
**സൂര്യായഃ പശ്യ രൂപാണി താനി ബ്രഹ്മാ തു ശുന്ധതി ||**

സൂര്യയുടെ രൂപം എങ്ങനെയുള്ളതാണ്? ഇവളുടെ വസ്ത്രം ചിലയിടത്ത് മുമ്പിലും, നടുക്കും എല്ലാഭാഗത്തും കീറിയിരിക്കുന്നു. ബ്രഹ്മാവു മാത്രം ഇവളുടെ വസ്ത്രം ശരിയാക്കുന്നതിൽ സമർത്ഥനാകുന്നു.

**36. ഗൃഭ്ണാമി തേ സൗഭഗത്വായ ഹസ്തം മയാ പത്യാ ജരദഷ്ടിർയഥാസഃ |**
**ഭഗോ അര്യമാ സവിതാ പുരന്ധിർമഹ്യം ത്വാദുർഗാർഹപത്യായ ദേവാഃ ||**

ഹേ കന്യകേ! നിന്നെ സൗഭാഗ്യവതിയാക്കുവാനായി ഞാൻ നിന്റെ കരം പിടിക്കുന്നു. നീ എന്നെ സ്വാമിയായി പ്രാപിച്ചുകൊ് വൃദ്ധാവസ്ഥവരെ കൂട്ടുകാരായി ജീവിക്കൂ. ഭഗൻ, അര്യമാവ്, പൂഷാവ് എന്നീ ദേവൻമാരിൽ നിന്നെ എനിക്കു പ്രദാനം ചെയ്തിരിക്കുന്നു.

**37. താം പൂഷഞ്ഛിവതമാമേരയസ്വ യസ്യാം ബീജം മനുഷ്യാ വപന്തി |**
**യാ ന ഊരു ഉശതി വിശ്രയാതേ യസ്യാമുശന്തഃ പ്രഹരാമ ശേഷം ||**

ഹേ പൂഷാവേ! നാരിയെ കല്യാണമയിയാക്കി പ്രേരിപ്പിച്ചാലും. അപ്പോൾ ഞങ്ങൾ അവളോടുകൂടി സുഖപൂർവ്വം വസിക്കും.

**38. തുഭ്യമഗ്രേ പര്യവഹൻത്സൂര്യാം വഹതുനാ സഹ |**
**പുനഃ പതിഭ്യോ ജായാം ദാ അഗ്നേ പ്രജയാ സഹ ||**

ഹേ അഗ്നേ! സൂര്യയെ ആദ്യം നിന്റെ അടുക്കൽ കൊുവരുന്നു. നീ അവളെ പതിയുടെ കരങ്ങളിൽ ഏൽപിക്കുന്നു.

**39. പുനഃ പത്നീമഗ്നിരദാദായുഷാ സഹ വർചസാ |**
**ദീർഘായുരസ്യാ യഃ പതിർജീവാതി ശരദഃ ശതം ||**

അഗ്നി ആ കന്യകയെ സൗന്ദര്യത്തോടും സൗഭാഗ്യത്തോടും കൂടി പ്രദാനം ചെയ്യണേ. അവളുടെ പതിദീർഘായുഷ്മാനായിരിക്കും.

**40. സോമഃ പ്രഥമോ വിവിദേ ഗന്ധർവോ വിവിദ ഉത്തരഃ |**
**തൃതീയോ അഗ്നിഷ്ഠേ പതിസ്തുരീയസ്തേ മനുഷ്യജാഃ ||**

ഹേ നാരീ! നിന്റെ ആദ്യത്തെ പതി സോമനും, രാമത്തെ പതി ഗന്ധർവനും മൂന്നാമത്തെ പതി അഗ്നിയും ആകുന്നു. ഈ മനുഷ്യൻ നിന്റെ നാലാമത്തെ പതിയാകുന്നു.

**41. സോമോ ദദദഗന്ധർവായ ഗന്ധർവോ ദദദഗ്നയേ |**
**രയിം ച പുത്രാംശ്ചാദാദഗ്നിർനഹ്യമഥോ ഇമാം ||**

ഈ സ്ത്രീ സോമനാൽ ഗന്ധർവനു നൽകപ്പെട്ടു. ഗന്ധർവൻ ഇവളെ അഗ്നിക്കു കൊടുത്തു. അഗ്നി അവളെ ധനത്തോടും സന്താനങ്ങളോടും കൂടി എനിക്കുതന്നു.

**42. ഇഹൈവ സ്തംമാ വി യൗഷ്ടം വിശ്വമായുർവ്യശ്നുതം |**
**ക്രീളന്തൗ പുത്രൈർനപ്തൃഭിർമോദമാനൗ സ്വേ ഗൃഹേ ||**

ഹേ വധൂവരൻമാരേ! നിങ്ങൾ ഏകമനസ്ക്കരായി ഇവിടെ വസിക്കുവിൻ. വേർപെടരുത്. വിഭിന്നരീതികളോടുകൂടിയ

ഭോജനങ്ങളെ പ്രാപിച്ചുകൊ് പുത്രപൗത്രാദികളോടുകൂടി നിങ്ങൾ സുഖഭോഗങ്ങൾ അനുഭവിക്കുവിൻ.

**43. ആ നഃ പ്രജാം ജനയതു പ്രജാതിരാജ രസായ സമനക്ത്വര്യമാ |**
**അദുർമങ്ഗലീഃ പതിലോകമാ വിശശം നോ ഭവ ദ്വിപദേ ശം ചതിഷ്പദേ ||**

ബ്രഹ്മാവു ഞങ്ങളെ സന്താനയുക്തരാക്കണേ. അര്യമാവ് വൃദ്ധാവസ്ഥരെ നമുക്കു കൂട്ടായിരിക്കണേ. ഹേ വധു! ഭവതി കല്യാണകാരിണിയായി ഈവീട്ടിൽ വസിക്കുകയും എല്ലാവർക്കും നൻമ ചെയ്യുകയും ചെയ്യൂ, കാലികളെ സുഖിപ്പിക്കൂ.

**44. അഘോരചക്ഷു രപതിഘ്ന്യേധി ശിവാ പശുഭ്യഃ സുമനാഃ സുവർചാഃ |**
**വീരസൂർദേവ്യകാമാ സ്യോനാ ശം നോ ഭവ ദ്വിപദേ ശം ചതുഷ്പദേ ||**

ഹേ വധൂ! നീ പതിക്കു മംഗളകാരിണിയാകണേ. നിന്റെ നേത്രങ്ങൾ ശുഭദർശനങ്ങളാകണേ. നീ മൃഗങ്ങൾക്കു സുഖം നൽകുന്നവളാകണേ. നിന്റെ സൗന്ദര്യം വളരട്ടെ. മനസ്സ് സദാ പ്രസന്നമായിരിക്കട്ടെ. നീ ദേവോപാസികയും, വീരപ്രസൂതികയുമാകട്ടെ. നീ നാൽക്കാലികളെ സുഖിപ്പിക്കൂ.

**45. ഇമാം ത്വമിന്ദ്ര മീഢ്വഃ സുപുത്രാം സുഭഗാം കൃണു |**
**ദശാസ്യാം പുത്രാനാ ധേഹി പതിമേകാ ദശം കൃധി ||**

ഹേ ഇന്ദ്രാ! നൽ ഇവളെ സൽപുത്രവതിയും സൗഭാഗ്യസമ്പന്നയുമാക്കണേ. ഇവൾ പത്തുപുത്രൻമാർക്ക് മാതാവാകട്ടെ. ഭർത്താവിനെ പതിനൊന്നാമനാക്കട്ടെ.

**46. സമ്രാജ്ഞീ ശ്വശുരേ ഭവ സമ്രാജ്ഞീ ശ്വശ്ര്വാം ഭവ**
**നനാന്ദരി സമ്രാജ്ഞീ ഭവ സമ്രാജ്ഞീ അധി ദേവൃഷു ||**

ഹേ വധൗ! ശ്വശുരൻ, ശ്വശുര, അനുജൻ, ജ്യേഷ്ഠൻ എന്നിവരെ നീ വശത്താക്കുന്നവളാകൂ.

**47. സമഞ്ജന്തു വിശ്വേ ദേവാഃ സമാപോ ഹൃദയാനി നൗ |**
**സം മാതരിശ്വാ സം ധാതാ സമു ദേഷ്ടീ ദധാതു നൗ ||**

ജലവും, വായുവും, ബ്രഹ്മാവും സരസ്വതിയും ഞങ്ങൾ രുപേരെയും ഒന്നാക്കട്ടെ. എല്ലാ ദേവൻമാരും ഞങ്ങളെ ഒരേ പ്രീതിയോടുകൂടിയവരാകട്ടെ.

# അധ്യായം 4

## സൂക്തം 86

**ഋഷി ഇന്ദ്രപുത്രൻ വൃഷാകപിയും ഇന്ദ്രാഗ്നിയും ഇന്ദ്രനും, ദേവത ഇന്ദ്രൻ ഛന്ദസ് പംക്തി**

**1. വിഹി സോതോരസൃക്ഷത നേന്ദ്രം ദേവമംമസത |**
**യത്രാമദദ് വൃഷാകപിര്യഃ പുഷ്ടേഷു മത്സഖാ ||**

ഞാൻ സ്തോതാക്കളോട് സോമം പിഴിയുവാൻ പറഞ്ഞിരുന്നു. അവൻ വൃഷാപിയെ സ്തുതിച്ചു. ഇന്ദ്രനെ സ്തുതിച്ചില്ല. വൃഷാകപി എന്റെമിത്രമായി സോമത്തിൽ വളർന്ന് യജ്ഞത്തിൽ സോമം പാനം ചെയ്ത് സന്തുഷ്ടനായി. എങ്കിലും ഇന്ദ്രനായ ഞാൻ തന്നെ സർവശ്രേഷ്ഠനാകുന്നു.

**2. പരാ ഹീന്ദ്ര ധാവസി വൃഷാകപേരതിവ്യഥിഃ |**
**നോ അഹഃ പ്ര വിന്ദസ്യന്യത്ര ദസാമപീതയേ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ ഇന്ദ്രാ! നീ അതിവേഗം വൃഷാകപിയുടെ അടുക്കലെത്തുന്നു. നീ സോമപാനത്തിനായിപ്പോകുന്നില്ല. ഇന്ദ്രൻ ഏറ്റവും ശ്രേഷ്ഠനാകുന്നു.

**3. കിമയം ത്വാ വൃഷാകപിശ്ചകാര ഹരിതോ മൃഗഃ |**
**യസ്മാ ഇരസ്യസീദു ന്വര്യോ വാ പുഷ്ടിമദ്വസു**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ ഇന്ദ്രാ വൃഷാകപിക്ക് പോഷകാന്നം നൽകത്തക്കവിധം എന്തുകാര്യമാണ് നിനക്കു ചെയ്തിട്ടുള്ളത്. ഇന്ദ്രൻ എല്ലാവരേക്കാളും അതിശ്രേഷ്ഠനാകുന്നു.

**4. യമിമംത്വം വൃഷാകപിം പ്രയമിന്ദ്രാഭിരക്ഷസി |**
**ശ്വാനസ്യ ജമ്ഭിഷദപി കർണേ വരാഹ യുർവിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ ഇന്ദ്രാ! വൃഷാകപിയുടെ ചെവികൾ കക്കുടം കടിച്ചു മുറിക്കുന്നു. നീ അവനെ രക്ഷിക്കുന്നു. ഇന്ദ്രൻ സർവ്വശ്രേഷ്ഠനാകുന്നു.

**5. പ്രിയാ തഷ്ടാനി മേ കപിർവ്യക്താ വ്യദൂദുഷത് |**
**ശിരോ ന്വസ്യ രാവിഷം ന സുഗം ദുഷ്കൃതേ ഭുവം**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

യജമാനൻമാർ എനിക്കുവേി തയാറാക്കിയിരുന്ന ഘൃതയുക്തമായ വസ്തുക്കളെ ഈ വൃഷാകപി അശുദ്ധമാക്കി ഇന്ദ്രാണിയായ ഞാൻ ദുഷ്കർമ്മിയായ ഇതിന് യാതൊരു സുഖവും നൽകുവാനാഗ്രഹിക്കുന്നില്ല. അതിന്റെ തലവെട്ടുവാനാഗ്രഹിക്കുന്നു. ഇന്ദ്രൻ സർവ്വശ്രേഷ്ഠനാകുന്നു.

**6. ന മത്സ്ത്രീ സുഭസത്തരാ ന സുയാശുതരാ ഭുവത് |**
**ന മത്പ്രതിച്യവീയസീ ന സക്ഥ്യുദ്യമീയസിം**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

എന്നേക്കാൾ അധികം സൗഭാഗ്യവതിയും, പുത്രവതിയും ആയ മറ്റൊരു സ്ത്രീയും ഇല്ല. എന്നേക്കാൾ കൂടുതലായി ഭർത്താവിനെ സ്നേഹിക്കുന്നവളും വേറെ ഇല്ല.

**7. ഉവേ അംബ സുലാഭികേ യഥേവാങ്ഗ ഭവിഷ്യതി |**
**ഭസൻമേ അംഭ സക്ഥി മേ ശിരോ മേ വീവ ഹൃഷ്യതി**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ ജനനീ! നീ സൗഭാഗ്യവതിയാകുന്നു. നിന്റെ അവയവം ആവശ്യാനുസരണം പ്രവർത്തിക്കട്ടെ. ദേവി, പിതാവിനെ പ്രസന്നനാക്കേണമേ ഇന്ദ്രൻ എല്ലാവരേക്കാളും അധികം ശ്രേഷ്ഠനാകുന്നു.

**8. കി സുബാഹോ സ്വങ്ഗുരേ പൃഥുഷ്ടോ പൃഥുജാഘനേ |**
**കിം ശൂരപത്നി നസ്ത്വമഭ്യമീഷി വൃഷാകപിം**
**വിശ്വസ്മാദിന്ദ്ര ഉത്തരന്ന ||**

ഹേ ഇന്ദ്രാണി! ദേവി മനോഹരമായ അവയവങ്ങളോടു കൂടിയവളാണല്ലോ. ഇപ്പോൾ വൃഷാകേപിയോടെന്തിനു കോപിക്കുന്നു? ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**9. അവീരാമിവ മാമയം ശരാരുഭി മന്യതേ |**
**ഉതാഹമസ്മി വീരിണീന്ദ്രപത്നി മരുത്സഖാ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഈ വൃഷാകപി ഹിംസസ്വഭാവത്തോടുകൂടിയവനാകുന്നു. ഇവൻ പുത്രവതിയും, ഭർത്തൃമതിയും ആയ എന്നെ

അങ്ങിനെയല്ലാതാക്കുവാൻ പരിശ്രമിക്കുന്നു. ഇന്ദ്രപത്നിയായ എനിക്ക് മരുത്തുക്കൾ സഹായത്തിനായു്. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**10. സംഹോത്രം സ്മ പുരാ നാരീ സമനം വാവ ഗച്ഛതി |**
**വേധാ ഋതസ്യ വീരിണീന്ദ്രപത്നീ മഹീയതേ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഭർത്ത്യമതിയും, സന്താനവതിയും ആയ ഇന്ദ്രാണി യജ്ഞത്തിൽ പങ്കെടുക്കുന്നു. ആ യജ്ഞസംയോജികയെ എല്ലാവരും പൂജിക്കുന്നു. ഇന്ദ്രൻ എല്ലാവരിലും ശ്രേഷ്ഠനാകുന്നു.

**11. ഇന്ദ്രാണീമാസു നാരീഷു സുഭഗാമഹമശ്രവം |**
**നഹ്യസ്യാ ാപരം ചന ജരസാ മരതേ പതിർവിശ്വസ്മാദിന്ദ്ര**
**ഉത്തരഃ ||**

ഇന്ദ്രാണിയെ ഏറ്റവുമധികം സൗഭാഗ്യവതിയായി ഞാൻ കരുതുന്നു. എന്തുകൊണ്ടെന്നാൽ അവളുടെ പതി മറ്റുള്ളവരേപ്പോലെ മരണം പ്രാപിക്കുന്നില്ല. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**12. നാഹമിന്ദ്രാണി താരണ സഖ്യുർവൃഷാകപേർഋതേ |**
**യസ്യേദമപ്യം ഹവിഃ പ്രിയം ദേവേഷു ഗച്ഛതി**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ ഇന്ദ്രാണീ വൃഷാകപി എന്റെ ഹിതൈഷിയാകുന്നു. അവനേക്കൂടാതെ ഞാൻ സന്തുഷ്ടനാകുന്നില്ല. അവന്റെ ഹവ്യാദികൾ ദേവകളെ പ്രാപിക്കുന്നു. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**13. വൃഷാകപായി രേവതി സുപുത്ര ആദുസുസ്നുഷേ |**
**ധസത്ത ഇന്ദ്ര ഉക്ഷണഃ പ്രിയംകാചിത്കരം ഹമിർ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ വൃഷാകപിയുടെ ഭാര്യേ! നീ ധനവതിയും പുത്രവതിയും ശ്രേഷ്ഠവധുവും ആണല്ലോ. ഇന്ദ്രൻ നിന്റെ ശ്രേഷ്ഠമായ ഹവിസ്സിനെ ഭക്ഷിക്കുവാനാകണേ. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**14. ഉക്ഷ്ണോ ഹി മേ പഞ്ചശേ സാകം പചന്തീ വിംശതിം |**
**ഉതാഹമേദ്മി പീവ ഇദുഭാ കുക്ഷീ പൃണന്തി മേ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഇന്ദ്രാണിയാൽ പ്രേരിതരായ യാജ്ഞികരുടെ അന്നത്താൽ ഞാൻ തടിക്കുന്നു. അഭിഷവകർത്താക്കളായ യജ്ഞികൻമാർ സോമത്താൽ എന്റെ കുക്ഷിയെ പരിപൂർണ്ണമാക്കുന്നു. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**15. വൃഷഭോ ന തിഗ്മശൃങ്ഗോന്തര്യഥേഷു രേരുവത് |**
**മന്ഥസ്ത ഇന്ദ്ര ശം ഹൃദേ യംതേ സുനോതി**
**ഭാവയുർവിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ ഇന്ദ്രാ! കൂറ്റനായ വൃഷഭത്തേപ്പോലെ ശബ്ദിച്ചാലും. ശബ്ദത്തോടുകൂടിയ തൈർമഥനം നിന്റെ ഹൃദയത്തെ പുളകം കൊള്ളിക്കട്ടെ. ഇന്ദ്രാണി പിഴിയുന്ന സോമവും മംഗളമാകണേ. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**16. ന സേശേ യസ്യരമ്ബതേന്തരാ സക്ഥ്യാ കപൃത് |**
**സേദീശേ യസ്യ രോമശം നിഷേദുഷോ വിജൃമ്ഭതേ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

തുടകൾക്കിടയിൽ ലിംഗം തളർന്നു കിടക്കുന്നവന് മൈഥുനം ചെയ്യാനാകുകയില്ല. കിടക്കുമ്പോൾ രോമം ചുഴന്നശേഷം പൊങ്ങുന്നവനെ മൈഥുനത്തിനു കഴിവു ാകുക. എല്ലാറ്റിനും മീതെ ഇന്ദ്രൻ ഉ ാകും.

**17. ന സേശേ യസ്യ രോമശം നിഷേദുഷോ വിജൃംഭതേ |**
**സേദീശേ യസ്യ രമ്ബതേന്തരാ സക്ഥ്യാ**
**കപൃദ്വിശസ്മാദിന്ദ്ര ഉത്തരഃ ||**

ലിംഗം തുടകൾക്കിടയിൽ തങ്ങിചാഞ്ഞുള്ളവൻ മൈഥുനത്തിനു ആളായിത്തീരുകയില്ല. കിടക്കുമ്പോൾ രോമം ചുഴന്നശേഷം പൊങ്ങുന്നവൻ മൈഥുനത്തിനു കഴിവുള്ളവനാകുന്നു. എല്ലാറ്റിനും മീതെ ഇന്ദ്രൻ തന്നെയാണ്.

**18. അയമിന്ദ്ര വൃഷാകപിഃ പരസ്വന്തംഹ തം വിദത് |**
**അസിം സൂനാം നവം ചരുമാദേധസ്യാന ആചിതം**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ ഇന്ദ്രാ! വൃഷാകപി ചോരനെ തനിക്കുവേി ധനസഹിതം പ്രാപിക്കട്ടെ. ഈ ഖഡ്ഗം, ചരു, വിറക് മുതലായവയോടുകൂടി ശത്രുക്കളെ ഓടിച്ചുകൊ് യശസ്സോടുകൂടി ഞാനാഗതനാകുന്നു. സോമം പിഴിയുന്നവരുടെയും, ഹവിസ്സ് പാകം ചെയ്യുന്നവരുടേയും സോമത്തെ പാനം ചെയ്യുകയും, ജ്ഞാനികളുടെ ഭ്രഷ്ടാവാകയും ചെയ്യുന്നു. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**19. അയമേമി വീചാകശദ്വിചിന്വന്ദാസമാര്യം |**
**പിബാമി പാകസുത്വനോധീർമചാകശം വിശവസ്മാദിന്ദ്ര**
**ഉത്തരഃ ||**

ഞാൻ ജ്ഞാനിയേയും ദാനനേയും തിരിച്ചറിയുന്നു, ശുദ്ധഹൃദയൻ പിഴിയുന്ന സോമം ഞാൻ കുടിക്കുന്നു. ജ്ഞാനിയെ എപ്പോഴും സംരക്ഷിക്കുന്നു. ഇന്ദ്രൻ സർവശ്രേഷ്ഠനാണല്ലോ.

**20. ധന്വ ച യത്കൃന്തത്രം ച കതി സ്വിത്താ വി യോജനാ**
**നേദിയസോ വൃഷാകപേസ്തമേഹി ഗൃഹാം ഉപ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ വൃഷാകപേ അടുത്തവീട്ടിൽ വന്നു വസിച്ചാലും. ശത്രുഗൃഹത്തിന്റെയും നമ്മുടെ ഗൃഹത്തിന്റെയും ഇടയിൽ കുറ്റിക്കാടും മരുഭൂമിയുമായ കുറച്ചുസ്ഥലമേയുള്ളൂ. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**21. പുനരേഹി വൃഷാകപേ സുവിതാ കല്പയാവഹൈ |**
**യ ഏഷഃ സ്വപ്നംശനോസ്തമേഷി പഥാ**
**പുനർവിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ വൃഷാകപേ വീം വരണമേ. ഞങ്ങൾ നിനക്കുവേി അതിശ്രേഷ്ഠമായ കർമ്മങ്ങൾ നടത്തുന്നു. സ്വപ്നങ്ങളെ അകറ്റിക്കൊ് സൂര്യൻ അസ്താദ്രിയിലെത്തുന്നതുപോലെ നീയും സ്വന്തം ഗൃഹത്തിലേക്കു തിരിച്ചു വരേണമേ. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

**22. യദുദഞ്ചോ വൃഷാകപേ ഗൃഹമിന്ദ്രാജഗന്തന |**
**ക്വസ്യ പുല്വഘോ മൃഗഃ കമഗഞ്ജനയോപനോ**
**വിശ്വസ്മാദിന്ദ്ര ഉത്തരഃ ||**

ഹേ വൃഷാകപേ, ഐശ്വര്യവാനേ! നിങ്ങൾ എന്റെ ഗൃഹത്തിൽ വരേണമേ. ആളുകൾക്കാനന്ദം നൽകുന്ന മൃഗം എവിടെ പോയി? ഇന്ദ്രൻ സർവ്വശ്രേഷ്ഠനാകുന്നു.

**23. പർശുർഹ നാമ മാനവീ സാകം സസൂ വിംശതിം |**
**ഭദ്രം ഭല ത്യസ്യാ അഭൂദ്യസ്യ ഉദരമാമയദ് വിശ്വസ്മാദിന്ദ്ര**
**ഉത്തരഃ ||**

മനുപുത്രിയായ പരശു ഇരുപതുപുത്രൻമാരെ ജനിപ്പിച്ചു. ആ മനുപിത്രിക്കു മംഗളമുകട്ടെ. ഇന്ദ്രൻ സർവശ്രേഷ്ഠനാകുന്നു.

## സൂക്തം 87

**ഋഷി പായു ദേവത രക്ഷോഹാഗ്നി ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്**

**1. രക്ഷോഹണം വാജിനമാ ജിഘർമി മിത്രം പ്രഥിഷ്ഠമുപ യാമി ശർമ |**

**ശിശാനോ അഗ്നിഃ ക്രതുഭിഃ സമിദ്ധഃ സ നോ ദിവാ സരിഷഃ പാതുനക്തം ||**

അഗ്നിദേവൻ രാക്ഷസൻമാരെ നശിപ്പിക്കുന്നവനും ബലവാനും, യജമാനൻമാരുടെ മിത്രവും ആകുന്നു. അവനു ഞാൻ ഘൃതാഹുതിനൽകുകയും ചെയ്യുന്നു. അഗ്നി യജമാനൻമാരാൽ പ്രോജ്വലിതനായി രാവും പകലും രക്ഷിക്കണേ.

**2.അയോ ദംഷ്ട്രോ അർചിഷാ യാതുധാനുപ സ്പൃശ ജാതവേദഃ സമിദ്ധഃ |**

**ആ ജിഹ്വയാ മുരദേവാന്യഭസ്വ ക്രവ്യാദോ വൃക്ത്വ്യാപി ധത്സ്വാസൻ ||**

ഹേ അഗ്നേ! നീ സർവ്വജ്ഞാനിയാണല്ലോ. നിന്റെ ലോഹദന്തരൂപമായ ജ്വാലകളാൽ രാക്ഷസൻമാരെ ദഹിപ്പിച്ചാലും. മാംസഭുക്കുകളായ ദൈത്യൻമാരെ വായിലമർത്തി ഹിംസകരെ പീഡിപ്പിച്ചാലും.

**3. ഉഭോഭയാവിന്നുപ ധേഹി ദംഷ്ട്രാ ഹിംസ്രഃ ശിശനോവരം പരം ച|**

**ഉതാന്തരിക്ഷേ പരി യാഹി യാജഞ്ജമ്ഭൈഃ സന്ധേഹ്യഭി യാതുധാന്യൻ ||**

ഹേ അഗ്നേ! നീ രാക്ഷസൻമാരുടെ ദാഹകനാകുന്നു. നിന്റെ രു ഭാഗത്തുമുള്ള പല്ലുകളെ തീക്ഷ്ണമാക്കി അവയെ രാക്ഷസൻമാരിൽ കുത്തിയിറക്കേണമേ. അന്തരീക്ഷവാസികളായി പിശാചുക്കളെ ആ പല്ലുകൾകൊ് ചവച്ചരക്കേണമേ.

**4. യജ്ഞൈരിഷൂഃ സന്നമമാനോ അഗ്നേ വാചാ ശല്യാം അശനിഭിർദിഹാനഃ |**

**താഭിർവിധ്യ ഹൃദയേ യാതുധാദാനാൻ പ്രതീചോ ബാഹുൻപ്രതി ഭങ്ധ്യേഷാം ||**

ഹേ അഗ്നേ! നീ ഞങ്ങളുടെ സ്തുതികളാൽ പ്രസന്നനായി തീക്ഷ്ണങ്ങളായ അമ്പിൻ മുനകൾകൊ് രാക്ഷസൻമാരുടെ ഹൃദയങ്ങളെ കീറിപിളർക്കുകയും അവരുടെ ഭുജങ്ങളെ തകർക്കുകയും ചെയ്യേണമേ.

**5. അഗ്നേ ത്വചം യാതുധാനസ്യ ഭിന്ധി ഹിംസ്രാശനിർഹരസാ ഹന്ത്വേനം |**

**പ്ര പർവാണി ജാതവോഃ ശൃണീഹി കാവ്യാത്ക്രവിഷ്ണുർവി ചിനോതു വൃക്ണം ||**

ഹേ അഗ്നേ! അസുരൻമാരുടെ തോലുരിച്ച് അവരെ വധിച്ചാലും. അവരുടെ അംഗങ്ങൾ കീറിപിളർന്ന് മാംസഭക്ഷികളായ പക്ഷികൾക്ക് അവയെ എറിഞ്ഞു കൊടുത്താലും.

**6. യത്രേദാനീ പശ്യസീ ജാതവേദസ്തിഷ്ഠന്തമഗ്ന ഉത വാ ചരന്തം |**

**യദ്വാന്തരിക്ഷേ പഥിഭിഃ പതന്തം തമസ്താ വിധ്യ ശർവാ ശിശാനഃ ||**

ഹേ അഗ്നേ! നീ മേധാവിയാകുന്നു. ആകാശത്തിലോ ഭൂമിയിലോ അങ്ങിങ്ങായി സഞ്ചരിക്കുകയും, ഉറച്ചുനിൽക്കുകയും ചെയ്യുന്ന രാക്ഷസൻമാരേ നിന്റെ മൂർച്ചയേറിയ അമ്പുകൾകൊ് കീറിപ്പിളരേണമേ.

**7. ഉതാലബ്ധം സ്പൃണുഹി ജാതവേദ അലേഭാനദ്ദഷ്ടിഭിർയാതുധാനാത് |**

**അഗ്നേ പൂർവോ നി ജഹി ശോശുചാന ആമാദഃ ക്ഷിങ്കാ സ്തമദന്ത്വേനീഃ ||**

ഹേ അഗ്നേ! ആക്രമണകാരികളായ രാക്ഷസൻമാരുടെ വാജകളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ. പച്ചമാംസം ഭക്ഷിക്കുന്ന രാക്ഷസൻമാരെയും നശിപ്പിക്കേണമേ. ഈ പക്ഷി ആ രാക്ഷസൻമാരെ ഭക്ഷിക്കണേ.

**8. ഇഹ പ്ര ബ്രൂഹി യതമഃ സോ അഗ്നേ യോ യാതുധാനോ ശ ഇദം കൃണോതി |**

**തമാ രഭസ്വ സമിധാ യവിഷ്ഠ നൃചക്ഷസശ്ചക്ഷുഷേ രന്ധയൈനം ||**

ഹേ അഗ്നേ! ഈ യജ്ഞത്തെ ഏതു രാക്ഷസനാണ് മുടക്കുന്നത്? നീ പിറകിൽകൂടി പ്രത്യക്ഷനായി ആ രാക്ഷസനെ വധിച്ചാലും. നീ എല്ലാ മനുഷ്യരുടെ മേലും അനുഗ്രഹ ദൃഷ്ടി പതിപ്പിച്ചുകൊ് രാക്ഷസൻമാരെ സംഹരിച്ചാലും.

**9. തീക്ഷ്ണേനാഗ്നേ ചക്ഷുഷാ രക്ഷ യജ്ഞം പ്രാഞ്ചം വസുഭ്യഃ പ്രണയ പ്രചേതഃ |**

**ഹിംസ്രം രക്ഷാംസ്യഭി ശോശുചാനം മാ തവാ ദഭന്യാ തുധാനാ നൃചക്ഷഃ ||**

ഹേ അഗ്നേ! നിന്റെ തീക്ഷ്ണമായ തേജസ്സാൽ രക്ഷിക്കുകയും ഇതിനെ ശ്രേഷ്ഠമായ ധനത്തിന്നുപയുക്തമാക്കുകയും ചെയ്യേണമേ. രാക്ഷസൻമാരെ ഹിംസിക്കുന്നവനായ നിന്നെ അവർ ഹിംസിക്കാതിരിക്കട്ടെ.

**10. നൃചക്ഷാ രക്ഷഃ പരി വിക്ഷുതസ്യ ത്രീണി പ്രതി ശൃണീഹ്യഗ്രാ |**

**തസ്യാഗ്നേ പൃഷ്ടീർഹരസാ ശൃണീഹി ത്രേധാ മൂലം യാതുധാനസ്യ വൃശ്ച ||**

ഹേ അഗ്നേ! മനുഷ്യഹിംസകരായ രാക്ഷസൻമാരെ നോക്കേണമേ. അവരുടെ മസ്തകങ്ങളെ മൂന്നായി തകർക്കേണമേ. അവരുടെ അടുത്തു വസിക്കുന്ന രാക്ഷസൻമാരേയും വധിക്കേണമേ. അവരുടെ കാലുകളെ മൂന്നായി മുറിച്ചീടണമേ.

**11. ത്രിർയാതുധാനഃ പ്രസിതിം ത ഏത്വൃതം യോ അഗ്നേ അനൃതേന ഹന്തി □**

**തമർ ചിഷാ സ്ഫൂർജയഞ്ഛതവേദഃ സമക്ഷമേനം ഗൃണതേ നി വൃങ്ധി ||**

തങ്ങളുടെ അസ്തകർമ്മങ്ങളാൽ സത്കർമ്മങ്ങൾക്കു നാശം വരുത്തുന്ന രാക്ഷസൻമാരെ നിന്റെ ജ്വാലകളാൽ മൂന്നുവട്ടം ചുറ്റിക്കെട്ടി ചാമ്പലാക്കേണമേ. സ്തോതാവായ എന്റെ മുമ്പിൽവച്ച് ഇപ്രകാരം ചെയ്യേണമേ.

**12.തദഗ്നേ ചക്ഷുഃ പ്രതി ധേഹി രേഭേ ശഫാരുജം യേന**

**പശ്യസി യാതുധാനം |**
**അഥർവവജ്ജ്യോതിഷാ ദൈവ്യേന സത്യം ധൂർവന്തമചിത ന്യോഷ ||**

ഹേ അഗ്നേ! ഗർജനശീലനായ ദൈത്യരുടെമേൽ നിന്റെ തേജസ്സിനെ പ്രേരിപ്പിച്ചാലും. ഋഷിഭക്ഷകരായ ദൈത്യൻമാരെ നഖങ്ങൾ കൊ് അള്ളി പിടിക്കുന്നവനാകുന്നു. അസത്യത്താൽ സത്യത്തെ നശിക്കുന്ന ആ രാക്ഷസൻമാരെ നീ സ്വന്തം തേജസ്സാൽ ഭസ്മമാക്കിയാലും.

**13. യദഗ്നേ അദ്യ മിഥുനാ ശപാതോ യദ്വാചസ്തൃഷ്ടം ജനയന്ത രേഭാഃ |**
**മന്യോർമനസഃ ശരവ്യാ ജായതേയാ തയാ വിധ്യ ഹൃദയേ യാതുധാനാൻ ||**

ഹേ അഗ്നേ! സ്ത്രീപുരുഷൻമാർ പരസ്പരം കലഹിക്കുമ്പോഴും സ്തോതാക്കൾ കടുത്തവാക്കുകളുച്ചരിക്കുമ്പോഴും, നിന്റെ മനസ്സിൽ ക്രോധരൂപമായ ബാണം ഉാകുമല്ലോ. അത് അരക്കരുടെ ഹൃദയത്തിൽ ആഞ്ഞുപതിക്കണമേ. അവരെ വധിക്കണമേ.

**14. പരാ ശൃണീഹി തപസാ യാതുധാനാൻപരാഗ്നേ രക്ഷോ ഹരസാ ശൃണീഹി |**
**പരാർചിഷാ മൂരദേവാഞ്ഛ്റണീഹി പരാസുതൃപോ അഭി ശോശുചാനഃ ||**

ഹേ അഗ്നേ! നിന്റെ ബലത്താൽ രാക്ഷസൻമാരെ പിഴുതെറിയേണമേ. മനുഷ്യരുടെ പ്രാണഹന്താക്കളായ രാക്ഷസൻമാരെ വധിക്കുകയും അവരെ നിന്റെ തേജസ്സാൽ ഭസ്മമാക്കുകയും ചെയ്യണമേ.

**15. പരാദ്യ ദേവാ വൃജിനം ശൃണന്തു പ്രത്യഗേനം ശപഥാ യന്തു തൃഷ്ടാഃ |**
**വാചാസ്തേനം ശരവ ഋച്ഛന്തു മർമന്വിശ്വസ്യൈതു പ്രസിതിം യാതു ധാനഃ ||**

പാപികളായ ആ ദൈത്യൻമാരെ അഗ്നി മുതലായ ദേവകൾ വധിക്കുമാറാകണേ. ഞങ്ങളുടെ ശാപവാക്യങ്ങൾ രാക്ഷസൻമാരുടെ അടുക്കലെത്തുകയും, ആ ബാണങ്ങൾ അവന്റെ മർമ്മങ്ങളെ തുളയ്ക്കുകയും ചെയ്യണേ . ആ രാക്ഷസൻ അഗ്നിയിൽ പതിക്കട്ടെ.

**16. യഃ പൗരുഷേയേണ ക്രവിഷാ സമങ്ക്തേയാ അശ്വ്യേന പശുനാ യാതുധാനഃ |**
**സോ അഘ്ന്യായാ ഭരതി ക്ഷീരമഗ്നേ തേഷാം ശീർഷാണി ഹരസാപി വ്റുശ്ച ||**

ഹേ അഗ്നേ! മനുഷ്യമാംസവും, മൃഗമാംസവും ശേഖരിക്കുന്നവരായ രാക്ഷസൻമാരെ ബലഹീനരാക്കേണമേ. അഹിംസ്യകളായ ഗോക്കളുടെ പാൽ മോഷ്ടിക്കുന്ന രാക്ഷസൻമാരുടെ ശിരസ്സുകളരിഞ്ഞിടേണമേ.

**17. സംവത്സരീണം പയ ഉസ്രിയായാസ്തസ്യ മാശീദ്യാതുധാനോ നൃചക്ഷഃ |**
**പീയൂഷമഗ്നേ യതമസ്തിതൃപ്സാത്തം പ്രത്യഞ്ചമർചിഷാ വിധ്യ മർമൻ ||**

ഒരു വർഷംവരെ ഗോക്കളിൽ ചുരന്നുവരുന്ന പാലിനെ രാക്ഷസൻ കുടിക്കാതിരിക്കണേ. ഹേ അഗ്നേ! നീ മനുഷ്യരെ നോക്കുന്നവനാണല്ലോ. ആര് അമൃതരൂപമായ ആ പാലിനെ കുടിക്കുവാനാഗ്രഹിക്കുന്നുവോ ആ രാക്ഷസന്റെ മർമ്മഭാഗങ്ങളെ നിന്റെ തീക്ഷ്ണങ്ങളായ ജ്വാലകളാൽ പിളർന്നു കളയണേ.

**18.വിഷം ഗവാം യാതുധാനാഃ പിബന്ത്വാ വ്റുശ്ച്യന്താമദിതയേ ദുരേവാഃ |**
**പരൈനാന്ദേവഃ സവിതാ ദദാതു പരാഭാഗമോഷധീനാം ജയന്താം ||**

പശുവിൻ പാൽ രാക്ഷസൻമാർക്ക് വിഷമായി ഭവിക്കണേ. ഹേ അഗ്നേ! അദിതിയുടെ സന്നിധാനത്തിൽ അവരെ ബലികഴിക്കൂ. തൃണങ്ങൾ, ലതകൾ, വനസ്പതികൾ മുതലായവയുടെ ത്യാജ്യാംശങ്ങളെ ഈ രാക്ഷസൻമാർ പ്രാപിക്കണേ.

**19.സനാദഗ്നേ മൃണസി യാതുധാനാന്ന ത്വാ രക്ഷാംസി പൃതനാസു ജിഗ്യുഃ |**
**അനു ദഹ സഹമൂരാൻക്രവ്യാദോ മാ തേ ഹേത്യാ മുക്ഷത ദൈവ്യായാഃ ||**

ഹേ അഗ്നേ! വന്നുകൊിരിക്കുന്ന രാക്ഷസപ്പടയെ സംഹരിച്ചാലും. അവർക്ക് യുദ്ധത്തിൽ നിന്നെ പരാജയപ്പെടുത്തുവാൻ സാധ്യമല്ല. അല്ലെങ്കിൽ മാംസഭക്ഷികളായ അവരെ സമൂലം നശിപ്പിക്കണേ. നിന്റെ ദിവ്യാസ്ത്രങ്ങളിൽ നിന്നും അവർ രക്ഷപ്പെടാതിരിക്കണേ.

**20. ത്വം നോ അഗ്നേ അധരാ ദുദക്താത്ത്വം പശ്ചാദുത രക്ഷാ പുരസ്താത് |**
**പ്രതി തേ തേ അജരാസസ്തപിഷ്ഠാ അഘശംസം ശോശുചാതോ ദഹന്തു ||**

ഹേ അഗ്നേ! നാലുദിക്കുകളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. നിന്റെ ശ്രേഷ്ഠവും നാശരഹിതവും ഉത്തമവും ആയ ജ്വാലകൾ രാക്ഷസൻമാരെ ഭസ്മമാക്കണേ.

**21. പശ്ചാൻപുരസ്താദധരാദുദക്താത്കവിഃ കാവ്യേന പരി പാഹി രാജൻ |**
**സഖേ സഖായമജരോ ജരിമ്ണോഗ്നേ മർതാം അമർത്യസ്ത്വം നഃ ||**

ഹേ അഗ്നേ! നീ കർമ്മകുശലനും തേജസ്വിയുമാണ്. അതിനാൽ നാലുദിക്കുകളിൽനിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ. ഞാൻ നിന്റെ സഖാവാകുന്നു. എന്നെ ദീർഘായുഷ്മാനാക്കേണമേ. ഹേ നാശരഹിതനായ അഗ്നേ! നീ മരണശീലരായ ഞങ്ങളുടെ -മനുഷ്യരുടെ- രക്ഷകനാകേണമേ.

**22. പരിത്വാഗ്നേ പരം വയം വിപ്രം സഹസ്യ ധീമഹി |**
**ധൃഷദ്വർണം ദിവേദിവേ ഹന്താരം ഭങ്ഗുരാവതാം ||**

ഹേ ബലോത്പന്നനായ അഗ്നേ! നീ രാക്ഷസൻമാരെ ദിനംതോറും കൊല്ലുന്നു. ഞങ്ങൾ നിന്നെ ഉപാസിക്കുന്നു.

**23. വിഷേണ ഭങ്ഗുരാവതഃ പ്രതി ഷ്മ രക്ഷസോ ദഹ |**
**അഗ്നേ തിഗ്മേന ശോചിഷാ തപുരഗ്രാഭിർ ഋഷ്ടിഭിഃ ||**

ഹേ അഗ്നേ! ധ്വംസകരായ രാക്ഷസൻമാരെ നിന്റെ ഉഗ്രമായ തേജസ്സാൽ ഭസ്മമാക്കേണമേ. അവരെ നിന്റെ ഖഡ്ഗത്താൽ പൂർണ്ണമായി ജ്വലിപ്പിച്ച് ചാമ്പലാക്കേണമേ.

**24.പ്രത്യഗ്നേ മിഥുനാ ദഹ യാതുധാനാ കിമീദിനാ |**
**സം ത്വാ ശിശാമി ജാഗൃഹ്യദബ്ധം വിപ്ര മൻമഭിഃ ||**

'എവിടെ എന്ത് എന്നുള്ള ഉദ്ദേശ്യത്തോടുകൂടി നടക്കുന്ന

രാക്ഷസൻമാരെ ഭസ്മമാക്കിയാലും. നിന്നെ ആർക്കും ഹിംസിക്കുവാൻ സാധ്യമല്ല. നീ ചൈ തന്യവാനാകണമേ. ഞാനങ്ങയെ സ്തുതിക്കുന്നു.

**25. പ്രത്യഗേ ഹരസാ ഹരഃ ശൃണീഹി വിശ്വതഃ പ്രതി |**
**യാതുധാനസ്യ രക്ഷസോ ബലം വി രുജവീര്യം ||**

ഹേ അഗ്നേ! രാക്ഷസൻമാരുടെ വീര്യത്തെ നിന്റെ ഉഗ്രമായ തേജസ്സാൽ നശിപ്പിക്കേണമേ. അവരെ ബലവീര്യഹീനരാക്കി സംഹരിക്കേണമേ.

## സൂക്തം 88

**ഋഷി അംഗിരഗോത്രവാനോ വാമഗോത്രവാനോ യ മൂർധന്വാൻ ദേവത സൂര്യ വൈശ്വാനരാഗ്നി ഛന്ദസ് ത്രിഷ്ടുപ്**

**1.ഹവിഷ്പാന്തമജരം സ്വാവിദി ദിവി സ്പൃശ്യാഹുതം ജുഷ്ടമഗ്നൗ |**
**തസ്യ ഭർമണേ ഭുവനായ ദേവാധർമണേ കം സ്വധയ പപ്രഥന്ത ||**

ദേവകളാൽ സേവിക്കപ്പെടുന്നതും, സദാനവീനവും, പാനയോഗ്യവും ആയ സോമരസം ആകാശസ്പർശിയായ യജ്ഞാഗ്നിയിൽ ഹോമിക്കപ്പെട്ടിരിക്കുന്നു. അതേ സോമത്തെ ഉല്പാദിപ്പിക്കുകയും, പരിപൂർണ്ണമാക്കുകയും ധാരണം ചെയ്യുകയും ചെയ്യുകയാൽ കല്യാണക്കാരിയായ അഗ്നി ദേവകൾ വൃദ്ധിപ്പെടുത്തുന്നു.

**2. ഗീർണ്ണ ഭുവനം തമസാപ ഗുലളമാവിഃ സ്വരഭവജ്ജാതേ അഗ്നൗ |**
**തസ്യ ദേവാഃ പൃഥിവീ ദ്യൗരുതാപോരണയന്നോഷധീഃ സഖ്യേ അസ്യ ||**

അന്ധകാരത്തിൽ ലോകം അലിഞ്ഞുചേർന്നിരിക്കുന്നു. അത് അവയെ ഒളിച്ചുവയ്ക്കുന്നു. അഗ്നി പ്രത്യക്ഷമായപ്പോൾ എല്ലാം വ്യക്തമാകുന്നു. ആകാശവും, ജലവും, വൃക്ഷങ്ങളും ദേവഗണാദികളും എല്ലാം പ്രസന്നരാകുന്നു.

**3.ദേവേഭിർന്വിഷിതോ യജ്ഞിയേഭീരഗ്നി സ്തോഷാണ്യജരം ബൃഹന്തം |**
**യോ ഭാനുനാ പൃഥിവീം ദ്യാമുതേ മാമാതതാന രോദസീ അന്തരീക്ഷം ||**

യജ്ഞാംശം സ്വീകരിക്കുന്നവരായ ദേവൻമാരുടെ പ്രേരണയാൽ ഞാൻ ജരാരഹിതനും, മഹാനുമായ അഗ്നിയെ പൂജിക്കുന്നു. ഈ അഗ്നി ആകാശഭൂമികളെയും അന്തരീക്ഷത്തേയും തന്റെ തേജസ്സാൽ പരിപൂർണ്ണമാക്കിയിരിക്കുന്നു.

**4. യോ ഹോതാസീത്പ്രഥമോ ദേവജുഷ്ടോ യം സമഞ്ജന്നാജ്യേനാ വൃണാനാഃ |**
**സ പതത്രീത്വരം രഥാ ജഗദ്യച്ഛ്വാത്രമഗ്നിരകൃണോജ്ജാതവേദാഃ ||**

യാതൊരു വൈശ്വാനരാഗ്നി മുഖ്യഹോതാവായി ദേവകളാൽ സേവിതനായോ, യാതൊരുത്തന് ആഗ്രഹിക്കുന്നവനായ യജമാനൻ ഘൃതാഹുതി അർപ്പിക്കുന്നുവോ ആ അഗ്നി സ്ഥാവരജംഗമമായ ഈ വിശ്വത്തെ ഉല്പാദിപ്പിച്ചു.

**5. യജ്ജാതവേദോ ഭുവനസ്യ മൂർദന്നതിഷ്ഠോ അഗ്നേ സഹ രോചനേന |**
**തം ത്വാഹേമ മതിഭിർഗീർഭിരുക്ഥൈഃ സ യജ്ഞിയോ അഭവോ രോദസിപ്രാഃ ||**

ഹേ അഗ്നേ! നീ മഹാജ്ഞാനിയാണല്ലോ. ത്രിലോകങ്ങളുടെ ശീർഷസ്ഥാനമായ സ്വർഗ്ഗത്തിൽ സൂര്യനോടുകൂടി നീ വസിക്കുന്നു. നീ വാനൂഴികളെ പൂർണ്ണമാക്കുന്നവനും യജ്ഞപാത്രവും ആകുന്നു. ഞങ്ങൾ നിന്നെ ശ്രേഷ്ഠമായ സ്തുതികൾ വഴിയായി പ്രാപിക്കുന്നു.

**6. മൂർധാഭുവോ ഭവതി നക്തമഗ്നിസ്തതഃ സൂര്യോ ജായതേ പ്രാതാരുദ്യൻ |**
**മായാമൂ തു യ ജ്ഞയാനാമേതാമപോ യത്തൂർണിശ്ചരതി പ്രജാനൻ ||**

ഈ അഗ്നി രാത്രി സമയം എല്ലാജീവികളുടേയും ശീർഷരൂപനും പ്രഭാതത്തിൽ സൂര്യരൂപനായും പ്രത്യക്ഷനാകുന്നു. ഈ യജ്ഞകർമ്മികളെ ദേവകളുടെ പ്രജകളെന്നു പറയപ്പെടുന്നു. ഈ അഗ്നി എല്ലാസ്ഥാനങ്ങളിലും ദ്രുതഗതിയിൽ സഞ്ചരിക്കുന്നു.

**7. ദൃശേന്യോയോ മഹിനാ സമിദ്ധോരോച ത ദിവിയോനിർവി ഭാവാ |**
**തസ്മിന്നഗ്നൗ സൂക്തവാകേന ദേവാഹവിർവിശ്വ ആജുഹവുസ്തനൂപാഃ ||**

യാതൊരഗ്നി വിശിഷ്ടമായ ദീപ്തിയോടുകൂടിയവനായി ശ്രേഷ്ഠമായ രൂപം ധരിച്ച്, സ്വർഗ്ഗത്തിൽ സ്ഥാനം പ്രാപിച്ചു ശോഭയെ പ്രാപിച്ചിരിക്കുന്നുവോ, ആ അഗ്നിയുടെ ശരീരത്തെ എല്ലാ ദേവൻമാരും രക്ഷിക്കുന്നു. ആ ദേവകൾ അഗ്നിക്കുവേ ഹവിസ്സ് പ്രദാനം ചെയ്യുന്നു.

**8. സൂക്തവാകം പ്രഥമമാ ദിദഗ്നിമാദിദ്ധവിരജനയന്ത ദേവാഃ |**
**സ ഏഷാം യജ്ഞോ അഭവത്തനൂപാസ്തം ദ്യൗർവേദ തം പൃഥിവീ തമാപഃ ||**

ആദ്യം ആകാശഭൂമികളെ നിരൂപണം ചെയ്യുന്ന ദേവൻമാർ അഗ്നിയെ പ്രകടമാക്കുന്നു. ആ ദേവകൾതന്നെ ഹവിരാന്നത്തിന്റെ ഉല്പാദകരാകുന്നു. ദേവകൾക്കു യജനീയനായ അഗ്നി അവരുടെ ശരീരത്തെ രക്ഷിക്കുന്നു. ആകാശവും ഭൂമിയും അന്തരീക്ഷവും അഗ്നിയെ നല്ലപോലെ അറിയുന്നു.

**9. യം ദേവാസോജനയന്താഗ്നിം യസ്മിന്നാജഹവുർഭുവനാനി വിശ്വാ |**
**സോ അർചിഷാ പൃഥിവീം ദ്യാമുതേമാമൃജൂയമാനോ അതപൻമഹിത്വാ ||**

ദേവകളാലുല്പാദിപ്പിക്കപ്പെട്ട യാതൊരഗ്നിയിൽ, സർവമേധമായ യജ്ഞത്തിൽ എല്ലാ പദാർത്ഥങ്ങളും ആഹുതി ചെയ്യപ്പെടുന്നുവേ ആ അഗ്നി മന്ദഗമനനായി ആകാശഭൂമികളെ തന്റെ ജ്വാലകളാൽ തപിപ്പിക്കുന്നവനായിക്കഴിഞ്ഞിരിക്കുന്നു.

**10. സ്തോമേന ഹി ദിവി ദേവാസോ അഗ്നി ജീജനഞ്ഛക്തിഭീ രോദസിപ്രാം |**
**തമൂ അകൃണ്വൻ ത്രേധാ ഭുവേ സ ഓഷധീഃ പചതി വിശ്വരൂപാഃ ||**

ദേവകളുടെ സ്തുതികളിൽനിന്നും ഉല്പന്നനായ അഗ്നി ആകാശഭൂകളെ പരിപൂർണ്ണമാക്കി സുഖകാരിയായ ആ അഗ്നി

ഔഷധികളെ പരിഷ്കൃതരൂപത്തിൽ കൊവരുന്നു.

**11. യദേദേനമദധൂര്യജ്ഞിയാസോ ദിവി ദേവാഃ സൂര്യമാദിതേയം |**

**യദാചരിഷ്ണൂമിഥുനാവഭൂതാമാദിത്പ്രാപശ്യൻ ഭുവനാനി വിശ്വാ ||**

യജ്ഞീയരായ ദേവൻമാർ അഗ്നിയേയും സൂര്യനേയും പ്രതിഷ്ഠിച്ചപ്പോൾ അവർ രുപേരും ഏകരൂപരായി ഭ്രമണം ചെയ്യുവാൻ തുടങ്ങി. ആ സമയം സകലജീവരാശികളും അവരെ ദർശിച്ചു.

**12. വിശ്വശ്മാ അഗ്നിം ഭുവനായദേവാ വൈശ്വാനരം കേതുമഹ്നാമകൃണ്വൻ |**

**ആ യസ്തനാനോഷസോ വിഭാതീരപോ ഊർണോതി തനോ അർചിഷാ യൻ ||**

അഗ്നി മനുഷ്യരുടെ ഹിതൈഷിയാകുന്നു. ദേവൻമാർ ഇദ്ദേഹത്തെ വിശ്വത്തിന്റെ ധ്വജരൂപമായിക്കരുതുന്നു -മാനിക്കുന്നു. ആ വിശിഷ്ട പ്രകാശൻ പ്രഭാതത്തിൽ വിസ്താരം നൽകുകയും തന്റെ ജ്വാലകളാൽ സമ്പൂർണ്ണമായ അന്ധകാരത്തെ അകറ്റുകയും ചെയ്യുന്നു.

**13. വൈശ്വാനരം കവയോ യജ്ഞിയാസോഗ്നിം ദേവാ അജനയന്നജൂര്യം |**

**നക്ഷത്രം പ്രത്നമമിനച്ചരിഷ്ണു യക്ഷസ്യാധ്യക്ഷം തവിഷം ബൃഹന്തം ||**

യജ്ഞാർഹരും, മേധാവികളുമായ ദേവൻമാർ സൂര്യരൂപത്തോടുകൂടി അഗ്നിയെ ജനിപ്പിച്ചു. ആ അഗ്നി മഹാനും ,സ്ഥൂലനുമായിക്കഴിഞ്ഞപ്പോൾ വളരെക്കാലമായി ആകാശത്തിൽ വസിച്ചിരുന്ന നക്ഷത്രങ്ങളെ ആഭാഹീനങ്ങളാക്കിത്തീർത്തു.

**14. വൈശ്വാനര വിശ്വഹാ ദീദിവാംസം മന്ത്രൈരഗ്നിം കവിമഛാ വദാമഃ |**

**യോ മഹിമ്നാ പരിബഭൂവോർവി ഉതാവസ്താദുത ദേവഃ പരസ്താത് ||**

ആ അഗ്നി ജഗത്തിന്റെ ഹിതൈഷിയും, നിത്യതേജസ്വിയും, ക്രാന്തപ്രജ്ഞനും ആകുന്നു. ഞങ്ങൾ ശ്രേഷ്ഠങ്ങളായ മന്ത്രങ്ങളാൽ അവനെ സ്തുതിക്കുന്നു. അവൻ തന്റെ മഹിമയാൽ ആകാശപൃഥ്വികളെ പരിപൂർണ്ണമാക്കിക്കൊ് താഴെയും, മുകളിലും പ്രകാശിക്കുന്നു.

**15. ദ്വേ സ്രുതീ അശൃണവം പിതൃണാമഹം ദേവാനാമുത മർത്യാനാം |**

**യാഭ്യാമിദം വിശ്വമേജത്സമേതി യദന്തരാ പിതരം മാതരം ച ||**

ഞാൻ പിതൃക്കളുടേയും ദേവകളുടേയും മനുഷ്യരുടേയും രുമാർഗ്ഗങ്ങളേപ്പറ്റി കേട്ടിട്ടു്. ഈ ലോകമെല്ലാം ആ മാർഗ്ഗങ്ങളിൽക്കൂടി മുന്നേറിക്കൊിരിക്കുന്നു.

**16. ദ്വേ സമീചീ ബിഭൃതശ്ചരന്തം ശിർഷതോ ജാതം മനസാ വിമൃഷ്ടം |**

**സ പ്രത്യങ്വിശ്വാ ഭുവനാനി തസ്ഥാവപ്രയുഛന്തരണിർഭ്രാജമാനാഃ ||**

സൂര്യന്റെ ശിർഷസ്ഥാനത്തുനിന്നും ജനിച്ച അഗ്നി സ്തുതികളാൽ പ്രസാദിക്കുന്നു. അവന്റെ ഭ്രമണകാലത്തിൽ വാനൂഴികൾ അവനെ രക്ഷിക്കുന്നു. അവർ തങ്ങളുടെ രക്ഷണകർമ്മത്തിൽ ഒരിക്കലും ഉദാസീനരാകുന്നില്ല. അവൻ പ്രകാശമാനനായി സുഖപൂർവം ലോകത്തിൽ വസിക്കുന്നു.

**17. യത്രാ വദേതേ അവരഃ പരശ്ച യജ്ഞന്യോഃ കതരോ നൗ വി വേദ |**

**ആ ശേകുരിത്സധമാദം സഖായോ നക്ഷന്ത യജ്ഞം ക ഇദം വി വോചത് ||**

പാർഥിവവും, മാധ്യമികവും ആയ അഗ്നികൾ യജ്ഞജ്ഞാനസംബന്ധമായി വാദവിവാദം നടത്തുവാൻ തുടങ്ങുമ്പോൾ ഋത്വിക്കുകൾ യജ്ഞം ആരംഭിക്കുകയായി. എന്നാൽ അവരുടെ വിവാദത്തിൻമേൽ തീരുമാനമെടുക്കുവാൻ ആരും സമർത്ഥരാകുന്നില്ല.

**18. കത്യഗ്നയഃ കതി സൂര്യസഃ കത്യുഷാസഃ കത്യു സ്വിദാപഃ |**

**നോപസ്പിജം വഃ പിതരോ വദാമി പൃഛാമി വഃ കവയോ വിദ്മനേ കം ||**

ഹേ പിതൃക്കളേ! ഞാൻ നിങ്ങളോടു തർക്കിക്കുന്നില്ല. കേവലം ജിജ്ഞാസകൊുമാത്രം ചോദിക്കയാണ് -സൂര്യൻ, അഗ്നി, ഉഷസ്സുകൾ, ജലം ഇവയുടെ അധിഷ്ഠാന ദേവികൾ എത്രയുണ്ട്.

**19. യാവൻമാത്രാ മുഷശോ ന പ്ര തീകം സുപർണ്യോ വസതേ മാതരിശ്വഃ |**

**താവദ്ധാത്യുപ യജ്ഞമായൻബ്രാഹ്മണോ ഹോതുരവരോ നിഷീദൻ ||**

ഹേ വായൂ! രാത്രി ഉഷസ്സിന്റെ മുഖം തുറന്നിരിയ്ക്കുന്നതുവരെ ഭൂനിവാസിയായ അഗ്നി യജ്ഞത്തിന്റെ സമീപമെത്തി സ്ഥാനം പിടിക്കുന്നു. എന്തുകൊന്നൊൽ അഗ്നിതന്നെ സ്തുതിക്കുന്നവനും, ഹോതാവുമാകുന്നു.

## സൂക്തം 89

**ഋഷി വിശ്വാമിത്രൻ, രേണു. ദേവത ഇന്ദ്രൻ. ഛന്ദസ് ത്രിഷ്ടുപ്**

**1. ഇന്ദ്രം സ്തവാ നൃതമം യസ്യ മഹ്നാ വിബബാധേ രോചനാ വി ജ്മോ അന്താൻ |**

**ആ യഃ പപ്രൗ ചർഷണീ ധൃദ്വരോഭിഃ പ്ര സിന്ധുഭ്യോ വിരിചാനോ മഹിത്വാ ||**

ഹേ സ്തോതാക്കളേ! ശ്രേഷ്ഠമായ നേതൃത്വത്തോടുകൂടിയ ഇന്ദ്രനെ സ്തുതിക്കുവിൻ. അവന്റെ തേജസ്സ് എല്ലാത്തിന്റെ തേജസ്സുകളേയും മ്ലാനമാക്കുന്നു. അവൻ മനുഷ്യരെ ശുദ്ധികരിക്കുന്നവനാകുന്നു. അവൻ സമുദ്രത്തേക്കാൾ വിശാലനും എല്ലാ ലോകങ്ങളേയും തന്റെ തേജസ്സാൽ നിറയ്ക്കുന്നതിൽ സമർത്ഥനും ആകുന്നു.

**2. സ സൂര്യഃ പര്യരു വരാംസ്യേന്ദ്രോ വവൃത്യാദ്രഥ്യേവ ചക്രാ |**

**അതിഷ്ഠന്തമപസ്യം ന സർഗം കൃഷ്ണാ തമാംസി ത്വിഷ്യാ ജഘാന ||**

സാരഥി ചക്രങ്ങളോടുകൂടിയ രഥം ഉരുട്ടുന്നതുപോലെ ഇന്ദ്രൻ തന്റെ തേജസ്സിനെ എല്ലാഭാഗങ്ങളിലേക്കും തിരിച്ചുവിടുന്നു. ഘോരമായ

അന്ധകാരം സൃഷ്ടികളുടെ മേൽ അതിന്റെ അധികാരംചെലുത്തുമ്പോൾ ഇന്ദ്രൻ അതിനെ തന്റെ ദീപ്തിയാൽ അകറ്റിക്കളയുന്നു.

**3. സമാനമസ്മാ അനപാവൃദർച ക്ഷ്മയാ ദിവോ അസമു ബ്രഹ്മനവ്യം |**
**വി യഃ പൃഷ്ഠേവ ജനിമാന്യർയ ഇന്ദ്രശ്ചികായ ന സഖായമീഷേ ||**

ഹേ സ്തോതാക്കളേ! നിങ്ങൾ എന്റെ സഖാക്കളായി ശ്രേഷ്ഠവും നവീനവും ഉപമാരഹിതവും ആയ സ്തോത്രങ്ങളെ ഉച്ചരിക്കുവിൻ. എന്തുകൊന്നൊൽ ഈ ഇന്ദ്രൻ സ്തുതികളെ പ്രാപിക്കുവാനിഷ്ടപ്പെടുന്നവനും ശത്രുക്കളെ കാണുന്നവനുമാകുന്നു. അവൻ തന്റെ മിത്രങ്ങൾക്ക് അനിഷ്ടകരമായി യാതൊന്നും ചിന്തിക്കുന്നില്ല.

**4. ഇന്ദ്രായ ഗിരോ അനിശിതസർഗാ അപഃ പ്രേരയം സഗരസ്യ ബുധ്നാത് |**
**യോ അക്ഷേണേവ ചക്രിയാ ശചീഭിർവിഷ്വക്തമ്ഭ പൃഥിവീമുതദ്യാം ||**

അച്ചുത് ചക്രങ്ങളെ ഉരുട്ടുന്നതുഫോഅൽ ഇന്ദ്രൻ തന്റെ കർമ്മങ്ങൾ വഴിയായി ആകാശഭൂമികൾക്കാശ്രയം നൽകിയിരിക്കുന്നു. ആ ഇന്ദ്രനെ നിഷ്കാമഭാവത്തോടുകൂടി സ്തുതിക്കുന്നു. ആകാശത്തിന്റെ ശീർഷസ്ഥാനത്തുനിന്നും ജലവും വഹിച്ചുകൊ് ഞാൻ വന്നിരിക്കുന്നു.

**5. ആപാന്തമന്യുസ്തൃപലപ്രഭർമാ ധുനിഃ ശിമീവാ ഞ്ഛരുമാംൠജീഷീ |**
**സോമോ വിശ്വാന്യതസാ വനാനി നാർവാഗിന്ദ്രം പ്രതിമാനാനി ദേഭൂഃ ||**

യാതൊന്ന് തന്റെ ബലത്താൽ ശത്രുക്കളെ വിറപ്പിക്കുന്നുവോ, യാതൊന്ന് ആയുധധാരിക്കു മാർഗ്ഗം കാണിച്ചുകൊടുക്കുന്നുവോ, യാതൊന്ന് പാനാന്തരം തേജസ്സുല്പാദിപ്പിക്കുന്നുവോ, ആ സോമം വഴിയായി വനങ്ങൾക്കഭിവൃദ്ധിയുാകുന്നു. എന്നാൽ അവ ഇന്ദ്രനു തുല്യത വഹിക്കുന്നതിൽ സമർത്ഥരാകുന്നില്ല; എന്തുകൊന്നൊൽ ഇന്ദ്രനെ ആർക്കും തന്നേക്കാൾ ചെറിയവനാക്കുവാൻ സാധ്യമല്ല. ഇന്ദ്രന്റെ കനം മഹത്ത്വം തൂക്കിനോക്കാനാവില്ല.

**6. ന യസ്യ ദ്യാവാപൃഥിവീ ന ധന്വാ നാന്തരിക്ഷം നിദ്രയഃ സോമോ അക്ഷാഃ |**
**യദസ്യ മന്യുരധിനീയമാനഃ ശൃണാതി വിളുരു ജതി സ്ഥിരാണി ||**

ആകാശം, ഭൂമി, അന്തരീക്ഷം, മരുഭൂമി മുതലായവകൾ ഇന്ദ്രനു തുല്യതവഹിക്കുന്നില്ല. ആ ഇന്ദ്രനുവേി സോമരസം പിഴിഞ്ഞെടുക്കുന്നു. അവൻ ശത്രുക്കളുടെ മേൽ ക്രോധിതനാകുമ്പോൾ അവൻ ശത്രുക്കളുടെ സ്ഥാവരജംഗമവസ്തുക്കളെ ധ്വംസിക്കുകയും അവരെ സംഹരിക്കുകയും ചെയ്യുന്നു.

**7.ജഘാന വ്റ്രുത്രം സ്വധിതിർവനേവ രുരോജ പുരോ അരദന്ന സിന്ധൂൻ |**
**നിഭേദ ഗിരി നവമിന്ന കമ്ഭമാ ഗാ ഇന്ദ്രേ അകൃണുത സ്വയുഗ്ഭിഃ ||**

വനത്തെ കോടാലി വെട്ടിമുറിക്കുന്നതുപോലെ ഇന്ദ്രൻ വൃത്രനെ മുറിച്ചിട്ടു. കൂടാതെ ശത്രുനഗരങ്ങളെ തകർക്കുകയും ചെയ്യുന്നു. അവൻ അപക്വമായ കുടത്തെ എന്നപോലെ മേഘത്തെ തകർത്ത് വർഷജലത്താൽ നദികളുടെ മാർഗ്ഗം നിർമിച്ചു. ഇന്ദ്രൻ തന്റെ സഹായകരായ മരുത്തുക്കളോടുകൂടി ജലത്തെ ഞങ്ങൾക്കഭിമുഖമാക്കി.

**8. ത്വ ഹത്യദ്വണയാ ഇന്ദ്ര ധീരാസിർന പരവ വൃജീനാ ശൃണാസി |**
**പ്ര യേ മിത്രസ്യ വരുണസ്യ ധാമ യുജം ന ജനാ മിനന്തി മിത്രം ||**

ഹേ ഇന്ദ്രാ! പരശുകൊ് കെട്ടുകൾ മുറിക്കുന്നതുപോലെ നീ സ്തോതാക്കളുടെ ഉപദ്രവങ്ങളെ മുറിച്ചു മാറ്റുന്നു. നീ തന്നെ സ്തോതാക്കളെ കടത്തിൽനിന്നും മോചിപ്പിക്കുന്നു. യാതൊരു പുരുഷൻ മിത്രാവരുണൻമാരുടെ കർമ്മങ്ങളിൽ വിഘ്നം സൃഷ്ടിക്കുന്നുവോ, അവനെ വീരനായ ഇന്ദ്രൻ നശിപ്പിക്കുന്നു.

**9.പ്ര യേ മിത്രം പ്രാര്യമണം ദുരേവാഃ പ്ര സംഗിരഃ വരുണം മിനന്തി |**
**ന്യ മിത്രേഷു വധമിന്ദ്ര തുമ്രം വൃഷൻവൃഷാണമരുഷം ശിശീഹി ||**

ആര് മിത്രൻ, വരുണൻ, അര്യമാവ്, മരുത്തുക്കൾ എന്നിവരോട് വൈരം പുലർത്തുന്നുവോ, അവരെ ഹേ ഇന്ദ്രാ! നീ കൊല്ലുന്നതിനുവേി ശബ്ദം പുറപ്പെടുവിക്കുന്ന വജ്രത്തിനു മൂർച്ചകൂട്ടിയാലും.

**10. ഇന്ദ്രോ ഭിവ ഇന്ദ്ര ഈശേ പൃഥിവ്യാ ഇന്ദ്രോ അപാമിന്ദ്ര ഇത് പർവതാനാം |**
**ഇന്ദ്രോ വൃധാമിന്ദ്ര ഇൻമേധിരാണമിന്ദ്രഃ ക്ഷേമേ യോഗേ ഹവ്യ ഇന്ദ്രഃ ||**

ഇന്ദ്രൻ സ്വർഗ്ഗം, പർവതം, ജലം മുതലായവകളുടെ ഈശ്വരനാണു ജ്ഞാനികളും, വീരൻമാരും, ഇന്ദ്രനെ തങ്ങളുടെ അധിപതിയായി മാനിക്കുന്നു. നവീനവസ്തുക്കളുടെ പ്രാപ്തിക്കും അവയുടെ രക്ഷയ്ക്കും വേി ഇന്ദ്രൻ സ്തുതിക്കപ്പെടുന്നു.

**11. പ്രാക്തുഭ്യ ഇന്ദ്രഃ പ്രവൃധോ അഹഭ്യഃ പ്രാന്ത രിക്ഷാത്പ്ര സമുദ്രസ്യ ധാസേഃ |**
**പ്ര വാതസ്യ പ്രഥസഃ പ്ര ജ്മോ അന്താത്പ്രസിന്ധുഭ്യോ രിരിചേ പ്ര ക്ഷിതിഭ്യഃ ||**

ജലസമ്പന്നമായ സമുദ്രം, അന്തരീക്ഷം, വായു, ദിവസം, രാത്രി. ഭൂമിയുടെ ദിക്കുകള, നദികൾ, മനുഷ്യർ ഇവയെല്ലാത്തിനേക്കാളും ഇന്ദ്രൻ മഹാനാകുന്നു. ഇന്ദ്രൻ തന്റെ മഹാമഹിമാവിനാൽ എല്ലാത്തിനേയും വിസ്തൃതമാക്കിയിരിക്കുന്നു.

**12. പ്ര ശോശുചത്യാ ഉഷസോ ന കേതുരസ്വിനാ തേ വർതതാമിന്ദ്ര ഹേതിഃ |**
**അശ്മേവ വിധ്യ ദിവ ആ സൃജാപസ്തപിഷ്ഠേന ഹേഷസാ ദ്രോഘമിത്രാൻ ||**

ഹേ ഇന്ദ്രാ! നിന്റെ വജ്രം അനശ്വരമാകുന്നു. അത് ജ്യോതിഷ്മയിയായ ഉഷസ്സിന്റെ ധ്വജംപോലെ ശത്രുക്കളുടെ മേൽ പതിക്കട്ടെ. ആകാശത്തിൽനിന്നും പതിക്കുന്ന വജ്രം വൃക്ഷാദികളെ നശിപ്പിക്കുന്നതുപോലെ നിന്റെ തീക്ഷ്ണവും, ഗർജ്ജിക്കുന്നതുമായ വജ്രത്താൽ ഹിംസകൻമാരായ ശത്രുക്കളെ കീറിപിളർക്കേണമേ.

**13. അന്വഹ മാസാ അന്വിദ്വനാന്യന്വോഷധീരനു പർവതാസഃ |**

**അന്വിന്ദ്രം രോദസീ വാവശാനേ അന്വാപോ അജിഹത ജായമാനം ||**

ഇന്ദ്രൻ ജനിച്ചപ്പോൾ തന്നെ ആകാശഭൂമികളും, പർവതങ്ങളും, വനങ്ങളും, വനസ്പതികളും, മാസങ്ങളും പരസ്പരം ഒന്നിച്ചുചേർന്ന് അവന്റെ പിന്നിലായി ചരിക്കുന്നു.

**14. കർഹി സ്വിത്സാ ത ഇന്ദ്ര ചേത്യാസദഘസ്യ യദ്ഭിനദോ രക്ഷ ഏഷത് |**

**മിത്രക്രുവോ യച്ഛസനേ ന ഗാവഃ പൃഥിവ്യാ ആപൃഗമുയാ ശയന്തേ ||**

ഹേ ഇന്ദ്രാ! നീ ഏതൊരായുധമെറിഞ്ഞ് ദുഷ്ടരായ അസുരപ്പടയെ സംഹരിച്ചിരുന്നുവോ, നിന്റെ ആ ആയുധം എറിയുവാൻ യോഗ്യമായതല്ല. കശാപ്പുശാലയിൽ മൃഗങ്ങൾ കൊല്ലപ്പെടുന്നതുപോലെ നിന്റെ ആയുധത്താൽ ആഘാതമേറ്റ ദൈത്യഗണം ഭൂമിയിൽ ശയിക്കുന്നു.

**15. ശത്രൂയന്തോ അഭി യേ ന സ്തതസ്രേ മഹി വ്രാധന്ത ഓഗണാസ ഇന്ദ്ര |**

**അന്ധേനാമിത്ര സ്തമസാ സചന്താം സുജ്യോതി ഷോ അദക്തവസ്താം അഭി ഷ്യുഃ ||**

ഞങ്ങളെ വലയം ചെയ്ത് പീഡിപ്പിക്കുന്ന രാക്ഷസശത്രുക്കൾ ഇന്ദ്രന്റെ പ്രഭാവത്താൽ അന്ധകൂപത്തിൽ പതിക്കണേ, ചന്ദ്രിക നിറഞ്ഞ രാത്രിയും അവരെ സംബന്ധിച്ചിടത്തോളം അന്ധകാരയുക്തമായി ഭവിക്കണേ.

**16. പുരൂണി ഹി ത്വാ സവനാ ജനാനാം ബ്രഹ്മാണി മന്ദൻഗൃണതാമൃഷീണാം |**

**ഇമാമാ ഘോഷന്നവസാ സഹൂതിം തിരോ വിശ്വാം അർചതോ യാഹ്യർവാങ് ||**

ഹേ ഇന്ദ്രാ! യജമാനൻ നിനക്കുവേണ്ടിത്തന്നെ അനേകം യജ്ഞങ്ങൾ നടത്തുന്നു. സ്തോതാക്കളുടെ സ്തോത്രങ്ങളെ ശ്രവിച്ചുകൊ് നീ പ്രസന്നനാകുന്നു. നിന്നെ ആഹ്വാതനം ചെയ്യുന്നവനെ ആശീർവദിക്കുകയും പൂജിക്കുന്നവർക്കനുകൂലനായി അവരുടെ അടുക്കലെത്തുകയും ചെയ്യേണമേ.

**17. ഏവാ തേ വയമിന്ദ്ര ഭുഞ്ജതീനാം വിദ്യാമ സുമതീനാം നവാനാം |**

**വിദ്യാമ വസ്തോരവസാ ഗൃണന്തോ വിശ്വാമിത്രാ ഉത ത ഇന്ദ്ര നൂനം ||**

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്റെ സ്തുതികളാൽ രക്ഷിതരാകുന്നു. ഞങ്ങൾ നിന്നെ സംബന്ധിച്ചുള്ള നവീനവും ശ്രേഷ്ഠവുമായ സ്തോത്രങ്ങളെ പ്രാപിക്കുമാറാകണേ. വിശ്വാമിത്രന്റെ വംശജരായ ഞങ്ങൾ നിന്റെ സ്തുതികൾ വഴിയായി വിഭിന്നാന്നങ്ങൾ പ്രാപിക്കുമാറാകണേ.

**18. ശുനം ഹുവേമ മഘവാനമിന്ദ്രമസ്മിൻഭരേ നൃതമം വാജസാതൗ |**

**ശൃണ്വന്തമുഗ്രമൂതയേ സമത്സു ഘ്നന്തം വൃത്രാണി സഞ്ജിതം ധനാനാം ||**

യുദ്ധം ജയിച്ചതിനുമേൽ ധനാദികൾ വിതരണം ചെയ്യുമ്പോൾ അവൻതന്നെ ഞങ്ങളുടെ അദ്ധ്യക്ഷതവഹിക്കുന്നു. രണക്ഷേത്രത്തിൽ, വിശാലരൂപനായി അവൻ ശത്രുക്കളെ കൊന്നൊടുക്കുന്നു. അവൻ വൃത്രൻമാരെ കൊന്ന് അവരുടെ ധനം പിടിച്ചെടുക്കുന്നു. അങ്ങിനെയുള്ള ഇന്ദ്രനെ ഞങ്ങളാഹ്വാനം ചെയ്യുന്നു.

## സൂക്തം 90

**ഋഷി നാരായണൻ. ദേവത പുരുഷൻ. ഛന്ദസ് അനുഷ്ടുപ്, ത്രിഷ്ടുപ്**

**1.സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത് |**

**സ ഭൂമിം വിശ്വതോ വൃത്വാത്യതിഷ്ഠ് ദ്ദശാങ്ഗുലം ||**

ആയിരം ശിരസ്സും, ആയിരം കണ്ണുകളും ആയിരം പാദങ്ങളും ഉള്ള ആ പരമപുരുഷൻ ഭൂമിയുടെ എല്ലാഭാഗത്തും കവിഞ്ഞു നിൽക്കുന്നു, പത്തുവിരലുകൾ ഉയർന്നു നിൽക്കുന്നു.

**2. പുരുഷ ഏവേദം സർവം യദ്ഭൂതം യച്ച മാവ്യം |**

**ഉതാമൃതത്വസ്യേശാനോ യദന്നേനാതി രോഹിത ||**

ഭൂതവും, ഭാവിയും എല്ലാം ഈ പുരുഷരൂപം തന്നെയാകുന്നു. ജീവികളുമായി സംയോജിക്കുന്നതിന് തന്റെ കാരണവസ്ഥയെ ത്വജിച്ചിട്ട് ജാഗ്രദാവസ്ഥയെ പ്രാപിച്ചതു കാരണം അവൻ ദിവ്യത്വം നിറഞ്ഞവനായിരിക്കുന്നു.

**3. ഏതാ വാനാസ്യ മഹിമാതോ ജ്യായാംശ്ച പുരുഷഃ |**

**പാദോസ്യ വിശ്വ ഭൂതാനി ത്രിപാദസ്യാമൃതം ദിവി ||**

ഈശ്വരന്റെ മഹിമ ഇതിന്റെ മഹിമയേക്കാളും മഹത്താണ്. അതുതന്നെയണ് സമ്പൂർണ്ണമായ ഈ വിശ്വം ഈ ബ്രഹ്മാണ്ഡം ഇവന്റെ ഒരു പാദം മാത്രമാകുന്നു. ബാക്കി മൂന്നു പാദങ്ങൾ സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നു.

**4. ത്രിപാദൂർധ്വ ഉദൈത്പുരുഷഃ പാദോസ്യേഹാഭവത്പുനഃ |**

**ത തോ വിഷ്വങ്വ്യക്രാമത്സാശനാനശനേ അഭി ||**

ത്രിപാദനായ പുരുഷൻ സ്വർഗ്ഗത്തിൽനിന്നും അവന്റെ ഒരു പാദം ഭൂമിയിലുറച്ചുനിന്നു. അനന്തരം ചേതനാചേതനങ്ങളാൽ ജീവികളിൽ വിവിധരൂപങ്ങളായി വ്യാപിച്ചു.

**5. തസ്മാദ്വിരാളജായത വിരാജോ അധി പുരുഷഃ |**

**സ ജാതോ അത്യരിച്യത പശ്ചാദ്ഭൂ മിമഥോ പുരഃ||**

ആദിപുരുഷനിൽനിന്നും വിരാട് ജനിക്കുകയും ബ്രഹ്മാണ്ഡരൂപമായ ദേഹത്തിന്റെ ആശ്രയത്തിൽ പ്രാണരൂപമായ പുരുഷൻ പ്രകടമാവുകയും ചെയ്തു. ദേഹധാരിയായ അവൻ ദേവകളും മനുഷ്യരും ആയിത്തീർന്നു. അവൻ ഭൂമിയേയും പ്രാണനെ വഹിക്കുവാൻ ദേഹങ്ങളേയും സൃഷ്ടിച്ചു.

**6. യത്പുരുഷേണ ഹവിഷാ ദേവാ യജ്ഞമതന്വത |**

**വസന്തോ അസ്യാസീദാജ്യം ഗ്രീഷ്മ ഇധ്മഃ ശരദ്ധവിഃ ||**

ദേവൻമാർ പുരുഷനെ തന്നെ ഹവിസ്സാക്കി യജ്ഞമനുഷ്ഠിച്ചു. അതിനു വസന്തം നെയ്യും, ഗ്രീഷ്മം ചമതയും, ശരത്ത് ഹവിസുമായി തീർന്നു.

**7. തം യജ്ഞം ബർഹിഷി പ്രൗക്ഷൻപുരുഷം ജാതമഗ്രതഃ |**

**തേന ദേവാ അയജന്ത സാധ്യാഋഷായശ്ച യേ ||**

ഏറ്റവുമാദ്യമായി യാതൊന്നു ജനിച്ചുവോ, അതിനുതന്നെ മാനസയജ്ഞത്തിൽ ഹവിസ്സ് നൽകപ്പെട്ടു. പിന്നീട് ആ പുരുഷന്റെ

പ്രേരണയാൽ തന്നെ ദേവൻമാരും ഋഷിമാരും യജ്ഞമനുഷ്ഠിക്കാൻ തീരുമാനിച്ചു.

**8. തസ്മാദ്യജ്ഞാത്സർവഹുതഃ സമ്ഭൃതം പൃഷദാജ്യം |**

**പശൂന്താംശ്ചക്രേ വായവ്യാനാരണ്യാൻഗ്രാമ്യാശ്ചയേ ||**

യാതൊരു യജ്ഞത്തിൽ സർവാത്മരൂപനായ പുരുഷന് ഹവിസ്സ് നൽകപ്പെടുന്നുവോ, ആ മാനസയജ്ഞത്തിൽ നിന്നും തൈരും, നെയ്യും, ഉത്ഭവിച്ചു. അതിൽനിന്നും വന്യമൃഗങ്ങളും, ഗ്രാമ്യമൃഗങ്ങളും സൃഷ്ടിക്കപ്പെടും.

**9. തസ്മാദ്യജ്ഞാത്സർവഹുത ഋചഃ സാമാനി ജജ്ഞിരേ |**

**ഛന്ദാംസി ജജ്ഞിരേ തസ്മാദ്യജുസ്തസ്മാ ദജായത ||**

ആ സർവാത്മകപുരുഷന്റെ യജ്ഞത്തിൽ നിന്നും ഋഗ്വേദവും, സാമവേദവും ഉത്ഭവിച്ചു. അവനിൽനിന്നും യജൂർവേദവും ഗായത്ര്യാദിഛന്ദസുകളും ഉത്ഭവിച്ച ു.

**10. തസ്മാദശ്വാ അജായന്ത യേ കേ ചോഭയാദതഃ |**

**ഗാവോ ഹ ജജ്ഞിരേ തസ്മാത്തസ്മാജ്ജാതാ അജാവയഃ ||**

അതേ യജ്ഞത്തിൽ നിന്നുതന്നെ അശ്വങ്ങളും മറ്റു മൃഗങ്ങളും ഉായി. ആട്, പശു മുതലായവകളും പ്രകടമായി.

**11. യത്പുരുഷം വ്യദധുഃ കതിധാ വ്യകല്പയൻ |**

**മുഖം കിമസ്യ കൌ ബാഹു കാ ഊരു പാദ ഉച്യേതേ ||**

വിരാട് പുരുഷൻ എത്ര എത്ര പ്രകാരങ്ങളിൽ ഉത്ഭ വിച്ചു. അദ്ദേഹത്തിന്റെ കയ്യും, കാലും, ഊരുക്കളും, മുഖാദി കളും ആരെല്ലാമായി.

**12. ബ്രാഹ്മണോസ്യ മുഖമാസീദ്ബാഹു രാജന്യഃ കൃതഃ |**

**ഊരുതദസ്യ യദ്വൈശ്യഃ പദ്ഭ്യം ശൂദ്രോ അജായത ||**

അദ്ദേഹത്തിന്റെ മുഖം ബ്രാഹ്മണനും, ഭുജം ക്ഷത്രി യനും, ജംഘകൾ വൈശ്യനും, ചരണങ്ങൾ ശൂദ്രനുമായി.

**13. ചന്ദ്രമാ മനസോ ജാതശ്ചക്ഷോഃ സൂര്യോ അജായത |**

**മുഖാദിന്ദ്രശ്ചഗ്നിശ്ച പ്രാണാദ്വയുരജായത ||**

അവന്റെ മനസ്സിൽനിന്നും ചന്ദ്രനും, നേത്രങ്ങളിൽ നിന്നും സൂര്യനും വായുവിൽനിന്നും ഇന്ദ്രാഗ്നിയും പ്രാണ നിൽ നിന്നും വായുവും ഉത്ഭവിച്ചു.

**14. നാഭ്യാ ആസീദന്തരിക്ഷം ശീർഷ്ണോ ദ്യൗഃ സമവർതത |**

**പദ്ഭ്യാം ഭൂവിർദിശഃ ശ്രോത്രാത്തഥാ ലോകാം അകല്പയൻ ||**

അവന്റെ ശിരച്ചിൽ നിന്നു സ്വർഗ്ഗവും നാഭിയിൽ നിന്നും അന്തരീക്ഷവും ചരണങ്ങളിൽനിന്നും ഭൂമിയും ഉത്ഭവിച്ചു. കർണങ്ങളിൽനിന്നും ലോകങ്ങളും ദിക്കുകളും ഉായി.

**15. സപ്താസ്യാൻപരിധ്രയസ്ഃ സപ്ത സമിധഃ കൃതഃ |**

**ദേവാ യ്യജ്ഞം തന്വാനാ അബധ്നൻപുരുഷം പശും ||**

പ്രജാപതിയുടെ പ്രാണരൂപമായ ദേവൻമാർ പുരുഷനെ മാനസികയജ്ഞത്തിന്റെ അനുഷ്ഠാനകാലത്തിൽ വരിച്ചു ആ സമയം ഏഴുപരിധികളും ഇരുപത്തൊന്ന് സമിധകളും സൃഷ്ടിക്കപ്പെട്ടു.

**16. യജ്ഞന യജ്ഞമയജന്ത ദേവാസ്താനി ധർമാണി പ്രഥമാന്യാസൻ |**

**തേ ഹ നാകം മഹിമാനഃ സചന്ത യത്ര പൂർവേ സാധ്യാഃ സന്തി ദേവാഃ ||**

മാനസിക യജ്ഞത്തിൽ ദേവൻമാർ യാതൊരു വിരാട് പുരുഷനെ പൂജിച്ചുവോ, അവനിൽ നിന്നും ലോകത്തിലെ ഗുണധർമ്മങ്ങളുടെ ധാരണകർത്താവായ ധർമ്മം ഉത്ഭവിച്ചു. ദേവൻമാർ അധിവസിക്കുന്ന ആ സ്വർഗ്ഗത്തെത്തന്നെ യാജ്ഞികൻമാരായ മഹാത്മാക്കളും പ്രാപിക്കുന്നു.

## അനുവാകം 8 സൂക്തം 91

**ഋഷി വൈതീഹവ്യപുത്രൻ അരുണൻ ദേവത അഗ്നി**

**ഛന്ദസ് ജഗതി, ത്രിഷ്ടുപ്**

**1. സം ജാഗൃവദ്ഭിർജരമാണ ഇധ്യതേ ദമേ ദമൂനാ ഇഷയന്നിളസ്പദേ |**

**വിശ്വസ്യ ഹോതാ ഹവിഷോ വരേണ്യോ വിഭൂർവിഭാവാ സുഷഖാ സഖീയതേ ||**

ഹേ അഗ്നേ! നീ ദാനകാമനായി ഉത്തരവേദിയിൽ വിരാജിതനാവുകയും അന്നപ്രാപ്തിക്കുള്ള ആഗ്രഹത്തോടു കൂടി ഹവിരാന്നത്തിന്റെ ഹോതാവായിത്തീരുകയും ചെയ്യുന്നു. സ്തോതാക്കൾ ചൈതന്യവാൻമാരായി നിന്നെ സ്തുതിക്കുന്നു. മൈത്രീകാമനായ അഗ്നി വഴിയാംവണ്ണം പ്രദീപ്തമാകുന്നു. സുന്ദരവർണനും, വരണയോഗ്യനും, വ്യാപകനും പ്രകാശവാനും ആയ അവൻ ഉപാസകൻമാരുടെ ശ്രേഷ്ഠനായ സഖാവാകുന്നു.

**2.സ ദർശതശ്രീരതിഥിർഗൃഹേഗൃഹേവനേവനേ ശിശ്രിയേ തക്വവീരിവ |**

**ജനഞ്ജനം ജന്യോ നാതി മന്യതേ വിശ ആ ക്ഷേതി വിശ്യോ വിശാംവിശം ||**

അഗ്നി യജമാനൻമാരുടെ വീടുകളിലും വനങ്ങളിലും വസിക്കുന്നു. അവൻ ശ്രേഷ്ഠനായ അതിഥിയും മനുഷ്യഹിതം നിറവേറ്റുന്നവനുമാകുന്നു. അവൻ എല്ലാ പ്രജകളുടെയും ഗൃഹങ്ങളിൽ വിരാജിതനാകുന്നു.

**ശോച്ഞ്ച്ചു കാസൂ ഹരിണീഷു ജർഭൂരദ് വൃഷാ കേതുർയജതോ ദ്യാമശായത**

ഹേ ദേവകളേ! അഗ്നിമനുഷ്യരുടെ സ്വാമിയും രാത്രി യിൽഅതിഥിയും വിഭിന്നതേജോരൂപങ്ങളായ ധനങ്ങളാൽ സമ്പന്നനും ആകുന്നു. നിങ്ങൾ അവനെ പരിചരിക്കുവിൻ അവൻ പച്ചുവിറകുകളിൽ പ്രവേശിക്കുന്നവനും ഉണക്കവിറകുകളെ ഭസ്മീകരിക്കുന്നവനും ആകുന്നു. അവൻ കാമവർഷകനുമ യജ്ഞയോഗ്യനും ധ്വജരൂപനും ആകാശത്തിൽ ശയിക്കുന്നവനും ആകുന്നു.

**2.ഇമമഞ്ജസ്പാമുഭയേ അകൃണ്വത ധർമാണമഗ്നിം വിദഥസ്യ സാധനം**

**അക്തും ന യഹ്വമുഷസഃ പുരോഹിതം തനൂനപാതമരുഷസ്യ നിംസതേ**

അഗ്നിധർമ്മ വാഹകനും ജീവരക്ഷകനുമാകുന്ന അവൻ വായുപുത്രനും ശ്രേഷ്ഠനായ പുരോഹിതനും ആകുന്നു. സൂര്യനെപ്പോലെ തന്നെ ഉഷസ്സുകൾ അവനെ സ്പർശിക്കുന്നു. മനുഷ്യർ ആ അഗ്നിയെ തന്നെ യജ്ഞനിർ വാഹകനാക്കിയിരിക്കുന്നു.

**3. ബളസ്യ നീഥാ വിപണേശ്ച മൻമഹേ വയാ അസ്യ പ്രഹുതാ ആസുരത്തവേ**

**യദാ ഘോരാസോ അമൃതത്വമാശതാ**

**ദിജ്ജനസ്യ ദൈവ്യസ്യ ചർകിരൻ**

അഗ്നി കാണിച്ചു തരുന്ന മാർഗ്ഗം സത്വത്തിന്റെ മാർഗ്ഗമാകുന്നു. ആ അഗ്നി ഞങ്ങളുടെ ഹവിസ്സിനെ ഭക്ഷിക്കുമാറാകണേ. അവന്റെ ജ്വലിക്കുന്ന ജ്വാലകൾ തീക്ഷ്ണമാകുമ്പോൾ അവ ദേവകളെ സമീപിക്കുന്നു.

4 **ഋതസ്യ ഹി പ്രസിതിർദ്യൗരുരു വ്യചോ നമോ**

**മഹ്യർമതിഃ പനീയസീ**

**ഇന്ദ്രോ മിത്രോ വരുണഃ സം ചികിത്രരേ ഥോ ഭഗഃ**

**സവിതാ പൂതദക്ഷസഃ**

വിസ്തൃതമായ ആകാശം വ്യാപകമായ അന്തരീക്ഷം സീമാരഹിതയായ പൃഥ്വി ഇവർ ഈ യജ്ഞത്തിൽ പ്രകടമായ അഗ്നിയെ പ്രണാമം ചെയ്യുന്നു. മിത്രൻ, വരുണൻ, ഇന്ദ്രൻ, ഭഗൻ സൂര്യൻ മുതലായ ദേവന്മാർ പ്രത്യക്ഷരായിരിക്കുന്നു.

5 **പ്രരുദ്രേണ യഥിനാ യന്തി സിന്ധവസ്തിരോ**

**മഹീമരമതിം ദധന്വിരേ**

**യേഭിഃ പരിജ്മാപരിയന്നുരു ജ്രയോ വിരോരുവ-**

**ജ്ജഠരേ വിശ്വമുക്ഷതേ**

വേഗവാന്മാരായ മരുത്തുക്കളുടെ സഹായത്തോടു കൂടി നദികൾ പ്രവഹിച്ച് കൊണ്ട് ഭൂമിയെ ആഛാദനം ചെയ്യുന്നു എങ്ങും സഞ്ചരിക്കുന്നവനായ ഇന്ദ്രൻ മരുത്തുക്കളുടെ സഹായത്തോടു കൂടി വ്യോമത്തിൽ ഗർജ്ജിച്ച കൊണ്ട് അതിവേഗം ജലവൃഷ്ടി നടത്തുന്നു.

6 **ക്രാണാ രുദ്രാ മരുതോ വിശ്വകൃഷ്ടയോ ദിവഃ**

**ശ്യേനാസോ അസുരസ്യ നീളയഃ**

**തേഭിശ്ചഷ്ടേ വരുണോ മിത്രോ അര്യമേന്ദ്രോ**

ദേവേഭിരർവശേഭിരർവശഃ

മരത്തുക്കൾ കർമ്മനിരതരാകുമ്പോൾ വിശ്വത്തെ തങ്ങളിലേയ്ക്കാകർഷിക്കുന്നു. അവർ മേഘത്തിനാശ്രയം നൽകുന്ന ശ്യേനനു തുല്യമാകുന്നു. വരുണനും മിത്രനും, അര്യമാവും മരുത്തക്കളോടു കൂടി ഇവയെല്ലാം ദർശിക്കുന്നു.

7 **ഇന്ദ്രേ ഭുജ ശശമാനാസ ആശത സൂരോ ദൃശീകേ**

**വൃഷണശ്ച പൗംസ്യേ**

**പ്ര യേ ന്വസ്യർഹണാ തതക്ഷിരേ യുജം വജ്രം**

**നൃഷദനേഷു കാരവഃ**

സ്തുതി കർത്താവായ യജമാനൻ ഇന്ദ്രനിൽ നിന്നും രക്ഷയും സൂര്യനിൽ നിന്നും ചക്ഷുസ്സും പ്രാപിക്കുന്നു. ഇന്ദ്രനെ ശരിയായ വിധം പൂജിക്കുന്ന ഉപാസകൻ  അവന്റെ വജ്രത്തിന്റെ സഹായത്തെ പ്രാപിക്കുന്നു.

8 **സൂരശ്ചിദാ ഹരിതോ അസ്യ രീരമദിന്ദ്രാദാ**

**കശ്ചിദ് ഭയതേ തവീയസഃ**

**ഭീമസ്യ വൃഷണോ ജഠരാദഭിശ്വസോ ദിവേദിവേ**

**സഹുരി : സ്തന്നബാധിതഃ**

ഇന്ദ്രനെ ഭയപ്പെടുന്ന സൂര്യൻ തന്റെ അശ്വങ്ങളെ ചലിപ്പിക്കുന്നു. തന്റെ ഗമനകാലാൽ അവൻ എല്ലാ ജീവരാശികളേയും പ്രസന്നരാക്കുന്നു. ഇന്ദ്രൻ ഭയങ്കരമായ ജലവൃഷ്ടിനടത്തുന്നതിൽ സമർത്ഥനാകുന്നു, അവൻ ആകാശത്തിൽ ഗർജ്ജിച്ചു കൊണ്ട് വാഴുന്നു. ശത്രുക്കളെ ഭയഭീതരാക്കുന്ന വജ്രഘോഷം ഇന്ദ്രനെ ഭയപ്പെട്ട് കൊണ്ട് നിത്യവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്രകാരമുള്ള ഇന്ദ്രനെ ആരാണ് ഭയപ്പെടാതിരിക്കുന്നത്.?

9 **സ്തോമം വോ അദ്യ രുദ്രായ ശിക് വസേ**

**ക്ഷയദ്വീരായ നമസാ ദിദിഷ്ട**

**യേഭിഃ ശിവ സ്വംവാ ഏവയാവഭിർദിവഃ**

**സിഷക്തി സ്വയശാ  നികാമഭിഃ**

ഹേ സ്തോതാക്കളെ ! ഇന്ദ്ര രൂപനായ രുദ്രനെ പ്രണമിച്ചു കൊണ്ട് അവനെ സ്തുതിക്കുവിൻ, അവൻ അശ്വാരോഹികളായ മരുത്തുക്കളുടെ സഹായത്തോടു കൂടി ജലസൃഷ്ടി നടത്തി മംഗളമരുളുന്നു. അവൻ ശത്രുക്കളെ സംഹരിക്കുമ്പോൾ അവന്റെ യശസ്സ് വളരുന്നു.

10 **തേ ഹി പ്രജായാ അഭരന്ത വി ശ്രവോ**

**ബൃഹസ് പതിർ വൃഷഭഃ സോമജാമയഃ**

**യജ്ഞൈരഥർവാ പ്രഥമോ വി ധാരയദ്ദേവാ**

**ദക്ഷൈർഭൃഗവഃ സം ചികിത്രിരേ**

സോമകാമന്മാരായ ദേവന്മാരും, ബൃഹസ്പതിയും ജീവികളുടെ പോഷണാർത്ഥം അന്നം സംഭരിച്ചിരിക്കുന്നു. അതിനാൽ അഥർവമഹർഷി ഒന്നാമതായി തന്റെ യജ്ഞം വഴിയായി ദേവകളെ തൃപ്തിപ്പെടുത്തി. ദേവഗണവും, ഭൃഗുവംശമഹർഷിമാരും തങ്ങളുടെ ബലം പ്രയോഗിച്ച്, യജ്ഞത്തെ അറിഞ്ഞു കൊണ്ട് അവിടെ എത്തിച്ചേർന്നു.

11 **തേ ഹി ദ്യാവാപൃഥിവീ ഭൂരിരേതസാ**

**നരാശംസശ്ചതുരങ് ഗോ യമോ ദിതിം**

**ദേവസ് ത്വഷ്ടാ ദ്രവിണോദാ ഋഭുക്ഷണഃ**

**പ്രരോദസീ മരുതോ വിഷ്ണുരർഹിരേ**

നരാശംസമെന്ന യജ്ഞാനുഷ്ഠാനത്തിൽ നാലഗ്നികൾ സ്ഥാപിക്കപ്പെട്ട യമൻ, അദിതി , ധനദായകനായ ത്വഷ്ടാവ്, ജലവർഷകരായ ആകാശഭൂമികൾ, രുദ്രപത്നി, ഋഭുക്കൾ, മരുത്തുക്കൾ, വിഷ്ണു എന്നിവർ യജ്ഞത്തിൽ സ്തുതികളെ പ്രാപിക്കണേ.

12 **ഉത സ്യ ന ഉശിർജാമുർവിയാ കവിരഹിഃ**

**ശൃണോതു ബുധ്ന്യോ ഹവീമനി**

**സൂര്യാമാസാ വിചരന്താ ദിവിക്ഷിതാ ധിയാ**

**ശമീനഹുഷീ അസ്യ ബോധതം**

ഫലാഭിലാഷികളായ ഞങ്ങളുടെ മഹാ സ്തോത്രാങ്ങളെ ആകാശവാസിയായ അഹിർബുധ്ന്യൻ ചെവിക്കൊള്ളണേ. ആകാശത്തിൽ കൂടി സഞ്ചരിക്കുന്ന സൂര്യാത്മകനായ ഹേ ഇന്ദ്രാ ! നീ ഞങ്ങളുടെ ഈ സ്തുതികളെ മനഃപൂർവ്വമായി ശ്രവിക്കേണമേ

13 **പ്ര നഃ പൂഷാ ചരഥം വിശ്വദേവ്യോ പാം നപാ-**

**ഭവതു വായുരിഷ്ടയേ**

**ആത്മാനം വസ്യോ അഭി വാത മർചത**

**തദശ്വിനാ സുഹവായാമനി ശ്രുതം**

ദേവന്മാരുടെ ശുഭചിന്തകനായ പൂഷാവ് ജലവംശജനാകുന്നു. അവൻ ഞങ്ങളുടെ മൃഗങ്ങളെ പരിപോഷിപ്പിക്കണേ, യജ്ഞ കർമ്മത്തിനു വേണ്ടി വായുവും ഞങ്ങളുടെ രക്ഷകനാകണേ.ആത്മ സ്വരൂപനായ ആ വായുവിനെ ധനലാഭത്തിനു വേണ്ടി സ്തുതിക്കുവിൻ. ഹേ അശ്വിനികളേ! നിങ്ങളുടെ ആഹ്വാനം കല്ല്യാണകാരിയാണല്ലോ, നിങ്ങൾ സഞ്ചരിക്കുമ്പോഴും ഞങ്ങളുടെ ശ്രേഷ്ഠമായ സ്തുതികളെ ശ്രവിക്കേണമേ.

14 **വീശാമാസാമഭയാനാമധിക്ഷിതം ഗീർഭിരു**

**സ്വയശസം ഗൃണീമസി**

**ഗ്നാഭിർവിശ്വാഭിരദിതിമനർവണമക്തോർ-**

**യുവാനം ന്യമണാ അധാ പതിം**

ആര് ഞങ്ങളുടെ സ്വാമിയായിട്ട് സകല ജീവികൾക്കും അഭയ പ്രദാനം ചെയ്യുന്നുവോ, ആര് സ്വന്തം യശസ്സിനെ തന്റെ കർമ്മ ങ്ങളിൽ കൂടി പ്രാപിക്കുന്നുവോ, അവനെ ഞങ്ങൾ സ്തുതിക്കുന്നു. ദേവസ്ത്രീകളോടും ചന്ദ്രനോടും കൂടി ഞങ്ങൾ മഹതിയായ അദി തിയെ സ്തുതിക്കുന്നു. അവൾ എല്ലാ ജീവരാശികളിലും കൃപവർഷിപ്പി ക്കുന്നവളാണല്ലൊ.

15 **രേദദ്രം ജനുഷാ പൂർവോ അങ് ഗിരാ ഗ്രാവാണ ഊർധ്വാ അഭിചക്ഷുരധ്വരം**
**യേഭിർവിഹായാ അഭവദ്വിചണഃ പാഥഃ സുമേകം സ്വധിതിർവനന്വതി**

മഹാനായ അങ് ഗിരസ്സ് മഹർഷി ഈ യജ്ഞത്തിൽ ദേവകളെ സ്തുതിച്ചിരിക്കുന്നു. ഉയർന്ന് കൊണ്ടിരിക്കുന്ന അമ്മിക്കല്ല് യജ്ഞ ത്തിൽ സോമ വർഷം നടത്തുന്നു, സോമപാനത്തിൽ ഇന്ദ്രൻ തടിയനാ വുകയും അവന്റെ വജ്രം ജലം പൊഴിക്കുകയും ചെയ്തു.

## സൂക്തം 93

ഋഷി-പൃഥു പുത്രൻ താന്വൻ ദേവത-വിശ്വേദേവന്മാർ

ഛന്ദസ്-പംക്തി; അനുഷ്ടുപ്

1 **മഹി ദ്യാവാപൃഥിവീ ഭൂതമുർവീ നാരീ യഹ്വീന രോദസീ സദം നഃ**
**തേഭിർനഃ പാതം സഹ്യസ ഏഭിർനഃ പാതം ശൂഷണി**

ഹേ വാനൂഴികളേ! നിങ്ങൾ അത്യധികം വലിപ്പമുള്ളവരായി കല്യാണമയികളായ നാരിമാരേപ്പോലെ ഞങ്ങുടെ വീടുകളിൽ ആഗത രാകുവിൻ, നിങ്ങൾ നിങ്ങളുടെ രക്ഷാസാധനങ്ങളാൽ ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്കുവിൻ, നിങ്ങളുടെ മഹിമയാൽ തന്നെ ശത്രു ക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ

2 **യജ്ഞേ യയജ്ഞേ സ മർത്യോ ദേവാൻത്സപര്യതി യഃ സുമ്നൈനർദീർഘശ്രുത്തമ**
**അവിവാസാത്യേനാൻ**

യാതൊരുത്തൻ എല്ലാ അനുഷ്ഠാനങ്ങളിലും ദേവകളെ പരി ചരിക്കുന്നുവോ, അല്ലെങ്കിൽ ശാസ്ത്രശ്രോതാവായ യാതൊരുത്തൻ ദേവോപാസന നടത്തുന്നുവോ; അവൻ തന്നെ യഥാർത്ഥത്തിലുള്ള സേവ കനും, ഉപാസകനുമാകുന്നു.

3 **വിശ്വേഷാമിരജ്യവോ ദേവാനാം വാർമഹഃ ധിശ്വേഹി വിശ്വമഹസോ വിശ്വേ യജ്ഞേഷു**
**യജ്ഞിയാഃ**

ദേവകളുടെ ദാനം വിശാലമാണ്. അവർ എല്ലാ വിധത്തിലും ബലവാന്മാരാകുന്നു. യജ്ഞം നടത്തുന്ന സമയം യജ്ഞാംശത്തിന്റെ അവ കാശികളും സകല ജീവികളുടെയും ഈശ്വര്യനും ആകുന്നു.

4 **തേ ധാ രാജാനോ അമൃതസ്യ മന്ദ്രാ അര്യമാ മിത്രോ വരുണഃ പരിജ്മാ**
**കദ്രു ദ്രോ ന്യണാം സ്തുതോ മരുതഃ**
**പൂഷണോ ഭഗഃ**

മനുഷ്യർ യാതൊരു ദ്രപുത്രന്മാരെ സ്തുതിച്ച് സുഖം പ്രാപി ക്കുന്നുവോ ആ അര്യമാവും, വരുണനും, ഭഗനും അമൃതത്തിന്റെ അരച ന്മാരാകുന്നു. അവർ സ്തുതികൾക്കു യോഗ്യരും സകല ജീവികളു ടെയും പോഷകരുമാകുന്നു.

5 **ഉത നോ നക്തമപാം വൃഷണ്വസൂ സൂര്യാമാസാ സദനായ സധന്യാ**
**സചാ യത് സാദ്യേഷാമഹിർബുധ് നേഷു**
**ബുധ് ന്യഃ**

അഹിർ ബുധ്ന്യൻ ജലത്തോടുകൂടി പ്രതിഷ്ഠിതനാകു മ്പോൾ സൂര്യ ചന്ദ്രന്മാർ ഒന്നിച്ചിരുന്ന് രാവും പകലും ജലരൂപമായ ധനത്തെ വർഷിക്കുന്നു.

6 **ഉത നോ ദേവാമശ്വിനാ ശുഭസ്പതീധാമഭിർമിത്രാ-വരുണാ ഉരുഷ്യതാം**
**മഹഃ സ രായ ഏഷതേ തി ധന്വേവ ദുരിതാ**

അശ്വിനികൾ രണ്ടു പേരും നന്മ നിറഞ്ഞവരാണല്ലോ, അവർ മിത്രാവരുണന്മാരോടു കൂടി ഞങ്ങളെ രക്ഷിക്കുമാറാകണം, അവരാൽ രക്ഷിക്കപ്പെടുന്ന യജാനൻ മഹത്തായ ഐശ്വര്യം പ്രാപിക്കുകയും അധോഗതിയിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുന്നു.

7 **ഉത നോ രുദ്രാ ചിൻമൃലതാ മശ്വിനാ വിശ്വേ ദേവാസോ രഥസ്പതിർഭഗഃ**
**ഋഭുർവാജ ഋഭൂക്ഷണ പരിജ്മാ വിശ്വവേദസഃ**

രുദ്രപുത്രന്മാരും, വായുവും, പുഷാവും, ഋഭുക്കളും, അശ്വി നികളും, ഭഗനും, ഇന്ദ്രാദികളായ സകലദേവന്മാരും ഞങ്ങൾക്കു സുഖ മരുളുന്നവരാകണേ. ഞങ്ങളവരെ ശ്രേഷ്ഠമായി സ്തുതിക്കുന്നു.

8 **ഋഭുർഋഭൂക്ഷാ ഋഭുർവിധതോ മദ ആതേ ഹരീ ജജവാനസ്യ വാജിനാ**
**ദുഷ്ടരം യസ്യ സാമ ചിദ്യധഗ്യജ്ഞോ ന മാനുഷഃ**

യജ്ഞത്തിൽക്കൂടി ഇന്ദ്രൻ മഹാതേജസ്സിനെ വഹിക്കുന്നു. ഹേ ഇന്ദ്രാ! ദ്രുതഗാമിയായ രഥം പൂട്ടുമ്പോൾ യജ്ഞം നടത്തുന്ന യജമാ നൻ സുഖമുള്ളവനായിത്തീരുന്നു. ഇന്ദ്രനുപാനം ചെയ്യുവാൻ തയ്യാറാ ക്കപ്പെട്ട സോമം ഉമഹത്വയുക്തമാകുന്നു. അവനു വേണ്ടി നടത്തപ്പെ ടുന്ന അനുഷ്ഠാനങ്ങൾ ദേവന്മാരുടെ കൃപയാൽ സമ്പൂർണ്ണമാകുന്നു.

9 **കൃധീ നോ അഹ്രയോ ദേവ സവിതഃ സ ച സ്തുഷേ മേഘാനാം**
**സഹോ ന ഇന്ദ്രോ വഹ്നിഭിർന്യേഷാം ചർഷണീനാം**
**ചക്രം രശ്മിം ന യോയുവേ**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്കു പ്രേരണ നൽകുന്നവനാണല്ലോ, ഞങ്ങളെ ലജ്ജിപ്പിക്കരുതേ. നീ ഐശ്വര്യവാനായ യജമാനന്റെ ഋത്വിജ ന്മാരാൽ പൂജിക്കപ്പെടുന്നു. നീ തന്നെയാണല്ലോ ഞങ്ങളുടെ ബലം, എന്തു കൊണ്ടെന്നാൽ നീ സ്വന്തം രഥത്തോടു കൂടി യജ്ഞത്തിലാഗത നാകുന്നു.

10 **ഐഷു ദ്യാവാപൃഥിവീ ധാതം മഹദ്യസ്മേ വീരേ ഷു വിശ്വചർഷണി ശ്രവഃ**
**പൃക്ഷം വാജസ്യ സാതയേ പൃക്ഷം രായോത തുർവണേ**

ഹേ വാനൂട്ടികളെ! ഞങ്ങളുടെ പുത്രാദികൾക്ക് മഹത്ത

മായ ഐശ്വര്യം പ്രദാനം ചെയ്യേണമേ. നിങ്ങളുടെ അന്നം പ്രചുരമായ അളവിൽ ഞങ്ങൾക്കു പ്രാപ്തമാകണേ. ആപത്തുകളിൽ നിന്നും രക്ഷപ്പെടുന്നതിനും ധനലാഭത്തിനുമായി നിങ്ങളുടെ ധനം ഉപകാരപ്രദമാകണേ.

11 **ഏതം ശംസ മിന്ദ്രാസ് മയുഷ്ട്വം കൂചിത്സന്തം**
**സഹസാവന്നഭിഷ്ടയേ സദാ പാഹ്യഭിഷ്ടയേ**
**മേദതാം വേദതാ വസോ**

ഹേ ഇന്ദ്രാ! നീ ഞങ്ങളുടെ സമീപം വരാനാഗ്രഹിക്കുമ്പോൾ, സ്തോക്കൾ എവിടെയായിരിക്കുന്നുവോ, അവിടെയെത്തി അവനെ രക്ഷിക്കുന്നു. ഹേ ധനദായകാ! നിന്റെ സ്തോതാവിനെ അറിയേണമേ

12 **ഏതം മേ സ്തോമം തസ ന സൂര്യദ്യേതദ്യാമാനം**
**വാവൃധന്തനൃണാം**
**സംവനനം നാശ്വ്യം തക്ഷേടവാനപച്യംതം**

എന്റെ ഈ സ്തോത്രം മഹിമാ അത്യന്തം പൂർണ്ണമാകുന്നു. ഇത് അതിന്റെ തേജസ്സോടു കൂടി സൂര്യസമക്ഷം എത്തുകയും മനുഷ്യരെ സമൃദ്ധരാക്കുകയും ചെയ്യുന്നു. കുതിരകൾക്കു വലിക്കുവാൻ യോഗ്യമായ രഥത്തെ ആശാരി പണിയുന്നതു പോലെ ഞാനീ സ്തോത്രത്തെ രചിച്ചിരിക്കുന്നു.

13 **വാവർത യേഷാം യുക്തൈഷാം ഹിരണ്യയീ**
**നേമധിതാ ന പൗംസ്യാ വൃഥേവ വിഷ്ടാന്താ**

ഞങ്ങൾ ആരുടെ പണം യാചിക്കുവാൻ ആഗ്രഹിക്കുന്നുവോ, അവനു വേണ്ടി ഉത്കൃഷ്ടങ്ങളായ സ്തോത്രങ്ങൾ ഉച്ചരിച്ചിരിക്കുന്നു, രണവീരൻ കൂടെക്കൂടെ പടക്കളത്തിലെത്തുന്നതുപോലെ ഞങ്ങളുടെ സ്തോത്രങ്ങളും കൂടെ ക്കൂടെ ആരാധ്യദേവന്റെ സാമീപ്യത്തെ പ്രാപിച്ചുകൊണ്ടിരിക്കുന്നു.

14 **പ്രതദ്ദുഃശീമേ പൃഥവാനേ വേനേ പ്ര രാമേ**
**വോചമസുരേ മധവത്സു**
**യേ ഉക്ത്വായ പഞ്ച ശതാമസ് മയു പഥാ**
**വിശ്രാവ്യേഷാം**

എല്ലാ ദേവന്മാരും അഞ്ഞൂറു രഥങ്ങളിൽ കുതിരകളെപ്പൂട്ടി യജ്ഞമാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിക്കുന്നതുപോലെ ഞാൻ യശോഗാഥാരൂപമായ സ്തോത്രങ്ങൾ പൃഥവാന്റെയും, വേനാദിരാജാക്കന്മാരുടെയും അരി കത്തിരുന്നു കൊണ്ട് രചിച്ചിരിക്കുന്നു.

15 **അധീന്നവത്ര സപ്തതിം ച സ്പത ച**
**സദ്യോ ദിദിഷ്ട താന്വഃ സദ്യോ ദിദിഷ്ടു പാർഥ്യഃ**
**സദ്യോ ദിദിഷ്ട മായവഃ**

താന്വൻ പാർഥ്വൻ മായവൻ മുതലായ മഹർഷിമാർ ഈ രാജാക്കന്മാരോട് എഴുപത്തേഴുഗോക്കളെ യാചിച്ചു. അപ്പോൾ തന്നെ അവർ ഗോക്കളെ നൽകി.

## സൂക്തം 94

ഋഷി-കദ്രു പുത്രൻ അർബുദൻ എന്ന സർപ്പം

ദേവത-അമ്മിക്കല്ല്, ഛന്ദസ്-ജഗതി, ത്രിഷ്ടുപ്

1 **പ്രൈതേ വദന്തു പ്ര വയം വദാമ ഗ്രാവഭ്യോ വാചം**
**വദതാ വദദ്ഭയഃ**
**യദദ്രയഃ പർവതാഃ സാകമാശവഃ ശ്ലോകം**
**ഘോഷം ഭരഥേന്ദ്രായ സോമിനഃ**

അമ്മിക്കല്ലുകളെ ഞങ്ങൾ സ്തുതിക്കുന്നു, അവ ശബ്ദിച്ച് കൊണ്ടിരിക്കട്ടെ ഹേ ഋത്വിജന്മാരെ! സ്തോത്രങ്ങളുച്ചരിക്കുവിൻ ഹേ പൂജനീയനായ അമ്മിക്കല്ലേ! നീ ഇന്ദ്രനു വേണ്ടി സോമം പിഴിയുവാൻ ശബ്ദിച്ചാലും. ഹേ സോമപാനി ! നി സോമപാനത്തിൽ തൃപ്തനായാലും.

2 **ഏതേ വദന്തി ശതവത്സഹസ്രവദഭി**
**ക്രന്ദന്തിഹരിതേഭി രാസഭിഃ**
**വിഷ്ട്വീ ഗ്രാവാണഃ സുകൃതഃ സുകൃത്യയാ**
**ഹോതുശ്ചിത് പൂർവേ ഹവിരദ്യമാശത**

ഈ അമ്മിക്കല്ല് ആയിരം മനുഷ്യർക്ക് തുല്യം ശബ്ദം മുഴക്കിക്കൊണ്ട് സോമത്തോടു ചേർന്നുഹരിതമുഖനായി ദേവകളെ ആഹ്വാനം ചെയ്യുന്നു. ഈസൽ കർമ്മികൾ ദേവയജ്ഞത്തിൽ അഗ്നിക്കു മുമ്പേ തന്നെ ഹവിസ്സുണ്ണുന്നു.

3 **ഏതേ വദന്ത്യവിദിന്നനാ മധു ന്യൂങ്ഖയന്തേ**
**അധി പക്വ ആമിഷി**
**വൃക്ഷസ്യ ശാഖാമരുണസ്യ ബപ്സതസേ്ത**
**സുഭർവാ വൃഷഭാഃ പ്രേമരാവിഷു**

ഈ അമ്മിക്കല്ല് ചുവന്ന ശാഖകൾ തിന്നുന്ന വൃഷഭത്തെപ്പോലെ ശബ്ദിക്കുന്നു. മാംസാഹാരിയായ ജന്തു മാംസത്താൽ സന്തുഷ്ടനാകുന്നതുപോലെ ഇതും ആനന്ദത്താൽ ശബ്ദിക്കുന്നു. മധു വായിലാക്കുകയും ചെയ്യുന്നു.

4 **ബൃഹദ്വദന്തി മദിരേണ മന്ദി നേന്ദ്രം ക്രോശന്തോ**
**വിദന്നനാ മധു**
**സംരഭ്യാ ധീരാഃ സ്വസൃഭിരനർതിഷുരാഘോഷ യന്തഃ**
**പൃഥിവീമുപബ് ദിഭിഃ**

പിഴിഞ്ഞഹർഷകാരിയായ സോമത്താൽ ഇന്ദ്രനെ ആഹ്വാനം ചെയ്യുന്ന ഈ അമ്മിക്കല്ല് ഘോരഘോരം ഗർജ്ജിക്കുന്നു. ഹർഷകാരിയായ ആ സോമത്തെ അവൻ സ്വന്തം വായിലാക്കുന്നു. ഇത് സോമാഭിലാഷ കർമ്മത്തിൽ വ്യാപൃതനായി തന്റെ മധുര ശബ്ദത്താൽ ഭൂമിയെ പരിപൂർണ്ണമാക്കി ക്കൊണ്ട് അംഗുലിയോടുകൂടി നൃത്തം വയ്ക്കുന്നു.

5 **സുപർണാ വാചമക്രതോപ ദ്യാവ്യാഖരേ കൃഷ്ണാ**
**ഇഷിരാ അനർതിഷുഃ**
**ന്യങ് നി യന്ത്യുപരസ്യ നിഷ്കൃതം പുരു രേതോ**
**ദധിരേ സൂര്യശ്വിതഃ**

അമ്മികളുടെ ശബ്ദം അന്തരീക്ഷത്തിലെ പക്ഷികളുടെ കളകളാരവം പോലെ അനുഭവപ്പെടുന്നു. ഇത് മൃഗസ്ഥാനങ്ങളിൽ കൃഷ്ണമൃഗത്തെപ്പോലെ നൃത്തം വെച്ചു കൊണ്ടിരിക്കുന്നു. പിഴിഞ്ഞ സോമരസത്തെ സൂര്യൻ ഉജ്ജ്വലജലത്തെ വർഷിക്കുന്നതു പോലെ ഒഴുക്കുന്നു.

6 **ഉഗ്രാ ഇവ പ്രവഹന്തഃ സമായമുഃ സാകം**
**യുക്താ വൃഷണോ ബിഭ്രതോ ധുരഃ**
**യച്ഛ്വസന്തോ ജഗ്രസാനാ അരാവിഷുഃ ശൃണ്വ**
**ഏഷാം പ്രോഥഥോ അർവതാമിവ**

കരുത്തരായ അശ്വങ്ങൾ ചേർന്ന് രഥത്തെ വഹിക്കുന്നതു പോലെ ഈ അമ്മിക്കല്ലും സോമരസത്തെ ഒഴുക്കുന്നു. ശ്വാസ മാത്രയിൽ

ഇത് സോമത്തെ ഗ്രഹിച്ചു കൊണ്ട് അശ്വത്തെ പ്പോലെ ശബ്ദിക്കുന്നു. ഞാൻ ഇവയുടെ ശബ്ദം അനേകം തവണ കേട്ടിരിക്കുന്നു.

7 **ദശാവനിഭ്യോ ദശകക്ഷ്യേഭ്യോ ദശയോക് ത്രേഭ്യോ**
**ദശയോജനേഭ്യഃ**
**ദശാഭീ ശുഭ്യോ അർചതാജരേഭ്യോ ദശ**
**ധുരോ ദശ യുക്താ വഹദ്ഭ്യഃ**

ഹേ സ്തോതക്കളേ! ഈ അമൃതത്വസമ്പന്നനായ അമ്മിയുടെ യശസ്സിനെ പാടിപ്പുകഴ്ത്തുവിൻ, സോമം പിഴിയുന്ന പത്തു വിരലുകൾ ഇതിനെ സ്പർശിക്കുമ്പോൾ അശ്വങ്ങളെ ബന്ധിക്കുന്ന പത്തു ചരടുകളോ, പത്തു കടിഞ്ഞാണുകളോ പോലെആയിത്തീരുന്നു. അല്ലെങ്കിൽ പത്തു അക്ഷകീലങ്ങൾ ഒന്നായി രഥത്തെ വഹിക്കുന്നതുപോലെ കാണപ്പെടുന്നു.

8 **തേ അദ്രയോ ദശയന്ത്രാസ ആശവസ്തേഷാമാ**
**ധാനം പര്യേതി ഹര്യതം**
**ത ഊ സുതസ്യ സോമ്യസ്യാ ന്ധസോ ശോഃ**
**പീയൂഷം പ്രഥമസ്യ ഭേജിരേ**

പത്തു വിരലുകൾ കൊണ്ട് കയറു പോലെ ബന്ധിക്കപ്പെട്ട ഈ അമ്മിക്കല്ല് അതി വേഗം കാര്യം നടത്തുന്നു. ഇവകളാൽ പിഴിയപ്പെട്ട സോമ രസം പച്ചവർണ്ണത്തിൽ പതിക്കുന്നു. ഇടിച്ചു കൂട്ടിയ സോമഖണ്ഡം പിഴിയുമ്പോൾ അമൃതസമാനമായ മധുരരസം വെളിയിൽ വരുന്നു. ആ അന്ന രൂപമായ സോമത്തിന്റെ ആദ്യ ഭാഗത്തെ ഈ അമ്മിക്കല്ലു തന്നെ പ്രാപിക്കുന്നു.

9 **തേ സോമാദോ ഹരി ഇന്ദ്രസ്യ നിം സതേ ശും**
**ദുഹന്തോ അധ്യാസതേ ഗവി**
**തേഭിർദുഗ്ധം പപിവാൻ സോമ്യം മധ്വിന്ദ്രോ**
**വർധതേ പ്രഥതേ വൃഷായതേ**

സോമത്തെ ആദ്യമായി സേവിക്കുന്ന അമ്മിക്കല്ല് ഇന്ദ്രന്റെ രണ്ടു കുതിരകളേയും സ്പർശിക്കുന്നു. ആ കല്ലുകൾ വഴിയായി യാതൊരു സോമരസം ക്ഷരിതമാകുന്നുവോ, അതു പാനം ചെയ്ത് പ്രവൃദ്ധനായ ഇന്ദ്രൻ വൃഷത്തെപോലെ പ്രകടമാകുന്നു.

10 **വഷാ വോ അംശുർന കിലാ രിഷാഥനേളാവന്തഃ**
**സദമിത് സ്ഥാനാശിതാഃ**
**രൈവത്യേവ മഹസാ ചാരവഃ സ്ഥനയസ്യ**
**ഗ്രാവാണോ അജുഷധ്വമധ്വരം**

സോമഖണ്ഡം നിനക്കു രസം പ്രദാനം ചെയ്യും, അതിനാൽ നിരാശയ്ക്കു യാതൊരു കാരണവും ഇല്ല. ആരുടെ യഞ്ജത്തിൽ നീ വസിക്കുന്നുവോ, ആ യജമാനൻ സദാ അന്ന സമ്പന്നനും, ഐശ്വര്യവാന്മാർക്കു തുല്യം തേജസ്വിയും ആയിത്തീരുന്നു.

11 **തൃദിലാ അതൃദിലാസോ അദ്രയോ ശ്രമണാ**
**അശൃഥിതാ അമൃത്യവ**
**അനാതുരാ അജരാഃ സ്ഥാമവിഷ്ണവഃ**
**സുപീവസോ അതൃഷിതാ അതൃഷ്ണജഃ**

ഹേ അമ്മിക്കല്ലേ! നിങ്ങൾ ഒരിക്കല്ലും നിരാശാരാകുന്നില്ല. നിങ്ങളുടെ അനുഗ്രഹമില്ലെങ്കിൽ മറ്റുള്ളവർ നിരാശരാകേണ്ടി വരുന്നു. നിങ്ങളെ ക്ഷീണം ബാധിക്കുന്നില്ല. നിങ്ങൾക്ക്രോഗം, ശോകം, ജര, മൃത്യം, തൃഷ്ണ, മുതലായവ ബാധകമാകുന്നില്ല. നിങ്ങൾസ്ഥൂലരാണല്ലോ. നിങ്ങൾ ഒന്നാക്കുന്നതിലും ഇടിച്ചു കൂട്ടുന്നതിലും സമർത്ഥരാണല്ലോ.

12 **ധ്രു വാ ഏവഃ പിതരോ യുഗേയുഗേ ക്ഷേമവ**
**കാമാസഃ സദസോ ന യുഞ്ജതേ**
**അജുര്യാസോ ഹരിഷാചോ ഹരിദ്രവ ആ ദ്യാം**
**രവേണ പൃഥിവീമശുശ്രവുഃ**

പർവ്വതം നിങ്ങളുടെ പൂർവ്വജനാകുന്നു. ഈ പൂർണ്ണകയനായ പർവതം യുഗായുഗാന്തരമായി സ്വന്തം സ്ഥാനത്ത് ഉറച്ചു നിൽക്കുന്നു. ഇവൻ ഒരിക്കലും സ്വന്തം സ്ഥാനത്തെ ഉപേക്ഷിക്കുന്നില്ല, ഇവൻ ജരാരഹിതനാകുന്നു. ഈ പർവ്വതത്തിൽ എപ്പോഴും വൃക്ഷങ്ങൾ തിരയടിച്ചു കൊണ്ടിരിക്കുന്നു. ഇവൻ ഹരിതാഭനായി പക്ഷികളുടെ കളകൂജനത്താൽ വാനുഴികളെ പരിപൂർണ്ണനാക്കുന്നു.

13 **തഭിദ്വദന്ത്യദ്രയോ വിമോചനേ യാമന്നഞ്ജസ്യാ**
**ഇവ ഘേദുപബ്ദിഭിഃ**
**വപന്തോ വീജമിവ ധാന്യാകൃതഃ പൃഞ്ചന്തി സോമം**
**ന മിനന്തി ബപ്സതഃ**

രഥാരൂഢനായ പുരുഷൻ രഥത്തെ അതിന്റെ മാർഗ്ഗത്തിൽ കൂടി നയിക്കുമ്പോഴുണ്ടാകുന്ന ശബ്ദം പോലെ സോമം ഇടിക്കുന്ന അമ്മിക്കല്ല് ശബ്ദം പുറപ്പെടുവിക്കുന്നു. ധാന്യം വിതയ്ക്കുന്ന കൃഷിക്കാരൻ വയലിൽ വിത്തു വിതറുന്നതുപോലെ ഈ അമ്മിക്കല്ല് സോമരസത്തെ വിതറുന്നു. ഇത് അതിനെ സേവിക്കുന്നു. നിർവീര്യമാക്കുന്നില്ല

14 **സുതേ അധ്വരേ അദി വാചമക്രതാ ക്രീളയോ ന**
**മാതരം തുദന്തഃ**
**വി ഷു മുഞ്ചാ സുഷുവുഷോ മനീഷാം**
**വി വർതന്താദ്രയശ്ചായമാനാഃ**

കളിക്കുന്ന ബാലൻ കളി സ്ഥലത്തു ബഹളം കൂട്ടുന്നതു പോലെ സോമം ഇടിക്കുന്ന കല്ല് ശബ്ദിക്കുന്നു. ഹേ സ്തോതാക്കളെ! സോമം ഇടിക്കുന്ന കല്ലിനെ നിങ്ങൾ സ്തുതിക്കുവിൻ. തന്മൂലം അത് പൊങ്ങിയും, താണും അതിന്റെ കർമ്മം നിർവഹിക്കട്ടെ.

## അധ്യായം 5 സൂക്തം 95

ഋഷി-പരൂരവസ്സും ഉർവ്വശിയും
ദേവത-അപേക്ഷിയും നിഷേധവും

ഛന്ദസ്-ത്രിഷ്ടുപ്

1 **ഹുയേ ജായേ മനസാ തിഷ്ഠ ഘോരേ വചാം സി**
**മിശ്രാ കൃണവാവഹൈ നു**
**ന നൗ മന്ത്രാ നുനുദിതാസ ഏതേ മയസ് കരൻ**
**പരതരേ ചനാഹൻ**

ഹേ നിർദ്ദയയായ നാരീ! ഭവതി സ്വന്തം മനസ്സിനെ അനുരാഗമുള്ളതാക്കിയാലും നമുക്ക് അതിവേഗം കാര്യങ്ങൾ പറഞ്ഞു തീർക്കാം. ഇപ്പോൾ മൗനമനുഷ്ഠിക്കുകയാണെങ്കിൽ വരും കാലത്ത് സുഖമുണ്ടാകയില്ല.

2 **കിമേതാ വാചാ കൃണവാ തവാംഹം**
**പ്രാക്രമിസമുഷസാമഗ്രിയേവ**
**പുരൂരവഃ പുനരസ്തം പരേഹി ദുരാപനാ**
**വാത ഇവാഹമസ്മി**

പുത്രരവസ്സ് ജനിച്ചപ്പോൾ എല്ലാ ദേവാംഗനമാരും അവനെ കാൺവാൻ വന്നു. നദികൾ അവനെ വളർത്തി ഹേ പുരുരവസ്സേ! ദേവ

കൾ ഘോരമായ യുദ്ധത്തിനു പോകുന്നതിനും ശത്രുക്കളെ നശിപ്പിക്കുന്നതിനും വേണ്ടി നിന്നെ സ്തുതിച്ചു.ഉർവ്വശിയാൽ പരിത്യക്തനായ പുരൂരവസ്സ് പ്രയ വിരഹത്തിൽ ഭ്രാന്തനായി തീർന്നു അദ്ദേഹം അലഞ്ഞു നടന്നു. മാനസസരസ്സിന്റെ തീരത്ത് അവളെ കണ്ടെത്തി. അവൾ സഖികളുമൊത്ത് വിഹരിക്കുകയായിരുന്നു. രാജാവും ഉർവ്വശിയുമായുണ്ടായ സംഭാഷണമാണ് ഈ സൂക്തം

ഹേ പുരൂരവസേ! വാർത്താലാപം കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഞാൻ വായുവിനെ പോലെ ദുഷ്പ്രപ്യയായ നാരിയാണ്. ഞാൻ ഉഷസ്സു പോലെ നിങ്ങളുടെ അടുക്കൽ വന്നിരുന്നു. ഇപ്പോൾ നിങ്ങൾ സ്വഗൃഹത്തിലേയ്ക്കു മടങ്ങിപ്പോയാലും.

**3 ഇഷുർന ശ്രിയ ഇഷ്ഠധേരസനാ ഗോപാഃ**
**ശതസാ ന രംഹി**
**അവീരേ ക്രതൗ വി ദവിദ്യുതന്നോരാ ന മായും**
**ചിതയന്ത ധുനയഃ**

ഹേ ഉർവ്വശി! ഞാൻ നിന്റെ വിയോഗത്തിൽ അതീവ സന്തപ്തനായിരിക്കുന്നു. തന്മൂലം എനിക്ക് എന്റെ ആവനാഴിയിൽ നിന്നും അമ്പയയ്ക്കുവാനുള്ള കഴിവു പോലും ഇല്ലാതായിരിക്കുന്നു. ഇതു കാരണം യുദ്ധത്തിൽ ജയം പ്രാപിച്ച് സംഖ്യയില്ലാത്ത ഗോക്കളെ കൊണ്ടു വരുന്നതിന് എനിക്ക് കഴിയുന്നില്ല. കാര്യങ്ങളിൽ ഞാൻ വിമുഖനായിരിക്കുന്നു.അതിനാൽ എന്റെ സൈനീകരും കർമ്മഹീനരായിത്തീർന്നിരിക്കുന്നു.

**4 സാ വദസുധതിശ്വശുരായ വയ ഉഷോ**
**യദി വഷ്ട്യന്തി ഗൃഹാത്**
**അസ്തം നനക്ഷേ യ സ്മിഞ്ചാ കന്ദിവാ നക്തം**
**ശ്നഥിതാ വൈതസേന**

ഹേ ഉഷസ്സേ! ഈ ഉർവ്വശിശ്വശുരനു ഭോജനം നൽകുമായിരുന്നു. വേണമെന്നു തോന്നിയപ്പോൾ ഊണുമുറിയിൽ നിന്നും കിടപ്പറയിലേക്കു പോരും. അവിടെ ആ കാമിനി ഇരവുപകൽ ഭർത്തൃസംഭോഗം നടത്തിയിരുന്നു.

**5 ത്രിസ്മ മാഹ്നഃ ശ് നഥയോ വൈതസേനോത**
**സ്മ മേ വ്യ ത്യൈ പൃണാസി**
**പുരൂരവോ നു തേ കേതമായം രാജാ മേ വീര**
**തന്വസ്തദാസീഃ**

ഹേ പുരൂരവസ്സേ, നീ ഓരോ ദിവസവും മൂന്നു പ്രാവശ്യം സംഭോഗം നടത്തിയിരുന്നല്ലോ, എനിക്ക് മറ്റു സപത്നിമാരോട് യാതൊരു വിരോധവും ഇല്ലായിരുന്നു, എന്തു കൊണ്ടെന്നാൽ ഞാൻ എല്ലാ വിധത്തിലും നിങ്ങളാൽ സന്തുഷ്ടയായിരുന്നു. ഞാൻ നിങ്ങളുടെ ഗൃഹത്തിൽ വന്നതു മുതൽ നിങ്ങൾ എന്റെ ദേഹ സുഖത്തിനു വേണ്ടിയുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു.

**6 യാ സുജുർണിഃ ശ്രേണി ഃ സുമ്നആപി ഹ്യർദേ**
**ചക്ഷുർന ഗ്രന്ഥി നീ ചരണ്യുഃ**
**താ അഞ്ജയോ രുണയോ ന സസ്രു ഃ ശ്രിയേ**
**ഗാവോ ന ധേനവോ നവന്തഃ**

നീ സുജുർണി, ശ്രേണി, സുമ്ന ആവി, ഹ്രദേചക്ഷുസ്സ് ഗ്രന്ഥിനീ അപ്സരസ്സുകളോടൊത്തു ഉലാത്തുകയായിരുന്നു. അവർ നിന്നെ വിട്ടു പോയില്ല. പുതിയതായി പെറ്റ പശുക്കൾ തൊഴുത്തിൽ കയറുമ്പോൾ ശബ്ദക്കുന്നതുപോലെ ശബ്ദ്ച്ചുമില്ല.

**7 സമസ്മിഞ്ജയമാന ആസതഗ്നാ ഉതേമവർധന്നദ്യഃ**
**സ്വഗുർതാഃ**
**മോഹായത്ത്വാ പുരൂരവോ രണായാ**
**വർധയന്തസ്യ ഹത്യായ ദേവാഃ**

പുത്രരവസ്സ് ജനിച്ചപ്പോൾ എല്ലാ ദേവാംഗനമററും അവനെ കാൺവാൻ വന്നു. നദികൾ അവനെ വളർത്തി ഹേ പുരൂരവസ്സേ! ദേവകൾ ഘോരമായ യുദ്ധത്തിനു പോകുന്നതിനും ശത്രുക്കളെ നശിപ്പിക്കുന്നതിനും വേണ്ടി നിന്നെ സ്തുതിച്ചു.

**8 സചാ യദാസു ജഹതീഷ്വത് കമമാ**
**നുഷീഷു മാനുഷോ നിഷേവേ**
**അപ സ്മ മത്തരസന്തീ നഭുജ്യു സ്താ**
**അത്രസന്ദ്രഥസ്പൃശോ നാശ്വാഃ**

പുത്രരവസ് മനുഷ്യരൂപത്തിൽ അപ്സരസ്സുകളെ സമീപിച്ചപ്പോൾ അവർ ഭയപ്പെട്ട മാൻ പേടകളെപ്പോലെയും, തേരിൽ പൂട്ടിയ അശങ്ങളേപ്പോലെയും ഓടിഒളിക്കുകയാണുണ്ടായത്.

**9 യദാസു മർതോ അമൃതാസു നിസ് പൃക്സം**
**ക്ഷോണീഭിഃ ക്രതുഭിർന പൃങ് ക്തേ**
**താ ആതയോ ന തന്വഃ ശുംഭതസ്വാഅശ്വാസോ ന**
**ക്രീളയോ ദന്തശാനാഃ**

മനുഷ്യയോനിയെ പ്രാപിച്ച പുത്രരവസ്സ് ദിവ്യലോകവാസിനികളായ അപ്സരസ്സുകളെ സമീപിച്ചപ്പോൾ , ആ അപ്സരസ്സുകൾ ക്രീഡിക്കുന്ന അശ്വത്തെ പോലെ ദേഹം വെളിപ്പെടുത്താതായി, അവർ പൊൻമാനുകളായി തീർന്നു.

**10 വിദ്യുന്ന യാ പതന്ദീ ദവീദ് യോദ് ഭരന്തീമേ അപ്യാ**
**കാമ്യാനി**
**ജനിഷ്ടോ അപോ നര്യഃ സുജാതഃ പ്രോർവശീ**
**തിരത ദീർഘമായുഃ**

അന്തരീക്ഷത്തിലെ വിദ്യുത് പോലെ ശോഭാമയിയായ ഉർവ്വശി എന്റെ അഭിലാഷല്ലൊം നിറവേറ്റിയിരുന്നു. ഈ ഉർവശി അവളാൽ ഉൽപാദിപ്പിക്കപ്പെട്ട എന്റെ പുത്രനെ ദീർഘജീവിയാക്കട്ടെ.

**11 ജജ്ഞിഷ ഇതഥ്വാ ഗോപീഥ്യായ ഹി ദധാഥ തത്-**
**പുരൂരവോ മ ഓജഃ**
**ആശാസു ത്വാ വിദുഷീ സസ്മിന്നഹ**
**ന്നമം ആശൃണേം കിമഭുഗ്വദാസി**

ഹേ പുരൂരവസ്സേ! അങ്ങ് ഭൂമിയുടെ രക്ഷക്കു വേണ്ടി പുത്രനെ ജനിപ്പിച്ചിരിക്കുന്നു. ഞാൻ അങ്ങയോടു കൂടി വസിക്കയില്ലെന്ന് അനേകം തവണ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. അങ്ങിപ്പോൾ പ്രജാപരിപാലനത്തിൽ വിമുഖനായി എന്തിനിപ്രകാരം വാർത്താലാപം നടത്തുന്നു.

**12 ദാ സൂനുഃ പിതരം ജാത ഇഛാച്ചക്രന്നാശ്രു**
**വർതയദ്വിജാനൻ**
**കോ ദമ്പതീ സമനസാ വി യൂയോദധ യദഗ്നിഃ**
**ശ്വശൂരേഷു ദീദയത്**

ഹേ ഉർവശീ! ഭാവകിയുടെ പുത്രൻ എന്റെറ അടുക്കൽ എപ്രകാരം വസിക്കും? അവൻ എന്റെ അടുക്കൽ വന്ന് കരയുകയില്ലേ?

പരസ്പരമുള്ള പ്രേമ ബന്ധത്തെ ഏതു സദ് ഗൃഹസ്ഥാനാണ് തകർക്കുവാൻ കഴിയുക ധഭവതിയുടെ ശ്വശുര ഗൃഹത്തിൽ ശ്രേഷ്ഠമായ അഗ്നി എപ്പോൾ മിന്നിത്തിളങ്ങും.പ

13 **പ്രതി ബ്രവാണി വർതയതേ അശ്രു ചക്രന്ന ക്രന്ദദാധ്യേ ശിവായൈ**
**പ്ര തത്തേ ഹിനവാ യത്തേ അസ്മേ പരേഹ്യസ്തം നഹി മൂര മാപഃ**

ഹേ പുരൂരവസ്സേ! എന്റെ മറുപടി ശ്രവിച്ചാലും, എന്റെ പുത്രൻ അങ്ങയുടെ അടുക്കൽ വന്ന് കരയുകയില്ല. ഞാനവനുമംഗളമരുളും. അങ്ങേക്കിനി എന്നെ പ്രാപിക്കുവാൻ സാധ്യമല്ല. അതിനാൽ സ്വഗൃഹത്തിലേക്കു മടങ്ങിയാലും. ഞാൻ അങ്ങയുടെ പുത്രനെ അങ്ങയുടെ അടുക്കലേക്കു തന്നെ അയയ്ക്കും

14 **സുദേവോ അദ്യപ്രപരേ നോവൃത് പരാവതം പരമാം ഗന്തവാ ഉ**
**അധാ ശയീത നിഋർതേരുപസ്ഥേ ധൈനം വൃകാ രഭാസാസോ അദ്യുഃ**

ഹേ ഉർവശീ! നിന്റെ പതിയായ ഞാൻ ഇപ്പോൾ നിലംപതിക്കുന്നു.ഇനിവീണ്ടും അവനു എഴുന്നേൽക്കുവാൻ സാധ്യമല്ല. അവൻ (ഞാൻ) ദുർഗതിയുടെ ബന്ധനത്തിൽപ്പെട്ട് മൃത്യുവിനെ പ്രാപിക്കട്ടെ. വൃകാദികൾ അവന്റെ ശരീരത്തെ ഭക്ഷിക്കട്ടെ

15 **പുരൂരവോ മാ മൃഥാ മാ പ്രപപ്തോ മാ ത്വാ വൃകാസോ അശിവാസ ഉ ക്ഷൻ**
**ന വൈ സൈത്രണാനി സഖ്യാനി സ്രന്തി സാലാവൃകുണാം ഹൃദയാന്യതാ**

ഹേ പുരൂരവസ്സേ! അങ്ങ് വീഴരുത് അങ്ങ് സ്വന്തം മരണത്തെ ആഗ്രഹിക്കരുത്. അങ്ങയുടെ ശരീരത്തെ വൃകാദികൾ ഭക്ഷികാതിരിക്കട്ടെ. സ്ത്രീകളുടെയും, വൃകങ്ങളുടെയും ഹൃദയങ്ങൾ ഒന്നുപോലുള്ളതാകുന്നു. അവരുടെ മൈത്രീബന്ധം സ്ഥിരമായിരിക്കുന്നില്ല.

16 **യദ്വിരൂപാചരം മർത്യേഷ്വവസം രാത്രീഃ ശരദശ്ചതസ്രഃ**
**ഘൃതസ്യ സ്തോകം സകൃദഹ്വ ആശ്നാം താദവേദം താതൃപാണാ ചരാമി**

ഞാൻ വിവിധ രൂപങ്ങൾ ധരിച്ച് മനുഷ്യരിൽ സഞ്ചരിച്ചിട്ടുണ്ട്, നാലു വർഷങ്ങളായി ഞാൻ മനുഷ്യരുടെ ഇടയിൽ വസിച്ചു കൊണ്ടിരിക്കുന്നു. നിത്യവും ഘൃതംപാനം ചെയ്തു കൊണ്ട് സഞ്ചരിക്കുന്നു.

17 **അന്തരിക്ഷപ്രാം രജസോ വിമാനീമുപ ശിക്ഷാ- മ്യുർവശീം വസിഷ്ഠഃ**
**ഉപ ത്വാ രാതിഃ സുകൃതസ്യ തിഷ്ഠാന്നി വർതസ്വ ഹൃദയ തപ്യതേമേ**

ഉർവ്വശി ജലത്തെ പ്രകടമാക്കുന്നവളു അന്തരീക്ഷത്തെ നിറക്കുന്ന വളുമാകുന്നു. വസിഷ്ഠനു മാത്രം അവളെ വശത്താക്കുവാൻ കഴിഞ്ഞു നിന്നോടു കൂടി ഉത്തമ്മ കർത്താവായ പുരുരവസ്സ് വസിക്കട്ടെ ഹേ ഉർവശീ! എന്റെ ഹൃദയം ദഹിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ മടങ്ങി വന്നാലും

18 **ഇതി ത്വാ ദേവാ ഇമ ആഹുരൈള യഥേമേ- തദ്ഭവസി മൃത്യബന്ധുഃ**
**പ്രജാ തേ ദേവാൻഹവിഷാ യജാതി സ്വർഗ ഉ ത്വമപി മാദയാസേ**

ഹേ പുരുരവസ്സേ! എല്ലാ ദേവന്മാരും പറയുന്നു- നീ മൃത്യുവിനെ ജയിക്കണം, ഹവിസ്സു വഴി ദേവകളുടെ യജ്ഞം നടത്തണം. അതിനുശേഷം സ്വർഗ്ഗത്തിൽ ആനന്ദപൂർവ്വം വസിക്കാം

## സൂക്തം 96

ഋഷി അംഗീരോഗോത്രജൻ വരുവോ ഇന്ദ്രപുത്രൻ സർവ്വഹാരിയോം
ദേവത-ഹരികൾ ഛന്ദസ്-ത്രിഷ്ടുപ്, ജഗതി

1 **പ്ര തേ മഹേ വിദഥേ ശംസിഷം ഹരീ പ്ര തേ വന്വേ വനുഷോ ഹര്യതം മദം**
**ഘൃതം ന യോ ഹരിഭിശ്ചാരു സേചത ആ ത്വാ വിശന്തു ഹരിവർപസം ഗിരഃ**

ഹേ ഇന്ദ്രാ! നീ ശത്രുസംഹാരകനാണല്ലോ, ഈ മഹാ യജ്ഞത്തിൽ നിന്റെ രണ്ടു കുതിരകളെയും ഞാൻ സ്തുതിക്കുന്നു. ഹേ ഇന്ദ്രാ നീ അതീവ സന്തുഷ്ടനായിഘൃതതുല്യമായ ജലത്തെ വർഷിയ്ക്കണമേ, എന്ന് ഞാനപേക്ഷിക്കുന്നു. ആ ഹര്യശ്വങ്ങൾ വഴി ആഗതനാവുകയും, എന്റെ സ്തുതികൾ നിന്നെ പ്രാപിക്കുകയും ചെയ്യട്ടെ.

2 **ഹരിം ഹിം യോനിമഭി യേ സമസ്വരൻഹിൻവന്തോ ഹരീ ദിവ്യം യഥാ സദഃ**
**ആ യം പൃണന്തി ഹരിഭിർ ന ധേനവ ഇന്ദ്രായ ശൂഷം ഹരിവന്ത മർചത**

ഹേ സ്തോതാക്കളെ നിങ്ങൾ നിങ്ങളുടെ യജ്ഞത്തിലേക്ക് ഇന്ദ്രനെ പ്രേരിപ്പിക്കുകയും അവന്റെ രണ്ടുകുതിരകളെ ഇവിടെ കൊണ്ടുവരികയും ചെയ്തു. അതിനാൽ അംശഅശ്വങ്ങളോടുകൂടി ഈ ഇന്ദ്രന്റെ ബലത്തെ സ്തുതിക്കുവിൻ. ഗോക്കൾ പാൽ നൽകി തൃപ്തിപ്പെടുത്തുന്നതുപോലെ നിങ്ങൾ പച്ചവർണ്ണത്തോടുകൂടിയ മധുരസോമരസത്തെ നൽകി ഇന്ദ്രനെ തൃപ്തിപ്പെടുത്തുവിൻ.

3 **സോ അസ്യ വജ്രോ ഹരിതോ യ ആയസോ ഹരിർ നികാമോ ഹരിരാ ഗഭസ്ത്യോഃ**
**ദ്യുമ്നീ സുശിപ്രോ ഹരിമന്യുസായക ഉന്ദ്രേ നീ രൂപാ ഹരിതാ മിമിക്ഷിരേ**

ശത്രുക്കളെ നശിപ്പിക്കുന്ന ഹരിത വർണ്ണത്തോടുകൂടിയ ലോഹ വജ്രത്തെ ഇന്ദ്രൻ തന്റെ ഇരുഭുജങ്ങളിലും വഹിക്കുന്നു. ഇന്ദ്രൻ ഐശ്വര്യവാനും പ്രകാശിക്കുന്ന ശരീരത്തോടുകൂടിയവനും ക്രോധാവേശനായി തന്റെ ആയുധത്താൽ ശത്രുക്കളെ കൊല്ലുകയും ചെയ്യുന്നു. ഹരിതവും മധുരവുമായ സോമരസത്താൽ ആ ഇന്ദ്രനെ ഞങ്ങൾ നനയ്ക്കുന്നു.

4 **ദിവി നകേതുരതി ധായി ഹര്യതോ ധിവ്യ ചദ്വ ജ്രോ ഹരിതോന രംഹ്യാ**
**തുദ ദഹിം ഹരിശിപ്രോ യ ആയസ ഃ സഹസ്ര ശോകാ അഭവദ്ധരിംഭ ഭരഃ**

സൂര്യൻ തന്റെ പ്രകാശത്തോടുകൂടി എല്ലാ ദിക്കുകളിലും വ്യാപിക്കുന്നതു പോലെ വജ്രം എല്ലാ സ്ഥാനത്തും വ്യാപിക്കുന്നു. സോമം

പാനം ചെയ്ത് ശോഭിക്കുന്ന അണക്കെട്ടോടുകൂടിയ ഇന്ദ്രൻ വജ്രത്താൽ വൃത്രനെ കൊല്ലുവാനുള്ള ശക്തിയെ പ്രാപിച്ചു.

5 **ത്വം ത്വ മഹര്യാഥാ ഉപസ്തുതഃ പൂർവ്വേ ഭിരിന്ദ്ര ഹരികേശ യജ്വഭിഃ**
**ത്വം ഹര്യ സി തവ വിശ്വ മുക്ഥ്യ മസാമി രാധോ ഹരിജാത ഹര്യതം**

ഹേ ഇന്ദ്രാ അങ്ങയുടെ കേശ പച്ചനിറത്തോടുകൂടിയതാണല്ലോ. പ്രാചീന മഹർഷിമാർ എപ്പോഴെല്ലാം നിന്നെ സ്തുതിച്ചിരുന്നുവോ. അപ്പോഴൊക്കെ നീ യജ്ഞങ്ങളിൽ വന്നിരുന്നു. ഹേ ഇന്ദ്രാ! നിന്റെ അന്നത്തെ യാതൊന്നിനോടും ഉപമിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ അത് ശ്രേഷ്ഠവും എല്ലാ വിധത്തിലും പ്രശംസനീയവുമാകുന്നു.

6 **താ വജ്രിണം മന്ദിനം സ്തോമ്യം മദ ഇന്ദ്രം രഥേ വഹതേ ഹരിതാ ഹരീ**
**പുരൂണ്യസ്മൈ സവനാനി ഹര്യത ഇന്ദ്രായ സോമാഹരയോ ദധന്വിരേ**

മദത്തിനുവേണ്ടി ആഗതനാവുന്ന സമയം അവന്റെ രഥത്തെ ശ്രേഷ്ഠങ്ങളായ രണ്ടു കുതിരകൾ വഹിച്ചുകൊണ്ടുവരുന്നു. യജ്ഞത്തിൽ ഈ ഇന്ദ്രനുവേണ്ടി അനേകം പ്രാവശ്യം സോമം പിഴിയപ്പെടുന്നു.

7 **അരം കാമായ ഹരയോ ദധന്വിരേ സ്ഥിരായ ഹിന്വൻ ഹരയോ ഹരീ തുരാ**
**അർവ്വദ് ഭിര്യോ ഹരിഭിർ ജോഷമീയതേ സോ അസ്യകാമം ഹരിവന്ത മാനശേ**

ഇന്ദ്രന്റെ ഇഷ്ടാനുസരണം പ്രചുരമായ സോമരസം ഉണ്ടാകുന്നു. ആ സോമരസം തന്നെ ഇന്ദ്രന്റെ അശ്വങ്ങളേയും യജ്ഞത്തിൽ കൊണ്ടു വരുവാൻ ഉത്സാഹിപ്പിക്കുന്നു. അവന്റെ പച്ചക്കുതിരകൾ യുദ്ധഭൂമിയിലേക്കു കൊണ്ടുപോവുന്ന രഥവും സോമയാഗത്തിൽ വന്നു നില്ക്കുന്നു.

8 **ഹരിശ്മശാരുർ ഹരികേശ ആയസസ്തു രരസ്പേയേ യോ ഹരി പാ അവർധത**
**അർവദ്ഭിർയോ ഹരിഭിർ വാജിനീവസുരതി വിശ്വാ ദുരിതാ പാരിഷദ്ധരീ**

ഇന്ദ്രന്റെ താടിയും മീശയും പച്ചനിറത്തോടുകൂടിയതാണ്. അവന്റെ ശരീരം ലോഹം പോലെ ഉറപ്പുള്ളതാകുന്നു. അവൻ വേഗം വേഗം സോമം കുടിച്ച് തന്റെ ദേഹത്തെ വലുതാക്കുന്നു. യജ്ഞം അവന്റെ സമ്പത്തുതന്നെയാകുന്നു. ആ പച്ച ക്കുതിരകൾ അവനെ യജ്ഞസ്ഥാനത്തു കൊണ്ടു വരുന്നു. അവൻ തന്റെ കുതിരകളിൽ കയറി യജമാനന്റെ സകല വിപത്തുകളും അകറ്റിക്കളയുന്നു.

9 **സ്രുവേവ യസ്യ ഹരിണീ വിപേതതുഃ ശിപ്രേ വാജായ ഹരിണീ ദവിധ്വതഃ**
**പ്ര യത് കൃതേ ചമസേ മർമൃജദ്ധരീ പീത്വാ മദസ്യ ഹരിതസ്യാന്ധസഃ**

സ്രുവപാത്രം പോലെ ഉജ്ജ്വലമായ ഇന്ദ്രന്റെ നേത്രങ്ങൾ രണ്ടും യജ്ഞകർമ്മത്തിൽ പതിയുന്നു. അവൻ അന്നം സേവിക്കുമ്പോൾ ആ അണക്കെട്ടുകൾ രണ്ടും ചലിക്കുന്നു. ചമസത്തിൽ സോമം നിറഞ്ഞിരിക്കുന്നു. അതു പാനം ചെയ്ത് തന്റെ കുതിരകളെ രണ്ടിനെയും ഉത്സാഹിപ്പിക്കുന്നു.

10 **ഉതസ്മ സദ്മ ഹര്യതസ്യ പസ്ത്യോ രത്യോ ന വാജം ഹരിവാം അചിക്രദത്**
**മഹീ ചിദ്ധി ധിഷണാഹര്യുദോജസാ ബൃഹദ്വയോ ദധിഷേ ഹര്യതശ്ചിദാ**

ഇന്ദ്രൻ ആകാശത്തിലും ഭൂമിയിലും വസിക്കുന്നു. അവൻ അശ്വയുക്തമായ രഥത്തിൽ അതിവേഗം രണഭൂമിയിലെത്തുന്നു. ശ്രേഷ്ഠമായ സ്തുതികളാൽ അവൻ പ്രശംസിക്കപ്പെടുന്നു. ഹേ ഇന്ദ്രാ! നീ സ്വന്തം ബലം വഴിയായി പ്രചുരമായ അന്നം പ്രദാനം ചെയ്യുന്നു.

11 **ആ രോദസീ ഹര്യമാണോ മഹിത്വാ നവ്യംനവ്യം ഹര്യസി മന്മ നു പ്രിയം**
**പ്ര പസ്ത്യമസുര ഹര്യതം ഗോരാവിഷ്കൃധി ഹരയേ സൂര്യായ**

ഹേ ഇന്ദ്രാ! നീ സ്വന്തം മഹിമയാൽ വാനൂഴികളെ പരിപൂർണ്ണമാക്കിയിരിക്കുന്നു. നീ നിത്യവും നവീനങ്ങളായ സ്തുതികളാൽ സ്തുതിക്കപ്പെടുന്നു. ഗോക്കളുടെ ശ്രേഷ്ഠമായ തൊഴുത്തുകൾ ജലാപഹാരകനായ സൂര്യനു സമീപം നിർമ്മിക്കേണമേ.

12 **ആ ത്വാ ഹര്യന്തം പ്രിയുജോ ജനാനാം രാഥേ വഹന്തു ഹരിശിപ്രമിന്ദ്ര**
**പിബാ യഥാ പ്രതിഭൃതസ്യ മധ്വോ ഹര്യന്യജ്ഞം സധമാദേ ദശോണിം**

ഹേ ഇന്ദ്രാ! നിന്റെ അണകൾ അത്യന്തം ഉജ്ജ്വലമാകുന്നു. രഥത്തിൽ പൂട്ടിയ അശ്വങ്ങൾ നിന്നെ ഞങ്ങളുടെ യജ്ഞത്തിൽ കൊണ്ടുവരുമാറാകണേ. അനന്തരം നിനക്കുവേണ്ടി പത്തു വിരലുകളാൽ പിഴിയപ്പെട്ട സോമരസം പാനം ചെയ്യണേ. യജ്ഞത്തിന്റെ നിധിരൂപമായ ഈ സോമത്തെ യുദ്ധം ചെയ്യുവാൻ വേണ്ടി പാനം ചെയ്താലും.

13 **അപാഃ പൂർവഷാം ഹരിവഃ സുതാനാമഥോ ഇദം സവന കേവലം തേ**
**മമദ്ധി സോമം മധുമന്തമിന്ദ്ര സത്രാ വൃഷജ്ജഠര ആ വൃഷസ്വ**

ഹേ ഇന്ദ്രാ! പ്രഭാതവസനത്തിൽ പിഴിയപ്പെട്ട സോമം നീ പാനം ചെയ്തിരുന്നുവല്ലോ. ഈ മധ്യസവനത്തിൽ പിഴിയപ്പെട്ട സോമവും നിനക്കുവേണ്ടി തന്നെയാകുന്നു. മധുരമയമായ ഈ സോമത്തെ ആസ്വദിച്ചു കൊണ്ട് നീ നിന്റെ ഉദരത്തെ നിറച്ചാലും.

## സൂക്തം 97

ഋഷി-അഥർവ്വപുത്രൻ, ഭിഷക്, ദേവത-ഔഷധികൾ, ഛന്ദസ്സ്-അനുഷ്ടുപ്.

1 **യാ ഓഷധീഃ പൂർവാ ജാതാ ദേവേഭ്യസ്ത്രിയുഗം പുരാ**
**മനൈ നു ബഭ്രുണാമഹം ശതം ധാമാനി സപ്ത ച**

പ്രാചീനകാലത്ത് മൂന്നു യുഗങ്ങളിൽ ദേവകൾ യാതൊരു ഔഷധികളെ വിഭാവനം ചെയ്തിരുന്നുവോ, പീതവർണ്ണത്തോടു കൂടിയ ആ ഔഷധികൾ ഒരു നൂറേറഴു സ്ഥാനങ്ങളിൽ വർത്തിച്ചിരുന്നു.

2 **ശതം വോ അംബ ധാമാനി സഹസ്രമുത വോ രുഹഃ**
**അധാ ശതക്രത്വോ യൂയമിമം മേ അഗദം കൃത**

ഹേ ഔഷധികളേ! നിങ്ങൾ എണ്ണമില്ലാത്ത ജനന

ത്തോതുകൂടിയവരാകുന്നു. നിങ്ങളുടെ മുളകൾ സംഖ്യാതീതമാണ്. നിങ്ങൾ അനന്ത ഗുണ സമ്പന്നരാണ്. അതിനാൽ എനിക്ക് ആരോഗ്യം പ്രദാനം ചെയ്താലും.

3 ഓഷധീഃ പ്രതി മോദധ്വം പുഷ്പവതീഃപ്രസൂവരീഃ
അശ്വാഇവ സജിത്വരീർവീരുധഃ പാരയിഷ്ണ്വഃ

ഹേ പുഷ്പഫല സമ്പന്നകളായ ഔഷധികളേ! നിങ്ങൾ രോഗിയുടെ മേൽ അനുഗ്രഹിച്ചാലും. അശ്വങ്ങൾ രണഭൂമിയിൽ വിജയിക്കുന്നതു പോലെ നിങ്ങൾ രോഗങ്ങളുടെ മേൽ വിജയം വരിച്ചാലും ഈ പുരുഷനെ ആരോഗ്യ പ്രദാനം വഴിയായി രോഗങ്ങളുടെ മറുകര നടത്തിയാലും

4 ഓഷധീരിതി മാതരസ്ത ദ്വോ ദേവീരൂപ ബ്രുവേ
സനേയമശ്വം ഗാം വാസ ആത്മാനം ത വപുരുഷ

ജനനിമാരായ ഔഷധികളെ! നിങ്ങൾ അത്യന്തം തേജസ്വിനികളാകുന്നു. ഞാൻ നിങ്ങളുടെ മുമ്പിൽ ഇപ്രകാരം പറയുന്നു. ഭിക്ഷക്കായ ഞാൻ ഗോക്കളേയും, അശ്വങ്ങളെയും, വസ്ത്രാദികളും പ്രദാനം ചെയ്യാം . നിങ്ങൾ പേരാലിലും പ്ളാശിലും കൂടി കൊള്ളുന്നു. നിങ്ങൾ രോഗിയുടെ മേൽ കൃപ ചെയ്യുമ്പോൾ നിങ്ങൾക്കു ഗോക്കളെ നൽകപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഉപകാരികൾക്ക് കൃതജ്ഞത പ്രകടിപ്പിക്കണമല്ലോ.

6 യത്രൗഷധിഃ സമഗ്മത രാജാനഃ സമിതാ വിവ
വിപ്രഃ സഃ ഉച്യതേ ഭിഷഗ്രക്ഷോഹാമീവചാതന

സഭകളിൽ രാജാക്കന്മാർ ഒന്നിച്ചു ചേരുന്നതുപോലെ, എവിടെ ഔഷധികൾ ഒന്നിച്ചു ചേരുന്നുവോ, മേധാവികൾ  അവയുടെ ഗുണധർമ്മങ്ങളെ അറിയുന്നവരായിരിക്കുന്നുവോ, അവരെചികിത്സകരെന്നു പറയുന്നു, എന്തു കൊണ്ടെന്നാൽ അവർ രോഗങ്ങൾ ശമിപ്പിക്കുന്നതിന് അവയെ വിഭിന്ന രീതികളിൽ പ്രയോഗിക്കുന്നു.

7 അശ്വാവതീം സോമാവതീമൂർജയന്തീമുദോജസം
ആ വിത്സി സർവാ ഓഷധീരസ്മാ
അരിഷ്ടതാതയേ

അശ്വവതി, സോമാവതി, ഊർജയന്തി,ഉദോജസ്സ് ആദിയായ ഔഷധികളെ ഞാൻ അറിയുന്നു, ആ ഔഷധികൾ ഈ രോഗിക്ക് ആരോഗ്യം പ്രദാനം ചെയ്യണേ

8 ഉച്ഛുഷ്മാ ഓഷധീനാം ഗാവോ ഗോഷ്ഠാ ദിവേരതേ
ധനം സനിഷ്യന്തീനാമാത്മാനം തവ പൂരുഷ

ഹേ രോഗീ! ഗോക്കൾ തൊഴുത്തിൽ നിന്നും പുറത്തു വരുന്നതു പോലെ ഔഷധികളുടെ ഗുണം പുറത്തു വരുന്നു. അതിനാൽ ഔഷധികൾ നിങ്ങളെ രോഗരഹിതരാക്കുന്നതിൽ സമർത്ഥകളായിരിക്കും

9 ഇഷ്കൃതിർനാമ വോ മാതാഥോ
യൂയംസ്ഥ നിഷ്കൃതീഃ
സീരാഃ പതത്രിണീഃ സ്ഥാന യദാമയതി നിഷ്കൃഥ

ഹേ ഔഷധികളെ! നിങ്ങളുടെ മാതാവാണല്ലോ ഇഷ്കൃതി, എന്തു കൊണ്ടെന്നാൽ അവൾ രോഗങ്ങളെ അകറ്റുന്നു. നിങ്ങളും രോഗങ്ങളെ നശിപ്പിക്കുന്നവരാകുന്നു. ശരീരത്തെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്ന ആ ദുഷ്ടരോഗത്തെ പുറത്താക്കിയാലും.  എന്തു കൊണ്ടെന്നാൽ നിങ്ങൾ ആരോഗ്യദായിനികളാണല്ലോ.

10 അതി വിശ്വാഃ പരിഷ്ഠാ സ്തേനഇവ വ്രജമക്രമുഃ
ഓഷധീഃ പ്രാച്യുച്യവു യത് കിം ചർതന്വോ രപഃ

കള്ളൻ ഗോക്കളുടെ തൊഴുത്തിനെ കടന്നു പോകുന്നതു പോലെ ഈ ലോകത്തെ വളർത്തുന്ന ഔഷധികൾ രോഗങ്ങളെ കടന്നു പോകുന്നു. ഇത് ദേഹത്തിൽ ബാധിക്കുന്ന സകലവേദനകളെയും നശിപ്പിക്കുന്നു.

11 യദിമാ വാജയന്നഹമോഷധീർഹസ്ത ആദധേ
ആത്മാ യക്ഷ്മസ്യ നശ്യതി പുരാ ജീവഗൃഭോ യഥാ

ഞാനീ ഔഷധികളെ കയ്യിൽ വെച്ചു കൊണ്ട് രോഗിയുടെ ദുർബ്ബലതയെ നശിപ്പിക്കുന്നു. മൃത്യുവിനെ വരിക്കുന്ന ദേഹധാരി മരിച്ചു പോകുന്നതു പോലെ രോഗത്തിന്റെ ആത്മാവിനെ ഞാൻ നശിപ്പിക്കുന്നു.

12 യശ്യൗഷധീഃ പ്രസർപഥാങ് ഗമങ്ഗ പരുഷ്പരുഃ
തതോ യക്ഷ്മം വി വാധധ്വ ഉഗ്രോ മധ്യമശീരിവ

ഹേ ഔഷധികളെ! ശക്തനായ മനുഷ്യൻ എല്ലാവരേയും തനിക്കധീനരാക്കുന്നതു പോലെ നിങ്ങൾ ആരുടെ ശരീരത്തിൽ രമിക്കുന്നുവോ, അവന്റെ സർവാംഗസ്ഥിതമായ രോഗത്തെ സമൂലം അകറ്റി കളയുന്നു.

13 സാകം യക്ഷ്മം പ്ര പത ചാഷേണ കികിദീ വിനാ
സാക്രം വാതസ്യ ധ്രാജ്യാ സാകം നശ്യ നിഹാകയാ

ഹേ രോഗമേ! നീ നീലകണ്ഠപക്ഷിയേപ്പോലെയോ,  പരുന്തിനെ പോലെയോ, വീശുന്ന കാറ്റിനെ പോലെയോ,  ഉടുമ്പിനോടൊപ്പമോ  അതി വേഗം പറന്നു തുലഞ്ഞു പോവുക.

14 അന്യ വോ അന്യാമവത്വ നാന്യസ്യാഉപാവത
താഃ സർവാഃ സംവിദാനാ ഇദം മേ പ്രാവതാ വചഃ

ഹേ ഔഷധികളെ! നിങ്ങളിൽ ഒന്ന് മറ്റൊന്നിനോടും , രണ്ടാമത്തേത് മൂന്നാമത്തതിനോടും മിശ്രിതമാക്കപ്പെടുന്നു. ഇപ്രകാരം എല്ലാ ഔഷധികളും പരസ്പരം ചേർന്ന് ഗുണവതികളാകട്ടെ. ഇത് എന്റെ അഭിലാഷമാകുന്നു.

15 യാ ഫലിനീര്യാ അഫലാ അപുഷ്പാ
യാശ്ചപുഷ്പിണീഃ
ബൃഹസ്പതിപ്ര സൂതാസ്താ നോ മുഞ്ചന്ത്വംഹസഃ

ഫലമുള്ളവയും ഫലമില്ലാത്തവയും പൂവുള്ളവയും പൂവില്ലാത്തവയും ബൃഹസ്പതി ഉൽപ്പാദിപ്പിക്കു ന്നു. ആ ഔഷധികൾ പാപത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കട്ടെ.

16 മുഞ്ചന്തു മാ ശപഥ്യാ ദഥോ വരുണ്യാ ദുത
അഥോ യമസ്യ പഡ് വീശാത്സർവസ് മാദ് ദേവ-
കില് വിഷാത്

ഔഷധികൾ എന്നെ ശപഥപാപത്തിൽ നിന്നും രോഗത്തിൽ നിന്നും രക്ഷിക്കട്ടെ അവ വരുണപാശത്തിൽ നിന്നും മറ്റു ദേവന്മാരുടെ പാശത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കട്ടെ

17 അവപതന്തീരവദന്തിവ ഓഷധയസ്പരി
യം ജീവമശ്നവാമഹൈ ന സ രിഷ്യാതി പൂരിഷഃ

ഈ ഔഷധികൾ ദിവ്യ ലോകത്തിൽ നിന്നും വന്നപ്പോൾ പറയുകയുണ്ടായി.  ഞങ്ങൾ ആരുടെ ശരീരത്തെ രക്ഷിക്കുന്നുവോ അവൻ പീഡിതനാകയില്ല .

18 യാ ഔഷധീ: സോമരാജ്ഞീർബഹ്വീഃ ശതവിച
ക്ഷണാ:
താസാം ത്വമസ്യുത്തമാരം കാമായ ശം ഹൃദേ

സോമന്റെ ഉടമയിൽ ബഹുദർശനമുള്ള വളരെ ഔഷധിക

ളുണ്ടല്ലൊ, അതിൽ ശ്രേഷ്ഠയായ നീ തുലോം നല്ലതായ ഹൃദയത്തിനു സുഖം വരുത്തിയാലും.

19 **യാ ഓഷധീഃ സോമരാജ്ഞീർവിഷ്ഠിതാഃ പൃഥിവീമനു**
**ബൃഹസ്പതി പ്രസുതാ അസ്യൈ സം ദത്തവീര്യം**

യാതൊരു ഔഷധികൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്ഥിതി ചെയ്യുന്നുവോ, സോമൻ അവയുടെരാജാവായിരിക്കുന്നുവോ ആ ഔഷധികളെ ബൃഹസ്പതി ഉൽപ്പാദിപ്പിച്ചു. അവൻ ഈ ഔഷധികളെ ഇപ്രകാരം ഗുണവതികളാക്കണേ.

20 **മാവോ രീഷത് ഖനിതാ യസ്മൈ ചാഹം ഖനാമി വഃ**
**ദ്വിപച്ചതുഷ്പഭസ്മാകം സർവമസ്ത്വനാതുരം**

ഹേ ഔഷധികളെ!ഞാൻ നിങ്ങളെ കഴിച്ചെടുക്കുന്നു. നിങ്ങൾ എന്നെ ഹിംസിക്കരുത്. ഞാൻ ഏതൊരു രോഗിക്കു വേണ്ടി നിങ്ങളെ സ്വീകരിച്ചുവോ, ആ രോഗി നശിക്കാതിരിക്കണേ, ഞങ്ങളുടെ മനുഷ്യരും മൃഗങ്ങളും എല്ലാം സ്വാസ്ഥ്യരാകണേ.

21 **യാശ്ചേദമപശൃണ്വന്തി യാശ്ച ദൂരം പരാഗതാഃ**
**സർവാഃ സങ്ഗത്യ വീരുധോ സ്യൈ സംദത്ത വീര്യം**

ദൂരത്തുള്ളതും എന്റെ സ്തുതികളെ കേൾക്കുന്നവയും ആയ ഔഷധികളെ ഗുണസമ്പന്നമാക്കണേ

22 **ഓഷധയഃ സം വദ ന്തേ സോമേന സഹ രാജ്ഞാ**
**യസ്മൈ കൃണോതി ബ്രാഹ്മണസ്തം രാജൻപാ- യാമസി**

എല്ലാ ഔഷധികളും സോമരാജന്റെ മുമ്പിൽ പറഞ്ഞു: – സ്തോതാവായ ഭിഷക്ക് ആരെ ചികിത്സിക്കുന്നുവോ ആ രോഗിയെ ഞങ്ങൾ രക്ഷിക്കും .

23 **ത്വമുത്തമാസ്യോഷധേ തവ വൃക്ഷാ ഉപസ്തയഃ**
**ഉപസ്തിരസ്തു സോ സ്മാകം യോ അസ്മാം അഭിദാസതി**

ഹേ ഔഷധികളെ നിങ്ങൾ സകല വൃക്ഷങ്ങളേക്കാളും ശ്രേഷ്ഠകളാണല്ലൊ, ഞങ്ങളുടെ നാശത്തെ കാംക്ഷിക്കുന്ന ശത്രു ഞങ്ങളെ സമീപിക്കാതിരിക്കട്ടെ, അവർ വൃക്ഷങ്ങളുടെ ചുവട്ടിൽ കിടക്കട്ടെ.

## സൂക്തം 98

ഋഷി-ഋഷ്ടി-ഷേണപുത്രൻ ദേവാപി ദേവാചി
ദേവത-ബൃഹസ്പതി: മിത്രൻ തുടങ്ങിയവർ
ഛന്ദസ്-ത്രിഷ്ടുപ്

1 **ബൃഹസ്പതേ പ്രതി മേ ദേവതാമിഹി മിത്രോ വാ യദ്വരുണോ വാസി പൂഷാ**
**ആദിത്യൈർവാ യദ്വസുഭിർമരുത്വാൻത്സ പർജന്യം ശന്തനവേ വൃഷായ**

ഹേ ബൃഹസ്പതേ! എന്റെ മേൽ അനുഗ്രഹിച്ച് കൊണ്ട് നീ ദേവന്മാരുടെ അടുക്കലേയ്ക്കു പോയാലും നീ മിത്രാവരുണന്മാരോടും, പൂഷാവിനോടും ആദിത്യന്മാരോടും വസുക്കളോടും കൂടിയ സാക്ഷാൽ ഇന്ദ്രൻ തന്നെയാണല്ലോ, അതിനാൽ നീ രാജാശാന്തനുവിനു വേണ്ടി മേഘത്തിൽ നിന്നും മഴ പെയ്യിച്ചാലും

2 **ആ ദേവോ ദൂതോ അജിരശ്ചികിത്വാൻ ത്വാദ് ദേവാപേ അഭി മാമഗഛത്**
**പ്രതീചീനഃ പ്രതി മാമാ വവൃത് സ്വ ദധാമി തേ ദ്യുമതീം വാചമാസൻ**

ഹേ ദേവാപീ! ഏതെങ്കിലും മേധാവിയും ദ്രുതഗാമിയുമായ ദേവൻ ദൂതനായി അങ്ങയുടെ അടുക്കൽ നിന്നും എന്റെ അടുക്കൽ വരണേ. ഹേ ബൃഹസ്പതേ! നീ ഞങ്ങളുടെ അടുക്കൽ എഴുന്നള്ളണേ. നിനക്കുവേണ്ടി ഞങ്ങളുടെ വായിൽ ശ്രേഷ്ഠമായ സ്തുതിയിരിക്കുന്നു.

3 **അസ്മേ ധേഹി ദ്യുമതീം വാചമാസൻബൃഹസ്പതേ അനമീവാമിർഷിരാം**
**യയാ പൃഷ്ടിം ശന്തനവേ വനാവ ദിവോ ദ്രപ് സോ മധുമാം ആ വിവശ**

ഹേ ബൃഹസ്പതേ! നീ ഞങ്ങളുടെ വായിൽ ശ്രേഷ്ഠമായ സ്തോത്രം സ്ഥാപിച്ചാലും ആ സ്തോത്രം സ്ഫൂർത്തിപ്രദവും സ്പഷ്ടവുമാകണേ; അതു മൂലം ഞങ്ങൾ ശാന്തനുവിനു വേണ്ടി മഴ പെയ്യിക്കാം

4 **ആ നോ ദ്രപ് സാ മധുമന്തോ വിശന്ത്വിന്ദ്ര ദേഹ്യധിരഥം സഹസ്രം**
**നിഷീദ ഹോത്ര മൃതുഥാ യജസ്വ ദേവാൻ ദേവാപേ ഹവിഷാ സപര്യ**

ഞങ്ങൾക്കു വർഷ ജലം ലഭിക്കാറുമാകണം ഹേ ഇന്ദ്രാ! നീ സ്വന്തം രഥ വഴിയായി മഹാധനം പ്രദാനം ചെയ്താലും. ഹേ ദേവാപീ! ഞങ്ങളുടെ ഈ യജ്ഞത്തിൽ ഇരുന്നു ദേവകളെ പൂജിച്ചു കൊണ്ട് ഹവിരാന്നത്താൽ അവരെ തൃപ്തരാക്കേണമേ

5 **ആർഷിഷേണോ ഹോത്രമൃഷിർനിഷീദന്ദേവാപിർ- ദേവസുമതിം ചികിത്വാൻ**
**സ ഉത്തരസ്മാദധരം സമുദ്രമപോ ദിവ്യാ അസൃജദ്വർഷ്യാ അഭി**

ദേവാപിമഹർഷി ഋഷി ഷേണന്റെ പുത്രനാകുന്നു, അവൻ നിങ്ങളെ നന്നായി സ്തുതിച്ച് കൊണ്ട് യജ്ഞം നടത്തി. അപ്പോൾ അന്തരിക്ഷ രൂപമായ സമുദ്രത്തിൽനിന്നും പാർഥിവ സമുദ്രത്തിലേക്കു വർഷ ജലം കൊണ്ടു വന്നു.

6 **അസ്മിൻത്സമുദ്രേ അധ്യുത്തരസ്മിന്നാപോ ദേവേഭിർനിവൃതാ അതിഷ്ഠൻ**
**താ അദ്രവന്നാർഷ്ടി ഷേണേന സൃഷ്ടാ ദേവാപിനാ പ്രേഷിതാ മൃക്ഷിണീഷു**

ദേവന്മാർ അന്തരീക്ഷത്തെ ആഛാദനം ചെയ്തു. ദേവാപി ജലത്തെ പ്രേരിപ്പിച്ചു. അപ്പോൾ ഉജ്ജ്വലയായ ഭീമിയിൽ ജലം പ്രവഹിക്കുവാൻ തുടങ്ങി.

7 **യദ് ദേവാപിഃ ശന്തനവേ പുരോഹിതോ ഹോത്ര യ വൃതഃ കൃപയന്നദീധേത്**
**ദേവശ്രുതം വൃഷ്ടിവനിം രരാണോ ബൃഹസ് പതിർ വാചമസ്മാ അയഛത്**

ശാന്തനുവിന്റെ പുരോഹിതനായ ദേവാപി യജ്ഞം നടത്തുവാൻ തയ്യാറായപ്പോൾ അവൻ ജലത്തെ ഉൽപ്പാദിപ്പിക്കുന്നു, ദേവകൾക്കു വേണ്ടി സ്തോത്രം രചിച്ചു. തന്മൂലം പ്രസന്നമായ ബൃഹസ്പതി

അവന്റെ മനസ്സിൽ നല്ല സ്തോത്രങ്ങൾക്കു വേണ്ടി വാക്യങ്ങൾ നിറച്ചു.

8 **യം ത്വാ ദേവാപിഃ ശുശുചാനോ അഗ്ന ആർഷ്ടിഷേ ണോ മനുഷ്യഃ സമീധേ**
**വിശ്വേഭിർദേവൈരനുമദ്യമാനഃ പ്ര പർജന്യമീരയാ വൃഷ്ടിമന്തം**

ഹേ അഗ്നേ! ഋഷ്ടിഷേണപുത്രനായ വാതാപി നിന്നെ ജ്വലിപ്പിച്ചു, അതിനാൽ നീ ദേവകളുടെ സഹയോഗം പ്രാപിച്ച് പാർജന്യനെ കൊണ്ട് മഴ ചെയ്യിച്ചാലും.

9 **ത്വാം പൂർവ ഋഷയോ ഗീർഭിരായന്ത്വാമധ്വരേഷു പുരുഹൂത വിശ്വേ**
**സഹസ്രാണ്യധിരഥാന്യസ്മേ ആ നോ യജ്ഞം രോഹിദശ്വാപ യാഹി**

ഹേ അഗ്നേ! പ്രാചീനമഹർഷിമാർ സ്തുതികളുമായി നിന്റെ അടുക്കൽ വന്നു. നീ അനേകരാൽ വിളിക്കപ്പെടുന്നു. അതിനാൽ വർത്തമാന കാലത്തെ യജമാനൻ തന്റെ യജ്ഞത്തിൽ സ്തുതികൾ സഹിതം നിന്നെ സമ്പ്രിക്കുന്നു. ശാന്തനു രാജാവു നൽകിയ ദക്ഷിണയിൽ രഥ സഹിതം ആയിരം വസ്തുക്കളുണ്ടായിരുന്നു. ഹേ അഗ്നേ! രോഹിതാശ്വനായ നീ പറഞ്ഞു ഞങ്ങളുടെ യജ്ഞത്തിൽ വരൂ .

10 **ഏതാന്യഗ്നേ ധവതിർനവ ത്വേ ആഹുതാന്യധിരഥാ സഹസ്രാ**
**തേഭിർവർധസ്വ തന്വഃ ശൂര പൂർവീർ ദിവോ നോ** വൃഷ്ട മിഷിതോ രിരീഹ

ഹേ അഗ്നേ! രഥങ്ങളും ഗോക്കളും ആയി തൊണ്ണൂറ്റൊൻപതിനായിരം വസ്തുക്കൾ നിനക്കു പ്രദാനം ചെയ്തിരിക്കുന്നു. നീ സന്തുഷ്ടനായി ഞങ്ങളുടെ നന്മയ്ക്കു വേണ്ടി ആകാശത്തിൽ നിന്നും ജലം വർഷിച്ചാലും

11 **ഏതാന്യഗ്നേ നവതി സഹസ്രാ സം പ്ര യച്ഛ വൃഷ്ണാഇന്ദ്രായ ഭാഗം**
**വിദ്വൻപഥ ഋതുശോ ദേവായാനാനപ്യൗലാനം** ദിവി ദേവേഷു ധേഹി

ഹേ അഗ്നേ! തൊണ്ണൂറായിരം ആഹുതികളുടെ ഭാഗം ഇന്ദ്രനു നൽകിയാലും, നീ ദേവമാർഗ്ഗങ്ങളെല്ലാം അറിയുന്നവനാണല്ലൊ, അതിനാൽ ശാന്തനുവിനെ യഥാകാലം ദേവന്മാരുടെ മധ്യെ ഇരുത്തിയാലും

12 **അഗ്നേ വാധസ്വ വി മൃധോ വി ദുർഗഹാ പാമീവാമപ രക്ഷാം സി സേധ**
**അസ്മാത്സമുദ്രാദബൃഹതോ ദവോ നോ പാം ഭൂമാനമുപ ന സൃജേഹ**

ഹേ അഗ്നേ! ശത്രുക്കളുടെ ഉറപ്പേറിയ നഗരങ്ങളെ തകർത്താലും, രോഗരൂപങ്ങളായ വ്യാധികളെ ആട്ടി ഓടിക്കേണമേ, മഹത്തായ അന്തരീക്ഷത്തിൽ നിന്നും നീ ശ്രേഷ്ഠമായ വൃഷ്ടി ജലവുമായി വരേണമേ.

## സൂക്തം 99

ഋഷി-വൈഖാനസൻ, വമ്രൻ, ദേവത-ഇന്ദ്രൻ, ഛന്ദസ്,-ത്രിഷ് ടുപ്

1 **കം നിശ്ചിത്ര മിഷണ്യസിചികിത്വാൻപൃഥുഗ് മാനം വാശ്രം വാവൃധധ്യൈ**
**കത്തസ്യ ദാതു ശവസോ വ്യുഷ്ഠൗ തക്ഷദ്വജ്രം വൃത്രതുരമപിന്വത്**

ഹേ ഇന്ദ്രാ! നീ ഞങ്ങൾക്ക് അത്ഭുതകരമായ ഐശ്വര്യം പ്രദാനം ചെയ്യുന്നു, പ്രശംസനീയമായ ആ ഐശ്വര്യം വൃദ്ധിയെ പ്രാപിച്ച് ഞങ്ങളെയും വൃദ്ധിപ്പെടുത്തുന്നു. ഇന്ദ്രന്റെ ബലവൃദ്ധിക്കു വേണ്ടി ഞങ്ങൾ എന്തു കൊടുക്കും? അവനു വേണ്ടി വൃത്രനാശകമായ വജ്രം നിർമ്മിച്ചിരിക്കുന്നു. അവൻ ജലം വർഷിച്ചിരിക്കുന്നു.

2 **സ ഹി ദ്യുതാ വിദ്യുതാ വേതി സാമ പൃഥും യോനിമസുരത്വാ സസാദ**
**സ സനീളേഭിഃ പ്രസഹാനോ അസ്യ ഭ്രാതുർന ഋതേ സ്പതഥസ്യ മായാഃ**

വിദ്യുത്ത് ഇന്ദ്രന്റെ ആയുധമാകുന്നു, അവൻ അതിനെ ധരിച്ചു കൊണ്ട് യജ്ഞത്തിൽ സോമത്തിനടുക്കലേയ്ക്കു പോകുന്നു, അവൻ തന്റെ മഹിമയാൽ അനേകം സ്ഥാനങ്ങളിൽ അധികാരം നടത്തുന്നു. ഒന്നിച്ചു വസിക്കുന്ന മരുത്തുക്കളുടെ സഹയോഗത്തോടു കൂടി ശത്രുക്കളെ പരാജയപ്പെടുത്തു. അവൻ വിമുഖനായാൽ യാതൊരു കാര്യവും നടക്കുകയില്ല. അവൻ വിമുഖനായാൽ യാതൊരു കാര്യവും നടക്കുകയില്ല. അവൻ ആദിത്യഗണത്തിൽ ഏഴാം സഹോദരനാകുന്നു.

3 **സ വാജം യാതാപദുഷ് പദാ യന്തസ്വർഷാതാ പരി ഷദത്സനിഷ്യൻ**
**അനർവാ യച്ഛതദുരസ്യ വേദോ ഘ് നഞ്ഛിശ്ന ദേവാം അഭി വർഷസാ ഭൂത്**

അവൻ നല്ല വഴിയിൽ കൂടി രണ ഭൂമിയിലേക്കു പോകുന്നു. അവൻ അവിചലിതനായി നൂറു ദ്വാരങ്ങളുള്ള ശത്രു നഗരങ്ങളിൽ നിന്നും ധനം കൊണ്ടു വരികയും പാപികളെ തന്റെ തേജസ്സാൽ പരാജയപ്പെടുത്തുകയും ചെയ്യുന്നു.

4 **സ യ ഹ്വയോ വനീർഗോഷ്വർവാ ജുഹോതി പ്രധന്യാസു സസ്രിഃ**
**അപാദോ യത്ര യുജ്യാസോ രഥാ ദ്രോണ്യശ്വാസ ഈരതേ ഘൃതം വാഃ**

അവൻ മേഘങ്ങളിൽക്കൂടി സഞ്ചരിച്ച് അവിടെ നിന്നും ശ്രേഷ്ഠയായഭൂമിയിലേക്ക് ജലത്തെ വർഷിക്കുന്നു. ആ ജലയുക്തസ്ഥാനങ്ങളിലെ ചെറുനദികൾ ഒന്നായി ഉജ്ജ്വലമായ ജലത്തെ പ്രവഹിപ്പിക്കുന്നു. അവയ്ക്ക് കാലുകളോ, രഥമോ, തോണിയോ യാതൊന്നുമില്ല.

5 **സ രുദ്രേ ഭിരശസ്തവാര ഋഭ്വാ ഹിത്വീ ഗയമാരേ- അവദ്യ ആഗാത്**
**വമ്രസ്യ മന്യേ മിഥൂ നാ വിവവ്രീ അന്ന മഭീത്യാ- രോദയന്മുഷയാൻ**

ആ മഹാനായ ഇന്ദ്രൻ യാചിക്കാതെ തന്നെ ഇച്ഛിതഫലങ്ങൾ പ്രദാനം ചെയ്യുന്നു. ദുഷ്ടവ്യക്തി അവന്റെ മുമ്പിൽ ചെല്ലുവാൻ ധൈര്യപ്പെടുന്നില്ല. ആ ഇന്ദ്രൻ മരുത്തുക്കൾ സഹിതം സ്വസ്ഥാനത്തു നിന്നും ഇവിടെ വരുമാറാകണേ, വമ്രനായ എന്റെ മാതാപിതാക്കളുടെ ദുഃഖം അകന്നുപോയിരിക്കുന്നു. ഞാൻ ശത്രുക്കളെ പീഡിപ്പിക്കുകയും അവരുടെ ധനത്തെ പ്രാപിക്കുകയും ചെയ്തു.

6 **സ ഇദ് ദാസം തുവീരവം പതിർദൻഷളക്ഷം ത്രി ശീർഷാണം ദമന്യത്**

**അസ്യ ത്രിതോ ന്വോജസാ വൃധാനോ വിപാ**

**വരാഹമയോ അഗ്രയാ ഹൻ**

ഇന്ദ്രൻ ദസ്യക്കളുടെ മേൽ ഭരണം നടത്തി. അവൻ മൂന്നു മുഖവും ആറു കണ്ണുകളും ഉള്ള വിശ്വരൂപനെ സംഹരിച്ചു. ത്രിതൻ ഇന്ദ്രന്റെ ബലത്താൽ ശക്തനായി ലോഹതുല്യം തീക്ഷ്ണമായ നഖങ്ങ ളാൽ വരാഹത്തെ കൊന്നു വീഴ്ത്തി .

7 **സ ദ്രുഹ്വണേ മനുഷ ഊർധ്വസാന ആ**

**സാവിഷദർശസാനായ ശരും**

**സ നൃതമോ നഹുഷോ സ്മത്സുജാതഃ പുരോ**

**ഭി നദർഹന്ദസുഹത്യേ**

ഇന്ദ്രന്റെ ഉപാസകനെ അവന്റെ ശത്രുക്കൾ പോരിനു വിളി ക്കുമ്പോൾ അവൻ അഭിമാനരഭിതനായി തന്റെ ശരീരത്തെ വളർത്തി ക്കൊണ്ട് ശത്രു നാശകമായ, ശ്രേഷ്ഠമായ ആയുധം നൽകുന്നു. അവൻ മനുഷ്യർക്കു നേതൃത്വം നൽകുന്നവനാണല്ലോ. അവൻ രാക്ഷസന്മാരെ വധിച്ചപ്പോൾ അവരുടെ അനേകം നഗരങ്ങളെയും തകർത്തു.

8 **സോ അഭ്രിയോ വ യവസ ഉദന്യൻക്ഷയായ ഗാതും**

**വിദന്നോ അസ്മേ**

**ഉപ യത് സീദദിന്ദും ശരീരൈഃ ശ്യേനോ**

**യോപാഷ്ടിർഹന്തി ദസ്യൂൻ**

തൃണപൂർണ്ണമായ ഭൂമിയിൽ മേഘങ്ങളിൽ നിന്നും ഇന്ദ്രൻ മഴ പെയ്യിക്കുന്നു. അവൻ തന്റെ എല്ലാ അവയവങ്ങളെയും സോമത്താൽ നനയ്ക്കുന്നു, അവൻ ഞങ്ങളുടെ വീടുകളിലേക്കുള്ള വഴികളറിയു ന്നു. പരുന്തിനെപ്പോലെ അവൻ തിക്ഷണവും ദൃഢവും ആയ പൃഷ്ഠ ത്താൽ രാക്ഷസന്മാരെ കൊല്ലുന്നു.

9 **സ വ്രാധതഃ ശവസാനേഭിരസ്യ കുത്സായ ശുഷ്ണം**

**കൃപണേ പരാദാത്**

**അയം കവിമനയച്ഛസ്യമാനമത്കം യോ അസ്യ**

**സനിതോത നൃണാം**

അവൻ തന്റെ ഭയങ്കരമായ ആയുധത്താൽ ഭീകരന്മാരായ ശത്രുക്കളെ ആട്ടിപ്പായിക്കുന്നു. കുത്സന്റെ സ്തുതി ശ്രവിച്ച് അവൻ ശുഷ്ണാസുരനെ കീറിപ്പിളർന്നു. സ്തോതാവായ ഉശനകവിയുടെ വൈരികളെ അവൻ കീഴടക്കി. ആ ഇന്ദ്രൻ തന്നെ ഉശനനും മറ്റു പാസ കർക്കും ഐശ്വര്യം പ്രദാനം ചെയ്യുന്നു.

10 **അയം ദശസ്യന്നര്യേഭിരസ്യ ദസ്മോ**

**ദേവേഭിർവരുണോ ന മായീ**

**അയം കനീന ഋതുപാ അവേദ്യമിമീതാരരും**

**യുശ്ചതുഷ് പാത്**

ഇന്ദ്രൻ മനുഷ്യഹിതൈഷികളായ മരുത്തുക്കളോടു കൂടി ധനത്തെ പ്രേരിപ്പിച്ചിരുന്നു. അവൻ തന്റെ തേജസ്സാൽ തേജസ്വിയും വരു ണനു തുല്യം ശ്രേഷ്ഠമായ മഹിമയോടു കൂടിയവനും ആകുന്നു. യഥാ കാലം എല്ലാ ഉപാസകരും അവനെ രക്ഷകനായി മാനിക്കുന്നു. അവൻ നാലുപാദങ്ങളോടു കൂടിയ അരരു എന്ന ശത്രുവിനെ വധിച്ചു.

11 **അസ്യ സ്തോമേഭിരൗശിജ ഋജിശ്വാ വ്രജം ദരയദ്-**

**വൃഷഭേണ വിപ്രോഃ**

**സുത്വാ യദ് യജതോ ദീദയദ്ഗീഃ പുര ഇയാനോ**

**അഭി വർപസാ ഭൂത്**

ഉശിജന്റെ പുത്രനായ ഋജിശ്വാവ് ഇന്ദ്രന്റെ സ്തുതികൾ വഴി യായി വജ്രത്താൽ പിപ്രുവിന്റെ തൊഴുത്തിനെ വെട്ടിപ്പൊളിച്ചു. ഋജി ത്വാവ് സോമം സമർപ്പിച്ച് സ്തുതിച്ചപ്പോൾ ഇന്ദ്രൻ പ്രസന്നനാവുകയും ശത്രുക്കളുടെ നഗരങ്ങളെ അവൻ തകർക്കുകയും ചെയ്തു.

12 **ഏവാ മഹോ അസുര വക്ഷഥായ വമ്രകഃ**

**ഷഡ്ഭിരുപഃ സർപദിന്ദ്രം**

**സ ഇയാനഃ കരതി സ്വസ്തിമസ്മാ ഇഷമൂർജം**

**സുക്ഷിതിം വിശ്വമാഭാഃ**

ഹേ ഇന്ദ്രാ! അനേകം ഹവിസ്സുകൾ നൽകുവാനുള്ള ആഗ്ര ഹത്തോടു കൂടി ബഭ്രനായ ഞാൻ നിന്റെ സന്നിധാനത്തിൽ കാൽനട യായി വന്നു ചേർന്നിരിക്കുന്നു, നീ എന്നെ അനുഗ്രഹിച്ചാലും അതു പോലെ ശ്രേഷ്ഠമായ അന്നവും, മനോഹരമായ വീടും, എല്ലാ വസ്തുക്ക ളും, ബലവും എനിക്കു നൽകേണമേ

## അനുവാകം 8 സൂക്തം 100

ഋഷി-വന്ദനപുത്രൻ ദുവസ്യു, ദേവത-വിശ്വേദേവന്മാർ. ഛന്ദസ്- ജഗതി, ത്രിഷ് ടുപ്.

1 **ഇന്ദ്ര ദൃഹ്യമഘവന്ത്വാവ ദിദ്ഭുജ ഇഹ, സ്തുതഃ**

**സുതപാ ബോധി നോ വൃധേ**

**ദേവേഭിർനഃ സവിതാപ്രാവതു ശ്രുതമാ**

**സർവതാതി മദിതിം വൃണീമഹേ**

ഹേ ഇന്ദ്രാ! നീ ഐശ്വര്യവാനാണല്ലൊ. നിന്നെപ്പോലെ ശക്ത നായ ശത്രുവിനെ സംഹരിച്ച് ഞങ്ങളുടെ ഐശ്വര്യത്തെ വളർത്തിയാ ലും, നീ ഞങ്ങളുടെ സ്തുതികളെ സ്വീകരിച്ച് സോമപാനം ചെയ്താ ലും, ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി വന്നാലും സവിതാവും മറ്റു ദേവക ളോടു കൂടി ആഗതനായി ഞങ്ങളുടെ യജ്ഞത്തെ രക്ഷിക്കുമാറാക ണേ. ഞങ്ങൾ അദിതിയെ സ്തുതിക്കുന്നു.

2 **ഭരായ സു ഭരത ഭാഗമൃത്വിയം പ്ര വായവേ ശുചിപേ**

**കന്ദദിഷ്ടയേ**

**ഗൗരസ്യ യഃ പയസഃ പീതിമാനശ ആ സർവതാതി-**

**മദിതിം വൃണീമഹേ**

ഹേ ഋത്വിജന്മാരേ! യുദ്ധത്തിന്റെ സമയത്ത് വായുവിന് യജ്ഞാംശം നൽകുവിൻ. അവർ മധുരസോമം പാനം ചെയ്യുന്നവരാ ണല്ലോ. അവർ പോകുമ്പോൾ ശബ്ദമുണ്ടാക്കുന്നു. അവർ ഉജ്ജ്വലമായ ക്ഷീരം പാനം ചെയ്യുന്നു. ഞങ്ങൾ അദിതി മാതാവിനെ സ്തുതിക്കുന്നു.

3 **ആ നോ ദേവഃ സവിതാ സവിതാ സാവിഷദ്വയ**

**ഋജയതേ യജമാനായ സുന്വതേ**

**യഥാ ദേവൻ പ്രതിഭൂഷേമ പാകവദാ സർവതാതി**

**മദിതിം വൃണീമഹേ**

ഈ പിഴിയുന്ന യജമാനൻ സരളമാർഗ്ഗത്തിൽക്കൂടി യാചി ക്കുന്നവനാകുന്നു.സവിതാദേവൻ അയാൾക്ക് അന്നം പ്രദാനം ചെയ്യണേ. ആ അന്നം വഴിയായി ഞങ്ങൾ ദേവകളെ പൂജിക്കും, ഞങ്ങൾ അദിതിയെ സ്തുതിക്കുന്നു.

4 **ഇന്ദ്രോ അസ്മേ സുമനാ അസ്തു വിശ്വഹാ രാജാ**

**സോമഃ സുവിതസ്യാധ്യേതു നഃ**

**യഥായഥാ മിത്രധിതാനി സന്ദധുരാ**

**സർവതാംതി മദിതിം വൃണീമഹേ**

ഇന്ദ്രൻ എപ്പോഴും ഞങ്ങളിൽ പ്രസന്നനാകണേ, ഞങ്ങളുടെ യജ്ഞത്തിൽ സോമൻ ഉണ്ടായിരിക്കണേ, മിത്രങ്ങളുടെ അനുഗ്രഹത്തോടു കൂടി ഞങ്ങളുടെ യജ്ഞാനുഷ്ഠാനങ്ങൾ പൂർണ്ണമാകണേ. ഞങ്ങൾ അദിതിയെ സ്തുതിക്കുന്നു

5 **ഇന്ദ്ര ഉക് ഥേന ശവസാ പരുർദധേ ബൃഹസ്പതേ-**
**പ്രതരീതാസ്യായുഷഃ**
**യജ്ഞോ മനുഃ പ്രമതിർനഃ പിതാ ഹി കമാ**
**സർവതാതിമദിതിം വൃണീമഹേ**

ഇന്ദ്രന്റെ മഹിമ പ്രശംസനീയമാകുന്നു. ആ മഹിമയാലാണല്ലോ അവൻ ഞങ്ങളുടെ യജ്ഞത്തെ പാലിക്കുന്നത്, ഹേ ബൃഹസ്പതേ! ദീർഘായുസ്സ് നൽകുന്നതിൽ നീ പ്രസിദ്ധനാകുന്നു. ഈ യജ്ഞം ഞങ്ങളുടെ ഗതിയും മതിയുമാകുന്നു. അതു വഴി മംഗളമുണ്ടാകുന്നു. അതു തന്നെ ഞങ്ങളെ രക്ഷിക്കുന്നു, ഞങ്ങൾ അദിതിയേ സ്തുതിക്കുന്നു.

6 **ഇന്ദ്രസ്യ നു സുകൃതം ദൈവ്യം സഹോ ഗ്നീർ ഗൃഹേ**
**ജരിതാമേധിരഃ കവിഃ**
**യജ്ഞശ്ച ഭൂദ്വിദഥേ ചാരുരന്തമ ആ സർവതാതി-**
**മദിതിം വൃണീമഹേ**

ഇന്ദ്രൻ ദേവകൾക്കു ബലം നൽകിയിരിക്കുന്നു. വീടുകളിൽ വിരാജിക്കുന്ന അഗ്നി ദേവകാര്യം നിർവഹിക്കുന്നു, അവൻ തന്നെ യജ്ഞം നടത്തുകയും സ്തുതിക്കുകയും ചെയ്യുന്നു. യജ്ഞം നടക്കുമ്പോൾ അവൻ ദർശനീയനാകുന്നു. എല്ലാത്തിനേയും സ്വീകരിക്കുന്ന അദിതിയേ ഞങ്ങൾ സ്തുതിക്കുന്നു.

7 **ന വോ ഗുഹാ ചകൃമ ഭൂരി ദുഷ്കൃതം നാവിഷ്ട്യം**
**വസവോ ദേവഹേളനം**
**മാകിർനോ ദേവാ അനൃതസ്യ വർപസ**
**ആ സർവതാതിമദിതിം വൃണീമഹേ**

ഹേ വസുക്കളേ! നിങ്ങളിൽ നിന്നും ഒളിക്കത്തക്ക യാതൊരു അപരാധവും ഞങ്ങൾ ചെയ്തിട്ടില്ല. വെളിച്ചത്തിലും ഞങ്ങൾ അങ്ങനെയുള്ള യാതൊന്നും ചെയ്തിട്ടില്ല. തന്മൂലം ദേവകൾ ഞങ്ങളുടെ മേൽ ക്രോധിതരാകാതിരിക്കണേ, ഹേ ദേവന്മാരെ! നിങ്ങൾ ഞങ്ങൾക്കനിഷ്ടകരമായ യാതൊന്നും ചെയ്യരുതേ, ഞങ്ങൾ അദിതിയെ വരിക്കുന്നു.

8 **അപാമിവാം സവിതാ സാവിഷ്യന്ന്യഗ്വരീയ**
**ഇദപ സേധന്ത്വദ്രയഃ**
**ഗ്രാവാ യത്ര മധുഷുദുച്യതേ ബൃഹദാ**
**സർവതാതി മദിതിം വൃണീമഹേ**

എവിടെ മധു പിഴിയുന്ന അമ്മിക്കല്ല് സ്തുതിക്കപ്പെടുന്നുവോ, അവിടെയുള്ള സർവരോഗങ്ങളെയും സവിതാവകറ്റട്ടെ. അവിടെയുള്ള ഭീഷണവ്യാധികളെ പർവതങ്ങൾ നശിപ്പിക്കുന്നു. ഞങ്ങൾ അദിതിയേയും സ്തുതിക്കുന്നു.

9 **ഊർധ്വോ ഗ്രാവാ വസുവോ സ്തു സോതരി വിശ്വാ**
**ദ്വേഷാം സി സനുതര്യുയോത**
**സ നോ ദേവഃ സവിതാ പായുരീഡ്യ ആ**
**സർവതാതിമദിതിം വൃണിമഹേ**

ഹേ വസുക്കളെ! സോമം ഇടിക്കുന്ന അമ്മിക്കല്ലുയരുന്നതുവരെ നിങ്ങൾ ശത്രുക്കളെ വേർപ്പെടുത്തേണമേ. സവിതാവ് എപ്പോഴും രക്ഷിക്കുന്നു, അവനെ ഞങ്ങൾ സ്തുതിക്കുന്നു, എല്ലാത്തിനേയും വഹിക്കുന്ന ദേവമാതാവായ അദിതിയേ ഞങ്ങൾ സ്തുതിക്കുന്നു.

10 **ഊർജം ഗാവോ യവസേ പീവോ അത്തന ഋതസ്യ**
**യാഃ സദനേ കോശേ അങ്ധ്വേ**
**തനൂരേവ തന്വോ അസ്തു ഭേഷജമാ സർവതാതി**
**മദിതിം വൃണീമഹേ**

ഹേ ഗോക്കളേ! നിങ്ങൾ തൃണ പ്രദേശത്ത് ഇഷ്ടം പോലെ മേഞ്ഞു നടക്കുവിൻ, നിങ്ങൾ യജ്ഞത്തിൽ പാൽ നൽകുന്നുണ്ടല്ലോ, നിങ്ങളുടെ പാൽ സോമരസത്തിന്റെ ഗുണം പോലെ ഹിതകരമാകുന്നു,അദിതിയേ ഞങ്ങൾ സ്തുതിക്കുന്നു.

11 **ക്രതുപ്രാവാ ജരിതാ ശശ്വതാമവ ഇന്ദ്ര ഇദ്ഭദ്രാ**
**പ്രവതിഃ സുതാവതാം**
**പൂർണമൂധർദിവ്യം യസ്യ സിക്തയ ആ**
**സർവതാതി മദിതിം വൃണീമഹേ**

കർമ്മ പൂർത്തിപ്പെടുത്തുന്ന, ശ്ലാഘിക്കുന്ന സ്തുതിയാൽ പ്രസാദിക്കുന്ന ഇന്ദ്രൻ തന്നെ സോമം പിഴിയുന്നവർക്കെല്ലാവർക്കും രക്ഷകനാകുന്നു, ഇന്ദ്രൻ കടിക്കാനാണല്ലൊ ദിവ്യ കലശത്തിൽ സോമം നിറക്കുന്നത്. ഞങ്ങൾ അഖിലവർദ്ധിനായായ അദിതിയേയും സ്തുതിക്കുന്നു.

12 **ചിത്രസ്തേ ഭാനുഃ ക്രതുപ്രാ അഭിഷ്ടിഃ സന്തി**
**സ്പൃധോ ജരണിപ്രാ അധൃഷ്ടാഃ**
**രജിഷ്ഠയാ രാജ്യാ പശ്വ ആ ഗോസ് തൂതൂർഷതി**
**പര്യഗ്രം ദുവസ്യുഃ**

ഹേ ഇന്ദ്രാ! നീ അത്മുകരമായ തേജസ്സോടുകൂടിയവനാണല്ലോ, നിന്റെ തേജസ്സാൽ എല്ലാ കർമ്മങ്ങളും സമ്പന്നമാകുന്നു, ആ തേജസ്സിനെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ മഹാ കർമ്മങ്ങളെ സ്തുതിക്കുന്നവരുടെ ആഗ്രഹങ്ങൾ സഫലമാകുന്നു, ദുവസ്യുമഹർഷി നിന്റെ കൃപയാൽ പശുവിന്റെ കയർ പിടിച്ചു വലിക്കുന്നു, ഗോവാകുന്ന പശുവിന്റെ മുന്നിൽ വെമ്പി നടക്കുന്നു.

## സൂക്തം 101

ഋഷി-സോമപുത്രൻ ബുധൻ, ദേവത-വിശ്വേദേവകൾ
ഛന്ദസ്- ത്രിഷ് ടുപ്, ജഗതി, ഗായത്രി, ബൃഹതി.

1 **ഉദബുധ്യധ്വം സമനസഃ സഖായഃ സമഗ്നിമിന്ധ്വം**
**ബഹവഃ സനീളാഃ**
**ദധിക്രാമഗ്നിമുഷസം ച ദേവീമിന്ദ്രാവതോ**
**വസേ നി ഹ്വയേ വഃ**

ഹേ മിത്രങ്ങളായ ഋത്വിജന്മാരെ! നിങ്ങൾ ഏക മനസ്സോടെ ഭക്തിയുള്ളവരാകുവിൻ, നിങ്ങളെല്ലാം ഒരേ സ്ഥലത്തിരുന്ന് അഗ്നിയെ ജ്വലിപ്പിക്കുവിൻ, ഞാൻ ദധിക്രായേയും, ഉഷസ്സിനേയും, അഗ്നിയേയും, നിങ്ങളുടെ രക്ഷക്കായി വിളിക്കാം

2 **മന്ദ്രാ കൃണ്ധ്വംധിയ ആ തനുധ്വം**
**നാവമരിത്രപരണീ കൃണുധ്വം**
**ഇഷ്കൃണു ധ്വ മായുധാരം കൃണുധ്വം**
**പ്രാഞ്ചം യജ്ഞം പ്രണയതാ സഖായഃ**

ഹേ സഖാക്കളെ! ഹർഷപ്രദായകമായ സ്തുതികൾ ചമയ്ക്കുവിൻ അനന്തരം കൃഷിപ്പണി വളർത്തുവിൻ, കലപ്പത്തുണ്ടാകുന്ന തോണി മറു കരയ്ക്കെത്തിക്കുന്നതാകുന്നു, അതിനെ വഹിച്ച് കലപ്പയുടെ കരു തികഷ്ണമാക്കുവിൻ, അതിനുശേഷം ശ്രേഷ്ഠമായ യജ്ഞം ആരംഭിക്കുവിൻ

**3 യുനക്ത സീരാ വി യുഗാ തനുധ്വം കൃതേ യോനൗ വപതേഹ ബീജം**
**ഗിരാച ശ്രുഷ്ടിഃ സഭരാ അസന്നോ നേദീയ ഇത് സൃണയഃ പക്വമേയാത്**

ഹേ ഋത്വിജന്മാരെ! കലപ്പ കൊണ്ട് നിലമുഴുതുവിൻ, ഗോക്കളെ എഴുന്നേൽപ്പിക്കുവിൻ: ഈ വയലിൽ വിത്തു വിതറുവാൻ ഞങ്ങളുടെ സ്തുതികൾ വഴി പ്രചുരമായ പരിമാണത്തിൽ അന്നം ഉണ്ടാകട്ടെ, പിന്നെ വിളഞ്ഞ ധാന്യവവയലിൽ അരിവാൾ പതിക്കുവാൻ തുടങ്ങട്ടെ

**4 സീരാ യുഞ്ജന്തി കവയോ യുഗാവിതന്വതേ**
**പൃഥക് ധീരാ ദേവഷു സുമ്നയാ**

കലപ്പകൾ പൂട്ടപ്പെടുന്നു കർഷക വൃത്തിയിൽ കശലനായ വ്യക്തിനുകം വേർപ്പെടുത്തുന്നു, ആ സമയം ജ്ഞാനികളായ ജനങ്ങൾ ഉത്തമമായ സ്തുതികൾ ഉച്ചരിച്ചിരിക്കുന്നു.

**5 നിരാഹാവാൻകൃണോതന സം വരത്രാ ദധാതന**
**സിഞ്ചാമഹാ അവത മുദ്രിണം വയം സുഷേകമനു പക്ഷിതം**

മൃഗങ്ങൾക്ക് ജലം കുടിക്കാനുള്ള സ്ഥാനം നിർമ്മിക്കുവിൻ, കയറും കൊണ്ടു വരുവിൻ, ഞങ്ങൾ ഗംഭീരവും, സ്വച്ഛവുമായ ജലാശയത്തിൽ നിന്നും ജലമെടുത്ത് വയൽ നനയ്ക്കുന്നു

**6 ഇഷ്കൃതാഹാമവതം സുവരത്രം സുഷേചനം**
**ഉദ്രിണം സിഞ്ചേ അക്ഷിതം**

മൃഗങ്ങൾക്കു ജലം കുടിക്കാനുള്ള സ്ഥലം നിർമ്മിക്കപ്പെട്ടു, ജലപൂർണ്ണമായ വലിയ കുഴിയിൽ തോൽക്കുടം ഇറക്കി ജലം കോരിയെടുക്കുന്നു, അതിനാൽ ഇതിൽ നിന്നും ജലമെടുത്ത് സ്വന്തം വയലിനെ നനയ്ക്കുവിൻ

**7 പ്രീണീതാശ്വാൻഹിതം ജയാഥ സ്വസ്തിവാഹം രഥമിത് കൃണുധ്വം**
**ദ്രോണാഹാവമവതമശ്മചക്രമംസത്രകോശം സിഞ്ചതാ നൃപാണം**

കാളകൾക്ക് തീറ്റ കൊടുത്ത് തൃപ്തിപ്പെടുത്തുവിൻ, വയലിൽ കൊയ്തു കൂട്ടിയ ധാന്യക്കറ്റകൾ വഹിക്കുവിൻ. പിന്നെ അവയെ രഥത്തിൽ കയറ്റുവിൻ, മൃഗങ്ങളുടെ ജലസമ്പന്നമായ കുഴിയിൽ ഒരു കടം ഉണ്ടായിരിക്കും, അതിൽ കൽചക്രം ഉണ്ടായിരിക്കും. മനുഷ്യർക്കു വേണ്ടി കൂപമുണ്ടാക്കപ്പെട്ടു. അതിനെ ജലത്താൽ നിറയ്ക്കുവിൻ

**8 വ്രജം കൃണുധ്വം സ ഹി വോ നൃപാണോ വർമ സീവ്യധ്വം ബഹുലാ പൃഥു നീ**
**പുരഃ കൃണുധ്വമായസീരധൃഷ്ടാ മാ വഃ സുസ്രോച്ചമസോ ദൃഹതാ തം**

നിങ്ങൾ തൊഴുത്തുണ്ടാക്കുവിൻ, നിങ്ങളുടെ ദേവന്മാർക്കു കുടിക്കാൻ ഇടം ഇതാണല്ലോ, വിശാലമായ കവചങ്ങൾ തുന്നുവിൻ ഉടയ്ക്കാൻ വയ്യാത്ത ഇരുമ്പു പാത്രങ്ങൾ നിർമ്മിക്കുവിൻ, നിങ്ങളുടെ ചമസങ്ങൾ ചോർച്ച വരാത്ത വിധം നിർമ്മിക്കുവിൻ

**9 ആ വോ ധിയം യജ്ഞിയാം വർത ഊതയേ ദേവാ ദേവീം യജതാം യജ്ഞിയാമഹി**
**സാ നോ ധുഹീയദ്യവസേവ ഗത്വീ സഹസ്രധാരാ പയസാ മിഹീ ഗൗഃ**

ഹേ ദേവകളെ! ഞാൻ നിങ്ങളുടെ ശ്രദ്ധകയെ യജ്ഞത്തിലേയ്ക്കാകർഷിക്കുന്നു, എന്തു കൊണ്ടെന്നാൽ യജ്ഞം നിങ്ങൾക്കുഹവിർഭാഗം നൽകുന്നു, ഗോക്കൾ തൃണം ഭക്ഷിച്ച് പാൽ നൽകുന്നതു പോലെ നിങ്ങളുടെ ശ്രദ്ധ ഞങ്ങളുടെ അഭിലാഷങ്ങളെ പൂർണ്ണമാക്കണേ.

**10 ആ തൂഷിഞ്ച ഹരിമീം ദ്രോരുപസ്ഥേ വാശീഭിസ്തക്ഷതാശ്മന്മയീഭിഃ**
**പരിഷ്വജ ധ്വം ദശ കക്ഷ്യാഭിരുഭേ ധൂരൗ പ്രതി വഹ്നിം യുന ക്ത**

മരപ്പാത്രത്തിൽ സോമരസം പകരുവിൻ, കല്ലു കൊണ്ടുള്ള ആയുധത്താൽ പാത്രം നിർമ്മിക്കുവിൻ. പത്തു വിരലുകളിൽ പാത്രം പിടിക്കുവിൻ, രഥത്തിൽ മൃഗങ്ങളെ പൂട്ടുവിൻ

**11 ഉഭേ ധു രൗ വഹ്നിരാപിബ് ദമാനോ ന്തര്യോനേവ ചരതി ദ്വിജാനിഃ**
**വനസ്പതിം വന ആസ്ഥാപയധ്വം നി ഷൂ ദധിധ്വമഖനന്ത ഉത് സം**

രഥത്തിന്റെ അച്ചുതണ്ടിൽ ശബ്ദമുണ്ടാക്കി കൊണ്ട് മൃഗം രഥത്തെ വഹിച്ചു കൊണ്ടു പോകുന്നു. തടി കൊണ്ടുണ്ടാക്കിയ ശകടത്തെ മരം കൊണ്ടുണ്ടാക്കിയ ആധാരത്തിൽ തന്നെ ഉറപ്പിക്കുവിൻ

**12 കപൃന്നരഃ കപൃധമുദ്ദധാതന ചോദയത ഖുദത വാജസാതയേ**
**നിഷ്ടിഗ്ര്യഃ പുത്രമാ ച്യാവയോതയ ഇന്ദ്രം സബാധ ഇഹ സോമ പീതയേ**

ഹേ കർമ്മവാന്മാരെ! ഇന്ദ്രൻ സുഖം പ്രദാനം ചെയ്യുന്നുവാനാകുന്നു, ഇവന് മംഗളമയമായ സോമം സമർപ്പിക്കുവിൻ, അന്നദാനത്തിനു വേണ്ടി പ്രസാദിപ്പിക്കുവിൻ ഇവൻ അദിതിയുടെ പുത്രനാകുന്നു, നിങ്ങൾക്കെല്ലാം ആപത്തുകളോടും ഭയമുണ്ടല്ലോ, അതിനാൽ രക്ഷയ്ക്കു വേണ്ടി അവനെ ആഹ്വാനം ചെയ്യുവിൻ, അവൻ ഇവിടെ വന്ന് സോമം പാനം ചെയ്യണേ

## സൂക്തം 102

ഋഷി-ഭക്ഷ്യശ്വപുത്രൻ, മുദ്ഗലൻ, ദേവത-ഇന്ദ്രൻ
ഛന്ദസ്-ബൃഹതി, ത്രിഷ്ടുപ്

**11. പ്ര തേ രഥം മിഥുകൃതമിന്ദ്രോ വതു ധൃഷ്ണുയാ**
**അസ്മിന്നാജൗ പുരുഹൂതശ്രവായ്യേ ധനമക്ഷേഷു നോ വ**

യുദ്ധഭൂമിയിൽ നിങ്ങളുടെ രഥം അരക്ഷിതമാകുമ്പോൾ ദുർദർശനായ ഇന്ദ്രൻ അതിന്റെ രക്ഷകനാകണേ, ഹേ ഇന്ദ്രാ! നീ ഈ രണക്ഷേത്രത്തിൽ ധനലാഭത്തിന്റെ സമയത്ത് ഞങ്ങളുടെ രക്ഷകനാകുമാറാകണേ

**2 ഉതത് സ്മ വാതോ വഹതി വാസോ അസ്യാ അധിരഥം യദജയത്സഹസ്രം**

**രഥീരഭൂൻ ഗലാനീ ഗവിഷ്ടൗ ഭരേ കൃതം വൃചേ-ദിന്ദ്രേസനാ**

രഥാരൂഢയായ മൃദ്ഗലന്റെ ഭാര്യ ആയിരക്കണക്കിനു ഗോക്കളെ വിജയിച്ചെടുത്തപ്പോൾ വായു അവളുടെ വസ്ത്രങ്ങൾ ഉയർത്തി മൃദ്ഗല പത്നി ഇന്ദ്രസേനയിൽ തേരാളിയായി ശത്രുക്കളു മായി യുദ്ധം ചെയ്യുകയും അവരുടെ അനേകം ഗോധനത്തെ തട്ടി ക്കൊണ്ടു പോരുകയും ചെയ്തു.

3 **അന്തര്യച്ഛ ജിഘാംക്ഷതോ വജ്രമിന്ദ്രാഭിദാസതഃ ദാസസ്യ വാ മഘവന്നായസ്യ വാ സനുതര്യവയാ വധം**

ഹേ ഇന്ദ്രാ! ആര് ഞങ്ങളെ ഹിംസിക്കുവാനാഗ്രഹിക്കു ന്നുവോ അഥവാ ഞങ്ങളുടെ അനിഷ്ടം ആഗ്രഹിക്കുന്നുവോ അവന്റെ മേൽ വജ്രം പതിപ്പിക്കേണമേ, ആ ശത്രു ഏതു ജാതിയിൽപ്പെട്ടവനാ യാലും അവനെ നിന്റെ ദുർധർഷമായ ബലത്താൽ സംഹരിക്കേണമേ

4 **ഉദ്നോഹ്യദമപിപജ്ജർഹൃഷാണഃ കൂടം സ്മ തൃംഹദഭി മാതി മേതി**
**പ്ര മുഷ്ണഭാരഃ ശ്രവ ഇച്ഛമാനോ ജിരം ബാഹു അഭരത് സിഷാസൻ**

ഈ കാള ജലം കുടിച്ച് തൃപ്തനായി ഇവൻ തന്റെ കൊമ്പു കൊണ്ട് മൺകൂന ഇടിച്ചു തകർക്കുകയും ശത്രുവിന്റെ മേൽ ചാടി വീഴുകയും ചെയ്തു. അവൻ ഭക്ഷണമാശിച്ചു കൊണ്ട് തന്റെ കൊമ്പു കളെ തീക്ഷ്ണമാക്കി കൊണ്ട് ഇങ്ങോട്ട് വരുന്നു.

5 **ന്യക്രന്ദയന്നുപയന്ത ഏനമമേഹയൻവൃഷഭം മധ്യ ആജേഃ**
**തേന സുഭർവം ശതവത്സഹസ്രം ഗവാം മുദ്ഗലഃ പ്രധനേ ജിഗായ**

മനുഷ്യർ ഈ വൃക്ഷത്തെ ഉത്തേജിതനാക്കി അവൻ മുക്ര യിട്ടും മൂത്രം വീഴ്ത്തി, നല്ലവണ്ണം തീറ്റി, അവനെ പടക്കളത്തിൽ കൊണ്ടു പോയി നിർത്തി അവൻ വഴിയായി മുദ്ഗലൻ ആയിരകണക്കിനു നല്ല ഗോക്കളെ വശത്താക്കി.

6 **കകർദവേ വൃഷഭോ യുക്ത ആസീദവാവചീത്-സാരഥിരസ്യ കേശീ**
**ദുർധേർയുക്തസ്യ ദ്രവതഃ സഹാനസ ഋച്ഛന്തിഷ്മാ നിഷ്പദോ മുദ് ഗലാനീം**

ശത്രുക്കളെ കൊല്ലുന്നതിനു വേണ്ടി കാളകയെ പൂട്ടപ്പെട്ടു. അവന്റെ കയറു പിടിച്ചിരുന്ന മുദ്ഗല പത്നി ഗർജ്ജിച്ചു. ആ വൃഷഭം ശകടം വലിച്ചു കൊണ്ട് പടക്കളത്തിലേക്കു പാഞ്ഞെത്തി സേനക ളെല്ലാം അവളെ അനുഗമിച്ചു.

7 **ഉത പ്രധിമുദഹന്നസ്യ വിദ്വാനപായുനഗ്വം സഗമത്ര ശിക്ഷൻ**
**ഇന്ദ്ര ഉദാവത് പതിമഘ്ന്യാനാമരംഹത പദ്യമാഭിഃ കകുദ്മാൻ**

സമർത്ഥനായ മൃദ്ഗലൻ രഥത്തിന്റെ ചക്രങ്ങളെ നാലു ഭാഗ ങ്ങളിൽ നിന്നും ബാധിച്ചു, പിന്നെ അവൻ രഥത്തിൽ കാളയെ കെട്ടി, ഇന്ദ്രൻ ആ കാളയെ രക്ഷിച്ചപ്പോൾ അത് ദ്രുതഗതിയിൽ യുദ്ധമാർഗ്ഗ ത്തിൽ കൂടി പാഞ്ഞു പോയി.

8 **ശുനമഷ്ട്രാവ്യപരത് കപർദീ വരത്രായാം ദാർവാനഹ്യമാനഃ**
**നമ്ണാനി കൃണ്വന്വഹവേ ജനായ ഗാഃ പസ് പശാ-നസ്തവിഷീരധത്ത**

രഥത്തിന്റെ അവയവങ്ങളെ തോൽ ചരടു കൊണ്ടു കെട്ടി മുറുക്കിയപ്പോൾ അത് ശരിയാവണ്ണം ഉരുളുവാൻ തുടങ്ങി. അത് അനേ കർക്കുപകാരം ചെയ്തു. അത് അനേകം ഗോക്കളെയും കൊണ്ട് വീട്ടിൽ മടങ്ങിയെത്തി.

9 **ഇമം തം പശ്യ വൃഷഭസ്യ യുഞ്ജം കാഷ്ഠായാ മധ്യേ ദ്രുഘണം ശയാനം**
**യേന ജിഗായ ശതവത്സഹസ്രം ഗവാം മുദ്ഗലഃ പൃതനാജ്യേഷു**

ഇതാ, കാളയ്ക്കു തുണയായിരുന്ന മുൾത്തടി രണഭൂമിയിൽ കിടക്കുന്നു. മുദ്ഗലൻ കാളയെ കൂട്ടു പിടിച്ചു, ആ കാളയാൽ അയാൾ ആയിരകണക്കിനു ഗോക്കളെ വശത്താക്കി.

10 **ആ രേ അധാ കോ ന്വിത്ഥാ ദദർശ യം യുഞ്ജന്തി തമ്വാ സ്ഥാപയന്തി**
**നാസ്മൈ തൃണം നോദകമാ ഭരന്ത്യുത്തരോ ധുരോ വഹതി പ്രദേദിശത്**

അരികിൽ തന്നെ അഴൽ പെടുത്തുന്നവനെ ആര് ഇങ്ങനെ കാണും? ഇത് രഥത്തിനു വയ്ക്കാം, ആയുധവുമാക്കാം, ഇതിനു തൃണം കൊണ്ടു വരേണ്ടാ ജലവും കൊണ്ടു വരേണ്ടാ കൂടുതലായി ജയം വരുത്തി കൊണ്ട് രഥഭാരം വഹിച്ചു കൊള്ളും.

11 **പരിവൃക്തേവ പതിവിദ്യമാനട് പോപ്യാനാ കുചക്രേണേവ സിഞ്ചൻ**
**ഏഷൈഷ്യാ ചിദ്രഥ്യാ ജയേമ സുമംഗലം സിനവദസ്തു സാതം**

പതിവഹിനയായ നാരിക്കു തുല്ല്യം മുദ്ഗലന്റെ പത്നി തന്റെ ശക്തി പ്രയോഗം വഴിയായി പതിക്കു വേണ്ടി ധനം സമ്പാദിച്ചു, ഞങ്ങൾ ഇപ്രകാരമുള്ള സാരഥിയുടെ സഹായത്തോടു കൂടി വിജയം പ്രാപി ക്കുകയും അന്നധാനികൾ പ്രാപിക്കുകയും ചെയ്യണേ

12 **ത്വം വിശ്വസ്യ ജഗതശ്ചക്ഷു രിന്ദ്രാസി ചക്ഷുഷഃ**
**വൃഷാ യദാജിം വൃഷണാ സിഷാസസി ചോദയന്വ-ധ്രിണാ യുജാ**

ഹേ ഇന്ദ്രാ! നീ സകല ലോകങ്ങളുടെയും കണ്ണാകുന്നു, യാതൊരുത്തർക്ക് നേത്രങ്ങളുണ്ടോ, അവരുടെ നേത്രങ്ങളെ നീ പ്രകാ ശിപ്പിക്കുന്നു. നീ ആ രണ്ടശ്വങ്ങളേയും കയറിൽ ബന്ധിച്ച് തെളിച്ചു കൊണ്ട് ജലവൃഷ്ടിയും, ധനദാനവും ചെയ്യുന്നു യുദ്ധത്തിൽ എഴുന്ന ള്ളുന്നു.

## സൂക്തം 103

ഋഷി-ഇന്ദ്രപുത്രൻ അപ്രതിരഥൻ ദേവത-ഇന്ദ്രൻ, ബൃഹ സ്പതി, മരുത്തുക്കൾ, ഛന്ദസ്-ത്രിഷ്ടുപ്, അനുഷ്ടുപ്

1 **ആശുഃ ശിശാനോ വൃഷഭോ ന ഭീമോ ധനാധനഃ ക്ഷോഭണശ്ചർഷണീനാം**
**സങ് ക്രന്ദ നോ നിമിഷ ഏകവീരഃ ശതം സേനാ അജയത് സകമിന്ദ്രഃ**

ശത്രുക്കൾക്ക് തീക്ഷ്ണനായ ഇന്ദ്രൻ കൊടും കാളയേ

പോലെ ഭയങ്കരനും, മനുഷ്യരെ വിറപ്പിക്കുന്നവനും, വൈരികളെ നശിപ്പിക്കുന്നവനും ആകുന്നു, അവൻ എല്ലാം കാണുകയും ശത്രുക്കൾക്ക് പലവിധ കഷ്ടതകൾ നൽകുകയും ചെയ്യുന്നു, അവൻ തന്റെ മഹിമയാൽ വലിയ വലിയ സേനകളെ ജയിച്ചടക്കുന്നു.

2 സങ്ക്രന്ദനേനാ നിമിഷേണ ജിഷ്ണുനാ
യുത് കാരേണ ദുശ് ച്യവനേന ധൃഷ്ണുനാ
തദിന്ദ്രേണ ജയത തത്സഹധ്വം യുധോ നര
ഇഷുഹസ്തേന വൃഷ്ണാ

ഹേ വീരന്മാരെ! നിങ്ങൾ ഇന്ദ്രന്റെ സഹായത്തോടു കൂടി യുദ്ധത്തെ ജയിക്കുവിൻ, വിപക്ഷികളെ തോൽപിച്ചോടിപ്പിക്കുവിൻ, ഇന്ദ്രൻ എല്ലാവരുടെ മേലും ദൃഷ്ടി പതിപ്പിക്കുകയും ശത്രുക്കളെ കരയിക്കുകയും ചെയ്യുന്നു. അവൻ യുദ്ധത്തിൽ എപ്പോഴും വിജയിക്കുന്നു, അവൻ ബാണധാരിയും ദുർധർഷനും ആകുന്നു. അവൻ അവന്റെ സ്ഥാനത്തു നിന്നും മാറ്റുവാൻ ആർക്കും കഴിവില്ല, അവൻ മഴ പെയ്യിക്കുന്നവനാകുന്നു.

3 സ ഇഷുഹസ്തൈഃസ നിഷങ്ഗിഭിർവശീ
സം സ്രഷ്ടാ സ യുധ ഇന്ദ്രോ ഗണേന
സംസൃഷ്ടജിത് സോമപാ ബാഹുശർധ്യുഗ്രധന്വാ
പ്രതിഹിതാഭിരസ്താം

അവനോടുകൂടി ബാണവും രുണീരവും ധരിച്ചിട്ടുള്ള വീരന്മാരുണ്ട്. അവൻ സംഗ്രാമഭൂമിയിൽ ഭയങ്കരന്മാരായ ശത്രുക്കളെ കീഴടക്കുകയും, എല്ലാത്തിനേയും വശത്താക്കുകയും ചെയ്യും, അവനെ നേരിടുന്നവൻ എപ്പോഴും പരാജിതനാകുന്നു, അവന്റെ ധനുഷ് ഭയജനകമാണ്, അതിൽക്കൂടി ശരം വിക്ഷേപിച്ച് ശത്രുക്കളെ ധരാശായിയാക്കുന്നു, അവൻ സോമപാനിയുമാകുന്നു

4 ബൃഹസ്പതേ പരി ദീയാ രഥേന രക്ഷോഹാമിത്രാം
അപവാധമാന:
പ്രഭഞ്ജന്ത് സേനഃ പ്രമൃണോ യുധാ
ജയന്നസ്മാകമേ ധ്യവിതാ രഥാനാം

ഹേ ബൃഹസ്പതീ! രാക്ഷസന്മാരെ കൊല്ലുകയും ശത്രുക്കളെ പീഡിപ്പിക്കുകയും ചെയ്യേണമേ, നീ ശത്രുസേനകളെ നശിപ്പിച്ചു കൊണ്ട് രഥാരൂഢനായി ആഗതനാകേണമേ. നീ ഞങ്ങളുടെ രഥങ്ങളെ രക്ഷിക്കുകയും ശത്രുക്കളെ വിജയിക്കുകയും ചെയ്താലും

5 ബലവിജ്ഞായഃ സ്ഥവിര: പ്രവീരഃ സഹസ്വ
ന്വാജീസഹമാന ഉഗ്രഃ
അഭിവീരോ അഭിസത്വാ സഹോജാ ജൈത്രമിന്ദ്ര
രഥമാ തിഷ്ഠ ഗോവിത്

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ ബലത്തെ അറിയുന്നുണ്ടല്ലോ, നീ പ്രചണ്ഡബലവാനും, തേജസ്വിയും, ഉഗ്രകർമ്മാവും, പ്രാചീനനും, ശത്രുസംഹാരകനും ആകുന്നു, ബലപുത്രനായ നീ ഗോക്കളെ നേടുന്നതിനായി രഥത്തിൽ കയറി ശത്രുക്കളുടെ നേരേ പാഞ്ഞടുത്താലും

6 ഗോത്രമിദം ഗോവിദംവ ജ്രുബാഹും ജയന്തമജ്മ
പ്രമൃണന്ത മോജസാ
ഇമം സജാതാ അനു വീരം ധ്വമിന്ദ്രം സഖായോ
അ നു സം രഭധ്വം

മേഘങ്ങളെ കീറിപ്പിളരുന്ന ഇന്ദ്രൻ തന്നെ ഗോക്കളെ നേടുന്നു. ഹേ വീരന്മാരെ! ഇവന്റെ നേതൃത്വത്തിൽ മുന്നേറുകയും തങ്ങളുടെ വീരകർമ്മങ്ങളെ പ്രകടമാക്കുകയും ചെയ്യുവിൻ, ഹേ മിത്രങ്ങളേ! ഇവനെ അനുകൂലനാക്കി സ്വന്തം പരാക്രമം പ്രകടമാക്കുവിൻ.

7 അഭി ഗോത്രാണി സഹസാ ഗാഹമാനോ ദയോ
വീരഃ ശതമന്യുരിന്ദ്രഃ
ദുശ്ച്യവനഃ പൃതനാഷ ളയുധ്യോ സ്മാകം സേനാ
അവതു പ്ര യത്സു

ശതകർമ്മാവായ ഇന്ദ്രൻ മേഘങ്ങളുടെ നേരേ പാഞ്ഞു ചെല്ലുന്നു, അവൻ സ്വസ്ഥാനത്തു നിന്നും ഒരിക്കലും വീഴുന്നില്ല, അവൻ സ്വകരങ്ങളിൽ വജ്രം പിടിച്ച് ശത്രുക്കളുടെ മേൽ വിജയം വരിക്കുന്നു, ആ ഇന്ദ്രനോട് യുദ്ധം ചെയ്യുവാൻ ആരും സാഹസപ്പെടുന്നില്ല, രണക്ഷേത്രത്തിൽ അവൻ ഞങ്ങളുടെ സേനകളുടെ രക്ഷകനാകുന്നു.

8 ഇന്ദ്ര ആസാം നേതാ ബൃഹസ്പതിർദക്ഷിണാ
യജ്ഞഃ പുര ഏതു സോമഃ
ദേവസേനാനാമഭിഭ ഞ്ജയന്തീനാം മരുതോ
യന്ത്വഗ്രം

ഇന്ദ്രൻ അധ്യക്ഷനായിരിക്കുന്ന സേനകളുടെ ദക്ഷിണ ഭാഗത്ത് ബൃഹസ്പതി വസിക്കട്ടെ. യജ്ഞത്തിലുപയുക്തമായ സോമം അവന്റെ കൂട്ടുകാരനാകണേ. ശത്രുക്കളെ വീഴിക്കുന്ന വിജയ വാഹിനികളായ ദേവസേനകളുടെ മുന്നിൽ ഉഗ്രന്മാരായ മരുത്തുക്കൾ നടക്കട്ടെ.

9 ഇന്ദ്രസ്യ വൃഷ്ണോ വരുണസ്യ രാജ്ഞ
ആദിത്യാനാം മരുതാം ശർധ ഉഗ്രം
മഹാമനസാം ഭുവനച്യവാനാം ഘോഷോ ദേവാനാം
ജയദാമുദസ്ഥാത്

ഇന്ദ്രാ! നീ ജലവർഷകനാകുന്നു, ഇന്ദ്രനോടൊപ്പം തന്നെ വരുണനും, ആദിത്യന്മാരും, മരുത്തുക്കളും ഉഗ്രകർമ്മാക്കളാകുന്നു, ദേവന്മാരെല്ലാം കൂടി ലോകത്തെ വിറപ്പിക്കുമ്പോൾ എല്ലായിടത്തും വലിയ കോലാഹലം ഉണ്ടാകുവാൻ തുടങ്ങും.

10 ഉദ്ധർഷയ മഘവന്നായുധാന്യുത്സത്വാനാം
മാമകാനാം മനാംസി
ഉദ്വൃത്രന്വാജിനാം വാജിനാന്യുദ്രയാനാം ജയതാം
യന്തു ഘോഷാഃ

ഹേ ഇന്ദ്രാ! നിന്റെ ആയുധങ്ങളെ ഉയർത്തിയാലും, ഞങ്ങളുടെ വീരന്മാരുടെ മനസ്സുകളിൽ ഉത്സാഹം നിറച്ചാലും. ഞങ്ങളുടെ അശ്വങ്ങൾ വേഗമേറിയവയകാട്ടെ, അപ്പോൾ വിജയിക്കുന്ന രഥം ധ്വനിമുഴക്കട്ടെ.

11 അസ്മാകമിന്ദ്രഃ സമൃതേഷു ധ്വചേഷ്വസ്മാകം യാ
ഇഷവുസ്താ ജയന്തു
അസ്മാകം വീരാ ഉത്തരേ ഭാവന്ത്വസ്മാം ഉ ദേവാ
അവതാഹവേഷു

ഞങ്ങൾ യുദ്ധത്തിനു വേണ്ടി പതാക പറത്തുമ്പോൾ ഇന്ദ്രൻ ഞങ്ങളുടെ പക്ഷത്തു വന്നുചേരണേ. ഞങ്ങളുടെ അമ്പുകൾ ഞങ്ങളെ വിജയികളാക്കണേ, ഞങ്ങളുടെ വീരന്മാർ ഉഗ്രകർമ്മാക്കളാകുന്നു, ഹേ ദേവന്മാരേ! യുദ്ധത്തിൽ ഞങ്ങളുടെ രക്ഷകരാകേണമേ

12 അമീഷാം ചിത്തം പ്രതിലോഭയന്തീ
ഗൃഹാണാങ് ഗന്യപ്വേ പരേഹി

**അഭിപ്രേഹി നിർഭഹ ഹൃത്സു ശോർക്കൈരന്ധേനാ**

**മിത്രാ സ്തമസാ സചന്താം**

ഹേ പാപാഭിമാനികളായ ദേവന്മാരേ! നിങ്ങൾ ഇവിടം വിട്ടു പോകുവിൻ, ആ ശത്രുക്കളുടെ അടുക്കൽ ചെന്ന് അവരുടെ ഹൃദയങ്ങളെ പ്രലോഭിപ്പിക്കുവിൻ, അവരുടെ ശരീരങ്ങളിൽ വസിച്ച് അവരെ ശോകത്താൽ ദഹിപ്പിക്കുവിൻ. അവർ ഘോരാന്ധകാരം നിറഞ്ഞ രാത്രിയെ പ്രാപിക്കട്ടെ.

13 **പ്രേതാ ജയതാ നര ഇന്ദ്രോ വഃ ശർമ യഛാ**

**ഉഗ്രാ വഃ സന്തു ബാഹവോ നാധൃഷ്യാ യഥാസഥ**

ഹേ മനുഷ്യരേ! മുന്നേറുവിൻ, നിങ്ങൾ വിജയം പ്രാപിക്കട്ടെ, നിങ്ങൾ ഭയങ്കരവീരന്മാരായിരിക്കുന്നതു പോലെ നിങ്ങളുടെ ബാഹുക്കളും ഉഗ്രകർമ്മാക്കളാകണേ, ഇന്ദ്രൻ നിങ്ങളെ രക്ഷിക്കുമാറാകണേ

## സൂക്തം 104

ഋഷി-വിശ്വാമിത്രപുത്രൻ അഷ്ടകൻ, ദേവത-ഇന്ദ്രൻ

ഛന്ദസ്- ത്രിഷ്ടുപ്

1 **അസാവി സോമഃ പുരുഹൂത തുഭ്യം ഹരി ഭ്യാം**

**യജ്ഞമുപ യാഹി തൂയം**

**തുഭ്യം ഗിരോ വിപ്രവീരാ ഇയാനാ ദധിന്വര ഇന്ദ്ര**

**പിബാ സുതസ്യ**

ഹേ ഇന്ദ്രാ! നീ അനേകരാൽ വിളിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ ഇവിടെ സോമം സംസ്കരിക്കപ്പെട്ടിരിക്കുന്നു, നീ അശ്വങ്ങൾ രണ്ടിനോടും കൂടി അതി വേഗം ഇവിടെ വരണേ, സ്തോതൃമുഖ്യന്മാർ സ്തുതിച്ച് കൊണ്ട് തയ്യാറാക്കിയ ഈ സോമം പാനം ചെയ്യണേ.

2 **അപ് സു ധൂതസ്യ ഹരിവഃ പിബേഹ നൃഭിഃ സുതസ്യ**

**ജഠരം പൃണസ്വ**

**മിമക്ഷുര്യമദ്രയ ഇന്ദ്ര തുഭ്യം തേഭിർവർധസ്വ**

**മദമുക് ഥവാഹഃ**

ഹേ ഇന്ദ്രാ! നീ സ്വന്തം ഹരിതാശ്വങ്ങളുടെ അധിപനാണല്ലോ. യജ്ഞകർത്താവിവിടെ കൊണ്ടു വന്നിരിക്കുന്ന ജലത്തിൽ കലർത്തിയ സോമത്തെ നീ പാനം ചെയ്ത് ഉദരത്തെ നിറച്ചാലും, നിനക്കു വേണ്ടി അമ്മിക്കല്ലു കൊണ്ട് ചതച്ചു പിഴിഞ്ഞ മധുരസോമത്താൽ മത്തനായി ശ്രേഷ്ഠമായ സ്തുതികളാൽ പ്രസന്നനായാലും

3 **പ്രോഗാം പീതിം വൃഷ്ണ ഇയർമി സത്യാം പ്രയൈ**

**സുതസ്യ ഹര്യശ്വ തുഭ്യം**

**ഇന്ദ്ര ധേനാഭിരിഹി മാദയസ്വ ധീഭിർവിശ്വാഭിഃ**

**ശച്യാ ഗൃണാനഃ**

ഹേ ഇന്ദ്രാ! നീ അശ്വാധിപനാകുന്നു, ഹേ വർഷകാ ഈ സോമം പിഴിഞ്ഞിരിക്കുന്നു, ഞങ്ങൾ നിന്റെ ആഗമനം അറിഞ്ഞു കൊണ്ട് നിനക്കായി ഈ സോമം വെച്ചിരിക്കുന്നു, നീ ഉൽകൃഷ്ടാസ്തോത്രങ്ങളാൽ പ്രസാദിച്ചാലും, നിന്നെ പലവിധത്തിലും ഈ സ്തോത്രങ്ങൾ വളർത്തുന്നു

4 **ഊതീ ശചീവസ്തവ വീര്യേണ വയോ ദധാനാ**

**ഉശിജ ഋതജ്ഞാഃ**

**പ്രജായദിന്ദ്ര മനുഷോ ദുരോണേ തസ്ഥുർഗൃണന്തഃ**

**സധമാദ്യാസഃ**

ഹേ ഇന്ദ്രാ! നീ സമർത്ഥനാകുന്നു, ഈ ഉശിജവംശജൻ നിന്റെ യജ്ഞത്തിൽ പ്രവർത്തിക്കുന്ന നിന്നെ അഭയം പ്രാപിച്ചവർ നിന്റെ കൃപയാൽ അന്നം പ്രാപിക്കുകയും സന്താനയുക്തനായി യജമാനനു നൽകപ്പെട്ട ഗൃഹത്തിൽ വസിക്കുകയും ചെയ്യുന്നു. അവരെല്ലാം സുഖമുള്ളവരും നിന്നെ എപ്പോഴും സ്തുതിക്കുന്നവരുമായിരിക്കുന്നു.

5 **പ്രണീതിമിഷ്ടേ ഹരിശ്വ സുഷ്ടോഃ സുഷുമനസ്യ**

**പുരുരുചോ ജനാസഃ**

**മഹിഷ്ഠാമൂതിം വിതിരേ ദധാനാഃ സ്തോതാര ഇന്ദ്ര**

**തവ സൂനൃതാഭിഃ**

ഹേ ഹര്യശ്വാ! ഇന്ദ്രാ! നിന്റെ യശസ്സ് അത്യന്തം ശ്രേഷ്ഠവും, നിന്റെ ധനം അമൃതം നിറഞ്ഞതും, നീ എല്ലാ വിധത്തിലും തേജസ്വിയും ആകുന്നു, നീ സ്തോതക്കൾക്കു കൊടുത്ത ധനത്താൽ അവർ സുഖികളായി നിന്നെ സ്തുതിച്ച് കൊണ്ട് നിന്റെ രക്ഷയെ പ്രാപിക്കുന്നു.

6 **ഉപ ബ്രഹ്മാണി ഹരിവോ ഹരിഭ്യാം സോമസ്യ**

**യാഹി പീതയേ സുതസ്യ**

**ഇന്ദ്ര ത്വാ യജ്ഞഃ ക്ഷമമാണമാനഡ് ദാശ്വാം**

**അസ്യധ്വരസ്യ പ്രകേതഃ**

ഹേ ഹര്യശ്വനായ ഇന്ദ്രാ! നിനക്കു വേണ്ടി പിഴിഞ്ഞിരിക്കുന്ന സോമം പാനം ചെയ്ത് രണ്ട് അശ്വങ്ങളോടുകൂടി യജ്ഞത്തിൽ ആഗതനാകേണമേ, ഹേ ഇന്ദ്രാ! ഈ യജ്ഞം നിന്നെ തന്നെ പ്രാപിക്കുന്നു. നീ യജ്ഞത്തെ കണ്ടു കൊണ്ട് ധനം നൽകണേ, നീ മഹാശക്തനാണല്ലോ

7 **സഹസ്രൂവാജമഭിമാതിഷാഹം സൂതേരണം**

**മഘവാനം സുവൃക്തിം**

**ഉപ ഭ്രഷന്തി ഗിരോ അപ്രതീതമിന്ദ്രം നമസ്യാ**

**ജരിതുഃ പനന്ത**

ശത്രുക്കളെ പരാജയപ്പെടുത്തുന്നവനും, അന്നവാനും, സോമത്താൽ ഇമ്പം കൊള്ളുന്നവനുമായ ഇന്ദ്രനെ സ്തുതിക്കുമ്പോൾ സുഖം പ്രാപ്തമാകുന്നു, ആർക്കും ആ ഇന്ദ്രനെ എതിർക്കുവാനുള്ള കഴിവില്ല, അവൻ സ്ത്രോതങ്ങളാൽ അലം കൃതനാകുന്നു, നമസ്ക്കാരങ്ങളാൽ അവൻ പൂജിക്കപ്പെടുന്നു

8 **സ്പതാപോ ദവീഃ സുരണാ അമൃക്താ യാഭിഃ**

**സ്ന്ധു മതര ഇന്ദ്ര പൂർഭിത്**

**നവതിം സ്രോത്യാ ന വച സ്രവന്തീർദേവേഭ്യോ**

**ഗാതും മനുഷേ ച വിന്ദഃ**

ഹേ ഇന്ദ്രാ! നീ ദേവന്മാർക്കും മനുഷ്യർക്കും വേണ്ടി തൊണ്ണൂറ്റൊൻപതു നദികൾക്ക് ഒഴുകുവാനുള്ള വഴി നിർമ്മിച്ചു, ഗംഗാദിസ്പത നദികൾ വഴിയായി നീ ശത്രുക്കളുടെ നഗരങ്ങളെ നശിപ്പിക്കുകയും സമുദ്രത്തെ ജലത്താൽ പരിപൂർണ്ണമാക്കുകയും ചെയ്തു.

9 **അപോ മഹീരഭിശസ്തേരമുഞ്ചോ ജാഗരാസ്വാധ**

**ദേവ ഏകഃ**

**ഇന്ദ്ര യാസ്ത്വം വൃത്രതൂര്യേ ചകർഥ താഭിർ–**

**വിശ്വായുസ്തന്വം പുപുഷ്യാഃ**

നീ ജലം കൊണ്ടു വരുവാനായി ഏകനായി തന്നെ പുറപ്പെട്ടു, നീ ജലവാഹിയായ മേഘത്തെ പിളർത്തി, നീ നിന്റെ വൃത്രഹനകർമ്മം വഴിയായി സകല ജീവകോടികളേയും പരിപാലിച്ചിരിക്കുന്നു.

10 **വീരേണ്യഃ ക്രതുരിന്ദ്രഃ സുശസ്തിരുതാപി ധേനാ**

**പുരുഹൂതമീട്ടേ**

**ആർദയദ്വ്യത്രമകൃണോദു ലോകം സമാഹേ ശക്രഃ**

**പൃതനാ അഭിഷ്ടഃ**

ഇന്ദ്രനെ സ്തുതിക്കുമ്പോൾ മംഗളമുണ്ടാകുന്നു, എന്തുകൊണ്ടെന്നാൽ അവൻ മഹാ ബലവാനും, കർമ്മവാനും ആകുന്നു, ശ്രേഷ്ഠങ്ങളായ സ്തോത്രങ്ങൾ രചിക്കപ്പെട്ട് അവൻ പൂജിക്കപ്പെടുന്നു, അവൻ ശത്രുക്കളെ പരാജിതരാക്കി വൃത്രനെ സംഹരിച്ചു തന്മൂലം വിശ്വം അഭിവൃദ്ധി പ്രാപിച്ചു.

11 **ശു ഹുവേമ മഘവാനമിന്ദ്രമസ് മിൻഭരേ നൃതമം വാജസാതൗ**

**ശൃണ്വന്തഗ്രമൂതയേ സമത് സു ഘ് നന്തം വൃത്രാണി സഞ്ജിതം ധനാനാം**

ഇന്ദ്രൻ തന്റെ ഉപാസകരുടെ രക്ഷയ്ക്കു വേണ്ടി ഭയങ്കര രൂപനായി യുദ്ധത്തിൽ ശത്രുക്കളെ വധിക്കുകയും ധനം നേടുകയും ചെയ്യുന്നു, അവൻ ഐശ്വര്യവാനും സ്ഥൂലകായനും ആകുന്നു, പടക്കളത്തിൽ ധനം വിതരണം ചെയ്യപ്പെടുമ്പോൾ ഇന്ദ്രന്റെ അധ്യക്ഷതയിൽ അക്കാര്യം ഭംഗിയായി നിർവ്വഹിക്കപ്പെടുന്നു, ഞങ്ങൾ ഇന്ദ്രനെത്തന്നെ ആഹ്വാനം ചെയ്യുന്നു

## സൂക്തം 105

ഋഷി-കത്സ പുത്രൻ ഭുർമ്മിത്രൻ ദേവത- ഇന്ദ്രൻ

ഛന്ദസ്-ഗായത്രി, ഉഷ്ണിക, പിപീലിക മധ്യാത്രിഷ് ടുപ്

11. **കദാ വസോ സ്തോത്രം ഹർയുത ആവ**

**ശ്മശാ രുധദ്വാഃ ദീർഘംസുതം വാതപ്യായ**

ഹേ ഇന്ദ്രാ! നീ സ്തുതികളെ ഇഷ്ടപ്പെടുന്നു, ഈ സ്തുതി നിന്റേതു തന്നെയാണല്ലോ, മധുരമായ ഈ സോമരസം നിനക്കു സമർപ്പിക്കുന്നു, വൃഷ്ടികാമന്മാരായ ഞങ്ങളുടെ വയലുകളെ നീ ജലത്താൽ പരിപൂർണ്ണമാക്കണേ

2 **ഹരീ യസ്യ സുയുജാ വിവ്രതാ വേരർവന്താ**

**നു ശേപാ ഉഭാ രജീ ന കേശിനാ പതിർദൻ**

അനന്തകർമ്മാവായ ഇന്ദ്രന്റെ അശ്വങ്ങൾ രണ്ടും സമർത്ഥരാകുന്നു, അവയുടെ രോമങ്ങൾ ഉജ്ജ്വലങ്ങളാകുന്നു, ആ അശ്വങ്ങളുടെ സ്വാമിയായ ഇന്ദ്രൻ ധനദാനത്തിനു വേണ്ടി ഇവിടെ വരുമാറാകണേ

3 **ആപ യോരിന്ദ്രഃ പാപജ ആ മർതോ ന**

**ശശ്രമാണോ വിഭീവാൻ**

**ശുഭേയുധ്യയുജേ തവിഷിവാൻ**

ബലവാനായ ഇന്ദ്രൻ തന്റെ അശ്വങ്ങളെ രഥത്തിൽ പൂട്ടുമ്പോൾ എല്ലാ ജീവികളും സുഖികളാകകയും അവരുടെ പാപഫലം നശിക്കുകയും ചെയ്തു.

4 **സചയോരിന്ദ്രശ്ചർകൃഷ ആം ഉപാനസഃ സപര്യൻ**

**നദയോർവിവ്രതയോഃ ശൂരഃ ഇന്ദ്രഃ:**

ഇന്ദ്രൻ മനുഷ്യരുടെ പൂജകളെ സ്വീകരിച്ച് കൊണ്ട് ധനമെല്ലാം ശേഖരിച്ചു, പിന്നെ അവൻ തന്റെ വിഭിന്നകർമ്മികളും നടക്കുമ്പോൾ ശബ്ദമുണ്ടാക്കുന്നവയുമായ അശ്വങ്ങളെ നടത്തി

5 **അധി യസ്തസ്ഥൗ കേശവന്താ വ്യചസ്വന്താ ന**

**പുഷ് ട്യൈ:**

**വനോതി ശിപ്രാഭ്യാം ശിപ്രിണീവാൻ**

ഇന്ദ്രൻ തന്റെ അശ്വങ്ങളിലാരുഢനായി അവൻ യജ്ഞത്തിലെത്തി തന്റെ ശരീരത്തെ പുഷ്ടിപ്പെടുത്തുന്നതിന് ശ്രേഷ്ഠമായ താടിയിളക്കി ഹവിസ്സ് കൊണ്ടു വരുവാൻ ആജ്ഞാപിച്ചു

6 **പ്രാസ്തൗദ്യ ഷ്വൗജാ ഋഷ്വേഭിസ് തതക്ഷ**

**ശൂരഃ ശവസാ ഋഭുർന ക്രതുഭിർമാതരിശ്വാ**

ഇന്ദ്രൻ സൗന്ദര്യസമ്പന്നനും മഹാശക്തിമാനും ആകുന്നു, അവൻ മരുത്തുക്കൾ സഹിതം യജമാനന്റെ കർമ്മങ്ങളെ പ്രശംസിക്കുന്നു. ഋഭുക്കൾ രഥാദികളെ രചിച്ചതുപോലെ ഇന്ദ്രൻ അനേകം വീരകർമ്മങ്ങൾ ചെയ്തു

7 **വജ്രം യശ്ചക്രേ സുഹനായ ദസ്യവേ ഹിരീമ ശോ ഹിരീമാൻ**

**അരുതഹനുരദ് ഭുതം ന രജഃ**

ഇന്ദ്രന്റെ താടിയും മീശയും ഹരിതവർണ്ണത്തോടുകൂടിയതാകുന്നു, അവന്റെ കുതിരകൾ പച്ച വർണ്ണത്തോടു കൂടിയതാകുന്നു, അവന്റെ അണക്കെട്ടും ശോഭാസമ്പന്നമാകുന്നു. അവൻ ആകാശ തുല്ല്യം വിശാലനാകുന്നു, രാക്ഷസന്മാരെ കൊല്ലുവാൻ അവൻ കരങ്ങളിൽ വജ്രമെടുത്തിരുന്നു.

8 **അവ നോ വൃജിനാ ശിശീഹ്യറ് വനേമാനൃചാഃ**

**നാബ്രഹ്മാ യജ്ഞ ഋധഗ് ജ്യോഷതിത്വേ**

ഹേ ഇന്ദ്രാ! ഞങ്ങളുടെ എല്ലാ പാപങ്ങളെയും നശിപ്പിക്കേണമേ, വേദവിരോധികളായ മനുഷ്യരെ മന്ത്രങ്ങളാൽ നശിപ്പിക്കുവാൻ ഞങ്ങൾ സമർത്ഥരാകണേ, സ്തോത്രം ഉച്ചരിക്കപ്പെടാത്ത യജ്ഞത്തെ നീ ഇഷ്ടപ്പെടുന്നില്ലല്ലൊ

9 **ഊർധ്വാ യത്തേ ത്രേതിനീ ദഭ്യജ്ഞസ്യ ധൂർഷു സദ്മൻ**

**സജൂർനാവം സ്വയശസം സചായോഃ**

ഹേ ഇന്ദ്രാ! യജ്ഞത്തിന്റെ ഭാരം വഹിക്കുന്നവരായ ഋത്വിജന്മാർ യജ്ഞകർമ്മം ആരംഭിച്ചപ്പോൾ നീ യജമാനന്റെ തോണിയിൽ കയറി അവനെ അക്കരെ കടത്തിയാലും

10 **ശ്രിയേ തേ പൃശ്നിരുപസേചനീ ഭൂച്ഛരുയേ ദർവിരപോഃ**

**യയാ സ്വേ പാത്രേ സ്ഞ്ചസ ഉത്**

പയസ്വിനിയായ ഗോവ് നിങ്ങൾക്കു മംഗളമരുളണേ, നിന്റെ പാത്രത്തിലേയ്ക്കു സോമം പകർന്നെടുക്കുന്ന ആ പാത്രം മംഗളകാരിയാകട്ടെ

11 **ശതം വാ യദസൂര്യ പ്രതി ത്വാ സുമിത്ര**

**ഇത്ഥാസ് തൗദ് ദുർമിത്ര ഇത്ഥാസ്തൗത്**

**ആവോ യദ്ദസ്യുഹത്യേ കുത്സപുത്രം പ്രാവോ**

**യദ്ദസ്യുഹത്യേ കുത്സവത്സം**

ഹേ ഇന്ദ്രാ! സുമിത്രൻ നിന്നെ പ്രസന്നനാക്കുവാൻ നൂറു സ്തോത്രങ്ങളുച്ചരിച്ചു, ദുർമിത്രനും നിന്നെ സ്തുതിച്ചിരുന്നു, നീ രാക്ഷസന്മാരെ വധിച്ച സമയം കുത്സപുത്രനെ രക്ഷിച്ചുവല്ലോ.

## സൂക്തം 106

ഋഷി-കശ്യപപുത്രൻ ഭൂതാംശൻ ദേവത-അശ്വിനികൾ

ഛന്ദസ്-ത്രിഷ്ടുപ്

1.1 **ഉഭാ ഉ നൂനം തദിദർഥയേഥേ വി തന്വാഥേ ധിയോ**

**വസ്ത്രാപസേവ**
**സധ്രീചീനാ യാതവേ പ്രേമജീഗഃ സുദിനേവ പൃക്ഷ**
**ആ തംസയേഥേ**

വസ്ത്രം നെയ്യുന്നവൻ അതു നെയ്ത് നെയ്ത് വലുതാക്കുന്നതു പോലെ നിങ്ങൾ ഞങ്ങളുടെ സ്തോത്രങ്ങളെ വളർത്തുന്നു, നിങ്ങൾ രണ്ടു പേരും ഒരേ സമയം വരുന്നു, ഇതിനെ ഉല്ലേഖനം ചെയ്ത് കൊണ്ട് ഈ യജമാനൻ നിങ്ങളെ സ്തുതിക്കുന്നു, നിങ്ങൾ സൂര്യചന്ദ്രൻമാരെപ്പോലെ വാദ്യാന്നങ്ങളെ തേജസ്സാൽ പരിപൂർണ്ണമാക്കിയിരിക്കുന്നു.

2 **ഉഷ്ടാരേവ ഫർവരേഷു ശ്രയേഥേ പ്രായോഗേവ**
**ശ്വാ ത്ര്യാ ശാസുരേഥഃ**
**ദൂതേവ ഹി ഷ്ടോ യശസാ ജനേഷു മാപ സ്ഥാതം**
**മഹിഷേവാവപാനാത്**

രണ്ടു കാളകൾ ഏപ്രകാരം തൃണയുക്തമായ ഭൂമിയിൽ തൃണം ഭക്ഷിച്ചു നടക്കുന്നുവോ അതു പോലെ തന്നെ നിങ്ങൾ യജ്ഞത്തിൽ ദാനം ചെയ്യുന്നവരോടു കൂടി സഞ്ചരിക്കുന്നു, രഥത്തിൽ പൂട്ടപ്പെട്ട അശ്വദ്വയത്തേപ്പോലെ ധനം നൽകുന്നതിനു വേണ്ടി നിങ്ങൾ സ്തോതാക്കളുടെ അടുക്കലെത്തുന്നു, ജലം കുടിക്കുവാനുള്ള സ്ഥലത്തു നിന്നും മാറി പോകാത്ത പോത്തുകളെപ്പോലെ നിങ്ങൾ സോമം പാനം ചെയ്യുന്ന സ്ഥാനത്തു നിന്നും മാറിപ്പോകരുത്, നിങ്ങൾ തേജസ്വിയായ ദൂതനു തുല്യം ഉപാസകരുടെ അടുക്കൽ പോകുവിൻ

3 **സാകം യുജാ ശകുനസ്യേവ പക്ഷാ പശ്വേവ ചിത്രാ**
**യജ്ഞുരാ ഗമിഷ്ഠം**
**അഗ്നിരിവ ദേവയോർദീദിവാംസാ പരിജ് മാനേവ**
**യജഥഃ പുരുത്രാ**

പക്ഷിയുടെ ചിറകുകൾ രണ്ടും ഒന്നിച്ചുചേർന്നിരിക്കുന്നതു പോലെ നിങ്ങൾ രണ്ടു പേരും സംയുക്തരായിരിക്കുന്നു. ഈ യജ്ഞത്തിൽ നിങ്ങളുടെ ആഗമനം രണ്ടു വിചിത്രമൃഗങ്ങളെപ്പോലെയാകുന്നു, എല്ലാം സ്ഥലങ്ങളിലും നിവസിക്കുന്ന ഋത്വിജന്മാരേപ്പോലെ നിങ്ങൾ വിഭിന്ന യജ്ഞങ്ങളിൽ ദേവകളെ പൂജിക്കുന്നു, യജ്ഞ നിർവാഹകനായ അഗ്നിക്കു തുല്യം നിങ്ങൾ അത്യന്തം തേജസ്വികളാകുന്നു

4 **ആപീ വോ അസ്മേ പിതരേവ പുത്രോഗ്രേവ**
**രുചാ നൃപതീവ തൂര്യൈഃ**
**ഇര്യേവ പുഷ്ട്യൈ കിരണേവ ഭുജ്യൈ ശ്രുഷ്ഠീ**
**വാനേവ ഹവമാ ഗമിഷ്ഠം**

മാതാപിതാക്കൾ പുത്രന്മാരെയെന്നപോലെ നിങ്ങൾ ഞങ്ങളെ സ്നേഹിക്കുവിൻ, നിങ്ങൾ അഗ്നിയേയും സൂര്യനേയും പോലെ തേജസ്വികളാകുവിൻ, ഐശ്വര്യവാനായ മനുഷ്യനെപ്പോലെ ഉപകാരം ചെയ്യുന്നവരാകുവിൻ, സൂര്യകിരണങ്ങളെ പോലെ പ്രകാശം നൽകുകയും ഉപാസകർക്ക് മംഗളമരുളുകയും ചെയ്യുവിൻ, ഞങ്ങളുടെ ഈ യജ്ഞത്തിൽ നല്ല മനുഷ്യരെപ്പോലെ ആഗതരാകുവിൻ, ഹേ അശ്വിനികളേ! നന്നായി നടക്കുന്ന രണ്ടു കാളകളെപ്പോലെ വന്നുചേരുവിൻ

5 **വംസഗേവ പൂഷര്യാ ശിമ് വാതാ മിത്രേവ ഋതാ**
**ശതരാ ശാതപന്താ**
**വാജേവോച്ചാ വയസാ ധർമ്യേഷ്ഠാ മേഷേവേഷാ**
**സപര്യാ പൂരീഷാ**

ഹേ അശ്വിനികളെ! നന്നായി നടക്കുന്ന രണ്ടു കാളകളെപ്പോലെ നിങ്ങൾ ശ്രേഷ്ഠരും ദർശിനീയരും ആകുന്നു, മിത്രാവരുണന്മാരെ പോലെ നിങ്ങൾ സത്യദർശികളും ദുഃഖങ്ങളെ അകറ്റി സ്തുതിക്കപ്പെടുന്നവരും ആകുന്നു, രണ്ടശ്വങ്ങൾ വയറു നിറച്ച് തടിച്ചു കൊഴുക്കുന്നതു പോലെ നിങ്ങൾ ഹവിസ്സ് പ്രാപിച്ച് പുഷ്ടരാകുന്നു, നിങ്ങൾ പ്രകാശ യുക്തമായ ആകാശത്തിൽ വസിക്കുന്നവരാണല്ലോ, നിങ്ങളുടെ ശരീരാവയവങ്ങൾ വടിവൊത്തവയും ഉറപ്പുള്ളതുമാകുന്നു

6 **സൃണ്യേവ ജർഭരീ തുർഫരീതൂ നൈതോശേവ**
**തുർഫരീ പർഫരീകാ**
**ഉദന്യജേവ ഭജേമനാ ദേരു താ മേ ജരായ്**
**വജരം മരായു**

ആനയെ ഭരിക്കുന്ന തോട്ടിക്കു തുല്യം നിങ്ങളും എല്ലാ ജീവികളുടെയും അങ്കുശരൂപരാകുന്നു, അധികാരികൾക്ക് തുല്യം ശത്രുക്കളെ നശിപ്പിക്കുന്നവരും യജമാനന്മാരെ പരിപാലിക്കുന്നവരും ആകുന്നു, നിങ്ങൾ ദോഷരഹിതരും, ലോകവിജയികളും ബലവാന്മാരും ആകുന്നു, നിങ്ങൾ എന്റെ മരണധർമ്മാവായ ശരീരത്തിന്റെ കരിഞ്ഞു പോയ യവ്വനത്തെ പുനഃപ്രാപ്തമാക്കിയാലും

7 **പജ്രേവ ചർചരം ജാരം മരായ ക്ഷദ് മേവാർഥേഷു**
**തർതരീഥ ഉഗ്രാ**
**ഋഭൂനാപത് ഖരമജ്രാ സ്വരജ് റുർവായുർന**
**പർഫരത് ക്ഷയദ്രയീണാം**

ഹേ അശ്വിനികളെ! നിങ്ങൾ അത്യന്തം ബലവന്മാരാണല്ലോ, നീളമുള്ള കാലുകളോടു കൂടിയ മനുഷ്യൻ ജലത്തിൽ കൂടി അതിവേഗം കരയ്ക്കുണയുന്നതു പോലെ നിങ്ങൾ മനുഷ്യ ശരീരത്തെ സങ്കടങ്ങളിൽ നിന്നും അകറ്റുന്ന നിങ്ങൾ ഋഭുക്കളേപ്പോലെ വളരെ ശ്രേഷ്ടമായ രഥത്തെ പ്രപാപിക്കുന്നു, ആ രഥം ദ്രുതഗാമിയും ശത്രുക്കളുടെ ധനത്തെ ജയിച്ചു കൊണ്ടു വരുന്നതുമാകുന്നു.

8 ധർമേവ മധു ജഠരേ സനേരു ഭഗേവിതാ തുർഫരീ
**ഫാരിവാരം**
**പതരേവ ചചരാ ചന്ദ്രനിർണിങ് മനഋങ് ഗാ**
**മനന്യാ ന ജഗ്മീ**

ഹേ അശ്വിനികളെ! ഫയൽമാൻ നൈയ്യു കൊണ്ടു സ്വന്തം ശരീരത്തെ പുഷ്ടിപ്പെടുത്തുന്നതു പോലെ നിങ്ങൾ നിങ്ങളുടെ ദേഹത്തെ നൈയ്യ് കൊണ്ട് പുഷ്ടിപ്പെടുത്തുവിൻ, നിങ്ങൾ പക്ഷികളെ പോലെ മനോഹരന്മാരും എങ്ങും വിഹരിക്കുന്നവരുമാകുന്നു, നിങ്ങൾ ശത്രുക്കളെ സംഹരിക്കുന്നു, ധനത്തെ രക്ഷിക്കുന്നു, നിങ്ങൾ ആഗ്രഹിക്കുന്ന മാത്രയിൽ അലംകൃതരാകുകയും, സ്തുതികാമരായി യജ്ഞത്തിലെത്തുകയും ചെയ്യുന്നു

9 **ബൃഹന്തേവ ഗമ്ഭരേഷു പ്രതിഷ്ഠാം പാദേവ ഗാധം**
**തരതേ വിദാഥഃ**
**കർണേവ ശാസുരനു ഹി സ്മാരാഥോം ശേവ നോ**
ഭജതം ചിത്രമപ്നഃ

നിങ്ങൾ ദീർഘകായന്മാരെ പോലെ ആഴങ്ങളിൽ നിൽക്കും, നടക്കുന്നവന്റെ കാലുകൾ പോലെ ആഴമില്ലാത്ത സ്ഥലം അറിയും, ചെവികൾ പോലെ സ്തോത്രം കേൾക്കും, നിങ്ങൾ രണ്ടു അവയവങ്ങൾ പോലെ, ഞങ്ങളുടെ പൂജനിയകർമ്മത്തിൽ സംബന്ധിച്ചാലും

10 **ആരങ് ഗരേവ മധ്വേരയേഥേ സാധേവ ഗവി**
**നീചീനവാരേ**
**കീനാരേവ സ്വേദമാസിഷ്വിദാനാ ക്ഷാമേവാർജാ**
സൂയവസാത് സചേഥേ

രണ്ടു തേനീച്ചകൾ മുരണ്ടു കൊണ്ടു കൂട്ടിൽ മധു ശേഖരിക്കുന്നതു പോലെ നിങ്ങൾ ഗോക്കളുടെ സ്തനങ്ങളിൽ മധു തുല്യമായ അമൃതം നിറച്ചാലും, അധ്വാനിച്ചു ജീവിക്കുന്ന പുരുഷൻ വിയർപ്പിൽ കുളിക്കുന്നതു പോലെ നിങ്ങൾ വിയർപ്പിൽ കുളിച്ച് ജലം വർഷിച്ചാലും, ഗോക്കൾ തൃണം ഭക്ഷിച്ച് വയറു നിറക്കുന്നതു പോലെ നിങ്ങളും യജ്ഞത്തിൽ ഹവിസ്സ് രൂപമാകുന്ന അന്നം ഭക്ഷിച്ച് ഉദരം നിറയ്ക്കുവിൻ.

11 **ഋ ധ്യാമ സ്തോമം സനുയാമ വാജമാ നോ മന്ത്രം സരഥേഹോപ യാതം**
**യശോ ന പക്വം മധുഗോഷ്വന്തരാ ഭൂതാം ശോ അശ്വിനോഃ കാമമപ്രാഃ**

ഞങ്ങൾ സ്തുതികളെ വളർത്തുകയും ഹവിരന്നം വിഭജിക്കുകയും ചെയ്യുന്നു, നിങ്ങൾ രഥാരൂഢരായി ഞങ്ങളുടെ യജ്ഞ സ്ഥാനത്തേക്ക് എഴുന്നള്ളിയാലും, ഗോക്കളുടെ അകിടുകളിൽ അത്യന്തം മധുരാന്നം പോലുള്ള പാൽ നിറഞ്ഞിരിക്കുന്നു, ഭൂതാംശമഹർഷി സ്തോത്രോച്ചാരണം ചെയ്തു, അശ്വിനികമാരന്മാറരുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കി.

## സൂക്തം 107

ഋഷി-അംഗിരോഗോത്രൻ ദിവ്യനോ പ്രജാപതി പുത്രി ദക്ഷിണയോ ദേവത - ഭക്ഷിക
ഛന്ദസ് - ത്രിഷ്ടുപ്, ജഗതി

1 **ആവിർഭൂന്മഹി മാഘോനമേഷാം വിശ്വം ജീവം തമസോ നിരമോചി**
**മഹി ജ്യോതി: പിതൃഭിർദത്തമാഗാദുരുഃ പന്ഥാ ദക്ഷിണായാ അദർശി**

യജമാനന്മാരെ പാലിക്കുന്നതിനു വേണ്ടി സൂര്യാത്മകനായ ഇന്ദ്രന്റെ മഹത്തായ തേജസ്സ് ഉദിച്ചു, അപ്പോൾ എല്ലാ ജീവികളും അന്ധകാരത്തിൽ നിന്നും മുക്തരായി, പിതൃക്കളാൽ പ്രദത്തമായ ജ്യോതിസ്സ് പ്രകടമാകുകയും ദക്ഷിണ നൽകുവാനുള്ള മാർഗ്ഗം തുറക്കപ്പെടുകയും ചെയ്തു.

2 **ഉച്ചാ ദിവി ദക്ഷിണാവന്തോ അസ്ഥുര്യേ അശ്വാഭാഃ സഹ തേ സൂര്യേണ**
**ഹിരണ്യദാ അമൃതത്വം ഭജന്തേ വാസോദാഃ സോമ പ്ര തിരന്ത ആയുഃ**

ദക്ഷിണ നൽകുന്ന യജമാനൻ സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനത്തു വസിക്കുന്നു, അശ്വത്തെ ദാനം ചെയ്യുന്നവൻ സൂര്യനിൽ ചേരുന്നു, വസ്ത്രം നൽകുന്നവൻ സോമന്റെ അടുക്കൽ ചെല്ലുകയും, സ്വർണ്ണം നൽകുന്നവൻ അമരത്വം പ്രാപിക്കുകയും ചെയ്യുന്നു.

3 **ദൈവീ പൂർതിർദക്ഷിണാ ദേവയജ്യ ന കവാരിഭ്യോ നഹി തേ പൃണന്തി**
**അഥാ നരഃ പ്രയതദക്ഷിണാസോ വദ്യഭിയാ ബഹവഃ പൃണന്തി**

ദക്ഷിണ പുണ്യകർമ്മങ്ങളെ പൂർണ്ണമാക്കുന്നു, ദേവന്മാർക്കുള്ള അനുഷ്ഠാനങ്ങളിൽ ഇത് പ്രമുഖമായ സ്ഥാനം വഹിക്കുന്നു, മിഥ്യാചാരികളുടെ കർമ്മങ്ങളെ ദേവന്മാർ പൂർണ്ണമാക്കുന്നില്ല, നിന്ദയെ ഭയപ്പെടുന്നവരും, ദക്ഷിണ നൽകുന്നവരുമായ യജമാനന്മാരുടെ കർമ്മങ്ങൾ പൂർണ്ണത പ്രാപിക്കുന്നു

4 **ശതധാരം വായുമർകം സ്വർവിദം നൃചക്ഷസസ്തേ അഭി ചക്ഷതേ ഹവിഃ**
**യേ പൃണന്തി പ്ര ച യച്ഛന്തിസങ്ഗമേ തേ ദക്ഷിണാം ദുഹതേ സപ്തമാതരം**

അനേകം രീതിയിൽ വീശുന്ന വായുവിനു വേണ്ടിയും, സൂര്യനിൽക്കൂടി മനുഷ്യർക്കുപകാരം ചെയ്യുന്ന മറ്റു ദേവന്മാർക്കു വേണ്ടിയും യജ്ഞത്തിൽ ഹവിരന്നം പ്രദാനം ചെയ്യപ്പെടുന്നു, ദാനശീലനായ യാതൊരുത്തൻ ദേവകളെ തൃപ്തരാക്കുന്നുവോ, ദക്ഷിണവഴി അവന്റെ അഭിഷ്ടങ്ങൾ സഫലമാകുന്നു, ദക്ഷിണ സ്വീകരിക്കുന്നതിനായി ഏഴുപുരോഹിതന്മാർ ഈ യാഗവേദിയിലിരിക്കുന്നു.

5 **ദക്ഷിണാവാൻപ്രഥമോ ഹൂത ഏതി ദക്ഷിണാവാൻ ഗ്രാമണീരഗ്രമേതി**
**തമേവ മന്യേ നൃപതിം ജനാനാം യഃ പ്രഥമോ ദക്ഷിണാമാവിവായ**

ദാനശീലനായ വ്യക്തിതന്നെ ഗ്രാമത്തിന്റെ മുഖ്യനാകുന്നു, എല്ലാ ശുഭകർമ്മങ്ങളിലും അവൻ ക്ഷണിക്കപ്പെടുന്നു. ഏറ്റവും ആദ്യമായി ആര് ദക്ഷിണാദികൾ നൽകുന്നുവോ, അവനെ ഞാൻ രാജാവിനു തുല്യം ബഹുമാനിക്കുന്നു.

6 **തമേവ ഋഷിം തമു ബ്രഹ്മാണബാഹുര്യജ്ഞന്യം സാമഗാമുക് ഥശാസം**
**സ ശുക്രസ്യ തന്വോ വേദ് തി സ്രോ യഃ പ്രഥമോ ദക്ഷിണയാ രരാധ**

ആര് ദക്ഷിണയാൽ പുരോഹിതനെ ആദ്യമായി സന്തോഷിപ്പിക്കുന്നുവോ, അവനെ ഋഷിയെന്നും, ബ്രഹ്മാവെന്നും വിളിക്കുന്നു, അവൻ സാമഗായകനായും സ്തോതാവായും മാനിക്കപ്പെടുന്നു, അവനു തന്നെ പ്രമുഖമായ ആസനവും നൽകപ്പെടുന്നു, എന്തുകൊണ്ടെന്നാൽ അവൻ അഗ്നിയുടെ മൂന്നു രൂപങ്ങളും അറിയുന്നു.

7 **ദക്ഷിണാശ്വം ദക്ഷിണാ ഗാം ദദാതി ദക്ഷിണാ ചന്ദ്രമുത യദ്ധിരണ്യം**
**ദക്ഷിണാന്നം വനുതേ യോ ന ആത്മാ ദക്ഷിണാം വർമ കൃണുതേ വിജാനൻ**

ദക്ഷിണയുടെ രൂപത്തിൽ മനസ്സിനെ പ്രസന്നമാക്കുന്നവന് സ്വർണ്ണം, ഗോക്കൾ, അശ്വങ്ങൾ, ആത്മരൂപമായ ആഹാരം എന്നിവ പ്രാപിക്കുവാൻ കഴിയുന്നു, ദേഹ രക്ഷകമായ കവചത്തിനു തുല്യം ജ്ഞാനികൾ ദക്ഷിണയെ രക്ഷകനായിമാനിക്കുന്നു

8 **ന ഭോജാ മമ്രുർന ന്യർഥമീയുർന രിഷ്യന്തി ന വ്യഥന്തേ ഹ ഭോജാഃ**
**ഇദം യദ്വിശ്വം ഭുവനം സ്വശ്ചൈതത്സർവം ദക്ഷിണൈഭ്യോ ദദാതി**

ദാനശീലൻ ദേവത്വം പ്രാപിക്കുന്നു, അവൻ അകാലമൃത്യു പ്രാപിക്കുന്നില്ല, അവൻ ദുഃഖ ക്ലേശങ്ങളിൽ നിന്നും രക്ഷപ്പെടുന്നു, ദാരിദ്ര്യം അവനെ സമീപിക്കുന്നില്ല, അവൻ നൽകുന്ന ദക്ഷിണ അവനു എല്ലാ വിധ പാർഥിവവും, ദ്രവ്യവും, വസ്തുക്കളും പ്രദാനം ചെയ്യുന്നു

9 **ഭോജാ ജിഗ്യുഃ സുരഭിം യോനിമഗ്രേ**
**ഭോജാ ജിഗ്യുർവധ്വം യാ സുവാസാഃ**
**ഭോജാ ജിഗ്യുരന്തഃ പേയം സുരായാ**

**ഭോജാ ജിഗ്യുര്യേ അഹുതാഃ പ്രയന്തി**

ദാനികൾക്ക് ആദ്യമായി പയസ്വിനിയായ ഗോവിനെ കിട്ടുന്നു, പിന്നെ സുന്ദരിയും, സുശീലയും നവോഢയും ആയ ഭാര്യയെ കിട്ടുന്നു, അവർ സന്തുഷ്ടരായി ജീവിക്കുന്നു, ആക്രമണകാരികളുടെ മേൽ അവൻ വിജയം പ്രാപിക്കുന്നു.

10 **ഭോജായാശ്വം സം മൃജന്ത്യാശും ഭോജായാസ്തേ കന്യാ ശുമ് ഭമാനാ**
**ഭോജസ്യേദം പുഷ്ക്കരിണീവ വേശ്മ പരിഷ്കൃതം ദേവമാനേവ ചിത്രം**

ദാനദാതാവിന് ദ്രുതഗാമിയായ അശ്വത്തേയും സുന്ദരിയായ നാരിയേയും ലഭ്യമാകുന്നു, പുഷ്കരിണി പോലെ സ്വഛവും, ദേവമന്ദിരം പോലെ രമണീയവും ആയ വീടും അവനു ലഭിക്കുന്നു.

11 **ഭോജമശ്വാഃ സുഷ്ടുവാഹോ വഹന്തി സുവൃദ്രഥോ വർതതേ ദക്ഷിണായാഃ**
**ഭോജം ദേവാസോ വതാ ഭരേഷു ഭോജ ശത്രൂന്ത് സമനികേഷു ജേതാ**

ദാനിയെ ദ്രുതഗാമിയായ അശ്വം വഹിക്കുന്നു, ശ്രേഷ്ഠമായ രഥത്തിൽ അവന്റെ അശ്വങ്ങൾ പൂട്ടപ്പെടുന്നു, യുദ്ധകാലത്ത് ദേവകൾ അയാളെ രക്ഷിക്കുന്നു, ശത്രുക്കളുടെ മേൽ അപ്പോൾ വിജയം പ്രാപിക്കുന്നു

## സൂക്തം 108

ഋഷി-പണികളും സരമയും ദേവത-സരമ പുണികൾ, ഛന്ദസ്-ത്രിഷ്ടുപ്

1 **കിമിഛന്തീ സരമാ പ്ര പ്ര ദമാനഡ് ദൂരേ ഹ്യധ്വാ ജഗുരിഃ പരാചൈഃ**
**കാസ്മേഹിതിഃ കാ പരിതക് മ്യാസീത് കഥം രസായാഅതരഃ പയാംസി**

ഹേ സരമേ! നീ എന്തിന് ഇവിടെ വന്നു? ഇത് വളരെ ദൂരയുള്ള സ്ഥലമാണല്ലോ, ഇവിടെ വരുന്നവർക്ക് തിരിഞ്ഞു നോക്കുവാൻ സാധ്യമല്ല, നിനക്കിവിടെ എത്ര രാത്രികളിൽ വരുവാൻ കഴിയും? ഈ ആഴമേറിയ നദി കടക്കുവാൻ നിനക്കെങ്ങനെ കഴിയും, ഞങ്ങളുടെ അടുക്കൽ നിന്നും നീ എന്താശിക്കുന്നു?

2 **ഇന്ദ്രസ്യ ദൂതിരിഷിതാ ചരാമി മഹ ഇഛന്തി പണയോ നിധീന്വഃ**
**അതിഷ് കദോ ഭിയസാ തന്ന ആവതഥാ രസായാ അതരം പയാംസി**

ഹേ പണികളേ! ഞാൻ ഇന്ദ്രന്റെ ദൂതിയായി നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു, നിങ്ങളുടെ അടുക്കലുള്ള ഗോധനത്തെ കൊണ്ടു പോകുവാൻ ഞാനാഗ്രഹിക്കുന്നു, വഴിയിൽ ഞാൻ ജലത്തെ ഭയന്നിരുന്നു, എന്നാൽ ആ ജലത്താൽ തന്നെ രക്ഷിക്കപ്പെട്ടു, ഇങ്ങനെ ഞാൻ അക്കരെ കടന്നു.

3 **കീദൃങ് ങിന്ദ്രഃ സരമേ കാ ദൃശീകാ യസ്യേദം ദൂതീരസരഃ പരാകാത്**
**ആ ച ഗച്ഛാന്മിത്രമേനാ ദധാമാഥാ ഗവാം ഗോപതിർ നോ ഭവാതി**

ഹേ സരമേ! നീ ഇന്ദ്രന്റെ ദൂതിയായിട്ടാണല്ലോ ഇവിടെ വന്നിരിക്കുന്നത്, അവൻ എങ്ങനെയുള്ളവനാണ്? അവന്റെ സേനകൾ എങ്ങനെയുണ്ട്? അവന്റെ ശക്തി എത്ര മാത്രമുണ്ട്? അവൻ ഞങ്ങളുടെ അടുക്കൽ വരട്ടെ, ഞങ്ങൾ അവനുമായി മൈത്രിയിൽ കഴിയുവാൻ തയ്യാറാണ്, അവൻ ഞങ്ങളുടെ ഗോക്കളെ എടുത്തു കൊള്ളട്ടെ.

4 **നാഹം തം വേദ ദഭ്യം ദഭത്സ യസ്യേദം ദൂതീരസരഃ പരാകാത്**
**ന തം ഗുഹന്തി സ്രവതോ ഗഭീരാ ഹതാ ഇന്ദ്രേണ പണയഃ ശയധ്വേ**

ഹേ പണികളെ! ഞാൻ ആരുടെ ദുതി ആയിരിക്കുന്നുവോ, ആ ഇന്ദ്രൻ ഹിംസ്യനല്ല, അജയ്യനാകുന്നു, അവൻ എല്ലാവരേയും പരാജിതരാക്കുന്നതിൽ സമർത്ഥനാകുന്നു, ആഴമേറിയ നദികൾക്കു പോലും അവന്റെ മാർഗ്ഗത്തെ തടയുവാൻ കഴിയുന്നില്ല, അവൻ നിങ്ങളെ കൊന്നു കളയും

5 **ഇമാ ഗാവഃ സരമേ യാ ഐഞ്ഛഃ പരി ദിവോ അന്താൻസുഭഗേ പതന്തീ**
**കസ്ത ഏനാ അവ സ്യജാദ് വ്യുതാസ്മാകമായുധാ സന്തി തിഗ്മാ**

ഹേ സരമേ! നീ സ്വർഗ്ഗത്തിന്റെ അതിർത്തിയിൽ നിന്നും ഇത്രയും ദൂരം വന്നിരിക്കുന്നു, അതിനാൽ ഇവയിൽ നീ ആഗ്രഹിക്കുന്നവ ഞങ്ങൾ നിനക്കു തരാം. എന്നാൽ യുദ്ധം കൂടാതെ എങ്ങനെ ആ ഗോക്കളെ തരുവാൻ കഴിയും, ഞങ്ങളും പലതരത്തിലുള്ള മൂർച്ചയേറിയ ആയുധങ്ങളോടുകൂടിയവരാണല്ലോ

6 **അസ്യേന്യാ വഃ പണയോ വചാംസ്യനിഷവ്യാസ്തന്വഃ സന്തു പാപീഃ**
**അധൃഷ്ടോ വ ഏതവാ അസ്തു പനഥാ ബൃഹസ്പതിർവ ഉഭയാ മൃളാത്**

ഹേ പണികളേ! നിങ്ങളുടെ വാക്കുകൾ വീരന്മാർക്കു യോജിച്ചതല്ല, നിങ്ങളുടെ മനസ്സിൽ പാപം നിറഞ്ഞിരിക്കുന്നു, ഒരിക്കൽ നിങ്ങളുടെ ദേഹം ഇന്ദ്രന്റെ ബാണങ്ങളാൽ പിളരാതിരിക്കട്ടെ, നിങ്ങളുടെ ഈ വഴികളിൽ ഒരിക്കൽ ദേവന്മാർ ആക്രമിക്കാതിരിക്കട്ടെ, നിങ്ങൾ ഗോക്കളെ വിട്ടുകൊടുക്കുവാൻ തയ്യാറല്ലെങ്കിൽ ആപത്തുണ്ടാകം, ബൃഹസ്പതി നിങ്ങളെ ദുഃഖത്തിലാഴ്ത്തും

7 **അയം നിധിഃ സരമേ അദ്രിബുധ്നോ ഗോഭിരശ്വേ-ഭിർവസുഭിര്യഷ്ടർനഃ**
**രക്ഷന്തി തം പണയോ മുഗോപാ രേക പദമലകമാ ജഗന്ഥ**

ഹേ സരമേ! ഞങ്ങൾ പർവ്വതങ്ങളാൽ സുരക്ഷിതരാണ്, ഞങ്ങൾ ഗോക്കളാലും, അശ്വങ്ങളാലും മറ്റ് പലവിധ ഐശ്വര്യങ്ങളാലും സമ്പന്നരാണ്. രാക്ഷാകർമ്മത്തിൽ യുക്തരായ ഞങ്ങളുടെ വീരന്മാർ ഈ സ്ഥാനത്തെ നല്ല പോലെ സംരക്ഷിക്കുന്നുണ്ട്, നിങ്ങൾ ഞങ്ങളുടെ ഈ ഗോയുക്തമായ സ്ഥലത്ത് നിരർത്ഥകമായി വന്നിരിക്കുന്നു.

8 **ഏഹ ഗമൻനൃഷയഃ സോമശിതാ അയാസ്യോ അങ് ഗിരസോ നവഗ്വാഃ**
**ത ഏതമൂർവം വി ഭജന്ത ഗോനാമഥൈത് ദ്വചഃ പണയോ വമന്നിത്**

അംഗിരസ്സ് എന്ന ഋഷിമാരും, അയാസ്യനും സോമത്താൽ ശക്തി സമ്പന്നരായി ഇവിടെ വരും,അവർ നിങ്ങളുടെ ഗോക്കളെയെല്ലാം

കൊണ്ടു പോകും, അപ്പോൾ നിങ്ങളുടെ അഹങ്കാരമെല്ലാം നശിക്കും

9 **ഏവാ ച ത്വം സരമ ആജഗന്ഥ പ്രബാധിതാ സഹസാ ദൈവ്യേന**
**സ്വസാരം ത്വാ കൃണവൈ മാ പുനർഗാ അപ തേ ഗവാം സുഭഗേ ഭജാമ**

ഹേ സരമേ! ദേവകളെ ഭയപ്പെട്ടിട്ടാണല്ലോ നീ ഇവിടെ വന്നിരിക്കുന്നത്, നിന്നെ സഹോദരിയാക്കി ഞങ്ങൾ മാനിക്കുകയും, ഗോധനത്തിന്റെ ഒരു ഭാഗം തരികയും ചെയ്യാം, നീ ഇനി മടങ്ങിപ്പോകണ്ടാ

10 **നഹം വേദ ഭ്രാതൃത്വം നോ സ്വസൃത്വമിന്ദ്രോ വിദുരം ഗിരസശ്ചഘോരാഃ**
**ഗോകാമാ മേ അഛദയന്യദായമപാത ഇത പണയോ വരീയഃ**

ഹേ പണികളേ! ആങ്ങളയും, പെങ്ങളും എന്തെന്ന് ഞാനറിയുന്നില്ല, ഇന്ദ്രനും അംഗിരസ്സുകളും അതെല്ലാം നന്നായറിയുന്നു, അവർ നിങ്ങളുടെ ഗോക്കളെ പ്രാപിക്കുന്നതിനു വേണ്ടി രക്ഷയോടുകൂടി എന്നെ ഇങ്ങോട്ടയച്ചരിക്കുന്നു, അതിനാൽ ഇപ്പോൾ തന്നെ നിങ്ങൾ ഇവിടം വിട്ടുപോയാലും

11 **ദൂരമിത പണയോ വരീയ ഉദ്ഗാവോ യന്തു മിനതീർഋതേന**
**ബൃഹസ്പതിര്യാ അവിന്ദന്നി ഗുളഹാഃ സോമോ ഗ്രാവാണ ഋഷയശ്ച വിപ്രാഃ**

ഹേ പണികളേ! നിങ്ങൾ ഇവിടെ നിന്നും എവിടെയെങ്കിലും ഓടി പോകുവിൻ, കഷ്ടതകളനുഭവിക്കുന്ന ഗോക്കൾ ഈ പർവതത്തിൽ നിന്നും പുറപ്പെട്ട് ധർമ്മത്തെ അഭയം പ്രാപിക്കട്ടെ, സോമം ചതയ്ക്കുന്ന അമ്മിക്കല്ല്, ഋഷിഗണം, സോമൻ, ബൃഹസ്പതി, മറ്റുവിദ്വാന്മാർ ഇവരെല്ലാം ഒളിഞ്ഞിരിക്കുന്ന ഈ ഗോക്കളെ സംബന്ധിച്ച് നന്നായറിഞ്ഞിരിക്കുന്നു.

## സൂക്തം 109

ഋഷി-ജുഹു എന്ന ബ്രഹ്മവാദിനിയോ, ബ്രഹ്മപുത്രൻ ഊർദ്ധ്വാനഭാവോ ദേവത-വിശ്വേദേവകൾ,
ഛന്ദസ് ത്രിഷ്ടുപ്, അനുഷ്ടുപ്

1 **തേ വദൻ പ്രഥമാ ബ്രഹ്മകില്വിഷേ കൂപാരഃ സലിലോ മാതരിശ്വാ**
**വീളുഹരാസ്തപ ഉഗ്രോ മയോഭൂരാപോ ദേവീഃ പ്രഥമജാ ഋതേന**

ബൃഹസ്പതി തന്റെ ഭാര്യയായ ജുഹുവിനെ ഉപേക്ഷിച്ചപ്പോൾ അവൾ ബ്രഹ്മപദത്തെ പ്രാപിച്ചു, അപ്പോൾ ദ്രുതവേഗിയായ വായുവും, പ്രദിപ്തമായ അഗ്നിയും, തേജസ്വിയായ സൂര്യനും, സുഖകാരിയായ സോമനും, ജലത്തിന്റെ അധിഷ്ഠാന ദേവതയായ വരുണനും, സത്യസ്വരൂപനായ പ്രജാപതിയുടെ സന്താനങ്ങളും അവനെ കൊണ്ട് പ്രായശ്ചിത്തം ചെയ്യിച്ചു.

2 **സോമോ രാജാ പ്രഥമോ ബ്രഹ്മജായാം പുനഃ പ്രായഛദഹൃണീയ മാനഃ**
**അന്വർതിതാ വരുണോ മിത്ര ആസീദഗ്നിർ ഹോതാ ഹസ്തഗൃഹ്യാ നിനായ**

സോമരാജൻ ഉജ്ജ്വലചരിതയായ നാരിയെ ഒന്നാമതായി ബൃഹസ്പതിക്കു കൊടുത്തു, മിത്രാവരുണന്മാർ അതിനു സമ്മതം പ്രകടിപ്പിച്ചു, യജ്ഞ നിർവ്വാഹകനായ അഗ്നി അവളെ കൈയും പിടിച്ചുകൊണ്ടുപോയി.

3 **ഹസ്തേ നൈവ ഗ്രാഹ്യ ആ ധിരസ്യാ ബ്രഹ്മജായേയമിതി ചേദവോചൻ**
**ന ദൂതായ പ്രഹ്യേ തസ്ഥ ഏഷാ തഥാ രാഷ്ട്രം ഗുപിതം ക്ഷത്രിയസ്യ**

ഈ ഭാര്യവിധിപ്രകാരം വിവാഹിതയാണെന്ന് എല്ലാവരും പറഞ്ഞു, അവളെ അന്വേഷിച്ചു പോയിരുന്ന ദൂതനും അവൾ അപ്രത്യക്ഷയായിരുന്നു, ശക്തനായ രാജാവിന്റെ രാജ്യം എപ്രകാരം സുരക്ഷിതമായിരിക്കുന്നുവോ, അതു പോലെ തന്നെ അവളുടെ സതീത്വവും സുരക്ഷിതമായിരുന്നു.

4 **ദേവാ ഏതസ്യാമവദന്ത പൂർവേ സപ്തഋഷയസ്തപസേ യേ നിഷേദുഃ**
**ഭീമാ ജാതാ ബ്രാഹ്മണസ്യോപനീതാ ദുർധാം ദധാതി പരമേ വ്യോമൻ**

ഇവൾ വളരെ പരിശുദ്ധയാണെന്ന് തപസ്വികളായ സപ്തർഷികളും, സനാതനന്മാരായ ദേവന്മാരും പറഞ്ഞു, അവർ ബൃഹസ്പതിയെ ഭർത്താവാക്കി തപസ്സിന്റെ പ്രഭാവത്താൽ തുഛനായ മനുഷ്യനും ഉന്നതസ്ഥാനത്തിരിക്കുവാൻ കഴിയുന്നു.

5 **ബ്രഹ്മ ചാരീ ചരതി വേവിഷദ്വിഷഃ സ ദേവാനാം ഭവത്യേകമംഗം**
**തേന ജായാമന്വവിന്ദദ് ബൃഹസ്പതിഃ സോമേന നീതാം ജുഹ്വം ന ദേവാഃ**

ഭാര്യയില്ലാത്ത ബൃഹസ്പതിബ്രഹ്മചര്യം പാലിച്ചു, അവൻ സകല ദേവന്മാരോടും ചേർന്ന് അവരുടെ അംഗരൂപമായിത്തീർന്നു, അവൻ സോമാതീതയായ ജുഹുവിനെ എന്ന പോലെ പത്നിയെ പ്രാപിച്ചു.

6 **പുനർവൈ ദേവാ അദദുഃ പുനർമനുഷ്യാ ഉത രാജാനഃ സത്യം കൃണ്വാനാ ബ്രഹ്മജായാം പുനർദദുഃ**

ദേവന്മാർ തിരിച്ചേൽപ്പിച്ചു, മനുഷ്യരും തിരിച്ചേൽപ്പിച്ചു, ഇതിനെ ശരി വെച്ചു. രാജാക്കന്മാരും ബ്രഹ്മജായയെ തിരിച്ചേൽപ്പിച്ചു.

7 **പുനർദായ ബ്രഹ്മജായാം കൃത്വീ ദേവൈർനികില്ബിഷം**
**ഊർജം പൃഥിവ്യാ ഭക്ത്വായോരുഗായമുപാസതേ**

ദേവന്മാർ അവരുടെ പത്നിമാരെ സച്ചരിത്രകളെന്നും, നിഷ്പാപിനികളെന്നും അറിയിച്ചു. പിന്നെ അവർ സർവശ്രേഷ്ഠമായ ഭൂസമ്പത്തിനെ വീതിച്ച് സുഖമായി വസിച്ചു

## സൂക്തം 110

ഋഷി- ഭൃഗുപുത്രൻ ജമദഗ്നിയോ രാമനോ
ദേവത-അഗ്നി,
ഛന്ദസ്-ത്രിഷ്ടുപ്

1 **സമിദ്ധോ അദ്യ മനുഷോ ദുരോണേ ദേവോ ദേവാന്യജസി ജാതവേദഃ**

**ആ ച വഹ മിത്രമഹശ്ചികിത്വാൻത്വം ദൂതഃ**
**കവിരസി പ്രചേതാഃ**

ഹേ മേധാവിയായ അഗ്നേ! നീ മനുഷ്യരുടെ വീടുകളിൽ വളർന്ന് സകല ദേവന്മാരെയും പൂജിച്ചാലും, നിന്റെ മിത്രങ്ങളായ ഉപാസകന്മാർ നിനക്കു യജ്ഞം നടത്തുന്നു, ഇതറിഞ്ഞു കൊണ്ട് എല്ലാ ദേവന്മാരെയും ഇങ്ങോട്ട് കൊണ്ടു വന്നാലും, മഹാജ്ഞാനിയായ നീ ദൗത്യ കർമ്മത്തിൽ സമർത്ഥനാണല്ലോ.

2 **തനൂനപാത് പഥ ഋതസ്യ യാനാൻമധ്വാ**
**സമഞ്ജൻത്സ്വദയാ സുജിഹ്വ**
**മന്മാനി ധീഭിരുത യജ്ഞമൃന്ധന്ദേവതാ ച കൃണു-**
**ഹ്യധ്വരം നഃ**

ഹേ അഗ്നേ! യജ്ഞത്തിന്റെ സാധന രൂപമായ പദാർത്ഥത്തെ മധു യുക്തമാക്കി നിന്റെ ശ്രേഷ്ഠമായ ജ്വാലകളാൽ ആസ്വാദന യോഗ്യമാക്കിയാലും, ശ്രേഷ്ഠമായ ഭാവനകളോടു കൂടി ഞങ്ങളുടെ സ്തുതികളെയും യജ്ഞത്തേയും സമൃദ്ധമാക്കേണമേ, ദേവന്മാർക്കു വേണ്ടി ഞങ്ങളുടെ യജ്ഞത്തെ സ്വീകരിച്ചാലും.

3 **ആജുഹ്വാന ഈഡ്യോ വന്ദ്യശ്ചാ യാഹ്യഗ്നേ**
**വസുഭി സജോഷാഃ**
**ത്വം ദേവാനാമസിയഹ്വ ഹോതാ സ ഏനാന്യ-**
ക്ഷീ ഷിതോ യജീയാൻ

ഹേ അഗ്നേ! നീ സ്തുത്യനും, നമസ്ക്കാരയോഗ്യനും, ദേവന്മാരെ വിളിക്കുന്നവനുമാണല്ലോ, ദേവ ഹോതാവായ മഹാദേവാ! നീ വസുക്കളോടുകൂടിയവനാകണമേ, നിനക്കു തുല്യനായി മറ്റൊരു യഞ്ജകർത്താവില്ലല്ലോ, അതിനാൽ ഞങ്ങളങ്ങയെ പ്രേരിപ്പിക്കുന്നു, നീ സകല ദേവന്മാർക്കു വേണ്ടിയും യജ്ഞം നടത്തേണമേ.

4 **പ്രാചീനഃ ബർഹിം പ്രദിശാ പൃഥിവ്യാ വസ്തോരസ്യ**
**വൃജ്യതേ അഗ്രേ അഹ്നാം**
**വ്യു പ്രഥതേ വിതരം വരീയോ ദേവേഭ്യോ**
**അദിതയേ സ്യോനം**

ആദ്യം കശ വിരിച്ച് വേദിയെ ആഛാദിതമാക്കുന്നു, അവർക്കു വേണ്ടി ശ്രേഷ്ഠമായ ദർഭകൾ വിസ്തൃമാക്കിയിരിക്കുന്നു, ആ കശമേൽ എല്ലാ ദേവന്മാരോടും കൂടി അദിതി സുഖപൂർവ്വം വിരാജിക്കുന്നു.

5 **വ്യചസ്വതീരുർവിയാ വി ശ്രയന്താം പതിഭ്യോ ന**
**ജനയഃ ശുമ് ഭമാനാഃ**
**ദേവീർദ്വാരോ ബൃഹതീർവിശ്വമിന്വാ ദേവേഭ്യോ**
**ഭവത സുപ്രായണാഃ**

സുന്ദരമായ വേഷഭൂഷകളാൽ സുസജ്ജിതരായ നാരികൾ പതിയുടെ അടുത്തേക്കു പോകുന്നതു പോലെ, എല്ലാ വാതിലുകളും വിരിയെ തുറക്കട്ടെ, ഹേ ദ്വാരദേവിമാരേ! ദേവന്മാർക്ക് എളുപ്പം പ്രവേശിക്കത്തക്ക വിധം നിങ്ങൾ തുറന്നു വരുവിൻ.

6 **ആ സുഷ്വയന്തീ യജതേ ഉപാകേ ഉഷാസാനക്താ**
**സദതാം നി യോനൗ**
**ദിവ്യേ യോഷണേ ബൃഹതീ സുരുക് മേ അധി**
**ശ്രിയം ശുക്രപിശം ദധാനേ**

രാത്രിയിലുണ്ടാകുന്ന നിദ്രാസുഖത്തെ രാത്രിയും ഉഷസും പ്രകടമാക്കട്ടെ, അവർ യജ്ഞാംശം പ്രാപിക്കുന്നതിൽ സമർത്ഥകളാണല്ലോ, അതിനാൽ പരസ്പരം ചേർന്ന് വിരാജിക്കട്ടെ. സ്വർഗ്ഗലോകത്തിൽ വസിക്കുന്ന നാരികളെപ്പോലെ അവർ രണ്ടു പേരും ശോഭാവതികളും തേജോധാരിണികളും ആകട്ടെ

7 **ദൈവ്യാ ഹോതാരാ പ്രഥമാ സുവാചാമിമാനാ**
**യജ്ഞം മനുഷോ യജധ്യൈ**
**പ്രചോദയന്താ വിദഥേഷു കാരൂ പ്രാചീനം ജ്യോതിഃ**
**പ്രദിശാ ദിശന്താ**

ദേവകളാൽ നിയുകിതമായ രണ്ടു ഹോതാക്കൾ ശ്രേഷ്ഠമായ സ്ത്രോതങ്ങൾ ഉച്ചരിക്കുന്നു, അവർ തന്നെ യജ്ഞകർമ്മങ്ങളും നിർവഹിക്കുന്നു, അവർ തന്നെ ഋത്വിജന്മാർക്ക് കർമ്മപ്രേരണ നൽകുന്നു, അവർ പ്രകാശത്തെ പ്രകടമാക്കുന്നവരും കർമ്മചതുരരുമാകുന്നു

8 **ആ നോ യജ്ഞം ഭാരതീ തുയമേത്വിളാ മനുഷ്വദിഹ**
**ചേതയന്തീ**
**തിസ്രോ ദേവീർബർഹിരേദം സ്യോനം സരസ്വതീ**
**സ്വപസഃ സദന്തു**

ഞങ്ങളുടെ യജ്ഞത്തിൽ ഭാരതി അതിവേഗം വന്നു ചേരട്ടെ, ഇളയും ഈ യജ്ഞത്തെ അറിഞ്ഞു ഇവിടെ വരുമാറാകട്ടെ, ഈ രണ്ടു പേരും, മൂന്നാമത്തെ സരസ്വതിയും അത്ഭുത കർമ്മങ്ങൾ നടത്തുന്നവരാകുന്നു, ഇവർ മൂവരും ഞങ്ങൾക്ക് അഭിമുഖരായി ശ്രേഷ്ഠാസനങ്ങളിൽ പ്രതിഷ്ഠിതരാകണേ

9 **യ ഇമേ ദ്യാവാപൃഥിവീ ജനിത്രീരൂപൈരപിംശദ്**
**ഭുവനാനി വിശ്വാ**
**തമദ്യ ഹോതരിഷിതോ യജീയാന്ദേവം**
**ത്വഷ്ടാരമിഹ യക്ഷി വിദ്വാൻ**

ദേവകളുടെ മാതൃത്രുപിണികളാണല്ലൊ, ആകാശവും ഭൂമിയും അവ രണ്ടിനേയും ആരു സൃഷ്ടിച്ചുവോ, അവയിലെ ജീവികളെ ആരു സൃഷ്ടിച്ചുവോ ആ ത്വഷ്ടാവിനെ ഹേ ഹോതാക്കളേ! നിങ്ങൾ പൂജിക്കുവിൻ, നിങ്ങൾ അന്നത്തോടു കൂടിയവരും ജ്ഞാനികളും ആണല്ലോ, അതിനാൽ യജ്ഞകർമ്മത്തിൽ മറ്റാരും നിങ്ങൾക്ക് തുല്യതവഹിക്കുന്നില്ല.

10 **ഉപാവസൃജത് മന്യാ സമഞ്ജന്ദേവാനാം പാഥ**
**ഋതുഥാ ഹവീംഷി**
**വനസ്പതിഃ ശമിതാ ദേവോ അഗ്നിഃ സ്വദന്തു ഹവ്യം**
**മധുനാ ഘൃതന**

ഹേ യൂപമേ! ദേവകൾക്ക് വേണ്ടി യഥാസമയം നിങ്ങൾ സ്വയം യജ്ഞദ്രവ്യം കൊണ്ടു വന്ന് സമർപ്പിച്ചാലും. വനസ്പതിയും, ശമിതാവും അഗ്നിയും ഈ മധുഘൃതസമ്പന്നമായ യജ്ഞവസ്തുക്കളെ സേവിക്കണേ.

11 **സദ്യോ ജാതോ വ്യമിമീത യജ്ഞമഗ്നിർദേവാ**
**നാമഭവത് പുരോഗാഃ**
**അസ്യ ഹോതുഃ പ്രദിശ്യൃത് തസ്യ വാചി സ്വാഹാകൃതം**
**ഹവിരദന്തു ദേവാഃ**

അഗ്നിജനിച്ചപ്പോൾ തന്നെ യജ്ഞത്തെ സൃഷ്ടിച്ചു, അവൻ തന്നെ ദേവകളുടെ അഗ്രഗണ്യനായ ദൂതനായി. അഗ്നിരൂപനായ ഹോതാവ് മന്ത്രോച്ചാരണം നടത്തട്ടെ, ആര് യജ്ഞവസ്തുക്കൾ സ്വാഹാ സഹിതം പ്രദാനം ചെയ്യുന്നുവോ, അവൻ ദേവന്മാർ സ്വീകരിക്കണേ.

## സൂക്തം 111

ഋഷി-വിരൂപപുത്രൻ അഷ്ടാദംഷ്ട്രൻ ദവേത-ഇന്ദ്രൻ ഛന്ദസ്-ത്രിഷ്ടുപ്

1 **മനീഷിണഃ പ്ര ഭരധ്വം മനീഷാം യഥായഥാ മതയഃ സന്തി നൃണാം**
**ഇന്ദ്രം സത്യൈരേരയാമാ കൃതേഭിഃ സ ഹി വീരോ ഗിർവണസ്യുർവിദാ നഃ**

ഹേ സ്തോതക്കളെ! നിങ്ങളുടെ ബുദ്ധി വികസിക്കുന്നതോടൊപ്പം വികസിതങ്ങളായ സ്ത്രോതങ്ങളെ ഉച്ചരിക്കുവിൻ, സത്യകർമ്മങ്ങളാൽ ഇന്ദ്രനെ ആഹ്വാനം ചെയ്യുവിൻ, വീരകർമ്മാവായ ആ ഇന്ദ്രൻസ്തുതികളെ അറിഞ്ഞ് സ്തോതാക്കളെ അനുഗ്രഹിക്കുന്നു.

2 **ഋതസ്യ ഹി സദസോ ധീതിരദ്യൗത്സം**
**ഗാർഷ് ട്രേയോ വൃഷഭോ ഗോഭിരാനട്**
**ഉദതിഷ്ഠത്തവിഷേണാ രവേണ മഹാന്തി ചിത്സം വിവ്യാചാ രജാംസി**

ജലത്തിന്റെ ആശ്രയരൂപനായ ഇന്ദ്രൻ അത്യന്തം തേജസ്വിയാകുന്നു. കന്നുകുട്ടി തള്ളയോടു ചേർന്നതു പോലെ ഇന്ദ്രൻ എല്ലാവരോടും ചേരുന്നു. ഈ ഇന്ദ്രൻ കോലഹലത്തോടു കൂടി ജനിക്കുന്നു, അവൻ വളരെയധികം ജലത്തെ നിർമ്മിക്കുന്നു.

3 **ഇന്ദ്രഃ വില ശ്രുത്യാ അസ്യ വേദ സ ഹി ജിഷ്ണുഃ പഥി കൃത്സൂര്യായ**
**ആൻമേനാം കൃണ്വന്നച്യുതോ ഭുവദോഃ പതിർദിവഃ സനജാ അപ്രതീതഃ**

ഇന്ദ്രൻ ഈ സ്തോത്രത്തെ ശ്രവിക്കുന്നു, അവൻ വിജയം പ്രാപിക്കുന്നവനാകുന്നു, അവൻ സൂര്യനു വേണ്ടി വഴിവെട്ടി, അദ്ദേഹം സേനകളെ നിർമ്മിച്ചു. അവൻ ഗോക്കളുടെ സ്വാമിയും സ്വർഗ്ഗ ലോകത്തിന്റെ അധിപനുമാകുന്നു, അവനെ എതൃക്കുവാൻ ആരും സമർത്ഥരല്ല.

4 **ഇന്ദ്രോ മഹാ മഹതോ അർണവസ്യ വ്രതാമിനാ-ദങ് ഗിരോഭിർഗൃണാനഃ**
**പുരൂണി ചിന്നി തതാനാ രജാംസി ദാധാര യോ ധരുണം സത്യതാതാ**

അംഗിരസ്സുകൾ സ്തുതിച്ചപ്പോൾ ഇന്ദ്രൻ തന്റെ ബലത്താൽ മേഘാ വരണത്തെ കീറിക്കളഞ്ഞു, അവൻ സത്യ രൂപത്തിൽ ശക്തിയെ വഹിക്കുകയും കൂടുതൽ ജലത്തെ സൃഷ്ടിക്കുകയും ചെയ്തു.

5 **ഇന്ദ്രോ ദിവി പ്രതിമാനം പൃഥിവ്യാ വിശ്വാ വേദ സവനാ ഹന്തി ശുഷ്ണം**
**മഹീം ചിദ്ദ്യാമാതനോത് സൂര്യേണ ചാസ് കമ് ഭ ചിതകംഭ നേന സ്കഭീയാൻ**

ഒരു ഭാഗത്ത് ആകാശഭൂമികളും മറുഭാഗത്ത് ഇന്ദ്രനും അവൻ സകല സോമയാഗങ്ങളും അറിയുന്നു. അവൻ ദുഃഖങ്ങളെ നശിപ്പിക്കുന്നവനുമാകുന്നു, സൂര്യനെ പ്രകാശിപ്പിച്ച് ആകാശത്തെ അവൻ പ്രശോഭിതമാക്കി, അവൻ ധാരണ കർമ്മത്തിൽ കുശലനാകുന്നു, അതിനാൽ അവൻ ആകാശത്തെ അധരത്തിൽ വഹിച്ചിരിക്കുന്നു.

6 **വജ്രേണ ഹി വൃത്രമസ് തരദേവസ്യ വൃത്രഹ ശൂശുവാനസ്യമായാഃ**
**വി ധൃഷ്ണോ അത്ര ധൃഷതാ ജഘന്യാഥാഭവോ മഘവന്ബാഹ്വോജാഃ**

ഹേ ഇന്ദ്രാ! നീ വൃത്രനെ സംഹരിച്ചു. യജ്ഞവിമുഖനായ അവൻ വൃദ്ധിയെ പ്രാപിച്ചു കൊണ്ടിരുന്നപ്പോൾ നീ നിന്റെ പരാക്രമത്താൽ അവന്റെ എല്ലാമായ കളേയും അസ്തവീര്യമാക്കി, ഹേ ഇന്ദ്രാ! നീ ബല പൂർണ്ണനായി ഉഗ്രരൂപനായല്ലോ

7 **സചന്ത യദുഷസഃ സൂര്യേണ ചിത്രാമസ്യ കേതവോ രാമവിന്ദന്**
**ആ യന്നക്ഷത്രം ദദൃശേ ദിവോ ന പുനര്യതോ നകിരദ്ധാ നു വേദ**

ഉഷസ്സുകൾ സൂര്യനോടു ചേർന്നപ്പോൾ സൂര്യരശ്മികൾ വിഭിന്ന രൂപങ്ങൾ സ്വീകരിച്ചു. പിന്നെ നക്ഷത്രങ്ങളെ ആകാശത്തിൽ കണ്ടപ്പോൾ യാത്രക്കാരായ യാതൊരുത്തർക്കും സൂര്യനെ ദർശിക്കുവാൻ കഴിഞ്ഞില്ല.

8 **ദൂരം കില പ്രഥമാ ജഗ് മുരാസാമിന്ദ്രസ്യ യാഃ പ്രസവേ സസ്രുരാപഃ**
**ക്വ സ്വിദഗ്രം ക്വ ബുധ്ന ആസമാപോ മധ്യം ക്വ വോ നൂനമന്തഃ**

ഇന്ദ്രന്റെ ആജ്ഞയാൽ പ്രഭാവിതമായ ജലം വളരെ ദൂരം ഒഴുകിപ്പോയി, ആ ജലത്തിന്റെ തലയും വാലും എവിടെ? ഹേ ജലമേ! നിന്റെ മധ്യവും അന്തവും എവിടെ?

9 **സൃജഃ സിന്ധു ഹിനാ ജഗ്രസാനാം ആദിദേതാഃ പ്ര വി വിഃ ജ്ര ജവേന**
**മുമുക്ഷമാണാ ഉതയാ മുമുപ്രേ ധേദേതാ നര മന്തേ നിതിക്താഃ**

ഹേ ഇന്ദ്രാ! വൃത്രാസുരൻ ജലത്തെ തടഞ്ഞു നിർത്തിയപ്പോൾ നീ തന്നെയാണല്ലോ ആ ജലത്തെ ഉദ്ധരിച്ചത്, അപ്പോൾ ആ ജലം വളരെ വേഗത്തിൽ പ്രവഹിച്ചു, ഇന്ദ്രൻ സ്വേഛയാജലത്തെ പോകാനനുവദിച്ചപ്പോൾ ആ ജലത്തിനു ഒരു വിധത്തിലും നിൽക്കുവാൻ കഴിഞ്ഞില്ല.

10 **സധ്രീചീഃ സിന്ധു മുശതീരിവായന്ത് സനാജ്ജാര ആരിതഃ പൂർഭിദാസാം**
**അസ്തമാ തേ പാർഥിവാ വസൂന്യസ്മേ ജഗ്മുഃ സൂനൃതാ ഇന്ദ്ര പൂർവീഃ**

എല്ലാ ജലങ്ങളും ഒന്ന് ചേർന്ന് സമുദ്രത്തിലേക്കൊഴുകുന്നു, ശത്രുക്കളെ ക്ഷീണിപ്പിക്കുന്നവനും, അവരുടെ നഗരങ്ങളെ തകർക്കുന്നവനുമായ ഇന്ദ്രൻ എല്ലാ ജലങ്ങളുടെയും ഈശ്വരനാകുന്നു, ഹേ ഇന്ദ്രാ! ഭൂമിയിലെ സകല യജ്ഞ വസ്തുക്കളും, മംഗളകാരികളായ സ്തോത്രങ്ങളും നിന്റെ നേരേ ഒഴുകട്ടെ.

## സൂക്തം 112

ഋഷി- വിരൂപഗോത്രനഭഃപ്രഭേതനൻ ദേവത-ഇന്ദ്രൻ ഛന്ദസ്, ത്രിഷ്ടുപ്

1 ഇന്ദ്ര പിബ പ്രതികാമം സുതസ്യ പ്രാതഃ
സാവസ്തവ ഹി പൂർവപീതിഃ
ഹർഷസ്വ ഹന്തവേ ശൂര ശത്രൂനുക്
ഥേഭിഷേഠവീര്യാപ്ര ബ്രവാമ

ഹേ ഇന്ദ്രാ! സോമം പിഴിഞ്ഞു വെച്ചിരിക്കുന്നു. ഇഷ്ടം പോലെ പാനം ചെയ്താലും, പ്രഭാത സവനത്തിൽ യാതൊന്ന് നിനക്കു പാനയോഗ്യമായിരിക്കുവോ അത് പാനം ചെയ്ത് ശത്രുക്കളെ സംഹരിച്ചാലും, ഞങ്ങൾ ശ്രേഷ്ഠമായ സ്തുതികളാൽ നിന്നെ പൂജിക്കുന്നു.

2 യസ്തേ രഥേ മനസോ ജവീയാനേന്ദ്ര തേന
സോമപേയായ യാഹി
തൂയമാ തേ ഹരയഃ പ്ര ദ്രവന്തു യേഭിര്യാസി
വൃഷഭിർമന്ദമാനഃ

ഹേ ഇന്ദ്രാ! മനോവേഗത്തോടു കൂടിയതാണല്ലോ നിന്റെ രഥം. നീ ആ രഥത്തിൽ ആഗതനായാലും, നീ കയറി വരുന്ന ആ ഹരിതാശ്വം വേഗമേറിയതാകട്ടെ

3 ഹരിത്വതാ വർചസാ സൂര്യസ്യ ശ്രേഷ്ഠൈ രൂപൈ-
സ്തന്വം സ്പർശയസ്വ
അസ്മാഭിരിന്ദ്ര സഖിഭിർഹുവാനഃ സധ്രീചീനോ
മാദയസ്വാ നിഷദ്യ

ഹേ ഇന്ദ്രാ! നീ നിന്റെ ഹരിതതേജസ്സാൽ സൂര്യനേക്കാളും അധികം ആഭായുക്തനായി സ്വദേഹത്തെ പ്രകാശിപ്പിച്ചാലും, ഞങ്ങൾ ബന്ധു ഭാവത്തിൽ നിന്നെ വിളിക്കുന്നു, നീ ഞങ്ങളോടൊപ്പമിരുന്ന് സോമപാനം വഴിയായി ഹർഷത്തെ പ്രാപിച്ചാലും

4 യസ്യ ത്യത്തേ മഹിമാനം മദേഷ്വിമേ മഹീ രോദസീ
നാ വിവിക്താം
തദോക ആ ഹരിഭിരിന്ദ്ര യുക്തൈഃ പ്രിയേഭിര്യാഹി
പ്രിയമന്നമഛ

സോമപാനത്തിൽ നിന്നുണ്ടാകുന്ന ഹർഷത്താൽ നീ അത്യന്തം മഹിമായുക്തനാകുന്നു. നിന്റെ ആ മഹിമയെ വഹിക്കുന്നതിൽ വാനൂഴികൾ അസമർത്ഥകളാകുന്നു. ഹേ ഇന്ദ്രാ! നീ നിന്റെ പ്രിയപ്പെട്ട അശ്വങ്ങളെ പൂട്ടി യജമാനന്റെ ഭവനത്തിൽ ഹവിരാന്നത്തിങ്കലേക്കു ആഗതനായാലും.

5 യസ്യ ശശ്വത് പപിവാം ഇന്ദ്ര ശത്രൂ നനാനു കൃത്യാ
രണ്യാ ചകർഥ
സ തേ പുരന്ധിം തവിഷീമിയതരി സ തേ മദായ
സുത ഇന്ദ്ര സോമഃ

ഹേ ഇന്ദ്രാ! ആരുടെ സോമം പാനം ചെയ്ത് സ്വന്തം പരാക്രമത്തെ പ്രദർശിപ്പിച്ച് ശത്രുക്കളെ നശിപ്പിക്കുന്നുവോ, ആ യജമാനൻ തന്നെ ഇന്ന് നിനക്കു വേണ്ടി ശ്രേഷ്ഠമായ സ്തുതികൾ അർപ്പിച്ചുകൊണ്ടിരിക്കുന്നു. നിന്റെ ഹർഷത്തിനു വേണ്ടി ഈ മധു സമർപ്പിക്കുന്നു.

6 ഇദം തേ പാത്രം സനവിത്തമിന്ദ്ര പിബാ
സോമമേനോ ശതക്രതോ
പൂർണ ആഹാവോ മദിരസ്യ മധ്വോ യം വിശ്വ
ഇദഭിഹര്യന്തി ദേവാഃ

ഹേ ശത്രുകർമ്മാവായ ഇന്ദ്രാ! നീ ഈസോമപാത്രത്തിൽ നിന്നും കുടിച്ചാലും, ദേവകളാശിക്കുന്ന മധുരമയവും, ഹർഷകാരിയും ആയ സോമം പാത്രത്തിൽ നിറഞ്ഞിരിക്കുന്നു.

7 വി ഹി ത്വാമിന്ദ്ര പുരുധാ ജനാസോ ഹിതപ്രയസോ
വൃഷഭ ഹ്വയന്തേ
അസ്മാകം തേ മധുമത്ത മാനീമാ ഭുവന്ത് സവനാ
തേഷു ഹര്യ

ഹേ ഇന്ദ്രാ! അന്നം ഏകീകരിച്ചു കൊണ്ട് സ്തോതാക്കൾ നിന്നെ വിഭിന്ന സ്ഥാനങ്ങളിൽ ആഹ്വാനം ചെയ്യുന്നു. എന്നാൽ ഞങ്ങൾ അർപ്പിക്കുന്ന ഈ സോമം വളരെ മധുരമുള്ളതാകുന്നു, നീ ഇതു തന്നെ ആസ്വദിച്ചാലും.

8 പ്ര ത ഇന്ദ്ര പൂർവ്യാണി പ്ര നൂനം വീര്യാ വോചം
പ്രഥമാ കൃതാനി
സതീനമന്യുരശ്രഥായോ അദ്രിം സുവേദനാ-
മകൃണോർ ബ്രഹ്മണേഗാം

ഹേ ഇന്ദ്രാ! നിന്റെ പണ്ടത്തെ പരാക്രമത്തെ ഞാൻ കീർത്തിക്കുന്നു, നീ ജലത്തിനു വേണ്ടി മേഘത്തെ കീറുകയും സ്തോതാക്കൾക്ക് ഗോക്കളെ കിട്ടുമാറാക്കയും ചെയ്യുന്നു.

9 നി ഷു സീദ ഗണപതേ ഗണേഷു ത്വാമാഹുർ-
വി പ്രതമം കവീനാം
ന ഋതേത്വത് ക്രിയതേ കിഞ്ചനാരേ മഹാമർകം
മഘവഞ്ചിത്രമർച

ഹേ ഇന്ദ്രാ! നീ എല്ലാ ജീവികൾക്കും ഈശ്വരനാകുന്നു. സ്തോതാക്കളുടെ മധ്യേ നീ പ്രശോഭിച്ചാലും, കർമ്മകുശലരായ വ്യക്തികളിൽ നീ ഏറ്റവും ബുദ്ധിമാനും സമർത്ഥനും ആകുന്നു. ഹേ ഇന്ദ്രാ! ഞങ്ങളുടെ മന്ത്രങ്ങളെ വളർത്തി വിഭിന്നഫലമുളവാക്കിയാലും

10 അഭിഖ്യാ നോ മഘവന്നാധമാനാന്ത് സഖേ
ബോധി വസുപതേ സഖീനാം
രണം കൃധി രണകൃത്സത്യശുഷ്മാഭക്തേ ചിദാ ഭജാ
രായേ അസ്മാൻ

ഹേ ഇന്ദ്രാ! ഞങ്ങൾ നിന്നോട് യാചിക്കുന്നു. നീ ഞങ്ങൾക്ക് തേജസ്സ് പ്രദാനം ചെയ്താലും, ഞങ്ങൾ നിന്റെ ബന്ധുവിനു തുല്യരാണല്ലോ, ധനം കിട്ടാൻ സാധ്യമല്ലാത്ത സ്ഥലത്തു നിന്നു പോലും നീ ഞങ്ങൾക്ക് ധനം കിട്ടുമാറാക്കണമേ.

## അനുവാകം 9 സൂക്തം 113

ഋഷി-വിരൂപഗോത്രൻ ശതപ്രഭേതനൻ ദേവത-ഇന്ദ്രൻ. ഛന്ദസ്-അഗ്നി, ത്രിഷ്ടുപ്.

1 തമസ്യ ദ്യാവാപൃഥിവീ സചേതസാ വിശ്വേ
ഭിർദേവൈരനുശുഷ്മമാവതാം
യദൈത് കൃണ്വാനോ മഹിമാനമിന്ദ്രിയം പീത്വി
സോമസ്യ ക്രതുമാം അവർധത

ആകാശഭൂമികൾ എല്ലാ ദേവന്മാരോടു കൂടി ഇന്ദ്രനെ പുഷ്ടിപ്പെടുത്തുകയും ബലവാനാക്കുകയും ചെയ്യട്ടെ. അവൻ സോമം പാനം ചെയ്തപ്പോൾ വീരകർമ്മാവും, മഹിമായുക്തനും ആയിത്തീർന്നു.

2 തമസ്യ വിഷ്ണുർമഹിമാനമോജസാംശും
ദധന്വാന്മധുനോ വി രപ് ശതേ

**ദേവേഭിരിന്ദ്രോ മഘവാ സയാവഭിർവൃത്രം ജഘന്വാം**
**അഭവദ്വരേണ്യഃ**

മധുരമുള്ള സോമ ലതയെ വിഷ്ണു അയച്ചു കൊടുത്തപ്പോൾ ഇന്ദ്രന്റെ മഹിമ വിളംബരം ചെയ്യപ്പെട്ടു. ഹേ ധനാവാനയ ഇന്ദ്രാ! നീ സഹകാരികളായ ദേവന്മാരോടു കൂടി വൃത്രഹനനം വഴിയായി സർവോത്കൃഷ്ടുനായിത്തീർന്നുവല്ലോ.

3 **വൃത്രേണ യദഹിനാ വിഭ്രദായുധാ സമസ്ഥിഥാ**
**യുധയേ ശംസമാവിദേ**
**വിശ്വേ തേ അത്ര മരുതഃ സഹ ത് മനാവർധന്നുഗ്ര**
**മഹിമാനമിന്ദ്രിയം**

ഹേ ഇന്ദ്രാ! നീ ഭയങ്കരനും തേജോ യുക്തനും ആണല്ലോ. നീ സ്തുതികളെ കാമിച്ച് കൊണ്ട് ശസ്ത്രാസ്ത്രങ്ങളെ ധരിച്ച് വൃതുനുമായി യുദ്ധം ചെയ്ത് മുന്നേറിയപ്പോൾ എല്ലാ മരുത്തുക്കളും നിന്നെ സ്തുതിച്ചു. അതിനാൽ നിന്റെ മഹിമ വളരുകയും അവർ മേധാവികളാകയും ചെയ്തു.

4 **ജജ്ഞാന ഏവ വ്യവാധത സ്പൃധഃ പ്രാപശ്യദ്വീരോ**
**അഭി പൌംസ്യം രണം**
**അവൃശ്ചദദ്രിമവ സസ്യദഃ സൃജദസ്ത് മനാന്നാകം**
**സ്വപസ്യയാ പൃഥും**

ഇന്ദ്രൻ ജനിച്ചപ്പോൾ തന്നെ ശത്രുക്കളെ കൊന്നു, അവൻ യുദ്ധേഛയാൽ തന്റെ ബലത്തെ വളർത്തി. അവൻ വൃത്രനെ പിളർക്കുകയും, മനുഷ്യരെ രക്ഷിക്കുകയും തന്റെ പ്രയന്തത്താൽ സ്വർഗ്ഗത്തെ ഉയർത്തുകയും ചെയ്തു.

5 **ആദിന്ദ്രഃ സത്രാ തവിഷീരപ ത്യത വരീയോ ദ്യാ-**
**വാപൃഥിവീ അബാധത**
**അവാഭരദ് ധൃഷിതോ വജ്രമായസം ശേവം മിത്രായ**
**വരുണായ ദാശുഷേ**

ഭയങ്കരമായ ശത്രുസേനയെ ഇന്ദ്രൻ പെട്ടെന്നു പിൻതുടർന്നു. തന്റെ മഹിമയാൽ അവൻ വാനൂഴികളെ തന്റെ വശത്താക്കി ദാനശീലരായ മിത്രാവരുണന്മാർക്കു കല്ല്യാണകാരിയായ ഇരുമ്പു വജ്രത്തെ അവൻ കരങ്ങളിലെടുത്തു.

6 **ഇന്ദ്രസ്യാത്രതവി ഷീഭ്യോ വിരപ്ശിന ഋധായതോ**
**അരംഹയന്തമന്യവേ**
**വൃത്രം യദുഗ്രോ വ്യവൃശ്ചദോജസാപോ വിഭ്രതം**
**തമസാ പരീവൃതം**

പല വിധത്തിൽ അലറികൊണ്ട് ഇന്ദ്രൻ ശത്രുക്കളെ സംഹരിക്കുവാൻ തുടങ്ങി. അവന്റെ പരാക്രമത്തെ പ്രശംസിച്ചു കൊണ്ട് ജലം പ്രവഹിച്ചു. അന്ധകാരത്തിൽ വസിച്ചിരുന്ന വൃത്രൻ ജലത്തെ തടഞ്ഞു നിർത്തിയിരുന്നു. ഇന്ദ്രന്റെ ശക്തിയാൽ അവനെ കീറിപ്പിളർന്നു.

7 **യാ വീര്യാണി പ്രഥമാനി കർത്വാ മഹിത്വേഭിരൃത**
**മാനൗ സമീയതുഃ**
**ധ്വാന്തം തമോ വ ദധ്വസേ ഹത ഇന്ദ്രോ മഹ്നാ**
**പൂർവഹൂതാവ പത്യത**

പരസ്പരം സ്പർധയോടുകൂടിയ ഇന്ദ്രനും വൃത്രനും താന്താങ്ങളുടെ പരാക്രമങ്ങളെ ആദ്യം പ്രദർശിപ്പിച്ചു, പിന്നീട് അത്യന്തം കുപിതരായി യുദ്ധം തുടങ്ങി. വൃത്രൻ വധിക്കപ്പെട്ടപ്പോൾ അന്ധകാരം മാറിപ്പോയി, ഇന്ദ്രനോ മഹത്വത്താൽ ഒന്നാമനായി വിളിക്കപ്പെട്ടു.

8 **വിശ്വേ ദേവാസോ അധ വൃഷ്ണ്യാനി തേ**
**വർധയൻത്സോമവത്യാ വചസ്യയാ**
**രുദ്രം വൃത്രമഹി മിന്ദ്രസ്യ ഹന്മാനാഗ്നിർനജമ് ഭൈ-**
**സ്ത്യസ്വന്നമാവയത്**

ഹേ ഇന്ദ്രാ! സ്തുതികളുടേയും, സോമമധുവിന്റെയും അർപ്പണം വഴിയായി ദേവകൾ നിന്നെ ശക്തനാക്കി, ആ സമയത്ത് ഭയങ്കരനായ വൃത്രനെ അങ്ങ് ഹനിച്ച് തന്മൂലം മനുഷ്യർക്ക് അന്നം പ്രാപിക്കുവാൻ സാധിച്ചു. അഗ്നിവസ്തുക്കളെ ഭസ്മമാക്കുന്നതു പോലെ മനുഷ്യർ ആ അന്നത്തെ പല്ലുകൾ കൊണ്ട് ചവച്ചു തിന്നുന്നു.

9 **ഭ്രരി ദക്ഷേഭിർവചനേഭിഋക്വഭിഃ സഖ്യോഭി**
**പ്ര സഖ്യാനി വോചത**
**ഇന്ദ്രോ ധുനിം ച ചമുരിം ചദ്മഭയഞ്ഛ്റദ്ധാമനസ്യാ**
**ശൃണുതേ ദഭീതയേ**

ഹേ സ്തോതാക്കളെ! ഇന്ദ്രൻ നിങ്ങൾക്ക് ചെയ്ത സൽകർമ്മങ്ങൾക്ക് വേണ്ടി അവന്റെ മഹത്വപൂർണ്ണമായ ഗുണത്തെ പാടിപുകഴ്ത്തുവിൻ. ദഭീതിരാജന്റെ സ്തുതികൾ ശ്രവിച്ച ഇന്ദ്രൻ ധുനി, ചുമരി എന്നീ ദൈത്യന്മാരെ നിഗ്രഹിച്ചുവല്ലോ.

10 **ത്വം പുരുണ്യാ ഭരാ സ്വശ്വ്യാ വ്യാ യേഭിർമംസൈ-**
**ർനിവചനാനി ശംസൻ**
**സുഗേഭിർവിശ്വാ ദുരിതാ തരേമ വിദോ ഷു ണ**
**ഉർവിയാ ഗാധമദ്യ**

ഹേ ഇന്ദ്രാ! സ്തുതിക്കുന്ന സമയം ഞാൻ യാചിക്കുന്ന ഐശ്വര്യത്തേയും, അശ്വാദികളേയും എനിക്ക് പ്രദാനം ചെയ്താലും, ഞാൻ പാപങ്ങളുടെ കരകടന്ന് സുഖത്തിന്റെ മാർഗ്ഗത്തെ പ്രാപിക്കണേ. ഞാൻ രചിച്ച സ്തോത്രങ്ങൾ ശ്രവിക്കുവാൻ കൃപ ചെയ്താലും.

## സൂക്തം 114

ഋഷി-വിത്രുപുഗോത്രൻ സത്രിയോ തപപുത്രൻ
ഘർമ്മനോ. ദേവത-വിശ്വേദേവകൾ
ഛന്ദസ്-ത്രിഷ്ടുപ്, ജഗതി.

1 **ധർമാ സമന്താ ത്രിവൃതം വ്യാപതുസ്ത-**
**യോർജുഷ്ടി മാതരിശ്വാ ജഗാമ**
**ദിവസ്പയോ ദിധിഷാണ അവേഷന്വിദുർദേവാഃ**
**സഹസാമാനമർകം**

അഗ്നിയാദിത്യന്മാർ തേജസ്വികളാകുന്നു. അവർ ത്രിലോകങ്ങളിൽ വ്യാപിച്ചു. മാരിശ്വാവ് തന്റെ കർമ്മത്താൽ അവരെ പ്രസന്നരാക്കി. ജലദേവതകൾ മന്ത്രങ്ങളാൽ സൂര്യനു പ്രാപിച്ചു, അപ്പോൾ അവർ രണ്ടു പേരും തുല്യഭാവത്തോടുകൂടിയവരായി ദിവ്യജലത്തെ വർഷിച്ചു.

2 **തിസ്രോ ദേഷ്ട്രായ നിർഋതീരുപാസതേ ദീർഘ**
**ശ്രുതോ വി ഹി ജാനന്തി വഹ്നയഃ**
**തസാം നി ചിക്യുഃ കവയോ നിദാനം പരേഷു**
**യാ ഗുഹ്യേഷു വ്രതേഷു**

യജ്ഞകർത്താക്കളായ വിദ്വാന്മാർ യജ്ഞാവസരത്തിൽ മൂന്നു വിഭൂതികൾക്കുവേണ്ടി യാഗം നടത്തുന്നു. ആ യജ്ഞത്തിൽ തന്നെ അഗ്നിയെ മറ്റു ദേവന്മാർ പരിചയപ്പെടുന്നു. ജ്ഞാനികളായവർ ഈ അഗ്നി

കളുടെ ഉൽപത്തി സ്ഥാനങ്ങളെ അറിയുന്നു. ആ അഗ്നികൾ വളരെ ഗോപനീയമായ സ്ഥാനത്തു വസിക്കുന്നു.

3 **ചതുഷ് കപർദാ യുവതിഃ സുപേശാ ഘൃതപ്രതീകാ വയുനാനി വസ്തേ**
**തസ്യാം സുപർണാ വൃഷണാ നിഷേദതുര്യത്ര ദേവാ ദധിരേ ഭാഗധേയം**

നാലു കോണുകളോടുകൂടിയ ഒരു വേദി അതിന്റെ രൂപം ശ്രേഷ്ഠവും സംനിഗ്ധവുമാണ്. അത് ശ്രേഷ്ഠമായ വസ്തുക്കളാൽ മറക്കപ്പെടുന്നു, എവിടെ രണ്ടു പക്ഷികൾ വസിക്കുന്നുവോ അവിടെ ആ വേദിയിൽ എല്ലാദേവന്മാരും തങ്ങളുടെ യജ്ഞഭാഗം പ്രാപിക്കുന്നു.

4 **ഏകഃ സുപർണഃ സ സമുദ്രമാ വിവേശ സ ഇദം വിശ്വം ഭുവനം വി ചഷ്ടേ**
**തം പാകേന മനസാ പശ്യമന്തിതസ്തം മാതാ രേളിഹ സ ഉരേളിഹ മാതരം**

പ്രാണരൂപമാകുന്ന പക്ഷി ബ്രാഹ്മാണ്ഡരുപമാകുന്ന സമുദ്രത്തിൽ വസിക്കുന്നു. അത് ലോകത്തെ മുഴുവൻ നോക്കുന്നു. ഞാനും അതിനെ ഉത്കൃഷ്ടമായ എന്റെ ബുദ്ധിയാൽ കണ്ടു, അത് അതിന്റെ സമീപസ്ഥയായ വാണിയെ സേവിക്കുകയും മാതൃരൂപമായ വാണി അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു.

5 **സുപർണം വിപ്രാഃ കവയോ വചോഭിരേകം സന്തം ബഹുധാ കല്പയന്തി**
**ഛന്ദാംസി ച ദധതോ അധ്വരേഷു ഗ്രാഹാന്ത്- സോമസ്യ മിമതേ ദ്വാദശ**

ഈശ്വരരൂപമായ പക്ഷി ഏകമാകുന്നു, എന്നാൽ ജ്ഞാനികൾ അതിനെ തന്താങ്ങളുടെ ദൃഷ്ടകോണത്തിൽ വിഭിന്നരൂപത്തിൽ ഉപദേശിക്കുന്നു. യജ്ഞാനുഷ്ഠാനങ്ങളിൽ അവർ അതിനെ വിഭിന്നഛന്ദസ്സുകളിൽ ഉപാസിക്കുകയും പന്ത്രണ്ടു സോമപാത്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു.

6 **ഷട്ത്രിംശാംശ്ച ചതുരഃ കല്പയന്ത ശ്ഛന്ദാംസി ച ദധത ആദ്വാദശം**
**യജ്ഞം വിമായ കവയോ മനീഷ ഋക്സാമാഭ്യാം പ്ര രഥം വർതയന്തി**

ജ്ഞാനികൾ നാൽപതു സോമപാത്രങ്ങൾ സ്ഥാപിച്ചുകൊണ്ട് സ്തോത്രങ്ങൾ ഉരുവിടുന്നു, അതു തന്നെ പന്ത്രണ്ടുഛന്ദസ്സുകളിൽ ഉച്ചരിക്കുന്നു, അവർ തങ്ങളുടെ ബുദ്ധിയിൽക്കൂടി അനുഷ്ഠാന കർമ്മങ്ങൾ നടത്തി, ഋഗ്വേദത്തിന്റെയും സാമവേദത്തിന്റെയും മന്ത്രങ്ങളാൽ യജ്ഞരൂപമായ രഥത്തെ വഹിക്കുന്നു.

7 **ചതുർദശാന്യേ മഹിമാനോ അസ്യു തം ധീരാ വാചാ പ്ര ണയന്തി സ്പത**
**ആപ്നാനം തീർഥം ക ഇഹ പ്ര വോചദ്യേന പഥാ പ്രപിവന്തേ സുതസ്യ**

യജ്ഞരൂപനായ ഈശ്വരന്റെ പതിനാലു മഹിമകൾ ഭുവനരൂപത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സപ്തഹോതാക്കൾ സ്തോത്രങ്ങളാൽ യജ്ഞകർമ്മത്തെ നിർവഹിക്കുന്നു. അപ്പോൾ യജ്ഞത്തിൽ വരുന്ന ദേവഗണം സോമപപാനം ചെയ്യുന്നു. ലോകവ്യാപകമായ ഈ യജ്ഞമാർ ഗ്ഗത്തെ വർണ്ണിക്കുവാൻ ആരാണ് സമർത്ഥൻ?

8 **സഹസ്രധാ പഞ്ചദശാന്യുക്ഥാ യാവദ് ദ്യാവാ- പൃഥിവീ താവദിത്തത്**
**സഹസ്രധാ മഹിതാനഃ സഹസ്രമം യാവദ് ബ്രഹ്മ വിഷ്ഠിതം താവതീ വാക്**

ഉക്ഥ മന്ത്രങ്ങൾ പതിനയ്യായിരമുണ്ട്. അവയും ആകാശഭൂമികളെപ്പോലെ മഹത്വമേറിയവയാകുന്നു, സഹസ്റമഹിമകളോടുകൂടിയ സ്തോത്രങ്ങളുടെ കരകാണാത്തതു പോലെ തന്നെ വാണിയുടെ മറു കരയും കാണപ്പെടുന്നില്ല.

9 **കശ്ഛന്ദസാം യോഗമാ വേദ ധീരഃ കോ ധിഷ്ണ്യാം പ്രതി വാചം പപാദ**
**കമൃത്വിജാ മഷ്ടമം ശൂരമാഹുർഹരീ ഇന്ദ്രസ്യനി ചികായ കഃ സ്വിത്**

എല്ലാമറിയുന്ന ജ്ഞാനി ആര്? മൂല്യവാക്യത്തെ ഏത് വിദ്വാൻ അറിഞ്ഞിരിക്കുന്നു? ഏഴ് ഋത്വിജന്മാരുടെ മേലുള്ള എട്ടാമത്തെ ബ്രഹ്മാവായ പരമപുരുഷൻ ആരാണ്? ഇന്ദ്രന്റെ പച്ചക്കുതിരകളെ ഏതു ഉപാസകൻ കണ്ടിട്ടുണ്ട്?

10 **ഭൂമ്യാ അന്തം പർയേകേ ചരന്തി രഥസ്യധൂർഷു യുക്താസോ അസ്ഥുഃ**
**ശ്രമസ്യ ദായം വി ഭജന്ത്യേഭ്യോ യദാ യമോ ഭവതി ഹർമ്യേ ഹിതഃ**

ചില അശ്വങ്ങൾ രഥത്തിന്റെ നുകങ്ങളിൽ പൂട്ടപ്പെടുന്നു, ചിലവ യാത്രക്കാരെയും കൊണ്ട് ഭൂമിയിൽ സഞ്ചരിക്കുന്നു. സാരഥിരഥയുക്തമായ അശ്വത്തെ നയിക്കുമ്പോൾ ക്ഷീണമകറ്റുന്നതിനുവേണ്ടി അവയ്ക്ക് പൗഷ്ഠികവസ്തുക്കൾ നൽകപ്പെടുന്നു.

## സൂക്തം 115

ഋഷി-വൃഷ്ടിഗവ്യപുത്രൻ ഉപസ്തുതൻ, ദേവത-അഗ്നി ഛന്ദസ്സ്-ജഗതി, ത്രിഷ്ടുപ്, ശക്വരി.

1 **ചിത്ര ഇച്ഛിശോസ്തരുണസ്യ വക്ഷഥോ ന യോ മാതരാവപ്യേതി ധാതവേ**
**ആനൂധാ യദി ജീജനദധാച നു വവക്ഷ സദ്യോ മഹി ദൂത്യം ചരൻ**

ഈ ബാലരൂപനായ അഗ്നിയുടെ പ്രഭാവം വിചിത്രമാകുന്നു. ഇവന് പാൽ കുടിക്കുവാൻ മാതാവിന്റെ അടുക്കൽ പോകേണ്ടതായി വരുന്നില്ല, ഇവന് മുലപ്പാൽ കിട്ടുന്നില്ല, ജനിച്ചപ്പോൾതന്നെ ഈ ബാലനിൽ ദൗത്യകർമ്മാവായ അഗ്നിയുടെ ബീജം വിതക്കപ്പെട്ടു, അവൻ തന്റെ ജ്വാലാരൂപമായ ദന്തങ്ങളാൽ ബലത്തെ ഭക്ഷിക്കുന്നു. ജുഹുവിൽ സ്ഥിതമാകുന്ന യജ്ഞഭാഗം ഇന്ദ്രനു പ്രദാനം ചെയ്യപ്പെട്ടു, കുറ്റനായ കാളതൃണം ഭക്ഷിക്കുന്നതു പോലെ ഇന്ദ്രൻ ആ യജ്ഞാംശത്തെ ഭക്ഷിക്കുന്നു.

2 **അഗ്നിഹ നാമ ധായി ദന്നപസ്തമഃ സം യോ വനാ യുവതേ ഭസ്മനാ ദതാ**
**അഭി പ്രമരാ ജുഹ്വാ സ്വധ്വര ഇനോ ന പ്രോഥമാനോ യവസേ വൃഷാ**

മികച്ച കർമ്മാവായ അഗ്നിയെ നിലനിർത്തുന്നത് ഹവിസ്സാലാണല്ലോ. അവൻ തേജസ്സും പല്ലുകളും കാടുകളിൽ ചേർക്കും. ആ

സുയജ്ഞൻ ഉയർത്തപ്പെട്ട ജുഹുവാൽ ഒരു കൂറ്റൻകാള പുൽനില ത്തെന്ന പോലെ നടക്കും

3 **തം വോ വിം ന ദ്രുഷദം ദേവമന്ധസ ഇന്ദും**
**പ്രോഥന്തം പ്രവപന്ത മർണവം**
**ആസാം വഹ്നി ന ശോചി ഷാ വിരപ്ശിനം**
**മഹിവ്രതം ന സരജന്ത മധ്വനഃ**

പക്ഷി വൃക്ഷത്തെ ആശ്രയിക്കുന്ന പോലെ അരണിരൂപമായ വൃക്ഷത്തെ അഗ്നി ആശ്രയിക്കുന്നു. അവൻ അന്നം നൽകുന്നവനും, വനത്തെ ഭസ്മമാക്കുന്നവനും, ജലത്തെ വഹിക്കുന്നവനുമാകുന്നു. തന്റെ തേജസ്സാൽ മഹാനായി വായിൽ ഹവിസ്സിനെ വഹിക്കുന്നു. മഹാ കർമ്മാവായ ആ അഗ്നി തന്റെ വഴികളെ ചുവപ്പു വർണ്ണത്തോടുകൂടി യതാക്കുന്നു. ഹേ സ്തോതാക്കളെ ഇപ്രകാരമുള്ള ഗുണങ്ങളോടുകു ടിയ, മഹാനായ അഗ്നിയെ നിങ്ങൾ സ്തുതിക്കുവിൻ.

4 **വി യസ്യ തേ ജ്രയസാനസ്യാജര ധക്ഷോർന**
**വാതാഃ പരി സന്ത്യുച്യുതാഃ**
**ആ രണ്വാസോ യുയുധയോ ന സത്വനം**
**ത്രിതം നശന്ത പ്ര ശിഷന്ത ഇഷ്ടയേ**

ഹേ അഗ്നേ! നീ ജരാരഹിതനാണല്ലോ, നീ ഭസ്മീകരിക്കുവാൻ തുടങ്ങുമ്പോൾ നിന്റെ സഹായിയായ വായു നിന്റെ ചുറ്റുമായി വന്നു ചേരുന്നു. യജ്ഞത്തിൽ ഋത്വിജന്മാരും നിന്നെ വലയം ചെയ്തു സ്തുതി ക്കുന്നു. അപ്പോൾ നീ മൂന്നു രൂപങ്ങളോടുകൂടിയവനായിത്തീരുന്നു. അപ്പോൾ നിന്റെ ബലം പ്രകടമാവുകയും ഋത്വിക്കുകൾ യുദ്ധത്തിൽ വീരന്മാരെ പോലെ ശബ്ദിക്കുകയും ചെയ്യുന്നു.

5 **സ ഇദഗ്നിഃ കണ്വതമഃ കണ്വസഖാര്യഃ**
**പരസ്യാന്തരസ്യ തരുഷഃ**
**അഗ്നിഃ പാതു ഗൃണതോ അഗ്നിഃ സൂരീനഗ്നിർ**
**ദദാതു തേഷാമവോ നഃ**

ഹേ അഗ്നേ! നീ സ്തോത്രമുച്ചരിക്കുന്നവരുടെ മിത്രമാണല്ലോ നീ തന്നെ ഏറ്റവും അധികം ശബ്ദിക്കുന്നു. അഗ്നി തന്നെ ഞങ്ങളുടെ സ്വാമിയാകുന്നു. അടുത്തുള്ള ശത്രുക്കളെ അവൻ നശിപ്പിക്കുന്നു, അഗ്നി തന്നെ മേധാവികളായ സ്തോതാക്കളെ പാലിക്കുന്നു, അവൻ അഖിലത്തിന്റെയും ആശ്രയഭൂതമാകുന്നു.

6 **വാജിന്തമായ സഹ്യസേ സു പിത്ര്യ തൃഷു ച്യവാനോ**
**അനു ജാതവേദസേ**
**അനുദ്രേ ചിദ്യോ ധൃഷതാ വരം സതേ മഹിന്തമായ**
ധന്വനേദവിഷ്യുതേ

ഹേ അഗ്നേ! അന്നവാന്മാരായ യാതൊരു ദേവന്മാർക്കും നിന്നോടു തുല്യത വഹിക്കുവാൻ കഴിയുന്നില്ല. നീ എല്ലാവരിലും ശ്രേഷ്ഠനും ബലവാനുമാകുന്നു. സങ്കടകാലത്ത് നീ തന്നെ ധനുസ്സ് എടുത്ത് ഉപാസകരെ രക്ഷിക്കുന്നു.ഹേ സ്തോതാക്കളെ! നിങ്ങൾ അവനെ അതിവേഗം സ്തുതിക്കുകയും ഉത്സാഹഭരിതരായി ഹവിരാന്നം സമർപ്പിക്കുകയും ചെയ്യുവിൻ.

7 **ഏവാഗ്നിർമർത്തൈഃ സഹ സൂരിഭിർവസുഃ ഷ്ടവേ**
**സഹസഃ സൂനരോ നൃഭിഃ**
**മിത്രാസോ ന യേ സുധിതാ ഋതായവോ**
**ദ്യാവോ ന ദ്യുമ്നൈരഭി സന്തി മാനുഷാൻ**

കർമ്മനിരതനും, ജ്ഞാനിയുമായ പുരുഷൻ അഗ്നിയെ ബല പുത്രനെന്നും, വൈഭവശാലിയെന്നും പറഞ്ഞു കൊണ്ട് അവനെ സ്തുതിക്കുന്നു, അവരുടെ മേൽ അഗ്നിയുടെ കൃപയുണ്ടാകുന്നു, അവർ സന്തുഷ്ടരാകുന്നു. ആകാശത്തിൽ പ്രകാശിക്കുന്ന ഗ്രഹ ങ്ങളെപ്പോലെയും നക്ഷത്രാദികളേപ്പോലെയും പ്രകാശമാനനായ അഗ്നി തന്റെ തേജസ്സാൽ ശത്രുക്കളെ പരാജിതരാക്കുന്നു.

8 **ഊർജോ നപാത് സഹസാവന്നിതിം ത്വോ**
**പസ്തുതസ്യ വന്ദതേ വൃഷാ വാക്**
**ത്വാം സ്താഷാമ ത്വയാ സുവീരാ ദ്രാഘീയ ആയുഃ**
**പ്രതരം ദധാനാഃ**

ഹേ അഗ്നേ! നീ ബലപുത്രനും സമർത്ഥനുമാകുന്നു. ഞാൻ സ്തോത്രങ്ങളാൽ നിന്നെ പൂജിക്കുന്നു. സ്തോതാക്കളായ ഞങ്ങൾ നിന്റെ കൃപയെ പ്രാപിച്ച് ധനവും, സന്താനങ്ങളും, ദീർഘജീവിതവും പ്രാപിക്കണേ.

9 **ഇതി ത്വാഗ്നേ വൃഷ്ഠിഹവ്യസ്യ പുത്രാ**
**ഉപസ്തുതാസ ഋഷയോ വോചൻ**
**താംശ്ചപാഹി ഗൃണതശ്ച സൂരീന്വഷഡ്വഷളിത്യൂർ**
**ധ്വാസോ അനക്ഷന്നമോ നഭ ഇത്യൂർധ്വാസോ**
**അനക്ഷൻ**

ഹേ അഗ്നേ! വൃഷ്ടിഹവ്യമഹർഷിയുടെ പുത്രനായ ഉപ സ്തുതനും, മറ്റു സ്തോതക്കളും നിന്നെ സ്തുതിച്ചിരിക്കുന്നു, നീ അവ രുടെ എല്ലാവരുടെയും പാലകനാകേണമേ, അവർ നമസ്ക്കാരയുക്ത മായ വഷട്മന്ത്രങ്ങളാൽ നിന്നെ സ്തുതിച്ചിരിക്കുന്നു.

## സൂക്തം 116

ഋഷി-അഗ്നിയുതനോ അഗ്നിയൂപനോ. ദേവത-ഇ ന്ദ്രൻ ഛന്ദസ്-ത്രിഷ്ടുപ്

1 **പിബാ സോമം മഹത ഇന്ദ്രിയായ പിബാ വൃത്രായ**
**ഹന്തവേ ശവിഷ്ഠ**
**പിബരായേ ശവസേ ഹൂയമാനഃ പിബ മധ്വസ് തൃ-**
**പദിന്ദ്രാ വൃഷസ്വ**

ഹേ ഇന്ദ്രാ! നീ ബലവാന്മാരിൽ ശ്രേഷ്ഠനാകുന്നു. അന്നധന പ്രാപ്തിക്കായി നിന്നെ ഞങ്ങൾ വിളിക്കുന്നു. ശക്തി പ്രാപിക്കുന്ന തിനും, വൃത്രനെ ഹനിക്കുന്നതിനും വേണ്ടി നീ ഈ സോമമധു പാനം ചെയ്താലും, ഈ മധുവിൽ തൃപ്തനായ നീ ജലം വർഷിച്ചാലും.

2 **അസ്യ പിബ ക്ഷു മതഃ പ്രസ്ഥിതസ്യേന്ദ്ര സോമസ്യ**
**വരമാ സുതസ്യ**
**സ്വസ്തിദാ മനസാ മാദയസ്വാർവാചീനോ രേവതേ**
**സൗഭഗായ**

ഹേ ഇന്ദ്രാ! ഖാദ്യാന്നയുക്തമായ സോമരസം തയ്യാറാക്കിയി രിക്കുന്നു. ഇത് ഒഴുകി പ്രാത്രത്തിൽ വീണിരിക്കുന്നു, നീ ഈ ശ്രേഷ്ഠ മായ രസം സേവിച്ച് ഹർഷചിത്തനായി ഞങ്ങൾക്കു മംഗളമരുളേണമേ, നീ ഞങ്ങൾക്ക് ഐശ്വര്യം നൽകി ഭാഗ്യവാന്മാരാകുന്നതിനു വന്നാലും.

3 **മ മത്തു ത്വാ ദിവ്യഃ സോമ ഇന്ദ്ര യമത്തുയഃ**
**സൂയതേ പാർഥി വേഷു**
**മമത്തു യേന വരിവശ്ചകർഥ മമത്തു യേന**
**നിരണ്വാസി ശത്രൂൻ**

ഹേ ഇന്ദ്രാ! ദിവ്യമായ സോമം നിനക്കു ഹർഷകാരിയായി ഭവിക്കട്ടെ. മനുഷ്യരുടെ ഇടയിൽ ജനിച്ച പാർത്ഥിവമായ സോമവും നിന്നെ ഹർഷയുക്തനാക്കണേ. യാതൊന്നു പാനം ചെയ്ത് നീ ധനം നൽകുന്നുവോ, യാതൊന്നു പാനം ചെയ്ത് നീ ശത്രുക്കളെ നശിപ്പിക്കുന്നുവോ, ആ സോമത്തെ നിന്നെ ഹർഷയുക്തനാക്കട്ടെ.

4 **ആ ദ്വിബർഹാ അമിനോ യാത്വിന്ദ്രോ വൃഷാ**
**ഹരിഭ്യാം പരിഷിക്തമന്ധഃ**
**ഗവ്യാ സുതസ്യ പ്രഭൃതസ്യ മധ്വഃ സത്രാ ഖേദാ-**
**മരുശഹാ വൃഷസ്വ**

ഈ ലോകത്തിലും പരലോകത്തിലും ഇന്ദ്രൻ സർവത്ര സഞ്ചരിക്കുന്നു. അവൻ ദൃഢകർമ്മശീലനും, ജലവർഷകനും ആകുന്നു, ഞങ്ങൾ അവനുവേണ്ടി സേവനീയമായ സോമരസത്തെ എല്ലായിടത്തും തളിക്കുന്നു. തന്റെ അശ്വങ്ങൾ സഹിതം ഇതിന്റെ അടുക്കൽ വന്നു ചേരണേ, ഹേ ഇന്ദ്രാ! നീ ശത്രു നാശകനാണല്ലോ മധു പോലെ തന്നെ സോമം ഗുണപൂർണ്ണമാണ്. അതിനെ മാനിച്ച് നിന്റെ ബലത്തെ പ്രദർശിപ്പിക്കുന്നതിനു വേണ്ടി രണഭൂമിയിൽ ശത്രുക്കളെ സംഹരിച്ചാലും.

5 **നാതിഗ് മാനി ഭ്രംശയൻ ഭ്രാശ്യാന്യവ സ്ഥിരാ**
**തനുഹി യാതുജൂനാം**
**ഉഗ്രായ തേ സഹോ ബലം ദദാമി പ്രതീത്യാ**
**ശത്രൂ ന്വിഗദേഷു വൃശ്ച**

ഹേ ഇന്ദ്രാ! നിന്റെ മൂർച്ചയേറിയ ആയുധങ്ങളാൽ രാക്ഷസന്മാരെ നശിപ്പിച്ചാലും, ഭയങ്കരരൂപനായ നിനക്കു വേണ്ടി ബാലോത്സാഹവർദ്ധകമായ സോമരസം ഞങ്ങൾ പ്രദാനം ചെയ്യുന്നു, നീ പടക്കളത്തിൽ ശത്രുക്കളെ നേരിടുകയും, കോലഹലത്തോടു കൂടിഉറച്ചു നിന്ന് അവരുടെ അവയവങ്ങളെ ഛിന്നഭിന്നമാക്കുകയും ചെയ്യേണമേ.

6 **വ്യര്യ ഇന്ദ്ര തനുഹി ശ്രവാംസ്യോജഃ സ്ഥിരേവ**
**ധന്വനോ ഭിമാതീഃ**
**അസ്മദ്രയഗ്വാ വൃധാനഃ സഹോഭിരനിഭൃഷ്ടസ്തന്വം**
**വാവൃധസ്വ**

ഹേ ഇന്ദ്രാ! സ്വാമിൻ നീ യജ്ഞകർമ്മത്തെ വൃദ്ധിപ്പെടുത്തിയാലും, ദുഷ്ടന്മാരായ ശത്രുക്കളുടെ മേൽ നിന്റെ ധനുസ്സിനെ പ്രയോഗിച്ചാലും, ശത്രുക്കളെ ജയിച്ച് ബലത്താൽ ശരീരത്തെ വളർത്തിയാലും, നീഞങ്ങൾക്കനുകൂലനായിമഹത്വംപ്രാപിച്ചാലും.

7 **ഇദം ഹവിമഘവന്തുഭ്യം രാതം പ്രതി**
**സമ്രാലഹൃണാനോ ഗൃഭായ**
**തുഭ്യം സുതോ മഘവന്തുമ്യം പക്വോദ്ധീന്ദ്ര പിബ ച**
**പ്രസ്ഥിതസ്യ**

ഹേ ഇന്ദ്രാ! നീ ഐശ്വര്യവാനാണല്ലോ, ഞങ്ങൾ ഈ യജ്ഞദ്രവ്യങ്ങൾ നിനക്കായി കൊണ്ടുവന്നിരിക്കുന്നു, നീ ഞങ്ങളോട് ക്രോധിതനാകാതെ ഇതിനെ സ്വീകരിക്കേണമേ. ഈ സോമരസവും, പുരോഡാശവും നിനക്കുവേണ്ടി സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു. ഇവയെ പൂർണ്ണമായി സേവിച്ചാലും.

8 **അദ്ധീദിന്ദ്ര പ്രസ്തിതേമാ ഹവീഷി ചനോ ദധിഷ്വ**
**പചതോത സോമം**
**പ്രയസ്വന്തഃ പ്രതി ഹര്യാമസി ത്വാ സത്യാഃ**
**സന്തു യജമാനസ്യ കാമാഃ**

ഹേ ഇന്ദ്രാ! ഈ യജ്ഞ വസ്തുക്കൾ നിന്നെ സമീപിക്കുന്നു, ആഹാര യോഗ്യമായ യാതൊരന്നും പാകമായിരിക്കുന്നുവോ, അതുപോലെ സോമം വെയ്ക്കപ്പെട്ടിരിക്കുന്നുവോ അവയെല്ലാം നീ സേവിച്ചാലും. ഇവയെല്ലാം സേവിക്കുന്നതിന് ഞങ്ങൾ നിന്നെ വിളിക്കുന്നു, അനന്തരം യജമാനന്റെ അഭീഷ്ടങ്ങൾ പൂർണ്ണമാകണേ.

9 **പ്രേന്ദ്രാഗ്നിഭ്യാം സുവചസ്യാമിയർമി സിന്ധാവിവ**
**പ്രേരയം നാവമർ കൈഃ**
**അയാ ഇവ പരി ചരന്തി ദേവാ യേ അസ്മഭ്യം**
**ധനദാ** ഉദ്ഭിദശ്ചാഃ

നന്നായി രചിക്കപ്പെട്ട സ്തോത്രങ്ങളെ ഇന്ദ്രനും അഗ്നിക്കും വേണ്ടി ഞാനുച്ചരിക്കുന്നു. നദിയിൽക്കൂടി തോണി പോകുന്നതു പോലെ ശ്രേഷ്ഠമായ മന്ത്രങ്ങളോടു കൂടിയ സ്തുതികളും ഗമിച്ചു കൊണ്ടിരിക്കുന്നു. ഋത്വിജന്മാരെപ്പോലെ ദേവഗണം ഞങ്ങളെ പരിചരിക്കുന്നു, അവർ ഞങ്ങൾക്കു ശത്രുനാശത്തിനു വേണ്ടി ധനം പ്രദാനം ചെയ്യുന്നു.

## സൂക്തം 117

ഋഷി-അംഗിരഗോത്രജൻ പൃഥു

ഛന്ദസ്-ത്രിഷ്ടുപ്, ജഗതി

1 **ന വാഉ ദേവാഃ ക്ഷുധമിദ്വധം ദദുരുതാശിതമുപ**
**ഗഛന്തി മൃത്യവഃ**
**ഉതോ രയിഃ പൃണതോ നോപ ദസ്യത്യുതാപൃണ**
**ന്മർഡിതാരം ന വിദന്തേ**

ദേവകൾ വിശപ്പിനെ സൃഷ്ടിച്ചു. എന്നാൽ ഭോജനം കഴിച്ചാൽ മൃത്യുവിൽ നിന്നു മോചനം കിട്ടുന്നു. കൂടാതെ ദാനശീലന്റെ ധനത്തിൽ കുറവുണ്ടാകുന്നില്ല. ആദാനിക്ക് നന്മ ചെയ്യുന്നതിൽ ആരും സമർത്ഥരാകുന്നില്ല.

2 **യ ആ ധ്രായ ചകമാനായ പിത്വോ ന്നവാ**
**ന്ത് സത്രഫിതായോ പജഗ് മുഷേ**
**സ്ഥിരം മനഃ കൃണുതേ സേവതേ പുരോതോ ചിത്സ**
**മർഡിതാരം ന വിന്ദതേ**

യാതൊരുത്തന്റെ അടുക്കൽ ക്ഷു ധാർത്തനായ മനുഷ്യൻ അന്നം യാചിക്കുമ്പോൾ ധനാന്നസമ്പന്നനായ അവൻ തന്റെ ഹൃദയത്തെ കഠോരമാക്കി അവനു ഭക്ഷണം നൽകാതെ സ്വയം ഭക്ഷിക്കുന്നു, അവനു സുഖം നൽകുന്നതിൽ ആരും സമർത്ഥരാകുന്നില്ല.

3 **സ ഇദ് ഭോജോ യോ ഗൃഹവേ ദദാത്യണകാമായ**
**ചരതേ കൃശായ**
**അരമസ്മൈ ഭവതി യാമഹൂതാ ഉതാ**
**പരീഷു കൃൺതേ സഖായം**

അന്നം യാചിക്കുന്നവന് ആര് കൊടുക്കുന്നുവോ അവൻ ദാനിയെന്നു വിളിക്കപ്പെടുന്നു. അവനെ യജ്ഞത്തിന്റെ പൂർണ്ണ ഫലം പ്രാപിക്കുന്നു. അവന്റെ ശത്രുക്കളും മിത്രമായിത്തീരുന്നു.

4 **ന സ സഖാ യോ ന ദദാതി സഖ്യേ സചാഭൂവേ**
**സചമാനായ പിത്വഃ**
**അപസ്മാത് പ്രേയാന്ന തദോകോ അസ്തി**
**പൃണന്തമന്യമരണം വിദിഛേത്**

സ്വന്തം മിത്രമായ യാതൊരുത്തൻ അന്നം യാചിച്ചുകൊണ്ട് അടുത്തു വരുന്നുവോ, അന്നവാനായ വ്യക്തി അവന് അന്നം നൽകാതി

രിക്കുന്നുവോ അവൻ ഒരിക്കലും മിത്രമെന്നു പറയാൻ യോഗ്യനല്ല. അങ്ങ നെയുള്ള വ്യക്തിയോട് സഹവസിക്കരുത്, അവന്റെ വീട് വീടായി കരു തരുത്, ദാനശീലനായ മറ്റാരോടെങ്കിലും യാചിക്കട്ടെ.

5 **പൃണീയാദിന്നാധമാനായ തവ്യാന്ദ്രാധീയാംസമനു പശ്യേത പന്ഥാം**
**ഓ ഹി വർതന്തേ രഥ്യേവ ചക്രാന്യമന്യ മുപ തിഷ്ഠന്ത രായ:**

ദാതാവിന് പുണ്യത്തിന്റെ ദീർഘമാർഗ്ഗം പ്രാപ്തമാകുന്നു. അതിനാൽ അന്നയാചകന് ആവശ്യം അന്നം പ്രദാനം ചെയ്യട്ടെ, രഥചക്ര ങ്ങൾ വിഭിന്നദിക്കുകളിൽ കൂടി തിരിയുന്നതു പോലെ ധനവും പലപ ലവ്യക്തികളുടെ അടുക്കൽ വന്നും പോയും ഇരിക്കുന്നു, അത് ഒരു വ്യക്തിയുടെ അടുക്കലോ, ഒരേ സ്ഥാനത്തോ സ്ഥിരമായി നിൽക്കുന്നി ല്ല.

6 **മോഘമന്നം വിന്ദതേഅപ്രചേതാഃ സത്യം ബ്രവീമി വധ ഇത് സ തസ്യ**
**നാര്യമണം പുഷ്യതി നോ സഖായം കേവലാഘോ ഭവതി കേവലാദീ**

ഔദാര്യമില്ലാത്തവന്റെ അടുക്കൽ നിന്നും ഭോജനം കഴിക്ക രുത്, എന്തുകൊണ്ടെന്നാൽ ഉദാരരഹിതമായ അന്നം വിഷത്തിനു തുല്യ മാണ്. യാതൊരുത്തൻ മിത്രത്തിനും ദേവകൾക്കും കൊടുക്കാതെ സ്വയം ഭക്ഷിക്കുവോ ആ മൂർഖൻ സാക്ഷാൽ പാപത്തെ തന്നെ ഭക്ഷി ക്കുന്നു.

7 **കൃഷന്നിത് ഫാല ആശിതം കൃണോതി യന്നധ്വാനമപ വൃങ് ക്തേ ചരിത്രൈഃ**
**വദൻബ്രഹ്മാവദതോ വനീയാൻപൃണന്നാ പിരപൃണന്തമഭി ഷ്യാത്**

കൃഷി കർമ്മത്തിൽ കലപ്പ അന്നം ഉൽപ്പാദിപ്പിക്കുന്നു, അത് അതിന്റേതായ മാർഗ്ഗത്തിൽക്കൂടി ചലിച്ച് അന്നം പ്രകടമാക്കുന്നു. വിദ്വാൻ മറയനെക്കാൾ ശ്രേഷ്ഠനായിരിക്കുന്നതു പോലെ ദാനശീലൻ ദാനഹീനനേക്കാൾ ഉത്തമനാകുന്നു.

8 **ഏക പാദഭൂയോ ദ്വിപദോ വി ചക്രമേ ദ്വിപാത്രി പാദമഭ്യേതി പശ്ചാത്**
**ചതുഷ്പാദേതി ദ്വിപദാമഭിസ്വരേ സമ്പശ്യൻ- പങ് ക്തീരുപതിഷ്ഠമാനഃ**

യാതൊരുത്തന്റെ പാപസമ്പത്ത് ഒരു ഭാഗമായിരിക്കുന്നു വോ, അവൻ രണ്ടിരട്ടിയുള്ളവനോട് ധനം യാചിക്കുന്നു, രണ്ടിരട്ടിയു ള്ളവൻ മൂന്നിരട്ടിയുള്ളവനോടും മൂന്നിരട്ടിയുള്ളവൻ നാലിരട്ടിയുള്ള വനോടും യാചിക്കുന്നു. ഇപ്രകാരം കുറവുള്ളവൻ തന്നേക്കാൾ അധികം ധനമുള്ളവനോട് ധനം യാചിക്കുന്നു, ഇതാണ് ലോകവ്യവസ്ഥ

9 **സമൗ ചിദ്ധസ്തൗ മമം വിവിഷ്ടഃ സമ്മാതരാ ചിന്ന സമം ദുഹാതേ**
**യമയോശ്ചിന്ന സഭാ വീര്യാണി ജ്ഞാതീ ചിത്സന്തൗ നസമം പൃണീതഃ**

നമ്മുടെ രണ്ടുകരങ്ങളും ഒന്നുപോലുള്ളതാകുന്നു, എന്നാൽ അവയുടെ ശക്തി ഒന്നുപോലുള്ളതല്ല, ഒരു പശുവിന്റെ രണ്ടു പെൺക്കുട്ടികൾ വളർന്ന് ഒന്നു പോലെ പാൽ ചുരത്തി തരുന്നില്ല. ഒന്നിച്ച ജനിച്ച ഭ്രാതാക്കളും തുല്ല്യവീര്യമുള്ളവരാകുന്നില്ല, ഒരേ വംശ ത്തിൽ ജനിച്ച രണ്ടു വ്യക്തികളിൽ ഒരുത്തൻ ദാനശീലനും ഒരുത്തൻ ദാനരഹിതനുമാകുന്നു.

## സൂക്തം 118

ഋഷി-അമഹിയുഗോത്രൻ ഉരുക്ഷയൻ, ദേവത-അഗ്നി

ഛന്ദസ്-ഗായത്രി

1 **അഗ്നേ ഹംസി ന്യത്രിണം ദീദ്യന്മർത്യേഷ്വാ സ്വേ ക്ഷയേ ശുചിവ്രത**

ഹേ അഗ്നേ! നീ പ്രതിജ്ഞാബദ്ധനാണല്ലൊ, നീ സ്വന്തം സ്ഥാന മായ മനുഷ്യരുടെ ഇടയിൽ പ്രോജ്വലിതനായി വളരുകയും ശത്രുക്കളെ നശിപ്പിക്കുകയും ചെയ്യണമേ

2 **ഉത്തിഷ്ഠ സ്വാഹുതോ ഘൃതാനി പ്രതി മാദസേ തത്വാ സ്രുചഃ സമസ്ഥിരൻ**

ഹേ അഗ്നേ! ഈ സ്രുവം നിനക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരി ക്കുന്നു. നിനക്കു വേണ്ടി ശ്രേഷ്ഠമായ ആഹുതി ചെയ്യപ്പെട്ടിരിക്കുന്നു. നീ ഈ ഘൃതാഹുതിയിൽ പ്രസന്നനായാലും.

3 **സ ആഹുതോ വി രോചതേ ഗ്നിരീളേന്യോ ഗിരാ സ്രുചാ പ്രതികമജ്യതേ**

അഗ്നി ആഹ്വാനം ചെയ്യപ്പെട്ടു, വാണിയാൽ അവൻ സ്തുതി ക്കപ്പെട്ടു, എല്ലാ ദേവകളും ആഹ്വാനം ചെയ്യുന്നതിന് മുമ്പ് അവൻ സ്വവ ത്താൽ സ്നിഗ്ധമാക്കപ്പെടുന്നു, അപ്പോൾ അവൻ ആളിക്കത്തുന്നു.

4 **ഘൃതേനാഗ്നിഃ സമജ്യതേ മധുപ്രതീക ആഹുതഃ രോചമാനോ വിഭാവസുഃ**

അഗ്നിയിൽ ആഹുതി ചെയ്യപ്പെടുമ്പോൾ ആ ശരീരം സ്നിഗ്ധ മായിത്തീരുന്നു. ഘൃതത്താൽ സേചനം ചെയ്യപ്പെടുമ്പോൾ അവൻ അത്യധികം ദീപ്തിമാനും, പ്രകാശമാനനും ആയിത്തീരുന്നു.

5 **ജരമാണഃ സമിധ്യസേ ദേവേഭ്യോ ഹവ്യവാഹന തം ത്വാ ഹവന്ത മർത്യാഃ**

ഹേ അഗ്നേ! നീ ദേവന്മാരുടെ ഹവിസ്സിനെ വഹിക്കുന്നവനാ കുന്നു. ഉപാസകഗണം നിന്നെ ആഹ്വാനം ചെയ്യുമ്പോൾ സ്തുതികളാൽ പ്രസന്നനായ നീ വൃദ്ധിയെ പ്രാപിക്കുന്നു.

6 **തം മർതാ അമർത്യം ഘൃതേനാഗ്നിം സപര്യത അദാഭ്യം ഗൃഹപതിം**

ഹേ മനുഷ്യരേ! അഗ്നിനാശരഹിതനും ദുർധഷനും, ഗൃഹപ തിയുമാകുന്നു, നിങ്ങൾ ഘൃതാഹുതികളാൽ അവനെ പൂജിക്കുവിൻ.

7 **അദാഭ്യേന ശോചിഷാഗ്നേ രക്ഷസ്ത്വം ദഹ ഗോപാ ഋതസ്യ ദീഹി**

ഹേ അഗ്നേ! നീ പ്രചണ്ഡമായ സ്വന്തം തേജസ്സാൽ അസുര ന്മാരെ ഭസ്മമാക്കുകയും യജ്ഞത്തെ രക്ഷിക്കുന്നതിനു വേണ്ടി ദീപ്തി പ്രാപിക്കുകയും ചെയ്താലും.

8 **സത്വമഗ്നേ പ്രതീകേന പ്രത്യോഷ യാതുധാന്യഃ ഉരുക്ഷയേഷു ദീദ്യത്**

ഹേ അഗ്നേ! വിസ്തൃതമായ സ്വന്തം സ്ഥാനത്ത് പ്രതിഷ്ഠിത നായി ദീപ്തിമയനാകുകയും നിന്റെ സ്വാഭാവികമായ തേജസ്സാൽ രാക്ഷസികളെ ഭസ്മമാക്കുകയും ചെയ്യേണമേ

9 **തം ത്വാ ഗീർഭിരുരുക്ഷയാ ഹവ്യവാഹം സമീധിര യജിഷ്ഠം മാനുഷേ ജനേ**

ഹേ അഗ്നേ! ഞങ്ങൾ സ്തുതിച്ച് കൊണ്ട് നിന്നെ പ്രദീപ്തമാക്കുന്നു, എന്തുകൊണ്ടെന്നാൽ നീ മനുഷ്യരോടു കൂടി വസിച്ച് ശരിയായ രീതിയിൽ യജ്ഞകർമ്മത്തെ സമ്പന്നമാക്കുന്നു, നീ ഹവിസ്സുകളെ ഹവനം ചെയ്യുന്നു. നിന്റെ വാസസ്ഥാനം വിചിത്രമാകുന്നു.

## സൂക്തം 119

ഋഷി-ബലഐന്ദ്രൻ, ദേവത-ആത്മസ്തുതി

ഛന്ദസ്-ഗായത്രി

1 **ഇതി വാ ഇതി മേ മനോ ഗാമശ്വം സനുയാമിതി**
**കുവിത് സോസസ്യാപാമിതി**

ഇന്ദ്രനായ ഞാൻ ഗോക്കളേയും അശ്വാദികളേയും നൽകുവാനാഗ്രഹിക്കുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ അനേക തവണ സോമം പാനം ചെയ്ത് കഴിഞ്ഞിരിക്കുന്നു.

2 **പ്ര വാതാ ഇവ ദോധത ഉന്മാ പീതാ അയം തയ**
**കുവിത് സോമസ്യാപാമിതി**

വായു വൃക്ഷത്തെ വിറപ്പിച്ചുയർത്തുന്നതുപോലെ പാനം ചെയ്ത് കഴിയുമ്പോൾ സോമം എന്നെ ഉന്നതനാക്കുന്നു. ഞാൻ അനേകം തവണ സോമം പാനം ചെയ്തിരിക്കുന്നു.

3 **ഉന്മാ പീതാഅയം സത രഥമശ്വാ ഇവശവഃ**
**കുവിത് സോമസ്യാപാമിതി**

ദ്രുതഗാമിയായ അശ്വം രഥത്തെ ഉയർത്തുന്നതു പോലെ പാനം ചെയ്തു കഴിഞ്ഞാൽ സോമവും എന്നെ ഉന്നതനാക്കുന്നു. ഞാൻ അനേകം തവണ സോമപാനം ചെയ്തുകഴിഞ്ഞിരിക്കുന്നു.

4 **ഉപ മാ മതിരസ്ഥിത വാശ്രാ പുത്രമിവ പ്രിയം**
**കുവിത് സോമസ്യാപാമിതി**

ഗോക്കൾ അമറിക്കൊണ്ട് തങ്ങളുടെ കിടാക്കളുടെ അടുത്തേക്കു ചെല്ലുന്നതു പോലെ സ്തുതികൾ എന്റെ അടുത്തേക്കു വരുന്നു. ഞാൻ അനേകം തവണ സോമം കുടിച്ചിരിക്കുന്നു.

5 **അഹം തഷ്ടവബന്ധുരം പര്യചാമി ഹൃദാ മതീം**
**കുവിത് സോമസ്യാപാമിതി**

ത്വഷ്ടാവ് രഥത്തിന്റെ മുകൾഭാഗം നിർമ്മിക്കുന്നതു പോലെ ഞാൻ സ്തോതാക്കളുടെ മനസ്സുകളിൽ സ്തോത്രങ്ങളെ നിർമ്മിക്കുന്നു, ഞാൻ അനേകം തവണ സോമം പാനം ചെയ്തു കഴിഞ്ഞിരിക്കുന്നു.

6 **നഹി മേ അക്ഷിപഞ്ചനാഛാൻന്ത് സുഃ**
**പഞ്ച കൃഷ്ടയഃ കുവിത് സോമസ്യാപാമിതി**

പഞ്ചജനങ്ങൾക്ക് എന്റെ ദൃഷ്ടിയിൽ നിന്നും ഒളിക്കുവാൻ സാധ്യമല്ല, ഞാൻ അനേകം തവണ സോമം പാനം ചെയ്ത് കഴിഞ്ഞിരിക്കുന്നു.

7 **നഹി മേ രോദസീ ഉഭേ അന്യം പക്ഷം ചന പ്രതി**
**കുവിത് സോമസ്യാപാമിതി**

ആകാശവും ഭൂമിയും എന്റെ ഒരു പാർശ്വത്തിനു തുല്യമാകുന്നില്ല. ഞാൻ അനേകം തവണ സോമം പാനം ചെയ്ത് കഴിഞ്ഞിരിക്കുന്നു.

8 **അഭിദ്യാം മഹിനാ ഭുവമഭീമാ പൃഥിവീം മഹീം**
**കവിത് സോമസ്യാപാമിതി**

സ്വർഗ്ഗത്തേയും വിസ്തീർണ്ണമായ ഭൂമിയേയും എന്റെ മഹിമ തന്നെ വ്യാപ്തമാക്കുന്നു. ഞാൻ അനേകം തവണ സോമം പാനം ചെയ്തിരിക്കുന്നു.

9 **ഹന്താഹം പൃഥിവീമിമാനി ദധാനീഹ വേഹ വാ**
**കുവിത് സോമസ്യാ പാമിതി**

ഞാനാഗ്രഹിക്കുകയാണെങ്കിൽ ഈ ഭൂമിയെ എന്റെ ശക്തിയാൽ ഒരു സ്ഥാനത്തുനിന്നും മറ്റൊരു സ്ഥാനത്തു കൊണ്ടുപോയിവയ്ക്കാം. ഞാൻ അനേകം തവണ സോമം പാനം ചെയ്തിരിക്കുന്നു.

10 **ഓഷമിത് പൃഥിവീമഹം ജങ്ഘനാനീ**
**വേഹ വാ കുവിത് സോമസ്യാപാമിതി**

ഏതു സ്ഥാനത്തെ വേണമെങ്കിലും ഞാൻ നശിപ്പിക്കാം, ഈ വിസ്തൃതമായ ഭൂമിയെപ്പോലും എനിക്കു ചാമ്പലാക്കുവാൻ കഴിയും, ഞാൻ അനേകം തവണ സോമം പാനം ചെയ്ത് കഴിഞ്ഞിരിക്കുന്നു.

11 **ദിവി മേ അന്യഃ പക്ഷോധോ അന്യമചീകൃഷം**
**കുവിത് സോമസ്യാപാമിതി**

എന്റെ ഒരു പാർശ്വം സ്വർഗ്ഗത്തിലും ഒന്ന് ഭൂമിയിലുമാകുന്നു. ഞാൻ അനേകം തവണ സോമം പാനം ചെയ്തിരിക്കുന്നു.

12 **അഹമസ്മി മഹാമഹോ ഭിനഭ്യമുദീഷിതഃ**
**കുവിത് സോമസ്യാപാമിതി**

ഞാൻ ആകാശത്തിനു തുല്ല്യം ഉന്നതനും മഹാന്മാരിൽ മഹാനുമാകുന്നു. ഞാൻ അനേകം തവണ സോമം പാനം ചെയ്തിരിക്കുന്നു.

13 **ഗൃഹോ യാമ്യരങ് കൃതോ ദേവേഭ്യോ ഹവ്യവാഹനഃ**
**കുമിത് സോമസ്യാപാമിതി**

എന്നെ സ്തുതിക്കുമ്പോൾ ദേവകൾക്ക് വേണ്ടി ഞാൻ ഹവിസ്സിനെ ഹവനം ചെയ്യുകയും എന്റെ ഭാഗം വാങ്ങിക്കൊണ്ട് പോകുകയും ചെയ്യും, ഞാൻ അനേകം തവണ സോമം പാനം ചെയ്തിരിക്കുന്നു.

## അധ്യായം 7 സൂക്തം 120

ഋഷി-അഥർവപുത്രൻ ബൃഹദ്ദിവൻ,

ദേവത-ഇന്ദ്രൻ, ചന്ദസ്-ത്രിഷ്ടുപ്

1 **തദിദാസ ഭുവനേഷു ജ്യേഷ്ഠം യതോ ജജ്ഞ**
**ഉഗ്രസ്ത്വേഷനൃമ്ണഃ**
**സദ്യോ ജജ്ഞാനോ നി രിണാതി ശത്രൂനനുയം**
**വിശ്വേ മദന്ത്യൂമാഃ**

ആരിൽ നിന്നും പ്രകാശമാനനായ സൂര്യൻ ഉത്ഭവിച്ചവോ, ആ ഇന്ദ്രൻ സർവ്വശ്രേഷ്ഠനാകുന്നു. അവനു മുമ്പായി ആരും ജനിച്ചിട്ടില്ല, അവൻ ജന്മം സ്വീകരിച്ചപ്പോൾ തന്നെ ശത്രുനാശനത്തിൽ സമർത്ഥനായിരുന്നു. ആ സമയം ദേവന്മാരും അവനെ സ്തുതിച്ചിരുന്നു.

2 **വാവൃധാനഃ ശവസാ ഭൂര്യോജാഃ ശത്രുർദാസായ**
**ഭിയസം ദധാതി**
**അവ്യനച്ച വ്യനച്ച സസ്നി സംതേ നവന്ത പ്രഭൃതാ**
**മദേഷു**

ഇന്ദ്രൻ ശത്രുസംഹാരകനും, അത്യന്തം തേജസ്വിയും, മഹാബലവാനും ആകുന്നു. അവൻ ദസ്യുക്കളുടെ മനസ്സിനെ ഭയഭീതമാക്കുന്നു. ഹേ ഇന്ദ്രാ! നീ വിശ്വത്തിലെ എല്ലാ ജീവികൾക്കും നന്മ ചെയ്യുകയും അവരെ പരിശുദ്ധരാക്കി സുഖം നൽകുകയും ചെയ്യുന്നു, അപ്പോൾ അവരെല്ലാം നിന്നെ സ്തുതിക്കുന്നു.

3 ത്വേ ക്രതുമപി വൃഞ് ജന്തി വിശ്വേ ദ്വിര്യദേതേ ത്രിർഭവദന്ത്യൂ മാഃ
സ്വാദോഃ സ്വാദീയഃ സ്വാദുനാ സൃജാ സമദഃ സു മധു മധു നാഭി യോധീഃ

ദേവന്മാരെ തൃപ്തരാക്കുന്ന യജമാനൻ വിവാഹം കഴിച്ച് ഗൃഹസ്ഥ ധർമ്മം പാലിക്കുമ്പോൾ അവൻ അപത്യവാനായി നിന്നാൽ സകല യജ്ഞകർമ്മങ്ങളും സമ്പന്നമാക്കുന്നു, ഹേ ഇന്ദ്രാ! നീ ഏറ്റവും സ്വാദേറിയവസ്തു പ്രദാനം ചെയ്താലും, ഈ വിചിത്രമായ മധുവിൽ ദിവ്യമധുകൂട്ടിക്കലർത്തിയാലും

4 ഇതി ചിദ്ധി ത്വാ ധനാ ജയന്തം മദേമദേ അനുമദന്തി വിപ്രാഃ
ഓജീയോ ധൃഷ്ണോ സ്ഥിരമാ തനുഷ്വ മാ ത്വാ ദഭന്യാതുധാനാ ദുരേവാഃ

ഹേ ഇന്ദ്രാ! നീ സോമപാനത്തിൽ ശക്തനായി ധനികരുടെ മേൽ വിജയം പ്രാപിക്കുമ്പോൾ സ്തോതക്കളായ ഋഷികളും അങ്ങയോടൊത്ത് സോമം പാനം ചെയ്ത് ഹർഷം പ്രാപിക്കുന്നു. ഹേ ഇന്ദ്രാ! നീ അജയ്യനാണല്ലോ, നിന്റെ മഹാ ബലത്തെ പ്രകടമാക്കിയാലും, ഭയങ്കരന്മാരായ രാക്ഷസന്മാർ നിന്നെ പരാജയപ്പെടുത്താതിരിക്കട്ടെ.

5 ത്വയാ വയം ശശദ് മഹേ രണേഷു പ്രപശ്യന്തോ യുധേന്യാനി ഭൂരിം
ചോദയാമിത ആയുധാ വചോഭിഃ സതേ ശിശാമി ബ്രഹ്മണാ വയാംസി

ഹേ ഇന്ദ്രാ! യുദ്ധക്ഷേത്രത്തിൽ നിന്റെ സഹായത്തോടുകൂടിത്തന്നെ ശത്രുക്കളുടെ മേൽ ഞങ്ങൾ വിജയം പ്രാപിക്കുന്നു. അപ്പോൾ അനേകം ശത്രുക്കളുമായി ഞങ്ങൾക്ക് നേരിടേണ്ടതായി വരുന്നു, ഞാൻ സ്തുതികൾ വഴിയായി നിന്റെ ആയുധങ്ങൾക്ക് മൂർച്ചകൂട്ടി നിന്നെ ഉത്സാഹിതനാക്കുന്നു.

6 സ്തുഷേയ്യം പുരുവർപസമൃഭ്വമിനത മമാപ് ത്യാനാം
ആ ദർഷതേ ശവസാ സ്പത ദാനൂൻപ്ര സാക്ഷതേ പ്രതിമാനാനി ഭൂരി

അത്ഭുതകരമായ തേജസ്സോടുകൂടിയവനും, വിഭിന്നങ്ങളോടുകൂടിയവനും, ശ്രേഷ്ഠസ്വാമിയുമായ ആ ഇന്ദ്രനെ ഞാൻ സ്തുതിക്കുന്നു, അവൻ തന്റെ ബലത്താൽ വൃത്രൻ, നമുചി, കുയവൻ മുതലായ അസുരന്മാരെ തോൽപ്പിക്കുകയും അവരെ സംഹരിക്കുകയും ചെയ്തു.

7 നി തദ്ദധിഷേ വരം പരം ച യസ്മിന്നാവിഥാ വസാ ദുരോണേ
ആ മാതരാ സ്ഥാപയസേ ജിഗത് നൂ അത ഇനോഷി കർവരാ പുരൂണി

ഹേ ഇന്ദ്രാ! ഏതൊരു വീട്ടിൽ നീ ഹവിരാന്നത്താൽ തൃപ്തനാക്കപ്പെട്ടുന്നുവോ, ആ വീടിനെ ദിവ്യവും, പാർഥിവവും ആയ ധനങ്ങളാൽ സമ്പന്നമാക്കുന്നു. എല്ലാ ജീവികളെയും ഉത്ഭവിപ്പിക്കുന്ന ആകാശഭൂമികൾ കമ്പിതമാകുമ്പോൾ അവയെ ഉറപ്പിക്കേണമേ, അപ്പോൾ അനേകം കർമ്മങ്ങളെ നീ പൂർണ്ണമാക്കുന്നു.

8 ഇമാ ബ്രഹ്മ ബൃഹദ്ദിവോ വിവക്തീന്ദ്രായ ശൂഷമഗ്രിയഃ സ്വർഷാഃ
മഹോ ഗോത്രസ്യ ക്ഷയതി സ്വരാജോ ദുരശ്ച വിശ്വാ അവൃണോദപ സ്വാഃ

ഋഷിമാരിൽ പ്രമുഖനായ ബൃദ്ദിവൻ സ്വർഗ്ഗകാമനായി ഇന്ദ്രനെ സ്തുതിച്ചുകൊണ്ടിരുന്നു, ആ ഇന്ദ്രൻ പർവതങ്ങളെ മാറ്റി ശത്രുനഗരങ്ങളുടെ എല്ലാ വാതിലുകളും തുറക്കുന്നതിൽ സമർത്ഥനാകുന്നു.

9 ഏവാ മഹാൻബൃഹദദ് ദിവോ അഥർവാവോചത്-സ്വാം തവ മിന്ദ്രമേവ
സ്വസാരോ മാതരിഭ്വാരീരരി പ്രാ ഹിന്വന്തി ചശവസാ വർധയന്തി ച

ബൃഹദ്ദിവമഹർഷി അഥർവന്റെ പുത്രനാകുന്നു, ഇവൻ ഇന്ദ്രനു വേണ്ടി തന്റെ സ്തുതികളെ ഉച്ചരിച്ചു. ഭൂമിയിൽ ഒഴുകുന്ന നദികൾ നിർമ്മലജലം ഒഴുക്കിക്കൊണ്ട് മനുഷ്യർക്ക് മംഗളമരുളുന്നു.

## സൂക്തം 121

ഋഷി-പ്രജാപതീ പുത്രൻ ഹിരണ്യഗർഭൻ

ദേവത-പ്രജാപതി, ഛന്ദസ്-ത്രിഷ്ടുപ്

1 ഹിരണ്യഗർഭഃ സമവർതതാഗ്രേ ഭൂതസ്യ ജാതഃ പതിരേക ആസീത്
സ ദാധാര പൃഥിവീം ദ്യാമതേമാം കസ്മൈ ദേവായ ഹവിഷാ വിധേയ

ആദ്യം ഹിരണ്യഗർഭൻ ജനിച്ചു, ജനിച്ചപ്പോൾതന്നെ എല്ലാ ജീവികളുടേയും നായകനായി. അവർ തന്നെ ഈ ആകാശഭൂമികളെ അതാതു സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചത്. ആ പ്രജാപതിയെ ഞങ്ങൾ ഹവിസ്സ് വഴി പൂജിക്കും.

2 യ ആത്മദാ ബലദാ യസ്യ വിശ്വ ഉപാസതേ പ്രശിഷം യസ്യ ദേവാഃ
യസ്യഛായാമൃതം യസ്യ മൃത്യുഃ കസൈ്മ ദേവായ ഹവിഷാ വിധേമ

ജീവികൾക്ക് ശരീരവും ബലവും പ്രദാനം ചെയ്ത പ്രജാപതിയുടെ ആ ജ്ഞയിൽ സകലദേവന്മാരും ചലിക്കുന്നു, ആരുടെ ഛായ മധുര സ്വർഗ്ഗമുളവാക്കുന്നുവോ മൃത്യുവും ആർക്കധീനമായിരിക്കുന്നുവോ ആ പ്രജാപതിക്ക് കൻ എന്ന ദേവനും, നാം ഹവിസ്സ് അർപ്പിക്കുന്നു.

3 യഃ പ്രാണതോ നിമിഷതോ മഹിത്വൈക ഇദ്രാജാ ജഗതോ ബഭൂവ
യ ഈശേ അസ്യ ദ്വിപദശ്ചതുഷ് പദഃ കസ്മ ദേവായ ഹവിഷാ വിധേമ

യാതൊരുത്തൻ സ്വന്തം മഹിമയാൽ തന്നെ ചലിക്കുകയും കാണപ്പെടുന്ന ജീവികളുടെ ഈശ്വരനുമായിരിക്കുന്നുവോ അവൻ കൻ, മുതലായി അനേകം പേരുണ്ട്, അവൻ നാം ഹവിസ്സർപ്പിക്കുന്നു.

4 യസ്യേമേഃ ഹിമവന്തോ മഹിത്വാ യസ്യ സമുദ്രം രസയാ സഹാഹുഃ
യസേമാഃ പ്രദിശോ യസ്യ ബാഹൂ കസൈ്മ ദേവായ ഹവിഷാ വിധേമ

ഹിമാഛാദിതങ്ങളായ സകലപർവ്വതങ്ങളും ആരുടെ മഹിമയിൽ നിന്നും ഉത്ഭവിച്ചുവോ, സമുദ്രയുക്തമായ ഭൂമിയും ആരുടെ

കൃതിയായി കരുതപ്പെടുന്നുവോ, ഈ ദിക്കുകളെല്ലാം ആരുടെ ഭുജങ്ങൾക്കു തുല്യമായിരിക്കുന്നുവോ ആപ്രജപതി കൻ, ആദിയായ അനേകം നാമങ്ങളോടു കൂടിയവനാകുന്നു, അവനു നാം ഹവിസ്സ് അർപ്പിക്കുന്നു.

**5 യേന ദ്യൗരുഗ്രാ പൃഥിവീ ച ദൃളഹാ**
**യേന സ്വഃ സ്തഭിതം യേന നാകഃ**
**യോ അന്തരിക്ഷേ രജസോ വിമാനഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

ഈ ഭൂമിയേയും ഉന്നതത്തിലെ ആകാശത്തേയും ആര് സ്വന്തം മഹിമയാൽ ഉറപ്പിച്ചവോ, ആര് സൂര്യനെ പ്രതിഷ്ഠിച്ചുവോ ആ പ്രജാപതി കൻ, ആദിയായ അനേകം നാമങ്ങളോടു കൂടിയവനാകുന്നു, അവനു നാം ഹവിസ്സ് അർപ്പിക്കുന്നു.

**6 യം ക്രന്ദസീ അവസാ തസ്തഭാനേ**
**അഭ് യൈക്ഷേതാം മനസാ രേജമാനേ**
**യത്രാധി സൂര ഉദിതോ വിഭമാതി**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

ശബ്ദായമാനകളായ ആകാശവും ഭൂമിയും ആരാൽ പരിപൂർണ്ണകളായോ, ആകാശവും ഭൂമിയും ആരെ മഹിമായുക്തനാക്കിയോ, ആ കൻ ആദിനാമങ്ങളോടുകൂടിയ പ്രജാപതിയെ ആശ്രയിച്ച് സൂര്യൻ നിത്യവും ഉദിക്കുകയും പ്രകാശിക്കുകയും ചെയ്യുന്നു. അവനു നാം ഹവിസ്സ് അർപ്പിക്കുന്നു.

**7 ആ പോ ഹ യദ് ബൃഹതീർവിശ്വമായൻ**
**ഗർഭം ദധാനാ ജനയന്തീരഗ്നിം**
**തതോ ദേവാനാം സമവർതതാസുരേകഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

സമസ്തഭുവനങ്ങളേയും ആച്ഛാദനം ചെയ്തിരുന്ന മഹാജലത്തിൽ നിന്നും അഗ്നിയും ആകാശവും ഉത്ഭവിച്ചു. ഇതിൽ നിന്നും ദേവകളുടെ പ്രാണവായു ഉണ്ടായി, പ്രജാപതി കൻ ആദിയായ അനേകം നാമങ്ങളോടുകൂടിയവനാകുന്നു, അവനു നാം ഹവിസ്സ് അർപ്പിക്കുന്നു.

**8 യശ്ചിദാപോ മഹിനാ പര്യപശ്യദ്**
**ദക്ഷം ദധാനാ ജനയന്തീര്യജ്ഞമ്**
**യോ ദേവേഷ്വധി ദേവ ഏക ആസീത്**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

ജലം അതിന്റെ ബലത്തിൽ നിന്നും അഗ്നിയെ പ്രകടമാക്കിയപ്പോൾ പ്രജാപതി തന്റെ മഹിമയാൽ ആ ജലത്തെ എല്ലായിടത്തും കാണുകയുണ്ടായി, ആര് ദേവന്മാരിൽ പ്രമുഖനായിരുന്നുവോ, ആ പ്രജാപതികൻ ആദിയായ അനേകം നാമങ്ങളോടുകൂടിയവനാകുന്നു, അവനു നാം ഹവിസ്സ് അർപ്പിക്കുന്നു.

**9 മ നോ ഹിംസീജ് ജനിതാ യഃ പൃഥിവ്യാ**
**യോ വാ ദിവം സത്യധർമാ ജജാന**
**യശ്ചാപശ്ചന്ദ്രാ ബൃഹതീർജജാന**
**കസ്മൈ ദേവായ ഹവിഷാ വിധേമ**

ആരി ഭൂമിയെ സൃഷ്ടിച്ചുവോ, ആര് വഹിക്കുന്നുവോ, ആര് ആകാശത്തെ രചിക്കുകയും, സുഖദായകമായ ജലത്തെ യഥേഷ്ട രൂപത്തിൽ പ്രകടമാക്കുകയും ചെയ്തുവോ, ആ കൻ ആദി നാമങ്ങളോടു കൂടിയ പ്രജാപതി ഞങ്ങളെ ഹിംസിക്കാതിരിയ്ക്കണേ. അവനു നാം ഹവിസ്സ് അർപ്പിക്കുന്നു.

**10 പ്രജാപതേ ന ത്വദേതാന്യന്യോ വിശ്വാ**
**ജാതാനി പരി താ ബഭൂവ**
**യത്കാമാസ്തേ ജുഹുമസ്തന്നോ**
**അസ്തേ വയം സ്യാമ പതയോ രയീണാം**

ഈ ജനിച്ചവയെ എല്ലാം കൈക്കൊള്ളുവാൻ നീയല്ലാതെ മറ്റാരുമില്ല, ഞങ്ങൾ എന്തെല്ലാം ആഗ്രഹങ്ങളോടുകൂടി നിനക്ക് യജ്ഞം നടത്തുന്നുവോ, ഞങ്ങളുടെ ആ അഭിലാഷങ്ങളെല്ലാം പൂർണ്ണമാക്കുകയും ഞങ്ങൾ വൻപിച്ച സ്വത്തിന്റെ ഉടമകളാക്കുകയും ചെയ്യണമേ.

## സൂക്തം 122

ഋഷി-വസിഷ്ഠപുത്രൻ മിത്രമഹസ്, ദേവത-അഗ്നി,
ഛന്ദസ്സ്-ത്രിഷ്ടുപ്, ജഗതി

**1 വസും ന ചിത്രമഹസം ഗൃണീഷേ**
**വാമം ശേവമതിഥിമ ദ്വിഷേണ്യം**
**സ രാസതേ ശുരുധോ വിശ്വധായസോഗ്നിർ-**
**ഹോതാ ഗൃഹപതിഃ സുവീര്യം**

അത്ഭുതരൂപനായ അഗ്നി സൂര്യനെപ്പോലെ പ്രകാശിക്കുന്നു. അവൻ കല്യാണകാരിയായ അതിഥിക്കു തുല്യം സ്നേഹപാത്രമാകുന്നു, യാതൊരഗ്നി ലോകത്തെ വഹിക്കുന്നവനും ആപത്തുകളെ അകറ്റുന്നവനുമാകുന്നുവോ, അവൻ ഹോതാവും ഗൃഹപതിയുമായി ഞങ്ങൾക്ക് ശ്രേഷ്ഠമായ ബലവും ഗോക്കളെയും പ്രദാനം ചെയ്യുന്നു, ഞാൻ ആ അഗ്നിയെ തന്നെ സ്തുതിക്കുന്നു.

**2 ജുഷാണോ അഗ്നേ പ്രതി ഹര്യമേ വചോ വിശ്വാനി**
**വിദ്വാൻ വയുനാനി സുക്രതോ**
**ഘൃതനിർണിഗ് ബ്രഹ്മണേ ഗാതുമേരയ തവ**
**ദേവാ അജനയന്നനു വ്രതം**

ഹേ അഗ്നേ! എന്റെ സ്തോത്രങ്ങൾ ശ്രവിച്ച് പ്രസന്നനാകേണമേ. നീ ശ്രേഷ്ഠകർമ്മാവും അറിയേണ്ടതായ സകലകാര്യങ്ങളും അറിയുന്നവനുമാണല്ലോ, നീ ഘൃതാഹുതി സ്വീകരിച്ച് സ്തോതാവിന് സാമഗാനം ഉപദേശിച്ചാലും, ദേവഗണം നിന്റെ കർമ്മങ്ങളെ കാണുമ്പോൾ അവർ അവരവരുടെ കർമ്മങ്ങളിൽ വ്യാപൃതരാകുന്നു.

**3 സപ്ത ധാമാനി പരിയന്നമർത്യോ ദാശദ് ദാശുഷേ**
**സുകൃതേ മാമഹസ്വ**
**സുവീരേണ രയിണാഗ്നേ സ്വഭുവാ യസ്ത ആനട്**
**സമിധാ തം ജുഷസ്വ**

ഹേ അഗ്നേ! നീ എല്ലായിടത്തും സഞ്ചരിക്കുന്നവനും നാശരഹിതനും ആകുന്നു. സൽകർമ്മികൾക്ക് ധനദാനം ചെയ്യണമേ, സമിധകളിൽക്കൂടി ആര് നിന്നെ പ്രദീപ്തമാകുന്നുവോ നീ അവന് ശ്രേഷ്ഠമായ സമ്പത്തും സന്താനങ്ങളേയും കിട്ടുമാറാക്കണേ, നീ പൂജയെ സ്വീകരിച്ചാലും

**4 യജ്ഞസ്യ കേതും പ്രഥമം പുരോഹിതം ഹവിഷ്മന്ത**
**ഈളതേ സപ്ത വാജിനം**
**ശൃണ്വന്തമഗ്നിം ഘൃതപൃഷ്ഠമുക്ഷണം പൃണന്തം ദേവം**
**പൃണതേ സുവീര്യം**

യജ്ഞദ്രവ്യങ്ങളാൽ സമ്പന്നനായ യജമാനൻ അഖിലേശ്വരനായ അഗ്നിയെ സ്തുതിക്കുന്നു, ആ അഗ്നിധ്വജരൂപനും സർവശ്രേഷ്ഠനും ആകുന്നു. അവൻ ഘൃതയുക്തമായ ആഹുതി സ്വീകരിക്കു

കയും അഭീഷ്ടഫലം പ്രദാനം ചെയ്യുകയും ദാനിയെ ശ്രേഷ്ഠമായ ബല ത്താൽ സമ്പന്നനാക്കുകയും ചെയ്യുന്നു.

**5 ത്വം ദൂതഃ പ്രഥമോ വരേണ്യഃ സ**
**ഹൂയമാനോ അമൃതായ മത്സ്വ**
**ത്വാമർജയന്മരുതോ ദാശുഷോ ഗൃഹേ**
**ത്വാം സ്താമേഭിർഭൃഗവോ വിരുരചുഃ**

ഹേ അഗ്നേ! ഏറ്റവും മുമ്പേ പോകുന്ന നിന്നെ ദാനശീലനായ മനുഷ്യന്റെ ഭവനത്തിൽ പ്രതിഷ്ഠിക്കുന്നു. ഹേ ആനന്ദദായകനായ അഗ്നി ദേവാ! ഭൃഗുവംശീയരായ മഹർഷിമാർ സ്തുതികളോടുകൂടി നിന്നെ പ്രദീപ്തമാക്കുന്നു.

**6 ഇഷ ദുഹന്ത് സുദുഘാം വിശ്വധായസം**
**യജ്ഞപ്രിയേ യജമാനായ സുക്രതോ**
**അഗ്നേ ഘൃതസ്നുസ്ത്രീർഋതാനി ദീദ്യദ്**
**വർതിർയജ്ഞം പരിയന്ത് സുക്രതൂയസേ**

ഹേ അഗ്നേ! നീ വിചിത്രകർമ്മാവാകുന്നു. യജ്ഞത്തിൽ വ്യാപ്യ തനായ യജമാനനുവേണ്ടി നീ യജ്ഞരൂപിണിയായ പയസ്വിനിയായ ഗോവിനെ ദോഹനം ചെയ്താലും, നീ ഘൃതാഹുതി സ്വീകരിച്ച് പൃഥ്വി തുടങ്ങിയ ത്രിലോകങ്ങളെ പ്രകാശത്താൽ നിറയ്ക്കുന്നു. നിന്നിൽക്കൂടി ശുഭ കർമ്മങ്ങളുടെ ആവരണം ദൃഷ്ടിഗോചരമാകുന്നു നീ എങ്ങും സഞ്ചരിക്കുന്നവനാണല്ലോ.

**7 ത്വാമിദസ്യാ ഉഷസോ വ്യുഷ്ഠിഷു ദൂതം കൃണ്വാനാ**
**അയജന്ത മാനുഷാഃ**
**ത്വാം ദേവാ മഹയായ്യായ ബാവൃധു രാജ്യമഗ്നേ നിമൃ**
**ജന്തോ അധ്വരേ**

ഹേ അഗ്നേ! ഉഷഃകാലം വന്നു ചേരുമ്പോൾ നിന്നെ ദൂതനാക്കി യജമാനൻ ആഹൂതി നൽകുന്നു, ദേവന്മാരും നിന്നെ ഘൃതത്താൽ പ്രദീ പ്തമാക്കി പൂജയ്ക്കു വേണ്ടി വളർത്തുന്നു.

**8 നി ത്വാ വസിഷ്ഠാ അഹ്വന്ത വാജിനം ഗൃണന്തോ**
**അഗ്നേ വിദഥേഷു വേധസഃ**
**രായസ്പോയം യജമാനേഷു ധാരയ യൂയം പാത**
**സ്വസ്തിഭിഃ സദാ നഃ**

ഹേ അഗ്നേ! വസിഷ്ഠ പുത്രന്മാരായ ഋഷിമാർ തങ്ങളുടെ യജ്ഞത്തിൽ നിന്നെ ആഹ്വാനം ചെയ്തു. നീ യജമാനന്റെ വീടിനെ ഐശ്വര്യസമ്പന്നമാക്കിയാലും നീ കല്യാണകാരിണിയായ നിന്റെ രക്ഷ കളാൽ ഉപാസകരായ ഞങ്ങളെ രക്ഷിക്കേണമേ.

## സൂക്തം 123

ഋഷി-ഭൃഗുഗോത്രജൻ വേനൻ ദേവത-വേനൻ

ഛന്ദസ്- ത്രിഷ്ടുപ്

**1 യം വേനശ്ചോദയത് അപൃശ് നിഗർഭാ ജ്യോതിർ-**
**ജരായു രജസോ വിമാനേ**
**ഇവമപാം സങ്ഗമേ സൂര്യസ്യ ശിശും നവിപ്രാ**
**മതിഭീ രിഹന്തി**

വേനദേവത ജ്യോതിർമയനാകുന്നു. ജലോല്പാദകനായ അവൻ അന്തരീക്ഷത്തിൽ സൂര്യപുത്രനായ ജലത്തെ വർഷിക്കുന്നു. സൂര്യനിൽ നിന്നും ജലം ലഭിക്കുമ്പോൾ ജ്ഞാനികളായ സ്തോതാക്കൾ ആ വേനദേവനെ മധുരസ്തുതികളാൽ പ്രസാദിപ്പിക്കുന്നു.

**2 സമുദ്രാദൂർമിമുദിയർതി വേനോ നഭോജാഃ പൃഷ്ഠം**
**ഹർയതസ്യ ദർശി**
**ഋതസ്യ സാനാവധി വിഷ്ഠപി ഭ്രാട് സമാനം**
**യോനിമഭ്യനൂഷത വ്രാഃ**

വേനൻ അന്തരീക്ഷത്തിൽക്കൂടി ജലത്തെ പ്രേരിപ്പിക്കുന്നു. ഉജ്ജ്വല രൂപനായ ആ വേനന്റെ മുതുക് കാണപ്പെടുന്നു. അവൻ ജല ത്തിന്റെ മുകളിൽ വിളങ്ങുന്നു, എല്ലാവരുടേയും ജന്മസ്ഥാനമായ സ്വർഗ്ഗത്തെ പരിവാരങ്ങൾ പുകഴ്ത്തുന്നു.

**3 സമാനം പൂർവീരഭി വാവശാനാസ്തിഷ്ഠന്വത്സസ്യ**
**മാതരഃ സനീളാഃ**
**ഋതസ്യ സാനാവധി ചക്രമാണാ മിഹന്തി മധ്വോ**
**അമൃതസ്യ വാണീ**

അന്തരീക്ഷത്തിലെ ജലം വേനനോടുകൂടി വസിക്കുന്നു. അവൻ ശിശുരൂപിണിയായ വിദ്യുത്തിന്റെ മാതാവിനു തുല്യമാകുന്നു. ജലം അതിന്റെ സഖാവായ വേനനോടു ചേർന്ന് ശബ്ദിക്കുന്നു, അപ്പോൾ അന്തരീക്ഷത്തിൽ മധുരജലവർഷത്തിന്റെ നിനാദമുത്ഭവിച്ച് വേനനെ സ്തുതിക്കുവാൻ തുടങ്ങുന്നു.

**4 ജാനന്തോ രൂപമകൃപന്ത വിപ്രാ മൃഗസ്യ ഘോഷം**
**മഹിഷസ്യ ഹി ഗ് മൻ**
**ഋതേന യന്തോ അധി സിന്ധുമസ്ഥുർവിദദ്ഗന്ധർ**
**വോ അമൃതാനി നാമ**

ജ്ഞാനികളായ സ്തോതാക്കൾ മഹിഷതുല്യനായ വേനനു വേണ്ടി യജ്ഞം നടത്തി നദിയെ നിറയ്ക്കുന്ന ജലത്തെ പ്രാപിച്ചു. ഗന്ധ ർവ്വനായ ആ വേനൻ ജലത്തിന്റെ ഈശ്വരനാണല്ലോ.

5 അപ്സരാ ജാരമുപസിഷ്മിയാണാ യോഷാ
ബിഭർതി പരമേ വ്യോമൻ
ചരിത് പ്രിയസ്യ യോനിഷു പ്രിയഃ സന്ത്
സീദത് പക്ഷേ ഹിരണ്യയേ സ വേനഃ

അൽപനേരം അരികിൽ പുഞ്ചിരിച്ചിരിക്കുന്ന, വിദ്യുത്താ കുന്ന അപ്സരസ് വേനന്റെ പത്നിക്കു തുല്യയാണ്. അവൾ പ്രിയന്റെ സ്ഥാനത്തു ചെല്ലുന്നു, അവൻ മന്ദമായി പുഞ്ചിരിച്ചുകൊണ്ട് മേഘ ത്തിൽ വസിക്കുന്നു.

**6 നാകേ സുപർണമൂപ യത് പതന്തം ഹൃദാ വേനന്തോ**
**അഭ്യചക്ഷത ത്വാ**
**ഹിര്യണ്യപക്ഷം വരുണസ്യ ദൂതം യമസ്യ യോനൗ**
**ശകുനം ഭുരണ്യു**

ഹേ വേനാ! നീ അന്തരീക്ഷത്തിൽ പറന്നു നടക്കുന്ന ഒരു പക്ഷിയേപ്പോലെയാണെല്ലൊ. നിന്റെ ചിറകുകൾ സ്വർണ്ണമയമാകുന്നു. നീ സകല ലോകപാലകനായ വരുണന്റെ ദൂതനാണല്ലോ. പക്ഷി അതിന്റെ കുഞ്ഞുങ്ങളെ സംരക്ഷിച്ചു വളർത്തുന്നതു പോലെ നീ സകല ലോകങ്ങളേയും സംരക്ഷിക്കുന്നു. എല്ലാ ജീവികളും നിന്നെ ദർശിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു.

**7 ഊർധ്വോ ഗന്ധർവോ അധി നാകേ അസ്ഥാത്-**
**പ്രത്യങ് ചിത്രാവിഭൂദസ്യായുധാനി**
**വസാനോ അത്കം സുരഭിംദൃശേ കം സ്വർണ നാമ**
**ജനത പ്രിയാണി**

വേനൻ സ്വർഗ്ഗത്തിൽ മഹോന്നതമായ സ്ഥാനത്തു വസിക്കുന്നു. അവൻ അത്ഭുതകരമായ ആയുധങ്ങളുമുണ്ട്, അവൻ സുന്ദരമായ രൂപത്താൽ ആഛാദനം ചെയ്യപ്പെട്ടിരിക്കുന്നു. ഉള്ളിൽ നിന്നും അവൻ ജലം വർഷിക്കുന്നു.

8 **ദ്രപ്സഃ സമുദ്രമഭി യജ്ജിഗാതി പശ്യൻഗൃധ്രസ്യ ചക്ഷസാ വിധർമൻ**
**ഭാനുഃ ശുക്രേണ ശോചിഷാ ചകാന സ്തൃതീയേ ചക്രേരജസി പ്രിയാണി**

ജലസമ്പന്നനായ വേനൻ തന്റെ കർമ്മങ്ങൾക്കു വേണ്ടി ദൂർദ ശികളായ നേത്രങ്ങളാൽ നോക്കിക്കൊണ്ട് അന്തരിക്ഷത്തിൽ സഞ്ചരിക്കുന്നു. അവൻ ഉജ്ജ്വലമായ പ്രഭയാൽ തേജസ്വിയായി മൂന്നാം സ്വർഗ്ഗത്തിന്റെ അഗ്രഭാഗത്തിൽ നിന്നും സകല ലോകങ്ങളും ആഗ്രഹിക്കുന്ന ജലത്തെ ഉൽപാദിപ്പിക്കുന്നു.

## സൂക്തം 124

ഋഷി-അഗ്നി, വരുണൻ, സോമൻ, ദേവത-അഗ്നി, ദേവന്മാർ. ഇന്ദ്രൻ, ഛന്ദസ്-ത്രിഷ്ടുപ്, ജഗതി.

1 **ഇമം നോ അഗ്ന ഉപ യജ്ഞമേഹി പഞ്ചയാമം ത്രി വൃതം സപ്തതന്തും**
**അസോ ഹവ്യവാളുത നഃ പുരോഗാ ജ്യോഗേയവ ദീർഘം തമ ആശയിഷ്ഠാഃ**

ഹേ അഗ്നേ! നീ അഞ്ചും മൂന്നും ഏഴും ചേർന്ന ഈ ഞങ്ങളുടെ യജ്ഞത്തിൽ വന്നാലും, മൂന്നു സവനങ്ങളിലുമുള്ളതാണ് ഈ യജ്ഞം. നീ ഞങ്ങളുടെ ഈ യജ്ഞത്തിലാഗതനായി ഹവിർവാഹക ദൂതനായാലും, മുന്നേ നടന്നാലും, നീ വളരെ നാളായി കൂരിരുട്ടിൽ കിടക്കുകയാണല്ലോ. (അഞ്ച് = യജമാനനും നാല് ഋത്വിക്കുകളും മൂന്ന് = വാകയജ്ഞം, ഹവിര്യജ്ഞം സോമയജ്ഞം ഏഴ്=അഗ്നിഷ്ടോമം , ഉക്ഥ്യം, ഷോഡശി, വാജപേയം, അതിരാത്രം, അപ്തോര്യാമം)

2 **അരേവാദ് ദേവഃ പ്രചതാ ഗുഹാ യാപ്രപശ്യൻ- മാനോ അമൃതത്വമേമി**
**ശിവം യത് സന്തമശിവോ ജഹാമി സ്വാത് സഖ്യാ- ദരണീം നാഭിമേമി**

ഹേ സ്തോതാക്കളെ! ദേവന്മാർ അഗ്നിയായ എന്നോട് അപേക്ഷിക്കുന്നു, അതിനാൽ പ്രകാശരഹിതനായ ഞാൻ അവ്യക്തരൂപത്തിൽ നിന്നും പ്രകാശയുക്തമായ രൂപത്തിൽ വന്ന് എല്ലായിടവും കാണുകയും അമൃതത്വത്തെ പ്രാപിക്കുകയും ചെയ്യുന്നു. യജ്ഞം നിർവിഘ്നം സമ്പൂർണ്ണമാകുമ്പോൾ ഞാൻ യജ്ഞസ്ഥാനമുപേക്ഷിച്ച് അവ്യക്തരൂപത്തിൽ തന്നെ സ്വന്തം ഉൽപത്തിസ്ഥാനമായ അരണിയിൽ വസിക്കുന്നു.

3 **പശ്യന്നന്യസ്യ അതിഥിം വയായ ഋതസ്യ ധാമ വി മിമേ പുരൂണി**
**ശംസാമി പിത്രേ അസുരായ ശേവമയജ്ഞി യാദ്യ- ജ്ഞിയം ഭാഗമേമി**

ഞാൻ ഭൂമിക്കുപരിയായി ആകാശത്തിന്റെ സഞ്ചാരപഥത്തിൽ കൂടി ചരിക്കുന്ന സൂര്യന്റെ വാർഷികഗതിക്കനുസരണമായിട്ടുള്ള വിഭിന്നരായ ഋഷിമാരുടെ അനുഷ്ഠാതാവാകുന്നു. പിതൃരൂപരും ബലവാന്മാരും ആയ ദേവന്മാരുടെ സന്തുഷ്ടിക്കു വേണ്ടി ഞാൻ സ്തുതിക്കുന്നു. യജ്ഞത്തിനു വേണ്ടി ത്യാജ്യവും അപവിത്രവുമായ സ്ഥാനത്തെ വിട്ട് യജ്ഞയോഗ്യവും പവിത്രവും ആയ സ്ഥാനത്തേക്കു ഞാൻ പോകുന്നു.

4 **വഹ്വീഃ സമാ അകരമന്തരസ്മിന്നിന്ദ്രം വൃണാനഃ പിതരം ജഹാമി**
**അഗ്നിഃ സോമോ വരുണസ്തേ ച്യവന്തേ ഷ്ടം തദവാമ്യായൻ**

ഞാൻ ഈ യജ്ഞസ്ഥാനത്ത് അനേകം സംവത്സരം കഴിച്ചു കൂട്ടി. ഞാനെന്റെ പിതാവായ അരണിയിൽ നിന്നും ജനിച്ച് ഇന്ദ്രനെ വരിച്ചു. എന്റെ ദർശനം ഉണ്ടാകുന്നില്ലെങ്കിൽ ചന്ദ്രനും, വരുണാദികളും താഴേക്കു പതിക്കുകയും, രാജ്യത്തിൽ വിപ്ലവം വ്യാപിക്കുകയും ചെയ്യും, അപ്പോൾ രക്ഷയ്ക്കു വേണ്ടി ഞാൻ പ്രകടമാകുന്നു.

5 **നിർമായാ ഉ ത്യേ അസുരാ അഭൂവന്ത്വം ച മാ വരുണ കാമയാസേ**
**ഋതേന രാജന്നനൃതം വിവിഞ്ചന്മമ രാഷ്ട്രസ്യാധിപത്യമേഹി**

എന്റെ ആഗമനം കാണുന്ന മാത്രയിൽ രാക്ഷസന്മാർ ബലഹീനരാകുന്നു. ഹേ വരുണാ! നീ എന്റെ സ്തോതാവായാലും ഈശ്വരാ! അവിടുന്ന് സത്യത്താൽ അസത്യത്തെ തട്ടി നീക്കി എന്റെ രാജ്യത്തിന്നധിപനായാലും

6 **ഇദം സ്വരിദമിദാസ വാമമയം പ്രകാശ ഉർവന്തരീക്ഷം ഹനാവ വൃധം നിരേഹി**
**സോമ ഹവിഷ്ട്വാ സന്തഃ ഹവിഷാ യജാമ**

ഹേ സോമാ! ഈ സ്വർഗ്ഗം അത്യന്തം രമണീയമാകുന്നു. ഇത് ദിവ്യപ്രകാശത്താൽ പ്രശോഭിക്കുന്നു. ഇത് വിശാലമായ അന്തരീക്ഷമാകുന്നു. ഹേ സോമാ! പുറപ്പെടുക. നമുക്ക് വൃത്രനെക്കൊല്ലാം ഞങ്ങൾ വിഭിന്നങ്ങളായ യജ്ഞീയ വസ്തുക്കളാൽ നിന്നെ ആഹ്വാനം ചെയ്യുന്നു.

7 **കവിഃ കവിത്വാ ദിവി രൂപമാസജദപ്രഭൂതീ വരുണോ നിരപഃ സൃജത്**
**ക്ഷേമം കൃണ്വാനാ ജനയോ ന സിന്ധവസ്താ അസ്യ വർണം ശുചയോ ഭരിഭ്രതി**

മിത്രദേവൻ തന്റെ കർമ്മചതുർത്ഥങ്ങളാൽ ആകാശത്തിൽ തേജസ്സ് പ്രതിഷ്ഠിച്ചു. വരുണൻ ആയാസരഹിതമായി മേഘത്തിൽ നിന്നും ജലത്തെ തുറന്നു വിട്ടു. സകല ജലങ്ങളും വിശ്വകല്യാണത്തിനായി നദീരൂപത്തിൽ പ്രവഹിക്കുന്നു. ആ നദികളെല്ലാം വരുണന്റെ ഉജ്ജ്വല തേജസ്സാൽ സുസജ്ജിതമാകുന്നു.

8 **താ അസ്യ ജ്യേഷ്ഠമിന്ദ്രിയം സചന്തേ ന ഈമാ ക്ഷേതി സ്വധയാ മദന്തീഃ**
**താ ഈം വിശോ നരാജാനം വൃണാനാ ബീഭത്- സുവോ അപ വൃത്രാദതിഷ്ഠൻ**

ജലമെല്ലാം വരുണന്റെ തേജസ്സിനെ പ്രാപിക്കുന്നു. അവനെപ്പോലെ തന്നെ യജ്ഞദ്രവ്യങ്ങൾ സ്വീകരിച്ച് സന്തുഷ്ടരാകുകയും, വരുണൻ അവരുടെ അടുക്കൽ ചെല്ലുകയും ചെയ്യുന്നു. ഭയഭീതരായ പ്രജകൾ രാജാവിനെ അഭയം പ്രാപിക്കുന്നതു പോലെ ഭയഭീതകളായ ജലങ്ങൾ വൃത്രന്റെ അടുക്കൽ നിന്നും ഓടിപ്പോയി വരുണനെ അഭയം പ്രാപിക്കുന്നു.

9 **ബീഭത്സൂ നാം സയുജം ഹംസമാഹുരപാം**
**ദിവ്യാനാം സഖ്യേ ചരന്തം**
**അനുഷ്ഠൂഭമനു ചർചൂര്യമാണമിന്ദ്രം**
**നി ചിക്യുഃ കവയോ മനീഷാ**

ആര് ഭയഭീതകളായ ആ ജലങ്ങളുടെ സഹായനായിരുന്നുവോ, അവൻ ഇന്ദ്രനെന്നോ, സൂര്യനെന്നോ വിളിക്കപ്പെടുന്നു, സ്തുത്യർഹനായ അവൻ ജലത്തിന്റെ പിറകേ ചെല്ലുന്നു. ജ്ഞാനികൾ അവനെ ഇന്ദ്രനെന്നു വിളിച്ചു തന്നെ വളർത്തി പൂജിക്കുന്നു.

## സൂക്തം 125

ഋഷി-അഭൃണീമഹർഷിയുടെ മകൾ വാക്ക്.
ദേവത-പവമാത്മാവ്, ത്മൗവ്
ഛന്ദസ്-ത്രിഷ്ടുപ്, ജഗതി

1 **അഹം രുദ്രഭിർവസുഭിശ്ചരാമ്യഹമാദിത്യൈരുത**
**വിശ്വദേവൈഃ**
**അഹം മിത്രാവരുണോഭാ വിഭരമ്യഹമിന്ദ്രാഗ്നീ**
**അഹമശ്വിനോഭാ**

വാഗ് ദേവിയായ ഞാൻ രുദ്രന്മാരോടും, വസുക്കളോടും കൂടി സഞ്ചരിക്കുന്നു. ഞാൻ ആദിത്യന്മാരോടും മറ്റു ദേവകളോടും കൂടി വസിക്കുന്നു. ഞാൻ മിത്രാവരുണന്മാരെ വഹിക്കുന്നവളും ഇന്ദ്രാഗ്നികൾക്കും അശ്വിനികൾക്കും ആശ്രയം നൽകുന്നവളുമാകുന്നു.

2 **അഹം സോമമാഹനസം ബിഭർമ്യഹം ത്വഷ്ടാരമുത**
**പൂഷണം ഭഗം**
**അഹം ദധാമി ദ്രവിണം ഹവിഷ്മതേ സുപ്രാവ്യേ-**
**യജമാനായ സുന്വതേ**

ഞാൻ അമ്മിക്കല്ലുകൊണ്ട് ചതച്ചുപിഴിഞ്ഞ സോമത്തെ വഹിക്കുന്നവളാകുന്നു. ത്വഷ്ടാവിനേയും, പൂഷാവിനേയും, ഞാൻ വഹിക്കുന്നു. അനുഷ്ടാതാവായ യാതൊരുത്തൻ സോമം പിഴിഞ്ഞ് ദേവകളെ തൃപ്തരാക്കുന്നുവോ, അവർക്ക് ഞാൻ ധനം പ്രദാനം ചെയ്യുന്നു.

3 **അഹം രാഷ്ട്രീസംഗമനീ വസൂനാ ചികൂതുഷീ**
**പ്രഥമാ യജ്ഞിയാനാം**
**താം മാം ദേവ വ്യദധുഃ പുരുത്രാ ഭൂരിസ്ഥാത്രാം**
**ഭൂര്യവേശയന്തിഹീം**

ഞാൻ രാജ്യങ്ങളുടെ അധിഷ്ഠാത്രിയും ധനദായിനിയും ആകുന്നു. ഞാൻ ജ്ഞാന സമ്പന്നയും യജ്ഞങ്ങളിൽ പ്രയുക്തമാകുന്ന സാധനങ്ങളിൽ ശ്രേഷ്ഠവും ആകുന്നു. ഞാൻ ജീവികളിൽ വസിക്കുന്നു. ദേവകൾ എന്നെ അനേകം സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചിരുന്നു.

4 **മയാ സോ അന്നമത്തി യേ വിപശ്യതിയഃ**
**പ്രാണിതിയ ഈം ശൃണോത്യുക്തം.**
**അമന്തവോ മാം ത ഉപ ക്ഷിയന്തി ശ്രുധി ശ്രുത**
**ശ്രദ്ധിവം തേ വദാമി**

പ്രാണധാരണം , ശ്രവണം, ദർശനം, ഭോജനം മുതലായ എല്ലാകർമ്മങ്ങളും എന്റെ സഹായത്താൽ തന്നെ നടത്തപ്പെടുന്നു. എന്നെ മാനിക്കാത്തവൻ നശിച്ചുപോകും,.. ഹേ വിജ്ഞാ ഞാൻ പരയുന്നതു സത്യമാകുന്നു.

5 **അഹമേവസ്വയമിദം വദാമി ജുഷ്ടം**
**ദേവേഭിരുത മാനുഷേഭിഃ**
**യം കാമയേ തതംമുഗ്ര കൃണോമി തം ബ്രഹ്മാണം**
**തമൃഷീം തം സുമേധാം**

യാതൊന്നിനെ ദേവകളും മനുഷ്യരും പ്രപിക്കുന്നുവോ ഞാനതിന്റെ ഉപദേശം നൽകുന്നു. ഞാനാഗ്രഹിക്കുന്നവന് എന്റെ കൃപയാൽ ബലവാനും മേധാവിയും കവിയും സ്തോതാവും ആകുവാൻ സാധിക്കുന്നു,

6 **അഹം രുദ്രായ ധനുരോതനോഭി**
**ബ്രഹ്മദ്വിഷേ ശരവേ ഹന്തവാ ഉ**
**അഹം ജനായ സമദം കൃണോമ്യഹം**
**ദ്യാവാപൃഥ്വിവീ ആ വിവേശ**

സ്തുതികളിൽ വിമുഖനായവനെ സംഹരിക്കുവാൻ ഇന്ദ്രൻ വില്ലെടുക്കുമ്പോൾ ഞാനവന്റെ വില്ലിനു ബലം കൂട്ടുന്നു. ഞാൻ തന്നെ ആകാശഭൂമികൾക്ക് വ്യാസം കൂട്ടി മനുഷ്യർക്കുവേണ്ടി യുദ്ധം ചെയ്യുന്നു.

7 **അഹം സുവേ പിതരമസ്യ മൂർധന്മമ യോനിരപ്**
**സ്വന്തഃ സമുദ്രേ**
**തതോ വിതിഷ്ഠേ ഭുവനാനു വിശ്വോതാമൂം ദ്യാം**
**വർഷ്മണോപസ്പൃശാമി**

ഞാൻ ആകാശത്തെ സൃഷ്ടിച്ചു. അകതിനാൽ ഞാനതിന്റെ പിതാവിനു തുല്യനാകുന്നു. ഈ ജഗത്തിന്റെ ശിരസ്സ് ആകാശമാകുന്നു. ഞാൻ സമുദ്രജലത്തിൽ വസിക്കുകയും അവിടെ നിന്നുതന്നെ വളരുകയും ചെയ്യുന്നു. ഞാനെന്റെ ഉന്നതമായ ശരീരത്താൽ സ്വർഗ്ഗത്തെ സ്പർശിക്കുന്നു.

8 **അഹമേവ വാതഇവ പ്ര വാമ്യാരഭമാണാ**
**ഭുവനാനി വിശ്വാ**
**പരോ ദിവാ പര ഏനാ പൃഥ്വീ വൈത്യാവതി**
**മഹിനാ സം ബ ഭൂവ**

ഞാൻ ലോകങ്ങളെ സൃഷ്ടിച്ചപ്പോൾ കാറ്റുപോലെ സഞ്ചരിച്ചിരുന്നു. ഞാനെന്റെ മഹിമയാൽ മഹിമാമയിയായി ആകാശത്തേയും ഭൂമിയേയും ഉല്ലംഘിച്ചുകഴിഞ്ഞിരിക്കുന്നു.

## സൂക്തം 126

ഋഷി - ശൈലൂഷ പുത്രൻ, കല്മല ബരഹിഷനോ
വാമദേവപുത്രൻ അംഹോമുഗ്വോ
ദേവത - വിശ്വോദേവന്മാർ,
ഛന്ദസ്-ബൃഹതി-ത്രിഷ്ടുപ്

1 **ന തമം ഹോന ദുരിതം ദേവാസോ അഷ്ടമർത്യം**
**സജോഷസോ യമർയമാ മിത്രോ നയന്തി വരുണോ**
**അതി ദ്വിഷഃ**

ഹേ ദേവന്മാരെ, മിത്രനും അര്യമാവും വരുണനും ആരെ ശത്രുക്കളിൽ നിന്നും രക്ഷിക്കുന്നുവോ അവന് അമംഗളമുണ്ടാകുന്നില്ല. പാപവും അവനെ ഉപദ്രവിക്കുകയില്ല.

2 **തദ്ധി വയം വൃണീമഹഹേ വരുണ മിത്രാ മര്യമനു യേന നിരം ഹസോ യൂയം പാഥ നേഥാ ചമർത്യ മതി ദ്വിഷഃ**

ഹേ വരുണാ, മിത്രാ, ആര്യമാ, പാപത്തിൽ നിന്നും ശത്രു പാശത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ

3 **തേ നൂനം നോ യമൂതയേ വരുണോ മിത്രോ അര്യമാ നയിഷ്ഠാ ഉനോ നേഷണി പർപിഷ്ഠാ ഉനഃ പർഷ ണ്യതി ദ്വിഷ**

വരുമനും മിത്രനും ആര്യമാവും ഞങ്ങളെ അവശ്യം രക്ഷിക്കും. ഹേ ദേവന്മാരെ, ഞങ്ങളെ ശത്രുക്കളിൽ നിന്ന് രക്ഷിച്ച് പാപത്തിന്റെ അക്കരെയെത്തിച്ചാലും.

4 **യൂയം വിശ്വം പരിപാഥ വരുണോ മിത്രോ അര്യമാ യുഷ്മാകം ശർമണി പ്രിയേ സ്യാമ സുപ്രണീതയോ തി ദ്വിഷഃ**

ഹേ വരുണാ മിത്രാ ആര്യമാ നിങ്ങൾ നേതൃകർമ്മങ്ങളിൽ കുശലരല്ലോ. വിശ്വപാലകരായ നിങ്ങൾ ഞങ്ങളെ ശത്രുക്കളിൽ നിന്നും മുക്തരാക്കി സുഖികളാക്കണേ.

5 **ആധിത്യാസോ അതി സ്രിധ്രോ വരുണോ മിത്രോ ആര്യമാ ഉഗ്രം മരുദി ഭീ രുദ്രം ഹുവേമേന്ദ്ര മഗനീം സ്വസ്തയേ തി ദ്വിഷഃ**

മിത്രാവരുണന്മാരും ആദിത്യന്മാരും ആര്യമാവും ഞങ്ങളെ ശത്രുപാശത്തിൽ നിന്നും രക്ഷിക്കണേ. ഞങ്ങൾ ശത്രുപാശത്തിൽ നിന്നും മോചിതരായി മംഗളത്തിനുവേണ്ടി രുദ്രനേയും മരുത്തുക്കളേയും ഇന്ദ്രാഗ്നിയേയും ആഹ്വാനം ചെയ്യുന്നു.

6 **നേതാര ഉഷുണസ്തിരോ വരുണോ മിത്രോ ആര്യമാ അതി വിശ്വാനി ദുരിതാ രാജനശ്ചർഷണീ നാമതി ദ്വിഷഃ**

വരുണനും മിത്രനും ആര്യമാവും ഞങ്ങളുടെ മാർഗ്ഗദർശകരാകുന്നു. അവർ തന്നെ ഞങ്ങളെ കരയ്ക്കണക്കുന്നു. അവർ പാപങ്ങൾ നശിപ്പിക്കുന്നതിൽ സമർത്ഥരാകുന്നു. സകലജീവികളുടേയും അധിപതികളായ ഇവർ ഞങ്ങളെ ശത്രുക്കളിൽ നിന്നും രക്ഷിക്കുമാറാകണേ.

7 **ശുനമസ്മഭ്യമൂതയേ വരുണാ മിത്രോ ആര്യമാ ശർമയ ഛന്തുസപ്രതാ പ്രഥ ആദിത്യാസോ യദീമഹേ അതിദ്വിഷഃ**

വരുണനും മിത്രനും ആര്യമാവും തങ്ങളുടെ രക്ഷകളാൽ ഞങ്ങൾക്കു മംഗളമരുളണേ. ഞങ്ങളാഗ്രഹക്കുന്ന സുഖം പ്രദാനം ചെയ്ത് ശത്രുകരങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണേ.

8 **യഥാ ഹ ത്യദ്വസവോ ഗോര്യം ചിത്പദ ഷിതാമുഞ്ചതാ വ്യംഹഃ പര്താര്യഗേ പ്രതരം ന ആയുഃ**

ഉജ്ജ്വലവർഷകളായ ഗോക്കളുടെ പാദങ്ങൾ ബന്ധിക്കപ്പെട്ടപ്പോൾ യജ്ഞവാകാശികളായ വസുക്കൾ അവയെ മോചിപ്പിച്ചു. ഹേ അഗ്നേ ഞങ്ങൾക്കു ദീർഘായുസ്സും നൽകി പാപത്തിൽ നിന്നും രക്ഷിക്കണേ.

## സൂക്തം 127

ഋഷി-സൗഭരീ പുത്രൻ, കുശികനോ ഭരദ്വാജപുത്രി

രാത്രിയോ ദേവത- - രാത്രി ഛന്ദസ് - ഗായത്രി

1. **രാത്രി വ്യഖ്യദായതീ പുരുത്രാ ദേവ്യക്ഷഭിഃ വിശ്വാ അധി ശ്രിയോ ധിത**

ആഗതയായ രാത്രി അന്ധകാരത്തെ വ്യാപിപ്പിച്ചു. അവൾ നക്ഷത്രങ്ങളാൽ അലംകൃതയും സുശോഭിതയുമായി.

2 **ഓർവപ്രാ അമർത്യാ നീവതോ ദേവ്യു ദ്വതഃ ജ്യോതിഷാ ബാധതേ തമഃ**

ദീപ്തിമതിയായ രാത്രി വളരെ വളർന്നുകഴിഞ്ഞു. സ്വർഗ്ഗസ്ഥരായ ദേവന്മാരേയും ഭ്രൂവാസികളേയും ഈ രാത്രി ആഛാദനം ചെയ്തു. അനന്തരം ആകാശം ജനിച്ചപ്പോൾ അന്ധകാരം നശിച്ചു.

3 **നിരുസ്വസാരമസ്കൃതോഷസം ദേവ്യായതീ അപേദുഹാസതേ തമഃ**

ആഗതയായ ഉഷസ്സിനെ ആ രാത്രി സ്വന്തം സഹോദരിയെപ്പോലെ അലങ്കരിക്കുകയും പ്രകാശമുണ്ടായപ്പോൾ അന്ധകാരം നശിക്കുകയും ചെയ്യുന്നു.

4 **സാ നോ അദ്യയസ്യാവയം നിതേ യാമന്ന വിക്ഷ്മഹി വൃക്ഷേ ന വസതിം വയഃ**

പക്ഷികൾ വൃക്ഷങ്ങളിൽ ചേക്കേറുന്നതുപോലെ യാതൊരു രാത്രിയുടെ ആഗമനത്താൽ ഞങ്ങൾ സുഷുപ്തിയാ പ്രാപച്ചുവോ ആ രാത്രി ദേവി ഞങ്ങൾക്കു മംഗളമരുളുന്നവളാകട്ടെ.

5 **നിഗ്രാമാസോ അവിക്ഷത നിപദ്ധന്തോനി പക്ഷിണ നി ശ്യേനാ സശ്വിദർഥിനഃ**

രാത്രിയുടെ ആഗമന വേളയിൽ എല്ലാ ഗ്രാമങ്ങളും നിശ്ശബ്ദമായി. പക്ഷികളും മൃഗങ്ങളും മനുഷ്യാദികളും ദ്രുതവേഗിയായ പരുന്തും ശാന്തരായി ഉറങ്ങി.

6 **യാവയ വൃക്യം വൃകം യവയ സ്തേനമൂർമ്യേ അഥാ നഃ സുതരാ ഭവ**

ഹേ രാത്രി ദേവീപെൺ ചെന്നായ് ഞങ്ങളുടെ അടുക്കൽ വരാതിരിക്കട്ടെ. കള്ളന്മാരും ഞങ്ങളുടെ വീട്ടിൽനിന്ന് അകന്നുപോകട്ടെ. ഇപ്രകാരം ദേവി ഞങ്ങൾക്ക് കല്യാണകാരിണിയാകേണമേ.

7 **ഉപ മാ പേപി ശിത്തമഃ കൃഷ്ണം വ്യക്ത മസ്ഥിത ഉഷഋണേവ യാതയ**

രാത്രിയുടെ കറുത്ത അന്ധകാരം വ്യപിച്ചു. ആ അന്ധകാരത്തിൽ എന്റെ അടുത്തുള്ളതെല്ലാം മൂടിപ്പോയി. ഉഷേ. ദേവി കടങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കുന്നവളാകുന്നു, അതുപോലെ തന്നെ ഭവതി ഘോരാന്ധകാരത്തിൽ നിന്നും മോചിപ്പിക്കുന്നു.

8 **ഉപ തേ ഗാ ഇവാകരം വൃണീഷ്വ ദുഹിതർ ദിവഃ രാത്രി സ്തോമം ന ജിഗ്യുഷേ**

ഹേ രാത്രീ ഭവതി ആകാശപുത്രിയാണല്ലോ. ഭവതിയുടെ ആഗമനവേളയിൽ ഞാൻ ഈ ഗോവിനെപ്പോലെ സ്തുതികളെ ഭവതിക്കുവേണ്ടി ഉച്ചരിക്കുന്നു. ഇതിനെ സ്വീകരിച്ചാലും.

## സൂക്തം 128

ഋഷി - അംഗീരോഗോത്രൻ, വിവഹ്യൻ

ദേവത-വിശ്വദേവന്മാർ, ഛന്ദസ്-ത്രിഷ്ടുപ്, ജഗതി

1 **മമാഗ്നേ വർചോ വിഹവേഷ്വ സ്തു വയം**
**ത്വേന്ധാനാ സ്തന്വം പുഷേമ**
**മഹ്യം നമന്താം പ്രദിശശ്ച തസ്രസ്ത്വയാധ്യക്ഷേണ**
**പൃതനാ ജയേമ**

ഹേ അഗ്നേ! യുദ്ധം ആരംഭിക്കുമ്പോൾ എന്നെ തേജസ്വിയാക്കേണമേ. ഞങ്ങൾ നിന്നെ പ്രദീപ്തനാക്കി ദേഹത്തെ ബലവത്താക്കുന്നു. എന്റെ മുന്നിൽ സകല ദിക്കുകളിലേയും ജീവികൾ കുമ്പിടണേ,നീ ആരുടെ സ്വാമിയാകുന്നുവോ ആ ഞങ്ങൾ ഞങ്ങളുടെ ശത്രുക്കളെ ജയിക്കുമാറാകണേ.

2 **മമ ദേവാ വിഹവേ സന്തുസർവ ഇന്ദ്രവന്തോ**
**മരുതോ വിഷ്ണുരഗ്നീഃ**
**മമാന്തരീക്ഷ മുരുലോകമസ്തു മഹ്യം വാതഃ**
**പവതാം കാമേ അസ്മിൻ**

വിഷ്ണുവും മരുത്തുക്കളും ഇന്ദ്രനും അഗ്നിയും മറ്റു സകല ദേവന്മാരും യുദ്ധഭൂമിയിൽ എന്റെ പക്ഷത്തായിരിക്കണേ. ആകാശം പോലെ പ്രശസ്തയായ ഭൂമി എനിക്കനുകൂലമാകണേ. എന്റെ ആഗ്രഹം പോലെ തന്നെ ശത്രുക്കളും എന്റെ മുമ്പിൽ കുനിയണേ.

3 **മയി ദേവാ ദ്രവിണമാ യജന്താം മയ്യാ**
**ശീരസ്തുമയി ദേവഹൂതിഃ**
**ദൈവ്യാ ഹോതാരോ വനഷന്ത പൂർവ്വേ**
**രിഷ്ടാഃ സ്യാമ തന്വാ സുവീരാഃ**

എന്റെ യജ്ഞത്തിലാഗതരായി തൃപ്തരായ ദേവന്മാർ എനിക്ക് ധനം പ്രദാനം ചെയ്യണേ. ഞാൻ ആശിർവാദം പ്രാപിച്ചുകൊണ്ട് ദേവകളുടെ ആഹ്വാതാവാകണേ. പ്രാചീനകാലത്തിൽ ദേവയാഗം നടത്തിയ ആ ഋഷിഗണം എന്റെ മേൽ കൃപ വർഷിക്കണേ. എന്റെ ശരീരം സ്വാസ്ഥ്യയുക്തമാകണേ. ഞാൻ സുന്ദരസന്താനങ്ങളാൽ സമ്പന്നനാകണേ.

4 **മഹ്യം ജയന്തു മമ യാനി ഹവ്യാകൂതിഃ**
**സത്യാ മനസോ മേ അസ്തു**
**ഏനോ മാനി ഗാം കതമച്ചനാഹം വിശ്വേ ദേവാസോ**
**അധിവോചതാ നഃ**

എന്റെ യജ്ഞീയ വസ്തുക്കൾ ദേവകൾക്കു സ്വീകാര്യമാകണേ. ഞാൻ യാതൊരു പാപത്തിലും വീഴാതിരിക്കണേ. എല്ലാ ദേവന്മാരും പ്രസന്നരായി എനിക്കാശിർവാദം നൽകണേ. തന്മൂലം ഞാനാഗ്രഹിക്കുന്ന ഐശ്വര്യം പ്രാപിക്കാൻ കഴിയണേ.

5 **ദേവീ : ഷളുർ വിരുരുനഃ കൃണോത വിശ്വേ**
**ദേവാസ ഇഹ വീരയധ്വം**
**മാഹാസ്മഹി പ്രജയാ മാ തനൂഭിർമാ**
**രധാമ ദ്വിഷതേ സോമരാജൻ**

ആകാശം, ഭൂമി, പകൽ, രാത്രി, , ജലം, ഔഷധി ഈ ആറു ദേവിമാർ ഞങ്ങളെ സമൃദ്ധരാക്കണേ. ഹേ ദേവഗണമേ. എന്നെ ബലവാനാക്കിയാലും. ഞങ്ങളുടെ സന്താനങ്ങളുടേയും ഞങ്ങളുടേയും ശരീരങ്ങളെ വിഘ്നങ്ങളിൽ നിന്നും രക്ഷിക്കേണമേ. ഹേ സോമമേ. ശത്രുക്കൾക്ക് ഞങ്ങളെ നശിപ്പിക്കാൻ കഴിയാതാവണേ.

6 **അഗ്നേ മന്യുംപ്രതിനുദൻ പരേഷാ മദബ്ധോ**
**ഗോപാഃ പരിപാഹി നസ്ത്വം**
**പ്രത്യഞ്ചോ യന്തുനിഗുതഃ പുനസ്തേ**
**മൈഷാം ചിത്തം പ്രബുധാം വി നേശത്**

ഹേ അഗ്നേ! നീ ദുർധർഷനായി എല്ലാവിധത്തിലും ഞങ്ങളെ രക്ഷിക്കണേ. ദസ്യുക്കളുടെ ആക്രമണത്തെ വ്യർത്ഥമാക്കി ഞങ്ങളെ രക്ഷിച്ചാലും, ഞങ്ങളുടെ ശത്രുക്കൾ അവരുടെ ഇഛാപൂർത്തിയിൽ വിഫലരായി ഇവിടെ നിന്നും ഓടിപ്പോകണേ അവരുടെ ബുദ്ധി നശിക്കണേ

7 **ധാതാ ധാതൃണാം ഭൂവനസ്യ യസ്പതിർദേവം**
**ത്രാതാരമഭിമാതിഷാഹം**
**ഇമം യജ്ഞമശ്വിനോഭാ ബൃഹസ്പതിർ ദേവാഃ**
**പാന്തുയജമാനം ന്യർഥാത്**

സ്രഷ്ടാക്കളുടെ സ്രഷ്ടാവും ലോകങ്ങളുടെ സ്വാമിയും ശത്രുക്കളെ ജയിക്കുന്നവനും ഞങ്ങളെ രക്ഷിക്കുന്നവനും ആയ ഇന്ദ്രനെ ഞാൻ സ്തുതിക്കുന്നു. അശ്വിനികൾ രണ്ടുപേരും ബൃഹസ്പതിയും മറ്റെല്ലാ ദേവന്മാരും ഞങ്ങളുടെ ഈ യജ്ഞത്തെ നിർവിഘ്നം സമ്പൂർണ്ണമാക്കണേ.

8 **ഉരുവ്യചാ നോ മഹിഷഃ ശർമയം സദസ്മിൻ**
**ഹവേ പുരുഹൂതഃ പുരുക്ഷു**
**സ നഃ പ്രജായൈ ഹർയശ്വ മൃളയേന്ദ്രമാനോ**
**രീരിഷോ മാ പരാ ദാഃ**

യാതൊരുത്തൻ മഹാതേജസ്സിനേ പ്രാപിച്ച് മഹിമായുക്തനായിരിക്കുന്നുവോ; യാതൊരുത്തൻ വിഭിന്ന സ്ഥാനങ്ങളിൽ വസിക്കുന്നുവോ ആര് മുമ്പായി വിളിക്കപ്പെടുന്നുവോ, ആ ഇന്ദ്രൻ ഞങ്ങൾക്ക് മംഗളമരുളണേ. ഹേ ഇന്ദ്രാ നീ ഹരിതാശ്വാസങ്ങളുടെ സ്വാമിയാണല്ലോ. ഞങ്ങളെ സുഖത്താലും സന്താനങ്ങളാലും സൗഭാഗ്യശാലികളാക്കേണമേ. നീ ഞങ്ങൾക്കെതിരായി യാതൊരുവിധത്തിലുള്ള അനിഷ്ടങ്ങളും ചെയ്യരുത്.

9 **യേ നഃ സപത്നാ അപതേ ഭവന്ത്വി**
**ന്ദ്രാഗ്നിഭ്യാമവ ബാധാമഹേ താൻ**
**വസവോ രുദ്രാ ആദിത്യാ ഉപരിസ്പൃശം മോഗ്രം**
**ചേതാരമധിരാജ മക്രൻ**

ഇന്ദ്രന്റെ പ്രഭാവത്താൽ ഞങ്ങളുടെ ശത്രുക്കൾ പലായനം ചെയ്യണേ. ഇന്ദ്രാഗ്നിയുടെ അനുകൂല്യത്താൽ വിജയം പ്രാപിക്കണേ. ആദിത്യന്മാരും വസുക്കളും രുദ്രന്മാരും എന്നെ തുല്യപുരുഷന്മാരിൽ ശ്രേഷ്ഠനാക്കണേ. അവർ ഞങ്ങളെ ബലവാന്മാരും മേധാവികളും ധനികരുമാക്കണേ.

## സൂക്തം 129

ഋഷി-പരമേഷ്ഠി, ദേവത-പരമാത്മാവ്,

ഛന്ദസ്-ത്രിഷ്ടുപ്

1 **നാസദാസീന്നോ സദാസീത്തദാനീം നാസിദ്രജോ**
**നോ വ്യോമാ പരോയത്**
**കിമാവരീവ കുഹ കസ്യ ശർമന്നമ്ഭഃ കിമാസീദ്**
**ഗഹനം ഗംഭീരം**

പ്രളയകാലത്തിൽ അസത്തില്ലായിരുന്നു. സത്തും ഇല്ലായിരുന്നു. ആകാശഭൂമികളും ഇല്ലായിരുന്നു. ആകാശസ്ഥിതങ്ങളായ സപ്തലോകങ്ങളും ഇല്ലായിരുന്നു. അപ്പോൾ ആരിവിടെ വസിച്ചിരുന്നു. ബ്രഹ്മാണ്ഡം എവിടെയായിരുന്നു. ഗംഭീരമായ ജലം എവിടെയായിരുന്നു.

2 **ന മൃത്യുരാസീദമൃതം ന തർഹി ന രാത്ര്യാ അഹ്ന ആ സീത് പ്രകേതഃ**
**ആനീദവാതം സ്വധയാ തദേകം തസ്മാദ്ധാന്യന്ന പരഃ കിം ചനാസ**

അന്ന് അമരത്വവും മൃതത്വവും ഇല്ലായിരുന്നു. വായുവിനാൽ ശൂന്യവും ആത്മാവിനെ അവലംബിച്ച് ശ്വാസോച്ഛ്വാസം ചെയ്യുന്ന ഏകമായ ബ്രഹ്മം മാത്രമുണ്ടായിരുന്നു. അതൊഴികെ എല്ലാം ശൂന്യമായിരുന്നു.

3 **തമ ആസീത്തമസാ ഗൂലഹമഗ്രേ പ്രകേത സലിലം സർവമാ ഇദം**
**തുഛ്യേനാഭ്വാപിഹിതം യദാസീത്ത പസസ്തന്മ ഹിനാജായതൈകം**

മുമ്പ് തമസ്സുണ്ടായിരുന്നു.തമസിനാൽ മൂടപ്പെട്ടതുകൊണ്ടായിരുന്നു ഈ ലോകമെല്ലാം അറിയപ്പെടാതിരുന്നത്. ഒരു ലഘുവായ വസ്തുവാൽ മറയ്ക്കപ്പെട്ടിരുന്നത് യാതൊന്നായിരുന്നുവോ അത് ഏകീഭവിച്ചിരുന്നു. എങ്കിലും തപസ്സിന്റെ മഹത്വത്തത്താൽ ഉല്പന്നമായി.

4 **കാമസ്തദഗ്രേ സമവർതതാധി മനസോ രേതഃ പ്രഥമം യദാസീത്**
**സതോ ബന്ധു മസതി നിരവിന്ദൻഹൃദി പ്രതിഷ്യാ കവയോ മനീഷാ**

ആ ബ്രഹ്മം ആദ്യമായി സൃഷ്ടി കർമ്മം നടത്തുവാനിച്ഛിച്ചു. അതിൽ നിന്നും ഏറ്റവും ആദ്യം ബീജം പ്രകടമായി. ക്രാന്തദർശികൾ തങ്ങളുടെ ബുദ്ധിവഴിയായി ചിന്തിച്ച് അപ്രകടമായ വസ്തുവിന്റെ ഉല്പത്തിയെ വിഭാവനം ചെയ്തു.

5 **തിരശ്ചീനോ വിതതോ രശ്മി രേഷാമധഃ സ്വിദാസീദുപരി സ്വിദാസീത്**
**രേ തോധാ ആസന്മഹിമാന ആസന്ത് സ്വധാ അവസ്താത് പ്രയതിഃ പരസ്താത്**

ഇവിടെ രശ്മി പരന്നു. അത് താഴെയോ മുകളിലെ നടുവിലോആയിരുന്നോ പിന്നെ ബീജധാരകൻ ഉണ്ടായി. പിന്നെ മഹിമകളുണ്ടായി. ആ മഹിമകൾ ഇരുപാർശ്വങ്ങൾ വരെ പ്രശസ്തമായി. താഴെ സ്വധയുടേയും മുകളിൽ പ്രയതിയുടേയും സ്ഥാനങ്ങളുണ്ടായി. (ഭോഗ്യം താഴേയും ഭോക്താവ് മീതേയുമായി)

6 **കോ അദ്ധാ വേദക ഇഹ പ്ര വോ ചത് കൃത ആജാതാ കത ഇയം വിസൃഷ്ടിഃ**
**അർവാഗ്ദേവാ അസ്യ വിസർജനേ നാഥാ കോ വേദ യത ആബഭൂവ**

പ്രകൃതിയുടെ തത്വത്തെ ആരും അറിയുന്നില്ലെങ്കിൽ അതിനെ വർണ്ണിക്കുവാൻ ആർക്ക് സാധിക്കും. ഈ സൃഷ്ടിയുടെ ഉത്ഭവ കാരണം എന്ത് ? വിഭിന്നങ്ങളായ സൃഷ്ടികൾ ഏത് ഉപാദനകാരണത്തിൽ നിന്നും പ്രകടമായി. ദേവഗണം ഈ സൃഷ്ടിക്ക് ശേഷമാണുണ്ടായത്. അപ്പോൾ ഈ സൃഷ്ടി എവിടെനിന്നുണ്ടായി എന്ന് ആരറിയുന്നു.

7 **ഇയം വിസൃഷ്ടിര്യത ആബഭൂവ**
**യദി വാ ദധേ യദി വാ ന**
**യോ ആസ്യാധ്യക്ഷഃ പരമേ വ്യോമാന്ത് സോ**
**അങ്ഗ വേദ യദി വാന വേദ**

വിഭിന്നങ്ങളായ ഈ സൃഷ്ടികൾ എങ്ങിനെയുണ്ടായി ? ആരിവയെ സൃഷ്ടിച്ചു ? ദിവ്യധാമത്തിൽ വസിക്കുന്ന ഈ സൃഷ്ടികളുടെ സ്വാമി ഇവയുടെ രചനയെ സംബന്ധിച്ചറിയുന്നു. ഒരു പക്ഷെഅവനും അറിയുന്നില്ലായിരിക്കാം.

## സൂക്തം 130

ഋഷി - പ്രജാപ്രതി പുത്രൻ യജ്ഞൻ

ദേവത - പ്രജാപതി, ഛന്ദസ്സ് - ഗായത്രി, ത്രിഷ്ടുപ്പ്

1 **യോ യജ്ഞോ വിശ്വതസ്തംന്തുഭിസ്ത ഏകശതം ദേവകർമേ ഭിരായത :**
**ഇമേ വയന്തി പിതരോ യ ആയയുഃ പ്ര വയാപ വയേത്യാസതേ തതേ**

എല്ലാ ഭാഗത്തേക്കും നൂലിനെ വിസ്തൃതമാക്കി യജ്ഞരൂപമാകുന്ന വസ്ത്രം നെയ്യുന്നു. ദേവകൾക്കുവേണ്ടി ചെയ്യപ്പെടുന്ന അനേകം അനുഷ്ഠാനങ്ങൾ വഴി ഇത് വിസ്തൃതമാക്കപ്പെട്ടു. യജ്ഞത്തിലെഴുന്നള്ളി വന്ന പിതൃക്കൾ ഈ വസ്ത്രത്തെ നെയ്തുകൊണ്ട് ഇപ്രകാരം പറയുന്നു. നീളത്തിലും വീതിയിലും നെയ്യുവിൻ .

2 **പൂമാം ഏനം തനുത ഉത്കൃണത്തി**
**പുമാന്വി തത്നേ അധിനാകേ അസ്മിൻ**
**ഇമേ മയൂഖാ ഉപ സേദുരൂ സദഃ സാമാനി ചക്രൂ സ്തസരാണ്യോതവേ**

പിതൃക്കൾ ഒരു വസ്ത്രത്തെ നീളത്തിലും വീതിയിലും നെയ്തുണ്ടാക്കി. ജ്യാതിർമയരായ എല്ലാ ദേവന്മാരും ഈ യജ്ഞമണ്ഡപത്തിൽ വിരാജിക്കുന്നു. ഈ നെയ്ത്വൽ കർമ്മത്തിൽ സാമമന്ത്രങ്ങളെ തന്നെ ഊടും പാവുമാക്കുന്നു.

3 **കാസീത് പ്രമാ പ്രതിമാ കിം നിദാനമാജ്യം**
**കിമസീത് പരിധിഃ ക ആസീത്**
**ഛന്ദഃ കിമാസീത് പ്രഉഗം കിമുക്ഥം യദ്ദേവാ ദേവമയജന്ത വിശ്വേ**

ദേവന്മാർ പ്രജാപതിക്കു യജ്ഞം നടത്തിയപ്പോൾ ആ യജ്ഞത്തിന്റെ അതിരെന്തായിരുന്നു ? ദേവന്മാരുടെ ആ കൃതി എന്തായിരുന്നു ? യജ്ഞത്തിന്റെ പരിധി എന്തായിരുന്നു ? ഛന്ദസ്സും ഉക്ഥങ്ങളും ഏതായിരുന്നു ? ആരെ സങ്കൽപ്പിച്ചിരുന്നു ?

4 **ആഗ്നേർ ഗായത്ര്യ ഭവത്സ യുഗ്വേഷ്ണി ഹയാ സവിതാ സം ബഭൂവ**
**അനുഷ്ടു ഭാ സോമ ഉക്ഥൈർ മഹസ്വാൻബൃഹസ്പതേർ ബൃഹതീ വാചമാവത്**

ഉഷ്ണിക്ക് ഛന്ദസ് സവിതാവിന്റെ സഹായിയായിരുന്നു. ഗായത്രി ഛന്ദസ് ബൃഹതീ ഛന്ദസ് ബൃഹസ്പതിയോടു ചേർന്നു. അനുഷ്ടുപ്പ് ഉക്ഥങ്ങളോടുകൂടി സോമനോടു ചേർന്നു.

5 **വിരാണ്മിത്രാ വരുണ യോരഭി ശ്രീരിന്ദസ്യ**
**ത്രിഷ്ടുബിഹ ഭാഗോ അഹ്നഃ**
**വിശ്വാദേവാഞ്ജഗത്യാ വിവേശതേന ചാക്ല്ര**
**പ്രഋഷയോ മനുഷ്യാഃ**

വിരാട് ഛന്ദസ് മിത്രാവരുണൻമാരോടുകൂടി ഉണ്ടായി. ത്രിഷ്ടുപ്പ് ഛന്ദസ് ദിവസത്തോടും സോമന്റെ കൂട്ടായും ഉണ്ടായി. ജഗതി ഛന്ദസ് മറ്റു ദേവന്മാരെ ആശ്രയിച്ചു. ഇങ്ങിനെ ഋഷിമാർ യജ്ഞ കർമ്മം നിർവ്വഹിച്ചു.

6 **ചാക്ല്യപ്രേ തേന ഋഷയോ മനുഷ്യാ യജ്ഞേ**
**ജാതേ പിതരോ നഃ പുരാണേ**
**പശ്യന്മന്യേ മനസാ ചക്ഷസാ താന്യ ഇമം**
**യജ്ഞമയജന്തപൂർവ്വേ**

പ്രാചീനകാലത്ത് യജ്ഞം ആരംഭിച്ചപ്പോൾ തങ്ങളുടെ പൂർവ്വ ജരായ മഹർഷിമാരും മനുഷ്യരും വിധിപൂർവ്വം യജ്ഞം സമ്പന്നമാക്കി. പ്രാചീനകാലത്തു യജ്ഞത്തെ നടത്തിയ ആ അനുഷ്ഠാതാവിനെ ഞാൻ എന്റെ ഹൃദയരൂപമാകുന്ന കണ്ണുകൾകൊണ്ട് ആ സമയം കണ്ടുകൊണ്ടിരുന്നു.

7 **സഹസ്തോമാഃ സഹഛന്ദസ ആവൃതഃ സഹപ്രഭാ**
**ഋഷയഃ സപ്ത ദൈവ്യാഃ**
**പൂർവ്വേഷാം പന്ഥാമനുദൃശ്യ ധീരാ**
**അന്വാലേഭിരേ രഥ്യോ ന രശ്മീൻ**

ദിവ്യരൂപങ്ങളായ സ്ത്രോത്രങ്ങളേയും ഛന്ദസുകളേയും ഏകീകരിച്ച് കൂടെക്കൂടെ യജ്ഞം നടത്തുകയും യജ്ഞത്തിന്റെ കാലം നിശ്ചയിക്കപ്പെടുകയും ചെയ്തു. സാരഥി കടിഞ്ഞാണിനാൽ കുതിരകളെ നിയന്ത്രിക്കുന്നതുപോലെ മേധാവികളായ മഹർഷിമാർ പൂർവ്വികന്മാരെ അനുകരിച്ച് തന്നെ അനുഷ്ഠാനത്തെ സമ്പന്നാമാക്കി.

## സൂക്തം 131

ഋഷി - കക്ഷീവാന്റെ പുത്രൻ സുകീർത്തി
ദേവത - ഇന്ദ്രൻ, അശ്വികൾ,
ഛന്ദസ്സ് - ത്രഷ്ടുപ്പ്, അനുഷ്ടുപ്പ്

1 **ആപപ്രാപ ഇന്ദ്ര വിശ്വാം അമിത്രാനപാപാചോ**
**അഭിഭൂതേ നുദസ്വ**
**അപോദീചോ അപ ശൂരാധരാച ഊരൗ**
**യഥാ തവ ശർമന്മദേമ**

ഹേ ഇന്ദ്രാ! ശത്രുവിജയിയായി നീ ഞങ്ങളുടെ ചുറ്റും കൂടിയിരിക്കുന്ന ശത്രുക്കളെ ആട്ടിയോടിക്കേണമേ. ഞങ്ങൾ നിന്നിൽ നിന്നും വിശിഷ്ടങ്ങളായ നന്മകളെ പ്രാപിക്കുകയും സദാസുഖികളാകുകയും ചെയ്യണം.

2 **കുവി ദംഗ യവമന്തോ യവം ചിദ്യഥാ**
**ദാന്ത്യനുപൂർവ്വം വിയൂയ**
**ഇഹേഹൈഷാം കൃണുഹി ഭോജനാനിയേ**
**ബർഹിഷോ നമോ വൃക്തീം ന ജഗ്മുഃ**

കൃഷിക്കാർ തങ്ങളുടെ വയലുകളിൽ നിന്നും പാകമായയവം അനേകം പ്രാവശ്യം കൊയ്ത് പ്രത്യേകം പ്രത്യേകം വേർതിരിച്ചെടുക്കുന്നതുപോലെ ഹേ ഇന്ദ്രാ അനുഷ്ഠാതാവായ യാതൊരുത്തൻ യജ്ഞത്തിൽ നമസ്ക്കരിക്കാതിരിക്കുന്നുവോ അഥവാ യജ്ഞവിമുഖനായിരിക്കുന്നുവോ ആ പാപിയുടെ വാദ്യാന്നത്തെ തുടർച്ചയായി നശിപ്പിക്കേണമേ

3 **നഹി സ്തുര്യ ഋതുഥാ യാതമസ്തി നോ ശ്രവോ**
**വിവിദേ സംഗമേഷു**
**ഗവ്യന്ത ഇന്ദ്രം സഖ്യായ വിപ്ര അശ്വായന്തോ**
**വൃഷണം വാജയന്തഃ**

ഒരു ചക്രം മാത്രമുള്ള ശകടത്തിന് അതിനെത്തേണ്ട സ്ഥാനത്ത് എത്തുവാൻ സാധിക്കുന്നില്ല. യുദ്ധസമയത്ത് ആ ശഖത്തിൽ നിന്നും അന്നം കിട്ടുമെന്നാശിക്കുകയും വേണ്ട. ഗോക്കൾ, അശ്വം, അന്നം, ധനം മുതലായവ ആഗ്രഹിക്കുന്ന മേധാവിയായ പുരുഷൻ ഇന്ദ്രന്റെ മൈത്രിക്കുവേണ്ടി യത്നിക്കുന്നു.

4 **യുവം സുരാമമശ്വിനാ നമചാവാസുരേ സചാ**
**വിപിപാനാ ശുഭസ്പതീ ഇന്ദ്രം കർമസ്വാവതം**

അശ്വിനികുമാരന്മാരെ! നിങ്ങൾ രണ്ടും മംഗളമയരാണല്ലോ. ഇന്ദ്രൻ നമുചിയോടു യുദ്ധം ചെയ്തപ്പോൾ നിങ്ങൾ രണ്ടുപേരും ഇന്ദ്രനോടുചേർന്ന് സോമം പാനം ചെയ്യുകയും പടക്കളത്തിൽ അവന്റെ സഹായികളാവുകയും ചെയ്തു.

5 **പുത്രിമിവ പിതരാവശ്വിനോഭേന്ദ്രാവഥുഃ**
**കാവ്യൈദർ സനാഭി**
**യത്സുരാമം വ്യപിബഃ ശചീഭിഃ സരസ്വതീ ത്വാ**
**മഘവന്നഭിഷ്ണക്**

ഹേ അശ്വിനികളെ! മാതാപിതാക്കൾ തങ്ങളുടെ മക്കളെ പരിപാലിക്കുന്നതുപോലെ നിങ്ങൾ സോമം പാനം ചെയ്ത് സ്വന്തം ബലത്താൽ ഇന്ദ്രനെ രക്ഷിച്ചു. ഹേ ഇന്ദ്രാ! ആ സമയം ബുദ്ധദായിനിയായ സരസ്വതിയും നിനക്ക് അനുകൂലയായിരുന്നു.

6 **ഇന്ദ്രഃ സൂത്രാമാ സ്വവാം അവോഭിഃ സുമൃളീകോ**
**ഭവതു വിശ്വവേദാഃ**
**ബാധതാം ദ്വേസോ അഭയം കൃണോതു സുവീര്യസ്യ**
**പതയഃ സ്യാമ**

ഇന്ദ്രൻ സർവ്വജ്ഞനാകുന്നു. അവൻ ഐശ്വര്യവാനും ശ്രേഷ്ഠനായ രക്ഷകനും ആകുന്നു. അവൻ ഞങ്ങളെ രക്ഷിക്കുകയും സുഖം പ്രദാനം ചെയ്യുകയും ചെയ്യണേ. അവൻ ശത്രുക്കളെ ആട്ടിയോടിച്ച് ഞങ്ങളുടെ ഭയത്തെ നശിപ്പിക്കണേ.

7 **തസ്യവയം സുമതൗ യജ്ഞി യസ്ഥ്യാപി ഭദ്രേ**
**സൗമനസേ സ്യാമ**
**സ സൂത്രാമ സ്വവാം ഇന്ദ്രോ അസ്മേ ആരാച്ചിദ്**
**ദ്വേഷ ഃ സനുയര്യയോതു**

ഞങ്ങൾ ശ്രേഷ്ഠമായ ബലം പ്രാപിക്കണേ. യശസ്സിന്റെ അംശം നൽകുന്ന ഇന്ദ്രന്റെ പ്രസന്നതയേ ഞങ്ങൾ പ്രാപിക്കണേ. അവൻ ഞങ്ങളോട് എല്ലാ വിധത്തിലും സന്തുഷ്ടനായിരിക്കണേ. അവൻ ഞങ്ങളുടെ അരികത്തും ദൂരത്തും ഉള്ള ശത്രുക്കളെ ഇല്ലാതാക്കണേ.

## സൂക്തം 132

ഋഷി - നൃമേധപുത്രൻ ശകപൂതൻ

ദേവത - ദ്യാവാ പൃഥ്വി, അശ്വികൾ, മിത്രാവരുണന്മാർ,

ഛന്ദസ് - ബൃഹതി പംക്തി

1 **ഈ ജാനമിദ് ദ്യൗർഗൂർതാ വസിമരീം ജാനം**
**ഭൂമിരഭി പ്രഭൂഷണി**
**ഈജാനം ദേവാവശ്വിനാവഭി സുമ്നൈനരവർധതാം**

യജ്ഞം നടത്തുന്നവന് സ്വർഗ്ഗധനം പ്രാപ്തമാകുന്നു. അവൻ തന്നെ ഭൂധനം പ്രാപിക്കുന്നു. അശ്വിനികൾ അവനെ വിഭിന്നങ്ങളായ സുഖങ്ങളാൽ സമ്പന്നനാക്കുന്നു.

2 **താവാം മിത്രാവരുണാ ധാരയത്ക്ഷിതീ**
**സുഷുമ്നേഷിതത്വതാ യജാമസി**
**യുവോഃ ക്രാണായ സുഖൈരഭി ഷ്യാമ രക്ഷസ**

ഹേ മിത്രാവരുണന്മാരെ നിങ്ങൾ ഭൂമിയെ വഹിക്കുന്നു. ഞങ്ങൾ ഐശ്വര്യങ്ങൾക്കു വേണ്ടി നിങ്ങളെ പൂജിക്കുന്നു. യജമാനനു മായി നിങ്ങൾ സ്ഥാപിച്ചിരിക്കുന്ന മൈത്രീഭാവം വഴിയായി ഞങ്ങൾ ഞങ്ങളുടെ ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കണേ.

3 **അധാ ചിന്നു യദ്ദിധിഷാ മഹേ വാമഭി പ്രിയം**
**രേക്ണഃ പത്യമാനാഃ**
**ദദ്വാം വായത് പുഷ്യതി രേക്ണഃ സുവാരന്ന**
**കിരസ്യ മഘാനി**

ഹേ മിത്രാവരുണന്മാരെ നിങ്ങൾക്കുവേണ്ടി ഞങ്ങൾ യജ്ഞ സാമഗ്രികൾ ശേഖരിക്കുമ്പോൾ ഞങ്ങളാഗ്രഹിക്കുമ്പോൾ ഞങ്ങളാ ഗ്രഹിക്കുന്ന ധനത്തെ ഞങ്ങളുടെ അടുക്കൽ ഉപസ്ഥിതമാക്കുന്നു. ഈ ദാനിയായ യജമാനൻ ധനത്തെ പ്രാപിക്കുമ്പോൾ യാതൊരു വിഘ്ന ങ്ങളും ഉണ്ടാകുന്നില്ല.

4 **അസാവന്യോ അസുര സൂയത ദ്യൗസ്ത്വം**
**വിശ്വേഷാം വരുണാസി രാജാ**
**മൂർധാ രഥസ്യ ചാകന്നൈതാവനൈസാ**
**ന്തകധ്രൂക്**

ഹേ ബലവാനായ മിത്രദേവ ! സൂര്യന്റെ തേജസ്സ് നിന്റേതിൽ നിന്നും ഭിന്നമാകുന്നു. അഖിലത്തിന്റേയും രാജാവായ വരുണാ നിന്റെ തേരിന്റെ ഊർധ്വഭാഗം ഇങ്ങോട്ടുവരുന്നതായി കാണപ്പെടുന്നു. ഹിംസ കരായ രാക്ഷസന്മാരെ നശിപ്പിക്കുന്നു. അതിനാൽ അമംഗളം അതിനെ സ്പർശിക്കുന്നേയില്ല.

5 **അസ്മിന്ത് സ്വേ തഛകപൂത ഏനോ ഹിതേ മിത്രേ**
**നിഗതാൻ ഹന്തി വീരാൻ**
**അവോർവാ യദ്ധാത്തനൂഷ്വവഃ**
**പ്രിയാസു യ യജ്ഞിയാ സ്വർവാ**

ശകപൂതനായ എന്റെ പാപം ദുഷ്പ്രകൃതികളായ രാക്ഷസ ന്മാരെ നശിപ്പിക്കണേ. മിത്രദേവൻ എന്റെ ഹിതൈഷിയാകണേ. അവൻ തന്നെ എന്റെ ദേവരക്ഷകനാകണേ.

6 **യുവോർഹി മാതാദിതിർ വിചേതസാ ദ്യോർന ഭൂമിഃ**
**പയസാ പുപൂതനി**
**അവപ്രിയാ ദിദിഷ്ടന സുരോ നിനിക്ത രശ്മിഭിഃ**

ഹേ മിത്രവരുണന്മാരെ ! നിങ്ങൾ അദിതിയുടെ പുത്രന്മാ രാണല്ലോ. നിങ്ങൾ അത്യധികം മേധാവികളാകുന്നു. ആകാശഭൂമികളെ ജലത്താൽ ശുദ്ധീകരിച്ചാലും, ഈ അധോലോകത്തെ ശ്രേഷ്ഠവസ്തു ക്കളാൽ പൂർണ്ണമാക്കേണമേ. സൂര്യരശ്മികളിൽക്കൂടി ലോകസു ഖത്തെ ആരോഗ്യപ്രദമാക്കിയാലും.

7 **യുവം ഹ്യപ്ന രാജാവസീദതം തിഷ്ഠ ദ്രഥം ന**
**ധൂർഷദം വനർഷദം**
**താ നഃ കണൂകയന്തിർനൃമേഘസ്തത്രേ അഹസഃ**
**സുമേധസ്ത ത്രേ അഹസഃ**

നിങ്ങൾ സ്വന്തം കർമ്മബലത്താൽ തന്നെ അധീശ്വരരായിരി ക്കുന്നു. വനത്തിൽക്കൂടി ചരിക്കുന്ന വിങ്ങളുടെ രഥം അശ്വങ്ങൾക്കു വഹിക്കുവാൻ യോഗ്യമാകട്ടെ. എല്ലാ ശത്രുക്കളും കോലാഹലം കൂട്ടു മ്പോൾ നൃമേധമഹർഷി ആപത്തുകളിൽ നിന്നും മോചിപ്പക്കട്ടെ.

## സൂക്തം 133

ഋഷി - പിജവാന പുത്രൻ സദാസസ്,

ദേവത - ഇന്ദ്രൻ. ഛന്ദസ് - ശക്വരി. പംക്തി, ത്രിഷ്ടുപ്

1 **പ്രോ ഷ്വസ്മൈ പുരോരഥ മിന്ദ്രായ ശൂഷമർചത**
**അഭീകേ ചിദു ലോകകൃത് സങ്ഗേ സമത്സു**
**വൃത്രാഹാസ്മാകം ബോധി ചോദിതാ**

ഇന്ദ്രന്റെ രഥത്തിന്റെ മുന്നിൽ അവന്റെ സേനകൾ നിലകൊ ള്ളുന്നു. നിങ്ങൾ ആ സേനയെ വിധിപൂർവ്വം പൂജിക്കുവിൻ. പടക്കള ത്തിൽ ശത്രു അടുത്തുവന്ന് യുദ്ധം ചെയ്യുമ്പോൾ ഇന്ദ്രൻ പിന്മാറുന്നി ല്ല. വൃതനെ കൊന്നുവീഴ്ത്തുന്നു. ഈ ഇന്ദ്രൻ നമ്മുടെ സ്വാമിയാകുന്നു. അവൻ നമ്മെ ശ്രദ്ധിക്കട്ടെ. അവന്റെ പ്രഭാവത്താൽ ശത്രുക്കളുടെ വിൽഞാണുകൾ പൊട്ടിപോകട്ടെ.

2 **നഭന്താമന്യകേഷാം ജ്യാകാ അധി ധന്വസു ത്വം**
**സീന്ധും രവാസൃജോ ധരാചോ അഹന്നഹിം**
**അശത്രുരിന്ദ്ര ജജ്ഞി വിശ്വം പുഷ്യസി വാര്യംതം**
**ത്വാ പരിഷ്വജാമഹേ**
**നഭന്താമന്യകേഷാം ജ്യാകാ അധി ധന്വസു**

താണസ്ഥലത്തേക്കു പോകുന്ന ജലരാശിയെ ഹേ ഇന്ദ്രാ നീ തന്നെ ഒഴുക്കിയിരിക്കുന്നു. നീ തന്നെ മേഘത്തെ കീറിപ്പിളർന്നു. ശത്രു ക്കൾക്ക് നിന്നെ ഹിംസിക്കുവാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ നീ ആരാലും വിജയിയാകുന്നില്ല. നീ ലോകപാലകനാണല്ലോ. ഞങ്ങൾ നിന്നെ ഏറ്റവും അധികം മാനിച്ച് അവിടുത്തെ സന്നിധിയിൽ വന്നിരി ക്കുന്നു. നിന്റെ പ്രഭാവത്തിൽ ശത്രുക്കളുടെ വിൽ ഞാണുകൾ തകർന്നുപോകട്ടെ.

3 **വിഷു വിശ്വാ അരാതയോ ര്യോ നശന്ത നോ ധിയ:**
**അസ്താസി ശത്രവേ വധം യോ ന ഇന്ദ്ര ജിഘാം**
**സതിയാ തേ രാതിർദദിർവസു നഭന്താമന്യകേഷാ**
**ജ്യാകാഅധി ധന്വസു**

അനാദശീലരായ ശത്രുക്കൾ ഞങ്ങളുടെ ദൃഷ്ടിയിൽ നിന്നും മറഞ്ഞുപോകണേ. ഞങ്ങളെ ഹിംസിക്കാനാഗ്രഹിക്കുന്ന ശത്രുക്കളെ സംഹരിക്കണേ. നീ തരുവാനാഗ്രഹിക്കുമ്പേൾ ഞങ്ങൾ ധനത്തെ പ്രാപി ക്കണേ.ശത്രുക്കളുടെ വിൽഞാണുകൾ പൊട്ടിപ്പോകണേ.

4 **യോ ന ഇന്ദ്രാഭിതോ ജനോ വൃകായു രാദിദേശതി**
**അധസ്പദം തമീം കൃധി വിബാധോ അസി സാസഹി**
**നഭന്താമന്യേകേഷാം ജ്യാകാ അധി ധന്വസു**

ഹേ ഇന്ദ്രാ! ചെന്നായക്കളെപ്പോലെ ഹിംസാവൃത്തികളോടു

കൂടിയ ജീവികൾ ഞങ്ങളുടെ ചുറ്റും സഞ്ചരിക്കുന്നു. അവരെക്കൊണ്ട് ഭൂമിയിൽ പതിപ്പിച്ചാലും, എന്തുകൊണ്ടെന്നാൽ നീ ശത്രുക്കളെ സങ്കട ഗ്രസ്ഥരാക്കുകയും അവരെ തോൽപ്പിക്കുകയും ചെയ്യുന്നു. ആ ശത്രുക്കളുടെ വില്ലിൽ ഞാണുകൾ പൊട്ടിപ്പോകണേ.

5 **യോ ന ഇന്ദ്രാഭിദാസതി സനാഭിയശ്ച നിഷ്ട്യഃ**
**അവതസ്യ ബലം തിമ മഹീവ ദ്യൗര ധത്മനാ**
**നഭന്താമന്യകേഷാം ജ്യാകാ അധി ധന്വസു**

ഹേ ഇന്ദ്രാ ! ഞങ്ങളിൽ താണജാതിയിൽ ജനിച്ച ശത്രുക്കൾ ഞങ്ങൾക്കനിഷ്ടകരമായത്. ചിന്തിക്കുകയാണെങ്കിൽ അവരെ ആകാശത്തിൽ നിന്നുനിലം പതിക്കുന്ന വസ്തുക്കൾ തുല്യം അധോഗതിയിൽ നൽകേണമേ. ഇന്ദ്രാ! ഞങ്ങളുടെ ശത്രുക്കളുടെ വിൽഞാണുകൾ പൊട്ടിപ്പോകണമേ.

6. **വയമിന്ദ്രഃ ത്വായവഃ സഖിത്വമാ രഭാമഹേ**
**ഋതസ്യ നഃ പഥാ നയഃ നയാതിവിശ്വാനി ദുരിതാ**
**ന ഭന്താമൻ കേഷാം ജ്യാകാ അധി ധന്വസു**

ഹേ ഇന്ദ്രാ ! ഞങ്ങൾ നിന്റെ ആജ്ഞാനുവർത്തികളാകുന്നു. ഞങ്ങൾ നിന്റെ മൈത്രിക്കുവേണ്ടി സദാ യത്നിക്കുന്നു. നീ ഞങ്ങളെ പുണ്യമാർഗ്ഗങ്ങളിൽക്കൂടി നടത്തേണമേ. ഞങ്ങൾ എല്ലാപാപങ്ങളിൽ നിന്നും മോചിതരാകണേ. ഞങ്ങളുടെ ശത്രുക്കളുടെ വിൽഞാണുകൾ പൊട്ടിപ്പോകണേ.

7 **അസ്മഭ്യം സു ത്വമിന്ദ്ര താം ശിക്ഷയാദോഹതേ**
**പ്രതിവരം ജരിത്രേ**
**അഛിദ്രാധ്നി പീപയദ്വഥ നഃ സഹസ്രയധാരാ**
**പയസാമഹീ ഗൗഃ**

ഹേ ഇന്ദ്രാ ! സ്തോതാക്കളുടെ അഭിലാഷങ്ങൾ സംസിദ്ധമാകുന്നു. ആ പരിശ്രമത്തെ ഞങ്ങൾക്കുപദേശിച്ചുതന്നാലും. പൃഥ്വീരൂപിണിയായ ഈ വലിയ പശു മഹാസ്തനത്തോടുകൂടിയവളായി സഹസ്രധാരകളോടുകൂടിയ ക്ഷീരാമൃതം സേചനം ചെയ്യുകയും ഞങ്ങൾക്കു തൃപ്തി നൽകുകയും ചെയ്യണേ.

## സൂക്തം 134

ഋഷി - യുവാനാശ്വപുത്രൻ മന്ധാതാവും ഗോധയും , ദേവത - ഇന്ദ്രൻ, ഛന്ദസ് - പംക്തി

1 **ഉഭേ യദിന്ദ്ര രോദസി ആപപ്രാഥോഷാ ഇവ**
**മഹാന്തം ത്വാമഹീനാം സമ്രാജം പർഷണീനാം.**
**ദേവീ ജനിത്ര്യജീജനദ് ഭദ്രാ ജനിത്ര്യജീജനത്**

ഹേ ഇന്ദ്രാ! ഉഷസ്സിനെപ്പോലെ നീ സ്വന്തം തേജസ്സാൽ വാനുഴികളെ നിറക്കുന്നു. നീ മനുഷ്യരുടെ ഈശ്വരനും മഹാന്മാരിൽ മഹാനുമാകുന്നു. നീ നിന്റെ കല്യാണമയിയായ അദിമാതാവിന്റെ ഗർഭത്തിൽ നിന്നും ജനിച്ചു.

2 **അവസ്മ ദുർഹണായതോമർത്തസ്യ തനുഹി സ്ഥിരം**
**അധസ്പദം തമിം കൃധി യോ അസ്മാം ആദിദേശതി**
**ദേവീ ജനിത്ര്യജീജനദ് ഭദ്രാ ജനിത്ര്യജീജനത്**

ഹേ ഇന്ദ്രാ ദുഷ്ടനായ യാതൊരുത്തൻ ഞങ്ങളെ വധിക്കുവാനാഗ്രഹിക്കുകയാണെങ്കിൽ അവൻ മഹാബലവാനാണെങ്കിൽ പോലും നീയവനെ ബലഹീനനാക്കുന്നു. നീ ഞങ്ങൾക്കനിഷ്ടം വരുവാനാഗ്രഹിക്കുന്ന ശത്രുക്കളെ നിലംപതിപ്പിക്കുന്നു. നീ കല്യാണമയിയായ നിന്റെ മാതാവിന്റെ ഗർഭത്തിൽ നിന്നും ജനിച്ചു.

3 **അവത്യാബൃഹതിരീഷോ വിശ്വശ്ചന്ദ്രാ അമിത്രഹൻ**
**ശചീഭിഃ ശക്ര ധുനുഹീന്ദ്രാ വിശ്വാഭിരുതി ഭിർദേവീ**
**ജനിത്ര്യജീജനദ് ഭദ്രാ ജനിത്ര്യജീജനത്**

ഹേ ഇന്ദ്രാ! നീ ശത്രുക്കളെ നശിപ്പിക്കുന്നവനും മഹാ ബലവാനും ആകുന്നു. എല്ലാവർക്കും സുഖം നൽകുന്ന നിന്റെ മഹാന്നത്തെ നിന്റെ ബലത്തോടുകൂടി ഞങ്ങളിലേക്കയക്കുകയും ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ. നീ മംഗളകാരിണിയായ നിന്റെ മാതാവിനാൽ ജനിപ്പിക്കപ്പെട്ടു.

4 **അവ യത്ത്വം ശതക്രത വിന്ദ്ര വിശ്വാനി ധുനുഷേ**
**രയിം ന സുന്വതേ സചാ സഹസ്രിണീ ഭിരുതി ഭിർ**
**ദേവീ ജനിത്ര്യ ജീജനദ് ഭദ്രാ ജനിത്ര്യജീജനത്**

ഹേ ഇന്ദ്രാ! നീ അസംഖ്യം കർമ്മങ്ങൾ ചെയ്തിരിക്കുന്നു. നീ വിഭിന്ന രീതികളിലുള്ള അന്നങ്ങളെ പ്രേരിപ്പിക്കുമ്പോൾ സോമയാഗം നടത്തുന്ന യജമാനൻ നിന്റെ സീമാരഹിതമായ മഹിമയാൽ പാലിക്കപ്പെടുന്നു. നീ തന്നെ അവനു ധനം നൽകുന്നു. നീ മഹിമാമയിയായ അദിതിമാതാവിൽ നിന്നും ജനിച്ചു.

*5* **അവസ്വേദാ ഇവാഭിതോ വിഷ്വക് പതന്തുദിദ്യവഃ**
**ദൂർവായാ ഇവ തന്തവോ**
**വ്യാസ്മദേതു ദുർമതിർ ദേവീ**
**ജനിത്ര്യജീജനദ് ഭദ്രാ ജനിത്ര്യജീജനത്**

സ്വേദകണങ്ങൾ എല്ലാ ഭാഗത്തേക്കും പതക്കുന്നതിപോലെ ഇന്ദ്രന്റെ ആയുധങ്ങൾ എല്ലായിടത്തും പതിക്കണേ, ആ ആയുധങ്ങൾ ഞങ്ങളെ സംരക്ഷിക്കണേ. ഞങ്ങൾ കുബുദ്ധികളിൽ നിന്നും മുക്തിപ്രാപിക്കണേ. മംഗലമയിയായ അദിമാതാവിൽ നിന്നാണല്ലോ നീ ജനിച്ചത്.

6 **ദീർഘം ഹ്യങ്കുശം യഥാശക്തിം വിഭർഷി മന്തുമഃ**
**പൂർവ്വേണ മഘവൻ പദാജോ വയാം യഥാ യമോ**
**ദേവീ ജനിത്ര്യജീജനദ് ഭദ്രാ ജനിത്ര്യജീജനത്**

ഹേ ഇന്ദ്രാ! നീ മഹാ ഐശ്വര്യവാനും ജ്ഞാനിയും ആകുന്നു. തോട്ടി ആനയെ നിയന്ത്രിക്കുന്നതുപോലെ നിയാമകമായ ശക്ത്യായുധത്തെ നീ വഹിക്കുന്നു. ആട് അതിന്റെ കാലുകളിൽ പൊങ്ങിനിന്ന് പൊങ്ങി നിന്ന് വൃക്ഷശിഖരങ്ങൾ വലിച്ചുടുപ്പിക്കുന്നതുപോലെ നീ ആയുധത്താൽ ശത്രുക്കളെ വലിച്ച് നിലത്തുവീഴുന്നു. നീ മംഗളമയിയായ അദിതി മാതാവിന്റെ ഗർഭത്തിൽ നിന്നാണല്ലോ ജനിച്ചത്.

7 **നകിർദേവാ മീനീമസി നകിരാ യോപയാമസി**
**മന്ത്രശ്രുത്യം ചരാമസിം**
**പക്ഷേഭിര പികക്ഷേ ഭിരത്രാഭി സംരംഭാമഹേ**

ഹേ ദേവഗണമേ ! നിങ്ങളുടെ കർമ്മങ്ങളിൽ ഞങ്ങൾ പിഴവരുത്തുന്നില്ല. ഞങ്ങളുടെ കർമ്മങ്ങളിൽ ശിഥിലതയോ ഉദാസീനതയോ ഇല്ല. ഞങ്ങൾ വിധിപ്രകാരവും മന്ത്രങ്ങളേടുകൂടിയും കർമ്മങ്ങളനുഷ്ഠിക്കുന്നു. ഞങ്ങൾ യജ്ഞദ്രവ്യങ്ങൾ സംഭരിച്ച് അനുഷ്ഠാനത്തെ സമ്പന്നമാക്കുന്നു.

## സൂക്തം 135

ഋഷി - യമഗോത്രൻ കുമാരൻ, ദേവത - യമൻ, ഛന്ദസ് - അനുഷ്ടുപ്പ്

1 **യസ്മിൻ വൃക്ഷേ സുപലാശേ ദേവൈഃ**
**സമ്പിബതേ യമഃ**
**അത്രാ നോ വിശ്പതിഃ പിതാ പുരാണാം**
**അനു വേനതി**

സുന്ദരമായ ഇലകളാൽ സുശോഭിതമായ വൃക്ഷത്തിലിരുന്ന് യമൻ ദേവകളോടുകൂടി സോമം പാനം ചെയ്യുന്നു. ഞാനാവൃക്ഷത്തിൽ പോയിരിക്കും. എന്റെ പൂർവ്വജന്മാരുടെ സഖാവാകും. തന്മൂലം ഞങ്ങളുടെ പിതാവിന്റെ അഭിലാഷങ്ങൾ പൂർണ്ണമാകും.

2 **പുരാണാം അനുവേനന്തം ചരന്തം പാപയാമുയാ**
**അസൂയന്നഭ്യ ചാകശം തസ്മാ അസ്പൃഹയം പുനഃ**

ഞാൻ എന്റെ പിതാവിന്റെ ദയാരഹിതമായ – പൂർവ്വപുരുഷന്മാരോടുള്ള കാര്യത്തിൽ വിരക്തി പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഞാനാ വിരക്തിയെ ഉപേക്ഷിച്ചു. അനുരക്തിയെ സ്വീകരിച്ചിരിക്കുന്നു.

3 **യം കുമാരനവം രഥമചക്രം മനസോകൃണോഃ**
**ഏകേഷം വിശ്വതഃ പ്രാഞ്ചമപശ്യന്നധി തിഷ്ഠസി**

ഹേ നകിചേത കുമാരാ നീ ചക്രങ്ങളില്ലാത്ത ഒരു പുതിയ രഥത്തെ ആഗ്രഹിച്ചിരുന്നു. ആ രഥം എങ്ങും സഞ്ചരിക്കണമെന്നായിരുന്നു നിന്റെ ആഗ്രഹം. എന്നാൽ നീ അറിയാതെ തന്നെ ആ രഥത്തിൽ സഞ്ചാരിയായിരിക്കുന്നു.

4 **യം കുമാര പ്രാവർതയോ രഥം വിപ്രേഭ്യസ്പരി**
**തം സാമാനു പ്രാവർതത സമിതോ നാവ്യാഹിതം**

ഹേ കുമാരാ ! നീ നിന്റെ ബന്ധുക്കളെയെല്ലാമുപേക്ഷിച്ചിട്ട് ആ രഥത്തെ തെളിച്ചു. ആ രഥത്തിൽ നിന്റെ പിതാവിന്റെ സ്വാന്തന പൂർണ്ണമായ വചനങ്ങൾ ഗതി സൃഷ്ടിച്ചു. അവന്റെ ആ വചനങ്ങൾ നൗകാ രൂപമായ ആശ്രയമായി. ആ നൗകയിൽ സ്ഥിതി ചെയ്ത രഥം ഇവിടെ നിന്നും ദൂരെയ്ക്കു കടന്നു പോയി.

5 **കഃ കുമാരമജനയദ്രഥം കോ നികവർതയത്**
**കഃ സ്വിത്തദദ്യ നോ ബ്രൂയാദനുദേയീയഥാഭവത്**

ആ ബാലനെ ആരു ജനിപ്പിച്ചു ? ആര് ഈ രഥത്തെ അയച്ചു ? ഈ ബാലൻ പ്രാണികളുടെ ലോകത്തിൽ എങ്ങിനെ ചെല്ലും? ഈ കാര്യം ആരു പറയും ?

**6** യഥാഭവദനുദേയി തതോ അഗ്രമജായത
പുരസ്താദ് ബുധ്ന ആതതഃ
പശ്ചാന്നിരയണം കൃതം

പ്രാണികളുടെ ലോകത്തിൽ ഈ ബാലൻ ആരുവഴിയായി എത്തുമോ അക്കാര്യം ആദ്യം തന്നെ പറഞ്ഞുകഴിഞ്ഞു. ആദ്യം പിതാവിന്റെ വചനങ്ങളും പിന്നെ പ്രത്യാഗമന കാര്യവും പ്രകടമായി.

7 **ഇദം യമസ്യ സാദനം ദേവമാനം യദുച്യതേ**
**ഇയമസ്യ ധമ്യതേ നാളീരയം ഗീർഭിഃ പരിഷ്കൃതഃ**

ഇത് യമന്റ വീടാണ്. ഇത് നിർമ്മിച്ചത് ദേവകളാണെന്നു പറയപ്പെടുന്നു. ഇവിടെ യമനു സുഖം നൽകുവാൻ മരളിയൂതുന്നു. അപ്പോൾ അവനെ സ്തുതികൾ അലംകരിക്കുന്നു.

## സൂക്തം 136

ഋഷി – വാതരശനപുത്രന്മാർ,ജ്ജതി, ദേവത – അഗ്നി – സൂര്യൻ വായു ഛന്ദസ് – അനുഷ്ടുപ്പ്

1 **കേശ്യഗ്നിം കേശീ വിഷം കേശീ ബിഭർതി രോദസീ**
കേശീ വിശ്വം സ്വർദൃശേ കേശീദം ജ്യോതിരുച്യതേ

അഗ്നിയും സൂര്യനും ജലത്തേയും ആകാശഭൂമികളേയും വഹിക്കുന്നു. അവർ സമ്പൂർണ്ണ ജഗത്തിനെ തങ്ങളുടെ പ്രകാശത്താൽ പരിപൂർണ്ണമാക്കുന്നു. ആ ജ്യോതി തന്നെ കേശീരൂപത്തിൽ വർണ്ണിതമാകുന്നു.

2 **മുനയോ വാതശനഃ പിശുങ്ഗാ വസതേ മലാ**
**വാതസ്യാനു ധ്രാജിം യന്തി യദ്ദേവാസോ**
**അവിക്ഷത**

വാതരസന വംശത്തിലെ മുനിമാർ വല്ക്കലം ധരിക്കുകയും ദേവത്വം പ്രാപിച്ച് വായുവിനെപ്പോലെ സഞ്ചരിക്കുന്നതിൽ സമർത്ഥരായി.

3 **ഉന്മദിതാ മോനേയേന വാതാം ആ തസ്ഥിമാ വയം**
**ശരീരേദസ്മാകം യൂയം മർതാസോ അഭിപശ്യഥ**

ഞങ്ങൾ സകല ലോകവ്യവഹാരങ്ങളേയും ത്യജിച്ച് അങ്ങിനെ ഞങ്ങൾ ഉന്മുക്തരായി. വായുവിനേക്കാളും ഞങ്ങൾ ഉന്നതരായി ഞങ്ങളുടെ ആത്മാക്കൾ വായുവിൽ ലയിച്ചു. നിങ്ങൾ ഞങ്ങളുടെ ദേഹം മാത്രം കാണുന്നു.

4 **അന്തരീക്ഷേണ പതതി വിശ്വാരൂപാ വാചാകശത്**
**മുനിർ ദേവസ്യസൗകൃത്യായ സഖാ ഹിതഃ**

ആ മുനിമാർ ആകാശത്തുകൂടി പറന്നുനടന്ന് എല്ലാം കാണുന്നതിന് സമർത്ഥരായി അവിടെ വസിക്കുന്ന ദേവന്മാർ എല്ലാവരോടും സ്നേഹം പുർത്തുന്നവരും ബന്ധുതുല്യരുമാണ്. അവർ സത്യാചരണത്താൽ അമൃതത്വം പ്രാപിച്ചിരിക്കുന്നു.

5 **വാതസ്യാശ്വോ വായോഃ സഖായോ**
**ദേവേഷിതോ മുനിഃ**
**ഉഭൗ സമുദ്രാവാ ക്ഷേതി യശ്ച പൂർവ ഉതാപരഃ**

ആ മുനി ഗണം അശ്വരൂപരായി വായുമാർഗ്ഗത്തിൽ സഞ്ചരിക്കുന്നു. അവർ വായുവിന്റെ സഹഗാമികളായി.ദേവഗണം അവരോടു ചേരുവാനാഗ്രഹിക്കുന്നു. അവർ കിഴക്കും പടിഞ്ഞാറും സ്ഥിതിചെയ്യുന്ന സമുദ്രങ്ങളിൽ വസിക്കുന്നവരാകുന്നു.

6 **അപ്സരസാം ഗന്ധർവാണാം മൃഗാണാം**
**ചരണേ ചരൻ**
**കേശീ കേതസ്യ വിദ്വാന്ത് സഖാ സ്വാദുർമദിന്തമഃ**

അപ്സരസ്സുകളിലും ഗന്ധർവ്വന്മാരിലും ഹിരണ്യങ്ങളിലും സഞ്ചിക്കുന്ന കേശീദേവൻ അറിയേണ്ടതായ എല്ലാകാര്യങ്ങളും അറിയുന്നു, അവൻ രസത്തെ ഉല്പാദിപ്പിക്കുന്നവനും എല്ലാവരുടേയും മിത്രവും സുഖദായകനും ആകുന്നു.

7. **വായുരസ്മാഉപാന്ഥത് പിനഷ്ടി സ്മാ കനന്നമാ**
**കേശീ വിഷസ്യ പാത്രേണ യദ്രുദ്രോണാപിബത്**
**സഹ**

കേശീ ദേവൻ രുദ്രനോടു കൂടി ജലം പാനം ചെയ്യുന്നു. അപ്പോൾ വായു ആ ജലത്തെ തരംഗിതമാക്കുകയും, അന്തരീക്ഷ വാണിയെ ക്ഷീണിപ്പിക്കുകയും ചെയ്യുന്നു.

## സൂക്തം 137

ദേവത-ഭവദ്വജപുത്രൻ ,കശ്യപൻ, ഗോതമൻ, അത്രി - വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ, ദേവത, വിശ്വദേവകൾ, ഛന്ദസ് - അനുഷ്ടുപ്പ്

1 **ഉതദേവാ അവഹിതം ദേവാ ഉന്നയഥാ പുനഃ**
**ഉതാഗശ്ചക്രുഷം ദേവാ ദേവാ ജീവയഥാ പുനഃ**

ദേവന്മാരെ, വീണുപോയ എന്നെ ഉയർത്തണേ. അപരാധിയായ എന്നെ അപരാധമുക്തരാക്കണേ. ഹേ ദേവന്മാരെ, ഉപാസകനായ എന്റെ ആയുസ്സിനെ ദീർഘിപ്പിക്കേണമേ.

2 **ദ്വാവിമൗ വാതൗ വാത ആ സിന്ധോ മാ പരാവതഃ**
**ദക്ഷം തേ അന്യ ആ വാതു പരാന്യോ വാതു**
**യദ്ര പാഃ**

രണ്ടു യുവാക്കൾ സമുദ്രം വരെ വീശുന്നു. ഹേ സ്തോതാക്കളെ ഒരു വായു നിങ്ങളിൽ ബലം നിറക്കട്ടെ. മറ്റെ വായു വിങ്ങളുടെ പാപങ്ങളെ നശിപ്പിക്കണേ.

3 **ആ വാത വാഹി ഭേഷജം വി വാത വാഹി യദ്രപഃ**
**ത്വം ഹി വിശ്വ ഭേഷജോ ദേവാനാം ദൂത ഈയസേ**

ഹേ വായു നീ ഈ ഭാഗത്തുകൂടി വീശി ഔഷധികളെ ഇങ്ങോട്ടുകൊണ്ടുവരികയും ഞങ്ങളുടെ ആ മംഗള കാരണങ്ങളെ അകറ്റുകയും ചെയ്യണമേ. ഹേ വായു നീ ഔഷധരൂപനും ദേവനന്മാരുടെ ദൂതരൂപത്തിൽ എങ്ങും സഞ്ചരിക്കുന്നവനുമാണല്ലോ,

4 **ആ ത്വാഗമം ശന്താതിഭിരഥോ അരിഷ്ടതാതിഭിഃ**
**ദക്ഷം തേ ഭദ്രമാഭാർഷം പരാ യക്ഷ്മം സുവാം തേ**

ഹേ യജമാനൻ നിങ്ങളെ രക്ഷിക്കുന്നതിനായി രക്ഷകളോടുകൂടി മംഗളമരുളുവാൻ ഞാൻ വന്നിരിക്കുന്നു. ഞാൻ നിങ്ങളിൽ ശ്രേഷ്ഠമായ ബലം സ്ഥാപിച്ചിരക്കുന്നു. ഞാൻ നിങ്ങളുടെ രോഗങ്ങളെ അകറ്റുന്നു.

5 **ത്രായന്താമിഹ ദേവാസ്ത്രായതാം മരുതാം ഗണഃ**
**ത്രായന്താം വിശ്വാ ഭൂതാനി യഥാ യമരപാ അസത്**

ദേവഗണവും മരുത്തുക്കളും ലോകത്തിലെ എല്ലാ മരുത്തുക്കളും ഇവർക്കനുകൂലമാകണേ. ഇവൻ ആരോഗ്യ സമ്പന്നനാകണേ.

6 **ആപ ഇദ്വാ ഉഭേഷജീരാപോ അമീവചാതനീഃ**
**ആപഃ സർവ്വസ്യ ഭേഷജീസ്താതേ കൃണ്വന്തു**
**ഭേഷജം**

ജലം ഔഷധരൂപമാകുന്നു. ഇത് എല്ലാ രോഗങ്ങളേയും അകറ്റുന്നു. ഔഷധതുല്യമായ ഗുണങ്ങളോടുകൂടിയതാണ് ഈ ജലം. നിങ്ങളിൽ എല്ലാ ഔഷധഗുണങ്ങളും സ്ഥാപിക്കണേ.

7 **ഹസ്താഭ്യാം ദശശാഖാഭ്യാം ജിഹ്വാവാചഃ**
**പുരേഗവീ**
**അനാമയിത്നുഭ്യാം ത്വാ താഭ്യാം ത്വോപ**
**സ്പൃശാമസി**

വാണിയോടുകൂടി നാവുചലിക്കുന്നു. രണ്ടുകരങ്ങൾ പത്തു വിരലുകളാൽ യുക്തമാകുന്നു. നിങ്ങളുടെ രോഗം അകറ്റുന്നതിനായി ഞാനെന്റെ ഇരുകരങ്ങളാൽ നിങ്ങളെ തലോടുന്നു.

## സൂക്തം 138

ഋഷി-ഉരുപുത്രൻ അംഗൻ, ദേവത-ഇന്ദ്രൻ
ഛന്ദസ്സ്-ജഗതീ

1 **തവത്യ ഇന്ദ്ര സഖ്യേഷു വഹ്നയ ഋതം മന്വാനാ**
**വ്യദർദിരുർവലം**
**യത്രാ ദശസ്യന്നുഷസോ രിണന്നപഃ കുത്സായ**
**മന്മന്നഹ്യശ്ച ദംസയഃ**

ഹേ ഇന്ദ്രാ? നിന്റെ ബന്ധുത്വം പ്രാപിക്കുന്നതിനുവേണ്ടി അനുഷ്ഠാതാക്കൾ യജ്ഞവസ്തുക്കൾ സംഭരച്ച് ബലാസുരനെ വധിച്ചു. അപ്പോൾ നീ സ്തുതിക്കപ്പെട്ടു. നീ കുത്സനെ സൂര്യപ്രകാശം കാണിച്ചു. ജലത്തെ ഒഴുക്കി. വൃതന്റെ എല്ലാ വേലകളും വ്യർത്ഥമാക്കി.

2 **അവാസൃജഃ പ്രസ്വം ശ്വഞ്ചയോ ഗിരീനുദാജ ഉസ്രാ**
**ആപിബോ മധു പ്രിയം**
**അവർധയോ വനിനോ അസ്യ ദംസസാ ശുശോച**
**സര്യഋതജാതയാ ഗിരാ**

ഹേ ഇന്ദ്രാ ! നീ മാതൃതുല്യകളായ ജലങ്ങളെ ഒഴുക്കുകയും പർവ്വതങ്ങളിൽ അവയ്ക്കു വഴി തെളിയിക്കുകയും ചെയ്തു. നീ തന്നെ പർവ്വത സ്ഥിതമായ ഗോക്കളെ തെളിക്കുകയും സോമ മധുപാനം ചെയ്യുകയും ചെയ്തു. നീ വൃഷ്ടി പ്രദാനത്താൽ വൃക്ഷങ്ങളെ പുഷ്ടിപ്പെടുത്തി. നിന്റെ കർമ്മത്താൽ തന്നെ സൂര്യൻ തേജസ്വിയായി. ശ്രേഷ്ഠന്മാരായ സ്തോതാക്കളാൽ നീ സ്തുതിക്കപ്പെട്ടു.

3 **വി സൂര്യോ മധ്യേ അമുചദ്രഥം ദിവോ**
**വിദദ് ദാസായ പ്രതിമാനമാര്യ ഃ**
**ദൃളഹാനി പിപ്രാരസുരസ്യ മായിന ഇന്ദ്രോ**
**വ്യാസ്യച്ചകൃവാം ഋജിശ്വനാ**

സൂര്യൻ തന്റെ രഥത്തെ ആകാശമാർഗ്ഗത്തിൽക്കൂടി മുന്നേറ്റി ഉപാസകർ ദസ്യുക്കളെ തോൽപ്പിക്കുന്നതിൽ സമർത്ഥരല്ലെന്ന് അവൻ കണ്ടു. ഇന്ദ്രൻ ഋജിശ്വാവുമായി മൈത്രി സ്ഥാപിക്കുകയും പിപ്രുരാക്ഷസന്റെ മായകളെ നശിപ്പിക്കുകയും ചെയ്തു.

4 **അനാധൃഷ്ടാനി ധൃഷിതോ വ്യാസ്യന്നിധീ രദേവാം**
**അമൃണദയാസ്യ ഃ**
**മാസേവ സൂര്യോവസു പൂര്യമാ ഭദേ ഗൃണാനഃ**
**ശംത്രൂർശൃണാദ്വിരുക്മതാ**

ഇന്ദ്രൻ ശത്രുക്കളുടെ ഭയങ്കരന്മാരായ പടയാളികളെ സംഹരിച്ചു. സൂര്യൻ ഭൂമിയിൽ നിന്നും രസം വലിച്ചെടുക്കുന്നതുപോലെ അവൻ ശത്രു നഗരങ്ങളിൽ നിന്നും ധനത്തെ വലിച്ചെടുത്തു. അവൻ ഉപാസകരുടെ സ്തുതികളെ സ്വീകരിച്ചു. തന്റെ തേജസ്സേറിയ ആയുധത്താൽ ശത്രുക്കളെ ധരാശായികളാക്കി.

5 **അയുദ്ധസേനോ വിഭ്വാ വിഭിന്ദതാ**
**ദാശദ് വൃത്രഹാ തുജ്യാനി തേജതേ!**
**ഇന്ദ്രസ്യ വജ്രാദബിഭേദഭശ്നഥ ഃ പ്രാകാ**
**മഛുന്ധ്യൂ രജാഹാദുഷാ അനഃ**

ഇന്ദ്രന്റെ സേനയിൽ യുദ്ധസമർത്ഥരായി ആരും ഇല്ലായിരുന്നു. അവൻ എല്ലായിടത്തും സഞ്ചരിക്കുകയും ശത്രുക്കളെ പിളർക്കുന്ന വജ്രത്താൽ വൃത്രനെ പതിപ്പിക്കുകയും ചെയ്തു. അവന്റെ

വജ്രത്തെ ശത്രുക്കളെ ഭയപ്പെടട്ടെ. ഇന്ദ്രൻ പോകുവാൻ തുടങ്ങിയപ്പോൾ ഉഷസ്സ് അവളുടെ ശകടത്തെ ചലിപ്പിച്ചു.

6 **ഏതാ ത്യാ തേ ശ്രുതാനി കേവലാ യദകേ**
**ഏകമ കൃണോരയജ്ഞം**
**മാസാം വിധാനമദധാ അധി ദ്യവി ത്വയാ വിഭിന്നം**
**ഭരിത പ്രധിം പിതാ**

ഹേ ഇന്ദ്രാ ! എല്ലാ വീരകർമ്മങ്ങളും അങ്ങയുടേതായി പറയപ്പെടുന്നു. അങ്ങുതന്നെയാണല്ലോ യജ്ഞവിരോധിവളായ രാക്ഷസന്മാരെ ഇല്ലാതാക്കിയത്. നീ തന്നെയാണല്ലോ ആകാശത്തിൽ ചന്ദ്രനുവേണ്ടി വഴിതെളിച്ചത്. വൃതൻ സൂര്യ രഥത്തിന്റെ ചക്രങ്ങൾ വേർപ്പെടുത്തിയപ്പോൾ എല്ലാത്തിന്റേയും പിതാവായ സ്വർഗ്ഗലോകം നിന്നെക്കൊണ്ടാണല്ലോ അതു ശരിപ്പെടുത്തിച്ചത്.

## സൂക്തം 139

ഋഷി - വിശ്വാവസു ദേവത - ഗന്ധർവ്വൻ സവിതാവ്
ഛന്ദസ് - ത്രിഷ്ടുപ്

1 **സൂര്യരശ്മിർഹരികേശഃ പുരസ്താത് സവിതാ**
**ജ്യോതിരുദയാം അജസ്രം**
**തസ്യപൂഷാ പ്രസവേ യാതി വിദ്വാന്ത് സമ്പശ്യ-**
**ന്വിശ്വാ ഭൂവനാനി ഗോപാഃ**

സവിതാവ് രശ്മികളാൽ സമ്പന്നനും തേജസ്വിയുമാകുന്നു. അവന്റെ കേശം സ്വർണ്ണമയമാകുന്നു. അവൻ കിഴക്കുനിന്നും വന്ന് പ്രകാശത്തെ പ്രകടമക്കുന്നു, ആ മേധാവി ജനിച്ചെങ്കിൽ മാത്രമേ പുഷാവ് മുമ്പോട്ടു പോകുന്നൊള്ളൂ. അവൻ ജഗത്തിന്റെ ദ്രഷ്ടാവും സകലജീവ കോടികളുടേയും രക്ഷകനുമാകുന്നു.

2 **നൃചക്ഷ ഏഷ ദിവോ മധ്യ ആസ്തആപപ്രിവാൻ**
**രോദസീ അന്തരിക്ഷം**
**സവിശ്വാചീരഭി ചഷ്ടേ ഘൃതാ ചീരന്തരാ പൂർമപരം**
**ചകേതും**

സവിതാവ് മനുഷ്യരെ അനുഗ്രഹിച്ചുകൊണ്ട് സൂര്യമണ്ഡലത്തിൽ വസിക്കുന്നു. വാനൂഴികളേയും അന്തരീക്ഷത്തേയും തന്റെ പ്രകാശത്താൽ പരിപൂർണ്ണമാക്കുന്നു. അവൻ തന്നെ എല്ലാ ദിക്കുകളേയും കോണങ്ങളേയും പ്രകടിപ്പിച്ച് പൂർവ്വമധ്യാദ്പ്രാന്തപ്രദേശങ്ങളെ പ്രകാശയുക്തമാക്കുന്നു.

3 **രായോബുധ്നഃ സങ്ഗമാനോ വസൂതനാം വിശ്വാ**
**രൂപാഭി ചഷ്ടേ ശചീഭിഃ**
**ദേവ ഇവ സവിതാ സത്യധർമേന്ദ്രോ ന തസ്ഥൗ**
**സമരേ ധനാനാം**

സൂര്യൻ ധനത്തിന്റെ കാരണരൂപനാകുന്നു. സമ്പത്തുക്കൾ അവനിൽ കുന്നുകൂടുന്നു. കാണാൻ കൊള്ളാവുന്ന വസ്തുക്കളെ അവൻ തന്റെ മഹിമയാൽ പ്രകാശിപ്പിക്കുന്നു. അവൻ ചെയ്യുന്ന കാര്യങ്ങൾ പരിശുദ്ധങ്ങളാകുന്നു. എവിടെ ധനമെല്ലാം കുന്നുകൂടിയിരിക്കുന്നുവോ അവിടെ അവൻ ഇന്ദ്രനുതുല്യം ധനദായകനാവുന്നു.

4 **വിശ്വാവസും സോമ ഗന്ധർവമാപോ ദദൃശുഷി-**
**സ്തദൃതേനാ വ്യായൻ**
**തദ്വന്വ വൈദിന്ദ്രോ രാരഹാണ ആസാം പരി**
**സൂര്യസ്യ പരിധീരപശ്യത്**

ഹേ സോമമേ ! ഗന്ധർവ്വ വിശ്വാവസുവിനെ കണ്ടതോടെ ജലങ്ങൾ യാഗധത്തിനായി വന്നെത്തി. അതറിഞ്ഞിട്ട് അവയെ അയച്ച ഇന്ദ്രൻ സൂര്യന്റെ അതിരുകളെ നോക്കിത്തുടങ്ങി.

5 **വിശ്വാവസുരഭി തന്നോ ഗൃണാതു ദിവ്യോ**
**ഗന്ധർവ്വോ രജസോ വിമാനഃ**
**യദ്വാ ധാ സത്യമുത യന്ന വിദ്മ ധിയോ**
**ഹിന്വനോധിയ ഇന്നോ അവ്യാഃ**

ജലസ്രഷ്ടാക്കളായ വിശ്വാവസുക്കൾ സർഗ്ഗലോകത്തിൽ വസിക്കുന്നു. അവർ നമുക്കെല്ലാം പറഞ്ഞുതരട്ടെ. യാതൊന്ന് അജ്ഞാതമായിരിക്കുന്നുവോ അഥവാ സത്യമായിട്ടുള്ളതാകുന്നുവോ അവയെ അറിയുവാനുള്ള ഞങ്ങളുടെ ബുദ്ധിയെ അവർ രക്ഷിക്കണേ

6 **സസ്നിമവിന്ദച്ചരണേ നദീനാമപാവൃണോദ്ദുരോ**
**അശ്മവ്രജാനാം**
**പ്രാസാം ഗന്ധർവ്വോ അമൃതാനി വോചദിന്ദ്രോ**
**ദക്ഷം പരിജാനാദഹീനാം**

ഇവർക്ക് നദികളുടെ നിമ്നഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു മേഘം കാണപ്പെട്ടു. അവർ അതിന്റെ വാതിൽ തുറന്ന് വിശ്വവസുക്കൾ അവനോട് എല്ലാ നദികളുടേയും കാര്യങ്ങൾ പറഞ്ഞു. ആ ഇന്ദ്രൻ മേഘങ്ങളുടെ പോക്കുവഴികൾ നല്ലപോലെ അറിയുന്നവനാണ്.

## സൂക്തം 140

ഋഷി-പാവകാഗ്നി ദേവത-ശുദ്ധാഗ്നി ഛന്ദസ്-ബൃഹസ്പതി, ത്രിഷ്ടുപ് ഉപരിഷ്ടാജ്യോതിസ്

1 **അഗ്നേ തവ ശ്രവോ വയോ ഭ്രാജന്തേ അർചയോ**
**വിഭാവസോ**
**ബൃഹദ്ഭാനോ ശവസാ വാജമുക്ഥ്യം ദധാസികവേ**

ഹേ അഗ്നേ! നിന്റെ അന്നം പ്രശംസയോഗ്യമാകുന്നു. നിന്റെ ജ്വാലകൾ അത്ഭുതതേജസ്സോടുകൂടിയതാണല്ലോ. പ്രകാശം നിന്റെ ധനമാകുന്നു. നീ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ സമർത്ഥനും ദാനശീലനോയ വ്യക്തിക്ക് ധനം നൽകുന്നവനുമാകുന്നു.

2 **പാവകവർചാ ശുക്രവർചാഃ അനൂനവർചാ**
**ഉദിയഷിർ ഭാനുനാ**
**പുത്രോ മാതരാ വിചരന്നുപാവസി പൃണക്ഷി**
**രോദസീ ഉഭേ**

ഹോ അഗ്നേ ! നീ സ്വന്തം തേജസ്സോടുകൂടി ഉദയത്തെ പ്രാപിക്കുമ്പോൾ നിന്റെ തേജസ്സ് എല്ലാത്തിനേയും പവിത്രമാക്കുന്നു. വാനൂഴികളെ സ്പർശിക്കുന്ന നീ അവരുടെ പുത്രനും അവർ നിന്റെ ജനനിമാരുമാകുന്നു.അതിനാൽ നീ അവരുടെ മുമ്പിൽ ക്രീഡിച്ചാലും.

3 **ഊർജോ നപാജ് ജാതവേദ ഃ സുശസ്തിഭിർമന്ദസ്വ**
**ധീതിഭിർ ഹിതഃ**
**ത്വേ ഇഷ ഃ സന്ദധുർഭൂരിവർപസശ്ചിത്രോതയോ**
**വാമജാതാഃ**

ഹേ അഗ്നേ ! നീ ജ്ഞാനിയും തേജോസമ്പന്നനും ആകുന്നു. നീ ശ്രേഷ്ഠങ്ങളായ സ്തുതികളോടുകൂടി പ്രതിഷ്ഠിക്കപ്പെട്ടിരിക്കു

ന്നു. ഞങ്ങൾ പല വിധ യജ്ഞസാമാഗ്രികൾ നിന്നിൽ ആഹൂതി ചെയ്തിരിക്കുന്നു.

4 **ഇരജ്യന്നഗ്നേ പ്രഥുയ സ്വ ജന്തുഭിരസ്മേ രായോ അമർത്യ**
**സദർശതസ്യ വപുഷോവി രാജസി പൃണക്ഷി സാനസിംക്രതും**

ഹേ അഗ്നേ ! നീ നാശരഹിതനാകുന്നു. നീ നവോദിതങ്ങളായ നിന്റെ രശ്മികളാൽ ഞങ്ങളുടെ ധനത്തെ വളർത്തണമേ. നീ സുന്ദരരൂപനായി സർവ്വഫലദായകനായി യജ്ഞത്തിൽ വിരാജിക്കുന്നുവല്ലോ.

5 **ഇഷ്കർതാര മധ്വരസ്യ പ്രചേതസം ക്ഷയന്തം രാധസോ മഹഃ**
**രാതിം വാമസ്യ സുഭഗാം മഹീമിഷം ദധാസി സാനസിം രയിം**

ഹേ അഗ്നേ! നീ യജ്ഞത്തെ പ്രകാശിപ്പിക്കുന്നവനും ജ്ഞാനിയും അന്നം പ്രദാനം ചെയ്യുന്നവനും ശ്രേഷ്ഠമായ വസ്തുവിനെ സമർപ്പിക്കുന്നവനും ആകുന്നു. നീ ഞങ്ങൾക്കു ശ്രേഷ്ഠമായ അന്നവും സകലഫലോല്പാദകമായ ധനവും പ്രദാനം ചെയ്യണമേ.

6 **ഋതാവാനം മഹിഷം വിശ്വദർശതമഗ്നീം സുമ്നായ ദധിരേ പുരോ ജനാഃ**
**ശ്രുത് കർണം സപ്രഥസ്തമംത്വാ ദൈവം മാനുഷാ യുഗാ**

സുഖപ്രാപ്തിക്കുവേണ്ടി യജ്ഞയോഗ്യവും സർവ്വദർശകവും പ്രവൃദ്ധനും ആയ അഗ്നിയെ മനുഷ്യർ ഉല്പാദിപ്പിച്ചു. ഹേ അഗ്നേ , നീ ദിവ്യലോകത്തിൽ വസിക്കുന്നവനാണല്ലോ. നിന്റെ കർണ്ണങ്ങൾ എല്ലാം ശ്രവിക്കുന്നുണ്ടല്ലോ. അതിനാൽ എല്ലാ യജമാനന്മാരും നിന്നെ സ്തുതിക്കുന്നു.

## സൂക്തം 141

ഋഷി-തപസാഗ്നി, ദേവത-വിശ്വദേവതകൾ

ഛന്ദസ് - അനുഷ്ടുപ്.

1 **അഗ്നേ അഛാ വദേഹ നഃ**
**പ്രത്യങ് സുമനാം ഭവ**

പ്രനോ യഛ വിശസ്പതേ ധനദാ അസി നസ്ത്വം

ഹേ അഗ്നേ! നീ ഞങ്ങളിൽ പ്രസാദിച്ചാലും. ഞങ്ങൾക്കു ചിതമായ ഉപദേശം നൽകേണമേ. ഹേ ധനദായകാ! ഞങ്ങൾക്കു ധനം ദാനം ചെയ്താലും

2 **പ്രനോ യക്ഛതര്യമാ പ്ര ഭഗഃ പ്ര ബൃഹസ്പതിഃ**
**പ്ര ദേവാഃ പ്രോത സൃതാരായോ ദേവീ ദദാതു നഃ**

ബൃഹസ്പതിയും ഭഗനും ആര്യമാവും മറ്റു ദേവന്മാരും വാഗിശ്വരിയായ സരസ്വതിയോടുകൂടി ആഗതരായി ഞങ്ങൾക്കു ധനം നൽകുമാറാകണേ.

3 **സോമരാജാനമവസേഗ്നീം ഗീർഭിർ ഹാമഹേ**
**ആദിത്യാന്വിഷ്ണും സൂര്യം ബ്രഹ്മാണം ച ബൃഹസ്പതിം**

ബൃഹസ്പതി, വിഷ്ണു, സൂര്യൻ, അഗ്നി, ആദിത്യന്മാർ, പ്രജാപതി. രാജാവായ സോമൻ എന്നിവരെ ഞങ്ങൽ ഞങ്ങളുടെ രക്ഷക്കുവേണ്ടി ആഹ്വാനം ചെയ്യുന്നു.

4 **ഇന്ദ്രവായു ബൃഹസ്പതീം സുഹവേഹം ഹവാമഹേ**
**യഥാ നഃ സർവ്വ ഇജ്ജത ഃ സങ്ഗത്യാം സുമനാ അസത്**

ഇന്ദ്രൻ, വായു, ബൃഹസ്പതി എന്നിവരെ ആഹ്വാനം ചെയ്യുന്നതുകൊണ്ട് സുഖപ്രാപ്തിയുണ്ടാകുന്നു. അതിനാൽ ഞങ്ങളവരെ വിളിക്കുന്നു ധനപ്രാപ്തിക്ക് എല്ലാവരും ഞങ്ങൾക്കനുകൂലരാകണേ.

5 **അര്യമണം ബൃഹസ്പതി മിന്ദ്രം ദാനായ ചോദയ**
**വാതം, വിഷ്ണും, സരസ്വതിം സവിതാരം ച വാജിനം**

സ്തോതാക്കളെ ! നിങ്ങൾ ബൃഹസ്പതി, ഇന്ദ്രൻ, വായു, വിഷ്ണു, ആര്യമാവ്, സവിതാവ്, സരസ്വതി എന്നിവരോട് ധനം യാചിക്കുവിൻ.

6 **ത്വം നോ അഗ്നേ അഗ്നിഭിർ ബ്രഹ്മ യജ്ഞംച വർധയ**
**ത്വം നോ ദേവതാതയേ രായോ ധാനായ ചോദയ**

ഹേ അഗ്നേ ! എല്ലാ അഗ്നികളോടും ചേർന്ന് ഞങ്ങളുടെ യജ്ഞത്തെ സമ്പന്നമാക്കുകയും ഞങ്ങളുടെ സ്തോതാക്കളെ വൃദ്ധിപ്പെടുത്തുകയും ചെയ്യണമേ. ഞങ്ങളുടെ യജ്ഞത്തിൽ ധനദാതാക്കളായ ദേവന്മാരെ ദാനത്തിനുവേണ്ടി ആഹ്വാനം ചെയ്താലും.

## സൂക്തം 142

ഋഷി-ശാർങ്ഗപക്ഷികൾ ദേവത-അഗ്നി

ഛന്ദസ് -ജഗതി, ത്രിഷ്ടുപ്, അനുഷ്ടുപ്

1 **അയമഗ്നേ ജരിതാ ത്വേ അഭൂദപി സഹസഃ സൂനോ സഹ്യന്യദസ്ത്യാപ്യം !**
**ഭദ്രം ഹീ ശർമ ത്രി വരൂധ മസ്തിത**
**ആരേ ഹിംസാനാ മപ ദിദ്യുമാകൃധി!**

ഹേ അഗ്നേ ഈ ജരിത മഹർഷി നിന്നെ സ്തുതിക്കുന്നു. ഞങ്ങൾക്കു സ്വന്തമായി നീ അല്ലാതെ മറ്റാരും ഇല്ല നിന്റെ നിവാസസ്ഥാനം വളരെ ശ്രേഷ്ഠമായതാണല്ലോ. ഞങ്ങൾ നിന്റെ ഉത്താപത്താൽ ദഹിക്കാതിരിക്കണേ. അതിനാൽ നിന്റെ തേജസ്വികളായ ജ്വാലകളെ ഞങ്ങളിൽ നിന്നും അകറ്റേണമേ.

2 **പ്രവതേ അഗ്നേ ജനിമാ പിതൂയതഃ സചീവ**
**വിശ്വാ ഭൂവനാന്യഞ്ജസേ**
**പ്ര സപ്തയഃ പ്രസനിഷന്ത നോ ധിയഃ**
**പുരുശ്ചരന്തി പശുപാഇവാ ത്മനാ**

ഹേ അഗ്നേ! അന്നകാമനായ നിന്റെ ആവിർഭാവം വളരെ മനോഹരമാകുന്നു. അങ്ങ് ഒരു സചിവൻ പോലെ ഭൂവനത്തെയെല്ലാം വശത്താക്കിയിരിക്കുന്നു. ഞങ്ങളുടെ സ്ത്രോത്രങ്ങൾ അശ്വങ്ങൾ പോലെ നിന്നെ പ്രാപിക്കുന്നു. ഇടയർ പോലെ സ്വയം മുമ്പിൽ നടക്കുന്നു.

3 **ഉത വാ ഉ പരി വൃണക്ഷി ബപ് സദ് ബഹോരഗ്ന ഉലപസ്യ സ്വധാവഃ**
**ഉത ഖില്യാ ഉർവരാണാം ഭവന്തി മാ തേ ഹേതിം തവിഷീം ചുക്രുധാമ**

ഹേ അഗ്നേ! നീ തേജസ്വിയാകുന്നു. നീ ദഹിപ്പിക്കുന്ന സമയം

വളരെയധികം തൃണങ്ങളെ സ്വയം ഉപേക്ഷിക്കുന്നു. ധാന്യ സമ്പന്നമായ ഭൂഭാഗത്തെ നീ അന്നരഹിതമക്കുന്നു. ഇപ്രകാരമുള്ള നിന്റെ ജ്വാല കൾക്ക് ഞങ്ങൾ കോപഭാജനമാകരുതേ.

4. **യദുദ്വതോ നിവതോ യാസി ബസ്പത് പൃഥ-**
**ഗേഷി പ്രഗർധിനീവ സേനാ**
**യദാ തേ വാതോ അനുവാതി ശോചിർവപ്തേവ**
**വപസി പ്രഭൂമ**

നീ വൃക്ഷങ്ങളെ അടിമുടി ദഹിപ്പിച്ച് കൊള്ളക്കാരനെ പ്പോലെ കടന്നുപോകുന്നു. നിന്റെ പിന്നാലെ വായു പ്രവഹിക്കുമ്പോൾ ഹരിതാഭമായ ഭൂവിഭാഗങ്ങളെ നീ ഒരു ക്ഷുരകനെപ്പോലെ വടിച്ചു കളയുന്നു.

5 **പ്രത്യസ്യ ശ്രേണയോ ദദൃശ്യ ഏകം നിയാനം**
**ബഹാവോ രഥാസഃ**
**ബാഹൂയദഗ്നേ അനുമർമൃജാനോ ന്യങ്ങ്ങ്ങൂ**
**ത്താനാമന്വേഷി ഭൂമിം**

അഗ്നിക്ക് അനേകം ജ്വാലകളുണ്ട്. എന്നാൽ അവ ഒരേ സ്ഥാന ത്തേക്കുതന്നെ ഗമിക്കുന്നു. ഹേ അഗ്നേ നീ ഈ ജ്വലകളാൽ വനത്തെ മുഴുവൻ ദഹിപ്പിക്കുകയും കുനിഞ്ഞ് കുനിഞ്ഞ് ഉന്നതസ്ഥാനത്തേ ക്കുതന്നെ കയറിപോകുകയും ചെയ്യുന്നു.

6 **ഉത്തേ ശുഷ്മ ജിഹതാമുത്തേ അർചിരുത്തേ അഗ്നേ**
**ശശമാനസ് വാജാം**
**ഉച്ച് വഞ്ചസ്വ നി നമ വർധമാന ആത്വാദ്യ വിശ്വേ**
**വസവ സദന്തു.**

ഹേ അഗ്നേ നിന്റെ ബലവും തേജസ്സും ജ്വാലകളും ഉദിക്കണേ. നീ മുകളിലേക്കും താഴേയ്ക്കും ഗമിച്ചാലും ദേവന്മാരെല്ലാം നിന്നോട് ചേരട്ടെ. ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

7 **അപാമിദം ന്യയനം സമുദ്രസ്യ നിവേശനം**
**അന്യം കൃണ്വഷേതഃ പന്ഥാം തേന യാഹി വശാം**
**അനു**

ഇത് ഒരു നീരാഴിയാണ് കടലിന്റെ ഇരിപ്പിടമാണ്. നീ ഇവി ടെനിന്നും മറ്റൊരു വഴി തീർത്ത് അതിലൂടെ യഥേഷ്ടം പോയാലും.

8 **ആയനേതേ പരായണേ ദൂർവാ രോഹന്തു**
**പുഷ്പിണീഃ**
**ഹ്രദാശ്ച പുണ്ഡരീകാണി സമുദ്രസ്യ ഗൃഹാ ഇമേ**

നിന്റെ വരവിലോ പോക്കിലോ പൂക്കറുക മുളക്കട്ടെ. നാരാ ഴികളും താമരപ്പൂക്കളും ഉണ്ടാകട്ടെ. ഇവിടെ സമുദ്രം പാർത്തുകൊ ള്ളട്ടെ.

## അധ്യായം സൂക്തം 143

ഋഷി-സാംഖ്യപുത്രൻ, അത്രി-ദേവത-അശ്വനികൾ, ഛന്ദസ്-അനു ഷ്ടുപ്പ്

1 **ത്യം ചിദത്രി മൃതജൂരമർഥുമശ്വം ന യാതവേ**
**കക്ഷീവന്തം യദീ പുനാ രഥം ന ണൂകൃഥോ നവ**

ഹേ അശ്വനികളെ, യജ്ഞം നടത്തി നടത്തി അത്രി മഹർഷി വൃദ്ധനായിത്തീർന്നു. നിങ്ങളവനെ അശ്വത്തെപ്പോലെ ലക്ഷ്യത്തിലെത്തു ന്നവനാക്കിത്തീർത്തു. കക്ഷീവാൻ മഹർഷിയെ പവയ തേരു പുത്ത നാക്കിയതുപോലെ യുവാവസ്ഥയെ നിങ്ങൾ പ്രദാനം ചെയ്യണമേ.

2 **ത്യം ചിദശ്വം ന വാജിനമരേണവോ യമത്നത**
**ദൃളഹം ഗ്രന്ഥിം ന വിഷ്യതമത്രിം യവിഷ്ടമാരജഃ**

അതന്ത്യം ബലവാന്മാരായ ശത്രുക്കൾ അത്രിയെ ദ്രുതഗാമി യായ ഒരു കുതിരയെ എന്നപോലെ കെട്ടിമുറുക്കി അഴിക്കുവാൻ വളരെ കഠിനമായിരുന്ന ആ കെട്ടിൽ നിന്നും നിങ്ങൾ അത്രിയെ മോചി പ്പിച്ചു. അപ്പോൾ അവൻ ഒരു യുവപുരുഷനുതുല്യം സ്വസ്ഥാനത്തെ പ്രാപിച്ചു.

3 **നരാ ദംസിഷ്ഠവത്രയേ ശുഭാ സിഷാസതം ധിയഃ**
**അഥാ ഹിവാം ദിവോ നരാ പുനഃസ്തോമോ ന**
**വിശസേ**

ഹേ അശ്വിനികളെ ! നിങ്ങൾ ഉജ്ജ്വല വർണ്ണരും നേതാക്കളു മാണല്ലോ. അത്രിമഹർഷിക്ക് ബുദ്ധി നൽ കി അനുഗ്രഹിച്ചാലും. നിങ്ങൾ ഇപ്രകാരം ചെയ്യുയാണെങ്കിൽ ഞാൻ നിങ്ങളെ വീണ്ടും വീണ്ടും സ്തുതിക്കാം.

4 **ചിതേ തദ്വ സുരാധസാ രാതിഃ സുമതിരശ്വിനാ**
**ആയന്നഃ സദനേ പൃഥൗ സമനേ പർഷഥോ നരാ**

ഹേ അശ്വിനി കുമാരന്മാരെ, നിങ്ങൾ ശ്രേഷ്ഠമായ അന്ന ത്തോടു കൂടിവരാണല്ലോ. ഞങ്ങളുടെ മഹായജ്ഞം ആരംഭിച്ചപ്പോൾ നിങ്ങൾ അതിനെ രക്ഷിച്ചപ്പോൾ നിങ്ങൾ ഞങ്ങളുടെ സ്ത്രോത്രങ്ങളെ സ്വീകരിച്ചു എന്നു ഞങ്ങളറിയുന്നു.

5 **യുവം ഭൂജ്യം സമുദ്ര ആ രജസഃ പാര ഈങ്ഖിതം**
**യാതമഛാപതത്രിഭിർനാ സത്യാ സാതയേ കൃതം**

സമുദ്ര തരംഗങ്ങളിൽ മുങ്ങിയും പൊങ്ങിയും കഷ്ടപ്പെട്ട ഭൂജ്യവിന് വേണ്ടി പായ്ത്തോണികൊണ്ടു വരികയും സമുദ്രത്തിൽ നിന്നും കരക്കു കയറ്റി അവനെ കർമ്മനിരതനാക്കുയും ചെയ്തുവ ല്ലോ.

6 **ആവാം സുമ്നൈഃ ശം യൂഇവമംഹിഷ്ഠാ**
**വിശ്വവേദസാ**
**സമസ്തേ ഭൂഷതം നരോത്സം വപി പൃഷീരിഷഃ**

ഹേ അശ്വനികളെ നിങ്ങൾ സർവ്വജ്ഞാനികളും നേതാക്കളു മാകുന്നു. നിങ്ങൾ ദാനികളായി സ്വന്തം ധനസഹിതം ഞങ്ങളുടെ യജ്ഞ ത്തിൽ ആഗതരായാലും. പാൽകൊണ്ട് സ്തനങ്ങൾ നിറയുന്നതു പോലെ നിങ്ങൾ ധനത്താൽ ഞങ്ങളെ പൂർണ്ണരാക്കുവിൻ.

## സൂക്തം 144

ഋഷി-താഷ്യപുത്രൻ സുപർണ്ണനോ, യമഗോത്രൻ, ഊർധ്വം കൃശനോ, ദേവതാ-ഇന്ദ്രൻ, ഛന്ദസ് - ഗായത്രി, ബൃഹതി, പംക്തി

1 **അയ ഹി തേ അമർത്യ ഇന്ദുരത്യോന ന പത്യതേ**
**ദക്ഷോ വിശ്വായുർ വേധസേ**

സ്രഷ്ടാവായ ഇന്ദ്രാ ! അമൃത തുല്യമായ ഈ സോമമധു നിന ക്കുവേണ്ടി അശ്വത്തെപ്പോലെ വരുന്നു. ഈ സോമം ബലത്തിന്റെ ആശ്ര യരൂപവും പ്രാണനു തുല്യവും ആകുന്നു.

2 **അയമസുമാസ് ക്രാവ്യ ഋഭുർവ്വജ്രോ ദാസ്വതേ**
**അയം വിഭർത്യൂർ ധ്വകൃശനം മദ ഭൂഭുർനകൃത്വ്യം**
**മദം**

ഇന്ദ്രൻ ദാനശീലനാകുന്നു. അവന്റെ വജ്രം പ്രശംസനീയമാകുന്നു. ആ ഇന്ദ്രൻ ഊർധ്വകൃശനെന്ന സ്തോതാവിന്റെ രക്ഷകനാകുന്നു. ഋഭുക്കളെപോലെ ഇദ്ദേഹവും യാജ്ജികരെ പാലിക്കുന്നു.

3 **ധൃഷ്ടഃ ശ്യോനായ കൃത്വന ആസു സ്വാസു വംസഗഃ**

**ആവ ദീധേദഹി ശുവഃ**

തേജസ്വിയായ ഈ ഇന്ദ്രൻ തന്റെ യജമാനന്മാരുടെ അടുക്കൽ വഴിയാംവണ്ണം വന്നുചേരുന്നു. സുവർണ്ണ ശ്യേന മഹർഷിയാം എന്റെ വംശത്തെ അവൻ നല്ലപോലെ വൃദ്ധിപ്പെടുത്തി.

4 **യംസുപർണ പരാവതഃ ശ്യേനസ്യ പുത്ര ആഭരത്**

**ശതചക്രം യോഹ്യോ വർതനിഃ**

ശ്യോനൻ വളരെ വിദൂരത്തിൽ നിന്നും സോമം കൊണ്ടുവന്നു. അനുഷ്ഠാതാക്കളെല്ലാം ഇതിനെ വളരെ ശ്രേഷ്ഠമായി മാനിക്കുന്നു. ഇത് വൃത്രവധത്തിന് വർദ്ധിച്ച ഉത്സാഹം നൽകുന്നു.

5 **യം തേശ്യേ നശ്ചാരുമവൃകംപദഭാരദരുണംമാനമന്ധസഃ മാനമന്ധസഃ**

**ഏനാ വയോ വി വാര്യായുർജീവസ ഏനാ ജാഗരബന്ധുതാ**

ലോഹിതവർണ്ണത്തോടുകൂടിയ ഈ സോമത്തെ ത്യേനൻ തന്റെ നഖങ്ങളിൽ വെച്ചുകൊണ്ടു വന്നു. ഹേ ഇന്ദ്രാ! ഈ സോമത്തെ രസത്താലും പരമായുസ്സിനാലും പൂർണ്ണമാക്കൂ. ഈ സോമത്തിനുവേണ്ടി ഞങ്ങളുമായി ബന്ധുത്വം സ്ഥാപിച്ചാലും.

6 **ഏവാ തദിന്ദ്ര ഇന്ദുനാ ദേവേഷു ചിദ്ധരായാതേ മഹി ത്യജഃ**

**ക്രത്വാ വയോവി താര്യായുഃ ക്രതോ സുക്രത്വാ യമസ്മദാ സുതഃ**

ഇന്ദ്രൻ സോമം പാനം ചെയ്ത് ഞങ്ങളെ നന്നായി രക്ഷിക്കുന്നു. ഹേ ശ്രേഷ്ഠകർമ്മാവായ ഇന്ദ്രാ! യജ്ഞത്തിനുവേണ്ടി ഞങ്ങൾക്ക് അന്നവും ആയുസ്സും പ്രദാനം ചെയ്യണമേ.അനുഷ്ഠാനത്തിനുവേണ്ടി തന്നെ ഈ സോമം പിഴിയപ്പെട്ടിരിക്കുന്നു.

## സൂക്തം 145

ഋഷി - ഇന്ദ്രാണി, ദേവത - ഒഷധി,

ഛന്ദസ്സ് - അനുഷ്ടുപ്, പംക്തി

1 **ഇമാം ഖനാമ്യോഷധിം, ബലവത്തമാം**

**യയാ സപത്നിം ബാധതേ യയാ സംവിന്ദതേ പതിം**

അത്യന്തം ഗുണവതിയും ലതാരൂപിണിയുമായ ഈ ഔഷധിയെ ഞാൻ മാന്തിയെടുക്കുന്നു. ഇതുകൊണ്ട് സ്വപത്നിക്ക് കഷ്ടതകളുണ്ടാവുകയും പതി എന്നിൽ പ്രേമാതുരനാകുകയും ചെയ്യും.

2 **ഉത്താനപർണ്ണേ സുഭഗേ ദേവജൂതേ സഹസ്വതീ**

**സപത്നീം മേ പരാധമ പതിം മേ കേവലം കരു**

ഹേ ഔഷധി നിന്റെ ഇലകളുടെ മുഖം മുകളിലേക്കാണല്ലോ. പതിയുടെ പ്രേമം പ്രാപ്തമാക്കുന്നതിന് നീ കാരണരൂപയാകുന്നു. ദേവകൾ ഇതിനു നിന്നെ യോഗ്യയാക്കിയിരക്കുന്നു. നിന്റെ തേജസ്സ് മൂർച്ചയേറിയതാണല്ലോ. നീ എന്റെ സപത്നിയെ ഇവിടെ നിന്ന് ഓടിക്കുകയും എന്റെ ഭർത്താവിനെ എനിക്കധീനമാക്കുകയും ചെയ്യു:

3 **ഉത്തരാഹമുത്തര ഉത്തരേ ദുത്തരാഭ്യ:**

**അഥാ സപത്നീയാ മമാധാരാ സാധരാഭ്യഃ**

ഹേ ഔഷധി നീ സർവ്വ ശ്രേഷ്ഠയാകുന്നു. ഞാനും നിന്റെ കൃപയാൽ പ്രമുഖകളിൽ പ്രമുഖയാകണേ. എന്റെ സപത്നി നികൃഷ്ടരിൽ നികൃഷ്ടയായിത്തീരണേ

4 **നഹ്യസ്യാ നാമ ഗൃഭ്ണാമി നോ അസ്മിൻ രമതേ ജനേ**

**പരാമേവ പരാവതം സപത്നീം ഗമയാമസി**

സപത്നി ആർക്കും പ്രിയപ്പെട്ടവളാകുന്നില്ല. അതിനാൽ ഞാൻ എന്റെ സപത്നിയുടെ പേരുപോലും ഉച്ചരിക്കുന്നില്ല. ഞാനവളെ ബഹുദൂരം ഓടിക്കുവാൻ ആഗ്രഹിക്കുന്നു.

5 **അഹമസ്മി സഹമാനാഥ ത്വമസി സാസഹം :**

**ഉഭേ സഹസ്വതീ ഭൂത്വീസപതനിം മേ സഹാവഹൈ**

ഹേ ഔഷധി നിന്റെ ശക്തി അത്ഭുതകരമാകുന്നു. എന്റെ സാമർത്ഥ്യവും അത്ഭുതകരമാവുന്നു. നാം രണ്ടുകൂട്ടരും ചേർന്നു പരിശ്രമിച്ചാൽ സപത്നിയെ ദുർബലയാക്കാം.

6 **ഉപ തേ ധാം സഹമാനാമഭി ത്വാധാം സഹീയസാ**

**മാമനു പ്രതേ മനോ വത്സം ഗൗരീവ ധാവതു പഥാ വാരിവ ധാവതു**

ഹേ സ്വാമിൻ ഈ മഹാശക്തി സ്വരൂപിണിയായ ഔഷധിയെ ഞാൻ നിന്റെ തലയിണയിൽ സ്ഥാപിക്കുന്നു. തള്ളപ്പശു കിടാക്കളുടെ അടുത്തേക്കു പോകുന്നതുപോലെയും ജലം താഴോട്ട് ഒഴുകുന്നതുപോലെയും നിന്റെ മനസ്സ് എന്നിലേക്കുവരണേ.

## സൂക്തം 146

ഋഷി - ഇരമ്മദപുത്രൻ ദേവമുനി,

ദേവത- അരണ്യാനി, ഛന്ദസ്, അനുഷ്ടുപ്

1 **അരണ്യാന്യരണ്യാന്യസൗ യാ പ്രേവനശ്യസി**

**കഥാ ഗ്രാമം ന പൃഛസി നത്വാഭീരിവ വിന്ദതീം**

ഹേ അരണ്യാ നീ! കാണുക കാൺക നീ ദൃഷ്ടിയിൽ നിന്നും മറഞ്ഞു പോകുന്നു, ഗ്രാമമാർഗ്ഗത്തിൽ കൂടി നീ എന്തു കൊണ്ടു പോകുന്നില്ല.ഏകാകിയാകുന്നതിൽ നീ ഭയപ്പെടുന്നില്ലേ?

2 **വൃഷാരവായ വദതേ യദുപാവതി ചിച്ചികഃ**

**ആധാടി ഭിരിവ ധാവയന്നാരണ്യാ നിർമഹീയതേ**

ചില ജന്തുക്കൾ ചീ എന്നു ശബ്ദിക്കുന്നു. അപ്പോൾ അവ വീണാഗാനം പുറപ്പെടുവിച്ച് നിന്റെ യശസ്സിനെ പുകഴ്ത്തുകയാണോ എന്നുതോന്നും

3 **ഉതഗാവ ഇവാദന്ത്യത വേശ്മേവ ദൃശ്യതേ**

**ഉതോ അരണ്യാനിഃ സായം ശകടീരവ സർജതി**

ഈ വനത്തിൽ ചിലയിടങ്ങളിൽ ഗോക്കൾ മേയുന്നതായി തോന്നുന്നു, ചിലയിടങ്ങളിൽ ലതാ ഗുല്മാദികളിൽ നിർമ്മിതമായ കുടിരങ്ങൾ കാണപ്പെടുന്നു. സായം കാലത്തിൽ അനേകം ശകടങ്ങൾ പോകുന്നതു പോലെയും തോന്നുന്നു.

4 **ഗാമങ്ഗൈഷ ആഹ്വയതി ദാർവങ് നൈഷോ അപാവധീത്**

**വിസന്നരണ്യാന്യാം സായമക്രുക്ഷദിതി മന്യതേ**

അരണ്യാനിയിൽ വസിക്കുന്ന മനുഷ്യൻ രാത്രിയിൽ ഈ ശബ്ദം കേൾക്കുന്നു, ഒരുത്തൻ വിറക് ഒടിക്കുന്നു. ഒരുത്തൻ പശുവിനെ വിളിക്കുന്നു. ഒച്ചകൾ പക്ഷിമൃഗാദികളുടെ കേട്ട് ഉണർന്നുപേകുന്നു.

5. **ന വാ അരണ്യാനിർഹന്ത്യന്യശ്ചേന്നാഭിഗഛതി**
**സ്വാദേഃ ഫലസ്യ ജഗധ്വായ യഥാകാമം നി പദ്യതേ**

അരണ്യാനി കസ്തൂരി പോലെ സൗരഭ്യമയിയാകുന്നു. അന്നത്താൽ പഴങ്ങളാൽ പരിപൂർണ്ണയാകുന്നു. പണ്ടവിടെ കൃഷിയുടെ അഭാവമുണ്ടായിരുന്നു. അവൾ ഹരിണങ്ങളുടെ ആശ്രയദാത്രിയാകുന്നു. ഇപ്രകാരമുള്ള ബൃഹത്തായ അരണ്യാനിയെ ഞാൻ സ്തുതിക്കുന്നു.

6 **ആജ്ഞനഗന്ധിം സുരഭിം മഹ്വന്നാമ കൃഷീ വലാം**
**പ്രാഹം മൃഗാണാം മ തരമരണ്യാനിമസം സ്യഷം**

കസ്തൂരിഗന്ധിയും കൃഷിചെയ്യാതെ പഴങ്ങളും കിഴങ്ങുകളും വിളയിക്കുന്നവളുമായ വനദേവതയെ ഞാൻ സ്തുതിക്കുന്നു.

## സൂക്തം 147

ഋഷി - ശൗരീശിപുത്രൻ, സുവേദസ്, ദേവത -ഇന്ദ്രൻ. ഛന്ദസ് - ജഗതി, ത്രിഷ്ടുപ്

1 **ശ്രത്തേ ദധാമി പ്രഥമായ മന്യം വേ ഹദ്ന്യ വൃത്രം**
**നര്യം വിവേരപഃ**
**ഉഭേയത്വാ ഭവതോ രോദസീ അനുരേജതേ**
**ശുഷ്മാത് പ്രിഥിവീ ചിദദ്രിവഃ**

ഹേ ഇന്ദ്രാ ! നിന്റെ ക്രോധം വളരെ ഭയങ്കരമാകുന്നു. നീ വിശ്വത്തിന്റെ നന്മക്കുവേണ്ടി വൃതനെ സംഹരിച്ച് മഴയുടെ മാർഗ്ഗം സൃഷ്ടിച്ചു. ഈ ആകാശഭൂമികൾ നിന്റെ ആശ്രിതകളാകുന്നു. ഹേ വജ്രായുധാ ഈ ഭൂമി നിന്നോടുള്ള ഭയത്താൽ വിറയ്ക്കുന്നു.

2 **ത്വം മായാഭിരനവദ്യ മായിനം ശ്രവസ്യതാ മനസാ**
**വൃത്രമർദയഃ**
**ത്വാമിന്നരോ വൃണതേ ഗവിഷ്ടിഷ്മ ത്വാം വിശ്വാസു**
**ഹവ്യാസ്വിഷ്ടിഷു**

ഹേ! ഇന്ദ്രാ നീ യശസ്സിചരിക്കുന്നു. അന്നോല്പാദകനായ നീ സ്വന്തം മഹിമയാൽ വൃതനെ സങ്കടഗ്രസ്തനാക്കി. ഗോകാമാരായ ഉപാസകർ നിന്നോടു യാചിക്കുന്നു. സകല യജ്ഞങ്ങളിലും ആഹുതിയുടെ സമയത്ത് സ്തോതാക്കൾ നിന്നെ സ്തുതിക്കുന്നു.

3 **ഏഷു ചാകന്ധി പുരുഹൂത സൂമരിഷു വൃധാസോ**
**യേ മഘവനന്നാനശുമർഘം**
**അർചന്തി തോകേ തനയേ പരിഷ്ടിഷു മേധസാതാ**
**വാജിനമഹ്രയേ ധനേ**

ഹേ പുരുഹൂതാ ! ഇന്ദ്രാ ! നീ വളരെ ഐശ്വര്യവാനാകുന്നു. അതിനാൽ ജ്ഞാനികളായ ഈ സ്തോതാക്കളുടെ മുന്നിൽ പ്രകടമാകുവാൻ കൃപ കാണിക്കണേ. ഇവർ നിന്റെ അനുഗ്രഹത്താൽ തന്നെ ബലവാന്മാരും സമൃദ്ധരുമായിരിക്കുന്നു. പുത്ര പൗത്രാദികൾക്കും സമ്പത്തുക്കൾക്കും ഐശ്വര്യപ്രാപ്തിക്കും വേണ്ടി ഈ അനുഷ്ഠാനത്തെ ആരംഭിച്ച് മഹാ പരാക്രമിയായ ഇന്ദ്രനെ പൂജിക്കുന്നു.

4 **സഃ ഇന്നുരായഃ സുഭൃതസ്യചാകാനന്മദം യോ**
**അസ്യരംഹ്യം ചികേതതി**
**ത്വാ വൃധോ മഘവന്ദാശ്വധ്വരോ മക്ഷൂസവാജം**
**ഭരതേ ധനാ നൃഭിഃ**

യാതൊരു ഉപാസകൻ സോമത്താൽ ഇന്ദ്രനെ ഉന്മത്തനാക്കുന്നുവോ അവൻ അഭീഷ്ടധനത്തെ യാചിക്കുന്നു. ഹേ ബലവാനായ ഇന്ദ്രാ നിനക്ക് സോമം നൽകുന്ന ഏതൊരു പുരുഷനെ നീ സമൃദ്ധനാക്കുവാൻ ഇച്ഛിക്കുന്നുവോ ആ ഉപാസകൻ അതിവേഗം അന്നധനങ്ങൾ ഭൃത്യാദികളെ കൊണ്ടുനേടും .

6 **ത്വം ശർധായ മഹിനാ ഗൃണാന ഉരു കൃധി**
**മഘവഞ്ചരഗ്ധി രായഃ**
**ത്വം നോ മിത്രോ വരുണോ ന മായീ പിത്വോ ന**
**ദസ്മദയസേ വിഭക്താ!**

ഹേ ഇന്ദ്രാ! ബലപ്രാപ്തിക്കുവേണ്ടി പ്രത്യേക രീതിയിൽ നിന്നേ സ്തുതിക്കുന്നു. നീ ഞങ്ങൾക്ക് വളരെ ധനവും ബലവും പ്രദാനം ചെയ്യണമേ. നീ രമണീയ ദർശനനും മിത്രാവരുണന്മാർക്കു തുല്യം ദിവ്യജ്ഞാനത്തിന്റെ അധിശനുമാകുന്നു. ലോകത്തിലെ ദിവ്യങ്ങളും ഭൗതികങ്ങളുമായ എല്ലാ ഐശ്വര്യങ്ങളും നീ തന്നെ ഞങ്ങൾക്കു വീതിച്ചുതരണേ.

## സൂക്തം 148

ഋഷി- വേനപുത്രൻ പൃഥു-ദേവത-ഇന്ദ്രൻ, ഛന്ദസ്, ത്രിഷ്ടുപ്.

1. **സുഷ്വാണാസ ഇന്ദ്ര സ്തുമസി ത്വാ സസവാം**
**സശ്ച തുവിന്യമ്ണവാജം**
**ആ നോ ഭര സവിതം യസ്യ ചാകൻത്മനാ തനാ**
**സനുയാമ ത്വോതാഃ**

ഹേ ഐശ്വര്യവാനായ ഇന്ദ്രാ, ഞങ്ങൾ അന്നം സംഭരിക്കുകയും സോമം പിഴിയുകയും നീ ആഗ്രഹിക്കുന്ന സ്തുതി ഉച്ചരിക്കുകയും ചെയ്യുന്നു. ഐശ്വര്യത്തെ ഞങ്ങൾക്ക് ധാരാളമായി ചെയ്താലും, നേ ഇന്ദ്രാ ! ഞങ്ങൾ നിന്റെ ആശ്രയം പ്രാപിച്ച് ഞങ്ങളുടെ തൊഴിലിൽ കൂടി സമ്പൽ സമൃദ്ധരാകണേ.

2 **ഋഷ്വസ്ത്വമിന്ദ്ര ശൂര ജാതോ ദാസീർ വിശഃ**
**സ്മര്യേണ സഹ്യാഃ**
**ഗുഹാ ഹിതം ഗുഹ്യം ഗുള്ഹമപ്സു വിഭൃമസി പ്ര-**
**സ്രവണേ ന സോമം!!**

ഹേ ഇന്ദ്രാ നീ പുണ്യദർശനനും വീരകർമ്മാവുമാകുന്നു. നീ ജനിച്ചപ്പോൾ തന്നെ സ്വന്തം തേജസ്സാൽ ദസ്യുക്കളെ അകറ്റിയല്ലോ. ഗുഹയിലൊളിച്ചവരും ജലത്തിൽ മറഞ്ഞവരുമായ ശത്രുക്കളേയും പരാജയപ്പെടുത്തുന്നതിൽ നീ സമർത്ഥനാകുന്നു. മഴ പെയ്യുമ്പോൾ ഞങ്ങൾ സോമം പിഴിയും.

3 **അര്യോ വാഗിരോ അഭ്യർച വിദ്വാ നൃഷീണാം വിപ്രഃ**
**സുമതീം ചകാനഃ**
**തേ സ്യാമയേ രണയന്ത സോമൈരേനോത തുഭ്യം**
**രഥോള്ഹഃ ഭക്ഷൈഃ**

ഹേ ഇന്ദ്രാ നീ എല്ലാവർക്കും ഈശ്വരനാകുന്നു. ജ്ഞാനിക

ളുടെ സ്തോത്രങ്ങളെ പ്രാപിക്കുവാൻ നീ സദാ ആഗ്രഹിക്കുന്നു. നീ ഞങ്ങളുടെ സ്തുതികൾ സ്വീകരിച്ചാലും . സോമാഭിഷവത്താൽ ഞങ്ങൾ പ്രാപിച്ചിരിക്കുന്ന നിന്റെ പ്രീതി വഴി ഞങ്ങൾ നിന്റെ ആത്മീയരാക ട്ടെ. ഹേ ഇന്ദ്രാ ! നീ രഥാ രൂഢനായി ആഗതകാനുകുമ്പോൾ ഞങ്ങൾ നിനക്ക് ഹവിരാണം സമർപ്പിക്കും.

4 **ഇമാ ബ്രഹ്മേന്ദ്ര തുഭ്യം ശംസി ദാ നൃഭോ**
**നൃണാം ശൂര ശവഃ**
**തേഭിർ ഭവ സക്രതുര്യേഷു ചാകുന്നത**
**ത്രായസ്വഗൃണത ഉതസ്തീൻ**

ഹേ ഇന്ദ്രാ! ഇതെല്ലാം മികച്ച സ്തോത്രങ്ങളാകുന്നു. ഇവ നിനക്കുവേണ്ടി ഉച്ചരിക്കപ്പെടുന്നു. നീ പ്രധാനികളിൽ പ്രധാനികൾക്ക് അന്നം പ്രദാനം ചെയ്താലും. നിന്റെ പ്രീതി ഭാജനമായ ഉപാസകൻ നിന ക്കുവേണ്ടി യജ്ഞമനുഷ്ഠിക്കുന്നു. നീ ഞങ്ങളുടെ സഞ്ചിതമായ സ്ത്രോത്രങ്ങളെ നല്ല രീതിയിൽ രക്ഷിക്കണമേ.

5 **ശ്രൂ ധീ ഹവമിന്ദ്ര ശൂര പൃഥ്യാ ഉതസ്തവസേ**
**വേന്യസ്യാർകൈഃ**
**ആ യസ്തേ യോനീം ഘൃതവന്ത മസ്വാരൂർന**
**നിമ്നൈർദ്രവയന്ത വക്വാഃ**

ഹേ ഇന്ദ്രാ! പൃഥുവായ ഞാൻ നിന്നെ ആഹ്വാനം ചെയ്യുന്നു. നീ എന്റെ സ്തോത്രത്തെ ശ്രവിച്ചാലും. ഞാനെന്റെ സുന്ദര സ്തോത്ര ങ്ങളാൽ നിന്നെ സ്തുതിക്കുന്നു. ഹേ ഇന്ദ്രാ വേനപുത്രനായ ഞാൻ ഘൃതാദികളോടുകൂടിയ ഈ യജ്ഞത്തിൽ ഉപസ്ഥിതനായി നിന്നെ സ്തുതിക്കുന്നു. നദികൾ താഴോട്ട് ഒഴുകുന്നതുപോലെ മറ്റെല്ലാ സ്തോ താക്കളും നിന്റെ സന്നിധാനത്തിലേക്കെത്തി ചേരുന്നു.

## സൂക്തം 149

ഋഷി - ഹിരണ്യസ്തുപപുത്രൻ അർച്ചത്ത്

ദേവത-സവിതാവ് ഛന്ദസ്സ്-ത്രിഷ്ടുപ്പ്

1 **സവിതാ യന്ത്രൈഃ പൃഥ്വീവിമരമ്ണാദസ്ക്കമ്ഭനേ**
**സവിതാ ദ്യാമദൃംഹത്**
**അശ്വമി വാധുക്ഷദ്ധുനിമന്തരിക്ഷമതൂർതേ ബദ്ധം**
**സവിതാ സമുദ്രം**

സവിതാവ് തന്റെ വിഭിന്നങ്ങളായ കർമ്മങ്ങളാൽ ഭൂമിയെ ഉറ പ്പിച്ചു. ഒരാലംബവുമില്ലാത്തിടത്ത് അവൻ ആകാശത്തെ സ്ഥാപിച്ചു. ആ ആകാശത്തിൽ സമുദ്രം തുല്യമായ ദുർധർഷമായ ജലവും വസി ക്കുന്നു. ഇളക്കിവിട്ട ഒരശ്വത്തെപ്പോലെ ഈ മേഘരാശി തങ്ങളുടെ ശരീ രത്തെ തല്ലിപ്പറിക്കുന്നു. സവിതാവ് ഇവയിൽ നിന്നും ജലം വർഷിക്കു ന്നു.

2 **യത്രാ സമുദ്രഃ സ്കഭിതോ വ്യൗനദപാം**
**നപാത് സവിതാ തസ്യ വേദ**
**അതോ ഭൂരത ആ ഉത്ഥിതം രജോ തോ**
**ദ്യാവാപൃഥിവീ അപ്രഥേതാം**

ഭൂമിയെ നനയ്ക്കുന്ന മേഘങ്ങൾ വസിക്കുന്ന അന്തരീ ക്ഷത്തെ സവിതാവറിയുന്നു. ജലപുത്രനായ സവിതാവ് പൃഥി അന്ത രീക്ഷം ദ്യാവാപൃഥ്വി എന്നിവകളെ വിശാലമാക്കിയിരിക്കുന്നു.

3 **പശ്ചേദമന്യദഭവദ്യജത്രമമർത്യസ്യ ഭുവനസ്ത ഭൂനാ**
**സുപർണോ അങ്ഗ സവിതുർ**
**ഗരുത് മാൻപൂർവോ ജാതഃ സ ഉ അസ്യാനു ധർമ**

സ്വർഗ്ഗത്തിൽ ജനിച്ച അവിനാശിയായ സോമം വഴിയായി യജ്ഞം നടത്തിയ ദേവന്മാരെല്ലാം സവിതാവിനു ശേഷം ഉണ്ടായവരാണ് സുവർണ്ണ പക്ഷങ്ങളോടു കൂടിയ ഗരുഡൻ സവിതാവിനു മുമ്പായി ജനി ച്ചിരുന്നു. അതിനാൽ അവന്റെ ധാരണക്രിയകളെ ഇവൻ ആശ്രയിക്കു ന്നു.

4 **ഗാവ ഇവ ഗ്രാമം യുയുധിരി വാശ്വാശ്രേവ വത്സം**
**സുമനാ ദുഹാനാ**
**പതിരിവ ജായാമഭി നോ ന്യേതു ധർതാ ദിവഃ**
**സവിതാ വിശ്വവാരഃ**

എല്ലാവരുടെയും പ്രാർത്ഥനയ്ക്ക് യോഗ്യനായ സവിതാദേ വൻ സ്വർഗ്ഗത്തെ താങ്ങി നിർത്തുന്നവനാകുന്നു. ഗോക്കൾ ഗ്രാമത്തി ലേക്കു പോകുവാനുത്സുകകളായിരിക്കുന്നതു പോലെ സവിതാവ് ഞങ്ങളുടെ അടുക്കൽ വരുവാനുത്സുകനാകുന്നു. പയസ്വിനിയായ ഗോവ് കിടാവിനെ സമീപിക്കുന്ന പോലെയും, വീരൻ അശ്വത്തെ സമീ പിക്കുന്നതു പോലെയും സവിതാവ് യാജ്ഞികരെ സമീപിക്കുന്നു.

5 **ഹിരണ്യസ് തൂപഃ സവിതര്യഥാത്വാങ് ഗിരസോ**
**ജുഹ്വേ വാജേ അസ്മിൻ**
**ഏവാ ത്വാർചന്നവസേ വന്ദമാനഃ**
**സോമസ്യേവാംശും പ്രതി ജാഗരാഹം**

ഹേ സവിതാദേവാ! അംഗീരാവംശത്തിലെ എന്റെ പിതാവ് എപ്രകാരം തന്റെ യജ്ഞത്തിൽ നിന്നെ ആഹ്വാനം ചെയ്തിരുന്നുവോ അതുപോലെതന്നെ ഞാനും നിന്റെ ശരണപ്രാപ്തിക്കായി പ്രാർത്ഥന യോടുകൂടി പരിചരിക്കുന്നു. യജമാനൻ സോമം പിഴിയുന്നതിനുത്സാ ഹിയായിരിക്കുന്നതു പോലെ ഞാനും നിന്റെ കർമ്മത്തിൽ ഉത്സാഹി ക്കുന്നു.

## സൂക്തം 150

ഋഷി-വസിഷ്ഠപുത്രൻ മൃളീകൻ ദേവത-അഗ്നി

ഛന്ദസ്-ബ്രഹതി-ജഗതി

1 **സമിദ്ധശ്ചിത്സമിധ്യസേ ദേവേഭ്യോ ഹവ്യവാഹന**
**ആദിത്യൈ രുദ്രൈർവസുഭിർന ആ ഗഹി മുളീകായ**
**ന ആ ഗഹി**

ഹേ അഗ്നേ! പ്രോജ്ജ്വലിതനായ നീ ദേവകൾക്കായി ഹവിസ്സ് വഹിക്കുന്നു. നീ ഞങ്ങളുടെ ഈ യജ്ഞാനുഷ്ഠാനത്തിലേക്ക് ആദിത്യ ന്മാരെയും, വസുക്കളെയും, രുദ്രന്മാരെയും കൂട്ടികൊണ്ട് വന്ന് ഞങ്ങൾക്കും മംഗളമരുളണമേ

2 **ഇമം യജ്ഞമിദം വചോ ജുജുഷാണ ഉപാഗഹി**
**മർതാസാസ്ത്വാ സമിധാന ഹവാമഹേ മൃളികായ**
**ഹവാമഹേ**

ഹേ അഗ്നേ! ഇത് യജ്ഞ ഭൂമിയാകുന്നു, ഇത് സ്ത്രോതമാകു ന്നു.നീ ഇവിടെ വന്ന് ഇവയെ അനുമോദിച്ചാലും നീ പ്രദീപ്തനായിരി ക്കുന്നു. ഞങ്ങൾ സ്വന്തം നന്മക്കുവേണ്ടി നിന്നെ വിളിക്കുന്നു.

3 **ത്വാമു ജാതവേദസം വിശ്വവാരം ഗൃണേ ധിയാ**

**അഗ്നേ ദേവാം ആ വഹനഃ പ്രിയവ്രതാൻമൃളീകായ**

**പ്രിയവ്രതാൻ**

ഹേ അഗ്നേ!ജ്ഞാനിയായനിന്നോട് എല്ലാവരും പ്രാർത്ഥിക്കുന്നു. ഞാനും ശ്രേഷ്ഠമായ സ്തേത്രങ്ങളാൽ നിന്നെ സ്തുതിക്കുന്നു. എപ്പോഴും മംഗളമരുളുന്നവരായ ദേവന്മാരോടു കൂടി നീ ഞങ്ങളുടെ യജ്ഞത്തിൽ ആഗതനാകേണമേ

4 **അഗ്നിർദേവോ ദേവാനാമഭവത് പുരോഹിതോ ഗ്നിം**

**മനുഷ്യാ ഋഷയഃ സമീധിരേ**

**അഗ്നിം മഹോ ധനസാതാവഹം ഹുവേ മൃളീകം**

**ഘനസാതയേ**

അഗ്നി തന്നെയാണല്ലോ ദേവന്മാരുടെ പുരോഹിതൻ. എല്ലാ മനുഷ്യരും ജ്ഞാനികളായ മഹർഷിമാരും അഗ്നിയെ പ്രദീപ്തമാക്കി മഹത്തായ ഐശ്വര്യപ്രാപ്തക്കായി ഞാൻ അഗ്നിയെ ആഹ്വാനം ചെയ്യുന്നു. ആ അഗ്നി എനിക്കും മംഗളമരുളട്ടെ

5 **അഗ്നിരത്രിംഭരദ്വാജം ഗവിഷ്ഠിരം പ്രാവന്നഃ കണ്വം**

**ത്രസദസ്യുമാഹവേ**

**അഗ്നിം വസിഷ്ഠോ ഹവതോ പുരോഹിതേ**

**മൃളികായ പുരോഹിതഃ**

ഈ അഗ്നി തന്നെ പടക്കളത്തിലെത്തി ഭരദ്വാജനേയും, അത്രിയേയും കണ്വനേയും, ത്രസദസ്യുവിനേയും ഗവിഷ്ഠരനേയും വേണ്ട വിധം രക്ഷിച്ചിരുന്നു. പുരോഹിതനായ വസിഷ്ഠൻ ആ അഗ്നിദേവനെ തന്നെ ആഹ്വാനം ചെയ്യുന്നു. അവൻ എനിക്കു മംഗളമരുളട്ടെ

## സൂക്തം 151

ഋഷി-കാമഗോത്രക്കാരിയായ ശ്രദ്ധ ദേവത-ശ്രദ്ധ

ഛന്ദസ്- അനുഷ് ടുപ്

1 **ശ്രദ്ധയാഗ്നിഃ സമിധ്യതേ ശ്രദ്ധയാ ഹൂയതേ ഹവിഃ**

**ശ്രദ്ധാം ഭഗസ്യ മൂർധനി വചസാ വേദയാമസി**

ശ്രദ്ധ കൂടാതെ അഗ്നി ജ്വലിക്കുന്നില്ല മോഹിക്കപ്പെടുന്ന യജ്ഞീയ വസ്തുക്കളും ശ്രദ്ധ കൂടാതെ സഫലമാകുന്നില്ല. സമ്പത്തിന്റെ ശിരസ്സിൽ ശ്രദ്ധ വസിക്കുന്നു. ഇതെല്ലാം സത്യം തന്നെയാകുന്നു.

2 **പ്രിയം ശ്രദ്ധേ ദദതഃ പ്രിയം ശ്രദ്ധേ ദിദാസതഃ**

**പ്രിയം ഭോജേഷു യജ്വസ്വിദം മ ഉദിതം കൃധി**

ഹേ ശ്രദ്ധേ! ദാനശീലന് അഭീഷ്ടഫലം പ്രദാനം ചെയ്യേണമേ. യാതൊരുത്തൻ ദാനം ചെയ്യാനാഗ്രഹിക്കുന്നുവോ –ധനാ ഭാവത്താൽ ദാനം ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിലും – അവനും ഇച്ഛിതഫലങ്ങളുടെ പങ്ക് നൽകേണമേ. ഹേ ശ്രദ്ധേ! ഈ യാജ്ഞികന്മാർക്കും യജമാനന്മാർക്കും അഭീഷ്ടഫലം പ്രദാനം ചെയ്താലും.

3 **യഥാ ദേവാ അസുരേഷു ശ്രദ്ധാമുഗ്രേഷുചക്രിരേ**

**ഏവം ഭോജേഷ്ട യജ്വസ്വസ്മാകമുദിതം കൃധി**

ഇന്ദ്രാദി ദേവന്മാർ ദുഷ്കർമ്മികളായ രാക്ഷസന്മാരെ സംഹരിക്കുവാൻ നിഷശ്ചയിച്ചു. ഹേ ശ്രദ്ധേ! ഈ യാജ്ഞികരുടെയും, യജമാനന്മാരുടേയും അഭീഷ്ടങ്ങൾ പൂർണ്ണമാക്കേണമേ

4 **ശ്രദ്ധാം ദേവാ യജമാനാ വായു ഗോപാ ഉപാസതേ**

**ശ്രദ്ധാ സ്മര്യസ്യ വിഭ്രൂചി ശ്രദ്ധേ**

**ശ്രദ്ധാപയേഹനഃ**

പ്രഭാതത്തിലും, മധ്യാഹ്നത്തിലും, സായാഹ്നത്തിലും ഞങ്ങൾ ശ്രദ്ധയെ ആഹ്വാനം ചെയ്യുന്നു. ഹേ ശ്രദ്ധേ! ആരാധകരായ ഞങ്ങളെ നിന്റെ മഹിമയാൽ പൂർണ്ണരാക്കേണമേ

## സൂക്തം 152

ഋഷി-ഭരദ്വാജപുത്രൻ ശാസൻ, ദേവത-ഇന്ദ്രൻ

ഛന്ദസ്-അനുഷ്ടുപ്

1 **ശാസ ഇതഥാമഹാം അസ്യമിത്രഖാദോ അദ്ഭുതഃ**

**യ യസ്യ ഹന്യതേ സഖാ ന ജീയതേ കദാചന**

ഹേ ഇന്ദ്രാ! നിന്റെ മിത്രമായിരിക്കുന്നവൻ പരാജയപ്പെടുകയോ മരിക്കുയോ ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ നീ വിചിത്ര കർമ്മാവും ശത്രുനാശകനും മഹാനുമാകുന്നു. ഞാനീ സ്ത്രോത്രങ്ങളാൽ നിന്നെ സ്തുതിക്കുന്നു.

2 സ്വസ്തിദാ വിശസ്പതിർ വൃത്രഹാ വിമൃധോ വശീ

വൃഷേന്ദ്രഃ പുര ഏതു നഃ സോമപാ അഭയങ്കരഃ

പ്രജാധിപനായ ഇന്ദ്രൻ വൃതഹന്ത്രാവും യുദ്ധം ചെയ്യുന്നവനും ശത്രുക്കളെ ഇല്ലാതാക്കുന്നതിൽ സമർത്ഥനും അഭിലാഷവർഷകനും മംഗലപ്രദനും അഭയദാതാവും സോമപാനിയുമാകുന്നു. അങ്ങിനെയുള്ള ഇന്ദ്രൻ ഞങ്ങൾക്കഭിമുഖമായി എഴുന്നള്ളിവരണേ.

3 **വി രക്ഷോ വി മൃധോ വി ജഹി വൃതസ്യ ഹനൂരുജ**

**വി മന്യു മിന്ദ്ര വൃതഹന്നമിത്ര സ്യാഭിദാസതഃ**

ഹേ ഇന്ദ്രാ! ശത്രുകനായ നീ ഈ ദൈത്യന്മാരേയും ശത്രുക്കളേയും സംഹരിക്കേണമേ. വൃതന്റെ താടിയെല്ലുകൾ രണ്ടും തകർക്കുകയും അവന്റെ ക്രോധം വിഫലമാക്കുകയും ചെയ്യണമേ.

4 **വിന ഇന്ദ്രു മൃധോ ജഹി നീചാ യഛ പൃതന്യതഃ**

**യോ അസ്മാം അഭിദാസത്യ ധരം ഗമയാ തമഃ**

ഹേ ഇന്ദ്രാ! ഞങ്ങളുടെ ശത്രുക്കളെ വധിച്ചാലും യുദ്ധകുതുകികളായ വിരോധികളുടെ ബലത്തെ ബലഹീനമാക്കിയാലും. ഞങ്ങളെ വീഴിക്കുവാനാഗ്രഹിക്കുന്നവരെ നീ അന്ധകാര കൂപത്തിൽ പതിപ്പിക്കേണമേ

5. **അപേന്ദ്ര ദ്വിഷതോ മനോ പ ജിജ്യാസതോ വധം**

**വി മന്യോഃ ശർമ യഛ വരീയോ യവയാ വധം**

ഹേ ഇന്ദ്രാ! നീ ശത്രുക്കളുടെ ബുദ്ധിയെ നശിപ്പിച്ചാലും ഞങ്ങളെ ക്ഷീണിപ്പിക്കുവാനാശിക്കുന്നവരുടെ മേൽ നീ നിന്റെ ആയുധം പ്രയോഗിച്ചാലും നീ ഞങ്ങളെ ശത്രുവിന്റെ ക്രോധത്തിൽ നിന്നും രക്ഷിച്ച് നന്മയരുളുകയും, അവരുടെ ഭീഷണാസ്ത്രങ്ങളെ മുറിച്ചുകളയുകയും ചെയ്യേണമേ.

## സൂക്തം 153

ഋഷി–ഇന്ദ്രമാതാക്കൾ . ദേവത – ഇന്ദ്രൻ ഛന്ദസ്–ഗായത്രി

1 **ഈങ്ഖയന്തീരപസ്യവ ഇന്ദ്രം ജാതമുപാസതേ**

**ഭോജനാസഃസുവീര്യം**

കർത്തവ്യ നിരതകളായ ഇന്ദ്രന്റെ ജനനിമാർ ജനിച്ച ഇന്ദ്രന്റെ അടുക്കൽ ചെന്ന് അവനെ പരിചരിക്കുകയും ഇന്ദ്രൻ

അവർക്ക് ശ്രേഷ്ഠമായ സുഖം നൽകുകയും ചെയ്യുന്നു.

2 **ത്വമിന്ദ്ര ബലാദധി സഹസോ ജാത ഓജസാഃ**
**ത്വം വൃഷൻ വൃഷേദസി**

ഹേ ഇന്ദ്രാ നീ ജനിച്ചപ്പോൾ തന്നെ ബലം, വീര്യം, തേജസ്സ്, എന്നിവകളാൽ സമ്പന്നനായി നീ ജീവികളെ വളർത്തുവാനാണല്ലോ. അതിനാൽ ഞങ്ങളുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കിയാലും.

3 **ത്വ മിന്ദ്രാസി വൃതഹാ വ്യന്തരീക്ഷമതിരഃ**
**ഉദ്ദ്യാമസുമ്നാ ഓജസ്സാ**

ഹേ ഇന്ദ്രാ വൃതനെ നശിപ്പിച്ചവനായ നീ തന്നെ അന്തരീക്ഷത്തെ വിസ്തൃതമാക്കി നീ തന്നെയാണല്ലോ സ്വന്തം മഹിമയാൽ സ്വർഗ്ഗത്തെ ഏറ്റവും മുകളിൽ ഉറപ്പിച്ചത്.

4 **ത്വമിന്ദ്ര സജോഷ സമർകം ബിഭർഷി വാഹ്വോഃ**
**വജ്രം ശിശാന ഓജസാ**

ഹേ ഇന്ദ്രാ സൂര്യൻ നിന്റെ കർമ്മത്തിൽ സഹയോഗിയാണല്ലോ നീ അവനെ സ്വന്തം കരങ്ങളിൽ വഹിച്ചിരിക്കുന്നു. നീ ആ വജ്രത്തെ സ്വന്തം മഹിമയാൽ തീക്ഷ്ണമാക്കുകയും ചെയ്യുന്നു.

5 **ത്വ മിന്ദ്രാ ഭിഭൂരസി വിശ്വാ ജാതാന്യോജസ്സാ**
**സ വിശ്വാ ഭൂവ ആഭവഃ**

ഹേ ഇന്ദ്രാ എല്ലാ ജീവികളേയും നീ നിൻെറ തേജസ്സാൽ പൂർണ്ണമാക്കുന്നു. അതുവഴിയായി നീ എല്ലാ സ്ഥാനങ്ങളേയും വ്യാപ്തമാക്കിയിരിക്കുന്നു.

## സൂക്തം 154

ഋഷി-വിവത്സപുത്രി യമി. ദേവത-മൃതാവസ്ഥ,
ഛന്ദസ് - അനുഷ്ഠുപ്പ്

1 **സോമ ഏകേഭ്യഃ പവതേ ഘൃതമേക ഉപാസതേ**
**യേ ഭ്യോ മധു പ്രധാവതി താം ശ്ചദേവാപി**
**ഗഛതാത്**

ചില പിതൃക്കുൾ ഘൃതം സേവിക്കുന്നു. ചിലർ സോമരസം കുടിക്കുന്നു. ഹേ പ്രേതമേ നിനക്കായി ഒഴുക്കുന്ന സോമമധുവിങ്കലേക്ക് നീ പോയാലും.

2 **തപസാ യേ അനാധൃഷ്യാ സ്തപസാ യേ സ്വര്യയുഃ**
**തപോ യേ ചക്രിരേ മഹസ്താംശ്ചിദേവാപി**
**ഗഛതാത്**

തപസ്സ് ബലത്താൽ യാതൊരുത്തർ ദുർധർഷരായോ, തപസ്സിന്റെ ബലത്താൽ യാതൊരുത്തൻ സ്വർഗ്ഗ പൂകിയോ, യാതൊരുത്തർ ഘോരമായ തപസ്സ് ചെയ്തുവോ, ഹേ പ്രേതമേ ! നീയും അവരുടെ അടുക്കൽ ചെല്ലും.

3. **യേ യുധ്യതേ പ്രധനേഷു ശൂരാസോ യേ തനൂത്യജഃ**
**യേ വാ സഹസ്രദക്ഷിണാ സ്താംശ്ചിദേവാപി**
**ഗഛതാത്**

യാതൊരുത്തർ പടക്കളത്തിൽ യുദ്ധം ചെയ്യുന്നുവോ, യാതൊരുത്തർ തങ്ങളുടെ ദേഹമോഹത്തെ ത്യജിച്ചിരിക്കുന്നുവോ, അഥവാ യാതൊരുത്തർ പ്രചുരമായ ദക്ഷിണ നൽകിയിരിക്കുന്നുവോ, ഹേ പ്രേതമേ ! നീ അവരുടെ അടുക്കൽ ചെന്നാലും.

4 **യേ ചിത് പൂർവ്വ ഋതസാപ ഋതാവൃധഃ**
**പിതൃന്തപസ്വേത യമ താംശ്ചിദേവാപി**
**ഗഛതാത്**

പ്രാചീനകാലത്തുണ്ടായിരുന്ന യാതൊരുത്തർ പുണ്യകർമ്മങ്ങൾ വഴിയായി ഫലത്തിന്നവകാശികളായിത്തീർന്നിരുന്നുവോ യാതൊരുത്തർ പുണ്യത്തിന്റെ ഉറവിനെ വിസ്തൃതമാക്കിക്കഴിഞ്ഞിരുന്നുവോ ഹേ പ്രേതമേ നീ അവരുടെ അറുക്കൽ ചെന്നാലും

5 **സഹസ്രാണീഥാഃ കവയോ യേ**
**ഗോപായന്തി സൂര്യം**

ഋഷീന്തപസ്വതോ യമ തപോജാം അപി ഗഛതാത്

ആയിരം കർമ്മങ്ങളുടെ വിധിയറിയുന്ന ജ്ഞാനികളുടേയും സൂര്യനെ സുരക്ഷിക്കുന്നവരുടേയും തപസ്സിന്റെ പ്രഭാവത്താൽ ജനിച്ച് തപസ്സനുഷ്ഠിക്കുന്നവരുടേയും അടുക്കൽ ഹേ യമാ നീയും ചെന്നാലും.

## സൂക്തം 155

ഋഷി - ഭരദ്വാജപുത്രൻ, ശിരിംഭിഠൻ,
ദേവത-അലക്ഷ്മി, ബ്രഹ്മണസ്പതി, വിശ്വദേവകൾ,
ഛന്ദസ്-അനുഷ്ടുപ്പ്

1 **അരായികാണേ വികടേ ഗിരിം ഗഛ,**
**സദാന്വേ ഗിരിം**
**ബിഠസ്യ സത്വഭി സ്തേഭിഷ്ട്വാ ചാതയാമസി**

ഹേ അലക്ഷ്മി ! നീ സദാദാനവിമുഖയാകുന്നു. നിന്റെ ആകൃതിയും ഭയങ്കരം. നീ ക്രോധത്തോടുകൂടി കുത്സിതശബ്ദം പുറപ്പെടുവിക്കുന്നു. നീ ഈ പർവ്വതത്തിലേക്കു വരൂ. ശിരിംബിഠനായ ഞാൻ നിന്നെ ജനസമ്പർക്കത്തിൽ നിന്നും അകറ്റുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു.

2 **ചത്തോ ഇതശ്ചത്താമുതഃ സർവ്വാ ഭൂണാന്യാരുഷീ**
**അരായ്യം ബ്രഹ്മണസ്പതേ തീക്ഷ്ണശൃംഗോ**
**ദൃപന്നിഹി**

ഈ അലക്ഷ്മി ! വൃക്ഷങ്ങളേയും ലതകളേയും അന്നാദികളേയും നശിപ്പിക്കുന്നവളാകുന്നു. ഇവൾ തന്നെ ദാരിദ്ര്യത്തേയും കൊണ്ടുവരുന്നു. ഞാനിവളെ ഈ ലോകത്തിൽ നിന്നും അതിനേക്കാൾ ദൂരത്തേക്കും ഓടിക്കുന്നു. ഹേ ബ്രഹ്മണസ്പൃതേ നിന്റെ തേജസ്സ് അത്യന്തം തീക്ഷ്ണമാകുന്നു. ദാന വിരോധിയും ദുഷ്കർമ്മിണിയുമായ ഈ അലക്ഷ്മിയെ നീ തന്നെ ഇവിടെ നിന്നും ഓടിക്കണമേ.

3 **അദോ യദ്ദാരു പ്ലവതെ സിന്ധോഃ പാരേ**
**അപുരുഷം**
**തദാ രഭസ്വ ദുർഹണോ തേന ഗഛ പരസ്തരം**

സമുദ്രതീരത്ത് ഉടമസ്ഥനില്ലാതെ ഒരു തടി കിടപ്പുണ്ട്. ഹേ അലക്ഷ്മി. നിന്റെ ആകൃതി ഭയങ്കരമാകുന്നു. നീ അതിൽ കയറി അക്കരക്കു പോകു.

4 **യദ്ധ പ്രാചീരജഗന്തോരോ മണ്ഡൂരധാണികീഃ**
**ഹതാ ഇന്ദ്രസ്യ ശത്രവഃ സർവേ ബുദ്ബുദയാശവഃ**

ഹേ അലക്ഷ്മി ! നീ ഹിംസിക്കുകയും കുത്സിതമായ ശബ്ദത്തോടുകൂടിയവളുമാണല്ലോ. നീ ഇവിടെ നിന്നും കടന്നുപോയപ്പോൾ ഇന്ദ്രന്റെ എല്ലാ ശത്രുക്കളും ജലത്തിലെ കുമിളകൾ പോലെ മറഞ്ഞു പോയി.

5 **പരീമേ ഗാമനേഷത പര്യഗ്നി മഹൃഷത**

**ദേവേഷ്വക്രത ശ്രവഃ കഇമാം ആ ദധർഷതി**

ഇവർ ഗോക്കളെ മോചിപ്പിച്ചു. അഗ്നിയെ അനേകം സ്ഥാന ങ്ങളിൽ പ്രതിഷ്ഠിച്ചു. ഇവർ ദേവകൾക്ക് ഹവിരാന്നം നൽകി. പിന്നെ ഇവരെ ആക്രമിക്കുവാൻ ആര് സമർത്ഥനാകും.

## സൂക്തം 156

ഋഷി- അഗ്നിപുത്രൻ കേതു ദേവത - അഗ്നി

ഛന്ദസ്സ് - ഗായത്രി

1 **അഗ്നി ഹിന്വന്തു നോ ധിയഃ സപ്തിമാശുമി**

**വാജിഷുതേന ജേഷ്മ ധനം ന്ധനം**

ദ്രുതഗാമിയായ അശ്വം മത്സരക്കളത്തിൽ പായിക്കപ്പെടുന്ന തുപോലെ അഗ്നിയെ ഞങ്ങളുടെ സ്ത്രോത്രങ്ങൾ ഓടിക്കണേ. ആ അഗ്നിയുടെ ആനുകൂല്യം പ്രാപിച്ച് യജമാനന്മാരായ ഞങ്ങൾ എല്ലാ ധനങ്ങളുടെ മേലും വിജയം പ്രാപിക്കണേ.

2 **യയാ ഗാ ആകരാമഹേ സേനയാഗ്നേ തവോത്യാ**

**താം നോ ഹിന്വ മഘത്തയേ**

ഹേ അഗ്നേ! നിന്റെ കൃപയാൽ ഞങ്ങൾ ഗോക്കളെ പ്രാപി ച്ചതുപോലെ സേനകളുടെ സഹായം നൽകുന്നവനായ നീ നിന്റെ രക്ഷാ സാധനങ്ങളെ ഞങ്ങൾക്കു കിട്ടുമാറാക്കണം. നിന്റെ കൃപയാൽ ഞങ്ങൾ ധനം പ്രപിക്കുന്നവരാകണേ.

3 **ആഗ്നേ സ്ഫുരം രയിം ഭര പൃഥും ഗോമന്തമശ്വിനം**

**അങ്ഗ്ധിസ്വം വർതയാ പണിം**

ഹേ അഗ്നേ നീ അസംഖ്യം ഗോക്കളേയും അശ്വങ്ങളേയും പ്രചുരമായ ധനവും ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. അന്തരീക്ഷ ത്തിൽ നിന്നും ജലം വർഷിക്കണമേ. കൂടാതെ വാണിജ്യകർമ്മത്തെ വൃദ്ധിപ്പെടുത്തുകയും ചെയ്യണേ.

4 **അഗ്നേ നക്ഷത്രമജരമാ സൂര്യം രോഹിതയോ ദിവി**

**ദധജ്ജ്യോതിർജനേഭ്യഃ**

ഹേ അഗ്നേ ജരാരഹിതനും പ്രകാശപൂർണ്ണനും അന്ത രീക്ഷത്തിൽ സദാസഞ്ചരിക്കുന്നവനുമായ സൂര്യനെ നീ തന്നെ ആകാ ശത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

5 **അഗ്നേ കേതുർ വിശാമസിഃ പ്രേഷ്ഠഃ ശ്രേഷ്ഠഃ**

**ഉപസ്ഥസത്**

**ബോധാ സ്തോത്രേ വയോ ദധത്**

ഹേ അഗ്നേ! എല്ലാ ദേവന്മാരിലും ശ്രേഷ്ഠനും സകല ജീവി കളേയും ജനിപ്പിക്കുന്നവനുമായ നീ എല്ലാത്തിനേയും സ്നേഹിക്കു ന്നു. നീ ഞങ്ങളുടെ യാഗവേദിയിൽ വിരീജിതനായി ഞങ്ങളുടെ സ്തു തികൾ ശ്രവിക്കുകയും അന്നം കൊണ്ടുപോകുകയും ചെയ്യണമേ.

## സൂക്തം 157

ഋഷി - അപ്ത്യപുത്രൻഭുവനനോ ഔവനപുത്രൻ

സാധനനോ ദേവത വിശ്വേദേവന്മാർ, ഛന്ദസ്-പംക്തി

1 **ഇമാനു കം ഭുവനാ സിഷധാമേന്ദ്ര ശ്ച**

**വിശ്വേ ചദേവാഃ**

ലോകത്തിലെ സകലജീവികളും ഞങ്ങൾക്കു സുഖം പ്രദാനം ചെയ്യട്ടെ. സമർത്ഥരായ ഇന്ദ്രാദി ദേവന്മാർ ഞങ്ങൾക്കു മംഗള മരുളണേ.

2 **യജ്ഞം ച നസ്തന്വം ച പ്രജാം ചാദിത്യൈ രിന്ദ്രഃ**

**സഹ ചീകില്യപാതി**

ഇന്ദ്രനും ആദിത്യന്മാരും ഞങ്ങളുടെ യജ്ഞത്തെ നിർവിഘ്നം പൂർണ്ണമാക്കട്ടെ. അവർ ഞങ്ങളുടെ ദേഹത്തിന്നാരോഗ്യം പ്രദാനം ചെയ്യ ട്ടെ. ഞങ്ങളുടെ പുത്രപൗത്രാദികളെ വ്യാധികളിൽ നിന്നും രക്ഷിക്ക ട്ടെ.

3 **ആദിത്യൈരിന്ദ്ര സഗണോ മരുദ് ഭരിസ്മാകം**

**ഭൂത്വവിതാ തനൂനാം.**

ആദിത്യന്മാരേയും മരുത്തുക്കളേയും സഹായികളാക്കി ഇന്ദ്രൻ ഞങ്ങളുടെ ശരീരത്തെ രക്ഷിക്കുമാറാകട്ടെ.

4 **ഹത്വായ ദേവാ അസുരാന്യദായ ന്ദേവാ**

**ദേവത്വമഭി രക്ഷമാണാഃ**

ദേവന്മാർ വൃതാദികളായ രാക്ഷസന്മാരെ കൊന്ന് തിരിച്ചെ ത്തിയപ്പോൾ അവരുടെ ദേവത്വം അക്ഷുണ്ണമായി.

5 **പ്രത്യഞ്ചമർക്കമനയശ്ചചീഭിരാദിത്**

**ധാസ്വമിഷിരാം പര്യപശ്യൻ**

പല രീതികളിലുള്ള സ്തുതികൾ ദേവന്മാരുടെ അടുത്തെ ത്തി. അപ്പോൾ അന്തരീക്ഷത്തിൽ നിന്നും ജലവൃഷ്ടിയുണ്ടാകുന്നതായി കാണപ്പെട്ടു.

## സൂക്തം 158

ഋഷി-സൂര്യപുത്രൻ ചക്ഷുസ്, ദേവത - സൂര്യൻ,

ഛന്ദസ്സ് - ഗായത്രി

1 **സൂര്യോനോ ദിവസ്പാതു വാതോ അന്തരീക്ഷാത്**

**അഗ്നിർനഃ പാർഥിവേഭ്യഃ**

സ്വർഗ്ഗലോകത്തിലെ ഉപദ്രവങ്ങളിൽ നിന്നും സൂര്യനും അന്ത രീക്ഷത്തിലെ ഉപദ്രവങ്ങളിൽ നിന്നും വായുവും ഭൂമിയിലെ ഉപദ്രവങ്ങ ളിൽ നിന്ന് അഗ്നിയും നമ്മെ വേണ്ടപോലെ രക്ഷിക്കട്ടെ.

2 **ജോഷാ സവിതര്യസ്യ തേ ഹരഃശതംഃ സവാം**

**അർഹതി**

**പാഹി നോ വിദ്യുതഃ പതന്ത്യാ**

ഹേ സവിതാവേ നീ ഞങ്ങളുടെ അനുഷ്ഠാനങ്ങൾ ,സ്വീകരി ക്കേണമേ, നിന്റെ തേജസ്സിന്റെ പ്രീതിക്കുവേണ്ടി ഒരു നൂറു യജ്ഞം നട ത്തപ്പെടുന്നു. ശത്രുക്കളുടെ മൂർച്ചയേറിയ ആയുധങ്ങളിൽ നിന്നും സമിതാ ദേവൻ ഞങ്ങളെ രക്ഷിക്കട്ടെ.

3 **ചക്ഷുർ നോ ദേവഃ സവിതാ ചക്ഷുർ**

**ന ഉത പർവ്വതഃ**

**ചക്ഷുർ ധാതാ ദധാതു നഃ**

സവിതാ ദേവൻ ഞങ്ങൾക്കു കാഴ്ച ശക്തി നൽകട്ടെ. പർവ്വതം ഞങ്ങൾക്കു കാഴ്ചശക്തി നൽകട്ടെ. വിധാതാവ് ഞങ്ങളുടെ കണ്ണുകൾക്ക് ജ്യോതിസ്സ് പ്രദാനം ചെയ്യട്ടെ.

4 **ചക്ഷുർ നോ ധേഹി ചക്ഷുഷേ ചക്ഷുർ**

**വിഖ്യൈ തനൂഭ്യഃ സചേദം വി ച പശ്യേമ**

ഹേ സൂര്യാ! ഞങ്ങൾക്ക് ദർശന ശക്തി നൽകണേ. എല്ലാ

പദാർത്ഥങ്ങളും നല്ല പോലെ കാണുന്നതിന് ഞങ്ങളുടെ കണ്ണുകളെ പ്രകാശപൂർണ്ണമാക്കണേ. ഞങ്ങൾ ലോകത്തിലെ എല്ലാ വസ്തുക്കളും ശരിയായ രീതിയിൽ കാണുന്നതിന് സമർത്ഥരാകട്ടെ.

5 **സുസന്ദൃശം ത്വാ വയം പ്രതി പശ്യേമ സൂര്യ:**
**വി പശ്യേമ നൃചക്ഷസഃ**

ഹേ സൂര്യ! നിന്നെ ദർശിച്ചുകൊണ്ടിരിക്കത്തക്ക വിധം ഞങ്ങളെ അനുഗ്രഹിച്ചാലും. യാതൊരു വസ്തുക്കളെ മനുഷ്യനേത്രങ്ങൾകൊണ്ട് ദർശിക്കുവാൻ കഴിയുന്നുവോ അവ കാണുന്നതിനുള്ള കാഴ്ച ശക്തി പ്രദാനം ചെയ്യണമേ

## സൂക്തം 159

ഋഷി - പുലാമ പുത്രി ശചി-ദേവത, ശചി
ഛന്ദസ്, - അനുഷ്ടുപ്

1 **ഉദസൗ സൂര്യോ അഗാദുദയും മാമകോഭഗഃ**
**അഹം തദ്വിദ്വലാ പതിമഭ്യസാക്ഷി വിഷാ സഹിഃ**

സൂര്യോദയം എന്റെ ഭാഗ്യോദയമാകുന്നു. ഞാനെന്റെ പതിയെ വശത്താക്കികഴിഞ്ഞു.

2 **അഹം കേതു രഹം മൂർധാഹ മുഗ്രാ വിവാചനീ**
**മമേദനു ക്രതും പതിഃ സേഹനായ ഉപാചരേത്**

ഞാനീ വീടിന്റെ ശിരസ്സുപോലെ മുഖ്യയും ധ്വജാരൂപയുമാകുന്നു. ഞാനെന്റെ പതിയെ ആകർഷിച്ച് അവന്റെ മധുര വചനങ്ങളെ ശ്രവിക്കുന്നു. അവൻ എന്നെ സർവ്വോപരിയായി മാനിച്ച് എന്റെ കാര്യങ്ങൾ സഹഭാവത്തോടെ അംഗീകരിക്കുകയും ഇഷ്ടം പോലെ പെറുമാറുകയും ചെയ്യുന്നു.

3 **മമ പുത്രാ : ശത്രു ഹണോഥോ മേ ദുഹിതാ വിരാട്**
**ഉതാഹമസ്തി സജ്ഞയാ പത്യൗ മേ**
**ശ്ളോക ഉത്തമഃ**

എന്റെ പുത്രൻ പരാക്രമിയാകുന്നു എന്റെ പുത്രി അത്യന്തം രൂപവതിയും ശോഭാമയിയുമാകുന്നു. എല്ലാവരേയും എന്റെ ഭരണത്തിൽ ഞാൻ നിലനിർത്തുന്നു.

4 **യേനേന്ദ്രോ ഹവിഷാ കൃത് വ്യഭവദ് ദ്യുമ്ന്യുത്തമഃ**
**ഇദം തദക്രി ദേവാ അസപത്നാകിലാ ഭൂവം**

ഏതൊന്നിൽ ഇന്ദ്രൻ മഹത്തായ ബലവും ഔൽകൃഷ്ട്യവും പ്രാപിച്ചുവോ ദേവന്മാർക്കുള്ള ആ യജ്ഞം ഞാനും നടത്തിയിരിക്കുന്നു. ഹേ ദേവകളെ ഇപ്പോൾ നിന്റെ ശത്രുക്കളെല്ലാം പരാജയമടഞ്ഞിരിക്കുന്നു.

5 **അസപത്നാ സപത്നഘ്നീ ജയന്ത്യ ഭി ഭൂവരി**
**ആവൃക്ഷമന്യാസാം വർചോ രാധോ അസ്ഥേയ**
**സാമിവ**

എന്റെ ശത്രുക്കൾ വിജയം പ്രപിക്കുന്നില്ല. എനിക്കവരെ മാറ്റുവാൻ കഴിയും. എന്റെ ശത്രുക്കൾ ജിവിക്കിന്നില്ല. എന്തുകൊണ്ടെന്നാൽ അവരെ തോൽപ്പിക്കുവാൻ ഞാൻ സമർത്ഥയാകുന്നു. ദുർബലന്റെ ധനത്തെ മറ്റുള്ളവർ തട്ടിയെടുക്കുന്നതുപോലെ ഞാൻ മറ്റു സ്തീകളുടെ അഹങ്കാരത്തെ പൊടിയാക്കിക്കളയുന്നു.

6 **സമജൈഷമി മാ അഹം സപത്നീര ഭിഭൂവരി**
**യഥാഹമസ്യ വീരസ്യ വിരീജാനി ജനസ്യ ച**

ഞാൻ സപത്നിമാരുടെ മേൽ വിജയം പ്രാപിച്ച് അവരെ പരാജിതകളാക്കുന്നു. ഞാനെന്റെ പ്രഭാവത്താൽ വീരനായ ഇന്ദ്രന്റെ ഭർത്താവിന്റെ മേൽ ഭരണം നടതതുകയും ചെയ്യുന്നു.

## സൂക്തം 160

ഋഷി - വിശ്വാമിത്രൻ, പുരണൻ - ദേവത-ഇന്ദ്രൻ
ഛന്ദസ് -തിഷ്ടുപ്

1 **തീവ്രസ്യാഭിവയസോ അസ്യ പാഹി**
**സർവരഥാ വിഹരീ ഇഹ മുഞ്ച**
**ഇന്ദ്ര മാ ത്വാ യജമാനാസോ അന്യേ ഹീ രീരമന്തു**
**ഭ്യമിമേ സുതാ സഃ**

ഈ സോമരസം അത്യന്തം തീവ്രഗുണത്തോടുകൂടിയതാകുന്നു. ഇതിൽ മറ്റുവസ്തുക്കളും ചേർക്കപ്പെട്ടിരിക്കുന്നു. ഹേ ഇന്ദ്രാ ഇതു പാനം ചെയ്താലും.നീ നിന്റെ രഥത്തെ ഇങ്ങോട്ടു കൊണ്ടു വരുവാൻ ആ കുതിരകളെ പ്രേരിപ്പിച്ചാലും മറ്റുള്ള യജമാനന്മാർക്ക് നിന്നെ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല. അതിനാൽ ഈ സോമ മധു പിഴിയപ്പെട്ടിരിക്കുന്നു.

2 **തുഭ്യം സുതാസ്തുഭ്യമു സോത്വാ സസ്ത്വാം**
**ഗിരഃ ശ്വാത്ര്യാ ആ ഹ്വയന്തി**
**ഇന്ദ്രേദമദ്യ സവനം ജൂഷാണോ വിശ്വസ്യ വിദ്വാം**
**ഇഹ പാഹി സോമം**

ഹേ ഇന്ദ്രാ പിഴിഞ്ഞ സോമം നിനക്കുവേണ്ടിയാകുന്നു. ഉച്ചരിക്കപ്പെട്ട സ്തോത്രങ്ങളെല്ലാം നിന്നെ ആഹ്വാനം ചെയ്യുന്നു. അതിനാൽ ഞങ്ങളുടെ യാഗത്തെ സ്വീകരിച്ചാലും. ഹേ സർവജ്ഞനായ ഇന്ദ്രാ നീ ഇവിടെ ആഗതനായി സോമം നുകർന്നാലും.

3 **യ ഉശതാ മനസാ സോമമസ്മൈ സർവഹ്രദാ**
**ദേവകാമഃ സുനോതി**
**നഗാ ഇന്ദ്രസ്തസ്യ പരാ ദദാതി പ്രശസ്തമിച്ചാ**
**രുമസ്മൈ കൃണോതി**

യാതൊരു ദേവകാമൻ സാഭിലാഷമായ പൂർണ്ണമനസ്സോടെ ഇന്ദ്രനു സോമം പിഴിയുന്നുവോ അവന്റെ ഗോക്കളെ നീ ക്ഷയിപ്പിക്കുകയില്ല. അവനു ശോഭനവും പ്രശസ്തവുമായ ധനം കല്പിച്ചുകൊടുക്കും.

4 **അനുസ്പഷ്ടോ ഭവത്യേഷോ അസ്യ യോ**
**അസ്മൈ രേവാന്ന സുനോതി സോമം**
**നിരരത്നൗ മഘവാ തം ദധാതി ബ്രഹ്മദ്വിഷോ**
**ഹന്ത്യനാനുദിഷ്ടഃ**

ഐശ്വര്യവാനായ യായൊരുത്തൻ ഇന്ദ്രന് സോമമധു പിഴിയുന്നുവോ അവന് ഇന്ദ്രൻ ദർശനം നൽകി കൃതാർത്ഥനാകുന്നു . അവൻ അവന്റെ അനുഷ്ഠാനങ്ങളിൽ ആഗതനായി അവന്റെ കരങ്ങളെ സ്പർശിക്കുന്നു. സൽക്കർമ്മ വിദ്വേഷിയായവനെ ഇന്ദ്രൻ നശിപ്പിക്കുന്നു.

5 **അശ്വയന്തോ ഗവ്യന്തോ വാജയന്തോ ഹവാമഹേ**
**ത്വോപഗന്തവാ ഉ**
**ആഭൂഷന്തസ്തേ സുമതൗ നവായാം വയമിന്ദ്രത്വാ**
**ഇനം ഹുവേമ**

ഹേ ഇന്ദ്രാ ഗോക്കളേയും അശ്വങ്ങളേയും അന്നവും ആശി

ക്കുന്ന ഞങ്ങൾ നിന്റെ ആഗമനത്തെ പ്രതീക്ഷിക്കുന്നു. ഞങ്ങൾ നൂതനമായ ഈ സ്തോത്രം നിനക്കായി രചിച്ചിരിക്കുന്നു. കല്യാണകാരിയായ നിന്നെ ഞങ്ങൾ വിളിക്കുന്നു.

## സൂക്തം 161

ഋഷി-പ്രജാപതി പുത്രൻ യക്ഷ്മനാശനൻ, ദേവത - ഇന്ദ്രൻ ഛന്ദസ് ത്രിഷ്ടുപ്പ് , അനുഷ്ടുപ്പ്

1 **മുഞ്ചാമി ത്വാ ഹവിഷാ ജീവനായ കമജ്ഞാ**
**ത യക്ഷ്മ ദുത രാജയക്ഷ്മാത്**
**ഗ്രാഹിർ ജഗ്രാഹ യദി വൈതദേനം തസ്യാ**
**ഇന്ദാഗ്നീ പ്ര മുമുക്തമേനം**

ഹേ രാഗീ ഞാൻ നിന്നെ അജ്ഞാതമായ ക്ഷയത്തിൽ നിന്നും യജ്ഞാനുഷ്ഠാനം വഴിയായി മോചിപ്പിക്കുന്നു. ഇപ്രകാരം നീ രക്ഷപ്പെടും. ഏതെങ്കിലും പാപഗ്രഹം ഈ രോഗിയെ അതിന്റെ പാശത്തിൽ വീഴ്ചിരിക്കുകയാണെങ്കിൽ ഇന്ദ്രനും അഗ്നിയും ഇവനെ ആ പാശത്തിൽ നിന്നും മോചിപ്പിക്കണേ.

2 **യദിക്ഷിതായുര്യ ദിവാ പരേതോ യദി**
**മൃത്യോരന്തികം നീത ഏവ**
**തമാ ഹരാമി നിർഋതേരു പസ്ഥാദസ് പാർഷമേനം**
**ശതശാരദായ**

ഈ രോഗിയുടെ ആയുസ്സ് ക്ഷീണിച്ചിരിക്കാം. ഇവൻ ഈ ലോകത്തിൽ നിന്നും കടന്നുപോയതിനുതുല്യമായിരിക്കാം. ഇവൻ മൃത്യുവിന്റെ വായിൽ ചെന്നുകഴിഞ്ഞിരിക്കാം. എങ്കിലും ഞാനവനെ മൃത്യുദേവതയായ നിരുതിയുടെ അടുക്കൽ നിന്നും മടക്കിക്കൊണ്ടുവരും. ഇവൻ എന്റെ സ്പർശനത്താൽ നൂറുകൊല്ലം ജീവിക്കുക തന്നെ ചെയ്യും.

3 **സഹസ്രാക്ഷേണ ശതശാരദേന ശതായുഷാ**
**ഹവിഷാഹാർഷമേനം**
**ശതം യഥേമം ശരദോ നയാതീന്ദ്രോ വിശ്വസ്യ**
**ദുരിതസ്യ പാരം**

ഞാൻ യായൊരാഹൂതി നൽകിയിരിക്കുന്നുവോ അത് ആയിരം നേത്രങ്ങളോടുകൂടിയതാകുന്നു. അത് നൂറുവർഷത്തെ ആയുസ്സ് പ്രദാനം ചെയ്യുന്നു. ഞാൻ ആ ആഹൂതിയുടെ പ്രഭാവത്താൽ തന്നെ ഈ രോഗിയെ വീണ്ടും തിരിച്ചുകൊണ്ടുവന്നിരിക്കുന്നു. ഇന്ദ്രൻ അവനെ സകല ദോഷങ്ങളിൽ നിന്നും മുക്തനാക്കി ഒരു നൂറുവർഷതതെ ആയുസ്സ് നൽകുമാറാകട്ടെ.

4 **ശതം ജീവ ശരദോ വർധമാനഃ ശതം**
**ഹേമന്താഞ്ചരതമു**
**വസന്താൻ ശതമിന്ദ്രാഗ്നീ സവിതാ**
**ബൃഹസ്പതിഃ ശതായുഷാ ഹവിഷേമം പുനർദ്ദുഃ**

ഹേ രോഗീ നീ നൂറു സംവത്സരക്കാലം ജീവിച്ചിരിക്കൂ. നീ സുഖത്തോടുകൂടി നൂറുവസന്തവും നൂറു ഹേമന്തവും വരെ ജീവിക്കും. ഇന്ദ്രനും അഗ്നിയും ബൃഹസ്പതിയും സവിതാവും ഈ അനുഷ്ഠാനത്തിൽ ഞങ്ങളുടെ ഹവിസ്സുകളിൽ പ്രസന്നരായി ഇവനെ ശതായുഷ്മാനാക്കട്ടെ.

5 **ആഹാർഷം ത്വാവിദം ത്വാ പുനരാഗാഃ പുനർനവ**
**സർവാങ്ഗ സർവം തേ ചക്ഷുഃ സർവമായുശ്ച**
**തേ വിദം**

ഹേ രോഗീ! ഞാൻ നിന്നെ കൊണ്ടുപോന്നിരിക്കുന്നു. ഞാൻ നിന്നെ തിരിച്ചു കൊണ്ടുവന്നിരിക്കുന്നു. നാ വീണ്ടും ഇവിടെ നവീനനായി വന്നിരിക്കുന്നു. ഞാൻ നിന്റെ എല്ലാ അവയവങ്ങളേയും നേത്രങ്ങളേയും പരമായുസ്സിനേയും തിരികെ നേടിയിരിക്കുന്നു.

## സൂക്തം 162

ഋഷി - ബ്രഹ്മപുത്രൻ, രക്ഷോഹാവ്. ദേവത-ഗർഭരക്ഷ, ഛന്ദസ് - അനുഷ്ടുപ്പ്

1 **ബ്രഹ്മണാഗ്നിഃസംവിദാനോ രക്ഷോഹാ**
**ബാധതാ മിതിഃ**
**അമീവായസ്തേ ഗർഭം ദുർണാമാ യോനീ മാശയേ**

അഗ്നി രാക്ഷസ സംഹാരകനാവുന്നു. അവൻ ഞങ്ങളുടെ സ്ത്രോത്രങ്ങളിൽ സന്തുഷ്ടനായി സകല വിഘ്നങ്ങളും അകറ്റണേ. അവൻ ഞങ്ങളുടെ എല്ലാ ഉപദ്രവങ്ങളേയും ശാന്തമാക്കണേ.ഹേ നാരി ഏതു ഉപദ്രവത്താൽ നീ രോഗിണിയായിരിക്കുന്നുവോ ആ ഉപദ്രവങ്ങളെയെല്ലാം അഗ്നിദേവൻ തുരത്തിയോടിക്കണേ.

2 **യസ്തേ ഗർഭമമീവാ ദുർണാമാ യോനീമാശയേ**
**അനിഷ്ടം ബ്രഹ്മണാ സഹ നിഷ്ക്രവ്യാദമനീനശത്**

ഹേ നാരീ എതെല്ലാം പിശാചുക്കളും രാക്ഷസന്മാരും നിന്റെ ദേഹത്തെ ആക്രമിചചിരിക്കുന്നുവോ അവയെ അഗ്നിദേവൻ ഞങ്ങളുടെ സ്തോത്രങ്ങളിൽ സന്തുഷ്ടനായി നശിപ്പിക്കണേ.

3 **യസ്തേഹന്തി പതയന്തം നിഷത്സ്നും യഃ**
**സരീസൃപം**
**ജാതം യസ്തേ ജിഘാം സതി തമിതോ**
**നാശയാമസി**

ഹേ നാരി രോഗരൂപമാകുന്ന യാതൊരു പിശാച് നിന്റെ ഗർഭത്തെ നശിപ്പിക്കാനാഗ്രഹിക്കുന്നുവോ അതിനെ നിന്റെ ദേഹത്തിൽ നിന്നും ഞങ്ങൾ ആട്ടിയോടിക്കുന്നു.

4 **യസ്ത ഊരൂ വിഹരത്യന്തരാ ദമ്പതീശയേ**
**യോനീം യോ അന്തരാരേളിഹ തമിതോ**
**നാശയാമസി**

നിന്നെ നിശ്ശേഷ്ടയാക്കി നിന്റെ ബലത്തെ വലിച്ചെടുക്കുന്ന രോഗത്തെ ഞങ്ങൾ നിന്റെ ശരീരത്തിൽ നിന്നും അകറ്റുന്നു.

5 **യസ്ത്വാഭ്രാതാ പതിർഭൂത്വാ ജരോ ഭൂത്വാ**
**നിപദ്യതേ**
**പ്രജാം യസ്തേ ജിഘാം സതി തമിതോ**
**നാശയാമസി**

ഹേ നാരീ! നിന്നെ ബാധിച്ചിരിക്കുന്ന രോഗത്തെ അഥവാ നിന്റെ സന്താനത്തെ നശിപ്പിക്കുവാൻ തല്പരമായിരിക്കുന്നതിനെ നിന്റെ ദേഹത്തുനിന്നും പുറത്താക്കുന്നു.

5. **യസ് ത്വാ സ്വപ്നേ തമസാ മോഹയിത്വാ**
**നിപദ്യതേ**
**പ്രജാം യസ്തേ ജിഘാംസതി തമിതോ**
**നാശയാമസി**

ഹേ നാരീ! ആലസ്യരൂപത്തിൽ നിദ്രവഴി നിന്നെ പ്രാപിച്ചിരിക്കുന്ന വ്യാധിയേയും, നിന്റെ ഗർഭസ്ഥമായ ശിശുവിനെ നശിപ്പിക്കുവാൻ

തത്പരമായിരിക്കുന്നതിനേയും ഞങ്ങൾ നിന്റെ ശരീരത്തിൽ നിന്നും ഓടിക്കുന്നു.

## സൂക്തം 163

ഋഷി - കശ്യാപഗ്രോത്രൻ, വിവൃഹാവ് ദേവത-രോഗ ശാന്തി ഛന്ദസ് - അനുഷ്ടുപ്

1 **അക്ഷീഭ്യാം തേ നാസികാഭ്യാം കർണാഭ്യം ഛുബുകാദധി**
**യക്ഷ്മം ശീർഷണ്യം മസ്തിഷ്കാജിഹ്വായാ വി വൃഹാമിതേ**

ഹേ രോഗി! നിന്റെ ചെവികളിൽ നിന്നും കണ്ണുകളിൽ നിന്നുംചുമലുകളിൽ നിന്നും ശിരസ്സിൽ നിന്നും മസ്തിഷ്കത്തിൽ നിന്നും ജിഹ്വയിൽ നിന്നും താടി മുതലായവകളിൽ നിന്നും യക്ഷ്മാ രോഗത്തെ ഞാൻ പുറത്താക്കുന്നു.

2 **ഗ്രിവാഭ്യസ്ത ഉഷ്ണിഹാഭ്യ : കീക സാഭ്യോ അനൂക്യാത് യക്ഷ്മം**
**ദോഷണ്യമംസാഭ്യാം ബാഹുഭ്യാം വി വൃഹാമിതേ**

ഹേ രോഗി നിന്റെ കഴുത്തിലെ ധമനികളിലും അസ്ഥിക ളുടെ സന്ധികളിലും ബാഹുക്കളിലും തോളിലും സ്നായു മുതലായവ കളിലും ബാധിച്ചിരിക്കുന്ന രോഗങ്ങളെ പുറത്താക്കുന്നു.

3 **അന്ത്രേഭ്യസ്തേ ഗുദാഭ്യോ വിനിഷ്ടോർഹൃദയാദധി**
**യക്ഷ്മം മതസ്നാഭ്യാം യക്നഃ പ്ലാശിഭ്യോ വിവൃഹാമി തേ**

ഹേ രോഗി നിന്റെ അന്നനാളത്തിലും ക്ഷുദ്രനാഡികളിലും ഹൃദയത്തിലും മൂത്രാശയത്തിലും നട്ടെല്ലിലും യക്ക്ളതിലും മാംസത്തിൽ നിന്നും ബോധിച്ചിരിക്കുന്ന രോഗത്തെ ഞാൻ പുറത്താക്കുന്നു.

4 **ഊരുഭ്യാം തേ അഷ്ഠീവദ്ഭ്യാം പാർഷ്ണിഭ്യാം പ്രപദാഭ്യാം**
**യക്ഷ്മം ശ്രോണിഭ്യാം ദാസദാഭ്ദസസോ വിവൃഹാമിതേ**

ഹേ രോഗി നിന്റെ ജംഘകളിൽ നിന്നും ഗുല്ഫങ്ങളിൽ നിന്നും പാദങ്ങളിൽ നിന്നും തുടയിൽ നിന്നും കാൽമുട്ടിൽ നിന്നും കടിപ്രദേശത്തുനിന്നും നിന്റെ എല്ലാ വ്യാധികളേയും ഞാൻ മാറ്റുന്നു.

5 **മോഹനാദ്വനം കരണാല്ലോമഭ്യസ്തേ നാഖേഭ്യം**
**യക്ഷ്മം സർവ്വസ്മാദാത് മനസ്തമിദം വി വൃഹാമിതേ**

ഹേ രോഗി നിന്റെ രോമങ്ങളിൽ നിന്നും നഖാദികളായ ശരീ രത്തിന്റെ എല്ലാ ഉപാംഗങ്ങളിൽ നിന്നും ഞാൻ രോഗത്തെ മാറ്റുന്നു.

6 **അങ്ഗാദങ് ഗാല്ലോ മ്നോലാമ്നോ ജതോ പർവണി പർവണി**
**യക്ഷ്മം സർവ്വസ്മാദാത് മനസ്തമിദം വിവൃഹാമി തേ**

ഹേ രോഗി നിന്റെ ശരീരത്തിന്റെ ഓരോ സന്ധിസ്ഥാനങ്ങ ളിൽ നിന്നും രോമാദി സർവ്വാംഗങ്ങളിൽ നിന്നും മറ്റെവിടെയെങ്കിലും രോഗം ഉത്ഭവിച്ചിട്ടുണ്ടെങ്കിൽ ഞാനാരോഗത്തെ പുറത്താക്കുന്നു.

## സൂക്തം 164

ഋഷി - അംഗിരഗോത്രൻ. പ്രചേതസ്സ്.
ദേവത-ദുഃ സ്വപ്നശാന്തി ത്രിഷ്ടുപ്, പംക്തി

1 **അപേഹി മനസസ്പതേ പ ക്രാമ പര ശ്ചര**
**പരോ നിർഋത്യാ ആ ചക്ഷ്വ ബഹുധാ ജീവതോ മനഃ**

ഹേ ദുഃ സ്വപ്നമേ ! നീ ഞങ്ങളുടെ മനസ്സിൽ അധികാകരം നടത്തിയിരിക്കുന്നു. നീ ഇനി ഇവിടെ നിന്നും ഓടിപ്പോയി വളരെ അക ലത്തെങ്ങാനും വസിച്ചുകൊള്ളുക. ഞങ്ങളിൽ നിന്നും വളരെ അക ലെയായി വസിക്കുന്ന നിതൃതിയോടു പറയണം. ഞങ്ങളുടെ മേൽ കൃപ ചെയ്യണമെന്ന്. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ അഭിലാഷങ്ങൾ വളരേ യാണ്. അവൾ അഭിലാഷങ്ങളെ നശിപ്പിക്കുന്നവളുമാണ്.

2 **ഭദ്രം വൈവരം വൃണതേഭദ്രം യുജന്തീ ദക്ഷിണം.**
**ഭദ്രം വൈവസ്വതേ ചക്ഷുർ ബഹുത്രാ ജീവതോ മനഃ**

ജീവനുള്ള മനുഷ്യൻ വളരെ അഭിലാഷങ്ങളോടുകൂടിയവനാ ണ്. അവൻ ശ്രേഷ്ഠമായ അഭീഷ്ടസമ്പത്തിനെ കാമിക്കുന്നു. അവൻ നല്ല ഫലം പ്രാപിക്കാനുള്ള ആശയോടു കൂടി സദാ ജീവിക്കുന്നു. യമ രാജൻ അവനെ തന്റെ മംഗളമയമായ ചക്ഷുസ്സുകൾ കൊണ്ട് നോക്കു ന്നു.

3 **യദാശസാ നിഃ ശസാഭിശസോ പാരിമ ജാഗ്രതോ യത് സ്വപന്തഃ**
**അഗ്നിർവിശ്വാന്യാപ ദുഷ്കൃതാന്യജുഷ്ഠാന്യാരേ അസ്മദ്ദധാതു**

സ്വന്തം ആശകളെ ഫലവത്താക്കുന്നതിനുവേണ്ടി നിദ്രാവ സ്ഥയിലോ ജാഗ്രദാവസ്ഥയിലോ ചെയ്തുപോയ പാപങ്ങളെ അഗ്നിദേ വൻ ഞങ്ങളിൽ നിന്നും ദൂരത്താക്കണേ.

4 **യദിന്ദ്ര ബ്രഹ്മണസ്പതേ ഭിദ്രോഹം ചരാമസി**
**പ്രചേതന അംഗിരസോ ദ്വിപതാം പാത്വംഹസഃ**

ഹേ ഇന്ദ്രാ ബ്രഹ്മണസ്പതേ. ഞങ്ങൾ ചെയ്ത് ദുഷ്കർമ്മ ങ്ങളുടെ ഫലസ്വരൂപമായി യാതൊരമംഗളമുണ്ടാകുന്നുവോ അമംഗള രൂപമായ ആ ശത്രുവിൽ നിന്നും അംഗിരസ്സായ പ്രചേതസ് രക്ഷിക്കു മാറാകട്ടെ.

5 **അജൈഷ്മാ ദ്യാസനാമ ചാഭൂമാനാഗസോ വയം**
**ജാഗ്രത് സ്വപ്നഃ സങ്കല്പഃ പാപോയം ദ്വിഷ്മസ്ത സ ഋഛതു യോ നോ ദ്വേഷ്ടി തമൃഛതു**

ഇന്ന് ഞങ്ങളുടെ വിജയമുണ്ടായിരിക്കുന്നു. പ്രാപിക്കേണ്ട വൈഭവങ്ങളെ പ്രാപിച്ചുകഴിഞ്ഞു. ഞങ്ങൾ എല്ലാ അപരാധങ്ങളിൽ നിന്നും മുക്തരായി കഴിഞ്ഞു. ഞങ്ങളുടെ സുഷുപ്താവസ്ഥയിലോ അഥവാ വാക്കുകളിലോ സംജാതമായ പാപത്തിന്റെ ദുഷ്ഫലം ഞങ്ങ ളുടെ ശത്രുക്കളെ പീഡിപ്പിക്കണേ. ഞങ്ങൾ ആരെ വെറുക്കുന്നുവോ അവരെ തന്നെ അത് പ്രാപിക്കണേ.

## സൂക്തം 165

ഋഷി – നൈർഋതിപുത്രൻ കപോതൻ. വിശ്വദേവതകൾ
ഛന്ദസ്സ്ത്രിഷ്ടുപ്പ്

1 **ദേവാഃ കപോത ഇഷിതോ യദിഛന്ദൂതോ നിർ ഋത്യാ ഇദമാജഗാമ**
**തസ്മാ അർചാമ കൃണവാമ നിഷ്കൃതിം ശം നോ അസ്തു ദ്വിപദേ ശം ചതുഷ്പദേ**

ഹേ വിശ്വ ദേവന്മാരെ ഈ പരാവ്യതൻ നിദ്യതിയാലക്കപ്പെട്ട ദൂതനാകുന്നു. ഇവൻ ഞങ്ങളെ പീഡിപ്പിക്കുവാൻ ഞങ്ങളുടെ വീട്ടിൽ വന്നിരിക്കുന്നു. ഈ കപോതനെ ഞങ്ങൾ പൂജിക്കുന്നു. ഈ അമംഗ ളത്തെ ഞങ്ങളുടെ അടുക്കൽ നിന്നും അകറ്റുന്നു. ഇവനിൽ കൂടി ഞങ്ങളുടെ ഗോക്കളും അശ്വാദിമൃഗങ്ങളും പുത്രപൗത്രാദികളും ദാസി കളായ എല്ലാ മനുഷ്യരും വ്യാധികളിൽ കുരുങ്ങാതിരിക്കണേ.

2 **ശിവഃ കപോത ഇഷിതോ നോ അസ്ത്വാനാഗാ ദേവാ ശകുനോ ഗൃഹേഷു**
**അഗ്നിർഹി വിപ്രോ ജൂഷതാം ഹവിർനഃ പരിഹേതിഃ പക്ഷിണീ നോ വൃണക്തു**

ഹേ വിശ്വ ദേവന്മാരേ! ഞങ്ങളുടെ വീട്ടിലേക്കു പ്രേരിപ്പിക്ക പ്പെട്ട കപോതൻ ഞങ്ങൾക്ക് അമംഘളം വരുത്താതിരിക്കണേ. മംഗളദാ യകനായി ഭവിക്കണേ. ജ്ഞാനിയും ഞങ്ങളുടെ സ്വജനവുമായ അഗ്നി ഞങ്ങളുടെ ഹവിസ്സിനെ സ്വീകരിക്കുമാറാകണേ. അതിനാൽ ചിറകുള്ള ആയുധം ഞങ്ങളെ വിട്ട് മറ്റെവിടെയെങ്കിലും കടന്നുപോക ട്ടെ.

3 **ഹേതിഃ പക്ഷിണീ ന ദഭാത്യ സ്മാനാഷ്ടയാം പദം കൃണുതേ അഗ്നിധാനേ**
**ശംനോ ഗോഭ്യശ്ച പുരുഷേഭ്യശ്ചാസ്തു മാ നോ ഹിംസീദിഹ ദേവാഃ കപോതഃ**

ഈ ചിറകുള്ള കപോതം ഞങ്ങളെ ഹിംസിക്കരുത്. ഞങ്ങൾക്കിതായുധമാകാതിരിക്കട്ടെ. വിസ്തൃതമായ സ്ഥാനത്ത് അഗ്നി ദേവൻ പ്രതിഷ്ഠിതനായിരിക്കുന്നു. ഇവനും ആ സ്ഥാനത്തുതന്നെ ഇരി ക്കട്ടെ. ഹേ ദേ ദേവന്മാരെ, ഈ കപോതൻ ഞങ്ങൾക്ക് അമംഗളകാര ണമാകാതിരിക്കട്ടെ. ഞങ്ങളുടെ മനുഷ്യർക്കും മൃഗങ്ങൾക്കും മംഗളമു ണ്ടാകണേ.

4 **യദലൂ കോ വദതി മോഘമേദ്യേത് കപോത പദമഗ്നൗ കൃണോതി**
**യസ്യദൂതഃ പ്രഹിത ഏഷ ഏതത്തസ്മൈ യമായ നമോ അസ്തു മൃത്യുവേ**

ഈ ഉലൂകത്തിന്റെ അമംഗളസൂചകമായ ശബ്ദം വ്യർത്ഥമാ കണേ. ഈ കപോതൻ അഗ്നിസ്ഥാനത്തിരിക്കുന്നു. ആരുടെ ദൂതനായി ഈ കപോതൻ ഞങ്ങളുടെ വീട്ടിൽ വന്നിരിക്കുന്നുവോ മൃത്യുരൂപനായ ആ യമരാജനെ ഞങ്ങൾ പ്രണമിക്കുന്നു.

5 **ഋചാ കപോതംനുദത പ്രണോദമിഷം മദന്തഃ പരി ഗാം നയധ്വം**
**സംയോപയന്തോ ദുരിതാനി വിശ്വാ ഹിത്വാന ഊർജ്ജം പ്രപാത് പതിഷ്ഠഃ**

ഹേ ദേവന്മാരെ! ഈ കപോതൻ വീട്ടിലിരിക്കുവാൻ യോഗ്യ നല്ല. നിങ്ഹളുടെ പ്രഭാവത്താൽ ഇവനെ ആട്ടിപ്പായിക്കേണമേ. ഇവ യിൽ നിന്നും ഉണ്ടാകുന്ന അമംഗള ശങ്കയെ നശിപ്പിച്ച് ഞങ്ങളുടെ ഗോക്കൾക്ക് സുഖമായ ആഹാരം കിട്ടുമാറാകണേ. അതിവേഗം പറ ക്കുന്ന ഈ പ്രാവ് ഞങ്ങളുടെ അന്നത്തെ ഉപേക്ഷിച്ച് എവിടെ എങ്കിലും പോകട്ടെ.

## സൂക്തം 166

ഋഷി-വീരാജ പുത്രനോ , ശാക്വരപുത്രനോ ആയ ഋഷഭൻ ദേവത - സപത്നി നാശം , ഛന്ദസ്സ് അനുഷ്ടുപ്പ്, പംക്തി

1 **ഋഷഭം മാ സമാനാനാം സപത്നാനാം വിഷാ സഹിം ഹന്താരം ശത്രൂണാം കൃധി വിരാജം ഗോപതിംഃ ഗവാം**

ഹേ ഇന്ദ്രാ എന്നെ എന്റെ തുല്യരിൽ ശ്രേഷ്ഠനാക്കിയാലും. ഞാനെന്റെ ശത്രുക്കളുടെ മേൽ വിജയം പ്രാപിക്കട്ടെ.എന്റെ വിരോധി കളെ സംഹരിക്കട്ടെ. അങ്ങയുടെ കൃപയോടു കൂടി സർവ്വോല്കൃഷ്ട നായി മഹാഗോ ധനത്തെ പ്രാപിക്കും.

2 **അഹമസ്മി സപത്ന ഹേന്ദ്ര ഇവാരിഷ്ടോ അക്ഷതഃ**
**അധഃ സപത്നാ മേ പദോരി മേ സർവേ അഭിഷ്ടതാഃ**

ഞാൻ ശത്രുക്കളെ വിധ്വംസച്ചു കഴിഞ്ഞിരിക്കുന്നു. ഇനി എന്നെ ഹിംസിക്കുവാൻ ആർക്കും കഴിയില്ല. എന്റെ ശത്രുക്കളെല്ലാം എന്റെ കാലടിയിലായി.

3 **അത്രൈവ വോ പി നഹ്യാമ്യുഭേ ആത്നീർജവ ജ്യയാ**
**വാചസ്പതേ നിഷേധേ മാന്യഥാ മദധരം വദാൻ**

ഹേ ശത്രുക്കളെ വില്ലിന്റെ രണ്ടറ്റങ്ങളും ഞാണുകൊണ്ട് ബന്ധിച്ചിരിക്കുന്നതുപോലെ ഞാനീ സ്ഥാനത്ത് നിങ്ങളെ ബന്ധസ്ഥനാ ക്കിയിരിക്കുന്നു. ഹേ വാചസ്പതേ! എന്റെ വിഷയത്തിൽ ആരോടും ഒന്നും പറയരുത് എന്ന് ഈ ശത്രുക്കൾക്ക് നിർദ്ദേശം നൽകിയാലും.

4 **അഭിഭൂര ഹമാഗമം വിശ്വകർമണേ ധാമ്നാ ആ വശ്ചിത്തമാ വോ വ്റതമാ വോ ഹം സമിതിം ദദേ**

ഞാനെന്റെ തേജസ്സിനെ കർമ്മത്തിന്നുപയുക്തമാക്കും. ഞാനെന്റെ അതേ തേജസ്സുകൊണ്ട് ശത്രുക്കളെ പരാജിതനാക്കും. ഹേ ശത്രുക്കളെ ഞാൻ നിങ്ങളുടെ ബുദ്ധി കർമ്മം ആദിയായ എല്ലാത്തി നേയും നശിപ്പിക്കുന്നു.

5 **യോഗക്ഷേമം വ അദായാഹം ഭൂയാസ മുത്തമ ആ വോമൂർധാനമക്രമീം**
**അധസ്പദാന്മ ഉദ്വദത മണ്ഡൂകാ ഇവോദകാന്മ ണ്ഡൂ കാ ഉദകാദിവ**

ഞാൻ നിങ്ങളുടെ കർമ്മ ശക്തിയെ തട്ടിയെടുത്തിരിക്കു ന്നു. ഞാൻ നിങ്ങളേക്കാൾ ശ്രേഷ്ഠനായിരിക്കുന്നു. ഞാൻ മസ്തകം പോലെ നിങ്ങളേക്കാൾ ഉയർന്നിരിക്കുന്നു. ജലത്തിൽ കിടന്ന തവള കൾ കോലാപലം കൂട്ടുന്നതുപോലെ നിങ്ങൾ എന്റെ അമർത്ത ലിൽപെട്ട് നിലവിളിക്കുവിൻ.

## സൂക്തം 167

ഋഷി -വിശ്വാമിത്രൻ, ജമദഗ്നി ദേവത - ഇന്ദ്രൻ, ഛന്ദസ്സ് - ജഗതി

1 **തുഭ്യേദമിന്ദ്ര പരിഷിച്യതേ മധു ത്വം സുതസ്യ കലശസ്യ രാജസി**
**ത്വം രയീം പുരുവീരാമു നസ്കൃധിത്വം തപഃ പരിതപ്യാജയഃ സ്വഃ**

ഹേ ഇന്ദ്രാ ഈ സോമമധു നിനക്കുവേണ്ടി പിഴിഞ്ഞിരിക്കുന്നു. സോമം നിറഞ്ഞ ഈ കുടത്തിന്റെ ഉടമസ്ഥനും നീ തന്നെയാകുന്നു. തപസ്സുകൊണ്ട് നീ സ്വർഗ്ഗത്തിന്റെ മേൽ വിജയം വരിച്ചിരിക്കുന്നു. നീ ഞങ്ങൾക്ക് അഭീഷ്ടധനവും, പുത്രാദികളേയും പ്രദാനം ചെയ്താലും.

2 **സ്വർജിതം മഹി മന്ദാന മന്ധസോ ഹവാമഹേ പരിശക്രം സുതാം ഉപ**
**ഇമം നോ യജ്ഞമിഹ ബോധ്യാ ഗഹി സ്പൃധോ ജയന്തം മഘാവാനമീമഹേ**

ആര് സ്വർഗ്ഗത്തിന്റെ മേൽ വിജയം പ്രാപിക്കുകയും സോമരൂപമായ അന്നത്താൽ വിശിഷ്ടമായ ശക്തിസമ്പന്നനാകുകയും ചെയ്യുന്നുവോ ആ ഇന്ദ്രനെ ഞങ്ങൾ എടുത്തുവെച്ച സോമത്തിന്റെ അടുക്കലേക്കു ക്ഷണിക്കുന്നു. ഹേ ഇന്ദ്രാ ഞങ്ങളുടെ ഈ യജ്ഞത്തെ അറിഞ്ഞാലും. ഞങ്ങൾ നിന്റെ ആശ്രയം പ്രാപിച്ച് നിന്നെ സ്തുതിക്കുന്നു.

3 **സോമസ്യ രാജ്ഞോ വരുണസ്യ ധർമണി ബൃഹസ്പതേ രനുമത്യാ ഉ ശർമണി**
**തവാഹമദ്യ മഘവന്നുപസ്തുതൗ ധാതവിർധാതഃ കലശാം അഭക്ഷയം**

ഹേ ഇന്ദ്രാ! ഞാൻ നിന്റെ സ്തുതികളിൽ ലീനനായിരിക്കുന്നു.വരുണരാജന്റെ സോമയുക്തമായ സ്ഥാനത്തിൽ ഞാൻ പ്രവേശിച്ചിരിക്കുന്നു. ഹേ ധാതാവേ! ഹേ വിധാതാവേ! നിന്റെ നിർദ്ദേശപ്രകാരം ഈ കലശത്തിലെ സെമരസം ഞാൻ കുടിച്ചിരിക്കുന്നു.

4 **പ്രസൂതോ ഭക്ഷമകരം ചരാവപി സ്തോമം ചേമം പ്രഥമഃ സൂരിരുന്മൃജേ**
**സുതേ സാതേന യദ്യാഗമം വാം പ്രതി വിശ്വാമിത്ര-ജഗദഗ്നീ ദമേ**

ഹേ ഇന്ദ്രാ! നിന്റെ പ്രേരണയോടുകൂടി തന്നെ ചരുവോടുകൂടി വിഭിന്നങ്ങളായ പദാർത്ഥങ്ങൾ ശേഖരിച്ചിരിക്കുന്നു. ഞാൻ സ്തോതാവായി നിനക്കുവേണ്ടി ഈ സ്തോത്രം ഉച്ചരിക്കുന്നു. വിശ്വാമിത്ര ജമദഗ്നി മഹർഷിമാരേ! സോമം പിഴിഞ്ഞതിനുശേഷം ധനസഹിതം ഞാൻ ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ നിങ്ങൾ ശരിയാം വണ്ണം എന്നെ സ്തുതിക്കണം.

## സൂക്തം 168

ഋഷി-വാതഗോത്രൻ, അനിലൻ, ദേവത - വായു, ഛന്ദസ് - ത്രിഷ്ഠുപ്പ്

1 **വാതസ്യനു മഹിമാനം രഥസ്യ രുജന്നേതി സ്തനയന്നസ്യ ഘോഷഃ**
**ദിവിസ്പൃഗ്യാത്യരുണാനി കൃണ്വന്നുതോ ഏതി പൃഥിവ്യാ രേണുമസ്യൻ**

രഥസമാനം വേഗവാനായ വായുവിന്റെ മഹിമയെ ഞാൻ വർണ്ണിക്കുന്നു. ഇതിന്റെ ശബ്ദം വളരെ ശക്തിയോടുകൂടിയതാകുന്നു. ഇത് വൃക്ഷാദികളെ തകർത്തൊടിച്ചുകൊണ്ടുവരുന്നു. ഇത് എല്ലായിടത്തേയും വർണ്ണത്തെ മാറ്റികൊണ്ടുവരുന്നു. ഈ വായു ഭൂമിയിലെ രജോകണങ്ങളെ എല്ലായിടത്തും വിതറുന്നു.

2 **സമ്പ്രേരതേ അനു വാതസ്യ വിഷ്ഠാ ഐനം ഗഛന്തി സമനം ന യോഷാഃ**
**താഭിഃ സയുക്സരഥം ദേവ ഈയതേ സ്യ വിശ്വാസ്യ ഭൂവനസ്യ രാജാ**

ഈ വായുവിന്റെ വേഗതയിൽ പർവ്വതങ്ങൾ പോലും വിറയ്ക്കുന്നു. അശ്വം യുദ്ധസ്ഥലത്തേക്കുപോകുന്നതുപോലെ തന്നെ പർവ്വതാദികളെല്ലാം വായുവിങ്കലേക്കുപോകുന്നു. അശ്വങ്ങളുടെ സഹായത്തോടുകൂടി രഥാരൂഢനായ വായു എല്ലാ ലോകങ്ങളുടേയും രാജാവിനെപ്പോലെ എഴുന്നള്ളുന്നു.

3 **അന്തരീക്ഷേ പഥിഭിരീയമാനോ ന നി വിശതേ കതമച്ച നാഹഃ**
**അപാം സഖാ പ്രഥമജാ ഋതാവാ ക്വ സ്വിജ്ജാതഃ കത ആ ബഭൂബ**

വായു അന്തരീക്ഷത്തിൽ കൂടി അതിവേഗം സഞ്ചരിക്കുമ്പോൾ വളരെ വിഷമിച്ചുമാത്രമെ സ്ഥിരമാകാറുള്ളു. ഇദ്ദേഹം ജലത്തിന്റെ ബന്ധുവും ജലത്തിനുമുമ്പേ പ്രകടമാവുന്നവനും ആകുന്നു. ഇവന്റെ സ്വഭാവം സത്യത്തോടുകൂടിയതാകുന്നു. ഇവൻ എവിടെ ജനിച്ചു? എവിടെ നിന്നും വന്നു?

4 **ആത്മാ ദേവാനാം ഭൂവനസ്യ ഗർഭോ യഥാവശം ചരതി ദേവ ഏഷഃ**
**ഘോഷാ ഇദസ്യ ശൃണ്വിരേ ന രൂപം തസ്മൈ വാതായ ഹവിഷാ വിധേമ**

വായു പ്രാണരൂപമാകുന്നു. അത് ലോകങ്ങളുടെ അസത്തിനു തുല്യമാകുന്നു. അത് ഇഛാനുസരണം സഞ്ചരിക്കുന്നു. ഇതിന്റെ രൂപം പ്രത്യക്ഷമായി കാണപ്പെടുന്നില്ല. ഇവന്റെ ഗമനശബ്ദം മാത്രം കേൾക്കപ്പെടുന്നു. ഉപാസകരായ നാം നമ്മുടെ യജ്ഞത്തിൽ ശ്രേഷ്ഠമായ ഹവിരാന്നം വഴി ഈ വായുവിനെ പൂജിക്കുന്നു.

## സൂക്തം 169

ഋഷി - ശബരൻ, ദേവത - പശുക്കൾ,
ഛന്ദസ്സ് - ത്രിഷ്ടുപ്പ്

1 **യേമാഭൂർവാതോ അഭി വാതൂസ്ര ഊർജസ്വതീ രോഷധീരാ രിശന്താം**
**പീവ സ്വതിർജീവ ധന്യാഃ പിബന്ത്വവസായ പദ്വതേ രുദ്രമൃള**

സുഖപ്രദമായ വായു ഗോക്കളുടെ നേരെ വീശട്ടെ. ഗോക്കൾ ബലദായകമായ തൃണം സേവിക്കട്ടെ. ഈ ജലം പാനം ചെയ്ത് തൃപ്തകളാകട്ടെ. ഹേ ഇന്ദ്രാ ഈ ശ്രേഷ്ഠകളായ ഗോക്കളെ സുഖപൂർവ്വം സൂക്ഷിച്ചാലും.

2 **യാഃ സരൂപാ വിരൂപാ ഏകരൂപാ യാസാമഗ്നിരി-ഷ്ടയാ നാമാനി വേദ**

**യാങ്ഗിര സസ്തപസേഹ ചക്രുസ്താഭ്യഃ**
**പർജന്യമഹി ശർമ യച്ഛ**

ഗോക്കൾ ഏകവർണ്ണത്തോടുകൂടിയവയും ബഹുവർണ്ണത്തോടുകൂടിയവയുമാകുന്നു. യജ്ഞസ്ഥിതൻ ആ ഗോക്കളെ അറിയുന്നു. അംഗിരസ്സുകൾ തപത്താൽ അവയെ ജനിപ്പിച്ചു. ഹേ പർജന്യാ! നീ ഞങ്ങളുടെ ഗോക്കൾക്ക് മംഗളമരുകളുക.

3 **യാ ദേവേഷു തന്വ മൈരയന്ത യാസാം സോമോ**
**വിശാ രൂപാണി വേദ**
**താ അസ്മഭ്യം പയസാ പിന്വമാനാഃ പ്രജാവതീരീന്ദ്ര**
**ഗോഷ്ഠേ രിരീഹി**

ഗോക്കൾ തങ്ങളുടെ ശരീരത്തിന്റെ രസരൂപമായ ക്ഷീരം ദേവകളുടെ യജ്ഞത്തിനുവേണ്ടി ദാനം ചെയ്യുന്നു. സോമം അവയുടെ വിശിഷ്ടമായ ആഹൂതികളുടെ കൂട്ടാകുന്നു. ഹേ ഇന്ദ്രാ ആ ഗോക്കളെ സന്താനവതികളും തപസ്വിനികളുമാക്കി ഞങ്ങളുടെ തൊഴുത്തിലേക്കയച്ചാലും.

4 **പ്രജാപതിർമഹ്യ മേതാരരാണോ വിശ്വർ ദേവൈഃ**
**പിതൃഭിഃ സവിദാനഃ ശിവാ സതീരൂപ നോ ഗോഷ്ട**
**മാ കസ് താസാം വയം പ്രജയാ സം സദേമ**

ദേവകളുടേയും പിതൃക്കളുടേയും ആഗ്രഹപ്രകാരം ഈ ഗോക്കളെ പ്രജാപതി എനിക്കു പ്രദാനം ചെയ്തിരിക്കുന്നു. ഈ ഗോക്കളെ രൂപിണികളാക്കി ഞങ്ങളുടെ തൊഴുത്തിൽ പ്രതിഷ്ഠിക്കുന്നു. അപ്പോൾ അവ സന്താനവതികളായി ഞങ്ങൾക്കു പാൽ തരുന്നു.

## സൂക്തം 170

ഋഷി - സൂര്യപുത്രൻ, വിഭ്രാട്. ദേവത-സൂര്യൻ,
ഛന്ദസ് - ജഗതി. പംക്തി

1 **വിഭ്രാട് ബൃഹത്പിബതു സോമ്യം മധ്വായുർ-**
**ദധദ്യജ്ഞപതാവ വിഹ്രു തംമ**
**വാതജൂതോ യോ അഭിരക്ഷതി ത്മനാ പ്രജാഃ**
**പുപോഷ പുരുധാ വി രാജതി**

മഹാതേജസ്വിയായ സൂര്യൻ ഞങ്ങളുടെ സോമമധു പാനം ചെയ്ത് തൃപ്തനാകുകയും അഭിഷവകർത്താവായ യജമാനന് ശ്രേഷ്ഠമായ ആയുസ്സ് പ്രദാനം ചെയ്യുകയും ചെയ്യണേ. ആ സൂര്യൻ വായുവിന്റെ പ്രേരണയാൽ എല്ലാ ജീവികളേയും രക്ഷിക്കുകയും പാലിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. പലപ്പോഴും അവൻ അക്ഷയമായ ശോഭയെ പ്രാപിക്കുന്നു.

2 **വിഭ്രാഡ് ബൃഹത്സുഭൃതം വാജസാതമം**
**ധർമ്മന്ദിവോ ധരുണേ സത്യമർപിതം**
**അമിത്രാഹാവൃത്രഹാ ദസ്യുഹന്തമം**
**ജ്യോതിർജജ്ഞേ അസുർഹാ സപത്നഹാ**

സൂര്യരൂപത്തിൽ മഹത്തായ ജ്യോതിസ്സ് പിണ്ഡം ഉദയം പ്രാപിച്ചിരിക്കുന്നു. ഇവൻ മഹാ തേജസ്വിയും വിധിപ്രകാരം പ്രതിഷ്ഠിക്കപ്പെട്ടവനും സർവ്വശ്രേഷ്ഠനായ അന്നദാതാവും ആകുന്നു. ആകാശത്തിൽ വിരാജിതനായ ഇവൻ ആകാശത്തിന്റെ ആശ്രയരൂപമായി ത്തീർന്നിരിക്കുന്നു. ഇവൻ ശത്രുനാശകനും വൃതഹന്താവും രാക്ഷസന്മാരേയും വൈരികളേയും നശിപ്പിക്കുന്നതിൽ സമർത്ഥനും ആകുന്നു.

3 **ഇദം ശ്രേഷ്ഠം ജ്യോതിഷാം ജ്യോതിരുത്തമം വിശ്വ**
**ജിദ്ധനജിദുച്യുതേ ബൃഹത്**
**വിശ്വഭ്രാട് ജോ മഹി സൂര്യോ ദൃശ ഉരു പപ്രഥേ**
**സഹ ഓജോ അച്യുതം**

സമസ്തജ്യോതിർ ഗോളങ്ങളിൽ സൂര്യൻ സർവ്വശ്രേഷ്ഠനും അഗ്രഗന്താവും ആകന്നു. അവൻ ലോകത്തേയും ധനത്തേയും ജയിക്കുന്നവനും ആകുന്നു. ഇവൻ മഹാ തേജസ്വിയും സകല പദാർത്ഥങ്ങളേയും പ്രകാശിപ്പിക്കുന്നവനും ആകുന്നു. ഇവൻ ജലവൃഷ്ടിക്കു പ്രശസ്തനും ബലത്തിന്റെ സാക്ഷാത്ക്കാരവും തേജോസമ്പന്നനും ആകുന്നു.

4 **വിഭ്രാജ ജ്യേതിഷാ സ്വരഗച്ഛോ രോചനം ദിവഃ**
**യേനേമാ വിശ്വാ ഭൂവനാന്യാഭൃതാ വിശ്വകർമണാ**
**വിശ്വദേവ്യാ വതാ**

ഹേ സൂര്യ, നീ സ്വന്തം തേജസ്സാൽ പ്രകാശിതനായി അന്തരീക്ഷത്തിന്റെ പ്രകാശസ്ഥാനത്തെ പ്രാപിക്കുന്നു. നിന്റെ മഹിമ എല്ലാ ശ്രേഷ്ഠകർമ്മങ്ങക്കും സഹായകമാവുന്നു. അത് എല്ലാ യജ്ഞങ്ങൾക്കും അനുകലമായി സകലലോകങ്ങളേയും പാലിക്കുന്നു.

## സൂക്തം 171

ഋഷി - ഋഭ്യപുത്രൻ. ഇടൻ. ദേവത - ഇന്ദ്രൻ,
ഛന്ദസ്-ഗായത്രി

1 **ത്വം ത്യമിടതോ രഥമിന്ദ്ര പ്രാവഃ സുതാവതഃ**
**അശൃണോ: സോമിനോ ഹവം**

ഹേ ഇന്ദ്രാ! ഇട എന്ന മഹർഷി സോമം പിഴിഞ്ഞപ്പോൾ നീ ആ ഋഷിയെ രക്ഷിച്ചുകൊണ്ട് അവന്റെ ശ്രേഷ്ഠമായ ആഹ്വാനം ശ്രവിച്ചിരുന്നുവല്ലോ.

2 **ത്വം മഖസ്യ ദോധതഃ ശിരോ വ ത്വചോ ഭരഃ**
**അഗച്ഛഃ സോമിനോ ഗൃഹം**

ഹേ ഇന്ദ്രാ നീ യജ്ഞത്തെ വേർപ്പെടുത്തിയപ്പോൾ അതു ഭയത്താൽ വിറച്ചു. അപ്പോൾ നീ സോമം പിഴിയുന്ന ഇടമഹർഷിയുടെ ഗൃഹത്തിൽ പ്രവേശിച്ചു.

3 **ത്വം ത്യമിന്ദ്ര മർത്യമാസ്ത്രുബ്ധനായ വേന്യം**
**മുഹു : ശ്രധ്നാ മനസ്യവേ**

ഹേ ഇന്ദ്രാ അസ്ത്ര ബുദ്ധന്റെ പുത്രൻ നിന്നെ എപ്പോഴും സ്തുതിച്ചുകൊണ്ടിരുന്നു. അതിനാൽ നീ വേനപുത്രനായ പൃഥുവിനെ അവനധീനനാക്കി.

4 **ത്വം ത്യമിന്ദ്ര സൂര്യം പശ്ചാസന്തം പുരസ്കൃതി**
**ദേവാനാം ചിത്തിരോ വശം**

ഹേ ഇന്ദ്രാ! തേജസ്വിയായ സൂര്യൻ പശ്ചിമദിക്കിലേക്കു ഗമിക്കുമ്പോൾ അവൻ എവിടെ ഒളിക്കുന്നു എന്ന് ദേവകൾ പോലും അറിയുന്നില്ല. ആ സൂര്യനെ നീ തന്നെയാണല്ലോ വീണ്ടും കിഴക്കു ദിക്കിൽ ഉദിപ്പിക്കുന്നത്.

## സൂക്തം 172

ഋഷി - സംവർത്തൻ, ദേവത - ഉഷസ്സ്,
ഛന്ദസ്സ് - ഗായത്രി

1 **ആ യാഹി വനസാ സഹ ഗാവഃ**
**സചന്ത വർതനീം യഃ ദൂധമി**

ഹേ ഉഷസ്സേ, ഭവതി തേജസ്സോടുകൂടി ആഗതയാകേണമേ. ഗോക്കൾ പാൽ നിറഞ്ഞഅകിടുകളുമായി വരുന്നു.

2 **ആ യാഹി വസ്വ്യാ ധിയാ മംഹിഷ്ഠോ ജാരയന്മഖഃ**
**ശുദാനുഭിഃ**

ഹേ ഉഷസ്സേ ശ്രേഷ്ഠമായ ഈ സ്ത്രോത്രം തയ്യാറായിരിക്കുന്നു. ഭവതി അത് സ്വീകരിച്ച് ഇവിടെ ആഗതയായാലും. യജ്ഞം നടത്തുന്ന യജമാനൻ ശ്രേഷ്ഠമായ വസ്തുക്കളെടുത്തുകൊണ്ട് ദാനശീലനായി യാഗം നടത്തുന്നു.

3 **പിതുഭൃതോ തന്തുമിത്സുദാനവഃ പ്രതി ദധ്മോ**
**യജാമസി**

ഞങ്ങൾ അന്നം ശേഖരിച്ച് ദാനം ചെയ്യുവാനാഗ്രഹിക്കുന്നു. ഞങ്ങളി യജ്ഞത്തെ കയറുപോലെ വളർത്തുന്നു. ഹേ ഉഷാദേവീ ഞങ്ങൾ ഈ യജ്ഞത്തെ ഭവതിക്കുദാനം ചെയ്യുന്നു.

4 **ഉഷാ അപ സ്വസുസ്തമഃ സം വർതയതി വർതനിം**
**സുജാതതാ**

ഉഷസ്സ് രാത്രിയുടെ സഹോദരിയാകുന്നു. അവൾ രാത്രിയുടെ ഘോരതിമിരത്തെ അകറ്റി ശ്രേഷ്ഠമായ ബുദ്ധിയെ പ്രാപിച്ച് തന്റെ രഥത്തെ നയിക്കുന്നു.

## സൂക്തം 173

ഋഷി - അംഗിരഗോത്രൻ, ധ്രുവൻ,

ദേവത - രാജസ്തുതി. ഛന്ദസ്സ് - അനുഷ്ടുപ്പ്

1 **ആ ത്വാഹാഷമന്തരേധി ധ്രുവസ്തിഷ്ഠാ**
**വിചാചലിഃ**
**വിശസ്ത്വാ സർവാ വാഞ്ഛന്തുമാത്വദ്രാഷ്ടമധി**
**ഭ്രശത്**

ഹേ രാജൻ ! നീ രാഷ്ട്രത്തിന്റെ അധിപതിയാക്കപ്പെട്ടിരിക്കുന്നു. നീ ഈ രാജ്യത്തിന്റെ രാജാവായാലും നീ സ്ഥിരബുദ്ധിയും മാറ്റമില്ലാത്ത വിച്ഛാരകളോടുകൂടിയവനും കർമ്മ കുശലൻ ആകുകയും ചെയ്താലും. നിന്റെ പ്രജകൾ നിന്നെ സ്നേഹിക്കട്ടെ. നിന്റെ രാജ്യത്തിന് അമംഗളമുണ്ടാകാതരിക്കട്ടെ.

2 **ഇഹൈ വൈധി മാപ ച്യോഷ്ഠാഃ പർവത ഇവാ-**
**വിചാചലിഃ**
**ഇന്ദ്രഇവേഹ ധ്രുവസ്തിഷ്ഠേഹ രാഷ്ടമുധാരയാ**

ഹേ രാജൻ! നീ പർവ്വതത്തിനുതുല്യം ഉറപ്പുള്ളവനായി ഇവിടെതന്നെ വസിച്ചാലും . നീ ഈ രാജ്യത്തുനിന്നും മാറരുത്. ഇന്ദ്രൻ അവിചലനായിരിക്കുന്നതുപോലെ നീ നിശ്ചലനായി ഇരുന്നാലും. നീ സ്വന്തം രാജ്യത്തെ കെട്ടുറപ്പുള്ളതാക്കിയാലും.

3 **ഇമമിന്ദ്രോ അദീധരദ്ധ ധ്രുവം ധ്രുവേണ ഹവിഷാ**
**തസ്മൈ സാമോ അധിബ്രവത്തസ്മാ ഉ**
**ബ്രാഹ്മണസ്പതിഃ**

ഇന്ദ്രൻ അക്ഷയമായ യജ്ഞത്തെ പ്രാപിക്കുകയും അഭിഷിക്തനായ ഈ സമ്രാട്ടിന് തന്റെ ആശയം പ്രദാനം ചെയ്യുകയും ചെയ്തു. ബ്രഹ്മണസ്പതിയും ഈ രാജാവിനെ ആശിർവദിച്ചു.

4 **ധ്രുവാ ദ്യൗർധ്രുവാ പഥി വി ധ്രുവാസഃ പർവതാ**
**ഇമേ**
**ധ്രുവ വിശ്വമിദം ജഗത് ധ്രുവോ രാജാവിശാമയം**

ആകാശവും ഭൂമിയും സകലപർവ്വതങ്ങളും എപ്രകാരം അവിചലമായി നിലകൊള്ളുന്നുവോ അപ്രകാരം ഈ രാജാവും പ്രജാമധ്യേ സ്ഥിരചിത്തനായി നിലനിൽക്കട്ടെ.

5 **ധ്രുവം തേ രാജാവരുണോ ധ്രുവം ദേവോ**
**ബൃഹസ്പതി**
**ധ്രുവം ത ഇന്ദ്രശ്ചാഗ്നിശ്ച രാഷ്ട്രം ധാരയതാം**
**ധ്രുവം**

ഹേ രാജൻ! വരുണൻ നിന്റെ രാജ്യത്തെ ദൃഢമാക്കട്ടെ. ബൃഹസ്പതി അതിനെ അവിചലിതമാക്കട്ടെ. ഇന്ദ്രനും അഗ്നിയും ഈ രാജ്യത്തെ സുസ്ഥിരമക്കട്ടെ.

6 **ധ്രുവ ധ്രുവേണ ഹവിഷാഭി സോമം മൃശാമസി**
**അഥോ ത ഇന്ദ്രഃ കേവലീർ വിശോ**
**വലിഹൃതസ്കരത്**

ഈ ഹവിസ്സ് അക്ഷയമാകുന്നു. ഈ സോമരസം ഒരിക്കലും തീക്ഷ്ണമാകുന്നില്ല. ഞങ്ങൾ ഇവയെ ഒന്നാക്കുന്നു. ഹേ രാജൻ ! ഇന്ദ്രനും നിന്റെ പ്രജകളെ ഒരേ ഭരണത്തിൽ കീഴിലാക്കി കരം നൽകുന്നവരാക്കിയിരിക്കുന്നു.

## സൂക്തം 174

ഋഷി - അംഗിരഗോത്രൻ. അഭീവർത്തൻ,

ദേവത - രാജസ്തുതി, ഛന്ദസ് - അനുഷ്ടുപ്പ്

1 **അഭീവർതേന ഹവിഷാ യേനേ ന്ദ്രോ അഭിവാവൃതേ**
**തേനാസ്മാൻ ബ്രഹ്മണസ്പതേ ഭി രാഷ്ട്രായ**
**വർതയേ**

ഞങ്ങൾ യജ്ഞസാമഗ്രികൾ ശേഖരിച്ച് ദേവന്മാരുടെ സന്നിധിയിൽ കൊണ്ടുവരും. ഇന്ദ്രനും ഹവിസ്സ് സ്വീകരിച്ച് ഞങ്ങൾക്കനുകൂലമായിരിക്കുന്നു. ഹേ ബ്രാഹ്മണസ്പതേ ! ഞങ്ങൾ ഹവനസാമഗ്രികളാൽ വിധിപൂർവ്വം യജ്ഞം നടത്തിയിരിക്കുന്നു. നീ ഞങ്ങളെ രാജ്യപ്രാപ്തിക്കുള്ള കർമ്മങ്ങളിൽ പ്രേരിപ്പിച്ചാലും.

2 **അഭിവൃത്യ സപത്നാനഭി യാനോ അരാതയഃ**
**അഭി പൃതന്യന്തം തിഷ്ഠാഭിയോ ന ഇരസ്യതി**

ഹേ രാജൻഃ ഞങ്ങളുടെ എതിർപക്ഷത്തുള്ളവരും ഞങ്ങളെ ഹിംസിക്കാനാഗ്രഹിക്കുന്നവരും സേനകളോടുകൂടി യുദ്ധം ചെയ്യുന്നവരും ആയ സകല വൈരികളേയും നീ തോല്പിച്ചോടിക്കണേ.

3 **അഭി ത്വാ ദേവഃ സവിതാഭി സോമോ അവീവൃതത്**
**അഭി ത്വാ വിശ്വാ ഭൂതാന്യ ഭീവർതോ യഥാസസി**

ഹേ രാജൻ! നീ സവിതാവിന്റെ പ്രീതി പ്രാപിച്ചിരിക്കുന്നു. സോമനും നിനക്ക് അനുകൂലമായിരിക്കുന്നു. എല്ലാ ജീവികളും നിന്നോട് ആനുകൂല്യം പ്രകടിപ്പിച്ചിരിക്കുന്നു. അതിനാൽ നീ ഈ ലോകത്തിൽ എല്ലാവർക്കും പ്രിയങ്കരനായിരിക്കുന്നു.

4 **യേനേന്ദ്രോ ഹവിഷാ കൃത് വ്യഭവദ് ദ്യുമന്യുത്തമഃ**
**ഇദം തദക്രി ദേവാ അസപത്നഃ കിലാഭുവം**

ഹേ ദേവന്മാരെ, ഇന്ദ്രൻ യാതൊരു അന്നത്താൽ കർമ്മത്തിൽപ്രവൃത്തനായി അന്നവാനും, ഐശ്വര്യവാനും ശ്രേഷ്ഠനുമായിത്തീരുന്നവോ അതേ അന്നത്താൽ തന്നെ ഞാനും യജ്ഞാനുഷ്ഠാനങ്ങൾ വഴിയായി ശത്രുക്കളിൽ നിന്നും മുക്തി പ്രാപിക്കുന്നു.

5 **അസപത്നഃസപത്നഹാഭി രാഷ്ട്രോ വിഷാസഹിഃ**
**യഥാഹമേഷാം ഭൂതാനാം വിരാജാനി ജനസ്യച**

ഞാനെന്റെ എല്ലാ ശത്രുക്കളേയും കൊന്നുകഴിഞ്ഞു. ഇനി എന്റെ ശത്രുക്കളാരും അവശേഷിക്കുന്നില്ല. ഞാൻ വിപക്ഷികളെ ഒഴിവാക്കി രാജ്യത്തിന്നധിപതിയായിരിക്കുന്നു. ഈ രാജ്യത്തുള്ള എല്ലാ ജീവികളുടേയും അധികാരികൾ മുതലായി എല്ലാവരുടേയും അധിപനായിരിക്കുന്നു ഞാൻ.

## സൂക്തം 175

ഋഷി - അർബുദൻ എന്ന സർപ്പഋഷിയുടെ പുത്രൻ ഊർധ്വാഗ്രാവ് , ദേവത - അഗ്നി, ഛന്ദസ് - ഗായത്രി

1 **പ്ര വോ ഗ്രാവാണഃ സവിതാ ദേവഃസുവതു**
**ധർമണാ ധൂർഷു യുജ്യധ്യം സുനുത**

അമ്മികളെ! സവിതാ ദേവൻ തന്റെ ബലത്താൽ നിങ്ങളെ സോമാഭിഷവർ കർമ്മത്തിൽ പ്രയുക്തമാക്കട്ടെ. പിന്നെ നിങ്ങൾ സ്വകർമ്മങ്ങളിൽ വ്യാപൃതരായി സോമം ഒഴുക്കുവിൻ.

2 **ഗ്രാവണോ അപ ദുഛു നാമപ സേധത ദുർമതീം**
**ഉസ്രാഃ കർതന ഭേഷജം**

ഹേ അമ്മികളെ, ദുഃഖത്തിന്റെ എല്ലാ കാരണങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കുവിൻ. കുമതികളെ ഞങ്ങളുടെ അടുക്കൽ നിന്നും പലായനം ചെയ്യിക്കുവിൻ. ഗോക്കളുടെ ദുഗ്ധം ഞങ്ങൾക്ക് ഔഷധരൂപമാകട്ടെ.

3 **ഗ്രാവാണ ഉപരേഷ്വാ മഹീയന്തേ സജോഷസഃ**
**വൃഷ്ണേ ദധതോ വൃഷ്ണ്യം**

പരസ്പരം ചേർന്നിരിക്കുന്ന അമ്മിക്കല്ല് ഒരു വിശാലമായ കല്ലിൽ പ്രശോഭിക്കുന്നു. രസം വർഷിക്കുന്ന സോമത്തിന്മേൽ ഈ അമ്മി അതിന്റെ ബലം പ്രദർശിപ്പിക്കുന്നു.

4 **ഗ്രാവാണഃ സവിതാ നു വോ ദേവഃ**
**സുവതു ധർമ്മണാ**
**യജമാനായ സുന്വതേ**

ഹേ അമ്മികളെ സവിതാദേവൻ സോമയാഗം നടത്തുന്ന യജമാനന്മാർക്ക് സോമം ചതയ്ക്കുന്നതിന് നിങ്ങളെ നിയുക്തരാകട്ടെ.

## സൂക്തം 176

ഋഷി - സുനു ദേവത-അഗ്നി,
ഛന്ദസ്-അനുഷ്ടുപ്, ഗായത്രി.

1 **പ്ര സൂനവ ഋഭൂണാം ബൃഹന്നവന്ത വൃജനാ**
**ക്ഷമ യേ പിശ്വാധായസോ ശ്നന്ധേനും ന മാതരം**

ഋഭുക്കൾ കർമ്മക്ഷേത്രത്തിൽ മുന്നേറിയപ്പോൾ കിടാക്കൾ തള്ളപശുക്കളെ വലയം ചെയ്തു നിൽക്കുന്നതുപോലെ വിശ്വത്തെ വഹിക്കുവാൻ ഋഭുക്കളുടെ സൂനുക്കൾ ശത്രുക്കൾ തോല്ക്കത്തക്കമാറു പൊരുതു.

2 **പ്ര ദേവം ദേവ്യാ ധിയാ ഭരതാ ജാതവേദസം**
**ഹവ്യാനോ വക്ഷദാനുഷക്**

ഹേ സ്തോതാക്കളെ! അഗ്നി മേധാവിയാണല്ലോ. ദേവകൾക്കനുയോജ്യമായ സ്തോത്രങ്ങളാൽ അവനെ നിങ്ങൾക്കനുകൂലനാക്കുവിൻ, അവൻ വിധിപൂർവ്വം നമ്മുടെ ഹവിസ്സുകളെ ദേവകളുടെ അടുക്കലെത്തിക്കുമാറാകണേ.

3 **അയമുഷ്യ പ്ര ദേവയുർ ഹോതാ യജ്ഞായ**
**നീയതേ**
**രഥോ ന യോരഭീവൃതോ ഘൃണീവാഞ്ചേതതി ത്മനാ**

അഗ്നി ദേവകളുടെ അടുക്കലേക്കു പോകുന്നവൻ തന്നെയാകുന്നു. ഹോതാവായ ഇവനെ യജ്ഞകർമ്മങ്ങൾക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഇവൻ രഥത്തിനു തുല്യം ഹവിസ്സിനെ വഹിക്കുന്നു. അവൻ ശ്രേഷ്ഠമായ ജ്വാലകളാൽ യുക്തനാകുന്നു. യജ്ഞജ്ഞാനിയായ ഇവൻ ഋത്വിക്കുകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു.

4 **അയമഗ്നി രുരുഷ്യത്യ മൃതാദിവ ജന്മനഃ**
**സഹസശ്ചിത് യഹീയാന്ദേവോ ജീവാതവേ കൃതഃ**

അഗ്നിയുടെ ആവിർഭാവം അമൃതിനുതുല്യം ഉപകാരപ്രദമാവുന്നു. അവൻ തന്റെ ഉപാസകരെ രക്ഷിക്കുന്നു. അവൻ ബലവാന്മാരിൽ ബലവാനാകുന്നു. അവൻ പരമമായ ആയുസ്സിനെ വളർത്തുന്നതിനായി നമ്മുടെ അനുഷ്ഠാനങ്ങളിൽ പ്രകടമാക്കിയിരിക്കുന്നു.

## സൂക്തം 177

ഋഷി - പ്രജാപതി പുത്രൻ, പതംഗൻ. ദേവത-മായ,
ഛന്ദസ് - ഗായത്രി, ത്രിഷ്ടുപ്.

1 **പതങ് ഗമക്തസുരസ്യ മായയാ ഹൃദാ പശ്യന്തി**
**മനസാ വിപശ്ചിതഃ**
**സമുദ്രേ അന്തഃ കവയോ വി ചക്ഷതേ മരീചീനാം**
**പദമിഛന്തി വേധസഃ**

ജ്ഞാനികൾ ഒരു പതംഗനെ കണ്ടു. അതിന്മേൽ ആസുരമായ മായയുടെ പ്രഭാവം പതിച്ചു കഴിഞ്ഞു എന്നവർ ഉള്ളിൽ വിചാരിച്ചു. ഇത് സമുദ്രം പോലെ വിശാലമായ പരമാത്മാവിൽ വിലയം പ്രാപിക്കുവാനാഗ്രഹക്കുന്നു എന്ന് ആ യജ്ഞാനികൾ പറഞ്ഞു, അപ്പോൾ അവർ വിധാതാവിന്റെ തേജസ്സിൽ പ്രവേശിക്കുവാനാഗ്രഹിച്ചു.

2. **പതങ് ഗോ വാചം മനസാ വിഭർതി താം**
**ഗന്ധർവ്വോ വദദ് ഗർഭേ അന്തഃ**
**താം ദ്യോതമാനാം സ്വര്യം മനീഷാമൃതസ്യ പദേ**
**കവയോ നിപാന്തി**

മനസ്സിൽ തന്നെ ശബ്ദത്തെ വഹിച്ചുകൊണ്ടിരുന്ന പതംഗന് ഗർഭകാലത്തിൽതന്നെ ഗന്ധർവ്വൻ വാക്കുകളഭ്യസിപ്പിച്ചു. ഈ വാണി ദിവ്യയും ബുദ്ധിയുടെ അധിഷ്ഠാത്രിയും ആകുന്നു. ഇവൾ തന്നെ സ്വർഗ്ഗസുഖം നൽകുന്നു. സത്യമാർഗ്ഗത്തിൽക്കൂടി ചരിക്കുന്നു. ജ്ഞാനികൾ ഈ വാണിയെ സദാരക്ഷിച്ച് കൊണ്ടിരക്കുന്നു.

3 **അപശ്യം ഗോപാമാനി പദ്യമാനമാ ചപരാച**
**പഥിഭിശ്ചരന്തം**
**സ സധ്രീ ചീഃ സേ വിഷൂചീർവസാന ആ വരീവർതി**
**ഭുവനേഷ്വന്തഃ**

ഇന്ദ്രിയങ്ങളുടെ പാലന കർത്താവായ പ്രാണൻ ഒരിക്കലും നശിക്കുന്നില്ല. അത് ചിലപ്പോൾ അടുത്തും ചിലപ്പോൾ അകന്നും ആകുന്നു. അതുപോലെ വിഭിന്നഭാഗങ്ങളിലും സഞ്ചരിക്കുന്നു. ഇപ്രകാരം അതിന്റെ ആഗമനം ലോകത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു.

## സൂക്തം 178

ഋഷി - താർക്ഷ്യ പുത്രൻ അരിഷ്ടനേമി,
ദേവത-താർക്ഷ്യൻ , ഛന്ദസ്-ത്രിഷ്ടുപ്

1 **ത്യഷമു വാജിനം ദേവജൂതം സഹാവാനം തരുതാരം രഥാനാം**
**അരിഷ്ഠനേമി പൃതനാജമാശും സ്വസ്തയേ താർക്ഷ്യമിഹാ ഹുവമേ**

മഹാ പരാക്രമിയായ ഗരുഡനെ സോമം കൊണ്ടുവരുന്നതിനായി അയച്ചിരുന്നു. അവൻ വിപക്ഷികളെ ജയിക്കുന്നവനും ശത്രുക്കളുടെ രഥത്തെ പിടിച്ചെടുക്കുന്നവനും സേനകളെ യുദ്ധഭൂമിയിലേക്കാനയിക്കുന്നവനും ആകുന്നു. അവന്റെ രഥത്തെ ഹിംസിക്കാനാർക്കും സാധ്യമല്ല. അങ്ങിനെയുള്ള ആതാർക്ഷ്യനെ കല്ല്യാണേഛയോടുകൂടി ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

2 **ഇന്ദ്രസ്യേവ രാതിമാജോ ഹൂവാനാഃ സ്വസ്തയേ നാവമിവാ രഹേമ**
**ഊർവീ ന പൃഥ്വീ ബഹുലേ ഗഭീരേ മാ വാമേതൗ മാപരേതൗ രിഷാമ**

ഞങ്ങൾ താർക്ഷ്യ (ഗരുഡ)ന്റെ ദാനശക്തിയെ ആഹ്വാനം ചെയ്യുന്നു. ഇന്ദ്രന്റെ ദാനത്തെ ഞങ്ങൾ യാചിക്കുന്നതുപോലെ താർക്ഷ്യനോടും യാചിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ നന്മക്കുവേണ്ടിയും ആപത്തിന്റെ മറുകരയെത്തുന്നതിനു തോണിക്കുവേണ്ടിയും അവന്റെ ദാന ശക്തിയെ ആശ്രയിക്കുന്നു. ഹേ ആകാശഭൂമികളെ നിങ്ങൾ മഹത്തുക്കളും സർവ്വ വ്യാപകരും ഗംഭീരരും ആണല്ലോ. ഞങ്ങൾ നിങ്ങളുടെ ആശ്രയത്തിൽ വസിച്ച് യാത്രാമധ്യേ മൃത്യുവിനെ ഒരിക്കലും പ്രാപിക്കാതിരിക്കണേ.

3 **സദ്യശ്ചിദ്യഃ ശവസാ പഞ്ചകൃഷ്ടീഃ സൂര്യ ഇവ ജ്യോതിഷാ പസ്തതാന**
**സഹസ്രസാഃ ശതസാ അത്യ ര ഹിർന സ്മാ വരണേ യുവതിം ന ശര്യാം**

സൂര്യൻ തന്റെ തേജസ്സാൽ ജലം വർഷിപ്പിക്കുന്നതുപോലെ താർക്ഷ്യൻ ചതുർവർണ്ണരേയും നിഷാദരേയും ഐശ്വര്യം കൊണ്ടു പൂർണ്ണരാക്കി ആതാർക്ഷ്യന്റെ ഗതി ആയിരം ഗനം നൽകുന്നു. ബാണം അതിന്റെ ലക്ഷ്യത്തിലേക്കു പായുന്നതുപോലെ അതിനെ ആർക്കും തടുക്കുവാൻ സാധിക്കുന്നില്ല.

## സൂക്തം 179

ഋഷി - ശിബി, പ്രതർഭനൻ, വസുമനസ്സ്.
ദേവത - ഇന്ദ്രൻ ഛന്ദസ് അനുഷ്ഠുപ്- ത്രിഷ്ഠുപ്

1 **ഉത്തിഷ്ഠതാവ പശ്യതേന്ദ്രസ്യ ഭാഗമൃത്വിയം**
**യദി ശ്രാതോ ജൂഹോ തന യദ്യ ശ്രാതോ മമത്തന**

ഹേ ഋത്വിജന്മാരെ എഴുന്നേൽക്കുവിൻ ഇന്ദ്രനു യോഗ്യമായ യജ്ഞഭാഗം തയ്യാറാക്കുവിൻ. യജ്ഞഹവ്യം വെന്തുകഴിഞ്ഞെങ്കിൽ യജ്ഞം നടത്തുവിൻ. അഥവാ വെന്തു കഴിഞ്ഞില്ലെങ്കിൽ അതിവേഗം പാകകർമ്മം പൂർത്തിയാക്കുവിൻ

2 **ശ്രാതം ഹവിരോ ഷിന്ദ്ര പ്രയാഹി ജഗാമ സൂരോ അധ്വനോ വിമധ്യം**
**പരിത്വാസതേ നിധിഭിഃ സഖായഃ കുലപാ ന വ്രാജപതിം ചരന്തം**

ഹേ ഇന്ദ്രാ ഹവിസ്സ് പാകമായി കഴിഞ്ഞു. നീ അതിവേഗം ഞങ്ങളുടെ അടുക്കലേക്കു വന്നാലുംസൂര്യൻ തന്റെ മാർഗ്ഗത്തിന്റെ പകുതിവരെയായിരിക്കുന്നു. കുല സംരക്ഷകനായ പുത്രൻ ഗൃഹപതിയുടെ ആഗമനത്തെ പ്രതീക്ഷച്ചിരിക്കുന്നതുപോലെ ഈ യജ്ഞത്തിൽ എല്ലാ ബന്ധുജനങ്ങളും യജ്ഞീയ വസ്തുക്കൾ സംഭരിച്ചുകൊണ്ട് നിന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

3 **ശ്രാതം മന്യ ഊധനി ശ്രാത മഗ്നൗ സുശ്രാതം മന്യേ തദൃതം നവീയഃ**
**മാധ്യന്ദിനസ്യ സവനസ്യ ദധ്ന പിബേന്ദ്ര വജ്രിൻ പുരുകൃജ്ജുഷാണഃ**

ഗോക്കളുടെ സ്തനങ്ങളിൽ പാൽ ആദ്യമായി പാകമാവുന്നു. പിന്നീട് അഗ്നിയിൽ അത് പാകപ്പെടുത്തുന്നു. അപ്പോൾ പാകക്രിയ പൂർണ്ണമാകുന്നു. അപ്പോൾ അത് പുതുരൂപത്തിലും നിർദോഷമായ രൂപം കൊള്ളുന്നു. ഹേ ഇന്ദ്രാ വളരെ ധനം വിതിക്കുന്ന നീ മധ്യാഹ്നസവനത്തിൽ അർപ്പിക്കപ്പെടുന്ന തൈരാകുന്ന ഹവിസ്സിനെ വളരെ രുചിയോടുകൂടി സേവിച്ചാലും

## സൂക്തം 180

ഋഷി - ജയൻ, ദേവത - ഇന്ദ്രൻ, ഛന്ദസ് - ത്രിഷ്ടുപ്

1 **പ്രസ സാഹിഷേ പുരുഹൂത ശത്രുഞ് ജേഷ്ഠസ് തേ ശുഷ്മ ഇഹ രാതിരസ്തു**
**ഇന്ദ്രാ ഭര ദക്ഷിണേ നാ വസൂനി പതിഃ സിന്ധൂ നാമസി രേവതീനാം**

ഹേ ഇന്ദ്രാ വളരെപ്പേർ നിന്നെ ആഹ്വാനം ചെയ്തു. നിന്റെ തേജസ്സ് അത്യന്തം ഉത്കൃഷ്ടമാകുന്നു. നീ എതിരാളികളെ പരാജിതരാക്കി ഓടിക്കുന്നു. നിന്റെ ദാനം ഇവിടെ ഉണ്ടല്ലോ. നീ നിന്റെ ദക്ഷിണഹസ്തത്താൽ ധനം പ്രദാനം ചെയ്താലും. എന്തുകൊണ്ടെന്നാൽ നീ ധനരാശിയുടെ ഉടമസ്ഥനാകുന്നു.

2 **മൃഗോ നഃ ഭീമഃ കുചരോ ഗിരിഷ്ഠപരാവത ആ ജഗന്ഥാ പരസ്യാഃ**
**സൃകം സംശായ പവിമിന്ദ്ര തിഗ്മം വി ശത്രൂന്താളിഹ വി മൃധോ നുദസ്വ**

പർവ്വതങ്ങളിൽ വസിക്കുന്നവർ വളഞ്ഞ കാലോടുകൂടിയവരും മൃങ്ങളെപ്പോലെ വിരൂപരും ആകുന്നു. അതുപോലെ ഭയങ്കരരൂപത്തിൽ വളരെ വിദൂരസ്ഥമായ സ്വർഗ്ഗത്തിൽ നിന്നും ഇവിടെ വന്നിരിക്കുന്നു. ഹേ ഇന്ദ്രാ! നീ ആ മഹാ വജ്രത്തെ തീക്ഷ്ണമാക്കുകയും അതു വഴിയായി ശത്രുക്കളേയും വിപക്ഷീയരേയും കൊന്നൊടുക്കുകയും ചെയ്യണമേ.

3 **ഇന്ദ്ര ക്ഷത്രമഭി വാമമോജാ ജായഥാ വൃഷഭ ചർഷണീനാം**
**അപാനുദോ ജനമമിത്രയന്തമുരും ദേവേഭ്യോ അകൃണോരുലോകം**

ഹേ ഇന്ദ്രാ നീ ജനിച്ചപ്പോൾ തന്നെ അക്രമികളെ ദുഷ്കർമ്മങ്ങളെ തടയത്തക്കവിധം തേജസ്വിയായിരുന്നു. നീ ധർമ്മാനുയായികളുടെ അഭീഷ്ടങ്ങളെ പൂർണ്ണമാക്കുകയും ശത്രുത്വം പുലർത്തുന്ന പാപികളെ പോരിനു വിളിക്കുകയും ചെയ്യുന്നു. ദേവകളുടെ പാലനാർത്ഥം നീ ലോകത്തെ വിസ്തൃതമാക്കി.

## സൂക്തം 181

ഋഷി - വസിഷ്ഠഗോത്രൻ, പ്രഥൻ. ഭരദ്വാജഗോത്രൻ സപ്രഥൻ, സൂര്യപുത്രൻ ധർമ്മൻ

ദേവത - വിശ്വദേവകൾ, ഛന്ദസ്-ത്രിഷ്ടുപ്പ്

1 **പ്രഥശ്ചയസ്യ സപ്രഥശ്ച നാമാനുഷ്ടുഭസ്യ ഹവിഷോ ഹവിര്യത്**
**ധാതുർദ്യുതാനാസ്ത വിതുശ്ച വിഷ്ണോ രഥന്തരമാ ജഭാരാ വസിഷ്ഠ:**

പ്രഥൻ വസിഷ്ഠവംശജനും സപ്രഥൻ ഭരദ്വാജവംശകനുമാകുന്നു. അവരിൽ തേജസ്വിയായ വസിഷ്ഠൻ സവിതാവ്, വിഷ്ണു, ധാതാവ് എന്നിവരുടെ അടുക്കൽ നിന്നും രഥന്തരസോമത്തെ കൊണ്ടുവന്നു. അനുഷ്ടുപ് ഛന്ദസ്സിലുള്ള ആ മന്ത്രം ധർമ്മനാമമായ ഹവിസ്സിനെ ശുദ്ധീകരിക്കുന്നതും ശ്രേഷ്ഠവുമാകുന്നു.

2 **അവിന്ദന്തേ അതിഹിതം യദാസീദ്യജ്ഞസ്യ ധാമപരമം ഗുഹായത്**
**ധാതുർദ്യുതാനാത്സ വിതുശ്ച വിഷ്ണോർ ഭരദ്വാജോ ബൃഹദാ ചക്രേ അഗ്നേഃ**

യാതൊന്ന് ബൃഹത്സോമത്താൽ അനുഷ്ഠാനം ചെയ്യപ്പെട്ടുവോ യാതൊന്ന് മറവിലായിരുന്നുവോ ആ ബൃഹത്തിനെ സവിതാദി ദേവന്മാർ പ്രാപിച്ചിരുന്നു. തേജസ്വിയായ സവിതാവിങ്കൽ നിന്നും ധാതാവിങ്കൽ നിന്നും അഗ്നിയിങ്കൽ നിന്നും വിഷ്ണുവിങ്കൽ നിന്നും ആ ബൃഹത്തിനെ ഭരദ്വാജൻ കൊണ്ടുവന്നു.

3 **തേവിന്ദന്മനസാ ദീധ്യാനാ യജുഷ്ക്കന്നം പ്രഥമം ദേവയാനം**
**ധാതുർദ്യുതാനാത്സവിതുശ്ച വിഷ്ണോരാ സൂര്യാദഭരന്ധ മമേതേ**

അഭിഷേക ക്രിയ പൂർണ്ണമാക്കുന്ന യജുർ മന്ത്രം യജ്ഞകർമ്മതതിൽ പ്രധാന രൂപത്തിൽ പ്രയോഗിക്കുന്നു. ധാതവാദികളായ ദേവന്മാർ ഭക്തിയോടുകൂടി പ്രാപിച്ചിരിക്കുന്നു. ധാതാവിന്റേയും, വിഷ്ണുവിന്റേയും സൂര്യന്റേയു പക്കൽ നിന്ന് ആ ബൃഹത്തിനെ പുരോഹിതന്മാർ കൊണ്ടുവന്നു.

## സൂക്തം 182

ഋഷി - ബൃഹസ്പതി പുത്രൻ തപുർമ്മൂർദ്ധാവ്,

ദേവത-ബൃഹസ്പതി, ഛന്ദസ്-ത്രിഷ്ടുപ്പ്

1 **ബൃഹസ്പതിർന്നയതു ദുർഗഹാ തിരഃ പുനർ നേഷദധശംസായ മന്മ**
**ക്ഷിപദശസ്തിമപ ദുർമതിം ഹന്നഥാ കരദ്യജമാനാപ ശംയോഃ**

ബൃഹസ്പതി ദുർഗതിയെ നശിപ്പിക്കട്ടെ. ഞങ്ങളുടെ പാപങ്ങളെ അകറ്റുന്നതിനായി സമൃദ്ധമാക്കട്ടെ. അവൻ യജമാനന്റെ രോഗത്തേയും സകല അമംഗളങ്ങളേയും നശിപ്പിക്കട്ടെ.

2 **നരാംശം സോ നോ വതു പ്രജായേ ശം നോ അസ്ത്വനുയാജോ ഹവേഷു**
**ക്ഷിപദശസ്തി മപ ദുർമതിം ഹന്നഥാ കരദ്യ - ജമാനായ ശംയോഃ**

നരാശം സാഗ്നി പ്രയാജത്തിൽ നമ്മെ രക്ഷിക്കണേ. അവൻ നമ്മുടെ രക്ഷകനാകണേ. അവൻ നമ്മുടെ അമംഗളങ്ങളും ദുർബുദ്ധിയും നശിപ്പിക്കണേ. അവൻ യജമാനന്റെ രോഗവും ഭയവും നീക്കിക്കൊണ്ടുപോകുകയും സകല അമംഗളങ്ങളേയും നശിപ്പിക്കുകയും ചെയ്യേണേ.

3. **തപൂർമൂർധാ തപതു രക്ഷസോ യേ ബ്രഹ്മദ്വിഷഃ ശരവേ ഹന്തവാ ഉ**
**ക്ഷിപദശസ്തിമപ ദുർമതിം ഹന്നഥാ കരദ്യ-ജമാനായ ശം യോഃ**

സ്തോത്രങ്ങളെ വെറുക്കുന്ന രാക്ഷസന്മാരെ ബൃഹസ്പതി ഭസ്മമാക്കണേ. അവന്റെ ഈ പരിശ്രമത്തിൽ ഹിംസാകാരികളായ രാക്ഷസന്മാരുടെ നാശം സംഭവിക്കും. അവൻ നമ്മുടെ ദുർബുദ്ധിയും, അമംഗളവും നശിപ്പിക്കണേ. അവൻ യജമാനന്റെ രോഗമകറ്റുകയും അയാളെ ഭയരഹിതനാക്കുകയും ചെയ്യണേ.

## സൂക്തം 183

ഋഷി - പ്രജാപതിപുത്രൻ. പൂജാവാൻ

ദേവത-ആശിസ്സ്. ഛന്ദസ് ത്രഷ്ടുപ്പ്

1 **അപശ്യം ത്വാ മനസാ ചേകിതാനം തപസോ ജാതം**
**തപസോ വിഭൂതം പജാമിഹ രയിം**
**രരാണഃ പ്ര ജായസ്വ പ്രജയാ പുത്രകാമ**

ഹേ യജമാനാ! ഹൃദയ ചക്ഷുസ്സുകൾ കൊണ്ട് ഞാനങ്ങയെ കണ്ടു. ഭവാൻ തപസ്സാൽ ജനിച്ച് ജ്ഞാനിയായിരിക്കുന്നു. തപസ്സുകൊണ്ടു തന്നെ നിനക്ക് സമൃദ്ധിപ്രാപിക്കുവാനും കഴിഞ്ഞിരിക്കുന്നു. നീ ഇവിടെ പുത്രനെ ആഗ്രഹിക്കുന്നു. അതിനാൽ പുത്രനെ പ്രാപിക്കുകയും ധനത്തോടുകൂടി ഈ ലോകത്തിൽ ജീവിക്കുകയും ചെയ്യും.

2 **അപശ്യം ത്വാ മനസാ ദീധ്യാനാം സ്വായാം തനൂ ഋത്വ്യേ നാധമാനാം**
**ഉപ മാമുച്ചാ യുവതിർ ബഭൂയാഃ പ്രജായസ്വ പ്രജയാ പുത്രകാമേ**

അല്ലയോ ഭാര്യേ, ഹൃദയചക്ഷുസ്സുകൾ കൊണ്ട് ഞാൻ നിന്നെ കണ്ടിരിക്കുന്നു. ഭവതി സൽസ്വരൂപിണിയാണല്ലോ. നീ യഥാകാലം സന്താനങ്ങളെ ആഗ്രഹിക്കുന്നു. നീ പുത്രനേ ആശിച്ചിരിക്കുന്നു. അതിനാൽ നിന്റെ പുത്രനെ പ്രാപിക്കുകയും ധനത്തോടു കൂടി

ഈ ലോകത്തിൽ ജീവിക്കുകയും ചെയ്യും.

3 **അഹ ഗർഭമദതാ മോഷധീഷ്വഹം വിശ്വേഷു ഭൂവനേഷ്വന്തഃ**
**അഹം പ്രജാ അജനയം പൃഥ്വി വ്യാമഹം ജനിഭ്യോ അപരീഷു പുത്രാൻ**

ഞാൻ ഹോതാവാകുന്നു. വൃക്ഷാദികളെ ഫലയുക്തമാക്കും. മറ്റു ജീവികളെ സന്താനയുക്തരാക്കും. ഞാൻ ഭൂമിയിൽ പ്രജോല്പാദന കർമ്മം നടത്തുകയും യജ്ഞാനുഷ്ഠാനദ്വാരാപുത്രോല്പാദനക്ഷമതയും എനിക്കുണ്ട്.

## സൂക്തം 184

ഋഷി -ഗർഭകർത്താവായ ത്വഷ്ടാവോ പ്രജാപതിപുത്രൻ വിഷ്ണുവോ ദേവത ത്വഷ്ടാവ്, പ്രജാപതി, സരസ്വതി,, ഛന്ദസ്-അനുഷ്ടുപ്

1 **വിഷ്ണുർ യോനിം കല്പയതു ത്വഷ്ടാരൂപാണി പിംശതു**
**ആ സിഞ്ചതു പ്രജാപതിർ ധാതാ ഗർഭം ദധാതു തേ**

വിഷ്ണു ഈ നാരിയെ സന്താനവതിയാക്കണേ. ത്വഷ്ടാവിവളെ പ്രസവ യോഗ്യയാക്കണേ. പ്രജാപതി ഇവൾക്ക് ഗർഭ ശക്തി നൽകണേ. ധാതാവ് ഇവളെ ഗർഭധാരണയോഗ്യയാക്കണേ.

2 **ഗർഭം ധേഹി സിനീവാലി ഗർഭം ധേഹി സരസ്വതി**
**ഗർഭതേ അശ്വിനൗ ദേവാവാ ധത്താം പുഷ്ക്കരസ്രജാ**

ഹേ സിനീവാലി! ഹേ സരസ്വതി! ഇവളുടെ ഗർഭത്തെ സംരക്ഷിച്ചാലും. ഹേ അശ്വിനികളെ! നിങ്ങൾ സ്വർണ്ണകമലത്താൽ അലംകൃതരാണല്ലോ, നിങ്ങൾ ഇവളുടെ ഗർഭത്തെ സംരക്ഷിക്കേണമേ.

3 **ഹിരണ്യയീ അരണീയം നിർമന്ഥതോ അശ്വിനാ**
**തം തേ ഗർഭം ഹവാ മഹേ ദശമേ മാസി സൂവതേ**

അല്ലയോ ഭാര്യേ! അശ്വിനി കുമാരന്മാർ നിന്റെ ഗർഭസ്ഥമായ ശിശുവിനെ രക്ഷിക്കുന്നതിനായി സ്വർണ്ണമയമായ രണ്ടരണികളെ പരസ്പരം കൂട്ടിയുരച്ചു. പത്താം മാസത്തിൽ പ്രസവം കഴിയുമ്പോൾ ആ ശിശുവിനെ തന്നെ ഞങ്ങളിങ്ങോട്ടുവിളിക്കുന്നു.

## സൂക്തം 185

ഋഷി -വരുണപുത്രൻ സത്യധൃതി ദേവത - ആദിത്യൻ ഛന്ദസ് - ഗായത്രി

1 **മഹീത്രിണമവോ സ്തു ദ്യക്ഷം മിത്രസ്യാര്യമ്ണഃ ദൂരാധർഷം വരുണസ്യ**

മിത്രൻ, ആര്യമാവ്, വരുണൻ എന്നിവരുടെ അത്യധികം തേജോമയവും ദുർധർഷവുമായ ആശ്രയത്തെ ഞങ്ങൾ പ്രാപിക്കണേ.

2 **നഹി തേഷാ മമാ ചന നാധ്വസു വാരണേഷു**
**ഈശേരി പുർഘശംസഃ**

മേൽപ്പറഞ്ഞ മൂവരുടെ ആശ്രയത്തിൽ ആരു വസിക്കുന്നുവോ അവന്റെ മേൽ വീട്ടിലോ വഴിക്കോ വനം തുടങ്ങി ഭയങ്കരസ്ഥാനങ്ങളിലോ ഉണ്ടാകുന്ന വൈരികളുടെ ഹിംസാഗതികൾ വ്യർത്ഥമായിത്തീരുന്നു.

3 **യസ്മൈ പുത്രാസോ അദിതേഃ പ്രജീവസേ മർത്യായ**
**ജ്യോതിർ യഛന്ത്യജസ്രം**

മേൽപറഞ്ഞ മൂന്നുപേരും അദിതിപുത്രന്മാരാവുന്നു. യാതൊരുത്തന് നിരന്തരം ജ്യോതിസ്സ് പ്രദാനം ചെയ്യുന്നുവോ അവന്റെ ജീവിതം സങ്കടഗ്രസ്തമാകുന്നില്ല. ശത്രുക്കളുടെ ഹിംസാപ്രവർത്തനങ്ങൾ അവനിൽ നിരർത്ഥകമാകുന്നു.

## സൂക്തം 186

ഋഷി - വായുഗോത്രൻ ഉലൻ ദേവത - വായു
ഛന്ദസ്-ഗായത്രി

1 **വാത ആ വാതു ഭേഷജം ജമ്ഭൂമയോഭു നോ ഹൃദേ**
**പ്രാണ ആംയുഷി താരിഷത്**

വായു ഔഷധത്തിനു തുല്യം ഗുണകാരിയായി നമ്മുടെ അടുക്കൽ വരണേ. അവൻ നമ്മുടെ ആയുസ്സിനെ വളർത്തുകയും മംഗളമയനും സുഖകാരിയും ആകണേ.

2 **ഉത വാത പിതാസി ന ഉത ഭ്രാതോത നഃ സഖാ**
**സനോ ജീവാതവേ കൃധി**

ഹേ വായു! ഭവാൻ ഞങ്ങളുടെ പിതാവും ഭ്രാതാവുമാകുന്നു. ഞങ്ങളുടെ ജീവനുവേണ്ടി ഒഷധികളെ ഗുണവതികളാക്കണേ.

3 **യദദോ വാതതേ ഗൃഹേ മൃതസ്യ നിധിർഹിതഃ**
**തതോ നോ ദേഹി ജീവസേ**

ഹോ വായോ നിന്റെ ധാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന അമൃതനിധിയാൽ ഞങ്ങളുടെ ശരീരത്തിനു ജീവൻ പകർന്നുതരേണമേ.

## സൂക്തം 187

ഋഷി - അഗ്നിപുത്രൻ വത്സൻ ദേവത അഗ്നി
ഛന്ദസ്-ഗായത്രി

1 **പ്രാഗ്നേയേ വാചമീരയ വൃഷഭായ ക്ഷിതീനാം**
**സ നഃ പർഷദതി ദ്വിഷഃ**

ഹേ സ്തോതാക്കളെ! മനുഷ്യരുടെ അഭിലാഷങ്ങൾ പൂർണ്ണമാക്കുന്ന അഗ്നിയെ സ്തുതിക്കുവിൻ. അവൻ ശത്രുകരങ്ങളിൽ നിന്നും നമ്മെ രക്ഷിക്കട്ടെ.

2 **യഃ പരസ്യാഃ പരാവതസ്തിരേ ധന്വാതി രോചതേ**
**സനഃ പർഷദതി ദ്വിഷഃ**

ഈ അഗ്നി വളരെ ദൂരസ്ഥമായ ധാമത്തിൽ നിന്നും അന്തരീക്ഷത്തെ കടന്ന് ഇവിടെ വന്നിരിക്കുന്നു. ഈ അഗ്നി നമ്മെ ശത്രുക്കളുടെ കരങ്ങളിൽ നിന്നും രക്ഷിക്കട്ടെ.

3 **യോ രക്ഷാം സി നിജൂർ വതിഃ വൃഷാ ശുക്രേണ**
**ശോചിഷാ സനഃപർഷദതി ദ്വിഷഃ**

ഈ അഗ്നി ജലത്തെ വർഷിക്കുന്നവനും തന്റെ തീക്ഷണജ്വാ

ലകളാൽ ശത്രുക്കളെ കൊല്ലുന്നവനും ആകുന്നു. ഈ അഗ്നി നമ്മെ ശത്രുക്കളുടെ കരങ്ങളിൽ നിന്നും രക്ഷിക്കട്ടെ.

4 **യോ വിശ്വാഭി വിപശ്യതി ഭുവാന സം ച പശ്യതി സനഃപർഷദതി ദ്വിഷഃ**

അഗ്നി സകല ലോകങ്ങളേയും പ്രത്യേകം പ്രത്യേകം നിരീക്ഷിക്കുന്നു. അത് ഏകീഭാവത്തോടുകൂടിയതാകുന്നു. അവൻ നമ്മെ ശത്രു കരങ്ങളിൽ നിന്നും രക്ഷിക്കണേ.

5 **യേ അസ്യ പാരേ രജസഃ ശൂക്രേ അഗ്നിരാജായത സനഃപർഷദതി ദ്വിഷഃ**

ആ അഗ്നിതന്നെ സ്വർഗ്ഗത്തിനു മുകളിൽ തേജോമയരൂപത്തിൽ ജന്മമെടുത്തിരിക്കുന്നു. അവൻ നമ്മെ ശത്രുക്കളിൽ നിന്നും മോചിപ്പിക്കണേ.

## സൂക്തം 188

ഋഷി - അഗ്നിപുത്രൻ ശേനൻ ദേവത - അഗ്നി ഛന്ദസ് - ഗായത്രി

1 **പ്ര നൂനം ജാതവേദ സമശ്വം ഹിനോത വാജിനം ഇദം നോ ബർഹി രാസദേ**

ഹേ പുരോഹിതന്മാരേ! യജമാനന്മാരേ! ജ്ഞാനിയായ അഗ്നിയെ നിങ്ങൾ ജ്വലിപ്പിക്കുവിൻ. അന്നവാനായ അവൻ നാലു ദിക്കുകളിലും വ്യാപിക്കുന്നു. അവൻ നമ്മുടെ ദർഭയിൽ വിരാജിക്കണേ.

2 **അസ്യ പ്രജാത വേദസോ വിപ്ര വീരസ്യ മീളഹൂഷഃ മഹീമിയർമി സുഷ്ടുതിം**

ജ്ഞാനിയായ യജമാനൻ അഗ്നിയുടെ പുത്രരൂപമാകുന്നു. അവൻ വർഷജലത്തെ തളിക്കുന്നു. ഞാൻ ഈ അഗ്നിക്കുവേണ്ടി സുന്ദരമായ സ്ത്രോത്രം ചമയ്ക്കുന്നു.

3 **യാരുചോ ജാത വേദസോ ദേവത്രാ ഹവ്യവാഹനിഃ താഭിർനോ യജ്ഞമിവന്തു**

ഹേ അഗ്നി തേജസ്വിനിയും ധ്രുവമയിയും ആയ നിന്റെ ശിഖകൾ വഴിയായി ദേവന്മാർക്ക് ഹവിസ്സെത്തിച്ചു കൊടുക്കുന്നു. നീ ആ ദേവന്മാരോടുകൂടി ഞങ്ങളുടെ യജ്ഞത്തിൽ ആഗതനാകണേ.

## സൂക്തം 189

ഋഷി–സർപ്പരാജ്ഞി. ദേവത സർപ്പരാജ്ഞിയോ സൂര്യനോ ഛന്ദസ് – ഗായത്രി

1 **ആര്യ ഗൗഃ പൃശ്നിരക്രമീദസദൻ മാതരം പുരഃ പിതര ച പ്രയന്ത്സ്വഃ**

മഹാ തേജസ്വിയും ഗതിമാനും ആയ സൂര്യൻ തന്റെ മാതൃഭൂമിയെ പൂർവ്വദിക്കിനോടു ചേർത്തു. പിന്നെ അവൻ തന്റെ പിതാവായ ആകാശത്തിനു നേരെ നടക്കുന്നു.

2 **അന്തശ്ചരതി രോചനാസ്യ പ്രാണാദപാനതി വിഖ്യന്മഹിഷോ ദിവംഃ**

സൂര്യന്റെ ദേഹത്തുനിന്നും പ്രകാശം പുറപ്പെടുന്നു. ആ പ്രകാശം ഇവന്റെ പ്രാണന്റെ മധ്യത്തിൽ നിന്നും പ്രകടമാവുന്നു. ഇവൻ വലിയവനായി സോമത്തെ പ്രകാശിപ്പിച്ചു.

3 **ത്രിംശദ്ധാമ വിരാജതി വാക്പതംങ് ഗായ ധീയതേ പ്രതി വസ്തോരഹ ദ്യുഭിഃ**

സൂര്യന്റെ മുപ്പത്ര സ്ഥാനങ്ങളും (മുപ്പതുനാഴിക) തിളങ്ങുന്നു. അവൻ ഗതിമാനാകുന്നു. അവനുവേണ്ടി സ്തുതികൾ ഉച്ചരിക്കപ്പെടുന്നു. ഈ സൂര്യൻ തന്റെ രശ്മികളാൽ അലംകൃതനായി ദിനം തോറും പ്രകാശിക്ക ുന്നു.

## സൂക്തം 190

ഋഷി - മൃദുഛന്ദസിന്റെ പുത്രൻ അഘമർഷണൻ, ദേവത - സൃഷ്ടി, ഛന്ദസ് - അനുഷ്ടുപ്

1 **ഋതം ച സത്യം ചാഭീദ്ധാത്ത പസോ ധ്യജായത തതോ രാത്ര്യജായത തതഃ സമുദ്രോ അർണവഃ**

തേജോമയമായ തപസ്സുവഴിയായി യജ്ഞവും സത്യവും ഉണ്ടായി. പിന്നെ ദിവസവും പരിപൂർണ്ണമായ സമുദ്രം ഉത്ഭവിച്ചു.

2 **സമുദ്രാ ദർണ വാദധി സംവത്സരേ അജായത അഹോരാത്രാണി വിദധദ്വിശ്വസ്യ മിഷതോ വശീ**

സലില പൂർണ്ണമായ സമുദ്രത്തിനുശേഷം സംവത്സരമുണ്ടായി. ഈശ്വരൻ ദിനരാത്രങ്ങളെ സൃഷ്ടിച്ചു. നിമിഷാദികളാൽ യുക്തമായ വിശ്വത്തിന്റെ അധിപതിയും ഈശ്വരൻ തന്നെയായി .

3 **സൂര്യാചന്ദ്രമസൗ ധാതാ യഥാ പൂർവമകല്പയത് ദിവം ച പൃഥീവീം ചാന്തരിക്ഷമഥോ സ്വഃ**

പണ്ടത്തെപ്പോലെ തന്നെ ഈശ്വരൻ സൂര്യനേയും, ചന്ദ്രനെയും, സ്വർഗ്ഗലോകത്തെയും, ഭൂലോകത്തേയും, അന്തരീക്ഷത്തേയും സൃഷ്ടിച്ചു.

## സൂക്തം 191

ഋഷി–സംവനനൻ ദേവത–അഗ്നി സംജ്ഞാനം, ഛന്ദസ്സ്–അനുഷ്ടുപ്, ത്രിഷ്ടുപ്

1 **സംസമിദ്യുവസേ വൃഷന്നഗ്നേ വിശ്വാന്യര്യ ആ ഇളസ്പദേ സമിധ്യസേ സ നോ വസൂന്യാ ഭര**

ഹേ അഗ്നേ! നീ അഭിലാഷങ്ങളെ വർഷിക്കുന്നവനാണല്ലോ, നീ സകല ജീവകോടികളിലും അധിവസിക്കുന്നു, നീ തന്നെ യജ്ഞവേദങ്ങളിൽ പ്രകാശിക്കുന്നു, നീ ഞങ്ങൾക്കുധനം പ്രദാനം ചെയ്യേണമേ

2 **സങ് ഗഛത്വം സം വദധ്വം സം വോ മനാംസി ജാനതാം**
**ദേവാ ഭാഗം യഥാ പൂർവേ സഞ്ജാനാനാ ഉപാസതേ**

ഹേ സ്തോതാക്കളെ! നിങ്ങൾ ഒന്നുചേരുവിൻ, ഏക രൂപത്തിൽ സ്തുതിക്കുവിൻ, നിങ്ങൾ ഏക മനസ്സുള്ളവരാകുവിൻ, ദേവന്മാർ ഏക മനസ്ക്കരായി യജ്ഞത്തിൽ നിന്നും ഹവിസ്സ് സ്വീകരിക്കുന്നതു പോലെ നിങ്ങളും ഏകമനസ്സുള്ളവരായി ധനാദികളെ സ്വീകരിക്കുന്നവരാകുവിൻ

3 **സമാനോ മന്ത്രഃ സമിതിഃ സമാനോ സമാനം മനഃ സഹ ചിത്തമേഷാം**
**സമാനം മന്ത്രമഭി മന്ത്രയേ വഃ സമാനേന വോ ഹവിഷാ ജുഹാമി**

ഈ സ്തോതാക്കളുടെ സ്തോത്രങ്ങൾ സമാനങ്ങളാകട്ടെ, ഇവർ ഏകമായി ഇവിടെ വരട്ടെ, ഇവരുടെ മനസ്സും സമാനമായിരിക്കട്ടെ, ഹേ പുരോഹിതന്മാരേ! ഞാൻ നിങ്ങളെല്ലാവരേയും സമാനമായ മന്ത്രങ്ങളാൽ അഭിമന്ത്രണം ചെയ്തു സാധാരണ ഹവിസ്സു വഴിയായി നിങ്ങളുടെ യജ്ഞം നടത്തുന്നു.

4 **സമാനീ വ ആകൂതിഃ സമാനാ ഹൃദയാനി വഃ**
**സമാനമസ്തു വോ മനോ യഥാ വഃ സുസഹാസതി**

ഹേ യജമാനന്മാരെ! പുരോഹിതന്മാരെ! നിങ്ങളുടെ കർമ്മങ്ങൾ സമാനമാകട്ടെ. നിങ്ങളുടെ ഹൃദയവും മനസ്സും തുല്യമായരിക്കട്ടെ. നിങ്ങൾ തുല്യമതികളായി എല്ലാ പ്രകാരങ്ങളിലും സുസംഘടിതരാകട്ടെ.

**ഓം ഋഗ്വേദസംഹിത സമാപ്തം.**